ബ്രഹ്മവും മായയും മഹാസത്യവും മഹാധർമ്മവും മഹാനീതിയും മഹാദാസ്യവും മഹാവാത്സല്ല്യവും ശിവയും ഓംമഹാശക്തിയുമായ മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

ഓംശക്തിശിവൻ പ്രണയമന്ത്രം
സർവ്വദേശ ഭൂമി ഗാനം
മഹാസംഗീതം
ശബ്ദ ബ്രഹ്മം
അക്ഷരബ്രഹ്മം
ആദി വചനം
സൃഷ്ടി മന്ത്രം
സംഹാര കാഹളം
മഹാശാസ്ത്ര മൂലം
ഏക മഹാശബ്ദം
മഹാസൂക്ഷ്മ ശബ്ദം
ദൈവ വിപ്ലവ ഗാനം
മഹാദേവിയുടെ മഹാചിരി
ഓം OM

ദൈവം
മനുഷ്യരൂപത്തിൽ,
മഹാപ്രപഞ്ചത്തിന്റെ
മഹാമാതാവായ
മഹാദേവിയായി
മഹാഎഴുന്നള്ളിക്കഴിഞ്ഞു.

GOD
has Arrived.
= MAHAASHAKTHI = BRAHMAM =
SUPREME MOTHER
of the Universe
has Arrived.

OmShakthiShivan LoveMantram
International Earth Song
Supreme Music
Sound Brahmam
Script Brahmam
First Sound
Creational Mantram
Destruction Notice for Creation Cycles
Supreme ScienceRoot
Supreme Single Sound
Supreme Minute Sound
Godly Revolution Song
MahaaDevi's Supreme Laugh
ഓം OM

ShivaLingham @ Sky @
MahaaLingham @
Shakthi Lingham

പരമശിവൻ
ശിവചക്രം പരമാത്മാവ്
പ്രപഞ്ച പിതാവ്
ഏകദാസൻ മഹാദാസൻ
പശുപതി ശാസ്ത്രായുധൻ
ഏക ദൈവ-പ്രതിനിധി
നീലകണ്ഠൻ
സംഹാരനാഥൻ
മഹാനീതിപതി
മഹാദേവൻ
PARAMASHIVAN
ShivaChakram SupremeSoul
FATHER of the Universe
Supreme Ox cum Servant
GOD's Single Representative
Supreme Scientist
Supreme Justice
MAHAADEVAN

08 ഫെബ്രുവരി 2024, വെള്ളിയാഴ്ച; ശിവരാത്രി.

# മനുഷ്യൻ MAN

മനുഷ്യർക്കു വേണ്ടിയാണ് പ്രപഞ്ചവും ഗ്രന്ഥവും; ആകയാൽ ഗ്രന്ഥനാമം ഉചിതമാണ്.
സൗജന്യമായി ഡൗൺലോഡ് ചെയ്യാൻ : www.omsathyam.com/GodlyRevolution/Man.pdf

ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയായ ദൈവത്തിന്റെ മഹാരൂപമായ പ്രപഞ്ചത്തെയും, മഹാജ്ഞാനമായ മഹാശാസ്ത്രത്തെയും തകരാറിലാക്കാനോ അട്ടിമറിക്കാനോ; പ്രപഞ്ചം നൽകുന്ന അസ്തിത്വവും, ആനന്ദങ്ങളും ശക്തികളും ജ്ഞാനവും സ്വാതന്ത്ര്യവും ശരണവും മഹാനീതിയുമെല്ലാം കൊണ്ടു മാത്രം ജീവിക്കുന്ന സൃഷ്ടികൾക്കു കഴിയില്ല. പ്രപഞ്ചത്തിന്റെ അംശമായ ശരീരം നൽകുന്ന വിശേഷ ബുദ്ധി ഉചിതമായി ഉപയോഗിച്ച്, ഭൗതിക ശാസ്ത്രത്തോടൊപ്പം പ്രപഞ്ചത്തിൽ ലയിച്ചിട്ടുള്ള ധർമ്മ-നീതി (ആത്മീയ) ശാസ്ത്രങ്ങളുംകൂടി കണ്ടെത്തുന്നതിനു പകരം സൃഷ്ടികൾക്ക് അവകാശവും അധികാരവും ഇല്ലാത്തതും; ജീവിക്കാൻ ആവശ്യമില്ലാത്തതും; ഭൗതിക അസ്തിത്വം ഇല്ലാത്തതുമായ കോപ്രായങ്ങളെ ധർമ്മ-ദേശ-സാമ്പത്തിക-ആത്മീയ നിയമങ്ങളെന്ന പേരിൽ തട്ടിക്കൂട്ടി ജനങ്ങളുടെ തജ്ജന്മത്തിലെ ജീവിതത്തെ പല വിഭാഗങ്ങളായിട്ടു മാറിയ ജനങ്ങൾ തന്നെ മോശമാക്കിയിട്ടുണ്ട്. ഓം മുഴക്കി സത്യയുഗവും, ധർമ്മ സംസ്ഥാപനവും ഉടനുണ്ട് ! സനാതന സത്യവും ഏകദൈവവും മഹാഭദ്രകാളിയുമായ ശിവ; ഭാഗവും ഏകദാസനും ഭർത്താവും പരമാത്മാവുമായിട്ട് ശിവനെ ഒരുക്കിയും ഒപ്പംകൂട്ടിയും പ്രപഞ്ചരൂപം സ്വീകരിച്ചു ചെയ്യുന്ന ധർമ്മമാണ് സനാതന ധർമ്മം. സ്വത്വംപോലും സ്വന്തമായിട്ട് ഇല്ലാത്ത സൃഷ്ടികൾക്ക് സനാതന ധർമ്മത്തിൽ കാര്യമില്ല.

ഗ്രന്ഥകാരൻ : മഹാഭദ്രകാളിയും ഏകദൈവവുമായ ശിവയുടെ ഭാഗവും, ഭർത്താവും, ഏകദാസനും, പരമാത്മാവും, പ്രപഞ്ചപിതാവും, ശിവനും മഹാദേവനുമായ പരമശിവൻ.

| | |
|---|---|
| 1 | **ദൈവത്തെ കാണാൻ കഴിയും : കാണിച്ചു കൊടുക്കുന്നു.**<br>**സൃഷ്ടി : മനുഷ്യൻ, മൃഗം, പക്ഷി, സസ്യം, മത്സ്യം, ദേവതകൾ / മാലാഖമാർ / മലക്കുകൾ എന്നിങ്ങനെ എല്ലാ ജീവികളുടെയും സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്നത് പരബ്രഹ്മമായ പ്രപഞ്ചം ആണെന്നും; സ്വന്തം ഭാഗമായ ശിവനെയും കൂട്ടി 'ഏകദൈവമായ ശിവ' പ്രപഞ്ചമായിട്ട് അവതരിച്ചിരിക്കുകയാണെന്നും ശാസ്ത്രപരമായിട്ട് തെളിയിച്ചിരിക്കുന്നു.** |

## ഓം നമഃ ശിവായ ! OM_NamaShivaaya.pdf

രൂപം, നാമം തുടങ്ങി യാതൊന്നും ആവശ്യമില്ലാത്തവരും, ആനന്ദങ്ങൾ ഉൾപ്പെടെ സർവ്വത്തിനും അതീതമായവരും; "ഏകമഹാശക്തിയായ മഹാമാതാവും, ഏകദാസനും പരമാത്മാവുമായ മഹാപിതാവുമായി രണ്ടായി നിന്ന് എല്ലാ സൃഷ്ടികളുടെയും സൃഷ്ടി സ്ഥിതി സംഹാരങ്ങളെ സനാതനമായി ചെയ്തു പോരുന്നവരുമായ ഏകദൈവത്തെ" കാണാനും കേൾക്കാനും അറിയാനും വിശേഷ ബുദ്ധിയെ ശരിയായി ഉപയോഗിക്കുന്ന എല്ലാ മനുഷ്യർക്കും കഴിയും. ഏകമഹാശക്തിയായ ദൈവം എപ്പോഴും പ്രത്യക്ഷമാണ്. ദൈവം നൽകുന്ന ശക്തികളും വിശേഷ ബുദ്ധിയും അനുബന്ധമായ ശാസ്ത്രങ്ങളും കൊണ്ടു ജീവിക്കുന്ന മനുഷ്യൻ ഉൾപ്പെടെയുള്ള സൃഷ്ടികളോട് മറഞ്ഞിരിക്കേണ്ടുന്ന ആവശ്യം മഹാശക്തിയായ ദൈവത്തിനില്ല; മറഞ്ഞിരിക്കുന്നുമില്ല. വിശേഷബുദ്ധിയും ശാസ്ത്രങ്ങളും ശരിയായി ഉപയോഗിക്കാൻ കഴിയട്ടെ ! "സൃഷ്ടികളും, ജീവികളുടെ സ്വത്വങ്ങളുമായ ആത്മാക്കളെ" അവയ്ക്കു വേണ്ടിയാണ് ദൈവം ഗൂഢമാക്കുന്നത്. അതിന്റെ കാരണങ്ങളെയും പ്രപഞ്ചശാസ്ത്രങ്ങൾ പ്രകാരം വിശദീകരിക്കുന്നുണ്ട്.

ലളിതമായ ശാസ്ത്ര വിശദീകരണം പരിശോധിച്ച് ഏതൊരാൾക്കും ബോദ്ധ്യപ്പെടാം; അഹംഭാവം ഉപേക്ഷിക്കും വരെ വെല്ലുവിളിയായി സ്വീകരിക്കുകയും ചെയ്യാം :-

വിശേഷബുദ്ധിയും, മഹാപ്രപഞ്ചത്തിന്റെ ശാസ്ത്രങ്ങളും ലഭിച്ചിട്ടും ആരാണെന്നും എവിടെനിന്നു വന്നുവെന്നും മനുഷ്യർക്ക് അറിയാത്തതിൽ നിന്ന് എല്ലാ ജീവികളുടെയും സ്വത്വങ്ങളായ ആത്മാക്കൾ 'സൃഷ്ടി'ആണെന്നും; സൃഷ്ടി സ്ഥിതി സംഹാര കർത്താവും മഹാശക്തിയുമായ ദൈവത്തിന്റെ അംശമോ ഭാഗമോ അല്ലെന്നും തെളിയുന്നുണ്ട്.

എല്ലാ ജീവികളും ജീവിക്കുന്നത് ആനന്ദിക്കാനാണെന്ന് അവയുടെ ജീവിതം വിശകലനം ചെയ്താൽ മനസ്സിലാകുന്നതാണ്. മനുഷ്യർക്ക് വിശേഷ ബുദ്ധിയും അനുബന്ധമായിട്ട് പ്രപഞ്ചത്തിന്റെ ശാസ്ത്രങ്ങളും ലഭിക്കുന്നതിനാൽ, കൂടുതൽ കൂടുതൽ ആനന്ദങ്ങളെ അറിയാനും നേടാനും ആസ്വദിക്കാനും എക്കാലവും നിരന്തരമായി പരിശ്രമിക്കുന്നുണ്ട്. ജീവികളുടെയെല്ലാം ജീവിതം, പ്രപഞ്ചം, ദൈവം, സൃഷ്ടിയായ ആത്മാവ്, ശാസ്ത്രങ്ങൾ, തുടങ്ങിയവയെ വിശകലനം ചെയ്യാനും, ശാസ്ത്രങ്ങളെ ഉപയോഗിച്ച് പാചകം ചെയ്ത ഭക്ഷണം, വസ്ത്രങ്ങൾ, വാഹനങ്ങൾ, ഫോൺ തുടങ്ങിയ അനന്തമായ ആനന്ദങ്ങളെ കണ്ടെത്താനും നേടാനും ആസ്വദിക്കാനും മനുഷ്യനു കഴിയുന്നത് വിശേഷബുദ്ധിയും പ്രപഞ്ചത്തിന്റെ ശാസ്ത്രങ്ങളും ലഭിക്കുന്നതുകൊണ്ടാണ്; സൃഷ്ടി സ്ഥിതി സംഹാര കർത്താവും മഹാശക്തിയുമായ പ്രപഞ്ചം അത് ഉദ്ദേശിച്ചിട്ടുണ്ടെന്നും വ്യക്തമാണ്.

മനുഷ്യരുടെ ധാർമ്മികമായ ഉയർച്ചകൾക്കും വീഴ്ച്ചകൾക്കുമെല്ലാം വിശേഷ ബുദ്ധി കാരണമാണ്. വിശേഷ ബുദ്ധിയും അനുബന്ധമായ പ്രപഞ്ചത്തിന്റെ ശാസ്ത്രങ്ങളും ശക്തികളുമെല്ലാം ഒരു ജീവിമാത്രമായ മനുഷ്യനു ലഭിക്കുന്നത് സ്വന്തം കഴിവുകൊണ്ടോ; മത്സ്യം, മൃഗം തുടങ്ങിയവയ്ക്കു ലഭിക്കാത്തത് അവയുടെ കഴിവുകേടു കൊണ്ടോ അല്ല.

ആണും പെണ്ണുമായ ജീവികൾ (ഇണയെ ഒഴികെ) തങ്ങളെത്തന്നെയും മറന്ന് ആനന്ദിക്കുന്ന 'ജീവികളുടെ മുഴുവൻ പരമാനന്ദം ആയിരിക്കുന്ന കാമം' ജീവികളിലെ പ്രത്യുല്പാദനത്തിന് ഒരു പ്രധാന കാരണമാക്കപ്പെട്ടിരിക്കുന്നു എന്നല്ലാതെ വിശേഷ ബുദ്ധി ലഭിക്കുന്ന മനുഷ്യരുടെ കാര്യത്തിൽ പോലും സ്വത്വങ്ങളായ ആത്മാക്കളെയോ; സന്തതികൾക്കു ലഭിക്കുന്ന ജീവി-വർഗ്ഗപരമായ ശരീരത്തിലെ അവയവങ്ങളെയോ; സ്ത്രീപുരുഷ-ശാരീരിക വ്യത്യാസങ്ങളെയോ; നിറം സൗന്ദര്യം മുഖച്ഛായ ആരോഗ്യം ഉയരം ബുദ്ധിശക്തി ഓർമ്മശക്തി തൊഴിൽ അഭിരുചി വിനോദ അഭിരുചി തുടങ്ങിയ മറ്റു ജന്മഗുണങ്ങളെയോ നിശ്ചയിക്കുന്നതും നിർവ്വഹിക്കുന്നതും ജീവികളല്ലാ; അഥവാ ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളല്ലാ. മനുഷ്യരുടെ കുഞ്ഞുങ്ങൾ ജനിക്കുന്നതു മുതൽ മരണം വരെയുള്ള ബാല്ല്യം, കൗമാരം, യൗവ്വനം, വാർദ്ധക്യം തുടങ്ങിയ ജീവിത കാലത്ത് മുഖച്ഛായയിലും, ശരീരത്തിലെ ചർമ്മത്തിലുമെല്ലാം നിരന്തരം സംഭവിക്കുന്ന മാറ്റങ്ങളെ നിശ്ചയിക്കുന്നതും നിർവ്വഹിക്കുന്നതും ജീവിയോ ഉറ്റവരോ അല്ലെന്നതും, ചെറുപ്പത്തിലെ ഫോട്ടോ തിരിച്ചറിഞ്ഞെന്നു വരില്ലാ എന്നതുമെല്ലാം സൃഷ്ടി- സ്ഥിതി- സംഹാരങ്ങളെ പ്രപഞ്ചം ചെയ്യുന്നത് തെളിയിക്കുന്നുണ്ട്. അല്പംകൂടി വിശദമാക്കാം :- മനുഷ്യൻ ഉൾപ്പെടെ എല്ലാ ജീവികളും സന്തതി പരമ്പരകളിലൂടെയാണ് നിരന്തരമായി നിലനിൽക്കുന്നത്. ജീവികളെ മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ തുടങ്ങിയ ജീവി-വർഗ്ഗങ്ങളായിട്ടും സ്ത്രീപുരുഷ ജാതികളായിട്ടുമെല്ലാം വേർതിരിക്കുന്നത് ശരീരത്തിലെ അവയവങ്ങളാണ്; അവയെ നിശ്ചയിക്കുന്നതും നിർവ്വഹിക്കുന്നതും ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളല്ലാ. എല്ലാ ജീവികൾക്കും ലഭിക്കുന്നതായ ശരീരങ്ങളും അവയവങ്ങളും മഹാപ്രപഞ്ചത്തിന്റെ അംശമായ മൂലകങ്ങളും സംയുക്തങ്ങളും മിശ്രിതങ്ങളുമാണ്. എല്ലാ ജീവികളിലും സന്തതി പരമ്പരകളെ സൃഷ്ടിച്ചില്ലെങ്കിൽ ജീവികളുടെ ജീവിതം നിലയ്ക്കുമെന്ന് വിശേഷബുദ്ധി കൊണ്ട് മനസ്സിലാക്കാനാവും.

**പ്രപഞ്ചത്തിന്റെ ഭാഗങ്ങളായ ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനും പ്രകൃതിയും അംശമായ വസ്തുക്കളും നിരന്തരമായി പ്രവർത്തിക്കുകയാൽ അവ നിർജ്ജീവമല്ല. "പ്രപഞ്ചത്തിന്റെ അംശമായ എല്ലാ വസ്തുക്കളുടെയും എല്ലാ ഗുണങ്ങളുമുള്ള ഏറ്റവും ചെറിയ ഘടകമായ ആറ്റങ്ങളെ വിഭജിക്കാൻ കഴിയരുത്" എന്ന സാമാന്യ (യുക്തി ശാസ്ത്ര) തത്ത്വത്തെ സമ്പൂർണ്ണമായി തിരുത്തിക്കൊണ്ട് ഹൈഡ്രജൻ ഒഴികെയുള്ള എല്ലാ ആറ്റങ്ങളുടെയും ഉള്ളിൽ മഹാശക്തിയായ ദൈവം; "പ്രോട്ടോൺ, ഇലക്ട്രോൺ, (+ ഓം), ന്യൂട്രോൺ, ബോസോൺ, ഗ്ലൂവോൺ തുടങ്ങിയ ഗൂഢ-ഘടകങ്ങളായിരുന്നും; പ്രോട്ടോണുകളെ ഇലക്ട്രോണുകൾ നിരന്തരം ചുറ്റിയും, മറ്റു ഘടകങ്ങൾ പദ്ധതിയോടെ പ്രവർത്തിച്ചും, വ്യത്യസ്തമായ വസ്തുക്കളുടെ ആറ്റങ്ങളിലെ ഘടകങ്ങളുടെ എണ്ണവും അടുക്കലും വ്യത്യാസപ്പെടുത്തിയും, സൃഷ്ടികളായ ആത്മാക്കളുടെ സൃഷ്ടിയും; മനുഷ്യൻ ഉൾപ്പെട്ട ജീവികളും അവയുടെ ശരീരങ്ങളും ചേർന്ന ജീവിതമായ സ്ഥിതിയും; ജീവികളുടെ സംഹാരവും ആത്മാക്കളുടെ മോക്ഷവും കൂടി; നിർവ്വഹിക്കുകയാണ്.**

പ്രപഞ്ചത്തിലെ എല്ലാ ആറ്റങ്ങളിലെയും പ്രോട്ടോണുകളും ഇലക്ട്രോണുകളും മറ്റുള്ള ഗൂഢ ഘടകങ്ങളും, പ്രത്യക്ഷമായും പരോക്ഷമായും ശാസ്ത്രങ്ങൾ പ്രകാരം ചേർന്നും പ്രവർത്തിച്ചുമാണ് പ്രപഞ്ചവും പ്രകൃതിയും വസ്തുക്കളും ശരീരങ്ങളും അവയവങ്ങളും ജലവും മണ്ണും പ്രദേശങ്ങളും പർവ്വതങ്ങളും വനങ്ങളും സമുദ്രങ്ങളും തിരമാലകളും തടാകങ്ങളും കുളങ്ങളും തോടുകളും പുഴകളും രക്തവും മാംസവും വിസർജ്ജ്യങ്ങളും, നിറങ്ങളും രുചികളും മണങ്ങളും സാന്ദ്രതയും മർദ്ദവും ശബ്ദ-ഫ്രീക്കൻസികളും; കപ്പൽ വിമാനം തീവണ്ടി കാർ ബസ് ബൈക്ക് സൈക്കിൾ റോക്കറ്റ് ഉപഗ്രഹങ്ങൾ റേഡിയോ ടെലിവിഷൻ ആയുധങ്ങൾ സർജിക്കൽ ഉപകരണങ്ങൾ മരുന്നുകൾ ഭവനങ്ങൾ വസ്ത്രങ്ങൾ പാചകം ചെയ്ത ഭക്ഷണം, തുടങ്ങി വസ്തുക്കളിൽ നിന്നുള്ള അനന്ത-ഉല്പന്നങ്ങളുമായിരിക്കുന്നത്. സർവ്വവും ആറ്റങ്ങളാണെന്നും, അനന്ത കോടികളായ എല്ലാ ആറ്റങ്ങളുടെയും മൂലമായ ഘടകങ്ങൾ പ്രോട്ടോണുകളും ഇലക്ട്രോണുകളും ആണെന്നും ഇലക്ട്രോണുകളെ നിരന്തരമായിട്ടു ചുറ്റിച്ചു കൊണ്ടാണ് പ്രോട്ടോണുകൾ സർവ്വവും ചെയ്യുന്നതെന്നും തെളിയിക്കുന്നുണ്ട്. സൃഷ്ടികളായ ആത്മാക്കൾക്കു വേണ്ടിയുള്ള അനന്തമായ ആനന്ദങ്ങളാവാനും, അവയ്ക്ക് ജീവിക്കാൻ ആവശ്യമായ ശക്തികളും ജ്ഞാനവും നൽകാനും; ജന്മഗുണങ്ങൾ, ധർമ്മശാസ്ത്ര ബന്ധനം തുടങ്ങിയവയെ പ്രോട്ടോണുകളുടെ മറ്റ് ശക്തി ഘടകങ്ങളായ ന്യൂട്രോൺ ബോസോൺ ഗ്ലൂവോൺ ക്വാർക്കുകൾ തുടങ്ങിയവ നടപ്പാക്കുകയാണെന്നും വൈകാതെ മനുഷ്യർക്ക് വെളിപ്പെടുന്നതാണ്. സർവ്വവും മഹാപദ്ധതികളോടെയും മഹാശാസ്ത്രപരമായും പ്രപഞ്ചരൂപത്തോടെ ഏകദൈവം ചെയ്യുകയാണ്. ഏകദൈവം പ്രോട്ടോണുകളും ഇലക്ട്രോണുകളുമായി രണ്ടായിരുന്നാലും ഒന്നാണ്. ഓക്സിജൻ, ഹൈഡ്രജൻ, ജലം, മണ്ണ്, ഭൂമി, സൂര്യൻ, ചന്ദ്രൻ തുടങ്ങി എല്ലാ മൂലകങ്ങളും അവയുടെ സംയുക്തങ്ങളും ഉല്പന്നങ്ങളും പ്രപഞ്ച-ഭാഗങ്ങളുമെല്ലാം ഒന്നൊന്നായിട്ടു മാത്രമാണ് നിലനിൽക്കുന്നത് എന്നതുപോലെ! പ്രപഞ്ചവും അതിലെ ശക്തികളും ശാസ്ത്രങ്ങളും ആനന്ദങ്ങളും ജീവികളുമെല്ലാം ചുമ്മാതെ ഉണ്ടാവുമെന്നു ധരിച്ചത് ഒട്ടും ശരിയായില്ല !

രൂപം, ഗുണങ്ങൾ, ആനന്ദങ്ങൾ തുടങ്ങിയവയ്ക്ക് അതീതവും അനിർവ്വചനീയവുമായ "ബ്രഹ്മം" എന്ന മഹാനാമം സ്വീകരിച്ചിട്ടുള്ള മഹാശക്തിയായ ഏകദൈവം, ആദിയും അന്തവും ഇല്ലാത്ത സ്വന്തം മഹാജ്ഞാനമായ മഹാശാസ്ത്രം പ്രകാരം രണ്ടായിട്ട് സ്വയം വിഭജിച്ചു കൊണ്ടും, ശേഷം സ്വന്തം മായാശക്തികളും ശാസ്ത്രങ്ങളും ഭാവങ്ങളും ലയിപ്പിച്ചും 'പരബ്രഹ്മമായ പ്രപഞ്ചമെന്ന അവതാരവും മഹാരൂപവും' സ്വീകരിച്ചു. പ്രപഞ്ചത്തിൽ ലയിച്ചിട്ടുള്ള ശക്തികളും ശാസ്ത്രങ്ങളും പ്രകാരം സൃഷ്ടികളുടെ സൃഷ്ടിസ്ഥിതിസംഹാരങ്ങളെ നിർവ്വഹിക്കുകയുമാണ്.

എല്ലാ സൃഷ്ടിചക്രങ്ങളുടെയും രണ്ടാമത്തെ പകുതിയിൽ സത്യയുഗവും ദൈവ വിപ്ലവവും ആരംഭിക്കുന്നതിനു മുമ്പായിട്ട്, ദൈവത്തിന്റെ മഹാജ്ഞാനവും ഭൗതിക-ധർമ്മ-നീതി-ശാസ്ത്രങ്ങളുമായ യഥാർത്ഥ വേദങ്ങളെ വീണ്ടെടുക്കുന്നുണ്ട്. ചരിത്രവും ശാസ്ത്രവും കാലവും സൃഷ്ടി-ചക്രങ്ങളും ബന്ധപ്പെട്ടിരിക്കുകയാൽ മനുഷ്യരുടെ ഇടയിലെ ചില വിശ്വാസങ്ങളുമായി ഭാഗികമായ സാദൃശ്യങ്ങളെ അറിയുമ്പോൾ വിശേഷ ബുദ്ധിയെ ശരിയായി മാത്രം ഉപയോഗിക്കാൻ കഴിയണം. യാദൃശ്ചികമായിട്ട് ചില കാര്യങ്ങൾ ശരിയാവുമ്പോൾ വിഷയത്തെ മുഴുവൻ ശരിവെയ്ക്കാൻ വെമ്പരുത്.

**ഏകമഹാശക്തിയായ ദൈവം അടിസ്ഥാനപരമായി രണ്ടായിട്ടു മാത്രം വിഭജിച്ചിട്ടാണ് പരബ്രഹ്മമായ മഹാപ്രപഞ്ചമായി അവതരിച്ചിരിക്കുന്നതെന്ന് ആറ്റത്തിന്റെ ഉള്ളിലെ ശിവയായ പ്രോട്ടോണും, ശിവനാകുന്ന ഇലക്ട്രോണും മാത്രം ഘടകങ്ങളായ ഏക-മൂലകമായ ഹൈഡ്രജൻ തെളിയിക്കുന്നുണ്ട്. പരമാത്മാവും ശവനുമായ ശിവന്റെ വാതകരൂപമാണ് ഹൈഡ്രജനെന്നും ഈ ദിവ്യഗ്രന്ഥത്തിൽ പിന്നീട് തെളിയിക്കുന്നുണ്ട്.**

**ശബ്ദബ്രഹ്മം, അക്ഷരബ്രഹ്മം, ആദിവചനം, സൃഷ്ടി മന്ത്രം, മഹാശാസ്ത്ര മൂലം, ഏകമഹാശബ്ദം, മഹാസംഗീതം, സർവ്വദേശ ഭൂമിഗാനം, സംഹാര കാഹളം, മഹാദേവിയുടെ മഹാചിരി, ശക്തിശിവൻ പ്രണയമന്ത്രം, തുടങ്ങിയവയായ "ഓം" പ്രപഞ്ചത്തിലെ എല്ലാ ആറ്റങ്ങളിലെയും ഘടകമല്ലാത്ത ഘടകമാണ്. ഓം പ്രപഞ്ചത്തിന് അതീതവും അനിർവ്വചനീയവുമായ ബ്രഹ്മം കൂടി ആകയാൽ പ്രപഞ്ചത്തിൽ ഒതുങ്ങില്ല; അതിനാൽ പ്രപഞ്ചത്തിന്റെ അംശമായ ആറ്റങ്ങളുടെ ഘടകമായിട്ട് കരുതാനാവില്ല. മഹാജ്ഞാനമായ മഹാശാസ്ത്രം പ്രകാരം കൂടിയാണ് "ഓം" അവതരിച്ചിട്ടുള്ളത്. ദിവ്യമായ ഈ ഗ്രന്ഥത്തിൽ ഓം, ഓംകാരം, ഓംകാര നീതിശാസ്ത്രം തുടങ്ങിയവയെ മഹാശാസ്ത്രപരമായും പ്രത്യേകമായും വിവരിക്കുന്ന മഹാഅദ്ധ്യായങ്ങൾ ഉണ്ട് !**

ശവശരീരങ്ങൾ ഉൾപ്പെടെ പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളുടെയും ആറ്റങ്ങളിലെ പ്രോട്ടോണുകളെ ഇലക്ട്രോണുകൾ നിരന്തരം ചുറ്റുന്നതിനെയും, പ്രപഞ്ചത്തിലെ എല്ലാ പ്രവർത്തനങ്ങളെയും മഹാശക്തിയായ ദൈവത്തിന്റെ ആദിയും അന്തവും ഇല്ലാത്ത മഹാജ്ഞാനമായ മഹാശാസ്ത്രം പ്രകാരം സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്ന നടപടികളായിട്ടു തിരിച്ചറിയാൻ വിശേഷ ബുദ്ധിയും അനുബന്ധമായ ശാസ്ത്രങ്ങളും ഉപയോഗിക്കാൻ യുക്തിഭദ്രമായിട്ടു കഴിയുമായിരുന്നു. "വ്യത്യസ്തമായ ഗുണങ്ങളും അവയവങ്ങളുമുള്ള വ്യത്യസ്ത ജീവികളുടെ വ്യത്യസ്ത ശരീരങ്ങൾ വഴി വ്യത്യസ്ത ശക്തികളും ജ്ഞാനവും ജന്മഗുണങ്ങളും നൽകിയാണ് 'നിർജ്ജീവ സൃഷ്ടികളും സ്വത്വങ്ങളുമായ ആത്മാക്കളെ', മനുഷ്യരും മറ്റു ജീവികളുമാക്കി സൃഷ്ടിക്കുകയും സംരക്ഷിക്കുകയും" ചെയ്യുന്നതെന്നും മനസ്സിലാക്കാനാവും. നിരന്തരം പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന പ്രോട്ടോൺ, ഇലക്ട്രോൺ, തുടങ്ങിയവ ചേർന്ന ആറ്റങ്ങളുടെ സ്ഥൂല-രൂപങ്ങളായ വസ്തുക്കളെയും, ജീവി-വർഗ്ഗങ്ങളുടെ ശരീരങ്ങളെയും മൊത്തമായ പ്രപഞ്ചത്തെയും ദൈവത്തിന്റെ മഹാരൂപമായിട്ട് മനസ്സിലാക്കാൻ കഴിയട്ടെ ! മഹാശക്തികളും ശാസ്ത്രങ്ങളും പ്രകാരമുള്ള ദൈവത്തിന്റെ മഹാ-രൂപവും അവതാരവുമായ മഹാപ്രപഞ്ചവും, അംശമായ വസ്തുക്കളും, ജീവികളിലെ ശരീരങ്ങളും, സൃഷ്ടികളും സ്വത്വങ്ങളുമായ ആത്മാക്കളും' ചുമ്മാതെ ഉണ്ടാവുമെന്ന് മനുഷ്യർ കരുതുന്നത് വിശേഷ ബുദ്ധിയെപ്പോലും നിന്ദിക്കലാണ് !

ദൈവം സൃഷ്ടികൾക്കു വേണ്ടി സ്വീകരിച്ച മഹാപ്രപഞ്ചം എന്ന മഹാശരീരത്തെയും അംശമായ വസ്തുക്കളെയുമാണ് മനുഷ്യരും മറ്റുള്ള ജീവികളും സദാ കാണുകയും കേൾക്കുകയും അറിയുകയും അനുഭവിക്കുകയും ചെയ്യുന്നത്. മഹാശക്തിയായ ദൈവം ഗൂഢമാണെന്നും, ഇല്ലെന്നും, മനുഷ്യർ തെറ്റിദ്ധരിച്ചത് പ്രപഞ്ചരൂപത്തോടെ ദൈവം നൽകുന്ന വിശേഷ ബുദ്ധിയെയും അനുബന്ധമായ ശാസ്ത്രങ്ങളെയും ശരിയായി ഉപയോഗിക്കാഞ്ഞതു കൊണ്ടാണെന്നും കൂടി തെളിയുന്നുണ്ട്.

"സനാതനവും പ്രത്യക്ഷവുമായ പ്രപഞ്ചരൂപത്തെ" സ്വീകരിച്ചുകൊണ്ട് സൃഷ്ടികളായ ആത്മാക്കളുടെയും, സ്ഥിതിരൂപമായ ജീവികളുടെയും സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്ന മഹാശക്തിയായ ദൈവത്തെ കാണാനും കേൾക്കാനും അറിയാനും ലഭ്യമായ വിശേഷ ബുദ്ധി കൊണ്ട് മനുഷ്യർക്ക് ലളിതമായി സാധിക്കുമെന്ന് സുവ്യക്തമാണ്.

ആനന്ദങ്ങൾക്കെല്ലാം അതീതവും അനിർവ്വചനീയവുമായ മഹാശക്തിയായ ദൈവം, സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ സനാതനമായി ചെയ്യുന്നതിന് ഒരു കാരണമായിട്ടും, ദൈവത്തിന്റെ ആനന്ദമായിട്ടും; "സൃഷ്ടികൾക്ക് നിരന്തരം നൽകുന്ന മഹാവാത്സല്ല്യം, മഹാദാസ്യം എന്നീ ആനന്ദങ്ങൾക്കെല്ലാം അതീതമായ രണ്ട് ദൈവ-ആനന്ദങ്ങളെ" നിശ്ചയിക്കുകയും നൽകുകയും ചെയ്യുമ്പോൾ; അക്കൂടെ ദൈവത്തിന്റെ ആദിയും അന്തവും ഇല്ലായ്മ പ്രകടിപ്പിക്കുന്ന മഹാരൂപമായിട്ട് പ്രപഞ്ചം മാറുന്നുണ്ട്. പ്രപഞ്ചത്തെ ദൈവത്തിന്റെ മഹാരൂപമായിട്ട് മനസ്സിലാക്കാൻ വിശേഷ ബുദ്ധി കൊണ്ട് കഴിയുമ്പോൾ, പ്രപഞ്ചത്തിന്റെ അംശമായ വസ്തുക്കളും രൂപാന്തരം മാത്രമായ ശരീരങ്ങളും കണ്ണും കണ്ണടയും കൊണ്ട് കാണുന്നതെല്ലാം ദൈവത്തിന്റെ അന്തമില്ലാത്ത പ്രപഞ്ചരൂപമാണ്.

പ്രപഞ്ചത്തെ ഉൾക്കൊള്ളുന്ന ദിവ്യമായ രണ്ട് സ്ത്രീപുരുഷരൂപങ്ങളും, പശു-പശുപതി രൂപങ്ങളും കൂടി മഹാശക്തിയായ ദൈവം, മഹാജ്ഞാനമായ ശാസ്ത്രപരമായിട്ട് സ്വീകരിക്കുന്നുണ്ട്. സൃഷ്ടിചക്രങ്ങളുടെ രണ്ടാമത്തെ പകുതിയിൽ സംഹാരമായ മോക്ഷത്തെ എല്ലാ മനുഷ്യർക്കും നൽകുന്നതിനും; ആയിരം കോടി വർഷങ്ങൾ നീണ്ട ആദ്യത്തെ മഹാകാലചക്രത്തിലെ മനുഷ്യരിൽ നിന്ന് ദേവതകളായിട്ട് നിയമിച്ചവർക്കും വേണ്ടിയാണ് ദിവ്യമായ ജീവിരൂപങ്ങളെ സ്വീകരിച്ചിട്ടുള്ളത്. പിന്നീട് വിശദീകരിക്കാം.

മഹാശക്തിയായ ഏകദൈവം, സനാതനമായി ചെയ്തു കൊണ്ടിരിക്കുന്നതും, ചെയ്യേണ്ടതുമായ അനന്ത കോടി സൃഷ്ടികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനും മറ്റും ചേർന്ന പ്രപഞ്ചമില്ലാത 'ജഗത് മാതാവും ജഗത്പിതാവുമായ രണ്ടു ജീവികളെ' പ്പോലെയും മറ്റും ചെയ്യാൻ കഴിയുമോ ? മനുഷ്യന് 'ലഭ്യമായ വിശേഷ ബുദ്ധിയും ശാസ്ത്രങ്ങളും കൊണ്ട് വിശകലനം ചെയ്താൽ പ്രപഞ്ചം മാത്രമാണ് ശ്രേഷ്ഠമെന്ന് ബോദ്ധ്യപ്പെടും. രൂപത്തിന് അതീതവും, ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്ത മഹാശക്തിയുമായ ദൈവം, മഹാവാത്സല്ല്യത്തെ ആനന്ദമാക്കി ക്കൊണ്ട് ദിവ്യമായ സ്ത്രീരൂപം സ്വീകരിച്ച് ജഗദംബ ആയിട്ടുള്ളത്, സൃഷ്ടികളെയെല്ലാം കുഞ്ഞുങ്ങളാക്കിയതു കൊണ്ടുകൂടിയാണ്. 'ഭൂമിയാണ് കറങ്ങുന്നത്, വിശേഷ ബുദ്ധി ഉപയോഗിക്കാത്തവരുടെ രാജ്യസങ്കല്പങ്ങളല്ലാ' എന്നു തിരിച്ചറിഞ്ഞാൽ ജഗദംബയെ സങ്കുചിതമാക്കുന്ന ഭാവനകൾ ഇല്ലാതാകും! ജീവികളിലെ ശരീരങ്ങളും അവയവങ്ങളും അടിസ്ഥാനപരമായി മഹാമാതാവിന്റെ മഹാശരീരമായ പ്രപഞ്ചത്തിന്റെ അംശമായ വസ്തുക്കൾ കൊണ്ട് സൃഷ്ടിച്ചതാണ്. മനുഷ്യൻ, മൃഗം, പക്ഷി, സസ്യം, മത്സ്യം തുടങ്ങി എല്ലാ ജീവികളും സ്വയവും അന്യോന്യവും കാണുകയും കേൾക്കുകയും അറിയുകയും ചെയ്യുന്ന കണ്ണ്, ചെവി, നാക്ക്, മൂക്ക്, ചർമ്മം തുടങ്ങിയ ബാഹ്യമായ ഇന്ദ്രിയങ്ങൾ ഉൾപ്പെടെ ജീവികളുടേതെന്നു കരുതുന്ന ശരീരങ്ങളും അവയവങ്ങളും; രക്തവും ജലവും ദഹന-വിസർജ്ജന-പ്രത്യുല്പാദന-സംവിധാനങ്ങളുമെല്ലാം പ്രപഞ്ചത്തിന്റെ അംശമായ മൂലകങ്ങളും സംയുക്തങ്ങളും മിശ്രിതങ്ങളുമായ വസ്തുക്കളാണ്.

ദൈവം തന്നെയായ പ്രപഞ്ചം സൃഷ്ടികൾക്ക് മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രം പ്രകാരം സമ-ആനന്ദമായ മഹാ-സമനീതി നൽകാനും നടപ്പാക്കാനും ബാദ്ധ്യസ്ഥമാണ്. നൽകുകയും നടപ്പാക്കുകയും ചെയ്യുന്നത് അവയ്ക്കു നൽകുന്ന ശരീരത്തിലെ അവയവങ്ങളും വസ്തുക്കളും പ്രകാരം മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ എന്നിങ്ങനെയുള്ള ജീവി-വർഗ്ഗങ്ങളിൽ സ്ത്രീ പുരുഷ ജാതി, നിറം, സൗന്ദര്യം, .. ജനനസ്ഥലം തുടങ്ങിയ ജന്മഗുണങ്ങളെ വ്യത്യാസപ്പെടുത്തി ഭൂമിയിൽ ജീവിപ്പിച്ചാണ്. എല്ലാ ജന്മങ്ങളിലും ശരീരത്തിലൂടെയാണ് വേദനകൾ ഉൾപ്പെടെ അനന്തമായ ആനന്ദങ്ങളെ ആത്മാക്കൾക്കു നൽകുന്നതും മഹാനീതിയെ നടപ്പാക്കുന്നതും. "ജീവികളുടെയും, ജീവികളുടെ സ്വത്വങ്ങളും സൃഷ്ടികളുമായ ആത്മാക്കളുടെയും" വ്യത്യാസം മനസ്സിലാക്കിയ ശേഷം മാത്രം തുടരേണ്ടതുണ്ട്. സ്വത്വമായ ആത്മാവ്, ആത്മാവിന്റേതല്ല. യാതൊന്നും സ്വന്തമായിട്ട് ഇല്ലാത്ത ആത്മാവിന്, അസ്തിത്വവും, ജീവിക്കാനുള്ള ആനന്ദങ്ങളും അവയെ നേടാനും ആസ്വദിക്കാനുമുള്ള ശക്തിയും ജ്ഞാനവും സ്വാതന്ത്ര്യവും ശരണവും മഹാനീതിയുമെല്ലാം ലഭിക്കണമെങ്കിൽ സ്രഷ്ടാവും മഹാശക്തിയും മഹാനീതിയുമായ ദൈവം നൽകണം.

ആത്മാക്കളെ പ്രഥമമായി സൃഷ്ടിക്കുന്നത് സൃഷ്ടി സ്ഥിതി സംഹാര പാത്രമായ ആകാശത്തിലെ സൃഷ്ടിപാത്രം മാത്രമായ സൂര്യനിൽ വച്ചാണ്. ഗൂഢമാക്കി സൃഷ്ടിച്ചിട്ടുള്ള ആത്മാക്കളെ ജീവിപ്പിക്കാനായിട്ട് ജീവികളാക്കി മാറ്റുന്നത് മുഖ്യ സ്ഥിതിപാത്രമായ ഭൂമിയിൽ വച്ചും, സൃഷ്ടിചക്രങ്ങളുടെ രണ്ടാമത്തെ പകുതിയിൽ ഭാഗികമായിട്ട് ചന്ദ്രനിൽ വെച്ചുമാണ്. (ഈ ദിവ്യമഹാഗ്രന്ഥത്തിൽ ശാസ്ത്രപരമായി പിന്നീട് വിശദീകരിച്ചിട്ടുണ്ട്.) *സൂര്യനിൽ വച്ച് പരമാത്മാവും ശിവനും ശവനും കൂടിയായ ഹൈഡ്രജനിലെ ശിവയായ  പ്രോട്ടോൺ, ശിവനാകുന്ന ഇലക്ട്രോണിന്റെ അംശമായിട്ട് ഓരോരോ ഇലക്ട്രോണിൽ നിന്നും ഈരണ്ട് ന്യൂട്രോണുകളെ സ്ത്രീപുരുഷപാതികളായ ആത്മാക്കളായി പ്രകാശത്തോടെ സൃഷ്ടിച്ച് ഹീലിയം മൂലകത്തിന്റെ ഘടകമാക്കുന്നു. ഓരോ ഹീലിയം ആറ്റത്തിലെയും '2 ന്യൂട്രോണുകളും സ്ത്രീപുരുഷപാതികളുമാണ് ആത്മാക്കൾ'. പിന്നീട് തെളിയിച്ചിട്ടുണ്ട്. ശിവനിൽ നിന്ന് ശിവ സൃഷ്ടിക്കുന്ന സൃഷ്ടികളും അതിഗൂഢവുമായ ആത്മാക്കൾക്ക്, പ്രത്യക്ഷവും പരസ്യവുമായ ഭൗതികരൂപത്തോടെ ജീവികളായി ജീവിക്കാൻ വേണ്ടുന്ന അനന്തമായ ആനന്ദങ്ങളെ ഒരുക്കിയ ശേഷം മാത്രമാവണം സൃഷ്ടി ആരംഭിക്കേണ്ടത്. ശിവനെയും കൂടെകൂട്ടി ആകാശവും ഒപ്പം ഭൂമിയുമായിട്ട് ആദ്യം അവതരിച്ച ശേഷമാണ് സൃഷ്ടിപാത്രമായ സൂര്യനായിട്ട് മഹാമാതാപിതാക്കളായ ശിവയും ഭാഗമായ ശിവനും കൂടി സൃഷ്ടി ആരംഭിക്കുന്നത്. പിന്നീട് കൂടുതൽ വിശദീകരിക്കുന്നുണ്ട്.

ഏകദൈവമായ ശിവയാണ് ആറ്റങ്ങളുടെ ഉള്ളിലുള്ള പ്രോട്ടോണുകൾ എന്നും, ശിവയുടെ ഏകദാസനും ഭർത്താവും പരമാത്മാവുമായ ശിവനാണ് ഇലക്ട്രോണുകൾ എന്നും, ശബ്ദബ്രഹ്മം കൂടിയാണ് ഓം എന്നും, സൂര്യനിൽ വച്ച് ഹീലിയം ആറ്റത്തിലെ രണ്ട് ന്യൂട്രോണുകളും സ്ത്രീപുരുഷപാതികളുമായി സൃഷ്ടിയ്ക്കപ്പെടുന്ന ആത്മാക്കളെ പ്രപഞ്ചവുമായി ബന്ധിപ്പിക്കുന്നവയാണ് മറ്റു വസ്തുക്കളിലെ ന്യൂട്രോണുകൾ എന്നും, അനന്ത ആനന്ദങ്ങൾ, ജന്മഗുണങ്ങൾ, ധർമ്മശാസ്ത്രബന്ധനം തുടങ്ങിയ ശിവയുടെ ശക്തിഘടകങ്ങളാണ് മറ്റുള്ളവയെന്നും വൈകാതെ മനുഷ്യർക്ക് വെളിപ്പെടുന്നതാണ്!

**പ്രപഞ്ചരൂപത്തോടെ സൃഷ്ടികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്ന മഹാശക്തിയായ ദൈവം; 'സൃഷ്ടികളായ ആത്മാക്കൾക്കു വേണ്ടി ആത്മാക്കളെ' ഗൂഢമാക്കിയിട്ടുണ്ട്. ആത്മാക്കളെ ഗൂഢമാക്കിയതിന്റെ കാരണങ്ങൾ വിശദീകരിക്കാം :**

1. ദൈവത്തിന്റെ പ്രപഞ്ചരൂപം സൃഷ്ടിക്കുമ്പോൾ മാത്രം സത്യമാകുന്നവരും; പ്രപഞ്ചവും അംശമായ വസ്തുക്കളും രൂപാന്തരമായ ശരീരവും അവയവങ്ങളും നൽകുന്ന രൂപങ്ങളും ഭാവങ്ങളും ഗുണങ്ങളും ദോഷങ്ങളും ആനന്ദങ്ങളും കൊണ്ടു മാത്രം ജീവിക്കാൻ കഴിയുന്നവരും, സ്വത്വം ഉൾപ്പെടെ യാതൊന്നും സ്വന്തമായിട്ട് ഇല്ലാത്തവരുമാണ് ജീവികളുടെ സ്വത്വങ്ങളും സൃഷ്ടികളുമായ ആത്മാക്കളെന്ന യാഥാർത്ഥ്യത്തെ വിശേഷ ബുദ്ധി ലഭിക്കുന്ന മനുഷ്യൻ മനസ്സിലാക്കണം. മുമ്പ് വ്യക്തമാക്കിയതു പോലെ, വിശേഷബുദ്ധിയും, പ്രപഞ്ചത്തിന്റെ ശാസ്ത്രങ്ങളും ലഭിച്ചിട്ടും ആരാണെന്നും എവിടെനിന്നു വന്നുവെന്നും അറിയാത്തതിൽ നിന്ന് സമസ്ത ജീവികളുടെയും സ്വത്വങ്ങളായ ആത്മാക്കൾ 'സൃഷ്ടി' ആണെന്നും; മഹാശക്തിയായ ദൈവത്തിന്റെ അംശമോ ഭാഗമോ അല്ലെന്നുമറിയണം.

സൃഷ്ടികളായ ആത്മാക്കളെ സൃഷ്ടിക്കുന്നത് ദൈവത്തിന്റെയോ; അവതാരവും മഹാരൂപവുമായ പ്രപഞ്ചത്തിന്റെയോ അംശങ്ങളോ ഭാഗങ്ങളോ ആയിട്ടല്ലെന്നും; ദൈവത്തിന്റെ കുഞ്ഞുങ്ങൾ എന്ന മഹാപദവിയും മഹാവാത്സല്ല്യവും നൽകിയാണ് എന്നും പ്രപഞ്ചശാസ്ത്രങ്ങൾ പ്രകാരം ചുവടെ ഒരല്പം കഴിഞ്ഞ് വിശദീകരിക്കുന്നുണ്ട്.

2. ഓരോരോ മനുഷ്യനും മറ്റുള്ള ജീവികളും ഓരോ ജന്മത്തിലും പ്രത്യക്ഷമായി മരിക്കുകയോ വധിക്കപ്പെടുകയോ ചെയ്യുന്നത് സ്വത്വങ്ങളായ ആത്മാക്കൾക്കും ബാധകമാക്കിയാൽ, സൃഷ്ടി സ്ഥിതി സംഹാര കർത്താവും മഹാശക്തിയുമായ ദൈവത്തിന്റെ സൃഷ്ടികൾക്ക് അന്യോന്യം ഇല്ലാതാക്കാൻ കഴിയുമെന്നു വരും; സൃഷ്ടിസ്ഥിതികൾ അർത്ഥശൂന്യവുമാകും. അതായത് മഹാശക്തിയായ ദൈവം, സൃഷ്ടികൾക്കെല്ലാം നൽകാൻ ഉദ്ദേശിച്ചിട്ടുള്ള സമ-ആനന്ദമായ മഹാനീതിക്ക് കളങ്കമുണ്ടാകാതെയും, സ്വത്വം പോലും സ്വന്തമായിട്ട് ഇല്ലാത്തവരായ സൃഷ്ടികൾക്ക് സ്വയമോ, മറ്റു സൃഷ്ടികളെയോ വധിക്കാൻ കഴിയാത്തവിധവും മഹാ-ഭദ്രമാക്കാൻ, ദൈവമായ പ്രപഞ്ചം, ആത്മാക്കളെ ഗൂഢമാക്കുക തന്നെ വേണം. മഹാശക്തിയായ ദൈവം പ്രപഞ്ചമായി ക്കൊണ്ട് നൽകുന്ന ശക്തികളും ജ്ഞാനവുമായി ജീവിക്കുന്ന സൃഷ്ടികളുടെ മേൽ പരമമായ നീതി നടപ്പാക്കാനോ അവരെ ഇല്ലാതാക്കാനോ സൃഷ്ടികളെ അന്യോന്യമോ സ്വയമോ അനുവദിച്ചു കൂടാ; അനുവദിക്കുന്നില്ല.

3. ദൈവത്തിന്റെ സ്വന്തമായ ശക്തികളും ജ്ഞാനവും ചിട്ടകളോടെ സൃഷ്ടികൾക്ക് നൽകേണ്ടതുണ്ടെന്നും; അതിനു മുമ്പ് അവയെ സൃഷ്ടിക്കുന്നത് നിർജ്ജീവമായിട്ടു മാത്രമാവണമെന്നും വ്യക്തമാണ്. സൃഷ്ടിക്കുന്നത് മഹാശക്തിയായ ദൈവമാണെന്ന ഏക യോഗ്യത അല്ലാതെ മറ്റൊന്നും അവയ്ക്ക് സ്വന്തമായിട്ടില്ല. നിർജ്ജീവമായ സൃഷ്ടികളെ ആത്മാക്കൾ എന്ന പേരിൽ ഓരോ ജോഡിയായി സൃഷ്ടിക്കാനായിട്ട് സൂര്യൻ എന്ന പേരോടെ ഒരു മഹാസൃഷ്ടിപാത്രത്തെ മഹാരൂപമായ പ്രപഞ്ചത്തിൽ ഒരുക്കിയിട്ടുണ്ട്. സൂര്യനിൽ വച്ച് നിർജ്ജീവമായ (സ്ത്രീപുരുഷ) ജോഡികളായിട്ട് ആത്മാക്കളെ ശാസ്ത്രപരമായി സൃഷ്ടിക്കുന്നത് പിന്നീട് വിശദീകരിക്കുന്നുണ്ട്.

അനന്തമായ ആനന്ദങ്ങളാകുന്ന പ്രപഞ്ചമായിട്ട് അവതരിച്ചിരിക്കുന്ന വസ്തുക്കളും, സ്വത്വങ്ങളായ ആത്മാക്കൾക്കു ലഭിക്കുന്ന ജീവി-വർഗ്ഗ- സ്ത്രീ പുരുഷ ശരീരങ്ങളും, അവയെല്ലാം കൊണ്ട് സൃഷ്ടിക്കപ്പെട്ട അനന്തമായ ഉല്പന്നങ്ങളും, ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളിൽ നിന്ന് ലഭിക്കുന്ന ആനന്ദങ്ങളുമെല്ലാം ആസ്വദിച്ച് പ്രത്യക്ഷമായ ശരീരത്തോടെ ജീവിക്കുന്നവയാണ് ജീവികൾ. മറ്റൊരു തരത്തിൽ പറഞ്ഞാൽ, പ്രപഞ്ചത്തിന്റെ അംശമായ ശരീരവും അവയവങ്ങളും ഗുണങ്ങളും പ്രത്യക്ഷ-രൂപങ്ങളും ആധാരമാക്കി ജീവിക്കുന്ന ആത്മാക്കൾക്ക് ലഭിക്കുന്ന പൊതുവായ പേരാണ് ജീവികൾ. മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ തുടങ്ങിയവ ജീവികളിലെ വർഗ്ഗങ്ങളും; സ്ത്രീപുരുഷന്മാർ ഇണകളായ ജാതികളുമാണ്.

4. മനുഷ്യാവസ്ഥയിൽ വച്ച് സ്വത്വങ്ങളായ ആത്മാക്കൾക്ക് വിശേഷബുദ്ധിയും, അനുബന്ധമായിട്ട് ദൈവമായ പ്രപഞ്ചത്തിന്റെ മഹാജ്ഞാനമായ ശാസ്ത്രങ്ങളും നൽകിയിട്ടുള്ളത് പ്രപഞ്ചത്തിൽ ലയിപ്പിച്ചിട്ടുള്ള അനന്തമായ ആനന്ദങ്ങളെ അവർ പരിചയപ്പെടാനും ആസ്വദിക്കാനും; സംഹാരമെന്ന മോക്ഷമായി നക്ഷത്രദേവതയായി മാറുമ്പോൾ സ്വന്തം പകുതിയായ* ഇണയോടൊത്ത് ഭൂമിയിൽ വച്ച് അനുഭവിച്ചറിഞ്ഞ അനന്തമായ ആനന്ദങ്ങളെ മായാശക്തി കൊണ്ട് സൃഷ്ടിച്ച് അനന്തകാലം ആനന്ദിച്ചു ജീവിക്കാനുമാണ്. നക്ഷത്രലോകത്തു നിന്ന് ഭൂമിയിലേക്ക് മടങ്ങിവന്ന് സമൂഹജീവി-ജീവിതത്തെ ആസ്വദിക്കാനും, സ്വത്വം ഉപേക്ഷിച്ച് ഇല്ലാതാവാനും സ്വാതന്ത്ര്യമുണ്ട്. (അവയെ പിന്നീട് ശാസ്ത്രപരമായി വിശദീകരിച്ചിട്ടുണ്ട്; തെളിയിച്ചിട്ടുമുണ്ട്.)

5. മനുഷ്യാവസ്ഥയിൽ വച്ച് മരിക്കുന്ന ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് അടുത്ത ശരീരത്തെ നൽകുന്നതിനു മുമ്പ് മഹാനീതിശാസ്ത്രമായ ഓംകാര നീതി-ശാസ്ത്രത്തിലെ സൃഷ്ടിപരമായ വിധിപ്രകാരം പൊതുവേ ഒരുവർഷം അനുവദിച്ചിട്ടുണ്ട്. സ്ഥിതി പരമായ വിധി പ്രകാരം കാലഘട്ടത്തിന് വ്യത്യാസങ്ങൾ ഉണ്ടാകാമെങ്കിലും ജീവി-ശരീരം ഇല്ലാത്ത ആത്മാക്കളെ കാണാനും കേൾക്കാനും മറ്റും കഴിയുമെന്നു വന്നാൽ സമൂഹ-ജീവിതം തകരാറിലാവുന്നതാണ്. കുട്ടികളും ഗർഭിണികളും തജ്ജന്മത്തിൽ കുറഞ്ഞ ബുദ്ധി ശക്തി ലഭിച്ചവരും മറ്റും വളരെയധികം പരിഭ്രാന്തരാകുന്നതാണ്.

6. ഏകദൈവത്തിന്റെ മഹാശക്തികളും, ജ്ഞാനമായ ശാസ്ത്രങ്ങളും ലയിച്ചിരിക്കുന്നത് പ്രപഞ്ചത്തിൽ മൊത്തത്തിലും അംശമായ വസ്തുക്കളിലും ആകയാൽ പ്രപഞ്ചത്തിന്റെ അംശമായ വസ്തുക്കളെ നൽകിയാൽ മാത്രമാണ് അസ്തിത്വം ഉൾപ്പെടെ യാതൊന്നും സ്വന്തമായിട്ട് ഇല്ലാത്തവരും നിർജ്ജീവങ്ങളുമായ സൃഷ്ടികൾക്ക് പ്രത്യക്ഷങ്ങളും 'മഹാനീതിശാസ്ത്രമായിട്ട് ഗൂഢങ്ങളുമായ' രൂപങ്ങളും ശക്തികളും ജ്ഞാനവും ഗുണങ്ങളുമെല്ലാം ലഭിക്കുകയുള്ളൂ. ശരീര-ചർമ്മത്തിലൂടെ ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾ വ്യാപരിക്കുന്നതും, വേദനകൾ ഉൾപ്പെടുന്ന ആനന്ദങ്ങളെ ആത്മാക്കൾക്ക് ശരീരം നൽകുന്നതും വേറിട്ട് വിശദീകരിക്കുന്നുണ്ട്. മാംസപേശികൾ, അസ്ഥികൾ, ഹൃദയം, കരൾ, ശ്വാസകോശം, ആമാശയം, കുടൽ, കിഡ്നി, തുടങ്ങി എല്ലാ അവയവങ്ങളും ശരീരത്തിന്റെ ഭാഗമായിട്ട് ചർമ്മത്തിന്റെ ഉള്ളിലായി ഉണ്ടെങ്കിലും പ്രത്യക്ഷമല്ല; മഹാനീതിശാസ്ത്രപരമായി ഗൂഢമാണ്.

ശക്തികളും, ജ്ഞാനമായ ശാസ്ത്രങ്ങളുമെല്ലാം ലയിച്ചിരിക്കുന്നത് പ്രപഞ്ചത്തിൽ മൊത്തത്തിലും അംശമായ വസ്തുക്കളിലും ആണെന്നതു കൊണ്ട് കല്ലും മണ്ണും ഇരുമ്പും ജലവും ഒക്കെയായ വസ്തുക്കളെ കൂട്ടി വച്ചുകൊണ്ട് നിർജ്ജീവങ്ങളും ഗൂഢവുമായ ആത്മാക്കളോട് മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രം പ്രകാരം ബന്ധിപ്പിക്കാൻ സൃഷ്ടികളായ ആത്മാക്കൾക്കും ജീവികൾക്കും സാധിച്ചുകൂടാ.

എന്തുകൊണ്ടെന്നാൽ മഹാനീതിയെ നടപ്പാക്കേണ്ടത് സൃഷ്ടികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്ന ദൈവത്തിന്റെ മാത്രം കടമയും ഉത്തരവാദിത്വവുമാണ്. ദൈവമായ പ്രപഞ്ചം നൽകുന്നവ കൊണ്ടു മാത്രം ജീവിക്കുന്നവരും സ്വത്വംപോലും സ്വന്തമായിട്ടില്ലാത്തവരും, അല്പായുസ്സുകളും സൃഷ്ടികളുമായ ആത്മാക്കളുടെ കടമകളോ ബാദ്ധ്യതകളോ അല്ലവ. മഹാനീതിശാസ്ത്രം പ്രകാരം വസ്തുക്കളെ വ്യത്യസ്തമായ ജീവികളിലെ വ്യത്യസ്തമായ ഗുണങ്ങളോടെയുള്ള ശരീരങ്ങളും അവയവങ്ങളും വിസർജ്ജന വസ്തുക്കളും പ്രത്യുല്പാദന ബീജങ്ങളും ഒക്കെയായി രൂപാന്തരപ്പെടുത്തുന്ന മഹാപ്രക്രിയകളെ ദൈവമായ പ്രപഞ്ചം തന്നെ ഏറ്റെടുക്കുന്നു. ഭക്ഷണ സാധനങ്ങൾ, മരുന്നുകൾ, മദ്യം, വിഷം തുടങ്ങിയവയും, ശരീരത്തിലെ അവയവങ്ങളും പ്രപഞ്ചത്തിന്റെ അംശങ്ങളാണ്. അവയിലെല്ലാം ലയിച്ചിരിക്കുന്ന ഗുണങ്ങളായ ശക്തികളും ശാസ്ത്രങ്ങളും പ്രകാരം അവയെല്ലാം പ്രവർത്തിക്കുകയും വേദനകൾ ഉൾപ്പെട്ട ആനന്ദങ്ങളെ ആത്മാക്കൾക്ക് കൈമാറുകയും ചെയ്യുന്നത് മനുഷ്യരുടെ ജീവിതത്തിൽ സംഭവിക്കുന്നതും അനുഭവിച്ച് അറിയുന്നതുമായ വസ്തുതകളാണ്. മത്സ്യം സസ്യം എന്നിവയ്ക്ക് സമ്പൂർണ്ണമായും; പക്ഷികൾക്ക് ഭാഗികമായും വേദനകളെ നൽകാത്തത് വേറിട്ട് വിശദീകരിക്കുന്നുണ്ട്. ആറ്റങ്ങളിലെ ശിവയായ പ്രോട്ടോണും, ഘടകങ്ങളായ ന്യൂട്രോൺ ബോസോൺ ഗ്ലൂവോൺ തുടങ്ങിയവയും, ആത്മാക്കളുടെ ഓരോരോ ചെയ്തികളുടെയും മേൽ മഹാനീതിശാസ്ത്രം പ്രകാരം സമ-ആനന്ദമായ മഹാനീതിയെ നടപ്പാക്കുന്നുമുണ്ട്. ആത്മാക്കൾക്ക് സമ്പൂർണ്ണമായ സ്വാതന്ത്ര്യം, ശക്തികൾ, ജ്ഞാനമായ ശാസ്ത്രങ്ങൾ, അനന്തമായ ആനന്ദങ്ങൾ, തുടങ്ങിയവയും, 'വ്യത്യസ്ത ജീവി-വർഗ്ഗങ്ങളും സ്ത്രീപുരുഷ ജാതികളുമായിട്ട് മഹാനീതിയോടെ ജീവിക്കാൻ ആവശ്യമായ ശാരീരിക വ്യത്യാസങ്ങളും മറ്റുള്ള ഗുണങ്ങളും' പ്രത്യക്ഷമെന്നോണം ഉചിതമായി നൽകുന്നതും പ്രപഞ്ചമാണ്.

ജീവികൾക്കെല്ലാം നിറം സൗന്ദര്യം മുഖച്ഛായ ഉയരം ആയുസ്സ് ആരോഗ്യം ബുദ്ധിശക്തി ഓർമ്മശക്തി ജനനസ്ഥലം തുടങ്ങിയ ജന്മഗുണങ്ങളെയും പ്രപഞ്ചം തന്നെ നൽകണം. ജന്മഗുണങ്ങളെ ബന്ധിപ്പിച്ചുകൊണ്ടും അവയുടെ പേരിൽ വിശേഷബുദ്ധി ലഭിക്കുന്ന മനുഷ്യർ പോരടിക്കാതെയും, ഗൂഢമായിട്ട് മഹാനീതിശാസ്ത്രപ്രകാരം സമ-ആനന്ദമായ മഹാനീതിയെ നടപ്പാക്കുകയാണ് പ്രപഞ്ചം (-ന്റെ സ്വത്വമായ ഓക്സിജൻ) ചെയ്യുന്നത്.

വിശേഷബുദ്ധിയും അനുബന്ധമായ ശാസ്ത്രങ്ങളും മനുഷ്യർക്കു ലഭിക്കുന്നത് അവരുടെ നേട്ടം കൊണ്ടോ, മറ്റുള്ള ജീവികൾക്ക് ലഭിക്കാത്തത് അവയുടെ കോട്ടം കൊണ്ടോ അല്ലെന്നും, ദൈവത്തിന്റെ അവതാരവും മഹാരൂപവുമായ പ്രപഞ്ചം മഹാനീതിശാസ്ത്രം പ്രകാരം നടപ്പാക്കുകയാണെന്ന് ശരിയായിട്ടു തിരിച്ചറിയാനും കഴിഞ്ഞാൽ വലിയൊരു വിഭാഗം മനുഷ്യർക്ക് അഹംഭാവം ഇല്ലാതാകുന്നതാണ്. പ്രപഞ്ചത്തിലും അംശങ്ങളായ ജീവിശരീരങ്ങളിലും വസ്തുക്കളിലും പ്രദേശങ്ങളിലും പ്രകൃതിയിലുമെല്ലാം ലയിച്ചിരിക്കുന്ന ശക്തികളും ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങളും പ്രകാരം അനന്തമായ ആനന്ദങ്ങളെ ആസ്വദിച്ച് ജീവിക്കുകയേ മനുഷ്യർ വേണ്ടൂ.

7. ജീവി വർഗ്ഗം, സ്ത്രീ പുരുഷ ജാതികൾ, നിറം, സൗന്ദര്യം, മുഖച്ഛായ, ഉയരം, ആയുസ്സ്, ആരോഗ്യം, ബുദ്ധി ശക്തി, ഓർമ്മ ശക്തി, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ജനനസ്ഥലം, തുടങ്ങിയ ജന്മഗുണങ്ങളെ ശരീരത്തിലൂടെ വ്യത്യാസപ്പെടുത്തിക്കൊണ്ട് സ്വത്വങ്ങളായ ആത്മാക്കൾക്ക് സമ-ആനന്ദമായ മഹാനീതി ലഭ്യമാക്കുവാൻ മഹാനീതി കൂടിയായ പ്രപഞ്ചമാകുന്ന ദൈവത്തിന് മഹാബാദ്ധ്യത ഉണ്ട്. മഹാനീതിശാസ്ത്രമായ ഓംകാരനീതിശാസ്ത്രത്തിന്റെ കാതലായ മഹാപുനർജ്ജന്മസിദ്ധാന്തം പ്രകാരം ഓരോ ആത്മാവിന്റെ മേലും എല്ലാ ജന്മങ്ങളിലും മൊത്തത്തിലും മഹാപ്രപഞ്ചം മഹാനീതിയെ നടപ്പാക്കുന്നത് സ്വന്തം അംശമായ ശരീരവും വസ്തുക്കളും കൊണ്ട് പ്രത്യക്ഷമായാണ്. സൃഷ്ടികളായ ആത്മാക്കൾക്ക് ജീവിതമായിട്ടുള്ള എല്ലാ ജീവിജന്മങ്ങളിലും ജീവിവർഗ്ഗം, സ്ത്രീപുരുഷജാതി, തുടങ്ങിയ ജന്മഗുണങ്ങൾ പ്രകാരമുള്ള അസ്തിത്വവും ശക്തികളും ജ്ഞാനവും ശാസ്ത്രങ്ങളും അനന്തമായ-ആനന്ദങ്ങളും ശരണവും മഹാനീതിയുമെല്ലാം നൽകുന്ന ശരീരങ്ങളും, വസ്തുക്കളും മൊത്തമായ പ്രപഞ്ചവും തന്നെയാണ് പ്രധാനം.

മഹാപ്രപഞ്ചത്തിന്റെ അംശമായ വസ്തുക്കളിലെ, സൂക്ഷ്മ അംശമായ ആറ്റങ്ങളിൽ, അതിസൂക്ഷ്മമായ ഘടകങ്ങളായി ഏകമഹാശക്തിയും മഹാമാതാവുമായ പ്രോട്ടോൺ, മഹാപിതാവായ ഇലക്ട്രോൺ, ശിവ-ശിവൻ പ്രണയമന്ത്രം കൂടിയായ ഓം, മഹാശക്തി-ഘടകങ്ങളായ ന്യൂട്രോൺ, ബോസോൺ, ഗ്ലൂവോൺ, ക്വാർക്കുകൾ തുടങ്ങിയവയുമുണ്ട്. സൃഷ്ടി സ്ഥിതി സംഹാരമന്ത്രം കൂടിയായ "ഓം" പ്രകാരം പ്രോട്ടോണിനെ ഇലക്ട്രോൺ നിശ്ചിത വേഗതയോടെ നിരന്തരം ചുറ്റുമ്പോൾ സമയവും കാലവും സൃഷ്ടി-ചക്രങ്ങളും കാലചക്രങ്ങളും ഉണ്ടാകുന്നു; സൃഷ്ടി-ചക്രങ്ങൾ പ്രകാരം ആത്മാക്കളുടെ സൃഷ്ടിയും; സ്ഥിതിയാകുന്ന ജീവി-ജീവിതവും, സംഹാരവും നക്ഷത്രദേവതയുമായ മോക്ഷവും ! മഹാശക്തിയായ ദൈവം പ്രപഞ്ചരൂപത്തോടെ പ്രത്യക്ഷമായിരിക്കുന്നതും, പ്രപഞ്ചം നൽകുന്ന അസ്തിത്വവും രൂപവും ആനന്ദങ്ങളും കൊണ്ട് ജീവികളായിട്ടു ജീവിക്കാൻ കഴിയുന്ന സൃഷ്ടികളായ ആത്മാക്കൾ ഗൂഢമായിരിക്കുന്നതും, മനുഷ്യാവസ്ഥയിൽവച്ച് വിശേഷബുദ്ധിയും അനുബന്ധമായ ശാസ്ത്രങ്ങളും കൊണ്ട് മനസ്സിലാക്കാൻ കഴിയും.

## മനുഷ്യാവസ്ഥയിൽ വച്ച് ലഭിക്കുന്ന വിശേഷബുദ്ധിയെയും അനുബന്ധമായ ശാസ്ത്രങ്ങളെയും ശരിയായി വ്യാഖ്യാനിക്കേണ്ടത് എങ്ങനെയാണെന്ന് ഒരല്പം വിശദീകരിക്കാം :-

സത്യം, ധർമ്മം, നീതി എന്നിവയെ സ്വന്തം ഭാവങ്ങളായിട്ട് സ്വീകരിച്ചുകൊണ്ടാണ്; ആദിയും അന്തവും ഇല്ലാത്തതായ മഹാശക്തിയും മഹാസത്യവുമായ ഏകദൈവം, മഹാശക്തി അല്ലാത്തതും മഹാസത്യം മാത്രവുമായ സ്വന്തം ഭാഗത്തെയും ഒപ്പം കൂട്ടി, ആകാശവും ഭൂമിയുമായിട്ട് ആദ്യവും; പിന്നീട് സൂര്യനെയും ചന്ദ്രനെയുമെല്ലാം ചേർത്തും പരബ്രഹ്മമായ പ്രപഞ്ചമായത്. സത്യം, ധർമ്മം, നീതി എന്നിവയെ മാത്രം ഭാവങ്ങളായിട്ടു സ്വീകരിച്ചതിനുള്ള തെളിവ് ദൈവത്തിന്റെ പ്രപഞ്ചരൂപത്തിൽ മുഴുവൻ എല്ലായ്പ്പോഴും ലഭ്യമാണ്. എങ്ങനെയെന്നാൽ സത്യം, ധർമ്മം, നീതി എന്നിവയെ ഭിന്നപ്പെടുത്താൻ ഒട്ടും കഴിയാത്തവണ്ണം മഹാശക്തിയായ ദൈവത്തിന്റെ ശക്തികളും ശാസ്ത്രങ്ങളും ചേർന്ന പ്രപഞ്ചത്തിൽ ലയിപ്പിച്ചിരിക്കുകയാണ്. ദൈവത്തിന്റെ മഹാരൂപമായ പ്രപഞ്ചത്തിന്റെ അംശവും സത്യങ്ങളുമായ എല്ലാ വസ്തുക്കളും അവയുടെ ധർമ്മങ്ങളും ഗുണങ്ങളും പ്രകാരമാണ് നിലനിൽക്കുന്നതും പ്രവർത്തിക്കുന്നതും. പാൽ, വായു, ജലം, മണ്ണ്, ഭവനം, സ്വർണ്ണം, വസ്ത്രം, ഭവനം, ഇരുമ്പ്, വിളക്ക്, വാഹനങ്ങൾ, ഇരുട്ട്, പ്രകാശം, ടിവി, ചലനം, ഫോൺ തുടങ്ങി പ്രപഞ്ചത്തിലെ സർവ്വവും സത്യമായിരിക്കുന്നത് അവയുടെ സത്യം ധർമ്മം, നീതി, എന്നിവയെ അടിസ്ഥാനമാക്കിയാണ്. വിശദീകരിക്കാം :-

ദൈവം ജലത്തിൽ ലയിപ്പിച്ചിരിക്കുന്ന ഗുണങ്ങളും ദോഷങ്ങളും ഉൾപ്പെടെ എല്ലാ ധർമ്മങ്ങളും ചേർന്നതു മാത്രമേ ജലം എന്ന സത്യമാവുകയുള്ളൂ. പ്രപഞ്ചത്തിന്റെ അംശമായ എല്ലാ വസ്തുക്കളും, അവയുടെ സൂക്ഷ്മമായ ആറ്റങ്ങളും, സൃഷ്ടികൾക്കു ലഭിക്കുന്ന ജീവി-ശരീരങ്ങളും, അവയവങ്ങളും എല്ലാം എല്ലാം അങ്ങനെ തന്നെയാണ്. വസ്തുക്കളുടെ ഭൗതിക ശാസ്ത്രത്തോടൊപ്പം ധർമ്മ - നീതി ശാസ്ത്രങ്ങളും കൂടി ലയിച്ചിരിക്കുകയാണ്. ദൈവത്തിന്റെ ഭാവമായ സത്യം, ധർമ്മം, നീതി എന്നിവ എല്ലാ വസ്തുക്കളിലും, ജീവികളിലെ ശരീരങ്ങളിലും ലയിച്ചിരിക്കുകയാൽ; ധർമ്മം, നീതി എന്നിവയ്ക്കും ഭൗതികമായ അസ്തിത്വം ഉണ്ടെന്നു കൂടിയാണ് മനസ്സിലാക്കേണ്ടത്. മനുഷ്യരും ദേവതകളും ഒഴികെയുള്ള ജീവികൾക്ക് വിശേഷബുദ്ധിയും ശാസ്ത്രങ്ങളും ലഭിക്കാത്തതുകൊണ്ട് അവയുടെ ജീവിതത്തെയും ചെയ്തികളെയും മനുഷ്യരുമായി ഭാഗികമായി ബന്ധിപ്പിച്ച് ശാസ്ത്രപരമായ പൊരുത്തക്കേടുകളെ ഒഴിവാക്കിയിട്ടുണ്ട്. പ്രപഞ്ചത്തിന്റെ അംശമായ വസ്തുക്കളിലോ രൂപാന്തരമായ ജീവി-ശരീരങ്ങളിലോ അവകാശവും അധികാരവും ഇല്ലാത്തവയാണ് മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികൾ എന്ന സത്യവും മറ്റുള്ള ജീവികൾക്ക് അറിയില്ല. വിശേഷ ബുദ്ധിയും അനുബന്ധമായ ശാസ്ത്രങ്ങളും ലഭിക്കാത്തതുകൊണ്ട് 'ദൈവവും പ്രകൃതിയുമായ പ്രപഞ്ചം' നൽകുന്ന ആനന്ദങ്ങളെ ആസ്വദിച്ച് ജീവിക്കുന്നു എന്നല്ലാതെ ആത്മീയ-ദൈവീക കാര്യങ്ങളോ, 'ജീവികളുടെയും പ്രദേശങ്ങളുടെയും മറ്റും ഭരണകാര്യങ്ങളോ' അവയുടെ വിഷയമല്ല. ആനന്ദിച്ചു ജീവിക്കാൻ പ്രേരിപ്പിക്കുന്ന ശരീരവും അവയവങ്ങളും ആരോഗ്യവും ആഗ്രഹങ്ങളും നയിക്കുന്നതു പോലെ മറ്റുള്ള ജീവികൾ ജീവിക്കുകയാണ്. അഹം എന്താണെന്ന് അറിയാത്തതിനാൽ അഹംഭാവമില്ലാത്ത സാധുക്കളാണെന്നും പറയാം.

സൃഷ്ടികളായ ആത്മാക്കൾക്ക് ശരീരം ലഭിച്ച് ജീവികളാകുന്നതും, പ്രപഞ്ച-വസ്തുക്കളിൽ ലയിച്ചിരിക്കുന്ന ശക്തികളും ശാസ്ത്രങ്ങളും, മുജ്ജന്മ-തജ്ജന്മ-ധർമ്മശാസ്ത്ര ബന്ധനങ്ങളും പ്രകാരം ശരീരവും അവയവങ്ങളും വളരുന്നതും, ശരീരത്തിന്റെ വളർച്ചയെ അടിസ്ഥാനമാക്കി ജീവി വളരുന്നതും, രൂപവ്യത്യാസങ്ങൾ വരുന്നതും, ശോഷിക്കുന്നതും, രോഗങ്ങൾ, രോഗ-മുക്തി, അപകടം-ചികിത്സ- സർജറി-മുക്തി, നര, വാർദ്ധക്യം, തുടങ്ങിയ വേദനകൾ ഉൾപ്പെടെയുള്ള ആനന്ദങ്ങളെ ശരീരം ആത്മാക്കൾക്കു നൽകുന്നതും ശരീരത്തിൽനിന്ന് ആത്മാക്കളെ പുറന്തള്ളിക്കൊണ്ട് തജ്ജന്മത്തിലെ മരണത്തിന് വിധേയമാക്കുന്നതും ജീവികളുടെ ജീവിതത്തിലെ ഓരോ ഘട്ടങ്ങളാണ്. ഭക്ഷണം, ദഹനം, വിസർജ്ജനം, വിദ്യാഭ്യാസം, തൊഴിൽ, പ്രത്യുല്പാദനം, കുട്ടികളെ വളർത്തൽ, തുടങ്ങിയവ ജീവിതത്തെ നയിക്കുന്ന ഘടകങ്ങളുമാണ്.

മഹാപ്രപഞ്ചത്തിന്റെ അംശമായ മൂലകങ്ങളും അവയുടെ സംയുക്തങ്ങളും മിശ്രിതങ്ങളുമായ എല്ലാ വസ്തുക്കളും, രൂപാന്തരമായ ജീവികളിലെ ശരീരങ്ങളും അവയവങ്ങളും വിസർജ്ജ്യങ്ങളുമെല്ലാം പ്രവർത്തിക്കുന്നത് അവയിൽ ലയിച്ചിരിക്കുന്ന പരസ്പര പൂരകങ്ങളായ ഭൗതിക ധർമ്മ നീതി ശാസ്ത്രങ്ങൾ പ്രകാരവും; കൂടാതെ ദൈവത്തിന്റെ ഭാവമായ സത്യ-ധർമ്മ-നീതികളും പ്രകാരമാണ്. വിശേഷ ബുദ്ധിയും അനുബന്ധമായ പ്രപഞ്ചത്തിന്റെ ശാസ്ത്രങ്ങളും ലഭിച്ചിട്ടുള്ള മനുഷ്യർ അവരവർക്കു വേണ്ടി ജനനം മുതൽ മരണംവരെയും ഏകശരണവും മഹാസ്ഥിതിപാത്രവുമായ മണ്ണായ ഭൂമിയിൽ ലയിച്ചിരിക്കുന്ന ഭൗതിക ധർമ്മ നീതി-ശാസ്ത്രങ്ങൾ പ്രകാരം ജീവിക്കുന്നത് അവർക്കു നല്ലതാണ്. ദൈവമായ പ്രപഞ്ചത്തിലെ മഹാസ്ഥിതി-പാത്രമായ ഭൂമിയുടെ സ്വത്വവും, ദൈവമായ മഹാശക്തിയും തന്നെയായ ഓക്സിജൻ എല്ലാ ജീവികളുടെയും മേൽ മഹാനീതി നടത്തുന്നുമുണ്ട്. മനുഷ്യൻ ഉൾപ്പെടെ എല്ലാ ജീവികളുടെയും ചിന്തകളെപ്പോലും അപ്പപ്പോൾ ഓക്സിജൻ അറിയുന്നുണ്ട്. അതേസമയം ജീവികൾക്ക് നൽകിയിട്ടുള്ള സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തിൽ അസാധാരണമായ സാഹചര്യത്തിൽ അല്ലാതെ ഓക്സിജൻ ഇടപെടുന്നതല്ല. ജീവികൾക്ക് ജീവിക്കാൻ കഴിയുന്നതും, അവയുടെ ഇഷ്ടം പ്രകാരമല്ലാതെ അവയെ ജനിപ്പിക്കുന്നതും, ശരീരം, അവയവങ്ങൾ, സ്ത്രീ- പുരുഷ ജാതികൾ, നിറം, സൗന്ദര്യം, ... ബുദ്ധി ശക്തി,.. മന്ദബുദ്ധി, അന്ധൻ, പൊട്ടൻ, തൊഴിൽ-വിനോദ അഭിരുചി, ജന്മസ്ഥലം തുടങ്ങിയ ജന്മഗുണങ്ങളെ നിശ്ചയിക്കുന്നതും നിർവ്വഹിക്കുന്നതുമെല്ലാം പ്രപഞ്ചമാണ്; പ്രപഞ്ചത്തിന്റെ സ്വത്വമായ ഓക്സിജനാണ്. ഓക്സിജനാണ് മഹാശക്തിയായ ദൈവം എന്നറിയുമ്പോൾ പോലും ഓക്സിജന്റെ പ്രവർത്തനങ്ങളെ തടയാൻ സൃഷ്ടികൾക്ക് കഴിയില്ല. ഓക്സിജന്റെ മഹാനാമവും പ്രവർത്തനങ്ങളും വേറിട്ട് വിശദീകരിച്ചിട്ടുണ്ട്.

മഹാശൂന്യതയായ ആകാശം മഹാപ്രപഞ്ചത്തെ ഉൾക്കൊണ്ട് മറ്റൊരു പര്യായം പോലെ ആയിരിക്കുന്നതും; ഭൂമിയും സൂര്യനും ചന്ദ്രനും കറങ്ങുന്നതും, ഇരുട്ട്, വെളിച്ചം, രാത്രി, പകൽ, ദിവസം, ആഴ്ച്ച, മാസം, വർഷം, ചൂട്, തണുപ്പ്, വെയിൽ, മഴ, ഭൂകമ്പം, സുനാമി, വേലിയേറ്റം, .. തുടങ്ങിയവയിലൂടെ നിർജ്ജീവമായ ആത്മാക്കളെ ഭൂമിയിൽ വച്ച് സമ്പൂർണ്ണ സ്വാതന്ത്ര്യത്തോടെ അനന്തമായ ആനന്ദങ്ങളെ നൽകി പരിപാലിക്കുന്നതും, നക്ഷത്രദേവതയായി മോക്ഷം നൽകുന്നതുമെല്ലാം പ്രപഞ്ചമാണ്. ജീവികളുടെ ജീവിതം നിലനിർത്തുന്നത് ദൈവമായ മഹാപ്രപഞ്ചത്തിന്റെ മഹാപ്രവൃത്തികളാണെന്നു സാരം.

സൃഷ്ടികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്നത് പരബ്രഹ്മമായ പ്രപഞ്ചം മാത്രമാണെന്ന് വിശേഷ ബുദ്ധി കൊണ്ട് ലളിതമായി മനസ്സിലാക്കാൻ കഴിയുന്നതാണ്. ആദിയും അന്തവും ഇല്ലാത്തതായി തോന്നുന്ന മഹാശൂന്യതയായ ആകാശത്തിൽ ഭൂമിയും സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളുമെല്ലാം എങ്ങനെയാണ് നിലനിൽക്കുന്നത് എന്നതിനുള്ള ശരിയായ ഉത്തരവും, കാലം ഉണ്ടാകുന്നതും, അവയിലെ അനന്തകോടി ആറ്റങ്ങളുടെ ഉള്ളിലുള്ളതായ പ്രോട്ടോണുകളെ ഇലക്ട്രോണുകൾ നിരന്തരം ചുറ്റുന്നതുമായി ബന്ധപ്പെടുത്തി ശാസ്ത്രപരമായി മനസ്സിലാക്കാനാവും.

ദൈവത്തെയോ, ദൈവം പ്രപഞ്ചരൂപത്തെ സ്വീകരിച്ച് സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്നതോ, പ്രപഞ്ചകാര്യങ്ങളോ, വിശേഷ ബുദ്ധിയെ പ്രപഞ്ചം നൽകിയിട്ടില്ലാത്ത മത്സ്യം സസ്യം പക്ഷി മൃഗം തുടങ്ങിയവ സാധാരണഗതിയിൽ അറിയുന്നതുപോലുമില്ല. അവയ്ക്കു ലഭിക്കുന്ന ശരീരങ്ങളും ശക്തികളും ജ്ഞാനവും പ്രകാരം ആനന്ദിച്ചാണ് പൊതുവേ ജീവിക്കുന്നത്. എന്നാൽ, മനുഷ്യർക്കു നൽകിയ വിശേഷ ബുദ്ധിയുടെ ഉദ്ദേശത്തെ അവർ മനസ്സിലാക്കിയില്ല. സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തോടെ അനന്തമായ ആനന്ദങ്ങളെ പരിചയിക്കാനും ആസ്വദിക്കാനും, നക്ഷത്രദേവതയായിട്ടു മോക്ഷം നേടുമ്പോൾ ഉപയോഗപ്പെടുത്താനും നൽകിയതിനെ ധർമ്മശാസ്ത്ര വിരുദ്ധമാക്കി.

സൃഷ്ടികൾക്കു വേണ്ടിയുള്ള അനന്തമായ ആനന്ദങ്ങളായും അവയെ നേടാനും ആസ്വദിക്കാനുമുള്ള ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും ശരണവും മഹാനീതിയുമെല്ലാമായി അവതരിച്ചിരിക്കുന്ന ദൈവത്തിന്റെ മഹാരൂപമായ പ്രപഞ്ചത്തിൽ, ദൈവത്തിന്റെ ഭാവങ്ങളായ സത്യം ധർമ്മം നീതികളും സമ്പൂർണ്ണമായി ലയിച്ചിരിക്കുകയാൽ, വിശേഷ ബുദ്ധിയും ശാസ്ത്രങ്ങളും ലഭിച്ചിട്ടുള്ള മനുഷ്യർക്ക് സത്യ ധർമ്മ നീതികളായ ധർമ്മശാസ്ത്രം പ്രകാരം ജീവിക്കാൻ സ്വയം ബാദ്ധ്യതയുണ്ട്. തെറ്റിച്ചാൽ ശരീരം ഉൾപ്പെടെയുള്ള വസ്തുക്കളിലെ ആറ്റങ്ങളിലുള്ള ശക്തിഘടകങ്ങൾ ധർമ്മശാസ്ത്ര ബന്ധനം നടപ്പാക്കുന്നതാണ്. ദൈവത്തിന്റേതെന്ന പേരിൽ മനുഷ്യർ തട്ടിക്കൂട്ടുന്ന കോപ്രായങ്ങളെ സ്വയം ആചരിക്കുന്നതുപോലും പ്രപഞ്ചം നൽകുന്ന വിശേഷബുദ്ധിയെയും ശാസ്ത്രങ്ങളെയും നിന്ദിക്കലാണ്. ഭൗതിക- ധർമ്മ-നീതി-ശാസ്ത്രങ്ങൾക്കു വിരുദ്ധമായി ജീവിക്കുന്നവർക്ക് പാചകം ചെയ്ത ഭക്ഷണങ്ങളും, വസ്ത്രങ്ങളും, വാഹനങ്ങളും, മൊബൈൽ ഫോണുകളും ഉൾപ്പെടെ ശാസ്ത്ര സാങ്കേതിക സൗകര്യങ്ങളെ ആസ്വദിക്കാൻ യോഗ്യതയില്ല. ഉടുവസ്ത്രത്തോടെ കാട്ടിൽ പോയി മറ്റു ജീവികളെപ്പോലെ ജീവിക്കാൻ പ്രപഞ്ചം അനുവദിക്കുന്നുണ്ടെന്ന് വിശേഷ ബുദ്ധി കൊണ്ട് മനസ്സിലാക്കാം. ഭൗതികമായ അസ്തിത്വം ഇല്ലാത്തവ ധർമ്മശാസ്ത്ര വിരുദ്ധമാണ്. മനുഷ്യരുടെ ഇടയിലെ നിയമങ്ങളും രാഷ്ട്രീയങ്ങളും യുദ്ധങ്ങളും ആത്മീയ-വിശ്വാസങ്ങളും-ചട്ടങ്ങളും-ആചാരങ്ങളും- അനുഷ്ഠാനങ്ങളും; ദേശീയതയും നിയമസഭകളും കോടതിയും ശിക്ഷയും നികുതികളുമെല്ലാം ഭൂമിയിൽ ലയിച്ചിരിക്കുന്ന ധർമ്മ നീതി ശാസ്ത്രങ്ങൾക്കു വിരുദ്ധമാണ്. അത്തരം കോപ്രായങ്ങളെ ദൈവത്തിന്റെ കുഞ്ഞുങ്ങളായ സൃഷ്ടികളുടെ മേൽ നടപ്പാക്കാനും, പ്രചരിപ്പിക്കാനും സൃഷ്ടികൾക്ക് അവകാശങ്ങളും അധികാരങ്ങളും ഇല്ല. ആത്മീയ രാഷ്ട്രീയ ദേശീയ വിശ്വാസങ്ങളും ആചാരങ്ങളും മറ്റും തട്ടിക്കൂട്ടാനും സ്വീകരിക്കാനും ഉപേക്ഷിക്കാനും മനുഷ്യനു വീണ്ടും വീണ്ടും സാധിക്കുന്നത് അവയെല്ലാം തട്ടിപ്പുകളും തെറ്റുകളും ആയതുകൊണ്ടാണ്.

ദൈവം സ്വന്തം കുഞ്ഞുങ്ങളാക്കിയ സൃഷ്ടികൾക്കെല്ലാം വേണ്ടിയുള്ള അനന്തമായ ആനന്ദങ്ങളാകുന്ന പ്രപഞ്ചമായിട്ട് അവതരിച്ചിരിക്കെ ദൈവാംശമായ വസ്തുക്കൾക്ക് നികുതികളെ ചുമത്താനും, സൃഷ്ടികൾക്കു നൽകിയിട്ടുള്ള ധർമ്മശാസ്ത്ര പരമായ സമ്പൂർണ്ണ സ്വാതന്ത്ര്യത്തെ തടയാനും ശ്രമിച്ചു പോരുന്നവരെ മഹാനീതിയും കൂടിയായ മഹാമാതാവ് മഹാവാത്സല്ല്യത്തോടെ മഹാനീതി ശാസ്ത്രമായ ഓംകാര നീതിശാസ്ത്രം പ്രകാരം ശിക്ഷിച്ചു കൊണ്ടു മാത്രമാണ് തിരുത്തുന്നതെന്ന് അറിഞ്ഞു കൊള്ളണം. ഭൂമിയിലെ യാതൊരു നികുതികളും ദൈവീകമല്ല; എല്ലാം ധർമ്മശാസ്ത്ര വിരുദ്ധമാണ്! ഭൂമിയിലെ യാതൊരു പ്രദേശങ്ങളിലും (സമയത്തും) സ്വന്തം ഇഷ്ടപ്രകാരം ജനിക്കാനും മരിക്കാനും കഴിവില്ലാത്തവരും സ്വത്വംപോലും സ്വന്തമായിട്ടില്ലാത്തവരുമായ മനുഷ്യന്, പ്രത്യേകിച്ച് ദേശ (ആത്മീയ)ഭ്രാന്തന്മാരായിട്ട് ഭരണാധികാരികളാണെന്നു തെറ്റിദ്ധരിച്ചു ജീവിക്കുന്ന അല്പായുസ്സുകളായ മനുഷ്യർക്ക് വിശേഷബുദ്ധിയും പ്രപഞ്ചശാസ്ത്രങ്ങളും ലഭിച്ചിട്ടും ഭൂമിയിലെ യാതൊരു പ്രദേശങ്ങളും കറങ്ങുന്നില്ലെന്നും ഭൂമിയാണ് നിരന്തരം കറങ്ങുകയും കാലത്തെ സൃഷ്ടിക്കുകയും ചെയ്യുന്നതെന്ന് തിരിച്ചറിയാൻ കഴിഞ്ഞില്ല ! മഹാനീതി-ശാസ്ത്രമായ ഓംകാര നീതിശാസ്ത്രം പ്രകാരം ഭൂമിയിലെ വ്യത്യസ്തമായ പ്രദേശങ്ങളിൽ എല്ലാ മനുഷ്യരും അവരുടെ ഉറ്റവരും പുനർജനിച്ചുകൊണ്ടിരിക്കെ ഭൂമി നിശ്ചയിക്കുന്നതു പോലെ കര-ജല പ്രദേശങ്ങളായി മാറുന്ന രാജ്യങ്ങളുടെ പേരിൽ ജയ് വിളിക്കാനും വഴക്കുകൂടാനും യുദ്ധം ചെയ്യാനും തയ്യാറാകുന്നത് കൊടുംപാപമാണ്. ധർമ്മശാസ്ത്രപരമായ തൊഴിലല്ല സൈന്യവൃത്തി എന്ന് ഈ ദിവ്യമഹാഗ്രന്ഥത്തിൽ ശാസ്ത്രപരമായി തെളിയിച്ചിട്ടുണ്ട്. വിശേഷ ബുദ്ധി കൊണ്ട് വിശകലനം ചെയ്ത് സ്വന്തം പാതി പൂർത്തിയാക്കിയാൽ, ഭൂമി ബാക്കി ഭാഗം വെളിപ്പെടുത്തിയേക്കാം. ദൈവമായ ഭൂമിയിലെ മനുഷ്യരെല്ലാം ഭൂമിയുടെ പൊന്നോമന കുഞ്ഞുങ്ങളാണ്. മോഷണം, കൊള്ള, പിടിച്ചുപറി, കൊലപാതകം തുടങ്ങിയവ തൊഴിൽ അല്ല; ധർമ്മശാസ്ത്ര വിരുദ്ധവും നീചവുമായ പാപശേഖരണ പ്രവൃത്തികൾ മാത്രമാണ്. ജനങ്ങളുടെ ചെലവിൽ ദൈവത്തിന്റെ പൊന്നോമന കുഞ്ഞുങ്ങളായ മനുഷ്യരെ കൊല്ലാനും ഉപദ്രവിക്കാനുമെല്ലാം തയ്യാറാകുന്നവരും, ഭരണാധികാരികൾ എന്നു തെറ്റിദ്ധരിച്ച് നീചകാര്യങ്ങൾക്ക് സൈനികരെ നിയമിച്ചവരും പ്രേരിപ്പിക്കുന്നവരും ഗുണ്ടകളും കൊള്ളക്കാരുമായി ജീവിക്കുന്ന നീചരേക്കാൾ കൊടുംനീചരാണ് !

പുരാണങ്ങളും ഇതിഹാസങ്ങളും ഭാഗികമായി പഴയകാല ചരിത്രങ്ങൾ ആയിരിക്കെ, ദൈവങ്ങളും ദേവതകളുമായി അറിയപ്പെടുന്നവർ യുദ്ധങ്ങളെ ശരിവെച്ചതിനും, സ്വയം അനേകം യുദ്ധങ്ങൾ ചെയ്തതിനും ശാസ്ത്രപരമായ വിശദീകരണം വേണ്ടിവരുന്നു.

രൂപം, ഭാവം, ആനന്ദങ്ങൾ തുടങ്ങിയവയ്ക്ക് അതീതമായ ഏകദൈവം, സ്വന്തം ഇഷ്ടപ്രകാരം ജീവമായും നിർജ്ജീവമായും പ്രവർത്തിക്കുന്ന ഒരു ഭാഗത്തെ ഒരുക്കിയും ഒപ്പംകൂട്ടിയും പ്രപഞ്ചമായിട്ട് അവതരിച്ചാണ് എല്ലാ സൃഷ്ടികളുടെയും സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്നതെന്ന് ഈ മഹാഗ്രന്ഥത്തിൽ വിശദമാക്കിയിട്ടുണ്ട്. അങ്ങനെയിരിക്കെ, ഏകദൈവമായ ശിവയും, ഭാഗമായ ശിവനും കൂടാതെ; ദൈവങ്ങളും ദേവതകളുമായിട്ട് അനേകർ എങ്ങനെയുണ്ടായി എന്ന് പ്രത്യേകം അദ്ധ്യായങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്. അല്പം മാത്രം ചുവടെ ചേർക്കുന്നു:-

മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രത്തിലെ മഹാപുനർജ്ജന്മ സിദ്ധാന്തത്തെ സൃഷ്ടികളായ ആത്മാക്കൾ മനുഷ്യാവസ്ഥയിൽ വച്ച് ഇഷ്ടപ്പെടാനും, ഭയപ്പെടാതെ ജീവിക്കാനും; മഹാമാതാവായും മഹാപിതാവായും രണ്ടായിരിക്കുന്ന പ്രപഞ്ചമായ ഏകദൈവത്തിന്റെ രണ്ട് ദൈവ-ആനന്ദങ്ങൾ, കുഞ്ഞുങ്ങളായിട്ടു കരുതി സൃഷ്ടിക്കുന്ന സൃഷ്ടികളോടുള്ള മഹാവാത്സല്യവും മഹാദാസ്യവും മാത്രമാണെന്ന് സൃഷ്ടികളും ആത്മാക്കളുമായ കുഞ്ഞുങ്ങളെ ബോദ്ധ്യപ്പെടുത്താനും വേണ്ടി 1000 കോടി വർഷങ്ങൾ നീണ്ട ആദ്യത്തെ മഹാകാലചക്രത്തിൽ പശു+കാള (പശുപതി), നാഗങ്ങൾ എന്നിവയായി മനുഷ്യർക്കും അവരിൽ നിന്ന് ദേവതകളായിട്ട് ദൈവം നിയമിച്ചവർക്കും മഹാമാതാപിതാക്കൾ കൂടിയായ ദൈവം മഹാദാസ്യ സേവനം പ്രത്യക്ഷമായി ത്തന്നെ ചെയ്യുകയായിരുന്നു. ആയിരം കോടി വർഷങ്ങൾ നീണ്ടതായ രണ്ടാമത്തെ മഹാകാല ചക്രത്തിലെ ആദ്യത്തെ സൃഷ്ടി ചക്രമാണ് ഇപ്പോഴത്തേത്.

മഹാമാതാവായ ഏക-മഹാശക്തിയും, മഹാപിതാവായ പരമാത്മാവും ആദ്യമായിട്ട് മഹാപ്രപഞ്ചത്തെ സമ്പൂർണ്ണമായി ഉൾക്കൊണ്ട് ദിവ്യമായ സ്ത്രീപുരുഷ രൂപങ്ങളെ സ്വീകരിക്കുകയാൽ ഇപ്പോഴത്തേത് മഹാസൃഷ്ടിചക്രമാണ്. മനുഷ്യരുടെ ശരീരം ഉൾപ്പെടെ പ്രപഞ്ചത്തിൽ മുഴുവൻ തുടർച്ചയായി 3 മുതൽ 33 വർഷക്കാലം "ഓം" മുഴക്കി ക്കൊണ്ടുള്ള ദൈവവിപ്ലവവും, ഒപ്പം സത്യയുഗവും ഉടനെ ആരംഭിക്കുന്നതാണ്. എല്ലാ സൃഷ്ടി ചക്രങ്ങളുടെയും രണ്ടാമത്തെ പകുതിയിൽ ദൈവം മനുഷ്യരൂപത്തിൽ പ്രത്യക്ഷമായിക്കൊണ്ട് മനുഷ്യാവസ്ഥയിൽ കഴിയുന്ന കുഞ്ഞുങ്ങൾക്ക് നാവിൽ ഓം കുറിച്ച് മഹാശാസ്ത്രം നേരിട്ട്  നൽകാനും, സംഹാരവും നക്ഷത്രദേവതയുമായ മോക്ഷം നൽകാനും വ്യവസ്ഥയുണ്ട്. മഹാമാതാപിതാക്കൾ മഹാദാസ്യ സേവനം ചെയ്യുകയാൽ, 1000 കോടി വർഷങ്ങൾ നീണ്ട ആദ്യത്തെ മഹാകാലചക്രത്തിൽ മോക്ഷം നേടിയ മനുഷ്യരിൽ നിന്ന് കുറേ ശ്രേഷ്ഠരെ ദേവതകളായിട്ട് നിയമിച്ചു. സൃഷ്ടികളുടെ മേലുള്ള ഭരണ കാര്യങ്ങളിൽ ചിലത് ചെയ്യാൻ ചുമതലപ്പെടുത്തി; പ്രത്യേകമായ പ്രതിഫലവും മായാശക്തികളും അവർക്ക് നൽകുകയുമുണ്ടായി. ആദ്യത്തെ മഹാകാലചക്രത്തിൽ മനുഷ്യരിൽ നിന്ന് ദേവതകളായിട്ട് നിയമിച്ചവരിൽ ഏറെയും കാലക്രമേണ ധർമ്മശാസ്ത്ര വിരുദ്ധമായിട്ട് മാറുകയും, അവരിൽ രണ്ടു പേർ ദൈവത്തെ അട്ടിമറിച്ച് ദൈവമാകാൻ പരിശ്രമിക്കുകയും ചെയ്ത വിശേഷങ്ങളുണ്ട്. പ്രത്യേക അദ്ധ്യായങ്ങളിൽ അക്കാര്യം ശാസ്ത്രപരമായി പിന്നീട് വിശദീകരിച്ചിട്ടുണ്ട്. ഇപ്പോഴത്തെ മഹാസൃഷ്ടിചക്രത്തിൽ ഉടനെ ദൈവവിപ്ലവവും ഒപ്പം സത്യയുഗവും ആരംഭിക്കുന്നതിന്റെ മുന്നോടിയായിട്ട് ആദ്യത്തെ മഹാകാലചക്രത്തിലെ ദേവതകളെയെല്ലാം അടുത്ത കാലത്ത് പിൻവലിച്ചു കഴിഞ്ഞു. അവരിൽപ്പെട്ട അനേകരെ ഓംകാര നീതിശാസ്ത്രം പ്രകാരം മഹാവാത്സല്യത്തോടെ ശിക്ഷിച്ചു തിരുത്തുന്നതിന്റെ ഭാഗമായിട്ട് ജന്തു ശിക്ഷാജന്മങ്ങൾ ഉൾപ്പെടെയുള്ള ശിക്ഷകൾ നൽകിയിട്ടുമുണ്ട്. ദൈവത്തെ അട്ടിമറിക്കാനും ദൈവമാകാനും വരെ ശ്രമിച്ച ദേവതകൾ, ദൈവകാര്യങ്ങളിൽ മായം ചേർക്കാൻ ശ്രമിച്ചതും, ദൈവമാണെന്ന് പ്രചരിപ്പിച്ചതും സ്വാഭാവികമാണ്. സ്വന്തം സൃഷ്ടികളും കുഞ്ഞുങ്ങളുമായ ദേവതകളോട് ക്ഷമിക്കാനും, ശിക്ഷിച്ചു തിരുത്താനും മഹാമാതാവ് തയ്യാറാകുന്നതും സ്വാഭാവികം തന്നെയാണ്.

യുദ്ധങ്ങളെപ്പറ്റി പറയുമ്പോൾ, കുടുംബത്തിൽ തർക്കങ്ങളും വഴക്കുകളും ഉണ്ടായാൽ (അതി)മാരകമായ മർദ്ദനമുറകളെ സ്വീകരിക്കണമെന്നും പരിക്കുകളോ വധങ്ങളോ (കൊലപാതകങ്ങളോ) ഒട്ടും വിഷയമാക്കരുതെന്നും; അയൽക്കാർ തോക്കുകളും ബോംബുകളും രാസായുധങ്ങളുമൊക്ക ഉപയോഗിക്കുന്നത് നല്ലതാണെന്നും; എല്ലാവരുടെയും അമ്മ (മഹാമാതാവ്) ഒരാളോ വായനക്കാരോ ആണെങ്കിലും കുഞ്ഞുങ്ങൾ അന്യോന്യം കൊല്ലുന്നതിനു കൂട്ടുനിൽക്കണമെന്നു വാദിക്കുന്നതും ധർമ്മശാസ്ത്ര വിരുദ്ധവും പൈശാചികവുമാണ്. വിശേഷ ബുദ്ധിയും ശാസ്ത്രങ്ങളും ലഭിക്കാത്ത മറ്റുള്ള ജീവികൾക്ക് "ജന്തുനീതി പ്രകാരം" കൊല്ലാനും തിന്നാനും, (ആയുധങ്ങളില്ലാതെ) അന്യോന്യം പോരാടാനുമെല്ലാം സ്വാതന്ത്ര്യമുണ്ട്. വിശേഷ ബുദ്ധിയുള്ള ദേവതകൾക്ക് മറ്റ് സൃഷ്ടികളെ മഹാമാതാവായ പ്രപഞ്ചത്തിന്റെ കുഞ്ഞുങ്ങളായിട്ടു കരുതാൻ കഴിയാഞ്ഞതും അവർ ജന്തുനീതിയെ പിൻപറ്റിയതും അവർക്ക് സംഭവിച്ച ധാർമ്മികമായ വീഴ്ച്ചകളെ സാക്ഷ്യപ്പെടുത്തുന്നുണ്ട്.

പഴയ കാല പുരാണങ്ങളിലെയും ഇതിഹാസങ്ങളിലെയും നായകരും സൃഷ്ടികളുമായ ദേവതകൾക്ക് സംഭവിച്ച ധാർമ്മികമായ വീഴ്ച്ചകളെ അറിയാത്തവരായ ജനങ്ങൾ, വിശേഷബുദ്ധിയും ശാസ്ത്രങ്ങളും കൊണ്ട് വിശകലനം ചെയ്ത് സത്യങ്ങളെ തിരിച്ചറിയുകയും മണ്ണിൽ ലയിച്ചിരിക്കുന്ന ധർമ്മശാസ്ത്രം പ്രകാരം ജീവിക്കുകയും വേണം. പകരം പൈശാചികമായി അധഃപതിച്ച ദേവതകളെയും മറ്റും ന്യായീകരിച്ചും പിൻപറ്റിയും സ്വന്തം ജീവിതത്തിൽ പാപങ്ങളും ശിക്ഷകളും വാരിക്കൂട്ടരുത്. ജന്തുനീതി പ്രകാരം സമൂഹത്തിലെ പാപികളെ ശിക്ഷിക്കേണ്ടത് ഇരകളോ (വാദികളോ) അവരുടെ ഉറ്റവരോ നേരിട്ടാവണം. പോലീസ് സേനയ്ക്ക് പ്രതികളെ പിടികൂടാനും, ഉചിതമായി വാദികൾക്ക് ഹാജരാക്കാനുമാണ് ബാദ്ധ്യത. കാട്, ദ്വീപ് തുടങ്ങിയവയിലേക്ക് നാടുകടത്താം. ഈ മഹാഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.

ഭൗതിക-ധർമ്മ-നീതി-ശാസ്ത്രങ്ങൾ പ്രകാരം അസ്തിത്വമില്ലാത്ത കോപ്രായങ്ങളെ ശരിവയ്ക്കുന്നവർക്ക് അവയെ പ്രചരിപ്പിക്കാതെ സ്വയം പാലിക്കാൻ ഭാഗികമായ സ്വാതന്ത്ര്യം ഉണ്ട്. ദൈവത്തിന്റെ മറ്റു കുഞ്ഞുങ്ങളെ ഉപദ്രവിക്കാതെ ജീവിക്കണം. ശാസിക്കുക, നിന്ദിക്കുക, ഭർത്സിക്കുക തുടങ്ങിയവ പാടില്ല. സ്വന്തമെന്നു കരുതുന്നവരെ മറ്റുള്ളവർ ഇകഴ്ത്തുന്നത് ഇഷ്ടമില്ലാത്തവരും എല്ലാവരും അറിയേണ്ടത് മഹാമാതാപിതാക്കൾക്കു മാത്രമേ കുഞ്ഞുങ്ങളെ പേരുകളും ഇരട്ടപ്പേരുകളും ഇടാനും, ശിക്ഷിക്കാനും അവകാശവും അധികാരവും ഉള്ളൂ. മക്കൾക്ക് മാതാപിതാക്കൾ പേരിടുമ്പോൾ, മഹാമാതാവ് പ്രവർത്തിക്കുന്നതും മനുഷ്യമനസ്സിൽ തോന്നിപ്പിക്കുന്നതും അവർ അറിയുന്നില്ല എന്നേയുള്ളൂ !

രൂപങ്ങൾക്കും ആനന്ദങ്ങൾക്കുമെല്ലാം അതീതമായ ദൈവം, അനന്തമായ ആനന്ദങ്ങളാകുന്ന പ്രപഞ്ചമായിട്ട് സൃഷ്ടികൾക്കു വേണ്ടി അവതരിക്കുമ്പോൾ, പ്രസ്തുത ആനന്ദങ്ങളെ ആസ്വദിച്ചു ജീവിക്കുന്നത് തീർച്ചയായും സൃഷ്ടികളായിരിക്കും. ദേവതകളെല്ലാം ഭക്ഷണ വിഭവങ്ങൾ ഉൾപ്പെടെയുള്ള വ്യത്യസ്തമായ ആനന്ദങ്ങളിൽ ഭ്രമം ഉള്ളവരാണ്. പാൽപ്പായസം, ഉണ്ണിയപ്പം, മോദകം, ചന്ദനത്തിരി, വെടിക്കെട്ട്, തുടങ്ങിയവ ഉദാഹരണമാണ്. ദേവതകളെല്ലാം സൃഷ്ടികളാണെന്ന് തെളിയുന്നുമുണ്ട്!

സൃഷ്ടികൾക്കു വേണ്ടി മഹാമാതാവ് ആയിരിക്കുന്ന ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്ത ഏകദൈവം പ്രപഞ്ചമായിട്ട് അവതരിക്കാനും സൃഷ്ടികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യാനും കാരണമായി സ്വീകരിച്ചിട്ടുള്ള ഏക ആനന്ദം, സമസ്ത സൃഷ്ടികൾക്കും നൽകുന്നതായ മഹാവാത്സല്ല്യം മാത്രമാണ്. മഹാവാത്സല്ല്യത്തിൽ മഹാമാതാവായ മഹാഭദ്രകാളിയുടെ ഭാഗമായ മഹാപിതാവിന്റെ ഏക ആനന്ദമായിട്ട് മഹാഭദ്രകാളിയോടുള്ള മഹാദാസ്യത്തെയും മഹാദേവി നിശ്ചയിച്ചിട്ടുണ്ട്. അതായത് ആനന്ദങ്ങൾക്കെല്ലാം അതീതമായ "മഹാവാത്സല്ല്യവും മഹാദാസ്യവുമാകുന്ന" രണ്ട് ദൈവ-ആനന്ദങ്ങളെ നിശ്ചയിക്കുകയും സ്വീകരിക്കുകയും ചെയ്ത ശേഷമാണ് ദൈവം പ്രപഞ്ചമായി അവതരിച്ചിരിക്കുന്നത്.

വിശേഷ ബുദ്ധിയും ശാസ്ത്രങ്ങളും ലഭിച്ചിട്ടും, ശാസ്ത്ര സാങ്കേതിക സൗകര്യങ്ങളെ ആസ്വദിച്ചു കൊണ്ട് ശിക്ഷകളെ പിടിച്ചു വാങ്ങുന്നവരായിരിക്കുന്നു മനുഷ്യർ. ശാസ്ത്രസാങ്കേതിക സൗകര്യങ്ങളെ വിശകലനം ചെയ്താൽ മഹാമാതാപിതാക്കൾ കുഞ്ഞുങ്ങളുടെ ആനന്ദങ്ങളെ വർദ്ധിപ്പിക്കുന്നതിനു വേണ്ടി മഹാവാത്സല്ല്യത്തോടെ മഹാദാസ്യ സേവനം ചെയ്യുകയാണെന്ന് മനസ്സിലാക്കാൻ കഴിയും. വർദ്ധിച്ച ആനന്ദങ്ങളെ ആസ്വദിച്ചു ജീവിക്കുന്ന കുഞ്ഞുങ്ങൾ ആനന്ദങ്ങളായ പ്രപഞ്ചമായിട്ട് അവതരിച്ചുകൊണ്ട് മഹാവാത്സല്ല്യത്തോടെ സൃഷ്ടികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്ന ജഗദംബയായ പ്രപഞ്ചത്തിൽ ലയിച്ചിരിക്കുന്ന മഹാജ്ഞാനമായ ശാസ്ത്രങ്ങളെ നിരന്തരം അവമതിക്കാമോ ?! ജഗദംബയെന്നാൽ ജഗത്തായ പ്രപഞ്ചത്തിന്റെ മുഴുവൻ മഹാമാതാവ് ആണെന്നത് വിസ്മരിച്ചതുപോലെ ഏകദൈവമായ മഹാമാതാവിനെ പ്രാദേശികമാക്കാനും അതിന്റെയെല്ലാം പേരിൽ കുഞ്ഞുങ്ങൾ തമ്മിലടിക്കാനും പാടുണ്ടോ?! ജനനം മുതൽ മരണം വരെയും എല്ലാ ജീവികൾക്കും എല്ലാ ആനന്ദങ്ങളും അവയെ നേടാനും ആസ്വദിക്കാനും ആവശ്യമായ ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും സൗന്ദര്യവും ശരണവും മഹാനീതിയുമെല്ലാം നൽകുന്നത് ഭൂമി മാത്രമാണ് എന്നറിഞ്ഞു കൊണ്ട് ദേവതകൾക്ക് ശരണം വിളിക്കുന്ന വിവരദോഷികളെ ശിക്ഷിക്കേണ്ടേ ... ശിക്ഷിച്ചു തന്നെയാണ് ഓംകാര നീതിശാസ്ത്രം പ്രകാരം കുഞ്ഞുങ്ങളെ തിരുത്തുന്നത്. യജ്ഞം, തപസ്സ്, വഴിപാടുകൾ തുടങ്ങിയവ കൊണ്ട് മഹാനീതി കൂടിയായ ദൈവത്തെ പ്രീതിപ്പെടുത്താൻ കഴിഞ്ഞാൽ ഓരോ സൃഷ്ടിക്കുമാണ് നഷ്ടവും കഷ്ടവും ഉണ്ടാവുകയെന്ന് വിശേഷബുദ്ധി കൊണ്ട് നിസ്സാരമായി മനസ്സിലാക്കാൻ കഴിയും എന്നിരിക്കെ മനുഷ്യർ അവ ചെയ്യാമോ ?

എല്ലാ തൊഴിലുകൾക്കും തുല്ല്യതയും, തുല്ല്യങ്ങളിൽ ഒന്നാമത്തേത് കൃഷിയുമാണെന്ന് ശാസ്ത്രപരമായി ഈ മഹാഗ്രന്ഥത്തിൽ തെളിയിച്ചിട്ടുണ്ട്. രാജാവും മന്ത്രിമാരും ഉൾപ്പെടെ ജനങ്ങളുടെ ചെലവിൽ ജനങ്ങളുടെ പൊതുവായ ആവശ്യങ്ങൾക്കായി നിയമിച്ചിട്ടുള്ള എല്ലാവരുടെയും വേതനം കൃഷിക്കാരന്റെ വേതനത്തേക്കാൾ കൂടുതലാവാൻ പാടില്ലെന്നും വിശേഷ ബുദ്ധി കൊണ്ട് മനസ്സിലാക്കാൻ കഴിയും! മറ്റുള്ളവരുടെ അദ്ധ്വാനം കൊണ്ട് ജീവിക്കുന്ന പെൻഷൻ സമ്പ്രദായം ഏറ്റവും ഹീനമാണെന്നും, അപ്രകാരം ജീവിക്കുന്നവർക്കും കൂട്ടുനിൽക്കുന്ന നീചരായ ഭരണാധികാരികൾക്കും കടുത്ത ശിക്ഷകളുണ്ട്. വിശേഷ ബുദ്ധിയെ നൽകുന്ന മഹാമാതാപിതാക്കളായ ദൈവത്തെ നിന്ദിക്കുന്നത് അവസാനിപ്പിക്കുക.

ഭൂമിയിലെ ജനങ്ങളെ ദേശം, ഭാഷ, ആത്മീയ രാഷ്ട്രീയ വിശ്വാസങ്ങൾ, സാമ്പത്തിക വ്യത്യാസങ്ങളും വ്യവസ്ഥകളും തുടങ്ങിയവ പ്രകാരം വേർതിരിക്കാൻ പരിശ്രമിച്ചതും ചെയ്തതും മുൻഗാമികൾ മാത്രമാണെന്ന് ധരിച്ചുപോവരുത്. രാജാക്കന്മാരും, ആത്മീയ ആചാര്യന്മാരും ഉൾപ്പെടെയുള്ള മുൻഗാമികൾ പുനർജ്ജനിച്ചു ജീവിക്കുകയാണ്. ഇന്നത്തെ വ്യക്തി ഏറ്റവും കൂടുതൽ വെറുക്കുന്ന മുൻകാല രാഷ്ട്രീയ-ആത്മീയ നേതാവ് അയാളുടെ തന്നെ മുജ്ജന്മം ആവാം. മനുഷ്യരുടെ വളർത്തുമൃഗങ്ങൾ, വന്യമൃഗങ്ങൾ, വളർത്തു പക്ഷികൾ തുടങ്ങിയവയിൽ ഏറെയും ജന്തുശിക്ഷാ-ജന്മങ്ങളെ സ്വീകരിക്കേണ്ടി വന്ന മനുഷ്യരാണ്; പുനർജ്ജന്മങ്ങളാണ്. ഭൂമിയിലെ ഏറ്റവും കൊടിയ നീചർക്ക് കൂടുതൽ പുണ്യംചെയ്ത് ദൈവശിക്ഷകളെ അതിജീവിക്കാനുള്ള സംവിധാനമാണ് പ്രധാനമായും ജനസേവനം. ഭരണാധികാരികളായി ഭാവിക്കുന്ന ജനസേവകർക്ക് ധർമ്മശാസ്ത്ര വിരുദ്ധമായിട്ട് പ്രവർത്തിച്ച് പാപങ്ങളെ വർദ്ധിപ്പിക്കുന്ന ഉപാധി ആയിട്ടുണ്ടവ! സാമ്പത്തിക ചിലവുകളില്ലാതെ ജനസേവകരെ തെരഞ്ഞെടുക്കാൻ ധർമ്മശാസ്ത്ര പരമായി സാധിക്കുന്നതാണ് ! ഈ മഹാഗ്രന്ഥത്തിൽ വിശദമാക്കിയിട്ടുണ്ട്.

ദൈവമായ മഹാപ്രപഞ്ചം എല്ലാ ജീവികളുടെയും സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്നത് എങ്ങനെയാണെന്ന് മനസ്സിലാക്കാനും, എല്ലാ ജീവികളുടെയും ജീവിതത്തെ ശാസ്ത്രപരമായി വിശകലനം ചെയ്യാനും, പ്രപഞ്ചം നടപ്പാക്കുന്ന മഹാനീതിശാസ്ത്രം @ "ഓംകാര നീതിശാസ്ത്രം" പഠിക്കാനും, എല്ലാ ജീവികൾക്കും സമ-ആനന്ദമായ മഹാനീതി ലഭിക്കുന്നുണ്ടെന്ന് ബോദ്ധ്യമാവാനും മനുഷ്യാവസ്ഥയിൽ എല്ലാ ജീവികളും ജീവിക്കേണ്ടുന്ന 100 ജന്മങ്ങളിലെ ചില വിശിഷ്ട ജന്മങ്ങളിൽ സാധിക്കുന്നതാണ്.

സൃഷ്ടികളുടെ മത്സ്യം, സസ്യം എന്നീ അവസ്ഥകളിലെ ശരീരങ്ങൾ അവയുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് വേദനകളെ നൽകുന്നതല്ല; എന്നതുപോലെയുള്ള മഹാശാസ്ത്രപരമായ പദ്ധതികളിലൂടെ സ്വന്തം സൃഷ്ടികളും കുഞ്ഞുങ്ങളുമായ ആത്മാക്കളെ മഹാജഗദംബയായ ദൈവം സംരക്ഷിക്കുന്നുണ്ട്. ശാസ്ത്രപരമായി പിന്നീട് വിശദീകരിക്കുന്നുണ്ട്. മഹാശക്തിയും മഹാനീതിയും മഹാവാത്സല്ല്യവുമായ ഏകദൈവം മാത്രമാണ് എല്ലാ സൃഷ്ടികളുടെയും സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്നതെന്നും; ഏകദൈവം സ്വന്തം ശക്തികളെ നൽകുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രം ജീവമായും നിർജ്ജീവമായും പ്രവർത്തിക്കുന്ന ഒരു രണ്ടാം ഭാഗത്തെ ഒരുക്കിയും ഒപ്പംകൂട്ടിയും കൊണ്ടാണ് പ്രപഞ്ചമായിട്ട് അവതരിച്ചിരിക്കുന്നത് എന്നും ഈ ദിവ്യമഹാഗ്രന്ഥത്തിൽ ശാസ്ത്രപരമായി തെളിയിച്ചിട്ടുണ്ട്. മഹാസത്യവും ജീവികളുടെ ജീവനുമായ ഓക്സിജനും, മഹാധർമ്മമായ ജലവും, മഹാനീതിയായ ഭൂമിയും ചേർന്ന് ദൈവമായ മഹാപ്രപഞ്ചത്തിന്റെ അംശമായിട്ടല്ലാതെയും, സൃഷ്ടിയായിട്ടു മാത്രവും സൃഷ്ടിക്കുന്ന ആത്മാക്കളെ ഭരിക്കുന്നത് ഈ മഹാഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്. ജീവികളുടെയെല്ലാം ജീവനും, പ്രപഞ്ചത്തിന്റെ സ്വത്വവും, മഹാശക്തിയും മഹാനീതിയും മഹാവാത്സല്ല്യവും മറ്റുമായ ഓക്സിജന് സർവ്വം ഭദ്രപ്പെടുത്തുന്ന മഹാഗോമാതാവായ മഹാഭദ്രകാളി എന്നൊരു മഹാനാമം ഉണ്ട്. ഭദ്രകാളിയിൽ സർവ്വം മഹാഭദ്രമാണ് ! ഭൂമിയായ മണ്ണിൽ അടിഞ്ഞിരിക്കുകയാൽ മണ്ണടി ഭദ്രകാളി എന്നും വിളിക്കാം!

പ്രപഞ്ചരൂപത്തോടെ ദൈവം വിശേഷബുദ്ധിയും ശാസ്ത്രങ്ങളും മനുഷ്യാവസ്ഥയിൽ വച്ച് സൃഷ്ടികൾക്കു നൽകുന്നതിന്റെ ഉദ്ദേശത്തെ ലളിതമായി മനസ്സിലാക്കാൻ കഴിയും. ദൈവത്തിന്റെ സൃഷ്ടികളെ ഭരിക്കാനും ഉപദ്രവിക്കാനും നിന്ദിക്കാനുമെല്ലാം മനുഷ്യർ തയ്യാറായത് അവകാശവും അധികാരവും ഇല്ലാത്ത പ്രവൃത്തികളാണ്. ധർമ്മശാസ്ത്ര വിരുദ്ധമായിട്ട് പ്രവർത്തിക്കുന്നവരും മഹാനീതിയും മഹാവാത്സല്ല്യവും മഹാമാതാവും കൂടിയായ പ്രപഞ്ചത്തിന് കുഞ്ഞുങ്ങളാകയാൽ ശിക്ഷിച്ചുകൊണ്ട് തിരുത്തുന്നതാണ്. സൃഷ്ടിയാണെന്നതു പോലും അവഗണിച്ച് ദൈവത്തിന്റെ മാത്രം കുഞ്ഞുങ്ങളായ മനുഷ്യരെയും മറ്റുള്ള ജീവികളെയും ധർമ്മശാസ്ത്ര വിരുദ്ധമായിട്ട് ഉപദ്രവിക്കുകയും നിന്ദിക്കുകയും വധിക്കുകയുമെല്ലാം ചെയ്യുന്ന ഏറ്റവും നീചാവസ്ഥയിൽ എത്തിയിട്ടുണ്ട്. ജന്മഗുണങ്ങളെ ശരീരത്തിലൂടെ വ്യത്യാസപ്പെടുത്തിക്കൊണ്ട് എല്ലാ മനുഷ്യരുടെയും സ്വത്വങ്ങളായ ആത്മാക്കളുടെ മേൽ മഹാസത്യമായ ഓക്സിജനായിട്ട് മഹാനീതിയെ ദൈവം നടപ്പാക്കുന്നുമുണ്ട്. ദൈവത്തിന്റെ കുഞ്ഞുങ്ങളെ ചൂഷണം ചെയ്യുന്നതിനും ഭരണാധികാരികളായി ഭാവിക്കുന്ന അഹംഭാവികളെ മാനസിക കേന്ദ്രത്തിലെത്തിച്ച് ചികിത്സിക്കേണ്ടതിനു പകരം ജനങ്ങളുടെ ചെലവിൽ അകമ്പടി സേവിക്കുന്നതിനും, ഭൂമിയിൽ ലയിച്ചിട്ടുള്ള ധർമ്മശാസ്ത്രത്തിനു വിരുദ്ധമായി തൊഴിൽ ചെയ്യുന്നതിനും, പോലീസ് സേനയ്ക്കും മറ്റു ജനസേവകർക്കും കടുത്ത ശിക്ഷകളുണ്ട്.

തജ്ജന്മത്തിൽ ജീവിയായി ജീവിക്കാനും ആനന്ദങ്ങളെ ആസ്വദിക്കാനുമായിട്ട്, ദൈവമായ പ്രപഞ്ചം അംശമായ വസ്തുക്കൾ കൊണ്ട് സൃഷ്ടിച്ചു നൽകുന്നതായ ശരീരവും അവയവങ്ങളും, സൃഷ്ടികളായ ആത്മാക്കൾക്ക് സമ്പൂർണ്ണമായ സ്വാതന്ത്ര്യം അനുവദിക്കുന്നതായി ഭാവിക്കുമെങ്കിലും, യാഥാർത്ഥ്യം തീർത്തും വ്യത്യസ്തമാണ്. നാവ്, കീഴ്ത്താടി, കൺമണി, കൺപോള, കൈകാലുകൾ, വിരലുകൾ, സന്ധികൾ, ഇടുപ്പ്, തുടങ്ങിയ ഏതാനും അവയവങ്ങളെ ഭാഗികമായി ചലിപ്പിക്കാനും, അതിലൂടെ ശരീരത്തെ മൊത്തം ഭരിക്കുന്ന പ്രതീതിയെ മഹാവാത്സല്ല്യത്തോടെ ആത്മാക്കൾക്ക് നൽകുന്നുണ്ട് എന്നേയുള്ളൂ. സൃഷ്ടികൾക്കു വേണ്ടിത്തന്നെ മഹാനീതി-ശാസ്ത്രമായ ഓംകാര നീതിശാസ്ത്രം പ്രകാരം ഭക്ഷണരുചികളായ-ആനന്ദങ്ങളെ ആത്മാക്കൾക്കു നൽകുന്നതും, ദഹനം, വിസർജ്ജനം, പ്രത്യുല്പാദനം, നര, വാർദ്ധക്യം ഉൾപ്പെടെ ശരീര വളർച്ച, രോഗങ്ങൾ, രോഗ-മുക്തി തുടങ്ങി സർവ്വവും ചെയ്യുന്നത് ശരീരമാണ്; മൂലമായ വസ്തുക്കളിലും (പ്രപഞ്ചത്തിലും) ലയിച്ചിരിക്കുന്ന ശക്തികളും, (ദൈവത്തിന്റെ) മഹാജ്ഞാനമായ ശാസ്ത്രങ്ങളും പ്രകാരം മഹാനീതിയും മണ്ണുമായ ശരീരവും, മഹാധർമ്മമായ ജലവും, മഹാസത്യമായ ഓക്സിജനും കൂടിയാണ് ചെയ്യുന്നത്. ഓരോരോ ശരീരവും സൃഷ്ടികളായ ആത്മാക്കൾക്ക് ഓരോരോ ജന്മത്തിലും ജീവിയായി ജീവിക്കാൻ വേണ്ടിയാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് എന്നതും, ജീവിയെ തജ്ജന്മത്തിൽ മരിപ്പിച്ച് ആത്മാവിനെ സ്വതന്ത്രമാക്കുന്നതു വരെയും ആത്മാക്കളുടെ സ്വന്തമായിട്ട് മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രം പ്രകാരം നൽകിയതാണ് എന്നതും, ജീവികളിലെ ശരീരങ്ങളെ ജീവികളുടെയും ആത്മാക്കളുടെയും സ്വന്തമാക്കി മാറ്റുന്നുണ്ട്. ആത്മാക്കൾക്കു നൽകിക്കഴിഞ്ഞതായ ജീവി-ശരീരങ്ങളെ ദൈവത്തിന്റെ മഹാശരീരത്തിന്റെ അംശമായി വിശേഷിപ്പിക്കാൻ പാടില്ലെന്ന് ലളിതമായും ശാസ്ത്ര പരമായും തെളിയുന്നു. പ്രപഞ്ചം അഥവാ മഹാസത്യമായ ഓക്സിജൻ ജീവികളെ തജ്ജന്മത്തിൽ മരിപ്പിക്കും വരെ എല്ലാ ശരീരങ്ങളും ആത്മാക്കളുടേതാണ് !

ഭരണാധികാരികളാണെന്നും കേമരാണെന്നും തെറ്റിദ്ധരിച്ചു കൊണ്ട് സമൂഹത്തിൽ ജീവിക്കുകയും മരിക്കുകയും ചെയ്തു പോരുന്നവരെയും എക്കാലവും ഭരിക്കുന്നത് ശരീരങ്ങളും അവയുടെ മൂലമായ മൂലകങ്ങളും മൊത്തമായ പ്രപഞ്ചവും തന്നെയാണ് ! ശരീരത്തിലെ അവയവങ്ങളും മൂലമായ പ്രപഞ്ചവും ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് വേദന ഉൾപ്പെട്ട ആനന്ദങ്ങളെ കൂടാതെ തജ്ജന്മത്തിലെ ജനന-മരണങ്ങളും നിർവ്വഹിക്കുന്നുണ്ട്. ഉദാഹരണത്തിന്, ശരീരത്തിൽ പ്രവേശിക്കുന്ന ഭക്ഷണം, മരുന്ന്, മയക്കുമരുന്ന്, മദ്യം, വിഷം തുടങ്ങിയവയിലെ രുചികളും വേദനകളും ദോഷങ്ങളും ഉൾപ്പെടെ എല്ലാ ആനന്ദങ്ങളെയും ശരീരം, ജീവിയുടെ സ്വത്വമായ ആത്മാവിന് കൈമാറുകയാണ് എന്നല്ലാതെ; ശരീരം ആനന്ദങ്ങളെ അനുഭവിക്കുന്നില്ല. പല്ലുവേദന, കാലുവേദന, വയറ്റുവേദന എന്നെല്ലാം പറയുമ്പോൾ പല്ലുകൾ, കാലുകൾ, തുടങ്ങിയ ശരീരത്തിലെ അവയവങ്ങൾ സ്വത്വങ്ങളായ ആത്മാക്കൾക്ക് വേദന ഉൾപ്പെട്ട ആനന്ദങ്ങളെ നൽകുകയാണ് ! ആത്മാക്കളുടെ സ്വന്തമാണ് ശരീരം എന്നതിനെ അതും സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഓരോ ആത്മാവിനും ഓരോ ദൈവം എന്ന പോലെ ലഭിക്കുന്ന ശരീരങ്ങളും അവയവങ്ങളും; അവയുടെ മൂലമായ പ്രപഞ്ച വസ്തുക്കളും, ജലവും ഓക്സിജനും കൂടി ആത്മാക്കളെ ഭരിക്കുന്നു എന്നതാണ് സത്യം.

ദൈവമായ പ്രപഞ്ചത്തിന്റെ അംശമായ ശരീരങ്ങളുടെ മേൽ സ്വത്വംപോലും സ്വന്തമായിട്ടില്ലാത്തവരും നിർജ്ജീവങ്ങളുമായ ആത്മാക്കൾക്ക് യഥാർത്ഥത്തിൽ അധികാരവും പ്രവർത്തനസ്വാതന്ത്ര്യവും ഇല്ല. അവകാശപ്പെടാൻ യോഗ്യതയുമില്ല!

ആദിയും അന്തവും ഇല്ലാത്ത മായാമഹാശക്തിയായ ദൈവത്തിന്റെ ശക്തികളെ മഹാജ്ഞാനമായ ഭൗതിക ധർമ്മ നീതി ശാസ്ത്രങ്ങളും ശാഖാ-ഉപ-ശാസ്ത്രങ്ങളും പ്രകാരം ലയിപ്പിച്ചാണ് ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനും പ്രകൃതിയുമെല്ലാം ചേർന്ന പരബ്രഹ്മം എന്ന മഹാപ്രപഞ്ചമായി ദൈവം അവതരിച്ചിരിക്കുന്നത്. ദൈവത്തിന്റെ ഭാവമായ സത്യ-ധർമ്മ-നീതികൾ ധർമ്മശാസ്ത്രത്തിലുണ്ട്!

ഏകദൈവമായ ശിവയാണ് ആറ്റങ്ങളുടെ ഉള്ളിലുള്ള പ്രോട്ടോണുകൾ എന്നും, ശിവയുടെ ഏകദാസനും ഭർത്താവും പരമാത്മാവുമായ ശിവനാണ് ഇലക്ട്രോണുകൾ എന്നും, ശബ്ദബ്രഹ്മം കൂടിയാണ് ഓം എന്നും, സൂര്യനിൽ വച്ച് ഹീലിയം ആറ്റത്തിലെ രണ്ട് ന്യൂട്രോണുകളും സ്ത്രീപുരുഷപാതികളുമായി സൃഷ്ടിയ്ക്കപ്പെടുന്ന ആത്മാക്കളെ പ്രപഞ്ചവുമായി ബന്ധിപ്പിക്കുന്നവയാണ് മറ്റു വസ്തുക്കളിലെ ന്യൂട്രോണുകൾ എന്നും, അനന്ത ആനന്ദങ്ങൾ, ജന്മഗുണങ്ങൾ, ധർമ്മശാസ്ത്രബന്ധനം തുടങ്ങിയ ശിവയുടെ ശക്തിഘടകങ്ങളാണ് മറ്റുള്ളവയെന്നും വൈകാതെ മനുഷ്യർക്ക് വെളിപ്പെടുന്നതാണ്! നിർജ്ജീവവും കൂടിയായ പരമാത്മാവിന്റെ അംശങ്ങളായിട്ടാണ് എക്കാലവും സൃഷ്ടികളായ ആത്മാക്കളെ സൃഷ്ടിക്കുന്നത് എന്നതിൽ നിന്നും സൃഷ്ടികളുടെ മഹാമാതാവിനു മാത്രമല്ല, മഹാപിതാവിനും മാറ്റമുണ്ടാകുന്നില്ലെന്ന് തെളിയുന്നു.

ആദിയും അന്തവും ഇല്ലാത്ത മായാമഹാശക്തിയായ ദൈവത്തിന്റെ ശക്തികളെ മഹാജ്ഞാനമായ ഭൗതിക ധർമ്മ നീതി ശാസ്ത്രങ്ങളും ശാഖാ-ഉപ-ശാസ്ത്രങ്ങളും പ്രകാരം ലയിപ്പിച്ചാണ് ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനും പ്രകൃതിയുമെല്ലാം ചേർന്ന പരബ്രഹ്മം എന്ന മഹാപ്രപഞ്ചമായി ദൈവം അവതരിച്ചിരിക്കുന്നത്.

**മഹാശക്തിയും, മഹാനീതിയും, മഹാവാത്സല്ല്യവും കൂടിയായ പ്രപഞ്ചം; സൃഷ്ടികൾക്ക് മനുഷ്യാവസ്ഥയിൽ വച്ച് വിശേഷബുദ്ധിയും അനുബന്ധമായ പ്രപഞ്ചശാസ്ത്രങ്ങളും നൽകുന്നത് ഓരോ സൃഷ്ടിയും അനന്തമായ ആനന്ദങ്ങളെ അറിയാനും അനുഭവിക്കാനും മാനുഷിക അവസ്ഥയ്ക്കു ശേഷമുള്ള മോക്ഷത്തിൽ വച്ച് നക്ഷത്രമാകുന്ന ഏകരൂപത്തോടെ ഭൂമിയിൽ വച്ച് അറിഞ്ഞതും ആസ്വദിച്ചതും അനുഭവിച്ചതുമായ അനന്ത ആനന്ദങ്ങളെ സ്വന്തം ഇഷ്ടംപോലെ മായാശക്തി കൊണ്ട് സൃഷ്ടിച്ച് ആസ്വദിക്കാനും, ഭൂമിയിലേക്ക് മടങ്ങിവന്ന് സമൂഹജീവി-ജീവിതത്തെ വീണ്ടും ആസ്വദിക്കാൻ ആഗ്രഹിക്കുന്ന സൃഷ്ടികൾക്ക് അതനുവദിക്കാനും ആണ്.**

പ്രപഞ്ചജീവിതവും അസ്തിത്വവും ഉപേക്ഷിച്ച് സ്വയം ഇല്ലാതാകാൻ ആഗ്രഹിക്കുന്ന സൃഷ്ടികൾക്ക് പ്രസ്തുത സ്വാതന്ത്ര്യവും ഉണ്ട്. ആയിരം കോടി വർഷങ്ങൾ നീണ്ട ആദ്യത്തെ മഹാകാലചക്രത്തിൽ മനുഷ്യാവസ്ഥയിൽ നിന്ന് ദേവതകളായിട്ട് കയറ്റം കിട്ടിയ 2 ആത്മാക്കൾ അജ്ഞാനവും അഹന്തയും കാരണമായി ദൈവമാകാൻ പരിശ്രമിച്ചിരുന്നു. പരാജയപ്പെട്ട ഒരാൾ ഇല്ലാതാവാനും ആഗ്രഹിച്ചു. മഹാവാത്സല്ല്യം കൂടിയായ ഏകദൈവം ആ കുഞ്ഞിനെ ഇല്ലാതാവാൻ അനുവദിച്ചതാണ് അനന്തമായ ആനന്ദങ്ങളാകുന്ന പ്രപഞ്ചത്തെ സൃഷ്ടിയായ ആത്മാവ് അഹംഭാവം നിമിത്തം വേണ്ടെന്നുവച്ച ഏകസംഭവം!

വിശേഷ ബുദ്ധി ലഭിക്കുന്ന മനുഷ്യർക്കു മാത്രമല്ല; അവരിൽ നിന്ന് ദേവതകളായിട്ട് കയറ്റം കിട്ടിയവർക്കും അഹംഭാവം, അവിവേകം തുടങ്ങിയ ദുർഗ്ഗുണങ്ങൾ വർദ്ധിച്ചേക്കാം; സൃഷ്ടി സ്ഥിതി സംഹാര കർത്താവും ആദിയും അന്തവും ഇല്ലാത്ത മായാമഹാശക്തിയുമായ ദൈവത്തെ അട്ടിമറിക്കാൻ തന്നെ ശ്രമിച്ചെന്നു വരാം; തുടങ്ങിയ പാഠങ്ങൾ ഉണ്ടാകുവാൻ അവയെല്ലാം കാരണമായിട്ടുണ്ട്.

## ഏതാനും ചരിത്രപാഠങ്ങളെ ആവർത്തിക്കുന്നു.

രൂപം, ഗുണം, ആനന്ദം തുടങ്ങി സർവ്വത്തിനും അതീതവും, അനിർവ്വചനീയവും, ആദിയും അന്തവും ഇല്ലാത്ത മഹാസത്യവും, മായാമഹാശക്തിയുമായ 'ബ്രഹ്മം' എന്ന് പേര് വച്ചിരിക്കുന്ന ഏകദൈവം തനിച്ചു കഴിയുമ്പോഴും, പ്രസ്തുത ബ്രഹ്മാവസ്ഥയെ നിലനിർത്തി; മഹാശക്തിയും മഹാസത്യവുമായ ബ്രഹ്മം, 'ശക്തി നൽകുന്നതിന്റെ അടിസ്ഥാനത്തിൽ ജീവമായും നിർജ്ജീവമായും പ്രവർത്തിക്കുന്ന ഒരു ഭാഗത്തെ മഹാസത്യമായി ഒരുക്കിയും മഹാദാസ്യം, മഹാവാത്സല്ല്യം എന്നീ 2 ആനന്ദങ്ങളെ മഹാഗുണങ്ങളായിട്ടു സ്വീകരിച്ചു രണ്ടായിരിക്കുമ്പോഴും'; ദൈവ-ഭാഗങ്ങൾക്ക് രൂപങ്ങളുടെ ആവശ്യമില്ല. ആവശ്യമില്ലാത്തതിനാൽ രൂപം സ്വീകരിക്കുന്നില്ല. ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനും ചേർന്ന പരബ്രഹ്മം എന്ന മഹാപ്രപഞ്ചവും അനന്ത ആനന്ദങ്ങളുമായി അവതരിച്ചുകൊണ്ട് സൃഷ്ടികളുടെ സൃഷ്ടിസ്ഥിതികൾ ചെയ്യുന്നതും; സൃഷ്ടികളുടെ സംഹാരമായ നക്ഷത്രലോകവും ചേർത്ത് സനാതനമായ മഹാകുടുംബമായിരിക്കുന്നതും, ദൈവകാര്യങ്ങളും; ഈ ദിവ്യമായ മഹാഗ്രന്ഥത്തിൽ ശാസ്ത്രപരമായി തെളിയിച്ചിട്ടുണ്ട്. ഇന്നത്തെ ഭൂമിയിലെ ഇന്ത്യൻ പ്രദേശങ്ങളിലെ പ്രമുഖമായ ഹിന്ദു മതത്തിൽ ശാസ്ത്രകാര്യങ്ങൾ താരതമ്യേന കൂടുതലായതുകൊണ്ടും മഹാഭദ്രകാളിയുടെ മഹാകരുതൽ കൊണ്ടും, ദൈവവിപ്ലവവും സത്യയുഗവും ഉടനെ ആരംഭിക്കുമ്പോൾ, യഥാർത്ഥ വേദങ്ങളായ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രത്തിൽ പ്രഥമമായി ലയിക്കുന്നത് ഹിന്ദു മതം ആയിരിക്കും. പരമശിവന്റെ ശിരസ്സിലെ നെറ്റിയിൽ ചന്ദ്രക്കലയോടൊപ്പം സൃഷ്ടികളുടെ മോക്ഷമായ നക്ഷത്രം കൂടിയുണ്ട്. മഹാഭദ്രകാളിയുടെ ഏകദാസൻ കൂടിയാണ് യഥാർത്ഥ മുഹമ്മദായ പരമശിവൻ. സാന്ദർഭികമായി മഹാപ്രപഞ്ചത്തിന്റെ ശക്തിനിയന്ത്രണ സത്തയായ ഓംകാരം ലഭിച്ചപ്പോൾ പിശാചുക്കളുടെ രാജാവെന്നോണം അധഃപതിച്ച് ദൈവമാകാൻ ശ്രമിച്ച ഒരു ദേവതയിൽ നിന്ന് (മഹാദേവിയുടെ മഹാഹൃദയം കൂടിയായ) ഓംകാരത്തെ വീണ്ടെടുക്കാനും അയാളെ ധർമ്മശാസ്ത്ര പരമായി തിരുത്താനുമായിട്ടാണ് പ്രധാനമായും ക്രൈസ്റ്റിനെ അയച്ചത്. ക്രൈസ്റ്റും ഗാന്ധിയും ബുദ്ധനും മറ്റ് അനേകരുമായി ഭൂമിയിലേക്ക് അയച്ചത് ശിവനെ ആയിരുന്നു.

ആയിരം കോടിയിലേറെ വർഷങ്ങളായി നിലനിൽക്കുകയും സൃഷ്ടിചക്രങ്ങൾ പ്രകാരം ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ നടത്തിപ്പോരുന്നതുമായ ആകാശം, ഭൂമി, ചന്ദ്രൻ തുടങ്ങിയവ ഉൾപ്പെടുന്നതായ പ്രപഞ്ചത്തെ സൃഷ്ടിച്ചത് തങ്ങളാണെന്ന് അല്പം ശൂന്യതയോ ഒരു തരി മണ്ണോ പോലും സൃഷ്ടിക്കാൻ കഴിയാത്തവരും സ്വത്വം പോലും സ്വന്തമല്ലാത്തവരുമായ മനുഷ്യർക്ക് കഴിയില്ല; കഴിവുമില്ല എന്നതാണ് വസ്തുത. വിശേഷ ബുദ്ധി ലഭിക്കാത്ത ജീവികളെപ്പോലെ, പ്രപഞ്ചം നിശ്ചയിക്കുകയും നൽകുകയും ചെയ്യുന്ന ശരീര അവയവങ്ങൾ പ്രകാരമുള്ള ജീവിയായി ജനിക്കുകയും വളരുകയും മരിക്കുകയുമെല്ലാം ചെയ്യുന്ന മനുഷ്യൻ, വിശേഷബുദ്ധിയും ശാസ്ത്രങ്ങളും നൽകിയ പ്രപഞ്ചത്തിന്റെ ഉദ്ദേശം മനസ്സിലാക്കാൻ പോലും ശ്രമിച്ചില്ലെന്നതാണ് സത്യം. പ്രപഞ്ചത്തെയും അംശമായ വസ്തുക്കളെയും ശരീരങ്ങളെയും നിർജ്ജീവങ്ങളായും വെറുതെ ഉണ്ടായവയായും കണക്കാക്കിയത് മറ്റുള്ള ജീവികളെ ശ്രേഷ്ഠരാക്കി !

ജീവികൾക്ക് വിശേഷബുദ്ധിയും അനുബന്ധമായ പ്രപഞ്ചശാസ്ത്രങ്ങളും നൽകുന്നതായ മനുഷ്യാവസ്ഥയിൽ വച്ച് ആത്മീയ ശാസ്ത്രപാഠങ്ങളെക്കൂടി സൃഷ്ടിസ്ഥിതിസംഹാര കർത്താവായ മഹാശക്തി യഥോചിതമായിട്ട്, സൃഷ്ടികളുടെ മഹാപിതാവും പരമാത്മാവുമായ ശിവനിലൂടെ വെളിപ്പെടുത്തുന്നുണ്ട്.

സൃഷ്ടിയുടെ സമ്മതം വാങ്ങാതെ സൃഷ്ടിക്കുന്നത് പെരുമാറ്റ മര്യാദ അല്ലെന്ന് വിശേഷ ബുദ്ധി ലഭിച്ചവർ പെട്ടെന്ന് വാദിച്ചേക്കാം ! സൃഷ്ടിക്കും മുമ്പ് ഇല്ലാത്തവരുടെ സമ്മതം വാങ്ങാനാവില്ലെന്നതു തിരിച്ചറിയുമ്പോൾ പ്രസ്തുത അബദ്ധം അവസാനിക്കുന്നതാണ്. ഗൂഢമാക്കിയിട്ടുള്ള സൃഷ്ടികളായ ആത്മാക്കളെ സൃഷ്ടിക്കുന്നത് പ്രപഞ്ചത്തിന്റെ അംശമായ വസ്തുക്കൾ കൊണ്ട് സൃഷ്ടിക്കുന്ന ശരീരവും അവയവങ്ങളും നൽകി ജീവികളായിട്ടു ജീവിപ്പിക്കാൻ ആണെന്നും, ജീവിപ്പിക്കുന്നത് അനന്തമായ ആനന്ദങ്ങളെ നൽകാനും പരിചയിപ്പിക്കാനും ആസ്വദിപ്പിക്കാനും ആണെന്നും, ശേഷം സംഹാരവും മോക്ഷവും കൂടിയായ നക്ഷത്രദേവതയായി ആത്മാക്കൾക്ക് ഏകവും നിശ്ചിതവുമായ രൂപവും അനന്ത ആനന്ദങ്ങളും അനന്തകാലം നൽകുമെന്നും ബോദ്ധ്യപ്പെടുത്തുന്നുണ്ട്. ഏകദൈവം, മഹാമാതാപിതാക്കളും പരബ്രഹ്മവും മഹാവാത്സല്ല്യവും അനന്തമായ ആനന്ദങ്ങളുമാകുന്ന പ്രപഞ്ചമായിട്ട് അവതരിച്ചത് സൃഷ്ടികളായ ആത്മാക്കളെ മഹാകുടുംബത്തിലെ കുഞ്ഞുങ്ങളായിട്ടു സൃഷ്ടിച്ച് അനന്തകാലം അനന്തമായ ആനന്ദങ്ങളെ നൽകി നിലനിർത്താനാണ്. സ്വത്വങ്ങളായ ആത്മാക്കൾക്ക് സ്വന്തമെന്നു കരുതുന്ന ശരീരത്തിന്റെ ജന്മഗുണങ്ങളായിരിക്കുന്ന സ്ത്രീ പുരുഷ ജാതികളിലെ അവയവങ്ങൾ, നിറം, സൗന്ദര്യം, മുഖച്ഛായ, ഉയരം, ബുദ്ധിശക്തി, ഓർമ്മശക്തി, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ജന്മരോഗങ്ങൾ-രോഗ-മുക്തി, തുടങ്ങിയവയും, ശരീര-വളർച്ച, ദഹനം, വിസർജ്ജനം, പ്രത്യുല്പാദനം, ജീവിത രോഗങ്ങൾ, രോഗ-മുക്തി, വാർദ്ധക്യം, നര, മരണം, തുടങ്ങിയ ശാരീരിക പ്രവർത്തനങ്ങളും നിശ്ചയിക്കുന്നതും നിർവ്വഹിക്കുന്നതും സ്വത്വങ്ങളല്ലാ എന്നതിൽ നിന്ന് സ്വത്വങ്ങളായ ആത്മാക്കളും ശരീരങ്ങളും ഭിന്നങ്ങളാണെന്ന് മനസ്സിലാക്കാം. മേല്പടി ജന്മഗുണങ്ങളെല്ലാം ജീവികളിലെ പ്രത്യുല്പാദന സംവിധാനം പ്രകാരം തനിയെ സംഭവിക്കുമെന്ന് കരുതുന്നത് വിശേഷബുദ്ധിയെയും ശാസ്ത്രങ്ങളെയും നിന്ദിക്കലാണ്. ജീവികളിലെ സ്വത്വങ്ങളുടെ ഇഷ്ടങ്ങളും പദ്ധതികളും പ്രകാരമല്ലാതെ; പ്രപഞ്ചത്തിന്റെ അംശമായ ശരീരത്തിലും വസ്തുക്കളിലുമുള്ള ശക്തികളും ശാസ്ത്രങ്ങളും പ്രകാരം സംഭവിക്കുന്നത്, ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളും, സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ദൈവവും രണ്ടാണെന്നു കൂടിയാണ് തെളിയിക്കുന്നത്.

ഇസ്ലാം മത വിഭാഗത്തിലെ ഒരു കുടുംബത്തിൽ ജനിച്ച ഗ്രന്ഥകാരൻ വിശേഷ ബുദ്ധിയും ശാസ്ത്രങ്ങളും പഠിക്കുകയും അവ പ്രകാരം ഖുർആൻ, വേദങ്ങൾ, ഉപനിഷത്തുക്കൾ, ബൈബിൾ തുടങ്ങിയവ വിശകലനം ചെയ്യുകയും എല്ലാ മതങ്ങളും ഉപേക്ഷിച്ച് മഹാദേവിയോട് അടുക്കുകയും ചെയ്തു. മഹാദർശനം, മത്സ്യാവതാരം, ഓം, ഓംകാരം, മഹാസൂര്യനേത്രം, മഹാത്രിശൂലം തുടങ്ങിയവയെ മഹാദേവി മഹാഅനുഗ്രഹിച്ചു നൽകിക്കഴിഞ്ഞു. മഹാഉചിതമായ സമയത്ത് മഹാദേവി ആക്ടീവാക്കുന്നതാണ്. പല്ലില്ലാത്ത ഇന്നത്തെ അപ്പൂപ്പന്റെ അവസ്ഥ ഏതുസമയത്തും മാറ്റിമറിക്കപ്പെടാം ! കുഞ്ഞുങ്ങൾ ആവേശപ്പെടാതെ വിശേഷ ബുദ്ധിയോടെ സംയമനം പാലിച്ചാൽ നല്ലത്.

# ഓം നമഃ ശിവായ

**മഹാവാത്സല്ല്യത്തെ മാത്രം ആനന്ദമാക്കിയിട്ടുള്ള മായാമഹാശക്തിയായ ജഗദംബയെ സ്തുതികൾ, മന്ത്രങ്ങൾ, പൂജ, അനുഷ്ഠാനങ്ങൾ, വഴിപാട്, തപസ്സ്, യജ്ഞം, തുടങ്ങിയവ കൊണ്ട് പ്രീതിപ്പെടുത്താൻ കഴിയുന്നതല്ല. ഭൂമിയിലെങ്ങും വ്യത്യസ്ത ആത്മീയ വിശ്വാസങ്ങൾ പ്രകാരം നിലനിൽക്കുന്ന സർവ്വവും ദൈവനിന്ദയും കടുത്ത അപരാധങ്ങളുമാണ്. എല്ലാം തിരുത്താൻ സമയമായി ! ദൈവീകമായി നിർമ്മിച്ച ഒരു ദേവാലയംപോലും ഭൂമിയിലില്ല!**

ഓരോ വ്യക്തിക്കും **100** മനുഷ്യജന്മങ്ങൾ ഉള്ളതിൽ, മഹാപ്രപഞ്ചമായ ദൈവത്തിന്റെ മഹാജ്ഞാനമായ മഹാശാസ്ത്രത്തെയും ദൈവത്തിന്റെ മഹത്വത്തെയും മനുഷ്യൻ മനസ്സിലാക്കുന്ന ഏകജന്മത്തിൽ മാത്രമാണ് മനുഷ്യനു ദൈവത്തെ ആരാധിക്കാൻ അനുവാദമുള്ളത്.

ശിഷ്ടമുള്ള **99** ജന്മങ്ങളിൽ ദൈവത്തെ വിസ്മരിച്ച് ജീവിക്കാൻ മനുഷ്യർക്കു കഴിയില്ല. ദൈവം മഹാപ്രത്യക്ഷമായിക്കൊണ്ട് ദൈവ-വിപ്ലവവും സത്യയുഗവും ആരംഭിക്കുകയും; തുടർച്ചയായിട്ട് സംഹാരം പുരോഗമിക്കുകയും ചെയ്യുമ്പോൾ ദൈവത്തെ മഹാശാസ്ത്രപരമായിട്ട് അറിയാനും ധർമ്മശാസ്ത്രത്തെ ഉൾക്കൊണ്ട് ജീവിക്കാനും മനുഷ്യർ ഉത്സാഹിക്കുന്നതാണ്. ദൈവത്തെ ആരാധിക്കാൻ സാധിക്കുന്നതല്ല എങ്കിലും മനുഷ്യരുടെ സന്തോഷത്തിന് ദൈവനാമത്തെ ജപിക്കാനും ദൈവത്തെയും ശാസ്ത്രത്തെയും വണങ്ങാനും മനുഷ്യനു കഴിയണം. ദൈവം മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള വ്യക്തിസ്വാതന്ത്ര്യം എല്ലാ മനുഷ്യർക്കും ലഭിക്കുവാനും അതാവശ്യമാണ്.

"മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ, മഹാശാസ്ത്ര പ്രകാരം, മഹാഭദ്രപ്പെടുത്തിയിട്ടുള്ള മഹാശക്തിയും മഹാമാതാവുമായ മഹാദേവിയെ നമിക്കുന്നു" എന്നെല്ലാം ഉച്ചരിക്കുമ്പോൾ, അർത്ഥം ശരിയാണ്; എന്നാൽ  വാചകം വളരെ നീണ്ടതാണ്; കുഞ്ഞുങ്ങൾ ആയാസപ്പെടുന്നത് മഹാമാതാവായ മഹാദേവി ഇഷ്ടപ്പെടുന്നില്ല.

കുഞ്ഞുങ്ങളുടെ ആവശ്യവും ആനന്ദവും കണക്കാക്കി മഹാദേവി മഹാആവിഷ്ക്കരിച്ചിട്ടുള്ള മഹാലളിതവും മഹാസുന്ദരവുമായ ദൈവനാമവും പ്രാർത്ഥനാ വാചകവുമാണ്  "ഓം നമഃ ശിവായ."
**ജനങ്ങളുടെ സൗകര്യവും സന്തോഷവും കണക്കാക്കി, ഓം ശിവായ നമഃ, അമ്മേ ശിവാ, ദേവീ ശരണം എന്നീ മൂന്ന് സ്തുതികളിൽ ഇഷ്ടമുള്ളതാവാം.**

**"ഓം നമഃ ശിവായ" എന്നത് ദൈവ-സംബോധന കൂടിയാണ്. ഏകദൈവമായ ശിവയ്ക്കും ഭാഗമായ ശിവനും "ശിവാ" എന്ന ഒരു സംബോധന മതിയാകും ! "സർവ്വവും മംഗളമാക്കുന്ന മഹാദേവി" എന്ന അർത്ഥത്തെ "ശിവായ /ശിവ" എന്ന പദത്തിന് മഹാദേവി നിശ്ചയിക്കുന്നു. കുഞ്ഞുങ്ങളായ മനുഷ്യരെ ഭാരപ്പെടുത്താത്ത മഹാവാത്സല്യമാണത്.**

**ശി=she; ലോകഭാഷയായി ശിവ നിശ്ചയിച്ച ഇംഗ്ലീഷിലെ സ്ത്രീ-നാമമാണ്. "ഷ്ലി" എന്ന് അവമതിക്കാൻ കഴിയാത്ത വിധം "വാ" എന്ന് ശാസ്ത്ര ഭാഷയായി ശിവ മലയാളം "ശി" യെ "വാ" എന്ന് സ്വാഗതം ചെയ്യുന്നു. (മലയാളം "MalayalaM" spelling -ഉം ചുമ്മാതല്ല!)**

**ഓം എന്താണെന്ന് മഹാശാസ്ത്രപരമായിട്ട് പ്രത്യേകം അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്. 'മഹാ' എന്ന അർത്ഥത്തെ തൽക്കാലം സ്വീകരിക്കുന്നു.**

**"ഓം നമഃ ശിവായ" = മഹാശിവയെ നമിക്കുന്നു = മഹാദേവിയെ നമിക്കുന്നു. മഹാശക്തിയായ മഹാദേവി മഹാഭദ്രപ്പെടുത്തിയിട്ടുള്ള മഹാപ്രപഞ്ചത്തിൽ ഒരു ദേവിയും ഒരു ദേവനും മാത്രമേയുള്ളൂ. കുഞ്ഞുങ്ങളെല്ലാം ആനന്ദമായിട്ടു ജീവിക്കുക എന്നല്ലാതെ "ദേവി" എന്നോ "മഹാദേവി" എന്ന് വിളിക്കുന്നതോ ദേവിയെ വിസ്മരിക്കുന്നതുപോലെ 'വിഷയമാക്കാത്തതോ' "ദേവിക്ക് " വിഷയമല്ല.**

**ശിവൻ = ശിവ = മംഗളമാക്കുന്നവൻ = മഹാദേവൻ = മഹാദേവി എന്നിങ്ങനെയും അർത്ഥങ്ങളുണ്ട്; ശിവയിൽ ശിവനുണ്ട്; ശിവനിൽ ശിവയും. ശിവനെ വേറിട്ട് കണക്കാക്കുമ്പോൾ ശിവനില്ലെങ്കിലും ശിവയുണ്ട്; ശിവ അഥവാ മഹാശക്തിയായ മഹാദേവി എപ്പോഴുമുണ്ട്. എല്ലായ്പ്പോഴും ഉള്ളതായ മഹാശിവയ്ക്കു മാത്രമാണ് സർവ്വം മംഗളമാക്കാൻ കഴിയുക.**

**പരമശിവനെ മഹാഅനുഗ്രഹിച്ച് മഹാശക്തികളെന്നു വിശേഷിപ്പിക്കാവുന്ന ശക്തികളെയും നൽകിക്കൊണ്ട് പരമശിവനിലൂടെ പ്രപഞ്ചകാര്യങ്ങളെ ശിവമാക്കുമ്പോഴും പരമശിവൻ 'ലൂടെ' മാത്രമാണ്. ശിവയായ മഹാദേവി മാത്രമാണ് യഥാർത്ഥത്തിൽ സർവ്വതും മഹാ-ഭദ്രമാക്കുന്നത്. മഹാദേവിയും, മഹാദാസനായ പരമശിവനും മഹാപ്രത്യക്ഷമായിക്കൊണ്ട് ദൈവ-വിപ്ലവവും സത്യയുഗവും ആരംഭിക്കുകയും, തുടർന്ന് സംഹാരം പുരോഗമിക്കുകയും ചെയ്യുമ്പോൾ, മഹാദേവിയായ മഹാശിവയാണ് ഏക-മഹാശക്തിയായ ദൈവം എന്ന് ജനങ്ങളെല്ലാം സുവ്യക്തമായി അറിയുന്നതാണ്. പൂജിക്കുക എന്നാൽ മഹാദേവിയുടെ ഇഷ്ടങ്ങളെ അറിഞ്ഞ് പൂവ് ചൂടിക്കൊടുക്കുക എന്നാണ്. മഹാദേവനെ അനുകരിച്ച് പുരുഷന്മാർ ഭാര്യ, അമ്മ-മാർ, സഹോദരി, മകൾ എന്നിങ്ങനെ ഉറ്റവർക്കും, സ്ത്രീകൾ അമ്മ-മാർ, സഹോദരി, മകൾ എന്നിങ്ങനെ ഉറ്റവർക്കും ധർമ്മശാസ്ത്ര പ്രകാരം പൂവ് ചൂടാം!**

**സ്ത്രീയും പുരുഷനും "തന്നെത്തന്നെ മറക്കുകയും ഇണയെ മാത്രം ഓർക്കുകയും ചെയ്യുന്ന പരമാനന്ദമായ കാമാനന്ദം ധർമ്മശാസ്ത്രപരമായിട്ട് മാത്രം ആസ്വദിക്കേണ്ടതുണ്ട് - അതിനാൽ കാമാനന്ദത്തെ ആസ്വദിച്ചു തുടങ്ങുമ്പോൾ "ഓം നമഃ ശിവായ" ഉൾപ്പെടെയുള്ള ദൈവനാമങ്ങൾ ഉരുവിട്ടുകൂടാ; ദൈവനിന്ദ വേണ്ട.**

**മനുഷ്യർ പരസ്പരം കണ്ടുമുട്ടുമ്പോഴും, യാത്ര പറയുമ്പോഴുമൊക്കെ "ഓം നമഃ ശിവായ" , "ഓം ശിവായ നമഃ ", "അമ്മേ ശിവാ","ദേവീ ശരണം" "നമസ്ക്കാരം, വന്ദനം, അസ്സലാമു അലൈക്കും, ഗുഡ് ബൈ... " എന്നിങ്ങനെയെല്ലാം പറയുന്നത് സ്വകാര്യമാണ്; വേഷംകെട്ടൽ അല്ലാത്ത ദൈവ-സ്മരണ നല്ലതാണ്. നിർബ്ബന്ധിച്ചു ചെയ്യിച്ചാൽ ശിക്ഷയുമുണ്ട്.**

"ഓം നമഃ ശിവായ" , "ഓം ശിവായ നമഃ ", "അമ്മേ ശിവാ","ദേവീ ശരണം" എന്നിവ ജപിക്കുന്നത് ധർമ്മശാസ്ത്രപരമായ ജീവിതത്തിന് ആക്കം കൂട്ടുന്നതാണ്. എന്നാൽ, ദൈവത്തിനു വേണ്ടി ചെയ്യണമെന്ന് ആഹ്വാനം ചെയ്യുകയോ, ആവശ്യപ്പെടുകയോ, നിർബ്ബന്ധിക്കുകയോ അപേക്ഷിക്കുകയോ ചെയ്താൽ ദൈവനിന്ദ ഉണ്ടാകുന്നതാണ്; ദൈവ ശിക്ഷകളുടെയും അളവ് ക്രമേണ വർദ്ധിക്കുന്നതുമാണ്. "ഓം നമഃ ശിവായ" , "ഓം ശിവായ നമഃ ", "അമ്മേ ശിവാ", "ദേവീ ശരണം" എന്നീ 4 വാചകങ്ങളിൽ വ്യക്തികൾക്ക് ചേരുന്നതും ലളിതമായതും സ്വയം സ്വീകരിച്ചു കൊള്ളുക.

ദൈവ സ്മരണയ്ക്ക് സ്വീകരിക്കാവുന്ന മഹാശാസ്ത്ര പരവും ലളിതവുമായ മഹാപദങ്ങളെ അനുഗ്രഹിച്ചു നൽകിയിട്ടുള്ളത് മനുഷ്യരുടെ സന്തോഷത്തെ കണക്കാക്കിയാണ്. ദൈവത്തിന്റെ ആവശ്യമല്ലായെന്ന് സുവ്യക്തമായി അറിയണം. മഹാശക്തിയായ ദൈവം ശക്തികളെ നൽകിയാൽ മാത്രമേ മനുഷ്യൻ ഉൾപ്പെടെ ഏതൊരു ജീവിക്കും ഏതൊരു കാര്യവും ചെയ്യാൻ കഴിയുകയുള്ളൂ എന്നിരിക്കെ, മനുഷ്യരോട് കേമത്തം കാട്ടിയിട്ട് ദൈവത്തിന് യാതൊന്നും നേടാനില്ല.

'ഓം നമഃ ശിവായ' പഞ്ചാക്ഷരങ്ങളാണ്.

"ഓം, om, aum, ओम, ഓ്ം" എന്നിങ്ങനെ വ്യത്യസ്ത ഭാഷകളിലെ അക്ഷരങ്ങളെ ഉപയോഗിച്ച് എഴുതുകയും വായിക്കുകയും അച്ചടിക്കുകയും ചിത്രമാക്കുകയും ശില്പമാക്കുകയും, കമ്പ്യൂട്ടറിലും ടെലിവിഷനിലും മൊബൈൽ ഫോണിലുമൊക്കെ എഴുതുകയും മറ്റും ചെയ്യുമെന്നല്ലാതെ, ഏതെങ്കിലും പ്രത്യേക ഭാഷയിലെ അക്ഷരമല്ലാ "ഓം". (മാത്രമല്ല, ഉച്ചാരണത്തിൽ 2 അക്ഷരങ്ങൾ പ്രകടമായതിനെ "ഒറ്റ അക്ഷരപ്പട്ടിക" -യിൽ പെടുത്താനാവില്ല.). "ഓം" എന്ന് ഉച്ചരിക്കുമ്പോൾ, "ഓം" ശബ്ദബ്രഹ്മവും, എഴുതുമ്പോൾ "ഓം" അക്ഷരബ്രഹ്മവുമാണ്. മഹാശക്തിയായ ദൈവത്തിന്റെ 'മഹാപ്രപഞ്ചത്തിന് അതീതമായ മഹാഅവസ്ഥ'യാണ് ബ്രഹ്മം എന്ന് മുമ്പ് വിശദീകരിച്ചതാണ്.

## "ഓം" അക്ഷരബ്രഹ്മം ആണ്; അക്ഷരമല്ല.

## അക്ഷരബ്രഹ്മം, ശബ്ദ ബ്രഹ്മം എന്നിങ്ങനെയുള്ള പദസമുച്ചയങ്ങളിൽ "മഹാശക്തിയായ ദൈവം" എന്ന അർത്ഥമുള്ള "ബ്രഹ്മം" എന്ന പദത്തിനാണ് പ്രാധാന്യം. ശബ്ദബ്രഹ്മമായ ' ഓം ' ചേർത്താലും, ഇല്ലെങ്കിലും, നമഃ ശിവായ 5 അക്ഷരങ്ങളാണ് = പഞ്ചാക്ഷരങ്ങൾ.

**അക്ഷരബ്രഹ്മം എന്തെന്നാൽ, 'ബ്രഹ്മ' ത്തെ അക്ഷരം (ലിപി) കൊണ്ടും അവതരിപ്പിക്കാൻ കഴിയുമെന്നും, മഹാശാസ്ത്രപരമായി എഴുതുന്ന അഥവാ മഹാനിശ്ചയിച്ചിട്ടുള്ള അക്ഷരത്തിൽ പ്രവേശിക്കാൻ 'ബ്രഹ്മ'ത്തിനു കഴിയുമെന്നുമാണ്. അതായത് ഓം എന്ന അക്ഷരബ്രഹ്മത്തിന് എല്ലാ ഭാഷകൾക്കും അതീതവും, ശാസ്ത്രപരവുമായ അക്ഷരലിപിയുണ്ട്.**

**മഹാലിപി യെന്ന് വിശേഷിപ്പിക്കാവുന്ന അക്ഷരം എഴുതുന്നത് എങ്ങനെയെന്നും, പ്രസ്തുത അക്ഷരത്തിൽ ബ്രഹ്മം പ്രവേശിക്കുന്നത് എങ്ങനെയെന്നും ദിവ്യവേദഗ്രന്ഥത്തിൽ വിശദീകരിക്കുന്നുണ്ട്.**

**ദൈവവിപ്ലവത്തോടെ അധമകാര്യങ്ങൾ ഏറെയും അവസാനിക്കുന്നതാണ്; ലാഭിക്കുന്ന ധനവും ഊർജ്ജവും സമയവും മറ്റും മണ്ണിൽ അദ്ധ്വാനിക്കാനും തങ്ങളുടെയും മറ്റുള്ളവരുടെയും നന്മകൾക്കായി ഉപയോഗിക്കാനും ജനങ്ങൾക്കെല്ലാം കഴിയട്ടെ ! ദൈവമായ മഹാപ്രപഞ്ചത്തിൽ ലയിച്ചിട്ടുള്ള (ദൈവീകമായ) സാമ്പത്തിക ശാസ്ത്രവും മഹാഗ്രന്ഥത്തിൽ ലഭ്യമാണ്.**

# ഓം നമഃ ശിവായ

## ഓം ശിവായ നമഃ   ദേവീ ശരണം   അമ്മേ ശിവ !

**മഹാദേവിയുടെ അനുവാദവും അനുഗ്രഹവും ലഭിക്കാതെ ആരാധിക്കാൻ യാതൊരു മനുഷ്യർക്കും അവകാശവും അധികാരവും ഇല്ല. ഈ ദിവ്യ മഹാഗ്രന്ഥത്തിൽ കാര്യകാരണങ്ങളെ ശാസ്ത്രപരമായി തെളിയിച്ചിട്ടുണ്ട്.**

**ഓം മുഴക്കി 1000 കോടി വർഷങ്ങൾ നീണ്ട രണ്ടാം മഹാകാലചക്രത്തിലെ, ആദ്യ സൃഷ്ടിചക്രത്തിലെ സത്യയുഗം ഉടനെ ആരംഭിക്കുന്നതോടെ, ഇന്ത്യക്കും കേരളത്തിനും നൽകിയിരുന്ന പ്രത്യേക പദവി പിൻവലിച്ച് ഭൂമിക്കു മൊത്തമായി ഉയർത്തുന്നതാണ്.**

ഗ്രന്ഥകാരനായ ശിവൻ : 'മഹാസത്യവും ഏകമഹാശക്തിയുമായ മഹാഭദ്രകാളിയുടെ ഭാഗവും, മഹാഭദ്രകാളിയായ ശിവയുടെ മഹാദൈവകരാർ പ്രകാരം' ശക്തിഹീനനായും മഹാശക്തനായും പ്രവർത്തിക്കുന്ന മഹാഭദ്രകാളിയുടെ ഏകദാസനും, മഹാദാസനും, സൃഷ്ടികളായ ആത്മാക്കളുടെ പരമാത്മാവും മഹാപിതാവുമാണ് ഗ്രന്ഥകാരൻ. ശിവൻ എന്ന മഹാനാമവും; പരമശിവൻ ശാസ്ത്രായുധൻ, സംഹാര ദേവൻ, ബ്രഹ്മദേവൻ, ഏകദൈവപ്രതിനിധി, മഹാദേവൻ, മഹാനീതിപതി എന്നീ മഹാപദവികളും; പശുപതി, നീലകണ്ഠൻ, ക്ഷിപ്രകോപവും ക്ഷിപ്രപ്രസാദവും, തുടങ്ങിയ മഹാ-അവസ്ഥകളും, മഹാഭദ്രകാളി മഹാഅനുഗ്രഹിച്ചു നൽകിയിട്ടുണ്ട്. മഹാശിവയുടെ മത്സ്യാവതാരവും, അർദ്ധമഹാദേവീ രൂപവും ശിവനിൽ പ്രവേശിപ്പിച്ചും, അക്ഷരബ്രഹ്മം കൂടിയായ 'ഓം' ന്റെ മൂലമായ **'3'** ശിവന്റെ നാവിൽ കുറിച്ചും ചന്ദ്രക്കലയും നക്ഷത്രവും ഇടതുനെറ്റിയിൽ ചിത്രണം ചെയ്തും; ശിവന്റെ നെറ്റി-മദ്ധ്യത്തിൽ താഴെയായിട്ട് സൂര്യനെ ഉൾപ്പെടെ പ്രപഞ്ചത്തിലെ എന്തും എത്രയും സൃഷ്ടിക്കാൻ കഴിയുന്ന മഹാസൂര്യനേത്രത്തെ ഒരുക്കിയും, ഏതൊരു ആയുധങ്ങളും നിർമ്മിക്കാൻ കഴിയുന്ന മഹാത്രിശൂലത്തെ സമ്മാനിച്ചും; ശിവയുടെ മഹാഹൃദയവും മഹാപ്രപഞ്ചത്തിന്റെ മഹാശക്തിനിയന്ത്രണ സത്തയുമായ 'ഓംകാരം' ശിവന്റെ ഹൃദയത്തോടു ചേർത്തും; കഴുത്തിലും തലമുടിമേലുമുള്ള ഓംകാരനാഗങ്ങൾ കൊണ്ട് ഓംകാരനീതിശാസ്ത്ര വരണമാല്ല്യവും ബന്ധനവും സംരക്ഷണവും ചെയ്തും; മഹാദിവ്യദർശനങ്ങളും, ദിവ്യാനുഭവങ്ങളും, തുടങ്ങിയ പലവിധ മഹാപദവികളും മഹാഅനുഗ്രഹങ്ങളും നൽകിയും മഹാഭദ്രകാളി അനുഗ്രഹിച്ചിട്ടുണ്ട്. മഹാഭദ്രകാളിയായ മഹാശിവയോടുള്ള മഹാദാസ്യത്തെ മാത്രം എപ്പോഴും മഹാ-ആനന്ദമാക്കിയ ഭർത്താവായി പ്രപഞ്ചത്തിനും മുമ്പ് സ്വീകരിച്ചിട്ടുണ്ട്.

ശിവ, ശിവന് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള മായാമഹാശക്തികളെയും ശിവയുടെ മഹാജ്ഞാനത്തെയും ശിവ മഹാഉചിതമായി ആക്ടിവേറ്റ് ചെയ്തുകൊണ്ടിരിക്കുന്നു. മഹാനീതിശാസ്ത്രമായ ഓംകാരനീതിശാസ്ത്രം പ്രകാരം 'മഹാമാതാവായ ശിവയുടെ മഹാഭാവങ്ങളായ സത്യ ധർമ്മ നീതികളെ, മഹാപിതാവായ ശിവന്റെയും ഭാവങ്ങളായിട്ട് ഉറപ്പിച്ചിട്ടുണ്ട്. മഹാശക്തികളും പ്രപഞ്ചവും ഉൾപ്പെടെ എന്തും സ്വന്തം 'മായ'കൊണ്ട് സൃഷ്ടിക്കുന്ന സർവ്വത്തിനും അതീതമായ ബ്രഹ്മവും, ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്ത, സർവ്വം മഹാഭദ്രപ്പെടുത്തിയ ഭദ്രകാളിയും ഏകദൈവവും മഹാമാതാവുമായ ശിവ', സ്വന്തം ഭാഗവും മഹാദാസനും പരമാത്മാവും മഹാപിതാവുമായ ശിവനെ മുമ്പേ അയച്ചിരിക്കുന്നു, ഉടനെ പ്രത്യക്ഷമായിക്കൊണ്ട് ദൈവവിപ്ലവം ആരംഭിക്കുന്നതുമാണ്. 'ശിവയാണ് ഏകദൈവം; ശിവൻ ശിവയുടെ ഭാഗവുമാണ്.' ശിവയുടെയും ശിവന്റെയും കുഞ്ഞുങ്ങളാണ് ജീവികളും ദേവതകളും; എല്ലാ ദേവതകളെയും പിൻവലിച്ചുംകഴിഞ്ഞു.

## പ്രത്യേക കുറിപ്പ് :

**ഗ്രന്ഥകാരനിലൂടെ പ്രസിദ്ധീകരിച്ചിട്ടുള്ള എല്ലാ ഗ്രന്ഥങ്ങളിലെയും ശാസ്ത്ര കാര്യങ്ങൾ പ്രപഞ്ചത്തിലെ വസ്തുക്കളിലും രൂപാന്തരമായ (ജീവികളുടെ) ശരീരങ്ങളിലും ലയിച്ചിരിക്കുന്ന, മഹാഭദ്രകാളിയുടെ ആദിയും അന്തവും ഇല്ലാത്ത മഹാജ്ഞാനത്തിന്റെ ഓഹരിയായ ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങൾ മാത്രമാണ്. അവ പ്രകാരം ഏതൊരാൾക്കും ശാസ്ത്ര കാര്യങ്ങളിൽ ഉണ്ടായിട്ടുള്ള ഏറ്റവും ലഘുവും നാമമാത്രവുമായ എഴുത്തു-പിശകുകൾ ഉൾപ്പെടെയുള്ളവ തിരുത്താവുന്നതാണ്.**

**ഇത് കുറിക്കുമ്പോൾ, 2024 ശിവരാത്രി, വെള്ളിയാഴ്ച, രാത്രി 11 മണി അടുക്കുന്നു. ചെറിയ കത്തോടൊപ്പം ഇന്ന് ശിവരാത്രിയിൽ തന്നെ പ്രസിദ്ധീകരിക്കണമെന്നുണ്ട്. മംഗളമായി പൂർത്തിയാക്കാൻ മഹാഭദ്രകാളീദേവി മഹാഅനുഗ്രഹിക്കും !**



### മഹാഭദ്രകാളിയുടെ ഏകദാസനായ പരമശിവൻ

# 2024 ശിവരാത്രിക്കു മുമ്പുള്ള മഹാഗ്രന്ഥങ്ങൾ

**2022 മാർച്ച് 1 ന് MAN മനുഷ്യൻ എന്ന പേരിൽ പ്രസിദ്ധീകരിച്ച മഹാഗ്രന്ഥത്തെ (PDF) ക്രമേണയായിട്ട് പുനഃപ്രസിദ്ധീകരിച്ചു വരുന്നു. 2023 മഹാനവമിക്ക് സനാതന ധർമ്മം SanaathanaDharmam.pdf എന്ന ചെറിയ ഗ്രന്ഥം കൂട്ടിച്ചേർത്തു; ഇന്ന് "ഓം നമഃ ശിവായ" എന്ന ചെറിയ ഗ്രന്ഥം ചേർത്ത് MAN.pdf എന്ന പേരിൽത്തന്നെ പുനഃപ്രസിദ്ധീകരിച്ചിരിക്കുന്നു.**

**മുൻ ഗ്രന്ഥങ്ങളെ ഈ ദിവ്യമഹാഗ്രന്ഥത്തിന്റെ തുടർച്ചയായി ചേർത്തിട്ടുണ്ട്.**

**ദിവ്യമായ പുതിയ പാഠങ്ങൾ മാത്രമുള്ള ചെറിയ ഗ്രന്ഥങ്ങൾ OM_NamaShivaaya.pdf, SanaathanaDharmam.pdf എന്നീ പേരുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.**

## https://drive.google.com/drive/folders/1JXQ--TLJhE6dQdN8DA16KNEPIHKI-usJ

## -എന്ന ഗൂഗിൾ ഡ്രൈവ് ലിങ്കിൽ നിന്നും നാളിതുവരെ ഈയുള്ളവനിലൂടെ മഹാദേവി പ്രസിദ്ധീകരിച്ച എല്ലാ ഗ്രന്ഥങ്ങളും ഡൗൺലോഡ് ചെയ്യാം!

**ബ്രഹ്മവും മായയും മഹാസത്യവും മഹാധർമ്മവും മഹാനീതിയും മഹാദാസ്യവും മഹാവാത്സല്ല്യവും ശിവയും ഓംമഹാശക്തിയുമായ മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.**

മനുഷ്യന്റെ ആനന്ദത്തിനായി ഒരല്പംമാത്രം ദൈവത്തെ സ്തുതിക്കാൻ അനുവാദമുണ്ട് :

**ഓം നമഃ ശിവായ (= മഹാശിവയെ നമിക്കുന്നു = മഹാശിവയെയും ഭാഗമായ ശിവനെയും നമിക്കുന്നു = മഹാഭദ്രകാളിയെ നമിക്കുന്നു.)**

**മണ്ണും ഭൂമിയും മഹാമാതാവുമായ മഹാശിവയും, ~ഭാഗവും മഹാപിതാവുമായ പരമശിവനും, കുഞ്ഞുങ്ങളായ ജീവികളും, ചേർന്ന മഹാകുടുംബം മഹാസുന്ദരമാണ്.**

# സത്യം ശിവം സുന്ദരം

**മണ്ണടി ശരണം, ദേവീ ശരണം, മണ്ണടി ദേവീ മാത്രം ശരണം.**

01.01.0001

ബ്രഹ്മവും മായയും മഹാസത്യവും മഹാധർമ്മവും മഹാനീതിയും മഹാദാസ്യവും മഹാവാത്സല്ല്യവും ശിവയും ഓംമഹാശക്തിയുമായ മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

ഓംശക്തിശിവൻ പ്രണയമന്ത്രം
സർവ്വദേശ ഭൂമി ഗാനം
മഹാസംഗീതം
ശബ്ദ ബ്രഹ്മം
അക്ഷരബ്രഹ്മം
ആദി വചനം
സൃഷ്ടി മന്ത്രം
സംഹാര കാഹളം
മഹാശാസ്ത്ര മൂലം
ഏക മഹാശബ്ദം
മഹാസൂക്ഷ്മ ശബ്ദം
ദൈവ വിപ്ലവ ഗാനം
മഹാദേവിയുടെ മഹാചിരി
ഓം OM

ദൈവം
മനുഷ്യരൂപത്തിൽ,
മഹാപ്രപഞ്ചത്തിന്റെ
മഹാമാതാവായ
മഹാദേവിയായി
മഹാഎഴുന്നള്ളിക്കഴിഞ്ഞു.

GOD
has Arrived.
= MAHAASHAKTHI = BRAHMAM =
SUPREME MOTHER
of the Universe
has Arrived.

OmShakthiShivan LoveMantram
International Earth Song
Supreme Music
Sound Brahmam
Script Brahmam
First Sound
Creational Mantram
Destruction Notice for Creation Cycles
Supreme ScienceRoot
Supreme Single Sound
Supreme Minute Sound
Godly Revolution Song
MahaaDevi's Supreme Laugh
ഓം OM

ShivaLingham @ Sky @
MahaaLingham @
Shakthi Lingham

പരമശിവൻ
ശിവചക്രം പരമാത്മാവ്
പ്രപഞ്ച പിതാവ്
ഏകദാസൻ മഹാദാസൻ
പശുപതി ശാസ്ത്രായുധൻ
ഏക ദൈവ-പ്രതിനിധി
നീലകണ്ഠൻ
സംഹാരനാഥൻ
മഹാനീതിപതി
മഹാദേവൻ
PARAMASHIVAN
ShivaChakram SupremeSoul
FATHER of the Universe
Supreme Ox cum Servant
GOD's Single Representative
Supreme Scientist
Supreme Justice
MAHAADEVAN

മഹാനവമി 23 ഒക്ടോബർ 2023, തിങ്കളാഴ്ച.

# മനുഷ്യൻ MAN

മനുഷ്യർക്കു വേണ്ടിയാണ് പ്രപഞ്ചവും ഗ്രന്ഥവും; ആകയാൽ ഗ്രന്ഥനാമം ഉചിതമാണ്.
സൗജന്യമായി ഡൗൺലോഡ് ചെയ്യാൻ : www.omsathyam.com/GodlyRevolution/Man.pdf

ദൈവത്തെ പരാമർശിക്കാൻ വ്യത്യസ്തമായ ഭാഷകൾ പ്രകാരം അനേകം പേരുകൾ ആവശ്യമാണ്. പേരുകൾക്കും, മനുഷ്യരുടെ ഇടയിലെ വിശ്വാസങ്ങൾക്കും അതീതമായി എന്താണ് ദൈവം എന്നതും സൃഷ്ടികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ കുറ്റങ്ങളും കുറവുകളും ഇല്ലാതെ മഹാഭദ്രമായി ദൈവം ചെയ്യുന്നതും മനസ്സിലാക്കാൻ കഴിയണം! ബ്രഹ്മവും, മഹാമായയും; മഹാസത്യവും, മഹാധർമ്മവും, മഹാനീതിയും, മഹാദാസ്യവും മഹാവാത്സല്ല്യവും; ഓംമഹാശക്തിയും, മഹാഭദ്രകാളിയും ഏകദൈവവുമായ ശിവ; ഭാഗമായ ശിവനോടൊപ്പം; ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനുമായ പരബ്രഹ്മവും അനന്ത ആനന്ദങ്ങളുമായി അവതരിച്ച് സൃഷ്ടികളുടെ സൃഷ്ടിസ്ഥിതികൾ ചെയ്യുന്നതും, സംഹാരമായ നക്ഷത്രലോകവുംകൂട്ടി മഹാകുടുംബമായിട്ട് സനാതനമായിരിക്കുന്നതും, ദൈവകാര്യങ്ങളും; ഈ ദിവ്യ മഹാഗ്രന്ഥത്തിൽ ശാസ്ത്രപരമായി തെളിയിച്ചിരിക്കുന്നു. സനാതന സത്യമായ ദൈവം (മഹാഭദ്രകാളി)ചെയ്യുന്ന ധർമ്മങ്ങളാണ് സനാതന ധർമ്മം.

ഗ്രന്ഥകാരൻ : മഹാഭദ്രകാളിയും ഏകദൈവവുമായ ശിവയുടെ ഭാഗവും, ഭർത്താവും, ഏകദാസനും, പരമാത്മാവും, പ്രപഞ്ചപിതാവും, ശിവനും മഹാദേവനുമായ പരമശിവൻ.

**സനാതന സത്യവും മഹാഭദ്രകാളിയും ഏകദൈവവുമായ ശിവ; ഭാഗവും ഭർത്താവും ഏകദാസനും പരമാത്മാവുമായ ശിവനെയും ഒപ്പം കൂട്ടി ചെയ്യുന്ന (ദൈവ) ധർമ്മങ്ങളാണ് സനാതന ധർമ്മം.**

**സനാതനമായ സത്യം എന്നുവെച്ചാൽ കാലാതീതമായി നിലനിൽക്കുന്ന സത്യമാണ്. പ്രപഞ്ചം ഉൾപ്പെടെ എന്തിനും അതീതമായ ബ്രഹ്മം, മഹാശക്തികളെ സൃഷ്ടിക്കാൻ കഴിയുന്ന 'മായ'യും, ഗോമാതാവും, ദിവ്യമഹാമാതാവായ മനുഷ്യസ്ത്രീയും, സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മഹാഭദ്രമാക്കിയിട്ടുള്ള മഹാഭദ്രകാളിയും, ഏകദൈവവുമാണ്. ആദിയും അന്തവുമില്ലാത്ത മഹാസത്യവും മായാമഹാശക്തിയും മഹാഭദ്രകാളിയുമായ സനാതന സത്യത്തിനു മാത്രമേ സനാതനമായ ധർമ്മം ആവാനും ചെയ്യാനും കഴിയൂ. മഹാസത്യവും ഏകമഹാശക്തിയുമായ ശിവയും; മഹാസത്യം മാത്രമായ ശിവനുമായിട്ട് രണ്ടായാണ് മഹാഭദ്രകാളി നിലനിൽക്കുന്നത്. മറ്റൊരു അദ്ധ്യായം തെളിയിക്കുന്നുണ്ട്. ശിവയും മഹാസത്യവും മായാമഹാശക്തിയുമായ ദൈവഭാഗം; ശിവനും മഹാസത്യം മാത്രവുമായ ദൈവഭാഗത്തെയും കൂട്ടി ചെയ്യുന്ന മഹാധർമ്മങ്ങളാണ് സനാതന ധർമ്മം.**

ശിവയും ശിവനുമായ രണ്ടു ദൈവഭാഗങ്ങൾ മാത്രം നിലനിന്ന കാലത്ത് സൃഷ്ടികളില്ല. സൃഷ്ടികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങൾ ആരംഭിച്ചതിനു മുമ്പും ശേഷവുമെല്ലാം ദൈവഭാഗങ്ങൾ നിലനിൽക്കുന്നത് എങ്ങനെയാണെന്നും, മഹാവാത്സല്ല്യത്തോടെ സൃഷ്ടികളെ തുല്ല്യരായി സൃഷ്ടിക്കുന്നതും, സംരക്ഷിക്കുന്നതും, മഹാനീതിയായ സമആനന്ദം നൽകുന്നതും ചുവടെ ശാസ്ത്രപരമായി വിശദീകരിക്കുന്നുണ്ട്.

മനുഷ്യൻ ഉൾപ്പെടെയുള്ള എല്ലാ ജീവികളുടെയും ജീവിതം പരിശോധിച്ചാൽ അവയെല്ലാം ജീവിക്കുന്നത് ആനന്ദിക്കാനാണെന്നും; കൂടുതൽ കൂടുതൽ ആനന്ദങ്ങളെ അറിയാനും നേടാനും ആസ്വദിക്കാനും സദാ പരിശ്രമിക്കുന്നുണ്ടെന്നും മനസ്സിലാക്കാം. സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ദൈവം ജീവികളെ സൃഷ്ടിക്കുന്നത് അവയെ ജീവിപ്പിക്കാൻ ആണെന്നും, ജീവിപ്പിക്കുന്നത് അനന്തമായ ആനന്ദങ്ങളെ നൽകാനും പരിചയിപ്പിക്കാനും ആസ്വദിപ്പിക്കാനും കൂടിയാണെന്നും സുവ്യക്തമാകുന്നുണ്ട്. ജീവികളുടെ ജീവിതം, പ്രപഞ്ചം, ദൈവം, ആത്മാവ്, തുടങ്ങിയ വിഷയങ്ങളെ വിശകലനം ചെയ്യാൻ മറ്റുള്ള ജീവികൾക്കു കഴിയാത്തതും മനുഷ്യനു മാത്രം കഴിയുന്നതും മനുഷ്യർക്കെല്ലാം പൊതുവേ ലഭിക്കുന്ന വിശേഷ ബുദ്ധിയും അനുബന്ധമായ പ്രപഞ്ച ശാസ്ത്രങ്ങളും കൊണ്ടാണ്. അവയെ ലഭിക്കുന്നത് മനുഷ്യരുടെ കഴിവുകൾ കൊണ്ടോ മറ്റുള്ള ജീവികളുടെ കഴിവുകേടു കൊണ്ടോ അല്ലെങ്കിൽ പോലും മനുഷ്യർക്ക് നേടാനും ആസ്വദിക്കാനും കഴിയുന്ന അനന്ത ആനന്ദങ്ങൾക്കും, അവരുടെ ധാർമ്മികമായ ഉയർച്ചകൾക്കും ഒപ്പം വീഴ്ച്ചകൾക്കും പോരുകൾക്കും മറ്റും വിശേഷ ബുദ്ധി പ്രധാനപ്പെട്ട കാരണമാണ്. വിശേഷബുദ്ധിയും ശാസ്ത്രങ്ങളും ലഭിച്ചിട്ടും മനുഷ്യർക്ക് ആരാണെന്നും എവിടെ നിന്നു വന്നുവെന്നും അറിയാത്തതിൽ നിന്ന് എല്ലാ ജീവികളുടെയും സ്വത്വങ്ങളായ ആത്മാക്കൾ 'സൃഷ്ടി' ആണെന്നും; സൃഷ്ടിക്കുമ്പോൾ മാത്രം സത്യമാകുന്നവരാണെന്നും; ദൈവത്തിന്റെ അംശങ്ങളോ ഭാഗങ്ങളോ അല്ലെന്നും സുവ്യക്തമായിട്ടു തെളിയുന്നുണ്ട്.

സൃഷ്ടിയുടെ സമ്മതം വാങ്ങാതെ സൃഷ്ടിക്കുന്നത് പെരുമാറ്റ മര്യാദ അല്ലെന്ന് വിശേഷ ബുദ്ധിയെ ലഭിച്ചവർ വാദിച്ചേക്കാം! ദൈവം സൃഷ്ടിക്കും മുമ്പ് ഇല്ലാത്തവരുടെ സമ്മതം വാങ്ങാനാവില്ലെന്നതും, ദൈവത്തിനു മാത്രമുള്ള മഹത്വവും, തിരിച്ചറിയാൻ കഴിയട്ടെ !

മായാമഹാശക്തിയായ ദൈവത്തിന്റെ ആദിയും അന്തവും ഇല്ലാത്ത മഹാജ്ഞാനമായ പ്രപഞ്ചത്തിന്റെ മഹാശാസ്ത്രത്തെയും, ദൈവത്തിന്റെ മഹാരൂപമായ പ്രപഞ്ചത്തെയും, തകരാറിലാക്കാനോ അട്ടിമറിക്കാനോ; പ്രപഞ്ചത്തിന്റെ ദാനങ്ങളായ അസ്തിത്വവും, ആനന്ദങ്ങളും ശക്തികളും ജ്ഞാനവും സ്വാതന്ത്ര്യവും ശരണവും മഹാനീതിയുമെല്ലാം കൊണ്ടു ജീവിക്കുന്ന സൃഷ്ടികൾക്കു കഴിയുന്നതല്ല. ദൈവത്തിന്റെ പ്രപഞ്ചരൂപത്തിൽ, എല്ലാ സൃഷ്ടികൾക്കും ജീവിക്കാൻ ആവശ്യമായിട്ടുള്ള അനന്തമായ ആനന്ദങ്ങളോടും ശക്തികളോടുമൊപ്പം ഭൗതിക ധർമ്മ-നീതി (ആത്മീയ) ശാസ്ത്രങ്ങളും ലയിച്ചിരിക്കെ, ദൈവം നൽകുന്ന വിശേഷബുദ്ധി ഉചിതമായി ഉപയോഗിച്ച് പ്രപഞ്ചത്തിൽ ലയിച്ചിട്ടുള്ള ധർമ്മ-നീതി(ആത്മീയ)ശാസ്ത്രങ്ങളുംകൂടി കണ്ടെത്തുന്നതിനുപകരം മനുഷ്യർ ഭൗതിക ശാസ്ത്ര പാഠങ്ങളിൽ ഒതുങ്ങിക്കൊണ്ട് സൃഷ്ടികൾക്ക് അവകാശവും അധികാരവും ഇല്ലാത്ത ദൈവകാര്യങ്ങളിൽ ഇടപെട്ടു പോരുന്നുണ്ട്. ഭൗതിക അസ്തിത്വം ഇല്ലാത്ത കോപ്രായങ്ങളെ ധർമ്മ-ദേശ-സാമ്പത്തിക-ആത്മീയ നിയമങ്ങളെന്ന പേരിൽ തട്ടിക്കൂട്ടി സാധാരണ ജനങ്ങളുടെ തജ്ജന്മത്തിലെ ജീവിതം ഒരു വിഭാഗം ജനങ്ങൾ ഭാഗികമായി മോശമാക്കിയിട്ടുണ്ട്. ഓം മുഴക്കി സത്യയുഗവും, ധർമ്മ സംസ്ഥാപനവും ഉടനെ ഉണ്ട് !

മനുഷ്യർക്ക് ലഭിക്കുന്ന വിശേഷ ബുദ്ധിയും അനുബന്ധമായ ശാസ്ത്രങ്ങളും ശക്തികളും കൊണ്ട് ജീവികളെയും അവയുടെ സ്വത്വങ്ങളായ ആത്മാക്കളെയും ശരിയായി വിശകലനം ചെയ്യാനും മനസ്സിലാക്കാനും വളരെയധികം കഴിയുന്നതാണ്. ആത്മാക്കളെ സാധാരണമായി കാണാനും കേൾക്കാനും അറിയാനും ഒട്ടും കഴിയരുത്. നിത്യജീവിതത്തിൽ മനുഷ്യൻ ഉൾപ്പെടെ എല്ലാ ജീവികളുടെയും ആത്മാക്കളെ വീടിന്റെ അകത്തും വെളിയിലുമെല്ലാം കാണാനും കേൾക്കാനും കഴിയുന്ന അവസ്ഥ ഉണ്ടായാൽ കുഞ്ഞുങ്ങളും കുട്ടികളും മാത്രമല്ലാ, മുതിർന്നവരും പരിഭ്രാന്തരാകും; ജീവിതം കുഴയും ! സൃഷ്ടികൾക്ക് വിശേഷ ബുദ്ധിയും ശാസ്ത്രങ്ങളും നൽകുമ്പോൾ, മറ്റു സൃഷ്ടികളിൽ നിന്നും മാത്രമല്ലാ, ആത്മഹത്യയെന്ന പേരിൽ സ്വയം വധിക്കാതിരിക്കാനും, അന്യോന്യം ഭയക്കാതിരിക്കാനും നിഗൂഢത വേണം. പരമാത്മാവും പ്രപഞ്ചപിതാവുമായ ശിവന്റെ അംശവും ശവരുമായി രണ്ട് ആത്മാക്കളെ 'ഹീലിയം മൂലകത്തിന്റെ ന്യൂട്രോണുകളായി' ഗൂഢമായും തുല്ല്യമായും ഇണകളായും 'ശിവ സൃഷ്ടിക്കുന്നത്' ചുവടെ തെളിയിച്ചിട്ടുണ്ട്.

സൃഷ്ടികളായ ആത്മാക്കൾക്ക് ജീവിക്കാനായി ആവശ്യമാകുന്ന അനന്ത ആനന്ദങ്ങളെ തുടർച്ചയായി ലഭിക്കുന്ന മഹാസംവിധാനം ഒരുക്കിയശേഷം മാത്രമേ സൃഷ്ടിക്കാവൂ. സ്ഥിതി പാത്രത്തെ ഒരുക്കിയ ശേഷമാവണം സൃഷ്ടിപാത്രവും സൃഷ്ടിയും എന്നു സാരം. ആനന്ദങ്ങൾ ഉൾപ്പെട്ട എന്തിനും അതീതമായ ബ്രഹ്മവും ഏകമഹാശക്തിയുമായ ശിവ, സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യാനായിട്ട് മഹാവാത്സല്ല്യം, മഹാദാസ്യം എന്നിവയെ ഏകദൈവമായ ശിവയുടെയും ഭാഗമായ ശിവന്റെയും ആനന്ദങ്ങളായിട്ട് യഥാക്രമം നിശ്ചയിച്ചിരിക്കുന്നതും, സൃഷ്ടികൾക്കെല്ലാം തന്നെ അവയെ മടക്കി നൽകുന്നതിലൂടെ ആനന്ദങ്ങൾക്കെല്ലാം അതീതമായി തുടരുന്നതും അടുത്തൊരു അദ്ധ്യായത്തിലുണ്ട്.

ഏകദൈവമായ ശിവയ്ക്കും ഭാഗമായ ശിവനും ഗൂഢതയുടെ ആവശ്യമില്ല.
ശിവ നൽകുന്ന അസ്തിത്വവും, അനന്ത ആനന്ദങ്ങളും, ആനന്ദങ്ങളെ അറിയാനും
ആസ്വദിക്കാനും നേടാനുമുള്ള ശക്തികളും ജ്ഞാനവും സ്വാതന്ത്ര്യവും സൗന്ദര്യവും
കാലവും ശരണവും മഹാനീതിയുമെല്ലാം കൊണ്ടു ജീവിക്കുന്ന ശവരായ സൃഷ്ടികളോട്
ദൈവമായ ശിവ മറഞ്ഞിരിക്കുന്നില്ല; ഗൂഢമാകുന്നില്ല; എല്ലായ്പ്പോഴും പ്രത്യക്ഷമാണ് !
സൃഷ്ടിപാത്രമായ സൂര്യനിൽവച്ച് ആത്മാക്കളെ സൃഷ്ടിക്കുന്നു; മുഖ്യസ്ഥിതിപാത്രമായ
ഭൂമിയിൽവച്ച് മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ എന്നീ ജീവി-രൂപങ്ങളിലൂടെ അനന്ത
ആനന്ദങ്ങളെ പരിചയിപ്പിക്കുന്നു; സംഹാരപാത്രമായ നക്ഷത്രലോകത്തിൽ നക്ഷത്ര-
ദേവതയായി അനന്തകാലം ജീവിക്കാനും, ഭൂമിയിൽ വന്ന് ജീവികളായി ജീവിക്കാനും,
താല്പര്യമില്ലാത്ത സൃഷ്ടികൾക്ക് ജീവിതം അവസാനിപ്പിച്ചുകൊണ്ട് ഇല്ലാതാവാനുള്ള
സ്വാതന്ത്ര്യവും നൽകുന്നു : സർവ്വം ചെയ്യുന്നത് പ്രത്യക്ഷമായും പരസ്യമായുമാണ്.

**ഏകദൈവമായ ശിവയും, ഭാഗമായ ശിവനും മാത്രം നിലകൊള്ളുമ്പോൾ; അവർക്ക് രൂപങ്ങളുടെയും ഭാവങ്ങളുടെയും ആവശ്യമില്ല. സത്യ ധർമ്മ നീതികളെ ഭാവമാക്കിയും, ശിവയുടെ ശക്തികളെയും മഹാജ്ഞാനമായ ശാസ്ത്രങ്ങളെയും ലയിപ്പിച്ചും, അനന്ത ആനന്ദങ്ങളാകുന്ന ആകാശം, ഭൂമി, സൂര്യൻ, ചന്ദ്രൻ എന്നീ മഹാപ്രപഞ്ചരൂപങ്ങളും അംശങ്ങളും ആയിരിക്കുന്നത് ശിവയും ശിവനുമാണെന്നും, സൃഷ്ടികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങൾ ചെയ്യാനാണെന്നും, വിശേഷബുദ്ധി കൊണ്ട് മനസ്സിലാക്കാനാവും. കാണുകയും കേൾക്കുകയും അറിയുകയും അനുഭവിക്കുകയും ചെയ്യുന്ന അനന്തമായ ആനന്ദങ്ങളും ഉപാധിയായ മഹാശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും കാലവും സൗന്ദര്യവും ശരണവും മഹാനീതിയുമെല്ലാമായി അവതരിച്ചിരിക്കുന്ന ഏകദൈവമായ ശിവയുടെയും ഭാഗമായ ശിവന്റെയും പ്രപഞ്ചരൂപത്തെ മനസ്സിലാക്കാൻ മനുഷ്യർക്ക് തൽക്കാലം കഴിയാത്തത് ശിവ നൽകുന്ന വിശേഷബുദ്ധി ഉപയോഗിക്കാതെ യോഗ്യത നഷ്ടമായതുകൊണ്ടും, സത്യം വെളിപ്പെടുത്താൻ സമയം ആകാത്തതുകൊണ്ടുമാണ്.**

**ഭൂമിയിൽ മുഴുവൻ 3 മുതൽ 33 വർഷക്കാലം ഓം മുഴങ്ങുന്ന ദൈവവിപ്ലവത്തോടെ ഉടനെ സത്യയുഗം ആരംഭിക്കും. അതിനാൽ ഇവിടെ വിവരിക്കുന്ന ദൈവസാന്നിദ്ധ്യവും ദൈവകാര്യങ്ങളും ഉടൻ ബോദ്ധ്യപ്പെടും. വിശകലനം ചെയ്യേണ്ടുന്ന മറ്റു കാര്യങ്ങളുണ്ട് :**
ഏകദൈവമായ ശിവ, സ്വന്തം ഭാഗമായ ശിവനോടൊപ്പം ആകാശവും ഒപ്പം ഭൂമിയുമായി അവതരിച്ച ശേഷംമാത്രമാണ് സൃഷ്ടികളായ ആത്മാക്കളെ തുല്ല്യരായും, സ്ത്രീ-പുരുഷ ഇണകളായും, കണ്ണുകൾ കൊണ്ട് കാണാൻ കഴിയാത്തതു പോലെ നിഗൂഢതയോടും സൃഷ്ടിക്കാനായി സൃഷ്ടിപാത്രമായ സൂര്യനായിട്ടും; സൃഷ്ടിചക്രങ്ങളുടെ രണ്ടാമത്തെ പകുതിയിലെ സംഹാരത്തിന് ആവശ്യമാകുന്ന ഭാഗിക-സ്ഥിതിപാത്രമായ ചന്ദ്രനായിട്ടും അവതരിച്ചിട്ടുള്ളത്. ആവക കാര്യങ്ങളും; മറ്റു ഗ്രഹങ്ങളും അവയുടെ ഉപഗ്രഹങ്ങളും ഉൾപ്പെട്ട വിശാലമായ പ്രപഞ്ചകാര്യങ്ങളും പ്രത്യേകം അദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട്. ആദിയും അന്തവും ഇല്ലാത്ത മഹാശൂന്യതയായ ആകാശം, പ്രപഞ്ചത്തിന് അതീതവും മഹാസത്യവുമായ ബ്രഹ്മം അല്ലെന്നും ബ്രഹ്മത്തെ പ്രതിനിധീകരിക്കുന്നില്ലാ എന്നും കൂടി അറിയണം. ബ്രഹ്മമായ ദൈവത്തിനു നിലനിൽക്കാൻ രൂപങ്ങളും ഭാവവും ആവശ്യമില്ല. ശിവ, ശിവനെയും കൂട്ടി സൃഷ്ടികളുടെ സൃഷ്ടി സ്ഥിതി സംഹാരപാത്രമായ ആകാശവും, ഒപ്പം മുഖ്യ-സ്ഥിതിപാത്രമായ ഭൂമിയുമായി അവതരിച്ച ശേഷമാണ് സൃഷ്ടി ആരംഭിച്ചത്.

സൃഷ്ടി സ്ഥിതി സംഹാര പാത്രവും ശിവലിംഗവും കൂടിയായ ആകാശത്തെയും, സൃഷ്ടി പാത്രമായ സൂര്യനിൽ വച്ച് ആത്മാക്കളെ സൃഷ്ടിക്കുന്നതിനെയും "സനാതന ധർമ്മ സംഗ്രഹം" എന്ന ഈ മഹാപാഠത്തിൽ തന്നെ ശാസ്ത്രപരമായി വിശദീകരിക്കുന്നുണ്ട്. ആകാശത്തിന്റെ ഒപ്പം അവതരിച്ചിരിക്കുന്ന മുഖ്യസ്ഥിതിപാത്രമായ ഭൂമിയെപ്പറ്റി തുടരാം:

സൃഷ്ടികളായ ആത്മാക്കൾക്ക് അന്യോന്യം കാണാനും കേൾക്കാനും അറിയാനും ആസ്വദിക്കാനും അനുഭവിക്കാനും കഴിയുന്നതായ ഭൗതിക രൂപത്തോടെ ജീവിക്കാൻ ആവശ്യമായ അനന്ത ആനന്ദങ്ങളും; ആനന്ദങ്ങളെ നിരന്തരം ഒരുക്കുന്ന ഉപാധികളായ മഹാശക്തികളും, ആദിയും അന്തവും ഇല്ലാത്ത മഹാജ്ഞാനമായ ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങളും, സ്വാതന്ത്ര്യവും, സൗന്ദര്യവും, കാലവും, ശരണവും, മഹാനീതിയുമാണ് മുഖ്യസ്ഥിതിപാത്രവും ദൈവവുമായ ഭൂമി. ഭൂമിയുടെ അംശങ്ങളും വസ്തുക്കളുമായ ആനന്ദങ്ങളെയാണ് എല്ലാ ആത്മാക്കൾക്കും ശരീരഭാഗങ്ങളും, അവയവങ്ങളുമായിട്ട് രൂപാന്തരപ്പെടുത്തി നൽകുന്നത്. അതുകൊണ്ട് എല്ലാ ശരീരങ്ങളും ആനന്ദങ്ങളാണ്. **മഹാമാതാവായ ഭൂമി, ആത്മാക്കൾക്ക് നൽകുന്നതും, അവയ്ക്കു ലഭിക്കുന്നതുമായ, ശരീരത്തിലെ ഭാഗങ്ങളും അവയവങ്ങളുമാണ് മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ എന്നിങ്ങനെ ജീവിവർഗ്ഗങ്ങളെയും സ്ത്രീപുരുഷ ജാതികളെയുമെല്ലാം നിശ്ചയിക്കുന്നത്.** ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്കോ; മാതാപിതാക്കൾ ഉൾപ്പെട്ട ഉറ്റവർക്കോ പോലും പങ്കില്ല. പ്രപഞ്ചാംശവും ആനന്ദങ്ങളുമായ മധുരം, കയ്പ്, ചവർപ്പ് തുടങ്ങിയ രുചികളും; മരുന്നുകൾ, വിഷം, മദ്യം, മയക്കുമരുന്ന്, കണ്ണട, പേസ്മേക്കർ, ജീവികളുടെ ശരീര-അവയവങ്ങൾ തുടങ്ങിയവയിലെ വേദനകൾ ഉൾപ്പെടെയുള്ള ആനന്ദങ്ങളെയും; ആനന്ദങ്ങളായി അവതരിക്കുന്ന ശക്തികളെയും ശാസ്ത്രങ്ങളെയും ശരീരത്തിലൂടെ ശരീരം തന്നെ ആത്മാക്കൾക്ക് നേരിട്ട് പകർന്നു നൽകുന്നതിൽ നിന്ന് ആത്മാക്കൾക്ക് ആനന്ദിച്ചു ജീവിക്കാൻ വേണ്ടതെല്ലാം ദൈവമായ പ്രപഞ്ചമാണു ചെയ്യുന്നതെന്ന് ലളിതമായി മനസ്സിലാക്കാം. പ്രപഞ്ചഭാഗമായ ഭൂമിയുടെ അംശമായ പ്രദേശങ്ങളിലും പ്രകൃതിയിലും വസ്തുക്കളിലും; ജീവികളുടെ ശരീരത്തിലും; ഭാഗികമായി സൃഷ്ടികളായ ആത്മാക്കളിലും; ലയിച്ചിരിക്കുന്ന അനന്ത ആനന്ദങ്ങളെ പൊന്നോമന കുഞ്ഞുങ്ങളും സൃഷ്ടികളുമായ ആത്മാക്കളെ ആസ്വദിപ്പിച്ചു പരിചയപ്പെടുത്തുകയാണു ചെയ്യുന്നത്.

ആത്മാക്കൾക്ക് ജീവിക്കാൻ ആവശ്യമായ അനന്ത ആനന്ദങ്ങളായും; ആനന്ദങ്ങളെ നേടാനും ആസ്വദിക്കാനുമെല്ലാം കഴിയുന്ന ശക്തികളും, ശാസ്ത്രങ്ങളും, സ്വാതന്ത്ര്യവും സൗന്ദര്യവും കാലവും ശരണവും മഹാനീതിയും മുഖ്യസ്ഥിതിപാത്രവുമായ ഭൂമിയായിട്ട് ഏകദൈവമായ ശിവ, ഭാഗമായ ശിവനെയും കൂട്ടി അവതരിച്ചതിനു ശേഷം മാത്രമേ; സൃഷ്ടിപാത്രമായ സൂര്യനിൽവച്ച് ആത്മാക്കളെ സൃഷ്ടിക്കാനും അവയെ ഭൂമിയിലേക്കു കൊണ്ടുവന്ന് മത്സ്യം, സസ്യം പക്ഷി, മൃഗം, മനുഷ്യൻ എന്നീ ജീവികളും അവയിലെ സ്ത്രീപുരുഷ-ജാതികളുമായി ജീവിപ്പിക്കാനും കഴിയൂ. ദൈവമായ പ്രപഞ്ചത്തിന്റെ മഹാആവിഷ്ക്കാരം മാത്രമാണവ. ഭൂമിയിൽ ജീവികളായി ജീവിക്കുന്ന ആത്മാക്കൾ വിശേഷ ബുദ്ധിയും അനുബന്ധമായ ശാസ്ത്രങ്ങളും ലഭിക്കുന്ന മനുഷ്യാവസ്ഥയിലെ 100 ജന്മങ്ങളിൽ മഹാനീതിശാസ്ത്രമായ ഓംകാരനീതിശാസ്ത്രം പ്രകാരം വേദനകൾ ഉൾപ്പെടെയുള്ള  അനന്തമായ ആനന്ദങ്ങളെ ആസ്വദിച്ചു തന്നെ പരിചയിക്കുകയും ഇണകളായ ദേവതകളായിട്ട് നക്ഷത്രരൂപത്തോടെ മോക്ഷം നേടുകയും ചെയ്യുന്നതാണ്.

ദൈവത്തിന്റെ അവതാരങ്ങളും സൃഷ്ടി സ്ഥിതി പാത്രങ്ങളുമായ സൂര്യൻ, ഭൂമി, ചന്ദ്രൻ എന്നിവയുടെ അംശങ്ങളോ ഭാഗങ്ങളോ അല്ലെന്ന് അറിയിക്കുന്നതു പോലെ അവയിൽ നിന്ന് അകന്നും; വളരെയധികം ദൂരെയായും; നക്ഷത്രദേവതകളായിട്ട് മോക്ഷം നേടാൻ കഴിയുന്ന ആത്മാക്കൾക്ക്, മഹാമാതാപിതാക്കളായ ശിവയും ശിവനും; പൊന്നോമന കുഞ്ഞുങ്ങളായ ആത്മാക്കളും ചേർന്ന പരബ്രഹ്മമായ മഹാകുടുംബത്തിലെ അംഗം എന്ന സ്ഥാനവും പദവിയും ലഭിക്കുന്നുണ്ട്. അതുകൊണ്ടാണ് ഭൂമിയിൽ നിന്നും നഗ്ന നേത്രങ്ങൾ കൊണ്ട് നക്ഷത്രങ്ങളെ കാണാനാവുന്നത്. നക്ഷത്രദേവതകൾക്ക് തിരിച്ചും ഓംകാരനീതിശാസ്ത്രം പ്രകാരമുള്ള നിയന്ത്രണങ്ങളോടെ കാണാൻ കഴിയും. മുമ്പ് പരിചയിച്ച അനന്ത ആനന്ദങ്ങളെ മഹാമാതാവ് നൽകുന്ന മായാശക്തി കൊണ്ട് സ്വയം സൃഷ്ടിച്ചും ആസ്വദിച്ചും നക്ഷത്രദേവതകൾക്ക് സ്വന്തം ഇണയോടൊപ്പം അനന്തകാലം ജീവിക്കാം. ഭൂമിയിൽ വന്ന് വീണ്ടും ജീവികളായി ജീവിക്കാനും; അസ്തിത്വം ഉപേക്ഷിച്ച് ഇല്ലാതാവാനുമുള്ള പൂർണ്ണ സ്വാതന്ത്ര്യവും നൽകുന്നുണ്ട്. അസ്തിത്വം ഉൾപ്പെടെയുള്ള യാതൊന്നും സ്വന്തമായിട്ട് ഇല്ലാത്തവരും, തുല്ല്യരും ഗൂഢവുമായി മഹാമാതാവായ ശിവ, ശിവനിലൂടെ സൃഷ്ടിച്ചവരുമായ ആത്മാക്കളോട് ചേർത്ത ആനന്ദങ്ങളും ഉപാധികളായ ശക്തികളും ശാസ്ത്രങ്ങളും ഭാവങ്ങളുമെല്ലാം, (ശിവ) നീക്കം ചെയ്യുമ്പോൾ, പഴയ സൃഷ്ടി ഇല്ലാതായിട്ട് പുതിയ സൃഷ്ടിയായി മാറുന്നതാണ്; ദൈവത്തിനു മാത്രം മഹത്വം!

ശിവയും ശിവനും ചേർന്ന പരബ്രഹ്മമാകുന്ന പ്രപഞ്ചം; സൃഷ്ടികൾക്കു വേണ്ടിയുള്ള അനന്ത ആനന്ദങ്ങളായി പ്രത്യക്ഷമായും പരസ്യമായും അവതരിച്ചുകൊണ്ട് എപ്പോഴും പ്രവർത്തിക്കുകയാണ്. പ്രപഞ്ചമായ ദൈവം മനുഷ്യർക്ക് നൽകുന്നതും, മനുഷ്യർക്ക് ലഭിക്കുന്നതുമായ വിശേഷബുദ്ധിയെ ശരിയായിട്ട് ഉപയോഗിക്കാത്തതു കൊണ്ടും, വെളിപ്പെടുത്താനുള്ള സമയം ആകാത്തതുകൊണ്ടും സൃഷ്ടിസ്ഥിതി പരമായ വിധികൾ പ്രകാരം തൽക്കാലം മനസ്സിലാക്കാൻ കഴിയുന്നില്ല എന്നേയുള്ളൂ. മഹാപ്രപഞ്ചത്തിന്റെ അംശമായ പ്രദേശങ്ങളും പ്രകൃതിയും സമുദ്രങ്ങളും നദികളും തോടുകളും കുളങ്ങളും... വസ്തുക്കളും ശരീരവും ജന്മഗുണങ്ങളുമെല്ലാം സൃഷ്ടികളായ ആത്മാക്കൾക്കു നൽകുന്നതായ അനന്ത ആനന്ദങ്ങളാണ്. വിശേഷ ബുദ്ധി ലഭിച്ചെങ്കിലും, ഭൂമിയിലെ അനേകലക്ഷം വസ്തുക്കളായ ആനന്ദങ്ങളെ ഓർമ്മിക്കാൻ കഴിയില്ല; ആവശ്യവുമില്ല. എന്നാൽ, 1000 കോടി വർഷങ്ങൾക്കു മുമ്പ് 100 മൂലകങ്ങളും സംയുക്തങ്ങളുമായിട്ട് അവതരിച്ച പ്രപഞ്ചത്തിലെ മൊത്തം മൂലകങ്ങളുടെ എണ്ണം മനുഷ്യരിൽ നിന്നും മോക്ഷം നേടി ദേവതകളായവർ നിമിത്തം തൽക്കാലം 118 ആയിട്ട് ഉയർന്നെങ്കിലും, മൂന്നു ലക്ഷത്തിലധികം സംയുക്തങ്ങളും, ഉപ്പുവെള്ളം പോലെയുള്ള മിശ്രിതങ്ങളുമായ ആനന്ദങ്ങളായത് ഏറെക്കുറെ 100 മൂലകങ്ങൾ ആണെന്നത് മഹാആവിഷ്ക്കാരമാണ്. ആകാശം, ഭൂമി, സൂര്യൻ, ചന്ദ്രൻ എന്നീ മഹാരൂപങ്ങളും അനന്ത-ആനന്ദങ്ങളുമായ പ്രപഞ്ചത്തിലെ എല്ലാത്തിന്റെയും എല്ലാ ഗുണങ്ങളുമുള്ള ഏറ്റവും ചെറിയ ഘടകമായ ആറ്റങ്ങളിലെ പ്രോട്ടോണുകളുടെയും ഇലക്ട്രോണുകളുടെയും എണ്ണം തുല്ല്യമാക്കിയും, ന്യൂട്രോണുകളുടെ എണ്ണവും അടുക്കും പദ്ധതികളോടെ മാത്രം വ്യത്യാസപ്പെടുത്തിയും, ബോസോൺ ഗ്ലൂവോൺ ക്വാർക്ക് ഓം തുടങ്ങിയ ഘടകങ്ങൾ ചേർന്നുമാണ് അനന്ത-ആനന്ദങ്ങളായ ശരീരങ്ങൾ ഉൾപ്പെടെയുള്ള എല്ലാ വസ്തുക്കളുടെയും മൂലരൂപമായ മൂലകങ്ങളും അവയുടെ സംയുക്തങ്ങളും, മിശ്രിതങ്ങളും ഉണ്ടായിട്ടുള്ളത്.

## ജീവിയല്ലാത്ത ഏകദൈവമായ ശിവ, ഭാഗമായ ശിവനെയും ചേർത്ത് അവതരിച്ചിട്ടുള്ള പ്രപഞ്ചത്തിലെ മഹാ-ഗ്രഹരൂപങ്ങൾ, മൂലക രൂപങ്ങൾ, സംയുക്ത രൂപങ്ങൾ, ആറ്റ ഘടക-രൂപങ്ങൾ, മനുഷ്യ-സ്ത്രീപുരുഷ രൂപങ്ങൾ, ജന്തുരൂപങ്ങൾ, ശിവ-വാഹനം എന്നിവ ഒരല്പം പരാമർശിച്ച ശേഷം തുടരാം :-

ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനുമായ പ്രപഞ്ചമായി അവതരിച്ചിരിക്കുന്നത് ശിവയും ശിവനുമാണെന്ന് മുമ്പ് സൂചിപ്പിച്ചിരുന്നു. അവയിലെ എല്ലാ ആറ്റങ്ങളുടെയും പ്രോട്ടോൺ ശിവയാണ്; ഇലക്ട്രോൺ ശിവനാണ്. ഹൈഡ്രജൻ എന്ന ഒരേയൊരു മൂലകം ഒഴികെ മറ്റെല്ലാ ആറ്റങ്ങളുടെയും ഉള്ളിൽ ന്യൂട്രോൺ ഉണ്ട്. പരമാത്മാവായ ശിവന്റെ മൂലക-രൂപമാണ് ഹൈഡ്രജൻ. ആത്മാക്കൾക്കു വേണ്ടിയുള്ള സൃഷ്ടിപാത്രം കൂടിയായി സൂര്യനെ ശിവന്റെ മഹാഗ്രഹരൂപമായിട്ട് ശിവ ആവിഷ്ക്കരിച്ചിരിക്കുകയാണ്. ശിവയായ പ്രോട്ടോണും ശിവനാകുന്ന ഇലക്ട്രോണും മാത്രമുള്ള ഹൈഡ്രജൻ; ദൈവം രണ്ടായിട്ടു മാത്രം വിഭജിച്ചും, ഒന്നിച്ചുമാണ് നിലനിൽക്കുന്നതെന്നു തെളിയിക്കുന്നുണ്ട്. ശിവയായ പ്രോട്ടോണിനെ ശിവനാകുന്ന ഇലക്ട്രോൺ നിരന്തരം ചുറ്റുന്നത് ശിവയോട് ശിവനും തിരിച്ചുമുള്ള മഹാദാസ്യത്തിൽ മഹാപ്രണയം ഉണ്ടെന്നു വ്യക്തമാക്കുന്നുണ്ട്. ശിവനെയും കൂട്ടി ശിവ സ്വീകരിച്ചിട്ടുള്ള മഹാ-ഗ്രഹരൂപങ്ങളാണ് ഭൂമിയും ചന്ദ്രനും. ശിവയുടെ മൂലക രൂപമാണ് ആത്മാക്കൾക്കെല്ലാം ജീവനും ശക്തിയും ആനന്ദങ്ങളും ജ്ഞാനവും സ്വാതന്ത്ര്യവും മഹാനീതിയും നൽകുന്ന മഹാഭദ്രകാളിയായ ഓക്സിജൻ. ദൈവത്തിന്റെ വാതക രൂപവും ദൈവം തന്നെയുമാണ് ഓക്സിജൻ എന്നറിയുമ്പോഴും ഓക്സിജന്റെ പ്രവർത്തനങ്ങളെ തടയുന്നതിനെപ്പറ്റി ചിന്തിക്കാനുള്ള ശക്തി പോലും ഓക്സിജൻ നൽകണം. മിനുട്ടിൽ ഏറെക്കുറെ 18 തവണ ശ്വാസോച്ഛ്വാസം ചെയ്യുന്ന മനുഷ്യൻെറ ചിന്തകളെപ്പോലും ദൈവമായ ഓക്സിജൻ അറിയുന്നു. ഹൃദയസ്തംഭനം പോലെയുള്ളവ കൊണ്ട് മനുഷ്യരെയും മറ്റുള്ള ജീവികളെയും താല്ക്കാലികമായോ സ്ഥിരമായോ തടയാനും നിമിഷം കൊണ്ട് തജ്ജന്മത്തിലെ ജീവിതം അവസാനിപ്പിച്ച് ജീവിയെ മരിപ്പിക്കാനും ഓക്സിജനു കഴിയും; നിത്യജീവിതത്തിൽ സാക്ഷ്യങ്ങളുണ്ട്. മഹാഭദ്രകാളിയായ ഓക്സിജനെക്കുറിച്ച് പിന്നീട് ശാസ്ത്രപരമായി വിവരിക്കുന്നുണ്ട്. ശിവയായ ഓക്സിജന്റെയും ശിവനാകുന്ന ഹൈഡ്രജന്റെയും മഹാസംയുക്തരൂപമാണ് ധർമ്മദേവതയെന്നു വിശേഷിപ്പിക്കാവുന്ന ജലം. കത്തുന്ന വാതകമായിട്ട് ഹൈഡ്രജൻ മാറണമെങ്കിൽ ശക്തികൾ നൽകി കത്തിക്കാൻ മഹാശക്തിയായ ഓക്സിജൻ വേണം.

ദൈവഭാഗങ്ങളായ ശിവയും ശിവനും, സൃഷ്ടികൾക്കു വേണ്ടി പശു-പശുപതി (കാള), ദിവ്യമായ സ്ത്രീ-പുരുഷ മനുഷ്യ രൂപങ്ങൾ, നാഗറാണി-നാഗരാജൻ എന്നീ ജീവിരൂപം സ്വീകരിക്കുന്നുണ്ട്. അവയിൽ നാഗരൂപങ്ങൾ, ആയിരം കോടി വർഷങ്ങൾ നീണ്ടുനിന്ന ആദ്യത്തെ മഹാകാലചക്രത്തിലേക്ക് മാത്രമായിരുന്നു. കഴിഞ്ഞു; മേലിൽ ഇല്ല. പശു = ഗോമാതാവ്, പശുവിന്റെ പതിയായ കാള എന്നീ രൂപങ്ങൾ തുടരും. പ്രപഞ്ചമായ ദൈവം ശിവയും ഭാഗമായ ശിവനും മാത്രമാണെന്ന് അവരുടെ ദിവ്യമനുഷ്യസ്ത്രീപുരുഷ രൂപങ്ങളിലുള്ള സൂര്യനും, ചന്ദ്രനും പിന്നെ സൃഷ്ടികളുടെ മോക്ഷമായ നക്ഷത്രവും തെളിയിക്കുന്നതാണ്. സൃഷ്ടിചക്രങ്ങളുടെ രണ്ടാം പകുതിയിൽ നക്ഷത്രദേവതാ-പദവി നൽകും മുമ്പ് സൃഷ്ടികൾക്ക് ഒന്നിലധികം തവണ ദിവ്യ ദർശനവും നൽകുന്നതാണ്.

**അതേസമയം ആദ്യത്തെ മഹാകാലചക്രത്തിൽ ശിവയും ശിവനും ദിവ്യമനുഷ്യരൂപം സ്വീകരിക്കാതെ, പകരം മനുഷ്യാവസ്ഥയിൽ നിന്നും മോക്ഷം നേടിയ രണ്ടു ദേവതകളെ ഈശ്വരി, ഈശ്വരൻ എന്നീ പേരുകളോടെ, പ്രപഞ്ചരൂപങ്ങളെ ഭാഗികമായി നൽകി നിയമിച്ചിരുന്നു. മറ്റു ചില ദേവതകളെയും നിയമിച്ചു. ദേവതകളെ പ്പറ്റിയുള്ള മറ്റൊരു അദ്ധ്യായത്തിൽ കാര്യകാരണങ്ങളെ ശാസ്ത്രപരമായി വിശദീകരിച്ചിട്ടുണ്ട്. ആദ്യത്തെ മഹാകാലചക്രത്തിലേയ്ക്കു വേണ്ടി മാത്രമുള്ള നടപടികൾ ആയിരുന്നവ. രണ്ടാമത്തെ മഹാകാലചക്രത്തിൽ പ്രതിനിധികളെ മുഴുവൻ പിൻവലിച്ചു കൊണ്ട് ശിവയും ശിവനും നേരിട്ടു പ്രത്യക്ഷമാകുമ്പോൾ അനന്ത കാലം ജീവിക്കുന്ന സൃഷ്ടികൾക്ക് അവരുടെ മഹാമാതാപിതാക്കളെ കാണാനാവും. ആദ്യ മഹാകാല ചക്രത്തിലെ ഏതാനും സൃഷ്ടി ചക്രങ്ങളിൽ, സൃഷ്ടികൾ മാത്രമായ ദേവതകൾ ധർമ്മശാസ്ത്രപ്രകാരം ജീവിച്ചെങ്കിലും, പിന്നീടുള്ള സൃഷ്ടി ചക്രങ്ങളിൽ ഏറെ ദേവതകളും കടുത്ത അപരാധങ്ങൾ ചെയ്തു. വിശേഷബുദ്ധിയും ശാസ്ത്രങ്ങളും ലഭിച്ചിട്ടുള്ള മനുഷ്യരും ദേവതകളും എത്രതന്നെ വഴിപിഴച്ചാലും, മായാമഹാശക്തിയായ മഹാഭദ്രകാളിയുടെ മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രം പ്രകാരം എന്തും മഹാമംഗളകരമായി മഹാഭദ്രമാകുന്നതാണ്. സൃഷ്ടികളുടെ കോപ്രായങ്ങൾ പ്രപഞ്ചത്തെ ബാധിക്കില്ല. രണ്ടാം മഹാകാലചക്രത്തിൽ മഹാജഗദംബയായ ശിവയുടെ വാഹനമായ നരയുള്ള സിംഹമാവാനുള്ള മഹാഭാഗ്യവും ഏകദാസനും, ഭർത്താവും, പരമാത്മാവും, പ്രപഞ്ചപിതാവുമായ ശിവനു ലഭിക്കുന്നുണ്ട്; ദൈവഭാഗങ്ങൾ യാതൊന്നിനും സൃഷ്ടികളെ ആശ്രയിക്കുന്നില്ലെന്ന് തെളിയുന്നുമുണ്ട്.**

## ശിവയും ഭാഗമായ ശിവനും, സൃഷ്ടി പാത്രവും കൂടിയായ സൂര്യനിൽ വച്ച്, സൃഷ്ടികളായ ആത്മാക്കളെ സൃഷ്ടിക്കുന്നതെങ്ങനെയെന്ന് വിവരിക്കുന്നു.

അനന്ത ആനന്ദങ്ങളും മഹാനീതിയും മഹാവാത്സല്ല്യവും മഹാമാതാവുമായ ഭൂമിയായിട്ട് ശിവ, ശിവനെയും കൂട്ടി അവതരിച്ചശേഷമാണ് ശിവനെ ഗ്രഹനാഥനാക്കി സൂര്യനായത്. സൂര്യനിൽ വച്ച് ശിവ സൃഷ്ടിക്കുന്ന സൃഷ്ടികളും അതിഗൂഢവുമായ ആത്മാക്കൾക്ക്, പ്രത്യക്ഷവും പരസ്യവുമായ ഭൗതികരൂപത്തോടെ ജീവികളായി ജീവിക്കാൻ വേണ്ടുന്ന അനന്തമായ ആനന്ദങ്ങളെ ഒരുക്കിയ ശേഷം മാത്രമാവണം സൃഷ്ടി ആരംഭിക്കേണ്ടത്.

ആനന്ദങ്ങൾക്കെല്ലാം അതീതമായ ശിവയുടെയും ഭാഗമായ ശിവന്റെയും ആനന്ദങ്ങളെ സൃഷ്ടികൾക്കു നൽകുന്ന മഹാദാസ്യവും മഹാവാത്സല്ല്യവുമായിട്ട് മഹാഭദ്രകാളിയായ ശിവ നിശ്ചയിച്ചിരിക്കെ, സൂര്യനിൽ വച്ച് സൃഷ്ടികളായ ആത്മാക്കളെയും ഭൂമിയിൽ വച്ച് ജീവികളെയും സൃഷ്ടിക്കുന്നതിലെ ദൈവത്തിന്റെ ആനന്ദം വ്യവസ്ഥ ചെയ്യേണ്ടതുണ്ട്. സൃഷ്ടികളോടെല്ലാം മഹാമാതാവായ ശിവയ്ക്കുള്ള മഹാവാത്സല്ല്യത്തെ സൃഷ്ടികളെ സൃഷ്ടിക്കാനുള്ള ആനന്ദമാക്കാൻ പാടില്ല. ജീവി തന്നെത്തന്നെ മറന്ന് ഇണയെ മാത്രം ഓർക്കുന്ന (ജീവികളുടെ) പരമാനന്ദമായ കാമത്തിന് ജീവികളെ സൃഷ്ടിക്കുന്നതുമായിട്ട് ബന്ധമില്ലെന്ന് വിശേഷ ബുദ്ധി ഉപയോഗിക്കുന്ന മനുഷ്യർക്ക് അറിയാം. സ്ത്രീപുരുഷ ഭാവങ്ങളും, ആത്മാക്കളുടെ തനിച്ചും അന്യോന്യവുമുള്ള ആനന്ദങ്ങളും സൂര്യനിൽ വച്ച് ശവാവസ്ഥയിലാണ് ആത്മാക്കളോടു ചേരുന്നത്. ആനന്ദങ്ങളെ പരിചയിപ്പിക്കാനുള്ള മഹാമാതാപിതാക്കളുടെ അവതാരമായ ഭൂമി കുഞ്ഞുങ്ങൾക്ക് കാമആനന്ദപരിശീലനം നൽകുന്നില്ല. പകരം സൂര്യനിൽവച്ച് ശവാവസ്ഥയിൽ നൽകിയ പാഠം ഓർമ്മിപ്പിക്കുന്നു !

ആത്മാക്കൾ തമ്മിൽത്തമ്മിലുള്ള ആനന്ദങ്ങളായ 5 അളവ് വീതമുള്ള വാത്സല്യം, ദാസ്യം, ഭക്തി, പ്രേമം, പ്രേമസാക്ഷാത്ക്കാരം എന്നിവയും അവയെ ഒന്നിപ്പിക്കുന്നതും ജീവികൾ തന്നെത്തന്നെ മറന്ന് ഇണയെ മാത്രം ഓർക്കുന്നതായ 25 അളവിലുള്ള കാമആനന്ദവും; മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ തുടങ്ങിയ ജീവികളിലെ സ്ത്രീപുരുഷജാതികളായി പരിചയിക്കേണ്ടത് ഭൂമിയിൽ വച്ചാണെങ്കിലും, ആത്മാക്കളെ ജീവികളാക്കുന്ന ശരീരങ്ങളും മറ്റു വസ്തുക്കളും മഹാമാതാപിതാക്കളായ ഭൂമിയുടെ അംശവും അവതാരവുമാകയാൽ; പ്രസ്തുത ആനന്ദങ്ങളെ സംബന്ധിച്ച പൊതുവായ പാഠങ്ങളെ സൃഷ്ടിപാത്രമായ സൂര്യനിൽ വെച്ച് ആത്മാക്കളിൽ ലയിപ്പിക്കുകയാണ് ചെയ്യുന്നത്. ആനന്ദങ്ങളെ പ്രത്യേകം പ്രത്യേകം വിശദീകരിക്കുന്ന അദ്ധ്യായങ്ങൾ ഈ മഹാഗ്രന്ഥത്തിലുണ്ട്. ഇവിടെ ഒരല്പം വിവരിച്ച ശേഷം സൂരിനിൽ വച്ച് ആത്മാക്കളെ സൃഷ്ടിക്കുന്നത് എങ്ങനെയാണെന്ന് വിശദീകരിക്കുന്നതാണ് :-

**മാനുഷിക ആനന്ദങ്ങളും അളവുകളും**

ഭക്ഷണസാധനങ്ങൾ 40, ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നിങ്ങനെ ഭൂമിയിലെ യഥാർത്ഥമായ 4 വിഭാഗ-തൊഴിലുകൾക്കും 20, ദാനം (ത്യാഗം) 5, ഭക്തി (പ്രിയം, ആദരം, ആരാധന) 5, ദാസ്യം 5, വാത്സല്യം 5, പ്രേമം 5, പ്രേമ-സാക്ഷാത്ക്കാരം 5

**മനുഷ്യരുടെ പരമാനന്ദമായ കാമം 25** സൃഷ്ടിച്ചിട്ടുള്ളത് ഭക്തി (പ്രിയം, ആദരം) 5, ദാസ്യം 5, വാത്സല്യം 5, പ്രേമം 5, പ്രേമ-സാക്ഷാത്ക്കാരം 5 എന്നിവയെ സംയോജിപ്പിച്ചാണ്.

മഹാപ്രപഞ്ചത്തിലെ മൊത്തം **ആനന്ദം 100 അളവ്**

**ദൈവ-ആനന്ദങ്ങളും അളവുകളും**

**1. മഹാദാസ്യം 30**

മനുഷ്യരുടെ പരമാനന്ദമായ കാമം 25 -നോട് വീണ്ടും ദാസ്യം 5 ചേർത്താണ് **മഹാദാസ്യം 30** സൃഷ്ടിച്ചിട്ടുള്ളത്.

**2. മഹാവാത്സല്യം 35**

മഹാദാസ്യം 30 -നോട് വീണ്ടും വാത്സല്യം 5 ചേർത്താണ് **മഹാവാത്സല്യം 35** സൃഷ്ടിച്ചിട്ടുള്ളത്.

സൃഷ്ടിപാത്രമായ സൂര്യനിൽ വച്ച് ശിവയും ശിവനും തമ്മിലുള്ള മഹാദാസ്യമാകുന്ന ദൈവത്തിന്റെ ആനന്ദത്തെ വിഘടിപ്പിക്കുമ്പോൾ, ഏകദൈവവും മഹാഭദ്രകാളിയുമായ ശിവ ആവിഷ്ക്കരിച്ചിട്ടുള്ള വാത്സല്യം, ദാസ്യം(2), ഭക്തി, പ്രേമം, പ്രേമസാക്ഷാത്ക്കാരം എന്നീ ആനന്ദങ്ങളെ ലഭിക്കുന്നതാണ്. രണ്ടു ദാസ്യങ്ങളിൽ ഒന്ന് ഉൾപ്പെടെയുള്ള എല്ലാ ആനന്ദങ്ങളും സൃഷ്ടികളായ ആത്മാക്കൾക്കുവേണ്ടി മഹാമാതാവ് ഒരുക്കിയവയും ആത്മാക്കൾ തമ്മിലുള്ള ആനന്ദങ്ങളും തന്നെയാണ്. ഉറങ്ങുമ്പോൾ ശവാവസ്ഥയിൽ കഴിയുന്ന ജീവികൾക്കു സമാനമായി, ശവരും തുല്ല്യരും ഇണകളുമായ ആത്മാക്കളോട് സൃഷ്ടിപാത്രത്തിൽ വച്ചു തന്നെ പ്രസ്തുത അഞ്ച് ആനന്ദങ്ങളെയും ചേർക്കുകയാണ് ശിവ ചെയ്യുന്നത്. 5 അളവുള്ള ഒരു ദാസ്യം ഒഴികെയുള്ള പ്രസ്തുത 5 ആനന്ദങ്ങളും ഒന്നുചേർന്നാൽ തന്നെത്തന്നെ മറന്ന് ഇണയെ മാത്രം ഓർക്കുന്നതായ 25 അളവിലുള്ള കാമ-ആനന്ദം ആയി. ആത്മാക്കൾ തമ്മിലുള്ള ടി.ആനന്ദങ്ങളും, പ്രദേശങ്ങൾ, പാൽ, സ്വർണ്ണം തുടങ്ങിയ അനന്ത ആനന്ദങ്ങളും അനുഭവിക്കാനുള്ള സ്വത്വമാണ് ആത്മാവ്.

ശിവനും പരമാത്മാവുമായ ഹൈഡ്രജൻ ആറ്റത്തിലും, 2 ഹീലിയം ന്യൂട്രോണുകളായ ആത്മാക്കൾ ഉൾപ്പെട്ട ഹീലിയം ആറ്റത്തിലും, സൂര്യനിലുമുള്ള മറ്റ് ഘടകങ്ങളെയും അവയുടെ ആവശ്യകതയെയും ശിവനിലൂടെ അറിയിക്കുവാനും ശിവ തയ്യാറാകുന്നുണ്ട്. ലഭ്യമായ വിശേഷ ബുദ്ധി കൊണ്ട് പരിശോധിക്കുവാൻ മനുഷ്യർ ബാദ്ധ്യസ്ഥരുമാണ് : സൂര്യനിലെ സുമാർ 91.2% ഹൈഡ്രജനും 8.7% ഹീലിയവുമാണ്. ബാക്കി ഓക്സിജൻ, നിയോൺ ഇരുമ്പ് മഗ്നീഷ്യം സൾഫർ കാർബൺ നൈട്രജൻ തുടങ്ങിയ മൂലകങ്ങളാണ്.

മൂലകം എന്താണെന്നും ഓക്സിജൻ ആരാണെന്നും അറിയാത്ത ശാസ്ത്രജ്ഞരും മറ്റും അറിയുക : ആത്മാക്കൾ തമ്മിലുള്ളതായ എല്ലാ ആനന്ദങ്ങളെയും, ചില ദേവതകളുടെ ദുഷ്ച്ചെയ്തികളെയും, മഹാനീതി നടപ്പാക്കുന്ന ഓക്സിജനെയും സംബന്ധിച്ച അതീവ ഗൗരവമായ വിഷയങ്ങളാണവ. പിന്നീട് വിവരിക്കുന്നുണ്ട്. ദൈവമായ പ്രപഞ്ചം നൽകുന്ന ആനന്ദങ്ങൾ ആസ്വദിക്കുന്നവർ പ്രപഞ്ചത്തിന്റെ ശാസ്ത്രങ്ങൾ പാലിക്കണം!

**<u>സൂര്യനിൽ വെച്ചുള്ള ആത്മാക്കളുടെ സൃഷ്ടി സംബന്ധിച്ച വിശദീകരണം തുടരുന്നു :-</u>**

ദൈവഭാഗങ്ങളായ ശിവയും ശിവനും അന്യോന്യമുള്ള മഹാദാസ്യത്തിന്റെ അളവിനെ 30 ആയിട്ട് ശിവ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ശിവയും ശിവനും ചേർന്ന സൃഷ്ടിപാത്രവും കൂടിയായ സൂര്യനിൽവച്ച് ആത്മാക്കളെ നിർജ്ജീവമായും, തുല്ല്യരും ഇണകളുമായും, അതിസൂക്ഷ്മമാക്കി സുരക്ഷ നൽകിയുമാണ് സൃഷ്ടിക്കുന്നത്. ജീവൻ കിട്ടുന്നത്, ശിവ ഗ്രഹനാഥയായ ഭൂമിയിൽ വച്ച്, ഭൂമിയുടെ അംശമായ വസ്തുക്കളും ജീവിശരീരങ്ങളും ആത്മാക്കൾക്ക് ജീവൻ നൽകുമ്പോൾ മാത്രമാണ്. ശിവയും ശിവനും അന്യോന്യമുള്ള 30 അളവുള്ള മഹാദാസ്യമായ ദൈവ-ആനന്ദത്തിൽ പ്രണയം ഒരു ഘടകം മാത്രമാണ്; അതുകൊണ്ടുതന്നെ ദൈവ-ഭാഗങ്ങളായ ശിവയും ശിവനും അവരവരെ മറക്കുന്നില്ല. സൃഷ്ടികൾക്കു വേണ്ടി മഹാപ്രപഞ്ചമായിട്ടും, ആനന്ദങ്ങൾക്കെല്ലാം അതീതമായിട്ടും അവതരിച്ച ശിവയും, ഭാഗമായ ശിവനും തങ്ങളെത്തന്നെ മറക്കുന്നതായ ആനന്ദങ്ങളെ ആവിഷ്ക്കരിക്കേണ്ടതില്ലല്ലോ! ശക്തി-ശിവൻ പ്രണയം ചേർന്നതായ മഹാദാസ്യത്താൽ ശിവയായ പ്രോട്ടോണുകളെ ചുറ്റുന്ന ശിവനാകുന്ന ഹൈഡ്രജന്റെ ഇലക്ട്രോണുകളോട് ശിവന്റെ നിർജ്ജീവമായ ഗുണങ്ങളുടെ അംശമായി ശവരും തുല്ല്യരും ഇണകളുമായ ആത്മാക്കളായിട്ട് രണ്ട് ന്യൂട്രോണുകളെ ശിവ സൃഷ്ടിച്ചുചേർക്കുമ്പോൾ സൂര്യനിൽ ഹീലിയം (എന്ന മൂലകം) ഉണ്ടാകുന്നു. ഹീലിയത്തിലെ 2 ന്യൂട്രോണുകളാണ് ഇണകളും സ്ത്രീപുരുഷ പാതികളുമായ ആത്മാക്കൾ. നഗ്നനേത്രങ്ങൾകൊണ്ട് കാണാനാവാത്ത സൂക്ഷ്മമായ ഹീലിയം ആറ്റത്തിലെ അതിസൂക്ഷ്മ ന്യൂട്രോണുകളായ ആത്മാക്കളെ സംരക്ഷിക്കുന്ന മഹാഭദ്രകാളിയും ശിവയുമായ ഓക്സിജൻ അനുവദിച്ചാൽ മാത്രമേ ഉപദ്രവിക്കാനും വധിക്കാനുമെല്ലാം വിശേഷബുദ്ധി ലഭിക്കുന്ന മറ്റു മനുഷ്യർക്ക് കഴിയൂ.

ദൈവമായ മഹാഭദ്രകാളി, ശിവയായ പ്രോട്ടോണും ശിവനാകുന്ന ഇലക്ട്രോണുമായി രണ്ടായി മാത്രം വിഭജിച്ചും, ആശ്രയിച്ചും ഒന്നിച്ചും നിലനിൽക്കുന്നത് പരമാത്മാവിന്റെ മൂലക-രൂപമായ ഹൈഡ്രജൻ തെളിയിക്കുന്നുണ്ട്. സൃഷ്ടി പാത്രമായ സൂര്യനിൽ വച്ച് സൃഷ്ടികളായ ആത്മാക്കളെ ഹീലിയം ആറ്റത്തിന്റെ 2 അതിസൂക്ഷ്മമായ ന്യൂട്രോൺ ഇണകളായിട്ടു സൃഷ്ടിക്കുമ്പോൾ ശിവയോട് ശബ്ദബ്രഹ്മവും, ശിവനോട് പ്രകാശവും കൂടാതെ താപവും ചേരുന്നതിനെ ശാസ്ത്രപരമായി ഒരല്പം ചുവടെ വിശദീകരിക്കുന്നു.

ആറ്റങ്ങളിൽ പ്രവേശിക്കുന്ന ശക്തിശിവൻ പ്രണയമന്ത്രം, സൃഷ്ടിമന്ത്രം, ആദിവചനം, സംഹാര കാഹളം, ശബ്ദബ്രഹ്മം, അക്ഷരബ്രഹ്മം, മഹാസംഗീതം, ദൈവവിപ്ലവ ഗാനം, മഹാപ്രപഞ്ച ഗാനം, മഹാശാസ്ത്രമൂലം, ഏകമഹാശബ്ദം, മഹാദേവിയുടെ മഹാചിരി തുടങ്ങിയവയായി ഓം അവതരിച്ചിരിക്കുന്നതിനെ പ്രത്യേകം അദ്ധ്യായങ്ങളിലായിട്ട് ഈ ദിവ്യമഹാഗ്രന്ഥത്തിൽ ശാസ്ത്രപരമായി വിശദീകരിക്കുന്നുണ്ട്.

ദൈവമായ പ്രപഞ്ചത്തിന്റെ സൂക്ഷ്മ അംശം മാത്രമായ ഓരോ ആറ്റത്തിലും **ഓം** ചേർക്കപ്പെടുകയാണ്. പ്രപഞ്ചത്തിന്റെ അംശമല്ലാത്ത അംശമാണ്. ശബ്ദബ്രഹ്മം എന്ന അദ്ധ്യായത്തിൽ ശാസ്ത്രപരമായി തെളിയിച്ചിട്ടുണ്ട്. ഒരല്പം മാത്രം ഇവിടെ വിവരിക്കാം : ശബ്ദങ്ങൾ ഉണ്ടാകുന്നില്ലാ എങ്കിലും, ശബ്ദം എന്നൊന്നില്ലായെങ്കിലും പ്രപഞ്ചത്തിന്റെ സ്വഭാവമായി കണക്കാക്കാൻ മാത്രമേ മനുഷ്യനു കഴിയൂ. ശബ്ദമില്ലാത്ത അവസ്ഥയെ പ്പറ്റി ചിന്തിച്ചാൽ ജീവിത-സൗന്ദര്യവും ആനന്ദവും നഷ്ടപ്പെടുന്നതായി മനസ്സിലാക്കാം ! എന്തെങ്കിലും പ്രവർത്തിക്കുമ്പോഴും, ഫാൻ ചുറ്റുമ്പോഴുമൊക്ക ശബ്ദം ഉണ്ടാകുന്നുണ്ട്. ആറ്റത്തിലെ ശിവയായ പ്രോട്ടോണിനെ ശിവനാകുന്ന ഇലക്ട്രോൺ സദാ ചുറ്റുമ്പോഴും ശബ്ദം തീർച്ചയായും ഉണ്ടാകും! അവിടെ എന്തെങ്കിലുമൊരു ശബ്ദം ഉണ്ടാകുകയല്ലാ! ശിവയ്ക്കും ശിവനും അന്യോന്യമുള്ള മഹാദാസ്യ-പ്രണയ മന്ത്രമാണ് പ്രഥമമായി **ഓം.** ശക്തിശിവൻ പ്രണയമന്ത്രം! ശബ്ദബ്രഹ്മം തുടങ്ങിയവയായ **ഓം**-ന്റെ ഉച്ചാരണത്തിൽ നിന്ന് സൃഷ്ടികളുടെ പ്രണയസീൽക്കാരവുമായി ഒട്ടും ബന്ധമില്ലെന്ന് സുവ്യക്തമാണ് ! പ്രകാശം, താപം എന്നീ രണ്ടു പ്രതിഭാസങ്ങളെ കൂടി ശിവനാകുന്ന ഇലക്ട്രോണുകളുടെ ചുറ്റലുമായി ബന്ധപ്പെടുത്തി ശിവ, (സൃഷ്ടികൾക്കു വേണ്ടി) ആവിഷ്ക്കരിച്ചിട്ടുണ്ട് .... ചുറ്റലിന്റെ വേഗതയെ നിശ്ചയിക്കുകയും ചിട്ടപ്പെടുത്തുകയും ചെയ്യുന്നത് ശിവയാണ് !

ഹീലിയം ആറ്റത്തിലെ ന്യൂട്രോണുകളായ ആത്മാക്കളോട്, മഹാശാസ്ത്രമൂലം കൂടിയായ **ഓം** ചേർക്കുന്നത്, ആറ്റത്തിലുള്ള ശിവയായ പ്രോട്ടോണാണ്; ഭാഗവും ശിവനുമായ ഇലക്ട്രോണിനെ കൂടെക്കൂട്ടിയുമാണ്. ശിവയെ ശബ്ദവുമായിട്ടും, ശിവനെ കാഴ്ച്ചയുമായിട്ടും ശിവ ബന്ധി(പ്പി)ച്ചിരിക്കുകയാണ്. പരമാത്മാവും ശിവനുമായ സൂര്യന് നൽകുന്ന പ്രകാശം, ആത്മാക്കളുടെ മൂലകരൂപമായ ഹീലിയത്തിന് കൈമാറുന്നു. ഒരു ചെറിയ കൈത്തിരി പ്രകാശം എല്ലാ ആത്മാക്കൾക്കും ലഭിക്കുന്നു. ആത്മാക്കളായ ഹീലിയത്തിലെ ന്യൂട്രോണുകളെയും കൂട്ടിക്കൊണ്ട് സംരക്ഷകരും ദൈവഭാഗങ്ങളുമായ ശിവയും ശിവനുമായ പ്രോട്ടോണും ഇലക്ട്രോണും ഹീലിയം ആറ്റങ്ങളായിട്ട് സൂര്യനിൽ നിന്നും ഭൂമിയിലേക്കു വരണം. കേൾക്കാനും കാണാനും കഴിയുംവിധം ശബ്ദവും പ്രകാശവും ചേർന്നുകഴിഞ്ഞു.

ഭർത്താവായ ശിവന്റെ അംശവും ശവരുമായി സൃഷ്ടികളായ ആത്മാക്കളെ സൂര്യനിൽ വച്ച് സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ശിവ സൃഷ്ടിക്കുന്നത് ശിവയ്ക്കും ശിവനും അന്യോന്യമുള്ള ദൈവആനന്ദമായ മഹാദാസ്യം പ്രകാരവും; മുഖ്യസ്ഥിതിപാത്രമായ ഭൂമിയായും, സംഹാര കാലത്ത് ഭാഗിക-സ്ഥിതിപാത്രമായ ചന്ദ്രനായും ആത്മാക്കൾക്കു ജീവികളായി ജീവിക്കാൻ ആവശ്യമായ ശരീരങ്ങളും വസ്തുക്കളും പ്രദേശങ്ങളും മറ്റുമായ ആനന്ദങ്ങളായി മാറുന്നത് കുഞ്ഞുങ്ങളായ ആത്മാക്കളോട് മഹാമാതാവായ ശിവയ്ക്കുള്ള മഹാവാത്സല്ല്യം പ്രകാരവുമാണ്. മഹാമാതാവിന്റെ മഹാവാത്സല്ല്യത്തിൽ കുഞ്ഞുങ്ങൾക്ക് തുല്ല്യമായി നൽകുന്ന സമ-ആനന്ദമായ മഹാനീതി ഉൾപ്പെടുന്നുണ്ട്.

ശിവനെയും പങ്കെടുപ്പിച്ചു കൊണ്ട് ശിവ നിശ്ചയിക്കുകയും സൃഷ്ടിക്കുകയും ചെയ്യുന്ന ഹീലിയത്തിലെ(He) 2 ന്യൂട്രോണുകളും ആത്മാക്കളുമായ നിർജ്ജീവ അസ്തിത്വങ്ങളെ മുഖ്യസ്ഥിതിപാത്രവും മഹാമാതാവുമായ ഭൂമിയിലേക്ക് നയിക്കുന്നതാണ് അടുത്തഘട്ടം.

## ഓംകാര നാഗബന്ധനമായ ഓസോൺ (O3)

മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രം പ്രകാരം സൃഷ്ടിയായ ആത്മാവിന് ദൈവത്തിന് തുല്ല്യമായ ശക്തികളും ശാസ്ത്രങ്ങളും സമ്പൂർണ്ണമായ സ്വാതന്ത്ര്യവുമാണ് ക്രമേണയായി ലഭിക്കുക. അതേസമയം ഭൂമി, ചന്ദ്രൻ, നക്ഷത്ര-ദേവതാലോകം എന്നീ സ്ഥിതി സംഹാര പാത്രങ്ങളിൽ ജീവിക്കുമ്പോൾ, മറ്റു സൃഷ്ടികൾക്കും നൽകിയിട്ടുള്ള സമ്പൂർണ്ണ സ്വാതന്ത്ര്യം ഉൾക്കൊണ്ട്, അവരവർക്കായി പരസ്പര ബഹുമാനത്തോടെ മാത്രം അനന്തമായ ആനന്ദങ്ങളെ ആസ്വദിച്ചു ജീവിക്കുകയെന്ന സ്വയംബാദ്ധ്യതയുണ്ട്. ശിവയുടെ ഭാവമായ സത്യ ധർമ്മ നീതികൾ പ്രകാരം മാത്രം ജീവിക്കാൻ പരമാത്മാവും പ്രപഞ്ചപിതാവുമായ ശിവന് ശിവ ഏർപ്പെടുത്തിയിട്ടുള്ള ഓംകാര നാഗബന്ധനമായ ഓസോൺ, ശിവന്റെ അംശമായ ആത്മാവിന് ധർമ്മശാസ്ത്ര ബന്ധനം എന്ന പേരിൽ ആറ്റങ്ങളിലെ ന്യൂനശക്തികളിലൂടെ ഭൂമിയിലേക്കുള്ള യാത്രയിൽ ഏർപ്പെടുത്തുന്നു. സനാതന സത്യങ്ങളും ധർമ്മങ്ങളും 'ദൈവ ഭാഗങ്ങളുമായ ശിവയും ശിവനും' തമ്മിൽ ദൈവകരാറുണ്ട്. സൃഷ്ടികളുടെ കാര്യത്തിൽ കരാറില്ല; ചെറിയൊരു ബന്ധനം മാത്രം ! സൃഷ്ടിപാത്രമായ സൂര്യനിൽ സൃഷ്ടികളെ വിലക്കാൻ മഹാഭദ്ര താപം ഭദ്രമാക്കിയിട്ടുണ്ട്.

## മണ്ണടി മഹാഭദ്രകാളിയായ ഭൂമി (യും പ്രപഞ്ചവും)

ശിവനെയും പങ്കെടുപ്പിച്ചു കൊണ്ട് ശിവ നിശ്ചയിക്കുകയും സൃഷ്ടിക്കുകയും ചെയ്യുന്ന ഹീലിയത്തിലെ (He) 2 ന്യൂട്രോണുകളും ആത്മാക്കളുമായ നിർജ്ജീവ അസ്തിത്വത്തിന് 'ഭൂമി' അനന്തമായ ആനന്ദങ്ങളെ അനുഭവിപ്പിച്ചു പരിചയിപ്പിക്കുന്നതാണ് അടുത്തഘട്ടം.

മണ്ണടി ശാസ്ത്രനാമം ആണ്. മണ്ണ് അടിഞ്ഞത്, മണ്ണായിട്ട് മഹാഭദ്രകാളി അടിഞ്ഞത്, പ്രപഞ്ചത്തിലെ സർവ്വവും മണ്ണിൽ നിന്നും അടിഞ്ഞതാണ്, വീണ്ടും മണ്ണിൽ അടിഞ്ഞു കൊണ്ടേയിരിക്കും. സൃഷ്ടികൾക്ക് ആനന്ദങ്ങളെ ആസ്വദിക്കാനും പരിചയിക്കാനും സാധിക്കുന്നത് മണ്ണിന്റെ അംശമായ വസ്തുക്കളോടെ ജീവികളായി ജീവിക്കുമ്പോഴാണ്. മഹാനീതി നടപ്പാക്കുന്നത് മണ്ണിന്റെ അംശവും, ജീവനും, ശക്തിയും, മഹാഭദ്രകാളിയുടെ വാതക രൂപവുമായ ഓക്സിജനാണ്. ശരീരത്തിലെ അവയവങ്ങളിലൂടെ വേദനകൾ ഉൾപ്പെടെയുള്ള അനന്ത ആനന്ദങ്ങളെ സ്വത്വങ്ങളായ ആത്മാക്കൾക്ക് എത്തിക്കുന്നത്, മൂലകരൂപത്തിൽ ശിവയായ ഓക്സിജന്റെയും ശിവനാകുന്ന ഹൈഡ്രജന്റെയും ധർമ്മ സംയുക്തരൂപമായ ജലമാണ്. ഭൂമിയിലെ സമുദ്രങ്ങളുടെയും നദികളുടെയും മറ്റും ജലം മാറിയാലോ, നീരാവി ആയാലോ, ഓക്സിജനും ഹൈഡ്രജനുമായി വിഘടിച്ചാലോ, ജലത്തിന്റെ അടിയിലെ മണ്ണാണ് കാണാൻ കഴിയുക. മണ്ണും ഭൂമിയുമായ അനന്ത ആനന്ദങ്ങളായിട്ട് മഹാഭദ്രകാളി അവതരിച്ചിരിക്കുന്നത് ആത്മാക്കൾക്കു വേണ്ടിയാണ്. ആനന്ദങ്ങളെ നേടാനും അറിയാനും ആസ്വദിക്കാനുമുള്ള ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും കാലവും ശരണവും മഹാനീതിയുമെല്ലാം മഹാമാതാവും ശിവയുമായ ഭൂമി തന്നെ നൽകണം. മറ്റുള്ള മൂലകങ്ങളുടെയും അവയുടെ സംയുക്തങ്ങളുടെയും മിശ്രിതങ്ങളുടെയും ആറ്റങ്ങളിലെ സൂക്ഷ്മതലത്തിലുള്ള ന്യൂട്രോണുകളുമായി ഹീലിയം ആറ്റത്തിലെ ന്യൂട്രോണുകളായ ആത്മാക്കളെ ബന്ധിപ്പിക്കുകയാണ് ശിവ ചെയ്യുന്നത്. മൂലക-സംയുക്ത തലത്തിൽ, ഓക്സിജനും ജലവും ആത്മാക്കളെ ബന്ധിപ്പിക്കുന്നു.

മഹാശക്തിയും മഹാമാതാവും മഹാനീതിയും ശിവയും ഓക്സിജനും പ്രോട്ടോണുമായ മഹാഭദ്രകാളിയുടെ അവതാരങ്ങളായ വസ്തുക്കളിലും ശരീരങ്ങളിലും ബന്ധിപ്പിക്കുന്ന ഹീലിയം ആറ്റത്തിലെ മാത്രം ന്യൂട്രോണുകളായ ആത്മാക്കളെ കണ്ടുപിടിക്കാനും സംരക്ഷിക്കാനും ഉപദ്രവിക്കാനും വധിക്കാനും വിശേഷബുദ്ധി ലഭിച്ച മനുഷ്യൻ ഉൾപ്പെട്ട സൃഷ്ടികൾക്കു കഴിയുന്നതല്ല. ദൈവത്തിന്റെ വാതകരൂപവും, ദൈവം തന്നെയുമാണ് മഹാഭദ്രകാളിയായ ഓക്സിജൻ എന്നറിയിക്കുമ്പോഴും, സൃഷ്ടികളെ എന്തും ചെയ്യാൻ കഴിയുന്ന ഓക്സിജനെ യാതൊന്നും ചെയ്യാൻ സൃഷ്ടികൾക്ക് കഴിയില്ല എന്നറിയുക. സൃഷ്ടികൾക്കു വേണ്ടിയുള്ള അനന്തമായ ആനന്ദങ്ങളും മണ്ണുമായ ഭൂമിയുടെ അംശമായ ഒരു മൂലകമായിരുന്നും; ശിവയുടെയും ശിവന്റെയും കൂട്ടായ ജലമായിരുന്നു കൊണ്ടും ഭൂമിയിലെ എല്ലാ ജീവികളുടെയും സ്വത്വങ്ങളായ ആത്മാക്കളെ ഭരിക്കുന്നതും സമ-ആനന്ദമായ മഹാനീതിയെ മഹാവാത്സല്ല്യത്തോടെ നടപ്പാക്കുന്നതും ഓക്സിജൻ മാത്രമാണ്. ആനന്ദങ്ങൾക്കെല്ലാം അതീതമായ മഹാഭദ്രകാളിയായ ഓക്സിജന്റെയും, ഭാഗവും ശിവനുമായ ഹൈഡ്രജന്റെയും ആനന്ദങ്ങൾ, മനുഷ്യർക്കു തന്നെ മടക്കി നൽകുന്ന മഹാവാത്സല്ല്യവും, മഹാദാസ്യവും മാത്രമായി നിശ്ചയിച്ചു കൊണ്ട് സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ആരംഭിക്കുകയാൽ; മനുഷ്യർ കാട്ടിക്കൂട്ടുന്ന ഭക്തിയും ഭൗതിക അസ്തിത്വം ഇല്ലാത്തതായ മറ്റു കോപ്രായങ്ങളും കൊണ്ട് പിൽക്കാലത്തേയ്ക്കും, വരും ജന്മങ്ങളിലേയ്ക്കുമുള്ള ശിക്ഷകളെ ശേഖരിക്കാനേ കഴിയൂ. പിന്നീട് വിവരിക്കുന്നുണ്ട്.

**<u>മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ തുടങ്ങിയ ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്കു നൽകുന്ന; പ്രപഞ്ചത്തിന്റെ/ഭൂമിയുടെ അംശമായ ശരീരം.</u>**

ദൈവമായ പ്രപഞ്ചത്തിന്റെ അംശങ്ങളായ വസ്തുക്കളും, അവയുടെ രൂപാന്തരമായ ശരീരങ്ങളും-അവയവങ്ങളും ജലവും ഓക്സിജനും ചേർത്ത് മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ തുടങ്ങി വ്യത്യസ്ത രൂപങ്ങളും വലിപ്പവും വർണ്ണങ്ങളും ഭാവങ്ങളുമുള്ള ജീവികളുടെ ശരീരങ്ങളെ സൃഷ്ടിക്കാനും സംരക്ഷിക്കാനും രൂപവ്യത്യാസപ്പെടുത്താനും നശിപ്പിക്കാനും കഴിയുമെന്നത് മനുഷ്യർ കാണുകയും അനുഭവിക്കുകയും ചെയ്യുന്ന കാര്യങ്ങളാണ്. സൃഷ്ടിയായ <u>ആത്മാവിനു നൽകുന്ന ശരീര-രൂപത്തെ ആശ്രയിച്ചാണ്</u> മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ തുടങ്ങിയ ഏതു ജീവി-വർഗ്ഗമെന്ന് പ്രഥമമായി നിശ്ചയിക്കുന്നത്. ആത്മാക്കൾക്ക് ലഭിക്കുന്ന ശരീരങ്ങളെയും ജന്മഗുണങ്ങളെയും നിശ്ചയിക്കുന്നതും സൃഷ്ടിക്കുന്നതും പ്രവർത്തിപ്പിക്കുന്നതും സൃഷ്ടിയായ ആത്മാവോ മാതാപിതാക്കൾ ഉൾപ്പെടെയുള്ള ഉറ്റവരോ ഒന്നുമല്ല. ശരീരങ്ങളെ സൃഷ്ടിക്കാനും സംരക്ഷിക്കാനും പ്രവർത്തിപ്പിക്കാനും നിർജ്ജീവമായി-നിലനിർത്താനും, വിഘടിപ്പിച്ച് സംയുക്തങ്ങളും മിശ്രിതങ്ങളും മൂലകങ്ങളുമായി വീണ്ടും ഭൂമിയുടെ ഭാഗമാക്കാനും അവയിലെല്ലാം ലയിച്ചിരിക്കുന്ന ശക്തികളും ശാസ്ത്രങ്ങളും മതി. ആത്മാക്കളുടെ സാന്നിധ്യം ആവശ്യമില്ല. സംഭവിച്ചു കൊണ്ടിരിക്കുന്നതും മറ്റൊന്നല്ല. എന്നുവെച്ചാൽ, ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളുടേതെന്ന് കരുതുന്ന ശരീരം ആത്മാവിന്റേതല്ല ! ശരീരം മാത്രമല്ല; വസ്തുക്കളും പ്രദേശങ്ങളും ഭൂമിയും ആകാശവും; എന്തിന് സ്വത്വം പോലും സ്വന്തമായിട്ട് ഇല്ലാത്തവരാണ് സൃഷ്ടികൾ. ദൈവമായ പ്രപഞ്ചത്തിന്റെ മാത്രം സ്വന്തമായവർ പ്രപഞ്ചം അവരുടേതാണെന്നും, മായാമഹാശക്തിയായ പ്രപഞ്ചത്തെ സംരക്ഷിക്കുന്നവരായി ഭാവിച്ചും, ദൈവനിന്ദയും പാപങ്ങളും ചെയ്തു പോരുന്നുണ്ട് !

ആത്മാക്കളുടെ സുരക്ഷയ്ക്കായും നല്ലതിനായും മറ്റും ഏകദൈവമായ മഹാഭദ്രകാളി ഗൂഢമാക്കിയിട്ടുള്ള ആത്മാക്കൾക്ക് ഗൂഢമല്ലാത്ത ഭൗതിക അസ്തിത്വം നൽകുന്നത് ശരീരത്തിലൂടെയാണ്. എല്ലാ സൃഷ്ടികൾക്കും വേണ്ടി മഹാപ്രപഞ്ചമായും, ഭൂമിയായും, അംശമായ വസ്തുക്കളായും രൂപാന്തരമായ ശരീരമായും പ്രവർത്തിക്കുന്നത് ദൈവം തന്നെയായ പ്രപഞ്ചമാണ്; മൂലകരൂപം സ്വീകരിച്ച മഹാനീതിയായ ഓക്സിജനാണ് !

മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളുടെ ശവശരീരങ്ങൾ ചീഞ്ഞും ജീർണ്ണിച്ചും മണ്ണായി മാറുന്നതും; ശരീരത്തിൽ പ്രവേശിക്കുന്ന ഭക്ഷണം, മരുന്നുകൾ, മദ്യം, മയക്കുമരുന്ന്, വിഷം, കണ്ണട തുടങ്ങിയ വസ്തുക്കളിൽ ലയിച്ചിട്ടുള്ള ആനന്ദങ്ങളും അവയെ നേടാനും ആസ്വദിക്കാനുമുള്ള ശക്തികളും ശാസ്ത്രങ്ങളും, സ്വത്വമായ ആത്മാക്കൾക്ക് ശരീരം നൽകുന്നതും അനുഭവിച്ചറിയുന്നതായ വസ്തുതകളാണ്. മനുഷ്യൻ ഉൾപ്പെടെയുള്ള എല്ലാ ജീവികളുടെയും അവയവങ്ങളെ നിശ്ചയിക്കുന്നതും സൃഷ്ടിക്കുന്നതും; ദഹനം പോലുള്ള പ്രവൃത്തി ചെയ്യുന്നതും അവയുടെ സ്വത്വങ്ങളായ ആത്മാക്കളല്ലാ എന്നതും, ശരീരത്തിലെ അവയവങ്ങളും മറ്റും ഉൾപ്പെട്ട വസ്തുക്കളിൽ ലയിച്ചിട്ടുള്ള ശക്തികളും ശാസ്ത്രങ്ങളും പ്രകാരം ശരീരം സ്വയം പ്രവർത്തിക്കുകയാണെന്നു വ്യക്തമാക്കുന്നുണ്ട്. മനുഷ്യക്കുഞ്ഞുങ്ങളിലും, വിശേഷബുദ്ധി ലഭിക്കാത്ത ജീവികളിലുമുള്ള സ്വത്വങ്ങളായ ആത്മാക്കളെ പൊതുവേ വിഷയമാക്കാതെ മനുഷ്യർ ജീവിക്കുന്നത് അതിഗൗരവമാണ്! വെന്റിലേറ്ററിൽ വച്ചിരിക്കുന്ന ശരീരത്തെ പ്രവർത്തിപ്പിക്കുന്നത് ജീവിയുടെ സ്വത്വമായ ആത്മാവല്ലെന്നതും വിശകലനംചെയ്യാം. വിശേഷബുദ്ധി ലഭിക്കുന്ന മനുഷ്യാവസ്ഥയിൽ വച്ച് സ്വത്വമായ ആത്മാവും, ജീവിയുടെ ശരീരവും രണ്ടാണെന്ന ബോധം ഉണ്ടാകുന്നുണ്ട്.

വേദനകൾ ഉൾപ്പെടെയുള്ള അനന്തമായ ആനന്ദങ്ങളെ, മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് നൽകാനും പരിചയിപ്പിക്കാനുമായിട്ട് ഏകദൈവമായ ശിവയും ഭാഗമായ ശിവനും മുഖ്യ സ്ഥിതിപാത്രമായ ഭൂമിയായിട്ടും അംശമായ വസ്തുക്കളും ജീവിശരീരങ്ങളുമായി അവതരിച്ചിരിക്കുകയാണെന്നും തിരിച്ചറിയണം. ശരീരത്തിലൂടെ അനന്തമായ ആനന്ദങ്ങളെ ആസ്വദിക്കുന്നത് സൃഷ്ടികളായ ആത്മാക്കളാണെന്നും ശരീരം നൽകുന്ന വിശേഷ ബുദ്ധിയും അനുബന്ധമായ ശാസ്ത്രങ്ങളും കൊണ്ട് സ്വയം തിരിച്ചറിയുന്നതാണ്. ഉദാഹരണത്തിന്, മുകളിൽ സൂചിപ്പിച്ചതുപോലെ ശരീരത്തിൽ പ്രവേശിക്കുന്ന/ലഭിക്കുന്ന ഭക്ഷണ-രുചി, മരുന്ന്-രോഗമുക്തി, മദ്യ-ലഹരി, കണ്ണട-കാഴ്ച്ച തുടങ്ങിയ അനന്ത ആനന്ദങ്ങളായ എല്ലാ വസ്തുക്കളിലും ലയിച്ചിട്ടുള്ള ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും സൗന്ദര്യവും കാലവും ശരണവും മഹാനീതിയുമെല്ലാം, ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് നൽകുകയാണ് "ശരീരവും വസ്തുക്കളും ജലവും ഓക്സിജനും" കൂടി ചെയ്യുന്നത്. അതിമധുരമായ മാമ്പഴത്തിന്റെ രുചികളും മണവും ആസ്വദിക്കുന്നത് സ്വത്വമായ ആത്മാവാണ്; ശരീരമല്ല; ശരീരം നൽകുകയാണ്. പല്ലു വേദന, വയറ്റുവേദന എന്നെല്ലാം പറയുമ്പോൾ പല്ലുകൾക്കോ വയറ്റിനോ അല്ലാ വേദനയെന്നും; പല്ലും വയറും മറ്റുള്ള ശരീരഭാഗങ്ങളും സ്വത്വമായ ആത്മാക്കൾക്ക് വേദനകളെ നൽകുകയാണെന്നും മനസ്സിലാക്കാൻ കഴിയുന്നതാണ്. അപകടം, രോഗം തുടങ്ങിയവയിൽ അവയവങ്ങളെ നീക്കം ചെയ്യുമ്പോഴും ആത്മാവ്, ശരീരം എന്നിവ രണ്ടാണെന്ന് മനസ്സിലാക്കാം. ജീവിക്ക് ജീവൻ ഉണ്ടെന്നു കരുതുന്നവരിൽ വളരെപ്പേർ ജീവനും ആത്മാവും ഒന്നാണെന്ന് തെറ്റിദ്ധരിച്ചിട്ടുള്ളവരാണ് !

ദൈവത്തിന്റെ മഹാപ്രപഞ്ചരൂപം, സൃഷ്ടി സ്ഥിതി സംഹാരപാത്ര രൂപങ്ങൾ, മൂലക-സംയുക്ത രൂപങ്ങൾ, ആറ്റത്തിനുള്ളിലെ ശക്തി-ശിവ രൂപങ്ങൾ, ജന്തു-രൂപങ്ങൾ, ദിവ്യ-മനുഷ്യരൂപങ്ങൾ എന്നിവയെ മുകളിൽ വിശദീകരിച്ചിരുന്നത് ഇടയ്ക്കിടെ ഓർമ്മിക്കാൻ യോഗ്യത നേടുകയും ദൈവമായ ശിവ അനുഗ്രഹിക്കുകയും ചെയ്താൽ ശാസ്ത്ര പഠനം എളുപ്പമാകുന്നതാണ്.

ജീവിയുടെ സ്വത്വമായ ആത്മാവിന് സമ്പൂർണ്ണ സ്വാതന്ത്ര്യം കൊടുത്തു കൊണ്ട്, തജ്ജന്മത്തിലെ ജീവിതത്തിൽ ഭൗതികരൂപത്തോടെ ജീവിയായി ജീവിക്കാനും, അനന്ത ആനന്ദങ്ങളെ നേടാനും ആസ്വദിക്കാനുമെല്ലാം ശ്വാസോച്ഛ്വാസത്തിലൂടെ ജീവനായ ഓക്സിജൻ ശരീരത്തിൽ പ്രവേശിക്കുകയും ആത്മാവിനു വേണ്ടി നിരന്തരമായിട്ട് മഹാവാത്സല്ല്യത്തോടും പണിയെടുക്കുകയുമാണ്.

ഒരു രൂപത്തിൽ അല്ലെങ്കിൽ മറ്റൊരു രൂപത്തിൽ ശരീരത്തിന്റെ അകത്തും പുറത്തും ഓക്സിജൻ എപ്പോഴും ഉണ്ടെങ്കിലും, മഹാനീതിയായ പ്രപഞ്ചം ആത്മാക്കൾക്കു നൽകുന്ന സമ്പൂർണ്ണമായ സ്വാതന്ത്ര്യം പ്രകാരം അസാധാരണമായ സാഹചര്യങ്ങളിൽ അല്ലാതെ ആത്മാവിന്റെ ഇഷ്ടങ്ങളിൽ ഇടപെടുന്നതല്ല. സൃഷ്ടികൾ എന്തെല്ലാം കോപ്രായങ്ങൾ കാട്ടിക്കൂട്ടിയാലും മഹാനീതിശാസ്ത്രമായ ഓംകാരനീതിശാസ്ത്രം പ്രകാരം സൃഷ്ടി സ്ഥിതി പരമായ വിധികളിൽ നിസ്സാരമായ മാറ്റങ്ങൾ വരുത്തിയിട്ട് സർവ്വം മഹാഭദ്രമാക്കാൻ ഓക്സിജനുമായ മഹാഭദ്രകാളിക്കു കഴിയും.

സൃഷ്ടിപാത്രമായ സൂര്യനിൽ നിന്നും ഭൂമിയിലേക്ക് എത്തിച്ചവരോ, മഹാനീതിശാസ്ത്രമായ ഓംകാരനീതിശാസ്ത്രത്തിന്റെ കാതലായ മഹാപുനർജ്ജന്മ സിദ്ധാന്തം പ്രകാരം ഭൂമിയിൽ ജനിച്ചും പുനർജ്ജനിച്ചും ജീവിക്കുന്നവരോ ആയിട്ടുള്ള സൃഷ്ടികളാണ് ആത്മാക്കൾ. ഹീലിയം ആറ്റത്തിലെ രണ്ടു ന്യൂട്രോണുകളാണ് സ്ത്രീ പുരുഷ പാതികളായ ആത്മാക്കളുടെ ഭൗതിക അസ്തിത്വം. പിന്നീട് വിവരിക്കുന്നുണ്ട്. എല്ലാ ജീവികളുടെയും ജീവൻ ഓക്സിജൻ തന്നെയാണ്. ഭൂമിയുടെ അംശമായ വ്യത്യസ്തമായ വസ്തുക്കളെ വ്യത്യസ്തമായ അളവുകളിൽ കൂട്ടിയോജിപ്പിച്ചാണ് വ്യത്യസ്ത ജീവികളുടെ വ്യത്യസ്ത ശരീരങ്ങളായി രൂപാന്തരപ്പെടുത്തുന്നത്.

ആത്മാക്കൾക്ക് ലഭിക്കുന്ന വ്യത്യസ്തങ്ങളായ ശരീരങ്ങളും അവയവങ്ങളും പ്രകാരം അവയ്ക്ക് മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ തുടങ്ങിയ വർഗ്ഗനാമം നൽകുന്നു. സ്വത്വം പോലും സ്വന്തമായിട്ട് ഇല്ലാത്തവരും, സൂര്യനിൽ വച്ച് ശിവന്റെ ശവ-അംശമായിട്ട് ശിവ സൃഷ്ടിക്കുന്നതുമായ സൃഷ്ടികളായ ആത്മാക്കൾക്ക് നേടാനും ആസ്വദിക്കാനും പരിചയിക്കാനുമുള്ള അനന്തമായ ആനന്ദങ്ങളാണ് ഭൂമിയും അംശമായ വസ്തുക്കളും രൂപാന്തരമായ ശരീരത്തിലെ അവയവങ്ങളും, മറ്റുള്ള ജീവികളും, പ്രകൃതിയുമെല്ലാം. മണ്ണായ ഭൂമിയുടെ അംശമായ ശരീരമാണ് പ്രധാനമെന്നത് അനുഭവിച്ചറിഞ്ഞുകൊണ്ട്, ആത്മാവാണ് പ്രധാനമെന്ന് ദുർവ്വാദം ചെയ്യുന്നവരായി വളരെപ്പേർ അധഃപതിച്ചു !

## ഏകദൈവത്തിന്റെ പ്രപഞ്ചരൂപം സൃഷ്ടികളുടെ ആനന്ദങ്ങളെ വർദ്ധിപ്പിക്കാൻ ഉദ്ദേശിച്ചുള്ളതാണ്; ചെയ്യുന്നുമുണ്ട്.

ആനന്ദങ്ങളുടെ അംശം മാത്രമായ ജീവികളുടെ ശരീരങ്ങളും, സ്വത്വങ്ങളായ ആത്മാക്കളും അവരിലും ചുറ്റിലും കാണുന്നതും കേൾക്കുന്നതും അറിയുന്നതുമെല്ലാം അനന്തമായ ആനന്ദങ്ങളെ തന്നെയാണ്. ചില ആത്മാക്കൾക്ക് തജ്ജന്മത്തിലോ, മറ്റു ചില ജന്മങ്ങളിലും കൂടിയോ ലഭിക്കുന്ന (അധിക) വേദനകളും സമ-ആനന്ദങ്ങളായ മഹാനീതിയെ എല്ലാ സൃഷ്ടികൾക്കും നൽകുന്ന ദൈവ നടപടികളുടെ ഭാഗം മാത്രമാണ്. ഏകമായ ദൈവം രണ്ടായി വിഭജിച്ചു കൊണ്ട് പ്രപഞ്ചരൂപത്തോടെ സൃഷ്ടികളായ ആത്മാക്കളുടെയും, അവയുടെ സ്ഥിതിരൂപമായ ജീവികളുടെയും സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്നത് സൃഷ്ടികൾക്കു നൽകുന്ന സ്വാതന്ത്ര്യം ഉൾപ്പെട്ട ആനന്ദങ്ങളെ വർദ്ധിപ്പിക്കാനും വേണ്ടിക്കൂടിയാണെന്നു സാരം.

ദൈവമായ പ്രപഞ്ചത്തിൽ ലയിച്ചിരിക്കുന്ന ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരം സമ-ആനന്ദമായ മഹാനീതിയെ ദൈവമായ പ്രപഞ്ചം എല്ലാ സൃഷ്ടികൾക്കും എക്കാലവും നൽകുന്നുണ്ട്. ദൈവം മഹാനീതി നടപ്പാക്കുന്നതിനെ ചുവടെ ശാസ്ത്രപരമായി വിശദീകരിക്കുകയാണ്. കുഞ്ഞുങ്ങൾ മാത്രമായ സൃഷ്ടികൾക്ക് ശാസ്ത്രപരമായി ഖണ്ഡിക്കാൻ പരിശ്രമിക്കാവുന്നതാണ് :- മായാമഹാശക്തിയായ ദൈവം സ്വീകരിച്ചിട്ടുള്ള മഹാരൂപമാണ് "സൃഷ്ടികളായ ആത്മാക്കൾ ഒഴികെയുള്ള മഹാപ്രപഞ്ചം". ദൈവമായ പ്രപഞ്ചത്തിന്റെ മൂലക-രൂപമാണ് വാതകമായ ഓക്സിജൻ എന്നും, സംയുക്ത രൂപമാണ് ജലം എന്നും, സൂക്ഷ്മരൂപമാണ് ആറ്റത്തിലെ പ്രോട്ടോൺ എന്നും, മഹാസൂക്ഷ്മ രൂപമാണ് ശബ്ദബ്രഹ്മം കൂടിയായ ഓം എന്നും; ഭാവമായിട്ട് സ്വീകരിച്ചിട്ടുള്ളത് സത്യ-ധർമ്മ-നീതികളെയാണെന്നും മുമ്പ് വ്യക്തമാക്കിയിരുന്നു. പ്രപഞ്ചത്തിന് അതീതമായ ബ്രഹ്മവും മായാമഹാശക്തിയുമായ ദൈവം, പ്രപഞ്ചമായി അവതരിക്കാനായിട്ട് സ്വീകരിച്ച ആദിയും അന്തവും ഇല്ലാത്ത മഹാജ്ഞാനമാണ് ശാസ്ത്രങ്ങൾ. അനന്തമായിട്ടുള്ള മറ്റ് ശാസ്ത്രങ്ങളെ ആവിഷ്ക്കരിച്ചു കൊണ്ട് അനന്തമായ പ്രപഞ്ചങ്ങളായി അവതരിക്കാനും സൃഷ്ടിക്കാനുമെല്ലാം ബ്രഹ്മവും മായാമഹാശക്തിയുമായ ദൈവത്തിന് എക്കാലവും നിസ്സാരമായി കഴിയുന്നതാണ്. മായാമഹാശക്തിയായ ദൈവം മനുഷ്യർ അറിയുന്നതോ അറിയാത്തതോ മറ്റ് അനന്തമായ പ്രപഞ്ചങ്ങളായിക്കൂടി അവതരിച്ചാൽ, മനുഷ്യർ ഇപ്പോൾ ജീവിക്കുന്നതും ഒരല്പം അറിയുന്നതുമായ പ്രപഞ്ചത്തിൽ മനുഷ്യർ സുരക്ഷിതരല്ലെന്ന ബോധവും, മഹാശക്തിയായ ദൈവത്തിന് തങ്ങളുടെ കാര്യത്തിൽ താല്പര്യമില്ലാതെ വരുമോയെന്ന ആശങ്കകളും വേദനകളുമെല്ലാം വർദ്ധിക്കുന്നതാണ്; ജീവിതത്തിലെ ആനന്ദങ്ങൾ കുറയുകയോ നഷ്ടപ്പെടുകയോ ചെയ്യുന്നതുമാണ്. കുഞ്ഞുങ്ങളായി സൃഷ്ടികളെ കരുതുകയും അവരുടെ മഹാമാതാവായിക്കൊണ്ട് മഹാവാത്സല്ല്യം നൽകിപ്പോരുകയും ചെയ്യുന്ന മായാമഹാശക്തിയായ ദൈവത്തിന് മഹാവാത്സല്ല്യം നിമിത്തം അനന്തമായ പ്രപഞ്ചങ്ങളായി അവതരിക്കാനും സൃഷ്ടിക്കാനും കഴിയില്ല. അതേസമയം മനുഷ്യർ ഒരല്പം അറിയുന്ന പ്രപഞ്ചം അനന്തമായി വളരുകയും വലുതാവുകയും ചെയ്യുന്ന വിധം സൃഷ്ടി സ്ഥിതി സംഹാരങ്ങളുടെ തുടർച്ചയെ മഹാ-ആവിഷ്ക്കരിച്ചിട്ടുമുണ്ട് !

സൃഷ്ടികളായ ആത്മാക്കൾ ഒഴികെയുള്ള മഹാപ്രപഞ്ചം മായാമഹാശക്തിയായ ദൈവത്തിന്റെ മഹാരൂപവും മഹാശരീരവും ആവുമ്പോൾ, മഹാശരീരത്തിന്റെ എല്ലാ കാര്യങ്ങളെയും ചെയ്യുന്നത് ദൈവം മാത്രമാണെന്ന് ലളിതമായി മനസ്സിലാക്കാനാവും. ആത്മാക്കൾക്കു നൽകുന്ന ശരീരങ്ങൾ ഒഴികെയുള്ള വസ്തുക്കൾ മഹാമാതാവിന്റെ മഹാശരീരത്തിന്റെ മാത്രം അംശമാണ്. ആത്മാക്കളുടെ തജ്ജന്മത്തിലെ ജീവിതത്തിനു നൽകുന്ന ശരീരത്തെയും അവയവങ്ങളെയും, മഹാശരീരത്തിന്റെ മാത്രം അംശമായിട്ട് കരുതിക്കൂടാ. തജ്ജന്മത്തിലെ ജീവിതത്തിനും ആനന്ദങ്ങൾക്കുമായിട്ട് നിർജ്ജീവമായ ആത്മാക്കൾക്ക് ഭ്രൂണാവസ്ഥ മുതൽ മരണം വരെയും മഹാവാത്സല്ല്യം പ്രകാരം മാത്രം നൽകുകയും വളർത്തി വലുതാക്കുകയും ചെയ്യുന്ന ശരീരത്തെ മഹാനീതിശാസ്ത്രം പ്രകാരം മാത്രം മഹാനീതിയായി ഭൂമിയിലെങ്ങുമുള്ള ഓക്സിജന് പ്രവർത്തിപ്പിക്കാം. ഓക്സിജൻ മരിപ്പിക്കുന്നതു വരെ അടിസ്ഥാനപരമായി ശരീരം ആത്മാക്കളുടേതാണ്. ഭൂമിയിൽ മുഴുവൻ വ്യാപിച്ചിരിക്കുന്ന ഓക്സിജൻ 'ഭൂമിയുടെ അംശവും സ്വത്വവും ഒരു മൂലകവും ജീവികൾക്കെല്ലാം ജീവനാകുന്ന ശക്തി നൽകുന്ന മഹാഭദ്രകാളി'യുമാണ്. സൃഷ്ടികൾക്ക് സമ്പൂർണ്ണമായ സ്വാതന്ത്ര്യം നൽകുന്നതിന്റെ ഭാഗമായിട്ട്, അവയുടെ തജ്ജന്മത്തിലെ ജീവിതത്തിനായി നൽകിയിട്ടുള്ള ശരീരത്തിൽ ഓക്സിജൻ സ്ഥിരം വസിക്കുന്നില്ല. ശ്വാസോച്ഛ്വാസം ചെയ്യിച്ചു കൊണ്ട് ശരീരത്തിൽ നിരന്തരമായി വന്ന്, ജീവിപ്പിക്കാൻ ആവശ്യമായതെല്ലാം ചെയ്യുകയും, മഹാനീതി നടപ്പാക്കുകയുമാണ്. ജന്മഗുണങ്ങളെ വ്യത്യാസപ്പെടുത്തുന്നതും ഭൂമിയിലെ ചില പ്രദേശങ്ങളെ ആനന്ദ സങ്കേതങ്ങളായും, മറ്റു ചിലവയെ ശിക്ഷാ കേന്ദ്രങ്ങളായും ഒരുക്കിയിട്ടുണ്ട്.

ആത്മാക്കൾക്കു വേണ്ടിയാണ് ദൈവം പ്രപഞ്ചമായി അവതരിച്ചിട്ടുള്ളത് എന്നതിനാൽ പ്രപഞ്ചത്തിൽ ലയിച്ചിരിക്കുന്ന ഭാവമായ സത്യ ധർമ്മ നീതികളെയും; ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങളെയും അവമതിച്ചുള്ള മനുഷ്യരുടെ കോപ്രായങ്ങൾ കൂടിയാൽ വായു, ജലം, ഭക്ഷണസാധനങ്ങൾ, ശാസ്ത്ര സാങ്കേതിക സൗകര്യങ്ങൾ; കൂടാതെ രാത്രി, പകൽ, വെളിച്ചം, ഇരുട്ട്, വെയിൽ, മഴ, ചൂട്, തണുപ്പ്, തുടങ്ങിയവയെ ചിട്ടയോടെ നൽകി ആനന്ദിപ്പിക്കുന്ന പ്രപഞ്ചത്തിന്റെ സ്വത്വമായ ഓക്സിജൻ തന്നെ ഭൂചലനം, കൊടുങ്കാറ്റ്, പ്രളയം, കാട്ടുതീ, അഗ്നിപർവ്വതം; ചെറുതും വലുതുമായ രോഗങ്ങൾ, തുടങ്ങിയവയെ നൽകി മനുഷ്യരെ (ശിക്ഷിച്ചും) തിരുത്താൻ തയ്യാറായെന്നു വരും ! സമൂഹത്തിൽ സത്യ ധർമ്മ നീതികൾക്കും, ദൈവമായ മഹാപ്രപഞ്ചത്തിന്റെ ശാസ്ത്രങ്ങളായ യഥാർത്ഥ വേദങ്ങൾക്കും യാതൊരു ഇടിവും സംഭവിക്കാതെ ശ്രദ്ധിക്കുവാൻ വിശേഷ ബുദ്ധിയും അനുബന്ധമായ ശാസ്ത്രങ്ങളും ലഭിക്കുന്നവരും, ശാസ്ത്ര സാങ്കേതിക സൗകര്യങ്ങളെ ആസ്വദിച്ചു ജീവിക്കുന്നവരുമായ മനുഷ്യർക്ക് സ്വയം ബാദ്ധ്യതയുണ്ട്. ആവശ്യമെങ്കിൽ, പൊന്നോമന കുഞ്ഞുങ്ങളായ മനുഷ്യരെ (ശിക്ഷിച്ചു തന്നെ) തിരുത്താനും ഭൂമിയുടെ അന്തരീക്ഷത്തിൽ വ്യാപിച്ചിട്ടുള്ള മഹാഭദ്രകാളിയായ ഓക്സിജൻ തയ്യാറാകുന്നതാണ്.

ആത്മാക്കൾക്കു വേണ്ടിയുള്ള മുഖ്യമായ സ്ഥിതി പാത്രം മാത്രമാണ് ഭൂമി. എല്ലാ സൃഷ്ടി ചക്രങ്ങളുടെ രണ്ടാം പകുതിയിലെ സംഹാരകാലത്ത് ചന്ദ്രനിലും ഭാഗികമായി മനുഷ്യർ ഒഴികെയുള്ള എല്ലാ ജീവികളെയും ജനിപ്പിക്കുകയും ജീവിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഓക്സൈഡുകൾ, സൾഫേറ്റുകൾ തുടങ്ങിയവയിൽ നിന്നും ഓക്സിജൻ പുറത്തുവരും! ദിവ്യമായ സ്ത്രീ-പുരുഷ രൂപങ്ങളെ സ്വീകരിക്കാൻ ഏകദൈവത്തിന് ബാദ്ധ്യതയുമുണ്ട്.

ബ്രഹ്മവും മായയും ഏകദൈവവുമായ മഹാഭദ്രകാളിയുടെ മഹാഹൃദയവും, കൂടാതെ, മഹാപ്രപഞ്ചത്തിന്റെ ശക്തി നിയന്ത്രണസത്തയുമായ ഓംകാരത്തെയും, മഹാപ്രപഞ്ചത്തിലെ എല്ലാ ആറ്റങ്ങളിലെയും ശിവയും ശിവനുമായ ഘടകങ്ങളെയും, ആത്മാക്കളെയും, മായാമഹാശക്തി കൊണ്ട് ബന്ധിച്ചിട്ടുണ്ട്. മഹാപ്രപഞ്ചം മുഴുവൻ 'മായ' കൊണ്ട് മഹാഹൃദയമായ ഓംകാരത്തിന്റെ അകത്താണ്. മഹാശിവയും ശിവനും ദിവ്യമായ സ്ത്രീപുരുഷ രൂപങ്ങളെ സൃഷ്ടികൾക്കുവേണ്ടി സ്വീകരിക്കുമ്പോൾ ഓംകാരം ശിവയിലും ശിവനിലുമായി മാറി മാറി സ്ഥാപിക്കുന്നുണ്ട്. ലളിതമായ ഒരു ഓംകാരമന്ത്രം ഉണ്ട്. തൽക്കാലം ഗ്രന്ഥകാരൻ മറന്നു; യഥോചിതം മഹാശിവ ഓർമ്മിപ്പിക്കുന്നതാണ്. ദൈവഭാവമായ സത്യ ധർമ്മ നീതികളും മഹാവാത്സല്ല്യവും പ്രകാരം പ്രവർത്തിക്കുന്ന ഓംകാരം വഴി സൃഷ്ടികളുടെ ജീവിതത്തിൽ പൊതുവായും തനിച്ചും ഇടപെടാനാവും. അസാധാരണ സാഹചര്യത്തിലേ പാടുള്ളൂ എന്ന് ഓംകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ആദ്യമഹാകാലചക്രത്തിലെ മനുഷ്യരെയും ദേവതകളെയും മഹാപ്രപഞ്ചത്തിന്റെ ശക്തിനിയന്ത്രണസത്ത എന്ന നിലയിലാണ് ഓംകാരത്തെ പരിചയപ്പെടുത്തിയത്. കാരണമുണ്ട്. ശിവയും ശിവനും മനുഷ്യസദൃശ രൂപങ്ങളെ സ്വീകരിക്കാതെ പകരം പ്രതിനിധികളെ ഈശ്വരി, ഈശ്വരൻ എന്നീ പേരുകളോടെ സൃഷ്ടികൾക്കു വേണ്ടി നിയമിക്കുകയുണ്ടായി. കുഞ്ഞുങ്ങളായ അവർ അജ്ഞാനവും അവിവേകവും നിമിത്തം മഹാഹൃദയത്തോട് അനാദരവ് കാണിച്ചാൽ, പിന്നീട് കുഞ്ഞുങ്ങൾക്ക് അക്കാര്യമോർത്ത് കടുത്ത അപരാധ ബോധവും വേദനകളും ഉണ്ടാകുന്നതാണ്. കുഞ്ഞുങ്ങൾ വേദനിക്കുന്നത് ഇഷ്ടമല്ലാത്ത മഹാമാതാവ് ഓംകാരം മഹാഹൃദയം കൂടിയാണെന്ന രഹസ്യം, കുഞ്ഞുങ്ങൾക്കു വേണ്ടി, തൽക്കാലത്തേക്ക് മറച്ചു വെച്ചു. ശിവന്റ പ്രതിനിധിയായ ഈശ്വരന് നൽകിയ ഓംകാരത്തെ, നാരായം കൊണ്ട് ചരിത്രം എഴുതാൻ നിയോഗിച്ച ഒരു ദേവതക്ക് അല്പകാലം ലഭിച്ചപ്പോൾ അയാൾ ദൈവമാകാൻ ശ്രമിച്ച് കൊടിയ പിശാചായിമാറി. മഹാഹൃദയം കൂടിയായ ഓംകാരം വീണ്ടെടുക്കാൻ ശിവയ്ക്ക് ശിവനെ ക്രൈസ്റ്റായി അയക്കേണ്ടി വന്ന അതിഘോരമായ ദുഃഖചരിത്രമുണ്ട്. ആദ്യ മഹാകാലചക്രത്തിലെ ഈശ്വരനെ ശിവനെന്ന് തെറ്റിദ്ധരിച്ച ചരിത്രം വേറിട്ടുണ്ട്.

പ്രപഞ്ചത്തിന്റെ അതിസൂക്ഷ്മ ഘടകങ്ങളായ ആറ്റങ്ങളുടെ ഉള്ളിൽ, ശിവയുടെയും ഭാഗമായ ശിവന്റെയും ഒപ്പമുള്ള ന്യൂനശക്തികളും മറ്റും, എല്ലാ ജീവികൾക്കും വേണ്ടി പൊതുവേയും തനിപ്പെട്ടും ഓംകാര നീതിശാസ്ത്രം പ്രകാരമുള്ള ആനന്ദ നടപടികളെ എപ്പോഴും ചെയ്യുന്നവയാണ്. എല്ലാ ജീവികൾക്കും പ്രപഞ്ചത്തിൽ നിന്ന് (വേദനകൾ ഒരല്പം ചേർന്ന) അനന്തമായ ആനന്ദങ്ങളെ തീർച്ചയായും ലഭിക്കുന്നതുമാണ്.

ന്യൂനശക്തികൾ നിമിത്തം മനുഷ്യർക്കിടയിൽ യുദ്ധവും തീവ്രവാദ പ്രവർത്തനങ്ങളും ഉണ്ടാകുമ്പോൾ, മൂല കാരണക്കാരായ മുജ്ജന്മ പാപികളെ ഭരണ-നേതൃത്വങ്ങളിൽ പ്രപഞ്ചം എത്തിച്ചിട്ടുണ്ട്. മുജ്ജന്മ പാപങ്ങളെ കുറയ്ക്കാനും തിരുത്താനും, പുണ്യം നേടാനുമെല്ലാം അവർക്കു നൽകിയ അവസരങ്ങളെ വിശേഷ ബുദ്ധി ഉപയോഗിച്ച് മനസ്സിലാക്കാതെ ജീവിതം പാഴാക്കുന്ന വലിയ പാപികളും കൊടും തീവ്രവാദികളും അവരാണെന്ന് ന്യൂനശക്തികളെ സംബന്ധിച്ച പാഠങ്ങളിൽ നിന്നും മനസ്സിലാക്കാം. ഓംകാരനീതിശാസ്ത്രം പ്രകാരം പ്രപഞ്ചം സർവ്വവും മഹാസുന്ദരമാക്കുന്നതാണ്!

## വൈറസുകൾ, പൂപ്പൽ, പായൽ, പുല്ല് തുടങ്ങിയ (സൂക്ഷ്മ)ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്കു നൽകുന്ന; ഭൂമിയുടെ അംശമായ ശരീരം.

ഓരോ ആറ്റത്തിലുമുള്ള ശിവയായ പ്രോട്ടോൺ, ഭാഗമായ ശിവനെയും കൂട്ടി നിരന്തരം പ്രവർത്തിക്കുന്നതിനാൽ എല്ലാ ആറ്റങ്ങളും, വസ്തുക്കളും പ്രദേശങ്ങളും പ്രകൃതിയും ഭൂമിയും പ്രപഞ്ചവും ജീവമാണ്; ജീവികളെപ്പോലെയുമാണ്. "സൃഷ്ടിയായ ആത്മാവ് ഇല്ലാത്ത ജീവിയാണ്" ഹീലിയം ഒഴികെയുള്ള ആറ്റങ്ങൾ. മത്സ്യം, സസ്യം, പക്ഷി, മൃഗം മനുഷ്യൻ എന്നീ വർഗ്ഗങ്ങളിലെ ശരീരങ്ങൾ നൽകിയാണ് ആത്മാക്കളെ ജീവികളായി ജീവിപ്പിക്കുന്നത്. വൈറസുകൾ, പൂപ്പൽ, പായൽ, പുല്ല് തുടങ്ങിയവ ആത്മാവില്ലാത്ത ജീവികളാണ്. ആനന്ദങ്ങളെയും മഹാനീതിയെയും മഹാഭദ്രമാക്കാനായി മഹാനീതി കൂടിയായ പ്രപഞ്ചം സ്വീകരിച്ചിട്ടുള്ള നടപടികളുടെ ഭാഗമാണ് ! ആനന്ദങ്ങൾക്കെല്ലാം അതീതമായ ശിവയും ശിവനുമായ ദൈവഭാഗങ്ങൾ വേഷംകെട്ടു പോലുള്ള അത്തരം നടപടികൾ സ്വീകരിക്കുന്നതിന്റെ ആവശ്യത്തെ ശാസ്ത്രപരമായി വിശദീകരിക്കുന്നു :- ആത്മാക്കൾക്ക് സമ്പൂർണ്ണ സ്വാതന്ത്ര്യം കൊടുത്തു കൊണ്ടാണ് ജീവികളായിട്ടു ജീവിപ്പിക്കാനായി ആത്മാക്കളെ ഭൂമിയിൽ എത്തിച്ചിട്ടുള്ളതെന്ന് മുമ്പ് സൂചിപ്പിച്ചിരുന്നു. ആത്മാക്കൾക്ക് മനുഷ്യാവസ്ഥയിൽ ലഭിക്കുന്ന വിശേഷബുദ്ധിയും അനുബന്ധമായ ശാസ്ത്രങ്ങളുംകൊണ്ട് ഭൂമിയിലെ വസ്തുക്കളിൽ ലയിച്ചിരിക്കുന്ന ഭൗതിക അസ്തിത്വം ഉള്ളതായ ഭൗതിക-ധർമ്മ-നീതിശാസ്ത്രങ്ങളെ കണ്ടെത്താനും അവരവർക്കു വേണ്ടി ധർമ്മശാസ്ത്രം പ്രകാരം മാത്രം ജീവിക്കാനും (ആത്മാക്കൾക്ക്) സ്വയംബാദ്ധ്യതയുണ്ട്. ഭൗതികമായ അസ്തിത്വം ഇല്ലാത്ത കോപ്രായങ്ങൾ പിൻപറ്റിയും, ജീവിതത്തിന്റെ ഉദ്ദേശം അനന്ത ആനന്ദങ്ങളെ ആസ്വദിക്കുകയും പരിചയിക്കുകയും ആണെന്നതു മനസ്സിലാക്കാൻ ശ്രമിക്കാതെയും, വിശേഷബുദ്ധി ഉപയോഗിക്കാതെയും ജീവിക്കുന്ന അല്പായുസ്സുകളെ ശിക്ഷിച്ചു തിരുത്താനും സമ-ആനന്ദമായ മഹാനീതി നടപ്പാക്കാനും മറ്റുമായി ശിവനെയും കൂട്ടി സൂക്ഷ്മമായ ജീവികളായിട്ട് ശിവ അവതരിക്കുന്നതാണ്. വൈറസ്, പൂപ്പൽ, പായൽ, പുല്ല് തുടങ്ങിയവ ഉദാഹരണമാണ്. സൂക്ഷ്മജീവികളിൽ താൽക്കാലികമായി സൃഷ്ടികളായ ആത്മാക്കളെ പ്രവേശിപ്പിച്ചെന്നും വരാം. പകൽ, രാത്രി, വെളിച്ചം, ഇരുട്ട്, വെയിൽ, മഴ, കാലം, കാലാവസ്ഥ, പ്രദേശങ്ങൾ, പ്രകൃതി, ശരീരം, ശാസ്ത്രങ്ങൾ, ജന്മഗുണങ്ങൾ തുടങ്ങിയവയിലൂടെ ഏകദൈവമായ ശിവയുടെയും ഭാഗമായ ശിവന്റെയും മഹാരൂപമായ പ്രപഞ്ചത്തിന്റെ പൊന്നോമന കുഞ്ഞുങ്ങളായ ആത്മാക്കളെ ഭരിക്കുന്നതും മഹാനീതി നടപ്പാക്കുന്നതും മനസ്സിലാക്കാൻ വിശേഷ ബുദ്ധി ലഭിച്ചിട്ടു പോലും മനസ്സിലാക്കാത്ത അല്പായുസ്സുകളെ പ്രളയം, കൊടുങ്കാറ്റ്, കാട്ടുതീ, അഗ്നിപർവ്വതം തുടങ്ങിയവ കൊണ്ട് ശിക്ഷിച്ചു തിരുത്താൻ മഹാനീതിയായ പ്രപഞ്ചം ഓംകാരനീതിശാസ്ത്രം പ്രകാരം തയ്യാറായെന്നു വരും. അനുഭവിച്ചറിയുന്നവ തന്നെയല്ലോ! സ്ഥിതിപാത്രമായ ഭൂമിയിലെ മുഴുവൻ മനുഷ്യരും മറ്റുള്ള ജീവികളും ഒന്നിച്ചു മരിച്ചാലും; കൊന്നാലും അവയുടെയെല്ലാം ആത്മാക്കൾ ഭൂമി കൂടിയായ മഹാഭദ്രകാളിയുടെ പക്കൽ എല്ലായ്പ്പോഴും മഹാഭദ്രമായിരിക്കുന്നതാണ്. ദൈവമായ പ്രപഞ്ചവും, ഭാഗമായ ഭൂമിയും, അംശമായ വസ്തുക്കളും, ആത്മാക്കൾക്ക് ഓരോരോ ജന്മങ്ങളിലും നൽകുന്ന വ്യത്യസ്തമായ ശരീരങ്ങളും എപ്പോഴും ആനന്ദങ്ങൾക്കെല്ലാം അതീതമാണെന്ന് അടുത്തൊരു അദ്ധ്യായത്തിൽ തെളിയിച്ചിട്ടുണ്ട്; വിശദീകരിച്ചിട്ടുണ്ട്.

## ശിവയും ശിവനും ചേർന്ന മുഖ്യസ്ഥിതിപാത്രമായ ഭൂമി, അനന്തമായ ആനന്ദങ്ങളായി അവതരിക്കുന്നത് എങ്ങനെയാണെന്ന് വിശദീകരിക്കുന്നു.

**ഭൂമിക്കു മുമ്പും എന്നാൽ ഒപ്പവുമായി എന്തും ഉൾക്കൊള്ളുന്ന മഹാശൂന്യത ഒരുക്കണം. അന്തമില്ലാത്ത മഹാശൂന്യതയായ ആകാശം ഉണ്ടെങ്കിൽ മാത്രമേ മനുഷ്യൻ, മൃഗം, പക്ഷി, സസ്യം തുടങ്ങിയ എല്ലാ ജീവികൾക്കും കിടക്കാനും ഇരിക്കാനും നിൽക്കാനും നടക്കാനും വളരാനും പറക്കാനുമെല്ലാം കഴിയൂ. എക്കാലവും എല്ലാ ശരണവും എല്ലാ ജീവികൾക്കും നൽകുന്നത് ശിവയും ഭാഗമായ ശിവനും ചേർന്ന ഭൂമി മാത്രമാണെങ്കിലും, എല്ലാ ജന്മങ്ങളിലും ജനനം മുതൽ മരണം വരെയും ഭൂമിയിൽ ജീവിക്കുന്ന മനുഷ്യൻ മാത്രം ഭൂമി വിശേഷ ബുദ്ധിയിട്ടും ഭൂമിയുടെ മറ്റു സൃഷ്ടികളാണ് ശരണമെന്ന് അസത്യ പ്രസ്താവനകൾ നടത്തുന്നവരായി അധഃപതിച്ചു. കുഞ്ഞുങ്ങളോടുള്ളതും അവർക്കു തന്നെ മടക്കി നൽകുന്നതുമായ മഹാവാത്സല്ല്യത്തെയും മഹാദാസ്യത്തെയും സ്വന്തം ആനന്ദങ്ങളായി സ്വീകരിച്ചു കൊണ്ടു മാത്രം എല്ലാ ശരണങ്ങളും അനന്ത ആനന്ദങ്ങളും ഭൂമി നൽകുകയാൽ കുഞ്ഞുങ്ങൾ കടുത്ത ശിക്ഷകളിൽ നിന്നും രക്ഷപെടുന്നുണ്ട്.**

**ആകാശത്തെ പ്രത്യേകം അദ്ധ്യായത്തിൽ വിവരിക്കുന്നുണ്ടെങ്കിലും ഒരല്പം കുറിക്കണം:-**

**സൃഷ്ടികളെ സംബന്ധിച്ച് ആദിയും അന്തവും ഇല്ലാത്ത മഹാശൂന്യതയാണ് ആകാശം. സൃഷ്ടികളായ ആത്മാക്കളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യാനായി ശിവയും ശിവനും സ്വീകരിച്ച മഹാ-സൃഷ്ടിസ്ഥിതിസംഹാര പാത്രമാണ്. അതിനാൽ ആദിയുണ്ട്; സൃഷ്ടി ചക്രങ്ങളിലൂടെ തുടരുന്ന സൃഷ്ടി-സ്ഥിതികൾക്കായും, മഹാനീതിയ്ക്കായും, പ്രപഞ്ചത്തെ നിലനിർത്തേണ്ടതിനാൽ ആകാശത്തിന് അന്തമില്ല. കൂടാതെ, സൃഷ്ടി ചക്രങ്ങളോടും നക്ഷത്രലോകത്തോടുമൊപ്പം ആകാശവും വർദ്ധിക്കും/വളരുന്നതാണ്. ഏകദൈവമായ ശിവ, ഭാഗമായ ശിവനോട് സ്ഥാപിച്ചിട്ടുള്ളതായ ദൈവകരാർ പ്രകാരം ആകാശത്തിൽ ശിവയ്ക്കും ശിവനും തുല്ല്യമായ സ്ഥാനമാണുള്ളത്. എവിടെ നിന്നു നോക്കിയാലും അർദ്ധഗോളാകൃതിയിൽ നിവർത്തിയ കുട പോലെ തോന്നി(പ്പി)ക്കുന്ന, ശിവലിംഗം കൂടിയായ ആകാശത്തിനുള്ളിലാണ് ഭൂമിയും, സൂര്യനും, ചന്ദ്രനും, കൂടാതെ ആത്മാക്കളും, അവയുടെ മോക്ഷമായ നക്ഷത്രങ്ങളും. ആത്മാക്കളെ സൃഷ്ടിക്കുന്നത് ആകാശത്തിലെ സൃഷ്ടിപാത്രമായ സൂര്യനിൽ വച്ച് ശിവന്റെ അംശമായിട്ടാണെങ്കിൽ; ജീവികളെ സൃഷ്ടിക്കുന്നത് സ്ഥിതിപാത്രമായ ഭൂമിയിൽ ശിവലിംഗമായ ആകാശത്തിൽ വച്ചാണ്. ദേശഭ്രാന്ത് ഉണ്ടാവാതിരിക്കാൻ വിശേഷബുദ്ധിയുള്ളവർ ഉൾക്കൊണ്ടാൽമതി. എല്ലാ സ്ത്രീജീവികളുടെയും ശരീരത്തിൽ ബീജങ്ങളെ ചേർത്ത് ഭ്രൂണം സൃഷ്ടിക്കുന്ന ഗർഭപാത്രവും, അവിടേക്കുള്ള വഴിയും ശൂന്യതയാണ്. ശൂന്യത ജീവിയുടെ അവയവമല്ല. മഹാശൂന്യതയായ ആകാശത്തിന്റെ സൂക്ഷ്മമായ അംശമാണ്; ആകയാൽ ജീവികളെ സൃഷ്ടിക്കുന്നത് ശിവലിംഗമായ ആകാശത്തിലാണ്. വിശേഷ ബുദ്ധി ലഭിക്കുന്നവർക്ക് ഉണ്ടാകുന്നതും, നായക്ക് പോലും ഇല്ലാത്തതുമായ ദേശ-പ്രാദേശിക ഭ്രാന്തുകൾ പാടില്ല !**

**മുഖ്യസ്ഥിതിപാത്രവും അനന്ത ആനന്ദങ്ങളുമായ ഭൂമിയിൽവച്ച് മൂലകമായ ഹീലിയ-ത്തിന്റെ ന്യൂട്രോണുകളായ ആത്മാക്കളെയും ആനന്ദങ്ങളുടെ ഭാഗമാക്കുകയും മറ്റെല്ലാ മൂലകങ്ങളുടെയും ആറ്റങ്ങളിലെ ന്യൂട്രോൺ-കൂട്ടവുമായി ബന്ധിപ്പിക്കുകയും ചെയ്യുന്നു.**

**ഹീലിയം എന്ന ആറ്റത്തിലെ മറ്റു ഘടകങ്ങൾ മഹാശക്തിയായ ശിവ, ആത്മാക്കളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളിൽ സമത്വആനന്ദമായ മഹാനീതിയെ ഉറപ്പാക്കാനായി സ്വീകരിച്ച/അവതരിച്ച അംശങ്ങളും രൂപങ്ങളുമാണ്. സൃഷ്ടികൾക്ക് ലഭിക്കുന്ന ആനന്ദങ്ങളുടെ അളവുകളും, അവരുടെ ഇഷ്ടങ്ങൾ ഉണ്ടാക്കുന്ന ഗുണങ്ങളും ദോഷങ്ങളുമെല്ലാം രേഖപ്പെടുത്താനുള്ള ശക്തി ഘടകങ്ങളും, ന്യൂനശക്തികളുമെല്ലാം ആറ്റങ്ങളിലുണ്ട്. എല്ലാ സൃഷ്ടികൾക്കും മഹാമാതാവ് നൽകുന്ന സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്യുന്ന സൃഷ്ടികൾക്ക് മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രം പ്രകാരം ധർമ്മശാസ്ത്ര ബന്ധനത്തെ ഏർപ്പെടുത്തിക്കൊണ്ട് മഹാവാത്സല്ല്യത്തോടെ ശിക്ഷിച്ചു തിരുത്തിയെന്നും വരാം. പ്രപഞ്ചത്തിന്റെ സൂക്ഷ്മ അംശമായ ആറ്റങ്ങളുടെ ഉള്ളിലെ ദൈവാംശങ്ങളിലൂടെ വ്യവസ്ഥപ്പെടുത്തുകയാൽ, നടപടികളെ സൃഷ്ടിപരമായ വിധി, സ്ഥിതി പരമായ വിധി എന്നെല്ലാം കൂടി പറയും. അസാധാരണ സാഹചര്യത്തിൽ അല്ലാതെ വിധിയെ മാറ്റാൻ വിശേഷ ബുദ്ധിയെ ലഭിക്കുന്ന സൃഷ്ടികൾ ആഗ്രഹിക്കാതിരിക്കാൻ കൂടിയാണ് സർവ്വവും പ്രപഞ്ചവുമായി നേരിട്ട് ബന്ധപ്പെടുത്തിയിട്ടുള്ളത്. ജീവികളെയെല്ലാം മാതാപിതാക്കളായ ജീവികളിലൂടെ ജനിപ്പിച്ചുംവളർത്തിയും സൃഷ്ടികളുടെ ആനന്ദങ്ങളെ മഹാമാതാവ് വർദ്ധിപ്പിക്കുന്നുണ്ട്.**

സൃഷ്ടികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യാനായിട്ട് ആകാശം, ഭൂമി, സൂര്യൻ, ചന്ദ്രൻ എന്നീ മഹാരൂപങ്ങളായിട്ട് ദൈവം അവതരിക്കുന്നതിനെ പ്രപഞ്ചത്തിലെ എല്ലാ ശാസ്ത്രങ്ങളെയും അന്യോന്യം ബന്ധിപ്പിക്കുന്ന യുക്തിശാസ്ത്രം പ്രകാരം ലളിതമായി വിശദീകരിക്കാൻ കഴിയുന്നതാണ്. ഏകമഹാശക്തിയും ശിവയുമായ പ്രോട്ടോണുകളെ ശിവനാകുന്ന ഇലക്ട്രോണുകൾ തുടർച്ചയായിട്ടു ചുറ്റുന്നത് വെറുതെയല്ല; ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് വേദനകൾ ഉൾപ്പെടെയുള്ള അനന്ത ആനന്ദങ്ങളെയും, ജന്മഗുണങ്ങളെയും, മഹാനീതിയെയും, സൃഷ്ടിപരവും സ്ഥിതിപരവുമായ വിധിയെയും, ധർമ്മശാസ്ത്ര ബന്ധനത്തെയും ന്യൂട്രോൺ, ബോസോൺ ഗ്ലൂവോൺ ക്വാർക്കുകൾ തുടങ്ങിയ ശക്തിഘടകങ്ങളിലൂടെ ശിവ സദാ ചെയ്യുകയാണ്. പ്രോട്ടോണുകളുടെയും ശിവനാകുന്ന ഇലക്ട്രോണുകളുടെയും എണ്ണം തുല്ല്യമാക്കിയും ചിട്ടപ്പെടുത്തിക്കൊണ്ടും, ന്യൂട്രോണുകളുടെ എണ്ണവും അടുക്കലും പദ്ധതികളോടെ വ്യത്യാസപ്പെടുത്തിക്കൊണ്ടും അനന്തമായ ആനന്ദങ്ങളുടെയും (ശക്തികളുടെയും) മൂലരൂപങ്ങളായ മൂലകങ്ങളും സംയുക്തങ്ങളും, മിശ്രിതങ്ങളുമായും ശിവ, ശിവനോടൊപ്പം അവതരിച്ചിരിക്കുകയാണ്.

തുല്ല്യ-സൃഷ്ടികളായ ആത്മാക്കൾക്ക് എല്ലാ ജന്മങ്ങളിലും ലഭിക്കുന്ന ശരീരത്തിലെ അവയവങ്ങളാണ് മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ, എന്നീ ജീവി-വർഗ്ഗങ്ങളെയും അവയിലെ സ്ത്രീപുരുഷ ജാതികളെയും നിശ്ചയിക്കുന്നത്. മറ്റു ജന്മഗുണങ്ങളായ നിറം, സൗന്ദര്യം, മുഖഛായ, ഉയരം, ആയുസ്സ് ആരോഗ്യം, ബുദ്ധി ശക്തി, ഓർമ്മ ശക്തി, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ജനനസ്ഥലം, കൺമണി-വിരലടയാളം, ഡിഎൻഎ, തുടങ്ങിയവയെ നിശ്ചയിക്കുന്നതും നൽകുന്നതും സ്വയമോ ഉറ്റവരോ അല്ലെന്നതും, ദൈവമായ പ്രപഞ്ചമാണെന്നതും മഹാഗൗരവമാണ്. വിശേഷ ബുദ്ധിയും, ശാസ്ത്രങ്ങളും ശക്തികളും മറ്റും അവഗണിച്ച് ജീവിക്കുന്നവർക്ക് എല്ലാ ജന്മങ്ങളിലും ജന്മഗുണങ്ങളെ നിശ്ചയിക്കുന്നത് ദൈവമായ പ്രപഞ്ചം ആണെന്നതും, മഹാവാത്സല്ല്യം നൽകുന്നതു കൂടാതെ; ശിക്ഷിച്ചു തിരുത്തുമെന്നതും പാഠമാവണം.

**അനന്തമായ ആനന്ദങ്ങളെ മഹാപ്രപഞ്ചത്തിന്റെ അംശങ്ങളായ വസ്തുക്കളായും, സൃഷ്ടികളായ ആത്മാക്കൾക്കെല്ലാം നൽകുന്ന ശരീരങ്ങളായും, അവയുടെയെല്ലാം സ്ഥൂലരൂപങ്ങളായ പ്രദേശങ്ങൾ, സമുദ്രം, പ്രകൃതി തുടങ്ങിയവയായും ആറ്റങ്ങളിലുള്ള പ്രോട്ടോൺ, ഇലക്ട്രോൺ, ന്യൂട്രോൺ തുടങ്ങിയ ഘടകങ്ങൾ അവതരിക്കുകയും അവയുടെ ഇഷ്ടമായ ഓംകാര നീതിശാസ്ത്രം പ്രകാരം പ്രവർത്തിക്കുകയുമാണ്. മത്സ്യം, സസ്യം പക്ഷി, മൃഗം, മനുഷ്യൻ തുടങ്ങിയ ജീവികളുടെയെല്ലാം ശരീരത്തിലെ അവയവങ്ങളും കോശങ്ങളും മറ്റുമായി അവതരിക്കുന്നതും, ശരീരത്തിൽ മാറ്റങ്ങൾ ഉണ്ടാകുന്നതും, വളരുന്നതും, തജ്ജന്മത്തിലെ മരണത്തിനു ജീവി വഴിപ്പെടുന്നതും മറ്റും നിശ്ചയിക്കുന്നതും സൃഷ്ടിക്കുന്നതും ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളല്ലാ. ആറ്റങ്ങളിലെ ഘടകങ്ങളുടെ നിരന്തര പ്രവർത്തനത്തെ, മനുഷ്യർക്കു ലഭ്യമായ വിശേഷ ബുദ്ധിയെ ഉപയോഗിച്ച് വിശകലനം ചെയ്താൽ, ആറ്റങ്ങളും അവയുടെ മൊത്തമായി പ്രപഞ്ചവുമാണ് എല്ലാ പ്രവൃത്തികളും ചെയ്യുന്നതെന്നും, ആനന്ദങ്ങളെ നേടാനും ആസ്വദിക്കാനും പരിചയിക്കാനുമുള്ള സമ്പൂർണ്ണ സ്വാതന്ത്ര്യമാണ് പ്രധാനമായും എല്ലാ ആത്മാക്കൾക്കും അനുവദിച്ചിരിക്കുന്നത് എന്നും മനസ്സിലാക്കാൻ കഴിയുന്നതാണ്.**

എല്ലാ ആറ്റങ്ങളുടെയും സ്ഥൂലരൂപങ്ങളായ വസ്തുക്കളും പ്രദേശങ്ങളും പർവ്വതങ്ങളും സമുദ്രങ്ങളും കായലുകളും തോടുകളും നദികളും കുളങ്ങളും കിണറുകളും വനങ്ങളും പ്രകൃതിയും സൗന്ദര്യവും സൗരഭ്യവും പകലും രാത്രിയും വെയിലും വെളിച്ചവും മഞ്ഞും ചൂടും തണുപ്പുമെല്ലാം ഉൾപ്പെട്ട അനന്ത-ആനന്ദങ്ങളും സ്ഥിതിപാത്രവുമായ ഭൂമിയായി പ്രത്യക്ഷമായിട്ടും പരസ്യമായിട്ടും ശിവയും ഭാഗമായ ശിവനും; സൃഷ്ടികൾക്കു വേണ്ടി അവതരിച്ചിരിക്കുകയാണ്. ശാസ്ത്രപരമായും ലളിതമായും തെളിയിക്കാൻ കഴിയും: മനുഷ്യൻ ഉൾപ്പെട്ട എല്ലാ ജീവികൾക്കും അനന്ത-ആനന്ദങ്ങളായിട്ടുള്ള പ്രപഞ്ചത്തിലെ എല്ലാത്തിന്റെയും എല്ലാ ഗുണങ്ങളുമുള്ള ഏറ്റവും ചെറിയ ഘടകമായ എല്ലാ ആറ്റങ്ങളെയും പ്രോട്ടോൺ, ഇലക്ട്രോൺ, ന്യൂട്രോൺ, ബോസോൺ, ഗ്ലൂവോൺ, ക്വാർക്ക്, ഓം തുടങ്ങിയ അതിസൂക്ഷ്മ ഘടകങ്ങളായിട്ട് വിഭജിക്കാൻ കഴിയുന്നതും, അവയ്ക്ക് മൂലകങ്ങളും സംയുക്തങ്ങളുമായ വസ്തുക്കളാകുന്ന ആനന്ദങ്ങളുമായിട്ട് അടിസ്ഥാനപരമായി ബന്ധമില്ലാത്തതും, എല്ലാ ആറ്റങ്ങളിലെയും പ്രോട്ടോണുകളെ ഇലക്ട്രോണുകൾ എപ്പോഴും ചിട്ടകളോടെ ചുറ്റുന്നതും മഹാഗൗരവമായ കാര്യങ്ങളാണ്. പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളും ജീവികൾക്ക് ആനന്ദമായതിനെ യാദൃശ്ചികമായിട്ട് സംഭവിച്ചതെന്ന് കാണാതെ ജീവികൾക്കുവേണ്ടി അനന്ത ആനന്ദങ്ങളായ പ്രപഞ്ചമായി ദൈവം അവതരിച്ചതായി സാമാന്യമര്യാദ പ്രകാരം മനസ്സിലാക്കാൻ ശ്രമിക്കാമായിരുന്നു. പ്രപഞ്ചത്തിലെ വസ്തുക്കളെ ഉപയോഗിച്ച് ജീവികൾ സ്വയമോ മാതാപിതാക്കൾ ഉൾപ്പെടെയുള്ള ഉറ്റവരുടെ സഹായം കൊണ്ടോ ജീവി-ശരീരത്തിലെ അവയവങ്ങളെ നിശ്ചയിക്കുകയോ സൃഷ്ടിക്കുകയോ ചെയ്യുന്നില്ല. എല്ലാ ജീവികളുടെയും സ്വന്തമെന്നു കരുതുന്ന ശരീരവും അവയവങ്ങളും പ്രപഞ്ചത്തിന്റെ അഥവാ മുഖ്യസ്ഥിതിപാത്രമായ ഭൂമിയുടെ അംശമായ മൂലകങ്ങളുടെയും സംയുക്തങ്ങളുടെയും രൂപാന്തരങ്ങളും, അവയിലെ ശക്തികളും ശാസ്ത്രങ്ങളും പ്രകാരം പ്രവർത്തിക്കുന്നവയുമാണ്. ഭക്ഷണം, ദഹനം, വിസർജ്ജനം, ശരീരവളർച്ച, രോഗങ്ങൾ, മരുന്നുകൾ, ചികിത്സ, രോഗമുക്തി, പ്രത്യുല്പാദനം, മദ്യം, മയക്കുമരുന്ന്, വിഷം, കണ്ണട, തുടങ്ങിയവ സാക്ഷ്യപ്പെടുത്തുന്നുണ്ട്.

ദൈവമായ പ്രപഞ്ചം തുല്ല്യരായി മാത്രം സൃഷ്ടിക്കുകയും, പ്രപഞ്ചത്തിന്റെ അംശമായ വസ്തുക്കളും, അവയുടെ രൂപാന്തരമായ ശരീരത്തിലെ വ്യത്യസ്തമായ അവയവങ്ങളും ഭക്ഷണങ്ങളും ദഹനരസങ്ങളും വിസർജ്യങ്ങളും പ്രത്യുല്പാദനബീജങ്ങളും മറ്റുമായിട്ട് സംരക്ഷിക്കുകയും, മഹാനീതിയുടെ ഭാഗമായ സംഹാരമെന്ന നക്ഷത്രദേവതാ-പദവി നൽകുകയും ചെയ്യുന്നവരായ 'സൃഷ്ടികളായ ആത്മാക്കളെ' വ്യത്യസ്ത ജീവികളായി ജീവിപ്പിക്കുകയാണു ചെയ്യുന്നത്. ജീവികളുടെ സ്വത്വങ്ങളായിട്ടു മാറുന്നതായ എല്ലാ ആത്മാക്കൾക്കും സമ-ആനന്ദമായ മഹാനീതിയും, അനന്ത ആനന്ദങ്ങളെ നേടാനും ആസ്വദിക്കാനും പരിചയിക്കാനും കഴിയുന്ന ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും കാലവും ശരണവുമെല്ലാം നൽകി ഭരിക്കുന്നത് പ്രപഞ്ച-ഭാഗങ്ങളായ ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനുമാണ്. വിശദമാക്കിയാൽ, മുഖ്യസ്ഥിതിപാത്രമായ ഭൂമിയുടെ അംശമായ പ്രദേശങ്ങളും, പ്രകൃതിയും, വസ്തുക്കളും, ശരീരാവയവങ്ങളും ജലവും ഓക്സജനും അവയുടെയെല്ലാം ആറ്റങ്ങളുമാണ്. സൃഷ്ടിചക്രങ്ങളുടെയെല്ലാം രണ്ടാം പകുതിയിൽ സംഹാരമെന്ന മോക്ഷം ആരംഭിക്കുമ്പോൾ ആത്മാക്കളെ ഭാഗികമായി ചന്ദ്രനിൽ ജീവികളായി ജീവിപ്പിക്കുന്നുണ്ട്. ചന്ദ്രൻ ഉൾപ്പെടെ യാതൊന്നും വെറുതെ ഉണ്ടായതല്ല. യഥോചിതം ചന്ദ്രനിലെ വസ്തുക്കളിൽ ഓക്സൈഡുകൾ, സൾഫേറ്റുകൾ തുടങ്ങിയവയായി നിലകൊള്ളുന്ന ഓക്സിജൻ പുറത്തുവന്ന് അന്തരീക്ഷവും ജീവ-വായുവും മറ്റുമായി അവതരിക്കുന്നതാണ്.

ഇലക്ട്രോണുകൾ എല്ലായ്പ്പോഴും ചുറ്റിക്കറങ്ങുമ്പോൾ ആറ്റങ്ങളുടെ സ്ഥൂലരൂപമായ വസ്തുക്കളെയും പ്രപഞ്ചത്തെയും നിർജ്ജീവമായി മനുഷ്യർ കണക്കാക്കുന്നത് സത്യ ധർമ്മ നീതികൾക്കും, ശാസ്ത്രങ്ങൾക്കുമെല്ലാം വിരുദ്ധമാണ്. അനന്ത ആനന്ദങ്ങളും ഉപാധികളായ ശക്തികളും ശാസ്ത്രങ്ങളും ചേർന്ന പ്രപഞ്ചമായിട്ട് മനുഷ്യർക്കായി ദൈവം അവതരിച്ചിരിക്കുകയാണെന്നും, അവർക്കായി ചിട്ടപ്പെടുത്തിയ (ദൈവത്തിന്റെ) ആദിയും അന്തവും ഇല്ലാത്ത മഹാജ്ഞാനമാണ് ശാസ്ത്രങ്ങൾ എന്നും, ശക്തികളും ശാസ്ത്രങ്ങളും ലയിച്ചുണ്ടാകുന്ന പ്രപഞ്ചം വെറുതെ ഉണ്ടാവുകയില്ലെന്നും; ലഭ്യമായ വിശേഷ ബുദ്ധിയും ശാസ്ത്രങ്ങളും കൊണ്ടുതന്നെ മനുഷ്യർക്കു മനസ്സിലാക്കാനാവും. പ്രത്യുല്പാദനവുമായി ബന്ധപ്പെട്ട സ്ത്രീപുരുഷബീജങ്ങളുടെ നിർമ്മാണം, പ്രവർത്തനം, ഭ്രൂണസൃഷ്ടി തുടങ്ങിയവ കാമബന്ധത്തിൽ ഏർപ്പെടുന്നവരുടെ വിഷയങ്ങളല്ല; അവർ ചെയ്യുന്നതുമല്ല. പ്രത്യുല്പാദന വ്യവസ്ഥയ്ക്ക് ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളുടെ കാമവുമായി ബന്ധമില്ല. ജീവികളെ ഉപകരണങ്ങളാക്കിയും, ഒപ്പം അവരവരെ ത്തന്നെ മറക്കുകയും ഇണയെ മാത്രം ഓർക്കുന്നതായ 25 അളവിലുള്ള എല്ലാ ജീവികളുടെയും പരമാനന്ദമായ കാമആനന്ദം നൽകിയും, ജീവികളിലെ സൃഷ്ടിയും പുനർസൃഷ്ടിയും ചെയ്യുന്നത് മഹാദാസൻ കൂടിയായ ശിവനെയും കൂട്ടി ദൈവ-ആനന്ദമായ മഹാദാസ്യം പ്രകാരം ഏകദൈവമായ ശിവയാണ്. സൃഷ്ടിപാത്രമായ സൂര്യനിൽ ശക്തിശിവൻ പ്രണയമന്ത്രവും ശബ്ദബ്രഹ്മവും മറ്റുമായ ഓം അവതരിക്കുകയും ശിവൻ കൂടിയായ സൂര്യന് പ്രകാശവും ഉഗ്രതാപവും നൽകുമ്പോൾ ഭൂമിയോട് ചേർന്നുള്ള ശിവലിംഗമായ ആകാശത്തിൽ മഴയും, ഇടിയും മിന്നലും ഉണ്ടാകുന്നതിൽ മഴ മാത്രമാണ് അധികം. സൂര്യനിൽ സൃഷ്ടിക്കുന്ന ആത്മാക്കളെ (ജീവികളായി)ജീവിപ്പിക്കുന്നത് ഭൂമിയിലും അല്പ കാലം ചന്ദ്രനിലുമാണ്. ഭൂമിയിൽ ജീവിക്കാൻ ശിവ-ശിവൻ സംയുക്തമായ ജലം വേണം!

## നിർജ്ജീവമായ/ശവ-നായ ആത്മാവ്

### ദൈവത്തിന്റെ അവതാരമായ ഭൂമിയിൽ ജീവികളായി ജീവിക്കാൻ സൃഷ്ടികളായ ആത്മാക്കൾക്ക് ശിവ-ശിവൻ സംയുക്തമായ ജലം വേണമെന്ന് മുകളിൽ പ്രസ്താവിച്ചതിലെ ദൈവീകമായ തെറ്റും ശരിയും ചൂണ്ടിക്കാട്ടുന്നു.

ദൈവവും പ്രപഞ്ചവുമായ അനന്ത ആനന്ദങ്ങളുടെ ചെറിയ ഒരംശമായ ശരീരത്തിലെ അവയവങ്ങളെ ഉപയോഗിച്ച് ആനന്ദങ്ങളെ നേടിയും ആസ്വദിച്ചുമാണ് എല്ലാ ജീവികളും ജീവിക്കുന്നത്. ഈ (ഇത്തരം) പ്രസ്താവനയും യഥാർത്ഥത്തിൽ തെറ്റാണ്. ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾ ജീവിക്കുന്നത് എന്നു തിരുത്തിയാലും തെറ്റാണ്. കാരണം വേറെയാണ്. അടിസ്ഥാനപരമായി എല്ലാ ആത്മാക്കളും ശവം പോലെയാണ്; ശവരാണ്.

സ്വത്വം, ആത്മാവ്, സൃഷ്ടി, തുടങ്ങിയ അസ്തിത്വം പോലും സ്വന്തമായിട്ടില്ലാത്തവർക്ക് ആനന്ദങ്ങളെ സ്വീകരിക്കുക, നേടുക, ആസ്വദിക്കുക തുടങ്ങി യാതൊരു പ്രവൃത്തിയും ചെയ്യാനുള്ള ശക്തികളും ജ്ഞാനവും ഇല്ലെന്നതാണ് കാരണം. ശവം പോലെയാണ്. ദൈവമായ ശിവയും ഭാഗമായ ശിവനും പ്രപഞ്ചമാകുന്ന അനന്തമായ ആനന്ദങ്ങളായി അവതരിച്ചിരിക്കുന്നത് സൃഷ്ടികളായ ആത്മാക്കൾക്ക് ആനന്ദങ്ങളെ നൽകാനാണ്; ശക്തികളും ശാസ്ത്രങ്ങളും മറ്റും നൽകാനല്ല. എന്നുവെച്ചാൽ മുമ്പേ ശരീരത്തിൽ പ്രവേശിപ്പിച്ച ആത്മാവിനെ പ്രപഞ്ചമായ ആനന്ദങ്ങളുമായി മാത്രമേ ബന്ധിപ്പിക്കാവൂ. ദൈവം ആനന്ദങ്ങളെ മാത്രം നൽകുകയും സൃഷ്ടികളായ ആത്മാക്കൾ ആനന്ദങ്ങളെ ആസ്വദിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന അവസ്ഥ സങ്കല്പിച്ചാൽ, ആത്മാക്കൾക്ക് യാതൊരു വേലയും കൂലിയുമില്ലാത്തതിൽ പുച്ഛവും സഹതാപവും ഉണ്ടായെന്നു വരും! മാത്രമല്ല; ജീവിക്കുന്നത് ദൈവം മാത്രമായിത്തീരും. ക്രമപ്രശ്നമാണ്. പരിഹാരമുണ്ട് : ശക്തികളും ജ്ഞാനവും സ്വാതന്ത്ര്യവും ആത്മാക്കൾക്കു നൽകിക്കൊണ്ട് അവയ്ക്ക് സ്വയം ആനന്ദങ്ങളെ കണ്ടെത്താനും നേടാനും ആസ്വദിക്കാനും പരിചയിക്കാനുമുള്ള വഴികളെ പ്രപഞ്ചവും അനന്ത ആനന്ദങ്ങളുമായ ദൈവം ഒരുക്കണം. ആനന്ദങ്ങളെ അനന്തമായിട്ടു നൽകണമെങ്കിൽ മഹാഭദ്രകാളിയായ ഏകദൈവത്തിന്റെ അനന്തമായ ശക്തികളെയും, 'മഹാഭദ്രകാളിയുടെ മഹാജ്ഞാനമായ പ്രപഞ്ചത്തിന്റെ ശാസ്ത്രങ്ങൾ' കണ്ടെത്താനുള്ള സ്വാതന്ത്ര്യവും വിശേഷ ബുദ്ധിയും കൂടി ആത്മാക്കൾക്കു നൽകണം. എല്ലാ സൃഷ്ടികൾക്കും വിശേഷ ബുദ്ധിയും ശാസ്ത്രങ്ങളും ശക്തികളും നൽകിയാൽ ജീവിതത്തിന്റെ ഉദ്ദേശവും ആനന്ദവും നഷ്ടപ്പെടുമെന്നതു കൊണ്ട് മനുഷ്യനെ പ്പോലെ ഒരു ജീവിക്കു മാത്രം നൽകണം. വിശേഷ ബുദ്ധിയും അനുബന്ധമായ, (ദൈവത്തിന്റെ ആദിയും അന്തവും ഇല്ലാത്ത മഹാജ്ഞാനമായ) പ്രപഞ്ചത്തിന്റെ സമ്പൂർണ്ണമായ ശാസ്ത്രങ്ങളെയും നൽകുമ്പോൾ അവയെ ആത്മാക്കൾ ദുരുപയോഗം ചെയ്യാതെയും, പ്രപഞ്ചത്തിന്റെ മറ്റു കുഞ്ഞുങ്ങളെ ഉപദ്രവിക്കാതെയും ജീവിക്കാനുള്ള കുറ്റങ്ങളും കുറവുകളും ഇല്ലാത്ത ദൈവപദ്ധതികൾ ആവിഷ്ക്കരിക്കണം. അതിനായി ദൈവമായ പ്രപഞ്ചം കാലവും ശരണവും മഹാനീതിയും കൂടി ഏറ്റെടുക്കുന്നു. കുഞ്ഞുങ്ങൾക്ക് സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തോടെ ആനന്ദങ്ങളെ ആസ്വദിക്കാൻ കഴിയണമെങ്കിൽ മായാമഹാശക്തിയായ ദൈവത്തിന്റെ പ്രത്യക്ഷസാന്നിധ്യം ഉണ്ടാവരുത്; മാത്രമല്ല, ദൈവത്തെ മനുഷ്യ-കുഞ്ഞുങ്ങൾ എക്കാലവും ഭയക്കാതെയും നോക്കണം.

## ദൈവവും, അനന്തമായ ആനന്ദങ്ങളുമാകുന്ന പ്രപഞ്ചം, ആനന്ദങ്ങളെ നേടാനും ആസ്വദിക്കാനും പരിചയിക്കാനും അനന്തമായ ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയും, സൃഷ്ടികളായ ആത്മാക്കൾക്കു നൽകുന്നത് ഒരു ചുറ്റിക്കളിയിലൂടെയാണ്. വിവരിക്കുന്നു :-

/// ദൈവമായ പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളുടെയും സൂക്ഷ്മരൂപമായ ആറ്റങ്ങളുടെ ഉള്ളിൽ മഹാശക്തികളായി പ്രവർത്തിച്ച് ഓരോര വസ്തുക്കളുടെയും ഗുണങ്ങളാകുന്ന ആനന്ദങ്ങളെ നിശ്ചയിക്കുകയും ചിട്ടപ്പെടുത്തുകയും ചെയ്തിട്ടുള്ളത് ദൈവത്തിന്റെ ആദിയും അന്തവും ഇല്ലാത്ത മഹാജ്ഞാനമായ ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരമാണ്. ശാസ്ത്രങ്ങൾ എന്ന് ചുരുക്കിയും പറയാം. വ്യത്യസ്തമായ ശരീരങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ ചെറുതും വലുതുമായ രൂപങ്ങൾ, താപം, മർദ്ദം, സാന്ദ്രത, തുടങ്ങിയ ഘടകങ്ങളും അവയിൽ ഉണ്ടാകുന്ന ഏറ്റക്കുറച്ചിലുകളും, അവ ഓരോരോ ജീവികളുടെയും സ്വത്വങ്ങളായ ആത്മാക്കൾക്ക് നൽകുന്ന ആനന്ദങ്ങളും വ്യത്യസ്തമാണ്. ദൈവമായ പ്രപഞ്ചം നൽകുന്ന വിശേഷബുദ്ധി കൊണ്ട് പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളിലും ലയിച്ചിട്ടുള്ള ശാസ്ത്രങ്ങളെയും ശക്തികളെയും, താപം മർദ്ദം തുടങ്ങിയ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യാനും, പ്രകൃതിയിൽ നിന്നും ലഭിക്കുന്ന ആനന്ദങ്ങളായ വസ്തുക്കളിൽ നിന്ന് അനന്തമായ പുതിയ പുതിയ ആനന്ദങ്ങളെ കണ്ടെത്താനും നേടാനും മനുഷ്യരെ പ്രാപ്തരാക്കുന്നു.

മണ്ണും ഭൂമിയുമായ ദൈവത്തിന്റെ ആനന്ദമായ മഹാവാത്സല്ല്യം പ്രകാരവും, മണ്ണിൽ ലയിച്ചിരിക്കുന്ന ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരവും (മാത്രം) ജീവികൾക്കെല്ലാം മണ്ണിലും സമ്പത്തിലും അവകാശങ്ങളും അധികാരങ്ങളും നൽകിയിട്ടുള്ളതു കൊണ്ടാണ് മണ്ണായ ഭൂമിയിൽ ജീവിക്കാൻ സാധിക്കുന്നത്. ഭൂമിയിലെ വസ്തുക്കളിൽ ലയിച്ചിരിക്കുന്ന മഹാഭീമമായ ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരമാണ് വസ്തുക്കളും അവയുടെ രൂപാന്തരമായ ശരീരങ്ങളും-അവയവങ്ങളും ഉൾപ്പെടെ ഭൂമിയിലെ സർവ്വവും പ്രവർത്തിക്കുന്നത്.

മണ്ണിന്റെ നിയമങ്ങളെ മനുഷ്യൻ എന്ന ജീവിക്ക് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ളതിൽ നിന്ന് മനുഷ്യ-ജീവിക്ക് കൂടുതൽ അവകാശങ്ങളും അധികാരങ്ങളും നൽകിയിരിക്കുന്നു എന്ന് സുവ്യക്തമാണ്. അതുകൊണ്ടുതന്നെ അവരവർക്കു വേണ്ടി ചെയ്യേണ്ടുന്ന ചുമതലകളും കൂടുതലാവുമെന്ന് തിരിച്ചറിയണം;

ഭൂമിയായ ദൈവം, മനുഷ്യരെ സാമൂഹ്യ ജീവിയായി സൃഷ്ടിച്ചിരിക്കുകയാൽ, ശാസ്ത്ര സാങ്കേതിക വികസനത്തിലൂടെ ഭൂമിയിൽ നിന്നും ലഭിക്കുന്നതും ഭൂമി നൽകുന്നതുമായ ആനന്ദങ്ങളും വിജ്ഞാനവും, ഭൂമിയുടെ കുഞ്ഞുങ്ങളായ മറ്റു മനുഷ്യർക്കു പങ്കിടാൻ വ്യക്തിക്കും, ജനസേവകനായ രാജാവിനും ദൈവീകമായ സ്വയം ബാദ്ധ്യതയുണ്ട്. ഭൂമിയുടെ കുഞ്ഞുങ്ങൾ എന്ന പരമ-സത്യം ഉൾക്കൊണ്ട് വിശാലമായി വിജ്ഞാനവും ആനന്ദങ്ങളും പങ്കിട്ടാൽ, പകയും യുദ്ധങ്ങളും ഇല്ലാതെ ഭൂമിയിൽ ജീവിക്കാനും കഴിയും. (ഒരു പ്രദേശത്തെ ശാസ്ത്രജ്ഞർക്ക് വെളിപ്പെട്ടു കിട്ടിയ ശാസ്ത്ര പാഠം ലഭിക്കാൻ മറ്റു പ്രദേശങ്ങളിൽ ചെയ്യുന്ന ഗവേഷണങ്ങളും ബഹുവിധ കഷ്ടനഷ്ടങ്ങളും ഒഴിവാക്കാം!)

ജനിപ്പിക്കുന്നത് ജീവിപ്പിക്കാനും, ജീവിപ്പിക്കുന്നത് ആനന്ദിപ്പിക്കാനും ആകയാൽ, തങ്ങളുടെ ആനന്ദത്തെ വർദ്ധിപ്പിച്ചുകൊണ്ടു ജീവിക്കാനാണ് മനുഷ്യൻ ഉൾപ്പെടെ എല്ലാ ജീവികളും സദാ പരിശ്രമിക്കുന്നത്. ഭൂമിയിലെ വസ്തുക്കളുടെ മൂലകങ്ങളിൽ ആനന്ദങ്ങളെ വർദ്ധിപ്പിക്കുന്നതായ ശക്തികളെയും ശാസ്ത്രങ്ങളെയും ഭൂമിയായ ദൈവം ലയി(പ്പി)ച്ചിട്ടുണ്ട്. പ്രപഞ്ചത്തിലെ വസ്തുക്കളുടെ ഭൗതിക ശാസ്ത്രമെന്നത്, ഭൂമിയുടെ അംശമായ വസ്തുക്കളിൽ / മൂലകങ്ങളിൽ ഭൂമി ഉള്ളടക്കം ചെയ്തിരിക്കുന്ന ശക്തികളെ പ്രവർത്തിപ്പിക്കാനുള്ളതാണ്. മഹാനീതിശാസ്ത്ര പ്രകാരം മനുഷ്യർക്ക് ക്രമാനുഗതമായി ഭൗതിക ശാസ്ത്രപാഠങ്ങളെ വെളിപ്പെടുത്തിക്കൊണ്ട് അവ പ്രകാരം വസ്തുക്കളിലെ ശക്തികളെ പ്രവർത്തിപ്പിക്കാനും, അവ ലഭ്യമാക്കുന്ന ആനന്ദങ്ങളെ ആസ്വദിക്കുവാനും മഹാമാതാവായ ഭൂമി/പ്രപഞ്ചം മഹാ-അനുവദിച്ചിരിക്കുകയാണ്.

മറ്റുള്ള ജീവികളിൽ നിന്നും വ്യത്യസ്തമായിട്ട് മനുഷ്യരുടെ ആനന്ദങ്ങളെല്ലാം കുടുംബവുമായും സമൂഹവുമായും ബന്ധപ്പെട്ടതാകയാൽ, കാലമാറ്റത്തിനും ശാസ്ത്ര സാങ്കേതിക വികസനങ്ങൾക്കും അനുസരിച്ച് അഗ്നി ഉപയോഗിച്ചുള്ള പാചകം, വീട്, കൃഷി, കച്ചവടം, നെയ്ത്ത്, തയ്യൽ, മേശിരിപ്പണി, വൈദ്യം, വിമാനം-കപ്പൽ-ട്രെയിൻ ഉൾപ്പെടെയുള്ള ബഹുവിധ ഗതാഗത സൗകര്യങ്ങൾ, വാർത്താ വിനിമയം, റേഡിയോ, ടെലിവിഷൻ, കമ്പ്യൂട്ടർ, മൊബൈൽ ഫോൺ, തുടങ്ങിയ ആനന്ദങ്ങൾക്ക് മനുഷ്യരുടെ ജീവിതത്തിൽ കാലാനുസൃതമായിട്ട് പ്രാധാന്യം വർദ്ധിക്കുന്നു. മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ശാസ്ത്ര നിയമങ്ങൾ, ശക്തികൾ, ആനന്ദങ്ങൾ, എന്നിവയെ മനുഷ്യരുടെ അദ്ധ്വാനവുമായിട്ട് ബന്ധിപ്പിച്ചിരിക്കുകയാണ്. മഹാഭീമമായ ഭൗതികശാസ്ത്രത്തിലെ പാഠങ്ങളെ വെളിപ്പെട്ടു കിട്ടാൻ ഗവേഷകർ, ശാസ്ത്രജ്ഞർ തുടങ്ങിയ പേരുകളിൽ ഒരു കൂട്ടം മനുഷ്യർ തൊഴിൽ ചെയ്യേണ്ടതുണ്ട്. വെളിപ്പെടുന്ന ശാസ്ത്രപാഠങ്ങൾ പ്രകാരം പുതിയ പുതിയ ശാസ്ത്രസൗകര്യങ്ങൾ കണ്ടെത്താനും, അവയെ ഏതൊരാൾക്കും പൊതുജനങ്ങൾക്കും ലഭ്യമാക്കുവാനും വീണ്ടും വീണ്ടും കർമ്മം ചെയ്യേണ്ടതുണ്ട്.

എല്ലാ ജീവിത മേഖലകളെയും എല്ലാ ശാസ്ത്ര ശാഖകളുമായും ബന്ധിച്ചിരിക്കുകയാൽ, എല്ലാ മേഖലകളിലും ശാസ്ത്ര സാങ്കേതിക വികസനങ്ങളും അവ പ്രകാരമുള്ള അനന്തമായ വ്യവസായങ്ങളും, പുതിയ തൊഴിലുകളും തൊഴിലാളികളും ഉണ്ടാകുന്നു. എന്നുവെച്ചാൽ ഭൂമിയായ ദൈവത്തിന്റെ മഹാജ്ഞാനമായ മഹാശാസ്ത്രത്തെയും അവ പ്രകാരമുള്ള ശക്തികളെയും കണ്ടെത്താനും സുഖ സൗകര്യങ്ങളെ ഒന്നൊന്നായി മനസ്സിലാക്കി അനുഭവിക്കാനും മനുഷ്യരെ പ്രാപ്തരാക്കുന്നത് അവരെ കർമ്മം ചെയ്യിച്ചു കൊണ്ടാണ്, അഥവാ അദ്ധ്വാനിപ്പിച്ചുകൊണ്ടാണ്.

**ശാസ്ത്ര പാഠങ്ങളും സൗകര്യങ്ങളും കണ്ടെത്താനുള്ള ശക്തി മനുഷ്യർക്കു നൽകുന്നതും വെളിപ്പെടുത്തുന്നതും ഭൂമി/ദൈവം തന്നെയാണെങ്കിലും, മനുഷ്യരെ സംബന്ധിച്ച് അവർ അദ്ധ്വാനിച്ചതായി വരുന്നു. അവരെ അദ്ധ്വാനിപ്പിച്ചതാണെന്ന് അവർ അറിയാതെ പോകുന്നു. ദൈവം മനുഷ്യരെ അദ്ധ്വാനിപ്പിച്ചു എന്നതുപോലെ, മനുഷ്യർ അദ്ധ്വാനിച്ചു എന്നതും സത്യം തന്നെയാണ്...മഹാവാത്സല്യമായ ഭൂമിയുടെ മഹാആവിഷ്ക്കാരമാണത്. മനുഷ്യർക്ക് ഭൂമിയിലെ വസ്തുക്കളിൽ അവകാശം ഉന്നയിക്കാനുള്ള അധികാരത്തെ ഭൂമി തന്നെ മനുഷ്യർക്കു നൽകുകയാണ്.**

**എന്തിനാണ് ഈ ചുറ്റിക്കളി എന്നു ചോദിച്ചാൽ, ദൈവത്തിന്റെ അടിമകളാവാതെ അദ്ധ്വാനിച്ചു ജീവിക്കുന്നവരായും വ്യക്തിസ്വാതന്ത്ര്യത്തെ അനുഭവിക്കുന്നവരായും മനുഷ്യരെ രൂപപ്പെടുത്താനുള്ള മഹാആവിഷ്ക്കാരമാണത്.**

മറ്റൊരു വിധത്തിൽ പറഞ്ഞാൽ, കുഞ്ഞുങ്ങളായ ജീവികളോടുള്ള മഹാവാത്സല്യം കാരണം, മണ്ണും ഭൂമിയുമായ ദൈവം എല്ലാ ആനന്ദങ്ങളെയും സ്വന്തം മഹാരൂപമായ ഭൂമിയിൽ ലയിപ്പിക്കുകയും, ഓംകാരനീതിശാസ്ത്രം പ്രകാരം കുഞ്ഞുങ്ങൾക്കെല്ലാം നൽകുകയും ചെയ്യുന്നു. കുഞ്ഞുങ്ങളായ മനുഷ്യർ മടിയരും അലസന്മാരുമാകാതെ സംരക്ഷിക്കുവാനായിട്ട് മഹാസംവിധാനങ്ങളെയും ഭൂമി ഒരുക്കിയിരിക്കുന്നു !

വിശേഷ ബുദ്ധി ലഭിക്കാത്ത മറ്റുള്ള ജീവികളുടെയും ജീവിതം ആനന്ദങ്ങളെ ആധാരമാക്കിയാണ് നിലകൊള്ളുന്നത്. വിശേഷ ബുദ്ധിയും അനുബന്ധമായ ശാസ്ത്രങ്ങളും ലഭിക്കുന്നതു കൊണ്ടു മാത്രമാണ് എല്ലാ ജീവികൾക്കും ജീവിക്കാൻ ആവശ്യമാകുന്നത് ആനന്ദങ്ങളാണെന്നു തിരിച്ചറിയാൻ മനുഷ്യർക്കു സാധിക്കുന്നത്. വിശേഷ ബുദ്ധിയെ ഉചിതമായി ഉപയോഗിച്ചില്ലെങ്കിൽ നഷ്ടങ്ങൾ വർദ്ധിക്കുന്നതാണ്. ഭൗതിക ശാസ്ത്രം പ്രകാരമുള്ള ജീവിത സൗകര്യങ്ങൾ ആസ്വദിച്ചു ജീവിക്കുന്ന മനുഷ്യർ, ഭൗതിക ശാസ്ത്രത്തോടൊപ്പം വസ്തുക്കളിൽ ലയിച്ചിട്ടുള്ള ധർമ്മ-നീതി ശാസ്ത്രങ്ങളെ ക്കൂടി കണ്ടെത്താനും ഉപയോഗപ്പെടുത്താനും തയ്യാറാകാത്തതാണ് വിനയാവുന്നത്. അതിഗൗരവമായ വസ്തുതയാണത്. വിശദീകരിക്കാം :-

സത്യവും ധർമ്മവും യഥാർത്ഥത്തിൽ ഒന്നാണെന്നത് ഏറെ മനുഷ്യർക്കും അറിയില്ല. പാൽ, വെള്ളം, ഓക്സിജൻ തുടങ്ങി അനന്തമായ വസ്തുക്കളെയും മൂലകങ്ങളെയും സത്യങ്ങളാക്കുന്നത് അവയുടെ ധർമ്മങ്ങളാണ്. നിറങ്ങൾ, രൂപം, സൗന്ദര്യം, അളവുകൾ തുടങ്ങിയ ഭൗതിക അസ്തിത്വം കൊണ്ട് വസ്തുക്കൾ സത്യം ആവില്ല. ഉദാഹരണത്തിന്, പാൽ എന്ന സത്യത്തിന്റെ ഗുണങ്ങളാകുന്ന ധർമ്മം ഉണ്ടെങ്കിലേ പാൽ ആവുകയുള്ളൂ; സ്വർണ്ണമായ സത്യത്തിന്റെ ഗുണങ്ങളായ ധർമ്മം ഉണ്ടെങ്കിലേ സ്വർണ്ണം ആവുകയുള്ളൂ. പ്രപഞ്ചത്തിലെ സർവ്വവും ഭൗതികമായ അസ്തിത്വം ഉള്ളവയാണ്. അതുകൊണ്ട് ഭൗതികമായ അസ്തിത്വം ഇല്ലാത്ത യാതൊന്നിനും പ്രപഞ്ചത്തിൽ നിലനില്പില്ല. ഉദാഹരണത്തിന്, വസ്തുക്കളും പ്രദേശങ്ങളും വ്യത്യസ്ത ജീവികളും ഭൗതികമായ അസ്തിത്വം ഉള്ളവയാണെങ്കിൽ മനുഷ്യർ തട്ടിക്കൂട്ടിയിട്ടുള്ള നികുതികൾ, ആത്മീയത, ദേശീയത, രാഷ്ട്രീയ പാർട്ടി തുടങ്ങിയ ആശയങ്ങൾക്ക് ഭൗതികമായ അസ്തിത്വം ഇല്ല. നികുതികളെ ഏർപ്പെടുത്താനും വർദ്ധിപ്പിക്കാനും കുറയ്ക്കാനും ഉപേക്ഷിക്കാനും കഴിയും; വ്യക്തികൾക്ക് ജീവിക്കാൻ ആവശ്യമില്ലാത്ത ആത്മീയ തട്ടിപ്പുകളെയും രാഷ്ട്രീയവും മറ്റും സ്വീകരിക്കാനും, പഴയവ മാറ്റി പുതിയവയെ സ്വീകരിക്കാനും, ഇടയ്ക്കിടെ മാറാനും, തീർത്തും ഉപേക്ഷിക്കാനും കഴിയുന്നത് അവയ്ക്കൊന്നും ഭൗതികമായ അസ്തിത്വം ഇല്ലാത്തതുകൊണ്ടാണ്. ഭൗതികമായ അസ്തിത്വം ഇല്ലാത്തവയ്ക്ക് പ്രപഞ്ചമായ ദൈവവുമായി ബന്ധമില്ലെന്നും, ദൈവീകമല്ലെന്നും; ദൈവീകമല്ലാത്തവയെ പിൻപറ്റി ജീവിക്കുന്നത് ദൈവനിന്ദയും അപരാധങ്ങളും മാത്രമാണെന്നും, കടുത്ത അപരാധങ്ങളെ ദൈവമായ പ്രപഞ്ചം ശിക്ഷിച്ചു തന്നെ തിരുത്തുന്നതാണ്, എന്നൊക്കയാണ് വിശേഷബുദ്ധി ലഭിച്ചവർ മനസ്സിലാക്കേണ്ടത്.

പ്രപഞ്ചമാകുന്ന അനന്തമായ ആനന്ദങ്ങളെയും, അവയിൽ ലയിച്ചിരിക്കുന്നതായ ശാസ്ത്രങ്ങളെയും ശക്തികളെയുമെല്ലാം അനുഭവിച്ചു തന്നെ പരിചയപ്പെടുമ്പോൾ, ആത്മാക്കളെ പ്രപഞ്ചം നേരിട്ടു ബന്ധിപ്പിച്ചിരിക്കുന്നത് ആനന്ദങ്ങളുമായിട്ടാണെന്നും, ജീവിക്കാൻ ആവശ്യം ആനന്ദങ്ങളാണെന്നും ശക്തികളോ ശാസ്ത്രങ്ങളോ അല്ലെന്നും വ്യക്തമാണ്. ശക്തികളും ജ്ഞാനവും വളരെയധികം കുറവുള്ള എത്രയോ ജനങ്ങൾ ദൈവമായ പ്രപഞ്ചത്തിന്റെ ഓംകാരനീതിശാസ്ത്രം പ്രകാരം സമൂഹത്തിൽ ആനന്ദിച്ചു ജീവിക്കുന്നത് ഉദാഹരണമാണ്. മനുഷ്യാവസ്ഥയിൽ ലഭിക്കുന്ന വിശേഷ ബുദ്ധിയെ ദുരുപയോഗം ചെയ്യുന്നത് ദൈവനിന്ദയും അപരാധങ്ങളും പാപവുമാണ്. ദൈവമായ പ്രപഞ്ചത്തിന്റെ ആനന്ദം മഹാവാത്സല്ല്യം മാത്രമാണെന്നും, എല്ലാ കുഞ്ഞുങ്ങളോടും മഹാമാതാവിനുള്ള ആനന്ദമാണ് മഹാവാത്സല്ല്യമെന്നും, സൃഷ്ടിയായ മാതാപിതാക്കൾ പോലും കുഞ്ഞുങ്ങൾക്ക് കടമകളെ നൽകില്ലെന്നും സുവ്യക്തമാണ്. സൃഷ്ടികളായ ആത്മാക്കളെ മനുഷ്യാവസ്ഥയിൽ വച്ച് അനന്തമായ ആനന്ദങ്ങളെ അനുഭവിപ്പിച്ചു പരിചയിപ്പിക്കാനാണെന്ന് പരമാത്മാവും പ്രപഞ്ചപിതാവുമായ ശിവനിലൂടെ സൃഷ്ടി ചക്രങ്ങളുടെ രണ്ടാമത്തെ പകുതിയിൽ അറിയിക്കുന്നുണ്ട്. ദൈവമായ പ്രപഞ്ചത്തിന്റെ മഹാജ്ഞാനമായ ശാസ്ത്രങ്ങൾ പ്രപഞ്ചത്തിലെ വസ്തുക്കളിൽ തന്നെ ലയിച്ചിട്ടുണ്ട്. ശക്തികളും അങ്ങനെ തന്നെ. മഹാനീതിശാസ്ത്രമായ ഓംകാരനീതിശാസ്ത്രവും നൽകുന്നുണ്ട്. മഹാനീതിയുടെ പൊതുവായ സ്വഭാവങ്ങളെ വെളിപ്പെടുത്തുമ്പോഴും, മഹാനീതിയെ സംബന്ധിച്ചുള്ള മഹാസൂക്ഷ്മ നടപടികൾ മഹാഭദ്രകാളിയുടെ പക്കൽ മഹാഭദ്രമായിരിക്കും. സൃഷ്ടികളെ മഹാനീതി-കാര്യങ്ങളിൽ ഇടപെടാൻ അനുവദിച്ചു കൂടാ. ദൈവത്തെ സംബന്ധിച്ച പാഠങ്ങളും സൃഷ്ടിക്കു നൽകണം. ഈ ദിവ്യ മഹാവേദ ഗ്രന്ഥത്തിലൂടെ സർവ്വം ശാസ്ത്രപരമായി അറിയിക്കുന്നുണ്ടെന്നു മനസ്സിലാക്കാനാവും.

വിശേഷബുദ്ധിയും അനുബന്ധമായ ശാസ്ത്രങ്ങളും ലഭിക്കാത്തതു കൊണ്ട് അനന്ത ആനന്ദങ്ങളായ ഉല്പന്നങ്ങളെയും മറ്റ് ശാസ്ത്ര സൗകര്യങ്ങളെയും പ്രപഞ്ചത്തിലെ വസ്തുക്കളിൽ നിന്നും ശരീരങ്ങളിൽ നിന്നും നിർമ്മിക്കാൻ മറ്റുള്ള ജീവികൾക്ക് തൽക്കാലം കഴിയുന്നില്ലാ എന്നേയുള്ളൂ. ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് മനുഷ്യരൂപവും, വിശേഷ ബുദ്ധിയും, സ്ത്രീപുരുഷ ജാതികളും ഉൾപ്പെടെയുള്ള വർദ്ധിച്ച ജന്മഗുണങ്ങളെ ലഭിക്കുമ്പോൾ സമ-ആനന്ദമായ മഹാനീതി ഉണ്ടാകുന്നതാണ്.

പ്രപഞ്ചത്തിലെ അനന്തമായ ആനന്ദങ്ങളായിട്ട് ആറ്റങ്ങളിലെ ശിവ, ശിവനെയും കൂട്ടി അവതരിക്കുന്നത് എങ്ങനെയെന്ന് മുകളിൽ വിവരിച്ചിരുന്നു. അല്പം ആവർത്തിക്കാം :- പ്രപഞ്ചത്തിലെ എല്ലാ മൂലകങ്ങളുടെയും അവയുടെ പരിണാമമായ സംയുക്തങ്ങൾ, മിശ്രിതത്തിൽ, ശരീരങ്ങൾ, തുടങ്ങിയവയുടെയും എല്ലാവിധ ഗുണങ്ങളും ഉള്ളതായ ഏറ്റവും ചെറിയ ഘടകത്തെ വിഭജിക്കാൻ കഴിയാതെ വരണമെന്നതും അവയെല്ലാം വ്യത്യസ്തമായി ത്തന്നെ നിലകൊള്ളണമെന്നതും യുക്തിഭദ്രമായ വസ്തുതയാണ്. അതിനു വിപരീതമായിട്ട് എല്ലാ വസ്തുക്കളുടെയും എല്ലാ ഗുണങ്ങളുമുള്ള  ഏറ്റവും ചെറിയ ഘടകമായ ആറ്റങ്ങളെ വിഭജിക്കാൻ കഴിയുന്നതും; ഹൈഡ്രജനിൽ മാത്രം ന്യൂട്രോൺ ഇല്ലാത്തതും, ബാക്കിയുള്ള എല്ലാ മൂലകങ്ങളുടെയും മറ്റു ഘടകങ്ങൾ സമാനമായിരിക്കുന്നതും, എല്ലാ ആറ്റങ്ങളിലെയും (ശിവയായ) പ്രോട്ടോണുകളെ (ശിവനാകുന്ന) ഇലക്ട്രോണുകൾ സദാ ചുറ്റുന്നതും മനസ്സിലാക്കാൻ കഴിയുമായിരുന്നു.

സ്ഥൂലാവസ്ഥയായ എല്ലാ വസ്തുക്കളും പ്രദേശങ്ങളും ജീവികളുടെ ശരീരത്തിലെ അവയവങ്ങളും പ്രകൃതിയുമായിരിക്കുന്നത് സൂക്ഷ്മമായ ആറ്റങ്ങളും അവയിലുള്ള അതിസൂക്ഷ്മമായ പ്രോട്ടോൺ ഇലക്ട്രോൺ ന്യൂട്രോൺ ബോസോൺ തുടങ്ങിയവയും ആണെന്നതും, പ്രോട്ടോണുകളെ നിരന്തരമായി ഇലക്ട്രോണുകൾ ചുറ്റിക്കറങ്ങി ക്കൊണ്ടിരിക്കുന്നതും അന്തമില്ലാത്ത മഹാശക്തിയുടെ മഹാപ്രഭാവമാണ്. എല്ലാ സൃഷ്ടികൾക്കും ജീവിക്കാൻ ആവശ്യമായതും ആഗ്രഹിക്കുന്നതുമായ സർവ്വവും മഹാനീതിശാസ്ത്രമായ ഓംകാരനീതിശാസ്ത്രം പ്രകാരം മഹാശക്തിയായ ഭൂമിയുടെ അതിസൂക്ഷ്മമായ ആറ്റങ്ങളിലെ ശിവയായ പ്രോട്ടോണുകൾ, ഇലക്ട്രോണുകളുമായി (ശിവൻ) ചേർന്ന് സൃഷ്ടിക്കുകയാണ്. ജീവികളിലെ കോശങ്ങളെ നിരന്തരമായി മാറ്റുന്നതും അവയവങ്ങളുടെ വളർച്ച, പ്രവർത്തനം, രോഗങ്ങൾ, രോഗമുക്തി, മുറിവുണങ്ങൽ, തുടങ്ങി സൃഷ്ടികളായ ഓരോരോ ആത്മാക്കൾക്കും പ്രത്യേകമായിട്ടു നൽകുകയും പരിപാലിക്കുകയും ചെയ്യുന്ന ശരീരത്തിലെ അവയവങ്ങളിലൂടെ അവയെ ഭരിക്കുന്നതും മഹാനീതി നടപ്പാക്കുന്നതും ഭൂമിയാണ്; സ്വത്വവും മഹാഭദ്രകാളിയുമായ ഓക്സിജനാണ്; വിശകലനം ചെയ്താൽ ഓക്സിജന്റെ പ്രവൃത്തികളെ മനസ്സിലാക്കാം. മനുഷ്യർ വേണ്ടവിധം പരിശ്രമിച്ചില്ല. കഴിഞ്ഞില്ല.

ദൈവാംശമാണ് എല്ലാ വസ്തുക്കളും അവയുടെ എല്ലാ ഗുണങ്ങളും ഉള്ളതായ ഏറ്റവും ചെറിയ അംശമായ ആറ്റങ്ങളും. ആറ്റത്തിലെ പ്രോട്ടോൺ, ഇലക്ട്രോൺ, ന്യൂട്രോൺ, ബോസോൺ, ഗ്ലൂവോൺ, ക്വാർക്ക്, ഓം എന്നിവയെല്ലാം ദൈവഘടകങ്ങളാണ്. സൃഷ്ടികൾക്കെല്ലാം ജീവിക്കാൻ ആവശ്യമായ വേദനകൾ ഉൾപ്പെടെയുള്ള അനന്തമായ ആനന്ദങ്ങളെ ചാക്രികമായും നിരന്തരമായും സൃഷ്ടിച്ചുകൊണ്ടിരിക്കുന്നതും, ജീവികളുടെ ജീവിതം മഹാഭദ്രമാക്കുന്നതും അവയാണ്. വേദനകളെ; മത്സ്യം, സസ്യം എന്നീ അവസ്ഥകളിൽ സമ്പൂർണ്ണമായി ഒഴിവാക്കിയിട്ടുണ്ട്; മറ്റൊരു അദ്ധ്യായത്തിൽ തെളിയിച്ചിട്ടുണ്ട്. പക്ഷി-ക്ക് വേദന ഭാഗികമായി മാത്രമാണ് ! സൃഷ്ടികൾക്കു വേണ്ടി സംഹാരപാത്രവും മോക്ഷവുമായ നക്ഷത്ര-ദേവതാലോകം സൃഷ്ടിച്ച് മഹാപ്രപഞ്ചത്തോടു ചേർത്തിട്ടുണ്ട്.

മഹാമാതാപിതാക്കളായ ശിവയും ശിവനും; സൃഷ്ടിയായ ആത്മാക്കളെയും മോക്ഷം-ആകുന്ന (നക്ഷത്ര)ദേവതകളെയും കുഞ്ഞുങ്ങളാക്കുകയാൽ, കടമകൾ നൽകുന്നില്ല ! മറ്റു കുഞ്ഞുങ്ങളെ ഉപദ്രവിക്കാതെ പ്രപഞ്ച-ശാസ്ത്രങ്ങൾ പ്രകാരം ആനന്ദിച്ചു ജീവിച്ചാൽ മാത്രം മതി. വിശേഷ ബുദ്ധിയും ശാസ്ത്രങ്ങളും നൽകി സാമൂഹിക ജീവികളായ മനുഷ്യരായിട്ട്, ആത്മാക്കളെ ജനിപ്പിക്കുന്ന ദൈവം, അനന്തമായ ആനന്ദങ്ങളെ ആസ്വദിച്ചു ജീവിക്കാൻ ആവശ്യമായ ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും സൗന്ദര്യവും കാലവും ശരണവും മഹാനീതിയുമെല്ലാം കൂടി ജീവികളുടെ ശരീരങ്ങൾ ഉൾപ്പെട്ട പ്രപഞ്ചത്തിലെ വസ്തുക്കളിലൂടെ നൽകുന്നുണ്ട്.

ദൈവത്തിന്റെ ഭാവവും സത്യ- ധർമ്മ- നീതികളുമായ ധർമ്മശാസ്ത്രം പ്രകാരം ജീവിക്കുന്ന മനുഷ്യർക്ക് പ്രത്യക്ഷ-ദൈവമായ മഹാപ്രപഞ്ചം വിശേഷബുദ്ധിയും അനുബന്ധമായ ശാസ്ത്ര-പാഠങ്ങളും ശക്തികളും വെളിപ്പെടുത്തിയേക്കാം! പാഠങ്ങളും ആനന്ദങ്ങളും അന്യോന്യം ധർമ്മശാസ്ത്രം പ്രകാരം പങ്കുവെച്ചാൽ മഹാവാത്സല്ല്യത്തെ കൂടുതലായി നേടാനും, (മുജ്ജന്മ) പാപങ്ങൾ കുറയ്ക്കാനുമാവും ! ശ്രമിക്കാനാവും !

**കുഞ്ഞുങ്ങൾക്ക് അനന്ത ആനന്ദങ്ങളെ ആസ്വദിക്കാനും പരിചയിക്കാനും നേടാനും ലഭിക്കുന്ന വിശേഷ ബുദ്ധിയുടെ അനുബന്ധമായ ശാസ്ത്രങ്ങളിൽ 'ഭൗതികശാസ്ത്രം' കൂടാതെ; ഭൂമിയിൽ കുടുംബ-സാമൂഹ്യ ജീവിതം നയിക്കാൻ ആവശ്യമായ കുറ്റങ്ങളും കുറവുകളും ഇല്ലാത്ത ധർമ്മ-നീതിശാസ്ത്രങ്ങളും കൂടി ലയിച്ചിട്ടുണ്ട്. വെളിപ്പെടാത്ത ഭൗതിക-ധർമ്മ-നീതി ശാസ്ത്ര നിയമങ്ങൾ പ്രപഞ്ചത്തിന്റെ അംശമായ വസ്തുക്കളിൽ എപ്പോഴും ഉണ്ട്; കാലാനുസൃതമായിട്ട് ദൈവമായ പ്രപഞ്ചം വെളിപ്പെടുത്തുകയാണ്. വിശേഷബുദ്ധികൊണ്ട് മണ്ണിലുള്ള ധർമ്മനീതി ശാസ്ത്രങ്ങൾ കണ്ടെത്തണം. പകരം ഭൗതികമായ അസ്തിത്വം ഇല്ലാത്ത ദേശീയ-രാഷ്ട്രീയ-ആത്മീയ കോപ്രായങ്ങളെ മനുഷ്യർ തട്ടിക്കൂട്ടിയതാണ് വലിയ വിനയായത്.**

## ജാഗ്രത

എല്ലാ ജീവി-വർഗ്ഗങ്ങളും അവയിലെ ഇനങ്ങളും അതാത് അവസ്ഥയിൽ ആനന്ദിച്ചുതന്നെയാണ് ജീവിക്കുന്നത്. വിശേഷബുദ്ധി ലഭിക്കുന്ന മനുഷ്യർ കണ്ടും കേട്ടും അനുഭവിച്ചും അറിയുന്ന വസ്തുതകളുമാണ്. ഹീലിയം ആറ്റത്തിലെ രണ്ടു ന്യൂട്രോണുകളും സ്ത്രീ-പുരുഷ പാതികളുമായ ആത്മാക്കളെ മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ എന്നീ 5 വിഭാഗം ജീവികളിൽ 100 വീതം ജന്മങ്ങളെ നൽകി ജീവിപ്പിക്കുന്നതും സ്ത്രീ-പാതിയെ സസ്യാവസ്ഥയിൽ വച്ച് സസ്യങ്ങളായി നിലനിർത്തിത്തന്നെ പുനർജ്ജനിപ്പിക്കുന്നതും, പുരുഷ പാതിയെ 50 വീതം സ്ത്രീപുരുഷനജന്മങ്ങളെ നൽകി എല്ലാ അവസ്ഥകളിലും ജീവിപ്പിക്കുന്നതും, മനുഷ്യാവസ്ഥയിൽ വച്ച് ചില ജന്മങ്ങളിൽ മാത്രം സ്ത്രീപാതിയെ ഇണയായി എത്തിക്കുന്നതും, നക്ഷത്രദേവതാ പദവിയോടെ മോക്ഷം നേടുമ്പോൾ ഒന്നിപ്പിക്കുന്നതും അതിലെ മഹാനീതിയും പിന്നീട് വിശദീകരിക്കുന്നുണ്ട്. മനുഷ്യാവസ്ഥയിലെ 100-ാം ജന്മത്തിൽ പശുവും പശുപതിയുമായി ജനിക്കണം; ജീവിക്കണം. ഓംകാര നീതിശാസ്ത്രം എന്ന അദ്ധ്യായത്തിലെ വിശദീകരണം മനുഷ്യരെ അത്ഭുതപ്പെടുത്തുന്നവയാണ്. ഗോവധത്തിൽനിന്നും സ്വയം ഒഴിയാൻ കാരണവുമാകും. കുഞ്ഞുങ്ങൾക്ക് കടമകളില്ല; നിരോധനം ഉൾപ്പെടെ നിയമങ്ങൾ ഉണ്ടാക്കേണ്ട! മനുഷ്യാവസ്ഥയിൽ വച്ചുള്ള അവസാന ജന്മത്തിലെ പശു-പശുപതി ജന്മവും കടന്ന് നക്ഷത്രദേവതാ പദവിയിലേക്ക് പോകേണ്ടവരായ ആത്മാക്കൾക്ക് ഇടയ്ക്കു വച്ചും ഇടയ്ക്കിടെയും നായ, അട്ട, പൂച്ച, എലി, കുരങ്ങ്, കഴുത തുടങ്ങിയ ജന്തുശിക്ഷാ-ജന്മങ്ങളെ ലഭിക്കുന്നത് സൃഷ്ടികളായ ആത്മാക്കൾക്ക് അഭിമാനകരമല്ല.

ഉദാഹരണത്തിന്, രക്ഷിക്കുക എന്ന ദൈവ ധർമ്മത്തെ ഒരു പ്രതിനിധി പോലെ ചെയ്യേണ്ടുന്നവരായ ഡോക്ടർമാരും സംഘവും രോഗിയെ കൊലപ്പെടുത്തി അവയവ വ്യാപാരം ചെയ്താൽ.. ധർമ്മശാസ്ത്ര വിരുദ്ധമല്ലേ? ജന്തുശിക്ഷാജന്മങ്ങൾ ഉറപ്പാണ്. ഡോക്ടർ എന്ന ഉച്ചാരണത്തിൽ ശിക്ഷ ഒളിച്ചിരിപ്പുണ്ട്. ദൈവ ധർമ്മത്തെ ചെയ്യുന്ന ഡോക്ടറെ അവമതിക്കാൻ നീതി കാര്യങ്ങളെ ഉപയോഗിക്കുന്നവർക്കും അതേ ശിക്ഷ ലഭിച്ചേക്കാം. ഭൂമിയുടെ പൊന്നോമന കുഞ്ഞുങ്ങളായ മനുഷ്യർക്കെല്ലാം ജാഗ്രതവേണം!

എല്ലാ മനുഷ്യരും ജീവിക്കേണ്ടുന്നത് ദൈവമായ ഭൂമിയിൽ ഭൗതിക അസ്തിത്വത്തോടെ ലയിച്ചിരിക്കുന്ന ധർമ്മശാസ്ത്രപ്രകാരം മാത്രമാണ്. ജനസേവനമാണെന്നു തെറ്റിദ്ധരിച്ച് ജനങ്ങളുടെ ചിലവിൽ ജീവിക്കുന്ന രാജാവും മന്ത്രിമാരുമായ സേവകരുടെ സേവകരും അടിമകളുമായിട്ട് വിശേഷ ബുദ്ധിയെ ലഭിക്കുന്നവരും (ജനങ്ങളുടെ ചിലവിൽ മാത്രം ജീവിക്കുന്നവരുമായ) പോലീസ് സേന, കാര്യാലയങ്ങളിലെ ജനസേവകർ തുടങ്ങിയ വലിയൊരു വിഭാഗം ജനങ്ങൾ അധഃപതിക്കുമ്പോൾ ആരാണ് വലിയ പാപികളെന്ന് അവർക്കറിയില്ലെങ്കിലും ഭൂമിയുടെ സ്വത്വമായ ഓക്സിജനറിയാം. ജന്തുശിക്ഷകൾ അനവധി ജന്മങ്ങളിൽ നൽകുന്നത് പ്രത്യേക അദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട്.

**'ശവ-നായ ശിവ-നായ പരമാത്മാവിന്റെ' അംശവും സൃഷ്ടികളുമായ ആത്മാക്കൾക്ക് വിശേഷ ബുദ്ധിയും അനുബന്ധമായ 'പ്രപഞ്ചത്തിന്റെ ശാസ്ത്രങ്ങളും' ലഭിക്കുന്നത് മനുഷ്യാവസ്ഥയിൽ വച്ചാണ്. മോക്ഷം മാത്രമല്ല; 'നായ' ഉൾപ്പെടെയുള്ള നിരവധി ജന്തുശിക്ഷാ-ജന്മങ്ങളും അക്കൂടെയുണ്ട്.**

ഏകദൈവമായ ശിവയുടെ ഭാഗവും ഏകദാസനും ഭർത്താവും പരമാത്മാവും പ്രപഞ്ചപിതാവും മറ്റുമായ ശിവൻ, നിർജ്ജീവമായ ശവൻ കൂടിയാണ്. ശിവയുടെ അടിമയും ദാസനും ആവുമ്പോൾ, ശിവ-നായ എന്ന അവസ്ഥ പോലുമുണ്ടാവും. പ്രപഞ്ചത്തിനും മുമ്പ്, ശിവ സൃഷ്ടിച്ച് ഇണയായ ഭർത്താവും മഹാദേവനുമായി ഒരുക്കിയതാണ് ശിവൻ എന്നാവുമ്പോൾ, ശിവന്റെ അംശങ്ങളായിട്ട് ദൈവമായ ശിവ സൃഷ്ടിച്ച ആത്മാക്കൾ ദൈവത്തിന്റെ അംശമോ ഭാഗമോ അല്ലെന്നും; അവർതന്നെ അനുഭവിച്ചറിയുന്നതുപോലെ നിർജ്ജീവമായ ശവരാണെന്നും വ്യക്തമാണ്. ശിവ-നായയുടെ അംശങ്ങളെ നായകൾ എന്നും വിളിക്കാം. തത്ത്വമസി, അഹംബ്രഹ്മാസ്മി, ഭഗവത് ഗീത തുടങ്ങി ഭൂമിയിലെ എല്ലാ ആത്മീയ-രാഷ്ട്രീയ-ദേശീയ പ്രവർത്തനങ്ങളും തട്ടിപ്പുകളാണ്. ആത്മീയശാസ്ത്രം, ദേശീയത, തുടങ്ങിയ കള്ളപ്പേരുകളിൽ ജീവിക്കാൻ ആവശ്യമില്ലാത്തവ പഠിപ്പിക്കാൻ ശ്രമിക്കുന്നതു തന്നെ പാപമാണ്. ആത്മീയ ശാസ്ത്രം ഉൾപ്പെട്ട ഓംകാര നീതിശാസ്ത്രത്തെ മഹാഭദ്രകാളി ഓംകാരം നൽകി അനുഗ്രഹിച്ച അടിമയും, ഏകദാസനും, ഭർത്താവും, മഹാവാഹനമായ നരസിംഹവും, പശുപതിയും, പരമാത്മാവും, പ്രപഞ്ച പിതാവും, മഹാനീതിപതിയും, മഹാദേവനുമായ പരമശിവൻ യഥാകാലം കുഞ്ഞുങ്ങൾ മാത്രമായ ആത്മാക്കളെ നേരിട്ടു പഠിപ്പിക്കുന്നതാണ്.

**മഹാമാതാവായ ഭൂമി, ആത്മാക്കൾക്ക് സമ്പൂർണ്ണ സ്വാതന്ത്ര്യം നൽകി ആനന്ദങ്ങളായി മാറിയിരിക്കെ, ദൈവമായ ആനന്ദങ്ങൾക്ക് നികുതി ചുമത്തിയും സ്വാതന്ത്ര്യം തടഞ്ഞും കഴിയുന്ന ജനസേവകരെയും മറ്റും ശിക്ഷിക്കുന്നത് തൽക്കാലം അവരറിയുന്നില്ല ! ///**

## ഓംകാരനീതിശാസ്ത്രം സർവ്വവും മഹാഭദ്രപ്പെടുത്തുന്നുണ്ട്. വിഷയസംബന്ധമായ അദ്ധ്യായത്തിലെ ഒരല്പം ചുവടെ ചേർക്കുന്നു :-

സൃഷ്ടി സ്ഥിതി സംഹാരങ്ങളെ തുടർച്ചയായി ചെയ്യേണ്ടതുണ്ട്; എല്ലാ സൃഷ്ടികൾക്കും ജീവിക്കാനാവശ്യമായ അനന്ത ആനന്ദങ്ങളായി ചാക്രികമായും നിരന്തരമായും ദൈവം അവതരിക്കേണ്ടതുമുണ്ട്. എല്ലാ വസ്തുക്കളുടെയും എല്ലാ ഗുണങ്ങളുമുള്ള ഏറ്റവും ചെറിയ ഘടകത്തെ വിഭജിക്കാൻ കഴിയരുതെന്ന യുക്തിയെ മാറ്റി, സർവ്വം ആറ്റങ്ങളും ഉള്ളിൽ ശക്തിയുമാക്കി ജീവികളുടെയെല്ലാം ജീവിതം മഹാഭദ്രമാക്കിയിരിക്കുകയാണ്. ആറ്റങ്ങളുടെ ഉള്ളിൽ ശിവയായ പ്രോട്ടോൺ ശിവനാകുന്ന ഇലക്ട്രോണിനെ ചുറ്റിച്ചും മറ്റു ശക്തിഘടകങ്ങളെ കൂട്ടിയും, മഹാജ്ഞാനമായ ശാസ്ത്രനിയമങ്ങളോടെ അനന്ത ആനന്ദങ്ങളായിട്ട് അവതരിക്കുകയാണ് ! മനുഷ്യൻ ഉൾപ്പെടെയുള്ള എല്ലാ ജീവികളും ആനന്ദങ്ങളെ അദ്ധ്വാനിച്ച് നേടുകയും ആസ്വദിക്കുകയും ചെയ്യുന്നു. അത് കാണാനും അറിയാനുമുള്ള വിശേഷ ബുദ്ധിയും അനുബന്ധമായ ശാസ്ത്രങ്ങളും മനുഷ്യനു മാത്രം ദൈവമായ പ്രപഞ്ചം നൽകി. അതോടെ, മനുഷ്യർ പൊന്നോമന കുഞ്ഞുങ്ങളായി മാറി. എല്ലാ ആത്മാക്കളെയും മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ എന്നീ ജീവികളായി വ്യവസ്ഥകളോടെ ജീവിപ്പിക്കുന്നതും മനുഷ്യാവസ്ഥയിൽ വിശേഷ ബുദ്ധി നൽകുന്നതും അവർക്കു വേണ്ടിത്തന്നെയാണ്. മത്സ്യ-സസ്യ അവസ്ഥകളിലെ ശരീരങ്ങൾ വേദനകൾ നൽകുന്നവയല്ല. കുഞ്ഞുങ്ങളായ ആത്മാക്കളെ പ്രപഞ്ചം മഹാനീതിയോടെ കരുതുന്നു. അടുത്തൊരു അദ്ധ്യായത്തിൽ ശാസ്ത്രപരമായി തെളിയിച്ചിട്ടുണ്ടെങ്കിലും ദൈവമായ പ്രപഞ്ചം നടപ്പാക്കുന്ന മഹാനീതിയിൽ സൃഷ്ടികൾക്ക് പ്രവേശനമില്ല. ഉദാഹരണത്തിന്, സമ-ആനന്ദമായ മഹാനീതിയെ എല്ലാ സൃഷ്ടികൾക്കും നൽകാനായിട്ട് വിശേഷ ബുദ്ധി നൽകുന്ന മനുഷ്യാവസ്ഥയിൽ ജന്മഗുണങ്ങളെ വർദ്ധിപ്പിച്ചിട്ടുണ്ട്. മഹാനീതിയിൽ, മഹാവാത്സല്ല്യം പ്രകാരം പ്രപഞ്ചം നടപ്പാക്കുന്ന ശിക്ഷകളും തിരുത്തലും കൂടിയുണ്ട്. ശിവയും, ഭാഗമായ ശിവനും ചേർന്നുള്ള പ്രപഞ്ചത്തിലെ ഏകദൈവമായ ശിവയുടെ മഹാനീതിശാസ്ത്രമായ ഓംകാര-നീതിശാസ്ത്രത്തിന്റെ കാതലായ മഹാപുനർജ്ജന്മ സിദ്ധാന്തം പ്രകാരം ഓരോരോ ആത്മാവിനും മത്സ്യം, സസ്യം, പക്ഷി, മൃഗം എന്നീ അവസ്ഥകൾക്കു ശേഷം വ്യത്യസ്തമായ ജന്മഗുണങ്ങളോടെ 100 മനുഷ്യ-ജന്മങ്ങളെ ദൈവമായ പ്രപഞ്ചം നൽകുന്നു. പ്രധാന സ്ഥിതിപാത്രം കൂടിയായ ഭൂമിയിലെ വിവിധ പ്രദേശങ്ങളിലായി സ്ത്രീ-പുരുഷ ജാതികൾ, മുഖഛായ എന്നിവ കൂടാതെ, ഭാഗികമായി വ്യത്യാസമുള്ള ബാഹ്യവും ആന്തരികവുമായ ശരീര-അവയവങ്ങൾ; നിറം, സൗന്ദര്യം, ഉയരം, രോമങ്ങൾ, ആയുസ്സ്, ആരോഗ്യം, ജന്മരോഗങ്ങൾ, രോഗമുക്തി, കാഴ്ച്ച കേൾവി സ്പർശം രുചി ഗന്ധം തുടങ്ങിയ ഇന്ദ്രിയങ്ങൾ, ശബ്ദശൈലി വ്യത്യാസങ്ങൾ, ബുദ്ധി ശക്തി, ഓർമ്മ ശക്തി, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, വിസർജ്ജന-പ്രത്യുല്പാദന-വളർച്ചാ വ്യവസ്ഥകൾ, കൈവിരൽ-കൈപ്പത്തി-കണ്മണി അടയാളങ്ങൾ, ഡിഎൻഎ, ജനനം, വളർച്ച, മരണം, സൃഷ്ടി-സ്ഥിതിപരമായ വിധികൾ തുടങ്ങിയ ജന്മഗുണങ്ങളെ എല്ലാ ജന്മങ്ങളിലും വ്യത്യാസപ്പെടുത്തിക്കൊണ്ട് കുഞ്ഞുങ്ങളായ ആത്മാക്കൾക്ക് അനന്ത ആനന്ദങ്ങളും, വേദനകളും ജന്തുശിക്ഷാ-ജന്മങ്ങളുമെല്ലാം ഉൾപ്പെടുന്ന സമ-ആനന്ദമായ മഹാനീതി നിശ്ചയിക്കുന്നതും നടപ്പാക്കുന്നതും; ശിവയും ഏകദൈവവും മഹാമാതാവും മഹാവാത്സല്ല്യവും പ്രപഞ്ചവുമായ മഹാഭദ്രകാളിയാണ് !

എല്ലാ ജീവികളുടെയും സ്വത്വങ്ങളായ ആത്മാക്കൾക്ക് ഓരോ ജന്മത്തിലും ജീവിക്കാൻ പ്രപഞ്ചത്തിന്റെ അംശമായ വസ്തുക്കൾ നൽകുന്ന അവയവങ്ങളും ശരീരവളർച്ചയും, കോശങ്ങളുടെയെല്ലാം നിരന്തരമായ പകരംവയ്ക്കലും മനുഷ്യർ വിശകലനം ചെയ്യണം. കൈകാലുകളിലെ സന്ധികൾ, വിരലുകൾ, കീഴ്ത്താടി, നാവ്, കൺപോളകൾ, പുരികം, പുരുഷ ലിംഗം, തുടങ്ങിയ ഏതാനും അവയവങ്ങൾക്കു മാത്രം ലഭിക്കുന്ന ഭാഗികമായ ചലനസ്വാതന്ത്ര്യംകൊണ്ട് ശരീരത്തിന്റെ മേൽ സമ്പൂർണ്ണ സ്വാതന്ത്ര്യം ഉണ്ടെന്നും ശരീരം സ്വന്തമാണെന്നുമുള്ള പ്രതീതിയെ പ്രപഞ്ചം നൽകുന്നു. ഓരോ ആത്മാവിനും ഓരോ ദൈവം എന്ന പോലെ ദൈവമായ പ്രപഞ്ചത്തിന്റെ അംശമായ ശരീരം, ജീവിയുടെ തജ്ജന്മത്തിലെ ജനനം മുതൽ മരണം വരെ നിരന്തരമായി മഹാവാത്സല്ല്യത്തോടെയും മഹാനീതിയോടെയും പ്രവർത്തിക്കുന്നു. ഭക്ഷണം, ദഹനം, വിസർജ്ജനം, ശരീരവളർച്ച, പ്രത്യുല്പാദനം, ശ്വാസോച്ഛ്വാസം, രോമങ്ങളുടെ നിറം വളർച്ച നര, ചർമ്മ സംരക്ഷണം, രോഗങ്ങൾ, മരുന്നുകൾ, രോഗമുക്തി തുടങ്ങിയവ വ്യവസ്ഥപ്പെടുത്തുന്നതും ഓംകാര-നീതിശാസ്ത്രം പ്രകാരം നടപ്പാക്കുന്നതും ആത്മാക്കളല്ല; ശരീരത്തിലും പുറത്തുമുള്ള പ്രപഞ്ചാംശമായ വസ്തുക്കളും ജലവും ഓക്സിജനുമായ മഹാഭദ്രകാളി മാത്രമാണ് !

പ്രപഞ്ചത്തിന്റെ അംശങ്ങളായ മൂലകങ്ങളിലും സംയുക്തങ്ങളിലും മിശ്രിതങ്ങളിലും ചിലതുകൊണ്ട് മാത്രം രൂപപ്പെടുന്ന ജീവികളുടെ വ്യത്യസ്ത ശരീരങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളും, അവയുടെ സ്ഥൂലരൂപമായ പ്രദേശങ്ങളും പർവ്വതങ്ങളും സമുദ്രങ്ങളും കായലുകളും തോടുകളും നദികളും കുളങ്ങളും കിണറുകളും വനങ്ങളും പ്രകൃതിയും സൗന്ദര്യവും സൗരഭ്യവും രുചിയും; പകലും രാത്രിയും വെയിലും വെളിച്ചവും കാറ്റും കോളും മഴയും പ്രളയവും കൊടുങ്കാറ്റും വരൾച്ചയും അഗ്നിയും അഗ്നിപർവ്വതവും മേഘങ്ങളും മഞ്ഞും കുളിരും വേലിയേറ്റവും വേലിയിറക്കവും സൂര്യചന്ദ്രഗ്രഹണങ്ങളും ആദിയും അന്തവും ഇല്ലാത്ത മഹാശൂന്യതയായ ആകാശവും സൂര്യനും ചന്ദ്രനും ഭൂമിയും ഉൾപ്പെട്ട മഹാപ്രപഞ്ചത്തിലെ "മറ്റു ഗ്രഹങ്ങളും ഉപഗ്രഹങ്ങളും നക്ഷത്രങ്ങളും ഒഴികെയുള്ളവ" എല്ലാ ജീവികളുടെയും സ്വത്വങ്ങളായ ആത്മാക്കൾക്കു ജീവിക്കാൻ ആവശ്യമായ അനന്ത ആനന്ദങ്ങളെ നൽകുകയാണു ചെയ്യുന്നത്. (മറ്റു ഗ്രഹങ്ങളെയും അവയുടെ ഉപഗ്രഹങ്ങളെയും ദേവതകളെ പരാമർശിക്കുന്ന മറ്റൊരു അദ്ധ്യായത്തിൽ ശാസ്ത്രീയമായി വിശദീകരിച്ചിട്ടുണ്ട്. നക്ഷത്രങ്ങൾ സൃഷ്ടികളുടെ മോക്ഷം മാത്രമാണ്.)

പ്രപഞ്ചത്തിന്റെ അംശങ്ങൾ മാത്രമായ വസ്തുക്കളെയും അവയിൽ ലയിച്ചിരിക്കുന്ന ശക്തികളെയും, ശാസ്ത്രങ്ങളെയും, ഗുണങ്ങളായ ആനന്ദങ്ങളെയും ഉപയോഗിച്ച് മനുഷ്യർക്ക് നിർമ്മിക്കാൻ കഴിയുന്ന അനന്തമായ ഭക്ഷണങ്ങളും, ഉല്പന്നങ്ങളും ഉപകരണങ്ങളും യന്ത്രങ്ങളും, കര-ജല-ആകാശമാർഗ്ഗ ഗതാഗത വാഹനങ്ങളും, ഭവനങ്ങളും വസ്ത്രങ്ങളും ആഭരണങ്ങളും ടെലിവിഷനും കമ്പ്യൂട്ടറും ഇന്റർനെറ്റും ഹാർഡ്-സോഫ്റ്റ്-വെയറുകളും മൊബൈൽ ഫോണും മരുന്നുകളും സർജറിയുമെല്ലാം ജീവികൾക്ക് നേടാനും ആസ്വദിക്കാനുമായിട്ട് ദൈവമായ പ്രപഞ്ചം കരുതിയിട്ടുള്ളതും ഘട്ടംഘട്ടമായി വെളിപ്പെടുത്തുന്നതുമായ മറ്റ് അനന്ത ആനന്ദങ്ങളാണ്. വേദനകളും കയ്പുകളും ചവർപ്പുകളും (ദുർ)ഗ്ഗന്ധങ്ങളും ആനന്ദങ്ങളും ജീവികളുടെ ആവശ്യവും തന്നെയാണ്. ഈ ദിവ്യമഹാഗ്രന്ഥത്തിലുള്ള 'ന്യൂനശക്തികളുടെ പ്രവർത്തനങ്ങളെ' സംബന്ധിച്ച ഏതാനും അദ്ധ്യായങ്ങളിൽ ശാസ്ത്രപരമായി തെളിയിച്ചിട്ടുണ്ട്.

ഭൂമിയുടെ അംശമായ മൂലകങ്ങളും സംയുക്തങ്ങളും മിശ്രിതങ്ങളും രൂപപ്പെട്ടതാണ് : എല്ലാ ജീവികളുടെയും സ്ത്രീ-പുരുഷ ജാതികളിലെ ശരീരങ്ങളുടെ അവയവങ്ങളും, രക്തം, ഉമിനീർ ഉൾപ്പെടെയുള്ള ദഹനരസങ്ങൾ; ഭക്ഷണം, മലം, മൂത്രം, വിയർപ്പ്, കണ്ണീർ, കഫം, മൂക്കള, പ്രത്യുല്പാദന ബീജങ്ങൾ, ചൊറി ചിരങ്ങ് മുഴ തുടങ്ങിയവയും; പുതിയ കോശങ്ങളെ മാറ്റിവെച്ച് നിരന്തരം ശരീരത്തിൽ നിന്നും പുറത്താക്കുന്ന പഴയ കോശങ്ങളും. ജീവികളുടേതെന്നു കരുതുന്ന അവയവങ്ങളും, വിസർജ്ജ്യങ്ങളും മറ്റുമായ ശരീര-ഭാഗങ്ങളുമായിട്ട് അവതരിക്കുന്നതും അവയുടെ പ്രവർത്തനങ്ങളെ വ്യവസ്ഥകളോടെ നിശ്ചയിക്കുന്നതും (ചെയ്യുന്നതും) ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾ അല്ലെന്നും; യഥാർത്ഥത്തിൽ ശരീരം ജീവിയുടെ സ്വന്തമല്ലെന്നും വിശേഷ ബുദ്ധിയെ ലഭിക്കുന്ന മനുഷ്യാവസ്ഥയിൽ മനസ്സിലാക്കാൻ കഴിയും. അതായത് മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ തുടങ്ങിയ ജീവി-വർഗ്ഗങ്ങൾക്ക് ലഭിക്കുന്ന ശരീരത്തിലെ അവയവങ്ങളും, ഭൂമിയിലെ വസ്തുക്കളും വായുവും ജലവും ആത്മാക്കളും ഉൾപ്പെടെ സർവ്വവും അനന്ത ആനന്ദങ്ങളും ശക്തികളുമായ പ്രപഞ്ചത്തിന്റെ അംശം മാത്രമാണ്. മുമ്പ് വിസ്തരിച്ച ജീവി-വർഗ്ഗം, സ്ത്രീ-പുരുഷ ജാതി, മുഖഛായ തുടങ്ങിയവ എല്ലാ മനുഷ്യർക്കും അടിസ്ഥാനപരമായിട്ടു ലഭിക്കുന്ന ജന്മഗുണങ്ങളാണ്. ആത്മാക്കളെ ജീവികളായി ജനിപ്പിക്കുമ്പോൾ തന്നെ ശരീരം നൽകുന്ന ആനന്ദങ്ങളായ ഗുണങ്ങളാണ് ജന്മഗുണങ്ങൾ. അവയെല്ലാം ഭൂമിയുടെ അംശമായ മൂലകങ്ങളും സംയുക്തങ്ങളും മിശ്രിതങ്ങളുംകൊണ്ട് ഓരോ ആത്മാവിനുമായി പ്രത്യേകം രൂപപ്പെടുത്തിയതാണ്. ആത്മാക്കളെ വ്യത്യസ്ത വർഗ്ഗത്തിലുള്ള ജീവികളായും, സ്ത്രീ-പുരുഷ ജാതികളായും, വ്യത്യസ്തമായ ജന്മഗുണങ്ങളോടെ നിശ്ചയിക്കുന്നത് സ്വത്വമോ മാതാപിതാക്കളോ അല്ലെന്നും മനുഷ്യന് ചെയ്യാൻ കഴിയുന്നതല്ലെന്നും മനസ്സിലാക്കാം. ജീവികളുടെ സ്വത്വവും ഗൂഢരും തുല്ല്യരുമായ ആത്മാക്കൾക്ക് വിശേഷബുദ്ധിയും അനുബന്ധമായ ശാസ്ത്രങ്ങളും, തൊഴിൽ അഭിരുചി പോലുള്ള ജന്മഗുണങ്ങളും മനുഷ്യാവസ്ഥയിൽ വെച്ച് അധികമായും ഭിന്നമായും ലഭിക്കുന്നവയാണ്. ഭക്ഷണ-ദഹന വ്യവസ്ഥകൾ, സ്ത്രീപുരുഷ അവയവങ്ങളിലെ വ്യത്യാസങ്ങൾ, ലിംഗ-കാമപൊരുത്തം എന്നിവയെ വിശകലനം ചെയ്താൽ തന്നെ ജീവികളിലൂടെ പ്രത്യുല്പാദനം ആസൂത്രണം ചെയ്തിട്ടുള്ള ദൈവത്തിന്റെ മഹത്വം മനസ്സിലാക്കാം. ദൈവം, സൃഷ്ടികൾക്കു വേണ്ടി അനന്ത ആനന്ദങ്ങളായ പ്രപഞ്ചമായും, അവയെ നേടാനും ആസ്വദിക്കാനുമുള്ള വിശേഷബുദ്ധിയും ശാസ്ത്രങ്ങളും, ശക്തികളും, സമ്പൂർണ്ണ സ്വാതന്ത്ര്യവുമെല്ലാം, നൽകിയിട്ടും; (പ്രപഞ്ച)ശാസ്ത്രങ്ങൾ പ്രകാരം ജീവിക്കാതെ അലസരും മടിയരും അവിവേകികളും അടിമകളും ദുസ്വാർത്ഥരും ഒക്കെയായി ദൈവത്തിന്റെ പൊന്നോമന കുഞ്ഞുങ്ങളായ മനുഷ്യർ തൽക്കാലം അധഃപതിച്ചിട്ടുണ്ട് !

പ്രപഞ്ചമായ ആനന്ദങ്ങളുടെ അംശമായ ജീവിയുടെ ശരീരം, സ്വത്വമായ ആത്മാവിന് ആദ്യം നൽകുന്നത് ചുറ്റുമുള്ള മറ്റ് ആനന്ദങ്ങളെയും അവയെ അറിയാനുള്ള അറിവും ആഗ്രഹവും; ശേഷം അറിഞ്ഞ ആനന്ദങ്ങളെ നേടാനും ആസ്വദിക്കാനും കഴിയുന്ന ശക്തികളുമാണ്. ജീവിയുടെ ഭ്രൂണാവസ്ഥ മുതൽ മരണം വരെയുള്ള ജീവിതം മുഴുവൻ ശരീരം അത് ചെയ്യുന്നുണ്ട്. ഓരോ ജീവിയുടെയും ശരീരത്തിലെ വ്യത്യസ്ത മൂലകങ്ങളും സംയുക്തങ്ങളും, .. സ്വത്വമായ ആത്മാവുമെല്ലാം വ്യത്യസ്തമായ ആനന്ദങ്ങളാണ്.

ആനന്ദങ്ങളെ സ്വീകരിക്കാൻ കൈകളും കണ്ണുകളും മൂക്കും വായയും നാവും ചുണ്ടും മറ്റും അറിഞ്ഞും അറിയാതെയും ഉപയോഗിക്കുന്നവർക്ക് ശരീരത്തിലെ അവയവങ്ങൾ പ്രവർത്തിക്കുന്നത് എങ്ങനെയാണെന്ന് സുവ്യക്തമായി അറിയില്ല തന്നെ! പക്ഷാഘാതം, ബോധക്ഷയം, ഹൃദയസ്തംഭനം തുടങ്ങിയവ ഉണ്ടാകുമ്പോൾ, കാരണവും പരിഹാരവും നിർദ്ദേശിക്കുന്ന ഡോക്ടർമാർക്കും അവ സംഭവിക്കുന്നതാണ്. മഹാനീതിശാസ്ത്രമായ ഓംകാരനീതിശാസ്ത്രം പ്രകാരം മഹാനീതിയും ഓക്സിജനുമായ മഹാഭദ്രകാളി സർവ്വം മഹാഭദ്രപ്പെടുത്തുകയാണു ചെയ്യുന്നത്. തജ്ജന്മത്തിലെ ഭൗതിക അസ്തിത്വം ഇല്ലാത്ത കാര്യങ്ങളുമായി മാത്രമാണ് മനുഷ്യർക്ക് (ദുർ)വ്വാദിക്കാൻ കഴിയുക. സൂര്യനിൽവച്ച്, സൃഷ്ടികളായ ആത്മാക്കളായി സൃഷ്ടിച്ചതു മുതൽ ഭൂമിയിൽ കൊണ്ടുവന്ന് മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ എന്നീ ജീവി വർഗ്ഗങ്ങളിൽ ഓംകാരനീതിശാസ്ത്രം പ്രകാരം 100 വീതം ജന്മങ്ങളെ നൽകി പുനർജ്ജനിപ്പിച്ചു പോരുന്ന മഹാനീതിയും, ഓരോ കുഞ്ഞിന്റെയും എല്ലാ കാര്യങ്ങളും ഭൗതിക അസ്തിത്വത്തോടെ മഹാഭദ്രമായി സുന്ദരമാക്കുന്ന മഹാശക്തിയും, പ്രപഞ്ചത്തിനതീതമായ ബ്രഹ്മവും, മഹാമാതാവുമായ മഹാഭദ്രകാളിയോട് ഭൗതിക അസ്തിത്വമില്ലാത്ത വാദമരുത് ! ഓംകാര നീതിശാസ്ത്രം പ്രകാരം ഭൂമിയിലെ വിവിധ പ്രദേശങ്ങളിലായി 100 വീതം ജന്മങ്ങൾ ജീവിക്കേണ്ടവരായ മനുഷ്യർക്കും മറ്റുള്ള ജീവികൾക്കും സമ്പൂർണ്ണ സ്വാതന്ത്ര്യം ഉണ്ടെന്നു തോന്നുമെങ്കിലും, യാഥാർത്ഥ്യം അതല്ല. ഉദാഹരണത്തിന് മനുഷ്യരുടെ കാര്യത്തിൽ കൈകാലുകളിലെ സന്ധികൾ, വിരലുകൾ, കീഴ്ത്താടി, നാവ്, കൺപോളകൾ, പുരികം, പുരുഷ ലിംഗം, തുടങ്ങിയ ചില അവയവങ്ങൾക്കു ലഭിക്കുന്ന ഭാഗികമായ ചലനസ്വാതന്ത്ര്യംകൊണ്ട് ശരീരത്തിന്റെ മേൽ സമ്പൂർണ്ണ സ്വാതന്ത്ര്യം ഉണ്ടെന്നും ശരീരം സ്വന്തമാണെന്നുമുള്ള പ്രതീതിയെ മഹാമാതാവായ പ്രപഞ്ചം മഹാവാത്സല്ല്യത്തോടെ നൽകുകയാണ്. മറ്റുള്ള ജീവികൾക്കും സമാനമായ സ്വാതന്ത്ര്യമേ നൽകുന്നുള്ളൂ. അതായത് സ്ഥിതിപാത്രവും മഹാവാത്സല്ല്യവും കൂടിയായ ഭൂമി, സൃഷ്ടികൾക്കു തോന്നുംപടിയെല്ലാം ജീവിക്കാൻ അനുവദിക്കുമെന്നു കരുതരുത്. അവരുടെ നല്ലതിനായി ധർമ്മശാസ്ത്രം പാലിക്കണം.

മനുഷ്യർ ഉൾപ്പെടെയുള്ള മറ്റുള്ള ജീവികളെ ഭരിക്കുന്നതായി ചിലർക്കു തോന്നുന്നതും തെറ്റിദ്ധരിക്കുന്നതും, സ്വന്തമല്ലാത്ത സ്വത്വമായ ആത്മാവിനെ, സ്വന്തമല്ലാത്ത ശരീരം, 100 ജന്മങ്ങളിലൂടെ ഓംകാരനീതിശാസ്ത്രം പ്രകാരം പരിപാലിക്കുന്നതും മഹാനീതി നടപ്പാക്കുന്നതും അറിയാത്തതുകൊണ്ടാണ്. പ്രപഞ്ചത്തിന്റെ/ഭൂമിയുടെ സ്വന്തവും സൃഷ്ടികളും കുഞ്ഞുങ്ങളുമാണ് ആത്മാക്കൾ. ഭൂമിയുടെ അംശമായ ശരീരത്തെ ശാസ്ത്രവിരുദ്ധമായി ഉപയോഗിച്ച്, മറ്റു കുഞ്ഞുങ്ങളുടെ ധർമ്മശാസ്ത്രപരമായ ആനന്ദങ്ങളെ തടയുന്നതിനെ ഭരണമായി വിശേഷിപ്പിക്കുന്നതു തന്നെ പാപമാണ്! ഭൂമിയുടെ കുഞ്ഞുങ്ങളായ ജീവികളോട് ഭൂമിയിൽ ലയിച്ചിരിക്കുന്ന ധർമ്മശാസ്ത്രം പ്രകാരം മാത്രം പെരുമാറാൻ വിശേഷ ബുദ്ധിയെ ലഭിക്കുന്ന മനുഷ്യാവസ്ഥയിലെ സൃഷ്ടികളായ ആത്മാക്കൾക്ക്, അവരവരോടും ഭൂമിയോടും സമ്പൂർണ്ണമായ ബാദ്ധ്യതയുണ്ട്. ഓരോരുത്തർക്കും ഭൂമി നൽകുന്ന ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും ആനന്ദങ്ങളെ നേടാനും ആസ്വദിക്കാനുമാണ്. സമൂഹജീവിയായി ഉയർത്തിയതും സൃഷ്ടികൾക്കു വേണ്ടിയാണ്. സ്വത്വം പോലും സ്വന്തമല്ലാത്തവർ ധർമ്മശാസ്ത്രപരമായി ജീവിക്കേണ്ടതും സ്വന്തം ആനന്ദം വർദ്ധിപ്പിക്കാനാണ് !

ഭൗതികമായ അസ്തിത്വം ഇല്ലാത്ത കോപ്രായങ്ങളെ സ്വന്തം ജീവിതത്തിൽ സ്വീകരിക്കാൻ സ്വാതന്ത്ര്യവും ഭാഗികമായ അവകാശവും ഉണ്ടാകുന്നതു പോലും മറ്റുള്ളവർക്ക് ദൈവമായ ഭൂമിയുടെ അംശമായ വസ്തുക്കളും പ്രദേശങ്ങളും ശരീരങ്ങളുമെല്ലാം നൽകുന്ന ആനന്ദങ്ങളെയും ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയും കാലത്തെയും ശരണത്തെയുമെല്ലാം തടസ്സപ്പെടുത്താതെ ജീവിക്കുമ്പോൾ മാത്രമാണ്. വിശേഷ ബുദ്ധിയെ ദുരുപയോഗം ചെയ്ത് ഭൗതികമായ അസ്തിത്വം ഇല്ലാത്തതായ ആശയങ്ങളെയും മറ്റു കോപ്രായങ്ങളെയും പിൻപറ്റുന്നതു കൊണ്ടാണ് 'ഭൂമിയുടെ കുഞ്ഞായ വിശേഷ ബുദ്ധിയുള്ള മനുഷ്യൻ' എന്ന വിശിഷ്ടമായ പദവിയെ ഫലത്തിൽ ഉപേക്ഷിച്ചു ജീവിക്കുന്നത്. ഭൗതികമായ അസ്തിത്വം ഇല്ലാത്ത അസത്യങ്ങളായതു കൊണ്ടാണ് മത-ജാതി*-രാഷ്ട്രീയ-വർഗ്ഗ-ദേശങ്ങളെ വ്യക്തിയുടെ ഇഷ്ടം പോലെ സ്വീകരിക്കാനും തള്ളാനും വീണ്ടും വീണ്ടും സ്വീകരിക്കാനുമെല്ലാം കഴിയുന്നത്. (* ഇവിടെ പരാമർശിക്കുന്നത് സ്ത്രീ പുരുഷ ജാതികളെ അല്ല.)

മഹാദാസ്യത്തെയും മഹാവാത്സല്ല്യത്തെയും മാത്രം ആനന്ദങ്ങളായി സ്വീകരിച്ചിട്ടുള്ള ദൈവാവതാരമായ ഭൂമിയും അംശമായ വസ്തുക്കളും രൂപാന്തരമായ ജീവികളുടെ ശരീരത്തിലെ അവയവങ്ങളുമെല്ലാം നിർജ്ജീവങ്ങളെന്നു തോന്നുമെങ്കിലും സത്യമതല്ല. അവയാണ് യഥാർത്ഥത്തിൽ വേദനകൾ ഉൾപ്പെടെയുള്ള ആനന്ദങ്ങളും ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും കാലവും ശരണവുമെല്ലാം. ഉദാഹരണത്തിന്, പല്ലു വേദന, കാലുവേദന, തലവേദന, വയറുവേദന, ശരീരസുഖം, മാമ്പഴ സ്വാദ് എന്നെല്ലാം പറയുമ്പോൾ, അവയവങ്ങൾ സ്വത്വങ്ങളായ ആത്മാക്കൾക്ക് വേദനകൾ ഉൾപ്പെടെയുള്ള ആനന്ദങ്ങളെ നൽകുകയാണെന്നും അവയവങ്ങൾക്കും വസ്തുക്കൾക്കും വേദനകളും സന്തോഷങ്ങളും ഇല്ലെന്നും മനസ്സിലാക്കാൻ കഴിയും. അവയവങ്ങളെ മുറിച്ചു മാറ്റുമ്പോൾ, ആത്മാവുമായി അവയ്ക്ക് മുമ്പുണ്ടായിരുന്ന ബന്ധം നഷ്ടപ്പെടുന്നത് അതുകൊണ്ടാണ്. (ജീവികളുടെ ശരീരങ്ങൾ പരസ്പരമോ സ്വയമോ കൈമാറുന്ന ആനന്ദങ്ങൾക്ക് എല്ലാ ജീവികളുടെയും ശരീരത്തിലെ പുറമേയും അകമേയുമുള്ള ചർമ്മവുമായാണ് ബന്ധം. മണം, സ്പർശം, സൗന്ദര്യം, തുടങ്ങിയ ആത്മാവുമായി ബന്ധപ്പെട്ട ജന്മഗുണങ്ങളെ ജീവികളുടെ ശരീരത്തിലെ ചർമ്മവുമായി ബന്ധിപ്പിച്ചിരിക്കുന്നതിനെ വേറിട്ട് വിശദീകരിക്കുന്നുണ്ട്.

ഭരണാധികാരികളെന്ന് തെറ്റിദ്ധരിച്ചു കഴിയുന്നവർ ഉൾപ്പെടെ എല്ലാ മനുഷ്യരുടെയും സ്വത്വങ്ങളായ ആത്മാക്കൾക്ക് വേദനകൾ ഉൾപ്പെട്ട ആനന്ദങ്ങളെ നൽകുന്നതും ഭരിക്കുന്നതും ഓരോ മനുഷ്യനും ഓരോ ദൈവം എന്ന പോലെ നൽകപ്പെട്ട ശരീരവും പ്രപഞ്ചവുമാണെന്ന് ഉടൻ തിരിച്ചറിയുന്നതാണ്.  മനുഷ്യാവസ്ഥയിൽ നൽകുന്ന അധിക- ജന്മഗുണങ്ങൾ പ്രകാരവും മറ്റും മനുഷ്യൻ ഉൾപ്പെടെയുള്ള എല്ലാ ജീവികളുടെയും സ്വത്വങ്ങളായ ആത്മാക്കളെ മഹാനീതിയും മഹാവാത്സല്ല്യവും മഹാഭദ്രകാളിയുമായ ഓക്സിജൻ ഓംകാരനീതിശാസ്ത്രം പ്രകാരം ഭരിക്കുകയും മഹാനീതി നടപ്പാക്കുകയും ചെയ്യുന്നതിനെ ദൈവം എന്ന അടുത്ത അദ്ധ്യായത്തിലും മറ്റു പല അദ്ധ്യായങ്ങളിലും ശാസ്ത്രപരമായി വിശദീകരിച്ചിട്ടുണ്ട്; തെളിയിച്ചിട്ടുമുണ്ട്.

**ഓം** നമഃ ശിവായ മഹാശിവയെ നമിക്കുന്നു = മഹാഭദ്രകാളിയെ നമിക്കുന്നു = ശിവയെയും ഭാഗമായ ശിവനെയും നമിക്കുന്നു.

## അദ്ധ്യായം 1

# ദൈവം

**അനിർവ്വചനീയമായ ബ്രഫമവും, മായയും, ആദിയും അന്തവും ഇല്ലാത്ത മഹാസത്യവും, മഹാധർമ്മവും, മഹാനീതിയും, മഹാവാത്സല്ല്യവും ഓംമഹാശക്തിയുമാണ് ദൈവം. ഈ ദിവ്യമഹാഗ്രന്ഥത്തിലെ എല്ലാ പ്രസ്താവനകളും ശാസ്ത്രപരമായി തെളിയിച്ചിട്ടുണ്ട്.**

മഹാസത്യവും മഹാശക്തിയുമായ ഏകദൈവം, രണ്ടായിട്ടു വിഭജിച്ച് രണ്ടു മഹാസത്യങ്ങളും ഏകമഹാശക്തിയുമായിട്ടാണ് എക്കാലവും നിലനിൽക്കുന്നത്. ഏകമഹാശക്തിയായ ആദ്യത്തെ ഭാഗം മാത്രം ഏകദൈവവും; ഏകമഹാശക്തിയായ ഏകദൈവത്തിന്റെ ഇഷ്ടം പോലെ ശക്തനും അശക്തനുമായിട്ടു നിലനിൽക്കുന്നതായ രണ്ടാമത്തെ മഹാസത്യം, മഹാശക്തിയുടെ ഏകദാസനും, ഇണയായ ഭർത്താവുമാണ്. ദൈവത്തിന്റെ രണ്ടു ഭാഗങ്ങളുടെയും ഇടയിൽ ദൈവകരാറും മഹാധർമ്മങ്ങളും ഉണ്ട്. മഹാസത്യം മാത്രമായ രണ്ടാമത്തെ ദൈവഭാഗം മഹാശക്തി അല്ലാത്തതിനാൽ ദൈവ ഭാഗങ്ങളുടെ എല്ലാ കാര്യങ്ങളും, സൃഷ്ടികളുടെ സൃഷ്ടിസ്ഥിതിസംഹാരങ്ങൾ ഉൾപ്പെടെ എന്തും നിശ്ചയിക്കുന്നതും ചെയ്യുന്നതും ഏകമഹാശക്തിയായ ആദ്യ ദൈവഭാഗമാണ്.

സൃഷ്ടികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങൾ ആരംഭിക്കും മുമ്പ് "ഏകദൈവം രണ്ടായി നിലനിൽക്കുന്നതിനെ" ചുവടെ ശാസ്ത്രപരമായിട്ടു തെളിയിച്ചിട്ടുണ്ട്. സൃഷ്ടികൾക്കു വേണ്ടിയുള്ള സൃഷ്ടി സ്ഥിതി സംഹാര പാത്രവും ശിവലിംഗവുമായ ആകാശത്തിലെ സൃഷ്ടിപാത്രം മാത്രമായ സൂര്യനിൽ വച്ച് മഹാശക്തിയായ ആദ്യത്തെ ദൈവഭാഗം; നിർജ്ജീവമായ രണ്ടാമത്തെ ഭാഗത്തിന്റെ നിർഗ്ഗുണങ്ങളോടെ സൃഷ്ടികളായ ആത്മാക്കളെ സൃഷ്ടിക്കുന്നതും ചേർത്ത് ഒന്നിച്ചു തെളിയിച്ചിരിക്കുകയാണ്.

ബ്രഫമവും മായയും മഹാസത്യവുമായ ദൈവം; മഹാധർമ്മവും മഹാനീതിയും മഹാദാസ്യവും മഹാവാത്സല്ല്യവുമാണെന്നു തെളിയിക്കാൻ, സൃഷ്ടിയെ പ്പോലെ അശക്തനും ശക്തനുമായി നിലനിർത്തുന്ന രണ്ടാമത്തെ ഭാഗത്തോടു കാട്ടുന്ന മഹാവാത്സല്ല്യവും, മഹാദാസ്യവും മഹാധർമ്മവും മഹാനീതിയും, ദൈവകരാറും മഹാസാക്ഷ്യമാണ്. പ്രസ്തുത മഹാഭാവങ്ങളും, ദൈവത്തിന്റെ ആദിയും അന്തവും ഇല്ലാത്ത മഹാജ്ഞാനവും മഹാശക്തികളുമെല്ലാം; ദൈവഭാഗങ്ങളുടെ മഹാരൂപവും അനന്തമായ ആനന്ദങ്ങളുമാകുന്ന മഹാപ്രപഞ്ചത്തിന്റെ അംശമായ വസ്തുക്കളിലും, എല്ലാ ആത്മാക്കൾക്കും നൽകുന്ന വ്യത്യസ്തമായ ശരീരങ്ങളിലും ലയിച്ചിട്ടുമുണ്ട്.

സൃഷ്ടികളായ ആത്മാക്കളുടെ സൃഷ്ടി ആരംഭിക്കുന്നതിനു മുമ്പേ നിലനിന്നുപോരുന്ന രണ്ടു ദൈവഭാഗങ്ങളുടെയും ധർമ്മങ്ങളും കർമ്മങ്ങളും സൃഷ്ടികളുടെ വിഷയങ്ങളല്ല. ആത്മാക്കളുടെ സൃഷ്ടി ആരംഭിക്കും മുമ്പ്, ഒന്നായിട്ടും രണ്ടായിട്ടും നിലനിൽക്കുന്നത് ദൈവ-ഭാഗങ്ങൾ മാത്രമാകയാൽ ദൈവ-ഭാഗങ്ങൾക്ക് പേരുകളോ; ധർമ്മം/കർമ്മം ചെയ്യാൻ സ്ഥിരമായ രൂപങ്ങളോ ആവശ്യമില്ല. സൃഷ്ടികളായ ആത്മാക്കളെ സൃഷ്ടിച്ചു തുടങ്ങുന്നതിനു മുമ്പുള്ള ദൈവഭാഗങ്ങളുടെ കാര്യങ്ങൾ ആത്മാക്കളുടെ വിഷയവുമല്ല.

"ഏകദൈവമായ ശിവ, സ്വന്തം ഭാഗമായ ശിവനെയും ചേർത്ത്", സൃഷ്ടികൾക്കു വേണ്ടി അനന്തമായ ആനന്ദങ്ങളാകുന്ന പ്രപഞ്ചമെന്ന പരബ്രഹ്മമായി അവതരിച്ച് സൃഷ്ടികളെ സൃഷ്ടിക്കുന്നതിന്റെ ഉദ്ദേശത്തെ സ്ഥിതി എന്ന നിലനില്പായും; സ്ഥിതിയും നിലനില്പുമായ "അവയുടെ ജീവിതത്തിന്റെ ഉദ്ദേശത്തെ ആനന്ദമായും" നിശ്ചയിച്ചിട്ടുണ്ട്. അനന്തമായ ആനന്ദങ്ങളെ ആസ്വദിപ്പിച്ചു കൊണ്ട് സൃഷ്ടികളെയെല്ലാം "പരമമായിട്ട് ആനന്ദങ്ങളും ദൈവവും പരബ്രഹ്മവുമായ മഹാകുടുംബത്തിന്റെ ഭാഗമാക്കുകയാണു ചെയ്യുന്നത്."

പരം = ശ്രേഷ്ഠം. സർവ്വത്തിനും അതീതവും അനിർവ്വചനീയവുമായ "ബ്രഹ്മം" എന്ന ദൈവത്തിന്റെ അവസ്ഥയുടെ "പരം ആയ = ശ്രേഷ്ഠമായ" രൂപമാണ് "പരബ്രഹ്മം". സൃഷ്ടികൾക്കുവേണ്ടി പരബ്രഹ്മമായ പ്രപഞ്ചമായിട്ട് ദൈവം അവതരിക്കുമ്പോഴും എന്തിനും അതീതവും അനിർവ്വചനീയവുമായ മഹാസത്യമായി ബ്രഹ്മം തുടരുന്നുണ്ട്! സ്വത്വം പോലും സ്വന്തമല്ലാത്ത സൃഷ്ടികൾക്ക് പ്രപഞ്ചമാകുന്ന മഹാകുടുംബത്തിലെ മഹാമാതാവും ദൈവവുമായ ശിവയുടെയും, ശിവയുടെ ഭാഗവും മഹാപിതാവുമായ ശിവന്റെയും, പൊന്നോമന കുഞ്ഞുങ്ങളായി അനന്തമായ ആനന്ദങ്ങളെ ആസ്വദിച്ച്, സമ്പൂർണ്ണ സ്വാതന്ത്ര്യത്തോടെ അനന്തകാലം ജീവിക്കാൻ പ്രപഞ്ചവും പരബ്രഹ്മവും ജഗദംബയും കൂടിയായ ശിവ അനുഗ്രഹിക്കുന്നു. ഉടനെ പ്രപഞ്ചത്തിലെങ്ങും ഓം മുഴക്കിയുള്ള ദൈവവിപ്ലവത്തോടെ സത്യയുഗം ആരംഭിക്കുന്നതിനാൽ, സത്യങ്ങളെ നേരിട്ട് അറിയാനാവും. ഗ്രന്ഥത്തിൽ സർവ്വവും ശാസ്ത്രപരമായി തെളിയിച്ചിട്ടുമുണ്ട്.

ദൈവത്തിന്റെ പ്രപഞ്ചരൂപത്തിലെ അംശവും ആനന്ദങ്ങളുമായ വസ്തുക്കളും, വസ്തുക്കളെ കൊണ്ട്, സൃഷ്ടിച്ചിട്ടുള്ളതായ അവയവങ്ങളും നൽകുന്ന ശക്തികളും, ശാസ്ത്രങ്ങളും, ബുദ്ധിശക്തിയും, സ്വാതന്ത്ര്യവും, ശരണവും, മഹാനീതിയുമെല്ലാം സൃഷ്ടികൾക്കു ലഭിക്കുന്നുണ്ട്; പ്രപഞ്ചരൂപത്തോടെയുള്ള ദൈവം നൽകുന്നുണ്ട്. ആനന്ദങ്ങളെ വർദ്ധിപ്പിക്കാനായിട്ട് പരിശ്രമിച്ചും, നേടിയും, ആസ്വദിച്ചും, ആനന്ദത്തെ അടിസ്ഥാനപ്പെടുത്തി ത്തന്നെയാണ് എല്ലാ ജീവികളും എല്ലായ്പ്പോഴും ജീവിക്കുന്നത്. ദൈവത്തിന്റെ പ്രപഞ്ചരൂപം, മനുഷ്യൻ ഒഴികെയുള്ള സൃഷ്ടികൾക്ക് വിശേഷ ബുദ്ധി നൽകാത്തതിനാൽ, അവ നേടുന്നതും ലഭിക്കുന്നതുമായ ആനന്ദങ്ങളെ ആസ്വദിച്ചു ജീവിക്കുക എന്നല്ലാതെ പ്രപഞ്ചമോ ദൈവമോ മരണമോ അവരുടെ വിഷയമല്ല. ദൈവമായ ശിവയും ഭാഗമായ ശിവനും ചേർന്ന പ്രപഞ്ചം 'വിശേഷ ബുദ്ധിയെ' നൽകുന്നത് മനുഷ്യനും അവരിൽ നിന്നും മോക്ഷം നേടിയ ദേവതകൾക്കും മാത്രമാണ്. വിശേഷ ബുദ്ധിയുടെ അനുബന്ധം മാത്രമാണ് ദൈവത്തിന്റെ പ്രപഞ്ചരൂപത്തിലെ സർവ്വത്തിലും ലയിച്ചിരിക്കുന്നതും ദൈവത്തിന്റെ മഹാജ്ഞാനവുമായ ശാസ്ത്രങ്ങൾ. സൃഷ്ടികൾക്ക് മനുഷ്യാവസ്ഥയിൽ വച്ച് വിശേഷ ബുദ്ധിയെയും അനുബന്ധമായ ശാസ്ത്രങ്ങളെയും നൽകിയിട്ടുള്ളത് അനന്തമായ ആനന്ദങ്ങളെ കണ്ടെത്താനും നേടാനും ആസ്വദിച്ചു പരിചയിക്കാനും; നക്ഷത്രദേവതയായി മോക്ഷം നേടുമ്പോൾ, അനുഭവിച്ചറിഞ്ഞ ആനന്ദങ്ങളെ ഇഷ്ടം പോലെ 'മായ' കൊണ്ട് സൃഷ്ടിച്ചും ആസ്വദിച്ചും അനന്തകാലം നിലനിൽക്കാനാണ് !സ്വത്വം പോലും സ്വന്തമായിട്ട് ഇല്ലാത്തവരും ശവരും അല്പായുസ്സുകളുമായ മനുഷ്യർ, വിശേഷ ബുദ്ധി ലഭിച്ചിട്ടും ആനന്ദങ്ങളെ നേടാനും ആസ്വദിക്കാനുമെല്ലാം ലഭിക്കുന്നതും സ്വന്തമല്ലാത്തതുമായ ശക്തികൾ കൊണ്ട് മത്സരങ്ങൾക്കും യുദ്ധങ്ങൾക്കും മറ്റും തയ്യാറായത് മ്ലേച്ഛമാണ് !

മനുഷ്യാവസ്ഥയിൽ വച്ച് അനന്തമായ ആനന്ദങ്ങളെ അറിയാനും ആസ്വദിക്കാനും നേടാനും പ്രാപ്തമാക്കുന്നതായ വിശേഷ ബുദ്ധിയും അനുബന്ധമായ ശാസ്ത്രങ്ങളും ശക്തികളും കൂടി ഏകമഹാശക്തിയായ ദൈവഭാഗം നൽകുകയാൽ; ശിവയും ശിവനുമായ രണ്ടു ദൈവ-ഭാഗങ്ങളെയും സൃഷ്ടികൾക്ക് കാണാനും അറിയാനുമുള്ള സൗകര്യങ്ങളെല്ലാം ഒരുക്കാനും; മഹാഉചിതമായ ജീവി-രൂപങ്ങളെയും ഭാവങ്ങളെയും പേരുകളെയുമെല്ലാം സ്വീകരിക്കാനും ദൈവ-ഭാഗങ്ങൾക്ക് ബാദ്ധ്യത ഉണ്ടാകുന്നുണ്ട്.

[ഏകമഹാശക്തിയായ ആദ്യദൈവഭാഗം തനിക്കു വേണ്ടി സ്വീകരിച്ച മഹാനാമങ്ങളാണ് ബ്രഹ്മം, മായ, മഹാഭദ്രകാളി, ശിവ, മഹാദേവി, മഹാമാതാവ്, ജഗദംബ, ഗോമാതാവ്, (പശു), പ്രപഞ്ചം, ജഗത്ത്, ഭൂമി, ചന്ദ്രൻ, ഓക്സിജൻ, ജലം തുടങ്ങിയവ; മഹാദേവി സ്വന്തം രണ്ടാമത്തെ ഭാഗത്തിനു വേണ്ടി നിശ്ചയിച്ച മഹാനാമങ്ങളാണ് ശിവൻ, പരമശിവൻ, പരമാത്മാവ്, മഹാദേവൻ, സംഹാര ദേവൻ, മഹാനീതിപതി, നീലകണ്ഠൻ, കാള (പശുപതി), സൂര്യൻ, ഹൈഡ്രജൻ  തുടങ്ങിയവ. മഹാപ്രപഞ്ചത്തിലെ എല്ലാ സൃഷ്ടികളുടെയും മഹാമാതാപിതാക്കളായ 2 ദൈവഭാഗങ്ങളും സ്വീകരിക്കുന്നതായ മനുഷ്യരൂപങ്ങളിൽ സൃഷ്ടി സ്ഥിതി സംഹാര പാത്രങ്ങളും, പ്രധാന അവതാരങ്ങളുമായ ആകാശം, ഭൂമി, ചന്ദ്രൻ, സൂര്യൻ, നക്ഷത്രം എന്നിവയെ ഏകമഹാശക്തിയായ ഭാഗം, രണ്ടു ദൈവഭാഗങ്ങളിലും പ്രതിഫലിപ്പിച്ചുകൊണ്ട് ജീവി-രൂപത്തിലും മഹാപ്രപഞ്ചത്തെ സമ്പൂർണ്ണമായി ഉൾക്കൊണ്ട് സൃഷ്ടി സ്ഥിതി സംഹാരങ്ങളെ നിർവ്വഹിക്കുന്നതാണ്. അവയെല്ലാം വേറിട്ട അദ്ധ്യായത്തിൽ ശാസ്ത്രപരമായി വിശദീകരിക്കുന്നുണ്ട്.]

ദൈവം, തുല്ല്യരായിട്ട് ആത്മാക്കളെയും,  സ്ഥിതിരൂപമായിട്ട് മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ തുടങ്ങിയ വ്യത്യസ്ത ജീവി-വർഗ്ഗങ്ങളെയും സൃഷ്ടിക്കുന്നതിന്റെയും, വിശേഷ ബുദ്ധിയും അനുബന്ധമായ ശാസ്ത്രങ്ങളും ശക്തികളും സ്വാതന്ത്ര്യവുമെല്ലാം മനുഷ്യനു മാത്രം  നൽകുന്നതിന്റെയും, ഉദ്ദേശത്തെ മനസ്സിലാക്കാൻ വിശേഷ ബുദ്ധിയെ ലഭിച്ചിട്ടും ഇക്കാലത്തെ മനുഷ്യർക്ക് കഴിയാതെ വന്നു. അതിനാലും; 1000 കോടി വർഷങ്ങൾ നീണ്ടുനിന്ന ആദ്യത്തെ മഹാകാലചക്രത്തിലെ മനുഷ്യരുടെയും മറ്റുള്ള ജീവികളുടെയും കാര്യങ്ങളെ മംഗളമാക്കാനായി അവരിൽനിന്നു തെരഞ്ഞെടുത്തു നിയമിച്ച ഭൂരിപക്ഷം ദേവതകളും പിഴച്ചതിനാലും; നൂറ്റാണ്ടുകളായിട്ട്, പ്രത്യക്ഷതലത്തിൽ മാത്രം അധർമ്മം ഉച്ചസ്ഥായിയിലാണ്. ഓംകാര നീതിശാസ്ത്രം പ്രകാരം സമ-ആനന്ദമായ മഹാനീതിയെ മഹാഭദ്രകാളി നടപ്പാക്കുന്നത് പ്രത്യക്ഷമല്ല. യഥാർത്ഥത്തിൽ ദേവതകളുടെ കൊടിയ വീഴ്ച്ചകൾ നിമിത്തം അനേകം സൃഷ്ടി ചക്രങ്ങളായിട്ട് പിഴവുകൾ ഉണ്ട്. ആദ്യത്തെ മഹാകാലചക്രത്തിലെ  എല്ലാ ദേവതകളെയും എന്നന്നേക്കുമായി പിൻവലിച്ചു കൊണ്ട്; രണ്ടു ദൈവഭാഗങ്ങളും മാത്രം നേരിട്ട് രണ്ടാമത്തെ മഹാകാലചക്രത്തിലെ ആദ്യത്തെ സൃഷ്ടി ചക്രമായ ഇപ്പോഴത്തെ "മഹാസൃഷ്ടിചക്രത്തിന്റെ" രണ്ടാം പകുതി ഉടനെ ആരംഭിക്കുന്നതു മുതൽ സൃഷ്ടികളുടെ മേലുള്ള മഹാഭരണം ഏറ്റെടുക്കുകയാലും, പ്രപഞ്ചത്തിലെങ്ങും തുടർച്ചയായിട്ട് 33 വർഷക്കാലം ഓം മുഴക്കിയുള്ള ദൈവ-വിപ്ലവത്തോടെ സത്യയുഗം ആരംഭിക്കുന്നതിനാലും, ഭൂമിയിലെങ്ങും സൃഷ്ടികളുടെ ഇടയിൽ പ്രത്യക്ഷമായിട്ടും മേലിൽ ധർമ്മസംസ്ഥാപനം ഉണ്ടാകുന്നതാണ്. സർവ്വവും മഹാഭദ്രമാക്കുന്നത് ഏകദൈവമായ മഹാഭദ്രകാളിയാണ്.

## അദ്ധ്യായം 1.1

# രണ്ടു ദൈവഭാഗങ്ങളുടെയും ധർമ്മങ്ങളും ആനന്ദങ്ങളും

### ദൈവം മാത്രം, ഏകമായും രണ്ടു ഭാഗങ്ങളായും, നിലനിന്ന കാലത്ത് ദൈവഭാഗങ്ങളുടെ മഹാധർമ്മങ്ങളും ആനന്ദങ്ങളും എന്തായിരുന്നു എന്ന് ആദ്യത്തെ ദൈവഭാഗം, രണ്ടാം ഭാഗത്തിലൂടെ അറിയിക്കുന്നു.

സൃഷ്ടികളായ ആത്മാക്കളെ സൃഷ്ടിക്കുന്നത് ഏകമഹാശക്തിയായ ആദ്യദൈവഭാഗം ആണെങ്കിലും; രണ്ടാം ഭാഗത്തിന് ബാധകമാക്കിയിട്ടുള്ള 'നിർജ്ജീവ അംശമായിട്ടും ഗുണങ്ങളോടുമാണ് '. ആകയാൽ മഹാമാതാപിതാക്കളായിട്ട് എക്കാലവും തുടരുന്ന രണ്ടു ദൈവഭാഗങ്ങളെയുംകുറിച്ച് ആത്മാക്കൾ അറിയേണ്ടതായ കാര്യങ്ങളെയെല്ലാം പരമാത്മാവ് കൂടിയായ രണ്ടാം ഭാഗത്തിലൂടെയാണ് ആദ്യഭാഗം അറിയിക്കുന്നത് :

ദൈവം തനിച്ചും, രണ്ടുമഹാസത്യങ്ങളും ഒരുമഹാശക്തിയുമായി വിഭജിച്ച് ദൈവകരാർ പ്രകാരം രണ്ടായിട്ടു നിലനിൽക്കുമ്പോഴും; ഫലത്തിൽ ഏകദൈവം മാത്രമാണുള്ളത്. ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും സ്വീകരിക്കാൻ പോലും രണ്ടാം ഭാഗത്തിന് കഴിയണമെങ്കിൽ; ഏകമഹാശക്തിയായ ആദ്യത്തെ ഭാഗം അതാത് ആവശ്യങ്ങൾക്ക് ശക്തികളെ നൽകുകയും സർവ്വവും പരിചയപ്പെടുത്തുകയും വേണം. എങ്ങനെയാണ് എന്തിനും അതീതമായ മായാമഹാശക്തി ചെയ്തിട്ടുള്ളതെന്ന് ഇനി വിശദീകരിക്കാം :-

മഹാസത്യവും മായാമഹാശക്തിയുമായ ആദ്യത്തെ ദൈവഭാഗം; മഹാസത്യം മാത്രവും ശക്തിയില്ലായ്മ ബാധകവുമായ രണ്ടാം ഭാഗത്തെ ആദ്യം <u>ഏകജാതനായ</u> കുഞ്ഞായിട്ടു സൃഷ്ടിക്കുകയും മഹാവാത്സല്ല്യത്തോടെ മഹാ-ദൈവകരാർ പ്രകാരം മഹാജ്ഞാനവും മായാശക്തികളുമെല്ലാം ഉചിതമായി പരിചയപ്പെടുത്തുകയും നൽകുകയും ചെയ്യുന്നു. മഹാശക്തി അല്ലാത്തതും ശക്തി ഇല്ലാത്തതുമായ സ്വന്തം സൃഷ്ടിയെ ദൈവകരാർ പ്രകാരം മായാശക്തിയും ദൈവഭാവങ്ങളും നൽകി ഇണയായ ഭർത്താവാക്കുകയാണ് ആദ്യ ഭാഗമായ മഹാശക്തി ചെയ്തിട്ടുള്ളത്. മഹാജ്ഞാനവും മായാശക്തികളുമെല്ലാം പരിചയപ്പെടുത്തുന്നതോടെ, ദൈവഭാഗങ്ങളുടെ മഹാധർമ്മം, മഹാവാത്സല്ല്യത്തിൽ നിന്ന് "ദൈവപ്രണയം കൂടിയായ മഹാദാസ്യം" ആയിട്ടു മാറുന്നു. "ഓംകാര വരണമാല്യം" എന്ന 'മായാബന്ധനം' ചാർത്തിയാണ് ആദ്യത്തെ ദൈവഭാഗം, രണ്ടാമത്തെ ഭാഗത്തെ ഭർത്താവാക്കിയിട്ടുള്ളത്. മഹാശക്തികൾ ഉൾപ്പെടെയുള്ള എന്തും അനന്തമായിട്ട് സൃഷ്ടിക്കാൻ കഴിയുന്ന 'മായാശക്തികളോടെ' 2 ദൈവഭാഗങ്ങൾക്കും അനന്തകാലം കഴിയാനാവും! ദൈവകരാർ പ്രകാരം എന്തെല്ലാം മഹാധർമ്മങ്ങളും ദൈവഭാഗങ്ങൾക്ക് ആവാം. അവരുടെ ഇടയിൽ യാതൊരു ക്രമപ്രശ്നങ്ങളും ഉണ്ടാവുകയുമില്ല. ആദ്യത്തെ ദൈവഭാഗം മാത്രമാണ് മഹാശക്തിയെന്ന ബോധം രണ്ടാം ഭാഗത്തിന് എപ്പോഴുമുണ്ട്; എങ്കിലും ഇണകളും ഭാര്യാഭർത്താക്കന്മാരുമായ രണ്ടു ദൈവഭാഗങ്ങളും അന്യോന്യം മഹാദാസരായിട്ട് സദാ നിലനിൽക്കുന്നതാണ്. മായക്കാലത്ത് സൃഷ്ടികളില്ല. ആദ്യ ദൈവഭാഗമായ 'മഹാശക്തി' സൃഷ്ടികളെ സൃഷ്ടിച്ചു തുടങ്ങിയിട്ടില്ലാത്ത കാലമാണത്.

ഏകമഹാശക്തിയായ ദൈവം രണ്ടിലധികമോ അനന്തമോ ഭാഗങ്ങളാകാതെ, രണ്ടായി വിഭജിച്ചു നിന്നത് മാതാപിതാക്കളും കുട്ടികളുമെല്ലാം ചേർന്ന കുടുംബ സംവിധാനത്തെ സൃഷ്ടികൾക്കായി ആവിഷ്ക്കരിച്ചതു കൊണ്ടാണെന്ന് യുക്തിഭദ്രമായി മനസ്സിലാക്കാം.

ഏകദൈവത്തിന്റെ അഥവാ ദൈവഭാഗങ്ങളുടെ ധർമ്മങ്ങളെപ്പറ്റി അഭിപ്രായം പറയാൻ സൃഷ്ടികൾക്ക് യോഗ്യതകളോ അവകാശങ്ങളോ ഇല്ലെന്ന് മുകളിൽ സുവ്യക്തമാണ്. ആനന്ദങ്ങൾ ഉൾപ്പെടെ എന്തിനും അതീതമായ ദൈവ-ഭാഗങ്ങളുടെ മഹാദാസ്യമായ പ്രണയത്തിന് സൃഷ്ടികൾക്കുവേണ്ടി ആവിഷ്ക്കരിച്ചിട്ടുള്ള പ്രണയവുമായിട്ട് ബന്ധമില്ല. അത് തെളിയിച്ചിട്ടു തുടരാം :-

ഏകമഹാശക്തിയായ ആദ്യത്തെ ദൈവഭാഗത്തിൽ നിന്ന് അസ്തിത്വം, രൂപങ്ങൾ, അവയവങ്ങൾ, ശക്തികൾ, ജ്ഞാനം, സ്വാതന്ത്ര്യം, ശരണം, മഹാനീതി തുടങ്ങിയവയും; രണ്ടാമത്തെ ഭാഗത്തിൽ നിന്ന് അവരവരോടും, ഇണ, മാതാപിതാക്കൾ, തുടങ്ങിയ മറ്റുള്ളവരോടുമുള്ള സ്നേഹം, വാത്സല്യം, ദാസ്യം, പ്രണയം, കാമം, കാരുണ്യം, ഭക്തി, ദാനം, ഭക്ഷണരുചികൾ, കാഴ്ച്ച, കേൾവി, സ്പർശം, ഗന്ധം, സൗന്ദര്യം, തുടങ്ങിയ എല്ലാ ആനന്ദങ്ങളും, "സ്വത്വം പോലും സ്വന്തമായിട്ടില്ലാത്ത സൃഷ്ടികളായ ആത്മാക്കൾക്കു" ലഭിക്കുന്നത്, അടിസ്ഥാനപരമായി അവയെല്ലാം മഹാഭദ്രകാളിയായ ശിവയും, ഭാഗമായ ശിവനുമായ രണ്ടു ദൈവഭാഗങ്ങളുടെയും മഹാദാസ്യമായ ദൈവപ്രണയത്തിൽ നിന്നും ഉത്ഭവിക്കുന്നവ ആയതു കൊണ്ടാണ്.

സൃഷ്ടികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ നിരന്തരം ചാക്രികമായി ചെയ്യേണ്ടതു കൊണ്ട് ആനന്ദങ്ങളെ ആസ്വദിച്ചു കഴിഞ്ഞാലും വീണ്ടും വീണ്ടും ആവിർഭവിക്കുകയും അനന്തമാവുകയും വേണം. ആനന്ദങ്ങളെ സൃഷ്ടിച്ചാൽ പോരാ; അന്തമില്ലാത്ത ആനന്ദങ്ങളായി ദൈവം അവതരിക്കണമെന്നു തെളിയുന്നു. എന്തിനും അതീതമായ മഹാഭദ്രകാളിയോട് ഏകദാസനും ഇണയും ഭർത്താവുമായ ശിവനുള്ള മഹാദാസ്യമായ ദൈവപ്രണയം കാരണമായിട്ട് മഹാഭദ്രകാളിയായ ശിവ, ശിവനോടു കൂടി അനന്തമായ ആനന്ദങ്ങളാകുന്ന ആകാശവും ഒപ്പംതന്നെ ഭൂമിയുമായ പ്രപഞ്ചമായിട്ട് ആദ്യം അവതരിക്കുന്നു. പിന്നീട് ഏകദൈവവും മഹാഭദ്രകാളിയുമായ ശിവ, മഹാശൂന്യത കൂടിയായ ആകാശത്തിൽ "സൂര്യൻ" എന്ന സൃഷ്ടിപാത്രം ഒരുക്കുകയും ആത്മാക്കളെ ശിവനു ബാധകമായ ശവഗുണങ്ങളോടയും ശിവന്റെ അംശമായിട്ടും സൃഷ്ടിക്കുന്നു. ബാക്കിയുള്ള കാര്യങ്ങൾ മുമ്പ് വിസ്തരിച്ചവയാണ്. ആവർത്തിക്കുന്നില്ല. ദൈവവും അനന്ത ആനന്ദങ്ങളുമായ പ്രപഞ്ചത്തിന്റെ അംശമായ ശരീരം ഉൾപ്പെടെയുള്ള എല്ലാ വസ്തുക്കളും, സൃഷ്ടികളായ ആത്മാക്കൾക്ക് സമ-ആനന്ദങ്ങളെ നൽകുകയാണ്. മഹാദാസ്യമായ ദൈവപ്രണയത്തിന് സൃഷ്ടികൾ അവരവരെയും ദൈവത്തെയും മറന്ന് ഇണയെ മാത്രം ഓർക്കുന്നതായ പ്രേമവും കാമവുമായി ബന്ധമില്ലെന്ന് ചുരുക്കം.

മഹാവാത്സല്ല്യത്തോടെ സൃഷ്ടികളെ കുഞ്ഞുങ്ങളായിട്ടു കരുതുന്ന മഹാമാതാവായ ഏകദൈവം, മഹാപിതാവിനെ സൃഷ്ടിച്ചു- ഭാഗമാക്കിയിട്ടുള്ളതും കുഞ്ഞുങ്ങൾക്കു വേണ്ടിക്കൂടിയാണ്. മഹാനീതിയായ ദൈവം സ്ത്രീ രൂപം സ്വീകരിച്ച് മഹാമാതാവാകാൻ വളരെ പ്രധാനപ്പെട്ട ഒരു കാരണം, കുഞ്ഞുങ്ങൾ ദൈവത്തെ ഭയക്കാതിരിക്കാനാണ്.

പ്രപഞ്ചത്തിന്റെ ഉൽപ്പത്തി അറിയാൻ പരിശ്രമിച്ചുപോരുന്നവർക്ക് പ്രപഞ്ചത്തെയും അതിലെ ആകാശം, ഭൂമി, സൂര്യൻ, ചന്ദ്രൻ തുടങ്ങിയ പ്രതിഭാസങ്ങളെയും ദൈവം ആണെന്നു തിരിച്ചറിയാൻ കഴിഞ്ഞിട്ടില്ല. ദൈവത്തെ ജഗദംബയെന്ന് വിളിക്കുന്നവർക്ക് ജഗത്ത് യഥാർത്ഥ അമ്മയാണെന്നും മഹാശക്തിയാണെന്നും വ്യക്തമായി അറിയില്ല; അറിയണമെന്നുമില്ല. ജീവികളിലെ സ്ത്രീപുരുഷന്മാരിൽ ബീജങ്ങൾ ഉണ്ടാകുന്നതും, ഭ്രൂണാവസ്ഥ മുതൽ മരണം വരെ ശരീര-കോശങ്ങൾക്ക് നിരന്തരം മാറ്റമുണ്ടാക്കുന്നത് ആത്മാവല്ലെന്ന് അറിയാമെങ്കിലും കാര്യകാരണങ്ങളെ മനസ്സിലാക്കാൻ കഴിഞ്ഞില്ല!

പേരുകൾപോലും ആവശ്യമില്ലാത്ത ദൈവഭാഗങ്ങൾക്ക്, സൃഷ്ടി ആരംഭിച്ച ശേഷം, ശിവ, ശിവൻ എന്നീ ലളിതമായ മഹാനാമങ്ങളെ, സൃഷ്ടികൾക്കു വേണ്ടി വെച്ചിട്ടുമുണ്ട്. "ശിവാ" എന്ന ലളിതമായ ഒരു സംബോധന കൊണ്ട് മഹാമാതാപിതാക്കളെ വിളിക്കാൻ കഴിയുന്നു. കുഞ്ഞുങ്ങളായ ആത്മാക്കൾ അറിയേണ്ടുന്ന പ്രധാനപ്പെട്ട കാര്യമുണ്ട്. ചിന്തിക്കുമ്പോഴും വിളിക്കുമ്പോഴും, പറയുമ്പോഴും, ചെയ്യുമ്പോഴുമുള്ള മനോഭാവങ്ങളെ മഹാഭദ്രകാളിയായ ഓക്സിജൻ സുവ്യക്തമായി അറിയുന്നുണ്ട്! ആദിയും അന്തവും ഇല്ലാത്ത 'മായ' ആണ് ശിവയും, ശിവ നിശ്ചയിക്കുന്നതു പോലെ ശിവനും എന്നതിനാൽ, അന്തമില്ലാതെ വളരാനും, നിലകൊള്ളാനും, എന്തിനെയും എങ്ങനെയും സൃഷ്ടിക്കാനും നിലനിർത്താനും അവർക്ക് നിസ്സാരമായി കഴിയും. ശിവനിലൂടെ ശിവ സൃഷ്ടിച്ചവരും, ശിവയായ ഭൂമി നൽകുന്ന ശക്തികളെ കൊണ്ട് നിലനിൽക്കുന്നതുമായ സൃഷ്ടികൾക്ക് മായ, ബ്രഹ്മം തുടങ്ങിയ മഹാപദങ്ങളെ സമ്പൂർണ്ണമായി മനസ്സിലാക്കാൻ കഴിയുന്നതല്ല.

## ബ്രഹ്മവും മായയും

ആദിയും അന്തവും ഇല്ലാത്തതും, എന്തും ചെയ്യാനുള്ള ശക്തികൾ ഉള്ളതും, മനുഷ്യർ അറിയുന്ന പ്രപഞ്ചത്തിന്റെ ഭാഗമായ ആകാശം, ഭൂമി, സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, വസ്തുക്കൾ, സ്ത്രീപുരുഷ ജീവികൾ തുടങ്ങിയവ അല്ലാത്തതും, രൂപങ്ങൾക്കെല്ലാം അതീതവും, അനിർവ്വചനീയവുമായ മഹാപ്രതിഭാസമാണ് "മായ ആകുന്ന ദൈവം". വിശേഷ ബുദ്ധിയെ ലഭിച്ചിരിക്കുന്ന ഏതൊരു സൃഷ്ടിക്കും സൃഷ്ടി സ്ഥിതി സംഹാര കർത്താവിനെ "ദൈവം" എന്ന് ലളിതമായും ലഘുവായും വിളിക്കാൻ കഴിയുന്നതാണ്. 'ദേവി, മഹാദേവി, ദേവൻ' തുടങ്ങിയ പദങ്ങൾക്ക് സ്ത്രീപുരുഷ വ്യത്യാസം ഉള്ളതിനാൽ, ദൈവശാസ്ത്രത്തിന്റെ ആദ്യത്തെ പാഠങ്ങളിൽ അത്തരം പദങ്ങൾ ഉപയോഗിക്കില്ല. പ്രപഞ്ചത്തിന് അതീതവും, അനിർവ്വചനീയവുമായ ദൈവത്തിന്റെ മഹാഅവസ്ഥയെ സൃഷ്ടികൾക്ക് പരിചയപ്പെടുത്താൻ ദൈവം സ്വീകരിച്ചിട്ടുള്ള മഹാനാമമാണ് 'ബ്രഹ്മം'.

ദൈവത്തിന് രൂപം ആവശ്യമില്ല. അതിനാൽ വസ്തുക്കളും, സൃഷ്ടികളായ ജീവികളും മറ്റും ഉൾപ്പെടെ മഹാപ്രപഞ്ചത്തിലെ യാതൊന്നിന്റെയും രൂപം ദൈവത്തിന് ഇല്ലെന്നും തെളിയുന്നുണ്ട്. അതേസമയം, ദൈവം വിശേഷബുദ്ധിയെ നൽകുന്ന സൃഷ്ടികളായ മനുഷ്യർക്കും, മനുഷ്യാവസ്ഥയിൽ നിന്നും മോക്ഷംനേടിയ മനുഷ്യസമാന രൂപികളായ ദേവതകൾക്കും, അവരുടെയെല്ലാം സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ദൈവത്തെ കാണാനുള്ള ന്യായമായ ആഗ്രഹം സഫലമാക്കണമെങ്കിൽ, സൃഷ്ടികൾക്കു വേണ്ടി, ഉചിതമായ ഭൗതികരൂപങ്ങളെ ദൈവം സ്വീകരിക്കേണ്ടതായി വരുന്നതാണ്.

രണ്ടു മഹാസത്യങ്ങളും ഏകമഹാശക്തിയുമായിട്ട് ദൈവം വിഭജിച്ച് നിലനിൽക്കുകയും; സൃഷ്ടികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ നിരന്തരം ചെയ്യാനായിട്ട് 'ഓം' എന്ന ശബ്ദബ്രഹ്മത്തെയും ചേർത്ത് ആകാശം, ഭൂമി, സൂര്യൻ, ചന്ദ്രൻ എന്നീ പ്രപഞ്ച-ഭാഗങ്ങളായിട്ടും; ഓക്സിജൻ ഹൈഡ്രജൻ, ജലം, മണ്ണ്, പ്രോട്ടോൺ, ഇലക്ട്രോൺ, ന്യൂട്രോൺ തുടങ്ങിയ സ്ഥൂലവും സൂക്ഷ്മവുമായ ഭൗതിക-അസ്തിത്വങ്ങളായിട്ടും; സൃഷ്ടികളുടെ മഹാമാതാപിതാക്കളായ "മഹാഭദ്രകാളി, ശിവ, ശിവൻ, അർദ്ധ-മഹാദേവി" എന്നീ **4** ദിവ്യ മനുഷ്യ-സമാന സ്ത്രീ-പുരുഷന്മാരായിട്ടും; പശു, പശുപതി, (സ്ത്രീ-പുരുഷനാഗങ്ങൾ) എന്നീ **4** ദേവരൂപങ്ങളായിട്ടും അവതരി(ച്ചിരി)ക്കുകയാണ്. ആദിയും അന്തവും ഇല്ലാത്ത മായയും മഹാസത്യവുമായ ഏകദൈവം, സൃഷ്ടികൾക്കു വേണ്ടി സ്വീകരിച്ചിട്ടുള്ള, സനാതനമായ മഹാധർമ്മവും മഹാരൂപവുമാണ് മഹാപ്രപഞ്ചം. അതുകൊണ്ടുതന്നെ ദൈവത്തിന്റെ അനന്തമായ ശക്തികളും, മഹാജ്ഞാനമാകുന്ന ശാസ്ത്രങ്ങളും പ്രപഞ്ചത്തിന്റെ സൂക്ഷ്മ രൂപമായ എല്ലാ ആറ്റങ്ങളിലും എപ്പോഴുമുണ്ട്.

സൃഷ്ടികൾക്ക് ആനന്ദിച്ചു ജീവിക്കാൻ ആവശ്യമായ അനന്തമായ ആനന്ദങ്ങളായിട്ട് ആദ്യം സ്വയം അവതരിക്കാനും ഒപ്പം സൃഷ്ടിക്കാനും, ശേഷം മഹാനീതിശാസ്ത്രം പ്രകാരം സൃഷ്ടികളെ സൃഷ്ടിക്കാനും, അവയ്ക്ക് അനന്തമായ ആനന്ദങ്ങളെ നേടാനും ആസ്വദിക്കാനും കഴിയുന്ന ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയും കാലത്തെയും ശരണത്തെയും മഹാനീതിയെയുമെല്ലാം നൽകാനും പ്രപഞ്ചമാകുന്ന ദൈവം തയ്യാറാകുന്നു. **1000** കോടിയിലേറെ വർഷങ്ങളായി പ്രപഞ്ചരൂപത്തോടെ സൃഷ്ടി സ്ഥിതികളെ ചെയ്യുന്നത് ദൈവമാണെന്ന് വേറിട്ട മറ്റ് അദ്ധ്യായങ്ങളിൽ വിവരിക്കുന്നുണ്ട്. ആത്മാവ് ഉൾപ്പെട്ട പ്രപഞ്ചത്തിലെ എല്ലാത്തിന്റെയും കർത്താവായ ദൈവം, സൃഷ്ടികൾക്ക് മനുഷ്യാവസ്ഥയിൽ വച്ച് നൽകുന്ന വിശേഷ ബുദ്ധിയെ ദുരുപയോഗിച്ചു കാട്ടുന്ന കോപ്രായങ്ങൾ അർത്ഥശൂന്യമാണെന്ന് മനസ്സിലാക്കാനാവും.

**10000** വർഷങ്ങൾ = സൃഷ്ടിചക്രം; **100,000** സൃഷ്ടിചക്രം = മഹാകാലചക്രം; തുടങ്ങിയ കാലഘട്ടങ്ങൾ പ്രകാരം സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ദൈവം ചിട്ടപ്പെടുത്തിയിട്ടുണ്ട്. സൃഷ്ടിചക്രങ്ങളുടെ ആദ്യ പകുതിയിൽ ദൈവം പ്രത്യക്ഷമല്ല. രണ്ടാം പകുതിയിൽ **3** മുതൽ **33** വർഷക്കാലം ഭൂമിയിലെങ്ങും 'ഓം' മുഴക്കി ദൈവവിപ്ലവവും, സത്യയുഗവും ആരംഭിച്ച് ദൈവം പ്രത്യക്ഷമാകുന്നതാണ്. അതോടെ ദൈവകാര്യങ്ങളിലും മനുഷ്യൻ ഉൾപ്പെട്ട സൃഷ്ടികളുടെ കാര്യങ്ങളിലുമുള്ള എല്ലാ സംശയങ്ങൾക്കും ചോദ്യങ്ങൾക്കും അവസാനം ഉണ്ടാകും. ഇപ്പോഴത്തെ സൃഷ്ടിചക്രത്തിലെ ദൈവ-വിപ്ലവം ഉടനെയുണ്ട് !

ഏകമായ ദൈവത്തെയും, ഏകദൈവത്തിന്റെ 'അനിർവചനീയമായ' ശക്തികളെയും
'മായ' എന്നും കൂടി ദൈവം പേരുവച്ചിട്ടുണ്ട്. 'മഹാമായ' എന്നും വിളിക്കാവുന്നതാണ്.
"ശക്തികൾ അനിർവചനീയമാകുന്നത് എങ്ങനെയാണെന്ന് " ആദ്യം വിശദീകരിക്കാം :
വിശേഷ ബുദ്ധിയെ ലഭിക്കുന്ന മനുഷ്യൻ അറിയുന്ന ആകാശവും ഭൂമിയും സൂര്യനും
ചന്ദ്രനും ഗ്രഹങ്ങളും അവയുടെ ഉപഗ്രഹങ്ങളുമെല്ലാം ചേർന്ന പ്രപഞ്ചവും, അവയിലെ
സൃഷ്ടികളും, എല്ലാ സൃഷ്ടികൾക്കും വേണ്ടിയുള്ളതായ അനന്തമായ ആനന്ദങ്ങളും
അവയെ നേടാനും ആസ്വദിക്കാനുമുള്ള ഉപാധികളായ ശക്തികളും ശാസ്ത്രങ്ങളും
സ്വാതന്ത്ര്യവുമെല്ലാം ചേർന്ന പ്രപഞ്ചമായി 'മായ @ ദൈവം' അവതരിച്ചിരിക്കുകയാണ്.

'മായ' ആകുന്ന ദൈവത്തിന്റെ മഹാവൈഭവം അനിർവ്വചനീയമാണ് :- 'മനുഷ്യൻ അറിയുകയും അനുഭവിക്കുകയും ചെയ്യുന്ന പ്രപഞ്ചമായിട്ട് അവതരിക്കാൻ മാത്രമല്ല മായ'ക്ക് കഴിയുക. അനന്തവും വ്യത്യസ്തവുമായ ശക്തികളും ശാസ്ത്രങ്ങളും മറ്റും കൊണ്ട് വ്യത്യസ്തങ്ങളും അനന്തവുമായ മറ്റു പ്രപഞ്ചങ്ങളായി അവതരിക്കാനും എന്തിനും 'മായ'ക്ക് കഴിയുന്നതാണ്. അനന്തമായ പ്രപഞ്ചങ്ങളായിട്ട് അവതരിച്ചാലോ, മനുഷ്യർക്ക് ഭാവന ചെയ്യാൻ പോലും കഴിയാത്ത മറ്റ് സൃഷ്ടികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ 'മായ ആകുന്ന ദൈവം' ചെയ്താലോ, 'മായ'ക്ക് യാതൊരു കുറവുകളും ഉണ്ടാകുന്നതല്ല. ദൈവം തന്നെയായ 'മായ'യെ വിശകലനം ചെയ്യാൻ സൃഷ്ടിയായ മനുഷ്യർക്കു കഴിയണമെങ്കിൽ അതിനും 'മായ'യായ ദൈവം' തന്നെ ശക്തി നൽകണം !

എല്ലാ സൃഷ്ടികളുടെയും സൃഷ്ടിസ്ഥിതിസംഹാരങ്ങളെ നിർവ്വഹിക്കുവാൻ ദൈവത്തിന് യാതൊരു ബാദ്ധ്യതയുമില്ലെന്നും, ചെയ്തിട്ട് എന്തിനും അതീതമായ ദൈവത്തിന് ഒന്നും നേടാനില്ലെന്നും; ബ്രഹ്മവും മായയും മഹാസത്യവുമായ ദൈവത്തിനു നിലനിൽക്കാൻ 'സൃഷ്ടി അറിയുന്നതും അറിയാത്തതുമായ പ്രപഞ്ചവും സൃഷ്ടികളും ആവശ്യമില്ലാ' എന്നും വിശേഷ ബുദ്ധി ലഭിക്കുന്ന സൃഷ്ടികൾക്ക് മനസ്സിലാക്കാൻ കഴിയും.

മനുഷ്യർ അറിയുന്ന പ്രപഞ്ചത്തിലെ ശക്തികളിൽ നിന്നും വ്യത്യസ്തമായ മറ്റ് അനന്ത ശക്തികളായി അവതരിക്കാനും സൃഷ്ടിക്കാനും, എന്തുചെയ്താലും കുറയാത്തതായ 'മായ'ക്കു കഴിയുമെന്ന് മുമ്പ് സൂചിപ്പിച്ചിരുന്നു.

****

## പ്രപഞ്ചത്തിന് അതീതമായ ബ്രഹ്മം അനിർവ്വനീയമാണ്. യാതൊരു കുറവും ഉണ്ടാവാതെ മഹാശക്തകളെ സൃഷ്ടിക്കാൻ കഴിയുന്ന 'മായ' ബ്രഹ്മത്തിന്റെ അനിർവ്വചനീയമായ മഹാപ്രഭാവം ആണ്. ബ്രഹ്മവും മായയും വിഭിന്നവുമല്ല.

**ഒന്നായും രണ്ടായും നിലനിൽക്കുന്ന ആദിയും അന്തവും ഇല്ലാത്ത ദൈവഭാഗങ്ങൾക്ക് രൂപങ്ങളോ പേരുകളോ ആവശ്യമില്ലെന്ന് വിശദീകരിച്ചിരുന്നു. ആകാശം ഭൂമി സൂര്യൻ ചന്ദ്രൻ എന്നീ മഹാരൂപങ്ങളും, ദിവ്യമനുഷ്യ-സ്ത്രീപുരുഷ രൂപങ്ങളും, പശു-പശുപതി രൂപങ്ങളും, "ശിവനു മാത്രം ബാധകമായ മഹാനരസിംഹം, അർദ്ധമഹാദേവീ രൂപവും" പരാമർശിച്ചിരുന്നു. ഏകമഹാശക്തിയായ ആദ്യത്തെ ദൈവഭാഗം വിശേഷ ബുദ്ധി നൽകി സൃഷ്ടിച്ച മനുഷ്യർക്കും അവരുടെ മോക്ഷമായ നക്ഷത്രദേവതകൾക്കും, മറ്റും മഹാമാതാപിതാക്കളെ സംബോധന ചെയ്യാനുള്ള മഹാനാമങ്ങളെ നിശ്ചയിക്കുകയും പഴയകാലത്ത് തന്നെ അറിയിക്കുകയും ചെയ്തിരുന്നു. മഹാനാമങ്ങൾ കുറിക്കുന്നു.**

**മഹാഭദ്രപ്പെടുത്താൻ കഴിവുള്ളതും സർവ്വം മഹാഭദ്രമാക്കിയ "മഹാഭദ്രകാളി" യാണ് മഹാമാതാവ് നിശ്ചയിച്ച സർവ്വോത്തമ മഹാനാമം. രണ്ടു ദൈവഭാഗങ്ങളെയും ഏറ്റവും ലളിതമായി പരിയപ്പെടുത്തുന്നവയാണ് ശിവ, ശിവൻ എന്നിവ. ശിവാ എന്നു വിളിച്ചാൽ ശിവയെയും ശിവനെയും ആവാം എങ്കിലും മഹാഭദ്രകാളിയായ ഓക്സിജൻ എല്ലാ സൃഷ്ടികളുടെയും മനോഭാവം അറിയുന്നുണ്ട് എന്നതിനാൽ മറയ്ക്കാൻ കഴിയില്ല.**

****

# സൃഷ്ടികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളിൽ 'ദൈവ-ഭാഗങ്ങളുടെ' സ്വാർത്ഥമായ ആനന്ദങ്ങളെ നിശ്ചയിക്കുന്നു.

മായ ആകുന്ന ദൈവം, മായാശക്തി കൊണ്ട് സൃഷ്ടി സ്ഥിതി സംഹാരങ്ങൾ ഉൾപ്പെടെയുള്ള എന്തും നിരന്തരമായി ചെയ്താലും ഇല്ലെങ്കിലും മായാശക്തിക്ക് യാതൊരു കുറവും ഉണ്ടാവുകയില്ലെന്നും ആനന്ദങ്ങൾ ഉൾപ്പെടെ എന്തും സൃഷ്ടിക്കാൻ കഴിയുന്ന ദൈവം; സൃഷ്ടിയ്ക്ക് അതീതമാണെന്നും വ്യക്തമാണ്. സൃഷ്ടികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യാതെ രണ്ടു മഹാസത്യങ്ങളും ഒരു മഹാശക്തിയും ആയിട്ട് രണ്ടായും ഒന്നായും ദൈവം നിലനിൽക്കുമ്പോഴുള്ള ദൈവത്തിന്റെ ആനന്ദങ്ങൾ, സൃഷ്ടിക്കപ്പെട്ടിട്ടില്ലാത്ത സൃഷ്ടികളുടെ വിഷയമാവുകയുമില്ല. ഏകദൈവത്തിന് ഭൗതിക രൂപമുള്ളതോ ഇല്ലാത്തതോ ആയ ഇണകളും സ്ത്രീപുരുഷന്മാരുമായി വിഭജിച്ചു നിലനിൽക്കാൻ കഴിയുമെന്നത് സൃഷ്ടികളെ സംബന്ധിച്ച വിഷയമല്ല ! 'മായ' ആകുന്ന 'ദൈവം' അനിർവ്വചനീയമായ ബ്രഫമാവസ്ഥ നിലനിർത്തിക്കൊണ്ട് "ഒരു മഹാശക്തിയും രണ്ടു മഹാസത്യങ്ങളുമായി" മാറിയതും അവരുടെ ആനന്ദങ്ങളും ദൈവത്തിന്റെ ഇഷ്ടമാകുന്നത് സ്വാഭാവികമാണ്. രണ്ടു മഹാസത്യങ്ങളും ഏകമഹാശക്തിയുമായ ഇണകളായിട്ട് ഏകദൈവത്തിന്റെ രണ്ടു ഭാഗങ്ങളും തുടരുകയും, എന്നാൽ സൃഷ്ടികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളോ മറ്റെന്തെങ്കിലുമോ ചെയ്യാതിരിക്കുകയും ആണെങ്കിൽ; മഹാസത്യങ്ങളായ രണ്ടു ദൈവ ഭാഗങ്ങളിൽ ആദ്യത്തേതിന്റെ 'മഹാശക്തി', മഹാധർമ്മ പ്രശ്നത്തിന് കാരണമാകും :- അന്തമില്ലാത്ത ശക്തികളായും എന്തായും അവതരിക്കാനും, അവയെ സൃഷ്ടിക്കാനും കഴിയുന്ന 'മായ', നിരന്തരം പ്രവർത്തിച്ചാൽ മാത്രമേ "മായക്കും, ശക്തികൾക്കും" അർത്ഥപുഷ്ടി ഉണ്ടാവുകയുള്ളൂ. യാതൊന്നും ചെയ്യുന്നില്ലെങ്കിൽ 'മായ ആകുന്ന ദൈവം' നിർജ്ജീവം പോലെയാകും! അതിനാൽ, ആനന്ദങ്ങൾ ഉൾപ്പെടെയുള്ള എന്തിനും അതീതമാണെങ്കിലും, സൃഷ്ടികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യാനും, അവയ്ക്ക് അനന്തമായ ആനന്ദങ്ങളെ നൽകിക്കൊണ്ട് അവയെയും ചേർത്ത് ഒരു മഹാകുടുംബമായി നിലനിൽക്കാനും; 'മായ' ആകുന്ന ദൈവത്തിന്റെ മഹാശക്തിയായ ആദ്യത്തെ ഭാഗം, രണ്ടാം ഭാഗത്തെയും ഒപ്പം കൂട്ടി തയ്യാറാകുന്നു.

ഒരു ആനന്ദത്തെയെങ്കിലും സ്വന്തം സ്വാർത്ഥമായിട്ട് സ്വീകരിക്കാതെ, ദൈവം സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ആരംഭിക്കുന്നതും തുടരുന്നതും സാമാന്യ യുക്തിക്കു പോലും നിരക്കുന്നതല്ല. ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയായ ദൈവത്തിന് സ്വാർത്ഥം ആകുന്ന ആനന്ദം ഉണ്ടായാൽ ആനന്ദങ്ങൾക്കെല്ലാം അതീതമല്ലാതെ വരുന്നതുമാണ്. ആനന്ദങ്ങൾ ഉൾപ്പെടെ എന്തിനും അതീതമായി ദൈവം നിലനിന്നാൽ മാത്രമാണ് ദൈവം ആദിയും അന്തവും ഇല്ലാത്ത മഹാശക്തി ആവുക! സൃഷ്ടികൾക്കെല്ലാം നൽകുന്നതും ആനന്ദങ്ങൾക്കെല്ലാം അതീതവുമായ രണ്ട് ദിവ്യമായ ആനന്ദങ്ങളെ ആവിഷ്ക്കരിച്ചും സ്വീകരിച്ചുമാണ് ദൈവം, ആനന്ദ വിഷയം പരിഹരിച്ചിരിക്കുന്നത്. സൃഷ്ടികളുട സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്നത് ദൈവത്തിനു വേണ്ടിയല്ലാതെ സൃഷ്ടികൾക്കെല്ലാം വേണ്ടിയാവുമ്പോൾ, ദൈവത്തിനുമാത്രമാണ് മഹത്വമെന്ന് തെളിയുന്ന മഹാകാര്യമാണ്!

## ദൈവം ചെയ്യുന്നത് ദൈവത്തിനു വേണ്ടിയല്ലാതെ വരുന്നതും, സൃഷ്ടികൾക്കെല്ലാം വേണ്ടി മാത്രമാകുന്നതും സൃഷ്ടി സ്ഥിതി സംഹാരങ്ങളെ നിർവ്വഹിക്കാൻ ദൈവം സ്വീകരിച്ചിട്ടുള്ള സ്വാർത്ഥമായ ആനന്ദങ്ങളെ ആസ്പദമാക്കിയാണ്.

രണ്ടായിരിക്കുന്ന ദൈവത്തിന്റെ 'മഹാസത്യവും മഹാശക്തിയുമായ ആദ്യത്തെ ഭാഗത്തിന്റെ' ആനന്ദത്തെ "എല്ലാ സൃഷ്ടികളോടുമുള്ള മഹാവാത്സല്ല്യം മാത്രമായും", ദൈവത്തിന്റെ മഹാസത്യം മാത്രമായ രണ്ടാമത്തെ ഭാഗത്തിന്റെ ആനന്ദത്തെ ആദ്യ ഭാഗത്തോടുള്ള മഹാദാസ്യമായും (ദൈവത്തിന്റെ ആദ്യത്തെ ഭാഗം) നിശ്ചയിക്കുകയും, സൃഷ്ടികൾക്കു തന്നെ നൽകുന്ന പ്രസ്തുത ആനന്ദങ്ങളിലൂടെ ആനന്ദങ്ങൾക്കെല്ലാം അതീതമായി തുടരുകയുമാണ് 'ഏകമഹാശക്തിയായ ദൈവം' ചെയ്തിട്ടുള്ളത്.

## ദൈവത്തിന്റെ ആനന്ദങ്ങൾ മഹാവാത്സല്ല്യവും മഹാദാസ്യവും മാത്രമാണെന്നും, ദൈവത്തിന്റെ കുഞ്ഞുങ്ങളായിട്ട് സൃഷ്ടികൾ മാറുന്നുണ്ടെന്നും, സൃഷ്ടി ആരംഭിക്കുമ്പോൾ തെളിയുന്നുണ്ട്.

സൃഷ്ടിക്കും മുമ്പ്, മനുഷ്യൻ ഉൾപ്പെടെ എല്ലാ സൃഷ്ടികളുടെയും മാതാപിതാക്കൾക്ക് അവയുടെ കുഞ്ഞുങ്ങളോട് വാത്സല്യത്തെ ദൈവം ആവിഷ്ക്കരിച്ചിരിക്കുന്നത് ഇന്ന് അനുഭവിച്ചറിയുന്ന വസ്തുതയാണ്. സൃഷ്ടികളുടെയും അവയുടെ തലമുറകളുടെയും ജന്മഗുണങ്ങളെ നിശ്ചയിക്കുന്നതിലും സൃഷ്ടിക്കുന്നതിലും എല്ലാ സൃഷ്ടികളിലെയും മാതാപിതാക്കൾ വെറും ലൂടെ മാത്രമാണെന്നതും സർവ്വം ചെയ്യുന്നത് മഹാശക്തിയും മഹാനീതിയുമായ ദൈവം മാത്രമാണെന്നതും, മഹാമാതാപിതാക്കൾ രണ്ടായിരിക്കുന്ന ദൈവത്തിന്റെ രണ്ടു ഭാഗങ്ങളുമാണെന്നതും തെളിയുന്നുണ്ട്. അതായത് ജീവികളുടെ രൂപങ്ങൾ, സ്ത്രീപുരുഷ അവയവങ്ങൾ, നിറം, സൗന്ദര്യം, മുഖഛായ, ഉയരം, ആയുസ്സ്, ആരോഗ്യം, ബുദ്ധി ശക്തി, ഓർമ്മ ശക്തി, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, കൈവിരൽ-കൺമണി അടയാളങ്ങൾ, ഡിഎൻഎ, ശരീര വളർച്ച, ജനന സ്ഥലം, ജനന മരണ സമയങ്ങൾ, തുടങ്ങിയ ജന്മഗുണങ്ങളെ മഹാസുന്ദരമായി വ്യത്യാസപ്പെടുത്തിക്കൊണ്ട്, സ്വന്തം ഭാഗവും, സൃഷ്ടികളുടെ മഹാപിതാവുമായ പരമാത്മാവിനെയും ഒപ്പം കൂട്ടി, മഹാശക്തിയും മഹാമാതാവുമായ ദൈവമാണ് സൃഷ്ടി സ്ഥിതികളെ ചെയ്യുന്നത്. ജന്മഗുണങ്ങളിലൂടെ സൃഷ്ടികളിലെ മാതാപിതാക്കൾക്ക് കുഞ്ഞുങ്ങളോട് ഉള്ളതായ ദാസ്യ-വാത്സല്യങ്ങളുടെ കൃത്യം 100 മടങ്ങ് അളവായിട്ട് ദൈവത്തിന്റെ ആനന്ദങ്ങളായ മഹാദാസ്യം, മഹാവാത്സല്ല്യം എന്നിവയെ നിശ്ചയിക്കുകയും സ്വീകരിച്ചിരിക്കുകയുമാണ്. ഏകമായ ദൈവം രണ്ടായതു പോലും സൃഷ്ടികൾക്കു വേണ്ടിയാണെന്ന സൂചനയോടെ സൃഷ്ടികളെ മുഴുവൻ ദൈവത്തിന്റെ മാത്രം കുഞ്ഞുങ്ങളാക്കുന്ന മഹാകാര്യമാണത്. **സൃഷ്ടി ചക്രങ്ങളെ സംഹരിച്ചു കൊണ്ട് സൃഷ്ടി സ്ഥിതികളെ തുടരുന്നു എന്നല്ലാതെ ദൈവത്തിന്റെ കുഞ്ഞുങ്ങളും, ജീവികളുടെ സ്വത്വങ്ങളുമായ ആത്മാക്കളെ ദൈവം സംഹരിക്കില്ല. സ്വത്വം സ്വയം ഉപേക്ഷിക്കാം! 1000കോടി+ വർഷങ്ങളിൽ സ്വത്വം ഉപേക്ഷിച്ചത് ഒരാൾ ! ഞെട്ടിക്കുന്ന പേര് ദേവതകൾ എന്ന അദ്ധ്യായത്തിലുണ്ട്.**

സൃഷ്ടികളായ മാതാപിതാക്കളുടെയും, അവരിലൂടെ സൃഷ്ടിക്കുന്ന കുഞ്ഞുങ്ങളായ തലമുറകളുടെയും ആനന്ദങ്ങളെ നിശ്ചയിക്കുകയും സൃഷ്ടിക്കുകയും നിരന്തരമായി വർദ്ധിപ്പിക്കുകയും സംരക്ഷിക്കുകയുമെല്ലാം ചെയ്യുന്നത് സൃഷ്ടികൾ ആണെന്ന് തോന്നുമെങ്കിലും, യഥാർത്ഥത്തിൽ പ്രപഞ്ച രൂപത്തോടെ സർവ്വവും ചെയ്യുന്നത് ദൈവമാണെന്ന് പിന്നീട് ശാസ്ത്രപരമായി വിശദീകരിക്കുന്നുണ്ട്. സൃഷ്ടികൾക്ക് മനുഷ്യാവസ്ഥയിൽ നൽകുന്ന വിശേഷ ബുദ്ധിയും അനുബന്ധമായ ശാസ്ത്രങ്ങളും ശക്തികളും സ്വാതന്ത്ര്യവും ശരിയായി ഉപയോഗിച്ചാൽ സ്വയം മനസ്സിലാക്കാനാവും. സൃഷ്ടികളുടെ ആനന്ദങ്ങളെ വർദ്ധിപ്പിക്കാനായിട്ട് കുടുംബ ബന്ധങ്ങളെ ദൈവം ആവിഷ്ക്കരിച്ചിട്ടുമുണ്ട്. അതെല്ലാം മനസ്സിലാക്കാൻ ദൈവം സൃഷ്ടിക്കുന്ന മേല്പടി ജന്മഗുണങ്ങളെ ശാസ്ത്രപരമായി വിശകലനം ചെയ്താൽ മാത്രം മതിയാകും.




ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയായ ദൈവത്തിന് അതികഠോരമായ സ്വഭാവങ്ങളെ സ്വീകരിച്ചു കൊണ്ട് സൃഷ്ടികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങൾ ഉൾപ്പെടെ എന്തും ചെയ്യാനും, സൃഷ്ടികളെ ഏറ്റവും ക്രൂരമായി കഷ്ടപ്പെടുത്താനും കഴിയുമെന്നിരിക്കെ, സൃഷ്ടികളെ ദൈവത്തിന്റെ കുഞ്ഞുങ്ങളാക്കി ക്കൊണ്ടു മാത്രം സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്നതും, അവരോടുള്ളതും അവർക്കു തന്നെ തിരിച്ചു നൽകുന്നതുമായ മഹാവാത്സല്യത്തെയും മഹാദാസ്യത്തെയും മാത്രം ദൈവം ആനന്ദങ്ങളായി സ്വീകരിച്ചിരിക്കുന്നതും സൃഷ്ടികളുടെ ഏറ്റവും വലിയ ഭാഗ്യമാണ് !

ആനന്ദങ്ങൾക്കെല്ലാം അതീതമായ ആനന്ദങ്ങളായി വിശേഷിപ്പിക്കാൻ കഴിയുന്ന ദൈവീക ആനന്ദങ്ങളായ മഹാവാത്സല്ല്യത്തേയും മഹാദാസ്യത്തെയും മനുഷ്യർ അറിഞ്ഞും അറിയാതെയും കളങ്കപ്പെടുത്തുന്നവരായി അധഃപതിക്കുന്നുണ്ട് ! സൃഷ്ടികൾക്ക് മനുഷ്യാവസ്ഥയിൽ നൽകിയ വിശേഷ ബുദ്ധിയും അനുബന്ധമായ ശാസ്ത്രങ്ങളും പ്രകാരം ജീവിക്കുകയാണ് പരിഹാരം. പിന്നീട് വിവരിക്കുന്നുണ്ട്.

സൃഷ്ടികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ, ദൈവം ആരംഭിക്കും മുമ്പ്, ദൈവത്തിന്റെയും സൃഷ്ടികളുടെയും ആനന്ദങ്ങളെയും, സൃഷ്ടികൾക്കെല്ലാം ലഭ്യമാക്കേണ്ടുന്ന സമ-ആനന്ദമാകുന്ന മഹാനീതിയെയും, സൃഷ്ടികളുടെയെല്ലാം അസ്തിത്വം, ഭാവം, രൂപം, ശരണം, ആയുസ്സ് തുടങ്ങിയവയും നിശ്ചയിക്കേണ്ടതുണ്ട്. കുറ്റങ്ങളും കുറവുകളുമില്ലാതെ സർവ്വം സൃഷ്ടിക്കുകയും സംരക്ഷിക്കുകയും വേണം. പ്രസ്തുത കാര്യങ്ങളെല്ലാം ഈ മഹാഗ്രന്ഥത്തിൽ ശാസ്ത്രപരമായി വിശദീകരിച്ചിട്ടുണ്ട്.

## ദൈവം സൃഷ്ടികളുടെ സൃഷ്ടി സ്ഥിതികളെ ആരംഭിച്ചാൽ, അന്തമില്ലാതെ അവയെല്ലാം തുടരേണ്ടതുമുണ്ട്. അങ്ങനെ തന്നെയാണ് ദൈവം എക്കാലവും ചെയ്തു പോരുന്നതും!

മായാമഹാശക്തിയായ ഏകദൈവഭാഗം എല്ലാ സൃഷ്ടികളുടെയും മഹാമാതാവായിക്കൊണ്ട് കുഞ്ഞുങ്ങൾക്കു നൽകുന്ന മഹാവാത്സല്ല്യത്തെ സ്വന്തം ആനന്ദമായിട്ടു സ്വീകരിക്കുകയാൽ, സൃഷ്ടികൾക്കു വേണ്ടിയുള്ള അവതാരവും പ്രപഞ്ചവുമായ ആനന്ദങ്ങൾക്കെല്ലാം അതീതമാണ് ! എക്കാലത്തെയും സൃഷ്ടികളെ കുഞ്ഞുങ്ങളാക്കാൻ കഴിയുന്നത് മഹാവാത്സല്ല്യത്തെ മാത്രം ആനന്ദമാക്കാൻ കഴിയുന്ന മഹാമാതാവിനു മാത്രമാണ്. എല്ലാ സൃഷ്ടികളെയും കുഞ്ഞുങ്ങളാക്കുന്ന മഹാമാതാവിന്, യാതൊരു സൃഷ്ടികൾക്കും കടമകളെ നൽകാനാവില്ല; നൽകുന്നുമില്ല. എല്ലാ കുഞ്ഞുങ്ങളെയും സൃഷ്ടിക്കുന്നതും സംരക്ഷിക്കുന്നതും കൂടി തുല്ല്യമായാണ്. ഈ മഹാഗ്രന്ഥത്തിലെ അദ്ധ്യായങ്ങളിൽ വസ്തുതകളെയെല്ലാം ശാസ്ത്രപരമായി പ്രത്യേകം പ്രത്യേകം വിശദീകരിക്കുകയും തെളിയിക്കുകയും ചെയ്തിട്ടുമുണ്ട്.

## <u>മഹാവാത്സല്ല്യത്തെ മാത്രം ആനന്ദമാക്കിയിട്ടുള്ള</u> മായാമഹാശക്തിയായ ജഗദംബയെ സ്തുതികൾ, മന്ത്രങ്ങൾ, പൂജ, അനുഷ്ഠാനങ്ങൾ, വഴിപാട്, തപസ്സ്, യജ്ഞം, തുടങ്ങിയവകൊണ്ട് പ്രീതിപ്പെടുത്താൻ കഴിയില്ല. ഭൂമിയിലെങ്ങും വ്യത്യസ്ത ആത്മീയ വിശ്വാസങ്ങൾ പ്രകാരം നിലനിൽക്കുന്ന സർവ്വവും ദൈവനിന്ദയും കടുത്ത അപരാധങ്ങളുമാണ്. എല്ലാം തിരുത്താൻ സമയമായി ! ദൈവീകമായി നിർമ്മിച്ച ഒരു ദേവാലയം പോലും ഭൂമിയിൽ ഇല്ല!

ശിവയും ശിവനുമായ ദൈവ ഭാഗങ്ങളെയും, സൃഷ്ടി സ്ഥിതി സംഹാര പാത്രമായ ആകാശത്തെയും, സനാതന ധർമ്മമായ മഹാപ്രപഞ്ചത്തെയും പ്രതിനിധീകരിക്കുന്ന ശിവലിംഗം മാത്രമേ ദേവാലയങ്ങളിൽ പ്രതിഷ്ഠിക്കാൻ പാടുള്ളൂ എന്ന് വിശേഷ ബുദ്ധി കൊണ്ട് മനസ്സിലാക്കാനാവും. ശിവലിംഗം വിഗ്രഹമല്ല; സനാതന ധർമ്മ പ്രതീകമാണ്.

ആയിരം കോടി വർഷങ്ങൾ നീണ്ട ആദ്യ മഹാകാല ചക്രത്തിൽ മോക്ഷം നേടിയ മനുഷ്യരിൽ നിന്നും ദേവതകളായി നിയമിക്കപ്പെട്ടവർ, ഇന്നത്തെ ഭൂമിയിലെ ആത്മീയ ആചാര്യന്മാർ ഉൾപ്പെടെയുള്ള അനേകരെ പ്പോലെ അധമന്മാരും കള്ളക്കൂട്ടങ്ങളായിട്ട് അധഃപതിച്ചപ്പോൾ; സനാതന സത്യവും, സനാതന ധർമ്മവുമായ ഏകദൈവത്തിന്റെ മഹാജ്ഞാനവും യഥാർത്ഥ വേദങ്ങളുമായ പ്രപഞ്ചത്തിൽ ലയിച്ചിരിക്കുന്ന ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരം വിശകലനം ചെയ്യാതെ നീചവിശ്വാസങ്ങളെയും അനാചാരങ്ങളെയും ചുമന്നു പോരുന്നവരോട് ദൈവം എങ്ങനെ പെരുമാറണം ?!

മഹാവാത്സല്ല്യത്തോടെ ശിക്ഷിച്ചു തിരുത്തതെങ്ങനെയെന്ന് മുമ്പ് വിവരിച്ചിരുന്നു. എല്ലാ ആത്മീയ ഗ്രന്ഥങ്ങളും തട്ടിപ്പുകളാണ്; ചുമന്നു നടന്നവർ ചുട്ടെരിക്കുന്നതാണ്!

ആത്മീയ ശാസ്ത്ര ഗ്രന്ഥങ്ങൾ എന്ന പേരിലുള്ളവ കള്ളങ്ങളും തട്ടിപ്പുകളുമാണെന്ന് ബോദ്ധ്യപ്പെടാൻ ഈ ദിവ്യമഹാവേദഗ്രന്ഥത്തിന്റെ ഉള്ളടക്കവുമായി താരതമ്യം ചെയ്യാം; സ്വന്തം ജീവിതം ഉൾപ്പെടെ മനുഷ്യരുടെ ജനനം മുതൽ മരണം വരെയുള്ള കാര്യങ്ങളിൽ മഹാനീതി നടത്തുന്നതിനെ ശാസ്ത്രപരമായി വിശദീകരിക്കാൻ ചുമന്നു പോരുന്നതായ ഗ്രന്ഥങ്ങൾക്ക് കഴിയുന്നതല്ല എന്നു തിരിച്ചറിയാം. മാത്രമല്ല, മനുഷ്യന് ചില ജന്മങ്ങളിൽ മാത്രം ആവശ്യമാകുന്ന ആത്മീയ ശാസ്ത്ര ജ്ഞാനത്തെ ഈ ദിവ്യ മഹാവേദഗ്രന്ഥം പകർന്നു നൽകുമെന്ന് മനസ്സിലാക്കാം; വിശകലനം ചെയ്ത് സ്വയം ബോദ്ധ്യപ്പെടാം.

മുമ്പ് സൂചിപ്പിച്ചതുപോലെ ദൈവമായ പ്രപഞ്ചത്തിന്റെ ശാസ്ത്രങ്ങളുമായി ഏറ്റവും അടുത്തു നിൽക്കുന്ന ഹിന്ദു മതങ്ങൾക്ക്, സനാതന സത്യവും, സനാതന ധർമ്മവുമായ പ്രപഞ്ചത്തിൽ ലയിച്ചു ചേരാനുള്ള ഭാഗ്യം ആദ്യം ലഭിക്കുന്നതാണ്. വിശേഷ ബുദ്ധിയെ ഉപയോഗിച്ച് പാപങ്ങളെ കുറയ്ക്കാനും പുണ്യം നേടാനും അനേകർക്ക് മഹാനീതിയായ മഹാഭദ്രകാളി നൽകിയ അവസരങ്ങളെ ഉചിതമായി പ്രയോജനപ്പെടുത്താൻ ഒട്ടുമിക്ക അല്പായുസ്സുകൾക്കും കഴിഞ്ഞില്ല. സത്യയുഗം ആരംഭിക്കുമ്പോൾ എല്ലാം ശരിയാകും!

ബുദ്ധനും, കാളീദാസനും, ക്രൈസ്റ്റും, ഗാന്ധിയുമായി അയച്ചത് ശിവനെയാണ്. അറേബ്യൻ മതം ലളിതമായ ഒരു പദ്ധതി മാത്രമാണ്. മഹാനീതി ഉൾപ്പെടെയുള്ള ചോദ്യങ്ങൾ ചോദിച്ചാൽ ഉത്തരം നൽകാൻ കഴിയാത്തതു കൊണ്ട് ചോദ്യങ്ങളെ വിലക്കുന്ന നീച സമ്പ്രദായത്തിന്റെ പിന്നിൽ **3 (മൂന്ന്)** പഴയകാല ദേവതകളുണ്ട്. ഏകദൈവവും ഏകദാസനും വിഷയമായ അറേബ്യൻ മതത്തിലെ ഏകദൈവം ശിവയും, യഥാർത്ഥ മുഹമ്മദ് ശിവനുമാണ്. വിശദീകരണത്തിന്: മഹാഗ്രന്ഥം.

ഒരു ഭൂമിയാണ് ഉള്ളത്. അതുകൊണ്ടുതന്നെ പല പേരുകളിൽ അറിയപ്പെടുന്ന സത്യമായിരുന്ന ദേവതകൾക്ക് ചരിത്രത്തിൽ സ്ഥാനമുണ്ട്. ഇന്ത്യയാണ് ആത്മീയ ശാസ്ത്ര വിചാരങ്ങളിൽ കേമം എന്നു പറയുന്നതിന്റെ ദൈവീകമായ അടിത്തറയെ ഭൂരിപക്ഷത്തിനും അറിയില്ല; വാചക കസർത്ത് നടത്തുമെങ്കിലും അറിയണമെന്നില്ല. അവരുടെ കുഴപ്പമല്ല. ജീവിക്കുന്നത് ആനന്ദിക്കാനാണ്.... **1000** കോടി വർഷങ്ങൾ നീണ്ട ആദ്യത്തെ മഹാകാലചക്രത്തിലെ ദേവതകളുടെ ആസ്ഥാനം ഇന്ത്യയിലെ കേരളം, പിന്നെ തമിഴ്നാട്, കാശ്മീർ തുടങ്ങിയ പ്രദേശങ്ങളായി നിശ്ചയിച്ചത് ഭൂമി തന്നെയാണ്. ഏതാനും ആയിരം വർഷങ്ങളിലെ ചെറിയ വിശേഷങ്ങളല്ലവ. മഹാഗൗരവമാണ്. പതിനായിരം വർഷം വീതമുള്ള ആയിരത്തോളം സൃഷ്ടി ചക്രങ്ങളുടെ രണ്ടാമത്തെ പകുതിയിൽ ദൈവം പ്രത്യക്ഷമാകേണ്ട സമയത്ത് ദൈവത്തിനു പകരമായിട്ട് ശിവനിലൂടെ പ്രതിനിധികളായി നിയോഗിച്ചവരാണ് ദേവതകൾ. ആദ്യ മഹാകാല ചക്രത്തിലേക്ക് മാത്രമായി നിയമിച്ചവരിൽ ഏറെപ്പേരും ധർമ്മശാസ്ത്രത്തിൽ നിന്നും അകന്നു. ദേവതകളെ പ്പറ്റിയുള്ള അല്പം ചരിത്രം മറ്റൊരു അദ്ധ്യായത്തിലുണ്ട്. ചിലർ മനുഷ്യരായി ഭൂമിയിൽ ജീവിക്കുന്നുണ്ടെങ്കിലും എല്ലാവരുടെയും ദേവതാ-പദവി എന്നന്നേക്കുമായി മഹാഭദ്രകാളി അടുത്ത കാലത്ത് പിൻവലിച്ചു കഴിഞ്ഞു.

**ഓം മുഴക്കി 1000 കോടി വർഷങ്ങൾ നീണ്ട രണ്ടാം മഹാകാലചക്രത്തിലെ, ആദ്യ സൃഷ്ടിചക്രത്തിലെ സത്യയുഗം ഉടനെ ആരംഭിക്കുന്നതോടെ, ഇന്ത്യക്കും കേരളത്തിനും നൽകിയിരുന്ന പ്രത്യേക പദവി പിൻവലിച്ച് ഭൂമിക്കു മൊത്തമായി ഉയർത്തുന്നതാണ്.**

## സൃഷ്ടി സ്ഥിതി സംഹാരങ്ങളിൽ 'സൃഷ്ടികളുടെ' സ്വാർത്ഥമായ ആനന്ദങ്ങളെയും ദൈവം നിശ്ചയിക്കുന്നു.

സ്വത്വം പോലും സ്വന്തമായിട്ട് ഇല്ലാത്തവരും ശവരുമായ സൃഷ്ടികളുടെ ആനന്ദങ്ങളെ ദൈവം തന്നെ നിശ്ചയിക്കുകയും ഒരുക്കുകയും ആസ്വദിപ്പിക്കുകയും വേണം. ദൈവം ചുറ്റിക്കളിയിലൂടെ കുഞ്ഞുങ്ങളെ യോഗ്യരാക്കുന്നത് മുകളിൽ വിശദീകരിച്ചത് കാണുക.

**ദൈവം മഹാപ്രപഞ്ചരൂപത്തെ സ്വീകരിക്കുകയും, സൃഷ്ടികളുടെ സൃഷ്ടി സ്ഥിതികളെ ആരംഭിക്കുകയും ചെയ്യുന്നതിനു മുമ്പായിട്ട് സൃഷ്ടികളുടെ ജീവിതത്തിന്റെ ഉദ്ദേശത്തെ നിശ്ചയിക്കേണ്ടതുണ്ട്. ദൈവം നൽകുന്ന അനന്തമായ ആനന്ദങ്ങളെ ആസ്വദിച്ചു ജീവിക്കുക മാത്രമാണ് ദൈവത്തിന്റെ കുഞ്ഞുങ്ങളായ സൃഷ്ടികൾ ചെയ്യേണ്ടത്.** കുറച്ചു കൂടി വിശദീകരിച്ചാൽ സൃഷ്ടിയുടെ ഉദ്ദേശം സ്ഥിതിയായ ജീവിതമാണ്; സൃഷ്ടികൾക്ക് അനന്തമായ ആനന്ദങ്ങളെ നൽകിക്കൊണ്ട് നിലനിർത്തുകയാണ്. വിശേഷബുദ്ധിയെ ലഭിക്കാത്തവ ഉൾപ്പെടെ ഭൂമിയിലെ എല്ലാ ജീവികളും ജീവിക്കുന്നത് ആനന്ദിച്ചാണെന്നതും കൂടുതൽ കൂടുതൽ ആനന്ദങ്ങളെ നേടാനും ആസ്വദിക്കാനും പരിശ്രമിക്കുന്നുണ്ട് എന്നതും ദൈവം നിശ്ചയിച്ചതായ ഉദ്ദേശത്തെ സാക്ഷ്യപ്പെടുത്തുന്നു! മഹാസമനീതി നടപ്പാക്കാനുള്ള സംവിധാനം മാത്രമായ തജ്ജന്മ-മരണം അവസാനമല്ല.

മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ എന്നിവയെല്ലാം സൃഷ്ടികളാകയാൽ, അവയെ സൃഷ്ടിക്കുന്നതിന്റെ ഉദ്ദേശം അറിയിക്കാൻ ദൈവത്തിനു ബാദ്ധ്യതയുണ്ട്. ദൈവമായ പ്രപഞ്ചത്തിന്റെ നടത്തിപ്പും, ജീവതകാര്യങ്ങളെ പറ്റി, ചിന്തിക്കാനും മനസ്സിലാക്കാനും എല്ലാ സൃഷ്ടികൾക്കും കഴിയണമെങ്കിൽ എല്ലാ സൃഷ്ടികൾക്കും വിശേഷ ബുദ്ധിയും അനുബന്ധമായ ശാസ്ത്രങ്ങളും ലഭിക്കണം.

മനുഷ്യരെ പ്പോലെ മറ്റെല്ലാ സൃഷ്ടികൾക്കും വിശേഷ ബുദ്ധിയും അനുബന്ധമായ ശാസ്ത്രങ്ങളും ലഭിച്ചാൽ മനുഷ്യരുടെയും മറ്റെല്ലാ ജീവികളുടെയും ജീവിതം കശപിശ ആവുമെന്നും പെട്ടെന്ന് തകരുമെന്നും നിസ്സാരമായിട്ട് മനസ്സിലാക്കാൻ കഴിയുന്നതാണ്. മനുഷ്യൻ എന്ന ഒരു ജീവിയെ മാത്രം സൃഷ്ടിച്ചാൽ, ജീവിക്കാൻ ഭക്ഷണത്തിനായി അന്യോന്യം കൊന്നുതിന്നും പെട്ടെന്നുതന്നെ മനുഷ്യകുലം അവസാനിക്കുന്നതാണ്! വേറെയുമുണ്ട് അനേകം പ്രശ്നങ്ങൾ. അല്പം മാത്രം ചുവടെ കുറിക്കുന്നു :

എല്ലാ മനുഷ്യരുടെയും ബുദ്ധിശക്തി, ഓർമ്മശക്തി, തൊഴിൽ അഭിരുചി, വിനോദ അഭിരുചി തുടങ്ങിയ ജന്മഗുണങ്ങളെ ഒരേ സമയം തുല്ല്യമാക്കിയാൽ മനുഷ്യരുടെ ഇടയിലുള്ള എല്ലാ ജോലികളും ചെയ്യാൻ ആളുകൾ ഉണ്ടാവില്ല; മനുഷ്യരുടെ ജീവിതം തകരുന്നതാണ്. അങ്ങനെയെല്ലാം ആയിരിക്കെ; ദൈവം മഹാസുന്ദരമാക്കിയ മത്സ്യം സസ്യം പക്ഷി മൃഗം തുടങ്ങിയ അനന്തമായ ജീവികൾ ഘട്ടം ഘട്ടമായി പരിണമിച്ച് മനുഷ്യാവസ്ഥയിൽ എത്തുകയും വിശേഷ ബുദ്ധിയെ നേടുകയും; വസ്തുതകളെ സ്വയം വിശകലനം ചെയ്ത് കുറ്റങ്ങളും കുറവുകളും ഇല്ലാത്തതാണ് ദൈവത്തിന്റെ മഹാനീതിശാസ്ത്രം എന്ന് ബോദ്ധ്യപ്പെടുകയും ചെയ്യുന്നതാണ് ഏറ്റവും ശ്രേഷ്ഠം. ആവക കാര്യങ്ങളെയെല്ലാം സ്വയം വിശകലനം ചെയ്ത് മനസ്സിലാക്കാനാവും.

വിശേഷ ബുദ്ധിയും അനുബന്ധമായ ശാസ്ത്രങ്ങളും മനുഷ്യർക്കു ലഭിക്കുമ്പോൾ, അനുഭവിച്ചു തന്നെ അറിയുന്നതു പോലെ, മറ്റു ജീവികളിൽ നിന്നും വ്യത്യസ്തമായി ദൈവം നൽകുന്ന അനന്തമായ ആനന്ദങ്ങളെ ആസ്വദിച്ചു ജീവിക്കാൻ മനുഷ്യർക്ക് സമ്പൂർണ്ണമായ സ്വാതന്ത്ര്യവും ആത്മാഭിമാനവും കൂടി അത്യാവശ്യമാകുന്നതാണ്.

സൃഷ്ടികളായ ആത്മാക്കൾക്ക് അനന്തമായ ആനന്ദങ്ങളെ പരിചയപ്പെടുത്താനായിട്ട് അനന്തമായ ആനന്ദങ്ങളും അവയെ നേടാനും ആസ്വദിക്കാനും കഴിയുന്ന ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും കാലവും ശരണവും മഹാനീതിയും ചേർന്ന ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനുമായ പ്രപഞ്ചമായിട്ട് മഹാശക്തിയായ ശിവ, ഭാഗമായ ശിവനെയും കൂട്ടി ഒരല്പം ഗൂഢതയോടെ അവതരിക്കുന്നത് മനുഷ്യനു വേണ്ടിയുമാണ്. ശേഷം പ്രപഞ്ചത്തിന്റെ അംശമായ വസ്തുക്കളെ ഉപയോഗിച്ച് വ്യത്യസ്തങ്ങളായ ശരീരങ്ങളെ സൃഷ്ടിക്കുകയും, അവയെ മഹാനീതിശാസ്ത്രമായ ഓംകാര നീതി ശാസ്ത്രം പ്രകാരം സൃഷ്ടികളായ ആത്മാക്കളോടു ചേർത്ത് മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ തുടങ്ങിയ ജീവികളെ സൃഷ്ടിക്കുകയും പരിപാലിക്കുകയുമാണ് പ്രപഞ്ചരൂപത്തോടെ ദൈവം ചെയ്യുന്നത്. ഗ്രന്ഥത്തിൽ തെളിയിച്ചിട്ടുണ്ട്. എന്നുവെച്ചാൽ (എല്ലാ സൃഷ്ടികളുടെയും) സ്വത്വങ്ങളായ ആത്മാക്കളെയും അവയ്ക്ക് മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ തുടങ്ങിയ വ്യത്യസ്ത ജീവികളായി ജീവിക്കാൻ ആവശ്യമാകുന്ന വസ്തുക്കളും, അവയുടെ രൂപാന്തരമായ ശരീരങ്ങളും, ആനന്ദങ്ങളും, ആനന്ദങ്ങളെ നേടാനും ആസ്വദിക്കാനും കഴിയുന്ന രൂപവും ശക്തികളും ജ്ഞാനവും സ്വാതന്ത്ര്യവും സൗന്ദര്യവും കാലവും ശരണവും മഹാനീതിയും മഹാവാത്സല്ല്യവുമെല്ലാം അനന്തകാലം നിരന്തരം നൽകാനായിട്ട് പരബ്രഹ്മമായ മഹാപ്രപഞ്ചമെന്ന മഹാരൂപത്തോടെ മഹാശക്തിയായ ദൈവം അവതരിച്ചിരിക്കുകയാണ്.

പ്രപഞ്ചത്തിന്റെ അംശമായ എല്ലാ വസ്തുക്കളുടെയും എല്ലാ ഗുണങ്ങളുമുള്ള ഏറ്റവും ചെറിയ അംശമായ ആറ്റങ്ങൾ വരെയാണ് അവയെല്ലാം സൃഷ്ടികൾക്കു വേണ്ടിയുള്ള ആനന്ദങ്ങളെന്ന് മനുഷ്യാവസ്ഥയിൽ ലഭിക്കുന്ന വിശേഷ ബുദ്ധിയും അനുബന്ധമായ ശാസ്ത്രങ്ങളും കൊണ്ട് മനസ്സിലാക്കാൻ കഴിയും. എല്ലാ ആറ്റങ്ങളുടെയും ഉള്ളിൽ പ്രോട്ടോൺ, ഇലക്ട്രോൺ, ഓം, ന്യൂട്രോൺ, ബോസോൺ, ഗ്ലൂവോൺ, ക്വാർക്കുകൾ, തുടങ്ങിയ അതിസൂക്ഷ്മമായ ഘടകങ്ങളായി ക്കൊണ്ട് ഏകദൈവമായ ശിവ, സ്വന്തം ഭാഗമായ ശിവനെയും ചേർത്ത് സൃഷ്ടികൾക്കു വേണ്ടി അനന്തമായ ആനന്ദങ്ങളെയും ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയും കാലത്തെയും ശരണത്തെയും മഹാനീതിയെയുമെല്ലാം നിരന്തരമായി സ്വയം സൃഷ്ടിക്കുകയും നടപ്പാക്കുകയുമാണ്. മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ എന്നീ **5** പ്രധാനപ്പെട്ടവ ഉൾപ്പെടെയുള്ള എല്ലാ ജീവികളുടെയും ശരീരത്തിലെ അവയവങ്ങളെയും കോശങ്ങളെയും പ്രപഞ്ചത്തിന്റെ അംശമായ വസ്തുക്കളിൽ നിന്നും സൃഷ്ടിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതും മഹാനീതി നടപ്പാക്കുന്നതും പ്രപഞ്ചത്തിന്റെ സ്വത്വവും മഹാനീതിയുമായ ഓക്സിജൻ ആണെന്നും, എങ്ങനെയാണെന്നും മുമ്പ് ശാസ്ത്രപരമായി വിശദീകരിച്ചിരുന്നു. സൃഷ്ടികളെ സൃഷ്ടിക്കുന്നതും സംരക്ഷിക്കുന്നതും ഏകമഹാശക്തിയും ശിവയുമായ മഹാമാതാവ്; ഭാഗവും മഹാപിതാവും പരമാത്മാവും ശവനും കൂടിയായ ശിവനെ കൂട്ടി നേരിട്ടാവണം. അങ്ങനെ തന്നെയാണ് ശിവ ചെയ്തിട്ടുള്ളതും ചെയ്യുന്നതും !

ദൈവഭാഗങ്ങൾ ശിവയും ശിവനും മാത്രമാണെന്നു തെളിയിച്ചുകൊണ്ട് ആറ്റത്തിൽ ശിവയായ പ്രോട്ടോണും, ശിവനാകുന്ന ഇലക്ട്രോണും മാത്രമുള്ളതും, ന്യൂട്രോൺ ഇല്ലാത്തതുമായ ഏകമൂലകവും പരമാത്മാവായ ശിവന്റെ മൂലകരൂപവുമായിട്ട് ഹൈഡ്രജനെ ശിവ നിശ്ചയിച്ചിട്ടുണ്ട്. ദൈവഭാഗങ്ങളുടെ ആദ്യ അവതാരവും ശിവലിംഗവും കൂടിയായ ആകാശത്തിലെ സൃഷ്ടിപാത്രമായ സൂര്യനിൽവച്ച്, മഹാദാസ്യമെന്ന ദൈവഭാഗങ്ങളുടെ മഹാപ്രണയത്തെ ആധാരമാക്കി പരമാത്മാവായ ശിവന്റെ അംശങ്ങളായിട്ട് ഇണകളായ രണ്ട് ന്യൂട്രോണുകളെ, ശിവ സൃഷ്ടിക്കുമ്പോൾ, സ്രഷ്ടാവായ മഹാമാതാപിതാക്കൾ ശിവയും ശിവനും മാത്രമാണെന്നു തെളിയുന്നുണ്ട്.

സൃഷ്ടികളായ ആത്മാക്കൾക്കെല്ലാം ജീവിക്കാൻ ആവശ്യമാകുന്ന അനന്തമായ ആനന്ദങ്ങളും, ആനന്ദങ്ങളെ അറിയാനും നേടാനും ആസ്വദിക്കാനുമുള്ള ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും കാലവും ശരണവും മഹാനീതിയുമെല്ലാം നിരന്തരമായി നൽകാനുള്ള മഹാപദ്ധതികളെ ഭൂമിയായി ഒരുക്കിയ ശേഷമാണ്, സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ദൈവം (ശിവ); ആത്മാക്കളുടെ സൃഷ്ടി തുടങ്ങിയിട്ടുള്ളത്. സൃഷ്ടികളായ ആത്മാക്കൾക്ക് മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ, എന്നീ ജീവി-വർഗ്ഗങ്ങളും അവയിലെ സ്ത്രീപുരുഷ ജാതികളും; പിന്നീട് ശാസ്ത്രപരമായി തന്നെ വിശദീകരിച്ചിട്ടുള്ള ദേവതകൾ, നക്ഷത്രദേവതകൾ എന്നീ സംഹാര-ജീവികളുമായി അനന്തകാലം ജീവിച്ചുകൊണ്ട് അനന്തമായ ആനന്ദങ്ങളെ അറിയാനും നേടാനും ആസ്വദിക്കാനുമെല്ലാം കഴിയുന്നത് ദൈവത്തിന്റെ മഹാ-ആവിഷ്ക്കാരം മാത്രമാണ്. ആകാശം, ഭൂമി, സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ തുടങ്ങിയ അനന്ത ആനന്ദങ്ങളായിട്ട് അവതരിച്ചിരിക്കുന്ന പ്രപഞ്ച ഭാഗങ്ങളുടെയെല്ലാം അംശങ്ങളായ മൂലകങ്ങളുടെയും സംയുക്തങ്ങളുടെയും മിശ്രിതങ്ങളുടെയും സൂക്ഷ്മരൂപമായ ആറ്റങ്ങളുടെ ഉള്ളിൽ ഏകദൈവമായ ശിവ; ഭാഗമായ ശിവനെയും ഒപ്പം കൂട്ടി അതിസൂക്ഷ്മ രൂപങ്ങളും; **ഓം"** ഉം ചേർത്ത് നിരന്തരമായി അനന്തമായ ആനന്ദങ്ങളായി അവതരിക്കുകയാണ്. എല്ലാ ആറ്റങ്ങളിലും ശിവയായ പ്രോട്ടോണുകളുടെയും ശിവനാകുന്ന ഇലക്ട്രോണുകളുടെയും എണ്ണം തുല്ല്യമായതും, ശിവയായ പ്രോട്ടോണുകളെ ശിവനാകുന്ന ഇലക്ട്രോണുകൾ **ഓം** പ്രകാരം ചുറ്റുന്നതും, ജന്മഗുണങ്ങളും ന്യൂനശക്തികളും ധർമ്മശാസ്ത്ര ബന്ധനവുമെല്ലാം ആറ്റത്തിലെ മറ്റു ശക്തി-ഘടകങ്ങൾ ചെയ്യുന്നതും ഈ ദിവ്യമഹാവേദഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്.

ശബ്ദബ്രഹ്മം, അക്ഷരബ്രഹ്മം, ആദിവചനം, സൃഷ്ടിമന്ത്രം, സംഹാര കാഹളം, മഹാശാസ്ത്രമൂലം, മഹാസംഗീതം, സർവ്വദേശ ഭൂമി ഗാനം, മഹാപ്രപഞ്ചഗാനം, ദൈവവിപ്ലവ ഗാനം, ഏകമഹാശബ്ദം, മഹാസൂക്ഷ്മശബ്ദം, ശക്തി ശിവൻ പ്രണയമന്ത്രം, മഹാദേവിയുടെ മഹാചിരി, തുടങ്ങിയവയായ **"ഓം"** മഹാശബ്ദവും; മഹാദേവിയുടെ മഹാഹൃദയവും, മഹാപ്രപഞ്ചത്തിന്റെ ശക്തിനിയന്ത്രണസത്തയും കൂടിയായ **ഓംകാരം** -ഉം പ്രത്യേകം അദ്ധ്യായങ്ങളിൽ ശാസ്ത്രപരമായിട്ട് വിവരിക്കുകയും തെളിയിക്കുകയും ചെയ്തിട്ടുണ്ട്. അതോടെ, തികച്ചും വ്യത്യസ്തമായ **ഓംകാര** വും **ഓം** -ഉം ഒന്നാണെന്ന അനേകരുടെ തെറ്റിദ്ധരണ മാറും!

ഭൂമിയുടെ അംശവുമായ മണ്ണും പൊടിയും കല്ലുകളും ദ്രാവകങ്ങളുമെല്ലാം ദൈവത്തിന്റെ അംശങ്ങളും രൂപങ്ങളുമാണ്. അസ്തിത്വം ഉൾപ്പെടെ യാതൊന്നും സ്വന്തമായിട്ടില്ലാത്ത സൃഷ്ടികൾക്കാണ് യഥാർത്ഥത്തിൽ നിശ്ചിതമായ രൂപം ഇല്ലാത്തത്. വിശേഷ ബുദ്ധിയെ ലഭിക്കുന്ന മനുഷ്യർക്ക് സൃഷ്ടികളായ ആത്മാക്കൾക്ക് ലഭിക്കുന്ന ശരീരങ്ങളിൽ ലയിച്ചിരിക്കുന്നതും, ശരീരങ്ങളും അവയുടെ മൂലമായ വസ്തുക്കളും നൽകുന്നതുമായ ആനന്ദങ്ങളെ അവയിലെ ശക്തികളും, വിശേഷ ബുദ്ധിയും അനുബന്ധമായ ശാസ്ത്രങ്ങളും കൊണ്ട് മനുഷ്യന് കൂടുതലായി ആസ്വദിക്കാനും നേടാനും കഴിയുന്നു. മനുഷ്യാവസ്ഥയിലെ 100 ജന്മങ്ങളിൽ വച്ച് ഭൂമി നൽകുന്ന അനന്ത ആനന്ദങ്ങളെ പരിചയപ്പെടുകയും നേടുകയും അനുഭവിക്കുകയും; ഏകരൂപത്തോടെ സൃഷ്ടികൾ നക്ഷത്ര ദേവതയായി മോക്ഷം നേടുമ്പോൾ പ്രപഞ്ചത്തിൽ വച്ച് അനുഭവിച്ചു തന്നെ അറിഞ്ഞ അനന്തമായ ആനന്ദങ്ങളെ ദൈവം നൽകുന്ന മായാശക്തി കൊണ്ട് സ്വന്തം ഇഷ്ടംപോലെ സൃഷ്ടിക്കുകയും അനന്തകാലം ആസ്വദിച്ചു ജീവിക്കുകയും മാത്രമാണ് ഇണകളായിട്ട് ദൈവം സൃഷ്ടിച്ചിട്ടുള്ള എല്ലാ സൃഷ്ടികളും ചെയ്യേണ്ടത്. സൃഷ്ടിക്കുന്നത് സൃഷ്ടികളുടെ ഇഷ്ടംപോലെ ആനന്ദം നൽകാനാണെന്ന് സംഹാര പാത്രം കൂടിയായ ആകാശത്തിൽ നിരന്തരം ഉണ്ടാകുന്ന പുതു-നക്ഷത്രങ്ങൾ തെളിയിക്കുന്നുണ്ട്. ശിവയായ ഏകദൈവം, സ്വന്തം ഭാഗമായ ശിവനെയും കൂട്ടി; പ്രപഞ്ചമായ പരബ്രഹ്മവും അനന്ത ആനന്ദങ്ങളുമായി അവതരിച്ച് തുടർച്ചയായി സൃഷ്ടികളുടെ സൃഷ്ടി-സ്ഥിതികളെ ചെയ്യുന്നതും, സംഹാരമായ നക്ഷത്ര -ദേവതാലോകങ്ങളെ കൂട്ടിച്ചേർത്ത് മഹാകുടുംബമായിട്ട് സനാതനമായിരിക്കുന്നതും, ദൈവകാര്യങ്ങളും; ഈ ദിവ്യമഹാഗ്രന്ഥത്തിൽ ശാസ്ത്രപരമായി തെളിയിച്ചിരിക്കുന്നു.

സൃഷ്ടികളെ കുഞ്ഞുങ്ങളായി നിശ്ചയിക്കുകയും; അവർക്കു തന്നെ മടക്കി നൽകുന്ന 'ആനന്ദങ്ങൾക്കെല്ലാം അതീതമായ മഹാവാത്സല്ല്യത്തെ ബ്രഹ്മവും മഹാമാതാവുമായ ശിവയുടെയും, ശിവയോടുള്ള മഹാദാസ്യത്തെ മാത്രം പരമാത്മാവും മഹാപിതാവുമായ ശിവന്റെയും ആനന്ദങ്ങളായിട്ട് (ശിവ) വ്യവസ്ഥപ്പെടുത്തുകയാലും; ബ്രഹ്മവും മായയും ഏകദൈവവുമായ ശിവയെയും, ഭാഗമായ ശിവനെയും പ്രീതിപ്പെടുത്താൻ അവരുടെ സൃഷ്ടികളും കുഞ്ഞുങ്ങളുമായ ആത്മാക്കൾക്കും, ജീവികൾക്കും, സംഹാരമായ മോക്ഷം നേടിയവരും മറ്റുമായ ദേവതകൾക്കും കഴിയില്ല. വിശേഷ ബുദ്ധിയെയും അനുബന്ധമായ ശാസ്ത്രങ്ങളെയും ഉപയോഗിക്കാത്തതിനാൽ ദൈവമെന്നും മറ്റും അനേകർ തെറ്റിദ്ധരിച്ചിട്ടുള്ള ദേവതകളുടെയും നക്ഷത്രദേവതകളുടെയും സൃഷ്ടി സ്ഥിതികളെ വേറിട്ട് വിവരിച്ചിട്ടുണ്ട്. യഥോചിതം വിഷയങ്ങളെ വിശകലനം ചെയ്യാൻ മനുഷ്യരിൽ ഏറെപ്പേരും തയ്യാറാകുന്നില്ല എന്നതും, എല്ലാവർക്കും ഒരേ അളവിൽ വിശേഷ ബുദ്ധിയും, ഓർമ്മ ശക്തിയും, ശാസ്ത്രങ്ങളും ലഭിക്കുന്നില്ലെന്നതും, ലഭിച്ചുകൂടാ എന്നതും വസ്തുതയാണ്. ജന്മഗുണങ്ങളെ ഒരേ അളവിൽ ഏവർക്കും ലഭിച്ചുകൂടാ; ഉദാഹരണത്തിന്; ബുദ്ധി ശക്തി, ഓർമ്മ ശക്തി, തൊഴിൽ അഭിരുചി, വിനോദ അഭിരുചി എന്നിവ തുല്ല്യമായാൽ, ചില തൊഴിലുകൾമാത്രം ചെയ്യുന്നവരായും അനേകം തൊഴിലുകൾ ചെയ്യാത്തവരായും ജനങ്ങൾ മാറുന്നതാണ്. സമൂഹത്തിൽ എല്ലാ തൊഴിലുകളും ചെയ്യാൻ ആളില്ലാതെയും, മനുഷ്യർക്ക് സമൂഹജീവിതം സാദ്ധ്യമല്ലാതെയും വരും!

തുല്ല്യരും സൃഷ്ടികളുമായ ആത്മാക്കളെ ജന്മഗുണങ്ങളെ വ്യത്യാസപ്പെടുത്തിക്കൊണ്ട്, സൃഷ്ടികൾക്കു വേണ്ടി ദൈവം പരിപാലിച്ചു പോരുന്ന സന്തുലിതാവസ്ഥ അറിയാൻ പോലും ശ്രമിക്കാതെ വിശേഷ ബുദ്ധിയെ ദുരുപയോഗം ചെയ്യുന്ന ആത്മീയ-രാഷ്ട്രീയ-ദേശ വിവരദോഷികളോട് മഹാനീതി കൂടിയായ മഹാമാതാവ് എങ്ങനെ പെരുമാറണം - അവരവർക്ക് ഉൾപ്പെടെ അനേകർക്ക് ജന്തുശിക്ഷാ-ജന്മങ്ങൾ ആവശ്യമാകുന്നതിനെ സ്വയം വിശകലനം ചെയ്യുന്നത് നന്നായിരിക്കും. ജന്മഗുണങ്ങളെ നിശ്ചയിക്കുകയും സൃഷ്ടിക്കുകയും ചെയ്യുന്നത് മാതാപിതാക്കൾ ഉൾപ്പെടെയുള്ള ഉറ്റവരോ സ്വയമോ അല്ലെന്നതിൽ നിന്നും ആത്മാവ് ഉണ്ടെന്നും ആത്മാവും ശരീരവും ഭിന്നമാണെന്ന് വിശേഷ ബുദ്ധിയെ ലഭിച്ചിട്ടും വിശകലനം ചെയ്യാഞ്ഞതിനെയും ശിക്ഷിച്ചു തന്നെ തിരുത്തുന്നതാണോ നല്ലത് ?

ഭക്ഷണങ്ങളും മരുന്നുകളും മദ്യവും വിഷവും കണ്ണടയുമെല്ലാം ശരീരവുമായി പ്രവർത്തിച്ച് രുചി, ഗന്ധം, സൗന്ദര്യം, കാഴ്ച്ച തുടങ്ങിയ ആനന്ദങ്ങളെ മനുഷ്യരുടെ സ്വത്വങ്ങൾക്ക് ശരീരവും വസ്തുക്കളും നൽകുന്നതും വർദ്ധിപ്പിക്കുന്നതും വിശേഷബുദ്ധി ലഭിക്കുന്നതു കൊണ്ട് മനുഷ്യർക്ക് തിരിച്ചറിയാൻ കഴിയുമല്ലോ!

ദൈവവും മണ്ണുമായ ഭൂമി നൽകുന്ന ഭൗതികരൂപത്തോടെ, ഭൂമിയിൽ നിന്നും ലഭിക്കുന്ന ആനന്ദങ്ങളായ ശരീരം ഉൾപ്പെടെയുള്ള വസ്തുക്കളെ ഉപയോഗിച്ചു മാത്രം ജീവിക്കാൻ കഴിയുന്ന മനുഷ്യർ, സനാതന സത്യവും സനാതന ധർമ്മവുമായ ഭൂമിയിൽ എക്കാലവും ലയിച്ചിരിക്കുന്ന ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരം ജീവിക്കേണ്ടതിനു പകരം, അല്പായുസ്സുകളായ വിവരദോഷികൾ തട്ടിക്കൂട്ടുന്ന ഭൗതികമായ അസ്തിത്വം ഇല്ലാത്ത നിയമങ്ങളെന്ന പേരിലുള്ള കോപ്രായങ്ങളെ അനുസരിച്ചത് കടുത്ത ദൈവനിന്ദയും അപരാധങ്ങളും പാപങ്ങളും അല്ലേ ? അല്പായുസ്സുകളായ അടിമകളുടെ അടിമകളായി വിശേഷ ബുദ്ധിയും അനുബന്ധമായ ശാസ്ത്രങ്ങളും ബന്ധപ്പെട്ട ശക്തികളും സ്വാതന്ത്ര്യവും ലഭിക്കുന്ന അല്പായുസ്സുകൾ അധഃപതിച്ചപ്പോൾ ആരെയാണ് കൂടുതൽ ശിക്ഷിക്കേണ്ടത്? മനോരോഗികളെ ചികിത്സിക്കാൻ സഹായിക്കുന്നത് ധർമ്മം തന്നെ; എന്നാൽ അവരെ ശരിവെച്ചും, അകമ്പടി സേവിച്ചും കൊണ്ട്, ഊട്ടുന്ന ജനങ്ങൾക്ക് അവരുടെ സൃഷ്ടി സ്ഥിതി സംഹാര കർത്താവായ പ്രപഞ്ചം നൽകുന്ന സമ്പൂർണ്ണ സ്വാതന്ത്ര്യത്തെയും ആനന്ദങ്ങളെയും തടയുന്നതിനും അവമതിക്കുന്നതിനും കൂടുതൽ ശിക്ഷിക്കേണ്ടേ ?

രണ്ടു മഹാസത്യങ്ങളും ഏകമഹാശക്തിയുമായിട്ട് വിഭജിച്ചിട്ടുള്ള ദൈവ-ഭാഗങ്ങളിലെ ഏകമഹാശക്തിയായ ആദ്യ ഭാഗം, മഹാസത്യം മാത്രമായ രണ്ടാമത്തെ ഭാഗത്തിന്റെ അംശങ്ങളായിട്ട് നിർജ്ജീവവും തുല്ല്യവുമായ ആത്മാക്കളെ നിരന്തരം സൃഷ്ടിക്കുന്നത്, ഈ ഗ്രന്ഥത്തിൽ ശാസ്ത്രപരമായിട്ട് തെളിയിച്ചിട്ടുണ്ട്. സൃഷ്ടികളായ ആത്മാക്കൾക്ക് ജീവിക്കാൻ അത്യാവശ്യമായ കാര്യങ്ങളെ അക്കൂടെ വിവരിച്ചിട്ടുമുണ്ട്. സ്വയം ഉൾപ്പെടെ മറ്റ് ആത്മാക്കൾക്കും അവയുടെ ജീവികൾക്കും പൊതുവേ കാണാനും കേൾക്കാനും വധിക്കാനും കഴിയാത്തതായി ആത്മാക്കളെ ദൈവമായ പ്രപഞ്ചം സൃഷ്ടിക്കുകയും, ഭൂമിയുടെ സ്വത്വമായ ഓക്സിജൻ 100 മനുഷ്യജന്മങ്ങളിലായിട്ട് ജന്മഗുണങ്ങളെ വ്യത്യാസപ്പെടുത്തിക്കൊണ്ട് മഹാനീതി നടപ്പാക്കുന്നതിനെ വിശകലനം ചെയ്യണം.

പ്രത്യക്ഷമായും പരോക്ഷമായും ദൈവം നൽകുന്ന ആനന്ദങ്ങളും അവയെ നേടാനും ആസ്വദിക്കാനുമുള്ള ശക്തികളും ജ്ഞാനവും ശരണവും മഹാനീതിയുമെല്ലാം പ്രകാരം മാത്രം ജീവിക്കാൻ കഴിയുന്ന സൃഷ്ടികൾക്ക് സ്വന്തം ഇഷ്ടങ്ങൾ പോലെ ജനിക്കാനോ, മരിക്കാനോ, ഓക്സിജൻ അറിയാതെ ജീവിക്കാനോ എന്തെങ്കിലും പ്രവൃത്തികളെ ചെയ്യാനോ കഴിയില്ലല്ലോ എന്നതും വിശകലനം ചെയ്യണം. എല്ലാ സൃഷ്ടികൾക്കും സമ്പൂർണ്ണ സ്വാതന്ത്ര്യം അനുവദിച്ചു കൊണ്ട് സൃഷ്ടികളുടെ ഇഷ്ടങ്ങളിൽ ഇടപെടാൻ മഹാനീതിയും മഹാമാതാവും മഹാഭദ്രകാളിയുമായ ഓക്സിജൻ സാധാരണമായി തയ്യാറാകുന്നില്ലെങ്കിലും സമ-ആനന്ദമായ മഹാനീതിയെ നടപ്പാക്കുമല്ലോ എന്നത് വിശേഷ ബുദ്ധിയും അനുബന്ധമായ ശാസ്ത്രങ്ങളും ശക്തികളും ലഭിക്കുന്നവർ വിശകലനം ചെയ്യേണ്ടേ? ആനന്ദങ്ങൾക്കെല്ലാം അതീതമായ മഹാഭദ്രകാളിയുടെ മഹാവാത്സല്ല്യം ലഭിക്കാൻ മഹാദേവിയുടെ ഇഷ്ടവും മഹാനീതിശാസ്ത്രവുമായ ഓംകാരനീതിശാസ്ത്രം പ്രകാരം മാത്രം ജീവിക്കുകയേ വഴിയുള്ളല്ലോ...... ഭക്തികോപ്രായങ്ങൾ കൂട്ടിയാൽ അതിന് പ്രത്യേകം ശിക്ഷയുണ്ടല്ലോ ...!

ജഗദംബയെന്നു വിളിച്ചു കൊണ്ട് ദൈവവും ജഗത്തുമായ പ്രപഞ്ചം മിഥ്യയാണെന്നും നിർജ്ജീവമാണെന്നും സിദ്ധാന്തിക്കുന്ന പാപികൾക്ക് പാപം ചെയ്യാനുള്ള ശരീരത്തെ ലഭിക്കുന്നതും പ്രപഞ്ചത്തിൽ നിന്നാണ്! ആദിശങ്കരന്റെ പ്രതിമകളുടെ വലിപ്പം കൂട്ടുന്ന പാപികൾ, മായാമഹാശക്തിയായ ദൈവത്തിന്റെ അവതാരവും ദൈവം തന്നെയുമായ പ്രപഞ്ചത്തെ നിന്ദിച്ച കൊടിയ കുറ്റത്തിന് നൂറ്റാണ്ടുകളായി ശിക്ഷകളെ വാങ്ങിക്കൊണ്ട് പുനർജ്ജനിച്ചു ജീവിച്ചു പോരുന്ന ആദിശങ്കരന്റെ അവസ്ഥകളെ കുറിച്ച് എന്തറിയാം? ബ്രഹ്മം ആയ ഈശ്വരൻ എന്നെല്ലാം അർത്ഥം വരുന്ന ഒരു പേരോടെയും മഹാശക്തിയായ ദൈവത്തെക്കുറിച്ച് അടിസ്ഥാന പരമായി യാതൊന്നും അറിയാതെ, അറിയാൻ ശ്രമിക്കാതെയും മറ്റൊരു മതത്തിൽ നിന്നും ഹിന്ദുമതത്തിലേയ്ക്ക് അങ്ങോട്ടും ഇങ്ങോട്ടുമുള്ള തവള ച്ചാട്ടത്തോടെ കേരളത്തിൽ ജീവിക്കുന്നത് ആത്മീയതട്ടിപ്പുകാർക്കും, വിശേഷ ബുദ്ധിയെ ദുരുപയോഗം ചെയ്ത് പിന്തുണയ്ക്കുന്നവർക്കും പാഠമായാൽ വളരെ നല്ലത്.

മായാമഹാശക്തിയായ ഭൂമിയെയും പ്രപഞ്ചത്തെയും രക്ഷിക്കാൻ നടക്കാതെ അവരവരെ രക്ഷിക്കാൻ ശ്രമിക്കുന്നത് നന്നായിരിക്കും. ചുറ്റുമുള്ള വിവരദോഷികളെ ഭർത്സിക്കാൻ ഊർജ്ജവും സമയവും സൗകര്യങ്ങളും പാഴാക്കാതെ മണ്ണിൽ ലയിച്ചിരിക്കുന്ന ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരം മാത്രം ജീവിക്കാൻ, സ്വന്തം പകുതി പരിശ്രമിച്ചാൽ, ദൈവത്തിന്റെ പകുതി (സഹായം) ലഭിക്കുന്നതാണ്! നിങ്ങൾ ഇന്ന് അപഹസിക്കുന്നവർ ഇന്നലെകളിലെ (മുജ്ജന്മങ്ങളിൽ) ഉറ്റവരാവാം! ഏറ്റവും വെറുക്കുന്ന പഴയകാല നേതാവ്/ ആചാര്യൻ നിങ്ങളുടെ മുജ്ജന്മം ആവാം!

കൂടുതൽ വിസ്തരിക്കുന്നില്ല. മഹാനീതിശാസ്ത്രമായ ഓംകാരനീതിശാസ്ത്രം ഈ ദിവ്യ മഹാവേദഗ്രന്ഥത്തിൽ ശാസ്ത്രപരമായി വിവരിച്ചിട്ടുണ്ട്. പഠിക്കാനുള്ള സമയമായോ, സമയമുണ്ടോ, യോഗ്യതകൾ നേടിയോ എന്നൊക്കെ മഹാനീതിയായ മഹാഭദ്രകാളിക്കു മാത്രമേ അറിയൂ. പഠിക്കാനും മനസ്സിലാക്കാനും സ്വന്തം പകുതി പരിശ്രമിച്ചാൽ നല്ലത്.

ദൈവീകമായ സാമ്പത്തിക ശാസ്ത്രവും മണ്ണിലെ വസ്തുക്കളിൽ ലയിച്ചിരിക്കുന്നു. ഈ ദിവ്യമഹാഗ്രന്ഥത്തിലുള്ള ഏതാനും അദ്ധ്യായങ്ങളിൽ ലഭ്യമാണ്. ആവർത്തിക്കുന്നില്ല.

0.5, 1, 5, 10,. 20, ... 50, 100 തുടങ്ങിയ ഗുണിതങ്ങളിൽ വസ്തുക്കളുടെ വില, സേവനത്തിനുള്ള വേതനം എന്നിവയെ ക്രമീകരിക്കാൻ ജനസേവകരായ രാജാവിനും മന്ത്രിമാർക്കും കഴിയണം. ദൈവവും മണ്ണുമായ ഭൂമിയിലെ വസ്തുക്കൾക്ക് നികുതി ചുമത്താൻ അല്പായുസ്സുകൾ തയ്യാറായതും ചെയ്യുന്നതും പാപശേഖരണമാണെന്ന് മുമ്പ് വിശദീകരിച്ചതാണ്. യാതൊരു നികുതികളും പാടില്ല. പലിശ പാടില്ല.

രാജാവ്, മന്ത്രിമാർ തുടങ്ങി എല്ലാ ജനസേവകരുടെയും സേവനങ്ങൾക്കുള്ള വേതനം, തുല്ല്യമായ തൊഴിലുകളിൽ ആദ്യത്തേതായ കൃഷിക്കാരനു ലഭിക്കുന്ന വേതനത്തിൽ കൂടാൻ പാടില്ല. കൃഷിക്കാരന്റെ ദിവസ വേതനം 50, 100 എന്നിങ്ങനെ 50 രൂപയുടെ ഗുണിതങ്ങളായിട്ട് പരമാവധി 800 രൂപ വരെയും, ഓവർടൈം ജോലികൾക്ക് പരമാവധി 1600 രൂപ വരെയും ആകാം. മഹാഭദ്രകാളിയായ ഓക്സിജനിലെ പ്രോട്ടോണുകളുടെ എണ്ണം 8 ആണ്. 100×8 പരമാവധി വേതനം. ഇലക്ട്രോണുകളെ ചേർത്താൽ മാത്രം 16. ഓവർടൈം ജോലികൾക്ക് പരമാവധി 100×16=1600 രൂപ. കൃഷിക്കാരന്റെ വേതനം പരമാവധിയിൽ അധികം ആവുകയോ, രാജാവും മന്ത്രിമാരും ഉദ്യോഗസ്ഥരും ഉൾപ്പെട്ട എല്ലാ ജനസേവകരുടെയും വേതനം, കൃഷിക്കാരന്റെ വേതനത്തേക്കാൾ അധികം ആവുകയോ ചെയ്താൽ, ആനന്ദങ്ങളെയും ന്യൂനശക്തികളെയും ബന്ധിപ്പിക്കുന്ന പൈ (π = 3.1416) അളവ് തെറ്റുകയും തത്ഫലമായി സാമ്പത്തിക ശാസ്ത്രവുമായി ബന്ധപ്പെട്ട ഒരു ധാർമ്മികമായ അധഃപതനംകൂടി ഉണ്ടാവുകയും ചെയ്യും!

ഒരു ലിറ്റർ പെട്രോളിന് 10 രൂപയും, കുറഞ്ഞ ബസ് ചാർജ് 0.50 രൂപയും ആവണം. ഒരു രൂപ കൊണ്ട് 5 കിലോമീറ്റർ ദൂരം യാത്ര ചെയ്ത് മടങ്ങി വരാനാവണം. സൗജന്യമായിട്ട് ജലം നൽകണം. ഏത് ഉപയോഗത്തിനും കറന്റ്ചാർജ്ജ് തുല്ല്യമാവണം; 1kwH : 1രൂപ. ദൈവമായ ഭൂമിയുടെ അംശമായ ശരീരവും വസ്തുക്കളും ശക്തികളെ നൽകിയാൽ മാത്രമേ വാഹനം ഓടിക്കാൻ കഴിയൂ എന്നായിരിക്കെ ലൈസൻസ് കൊടുക്കാനും കൊടുക്കാതിരിക്കാനും മനുഷ്യന് അവകാശമില്ല. അദ്ധ്വാനിച്ച് വാങ്ങുന്ന വണ്ടി ഓടിക്കാം; ആരെയെങ്കിലും തട്ടുകയോ കൊല്ലുകയോ ചെയ്താൽ ബന്ധപ്പെട്ട ജനങ്ങൾക്ക്, പ്രതിയെ ധർമ്മ ശാസ്ത്രപരമായി ശിക്ഷിക്കാം! ജീവിതകാലം അടിമയാക്കുന്നതാവണം പരമാവധി ശിക്ഷ. അത്തരം ശിക്ഷാനടപടികൾ ഏറ്റെടുക്കാൻ ഇൻഷുറൻസ് ജോലിക്കാർ തയ്യാറാവില്ല; തയ്യാറാവുന്നത് ധർമ്മശാസ്ത്രവിരുദ്ധമാണ്. ഇൻഷ്വറൻസ് പ്രസ്ഥാനം ദൈവീകമല്ല! ദൈവീകമല്ലാത്തവയെ സാമൂഹിക ആവശ്യങ്ങളെന്ന കള്ളപ്പേരിൽ സമൂഹത്തിൽ അനുവദിക്കാൻ പാടില്ല. ലോട്ടറി, മരുന്നുകൾക്കല്ലാതെയുള്ള മദ്യനിർമ്മാണം+വ്യാപാരം +പാനം, മയക്കുമരുന്ന് നിർമ്മാണം+വ്യാപാരം+ഉപയോഗം ചെയ്യുന്നവരെയും; നഗ്നരായി ജീവിക്കാൻ ആഗ്രഹിക്കുന്നവരെയും വധിക്കാനോ ജയിലിൽ ഇടാനോ സൃഷ്ടികൾക്ക് അവകാശമില്ല; സമൂഹത്തിൽ ധർമ്മശാസ്ത്രപരമായി ജീവിക്കാത്തവർക്ക് ഇഷ്ടം പോലെ ജീവിക്കാൻ വനങ്ങളും, ഒറ്റപ്പെട്ട ചെറുതും വലുതുമായ ദ്വീപുകളും ഭൂമി ഒരുക്കിയിട്ടുണ്ട്. ഉടുതുണിയോടെ മാത്രം യാത്രയാക്കണം!

തോന്നും പോലെ വാഹന നിർമ്മാണം നടത്താനും, ജനങ്ങൾ അപകടത്തിൽ പെടുന്നത് വർദ്ധിക്കാനും ഇടയാകുന്നതിന് പഴയ വാഹനങ്ങളെ കണ്ടംചെയ്യണമെന്ന് ഭൗതികമായ അസ്തിത്വം ഇല്ലാത്ത നിയമം ഉണ്ടാക്കുന്ന പാപികൾ സ്വയം അദ്ധ്വാനിച്ച് ഉണ്ടാക്കിയ ധനം കൊണ്ട് പുതിയവ വാങ്ങി നൽകാനുള്ള സാമാന്യ മര്യാദ കാണിച്ചാൽ പാപം അല്പം കുറയും. ധർമ്മ ശാസ്ത്രപരമായി അദ്ധ്വാനിച്ചു നേടുന്ന ധനം കൊണ്ട് വിലയ്ക്കു വാങ്ങുന്ന വാഹനം ഉൾപ്പെടെ ഏതൊന്നും ധർമ്മശാസ്ത്രപരമായി ഉപയോഗിക്കാനും ഉപേക്ഷിക്കാനും ദൈവം സ്വാതന്ത്ര്യം നൽകുന്നുണ്ട്. ഉദാഹരണത്തിന് ഹെൽമറ്റും അതു പോലുള്ളവയും നിർബ്ബന്ധമാക്കുന്ന വിവരദോഷികൾക്ക് മരണത്തെ തടയാൻ കഴിയണം. ഭൂമിയുടെ കുഞ്ഞുങ്ങളായ ജീവികൾക്ക് ജീവിക്കാൻ ആവശ്യമായ എല്ലാ നിയമങ്ങളെയും കുഞ്ഞുങ്ങളുടെ ശരീരത്തിലും അവയവങ്ങളിലും ഭൂമി സ്ഥാപിച്ചിട്ടുണ്ട്. ശരീരത്തിലെ അവയവങ്ങളെപ്പോലെ മാത്രം എന്തെങ്കിലും സൃഷ്ടിക്കാനും കൂട്ടിച്ചേർക്കാനും കഴിയുമോ എന്ന് സ്വത്വവും ശരീരവും ഉൾപ്പെടെ യാതൊന്നും സ്വന്തമായിട്ട് ഇല്ലാത്ത നീചർക്കും വിഡ്ഢികൾക്കും മറ്റും പരിശ്രമിക്കാവുന്നതാണ്.


ജനങ്ങൾക്ക് അവരുടെ സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ഭൂമി നൽകുന്ന ധർമ്മ ശാസ്ത്രപരമായ അവകാശങ്ങളെ തട്ടിപ്പറിക്കാനും തടയാനും തയ്യാറാകുന്ന പോലീസ് സേനയും മന്ത്രിമാരും ഉൾപ്പെടെയുള്ള ഏതൊരാളെയും ജന്തുനീതി പ്രകാരം മാത്രം ശിക്ഷിക്കാൻ അവരെയും അവരുടെ കുടുംബാംഗങ്ങളെയും ഊട്ടുന്ന ജനങ്ങൾക്ക് അവകാശമുണ്ട്. ജന്തുനീതിയെ പിൻപറ്റേണ്ടത് ജന്തുക്കളാണ്. ആധുനിക കാലത്തും ജന്തുനീതിയെ ശരിവയ്ക്കുന്ന ജനസേവകരായ ഭരണാധികാരികളും, അത്തരം തരം താണ അടിമകളുടെ അടിമകളായി മാറിയിരിക്കുന്ന പോലീസ് സേനയും സൈനികരും ചില ജനങ്ങളും അതു ചെയ്യുന്നുണ്ട്. ഗാന്ധിജിയെ അയച്ചത് ജന്തുനീതി പഠിപ്പിക്കാനല്ല. ക്രൈസ്റ്റിലൂടെ അറിയിച്ച സഹന മാർഗ്ഗത്തിന്റെ ആത്മീയ-ദൈവീകമായ വൈശിഷ്ട്യം എടുത്തു കാട്ടാനും ഭൂമിയിൽ ഒരു പരിധിവരെ സാർവ്വത്രികമാക്കാനുമാണ്. ഒരുനാൾ മരിക്കുമെന്ന് ഉറപ്പുള്ളവർ മാനുഷിക തലത്തിനും മുകളിൽ ദൈവീകമായി ജീവിക്കുന്നു. ദൈവവും മണ്ണുമായ ഭൂമിയിൽ ലയിച്ചിരിക്കുന്ന ധർമ്മശാസ്ത്രം പ്രകാരം മാത്രം ജീവിക്കുന്നതു തന്നെയാണ് ദൈവീകത. തജ്ജന്മത്തിലെ ആത്മീയ-രാഷ്ട്രീയ-ദേശീയ കോപ്രായങ്ങൾപ്രകാരം ശരിയെന്നു തോന്നുന്നവ ശരിയല്ലെന്ന് മനസ്സിലാക്കാൻ വഴിയുണ്ട്. ഭൂമി നൽകുന്ന വിശേഷ ബുദ്ധിയും അനുബന്ധമായ ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങളുമാണ് പ്രപഞ്ചത്തിലെ സർവ്വവും ഭദ്രപ്പെടുത്തുന്നതെന്ന് തിരിച്ചറിയണം. അടുത്ത കാലത്ത് സംഭവിച്ചതിനെ ഉദാഹരണമാക്കാം : കൊറോണ വൈറസ് മൂലം കോവിഡ്-19 രോഗം വന്നപ്പോൾ വ്യത്യസ്തമായ എല്ലാ മത ദേവാലയങ്ങളും, രാഷ്ട്രീയ പാർട്ടി ആഫീസുകളും മറ്റും അടച്ചിട്ട് **ഭൗതികശാസ്ത്രപരമായ** ഗവേഷണങ്ങൾ നടത്തി ഭൂമിയുടെ അംശമായ വസ്തുക്കളിൽ നിന്നും മരുന്നുകൾ കണ്ടെത്താൻ പരിശ്രമിച്ചു; പല മരുന്നുകളും കണ്ടെത്തി രോഗത്തെ വളരെയധികം പരിഹരിച്ചു. എന്നിരുന്നാലും, രാഷ്ട്രീയ കോമരങ്ങളായ ഭരണാധികാരികൾക്ക് ദൈവത്തിന്റെ മഹാജ്ഞാനമാണ് ദൈവമായ ഭൂമിയിൽ ലയിച്ചിരിക്കുന്ന ശാസ്ത്രങ്ങളെന്നു തിരിച്ചറിയാനും മതങ്ങളെയും രാഷ്ട്രീയ പാർട്ടികളെയും മറ്റും ഭൗതിക-ധർമ്മ-നീതി ശാസ്ത്രപരിശോധനകൾക്കു വിധേയമാക്കാനും, ഇല്ലാതാക്കാനും തോന്നാത്തത് എന്തുകൊണ്ടാണ് ?

ഏറ്റവും കൊടിയ പാപികൾക്ക് മുജ്ജന്മ പാപങ്ങളെ കുറയ്ക്കാനും പുണ്യം നേടാനും മഹാവാത്സല്ല്യമായ ഭൂമി നൽകുന്ന അവസരങ്ങൾ പാഴാകുന്നതും നഷ്ടപ്പെടുന്നതും ദൈവീകമായ യോഗ്യതകൾ നേടാൻ കഴിയാത്തതു കൊണ്ടാണ് ! അനുബന്ധമായ മറ്റൊരു വസ്തുത കൂടി പാപികളെ തിരുത്താനുള്ള ദൈവ നടപടിയായി കുറിക്കുന്നു :

ഭൂമിയുടെ അംശമായ പ്രദേശങ്ങൾ മാത്രമായിട്ടു കറങ്ങുന്നില്ലെന്നും, ഭൂമി മൊത്തമായി കറങ്ങിയും ചുറ്റിയുമാണ് രാത്രിയും പകലും കാലവുമെല്ലാം ഒരുക്കിയിരിക്കുന്നതെന്നും, ലളിതമായി മനസ്സിലാക്കാം. ഭൂമിയുടെ ചുറ്റലും കാലവും വ്യവസ്ഥപ്പെടുത്തിയിട്ടുള്ളത് എല്ലാ ആറ്റങ്ങളിലെയും പ്രോട്ടോണുകളെ ഇലക്ട്രോണുകൾ സദാ ചുറ്റുന്നതിനോടാണ്. സത്യങ്ങളെ അറിയാൻ പോലും വിശേഷബുദ്ധിയും അനുബന്ധമായ ശാസ്ത്രങ്ങളും ഉപയോഗിക്കാത്ത അല്പായുസ്സുകൾ ഭൂമിയിലെ വിവിധ പ്രദേശങ്ങളിലായിട്ട് വ്യത്യസ്ത ജന്മഗുണങ്ങളോടെ ജീവിക്കുന്ന ഉറ്റവർ ഉൾപ്പെട്ട ദൈവത്തിന്റെ മറ്റു കുഞ്ഞുങ്ങളുടെ കൂടെ ഓരോരോ ജന്മങ്ങളിലും ഭൂമി നൽകുന്ന വ്യത്യസ്ത ജന്മഗുണങ്ങളോടെയുള്ള ശരീരങ്ങളോടെ തങ്ങൾ ജീവിക്കുന്നതിനെ വിലയിരുത്തണം. കുറ്റങ്ങളും കുറവുകളും ഇല്ലാത്ത ഓാംകാരനീതിശാസ്ത്രം പ്രകാരവും, അതിന്റെ ഭാഗമായ ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങളായ യഥാർത്ഥ വേദങ്ങളും പ്രകാരമാണ് ഭൂമിയിൽ സർവ്വം നടപ്പാവുന്നത് !

ദേശങ്ങൾ എന്നൊന്നില്ല. ഇല്ലാത്ത ദേശത്തെ സ്നേഹിക്കാനും ദ്രോഹിക്കാനും കഴിയില്ല. ഭൂമിയിലെ ഏറ്റവും നീചമായ പ്രവൃത്തി ഏതാണെന്ന് മിക്ക ജനങ്ങൾക്കും അറിയില്ല. ഭൂമി നൽകുന്ന വിശേഷ ബുദ്ധിയെ ഉപയോഗിക്കാതെ മനസ്സിലാക്കാൻ കഴിയുകയുമില്ല. സ്വന്തം ഇഷ്ടപ്രകാരം ഏതെങ്കിലും പ്രദേശത്ത് ജനിക്കാൻ കഴിയില്ലെന്നും ജനനസ്ഥലം, ജീവി വർഗ്ഗം, സ്ത്രീപുരുഷ ജാതി, നിറം, മുഖഛായ, ആയുസ്സ്, ആരോഗ്യം, വിശേഷ ബുദ്ധി, തുടങ്ങിയവ ജന്മഗുണങ്ങൾ മാത്രമാണ് എന്നും മനസ്സിലാക്കാൻ കഴിഞ്ഞാൽ ഭൂമിയുടെ കുഞ്ഞുങ്ങളായ മറ്റു പ്രദേശങ്ങളിൽ ജീവിക്കുന്ന മനുഷ്യരെ, ജനങ്ങളുടെ ചിലവിൽ കൊല്ലുകയും ദ്രോഹിക്കുകയും ചെയ്യുന്ന സൈനിക വൃത്തിയാണ് ഏറ്റവും നീചമായ പ്രവൃത്തി എന്നും അതിനു പ്രേരിപ്പിക്കുന്ന രാജാവും മന്ത്രിമാരുമാണ് ഏറ്റവും കൂടുതൽ പാപം സമ്പാദിക്കുന്നതെന്നും ലളിതമായി മനസ്സിലാക്കാൻ കഴിയുന്നതാണ്. ഗുണ്ടകളും കൊള്ളക്കാരും ഭൂമിയുടെ കുഞ്ഞുങ്ങളെ ജനങ്ങളുടെ ചിലവിൽ കൊല്ലുന്ന അവസ്ഥ വന്നാൽ അവരും സൈനികർക്ക് തുല്ല്യമാവും. സൈനിക വൃത്തി, തൊഴിൽ അല്ല; ഏറ്റവും നീചമായ പ്രവൃത്തി മാത്രമാണ്. വിശേഷ ബുദ്ധിയെ ഉപയോഗിച്ച് സത്യം മനസ്സിലാക്കാനും ജനങ്ങളെ ഒന്നിപ്പിക്കാനും രാജാവും മന്ത്രിമാരും മറ്റുമാണെന്നു തെറ്റിദ്ധരിച്ചു ജീവിക്കുന്ന ജനസേവകരായ അല്പായുസ്സുകൾക്ക് സ്വയം ബാദ്ധ്യതയുണ്ട്. പ്രപഞ്ചവും, അംശമായ ഭൂമിയും, ഭൂമിയിലെ പ്രദേശങ്ങളും, ശരീരവും, സ്വത്വം പോലും, അല്പായുസ്സുകളായിട്ടു ജീവിക്കുന്ന മനുഷ്യരുടെ സ്വന്തമല്ലെന്നും; എല്ലാ സൃഷ്ടികളും എപ്പോഴും ദൈവമായ പ്രപഞ്ചത്തിന്റെ മാത്രം സ്വന്തമാണെന്നും, സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്നത് ഏകദൈവവും പരബ്രഹ്മവുമായ പ്രപഞ്ചം മാത്രമാണെന്നും അറിയുക. ശവൻ കൂടിയായ ശിവന്റെ അംശങ്ങളായിട്ട് സൃഷ്ടികളായ ആത്മാക്കളെ സൃഷ്ടിക്കുകയാൽ സംഹാരവും ശിവനിലൂടെയാണ് ശിവ ചെയ്യുന്നത്. അവനിലൂടെ മാത്രമേ മോചനമുള്ളൂ എന്നതിൽ അവൻ ലൂടെ മാത്രമാണ്; മോചിപ്പിക്കുന്നത് മായാമഹാശക്തിയും ഏകദൈവവും ശിവയും ജഗദംബയുമായ മഹാഭദ്രകാളിയാണ് !

ദേശസ്നേഹികളായി ഭാവിക്കുന്നവർ അവരറിയാതെ ദേശദ്രോഹികളായല്ലോ എന്ന ഖേദം വേണ്ടാ. ദേശ-പ്രദേശങ്ങളും ഭൂമിയും മായാമഹാശക്തിയുമായ ദൈവത്തെ ദ്രോഹിക്കാൻ സൃഷ്ടികൾക്ക് കഴിയില്ല. അതേസമയം കാലഘട്ടത്തിനൊത്ത് വിശേഷ ബുദ്ധിയെ വികസിപ്പിക്കാൻ പരിശ്രമിക്കേണ്ടത് വ്യക്തിയുടെ ആവശ്യമാവണം. കൈവശമുള്ള സ്മാർട്ട് ഫോണിലെ ആപ്ലിക്കേഷനുകൾ അപ്ഡേറ്റ് ചെയ്യുന്നതു പോലെയാവണം. അങ്ങനെ ചെയ്യുമ്പോൾ മനസ്സിലാക്കാൻ കഴിയുന്ന ചില സത്യങ്ങൾ കുറിക്കാം:- (1). നിർജ്ജീവമായിരിക്കുന്നത് ഭൂമിയല്ല; ആത്മാവാണ്. ശവരായ ആത്മാക്കൾക്കു ശക്തിയും ശാസ്ത്രങ്ങളും അവയിലൂടെ ആനന്ദങ്ങളും നൽകുന്നത് മായാമഹാശക്തിയായ ഭൂമിയാണ്. ഭൂമിയുടെ സൂക്ഷ്മ അംശമായ ആറ്റങ്ങളിലെ പ്രോട്ടോണുകളെ ഇലക്ട്രോണുകൾ സദാ ചുറ്റുന്നതിൽ നിന്ന് ഭൂമി നിർജ്ജീവമല്ലെന്ന് തെളിയുന്നുണ്ട്. ഭൂമിയുടെ സ്വത്വവും മഹാനീതിയും മഹാഭദ്രകാളിയുമായ ഓക്സിജൻ ശരീരത്തിലൂടെ ശക്തികളെ നൽകിയില്ലെങ്കിൽ, മനുഷ്യന്റെ സ്വത്വമായ ആത്മാവ് പുറത്തായെന്നും തജ്ജന്മത്തിൽ ശവരായെന്നും അറിയണം. (2) ശവരായ ആത്മാക്കൾ, മഹാശക്തിയും സൃഷ്ടി സ്ഥിതി സംഹാര കർത്താവുമായ ഭൂമിക്കും അംശമായ പ്രദേശങ്ങൾക്കും പ്രാദേശിക-ദേശീയ ഗാനങ്ങളെ തട്ടിക്കൂട്ടണ്ട. ശവനും കൂടിയായ ശിവ-നായയുടെ അംശങ്ങൾ നായകളായി പുനർജ്ജനിച്ച് മോങ്ങിയും കുരച്ചും ജീവിക്കാൻ ഇടവരാതിരിക്കട്ടെ! ഭൂമിക്ക് ഗാനമുണ്ട്. ഭൂമിയുടെ അംശമായ എല്ലാ പ്രദേശങ്ങളും ശരീരവുമെല്ലാം ദീർഘകാലം ഓം എന്ന ഭൂമി ഗാനം കേൾപ്പിക്കുമ്പോൾ ഏതായാലും മനസ്സിലാക്കുന്നതാണ്. (3) ഭൂമിക്ക് പതാകയുമുണ്ട്. ഭൂമിയിൽ ലയിച്ചിരിക്കുന്ന പതാകയെ അറിയണമെങ്കിൽ വിശേഷ ബുദ്ധിയെ ഉപയോഗിക്കുക തന്നെ വേണം. ഭൂമിയിൽ ലയിച്ചിരിക്കുന്ന സ്ഥിതിശാസ്ത്രമായ ധർമ്മശാസ്ത്രത്തെ പ്രദേശങ്ങളിലെ ഭരണഘടനയായി സ്വീകരിക്കുമ്പോൾ മാത്രമാണ് Government of India, ... of Kerala, ... of Japan എന്നെല്ലാം പറയാനുള്ള യോഗ്യത ലഭിക്കുക. ഇതുവരെ അവയെല്ലാം Government in India,... in Kerala.. മാത്രമാണ്. Supreme എന്ന മഹാനാമം ദൈവവുമായി ബന്ധപ്പെട്ടതാണ്. ശവരായ ആത്മാക്കൾ അത്തരം പദങ്ങൾ ഉപയോഗിച്ചു കൂടാ; ചേരാത്തവ പാടില്ല എന്നേയുള്ളൂ..!



**സത്യത്തിന്റെ പ്രതീകമായി വെള്ള നിറത്തിലുള്ള പതാകയിൽ; ശബ്ദബ്രഹ്മവും മഹാസംഗീതവും മറ്റുമായ ഓം ന്റെ പ്രതീകമായ വീണയും; തുല്ല്യമായ തൊഴിലുകളിൽ ആദ്യത്തേതായ കൃഷിയുടെ പ്രാധാന്യം അറിയിക്കുന്ന നെൽക്കതിരുമാണ് പതാകയിലുള്ളത്.**

**ഭൂമിയിൽ ദൈവ വിപ്ലവത്തോടെ സത്യയുഗം ആരംഭിക്കുമ്പോൾ എല്ലാ പ്രദേശങ്ങളിലും ക്രമേണയായും വേഗത്തിലും, ധർമ്മശാസ്ത്രത്തെ ഭരണഘടന യാക്കുന്നതാണ്. ഭരണകൂടത്തിന്റെ കാര്യാലയത്തിൽ, ജനസേവകർക്ക് ദൈവീകമായ പതാക പാറിക്കാൻ ദൈവീക അനുവാദം ഉണ്ട്.**

**ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെല്ലാം പരിഹരിക്കാനായിട്ട് വേണ്ടുന്ന ധനം സ്വരൂപിക്കാൻ മണ്ണിൽ ലയിച്ചിരിക്കുന്ന സാമ്പത്തികശാസ്ത്രത്തിലെ സമ്പത്ത് - കൈമാറ്റനിരോധനം വഴി സാദ്ധ്യമാണ്. അല്പായുസ്സുകൾക്ക് കൂടെ കൊണ്ടുപോകാൻ കഴിയാത്ത സമ്പത്തുകളെ കഴിയുമെങ്കിൽ മടങ്ങി വന്ന് കൊണ്ടുപോകാം എന്നല്ലാതെ അച്ഛന്റെയും അമ്മയുടെയും സമ്പത്തിൽ, മക്കൾക്ക് അടിസ്ഥാനപരമായി അവകാശമില്ല. മാതാപിതാക്കളല്ലാ മക്കളെ സൃഷ്ടിക്കുന്നതെങ്കിലും, അവരെ ഉപകരണമാക്കി ഭൂമി ജനിപ്പിക്കുകയാൽ, മക്കൾ ഭാഗികമായി മാതാപിതാക്കൾക്കും വളർത്തുന്ന മറ്റ് ഉറ്റവർക്കും, കുട്ടികളുടെ മേലും കുട്ടികൾക്ക് സമ്പാദിക്കാൻ കഴിയുന്ന സമ്പത്തിലും അവകാശത്തെ മഹാമാതാവായ ഭൂമി നൽകുന്നുണ്ട്. മക്കൾ ജനിക്കും മുമ്പേ ജനിച്ചവരും വളർന്നവരുമായ മാതാപിതാക്കൾ, മക്കളുടെ സ്വന്തമല്ല. മാതാപിതാക്കളുടെ സമ്പത്തും അടിസ്ഥാന പരമായി അങ്ങനെ തന്നെ!**

മനുഷ്യാവസ്ഥയിൽ വച്ച് സമ്പാദിച്ച പാപങ്ങൾക്ക് ശിക്ഷയായി പട്ടികളും പൂച്ചകളുമായി സമൂഹത്തിൽ ജീവിക്കുന്നവരിലും, മനുഷ്യൻ ഒഴികെയുള്ള ഇതര ജീവികളിലും മറ്റുള്ളവരുടെ അദ്ധ്വാനം കൊണ്ട് ജീവിക്കുന്ന പെൻഷൻ ഇല്ലെന്നത് മനസ്സിലാക്കി പെൻഷൻ സമ്പ്രദായം ക്രമേണയായി എത്രയും പെട്ടെന്ന് അവസാനിപ്പിക്കണം. വ്യക്തി ഭാവിയിലേക്ക് ധനം കരുതുന്നതും കരുതാത്തതും പൊതുകാര്യത്തിൽ പെടുന്നില്ല.

കോടതികൾ, നിയമസഭകൾ തുടങ്ങിയ അനേകം കാര്യാലയങ്ങൾ ധർമ്മ ശാസ്ത്ര വിരുദ്ധമാണ്. അവരവർക്കു വേണ്ടി അവയെല്ലാം അവസാനിപ്പിച്ചു കൊള്ളണം. സൈനിക പരേഡുകൾക്കും, ക്രിക്കറ്റ് പോലെയുള്ള അധമവിനോദങ്ങൾക്കും ജനങ്ങളുടെ പണം ചെലവഴിക്കുന്ന ഭ്രാന്തൻ കോപ്രായങ്ങളെയും അവസാനിപ്പിക്കുക. പണം ചെലവഴിക്കാതെയും ഇന്നുള്ള ഭ്രാന്തൻ തെരഞ്ഞെടുപ്പുകൾ നടത്താതെ ജനസേവകരെ ലളിതമായി തെരഞ്ഞെടുക്കാൻ കഴിയുന്നതാണ്. ഈ ദിവ്യ മഹാശാസ്ത്രഗ്രന്ഥത്തിൽ ശാസ്ത്രപരമായി വിശദീകരിച്ചിട്ടുണ്ട്.

മഹാനീതിയും മഹാവാത്സല്ല്യവുമായ ദൈവം ആകാശം, ഭൂമി, സൂര്യൻ, ചന്ദ്രൻ എന്നീ അനന്തമായ ആനന്ദങ്ങളാകുന്ന പ്രപഞ്ചമായി അവതരിക്കുന്നതും; സൃഷ്ടികളെ കുഞ്ഞുങ്ങളായി മാത്രം കരുതുന്നതും വിശദീകരിച്ചിരുന്നു. മനുഷ്യർക്ക് വിശേഷ ബുദ്ധി നൽകുന്നത് അനന്തമായ ആനന്ദങ്ങളെ പരിചയിക്കാനും ആസ്വദിക്കാനും ആണെന്നും; മനുഷ്യർ അന്യോന്യം പോരടിക്കാനല്ലെന്നും തെളിയുന്നുണ്ട്. മറ്റുള്ള ജീവികളിൽ നിന്നു വ്യത്യസ്തമായി; വിശേഷബുദ്ധിയും അനുബന്ധമായ പ്രപഞ്ചത്തിന്റെ ശാസ്ത്രങ്ങളും ലഭിക്കുന്ന മനുഷ്യർക്ക് പ്രപഞ്ചത്തിൽ നിന്നും നേരിട്ട് ലഭിക്കുന്നതായ ആനന്ദങ്ങളെല്ലാം കൂടാതെ, പ്രപഞ്ചത്തിന്റെ അംശമായ വസ്തുക്കളിലും ജീവികളുടെ ശരീരങ്ങളിലും; ലയിച്ചിട്ടുള്ള ശാസ്ത്രങ്ങളും ശക്തികളുമെല്ലാം ദൈവമായ ഭൂമി വെളിപ്പെടുത്തുന്നതും മനുഷ്യർക്ക് വെളിപ്പെട്ടു കിട്ടുന്നതുമായ മുറയ്ക്ക് മനുഷ്യർക്ക് ക്രമേണ നിർമ്മിക്കാനും ആസ്വദിക്കാനും നേടാനും കഴിയുന്ന അനന്തമായ പുതിയ പുതിയ ആനന്ദങ്ങളാണ്.

മുമ്പ് വിശദീകരിച്ചതു പോലെ, മനുഷ്യന് വിശേഷ ബുദ്ധി നൽകിയിട്ടുള്ളത് അനന്തമായ പുതിയ ആനന്ദങ്ങളെ കണ്ടെത്താനായിട്ട് നിരന്തരം പ്രയത്നിക്കാനും, നിർമ്മിക്കാനും, നേടാനും, പരിചയിക്കാനും, കൂടുതൽ കൂടുതൽ ആനന്ദിച്ചു ജീവിക്കാനുമാണ്. പ്രപഞ്ചത്തിലെ വസ്തുക്കളെയും അവയിലെ ശാസ്ത്രങ്ങളെയും ശക്തികളെയും ഉപയോഗപ്പെടുത്തി മനുഷ്യർ നിർമ്മിക്കുന്നവയും പ്രവർത്തിക്കുന്നവയുമായ പാചകം ചെയ്ത ഭക്ഷണങ്ങൾ, വസ്ത്രങ്ങൾ, പാർപ്പിടങ്ങൾ, ആഭരണങ്ങൾ, കര-ജല-ആകാശ ഗതാഗത വാഹനങ്ങൾ, ഉപകരണങ്ങൾ, യന്ത്രങ്ങൾ, മരുന്നുകൾ, കളിപ്പാട്ടം, റേഡിയോ, ടെലിവിഷൻ, കമ്പ്യൂട്ടർ, ടെലിഫോൺ, മൊബൈൽ ഫോൺ, ഇന്റർനെറ്റ്, ഉപഗ്രഹങ്ങൾ തുടങ്ങിയ അനന്തമായ ആനന്ദങ്ങളെ നേടാനും പരിചയിക്കാനും ഭൂമിയിലെങ്ങുമുള്ള മനുഷ്യർക്ക് സമാനമായി കഴിയുന്നത് ഉദാഹരണങ്ങളാണ്. പ്രപഞ്ചത്തിന്റെ അംശമായ വസ്തുക്കളും, അവയെ കൊണ്ട് ഭൂമി സൃഷ്ടിച്ചിട്ടുള്ളതായ ജീവികളുടെ ശരീരങ്ങളും, പ്രദേശങ്ങളും പ്രകൃതിയും മനുഷ്യർക്ക് വിശേഷബുദ്ധിയും പ്രപഞ്ചശാസ്ത്രങ്ങളും ശക്തികളും സ്വാതന്ത്ര്യവും കാലവും ശരണവും മഹാനീതിയും ഉൾപ്പെടെ എന്തും പ്രത്യക്ഷമെന്നോണം ക്രമേണയായി ഏറ്റക്കുറച്ചിലുകളോടെ വെളിപ്പെടുത്തുന്നതും കണ്ടും കേട്ടും അനുഭവിച്ചും അറിയുന്നതായ വസ്തുതകളാണ്.

മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ എന്നീ **5** വിഭാഗം ജീവികളായും, സ്ത്രീപുരുഷ ജാതികളായും സൃഷ്ടികളായ എല്ലാ ആത്മാക്കൾക്കും ജീവിക്കാൻ കഴിയുന്നതും; എല്ലാ സൃഷ്ടികൾക്കും മനുഷ്യാവസ്ഥയിൽ വിശേഷ ബുദ്ധിയും ശാസ്ത്രങ്ങളും ലഭിക്കുന്നതും; മത്സ്യം, സസ്യം എന്നീ അവസ്ഥകളിൽ അവയ്ക്ക് വേദനകൾ ഇല്ലാത്തതും; പക്ഷി, മൃഗം എന്നിവയിൽ മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രം പ്രകാരം മഹാപദ്ധതി ആവിഷ്ക്കരിച്ചു കൊണ്ട് സമ-ആനന്ദങ്ങളെ നൽകുന്നതും ചുവടെ ശാസ്ത്രപരമായി തെളിയിച്ചിട്ടുണ്ട്. ശാസ്ത്രപ്രകാരം മാത്രമാണ് പ്രപഞ്ചത്തിലെ വസ്തുക്കളും അവയിൽ നിന്ന് മനുഷ്യർ നിർമ്മിക്കുന്ന ഉല്പന്നങ്ങളും; കൂടാതെ രോഗങ്ങളും മരുന്നുകളും ദൈവത്തിന്റെ അവതാരങ്ങളായ കാറ്റും വെളിച്ചവും വായുവും അഗ്നിയും ജലവും ഉൾപ്പെടെയുള്ള പ്രപഞ്ചത്തിലെ സർവ്വതും അടിസ്ഥാന പരമായി പ്രവർത്തിക്കുന്നത്. ദൈവത്തിന്റെ ആദിയും അന്തവും ഇല്ലാത്ത മഹാജ്ഞാനമാണ് പ്രപഞ്ചശാസ്ത്രം ഈ ദിവ്യമഹാവേദഗ്രന്ഥത്തിൽ ശാസ്ത്രപരമായി തെളിയിച്ചിട്ടുണ്ട്. പ്രപഞ്ചത്തിലെ എന്തും ഉപയോഗിക്കാനും ആസ്വദിക്കാനുമുള്ള ധാർമ്മിക യോഗ്യതകൾ ലഭിക്കണമെങ്കിൽ എല്ലാ കാര്യങ്ങളിലും മനുഷ്യർ പുലർത്തുന്നതായ വിശ്വാസങ്ങളും പ്രവൃത്തികളും ശാസ്ത്രപരമായിരിക്കണം എന്ന ജാഗ്രതാ സന്ദേശം അതിലുണ്ട്. മറിച്ചായാൽ, എല്ലാ മനുഷ്യർക്കും ലഭിക്കുന്ന വിശേഷ ബുദ്ധിയെയും ശാസ്ത്രങ്ങളെയും, ആനന്ദങ്ങളെയും; ഉപാധികളായ ശക്തികളെയും സൃഷ്ടി സ്ഥിതി സംഹാര കർത്താവും മഹാനീതിയും മഹാവാത്സല്ല്യവുമായ ദൈവത്തെയും നിന്ദിക്കുകയാവും ചെയ്യുന്നത് ! കുഞ്ഞുങ്ങളുടെ തെറ്റുകളെയും അപരാധങ്ങളെയും മഹാവാത്സല്ല്യത്തോടെ ശിക്ഷിച്ചു തിരുത്താനും സമ-ആനന്ദങ്ങളെ നൽകാനുംകൂടി ഓംകാര നീതിശാസ്ത്രം വ്യവസ്ഥചെയ്യുന്നുണ്ട്. ആനന്ദങ്ങളും ആനന്ദങ്ങളെ നേടാനുള്ള ഉപാധികളുമാണ് സമ്പത്തെന്നും മനുഷ്യർക്ക് തിരിച്ചറിയാൻ കഴിയുമ്പോൾ, സമ്പത്തുകളെ നേടാനായിട്ട് ധർമ്മശാസ്ത്രപരമായിട്ട് പ്രയത്നിക്കേണ്ടതുണ്ട്. വളർത്തു മൃഗങ്ങൾ ഉൾപ്പെടെയുള്ള ജീവികൾ, മനുഷ്യരുടെ സ്വത്തല്ലെന്നും സ്വന്തമല്ലെന്നും മനസ്സിലാക്കണം.

പശു, കാള, എരുമ, നായ്, ചെന്നായ, ആന, കുതിര, കഴുത, പുലി, കടുവ, സിംഹം, തുടങ്ങിയ എല്ലാ സൃഷ്ടികൾക്കും വിശേഷബുദ്ധിയും അനുബന്ധമായ ശാസ്ത്രങ്ങളും ശക്തികളും സ്വാതന്ത്ര്യവും ലഭിക്കുകയും ശാസ്ത്ര സാങ്കേതിക സൗകര്യങ്ങളാകുന്ന അനന്തമായ ആനന്ദങ്ങളെ നേടാനും ആസ്വദിക്കാനും അവയും ഉത്സാഹിക്കുന്നതായിട്ട് സങ്കല്പിച്ചാൽ മനുഷ്യർക്ക് ലഭിച്ച അധിക ആനന്ദങ്ങൾ നഷ്ടപ്പെടുമെന്ന് മനസ്സിലാക്കാം.

മണ്ണിൽ ലയിച്ചിരിക്കുന്ന ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങളിൽ നിന്ന് എന്തെല്ലാം കാര്യങ്ങളെ ചെയ്യാനും സ്വന്തമാക്കാനും ഭൂമിയായ ദൈവം അനുവദിക്കുന്നുണ്ടെന്ന് മനസ്സിലാക്കാൻ സാധിക്കും. ദൈവം @ ശാസ്ത്രങ്ങൾ അനുവദിച്ചാൽ മാത്രമേ മറ്റുള്ള ജീവികളെ ഉപയോഗിക്കാനും എന്തിനും മനുഷ്യർക്ക് അവകാശവും അധികാരവുമുള്ളൂ. ഏതൊരു ജീവികളെയും കെട്ടിയിട്ടും കൂട്ടിലിട്ടും വളർത്തുന്നവർക്ക് അതേ ജീവി വർഗ്ഗത്തിൽ ജനിക്കേണ്ടി വരുന്നതാണ്. കൂട്ടിലടയ്ക്കപ്പെട്ട് ജീവിയുടെ സ്വാതന്ത്ര്യവും കവർന്നേക്കാം. ഭൂമിയുടെ തന്നെ സൃഷ്ടിയായ മറ്റുള്ള ജീവികൾക്കും സമ-ആനന്ദമായ മഹാനീതിയെ അനുഗ്രഹിച്ചു നൽകുമ്പോൾ മാത്രമാണ് ദൈവം മഹാനീതിയാവുക. സർവ്വവും മണ്ണിൽ ലയിപ്പിച്ചിട്ടുണ്ടാവും എന്നു ചിന്തിക്കുവാൻ കഴിയുന്ന ബുദ്ധിശക്തി നൽകിയിട്ടുണ്ട്. മണ്ണിന്റെ നിയമങ്ങളെ കണ്ടെത്താനും മനസ്സിലാക്കാനും ഉൾക്കൊണ്ടു പ്രവർത്തിക്കാനും തയ്യാറായാൽ, അവകാശങ്ങളും അധികാരങ്ങളും വെളിപ്പെടും !

**ഭൂമിയിലെ എല്ലാ പ്രദേശങ്ങളിലെയും മനുഷ്യരുടെ ഇടയിലുള്ള അസമത്വങ്ങളും, ശണ്ഠകളും, യുദ്ധങ്ങളും, മറ്റ് ധാർമ്മികവും ആത്മീയവുമായ അധഃപതനങ്ങളും എക്കാലവും സംഭവിച്ചു പോരുന്നത് പ്രധാനമായും ഒരൊറ്റ കാരണം കൊണ്ടാണ് : പ്രപഞ്ചമാകുന്ന അനന്തമായ ആനന്ദങ്ങളെ അറിഞ്ഞും അനുഭവിച്ചും ആസ്വദിച്ചും ധർമ്മശാസ്ത്രപരമായി ജീവിക്കുകയാണു വേണ്ടത്. ആനന്ദങ്ങളെ നേടാനും ആസ്വദിക്കാനുമെല്ലാം മഹാവാത്സല്ല്യമായ ദൈവം നൽകുന്ന വിശേഷ ബുദ്ധിയും അനുബന്ധമായ ശാസ്ത്രങ്ങളും ശക്തികളും സ്വാതന്ത്ര്യവും ദുരുപയോഗിക്കരുത്.**

സൃഷ്ടികൾക്ക് ശാസ്ത്ര സാങ്കേതിക സൗകര്യങ്ങളാകുന്ന അനന്തമായ ആനന്ദങ്ങളെ ആസ്വദിക്കാനും, സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തോടെ ജീവിക്കാനും കഴിയുന്നതിനൊപ്പം; അനന്തമായ ആനന്ദങ്ങളെ ആസ്വദിച്ച് അനന്തകാലം കഴിയുന്ന സ്വന്തം ജീവിതത്തിന്റെ പരമമായ ഉദ്ദേശത്തെ അറിയാൻ കഴിയണമെങ്കിൽ; ശക്തികളും വിശേഷ ബുദ്ധിയും അനുബന്ധമായ ശാസ്ത്രങ്ങളും, കാലമാറ്റങ്ങളും, ശരണവും, മഹാനീതിയും, ശാസ്ത്ര സാങ്കേതിക സൗകര്യങ്ങളുമെല്ലാം ഓരോരോ സൃഷ്ടിക്കും ലഭിക്കണം. അനന്തമായ ആനന്ദങ്ങളെ ഒരേസമയവും ഒരേ കാലഘട്ടത്തിലും, മനുഷ്യൻ എന്ന ഒരു വർഗ്ഗത്തിൽ പെട്ട സൃഷ്ടികൾക്കു പോലും നടപ്പാക്കാൻ കഴിയില്ലെന്ന് ചെറിയ ഒരു വിശകലനം കൊണ്ട് മനസ്സിലാക്കാൻ കഴിയും. അങ്ങനെയിരിക്കെ, എല്ലാ സൃഷ്ടികൾക്കും വിശേഷ ബുദ്ധിയും അനുബന്ധമായ ശാസ്ത്രങ്ങളും നൽകാൻ കഴിയുന്നതല്ല.

എല്ലാ കാര്യങ്ങളെയും യാതൊരു കുറ്റങ്ങളും കുറവുകളും ഇല്ലാതെ പരിഹരിക്കാൻ ദൈവത്തിന്റെ മഹാനീതിശാസ്ത്രമായ ഓംകാര നീതി ശാസ്ത്രത്തിനു കഴിയുമെന്ന് ഈ ദിവ്യ മഹാശാസ്ത്രഗ്രന്ഥത്തിലെ പ്രസ്തുത അദ്ധ്യായത്തിൽ ശാസ്ത്രപരമായി തെളിയിച്ചിട്ടുണ്ട്.

## അദ്ധ്യായം 2.1

# ജീവി

ജീവൻ ഉള്ളവയും, ജീവിക്കുന്നവയുമാണ് ജീവികൾ. എല്ലാ ജീവികളുടെയും ജീവനായിരിക്കുന്നത് ഓക്സിജൻ ആണ്. ഓക്സിജൻ ജീവികളുടെ ശരീരത്തിൽ പ്രവർത്തിക്കുമ്പോൾ മനുഷ്യൻ ഉൾപ്പെടെയുള്ള എല്ലാ ജീവികൾക്കും ജീവനുണ്ട്. ഓക്സിജൻ ജീവിയുടെ ശരീരത്തിൽ പ്രവർത്തിക്കുന്നില്ലെങ്കിൽ ശവമായി.

മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ എന്നിങ്ങനെ ജീവികളെ പ്രധാനമായും 5 വിഭാഗങ്ങളായി തിരിക്കാം. മനുഷ്യൻ ഉൾപ്പെടെയുള്ള എല്ലാ ജീവികളുടെയും ജീവിതം പരിശോധിച്ചാൽ, അവയെല്ലാം ആനന്ദങ്ങളെ നേടാനും ആസ്വദിക്കാനുമായിട്ട് നിരന്തരം പ്രയത്നിക്കുന്നതായി കാണാം. വിശകലനം ചെയ്താൽ, ജനി(പ്പി)ക്കുന്നത് ജീവിക്കാൻ ആണെന്നും; ജീവിക്കുന്നത് ആനന്ദിക്കാനാണെന്നും മനസ്സിലാക്കാൻ കഴിയുന്നതാണ്.

മനുഷ്യർക്ക് വിശേഷ ബുദ്ധിയെ ലഭിക്കുന്നത് അവരുടെ നേട്ടം കൊണ്ടോ, മറ്റുള്ള ജീവികൾക്ക് ലഭിക്കാത്തത് അവയുടെ കോട്ടം കൊണ്ടോ അല്ല. മാത്രമല്ല, എല്ലാ ജീവികൾക്കും വിശേഷ ബുദ്ധിയെ ലഭിച്ചാൽ മനുഷ്യൻ ഉൾപ്പെടെയുള്ള എല്ലാ ജീവികളുടെയും ജീവിതം അടിപിടികളും യുദ്ധങ്ങളുമായിട്ട് അസാദ്ധ്യമായി തീരുന്നതും ഉടൻ അവസാനിക്കുന്നതുമാണ്.

ജീവികളുടെ സ്ത്രീപുരുഷ ജാതികളിലെ ഇണചേരലും ബീജങ്ങളും കാരണമാക്കി ജനിപ്പിക്കുന്ന കുഞ്ഞുങ്ങളുടെ ജീവി-വർഗ്ഗം, ശരീരത്തിലെ അവയവങ്ങൾ, സ്ത്രീ-പുരുഷ ജാതി, നിറം, സൗന്ദര്യം, ഉയരം, രോമങ്ങൾ, ആയുസ്സ്, ആരോഗ്യം, ബുദ്ധി ശക്തി, ഓർമ്മ ശക്തി, തുടങ്ങിയ ജന്മഗുണങ്ങളെ നിശ്ചയിക്കുന്നത് ജീവികൾ സ്വയമോ, മാതാപിതാക്കൾ ഉൾപ്പെടെ ഉറ്റവരോ അല്ലെന്നത് ഗൗരവമാണ്.

ജീവികളിലെ സ്ത്രീപുരുഷ ബീജങ്ങളെ സൃഷ്ടിക്കുന്നത് ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾ അല്ലെന്നതും; പുരുഷന് കാമം ഉണ്ടാവാതെ എല്ലില്ലാത്ത പുരുഷലിംഗം നിവരില്ലാ എന്നതും ജീവികളിലെ പ്രത്യുല്പാദനത്തിനു വേണ്ടി പ്രവർത്തിച്ചെന്നു വാദിക്കാൻ ജീവികളെ അപ്രാപ്തമാക്കുന്നുണ്ട്. ഏറെക്കുറെ എല്ലാ ജീവികളും ജനിക്കുന്നത് സ്ത്രീ പുരുഷ കാമ സംയോഗത്തെ തുടർന്ന് സ്ത്രീയിലൂടെയാണ്. മനുഷ്യാവസ്ഥയിലെ കുഞ്ഞിന്റെ ജനനത്തിന് കാരണമായി കാമലൈംഗിക ബന്ധത്തിൽ ഏർപ്പെട്ട സ്ത്രീ പുരുഷന്മാരെ മാതാപിതാക്കൾ എന്നു വിളിക്കുന്നു.

എല്ലാ ജീവികൾക്കും ജനനമരണങ്ങൾ ഉണ്ട്.

ഇവിടെ വിസ്തരിക്കുന്നില്ല. മറ്റ് അദ്ധ്യായങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്.

## അദ്ധ്യായം 2.2 സൃഷ്ടിയായ ആത്മാവ്

സൃഷ്ടിച്ചാൽ മാത്രം സത്യമാകുന്നവയും; മഹാശക്തിയും ദൈവവുമായ പ്രപഞ്ചം സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്നവയുമാണ് സൃഷ്ടികളായ ആത്മാക്കൾ.

ഭൂമിയിലെ മനുഷ്യൻ ഉൾപ്പെട്ട ജീവികളുടെ സ്വത്വം കൂടിയാണ് സൃഷ്ടിയായ ആത്മാവ്. മായയും, ആദിയും അന്തവും ഇല്ലാത്ത മഹാസത്യവും മഹാശക്തിയുമായ ഏകദൈവം; വിഭജിച്ച് 2 മഹാസത്യങ്ങളും ഏകമഹാശക്തിയുമായ 2 ദൈവഭാഗങ്ങളായി മാറുന്നു. ഏകമഹാശക്തിയായ ദൈവഭാഗം, സ്വന്തം ഇഷ്ടമായ ഓംകാര നീതിശാസ്ത്രം പ്രകാരം ഏകദാസനും ഇണയായ ഭർത്താവും പരമാത്മാവുമായ രണ്ടാമത്തെ ദൈവഭാഗത്തിന് ബാധകമാക്കിയിട്ടുള്ള നിർജ്ജീവ ഗുണങ്ങളുള്ള അംശമാക്കിയും; തുല്ല്യ അസ്തിത്വവും, സൂക്ഷ്മ രൂപവും, ശരണവും, അനന്തകാല ആയുസ്സും നൽകിക്കൊണ്ട് സൃഷ്ടികളായ ആത്മാക്കളെ സൃഷ്ടിക്കുന്നു. ആത്മാക്കൾക്ക് സ്വയമോ, അന്യോന്യമോ, അവയ്ക്കു ലഭിക്കുന്ന മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ തുടങ്ങിയ ജീവി-വർഗ്ഗങ്ങൾക്കോ, ആത്മാക്കളെ നശിപ്പിക്കാൻ കഴിയരുത്. അതിനും, ആത്മാക്കൾക്ക് ജീവികളായിട്ട് ആനന്ദിച്ചു ജീവിക്കാനുമായിട്ട്; എല്ലാ ആത്മാക്കളും സംഹാരം എന്ന മോക്ഷവും, തുടർന്ന് ദൈവത്തിൽ നിന്ന് മായാശക്തികളും നേടുന്നതുവരെ, ആത്മാക്കളുടെ അസ്തിത്വത്തെ ദൈവം അതിസൂക്ഷ്മമാക്കി സംരക്ഷിക്കുകയും ചെയ്യുന്നു.

സൃഷ്ടികളായ ആത്മാക്കൾക്ക് അനന്തകാല ആയുസ്സു നൽകുകയാൽ, സൃഷ്ടിച്ചു കഴിഞ്ഞാൽ അവയും സനാതനമായി മാറുന്നു. എല്ലാ ആത്മാക്കൾക്കും അവരുടെ ജീവിതം അവസാനിപ്പിച്ചു കൊണ്ട് ഇല്ലാതാവാനുള്ള സ്വാതന്ത്ര്യത്തെ നൽകേണ്ടത് പെരുമാറ്റ മര്യാദകളുടെ ഭാഗമാണ്. ജ്ഞാനവും ശക്തികളും സ്വന്തമായിട്ടില്ലാത്ത ആത്മാക്കളുടെ 'ജീവിത ഉദ്ദേശം' എന്തെല്ലാം ആവണമെന്നു നിശ്ചയിക്കുന്നത് സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ദൈവഭാഗമാണ്. ആത്മാക്കളുടെയെല്ലാം ഇഷ്ടം പോലെ അനന്തകാലം ജീവിക്കാനും, അസാധാരണമായിട്ട് ഇല്ലാതാകാൻ ആഗ്രഹിച്ചാൽ അതും സാധിച്ചു കൊടുക്കണം. തുല്ല്യമായ അസ്തിത്വവും, സൂക്ഷ്മ രൂപവും, നിർജ്ജീവ നിർഗ്ഗുണങ്ങളും, ശരണവും, അന്തമില്ലാത്ത ആയുസ്സും നൽകി സൃഷ്ടിക്കുന്ന ആത്മാക്കൾക്ക് പിന്നീട് നൽകുന്ന ഗുണങ്ങളായ ശക്തികളെ ദൈവം പിൻവലിക്കുമ്പോൾ തന്നെ അവ ഇല്ലാതാകും; നിർജ്ജീവവും സനാതനവുമായ ആത്മാവിന് പുതിയ ജീവിയായി ജീവിതം ആരംഭിക്കാനുമാവും !

ആയിരം കോടി വർഷങ്ങൾ നീണ്ടുനിന്ന ആദ്യത്തെ മഹാകാലചക്രത്തിൽ അസ്തിത്വം ഇല്ലാതാകാൻ ആഗ്രഹിച്ചതും, ദൈവം പിൻവലിച്ചതും; മനുഷ്യാവസ്ഥയിൽ നിന്നും ഒരു ദേവതയാക്കി ഉയർത്തിയ ഒരൊറ്റ ആത്മാവിനെ മാത്രമാണ്. പിന്നീട് വിവരിക്കുന്നുണ്ട്. അനന്തമായ ആനന്ദങ്ങളും പരബ്രഹ്മവുമായ 'പ്രപഞ്ചം' ആത്മാക്കളെയും ആനന്ദങ്ങളാക്കിക്കൊണ്ട് അവയ്ക്ക് നക്ഷത്രദേവതയായ മോക്ഷത്തിൽവച്ച് നൽകുന്ന മായാശക്തി കൊണ്ട് അനന്തകാലം അനന്തമായ ആനന്ദങ്ങളെ ആസ്വദിച്ചു ജീവിക്കാമെന്നതിനാൽ ആത്മാക്കൾ പ്രപഞ്ച ജീവിതം ഉപേക്ഷിക്കാനും ഇല്ലാതാവാനും ആഗ്രഹിക്കുന്നില്ലാ എന്നതാണ് വാസ്തവം.

മഹാസത്യം മാത്രവും മഹാശക്തി അല്ലാത്തതുമായ രണ്ടാമത്തെ ദൈവഭാഗത്തിന്റെ അംശമായിട്ടും നിർജ്ജീവമായ ഗുണങ്ങളോടെയും, എക്കാലത്തെയും സൃഷ്ടികളെ ആത്മാവ് എന്ന പൊതുനാമത്തോടെ മഹാശക്തിയായ ആദ്യത്തെ ദൈവഭാഗമാണ് സൃഷ്ടിക്കുന്നത്. സൃഷ്ടി സ്ഥിതി സംഹാര പാത്രമായ ആകാശത്തിലെ സൃഷ്ടിപാത്രം മാത്രമായ സൂര്യനിൽവച്ചാണ് ആത്മാക്കളെ തുല്ല്യരായും ഇണകളായിട്ടും സൃഷ്ടിക്കുന്നത്. ഏകദൈവം മഹാമാതാവും മഹാപിതാവുമായിട്ട് രണ്ടായി വിഭജിച്ചു നിന്നാണ് ദൈവഭാഗങ്ങളുടെ മഹാദാസ്യമാകുന്ന മഹാപ്രണയത്തിലൂടെ ആത്മാക്കളെ സൃഷ്ടിക്കുന്നത്. "സനാതന ധർമ്മ സംഗ്രഹം" എന്ന അദ്ധ്യായത്തിൽ വിവരിച്ചിരുന്നു.

മഹാശക്തിയായ 'സൃഷ്ടി സ്ഥിതി സംഹാര കർത്താവ്'; മഹാനീതിയും മഹാമാതാവും കൂടി ആവണമെങ്കിൽ, എല്ലാ സൃഷ്ടികൾക്കും നൽകുന്ന അസ്തിത്വവും രൂപങ്ങളും ഭാവങ്ങളും ഗുണങ്ങളും ആനന്ദങ്ങളും, ആനന്ദങ്ങളെ നേടാനും ആസ്വദിക്കാനും കഴിയുന്ന ശക്തികളും ജ്ഞാനവും സ്വാതന്ത്ര്യവും സൗന്ദര്യവും കാലവും ശരണവും മഹാനീതിയുമെല്ലാം തുല്ല്യമായിരിക്കണം. അവയെല്ലാം സൃഷ്ടികളായ എല്ലാ ആത്മാക്കൾക്കും തുല്ല്യമായി നൽകുന്നുണ്ട്. അസ്തിത്വവും, സ്വാതന്ത്ര്യവും സൂര്യനിൽവച്ചും ബാക്കിയെല്ലാം സ്ഥിതി പാത്രമായ ഭൂമിയിൽ വെച്ചുമാണ്.

സ്ഥിതി ചെയ്യാനുള്ള ഇടവും, അസ്തിത്വവും, ജീവിക്കാൻ ആവശ്യമായ ആനന്ദങ്ങളും, ആനന്ദങ്ങളെ അറിയാനും പരിചയിക്കാനും ആസ്വദിക്കാനും നേടാനുമെല്ലാം കഴിയുന്ന ശക്തികളും, ജ്ഞാനവും, സ്വാതന്ത്ര്യവും, ശരണവും, മഹാനീതിയുമെല്ലാം കൊടുത്ത് ഇല്ലാത്തവയെ സത്യമാക്കുന്ന പ്രവൃത്തിയെ 'സൃഷ്ടിക്കുക' എന്നും; സൃഷ്ടിക്കപ്പെടുന്ന എന്തിനെയും 'സൃഷ്ടി' എന്നും; സൃഷ്ടിക്കുകയും സംരക്ഷിക്കുകയും മറ്റും ചെയ്യുന്ന 'മായ'യെ 'സൃഷ്ടി സ്ഥിതി സംഹാര കർത്താവ്', ദൈവം, മഹാശക്തി, മഹാഭദ്രകാളി, ശിവ, മഹാമാതാവ്, ജഗദംബ, ബ്രഹ്മം, പരബ്രഹ്മം, പ്രപഞ്ചം, എന്നുമെല്ലാം പറയുന്നു.

മനുഷ്യരും, അവരുടെ പരിണാമം മാത്രമായ ദേവതകളും, ഒഴികെയുള്ള ജീവികൾ തിന്നും കുടിച്ചും രമിച്ചുമെല്ലാം ആനന്ദിച്ചു ജീവിക്കുകയാണ് എന്നല്ലാതെ ദൈവമോ, പ്രപഞ്ചമോ, സ്വയം ഉൾപ്പെട്ട സൃഷ്ടികളോ എന്താണെന്ന ചിന്തകൾപോലും സാധാരണ നിലയിൽ അവയ്ക്ക് ദൈവം നൽകുന്നില്ല. അതിനാലാണ് അവയ്ക്കും, വിശേഷബുദ്ധി ലഭിക്കുന്ന മനുഷ്യർക്കും, ആനന്ദിച്ചു ജീവിക്കാൻ കഴിയുന്നത്.

ആദിയും അന്തവും ഇല്ലാത്ത മഹാസത്യവും മായാമഹാശക്തിയുമായ ദൈവത്തിന്റെ അംശങ്ങളും, അതേ ഗുണങ്ങളുള്ള മഹാശക്തികൾ തന്നെ ആവുമെന്നതിനാൽ, ദൈവത്തിന്റെ അംശങ്ങൾ സൃഷ്ടികളാവുകയില്ല; അപ്രകാരം മഹാശക്തികളെ അനന്തമായി സൃഷ്ടിക്കുന്നത് കോമാളിത്തരവുമാകും.

ഇവിടെ വിസ്തരിക്കുന്നില്ല. മറ്റ് അദ്ധ്യായങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്.

## അദ്ധ്യായം 3

## 1000 കോടി വർഷങ്ങൾ നീണ്ടുനിന്ന ആദ്യത്തെ മഹാകാലചക്രത്തിൽ ശിവയും ഗോമാതാവും കൂടിയായ ഏകദൈവം, ഭാഗവും ശിവനുമായ പശുപതിയിലൂടെ (കാള) നിയമിച്ചവരും, ശിവന്റെ അംശങ്ങളുമായ ദേവതകളുടെ സൃഷ്ടി സ്ഥിതികളെ വിശദീകരിക്കുന്നു.

ആയിരം കോടി വർഷങ്ങളുള്ള മഹാകാലചക്രവു, മനുഷ്യാവസ്ഥയിൽ പതിനായിരം വർഷം ഉള്ളതായ സൃഷ്ടിചക്രങ്ങളുമായിട്ട് കാലഘട്ടങ്ങളെ ചുരുക്കി പറയാനാവും. എല്ലാ സൃഷ്ടിചക്രങ്ങളിലും, ദൈവം പ്രത്യക്ഷമല്ലാത്തതും മനുഷ്യരൂപം കൂടി സ്വീകരിച്ച് പ്രത്യക്ഷവുമാകുന്ന രണ്ടു പകുതികളുമാണുള്ളത്.

ആദ്യത്തെ മഹാകാല ചക്രത്തിലെ എല്ലാ സൃഷ്ടിചക്രങ്ങളുടെയും രണ്ടാമത്തെ പകുതിയിൽ ഓം മുഴങ്ങുന്ന ദൈവവിപ്ലവത്തോടെ സത്യയുഗം ആരംഭിക്കുമ്പോൾ ദൈവമായ ശിവ ആവിഷ്ക്കരിച്ച ശാസ്ത്രങ്ങൾ പ്രകാരം ശിവയും ഭാഗമായ ശിവനും പ്രത്യക്ഷപ്പെടേണ്ടിയിരുന്നു. 1000 കോടി വർഷങ്ങളുള്ള ആദ്യത്തെ മഹാകാല ചക്രത്തിൽ ദിവ്യമായ സ്ത്രീ-പുരുഷ മനുഷ്യ രൂപങ്ങൾ സ്വീകരിക്കണ്ടെന്ന് മഹാഭദ്രകാളിയായ ശിവ തീരുമാനിച്ചു. കാരണം കുറിക്കുന്നു :-

മഹാനീതിശാസ്ത്രമായ ഓംകാരനീതിശാസ്ത്രത്തെയും ദൈവഭാഗങ്ങളെയും സൃഷ്ടികൾ ഭയക്കാതിരിക്കാനും; മായയും മഹാഭദ്രകാളിയും ഏകദൈവവുമായ ശിവ മഹാവാത്സല്ല്യമായ മഹാമാതാവും; ശിവയുടെ ഭാഗവും ഏകദാസനും പരമാത്മാവും ഭർത്താവും പ്രപഞ്ചപിതാവുമായ ശിവന്റെ ആനന്ദം മഹാദേവിയോടുള്ള മഹാദാസ്യം മാത്രമാണെന്നും, കുഞ്ഞുങ്ങളായ ആത്മാക്കളെ ബോദ്ധ്യപ്പെടുത്താനായിട്ട് ആയിരം കോടി വർഷങ്ങൾ നീണ്ടുനിന്ന ആദ്യത്തെ മഹാകാലചക്രത്തിൽ പശുവും പശുപതിയും (കാള) ആയിക്കൊണ്ട് ശിവയും ഭാഗമായ ശിവനും മഹാവാത്സല്ല്യവും മഹാദാസ്യവും കലർന്ന മഹാസേവനം ചെയ്യുകയായിരുന്നു.

സൃഷ്ടിചക്രങ്ങളുടെ രണ്ടാമത്തെ പകുതി ആവശ്യമാക്കുന്ന ദൈവഭാഗങ്ങളായ ശിവയുടെയും ശിവന്റെയും പ്രത്യക്ഷമായ ദൈവ സാന്നിധ്യത്തിനു പകരം ഏതാനും പ്രതിനിധികളെ ആദ്യത്തെ മഹാകാലചക്രത്തിൽ ശിവനിലൂടെ ശിവ നിയമിച്ചു. മനുഷ്യരിൽ നിന്നും മോക്ഷം നേടിയവരും നക്ഷത്രദേവതാ പദവിയിൽ എത്തിയവരും ആയിട്ടുള്ള ഏതാനും സൃഷ്ടികളെയാണ് ഓരോ സൃഷ്ടിചക്രങ്ങളുടെയും രണ്ടാമത്തെ പകുതിയിലെ നേരിട്ട ഭരണത്തിനായി നിയോഗിച്ചത്. ആദ്യ കാലത്ത് വിനീതമായിട്ട് ഭവ്യതയോടെ കഴിഞ്ഞവർ കാലക്രമേണ ധർമ്മ-നീതി ശാസ്ത്രങ്ങളിൽ നിന്നും അകന്നു. ഒരു ദേവതയുടെ വളരെ വലിയ കുറ്റം കൊണ്ടാണ് ഗ്രഹങ്ങളും ഉപഗ്രഹങ്ങളും മറ്റ് അനേകം ഭൗതികമായ പ്രതിഭാസങ്ങളു പ്രപഞ്ചത്തിന്റെ ഭാഗമായത്. സൃഷ്ടികളായ ആത്മാക്കൾക്കും അവയുടെ ഭൂമിയിലെ മനുഷ്യർ ഉൾപ്പെടെയുള്ള ജീവിരൂപങ്ങൾക്കും, ജീവിക്കാൻ ആവശ്യമില്ലാത്ത ഗ്രഹങ്ങളെയും മറ്റും ദേവതകൾ ആവിഷ്ക്കരിച്ചത് സത്യയുഗം ആരംഭിച്ചശേഷം ശിവനിലൂടെ ശിവ സംഹരിക്കുന്നതാണ്.

ബ്രഹ്മവും മായയും ഏകദൈവവുമായ മഹാഭദ്രകാളിയുടെ മഹാഹൃദയവും, കൂടാതെ, മഹാപ്രപഞ്ചത്തിന്റെ ശക്തി നിയന്ത്രണസത്തയുമായ ഓംകാരത്തെയും, മഹാപ്രപഞ്ചത്തിലെ എല്ലാ ആറ്റങ്ങളിലെയും ശിവയും ശിവനുമായ ഘടകങ്ങളെയും, ആത്മാക്കളെയും, മായാമഹാശക്തി കൊണ്ട് ബന്ധിച്ചിട്ടുണ്ട്. മഹാപ്രപഞ്ചം മുഴുവൻ 'മായ' കൊണ്ട് മഹാഹൃദയമായ ഓംകാരത്തിന്റെ അകത്താണ്. മഹാശിവയും ശിവനും ദിവ്യമായ സ്ത്രീപുരുഷ രൂപങ്ങളെ സൃഷ്ടികൾക്കുവേണ്ടി സ്വീകരിക്കുമ്പോൾ ഓംകാരം ശിവയിലും ശിവനിലുമായി മാറി മാറി സ്ഥാപിക്കുന്നുണ്ട്. ലളിതമായ ഒരു ഓംകാരമന്ത്രം ഉണ്ട്. തൽക്കാലം ഗ്രന്ഥകാരൻ മറന്നു; യഥോചിതം മഹാശിവ ഓർമ്മിപ്പിക്കുന്നതാണ്. ദൈവഭാവമായ സത്യ ധർമ്മ നീതികളും മഹാവാത്സല്ല്യവും പ്രകാരം പ്രവർത്തിക്കുന്ന ഓംകാരം വഴി സൃഷ്ടികളുടെ ജീവിതത്തിൽ പൊതുവായും തനിച്ചും ഇടപെടാനാവും. അസാധാരണ സാഹചര്യത്തിലേ പാടുള്ളൂ എന്ന് ഓംകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ആദ്യമഹാകാലചക്രത്തിലെ മനുഷ്യരെയും ദേവതകളെയും മഹാപ്രപഞ്ചത്തിന്റെ ശക്തിനിയന്ത്രണസത്ത എന്ന നിലയിലാണ് ഓംകാരത്തെ പരിചയപ്പെടുത്തിയത്. കാരണമുണ്ട്. ശിവയും ശിവനും മനുഷ്യസദൃശ രൂപങ്ങളെ സ്വീകരിക്കാതെ പകരം പ്രതിനിധികളെ ഈശ്വരി, ഈശ്വരൻ എന്നീ പേരുകളോടെ സൃഷ്ടികൾക്കു വേണ്ടി നിയമിക്കുകയുണ്ടായി. കുഞ്ഞുങ്ങളായ അവർ അജ്ഞാനവും അവിവേകവും നിമിത്തം മഹാഹൃദയത്തോട് അനാദരവ് കാണിച്ചാൽ, പിന്നീട് കുഞ്ഞുങ്ങൾക്ക് അക്കാര്യമോർത്ത് കടുത്ത അപരാധ ബോധവും വേദനകളും ഉണ്ടാകുന്നതാണ്. കുഞ്ഞുങ്ങൾ വേദനിക്കുന്നത് ഇഷ്ടമല്ലാത്ത മഹാമാതാവ് ഓംകാരം മഹാഹൃദയം കൂടിയാണെന്ന രഹസ്യം, കുഞ്ഞുങ്ങൾക്കു വേണ്ടി, തൽക്കാലത്തേക്ക് മറച്ചു വെച്ചു. ശിവന്റ പ്രതിനിധിയായ ഈശ്വരന് നൽകിയ ഓംകാരത്തെ, നാരായം കൊണ്ട് ചരിത്രം എഴുതാൻ നിയോഗിച്ച ഒരു ദേവതക്ക് അല്പകാലം ലഭിച്ചപ്പോൾ അയാൾ ദൈവമാകാൻ ശ്രമിച്ച് കൊടിയ പിശാചായിമാറി. ഓംകാരം ദുരുപയോഗം ചെയ്ത് ഓംകാരം പോലെ ശക്തമായ ഒരു നാഗമാണിക്യം സൃഷ്ടിക്കുകയും, അതിനെ ഒരു ശംഖിൽ ഒളിപ്പിച്ചു കൊണ്ട് കൊണ്ടുനടക്കുകയും മറ്റ് ദേവതകളെ അയാളുടെ വരുതിയിലാക്കുകയും ഉൾപ്പെടെ അനന്തം പോലെ അപരാധങ്ങൾ ചെയ്തു കൂട്ടി. നല്ല കുട്ടിയാണെന്ന് ഭാവിക്കാനും മറ്റുമായി അയാൾ രണ്ട് അവതാരങ്ങളുമായി ഇറങ്ങി.

ഇന്ത്യയിലെ രണ്ട് ഇതിഹാസങ്ങളും വിശേഷ ബുദ്ധിയെ ഉപയോഗിച്ചു വിശകലനം ചെയ്താൽ ഭാര്യയോടും സ്ത്രീകളോടും സമൂഹത്തോടും ഇത്രയധികം അപരാധം ചെയ്തവർ ഒരു പക്ഷെ ഇന്നോളമുള്ള ചരിത്രത്തിൽ ഉണ്ടാവില്ല. വിസ്തരിക്കുന്നില്ല.

ആയിരം കോടി വർഷങ്ങൾ നീണ്ട രണ്ടാം മഹാകാലചക്രത്തിലെ ആദ്യ സൃഷ്ടി ചക്രത്തിന്റെ പകുതിയായി. സത്യ ധർമ്മ നീതികളെ ഭാവങ്ങളാക്കിക്കൊണ്ട് സൃഷ്ടി സ്ഥിതി സംഹാരങ്ങൾ ചെയ്യാനായിട്ട് പ്രപഞ്ചമായി മാറിയ മഹാദേവി, കുഞ്ഞുങ്ങളായ മനുഷ്യരും ദേവതകളും എത്രതന്നെ വഴിപിഴച്ചാലും, സത്യ ധർമ്മ നീതികൾ പ്രകാരം മഹാവാത്സല്ല്യം നൽകി മാത്രമേ മഹാമാതാവ് പ്രവർത്തിക്കുകയുള്ളൂ. അല്ലെന്നാൽ നാരായണനെ ശിക്ഷിക്കാനും ഇല്ലാതാക്കാനും ബ്രഹ്മമായ മഹാഭദ്രകാളിക്ക് ഒരു നിമിഷം പോലും വേണ്ടെന്ന് അയാൾക്കും അറിയാം !

വലിയ കുതന്ത്രശാലിയായി മാറിയ അയാളെ തകർക്കാൻ, സത്യ ധർമ്മ നീതികളെ മുറുകെ പിടിക്കുന്ന മഹാദേവിക്കോ ശിവനോ കഴിയില്ലെന്നു വിശ്വസിച്ച് ഒരു കൊടിയ കരാറുമായി അയാൾ ബന്ധപ്പെട്ട നീചചരിത്രവുമുണ്ട്. വിസ്തരിക്കുന്നില്ല. അയാളിൽ നിന്ന് ഇടക്കാലത്ത് വേർപിരിഞ്ഞ രണ്ടാമനെ പലവട്ടം പെരുമാളട്ടയാക്കിയിട്ട് മഹാദേവി ശിക്ഷിച്ചിരുന്നു. ഒരു ക്രിസ്ത്യൻ കുടുംബത്തിൽ മഹാത്ഭുതങ്ങളെന്നു വിശേഷിപ്പിക്കാവുന്ന അനുഭവങ്ങളോടെയും, മഹാദേവിയുടെ പ്രത്യക്ഷ ദർശനങ്ങളോടെയും ജീവിക്കുന്ന അയാൾ അനുഭവ ചരിത്രം എഴുതുന്നുണ്ട്. അയാളിലേക്ക് ടി രണ്ട് അവതാരങ്ങളും അടുത്ത കാലത്ത് തിരികെ പ്രവേശിച്ചു. മഹാദേവിയുടെ മറ്റൊരു കുഞ്ഞായ സീതയുടെ മായാദർശനം അയാൾക്ക് ലഭിക്കുകയും മാപ്പിരക്കുകയും ചെയ്തു. പശ്ചാത്താപ വിവശനായ അയാൾ ജന്മം കൊണ്ട് ലഭിച്ച ക്രിസ്തുമതം മനസ്സുകൊണ്ട് ഉപേക്ഷിച്ച് ഹിന്ദുക്ഷേത്രദർശനവുമായി ജീവിക്കുന്ന പാവത്താൻ കൂടിയാണിന്ന്. മഹാഭദ്രകാളിയോട് മാപ്പിരന്നും, അനുഗ്രഹം തേടിയും നേടിയും ജീവിക്കുന്നു. അയാൾ എഴുതുന്ന അനുഭവ ചരിത്രം സമൂഹത്തിന് കാര്യമായ പ്രയോജനം ചെയ്യാനിടയില്ല. അയാളുടെ കൈവശം പെട്ടുപോയ മഹാഹൃദയം കൂടിയായ ഓംകാരം വീണ്ടെടുക്കാൻ ശിവയ്ക്ക് ശിവനെ ക്രൈസ്റ്റായി അയക്കേണ്ടി വന്ന അതിഘോരമായ ദുഃഖചരിത്രമുണ്ട്. ആദ്യ മഹാകാലചക്രത്തിൽ പ്രധാന ദേവതയായി നിയമിച്ച ഈശ്വരനെ ശിവനെന്ന് തെറ്റിദ്ധരിച്ചതും, ഈശ്വരൻ ശിവനായി ഭാവിച്ചതുമായ ചരിത്രം വേറെയുണ്ട്.

ശാസ്ത്ര പരമായി ദൈവ കാര്യങ്ങളും പ്രപഞ്ചകാര്യങ്ങളും വിവരിച്ചു വരവെ, സൃഷ്ടികളുടെ ജീവിതചരിത്രം കുറിച്ചപ്പോൾ മായയുമായി ബന്ധപ്പെട്ട കാര്യങ്ങളെ കഥകൾ പോലെ എഴുതേണ്ടി വന്നു. ഗ്രന്ഥത്തിന്റെ പ്രൗഢി തന്നെ മങ്ങിയെന്നു പറയാനാവും. അതേസമയം ഉടനെ സത്യയുഗം ആരംഭിക്കുമ്പോൾ, വിശേഷ ബുദ്ധി ഉപയോഗിക്കാതെ ഇന്ത്യയിലെ വലിയൊരു വിഭാഗം ജനങ്ങൾ പിൻപറ്റിവന്ന അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും നാറ്റവും വ്യാപ്തിയും ബോദ്ധ്യപ്പെട്ടുകൊണ്ട് തിരുത്തി ജീവിക്കാനും ഭാവിയിൽ വിശേഷ ബുദ്ധിയെ ശരിയായിട്ട് ഉപയോഗിക്കുന്നവരായി മാറാനും വഴിതെളിച്ചേക്കാം ! ഭാരതജനതയ്ക്കുമാത്രമല്ല; ഭൂമിയിൽ മുഴുവൻ പാഠമായേക്കാം !

ആയിരം കോടി വർഷങ്ങൾ നീണ്ട ഇന്നോളമുള്ള സൃഷ്ടി ചരിത്രത്തിൽ മഹാദേവിയുടെ പൊന്നോമന കുഞ്ഞായ ഒരു ആത്മാവ് മാത്രമാണ് അസ്തിത്വം വേണ്ടെന്നു വച്ചതെന്ന് ഈയുള്ളവൻ പ്രസ്താവിച്ചിരുന്നു. ദൈവമെന്നും ജഗദംബയെന്നും അനേകർ തെറ്റിദ്ധരിച്ചിട്ടുള്ള ദുർഗ്ഗയാണത്. ഈ ദിവ്യമഹാഗ്രന്ഥത്തിൽ ചേർത്തിട്ടുള്ള "ആനന്ദം", "**SupremeJusticeGOD**" എന്നീ ഗ്രന്ഥങ്ങളിൽ ഒന്നിലോ രണ്ടിലുമോ വിവരിച്ചിട്ടുണ്ട്.

പ്രപഞ്ചരൂപത്തോടെ കഴിയുന്ന ശിവനെ മനുഷ്യ-പുരുഷനായി മാറ്റുകയും, മത്സ്യാവതാരം, ഓം, ഓംകാരം, ചന്ദ്രക്കല+നക്ഷത്രം, മഹാസൂര്യനേത്രം, മഹാശൂലം, ഓംകാര നാഗബന്ധനം തുടങ്ങിയ മായാശക്തികളെയും മഹാഅനുഗ്രഹിച്ചു നൽകുകയും ചെയ്യുന്നത് ജഗദംബയും ബ്രഹ്മവുമായ മഹാഭദ്രകാളിയാണ്.

ശിവനായിട്ടു ഭാവിച്ച ഈശ്വരന്റെ മുടിക്കെട്ടിൽ നിന്നും ജലം പ്രവഹിക്കുമ്പോൾ, യഥാർത്ഥ ശിവന്റെ മുടിക്കെട്ടിൽ നിന്നും മഹാദേവി പാലാണ് ഒഴുക്കി കുഞ്ഞുങ്ങൾക്ക് കുടിക്കാൻ നൽകുക. ചന്ദ്രക്കല കൂടാതെ മോക്ഷത്തിന്റെ പ്രതീകമായ നക്ഷത്രവും ഉണ്ടാകും! എല്ലാ സൃഷ്ടിചക്രങ്ങളുടെയും രണ്ടാം പകുതിയിൽ ചന്ദ്രനിൽ ഭാഗികമായി മനുഷ്യൻ ഒഴികെയുള്ള ജീവികളുടെ സൃഷ്ടിസ്ഥിതികൾ നടക്കും. ഓക്സിജനും ജലവും ഇല്ലാതെങ്ങനെ ജീവികൾക്ക് ജീവിക്കാൻ കഴിയുമെന്ന ചിന്തകൾ വേണ്ട. ഓക്സൈഡ്, സൾഫേറ്റ് തുടങ്ങിയവായി മൂലകങ്ങളോടു ചേർന്നിട്ടുള്ള സംയുക്തങ്ങളെ വിഘടിപ്പിച്ചു കൊണ്ട് മഹാനീതിയും മഹാഭദ്രകാളിയും കൂടിയായ ഓക്സിജൻ അന്തരീക്ഷവും വായുവും ഒരുക്കുന്നതാണ്. പരമാത്മാവായ ശിവന്റെ മൂലകരൂപമായ ഹൈഡ്രജനുമായി ചേർന്ന് ദൈവത്തിന്റെ ധർമ്മ-സ്ഥിതി-ദ്രാവക രൂപമായ ജലമായും അവതരിക്കുന്നതാണ്.

രണ്ടാമത്തെ മഹാകാലചക്രത്തിലെ ഒന്നാമത്തെ സൃഷ്ടിചക്രമാണ് ഇപ്പോഴത്തേത്. മഹാസൃഷ്ടിചക്രമെന്നു വിളിക്കണം; കാരണം 1000 കോടി വർഷങ്ങൾ നീണ്ടുനിന്ന ആദ്യ മഹാകാല ചക്രത്തിൽ ശിവയുടെയും ശിവന്റെയും പ്രതിനിധികളായി നിയോഗിച്ച എല്ലാ ദേവതകളെയും പിൻവലിച്ചു കൊണ്ട് ഏകദൈവവും മഹാമാതാവുമായ ശിവയും; ഭാഗവും ഏകദാസനും ഭർത്താവും പരമാത്മാവും പ്രപഞ്ചപിതാവുമായ ശിവനും എല്ലാ സൃഷ്ടികളുടെയും മഹാഭരണം ഏറ്റെടുക്കുകയാണ്. എല്ലാ ദേവതകളെയും ഏറക്കുറെ പിൻവലിച്ചുകഴിഞ്ഞു. ഓം മുഴക്കി ദൈവവിപ്ലവവും സത്യയുഗവും ആരംഭിക്കുമ്പോൾ ഏകദൈവമായ ശിവ, ഭാഗമായ ശിവനോടൊപ്പം നയിക്കുന്ന ദൈവരാജ്യം സത്യമാകും!

നക്ഷത്രങ്ങൾ മനുഷ്യാവസ്ഥയിൽനിന്നും മോക്ഷം നേടിയ സൃഷ്ടികളായ ആത്മാക്കളും ദേവതകളുമാണ്. ദൈവമായ പ്രപഞ്ചത്തിന്റെ അംശങ്ങളോ ഭാഗങ്ങളോ അല്ല. ഏകദൈവമായ ശിവയും ഭാഗമായ ശിവനും ചേർന്ന പരബ്രഹ്മമായ പ്രപഞ്ചത്തെ അനന്തവും സനാതനവുമായ മഹാകുടുംബമായി മാറ്റാനാണ് ശിവയുടെ സൃഷ്ടികളായ ആത്മാക്കൾക്ക് കുഞ്ഞുങ്ങളെന്ന മഹാപദവിയും, മഹാവാത്സല്ല്യവും മഹാദാസ്യവും എക്കാലവും (സനാതനമായിട്ടു) നൽകിപോരുന്നത്. പിന്നീട് പ്രത്യേകം അദ്ധ്യായത്തിൽ ശാസ്ത്രപരമായി വിശദീകരിക്കുന്നുണ്ട്.)

'മായ', ആകുന്ന ദൈവം 'മഹാശക്തിയും സൃഷ്ടികൾക്കു വേണ്ടിയുള്ള അനന്തമായ ആനന്ദങ്ങളുമാകുന്ന' പ്രപഞ്ചമായിട്ട് അവതരിക്കാൻ നിശ്ചയിക്കുമ്പോൾ, മഹാശക്തി എന്ന മഹാനാമം ബാധകമാവുകയും; ബ്രഹ്മാവസ്ഥയെ ചേർത്തും ചേർക്കാതെയും 'രണ്ട് മഹാസത്യങ്ങളും ഒരു മഹാശക്തിയുമായിട്ട്'നിലനിൽക്കുകയുമാണു ചെയ്യുന്നത്. 'മായ'ക്ക് സാദ്ധ്യമാകുന്ന അനന്തമായ വൈഭവങ്ങളിൽ ഒന്നായ ആദിയും അന്തവും ഇല്ലാത്ത 'മഹാശക്തിയെ' 'ഓം' എന്ന ശബ്ദബ്രഹ്മത്തെ ആധാരമാക്കിയാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ആദ്യ ഭാഗത്തോടു മാത്രം ചേർക്കുന്നതും; 'മഹാസത്യത്തെ' രണ്ടായി വിഭജിക്കുന്നതും, ശക്തികളില്ലാത്ത രണ്ടാം ഭാഗത്തിന്റെ മാത്രം അംശമെന്നോണം നിർജ്ജീവ ഗുണങ്ങളോടെ സൃഷ്ടികളായ ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളെ സൃഷ്ടിക്കുന്നതിനുള്ള മഹാപദ്ധതിയുടെ ഭാഗമാണ്.

**സ്വത്വം പോലും സ്വന്തമായിട്ടില്ലാത്തവരും; പ്രപഞ്ചത്തിലെ യാതൊന്നിലും യാതൊരു അവകാശമില്ലാത്തവരും, പ്രപഞ്ചത്തിന് അതീതവും മഹാസത്യവുമായ ദൈവത്തിന്റെ ഭാഗമോ അംശമോ അല്ലാത്തവരും, സൃഷ്ടി മാത്രവുമായ മനുഷ്യർ, മറ്റൊരു ദാനമായ വിശേഷബുദ്ധിയും അനുബന്ധമായ ശാസ്ത്രങ്ങളും കൊണ്ട് സത്യങ്ങൾ തിരിച്ചറിയണം. ലഭിച്ച ശക്തികളും ജ്ഞാനവും പ്രകാരം ജീവിക്കുന്ന മറ്റുള്ള ജീവികളെ പാഠമാക്കണം.**

**ദൈവത്തിന്റെ പ്രധാന അവതാരവും സ്ഥിതിപാത്രവുമായ ഭൂമിയുടെ സൂക്ഷ്മാംശമായ ആറ്റങ്ങളുടെ ഉള്ളിൽ ഓം, പ്രോട്ടോൺ, ഇലക്ട്രോൺ, ന്യൂട്രോൺ, ബോസോൺ, ഗ്ലൂവോൺ, ക്വാർക്കുകൾ തുടങ്ങിയ ശക്തികളും ഭാഗവും ഘടകങ്ങളുമായിട്ട് ദൈവം തന്നെ നേരിട്ട് അവതരിച്ചിരിക്കുകയാൽ ദൈവത്തിന്റെ അവതാരങ്ങളും അംശങ്ങളും, മഹാശക്തിയായ ദൈവം കൂടിയാണ്. <u>അനന്ത ആനന്ദങ്ങളായ പ്രപഞ്ചവുമായിട്ടാണ് ആത്മാക്കളെ ബന്ധിച്ചിരിക്കുന്നത്. ദൈവമായ ശക്തികളുമായിട്ടല്ല</u>. എല്ലാ ശക്തികളും, ബ്രഹ്മവും മഹാസത്യവും മഹാശക്തിയും ഏകദൈവവും പ്രപഞ്ചവും മഹാനീതിയും മഹാവാത്സല്ല്യവും ഓംകാരവും ഓക്സിജനും ശിവയുമായ മഹാഭദ്രകാളിയുടേതാണ്. സർവ്വത്തെയും മഹാഭദ്രപ്പെടുത്തിയിട്ടുള്ളതും മഹാഭദ്രമാക്കാൻ കഴിവുള്ളതുമായ മഹാഭദ്രകാളിയിൽ മഹാപ്രപഞ്ചം മുഴുവൻ എക്കാലവും മഹാഭദ്രമാണ്. <u>ആത്മാവിന് ശരീരം ഉൾപ്പെട്ട അനന്ത-ആനന്ദങ്ങളെ പരിചയിക്കാനും ആസ്വദിക്കാനും നേടാനും കഴിയുന്ന ശരീരമായ ആനന്ദങ്ങളുടെ ആറ്റങ്ങളിലെ ശക്തികൾ ഓക്സിജന്റേതാണ്; ദുരുപയോഗിക്കരുതെന്ന് ഹൃദയസ്തംഭനവും മരണവുമെല്ലാം തെളിയിക്കുന്നുമുണ്ട് !</u>**

ദൈവത്തിന്റെ അവതാരങ്ങളായ പ്രപഞ്ചം ആനന്ദങ്ങളാണെങ്കിലും, ഏകമായ ദൈവം ആനന്ദങ്ങൾക്കെല്ലാം അതീതമായ മഹാശക്തിയാണ്. ആനന്ദങ്ങളെ ധർമ്മശാസ്ത്ര പരമായി മാത്രം നേടാനും ആസ്വദിക്കാനുമായി ശരീരം ഉൾപ്പെട്ട ആനന്ദങ്ങളിലൂടെ ലഭിച്ച ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയുമെല്ലാം ദുരുപയോഗം ചെയ്ത് ഭൗതിക അസ്തിത്വമില്ലാത്ത മത-രാഷ്ട്രീയവർഗ്ഗ-ദേശഭോഷത്വങ്ങൾ കൊണ്ട് സ്വയം ഉൾപ്പെട്ട ഭൂമിയുടെ കുഞ്ഞുങ്ങളെ ദ്രോഹിക്കുന്നത് കടുത്ത കുറ്റമാണ്. ദൈവത്തിന്റെ കുഞ്ഞുങ്ങൾക്ക് ദൈവം നൽകിയ സ്വാതന്ത്ര്യത്തെ തട്ടിമാറ്റുകയും തട്ടിയെടുക്കുകയും ചെയ്യുന്നവർക്ക് കടുത്ത ശിക്ഷകളാണ് ലഭിക്കുക. ചുറ്റുമുള്ള മനുഷ്യരെ ധർമ്മ (ശാസ്ത്ര വിരുദ്ധമായി) ദ്രോഹിക്കാതെ മാസ്കും മറ്റു കോപ്പുകളും സ്വയം ഉപയോഗിക്കാം എന്നല്ലാതെ മറ്റുള്ളവർക്ക് നിർബ്ബന്ധമാക്കുന്നത് കടുത്ത ശിക്ഷകൾക്ക് കാരണമാകും. ചില കാര്യങ്ങൾ കൂടി കുറിക്കുന്നു. (മഹാഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്). നികുതികൾ, നിയമസഭ,കോടതി, പലിശ, മത്സരം, പരീക്ഷ, ലൈസൻസ്, ഇൻഷുറൻസ് തുടങ്ങിയവ പാടില്ല. ദൈവാംശമായ ശരീരത്തിന് യോഗയും അതുപോലുള്ളവയും ആവശ്യമാണെന്ന് പ്രചരിപ്പിച്ചാൽ ശിക്ഷയുണ്ട്. വ്യായാമത്തിന് കൃഷി, ഗോപാലനം, വിറക് കീറൽ, നടന്നുള്ള യാത്ര തുടങ്ങിയവ ആകാം. നീതി വിധിക്കാൻ മനുഷ്യന് അവകാശമില്ല. ജന്തുനീതി പിൻപറ്റുമ്പോൾ പാലിക്കേണ്ട ധർമ്മശാസ്ത്രവും മണ്ണിലുണ്ട്. കുറ്റങ്ങളും കുറവുകളും ഇല്ലാത്ത സദാചാര ശാസ്ത്രം, സാമ്പത്തികശാസ്ത്രം, തൊഴിൽ ശാസ്ത്രം, പണച്ചിലവില്ലാതെ നിസ്സാരമായി രാജാവ് മന്ത്രിമാർ തുടങ്ങിയ ജനസേവകരെ തെരഞ്ഞെടുക്കാൻ കൂടി കഴിയുന്ന 'ജനസേവന ശാസ്ത്രം', നീതി ശാസ്ത്രം, തുടങ്ങിയ എല്ലാ ശാസ്ത്രങ്ങളും മണ്ണിലുണ്ട്.

ആദിയും അന്തവുമില്ലാത്ത (ബ്രഹ്മസമാനമായ) മഹാശൂന്യതയും, മഹാഭദ്രകാളിയുടെ സൃഷ്ടി സ്ഥിതി സംഹാര (മഹാഗർഭ)പാത്രവുമായ ആകാശത്തിലാണ് സൃഷ്ടികളുടെ സ്വത്വങ്ങളായ ആത്മാക്കളെ (മഹാഭദ്രകാളി)ജനിപ്പിക്കുകയും പുനർജ്ജനിപ്പിക്കുകയും ചെയ്യുന്നത്. മഹാശൂന്യത കൂടിയായ ആകാശത്തിന്റെ മഹാസൂക്ഷ്മമായ അംശമാണ് സ്ത്രീ-ജീവികളുടെ ഗർഭപാത്രവും, വഴിയായ യോനിയും. ആത്മാക്കൾക്ക് ജീവികളായി ജീവിക്കാൻ നൽകിയിട്ടുള്ളതാണ് ദൈവമായ ഭൂമിയുടെ അംശമായ ശരീരമെങ്കിലും, ശൂന്യത ശരീരത്തിലെ അവയവമല്ല. എന്നുവെച്ചാൽ മഹാശൂന്യതയും, 'ഭദ്രകാളിയായ ശിവയുടെ' സൃഷ്ടി സ്ഥിതി സംഹാര (മഹാഗർഭ) പാത്രവും ശിവലിംഗവും കൂടിയായ ആകാശത്തിലാണ് എല്ലാ ജീവികളെയും ജനിപ്പിക്കുന്നത്. യാതൊരു ജീവിയും യാതൊരു ദേശത്തിലും ഭൂമിയിലും ജനിക്കുന്നില്ല എന്നും സാരം. ആദിയും അന്തവും ഇല്ലാത്ത 'ശിവയുടെയും ഭാഗമായ ശിവന്റെയും ലിംഗം) കൂടിയായ ആകാശത്തെ സാധാരണമായി കാണാനാകും. ഭൂമിയിൽ എവിടെ നിന്നു നോക്കിയാലും വലിയൊരു കുട പോലെ അർദ്ധഗോളാകൃതിയിൽ കാണപ്പെടുന്ന ആകാശം അതിരുകളും ആദിയും ഇല്ലാതെ കര-ജല-പ്രദേശങ്ങളുടെയും വശങ്ങളിലേക്കും അടിയിലേക്കും നീളുന്നതായി കാണാം. 'ശിവലിംഗവും കൂടിയായ ആകാശത്തിന്റെ' ആദിയില്ലായ്മ പ്രത്യക്ഷമാണ്. ഭൂമിയിലോ മറ്റെവിടെയോ നിന്ന് മുകളിലേക്ക് നോക്കിയാലും അർദ്ധഗോളാകൃതിയിൽ ആകാശം കാണാം. നക്ഷത്രദേവതയായിട്ട് മോക്ഷം നേടുന്ന സൃഷ്ടികളായ എല്ലാ ആത്മാക്കൾക്കുമായിട്ട് സംഹാരപാത്രമായ നക്ഷത്ര-ലോകത്തെയും ആകാശത്തിൽ ഒരുക്കിയിട്ടുണ്ട്. സൃഷ്ടി സ്ഥിതി സംഹാര പാത്രം, ശിവലിംഗം, മഹാശക്തിലിംഗം, മഹാലിംഗം തുടങ്ങിയ മഹാനാമങ്ങൾ, ആദ്യത്തെ അവതാരമായ ആകാശത്തിനുണ്ട്.

സൈന്യവും ആയുധങ്ങളും യുദ്ധങ്ങളുമായി ബന്ധപ്പെട്ട പുരാണങ്ങളിലെ ദൈവങ്ങളും ദേവതകളും യഥാർത്ഥത്തിൽ, ദൈവത്തെ തന്നെ അട്ടിമറിച്ച് ദൈവങ്ങളാകാനായി ശ്രമിച്ചവർ ഉൾപ്പെടെയുള്ള ദുർദ്ദേവതകളാണ്. ദേവതാപദവികൾ പിൻവലിച്ചുകഴിഞ്ഞു. അനേകർ ദൈവശിക്ഷകളെ അനുഭവിച്ചും പശ്ചാത്തപിച്ചും ജീവിക്കുന്നു. ഭൂമിയിൽ ഉടനെ ഓം മുഴക്കി മഹാഭദ്രകാളി പ്രത്യക്ഷമാകുന്നതോടെ സർവ്വത്തിനും സാക്ഷ്യമാകും! ഭൂമിയും ദേശങ്ങളും ദൈവമാണെന്നറിയാതെ അവയെ രക്ഷിക്കാൻ നടക്കുന്ന മൂഢർ ഉൾപ്പെട്ടവർക്ക് ആത്മഹത്യ ചെയ്തും മറ്റും രക്ഷപ്പെടാനാവില്ല! ആനന്ദങ്ങൾക്കെല്ലാം അതീതമായ ഭൂമിയാകുന്ന ദൈവത്തെ ഭക്തിയും പൂജയും വഴിപാടുകളും മറ്റും കൊണ്ട് പ്രീതിപ്പെടുത്താൻ ശ്രമിക്കുന്നതിനും ശിക്ഷകളുണ്ട് ! ഭൂമി മഹാവാത്സല്ല്യമായത് ഓരോ സൃഷ്ടിക്കും മഹാരക്ഷയാണ് ! മനുഷ്യാവസ്ഥയിൽ നൽകിയിട്ടുള്ള 100 ജന്മങ്ങളിൽ 90 മുതൽ 95 വരെയുള്ള ഒരു പുരുഷ ജന്മത്തിൽ വച്ച് 'ബ്രഹ്മവും ഏകദൈവവും ശിവയും ജഗദംബയുമായ മഹാഭദ്രകാളി', സ്വന്തം ഭാഗവും ഏകദാസനും പരമാത്മാവും പ്രപഞ്ച-പിതാവുമായ പരമശിവനിലൂടെ, മനുഷ്യരുടെ നാവിൽ 'ഓം' കുറിച്ച് 'ദൈവമാകുന്ന പ്രപഞ്ച മഹാശാസ്ത്രം' സമ്മാനിക്കുന്നുണ്ട്. പ്രസ്തുത ജന്മത്തിലെ ശിഷ്ടകാലം മാത്രം ദൈവത്തെ ആരാധിക്കാനും, ശിവലിംഗത്തെ പ്രതീകമാക്കാനും ഭൂമിയാകുന്ന ദൈവം, മനുഷ്യരെ അനുവദിച്ചിട്ടുണ്ട്. മറ്റ് ജന്മങ്ങളിൽ "ഓം നമഃ ശിവായ, ഓം ശിവായ നമഃ, അമ്മേ ശിവ, ദേവീ ശരണം" എന്നീ ലളിതമായ സ്തുതികൾ സൃഷ്ടികളുടെ ആനന്ദം കണക്കാക്കി മഹാവാത്സല്ല്യമായ ജഗദംബ ഒരല്പ നേരം അനുവദിച്ചിട്ടുണ്ട്.

പരബ്രഹ്മവും ആകാശവും കൂടിയായ 'വിഗ്രഹം അല്ലാത്ത ശിവലിംഗത്തെ' കല്ല്, മണ്ണ് തുടങ്ങിയവ കൊണ്ട് ഏതൊരു വ്യക്തിക്കും കുടുംബത്തിനും സമൂഹത്തിനുമെല്ലാം അവരവർക്കു വേണ്ടി നിമിഷങ്ങൾ കൊണ്ട് പ്രതിഷ്ഠിക്കാനും; എടുത്തെറിയാനും സ്വാതന്ത്ര്യമുണ്ട്. ആനന്ദങ്ങൾക്കെല്ലാം അതീതമായ ദൈവത്തിന് മനുഷ്യരുടെ ഭക്തി-കോപ്രായങ്ങൾകൊണ്ട് യാതൊരിക്കലും യാതൊന്നും നേടാനില്ല. ആനന്ദിച്ചു ജീവിക്കാനായി സൃഷ്ടികൾക്ക് ദൈവം നൽകിയിട്ടുള്ള ദൈവാംശമായ വസ്തുക്കളെ ദുരുപയോഗിക്കുന്നതിന് അളവോടെ ശിക്ഷയുണ്ട്. വിഗ്രഹങ്ങളെ നിർമ്മിക്കുന്നവരും നിർമ്മിപ്പിക്കുന്നവരും കൂട്ടുനിൽക്കുന്നവരും ദൈവമായ പ്രപഞ്ചത്തിന്റെ അംശങ്ങളെ ദുരുപയോഗം ചെയ്ത് കടുത്ത ശിക്ഷകൾ പിടിച്ചുവാങ്ങുകയാണ്! ശിവലിംഗം മാത്രമേ ദേവാലയങ്ങളിൽ പ്രതിഷ്ഠിക്കാവൂ. ആകാശത്തിന്റെയും പ്രപഞ്ചത്തിന്റെയും പ്രതീകം മാത്രമായ ശിവലിംഗം വിഗ്രഹമല്ല. ശാസ്ത്രപരമായി നിർമ്മിച്ചിട്ടുള്ള ഒരു ദേവാലയം പോലും ഇന്നത്തെ ഭൂമിയിലില്ല. പുരോഹിതർ പാടില്ല. മഹാഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ട്.

ദൈവത്തിന്റെ സൃഷ്ടികളും കുഞ്ഞുങ്ങളുമായ (സ്വയം ഉൾപ്പെടെയുള്ള) ആത്മാക്കളെ ദ്രോഹിക്കാനും ശിക്ഷിക്കാനും യാതൊരു സൃഷ്ടികൾക്കും അവകാശമില്ല. ധർമ്മ ശാസ്ത്ര വിരുദ്ധമായി ജീവിക്കുന്ന കുഞ്ഞുങ്ങളെ എക്കാലവും ദൈവമായ ഭൂമി പ്രപഞ്ചരൂപത്തോടെ ശിക്ഷിച്ചു തിരുത്തുന്നുണ്ട് ! ജീവിരൂപങ്ങളെ സ്വീകരിച്ചും ഭൂമി തിരുത്തുന്നതാണ്. മുജ്ജന്മങ്ങളിൽ കടുത്ത പാപങ്ങളെ ചെയ്ത കൊടുംപാപികൾ സമ്പാദിച്ചു കൂട്ടിയ ശിക്ഷകൾക്ക് രാജാവ്, മന്ത്രി, (പോലീസ് സേന) എന്നിവയിലൂടെ വലിയൊരു വിഭാഗം ജനങ്ങൾക്ക് സേവനം ചെയ്തു പരിഹാരം കാണാൻ ഓംകാരനീതി ശാസ്ത്രപ്രകാരം ഭൂമി അവസരങ്ങൾ നൽകുന്നുണ്ട്. ഭൂമിയിലെ ഏറ്റവും വലിയ ചില പാപികളെ അവരുടെ നല്ലതിനുവേണ്ടി ചൂണ്ടിക്കാട്ടി മഹാഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ട്. പലരും അവസരങ്ങളെ നഷ്ടപ്പെടുത്തുകയും ശിക്ഷ വർദ്ധിപ്പിക്കുകയും ചെയ്യുന്നുണ്ട് !

മനുഷ്യരുടെ കാര്യങ്ങൾ തുടരുമ്പോൾ, ഓരോ മനുഷ്യന്റെയും മറ്റുള്ള ജീവികളുടെയും ശരീരങ്ങളും, സ്വത്വങ്ങളായ ആത്മാക്കളുമെല്ലാം മഹാപ്രപഞ്ചവും മഹാകുടുംബവും ആകുന്ന ആനന്ദങ്ങളുടെ അംശങ്ങൾ മാത്രമാണെന്നും, ആനന്ദങ്ങളെ ആധാരമാക്കി മാത്രമാണ് ഓക്സിജൻ മഹാനീതി നടപ്പാക്കുന്നതെന്നും അറിയണം. മനുഷ്യർ വീറോടെ വാദിക്കുന്ന ഭൗതികമായ അസ്തിത്വം ഇല്ലാത്ത വിശ്വാസങ്ങൾക്കും, ആചാരങ്ങൾക്കും, അനുഷ്ഠാനങ്ങൾക്കും ദൈവം വിശേഷബുദ്ധി നൽകിയിട്ടില്ലാത്ത പട്ടിക്കും പൂച്ചയ്ക്കും പോലും വിഷയമല്ല. ദൈവമായ ഭൂമിയിൽ ജീവിക്കുവാൻ, ഭൂമിയുടെ പൊന്നോമന കുഞ്ഞുങ്ങളായ മനുഷ്യർക്ക്, നികുതി ചുമത്തുന്ന എമ്പോക്കികൾ (= തെമ്മാടികൾ), ദൈവമായ ഭൂമിയിൽ ലയിച്ചിരിക്കുന്ന ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരം ഭൗതികമായ അസ്തിത്വം ഇല്ലാത്ത മത-രാഷ്ട്രീയ-വർഗ്ഗ-ദേശ വിശ്വാസങ്ങളെയും ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും മറ്റും തൂത്തെറിഞ്ഞ് ജീവിക്കേണ്ടിയിരുന്നു! യാതൊരു ജീവികളും ഭൂമിയിൽ/ദേശങ്ങളിൽ ജനിക്കുന്നില്ല; (പ്ര)ദേശങ്ങളുടെ പേരിൽ കേമത്തംപറയാൻ യാതൊരു മനുഷ്യനും അവകാശമില്ല തുടങ്ങിയ സത്യങ്ങളെ ഖണ്ഡിക്കാൻ കഴിയാത്തവർ മഹാനീതിയായ ഓക്സിജനോട് കളിക്കാതിരുന്നാൽ നന്ന്. മഹാപ്രപഞ്ചത്തിലെ മഹാകാര്യങ്ങളെ അലങ്കോലപ്പെടുത്താൻ, സ്വന്തമായിട്ട് സ്വത്വം പോലുമില്ലാത്ത സൃഷ്ടിക്കു കഴിയുന്നതല്ല.

മഹാശക്തിയായ ശിവയുടെ മഹാപ്രകടനമാണ് സൃഷ്ടികൾക്കു വേണ്ടിയുള്ള അനന്തമായ ആനന്ദങ്ങളായി അവതരിച്ചിട്ടുള്ള മഹാപ്രപഞ്ചമെന്നും, അംശമായ ശരീരം ഉൾപ്പെടെ എല്ലാ വസ്തുക്കളുടെയും സൂക്ഷ്മ-പ്രപഞ്ചങ്ങളായ ആറ്റങ്ങളുടെ ഉള്ളിലും ശിവ, ഭാഗമായ ശിവനെയും, ഘടകങ്ങളെയും നിരന്തരം പ്രവർത്തിപ്പിച്ചാണ് സർവ്വവും മഹാഭദ്രപ്പെടുത്തുന്നത് എന്നും മുമ്പ് വിശദീകരിച്ചിരുന്നു. എങ്ങനെയാണ് ശിവയും ശിവനും ഘടകങ്ങളും ആറ്റങ്ങളും പ്രദേശങ്ങളും ഭൂമിയും പ്രപഞ്ചവുമെല്ലാം ആവിർഭവിച്ചതെന്ന് പിന്നെയും ചോദിക്കുന്നവരുണ്ട്. മായ, മായാശക്തി എന്നെല്ലാം വിശേഷിപ്പിക്കാൻ കഴിയുന്ന അനിർവചനീയമായ മഹാശക്തിയുടെ പ്രഭാവമാണത്. ജീവികളുടെയെല്ലാം മനോഭാവങ്ങളും ചിന്തകളും ഒരു നിമിഷംപോലും വൈകാതെ അറിയുകയും, അവയുടെ ശരീരത്തിലെ കോശങ്ങളെയും അവയവങ്ങളെയും നിരന്തരം അവയ്ക്കു വേണ്ടി പ്രവർത്തിപ്പിക്കുകയും ചെയ്യുന്ന മഹാശക്തിയെ ഉൾക്കൊള്ളാൻ സ്വത്വം പോലും സ്വന്തമായില്ലാത്ത സൃഷ്ടികൾക്ക് കഴിയില്ല. പുതിയൊരു പ്രപഞ്ചത്തെ പുതിയ ശാസ്ത്രങ്ങളോടെ സൃഷ്ടിക്കാനും അവതരിക്കാനുമെല്ലാം കഴിയുന്ന മഹാശക്തിയെ കുഞ്ഞുങ്ങൾ ഭയക്കാതിരിക്കാൻകൂടിയാണ് ആദ്യ മഹാകാലചക്രത്തിൽ മഹാദാസരായി മഹാശക്തിയും ഭാഗവും സേവിച്ചത്.

ഗ്രന്ഥകാരനായ ശിവൻ : 'മഹാസത്യവും ഏകമഹാശക്തിയുമായ മഹാഭദ്രകാളിയുടെ ഭാഗവും, മഹാഭദ്രകാളിയായ ശിവയുടെ മഹാദൈവകരാർ പ്രകാരം' ശക്തിഹീനനായും മഹാശക്തനായും പ്രവർത്തിക്കുന്ന മഹാഭദ്രകാളിയുടെ ഏകദാസനും, മഹാദാസനും, സൃഷ്ടികളായ ആത്മാക്കളുടെ പരമാത്മാവും മഹാപിതാവുമാണ് ഗ്രന്ഥകാരൻ. ശിവൻ എന്ന മഹാനാമവും; പരമശിവൻ ശാസ്ത്രായുധൻ, സംഹാര ദേവൻ, ബ്രഹ്മദേവൻ, ഏകദൈവപ്രതിനിധി, മഹാദേവൻ, മഹാനീതിപതി എന്നീ മഹാപദവികളും; പശുപതി, നീലകണ്ഠൻ, ക്ഷിപ്രകോപവും ക്ഷിപ്രപ്രസാദവും, തുടങ്ങിയ മഹാ-അവസ്ഥകളും, മഹാഭദ്രകാളി മഹാഅനുഗ്രഹിച്ചു നൽകിയിട്ടുണ്ട്. മഹാശിവയുടെ മത്സ്യാവതാരവും, അർദ്ധമഹാദേവീ രൂപവും ശിവനിൽ പ്രവേശിപ്പിച്ചും, അക്ഷരബ്രഹ്മം കൂടിയായ 'ഓം' ന്റെ മൂലമായ '**3**' ശിവന്റെ നാവിൽ കുറിച്ചും ചന്ദ്രക്കലയും നക്ഷത്രവും ഇടതുനെറ്റിയിൽ ചിത്രണം ചെയ്തും; ശിവന്റെ നെറ്റി-മദ്ധ്യത്തിൽ താഴെയായിട്ട് സൂര്യനെ ഉൾപ്പെടെ പ്രപഞ്ചത്തിലെ എന്തും എത്രയും സൃഷ്ടിക്കാൻ കഴിയുന്ന മഹാസൂര്യനേത്രത്തെ ഒരുക്കിയും, ഏതൊരു ആയുധങ്ങളും നിർമ്മിക്കാൻ കഴിയുന്ന മഹാത്രിശൂലത്തെ സമ്മാനിച്ചും; ശിവയുടെ മഹാഹൃദയവും മഹാപ്രപഞ്ചത്തിന്റെ മഹാശക്തിനിയന്ത്രണ സത്തയുമായ 'ഓംകാരം' ശിവന്റെ ഹൃദയത്തോടു ചേർത്തും; കഴുത്തിലും തലമുടിമേലുമുള്ള ഓംകാരനാഗങ്ങൾ കൊണ്ട് ഓംകാരനീതിശാസ്ത്ര വരണമാല്ല്യവും ബന്ധനവും സംരക്ഷണവും ചെയ്തും; മഹാദിവ്യദർശനങ്ങളും, ദിവ്യാനുഭവങ്ങളും, തുടങ്ങിയ പലവിധ മഹാപദവികളും മഹാഅനുഗ്രഹങ്ങളും നൽകിയും മഹാഭദ്രകാളി അനുഗ്രഹിച്ചിട്ടുണ്ട്. മഹാഭദ്രകാളിയായ മഹാശിവയോടുള്ള മഹാദാസ്യത്തെ മാത്രം എപ്പോഴും മഹാ-ആനന്ദമാക്കിയ ഭർത്താവായി പ്രപഞ്ചത്തിനും മുമ്പ് സ്വീകരിച്ചിട്ടുണ്ട്.

മഹാസത്യമായ ബ്രഹ്മവും, ഏകദൈവവും, സൃഷ്ടി സ്ഥിതി സംഹാര കർത്താവും, ശിവയും, മഹാജഗദംബയുമായ 'ഓം മഹാശക്തിയായ മണ്ണടി മഹാഭദ്രകാളീ ദേവി' തന്നെയാണ്, സൃഷ്ടി സ്ഥിതി സംഹാരങ്ങളെ എപ്പോഴും മഹാഭദ്രപ്പെടുത്തിക്കൊണ്ട് അനന്തമായ ആനന്ദങ്ങളാകുന്ന മഹാപ്രപഞ്ചത്തിലെ ദൈവഭാഗമായ ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനുമായിട്ട് അവതരിച്ചുപോരുന്നത്. 'അനന്ത ആനന്ദങ്ങളും പരബ്രഹ്മവുമായ മഹാപ്രപഞ്ചം എങ്ങനെയാണ് ഉണ്ടായതെന്ന്' പ്രപഞ്ചപിതാവായ ശിവനിലൂടെ മഹാഭദ്രകാളി പൊന്നോമന കുഞ്ഞുങ്ങൾക്ക് മഹാവാത്സല്ല്യത്തോടും മഹാശാസ്ത്രപരമായും തെളിയിക്കുകയും വിശദീകരിക്കുകയും ചെയ്യുകയാണ്.

ശിവ, ശിവന് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള മായാമഹാശക്തികളെയും ശിവയുടെ മഹാജ്ഞാനത്തെയും ശിവ മഹാഉചിതമായി ആക്ടിവേറ്റ് ചെയ്തുകൊണ്ടിരിക്കുന്നു. മഹാനീതിശാസ്ത്രമായ ഓംകാരനീതിശാസ്ത്രം പ്രകാരം 'മഹാമാതാവായ ശിവയുടെ മഹാഭാവങ്ങളായ സത്യ ധർമ്മ നീതികളെ, മഹാപിതാവായ ശിവന്റെയും ഭാവങ്ങളായിട്ട് ഉറപ്പിച്ചിട്ടുണ്ട്. മഹാശക്തികളും പ്രപഞ്ചവും ഉൾപ്പെടെ എന്തും സ്വന്തം 'മായ'കൊണ്ട് സൃഷ്ടിക്കുന്ന സർവ്വത്തിനും അതീതമായ ബ്രഹ്മവും, ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്ത, സർവ്വം മഹാഭദ്രപ്പെടുത്തിയ ഭദ്രകാളിയും ഏകദൈവവും മഹാമാതാവുമായ ശിവ', സ്വന്തം ഭാഗവും മഹാദാസനും പരമാത്മാവും മഹാപിതാവുമായ ശിവനെ മുമ്പേ അയച്ചിരിക്കുന്നു, ഉടനെ പ്രത്യക്ഷമായിക്കൊണ്ട് ദൈവവിപ്ലവം ആരംഭിക്കുന്നതുമാണ്. 'ശിവയാണ് ഏകദൈവം; ശിവൻ ശിവയുടെ ഭാഗവുമാണ്.' ശിവയുടെയും ശിവന്റെയും കുഞ്ഞുങ്ങളാണ് ജീവികളും ദേവതകളും; എല്ലാ ദേവതകളെയും പിൻവലിച്ചുംകഴിഞ്ഞു.

## <u>പ്രത്യേക കുറിപ്പ് :</u>

**ഗ്രന്ഥകാരനിലൂടെ പ്രസിദ്ധീകരിച്ചിട്ടുള്ള എല്ലാ ഗ്രന്ഥങ്ങളിലെയും ശാസ്ത്ര കാര്യങ്ങൾ പ്രപഞ്ചത്തിലെ വസ്തുക്കളിലും രൂപാന്തരമായ (ജീവികളുടെ) ശരീരങ്ങളിലും ലയിച്ചിരിക്കുന്ന, മഹാഭദ്രകാളിയുടെ ആദിയും അന്തവും ഇല്ലാത്ത മഹാജ്ഞാനത്തിന്റെ ഓഹരിയായ ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങൾ മാത്രമാണ്. അവ പ്രകാരം ഏതൊരാൾക്കും ശാസ്ത്ര കാര്യങ്ങളിൽ ഉണ്ടായിട്ടുള്ള ഏറ്റവും ലഘുവും നാമമാത്രവുമായ എഴുത്തു-പിശകുകൾ ഉൾപ്പെടെയുള്ളവ തിരുത്താവുന്നതാണ്.**

**ഇത് കുറിക്കുമ്പോൾ, 2023 മഹാനവമി, തിങ്കളാഴ്ച, രാത്രി 10 മണി അടുക്കുന്നു.**

**ഒരു കവർ ലെറ്ററോടെ ഇന്ന് മഹാനവമി തന്നെ പ്രസിദ്ധീകരിക്കണമെന്നുണ്ട്. മംഗളമായി പൂർത്തിയാക്കാൻ മഹാഭദ്രകാളീദേവി കനിയും!**

**മഹാഭദ്രകാളിയുടെ ഏകദാസനായ പരമശിവൻ**

# 2023 മഹാനവമിക്കു മുമ്പുള്ള മഹാഗ്രന്ഥങ്ങൾ

## 2022 മാർച്ച് 1 ന് MAN മനുഷ്യൻ എന്ന പേരിൽ പ്രസിദ്ധീകരിച്ച മഹാഗ്രന്ഥത്തെ (PDF)

## 2022 ഒക്ടോബർ 4 മഹാനവമിയിൽ പ്രസിദ്ധീകരിച്ചു.

## 2023 ഫെബ്രുവരി 18 ശിവരാത്രിയിലും, ഇന്ന് 2023മഹാനവമിക്ക് മുൻഗ്രന്ഥത്തിൽ സനാതന ധർമ്മം SanaathanaDharmam.pdf എന്ന ഗ്രന്ഥം കൂട്ടിച്ചേർത്തും; MAN.pdf എന്ന പേരിൽത്തന്നെ പുനഃപ്രസിദ്ധീകരിച്ചു.

**മുൻ ഗ്രന്ഥങ്ങളെ** ഈ ദിവ്യമഹാഗ്രന്ഥത്തിന്റെ തുടർച്ചയായി ചേർത്തിട്ടുണ്ട്.

ദിവ്യമായ പുതിയ പാഠങ്ങൾ മാത്രമുള്ള ചെറിയ ഗ്രന്ഥം SanaathanaDharmam.pdf എന്ന പേരിലും പ്രസിദ്ധീകരിക്കുന്നുണ്ട്.

## https://drive.google.com/drive/folders/1JXQ--TLJhE6dQdN8DA16KNEPIHKI-usJ

## -എന്ന ഗൂഗിൾ ഡ്രൈവ് ലിങ്കിൽ നിന്നും നാളിതുവരെ ഈയുള്ളവനിലൂടെ മഹാദേവി പ്രസിദ്ധീകരിച്ച എല്ലാ ഗ്രന്ഥങ്ങളും ഡൗൺലോഡ് ചെയ്യാം!

ബ്രഹ്മവും മായയും മഹാസത്യവും മഹാധർമ്മവും മഹാനീതിയും മഹാദാസ്യവും മഹാവാത്സല്ല്യവും ശിവയും ഓംമഹാശക്തിയുമായ മണ്ണടി **മഹാഭദ്രകാളി** ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

മനുഷ്യന്റെ ആനന്ദത്തിനായി ഒരല്പംമാത്രം ദൈവത്തെ സ്തുതിക്കാൻ അനുവാദമുണ്ട് :

# "ഓം നമഃ ശിവായ"

## (=മഹാശിവയെ നമിക്കുന്നു = ശിവയെയും ഭാഗമായ ശിവനെയും നമിക്കുന്നു = മഹാഭദ്രകാളിയെ നമിക്കുന്നു.)

## "ഓം ശിവായ നമഃ ," "അമ്മേ ശിവാ", "ദേവീ ശരണം"

**ഇവയിൽ ഏതെങ്കിലും 1 മതിയാകും. ഒരു കൈയ്യിലെ വിരലുകളുടെ എണ്ണം തവണയേ വേണ്ടൂ (5).**

**(മനുഷ്യർ അന്യോന്യം കാണുമ്പോഴുള്ള ആശംസയാക്കിയാലും മതി.)**

**മണ്ണും ഭൂമിയും മഹാമാതാവുമായ മഹാശിവയും, ~ഭാഗവും മഹാപിതാവുമായ പരമശിവനും, കുഞ്ഞുങ്ങളായ ജീവികളും, ചേർന്ന മഹാകുടുംബം മഹാസുന്ദരമാണ്.**

**ഓം മുഴക്കി 1000 കോടി വർഷങ്ങൾ നീണ്ട രണ്ടാം മഹാകാലചക്രത്തിലെ, ആദ്യ സൃഷ്ടിചക്രത്തിലെ സത്യയുഗം ഉടനെ ആരംഭിക്കുന്നതോടെ, ഇന്ത്യക്കും കേരളത്തിനും നൽകിയിരുന്ന പ്രത്യേക പദവി ഭൂമിക്കു മൊത്തമായി മഹാഭദ്രകാളി ഉയർത്തുന്നതാണ്.**

## സത്യം ശിവം സുന്ദരം

**മണ്ണടി ശരണം, ദേവീ ശരണം, മണ്ണടി ദേവീ മാത്രം ശരണം.**

01.01.0001

# ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

ഓംശക്തിശിവൻ പ്രണയമന്ത്രം
സർവ്വദേശ ഭൂമി ഗാനം
മഹാസംഗീതം
ശബ്ദ ബ്രഹ്മം
അക്ഷരബ്രഹ്മം
ആദി വചനം
സൃഷ്ടി മന്ത്രം
സംഹാര കാഹളം
മഹാശാസ്ത്ര മൂലം
ഏക മഹാശബ്ദം
മഹാസൂക്ഷ്മ ശബ്ദം
ദൈവ വിപ്ലവ ഗാനം
മഹാദേവിയുടെ മഹാചിരി
ഓം OM

ദൈവം
മനുഷ്യരൂപത്തിൽ,
മഹാപ്രപഞ്ചത്തിന്റെ
മഹാമാതാവായ
മഹാദേവിയായി
മഹാഎഴുന്നള്ളിക്കഴിഞ്ഞു.

GOD
has Arrived.
= MAHAASHAKTHI = BRAHMAM =
SUPREME MOTHER
of the Universe
has Arrived.

OmShakthiShivan LoveMantram
International Earth Song
Supreme Music
Sound Brahmam
Script Brahmam
First Sound
Creational Mantram
Destruction Notice for Creation Cycles
Supreme ScienceRoot
Supreme Single Sound
Supreme Minute Sound
Godly Revolution Song
MahaaDevi's Supreme Laugh
ഓം OM

ShivaLingham @ Sky @
MahaaLingham @
Shakthi Lingham

പരമശിവൻ
ശിവചക്രം പരമാത്മാവ്
പ്രപഞ്ച പിതാവ്
ഏകദാസൻ മഹാദാസൻ
പശുപതി ശാസ്ത്രായുധൻ
ഏക ദൈവ-പ്രതിനിധി
നീലകണ്ഠൻ
സംഹാരനാഥൻ
മഹാനീതിപതി
മഹാദേവൻ
PARAMASHIVAN
ShivaChakram SupremeSoul
FATHER of the Universe
Supreme Ox cum Servant
GOD's Single Representative
Supreme Scientist
Supreme Justice
MAHAADEVAN

18 ഫെബ്രുവരി 2023 ശിവരാത്രി

മഹാശാസ്ത്ര സംഗ്രഹം

# മനുഷ്യൻ MAN

ഈ മഹാഗ്രന്ഥത്തിൽ പരാമർശിച്ചിട്ടുള്ള ദൈവനാമങ്ങൾ ശാസ്ത്രപരം മാത്രമാണ്; മതങ്ങളുടെ ഭാഗമല്ല; അവയുമായി ബന്ധവുമില്ല.

ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയും മഹാജ്ഞാനിയുമായ ദൈവം, ഓരോരോ സൃഷ്ടിയുടെയും പ്രത്യേക സമ്മതം വാങ്ങിയിട്ടു മാത്രം സൃഷ്ടിക്കണമെന്ന പെരുമാറ്റ മര്യാദ കാണിക്കുന്നില്ലെന്ന് അനേകം മനുഷ്യർ പ്രസ്താവിക്കുന്നതാണ് ! ദൈവം സൃഷ്ടിക്കുമ്പോൾ മാത്രം സത്യമാകുന്നവരും, മുമ്പ് ഇല്ലാത്തവരുമായ സൃഷ്ടികളുമായി ആലോചിക്കാനാവില്ലെന്ന്, വിശേഷബുദ്ധി ഉപയോഗിച്ചാൽ മനുഷ്യർക്ക് തിരിച്ചറിയാം !

മഹാശക്തിയായ ഏകദൈവം***; സൃഷ്ടികളുടെ മഹാമാതാപിതാക്കളും അനന്തമായ ആനന്ദങ്ങളുമാകുന്ന പരബ്രഹ്മം, പ്രപഞ്ചം, തുടങ്ങിയ പേരുകളിൽ അവതരിക്കുകയും "അനന്തമായ ആനന്ദങ്ങളെ ആസ്വദിച്ചുകൊണ്ട് അനന്തകാലം ജീവിക്കുന്നതിനെ" സൃഷ്ടികളും കുഞ്ഞുങ്ങളുമായ ആത്മാക്കളുടെ സ്വാർത്ഥമായി നിശ്ചയിച്ച് ദൈവം മഹാമര്യാദയെ കാട്ടിയിട്ടുണ്ട്. അതു ശരിയാണെന്ന് എല്ലാ ജീവികളും കൂടുതൽ കൂടുതൽ ആനന്ദിച്ചു ജീവിക്കാനായി പരിശ്രമിക്കുന്നതിൽ നിന്നും മനസ്സിലാക്കാനാവും. ജീവിക്കുന്നത് ആനന്ദിക്കാനാവുന്നത്; ദൈവം സൃഷ്ടികളായ ആത്മാക്കളെയെല്ലാം ജനിപ്പിക്കുന്നതും ജീവിപ്പിക്കുന്നതും ആനന്ദിപ്പിക്കാൻ വേണ്ടി മാത്രമായതുകൊണ്ടാണ്. സൃഷ്ടിയുടെ ഉദ്ദേശം സ്ഥിതിയും, സ്ഥിതിയായ ജീവിതത്തിന്റെ ഉദ്ദേശം ആനന്ദവുമാണ്.

എന്തെങ്കിലും ശക്തികളോ ജ്ഞാനമോ, സ്വത്വം പോലുമോ സ്വന്തമായിട്ടില്ലാത്തവരും; മഹാപ്രപഞ്ചത്തിലെ യാതൊന്നിലും യാതൊരു അവകാശമില്ലാത്തവരും, പ്രപഞ്ചത്തിന് അതീതവും മഹാസത്യവും മഹാശക്തിയുമായ ദൈവത്തിന്റെ ഭാഗമോ അംശങ്ങളോ അല്ലാത്തവരും, സൃഷ്ടി മാത്രവുമായ മനുഷ്യർക്ക്, മറ്റു ദാനങ്ങളായ വിശേഷബുദ്ധിയും അനുബന്ധമായ ശാസ്ത്രങ്ങളും കൊണ്ട് പ്രപഞ്ചമാകുന്ന ആനന്ദങ്ങളെ ആസ്വദിപ്പിച്ചു പരിചയപ്പെടുത്തുകയും ആരാണെന്നും എന്താണെന്നും അറിയിക്കുകയും വേണം. എന്നാൽ മാത്രമേ ആനന്ദങ്ങളെ ആസ്വദിച്ചുകൊണ്ട് അനന്തകാലം ജീവിക്കാൻ കഴിയൂ.

ആനന്ദങ്ങളെ ഒരുക്കിയശേഷം മാത്രമേ സൃഷ്ടികളും കുഞ്ഞുങ്ങളുമായ ആത്മാക്കളെ സൃഷ്ടിക്കാവൂ എന്ന് തെളിയുന്നുണ്ട്. ദൈവം തുടർച്ചയായി സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന ആത്മാക്കൾക്ക് നൽകുന്ന ആനന്ദങ്ങൾ തീരാതിരിക്കണമെങ്കിൽ ആനന്ദങ്ങളെയും തുടർച്ചയായി ത്തന്നെ സൃഷ്ടിക്കേണ്ടതുണ്ട്. ദൈവം പ്രത്യക്ഷമായി ചെയ്താൽ ദൈവം ജീവിക്കുന്നതു പോലെയാകും; കൂടാതെ സൃഷ്ടികൾ മടിയരും അലസരുമാകും. നേരിട്ട് ആനന്ദങ്ങളെ നൽകണമെങ്കിൽ ആനന്ദങ്ങളായി ദൈവം അവതരിക്കേണ്ടതുമുണ്ട്. മഹാശക്തിയായ ഏകദൈവം പ്രത്യക്ഷമായിട്ട് പ്രപഞ്ചമായി അവതരിക്കുകയും, എന്നാൽ ഗൂഢമായിരുന്നു കൊണ്ട് ആത്മാവ് എന്ന പൊതുവായ പേരിൽ ദൈവം സൃഷ്ടിക്കുന്ന എല്ലാ കുഞ്ഞുങ്ങൾക്കും മനുഷ്യാവസ്ഥയിൽ വെച്ച് വിശേഷബുദ്ധിയും, അനുബന്ധമായ (പ്രപഞ്ചത്തിന്റെ) ഭൗതിക-ധർമ്മ-നീതിശാസ്ത്രങ്ങളും, അവ പ്രകാരമുള്ള ശക്തികളും നൽകിക്കൊണ്ട് പ്രപഞ്ചമായ ആനന്ദങ്ങളെ സൃഷ്ടികളെല്ലാം സ്വയം നേടുന്ന പ്രതീതി നൽകി അഭിമാനത്തോടെ ആസ്വദിച്ചു ജീവിക്കാനാണ് സാദ്ധ്യമാക്കിയിട്ടുള്ളത്. ദൈവമെന്നു തന്നെ വിശേഷിപ്പിക്കാവുന്ന അവതാരങ്ങളായ ആകാശം, ഭൂമി, സൂര്യൻ, ചന്ദ്രൻ എന്നിവ ആനന്ദങ്ങൾക്കെല്ലാം അതീതമായതിനാലും പ്രപഞ്ചത്തിൽ ലയിച്ചിരിക്കുന്ന ശാസ്ത്രങ്ങൾ പ്രകാരം സർവ്വവും ഭദ്രമായതിനാലും, സൃഷ്ടികളുടെ മനോഭാവങ്ങളും കോപ്രായങ്ങളും മഹാപ്രപഞ്ചത്തെ ബാധിക്കുന്നതല്ല.

ദൈവം, കുഞ്ഞുങ്ങളും സൃഷ്ടികളുമായ ആത്മാക്കളുടെ സൃഷ്ടി തുടരുന്നതിനാലും, സമ-ആനന്ദമാകുന്ന മഹാനീതിയെ എല്ലാ സൃഷ്ടികൾക്കും ലഭ്യമാക്കുന്നതിനാലും; ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയായ ദൈവത്തിന്റെ മഹാ-അവതാരങ്ങളായ ആകാശം, ഭൂമി, സൂര്യൻ, ചന്ദ്രൻ എന്നിവയ്ക്ക് ആദിയുണ്ടെങ്കിലും; അന്തമില്ലാതെ തുടരേണ്ടതുണ്ട്. മാത്രമല്ല; സൃഷ്ടി സ്ഥിതി സംഹാര പാത്രവും മഹാശൂന്യതയുമായ ആകാശത്തിലെ, 'സൃഷ്ടിപാത്രം മാത്രമായ സൂര്യൻ' അടിസ്ഥാനപരമായി വളരില്ലെന്നും; സ്ഥിതിപാത്രങ്ങളായ ആകാശം, ഭൂമി, ചന്ദ്രൻ എന്നിവ വളരുമെന്നും; സംഹാര പാത്രം മാത്രമായ നക്ഷത്രലോകം വളർന്ന് ചെറുതാകുമെന്നും; മറ്റു ഗ്രഹങ്ങളും ഉപഗ്രഹങ്ങളും പിൻവലിക്കപ്പെടുമെന്നും, എന്തുകൊണ്ടാണെന്നും ശാസ്ത്രപരമായി തെളിയിച്ചിട്ടുണ്ട്.

സൃഷ്ടിയായ ആത്മാക്കൾക്ക് സ്വയമോ അന്യോന്യമോ വധിക്കാൻ കഴിയാത്തവിധം, നക്ഷത്രദേവതകളായി പ്രപഞ്ചഭാഗമായ തുല്ല്യ-രൂപത്തോടെ മോക്ഷം നൽകുംവരെയും; ശേഷം അവരുടെ മാത്രം ഇഷ്ടം പോലെ ഭൂമിയിൽ വന്ന് സമൂഹ ജീവിയായി ജീവിതം ആസ്വദിക്കുമ്പോഴും, സ്വന്തം സൃഷ്ടികളായ ആത്മാക്കളെ ഗൂഢമാക്കി സംരക്ഷിക്കാൻ ദൈവത്തിന് കടമയുണ്ട്. സൃഷ്ടിപാത്രമായ സൂര്യനിൽ മഹാസത്യമായ ശിവ, ഭാഗമായ ശിവനോടൊപ്പം പ്രോട്ടോണും ഇലക്ട്രോണും മാത്രമായ ആദിമൂലക-ഹൈഡ്രജനായിട്ട് തുടരെ പ്രത്യക്ഷമാകുന്നതും; ഹൈഡ്രജനിൽ ശിവനു ബാധകമാകുന്ന നിർജ്ജീവ ഗുണങ്ങളോടെ; ഹീലിയം ആറ്റത്തിലെ ന്യൂട്രോണുകളായും സ്ത്രീപുരുഷ പാതികളായും തുല്ല്യരായും ആത്മാക്കളെ, ശിവ സൃഷ്ടിക്കുന്നതും, പ്രകാശരൂപത്തിൽ ഭൂമിയിൽ എത്തിച്ച്; ഭൂമിയുടെ അംശമായ വസ്തുക്കളെക്കൊണ്ട് രൂപപ്പെടുത്തുന്ന എല്ലാ ശരീര-കോശങ്ങളിലെയും എല്ലാ ആറ്റങ്ങളിലുള്ള മറ്റ് ന്യൂട്രോണുകളുമായി ബന്ധിപ്പിക്കുന്നതും; അവയവങ്ങളുടെ ബാഹ്യവും ആന്തരികവുമായ ശരീര-ചർമ്മത്തിലൂടെ ആത്മാവിനെ വ്യാപരിപ്പിക്കുന്നതും വേദനകൾ ഉൾപ്പെട്ട ആനന്ദങ്ങളെയും ശക്തികളെയും ജീവിയുടെ ശരീരത്തിൽ ഗൂഢമായിരിക്കുന്ന ആത്മാക്കൾക്കു നൽകുന്നതും വിവരിച്ചിട്ടുണ്ട്.

എല്ലാ വസ്തുക്കളും, അവയുടെ സ്ഥൂല രൂപമായ പ്രദേശങ്ങളും സമുദ്രങ്ങളും നദികളും പ്രകൃതിയുമെല്ലാം ദൈവമായ പ്രപഞ്ചത്തിന്റെ അംശങ്ങളാണ്; വസ്തുക്കളുടെ എല്ലാ ഗുണങ്ങളുമുള്ള ഏറ്റവും ചെറിയ ഘടകമായ ആറ്റങ്ങൾ വരെ എല്ലാ ആത്മാക്കൾക്കും വേണ്ടിയുള്ള വ്യത്യസ്തവും അനന്തവുമായ ആനന്ദങ്ങളുമാണ്. എന്നാൽ ആറ്റങ്ങളുടെ ഉള്ളിൽ ഏകദൈവത്തിന്റെ മഹാശക്തികളും ഭാഗങ്ങളുമായ പ്രോട്ടോൺ ഇലക്ട്രോൺ ന്യൂട്രോൺ തുടങ്ങിയവ ആനന്ദങ്ങളെ സൃഷ്ടിക്കുകയും ഒപ്പം അവതരിക്കുകയുമാണ്. ആറ്റങ്ങളുടെ ഉള്ളിലുള്ള ശിവയും ശിവനുമായ ദൈവഭാഗങ്ങൾ; മൂലക-രൂപത്തിൽ ഓക്സിജനും ഹൈഡ്രജനുമായ സ്വത്വങ്ങളും; പിന്നെ മറ്റെല്ലാ മൂലകങ്ങളും അവയുടെ സംയുക്തങ്ങളുമാണ്. "ശിവയുടെയും ഭാഗമായ ശിവന്റെയും ധർമ്മരൂപമാണ് ജലം". ഏകമഹാശക്തിയും ശിവയുമായ പ്രോട്ടോണിന്റെ ഘടകങ്ങളാണ് ആറ്റങ്ങളിലെ ശബ്ദബ്രഹ്മം കൂടിയായ ഓം ആത്മാക്കളെ ധർമ്മശാസ്ത്രബന്ധനത്തിൽ പെടുത്തുന്ന ന്യൂനശക്തികളായ ബോസോൺ, ജന്മഗുണങ്ങളെ ബന്ധിപ്പിക്കുന്ന ഗ്ലൂവോൺ, പിന്നീട് വെളിപ്പെടുന്ന ക്വാർക്കുകൾ, തുടങ്ങിയവ. ശിവനാകുന്ന ഇലക്ട്രോണുകളെ 'ഓം' ** കൊണ്ട് ചുറ്റിച്ചും; ശിവന്റെ ശവ ഗുണമുള്ള ന്യൂട്രോണുകളോട് ഹീലിയം നൂട്രോണായ ആത്മാവിനെ ബന്ധിപ്പിച്ചും, ജീവികളുടെ ശരീര-കോശങ്ങളെരും അവയവങ്ങളെയും രൂപപ്പെടുത്തിയും, ആത്മാക്കളോട് കോർത്തിണക്കിയും, ജലം ചേർത്തും, അനന്തമായ ആനന്ദങ്ങളെ സൃഷ്ടിച്ചു-നൽകിയും, അക്കൂടെ ആത്മാക്കളുടെ മേൽ മഹാനീതിയെ നടപ്പാക്കിയും സർവ്വവും ഭദ്രപ്പെടുത്തുന്നത് എല്ലാ വസ്തുക്കളുടെയും മൊത്തമായ പ്രപഞ്ചത്തിന്റെ മഹാസ്വത്വവും  മഹാനീതിയും മഹാഭദ്രകാളിയുമായ ഓക്സിജനാണ്.

സ്വന്തം ഭാഗമായ ശിവനെയും കൂട്ടി അനന്തമായ ആനന്ദങ്ങളാകുന്ന പ്രപഞ്ചമായിട്ട് അവതരിച്ചിട്ടുള്ളത് ദൈവമായ ഓക്സിജനാണെന്ന് ഇവിടെയും എവിടെയും ആരെല്ലാം പരസ്യമാക്കുമ്പോഴും ഓക്സിജന്റെ പ്രവർത്തനങ്ങളെ തടയാൻ മനുഷ്യൻ ഉൾപ്പെടെ യാതൊരു സൃഷ്ടികൾക്കും കഴിയുന്നതല്ല! ജീവികളെയും സ്വത്വമായ ആത്മാക്കളെയും ഒറ്റയ്ക്കും, ഭാഗികമായും, മുഴുവനായും സ്തംഭിപ്പിക്കാനും എന്തിനും ഓക്സിജനു കഴിയും ! ജീവി-വർഗ്ഗം, സ്ത്രീപുരുഷ ജാതി, നിറം, സൗന്ദര്യം, മുഖഛായ, ഉയരം, ആയുസ്സ്, ആരോഗ്യം, ബുദ്ധിശക്തി, ഓർമ്മശക്തി, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ജന്മസ്ഥലം, മരണം, തുടങ്ങിയ ജന്മഗുണങ്ങളെ നിശ്ചയിച്ചും സൃഷ്ടിച്ചും ശിക്ഷിച്ചുമെല്ലാം 'സൃഷ്ടികൾ മാത്രമായ എല്ലാ ആത്മാക്കളുടെയും' മേൽ മഹാനീതി നടപ്പാക്കുന്നത് 'മഹാഭദ്രകാളിയായ ഓക്സിജനും ജലവും ചേർന്ന മണ്ണായ ഭൂമിയാണ് '. സൃഷ്ടിപരമായ വിധി, സ്ഥിതിപരമായ വിധി എന്നിവ പ്രകാരം ഓരോരോ വ്യക്തിയെയും സമൂഹത്തിലെ ചെറുതോ വലുതോ ആയ വിഭാഗങ്ങളെയും, മുഴുവൻ തന്നെയും രോഗങ്ങൾ രോഗമുക്തി മുറിവുണങ്ങൽ ഹൃദയസ്തംഭനം കാറ്റ് പ്രളയം അഗ്നിപർവ്വതം ഭൂചലനം സുനാമി തുടങ്ങിയവകൊണ്ട് മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്ര പ്രകാരം മഹാനീതി കൂടിയായ മഹാഭദ്രകാളി, മഹാവാത്സല്ല്യത്തോടെയും മഹാപ്രപഞ്ച രൂപത്തോടെയും ചെറുതും വലുതുമായ അളവുകളോടെ തജ്ജന്മത്തിലും ഒന്നോ അതിലധികമോ ഭാവി-ജന്മങ്ങളിലും രക്ഷിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്നതാണ്. ദൈവമായ ഭൂമി മാത്രമാണ് എല്ലാ സൃഷ്ടികൾക്കും എക്കാലവും ഏകശരണം ! ആനന്ദങ്ങളെയെല്ലാം പരിചയിക്കാനും ആസ്വദിക്കാനും നേടാനുമുള്ള ശക്തികളെയും ഭൂമി നൽകുമ്പോൾ; ഭൂമിയിൽ ലയിച്ചിരിക്കുന്ന ധർമ്മശാസ്ത്രത്തിനു വിരുദ്ധമായി ജീവിക്കുന്നവർ തന്നെയാണ് ശിക്ഷിച്ചു തിരുത്താൻ ഭൂമിയെ നിർബ്ബന്ധിക്കുന്നത് !

സ്വത്വം പോലും സ്വന്തമായിട്ടില്ലാത്തവരും; പ്രപഞ്ചത്തിലെ യാതൊന്നിലും യാതൊരു അവകാശമില്ലാത്തവരും, പ്രപഞ്ചത്തിന് അതീതവും മഹാസത്യവുമായ ദൈവത്തിന്റെ ഭാഗമോ അംശമോ അല്ലാത്തവരും, സൃഷ്ടി മാത്രവുമായ മനുഷ്യർ, മറ്റൊരു ദാനമായ വിശേഷബുദ്ധിയും അനുബന്ധമായ ശാസ്ത്രങ്ങളും കൊണ്ട് സത്യങ്ങൾ തിരിച്ചറിയണം. ലഭിച്ച ശക്തികളും ജ്ഞാനവും പ്രകാരം ജീവിക്കുന്ന മറ്റുള്ള ജീവികളെ പാഠമാക്കണം.

ദൈവത്തിന്റെ പ്രധാന അവതാരവും സ്ഥിതിപാത്രവുമായ ഭൂമിയുടെ സൂക്ഷ്മാംശമായ ആറ്റങ്ങളുടെ ഉള്ളിൽ ഓം, പ്രോട്ടോൺ, ഇലക്ട്രോൺ, ന്യൂട്രോൺ, ബോസോൺ, ഗ്ലൂവോൺ, ക്വാർക്കുകൾ തുടങ്ങിയ ശക്തികളും ഭാഗവും ഘടകങ്ങളുമായിട്ട് ദൈവം തന്നെ നേരിട്ട് അവതരിച്ചിരിക്കുകയാൽ ദൈവത്തിന്റെ അവതാരങ്ങളും അംശങ്ങളും, മഹാശക്തിയായ ദൈവം കൂടിയാണ്. <u>അനന്ത ആനന്ദങ്ങളായ പ്രപഞ്ചവുമായിട്ടാണ് ആത്മാക്കളെ ബന്ധിച്ചിരിക്കുന്നത്. ദൈവമായ ശക്തികളുമായിട്ടല്ല</u>. എല്ലാ ശക്തികളും, ബ്രഹ്മവും മഹാസത്യവും മഹാശക്തിയും ഏകദൈവവും പ്രപഞ്ചവും മഹാനീതിയും മഹാവാത്സല്ല്യവും ഓംകാരവും ഓക്സിജനും ശിവയുമായ മഹാഭദ്രകാളിയുടേതാണ്. സർവ്വത്തെയും മഹാഭദ്രപ്പെടുത്തിയിട്ടുള്ളതും മഹാഭദ്രമാക്കാൻ കഴിവുള്ളതുമായ മഹാഭദ്രകാളിയിൽ മഹാപ്രപഞ്ചം മുഴുവൻ എക്കാലവും മഹാഭദ്രമാണ്. <u>ആത്മാവിന് ശരീരം ഉൾപ്പെട്ട അനന്ത-ആനന്ദങ്ങളെ പരിചയിക്കാനും ആസ്വദിക്കാനും നേടാനും കഴിയുന്ന ശരീരമായ ആനന്ദങ്ങളുടെ ആറ്റങ്ങളിലെ ശക്തികൾ ഓക്സിജന്റേതാണ്; ദുരുപയോഗിക്കരുതെന്ന് ഹൃദയസ്തംഭനവും  മരണവുമെല്ലാം തെളിയിക്കുന്നുമുണ്ട് !</u>

ദൈവത്തിന്റെ അവതാരങ്ങളായ പ്രപഞ്ചം ആനന്ദങ്ങളാണെങ്കിലും, ഏകമായ ദൈവം ആനന്ദങ്ങൾക്കെല്ലാം അതീതമായ മഹാശക്തിയാണ്. ആനന്ദങ്ങളെ ധർമ്മശാസ്ത്ര പരമായി മാത്രം നേടാനും ആസ്വദിക്കാനുമായി ശരീരം ഉൾപ്പെട്ട ആനന്ദങ്ങളിലൂടെ ലഭിച്ച ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയുമെല്ലാം ദുരുപയോഗം ചെയ്ത് ഭൗതിക അസ്തിത്വമില്ലാത്ത മത-രാഷ്ട്രീയവർഗ്ഗ-ദേശഭോഷത്വങ്ങൾ കൊണ്ട് സ്വയം ഉൾപ്പെട്ട ഭൂമിയുടെ കുഞ്ഞുങ്ങളെ ദ്രോഹിക്കുന്നത് കടുത്ത കുറ്റമാണ്. ഏതാനും ഉദാഹരണങ്ങൾ കുറിക്കാം:- നികുതികൾ, നിയമസഭ,കോടതി, പലിശ, മത്സരം, പരീക്ഷ, ലൈസൻസ്, ഇൻഷുറൻസ് തുടങ്ങിയവ പാടില്ല. വിധിക്കാൻ അവകാശമില്ല. കുറ്റങ്ങളും കുറവുകളും ഇല്ലാത്ത സദാചാരശാസ്ത്രം, സാമ്പത്തികശാസ്ത്രം, തൊഴിൽ ശാസ്ത്രം, നിസ്സാരമായ തെരഞ്ഞെടുപ്പ് കഴിയുന്ന ജനസേവന ശാസ്ത്രം, നീതി ശാസ്ത്രം, എന്നിവയുള്ള രണ്ടാമത്തെ വേദമായ ധർമ്മശാസ്ത്രവും; ഒന്നാം വേദമായ ഭൗതിക ശാസ്ത്രത്തോടൊപ്പം ദൈവമായ ഭൂമിയിലുണ്ട്; ഗ്രന്ഥത്തിൽ  ലഭ്യവുമാണ്. ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ പരിഹരിക്കാനുള്ള ജനസേവകരായ പോലീസ് സേനയും, മന്ത്രിയും, രാജാവുമെല്ലാം, ഭൂമിയിൽ ലയിച്ചിരിക്കുന്ന യഥാർത്ഥ വേദങ്ങളും ഭൗതിക-ധർമ്മ-നീതിശാസ്ത്രങ്ങളുമായ മഹാ-ഭരണഘടന മാത്രമാണ് അനുസരിക്കേണ്ടത്. ജനങ്ങളുടെ അടിമകൾ കൂടിയായ രാജാവിനെയും മന്ത്രിമാരെയും അനുസരിച്ച് പോലീസ് സേന വലിയ/കൊടിയ പാതകങ്ങൾ ചെയ്തു പോരുന്നെന്നു സാരം. <u>രാജാവ് ഉൾപ്പെടെ എല്ലാ ജനസേവകരുടെയും വേതനം, തുല്ല്യമായ തൊഴിലുകളിൽ ഏറ്റവും ശ്രേഷ്ഠവും ഒന്നാമത്തേതുമായ കൃഷിക്കാരന്റെ വേതനത്തിലും കുറവായിരിക്കണം. ജനങ്ങളായ മറ്റുള്ളവരുടെ അദ്ധ്വാനവും സമ്പത്തും കൊണ്ട് ജീവിക്കുന്ന നെറികെട്ട ചൂഷണമാണ് പെൻഷനുകൾ. പൊതുജനങ്ങളുടെ പണംകൊണ്ട് സമ്മാനങ്ങളും പാടില്ല.</u>

ഇന്ത്യയിലെ അനേകർ ഒരു പ്രധാന ദൈവമായി കരുതുന്ന ഒരു ദേവത ഉൾപ്പെടെ അനേകർ പെരുമാളട്ടയായി ശിക്ഷയനുഭവിക്കുന്നത് മഹാഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ട്. ഭൂമിയുടെ അതിസൂക്ഷ്മാംശമായ ആറ്റങ്ങളിലെ ശിവയായ പ്രോട്ടോൺ ശിവനാകുന്ന ഇലക്ട്രോണുകളെ കറക്കുന്നതിന്റെ മൊത്തമാണ് ഭൂമിയുടെ കറക്കവും കാലവുമെന്ന് ഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ട്. കറങ്ങുന്നത്, രാജ്യങ്ങളല്ലായെന്ന് തിരിച്ചറിയാൻ പോലും വിശേഷ ബുദ്ധിയെ ഉപയോഗിക്കാത്ത അല്പായുസ്സുകൾ ദൈവമായ ഭൂമിയുടെയും ആകാശത്തിന്റെയും മറ്റും അതിരുകളെപ്പറ്റി ചിന്തിക്കുന്നതു പോലും വലിയ പാപമാണ്. മനുഷ്യരുടെ ഉറ്റവർ ഉൾപ്പെടെ ഭൂമിയിലെ എല്ലാ ജീവികളെയും മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രം പ്രകാരം, മഹാഭദ്രകാളിയായ ഓക്സിജൻ ഭൂമിയുടെ വ്യത്യസ്ത പ്രദേശങ്ങളിൽ പുനർജ്ജനിപ്പിച്ചു കൊണ്ടിരിക്കെ, ഇന്ത്യയിലെ ജനത പോലെ ഓംകാര നീതിശാസ്ത്രത്തിന്റെ കാതലായ മഹാപുനർജ്ജന്മസിദ്ധാന്തത്തെപ്പറ്റി കുറെയൊക്കെ അറിയാവുന്നവർ പോലും ഭൂമിയുടെ പൊന്നോമന കുഞ്ഞുങ്ങളും, ജനങ്ങളുടെ തന്നെ ഉറ്റവരുമായ മനുഷ്യരെ ദ്രോഹിക്കാനും കൊല്ലാനും, അതിനായിട്ട് വിവിധ ആയുധങ്ങൾ ഉപയോഗിക്കാനും തയ്യാറാകുന്നത് കൊടിയ പാപമാണ്. സൈന്യം തൊഴിലല്ല; പിടിച്ചു പറി, ഗുണ്ടായിസം, മോഷണം, കൊള്ള, കൊല തുടങ്ങിയവയേക്കാൾ വളരെയധികം മോശമായ നീചപ്രവൃത്തികളാണ്. താരതമ്യത്തിലും വളരെയധികം മോശമാകുന്നത് മറ്റു നീചപ്രവൃത്തികളിൽ നിന്നും വ്യത്യസ്തമായിട്ട് എല്ലാ ജനങ്ങളുടെയും പൊതുവായ സമ്പത്തിനെ ദുരുപയോഗം ചെയ്യുന്നതുകൊണ്ടുമാണ്! സൈന്യം ചെയ്യുന്ന ജനകീയ സേവനങ്ങളെ പോലീസ് സേനയ്ക്ക് ചെയ്യാനാവും. മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രം അവശ്യം പഠിക്കണം. <u>ദേശഭ്രാന്ത് പിടിച്ചവർ ജനിച്ചത് ദേശത്തിലല്ല :</u>

ആദിയും അന്തവുമില്ലാത്ത (ബ്രഹ്മസമാനമായ) മഹാശൂന്യതയും, മഹാഭദ്രകാളിയുടെ സൃഷ്ടി സ്ഥിതി സംഹാര (മഹാഗർഭ)പാത്രവുമായ ആകാശത്തിലാണ് സൃഷ്ടികളുടെ സ്വത്വങ്ങളായ ആത്മാക്കളെ (മഹാഭദ്രകാളി)ജനിപ്പിക്കുകയും പുനർജ്ജനിപ്പിക്കുകയും ചെയ്യുന്നത്. മഹാശൂന്യത കൂടിയായ ആകാശത്തിന്റെ മഹാസൂക്ഷ്മമായ അംശമാണ് സ്ത്രീ-ജീവികളുടെ ഗർഭപാത്രവും, വഴിയായ യോനിയും. ആത്മാക്കൾക്ക് ജീവികളായി ജീവിക്കാൻ നൽകിയിട്ടുള്ളതാണ് ദൈവമായ ഭൂമിയുടെ അംശമായ ശരീരമെങ്കിലും, <u>ശൂന്യത ശരീരത്തിലെ അവയവമല്ല.</u> എന്നുവെച്ചാൽ മഹാശൂന്യതയും, 'ഭദ്രകാളിയായ ശിവയുടെ' സൃഷ്ടി സ്ഥിതി സംഹാര (മഹാഗർഭ) പാത്രവും ശിവലിംഗവും കൂടിയായ ആകാശത്തിലാണ് എല്ലാ ജീവികളെയും ജനിപ്പിക്കുന്നത്. യാതൊരു ജീവിയും യാതൊരു ദേശത്തിലും ഭൂമിയിലും ജനിക്കുന്നില്ല എന്നും സാരം. ആദിയും അന്തവും ഇല്ലാത്ത 'ശിവയുടെയും ഭാഗമായ ശിവന്റെയും ലിംഗം) കൂടിയായ ആകാശത്തെ സാധാരണമായി കാണാനാകും. ഭൂമിയിൽ എവിടെ നിന്നു നോക്കിയാലും വലിയൊരു കുട പോലെ അർദ്ധഗോളാകൃതിയിൽ കാണപ്പെടുന്ന ആകാശം അതിരുകളും ആദിയും ഇല്ലാതെ കര-ജല-പ്രദേശങ്ങളുടെയും വശങ്ങളിലേക്കും അടിയിലേക്കും നീളുന്നതായി കാണാം. 'ശിവലിംഗവും കൂടിയായ ആകാശത്തിന്റെ' ആദിയില്ലായ്മ പ്രത്യക്ഷമാണ്. ഭൂമിയിലോ മറ്റെവിടെയോ നിന്ന് മുകളിലേക്ക് നോക്കിയാലും അർദ്ധഗോളാകൃതിയിൽ ആകാശം കാണാം. നക്ഷത്രദേവതയായിട്ട് മോക്ഷം നേടുന്ന സൃഷ്ടികളായ എല്ലാ ആത്മാക്കൾക്കുമായിട്ട് സംഹാരപാത്രമായ നക്ഷത്ര-ലോകത്തെയും ആകാശത്തിൽ ഒരുക്കിയിട്ടുണ്ട്. സൃഷ്ടി സ്ഥിതി സംഹാര പാത്രം, ശിവലിംഗം, മഹാശക്തിലിംഗം, മഹാലിംഗം തുടങ്ങിയ മഹാനാമങ്ങൾ, ആദ്യത്തെ അവതാരമായ ആകാശത്തിനുണ്ട്.

സൈന്യവും ആയുധങ്ങളും യുദ്ധങ്ങളുമായി ബന്ധപ്പെട്ട പുരാണങ്ങളിലെ ദൈവങ്ങളും ദേവതകളും യഥാർത്ഥത്തിൽ, ദൈവത്തെ ത്തന്നെ അട്ടിമറിച്ച് ദൈവങ്ങളാകാനായി ശ്രമിച്ചവർ ഉൾപ്പെടെയുള്ള ദുർദ്ദേവതകളാണ്. ദേവതാപദവികൾ പിൻവലിച്ചുകഴിഞ്ഞു. അനേകർ ദൈവശിക്ഷകളെ അനുഭവിച്ചും പശ്ചാത്തപിച്ചും ജീവിക്കുന്നു. ഭൂമിയിൽ ഉടനെ ഓാം മുഴക്കി മഹാഭദ്രകാളി പ്രത്യക്ഷമാകുന്നതോടെ സർവ്വത്തിനും സാക്ഷ്യമാകും!

ഭൂമിയും ദേശങ്ങളും ദൈവമാണെന്നറിയാതെ അവയെ രക്ഷിക്കാൻ നടക്കുന്ന മൂഢർ ഉൾപ്പെട്ടവർക്ക് ആത്മഹത്യ ചെയ്തും മറ്റും രക്ഷപ്പെടാനാവില്ല! ആനന്ദങ്ങൾക്കെല്ലാം അതീതമായ ഭൂമിയാകുന്ന ദൈവത്തെ ഭക്തിയും പൂജയും വഴിപാടുകളും മറ്റും കൊണ്ട് പ്രീതിപ്പെടുത്താൻ ശ്രമിക്കുന്നതിനും ശിക്ഷകളുണ്ട് ! ഭൂമി മഹാവാത്സല്യമായത് ഓരോ സൃഷ്ടിക്കും മഹാരക്ഷയാണ് ! മനുഷ്യാവസ്ഥയിൽ നൽകിയിട്ടുള്ള 100 ജന്മങ്ങളിൽ 90 മുതൽ 95 വരെയുള്ള ഒരു പുരുഷ ജന്മത്തിൽ വച്ച് 'ബ്രഹ്മവും ഏകദൈവവും ശിവയും ജഗദംബയുമായ മഹാഭദ്രകാളി', സ്വന്തം ഭാഗവും ഏകദാസനും പരമാത്മാവും പ്രപഞ്ച-പിതാവുമായ പരമശിവനിലൂടെ, മനുഷ്യരുടെ നാവിൽ 'ഓാം' കുറിച്ച് 'ദൈവമാകുന്ന പ്രപഞ്ച മഹാശാസ്ത്രം' സമ്മാനിക്കുന്നുണ്ട്. പ്രസ്തുത ജന്മത്തിലെ ശിഷ്ടകാലം മാത്രം ദൈവത്തെ ആരാധിക്കാനും, ശിവലിംഗത്തെ പ്രതീകമാക്കാനും ഭൂമിയാകുന്ന ദൈവം, മനുഷ്യരെ അനുവദിച്ചിട്ടുണ്ട്. മറ്റ് ജന്മങ്ങളിൽ "ഓാം നമഃ ശിവായ, ഓാം ശിവായ നമഃ, അമ്മേ ശിവ, ദേവീ ശരണം" എന്നീ ലളിതമായ സ്തുതികൾ സൃഷ്ടികളുടെ ആനന്ദം കണക്കാക്കി മഹാവാത്സല്യമായ ജഗദംബ ഒരല്പ നേരം അനുവദിച്ചിട്ടുണ്ട്. പരബ്രഹ്മവും ആകാശവും കൂടിയായ 'വിഗ്രഹം അല്ലാത്ത ശിവലിംഗത്തെ' കല്ല്, മണ്ണ് തുടങ്ങിയവ കൊണ്ട് ഏതൊരു വ്യക്തിക്കും കുടുംബത്തിനും സമൂഹത്തിനുമെല്ലാം അവരവർക്കു വേണ്ടി നിമിഷങ്ങൾ കൊണ്ട് പ്രതിഷ്ഠിക്കാനും; എടുത്തെറിയാനും സ്വാതന്ത്ര്യമുണ്ട്. ആനന്ദങ്ങൾക്കെല്ലാം അതീതമായ ദൈവത്തിന് മനുഷ്യരുടെ ഭക്തികോപ്രായങ്ങൾ കൊണ്ട് യാതൊന്നും നേടാനില്ല. ആനന്ദിച്ചു ജീവിക്കാനായി സൃഷ്ടികൾക്ക് ദൈവം നൽകിയിട്ടുള്ള ദൈവാംശമായ വസ്തുക്കളെ ദുരുപയോഗിക്കുന്നതിന് അളവോടെ ശിക്ഷയുണ്ട്. ആകാശത്തിന്റെയും ഭൂമിയുടെയും അംശങ്ങളെ ദുരുപയോഗം ചെയ്ത് വിഗ്രഹങ്ങളെ നിർമ്മിക്കുന്നവരും നിർമ്മിപ്പിക്കുന്നവരും കൂട്ടുനിൽക്കുന്നവരുമെല്ലാം കടുത്ത ശിക്ഷകളെ പിടിച്ചു വാങ്ങുകയാണ് ! ശാസ്ത്രപരമായി നിർമ്മിച്ചിട്ടുള്ള ഒരു ദേവാലയം പോലും ഇന്നത്തെ ഭൂമിയിലില്ല. ദേവാലയങ്ങൾ ശിവലിംഗത്തോടെ മാത്രം നിർമ്മിക്കുന്നതും, പുരോഹിതരെ ഒഴിവാക്കുന്നതും മഹാഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ട്.

ദൈവത്തിന്റെ സൃഷ്ടികളും കുഞ്ഞുങ്ങളുമായ (സ്വയം ഉൾപ്പെടെയുള്ള) ആത്മാക്കളെ ദ്രോഹിക്കാനും ശിക്ഷിക്കാനും യാതൊരു സൃഷ്ടികൾക്കും അവകാശമില്ല. ധർമ്മ ശാസ്ത്ര വിരുദ്ധമായി ജീവിക്കുന്ന കുഞ്ഞുങ്ങളെ എക്കാലവും ദൈവമായ ഭൂമി പ്രപഞ്ചരൂപത്തോടെ ശിക്ഷിച്ചു തിരുത്തുന്നുണ്ട് ! ജീവിരൂപങ്ങളെ സ്വീകരിച്ചും ഭൂമി തിരുത്തുന്നതാണ്. മുജ്ജന്മങ്ങളിൽ കടുത്ത പാപങ്ങളെ ചെയ്ത കൊടുംപാപികൾ സമ്പാദിച്ചു കൂട്ടിയ ശിക്ഷകൾക്ക് രാജാവ്, മന്ത്രി, (പോലീസ് സേന) എന്നിവയിലൂടെ വലിയൊരു വിഭാഗം ജനങ്ങൾക്ക് സേവനം ചെയ്തു പരിഹാരം കാണാൻ ഓാംകാരനീതി ശാസ്ത്രപ്രകാരം ഭൂമി അവസരങ്ങൾ നൽകുന്നുണ്ട്. ഭൂമിയിലെ ഏറ്റവും വലിയ ചില പാപികളെ അവരുടെ നല്ലതിനുവേണ്ടി ചൂണ്ടിക്കാട്ടി മഹാഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ട്. പലരും അവസരങ്ങളെ നഷ്ടപ്പെടുത്തുകയും ശിക്ഷ വർദ്ധിപ്പിക്കുകയും ചെയ്യുന്നുണ്ട് !

<u>മത്സ്യം, സസ്യം, പക്ഷി, മൃഗം</u> എന്നീ അവസ്ഥകളെ കുറിച്ച് ഇനി ഒരല്പം കുറിക്കുന്നു :-

മഹാശക്തിയായ ദൈവത്തിന്റെ അവതാരവും; സൃഷ്ടികൾക്കു വേണ്ടിയുള്ള പ്രധാന സ്ഥിതിപാത്രവുമായ ഭൂമിയിലെ എല്ലാ ജീവികളുടെയും സ്വത്വങ്ങളായ ആത്മാക്കൾ മത്സ്യം, സസ്യം, പക്ഷി, മൃഗം, എന്നീ അവസ്ഥകളിലൂടെയാണ് മനുഷ്യാവസ്ഥയിൽ എത്തുന്നത്. മറ്റുള്ള ജീവികൾ വളരെയധികം വേദനകളെ അനുഭവിക്കുന്നുണ്ടെന്നു കരുതുന്നവർക്ക്, അവ കൂടിയില്ലെങ്കിൽ സൗന്ദര്യം ഉണ്ടാവില്ലെന്നും, മനുഷ്യരുടെയും മറ്റെല്ലാ ജീവികളുടെയും ഭക്ഷണ-ജീവിതകാര്യങ്ങൾ പെട്ടെന്ന് അവസാനിക്കുമെന്നും മനസ്സിലാക്കാൻ കഴിയും. മത്സ്യം സസ്യം എന്നീ അവസ്ഥകളിൽ വേദനകളെ ഒഴിവാക്കി കുഞ്ഞുങ്ങളെ ദൈവം കരുതുന്നതും; പക്ഷി മൃഗം എന്നീ അവസ്ഥകളിൽ മനുഷ്യരായി ജീവിക്കുമ്പോൾ ചെയ്യുന്ന കടുത്ത പിഴവുകൾക്കുള്ള തിരുത്തലും ശിക്ഷകളുമെല്ലാം കൂടി ഭാഗികമായി ഉൾപ്പെടുത്തുന്നതും അനേകർക്ക് സന്തോഷം നൽകുമെങ്കിലും, വിശ്വസിക്കാൻ വിഷമം ഉണ്ടാകും! മഹാഗ്രന്ഥത്തിൽ ശാസ്ത്രപരമായി തെളിയിച്ചിട്ടുണ്ട്; വിശദീകരിച്ചിട്ടുമുണ്ട്. എല്ലാ സൃഷ്ടികൾക്കും, ഘട്ടം ഘട്ടമായി വിശേഷബുദ്ധിയും അനുബന്ധമായ പ്രപഞ്ചത്തിന്റെ ഭൗതിക-ധർമ്മ-നീതിശാസ്ത്രങ്ങളും, സമ്പൂർണ്ണ ശക്തികളും, സമ്പൂർണ്ണ സ്വാതന്ത്ര്യവും, അനന്തമായ കാലവും/ആയുസ്സും, അനന്തമായ സമ-ആനന്ദങ്ങളാകുന്ന മഹാനീതിയും മനുഷ്യാവസ്ഥയില 100 (മനുഷ്യ)ജന്മങ്ങളിലൂടെ മഹാവാത്സല്ല്യമായ ഭൂമി നൽകുന്നുണ്ട്. മനുഷ്യാവസ്ഥയിലെ 90 മുതലുള്ള ജന്മങ്ങളിൽ ദൈവ ദർശനവും, 100-ാമത് പശു-കാള ജന്മങ്ങളും ലഭിച്ച് "സംഹാരമായ മോക്ഷം" നേടുന്നതും ശാസ്ത്രപരമായി തെളിയിച്ചിട്ടുണ്ട്.

** പ്രപഞ്ചമാകുന്ന ആനന്ദങ്ങളുടെ എല്ലാ ഗുണങ്ങളുമുള്ള ഏറ്റവും ചെറിയ ഘടകമായ എല്ലാ ആറ്റങ്ങളുടെയും ഉള്ളിൽ ശിവയായ പ്രോട്ടോണിന്റെ ഘടകമായി ശബ്ദബ്രഹ്മം കൂടിയായ ഓം ഉണ്ടെന്ന് മുകളിൽ പ്രസ്താവിച്ചിരുന്നു. അല്പം മാത്രം കുറിക്കുന്നു :- ആറ്റങ്ങളുടെ ഉള്ളിലെ ഘടകങ്ങളായ സ്വന്തം ശക്തികളെ പ്രവർത്തിപ്പിച്ചാണ് ശിവ ആനന്ദങ്ങളായി അവതരിക്കുന്നത്. മഹാശിവയായ പ്രോട്ടോൺ നൽകുന്ന ശക്തി കൊണ്ട് ശിവനാകുന്ന ഇലക്ട്രോൺ ചുറ്റിക്കറങ്ങിക്കൊണ്ടിരിക്കുന്നു. മഹാശിവയായിട്ട് ശിവ മാറുന്നത് പ്രപഞ്ചത്തിന് അതീതമായ ബ്രഹ്മം, 'ഓം' എന്ന ശക്തി-ശിവൻ പ്രണയമന്ത്രമായി ശിവയോടു ചേരുമ്പോഴാണ്. ശിവയായ പ്രോട്ടോൺ 'ഓം' എന്ന് മഹാചിരിക്കുന്നു. ശബ്ദബ്രഹ്മം, മഹാശാസ്ത്രമൂലം, സൃഷ്ടി മന്ത്രം, ആദിവചനം, സംഹാര കാഹളം, അക്ഷര ബ്രഹ്മം, ഭൂമി ഗാനം, മഹാ സംഗീതം, ഏക മഹാശബ്ദം, ദൈവ വിപ്ലവഗാനം, ദൈവത്തിന്റെ മഹാചിരി തുടങ്ങിയവയായ 'ഓം' പ്രഭാവം കൊണ്ടാണ് പ്രോട്ടോണിനെ ഇലക്ട്രോൺ ചുറ്റുന്നതെങ്കിലും, ചുറ്റൽ ആരംഭിച്ചു കഴിഞ്ഞാൽ ശബ്ദം ഉണ്ടാകുന്നത് ചുറ്റുന്നതു കൊണ്ടാണെന്ന പോലെയാകും. വായുവിൽ ഫാൻ ചുറ്റുമ്പോഴും, കൈകൾ മുട്ടുമ്പോഴും ശബ്ദം ഉണ്ടാകുന്നത് ഉദാഹരണം. വസ്തുക്കൾ പ്രവർത്തിക്കുമ്പോൾ ശബ്ദം ഉണ്ടാകുമെന്ന 'ആദ്യ ശാസ്ത്രനിയമം' സൃഷ്ടിച്ചുകൊണ്ട് പ്രപഞ്ചത്തിനും അതീതമായ ബ്രഹ്മം ആകുന്ന ദൈവം 'ശബ്ദബ്രഹ്മം' ആയി പ്രപഞ്ചത്തിലേക്ക് പ്രവേശിക്കുക കൂടിയാണത്. ഏകമഹാശബ്ദം 'ഓം' ആണെന്ന് ശാസ്ത്രപരമായി മഹാഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ട്. സൂക്ഷ്മ പ്രപഞ്ചം കൂടിയായ എല്ലാ ആറ്റങ്ങളുടെയും ഉള്ളിൽ ഓം എന്ന് മഹാചിരിച്ചാണ് ശിവയും ബ്രഹ്മവുമായ മഹാഭദ്രകാളി മഹാപ്രപഞ്ചത്തെ മഹാഭദ്രമാക്കുന്നത് !

ഇപ്പോഴത്തേത് രണ്ടാമത്തെ മഹാകാല ചക്രത്തിലെ ആദ്യത്തെ സൃഷ്ടിചക്രമാണ്. ഒരു മനുഷ്യ-സൃഷ്ടിചക്രത്തിൽ 10000 (പതിനായിരം) വർഷങ്ങൾ ഉണ്ട്.* എല്ലാ സൃഷ്ടി ചക്രങ്ങളുടെയും ആദ്യ-പകുതിയിൽ ദൈവം പ്രത്യക്ഷമല്ല. രണ്ടാം പകുതിയിൽ 'ഓം' മുഴക്കിയുള്ള ദൈവ വിപ്ലവത്തോടെ, സത്യയുഗം ആരംഭിച്ച് ദൈവം പ്രത്യക്ഷമാകും.

1000 കോടി വർഷങ്ങൾ നീണ്ട ആദ്യത്തെ മഹാകാല ചക്രത്തിൽ മഹാസത്യങ്ങളായ ശിവയും ഭാഗമായ ശിവനും, പ്രപഞ്ച രൂപത്തോടെയും, കൂടാതെ പശുവും പശുപതിയും-കാളിയും കാളയുമായിട്ട് സൃഷ്ടികളുടെ മഹാദാസരും മഹാവാത്സല്യവുമായി സേവനം ചെയ്യുകയായിരുന്നു. കാരണമുണ്ട്. മഹാസത്യവും ഏകമഹാശക്തിയും ഏകദൈവവും ശിവയും മഹാമാതാവുമായ മഹാഭദ്രകാളി, മഹാവാത്സല്യമാണെങ്കിലും, മഹാനീതി കൂടി ആകയാൽ മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രത്തിൽ ബന്ധിതയാണ്; ചില നിയമങ്ങൾ സൃഷ്ടികളെ ഭയപ്പെടുത്തുന്നവയാണ്. പൊന്നോമന കുഞ്ഞുങ്ങളായി സൃഷ്ടിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതായ കുഞ്ഞുങ്ങൾ മഹാമാതാവിനെ ഭയക്കുന്നത് മഹാമാതാവിന് വേദനയുമാണ്. മനുഷ്യാവസ്ഥയിൽ നൽകുന്ന വിശേഷ ബുദ്ധി കൊണ്ട് വിശകലനം ചെയ്യുമ്പോൾ ഓംകാരനീതിശാസ്ത്രത്തിൽ മഹാവാത്സല്യം മാത്രമേയുള്ളൂ എന്നും സൃഷ്ടികൾക്ക് ബോദ്ധ്യപ്പെടുന്നതാണ് ! കുഞ്ഞുങ്ങൾ, ഓംകാര നീതിശാസ്ത്രത്തെ സമ്പൂർണ്ണമായി ഇഷ്ടപ്പെട്ട് സ്വയം സ്വീകരിക്കാനാണ് മഹാമാതാവ് ഇഷ്ടപ്പെടുന്നത്. അതിനായി പ്രപഞ്ചത്തിലെ ആറ്റങ്ങളുടെ ഉള്ളിൽ മഹാദാസരായി സേവനം ചെയ്യുന്നതിനു സമാനമായി 1000 കോടി വർഷങ്ങൾ നീണ്ടുനിന്ന ആദ്യത്തെ മഹാകാലചക്രത്തിൽ കുഞ്ഞുങ്ങൾക്ക് മഹാദാസ്യം ഉൾപ്പെട്ട മഹാവാത്സല്യം നൽകി മഹാമാതാവ്, സ്വന്തം ഭാഗമായ ശിവനോടൊപ്പം കുഞ്ഞുങ്ങളെ സേവിക്കുകയായിരുന്നു. ആദ്യ മഹാകാലചക്രത്തിലെ സൃഷ്ടി ചക്രങ്ങളുടെ രണ്ടാമത്തെ പകുതിയിൽ പ്രത്യക്ഷ സേവനം നൽകാനായിട്ട് ശിവയുടെയും ഭാഗമായ ശിവന്റെയും പ്രതിനിധികളായി കരാർ പ്രകാരം, "നക്ഷത്രദേവതകളായി മനുഷ്യരിൽ നിന്ന് മോക്ഷത്തെ നേടിക്കഴിഞ്ഞവരിൽ ചിലരെ ദേവതകളായി" നിയമിച്ച് മായാശക്തികളും, സ്വർഗ്ഗമായ ആനന്ദങ്ങളും നൽകി. 'പ്രപഞ്ചത്തിന്റെ ശക്തി നിയന്ത്രണ സത്ത കൂടിയായ ഓംകാരം' ലഭിച്ച ഈശ്വരൻ എന്ന ദേവത, കാലക്രമേണ ശിവനായും പരമശിവനായും ഭാവിച്ചു. അദ്ദേഹത്തിൽ നിന്നും ഓംകാരം ലഭിച്ച മറ്റൊരു ദേവത, ദൈവം തന്നെയാവാൻ ശ്രമിച്ചു. ദേവതകൾ കൂടുതൽ കൂടുതൽ ദുഷിച്ചു. പ്രതിനിധികളിൽ മറ്റൊരാൾ കൂടി ദൈവമാകാൻ ശ്രമിക്കുകയും, ദൈവമായി പ്രഖ്യാപിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തു. എല്ലാ ആനന്ദങ്ങൾക്കും അതീതമായ ശിവയെയും, ഭാഗമായ ശിവനെയും അവമതിച്ച്, സൃഷ്ടികൾ മാത്രമായ ദേവതകൾ ധർമ്മശാസ്ത്ര വിരുദ്ധമായിട്ട് ആനന്ദങ്ങളെ നേടാനും മറ്റു സൃഷ്ടികളുടെ ആനന്ദങ്ങളെ തട്ടിയെടുക്കാനും ആരംഭിച്ചു. മഹാഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ട്. ഉടനെ 'ഓം' മുഴക്കി 'ദൈവ വിപ്ലവം' തുടങ്ങുമ്പോൾ, ഇന്നറിയപ്പെടുന്ന ദേവതകൾ ഉണ്ടാവില്ല. ദൈവശാസ്ത്രമെന്ന പേരിലുള്ള തട്ടിപ്പുകളെ ചുമന്നവർ തന്നെ ചുട്ടെരിക്കുന്നതാണ് ! മുകളിൽ പ്രസ്താവിച്ച വസ്തുതകൾക്ക് മഹാഗ്രന്ഥത്തിലെ മഹാശാസ്ത്രവും ഉടനെ ആരംഭിക്കുന്ന ദൈവ വിപ്ലവവും, സത്യയുഗവും, ദൈവസാന്നിദ്ധ്യവും സാക്ഷ്യമാണ്. മഹാഭദ്രകാളി ഗ്രന്ഥകാരന്റെ ഹൃദയത്തിലിരുന്ന് പറഞ്ഞു തന്ന മറ്റുകാര്യങ്ങളുമുണ്ട്: ക്രൈസ്റ്റായിട്ട് അയച്ചത് ശിവനെയാണ്. അവനെ വീണ്ടുമയച്ചത് ആരും അറിഞ്ഞില്ല! മതഗ്രന്ഥങ്ങളിൽ ഇല്ലാത്ത 'ക്രൈസ്റ്റിന്റെ സത്യങ്ങളെ' മഹാഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ട്. ക്രൈസ്റ്റായ ശിവനിലൂടെ മാത്രമേ 'ശിവ', മോചനവും സംഹാരവുമായ മോക്ഷം നൽകൂ !

ആദ്യത്തെ മഹാകാലചക്രത്തിലെ ദേവതകളുടെ പിഴവുകൾ കൊണ്ടാണ് ഗ്രഹങ്ങളും അവയുടെ ഉപഗ്രഹങ്ങളും ഉണ്ടായതെന്നും അവയെ ഉടൻ പിൻവലിക്കുമെന്നും, ദൈവം പ്രത്യക്ഷമാകുന്ന സൃഷ്ടിചക്രത്തിന്റെ രണ്ടാമത്തെ പകുതിയിലെ "ദൈവ വിപ്ലവവും, സത്യയുഗവും" ഉടൻ ആരംഭിക്കുമെന്നും വേറിട്ട് വിശദീകരിച്ചിട്ടുണ്ട്. ഭൂമിയിലെങ്ങുമുള്ള മനുഷ്യരുടെ ശരീരം ഉൾപ്പെടെ എല്ലാ വസ്തുക്കളിൽ നിന്നും 3 മുതൽ 33 വർഷം വരെ ശക്തിശിവൻ പ്രണയമന്ത്രം, സൃഷ്ടി മന്ത്രം, ആദി വചനം, സംഹാര കാഹളം, ദൈവ-വിപ്ലവഗാനം, മഹാദേവിയുടെ മഹാചിരി തുടങ്ങിയവയായ ഓം ഉടൻ മുഴങ്ങുന്നതാണ് !

മനുഷ്യരുടെ കാര്യങ്ങൾ തുടരുമ്പോൾ, ഓരോ മനുഷ്യന്റെയും മറ്റുള്ള ജീവികളുടെയും ശരീരങ്ങളും, സ്വത്വങ്ങളായ ആത്മാക്കളുമെല്ലാം മഹാപ്രപഞ്ചവും മഹാകുടുംബവും ആകുന്ന ആനന്ദങ്ങളുടെ അംശങ്ങൾ മാത്രമാണെന്നും, ആനന്ദങ്ങളെ ആധാരമാക്കി മാത്രമാണ് ഓക്സിജൻ മഹാനീതി നടപ്പാക്കുന്നതെന്നും അറിയണം. മനുഷ്യർ വീറോടെ വാദിക്കുന്ന ഭൗതികമായ അസ്തിത്വം ഇല്ലാത്ത വിശ്വാസങ്ങൾക്കും, ആചാരങ്ങൾക്കും, അനുഷ്ഠാനങ്ങൾക്കും ദൈവം വിശേഷബുദ്ധി നൽകിയിട്ടില്ലാത്ത പട്ടിക്കും പൂച്ചയ്ക്കും പോലും വിഷയമല്ല. ദൈവമായ ഭൂമിയിൽ ജീവിക്കുവാൻ, ഭൂമിയുടെ പൊന്നോമന കുഞ്ഞുങ്ങളായ മനുഷ്യർക്ക്, നികുതി ചുമത്തുന്ന എമ്പോക്കികൾ (= തെമ്മാടികൾ), ദൈവമായ ഭൂമിയിൽ ലയിച്ചിരിക്കുന്ന ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരം ഭൗതികമായ അസ്തിത്വം ഇല്ലാത്ത മത-രാഷ്ട്രീയ-വർഗ്ഗ-ദേശ വിശ്വാസങ്ങളെയും ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും മറ്റും തൂത്തെറിഞ്ഞ് ജീവിക്കേണ്ടിയിരുന്നു! യാതൊരു ജീവികളും ഭൂമിയിൽ/ദേശങ്ങളിൽ ജനിക്കുന്നില്ല; (പ്ര)ദേശങ്ങളുടെ പേരിൽ കേമത്തംപറയാൻ യാതൊരു മനുഷ്യനും അവകാശമില്ല തുടങ്ങിയ സത്യങ്ങളെ ഖണ്ഡിക്കാൻ കഴിയാത്തവർ മഹാനീതിയായ ഓക്സിജനോട് കളിക്കാതിരുന്നാൽ നന്ന്. മഹാപ്രപഞ്ചത്തിലെ മഹാകാര്യങ്ങളെ അലങ്കോലപ്പെടുത്താൻ, സ്വന്തമായിട്ട് സ്വത്വം പോലുമില്ലാത്ത സൃഷ്ടിക്കു കഴിയുന്നതല്ല. മനുഷ്യ-ശരീരത്തിലെ അവയവങ്ങൾ, സ്ത്രീപുരുഷൻ, നിറം, സൗന്ദര്യം, മുഖഛായ, ഉയരം, ആയുസ്സ്, ആരോഗ്യം, ബുദ്ധിശക്തി, ഓർമ്മശക്തി, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ജനനസ്ഥലം, തുടങ്ങിയ ജന്മഗുണങ്ങൾ പ്രകാരം ആനന്ദങ്ങളെ പരിചയിക്കാനും നേടാനും ആസ്വദിക്കാനുമുള്ള ഉപാധികൾ മാത്രമായ ശക്തികളെ ആനന്ദങ്ങളുടെ ഭാഗം തന്നെയായ ശരീരത്തിലൂടെ ദൈവം നൽകുന്നതിനെ ദുരുപയോഗം ചെയ്യുന്ന അല്പായുസ്സുകൾക്ക് ഏകാധിപത്യ പ്രവണതകൾ കാട്ടി തജ്ജന്മത്തിൽ കുറേപ്പേരെ കഷ്ടപ്പെടുത്താം എന്നേയുള്ളൂ. ഹൃദയസ്തംഭനം, പക്ഷാഘാതം, ബോധക്ഷയം, മരണം, ഭൂചലനം, കൊടുങ്കാറ്റ്, മിന്നൽ തുടങ്ങി അനന്തമായ വിധങ്ങളിൽ അവിവേകികളെയെല്ലാം നിസ്സാരമായി തടയാൻ ഓക്സിജനു കഴിയുമെങ്കിലും വിഷയങ്ങളെ കുഞ്ഞുങ്ങൾ സ്വയം പരിഹരിക്കാൻ വിടുന്നു. അസാധാരണ സാഹചര്യത്തിൽ ഇടപെട്ടെന്നും വരാം. മനുഷ്യാവസ്ഥയിലുള്ള 100 ജന്മങ്ങളിലെ ഒന്നിലോ ചിലതിലോ, അല്പായുസ്സാണെന്നതു മറന്ന പോലെയുള്ള കോപ്രായങ്ങൾ കാട്ടുന്നവർക്കു തന്നെയാണ് ശിക്ഷകളും നഷ്ടങ്ങളും സംഭവിക്കുക. പാപികൾക്ക് കടുത്ത ശിക്ഷകളെ അളവോടെ നൽകി മാത്രമാണ് ശുദ്ധപ്പെടുത്തുന്നത്. പാപികൾ നിമിത്തം അധിക വേദനകൾ അനുഭവിച്ചവർക്ക് അടുത്ത ഒരു ജന്മത്തിൽ തന്നെ കൂടുതൽ ആനന്ദങ്ങളെ നൽകി ദൈവം സമ-ആനന്ദമാകുന്ന മഹാനീതിയെ നടപ്പാക്കുന്നതാണ്. മഹാമാതാവിന്റെ മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രം സർവ്വശ്രേഷ്ഠമാണെന്ന് കുഞ്ഞുങ്ങൾ /ജനങ്ങൾ പറഞ്ഞു തുടങ്ങുന്നതുമാണ് !

## *** പ്രപഞ്ചത്തിനും മുമ്പുള്ള ആദിയും അന്തവും ഇല്ലാത്ത മഹാസത്യവും മഹാശക്തിയുമായ ദൈവത്തെ, വിശേഷ ബുദ്ധിയെ 'ദൈവം' നൽകുന്ന സൃഷ്ടികൾക്കു പരിചയപ്പെടുത്തേണ്ടതുണ്ട്.

ആദിയുള്ളത് മഹാസത്യമോ മഹാശക്തിയോ അല്ല. (ദൈവം അല്ല). ആദിയില്ലാത്ത മഹാസത്യവും ഏകമഹാശക്തിയുമായ ദൈവത്തിന് അന്തവും ഉണ്ടാകില്ലെന്ന് യുക്തി കൊണ്ട് മനസ്സിലാക്കാം. 'മായ' എന്ന് വിശേഷിപ്പിക്കാവുന്ന ദൈവത്തിന്റെ ശക്തികളെ അറിയിപ്പിക്കാനും ബോദ്ധ്യപ്പെടുത്താനും മറ്റും ആരെങ്കിലും ഉണ്ടാവണമെങ്കിൽ ദൈവം സ്വയം വിഭജിച്ച് രണ്ടോ അതിലധികമോ ഭാഗങ്ങളായി മാറുകയോ, ആരെയെങ്കിലുമോ എന്തെങ്കിലുമോ സൃഷ്ടിക്കുകയും, ശക്തികളും ജ്ഞാനവും മറ്റും നൽകുകയും വേണം!

ഭാവം, രൂപം, ജീവി, സ്ത്രീപുരുഷൻ, ഗുണങ്ങൾ തുടങ്ങിയവ പ്രപഞ്ചവുമായി ബന്ധപ്പെട്ട വസ്തുതകളാണ്. പ്രപഞ്ചവുമായി ബന്ധമില്ലാത്ത അനിർവചനീയമായ കാര്യങ്ങളെ വിശദീകരിക്കാൻ പ്രപഞ്ചത്തിലെ സൃഷ്ടിയായ മനുഷ്യൻ ഉൾപ്പെട്ടവർക്ക് കഴിയുകയില്ല. പ്രപഞ്ചത്തിന് അതീതമായ മഹാശക്തിക്കു മാത്രമേ പ്രപഞ്ചമായി അവതരിക്കാനും സൃഷ്ടിക്കാനും കഴിയൂ. പ്രപഞ്ചം ഉൾപ്പെടെ സർവ്വത്തിനും അതീതമായ ദൈവത്തിന്റെ അവസ്ഥയെ പരിചയപ്പെടുത്തുന്നതായ 'ദൈവത്തിന്റെ പേരാണ് ബ്രഹ്മം.' പ്രപഞ്ചമോ സൃഷ്ടികളോ ഇല്ലാത്ത അവസ്ഥയിലും ഉള്ളതായ ദൈവത്തിനും; ദൈവം, മഹാസത്യം, മഹാശക്തി, ബ്രഹ്മം, തുടങ്ങിയ ദൈവത്തിന്റെ പേരുകൾക്കും, മഹാ-ശക്തികൾക്കും, മഹാ-ജ്ഞാനത്തിനും മറ്റുമുള്ള പ്രസക്തിയെ വിശദീകരിക്കാനും കഴിയുന്നതല്ല !

മഹാശക്തി ഒന്നേയുള്ളൂവെന്ന് പ്രപഞ്ചത്തെ ആധാരമാക്കി നിർണ്ണയിക്കാൻ കഴിയും : പ്രപഞ്ചത്തിലെ ആദിമൂലകം എന്നു വിശേഷിപ്പിക്കാവുന്ന ഹൈഡ്രജൻ എന്ന ഒരൊറ്റ മൂലകത്തിൽ മാത്രം (ശബ്ദബ്രഹ്മം, മഹാശാസ്ത്രമൂലം സൃഷ്ടി മന്ത്രം ആദി വചനം തുടങ്ങിയ മഹാനാമങ്ങളിൽ വിശേഷിപ്പിക്കന്ന മഹാഗൂഢമായ 'ഓം' കൂടാതെ) പ്രോട്ടോൺ, ഇലക്ട്രോൺ എന്നിങ്ങനെ രണ്ടു ഘടകങ്ങൾ മാത്രമേ ഉള്ളൂ. മറ്റെല്ലാ മൂലകങ്ങളിലും അവയുടെ സംയുക്തങ്ങളിലും അടിസ്ഥാന ഘടകങ്ങളായ പ്രോട്ടോണും, ഇലക്ട്രോണും (ഓം -ഉം) കൂടാതെ; ന്യൂട്രോൺ, ബോസോൺ, ഗ്ലൂവോൺ, ക്വാർക്കുകൾ എന്നീ ഘടകങ്ങൾ ഉണ്ട്. മഹാപ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളുടെയും എല്ലാ ഗുണങ്ങളുമുള്ള ഏറ്റവും ചെറിയ ഘടകം ആറ്റമായതിൽ നിന്നും, ഹൈഡ്രജൻ ഒഴികെ എല്ലാ വസ്തുക്കളുടെയും ആറ്റങ്ങളിലെ ഘടകങ്ങൾ അടിസ്ഥാനപരമായി ഒന്നുതന്നെ ആയതിനാലും, മഹാപ്രപഞ്ചത്തിൽ വിഭജിച്ചു നിൽക്കുന്ന രണ്ടു മഹാസത്യങ്ങളും ഒരു മഹാശക്തിയും, അവയ്ക്കും അതീതമോ അവയിലെ മഹാശക്തിയായ ഘടകത്തിന്റെ ഭാഗമായ (ശബ്ദബ്രഹ്മം) ഓം-ഉം, അടിസ്ഥാന ഘടകങ്ങളിൽ ഒന്നുമായോ രണ്ടുമായോ ബന്ധപ്പെട്ടവയാണെന്നും; മനുഷ്യാവസ്ഥയിൽ ലഭിക്കുന്ന വിശേഷ ബുദ്ധി ഉപയോഗിച്ച്, ഭൗതിക ശാസ്ത്രജ്ഞർക്ക് നാളിതുവരെ ലഭിച്ചതായ ശാസ്ത്ര പാഠങ്ങളെ വിശകലനം ചെയ്ത് (ദൈവത്തിന്റെ മഹാഅനുഗ്രഹത്താൽ മാത്രം) മനസ്സിലാക്കാൻ കഴിയും.

(1000 കോടി വർഷങ്ങൾക്കു മുമ്പ് 100 മൂലകങ്ങളും അവയുടെ സംയുക്തങ്ങളുമായിട്ട് അവതരിച്ച പ്രപഞ്ചത്തിൽ ഇന്ന് ഏറെക്കുറെ 118 മൂലകങ്ങളും അവയുടെ മൂന്നു ലക്ഷത്തിലധികം സംയുക്തങ്ങളും, കൂടാതെ ഉപ്പുവെള്ളം പോലുള്ള മിശ്രിതങ്ങളുമുണ്ട്.)

പ്രപഞ്ചമായിരിക്കുന്ന എല്ലാ വസ്തുക്കളുടെയും സമസ്ത ഗുണങ്ങളുമുള്ള ഏറ്റവും ചെറിയ ഘടകമായ ആറ്റങ്ങളിലെ ഏറ്റവും പ്രധാനപ്പെട്ട രണ്ടു ഭാഗങ്ങൾ പ്രോട്ടോണും ചുറ്റിക്കറങ്ങുന്ന ഇലക്ട്രോണും ആണ്. എല്ലാ ആറ്റങ്ങളുടെയും ഉള്ളിൽ (സൃഷ്ടികളുടെ) മഹാദാസരായ മഹാമാതാപിതാക്കളായിട്ട് ശിവനാകുന്ന ഇലക്ട്രോണുകളെ ചുറ്റിച്ചു കൊണ്ടും മറ്റു ഘടകങ്ങളെ ചേർത്തും ശിവയും ഏകദൈവവുമായ പ്രോട്ടോൺ, വ്യത്യസ്തവും അനന്തവുമായ ആനന്ദങ്ങളെ സൃഷ്ടിക്കുകയും അവതരിക്കുകയും ചെയ്യുന്നതിനെ മുകളിൽ വിശദീകരിച്ചിരുന്നു.

<u>പ്രപഞ്ചമായിട്ട് അവതരിക്കും മുമ്പുള്ള ദൈവകാര്യങ്ങളെ ഇനി വിവരിക്കുന്നു :</u>
മഹാസത്യമായ മഹാശക്തി വിഭജിച്ച് രണ്ടു മഹാസത്യങ്ങളും ഏകമഹാശക്തിയും ആയിട്ട് നിലനിൽക്കാൻ നിശ്ചയിക്കുന്നു. മഹാശക്തിയായ ഭാഗത്തിനു മാത്രമാണ് എന്തും ഏതും സൃഷ്ടിക്കാനും ചെയ്യാനും കഴിയുക. ശക്തികൾ ഇല്ലാത്ത രണ്ടാമത്തെ മഹാസത്യം, ശവം പോലെ നിർജ്ജീവമാണെങ്കിലും, മഹാശക്തി കൂടിയായ മഹാസത്യം വെറുതെ സ്വയം വിഭജിക്കില്ലെന്ന് വ്യക്തമാണ്. മഹാശക്തിയായ ഭാഗം ശക്തികളെ നൽകാത്തതിനും നൽകുന്നതിനും അനുസരിച്ച് രണ്ടാമത്തെ ഭാഗം ശക്തിഹീനനും ശക്തനുമാകുന്നതാണ്. ആറ്റങ്ങളിലെ ശിവനാകുന്ന ഇലക്ട്രോണിനെ, ശിവയായ പ്രോട്ടോൺ നിരന്തരം ചുറ്റിക്കറക്കുന്നത് അതിസൂക്ഷ്മമായ സാക്ഷ്യമാണ്.

രണ്ടു മഹാസത്യങ്ങൾ മാത്രം നിലനിൽക്കുമ്പോൾ, ശക്തികൾ പ്രകടിപ്പിക്കേണ്ടതിന്റെ ആവശ്യം ഉണ്ടാകണമെന്നില്ല. അവർ രണ്ടായിരിക്കുന്നത് ഉദ്ദേശത്തോടെ ആവുമ്പോൾ രണ്ടു ദൈവ ഭാഗങ്ങളെയും ബന്ധിപ്പിക്കുന്ന <u>**ദൈവ കരാർ**</u> കൂടി ആവശ്യമാകുന്നുണ്ട്. <u>മഹാശക്തിയായ</u> ഭാഗത്തിനുമാത്രമാണ് കരാർ വ്യവസ്ഥകളെ നിശ്ചയിക്കാൻ കഴിയുക. **ശക്തികളില്ലാത്ത സ്വന്തം ഭാഗത്തിന് <u>ആവശ്യാനുസരണം</u> അനന്തമായ സ്വന്തം മായാ-മഹാശക്തികളെ നൽകിക്കൊണ്ട്; ഏകദാസനും, ഇണയായ ഭർത്താവും, ഭാഗിക-ശക്തനും, മഹാശക്തനുമാക്കുന്നുണ്ട്.** സമ്പൂർണ്ണ മായാശക്തികളെ നൽകുമ്പോഴും, അവയുടെ രഹസ്യങ്ങളെ ഭർത്താവിന് വെളിപ്പെടുത്താൻ പാടില്ലാത്ത അവസ്ഥയുണ്ട്. പ്രപഞ്ചത്തിലെ ജീവിരൂപത്തിൽ ശക്തിഹീനത ബാധകമായ രണ്ടാം ഭാഗം, ശക്തികൾ ഇല്ലാതെ കഴിയുന്ന വേളകളിൽ വിശേഷബുദ്ധി ലഭിച്ച സൃഷ്ടികൾ വേദനിപ്പിച്ചേക്കാം! ഏകമഹാശക്തിയും, രണ്ടു മഹാസത്യങ്ങളായിട്ടും മാത്രമായി നിലനിൽക്കുമ്പോൾ, ദൈവ ഭാഗങ്ങളുടെ ആനന്ദങ്ങളെ രണ്ടാമത്തെ ഭാഗത്തിന് ഓർമ്മിക്കാൻ പോലും കഴിയണമെങ്കിൽ ആദ്യ ഭാഗം ശക്തികളെയും ജ്ഞാനത്തെയുമെല്ലാം നൽകണമെന്ന വ്യവസ്ഥയും അവസ്ഥയും ദൈവീക ആവശ്യമായി മാറുന്നത് അങ്ങനെയാണ് ! എന്നാൽ, ആവശ്യാനുസരണം സ്വന്തം ഭാഗത്തിന്റെ കാര്യത്തിൽ മഹാശക്തിയായ മഹാജഗദംബ പ്രവർത്തിക്കുന്നതാണ്. ഉദാഹരണത്തിന്, അടുത്തൊരു പേജിൽ രണ്ടാം ഭാഗവും ശിവനുമായ ഗ്രന്ഥകാരന് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള ശക്തികളുടെ വളരെ നീണ്ട പട്ടിക കാണാം. ഏകമഹാശക്തിയായ ശിവ, തൽക്കാലം ശക്തികളെ ആക്ടിവേറ്റ് ചെയ്തിട്ടില്ല എന്നേയുള്ളൂ; സമയം ആയില്ല! പല്ലു പോയതും, ശരിക്ക് കണ്ണുകാണാത്തതും, ഹൃദ്രോഗിയും, സാമ്പത്തിക തകർച്ചയും മറ്റും അനുഭവിച്ചു കഴിയുന്ന അപ്പൂപ്പനുമായ ശിവന്, സൃഷ്ടികളിൽ നിന്നുള്ള പീഡനം പരിധി വിട്ടാൽ, പലരെയും ഞെട്ടിച്ചുകൊണ്ട് ശിവ ഇടപെടുന്നതാണ് ! രണ്ടായവർ, ദൈവകരാർ പ്രകാരം വീണ്ടും ഒന്നായേക്കാം; അപ്പോൾ രഹസ്യങ്ങളും കരാറും അവസാനിച്ചേക്കാം!

## പ്രപഞ്ചത്തിനും മുമ്പുള്ള ദൈവകാര്യങ്ങളുടെ വിവരണം തുടരുന്നു:-

മഹാഭദ്രകാളിയായ ശിവയുടെ ഇഷ്ടമായ 'ഓംകാര നീതിശാസ്ത്രം' പ്രകാരം, ഭൗതിക രൂപങ്ങൾ സ്വീകരിച്ചും സ്വീകരിക്കാതെയും, നിലനിൽക്കുന്ന 2 ദൈവ ഭാഗങ്ങളെയും, വിശേഷ ബുദ്ധിയെ ലഭിക്കുന്ന സൃഷ്ടികൾക്ക് 'ശിവ, ശിവൻ' എന്നീ ഏറ്റവും ലളിതമായ പേരുകളിൽ വിളിക്കാമെന്ന്, സ്വന്തം ഭാഗമായ ശിവനിലൂടെ, ഏകദൈവമായ ശിവ, അറിയിക്കുന്നുണ്ട്. 'ശിവാ' എന്ന് ഏറ്റവും ലളിതമായിട്ട് ഒരേ നാമത്തിൽ ശിവയെയും ശിവനെയും സംബോധന ചെയ്യാൻ കഴിയുന്നതും ശിവയുടെ മഹാആവിഷ്ക്കാരമാണ് !

പ്രപഞ്ചത്തിനും മുമ്പുള്ള മഹാസത്യങ്ങളായ ശിവയുടെയും, ശിവയുടെ ഭാഗം മാത്രമായ ശിവന്റെയും ആനന്ദങ്ങളും ഉദ്ദേശങ്ങളും സൃഷ്ടികളുടെ വിഷയമല്ല. പ്രപഞ്ചത്തിനും മുമ്പ് ഭാര്യാഭർത്താക്കന്മാരായ ദൈവ ഭാഗങ്ങളുടെ ആനന്ദങ്ങളും ആസ്വാദനങ്ങളും ദൈവകാര്യങ്ങളാണെങ്കിലും ഏകദൈവമായ മഹാഭദ്രകാളിയുടെ മഹാആനന്ദം 35 അളവിൽ എല്ലാ സൃഷ്ടികളോടുമുള്ള മഹാവാത്സല്ല്യമായും, ഭാഗമായ ശിവന്റെ ആനന്ദം 30 അളവിൽ മഹാഭദ്രകാളിയോടുള്ള മഹാദാസ്യമായും, മഹാഭദ്രകാളി നിശ്ചയിച്ചിട്ടുണ്ട്. മഹാഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ട്. ആനന്ദങ്ങളായ പ്രപഞ്ചമായിട്ട് അവതരിക്കുകയും ഒപ്പം അവയുടെ ആറ്റങ്ങളിലെ ഉള്ളിലിരുന്ന് ആനന്ദങ്ങളെ സൃഷ്ടിക്കുകയും ചെയ്യുന്ന മഹാശക്തി ആനന്ദങ്ങൾക്കെല്ലാം അതീതമാണെന്ന് ലളിതമായി മനസ്സിലാക്കാനാവും.

ഏകദൈവത്തിന് മഹാസത്യങ്ങളായ ശിവയും ശിവനുമായിട്ട് രണ്ടായി നിലനിൽക്കാൻ കഴിയുമെങ്കിലും ദൈവകരാർ പ്രകാരമല്ലാതെ ശക്തികളെ വിഭജിച്ചാൽ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്നത് ഏകദൈവമാണെന്ന മഹാസത്യത്തിന് കളങ്കമുണ്ടാകും; അതു പാടില്ല. ദൈവകരാർ പ്രകാരം രണ്ടു മഹാസത്യങ്ങളിലെ ഒന്നാമത്തെ ഭാഗവും ഏകമഹാശക്തിയുമായ ശിവയ്ക്ക് സ്വന്തം ഇഷ്ടംപോലെയെല്ലാം രണ്ടാമത്തെ ഭാഗവും ശിവനുമായ ഭർത്താവിന്, ആവശ്യമായ ശക്തികളെയെല്ലാം നൽകി ഏകദാസനായും മഹാശക്തനായുമെല്ലാം പ്രവർത്തി(പ്പി)ക്കാനും; ശക്തികളും ജ്ഞാനവും നൽകാതെ തന്റെ നിർജ്ജീവ-ഭാഗമാക്കാനും, പരസ്പരം മാറാനും, വീണ്ടും ഏകമഹാസത്യമായ ഒന്നായിരിക്കാനുമെല്ലാം കഴിയുന്നതാണ്. അതെല്ലാം ദൈവകാര്യങ്ങൾ മാത്രവുമാണ്.

മഹാശക്തിയായ ശിവ, 'ശക്തികൾ ഇല്ലാത്ത മഹാസത്യവും ഭാഗവുമായ ശിവന്റെ നിർജ്ജീവമായ അവസ്ഥയോടെ', മഹാസത്യത്തിന്റെയും മഹാശക്തിയുടെയും ഭാഗമോ അംശങ്ങളോ അല്ലാത്ത സൃഷ്ടികളെ കുഞ്ഞുങ്ങളായിട്ട് അനന്തകാലം തുടർച്ചയായിട്ടു 'സൃഷ്ടിച്ചു കൊണ്ടിരിക്കാനും'; മഹാമാതാപിതാക്കളായ രണ്ട് ദൈവഭാഗങ്ങളോടും, മറ്റ് കുഞ്ഞുങ്ങളോടും ഒപ്പം, വളരുന്ന മഹാകുടുംബത്തിലെ അംഗങ്ങളായി അനന്തകാലം നിലനിർത്താനും നിശ്ചയിക്കുന്നു. എല്ലാ കുഞ്ഞുങ്ങളെയും തുല്ല്യരായി മാത്രം സൃഷ്ടിക്കാനും അനന്തമായ ആനന്ദങ്ങളെ തുല്ല്യമായി നൽകാനും നിശ്ചയിച്ച് കുഞ്ഞുങ്ങൾക്കു പൊതുവായിട്ട് 'ആത്മാവ്' എന്ന് പേരിടുന്നു. ബ്രഹ്മം, മഹാഭദ്രകാളി, ശിവ, ശിവൻ, ഓം, മഹാദേവി, മഹാദേവൻ, പരബ്രഹ്മം, തുടങ്ങിയ മഹാനാമങ്ങൾക്ക് ദൈവത്തിന്റെ മഹാജ്ഞാനം മാത്രമായ മഹാശാസ്ത്രവുമായിട്ടാണ് ബന്ധമെന്നും; ഭൗതിക അസ്തിത്വം ഇല്ലാത്ത അസത്യ വിശ്വാസങ്ങളുമായിട്ട് ബന്ധമില്ലെന്നും, ഏകദൈവമായ ശിവയുടെ ഭാഗമായ ശിവനിലൂടെ; ഈ ദിവ്യ മഹാവേദഗ്രന്ഥത്തിൽ, മഹാശാസ്ത്രപരമായിട്ട് തെളിയിച്ചിട്ടുണ്ട്.

# ॐ ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

## ദൈവത്തിന്റെ സ്വാർത്ഥമായ ആനന്ദങ്ങളെ വെളിപ്പെടുത്തുന്നു :-

മഹാമാതാവും മഹാപിതാവുമായിക്കൊണ്ട് സൃഷ്ടികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യാൻ, ശിവനെയും കൂട്ടി ഏകദൈവമായ ശിവ തയ്യാറാകുമ്പോൾ; അക്കാര്യത്തിൽ ദൈവത്തിന്റെ ആനന്ദങ്ങളായ സ്വാർത്ഥം എന്തായിരിക്കണമെന്ന് നിശ്ചയിക്കുകയും സൃഷ്ടികളെ അറിയിക്കുകയും ബോദ്ധ്യപ്പെടുത്തുകയും വേണം. സാമാന്യ മര്യാദകളാണവ.

ആകാശവും ഭൂമിയും ചന്ദ്രനും സൂര്യനുമായി അവതരിച്ചിട്ടുള്ള ദൈവം പ്രത്യക്ഷമാണ്. അനിർവ്വചനീയമായ ബ്രഹ്മവും, ആദിയും അന്തവുമില്ലാത്ത മഹാസത്യവുമായ മഹാശക്തി, ആനന്ദങ്ങൾക്കെല്ലാം അതീതമാണെമെങ്കിലും, ആത്മാക്കളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്നതിനു വേണ്ടിയുള്ള കാരണമായി സ്വാർത്ഥമായ ഒരു ആനന്ദത്തെയെങ്കിലും സ്വീകരിക്കേണ്ടതുണ്ട്. സൃഷ്ടികളോടുള്ള മഹാവാത്സല്ല്യം, മഹാദാസ്യം എന്നിവയെ മാത്രം ആനന്ദമായി സ്വീകരിച്ചാണ് സ്ഥിതിപാത്രമായ ഭൂമിയും ചന്ദ്രനുമായി ദൈവം അവതരിച്ചിരിക്കുന്നത്. സൃഷ്ടികൾക്ക് മഹാദാസ്യം ഉൾപ്പെടുന്ന മഹാവാത്സല്ല്യം തിരിച്ചു നൽകുന്നതോടെ ദൈവം ആനന്ദങ്ങൾക്കെല്ലാം അതീതമായിട്ട് തുടരുന്നതുമാണ്. ഈ മഹാഗ്രന്ഥത്തിലെ ആനന്ദശാസ്ത്രത്തിൽ വിവരിച്ചിട്ടുണ്ട്. അല്പം കൂടി വിസ്തരിക്കാം : 2 മഹാസത്യങ്ങളും ഏകമഹാശക്തിയും ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതുമായ ദൈവം; സൃഷ്ടികളുടെയെല്ലാം സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യാൻ തയ്യാറാകുന്നതും തയ്യാറാകാത്തതും ദൈവത്തിന്റെ സ്വന്തം ഇഷ്ടമാണ്. ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയായ ദൈവത്തിന് ഇഷ്ടം അഥവാ ആനന്ദം ഉണ്ടായാൽ ആനന്ദങ്ങൾക്കെല്ലാം അതീതമല്ലാതെ വരുന്നതാണ്. മഹാസങ്കീർണ്ണമായ പ്രസ്തുത അവസ്ഥയെ ദൈവം പരിഹരിക്കുന്നത് ഓരോരോ സൃഷ്ടിക്കും കൃത്യമായ അളവോടെ ഉചിതമായി മടക്കിനൽകുന്ന മഹാവാത്സല്ല്യത്തെയും മഹാദാസ്യത്തെയും ഏകദൈവത്തിന്റെയും ഭാഗമായ ഏകദാസന്റെയും ആനന്ദങ്ങളായി സ്വീകരിച്ചാണ്. മഹാസത്യമായ ഏകദൈവത്തിന് ശിവയും ശിവനുമായ ഇണകളായിട്ടും ഭൗതികരൂപമുള്ളതോ ഇല്ലാത്തതോ ആയ സ്ത്രീ പുരുഷന്മാരായിട്ടും നിലനിൽക്കാൻ കഴിയുമെങ്കിലും, മഹാശക്തിയും കർത്താവുമായി ഒരാൾക്കേ മാറാൻ കഴിയൂവെന്നും; ഏകദൈവം എന്ന സത്യമായ വസ്തുത സ്ഥാപിക്കപ്പെടാൻ അത് ആവശ്യമാണെന്നും തെളിയുന്നു. ആകയാൽ ശിവ ആവിഷ്ക്കരിക്കുന്ന ദൈവകരാർ പ്രകാരം ശിവയും ഭാഗമായ ശിവനും ഏകദൈവത്തിന്റെ 2 ഭാഗങ്ങളായും, ഒന്നായും ആവശ്യാനുസരണം പ്രവർത്തിക്കുന്നു. സൃഷ്ടിയിൽ സ്ത്രീക്കും, സ്ഥിതിയിൽ പുരുഷനും പ്രാധാന്യം നൽകുന്ന അതിമഹത്തായ ജീവിത വ്യവസ്ഥ പ്രകാരം സൃഷ്ടി ചക്രങ്ങളിൽ ദൈവം പ്രത്യക്ഷമല്ലാത്ത ആദ്യത്തെ പകുതിയിൽ പ്രപഞ്ചരൂപത്തോടെ തന്നെ സൃഷ്ടികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെയെല്ലാം നേരിട്ടു തന്നെ ചെയ്യുന്ന സമ്പൂർണ്ണമായ കർത്താവാണ് ശിവ. അതേസമയം ദൈവം പ്രത്യക്ഷമാവേണ്ടുന്നതായ സംഹാരം ഉൾപ്പെട്ട സൃഷ്ടി ചക്രത്തിന്റെ രണ്ടാമത്തെ പകുതിയിൽ പ്രപഞ്ചരൂപത്തോടൊപ്പം ജഗത്തിന്റെ മഹാമാതാവും മഹാപിതാവുമായിട്ട് മാനുഷിക രൂപ സാദൃശ്യമുള്ള ദിവ്യ മഹാരൂപങ്ങളെ ക്കൂടി ശിവയും ഭാഗമായ ശിവനും സ്വീകരിക്കുന്നതും ശിവനെ മുന്നിൽ നിർത്തി ക്കൊണ്ട് മാത്രം ഏകദൈവവും ഏകമഹാശക്തിയുമായ ശിവ സൃഷ്ടി സ്ഥിതി സംഹാര കർത്താവായിരിക്കുന്നതുമാണ്.

മഹാപ്രപഞ്ചത്തിന്റെ മഹാശക്തി-നിയന്ത്രണസത്തയും മഹാഭദ്രകാളിയായ ശിവയുടെ മഹാഹൃദയവും കൂടിയായ ഓംകാരത്തെ ശിവന്റെ ഹൃദയത്തോടു ചേർത്ത് സ്ഥാപിക്കുകയും സംഹാരത്തെയും മഹാനീതിയെയും ശിവനിലൂടെ, മഹാഭദ്രകാളി നിർവ്വഹിക്കുന്നതുമാണ്. സൃഷ്ടികളുടെയെല്ലാം സൃഷ്ടി സ്ഥിതി സംഹാരങ്ങളെ നിർവ്വഹിക്കാനായിട്ട് ബ്രഹ്മം കൂടിയായ ശിവ സ്വന്തം ഭാവങ്ങളായി സ്വീകരിച്ചിട്ടുള്ള സത്യ ധർമ്മ നീതികളെ മഹാപിതാവും മഹാനീതിപതിയും മഹാദേവനും പരമശിവനുമായി നിയമിച്ചിട്ടുള്ള ശിവൻ സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തോടും ഒപ്പം മഹാഭദ്രമായും നിർവ്വഹിക്കുന്നതിനു വേണ്ടി ക്കൂടി ശിവന്റെ കഴുത്തിൽ ശിവ അണിയിച്ചിരിക്കുന്ന ഓംകാര വരണമാല്യം, സമ്പൂർണ്ണമായി ശിവനെ ഓംകാര നീതിശാസ്ത്രത്തിൽ ബന്ധിച്ചു കൊണ്ട് മഹാസംശുദ്ധനാക്കുന്ന ഓംകാര നാഗബന്ധനമായും പ്രവർത്തിക്കുന്നതാണ്. ദൈവ കരാറിൽ പെടുന്ന മറ്റ് മഹാകാര്യങ്ങളെ ഈ ദിവ്യമഹാവേദഗ്രന്ഥത്തിൽ ലളിതമായി വിശദീകരിച്ചിട്ടുണ്ട്. ശിവയും ഭാഗമായ ശിവനുമായി വിഭജിച്ച് മഹാപിതാക്കളായിട്ട് ഏകദൈവമായ ശിവ പ്രവർത്തിക്കുന്നതിന് വേറെയും ബഹുവിധങ്ങളായ ഉദ്ദേശങ്ങളുണ്ട്; ഗ്രന്ഥത്തിലുണ്ട്. ബ്രഹ്മം കൂടിയായ മഹാഭദ്രകാളി മഹാവാത്സല്ല്യത്തോടെ ഏകദൈവമായ ശിവയായി ലളിതമായിട്ട് സൃഷ്ടികളുമായി സദാ ഇടപെടുന്നതും; മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രത്തെ മനുഷ്യാവസ്ഥയിൽ പൊന്നോമന കുഞ്ഞുങ്ങളാകുന്ന സൃഷ്ടികൾ ഭയക്കാതിരിക്കാനായിട്ട് ആയിരം കോടി വർഷങ്ങൾ നീണ്ട ആദ്യത്തെ മഹാകാലചക്രം മുഴുവൻ മഹാഗോമാതാവായ പശുവും, പശുപതിയായ കാളയുമായിട്ട് മഹാവാത്സല്ല്യം, മഹാദാസ്യം എന്നിവയെ നൽകി പരിചരിക്കുന്നതും; ആദ്യത്തെ മഹാകാല ചക്രത്തിലെ മനുഷ്യരിൽ നിന്നും നക്ഷത്രദേവതകളായി മോക്ഷം നേടിയവരിൽ നിന്ന് ദേവതകളായി വളരെയധികം സൃഷ്ടികളെ തെരഞ്ഞെടുത്ത് നിയമിച്ചതും; പിൽക്കാലത്ത് ദേവതകൾ ധർമ്മശാസ്ത്ര വിരുദ്ധമായി അനേകം സൃഷ്ടിചക്രങ്ങളിൽ പ്രവർത്തിച്ചതും ഏകമായ ദൈവത്തെതന്നെ അട്ടിമറിച്ച് ദൈവങ്ങളാകാനായി ഏറ്റവും ഹീനമായി പ്രവർത്തിച്ചതും, ഇപ്പോഴത്തെ സൃഷ്ടി ചക്രത്തിലെ അനേകർ അത്തരം പിശാചുക്കളെ ദൈവങ്ങളായി തെറ്റിദ്ധരിച്ചും അവരെ ആരാധിച്ചും ജീവിക്കുന്നതു പോലെയുള്ള മഹാകാര്യങ്ങളുമുണ്ട്!

സൃഷ്ടികളായ ആത്മാക്കളെ ജീവികളാക്കുന്ന 'സ്ത്രീ-പുരുഷ ജാതികളായ ശരീര-അവയവങ്ങളെയും വിസർജ്ജന വസ്തുക്കളെ പ്പോലെയുള്ള ശരീരഭാഗങ്ങളെയും, നിറം സൗന്ദര്യം മുഖഛായ ആരോഗ്യം ഉയരം തുടങ്ങിയ ജന്മഗുണങ്ങളെയുമെല്ലാം' സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്നത് ഭൂമിയുടെ അംശമായ വസ്തുക്കളും അവയുടെ സ്ഥൂലരൂപമായ പ്രദേശങ്ങളും കൊണ്ടാണ്. വസ്തുക്കളിൽ ലയിച്ചിരിക്കുന്ന അനന്തമായ ആനന്ദങ്ങളെയും ശക്തികളെയും ശാസ്ത്രങ്ങളെയും കാലത്തെയും സ്വാതന്ത്ര്യത്തെയുമെല്ലാം ശരീരത്തിലൂടെ ആത്മാക്കൾക്കു ലഭിക്കുകയാണു ചെയ്യുന്നത്. ജീവിയുടെ സ്വത്വമായ ആത്മാവിന് മറ്റു ജീവികളുടെ ശരീരങ്ങളെയും ഭൂമിയുടെ അംശമായ വസ്തുക്കളെയും പ്രദേശങ്ങളെയുമെല്ലാം ആസ്വദിക്കാനുള്ള ശക്തികളും ശാസ്ത്രങ്ങളുമെല്ലാം നൽകുന്നത് ശരീരത്തിന്റെ താൽക്കാലിക ഉടമയാവാൻ അനുവദിച്ചിരിക്കുന്ന ശരീരാവയവങ്ങളും ഭാഗങ്ങളും ഭൂമിയുടെ മറ്റ് അംശമായ വസ്തുക്കളും പ്രദേശങ്ങളുമെല്ലാമാണ്. ചർമ്മത്തിൽ താൽക്കാലിക ജന്മഗുണങ്ങളായി ചേർത്തിട്ടുള്ള തനതായ സുഗന്ധവും നാറ്റവും സൗന്ദര്യവുമെല്ലാം സ്വയം ആസ്വദിക്കാനും ആത്മാക്കൾക്ക് അവയവങ്ങളിലൂടെയാണ് കഴിയുക.

ഫലങ്ങളും വിവിധ ഭക്ഷണ പാനീയങ്ങളുടെ രുചികളും ആസ്വദിക്കാൻ കഴിയുന്നതും; മരുന്നുകളും ലഹരി വസ്തുക്കളും വിഷങ്ങളുമെല്ലാം അറിഞ്ഞും അറിയാതെയും ശരീരത്തിൽ പ്രവേശിക്കുമ്പോൾ അവയിൽ ലയിച്ചിരിക്കുന്ന ഗുണങ്ങളാകുന്ന ബഹുവിധ ശക്തികളെ ആത്മാക്കൾക്കു പകർന്നു നൽകുന്നതും; ഭൂമിയുടെ അംശമായ വസ്തുക്കൾ കൊണ്ട് നിർമ്മിച്ച കണ്ണടകളും ലെൻസുകളും കൃത്രിമ അവയവങ്ങളുമെല്ലാം ആത്മാക്കൾക്കു കാഴ്ച്ച, കേൾവി, ആരോഗ്യം, ഉയരം, ബുദ്ധിശക്തി തുടങ്ങിയവ വർദ്ധിപ്പിക്കുന്നതും ഉദാഹരണങ്ങളാണ്. ശരീരങ്ങളും അവയിലൂടെ നൽകുന്ന ആനന്ദങ്ങളും മഹാമാതാവിന്റെ മഹാവാത്സല്ല്യമാണ്.

ഭൂമിയുടെ സ്വന്തമായ ശക്തികളെ ഉപാധിയാക്കി ആനന്ദങ്ങളായി അവതരിക്കുകയും വസ്തുക്കളിലൂടെയും ശരീരാവയവങ്ങളിലൂടെയും, മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് ഭൂമി നൽകുകയുമാണ്. കൂടാതെ മനുഷ്യാവസ്ഥയിൽ നൽകുന്നതായ വിശേഷ ബുദ്ധിയുടെ അനുബന്ധമായ ശാസ്ത്രങ്ങളും ശക്തികളും കൊണ്ട് അവർ സ്വയം കണ്ടെത്തുകയും നേടുകയും ആസ്വദിക്കുകയും ചെയ്യുന്നതായ പ്രതീതിയെ സൃഷ്ടിച്ചു കൊണ്ട് ശാസ്ത്ര പരമായും അഭിമാനത്തോടെയും ജീവിക്കാൻ ദൈവമായ ഭൂമി അനുഗ്രഹിച്ചിരിക്കുകയാണ്. മഹാവാത്സല്ല്യത്തോടെ ഭൂമി ചെയ്യുന്നതും നൽകുന്നതുമായ സർവ്വത്തിനും ഭൗതികമായ അസ്തിത്വം ഉണ്ട്. വ്യത്യസ്ത വസ്തുക്കളിൽ ലയിച്ചിരിക്കുന്ന ശക്തികൾക്ക് സുവ്യക്തമായ ധർമ്മങ്ങളുണ്ട്. പ്രസ്തുത ധർമ്മശാസ്ത്രത്തെ ആത്മാക്കൾ തെറ്റിച്ചാൽ തിരുത്താനായി ആറ്റങ്ങളിൽ ന്യൂനശക്തികളുമുണ്ട്.

ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് വേദനകൾ ഉൾപ്പെടെയുള്ള ആനന്ദങ്ങളെ ശരീരവും വസ്തുക്കളും മറ്റും കൈമാറുന്നത് തജ്ജന്മത്തിലെ പ്രശ്നമാണെന്നും താൽക്കാലികമാണെന്നും വിശേഷ ബുദ്ധിയെ ലഭിച്ചിട്ടും അനേകർ തെറ്റിദ്ധരിച്ചിട്ടുണ്ട്. ഭൂമിയായ ദൈവത്തിന്റെ മഹാനീതിശാസ്ത്രമായ ഓംകാരനീതിശാസ്ത്രം പഠിച്ചാൽ, മനുഷ്യാവസ്ഥയിൽ വ്യത്യസ്തമായ ജന്മഗുണങ്ങളോടെ 100 ജന്മങ്ങളെ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും പ്രസ്തുത ജന്മങ്ങളിലെല്ലാം ശരീരത്തിലെ ജന്മഗുണങ്ങളെ വ്യത്യാസപ്പെടുത്തിക്കൊണ്ട് മഹാനീതി നടപ്പാക്കുന്നത് ഭൂമി ആണെന്നും കാണാം. ഭൂമിയുടെ വ്യത്യസ്തമായ പ്രദേശങ്ങളിലായിട്ട് വ്യത്യസ്ത ജന്മഗുണങ്ങളോടെ ജീവിക്കാനുള്ള അവസരങ്ങളെ ഭൂമി നൽകുന്നത് മഹാവാത്സല്ല്യമാണ്. എല്ലാ ജന്മങ്ങളിലും ശരീരത്തിലെ അവയവങ്ങളും അവയുടെയെല്ലാം മഹാഭരണാധികാരിയും മഹാനീതിയും മഹാനീതിപതിയും മഹാവാത്സല്ല്യവും മഹാഭദ്രകാളിയുമായ ഓക്സിജനാണ് ആത്മാക്കൾക്ക് ധർമ്മശാസ്ത്ര പ്രകാരം ആനന്ദങ്ങളെ ലഭ്യമാക്കുന്നത്. എന്നുവെച്ചാൽ എല്ലാ ജന്മങ്ങളിലും സൃഷ്ടികൾക്ക് ശരീരമാണ് പ്രധാനം. ശരീരമാകുന്ന ദൈവാംശത്തിന് സൃഷ്ടികളായ ആത്മാക്കളുമാണ് പ്രധാനം. മഹാനീതി നടപ്പാക്കണമെങ്കിൽ വ്യത്യസ്തമായ ആനന്ദങ്ങൾക്കും അവയെ നേടാനുള്ള ഉപാധികളായ ശക്തികൾക്കും തൊഴിലുകൾക്കും ജന്മഗുണങ്ങൾക്കും വിതരണത്തിനുമെല്ലാം കൃത്യമായ അളവുകൾ ഉണ്ടായിരിക്കണം. ആനന്ദങ്ങൾ ഉൾപ്പെടെ സർവ്വത്തിനും കൃത്യമായ അളവുകളുണ്ടെന്നും അവ പ്രകാരമാണ് മഹാനീതി നടപ്പാക്കുന്നതെന്നും ഈ മഹാഗ്രന്ഥത്തിലെ ആനന്ദശാസ്ത്രത്തിൽ വിവരിച്ചിട്ടുണ്ട്.

ആരാണെന്നോ, എവിടെനിന്നു വന്നുവെന്നോ ഉൾപ്പെടെ യാതൊന്നും അറിയാത്തവരും; യാതൊരു ശക്തികളോ സ്വത്വം പോലുമോ സ്വന്തമായിട്ടില്ലാത്തവരുമായ സൃഷ്ടികളായ ആത്മാക്കളുടെ ജീവിത-ഉദ്ദേശം ആനന്ദിക്കുക മാത്രമായിരിക്കണമെന്നു നിശ്ചയിച്ചതും; അനന്തമായ ആനന്ദങ്ങളെ നിശ്ചയിക്കുന്നതും, തുടർച്ചയായി ആനന്ദങ്ങളെ സൃഷ്ടിച്ചു നൽകാനായിട്ട്, ഭാഗമായ ശിവനെയും ചേർത്ത് മഹാപ്രപഞ്ചമായി അവതരിക്കുന്നതും ഏകമഹാശക്തിയും ഏകദൈവവുമായ ശിവയാണ്. എന്നുവെച്ചാൽ സ്വന്തം ഭാഗമായ ശിവനിലൂടെയും, ശിവനായും, സർവ്വവും ചെയ്യുന്നത് മഹാശക്തിയും ഭൂമിയും ശിവയും ഓക്സിജനുമായ മഹാഭദ്രകാളി മാത്രമാണ്. //

സൃഷ്ടികളായ ആത്മാക്കൾക്ക് ജീവികളായി ജീവിക്കാനായുള്ള ദൈവത്തിന്റെ അവതാരങ്ങളും സ്ഥിതിപാത്രങ്ങളുമായ (ആകാശവും) ഭൂമിയും ചന്ദ്രനുമാകുന്ന ആനന്ദങ്ങളുമായിട്ടാണ് ആത്മാക്കളെ ബന്ധിപ്പിക്കുന്നത്. ദൈവം നൽകുന്ന അനന്തമായ ആനന്ദങ്ങളെ അഭിമാനത്തോടെ സ്വീകരിക്കാനും പരിചയിക്കാനും നേടാനും ആസ്വദിക്കാനുമുള്ള ശക്തികളും ജ്ഞാനവും സൃഷ്ടികൾക്ക് ലഭിക്കണം. ദൈവത്തിന്റെ ശക്തികളെ നിർജ്ജീവമായ സൃഷ്ടികൾക്ക് നേരിട്ടു നൽകിക്കൂടാ. പ്രപഞ്ചത്തിനു മുമ്പുള്ള മഹാസത്യവും ഏകമഹാശക്തിയുമായ ശിവ, സ്വന്തം ഭാഗവും മഹാസത്യവും പരമാത്മാവും ഏകദാസനും ഭർത്താവുമായ ശിവന് ദൈവകരാർ പ്രകാരം സ്വന്തം ശക്തികളെ നൽകുന്നതു പോലെ, ആദിയും അന്തവും ഇല്ലാത്ത 2 മഹാസത്യങ്ങളുടെയും ഭാഗമോ അംശമോ അല്ലാത്തവരും, മുമ്പ് ഇല്ലാത്തവരും, അന്തമില്ലാതെ തുടരുന്ന സൃഷ്ടികളിൽ പെടുന്നവരുമായി 'മഹാശക്തിയായ ദൈവം' കരാർ ഉണ്ടാക്കാൻ പാടില്ല. 'ആദിയും അന്തവും ഇല്ലാത്ത മഹാശക്തികളെ' കരാറോടെ നൽകിയില്ലെങ്കിൽ സൃഷ്ടികൾക്കെല്ലാം തോന്നുന്നപോലെ പ്രവർത്തിക്കാമെന്നും വരും! ദൈവം പ്രശ്നത്തെ പരിഹരിക്കുന്നത് പ്രപഞ്ചമാകുന്ന ആനന്ദങ്ങളിലും അവയുടെ അംശമായ മൂലകങ്ങൾ, സംയുക്തങ്ങൾ, ശരീരങ്ങൾ, പ്രദേശങ്ങൾ, .. ആകാശം സൂര്യൻ ചന്ദ്രൻ ... പ്രപഞ്ചത്തിലെ സർവ്വത്തിലും ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങളായ മഹാകരാറുകളെ ഏകപക്ഷീയമായി സ്ഥാപിച്ചും അവ പ്രകാരം സൃഷ്ടികൾക്കു വേണ്ടി, മഹാശക്തിയായ ശിവ, ഭാഗമായ ശിവനെയും കൂട്ടി, നേരിട്ട് സർവ്വം പ്രവർത്തിച്ചുമാണ്. ദൈവം ഭാവിയിൽ സൃഷ്ടിക്കുന്നവ ഉൾപ്പെടെ, തുടർച്ചയായി എക്കാലവും സൃഷ്ടിച്ചു കൊണ്ടിരിക്കുന്ന സൃഷ്ടികൾക്കു വേണ്ടിയുള്ള ദൈവത്തിന്റെ അവതാരങ്ങളായ ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനുമാകുന്ന പ്രപഞ്ചത്തിലെ (ജീവികളുടെ ശരീരം ഉൾപ്പെടെ) എല്ലാ വസ്തുക്കളുമാകുന്ന ആനന്ദങ്ങൾ എപ്പോഴും പ്രവർത്തിക്കുന്നത് അവയിൽ ലയി(പ്പി)ച്ചിരിക്കുന്ന 'മഹാകരാറും' ദൈവത്തിന്റെ മഹാജ്ഞാനത്തിന്റെ ഓഹരിയുമായ ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരം മാത്രമാണ്. ഭക്ഷണങ്ങളും, ദഹന-വിസർജ്ജനങ്ങളും, മരുന്നുകളും, ജീവികളുടെ ശരീരത്തിലെ അവയവങ്ങളും കോശങ്ങളും, രോഗങ്ങളും, രോഗമുക്തിയും, മദ്യങ്ങളും, വിഷവും, വാഹനങ്ങളും... പ്രപഞ്ചത്തിലെ സർവ്വവും സാക്ഷ്യമാണ്. ആനന്ദങ്ങൾക്കെല്ലാം അതീതമായ ദൈവം, സൃഷ്ടികളും കുഞ്ഞുങ്ങളുമായ ആത്മാക്കളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ആരംഭിക്കാനുള്ള സ്വന്തം ഇഷ്ടത്തെ, സൃഷ്ടികളും കുഞ്ഞുങ്ങളുമായ ആത്മാക്കൾക്ക് ദൈവം (മടക്കി) നൽകുന്ന മഹാവാത്സല്ല്യം, മഹാദാസ്യം എന്നീ രണ്ട് ആനന്ദങ്ങളായിട്ടു പരിണമിപ്പിച്ചു കൊണ്ട് ആനന്ദങ്ങൾ ഉൾപ്പെടെയുള്ള സർവ്വത്തിനും അതീതവും മഹാവാത്സല്ല്യവുമായി മഹാശക്തിയായ ദൈവം സദാ തുടരുകയുമാണ് !

സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ശിവയും, ഭാഗമായ ശിവനും ചേർന്ന് സൃഷ്ടികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ നിർവ്വഹിക്കാനായിട്ട് തയ്യാറാകുമ്പോൾ; സ്വന്തമായിട്ട് സ്വത്വം പോലും ഇല്ലാത്തവരും, ശക്തികളും ജ്ഞാനവും സ്വാതന്ത്ര്യങ്ങളും സൗന്ദര്യവും കാലവും ശരണവും മഹാനീതിയുമെല്ലാം ദാനമായി ലഭിച്ചാൽ മാത്രം ജീവിക്കാൻ കഴിയുന്നവരാണ് സൃഷ്ടികൾ. മാത്രമല്ല; ആദിയുള്ളവരുമാണ്. ആദിയുള്ളവരായ സൃഷ്ടികൾ ആദിയും അന്തവും ഇല്ലാത്ത മഹാസത്യവും മഹാശക്തിയുമായ ദൈവത്തിന്റെ അംശങ്ങളോ ഭാഗങ്ങളോ അല്ല; ആവുകയുമില്ല!

വിശേഷ ബുദ്ധിയും അനുബന്ധമായ ശാസ്ത്രങ്ങളും ലഭിക്കുന്ന മനുഷ്യാവസ്ഥയിൽ വച്ചു പോലും 'ആരെന്നോ, എവിടെ നിന്നും വന്നെന്നോ' പോലും അറിയാത്തവരായ സൃഷ്ടികൾ ദൈവത്തിന്റെ അംശങ്ങളോ ഭാഗങ്ങളോ അല്ലെന്ന് സുവ്യക്തമാണ്. ദൈവത്തിന്റെ ഭാഗമോ അംശമോ അല്ലാത്തവയെ ഭാഗമെന്നു വിശേഷിപ്പിക്കുന്ന മൂഢവിശ്വാസങ്ങൾ മനുഷ്യരുടെ ഇടയിൽ വ്യാപകമാണ്. വിശേഷ ബുദ്ധിയെ ലഭിക്കുന്ന മനുഷ്യർ തട്ടിക്കൂട്ടുന്നതുകൊണ്ടോ പ്രചരിപ്പിക്കുന്നതു കൊണ്ടോ അസത്യങ്ങളെ സത്യമാക്കാൻ യാതൊരിക്കലും കഴിയില്ല. മഹാസത്യവും മഹാശക്തിയുമായ ദൈവം ദാനം നൽകുന്ന സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തെ ദുരുപയോഗിച്ച് ദൈവനിന്ദ വർദ്ധിപ്പിക്കാം എന്നേയുള്ളൂ. ദൈവനിന്ദയും ജനദ്രോഹവും വർദ്ധിക്കുന്നതിന് ആനുപാതികമായി ആറ്റങ്ങളിലെ ന്യൂനശക്തികൾ ശിക്ഷിച്ചുതിരുത്താനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഉദാഹരണത്തിന്, 'ഓം' ഭൂമിയുടെ മഹാഗാനം കൂടിയാണ്; എല്ലാ സൃഷ്ടി ചക്രങ്ങളുടെയും രണ്ടാമത്തെ പകുതിയിൽ സത്യയുഗം ആരംഭിക്കുന്നതിനു മുമ്പ് ഭൂമി പാടുന്നതുമാണ്. ഭൂമി ഗാനം എന്നു പറയുമ്പോൾ എല്ലാ (പ്ര) ദേശങ്ങളുടെയും ഗാനമാണ്. അവനവന്റെ കാര്യം നോക്കി ധർമ്മശാസ്ത്ര പ്രകാരം ജീവിക്കേണ്ടവർ, ദേശീയഗാനം എന്നപേരിൽ ഓരോരോ പ്രദേശങ്ങളിലും കടിപിടി കൂടുന്നത് വിശേഷ ബുദ്ധിയെയും, നൽകുന്ന ദൈവത്തെയും നിന്ദിക്കുകയാണ്! മനുഷ്യരൂപികൾ വച്ചുപുലർത്തുന്ന ഭൗതിക അസ്തിത്വം ഇല്ലാത്ത മത-രാഷ്ട്രീയ-വർഗ്ഗ-ദേശ കോപ്രായങ്ങൾ പ്രകാരമുള്ള അവയവങ്ങളും ഭക്ഷണവും വിസർജ്ജ്യങ്ങളും പ്രത്യുല്പാദനങ്ങളും മരുന്നുകളും പ്രദേശങ്ങളും സമുദ്രങ്ങളും നദികളും.... ഭൂമിയിൽ ഇല്ല! പട്ടികളേക്കാൾ കഷ്ടമായി കടിപിടിയും അടിപിടിയും കൂടുന്നവർക്ക്, ഏറ്റവുമധികം വെറുക്കുന്നവരിൽ ചിലരെയെങ്കിലും ഭാവി ജന്മങ്ങളിൽ കൊച്ചുമക്കളായും വ്യത്യസ്ത ജന്മഗുണങ്ങളോടെ താലോലിക്കുകയും വിസർജ്ജ്യ ശുചി ചെയ്യേണ്ടിയും വരും!

പരം = ശ്രേഷ്ഠം. പരമായ ബ്രഹ്മം = പരബ്രഹ്മം = പ്രപഞ്ചം. അനന്ത ആനന്ദങ്ങളായ പ്രപഞ്ചമായി അവതരിച്ചും; ആത്മാക്കളുടെ സൃഷ്ടി-സ്ഥിതികളെ ആനന്ദങ്ങളുമായി ബന്ധിച്ചും; മഹാമാതാപിതാക്കളും സൃഷ്ടികളായ കുഞ്ഞുങ്ങളും ചേർന്ന പ്രപഞ്ചമായ മഹാകുടുംബം ആയിരിക്കുന്നു : **www.omsathyam.com/GodlyRevolution/Man.pdf**

പ്രപഞ്ചത്തിനു മുമ്പുള്ള കാര്യങ്ങൾക്ക് സത്യയുഗവും ദൈവസാന്നിധ്യവും സാക്ഷ്യമാണ്.

ആറ്റങ്ങളും അവയിലെ പ്രോട്ടോണും, ഇലക്ട്രോണും, ആറ്റത്തിലെ മറ്റു ഘടകങ്ങളും, മൂലകങ്ങളും സംയുക്തങ്ങളും മറ്റുമായ വസ്തുക്കളും, പ്രദേശങ്ങളും, സമുദ്രങ്ങളും, ധാതു-ഖനികളും, പെട്രോളിയം സമ്പത്തും, ..... ഭൂചലനങ്ങളും, രോഗ-വൈറസുകളും എങ്ങനെ രൂപപ്പെടുന്നു ? പ്രപഞ്ചത്തിലെ അത്തരം കാര്യങ്ങളെ ഇനി വെളിപ്പെടുത്താം:-

# ॐ ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

മഹാശക്തിയായ ശിവയുടെ മഹാപ്രകടനമാണ് സൃഷ്ടികൾക്കു വേണ്ടിയുള്ള അനന്തമായ ആനന്ദങ്ങളായി അവതരിച്ചിട്ടുള്ള മഹാപ്രപഞ്ചമെന്നും, അംശമായ ശരീരം ഉൾപ്പെടെ എല്ലാ വസ്തുക്കളുടെയും സൂക്ഷ്മ-പ്രപഞ്ചങ്ങളായ ആറ്റങ്ങളുടെ ഉള്ളിലും ശിവ, ഭാഗമായ ശിവനെയും, ഘടകങ്ങളെയും നിരന്തരം പ്രവർത്തിപ്പിച്ചാണ് സർവ്വവും മഹാഭദ്രപ്പെടുത്തുന്നത് എന്നും മുമ്പ് വിശദീകരിച്ചിരുന്നു. എങ്ങനെയാണ് ശിവയും ശിവനും ഘടകങ്ങളും ആറ്റങ്ങളും പ്രദേശങ്ങളും ഭൂമിയും പ്രപഞ്ചവുമെല്ലാം ആവിർഭവിച്ചതെന്ന് പിന്നെയും ചോദിക്കുന്നവരുണ്ട്. മായ, മായാശക്തി എന്നെല്ലാം വിശേഷിപ്പിക്കാൻ കഴിയുന്ന അനിർവചനീയമായ മഹാശക്തിയുടെ പ്രഭാവമാണത്. ജീവികളുടെയെല്ലാം മനോഭാവങ്ങളും ചിന്തകളും ഒരു നിമിഷംപോലും വൈകാതെ അറിയുകയും, അവയുടെ ശരീരത്തിലെ കോശങ്ങളെയും അവയവങ്ങളെയും നിരന്തരം അവയ്ക്കു വേണ്ടി പ്രവർത്തിപ്പിക്കുകയും ചെയ്യുന്ന മഹാശക്തിയെ ഉൾക്കൊള്ളാൻ സ്വത്വം പോലും സ്വന്തമായില്ലാത്ത സൃഷ്ടികൾക്ക് കഴിയില്ല. പുതിയൊരു പ്രപഞ്ചത്തെ പുതിയ ശാസ്ത്രങ്ങളോടെ സൃഷ്ടിക്കാനും അവതരിക്കാനുമെല്ലാം കഴിയുന്ന മഹാശക്തിയെ കുഞ്ഞുങ്ങൾ ഭയക്കാതിരിക്കാൻകൂടിയാണ് ആദ്യ മഹാകാലചക്രത്തിൽ മഹാദാസരായി മഹാശക്തിയും ഭാഗവും സേവിച്ചത്.

അനന്തമായ ആനന്ദങ്ങളാകുന്ന പ്രപഞ്ചത്തിന്റെ ഭാഗമല്ലാത്ത ബ്രഹ്മവും മഹാസത്യവും ശിവയുമായ മഹാഭദ്രകാളിക്ക്, വ്യത്യസ്ത മൂലകങ്ങളും സംയുക്തങ്ങളും ശരീരങ്ങളും ഉൾപ്പെട്ട മഹാപ്രപഞ്ചമായി അവതരിക്കാൻ നിമിഷനേരം മതി. മഹാഭദ്രകാളിയുടെ ഒരു ഭാഗം മാത്രമാണ് ശിവൻ. മഹാപ്രപഞ്ചത്തിന്റെ ഉള്ളിലും, പുറത്തുമുള്ള മഹാസത്യങ്ങൾ മഹാഭദ്രകാളി തന്നെയായ ശിവയും ഭാഗമായ ശിവനും മാത്രമാണ്. സൂര്യനിൽ വച്ച് സ്ത്രീപുരുഷപാതികളായ ആത്മാക്കളെ ഹീലിയം ന്യൂട്രോണുകളായി സൃഷ്ടിക്കുന്നതും അവയ്ക്ക് സ്വന്തം ഇഷ്ടംപോലെ അനന്തകാലം ആനന്ദങ്ങളെ ആസ്വദിച്ചു ജീവിക്കാൻ കഴിയുന്നതും വിവരിച്ചിരുന്നു. ആദിയുള്ളതും അന്തമില്ലാത്തതുമായ മഹാസത്യമാണ് പരബ്രഹ്മമായ പ്രപഞ്ചം. പരബ്രഹ്മത്തിന്റെ ഭാഗമായ സൃഷ്ടികൾ ജീവിക്കുന്നത് സമ-ആനന്ദമാകുന്ന മഹാനീതിയെ ഭദ്രപ്പെടുത്തുന്ന ധർമ്മശാസ്ത്രം പ്രകാരം മാത്രമാവണം. തെറ്റിച്ചാൽ, ആറ്റങ്ങളുടെ ഉള്ളിലുള്ള ബോസോൺ ഗ്ലൂവോൺ ക്വാർക്കുകൾ തുടങ്ങിയ പേരുകളിലുള്ള ന്യൂനശക്തികളും, ജന്മഗുണങ്ങളും, സൃഷ്ടി-സ്ഥിതി വിധികളും, ചേർന്ന് ആത്മാക്കളുടെ മേൽ ഒറ്റയ്ക്കും കൂട്ടായും, വലിയ സമൂഹങ്ങളെയും ധർമ്മശാസ്ത്ര ബന്ധനത്തിൽ പെടുത്തും. ആറ്റങ്ങളിലെ ന്യൂനശക്തികൾ സൂക്ഷ്മജീവികളായ വൈറസുകളും മറ്റുമായി മാറും. ന്യൂനശക്തികളെ മഹാഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ട്. രോഗങ്ങൾ, ഭൂചലനം, പ്രളയം തുടങ്ങിയവയ്ക്ക് മൂലകാരണം ഭൗതികമായ അസ്തിത്വം ഇല്ലാത്ത മത-രാഷ്ട്രീയ-വർഗ്ഗ-ദേശ വിശ്വാസങ്ങളും, സൈന്യം, നികുതികൾ, മാസ്ക്, ഹെൽമെറ്റ് തുടങ്ങിയവയെന്നു ചുരുക്കം. ഭൗതിക ശാസ്ത്രത്തോടൊപ്പം ഭൂമിയിലുള്ള സാമ്പത്തിക ശാസ്ത്രം ഉൾപ്പെട്ട ധർമ്മശാസ്ത്ര പ്രകാരം ജീവിക്കുകയാണ് പരിഹാരം. ജനങ്ങളുടെ അടിമകളുടെ അടിമകളും അകമ്പടിക്കാരുമായി അധഃപതിക്കാതെ ദൈവമായ ഭൂമിയിൽ ലയിച്ചിട്ടുള്ള ധർമ്മശാസ്ത്രങ്ങൾ പ്രകാരം ജീവിക്കുന്ന ഭൂമിയുടെ പൊന്നോമന കുഞ്ഞുങ്ങളാവാൻ പോലീസ് സേന ഉൾപ്പെടെ എല്ലാവർക്കും കഴിയട്ടെ!

ദൈവവാത്സല്ല്യത്തോടെ, മഹാഭദ്രകാളിയുടെ മഹാദാസനായ പരമശിവൻ.

ഗ്രന്ഥകാരനായ ശിവൻ : 'മഹാസത്യവും ഏകമഹാശക്തിയുമായ മഹാഭദ്രകാളിയുടെ ഭാഗവും, മഹാഭദ്രകാളിയായ ശിവയുടെ മഹാദൈവകരാർ പ്രകാരം' ശക്തിഹീനനായും മഹാശക്തനായും പ്രവർത്തിക്കുന്ന മഹാഭദ്രകാളിയുടെ ഏകദാസനും, മഹാദാസനും, സൃഷ്ടികളായ ആത്മാക്കളുടെ പരമാത്മാവും മഹാപിതാവുമാണ് ഗ്രന്ഥകാരൻ. ശിവൻ എന്ന മഹാനാമവും; പരമശിവൻ ശാസ്ത്രായുധൻ, സംഹാര ദേവൻ, ബ്രഹ്മദേവൻ, ഏകദൈവപ്രതിനിധി, മഹാദേവൻ, മഹാനീതിപതി എന്നീ മഹാപദവികളും; പശുപതി, നീലകണ്ഠൻ, ക്ഷിപ്രകോപവും ക്ഷിപ്രപ്രസാദവും, തുടങ്ങിയ മഹാ-അവസ്ഥകളും, മഹാഭദ്രകാളി മഹാഅനുഗ്രഹിച്ചു നൽകിയിട്ടുണ്ട്. മഹാശിവയുടെ മത്സ്യാവതാരവും, അർദ്ധമഹാദേവീ രൂപവും ശിവനിൽ പ്രവേശിപ്പിച്ചും, അക്ഷരബ്രഹ്മം കൂടിയായ 'ഓം' ന്റെ മൂലമായ **'3'** ശിവന്റെ നാവിൽ കുറിച്ചും ചന്ദ്രക്കലയും നക്ഷത്രവും ഇടതുനെറ്റിയിൽ ചിത്രണം ചെയ്തും; ശിവന്റെ നെറ്റി-മദ്ധ്യത്തിൽ താഴെയായിട്ട് സൂര്യനെ ഉൾപ്പെടെ പ്രപഞ്ചത്തിലെ എന്തും എത്രയും സൃഷ്ടിക്കാൻ കഴിയുന്ന മഹാസൂര്യനേത്രത്തെ ഒരുക്കിയും, ഏതൊരു ആയുധങ്ങളും നിർമ്മിക്കാൻ കഴിയുന്ന മഹാത്രിശൂലത്തെ സമ്മാനിച്ചും; ശിവയുടെ മഹാഹൃദയവും മഹാപ്രപഞ്ചത്തിന്റെ മഹാശക്തിനിയന്ത്രണ സത്തയുമായ 'ഓംകാരം' ശിവന്റെ ഹൃദയത്തോടു ചേർത്തും; കഴുത്തിലും തലമുടിമേലുമുള്ള ഓംകാരനാഗങ്ങൾ കൊണ്ട് ഓംകാരനീതിശാസ്ത്ര വരണമാല്ല്യവും ബന്ധനവും സംരക്ഷണവും ചെയ്തും; മഹാദിവ്യദർശനങ്ങളും, ദിവ്യാനുഭവങ്ങളും, തുടങ്ങിയ പലവിധ മഹാപദവികളും മഹാഅനുഗ്രഹങ്ങളും നൽകിയും മഹാഭദ്രകാളി അനുഗ്രഹിച്ചിട്ടുണ്ട്. മഹാഭദ്രകാളിയായ മഹാശിവയോടുള്ള മഹാദാസ്യത്തെ മാത്രം എപ്പോഴും മഹാ-ആനന്ദമാക്കിയ ഭർത്താവായി പ്രപഞ്ചത്തിനും മുമ്പ് സ്വീകരിച്ചിട്ടുണ്ട്.

> മഹാസത്യമായ ബ്രഹ്മവും, ഏകദൈവവും, സൃഷ്ടി സ്ഥിതി സംഹാര കർത്താവും, ശിവയും, മഹാജഗദംബയുമായ 'ഓം മഹാശക്തിയായ മണ്ണടി മഹാഭദ്രകാളീ ദേവി' തന്നെയാണ്, സൃഷ്ടി സ്ഥിതി സംഹാരങ്ങളെ എപ്പോഴും മഹാഭദ്രപ്പെടുത്തിക്കൊണ്ട് അനന്തമായ ആനന്ദങ്ങളാകുന്ന മഹാപ്രപഞ്ചത്തിലെ ദൈവഭാഗമായ ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനുമായിട്ട് അവതരിച്ചുപോരുന്നത്. 'അനന്ത ആനന്ദങ്ങളും പരബ്രഹ്മവുമായ മഹാപ്രപഞ്ചം എങ്ങനെയാണ് ഉണ്ടായതെന്ന്' പ്രപഞ്ചപിതാവായ ശിവനിലൂടെ മഹാഭദ്രകാളി പൊന്നോമന കുഞ്ഞുങ്ങൾക്ക് മഹാവാത്സല്ല്യത്തോടും മഹാശാസ്ത്രപരമായും തെളിയിക്കുകയും വിശദീകരിക്കുകയും ചെയ്യുകയാണ്.

ശിവ, ശിവന് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള മായാമഹാശക്തികളെയും ശിവയുടെ മഹാജ്ഞാനത്തെയും ശിവ മഹാഉചിതമായി ആക്ടിവേറ്റ് ചെയ്തുകൊണ്ടിരിക്കുന്നു. മഹാനീതിശാസ്ത്രമായ ഓംകാരനീതിശാസ്ത്രം പ്രകാരം 'മഹാമാതാവായ ശിവയുടെ മഹാഭാവങ്ങളായ സത്യ ധർമ്മ നീതികളെ, മഹാപിതാവായ ശിവന്റെയും ഭാവങ്ങളായിട്ട് ഉറപ്പിച്ചിട്ടുണ്ട്. മഹാശക്തികളും പ്രപഞ്ചവും ഉൾപ്പെടെ എന്തും സ്വന്തം 'മായ'കൊണ്ട് സൃഷ്ടിക്കുന്ന സർവ്വത്തിനും അതീതമായ ബ്രഹ്മവും, ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്ത, സർവ്വം മഹാഭദ്രപ്പെടുത്തിയ ഭദ്രകാളിയും ഏകദൈവവും മഹാമാതാവുമായ ശിവ', സ്വന്തം ഭാഗവും മഹാദാസനും പരമാത്മാവും മഹാപിതാവുമായ ശിവനെ മുമ്പേ അയച്ചിരിക്കുന്നു, ഉടനെ പ്രത്യക്ഷമായിക്കൊണ്ട് ദൈവവിപ്ലവം ആരംഭിക്കുന്നതുമാണ്. 'ശിവയാണ് ഏകദൈവം; ശിവൻ ശിവയുടെ ഭാഗവുമാണ്.' ശിവയുടെയും ശിവന്റെയും കുഞ്ഞുങ്ങളാണ് ജീവികളും ദേവതകളും; എല്ലാ ദേവതകളെയും പിൻവലിച്ചുംകഴിഞ്ഞു.

## പ്രത്യേക കുറിപ്പ് :

**മഹാഭദ്രകാളിയുടെ മഹാഅനുഗ്രഹത്തോടെയും, പലപ്പോഴും ലഭിച്ച സാന്നിധ്യത്തോടെയും തയ്യാറാക്കിയ കുറെ കുറിപ്പുകളും ഈ ലഘു ദിവ്യമഹാഗ്രന്ഥത്തിൽ ചേർക്കുന്നുണ്ട്.**

**ഒരു ചെറിയ ഫോണിൽ തയ്യാറാക്കുന്ന ഗ്രന്ഥവും കുറിപ്പുകളുമാണ്. അതുകൊണ്ടുതന്നെ ആവർത്തനങ്ങൾ കൂടും. തെറ്റുകൾ തിരുത്താനും വളരെയധികം പരിമിതികൾ ഗ്രന്ഥകാരന് നിലവിലുണ്ട്.**

(വിവരിക്കുന്നില്ല; 1000 കോടി വർഷങ്ങളായി ഉണ്ടായിരുന്ന ദുർദ്ദേവതകളുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്.)

**വൈകാതെ പോരായ്മകളെല്ലാം പരിഹരിച്ച്, മഹാഭദ്രകാളിയുടെ മഹാഅനുഗ്രഹത്തോടെ പ്രസിദ്ധീകരിക്കാൻ കഴിയുമെന്നു കരുതുന്നു ! ഈ മഹാഗ്രന്ഥം ലഭിക്കുന്നവർക്ക് സ്വയം തിരുത്തുകയും ആവാം.**

**ഗ്രന്ഥകാരനിലൂടെ പ്രസിദ്ധീകരിച്ചിട്ടുള്ള എല്ലാ ഗ്രന്ഥങ്ങളിലെയും ശാസ്ത്ര കാര്യങ്ങൾ പ്രപഞ്ചത്തിലെ വസ്തുക്കളിലും രൂപാന്തരമായ (ജീവികളുടെ) ശരീരങ്ങളിലും ലയിച്ചിരിക്കുന്ന, മഹാഭദ്രകാളിയുടെ ആദിയും അന്തവും ഇല്ലാത്ത മഹാജ്ഞാനത്തിന്റെ ഓഹരിയായ ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങൾ മാത്രമാണ്. അവ പ്രകാരം ഏതൊരാൾക്കും ശാസ്ത്ര കാര്യങ്ങളിൽ ഉണ്ടായിട്ടുള്ള ഏറ്റവും ലഘുവും നാമമാത്രവുമായ എഴുത്തു-പിശകുകൾ ഉൾപ്പെടെയുള്ളവ തിരുത്താവുന്നതാണ്.**

**ഇത് കുറിക്കുമ്പോൾ, 2023 ശിവരാത്രി പത്തരയാവുന്നു.**

**കുറിപ്പുകൾ എഡിറ്റ് ചെയ്ത് പൂർത്തിയാക്കണം. ഫയലാക്കണം. അപ്ലോഡ് ചെയ്യണം. ഒരു കവർ ലെറ്ററോടെ ഇന്ന് ശിവരാത്രി തന്നെ പ്രസിദ്ധീകരിക്കണമെന്നുണ്ട്.**

**മംഗളമായി പൂർത്തിയാക്കാൻ മഹാഭദ്രകാളീദേവി കനിയും!**



**മഹാഭദ്രകാളിയുടെ മഹാദാസനായ പരമശിവൻ.**

# കുറിപ്പുകൾ

## മനുഷ്യൻ - ദിവ്യ മഹാശാസ്ത്രഗ്രന്ഥ സംഗ്രഹമായിരുന്നു ഉദ്ദേശിച്ചത് ...

ഈ മഹാഗ്രന്ഥത്തിൽ എന്തിനും അതീതമായ ദൈവകാര്യങ്ങളും, പ്രപഞ്ചരഹസ്യങ്ങളും, ജീവികളുടെയെല്ലാം സൃഷ്ടി സ്ഥിതി സംഹാരങ്ങളും, വെളിപ്പെടുത്തുകയും മഹാശാസ്ത്രപരമായിട്ട് തെളിയിക്കുകയും ചെയ്തിട്ടുണ്ട്. (ഈ മഹാഗ്രന്ഥത്തിൽ പരാമർശിച്ചിട്ടുള്ള ദൈവനാമങ്ങൾ ശാസ്ത്രപരം മാത്രമാണ്; മതങ്ങളുടെയും മറ്റും ഭാഗമല്ലെന്ന് വിശകലനത്തിലൂടെ മനസ്സിലാക്കാൻ കഴിയും.)

ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയും മഹാജ്ഞാനിയുമായ ദൈവം, ഓരോരോ സൃഷ്ടിയുടെയും സമ്മതം വാങ്ങിയ ശേഷം മാത്രം സൃഷ്ടിക്കണമെന്ന പെരുമാറ്റ മര്യാദ കാണിച്ചില്ലെന്ന് അനേകം മനുഷ്യർ പ്രസ്താവിക്കുന്നതാണ്! ദൈവം സൃഷ്ടിക്കുമ്പോൾ മാത്രം സത്യമാകുന്നവരും, മുമ്പ് ഇല്ലാത്തവരുമായ സൃഷ്ടികളുമായി ആലോചിക്കാൻ കഴിയില്ലെന്ന്, ലഭിക്കുന്ന വിശേഷബുദ്ധിയെ ഉപയോഗിച്ചാൽ മനുഷ്യർക്ക് തിരിച്ചറിയാം!

മഹാമാതാപിതാക്കളായിരിക്കുന്ന ദൈവത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര പാത്രവും കൂടിയാണ് അന്തമില്ലാത്ത മഹാശൂന്യതയായ ആകാശം. സൃഷ്ടി പാത്രമായ സൂര്യനിൽ വച്ച് ആത്മാക്കളെ സൃഷ്ടിക്കുന്നതിനു മുമ്പ് അവർക്ക് ആനന്ദങ്ങളെ പരിചയപ്പെടാനും ആസ്വദിക്കാനും നേടാനുമായിട്ട് അനന്തമായ ആനന്ദങ്ങളും സ്ഥിതിപാത്രങ്ങളുമായ ഭൂമിയും ചന്ദ്രനും; ശേഷം സംഹാര-പാത്രമായ നക്ഷത്രലോകവും കൂട്ടിയാണ് മഹാകുടുംബമായി ദൈവം അവതരിച്ചിരിക്കുന്നത്.

ദൈവം, വിശേഷ ബുദ്ധിയും അനുബന്ധമായ ശാസ്ത്രങ്ങളും നൽകുന്ന മനുഷ്യൻ ഉൾപ്പെടെയുള്ള എല്ലാ സൃഷ്ടികളെയും ആനന്ദങ്ങളുമായാണ് ബന്ധിച്ചിരിക്കുന്നത്. എല്ലാ വസ്തുക്കളും മഹാപ്രപഞ്ചത്തിന്റെ അംശങ്ങളാണ്; വസ്തുക്കളുടെ സമസ്ത ഗുണങ്ങളുമുള്ള ഏറ്റവും ചെറിയ ഘടകമായ ആറ്റങ്ങൾ വരെ എല്ലാ ആത്മാക്കൾക്കും വേണ്ടിയുള്ള വ്യത്യസ്തവും അനന്തവുമായ ആനന്ദങ്ങളുമാണ്. എന്നാൽ ആറ്റങ്ങളുടെ ഉള്ളിൽ ഏകദൈവത്തിന്റെ മഹാശക്തികളും ഭാഗങ്ങളുമായ പ്രോട്ടോൺ ഇലക്ട്രോൺ ന്യൂട്രോൺ തുടങ്ങിയവ ആനന്ദങ്ങളെ സദാ സൃഷ്ടിക്കുകയും അവതരിക്കുകയുമാണ്.

ഏകമഹാശക്തിയും ശിവയുമായ പ്രോട്ടോണിന്റെ ഘടകങ്ങളാണ് ആറ്റങ്ങളിലെ ഓം, ബോസോൺ, ഗ്ലൂവോൺ, ക്വാർക്കുകൾ, എന്നിവ. ശിവയുടെ ഭാഗമായ ശിവനാകുന്ന ഇലക്ട്രോണിന്റെ ഘടകമാണ് ന്യൂട്രോൺ. ശിവനാകുന്ന ഇലക്ട്രോണുകളെ ചുറ്റിച്ചും; ന്യൂട്രോണുകളോട് ഹീലിയത്തിലെ നൂട്രോണായിരിക്കുന്ന ആത്മാവിനെ ബന്ധിപ്പിച്ചും, എല്ലാ ജീവികളുടെയും ശരീരത്തിലെ അവയവങ്ങളുടെ ബാഹ്യവും ആന്തരികവുമായ ചർമ്മത്തിലൂടെ വ്യാപരിപ്പിച്ചും ശിവയായ പ്രോട്ടോണുകളും; ശരീരം ഉൾപ്പെടെ എല്ലാ വസ്തുക്കളുടെയും മൊത്തമായ ഭൂമിയുടെ സ്വത്വവും മഹാശക്തിയും മഹാനീതിയും ശിവയും മഹാഭദ്രകാളിയുമായ ഓക്സിജനുമാണ് സർവ്വവും ഭദ്രപ്പെടുത്തുന്നത്.

ശിവനോടൊപ്പം അനന്ത-ആനന്ദങ്ങളായ പ്രപഞ്ചമായി അവതരിച്ചിട്ടുള്ളത് ദൈവമായ ഓക്സിജനാണെന്ന് പരസ്യമാക്കുമ്പോഴും ഓക്സിജന്റെ പ്രവർത്തനങ്ങളെ തടയാൻ മനുഷ്യൻ ഉൾപ്പെടെ യാതൊരു സൃഷ്ടികൾക്കും കഴിയില്ല ! ജീവികളെയും സ്വത്വമായ ആത്മാക്കളെയും ഒറ്റയ്ക്കും, ഭാഗികമായും, മുഴുവനായും സ്തംഭിപ്പിക്കാനും എന്തിനും ഓക്സിജനു കഴിയും ! ജീവി-വർഗ്ഗം, സ്ത്രീപുരുഷ ജാതി, നിറം, സൗന്ദര്യം, മുഖഛായ, ഉയരം, ആയുസ്സ്, ആരോഗ്യം, ബുദ്ധിശക്തി, ഓർമ്മശക്തി, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ജന്മസ്ഥലം, മരണം, തുടങ്ങിയ ജന്മഗുണങ്ങളെ നിശ്ചയിച്ചും സൃഷ്ടിച്ചും ശിക്ഷിച്ചുമെല്ലാം 'സൃഷ്ടികൾ മാത്രമായ എല്ലാ ആത്മാക്കളുടെയും' മേൽ മഹാനീതി നടപ്പാക്കുന്നത് 'മഹാഭദ്രകാളിയായ ഓക്സിജനും ജലവും ചേർന്ന മണ്ണായ ഭൂമിയാണ് '. സൃഷ്ടിപാത്രമായ സൂര്യനിൽ വച്ച് ഹീലിയം ആറ്റത്തിലെ ന്യൂട്രോണായിട്ട് ആത്മാക്കളെ, ശവൻ കൂടിയായ ശിവന്റെ ഗുണങ്ങളോടെ ശിവ സൃഷ്ടിക്കുന്നതും പ്രകാശരൂപത്തിൽ ഭൂമിയിൽ എത്തിച്ച് ശരീരം നൽകി ജീവികളാക്കുന്നതും ശാസ്ത്രീയമായി വിവരിച്ചിട്ടുണ്ട്.

*****     *******          *****     *******          *****     *******

പ്രപഞ്ചത്തിലെ വസ്തുതകൾക്ക് അതീതമായവ പ്രപഞ്ചത്തിൽ വിശേഷബുദ്ധി ലഭിച്ചു ജീവിക്കുന്ന മനുഷ്യർക്ക് അനിർവചനീയമാണ്. പ്രപഞ്ചത്തിന്റെ അംശമായ ഭൂമിയിൽ ജീവിക്കുന്ന സൃഷ്ടികൾക്ക് മുമ്പുണ്ടായതാണ് ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനും ചേർന്ന പ്രപഞ്ചം. നക്ഷത്രങ്ങൾ ഇപ്പോഴും ഉണ്ടാകുന്നുണ്ടെന്നത് അവ പ്രപഞ്ചത്തിന്റെ ആദ്യ ഭാഗമോ അംശമോ അല്ല.

സൃഷ്ടികളായ ജീവികൾ അവരവർക്കു വേണ്ടി ആനന്ദിച്ചു ജീവിച്ചാൽ മാത്രം മതിയാകും. ദൈവം മനുഷ്യൻ ഉൾപ്പെടെ യാതൊരു സൃഷ്ടികൾക്കും കടമകളെ നൽകുന്നില്ല.

ദൈവം മഹാനീതി കാര്യങ്ങൾ ഉൾപ്പെടെ യാതൊന്നും മനുഷ്യരെ ഏല്പിച്ചിട്ടില്ല.

സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ദൈവവും, സൃഷ്ടികളും മാത്രമാണ് ബ്രഹ്മത്തിന്റെ ശ്രേഷ്ഠ രൂപമായ പരബ്രഹ്മം എന്ന പ്രപഞ്ചത്തിലുള്ളത്. വിശേഷ ബുദ്ധിയെ ലഭിച്ചിട്ടും മനുഷ്യർക്ക് അത് മനസ്സിലാക്കാൻ കഴിഞ്ഞില്ല. എത്രയും മഹത്തായ മഹാപ്രപഞ്ചത്തെ എങ്ങനെയൊക്കെയോ എന്തൊക്കെയോ പൊട്ടിത്തെറിച്ച് ഉണ്ടായെന്ന നിഗമനങ്ങളുടെ പിന്നാലെ പോയത് ഏറെ വിചിത്രവും പരിതാപകരവും, കടുത്ത ദൈവ നിന്ദയുമായി.

ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയായ ദൈവം നൽകിയാൽ മാത്രം സ്വത്വവും, രൂപവും, ശരീര-അവയവങ്ങളും, ജീവി-വർഗ്ഗവും, സ്ത്രീ പുരുഷ ജാതിയും, ഭൂമിയിലെ വസ്തുക്കളും, അവയെല്ലാം പ്രകാരമുള്ള ശക്തികളും ജ്ഞാനവും സ്വാതന്ത്ര്യങ്ങളും സൗന്ദര്യവും കാലവും ശരണവും നീതിയുമെല്ലാം ലഭിക്കുന്ന മനുഷ്യൻ ഉൾപ്പെടെയുള്ള സൃഷ്ടികളിൽ നിന്ന് ദൈവത്തിന് യാതൊന്നും നേടാനില്ല; സഹായങ്ങളും ആവശ്യമില്ല. വിശേഷ ബുദ്ധിയെ ലഭിക്കുന്ന മനുഷ്യർക്ക് ലഭിക്കുന്ന മറ്റു ജന്മഗുണങ്ങളായ ശരീര-സൗന്ദര്യം, മുഖഛായ, നിറം, ആയുസ്സ്, ആരോഗ്യം, ബുദ്ധി ശക്തി, ഓർമ്മ ശക്തി, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ജനനസ്ഥലം, വിരലടയാളം, കൺമണി, ഡിഎൻഎ, തുടങ്ങിയവയെ നിശ്ചയിച്ചതും സൃഷ്ടിച്ചതും സ്വയമോ മാതാപിതാക്കൾ ഉൾപ്പെടെയുള്ള ഉറ്റവരോ അല്ലെന്ന് സുവ്യക്തമായി അറിയാം. മനുഷ്യാവസ്ഥയിൽ വച്ച് വിശേഷ ബുദ്ധിയും അനുബന്ധമായിട്ട് ഭൂമിയിൽ ലയിച്ചിരിക്കുന്ന ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങളും കാലക്രമേണയായി ലഭിക്കുന്നത് ഭൂമിയുടെ ദാനങ്ങൾ മാത്രമാണ്. സ്ത്രീപുരുഷ പാതികളായ ഇണകളായി സൃഷ്ടിക്കപ്പെടുന്ന ഓരോ ആത്മാവിന്റെയും പകുതിക്ക് ലഭിക്കുന്ന സ്ത്രീ പുരുഷ ശരീരങ്ങൾ, സ്വവർഗ്ഗത്തിൽ പെടുന്നവ ഉൾപ്പെടെ മറ്റുള്ള ജീവികളുടെ ശരീരങ്ങളിൽ ലയിച്ചിരിക്കുന്ന ബഹുവിധങ്ങളായ ആനന്ദങ്ങളെ ആസ്വദിക്കാനും നേടാനുമുള്ള ഉപാധികളായ ശക്തികളും ശാസ്ത്രങ്ങളുമെല്ലാമാണ്.

സൃഷ്ടിയായ ഓരോ ആത്മാവിന്റെയും പാതികൾക്ക് ഭൂമിയുടെ അംശമായ വസ്തുക്കളുടെ രൂപാന്തരമായ ശരീരത്തിലെ കോശങ്ങളും അവയവങ്ങളും വിസർജ്ജ്യങ്ങളും പ്രത്യുല്പാദന ബീജങ്ങളുമെല്ലാം സ്ത്രീപുരുഷ ജീവികളായി ജീവിക്കാൻ ആവശ്യമായ അനന്തമായ ആനന്ദങ്ങളും അവയെ ആസ്വദിക്കാനും നേടാനുമുള്ള ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും സൗന്ദര്യവും കാലവും ശരണവും മഹാനീതിയുമെല്ലാം നൽകുക മാത്രമാണ്. ആനന്ദങ്ങളെ ആസ്വദിക്കാനും നേടാനുമുള്ള ഉപാധികൾ മാത്രമാണ് ശരീരം. ആസ്വദിക്കുന്നതും നേടുന്നതും ദൈവാംശമായ ശരീരത്തിന്റെ തജ്ജന്മത്തിലെ ഉടമയായ ആത്മാവാണ്. ഉദാഹരണത്തിന്, പല്ലുവേദന എന്നു പറയുമ്പോൾ, യഥാർത്ഥത്തിൽ പല്ലുകൾ ആത്മാവിന് വേദനകളെ നൽകുകയാണ്.

ദൈവത്തിന്റെ അവതാരവും സൃഷ്ടികളായ ആത്മാക്കൾക്ക് ജീവികളായി ജീവിക്കാനുള്ള സ്ഥിതി പാത്രവും കൂടിയായ ഭൂമിയുടെ ശരീരവും ആനന്ദങ്ങൾക്കെല്ലാം അതീതമാണ്. ശരീരത്തിനു ലഭിക്കുന്ന വേദനകൾ ഉൾപ്പെടെയുള്ള ആനന്ദങ്ങളെ ആത്മാക്കൾക്ക് സമ്പൂർണ്ണമായി കൈമാറുകയാണ് ചെയ്യുന്നത്.

## ദൈവമായ ശക്തികൾ, ആനന്ദങ്ങളായി മാറുന്നത് വിവരിക്കുന്നു :

മനുഷ്യ മാതാവും, മറ്റ് സസ്തനികളും കുഞ്ഞുങ്ങളെ മുലയൂട്ടുമ്പോഴു, കുഞ്ഞുങ്ങൾ പാൽ കുടിക്കുമ്പോഴും, ആനന്ദിക്കുന്നുണ്ട്. മാതാപിതാക്കളും കുഞ്ഞുങ്ങളും ഉമ്മ വെയ്ക്കുമ്പോഴും, കെട്ടിപ്പിടിക്കുമ്പോഴും സ്നേഹ വാത്സല്യങ്ങളായ ആനന്ദങ്ങൾ അനുഭവിക്കുന്നുണ്ട്. മുതിർന്നവർ വാത്സല്യം, ഭക്തി, ബഹുമാനം, സ്നേഹം, പ്രേമം, കാമം തുടങ്ങിയവയുടെ ഭാഗമായി ആലിംഗനം ചെയ്യുമ്പോഴും ആനന്ദിക്കുന്നുണ്ട്. ജീവികളുടെ ശരീരത്തിലെ ബാഹ്യവും ആന്തരികവുമായ ചർമ്മത്തിലൂടെ ആത്മാവ് വ്യാപരിക്കുന്നതിനെ പിന്നീട് വിവരിക്കുന്നുണ്ട്. എല്ലാ ജീവികളും ഭക്ഷണ പാനീയങ്ങൾ ആസ്വദിക്കുമ്പോഴും, മരുന്നുകൾ, മദ്യം, മയക്കുമരുന്ന്, വിഷം തുടങ്ങിയവ ശരീരത്തിൽ പ്രവേശിക്കുമ്പോഴും, രോഗങ്ങൾ രോഗമുക്തി മുറിവുകൾ മുറിവുണങ്ങൽ തുടങ്ങിയവ ഉണ്ടാകുമ്പോഴും വേദനയും സംതൃപ്തിയും ഉൾപ്പെട്ട ആനന്ദങ്ങൾ അനുഭവിക്കുന്നുണ്ട്. എല്ലാ ജീവികളുടെയും സ്വത്വങ്ങളായ ആത്മാക്കൾക്ക് ശരീരങ്ങളിലൂടെ വേദനകളെല്ലാം ഉൾപ്പെട്ട ആനന്ദങ്ങളെ ലഭിക്കുന്നത് ശരീരത്തിലെ അവയവങ്ങളും ദഹനേന്ദ്രിയങ്ങളും നാഡികളുമെല്ലാം പ്രവർത്തിച്ചാണ്. ഭക്ഷണത്തിൽ നിന്ന് ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്കു ലഭിക്കുന്നതും, ശരീരം നൽകുന്നതുമായ ഭക്ഷണരുചി-ആനന്ദങ്ങൾ ജീവികളുടെയെല്ലാം നിത്യജീവിതത്തിൽ എപ്പോഴും അനുഭവിക്കുന്ന സാക്ഷ്യമാണ്. എല്ലാ ജീവികളുടെയും പരമാനന്ദം സ്വയം മറക്കുകയും ഇണയിൽ ലയിക്കുകയും ചെയ്യുന്ന കാമ-ആനന്ദം ആണെങ്കിലും; ജനനം മുതൽ മരണം വരെയുള്ള പ്രധാന ആനന്ദം, സമ്പൂർണ്ണ സംതൃപ്തി ലഭിച്ച് 'മതിയെന്നു പറയുന്ന' ഭക്ഷണ ആനന്ദമാണ്.

വിശേഷ ബുദ്ധിയെയും അനുബന്ധമായ ശാസ്ത്രങ്ങളെയും മനുഷ്യന് നൽകുമ്പോൾ; അവയിലൂടെ (ദൈവത്തിന്റെ ശക്തികളെ) നേടാനും ശരീരത്തിലെ കോശങ്ങളെയും അവയവങ്ങളെയും മറ്റും സൃഷ്ടിക്കാനും സംരക്ഷിക്കാനും മനുഷ്യർക്ക് കഴിയുമെന്നു വന്നാൽ എല്ലാ സൃഷ്ടികൾക്കും സമ-ആനന്ദമാകുന്ന മഹാനീതിയെ നൽകാൻ തടസ്സം ഉണ്ടാകും. ദൈവം, ശാസ്ത്രങ്ങളെ നൽകുമ്പോഴും ആറ്റത്തെ സൂക്ഷ്മവും അവയിലെ സ്വന്തം ശക്തികളെ അതിസൂക്ഷ്മവുമാക്കി മഹാനീതിയെ മഹാഭദ്രപ്പെടുത്തുന്നു!

സൃഷ്ടികൾ ഭക്ഷണ വസ്തുക്കളായ ആനന്ദം അനുഭവിക്കുമ്പോൾ, വസ്തുക്കൾ കുറയുകയോ ഇല്ലാതാവുകയോ വേണം; ഭക്ഷണ-രുചി-ആനന്ദങ്ങളെ നൽകുന്ന ഭക്ഷ്യവസ്തുക്കളെ മഹാശക്തിയായ ദൈവം തുടർച്ചയായി സൃഷ്ടിക്കുകയും വേണം. സൃഷ്ടികൾ അദ്ധ്വാനിച്ചു നേടുന്ന പ്രതീതി ഉളവാക്കിയാൽ മാത്രമാണ് വിശേഷ ബുദ്ധി നൽകപ്പെടുന്ന മനുഷ്യന് അഭിമാനത്തോടെ ആനന്ദങ്ങളെ ആസ്വദിക്കാനും കഴിയുക. ആനന്ദങ്ങളായ ശരീരം ഉൾപ്പെടെയുള്ള വസ്തുക്കളെ പുതിയ ആനന്ദങ്ങളായ ശരീരം ഉൾപ്പെടെയുള്ള വസ്തുക്കളായിട്ടു തന്നെയാണ് ദൈവം പരിണമിപ്പിക്കുന്നത്.

# ॐ ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

ഭക്ഷണരുചി-ആനന്ദങ്ങളെ ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്കു നൽകിയിട്ട് വിസർജ്ജ്യങ്ങളോ ശവമോ ആയി മാറുന്ന വസ്തുക്കൾ സസ്യങ്ങളും ചില ജന്തുക്കളും പക്ഷികളുമായ ജീവികളുടെ ഭക്ഷണമായ ആനന്ദങ്ങളായി മാറുകയും മണ്ണിൽ ലയിച്ചു ചേരുകയും വീണ്ടും സസ്യങ്ങൾ ഉൾപ്പെടെയുള്ള ജീവികളുടെ ശരീരങ്ങളിൽ മടങ്ങി എത്തുകയും ചെയ്യുന്നു. കോശങ്ങളെ നിരന്തരം മാറ്റി ശരീരവളർച്ചയും, രോഗങ്ങളും-മുക്തിയും, മുറിവുണങ്ങലുമെല്ലാം ഉൾപ്പെട്ട മഹാനീതിയെ ശരീരത്തിൽ മുമ്പു തന്നെ ലയിച്ചിട്ടുള്ള ശാസ്ത്രങ്ങൾ പ്രകാരവും പുതിയവ പ്രകാരവും നടപ്പാവുന്നു.

ദൈവത്തിന്റെ അവതാരമായ ഭൂമിയുടെ അംശമായ വസ്തുക്കൾ; സൃഷ്ടികളായ ആത്മാക്കളെ വ്യത്യസ്ത ജീവികളാക്കുന്ന ശരീരകോശങ്ങളും അവയവങ്ങളുമായ ആനന്ദങ്ങളായും, വീണ്ടും മണ്ണായ ഭൂമിയുടെ ഭാഗമായും ചാക്രികമായി കറങ്ങുമ്പോൾ; ദഹനവും ശരീര വളർച്ചയും മറ്റും നിർവ്വഹിക്കുന്നത് സ്വത്വങ്ങളായ ആത്മാക്കളല്ലാ. **അവയെല്ലാം എങ്ങനെ സംഭവിക്കുന്നു എന്ന് ശാസ്ത്ര പരമായി തെളിയിക്കുന്നു :**

**പ്രപഞ്ചത്തിന്റെ അംശമായ എല്ലാ വസ്തുക്കളും ആനന്ദങ്ങളാണെന്ന് ആദ്യമറിയണം. പ്രപഞ്ചമാകുന്ന ആനന്ദങ്ങൾ സൃഷ്ടികളായ ആത്മാക്കൾക്കു വേണ്ടി മാത്രമാകയാൽ, മൂലകങ്ങളെയും സംയുക്തങ്ങളെയും കൊണ്ട് സൃഷ്ടിക്കുന്നതായ ശരീരം ഉൾപ്പെട്ട ആനന്ദങ്ങളെ ആത്മാക്കളോടു നേരിട്ടു ബന്ധിച്ചാണ് അവയെ ജീവികളാക്കുന്നത്.**

**ആനന്ദങ്ങളെ സൃഷ്ടിച്ചു നൽകുന്നത് അവയിൽ തന്നെയുള്ള ശക്തികളാണ് :** സൃഷ്ടികൾക്ക് ആനന്ദിച്ചു ജീവിക്കാനായി അവതരിച്ച അനന്ത-ആനന്ദങ്ങളായ വസ്തുക്കളുടെയെല്ലാം വിഭജനങ്ങളായ ഏറ്റവും ചെറിയ ഘടകങ്ങളും ആനന്ദങ്ങൾ തന്നെയാവണമെന്ന് വിശേഷ ബുദ്ധി കൊണ്ട് തിരിച്ചറിയാൻ കഴിയും. പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളുടെയും ഏറ്റവും ചെറിയതും വലിയതുമായ അവസ്ഥകളിലെ ഗുണങ്ങൾ അടിസ്ഥാനപരമായി ഒന്നാണെന്ന് ജലവും നെല്ലും ചോറും പഴങ്ങളും പച്ചക്കറികളും മാംസവും സ്വർണ്ണവും സമുദ്രങ്ങളുമെല്ലാം തെളിയിക്കുന്നുണ്ട്. എല്ലാ വസ്തുക്കളുടെയും എല്ലാ ഗുണങ്ങളുമുള്ള ഏറ്റവും ചെറിയ ഘടകം ആറ്റങ്ങളുമാണ്.

ആറ്റങ്ങളെ വിഭജിക്കാൻ കഴിയുന്നതും പ്രപഞ്ചത്തിലെ വ്യത്യസ്തമായ എല്ലാ വസ്തുക്കളുടെയും ആറ്റങ്ങളിലെ അതിസൂക്ഷ്മ ഘടകങ്ങൾ സമാനമായ ഓം, പ്രോട്ടോൺ, ഇലക്ട്രോൺ, ന്യൂട്രോൺ, ബോസോൺ, ഗ്ലൂവോൺ, ക്വാർക്കുകൾ, എന്നിവ ആയിരിക്കുന്നതും മഹാശക്തിയായ ദൈവത്തിന്റെ മഹാത്ഭുതകരമായ ആവിഷ്ക്കാരമാണ്. ആറ്റങ്ങളുടെയെല്ലാം ഉള്ളിൽ 'ബ്രഹ്മവും, ആദിമഹാസത്യവും, ഏകമഹാശക്തിയും, ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്ത ഏകദൈവവും, ശിവയുമായ മഹാഭദ്രകാളി; സ്വന്തം ഭാഗമായ ശിവനെയും കൂട്ടി, ശക്തിഘടകങ്ങളായ ഗുണങ്ങളെയും, ന്യൂനശക്തികളെയും, ധർമ്മശാസ്ത്ര ബന്ധനത്തെയും, നീതിയെയും, ശബ്ദ ബ്രഹ്മവുമായി ബന്ധിപ്പിച്ച് സൃഷ്ടികളായ ആത്മാക്കൾക്കു വേണ്ടി അനന്തമായ ആനന്ദങ്ങളെ സൃഷ്ടിക്കുകയും അവയായി അവതരിക്കുകയും ഒന്നിച്ചു ചെയ്യുകയാണ്.

ആറ്റങ്ങളുടെ ഉള്ളിലെ ഘടകങ്ങളായ സ്വന്തം ശക്തികളെ പ്രവർത്തിപ്പിച്ചാണ് ശിവ ആനന്ദങ്ങളായി അവതരിക്കുന്നത്. പിന്നീട് വിവരിക്കുന്നുണ്ട്. അല്പംമാത്രം ഇവിടെ കുറിക്കുന്നു: മഹാശിവയായ പ്രോട്ടോൺ നൽകുന്ന ശക്തി കൊണ്ട് ശിവനാകുന്ന ഇലക്ട്രോൺ ചുറ്റിക്കറങ്ങിക്കൊണ്ടിരിക്കുന്നു. മഹാശിവയായി ശിവ മാറുന്നത് പ്രപഞ്ചത്തിന് അതീതമായ ബ്രഹ്മം, 'ഓം' എന്ന ശക്തി-ശിവൻ പ്രണയമന്ത്രമായി ശിവയോടു ചേരുമ്പോഴാണ്. ശിവയായ പ്രോട്ടോൺ 'ഓം' എന്ന് മഹാചിരിക്കുന്നു. ശബ്ദബ്രഹ്മം, മഹാശാസ്ത്രമൂലം, സൃഷ്ടി മന്ത്രം, ആദിവചനം, സംഹാര കാഹളം, അക്ഷര ബ്രഹ്മം, ഭൂമി ഗാനം, മഹാ സംഗീതം, ഏക മഹാശബ്ദം, ദൈവ വിപ്ലവഗാനം, ദൈവത്തിന്റെ മഹാചിരി തുടങ്ങിയവയായ 'ഓം' പ്രഭാവം കൊണ്ടാണ് പ്രോട്ടോണിനെ ഇലക്ട്രോൺ ചുറ്റുന്നതെങ്കിലും, ചുറ്റൽ ആരംഭിച്ചു കഴിഞ്ഞാൽ ശബ്ദം ഉണ്ടാകുന്നത് ചുറ്റുന്നതു കൊണ്ടാണെന്ന് പറയാനാവും. വായുവിൽ ഫാൻ ചുറ്റുമ്പോഴും, കൈകൾ മുട്ടുമ്പോഴും ശബ്ദം ഉണ്ടാകുന്നത് ഉദാഹരണം. വസ്തുക്കൾ പ്രവർത്തിക്കുമ്പോൾ ശബ്ദം ഉണ്ടാകുമെന്ന 'ആദ്യ ശാസ്ത്രനിയമം' സൃഷ്ടിച്ചുകൊണ്ട് പ്രപഞ്ചത്തിനും അതീതമായ ബ്രഹ്മം ആകുന്ന ദൈവം 'ശബ്ദബ്രഹ്മം' ആയി പ്രപഞ്ചത്തിലേക്ക് പ്രവേശിക്കുക കൂടിയാണ് സംഭവിക്കുന്നത്. ഏകമഹാശബ്ദം 'ഓം' ആണെന്ന് മഹാശാസ്ത്രപരമായി ഈ മഹാഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്. ആറ്റങ്ങളുടെ ഉള്ളിൽ ഓം എന്ന് മഹാചിരിച്ചാണ് ശിവ പ്രപഞ്ചം ഭദ്രമാക്കുന്നതെന്നും സാരം!

എല്ലാ സൃഷ്ടി ചക്രങ്ങളുടെയും രണ്ടാമത്തെ പകുതിയിൽ സത്യയുഗം ആരംഭിക്കുന്നതിനു മുമ്പ് ദൈവ വിപ്ലവഗാനം കൂടിയായ 'ഓം' തുടർച്ചയായി ഉച്ചത്തിൽ ഭൂമിയിലെങ്ങും മുഴങ്ങുന്നതാണ്; ഉടനെയുണ്ട്; അതോടെ സംശയങ്ങൾ തീരുന്നതാണ്!

ആത്മാക്കളെ, ആനന്ദങ്ങളാകുന്ന ശരീരം ഉൾപ്പെടെയുള്ള വസ്തുക്കളുമായിട്ടാണ് ദൈവം ബന്ധിച്ചിരിക്കുന്നത്. എന്നുവെച്ചാൽ ആറ്റങ്ങൾ വരെയുള്ള ആനന്ദങ്ങളെ നേടാനും ആസ്വദിക്കാനുമെല്ലാം മാത്രമാണ് സൃഷ്ടികളായ ആത്മാക്കളെ മഹാശക്തിയായ ദൈവം അനുവദിച്ചിട്ടുള്ളത്. സൃഷ്ടികൾക്കു വേണ്ടിയാണ് അനന്തമായ ആനന്ദങ്ങളാകുന്ന പ്രപഞ്ചമായിട്ട് ദൈവം അവതരിച്ചിട്ടുള്ളത് എന്നിരിക്കെ ആറ്റങ്ങളിലെ ശക്തികളും ആത്മാക്കൾക്ക് നൽകണ്ടേ എന്നൊരു ചോദ്യമുണ്ട്. ആറ്റങ്ങളുടെ ഉള്ളിൽ മഹാശക്തിയായ ദൈവത്തിന്റെ അംശങ്ങൾ ആനന്ദങ്ങളെ സൃഷ്ടിച്ചും അവതരിച്ചുമാണ് സൃഷ്ടികൾക്ക് നൽകുന്നത്.

1000 കോടി വർഷങ്ങൾക്കു മുമ്പ് 100 മൂലകങ്ങളും അവയുടെ 3 ലക്ഷത്തോളം സംയുക്തങ്ങളും കൊണ്ട് ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനുമായ പ്രപഞ്ചമായിട്ടും, ശേഷം സൂര്യനിൽ വച്ച് ആത്മാക്കളെ സൃഷ്ടിച്ച് ഭൂമിയിൽ എത്തിച്ചപ്പോൾ, നിർജ്ജീവ ശവരായ അവയെ ജീവികളാക്കുന്ന ശരീരത്തിലെ കോശങ്ങളും അവയവങ്ങളുമായ അനേകം ലക്ഷം വരുന്ന സങ്കീർണ്ണ സംയുക്തങ്ങളും ചേർന്ന പ്രപഞ്ചമായി ദൈവം അവതരിച്ചു തുടങ്ങിയതാണ്.

# ॐ ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

വസ്തുക്കളായ ആനന്ദങ്ങളെ നിശ്ചയിക്കുന്നതും സൃഷ്ടിക്കുന്നതും ആത്മാക്കൾക്ക് നൽകുന്നതും ദൈവം തന്നെയായ ആറ്റങ്ങളിലെ ഘടകങ്ങളാണ്!

ദൈവം, മഹാപ്രപഞ്ച-രൂപത്തോടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുകയാണ്. സൃഷ്ടികളായ ആത്മാക്കൾക്ക് സ്വയമോ അന്യോന്യമോ വധിക്കാൻ കഴിയാത്തവിധം അതിഗൂഢമാക്കി സമ്പൂർണ്ണമായ സുരക്ഷയെ ദൈവം നൽകിയിട്ടുണ്ട്. മഹാസത്യവും മഹാശക്തിയുമായ ശിവ, മഹാസത്യം മാത്രവുമായ ശിവനോടു കൂടി പ്രോട്ടോണും ഇലക്ട്രോണുമായിട്ട് മഹാമാതാപിതാക്കളായ പ്രപഞ്ചത്തിലെ ആദ്യ മൂലകമായ ഹൈഡ്രജനായി അവതരിക്കുമ്പോൾ സൃഷ്ടിപാത്രം കൂടിയായ സൂര്യനായി. 'ശക്തിശിവൻ പ്രണയമന്ത്രം' കൂടിയായ 'ഓം' പ്രകാരം ശിവയും ശിവനും ചേരുമ്പോൾ ശിവനു ബാധകമായ 'ശവ-ഗുണങ്ങളോടെ' ഇണകളും സ്ത്രീ-പുരുഷ പാതികളുമായ '2 ന്യൂട്രോണുകളെ' ശിവ സൃഷ്ടിക്കുന്നു. അവ സൃഷ്ടിയായ ആത്മാവാണ്. ആറ്റത്തിൽ ശിവയും ശിവനും മാത്രമായ ഹൈഡ്രജനിൽ, ന്യൂട്രോൺ ചേർത്ത് ഹീലിയം മൂലകമായി പ്രകാശരൂപത്തോടെ, സ്ഥിതിപാത്രവും മുഖ്യ അവതാരവുമായ ഭൂമിയിൽ എത്തിക്കുന്നു. ജീവി-ശരീരത്തിലെ അനന്തകോടി ന്യൂട്രോണുകളോടു ചേർത്ത് സുരക്ഷിതവുമാക്കുന്നു.

*****   *******   *****   *******   *****   *******

ആദിയും അന്തവുമില്ലാത്ത മഹാസത്യവും, മഹാശക്തിയും, ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്ത ബ്രഹ്മവും, മഹാനീതിയും, ഏകദൈവവുമായ മഹാഭദ്രകാളി; 'ഇണകളായ ഭാര്യയും ഭർത്താവും, ശിവയും ശിവനുമായ രണ്ടു മഹാസത്യങ്ങളും ഒരു മഹാശക്തിയും', മാത്രമായിട്ട്, ദൈവകരാർ പ്രകാരം കാലാതീതമായി നിലനിൽക്കുന്നു. മഹാപ്രപഞ്ചമായി അവതരിക്കുന്നതിനു മുമ്പുള്ള ദൈവത്തിന്റെ മഹാഅവസ്ഥകളും, ദൈവ ഭാഗങ്ങളുടെ കരാറും, ആനന്ദങ്ങളുമെല്ലാം ദൈവകാര്യങ്ങൾ മാത്രമാണ്.

മഹാശക്തിയും മഹാമാതാവുമായ ഏകദൈവം, ഭർത്താവിനെയും കൂട്ടി സൃഷ്ടികളും കുഞ്ഞുങ്ങളുമായി ആത്മാക്കളെ സൃഷ്ടിക്കാൻ നിശ്ചയിക്കുന്നു. സൃഷ്ടിപാത്രമായ സൂര്യനിൽ വച്ച് 'കുഞ്ഞുങ്ങളായിട്ട് ആത്മാക്കളെ' സൃഷ്ടിക്കും മുമ്പ്; ആത്മാക്കളുടെ സ്വാർത്ഥത്തെ അനന്തമായ ആനന്ദങ്ങളെ ആസ്വദിച്ച് അനന്തകാലം ജീവിക്കുന്നതായി നിശ്ചയിച്ചു.

സൃഷ്ടി സ്ഥിതി സംഹാര ശാസ്ത്രങ്ങളും, യഥാർത്ഥ വേദങ്ങളും, ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങളുമായ ദൈവത്തിന്റെ മഹാജ്ഞാനത്തെ, വിശേഷ ബുദ്ധിയിലൂടെ ദൈവം നൽകുന്ന മനുഷ്യരും, പഴയകാല സൃഷ്ടിചക്രങ്ങളിൽ മോക്ഷം നേടിയവരും ഉൾപ്പെടെ എക്കാലത്തെയും എല്ലാ സൃഷ്ടികളെയും, പ്രപഞ്ചമായ ആനന്ദങ്ങളുമായാണ് ദൈവം ബന്ധിച്ചിരിക്കുന്നത്.

*****   *******   *****   *******   *****   *******

മൂലകങ്ങൾ, സംയുക്തങ്ങൾ, ശരീരത്തിലെ അവയവങ്ങളുടെയും മറ്റെല്ലാ ഭാഗങ്ങളുടെയും കോശങ്ങളെ വ്യത്യാസപ്പെടുത്തുന്നത് ന്യൂട്രോണുകളുടെ എണ്ണവും അടുക്കലും ചലനവ്യത്യാസങ്ങളുമാണ്. സസ്യങ്ങളുടെയും ജന്തുക്കളുടെയുമെല്ലാം കോശങ്ങൾ വളരുകയും പഴുക്കുകയും ചീയുകയുമെല്ലാം ചെയ്യുന്നത് ന്യൂട്രോണുകളെ പരിണമിപ്പിച്ചാണ്.

സ്ഥിതി പാത്രങ്ങളായ ഭൂമിയിലും ചന്ദ്രനിലും ശരീരത്തോടു കൂടി ജീവികളായി ജീവിക്കാനും, മനുഷ്യാവസ്ഥയിൽ വച്ച് അനന്തമായ ആനന്ദങ്ങളെ അറിയാനും പരിചയിക്കാനും നേടാനും ആസ്വദിക്കാനും, ശേഷം നക്ഷത്രദേവതകളായി മോക്ഷം നേടുമ്പോൾ അനുഭവിച്ചറിഞ്ഞതായ ആനന്ദങ്ങളെ അനന്തകാലം സ്വന്തം ഇഷ്ടം പോലെയെല്ലാം ആസ്വദിച്ചു ജീവിക്കാനുമാണ് ആത്മാക്കളെ സൃഷ്ടിച്ചിട്ടുള്ളത്. ജീവികളുടെയെല്ലാം ശരീരത്തിലെ അവയവങ്ങളും ഭാഗങ്ങളും ഉൾപ്പെടെ പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളും, ആത്മാക്കൾ പോലും ആനന്ദങ്ങളാണ്. ദൈവത്തിന്റെ മഹാശക്തികളും മഹാജ്ഞാനമായ മഹാശാസ്ത്രവും ലയിപ്പിച്ച് കുഞ്ഞുങ്ങളും സൃഷ്ടികളുമായ ആത്മാക്കൾക്കു വേണ്ടി അനന്തമായ ആനന്ദങ്ങളാകുന്ന മഹാപ്രപഞ്ചമായിട്ട് മഹാവാത്സല്യം നൽകി ദൈവം അവതരിച്ചിട്ടുള്ളത് മഹാത്യാഗം കൂടിയാണ്. എല്ലാ ആനന്ദങ്ങളുടെയും ഏറ്റവും ചെറിയ ഘടകമായ ആറ്റങ്ങളുടെ ഉള്ളിൽ മഹാശക്തിയായ ദൈവം സദാ പ്രവർത്തിക്കുന്നതും സൃഷ്ടികൾക്കു വേണ്ടിത്തന്നെയാണ്. എല്ലാ കുഞ്ഞുങ്ങൾക്കും സമ-ആനന്ദമാകുന്ന മഹാനീതിയെ മഹാഭദ്രമായിട്ട് നേരിട്ടു നടപ്പാക്കുകയാണു ചെയ്യുന്നത്.

ആറ്റങ്ങളുടെ ഉള്ളിലെ സൂക്ഷ്മ പ്രപഞ്ചത്തിലുള്ളത് മഹാശക്തിയായ ദൈവത്തിന്റെ ഭാഗങ്ങളും ഘടകങ്ങളുമാണ്. ആത്മാക്കൾക്ക് വേദനകൾ ഉൾപ്പെടെ അനന്തമായ ആനന്ദങ്ങളെ സൃഷ്ടിച്ചു നൽകുകയും ആത്മാക്കളെയെല്ലാം നേരിട്ടു ഭരിക്കുകയും അവയുടെ മേൽ മഹാനീതി നടപ്പാക്കുകയും ചെയ്യുന്നതായ ആറ്റങ്ങളിലെ ദൈവ ഘടകങ്ങൾ 'ദൈവത്തിന്റെ സ്വത്വമായ ഏകമഹാശക്തിയും മഹാവാത്സല്യവും മഹാനീതിയും ശിവയും മഹാഭദ്രകാളിയുമായ ഓക്സിജന്റെ സ്വത്താണ്. മഹാജഗദംബയും മഹാഭദ്രകാളിയുമായ ഓക്സിജൻ സൃഷ്ടിച്ചു നൽകുന്ന ശരീര-അവയവങ്ങൾ നൽകുന്ന ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും കാലവുമെല്ലാം പ്രകാരം ആനന്ദങ്ങളെ നേടാനും ആസ്വദിക്കാനും മാത്രമാണ് എല്ലാ സൃഷ്ടികൾക്കും അനുവാദമുള്ളത്. വിശേഷ ബുദ്ധിയെ ലഭിക്കുന്ന മനുഷ്യർക്കും അത് ബാധകമാണ്.

ആനന്ദങ്ങളായ വസ്തുക്കളുടെ ഏറ്റവും ചെറിയ ഘടകമായ ആറ്റം വരെ മാത്രമാണത്. എല്ലാ വസ്തുക്കളുടെയും എല്ലാ ആറ്റങ്ങളുടെ ഉള്ളിൽ സൃഷ്ടികളായ ആത്മാക്കൾക്ക് ആനന്ദങ്ങളെ സൃഷ്ടിച്ചു നൽകാനും, ആസ്വദിപ്പിക്കാനും, നേടാനും, മഹാനീതിയെ മഹാഭദ്രമായി നടപ്പാക്കാനുമെല്ലാം ആവശ്യമായ ശാക്തികപ്രവർത്തനങ്ങളെ ഭൗതിക-

# ॐ ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരം ഏകദൈവമായ ശിവ, ഭാഗമായ ശിവനെയും കൂട്ടി നിരന്തരം ചെയ്തുകൊണ്ടിരിക്കുകയാണ്. വസ്തുക്കളെ ശരീരങ്ങളാക്കി മാറ്റുമ്പോൾ, സൃഷ്ടി സ്ഥിതി സംഹാര കർത്താവായ മഹാഭദ്രകാളി നടപ്പാക്കേണ്ടുന്ന മഹാനീതിയെ മഹാഭദ്രമാക്കേണ്ടതിന് കോശങ്ങളുടെയും അവയവങ്ങളുടെയും സൃഷ്ടി സ്ഥിതികളെ ദൈവം തന്നെ ചെയ്യുന്നു. ജീവി വർഗ്ഗം, സ്ത്രീപുരുഷ ജാതി, നിറം സൗന്ദര്യം മുഖഛായ ഉയരം ആയുസ്സ് ആരോഗ്യം ബുദ്ധി ശക്തി ഓർമ്മ ശക്തി തൊഴിൽ അഭിരുചി വിനോദ അഭിരുചി ജനനസ്ഥലം വിരലടയാളം കൺമണി ഡിഎൻഎ തുടങ്ങിയ ജന്മഗുണങ്ങളെ നിശ്ചയിക്കുന്നതും ശരീരത്തിൽ സൃഷ്ടിക്കുന്നതും കൂടാതെ ആനന്ദങ്ങൾ കൂടിയായ ശരീരത്തിലൂടെ സ്വത്വങ്ങളായ ആത്മാക്കളെ ഭരിക്കുകയും മഹാനീതി നടപ്പാക്കുകയും ചെയ്യുന്നു.

ഉദാഹരണത്തിന് ഹൈഡ്രജൻ, ഓക്സിജൻ, ജലം, കാർബൺ, കാർബൺ ഡൈ ഓക്സൈഡ്, സ്വർണ്ണം, തുടങ്ങി എല്ലാ മൂലകങ്ങളും അവയുടെ സംയുക്തങ്ങളും, പ്രവർത്തിക്കുന്നതും, പ്രവർത്തിപ്പിക്കാൻ സാധിക്കുന്നതും അവയിൽ ലയിച്ചിരിക്കുന്ന ശാസ്ത്രങ്ങൾ പ്രകാരം മാത്രമാണ്. ഭൂചലനം, സുനാമി, പ്രളയം, അഗ്നിപർവ്വതം, വേലിയേറ്റം, സൂര്യചന്ദ്ര ഗ്രഹണങ്ങൾ, തുടങ്ങിയവയുട കാര്യത്തിൽ പ്രകൃതി/പ്രപഞ്ച നിയമങ്ങളെന്ന് വിശേഷിപ്പിക്കാൻ കഴിയുമെന്നല്ലാതെ സൃഷ്ടികൾക്ക് മാറ്റിമറിക്കാൻ ഏറെക്കുറെ അസാധ്യമാണ്.

*****　*******　*****　*******　*****　*******

സൃഷ്ടികളായ ആത്മാക്കൾ ഒഴികെയുള്ള മഹാപ്രപഞ്ചം ദൈവം തന്നെയാണ്. സൃഷ്ടികൾക്ക് പ്രപഞ്ചത്തിന്റെ അംശവും ആനന്ദങ്ങളുമായ വസ്തുക്കൾ കൊണ്ട് സൃഷ്ടിച്ചു നൽകുന്നതായ ശരീരവും കോശങ്ങളും അവയവങ്ങളും വിസർജ്ജ്യങ്ങളും പ്രത്യുല്പാദന ബീജങ്ങളും പ്രപഞ്ചരൂപത്തോടെയുള്ള ദൈവത്തിന്റെ അംശങ്ങളാണ്.

ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനും; ഭൂമിയുടെ അംശമായ മൂലകങ്ങളും അവയുടെ സംയുക്തങ്ങളും മിശ്രിതങ്ങളുമായ വസ്തുക്കളും, അവ കൊണ്ട് സൃഷ്ടിച്ചിട്ടുള്ളതായ ജീവികളുടെ ശരീരങ്ങളും, പ്രദേശങ്ങളും സമുദ്രങ്ങളും നദികളും പുഴകളും തോടുകളും പർവ്വതങ്ങളും വനങ്ങളും പ്രകൃതിയും, നക്ഷത്രങ്ങളുമെല്ലാം ഉൾപ്പെടുന്ന മഹാപ്രപഞ്ചം; സൃഷ്ടികളും കുഞ്ഞുങ്ങളുമായ ആത്മാക്കൾക്ക് ആനന്ദിച്ചുജീവിക്കാൻ വേണ്ടിയുള്ള അനന്തമായ ആനന്ദങ്ങളും; ഏകദൈവമായ ശിവ സ്വന്തം ഭാഗമായ ശിവനോടു കൂടി സ്വീകരിച്ചിട്ടുള്ള അവതാരങ്ങളുമാണ്. (മഹാശാസ്ത്ര പരമായി തെളിയിച്ചിട്ടുണ്ട്.)

സ്വത്വം പോലും സ്വന്തമായിട്ട് ഇല്ലാത്തവരായ സൃഷ്ടികൾ ജീവിക്കേണ്ടത് ദൈവം

നൽകുന്ന സ്വത്വം ഉൾപ്പെടെയുള്ള ദാനങ്ങൾ കൊണ്ടാണെന്നത് സത്യം ആണെങ്കിലും, ദൈവം വിശേഷ ബുദ്ധി നൽകുന്നതും, സൃഷ്ടികൾക്ക് ലഭിക്കുന്നതുമായ മനുഷ്യാവസ്ഥയിലും മോക്ഷത്തിലും മറ്റും

ദൈവം അനന്തമായ ആനന്ദങ്ങളാകുന്ന പ്രപഞ്ചമായിട്ട് അവതരിച്ചുകൊണ്ട്; അംശങ്ങളും ആനന്ദങ്ങളുമായ പ്രദേശങ്ങളും, വസ്തുക്കളും, അവകൊണ്ട് ദൈവം തന്നെ സൃഷ്ടിക്കുന്ന ശരീരങ്ങളുമായിട്ടാണ് എല്ലാ ജീവികളുടെയും സ്വത്വങ്ങളും സൃഷ്ടികളുമായ ആത്മാക്കളെയെല്ലാം ബന്ധിച്ചിരിക്കുന്നത്. സൃഷ്ടികൾക്ക് പ്രപഞ്ചമാകുന്ന അനന്തമായ ആനന്ദങ്ങളെ സ്വീകരിക്കാനും നേടാനും ആസ്വദിക്കാനും ആവശ്യമാകുന്നതായ (ദൈവത്തിന്റെ) അന്തമില്ലാത്ത ശക്തികളും, മഹാജ്ഞാനമാകുന്ന ശാസ്ത്രങ്ങളും, സ്വാതന്ത്ര്യവും, കാലവും സൗന്ദര്യവും, ശരണവും, മഹാനീതിയുമെല്ലാം ദൈവമായ പ്രപഞ്ചത്തിൽ സദാ ലയിക്കേണ്ടതുണ്ട്; ലയിച്ചിട്ടുമുണ്ട്; എന്നാൽ, ബന്ധിച്ചിരിക്കുന്നത് സൃഷ്ടികളായ ആത്മാക്കളുമായിട്ടല്ല. പ്രപഞ്ചത്തിന്റെ സൂക്ഷ്മ അംശമായ എല്ലാ ആറ്റങ്ങളിലും എല്ലായ്പ്പോഴും പ്രവർത്തിച്ചു കൊണ്ട് അന്തമില്ലാത്ത ശക്തികളെയും ശാസ്ത്രങ്ങളെയുമെല്ലാം ബന്ധിച്ചിരിക്കുന്നത് മഹാഭദ്രമായി  മഹാനീതി നടപ്പാക്കുന്ന പ്രപഞ്ചത്തിന്റെ സ്വത്വവും, ഏകദൈവവും ശിവയും  മഹാഭദ്രകാളിയുമായ, ഓക്സിജനോടാണ്.

വേദനകളും ഭക്ഷണരുചികളും ഉൾപ്പെടെ എല്ലാ ആനന്ദങ്ങളെയും അനുഭവിക്കുന്നത് ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾ മാത്രമാണ്; അവയ്ക്ക് ആനന്ദങ്ങളെ നൽകുന്ന ആനന്ദങ്ങളായ ശരീരമോ വസ്തുക്കളോ അല്ല. ഉദാഹരണത്തിന് ഭക്ഷണരുചികൾ, പല്ലുവേദന, തലവേദന, വയറുവേദന എന്നിവയിൽ ബന്ധപ്പെട്ട അവയവങ്ങളും കോശങ്ങളും ആത്മാക്കൾക്ക് സുഖവും വേദനകളും നൽകുകയാണ്. (അവയവങ്ങളും വസ്തുക്കളും ആനന്ദിക്കുകയോ വേദനിക്കുകയോ ചെയ്യുന്നില്ല.)

മഹാശക്തിയായ ദൈവത്തിന്റെ അവതാരമായ ഭൂമിയുടെ അംശവും ആനന്ദങ്ങളുമായ ശരീരങ്ങൾ ഉൾപ്പെടെയുള്ള എല്ലാ വസ്തുക്കളിലും ലയിച്ചിരിക്കുന്ന ശക്തികളും ശാസ്ത്രങ്ങളും പ്രകാരം എല്ലായ്പ്പോഴും പുതിയ പുതിയ കോശങ്ങളായിട്ട് അവതരിക്കുന്നതു കൊണ്ടാണ് മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ തുടങ്ങിയ എല്ലാ ജീവികളുടെയും വ്യത്യസ്തമായ ശരീരങ്ങളായി വസ്തുക്കൾക്ക് പരിവർത്തനം ഉണ്ടാകുന്നത്.

*****     *******          *****     *******          *****     *******

ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് ആനന്ദങ്ങളെ നേടാനും ആസ്വദിക്കാനുമായി (ആനന്ദങ്ങളായ) വസ്തുക്കളിലും ശരീരങ്ങളിലും ലയിച്ചിരിക്കുന്ന

ശക്തികളെയും ശാസ്ത്രങ്ങളെയും ബന്ധിച്ചിരിക്കുന്നത് ആത്മാക്കളുമായിട്ടല്ല; മഹാനീതിയും ഭൂമിയുടെ സ്വത്വവും ദൈവവുമായ ഓക്സിജന്റെ ഭാഗവുമായ അവ മഹാനീതിശാസ്ത്രമായ ഓംകാരനീതിശാസ്ത്ര പ്രകാരം നിരന്തരം പ്രവർത്തിച്ചാണ് എല്ലാ ജീവികളുടെയും ശരീരത്തിലെ കോശങ്ങളും അവയവങ്ങളും വിസർജ്ജ്യങ്ങളും പ്രത്യുല്പാദന ബീജങ്ങളുമെല്ലാമായ ആനന്ദങ്ങളായിട്ട് ദൈവം അവതരിക്കുന്നത്.

പ്രകൃതി/ പ്രപഞ്ച നിയമങ്ങൾ എന്നെല്ലാം വിശേഷിപ്പിക്കുന്ന അവയെ ബന്ധിച്ചിരിക്കുന്നത് മഹാനീതിയും, പ്രപഞ്ചത്തിന്റെ സ്വത്വവും, ഏകദൈവവും, ശിവയും മഹാഭദ്രകാളിയുമായ ഓക്സിജനുമായിട്ടാണ്.

ആദിയും അന്തവുമില്ലാത്തതും അനിർവ്വചനീയവുമായ മഹാസത്യം, മഹാശക്തി കൂടി ആണ്. ഏകമഹാസത്യവും ഏകമഹാശക്തിയും ആയതിനാൽ സ്വയമാണ് സ്വന്തം ഭാവങ്ങളെയും രൂപങ്ങളെയും നിശ്ചയിക്കുക. പ്രപഞ്ചത്തിലെ യാതൊരു രൂപങ്ങളെയും സ്വീകരിക്കാതെയും എന്തിനും അതീതമായും നിലനിൽക്കാൻ കഴിയുന്ന മഹാസത്യവും മഹാശക്തിയുമായ ദൈവത്തെ നിർവ്വചിക്കാൻ കഴിയുന്നതല്ല. 'പ്രപഞ്ചം ഉൾപ്പെടെ എന്തിനും അതീതവും, മഹാസത്യവുമായ മഹാശക്തിയെ', 'ബ്രഹ്മം' എന്ന് ദൈവം പരിചയപ്പെടുത്തുന്നത്, പ്രപഞ്ചമായി അവതരിച്ച് സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ആരംഭിച്ച ശേഷം, വിശേഷബുദ്ധി നൽകുന്ന മനുഷ്യനു വേണ്ടിയാണ്.

'ബ്രഹ്മം' ആകുന്ന മഹാസത്യത്തിന് 'മഹാശക്തിയെ' പ്രകടിപ്പിക്കാതെയും കഴിയാം. സത്യം ധർമ്മം നീതി അസത്യം അധർമ്മം അനീതി തുടങ്ങിയ എന്തെങ്കിലും ഭാവങ്ങൾ, രൂപങ്ങൾ തുടങ്ങിയവയെ സ്വയം സ്വീകരിക്കുകയോ സൃഷ്ടിക്കുകയോ ചെയ്യുന്നതും ചെയ്യാത്തതുമെല്ലാം ബ്രഹ്മത്തിന്റെ മഹാഇഷ്ടമാണ്. ബ്രഹ്മം നിശ്ചയിക്കുന്നതു പോലെ ശബ്ദം ഉൾപ്പെടെയുള്ള എന്തിനെയും എന്തിനും അതീതമായി ആവിഷ്ക്കരിക്കാനും സൃഷ്ടിക്കാനും ഇഷ്ടം പോലെയെല്ലാം നിലനിർത്താനും സംഹരിക്കാനും ബ്രഹ്മത്തിന് കഴിയും. മഹാലളിതവും മഹാസുന്ദരവുമായ തെളിവാണ് ശക്തിശിവൻ പ്രണയമന്ത്രം, ശബ്ദ ബ്രഹ്മം, അക്ഷര ബ്രഹ്മം, സൃഷ്ടി മന്ത്രം, ആദി വചനം, സംഹാര കാഹളം, മഹാശാസ്ത്ര മൂലം, മഹാസൂക്ഷ്മ ശബ്ദം, ഏകമഹാശബ്ദം, സർവ്വ ദേശ ഭൂമി ഗാനം, മഹാസംഗീതം, ദൈവ വിപ്ലവ ഗാനം, മഹാദേവിയുടെ മഹാചിരി തുടങ്ങിയവയായ ഓം.

*****     *******          *****     *******          *****     *******

വസ്തുക്കളിൽ ലയിച്ചിരിക്കുന്ന ശക്തികളും ശാസ്ത്രങ്ങളും പ്രകാരമല്ലാതെ അവയെ

പ്രവർത്തിപ്പിക്കാനും ആനന്ദങ്ങളെ നേടാനും ആസ്വദിക്കാനും സൃഷ്ടികൾക്ക് കഴിയുന്നതല്ല. എല്ലാ നൽകേണ്ടതുണ്ട്. ആനന്ദങ്ങളായി പരിണമിപ്പിച്ചിട്ടുള്ളത് ദൈവത്തിന്റെ ശക്തികളാകയാൽ പ്രശ്നങ്ങൾ ഏറെയുണ്ട്. സൃഷ്ടികൾക്ക് അന്യോന്യം അപകടപ്പെടുത്താനോ വധിക്കാനോ കഴിയാത്ത സുരക്ഷിതമായ അസ്തിത്വത്തെ ഓരോ സൃഷ്ടിക്കും നൽകേണ്ടതുണ്ട്. തുല്ല്യമായ അസ്തിത്വവും ശക്തികളും ജ്ഞാനവും സ്വാതന്ത്ര്യവും സൗന്ദര്യവും ഒരേസമയം നൽകിയാൽ, അഥവാ വൈവിധ്യമാർന്ന അസ്തിത്വം ഇല്ലാതെ വന്നാൽ, ജീവിതം ദുഷ്ക്കരവും അസാദ്ധ്യവുമാകും. ഉദാഹരണത്തിന്, എല്ലാ ജീവികളുടെയും രൂപങ്ങളും ഘടനയും നിറങ്ങളും സൗന്ദര്യവും മറ്റും ഒരുപോലെ ആയാൽ, അന്യോന്യം തിരിച്ചറിയാൻ പോലും കഴിയില്ല. അസ്തിത്വം ലഭിക്കുന്ന സൃഷ്ടികൾക്ക് സ്വതന്ത്രമായി താമസിക്കാനും ജീവിക്കാനുമുള്ള സൗകര്യവും ശരണവും നൽകണം. സമ്പൂർണ്ണ സ്വാതന്ത്ര്യം നൽകിയില്ലെങ്കിൽ ദൈവത്തിന്റെ അടിമയാക്കി എന്ന സത്യമായ ആരോപണം ഉണ്ടാകുന്നതാണ്. സൃഷ്ടി സ്ഥിതി സംഹാര കാര്യങ്ങളിലെല്ലാം സമആനന്ദമാകുന്ന മഹാനീതിയെ ദൈവം നൽകണമെന്ന് ചുരുക്കം. //

(1) സൃഷ്ടികളും കുഞ്ഞുങ്ങളുമായ ആത്മാക്കൾക്കു വേണ്ടി, അനന്തമായ ആനന്ദങ്ങളാകുന്ന മഹാപ്രപഞ്ചമായി അവതരിച്ചിട്ടുള്ളതായ മഹാശക്തിയും ഏകദൈവവുമായ ശിവയും ഭാഗമായ ശിവനും ചേർന്ന മഹാമാതാപിതാക്കൾ; സൃഷ്ടികളെ കുഞ്ഞുങ്ങളായി മാത്രം കരുതുകയാൽ, യാതൊരു കടമകളെയും കുഞ്ഞുങ്ങൾക്ക് നൽകുന്നില്ല. മഹാമാതാപിതാക്കളോട് കുഞ്ഞുങ്ങൾ എത്രതന്നെ കയർത്താലും ശിക്ഷിക്കുന്നതല്ല; കുഞ്ഞുങ്ങൾ മറ്റു കുഞ്ഞുങ്ങളെ ഉപദ്രവിക്കുകയോ, അന്യോന്യം ശണ്ഠകൂടുകയോ ചെയ്താൽ കുഞ്ഞുങ്ങൾക്കു വേണ്ടി മഹാവാത്സല്ല്യവും മഹാദാസ്യവും ആധാരമാക്കിയുള്ള മഹാനീതി ശാസ്ത്രമായ ഓംകാര നീതിശാസ്ത്രം പ്രകാരം മാത്രം, സൃഷ്ടി ചക്രങ്ങളുടെ ആദ്യ പകുതിയിൽ പ്രപഞ്ചരൂപത്തോടെയും രണ്ടാമത്തെ പകുതിയിൽ ദിവ്യമായ മഹാസ്ത്രീപുരുഷ രൂപങ്ങളോടെയും, ഉപദേശിക്കുകയും ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്നതാണ്.

സ്വത്വം പോലും സ്വന്തമായില്ലാത്ത കുഞ്ഞുങ്ങളായ സൃഷ്ടികൾക്ക് അഭിമാനത്തോടെ അനന്തമായ ആനന്ദങ്ങളെ നേടാനും ആസ്വദിക്കാനും; പരമമായിട്ട് ആനന്ദങ്ങളെ പരിചയപ്പെടാനും കൂടിയാണ് ആനന്ദങ്ങളും പരബ്രഹ്മവുമായ പ്രപഞ്ചമായി ശിവനെയും കൂട്ടി ശിവ അവതരിച്ചിരിക്കുന്നതെന്നു തെളിയുന്നുണ്ട്. സൃഷ്ടിസ്ഥിതിസംഹാര കർത്താവായ ശിവ, സ്വന്തം ഭാഗമായ ശിവനോടൊപ്പം, പ്രപഞ്ച-രൂപത്തോടെ തന്നെ സൃഷ്ടികൾക്ക് ആനന്ദിച്ചു ജീവിക്കാൻ വേണ്ടതെല്ലാം ചെയ്യുന്നുണ്ട്.

സ്വയവും അന്യോന്യവും എങ്ങനെയും, ഉപദ്രവിക്കാനോ വധിക്കാനോ കഴിയാത്ത വിധം

സൃഷ്ടിയായ 'ആത്മാവിനെ' സൂക്ഷ്മമാക്കിയും ഗൂഢമാക്കിയും സംരക്ഷിക്കേണ്ടതുണ്ട്. സൃഷ്ടികളായ കുഞ്ഞുങ്ങളുടെ ആദ്യ ആവശ്യമാണത്. ശിവയുടെ അവതാരങ്ങളായ ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനും മഹാഭദ്രമായിട്ട് പ്രപഞ്ചരൂപത്തോടെ ആവക കടമകളെയും മറ്റു കാര്യങ്ങളെയും ചെയ്യുന്നുണ്ട് : നിർജ്ജീവവും അതിസൂക്ഷ്മവും നിഗൂഢവുമായ അസ്തിത്വങ്ങളെയാണ് ആത്മാവ്, സൃഷ്ടി, കുഞ്ഞ്, soul, baby, തുടങ്ങിയ പേരുകളിൽ ദൈവമായ ശിവ സൃഷ്ടിച്ചു തുടങ്ങേണ്ടത്. ആദിയും അന്തവും ഇല്ലാത്തതും അനിർവ്വചനീയമായ മഹാസത്യവും ബ്രഹ്മവും ഏകമഹാശക്തിയുമായ ശിവയുടെയോ, ശിവയുടെ ഭാഗവും മഹാസത്യവും തന്നെയായ രണ്ടാമത്തെ ഭാഗവും നിർജ്ജീവമായ അവസ്ഥ ബാധകവുമായ ശിവന്റെയോ, അംശമോ ഭാഗമോ ആവാൻ 'ഏകദൈവമായ ശിവ' സൃഷ്ടിക്കുമ്പോൾ മാത്രം സത്യമാകുന്ന 'സൃഷ്ടിക്ക് ' കഴിയില്ല. മഹാസത്യവും ഏകമഹാശക്തിയുമായ ശിവ നൽകുമ്പോൾ മാത്രം ശക്തനായി മാറുന്ന സ്വന്തംഭാഗവും ഭർത്താവും മഹാസത്യവുമായ ശിവനെ, സൃഷ്ടികളായ ആത്മാക്കളുടെ പരമാത്മാവും മഹാപിതാവുമായി നിശ്ചയിക്കുകയും; ശിവനു ബാധകമായ നിർജ്ജീവ അവസ്ഥയോടെയും; ശിവനു നൽകാത്ത* സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തെ നൽകിയും; സൃഷ്ടിയായ ഓരോ ആത്മാവിനെയും സ്ത്രീ-പുരുഷ പകുതികളായ ഇണകളായിട്ടും 'ഹീലിയം ആറ്റത്തിലെ രണ്ട് ന്യൂട്രോണുകളായിട്ടും' സൃഷ്ടിപാത്രമായ സൂര്യനിൽ വച്ച് 'ശിവ' സൃഷ്ടിക്കുന്നു. പിന്നീട് വിവരിക്കുന്നുണ്ട്. ശിവനെ 'മഹാസത്യ' ഭാഗമാക്കുമ്പോഴും, സൃഷ്ടിസ്ഥിതിസംഹാരങ്ങളെ മുഴുവൻ ചെയ്യുന്നത് 'മഹാശക്തിയായ ശിവ' മാത്രമാണ്.

**സൂക്ഷ്മമായ ഹീലിയം ആറ്റത്തിലെ അതിസൂക്ഷ്മ ന്യൂട്രോണായിട്ട് സൃഷ്ടിക്കപ്പെടുന്ന ആത്മാക്കളെ കാണാനും കണ്ടെത്താനും വധിക്കാനും വിശേഷ ബുദ്ധിയെ ലഭിക്കുന്ന സൃഷ്ടികൾക്കും കഴിയാത്തതിനാൽ എല്ലാ സൃഷ്ടികളുടെയും സുരക്ഷിതത്വം ഉറപ്പായി.**

(*ഏകദൈവമായ ശിവ, സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യാനായിട്ട് സ്വീകരിച്ചിട്ടുള്ള മഹാഭാവങ്ങളായ സത്യ ധർമ്മ നീതികൾ തന്നെ പരമാത്മാവും മഹാപിതാവുമായിട്ട് ശിവ നിശ്ചയിച്ചിട്ടുള്ള ശിവന്റെ ഭാവങ്ങൾ ആവേണ്ടതുണ്ട്. ശിവയും ഭാഗമായ ശിവനും തമ്മിലുള്ള ദൈവകരാറിനെ ആസ്പദമാക്കി, ആയിരം കോടി വർഷങ്ങൾ നീണ്ടുനിന്ന ആദ്യത്തെ മഹാകാലചക്രത്തിൽ ശിവന്റെ പ്രതിനിധിയായിട്ട് 'ഈശ്വരൻ' എന്ന പേരിൽ നിയമിച്ച ദേവതയുടെ കഴുത്തിൽ 'ഓംകാര നാഗബന്ധനമുണ്ട്'. ശിവനായി ഭാവിച്ചയാൾ ഉൾപ്പെട്ട ദേവതകളെയെല്ലാം പിൻവലിച്ചതിനെ ശാസ്ത്രപരമായി വേറെ വിവരിച്ചിട്ടുണ്ട്.)

**മനുഷ്യൻ ഉൾപ്പെടെ സൃഷ്ടികളുടെ സ്വത്വങ്ങളായ ആത്മാക്കളെയോ, ശരീരങ്ങളെയോ**

**സൃഷ്ടിക്കുന്നത് ജീവികളുടെ സ്വത്വങ്ങളല്ലെന്ന് വിശേഷ ബുദ്ധിയെയും അനുബന്ധമായ ശാസ്ത്രങ്ങളും ലഭിക്കുന്ന മനുഷ്യന് സ്വയം വിശകലനം ചെയ്ത് മനസ്സിലാക്കാനാവും.** ദൈവത്തിന്റെ കുഞ്ഞുങ്ങളും സൃഷ്ടികളുമായ ആത്മാക്കളെ സൃഷ്ടിയായ ഓരോ ആത്മാവിനെയും സ്ത്രീ-പുരുഷ പകുതികളായ ഇണകളായിട്ടും 'ഹീലിയം ആറ്റത്തിലെ രണ്ട് ന്യൂട്രോണുകളായിട്ടും' **തുല്ല്യരായിട്ടു മാത്രം,** സൃഷ്ടി പാത്രമായ സൂര്യനിൽ വച്ച് സൃഷ്ടിക്കുകയും; സ്ഥിതി പാത്രമായ ഭൂമിയിൽ വച്ച് ആത്മാക്കൾക്ക് ശരീരം നൽകി ജീവികളായിട്ട് ജീവിപ്പിക്കുകയും അനന്തമായ ആനന്ദങ്ങളെ പരിചയപ്പെടുത്തുകയും ചെയ്യുന്നു. ശേഷം; 'യഥാർത്ഥത്തിൽ' പരബ്രഹ്മവും ദൈവവുമായ മഹാപ്രപഞ്ചത്തിന്റെ ഭാഗമല്ലാത്ത സൃഷ്ടികളെ നഗ്നനേത്രങ്ങൾ കൊണ്ട് കാണാൻ കഴിയുന്ന വിധത്തിൽ മഹാകുടുംബത്തിലെ ഭാഗമെന്നോണം കുറെയധികം ദൂരെയായി സംഹാര പാത്രമായിട്ട് ഒരുക്കിയിട്ടുള്ള നക്ഷത്രലോകത്തിൽ സൃഷ്ടികളുടെ സംഹാരവും മോക്ഷപദവിയുമായ നക്ഷത്ര ദേവതകളായിട്ട് തുല്ല്യരായിട്ട് അനന്തമായ ആനന്ദങ്ങളെ ആസ്വദിച്ചു കൊണ്ട് അനന്തകാലം ജീവിക്കാൻ (സൃഷ്ടികളും കുഞ്ഞുങ്ങളുമായ) എല്ലാ ആത്മാക്കളെയും; ദൈവവും മഹാപ്രപഞ്ചവുമായ ശിവ, ഭാഗമായ ശിവനോടൊത്ത് അനുഗ്രഹിക്കുന്നു ! ഇണകളും പകുതികളുമെന്ന് വിശേഷിപ്പിക്കാൻ കഴിയുന്ന രണ്ട് ന്യൂട്രോണുകളായിട്ട് ഒരേ ഹീലിയം ആറ്റത്തിൽവച്ച് സൃഷ്ടിയ്ക്കപ്പെട്ട ഓരോ ആത്മാവിനും രണ്ടായിരുന്ന് പരമാനന്ദമായ കാമ-ആനന്ദവും ഇഷ്ടം പോലെ അനന്തകാലം ആസ്വദിച്ചു ജീവിക്കാം !

(5) ഏകദൈവമായ ശിവയും ഭാഗമായ ശിവനുമാകുന്ന പരബ്രഹ്മവും പ്രപഞ്ചവുമായ മഹാമാതാപിതാക്കളുടെയും, സഹോദരങ്ങളായ ആത്മാക്കളുടെയും കൂടെ, പ്രപഞ്ച-ഭാഗമായ നക്ഷത്ര-ലോകത്തിൽ, വലുതായി ക്കൊണ്ടിരിക്കുന്ന മഹാകുടുംബത്തിലെ തുല്ല്യ അംഗങ്ങളായി അനന്തകാലം സ്വന്തം ഇഷ്ടംപോലെ ജീവിക്കാമെന്ന് തെളിയുന്നു.

*****　　*******　　*****　　*******　　*****　　*******

ഏകമഹാശക്തിയും ഏകദൈവവുമായ ശിവയുടെയും, ഭാഗമായ ശിവന്റെയും' പ്രധാന അവതാരവും, പൊന്നോമന കുഞ്ഞുങ്ങളായ സൃഷ്ടികളുടെയെല്ലാം എക്കാലത്തെയും മുഖ്യമായ സ്ഥിതിപാത്രവും, മഹാപാഠശാലയുമായ ഭൂമിയിലേക്ക് നക്ഷത്രലോകത്തിൽ നിന്നും ദേവതകളായ ആത്മാക്കൾക്ക് മടങ്ങിവരാനും; കുടുംബ-സമൂഹ-ജീവികളായിട്ട് അനന്തമായ ആനന്ദങ്ങളെ ആസ്വദിച്ചു ജീവിക്കാനും; തുടർച്ചയായോ ഇടയ്ക്കിടെയോ നക്ഷത്ര ദേവതകളായി ഭൂമിയിൽ നിന്നും മടങ്ങാനുമെല്ലാം സ്വന്തം ഇഷ്ടംപോലെയും, മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രം പ്രകാരവും കഴിയുന്നതാണ്; ഓരോ ആത്മാവിനും സമ്പൂർണ്ണ സ്വാതന്ത്ര്യം ലഭിക്കുന്നുണ്ട്. ആയിരം കോടി വർഷങ്ങൾ നീണ്ട ആദ്യ മഹാകാലചക്രം കഴിഞ്ഞുള്ള രണ്ടാമത്തെ മഹാകാലചക്രത്തിലെ ആദ്യ സൃഷ്ടി-ചക്രമാണിത്. മഹാമാതാപിതാക്കളായ ശിവയും ഭാഗമായ ശിവനും; പ്രപഞ്ചരൂപവും, 'പശു-പശുപതി (കാളി-കാള)' രൂപങ്ങളും, കൂടാതെ, ദിവ്യമനുഷ്യ-സ്ത്രീപുരുഷ രൂപങ്ങൾ സ്വീകരിച്ചു തുടങ്ങുന്ന മഹാസൃഷ്ടിചക്രമായ ഇപ്പോഴത്തെ സൃഷ്ടിചക്രത്തിൽ ഉടനെ ആരംഭിക്കുന്ന സത്യയുഗം മുതൽ, ദേവതകളെ ഒഴിവാക്കി 'ശിവയും ഭാഗമായ ശിവനും' സൃഷ്ടികളുടെ സ്ഥിതി-ഭരണ-നീതികളെ മഹാഭദ്രമായി നേരിട്ടു ചെയ്യുകയാൽ, വിശേഷ ബുദ്ധിയെ ഉചിതമായി ഉപയോഗിക്കാതെ മനുഷ്യർ തട്ടിക്കൂട്ടിയതും അവരിൽ നിന്നും തെരഞ്ഞെടുത്ത പഴയകാല ദേവതകൾ കൂട്ടുനിന്നതുമായ വ്യത്യസ്ത മത-ജാതി-വർഗ്ഗ-വർണ്ണ-രാഷ്ട്രീയ-ദേശ ചിന്തകളും വൈരുദ്ധ്യങ്ങളും അടിപിടികളും യുദ്ധങ്ങളും മറ്റും ഇല്ലാതെ, മനുഷ്യരുടെയും മറ്റു ജീവികളുടെയും ജീവിതം കൂടുതൽ ആനന്ദകരമാകും ! അനന്തമായ ആനന്ദങ്ങളെ ആസ്വദിച്ചു കൊണ്ട് അനന്തകാലം ജീവിക്കാൻ കഴിയുന്ന പൊന്നോമന കുഞ്ഞുങ്ങളാക്കിയാണ് ആത്മാക്കളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ പ്രപഞ്ചരൂപത്തോടെ ദൈവം ചെയ്യുന്നതെന്ന് വ്യക്തമാക്കി. അവയെല്ലാം വേണ്ടെന്നു വയ്ക്കാനും അസ്തിത്വം ഉപേക്ഷിക്കാനും സമ്പൂർണ്ണ സ്വാതന്ത്ര്യത്തെ നൽകുന്നുണ്ട്. കഴിഞ്ഞ ആയിരം കോടിയിലേറെ വർഷത്തിൽ 2 പേർ മാത്രം അങ്ങനെ ചെയ്തിട്ടുണ്ട്!

സൃഷ്ടികളോടു പുലർത്തുന്നതും മടക്കി നൽകുന്നതുമായ മഹാവാത്സല്ല്യത്തെ മാത്രം ഏകദൈവമായ ശിവയുടെയും; ശിവയോടുള്ള മഹാദാസ്യത്തെ മാത്രം ശിവയുടെ ഭാഗമായ ശിവന്റെയും ആനന്ദങ്ങളായി സ്വീകരിച്ചു കൊണ്ട് മഹാമാതാപിതാക്കളും; സൃഷ്ടികൾക്കു വേണ്ടിയുള്ള അനന്തമായ ആനന്ദങ്ങളും; അവയെ ആസ്വദിക്കാനും നേടാനുമുള്ള ഉപാധികളായ ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും സൗന്ദര്യവും കാലവും ശരണവും മഹാനീതിയുമെല്ലാമായ ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനും ചേർന്ന പ്രപഞ്ചമായി അവതരിച്ച ശേഷമാണ് ആത്മാക്കളെ സൃഷ്ടിച്ചു തുടങ്ങിയത്. സൃഷ്ടിക്കും മുമ്പ് ഇല്ലാത്തവരായ സൃഷ്ടികളെ, കുഞ്ഞുങ്ങളായിട്ട് ആത്മാക്കളെന്ന പേരോടെ തുല്ല്യരായി സൃഷ്ടിക്കുകയും, അനന്തമായ ആനന്ദങ്ങൾ പരിചയിപ്പിച്ചശേഷം, അവയെ അനന്തകാലം ആസ്വദിക്കാൻ കഴിയുന്ന സമ-ആനന്ദമാകുന്ന മഹാനീതി നൽകിയും മഹാമര്യാദയാണ് പ്രപഞ്ചരൂപത്തോടെ ദൈവം ചെയ്യുന്നതെന്ന് തെളിയുന്നു.

**ദൈവം അനന്തമായ ആനന്ദങ്ങളാകുന്ന ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനുമായ മഹാപ്രപഞ്ചമായി അവതരിച്ച് സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്നത്; എല്ലാ ജീവികൾക്കും സമ്മാനിക്കുന്ന മത്സ്യം സസ്യം പക്ഷി മൃഗം എന്നിവയ്ക്കുശേഷമുള്ള മനുഷ്യാവസ്ഥയിൽ വച്ച് വിശേഷ ബുദ്ധിയും അനുബന്ധമായ ഭൗതിക-ധർമ്മ-നീതിശാസ്ത്രങ്ങളും നൽകിക്കൊണ്ടാണ്. അതോടെ, ദൈവത്തിന്റെ പൊന്നോമന കുഞ്ഞുങ്ങളാകുന്ന മനുഷ്യർക്ക്, വിശേഷ ബുദ്ധിയെ ഉപയോഗിച്ചാൽ ദൈവത്തിന്റെ ദാനങ്ങൾ കൊണ്ടാണ് എല്ലാവരും ജീവിക്കുന്നതെന്ന് മനസ്സിലാക്കാൻ കഴിയുമെങ്കിലും; പ്രസ്തുത പ്രതീതിയെ മാറ്റി; അഭിമാനത്തോടെ അനന്തമായ ആനന്ദങ്ങളെ ആസ്വദിച്ചു ജീവിക്കാൻ മനുഷ്യനു കഴിയണമെന്നത് ദൈവത്തിന് ഏറ്റവും പ്രധാനമാണ്. അതിനായിട്ട് എല്ലാ ആനന്ദങ്ങളെയും ദൈവം രണ്ടു തരമായി വിഭജിച്ചിട്ടുണ്ട്.**

ദൈവത്തിന്റെ അവതാരങ്ങളായ ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനും ചേർന്ന മഹാപ്രപഞ്ചത്തിന്റെ അംശങ്ങളായ പ്രദേശങ്ങളും സമുദ്രങ്ങളും നദികളും പുഴകളും പർവ്വതങ്ങളും വനങ്ങളും.. മറ്റും കൂടാതെ അവയുടെയും അംശമായ വസ്തുക്കളും, മണ്ണും കല്ലും, സസ്യങ്ങൾ ഉൾപ്പെട്ട ജീവികളുടെ ശരീരങ്ങളുമെല്ലാം ആനന്ദങ്ങളാണ്.

ഭൂമിയുടെ അംശങ്ങളും ആനന്ദങ്ങളുമായ 'ജീവികളുടെ ശരീരങ്ങൾ' ഉൾപ്പെടെയുള്ള വസ്തുക്കളെ; അവയിൽ ലയിച്ചിട്ടുള്ള ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരം, മനുഷ്യർക്ക് നിർമ്മിക്കാൻ കഴിയുന്ന ഭക്ഷണ പാനീയങ്ങൾ, വസ്ത്രങ്ങൾ, പാർപ്പിടം, വാഹനങ്ങൾ, മരുന്നുകൾ ആശുപത്രി, ലാബ് , സർജറി, റേഡിയോ, ടെലിവിഷൻ, യന്ത്രങ്ങൾ, കമ്പ്യൂട്ടർ, വെബ്സൈറ്റ്, ഇന്റർനെറ്റ്, മൊബൈൽ ഫോൺ തുടങ്ങിയ പുതിയ ഉല്പന്നങ്ങളാകുന്ന ആനന്ദങ്ങളാക്കാൻ കഴിയും; മനുഷ്യർ ചെയ്യുന്നുമുണ്ട്. ദൈവം മനുഷ്യനു നൽകുന്നതും, എന്നാൽ തനിയെ ലഭിക്കുന്നതായും, അദ്ധ്വാനിച്ച് നേടുന്നവയായും മനുഷ്യനു തോന്നുന്ന വിശേഷ ബുദ്ധിയും അനുബന്ധമായ ശാസ്ത്രങ്ങളും കൊണ്ട് നേടുന്ന അനന്തമായ ആനന്ദങ്ങളെല്ലാം മനുഷ്യരുടെ ആത്മാഭിമാനം വർദ്ധിപ്പിക്കാനും ആനന്ദങ്ങളായ വസ്തുക്കളുടെ മേൽ മനുഷ്യന് ശാസ്ത്രപരമായ അവകാശം നൽകാനുമുള്ള മഹാആവിഷ്ക്കാരം കൂടിയാണ്.

സ്വത്വം പോലും സ്വന്തമായിട്ട് ഇല്ലാത്തവരായ സൃഷ്ടികൾ ജീവിക്കേണ്ടത് ദൈവം നൽകുന്ന സ്വത്വം ഉൾപ്പെടെയുള്ള ദാനങ്ങൾ കൊണ്ടാണെന്നത് സത്യം ആണെങ്കിലും, ദൈവം വിശേഷ ബുദ്ധി നൽകുന്നതും, സൃഷ്ടികൾക്ക് ലഭിക്കുന്നതുമായ മനുഷ്യാവസ്ഥയിലും മോക്ഷത്തിലും മറ്റും

*****     *******     *****     *******     *****     *******

ദൈവം അനന്തമായ ആനന്ദങ്ങളാകുന്ന പ്രപഞ്ചമായിട്ട് അവതരിച്ചുകൊണ്ട്; അംശങ്ങളും ആനന്ദങ്ങളുമായ പ്രദേശങ്ങളും,

**വസ്തുക്കളും, അവകൊണ്ട് ദൈവം തന്നെ സൃഷ്ടിക്കുന്ന ശരീരങ്ങളുമായിട്ടാണ് എല്ലാ ജീവികളുടെയും സ്വത്വങ്ങളും സൃഷ്ടികളുമായ ആത്മാക്കളെയെല്ലാം ബന്ധിച്ചിരിക്കുന്നത്.** സൃഷ്ടികൾക്ക് പ്രപഞ്ചമാകുന്ന അനന്തമായ ആനന്ദങ്ങളെ സ്വീകരിക്കാനും നേടാനും ആസ്വദിക്കാനും ആവശ്യമാകുന്നതായ (ദൈവത്തിന്റെ) അന്തമില്ലാത്ത ശക്തികളും, മഹാജ്ഞാനമാകുന്ന ശാസ്ത്രങ്ങളും, സ്വാതന്ത്ര്യവും, കാലവും സൗന്ദര്യവും, ശരണവും, മഹാനീതിയുമെല്ലാം ദൈവമായ പ്രപഞ്ചത്തിൽ സദാ ലയിക്കേണ്ടതുണ്ട്; ലയിച്ചിട്ടുമുണ്ട്; **എന്നാൽ, ബന്ധിച്ചിരിക്കുന്നത് സൃഷ്ടികളായ ആത്മാക്കളുമായിട്ടല്ല. പ്രപഞ്ചത്തിന്റെ സൂക്ഷ്മ അംശമായ എല്ലാ ആറ്റങ്ങളിലും എല്ലായ്പ്പോഴും പ്രവർത്തിച്ചു കൊണ്ട് അന്തമില്ലാത്ത ശക്തികളെയും ശാസ്ത്രങ്ങളെയുമെല്ലാം ബന്ധിച്ചിരിക്കുന്നത് മഹാഭദ്രമായി മഹാനീതി നടപ്പാക്കുന്ന പ്രപഞ്ചത്തിന്റെ സ്വത്വവും, ഏകദൈവവും ശിവയും മഹാഭദ്രകാളിയുമായ, ഓക്സിജനോടാണ്.**

ദൈവം, വിശേഷ ബുദ്ധിയും അനുബന്ധമായ ശാസ്ത്രങ്ങളും നൽകുന്നതായ ദൈവത്തിന്റെ പൊന്നോമന കുഞ്ഞുങ്ങളായ മനുഷ്യർക്ക്, പ്രപഞ്ചത്തിന് അതീതമായ ദൈവത്തിന്റെ മഹാസത്യമായ ബ്രഹ്മാവസ്ഥ ഉൾപ്പെടെ എല്ലാ ദൈവ കാര്യങ്ങളെയും, സൃഷ്ടികളായ ആത്മാക്കളുടെയും, മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ തുടങ്ങിയ ജീവികളുടെയും, മനുഷ്യരിൽ നിന്നും നക്ഷത്രദേവതകളായി മോക്ഷം നേടിയവരിൽ നിന്ന് തെരഞ്ഞെടുത്ത ദേവതകളുടെയും, നക്ഷത്രങ്ങളുടെയുമെല്ലാം ശാസ്ത്ര രഹസ്യങ്ങളെ ഈ ദിവ്യമഹാവേദഗ്രന്ഥത്തിലൂടെ വെളിപ്പെടുത്തുന്നുണ്ട്.

***** ******* ***** ******* ***** *******

(2) ദൈവമായ മഹാപ്രപഞ്ചം നൽകുന്ന അനന്തമായ ആനന്ദങ്ങളെ സ്വീകരിക്കാനും നേടാനും ആസ്വദിക്കാനും പരിചയിക്കാനും യാതൊന്നും തന്നെ സ്വന്തമായിട്ടില്ലാത്ത സൃഷ്ടികളും, ദൈവത്തിന്റെ കുഞ്ഞുങ്ങളുമായ ആത്മാക്കൾക്ക് കഴിയണമെങ്കിൽ, അനന്തമായ ആനന്ദങ്ങളും ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും സൗന്ദര്യവും കാലവും ശരണവും മഹാനീതിയുമെല്ലാം ചേർന്ന ദൈവം തന്നെയായ 'ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനും ചേർന്ന ദൈവഭാഗമായ മഹാപ്രപഞ്ചത്തിന്റെ അംശങ്ങളെ' ഭൗതികമായ അസ്തിത്വത്തോടെ തന്നെ ഓരോ ആത്മാവിനും സ്വന്തമായി ലഭിക്കണം. സൃഷ്ടികളായ ആത്മാക്കൾക്ക് ജീവികളായിട്ടു ജീവിക്കാനുള്ള പ്രധാന സ്ഥിതിപാത്രവും, ദൈവത്തിന്റെ അവതാരവുമായ ഭൂമിയുടെ അംശവും ആനന്ദങ്ങളും ശക്തികളും ശരണവും മറ്റുമായ പ്രദേശങ്ങളെയും അവയുടെ മൂലമായ വസ്തുക്കളെയും ആത്മാക്കൾക്ക് സ്വന്തം പോലെ നൽകേണ്ടതായി വരുന്നു. ആത്മാക്കളുടെ മേൽ മഹാനീതിയെ നടപ്പാക്കേണ്ടതും പ്രപഞ്ചമാകുന്ന ദൈവം തന്നെ ആകയാലും; മഹാനീതിയിൽ ഇടപെടാൻ സൃഷ്ടികൾക്ക് കഴിയരുത് എന്നതിനാലും, ദൈവം തന്നെയായ ഭൂമിയുടെ അംശവും ആനന്ദങ്ങളുമായ വസ്തുക്കളിൽ മഹാനീതി കൂടി ലയിപ്പിച്ച് ശരീരമായി രൂപാന്തരപ്പെടുത്തിമാത്രം ആത്മാക്കൾക്ക് നൽകേണ്ടതുണ്ട്. ദൈവമായ പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളും ആനന്ദങ്ങളാകയാൽ, വസ്തുക്കളെ കൊണ്ട് സൃഷ്ടിക്കുന്ന ശരീരങ്ങളും എല്ലാ അവയവങ്ങളും വിസർജ്ജ്യങ്ങളും മറ്റുമായ ജൈവ-വസ്തുക്കളും അവരവർക്കും മറ്റുള്ള ജീവികൾക്കും വ്യത്യസ്ത ആനന്ദങ്ങളാണ്. ഭക്ഷണം, തൊഴിൽ, സ്നേഹം, വാത്സല്യം, ഭക്തി, ദാനം, പ്രേമം, കാമം തുടങ്ങിയ എല്ലാ ആനന്ദങ്ങളെയും അവയുടെയെല്ലാം അളവുകളെയും ഈ ദിവ്യമഹാവേദഗ്രന്ഥത്തിൽ ശാസ്ത്രപരമായിട്ട് വേറെ വിശദീകരിച്ചിട്ടുണ്ട്. സസ്യം ഉൾപ്പെടെ എല്ലാ ജീവികളുടെയും ശരീരത്തെ മൊത്തത്തിലും, ഓരോ അവയവങ്ങളെയും പ്രത്യേകമായും, ബാഹ്യമായും ആന്തരികമായും പൊതിഞ്ഞിരിക്കുന്ന ചർമ്മത്തിലൂടെ സ്വത്വങ്ങളായ ആത്മാക്കളെ വ്യാപരിപ്പിക്കുകയും; വേദനകൾ ഉൾപ്പെടെ മേല്പറഞ്ഞ പൊതുവായ ആനന്ദങ്ങളെ സ്വകാര്യമായ മഹാനീതിയായി മാറ്റിക്കൊണ്ട് ഓരോ ആത്മാവിനും നൽകുകയും അനുഭവിപ്പിക്കുകയുമാണ് ദൈവം തന്നെയായ പ്രപഞ്ചത്തിന്റെ അംശമായ ശരീരവും വസ്തുക്കളും ചെയ്യുന്നത്. ഓരോരോ ആത്മാവിനും മഹാനീതിയുമായി ബന്ധപ്പെട്ട് ലഭ്യമാക്കുന്ന ജീവി-വർഗ്ഗപരവും സ്വകാര്യവുമായ ശരീര രൂപം, അവയവങ്ങൾ, ഘടന, ഘടകങ്ങൾ, സ്വഭാവം, വലിപ്പം, ഉയരം, വണ്ണം, നിറം, മണം, തുടങ്ങിയ ആനന്ദങ്ങളും ചർമ്മത്തിലൂടെ തന്നെയാണു നൽകുന്നത്. 40% അളവോടെ ഒന്നാമത്തേതായിട്ട് ജീവികൾക്കെല്ലാം നിശ്ചയിച്ചിട്ടുള്ള ഭക്ഷണ ആനന്ദത്തെ ചർമ്മം ഉൾപ്പെടെയുള്ളതോ ഇല്ലാത്തതോ ആയിട്ടുള്ള മാംസവുമായും രൂപം, ഘടന, വ്യാപ്തം, മണം, രുചി, നിറം, വിശപ്പ്, ദാഹം തുടങ്ങിയവയുമായും ബന്ധിച്ചിരിക്കുന്നു.

സൃഷ്ടികളായ ആത്മാക്കളോട് മഹാമര്യാദ പുലർത്തുന്ന പ്രപഞ്ചമായിരിക്കുന്ന ദൈവം എല്ലാ സ്ത്രീപുരുഷ പാതികളായ ആത്മാക്കൾക്കും ശരീരങ്ങളിലെ അവയവങ്ങളും വസ്തുക്കളുമായ ആനന്ദങ്ങളെയും അവയെ നേടാനും ആസ്വദിക്കാനുമുള്ള ഉപാധി കൂടിയായ ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയുമെല്ലാം ഗുണങ്ങളും ചേർത്ത് മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ എന്നീ ജീവികളാക്കി നൽകുന്നു.

# ॐ ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

പ്രപഞ്ചമാകുന്ന ആനന്ദങ്ങൾ ഉണ്ടായിരിക്കുന്നത് എങ്ങനെയെല്ലാമാണെന്ന് മനുഷ്യന് ലഭിക്കുന്ന വിശേഷ ബുദ്ധി കൊണ്ട് വിശകലനം ചെയ്യാൻ കഴിയും. ആദിയും അന്തവും ഇല്ലാത്തതായി തോന്നുന്ന മഹാശൂന്യതയും സൃഷ്ടി സ്ഥിതി സംഹാര പാത്രവുമായ ആകാശവും, സൃഷ്ടികൾക്ക് അനന്തമായ ആനന്ദങ്ങളെ ലഭിക്കുന്നതും ആനന്ദങ്ങളെ അഭിമാനത്തോടെ നേടാനും ആസ്വദിക്കാനും കഴിയുന്ന സ്ഥിതി പാത്രമായ ഭൂമിയുമായി ദൈവം അവതരിച്ച ശേഷം മാത്രമേ സൃഷ്ടികളുടെ സൃഷ്ടി ആരംഭിക്കാവൂ.

മഹാപ്രപഞ്ചമായ ദൈവം, സ്ഥിതിപാത്രമായ ഭൂമിയുടെ അംശമായ പ്രദേശങ്ങളിലൂടെയും വാതക-ദ്രാവക-ഖര-വസ്തുക്കളിലൂടെയും ജീവികളാണ് സൃഷ്ടികൾക്ക് നേരിട്ടു നൽകുന്ന 'സ്വകാര്യ ആനന്ദങ്ങളിലും'; സാമൂഹ്യ ജീവി കൂടിയായ സൃഷ്ടികളുടെ പരസ്പരമുള്ള 'സഹകരണങ്ങളും വീഴ്ച്ചകളുമെല്ലാം സൃഷ്ടിക്കുന്ന സാമൂഹിക-ആനന്ദങ്ങളിലും' മഹാനീതിയെ നടപ്പാക്കിയാൽ മാത്രമേ മഹാപ്രപഞ്ചമാകുന്ന ദൈവം മഹാനീതി കൂടി ആവുകയുള്ളൂ. പ്രധാനമായും അഞ്ച് കാര്യങ്ങളാണ് ഇവിടെ വിഷയമാകുന്നത് :

എല്ലാ സൃഷ്ടികൾക്കും സ്വയവും അന്യോന്യവും കാണാനും കേൾക്കാനും ആനന്ദിക്കാനുമെല്ലാം കഴിയുന്ന ഭൗതികമായ അസ്തിത്വം നൽകണം. സൃഷ്ടികൾക്ക് അനന്തമായ ആനന്ദങ്ങളെയും അവയെ ആസ്വദിക്കാനും നേടാനുമുള്ള ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയും കാലത്തെയും ശരണത്തെയും നേരിട്ടു നൽകാനും; സൃഷ്ടികൾ എത്രതന്നെ ഉപയോഗിച്ചാലും ഭൂമിയിൽ കാണുന്നതു പോലെ ആനന്ദങ്ങൾ അവസാനിക്കാതെ നിലനിൽക്കാനും; മഹാനീതിയുടെ ഭാഗമായി ആനന്ദങ്ങൾ വ്യത്യാസപ്പെടാനും; ദൈവം ആനന്ദങ്ങളായി അവതരിക്കുകയും നിരന്തരം പ്രവർത്തിക്കുകയും ചെയ്യേണ്ടതുണ്ട്. ജീവികളുടെയെല്ലാം ശരീരത്തിലെ കോശങ്ങളും അവയവങ്ങളും വിസർജ്ജ്യങ്ങളുമെല്ലാം സൃഷ്ടിക്കുന്നത് സ്വത്വങ്ങളായ ആത്മാക്കൾ അല്ലെന്നതും ആറ്റങ്ങളിലെ പ്രവർത്തനങ്ങളും

ദൈവത്തിന്റെ അവതാരവും പ്രധാനപ്പെട്ട സ്ഥിതി-പാത്രവുമായ ഭൂമിയുടെ അംശമായ പ്രദേശങ്ങളിലൂടെയും വസ്തുക്കളുടെയുമെല്ലാം സൂക്ഷ്മമായ ആറ്റങ്ങളുടെ ഘടകങ്ങളിലെ അതിസൂക്ഷ്മ ശിവയായ പ്രോട്ടോണുകളെ ശിവയുടെ ഭാഗവും ശിവനുമാകുന്ന ഇലക്ട്രോണുകൾ എല്ലായ്പ്പോഴും ചുറ്റിക്കറങ്ങി ക്കൊണ്ടിരിക്കുന്നത് മഹാസാക്ഷ്യമാണ്. മഹാശക്തിയായ ദൈവത്തിന് ഭൗതികമായ രൂപത്തിന്റെ ആവശ്യമില്ലെങ്കിലും, സൃഷ്ടികൾക്കു വേണ്ടി അനന്തമായ ആനന്ദങ്ങളും ശക്തികളും ശാസ്ത്രങ്ങളും മറ്റുമായ പ്രപഞ്ചമായിട്ട് അവതരിച്ചിരിക്കുകയാണ് !

ഗൂഢമാക്കി ആത്മാക്കളുടെ സുരക്ഷിതത്വം ഉറപ്പാക്കുമ്പോഴും സ്വയവും അന്യോന്യവും കാണാനും കേൾക്കാനും ആനന്ദങ്ങളെ ആസ്വദിക്കാനുമെല്ലാം കഴിയുന്ന പ്രത്യക്ഷമായ

രൂപവും അസ്തിത്വവും ശക്തികളും ജ്ഞാനവും സ്വാതന്ത്ര്യവും സൗന്ദര്യവും കാലവും ശരണവും ദൈവം തന്നെ കുഞ്ഞുങ്ങളായ ആത്മാക്കൾക്ക് നൽകണം.

കാലാനുസൃതമായി ആനന്ദങ്ങളെ തുടർച്ചയായി സൃഷ്ടിക്കുകയും, വ്യത്യാസപ്പെടുത്തുകയും, ഇടനിലക്കാരെ വയ്ക്കാതെ നേരിട്ടും ചെയ്യണമെങ്കിൽ, മഹാശക്തിയായി ദൈവം തന്നെ ആനന്ദങ്ങളും ശക്തികളുമായി അവതരിക്കണം. രൂപത്തിനും ഭാവങ്ങൾക്കും ആനന്ദങ്ങൾക്കുമെല്ലാം അതീതവും മഹാസത്യവുമായ ദൈവം, സൃഷ്ടികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മഹാഭദ്രമായി ചെയ്യുന്നതിനു വേണ്ടി, സത്യധർമ്മനീതികളെ സ്വന്തം ഭാവമായി നിശ്ചയിക്കുകയും മായാമഹാശക്തി ഉപയോഗിച്ച് സൃഷ്ടി സ്ഥിതി സംഹാരപാത്രവും മഹാശൂന്യതയുമായ ആകാശമായിട്ടും, ആത്മാക്കൾക്ക് ജീവികളായിട്ട് ജീവിക്കാനുള്ള മുഖ്യസ്ഥിതിപാത്രമായ ഭൂമി ആയിട്ടും ഒന്നിച്ചു തന്നെ അവതരിച്ചിരിക്കുകയാണ്. അനന്തമായ ആനന്ദങ്ങളും ശക്തികളും ജ്ഞാനവും സ്വാതന്ത്ര്യവും സൗന്ദര്യവും കാലവും ശരണവും മഹാനീതിയുമെല്ലാം, സൃഷ്ടികൾക്ക് ജീവികളായി ആനന്ദിച്ചു ജീവിക്കാനുള്ള ദൈവത്തിന്റെ പ്രധാന അവതാരമായ ഭൂമിയിൽ ലയി(പ്പി)ച്ചിരിക്കുകയുമാണ്. സൃഷ്ടികൾക്ക് വേണ്ടാത്തതൊന്നും ഭൂമിയിൽ ഇല്ലെന്നു മാത്രമല്ല, ആവശ്യമായവയെ മായാമഹാശക്തിയായ ഭൂമി പുതിയതായി സൃഷ്ടിക്കുന്നതുമാണ്. എങ്ങനെയെല്ലാമാണെന്ന് ശാസ്ത്രപരമായി തെളിയിക്കുന്നുണ്ട്.

സ്ത്രീപുരുഷ പാതികളായ ഇണകളായി സൃഷ്ടിക്കപ്പെടുന്ന സൃഷ്ടിയായ ഓരോ ആത്മാവിനും പ്രപഞ്ചത്തിലെ അനന്തമായ ആനന്ദങ്ങളെ അനുഭവിച്ചറിഞ്ഞു പരിചയിച്ച ശേഷം, മായാശക്തി കൊണ്ട് ആനന്ദങ്ങളെ സ്വന്തം ഇഷ്ടം പ്രകാരം സൃഷ്ടിച്ചും ആസ്വദിച്ചും അനന്തകാലം നക്ഷത്ര-ദേവതകളായി ജീവിക്കാനും, മുഖ്യസ്ഥിതിപാത്രം കൂടിയായ ഭൂമിയിൽ മടങ്ങിവന്ന് സമൂഹ ജീവികളായിട്ട് ജീവിക്കാനും, അസ്തിത്വം ഉപേക്ഷിക്കാനും സമ്പൂർണ്ണമായ സ്വാതന്ത്ര്യമുണ്ട്.

ആനന്ദങ്ങളായ പ്രപഞ്ചവുമായിട്ടാണ് എല്ലാ സൃഷ്ടികളെയും ബന്ധിച്ചിരിക്കുന്നത്. എന്നുവെച്ചാൽ പ്രപഞ്ചത്തിന്റെ അംശവും മഹാശൂന്യതയുമായ ആകാശവുമായിട്ടും, എല്ലാ ജീവികളുടെയും മുഖ്യസ്ഥിതിപാത്രവും, അനന്തമായ ആനന്ദങ്ങളും, ശക്തികളും, ശാസ്ത്രങ്ങളും, കാലവും, ശരണവും, മഹാനീതിയുമെല്ലാമായ വസ്തുക്കളുമായും, അവയെ കൊണ്ട് സൃഷ്ടിച്ചിട്ടുള്ളതായ ശരീരങ്ങളും കോശങ്ങളും അവയവങ്ങളും വിസർജ്ജ്യങ്ങളും പ്രത്യുല്പാദന ബീജങ്ങളുമായെല്ലാമാണ് മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ എന്നീ സൃഷ്ടികളായ എല്ലാ ജീവികളെയും അവയുടെയെല്ലാം സ്വത്വങ്ങളായ ആത്മാക്കളെയും ബന്ധിച്ചിരിക്കുന്നത്.

***** ******* ***** ******* ***** *******

മനുഷ്യാവസ്ഥയിൽ വച്ച് ലഭിക്കുന്ന വിശേഷ ബുദ്ധിയും അനുബന്ധമായ ഭൗതിക-ധർമ്മ-നീതി-ശാസ്ത്രങ്ങളും ശക്തികളും സ്വാതന്ത്ര്യവും കൊണ്ട് മുഖ്യ സ്ഥിതിപാത്രമായ ഭൂമിയിൽ ലയിച്ചിരിക്കുന്ന വേദനകൾ ഉൾപ്പെടെയുള്ള അനന്തമായ ആനന്ദങ്ങളെ കണ്ടെത്താനും ആസ്വദിക്കാനും നേടാനും അനുഭവിക്കാനുമെല്ലാം കഴിയും എന്നല്ലാതെ ദൈവത്തിന്റെ പ്രധാനപ്പെട്ട അവതാരമായ ഭൂമി എല്ലാ കുഞ്ഞുങ്ങളുടെയും മേൽ നടപ്പാക്കുന്ന സമ-ആനന്ദമാകുന്ന മഹാനീതിയിലും; എക്കാലവും മഹാഭദ്രമായി മഹാനീതിയെ നടപ്പാക്കുന്നതിനായിട്ട് ആവിഷ്ക്കരിച്ചിരിക്കുന്ന മഹാനീതിശാസ്ത്രമായ ഓംകാരനീതിശാസ്ത്രത്തിലും ഇടപെടാൻ മനുഷ്യൻ ഉൾപ്പെടെ യാതൊരു സൃഷ്ടിക്കും കഴിയില്ല. എന്നുവെച്ചാൽ ഭൗതികമായ അസ്തിത്വം ഇല്ലാത്തതും, വിശേഷ ബുദ്ധിയെ ദുരുപയോഗിച്ച് മനുഷ്യർ തട്ടിക്കൂട്ടുന്നതുമായ മത-ജാതി-വർഗ്ഗ-വർണ്ണ-രാഷ്ട്രീയ-ദേശ വ്യത്യാസങ്ങൾക്കും; അവയുടെയെല്ലാം അടിസ്ഥാനത്തിൽ മനുഷ്യർ അവരവരെയും മറ്റുള്ളവരെയും ഭരിക്കുന്നതായി കരുതുന്നതും, ചെയ്യുന്നതുമെല്ലാം അർത്ഥമില്ലാത്ത അഭ്യാസങ്ങളും, അവകാശ-വാദങ്ങളും, കടുത്ത ദൈവ ശിക്ഷകളെ നേടുമെന്ന് ചുവടെ ശാസ്ത്ര പരമായി തെളിയിച്ചിട്ടുള്ള പാപ സമ്പാദനങ്ങളും മാത്രമാണ്.

സൃഷ്ടികളായ ആത്മാക്കളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യാനായി ആദിയും അന്തവുമില്ലാത്ത മഹാശക്തിയും, ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതുമായ ദൈവം; മഹാശൂന്യതയും സൃഷ്ടി സ്ഥിതി സംഹാര പാത്രവുമായ ആകാശവും, സ്ഥിതി പാത്രങ്ങളായ ഭൂമിയും ചന്ദ്രനും, സൃഷ്ടിപാത്രമായ സൂര്യനും ചേർന്ന, ദൈവ-ഭാഗമായ പ്രപഞ്ചമായി അവതരിച്ചിരിക്കുകയാണ്. ആത്മാക്കളുടെ സൃഷ്ടി ആരംഭിക്കുന്നതിനു മുമ്പുള്ള പ്രപഞ്ചം സൃഷ്ടിയല്ല; ദൈവം തന്നെയാണ്. ദൈവമായ ഭൂമിയുടെ അംശമായ വസ്തുക്കളെ കൊണ്ട് സൃഷ്ടിക്കുന്ന ഭ്രൂണത്തിലേക്കും, വളരുന്ന ശരീരത്തിലേക്കും ആത്മാക്കളെ ബന്ധിപ്പിക്കുന്നതോടെ വ്യത്യസ്ത ജീവികളായി അവ പരിണമിക്കുന്നു. ആത്മാക്കളും, പരിണാമമായ ജീവികളും, മോക്ഷമായ നക്ഷത്രദേവതകളും കൂടി സൃഷ്ടി-ഭാഗമായിട്ട് അതോടെ പ്രപഞ്ചത്തിൽ ചേർക്കപ്പെടുന്നു. സംഹാരമായ മോക്ഷവും സൃഷ്ടിയുമാണ് നക്ഷത്രമെന്ന് പുതിയവ സാക്ഷ്യപ്പെടുത്തുന്നു !

പ്രപഞ്ചമായി അവതരിച്ചിരിക്കുന്ന ദൈവം പ്രപഞ്ചരൂപത്തോടെ തന്നെയാണ് സൃഷ്ടികളായ ആത്മാക്കളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ നിർവ്വഹിക്കുന്നത്. ദൈവത്തിന്റെ പ്രധാന അവതാരവും, സൃഷ്ടികളായ ആത്മാക്കൾക്ക് ജീവികളായി ജീവിക്കാനുള്ള മുഖ്യസ്ഥിതിപാത്രവുമായ ഭൂമിയാണ് അംശമായ വസ്തുക്കളെ കൊണ്ട് വ്യത്യസ്തമായ അവയവങ്ങളെ സൃഷ്ടിച്ചും അവയെല്ലാം ആത്മാക്കളോടു ബന്ധിപ്പിച്ചും മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ എന്നീ ജീവികളെ ഭൂമിയുടെ കുഞ്ഞുങ്ങളായിട്ട് സൃഷ്ടിക്കുന്നതും സംരക്ഷിക്കുന്നതും, സംഹാരമായ മോക്ഷത്തെ നൽകുന്നതും!

ഭൂമി തുടർച്ചയായി സൃഷ്ടിച്ചു നൽകുന്ന ആനന്ദങ്ങളെ ആസ്വദിച്ചാണ് എല്ലാ ജീവികളും ജീവിക്കുന്നത്. മനുഷ്യൻ ഒഴികെയുള്ള ജീവികൾക്ക് വിശേഷ ബുദ്ധിയെ ലഭിക്കാത്തതു കൊണ്ട് മറ്റു ജീവികളുടെ ഇടയിൽ ശാസ്ത്ര ഗവേഷണങ്ങളും ബന്ധപ്പെട്ട ആനന്ദങ്ങളും, മത-ജാതി-വർഗ്ഗ-രാഷ്ട്രീയ-ദേശ ചിന്തകളും, ഭരണകൂടങ്ങളും യുദ്ധങ്ങളും മറ്റും ഇല്ല.

ദൈവത്തിന്റെ മറ്റൊരവതാരവും സൃഷ്ടിപാത്രവുമായ സൂര്യനിൽവച്ച് ആത്മാക്കളെ ഹീലിയം ആറ്റത്തിലെ ന്യൂട്രോണുകളായ സ്ത്രീപുരുഷപാതികളായി പ്രകാശരൂപത്തിൽ സൃഷ്ടിക്കുകയും; മഹാശക്തിയായ ദൈവത്തിന്റെ മുഖ്യ അവതാരവും സൃഷ്ടികൾക്കു വേണ്ടിയുള്ള സ്ഥിതിപാത്രവും കൂടിയായ ഭൂമിയിൽ കൊണ്ടുവന്ന്, സ്വന്തം അംശമായ വസ്തുക്കളെ ശരീരങ്ങളായി സൃഷ്ടിച്ചു നൽകി, മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ എന്നീ ജീവികളായി 100 വീതം ജന്മങ്ങളെ നൽകി ജീവിപ്പിക്കുകയുമാണ് (ഭൂമി) ചെയ്യുന്നത്. സർവ്വം ഈ മഹാഗ്രന്ഥത്തിൽ ശാസ്ത്രപരമായി വിവരിച്ചിട്ടുണ്ട്.

സൃഷ്ടികളായ ആത്മാക്കളോടുള്ളതും, അവയ്ക്കു തന്നെ മടക്കിനൽകുന്നതുമായ മഹാവാത്സല്ല്യത്തെയും മഹാദാസ്യത്തെയും ഭൂമിയായ ദൈവത്തിന്റെ ആനന്ദങ്ങളായിട്ട് സ്വീകരിച്ചു കൊണ്ട് സൃഷ്ടി സ്ഥിതി സംഹാരങ്ങളെ നിർവ്വഹിക്കുകയാൽ ആനന്ദങ്ങൾ ഉൾപ്പെടെ സർവ്വത്തിനും അതീതമാണെന്നും; ഭൂമിയുടെ കുഞ്ഞുങ്ങളാണ് സൃഷ്ടികൾ എന്നും തെളിയുന്നുണ്ട്. ഭൂമിയെ ചവിട്ടിക്കുന്ന പാദങ്ങളിലെ ഇക്കിളിച്ചിരി സാക്ഷ്യമാണ്. സൃഷ്ടികൾക്കെല്ലാം ആനന്ദിച്ചു ജീവിക്കാൻ വേണ്ടിയുള്ള അനന്തമായ ആനന്ദങ്ങളും, അവയെ ആസ്വദിക്കാനും നേടാനുമുള്ള ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും കാലവും ശരണവും മഹാനീതിയുമെല്ലാമായ ഭൂമിയായിട്ട് അവതരിച്ചശേഷം മാത്രം ആത്മാക്കളെ സൃഷ്ടിക്കാൻ ദൈവം തയ്യാറാകുന്നത് അവയോടുള്ള മഹാകരുതലാണ്. അവയവങ്ങളുടെ രൂപങ്ങളും ഘടകങ്ങളും ഘടനയും നിറങ്ങളും രുചികളും ഗന്ധങ്ങളും പ്രവർത്തനങ്ങളുമെല്ലാം വ്യത്യാസപ്പെടുത്തിക്കൊണ്ട് സൃഷ്ടിക്കുകയും ആത്മാക്കളെ ശരീരത്തിൽ ബന്ധിച്ച് വ്യത്യസ്തമായ ജീവികളായി ജനിപ്പിക്കുന്നതും ജീവിപ്പിക്കുന്നതും ആത്മാക്കൾ സ്വയമോ മാതാപിതാക്കൾ ഉൾപ്പെടെയുള്ള ഉറ്റവരോ അല്ലെന്നിരിക്കെ, അവയെല്ലാം കാര്യമില്ലാതെ സംഭവിച്ചു കൊണ്ടിരിക്കുമെന്നും, ഭക്ഷണം കഴിക്കുന്നതിന് അനുസരിച്ചും മറ്റും ശരീരത്തിലെ കോശങ്ങളും അവയവങ്ങളുമെല്ലാം വളരുമെന്നും, സ്വയം പ്രവർത്തിക്കുമെന്നും കരുതുന്നത് വിശേഷ ബുദ്ധി ലഭിക്കുന്ന മനുഷ്യന് ചേരില്ല.

ഭൂമിയുടെ അംശമായ എല്ലാ വസ്തുക്കളും അവകൊണ്ട് സൃഷ്ടിച്ചിട്ടുള്ള ശരീരത്തിലെ അവയവങ്ങളും ഭാവങ്ങളും വിസർജ്ജ്യങ്ങളുമെല്ലാം സൃഷ്ടികളായ ആത്മാക്കൾക്കു വേണ്ടിയാണ്; വേണ്ടവയാണ്. അവയ്ക്കു വേണ്ടാത്തതും ചേരാത്തവയും ഭൂമിയിലില്ല !

ജീവികൾക്ക് സ്വത്വബോധം ഉണ്ടാകുന്നതും പ്രപഞ്ചത്തിലെ കാര്യങ്ങൾ ഏകദേശമായിട്ട് അറിയുന്നതും മനുഷ്യാവസ്ഥയിൽ വച്ച് വിശേഷബുദ്ധിയും അനുബന്ധമായ ഭൗതിക-ധർമ്മ-നീതി-ശാസ്ത്രങ്ങളും ലഭിക്കുമ്പോൾ മാത്രമാണ്. അതിനാൽ വിശേഷ ബുദ്ധിയെ

നൽകാത്തതായ മത്സ്യം, സസ്യം എന്നീ അവസ്ഥകളിൽ ആത്മാക്കളെ ജനിപ്പിക്കുകയും ജീവിപ്പിക്കുകയും ചെയ്യുമ്പോൾ 'വേദനകളെ' സമ്പൂർണ്ണമായും; പക്ഷി, മൃഗം എന്നീ അവസ്ഥകളിൽ ഭാഗികമായും ഒഴിവാക്കിയിട്ടുണ്ട്. ശരീരത്തിലെ ഭാഗങ്ങൾ തന്നെയായ നഖം, മുടി, രോമങ്ങൾ, മീശ, താടി എന്നിവയെ മുറിക്കുമ്പോൾ വേദനകൾ ഇല്ലാത്തത് 'ശരീരത്തിലെ പ്രസ്തുത ഭാഗങ്ങളെല്ലാം നൽകുന്നതായ ആനന്ദങ്ങളെ അനുഭവിക്കുന്ന സ്വത്വങ്ങളായ ആത്മാക്കൾ' നിശ്ചയിച്ചതു കൊണ്ടല്ല; അവയവങ്ങളെ സൃഷ്ടിച്ചിട്ടുള്ള മൂലകങ്ങളുടെയെല്ലാം മൂലവും മൊത്തവുമായ ഭൂമി (യുടെ സ്വത്വവും മഹാനീതിയുമായ ഓക്സിജൻ) നിശ്ചയിക്കുന്നതും നടപ്പാക്കുന്നതുമാണ്. ലഭ്യമായ ശരീരത്തിലെ ചില അവയവങ്ങൾക്കു മാത്രം ഭാഗികമായ ചലനസ്വാതന്ത്ര്യം നൽകി ക്കൊണ്ട് സമ്പൂർണ്ണ സ്വാതന്ത്ര്യത്തെ അനുഭവിക്കുന്ന പ്രതീതിയെ മൂലകങ്ങളുടെ മൂലവും മൊത്തവുമായ ഭൂമി സൃഷ്ടികൾക്ക് നൽകുന്നത് സാക്ഷ്യമാണ്. ചികിത്സയുടെ ഭാഗമായി കുറഞ്ഞ അളവിൽ മനോരോഗിയുടെ തല(ച്ചോറി)യിലേക്ക് വൈദ്യുതി പ്രവഹിപ്പിക്കുമ്പോൾ, വായിലൂടെ നുരയും പതയും വരികയും രോഗി പിടയ്ക്കുകയും മറ്റും ചെയ്യുമെങ്കിലും യഥാർത്ഥത്തിൽ രോഗിക്ക് വേദനകൾ അനുഭവിക്കുന്നില്ല; വൈദ്യുതി കടത്തി വിട്ടത് രോഗി അറിയുന്നതുപോലുമില്ല. വേദനകളും ആനന്ദങ്ങളും സംബന്ധിച്ച കാഴ്ച്ചപ്പാടിൽ പിഴവുണ്ട്. സൃഷ്ടികളെ ഭൂമി 'ജീവിപ്പിക്കുന്നത് ആനന്ദിപ്പിക്കാനാണെന്നും', സൃഷ്ടികൾ ജീവിക്കുന്നത് ആനന്ദിക്കാനാണെന്നും, ആനന്ദിച്ചാണ് ജീവിക്കുന്നതെന്നും, അറിയണം.

എല്ലാ ജീവികളുടെയും സ്വത്വങ്ങളായ ആത്മാക്കൾക്ക് വേദനകൾ ഉൾപ്പെടെയുള്ള ആനന്ദങ്ങളെ നൽകുന്നത് അവരവർക്കും ഉറ്റവർ ഉൾപ്പെടെ മറ്റുള്ളവർക്കും ലഭിക്കുന്ന ശരീരങ്ങളിലെ അവയവങ്ങളിലൂടെയും പുറംചർമ്മത്തിലൂടെയും ശരീരങ്ങളുടെയെല്ലാം മൂലമായ മൂലകങ്ങളിലൂടെയും അവയുടെ സംയുക്തങ്ങളിലൂടെയും അവയുടെയെല്ലാം മൊത്തമായ ഭൂമിയിലൂടെയും  ആണെന്നത്, അനുഭവിച്ചു തന്നെ അറിയുന്ന കാര്യമാണ്.

സൃഷ്ടികൾക്ക് ആനന്ദങ്ങളെ നൽകുന്ന ശരീരത്തിലെ അവയവങ്ങളും വസ്തുക്കളും ശക്തികളുടെ പ്രകടനമാണെന്നും ജീവികളുടെ ജീവിതവും മരണവും ജനങ്ങളുമായിട്ടു ബന്ധപ്പെട്ട് ഭാഗികമായ മാറ്റങ്ങളോടെ ശക്തികളും ആനന്ദങ്ങളുമായി എക്കാലവും ചാക്രികമായി  തുടരുകയാണെന്നും മനുഷ്യർ അനുഭവിച്ചറിയുന്ന വസ്തുതകളാണ്. കൃഷിയിൽ നിന്നുള്ള വിഭവങ്ങളെ സ്വയമോ മറ്റുള്ള ജീവികളോ ഉപയോഗിച്ച ശേഷമോ ഉപയോഗിക്കാതെയോ വീണ്ടും മണ്ണായ ഭൂമിയിൽ ലയിച്ചു ചേരുന്നതും തുടർച്ചയായ കൃഷി കൊണ്ടോ അല്ലാതെയോ വീണ്ടും സസ്യങ്ങളെ ഭൂമി ജനിപ്പിക്കുന്നതും ജീവിപ്പിക്കുന്നതുമെല്ലാം സാക്ഷ്യമാണ്.

അവയ്ക്ക്, വിശേഷബുദ്ധിയും, അനുബന്ധമായ ശാസ്ത്രങ്ങളും ശക്തികളും നൽകുന്നതായ മനുഷ്യാവസ്ഥയിൽ വച്ച് അനന്തമായ ആനന്ദങ്ങളും സ്വാതന്ത്ര്യവും സൗന്ദര്യവും കാലവും ശരണവും നേടാനും ആസ്വദിക്കാനും ഭൂമി അനുഗ്രഹിച്ചിട്ടുണ്ട്.

എല്ലാ സൃഷ്ടികളുടെയും മേൽ മഹാനീതിയെ നടപ്പാക്കേണ്ടതും നടപ്പാക്കുന്നതും ഭൂമിയുടെ കടമയാണ്; അംശമായ ഖരപ്രദേശങ്ങളും മൂലമായ മൂലകങ്ങളും അവയുടെ

സംയുക്തങ്ങളും മിശ്രിതങ്ങളും; ദ്രാവകമായ ജലവും; വാതകവും (ഭൂമിയുടെ) സ്വത്വവുമായ ഓക്സിജനും കൂടി മഹാഭദ്രമായി ചെയ്യുന്നുമുണ്ട്. ജീവികളുടെ ശരീരത്തിൽ പുതിയ കോശങ്ങളെ നിർമ്മിച്ചും പഴയവയെ മാറ്റിയും, വിശപ്പ് ഉണ്ടാക്കിയും, ദഹനം-വിസർജ്ജനം തുടങ്ങിയവ നിർവ്വഹിച്ചും, രോഗങ്ങളെയും രോഗമുക്തിയെയും നൽകിയും, മുറിവുകളെ ഉണക്കിയും, ഉണർത്തിയും, മയക്കിയും ഉറക്കിയുമെല്ലാം പ്രവർത്തിപ്പിക്കുന്നതും, ആത്മാവിനെ പുറത്താക്കി തജ്ജന്മത്തിൽ മരിപ്പിക്കുന്നതും, ഭൂമിയുടെ സ്വത്വവും മഹാനീതിയും ദൈവംതന്നെയുമായ ഓക്സിജൻ ആണ്. ജീവികളുടെ ശരീരത്തിലെ അവയവങ്ങളിൽ ചിലതിനു മാത്രം നൽകിയിട്ടുള്ള ചലനസ്വാതന്ത്ര്യം ഭാഗികമായോ പൂർണമായോ താൽക്കാലികമായോ സ്ഥിരമായോ മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രം പ്രകാരം മഹാഭരിച്ച് മഹാനീതിയെ നടപ്പാക്കുന്ന ദൈവമാണെന്ന് വെളിപ്പെടുത്തുമ്പോഴും ഓക്സിജനെ നിയന്ത്രിക്കാൻ സൃഷ്ടികൾക്ക് കഴിയില്ല ! മനുഷ്യർ മിനുട്ടിൽ ഏറെക്കുറെ 18 തവണ എന്നതു പോലെ എല്ലാ ജീവികളും നിരന്തരമായി ശ്വാസോച്ഛ്വാസം ചെയ്യുന്നതിൽ നിന്ന് സൃഷ്ടികൾ ചിന്തിക്കുന്നതു പോലും ദൈവമായ ഓക്സിജൻ ശാസ്ത്രപരമായി അറിയുന്നുണ്ടെന്നു തെളിയുന്നു. കടലിന്റെ അടിയിലും ചന്ദ്രനിലും മറ്റും പോകുന്നവർ ഓക്സിജനെ കൂടെ കൊണ്ടുപോകാനും, ആത്മഹത്യ ഉൾപ്പെടെയുള്ള എന്തു ചെയ്യാനും, യഥാർത്ഥത്തിൽ ഓക്സിജൻ അനുവദിക്കണം. വിശകലനം ചെയ്താൽ സത്യം സ്വയം മനസ്സിലാക്കാം !

എല്ലാ സൃഷ്ടികൾക്കും ജീവിക്കാൻ ആവശ്യമാകുന്ന വ്യത്യസ്തമായ ആനന്ദങ്ങളും; അവയെ സൃഷ്ടികൾക്ക് ആസ്വദിക്കാനും നേടാനുമുള്ള ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും കാലവും ശരണവും മഹാനീതിയുമെല്ലാം അംശമായ വസ്തുക്കളിലും, വസ്തുക്കളെ കൊണ്ട് സൃഷ്ടിക്കുന്ന എല്ലാ ജീവികളുടെയും ശരീരങ്ങളിലും ലയിപ്പിച്ച്, ദൈവം ഭൂമിയായി അവതരിച്ച്, സൃഷ്ടി സ്ഥിതി സംഹാരങ്ങളെ നേരിട്ടു ചെയ്യുകയാണ്. മഹാശക്തിയും മഹാവാത്സല്ല്യവുമായ ഭൂമി, എക്കാലവും എല്ലാ സൃഷ്ടികൾക്കും സമ-ആനന്ദമാകുന്ന മഹാനീതിയെ മഹാഭദ്രമായി നടപ്പാക്കുന്ന മഹാനീതി-ശാസ്ത്രമായ ഓംകാരനീതിശാസ്ത്രം പ്രകാരം മനുഷ്യാവസ്ഥയിൽ വച്ച് മറ്റുള്ള ജീവികളേക്കാൾ അധികദാനങ്ങളായി നൽകുന്ന വിശേഷ ബുദ്ധിയും, അനുബന്ധമായ ഭൗതിക-ധർമ്മ-നീതി-ശാസ്ത്രങ്ങളും കൊണ്ടാണ് ശാസ്ത്ര-സാങ്കേതിക സൗകര്യങ്ങളായ കൂടുതൽ ആനന്ദങ്ങളെ മനുഷ്യന് നേടാനും ആസ്വദിക്കാനും സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തോടെ കഴിയുന്നത്. ഭക്ഷണം, വസ്ത്രം, പാർപ്പിടം, എന്നീ അടിസ്ഥാന ജീവിത ഘടകങ്ങളിൽ ആനന്ദങ്ങളെ പരിഷ്ക്കരിക്കാനും അനുഭവിക്കാനും മനുഷ്യന് കഴിയുന്നുണ്ട്. കൂടാതെ; സൈക്കിൾ- ബൈക്ക് റിക്ഷ കാർ ബസ് വള്ളം ബോട്ട് കപ്പൽ വിമാനം തുടങ്ങിയ അനന്തമായ വാഹനങ്ങൾ, മരുന്നുകൾ ലാബ് സർജറി ഉൾപ്പെടെയുള്ള ചികിത്സകൾ, ഫർണിച്ചർ, ക്യാമറ, ഫോട്ടോ, ഉപകരണങ്ങൾ, ആയുധങ്ങൾ, റേഡിയോ, വൈദ്യുതി, ബഹുവിധങ്ങളായ യന്ത്രങ്ങൾ, ടെലിഫോൺ, ടെലിവിഷൻ, കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ഡ്രോൺ, മൊബൈൽ ഫോൺ, തുടങ്ങിയ അനന്തമായ ആനന്ദങ്ങളെ തേടിയും നേടിയും ആസ്വദിച്ചും ഭൂമിയിൽ മനുഷ്യർ ജീവിക്കുന്നത് പ്രത്യക്ഷമായ സാക്ഷ്യങ്ങളാണ്.

സൃഷ്ടികൾക്ക് മനുഷ്യാവസ്ഥയിൽ വച്ച് അധികമായി നൽകുന്ന വിശേഷ ബുദ്ധിക്കും ആനന്ദങ്ങൾക്കും ശക്തികൾക്കും ആനുപാതികമായിട്ട് മനുഷ്യരുടെ ജന്മഗുണങ്ങളെ ഭൂമി വർദ്ധിപ്പിക്കുകയും വ്യത്യാസപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ജീവി-വർഗ്ഗം, സ്ത്രീ പുരുഷ ജാതി, അവയവങ്ങൾ, നിറം, സൗന്ദര്യം, ആയുസ്സ് തുടങ്ങി എല്ലാ ജീവികൾക്കും സാധാരണ നൽകുന്ന ജന്മഗുണങ്ങളെ കൂടാതെ; മനുഷ്യാവസ്ഥയിൽ വച്ച് മഹത്തായ ഇരു-കൈകകാലുകൾ, അധിക സൗന്ദര്യം, മുഖഛായ, ചിരി പുഞ്ചിരി നാണം തുടങ്ങിയ ഭാവങ്ങൾ, ആരോഗ്യം, ഉയരം, വളരെ സാവധാനമുള്ള ബാല്യകാല ശാരീരിക-മാനസിക വളർച്ച, ബുദ്ധി ശക്തി, ഓർമ്മ ശക്തി, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ജനന സ്ഥലം, അധികമായതും കടുത്തതുമായ രോഗങ്ങൾ, രോഗമുക്തി, മുറിവുണങ്ങൽ, ഹൃദയസ്തംഭനം കൊണ്ട് നിമിഷമരണം, മരുന്നുകൾ, സമ്പത്ത്, മാതാപിതാക്കളുടെയും മറ്റ് ഉറ്റവരുടെയും ജന്മഗുണങ്ങളോടുള്ള പൊരുത്തം, തുടങ്ങിയവയിലൂടെ മനുഷ്യരുടെ ആനന്ദങ്ങളെ അനന്തമായി വർദ്ധിപ്പിക്കുന്നു. കൂടാതെ, മഹാനീതിയുമായി ബന്ധപ്പെട്ട ജന്മഗുണങ്ങളെ നിശ്ചയിക്കുന്നതും നടപ്പാക്കുന്നതും സ്വത്വങ്ങളായ ആത്മാക്കളോ അവരുടെ മാതാപിതാക്കൾ ഉൾപ്പെടെയുള്ള ഉറ്റവരോ മറ്റു സൃഷ്ടികളോ അല്ലെന്നതും; ഭൂമിയുടെ അംശമായ വസ്തുക്കളാണ് ജന്മഗുണങ്ങളായി പരിണമിച്ചിരിക്കുന്നത് എന്നതും; ഭക്ഷണം മരുന്നുകൾ ലഹരി വിഷം തുടങ്ങിയ ജീവികളുടെ ശരീരത്തിലെ കോശങ്ങളും ഭൂമിയിലെ എല്ലാ വസ്തുക്കളും അടിസ്ഥാന പരമായിട്ട് മൂലകങ്ങളും സംയുക്തങ്ങളും മിശ്രിതങ്ങളും അവയുടെ സൂക്ഷ്മമായ ആറ്റങ്ങളും കൊണ്ട് ഉണ്ടായിട്ടുള്ളവയും അവയിൽ ലയിച്ചിരിക്കുന്ന ശക്തികളും ശാസ്ത്രങ്ങളുമെല്ലാം പ്രകാരം മാത്രം പ്രവർത്തിക്കുന്നവയും ആണെന്നതും വിശകലനം ചെയ്യുമ്പോൾ; ജീവികളുടെ ശരീരങ്ങളിലെ കോശങ്ങളിലും അവയവങ്ങളിലും, ശരീരഭാഗം തന്നെയായ വിസർജ്ജ്യങ്ങളിലും പ്രതിഫലിക്കുന്ന ഗുണങ്ങളാകുന്ന അനന്തമായ ആനന്ദങ്ങളും ശക്തികളും ശാസ്ത്രങ്ങളും പ്രകാരം മാത്രമാണ് എല്ലാ ജീവികളെയും ജീവിപ്പിക്കുകയും മരിപ്പിക്കുകയുമെല്ലാം ചെയ്യുന്നത് ഭൂമിയും സ്വത്വമായ ഓക്സിജനും ചേർന്നാണെന്ന് നിസ്സംശയം മനസ്സിലാക്കാം. ഭൂമി നേരിട്ട് സർവ്വവും ചെയ്യുന്നതിനെ മനസ്സിലാക്കാൻ കഴിയാഞ്ഞത് വിശേഷ ബുദ്ധിയെ ഉചിതമായി ഉപയോഗിക്കാഞ്ഞതു കൊണ്ടാണ്.

മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കൾക്കോ മാതാപിതാക്കളും മറ്റും ഉൾപ്പെടെയുള്ള ഉറ്റവർക്കോ യഥാർത്ഥത്തിൽ യാതൊരു പങ്കുമില്ലാത്ത രണ്ടു ജന്മഗുണങ്ങളായ മുഖച്ഛായയും, അവയവങ്ങളും തുല്ല്യമായിട്ട് എല്ലാ മനുഷ്യർക്കും നൽകിയാൽ തന്നെ അനേകമനേകം കോടികളായ മനുഷ്യരെ തിരിച്ചറിയാനോ സ്ത്രീപുരുഷ വ്യത്യാസങ്ങൾ ഉണ്ടാവാനോ കഴിയില്ലെന്ന് തെളിയുന്നുണ്ട്. എല്ലാ ജന്മഗുണങ്ങളിലും ഒരു ജന്മം കൊണ്ട് അനന്തമായ ആനന്ദങ്ങളെ ആസ്വദിപ്പിക്കുന്നത് സുന്ദരമാവില്ലെന്നും സമ-ആനന്ദവും തിരുത്തലുകളും ശിക്ഷകളുമെല്ലാം മഹാനീതിയായ ഭൂമി മഹാപുനർജ്ജന്മസിദ്ധാന്തം പ്രകാരം ഓരോ ആത്മാവിന്റെയും ഇണകളായ സ്ത്രീപുരുഷ പാതികൾക്ക് 100 മനുഷ്യ ജന്മങ്ങളിലൂടെ യാതൊരു കുറ്റങ്ങളും കുറവുകളും ഇല്ലാതെ എക്കാലവും മഹാശാസ്ത്ര പരമായിട്ട് നടപ്പാക്കുന്നുണ്ട് എന്നും നടപ്പാക്കാൻ കഴിയുമെന്നും ഈ മഹാഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുള്ള മഹാനീതിശാസ്ത്രമായ ഓംകാരനീതിശാസ്ത്രം തെളിയിക്കുന്നുണ്ട്.

ഒരല്പം ശൂന്യത ഉൾപ്പെടെ യാതൊന്നും സൃഷ്ടിക്കാൻ കഴിവില്ലാത്തവരും, സ്വത്വംപോലും സ്വന്തമായിട്ട് ഇല്ലാത്തവരും, ആരാണെന്നോ എവിടെനിന്നു വന്നുവെന്നോ പോലും അറിയാത്തവരുമായ മനുഷ്യർ, വിശേഷ ബുദ്ധിയും അനുബന്ധമായ ശാസ്ത്രങ്ങളും ലഭിച്ചിട്ടും, മനുഷ്യൻ ഉൾപ്പെടെയുള്ള ഭൂമിയിലെ ജീവികളെ ഭരിക്കാനും തോന്നുപോലെ ജീവിക്കാനും കഴിയുമെന്ന് കരുതുന്നത് ഏറ്റവും വലിയ മണ്ടത്തരങ്ങളും കുറ്റങ്ങളും പാപങ്ങളുമാണ്. മറ്റുള്ളവരെ ഭരിക്കുന്നവരായി കരുതുന്നവർ ഉൾപ്പെടെയുള്ള ഓരോ മനുഷ്യന്റെയും സ്വത്വമായ ആത്മാവിനെ അവരുടേതെന്ന് അവർ തെറ്റിദ്ധരിച്ചിരിക്കുന്ന ശരീരത്തിലൂടെയും ചുറ്റുമുള്ള വസ്തുക്കളിലൂടെയും മൂലവും മൊത്തവുമായ ഭൂമി സദാ ഭരിച്ചുകൊണ്ടിരിക്കുന്നു എന്നതാണ് സത്യം. സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ഭൂമിക്കു മാത്രമാണ് സർവ്വത്തിന്റെയും മേൽ എല്ലാ അവകാശവും അധികാരവുമുള്ളത്.

വിശേഷ ബുദ്ധി നൽകുന്ന അധികമായ സ്വാതന്ത്ര്യവും ശക്തികളുമായി കൂടുതൽ ആനന്ദിച്ചു ജീവിക്കേണ്ടതിനു പകരം ഭൗതിക അസ്തിത്വം ഇല്ലാത്ത മത-ജാതി-വർഗ്ഗ-രാഷ്ട്രീയ-ദേശ വിശ്വാസങ്ങളും ആചാരങ്ങളും മറ്റുമായ കോപ്രായങ്ങളെ തട്ടിക്കൂട്ടി 'ഭൂമിയുടെ മക്കൾ' തമ്മിലടിക്കുന്നതും കൊല്ലുന്നതും കുറ്റങ്ങളും പാപങ്ങളുമായിട്ടുണ്ട് !

ദൈവത്തിന്റെ അവതാരവും സൃഷ്ടികൾക്കു വേണ്ടിയുള്ള മുഖ്യ-സ്ഥിതിപാത്രവുമായ ഭൂമിയാണ് സ്വന്തം അംശമായ വസ്തുക്കളെക്കൊണ്ടുള്ള ശരീരം നൽകി സൃഷ്ടികളായ ആത്മാക്കളെ വ്യത്യസ്ത ജീവികളായി ജീവിപ്പിക്കുന്നത്.

മഹാശക്തിയായ ദൈവത്തിന്റെ അവതാരങ്ങളായ ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനും എപ്പോഴും പ്രത്യക്ഷമാണ്. അവയെ മഹാശക്തിയായ ദൈവമാണെന്ന് തിരിച്ചറിയാൻ കഴിയുന്ന വിശേഷ ബുദ്ധിയെ മനുഷ്യാവസ്ഥയിൽ വച്ച് സൃഷ്ടികൾക്കു നൽകുന്നുമുണ്ട്.

ദൈവത്തിന്റെ അനന്തമായ ശക്തികളും ജ്ഞാനവും ലയിച്ച് ദൈവം തന്നെയാണ് എക്കാലത്തെയും സൃഷ്ടികൾക്കു വേണ്ടിയുള്ള അനന്തമായ ആനന്ദങ്ങളും അവയെ ആസ്വദിക്കാനും നേടാനുമുള്ള ഉപാധികളായ ബഹുവിധ ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും സൗന്ദര്യവും കാലവും ശരണവും മഹാനീതിയുമെല്ലാമായ പ്രപഞ്ചമായിട്ട് അവതരിച്ചിരിക്കുന്നത്. പ്രപഞ്ചത്തിൽ ലയിച്ചിട്ടുള്ള ആനന്ദങ്ങളുടെ അംശമായ വസ്തുക്കളും ശരീരവും കൊണ്ട് ജീവിക്കുന്ന 'സൃഷ്ടികൾ' പോലും ദൈവത്തിന്റെ ദാനവും സ്വന്തവുമാണെങ്കിലും, സമ്പൂർണ്ണമായ സ്വാതന്ത്ര്യവും ആത്മാഭിമാനവും അനുഭവിപ്പിച്ചു കൊണ്ട്, സർവ്വവും സൃഷ്ടികളെല്ലാം അദ്ധ്വാനിച്ച് നേടുന്നവയായിട്ട് വിശേഷ ബുദ്ധിയെ നൽകുന്നതായ മനുഷ്യാവസ്ഥയിൽ പോലും ഭാഗികമായി തോന്നിപ്പിച്ചും സന്തോഷിപ്പിച്ചും മഹാമര്യാദ കാട്ടിയിരിക്കുന്നു!

സൃഷ്ടിചക്രങ്ങളുടെ രണ്ടാമത്തെ പകുതി, സത്യയുഗത്തോടെ ആരംഭിക്കുമ്പോൾ; ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്ത മഹാസത്യമായ ദൈവം സൃഷ്ടികൾക്കു

വേണ്ടി ശിവയും, ശിവനുമായ മനുഷ്യസദൃശ സ്ത്രീപുരുഷരൂപങ്ങളും സ്വീകരിക്കുന്നുണ്ട്. ഇപ്പോഴത്തെ സൃഷ്ടിചക്രത്തിൽ ഉടനെയുണ്ട്. ധർമ്മസംസ്ഥാപനം പ്രത്യക്ഷവുമാകും!

ദൈവമായ ഭൂമി, സൃഷ്ടികളെ കുഞ്ഞുങ്ങളായി കരുതുകയാൽ കടമകളെ നൽകുന്നില്ല. സൃഷ്ടികൾ അവരവർക്കു വേണ്ടി മാത്രം ജീവിച്ചാൽ മതി.

സ്ത്രീ-പുരുഷ ജാതികളും പാതികളും വർഗ്ഗങ്ങളും സാമൂഹിക ജീവികളുമായ സൃഷ്ടികൾ ജീവിക്കുകയുമാണ് ! ജീവികളെയെല്ലാം ജനിപ്പിക്കുന്നത് ജീവിപ്പിക്കാനാണെന്ന് സുവ്യക്തമായി തെളിയുന്നു. ജീവിപ്പിക്കുന്നത് ആനന്ദിപ്പിക്കാനാണ്; ആനന്ദങ്ങളെ വർദ്ധിപ്പിക്കാനായിട്ട് മനുഷ്യർ നിരന്തരമായി പരിശ്രമിക്കുന്നത് അനുഭവിച്ചു തന്നെ അറിയുന്ന വസ്തുതകളാണ്.  ഏകദൈവം മഹാമാതാപിതാക്കളായി രണ്ടായിക്കൊണ്ട്, കുഞ്ഞുങ്ങൾക്ക് മടക്കി നൽകുന്ന മഹാവാത്സല്ല്യത്തെയും മഹാദാസ്യത്തെയും മാത്രം ആനന്ദങ്ങളായിട്ട് സ്വീകരിക്കുകയാൽ കുഞ്ഞുങ്ങൾക്ക് അകാരണമായി ദൈവഭയം വേണ്ടതില്ല!

സൃഷ്ടികൾക്ക് ആനന്ദിച്ചു ജീവിക്കാൻ വേണ്ടിയുള്ള അനന്തമായ ആനന്ദങ്ങളും അവയെ ആസ്വദിക്കാനും നേടാനുമുള്ള ശക്തികളും ശാസ്ത്രങ്ങളും ശരണവും മഹാനീതിയുമെല്ലാമായ ഭൂമിയിൽവച്ച് ആനന്ദങ്ങളെ ആസ്വദിക്കാനും പരിചയിക്കാനും സൃഷ്ടികൾക്കു കഴിയുന്നു. വിശേഷബുദ്ധിയെ മനുഷ്യാവസ്ഥയിൽ  ലഭിക്കുകയും 100-ാമത് ജന്മത്തിൽ നക്ഷത്രദേവതകളായി സ്ത്രീ പുരുഷ പാതികൾ മോക്ഷം നേടുകയും, ഭൂമിയിൽ വച്ചും കുറച്ചുകാലം മാത്രമുള്ളതായ ചന്ദ്രവാസത്തിലും, അനുഭവിച്ചറിഞ്ഞ അനന്തമായ ആനന്ദങ്ങളെ മായാശക്തികൊണ്ട് സ്വയം സൃഷ്ടിച്ചും ഇഷ്ടംപോലെ ആസ്വദിച്ചുംകൊണ്ട് അനന്തകാലം നക്ഷത്രദേവതകളായി ജീവിക്കുന്നു! ദൈവത്തിന്റെ അംശങ്ങളോ ഭാഗങ്ങളോ അല്ലാത്തതായ സൃഷ്ടികൾ മാത്രമാണ് എല്ലാ ആത്മാക്കളും എന്നതിനാൽ ദൈവത്തിന്റെ അവതാരങ്ങളായ ഭൂമി, സൂര്യൻ, ചന്ദ്രൻ എന്നിവയിൽ നിന്നും വളരെ ദൂരെയായി സൃഷ്ടികളായ ആത്മാക്കളുടെ സംഹാരവും മോക്ഷവുമായ നക്ഷത്രലോകത്തെ ഒരുക്കിയിട്ടുള്ളതും അർത്ഥവത്തായിട്ടാണ്. സൃഷ്ടികൾക്കു വേണ്ടി, ദൈവം സ്ഥിതി പാത്രം കൂടിയായി അവതരിച്ചിരിക്കുന്ന ഭൂമിയിൽ ജീവിക്കുന്ന മനുഷ്യർക്ക് മോക്ഷാവസ്ഥയെ കാണാൻ കഴിയുമ്പോഴും, പരബ്രഹ്മമായ പ്രപഞ്ചത്തിൽ, ദൈവത്തിന്റെ അംശമല്ലാത്ത സൃഷ്ടികളുടെ സ്ഥാനം വളരെയധികം ദൂരെയാണ്. അതേസമയം എന്തിനും അതീതമായ ബ്രഹ്മം ആകുന്ന ദൈവത്തിന്റെ പരമായ /ശ്രേഷ്ഠമായ മഹാരൂപമാണ് ജഗത്ത്, ഭൂലോകം, പ്രപഞ്ചം എന്നെല്ലാംകൂടി മഹാനാമങ്ങളുള്ള പരബ്രഹ്മം എന്ന ശ്രേഷ്ഠമായ തിരിച്ചറിവോടെ, വീണ്ടും ദൈവത്തിന്റെ പ്രധാനപ്പെട്ട അവതാരമായ ഭൂമിയിലേക്ക് മടങ്ങിവരാനും സമൂഹ ജീവി-ജീവിതം ആസ്വദിക്കാനും; അത്യപൂർവ്വമായി അസ്തിത്വം തന്നെ ഉപേക്ഷിക്കാനും സൃഷ്ടികൾക്ക് സമ്പൂർണ്ണമായ സ്വാതന്ത്ര്യം ലഭിക്കുന്നുണ്ട്.

# ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

സൃഷ്ടികൾക്കെല്ലാം വേണ്ടിയുള്ള സൃഷ്ടി സ്ഥിതി സംഹാര പാത്രമായ ആകാശവും, ആനന്ദിച്ചു ജീവിക്കാനുള്ള പ്രധാന സ്ഥിതി പാത്രം മാത്രമായ ഭൂമിയുമായി അവതരിച്ച ശേഷമാണ് സൃഷ്ടിപാത്രമായ സൂര്യനിൽ വച്ച് ഏകമഹാശക്തിയും ഏകദൈവവുമായ ശിവ, സ്വന്തം ഭാഗവും ശവനും പരമാത്മാവും ഹൈഡ്രജനും കൂടിയായ ശിവനിൽനിന്ന് സൃഷ്ടികളായ ആത്മാക്കളെ കുഞ്ഞുങ്ങളായിട്ട് മഹാഭദ്രമായി സൃഷ്ടിച്ചു തുടങ്ങിയത്. പരമാത്മാവായ ശിവന്റെ സ്വത്വമായി ശിവ നിശ്ചയിച്ചിരിക്കുന്ന ഏകപ്രോട്ടോണും ഏക ഇലക്ട്രോണും മാത്രമുള്ള മൂലകമായ ഹൈഡ്രജനും സൃഷ്ടിപാത്രവുമായ സൂര്യനിൽ 'ശക്തിശിവൻപ്രണയമന്ത്രം, സൃഷ്ടിമന്ത്രം, ശബ്ദബ്രഹ്മം, ശാസ്ത്രമൂലം, ഒക്കെയായ 'ഓം' പ്രകാരം, 2 നിർജ്ജീവ ന്യുട്രോണുകൾ സ്ത്രീപുരുഷ പാതികളായ ആത്മാക്കളായി പ്രകാശ രൂപത്തോടെ ഹീലിയത്തിന്റെ ഭാഗമായി സൃഷ്ടിക്കപ്പെടുന്നു. സ്ഥിതിപാത്രവും അനന്തമായ ആനന്ദങ്ങളും ശിവയുമായ ഭൂമിയിൽ എത്തിച്ച്, ഭൂമിയുടെ അംശമായ വസ്തുക്കളും രൂപാന്തരമായ ശരീരവും ചേർത്ത് ജീവികളാക്കുന്നു. മനുഷ്യാവസ്ഥയിൽ ഭൂമിയിൽവച്ച് അനുഭവിച്ചറിഞ്ഞ അനന്തമായ ആനന്ദങ്ങളെ നക്ഷത്ര-ദേവതകളായിട്ട് മോക്ഷംനേടി അനന്തകാലം ആസ്വദിക്കാൻ സംഹാരപാത്രമായി ദൂരെ ഒരുക്കിയിട്ടുള്ള നക്ഷത്ര ലോകത്തിൽ കഴിയുന്നതാണ്; ഭൂമിയിലേക്ക് മടങ്ങാനും സ്വാതന്ത്ര്യമുണ്ട് !

ആത്മാക്കൾക്ക് അന്യോന്യം ഉപദ്രവിക്കാനോ വധിക്കാനോ കഴിയാത്ത വിധം ഓരോ ആത്മാവിന്റെയും സ്ത്രീപുരുഷപാതികളെ സൂര്യനിൽ വച്ച് സൃഷ്ടിച്ചിരിക്കുന്ന ഹീലിയം ആറ്റത്തിലെ ഓരോ ന്യൂട്രോണാക്കി ഗൂഢമാക്കിയിരിക്കുന്നു. ഭൂമിയുടെ അംശങ്ങളായ വസ്തുക്കളെ കൊണ്ട് ഭൂമിയുടെ സ്വത്വമായ ഓക്സിജൻ സൃഷ്ടിക്കുന്ന ശരീരത്തിലെ കോശങ്ങളിലുള്ള എല്ലാ ന്യൂട്രോണുകളുമായും ആത്മാക്കളായ ഹീലിയം-ന്യൂട്രോണുകളെ ബന്ധപ്പെടുത്തി ക്കൊണ്ട് ശരീരത്തോടു കൂടിയ വ്യത്യസ്ത ജീവികളായിട്ട് അനന്തമായ ആനന്ദങ്ങളെ ആസ്വദിപ്പിച്ച് ജീവിപ്പിക്കുകയാണു ചെയ്യുന്നത്. ശരീരം കൊണ്ട് ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾ നേടുന്ന വേദനകൾ ഉൾപ്പെടെ എല്ലാ ആനന്ദങ്ങളെയും, ആനന്ദങ്ങൾക്കെല്ലാം അതീതമായ ശരീരങ്ങളും മൂലമായ (ഭൂമിയിലെ) വസ്തുക്കളും, സമ്പൂർണ്ണമായി ആത്മാക്കൾക്ക് നൽകുകയാണ് (ഓക്സിജൻ) ചെയ്യുന്നത്. സൃഷ്ടികളായ ആത്മാക്കളെ എല്ലാ കാര്യങ്ങളും അനുഭവത്തിലൂടെ തന്നെ ബോദ്ധ്യപ്പെടുത്തുന്ന മഹാപദ്ധതികളാണ് അനന്തമായ ആനന്ദങ്ങളും, പ്രധാന സ്ഥിതിപാത്രവും, പ്രപഞ്ചഭാഗവും, ഏകദൈവമായ ശിവയും ഭാഗമായ ശിവനും ചേർന്ന ഭൂമിയിലുള്ളത്.

ദൈവത്തിന്റെ അവതാരമാണ് പ്രപഞ്ചം എന്നു തെളിയുമ്പോൾ, സൗരയൂഥം, മറ്റു ഗ്രഹങ്ങളും അവയുടെ ഉപഗ്രഹങ്ങളും തുടങ്ങിയ കാഴ്ച്ചപ്പാട് തന്നെ മാറുന്നുണ്ട്. ആയിരം കോടി വർഷങ്ങൾ നീണ്ട ആദ്യ മഹാകാല ചക്രത്തിലെ മനുഷ്യരിൽ നിന്നും നക്ഷത്രദേവതകളായി മോക്ഷം നേടിയവരിൽ ചിലരെ ഭൂമിയിലെ മനുഷ്യർക്കു വേണ്ടി

ദേവതകളായി നിയമിച്ചതും പിൽക്കാലത്ത് ദേവതകൾ ധർമ്മശാസ്ത്ര വിരുദ്ധമായിട്ട് പ്രവർത്തിച്ച് ഗ്രഹങ്ങളെയും ഉപഗ്രഹങ്ങളെയും നിർമ്മിച്ചതും, ഭൂമിയിൽ ഉടനെതന്നെ സത്യയുഗം ആരംഭിക്കുന്നതോടെ പിൻവലിക്കുമെന്നതും, 1000 കോടി വർഷങ്ങൾ നീണ്ട ആദ്യത്തെ മഹാകാല ചക്രത്തിൽ ഏകദൈവമായ ശിവയും ഭാഗമായ ശിവനും, പശുവും പശുപതിയുമായിട്ട് സൃഷ്ടികൾക്ക് മഹാദാസ്യ സേവനം നൽകിയതുമെല്ലാം ഈ ദിവ്യമഹാഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.

ഏകദൈവമായ ശിവയും, ഭാഗമായ ശിവനും ചേർന്ന ഭൂമിയുടെ സൃഷ്ടികളും കുഞ്ഞുങ്ങളുമായ ആത്മാക്കൾക്ക് ജീവികളായി ജീവിക്കാൻ ആവശ്യമാകുന്ന ഭൗതികമായ അസ്തിത്വവും, വേദനകൾ ഉൾപ്പെട്ട അനന്തമായ ആനന്ദങ്ങളും, ആനന്ദങ്ങളെ ആസ്വദിക്കാനും നേടാനുമുള്ള ശക്തികളും ശാസ്ത്രങ്ങളും, മഹാനീതിയുമെല്ലാം നേരിട്ടാണു നൽകുന്നത്. ഭൂമിയുടെ അംശമായ പ്രദേശങ്ങളും അവയുടെ മൂലമായ മൂലകങ്ങളും സംയുക്തങ്ങളും മിശ്രിതങ്ങളുമായ വസ്തുക്കളും കൊണ്ട് സൃഷ്ടിച്ചു നൽകുന്ന ശരീരത്തിലെ കോശങ്ങളെയും അവയവങ്ങളെയും നിരന്തരം പ്രവർത്തിപ്പിക്കുന്ന ഭൂമിയുടെ സ്വത്വമായ ഓക്സിജനാണ് ജന്മഗുണങ്ങളായ ജീവികളുടെ വർഗ്ഗം, സ്ത്രീ പുരുഷ ജാതി, നിറം, സൗന്ദര്യം, മുഖഛായ, ആരോഗ്യം, ഉയരം, ബുദ്ധി ശക്തി, ഓർമ്മ ശക്തി, തൊഴിൽ-വിനോദ അഭിരുചികൾ, രോഗങ്ങൾ, രോഗമുക്തി, മുറിവുകൾ ഉണങ്ങൽ തുടങ്ങിയവയും നിശ്ചയിക്കുന്നത്.

ആത്മാവിന് തജ്ജന്മത്തിലെ ജീവിതത്തിനായിട്ട് സ്വന്തം പോലെ ഉപയോഗിക്കാനായി ഭൂമി (യുടെ സ്വത്വമായ ഓക്സിജൻ) നിരന്തരം സൃഷ്ടിച്ചും പരിണമിപ്പിച്ചും നൽകുന്ന ശരീരം മാത്രമല്ല; മറ്റുള്ള ജീവികളുടെയും ശരീരങ്ങൾ ഭക്ഷണം ഉൾപ്പെടെയുള്ള വിവിധ ആനന്ദങ്ങളാണ്. അവയെ ആസ്വദിക്കാനും നേടാനുമുള്ള ഉപാധികൂടിയാണ് സ്വത്വമായ ആത്മാവുമായി ബന്ധിച്ചിരിക്കുന്ന സ്വന്തമെന്നു കരുതുന്ന ശരീരം. ഭ്രൂണാവസ്ഥയ്ക്കും മുമ്പ് മഹാപദ്ധതികളോടെ കുഞ്ഞിനെ സൃഷ്ടിക്കുകയും, സ്വത്വങ്ങളായ ആത്മാക്കളെ ശരീരത്തിൽ പ്രവേശിപ്പിക്കുകയും ബന്ധിപ്പിക്കുകയും; അവയവങ്ങളെ പരിണമിപ്പിച്ച് വളർത്തി വലുതാക്കിയും രൂപമാറ്റങ്ങൾ വരുത്തിയുമെല്ലാം ജീവിപ്പിക്കുകയും; ശേഷം ഓക്സിജന്റെ ഇഷ്ടമായ ഓംകാര നീതിശാസ്ത്രം പ്രകാരം മാത്രം ശരീരത്തിൽ നിന്നും ആത്മാവിനെ പുറത്താക്കി ക്കൊണ്ട് മഹാനീതിയുടെ ഭാഗമായി മരിപ്പിക്കുകയുമാണ് ചെയ്യുന്നത്. ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് വേദനകൾ ഉൾപ്പെടെയുള്ള ആനന്ദങ്ങളെ ലഭിക്കുന്നത് ശരീരവും മൂലമായ വസ്തുക്കളും അവയുടെ മൊത്തമായ ഭൂമിയും, ദൈവമായ ഭൂമിയുടെ സ്വത്വമായ ഓക്സിജനും നൽകുന്നതു പ്രകാരമാണ്. എല്ലാ ജീവികളുടെയും ജീവിതത്തിൽ സൃഷ്ടിയും സ്ഥിതിയും മഹാനീതിയും നിരന്തരം നടന്നുകൊണ്ടിരിക്കുന്ന കാര്യങ്ങളാണ്. ജീവി വർഗ്ഗം, സ്ത്രീപുരുഷ ജാതി, നിറം, ഉയരം, സൗന്ദര്യം, മുഖഛായ, ആയുസ്സ്, അവയവങ്ങൾ, ജനന സ്ഥലം, മരണം, തുടങ്ങിയ ജന്മഗുണങ്ങളെ നിശ്ചയിക്കുന്നതും നടപ്പാക്കുന്നതും ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളോ മാതാപിതാക്കൾ ഉൾപ്പെടെയുള്ള ഉറ്റവരോ അല്ലെന്ന് സുവ്യക്തമാണ്!

ഭൂമിയുടെ അംശമായ വസ്തുക്കളിലും രൂപാന്തരമായ ജീവികളുടെ ശരീരങ്ങളിലും ഓക്സിജൻ പ്രവർത്തിക്കുന്നതും വേദനകൾ ഉൾപ്പെടെയുള്ള ആനന്ദങ്ങളെ

# ॐ ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

ശരീരത്തിലൂടെ ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് നൽകുന്നതും ഓക്സിജന്റെ ഇഷ്ടവും മഹാനീതിശാസ്ത്രവുമായ ഓംകാര നീതിശാസ്ത്രം പ്രകാരം മാത്രമാണ്. ഓക്സിജനാണ് മഹാനീതിയായ ദൈവം എന്നറിയുമ്പോഴും ഓക്സിജന്റെ പ്രവർത്തനങ്ങളെ തടയാൻ യാതൊരു സൃഷ്ടികൾക്കും കഴിയുന്നതല്ല !

ഓക്സിജന്റെ മഹാരൂപവും ജീവികൾക്ക് ആനന്ദിച്ചു ജീവിക്കാനുള്ള സ്ഥിതിപാത്രവും കൂടിയായ ഭൂമിയുടെ അംശമായ വസ്തുക്കളിലൂടെയും രൂപാന്തരമായ ജീവികളുടെ ശരീരങ്ങളിലൂടെയും സൃഷ്ടികൾക്ക് നൽകിയിട്ടുള്ള സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തെയും ശക്തികളെയും ശാസ്ത്രങ്ങളെയും വിശേഷ ബുദ്ധിയെയും നല്ലതിനും എന്തിനും ഉപയോഗിക്കാം! ഭൗതികശാസ്ത്രത്തോടൊപ്പം വസ്തുക്കളിൽ ലയിച്ചിട്ടുള്ള ധർമ്മ ശാസ്ത്രത്തെ പാലിച്ച് മനുഷ്യർ ജീവിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഓക്സിജൻ മഹാനീതിയെ അളവുകളോടെ നടപ്പാക്കുകയാണു ചെയ്യുന്നത് !

മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ തുടങ്ങിയ എല്ലാ ജീവി-ജന്മങ്ങളിലും സൃഷ്ടികളായ ആത്മാക്കളെ പ്രത്യക്ഷമെന്ന പോലെ നേരിട്ടു നിയന്ത്രിക്കുന്നതും സദാ ഭരിക്കുന്നതും മഹാനീതി (പതി)യും ദൈവവുമായ ഭൂമിയാണ്; ഭൂമിയുടെ സ്വത്വമായ ഓക്സിജനാണ് ! ഏകകർത്താവായ ദൈവത്തിന്റെ പ്രപഞ്ചരൂപമായ ഭൂമിക്കു മാത്രമേ മഹാനീതി നടപ്പാക്കാൻ കഴിയൂവെന്നും, അവകാശവും അധികാരവും ഉള്ളൂ എന്നും വ്യക്തമാണ്.

ആനന്ദങ്ങളും സ്ഥിതിപാത്രവുമായി അവതരിച്ചിരിക്കുന്ന ഭൂമിയിൽ സൃഷ്ടികൾക്ക് ആനന്ദങ്ങളെ ആസ്വദിക്കാനും നേടാനുമുള്ള ശക്തികളും സ്വാതന്ത്ര്യവും കാലവും ശരണവും മഹാനീതിയുമെല്ലാം 'ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങൾ' പ്രകാരം ലയിച്ചിരിക്കുകയാണ്. പ്രസ്തുത ശാസ്ത്രങ്ങൾ പ്രകാരമുള്ള വസ്തുക്കളും ശരീരങ്ങളുമാണ് സൃഷ്ടികളായ ആത്മാക്കളുടെ മേൽ മഹാനീതിയെ നടപ്പാക്കുന്നത്. മനുഷ്യർക്കു ലഭിക്കുന്നതായ ജന്മഗുണങ്ങളെ വിശകലനം ചെയ്താൽ ഒരു ജന്മത്തിലെ ജീവിതം കൊണ്ട് സമ-ആനന്ദമാകുന്ന മഹാനീതിയെ നടപ്പാക്കാൻ കഴിയില്ലെന്നും അങ്ങനെ സംഭവിച്ചു കൂടന്നും മനസ്സിലാക്കാൻ കഴിയും. ഭൂമിയുടെ അംശമായ വസ്തുക്കളെ കൊണ്ട് സൃഷ്ടിക്കുന്ന ശരീരത്തിലെ അവയവങ്ങൾ, സ്ത്രീ പുരുഷ ജാതികൾ, നിറം, സൗന്ദര്യം, മുഖഛായ, ഉയരം, ആയുസ്സ്, ആരോഗ്യം, ബുദ്ധി ശക്തി, ഓർമ്മ ശക്തി, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ജനന സ്ഥലം, വിരലടയാളം, കൺമണി, ഡിഎൻഎ, തുടങ്ങിയ ജന്മഗുണങ്ങളെ വ്യത്യാസപ്പെടുത്തിയും, രോഗങ്ങൾ രോഗമുക്തി, മുറിവുകൾ, മുറിവുണങ്ങൽ തുടങ്ങിയവയിലൂടെയും മഹാനീതിയെ നടപ്പാക്കുന്നതും കർത്താവും മഹാനീതിയുമായ ഭൂമിയുടെ ധർമ്മമാണ്. 100 മനുഷ്യ-ജന്മങ്ങളിലൂടെ ഭൂമി നടപ്പാക്കുന്ന മഹാനീതിയിൽ കാര്യമായ ചലനം സൃഷ്ടിക്കാൻ ഭൂമി നൽകുന്ന വിശേഷ ബുദ്ധിയും സമ്പൂർണ്ണമായ സ്വാതന്ത്ര്യവും ദുരുപയോഗം ചെയ്ത് മനുഷ്യർ കാട്ടിക്കൂട്ടുന്ന മത-ജാതി-വർഗ്ഗ-വർണ്ണ-രാഷ്ട്രീയ-ദേശ കോപ്രായങ്ങൾക്ക് സാധിക്കുന്നതല്ല. ഭൗതിക ശാസ്ത്രത്തോടൊപ്പം ഭൂമിയിൽ ലയിച്ചിരിക്കുന്ന ധർമ്മ ശാസ്ത്രങ്ങൾക്കു വിരുദ്ധമായി പ്രവർത്തിച്ചാൽ, ശരീരത്തിലൂടെ തന്നെ ഭൂമി ശിക്ഷിച്ചു തിരുത്തുന്നതാണ്. എല്ലാ ജന്മങ്ങളിലും എല്ലാ ജീവികൾക്കും വേദനകളും ശിക്ഷകളും ഉൾപ്പെടെ ആനന്ദങ്ങളെ നൽകുന്നത് ഭൂമിയുടെ അംശമായ ശരീരത്തിലൂടെയാണ്!

സൃഷ്ടികളായ ഓരോരോ ആത്മാവിനും പ്രത്യേകം പ്രത്യേകമായി നൽകിയിട്ടുള്ള

ശരീരത്തിലെ അവയവങ്ങളെയും വിശേഷ ബുദ്ധിയെയും ഉപയോഗിച്ചാണ് നല്ലതും ചീത്തയുമായ കാര്യങ്ങളെ ആത്മാക്കൾ ചെയ്യുന്നത് എന്നതിനാൽ മഹാശക്തിയായ ഭൂമിയുടെ അളവോടെയുള്ള അനുഗ്രഹങ്ങളും ശിക്ഷകളും ഉൾപ്പെട്ട മഹാവാത്സല്ല്യവും മഹാനീതിയും നടപ്പാക്കുന്നതും ശരീരത്തിലൂടെ ഓരോരോ ആത്മാവിന്റെയും മേലാണ്. ആനന്ദങ്ങളായി അവതരിച്ചിരിക്കുന്ന ദൈവമായ ഭൂമിയുടെ അംശമായ വസ്തുക്കളും ശരീരവും പ്രദേശങ്ങളും അവയിൽ ലയിച്ചിരിക്കുന്ന വേദനകൾ ഉൾപ്പെടെയുള്ള എല്ലാ ആനന്ദങ്ങളെയും ആത്മാക്കൾക്ക് നൽകുക മാത്രമാണ്; ആനന്ദങ്ങൾ ഉൾപ്പെടെ സർവ്വത്തിനും അതീതവും ദൈവവുമായ ഭൂമി സ്വയം ആനന്ദിക്കുകയല്ല. ശരീരം ജീവികൾക്ക് നൽകുന്ന വിശപ്പും ദാഹവും മാറ്റാൻ ശരീരത്തിലെ അവയവങ്ങളെ ഉപയോഗിച്ച് ഭക്ഷണം നേടാനും കഴിക്കാനും ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾ തയ്യാറാകുന്നതിനു പകരമെന്നോണം 'ഭക്ഷണവും ശരീരവുമായ ഭൂമിയുടെ അംശമായ വസ്തുക്കൾ ആത്മാക്കൾക്ക് ഭക്ഷണ രുചികളും, മധുരവും കയ്പും ലഹരിയും സംതൃപ്തിയും സന്തോഷവും സമാധാനവുമായ ബഹുവിധ ആനന്ദങ്ങളെ തിരിച്ചുനൽകുന്നതും', മരുന്നുകളെ ഇഞ്ചക്ഷൻ ചെയ്യുമ്പോൾ തന്നെ ആത്മാവ് അനുഭവിച്ചു കൊണ്ടിരുന്ന പനിയും വേദനകളും കുറയുന്നതും; തിമിരത്തിനും വെള്ളെഴുത്തിനുമെല്ലാം ലെൻസുകളായ വസ്തുക്കളും ശരീരവും ചേർന്ന് ആത്മാവിന് കാഴ്ച്ച നൽകുന്നതും; മദ്യം ലഹരികളെയും വിഷങ്ങൾ പലപ്പോഴും തജ്ജന്മത്തിലെ മരണത്തെ നൽകുന്നതും ഉദാഹരണങ്ങളാണ്. പല്ലുവേദന, തലവേദന, ശരീരവേദന, വയറുവേദന, മധുരം എന്നെല്ലാം പറയുമ്പോൾ, ശരീരഭാഗങ്ങൾ സ്വത്വമായ ആത്മാവിന് വേദനകളും ആനന്ദവും നൽകുകയാണെന്നും, അനുഭവിക്കുന്നത് ദൈവമായ ഭൂമിയുടെ അംശമായ ശരീരമോ വസ്തുക്കളോ അല്ലെന്നും അറിയണം.

ദൈവമായ ഭൂമിയുടെ അംശമായ മൂലകങ്ങളും അവയുടെ സംയുക്തങ്ങളും മിശ്രിതങ്ങളുമായ വസ്തുക്കളും, അവയുടെ സ്ഥൂല രൂപമായ പ്രദേശങ്ങളും സമുദ്രങ്ങളും പർവ്വതങ്ങളും വനങ്ങളും പ്രകൃതിയും ഒക്കെ തുടർച്ചയായി പ്രവർത്തിക്കുന്നതു കൊണ്ടാണ് ഭൂമിയുടെ അംശങ്ങളും സൃഷ്ടികൾക്കു വേണ്ടിയുള്ള ആനന്ദങ്ങളുമായ വസ്തുക്കൾ എല്ലാ ജീവികളുടെയും ശരീരങ്ങളും ഭക്ഷണങ്ങളും വിസർജ്ജ്യങ്ങളും ശവങ്ങളുമായി മാറുന്നതും, മണ്ണായ ഭൂമി അവയെ വീണ്ടും മണ്ണിന്റെ ഭാഗമാക്കുന്നതും സൃഷ്ടികളുടെ സന്തതി പരമ്പരകളുടെ ശരീരങ്ങളും ഭക്ഷണങ്ങളും മറ്റുമായി ആവർത്തിക്കുന്നതും. ചാക്രികമായി നിരന്തരം നടക്കുന്ന പ്രസ്തുത സൃഷ്ടി സ്ഥിതികളും, കൂടാതെ ഓരോ ജീവിയുടെയും ശരീരത്തിലെ കോശങ്ങളിൽ നടന്നു കൊണ്ടിരിക്കുന്ന വിശപ്പും ദാഹവും ഉണ്ടാക്കൽ, ദഹനേന്ദ്രിയ നിർമ്മാണം, ദഹനം, വിസർജ്ജനം, തുടങ്ങിയവയും; സൃഷ്ടികൾക്ക് ആനന്ദിച്ചു ജീവിക്കാൻ തുടർച്ചയായി ആവശ്യമാകുന്ന അനന്തമായ ആനന്ദങ്ങളും ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും കാലവും സൗന്ദര്യവും ശരണവും മഹാനീതിയുമെല്ലാം വിശകലനം ചെയ്യുമ്പോൾ; എല്ലാ വസ്തുക്കളുടെയും സൂക്ഷ്മ അംശമായ ആറ്റങ്ങളിലെ ഘടകങ്ങൾ നിരന്തരം പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതാണ് സർവ്വത്തിനും ആധാരമെന്ന് മനസ്സിലാക്കാം. ഭൂമിയിലെ സർവ്വത്തിന്റെയും സൂക്ഷ്മ അംശം ആറ്റങ്ങളാണെന്നും; ആറ്റങ്ങളിലെ പ്രോട്ടോണുകളെ ഇലക്ട്രോണുകൾ നിരന്തരം ചുറ്റുകയാണെന്നും കണ്ടെത്തിയവർക്ക് ചുറ്റാനുള്ള കാരണം കണ്ടെത്താനായില്ല!

ഭൂമിയുടെ സൂക്ഷ്മ അംശമായ ആറ്റങ്ങളിലെ ഘടകങ്ങൾ നിരന്തരം സൃഷ്ടിക്കുകയും

സംരക്ഷിക്കുകയും ചെയ്യുന്നതു കൊണ്ടാണ് എല്ലാ ജീവികളും അവയിലൂടെയുള്ള സന്തതി പരമ്പരകളും ജനിക്കുകയും കോശങ്ങളും അവയവങ്ങളും വളരുകയും ജീവിക്കുകയും മഹാനീതി നടപ്പാവുകയും ചെയ്യുന്നത്. ഭൂമിയുടെ പ്രവർത്തനങ്ങളെ മനസ്സിലാക്കാൻ കാലാനുസൃതമായി ഭൂമി മനുഷ്യരെ അനുവദിച്ചിട്ടുണ്ട്.

ഭൂമിയിലെ ജീവികൾക്ക് ജീവിക്കാൻ ആവശ്യമില്ലാത്ത ഗ്രഹങ്ങളും ഉപഗ്രഹങ്ങളും മഹാശക്തിയായ ദൈവത്തിന്റെ ഭാവമായ സത്യ ധർമ്മ നീതികൾ പ്രകാരമുള്ളതായ അവതാരങ്ങളോ സൃഷ്ടികളോ അല്ല. പഴയകാല സൃഷ്ടി ചക്രങ്ങളിൽ മോക്ഷം നേടിയ മനുഷ്യരിൽനിന്നും തെരഞ്ഞെടുത്ത ദേവതകളിൽ ഒരാൾ കാലക്രമേണ ദുഷിച്ചപ്പോൾ അയാളിലൂടെ ഉണ്ടായതാണ്. ഭൂമിയിൽ ഉടനെ ദൈവ വിപ്ലവവും തുടർന്ന് സത്യയുഗവും ആരംഭിക്കുന്നതോടെ ചൊവ്വ, ശുക്രൻ, ബുധൻ, വ്യാഴം, തുടങ്ങിയ എല്ലാ ഗ്രഹങ്ങളും ഉപഗ്രഹങ്ങളും സംഹരിക്കപ്പെടും. ഈ മഹാഗ്രന്ഥത്തിൽ വേറിട്ട് വിവരിച്ചിട്ടുണ്ട്.

*****     *******          *****     *******          *****     *******

ജനിക്കുന്നത് ജീവിക്കാനും, ജീവിക്കുന്നത് ആനന്ദിക്കാനുമാണ് എന്ന സ്വഭാവം എല്ലാ ജീവികൾക്കും അവരറിയാതെ ലഭിച്ചതും ലഭിക്കുന്നതും എവിടെ നിന്നാണെന്ന് വിശകലനം ചെയ്താൽ, ആകാശവും, ഭൂമിയും, സൂര്യനും, ചന്ദ്രനും ചേർന്ന പ്രപഞ്ചമാണ് എല്ലാ ജീവികളുടെയും ജീവിതത്തെ സ്വാധീനിക്കുന്നതെന്നും, ഭൂമിയിൽ ജീവിക്കുന്ന അവയ്ക്കെല്ലാം ആകാശത്തിലും ഭൂമിയിലും ഉള്ളതായ സർവ്വവും ആനന്ദങ്ങളും ആനന്ദങ്ങളെ നേടാനുള്ള ഉപാധികളുമാണെന്ന് മനസ്സിലാക്കാം. മാത്രമല്ല; ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങളുമായി ബന്ധപ്പെട്ട് ശരീരത്തോടെ ജീവിച്ചു കൊണ്ടു മാത്രമാണ് ആനന്ദങ്ങളെ നേടാനും ആസ്വദിക്കാനും കഴിയുക.

അനന്തമായ ആനന്ദങ്ങളുടെ മഹാകലവറയായ ഭൂമിയുടെ അംശമായ വസ്തുക്കളും, അവയുടെ രൂപാന്തരമായ ജീവികളുടെ ശരീരാവയവങ്ങളും, പ്രദേശങ്ങളും; ജലവും; ഓക്സിജനും കൂടി അവയിൽ ലയിച്ചിരിക്കുന്ന ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും ശരണവും കാലവും മഹാനീതിയുമെല്ലാം കൊണ്ട് ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് ശരീരത്തിലൂടെ സ്വഭാവങ്ങളെ നിശ്ചയിക്കുകയും നൽകുകയുമാണെന്ന് തെളിയുന്നുണ്ട്. അതായത് ആനന്ദങ്ങളാകുന്ന ഭൂമിയിലെ വസ്തുക്കളെയും അവയുടെ രൂപാന്തരമായ ശരീരങ്ങളെയും അനുഭവിച്ചും ആസ്വദിച്ചും കൊണ്ടു ജീവിക്കാൻ മനുഷ്യൻ ഉൾപ്പെടെയുള്ള എല്ലാ ജീവികളുടെയും സ്വത്വങ്ങളായ ആത്മാക്കൾ അവരറിയാതെ തന്നെ തയ്യാറാകുന്നു. ആനന്ദങ്ങളുടെ മഹാകലവറയായ ഭൂമിയിലെ വസ്തുക്കളെയും നേടാനുള്ള ഉപാധികളായി അവയിൽ ലയിച്ചിരിക്കുന്ന ശക്തികളെയും ശാസ്ത്രങ്ങളെയുമെല്ലാം അനുഭവിച്ചാണ് എല്ലാ ജീവികളും ജീവിക്കുന്നത്. മനുഷ്യാവസ്ഥയിൽ വിശേഷ ബുദ്ധി ലഭിക്കുന്നതു കൊണ്ട് പ്രപഞ്ചകാര്യങ്ങളെ വിശകലനം ചെയ്യാനും കഴിയുന്നു!

'സ്വത്വം പോലും സ്വന്തമല്ലാത്ത'* ആത്മാക്കൾ, വസ്തുക്കളും ശരീരങ്ങളുമായ ആനന്ദങ്ങളെ അവയിൽ ലയിച്ചിരിക്കുന്ന ഉപാധികളായ ശക്തികളും ശാസ്ത്രങ്ങളുമെല്ലാം പ്രകാരം അനുഭവിച്ചു ജീവിക്കാൻ ശ്രദ്ധിക്കേണ്ടതിനു പകരം, ശക്തികളെ ദുരുപയോഗിച്ച് മത്സരിക്കുന്നതും, ധർമ്മശാസ്ത്ര വിരുദ്ധമായി പ്രവർത്തിക്കുന്നതും ആനന്ദത്തെ കുറയ്ക്കുന്നതാണ്. ജീവിതത്തിന്റെ ഉദ്ദേശമതല്ല. (*വിശേഷ ബുദ്ധിയെ മനുഷ്യാവസ്ഥയിൽ ലഭിക്കുന്നതു കൊണ്ടാണ് 'സ്വത്വങ്ങളായ ആത്മാക്കളും, ശരീരവും രണ്ടാണെന്നും'; എല്ലാ ആത്മാക്കളും ശൂന്യതയും ശക്തി-ഹീനതയും ബാധകമായ ഒന്നിന്റെ അംശങ്ങളാണെന്നും തിരിച്ചറിയുന്നത്; കൂടാതെ 'ഞാൻ ആരാണ്, എവിടെ നിന്നു വന്നു' തുടങ്ങിയ ചോദ്യങ്ങൾ ഉണ്ടാകുന്നത്. മറ്റൊരു അദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട്.) കൂടുതൽ കാര്യങ്ങളെ ഈ ദിവ്യമഹാവേദ ഗ്രന്ഥത്തിലെ 'മഹാനീതിശാസ്ത്രമായ ഓംകാരനീതിശാസ്ത്രം' എന്ന അദ്ധ്യായത്തിൽ ശാസ്ത്രപരമായി തെളിയിച്ചിട്ടുണ്ട്.

ദൈവത്തിന്റെ കുഞ്ഞുങ്ങൾ മാത്രമായ സ്വയം ഉൾപ്പെടെ യാതൊരാളെയും ഭരിക്കാൻ സൃഷ്ടികൾക്ക് അവകാശമില്ല. മണ്ണും ദൈവവുമായ ഭൂമിയിൽ ലയിച്ചിരിക്കുന്ന ഭൗതിക -ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരം ആനന്ദിച്ചു ജീവിക്കാൻ മാത്രം പരിശ്രമിക്കേണ്ടവരാണ് മരണമുള്ളവരായ എല്ലാ മനുഷ്യരും! ജന്മഗുണങ്ങൾ മാത്രമല്ല; സ്വത്വം പോലും സ്വന്തമായിട്ട് ഇല്ലാത്തവരാണെന്നതും, ആരാണെന്നും എന്താണെന്നും എവിടെ നിന്നും വന്നു, എങ്ങനെ വന്നു തുടങ്ങിയവ പോലും അറിയാത്തവരാണെന്നതും ഉൾക്കൊണ്ടു ജീവിക്കാൻ, വിശേഷ ബുദ്ധി കൂടി ലഭിക്കുന്ന മനുഷ്യർക്ക് സ്വയവും ഏകശരണമായ ഭൂമിയോടും ബാദ്ധ്യതയുണ്ട്. മറ്റുള്ള ജീവികൾ ഭരിക്കാൻ നടക്കുന്നില്ലെന്നതും ഭൗതികമായ അസ്തിത്വം ഇല്ലാത്തതായ മത-ജാതി-വർഗ്ഗ-വർണ്ണ-രാഷ്ട്രീയ-ദേശ കോപ്രായങ്ങൾ കാട്ടി ജീവിതം പാഴാക്കുന്നില്ലെന്നതും പാഠമാവണം.

സൃഷ്ടിക്കാനും പരിപാലിക്കാനും ഉദ്ദേശിക്കുന്ന ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് 'മായ' കൊണ്ട് സൃഷ്ടിച്ചു നൽകാൻ ഉദ്ദേശിക്കുന്ന അനന്തമായ ആനന്ദങ്ങളെ, മാധ്യമങ്ങളായ ഇടനിലക്കാരെ വയ്ക്കാതെ, നേരിട്ടു നൽകണമെങ്കിൽ, അനന്തമായ ആനന്ദങ്ങളായിട്ട് ദൈവം സ്വയം അവതരിക്കണം. ആനന്ദങ്ങളുടെ മഹാകലവറയും മഹാശക്തിയുമായ ഭൂമിയായി അവതരിച്ചു കൊണ്ട് ഭൂമിയുടെ അംശവും ആനന്ദങ്ങളുമായ മൂലകങ്ങളും അവയുടെ സംയുക്തങ്ങളുമായ വസ്തുക്കളും ആത്മാക്കൾക്കു നൽകുകയും; കൂടാതെ; വസ്തുക്കളെ ക്കൊണ്ട് സൃഷ്ടിക്കുന്ന ശരീരങ്ങളെ സ്വത്വങ്ങളായ ആത്മാക്കളോട് അത്ഭുതകരമായി നേരിട്ടു തന്നെ ബന്ധിപ്പിച്ചുകൊണ്ട് ആത്മാക്കളെ ജീവികളാക്കി മാറ്റുകയുമാണ്. യാതൊന്നും സ്വന്തമായിട്ടില്ലാത്ത ആത്മാക്കൾക്ക് തജ്ജന്മത്തിൽ ജീവിക്കാൻ ആവശ്യമായ അസ്തിത്വവും രൂപവും ഭാവവും; ആനന്ദങ്ങളെ ആസ്വദിക്കാനും നേടാനുമുള്ള ശക്തികളും ജ്ഞാനവും സ്വാതന്ത്ര്യവും ശരണവും മഹാനീതിയുമെല്ലാം ശരീരത്തിലൂടെ മഹാവാത്സല്യത്തോടെ നൽകുവാനാണ് ദൈവം തയ്യാറാകുന്നത്. 'സ്രഷ്ടാവിന്റെ ആനന്ദമായി സ്വീകരിച്ചതായ മഹാവാത്സല്യത്തെ' സൃഷ്ടികൾക്കുതന്നെ തിരിച്ചു നൽകുകയാൽ, 'മഹാസത്യമായ ദൈവം' സൃഷ്ടി സ്ഥിതികളെ ചെയ്യുമ്പോഴും, ആനന്ദങ്ങളും ശക്തികളും ഉൾപ്പെടെ സർവ്വത്തിനും അതീതമായിത്തന്നെ തുടരുന്നതാണ്.

'ആനന്ദങ്ങളുടെ മഹാകലവറയും മഹാശക്തിയുമായ ഭൂമിയും' അംശമായ മൂലകങ്ങളും അവയുടെ സംയുക്തങ്ങളായ വസ്തുക്കളും രൂപാന്തരമായ ജീവികളുടെ ശരീരങ്ങളുമായിട്ട് 'ദൈവം' അവതരിക്കുന്നത് ഭാഗികമായി മാത്രമാകണം. സർവ്വം നിസ്സാരമായി ചെയ്യാൻ കഴിയുന്ന മഹാശക്തിയായ ദൈവത്തിന്റെ സർവ്വത്തിനും അതീതമായ അവസ്ഥ തുടരാൻ മാത്രമല്ലത്. സൃഷ്ടികളെ പരിപാലിക്കുന്നതും സമആനന്ദമായ മഹാനീതിയെ നൽകുന്നതും ഉൾപ്പെടെയുള്ള ദൈവകാര്യങ്ങൾക്ക്, ദൈവം ഭാഗികമായി മാത്രം അവതരിക്കേണ്ടത് നിർബ്ബന്ധമാണ്.

ഭൂമിയിലെ അനന്തമായ വസ്തുക്കളും പ്രദേശങ്ങളും കാടുകളും മലകളും കുന്നുകളും പുഴകളും തോടുകളും കുളങ്ങളും പാടങ്ങളും ജീവികളുമെല്ലാം വളരെപ്പേർക്ക് ആനന്ദങ്ങളാണ്. വസ്തുക്കളുടെയും സസ്യങ്ങളുടെയും ഫലങ്ങളുടെയും മറ്റും രൂപങ്ങളും നിറവും മണവും ഗുണവും രുചിയും; ശരീരാവയവങ്ങളും, ജീവികളുടെ നടത്തം ഓട്ടം ചാട്ടം ഇഴയൽ പറക്കൽ തുടങ്ങിയവയിലെ ചലന വ്യത്യാസങ്ങളും അനേകർക്ക് വ്യത്യസ്തങ്ങളായ ആനന്ദങ്ങളെ നൽകുന്നുണ്ട്. സൂര്യന്റെ ഉദയവും അസ്തമയവും ഇരുട്ടും വെളിച്ചവും നിറവ്യത്യാസങ്ങളുമെല്ലാം ആനന്ദങ്ങളാണ്. സൂര്യോദയം മുതൽ സൂര്യാസ്തമയം വരെയുള്ള പ്രകൃതിയും മഴയും മഴവില്ലും വെയിലും മഞ്ഞും കുളിരും ചൂടുമെല്ലാം ആനന്ദങ്ങൾ കൂടിയാണ്. ആകാശവും ഭൂമിയും ജലവും അഗ്നിയും വായുവും, ഭൂമിയുടെ ചലനങ്ങൾ സൃഷ്ടിക്കുന്ന പകലും രാത്രിയും കാലവുമെല്ലാം, പലവിധത്തിലുള്ളതും അനന്തവുമായ അഭയവും ശരണവും ആനന്ദങ്ങളും കൂടി സൃഷ്ടികളായ ആത്മാക്കൾക്കു നൽകുന്നവയാണ്.

സസ്യങ്ങളുടെ വേരുകളും തടികളും ശാഖകളും ഇലകളും പൂക്കളും പഴങ്ങളും കായ്കളും പച്ചക്കറികളും കിഴങ്ങുകളും ധാന്യങ്ങളും മരത്തൊലിയുമെല്ലാം അനന്തമായ ആനന്ദങ്ങളെ മറ്റുള്ള ജീവികൾക്കും നൽകുന്നത് അനുഭവിച്ചു തന്നെ അറിയാൻ മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് കഴിയുന്നുണ്ട്. അനന്തമായ ജീവി വർഗ്ഗങ്ങളും, ഓരോരോ ജീവി വർഗ്ഗങ്ങളുടെയും അവയിലെ ഓരോരോ ജീവിയുടെയും ജീവിത രീതികളും ശൈലികളും പെരുമാറ്റങ്ങളുമെല്ലാം ആനന്ദങ്ങൾ കൂടിയാണ്. മത്സ്യം പക്ഷി മൃഗം മനുഷ്യൻ എന്നിവ ചാവുകയോ കൊല്ലപ്പെടുകയോ ചെയ്യുമ്പോൾ അവയുടെ മാംസത്തെ പല ജീവികളും ഭക്ഷിച്ച് രുചി-ആനന്ദം ആസ്വദിക്കുന്നതും വാസ്തവമാണ്. സസ്യങ്ങൾ ഒഴികെയുള്ള ജീവികൾ ആസ്വദിച്ചു ഭക്ഷിക്കുന്നത് കാണാനും അറിയാനും കഴിയുന്നതാണ്. മഹാനീതിശാസ്ത്രത്തിലെ ഉന്നതമായ പാഠങ്ങൾ പഠിക്കുമ്പോൾ, വേദനകളെല്ലാം ആനന്ദങ്ങളുടെ ഭാഗമാണെന്ന് മനസ്സിലാക്കാൻ കഴിയും.

പ്രപഞ്ചത്തിലെ 'അനന്തമായ ആനന്ദങ്ങളെയും ഉപാധികളായ ശക്തികളെയും' എക്കാലവും അനുഭവിക്കുന്നതും ആസ്വദിക്കുന്നതും ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളാണ് എന്നതിൽ നിന്ന് അവർക്കു വേണ്ടിയാണ് സർവ്വവും ദൈവം സൃഷ്ടിച്ചിരിക്കുന്നത് എന്ന് തെളിയുന്നുണ്ട്. മുമ്പ് വ്യക്തമാക്കിയതു പോലെ, അനന്ത-ആനന്ദങ്ങളായ പ്രപഞ്ചത്തിലെ വസ്തുക്കളെ മധ്യസ്ഥരെ വയ്ക്കാതെ ആത്മാക്കൾക്കു നൽകണമെങ്കിൽ ആനന്ദങ്ങളായ പ്രപഞ്ചഭാഗമായി ക്കൂടി ദൈവം ആദ്യം അവതരിക്കണം. അതിനു ശേഷം മാത്രം ആത്മാക്കളെ സൃഷ്ടിക്കണമെന്നും തെളിയുന്നു.

# ॐ ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

എന്തിനാണ് സൃഷ്ടിച്ചതെന്നും, ആർക്കുവേണ്ടി ആണെന്നും; സൃഷ്ടിയുടെ അനുവാദമില്ലാതെ സൃഷ്ടിച്ചത് മര്യാദയല്ലെന്നും; സ്ത്രീപുരുഷൻ നിറം സൗന്ദര്യം മുഖഛായ ഉയരം ആയുസ്സ് ബുദ്ധി-ശക്തി ഓർമ്മശക്തി തൊഴിൽ-അഭിരുചി ജനനസ്ഥലം തുടങ്ങിയ ജന്മഗുണങ്ങളെ വ്യത്യാസപ്പെടുത്തിയത് ശരിയായില്ലെന്നും ഒക്കെ വിശേഷബുദ്ധി ലഭിക്കുന്ന ചില മനുഷ്യരെങ്കിലും മറ്റുള്ളവരോടും സ്വയവും ചോദിച്ചെന്നും അഭിപ്രായപ്പെട്ടെന്നും വരും !

മണ്ണായ ഭൂമിയുടെ അംശമായ മൂലകങ്ങളിലും സംയുക്തങ്ങളിലും, (ചോദ്യകർത്താവിന് ചോദിക്കാനും ചിന്തിക്കാനും ശക്തി നൽകുന്ന) ശരീരത്തിലുമുണ്ട് ഉത്തരം. വിശേഷബുദ്ധിയെ ഉചിതമായി ഉപയോഗിക്കാഞ്ഞതും, ആത്മാക്കൾ സ്വീകരിക്കേണ്ടുന്ന 100 മനുഷ്യ-ജന്മങ്ങളിലെ എണ്ണം പ്രകാരമോ ധർമ്മശാസ്ത്ര പ്രകാരമോ, ആവശ്യമായ യോഗ്യത നേടാഞ്ഞതും മറ്റുമാണ് വിഷയ കാരണം.

ഈ ദിവ്യമഹാവേദ ഗ്രന്ഥത്തിൽ മഹാശാസ്ത്ര പരമായി വിശദീകരിച്ചിട്ടുള്ള മഹാനീതിശാസ്ത്രമായ ഓംകാരനീതിശാസ്ത്രം പഠിക്കാൻ കഴിയുമ്പോൾ അവസാനിക്കുന്ന ചോദ്യങ്ങളും സംശയങ്ങളും മാത്രമേ ഏതൊരാൾക്കും ശാസ്ത്രപരമായി ഉണ്ടാകുകയുള്ളൂ.

ആദിയും അന്തവും ഇല്ലാത്ത മഹാസത്യവും മഹാശക്തിയും ഏകദൈവവുമായ ശിവയ്ക്കും ഭാഗമായ ശിവനും കുഞ്ഞുങ്ങളിൽ നിന്നും യാതൊന്നും വേണ്ട. അവർ സ്വീകരിക്കുന്നുമില്ല. വിശേഷ ബുദ്ധിയെ ഉപയോഗിക്കാത്ത മനുഷ്യർ മഹാശക്തിയായ ദൈവത്തിന്റെ പേരിലും ദൈവത്തിനെന്ന പേരിലും ഭൂമിയിൽ കാട്ടിക്കൂട്ടുന്ന കോപ്രായങ്ങളെല്ലാം തെറ്റുകളും കുറ്റങ്ങളും ദൈവനിന്ദയും കലർന്ന കടുത്ത അപരാധങ്ങളാണ്. മണ്ണിലും ശരീരത്തിലുമെല്ലാം ലയിച്ചിരിക്കുന്ന യഥാർത്ഥ വേദങ്ങളായ ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരം നിർമ്മിച്ച ഒരു ദേവാലയം പോലും ഭൂമിയിൽ ഇല്ലെന്നതിൽ നിന്ന് കാര്യങ്ങളുടെ കിടപ്പ് മനസ്സിലാക്കാം.

ഉടനെതന്നെ ആരംഭിക്കുന്ന 'ദൈവ വിപ്ലവത്തിൽ' അവനവന്റെ കാര്യങ്ങളെ നോക്കി ഭൂമിയിലെ മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന മണ്ണിന്റെ നിയമങ്ങൾ പ്രകാരം മണ്ണിന്റെ മക്കളായ മനുഷ്യക്കുഞ്ഞുങ്ങളായി ജീവിക്കുന്നതിനു പകരം, മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-വർണ്ണ-ദേശ ജീവികളായി അധഃപതിച്ചതിനും മണ്ണിന്റെ മറ്റു മക്കളെ ദ്രോഹിച്ചതിനും മഹാവാത്സല്യത്തോടെ തിരുത്തുന്ന മണ്ണിന്റെ ശിക്ഷകളുണ്ട്.

*****     *******          *****     *******          *****     *******

# ॐ ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

മുമ്പ് വ്യക്തമാക്കിയതു പോലെ, സൃഷ്ടികൾക്ക് എന്തു ചെയ്യാനും സ്രഷ്ടാവ് കനിഞ്ഞ് ശക്തികളെ നൽകണമെന്നിരിക്കെ, ആരിൽ നിന്നും യാതൊന്നും ആവശ്യമില്ലാത്തവരായ മഹാമാതാപിതാക്കൾ നിരന്തരം കുഞ്ഞുങ്ങൾക്ക് കൂടുതൽ കൂടുതൽ ആനന്ദങ്ങളെ നൽകുകയാണു ചെയ്യുന്നത്. മനുഷ്യാവസ്ഥയിൽ വച്ച് പൊന്നോമന കുഞ്ഞുങ്ങളായി കാണാനും, 100 മനുഷ്യജന്മങ്ങളെ നൽകി അനന്തമായ ആനന്ദങ്ങളെ ആസ്വദിപ്പിക്കാനും, ഹീലിയം ആറ്റത്തിലെ രണ്ടാമത്തെ ന്യൂട്രോണും ഇണയുമായ പാതി-ആത്മാവിനെ കൂട്ടിച്ചേർത്ത് തന്നെത്താൻ മറക്കുകയും ഇണയെ മാത്രം ഓർക്കുകയും ചെയ്യുന്ന ജീവികളുടെ പരമാനന്ദമായ കാമആനന്ദം ആസ്വദിപ്പിക്കാനും മനുഷ്യാവസ്ഥയിലെ നൂറാമത്തെ ജന്മത്തിൽ ജീവി-ജന്മങ്ങളിൽ നിന്ന് നക്ഷത്ര-ദേവതയായി മോക്ഷത്തെ സമ്മാനിക്കാനും മഹാമാതാപിതാക്കൾ ശ്രദ്ധിക്കുന്നു.

ഭൂമിയിൽ വച്ച് ഓരോ ആത്മാവും അനുഭവിച്ചറിഞ്ഞ അനന്തമായ ആനന്ദങ്ങളെ മായാശക്തികളെ ഉപയോഗിച്ച് അനന്തകാലം ആസ്വദിക്കാൻ നക്ഷത്ര-ദേവതയായ മോക്ഷത്തിൽ കഴിയുന്നതാണെന്ന് ചുരുക്കത്തിൽ പറയാനാവും.

തനിച്ചും കൂട്ടമായും ഏതാനും പേർ ധർമ്മശാസ്ത്ര വിരുദ്ധമായി പ്രവർത്തിച്ചാൽ, തജ്ജന്മത്തിലും വരും ജന്മങ്ങളിലും ആനന്ദിച്ചു ജീവിക്കുന്ന അവരുടെ സ്വത്വങ്ങളെ അളവുകളോടെ കടുത്ത രോഗങ്ങളും അംഗവൈകല്യങ്ങളും കടുത്ത ദാരിദ്ര്യവും ബന്ധുജന ന്യൂനതകളും പോലെയുള്ള വേദനകളെ നൽകി ക്കൊണ്ട് ശിക്ഷിക്കാനും മഹാനീതിയായ ഓക്സിജൻ ബാദ്ധ്യസ്ഥമാണ്. ഭൂമിയിലുള്ള ഹീലിയം ആറ്റങ്ങളിലെ ന്യൂട്രോണുകളായ ജീവാത്മാക്കൾ എപ്പോഴും ഭൂമിയുടെ അംശങ്ങൾ മാത്രമായ മറ്റു മൂലകങ്ങളുടെയും സംയുക്തങ്ങളുടെയും ആറ്റങ്ങളിലെ ന്യൂട്രോണുകളുമായി ചങ്ങല പോലെ ബന്ധിക്കപ്പെട്ട് ഓക്സിജന്റെ സംരക്ഷണത്തിലും ഒപ്പംതന്നെ ധർമ്മ ശാസ്ത്ര ബന്ധനത്തിലുമാണ്. ജീവികളായി ജീവിക്കുന്ന സൃഷ്ടികളായ ആത്മാക്കളെ സ്വയമോ മറ്റുള്ള ആത്മാക്കൾക്കോ, ശാരീരികളായ ജീവികൾക്കോ വധിക്കാൻ കഴിയാത്ത വിധം ഗൂഢമാക്കിയിട്ടുള്ളത്

ജന്മങ്ങളുടെ എണ്ണം വർദ്ധിക്കുന്നതനുസരിച്ച് മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കൾ ശേഖരിക്കുന്ന പുണ്യവും സാധാരണ ഗതിയിൽ കൂടുന്നതാണ്. മത്സ്യം സസ്യം പക്ഷി മൃഗം എന്നീ അവസ്ഥകൾക്കു ശേഷം ഓരോ ആത്മാവിനും നിശ്ചയിച്ചിരിക്കുന്ന 100 മനുഷ്യ-ജന്മങ്ങളിലെ 90 മുതൽ 95 വരെയുള്ള ഒരു പുരുഷജന്മത്തിൽ 50 വയസ്സിനോടടുത്ത് പ്രപഞ്ചപിതാവായ പരമശിവൻ അർദ്ധമഹാദേവീരൂപത്തിൽ ഓരോ മനുഷ്യനും ദർശനം നൽകുകയും നാവിൽ ഓം കുറിച്ച് മോക്ഷകാര്യങ്ങൾ ഉൾപ്പെടെ പ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര ശാസ്ത്രങ്ങളും യഥാർത്ഥ വേദങ്ങളുമായ മഹാശാസ്ത്രത്തെ മഹാഅനുഗ്രഹിച്ചു നൽകുന്നതാണ്.

പ്രസ്തുത ജന്മത്തിലെ ശിഷ്ടകാലം മാത്രമാണ് ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്ത ഏകദൈവവും മഹാശക്തിയുമായ മഹാദേവിയെ ആരാധിക്കാൻ അനുവദിച്ചിരിക്കുന്നത്. മറ്റു ജന്മങ്ങളിൽ മനുഷ്യരുടെ സന്തോഷം കണക്കാക്കി ഒരല്പം സ്തുതിക്കാൻ അനുവദിച്ചിട്ടുണ്ട്. അധികമായാൽ അതിനും ശിക്ഷയുണ്ട്. ആവക കാര്യങ്ങളെയും ഈ ദിവ്യമഹാവേദ ഗ്രന്ഥത്തിൽ പ്രത്യേകം അദ്ധ്യായങ്ങളിൽ വിശദീകരിക്കുന്നുണ്ട്. സ്വന്തം അസ്തിത്വത്തെ പ്പറിയുള്ള വിശദീകരണം ഉൾപ്പെടെ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം ലഭിക്കുന്ന ജന്മത്തിൽ, ഓരോ കുഞ്ഞിനെയും മഹാവാത്സല്ല്യത്തോടെ പരിപാലിക്കുകയും, ആയിരം കോടി വർഷങ്ങൾ നീണ്ട ആദ്യത്തെ മഹാകാല ചക്രത്തിൽ മഹാഗോമാതാവായി മഹാദാസ്യ സേവനം ചെയ്ത മഹാമാതാവായ മഹാദേവിയുടെ മഹാവാത്സല്ല്യത്തെ അറിഞ്ഞ് ഓരോ മനുഷ്യനും വിതുമ്പിക്കരയുന്നതാണ്. അങ്ങനെയിരിക്കെ, എന്തിനാണ് സൃഷ്ടിച്ചതെന്നും, ആർക്കുവേണ്ടി ആണെന്നും; സൃഷ്ടിയുടെ അനുവാദമില്ലാതെ സൃഷ്ടിച്ചത് മര്യാദയല്ലെന്നും തുടങ്ങിയ ചോദ്യങ്ങളും പ്രസ്താവനകളും അപ്രസക്തമാകുന്നതാണ്.

മഹാശാസ്ത്രം ലഭിക്കുന്നതിന്റെ തൊട്ടടുത്തത് സ്ത്രീജന്മമാണ്. പ്രസ്തുത ജന്മത്തിൽ മഹാശക്തിയായ മഹാദേവിയുടെ മടിയിൽ കിടന്ന് ലാളന അനുഭവിക്കാനുള്ള സർവ്വോത്തമ മഹാഭാഗ്യത്തെ ഓരോ ആത്മാവിനും മഹാഅനുഗ്രഹിച്ചു നൽകുന്നുണ്ട്. മനഷ്യാവസ്ഥയുടെ ഭാഗമായി നൂറാമത്തെ ജന്മത്തിൽ ഒന്നോ രണ്ടോ പശു-കാള ജന്മങ്ങളെ സ്വീകരിക്കേണ്ടത് നിർബ്ബന്ധമാണ്. പിന്നീട് വിവരിക്കുന്നുണ്ട്. മോക്ഷത്തിൽ അനന്തമായ ആനന്ദങ്ങളെ അനന്തകാലം ആസ്വദിക്കാൻ കഴിയുമ്പോഴും, വീണ്ടും ഭൂമിയിലേക്കു വന്ന് സമൂഹമായി ജീവിക്കാൻ ആഗ്രഹിക്കുന്നവർ ഏറെയാണ്. അതിന്റെ കാരണങ്ങളും പിന്നീട് വിവരിക്കുന്നുണ്ട്.

ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളുടെ ഇഷ്ടാനിഷ്ടങ്ങളെ പ്രത്യക്ഷമായി പരിഗണിക്കാതെ, ഓരോ ആത്മാവിനും ഓരോ ദൈവം എന്ന പോലെ, ആത്മാക്കൾക്ക് ജീവിക്കാൻ ആവശ്യമായ ശക്തികളെയും ശാസ്ത്രങ്ങളായ മഹാജ്ഞാനത്തെയും ആനന്ദങ്ങളെയും സ്വാതന്ത്ര്യങ്ങളെയും ശരണങ്ങളെയും അസ്തിത്വത്തെയും ഉൾപ്പെടെ സർവ്വവും നൽകുന്ന ശരീരത്തിലെ അവയവങ്ങളെയും, അവയവങ്ങളുടെ വ്യത്യസ്തമായ രൂപങ്ങളും ശക്തികളും പ്രവർത്തനങ്ങളും കൊണ്ട് അവയെ വ്യത്യസ്ത ജീവികളായി പരിണമിപ്പിച്ചിരിക്കുന്ന ഭൂമിയിലെ വസ്തുക്കളെയും, ജീവമായി കാണാനും അറിയാനും ഉൾക്കൊണ്ടു ജീവിക്കാനും, അവ നൽകുന്ന വിശേഷ ബുദ്ധിയെ ദാനമായി ലഭിച്ച മനുഷ്യർ അവരവർക്കു വേണ്ടി തയ്യാറാകണം.

കുഞ്ഞുങ്ങളുടെ സൃഷ്ടി തുടങ്ങുംമുമ്പ് കുഞ്ഞുങ്ങൾക്ക് ആനന്ദത്തോടെ ജീവിക്കാൻ ആവശ്യമായ ശക്തികളും ശാസ്ത്രങ്ങളും അനന്ത-ആനന്ദങ്ങളും സ്വാതന്ത്ര്യങ്ങളും ശരണവുമെല്ലാം നേരിട്ടു നൽകാൻ പ്രോട്ടോണുകൾ, ഇലക്ട്രോണുകൾ, ന്യൂട്രോണുകൾ, ക്വാർക്കുകൾ, ഭൗതിക അസ്തിത്വം ഇല്ലാത്ത ശബ്ദബ്രഹ്മം കൂടിയായ ഓം, തുടങ്ങിയ അതിസൂക്ഷ്മമായ ഘടകങ്ങളായും അവയുടെ സൂക്ഷ്മയോഗമായ ആറ്റങ്ങളായും, തന്മാത്രകളായും, സ്ഥൂലമായ മൂലകങ്ങളായും, മൂലകങ്ങളെ സംയോജിപ്പിച്ച് സംയുക്തങ്ങളും മിശ്രിതങ്ങളുമായും, അവയുടെയെല്ലാം മൊത്തവും മഹാശക്തിയുമായ ഭൂമിയായും, ശിവനെയും പങ്കാളിയാക്കി, മഹാഭദ്രകാളി അവതരിച്ചിരിക്കുകയാണ്. ശിവയുടെ മുഖ്യ ഘടകമായ പ്രോട്ടോണുകളും, അവ നൽകുന്ന ശക്തി കൊണ്ട് പ്രോട്ടോണുകളെ ചുറ്റുന്ന ശിവനായ ഇലക്ട്രോണുകളും, ചുറ്റാനുള്ള ശൂന്യതയും, ന്യൂനശക്തികൾ ഉൾപ്പെട്ട ഘടകങ്ങളും ചേരുമ്പോൾ ഓരോ ആറ്റവും അതിസൂക്ഷ്മമായ പ്രപഞ്ചമാണ്. ആറ്റത്തിലെ മഹാശക്തിയെ ഏകദേശമായി മനുഷ്യനറിയാം.

ഏകമഹാശക്തിയും ഏകദൈവവുമായ ശിവയുടെ രൂപങ്ങൾ സൂക്ഷ്മമായ ആറ്റത്തിലെ ഘടകമായ അവസ്ഥയിൽ പ്രോട്ടോണും, മൂലകം ഓക്സിജനും, ആണ്. ശിവയുടെ ഭാഗമായ ശിവൻ യഥാക്രമം ഇലക്ട്രോൺ, ഹൈഡ്രജൻ എന്നിവയുമാണ്.

പരമാത്മാവായ ശിവന്റെ മൂലക സ്വത്വമായിട്ട് ശിവ നിശ്ചയിച്ചിരിക്കുന്ന (ഏകപ്രോട്ടോണും ഏക ഇലക്ട്രോണും ചേർന്ന) ഹൈഡ്രജനായിരിക്കുന്ന സൃഷ്ടിപാത്രമായ സൂര്യനിൽ 'ശക്തിശിവൻപ്രണയമന്ത്രം, സൃഷ്ടിമന്ത്രം, ശബ്ദബ്രഹ്മം, ശാസ്ത്രമൂലം, ഒക്കെയായ 'ഓം' പ്രകാരം, ഹീലിയത്തിലെ 2 നിർജ്ജീവ ന്യൂട്രോണുകളെ സ്ത്രീ-പുരുഷ പകുതികളായ ആത്മാക്കളായിട്ട് പ്രകാശ രൂപത്തോടെ സൃഷ്ടിക്കുന്നു. സ്ഥിതിപാത്രവും അനന്തമായ ആനന്ദങ്ങളും മഹാശക്തിയും ശിവയുമായ ഭൂമിയിൽ എത്തിച്ച്, ഭൂമിയുടെ അംശമായ വസ്തുക്കളും രൂപാന്തരമായ ശരീരങ്ങളും ചേർത്ത് ജീവികളാക്കി മാറ്റുന്നു. ജീവികൾക്ക് സ്വത്വബോധം ഏകദേശമായിട്ടു ലഭിക്കുന്നതും പ്രപഞ്ചത്തെ അറിയുന്നതും മനുഷ്യാവസ്ഥയിൽ വിശേഷബുദ്ധിയും അനുബന്ധമായ ഭൗതിക-ധർമ്മ-ശാസ്ത്രങ്ങളും ലഭിക്കുമ്പോൾ മാത്രമാണ്. എല്ലാ ജീവികളുടെയും ശരീര - കോശങ്ങളും അവയവങ്ങളും; മൂലമായ ഭൂമിയുടെ അംശമായ എല്ലാ വസ്തുക്കളും പ്രവർത്തിപ്പിച്ച്, ദൈവത്തിന്റെ മഹാശരീരമായ ഭൂമിയുടെ സ്വത്വമായ ഓക്സിജനാണ് സൃഷ്ടികളുടെ മേൽ കൃത്യമായ അളവുകളോടെ മഹാനീതിയെ നടപ്പാക്കിപോരുന്നത്.

ഓക്സിജൻ നിശ്ചയിക്കുന്നതു പോലെ ശരീരത്തോടു കൂടി ജനിക്കുകയും വളരുകയും ജീവിക്കുകയും മരണപ്പെടുകയും ചെയ്യുന്നവർ, ശരീരത്തിലൂടെ ഓക്സിജൻ നൽകുന്ന സമ്പൂർണ്ണ സ്വാതന്ത്ര്യത്തെ ദുരുപയോഗിച്ച് ഭൗതികമായ അസ്തിത്വം ഇല്ലാത്തതായ മത-ജാതി-വർഗ്ഗ-വർണ്ണ-രാഷ്ട്രീയ-ദേശ വിശ്വാസങ്ങളും നിയമങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും തട്ടിക്കൂട്ടുന്നതും അവയ്ക്കുവേണ്ടി പ്രവർത്തിക്കുന്നതും ജീവിതം പാഴാക്കലാണ്.

ദൈവത്തിന്റെ അവതാരമായ ഭൂമിയുടെ സ്വ  ന്നതുവരെയും  മരിപ്പ എല്ലായ്പ്പോഴും ഉറങ്ങുമ്പോഴും മയങ്ങ ജന കൂടിയാണെങ്കിലും എല്ലാ സൃഷ്ടികൾക്കും തുല്ല്യവും സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തെ ഭൂമി നൽകിയിട്ടുള്ളതും മുഖ്യമായും ശരീരത്തിലെ

അവയവങ്ങളെ ഓരോ ആത്മാവിനും ലഭിക്കുന്ന അവയവങ്ങൾ, മറ്റുള്ള ജീവികൾക്ക് ലഭിച്ചിട്ടുള്ള ശരീരങ്ങൾ ഉൾപ്പെടെയുള്ള ആനന്ദ

ഭൂമിയിൽ ഉആരും സൃഷ്ടിച്ചതല്ല. പ്രപഞ്ചത്തിലെ സൃഷ്ടികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്നത് ദൈവത്തിന്റെ അവതാരങ്ങളായ ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനും ചേർന്ന പ്രപഞ്ചഭാഗങ്ങളായ ദൈവമാണെന്ന് മഹാശാസ്ത്രപരമായി തെളിയിക്കുന്നു.

മഹാസത്യമായ ദൈവത്തിന്റെ ആദിയും അന്തവും ഇല്ലാത്ത മഹാശക്തികളെയും, മഹാജ്ഞാനത്തെയും, സൃഷ്ടികൾക്കെല്ലാം ആനന്ദിച്ചു ജീവിക്കാൻ ആവശ്യമാകുന്ന അനന്തമായ ആനന്ദങ്ങളും അവയെ ആസ്വദിക്കാനും നേടാനുമുള്ള ഉപാധികളായ ചേർത്ത് ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനുമായി അവതരിച്ചു കൊണ്ട് പരബ്രഹ്മം എന്ന പ്രപഞ്ചത്തിന്റെ ദൈവഭാഗവും മായിട്ട് അവതരിച്ചിരിക്കുകയാണ്.

ദൈവത്തിന്റെ അവതാരമായ പ്രപഞ്ചത്തിലെ എല്ലാ ഘടകങ്ങളും ദൈവത്തിന്റെ മഹാജ്ഞാനമായ മഹാശാസ്ത്രം പ്രകാരം സ്വയം ചിട്ടപ്പെടുത്തിക്കൊണ്ട് പ്രകടമാവുകയാലും, മഹാശാസ്ത്രത്തെ മനസ്സിലാക്കാൻ കഴിയുന്ന വിശേഷ ബുദ്ധിയെ മനുഷ്യാവസ്ഥ മുതലുള്ള സൃഷ്ടികൾക്ക് നൽകുകയാലും, യഥാർത്ഥത്തിൽ എക്കാലവും സ്വയം വെളിപ്പെടുന്നുമുണ്ട്.

® ആദിയും അന്തവുമില്ലാത്ത മഹാസത്യവും ഏകമഹാശക്തിയുമായ ഏകദൈവത്തെ; മഹാമാതാപിതാക്കളായിട്ടും സ്ത്രീപുരുഷന്മാരായും വിശേഷിപ്പിച്ചതിന്റെ വിശദീകരണം ഒരല്പം ഇവിടെ ചേർക്കണ്ടതുണ്ട്. പിന്നീട് ശാസ്ത്രപരമായിട്ട് കൂടുതൽ വിവരിക്കുന്നുണ്ട്. ആദിയും അന്തവും ഇല്ലാത്തതായ മഹാസത്യവും ഏകമഹാശക്തിയുമായ ഏകദൈവം, സ്വയം രണ്ടായി വിഭജിച്ചു കൊണ്ട് രണ്ട് മഹാസത്യങ്ങളും ഏകമഹാശക്തിയുമായിട്ട് നിലകൊള്ളുകയായിരുന്നു എന്ന് വിശേഷ ബുദ്ധി നൽകിയിട്ടുള്ള സൃഷ്ടികളായ മനുഷ്യരെയും അവരുടെ പരിണാമമായ ദേവതകളെയും അറിയിക്കുന്നുണ്ട്. ഭാര്യാഭർത്താക്കന്മാരും, ഇണകളും, മഹായജമാനയും മഹാദാസനുമാണ്. സ്ത്രീപുരുഷരൂപങ്ങളെ സ്വീകരിക്കാതെയും സ്വീകരിച്ചും നിലകൊള്ളാൻ മഹാശക്തിയും മഹാസത്യവുമായ ദൈവത്തിനു കഴിയുന്നതാണ്. ഏകമഹാശക്തിയായ ആദ്യത്തെ ഭാഗം ശക്തികളെ നൽകുന്നതിനും നൽകാത്തതിനും അനുസരിച്ച്, സ്വന്തം രണ്ടാമത്തെ ഭാഗം ജീവമോ നിർജ്ജീവമോ ആയിരിക്കുന്നതാണ്. മനുഷ്യർ അറിയുന്നതായ പ്രപഞ്ചത്തിനും അതീതവും മഹാസത്യവുമായ ഏകദൈവം കുഞ്ഞുങ്ങളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്ത് മഹാമാതാപിതാക്കളായിട്ട് നിലകൊള്ളാൻ വേണ്ടിയാണോ സ്വയം രണ്ടായിട്ട് വിഭജിച്ച് നിലകൊള്ളുന്നതെന്നോ അവരുടെ ആനന്ദങ്ങളും ആവശ്യങ്ങളും എന്തെന്നോ അറിഞ്ഞ് കുഞ്ഞുങ്ങൾക്ക്

യാതൊന്നും നേടാനില്ല; അറിയിക്കേണ്ട ബാദ്ധ്യത ദൈവത്തിനും ഒട്ടുംതന്നെയില്ല.

ആദിയും അന്തവും ഇല്ലാത്ത രണ്ടു മഹാസത്യങ്ങളും ഏകമഹാശക്തിയുമായ ദൈവം; ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനുമായ പ്രപഞ്ചമായി അവതരിച്ച് സൃഷ്ടികളായ കുഞ്ഞുങ്ങളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യാൻ തയ്യാറാകുമ്പോൾ വലിയ ക്രമപ്രശ്നം ഉണ്ട്. ഒന്നോ രണ്ടോ അതിലധികമോ ആനന്ദങ്ങളല്ലാത്ത ആനന്ദങ്ങളെ സ്വീകരിച്ചാൽ മാത്രമാണ് ആനന്ദങ്ങൾ ഉൾപ്പെടെ സർവ്വത്തിനും അതീതമായ ദൈവം ആവുകയുള്ളൂ. 2 മഹാസത്യങ്ങളും ഏകമഹാശക്തിയുമായ ദൈവം; സൃഷ്ടികളായ ആത്മാക്കളോടുള്ളതും, അവയ്ക്കു തന്നെ മടക്കിനൽകുന്നതുമായ മഹാവാത്സല്ല്യം, മഹാദാസ്യം എന്നീ രണ്ട് ആനന്ദങ്ങളെ മാത്രം കുഞ്ഞുങ്ങളായ സൃഷ്ടികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ നിർവ്വഹിക്കാനായി സ്വീകരിക്കുകയും ആനന്ദങ്ങൾക്കെല്ലാം അതീതമായിട്ട് തുടരുകയും ചെയ്യുന്നു. സ്ഥിതി പാത്രമായ ഭൂമിയായി അവതരിച്ച് 2 ദൈവആനന്ദങ്ങളെയും കൂടാതെ മറ്റ് അനന്തമായ ആനന്ദങ്ങളെയും നൽകുന്നത് ഭൂമിയുടെ അംശമായ വസ്തുക്കളെയും അവയുടെ രൂപാന്തരമായ ശരീരങ്ങളെയും ചേർത്ത് ആത്മാക്കളെ ജീവികളാക്കി ക്കൊണ്ടാണ്. മഹാസത്യമായ ദൈവത്തിന്റെ ആദ്യ ഭാഗമായ ഏക മഹാശക്തി മഹാവാത്സല്ല്യത്തെയും, സമ്പൂർണ്ണമായ ശക്തി-ഹീനത ബാധകമായ രണ്ടാമത്തെ ഭാഗത്തിന് മഹാദാസ്യത്തെയും നിശ്ചയിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ ഭക്തി ഉൾപ്പെടെയുള്ള സൃഷ്ടികളുടെ ആനന്ദങ്ങൾ കൊണ്ട് മഹാശക്തിയായ ദൈവത്തെ പ്രീതിപ്പെടുത്താൻ കഴിയുന്നതല്ല.

***** ******* ***** ******* ***** *******

ആദിയും അന്തവും ഇല്ലാത്തതും, ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതും, നിർവ്വചനങ്ങൾക്ക് അതീതമായ 'ബ്രഹ്മം' എന്നതായ മഹാനാമത്തെ പ്രഥമമായിട്ടു സ്വീകരിച്ചിട്ടുള്ള മഹാസത്യം; സർവ്വം ഭദ്രപ്പെടുത്താൻ കഴിവുള്ള 'ഭദ്രകാളി, ശിവ' എന്നീ മഹാനാമങ്ങളെക്കൂടി സ്വീകരിച്ചും; ഭദ്രകാളിയുടെ ഇഷ്ടം പോലെ നിർജ്ജീവമായും ജീവമായും പ്രവർത്തിക്കുന്ന ശിവനെ സ്വന്തം ഭാഗവും ഏകദാസനും ഭർത്താവും പരമാത്മാവും മഹാദേവനുമായിട്ട് ഒരുക്കിയും; എന്തുചെയ്യാനും കഴിയുന്ന സ്വന്തം 'മായാശക്തി' -യിൽ നിന്നും സൃഷ്ടിച്ചതായ മഹാശക്തികളെയും, മഹാജ്ഞാനത്തെയും സ്വാതന്ത്ര്യത്തെയും കാലത്തെയും ശരണത്തെയും മഹാനീതിയെയുമെല്ലാം ലയിപ്പിച്ച് ബ്രഹ്മത്തേക്കാൾ ശ്രേഷ്ഠമായ 'പരബ്രഹ്മം, മഹാപ്രപഞ്ചം, ജഗത്ത് ' തുടങ്ങിയ മറ്റ് മഹാനാമങ്ങളോടെ സൃഷ്ടികൾക്കു വേണ്ടിയുള്ള അനന്തമായ ആനന്ദങ്ങളായി അവതരിച്ചിരിക്കുകയാണ്.

എല്ലാ സൃഷ്ടികളുടെയും സ്വത്വങ്ങളായ ആത്മാക്കളുടെ ജനന-ജീവിത-മരണങ്ങളും മനുഷ്യാവസ്ഥയിൽ ലഭിക്കുന്ന നക്ഷത്രമോക്ഷമായ ദേവതാപദവിയും, ഇപ്പോഴത്തെ സൃഷ്ടിചക്രത്തിൽ ഉടനെ ആരംഭിക്കുന്ന സത്യയുഗവും, ദൈവത്തിന്റെ അവതാരവും മഹാശക്തിയുമായ ഭൂമിയുടെ അംശമായ വസ്തുക്കളും രൂപാന്തരമായ ജീവികളുടെ ശരീരത്തിലെ അവയവങ്ങളും തുടർച്ചയായി 3 വർഷം മുതൽ 33 വർഷക്കാലം വരെ **ഓം** മുഴക്കുന്ന ദൈവ വിപ്ലവവും ഉൾപ്പെടെ, എല്ലാ ദൈവകാര്യങ്ങളും പ്രപഞ്ച-രഹസ്യങ്ങളും; മഹാശാസ്ത്രപരമായി ഈ മഹാഗ്രന്ഥത്തിൽ വെളിപ്പെടുത്തിയിട്ടുണ്ട്.

സൃഷ്ടിയുടെ ഉദ്ദേശം സ്ഥിതിയും, സ്ഥിതി ആകുന്ന ജീവിതത്തിന്റെ ഉദ്ദേശം ആനന്ദവുമാണെന്ന്, ആനന്ദങ്ങളെ കൂടുതൽ കൂടുതൽ നേടാനും ആസ്വദിക്കാനും ശ്രമിച്ചു കൊണ്ട് ജീവിക്കുന്ന എല്ലാ ജീവികളുടെയും ജീവിതം സാക്ഷ്യപ്പെടുത്തുന്നുണ്ട്. മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ എന്നീ ജീവികളെയും അവയുടെ വർഗ്ഗങ്ങളെയും, സ്ത്രീ-പുരുഷ ജാതികളെയും നിശ്ചയിക്കുന്നതും സൃഷ്ടിക്കുന്നതും തരംതിരിക്കുന്നതും, ഭാഗമായ ശിവനുമായി ചേർന്ന് ഭൂമിയും അംശമായ വസ്തുക്കളായും അവതരിച്ചിട്ടുള്ള ഭൂമിയുടെ സ്വത്വവും സർവ്വവും ഭദ്രപ്പെടുത്തുന്ന മഹാഭദ്രകാളിയുമായ ഓക്സിജനാണ്; സൃഷ്ടികളായ ആത്മാക്കൾക്കെല്ലാം വേണ്ടി ജലത്തെ മാധ്യമമാക്കി സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്ത് അവയെ ജീവികളാക്കുന്ന ശരീരാവയവങ്ങളിലൂടെയാണ്.

സ്വത്വം ഉൾപ്പെടെ യാതൊന്നും സ്വന്തമായിട്ട് ഇല്ലാത്ത സൃഷ്ടികൾക്ക്, ജീവിക്കാനും ആനന്ദിക്കാനുമെല്ലാം ആവശ്യമായ ശക്തികളും ജ്ഞാനവും സ്വാതന്ത്ര്യവും കാലവും ശരണവുമെല്ലാം; ദേവിയും ദേവനും ചേർന്ന ദൈവത്തിന്റെ അവതാരമായ ഭൂമിയുടെ അംശമായ പ്രദേശങ്ങളും വസ്തുക്കളും, ശരീര-അവയവങ്ങളും മറ്റും ദാനം പോലെ നൽകുമ്പോൾ, പരസ്പരം കൊല്ലാതെയും അപകടപ്പെട്ടും സ്വയഹത്യകൊണ്ടും മരണം ഉണ്ടാകാതെ; സൃഷ്ടികളായ ആത്മാക്കളെ ഭൂമി സംരക്ഷിക്കുന്നത് ഗൂഢമാക്കിയാണ്. സ്ത്രീ-പുരുഷ പാതികളായി സൂര്യനിൽ വച്ച് സൃഷ്ടിച്ച്, സ്ഥിതിപാത്രവും ദൈവത്തിന്റെ അവതാരവും കൂടിയായ ഭൂമിയിൽ കൊണ്ടുവന്ന്, ഭൂമി സംരക്ഷിക്കുന്ന ആത്മാക്കളെ കൊല്ലാൻ മറ്റ് സൃഷ്ടികൾക്കോ, സ്വത്വങ്ങൾക്കോ യോഗ്യതയില്ല; കഴിയുകയുമില്ല.

മറ്റുള്ള ജീവികളിൽ നിന്നും വ്യത്യസ്തമായി മനുഷ്യാവസ്ഥയിൽ വച്ച് ലഭിക്കുന്നതും ഭൂമി നൽകുന്നതുമായ വിശേഷ ബുദ്ധി ഉപയോഗിച്ച് ഭൗതിക ശാസ്ത്രത്തിന്റെ ഒപ്പം തന്നെ ഭൂമിയിൽ ലയിച്ചിരിക്കുന്ന ധർമ്മശാസ്ത്രപ്രകാരം ഭൂമിയിലെ അനന്തമായ ആനന്ദങ്ങൾ നേടുകയും ആസ്വദിക്കുകയും മാത്രമാണ് അല്പായുസ്സുകളായ മനുഷ്യർ ചെയ്യേണ്ടത്.

ആകാശവും ഭൂമിയും ചന്ദ്രനും സൂര്യനുമായ പ്രപഞ്ച-ഭാഗമായിട്ട് അവതരിച്ചു കൊണ്ട് പ്രപഞ്ചരൂപത്തോടെ ദൈവം ചെയ്യുന്ന മഹാനീതി ഉൾപ്പെടെയുള്ള സൃഷ്ടി സ്ഥിതി സംഹാരത്തിൽ ഇടപെടാൻ ശ്രമിക്കുന്നത് നടക്കാത്തതും അവകാശമില്ലാത്തതുമാണ്. ജീവികളുടെയെല്ലാം സ്വത്വങ്ങളായ ആത്മാക്കൾ സ്വന്തമെന്നു കരുതുന്ന ശരീരത്തിലെ അവയവങ്ങളോ അവയിലൂടെ ലഭിക്കുന്ന ശക്തികളോ, സ്വത്വം തന്നെയോ സ്വന്തമല്ല. ആനന്ദങ്ങളെയും അവ നേടാനുള്ള ഉപാധികളായ ശക്തികളെയും ശാസ്ത്രങ്ങളെയും കൂടാതെ ആനന്ദങ്ങളെ അനുഭവിക്കാനും ആസ്വദിക്കാനുമുള്ള എല്ലാ ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയും കൂടി ശരീരത്തിലെ അവയവങ്ങൾ നൽകണം. അതായത് ആത്മാക്കൾക്ക് എന്തു ചെയ്യാനും ശരീരാവയവങ്ങളും അവയുടെ മൂലവും

മഹാശക്തിയും അനന്തമായ ആനന്ദങ്ങളുമായി അവതരിച്ചിരിക്കുന്ന ഭൂമി കനിയണം. ഓരോ ആത്മാവിനും ഓരോ ദൈവം എന്ന പോലെ ഭൂമിയുടെ അംശമായ മൂലകങ്ങളും സംയുക്തങ്ങളും രൂപാന്തരമായ ശരീരത്തിലെ അവയവങ്ങളും നേരിട്ട് ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയുമെല്ലാം നൽകുന്നതു കൊണ്ടാണ് ജീവികളായിട്ടു ജീവിക്കാൻ സൃഷ്ടികൾക്കു കഴിയുന്നത്. സ്വയം വിശകലനം ചെയ്ത് മനസ്സിലാക്കാം. ഭൂമി നൽകിയിട്ടുള്ള ശരീരത്തെ ഭ്രൂണാവസ്ഥയ്ക്കും മുമ്പേ മുതൽ, കുഞ്ഞ്-കുട്ടി-വൃദ്ധ അവസ്ഥകളിൽ ഉൾപ്പെടെ തജ്ജന്മത്തിലെ മരണത്തെ നൽകിയ ശേഷവും 'ഭൂമിയുടെ സ്വത്വവും ജീവികളുടെയെല്ലാം ജീവനും, സത്യ-സൃഷ്ടി-വാതക രൂപവും, ഏകദൈവവും **മഹാഭദ്രകാളിയുമായ ഓക്സിജൻ'** പ്രത്യക്ഷമെന്നോണം ഭരിക്കുന്നതു കൊണ്ടാണ് മനുഷ്യൻ ഉൾപ്പെടെയുള്ള എല്ലാ സൃഷ്ടികൾക്കും ജീവിക്കാൻ കഴിയുന്നത്. ദൈവമാണ് ഓക്സിജൻ എന്നറിയുമ്പോഴും ആത്മാക്കൾക്കു ജീവിക്കാനായിട്ട് ശരീരത്തിലെ എല്ലാ കോശങ്ങളെയും അവയവങ്ങളെയും നിരന്തരമായിട്ട് ഓക്സിജൻ സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്തുകൊണ്ട് മഹാദാസ്യം ഉൾപ്പെടുന്ന മഹാവാത്സല്ല്യത്തോടെ കരുതുന്നതിനെ തടഞ്ഞുകൊണ്ട് ജീവിക്കാൻ സൃഷ്ടികളായ ആത്മാക്കൾക്ക് കഴിയില്ല. ഓക്സിജൻ കനിഞ്ഞാൽ മാത്രമാണ് സൃഷ്ടികൾക്ക് പ്രവൃത്തികൾ ചെയ്യാൻ കഴിയുക. മഹാശക്തിയായ ഭൂമിയുടെ അംശമായ മൂലകങ്ങളെയും, സംയുക്തങ്ങളെയും, ധർമ്മ-സ്ഥിതി-ദ്രാവക രൂപമായ ജലത്തെയും, അവയിലെല്ലാം ലയിച്ചിരിക്കുന്ന 'ശക്തികളും ശാസ്ത്രങ്ങളുമെല്ലാം പ്രകാരം' ജീവി വർഗ്ഗം സ്ത്രീ-പുരുഷൻ നിറം സൗന്ദര്യം മുഖഛായ ആയുസ്സ് ആരോഗ്യം ഉയരം ബുദ്ധിശക്തി ഓർമ്മശക്തി തൊഴിൽ-അഭിരുചി വിനോദ-അഭിരുചി ജനനസ്ഥലം തുടങ്ങിയ ജന്മഗുണങ്ങളെ ചേർത്ത് ജീവികളുടെ ശരീരത്തിലെ അവയവങ്ങളും ഭാഗങ്ങളുമായി; സൃഷ്ടിക്കുകയും മഹാപരിപാലിക്കുകയും മഹാനീതി നടപ്പാക്കുകയും ചെയ്യുന്നത് ഭൂമിയുടെ സ്വത്വവും, മഹാനീതിയുമായ ഓക്സിജനാണ്. ഓക്സിജനെ നിയന്ത്രിക്കാൻ കഴിയുന്നതിനെ പ്പറ്റി ചിന്തിക്കാനും സൃഷ്ടികൾക്കെല്ലാം ഓക്സിജൻ തന്നെ ശക്തി നൽകണം! മിനുട്ടിൽ ഏതാണ്ട് 18 തവണ ശ്വാസോച്ഛ്വാസം ചെയ്യുന്ന മനുഷ്യന്റെ ചിന്തകളെ പ്പോലും ഓക്സിജൻ അറിയുന്നുണ്ട്. സമുദ്രത്തിന്റെ അടിയിലും ആകാശത്തുമെല്ലാം പോകണമെങ്കിൽ ഓക്സിജനെ ചുമന്നു കൊണ്ടു പോകണം; അതിനും ഓക്സിജൻ തന്നെ ശക്തി നൽകുകയും വേണം!

ഭൂമിയുടെയും, അംശമായ പ്രദേശങ്ങളുടെയും വസ്തുക്കളുടെയും എല്ലാ ജീവികളുടെയും ശരീരങ്ങളുടെയും, സ്വത്വവും ഏകദൈവവുമായ ഓക്സിജൻ, ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളെ ശരീരത്തിൽ നിന്നും പുറത്താക്കും വരെ, ഓക്സിജന്റെയും ധർമ്മസ്ഥിതിദ്രാവക രൂപമായ ജലത്തിന്റെയും നിയന്ത്രണങ്ങൾക്കു വിധേയമായിട്ട്, അറിഞ്ഞും അറിയാതെയും സദാ ആനന്ദങ്ങളെ വർദ്ധിപ്പിച്ചു കൊണ്ട് ജീവിക്കുകയാണ് എല്ലാ ജീവികളുടെയും ആത്മാക്കൾ ചെയ്യുന്നതും ശ്രമിക്കുന്നതും.

ദൈവം ഉണ്ടെന്നറിയാൻ മനുഷ്യൻ ഉൾപ്പെടെ എല്ലാ ജീവികൾക്കും വിശപ്പ് ഉണ്ടാകുന്നതും, ഭക്ഷണ സാധനങ്ങൾ കഴിക്കുന്നതിന് സാധിക്കുന്ന വായ്, നാവ്, പല്ലുകൾ, കീഴ്ത്താടി തുടങ്ങിയവയും അവയുടെ പ്രവർത്തനവും നിശ്ചയിക്കുകയും സൃഷ്ടിക്കുകയും ചെയ്യുന്നത് ജീവികളുടെ സ്വത്വങ്ങളല്ലെന്ന് തിരിച്ചറിയാനെങ്കിലും മനുഷ്യാവസ്ഥയിൽ ലഭിക്കുന്ന വിശേഷബുദ്ധി ഉപയോഗിച്ചാൽ മതിയായിരുന്നു.

ഭൂമിയുടെ മഹാനീതിശാസ്ത്രമായ ഓംകാരനീതിശാസ്ത്രം പ്രകാരം ഭൂമി സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്നവരും, ശക്തികളോ സ്വത്വമോ പോലും സ്വന്തമായിട്ട് ഇല്ലാത്തതുമായ സൃഷ്ടികൾ മനുഷ്യാവസ്ഥയിൽ വച്ച് വിശേഷ ബുദ്ധിയെ ലഭിക്കുമ്പോൾ, ഭൂമിയുടെ അംശമായ പ്രദേശങ്ങളിലും വസ്തുക്കളിലും ജീവികളുടെ ശരീരത്തിലെ അവയവങ്ങളിലുമെല്ലാം ഭൗതിക-ധർമ്മ-നീതിശാസ്ത്രങ്ങളായ യഥാർത്ഥ വേദങ്ങൾ പ്രകാരം ലയിച്ചിരിക്കുന്ന അനന്തമായ ആനന്ദങ്ങളെ അറിയാനും നേടാനും ധർമ്മശാസ്ത്ര പ്രകാരം മാത്രം ആസ്വദിച്ചു ജീവിക്കാനും പരിശ്രമിക്കണം. എന്നുവെച്ചാൽ ദൈവത്തിന്റെ അവതാരമായ ഭൂമിയുടെ ആദിയും അന്തവും ഇല്ലാത്ത മഹാജ്ഞാനം കൂടിയായ പ്രസ്തുത ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങളും അവയുടെ ശാഖകളും പ്രകാരം ഭൂമിയിലെ അനന്തമായ ആനന്ദങ്ങളെയും ശക്തികളെയും; സൃഷ്ടികളായ ആത്മാക്കളുടെ രൂപാന്തരമായ ജീവികളുടെ സൃഷ്ടി സ്ഥിതികളും സംഹാരം ഉൾപ്പെട്ട മഹാനീതിയുമായി ബന്ധിച്ചിരിക്കുകയാണ്. സൃഷ്ടി ശാസ്ത്രം എന്നു വിശേഷിപ്പിക്കുന്ന ഒന്നാമത്തെ ശാസ്ത്രമായ ഭൗതിക ശാസ്ത്രത്തിന് യുക്തിശാസ്ത്രം, ഊർജ്ജശാസ്ത്രം, രസതന്ത്രം, ജീവശാസ്ത്രം, വൈദ്യശാസ്ത്രം, ഗണിതശാസ്ത്രം, ജ്യോതി ശാസ്ത്രം തുടങ്ങിയ ശാഖകളും ഉപശാഖകളും ഉണ്ട്. സ്ഥിതി ശാസ്ത്രം എന്നു വിശേഷിപ്പിക്കുന്ന രണ്ടാമത്തെ ശാസ്ത്രമായ ധർമ്മശാസ്ത്രത്തിന് യുക്തിശാസ്ത്രം, സദാചാര ശാസ്ത്രം, സാമ്പത്തിക ശാസ്ത്രം, തൊഴിൽ ശാസ്ത്രം, ജനസേവന ശാസ്ത്രം അഥവാ ഭരണ ശാസ്ത്രം, നീതിന്യായ ശാസ്ത്രം തുടങ്ങിയ ശാഖകളും ഉപശാഖകളും ഉണ്ട്. ആത്മീയ ശാസ്ത്രം, മഹാനീതി ശാസ്ത്രം എന്നെല്ലാം വിശേഷിപ്പിക്കുന്ന സർവ്വ പ്രധാനമായ ഓംകാര നീതിശാസ്ത്രത്തിന്, ബ്രഹ്മം, മഹാസത്യവും മഹാശക്തിയും ഏകദൈവവുമായ മഹാഭദ്രകാളി, ഭദ്രകാളിയുടെ ഭാഗവും ഏകദാസനും ഭർത്താവും പരമാത്മാവും പ്രപഞ്ചപിതാവും മറ്റുമായ ശിവൻ, ഓം, ഓംകാരം, ഓംകാരനീതിശാസ്ത്രം, മഹാപുനർജ്ജന്മ സിദ്ധാന്തം, ആദ്യ മഹാകാല ചക്രം, പശുവും പശുപതിയും, സൃഷ്ടിയായ ആത്മാവ്, ശരീരം, മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ ദേവതകൾ തുടങ്ങിയ ജീവികൾ, മരണം, ആത്മീയ സാക്ഷാത്കാരവും മോക്ഷവും നക്ഷത്ര-ദേവതയുമായ സംഹാരം, വീണ്ടും ഭൂമി, രണ്ടാം മഹാകാലചക്രം, യുക്തിശാസ്ത്രം, തുടങ്ങിയ ശാഖകളും ഉപശാഖകളും ഉണ്ട്. എല്ലാ ശാസ്ത്രങ്ങളെയും ശാഖകളെയും 'യുക്തിശാസ്ത്രം' പരസ്പരം മഹാശാസ്ത്രപരമായി ബന്ധിച്ചിട്ടുണ്ട്.

*****　*******　*****　*******　*****　*******

ആദിയും അന്തവും ഇല്ലാത്ത മഹാസത്യവും മഹാശക്തിയുമായ ദൈവത്തിന്റെ മഹാജ്ഞാനത്തിന്റെ ഓഹരിയാണ് മഹാപ്രപഞ്ചത്തിന്റെ ദൈവ ഭാഗമായ ആകാശം ഭൂമി ചന്ദ്രൻ സൂര്യൻ എന്നിവയുടെ മഹാശാസ്ത്രമായിട്ടും; സൃഷ്ടികളായ ആത്മാക്കളുടെയും അവയുടെ രൂപാന്തരമായ ജീവികളുടെയും സൃഷ്ടി സ്ഥിതി സംഹാര ശാസ്ത്രങ്ങളായ ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങളായിട്ടും, (ആദ്യ മഹാകാല ചക്രത്തിലെ സൃഷ്ടികളുടെ കടുത്ത അപരാധങ്ങൾ നിമിത്തം താൽക്കാലികമായി ഉണ്ടായിട്ടുള്ള ഗ്രഹങ്ങളുടെയും ശാസ്ത്രങ്ങളായിട്ടും) അവതരിച്ചിരിക്കുന്നത്. ദൈവത്തിന്റെ മഹാജ്ഞാനമായ ശാസ്ത്രങ്ങൾക്കും അവയുടെ ശാഖകൾക്കും യാതൊരു കുറ്റങ്ങളും കുറവുകളും ഇല്ലെന്നതു മാത്രമല്ലാ; യാതൊരിക്കലും ഉണ്ടാവുകയുമില്ല. ദൈവത്തിന്റെ അവതാരങ്ങളായ ആകാശം ഭൂമി ചന്ദ്രൻ സൂര്യൻ എന്നിവയിൽ ലയിച്ചിരിക്കുന്ന ശക്തികളും ശാസ്ത്രങ്ങളുമെല്ലാം എക്കാലവും സനാതനമാണ്. അവ പ്രകാരമാണ് പ്രപഞ്ചത്തിന്റെ നടത്തിപ്പ് എന്നുവെച്ചാൽ പ്രപഞ്ചത്തിലെ സ്ഥിതിപാത്രമായ ഭൂമിയിൽ ലയിച്ചിരിക്കുന്ന ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരമാണ് സൃഷ്ടികളുടെ മേലുള്ള മഹാഭരണവും മഹാനീതിയും നടത്തപ്പെടുന്നത്. ആദ്യ മഹാകാല ചക്രത്തിലെ ഭരണാധികാരികളായിട്ട് സൃഷ്ടികളിൽ നിന്ന് മനുഷ്യാവസ്ഥയിൽ വച്ച് മോക്ഷം നേടിയവരെ നിയമിച്ചതും കാലക്രമേണ അവർ ധാർമ്മികമായി അധഃപതിച്ചതിനെയും, തുടർച്ചയായി 3 വർഷം മുതൽ 33 വർഷക്കാലം വരെ **ഓം** മുഴക്കുന്ന ദൈവ വിപ്ലവവും സത്യയുഗവും ഭൂമിയിൽ ഉടനെ ആരംഭിക്കുന്നതോടെയും, മണ്ണായ ഭൂമിയിൽ അടിഞ്ഞിരിക്കുന്ന മഹാശക്തിയായ ഭദ്രകാളി ഭാഗമായ ശിവനെയും കൂട്ടി മഹാഭരണാധികാരിയും മഹാനീതിപതിയുമായി നേരിട്ട് ചുമതല ഏറ്റെടുക്കുന്നതോടെയും ഭൂമിയിലെ മനുഷ്യർക്ക് പ്രത്യക്ഷമായി ക്കൂടി സമ്പൂർണ്ണമായ ശാന്തിയും സന്തോഷവും സദാ അനുഭവിക്കാൻ കഴിയുന്നതാണ്. നാളിതുവരെ ലഭ്യമായ ചരിത്രത്തിൽ മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ ജീവികളായിട്ടു തമ്മിലടിച്ചും യുദ്ധങ്ങൾ ചെയ്തും അശാന്തിയും അസന്തോഷവും അനുഭവിക്കുന്ന ജനങ്ങളെ പ്രത്യക്ഷമായി കാണുമെങ്കിലും ഓംകാരനീതിശാസ്ത്രം പ്രകാരം സ്ത്രീ പുരുഷൻ നിറം സൗന്ദര്യം മുഖഛായ ആയുസ്സ് ആരോഗ്യം ഉയരം ബുദ്ധിശക്തി ഓർമ്മശക്തി തൊഴിൽ-അഭിരുചി വിനോദ-അഭിരുചി ജനനസ്ഥലം സാമ്പത്തിക സൗകര്യങ്ങൾ തുടങ്ങിയ ജന്മഗുണങ്ങളെ വ്യത്യാസപ്പെടുത്തി മഹാനീതിയായ സമ-ആനന്ദത്തെ എല്ലാ മനുഷ്യർക്കും എല്ലാ ജീവികൾക്കും ഭൂമി ലഭ്യമാക്കുന്നുണ്ട്. മഹാശാസ്ത്രപരമായി ഈ ദിവ്യമഹാഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്. അതായത് ഭൗതികമായ അസ്തിത്വത്തോടെയും പ്രത്യക്ഷമായും ശാസ്ത്രീയമായും ലളിതമായും അവതരിച്ചു കൊണ്ട് ജീവികളുടെയും അവയുടെ സ്വത്വങ്ങളായ ആത്മാക്കളുടെയും സൃഷ്ടിസ്ഥിതിസംഹാരങ്ങളെ ദൈവം ചെയ്യുമ്പോൾ; ഒരു വിഭാഗമോ വളരെയധികമോ ജനങ്ങൾ വിശേഷബുദ്ധിയും സ്വാതന്ത്ര്യവും ദുരുപയോഗം ചെയ്യുന്നതു കൊണ്ടാണ് ഭൗതികമായ അസ്തിത്വം ഇല്ലാത്ത ആശയങ്ങളും കോപ്രായങ്ങളും ഉണ്ടാകുന്നത്. ഭൂമിയിൽ ലയിച്ചിരിക്കുന്ന ധർമ്മശാസ്ത്രങ്ങൾക്കു വിരുദ്ധമായി പ്രവർത്തിക്കുന്നതിനെ പ്രതിരോധിക്കാനും, മറ്റു സൃഷ്ടികൾക്ക് ഭൂമി നൽകുന്ന അനന്തമായ ആനന്ദങ്ങൾക്ക് യാതൊരു കുറവും ഉണ്ടാവാതെ പ്രശ്നക്കാരെ തടയാനും ശിക്ഷിച്ചു തിരുത്താനുമുള്ള കുറ്റങ്ങളും കുറവുകളും ഇല്ലാത്ത മഹാസമ്പൂർണ്ണമായ മഹാപുനർജ്ജന്മ സിദ്ധാന്തവും, ന്യൂനശക്തികളുമെല്ലാം ഭൂമിയുടെ അംശമായ മൂലകങ്ങളിലും സംയുക്തങ്ങളിലും മറ്റും ലയിച്ചിട്ടുണ്ട്. ആവിധ കാര്യങ്ങളിലും സൃഷ്ടികളായ മനുഷ്യർ വേവലാതിപ്പെടണ്ട.

സൃഷ്ടികളായ ആത്മാക്കളെ ഭൂമിയുടെ കുഞ്ഞുങ്ങളയ ജീവികളായിട്ട് ജനിപ്പിക്കുന്നതും മരിപ്പിക്കുന്നതും ശരീരമാണ്; മഹാശരീരമായ ഭൂമിയുടെ സ്വത്വമായ ഓക്സിജനാണ്. ആത്മഹത്യ ചെയ്യാൻ ശ്രമിക്കുവർ ഉൾപ്പെടെ എല്ലാ ജീവികൾക്കും ശരീരത്തിലെ അവയവങ്ങളിലൂടെ നൽകുന്ന ശക്തികളോടും ശാസ്ത്രങ്ങളോടും മറ്റും ഒപ്പമുള്ള സ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്ത് ആത്മഹത്യയ്ക്ക് ശ്രമിച്ചാൽ ജനിപ്പിച്ച (ദൈവാംശമായ) ശരീരത്തെ നിന്ദിക്കുകയാണ്. ഓക്സിജനായ ദൈവം ഓംകാര നീതിശാസ്ത്രം പ്രകാരം തടഞ്ഞെന്നും തടഞ്ഞില്ലെന്നും വരാം. സൃഷ്ടികളായ എല്ലാ ആത്മാക്കൾക്കും തജ്ജന്മത്തിലെ ജീവികളായിട്ട് ജീവിക്കാൻ ഭൂമിയുടെ സ്വന്തമായ ശരീരങ്ങളെ (യും അവയവങ്ങളെയും) താൽക്കാലികമായി നൽകിയിട്ടുള്ളതിനാൽ, ആത്മാക്കളെ ശരീരത്തിന്റെ ഉടമ കൂടിയായ ഭൂമി (യുടെ സ്വത്വമായ ഓക്സിജൻ) പുറത്താക്കും വരെ ആത്മാക്കളുടെ സ്വന്തമാണ്. ശരീരത്തിലൂടെ ആത്മാവിനു ലഭിക്കുന്ന വേദനകൾ ഉൾപ്പെടെയുള്ള ആനന്ദങ്ങളെ സമ്പൂർണ്ണമായും ആത്മാക്കൾക്കു തന്നെ ശരീരം കൈമാറുന്നുണ്ട്. ആനന്ദങ്ങൾക്കെല്ലാം അതീതമായ ദൈവത്തിന്റെ അവതാരമായ ഭൂമിയുടെ അംശമായ ശരീരത്തിനും വസ്തുക്കൾക്കും ആനന്ദമോ വേദനകളോ നൽകാൻ ആത്മാക്കൾക്കു കഴിയുന്നതല്ല. പല്ലു വേദന കാലുവേദന, ശരീരം സുഖം ഉണ്ട്, നല്ല രുചിയുള്ള മാമ്പഴം എന്നെല്ലാം പറയുമ്പോൾ, പ്രസ്തുത അവയവങ്ങളും വസ്തുക്കളുമെല്ലാം ആത്മാവിനാണ് വേദനകളെയും ആനന്ദങ്ങളെയും നൽകുന്നത്. ആനന്ദങ്ങളെ ആസ്വദിക്കാനുള്ള ശക്തികളെയും ശാസ്ത്രങ്ങളെയും ആത്മാക്കൾക്കു നൽകുന്ന ഉപാധികളാണ് ശരീരവും അവയവങ്ങളും. അവയെ ധർമ്മശാസ്ത്ര പ്രകാരം ഉപയോഗിക്കാൻ താൽക്കാലിക ഉടമയായ ആത്മാവിനും ഉറ്റവരായ ആത്മാക്കൾക്കും കടമകളും ബാധ്യതകളും ഉണ്ട്. എല്ലാ ജീവികളുടെയും എല്ലാ ശരീരങ്ങളുടെയും സ്വത്വവും യഥാർത്ഥ ഉടമയും മഹാഭദ്രകാളിയുമായ ഓക്സിജൻ ശ്വാസോച്ഛ്വാസമെന്ന മഹാപ്രതിഭാസത്തെ ആവിഷ്ക്കരിച്ചു കൊണ്ട് ഓംകാരനീതിശാസ്ത്രം പ്രകാരം മഹാവാത്സല്ല്യത്തോടെ ശരീരത്തിലെ അവയവങ്ങളെ പരിപാലിക്കുകയും മഹാനീതി നടപ്പാക്കുകയും ചെയ്യുന്നുണ്ട്. അങ്ങനെയിരിക്കെ, ലഭ്യമായ ശരീരത്തെ ധർമ്മശാസ്ത്ര വിരുദ്ധമായി യോഗ പോലുള്ളവ നിർബ്ബന്ധമാണെന്നും നല്ലതാണെന്നും പ്രചരിപ്പിക്കാൻ ശരീരത്തിന്റെ താൽക്കാലിക ഉടമയും, ശരീരം നിശ്ചയിക്കുന്നതു പോലെ ശരീരത്തിൽ നിന്നും പുറത്താക്കപ്പെടുന്നതുമായ ആത്മാവിന് അവകാശമില്ല. രോഗികൾക്കും അവിവേകികൾക്കുമെല്ലാം ലഭ്യമായ ശരീരത്തെ ശ്രദ്ധിക്കാൻ ധർമ്മശാസ്ത്രപരവും വ്യക്തിപരവുമായി അനുവദിച്ചിരിക്കുന്ന സ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്യരുത്. ആവിധ കാര്യങ്ങളിൽ മറ്റുള്ള ജീവികളെ കണ്ടുപഠിക്കാൻ ഏറെയുണ്ട്. ദൈവത്തിന്റെ പ്രപഞ്ചരൂപങ്ങളെയും മഹാശക്തിയായ ഭൂമിയെയും ഭൂമിയുടെ അംശമായ മൂലകങ്ങളെയും സംയുക്തങ്ങളെയും ജീവികളുടെ ശരീരങ്ങളെയും, ധർമ്മ-സ്ഥിതി-ദ്രാവക രൂപമായ ജലത്തെയും, ഭൂമിയുടെ സ്വത്വവും സത്യ-സൃഷ്ടി-വാതക രൂപവുമായ ഓക്സിജനെയും സ്നേഹിക്കാനും ദ്രോഹിക്കാനും ആത്മാക്കൾക്കു കഴിയില്ല. സൃഷ്ടികളായ ജീവികൾക്ക് ശരീരവും സ്വത്വമായ ഓക്സിജനും അനുവദിച്ചാൽ മാത്രം ആത്മഹത്യ എന്നു പറയുന്ന തജ്ജന്മഹത്യ ചെയ്യാം; എന്നല്ലാതെ 'ഭൗതിക ശരീരം ഇല്ലാത്ത' സ്വത്വങ്ങൾ മാത്രമായ ആത്മാക്കൾക്ക് ആത്മഹത്യ ചെയ്യാനാവില്ല. ഓംകാര നീതിശാസ്ത്രം പ്രകാരം സൃഷ്ടികളായ ആത്മാക്കളുടെ മേൽ മഹാവാത്സല്ല്യത്തോടെ മഹാനീതിയെ എക്കാലവും നടപ്പാക്കാൻ മഹാഭദ്രകാളിയായ ഓക്സിജൻ ഉണ്ട്.

എല്ലാ സൃഷ്ടി ചക്രങ്ങളിലും, ഭൗതിക ശാസ്ത്ര വികസനം ഏറ്റെക്കുറെ പരമാവധിയിൽ എത്തുന്ന അവസരത്തിൽ, ജഗത്തിന്റെ ഭാഗമായ ആകാശവും ഭൂമിയും ചന്ദ്രനും സൂര്യനുമായി അവതരിച്ചിരിക്കുന്ന 'ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്ത മഹാസത്യവും ഏകദൈവവുമായ ഭദ്രകാളിയുടെ മഹത്വം' സ്പഷ്ടമായി വിശദീകരിച്ചു കൊണ്ടും, യഥാർത്ഥ വേദങ്ങളായ ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങളെ യഥാവിധി ചിട്ടപ്പെടുത്തി ക്കൊണ്ടും, കാലഘട്ടത്തിന്റെ ആവശ്യത്തിന് അനുസരിച്ചു മാത്രമേ ഭൂമിയിൽ ലയിച്ചിരിക്കുന്ന 'സമ്പൂർണ്ണ ദൈവശാസ്ത്രത്തെ' അവതരിപ്പിക്കുകയുള്ളൂ.

ആകാശവും ഭൂമിയും ഓക്സിജനുമെല്ലാമായി അവതരിച്ചിരിക്കുന്ന ദൈവത്തിന്റെ മായാശക്തികൾ കൊണ്ട് പുതിയ പ്രപഞ്ചങ്ങളായി അനന്തമായി അവതരിക്കാനും അവിടെയും മറ്റ് സൃഷ്ടികളുടെ സൃഷ്ടി സ്ഥിതികളെ ചെയ്യാൻ കഴിയുമെന്നതാണ് സത്യം. എന്നാൽ മറ്റ് പ്രപഞ്ചങ്ങളുടെയും ദൈവമായാൽ ഭൂമിയിലെ ആത്മാക്കൾക്ക് അസുരക്ഷിത ബോധമുണ്ടാകും. ഭൂമി നൽകുന്നതും പരിപാലിക്കുന്നതുമായ ആനന്ദങ്ങളിൽ കുറവുണ്ടാവാൻ മഹാവാത്സല്ല്യമായ ഭൂമി ഇഷ്ടപ്പെടുന്നില്ല!

സാമ്പത്തിക ശാസ്ത്രവും തൊഴിൽ ശാസ്ത്രവും ഉൾപ്പെടെ കുറ്റങ്ങളും കുറവുകളും ഇല്ലാത്ത എല്ലാ ശാസ്ത്രങ്ങളും ഭൂമിയുടെ അംശമായ പ്രദേശങ്ങളിലും, മൂലകങ്ങളിലും സംയുക്തങ്ങളിലും, സൃഷ്ടികൾക്ക് ഭൂമി നൽകുകയും പരിപാലിക്കുകയും ചെയ്യുന്ന ശരീരത്തിലെ അവയവങ്ങളിലുമെല്ലാം ഭൗതിക ശാസ്ത്രത്തോടൊപ്പം തന്നെ ലയിച്ചിരിക്കുമ്പോൾ, ലഭ്യമായ വിശേഷ ബുദ്ധിയെ കൊണ്ട് അവയെ കണ്ടെത്താനും അവ പ്രകാരം ജീവിക്കാനും മനുഷ്യർ പരിശ്രമിക്കേണ്ടിയിരുന്നു. സൃഷ്ടികൾക്കു വേണ്ടിയുള്ള അനന്തമായ ആനന്ദങ്ങളും അവയെ നേടാനുള്ള ഉപാധികളായ ശക്തികളും ശാസ്ത്രങ്ങളുമെല്ലാം ലയിച്ചിരിക്കുന്ന സ്ഥിതി/ജീവിത പാത്രമായ ഭൂമിയായിട്ട് ദൈവം തന്നെ അവതരിച്ച് സർവ്വവും നേരിട്ടു നൽകുകയാണ്. സ്വത്വം പോലും സ്വന്തമായിട്ടില്ലാത്തവരും, ദൈവം നൽകുന്നവ കൊണ്ടുമാത്രം ജീവിക്കുന്നവരുമായ സൃഷ്ടികളുടെ സഹായം ദൈവത്തിന് ആവശ്യമില്ല. മഹാശക്തിയും, ആനന്ദങ്ങൾക്കെല്ലാം അതീതമായ ഏകദൈവവുമായി അവതരിച്ചിരിക്കുന്ന ഭൂമിയാണ് എല്ലാ സൃഷ്ടികൾക്കും ജനനം മുതൽ മരണം വരെയും ജീവിക്കാൻ ആവശ്യമായ അനന്തമായ ആനന്ദങ്ങളും ശക്തികളും ശാസ്ത്രങ്ങളും ശരണവുമെല്ലാം നൽകുന്നതെന്ന് വിശേഷബുദ്ധി കൊണ്ട് മനസ്സിലാക്കാനാവും.

## മനുഷ്യൻ - ദിവ്യ മഹാശാസ്ത്രഗ്രന്ഥ സംഗ്രഹം

മനുഷ്യർക്കു വേണ്ടിയുള്ളത് ആകയാൽ 'മനുഷ്യൻ' എന്ന ഗ്രന്ഥനാമം ഉത്തമം.
സൗജന്യമായി ഡൗൺലോഡ് ചെയ്യാൻ : www.omsathyam.com/GodlyRevolution/Man.pdf
തജ്ജന്മത്തിൽ വിശേഷബുദ്ധി കുറഞ്ഞവർക്ക് ഈ ദിവ്യമഹാവേദഗ്രന്ഥം ഒഴിവാക്കാം.

മഹാമാതാവും മഹാപിതാവും ചേർന്ന പ്രപഞ്ചമായി അവതരിച്ചു കൊണ്ട് ദൈവം പ്രപഞ്ചരൂപത്തോടെ സൃഷ്ടികൾക്ക് നൽകുന്ന ആനന്ദങ്ങളെ ആസ്വദിച്ചു കൊണ്ട് സൃഷ്ടികൾ അവരവർക്കു വേണ്ടി ജീവിക്കുക എന്നല്ലാതെ അവയ്ക്ക് കടമകളില്ല. ദൈവം, ജീവികളെ സൃഷ്ടിക്കുന്നത് ജീവിപ്പിക്കാനാണ്. ദൈവം സൃഷ്ടിച്ചിട്ടുള്ള എല്ലാ

ജീവികളും ജീവിക്കുന്നതിൽ നിന്ന് അത് തെളിയുന്നുണ്ട്. സൃഷ്ടികൾ ജീവിക്കേണ്ടത് ആനന്ദിക്കാൻ മാത്രമാണ്. മനുഷ്യൻ ഉൾപ്പെട്ട ജീവികളെല്ലാം കൂടുതൽ ആനന്ദിക്കാൻ പരിശ്രമിക്കുന്നതിൽ നിന്ന് ജീവിക്കുന്നത് ആനന്ദിക്കാനാണെന്നു തെളിയുന്നുണ്ട്.

ആയിരം കോടിയിലേറെ വർഷങ്ങളായിട്ട് ഏകദൈവമായ ശിവ, ഭാഗമായ ശിവനെയും ഒപ്പം കൂട്ടി ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനുമായി അവതരിച്ച് സൃഷ്ടിചക്രങ്ങളായ കാലഘട്ടങ്ങളെ ആവിഷ്ക്കരിച്ചുകൊണ്ട് പ്രപഞ്ചരൂപത്തോടെ തന്നെ സൃഷ്ടികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മഹാഭദ്രമായിട്ട് നേരിട്ടു നിർവ്വഹിക്കുകയാണ്.

ഏതാനും വർഷത്തെ ആയുസ്സാണ് ജീവികൾക്ക് തജ്ജന്മത്തിൽ ലഭിക്കുന്നതെന്ന് മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളുടെ ജീവിതത്തിൽനിന്ന് മനസ്സിലാക്കാം. ജീവികളുടെ മേൽ ദൈവവും സ്ഥിതിപാത്രവുമായ ഭൂമി നടപ്പാക്കുന്ന മഹാനീതിയുടെ ഭാഗമാണ് മരണമെന്നത് നീതികാര്യങ്ങളിൽ മനുഷ്യർ തലയിടരുതെന്ന താക്കീതും കൂടിയാണ്. ദൈവത്തിന്റെ അവതാരമായ ഭൂമിയുടെ സ്വത്വവും, ജീവികൾക്കെല്ലാം ജീവനുമായ ഓക്സിജൻ, സ്വത്വങ്ങളായ ആത്മാക്കളെ ശരീരത്തിൽ നിന്ന് പുറത്താക്കുകയും ശരീരത്തെ മൂലമായ ഭൂമിക്ക് മടക്കിനൽകുന്ന പ്രവൃത്തി തുടങ്ങുന്നതുമാണ് മരണം. ജീവികളെ തനിച്ചും കൂട്ടമായും മുഴുവനായും ആനന്ദിപ്പിക്കാനും, സ്തംഭിപ്പിക്കാനും, സ്ഥിരമായോ താൽക്കാലികായോ മരിപ്പിക്കാനും മഹാശക്തിയുള്ള ഓക്സിജനാണ് മഹാനീതിയും മഹാവാത്സല്ല്യവുമായ ദൈവം എന്നറിയുമ്പോഴും സ്വന്തം ഇഷ്ടമായ ഓംകാര നീതിശാസ്ത്രം പ്രകാരം ഓക്സിജൻ നടപ്പാക്കുന്ന മഹാഭരണത്തെയും മഹാനീതിയെയും തടയാൻ മനുഷ്യൻ ഉൾപ്പെട്ട സൃഷ്ടികൾക്കു കഴിയുന്നതല്ല!

ഭൂമിയുടെ അംശമായ എല്ലാ വസ്തുക്കളും സൃഷ്ടികൾക്കു വേണ്ടിയുള്ള ഓരോരോ ആനന്ദങ്ങളും ശക്തികളും ശാസ്ത്രങ്ങളുമാണ്. മനുഷ്യരുടെ കോശങ്ങളും അവയവങ്ങളും വിസർജ്ജ്യങ്ങളും പ്രത്യുല്പാദന ബീജങ്ങളും രോഗങ്ങളും രോഗമുക്തിയും മുറിവുകളും അവയവങ്ങളുടെ വ്യത്യസ്തമായ നിറങ്ങളും സൗന്ദര്യവും രുചിയും ഗന്ധവും ആയുസ്സും ആരോഗ്യവും ഇന്ദ്രിയ ശക്തികളും ബുദ്ധി-ശക്തിയും ഓർമ്മശക്തിയും തൊഴിൽ അഭിരുചികളും വിനോദ അഭിരുചികളും ജനന-സ്ഥലവും ജനനവും മരണവും; കൂടാതെ വായുവും ജലവും മണ്ണും ഭക്ഷണവും കാറ്റും വെളിച്ചവും മഴയും വെയിലും പ്രളയവും ഭൂചലനവും സുനാമിയും മഞ്ഞും കുളിരും ഭൂചലനവും ഭൂമിയും സൂര്യനും ചന്ദ്രനും ആകാശവും മറ്റും പ്രകാരമാണ് മനുഷ്യൻ ഉൾപ്പെടെ എല്ലാ സൃഷ്ടികളും എക്കാലവും ജീവിക്കുന്നത്. അവയിൽ ലയിച്ചിരിക്കുന്ന അനന്തമായ ആനന്ദങ്ങളും ശക്തികളും ശാസ്ത്രങ്ങളുമാണ് ജീവികളുടെ ജീവിതത്തിന് ആധാരം.

മഹാശക്തിയും അനന്തമായ ആനന്ദങ്ങളുമാകുന്ന ഭൂമിയായിട്ട് സൃഷ്ടികൾക്കു വേണ്ടിമാത്രം സർവ്വം മഹാഭദ്രമാക്കിക്കൊണ്ട് ദൈവം അവതരിച്ചിരിക്കുകയാണ്. ദൈവമായ ഭൂമിയുടെ സൂക്ഷ്മമായ ആറ്റങ്ങളിലെ ഘടകങ്ങളെല്ലാം ശാസ്ത്രപരമായി നിരന്തരം പ്രവർത്തിച്ചാണ് ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്നത്. വിശേഷ ബുദ്ധിയെ ദുരുപയോഗം ചെയ്ത് ഭൗതികമായ അസ്തിത്വം ഇല്ലാത്ത മതജാതി- രാഷ്ട്രീയ -വർഗ്ഗ-ദേശ പരങ്ങളും മറ്റുമായ കോപ്രായങ്ങളെ മനുഷ്യർ തട്ടിക്കൂട്ടുമ്പോൾ അവയെ മഹാഉചിതമായി പരിഹരിക്കാനുള്ള ന്യൂനശക്തികളും ധർമ്മശാസ്ത്ര ബന്ധനവുമെല്ലാം ആറ്റങ്ങളിലെ ഘടകങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്.

സർവ്വവും ഭൂമിയിൽ മഹാഭദ്രമാണ്. സർവ്വം ഭദ്രമാക്കാൻ കഴിവുള്ളതും ഭൂമിക്കാണ്. മഹാശക്തിയായ ഭൂമി, സ്വന്തം അംശമായ വസ്തുക്കളിലൂടെയും, അവയെ കൊണ്ട് സൃഷ്ടിക്കുന്ന ജീവികളുടെ ശരീരങ്ങളിലൂടെയും നൽകുന്നതും നടപ്പാക്കുന്നതുമായ ആനന്ദങ്ങളും സംരക്ഷണവും ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും സൗന്ദര്യവും കാലവും ശരണവും മഹാനീതിയുമെല്ലാം പ്രകാരമാണ് ജീവികളെല്ലാം ജീവിക്കുന്നത്.

ഭൂമിയുടെ അംശമായ വസ്തുക്കളിലും രൂപാന്തരമായ ജീവികളുടെ ശരീരങ്ങളിലും ലയിച്ചിരിക്കുന്ന ഭൗതികശാസ്ത്ര നിയമങ്ങളെ മനുഷ്യാവസ്ഥയിൽ വച്ച് വിശേഷ ബുദ്ധിയുടെ അനുബന്ധമായി ലഭിക്കുന്നതിനാൽ ഭക്ഷണം, വസ്ത്രം, പാർപ്പിടം, എന്നീ അടിസ്ഥാന ജീവിത ഘടകങ്ങളിൽ പരിഷ്ക്കാരങ്ങളായ ആനന്ദങ്ങളെ കണ്ടെത്താനും അനുഭവിക്കാനും കഴിയുന്നു. കൂടാതെ; സൈക്കിൾ- ബൈക്ക് റിക്ഷ കാർ ബസ് വള്ളം ബോട്ട് കപ്പൽ വിമാനം തുടങ്ങിയ വാഹനങ്ങൾ, സർജറി ഉൾപ്പെടെയുള്ള ചികിത്സകൾ, വൈദ്യുതി ആണവനിലയം റേഡിയോ ടെലിവിഷൻ യന്ത്രങ്ങൾ കമ്പ്യൂട്ടർ ഇന്റർനെറ്റ് മൊബൈൽ ഫോൺ തുടങ്ങി അനന്തമായ പലതരം ആനന്ദങ്ങളും ലഭിക്കുന്നുണ്ട്. മനുഷ്യന്റെ സ്വന്തമെന്ന് കരുതുന്ന ശരീരത്തിലെ അവയവങ്ങൾ, സ്ത്രീപുരുഷൻ, സൗന്ദര്യം, നിറം, മുഖഛായ, ആയുസ്സ്, ആരോഗ്യം, ബുദ്ധി ശക്തി, ഓർമ്മ ശക്തി, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ജനനസ്ഥലം, വിരലടയാളം കൺമണി ഡിഎൻഎ, രോഗങ്ങൾ രോഗമുക്തി, ഇന്ദ്രിയങ്ങൾ, പ്രത്യുല്പാദന സംവിധാനങ്ങൾ, ജനനം, മരണം, കാലം, തുടങ്ങിയ ആനന്ദങ്ങളും വേദനകളും ജന്മഗുണങ്ങളുമായ മഹാനീതി ലഭിക്കുന്നത് ഭൂമിയുടെ അംശമായ ജീവികളുടെ ശരീരം ഉൾപ്പെടെയുള്ള വസ്തുക്കളിലൂടെ മാത്രമാണെന്നും; ചെയ്യുന്നത് ആത്മാക്കളല്ലെന്നും തെളിയുന്നുണ്ട്. ഭൂമി ചെയ്യുന്ന കാര്യമാണ് മഹാനീതിയെന്ന് വിശേഷ ബുദ്ധി കൊണ്ട് മനസ്സിലാക്കാം. മഹാശക്തിയായ ദൈവം മഹാനീതി നടപ്പാക്കിയാൽ മാത്രമേ, ദൈവം മഹാനീതിയും മഹാനീതിപതിയും ആവുകയുള്ളൂ. മഹാനീതിശാസ്ത്രം, ഉൾപ്പെടെ ദൈവകാര്യങ്ങളെ സൃഷ്ടിചക്രങ്ങളുടെ രണ്ടാമത്തെ പകുതിയിൽ സത്യയുഗം ആരംഭിക്കുന്നതിനു മുമ്പ് ദൈവത്തിന്റെ ഭാഗവും പരമാത്മാവും മഹാപിതാവുമായ പരമശിവനിലൂടെ ദൈവം തന്നെ മഹാഉചിതമായി വെളിപ്പെടുത്തുകയാണു ചെയ്യുന്നത്. സ്വത്വം പോലും സ്വന്തമായിട്ടില്ലാത്ത മനുഷ്യർ, അവകാശവും അധികാരവും ഇല്ലാത്ത ദൈവ കാര്യങ്ങളിൽ ഇടപെടാൻ ശ്രമിക്കാതെ ഭൂമിയുടെ അംശമായ വസ്തുക്കളിൽ ഭൗതിക ശാസ്ത്ര നിയമങ്ങളോടൊപ്പം ലയിച്ചിരിക്കുന്ന ധർമ്മശാസ്ത്ര നിയമങ്ങളെ അറിയാനും അവ പ്രകാരം ആനന്ദിച്ചു ജീവിക്കാനും മാത്രം എക്കാലവും ശ്രദ്ധിക്കേണ്ടിയിരുന്നു.

ദൈവത്തിന്റെ അവതാരമായ ഭൂമിയുടെ അംശമായ വസ്തുക്കളും ശരീരവും നൽകുന്ന ശക്തികളും, വിശേഷ ബുദ്ധിയും, അനുബന്ധമായ ശാസ്ത്രങ്ങളും കൊണ്ട് സ്വത്വം പോലും സ്വന്തമല്ലെന്ന് തിരിച്ചറിയാൻ മനുഷ്യാവസ്ഥയിൽ വച്ച് കഴിയുന്നുണ്ട്. മനുഷ്യൻ ഉൾപ്പെടെയുള്ള ഭൂമിയുടെ സൃഷ്ടികൾക്ക് (ആനന്ദിച്ചു) ജീവിക്കാനുള്ള നിയമങ്ങളെ ഉണ്ടാക്കാനുള്ള യോഗ്യതയും അവകാശവും സൃഷ്ടികൾക്ക് ഇല്ല. സദാ

അനുഭവിച്ചു കൊണ്ട് സ്വത്വം പോലും സ്വന്തമായിട്ട് ഇല്ലാത്തവരും ഒരല്പം ശൂന്യത ഉൾപ്പെടെ യാതൊന്നും സൃഷ്ടിക്കാൻ കഴിവില്ലാത്തവരുമായ മനുഷ്യർ, ആത്മീയതട്ടിപ്പ്, മാനുഷിക ഭരണകൂടങ്ങൾ, സൈന്യം, ആയുധങ്ങൾ തുടങ്ങിയവ കൊണ്ട് ദൈവമായ ഭൂമിയെയും പ്രദേശങ്ങളെയും രക്ഷിക്കുന്നവരായി ഭാവിക്കുന്നതും സൃഷ്ടികൾക്കു വേണ്ടി ഭൂമി ഒരുക്കിയിട്ടുള്ള ആനന്ദങ്ങളെ ദൈവത്തിനെന്ന പേരിലും മറ്റും ധർമ്മ ശാസ്ത്ര വിരുദ്ധമായി ഉപയോഗിക്കുന്നതും ദൈവ നിന്ദയാണ്, വലിയ പാപമാണ്, ഓംകാരനീതിശാസ്ത്ര പ്രകാരമുള്ള ശിക്ഷകൾ അളവോടെ ലഭിക്കുന്നതുമാണ്!

ഭൗതിക അസ്തിത്വം ഇല്ലാത്തതായ രാഷ്ട്രങ്ങൾ, മതങ്ങൾ, രാഷ്ട്രീയ സാമ്പത്തിക ഇസങ്ങൾ തുടങ്ങിയവയും; അവയുമായി ബന്ധപ്പെട്ട രാഷ്ട്ര-ഭരണഘടന, നിയമസഭ, കോടതി, സൈന്യം, നികുതികൾ, ലൈസൻസുകൾ, തുടങ്ങിയവയും, വിശേഷ ബുദ്ധി ഉചിതമായി ഉപയോഗിക്കാതെ ജീവിച്ചതും ജീവിക്കുന്നവരുമായ മനുഷ്യരും അവരിലൂടെ ജന്മംകൊണ്ട ദേവതകളും ഉണ്ടാക്കിയ ബഹുവിധമായ അസംബന്ധങ്ങൾ മാത്രമാണ്. വിശേഷ ബുദ്ധിയെ ശരിയായി ഉപയോഗിക്കാതെ ദൈവകാര്യമായ ആത്മീയതയിൽ തട്ടിക്കൂട്ടിയ കോമാളിത്തങ്ങൾ സൃഷ്ടികൾക്ക് ജീവിക്കാൻ ആവശ്യമില്ലാത്തവയാണ്. സമൂഹ ജീവിയായി ജീവിക്കുന്നതിന് വിശേഷ ബുദ്ധിയെ നൽകിയിട്ടുള്ള മനുഷ്യന്റെ സാമൂഹിക ജീവിതത്തിന് ആവശ്യമായ സദാചാര ശാസ്ത്രം, സാമ്പത്തിക ശാസ്ത്രം, തൊഴിൽ ശാസ്ത്രം, ജനസേവന ശാസ്ത്രം, തുടങ്ങിയ ധർമ്മ ശാസ്ത്ര ശാഖകളും ഭൗതിക ശാസ്ത്രത്തോടൊപ്പം ദൈവത്തിന്റെ അവതാരമായ ഭൂമിയിൽ ലയിച്ചിട്ടുണ്ട്. അവ പ്രകാരം ആനന്ദിച്ചു ജീവിച്ചാൽ മതി. ദൈവത്തെ കാണാൻ മുട്ടിനിൽക്കുന്നവർ സ്വന്തമെന്ന് കരുതുന്ന ശരീരത്തിലേക്കും ഭൂമിയിലേക്കും നോക്കിയാൽ മതിയാകും !

ഏകമഹാസത്യമായ ദൈവത്തിന് രണ്ടോ അനന്തമോ ആയിട്ട് വിഭജിച്ചു കൊണ്ട് മഹാസത്യമായി തുടരാൻ കഴിയും. ശിവ, ശിവൻ എന്നിങ്ങനെ മഹാസത്യം സ്വയം രണ്ടായി വിഭജിച്ചിട്ടുണ്ട്. മഹാസത്യമായ ദൈവം പ്രപഞ്ചമായി അവതരിക്കുന്നതിനു മുമ്പുള്ളതായ കാര്യത്തെ ഗ്രന്ഥകാരന് എങ്ങനെ അറിയാമെന്ന ചോദ്യം പ്രസക്തമാണ്. സുപ്രധാനമായ ഒരു വാചകം കുറിച്ചശേഷം മാത്രം അക്കാര്യം വിശദീകരിക്കേണ്ടതുണ്ട്. **ഏകമഹാസത്യം കൂടാതെ ഏകമഹാശക്തിയുമായ ദൈവത്തിന് അനന്തമായി സ്വന്തം ശക്തികളെ വിഭജിച്ചു കൊണ്ട് ഏകമഹാശക്തിയായി തുടരണമെങ്കിൽ, അനന്തമായ എല്ലാ ശക്തികളെയും നയിക്കുന്ന ഒരു സ്വത്വം ഉണ്ടായിരിക്കണം (ഓക്സിജനാണത്).** മഹാസത്യം 'ശിവയും ശിവനുമായി' രണ്ടാകുമ്പോൾ, മഹാശക്തിയായ ഓക്സിജൻ ശിവയാണ്. ശക്തികളും ജ്ഞാനവും ശിവ നൽകുമ്പോൾ മാത്രം ശിവന് ലഭിക്കും! മഹാസത്യവും മഹാശക്തിയും ശിവയുമായ ഏകദൈവത്തിന്റെ ഭാഗമായ ശിവൻ ആണ് ഗ്രന്ഥകാരൻ. ശിവനെയും കൂട്ടി 'ശിവ'യാണ് മഹാഭദ്രമായിട്ട് ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനുമായ പ്രപഞ്ചഭാഗങ്ങളായിട്ട് അവതരിച്ചു കൊണ്ട് സൃഷ്ടികളുടെയെല്ലാം സൃഷ്ടി സ്ഥിതി സംഹാരങ്ങളെ നിർവ്വഹിക്കുന്നത്. മഹാസത്യവും ഏകമഹാശക്തിയുമായ ശിവ; സ്വന്തം ഭാഗവും മഹാസത്യവുമായ ശിവനെ മഹാശക്തനാക്കുന്നുണ്ട്; ഈ മഹാഗ്രന്ഥത്തിൽ വിവരിച്ചിട്ടുമുണ്ട്.

ആമുഖത്തിൽ ദൈവകാര്യങ്ങളെയും അല്പം വിവരിക്കേണ്ടതുണ്ട് :

ഏകമഹാസത്യവും ഏകമഹാശക്തിയും; ജീവിയോ സ്ത്രീയോ പുരുഷനോ

അല്ലാത്തതുമായ ദൈവത്തിന്റെ അവസ്ഥയെ പരിചയപ്പെടുത്തുന്ന പേരാണ് ബ്രഹ്മം. പരം = ശ്രേഷ്ഠം. 'ബ്രഹ്മത്തിന്റെ ശ്രേഷ്ഠ രൂപമാണ് പരബ്രഹ്മം' ആയിരിക്കുന്ന പ്രപഞ്ചം. സൃഷ്ടികളുടെ സൃഷ്ടിസ്ഥിതിസംഹാരങ്ങളെ ചെയ്യാനാണ് പരബ്രഹ്മമായ പ്രപഞ്ചമായി ദൈവം അവതരിച്ചിരിക്കുന്നത്. അതോടെ സൃഷ്ടികളും പ്രപഞ്ചത്തിന്റെ ഭാഗമായി.

സൃഷ്ടികൾക്ക് ആനന്ദിച്ചു ജീവിക്കാൻ വേണ്ടതെല്ലാം തുടർച്ചയായിട്ടും, ഇടനിലക്കാരെ വയ്ക്കാതെ നേരിട്ടും നൽകാനായിട്ട് ഘട്ടം ഘട്ടമായി

സൃഷ്ടികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ നിർവ്വഹിക്കാനുള്ള മഹാപാത്രമായിട്ടും അന്തമില്ലാത്ത മഹാശൂന്യതയായിട്ടും ആകാശവും, ഭൂമിയും, സൂര്യനും, ചന്ദ്രനും പരബ്രഹ്മമായ പ്രപഞ്ചത്തിലെ ദൈവ ഭാഗങ്ങളാണ്.

ഏകമഹാസത്യവും ഏകമഹാശക്തിയും; ജീവീയോ സ്ത്രീയോ പുരുഷനോ അല്ലാത്തതുമായ ദൈവത്തിന് രണ്ടോ അനന്തമോ ആയിട്ട് വിഭജിച്ചു കൊണ്ടും, രൂപങ്ങളെ സ്വീകരിച്ചും സ്വീകരിക്കാതെയും ഇഷ്ടംപോലെ നിലനിൽക്കാൻ കഴിയും. മഹാശക്തികളെ പ്രകടിപ്പിക്കാതെ അനിർവചനീയ മഹാസത്യമായും നിലനിൽക്കാം. ഘടകങ്ങൾക്ക് മഹാശക്തികളെ നൽകുന്നതും നൽകാത്തതും ഏകദൈവത്തിന്റെ ഇഷ്ടം മാത്രമാണെങ്കിലും, നിബന്ധനകൾ ഇല്ലാതെ മഹാശക്തികളെ നൽകിയാൽ മഹാശക്തികളായ അനവധി ദൈവങ്ങൾ ഉണ്ടാകുന്നതാണ്. ഭാര്യയും ഭർത്താവും എന്നതു പോലെ രണ്ടു പാതികളായി ഏകമഹാസത്യവും ഏകമഹാശക്തിയുമായ ദൈവം സ്വയം വിഭജിച്ചാൽ രണ്ടു ദൈവങ്ങൾ ഉണ്ടാകും. ഭാര്യയും ഭർത്താവും എന്നതുപോലെ രണ്ടായിക്കൊണ്ട് ഏകമഹാശക്തിയായിട്ടു തുടരണമെങ്കിൽ; മഹാസത്യത്തിന്റെ രണ്ടാമത്തെ ഭാഗം നിർജ്ജീവമായതോ ആദ്യത്തെ ഭാഗം നിശ്ചയിക്കുന്ന നിബന്ധനകളാകുന്ന ഇഷ്ടങ്ങളോടെ മാത്രമുള്ള ശക്തികളെ ലഭിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന അവസ്ഥയിൽ ആയിരിക്കണം.

രണ്ടായിരിക്കുന്ന മഹാസത്യമായ ഏകദൈവം, സൃഷ്ടികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ നിർവ്വഹിക്കാൻ തയ്യാറാകുന്നത് മഹാശക്തിയായ മഹാമാതാവും ഭാഗമായ മഹാപിതാവുമായി ക്കൊണ്ടാണ്. സൃഷ്ടികൾക്കു വേണ്ടി 'ശിവ, ശിവൻ' എന്നീ മഹാനാമങ്ങളെ സ്വീകരിച്ചിട്ടുണ്ട്. 'ശിവാ' എന്നുമാത്രം 2 ദൈവഭാഗങ്ങളെയും വിളിക്കാൻ കഴിയും ! കർത്താവായ ഏകദൈവം 'ശിവ' മാത്രമാണ്. ശിവയുടെ മാത്രം ഇഷ്ടം പോലെ ശിവയുടെ ഭാഗമായ ശിവൻ ദൈവകരാർ പ്രകാരം നിർജ്ജീവമായും മഹാദാസനായും മഹാശക്തനായുമെല്ലാം പ്രവർത്തിക്കുന്നത് മഹാഗ്രന്ഥത്തിലുണ്ട്.

മഹാസത്യവും മഹാശക്തിയുമായ ശിവയും ഭാഗമായ ശിവനും ആനന്ദങ്ങൾ ഉൾപ്പെട്ട സർവ്വത്തിനും അതീതമാണെങ്കിലും; സൃഷ്ടികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യാനായിട്ട് സൃഷ്ടികൾക്കു തന്നെ തിരിച്ചുനൽകുന്നതായ 'മഹാവാത്സല്ല്യത്തെയും മഹാദാസ്യത്തെയും' ശിവയുടെയും ശിവന്റെയും ആനന്ദങ്ങളായി ശിവ നിശ്ചയിച്ചിട്ടുണ്ട്. സൃഷ്ടികളുടെ കാര്യത്തിൽ ആനന്ദങ്ങൾക്കതീതമായി ദൈവം തുടരുകയും ചെയ്യുന്നു!

സ്വത്വം പോലും സ്വന്തമായിട്ട് ഇല്ലാത്തതായ സൃഷ്ടികളെ സൃഷ്ടിക്കുന്നതിനു മുമ്പ്,

കർത്താവായ ദൈവം സൃഷ്ടികൾക്കു നൽകാൻ ഉദ്ദേശിച്ചിട്ടുള്ള ആനന്ദങ്ങളെയും; സൃഷ്ടികൾക്ക് പ്രസ്തുത ആനന്ദങ്ങളെ ആസ്വദിക്കാൻ കഴിയുന്ന ശക്തികളെയും, ജ്ഞാനമായ ശാസ്ത്രങ്ങളെയും, സ്വാതന്ത്ര്യത്തെയും, കാലത്തെയും, ശരണത്തെയും, മഹാനീതിയെയുമെല്ലാം ഒരുക്കണം. അനന്തമായ ആനന്ദങ്ങളെ അനന്തകാലം സൃഷ്ടികൾക്ക് ആസ്വദിക്കാനും നേടാനും കഴിയണമെങ്കിൽ സൃഷ്ടികൾക്കായിട്ട് ഒരുക്കുന്ന ആനന്ദങ്ങളും ശക്തികളുമെല്ലാം എത്ര അളവിൽ ഉപയോഗിച്ചാലും തുടർന്നാലും അവ അവസാനിക്കാൻ പാടില്ല. അതിന് സൃഷ്ടികളുടെ എണ്ണവും സ്വഭാവവും വലിപ്പവും കാലങ്ങളും ശരണവും ശക്തികളും ശാസ്ത്രങ്ങളും മഹാനീതിയുമെല്ലാം ചിട്ടപ്പെടുത്തിക്കൊണ്ട് നിരന്തരം മഹാശക്തിയായി പ്രവർത്തിക്കേണ്ടതുണ്ട്. ആറ്റങ്ങളിലെ ഘടകങ്ങൾ ചെയ്യുന്നുമുണ്ട്.

മഹാശക്തിയായ ശിവയുടെ ആദിയും അന്തവും ഇല്ലാത്ത മഹാശക്തികളെയും മഹാജ്ഞാനമാകുന്ന മഹാശാസ്ത്രങ്ങളെയും ലയിപ്പിച്ചു കൊണ്ട് സൃഷ്ടികൾക്ക് അനന്തകാലം അനന്തമായ ആനന്ദങ്ങളെ ആസ്വദിക്കാനും നേടാനുമുള്ളവയായിട്ട് സ്വന്തം ഭാഗമായ ശിവനെയും ചേർത്ത് ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനും ചേർന്ന പ്രപഞ്ച-ഭാഗങ്ങളായി അവതരിച്ചിരിക്കുകയാണ്. ഈ ദിവ്യമഹാവേദഗ്രന്ഥത്തിൽ ശാസ്ത്ര പരമായി തെളിയിക്കുകയും വിശദീകരിക്കുകയും ചെയ്തിട്ടുള്ള മഹാനീതി ശാസ്ത്രമായ ഓംകാര നീതിശാസ്ത്രം പ്രകാരം കാലാനുസൃതമായിട്ട് സൃഷ്ടികളെ ദൈവം വർദ്ധിപ്പിക്കുന്നതായിട്ടും മഹാപ്രപഞ്ചം വളരുന്നതായിട്ടും ലഭ്യമായ വിശേഷ ബുദ്ധിയെ കൊണ്ട് മനസ്സിലാക്കാൻ കഴിയും. സൃഷ്ടികളുടെ സൃഷ്ടി സ്ഥിതി സംഹാര പാത്രവും മഹാശൂന്യതയുമായ ആകാശവും, സൃഷ്ടികളായ ആത്മാക്കൾക്ക് ജീവികളായിട്ട് ജീവിക്കാൻ ആവശ്യമാകുന്ന സ്ഥിതി പാത്രങ്ങൾ മാത്രമായ ഭൂമിയും ചന്ദ്രനും; പിന്നെ സംഹാരപാത്രമായ നക്ഷത്ര ലോകവും ക്രമേണ വളർന്നു വലുതാകും. (സൃഷ്ടി ചക്രങ്ങളുടെ രണ്ടാമത്തെ പകുതിയിലെ സത്യയുഗത്തിനു ശേഷം സംഹാരം ആരംഭിക്കുമ്പോൾ; മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ എന്നീ ജീവികളിൽ സസ്യം പക്ഷി മൃഗം എന്നിവയെ മാത്രം ഭാഗികമായി ചന്ദ്രനിൽ പുനർജ്ജനിപ്പിക്കുന്നുണ്ട്). ഓരോ സൃഷ്ടിചക്രത്തിലും മനുഷ്യാവസ്ഥയിൽ വച്ച് സൃഷ്ടികൾ നക്ഷത്രദേവതകളായി സംഹാരമാകുന്ന മോക്ഷത്തെ നേടുമ്പോൾ, ദൈവത്തിന്റെ പ്രഥമ അവതാരവും മഹാശൂന്യതയുമായ ആകാശവും വളരണമെന്ന് ലളിതമായി മനസ്സിലാക്കാനാവും. ആകാശത്തിന്റെ ഒപ്പം തന്നെ അവതരിച്ചിട്ടുള്ള ഭൂമിയാണ് ദൈവത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട അവതാരം. കാരണം സ്ഥിതി പാത്രവും മഹാശക്തിയുമായ ഭൂമിയാണ് കുഞ്ഞുങ്ങളും സൃഷ്ടികളുമായ ആത്മാക്കൾക്ക് ജീവികളായിട്ട് ജീവിക്കാൻ വേണ്ടിയുള്ള അനന്തമായ ആനന്ദങ്ങളും, അവയെ ആസ്വദിക്കാനും നേടാനുമുള്ള ഉപാധികളായ ശക്തികളും മഹാശാസ്ത്രങ്ങളും സ്വാതന്ത്ര്യവും കാലവും ശരണവും മഹാനീതിയുമെല്ലാമായി അവതരിച്ച് സൃഷ്ടികളായ കുഞ്ഞുങ്ങൾക്ക് ആനന്ദിച്ചു ജീവിക്കാൻ വേണ്ടതെല്ലാം ഭൂമിയുടെ അംശമായ പ്രദേശങ്ങളിലൂടെയും വസ്തുക്കളിലൂടെയും അവയെ കൊണ്ട് സൃഷ്ടിക്കുന്ന ജീവികളുടെ ശരീരത്തിലെ അവയവങ്ങളിലൂടെയും വിസർജ്ജന വസ്തുക്കളിലൂടെയും ബീജങ്ങളിലൂടെയുമെല്ലാം നേരിട്ടു നൽകുന്നത്. സ്ഥിതിപാത്രമായ ഭൂമിയായി അവതരിച്ചതിനു ശേഷം സൂര്യൻ എന്ന സൃഷ്ടി പാത്രത്തിൽ വച്ച് ഏകമഹാശക്തിയായ ശിവ തന്നെയാണ്, ഭാഗവും നിർജ്ജീവവും കൂടിയായ ശിവനുമായി ചേർന്ന് ശിവന്റെ മാത്രം കുഞ്ഞുങ്ങളും സ്ത്രീ

പുരുഷ പകുതി-കളുമായിട്ട് ആത്മാക്കളെ പ്രകാശ രൂപത്തോടെ സൃഷ്ടിക്കുന്നത്.

സ്വന്തം ശക്തികളെ സ്വത്വം പോലും സ്വന്തമായിട്ട് ഇല്ലാത്തതായ സൃഷ്ടികൾക്കു വേണ്ടിയുള്ള അനന്തമായ ആനന്ദങ്ങളും ശക്തികളും, മഹാജ്ഞാനമാകുന്ന ഭൗതിക-ധർമ്മ-നീതി-ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും കാലവും ശരണവും മഹാനീതിയുമെല്ലാം ആയിട്ട് ഏകമഹാശക്തിയായ ശിവ, സ്വന്തം ഭാഗമാക്കിയ ശിവനുമായി ചേർന്ന് സ്വയം വ്യവസ്ഥപ്പെടുത്തിയിരിക്കുകയാണ്. സർവ്വത്തിന്റെയും ആധാരം ശിവയുടെ ആദിയും അന്തവും ഇല്ലാത്തതും അനിർവ്വചനീയവുമായ മായാശക്തികളാണ്. സർവ്വവും തുടർച്ചയായി ഒരുക്കുന്നത് എല്ലാ വസ്തുക്കളുടെയും സൂക്ഷ്മ അംശമായ ആറ്റങ്ങളിലെ പ്രധാന ഘടകവും ശിവയുമായ പ്രോട്ടോണുകൾ, ശവനും ശിവനുമായ ഇലക്ട്രോണുകളെ നിരന്തരം ചാക്രികമായും ഇഷ്ടം പോലെയും ചലിപ്പിച്ചാണ്.

എല്ലാ ആറ്റങ്ങളുടെയും ആധാരം ഏകദൈവമായ ശിവയും, ഭാഗമായ ശിവനുമാണ്. ശിവ ആറ്റങ്ങളിലെ പ്രോട്ടോണുകളാണ്; ശിവൻ ഇലക്ട്രോണുകളും. മുഖ്യ ഘടകങ്ങൾ അവ രണ്ടുമാണെന്ന് പോസിറ്റീവ്, നെഗറ്റീവ് ചാർജ്ജുകൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. എല്ലാ വസ്തുക്കളുടെയും സൂക്ഷ്മ അംശം ആറ്റങ്ങളാണ്; അവയിലെ ശിവയായ പ്രോട്ടോണുകളുടെ പ്രഭാവം ശിവനാകുന്ന ഇലക്ട്രോണുകളെ സദാ ചലിപ്പിക്കുന്നു. ഏതൊന്നും ചലിക്കുമ്പോൾ ശബ്ദം ഉണ്ടാകുന്നതാണ് എന്ന ഒരു ശാസ്ത്ര നിയമത്തെ സൃഷ്ടിച്ചുകൊണ്ട് പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളുടെയും സൂക്ഷ്മ അംശമായ ആറ്റങ്ങളിലേക്ക് പ്രപഞ്ചത്തിന് അതീതവും മഹാസത്യവുമായ ദൈവം 'ഓം' എന്ന 'ശബ്ദബ്രഹ്മം' ആയിട്ട് പ്രവേശിക്കുന്നു. ശക്തിശിവൻ പ്രണയമന്ത്രം, സൃഷ്ടി മന്ത്രം, ആദിവചനം, സംഹാര കാഹളം, ശബ്ദ ബ്രഹ്മം, അക്ഷര ബ്രഹ്മം, മഹാശാസ്ത്ര മൂലം, സർവ്വ ദേശ ഭൂമി ഗാനം, മഹാസംഗീതം, ഏകമഹാശബ്ദം, ദൈവ വിപ്ലവ ഗാനം, മഹാദേവിയുടെ മഹാചിരി, തുടങ്ങിയവ കൂടിയാണ് 'ഓം'. ശാസ്ത്ര വിശദീകരണം www.omsathyam.com/GodlyRevolution/Man.pdf എന്ന മഹാഗ്രന്ഥത്തിലുണ്ട്. കുറ്റങ്ങളും കുറവുകളും ഇല്ലാത്ത മഹാശാസ്ത്രപരമായ സംവിധാനങ്ങളോടെ പ്രപഞ്ചമോ ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്ത മഹാസത്യമായ ഏകദൈവം, ശിവയും മഹാമാതാവുമായ ഏകദൈവവും, ഭാഗവും മഹാപിതാവുമായ ശിവനുമായി ചേർന്ന് മഹാശക്തിയും പരബ്രഹ്മവുമായ പ്രപഞ്ചമായി അവതരിക്കുകയും; സ്വത്വം പോലും സ്വന്തമായിട്ടില്ലാത്ത ആത്മാക്കളെ സ്വന്തം കുഞ്ഞുങ്ങളായി സൃഷ്ടിച്ചു കൊണ്ട്, പരബ്രഹ്മമായ പ്രപഞ്ചത്തിന്റെ, ദൈവമല്ലാത്ത ഭാഗമാക്കിയിരിക്കുകയാണ്. മഹാശക്തിയും ശിവയും ശിവനുമായ ഭൂമിയുടെയോ, സൂര്യന്റെയോ അംശമാക്കുന്നില്ല. മാത്രമല്ല; സംഹാരമാകുന്ന നക്ഷത്രദേവതകളായിട്ട് മോക്ഷം നൽകുമ്പോൾ, ഭൂമിയിൽ നിന്ന് മോക്ഷരൂപമായ നക്ഷത്രങ്ങളെ കാണാനും അറിയാനും വഴിയുണ്ടാക്കിയിട്ടുണ്ട് എന്നതിനൊപ്പം ദൈവത്തിന്റെ പരമപ്രധാന അവതാരമായ ഭൂമിയിൽ നിന്നും വളരെ ദൂരെയാക്കി ക്കൊണ്ട് അവ ദൈവഭാഗമല്ലെന്ന് സുവ്യക്തമായി അറിയിക്കുന്നുണ്ട്.

ആറ്റങ്ങളിലെ ശബ്ദബ്രഹ്മം, ബോസോൺ, ഗ്ലൂവോൺ, ക്വാർക്കുകൾ, തുടങ്ങിയ ഘടകങ്ങൾ മഹാസത്യം, ജന്മഗുണങ്ങൾ, ന്യൂനശക്തികൾ, ധർമ്മശാസ്ത്ര ബന്ധനം തുടങ്ങിയവയായി പ്രോട്ടോൺ ആകുന്ന ശിവയുമായും; ന്യൂട്രോണുകൾ നിർജ്ജീവ പരമാത്മാവായ ശിവനുമായും ബന്ധപ്പെട്ടിരിക്കുന്നു. സൃഷ്ടികൾക്ക് ജീവികളായിട്ട്

# ॐ ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

ജീവിക്കാൻ വേണ്ടിയുള്ള സ്ഥിതി പാത്രവും, ദൈവത്തിന്റെ മുഖ്യ അവതാരവുമായ ഭൂമിയുടെ അംശമായ മൂലകങ്ങളും സംയുക്തങ്ങളും മിശ്രിതങ്ങളുമായ വസ്തുക്കളും അവയിലെ ശക്തികളും ശാസ്ത്രങ്ങളുമെല്ലാം തന്നെയാണ് ജീവികളുടെ ശരീര-കോശങ്ങളും അവയവങ്ങളും വിസർജ്ജ്യങ്ങളും പ്രത്യുല്പാദന ബീജങ്ങളുമായും അവയിലെ ശക്തികളും ശാസ്ത്രങ്ങളുമെല്ലാമായി പരിണമിക്കുന്നതെന്നും വിശേഷ ബുദ്ധിയെ ലഭിക്കുന്ന മനുഷ്യർക്ക് കാലാനുസൃതമായി മനസ്സിലാക്കാൻ കഴിയുന്നുണ്ട്. ദൈവത്തിന്റെ അംശം മാത്രമായ വസ്തുക്കളിലെ ശക്തികളും ശാസ്ത്രങ്ങളും പ്രകാരം മാത്രം വസ്തുക്കളെ ഉപയോഗിക്കാനും പരിണമിപ്പിക്കാനും വിശേഷ ബുദ്ധിയെ ക്കൂടി ദാനമായി ദൈവം നൽകിയിട്ടുള്ള മനുഷ്യരെ അനുവദിച്ചിട്ടുണ്ട് എന്നല്ലാതെ ഒരല്പം ശൂന്യതയെപ്പോലും സൃഷ്ടിക്കാൻ മനുഷ്യൻ ഉൾപ്പെടെയുള്ള സൃഷ്ടികൾക്ക് കഴിയില്ല എന്നതും വസ്തുക്കളെ ശരീരത്തിലെ കോശങ്ങളും അവയവങ്ങളും വിസർജ്ജ്യങ്ങളും പ്രത്യുല്പാദന ബീജങ്ങളും ജന്മഗുണങ്ങളും പോലെയുള്ള മഹാനീതികാര്യങ്ങളിൽ ഇടപെടാൻ കഴിയില്ലെന്നും അനുവദിക്കില്ലെന്നും അറിയണം!

വസ്തുക്കളിലെ ന്യൂട്രോണുകളെയും, ഹീലിയം ആറ്റത്തിലെ ന്യൂട്രോണായ ജീവാത്മാവിനെയും  മഹത്തായി ബന്ധിച്ചിരിക്കുന്നതു കൊണ്ടാണ് ശരീരവും ആത്മാവും അന്യോന്യം ലയിച്ചിരിക്കുന്നതു പോലെ 'ജീവിയായിട്ട്' പ്രവർത്തിക്കുന്നത്/ജീവിക്കുന്നത്.

ദൈവത്തിന്റെ മഹാജ്ഞാനമായ മഹാശാസ്ത്രപരമായിട്ട് ശബ്ദബ്രഹ്മവും ദൈവവിപ്ലവ ഗാനവും സർവ്വദേശഭൂമിഗാനവും ഒക്കെയായ ഓം മുഴക്കിക്കൊണ്ട് എല്ലാ സൃഷ്ടി ചക്രങ്ങളുടെയും രണ്ടാമത്തെ പകുതിയിൽ സത്യയുഗം ആരംഭിക്കുന്നതോടെ ദൈവ കാര്യങ്ങളിലും, ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളിലും  സംബന്ധിച്ച

മൂലകങ്ങളും, സംയുക്തങ്ങളും, മിശ്രിതങ്ങളും, ജീവികളുടെയെല്ലാം ശരീരങ്ങളും, വിസർജ്ജ്യങ്ങളും, വെളിച്ചവും വായുവും ജലവും കാറ്റും.     പ്രദേശങ്ങളും അവയുടെയെല്ലാം മൊത്തവുമായ ഭൂമി ദൈവത്തിന്റെ അവതാരമാണ്, മഹാശക്തിയായ ദൈവമാണ്, ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെയെല്ലാം നേരിട്ടു തന്നെ പ്രത്യക്ഷമായി ചെയ്യുകയുമാണ്. ദൈവത്തെ അന്വേഷിച്ചു നടക്കണ്ട. എല്ലാ ജീവികൾക്കും ജീവിക്കാൻ ആവശ്യമായ ശരണം ഉൾപ്പെടെ സർവ്വവും നൽകുന്നത് ഏകമഹാശക്തിയായ ശിവയും, ഭാഗമായ ശിവനും ചേർന്ന ഭൂമിയാണ്. സ്വത്വം പോലും സ്വന്തമായിട്ടില്ലാത്ത ആത്മാക്കളെ ഗൂഢമായി സൃഷ്ടിക്കുന്നതും, ഗൂഢമായി തന്നെ നിലനിർത്തുന്നതും അവയ്ക്കു വേണ്ടിയുമാണ്; അവയുടെ സുരക്ഷിതത്വവും സ്വാതന്ത്ര്യവും സമാധാനവും സന്തോഷവും ഉറപ്പാക്കാനാണ്!

# ॐ ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

ജീവീയോ സ്ത്രീയോ പുരുഷനോ അല്ലാത്തതായ ഏകദൈവം, മഹാമാതാവും മഹാപിതാവുമായിട്ട് രണ്ടായിക്കൊണ്ട് ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനുമായ പ്രപഞ്ചഭാഗങ്ങളായിട്ട് അവതരിക്കുന്നതും; സൂര്യനിൽ വച്ച് സൃഷ്ടികളും കുഞ്ഞുങ്ങളുമായിട്ട് ആത്മാക്കളെ ശിവനിൽ നിന്നുമാത്രം ശിവ സൃഷ്ടിക്കുന്നതും; സ്ഥിതി പാത്രവും ദൈവത്തിന്റെ അവതാരവുമായ ഭൂമിയിൽ വച്ച് മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ എന്നീ ജീവികളായി ജീവിച്ച് അനന്തമായ ആനന്ദങ്ങളെ പരിചയിക്കുന്നതും; മനുഷ്യാവസ്ഥയിലെ 100 ജന്മങ്ങൾക്കു ശേഷം, അനുഭവിച്ചറിഞ്ഞതായ ആനന്ദങ്ങളെ അനന്തകാലം ആസ്വദിച്ചു ജീവിക്കാൻ കഴിയുന്ന നക്ഷത്രദേവതകളായിട്ട് മോക്ഷം നേടുന്നതും; സ്വന്തം ഇഷ്ടം പോലെ ഭൂമിയിൽ മടങ്ങി വന്ന് സമൂഹ ജീവിതം നയിക്കാൻ കഴിയുന്നതും; കഴിഞ്ഞ ആയിരം കോടി വർഷങ്ങൾ നീണ്ട ആദ്യത്തെ മഹാകാല ചക്രത്തിലെ മനുഷ്യരുടെയും ദേവതകളുടെയും ഹ്രസ്വമായ ചരിത്രവും ഈ ദിവ്യ മഹാവേദഗ്രന്ഥത്തിൽ ശാസ്ത്രപരമായി വിശദീകരിച്ചിട്ടുണ്ട്.

ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്ത മഹാസത്യവും മഹാശക്തിയുമായ കർത്താവ്, 'മായ', 'മായാശക്തി', എന്നെല്ലാം വിശേഷിപ്പിക്കാൻ കഴിയുന്ന സ്വന്തം ആദിയും അന്തവും ഇല്ലാത്ത ശക്തികളെ കൊണ്ട് എല്ലാ ജീവികളുടെയും സൃഷ്ടി സ്ഥിതി സംഹാരങ്ങളെ നിർവ്വഹിക്കുകയാൽ, ജീവിയല്ലെങ്കിലും, മഹാജീവിയെപ്പോലെ തോന്നിക്കുന്ന ഏക മഹാശക്തിയും അനിർവ്വചനീയമായ ഏക മഹാസത്യവുമാണ്. കർത്താവായ ദൈവം, വിശേഷ ബുദ്ധിയെ നൽകിയിട്ടുള്ള സൃഷ്ടികളായ മനുഷ്യർക്ക് ദൈവ കാര്യങ്ങളെ ബോദ്ധ്യപ്പെടുത്താനായിട്ട് സ്വീകരിച്ച മഹാനാമം ആണ് 'ബ്രഹ്മം'. അനിർവ്വചനീയമായ മഹാസത്യമാകുന്ന 'ബ്രഹ്മത്തിന്' യാതൊരു രൂപവും ബാധകമല്ല. ബ്രഹ്മമായിരുന്നു കൊണ്ട് 'ശിവ' എന്ന ലളിതമായ നാമത്തോടെ 'ഏകമഹാശക്തിയായി' മാറാനും, 'ശിവൻ' എന്നൊരു നിർജ്ജീവ ഭാഗം കൂടി ചേർത്ത് രണ്ടാകാനും ശിവയുടെ ഇഷ്ടം പോലെ 'ശവനായും, മഹാശക്തനായും ശിവനെ' നിലനിർത്തിക്കൊണ്ടുതന്നെ ഏകമഹാശക്തിയായി തുടരാനും ബ്രഹ്മവും മഹാസത്യവുമായ ശിവയ്ക്ക് കഴിയും. ഏകമഹാശക്തിയും ഏകദൈവവുമായി തുടരാൻ 2 ഭാഗങ്ങൾക്കും ശക്തി പാടില്ല. ഭൗതിക രൂപമില്ലാത്ത മഹാശക്തിയായ ശിവയുടെയും, സ്വന്തം ഭാഗമായ ശിവന്റെയും ആനന്ദങ്ങൾ സൃഷ്ടികളുടെ വിഷയമല്ലെങ്കിലും സൂചിപ്പിക്കേണ്ടതുണ്ട്; ശിവനിലൂടെ ശിവ ചെയ്യുന്നുമുണ്ട്. ഏകദൈവമായ ശിവയുടെ ഭാഗമാണെങ്കിലും മഹാശക്തി അല്ലാത്തതു കൊണ്ട് ശിവൻ ദൈവമല്ല. ഭാഗമായ ശിവനെ, ദൈവകരാർ പ്രകാരം, ശവനും ഏകദാസനും ഭർത്താവും മഹാശക്തനുമായി കൂടെക്കൂട്ടിക്കൊണ്ട് സ്വത്വം പോലും സ്വന്തമായിട്ടില്ലാത്ത സൃഷ്ടികളുടെ സൃഷ്ടിസ്ഥിതിസംഹാരങ്ങളെ ചെയ്യാൻ മഹാശക്തിയും കർത്താവുമായ ശിവ തയ്യാറാകുന്നു. സൃഷ്ടികൾ ദൈവത്തിന്റെ ഭാഗമല്ല. വേറിട്ടാണെങ്കിലും, ശിവനിൽ നിന്നും, ശിവന്റെ നിർജ്ജീവ ഗുണങ്ങളോടെ സൃഷ്ടിക്കുകയാൽ ശിവന്റെ അംശങ്ങളായി സൃഷ്ടികളെ കണക്കാക്കേണ്ടതുമുണ്ട്.

സൃഷ്ടികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ആരംഭിക്കുന്നതിനു മുമ്പ് സൃഷ്ടികൾക്ക് ജീവിക്കാൻ ആവശ്യമാകുന്ന ആനന്ദങ്ങളെയും, ആനന്ദങ്ങളെയെല്ലാം ആസ്വദിക്കാനും നേടാനുമുള്ള ശക്തികളെയും ശാസ്ത്രങ്ങളെയും ശരണത്തെയും സ്വാതന്ത്ര്യത്തെയും കാലത്തെയും ശരണത്തെയും മഹാനീതിയെയുമെല്ലാം ദൈവമായ ശിവ ഒരുക്കണം. പരം = ശ്രേഷ്ഠം. ബ്രഹ്മവും, ഏകദൈവവുമായ ശിവ, ഭാഗമായ ശിവനെയും ചേർത്ത് സൃഷ്ടികൾക്കു വേണ്ടിയുള്ള അനന്തമായ ആനന്ദങ്ങളാകുന്ന 'പരബ്രഹ്മം', പ്രപഞ്ചം, ജഗത്ത്, Universe, തുടങ്ങിയ മഹാനാമങ്ങളോടെ അവതരിച്ചിരിക്കുകയാണ്. നിർജ്ജീവമായ സൃഷ്ടിയോ, ബിഗ് ബാങ് തിയറി പോലെയുള്ള ഭോഷത്വങ്ങൾ കൊണ്ട് എങ്ങനെയൊക്കെയോ ഉണ്ടായതുമല്ലാ ആകാശവും ഭൂമിയും മറ്റും ചേർന്ന പ്രപഞ്ചം.

ആദിയും അന്തവും ഇല്ലാത്തതും, ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതും, നിർവ്വചനങ്ങൾക്ക് അതീതമായ മഹാസത്യവുമാകുന്ന 'ബ്രഹ്മം', മഹാശക്തിയായ 'ശിവയും, നിർജ്ജീവ ഭാഗമായ ശിവനുമായിട്ട് രണ്ടായ ശേഷം, ദൈവകരാറോടെ, ആകാശവും ഭൂമിയും ചന്ദ്രനും സൂര്യനുമായിട്ട് പ്രഥമമായും ഘട്ടം ഘട്ടമായും അവതരിച്ചു കൊണ്ട് സൃഷ്ടികൾക്കെല്ലാം ആനന്ദിച്ചു ജീവിക്കാൻ ആവശ്യമാകുന്ന അനന്തമായ ആനന്ദങ്ങളെയും, ആനന്ദങ്ങളെയെല്ലാം ആസ്വദിക്കാനും നേടാനുമുള്ള ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയും കാലത്തെയും ശരണത്തെയും മഹാനീതിയെയുമെല്ലാം ഒരുക്കിയിട്ടുണ്ട്. ദൈവത്തിന്റെ മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രം പ്രകാരം മഹാപദ്ധതികളോടെ പ്രത്യക്ഷമായും പരസ്യമായും നേരിട്ടും പ്രപഞ്ചരൂപത്തോടെ ശിവ സൃഷ്ടിച്ചു-നൽകുകയും നിർവ്വഹിക്കുകയുമാണ്. പരബ്രഹ്മമായ പ്രപഞ്ചത്തിന്റെ സൂക്ഷ്മാംശമായ ഓരോ ആറ്റവും മഹാശക്തിയാണ്. ഓരോ ആറ്റത്തിലെയും പ്രോട്ടോണുകൾ ശിവയുടെയും, ഇലക്ട്രോണുകൾ ശിവയുടെ ഭാഗമായ ശിവന്റെയും സൂക്ഷ്മവും പരമപ്രധാനവുമായ ഘടകങ്ങളാണ്. ഓരോ ആറ്റത്തിലെയും പ്രോട്ടോണുകളുമായി ചേർന്നിരിക്കുന്ന ശബ്ദബ്രഹ്മത്തിന്റെ മഹാപ്രഭാവത്താൽ ശിവയായ പ്രോട്ടോണുകളെ ശിവനാകുന്ന ഇലക്ട്രോണുകൾ നിരന്തരം ചുറ്റുന്നത് പ്രപഞ്ചത്തിലെ എല്ലാ പ്രവർത്തനങ്ങളുടെയും മഹാമൂലമാണ്. ആറ്റങ്ങളിലെ ശബ്ദബ്രഹ്മം, ബോസോൺ, ഗ്ലൂവോൺ, ക്വാർക്കുകൾ തുടങ്ങിയ അതിസൂക്ഷ്മമായ ഘടകങ്ങൾ സൂക്ഷ്മ പ്രപഞ്ചമാകുന്ന ഓരോ ആറ്റത്തിലും ന്യൂനശക്തികളും ജന്മഗുണങ്ങളും ധർമ്മശാസ്ത്ര ബന്ധനവുമായി ശിവയായ പ്രോട്ടോണുകളുമായി ബന്ധപ്പെട്ടു നിൽക്കുമ്പോൾ, ന്യൂട്രോണുകൾ പരമാത്മാവായ ശിവനെയും, ഹീലിയം ആറ്റത്തിലെ ന്യൂട്രോണായ ജീവാത്മാവിനെയും ഒരു മഹാചങ്ങലയായി ജീവികളുടെ ശരീരവുമായും വസ്തുക്കളുമായും ബന്ധിപ്പിക്കുന്നു.

സൂക്ഷ്മപ്രപഞ്ചമാകുന്ന ആറ്റം മുതൽ മഹാസ്ഥൂലമായ ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനുമായ പ്രപഞ്ചഭാഗങ്ങളായിട്ട് ഏകദൈവമായ ശിവയും ഭാഗമായ ശിവനും ഒന്നിച്ചു ചേർന്നാണ് അവതരിച്ചിരിക്കുന്നത്. ആകാശത്തിന്റെ അകത്താണ് (സൃഷ്ടികളായ) ആത്മാക്കളെ സൃഷ്ടിക്കാനായി ഒരുക്കിയിട്ടുള്ള സൃഷ്ടി പാത്രമായ സൂര്യനും; ആത്മാക്കൾക്ക് ജീവികളായി ജീവിക്കാൻ ഒരുക്കിയിട്ടുള്ള സ്ഥിതി+നീതി പാത്രങ്ങളായ ഭൂമിയും ചന്ദ്രനും; ആത്മാക്കൾക്ക് നക്ഷത്ര ദേവതകളായി മോക്ഷം നേടാൻ കഴിയുമ്പോൾ ആവശ്യമാകുന്ന സംഹാര പാത്രമായ നക്ഷത്രലോകവും

സ്ഥിതിചെയ്യുന്നത്. സൃഷ്ടികളായ ആത്മാക്കൾക്കു വേണ്ടിയുള്ള സൃഷ്ടിപാത്രമായ സൂര്യനും, സ്ഥിതി+നീതിപാത്രങ്ങളായ ഭൂമിയും ചന്ദ്രനും, സംഹാരപാത്രമായ നക്ഷത്ര ലോകവും ആകാശത്തിന്റെ അകത്താകയാൽ, ആകാശത്തെ സൃഷ്ടി സ്ഥിതി സംഹാര പാത്രമായും വിശേഷിപ്പിക്കാം. സൃഷ്ടിപാത്രമായ സൂര്യനിൽ വച്ച് ശിവന്റെ അംശമായി ശിവ സൃഷ്ടിക്കുന്ന ആത്മാക്കളെ ജീവികളാക്കി മാറ്റാനും ജീവിപ്പിക്കാനും ആവശ്യമായ സ്ഥിതി പാത്രമാകുന്ന ഭൂമിയായി അവതരിക്കുന്നതിനു മുമ്പ് സൂര്യന്റെ ആവശ്യമില്ല. ഭൂമിയായി ദൈവം അവതരിച്ച ശേഷമേ സൃഷ്ടിപാത്രമായ സൂര്യനായി വേണ്ടതുള്ളൂ. സൃഷ്ടിചക്രങ്ങളുടെ രണ്ടാമത്തെ പകുതിയിൽ മാത്രമേ ചന്ദ്രനിൽ വച്ച് ആത്മാക്കളെ ജീവികളാക്കുന്നുള്ളൂ എന്നതിനാൽ ഭൂമിയുടെ ഒപ്പം ചന്ദ്രനായിട്ട് അവതരിക്കേണ്ടതില്ല. ഭൂമിയിലെ ജീവികൾക്ക് പ്രകാശവും ഇരുട്ടും നൽകുന്നതിന് സൂര്യനോടൊപ്പം ചന്ദ്രനെ പങ്കെടുപ്പിക്കുകയാൽ സൂര്യനും ചന്ദ്രനുമായി ദൈവം ഒന്നിച്ച് അവതരിക്കേണ്ടതുണ്ട്. സൃഷ്ടി സ്ഥിതി സംഹാര പാത്രവും, പ്രപഞ്ചത്തിന്റെ അന്തമില്ലാത്ത അതിരുകളുമായ ആകാശമായിട്ട് ഏകദൈവമായ ശിവയും ഭാഗമായ ശിവനും ആദ്യം അവതരിക്കേണ്ടത് ആവശ്യമാണ്; ആകാശത്തിനു ശേഷം ആവാതെ; ഒപ്പംതന്നെ ഭൂമിയായിട്ട് ദൈവത്തിന് ശാസ്ത്രപരമായി അവതരിക്കാനും സാധിക്കുന്നതാണ്; സംഭവിച്ചതും അതുതന്നെ!!

'ദൈവം' പരബ്രഹ്മമായ പ്രപഞ്ചമായി അവതരിക്കേണ്ടുന്നത് ഘട്ടം ഘട്ടമായാണ്.

ആയിരം കോടി വർഷങ്ങൾ നീണ്ട ആദ്യത്തെ മഹാകാല ചക്രത്തിൽ, പ്രപഞ്ചഭാഗമായ ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനുമായെല്ലാം ശിവയും ഭാഗമായ ശിവനും ചേർന്ന് അവതരിച്ചതിനെ, ഈ ദിവ്യമഹാവേദഗ്രന്ഥത്തിൽ ശാസ്ത്ര പരമായി തെളിയിച്ചിട്ടുണ്ട്. ആകാശവും ഭൂമിയുമെല്ലാം ദൈവത്തിന്റെ നിർജ്ജീവമായ സൃഷ്ടികളായും, ഊർജ്ജം പൊട്ടിത്തെറിച്ച് ഉണ്ടായെന്നും, തെറ്റായ ചരിത്രം നിലവിലുണ്ട്. ഭൂമിയിലെങ്ങും 3 മുതൽ 33 വർഷക്കാലം ഓം മുഴക്കി ഉടനെയുള്ള ദൈവ വിപ്ലവത്തോടെ ശിവയും ഭാഗമായ ശിവനും പ്രത്യക്ഷമായി ക്കൊണ്ട് സത്യയുഗം ആരംഭിക്കുന്നതോടെ സത്യങ്ങളെയും, ഭൂമിയിൽ ലയിച്ചിട്ടുള്ള ശാസ്ത്രങ്ങളായ വേദങ്ങളെയും മനുഷ്യർ തിരിച്ചറിയുന്നതാണ്!

ഏകദൈവം മഹാമാതാവും മഹാപിതാവുമായിട്ട് രണ്ടായിരിക്കുമ്പോൾ; സൃഷ്ടികൾക്ക് ഏറ്റവും ലളിതമായി 'ശിവാ' എന്ന ഒരുപേരിലും വിളിക്കാവുന്ന ശിവ, ശിവൻ എന്നീ മഹാനാമങ്ങളെ സ്വീകരിക്കുകയും, സൃഷ്ടി സ്ഥിതി സംഹാരങ്ങളെ നിർവ്വഹിക്കുന്ന ഏകദൈവം 'ശിവ' മാത്രമായിരിക്കുകയും, ശിവയുടെ ഭാഗമായ ശിവനെ സൃഷ്ടികളായ ആത്മാക്കളെ സൃഷ്ടിക്കാനുള്ള  പരിചയപ്പെടുത്തുന്നുണ്ട്.

സൃഷ്ടികൾക്കു വേണ്ടിയുള്ള അനന്തമായ ആനന്ദങ്ങളും അവയെ നേടാനും ആസ്വദിക്കാനുമുള്ള ഉപാധികളായ ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും സൗന്ദര്യവും കാലവും ശരണവും മഹാനീതിയുമായെല്ലാമായി ദൈവം പ്രഥമമായിട്ട് അവതരിക്കണം എന്നാണ് അർത്ഥം. സൃഷ്ടികൾക്കു വേണ്ടിയുള്ള സൃഷ്ടി സ്ഥിതി സംഹാര പാത്രമായ ആകാശവും, അതിലെ സ്ഥിതി പാത്രങ്ങൾ മാത്രമായ ഭൂമിയും ചന്ദ്രനും, സൃഷ്ടിപാത്രം മാത്രമായ സൂര്യനുമായി ദൈവം ആദ്യം അവതരിക്കണം. അപ്രകാരം ദൈവം അവതരിച്ച ശേഷമാണ് ജീവികളുടെ സൃഷ്ടി ആരംഭിച്ചത്.

ബ്രഹ്മമായ ദൈവം 'മഹാശക്തിയായി' മാറിക്കൊണ്ട് പരബ്രഹ്മമായ പ്രപഞ്ചമായിട്ട് അവതരിച്ചു കഴിയുമ്പോഴും ദൈവം മാത്രമാണ് പരബ്രഹ്മം. സൃഷ്ടികളായ ജീവികൾ ഇല്ല തന്നെ. പരബ്രഹ്മത്തിന്റെ ഭാഗമായി മാറുന്നു.

മാത്രമല്ല; പരബ്രഹ്മമായ പ്രപഞ്ചത്തിൽ ജീവികളുടെ മോക്ഷമായ നക്ഷത്ര-ദേവതകൾ ഉൾപ്പെട്ട  മഹാനീതി സംവിധാനം ആവശ്യമാകുന്നത് ഭൂമിയിലെ ജീവിതത്തിനു ശേഷവുമാണ്.

ഭൂമിയിൽ ജീവിക്കുന്ന മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ തുടങ്ങിയ ജീവികളുടെ ജീവിതത്തെ വിശകലനം ചെയ്താൽ, മനുഷ്യർ ഉൾപ്പെടെയുള്ള എല്ലാ ജീവികൾക്കും അനന്തമായ ആനന്ദങ്ങളും അവയെ ആസ്വദിക്കാനും നേടാനുമുള്ള ശക്തികളും ശാസ്ത്രങ്ങളുമെല്ലാം ലഭിക്കുന്നുണ്ടെന്നു കാണാം. ഭൂമി ഉണ്ടായത് ആയിരം കോടി വർഷങ്ങൾക്കു മുമ്പാണെന്നതും, ഇപ്പോഴത്തെ സൃഷ്ടി ചക്രത്തിൽ ലഭ്യമായിട്ടുള്ള ചരിത്രത്തിലെ മനുഷ്യർ അനേകം നൂറ്റാണ്ടുകളായി ഭൂമിയിൽ ജീവിച്ചു പോരുന്നതും കണക്കാക്കുമ്പോൾ; ഭൂമിയുടെ അംശമായ വസ്തുക്കൾ സസ്യങ്ങൾ ഉൾപ്പെടെയുള്ള ജീവികളുടെ ശരീരങ്ങളായിട്ടും, തിരിച്ചും, നിരന്തരം ചാക്രികമായി പരിണമിക്കുന്നതു കൊണ്ടാണ് സ്വത്വങ്ങളായ ആത്മാക്കൾ ജീവികളായി മാറുന്നതെന്നും മനസ്സിലാക്കാം. വസ്തുക്കൾ നിർജ്ജീവമായാൽ പരിണാമങ്ങളും പ്രവർത്തനങ്ങളും നടക്കുന്നതല്ല. വസ്തുക്കളുടെ സൂക്ഷ്മമായ ആറ്റങ്ങളും, ആറ്റങ്ങളിലെ

ഭൂമിയുടെ അംശമായ വസ്തുക്കളിലെ വ്യത്യസ്തങ്ങളും അനന്തവുമായ ആനന്ദങ്ങളും ശക്തികളും ശാസ്ത്രങ്ങളുമെല്ലാം തന്നെയാണ് വ്യത്യസ്ത ജീവികളുടെ ശരീരത്തിലെ കോശങ്ങളും അവയവങ്ങളുമായി സൃഷ്ടിക്കപ്പെടുന്നത്. സൃഷ്ടിക്കുന്നത് സ്വത്വങ്ങൾ അല്ലെന്നിരിക്കെയും; മഹാശക്തിയായ ദൈവത്തിന് സഹായികളുടെ ആവശ്യമില്ലാ എന്നിരിക്കെയും ഭൂമിയായി അവതരിച്ചു കൊണ്ട് സൃഷ്ടികൾക്കെല്ലാം ആനന്ദിച്ചു ജീവിക്കാൻ ആവശ്യമായ സർവ്വവും ദൈവം നേരിട്ടുതന്നെ നിർവ്വഹിക്കുകയാണെന്ന് തെളിയുന്നുണ്ട്. ഭക്ഷണ പാനീയങ്ങൾ, മദ്യം, വിഷം തുടങ്ങിയവയിലെ ആനന്ദങ്ങളും ശക്തികളുമെല്ലാം ജീവികളുടെ ശരീരത്തിലൂടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് ലഭിക്കുന്നതും, കണ്ണട, ലെൻസ്, ശ്രവണസഹായികൾ, ശരീരത്തിനുള്ളിൽ പിടിപ്പിക്കുന്ന സ്റ്റെൻഡ്, സ്റ്റീൽ പ്ലേറ്റുകൾ തുടങ്ങിയവ സ്വത്വങ്ങൾക്ക് നേരിട്ടു തന്നെ കാഴ്ച്ച ശക്തി, ശ്രവണ ശക്തി, തുടങ്ങിയവയെ നൽകുന്നതും ഉദാഹരണങ്ങളാണ്.

ജീവികൾക്കു ജീവിക്കാനായി ഒരുക്കിയതാണ് ഭൂമിയും അംശമായ പ്രദേശങ്ങളും വസ്തുക്കളും അവയുടെ രൂപാന്തരമായ ജീവികളുടെ ശരീരത്തിലെ കോശങ്ങളും അവയവങ്ങളും വിസർജ്ജ്യങ്ങളും പ്രത്യുല്പാദന ബീജങ്ങളുമെല്ലാം എന്നു തെളിയുന്നു.

ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനും ചേർന്ന പ്രപഞ്ചത്തിൽ നിന്ന്

അനന്തമായ ആനന്ദങ്ങളെ നിരന്തരമായും, ഇടനിലക്കാരെ വയ്ക്കാതെ നേരിട്ടും പ്രത്യക്ഷമായും നൽകുന്നതിന് മഹാശക്തിയായ ദൈവത്തിന്റെ ആദിയും അന്തവും ഇല്ലാത്ത ശക്തികളെയും ശാസ്ത്രങ്ങളെയും കൊണ്ട് ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനുമെല്ലാമായ പ്രപഞ്ചമാകുന്ന ആനന്ദങ്ങളായിട്ട് ദൈവം അവതരിക്കുകയും, ശക്തികളെ പരിവർത്തനം ചെയ്ത് ആനന്ദങ്ങൾക്ക് നിരന്തരമായ ഘടനയും സ്വഭാവവും ആവിഷ്ക്കരിച്ചിരിക്കുകയാണ്. ഭൂമിയുടെ അംശമായ വസ്തുക്കളെ കൊണ്ട് മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ തുടങ്ങിയ ജീവികളുടെ ശരീരത്തിലെ അവയവങ്ങളെ സൃഷ്ടിക്കുന്നതും ജീവികളുടെ മരണത്തോടെയും മറ്റും വീണ്ടും ഭൂമിയുടെ അംശമായ വസ്തുക്കളായി മാറ്റുന്നതും ചാക്രികമായി പ്രവർത്തനം തുടർന്നു കൊണ്ടിരിക്കുന്നതും ഉദാഹരണമാണ്.

എല്ലാ ജീവികളും ജനിക്കുന്നതും, ജീവിക്കുന്നതും, മരണപ്പെടുന്നതും പ്രപഞ്ചത്തിലാണ്; ഭൂമിയിലാണ്. ആനന്ദിച്ചു ജീവിക്കാൻ ആവശ്യമാകുന്ന അനന്തമായ ആനന്ദങ്ങളും; അവയെ ആസ്വദിക്കാനും നേടാനുമുള്ള ഉപാധികളായ അനന്തമായ ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും സൗന്ദര്യവും കാലവും ശരണവും മഹാനീതിയും ജീവികൾക്കെല്ലാം ലഭിക്കുന്നത് ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനുമെല്ലാം ചേർന്ന പ്രപഞ്ചത്തിൽ നിന്നുമാണ്. മനുഷ്യാവസ്ഥയിൽ വച്ച് വിശേഷ ബുദ്ധിയെ നൽകുന്നത് ദൈവത്തിന്റെ അവതാരമായ ഭൂമിയിൽ ലയിച്ചിരിക്കുന്ന മഹാജ്ഞാനമായ ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങളെ അറിയാനും അവയെ കൊണ്ട് അനന്തമായ ആനന്ദങ്ങളെ കണ്ടെത്താനും അനുഭവിക്കാനും, ശേഷം നക്ഷത്ര ദേവതയായി മോക്ഷം നേടുമ്പോൾ ലഭിക്കുന്ന മായാശക്തി കൊണ്ട് ഭൂമിയിലെ ജീവിതത്തിൽ വച്ച് അനുഭവിച്ചറിഞ്ഞ അനന്തമായ ആനന്ദങ്ങളെ സ്വയം സൃഷ്ടിച്ച് സ്വന്തം ഇഷ്ടം പോലെ അനന്തകാലം ആനന്ദിച്ചു ജീവിക്കാനുമാണ്. എല്ലാ ജീവികൾക്കും ജീവിക്കാൻ ആവശ്യമായ സർവ്വവും പ്രപഞ്ചഭാഗങ്ങളായ ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനും നേരിട്ടു നൽകുന്നതിനെ മനസ്സിലാക്കാൻ മനുഷ്യർക്കു ലഭിക്കുന്ന വിശേഷ ബുദ്ധി കൊണ്ട് കഴിയുമെങ്കിലും; ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തവയെ മഹാശക്തിയായ ദൈവത്തിന്റെ അവതാരങ്ങളാണെന്ന് ഉചിതമായി തിരിച്ചറിയാൻ മനുഷ്യർ ശ്രമിച്ചില്ല/കഴിഞ്ഞില്ല.

മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ എന്നിങ്ങനെ ജീവികളിലെ ബഹുവിധ വർഗ്ഗങ്ങളും, സ്ത്രീ പുരുഷ ജാതികളും, ശരീരത്തിലെ അവയവങ്ങളും, നിറങ്ങളും സൗന്ദര്യങ്ങളും മുഖഛായയും ആയുസ്സും ആരോഗ്യവും ബുദ്ധിശക്തിയും ഓർമ്മശക്തിയും തൊഴിൽ അഭിരുചികളും വിനോദ അഭിരുചികളും ജനനസ്ഥലവും ജനനവും മരണവും ഉൾപ്പെടെ എല്ലാ ജന്മഗുണങ്ങളെയും ജീവികളുടെ എല്ലാ ജന്മങ്ങളിലും നിശ്ചയിക്കുന്നത് സ്വത്വം അല്ലെന്നത് ആദ്യം മനസ്സിലാക്കണം. എല്ലാ ജീവികളുടെയും ശരീരത്തിലെ കോശങ്ങളെയും അവയവങ്ങളെയും നിശ്ചയിക്കുന്നതും സൃഷ്ടിക്കുന്നതും

ഭരിക്കുന്നതും, മഹാനീതി നടപ്പാക്കുന്നതും, എല്ലാ വസ്തുക്കളുടെയും മൊത്തമായ ഭൂമിയുടെ സ്വത്വമായ ഓക്സിജൻ സ്വയവും സ്വന്തം ഇഷ്ടമായ മഹാനീതിശാസ്ത്രം പ്രകാരവുമാണെന്ന് മനുഷ്യാവസ്ഥയിൽ വച്ച് ലഭ്യമായ വിശേഷ ബുദ്ധിയെ കൊണ്ട് മനസ്സിലാക്കാൻ കഴിയും. ഭൂമിയിൽ ലയിച്ചിരിക്കുന്ന ശക്തികളും ശാസ്ത്രങ്ങളും പ്രകാരം ഓക്സിജനാണ് ജീവനായി സർവ്വവും പ്രവർത്തിപ്പിക്കുന്നത്.

നിർജ്ജീവമായിട്ട് മനുഷ്യർ കരുതുന്ന ശവശരീരങ്ങളുടെ പോലും സൂക്ഷ്മാംശമായ ആറ്റങ്ങളിലെ അതിസൂക്ഷ്മമായ പ്രോട്ടോണുകളെ ഇലക്ട്രോണുകൾ നിരന്തരമായി ചുറ്റുന്നതിനെ അറിഞ്ഞെങ്കിലും മഹാശക്തിയായ ദൈവത്തിന്റെ അംശങ്ങളും പ്രവർത്തനങ്ങളുമാണെന്ന് ഉചിതമായി തിരിച്ചറിയാൻ മനുഷ്യർക്ക് കഴിഞ്ഞിട്ടില്ല.

മഹാസത്യവും മഹാശക്തിയുമായ ദൈവം പ്രപഞ്ചരൂപത്തോടെ പ്രത്യക്ഷമായിട്ട് സൃഷ്ടികളായ ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുകയാണെന്നും, ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളെ മാത്രമാണ് ഗൂഢമാക്കിയിട്ടുള്ളതെന്നും തെളിയുന്നു. വിശേഷ ബുദ്ധി ഉൾപ്പെടെയുള്ള ഏതൊരു യോഗ്യതയും ദാനമായി ലഭിക്കേണ്ടുന്നവരായ ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളെ ഗൂഢമാക്കിയത് സ്വത്വംപോലും സ്വന്തമായില്ലാത്തതുകൊണ്ടല്ല; അവയ്ക്കു വേണ്ടിത്തന്നെയാണ്. ജീവികൾക്കു നൽകുന്ന ശരീരത്തിലെ അവയവങ്ങൾ പ്രകാരമുള്ള സമ്പൂർണ്ണമായ സ്വാതന്ത്ര്യവും ശക്തികളുമെല്ലാം ലഭിക്കുന്ന ജീവികളിൽ നിന്ന്, ദൈവത്തിന്റെ തന്നെ സൃഷ്ടികളായ മറ്റുള്ള ജീവികൾക്ക് സുരക്ഷിതത്വവും സമാധാനവും സന്തോഷവും നൽകാനും വധിക്കപ്പെടാതെ സംരക്ഷിക്കാനുമാണ് പ്രഥമമായിട്ട് ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളെ ഭാഗികമായിട്ട് ദൈവം ഗൂഢമാക്കിയിട്ടുള്ളത്. ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളെ കാണാൻ കഴിയില്ലെങ്കിലും, അനുഭവിക്കാനും അറിയാനും കഴിയുമെന്നിരിക്കെ അവയെ ഭാഗികമായി മാത്രമേ ഗൂഢമാക്കുന്നുള്ളൂ. വ്യത്യസ്തമായ ശരീരാവയവങ്ങളെ സൃഷ്ടിച്ചും നൽകിയും എല്ലാ സൃഷ്ടികളുടെയും സ്വത്വങ്ങളായ ആത്മാക്കൾക്ക് ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും നൽകുന്നത് പരിധികളോടയാണെങ്കിലും അതാത് അവസ്ഥയിൽ സമ്പൂർണ്ണമായി തന്നെയാണ്. ഏകദൈവത്തിന്റെ മാത്രം സ്വന്തവും, സ്വത്വങ്ങൾക്കു പോലും സ്വന്തമല്ലാത്തതുമായ സ്വത്വങ്ങളെ ദൈവമായ ഭൂമിയുടെ മഹാനീതിശാസ്ത്രത്തിനു വിരുദ്ധമായി കാണാനും കേൾക്കാനും അപായപ്പെടുത്താനുമെല്ലാം സൃഷ്ടികൾക്കു സാധിച്ചാൽ ദൈവത്തിനു മാത്രം അവകാശപ്പെട്ട മഹത്വത്തിന് കളങ്കം ഉണ്ടാകുന്നതാണ്; അത് അനുവദിക്കില്ല ! ദൈവത്തിന്റെ മാത്രം സ്വന്തമായ സൃഷ്ടികളെ ദ്രോഹിക്കാതെ, ആനന്ദിച്ചു ജീവിക്കാൻ മനുഷ്യാവസ്ഥയിൽ കഴിയും. വിശേഷ ബുദ്ധിയെ ലഭിക്കാത്തതും ശിക്ഷാ-ജന്മങ്ങളിൽ പെടാത്തതുമായ ജീവികൾക്ക് വേദനകൾ നൽകാതെയും കുറച്ചും ഭൂമി കരുതുന്നുണ്ട്. ഓരോ സൃഷ്ടിയെയും അവയുടെ സ്ത്രീ പുരുഷ ജാതികളെയും നിശ്ചയിക്കുകയും സൃഷ്ടിക്കുകയും വ്യത്യാസപ്പെടുത്തുകയും ചെയ്യുന്ന ശരീരത്തിലെ കോശങ്ങളെയും അവയവങ്ങളെയും അടിസ്ഥാന പരമായിട്ട് സൃഷ്ടിക്കുന്നതും, ശരീരം വളരുന്നതും, രോഗങ്ങളും രോഗമുക്തിയും മുറിവുകളും മുറിവുണങ്ങലുമെല്ലാം സംഭവിക്കുന്നതും, സ്വത്വങ്ങളായ ആത്മാക്കൾക്ക് വേദനകൾ ഉൾപ്പെടെയുള്ള ആനന്ദങ്ങളെയെല്ലാം ലഭിക്കുന്നതും ശരീരത്തെ മഹായന്ത്രമായിട്ട് പ്രവർത്തിപ്പിക്കുന്നതും ആരാണെന്നും എന്തെല്ലാമാണെന്നും എങ്ങനെയാണെന്നും വിശേഷ ബുദ്ധി കൊണ്ട് മനസ്സിലാക്കാം. മഹാശക്തിയായ ദൈവം പ്രപഞ്ചരൂപത്തോടെ അംശമായ മൂലകങ്ങളിലൂടെയും

അവയുടെ സംയുക്തങ്ങളിലൂടെയും അവ കൊണ്ട് സൃഷ്ടിച്ച ശരീരത്തിലൂടെയും ജീവികൾക്ക് ആനന്ദിച്ചു ജീവിക്കാൻ ആവശ്യമായ അനന്തമായ ആനന്ദങ്ങളും, അവയെ ആസ്വദിക്കാനും നേടാനുമുള്ള ഉപാധികളായ ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും കാലവും സൗന്ദര്യവും ശരണവുമെല്ലാം നേരിട്ടു നൽകുകയാണെന്നും, എല്ലാ ജീവികളുടെയും മേൽ മഹാനീതിയെ നടപ്പാക്കുന്നത് (പ്രപഞ്ചത്തിന്റെ സ്വത്വമായ) ഓക്സിജൻ ആണെന്നും മനസ്സിലാക്കാൻ കഴിയും. ഓക്സിജനാണ് പ്രപഞ്ചത്തിന്റെ ജീവനും സ്വത്വവുമായ ദൈവം എന്നറിയുമ്പോഴും ഓക്സിജൻ സ്ഥാപിച്ചിരിക്കുന്ന ഓംകാര നീതിശാസ്ത്രം പ്രകാരം മാത്രമേ ഏതൊരു സൃഷ്ടിക്കും പ്രവർത്തിക്കാൻ കഴിയുകയുള്ളൂ എന്നതും ഓക്സിജന്റെ പ്രവർത്തനങ്ങളെ തടയാൻ യാതൊരു സൃഷ്ടികൾക്കും യാതൊരിക്കലും കഴിയില്ല എന്നതും സുപ്രധാനമാണ്.

ഒരല്പം ശൂന്യതയെപ്പോലും സൃഷ്ടിക്കാൻ കഴിവില്ലാത്തവരും, നിർജ്ജീവരും, ഓക്സിജൻ കനിഞ്ഞാൽ മാത്രം ജീവനുള്ളവരും, സ്വത്വംപോലും സ്വന്തമായിട്ട് ഇല്ലാത്തവരുമാണെന്ന് വിശേഷ ബുദ്ധിയെ ലഭിക്കുന്നതു കൊണ്ടു മാത്രം മനുഷ്യർക്ക് തിരിച്ചറിയാൻ കഴിയും. ഭൂമിയുടെ സ്വത്വവും മഹാനീതിയുമായ ഓക്സിജന്റെ ഇഷ്ടം പ്രകാരം, അടിസ്ഥാന പരമായിട്ട് മറ്റുള്ള ജീവികളെ പ്പോലെ ജനിക്കുകയും വളരുകയും മരണപ്പടുകയും ചെയ്യുന്ന മനുഷ്യർക്ക് ദൈവത്തിന്റെ മഹാനീതി കാര്യങ്ങളിൽ ഇടപെടാൻ കഴിയില്ലെന്നും അവകാശമില്ലെന്നും ലളിതമായി മനസ്സിലാക്കാൻ കഴിയും. മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രം പ്രകാരം ദൈവമായ ഓക്സിജന്റെ മഹാഭരണത്തിലുള്ള ആത്മാക്കൾക്ക് ഭൗതികശാസ്ത്ര ശാഖകളോടൊപ്പം ഭൂമിയിൽ ലയിച്ചിരിക്കുന്ന ധർമ്മശാസ്ത്രം പ്രകാരം കൂടുതൽ കൂടുതൽ ആനന്ദിച്ചു ജീവിക്കാൻ മഹാവാത്സല്ല്യത്തോടെ ഭൂമി അനുവദിച്ചിരിക്കുന്നത് തിരിച്ചറിയാൻ കഴിയും; കഴിയണം.

മറ്റൊരു ദാനമായി ലഭിക്കുന്ന വിശേഷ ബുദ്ധിയെ തോന്നും പോലെ ഉപയോഗിച്ച് ജീവികൾക്ക് ആനന്ദിച്ചും സമാധാനമായും ഭൂമിയിൽ ജീവിക്കാൻ കഴിയാത്ത അവസ്ഥ ഉണ്ടാക്കാൻ മനുഷ്യർക്ക് യാതൊരു അവകാശവുമില്ല. ദൈവത്തിന്റെ അവതാരമായ ഭൂമിയിൽ ലയിച്ചിരിക്കുന്ന ശക്തികളും ശാസ്ത്രങ്ങളും പ്രകാരമുള്ള അനന്തമായ ആനന്ദങ്ങളെ കണ്ടെത്താനും അനുഭവിക്കാനും കഴിയും എന്നല്ലാതെ, ഭൂമിയുടെ അംശമായ വസ്തുക്കളിൽ ലയിച്ചിരിക്കുന്ന ശക്തികൾക്കും ശാസ്ത്രങ്ങൾക്കും വിരുദ്ധമായി അവയെ പ്രവർത്തിപ്പിക്കാൻ വിശേഷ ബുദ്ധിയെ ലഭിക്കുന്ന മനുഷ്യർക്ക് കഴിയില്ല. വസ്തുക്കളിലെ ശാസ്ത്രങ്ങളും ശക്തികളും മനുഷ്യർക്ക് നൽകിയിട്ടുള്ള സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തെ ഏറ്റവും ഉചിതമായി മാത്രം ഉപയോഗിക്കാൻ കഴിയണം.

ഊർജ്ജ ശാസ്ത്രം, രസതന്ത്രം, ഗണിത ശാസ്ത്രം, ജ്യോതി ശാസ്ത്രം, സസ്യ ശാസ്ത്രം, ജന്തു ശാസ്ത്രം, വൈദ്യ ശാസ്ത്രം, തുടങ്ങിയ ശാഖകൾ ഉള്ളതായ ഭൗതിക ശാസ്ത്രം മാത്രമല്ല ഭൂമിയിൽ ലയിച്ചിട്ടുള്ളത്. സദാചാര ശാസ്ത്രം, സാമ്പത്തിക ശാസ്ത്രം, തൊഴിൽ ശാസ്ത്രം, ജനസേവന ശാസ്ത്രം, നീതി ശാസ്ത്രം, തുടങ്ങിയ ധർമ്മശാസ്ത്ര ശാഖകളും, ഭൂമിയുടെ അംശമായ മൂലകങ്ങളിലും സംയുക്തങ്ങളിലും അവയെ കൊണ്ട് സൃഷ്ടിക്കുന്ന (ജീവികളുടെ) ശരീരങ്ങളിലും ലയിച്ചിട്ടുണ്ട്. എല്ലാ ജീവികൾക്കും സമ-ആനന്ദമാകുന്ന മഹാനീതിയെ ഉറപ്പാക്കാനായിട്ട് ആനന്ദങ്ങളെയും ശക്തികളെയും, ഭൗതിക-ധർമ്മ-നീതിശാസ്ത്രങ്ങളും അവയുടെ ശാഖകളും ഉപ-ഉപ-ഉപ-ശാഖകളുമായി വ്യവസ്ഥപ്പെടുത്തി ക്കൊണ്ട് ദൈവത്തിന്റെ മഹാജ്ഞാനം അവതാരമായ ഭൂമിയിൽ

ലയിച്ചിരിക്കുകയാണ്. ഭൗതികശാസ്ത്ര ശാഖകളോടൊപ്പം ഭൂമിയിൽ ലയിച്ചിരിക്കുന്ന ധർമ്മ ശാസ്ത്ര ശാഖകളെയും പാലിക്കാൻ വിശേഷ ബുദ്ധിയെ ലഭിക്കുന്ന മനുഷ്യർ ബാധ്യസ്ഥരാണ് ! കാലഘട്ടത്തിനൊത്ത് ജനസംഖ്യയെ (ഭൂമി) വർദ്ധിപ്പിക്കുകയും ഭൗതികശാസ്ത്ര ഗവേഷണങ്ങളുടെ ഫലമെന്നോണം ഭൗതിക ശാസ്ത്രപാഠങ്ങളെ (ഭൂമിയുടെ സ്വത്വവും മഹാനീതിയുമായ ഓക്സിജൻ) വെളിപ്പെടുത്തുകയും ചെയ്യുമ്പോൾ, ഭൗതിക ശാസ്ത്രത്തോടൊപ്പം ഭൗതികമായ അസ്തിത്വം ഉള്ളതും ഭൂമിയിൽ ലയിച്ചിരിക്കുന്നതുമായ ധർമ്മ ശാസ്ത്ര പാഠങ്ങളെയും കണ്ടെത്താൻ മനുഷ്യർ പരിശ്രമിക്കേണ്ടിയിരുന്നു.

ദൈവത്തിന്റെ ആദിയും അന്തവും ഇല്ലാത്ത മഹാജ്ഞാനമാകുന്ന മഹാശാസ്ത്രത്തിന്റെ ഉത്ഭവം ആദിയും അന്തവും ഇല്ലാത്ത മഹായുക്തിയും മഹാശക്തിയും ആകയാൽ യുക്തിശാസ്ത്രം മുഖേന എല്ലാ ശാസ്ത്രങ്ങളെയും പരസ്പരം ബന്ധിപ്പിച്ചിട്ടുമുണ്ട്. കൂടാതെ മൂലകങ്ങളിലും സൂക്ഷ്മമായ ആറ്റങ്ങളിലും ലയിച്ചിരിക്കുന്ന ന്യൂനശക്തികളിലൂടെ മഹാനീതിയായ ഓക്സിജൻ സൃഷ്ടികളായ ജീവികളുടെ മേൽ ധർമ്മ ശാസ്ത്ര ബന്ധനവും മഹാനീതിയും നടപ്പാക്കുന്നുണ്ട്.

അങ്ങനെയിരിക്കെ; സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ഭൂമിയുടെ (സ്വത്വമായ ഓക്സിജന്റെ) ഇഷ്ടം പ്രകാരം ഭൂമി നൽകുന്ന ജന്മഗുണങ്ങളോടെ ഭൂമിയുടെ വ്യത്യസ്ത പ്രദേശങ്ങളിൽ ജനിക്കുകയും വളരുകയും ജീവിക്കുകയും മരണപ്പെടുകയും ചെയ്യുന്നവർ ഭൂമിയിൽ ലയിച്ചിരിക്കുന്ന ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും കാലവുമെല്ലാം പ്രകാരം ആനന്ദിച്ചു ജീവിക്കേണ്ടുന്നതിനു പകരം ദൈവ ശാസ്ത്രം, വേദങ്ങൾ, ഭരണഘടന, രാഷ്ട്രങ്ങൾ, സാമ്പത്തിക ശാസ്ത്രം തുടങ്ങിയ പേരുകളിൽ ഭൗതികമായ അസ്തിത്വം ഇല്ലാത്ത

ദൈവത്തിന്റെ അവതാരമായ ഭൂമിയിൽ ലയിച്ചിരിക്കുന്ന ധർമ്മ ശാസ്ത്രങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നവരെ ഓക്സിജൻ ശിക്ഷിച്ചു തിരുത്തുമെന്നതും സുവ്യക്തമാണ്.

പ്രപഞ്ചമായി അവതരിച്ചു കൊണ്ട് ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ദൈവം നേരിട്ടു നിർവ്വഹിക്കുന്നതിനെ തിരിച്ചറിയാൻ കൂടി കഴിഞ്ഞാൽ ഭൂമിയിലെ മനുഷ്യരുടെ ഇടയിൽ ഇന്നുള്ള എല്ലാ പ്രശ്നങ്ങളും പ്രതിസന്ധികളും എന്നന്നേയ്ക്കുമായിട്ട് അവസാനിക്കുന്നതാണ്.

സൃഷ്ടികളായ ജീവികൾക്ക് ആനന്ദിച്ചു ജീവിക്കാൻ ആവശ്യമായ അനന്തമായ ആനന്ദങ്ങളും അവയെ ആസ്വദിക്കാനും നേടാനുമുള്ള ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും കാലവും ശരണവും മഹാനീതിയുമെല്ലാമാകുന്ന ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനുമെല്ലാമായ പ്രപഞ്ചമായി ക്കൂടി അവതരിച്ചിരിക്കുന്ന മഹാശക്തിയായ

ദൈവം പ്രത്യക്ഷമാണെന്ന് തെളിയുന്നുണ്ട്. ദൈവം സൃഷ്ടികളായ ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ പരസ്യമായി ത്തന്നെയാണ് നിർവ്വഹിച്ചു കൊണ്ടിരിക്കുന്നത്.

മഹാശക്തിയായ ദൈവം സ്വന്തം സൃഷ്ടികളായ ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളെ ഭാഗികമായി ഗൂഢമാക്കിയിട്ടുള്ളത് അവയ്ക്കു വേണ്ടിത്തന്നെയാണ്.

ആകാശം, ഭൂമി, സൂര്യൻ, ചന്ദ്രൻ എന്നിവയായി ക്കൂടി അവതരിച്ചു കൊണ്ട് ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെയെല്ലാം നേരിട്ടു തന്നെയാണ് ദൈവം നിർവ്വഹിക്കുന്നത്. ഇടനിലക്കാരെ വച്ചിട്ടില്ല; മഹാശക്തിയായ ദൈവത്തിന് ഇടനിലക്കാരുടെ ആവശ്യവുമില്ല. എല്ലാ ജീവികളും അനുഭവിക്കുന്ന വസ്തുതയാണെങ്കിലും വിശേഷ ബുദ്ധിയും അനുബന്ധമായ മഹാശാസ്ത്ര ജ്ഞാനവും മനുഷ്യൻ, ദേവത, എന്നീ അവസ്ഥകളിൽ  മാത്രം ലഭിക്കുന്നതിനാൽ മറ്റുള്ള ജീവികൾക്ക് ദൈവ കാര്യങ്ങളെയും പ്രപഞ്ച-കാര്യങ്ങളെയും കുറിച്ച് കൂടുതൽ അറിയാൻ കഴിയില്ല; അവയ്ക്ക് ആവശ്യവുമില്ല.

മനുഷ്യാവസ്ഥയിൽ വച്ച് ഓരോ മനുഷ്യനും ദാനമായി ലഭിക്കുന്നതും ഭൂമിയുടെ അംശമായ വസ്തുക്കളും രൂപാന്തരമായ ശരീരത്തിലെ അവയവങ്ങളും നൽകുന്നതുമായ ശക്തികളെയും വിശേഷ ബുദ്ധിയെയും ധർമ്മ ശാസ്ത്രവിരുദ്ധമായി ഉപയോഗിച്ച് പാപങ്ങളും ശിക്ഷകളും ശേഖരിക്കാൻ പാടില്ല.

സൃഷ്ടികൾ മനുഷ്യാവസ്ഥയിൽ വച്ച് നക്ഷത്രദേവതകളായി മോക്ഷം നേടുമ്പോൾ പ്രപഞ്ചത്തിലെ പ്രധാന ദൈവഭാഗങ്ങളായ ഭൂമി, സൂര്യൻ, ചന്ദ്രൻ എന്നിവയിൽ നിന്നും വളരെയധികം ദൂരെ മാറ്റി സംഹാര പാത്രമായ നക്ഷത്രലോകത്തെ ഒരുക്കിയിട്ടുള്ളതും അർത്ഥവത്തായിട്ടാണ്. സൃഷ്ടി സ്ഥിതി സംഹാര കർത്താവ് ഏകദൈവമായ ശിവയും ഭാഗമായ ശിവനുമായി വിഭജിച്ച് മാതാപിതാക്കളും; അസ്തിത്വവും സ്വത്വവും പോലും സ്വന്തമായിട്ട് ഇല്ലാത്ത സൃഷ്ടികളും കുഞ്ഞുങ്ങളുമായിട്ട് പരബ്രഹ്മമായ പ്രപഞ്ചത്തിൽ അർത്ഥവത്തായി നിലകൊള്ളുന്നത് പ്രപഞ്ചഘടനയിലും തെളിഞ്ഞു കാണാം.

മനുഷ്യാവസ്ഥയിൽ വച്ച് അധിക ദാനമായി കിട്ടിയ വിശേഷ ബുദ്ധിയെ ഉപയോഗിച്ച് ഭൂമിയിൽ ലഭ്യമായിട്ടുള്ള അനന്തമായ ആനന്ദങ്ങളെ ആസ്വദിക്കാനും മറ്റുള്ളവർക്ക് ഏറെക്കുറെ സമമായി ആനന്ദങ്ങളെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താനും; ഏറ്റവും കുറഞ്ഞത് ദ്രോഹിക്കാതിരിക്കാനും ശ്രദ്ധിക്കണം. അത്രയേ വേണ്ടതുള്ളൂ.

രാജാവ്, മന്ത്രിമാർ തുടങ്ങിയ ഭരണാധികാരികളാണെന്നും നേതാക്കളാണെന്നും നിരീശ്വരവാദികളാണെന്നും ഭീകരപ്രവർത്തകരാണെന്നും മറ്റും സൃഷ്ടികളായ മനുഷ്യർ സ്വയമോ മറ്റുള്ളവരാലോ കണക്കാക്കപ്പെടുന്നതു കൊണ്ട് യാതൊരു കാര്യങ്ങളുമില്ല. സ്വത്വം പോലും സ്വന്തമായിട്ടില്ലാത്ത സൃഷ്ടികളുടെ ജനനം മരണം ജീവിവർഗ്ഗം ശരീരം

അവയവങ്ങൾ ആരോഗ്യം സൗന്ദര്യം ബുദ്ധിശക്തി ഓർമ്മശക്തി തൊഴിൽ അഭിരുചി വിനോദ അഭിരുചി ജനനസ്ഥലം തുടങ്ങിയ ജന്മഗുണങ്ങളെ നിശ്ചയിക്കുകയും സൃഷ്ടിക്കുകയും ചെയ്യുന്നത് സ്വത്വങ്ങളല്ലെന്നിരിക്കെ; ഭൗതിക ശാസ്ത്രത്തോടൊപ്പം ഭൂമിയിൽ ലയിച്ചിരിക്കുന്ന ധർമ്മ ശാസ്ത്രം പ്രകാരം മാത്രം അധിക ദാനമായി കിട്ടിയ വിശേഷ ബുദ്ധിയെ  ഉപയോഗിക്കാൻ മനുഷ്യർ സ്വയം ബാദ്ധ്യസ്ഥരാണ്.

ആദിയും അന്തവുമില്ലാത്ത മഹാശക്തിയാണ് ദൈവമെന്നും, മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങൾ നിർവ്വഹിക്കുവാൻ മഹാശക്തി ആവിഷ്ക്കരിച്ചിരിക്കുന്ന മഹാശാസ്ത്രത്തെയോ മഹാപ്രപഞ്ചത്തെയോ അട്ടിമറിക്കാനോ തകരാറിലാക്കാനോ മഹാപ്രപഞ്ചത്തിലെ എല്ലാ ജീവികളും ഒന്നിച്ചു ശ്രമിച്ചാലും കഴിയില്ല എന്നും, ശ്രമിക്കാനുള്ള ശക്തി ജീവികൾക്കു ലഭിക്കുവാനും മഹാശക്തിയായ ദൈവം കനിയേണ്ടതുണ്ട് എന്നും വിശേഷ ബുദ്ധി കൊണ്ട് മനസ്സിലാക്കാൻ കഴിയും.

തകരാറിലാക്കാനാവുന്നതോ അട്ടിമറിക്കാൻ കഴിയുന്നതോ ആയ ഒന്നാവും മഹാശക്തിയുടെ മഹാശാസ്ത്രമെന്നും മഹാപ്രപഞ്ച സംവിധാനമെന്നും കരുതുന്നതും, മഹാശാസ്ത്രത്തെയും മഹാപ്രപഞ്ചത്തെയും സംരക്ഷിക്കുവാൻ സൃഷ്ടികളുടെ സഹായം മഹാശക്തിയായ ദൈവത്തിനു വേണമെന്നു കരുതുന്നതും, ദൈവമഹത്വമറിയാതെ കാട്ടിക്കൂട്ടുന്ന ദൈവനിന്ദയാണ്.

ദൈവമഹത്വമറിയാതെ ദൈവനിന്ദ ചെയ്യുന്നവരായി വലിയൊരു വിഭാഗം മനുഷ്യർ അധഃപതിച്ചു കഴിഞ്ഞിട്ടുണ്ട്.

എല്ലാ സൃഷ്ടിചക്രങ്ങളുടെയും രണ്ടാമത്തെ പകുതിയിൽ ദൈവത്തിന്റെ അവതാരമായ ഭൂമിയിൽ ലയിച്ചിരിക്കുന്ന ശാസ്ത്രങ്ങളെ ഏകമഹാശക്തിയായ ശിവ, സ്വന്തം ഭാഗമായ ശിവനിലൂടെ വീണ്ടെടുത്തു നൽകുന്നുണ്ട്.

നൽകുന്ന ആനന്ദങ്ങളും ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും സൗന്ദര്യവും കാലവും ശരണവും മഹാനീതിയുമെല്ലാം കൊണ്ട് ജീവിക്കുന്ന സൃഷ്ടികളിൽ വിശേഷബുദ്ധി കൂടി അധികദാനമായി ലഭിക്കുന്ന മനുഷ്യൻ ഉൾപ്പെടെയുള്ള എല്ലാ സൃഷ്ടികൾക്കും സ്വത്വം പോലും സ്വന്തമായിട്ട് ഇല്ല. അങ്ങനെയിരിക്കെ മനുഷ്യന്റെയും മറ്റുള്ള യാതൊരു ജീവികളുടെയും യാതൊരു സഹായങ്ങളും സഹകരണങ്ങളും ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയായ ദൈവത്തിന് യാതൊരിക്കലും ആവശ്യമില്ല.

എല്ലാ ജീവികളുടെയും സൃഷ്ടി സ്ഥിതി സംഹാര പാത്രമായിരിക്കുന്നത് ആദിയും അന്തവും ഇല്ലാത്ത മഹാശൂന്യതയായ ആകാശമാണെന്ന് മനസ്സിലാക്കാൻ കഴിയും. എല്ലാ ജീവികളും ജീവിക്കുന്നതും മഹാനീതിയുടെ ഭാഗമായിട്ട് സൃഷ്ടി ചക്രങ്ങളുടെ ആദ്യത്തെ പകുതിയിലെ എല്ലാ ജന്മങ്ങളിലും മരണപ്പെടുന്നതും ഭൂമിയിൽ ആകയാൽ സ്ഥിതിപാത്രവും അർദ്ധ-നീതിപാത്രവുമാണ് ഭൂമി എന്നും കൂടി മനസ്സിലാക്കാനാവും.

## മഹാദിവ്യമായ പുതിയ ശാസ്ത്രപാഠങ്ങൾ

മഹാസത്യവും മഹാശക്തിയുമായ കർത്താവ്, സൃഷ്ടികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ആരംഭിക്കുന്നതിനു മുമ്പ്, ആദ്യം കർത്താവിന്റെയും രണ്ടാമത് സൃഷ്ടികളുടെയും സ്വാർത്ഥമാകുന്ന ആനന്ദങ്ങളെ സ്പഷ്ടമായി നിശ്ചയിക്കണം. ആനന്ദങ്ങൾ ഉൾപ്പെടെ സർവ്വത്തിനും അതീതമായ കർത്താവ് സൃഷ്ടികൾക്കുതന്നെ സമ്പൂർണ്ണമായും തിരിച്ചു നൽകുന്നതായ മഹാവാത്സല്ല്യത്തെയും മഹാദാസ്യത്തെയും സ്വന്തം ആനന്ദങ്ങളായി സ്വീകരിച്ചിട്ടുണ്ട്. ആവക കാര്യങ്ങളെ ഈ ദിവ്യമഹാവേദ ഗ്രന്ഥത്തിലെ പ്രത്യേകം അദ്ധ്യായങ്ങളിൽ ശാസ്ത്രപരമായിട്ട് വിശദീകരിച്ചിട്ടുണ്ട്. വിശേഷ ബുദ്ധി നൽകാൻ ഉദ്ദേശിച്ചിട്ടുള്ള മനുഷ്യർ, ദേവതകൾ എന്നീ സൃഷ്ടികൾക്ക് അന്യോന്യവും കർത്താവിനെയും വിളിക്കാൻ വേണ്ടതായ പേരുകൾ ഉൾപ്പെടെ എല്ലാ സൃഷ്ടികളുടെയും അസ്തിത്വം, ഭാവം, രൂപം, ഘടന, പ്രവർത്തനം, നിലനില്പ്, സ്വാതന്ത്യം, സുരക്ഷിതത്വം, ആനന്ദങ്ങൾ, മഹാനീതി, തുടങ്ങിയവയെ 'സൃഷ്ടി ആരംഭിക്കുന്നതിനു മുമ്പുതന്നെ മഹാഭദ്രപ്പെടുത്തേണ്ടതും' സുപ്രധാനമായ കാര്യങ്ങളാണ്.

കർത്താവ് സ്വീകരിക്കേണ്ടുന്ന പേരാണ് ആദ്യത്തേത്. സൃഷ്ടിയല്ലെന്ന് തോന്നിപ്പിക്കുന്ന ദേവൻ, ദേവി എന്നീ പേരുകൾക്ക് കർത്താവ് സൃഷ്ടിക്കുന്ന സൃഷ്ടികളിലെ സ്ത്രീ, പുരുഷ ഭേദങ്ങൾ ഉണ്ട്. കർത്താവ് സ്വീകരിച്ച 'സ്ത്രീ പുരുഷ ഭേദങ്ങളില്ലാത്ത ഏറ്റവും ലളിതമായ പേരുകളാണ് ദൈവം, ശിവ, ഗോഡ് എന്നിവ'. സൃഷ്ടിക്കുന്നത് ജീവിപ്പിക്കാൻ ആകയാൽ സൃഷ്ടികളെ 'ജീവികൾ' എന്നു വിളിക്കുന്നു.

'മായ', 'മായാശക്തി', എന്നെല്ലാം വിശേഷിപ്പിക്കാൻ കഴിയുന്ന ആദിയും അന്തവും ഇല്ലാത്ത ശക്തികളെ കൊണ്ടു മാത്രമേ ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ നിർവ്വഹിക്കാൻ കഴിയൂവെന്ന് വിശേഷബുദ്ധി ലഭിച്ചതുകൊണ്ട് മനുഷ്യർക്ക് അറിയാം. ദൈവത്തിന്റെ 'മായ' കൊണ്ട് എല്ലാ ജീവികളുടെയും സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ദൈവം നിർവ്വഹിക്കുകയാൽ, ജീവിയല്ലെങ്കിലും, മഹാജീവിയെപ്പോലെ തോന്നിക്കുന്ന മഹാശക്തിയും അനിർവ്വചനീയമായ മഹാസത്യവുമാണ് ദൈവം. വിശേഷ ബുദ്ധിയെ നൽകിയിട്ടുള്ള മനുഷ്യർക്ക് ദൈവ കാര്യങ്ങളെ ബോദ്ധ്യപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള മഹാനാമം ആണ് 'ബ്രഹ്മം'. അനിർവ്വചനീയമായ 'ബ്രഹ്മത്തിന് രൂപവും ബാധകമല്ല. പരം = ശ്രേഷ്ഠം. മഹാസത്യമായ ബ്രഹ്മം 'മഹാശക്തിയായി' ക്കൊണ്ട് സ്വീകരിച്ചിട്ടുള്ള പരമായ (ശ്രേഷ്ഠമായ) മഹാരൂപമാണ് 'പരബ്രഹ്മം'. പ്രപഞ്ചം, ജഗത്ത്, Universe, തുടങ്ങിയ മഹാനാമങ്ങൾ പരബ്രഹ്മത്തിന് ഭൂമിയിലെ വ്യത്യസ്ത ഭാഷകളിലുണ്ട്.

'ദൈവം' പരബ്രഹ്മമായ പ്രപഞ്ചമായി അവതരിക്കേണ്ടുന്നത് ഘട്ടം ഘട്ടമായാണ്. ജീവികളെ സൃഷ്ടിക്കുന്നതിനു മുമ്പ് അവയ്ക്ക് ജീവിക്കാൻ വേണ്ടുന്ന അനന്തമായ ആനന്ദങ്ങളെയും, ആനന്ദങ്ങളെ നേടാനും ആസ്വദിക്കാനുമുള്ള ശക്തികളെയും ശാസ്ത്രങ്ങളെയും ശരണത്തെയുമെല്ലാം ഒരുക്കുകയും നൽകുകയും വേണം.

സൃഷ്ടികൾക്കു വേണ്ടിയുള്ള അനന്തമായ ആനന്ദങ്ങളും അവയെ നേടാനും ആസ്വദിക്കാനുമുള്ള ഉപാധികളായ ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും സൗന്ദര്യവും കാലവും ശരണവും മഹാനീതിയുമായെല്ലാമായി ദൈവം പ്രഥമമായിട്ട് അവതരിക്കണം എന്നാണ് അർത്ഥം. സൃഷ്ടികൾക്കു വേണ്ടിയുള്ള സൃഷ്ടി സ്ഥിതി സംഹാര പാത്രമായ ആകാശവും, അതിലെ സ്ഥിതി പാത്രങ്ങൾ മാത്രമായ ഭൂമിയും ചന്ദ്രനും, സൃഷ്ടിപാത്രം മാത്രമായ സൂര്യനുമായി ദൈവം ആദ്യം അവതരിക്കണം. അപ്രകാരം ദൈവം അവതരിച്ച ശേഷമാണ് ജീവികളുടെ സൃഷ്ടി ആരംഭിച്ചത്.

മഹാശക്തിയായ ദൈവം സ്വീകരിച്ചിരിക്കുന്ന എല്ലാ രൂപങ്ങളെയും 'അവതാരങ്ങൾ' എന്നു പറയുന്നു. ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനും പരബ്രഹ്മത്തിന്റെ ഉള്ളിലെ ആദ്യത്തെ അവതാരങ്ങളും ദൈവഘടകങ്ങളുമാണ്.

ജീവികളെ സൃഷ്ടിക്കുന്നതിനു മുമ്പ് അവയുടെ ഉദ്ദേശം, ഭാവം, രൂപം, ഘടന, പ്രവർത്തനം, നിലനില്പ്, സുരക്ഷിതത്വം, സ്വാതന്ത്യം, ആനന്ദങ്ങൾ, മഹാനീതി, തുടങ്ങിയവയെ ഭദ്രപ്പെടുത്തേണ്ടത് പ്രഥമവും പ്രധാനവുമാണ്.

മഹാസത്യമായ ബ്രഹ്മത്തിന് എന്തും സൃഷ്ടിക്കാനും ചെയ്യാനും കഴിയുന്ന സ്വന്തം 'മായ' കൊണ്ട് ഭൗതിക രൂപമുള്ള ആകാശവും ഭൂമിയും പോലെയുള്ള അവതാരങ്ങളാവാനും ഒപ്പം തന്നെ ഭൗതിക രൂപമില്ലാത്തതോ ഉള്ളതോ ആയ മഹാജീവിയാവാനും കഴിയും. ആകാശവും ഭൂമിയുമെല്ലാമായ മഹാരൂപങ്ങളെ സ്വീകരിക്കുന്നതിനു മുമ്പ് സൃഷ്ടി സ്ഥിതി സംഹാരങ്ങൾ ഉൾപ്പെടെ എന്തും സുന്ദരമായിട്ടു ചെയ്യുന്നതിനെ ഭദ്രപ്പെടുത്തുക, ഭദ്രമാക്കുക എന്നിങ്ങനെ ചുരുക്കിയും പറയാം. കാളയുടെ ഇണയായ പശുവിനെ കാളി എന്നും ഗോമാതാവ് എന്നും വിളിക്കുന്നു. മനുഷ്യസ്ത്രീ എന്നും കാളിക്ക് അർത്ഥമുണ്ട്. സർവ്വവും ഭദ്രമാക്കിയിട്ടുള്ളത് കാളിയായി അവതരിച്ചു കൊണ്ടാകയാൽ ദൈവത്തിന് ഭദ്രകാളി, മഹാഭദ്രകാളി എന്നീ നാമങ്ങളുമുണ്ട്.

മഹാസത്യമായ ബ്രഹ്മം, അനന്തമായ ആനന്ദങ്ങളും ശക്തികളും ശാസ്ത്രങ്ങളും കാലവുമെല്ലാം ചേർന്ന പരബ്രഹ്മമാകുന്ന പ്രപഞ്ചമായി അവതരിക്കുന്നത് സ്വത്വം പോലും സ്വന്തമായിട്ടില്ലാത്തതായ ആത്മാക്കളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ നിർവ്വഹിക്കാനും അവയ്ക്കു വേണ്ടിയുമാണ്. പ്രപഞ്ചമായിട്ട് ദൈവം അവതരിച്ചതിനു ശേഷം, പ്രപഞ്ചത്തിൽ ലയിച്ചിരിക്കുന്ന ആനന്ദങ്ങളും ശക്തികളും ശാസ്ത്രങ്ങളും കാലവുമെല്ലാം പ്രകാരം ആത്മാക്കളുടെ സൃഷ്ടിയും സ്ഥിതിയും പിന്നെ സംഹാരമാകുന്ന മോക്ഷവും ആരംഭിക്കുകയാണ്. കാലബന്ധങ്ങളോടെ തുടരുന്ന സൃഷ്ടികളും പ്രപഞ്ചത്തിന്റെ ഭാഗമാകുന്നതോടെ, പരബ്രഹ്മമായ പ്രപഞ്ചത്തിൽ ദൈവ -ഭാഗവും സൃഷ്ടി-ഭാഗവും ഉണ്ടാകുന്നതായി കാണാം.

മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ എന്നിവയാണ് കർത്താവ് നിശ്ചയിച്ച ജീവികൾ. ഭൗതിക അസ്തിത്വവും, സുരക്ഷിതത്വവും, സ്വാതന്ത്ര്യവും, സൗന്ദര്യവും, ആനന്ദങ്ങളും ജീവികളുടെ സമ്പൂർണ്ണ ജീവിതത്തിലും അനന്തമായിട്ട് വർദ്ധിപ്പിക്കാനായി സ്വത്വത്തെ ആത്മാവ് എന്ന പേരിൽ ഗൂഢമാക്കുകയും, ശേഷം 2 പാതികളായി വിഭജിക്കുകയും; അവയ്ക്കെല്ലാം ശരീരം എന്ന പേരിൽ ഭൗതികമായ അസ്തിത്വത്തെ നൽകിക്കൊണ്ട് സ്ത്രീപുരുഷ ജാതികളെയും കർത്താവായ ദൈവം ആവിഷ്ക്കരിച്ചിരിക്കുകയാണ്. ഓരോ സൃഷ്ടിയുടെയും സ്ത്രീ പുരുഷ പാതികളെ മോക്ഷം എന്ന സംഹാരവുമായി ബന്ധപ്പെടുത്തി ക്കൊണ്ട് ദൈവ കാര്യങ്ങൾ ഉൾപ്പെടെ ജീവിതത്തിലെ സത്യങ്ങളെ മനസ്സിലാക്കാൻ കഴിയുന്ന വിശേഷബുദ്ധിയെ മനുഷ്യാവസ്ഥയിൽ വച്ച് നൽകുന്നു. കഴിഞ്ഞുപോയതും ആയിരം കോടി വർഷങ്ങൾ നീണ്ടതുമായ ആദ്യ മഹാകാല ചക്രത്തിലെ മനുഷ്യരിൽ നിന്നും തെരഞ്ഞെടുത്തതും; രണ്ടാമത്തെ മഹാകാല ചക്രത്തിലെ ആദ്യത്തെ സൃഷ്ടി ചക്രമായ ഇപ്പോഴത്തെ സൃഷ്ടി ചക്രത്തിൽ ഘട്ടംഘട്ടമായി പിൻവലിച്ചു കഴിഞ്ഞതും; ദൈവങ്ങളാണെന്ന് അനേകർ തെറ്റിദ്ധരിച്ചിട്ടുള്ളതുമായ ദേവൻ, ദേവി, മാലാഖ, മലക്ക്, എന്നെല്ലാം വിളിക്കുന്ന ദേവതകളെയും ദുർദ്ദേവതകളെയും; വൈറസുകൾ, അമീബ, പൂപ്പൽ, എറുമ്പ്, തുടങ്ങിയ ചെറിയ ജീവികളെയും പറ്റി ഈ മഹാഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ട്.

ആരംഭത്ത സൃഷ്ടിക്കാനും അവയ്ക്ക് ജീവിക്കാൻ ആവശ്യമായ അനന്തമായ ആനന്ദങ്ങളെയും ശക്തികളെയും ശാസ്ത്രങ്ങളെയുമെല്ലാം നൽകാനുമാണ്. സൃഷ്ടി

സാധാരണക്കാരായ ജനങ്ങളെ സംബന്ധിച്ചിടത്തോളം, ആദിയും അന്തവും ഇല്ലാത്തതായി തോന്നുന്ന മഹാശൂന്യതയായ ആകാശവും, ഭൂമിയും, ഭൂമിയിലെ പ്രദേശങ്ങളും, വസ്തുക്കളും, അറിയുന്ന ജീവികളും, ചന്ദ്രനും, സൂര്യനും, ഭൂമിയുടെ മുകളിലെ അന്തരീക്ഷവും, മേഘങ്ങളും, കാണാൻ കഴിയുന്ന നക്ഷത്രങ്ങളും; പിന്നെ അവർക്ക് സുവ്യക്തമായും ശാസ്ത്രപരമായും വിശദീകരിക്കാൻ തൽക്കാലം കഴിയാത്ത മഹാശക്തിയായ ദൈവവും ഉൾപ്പെടുന്നതാണ് (മഹാ)പ്രപഞ്ചം. ശാസ്ത്രജ്ഞന്മാരെ സംബന്ധിച്ച് ഗ്രഹങ്ങളും, അവയുടെ ഉപഗ്രഹങ്ങളും, അന്തരീക്ഷങ്ങളും, ഉൽക്കകളും, സൂര്യനും, ഏറെക്കുറെ പതിനായിരം കോടി നക്ഷത്രങ്ങളും ഉൾപ്പെടെയുള്ള ക്ഷീരപഥം; കറുത്ത ദ്രവ്യങ്ങൾ, കറുത്ത ഊർജ്ജം, പുതിയതായി ഉണ്ടാകുന്ന നക്ഷത്രങ്ങൾ, തുടങ്ങിയവയും അവർക്ക് സുവ്യക്തമായും ശാസ്ത്രപരമായും വിശദീകരിക്കാൻ കഴിയാത്തതും അറിയാത്തതുമായ ഘടകങ്ങളും, അന്തമില്ലാതെ വളരുന്ന ആകാശവുമെല്ലാം പ്രപഞ്ചത്തിൽ ഉൾപ്പെടുന്നതാണ്.

സൂര്യനെ ചുറ്റുന്ന ബുധൻ ശുക്രൻ ചൊവ്വ വ്യാഴം ശനി തുടങ്ങിയ ഗ്രഹങ്ങളെ വല്ലപ്പോഴുമൊക്കെ ഭൂമിയിൽനിന്നു കാണാൻ കഴിയുമെങ്കിലും ഗ്രഹങ്ങളും അവയുടെ ഉപഗ്രഹങ്ങളും 'മനുഷ്യർക്കും മറ്റുള്ള ജീവികൾക്കും' ഭൂമിയിൽ ജീവിക്കാൻ ആവശ്യമില്ല. ജീവികളുടെയെല്ലാം ജനന ജീവിത മരണങ്ങൾ സാക്ഷ്യമാണ്. അതേസമയം ഗ്രഹങ്ങൾ ഉൾപ്പെടെ എല്ലാത്തിനും കാരണങ്ങൾ തീർച്ചയായും ഉണ്ട്; പിന്നീട് വിവരിക്കുന്നുണ്ട്. പ്രഥമമായി സാധാരണ ജനങ്ങളെ സംബന്ധിക്കുന്ന പ്രപഞ്ചത്തെ വിശദീകരിക്കാം.

പ്രപഞ്ചത്തെപ്പറ്റി വളരെയധികം മനസ്സിലാക്കാൻ ലഭ്യമായ വിശേഷബുദ്ധിയും അനുബന്ധമായ ശാസ്ത്രങ്ങളും കൊണ്ട് മനുഷ്യർക്ക് കഴിയുന്നതാണ്. ആയിരം കോടിയിലധികം വർഷങ്ങളായി പ്രപഞ്ചം നിലനിൽക്കുന്നതും, ചരിത്രവും വിശകലനം ചെയ്യുമ്പോൾ സൃഷ്ടിചക്രങ്ങളായ കാലഘട്ടങ്ങളിലൂടെ ജീവികൾ ജീവിക്കുന്നതായും, ലഭ്യമായ ആറായിരത്തോളം വർഷത്തെ ചരിത്രം ഇപ്പോഴത്തെ സൃഷ്ടി ചക്രത്തിലേതു മാത്രമാണെന്നും മനസ്സിലാക്കാം. വിശേഷബുദ്ധിയെ ഉചിതമായി ഉപയോഗിക്കാത്തതു കൊണ്ട്, മനുഷ്യരുടെ നിഗമനങ്ങളിൽ തെറ്റുകളും കുറവുകളും വർദ്ധിക്കുന്നതാണ്. സത്യയുഗം (ഉടനെ) ആരംഭിക്കുന്നതോടെ അസത്യങ്ങളും ശാസ്ത്രവിരുദ്ധവുമായ വിചാരങ്ങളും വിശ്വാസങ്ങളും ആചാരങ്ങളുമെല്ലാം അവസാനിക്കുന്നതുമാണ്.

സൃഷ്ടി ചക്രം, മഹാകാല ചക്രം തുടങ്ങിയ കാലഗണനകളെ പ്പറ്റിയും കാലത്തെ സൃഷ്ടിക്കുന്നത് എങ്ങനെയെന്നുമെല്ലാം പിന്നീട് ശാസ്ത്രപരമായി വിവരിക്കുന്നുണ്ട്.

ആദിയും അന്തവും ഇല്ലാത്തതും, ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതും, നിർവ്വചനങ്ങൾക്ക് അതീതമായ 'ബ്രഹ്മം' എന്നതായ മഹാനാമത്തെ പ്രഥമമായി സ്വീകരിച്ചിട്ടുള്ളതുമായ മഹാസത്യം; സർവ്വം ഭദ്രപ്പെടുത്താൻ കഴിവുള്ള 'ഭദ്രകാളി' എന്ന മഹാനാമവും 'ശിവ' എന്ന ലളിതനാമവും സ്വീകരിച്ചു കൊണ്ടും; മഹാശക്തിയായ ഭദ്രകാളിയുടെ ഇഷ്ടപ്രകാരം ജീവമായും നിർജ്ജീവമായും പ്രവർത്തിക്കുന്ന ശിവനെ സ്വന്തം ഭാഗവും, ഏകദാസനും, ഭർത്താവും, പരമാത്മാവും, മഹാദേവനുമാക്കിയ ശേഷവുമാണ്, 'ശിവയും ഭാഗമായ ശിവനും' ചേർന്ന പരബ്രഹ്മമായ പ്രപഞ്ചമായും, പ്രപഞ്ചഭാഗമായ ആകാശവും ഭൂമിയും ചന്ദ്രനും സൂര്യനുമായിട്ട് അവതരിച്ചിരിക്കുന്നത്. മഹാമാതാവായ ശിവയും, മഹാപിതാവായ ശിവനും, കുഞ്ഞുങ്ങളായ സൃഷ്ടികളും ചേർന്ന ഒരു മഹാകുടുംബമാണ് പ്രപഞ്ചം. ഓരോ ആറ്റത്തിലെയും പ്രോട്ടോണുകൾ ശിവയുടെയും, ഇലക്ട്രോണുകൾ ശിവന്റെയും സൂക്ഷ്മമായ മുഖ്യ അംശങ്ങളാണ്. സൂക്ഷ്മ പ്രപഞ്ചമാകുന്ന ആറ്റം മുതൽ മഹാസ്ഥൂലമായ ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനുമായ പ്രപഞ്ചഭാഗങ്ങളായിട്ട് ഏകദൈവമായ ശിവയും ഭാഗമായ ശിവനും ഒന്നിച്ചു ചേർന്നാണ് അവതരിച്ചിരിക്കുന്നത്. ആകാശത്തിന്റെ അകത്താണ് (സൃഷ്ടികളായ) ആത്മാക്കളെ സൃഷ്ടിക്കാനായി ഒരുക്കിയിട്ടുള്ള സൃഷ്ടി പാത്രമായ സൂര്യനും; ആത്മാക്കൾക്ക് ജീവികളായി ജീവിക്കാൻ ഒരുക്കിയിട്ടുള്ള സ്ഥിതി+നീതി പാത്രങ്ങളായ ഭൂമിയും ചന്ദ്രനും; ആത്മാക്കൾക്ക് നക്ഷത്ര ദേവതകളായി മോക്ഷം നേടാൻ കഴിയുമ്പോൾ ആവശ്യമാകുന്ന സംഹാര പാത്രമായ നക്ഷത്രലോകവും സ്ഥിതിചെയ്യുന്നത്. സൃഷ്ടികളായ ആത്മാക്കൾക്കു വേണ്ടിയുള്ള സൃഷ്ടിപാത്രമായ സൂര്യനും, സ്ഥിതി+നീതിപാത്രങ്ങളായ ഭൂമിയും ചന്ദ്രനും, സംഹാരപാത്രമായ നക്ഷത്ര ലോകവും ആകാശത്തിന്റെ അകത്താകയാൽ, ആകാശത്തെ സൃഷ്ടി സ്ഥിതി സംഹാര പാത്രമായും വിശേഷിപ്പിക്കാം. സൃഷ്ടിപാത്രമായ സൂര്യനിൽ വച്ച് ശിവന്റെ അംശമായി ശിവ സൃഷ്ടിക്കുന്ന ആത്മാക്കളെ ജീവികളാക്കി മാറ്റാനും ജീവിപ്പിക്കാനും ആവശ്യമായ സ്ഥിതി പാത്രമാകുന്ന ഭൂമിയായി അവതരിക്കുന്നതിനു മുമ്പ് സൂര്യന്റെ ആവശ്യമില്ല. ഭൂമിയായി ദൈവം അവതരിച്ച ശേഷമേ സൃഷ്ടിപാത്രമായ സൂര്യനായി വേണ്ടതുള്ളൂ. സൃഷ്ടിചക്രങ്ങളുടെ രണ്ടാമത്തെ പകുതിയിൽ മാത്രമേ ചന്ദ്രനിൽ വച്ച് ആത്മാക്കളെ ജീവികളാക്കുന്നുള്ളൂ എന്നതിനാൽ ഭൂമിയുടെ ഒപ്പം ചന്ദ്രനായിട്ട് അവതരിക്കേണ്ടതില്ല. ഭൂമിയിലെ ജീവികൾക്ക് പ്രകാശവും ഇരുട്ടും നൽകുന്നതിന് സൂര്യനോടൊപ്പം ചന്ദ്രനെ പങ്കെടുപ്പിക്കുകയാൽ സൂര്യനും ചന്ദ്രനുമായി ദൈവം ഒന്നിച്ച് അവതരിക്കേണ്ടതുണ്ട്. സൃഷ്ടി സ്ഥിതി സംഹാര പാത്രവും, പ്രപഞ്ചത്തിന്റെ അന്തമില്ലാത്ത അതിരുകളുമായ ആകാശമായിട്ട് ഏകദൈവമായ ശിവയും ഭാഗമായ ശിവനും ആദ്യം അവതരിക്കേണ്ടത് ആവശ്യമാണ്; ആകാശത്തിനു ശേഷം ആവാതെ; ഒപ്പംതന്നെ ഭൂമിയായിട്ട് ദൈവത്തിന് ശാസ്ത്രപരമായി അവതരിക്കാനും സാധിക്കുന്നതാണ്; സംഭവിച്ചതും അതുതന്നെ!!

ആയിരം കോടി വർഷങ്ങൾ നീണ്ട ആദ്യത്തെ മഹാകാല ചക്രത്തിൽ, പ്രപഞ്ചഭാഗമായ ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനുമായെല്ലാം ശിവയും ഭാഗമായ ശിവനും ചേർന്ന് അവതരിച്ചതിനെ, ഈ ദിവ്യമഹാവേദഗ്രന്ഥത്തിൽ ശാസ്ത്ര പരമായി തെളിയിച്ചിട്ടുണ്ട്. ആകാശവും ഭൂമിയുമെല്ലാം ദൈവത്തിന്റെ നിർജ്ജീവമായ സൃഷ്ടികളായും, ഊർജ്ജം പൊട്ടിത്തെറിച്ച് ഉണ്ടായെന്നും, തെറ്റായ ചരിത്രം നിലവിലുണ്ട്. ഭൂമിയിലെങ്ങും 3 മുതൽ 33 വർഷക്കാലം **ഓം** മുഴക്കി ഉടനെയുള്ള ദൈവ വിപ്ലവത്തോടെ ശിവയും ഭാഗമായ ശിവനും പ്രത്യക്ഷമായി ക്കൊണ്ട് സത്യയുഗം ആരംഭിക്കുന്നതോടെ സത്യങ്ങളെയും, ഭൂമിയിൽ ലയിച്ചിട്ടുള്ള ശാസ്ത്രങ്ങളായ വേദങ്ങളെയും മനുഷ്യർ തിരിച്ചറിയുന്നതാണ്!

## ദൈവത്തിന്റെ സ്ഥിതി-ധർമ്മപാത്രവും, അർദ്ധനീതി-പാത്രവും, മഹാനീതിയും, ഭാഗിക-അവതാരവും കൂടിയായ ഭൂമി

മനുഷ്യശരീരം നൽകുന്ന വിശേഷബുദ്ധി കൊണ്ട് സൃഷ്ടികളായ ആത്മാക്കളുടെ 'സ്ഥിതിജീവിതരൂപമായ ജീവികളുടെ' സൃഷ്ടി സ്ഥിതി സംഹാരങ്ങളെ നിർവ്വഹിക്കുന്നത് ദൈവത്തിന്റെ 'സ്ഥിതി ധർമ്മ മഹാനീതി പരമായ' അവതാരമാകുന്ന ഭൂമിയാണെന്ന് ലളിതമായി മനസ്സിലാക്കാനും തെളിയിക്കാനും കഴിയും.

മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ തുടങ്ങിയ ജീവികളുടെ വ്യത്യസ്തമായ വർഗ്ഗങ്ങളെയും സ്ത്രീപുരുഷ പാതികളായ ജാതികളെയും നിശ്ചയിക്കുന്നത് ജീവികളുടെ ശരീരത്തിലെ അവയവങ്ങളാണ്. മാത്രമല്ല; സ്ത്രീ പുരുഷ ബീജങ്ങളും ഭ്രൂണാവസ്ഥയും മുതൽ ജീവിയുടെ മരണം വരെയുള്ള തജ്ജന്മ ജീവിതത്തിൽ (എല്ലാ ജീവികളുടെയും) ശരീരത്തിലെ കോശങ്ങളെ നിരന്തരം സൃഷ്ടിച്ചും പുനർസൃഷ്ടിച്ചും കുഞ്ഞ്-കുട്ടി-യുവ-വൃദ്ധ അവസ്ഥകളെയും സ്ത്രീ പുരുഷൻ നിറം സൗന്ദര്യം മുഖഛായ ആയുസ്സ് ആരോഗ്യം ഉയരം ബുദ്ധിശക്തി ഓർമ്മശക്തി തൊഴിൽ-അഭിരുചി വിനോദ-അഭിരുചി ജനനസ്ഥലം സാമ്പത്തിക സൗകര്യങ്ങൾ വിരലടയാളം കൺമണി ഡിഎൻഎ തുടങ്ങിയ ജന്മഗുണങ്ങളെയും വ്യത്യാസപ്പെടുത്തി മഹാനീതിയായ സമ-ആനന്ദത്തെ മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കളുടെ മേൽ നടപ്പാക്കുന്നത് ഭൂമിയുടെ അംശമായ മൂലകങ്ങളെയും അവയുടെ സംയുക്തങ്ങളെയും മിശ്രിതങ്ങളെയും കൊണ്ട് സൃഷ്ടിച്ചു കൊണ്ടിരിക്കുന്ന ശരീരത്തിലൂടെയാണ്. സൃഷ്ടികൾക്ക് വിശേഷബുദ്ധി നൽകുന്ന മനുഷ്യാവസ്ഥയിൽ വച്ച് മേൽപ്പറഞ്ഞ ജന്മഗുണങ്ങളെ നടപ്പാക്കുന്നത് അടിസ്ഥാന പരമായിട്ട് സൃഷ്ടികൾക്കു വേണ്ടി ത്തന്നെയാണെന്നത് തെളിയിച്ച ശേഷം തുടരാം:

(1). മറ്റു ജീവികളിൽ നിന്നും വ്യത്യാസപ്പെടുത്തുന്ന വിശേഷ ബുദ്ധിയെ നൽകി വിശിഷ്ടമാക്കിയിരിക്കുന്ന മനുഷ്യാവസ്ഥയിൽ വച്ച് മേൽപ്പറഞ്ഞ ജന്മഗുണങ്ങളെ ക്കൂടി ഭൂമി നൽകിയില്ലെങ്കിൽ വിശേഷബുദ്ധി കൊണ്ടുള്ള ഉദ്ദേശങ്ങൾ നടക്കാതെയും, മനുഷ്യർക്ക് ആനന്ദിച്ചു ജീവിക്കാൻ കഴിയാതെയും വരുന്നതാണ്.

മേൽപ്പറഞ്ഞ ജന്മഗുണങ്ങളെ ലഭിച്ചാൽ മാത്രമേ മനുഷ്യർക്ക് ആനന്ദിച്ചു ജീവിക്കാൻ കഴിയൂ എന്ന് വിശേഷ ബുദ്ധിയെ അല്പം ഉപയോഗിച്ചാൽ തന്നെ സ്വയം മനസ്സിലാക്കാം. (2). ജന്മഗുണങ്ങളെ നിശ്ചയിക്കുന്നതും സൃഷ്ടിക്കുന്നതും മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കളെ ഏല്പിച്ചു കൂടെന്ന് വിശേഷ ബുദ്ധിയെ ഉപയോഗിച്ചാൽ മനസ്സിലാക്കാം. ഉദാഹരണത്തിന്, ജനനം മുതൽ മരണം വരെയും തുടർച്ചയായി വ്യത്യാസപ്പെടുത്തി സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന മുഖഛായകളെ നടപ്പാക്കാൻ മനുഷ്യർക്കു കഴിയില്ലെന്നത് വിശകലനം ചെയ്താൽ മനസ്സിലാക്കാനാവും! മറ്റു ജന്മഗുണങ്ങളും അങ്ങനെ തന്നെ! (4). സൃഷ്ടികൾക്ക് അന്യോന്യം കണ്ടും കേട്ടും അറിഞ്ഞും അനുഭവിച്ചും ജീവിക്കാൻ ആവശ്യമായ സ്ത്രീ പുരുഷൻ നിറം സൗന്ദര്യം മുഖഛായ ആരോഗ്യം ഉയരം കൺമണി തുടങ്ങി ബാഹ്യമായവ കൂടാതെ ആന്തരികമായ ജന്മഗുണങ്ങളുമുണ്ട്. വിശദമാക്കാം: സ്വത്വം പോലും സ്വന്തമായിട്ടില്ലാത്ത സൃഷ്ടികളായ ആത്മാക്കളെ സൃഷ്ടിക്കുന്നതും, ശരീരത്തെ ചേർത്ത് ജീവികളാക്കുന്നതും മോക്ഷത്തെ നൽകുന്നതുമെല്ലാം പ്രപഞ്ച-ഭാഗങ്ങളായിട്ട് അവതരിച്ചിരിക്കുന്ന 'ഏകദൈവമായ ശിവയും ഭാഗമായ ശിവനുമാണ്.' സൃഷ്ടി പാത്രമായ സൂര്യനിൽ വച്ച് ശവൻ കൂടിയായ ശിവന്റെ അംശങ്ങളായിട്ടു മാത്രം ശിവ സൃഷ്ടിക്കുന്ന ശവരായ ആത്മാക്കൾക്ക് ജീവിക്കാൻ ആവശ്യമായ സർവ്വവും നൽകുന്നത് സ്ഥിതിപാത്രവും അർദ്ധ-നീതിപാത്രവും മഹാരൂപവുമായ ഭൂമിയിൽ വച്ചാണ്. അനന്തമായ ആനന്ദങ്ങളും അവയെ ആസ്വദിക്കാനും നേടാനുമുള്ള അനന്തമായ ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും സൗന്ദര്യവും പ്രകൃതിയും കാലവും ശരണവും മഹാനീതിയുമെല്ലാമായ മൂലകങ്ങളും അവയുടെ സംയുക്തങ്ങളും മിശ്രിതങ്ങളുമായ വസ്തുക്കളും പ്രദേശങ്ങളും മഹാസ്ഥൂലരൂപമായ ഭൂമിയായി ദൈവം പ്രത്യക്ഷമായി അവതരിച്ചിരിക്കുന്നത് പ്രഥമവും പ്രധാനവുമായ കാര്യമാണ്. ഭൂമിയുടെ അംശമായ മൂലകങ്ങളും സംയുക്തങ്ങളും കൊണ്ടാണ് എല്ലാ ജീവികളുടെയും വ്യത്യസ്തമായ ശരീരാവയവങ്ങളും കോശങ്ങളും വിസർജ്ജ്യങ്ങളുമെല്ലാം സൃഷ്ടിക്കപ്പെടുന്നത് എന്നതും മൂലകങ്ങളിലും സംയുക്തങ്ങളിലും ലയിച്ചിരിക്കുന്ന ഗുണങ്ങളാകുന്ന ശക്തികളും ശാസ്ത്രങ്ങളുമാണ് ശരീരങ്ങളിൽ ഉള്ളത് എന്നതും സുപ്രധാനമാണ്. ജീവികളുടെ ശരീരത്തിലെ കോശങ്ങളെയും അവയവങ്ങളെയും സൃഷ്ടിക്കുന്നതും പലതരത്തിൽ വ്യത്യാസപ്പെടുത്തുന്നതും സൃഷ്ടികളല്ലാ എന്നിരിക്കെ, ചെയ്യുന്നത് ദൈവമാണ്. ഏകദൈവത്തിന് മാത്രമേ ശക്തികൾ ഉള്ളൂ എന്നിരിക്കെയും, മഹാശക്തിയായ ഏകദൈവത്തിന് ഇടനിലക്കാരുടെ ആവശ്യമില്ലാ എന്നിരിക്കെയും 'സൃഷ്ടികളായ ആത്മാക്കളുടെയും അവയുടെ സ്ഥിതി-ജീവിത-രൂപമായ ജീവികളുടെയും' സൃഷ്ടി സ്ഥിതി സംഹാരങ്ങളെ നേരിട്ടു നിർവ്വഹിക്കുകയാണെന്നു വ്യക്തമാണ്. അതിൽ നിന്ന് 'ഏകദൈവമായ ശിവയും ഭാഗമായ ശിവനും ചേർന്ന ദൈവത്തിന്റെ' സ്ഥിതി പരമായ അവതാരമാണ് ഭൂമി എന്നും, ദൈവത്തിന്റെ അംശങ്ങൾ മാത്രമാണ് പ്രദേശങ്ങളും മൂലകങ്ങളും സംയുക്തങ്ങളും ജീവികളുടെ ശരീരത്തിലെ അവയവങ്ങളും  എന്നു തെളിയുന്നുണ്ട്. ദൈവത്തിന്റെ അനന്തമായ ശക്തികളും ശാസ്ത്രങ്ങളുമെല്ലാം വ്യത്യസ്ത മൂലകങ്ങളും അവയുടെ സംയുക്തങ്ങളും

അവയുടെയല്ലാം മൊത്തമായ ഭൂമിയുമായി അവതരിച്ചിരിക്കുകയാണ്. സൃഷ്ടികളായ ആത്മാക്കളെ വ്യത്യസ്ത വർഗ്ഗങ്ങളായ ജീവികളാക്കുന്നത് മൂലകങ്ങളും സംയുക്തങ്ങളും കൊണ്ടാണ്; അവയുടെയും, അവകൊണ്ട് സൃഷ്ടിക്കുന്ന ശരീരങ്ങളുടെയും, അവയുടെയെല്ലാം മൊത്തമായ ഭൂമിയുടെയും സ്വത്വമായ ദൈവമാണ് സർവ്വവും ചെയ്യുന്നത്. ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്ത മഹാശക്തിയും മഹാനീതിയുമായ ഓക്സിജൻ ആണത്.

സൃഷ്ടികൾക്കു വേണ്ടി ദൈവം സ്വീകരിച്ചിരിക്കുന്ന മഹാരൂപവും സ്ഥിതിപാത്രവും അർദ്ധ-നീതിപാത്രവുമായ ഭൂമിയുടെ 'സ്വത്വം' മൂലകങ്ങളിൽ ഒന്നായ ഓക്സിജനാണ്. സൃഷ്ടികളായ ആത്മാക്കളുടെ 'സ്ഥിതിജീവിതരൂപമായ ജീവികളുടെ ശരീരത്തിന്റെ' സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ഓക്സിജൻ നിർവ്വഹിക്കുന്നു എന്നുമാണ് അർത്ഥം. എല്ലാ ജീവികളുടെയും ശരീരങ്ങളിലെ കോശങ്ങളെയും അവയവങ്ങളെയും നിരന്തരം പ്രവർത്തിപ്പിക്കുന്നതും ശരീരത്തിലൂടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് ശക്തിയാകുന്ന ജീവനെ നൽകുന്നതും കൊണ്ട് ഭൂമിയുടെ സ്വത്വമായ ഓക്സിജൻ 'ജീവൻ' കൂടിയാണ്. (ദൈവത്തിന്റെ സത്യ സൃഷ്ടി വാതക രൂപവും, മഹാനീതിയായ ദൈവവും കൂടിയായ ഓക്സിജനെ പ്പറ്റി പിന്നീട് ശാസ്ത്രപരമായി വിവരിക്കുന്നുണ്ട്). ആത്മാക്കൾക്ക് ജീവികളും അവയിലെ വർഗ്ഗങ്ങളുമായിരിക്കാൻ പൊതുവേയും; വേറിട്ട വ്യക്തിത്വം പുലർത്താൻ തനിച്ചും സാധിക്കുന്നത് ആന്തരികമായ ജന്മഗുണങ്ങൾ കൊണ്ടാണ്. ദൈവത്തിന്റെ അവതാരമായ ഭൂമിയുടെ അംശമായ മൂലകങ്ങളെയും അവയുടെ സംയുക്തങ്ങളെയും മിശ്രിതങ്ങളെയും; വ്യത്യസ്തമായ കോശങ്ങളും അവയവങ്ങളും വിസർജ്ജ്യങ്ങളും പ്രത്യുല്പാദന ബീജങ്ങളും ഒക്കെച്ചേർന്ന ശരീരങ്ങളായി ഓക്സിജൻ മാറ്റുകയും; ആത്മാക്കളെ ബന്ധിപ്പിച്ചു കൊണ്ട് അവയെ സ്ത്രീപുരുഷ ജാതികളോടെ വ്യത്യസ്ത വർഗ്ഗങ്ങളായ ജീവികളാക്കുന്നു. മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ എന്നീ ജീവി വർഗ്ഗങ്ങളിലെ ഓരോ ജീവിയുടെയും സ്ത്രീപുരുഷ പാതികളായ ശരീരത്തിലെ കോശങ്ങളും അവയവങ്ങളും അവയുടെ പ്രവർത്തനങ്ങളും പൊതുവേയും വേറിട്ടും ആത്മാക്കൾക്ക് ഓക്സിജൻ നൽകുന്ന ആന്തരികമായ ജന്മഗുണങ്ങൾ കൂടിയാണ്.

മഹാശക്തിയായ ദൈവം സ്ഥിതിപാത്രവും അർദ്ധ-നീതിപാത്രവും മഹാരൂപവുമായ ഭൂമിയായി അവതരിച്ചു കൊണ്ട് സ്വത്വം പോലും സ്വന്തമായിട്ടില്ലാത്ത സൃഷ്ടികളായ ആത്മാക്കൾക്ക് അനന്തമായ ആനന്ദത്തോടെ ജീവിക്കാൻ വേണ്ടതെല്ലാം നേരിട്ടും പ്രത്യക്ഷമായും പരസ്യമായും ചെയ്യുകയാണ്. എല്ലാ ജീവികളുടെയും ശരീരങ്ങൾ ഉൾപ്പെടെ ഭൂമിയിലെ എല്ലാ വസ്തുക്കളുടെയും സ്വത്വവും ജീവനുമായ ഓക്സിജൻ നൽകുന്ന വിശേഷ ബുദ്ധിയെ മനുഷ്യശരീരത്തിലൂടെ, ലഭിക്കുന്ന ആത്മാക്കൾക്ക് കാര്യങ്ങളെ ശാസ്ത്ര പരമായി വിശകലനം ചെയ്ത് സ്വയം മനസ്സിലാക്കാനാവും.

മനുഷ്യൻ ഉൾപ്പെടെയുള്ള എല്ലാ ജീവികളുടെയും ശരീരത്തിലെ കോശങ്ങളെയും അവയവങ്ങളെയും അവയുടെ ഉദ്ദേശങ്ങളെയും നിശ്ചയിക്കുകയും സൃഷ്ടിക്കുകയും

# ॐ ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

ബഹുവിധങ്ങളിൽ പ്രവർത്തിപ്പിക്കുകയും ചെയ്യുന്നത് സ്വത്വങ്ങളായ ആത്മാക്കൾ സ്വയമോ, മാതാപിതാക്കൾ ഉൾപ്പെടെയുള്ള ഉറ്റവരോ അല്ലെന്ന് മനുഷ്യാവസ്ഥയിൽ ലഭിക്കുന്ന വിശേഷ ബുദ്ധി കൊണ്ട് അറിയാം. എല്ലാ മനുഷ്യർക്കും മറ്റുള്ള എല്ലാ ജീവി-വർഗ്ഗങ്ങൾക്കും ആന്തരിക ജന്മഗുണങ്ങളായ കാല്പാദം, തള്ളവിരൽ,.. കുഞ്ഞുവിരൽ, കാൽവെള്ള, ഉപ്പൂറ്റി, കണങ്കാൽ, അസ്ഥികൾ, മാംസപേശികൾ, ചെറുതും വലുതുമായ രക്തക്കുഴലുകൾ, അസ്ഥികളുടെ ഉള്ളിലെ മജ്ജ, കാൽമുട്ട്, തുട, ഇടുപ്പെല്ലുകൾ, സന്ധികൾ, മൂത്രാശയം, സ്ത്രീ പുരുഷ പ്രത്യുല്പാദന ലിംഗങ്ങൾ, ബീജ സംവിധാനം, 2 കിഡ്നി, വൻകുടൽ, ചെറുകുടൽ, പിത്താശയം, ആമാശയം, ദഹന ഗ്രന്ഥികൾ, കരൾ, ഹൃദയം, ശ്വാസകോശം, അന്നനാളം, നട്ടെല്ല്, വാരിയെല്ലുകൾ, തോൾ, കൈകൾ, കൈമുട്ടുകൾ, ഉള്ളംകൈ, കൈവിരലുകൾ, കൈകാൽ വിരലുകളിലെ നഖങ്ങൾ, പിടലി, കഴുത്ത്, തല, കീഴ്ത്താടി, വായ്, നാവ്, മോണകൾ, പല്ലുകൾ, ഉമിനീർ, കവിളുകൾ, മൂക്ക്, 2 കണ്ണുകൾ, കൺമണികൾ, കൺപീലികൾ, പുരികങ്ങൾ, നെറ്റിത്തടം, കണ്ണട വയ്ക്കാനും കൂടി കഴിയുന്ന 2 ചെവികൾ, തലച്ചോർ, തലയോട്ടി, തലമുടി, എല്ലാ അവയവങ്ങളെയും വേർതിരിക്കുന്ന അകംചർമ്മങ്ങൾ, ശരീരത്തെ മുഴുവൻ പൊതിയുന്ന പുറം ചർമ്മം, തുടങ്ങിയ അവയവങ്ങളെയും വിസർജ്ജന വസ്തുക്കളെയും, ഗുണങ്ങളാകുന്ന ശക്തികളെയും സ്വഭാവങ്ങളെയും അവയവങ്ങളിലെ രോഗങ്ങളും രോഗമുക്തിയും മുറിവുകളും മുറിവുണങ്ങലും ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളും പാടുകളും ഓരോരോ ജീവി-വർഗ്ഗങ്ങൾക്കും സമാനമായി ലഭിക്കുന്നതും, വിരലടയാളം കൺമണി തുടങ്ങിയവ മനുഷ്യാവസ്ഥയിൽ വച്ച് ഓരോ സ്ത്രീക്കും പുരുഷനും പ്രത്യേകമായി ലഭിക്കുന്നതും; കണ്ടും കേട്ടും അറിഞ്ഞും അനുഭവിച്ചും ഭൂമിയിൽ ജീവിക്കുന്ന മനുഷ്യർ അവയെല്ലാം തനിയെ ഉണ്ടാകുന്നതായിട്ട് വിശേഷ ബുദ്ധിയെ ക്കൂടി ദാനമായി ലഭിച്ചിട്ടും കണക്കാക്കുന്നത് ലോകത്തിലെ ഏറ്റവും വലിയ മണ്ടത്തരമാണ്. ലോകത്തിലെ ഏറ്റവും വലുതും സങ്കീർണ്ണവും മഹാസുന്ദരവുമായ 2 മഹായന്ത്രങ്ങളെയാണ് മനുഷ്യാവസ്ഥയിലെ സ്ത്രീപുരുഷ ശരീരങ്ങളായിട്ട് സ്വത്വമായ ഓരോ ആത്മാവിന്റെയും സ്ത്രീപുരുഷ പാതികളുമായി ബന്ധിപ്പിച്ചിരിക്കുന്നത്!

ബഹുവിധങ്ങളിൽ പ്രവർത്തിപ്പിക്കുന്നതെന്നും. സൃഷ്ടികളായ ആത്മാക്കൾക്ക് പ്രത്യക്ഷമായി ലഭിച്ചു കൊണ്ടിരിക്കുന്ന ശരീരത്തിലെ അവയവങ്ങളെയും കോശങ്ങളെയും വിസർജ്ജ്യങ്ങളെയും ബീജങ്ങളെയുമെല്ലാം ഭൂമിയുടെ അംശമായ മൂലകങ്ങളും അവയുടെ സംയുക്തങ്ങളും മിശ്രിതങ്ങളും, പിന്നെ ജലവും ഉപയോഗിച്ച് ഭൂമിയുടെ സ്വത്വമായ ഓക്സിജൻ സൃഷ്ടിക്കുകയാണ്. എല്ലാ വസ്തുക്കളുടെയും ആറ്റങ്ങളുടെ ഉള്ളിലാണ് പ്രവർത്തനങ്ങളെല്ലാം നടക്കുന്നത്.

ഭൂമിയിലെ എല്ലാ വസ്തുക്കളുടെയും, എല്ലാ ഗുണങ്ങളുമുള്ള ഏറ്റവും ചെറിയ ഘടകം ആറ്റങ്ങളാണ്. എല്ലാ വസ്തുക്കളും എന്നതിൽ, ജീവികളുടെയെല്ലാം സ്വത്വങ്ങളായ ആത്മാക്കൾ ഒഴികെ; കാറ്റ് വെയിൽ, മഴ വെള്ളം അഗ്നി തുടങ്ങിയ പ്രതിഭാസങ്ങൾക്ക് കാരണമാകുന്ന വസ്തുക്കളും; മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ എന്നിങ്ങനെ എല്ലാ ജീവികളുടെയും ശരീരങ്ങളിലെ കോശങ്ങളും അവയവങ്ങളും വിസർജ്ജ്യങ്ങളും, ശവശരീരങ്ങളുമെല്ലാം ഉൾപ്പെടുന്നതാണ്. ആയിരം കോടി വർഷങ്ങൾക്കു മുമ്പ് 100 മൂലകങ്ങളായിട്ടാണ് ഭൂമി അവതരിച്ചതെങ്കിൽ, ഇന്ന് ഏറെക്കുറെ 118 എണ്ണമുണ്ട്.

**ഭൂമിയുടെ അംശമായ മൂലകങ്ങളും അവയുടെ സംയുക്തങ്ങളും കൊണ്ട് ഉണ്ടായിരിക്കുന്ന മനുഷ്യശരീരത്തിലെ കോശങ്ങളും അവയവങ്ങളുമെല്ലാം സ്വത്വമായ ആത്മാക്കൾക്കു നൽകുന്ന വിശേഷബുദ്ധിയെ ഉചിതമായി ഉപയോഗിച്ചാൽ, എല്ലാ വസ്തുക്കളുടെയും എല്ലാ ഗുണങ്ങളുമുള്ള ഏറ്റവും ചെറിയ ഘടകമായ ആറ്റത്തെ വീണ്ടും വിഭജിക്കാൻ കഴിയുന്നതും; അവയിലെല്ലാം ജീവമായ അതിസൂക്ഷ്മ ഘടകങ്ങൾ ഉള്ളതും, അവ പ്രവർത്തിക്കുന്നതും, 'പ്രപഞ്ചഭാഗമായ ഭൂമി' പ്രപഞ്ചത്തിന്റെ ഉൽപ്പത്തിയെ വെളിപ്പെടുത്തുകയാണെന്ന് മനസ്സിലാക്കാൻ കഴിയും. അതായത് ഓക്സിജൻ, ഇരുമ്പ്, സ്വർണ്ണം, കാർബൺ, തുടങ്ങിയ മൂലകങ്ങളുടെയും; ജലം, പഞ്ചസാര, ഉപ്പ്, ഗ്ലാസ്, മരുന്നുകൾ, മദ്യങ്ങൾ തുടങ്ങിയ സംയുക്തങ്ങളുടെയും, മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ എന്നിവയുടെ എല്ലാ വർഗ്ഗങ്ങളിലെയും ശരീര-കോശങ്ങളും അവയവങ്ങളും വിസർജ്ജ്യങ്ങളുമായ സംയുക്തങ്ങളുടെയും ആറ്റങ്ങളെ വീണ്ടും വിഭജിക്കാൻ കഴിയുന്നതും; തികച്ചും വ്യത്യസ്തമായ എല്ലാ മൂലകങ്ങളുടെയും സംയുക്തങ്ങളുടെയും ശരീരങ്ങളുടെയും പോലും ആറ്റങ്ങളുടെ ഉള്ളിലെ ഘടകങ്ങൾ അടിസ്ഥാന പരമായിട്ട് പ്രോട്ടോൺ, ഇലക്ട്രോൺ, ന്യൂട്രോൺ, ബോസോൺ, ഗ്ലൂവോൺ, ശബ്ദബ്രഹ്മവും കൂടിയായ ഓം തുടങ്ങിയവ ആയിരിക്കുന്നതും; ശവശരീരങ്ങളുടെ പോലും സൂക്ഷ്മമായ ആറ്റങ്ങളിലെ പ്രോട്ടോണുകളെ ഇലക്ട്രോണുകൾ നിരന്തരം ചുറ്റുന്നതും, ശാസ്ത്രജ്ഞന്മാർക്ക് ഭൗതിക ശാസ്ത്രപരമായ വിശദീകരണം നൽകാൻ ഒട്ടും കഴിയാത്തതും ശാസ്ത്രത്തിനും ശക്തികൾക്കും പ്രപഞ്ചത്തിനും അതീതമായ ബ്രഹ്മമാകുന്ന ദൈവത്തിന്റെ സാന്നിധ്യവും പ്രഭാവവും വെളിപ്പെടുത്തുന്നുണ്ട്. എല്ലാ വസ്തുക്കളുടെയും ആറ്റങ്ങളിലെ അടിസ്ഥാന ഘടകങ്ങൾ ഒന്നുതന്നെയാണെന്നു മാത്രമല്ലാ; ഘടകങ്ങളുടെ എണ്ണവും അടുക്കലും വിന്യാസവും ഇലക്ട്രോൺ വലയങ്ങളും ചുറ്റലുമാണ് ഗുണങ്ങളാകുന്ന ശക്തികളെ വ്യത്യാസപ്പെടുത്തി ഏറെക്കുറെ 100 മൂലകങ്ങളും അവയുടെ നാലു ലക്ഷത്തോളം സംയുക്തങ്ങളും മിശ്രിതങ്ങളും മൊത്തമായ ഭൂമിയുമായിരിക്കുന്നത്. എന്നുവെച്ചാൽ സൃഷ്ടികളായ ആത്മാക്കൾക്ക് ജീവിക്കാൻ ആവശ്യമാകുന്ന അനന്തമായ ആനന്ദങ്ങളും അവയെ നേടാനും ആസ്വദിക്കാനും വേണ്ടുന്ന ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും കാലവും ശരണവും മഹാനീതിയുമെല്ലാം ആറ്റങ്ങളുടെ ഉള്ളിലെ സൂക്ഷ്മതലത്തിൽ സൃഷ്ടിച്ചു കൊണ്ട് സ്ഥൂലമായ ഭൂമിയായിട്ട് ദൈവം അവതരിച്ചിരിക്കുകയാണ്.**

ഭൂമിയുടെ അംശമായ മൂലകങ്ങളുമായി ത്തന്നെ ബന്ധപ്പെട്ട വ്യത്യസ്തമായ മർദ്ദം, താപം, സാന്നിദ്ധ്യം, തുടങ്ങിയ സാഹചര്യങ്ങളിൽ വ്യത്യസ്തമായി പ്രവർത്തിച്ച് വ്യത്യസ്തമായ ഗുണങ്ങളാകുന്ന ശക്തികളോടെയുള്ള സംയുക്തങ്ങളായിട്ടും; ജീവികളുടെ ശരീരത്തിലെ കോശങ്ങളും അവയവങ്ങളും ഉൾപ്പെടെ ഭൂമിയിലെ എല്ലാ വസ്തുക്കളായും മൂലകങ്ങൾ നിരന്തരം പരിണമിച്ചു കൊണ്ടാണിരിക്കുന്നത്. മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികൾ ഇടപെട്ടാലും ഇല്ലെങ്കിലും മൂലകങ്ങളും സംയുക്തങ്ങളും അവയുടെ രൂപാന്തരമായ ജീവികളുടെ ശരീരത്തിലെ കോശങ്ങളും അവയവങ്ങളും വിസർജ്ജ്യങ്ങളുമെല്ലാം പ്രവർത്തിക്കുന്നത് അവയിൽ ലയിച്ചിരിക്കുന്ന ശക്തികളും ശാസ്ത്രനിയമങ്ങളുമെല്ലാം പ്രകാരം മാത്രമാണ്. ഭൂമിയിലെ സർവ്വവും സാക്ഷ്യമാണ്.

മൂലകങ്ങൾ ഒറ്റയ്ക്കോ തമ്മിലോ അവയിൽ ലയിച്ചിരിക്കുന്ന ശക്തികളും ശാസ്ത്രങ്ങളും പ്രകാരം പ്രവർത്തിച്ച് നാലു ലക്ഷത്തോളം സംയുക്തങ്ങൾ ഭൂമിയിലുണ്ട്. മൂലകങ്ങളുടെ എല്ലാ പ്രവർത്തനങ്ങൾക്കും മൂലകാരണം അവയുടെ ആറ്റങ്ങളിലെ ഘടകങ്ങളുടെ നിരന്തരമായ ചലനങ്ങളാണെന്നും ലളിതമായി മനസ്സിലാക്കാൻ കഴിയും. മൂലകങ്ങളെയും അവയുടെ സംയുക്തങ്ങളെയും മിശ്രിതങ്ങളെയും, ജീവികളുടെ ശരീരങ്ങളെയുമെല്ലാം 'വസ്തുക്കൾ' എന്ന് ചുരുക്കിയും പറയാം. ഭൂമിയുടെ അംശമായ വസ്തുക്കളും അവയിൽ ലയിച്ചിരിക്കുന്ന അനന്തമായ ആനന്ദങ്ങളും ശക്തികളും ശാസ്ത്രങ്ങളുമെല്ലാം തന്നെയാണ് ജീവികളുടെ ശരീരത്തിലെ കോശങ്ങളും അവയവങ്ങളും വിസർജ്ജ്യങ്ങളും ഉൾപ്പെടെയുള്ള സംയുക്തങ്ങളിലെ മൂലകങ്ങൾ ആയിരിക്കുന്നതെന്നും; അവ എന്തെല്ലാമാണെന്നും അറിയാമായിരുന്നിട്ടും പോലും ശരീരത്തിലെ അവയവങ്ങളെയും മറ്റും സൃഷ്ടിക്കാൻ ശിസ്ത്രജ്ഞന്മാർക്കു കഴിയുന്നില്ലെന്നത് മഹത്തായ കാരണങ്ങളുള്ള മറ്റൊരു മഹാകാര്യമാണ്. (1) അവയവങ്ങളിലും കോശങ്ങളിലും വിസർജ്ജ്യങ്ങളിലും മറ്റുമുള്ള സംയുക്തങ്ങൾ ഇല്ലാതിരിക്കുകയോ, ആറ്റങ്ങളിലെ ഘടകങ്ങൾ പ്രവർത്തിക്കാതിരിക്കുകയോ ചെയ്താൽ, ജീവികളുടെ ശരീരസൃഷ്ടിയും ജീവികളും തന്നെ ഇല്ലാതെ വരും! (2) മഹാനീതിയും കൂടിയായ ദൈവം; സൃഷ്ടികളായ ആത്മാക്കളുടെ മേൽ മഹാനീതിയെ നടപ്പാക്കുന്നത് ശരീരവുമായി ബന്ധപ്പെട്ട അവയവങ്ങൾ, സ്ത്രീ പുരുഷ ജാതി, നിറം, സൗന്ദര്യം, മുഖഛായ, ഉയരം, ആയുസ്സ്, ആരോഗ്യം, ബുദ്ധി ശക്തി, ഓർമ്മ ശക്തി, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, തുടങ്ങിയ ജന്മഗുണങ്ങളുടെ അടിസ്ഥാനത്തിൽ ആകയാൽ; അവയെ നിശ്ചയിക്കുകയും സൃഷ്ടിക്കുകയും ചെയ്യുന്ന കോശങ്ങളെയും അവയവങ്ങളെയും വിസർജ്ജന വസ്തുക്കളെയും ബീജങ്ങളെയും മറ്റും സൃഷ്ടിക്കാൻ സൃഷ്ടികളെ അനുവദിച്ചു കൂടാ. മഹാനീതിക്ക് കളങ്കങ്ങൾ ഉണ്ടാകാതെ ശ്രദ്ധിക്കാൻ മഹാനീതിയായ ദൈവത്തിനു ബാദ്ധ്യതയുണ്ട്. ഭൂമി നൽകുന്ന ശക്തികളെയും ശാസ്ത്രങ്ങളെയും കൊണ്ടല്ലാതെ, ശക്തികളെയും ആനന്ദങ്ങളെയുമെല്ലാം സ്വന്തമായി സൃഷ്ടിക്കാൻ സ്വത്വം പോലും സ്വന്തമായിട്ടില്ലാത്ത മനുഷ്യൻ ഉൾപ്പെട്ട സൃഷ്ടികൾക്ക് കഴിയുന്നതല്ല എന്നതും സുവ്യക്തമായി അറിയണം.

**ആത്മാവ് ശരീരത്തെയല്ലാ; ശരീരം ആത്മാവിനെയാണ് ഭരിക്കുന്നതെന്നും തെളിയുന്നു.**

**ആയിരം കോടിയിലേറെ വർഷങ്ങൾക്കു മുമ്പ് ഉണ്ടായതായ പ്രപഞ്ചത്തെപ്പറ്റി ഗവേഷണങ്ങളും നിഗമനങ്ങളും നടത്തുന്ന മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക്, ഭൗതികമായ അസ്തിത്വം ഉൾപ്പെടെയുള്ള അനന്തമായ ആനന്ദങ്ങളെ ആസ്വദിക്കാനും നേടാനുമുള്ള ശക്തികളും ശാസ്ത്രങ്ങളും ലഭിക്കുന്നത് ശരീരത്തിലൂടെയാണ്. സ്വന്തമെന്നു കരുതുന്ന ശരീരത്തിലെ കോശങ്ങളും അവയവങ്ങളും വിസർജ്ജ്യങ്ങളും പ്രത്യുല്പാദന ബീജങ്ങളും, അവയുടെയെല്ലാം സൂക്ഷ്മമായ ആറ്റങ്ങളും, ആറ്റങ്ങളിലെ അതിസൂക്ഷ്മമായ ഘടകങ്ങളും സത്യമാകുന്നതും ഉണ്ടാകുന്നതും പ്രവർത്തിക്കുന്നതും പരിണമിക്കുന്നതും സ്വത്വങ്ങളായ ആത്മാക്കൾ ചെയ്യുന്നതല്ലാ എന്നിരിക്കെയും; എന്തുകൊണ്ട്, എങ്ങനെയാണ് തുടങ്ങിയവയെ ശാസ്ത്രപരമായി വിശദീകരിക്കാൻ കഴിയാതിരിക്കെയും; ആറ്റങ്ങളുടെ ഉള്ളിലെ ഇലക്ട്രോണുകളും മറ്റും നിരന്തരമായി ചലിക്കുന്നതും പ്രവർത്തിക്കുന്നതും സൃഷ്ടികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ നിർവ്വഹിക്കുകയാണെന്ന് യുക്തിശാസ്ത്രപരമായി നിഗമനം ചെയ്യാൻ കഴിയും. മുകളിൽ സൂചിപ്പിച്ചതു പോലെ സൃഷ്ടികളുടെ മേൽ 'ദൈവത്തിന്റെ അവതാരമായ ഭൂമി' നടപ്പാക്കുന്ന മഹാനീതിയിൽ കൈകടത്താൻ സൃഷ്ടികൾക്കു സാധിച്ചു കൂടെന്നത് ലഘുവായും ലളിതമായും നേരിട്ടും ശാസ്ത്രപരമായും പാലിക്കപ്പെടുന്നതു കൂടി കണക്കാക്കുമ്പോൾ പ്രസ്തുത നിഗമനത്തെ ഉറപ്പിക്കാനും കഴിയുന്നുണ്ട്.**

**ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനും ദൈവത്തിന്റെ സൃഷ്ടികളല്ലെന്നും; മറിച്ച് മായാമഹാശക്തിയായ ദൈവത്തിന്റെ അവതാരങ്ങളാണെന്നും; അവയിൽ തന്നെ ഭൂമി ദൈവത്തിന്റെ സർവ്വപ്രധാനമായ സ്ഥിതിപാത്രവും അർദ്ധനീതിപാത്രവുമായ അവതാരമാണെന്നും തെളിയുന്ന മഹാപാഠങ്ങൾ കൂടിയാണ് വെളിപ്പെടുന്നത്. കാലം ഉണ്ടാകുന്നത് എങ്ങനെയെന്ന് ചുവടെ വെളിപ്പെടുന്നത് മറ്റു വിഷയങ്ങളിലും പാഠമാണ് :** ഭൂമി സ്വയം ചുറ്റിയും സൂര്യനെ ചുറ്റിയുമാണ് കാലത്തെ സൃഷ്ടിക്കുന്നതെന്ന് അറിയുന്നവർക്ക് ഭൂമി അതെങ്ങനെ ചെയ്യുന്നുവെന്നും മനസ്സിലാക്കാൻ കഴിയും. പ്രത്യക്ഷമായി ത്തന്നെയാണ് കാലവും ദൈവത്തിന്റെ അവതാരമായ ഭൂമിയിലെ ശക്തികളുടെ ഭാഗമാകുന്നത് : ആറ്റങ്ങളുടെ ഉള്ളിൽ പ്രോട്ടോണുകളെ നിരന്തരം ചുറ്റുന്ന ഇലക്ട്രോണുകൾ സഞ്ചരിക്കുന്ന സൂക്ഷ്മമായ ദൂരം, വേഗത എന്നിവയെ ആശ്രയിച്ച് ഓരോ കറക്കത്തിനും സൂക്ഷ്മമായ സമയം (കാലം) എടുക്കുന്നുണ്ട്. ഭൂമിയിലെ മൊത്തം ആറ്റങ്ങളുടെ എണ്ണവും അവയിലെയെല്ലാം ഇലക്ട്രോണുകളുടെ മൊത്തം സഞ്ചാര ദൂരവും, സഞ്ചാര പാതകളും, സഞ്ചാര സമയവുമാണ് ഭൂമിയുടെ സ്വയം ചുറ്റലുകളെയും, കാലത്തെയും, പാതകളെയുമെല്ലാം നിശ്ചയിക്കുന്നത്. സൃഷ്ടികളായ ആത്മാക്കളെ സൃഷ്ടിക്കുന്ന മഹാസൃഷ്ടിപാത്രമായ സൂര്യനെ ഏറെക്കുറെ ഒരു മണിക്കൂറിൽ 67000 മൈൽ വേഗത്തിൽ ചുറ്റി വർഷത്തെ സൃഷ്ടിക്കുന്നതും; സ്ഥിതിയിലുള്ള ജീവികൾക്ക് രാത്രിയും പകലും നൽകി ക്കൊണ്ട്

സ്ഥിതി പാത്രമായി ഏറെക്കുറെ മണിക്കൂറിൽ 1000 മൈൽ വേഗത്തിൽ സ്വയം ചുറ്റി ദിവസത്തെ സൃഷ്ടിക്കുന്നതും ഭൂമിയാണ്. സംഹാരപാത്രമായ നക്ഷത്രലോകം പിന്നീട്!

ആദിയും അന്തവും ഇല്ലാത്തതും, ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതും, നിർവ്വചനങ്ങൾക്ക് അതീതമായ 'ബ്രഹ്മം' എന്നതായ മഹാനാമത്തെ പ്രഥമമായി സ്വീകരിച്ചിട്ടുള്ളതുമായ മഹാസത്യം; സർവ്വം ഭദ്രപ്പെടുത്താൻ കഴിവുള്ള 'ഭദ്രകാളി' എന്ന മഹാനാമവും 'ശിവ' എന്ന ലളിതനാമവും സ്വീകരിച്ചു കൊണ്ടും; മഹാശക്തിയായ ഭദ്രകാളിയുടെ ഇഷ്ടപ്രകാരം ജീവമായും നിർജ്ജീവമായും പ്രവർത്തിക്കുന്ന ശിവനെ സ്വന്തം ഭാഗവും, ഏകദാസനും, ഭർത്താവും, പരമാത്മാവും, മഹാദേവനുമാക്കിയ ശേഷവുമാണ്, 'ശിവയും ഭാഗമായ ശിവനും' ചേർന്ന പരബ്രഹ്മമായ പ്രപഞ്ചമായും, പ്രപഞ്ചഭാഗമായ ആകാശവും ഭൂമിയും ചന്ദ്രനും സൂര്യനുമായിട്ട് അവതരിച്ചിരിക്കുന്നത്. ആവക മഹാകാര്യങ്ങളെ ഈ ദിവ്യമഹാവേദഗ്രന്ഥത്തിൽ പിന്നീട് വിശദീകരിക്കുന്നുണ്ട്.

സൂക്ഷ്മ പ്രപഞ്ചങ്ങളും കൂടിയായ ആറ്റങ്ങളുടെ ഉള്ളിൽ (മഹാശൂന്യതയായ ആകാശത്തിന്റെ) മഹാസൂക്ഷ്മമമായ ശൂന്യതയും, ശിവയായ പ്രോട്ടോണുകളും, 'ശിവയെ ചുറ്റുന്ന ശിവയുടെ ഭാഗമായ ശിവനാകുന്ന ഇലക്ട്രോണുകളും', ശിവയുടെ ഭൗതിക-ധർമ്മ- നീതി ശാസ്ത്ര ഘടകങ്ങളായ ന്യൂട്രോൺ, ബോസോൺ, ഗ്ലൂവോൺ, തുടങ്ങിയവയും, ഓം എന്ന ശബ്ദബ്രഹ്മവും ഉണ്ട്. ആറ്റങ്ങളിലെ ഘടകങ്ങളുടെ, എണ്ണം, അടുക്കുകൾ, പ്രവർത്തനങ്ങൾ എന്നിവയാണ് മൂലകങ്ങളെയും അവയുടെ സംയുക്തങ്ങളെയും, ജീവികളുടെ ശരീരങ്ങളിലെ അവയവങ്ങളെയും കോശങ്ങളെയും സൃഷ്ടിക്കുന്നത്.

ആറ്റങ്ങളുടെ ഉള്ളിലെ ഓം എന്ന ശബ്ദബ്രഹ്മത്തിന്റെ മഹാപ്രഭാവത്താൽ ശിവയായ പ്രോട്ടോണുകളെ ശിവനാകുന്ന ഇലക്ട്രോണുകൾ നിരന്തരം ചുറ്റുകയും, അതിന്റെ അനുബന്ധമായിട്ട് ന്യൂട്രോൺ, ബോസോൺ ഗ്ലൂവോൺ തുടങ്ങിയവയും കൂടിച്ചേർന്ന് ആറ്റങ്ങളുടെ മൊത്തവും മഹാശക്തിയും ദൈവത്തിന്റെ അവതാരവുമായ ഭൂമി; സൃഷ്ടികളായ ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ നിർവ്വഹിക്കുകയും

ചെയ്യുമ്പോൾ; മറുവശത്ത് ഭൂമിയെ നിർജ്ജീവമായി കണക്കാക്കി മനുഷ്യർ അധഃപതിച്ചു.

**ഭൂമിയിലെ എല്ലാ വസ്തുക്കളുടെയും ആറ്റങ്ങളിലെ (ശിവയായ) പ്രോട്ടോണുകളെ (ശിവനാകുന്ന) ഇലക്ട്രോണുകൾ നിരന്തരം ചുറ്റുന്നതായും, വിവിധ തരം വലയങ്ങൾ പ്രകാരം ചലിക്കുന്നതായും ശാസ്ത്രജ്ഞന്മാരുടെ ഇടയിൽ അഭിപ്രായങ്ങൾ ഉണ്ട്. പ്രപഞ്ചഭാഗങ്ങളായിട്ട് അവതരിച്ചിരിക്കുന്ന ദൈവത്തെയും ദൈവത്തിന്റെ പദ്ധതികളെയും കുറിച്ച് മനസ്സിലാക്കാൻ കഴിയാഞ്ഞതിന്റെ ന്യൂനതകളാണ് പ്രധാനമായും വിഷയത്തിലുള്ളത്. ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ നിർവ്വഹിക്കാനായിട്ട് ശിവയായ പ്രോട്ടോണുകൾ ശിവനായ ഇലക്ട്രോണുകളെ പലവിധത്തിൽ ശാസ്ത്ര പരമായി ത്തന്നെ പ്രവർത്തിപ്പിക്കുന്നതായി തിരിച്ചറിഞ്ഞാൽ അനാവശ്യമായ ഗവേഷണങ്ങളും പഠനങ്ങളും ചർച്ചകളും ഒഴിവാകുന്നതാണ്. ഇലക്ട്രോണുകൾ ഏതു വിധം ചലിക്കുന്നു എന്നത് ദൈവത്തിന്റെ വിഷയമാണ്; ഇലക്ട്രോണുകൾ ചലിക്കുന്നുണ്ട് എന്നതും, ആറ്റത്തിന്റെ ഉള്ളിൽ പ്രകടമായി ശക്തികൾ പ്രവർത്തിക്കുന്നുണ്ടെന്നതും മാത്രമാണ് സൃഷ്ടികൾ അറിയേണ്ടത്. ഉദാഹരണത്തിന്, ഭൂമിയുടെ അംശമായ മൂലകങ്ങളും അവയുടെ സംയുക്തങ്ങളും കൊണ്ടാണ് എല്ലാ ജീവികളുടെയും ശരീരത്തിലെ കോശങ്ങളെയും അവയവങ്ങളെയും സൃഷ്ടിക്കുന്നതെന്ന് ശാസ്ത്ര പരമായ വിശകലനം കൊണ്ട് അറിയാൻ കഴിയുമ്പോഴും, സൃഷ്ടിക്കാൻ കഴിയുന്നതല്ല. ദൈവം നടപ്പാക്കുന്ന മഹാനീതിയുമായി ക്കൂടി ബന്ധപ്പെട്ട കോശങ്ങളെയും അവയവങ്ങളെയും സൃഷ്ടിക്കുന്നത് ഉൾപ്പെടെ ദൈവം ചെയ്യുന്ന സൃഷ്ടികാര്യങ്ങളെ ചെയ്യാൻ ജീവികളെ അനുവദിക്കില്ല; ജീവികൾ ചെയ്തുകൂടാ!**

സൃഷ്ടികൾക്ക് ജീവിക്കാൻ ആവശ്യമായ അനന്തമായ ആനന്ദങ്ങളും അവയെ നേടാനും ആസ്വദിക്കാനുമുള്ള ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും കാലവും സൗന്ദര്യവും ശരണവും മഹാനീതിയുമായെല്ലാം അവതരിക്കുകയും ആനന്ദങ്ങളാകുന്ന വസ്തുക്കളും, ജീവികളുടെ ശരീരത്തിലെ കോശങ്ങളും അവയവങ്ങളും വിസർജ്ജ്യങ്ങളുമായിട്ടെല്ലാം നിരന്തരം സ്വയം പരിണമിച്ചു കൊണ്ട് ജീവികളുടെ സൃഷ്ടിയും പുനഃസൃഷ്ടിയും സ്ഥിതിയും സംഹാരം ഉൾപ്പെടെയുള്ള മഹാനീതിയെ പ്രപഞ്ചഭാഗമായ രൂപത്തോടെ ഭൂമി എപ്പോഴും നേരിട്ടു നിർവ്വഹിക്കുകയാണ്. മഹാശക്തിയായ ദൈവം ഭൂമിയായിക്കൊണ്ട് സർവ്വവും പ്രത്യക്ഷമായും പരസ്യമായും നേരിട്ടും നിർവ്വഹിക്കുകയും, സൃഷ്ടികളായ ഓരോ ആത്മാവിനും ഓരോ ദൈവം എന്ന പോലെ ദൈവത്തിന്റെ അംശമായ ശരീരത്തിലൂടെ ഓരോ ജന്മത്തിലും ജന്മഗുണങ്ങളെ വ്യത്യാസപ്പെടുത്തിക്കൊണ്ട് മഹാനീതി നടപ്പാക്കുമ്പോഴാണ് അവിടെയും ഇവിടെയും ദൈവത്തെ അന്വേഷിക്കുന്നവരായിട്ടും മറ്റും മനുഷ്യർ അധഃപതിച്ചിരിക്കുന്നത്.

ശിവയായ ഏകദൈവം ശബ്ദമായും, സൃഷ്ടികൾക്കു നൽകുന്ന കേൾവി ശക്തിയായും കൂടി അവതരിച്ചിരിക്കുകയാണ്; ശിവയുടെ ഭാഗവും പരമാത്മാവുമായ ശിവനെയും ശിവന്റെ അംശങ്ങളും സൃഷ്ടികളുമായ ആത്മാക്കളെയും പ്രകാശവുമായും കാഴ്ച ശക്തിയുമായും അവതരിപ്പിച്ചിരിക്കുന്നു. പിന്നീട് ശാസ്ത്രപരമായി വിവരിക്കുന്നുണ്ട്.

ഓം എന്ന ശബ്ദബ്രഹ്മം ഓരോ ആറ്റത്തിലുമുണ്ടെന്ന് മുകളിൽ പ്രസ്താവിച്ചതിനെ ഇനി ലളിതമായും ശാസ്ത്രപരമായും തെളിയിക്കാം :

ബ്രഹ്മം സ്വയംഭൂവായ ശബ്ദബ്രഹ്മമായി അവതരിക്കുന്നു.
മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം പ്രകാരം, രണ്ടു വസ്തുക്കൾ തമ്മിൽ കൂട്ടിമുട്ടുമ്പോഴും, വസ്തുക്കളും യന്ത്രങ്ങളും വായുവിൽ ചുറ്റുമ്പോഴും, വാഹനങ്ങൾ ഓടുമ്പോഴും ചലിക്കുമ്പോഴുമെല്ലാം ശബ്ദം ഉണ്ടാകുന്നതാണ്. നിത്യേന സംഭവിച്ചുകൊണ്ടിരിക്കുന്ന ശബ്ദങ്ങളെ ബധിരർ ഒഴികെയുള്ളവർ കേൾക്കുകയും അനുഭവിക്കുകയും ആസ്വദിക്കുകയും ചെയ്യുന്നുമുണ്ട്.

ശബ്ദം ഉണ്ടാകുന്നത് അറിയുകയും അനുഭവിക്കുകയും ചെയ്യുന്ന മനുഷ്യർ, ശബ്ദം ഉണ്ടാകുന്നില്ലാ എങ്കിൽ അഥവാ ശബ്ദം എന്നൊന്ന് ഇല്ലായെങ്കിൽ, അതും പ്രപഞ്ചത്തിന്റെ സ്വഭാവമായി തീർച്ചയായും കണക്കാക്കുമായിരുന്നു.

മഹാസത്യവും മഹാശക്തിയുമായ ദൈവത്തിന്റെ മഹാമായയുമായി ബന്ധപ്പെട്ട ശബ്ദത്തിന്റെ ഉത്ഭവം സൃഷ്ടി സ്ഥിതികളിലെ മഹാകാര്യമാണ്. രണ്ടോ അതിലധികമോ വസ്തുക്കൾ തമ്മിൽ പ്രവർത്തിക്കുമ്പോൾ ശബ്ദം ഉണ്ടാകുന്നതാണ് എന്ന ഒരു ശാസ്ത്രനിയമത്തെ സൃഷ്ടിച്ചുകൊണ്ട് മഹാസത്യവും മായാമഹാശക്തിയുമായ ദൈവം; ശക്തിശിവൻ പ്രണയമന്ത്രം, ശബ്ദബ്രഹ്മം, അക്ഷരബ്രഹ്മം, മഹാശാസ്ത്രമൂലം, സംഹാരകാഹളം, ആദിവചനം, സർവ്വദേശ ഭൂമി ഗാനം, മഹാസംഗീതം, ദൈവ വിപ്ലവ ഗാനം, മഹാദേവിയുടെ മഹാചിരി തുടങ്ങിയവയായ ഓം എന്ന ഏകമഹാശബ്ദമായി അവതരിച്ചു കൊണ്ട് എല്ലാ ആറ്റങ്ങളിലേക്കും മഹാപ്രപഞ്ചത്തിലേക്കും പ്രവേശിക്കുന്ന മഹാത്ഭുതമാണ് സംഭവിക്കുന്നത്. ഉടനെ ആരംഭിക്കുന്ന 'ദൈവ വിപ്ലവത്തിൽ' മഹാശാസ്ത്രപരമായിട്ട് ഓരോ വ്യക്തിയുടെയും ശരീരം ഉൾപ്പെടെ പ്രപഞ്ചത്തിലെ സർവ്വ വസ്തുക്കളിൽ നിന്നും **'ഓം'** മുഴങ്ങുകയും ബധിരർ ഉൾപ്പെടെ സർവ്വരും **'ഓം'** കേൾക്കുകയും ചെയ്യുന്നതോടെ വിഷയം മഹാ-ഗൗരവമാകുന്നതാണ്.

ഓരോ ആറ്റത്തിലേക്കും 'ഓം' ആയിട്ട് 'മായ' പ്രവേശിച്ചിരിക്കുന്നു എന്നു പറയുമ്പോൾ സ്രഷ്ടാവും രക്ഷകയും മഹാസത്യവുമായ മഹാഭദ്രകാളി തന്നെയാണ് പ്രവേശിച്ചിരിക്കുന്നത്. ശിവയായ പ്രോട്ടോണുകളെ, ഓം പ്രഭാവം കൊണ്ട് ശിവനായ ഇലക്ട്രോണുകൾ ചുറ്റുന്നു എന്നും മറ്റുമുള്ള തിരുത്തലുകൾ ഭൗതിക ശാസ്ത്ര ഗ്രന്ഥങ്ങളിൽ കൂട്ടിച്ചേർക്കപ്പെടുന്നതാണ്. പ്രപഞ്ചത്തിന് അതീതവും മഹാസത്യവുമായ 'ബ്രഹ്മം' ആയിട്ട് ദൈവം വേറിട്ട് നിലനിൽക്കുകയാണ്.

പ്രധാനമായ സംയുക്തം ധർമ്മ ദ്രാവക രൂപത്തിലുള്ള ജലവുമാണ്. സൃഷ്ടികളായ ആത്മാക്കൾക്ക് ജീവിക്കാൻ ആവശ്യമായ അനന്തമായ ആനന്ദങ്ങളും അവയെ നേടാനും, ആസ്വദിക്കാനും വേണ്ടുന്ന ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും സൗന്ദര്യവും കാലവും ശരണവും മഹാനീതിയുമായ മഹാശക്തിയായ ഭൂമിയായിട്ട് ദൈവം പ്രത്യക്ഷമായി അവതരിച്ചിരിക്കുകയാണ്. തെളിയിച്ചിട്ടുണ്ട്:-

നേരിട്ട്

ശരീരത്തിലെ കോശങ്ങളെയും അവയവങ്ങളെയും സൃഷ്ടിക്കുന്നത് എന്നതിനാൽ ശരീരാവയവങ്ങളെ സൃഷ്ടിച്ചും ആത്മാക്കളോട് ചേർത്തും ജീവികളെ നേരിട്ടു സൃഷ്ടിക്കണമെങ്കിൽ ഭൂമി

. ഭൂമിയുടെ അംശമായ മൂലകങ്ങളിൽ ഓക്സിജൻ, ഹൈഡ്രജൻ, ഹീലിയം എന്നിവയ്ക്ക് വേറിട്ട പ്രത്യേകതകളുണ്ട്. ഓക്സിജന്റെ വിശേഷം മാത്രം അല്പം ആവർത്തിക്കുന്നു. ആയിരം കോടിയിലേറെ വർഷങ്ങൾക്കു മുമ്പ് 100 മൂലകങ്ങൾ ചേർന്നാണ് ദൈവത്തിന്റെ അവതാരമായ ഭൂമിയായി മാറിയെങ്കിൽ, ശാസ്ത്രങ്ങൾ അനുവദിച്ച പ്രകാരം മനുഷ്യരും അവരിൽ നിന്നും മോക്ഷം നേടിയ ദേവതകളും കൂടി ഏറെക്കുറെ 118 മൂലകങ്ങളായി ഉയർത്തിയിട്ടുണ്ട്. അവയിലൊന്നായ ഓക്സിജൻ എല്ലാ മൂലകങ്ങളുടെയും അവയുടെ സംയുക്തങ്ങളുടെയും മിശ്രിതങ്ങളുടെയും മൊത്തമായ 'ഭൂമിയുടെ സ്വത്വമാണ്.' മഹാശക്തിയായ ഏകദൈവമാണ് ഓക്സിജൻ എന്നു സാരം. മറ്റെല്ലാ മൂലകങ്ങളെയും, എല്ലാ സൃഷ്ടികളെയും പരിപാലിക്കാനും മഹാനീതി നടപ്പാക്കാനും കഴിവുണ്ട്.

ലഭിക്കുന്നതും കൊണ്ട് ദൈവത്തിന്റെ അവതാരമായ ആകാശത്തിലും ഭൂമിയിലുമെല്ലാം ലയിച്ചിരിക്കുന്ന ശാസ്ത്രങ്ങൾ പ്രകാരം തെളിയിക്കുകയാൽ എല്ലാ ശാസ്ത്രങ്ങളും മഹാശക്തിയായ ദൈവത്തിന്റെ ആദിയും അന്തവും ഇല്ലാത്ത

മഹാജ്ഞാനത്തിന്റെ ഓഹരി മാത്രമാണെന്നും കൂടി തെളിയുന്നുണ്ട്.

ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനും ദൈവത്തിന്റെ അവതാരങ്ങളാണെന്നും, സൃഷ്ടികളല്ലെന്നും തെളിയുമ്പോൾ, ദൈവം എല്ലായ്പ്പോഴും പ്രത്യക്ഷമാണെന്നും, സൃഷ്ടികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ നിർവ്വഹിക്കുന്നത് പ്രത്യക്ഷമായും പരസ്യമായും തന്നെയാണെന്നും മനസ്സിലാക്കാം. ദൈവത്തെ പ്പറ്റി മനുഷ്യർ ഇപ്പോഴത്തെ സൃഷ്ടി ചക്രത്തിൽ നാളിതുവരെ പുലർത്തിയ വിശ്വാസങ്ങൾ ഏറെക്കുറെ സമ്പൂർണ്ണമായും മാറ്റിമറിക്കപ്പെടുന്നതായും കാണാം.

ഭൂമിയുടെ അംശമായ മൂലകങ്ങളും അവയുടെ സംയുക്തങ്ങളും കൊണ്ട് സൃഷ്ടിക്കുന്ന

മഹാശാസ്ത്ര ശാഖകളുമായ ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരം തെളിയിച്ചിട്ടുണ്ട്.

പ്രപഞ്ചത്തിന്റെ ഉല്പത്തിയെ പ്രപഞ്ചം എന്നാൽ എന്താണ്; എന്തെല്ലാമാണ്; തുടങ്ങിയവയെ ലഭ്യമായ വിശേഷ ബുദ്ധി കൊണ്ട് ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരം വിശകലനം ചെയ്യുകയാണ് പ്രഥമമായിട്ടു ചെയ്യേണ്ടത്.

ആത്മാക്കളെയും ദേവതകളെയും പിശാചുക്കളെയും കാണാൻ സാധാരണ ഗതിയിൽ കഴിയില്ലെന്നതു കൊണ്ട് അവ സത്യങ്ങളല്ലെന്ന് ഉറപ്പിക്കാൻ പാടില്ലെന്ന് കാണാൻ കഴിയാത്ത വിദ്യുച്ഛക്തി, ശബ്ദം, തുടങ്ങിയവ മനുഷ്യരെ ബോദ്ധ്യപ്പെടുത്തുന്നുണ്ട്. ആത്മാവ്, പിശാച് തുടങ്ങിയവ സത്യങ്ങളാണെന്ന് ഈ ദിവ്യമഹാഗ്രന്ഥത്തിൽ തെളിയിച്ചിട്ടുമുണ്ട്.

സൃഷ്ടികളായ ആത്മാക്കൾക്കു വേണ്ടിയുള്ള സൃഷ്ടി സ്ഥിതി സംഹാര പാത്രമായി പ്രഥമമായിട്ട് മഹാശക്തിയായ ദൈവം അവതരിച്ചിരിക്കുന്ന അന്തമില്ലാത്ത മഹാശൂന്യതയായ ആകാശത്തിന്റെ അകത്താണ് പ്രപഞ്ചത്തിലെ ദൈവഭാഗങ്ങളും സൃഷ്ടിഭാഗമായ ആത്മാക്കളും എന്ന് തെളിയുന്നുണ്ട്.

സ്ഥിതിപാത്രമായ ഭൂമിയിൽ വച്ചു നൽകുന്ന ജീവി രൂപങ്ങളായ മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ ദേവതകൾ എന്നിവയുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ദൈവം നിർവ്വഹിക്കുന്നത് പരബ്രഹ്മമായ പ്രപഞ്ചത്തിന്റെ അകത്തു വച്ചാകയാൽ, ദൈ ഭാഗമായ  മഹാസത്യവും മഹാശക്തിയുമായ ദൈവത്തിന്റെ അവതാരമാകയാൽ

പ്രപഞ്ചത്തെ ആരും സൃഷ്ടിച്ചതല്ല; തനിയെ ഉണ്ടായതുമല്ല. എന്നുവെച്ചാൽ അർത്ഥശൂന്യമായ ബിഗ് ബാങ് തിയറി പോലെ എന്തെങ്കിലും പൊട്ടിത്തെറിച്ചോ തനിയെ ഉണ്ടായതോ അല്ലാ പ്രപഞ്ചം. ദൈവത്തിന്റെ അവതാരമായ

പ്രപഞ്ചത്തിന്റെ ഭാഗമായ ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനും സൃഷ്ടികളല്ലെന്നും, മഹാസത്യവും, മഹാശക്തിയും, ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതുമായ ഏകദൈവം, മഹാമാതാവും മഹാപിതാവുമായിട്ട് സ്വയം രണ്ടായി വിഭജിച്ചു കൊണ്ട് സൃഷ്ടികളായ ആത്മാക്കളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ നിർവ്വഹിക്കാനായിട്ടു സ്വീകരിച്ചതായ അവതാരങ്ങളാണെന്നും; മഹാശാസ്ത്രപരമായി തെളിയിച്ചിട്ടുണ്ട്. ശിവയാകുന്ന പ്രോട്ടോണുകളെ ചുറ്റുന്ന ശിവനാകുന്ന ഇലക്ട്രോണുകളും, ആനന്ദഘടകങ്ങളും, ജന്മഗുണങ്ങളും, ധർമ്മശാസ്ത്രബന്ധനം നിർവ്വഹിക്കുന്ന ന്യൂനശക്തികളും, ഓം എന്ന ശബ്ദബ്രഹ്മവും, ഹീലിയം ആറ്റത്തിലെ ന്യൂട്രോണായ ആത്മാവിനെ ദൈവഭാഗമായ ന്യൂട്രോണുകളുമായി ബന്ധിപ്പിക്കുന്ന ചങ്ങലയും ചേർന്നതാണ് സൂക്ഷ്മപ്രപഞ്ചമായ ഓരോ ആറ്റവും എന്നറിയണം.

ആകാശം, ഭൂമി, സൂര്യൻ, ചന്ദ്രൻ എന്നീ 4 പ്രധാന അവതാരങ്ങളും

മഹാമാതാവും മഹാഭദ്രകാളിയും ഏകദൈവവുമായ ശിവയും, ഏകദാസനും മഹാപിതാവും പരമാത്മാവുമായ ശിവനുമായിട്ട് സ്വയം വിഭജിച്ച് രണ്ടായിക്കൊണ്ടും ഭാഗികമായി പ്രപഞ്ചരൂപത്തെ സ്വീകരിച്ചു കൊണ്ടും സൃഷ്ടികളായ ആത്മാക്കളെയും അവയുടെ ജീവി രൂപങ്ങളായ മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ ദേവതകൾ എന്നിവയെ തുടർച്ചയായി ചേർത്തുകൊണ്ടുമുള്ള ഒരു മഹാകുടുംബമാണ് പ്രപഞ്ചം.

പ്രപഞ്ചം ഉൾപ്പെടെ എന്തിനും അതീതമായ ബ്രഹ്മവും, മഹാസത്യവും, മഹാശക്തിയും, ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതുമായ ഏകദൈവം; മഹാമാതാവായ

**ആകാശവും ഭൂമിയും ചന്ദ്രനുമായ ദൈവഭാഗമായി അവതരിക്കുകയും, ശേഷം ഭൂമിയുടെ അംശമായ മൂലകങ്ങളെയും സംയുക്തങ്ങളെയും ശിവന്റെ നിർജ്ജീവ അംശങ്ങൾ മാത്രമായ ആത്മാക്കളോടു ചേർത്ത് മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ എന്നീ ജീവികളെ സൃഷ്ടിക്കുകയും,**

**ആയിരം കോടി വർഷങ്ങൾ നീണ്ട ആദ്യത്തെ മഹാകാല ചക്രത്തിലെ മനുഷ്യർക്കും ദേവതകൾക്കും പോലും സൃഷ്ടികളായ ആത്മാക്കളുടെ 'സ്ഥിതി ജീവിത രൂപമായ ജീവികൾക്കു' വേണ്ടി സ്ഥിതിപാത്രമായിരിക്കുന്ന ഭൂമി മഹാശക്തിയായ ദൈവത്തിന്റെ പ്രധാന അവതാരം ആണെന്നത് അറിയില്ലായിരുന്നു. ഭൂമി ആവക പാഠങ്ങളെ സൃഷ്ടികൾക്ക് വെളിപ്പെടുത്താഞ്ഞതിന്റെ കാരണങ്ങൾ ചുവടെ ദേവതകളെ വിവരിക്കുന്ന അദ്ധ്യായങ്ങളിൽ ലഭ്യമാണ്.**

ആദിയും അന്തവും ഇല്ലാത്ത മഹാസത്യവും മഹാശക്തിയുമായ ദൈവത്തിന്റെ മഹാശക്തികളെയും, മഹാജ്ഞാനമാകുന്ന മഹാശാസ്ത്രത്തെയും; സ്വാതന്ത്ര്യത്തെയും സൗന്ദര്യത്തെയും കാലത്തെയും ശരണത്തെയും മഹാനീതിയെയും ഉൾപ്പെടെ മഹാശക്തികൾ കൊണ്ട് സൃഷ്ടിക്കാൻ കഴിയുന്ന അനന്തമായ ആനന്ദങ്ങൾ ഉൾപ്പെടെയുള്ള സർവ്വത്തെയും പരബ്രഹ്മമായ പ്രപഞ്ചത്തിൽ തന്നെ ലയിപ്പിച്ചു കൊണ്ട് അവതരിക്കുകയാൽ അവയെല്ലാം അനന്തമായി ത്തന്നെ എപ്പോഴും പ്രപഞ്ചത്തിൽ പ്രത്യക്ഷമായും പരസ്യമായും  ശാസ്ത്രപരമായും സ്വയം പ്രകടിപ്പിച്ചു കൊണ്ട് എല്ലായ്പ്പോഴും നിലനിൽക്കുകയുമാണ്.

ദൈവത്തിന്റെ അവതാരമായ പ്രപഞ്ചത്തിലെ എല്ലാ ഘടകങ്ങളും ദൈവത്തിന്റെ മഹാജ്ഞാനമായ മഹാശാസ്ത്രം പ്രകാരം സ്വയം ചിട്ടപ്പെടുത്തിക്കൊണ്ട് പ്രകടമാവുകയാലും, മഹാശാസ്ത്രത്തെ മനസ്സിലാക്കാൻ കഴിയുന്ന വിശേഷ ബുദ്ധിയെ മനുഷ്യാവസ്ഥ മുതലുള്ള സൃഷ്ടികൾക്ക് നൽകുകയാലും, യഥാർത്ഥത്തിൽ എക്കാലവും സ്വയം വെളിപ്പെടുന്നുമുണ്ട്.

'മഹാഭദ്രകാളിയായ ഏകദൈവം, ഭാഗവും ഏകദാസനും ഭർത്താവും പരമാത്മാവും ഉൾപ്പെട്ട സ്രഷ്ടാവും'; സൃഷ്ടികളും ചേർന്ന മഹാകുടുംബമായ പ്രപഞ്ചത്തിൽ ദൈവ-ഭാഗവും, സൃഷ്ടി-ഭാഗമായ സൃഷ്ടികളും ചേർന്ന രണ്ടു ഭാഗങ്ങൾ ഉണ്ട്.

ഭൗതികമായ അസ്തിത്വമോ, സ്വത്വം പോലുമോ സ്വന്തമായിട്ട് ഇല്ലാത്ത സൃഷ്ടികൾക്ക്, മഹാശക്തിയും ശിവയുമായ ഭൂമി, സ്വന്തം അംശമായ മൂലകങ്ങളും അവയുടെ സംയുക്തങ്ങളും കൊണ്ട് സൃഷ്ടിക്കുന്ന ശരീരവും അവയവങ്ങളുമാണ് ഭൗതികമായ അസ്തിത്വവും ജീവി-വർഗ്ഗ-രൂപങ്ങളും

ബ്രഹ്മം എന്ന അനിർവചനീയമായ മഹാനാമത്തെ സ്വീകരിച്ചിരിക്കുന്നതായ ആദിയും അന്തവുമില്ലാത്ത മഹാസത്യമായ ഏകദൈവം; ഏകമഹാശക്തിയും സർവ്വവും മഹാഭദ്രപ്പെടുത്തുന്ന മഹാഭദ്രകാളിയും മഹാമാതാവും ശിവയുമായി മാറുകയും; മഹാഭദ്രകാളിയായ ശിവയുടെ ഇഷ്ടംപോലെ ജീവമായും നിർജ്ജീവമായുമെല്ലാം പ്രവർത്തിക്കുന്ന ഏകദാസനും ഭർത്താവും മഹാപിതാവും പരമാത്മാവും പ്രതിനിധിയും മറ്റുമായിട്ട് ശിവനെ അർദ്ധഭാഗമാക്കുകയും; ശിവനെയും ഒപ്പം ചേർത്ത് ആകാശവും

# ॐ ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

ഭൂമിയും സൂര്യനും ചന്ദ്രനുമായി അവതരിക്കുകയും; നിർജ്ജീവ ശവനായ ശിവന്റെ മാത്രം അംശങ്ങളായിട്ട് സൃഷ്ടി പാത്രമായ സൂര്യനിൽ വെച്ച് സൃഷ്ടികളും ശവരുമായ ആത്മാക്കളെ 2 സ്ത്രീപുരുഷ പാതികളായി സൃഷ്ടിക്കുകയും; അവയെ പ്രകാശമായി ഭൂമിയിലേക്ക് നയിക്കുകയും; സ്ഥിതി പാത്രമായ ഭൂമിയുടെ അംശമായ മൂലകങ്ങളും അവയുടെ സംയുക്തങ്ങളും കൊണ്ട് സൃഷ്ടിക്കുന്ന മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ എന്നിവയുടെ ശരീരങ്ങളിലേക്ക് മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രം പ്രകാരം ആത്മാക്കളെ പ്രവേശിപ്പിക്കുകയും, വിശേഷ ബുദ്ധിയോടെ മനുഷ്യാവസ്ഥയിൽ ലഭ്യമാക്കുന്ന 100 ജന്മങ്ങളിൽ വച്ച് അനന്തമായ ആനന്ദങ്ങളെ ഭൂമിയിൽ വച്ച് അനുഭവിപ്പിച്ചും ആസ്വദിപ്പിച്ചും പരിചയപ്പെടുത്തുകയും, ശേഷം സംഹാരവും മോക്ഷവുമായ നക്ഷത്രദേവതാപദവിയിൽ വച്ച് ഭൂമിയിൽ വച്ച് അനുഭവിച്ചു തന്നെ അറിഞ്ഞതായ ആനന്ദങ്ങളെ 2 സ്ത്രീപുരുഷ പാതികളായ ആത്മാക്കൾ ഒന്നിച്ചും വിഭജിച്ചും അനന്തകാലം അനുഭവിച്ചു ജീവിക്കുകയും, ഇഷ്ടംപോലെ ഭൂമിയിലേക്ക് മടങ്ങിവന്ന് സമൂഹജീവിതം നയിക്കാനും സ്വയം അവസാനിക്കാനുമുള്ള മഹാസംവിധാനം പ്രപഞ്ചത്തിലുണ്ട്.

സ്ഥൂലാവസ്ഥയായ എല്ലാ വസ്തുക്കളും പ്രദേശങ്ങളും ജീവികളുടെ ശരീരത്തിലെ അവയവങ്ങളും പ്രകൃതിയുമായിരിക്കുന്നത് സൂക്ഷ്മമായ ആറ്റങ്ങളും അവയിലെല്ലാം ഉള്ളതായ അതിസൂക്ഷ്മമായ പ്രോട്ടോൺ ഇലക്ട്രോൺ ന്യൂട്രോൺ ബോസോൺ തുടങ്ങിയവയും ആണെന്നതും, പ്രോട്ടോണുകളെ നിരന്തരം ഇലക്ട്രോണുകൾ ചുറ്റിക്കറങ്ങി ക്കൊണ്ടിരിക്കുന്നതും അന്തമില്ലാത്ത മഹാശക്തിയുടെ പ്രഭാവമാണ്. മനുഷ്യൻ ഉൾപ്പെടെയുള്ള എല്ലാ സൃഷ്ടികൾക്കും ജീവിക്കാൻ ആവശ്യമായതും ആഗ്രഹിക്കുന്നതുമായ സർവ്വവും മഹാനീതിശാസ്ത്രമായ ഓംകാരനീതിശാസ്ത്രം പ്രകാരം മഹാശക്തിയായ ഭൂമിയുടെ അതിസൂക്ഷ്മമായ ആറ്റങ്ങളിലെ ശിവയായ പ്രോട്ടോണുകൾ, ശിവനായ ഇലക്ട്രോണുകളുമായി ചേർന്ന് സൃഷ്ടിക്കുകയാണ്. ജീവികളിലെ കോശങ്ങളെ നിരന്തരമായി മാറ്റുന്നതും അവയവങ്ങളുടെ വളർച്ച, പ്രവർത്തനം, രോഗങ്ങൾ, രോഗമുക്തി, മുറിവുണങ്ങൽ, തുടങ്ങി സൃഷ്ടികളായ ഓരോരോ ആത്മാക്കൾക്കും പ്രത്യേകമായിട്ടു നൽകുകയും പരിപാലിക്കുകയും ചെയ്യുന്ന ശരീരത്തിലെ അവയവങ്ങളിലൂടെ അവയെ ഭരിക്കുന്നതും മഹാനീതി നടപ്പാക്കുന്നതും ഭൂമിയാണ്; സ്വത്വവും മഹാഭദ്രകാളിയുമായ ഓക്സിജനാണ്.

മനുഷ്യർ ഉൾപ്പെടെയുള്ള മറ്റുള്ള ജീവികളെ ഭരിക്കുന്നതായി ചിലർക്കു തോന്നുന്നതും തെറ്റിദ്ധരിക്കുന്നതും, സ്വന്തമല്ലാത്ത (സ്വന്തം) സ്വത്വമായ ആത്മാവിനെ, സ്വന്തമല്ലാത്ത (സ്വന്തം) ശരീരം, മഹാവാത്സല്ല്യത്തോടെ സദാ പരിപാലിക്കുകയും മഹാനീതിയെ ഓംകാരനീതിശാസ്ത്രം പ്രകാരം നടപ്പാക്കുന്നതും മനസ്സിലാക്കാത്തതു കൊണ്ടാണ്. ഭൂമിയുടെ സ്വന്തവും സൃഷ്ടികളും കുഞ്ഞുങ്ങളുമായ ആത്മാക്കളെ, മറ്റു കുഞ്ഞുങ്ങൾ ശരീരത്തെ ദുരുപയോഗം ചെയ്ത് അഥവാ ധർമ്മശാസ്ത്ര വിരുദ്ധമായി ഉപയോഗിച്ച് ദ്രോഹിക്കുകയും ചെയ്യുന്നതിനെ ഭരണമായി വിശേഷിപ്പിക്കുന്നതു തന്നെ പാപമാണ്! മറ്റുള്ളവരുടെയും സൃഷ്ടി സ്ഥിതി സംഹാര കർത്താവ് ഭൂമിയായി ഉള്ളപ്പോൾ, ഭൂമിയുടെ

കുഞ്ഞുങ്ങളോട് ഭൂമിയിൽ ലയിച്ചിരിക്കുന്ന ധർമ്മശാസ്ത്രപ്രകാരം മാത്രം പെരുമാറാൻ വിശേഷ ബുദ്ധിയെ ലഭിക്കുന്ന മനുഷ്യാവസ്ഥയിലെ സൃഷ്ടികളായ ആത്മാക്കൾക്ക്, അവരവരോടും ഭൂമിയോടും സമ്പൂർണ്ണമായ ബാദ്ധ്യതയുണ്ട്. ഓരോരുത്തർക്കും ഭൂമി നൽകുന്ന ശരീരത്തിലെ അവയവങ്ങൾ പ്രകാരമുള്ള ശക്തികളെ കൊണ്ട് പ്രവർത്തികയും ജീവിക്കുകയുമെല്ലാം ചെയ്യുന്നതുകൊണ്ടും യാതൊരാൾക്കും സ്വത്വം പോലും സ്വന്തമല്ലാത്തതു കൊണ്ടുമാണ് ധർമ്മശാസ്ത്ര വിരുദ്ധമായ കാര്യങ്ങളിൽ അവരവരോട് ബാദ്ധ്യത ഉണ്ടാകുന്നത്. ഭൗതികമായ അസ്തിത്വം ഇല്ലാത്ത കോപ്രായങ്ങളെ സ്വന്തം ജീവിതത്തിൽ സ്വീകരിക്കാൻ സ്വാതന്ത്ര്യവും ഭാഗികമായ അവകാശവും  ഉണ്ടാകുന്നതു പോലും മറ്റുള്ളവർക്ക് ദൈവമായ ഭൂമിയുടെ അംശമായ വസ്തുക്കളും പ്രദേശങ്ങളും ശരീരങ്ങളുമെല്ലാം നൽകുന്ന ആനന്ദങ്ങളെയും ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയും കാലത്തെയും ശരണത്തെയുമെല്ലാം തടസ്സപ്പെടുത്താതെ ജീവിക്കുമ്പോൾ മാത്രമാണ്. വിശേഷ ബുദ്ധിയെ ദുരുപയോഗം ചെയ്ത് ഭൗതികമായ അസ്തിത്വം ഇല്ലാത്തതായ ആശയങ്ങളെയും മറ്റു കോപ്രായങ്ങളെയും പിൻപറ്റുന്നതു കൊണ്ടാണ് 'ഭൂമിയുടെ കുഞ്ഞായ വിശേഷ ബുദ്ധിയുള്ള മനുഷ്യൻ' എന്ന വിശിഷ്ടമായ പദവിയെ ഫലത്തിൽ ഉപേക്ഷിച്ചു ജീവിക്കുന്നത്. ഭൗതികമായ അസ്തിത്വം ഇല്ലാത്ത അസത്യങ്ങളായതു കൊണ്ടാണ് മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശങ്ങളെ വ്യക്തിയുടെ ഇഷ്ടം പോലെ സ്വീകരിക്കാനും തള്ളാനും വീണ്ടുംവീണ്ടും സ്വീകരിക്കാനുമെല്ലാം കഴിയുന്നത്.

മഹാദാസ്യത്തെയും മഹാവാത്സല്ല്യത്തെയും മാത്രം ആനന്ദങ്ങളായി സ്വീകരിച്ചിട്ടുള്ള ദൈവാവതാരമായ ഭൂമിയും അംശമായ വസ്തുക്കളും രൂപാന്തരമായ ജീവികളുടെ ശരീരത്തിലെ അവയവങ്ങളുമെല്ലാം നിർജ്ജീവങ്ങളെന്നു തോന്നുമെങ്കിലും സത്യമതല്ല. അവയാണ് യഥാർത്ഥത്തിൽ വേദനകൾ ഉൾപ്പെടെയുള്ള ആനന്ദങ്ങളും ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും കാലവും ശരണവുമെല്ലാം. ഉദാഹരണത്തിന്, പല്ലു വേദന, കാലുവേദന, തലവേദന, വയറുവേദന, ശരീരസുഖം, മാമ്പഴ സ്വാദ് എന്നെല്ലാം പറയുമ്പോൾ, അവയവങ്ങൾ സ്വത്വങ്ങളായ ആത്മാക്കൾക്ക് വേദനകൾ ഉൾപ്പെടെയുള്ള ആനന്ദങ്ങളെ നൽകുകയാണെന്നും അവയവങ്ങൾക്കും വസ്തുക്കൾക്കും വേദനകളും സന്തോഷങ്ങളും ഇല്ലെന്നും മനസ്സിലാക്കാൻ കഴിയും. അവയവങ്ങളെ മുറിച്ചു മാറ്റുമ്പോൾ, ആത്മാവുമായി അവയ്ക്ക് മുമ്പുണ്ടായിരുന്ന ബന്ധം നഷ്ടപ്പെടുന്നത് അതുകൊണ്ടാണ്. (ജീവികളുടെ ശരീരങ്ങൾ പരസ്പരമോ സ്വയമോ കൈമാറുന്ന ആനന്ദങ്ങൾക്ക് എല്ലാ ജീവികളുടെയും ശരീരത്തിലെ പുറമേയും അകമേയുമുള്ള ചർമ്മവുമായാണ് ബന്ധം. മണം, സ്പർശം, സൗന്ദര്യം, തുടങ്ങിയ ആത്മാവുമായി ബന്ധപ്പെട്ട ജന്മഗുണങ്ങളെ ജീവികളുടെ ശരീരത്തിലെ ചർമ്മവുമായി ബന്ധിപ്പിച്ചിരിക്കുന്നതിനെ വേറിട്ട് വിശദീകരിക്കുന്നുണ്ട്.

ഭൂമിയുടെ അംശമായ മൂലകങ്ങളും സംയുക്തങ്ങളും പ്രദേശങ്ങളും അവയുടെ രൂപാന്തരമായ ജീവികളുടെ ശരീരത്തിലെ അവയവങ്ങളും വിസർജ്ജന വസ്തുക്കളെ പ്പോലെയുള്ള ഭാഗങ്ങളും അവയിലെല്ലാം ലയിച്ചിരിക്കുന്ന അനന്തമായ ആനന്ദങ്ങളും ശക്തികളും ശാസ്ത്രങ്ങളും സൗന്ദര്യവും സ്വാതന്ത്ര്യങ്ങളുമെല്ലാം പ്രകാരമാണ് എല്ലാ ജീവികളുടെയും ശരീരത്തിലെ എല്ലാ പ്രക്രിയകളും നടക്കുന്നത്; മനുഷ്യർക്കും മറ്റുള്ള ജീവികൾക്കും ജീവിക്കാനും കഴിയുന്നത്. ജീവികൾ ജനിക്കുന്നതും, അവയ്ക്ക് വിശക്കുന്നതും, ഭക്ഷിക്കുന്നതും, ഭക്ഷണരുചി ആനന്ദങ്ങൾ ലഭിക്കുന്നതും,

# ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

സങ്കീർണ്ണമായ ദഹനപ്രക്രിയ നടക്കുന്നതും, വിസർജ്ജിക്കുന്നതും, ശരീരത്തിലെ കോശങ്ങളും അവയവങ്ങളുമെല്ലാം പ്രായേണ വളരുന്നതും വ്യത്യാസപ്പെടുന്നതും,, രോഗങ്ങൾ ഉണ്ടാകുന്നതും, വേദനിക്കുന്നതും, അറിഞ്ഞോ അറിയാതെയോ ലഹരി വസ്തുക്കൾ ഉപയോഗിച്ച് ഉന്മാദവും മറ്റും ഉണ്ടാകുന്നതും, ഭക്ഷണവും മരുന്നുകളും ശരീരത്തിൽ പ്രവർത്തിക്കുന്നതും, രോഗമുക്തി ഉണ്ടാകുന്നതും, മുറിവുകൾ ഉണങ്ങുന്നതും, തജ്ജന്മത്തിൽ മരിക്കുന്നതുമെല്ലാം വിശകലനം ചെയ്താൽ, കൈകാലുകൾ വിരലുകൾ സന്ധികൾ തുടങ്ങിയ ചില അവയവങ്ങൾക്ക് ഭാഗികമായി ചില സ്വാതന്ത്ര്യങ്ങളെ അനുവദിച്ചിരിക്കുന്നത് ഒഴികെ സൃഷ്ടികളായ ജീവികളുടെ സ്വത്വങ്ങളെ ശരീരമാണ് ഭരിക്കുന്നതും പ്രവർത്തിപ്പിക്കുന്നതും എന്നു കാണാം. ഭൂമിയുടെ ഇഷ്ടവും മഹാനീതിശാസ്ത്രവുമായ ഓംകാരനീതിശാസ്ത്രം പ്രകാരം ആത്മാക്കളെ വ്യത്യസ്ത ജീവികളായി ജനിപ്പിക്കുകയും ശരീരത്തിലെ അവയവങ്ങൾ പ്രകാരമുള്ള ശക്തികളും ജ്ഞാനവും സ്വാതന്ത്ര്യവുമെല്ലാം നൽകി ഭൂമിയുടെ അംശമായ മൂലകങ്ങളിലും സംയുക്തങ്ങളിലും (ജീവികളുടെ ശരീരത്തിലെ) അവയവങ്ങളിലും പ്രദേശങ്ങളിലുമുള്ള ആനന്ദങ്ങളെ നേടാനും ആസ്വദിക്കാനും പ്രാപ്തരാക്കുകയും പുനർജ്ജന്മങ്ങളിലൂടെ എല്ലാ സൃഷ്ടികൾക്കും സമആനന്ദങ്ങളായ മഹാനീതിയെ നൽകുകയുമാണ്.

വിശേഷ ബുദ്ധിയെ ലഭിച്ച് ഭൂമിയുടെ പൊന്നോമന കുഞ്ഞുങ്ങളായി മനുഷ്യാവസ്ഥയിൽ, എത്തുമ്പോൾ സ്ത്രീ പുരുഷൻ, നിറം, സൗന്ദര്യം, മുഖഛായ, ആയുസ്സ്, ആരോഗ്യം, ഉയരം, ബുദ്ധിശക്തി, ഓർമ്മശക്തി, തൊഴിൽ-അഭിരുചി, വിനോദ-അഭിരുചി, ജനന സ്ഥലം തുടങ്ങിയ വ്യത്യസ്തമായ ജന്മഗുണങ്ങളോടെ ഭൂമിയുടെ വിവിധ പ്രദേശങ്ങളിലായിട്ട് ജീവിച്ച് കൂടുതൽ കൂടുതൽ ആനന്ദങ്ങളെ നേടാനും ആസ്വദിക്കാനും കഴിയുന്നതാണ്. അധികമായിട്ട് ദൈവമായ ഭൂമി നൽകുന്നതും മനുഷ്യർക്ക് ലഭിക്കുന്നത് വിശേഷബുദ്ധിയും, അനന്തമായ ആനന്ദങ്ങളും, അനിതര-സാധാരണമായ ജന്മഗുണങ്ങളും, പിന്നെ മോക്ഷവുമാണ്. വിശേഷ ബുദ്ധിയുടെ അനുബന്ധമായിട്ടു നേടാൻ കഴിയുന്നവയായി 'മൂലകങ്ങളിലും സംയുക്തങ്ങളിലും രൂപാന്തരമായ ജീവികളുടെ ശരീരത്തിലെ അവയവങ്ങളിലും ലയിച്ചിരിക്കുന്ന മഹാശാസ്ത്ര പാഠങ്ങളെയും അവയുമായി ബന്ധിച്ചിരിക്കുന്ന അനന്തമായ ശക്തികളെയും ആനന്ദങ്ങളെയുമെല്ലാം ഭൂമി ആവിഷ്ക്കരിച്ചിരിക്കുകയാണ്. പുതിയ പുതിയ ആനന്ദങ്ങളെ മനസ്സിലാക്കാനും അനുഭവിക്കാനും മനുഷ്യർക്കു കഴിയുന്നത് കാലാനുസൃതമായിട്ട് അവയെ ഭൂമി വെളിപ്പെടുത്തുന്നതു കൊണ്ടാണ്. സ്വത്വം പോലും സ്വന്തമായിട്ടില്ലാത്ത ശവരും സൃഷ്ടികളുമായ ആത്മാക്കളെ സൂക്ഷ്മ- പ്രകാശമായി സൂര്യനിൽ സൃഷ്ടിച്ച് ഭൂമിയിൽ വച്ച് മനുഷ്യാവസ്ഥയിൽ പ്രകാശ-നക്ഷത്ര-ദേവതയായി മോക്ഷവും ശക്തികളും നൽകുംവരെ ഗൂഢമാക്കിയത് ആവശ്യവുമാണ്!

ആദിയും അന്തവും ഇല്ലാത്തതും, ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതും, നിർവ്വചനങ്ങൾക്ക് അതീതമായ 'ബ്രഹ്മം' എന്നതായ മഹാനാമത്തെ പ്രഥമമായിട്ടു സ്വീകരിച്ചിട്ടുള്ള മഹാസത്യം; സർവ്വം ഭദ്രപ്പെടുത്താൻ കഴിവുള്ള 'ഭദ്രകാളി, ശിവ' എന്നീ മഹാനാമങ്ങളെക്കൂടി സ്വീകരിച്ചും; ഭദ്രകാളിയുടെ ഇഷ്ടം പോലെ നിർജ്ജീവമായും ജീവമായും പ്രവർത്തിക്കുന്ന ശിവനെ സ്വന്തം ഭാഗവും ഏകദാസനും ഭർത്താവും പരമാത്മാവും മഹാദേവനുമായിട്ട് ഒരുക്കിയും; എന്തുചെയ്യാനും കഴിയുന്ന സ്വന്തം 'മായാശക്തി' -യിൽ നിന്നും സൃഷ്ടിച്ചതായ മഹാശക്തികളെയും, മഹാജ്ഞാനത്തെയും സ്വാതന്ത്ര്യത്തെയും കാലത്തെയും ശരണത്തെയും മഹാനീതിയെയുമെല്ലാം ലയിപ്പിച്ച് ബ്രഹ്മത്തേക്കാൾ ശ്രേഷ്ഠമായ 'പരബ്രഹ്മം, മഹാപ്രപഞ്ചം, ജഗത്ത് ' തുടങ്ങിയ മറ്റ് മഹാനാമങ്ങളോടെ സൃഷ്ടികൾക്കു വേണ്ടിയുള്ള അനന്തമായ ആനന്ദങ്ങളായി അവതരിച്ചിരിക്കുകയാണ്.

എല്ലാ സൃഷ്ടികളുടെയും സ്വത്വങ്ങളായ ആത്മാക്കളുടെ ജനന-ജീവിത-മരണങ്ങളും മനുഷ്യാവസ്ഥയിൽ ലഭിക്കുന്ന നക്ഷത്രമോക്ഷമായ ദേവതാപദവിയും, ഇപ്പോഴത്തെ സൃഷ്ടിചക്രത്തിൽ ഉടനെ ആരംഭിക്കുന്ന സത്യയുഗവും, ദൈവത്തിന്റെ അവതാരവും മഹാശക്തിയുമായ ഭൂമിയുടെ അംശമായ വസ്തുക്കളും രൂപാന്തരമായ ജീവികളുടെ ശരീരത്തിലെ അവയവങ്ങളും തുടർച്ചയായി 3 വർഷം മുതൽ 33 വർഷക്കാലം വരെ **ഓം** മുഴക്കുന്ന ദൈവ വിപ്ലവവും ഉൾപ്പെടെ, എല്ലാ ദൈവകാര്യങ്ങളും പ്രപഞ്ച-രഹസ്യങ്ങളും; മഹാശാസ്ത്രപരമായി ഈ മഹാഗ്രന്ഥത്തിൽ വെളിപ്പെടുത്തിയിട്ടുണ്ട്.

സൃഷ്ടിയുടെ ഉദ്ദേശം സ്ഥിതിയും, സ്ഥിതി ആകുന്ന ജീവിതത്തിന്റെ ഉദ്ദേശം ആനന്ദവുമാണെന്ന്, ആനന്ദങ്ങളെ കൂടുതൽ കൂടുതൽ നേടാനും ആസ്വദിക്കാനും ശ്രമിച്ചു കൊണ്ട് ജീവിക്കുന്ന എല്ലാ ജീവികളുടെയും ജീവിതം സാക്ഷ്യപ്പെടുത്തുന്നുണ്ട്. മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ എന്നീ ജീവികളെയും അവയുടെ വർഗ്ഗങ്ങളെയും, സ്ത്രീ-പുരുഷ ജാതികളെയും നിശ്ചയിക്കുന്നതും സൃഷ്ടിക്കുന്നതും തരംതിരിക്കുന്നതും, ഭാഗമായ ശിവനുമായി ചേർന്ന് ഭൂമിയും അംശമായ വസ്തുക്കളായും അവതരിച്ചിട്ടുള്ള ഭൂമിയുടെ സ്വത്വവും സർവ്വവും ഭദ്രപ്പെടുത്തുന്ന മഹാഭദ്രകാളിയുമായ ഓക്സിജനാണ്; സൃഷ്ടികളായ ആത്മാക്കൾക്കെല്ലാം വേണ്ടി ജലത്തെ മാധ്യമമാക്കി സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്ത് അവയെ ജീവികളാക്കുന്ന ശരീരാവയവങ്ങളിലൂടെയാണ്.

സ്വത്വം ഉൾപ്പെടെ യാതൊന്നും സ്വന്തമായിട്ട് ഇല്ലാത്ത സൃഷ്ടികൾക്ക്, ജീവിക്കാനും ആനന്ദിക്കാനുമെല്ലാം ആവശ്യമായ ശക്തികളും ജ്ഞാനവും സ്വാതന്ത്ര്യവും കാലവും ശരണവുമെല്ലാം; ദേവിയും ദേവനും ചേർന്ന ദൈവത്തിന്റെ അവതാരമായ ഭൂമിയുടെ അംശമായ പ്രദേശങ്ങളും വസ്തുക്കളും, ശരീര-അവയവങ്ങളും മറ്റും ദാനം പോലെ നൽകുമ്പോൾ, പരസ്പരം കൊല്ലാതെയും അപകടപ്പെട്ടും സ്വയഹത്യകൊണ്ടും മരണം ഉണ്ടാകാതെ; സൃഷ്ടികളായ ആത്മാക്കളെ ഭൂമി സംരക്ഷിക്കുന്നത് ഗൂഢമാക്കിയാണ്. സ്ത്രീ-പുരുഷ പാതികളായി സൂര്യനിൽ വച്ച് സൃഷ്ടിച്ച്, സ്ഥിതിപാത്രവും ദൈവത്തിന്റെ അവതാരവും കൂടിയായ ഭൂമിയിൽ കൊണ്ടുവന്ന്, ഭൂമി സംരക്ഷിക്കുന്ന ആത്മാക്കളെ കൊല്ലാൻ മറ്റ് സൃഷ്ടികൾക്കോ, സ്വത്വങ്ങൾക്കോ യോഗ്യതയില്ല; കഴിയുകയുമില്ല.

മറ്റുള്ള ജീവികളിൽ നിന്നും വ്യത്യസ്തമായി മനുഷ്യാവസ്ഥയിൽ വച്ച് ലഭിക്കുന്നതും ഭൂമി നൽകുന്നതുമായ വിശേഷ ബുദ്ധി ഉപയോഗിച്ച് ഭൗതിക ശാസ്ത്രത്തിന്റെ ഒപ്പം തന്നെ

ഭൂമിയിൽ ലയിച്ചിരിക്കുന്ന ധർമ്മശാസ്ത്രപ്രകാരം ഭൂമിയിലെ അനന്തമായ ആനന്ദങ്ങൾ നേടുകയും ആസ്വദിക്കുകയും മാത്രമാണ് അല്പായുസ്സുകളായ മനുഷ്യർ ചെയ്യേണ്ടത്.

ആകാശവും ഭൂമിയും ചന്ദ്രനും സൂര്യനുമായ പ്രപഞ്ച-ഭാഗമായിട്ട് അവതരിച്ചു കൊണ്ട് പ്രപഞ്ചരൂപത്തോടെ ദൈവം ചെയ്യുന്ന മഹാനീതി ഉൾപ്പെടെയുള്ള സൃഷ്ടി സ്ഥിതി സംഹാരത്തിൽ ഇടപെടാൻ ശ്രമിക്കുന്നത് നടക്കാത്തതും അവകാശമില്ലാത്തതുമാണ്. ജീവികളുടെയെല്ലാം സ്വത്വങ്ങളായ ആത്മാക്കൾ സ്വന്തമെന്നു കരുതുന്ന ശരീരത്തിലെ അവയവങ്ങളോ അവയിലൂടെ ലഭിക്കുന്ന ശക്തികളോ, സ്വത്വം തന്നെയോ സ്വന്തമല്ല. ആനന്ദങ്ങളെയും അവ നേടാനുള്ള ഉപാധികളായ ശക്തികളെയും ശാസ്ത്രങ്ങളെയും കൂടാതെ ആനന്ദങ്ങളെ അനുഭവിക്കാനും ആസ്വദിക്കാനുമുള്ള എല്ലാ ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയും കൂടി ശരീരത്തിലെ അവയവങ്ങൾ നൽകണം. അതായത് ആത്മാക്കൾക്ക് എന്തു ചെയ്യാനും ശരീരാവയവങ്ങളും അവയുടെ മൂലവും മഹാശക്തിയും അനന്തമായ ആനന്ദങ്ങളുമായി അവതരിച്ചിരിക്കുന്ന ഭൂമി കനിയണം. ഓരോ ആത്മാവിനും ഓരോ ദൈവം എന്ന പോലെ ഭൂമിയുടെ അംശമായ മൂലകങ്ങളും സംയുക്തങ്ങളും രൂപാന്തരമായ ശരീരത്തിലെ അവയവങ്ങളും നേരിട്ട് ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയുമെല്ലാം നൽകുന്നതു കൊണ്ടാണ് ജീവികളായിട്ടു ജീവിക്കാൻ സൃഷ്ടികൾക്കു കഴിയുന്നത്. സ്വയം വിശകലനം ചെയ്ത് മനസ്സിലാക്കാം. ഭൂമി നൽകിയിട്ടുള്ള ശരീരത്തെ ഭ്രൂണാവസ്ഥയ്ക്കും മുമ്പേ മുതൽ, കുഞ്ഞ്-കുട്ടി-വൃദ്ധ അവസ്ഥകളിൽ ഉൾപ്പെടെ തജ്ജന്മത്തിലെ മരണത്തെ നൽകിയ ശേഷവും 'ഭൂമിയുടെ സ്വത്വവും ജീവികളുടെയെല്ലാം ജീവനും, സത്യ-സൃഷ്ടി-വാതക രൂപവും, ഏകദൈവവും മഹാഭദ്രകാളിയുമായ ഓക്സിജൻ' പ്രത്യക്ഷമെന്നോണം ഭരിക്കുന്നതു കൊണ്ടാണ് മനുഷ്യൻ ഉൾപ്പെടെയുള്ള എല്ലാ സൃഷ്ടികൾക്കും ജീവിക്കാൻ കഴിയുന്നത്. ദൈവമാണ് ഓക്സിജൻ എന്നറിയുമ്പോഴും ആത്മാക്കൾക്കു ജീവിക്കാനായിട്ട് ശരീരത്തിലെ എല്ലാ കോശങ്ങളെയും അവയവങ്ങളെയും നിരന്തരമായിട്ട് ഓക്സിജൻ സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്തുകൊണ്ട് മഹാദാസ്യം ഉൾപ്പെടുന്ന മഹാവാത്സല്യത്തോടെ കരുതുന്നതിനെ തടഞ്ഞുകൊണ്ട് ജീവിക്കാൻ സൃഷ്ടികളായ ആത്മാക്കൾക്ക് കഴിയില്ല. ഓക്സിജൻ കനിഞ്ഞാൽ മാത്രമാണ് സൃഷ്ടികൾക്ക് പ്രവൃത്തികൾ ചെയ്യാൻ കഴിയുക. മഹാശക്തിയായ ഭൂമിയുടെ അംശമായ മൂലകങ്ങളെയും, സംയുക്തങ്ങളെയും, ധർമ്മ-സ്ഥിതി-ദ്രാവക രൂപമായ ജലത്തെയും, അവയിലെല്ലാം ലയിച്ചിരിക്കുന്ന 'ശക്തികളും ശാസ്ത്രങ്ങളുമെല്ലാം പ്രകാരം' ജീവി വർഗ്ഗം സ്ത്രീ-പുരുഷൻ നിറം സൗന്ദര്യം മുഖഛായ ആയുസ്സ് ആരോഗ്യം ഉയരം ബുദ്ധിശക്തി ഓർമ്മശക്തി തൊഴിൽ-അഭിരുചി വിനോദ-അഭിരുചി ജനനസ്ഥലം തുടങ്ങിയ ജന്മഗുണങ്ങളെ ചേർത്ത് ജീവികളുടെ ശരീരത്തിലെ അവയവങ്ങളും ഭാഗങ്ങളുമായി; സൃഷ്ടിക്കുകയും മഹാപരിപാലിക്കുകയും മഹാനീതി നടപ്പാക്കുകയും ചെയ്യുന്നത് ഭൂമിയുടെ സ്വത്വവും, മഹാനീതിയുമായ ഓക്സിജനാണ്. ഓക്സിജനെ നിയന്ത്രിക്കാൻ കഴിയുന്നതിനെ പ്പറ്റി ചിന്തിക്കാനും സൃഷ്ടികൾക്കെല്ലാം ഓക്സിജൻ തന്നെ ശക്തി നൽകണം! മിനുട്ടിൽ ഏതാണ്ട് 18 തവണ ശ്വാസോച്ഛ്വാസം ചെയ്യുന്ന മനുഷ്യന്റെ ചിന്തകളെ പ്പോലും ഓക്സിജൻ അറിയുന്നുണ്ട്. സമുദ്രത്തിന്റെ അടിയിലും ആകാശത്തുമെല്ലാം പോകണമെങ്കിൽ ഓക്സിജനെ ചുമന്നു കൊണ്ടു പോകണം; അതിനും ഓക്സിജൻ തന്നെ ശക്തി നൽകുകയും വേണം!

ഭൂമിയുടെയും, അംശമായ പ്രദേശങ്ങളുടെയും വസ്തുക്കളുടെയും എല്ലാ

# ॐ ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

ജീവികളുടെയും ശരീരങ്ങളുടെയും, സ്വത്വവും ഏകദൈവവുമായ ഓക്സിജൻ, ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളെ ശരീരത്തിൽ നിന്നും പുറത്താക്കും വരെ, ഓക്സിജന്റെയും ധർമ്മസ്ഥിതിദ്രാവക രൂപമായ ജലത്തിന്റെയും നിയന്ത്രണങ്ങൾക്കു വിധേയമായിട്ട്, അറിഞ്ഞും അറിയാതെയും സദാ ആനന്ദങ്ങളെ വർദ്ധിപ്പിച്ചു കൊണ്ട് ജീവിക്കുകയാണ് എല്ലാ ജീവികളുടെയും ആത്മാക്കൾ ചെയ്യുന്നതും ശ്രമിക്കുന്നതും.

ദൈവം ഉണ്ടെന്നറിയാൻ മനുഷ്യൻ ഉൾപ്പെടെ എല്ലാ ജീവികൾക്കും വിശപ്പ് ഉണ്ടാകുന്നതും, ഭക്ഷണ സാധനങ്ങൾ കഴിക്കുന്നതിന് സാധിക്കുന്ന വായ്, നാവ്, പല്ലുകൾ, കീഴ്ത്താടി തുടങ്ങിയവയും അവയുടെ പ്രവർത്തനവും നിശ്ചയിക്കുകയും സൃഷ്ടിക്കുകയും ചെയ്യുന്നത് ജീവികളുടെ സ്വത്വങ്ങളല്ലെന്ന് തിരിച്ചറിയാനെങ്കിലും മനുഷ്യാവസ്ഥയിൽ ലഭിക്കുന്ന വിശേഷബുദ്ധി ഉപയോഗിച്ചാൽ മതിയായിരുന്നു.

ഭൂമിയുടെ മഹാനീതിശാസ്ത്രമായ ഓംകാരനീതിശാസ്ത്രം പ്രകാരം ഭൂമി സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്നവരും, ശക്തികളോ സ്വത്വമോ പോലും സ്വന്തമായിട്ട് ഇല്ലാത്തതുമായ സൃഷ്ടികൾ മനുഷ്യാവസ്ഥയിൽ വച്ച് വിശേഷ ബുദ്ധിയെ ലഭിക്കുമ്പോൾ, ഭൂമിയുടെ അംശമായ പ്രദേശങ്ങളിലും വസ്തുക്കളിലും ജീവികളുടെ ശരീരത്തിലെ അവയവങ്ങളിലുമെല്ലാം ഭൗതിക-ധർമ്മ-നീതിശാസ്ത്രങ്ങളായ യഥാർത്ഥ വേദങ്ങൾ പ്രകാരം ലയിച്ചിരിക്കുന്ന അനന്തമായ ആനന്ദങ്ങളെ അറിയാനും നേടാനും ധർമ്മശാസ്ത്ര പ്രകാരം മാത്രം ആസ്വദിച്ചു ജീവിക്കാനും പരിശ്രമിക്കണം. എന്നുവെച്ചാൽ ദൈവത്തിന്റെ അവതാരമായ ഭൂമിയുടെ ആദിയും അന്തവും ഇല്ലാത്ത മഹാജ്ഞാനം കൂടിയായ പ്രസ്തുത ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങളും അവയുടെ ശാഖകളും പ്രകാരം ഭൂമിയിലെ അനന്തമായ ആനന്ദങ്ങളെയും ശക്തികളെയും; സൃഷ്ടികളായ ആത്മാക്കളുടെ രൂപാന്തരമായ ജീവികളുടെ സൃഷ്ടി സ്ഥിതികളും സംഹാരം ഉൾപ്പെട്ട മഹാനീതിയുമായി ബന്ധിച്ചിരിക്കുകയാണ്. സൃഷ്ടി ശാസ്ത്രം എന്നു വിശേഷിപ്പിക്കുന്ന ഒന്നാമത്തെ ശാസ്ത്രമായ ഭൗതിക ശാസ്ത്രത്തിന് യുക്തിശാസ്ത്രം, ഊർജ്ജശാസ്ത്രം, രസതന്ത്രം, ജീവശാസ്ത്രം, വൈദ്യശാസ്ത്രം, ഗണിതശാസ്ത്രം, ജ്യോതി ശാസ്ത്രം തുടങ്ങിയ ശാഖകളും ഉപശാഖകളും ഉണ്ട്. സ്ഥിതി ശാസ്ത്രം എന്നു വിശേഷിപ്പിക്കുന്ന രണ്ടാമത്തെ ശാസ്ത്രമായ ധർമ്മശാസ്ത്രത്തിന് യുക്തിശാസ്ത്രം, സദാചാര ശാസ്ത്രം, സാമ്പത്തിക ശാസ്ത്രം, തൊഴിൽ ശാസ്ത്രം, ജനസേവന ശാസ്ത്രം അഥവാ ഭരണ ശാസ്ത്രം, നീതിന്യായ ശാസ്ത്രം തുടങ്ങിയ ശാഖകളും ഉപശാഖകളും ഉണ്ട്. ആത്മീയ ശാസ്ത്രം, മഹാനീതി ശാസ്ത്രം എന്നെല്ലാം വിശേഷിപ്പിക്കുന്ന സർവ്വ പ്രധാനമായ ഓംകാര നീതിശാസ്ത്രത്തിന്, ബ്രഹ്മം, മഹാസത്യവും മഹാശക്തിയും ഏകദൈവവുമായ മഹാഭദ്രകാളി, ഭദ്രകാളിയുടെ ഭാഗവും ഏകദാസനും ഭർത്താവും പരമാത്മാവും പ്രപഞ്ചപിതാവും മറ്റുമായ ശിവൻ, ഓം, ഓംകാരം, ഓംകാരനീതിശാസ്ത്രം, മഹാപുനർജ്ജന്മ സിദ്ധാന്തം, ആദ്യ മഹാകാല ചക്രം, പശുവും പശുപതിയും, സൃഷ്ടിയായ ആത്മാവ്, ശരീരം, മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ ദേവതകൾ തുടങ്ങിയ ജീവികൾ, മരണം, ആത്മീയ സാക്ഷാത്കാരവും മോക്ഷവും നക്ഷത്ര-ദേവതയുമായ സംഹാരം, വീണ്ടും ഭൂമി, രണ്ടാം മഹാകാലചക്രം, യുക്തിശാസ്ത്രം, തുടങ്ങിയ ശാഖകളും ഉപശാഖകളും ഉണ്ട്. എല്ലാ ശാസ്ത്രങ്ങളെയും ശാഖകളെയും 'യുക്തിശാസ്ത്രം' പരസ്പരം മഹാശാസ്ത്രപരമായി ബന്ധിച്ചിട്ടുണ്ട്.

ആദിയും അന്തവും ഇല്ലാത്ത മഹാസത്യവും മഹാശക്തിയുമായ ദൈവത്തിന്റെ മഹാജ്ഞാനത്തിന്റെ ഓഹരിയാണ് മഹാപ്രപഞ്ചത്തിന്റെ ദൈവ ഭാഗമായ ആകാശം ഭൂമി ചന്ദ്രൻ സൂര്യൻ എന്നിവയുടെ മഹാശാസ്ത്രമായിട്ടും; സൃഷ്ടികളായ ആത്മാക്കളുടെയും അവയുടെ രൂപാന്തരമായ ജീവികളുടെയും സൃഷ്ടി സ്ഥിതി സംഹാര ശാസ്ത്രങ്ങളായ ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങളായിട്ടും, (ആദ്യ മഹാകാല ചക്രത്തിലെ സൃഷ്ടികളുടെ കടുത്ത അപരാധങ്ങൾ നിമിത്തം താൽക്കാലികമായി ഉണ്ടായിട്ടുള്ള ഗ്രഹങ്ങളുടെയും ശാസ്ത്രങ്ങളായിട്ടും) അവതരിച്ചിരിക്കുന്നത്. ദൈവത്തിന്റെ മഹാജ്ഞാനമായ ശാസ്ത്രങ്ങൾക്കും അവയുടെ ശാഖകൾക്കും യാതൊരു കുറ്റങ്ങളും കുറവുകളും ഇല്ലെന്നതു മാത്രമല്ലാ; യാതൊരിക്കലും ഉണ്ടാവുകയുമില്ല. ദൈവത്തിന്റെ അവതാരങ്ങളായ ആകാശം ഭൂമി ചന്ദ്രൻ സൂര്യൻ എന്നിവയിൽ ലയിച്ചിരിക്കുന്ന ശക്തികളും ശാസ്ത്രങ്ങളുമെല്ലാം എക്കാലവും സനാതനമാണ്. അവ പ്രകാരമാണ് പ്രപഞ്ചത്തിന്റെ നടത്തിപ്പ് എന്നുവെച്ചാൽ പ്രപഞ്ചത്തിലെ സ്ഥിതിപാത്രമായ ഭൂമിയിൽ ലയിച്ചിരിക്കുന്ന ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരമാണ് സൃഷ്ടികളുടെ മേലുള്ള മഹാഭരണവും മഹാനീതിയും നടത്തപ്പെടുന്നത്. ആദ്യ മഹാകാല ചക്രത്തിലെ ഭരണാധികാരികളായിട്ട് സൃഷ്ടികളിൽ നിന്ന് മനുഷ്യാവസ്ഥയിൽ വച്ച് മോക്ഷം നേടിയവരെ നിയമിച്ചതും കാലക്രമേണ അവർ ധാർമ്മികമായി അധഃപതിച്ചതിനെയും, തുടർച്ചയായി 3 വർഷം മുതൽ 33 വർഷക്കാലം വരെ **ഓം** മുഴക്കുന്ന ദൈവ വിപ്ലവവും സത്യയുഗവും ഭൂമിയിൽ ഉടനെ ആരംഭിക്കുന്നതോടെയും, മണ്ണായ ഭൂമിയിൽ അടിഞ്ഞിരിക്കുന്ന മഹാശക്തിയായ ഭദ്രകാളി ഭാഗമായ ശിവനെയും കൂട്ടി മഹാഭരണാധികാരിയും മഹാനീതിപതിയുമായി നേരിട്ട് ചുമതല ഏറ്റെടുക്കുന്നതോടെയും ഭൂമിയിലെ മനുഷ്യർക്ക് പ്രത്യക്ഷമായി ക്കൂടി സമ്പൂർണ്ണമായ ശാന്തിയും സന്തോഷവും സദാ അനുഭവിക്കാൻ കഴിയുന്നതാണ്. നാളിതുവരെ ലഭ്യമായ ചരിത്രത്തിൽ മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ ജീവികളായിട്ടു തമ്മിലടിച്ചും യുദ്ധങ്ങൾ ചെയ്തും അശാന്തിയും അസന്തോഷവും അനുഭവിക്കുന്ന ജനങ്ങളെ പ്രത്യക്ഷമായി കാണുമെങ്കിലും ഓംകാരനീതിശാസ്ത്രം പ്രകാരം സ്ത്രീ പുരുഷൻ നിറം സൗന്ദര്യം മുഖച്ഛായ ആയുസ്സ് ആരോഗ്യം ഉയരം ബുദ്ധിശക്തി ഓർമ്മശക്തി തൊഴിൽ-അഭിരുചി വിനോദ-അഭിരുചി ജനനസ്ഥലം സാമ്പത്തിക സൗകര്യങ്ങൾ തുടങ്ങിയ ജന്മഗുണങ്ങളെ വ്യത്യാസപ്പെടുത്തി മഹാനീതിയായ സമ-ആനന്ദത്തെ എല്ലാ മനുഷ്യർക്കും എല്ലാ ജീവികൾക്കും ഭൂമി ലഭ്യമാക്കുന്നുണ്ട്. മഹാശാസ്ത്രപരമായി ഈ ദിവ്യമഹാഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്. അതായത് ഭൗതികമായ അസ്തിത്വത്തോടെയും പ്രത്യക്ഷമായും ശാസ്ത്രീയമായും ലളിതമായും അവതരിച്ചു കൊണ്ട് ജീവികളുടെയും അവയുടെ സ്വത്വങ്ങളായ ആത്മാക്കളുടെയും സൃഷ്ടിസ്ഥിതിസംഹാരങ്ങളെ ദൈവം ചെയ്യുമ്പോൾ; ഒരു വിഭാഗമോ വളരെയധികമോ ജനങ്ങൾ വിശേഷബുദ്ധിയും സ്വാതന്ത്ര്യവും ദുരുപയോഗം ചെയ്യുന്നതു കൊണ്ടാണ് ഭൗതികമായ അസ്തിത്വം ഇല്ലാത്ത ആശയങ്ങളും കോപ്രായങ്ങളും ഉണ്ടാകുന്നത്. ഭൂമിയിൽ ലയിച്ചിരിക്കുന്ന ധർമ്മശാസ്ത്രങ്ങൾക്കു വിരുദ്ധമായി പ്രവർത്തിക്കുന്നതിനെ പ്രതിരോധിക്കാനും, മറ്റു സൃഷ്ടികൾക്ക് ഭൂമി നൽകുന്ന അനന്തമായ ആനന്ദങ്ങൾക്ക് യാതൊരു കുറവും ഉണ്ടാവാതെ പ്രശ്നക്കാരെ തടയാനും ശിക്ഷിച്ചു തിരുത്താനുമുള്ള കുറ്റങ്ങളും കുറവുകളും ഇല്ലാത്ത മഹാസമ്പൂർണ്ണമായ മഹാപുനർജ്ജന്മ സിദ്ധാന്തവും, ന്യൂനശക്തികളുമെല്ലാം ഭൂമിയുടെ അംശമായ മൂലകങ്ങളിലും സംയുക്തങ്ങളിലും മറ്റും ലയിച്ചിട്ടുണ്ട്. ആവിധ കാര്യങ്ങളിലും സൃഷ്ടികളായ മനുഷ്യർ വേവലാതിപ്പെടണ്ട.

സൃഷ്ടികളായ ആത്മാക്കളെ ഭൂമിയുടെ കുഞ്ഞുങ്ങളായ ജീവികളായിട്ട് ജനിപ്പിക്കുന്നതും മരിപ്പിക്കുന്നതും ശരീരമാണ്; മഹാശരീരമായ ഭൂമിയുടെ സ്വത്വമായ ഓക്സിജനാണ്. ആത്മഹത്യ ചെയ്യാൻ ശ്രമിക്കുവർ ഉൾപ്പെടെ എല്ലാ ജീവികൾക്കും ശരീരത്തിലെ അവയവങ്ങളിലൂടെ നൽകുന്ന ശക്തികളോടും ശാസ്ത്രങ്ങളോടും മറ്റും ഒപ്പമുള്ള സ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്ത് ആത്മഹത്യയ്ക്ക് ശ്രമിച്ചാൽ ജനിപ്പിച്ച (ദൈവാംശമായ) ശരീരത്തെ നിന്ദിക്കുകയാണ്. ഓക്സിജനായ ദൈവം ഓംകാര നീതിശാസ്ത്രം പ്രകാരം തടഞ്ഞെന്നും തടഞ്ഞില്ലെന്നും വരാം. സൃഷ്ടികളായ എല്ലാ ആത്മാക്കൾക്കും തജ്ജന്മത്തിലെ ജീവികളായിട്ട് ജീവിക്കാൻ ഭൂമിയുടെ സ്വന്തമായ ശരീരങ്ങളെ (യും അവയവങ്ങളെയും) താൽക്കാലികമായി നൽകിയിട്ടുള്ളതിനാൽ, ആത്മാക്കളെ ശരീരത്തിന്റെ ഉടമ കൂടിയായ ഭൂമി (യുടെ സ്വത്വമായ ഓക്സിജൻ) പുറത്താക്കും വരെ ആത്മാക്കളുടെ സ്വന്തമാണ്. ശരീരത്തിലൂടെ ആത്മാവിനു ലഭിക്കുന്ന വേദനകൾ ഉൾപ്പെടെയുള്ള ആനന്ദങ്ങളെ സമ്പൂർണ്ണമായും ആത്മാക്കൾക്കു തന്നെ ശരീരം കൈമാറുന്നുണ്ട്. ആനന്ദങ്ങൾക്കെല്ലാം അതീതമായ ദൈവത്തിന്റെ അവതാരമായ ഭൂമിയുടെ അംശമായ ശരീരത്തിനും വസ്തുക്കൾക്കും ആനന്ദമോ വേദനകളോ നൽകാൻ ആത്മാക്കൾക്കു കഴിയുന്നതല്ല. പല്ലു വേദന കാലുവേദന, ശരീരം സുഖം ഉണ്ട്, നല്ല രുചിയുള്ള മാമ്പഴം എന്നെല്ലാം പറയുമ്പോൾ, പ്രസ്തുത അവയവങ്ങളും വസ്തുക്കളുമെല്ലാം ആത്മാവിനാണ് വേദനകളെയും ആനന്ദങ്ങളെയും നൽകുന്നത്. ആനന്ദങ്ങളെ ആസ്വദിക്കാനുള്ള ശക്തികളെയും ശാസ്ത്രങ്ങളെയും ആത്മാക്കൾക്കു നൽകുന്ന ഉപാധികളാണ് ശരീരവും അവയവങ്ങളും. അവയെ ധർമ്മശാസ്ത്ര പ്രകാരം ഉപയോഗിക്കാൻ താൽക്കാലിക ഉടമയായ ആത്മാവിനും ഉറ്റവരായ ആത്മാക്കൾക്കും കടമകളും ബാധ്യതകളും ഉണ്ട്. എല്ലാ ജീവികളുടെയും എല്ലാ ശരീരങ്ങളുടെയും സ്വത്വവും യഥാർത്ഥ ഉടമയും മഹാഭദ്രകാളിയുമായ ഓക്സിജൻ ശ്വാസോച്ഛ്വാസമെന്ന മഹാപ്രതിഭാസത്തെ ആവിഷ്ക്കരിച്ചു കൊണ്ട് ഓംകാരനീതിശാസ്ത്രം പ്രകാരം മഹാവാത്സല്യത്തോടെ ശരീരത്തിലെ അവയവങ്ങളെ പരിപാലിക്കുകയും മഹാനീതി നടപ്പാക്കുകയും ചെയ്യുന്നുണ്ട്. അങ്ങനെയിരിക്കെ, ലഭ്യമായ ശരീരത്തെ ധർമ്മശാസ്ത്ര വിരുദ്ധമായി യോഗ പോലുള്ളവ നിർബ്ബന്ധമാണെന്നും നല്ലതാണെന്നും പ്രചരിപ്പിക്കാൻ ശരീരത്തിന്റെ താൽക്കാലിക ഉടമയും, ശരീരം നിശ്ചയിക്കുന്നതു പോലെ ശരീരത്തിൽ നിന്നും പുറത്താക്കപ്പെടുന്നതുമായ ആത്മാവിന് അവകാശമില്ല. രോഗികൾക്കും അവിവേകികൾക്കുമെല്ലാം ലഭ്യമായ ശരീരത്തെ ശ്രദ്ധിക്കാൻ ധർമ്മശാസ്ത്രപരവും വ്യക്തിപരവുമായി അനുവദിച്ചിരിക്കുന്ന സ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്യരുത്. ആവിധ കാര്യങ്ങളിൽ മറ്റുള്ള ജീവികളെ കണ്ടുപഠിക്കാൻ ഏറെയുണ്ട്. ദൈവത്തിന്റെ പ്രപഞ്ചരൂപങ്ങളെയും മഹാശക്തിയായ ഭൂമിയെയും ഭൂമിയുടെ അംശമായ മൂലകങ്ങളെയും സംയുക്തങ്ങളെയും ജീവികളുടെ ശരീരങ്ങളെയും, ധർമ്മ-സ്ഥിതി-ദ്രാവക രൂപമായ ജലത്തെയും, ഭൂമിയുടെ സ്വത്വവും സത്യ-സൃഷ്ടി-വാതക രൂപവുമായ ഓക്സിജനെയും സ്നേഹിക്കാനും ദ്രോഹിക്കാനും ആത്മാക്കൾക്കു കഴിയില്ല. സൃഷ്ടികളായ ജീവികൾക്ക് ശരീരവും സ്വത്വമായ ഓക്സിജനും അനുവദിച്ചാൽ മാത്രം ആത്മഹത്യ എന്നു പറയുന്ന തജ്ജന്മഹത്യ ചെയ്യാം; എന്നല്ലാതെ 'ഭൗതിക ശരീരം ഇല്ലാത്ത' സ്വത്വങ്ങൾ മാത്രമായ ആത്മാക്കൾക്ക് ആത്മഹത്യ ചെയ്യാനാവില്ല. ഓംകാര നീതിശാസ്ത്രം പ്രകാരം സൃഷ്ടികളായ ആത്മാക്കളുടെ മേൽ മഹാവാത്സല്യത്തോടെ മഹാനീതിയെ എക്കാലവും നടപ്പാക്കാൻ മഹാഭദ്രകാളിയായ ഓക്സിജൻ ഉണ്ട്.

# ॐ ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

എല്ലാ സൃഷ്ടി ചക്രങ്ങളിലും, ഭൗതിക ശാസ്ത്ര വികസനം ഏറെക്കുറെ പരമാവധിയിൽ എത്തുന്ന അവസരത്തിൽ, ജഗത്തിന്റെ ഭാഗമായ ആകാശവും ഭൂമിയും ചന്ദ്രനും സൂര്യനുമായി അവതരിച്ചിരിക്കുന്ന 'ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്ത മഹാസത്യവും ഏകദൈവവുമായ ഭദ്രകാളിയുടെ മഹത്വം' സ്പഷ്ടമായി വിശദീകരിച്ചു കൊണ്ടും, യഥാർത്ഥ വേദങ്ങളായ ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങളെ യഥാവിധി ചിട്ടപ്പെടുത്തി ക്കൊണ്ടും, കാലഘട്ടത്തിന്റെ ആവശ്യത്തിന് അനുസരിച്ചു മാത്രമേ ഭൂമിയിൽ ലയിച്ചിരിക്കുന്ന 'സമ്പൂർണ്ണ ദൈവശാസ്ത്രത്തെ' അവതരിപ്പിക്കുകയുള്ളൂ.

ആകാശവും ഭൂമിയും ഓക്സിജനുമെല്ലാമായി അവതരിച്ചിരിക്കുന്ന ദൈവത്തിന്റെ മായാശക്തികൾ കൊണ്ട് പുതിയ പ്രപഞ്ചങ്ങളായി അനന്തമായി അവതരിക്കാനും അവിടെയും മറ്റ് സൃഷ്ടികളുടെ സൃഷ്ടി സ്ഥിതികളെ ചെയ്യാൻ കഴിയുമെന്നതാണ് സത്യം. എന്നാൽ മറ്റ് പ്രപഞ്ചങ്ങളുടെയും ദൈവമായാൽ ഭൂമിയിലെ ആത്മാക്കൾക്ക് അസുരക്ഷിത ബോധമുണ്ടാകും. ഭൂമി നൽകുന്നതും പരിപാലിക്കുന്നതുമായ ആനന്ദങ്ങളിൽ കുറവുണ്ടാവാൻ മഹാവാത്സല്യമായ ഭൂമി ഇഷ്ടപ്പെടുന്നില്ല!

സാമ്പത്തിക ശാസ്ത്രവും തൊഴിൽ ശാസ്ത്രവും ഉൾപ്പെടെ കുറ്റങ്ങളും കുറവുകളും ഇല്ലാത്ത എല്ലാ ശാസ്ത്രങ്ങളും ഭൂമിയുടെ അംശമായ പ്രദേശങ്ങളിലും, മൂലകങ്ങളിലും സംയുക്തങ്ങളിലും, സൃഷ്ടികൾക്ക് ഭൂമി നൽകുകയും പരിപാലിക്കുകയും ചെയ്യുന്ന ശരീരത്തിലെ അവയവങ്ങളിലുമെല്ലാം ഭൗതിക ശാസ്ത്രത്തോടൊപ്പം തന്നെ ലയിച്ചിരിക്കുമ്പോൾ, ലഭ്യമായ വിശേഷ ബുദ്ധിയെ കൊണ്ട് അവയെ കണ്ടെത്താനും അവ പ്രകാരം ജീവിക്കാനും മനുഷ്യർ പരിശ്രമിക്കേണ്ടിയിരുന്നു. സൃഷ്ടികൾക്കു വേണ്ടിയുള്ള അനന്തമായ ആനന്ദങ്ങളും അവയെ നേടാനുള്ള ഉപാധികളായ ശക്തികളും ശാസ്ത്രങ്ങളുമെല്ലാം ലയിച്ചിരിക്കുന്ന സ്ഥിതി/ജീവിത പാത്രമായ ഭൂമിയായിട്ട് ദൈവം തന്നെ അവതരിച്ച് സർവ്വവും നേരിട്ടു നൽകുകയാണ്. സ്വത്വം പോലും സ്വന്തമായിട്ടില്ലാത്തവരും, ദൈവം നൽകുന്നവ കൊണ്ടുമാത്രം ജീവിക്കുന്നവരുമായ സൃഷ്ടികളുടെ സഹായം ദൈവത്തിന് ആവശ്യമില്ല. മഹാശക്തിയും, ആനന്ദങ്ങൾക്കെല്ലാം അതീതമായ ഏകദൈവവുമായി അവതരിച്ചിരിക്കുന്ന ഭൂമിയാണ് എല്ലാ സൃഷ്ടികൾക്കും ജനനം മുതൽ മരണം വരെയും ജീവിക്കാൻ ആവശ്യമായ അനന്തമായ ആനന്ദങ്ങളും ശക്തികളും ശാസ്ത്രങ്ങളും ശരണവുമെല്ലാം നൽകുന്നതെന്ന് വിശേഷബുദ്ധി കൊണ്ട് മനസ്സിലാക്കാനാവും.

മനുഷ്യർ വിശേഷ ബുദ്ധിയെ ദുരുപയോഗം ചെയ്യുന്നത് മനസ്സിലാക്കാൻ സൃഷ്ടി സ്ഥിതി സംഹാര പാത്രവും മഹാശൂന്യതയുമായ ആകാശത്തിലാണ് എല്ലാ സൃഷ്ടികളുടെയും സ്വത്വങ്ങളായ ആത്മാക്കളെ ജനിപ്പിക്കുകയും പുനർജ്ജനിപ്പിക്കുകയും ചെയ്യുന്നതെന്ന സത്യത്തെ വിശകലനം ചെയ്താൽ മതി. മഹാശൂന്യത കൂടിയായ ആകാശത്തിന്റെ മഹാസൂക്ഷ്മമായ അംശമാണ് സ്ത്രീ-ജീവികളുടെ ഗർഭപാത്രവും വഴിയായ യോനിയും. ആത്മാക്കൾക്ക് ജീവികളായി ജീവിക്കാൻ നൽകിയിട്ടുള്ളതാണ് ഭൂമിയുടെ അംശമായ ശരീരമെങ്കിലും, ശൂന്യത ശരീരത്തിന്റെ ഭാഗമല്ല. എന്നുവെച്ചാൽ മഹാശൂന്യതയും, 'ഭദ്രകാളിയായ ശിവയുടെയും ഭാഗമായ ശിവന്റെയും' സൃഷ്ടിപാത്രവും ശിവലിംഗവും കൂടിയായ ആകാശത്തിലാണ് എല്ലാ ജീവികളെയും ജനിപ്പിക്കുന്നത്. യാതൊരു ജീവിയും യാതൊരു ദേശത്തിലും ഭൂമിയിലും ജനിക്കുന്നില്ല എന്നും സാരം. സൃഷ്ടികളായ ആത്മാക്കൾ ദൈവത്തിന്റെ ഭാഗമോ അംശമോ അല്ലെന്നും അറിയണം.

# ॐ ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

ആദിയും അന്തവും ഇല്ലാത്ത ശിവലിംഗം കൂടിയായ ആകാശത്തെ സാധാരണമായി ത്തന്നെ (ഉപകരണങ്ങൾ ഉപയോഗിക്കാതെ കണ്ണുകൾ കൊണ്ട്) കാണാൻ കഴിയും. ഭൂമിയിൽ എവിടെ നിന്നു നോക്കിയാലും കുട പോലെ അർദ്ധഗോളാകൃതിയിൽ കാണപ്പെടുന്ന ആകാശം അതിരുകളും ആദിയും ഇല്ലാതെ പ്രദേശങ്ങളുടെയും സമുദ്രങ്ങളുടെയുമെല്ലാം വശങ്ങളിലേക്കും അടിയിലേക്കും നീളുന്നതായി കാണാം. ശിവയുടെയും, ഭാഗമായ ശിവന്റെയും 'സൃഷ്ടിപാത്രവും ശിവലിംഗവും കൂടിയായ ആകാശത്തിന്റെ' ആദിയില്ലായ്മ പ്രത്യക്ഷമെന്നോണം വ്യക്തമാണ്. ഭൂമിയിൽ നിന്ന് മുകളിലേക്ക് നോക്കിയാൽ കുട പോലെ അർദ്ധഗോളാകൃതിയിൽ ആകാശം കാണാം. നക്ഷത്രമായി മോക്ഷം നേടുന്ന  സൃഷ്ടികൾക്കു വേണ്ടി സംഹാരപാത്രമായ നക്ഷത്ര-ലോകത്തെയും അന്തമില്ലാതെ നീളുന്ന മഹാശൂന്യതയായ ആകാശം ഒരുക്കിയിട്ടുണ്ട്. സൃഷ്ടി സ്ഥിതി സംഹാര പാത്രം, പരബ്രഹ്മമായ പ്രപഞ്ചം, ശിവലിംഗം, ശക്തിലിംഗം, മഹാശക്തിലിംഗം, മഹാലിംഗം തുടങ്ങിയ മഹാനാമങ്ങൾ ആകാശത്തിനുണ്ട്.

സൃഷ്ടികളുടെ പരമാനന്ദമായിട്ട് ഭൂമി നിശ്ചയിച്ചിട്ടുള്ള കാമ-ആനന്ദത്തെ സൃഷ്ടിയുടെ ഇണയിലൂടെ തന്നെ നൽകുന്നതിനു വേണ്ടി ഭൂമി ഉപകരണമാക്കിയിട്ടുള്ള സ്ത്രീപുരുഷ അവയവങ്ങൾക്ക് ശിവലിംഗമായ ആകാശവുമായി അടിസ്ഥാന പരമായി ബന്ധമില്ല. ആകാശവും ഭൂമിയും 'ജീവികളിലൂടെ മറ്റ് ആത്മാക്കളുടെ പുനർസൃഷ്ടി നടത്തുമ്പോൾ കാമാനന്ദവും അവയെ നൽകുന്ന അവയവങ്ങളുമായി ആത്മാക്കളെ ബന്ധിപ്പിക്കുന്നു. സൃഷ്ടിയിൽ ആത്മാവിനും, അവയവത്തിൽ ശിവലിംഗമായ ആകാശത്തിനും പങ്കില്ല.

ദൈവത്തോട് പ്രാർത്ഥിക്കാനും, ഒരല്പം സ്തുതിക്കാനും, മനുഷ്യാവസ്ഥയിൽ നൽകിയിട്ടുള്ള 100 ജന്മങ്ങളിൽ 90 മുതൽ 95 വരെയുള്ള ഒരു പുരുഷ ജന്മത്തിൽ വച്ച് 'ബ്രഹ്മവും ഏകദൈവവും ശിവയും ജഗദംബയുമായ മഹാഭദ്രകാളി', സ്വന്തം ഭാഗവും ഏകദാസനും പരമാത്മാവും പ്രപഞ്ചപിതാവുമായ പരമശിവനിലൂടെ 'മഹാശാസ്ത്രം' സമ്മാനിക്കുന്ന ജന്മത്തിലെ ശിഷ്ടകാലം മാത്രം ദൈവത്തെ ആരാധിക്കാനും, ശിവലിംഗത്തെ പ്രതീകമാക്കാൻ ഭൂമിയായ ദൈവം, മനുഷ്യരെ അനുവദിച്ചിട്ടുണ്ട്. പരബ്രഹ്മവും ആകാശവും കൂടിയായ 'വിഗ്രഹം അല്ലാത്ത ശിവലിംഗത്തെ' കല്ല്, മണ്ണ് തുടങ്ങിയവ കൊണ്ട് ഏതൊരു വ്യക്തിക്കും കുടുംബത്തിനും സമൂഹത്തിനുമെല്ലാം അവരവർക്കു വേണ്ടി നിമിഷങ്ങൾ കൊണ്ട് പ്രതിഷ്ഠിക്കാനും; തൂത്തെറിയാനും സ്വാതന്ത്ര്യമുണ്ട്. ആനന്ദങ്ങൾക്കെല്ലാം അതീതമായ ദൈവത്തിന് മനുഷ്യരുടെ ഭക്തികോപ്രായങ്ങൾ കൊണ്ട് യാതൊന്നും നേടാനില്ലെന്ന് മനസ്സിലാക്കണം.

ശാസ്ത്ര പരമായി നിർമ്മിച്ചിട്ടുള്ള ഒരു ദേവാലയം പോലും ഭൂമിയിലില്ലെന്ന് അറിയുക. എല്ലാ ദേവാലയങ്ങളിലും ശിവലിംഗം മാത്രം പ്രതിഷ്ഠിക്കുന്നതാണ്. 'ഓം നമഃ ശിവായ, ഓം ശിവായ നമഃ, അമ്മേ ശിവ, എന്നീ ലളിതമായ സ്തുതികൾ മാത്രം എവിടെയും കേൾക്കാൻ കഴിയും. സൃഷ്ടികളുടെ ആനന്ദത്തെ കണക്കാക്കി മഹാവാത്സല്ല്യവും ജഗദംബയും ശിവയുമായ മഹാഭദ്രകാളി 'ഓം നമഃ ശിവായ' എന്ന ലളിതമായ സ്തുതി അനുവദിച്ചിരിക്കുകയാണ്. ഉടനെയുള്ള ദൈവ വിപ്ലവത്തോടെ 'ഓം നമഃ ശിവായ = മഹാശിവയെ നമിക്കുന്നു = മഹാശിവയെയും ഭാഗമായ ശിവനെയും നമിക്കുന്നു = മഹാദേവിയെ നമിക്കുന്നു = മഹാദേവിയെയും ഭാഗമായ മഹാദേവനെയും നമിക്കുന്നു' തുടങ്ങി ശിവസ്തുതികൾ ഒഴികെയുള്ളവ സമ്പൂർണ്ണമായി അവസാനിക്കുന്നതാണ് !

# 2023 ശിവരാത്രിക്കു മുമ്പുള്ള മഹാഗ്രന്ഥങ്ങൾ

# 2022 മാർച്ച് 1 ന് MAN മനുഷ്യൻ എന്ന പേരിൽ പ്രസിദ്ധീകരിച്ച മഹാഗ്രന്ഥത്തെ (PDF)

# 2022 ഒക്ടോബർ 4 മഹാനവമിയിൽ പ്രസിദ്ധീകരിച്ചു.

# ഇന്ന്

# 2023 ഫെബ്രുവരി 18 ശിവരാത്രിയിലും

# MAN.pdf എന്ന പേരിൽത്തന്നെ പുനഃപ്രസിദ്ധീകരിക്കുന്നുണ്ട്.

**മുൻ ഗ്രന്ഥങ്ങളെ** ഈ ദിവ്യമഹാഗ്രന്ഥത്തിന്റെ തുടർച്ചയായി ചേർത്തിട്ടുണ്ട്.

ദിവ്യമായ പുതിയ പാഠങ്ങൾ മാത്രമുള്ള ചെറിയ ഗ്രന്ഥം ManShivaRaathri2023.pdf എന്ന പേരിലും പ്രസിദ്ധീകരിക്കുന്നുണ്ട്.

## https://drive.google.com/drive/folders/1JXQ--TLJhE6dQdN8DA16KNEPIHKI-usJ

## -എന്ന ഗൂഗിൾ ഡ്രൈവ് ലിങ്കിൽ നിന്നും നാളിതുവരെ ഈയുള്ളവനിലൂടെ മഹാദേവി പ്രസിദ്ധീകരിച്ച എല്ലാ ഗ്രന്ഥങ്ങളും ഡൗൺലോഡ് ചെയ്യാം!

* മഹാഭദ്രകാളി ഈയുള്ളവന് മഹാഅനുഗ്രഹിച്ചു നൽകിയ അനവധി മഹാപാഠങ്ങളെ ഈ ദിവ്യ മഹാവേദഗ്രന്ഥത്തിൽ ഉൾപ്പെടുത്താനാൻ പലവിധ കാരണങ്ങൾ കൊണ്ട് കഴിഞ്ഞില്ല. രേഖപ്പെടുത്താൻ സമയമായിട്ടില്ലെന്ന് തൽക്കാലം കരുതുന്നു.

ബ്രഹ്മവും ഓം മഹാസത്യവും ഓം മഹാശക്തിയുമായ മണ്ണടി മഹാഭദ്രകാളി ദിവ്യ സൃഷ്ടി മഹാദേവി ദിവ്യ സ്ഥിതി മഹാദേവി ദിവ്യ മഹാനീതി ദിവ്യമഹാദേവിക്കു മാത്രം മഹത്വം.

# ബ്രഹ്മവും

## ഓം മഹാസത്യവും

## ഓം മഹാശക്തിയുമായ

# മണ്ണടി മഹാഭദ്രകാളി

## ദിവ്യ സൃഷ്ടി മഹാദേവി

## ദിവ്യ സ്ഥിതി മഹാദേവി

# ദിവ്യ മഹാനീതി

# ദിവ്യ മഹാദേവി

## ഓം മഹാവാത്സല്യം

# പരമശിവൻ

## ഓം മഹാദാസ്യം ഓം

## ഓം ശിവ

# സർവ്വം ശിവ

# സർവ്വം മഹാശിവ
# സർവ്വം മണ്ണടി മഹാശിവ

## മഹാശിവയും ബ്രഹ്മവുമായ

### മഹാഭദ്രകാളിയാണ് മഹാസത്യം = സത്യം

### ശിവയായ മഹാസത്യം + ശിവൻ = ശിവം

മണ്ണും ഭൂമിയും മഹാമാതാവുമായ
മഹാശിവയും, ~ഭാഗവും മഹാപിതാവുമായ
പരമശിവനും, കുഞ്ഞുങ്ങളായ ജീവികളും,
ചേർന്ന മഹാകുടുംബം സുന്ദരമാണ്.

# സത്യം ശിവം സുന്ദരം.

## മണ്ണടി ശരണം ദേവീ ശരണം
## മണ്ണടി ദേവീ മാത്രം ശരണം.

01.01.0001

# ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

ഓംശക്തിശിവൻ പ്രണയമന്ത്രം
സർവ്വദേശ ഭൂമി ഗാനം
മഹാസംഗീതം
ശബ്ദ ബ്രഹ്മം
അക്ഷരബ്രഹ്മം
ആദി വചനം
സൃഷ്ടി മന്ത്രം
സംഹാര കാഹളം
മഹാശാസ്ത്ര മൂലം
ഏക മഹാശബ്ദം
മഹാസൂക്ഷ്മ ശബ്ദം
ദൈവ വിപ്ലവ ഗാനം
മഹാദേവിയുടെ മഹാചിരി
ഓം OM







OmShakthiShivan LoveMantram
International Earth Song
Supreme Music
Sound Brahmam
Script Brahmam
First Sound
Creational Mantram
Destruction Notice for Creation Cycles
Supreme ScienceRoot
Supreme Single Sound
Supreme Minute Sound
Godly Revolution Song
MahaaDevi's Supreme Laugh
ഓം OM



ShivaLingham @ Sky @
MahaaLingham @
Shakthi Lingham

പരമശിവൻ
ശിവചക്രം പരമാത്മാവ്
പ്രപഞ്ച പിതാവ്
ഏകദാസൻ മഹാദാസൻ
പശുപതി ശാസ്ത്രായുധൻ
ഏക ദൈവ-പ്രതിനിധി
നീലകണ്ഠൻ
സംഹാരനാഥൻ
മഹാനീതിപതി
മഹാദേവൻ
PARAMASHIVAN
ShivaChakram SupremeSoul
FATHER of the Universe
Supreme Ox cum Servant
GOD's Single Representative
Supreme Scientist
Supreme Justice
MAHAADEVAN

04 ഒക്ടോബർ 2022 ചൊവ്വാഴ്ച.



# മനുഷ്യൻ MAN

'ആദിയും അന്തവും ഇല്ലാത്ത മഹാസത്യവും, അനിർവ്വചനീയമായ ബ്രഹ്മവും, മഹാശക്തിയുമായ ദൈവത്തിന്റെ' മഹാജ്ഞാനവും, യഥാർത്ഥ വേദങ്ങളും, മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രവുമായ എല്ലാ പ്രപഞ്ച രഹസ്യങ്ങളും; ദൈവകാര്യങ്ങളും വെളിപ്പെടുത്തുന്നു.

സൃഷ്ടി സ്ഥിതി സംഹാരം: മഹാസത്യവും മഹാശക്തിയും ഏകദൈവവും ശിവയും ബ്രഹ്മവുമായ മണ്ണടി മഹാഭദ്രകാളി.

ഗ്രന്ഥകാരൻ : മഹാഭദ്രകാളിയുടെ ഭാഗവും ഏകദാസനും ഭർത്താവും പരമാത്മാവും മഹാദേവനുമായ പരമശിവൻ.

| ഉള്ളടക്കം : പുതിയ ശാസ്ത്ര പാഠങ്ങൾ (1A) : വിഷയം | പേജ് 2 |
| --- | --- |
| മഹാശാസ്ത്രം - കർത്താവ് : ബ്രഹ്മമായ മണ്ണടി മഹാഭദ്രകാളി; ഗ്രന്ഥകാരൻ: പരമശിവൻ | 1 |
| മനുഷ്യൻ എന്ന ദിവ്യമഹാവേദഗ്രന്ഥത്തിന്റെ സംഗ്രഹം : പേജ് 1-30 | 1-30 |
| മഹാദിവ്യമായ പുതിയ ശാസ്ത്ര പാഠങ്ങൾ : പേജ് 1-30-163 | 1-163 |
| ഗ്രന്ഥകാരന്റെ ദൈവയോഗ്യത വെളിപ്പെടുത്തുന്നു. മണ്ണടി മഹാഭദ്രകാളിക്കുമാത്രം മഹത്വം. | 32 |
| ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങൾ = യഥാർത്ഥ വേദങ്ങൾ | 5 |
| ഓക്സിജൻ = ഏകദൈവമായ ഭൂമിയുടെ സ്വത്വവും മഹാശക്തിയുമായ മഹാഭദ്രകാളി | 7 |
| ശിവലിംഗം = സൃഷ്ടി സ്ഥിതി സംഹാര പാത്രവും, മഹാശൂന്യതയുമായ ആകാശം | 9 |
| ദൈവത്തിന്റെ സ്വാർത്ഥമായ ആനന്ദങ്ങൾ | 10-30 |
| ഭൂമി 'കാലം' സൃഷ്ടിക്കുന്നതിനെ ശാസ്ത്രപരമായി വിശദീകരിക്കുന്നു /തെളിയിക്കുന്നു. | 12 |
| സർവ്വം പരബ്രഹ്മം. അനിർവചനീയ ബ്രഹ്മത്തിന്റെ പരം=ശ്രേഷ്ഠമായ അവസ്ഥ = പ്രപഞ്ചം | 20- |
| ഭൂമിയെ സ്നേഹിക്കാനും ദ്രോഹിക്കാനും കഴിയില്ല. ഭൂമിയുടെ ആനന്ദം മഹാവാത്സല്യമാണ്! | 23 |
| സൈന്യം: തൊഴിൽ അല്ല; ഭൂമിയുടെ കുഞ്ഞുങ്ങളെ കൊല്ലുന്ന ഏറ്റവും നീചമായ പ്രവൃത്തി | 23- |
| പോലീസ് സേന അടിമകളായിരിക്കുന്നു! സൃഷ്ടികൾ പാലിക്കേണ്ടത് മണ്ണിന്റെ നിയമങ്ങൾ ! | 24-26 |
| ചില മുജ്ജന്മ പാപികൾ - ശരിയായ ജനസേവനം മാത്രം മുജ്ജന്മപാപങ്ങളെ കുറയ്ക്കുന്നു. | 27-30 |
| വൃദ്ധരും ദൈവത്തിന് കുഞ്ഞുങ്ങളാണ് - തെളിയിക്കുന്നു; വൃദ്ധർക്ക് വലിയ നേട്ടവുമുണ്ട്! | 33 |
| ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്ത മഹാസത്യവും മഹാശക്തിയുമായ ഏകദൈവം | 38- |
| ബ്രഹ്മം മഹാഭദ്രകാളി ശിവ | 61 |
| ഏകദൈവവും മഹാഭദ്രകാളിയുമായ ശിവയും, ഭാഗമായ ശിവനും തമ്മിലുള്ള ദൈവകരാർ | 77 |
| എന്തിനാണ് സൃഷ്ടിച്ചതെന്ന സൃഷ്ടികളുടെ ചോദ്യത്തിനുള്ള ഉത്തരം | 91 |
| ശിവയും ശിവനുമായ മഹാമാതാപിതാക്കളും, സൃഷ്ടികളും ചേർന്ന മഹാകുടുംബം | 154 |
| ആദ്യ മഹാകാലചക്രത്തിലെ (ദുർ)ദേവതകളെ അടിസ്ഥാനപരമായി പിൻവലിച്ചു കഴിഞ്ഞു. | 160 |
| ഭൂമി ശരണം നൽകുന്ന സൃഷ്ടികൾക്ക്, ജനസേവകരുടെ യാതൊരു ലൈസൻസും വേണ്ട. | |
| നികുതികൾ പാടില്ല. ദൈവീക സാമ്പത്തിക ശാസ്ത്രം പൊതു ആവശ്യങ്ങളെ നിറവേറ്റും. | |
| അന്യരുടെ ഔദാര്യത്തിൽ ജീവി(പ്പി)ക്കുന്ന പെൻഷനുകൾ ധർമ്മശാസ്ത്ര വിരുദ്ധമാണ്. | |
| കൃഷിക്കാരുടെ വേതനത്തിലും കുറവാകണം രാജാവ്, മന്ത്രിമാർ തുടങ്ങിയവരുടെ വേതനം | 25 |
| മണ്ണടി മഹാഭദ്രകാളിയായ ശിവയുടെ മത്സ്യാവതാരം പ്രകാരവും, മഹാഭദ്രകാളി ഗ്രന്ഥകാരന്റെ നാവിൽ ഓം കുറിച്ച പ്രകാരവും, ഓം, ഓംകാരം, ഓംകാരനീതിശാസ്ത്രം, മഹാപുനർജ്ജന്മ സിദ്ധാന്തം, കുറ്റങ്ങളും കുറവുകളും ഇല്ലാത്ത ദൈവീകമായ സാമ്പത്തിക ശാസ്ത്രം, തൊഴിൽ ശാസ്ത്രം, സദാചാര ശാസ്ത്രം, ജനസേവന ശാസ്ത്രം, നീതിന്യായ ശാസ്ത്രം, വൈദ്യശാസ്ത്രം, ആനന്ദങ്ങളുടെ അളവുകൾ, തുടങ്ങിയവ വിശദീകരിക്കുന്നു. | |
| മുൻ ഗ്രന്ഥങ്ങളുടെ ഉള്ളടക്കം 1 -5 സൂചന ആരംഭിക്കുന്ന പേജ് : 164 | 164 |
| ദൈവാംശമായ മൂലകങ്ങൾ സംയുക്തങ്ങൾ ആറ്റം, ഓം, ശിവയും ശിവനുമാ പ്രോട്ടോൺ ഇലക്ട്രോൺ, ന്യൂട്രോൺ, ബോസോൺ .. സംബന്ധിച്ച സുപ്രധാന വെളിപ്പെടുത്തലുകൾ | |
| മഹാദേവി മഹാഅനുഗ്രഹിച്ച് പരമശിവനു നൽകിയിട്ടുള്ള ശക്തികൾ, ക്ഷിപ്രകോപം, ക്ഷിപ്ര പ്രസാദം എന്നിവ അറിയാൻ ഉള്ളടക്കം 4, 5 തുടങ്ങിയവ കാണുക. | |
| മഹാപ്രപഞ്ചത്തിലെ സൃഷ്ടി സ്ഥിതി കാര്യങ്ങളെ വെളിപ്പെടുത്തുകയാൽ, ഭൂമിയിലെങ്ങും 3 മുതൽ 33 വർഷം വരെ ഓം മുഴങ്ങുന്ന ദൈവവിപ്ലവം ഉടൻ ആരംഭിക്കുമെന്ന് തീർച്ചയാണ്. | |
| ദൈവ വിപ്ലവവും സത്യയുഗവും, മഹാഭദ്രകാളി മഹാഉചിതമായി ഉടൻ ആരംഭിക്കുന്നതാണ്. ഭൂമിയിലെ ഭരണകൂടങ്ങൾ സ്വീകരിക്കേണ്ടതായ അടിയന്തര നടപടികളെ Man.pdf തുടങ്ങിയ അനവധി ഗ്രന്ഥങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്. നിയമങ്ങൾ ഭൂമിയിൽ ലയിച്ചിരിക്കെ, നിയമസഭകൾ പാടില്ല. മണ്ണിന്റെ നിയമങ്ങൾ പ്രകാരം രാജാവും പ്രധാന-മുഖ്യ-മന്ത്രിമാർ തത്സമയ നീതിന്യായം ഉൾപ്പെട്ട ജനസേവനം ചെയ്യുമ്പോൾ കോടതികളും ആവശ്യമില്ല. | Total Pages 1710 |
| എല്ലാ ദേവാലയങ്ങളിലും സൃഷ്ടിസ്ഥിതിസംഹാരപാത്രമായ ആകാശത്തിന്റെ പ്രതീകമായ ശിവലിംഗം മാത്രം! | |

ആദിയും അന്തവും ഇല്ലാത്തതും, ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതും, നിർവ്വചനങ്ങൾക്ക് അതീതമായ 'ബ്രഹ്മം' എന്നതായ മഹാനാമത്തെ പ്രഥമമായിട്ടു സ്വീകരിച്ചിട്ടുള്ള മഹാസത്യം; സർവ്വം ഭദ്രപ്പെടുത്താൻ കഴിവുള്ള 'ഭദ്രകാളി, ശിവ' എന്നീ മഹാനാമങ്ങളെക്കൂടി സ്വീകരിച്ചും; ഭദ്രകാളിയുടെ ഇഷ്ടം പോലെ നിർജ്ജീവമായും ജീവമായും പ്രവർത്തിക്കുന്ന ശിവനെ സ്വന്തം ഭാഗവും ഏകദാസനും ഭർത്താവും പരമാത്മാവും മഹാദേവനുമായിട്ട് ഒരുക്കിയും; എന്തുചെയ്യാനും കഴിയുന്ന സ്വന്തം 'മായാശക്തി' -യിൽ നിന്നും സൃഷ്ടിച്ചതായ മഹാശക്തികളെയും, മഹാജ്ഞാനത്തെയും സ്വാതന്ത്ര്യത്തെയും കാലത്തെയും ശരണത്തെയും മഹാനീതിയെയുമെല്ലാം ലയിപ്പിച്ച് ബ്രഹ്മത്തേക്കാൾ ശ്രേഷ്ഠമായ 'പരബ്രഹ്മം, മഹാപ്രപഞ്ചം, ജഗത്ത് ' തുടങ്ങിയ മറ്റ് മഹാനാമങ്ങളോടെ സൃഷ്ടികൾക്കു വേണ്ടിയുള്ള അനന്തമായ ആനന്ദങ്ങളായി അവതരിച്ചിരിക്കുകയാണ്.

എല്ലാ സൃഷ്ടികളുടെയും സ്വത്വങ്ങളായ ആത്മാക്കളുടെ ജനന-ജീവിത-മരണങ്ങളും മനുഷ്യാവസ്ഥയിൽ ലഭിക്കുന്ന നക്ഷത്രമോക്ഷമായ ദേവതാപദവിയും, ഇപ്പോഴത്തെ സൃഷ്ടിചക്രത്തിൽ ഉടനെ ആരംഭിക്കുന്ന സത്യയുഗവും, ദൈവത്തിന്റെ അവതാരവും മഹാശക്തിയുമായ ഭൂമിയുടെ അംശമായ വസ്തുക്കളും രൂപാന്തരമായ ജീവികളുടെ ശരീരത്തിലെ അവയവങ്ങളും തുടർച്ചയായി 3 വർഷം മുതൽ 33 വർഷക്കാലം വരെ **ഓം** മുഴക്കുന്ന ദൈവ വിപ്ലവവും ഉൾപ്പെടെ, എല്ലാ ദൈവകാര്യങ്ങളും പ്രപഞ്ച-രഹസ്യങ്ങളും; മഹാശാസ്ത്രപരമായി ഈ മഹാഗ്രന്ഥത്തിൽ വെളിപ്പെടുത്തിയിട്ടുണ്ട്.

സൃഷ്ടിയുടെ ഉദ്ദേശം സ്ഥിതിയും, സ്ഥിതി ആകുന്ന ജീവിതത്തിന്റെ ഉദ്ദേശം ആനന്ദവുമാണെന്ന്, ആനന്ദങ്ങളെ കൂടുതൽ കൂടുതൽ നേടാനും ആസ്വദിക്കാനും ശ്രമിച്ചു കൊണ്ട് ജീവിക്കുന്ന എല്ലാ ജീവികളുടെയും ജീവിതം സാക്ഷ്യപ്പെടുത്തുന്നുണ്ട്. മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ എന്നീ ജീവികളെയും അവയുടെ വർഗ്ഗങ്ങളെയും, സ്ത്രീ-പുരുഷ ജാതികളെയും നിശ്ചയിക്കുന്നതും സൃഷ്ടിക്കുന്നതും തരംതിരിക്കുന്നതും, ഭാഗമായ ശിവനുമായി ചേർന്ന് ഭൂമിയും അംശമായ വസ്തുക്കളായും അവതരിച്ചിട്ടുള്ള ഭൂമിയുടെ സ്വത്വവും സർവ്വവും ഭദ്രപ്പെടുത്തുന്ന മഹാഭദ്രകാളിയുമായ ഓക്സിജനാണ്; സൃഷ്ടികളായ ആത്മാക്കൾക്കെല്ലാം വേണ്ടി ജലത്തെ മാധ്യമമാക്കി സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്ത് അവയെ ജീവികളാക്കുന്ന ശരീരാവയവങ്ങളിലൂടെയാണ്.

സ്വത്വം ഉൾപ്പെടെ യാതൊന്നും സ്വന്തമായിട്ട് ഇല്ലാത്ത സൃഷ്ടികൾക്ക്, ജീവിക്കാനും ആനന്ദിക്കാനുമെല്ലാം ആവശ്യമായ ശക്തികളും ജ്ഞാനവും സ്വാതന്ത്ര്യവും കാലവും ശരണവുമെല്ലാം; ദേവിയും ദേവനും ചേർന്ന ദൈവത്തിന്റെ അവതാരമായ ഭൂമിയുടെ അംശമായ പ്രദേശങ്ങളും വസ്തുക്കളും, ശരീര-അവയവങ്ങളും മറ്റും ദാനം പോലെ നൽകുമ്പോൾ, പരസ്പരം കൊല്ലാതെയും അപകടപ്പെട്ടും സ്വയഹത്യകൊണ്ടും മരണം ഉണ്ടാകാതെ; സൃഷ്ടികളായ ആത്മാക്കളെ ഭൂമി സംരക്ഷിക്കുന്നത് ഗൂഢമാക്കിയാണ്. സ്ത്രീ-പുരുഷ പാതികളായി സൂര്യനിൽ വച്ച് സൃഷ്ടിച്ച്, സ്ഥിതിപാത്രവും ദൈവത്തിന്റെ അവതാരവും കൂടിയായ ഭൂമിയിൽ കൊണ്ടുവന്ന്, ഭൂമി സംരക്ഷിക്കുന്ന ആത്മാക്കളെ കൊല്ലാൻ മറ്റ് സൃഷ്ടികൾക്കോ, സ്വത്വങ്ങൾക്കോ യോഗ്യതയില്ല; കഴിയുകയുമില്ല.

മറ്റുള്ള ജീവികളിൽ നിന്നും വ്യത്യസ്തമായി മനുഷ്യാവസ്ഥയിൽ വച്ച് ലഭിക്കുന്നതും ഭൂമി നൽകുന്നതുമായ വിശേഷ ബുദ്ധി ഉപയോഗിച്ച് ഭൗതിക ശാസ്ത്രത്തിന്റെ ഒപ്പം തന്നെ ഭൂമിയിൽ ലയിച്ചിരിക്കുന്ന ധർമ്മശാസ്ത്രപ്രകാരം ഭൂമിയിലെ അനന്തമായ ആനന്ദങ്ങൾ നേടുകയും ആസ്വദിക്കുകയും മാത്രമാണ് അല്പായുസ്സുകളായ മനുഷ്യർ ചെയ്യേണ്ടത്.

**ആകാശവും ഭൂമിയും ചന്ദ്രനും സൂര്യനുമായ പ്രപഞ്ച-ഭാഗമായിട്ട് അവതരിച്ചു കൊണ്ട് പ്രപഞ്ചരൂപത്തോടെ ദൈവം ചെയ്യുന്ന മഹാനീതി ഉൾപ്പെടെയുള്ള സൃഷ്ടി സ്ഥിതി സംഹാരത്തിൽ ഇടപെടാൻ ശ്രമിക്കുന്നത് നടക്കാത്തതും അവകാശമില്ലാത്തതുമാണ്.** ജീവികളുടെയെല്ലാം സ്വത്വങ്ങളായ ആത്മാക്കൾ സ്വന്തമെന്നു കരുതുന്ന ശരീരത്തിലെ അവയവങ്ങളോ അവയിലൂടെ ലഭിക്കുന്ന ശക്തികളോ, സ്വത്വം തന്നെയോ സ്വന്തമല്ല. ആനന്ദങ്ങളെയും അവ നേടാനുള്ള ഉപാധികളായ ശക്തികളെയും ശാസ്ത്രങ്ങളെയും കൂടാതെ ആനന്ദങ്ങളെ അനുഭവിക്കാനും ആസ്വദിക്കാനുമുള്ള എല്ലാ ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയും കൂടി ശരീരത്തിലെ അവയവങ്ങൾ നൽകണം. അതായത് ആത്മാക്കൾക്ക് എന്തു ചെയ്യാനും ശരീരാവയവങ്ങളും അവയുടെ മൂലവും മഹാശക്തിയും അനന്തമായ ആനന്ദങ്ങളുമായി അവതരിച്ചിരിക്കുന്ന ഭൂമി കനിയണം. ഓരോ ആത്മാവിനും ഓരോ ദൈവം എന്ന പോലെ ഭൂമിയുടെ അംശമായ മൂലകങ്ങളും സംയുക്തങ്ങളും രൂപാന്തരമായ ശരീരത്തിലെ അവയവങ്ങളും നേരിട്ട് ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയുമെല്ലാം നൽകുന്നതു കൊണ്ടാണ് ജീവികളായിട്ടു ജീവിക്കാൻ സൃഷ്ടികൾക്കു കഴിയുന്നത്. സ്വയം വിശകലനം ചെയ്ത് മനസ്സിലാക്കാം. ഭൂമി നൽകിയിട്ടുള്ള ശരീരത്തെ ഭ്രൂണാവസ്ഥയ്ക്കും മുമ്പേ മുതൽ, കുഞ്ഞ്-കുട്ടി-വൃദ്ധ അവസ്ഥകളിൽ ഉൾപ്പെടെ തജ്ജന്മത്തിലെ മരണത്തെ നൽകിയ ശേഷവും 'ഭൂമിയുടെ സ്വത്വവും ജീവികളുടെയെല്ലാം ജീവനും, സത്യ-സൃഷ്ടി-വാതക രൂപവും, ഏകദൈവവും **മഹാഭദ്രകാളിയുമായ ഓക്സിജൻ'** പ്രത്യക്ഷമെന്നോണം ഭരിക്കുന്നതു കൊണ്ടാണ് മനുഷ്യൻ ഉൾപ്പെടെയുള്ള എല്ലാ സൃഷ്ടികൾക്കും ജീവിക്കാൻ കഴിയുന്നത്. ദൈവമാണ് ഓക്സിജൻ എന്നറിയുമ്പോഴും ആത്മാക്കൾക്കു ജീവിക്കാനായിട്ട് ശരീരത്തിലെ എല്ലാ കോശങ്ങളെയും അവയവങ്ങളെയും നിരന്തരമായിട്ട് ഓക്സിജൻ സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്തുകൊണ്ട് മഹാദാസ്യം ഉൾപ്പെടുന്ന മഹാവാത്സല്യത്തോടെ കരുതുന്നതിനെ തടഞ്ഞുകൊണ്ട് ജീവിക്കാൻ സൃഷ്ടികളായ ആത്മാക്കൾക്ക് കഴിയില്ല. ഓക്സിജൻ കനിഞ്ഞാൽ മാത്രമാണ് സൃഷ്ടികൾക്ക് പ്രവൃത്തികൾ ചെയ്യാൻ കഴിയുക. മഹാശക്തിയായ ഭൂമിയുടെ അംശമായ മൂലകങ്ങളെയും, സംയുക്തങ്ങളെയും, ധർമ്മ-സ്ഥിതി-ദ്രാവക രൂപമായ ജലത്തെയും, അവയിലെല്ലാം ലയിച്ചിരിക്കുന്ന 'ശക്തികളും ശാസ്ത്രങ്ങളുമെല്ലാം പ്രകാരം' ജീവി വർഗ്ഗം സ്ത്രീ-പുരുഷൻ നിറം സൗന്ദര്യം മുഖഛായ ആയുസ്സ് ആരോഗ്യം ഉയരം ബുദ്ധിശക്തി ഓർമ്മശക്തി തൊഴിൽ-അഭിരുചി വിനോദ-അഭിരുചി ജനനസ്ഥലം തുടങ്ങിയ ജന്മഗുണങ്ങളെ ചേർത്ത് ജീവികളുടെ ശരീരത്തിലെ അവയവങ്ങളും ഭാഗങ്ങളുമായി; സൃഷ്ടിക്കുകയും മഹാപരിപാലിക്കുകയും മഹാനീതി നടപ്പാക്കുകയും ചെയ്യുന്നത് ഭൂമിയുടെ സ്വത്വവും, മഹാനീതിയുമായ ഓക്സിജനാണ്. ഓക്സിജനെ നിയന്ത്രിക്കാൻ കഴിയുന്നതിനെ പ്പറ്റി ചിന്തിക്കാനും സൃഷ്ടികൾക്കെല്ലാം ഓക്സിജൻ തന്നെ ശക്തി നൽകണം! മിനുട്ടിൽ ഏതാണ്ട് 18 തവണ ശ്വാസോച്ഛ്വാസം ചെയ്യുന്ന മനുഷ്യന്റെ ചിന്തകളെ പ്പോലും ഓക്സിജൻ അറിയുന്നുണ്ട്. സമുദ്രത്തിന്റെ അടിയിലും ആകാശത്തുമെല്ലാം പോകണമെങ്കിൽ ഓക്സിജനെ ചുമന്നു കൊണ്ടു പോകണം; അതിനും ഓക്സിജൻ തന്നെ ശക്തി നൽകുകയും വേണം!

ഭൂമിയുടെയും, അംശമായ പ്രദേശങ്ങളുടെയും വസ്തുക്കളുടെയും എല്ലാ ജീവികളുടെയും ശരീരങ്ങളുടെയും, സ്വത്വവും ഏകദൈവവുമായ ഓക്സിജൻ, ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളെ ശരീരത്തിൽ നിന്നും പുറത്താക്കും വരെ, ഓക്സിജന്റെയും ധർമ്മസ്ഥിതിദ്രാവക രൂപമായ ജലത്തിന്റെയും നിയന്ത്രണങ്ങൾക്കു വിധേയമായിട്ട്, അറിഞ്ഞും അറിയാതെയും സദാ ആനന്ദങ്ങളെ വർദ്ധിപ്പിച്ചു കൊണ്ട് ജീവിക്കുകയാണ് എല്ലാ ജീവികളുടെയും ആത്മാക്കൾ ചെയ്യുന്നതും ശ്രമിക്കുന്നതും.

ദൈവം ഉണ്ടെന്നറിയാൻ മനുഷ്യൻ ഉൾപ്പെടെ എല്ലാ ജീവികൾക്കും വിശപ്പ് ഉണ്ടാകുന്നതും, ഭക്ഷണ സാധനങ്ങൾ കഴിക്കുന്നതിന് സാധിക്കുന്ന വായ്, നാവ്, പല്ലുകൾ, കീഴ്ത്താടി തുടങ്ങിയവയും അവയുടെ പ്രവർത്തനവും നിശ്ചയിക്കുകയും സൃഷ്ടിക്കുകയും ചെയ്യുന്നത് ജീവികളുടെ സ്വത്വങ്ങളല്ലെന്ന് തിരിച്ചറിയാനെങ്കിലും മനുഷ്യാവസ്ഥയിൽ ലഭിക്കുന്ന വിശേഷബുദ്ധി ഉപയോഗിച്ചാൽ മതിയായിരുന്നു.

ഭൂമിയുടെ മഹാനീതിശാസ്ത്രമായ ഓംകാരനീതിശാസ്ത്രം പ്രകാരം ഭൂമി സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്നവരും, ശക്തികളോ സ്വത്വമോ പോലും സ്വന്തമായിട്ട് ഇല്ലാത്തതുമായ സൃഷ്ടികൾ മനുഷ്യാവസ്ഥയിൽ വച്ച് വിശേഷ ബുദ്ധിയെ ലഭിക്കുമ്പോൾ, ഭൂമിയുടെ അംശമായ പ്രദേശങ്ങളിലും വസ്തുക്കളിലും ജീവികളുടെ ശരീരത്തിലെ അവയവങ്ങളിലുമെല്ലാം ഭൗതിക-ധർമ്മ-നീതിശാസ്ത്രങ്ങളായ യഥാർത്ഥ വേദങ്ങൾ പ്രകാരം ലയിച്ചിരിക്കുന്ന അനന്തമായ ആനന്ദങ്ങളെ അറിയാനും നേടാനും ധർമ്മശാസ്ത്ര പ്രകാരം മാത്രം ആസ്വദിച്ചു ജീവിക്കാനും പരിശ്രമിക്കണം. എന്നുവെച്ചാൽ ദൈവത്തിന്റെ അവതാരമായ ഭൂമിയുടെ ആദിയും അന്തവും ഇല്ലാത്ത മഹാജ്ഞാനം കൂടിയായ പ്രസ്തുത ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങളും അവയുടെ ശാഖകളും പ്രകാരം ഭൂമിയിലെ അനന്തമായ ആനന്ദങ്ങളെയും ശക്തികളെയും; സൃഷ്ടികളായ ആത്മാക്കളുടെ രൂപാന്തരമായ ജീവികളുടെ സൃഷ്ടി സ്ഥിതികളും സംഹാരം ഉൾപ്പെട്ട മഹാനീതിയുമായി ബന്ധിച്ചിരിക്കുകയാണ്. സൃഷ്ടി ശാസ്ത്രം എന്നു വിശേഷിപ്പിക്കുന്ന ഒന്നാമത്തെ ശാസ്ത്രമായ ഭൗതിക ശാസ്ത്രത്തിന് യുക്തിശാസ്ത്രം, ഊർജ്ജശാസ്ത്രം, രസതന്ത്രം, ജീവശാസ്ത്രം, വൈദ്യശാസ്ത്രം, ഗണിതശാസ്ത്രം, ജ്യോതി ശാസ്ത്രം തുടങ്ങിയ ശാഖകളും ഉപശാഖകളും ഉണ്ട്. സ്ഥിതി ശാസ്ത്രം എന്നു വിശേഷിപ്പിക്കുന്ന രണ്ടാമത്തെ ശാസ്ത്രമായ ധർമ്മശാസ്ത്രത്തിന് യുക്തിശാസ്ത്രം, സദാചാര ശാസ്ത്രം, സാമ്പത്തിക ശാസ്ത്രം, തൊഴിൽ ശാസ്ത്രം, ജനസേവന ശാസ്ത്രം അഥവാ ഭരണ ശാസ്ത്രം, നീതിന്യായ ശാസ്ത്രം തുടങ്ങിയ ശാഖകളും ഉപശാഖകളും ഉണ്ട്. ആത്മീയ ശാസ്ത്രം, മഹാനീതി ശാസ്ത്രം എന്നെല്ലാം വിശേഷിപ്പിക്കുന്ന സർവ്വ പ്രധാനമായ ഓംകാര നീതിശാസ്ത്രത്തിന്, ബ്രഹ്മം, മഹാസത്യവും മഹാശക്തിയും ഏകദൈവവുമായ മഹാഭദ്രകാളി, ഭദ്രകാളിയുടെ ഭാഗവും ഏകദാസനും ഭർത്താവും പരമാത്മാവും പ്രപഞ്ചപിതാവും മറ്റുമായ ശിവൻ, ഓം, ഓംകാരം, ഓംകാരനീതിശാസ്ത്രം, മഹാപുനർജ്ജന്മ സിദ്ധാന്തം, ആദ്യ മഹാകാല ചക്രം, പശുവും പശുപതിയും, സൃഷ്ടിയായ ആത്മാവ്, ശരീരം, മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ ദേവതകൾ തുടങ്ങിയ ജീവികൾ, മരണം, ആത്മീയ സാക്ഷാത്കാരവും മോക്ഷവും നക്ഷത്ര-ദേവതയുമായ സംഹാരം, വീണ്ടും ഭൂമി, രണ്ടാം മഹാകാലചക്രം, യുക്തിശാസ്ത്രം, തുടങ്ങിയ ശാഖകളും ഉപശാഖകളും ഉണ്ട്. എല്ലാ ശാസ്ത്രങ്ങളെയും ശാഖകളെയും 'യുക്തിശാസ്ത്രം' പരസ്പരം മഹാശാസ്ത്രപരമായി ബന്ധിച്ചിട്ടുണ്ട്.

ആദിയും അന്തവും ഇല്ലാത്ത മഹാസത്യവും മഹാശക്തിയുമായ ദൈവത്തിന്റെ മഹാജ്ഞാനത്തിന്റെ ഓഹരിയാണ് മഹാപ്രപഞ്ചത്തിന്റെ ദൈവ ഭാഗമായ ആകാശം ഭൂമി ചന്ദ്രൻ സൂര്യൻ എന്നിവയുടെ മഹാശാസ്ത്രമായിട്ടും; സൃഷ്ടികളായ ആത്മാക്കളുടെയും അവയുടെ രൂപാന്തരമായ ജീവികളുടെയും സൃഷ്ടി സ്ഥിതി സംഹാര ശാസ്ത്രങ്ങളായ ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങളായിട്ടും, (ആദ്യ മഹാകാല ചക്രത്തിലെ സൃഷ്ടികളുടെ കടുത്ത അപരാധങ്ങൾ നിമിത്തം താൽക്കാലികമായി ഉണ്ടായിട്ടുള്ള ഗ്രഹങ്ങളുടെയും ശാസ്ത്രങ്ങളായിട്ടും) അവതരിച്ചിരിക്കുന്നത്. ദൈവത്തിന്റെ മഹാജ്ഞാനമായ ശാസ്ത്രങ്ങൾക്കും അവയുടെ ശാഖകൾക്കും യാതൊരു കുറ്റങ്ങളും കുറവുകളും ഇല്ലെന്നതു മാത്രമല്ലാ; യാതൊരിക്കലും ഉണ്ടാവുകയുമില്ല. ദൈവത്തിന്റെ അവതാരങ്ങളായ ആകാശം ഭൂമി ചന്ദ്രൻ സൂര്യൻ എന്നിവയിൽ ലയിച്ചിരിക്കുന്ന ശക്തികളും ശാസ്ത്രങ്ങളുമെല്ലാം എക്കാലവും സനാതനമാണ്. അവ പ്രകാരമാണ് പ്രപഞ്ചത്തിന്റെ നടത്തിപ്പ് എന്നുവെച്ചാൽ പ്രപഞ്ചത്തിലെ സ്ഥിതിപാത്രമായ ഭൂമിയിൽ ലയിച്ചിരിക്കുന്ന ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരമാണ് സൃഷ്ടികളുടെ മേലുള്ള മഹാഭരണവും മഹാനീതിയും നടത്തപ്പെടുന്നത്. ആദ്യ മഹാകാല ചക്രത്തിലെ ഭരണാധികാരികളായിട്ട് സൃഷ്ടികളിൽ നിന്ന് മനുഷ്യാവസ്ഥയിൽ വച്ച് മോക്ഷം നേടിയവരെ നിയമിച്ചതും കാലക്രമേണ അവർ ധാർമ്മികമായി അധഃപതിച്ചതിനെയും, തുടർച്ചയായി 3 വർഷം മുതൽ 33 വർഷക്കാലം വരെ **ഓം** മുഴക്കുന്ന ദൈവ വിപ്ലവവും സത്യയുഗവും ഭൂമിയിൽ ഉടനെ ആരംഭിക്കുന്നതോടെയും, മണ്ണായ ഭൂമിയിൽ അടിഞ്ഞിരിക്കുന്ന മഹാശക്തിയായ ഭദ്രകാളി ഭാഗമായ ശിവനെയും കൂട്ടി മഹാഭരണാധികാരിയും മഹാനീതിപതിയുമായി നേരിട്ട് ചുമതല ഏറ്റെടുക്കുന്നതോടെയും ഭൂമിയിലെ മനുഷ്യർക്ക് പ്രത്യക്ഷമായി ക്കൂടി സമ്പൂർണ്ണമായ ശാന്തിയും സന്തോഷവും സദാ അനുഭവിക്കാൻ കഴിയുന്നതാണ്. നാളിതുവരെ ലഭ്യമായ ചരിത്രത്തിൽ മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ ജീവികളായിട്ടു തമ്മിലടിച്ചും യുദ്ധങ്ങൾ ചെയ്തും അശാന്തിയും അസന്തോഷവും അനുഭവിക്കുന്ന ജനങ്ങളെ പ്രത്യക്ഷമായി കാണുമെങ്കിലും ഓംകാരനീതിശാസ്ത്രം പ്രകാരം സ്ത്രീ പുരുഷൻ നിറം സൗന്ദര്യം മുഖഛായ ആയുസ്സ് ആരോഗ്യം ഉയരം ബുദ്ധിശക്തി ഓർമ്മശക്തി തൊഴിൽ-അഭിരുചി വിനോദ-അഭിരുചി ജനനസ്ഥലം സാമ്പത്തിക സൗകര്യങ്ങൾ തുടങ്ങിയ ജന്മഗുണങ്ങളെ വ്യത്യാസപ്പെടുത്തി മഹാനീതിയായ സമ-ആനന്ദത്തെ എല്ലാ മനുഷ്യർക്കും എല്ലാ ജീവികൾക്കും ഭൂമി ലഭ്യമാക്കുന്നുണ്ട്. മഹാശാസ്ത്രപരമായി ഈ ദിവ്യമഹാഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്. അതായത് ഭൗതികമായ അസ്തിത്വത്തോടെയും പ്രത്യക്ഷമായും ശാസ്ത്രീയമായും ലളിതമായും അവതരിച്ചു കൊണ്ട് ജീവികളുടെയും അവയുടെ സ്വത്വങ്ങളായ ആത്മാക്കളുടെയും സൃഷ്ടിസ്ഥിതിസംഹാരങ്ങളെ ദൈവം ചെയ്യുമ്പോൾ; ഒരു വിഭാഗമോ വളരെയധികമോ ജനങ്ങൾ വിശേഷബുദ്ധിയും സ്വാതന്ത്ര്യവും ദുരുപയോഗം ചെയ്യുന്നതു കൊണ്ടാണ് ഭൗതികമായ അസ്തിത്വം ഇല്ലാത്ത ആശയങ്ങളും കോപ്രായങ്ങളും ഉണ്ടാകുന്നത്. ഭൂമിയിൽ ലയിച്ചിരിക്കുന്ന ധർമ്മശാസ്ത്രങ്ങൾക്കു വിരുദ്ധമായി പ്രവർത്തിക്കുന്നതിനെ പ്രതിരോധിക്കാനും, മറ്റു സൃഷ്ടികൾക്ക് ഭൂമി നൽകുന്ന അനന്തമായ ആനന്ദങ്ങൾക്ക് യാതൊരു കുറവും ഉണ്ടാവാതെ പ്രശ്നക്കാരെ തടയാനും ശിക്ഷിച്ചു തിരുത്താനുമുള്ള കുറ്റങ്ങളും കുറവുകളും ഇല്ലാത്ത മഹാസമ്പൂർണ്ണമായ മഹാപുനർജ്ജന്മ സിദ്ധാന്തവും, ന്യൂനശക്തികളുമെല്ലാം ഭൂമിയുടെ അംശമായ മൂലകങ്ങളിലും സംയുക്തങ്ങളിലും മറ്റും ലയിച്ചിട്ടുണ്ട്. ആവിധ കാര്യങ്ങളിലും സൃഷ്ടികളായ മനുഷ്യർ വേവലാതിപ്പെടണ്ട.

സൃഷ്ടികളായ ആത്മാക്കളെ ഭൂമിയുടെ കുഞ്ഞുങ്ങളയ ജീവികളായിട്ട് ജനിപ്പിക്കുന്നതും മരിപ്പിക്കുന്നതും ശരീരമാണ്; മഹാശരീരമായ ഭൂമിയുടെ സ്വത്വമായ ഓക്സിജനാണ്. ആത്മഹത്യ ചെയ്യാൻ ശ്രമിക്കുവർ ഉൾപ്പെടെ എല്ലാ ജീവികൾക്കും ശരീരത്തിലെ അവയവങ്ങളിലൂടെ നൽകുന്ന ശക്തികളോടും ശാസ്ത്രങ്ങളോടും മറ്റും ഒപ്പമുള്ള സ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്ത് ആത്മഹത്യയ്ക്ക് ശ്രമിച്ചാൽ ജനിപ്പിച്ച (ദൈവാംശമായ) ശരീരത്തെ നിന്ദിക്കുകയാണ്. ഓക്സിജനായ ദൈവം ഓംകാര നീതിശാസ്ത്രം പ്രകാരം തടഞ്ഞെന്നും തടഞ്ഞില്ലെന്നും വരാം. സൃഷ്ടികളായ എല്ലാ ആത്മാക്കൾക്കും തജ്ജന്മത്തിലെ ജീവികളായിട്ട് ജീവിക്കാൻ ഭൂമിയുടെ സ്വന്തമായ ശരീരങ്ങളെ (യും അവയവങ്ങളെയും) താൽക്കാലികമായി നൽകിയിട്ടുള്ളതിനാൽ, ആത്മാക്കളെ ശരീരത്തിന്റെ ഉടമ കൂടിയായ ഭൂമി (യുടെ സ്വത്വമായ ഓക്സിജൻ) പുറത്താക്കും വരെ ആത്മാക്കളുടെ സ്വന്തമാണ്. ശരീരത്തിലൂടെ ആത്മാവിനു ലഭിക്കുന്ന വേദനകൾ ഉൾപ്പെടെയുള്ള ആനന്ദങ്ങളെ സമ്പൂർണ്ണമായും ആത്മാക്കൾക്കു തന്നെ ശരീരം കൈമാറുന്നുണ്ട്. ആനന്ദങ്ങൾക്കെല്ലാം അതീതമായ ദൈവത്തിന്റെ അവതാരമായ ഭൂമിയുടെ അംശമായ ശരീരത്തിനും വസ്തുക്കൾക്കും ആനന്ദമോ വേദനകളോ നൽകാൻ ആത്മാക്കൾക്കു കഴിയുന്നതല്ല. പല്ലു വേദന കാലുവേദന, ശരീരം സുഖം ഉണ്ട്, നല്ല രുചിയുള്ള മാമ്പഴം എന്നെല്ലാം പറയുമ്പോൾ, പ്രസ്തുത അവയവങ്ങളും വസ്തുക്കളുമെല്ലാം ആത്മാവിനാണ് വേദനകളെയും ആനന്ദങ്ങളെയും നൽകുന്നത്. ആനന്ദങ്ങളെ ആസ്വദിക്കാനുള്ള ശക്തികളെയും ശാസ്ത്രങ്ങളെയും ആത്മാക്കൾക്കു നൽകുന്ന ഉപാധികളാണ് ശരീരവും അവയവങ്ങളും. അവയെ ധർമ്മശാസ്ത്ര പ്രകാരം ഉപയോഗിക്കാൻ താൽക്കാലിക ഉടമയായ ആത്മാവിനും ഉറ്റവരായ ആത്മാക്കൾക്കും കടമകളും ബാധ്യതകളും ഉണ്ട്. എല്ലാ ജീവികളുടെയും എല്ലാ ശരീരങ്ങളുടെയും സ്വത്വവും യഥാർത്ഥ ഉടമയും മഹാഭദ്രകാളിയുമായ ഓക്സിജൻ ശ്വാസോച്ഛ്വാസമെന്ന മഹാപ്രതിഭാസത്തെ ആവിഷ്ക്കരിച്ചു കൊണ്ട് ഓംകാരനീതിശാസ്ത്രം പ്രകാരം മഹാവാത്സല്യത്തോടെ ശരീരത്തിലെ അവയവങ്ങളെ പരിപാലിക്കുകയും മഹാനീതി നടപ്പാക്കുകയും ചെയ്യുന്നുണ്ട്. അങ്ങനെയിരിക്കെ, ലഭ്യമായ ശരീരത്തെ ധർമ്മശാസ്ത്ര വിരുദ്ധമായി യോഗ പോലുള്ളവ നിർബ്ബന്ധമാണെന്നും നല്ലതാണെന്നും പ്രചരിപ്പിക്കാൻ ശരീരത്തിന്റെ താൽക്കാലിക ഉടമയും, ശരീരം നിശ്ചയിക്കുന്നതു പോലെ ശരീരത്തിൽ നിന്നും പുറത്താക്കപ്പെടുന്നതുമായ ആത്മാവിന് അവകാശമില്ല. രോഗികൾക്കും അവിവേകികൾക്കുമെല്ലാം ലഭ്യമായ ശരീരത്തെ ശ്രദ്ധിക്കാൻ ധർമ്മശാസ്ത്രപരവും വ്യക്തിപരവുമായി അനുവദിച്ചിരിക്കുന്ന സ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്യരുത്. ആവിധ കാര്യങ്ങളിൽ മറ്റുള്ള ജീവികളെ കണ്ടുപഠിക്കാൻ ഏറെയുണ്ട്. ദൈവത്തിന്റെ പ്രപഞ്ചരൂപങ്ങളെയും മഹാശക്തിയായ ഭൂമിയെയും ഭൂമിയുടെ അംശമായ മൂലകങ്ങളെയും സംയുക്തങ്ങളെയും ജീവികളുടെ ശരീരങ്ങളെയും, ധർമ്മ-സ്ഥിതി-ദ്രാവക രൂപമായ ജലത്തെയും, ഭൂമിയുടെ സ്വത്വവും സത്യ-സൃഷ്ടി-വാതക രൂപവുമായ ഓക്സിജനെയും സ്നേഹിക്കാനും ദ്രോഹിക്കാനും ആത്മാക്കൾക്കു കഴിയില്ല. **സൃഷ്ടികളായ ജീവികൾക്ക് ശരീരവും സ്വത്വമായ ഓക്സിജനും അനുവദിച്ചാൽ മാത്രം ആത്മഹത്യ എന്നു പറയുന്ന തജ്ജന്മഹത്യ ചെയ്യാം; എന്നല്ലാതെ 'ഭൗതിക ശരീരം ഇല്ലാത്ത' സ്വത്വങ്ങൾ മാത്രമായ ആത്മാക്കൾക്ക് ആത്മഹത്യ ചെയ്യാനാവില്ല. ഓംകാര നീതിശാസ്ത്രം പ്രകാരം സൃഷ്ടികളായ ആത്മാക്കളുടെ മേൽ മഹാവാത്സല്യത്തോടെ മഹാനീതിയെ എക്കാലവും നടപ്പാക്കാൻ മഹാഭദ്രകാളിയായ ഓക്സിജൻ ഉണ്ട്.**

# ॐ ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

എല്ലാ സൃഷ്ടി ചക്രങ്ങളിലും, ഭൗതിക ശാസ്ത്ര വികസനം ഏറെക്കുറെ പരമാവധിയിൽ എത്തുന്ന അവസരത്തിൽ, ജഗത്തിന്റെ ഭാഗമായ ആകാശവും ഭൂമിയും ചന്ദ്രനും സൂര്യനുമായി അവതരിച്ചിരിക്കുന്ന 'ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്ത മഹാസത്യവും ഏകദൈവവുമായ ഭദ്രകാളിയുടെ മഹത്വം' സ്പഷ്ടമായി വിശദീകരിച്ചു കൊണ്ടും, യഥാർത്ഥ വേദങ്ങളായ ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങളെ യഥാവിധി ചിട്ടപ്പെടുത്തി ക്കൊണ്ടും, കാലഘട്ടത്തിന്റെ ആവശ്യത്തിന് അനുസരിച്ചു മാത്രമേ ഭൂമിയിൽ ലയിച്ചിരിക്കുന്ന 'സമ്പൂർണ്ണ ദൈവശാസ്ത്രത്തെ' അവതരിപ്പിക്കുകയുള്ളൂ.

ആകാശവും ഭൂമിയും ഓക്സിജനുമെല്ലാമായി അവതരിച്ചിരിക്കുന്ന ദൈവത്തിന്റെ മായാശക്തികൾ കൊണ്ട് പുതിയ പ്രപഞ്ചങ്ങളായി അനന്തമായി അവതരിക്കാനും അവിടെയും മറ്റ് സൃഷ്ടികളുടെ സൃഷ്ടി സ്ഥിതികളെ ചെയ്യാൻ കഴിയുമെന്നതാണ് സത്യം. എന്നാൽ മറ്റ് പ്രപഞ്ചങ്ങളുടെയും ദൈവമായാൽ ഭൂമിയിലെ ആത്മാക്കൾക്ക് അസുരക്ഷിത ബോധമുണ്ടാകും. ഭൂമി നൽകുന്നതും പരിപാലിക്കുന്നതുമായ ആനന്ദങ്ങളിൽ കുറവുണ്ടാവാൻ മഹാവാത്സല്ല്യമായ ഭൂമി ഇഷ്ടപ്പെടുന്നില്ല!

സാമ്പത്തിക ശാസ്ത്രവും തൊഴിൽ ശാസ്ത്രവും ഉൾപ്പെടെ കുറ്റങ്ങളും കുറവുകളും ഇല്ലാത്ത എല്ലാ ശാസ്ത്രങ്ങളും ഭൂമിയുടെ അംശമായ പ്രദേശങ്ങളിലും, മൂലകങ്ങളിലും സംയുക്തങ്ങളിലും, സൃഷ്ടികൾക്ക് ഭൂമി നൽകുകയും പരിപാലിക്കുകയും ചെയ്യുന്ന ശരീരത്തിലെ അവയവങ്ങളിലുമെല്ലാം ഭൗതിക ശാസ്ത്രത്തോടൊപ്പം തന്നെ ലയിച്ചിരിക്കുമ്പോൾ, ലഭ്യമായ വിശേഷ ബുദ്ധിയെ കൊണ്ട് അവയെ കണ്ടെത്താനും അവ പ്രകാരം ജീവിക്കാനും മനുഷ്യർ പരിശ്രമിക്കേണ്ടിയിരുന്നു. സൃഷ്ടികൾക്കു വേണ്ടിയുള്ള അനന്തമായ ആനന്ദങ്ങളും അവയെ നേടാനുള്ള ഉപാധികളായ ശക്തികളും ശാസ്ത്രങ്ങളുമെല്ലാം ലയിച്ചിരിക്കുന്ന സ്ഥിതി/ജീവിത പാത്രമായ ഭൂമിയായിട്ട് ദൈവം തന്നെ അവതരിച്ച് സർവ്വവും നേരിട്ടു നൽകുകയാണ്. സ്വത്വം പോലും സ്വന്തമായിട്ടില്ലാത്തവരും, ദൈവം നൽകുന്നവ കൊണ്ടുമാത്രം ജീവിക്കുന്നവരുമായ സൃഷ്ടികളുടെ സഹായം ദൈവത്തിന് ആവശ്യമില്ല. മഹാശക്തിയും, ആനന്ദങ്ങൾക്കെല്ലാം അതീതമായ ഏകദൈവവുമായി അവതരിച്ചിരിക്കുന്ന ഭൂമിയാണ് എല്ലാ സൃഷ്ടികൾക്കും ജനനം മുതൽ മരണം വരെയും ജീവിക്കാൻ ആവശ്യമായ അനന്തമായ ആനന്ദങ്ങളും ശക്തികളും ശാസ്ത്രങ്ങളും ശരണവുമെല്ലാം നൽകുന്നതെന്ന് വിശേഷബുദ്ധി കൊണ്ട് മനസ്സിലാക്കാനാവും.

മനുഷ്യർ വിശേഷ ബുദ്ധിയെ ദുരുപയോഗം ചെയ്യുന്നത് മനസ്സിലാക്കാൻ സൃഷ്ടി സ്ഥിതി സംഹാര പാത്രവും മഹാശൂന്യതയുമായ ആകാശത്തിലാണ് എല്ലാ സൃഷ്ടികളുടെയും സ്വത്വങ്ങളായ ആത്മാക്കളെ ജനിപ്പിക്കുകയും പുനർജ്ജനിപ്പിക്കുകയും ചെയ്യുന്നതെന്ന സത്യത്തെ വിശകലനം ചെയ്താൽ മതി. മഹാശൂന്യത കൂടിയായ ആകാശത്തിന്റെ മഹാസൂക്ഷ്മമായ അംശമാണ് സ്ത്രീ-ജീവികളുടെ ഗർഭപാത്രവും വഴിയായ യോനിയും. ആത്മാക്കൾക്ക് ജീവികളായി ജീവിക്കാൻ നൽകിയിട്ടുള്ളതാണ് ഭൂമിയുടെ അംശമായ ശരീരമെങ്കിലും, ശൂന്യത ശരീരത്തിന്റെ ഭാഗമല്ല. എന്നുവെച്ചാൽ മഹാശൂന്യതയും, 'ഭദ്രകാളിയായ ശിവയുടെയും ഭാഗമായ ശിവന്റെയും' സൃഷ്ടിപാത്രവും ശിവലിംഗവും കൂടിയായ ആകാശത്തിലാണ് എല്ലാ ജീവികളെയും ജനിപ്പിക്കുന്നത്. **യാതൊരു ജീവിയും യാതൊരു ദേശത്തിലും ഭൂമിയിലും ജനിക്കുന്നില്ല എന്നും സാരം. സൃഷ്ടികളായ ആത്മാക്കൾ ദൈവത്തിന്റെ ഭാഗമോ അംശമോ അല്ലെന്നും അറിയണം.**

# ॐ ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

**ആദിയും അന്തവും ഇല്ലാത്ത ശിവലിംഗം കൂടിയായ ആകാശത്തെ സാധാരണമായി ത്തന്നെ (ഉപകരണങ്ങൾ ഉപയോഗിക്കാതെ കണ്ണുകൾ കൊണ്ട്) കാണാൻ കഴിയും.** ഭൂമിയിൽ എവിടെ നിന്നു നോക്കിയാലും കുട പോലെ അർദ്ധഗോളാകൃതിയിൽ കാണപ്പെടുന്ന ആകാശം അതിരുകളും ആദിയും ഇല്ലാതെ പ്രദേശങ്ങളുടെയും സമുദ്രങ്ങളുടെയുമെല്ലാം വശങ്ങളിലേക്കും അടിയിലേക്കും നീളുന്നതായി കാണാം. ശിവയുടെയും, ഭാഗമായ ശിവന്റെയും 'സൃഷ്ടിപാത്രവും ശിവലിംഗവും കൂടിയായ ആകാശത്തിന്റെ' ആദിയില്ലായ്മ പ്രത്യക്ഷമെന്നോണം വ്യക്തമാണ്. ഭൂമിയിൽ നിന്ന് മുകളിലേക്ക് നോക്കിയാൽ കുട പോലെ അർദ്ധഗോളാകൃതിയിൽ ആകാശം കാണാം. നക്ഷത്രമായി മോക്ഷം നേടുന്ന സൃഷ്ടികൾക്കു വേണ്ടി സംഹാരപാത്രമായ നക്ഷത്ര-ലോകത്തെയും അന്തമില്ലാതെ നീളുന്ന മഹാശൂന്യതയായ ആകാശം ഒരുക്കിയിട്ടുണ്ട്. സൃഷ്ടി സ്ഥിതി സംഹാര പാത്രം, പരബ്രഹ്മമായ പ്രപഞ്ചം, ശിവലിംഗം, ശക്തിലിംഗം, മഹാശക്തിലിംഗം, മഹാലിംഗം തുടങ്ങിയ മഹാനാമങ്ങൾ ആകാശത്തിനുണ്ട്.

സൃഷ്ടികളുടെ പരമാനന്ദമായിട്ട് ഭൂമി നിശ്ചയിച്ചിട്ടുള്ള കാമ-ആനന്ദത്തെ സൃഷ്ടിയുടെ ഇണയിലൂടെ തന്നെ നൽകുന്നതിനു വേണ്ടി ഭൂമി ഉപകരണമാക്കിയിട്ടുള്ള സ്ത്രീപുരുഷ അവയവങ്ങൾക്ക് ശിവലിംഗമായ ആകാശവുമായി അടിസ്ഥാന പരമായി ബന്ധമില്ല. ആകാശവും ഭൂമിയും 'ജീവികളിലൂടെ മറ്റ് ആത്മാക്കളുടെ പുനർസൃഷ്ടി നടത്തുമ്പോൾ കാമാനന്ദവും അവയെ നൽകുന്ന അവയവങ്ങളുമായി ആത്മാക്കളെ ബന്ധിപ്പിക്കുന്നു. സൃഷ്ടിയിൽ ആത്മാവിനും, അവയവത്തിൽ ശിവലിംഗമായ ആകാശത്തിനും പങ്കില്ല.

ദൈവത്തോട് പ്രാർത്ഥിക്കാനും, ഒരല്പം സ്തുതിക്കാനും, മനുഷ്യാവസ്ഥയിൽ നൽകിയിട്ടുള്ള 100 ജന്മങ്ങളിൽ 90 മുതൽ 95 വരെയുള്ള ഒരു പുരുഷ ജന്മത്തിൽ വച്ച് 'ബ്രഹ്മവും ഏകദൈവവും ശിവയും ജഗദംബയുമായ മഹാഭദ്രകാളി', സ്വന്തം ഭാഗവും ഏകദാസനും പരമാത്മാവും പ്രപഞ്ചപിതാവുമായ പരമശിവനിലൂടെ 'മഹാശാസ്ത്രം' സമ്മാനിക്കുന്ന ജന്മത്തിലെ ശിഷ്ടകാലം മാത്രം ദൈവത്തെ ആരാധിക്കാനും, ശിവലിംഗത്തെ പ്രതീകമാക്കാൻ ഭൂമിയായ ദൈവം, മനുഷ്യരെ അനുവദിച്ചിട്ടുണ്ട്. പരബ്രഹ്മവും ആകാശവും കൂടിയായ 'വിഗ്രഹം അല്ലാത്ത ശിവലിംഗത്തെ' കല്ല്, മണ്ണ് തുടങ്ങിയവ കൊണ്ട് ഏതൊരു വ്യക്തിക്കും കുടുംബത്തിനും സമൂഹത്തിനുമെല്ലാം അവരവർക്കു വേണ്ടി നിമിഷങ്ങൾ കൊണ്ട് പ്രതിഷ്ഠിക്കാനും; തൂത്തെറിയാനും സ്വാതന്ത്ര്യമുണ്ട്. ആനന്ദങ്ങൾക്കെല്ലാം അതീതമായ ദൈവത്തിന് മനുഷ്യരുടെ ഭക്തികോപ്രായങ്ങൾ കൊണ്ട് യാതൊന്നും നേടാനില്ലെന്ന് മനസ്സിലാക്കണം.

ശാസ്ത്ര പരമായി നിർമ്മിച്ചിട്ടുള്ള ഒരു ദേവാലയം പോലും ഭൂമിയിലില്ലെന്ന് അറിയുക. എല്ലാ ദേവാലയങ്ങളിലും ശിവലിംഗം മാത്രം പ്രതിഷ്ഠിക്കുന്നതാണ്. 'ഓം നമഃ ശിവായ, ഓം ശിവായ നമഃ, അമ്മേ ശിവ, എന്നീ ലളിതമായ സ്തുതികൾ മാത്രം എവിടെയും കേൾക്കാൻ കഴിയും. സൃഷ്ടികളുടെ ആനന്ദത്തെ കണക്കാക്കി മഹാവാത്സല്യവും ജഗദംബയും ശിവയുമായ മഹാഭദ്രകാളി 'ഓം നമഃ ശിവായ' എന്ന ലളിതമായ സ്തുതി അനുവദിച്ചിരിക്കുകയാണ്. ഉടനെയുള്ള ദൈവ വിപ്ലവത്തോടെ 'ഓം നമഃ ശിവായ = മഹാശിവയെ നമിക്കുന്നു = മഹാശിവയെയും ഭാഗമായ ശിവനെയും നമിക്കുന്നു = മഹാദേവിയെ നമിക്കുന്നു = മഹാദേവിയെയും ഭാഗമായ മഹാദേവനെയും നമിക്കുന്നു' തുടങ്ങി ശിവസ്തുതികൾ ഒഴികെയുള്ളവ സമ്പൂർണ്ണമായി അവസാനിക്കുന്നതാണ് !

## ദൈവത്തിൻ്റെ സ്വാർത്ഥമായ ആനന്ദങ്ങൾ

**ആകാശവും ഭൂമിയും ചന്ദ്രനും സൂര്യനുമായി അവതരിച്ചിട്ടുള്ള ദൈവം പ്രത്യക്ഷമാണ്. അനിർവ്വചനീയമായ ബ്രഹ്മവും, ആദിയും അന്തവും ഇല്ലാത്ത മഹാസത്യവും മഹാശക്തിയുമായ ദൈവം ആനന്ദങ്ങൾക്കെല്ലാം അതീതമാണെങ്കിലും, സൃഷ്ടികളായ ആത്മാക്കളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്നതിനു വേണ്ടി ഒരു സ്വാർത്ഥത്തെ സ്വീകരിക്കേണ്ടതുണ്ട്. സൃഷ്ടികളോടുള്ള മഹാവാത്സല്ല്യത്തെയും മഹാദാസ്യത്തെയും മാത്രം ആനന്ദമായി സ്വീകരിച്ചാണ് സ്ഥിതിപാത്രമായ ഭൂമിയും ചന്ദ്രനുമായി ദൈവം അവതരിച്ചിരിക്കുന്നത്. സൃഷ്ടികൾക്ക് മഹാദാസ്യം ഉൾപ്പെടുന്ന മഹാവാത്സല്ല്യത്തെ നൽകുന്നതോടെ ദൈവം ആനന്ദങ്ങൾക്കെല്ലാം അതീതമായിട്ട് തുടരുന്നതുമാണ്. ഈ മഹാഗ്രന്ഥത്തിലെ ആനന്ദശാസ്ത്രത്തിൽ വിവരിച്ചിട്ടുണ്ട്.**

സൃഷ്ടികളായ ആത്മാക്കളെ ജീവികളാക്കുന്ന 'സ്ത്രീ-പുരുഷ ജാതികളായ ശരീര-അവയവങ്ങളെയും വിസർജ്ജന വസ്തുക്കളെ പ്പോലെയുള്ള ശരീരഭാഗങ്ങളെയും, നിറം സൗന്ദര്യം മുഖഛായ ആരോഗ്യം ഉയരം തുടങ്ങിയ ജന്മഗുണങ്ങളെയുമെല്ലാം' സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്നത് ഭൂമിയുടെ അംശമായ വസ്തുക്കളും അവയുടെ സ്ഥൂലരൂപമായ പ്രദേശങ്ങളും കൊണ്ടാണ്. വസ്തുക്കളിൽ ലയിച്ചിരിക്കുന്ന അനന്തമായ ആനന്ദങ്ങളെയും ശക്തികളെയും ശാസ്ത്രങ്ങളെയും കാലത്തെയും സ്വാതന്ത്ര്യത്തെയുമെല്ലാം ശരീരത്തിലൂടെ ആത്മാക്കൾക്കു ലഭിക്കുകയാണു ചെയ്യുന്നത്. ജീവിയുടെ സ്വത്വമായ ആത്മാവിന് മറ്റു ജീവികളുടെ ശരീരങ്ങളെയും ഭൂമിയിലെ/ഭൂമിയുടെ അംശമായ വസ്തുക്കളെയും പ്രദേശങ്ങളെല്ലാം ആസ്വദിക്കാനുള്ള ശക്തികളും ശാസ്ത്രങ്ങളുമെല്ലാം നൽകുന്നത് ശരീരത്തിൻ്റെ താൽക്കാലിക ഉടമയാവാൻ അനുവദിച്ചിരിക്കുന്ന ശരീരാവയവങ്ങളും ഭാഗങ്ങളും ഭൂമിയുടെ മറ്റ് അംശമായ വസ്തുക്കളും പ്രദേശങ്ങളുമെല്ലാമാണ്. സ്വന്തമെന്നു കരുതുന്ന ചർമ്മത്തിൽ താൽക്കാലിക ജന്മഗുണങ്ങളായി ചേർത്തിട്ടുള്ള തനതായ സുഗന്ധവും നാറ്റവും സൗന്ദര്യവുമെല്ലാം സ്വയം ആസ്വദിക്കാനും ആത്മാക്കൾക്ക് ശരീരത്തിലെ അവയവങ്ങളിലൂടെ കഴിയുന്നതാണ്. ഫലങ്ങളും വിവിധ ഭക്ഷണ പാനീയങ്ങളുടെ രുചികളും ആസ്വദിക്കാൻ കഴിയുന്നതും; മരുന്നുകളും ലഹരി വസ്തുക്കളും വിഷങ്ങളുമെല്ലാം അറിഞ്ഞും അറിയാതെയും ശരീരത്തിൽ പ്രവേശിക്കുമ്പോൾ അവയിൽ ലയിച്ചിരിക്കുന്ന ഗുണങ്ങളാകുന്ന ബഹുവിധ ശക്തികളെ ആത്മാക്കൾക്കു പകർന്നു നൽകുന്നതും; ഭൂമിയുടെ അംശമായ വസ്തുക്കൾ കൊണ്ട് നിർമ്മിച്ച കണ്ണടകളും ലെൻസുകളും കൃത്രിമ അവയവങ്ങളുമെല്ലാം ആത്മാക്കൾക്കു കാഴ്ച്ച, കേൾവി, ആരോഗ്യം, ഉയരം, ബുദ്ധിശക്തി തുടങ്ങിയവ വർദ്ധിപ്പിക്കുന്നതും ഉദാഹരണങ്ങളാണ്. ഭൂമിയുടെ സ്വന്തമായ ശക്തികളെ ഭൂമിയുടെ തന്നെ സ്വന്തമായ വസ്തുക്കളിലൂടെയും ശരീരാവയവങ്ങളിലൂടെയും, മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് ഭൂമിയുടെ സ്വത്വമായ ഓക്സിജൻ കൈമാറുകയാണ്. മഹാവാത്സല്ല്യത്തോടെ ഭൂമി ചെയ്യുന്നതും നൽകുന്നതുമായ സർവ്വത്തിനും ഭൗതികമായ അസ്തിത്വം ഉണ്ട്. വ്യത്യസ്ത വസ്തുക്കളിൽ ലയിച്ചിരിക്കുന്ന ശക്തികൾക്ക് സുവ്യക്തമായ ധർമ്മങ്ങളുണ്ട്. പ്രസ്തുത ധർമ്മശാസ്ത്രത്തെ ആത്മാക്കൾ തെറ്റിച്ചാൽ തിരുത്താനായി വസ്തുക്കളിൽ ന്യൂനശക്തികളുമുണ്ട്.

ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്കെല്ലാം അനന്തമായ ആനന്ദങ്ങളെയും ശക്തികളെയുമെല്ലാം മഹാദാസ്യം ഉൾപ്പെടുന്ന മഹാവാത്സല്ല്യത്തോടെ നൽകുന്നത് ഭൂമിയുടെ അംശമായ മൂലകങ്ങളും സംയുക്തങ്ങളും പ്രദേശങ്ങളും അവയുടെ മൊത്തമായ ഭൂമിയുമാണെന്നും, ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് തജ്ജന്മത്തിലെ ജീവിതത്തിനായിട്ട് നൽകുകയും പരിപാലിക്കുകയും ചെയ്യുന്ന ശരീരത്തിലെ അവയവങ്ങളിലൂടെ ആണെന്നും വ്യക്തമാക്കി. തജ്ജന്മത്തിലെ പ്രശ്നമെന്നും താൽക്കാലികമാണെന്നും വിശേഷ ബുദ്ധിയെ ലഭിച്ചിട്ടും അനേകർ തെറ്റിദ്ധരിച്ചിട്ടുണ്ട്. ഭൂമിയുടെ മഹാനീതിശാസ്ത്രമായ ഓംകാരനീതിശാസ്ത്രം പഠിച്ചാൽ, മനുഷ്യാവസ്ഥയിൽ വ്യത്യസ്തമായ ജന്മഗുണങ്ങളോടെ 100 ജന്മങ്ങളെ വ്യവസ്ഥ ചെയ്തിട്ടുണ്ട് എന്നു കാണാം. സൃഷ്ടിയുടെ ഉദ്ദേശം സ്ഥിതിയും, സ്ഥിതി ആകുന്ന ജീവിതത്തിന്റെ ഉദ്ദേശം അനന്തമായ ആനന്ദങ്ങളെ ആസ്വദിക്കുകയുമാണ്. ഭൂമിയുടെ വ്യത്യസ്തമായ പ്രദേശങ്ങളിലായിട്ട് വ്യത്യസ്ത ജന്മഗുണങ്ങളോടെ ജീവിക്കാനുള്ള അവസരങ്ങളെ ഭൂമി നൽകുന്നത് മഹാവാത്സല്ല്യമാണ്. എല്ലാ ജന്മങ്ങളിലും ശരീരത്തിലെ അവയവങ്ങളും അവയുടെയെല്ലാം മഹാഭരണാധികാരിയും മഹാനീതിയും മഹാനീതിപതിയും മഹാവാത്സല്ല്യവും ഭദ്രകാളിയുമായ ഓക്സിജനാണ് സ്വത്വങ്ങളായ ആത്മാക്കൾക്ക് ധർമ്മശാസ്ത്ര പ്രകാരം ആനന്ദങ്ങളെ ലഭ്യമാക്കുന്നത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ എല്ലാ ജന്മങ്ങളിലും സൃഷ്ടികൾക്ക് ശരീരമാണ് പ്രധാനം. ശരീരമാകുന്ന ദൈവാംശത്തിന് സൃഷ്ടികളായ ആത്മാക്കളുമാണ് പ്രധാനം. മഹാനീതി നടപ്പാക്കണമെങ്കിൽ ആനന്ദങ്ങൾക്കും അവയെ നേടാനുള്ള ഉപാധികളായ ശക്തികൾക്കും തൊഴിലുകൾക്കും ജന്മഗുണങ്ങൾക്കും വിതരണത്തിനുമെല്ലാം കൃത്യമായ അളവുകൾ ഉണ്ടായിരിക്കണം. ആനന്ദങ്ങൾ ഉൾപ്പെടെ സർവ്വത്തിനും കൃത്യമായ അളവുകളുണ്ടെന്നും അവ പ്രകാരമാണ് മഹാനീതി നടപ്പാക്കുന്നതെന്നും ഈ ദിവ്യ മഹാശാസ്ത്രഗ്രന്ഥത്തിലെ ആനന്ദശാസ്ത്രത്തിൽ വിവരിച്ചിട്ടുണ്ട്.

ഭൂമിയുടെ അംശമായ മൂലകങ്ങളിലും രൂപാന്തരമായ ജീവികളുടെ ശരീരത്തിലെ അവയവങ്ങളിലും പ്രദേശങ്ങളിലുമെല്ലാം ലയിച്ചിരിക്കുന്ന ധർമ്മശാസ്ത്രത്തിനു വിരുദ്ധമായി ജീവിക്കുമ്പോൾ, അവയിൽ ലയിച്ചിരിക്കുന്ന ന്യൂനശക്തികളിലൂടെ ഭൂമി ശിക്ഷിച്ചു തന്നെ തിരുത്തുന്നതും മഹാവാത്സല്ല്യത്തിന്റെ ഭാഗമാണ്. പുനർജ്ജന്മം ശരിയാണെന്ന് കരുതുന്നവരും ഭൂമിയിൽ ഉണ്ടെങ്കിലും കുറ്റങ്ങളും കുറവുകളും ഇല്ലാത്ത മഹാപുനർജ്ജന്മസിദ്ധാന്തം പ്രകാരം ദൈവം മഹാനീതി നടപ്പാക്കുന്നത് എങ്ങനെയാണെന്ന് ധർമ്മശാസ്ത്ര പ്രകാരം ജീവിച്ചു കൊണ്ട് അന്വേഷിക്കാനും വിശകലനം ചെയ്യാനും മനുഷ്യർ തയ്യാറല്ല. ഭൂമി സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന ഭൂമിയുടെ സൃഷ്ടിയും കുഞ്ഞുമായ മനുഷ്യൻ എന്ന ജീവി ആണെന്നതു പോലും മറന്ന് മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ ജീവികളായിട്ടു ജീവിക്കുന്ന വിവരദോഷികൾ അല്പായുസ്സുകളാണെന്ന കാര്യം പോലും മറന്ന പോലെയാണ്. സ്വത്വംപോലും സ്വന്തമായിട്ടില്ലാത്ത സൃഷ്ടികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് സ്വത്വവും ജീവിക്കാൻ ആവശ്യമായ അനന്തമായ ആനന്ദങ്ങളും അവയെ നേടാനുള്ള ഉപാധികളായ ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും കാലവും ശരണവുമെല്ലാം നൽകുന്ന ഭൂമിയെയും ഭൂമിയുടെ സ്വത്വമായ ഓക്സിജനെയും തിരിച്ചറിയാത്തതോ പോകട്ടെ, ആത്മാക്കൾക്ക് യോഗ്യതയോ അവകാശമോ ഇല്ലാത്ത കാര്യങ്ങളിൽ ഇടപെടാൻ പാടില്ലെന്നെങ്കിലും വിശേഷബുദ്ധി കൊണ്ട് മനസ്സിലാക്കണ്ടേ !?

# ॐ ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

ഭൂമി സ്വയം ചുറ്റിയും സൂര്യനെ ചുറ്റിയുമാണ് കാലത്തെ സൃഷ്ടിക്കുന്നതെന്ന് അറിയുന്നവർക്ക് ഭൂമി അതെങ്ങനെ ചെയ്യുന്നുവെന്ന് അറിയണ്ടേ?! പ്രത്യക്ഷമായി ത്തന്നെയാണ് കാലത്തെയും ദൈവത്തിന്റെ അവതാരമായ ഭൂമി സൃഷ്ടിക്കുന്നത് : ഭൂമിയുടെ അംശമായ പ്രദേശങ്ങളുടെയും വസ്തുക്കളുടെയും സൂക്ഷ്മമായ മൂലകങ്ങളുടെയും അവയുടെ സംയുക്തങ്ങളുടെയുമെല്ലാം ഏറ്റവും ചെറുതും സൂക്ഷ്മവുമായ വിഭജനത്തിൽ നിന്ന് ലഭിക്കേണ്ടത് വസ്തുക്കളുടെ ഗുണങ്ങളായ ശക്തികളെ പ്രകടിപ്പിക്കുന്ന ചെറിയ ഘടകങ്ങൾ ആവണം എന്ന സാമാന്യ യുക്തിക്ക് മഹാപ്രതിഭാസമാണ് എല്ലാ വസ്തുക്കളുടെയും മൂലകങ്ങളുടെയും സൂക്ഷ്മമായ അവസ്ഥയിലുള്ളത്. സർവ്വത്തിന്റെയും സൂക്ഷ്മമായ ഘടകങ്ങൾ ആറ്റങ്ങളാണ് എന്നതിൽ അവസാനിക്കാതെ ഹൈഡ്രജൻ എന്ന മൂലകത്തിന്റെ ആറ്റത്തിൽ ഒരു പ്രോട്ടോണും ഒരു ഇലക്ട്രോണും (+ ഓം) മാത്രമാണ് അതിസൂക്ഷ്മമായ ഘടകങ്ങൾ എന്നതിനെ പ്രത്യേകം മാറ്റിവെച്ചാൽ; ബാക്കിയുള്ള എല്ലാ മൂലകങ്ങളുടെയും അവയുടെ സംയുക്തങ്ങളുടെയും ആറ്റങ്ങളിലെ അതിസൂക്ഷ്മമായ ഘടകങ്ങൾ പ്രോട്ടോൺ, ഇലക്ട്രോൺ, ന്യൂട്രോൺ, ബോസോൺ, തുടങ്ങിയവ (+ ഓം) ആണെന്നത് അതീവ ഗൗരവമാണ്. മാത്രമല്ല; അതിലും ഗൗരവമായിട്ട്, മൃതദേഹം ഉൾപ്പെടെയുള്ള സർവ്വത്തിന്റെയും സൂക്ഷ്മമായ ആറ്റങ്ങളിലെ അതിസൂക്ഷ്മമായ പ്രോട്ടോണുകളെ ഇലക്ട്രോണുകൾ നിരന്തരം ചുറ്റിക്കറങ്ങുന്നതായും ശാസ്ത്രജ്ഞർക്ക് കാണാനായി. ഭൂമിയിലെ അതിസൂക്ഷ്മമായ ഘടകങ്ങൾ ഉൾപ്പെടെ സർവ്വതും ജീവമായിരിക്കുന്നു എന്നതും ആറ്റങ്ങളിലെ അതിസൂക്ഷ്മമായ ഘടകങ്ങളെല്ലാം അന്തമില്ലാത്ത മഹാശക്തികളാണെന്നതും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. സൃഷ്ടികളുടെ ആനന്ദകരമായ ജീവിതത്തിനു വേണ്ടി മഹാസ്ഥൂലമായ ഭൂമിയും, അതിസ്ഥൂലവമായ പ്രദേശങ്ങളും, സ്ഥൂലമായ വസ്തുക്കളും, സൂക്ഷ്മമായ ആറ്റങ്ങളും, ആറ്റങ്ങളിലെ അതിസൂക്ഷ്മമായ പ്രോട്ടോൺ ഇലക്ട്രോൺ ന്യൂട്രോൺ ബോസോൺ തുടങ്ങിയ ഘടകങ്ങളും (മഹാസൂക്ഷ്മമായി ആറ്റങ്ങളിൽ പ്രവേശിച്ചിരിക്കുന്ന ഓം എന്ന ശബ്ദബ്രഹ്മവും) ലഘുവും ലളിതവുമായി ഭാവിക്കുന്നുവെങ്കിലും ഭൂമിയുടെ അംശങ്ങളും അവയുടെയെല്ലാം മൊത്തമായ ഭൂമിയും അന്തമില്ലാത്ത മഹാശക്തികളാണെന്നു തെളിയുന്നുണ്ട്. കാലത്തെക്കുറിച്ച് പറയുമ്പോൾ, ആറ്റങ്ങളുടെ ഉള്ളിൽ പ്രോട്ടോണുകളെ നിരന്തരം ചുറ്റുന്ന ഇലക്ട്രോണുകൾ സഞ്ചരിക്കുന്ന സൂക്ഷ്മമായ ദൂരം, വേഗത എന്നിവയെ ആശ്രയിച്ച് ഓരോ കറക്കത്തിനും സൂക്ഷ്മമായ സമയം (കാലം) എടുക്കുന്നുണ്ട്. ഭൂമിയിലെ മൊത്തം ആറ്റങ്ങളുടെ എണ്ണത്തെ അനന്തകോടി എന്നെല്ലാം മാനുഷികമായി പറയുമെങ്കിലും സർവ്വം കൃത്യമായ അളവുകളോടെയും മഹാഭദ്രമായും ചെയ്യുന്ന ഭൂമിയുടെ മൊത്തം ആറ്റങ്ങളുടെ എണ്ണത്തിനും ആത്മാക്കളുടെ സൃഷ്ടിക്കും ആനുപാതികമായി അളവുണ്ട്. പരമാത്മാവായ ഹൈഡ്രജനിലെ ശിവയായ പ്രോട്ടോൺ, ശിവനായ ഇലക്ട്രോണിൽ നിന്നും 2 സ്ത്രീ പുരുഷ പാതികളായ ന്യൂട്രോണുകളെ സൃഷ്ടിച്ച് ഹീലിയം ആറ്റമായി മാറ്റുന്നത് സൃഷ്ടിപാത്രമായ സൂര്യനിൽവച്ചാണ്. സൃഷ്ടിപാത്രമായ സൂര്യനെ ഏറെക്കുറെ ഒരു മണിക്കൂറിൽ 67000 മൈൽ വേഗത്തിൽ ചുറ്റി വർഷത്തെ സൃഷ്ടിക്കുന്നതും; സ്ഥിതിയിലുള്ള ജീവികൾക്ക് രാത്രിയും പകലും നൽകി ക്കൊണ്ട് സ്ഥിതി പാത്രമായി ഏറെക്കുറെ മണിക്കൂറിൽ 1000 മൈൽ വേഗത്തിൽ സ്വയം ചുറ്റി ദിവസം സൃഷ്ടിക്കുന്നതും ഭൂമിയാണ്. സംഹാരപാത്രമായ നക്ഷത്രലോകം പിന്നീട്!

# ॐ ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

സ്ഥൂലാവസ്ഥയായ എല്ലാ വസ്തുക്കളും പ്രദേശങ്ങളും ജീവികളുടെ ശരീരത്തിലെ അവയവങ്ങളും പ്രകൃതിയുമായിരിക്കുന്നത് സൂക്ഷ്മമായ ആറ്റങ്ങളും അവയിലെല്ലാം ഉള്ളതായ അതിസൂക്ഷ്മമായ പ്രോട്ടോൺ ഇലക്ട്രോൺ ന്യൂട്രോൺ ബോസോൺ തുടങ്ങിയവയും ആണെന്നതും, പ്രോട്ടോണുകളെ നിരന്തരം ഇലക്ട്രോണുകൾ ചുറ്റിക്കറങ്ങി ക്കൊണ്ടിരിക്കുന്നതും അന്തമില്ലാത്ത മഹാശക്തിയുടെ പ്രഭാവമാണ്. **മനുഷ്യൻ ഉൾപ്പെടെയുള്ള എല്ലാ സൃഷ്ടികൾക്കും ജീവിക്കാൻ ആവശ്യമായതും ആഗ്രഹിക്കുന്നതുമായ സർവ്വവും മഹാനീതിശാസ്ത്രമായ ഓംകാരനീതിശാസ്ത്രം പ്രകാരം മഹാശക്തിയായ ഭൂമിയുടെ അതിസൂക്ഷ്മമായ ആറ്റങ്ങളിലെ ശിവയായ പ്രോട്ടോണുകൾ, ശിവനായ ഇലക്ട്രോണുകളുമായി ചേർന്ന് സൃഷ്ടിക്കുകയാണ്. ജീവികളിലെ കോശങ്ങളെ നിരന്തരമായി മാറ്റുന്നതും അവയവങ്ങളുടെ വളർച്ച, പ്രവർത്തനം, രോഗങ്ങൾ, രോഗമുക്തി, മുറിവുണങ്ങൽ, തുടങ്ങി സൃഷ്ടികളായ ഓരോരോ ആത്മാക്കൾക്കും പ്രത്യേകമായിട്ടു നൽകുകയും പരിപാലിക്കുകയും ചെയ്യുന്ന ശരീരത്തിലെ അവയവങ്ങളിലൂടെ അവയെ ഭരിക്കുന്നതും മഹാനീതി നടപ്പാക്കുന്നതും ഭൂമിയാണ്; സ്വത്വവും മഹാഭദ്രകാളിയുമായ ഓക്സിജനാണ്.**

**മനുഷ്യർ ഉൾപ്പെടെയുള്ള മറ്റുള്ള ജീവികളെ ഭരിക്കുന്നതായി ചിലർക്കു തോന്നുന്നതും തെറ്റിദ്ധരിക്കുന്നതും, സ്വന്തമല്ലാത്ത (സ്വന്തം) സ്വത്വമായ ആത്മാവിനെ, സ്വന്തമല്ലാത്ത (സ്വന്തം) ശരീരം, മഹാവാത്സല്ല്യത്തോടെ സദാ പരിപാലിക്കുകയും മഹാനീതിയെ ഓംകാരനീതിശാസ്ത്രം പ്രകാരം നടപ്പാക്കുന്നതും മനസ്സിലാക്കാത്തതു കൊണ്ടാണ്. ഭൂമിയുടെ സ്വന്തവും സൃഷ്ടികളും കുഞ്ഞുങ്ങളുമായ ആത്മാക്കളെ, മറ്റു കുഞ്ഞുങ്ങൾ ശരീരത്തെ ദുരുപയോഗം ചെയ്ത് അഥവാ ധർമ്മശാസ്ത്ര വിരുദ്ധമായി ഉപയോഗിച്ച് ദ്രോഹിക്കുകയും ചെയ്യുന്നതിനെ ഭരണമായി വിശേഷിപ്പിക്കുന്നതു തന്നെ പാപമാണ്! മറ്റുള്ളവരുടെ സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ദൈവം ഭൂമിയായി ഉള്ളപ്പോൾ, ഭൂമിയുടെ കുഞ്ഞുങ്ങളോട് ഭൂമിയിൽ ലയിച്ചിരിക്കുന്ന ധർമ്മശാസ്ത്രപ്രകാരം മാത്രം പെരുമാറാൻ വിശേഷ ബുദ്ധിയെ ലഭിക്കുന്ന മനുഷ്യാവസ്ഥയിലെ സൃഷ്ടികളായ ആത്മാക്കൾക്ക്, അവരവരോടും ഭൂമിയോടും സമ്പൂർണ്ണമായ ബാദ്ധ്യതയുണ്ട്. ഓരോരുത്തർക്കും ഭൂമി നൽകുന്ന ശരീരത്തിലെ അവയവങ്ങൾ പ്രകാരമുള്ള ശക്തികളെ കൊണ്ട് പ്രവർത്തികയും ജീവിക്കുകയുമെല്ലാം ചെയ്യുന്നതുകൊണ്ടും യാതൊരാൾക്കും സ്വത്വം പോലും സ്വന്തമല്ലാത്തതു കൊണ്ടുമാണ് ധർമ്മശാസ്ത്ര വിരുദ്ധമായ കാര്യങ്ങളിൽ അവരവരോട് ബാദ്ധ്യത ഉണ്ടാകുന്നത്. ഭൗതികമായ അസ്തിത്വം ഇല്ലാത്ത കോപ്രായങ്ങളെ സ്വന്തം ജീവിതത്തിൽ സ്വീകരിക്കാൻ സ്വാതന്ത്ര്യവും ഭാഗികമായ അവകാശവും ഉണ്ടാകുന്നതു പോലും മറ്റുള്ളവർക്ക് ദൈവമായ ഭൂമിയുടെ അംശമായ വസ്തുക്കളും പ്രദേശങ്ങളും ശരീരങ്ങളുമെല്ലാം നൽകുന്ന ആനന്ദങ്ങളെയും ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയും കാലത്തെയും ശരണത്തെയുമെല്ലാം തടസ്സപ്പെടുത്താതെ ജീവിക്കുമ്പോൾ മാത്രമാണ്. വിശേഷ ബുദ്ധിയെ ദുരുപയോഗം ചെയ്ത് ഭൗതികമായ അസ്തിത്വം ഇല്ലാത്തതായ ആശയങ്ങളെയും മറ്റു കോപ്രായങ്ങളെയും പിൻപറ്റുന്നതു കൊണ്ടാണ് 'ഭൂമിയുടെ കുഞ്ഞായ വിശേഷ ബുദ്ധിയുള്ള മനുഷ്യൻ' എന്ന വിശിഷ്ടമായ പദവിയെ ഫലത്തിൽ ഉപേക്ഷിച്ചു ജീവിക്കുന്നത്. ഭൗതികമായ അസ്തിത്വം ഇല്ലാത്ത അസത്യങ്ങളായതു കൊണ്ടാണ് മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശങ്ങളെ വ്യക്തിയുടെ ഇഷ്ടം പോലെ സ്വീകരിക്കാനും തള്ളാനും വീണ്ടുംവീണ്ടും സ്വീകരിക്കാനുമെല്ലാം കഴിയുന്നത്.**

മഹാദാസ്യത്തെയും മഹാവാത്സല്ല്യത്തെയും മാത്രം ആനന്ദങ്ങളായി സ്വീകരിച്ചിട്ടുള്ള ദൈവാവതാരമായ ഭൂമിയും അംശമായ വസ്തുക്കളും രൂപാന്തരമായ ജീവികളുടെ ശരീരത്തിലെ അവയവങ്ങളുമെല്ലാം നിർജ്ജീവങ്ങളെന്നു തോന്നുമെങ്കിലും സത്യമതല്ല. അവയാണ് യഥാർത്ഥത്തിൽ വേദനകൾ ഉൾപ്പെടെയുള്ള ആനന്ദങ്ങളും ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും കാലവും ശരണവുമെല്ലാം. ഉദാഹരണത്തിന്, പല്ലു വേദന, കാലുവേദന, തലവേദന, വയറുവേദന, ശരീരസുഖം, മാമ്പഴ സ്വാദ് എന്നെല്ലാം പറയുമ്പോൾ, അവയവങ്ങൾ സ്വത്വങ്ങളായ ആത്മാക്കൾക്ക് വേദനകൾ ഉൾപ്പെടെയുള്ള ആനന്ദങ്ങളെ നൽകുകയാണെന്നും അവയവങ്ങൾക്കും വസ്തുക്കൾക്കും വേദനകളും സന്തോഷങ്ങളും ഇല്ലെന്നും മനസ്സിലാക്കാൻ കഴിയും. അവയവങ്ങളെ മുറിച്ചു മാറ്റുമ്പോൾ, ആത്മാവുമായി അവയ്ക്ക് മുമ്പുണ്ടായിരുന്ന ബന്ധം നഷ്ടപ്പെടുന്നത് അതുകൊണ്ടാണ്. (ജീവികളുടെ ശരീരങ്ങൾ പരസ്പരമോ സ്വയമോ കൈമാറുന്ന ആനന്ദങ്ങൾക്ക് എല്ലാ ജീവികളുടെയും ശരീരത്തിലെ പുറമേയും അകമേയുമുള്ള ചർമ്മവുമായാണ് ബന്ധം. മണം, സ്പർശം, സൗന്ദര്യം, തുടങ്ങിയ ആത്മാവുമായി ബന്ധപ്പെട്ട ജന്മഗുണങ്ങളെ ജീവികളുടെ ശരീരത്തിലെ ചർമ്മവുമായി ബന്ധിപ്പിച്ചിരിക്കുന്നതിനെ വേറിട്ട് വിശദീകരിക്കുന്നുണ്ട്.

ഭൂമിയുടെ അംശമായ മൂലകങ്ങളും സംയുക്തങ്ങളും പ്രദേശങ്ങളും അവയുടെ രൂപാന്തരമായ ജീവികളുടെ ശരീരത്തിലെ അവയവങ്ങളും വിസർജ്ജന വസ്തുക്കളെപ്പോലെയുള്ള ഭാഗങ്ങളും അവയിലെല്ലാം ലയിച്ചിരിക്കുന്ന അനന്തമായ ആനന്ദങ്ങളും ശക്തികളും ശാസ്ത്രങ്ങളും സൗന്ദര്യവും സ്വാതന്ത്ര്യങ്ങളുമെല്ലാം പ്രകാരമാണ് എല്ലാ ജീവികളുടെയും ശരീരത്തിലെ എല്ലാ പ്രക്രിയകളും നടക്കുന്നത്; മനുഷ്യർക്കും മറ്റുള്ള ജീവികൾക്കും ജീവിക്കാനും കഴിയുന്നത്. ജീവികൾ ജനിക്കുന്നതും, അവയ്ക്ക് വിശക്കുന്നതും, ഭക്ഷിക്കുന്നതും, ഭക്ഷണരുചി ആനന്ദങ്ങൾ ലഭിക്കുന്നതും, സങ്കീർണ്ണമായ ദഹനപ്രക്രിയ നടക്കുന്നതും, വിസർജ്ജിക്കുന്നതും, ശരീരത്തിലെ കോശങ്ങളും അവയവങ്ങളുമെല്ലാം പ്രായേണ വളരുന്നതും വ്യത്യാസപ്പെടുന്നതും,, രോഗങ്ങൾ ഉണ്ടാകുന്നതും, വേദനിക്കുന്നതും, അറിഞ്ഞോ അറിയാതെയോ ലഹരി വസ്തുക്കൾ ഉപയോഗിച്ച് ഉന്മാദവും മറ്റും ഉണ്ടാകുന്നതും, ഭക്ഷണവും മരുന്നുകളും ശരീരത്തിൽ പ്രവർത്തിക്കുന്നതും, രോഗമുക്തി ഉണ്ടാകുന്നതും, മുറിവുകൾ ഉണങ്ങുന്നതും, തജ്ജന്മത്തിൽ മരിക്കുന്നതുമെല്ലാം വിശകലനം ചെയ്താൽ, കൈകാലുകൾ വിരലുകൾ സന്ധികൾ തുടങ്ങിയ ചില അവയവങ്ങൾക്ക് ഭാഗികമായി ചില സ്വാതന്ത്ര്യങ്ങളെ അനുവദിച്ചിരിക്കുന്നത് ഒഴികെ സൃഷ്ടികളായ ജീവികളുടെ സ്വത്വങ്ങളെ ശരീരമാണ് ഭരിക്കുന്നതും പ്രവർത്തിപ്പിക്കുന്നതും എന്നു കാണാം. ഭൂമിയുടെ ഇഷ്ടവും മഹാനീതിശാസ്ത്രവുമായ ഓംകാരനീതിശാസ്ത്രം പ്രകാരം ആത്മാക്കളെ വ്യത്യസ്ത ജീവികളായി ജനിപ്പിക്കുകയും ശരീരത്തിലെ അവയവങ്ങൾ പ്രകാരമുള്ള ശക്തികളും ജ്ഞാനവും സ്വാതന്ത്ര്യവുമെല്ലാം നൽകി ഭൂമിയുടെ അംശമായ മൂലകങ്ങളിലും സംയുക്തങ്ങളിലും (ജീവികളുടെ ശരീരത്തിലെ) അവയവങ്ങളിലും പ്രദേശങ്ങളിലുമുള്ള ആനന്ദങ്ങളെ നേടാനും ആസ്വദിക്കാനും പ്രാപ്തരാക്കുകയും പുനർജ്ജന്മങ്ങളിലൂടെ എല്ലാ സൃഷ്ടികൾക്കും സമആനന്ദങ്ങളായ മഹാനീതിയെ നൽകുകയുമാണ്.

വിശേഷ ബുദ്ധിയെ ലഭിച്ച് ഭൂമിയുടെ പൊന്നോമന കുഞ്ഞുങ്ങളായി മനുഷ്യാവസ്ഥയിൽ, എത്തുമ്പോൾ സ്ത്രീ പുരുഷൻ, നിറം, സൗന്ദര്യം, മുഖഛായ, ആയുസ്സ്, ആരോഗ്യം, ഉയരം, ബുദ്ധിശക്തി, ഓർമ്മശക്തി, തൊഴിൽ-അഭിരുചി, വിനോദ-അഭിരുചി, ജനന സ്ഥലം തുടങ്ങിയ വ്യത്യസ്തമായ ജന്മഗുണങ്ങളോടെ ഭൂമിയുടെ വിവിധ പ്രദേശങ്ങളിലായിട്ട് ജീവിച്ച് കൂടുതൽ കൂടുതൽ ആനന്ദങ്ങളെ നേടാനും ആസ്വദിക്കാനും കഴിയുന്നതാണ്. അധികമായിട്ട് ദൈവമായ ഭൂമി നൽകുന്നതും മനുഷ്യർക്ക് ലഭിക്കുന്നത് വിശേഷബുദ്ധിയും, അനന്തമായ ആനന്ദങ്ങളും, അനിതര-സാധാരണമായ ജന്മഗുണങ്ങളും, പിന്നെ മോക്ഷവുമാണ്. വിശേഷ ബുദ്ധിയുടെ അനുബന്ധമായിട്ടു നേടാൻ കഴിയുന്നവയായി 'മൂലകങ്ങളിലും സംയുക്തങ്ങളിലും രൂപാന്തരമായ ജീവികളുടെ ശരീരത്തിലെ അവയവങ്ങളിലും ലയിച്ചിരിക്കുന്ന മഹാശാസ്ത്ര പാഠങ്ങളെയും അവയുമായി ബന്ധിച്ചിരിക്കുന്ന അനന്തമായ ശക്തികളെയും ആനന്ദങ്ങളെയുമെല്ലാം ഭൂമി ആവിഷ്ക്കരിച്ചിരിക്കുകയാണ്. പുതിയ പുതിയ ആനന്ദങ്ങളെ മനസ്സിലാക്കാനും അനുഭവിക്കാനും മനുഷ്യർക്കു കഴിയുന്നത് കാലാനുസൃതമായിട്ട് അവയെ ഭൂമി വെളിപ്പെടുത്തുന്നതു കൊണ്ടാണ്. സ്വത്വം പോലും സ്വന്തമായിട്ടില്ലാത്ത ശവരും സൃഷ്ടികളുമായ ആത്മാക്കളെ സൂക്ഷ്മ- പ്രകാശമായി സൂര്യനിൽ സൃഷ്ടിച്ച് ഭൂമിയിൽ വച്ച് മനുഷ്യാവസ്ഥയിൽ പ്രകാശ-നക്ഷത്ര-ദേവതയായി മോക്ഷവും ശക്തികളും നൽകുംവരെ ഗൂഢമാക്കിയത് ആവശ്യവുമാണ്!

ആദിയും അന്തവും ഇല്ലാത്തതും, ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതും, നിർവ്വചനങ്ങൾക്ക് അതീതമായ 'ബ്രഹ്മം' എന്നതായ മഹാനാമത്തെ പ്രഥമമായി സ്വീകരിച്ചിട്ടുള്ളതുമായ മഹാസത്യം; സർവ്വം ഭദ്രപ്പെടുത്താൻ കഴിവുള്ള 'ഭദ്രകാളി' എന്ന മഹാനാമവും 'ശിവ' എന്ന ലളിതനാമവും സ്വീകരിച്ചു കൊണ്ടും; മഹാശക്തിയായ ഭദ്രകാളിയുടെ ഇഷ്ടപ്രകാരം ജീവമായും നിർജ്ജീവമായും പ്രവർത്തിക്കുന്ന ശിവനെ സ്വന്തം ഭാഗവും, ഏകദാസനും, ഭർത്താവും, പരമാത്മാവും, മഹാദേവനുമാക്കിയ ശേഷവുമാണ്, 'ശിവയും ഭാഗമായ ശിവനും' ചേർന്ന പരബ്രഹ്മമായ പ്രപഞ്ചമായും, പ്രപഞ്ചഭാഗമായ ആകാശവും ഭൂമിയും ചന്ദ്രനും സൂര്യനുമായിട്ട് അവതരിച്ചിരിക്കുന്നത്. ആവക മഹാകാര്യങ്ങളെ ഈ ദിവ്യമഹാവേദഗ്രന്ഥത്തിൽ പിന്നീട് വിശദീകരിക്കുന്നുണ്ട്.

ആകാശവും ഭൂമിയുമായ പ്രപഞ്ച-ഭാഗമായിട്ട് മഹാസത്യവും മഹാശക്തിയുമായ ബ്രഹ്മം അവതരിച്ചതിന്റെ ആദ്യ നടപടി; ശക്തി ശിവൻ പ്രണയമന്ത്രം, ശബ്ദബ്രഹ്മം, അക്ഷരബ്രഹ്മം, സൃഷ്ടി മന്ത്രം, ആദിവചനം, സംഹാര കാഹളം, മഹാശാസ്ത്രമൂലം, ഭൂമി ഗാനം, ദൈവ വിപ്ലവ ഗാനം, മഹാസംഗീതം, ഏകമഹാശബ്ദം, (ആറ്റങ്ങളിലെ) മഹാസൂക്ഷ്മശബ്ദം, മഹാഭദ്രകാളിയുടെ മഹാചിരി, തുടങ്ങിയ രൂപരഹിതമായ മഹാശബ്ദമായിട്ട് അവതരിച്ചതാണ്. സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ദൈവം, ശബ്ദബ്രഹ്മമായി ക്കൂടി അവതരിച്ചു കൊണ്ട്, സൃഷ്ടികളായ ആത്മാക്കൾക്ക് പ്രകാശരൂപവും അനുബന്ധമായ നിറങ്ങളും നൽകിയിരിക്കുന്നു. ഹീലിയം ആറ്റത്തിലെ 2 ന്യൂട്രോണുകളായ ആത്മാവിന്റെ 2 പകുതികളിൽ ഒന്നായ സ്വത്വത്തിന് ലഭ്യമാക്കുന്ന ശരീരത്തിലെ അവയവങ്ങളുടെ പുറത്തും അകത്തുമുള്ള ചർമ്മത്തിൽ ശരീരത്തിലെ എല്ലാ ആറ്റങ്ങളിലെയും ന്യൂട്രോൺ ചങ്ങല വഴി വേദനകൾ ഉൾപ്പെടെയുള്ള ആനന്ദങ്ങളെ നൽകുന്ന മഹാസംവിധാനമുണ്ട്. എല്ലാ ആത്മാക്കളും ഭൂമിയുടെ ബന്ധനത്തിലാണ്. പിന്നീട് വിവരിക്കുന്നുണ്ട്.

ഭൂമിയുടെ അംശമായ ശരീരം അഥവാ സ്വത്വമായ ഓക്സിജൻ നിശ്ചയിക്കുന്നതു പോലെ ഭ്രൂണമായി ജനിക്കുകയും വളരുകയും ജീവിക്കുകയും, ശരീരം (ഓക്സിജൻ) പുറത്താക്കുമ്പോൾ തജ്ജന്മത്തിൽ മരിപ്പിക്കുന്നതും, മൃതശരീരം മണ്ണിലടിയുന്നതും മറ്റുള്ള ജീവികളെ പ്പോലെ തന്നെ മാത്രമാണ്. വിശേഷ ബുദ്ധിയെ കൊണ്ട് ഭൂമിയിൽ ലയിച്ചിരിക്കുന്ന അനന്തമായ ആനന്ദങ്ങളെയും ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയും സൗന്ദര്യത്തെയും കാലത്തെയും ശരണത്തെയുമെല്ലാം അറിയാനും നേടാനും ആസ്വദിക്കാനും മനുഷ്യർക്ക് കഴിയുന്നതാണ്. ഭൂമിയിലെയും പ്രപഞ്ചത്തിലെ തന്നെയും സർവ്വവും പ്രവർത്തിക്കുന്നത് ഭൂമിയിൽ ലയിച്ചിരിക്കുന്ന ശക്തികളും ശാസ്ത്രങ്ങളുമെല്ലാം പ്രകാരം മാത്രമാണെന്ന് ലളിതമായി മനസ്സിലാക്കാൻ കഴിയും...

സൃഷ്ടിയുടെ ഉദ്ദേശം സ്ഥിതിയാണ്. സൃഷ്ടിക്കുന്നത് നിലനിർത്താനാണ്. മരിക്കാനും മരിപ്പിക്കാനും സംഹരിക്കാനുമാണെങ്കിൽ സൃഷ്ടികളായ ജീവികളെയും അവയുടെ സ്വത്വങ്ങളായ ആത്മാക്കളെയും സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യേണ്ടതില്ല. ജീവിവർഗ്ഗം സ്ത്രീപുരുഷൻ നിറം സൗന്ദര്യം മുഖഛായ ആയുസ്സ് ആരോഗ്യം ബുദ്ധിശക്തി ഓർമ്മശക്തി തൊഴിൽ-അഭിരുചി വിനോദ-അഭിരുചി ജനനസ്ഥലം തുടങ്ങിയ ജന്മഗുണങ്ങളെ ആത്മാക്കൾക്കു ലഭ്യമാക്കുന്ന ശരീരാവയവങ്ങളിലൂടെയും, മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ എന്നീ ഓരോ അവസ്ഥകളിലുമുള്ള 100 ജന്മങ്ങളിലൂടെയും മഹാനീതിശാസ്ത്രമായ ഓംകാരനീതിശാസ്ത്രം പ്രകാരം വ്യത്യാസപ്പെടുത്തി ഭൂമി നടപ്പാക്കുമ്പോൾ ഓരോ ജന്മത്തിലും ശരീരത്തിൽ നിന്നും ആത്മാവിനെ പുറത്താക്കുന്ന ഒരു തജ്ജന്മനീതി സംവിധാനം മാത്രമാണ് മരണം. ഭൂമിയിൽ നിന്നും ലഭിക്കുന്നതും ഭൂമി നൽകുന്നതുമായ അനന്തമായ ആനന്ദങ്ങളെയും ശക്തികളെയും ശാസ്ത്രങ്ങളെയുമെല്ലാം അനുഭവിച്ചു തന്നെ അറിയുവാനും, ശേഷം നക്ഷത്ര മോക്ഷത്തിൽ അനന്തമായി ആസ്വദിക്കാനും സ്വന്തം ഇഷ്ടം പോലെ വീണ്ടും ഭൂമിയിൽ വരാനും ഭൂമിയുടെ ഇഷ്ടമായ ഓംകാര നീതിശാസ്ത്രം പ്രകാരം സമൂഹ ജീവിതം ആസ്വദിക്കാനുമെല്ലാം മഹാപദ്ധതികളെ ഭൂമി ആവിഷ്ക്കരിച്ചിരിക്കുകയാണ്.

ഭൂമിയുടെ അംശമായ മൂലകങ്ങളിലും സംയുക്തങ്ങളിലും അവയെ കൊണ്ട് ഭൂമി സൃഷ്ടിച്ചു നൽകുന്ന മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ എന്നീ ജീവി-വർഗ്ഗങ്ങളുടെ ശരീരത്തിലെ അവയവങ്ങളിലും ഭാഗങ്ങളിലുമുള്ള മണവും രുചിയും ഗുണങ്ങളുമായ ആനന്ദങ്ങളും ശക്തികളും ശാസ്ത്രങ്ങളും സൗന്ദര്യവും സ്വാതന്ത്ര്യവും കാലവും ശരണവുമെല്ലാം സൃഷ്ടിക്കുന്നത് സൃഷ്ടികളുടെ സ്വത്വങ്ങളല്ലെന്നതിൽ നിന്ന് സൃഷ്ടികൾക്ക് കൂടുതൽ ആനന്ദങ്ങളെ നൽകുന്നവയും ആനന്ദിച്ചു ജീവിക്കാൻ ആവശ്യമായവയുമായി ആദിയും അന്തവും ഇല്ലാത്ത മഹാസത്യവും മഹാശക്തിയുമായ ഭൂമി അവതരിച്ചു കൊണ്ടിരിക്കുന്നു എന്ന് തെളിയുന്നുണ്ട്.

ഉദ്ദേശങ്ങളെയും കടമകളെയും മനസ്സിലാക്കാതെ, അല്പായുസ്സുകളായ മനുഷ്യർ മഹാനീതിയും മഹാനീതിപതിയും കൂടിയായ ഭൂമിയുടെ കാര്യങ്ങളിൽ ഇടപെടാൻ ശ്രമിക്കുന്നതും, കഴിയുമെന്നു കരുതുന്നതും, അവിവേകം മാത്രമാണ്.

വളർത്തു മൃഗങ്ങളായും അല്ലാതെയും പട്ടികൾ കുരച്ചും കടിപിടി കൂടിയും മനുഷ്യരുമായി ഇടപഴകി ജീവിക്കുന്നതിന്റെ പ്രധാന കാരണം മനുഷ്യാവസ്ഥയിൽ സംഭവിച്ച കടുത്ത അപരാധങ്ങളുടെ അടിസ്ഥാനത്തിൽ ലഭിക്കുന്ന ജന്തുശിക്ഷാജന്മം ആയതുകൊണ്ടാണ്.

മനുഷ്യസമൂഹത്തിലെ സമാധാനവും സന്തോഷവും നഷ്ടപ്പെടുത്തിയ കൊടുംപാപികൾക്ക് പശുവും പശുപതിയും ഒഴികെയുള്ള വളർത്തു മൃഗങ്ങളും പക്ഷികളുമായി ശിക്ഷാജന്മങ്ങളെ ഓംകാരനീതിശാസ്ത്രം പ്രകാരം ഭൂമി മഹാവാത്സല്ല്യത്തോടെ സമ്മാനിക്കുന്നതാണ്. എല്ലാ നായ്ക്കളും മനുഷ്യരുടെ ശിക്ഷാപരമായ പുനർജ്ജന്മങ്ങളാണെന്നോ, മറ്റുള്ള ജീവികളെ തരംതാണവരായോ കാണരുത്. മത്സ്യം സസ്യം പക്ഷി മൃഗം എന്നീ അവസ്ഥകളിൽ 100 വീതം ജന്മങ്ങളെ ജീവിച്ച ശേഷമാണ് ഭൂമിയുടെ പൊന്നോമന കുഞ്ഞുങ്ങളായ മനുഷ്യരായിട്ട് ആത്മാക്കൾക്ക് വിശേഷ ബുദ്ധിയോടെ നക്ഷത്രദേവതയായ മോക്ഷം നേടാൻ കഴിയുന്ന പദവി ഉയർച്ചയും വർദ്ധിച്ച ആനന്ദങ്ങളും അവയെല്ലാം നേടാനുള്ള ഉപാധികളായ ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും സൗന്ദര്യവും കാലവും ശരണവുമെല്ലാം (ഭൂമി) മഹാവാത്സല്ല്യത്തോടെ നൽകുന്നത്. മത്സ്യമായി ജീവി-ജീവിതം ആരംഭിക്കുന്ന എല്ലാ സൃഷ്ടികൾക്കും സമആനന്ദങ്ങളാകുന്ന മഹാനീതിയെ മനുഷ്യാവസ്ഥയിലെ 100 ജന്മങ്ങളുടെ അവസാനമായി ഭൂമി സമ്മാനിക്കുന്നത് നക്ഷത്രദേവതയായി ഉയർത്തിക്കൊണ്ടാണ്. വിശേഷ ബുദ്ധിയെ നൽകിയിട്ടില്ലാത്ത മത്സ്യ-സസ്യ ജന്മങ്ങളിൽ വേദനകൾ ഇല്ലെന്നത് മഹാവാത്സല്ല്യവും ജഗദംബയും ഏകദൈവവുമായ ഭൂമിയുടെ മഹാനീതിയെ എടുത്തു കാട്ടുന്നുണ്ട്. മത്സ്യങ്ങൾക്കും സസ്യങ്ങൾക്കും വേദനകളെ ഒഴിവാക്കിയതിനെ ഈ ദിവ്യമഹാവേദഗ്രന്ഥത്തിൽ ശാസ്ത്ര പരമായി തെളിയിച്ചിട്ടുണ്ട്. പക്ഷികളായി ജീവിക്കുമ്പോൾ വേദനകളെ മിതമാക്കിയും, മൃഗം പക്ഷി എന്നീ അവസ്ഥകളിൽ മിതമായ വേദനകളോടൊപ്പം മനുഷ്യാവസ്ഥയിൽ വെച്ച് ജന്തുശിക്ഷാജന്മം നേടുന്നവരെ ഉൾപ്പെടുത്തിയും, ആനന്ദങ്ങളെ ഭൂമി ക്രമീകരിച്ചിട്ടുണ്ട്. ജീവിതത്തിൽ പരക്കെ ഗൗരവമുള്ളതും എല്ലാ ജീവികളെയും ഭാവിയിലെ മോക്ഷത്തെയും ബന്ധപ്പെട്ടവ ആകയാൽ വേദനകളെ സംബന്ധിച്ച പാഠങ്ങളെ ഏറ്റവും ശ്രദ്ധയോടെ പഠിക്കാനും മനസ്സിലാക്കാനും കഴിയട്ടെ!

ഭൂമിയുടെ കുഞ്ഞുങ്ങൾക്ക് ഭൂമി നൽകുന്ന സ്വാതന്ത്ര്യത്തിലും ജീവിതത്തിലും ഇടപെടുകയും തടസ്സങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ ജീവികൾക്കും അപരാധങ്ങളെ ചെയ്ത വൈദ്യന്മാർക്കും (ഡോക്ടർമാർക്കും), ധർമ്മശാസ്ത്ര വിരുദ്ധമായി ജീവിക്കുന്ന തീവ്രവാദികൾക്കും മറ്റും ഉറപ്പായിട്ട് ജന്തുശിക്ഷയായി നായ്ജന്മം ലഭിച്ച് മനുഷ്യാവസ്ഥയുടെ തുടർച്ചയായി കുരയ്ക്കാനും കടിപിടി കൂടാനും അവസരം നൽകുകയും, മനുഷ്യാവസ്ഥയിൽ വച്ച് ചെയ്ത അപരാധങ്ങളെ ഓർമ്മിപ്പിച്ചു കൊണ്ട് പശ്ചാത്തപിക്കാനുമുള്ള വഴിയൊരുക്കുന്നുണ്ട്. മനുഷ്യരായി ജീവിച്ചപ്പോൾ ചെയ്തു കൂട്ടിയ അപരാധങ്ങളെ തിരുത്താനും പ്രായശ്ചിത്തം ചെയ്യാനും വീണ്ടുവിചാരം കൊണ്ട് കഴിയുമായിരുന്നതിനെ അവഗണിച്ചവരെ ഭൂമി മഹാവാത്സല്ല്യത്തോടെ തിരുത്തുക തന്നെയാണു ചെയ്യുന്നത്. ഭൂമിയായി അവതരിച്ചിരിക്കുന്ന ദൈവം മഹാവാത്സല്ല്യത്തോടെ സൃഷ്ടിക്കുകയും, ഭൂമിയിൽ ലയിച്ചിരിക്കുന്ന ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരം മാത്രം പരിപാലിക്കുകയും ചെയ്യുന്ന ഭൂമിയുടെ കുഞ്ഞുങ്ങളെ ദാസരാക്കാനും ഭൂമി നൽകുന്ന സ്വാതന്ത്ര്യത്തിലും ജീവിതത്തിലും ഇടപെടാനും മറ്റ് സൃഷ്ടികൾക്കോ, ഭൂമിയിൽ ജീവിക്കുന്ന ആദ്യ മഹാകാലചക്രത്തിലെ ദേവതൾക്കോ അവകാശവും അധികാരവും ഇല്ല. ഉണ്ടെന്ന് ഭൂമിയിൽ ലയിച്ചിരിക്കുന്ന ശാസ്ത്രങ്ങൾ പ്രകാരം തെളിയിക്കാൻ കഴിയുന്നില്ലെങ്കിൽ വിശേഷ ബുദ്ധി കൊണ്ട് പാപവും ശിക്ഷയും ഉറപ്പിക്കാം.

ദൈവമായ ഭൂമി, സ്വത്വമോ ശക്തികളോ ഉൾപ്പെടെ യാതൊന്നും സ്വന്തമായിട്ട് ഇല്ലാത്ത സൃഷ്ടികളായ ആത്മാക്കളെ കുഞ്ഞുങ്ങളായിട്ട് എക്കാലവും കരുതുന്നതു കൊണ്ടു കൂടിയാണ് മഹാവാത്സല്ല്യത്തെ നൽകുന്നത്. അഥവാ എന്തും മഹാവാത്സല്ല്യത്തോടെ നൽകുന്നത്. ദൈവം സ്വയം രണ്ടായി വിഭജിച്ച് ഏകദൈവമായ ശിവയും, ഭാഗമായ ശിവനുമായിരിക്കുമ്പോൾ; ശിവൻ മാത്രമാണ് ശിവയുടെ ഏകദാസൻ. ശിവയുടെ ഇഷ്ടംപോലെ അഥവാ മഹാനീതിശാസ്ത്രമായ ഓംകാരനീതിശാസ്ത്രം പ്രകാരം, ജീവമായും നിർജ്ജീവമായും പ്രവർത്തിക്കുന്ന ശവനായ ശിവന്റെ മാത്രം അംശങ്ങളായിട്ടാണ് ശവരായ ആത്മാക്കളെ ഏകമഹാശക്തിയായ ശിവ സൃഷ്ടിച്ചിരിക്കുന്നത്. ശിവയുടെ ഭാഗവും ദാസനുമായ ശിവനുമായിട്ട് കരാറോടെ രണ്ടാവാതെ രണ്ടായി ക്കൊണ്ടും, അന്യോന്യം ഭാര്യാഭർത്താക്കന്മാരായ ദാസരായി ക്കൊണ്ടുമെല്ലാം, ദൈവഭാഗങ്ങളായ ശിവയും ശിവനും പ്രപഞ്ച-ഭാഗമായിട്ട് അവതരിച്ചിരിക്കുന്നത് ദൈവകാര്യമാണ്; സൃഷ്ടികൾക്കു വേണ്ടിയുമാണ്. മഹാമാതാപിതാക്കളായ അവർക്ക് സൃഷ്ടികൾ കുഞ്ഞുങ്ങളാണ്; ദാസരായി കാണാനും കഴിയില്ല. സൃഷ്ടികൾക്ക് ജീവിക്കാൻ ആവശ്യമായ സർവ്വവും എക്കാലവും സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ദൈവം ഭൂമിയായി അവതരിച്ചു കൊണ്ടും സർവ്വവും ഭൂമിയിൽ ലയിപ്പിച്ചു കൊണ്ടും നേരിട്ടു തന്നെ നൽകുന്നതിൽ നിന്ന് ദൈവത്തിന് സൃഷ്ടികളിൽ നിന്ന് ദാസരെയും പ്രവാചകരെയും മറ്റു സഹായികളെയും ആവശ്യമില്ലെന്ന് സുവ്യക്തമായി തെളിയുന്നുമുണ്ട്. അതേസമയം 1000 കോടി വർഷങ്ങൾ നീണ്ടതായ ആദ്യത്തെ മഹാകാല ചക്രത്തിൽ, മനുഷ്യരിൽ നിന്നും ദേവതകളായിട്ട് പദവി ക്കയറ്റം നേടിയ കുറെപ്പേരെ ദേവതകളായി നിയമിച്ചിരുന്നു; ചെയ്തത് സൃഷ്ടികൾക്കു വേണ്ടിയായിരുന്നു. ദൈവത്തിന്റെ മഹാനീതിശാസ്ത്രമായ ഓംകാരനീതിശാസ്ത്രം മഹാവാത്സല്ല്യമാണെന്ന് സൃഷ്ടികളെ ബോദ്ധ്യപ്പെടുത്താനും ഓംകാരനീതിശാസ്ത്രത്തിലെ ചില ശിക്ഷിച്ചു തിരുത്തുന്ന പാഠങ്ങളെ പൊന്നോമന കുഞ്ഞുങ്ങളായ മനുഷ്യർ ഭയക്കാതിരിക്കാനുമായിട്ട് ആയിരം കോടി വർഷങ്ങൾ നീണ്ടതായ ആദ്യത്തെ മഹാകാല ചക്രത്തിൽ ശിവ ഭദ്ര-കാളിയായ ഗോമാതാവും, ശിവൻ പശു-പതിയായ കാളയുമായി സൃഷ്ടികൾക്ക് മഹാദാസ്യ സേവനം ചെയ്തു. മായാശക്തികളെ ലഭിച്ചവരായ ദേവതകൾ കാലക്രമേണ ധർമ്മശാസ്ത്രത്തിൽ നിന്നും അകന്നു. അവരിൽ ചിലർ ദൈവത്തെ ത്തന്നെ അട്ടിമറിച്ച് ദൈവമാകാനായി ഏറ്റവും നീചമായ പ്രവൃത്തികളെ ചെയ്ത ചരിത്രം അടുത്തകാലം വരെ ഉണ്ടായിരുന്നു. പിശാചുക്കളുടെ രാജാവെന്നോണം അധഃപതിക്കുകയും വളരെയധികം തെറ്റുകളും കുറ്റങ്ങളും ചെയ്യുകയും, അത്യധികം പൈശാചികമായ ഒരു കരാർ ഇടക്കാലത്ത് തട്ടിക്കൂട്ടുകയും ചെയ്തയാൾ ഉൾപ്പെടെ അനേകം ദേവതകൾ മനുഷ്യരായി പുനർജ്ജനിച്ചു ജീവിക്കുന്നുണ്ട്. ഇന്ത്യയെ പ്പോലെയുള്ള പ്രദേശങ്ങളിലെ വിശേഷ ബുദ്ധി ഉപയോഗിക്കാത്ത മനുഷ്യർ, ഒരു പ്രധാന ദൈവമായി കരുതുന്ന അതിനീചന് മഹാദേവിയുടെ മഹാദർശനം ലഭിക്കുകയും, മഹാഅനുഗ്രഹത്താൽ വീണ്ടുവിചാരം ഉണ്ടാവുകയും, ഇപ്പോൾ പശ്ചാത്തപിച്ചു കൊണ്ട് ജീവിക്കുകയുമാണ്. അയാളെക്കാൾ അപരാധം ചെയ്തവർ ഇന്ത്യയിലെ ഭരണകൂടങ്ങളിൽ പ്രധാനികളും അല്ലാതെയുമുണ്ട്. ഗ്രന്ഥകാരന്റെ മകൻ ഉൾപ്പെടെ സാധാരണക്കാരായി ജീവിക്കുന്ന അനേകർക്ക് വലിയ മുജ്ജന്മ പാപപ്പട്ടിക ഉണ്ട്. ശിവയുടെ അനുഗ്രഹത്താൽ അനേകരെ ഗ്രന്ഥകാരന് അറിയാമെങ്കിലും, തെളിയിക്കാൻ തൽക്കാലം ശക്തിയില്ല; വേദനിപ്പിക്കാനും പാടില്ല!

# ॐ ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

**ഓം** മുഴങ്ങുന്ന ദൈവ വിപ്ലവത്തോടെ ഉടനെ സത്യയുഗം ആരംഭിക്കുന്നതാണ്. കഴിഞ്ഞു പോയ ജന്മങ്ങളുടെ എണ്ണവും, തജ്ജന്മത്തിലെ ജന്മഗുണങ്ങളും പ്രകാരം വ്യക്തികൾ തമ്മിലുള്ള ശാരീരികവും മാനസികവുമായ ഏറ്റക്കുറച്ചിലുകളുടെ പേരിലും, തെറ്റുകളുടെയും കുറ്റങ്ങളുടെയും കുറവുകളുടെയും പേരിലും മറ്റും ദുർവ്യാഖ്യാനങ്ങളും ശകാരവും ആക്ഷേപവും കുറ്റപ്പെടുത്തലുകളും ശിക്ഷകളും നടത്തുന്നതിൽ നിന്നും മനുഷ്യർ വിട്ടുനിൽക്കുന്നത് വളരെയധികം നന്നായിരിക്കും. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, വ്യക്തിക്ക് ഭാഗികമായ അവകാശവും അധികാരവും ലഭിച്ചിരിക്കുന്നത് സ്വന്തം സ്വത്വത്തിലും, തജ്ജന്മത്തിലെ ശരീരത്തിലും മാത്രമാണ്. മഹാജഗദംബയായ ദൈവത്തിന്, ഏറ്റവും മോശപ്പെട്ട കുഞ്ഞുങ്ങളെയും മഹാവാത്സല്ല്യത്തോടെ തിരുത്തുകയും ശുദ്ധരാക്കുകയും വേണം. പുനർജ്ജന്മങ്ങൾ അതിനു വേണ്ടി ക്കൂടിയാണ്. വഴിതെറ്റിയ കുഞ്ഞുങ്ങളെ ഉപേക്ഷിക്കാൻ ദൈവത്തിനു കഴിയില്ല. അവർക്ക് ശുദ്ധരാവാനും ആശ്രയിക്കാനും ശരണം കൊടുക്കാനും മാർഗ്ഗം വേണം. തജ്ജന്മത്തിലെ മെച്ചപ്പെട്ട ജീവിത സൗകര്യങ്ങളും ആനന്ദങ്ങളും ശക്തികളും ബുദ്ധിശക്തിയും വച്ച് ദൈവത്തിന്റെ മറ്റു കുഞ്ഞുങ്ങളെ അവമതിക്കുന്നത് വളരെ വർദ്ധിച്ചിരിക്കുന്നു.. സ്വന്തം മുജ്ജന്മങ്ങളും പാപങ്ങളും അറിഞ്ഞാൽ ആത്മഹത്യ ചെയ്ത് ഭൂമിയിൽ നിന്നും രക്ഷപ്പെടാൻ അനേകർ വെമ്പിയെന്നു വരും! തീർച്ചയാണ്! ശരീരം ഉപേക്ഷിക്കാൻ ആഗ്രഹിക്കുന്ന ജീവിയെ തടയാൻ ശരീരവും മൂലമായ ഭൂമിയും എപ്പോഴും തയ്യാറായെന്നു വരില്ല. അതേസമയം മുമ്പ് വ്യക്തമാക്കിയതു പോലെ ആത്മഹത്യയിലൂടെയും മറ്റും ശരീരം നഷ്ടപ്പെട്ട/ ശരീരമില്ലാത്ത ആത്മാക്കൾക്ക് ആത്മഹത്യ ചെയ്യാൻ കഴിയില്ല. ആത്മഹത്യാപാപം കൂടി ചേർത്ത് കൂടുതൽ ശോചനീയമായ അവസ്ഥകളിൽ ഭൂമി പുനർജ്ജനിപ്പിച്ചെന്നു വരാം!

പരബ്രഹ്മമായ പ്രപഞ്ചത്തിന്റെയും ശാസ്ത്രങ്ങളുടെയും സനാതനമായ ഭാവവും രൂപവും ഭൂമിയുടെ അംശമായ ഭാരത പ്രദേശങ്ങളിലൂടെ സംരക്ഷിക്കേണ്ടത് ആദ്യ മഹാകാല ചക്രത്തിലെ ചരിത്രം സൂക്ഷിക്കാൻ ആവശ്യമായിരുന്നു. ദേവതകളും മനുഷ്യരും അനവധി സൃഷ്ടിചക്രങ്ങളായി അസത്യം, അധർമ്മം, അനീതി, അഹംഭാവം, അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ, ദുരനുഷ്ഠാനങ്ങൾ, തുടങ്ങിയവയുടെ സ്രഷ്ടാക്കളും പ്രചാരകരുമാണ് ! ഉദാഹരണത്തിന്, ഇന്നത്തെ ഭൂമിയിലെ ഏറ്റവും വലിയ മതമായ ക്രിസ്തുമതത്തിലെ ക്രൈസ്റ്റായിട്ട് പരമാത്മാവായ ശിവനെ അയച്ചത് ദൈവമായി ചമഞ്ഞ് ദൈവത്തെ ത്തന്നെ അട്ടിമറിച്ച് ദൈവമാകാനായിട്ട് ഏറ്റവും നീചമായി പരിശ്രമിച്ച ഒരു (ദുർ)ദേവതയായിരുന്നു. അങ്ങനെ എന്തെല്ലാം.. ഈ ദിവ്യമഹാഗ്രന്ഥത്തിൽ ഭാരതത്തിൽ ദൈവങ്ങളായി കരുതി പൂജിക്കുന്നവരും ദുർദ്ദേവതകളായി പരിണമിച്ചവരുമായ ചില ആദ്യകാല ദേവതകളുടെ ഏറ്റവും നീചമായ പിൽക്കാല ചരിത്രം ചേർത്തിട്ടുണ്ട്.

രണ്ടാമത്തെ മഹാകാല ചക്രത്തിലെ ആദ്യത്തെ സൃഷ്ടി ചക്രമായ ഇപ്പോഴത്തെ സൃഷ്ടിചക്രത്തിൽ ഉടനെ സത്യയുഗം ആരംഭിക്കുമ്പോൾ, പശുവും പശുപതിയുമായിട്ട് ആയിരം കോടി വർഷങ്ങൾ നീണ്ട ആദ്യ മഹാകാല ചക്രത്തിൽ സേവനം ചെയ്ത ഏകദൈവമായ ശിവയും ഭാഗമായ ശിവനും മനുഷ്യരൂപത്തിൽ ഭൂമിയുടെ എല്ലാ പ്രദേശങ്ങളിലും സഞ്ചരിച്ച് കുഞ്ഞുങ്ങൾക്ക് മഹാവാത്സല്ല്യം പകരുന്നതാണ്. ഭാരത പ്രദേശങ്ങൾക്ക് മേലിൽ വിശിഷ്ടമായ പദവിയുടെ ആവശ്യമില്ലെന്ന് അറിയുന്നു!!.

ഓംകാരനീതിശാസ്ത്രം പ്രകാരമുള്ള ചില ഉപദേശങ്ങൾ കുറിക്കാം. കുഞ്ഞുങ്ങളായ സൃഷ്ടികൾ പഠിക്കുന്നതും, വിശകലനം ചെയ്ത് ശരിയെന്നു ബോദ്ധ്യമായാൽ മാത്രം അവരവർക്കു വേണ്ടി പാലിക്കുന്നതും നന്നായിരിക്കും. ദൈവത്തിന്റെ ഭാവമായ സത്യ ധർമ്മ നീതികൾ പ്രകാരം പ്രവർത്തിക്കാൻ ഊറ്റമില്ലാത്തവർ ധൃതിപ്പെടേണ്ട. ഉടനെ ഓം മുഴക്കി സത്യയുഗം ആരംഭിക്കുന്നതാണ്. ശാന്തമായി, എല്ലാം ശരിയാകും!

## ഏതാനും സത്യങ്ങളും ഉപദേശങ്ങളും :-

(1). **സർവ്വം പരബ്രഹ്മം.** സൃഷ്ടി ശാസ്ത്രമായ ഭൗതിക ശാസ്ത്രം പ്രകാരം സൃഷ്ടികളിലെ സ്ത്രീ പുരുഷ ബീജങ്ങളുടെയും ഭ്രൂണത്തിന്റെയും സൃഷ്ടിയും വളർച്ചയും ഉൾപ്പെടെ എല്ലാ സൃഷ്ടികളും ചെയ്യുന്നത് മഹാശക്തിയായ ദൈവമാണ്. പരമാത്മാവും ശവനുമായ ശിവന്റെ അംശമാണ് സൃഷ്ടികളായ ആത്മാക്കളെങ്കിലും; സൃഷ്ടിക്കുന്നത് ശിവയാണ്; ശിവനല്ല; ശക്തിയില്ലാത്ത ശിവനും അംശമായ ആത്മാക്കൾക്കും എന്തു ചെയ്യണമെങ്കിലും മഹാശക്തിയും ശിവയുമായ ഭൂമി ശക്തികളെ നൽകണം. സ്രഷ്ടാവായ ഭൂമിയുടെ സ്വന്തമാണ് ശിവനും, ശിവന്റെ അംശമായ ആത്മാക്കളും. അതേസമയം ആത്മാക്കൾക്ക് ദൈവത്തിന്റെ മേൽ യാതൊരു അവകാശവുമില്ല. സർവ്വവും പരബ്രഹ്മം. സ്രഷ്ടാവായ ശിവയും ശിവനും ചേർന്ന ഭൂമിയും; സൃഷ്ടികളായ കുഞ്ഞുങ്ങളും ഉൾപ്പെട്ട പരബ്രഹ്മമായ മഹാകുടുംബം ! മാതാപിതാഗുരു ദൈവം : മനുഷ്യമാതാവിന് പ്രസവിക്കുകയും പരിപാലിക്കുകയും വളരുകയും ചെയ്യുന്ന കുഞ്ഞുങ്ങളുടെ മേൽ ഭാഗികമായ അവകാശവും അധികാരവും ധർമ്മശാസ്ത്ര പ്രകാരം ദൈവത്തിന്റെ അവതാരമായ ഭൂമി നൽകിയിട്ടുണ്ട്. മാതാവിന്റെ സ്വന്തമാണ് കുഞ്ഞുങ്ങളെന്ന് അധികാരത്തോടെ അവകാശപ്പെടാൻ മഹാവാത്സല്ല്യമായ ഭൂമി കനിഞ്ഞിരിക്കുകയാണ്. മാതാവ് പിതാവ് ഗുരു എന്നിവരിലൂടെ അനുക്രമമായിട്ട് മഹാമാതാവും മഹാവാത്സല്ല്യവുമായ ദൈവത്തെയും ദൈവത്തിന്റെ ശാസ്ത്രങ്ങളെയും മനുഷ്യാവസ്ഥയിലെ ആത്മാക്കൾ കണ്ടെത്താനും ഉൾക്കൊണ്ടു ജീവിക്കാനും വിശേഷ ബുദ്ധി നൽകിയിരിക്കുകയാണ്. മാതാ പിതാ ഗുരു എന്നിവരിലൂടെ ദൈവത്തെ അറിയുകയും, ശേഷം ദൈവത്തിന്റെ അവതാരമായ ഭൂമിയിൽനിന്ന് നക്ഷത്രദേവതയായി മോക്ഷം നേടാനും, രണ്ടാമത്തെ മഹാകാല ചക്രത്തിൽ ഉടനെ ആരംഭിക്കുന്ന സത്യയുഗത്തോടെ പരമാനന്ദകരമായി മാറുന്ന ജഗത്തിലെ സ്ഥിതി പാത്രമായ ഭൂമിയിൽ വന്ന് സമൂഹ ജീവിതം ആസ്വദിച്ചു കൊണ്ട് ജീവിക്കാനുമെല്ലാം സൃഷ്ടികളായ ആത്മാക്കൾക്കു കഴിയുന്നതാണ്.

(2). **മായാശക്തി.** ശരീരത്തിലെ അവയവങ്ങളിലും ഭൂമിയുടെ അംശമായ എല്ലാ വസ്തുക്കളിലും ലയിച്ചിരിക്കുന്നതായ ആനന്ദങ്ങളെയും ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയും കാലത്തെയും ശരണത്തെയുമെല്ലാം ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് സ്വീകരിക്കാനും അനുഭവിക്കാനും ആസ്വദിക്കാനും ഭാഗികമായി കൈമാറാനുമെല്ലാം കഴിയുമെന്ന് വിശേഷ ബുദ്ധിയെ ലഭിക്കുന്ന മനുഷ്യർക്ക് ഒരുവിധം നന്നായി ത്തന്നെ അറിയാം. ജീവികളുടെ ശരീരങ്ങളുടെയും അവയുടെ മൂലമായ ഭൂമിയുടെയും സ്വത്വവും ഏകദൈവവും മഹാഭദ്രകാളിയുമായ ഓക്സിജൻ'പ്രത്യക്ഷമായി ഭരിക്കുന്നതു കൊണ്ടും സമ-ആനന്ദമായ മഹാനീതിയെ നടപ്പാക്കുന്നതു കൊണ്ടുമാണ് എല്ലാം മംഗളമാകുന്നത്.

സ്വത്വം പോലും സ്വന്തമായിട്ടില്ലാത്ത ആത്മാക്കളെ ഭാഗികമായോ പൂർണമായോ നിയന്ത്രിക്കാനും ഭരിക്കാനും മഹാനീതിയുടെ ഭാഗമായി അവയുടെ തജ്ജന്മത്തിലെ ജീവിതത്തെ അവസാനിപ്പിക്കാനും ശരീരത്തിലൂടെ തന്നെ ജീവികളുടെയെല്ലാം ശരീരങ്ങളുടെയും വസ്തുക്കളുടെയും പ്രദേശങ്ങളുടെയും മൊത്തമായ ഭൂമിയുടെ സ്വത്വമായ ഓക്സിജന് നിസ്സാരമായി കഴിയുന്നതാണ്. (ദൈവത്തിന്റെ) മായാശക്തി കൊണ്ട് എന്തുചെയ്താലും മായാശക്തിക്ക് യാതൊരു കുറവും ഉണ്ടാകുന്നതല്ല. നക്ഷത്ര ദേവതയായി മോക്ഷത്തെ സമ്മാനിക്കുന്നത് നക്ഷത്രലോകത്തിൽ മാത്രം ഒതുങ്ങി പ്രവർത്തിപ്പിക്കുന്ന മായാശക്തിയോടെയാണ്. മോക്ഷം നേടുന്ന കാലത്ത് മായാശക്തിയെ ഉപയോഗിച്ചും ആസ്വദിച്ചും മനസ്സിലാക്കാം. മുമ്പ് ദേവതകൾക്കും തപസ്സനുഷ്ഠിച്ച ഋഷിമാർക്കും മറ്റും വരങ്ങൾ എന്ന പേരിൽ ചില മായാശക്തികളെ നൽകിയിരുന്നു. തപസ്സ്, യജ്ഞം, യാഗം, മന്ത്രോച്ചാരണം തുടങ്ങിയവ അധമമാണ്; രണ്ടാമത്തെ മഹാകാലചക്രത്തിൽ, ഉടനെ സത്യയുഗം ആരംഭിക്കുന്നതു മുതൽ അനുവദിക്കുന്നതല്ല. (ഓക്സിജൻ O3 ആയ ഓസോണാണ് ഓംകാര നാഗബന്ധനം ഭൗതികമായി നിർവ്വഹിക്കുന്നത്. കൂടുതലായി പിന്നീട് വെളിപ്പെടുത്തുന്നതാണ്.)

**(3). ഭൂമിയെ സ്നേഹിക്കാനും ദ്രോഹിക്കാനും യാതൊന്നും സൃഷ്ടികൾക്കു കഴിയില്ല.**
ഭൂമിയെ സ്നേഹിക്കാനും ദ്രോഹിക്കാനും മറ്റും സൃഷ്ടികൾക്കു കഴിയണമെങ്കിൽ അതിനുള്ള മനോഭാവത്തെയും ശക്തികളെയും ഭൂമി തന്നെ നൽകണം. എന്നുവെച്ചാൽ അവയെ ഭൂമിയുടെ ആനന്ദങ്ങളായിട്ട് ഭൂമി നിശ്ചയിക്കുകയും സ്വീകരിക്കുകയും വേണം. സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്നതിനു വേണ്ടി ഭൂമി നിശ്ചയിച്ചിരിക്കുന്ന ആനന്ദങ്ങൾ സൃഷ്ടികളോടുള്ള മഹാവാത്സല്യവും മഹാദാസ്യവും മാത്രമാണ്. മനുഷ്യാവസ്ഥയിലെ 100 ജന്മങ്ങളെ ഓരോ ആത്മാവും പൂർത്തിയാക്കുന്നതോടെ ഓരോ ആത്മാവിനും നൽകുന്ന മഹാദാസ്യം ഉൾപ്പെടുന്ന മഹാവാത്സല്യം പൂർണ്ണമാവുന്നതും, മോക്ഷത്തെ അനുഗ്രഹിച്ചു നൽകുന്നതും, ആത്മാവിന്റെ കാര്യത്തിൽ ആനന്ദങ്ങൾക്കെല്ലാം അതീതമായി ദൈവം നിലകൊള്ളുന്നതുമാണ്.

സൃഷ്ടികൾക്ക് ജീവിക്കാൻ ആവശ്യമായ അനന്തമായ ആനന്ദങ്ങളും ഉപാധികളായ ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും കാലവും ശരണവും മഹാനീതിയുമെല്ലാം നേരിട്ടു നൽകുന്ന ജീവിയല്ലാത്ത മഹാജീവിയായ ഭൂമിയായിട്ട് ദൈവം പ്രത്യക്ഷമായി അവതരിച്ചിരിക്കുകയാണ്. മണ്ണെന്നും ചുരുക്കിപ്പറയാം. മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ തുടങ്ങിയ എല്ലാ ജീവികളുടെയും ശരീരങ്ങൾ മണ്ണിൽ ലയിക്കുന്നതും പുതിയ ശരീരങ്ങളായി മാറുന്നതും മനസ്സിലാക്കാൻ മനുഷ്യരുടെ കൃഷികൾ തന്നെ സാക്ഷ്യമാണ്. ഭൂമിയുടെ മഹാജ്ഞാനമായ ശാസ്ത്ര നിയമങ്ങൾ പ്രകാരം ഭൂമിയിൽ കൃഷി ചെയ്യുന്നത് നിലവിലുള്ള സൃഷ്ടികൾക്കും പുനർസൃഷ്ടിയായ പുതിയ തലമുറകൾക്കും അനന്തമായ ആനന്ദങ്ങളെ മനുഷ്യർ നേടുന്നതിനും, ഭൂമി നൽകുന്നതിനും വേണ്ടിയാണ്. കല്ലും പാറയും മണലും ചെളിയും വിഷങ്ങളും ലഹരികളും വെയിലും മഞ്ഞും അഗ്നിപർവ്വതവും കാറ്റും ഇരുമ്പും ചെമ്പും കരിയും സ്വർണ്ണവും ജീവികളുടെ ശരീരത്തിലെ അവയവങ്ങളും ഭാഗങ്ങളുമായ എല്ലും തോലും പല്ലും മാംസവും കരളും ഹൃദയവും ശ്വാസകോശവും ഭക്ഷണങ്ങളും ഉമിനീരും ഛർദ്ദിയും പഴുപ്പും മൂത്രവും മലവുമെല്ലാമായ അനന്തമായ വസ്തുക്കളും; മഹാനീതിയുടെ ഭാഗമായ രോഗങ്ങളും മരുന്നുകളും രോഗമുക്തിയുമെല്ലാം മണ്ണിൽ ലയിച്ചും ചിതറിയും പലപല രൂപങ്ങളോടെ ഭൂമി സൃഷ്ടിച്ചും പുനർസൃഷ്ടിച്ചും പരിപാലിക്കുന്നത് സൃഷ്ടികൾക്കു വേണ്ടിയാണ്.

മണ്ണും ഭൂമിയുമായ ദൈവത്തിന്റെ ആനന്ദങ്ങൾ സൃഷ്ടികളോടുള്ള മഹാവാത്സല്ല്യവും മഹാദാസ്യവും മാത്രമായിരിക്കെ, മണ്ണും ദൈവവും എന്താണെന്ന് വിശേഷ ബുദ്ധിയെ ലഭിച്ചിട്ടു പോലും മനസ്സിലാക്കാൻ ശ്രമിക്കാതെ ആരാധന, സ്നേഹം, രക്ഷ തുടങ്ങിയ പേരുകളിൽ മണ്ണ് നൽകുന്ന ശക്തികളെ ദുരുപയോഗിച്ച് കോപ്രായങ്ങൾ കാട്ടുന്നത് മണ്ണിലെ ശക്തികളും ശാസ്ത്രങ്ങളും പ്രകാരം ശിക്ഷകളെ പിടിച്ചു വാങ്ങലാണ്. ഭൂമി സൃഷ്ടിക്കുകയും രക്ഷിക്കുകയും ചെയ്യുന്നതു കൊണ്ട് ജീവിക്കുന്നവരും സ്വത്വമോ ശക്തികളോ സ്വന്തമായിട്ടില്ലാത്തവരും ഭൂമിയെയും അംശമായ പ്രദേശങ്ങളെയും രക്ഷിക്കുന്നവരായി ഭാവിക്കുന്നത് ഏറ്റവും കടുത്ത ദൈവ നിന്ദകളിൽ ഒന്നാണ്.

ഭൂമിയുടെ അംശ-ശക്തികളായ പ്രദേശങ്ങളും, വസ്തുക്കളും, രൂപാന്തരമായ ജീവികളുടെ ശരീരങ്ങളുമെല്ലാം വേദനകൾ ഉൾപ്പെടെയുള്ള ആനന്ദങ്ങൾക്കെല്ലാം അതീതമാകയാലും, സൃഷ്ടികൾക്ക് ആനന്ദങ്ങളെ നേരിട്ടു നൽകുന്ന ദൈവത്തിന്റെ അവതാരം ആകയാലും സർവ്വത്തിനും അതീതമായ ഭൂമിയെയും അംശമായ ഭൂമിയിലെ പ്രദേശങ്ങളെയും വസ്തുക്കളെയും ജീവികൾക്കു നൽകിയിട്ടുള്ള ശരീരങ്ങളെയും ഉപയോഗിക്കുകയും ആനന്ദിക്കുകയും ചെയ്യാമെന്നല്ലാതെ, സ്നേഹിക്കാനും ദ്രോഹിക്കാനും വിശേഷ ബുദ്ധിയെ ലഭിക്കുന്ന മനുഷ്യർ ഉൾപ്പെടെ ആർക്കും കഴിയില്ല. ദൈവത്തിന്റെ മുഖ്യഅവതാരമായ ഭൂമിയുടെയും ആനന്ദങ്ങൾ സൃഷ്ടികളോടുള്ള 35 അളവുള്ള മഹാവാത്സല്ല്യവും, 30 അളവുള്ള മഹാദാസ്യവും മാത്രമാണ്. സൃഷ്ടികളുടെ പരമാനന്ദത്തെ തന്നെത്താൻ മറക്കുകയും ഇണയെമാത്രം ഓർക്കുകയും ചെയ്യുന്ന 25 അളവുള്ള കാമ-ആനന്ദമായി മഹാശക്തിയും ദൈവവുമായ ഭൂമി നിശ്ചയിച്ചിട്ടുള്ളതും ഒരു കാരണമാണ്. ആനന്ദശാസ്ത്രം ഈ ദിവ്യമഹാവേദഗ്രന്ഥത്തിൽ ലഭ്യമാണ്.

ഭൂമിയുടെ മാത്രം സ്വന്തമായ സൃഷ്ടികളെ ഭരിക്കാനും ശിക്ഷിക്കാനും കൊല്ലാനും മറ്റും സ്വത്വമോ ഭൗതികമായ അസ്തിത്വമോ ശക്തികളോ സ്വന്തമായിട്ടില്ലാത്ത മനുഷ്യർക്ക് കഴിയുമെന്നും അവകാശമുണ്ടെന്നും കരുതുന്നത് വിശേഷ ബുദ്ധിയെ ഉചിതമായി ഉപയോഗിക്കാതിരിക്കലാണ്. പ്രദേശങ്ങളിലും വസ്തുക്കളിലും ശരീരാവയവങ്ങളിലും ലയിച്ചിരിക്കുന്ന ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയുമെല്ലാം ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരം മനുഷ്യർക്ക് അനുവദിച്ചിരിക്കുന്നത് ഭൂമിയുടെ സ്വത്വമായ ഓക്സിജൻ തന്നെയാണ്. ധർമ്മശാസ്ത്ര വിരുദ്ധമായി മനുഷ്യർ പ്രവർത്തിക്കുമ്പോൾ മഹാനീതി നടപ്പാക്കുക എന്നല്ലാതെ മനുഷ്യർക്ക് അനുവദിച്ചിരിക്കുന്ന സ്വാതന്ത്ര്യത്തിൽ (നിരന്തരം) ഇടപെട്ടു കൂടാ.

വിശേഷ ബുദ്ധിയെ ദുരുപയോഗം ചെയ്യുന്ന ജനങ്ങളുടെ ഇടയിൽ ദൈവം നിരന്തരം ഇടപെട്ടാൽ, ദൈവം തന്നെ സർവ്വതും ചെയ്യുന്നതിന് സമമാകും. സൃഷ്ടികൾക്ക് ജീവിക്കാനായിട്ട് ആകാശവും ഭൂമിയും ചന്ദ്രനും സൂര്യനുമായിട്ട് അവതരിച്ച ശേഷം ദൈവത്തിന്റെ ഇഷ്ടമായ ധർമ്മശാസ്ത്ര പ്രകാരം ദൈവം ഇടപെട്ട് ദൈവത്തിനു ജീവിക്കാനായി എന്നാവരുത്. അതേസമയം കുഞ്ഞുങ്ങളെ തജ്ജന്മത്തിൽ തന്നെ രക്ഷിക്കാനായിട്ട് പലപ്പോഴും അസാധാരണമായി ദൈവം ഇടപെടാറുണ്ട് !

മഹാവാത്സല്ല്യത്തെയും മഹാദാസ്യത്തെയും ആനന്ദങ്ങളായി സ്വീകരിച്ചു കൊണ്ട് ഭൂമിയായി അവതരിച്ചിരിക്കുന്ന ദൈവം മഹാവാത്സല്ല്യത്തെയും മഹാദാസ്യത്തെയും ആർക്കാണ് നൽകാൻ നിശ്ചയിച്ചതും നൽകുന്നതും? സൃഷ്ടികൾക്കാണു നൽകുന്നത്!

# ॐ ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

എന്നുവെച്ചാൽ മഹാനീതിശാസ്ത്രമായ ഓംകാരനീതിശാസ്ത്രം പ്രകാരം സ്ത്രീപുരുഷൻ നിറം സൗന്ദര്യം മുഖച്ഛായ ആയുസ്സ് ആരോഗ്യം ഉയരം ബുദ്ധിശക്തി ഓർമ്മശക്തി തൊഴിൽ-അഭിരുചി വിനോദ-അഭിരുചി ജനനസ്ഥലം തുടങ്ങിയ ജന്മഗുണങ്ങളെ വ്യത്യാസപ്പെടുത്തി ഭൂമിയുടെ അംശമായ വിവിധ പ്രദേശങ്ങളിലായിട്ട് ഭൂമി ജനിപ്പിക്കുകയും പുനർജ്ജനിപ്പിക്കുകയും പരിപാലിക്കുകയുമെല്ലാം ചെയ്യുന്ന ഭൂമിയുടെ പൊന്നോമന കുഞ്ഞുങ്ങളായ മനുഷ്യർക്കു തന്നെയാണ് മഹാസത്യവും മഹാശക്തിയുമായ ഭൂമി മഹാവാത്സല്യത്തെ നൽകുന്നത്. വിശേഷ ബുദ്ധിയെ ലഭിച്ചിട്ടും ഉചിതമായി ഉപയോഗിക്കാതെ, മനുഷ്യർ തട്ടിക്കൂട്ടിയ ഭൗതികമായ അസ്തിത്വം ഇല്ലാത്ത ആശയങ്ങളുടെയും കോപ്രായങ്ങളുടെയും ചുവടു പിടിച്ച് ഭൂമിയിലെ മറ്റും പ്രദേശങ്ങളിലായിട്ട് ജീവിക്കുന്ന ഭൂമിയുടെ കുഞ്ഞുങ്ങളോട് യുദ്ധം ചെയ്യാനും കൊല്ലാനുമെല്ലാം പോയാലോ? ഇന്നത്തെ വ്യക്തി വെറുക്കുന്ന പ്രദേശത്ത് നാളെ പുനർജ്ജനിച്ചേക്കാം... അടുത്ത കാലത്ത് മരിച്ച ഉറ്റവർ അവിടങ്ങളിൽ പുനർജ്ജനിച്ചു കൊണ്ട് ജീവിക്കുന്നുണ്ടാവാം. മനുഷ്യർ ഏറ്റവുമധികം വെറുക്കുന്ന വ്യക്തിയെ രണ്ടുപേരുടെയും വളരെ അടുത്ത ഒരു പുനർജ്ജന്മത്തിൽ തന്നെ കൊച്ചുമകനോ കൊച്ചുമകളോ ആയിട്ട് പുനർജ്ജനിപ്പിച്ച് എടുത്തു കൊണ്ട് നടക്കാനും മലമൂത്ര വിസർജ്ജനം നടത്തുന്ന കുഞ്ഞിനെ ശുചിയാക്കിച്ചും അവരുടെ ഇടയിലുള്ള വെറുപ്പിനെ ഭൂമി മാറ്റിമറിക്കുന്നുണ്ട്. ശിക്ഷിച്ചു തിരുത്തുന്നതായി തോന്നുകയുമില്ല!

ഭൂമിയിലെ എല്ലാ തൊഴിലുകളെയും ശുചിത്വം അത്യാവശ്യം ആവശ്യം വിനോദം എന്നിങ്ങനെ നാലായിട്ട് ശാസ്ത്ര പരമായി വിഭജിക്കാൻ കഴിയും. കാലാന്തരത്തിൽ അവ ശോഷിച്ചും ദുഷിച്ചുമാണ് ബ്രാഹ്മണൻ ക്ഷത്രിയൻ വൈശ്യൻ ശൂദ്രൻ എന്നിങ്ങനെ ഇന്ത്യയിൽ ചാതുർവർണ്യം ഉണ്ടായത്. തൊഴിലും പ്രവൃത്തിയും രണ്ടാണ്. വഴിയിൽ വച്ച് കണ്ട അവശന്റെയോ അന്ധന്റെയോ കൈയ്യിൽ പിടിച്ച് വഴിനടത്തിയതും, പട്ടി കടിക്കുന്നതിൽ നിന്ന് കുട്ടിയെ രക്ഷിച്ചതും വ്യക്തിയുടെ തൊഴിൽ അല്ല; യാദൃശ്ചികമായി ചെയ്യുന്നതോ ശീലമാക്കിയതോ ആയ നല്ല പ്രവൃത്തി മാത്രമാണ്. മോഷ്ടിക്കുന്നതും, പിടിച്ചു പറിക്കുന്നതും, ഒരാളിൽ നിന്നും പണം പറ്റിയോ പ്രീണിപ്പിക്കാനോ മറ്റൊരാളെയോ അനേകരെയോ ഒറ്റയ്ക്കോ കൂട്ടംചേർന്നോ മർദ്ദിക്കുന്നതും കൊല്ലുന്നതും തൊഴിൽ അല്ല. ഭൂമിയുടെ മാത്രം സ്വന്തമായ ഭൂമിയുടെ വിവിധ പ്രദേശങ്ങളിലായിട്ട് ജീവിക്കുന്ന ഭൂമിയുടെ കുഞ്ഞുങ്ങളെ അന്യദേശക്കാരെന്നു വിളിക്കാനും ശിക്ഷിക്കാനും കൊല്ലാനുമെല്ലാം ഭൂമിയുടെ മറ്റു കുഞ്ഞുങ്ങൾ സൈനിക സേവനം എന്ന പേരിലും മറ്റും ചെയ്യുന്നത് തൊഴിൽ അല്ല; ഏറ്റവും നീചമായ ഒരു പ്രവൃത്തി മാത്രമാണ്. തീർന്നില്ല; ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാൻ മാത്രമായിട്ട് ജനങ്ങളുടെ ചിലവിൽ ജീവിക്കുന്ന ജനസേവകർ സ്വയമേവയോ മറ്റുള്ളവരാലോ ജനസേവകർ എന്ന് തെറ്റിദ്ധരിച്ചു കൊണ്ട് സൈന്യത്തെ നിയമിക്കുകയും നിയോഗിക്കുകയും ചെയ്യുമ്പോൾ ഭൂമിയിലെ ഏറ്റവും നീചമായ പ്രവൃത്തിയായി മാറുന്നു. ജനസേവകരെയും സൈനികരെയും, നീചമായ പ്രവൃത്തികളെ ശ്രേഷ്ഠമെന്ന് പ്രചരിപ്പിക്കുന്ന മറ്റു നീചരെയും ഓംകാരനീതിശാസ്ത്രം പ്രകാരം ഭൂമി ശിക്ഷിക്കുന്നതാണ്. ഭൂമി നേരിട്ടു നൽകുന്ന വിശേഷ ബുദ്ധിയെ ഉപയോഗിക്കാതെ, ജനസേവകർ എന്ന കള്ളപ്പേരിൽ ജനങ്ങളെ ചൂഷണം ചെയ്തു ജീവിക്കുന്ന പാപികളെ അനുസരിക്കുകയും അവരുടെ അടിമകളായി ജീവിക്കുകയും ചെയ്യുന്ന സൈനികർ തന്നെയാണ് ഏറ്റവും വലിയ പാപികൾ.

വിശേഷ ബുദ്ധിയെ ഉചിതമായി ഉപയോഗിക്കാനും ശാസ്ത്ര പരമല്ലാത്ത മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ ചിന്തകളെ സ്വന്തം കാര്യത്തിൽ തൂത്തെറിയാനും, ആത്മീയ ശാസ്ത്രം ഉൾപ്പെടെയുള്ള ദൈവകാര്യങ്ങളെയും, മണ്ണിൽ ലയിച്ചിരിക്കുന്ന സാമ്പത്തിക ശാസ്ത്രത്തെയും മറ്റും ഭൂമിയിലെ എല്ലാ ജനങ്ങളുടെയും പൊതു വിഷയങ്ങളായി ചർച്ച ചെയ്യിക്കാനും ഇന്ത്യയെ പ്പോലെയുള്ള പ്രദേശങ്ങളിലെ ജനസേവകർക്ക് കൂടുതൽ ബാദ്ധ്യതയുണ്ട്. പ്രദേശങ്ങളിലെ വലിയൊരു വിഭാഗം ജനങ്ങൾക്ക് നന്മകൾ ചെയ്ത്, ഏറ്റവും വലിയ പാപികൾക്ക് മുജ്ജന്മ പാപങ്ങളെ കുറയ്ക്കാനും, അപൂർവ്വമായി കൂടുതൽ പുണ്യം നേടാനും ശേഖരിക്കാനുമുള്ള അവസരമാണ് ജനസേവനം. ജനസേവനം ചെയ്യാൻ കിട്ടുന്ന അവസരങ്ങളെ ഏറ്റവും ശ്രേഷ്ഠമായി ഉപയോഗിക്കണം. പകരം ഭൂമിയുടെ മറ്റു കുഞ്ഞുങ്ങളെ ധർമ്മശാസ്ത്ര വിരുദ്ധമായി ഭരിക്കാനും ദാസരാക്കാനും ശിക്ഷിക്കാനുമെല്ലാം ശ്രമിച്ചാൽ, സേവകർ വളരെ വലിയ പാപികളായി മാറും; തിരുത്താനായിട്ട് ഭൂമിക്ക് ഏറെ കടുത്ത ശിക്ഷകളെ നൽകേണ്ടതായി വരും?

ചില പുരാണങ്ങളിൽ സൈനികസേവനത്തെ പുകഴ്ത്തുന്ന ദേവതകളെ കാണാം. അവർ 1000 കോടി വർഷങ്ങൾ നീണ്ടതായ ആദ്യ മഹാകാല ചക്രത്തിലെ സൃഷ്ടികൾ മനുഷ്യാവസ്ഥയിൽ വച്ച് മോക്ഷം നേടിയപ്പോൾ ദേവതകളായി നിയമിക്കപ്പെട്ടവരും പിൽക്കാലത്ത് ദുഷിച്ച് ദുർദ്ദേവതകളായി അധഃപതിച്ചവരും മാത്രമാണ്.

സൈനികരെയും മറ്റും കൊണ്ട് സല്യൂട്ട് അടിപ്പിക്കുന്ന രാജാവും പ്രധാനമന്ത്രിയും മറ്റു മന്ത്രിമാരുമായ ജനസേവകർക്ക് സല്യൂട്ട് ഇഷ്ടമാണെങ്കിൽ, ദിവസവും അവരുടെ യജമാനരായ ജനങ്ങളെ സന്ദർശിച്ച് സല്യൂട്ട് നൽകി പരിശീലിക്കാം. സൈനികരെയും പോലീസിനെയും കൊണ്ടല്ലാ ചെയ്യേണ്ടത്. അത്തരം കോപ്രായങ്ങൾക്കു വേണ്ടി ജനങ്ങളുടെ പണം പാഴാക്കാനും പാടില്ല. ആയുധ നിർമ്മാണവും അതുപോലെയുള്ള തെമ്മാടിത്തങ്ങളും ഭൂമിയിൽ ഒരിടത്തും അരുത്. വ്യക്തിയെ പരിചയപ്പെടുത്താൻ പഞ്ചായത്ത് നൽകുന്ന സാക്ഷ്യപത്രം മതി; പാസ്പോർട്ട്, വിസ തുടങ്ങിയവ വേണ്ടാ. ഭൂമി, ശക്തി നൽകിയാൽ മാത്രമേ ഏതൊരാൾക്കും വാഹനം ഓടിക്കാൻ കഴിയൂ. സ്വന്തമായി അദ്ധ്വാനിച്ച് വാങ്ങുന്ന സ്വകാര്യ വാഹനങ്ങൾ ഓടിക്കാൻ സേവകരുടെ ലൈസൻസ് വേണ്ട. ഇൻഷ്വറൻസ് സംവിധാനവും പാടില്ല. അപകടങ്ങളുടെ ബാധ്യത ബന്ധപ്പെട്ട വ്യക്തികൾക്കാണ്; ഇൻഷ്വറൻസ് കമ്പനികൾക്കല്ല; അവരും അനേകരും ചെയ്യുന്നത് കൃഷിക്കാരുടെ ഭാരം കൂട്ടുന്ന ഹീനമായ പ്രവൃത്തികളാണ്; തൊഴിലല്ല. മുഖം ഒട്ടും തന്നെ മറയ്ക്കാത്ത ഹെൽമെറ്റ്, മാസ്ക് തുടങ്ങിയവ ഉപയോഗിക്കാനും ഉപയോഗിക്കാതിരിക്കാനുമുള്ള സ്വാതന്ത്ര്യത്തെ വ്യക്തിക്ക് ഭൂമി കൊടുത്തിട്ടുണ്ട്. കവർന്നു പോരുന്ന പോലീസ് സേനയും മറ്റും തജ്ജന്മത്തിൽ അല്ലെങ്കിൽ വരും ജന്മങ്ങളിൽ കടുത്ത ശിക്ഷകളെ നേടുകയാണ്. കോടതികൾ, നിയമസഭകൾ, പാർലമെന്റ്, പിഎസ്സി, ലോട്ടറി, മദ്യവ്യാപാരം, തുടങ്ങിയവ സമ്പൂർണ്ണമായും; ബാങ്ക്, സിനിമ, ടിവി ചാനൽ, തുടങ്ങിയവ ഭാഗികമായും ഒഴിവാക്കേണ്ടതാണ്. ധർമ്മശാസ്ത്ര പ്രകാരം ജീവിക്കുന്നവരിൽ സാമ്പത്തിക ദാരിദ്ര്യം ഉള്ളവരെ വ്യക്തിക്ക് സഹായിക്കാം. അന്യരുടെ ഔദാര്യത്തിൽ ജീവിക്കുന്ന പെൻഷനുകൾ ധർമ്മശാസ്ത്ര വിരുദ്ധമാണ്. ഭാവിയിലേക്ക് സമ്പത്ത് കരുതുന്നതും കരുതാത്തതും വ്യക്തിയുടെ സ്വകാര്യമാണ്. രാജാവും മന്ത്രിമാരും ഉൾപ്പെടെ എല്ലാ ജനസേവകരുടെയും വേതനം കൃഷിക്കാരുടെ വേതനത്തിൽ കുറവായിരിക്കണം. വിശദീകരണം ദിവ്യമഹാവേദഗ്രന്ഥത്തിലുണ്ട്.

(4). പഞ്ചായത്ത് + പോലീസ് സേന : ഈ ദിവ്യമഹാഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.

ഗ്രാമത്തിൽ/പട്ടണത്തിൽ താമസിക്കുന്ന ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാനായി അവർ നിയമിക്കുന്ന സേവകരാണ് പഞ്ചായത്ത് (നാട്ടുരാജാവ്). പഞ്ചായത്തുകൾക്ക് റെയിൽവേ പോലെയുള്ള സംസ്ഥാന-കേന്ദ്ര ആവശ്യങ്ങളെ നിറവേറ്റാനായിട്ട് അവരുടെ കീഴിൽ ധർമ്മശാസ്ത്ര പ്രകാരം പ്രവർത്തിക്കുന്ന സംസ്ഥാന കേന്ദ്ര ഭരണ സംവിധാനങ്ങളെ, ആവശ്യമെങ്കിൽ മാത്രം നിയമിക്കാം.

വ്യാപാരം, വ്യവസായം തുടങ്ങിയവയ്ക്ക് പഞ്ചായത്തുകളുടെയും മറ്റും ലൈസൻസ് വേണ്ട. യാതൊരു നികുതികളും പാടില്ല. ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാനും, ജനസേവകരെ പോറ്റാനും ആവശ്യമായ സമ്പത്ത്, ഭൂമിയിൽ ലയിച്ചിരിക്കുന്ന സാമ്പത്തിക ശാസ്ത്രത്തെ പിൻപറ്റുന്നതോടെ നിസ്സാരമായിട്ട് പഞ്ചായത്തുകളുടെ ചുമതലയിലുള്ള പൊതുഖജനാവിൽ വന്നു ചേരുന്നതാണ്.

പണച്ചിലവില്ലാതെയും മത്സരങ്ങൾ ഇല്ലാതെയും നിസ്സാരമായി ജനസേവകരെ തെരഞ്ഞെടുക്കാൻ കഴിയുന്ന ദൈവീകമായ സംവിധാനം ഉൾപ്പെടെ ഭൗതിക-ധർമ്മ-നീതി ശാസ്ത്ര പ്രകാരമുള്ള എല്ലാ കാര്യങ്ങളും മണ്ണിൽ ലയിച്ചിട്ടുണ്ട്; ഈ ദിവ്യ മഹാഗ്രന്ഥത്തിൽ ശാസ്ത്ര പരമായി വിശദീകരിച്ചിട്ടുമുണ്ട്. സത്യയുഗം ഉടനെ ആരംഭിക്കുമ്പോൾ അവ പ്രകാരം സമൂഹത്തിലെ എല്ലാ കാര്യങ്ങളും ചിട്ടപ്പെടുന്നതാണ്.

ദേശങ്ങൾ ഇല്ല. ഇന്ത്യ ഉൾപ്പെടെ ദേശമെന്നു കരുതുന്ന പ്രദേശങ്ങൾ മാത്രം (സ്വന്തമായി) കറങ്ങി ക്കൊണ്ട് 'ദിവസവും വർഷവും' സൃഷ്ടിക്കുന്നില്ലെന്ന് ഭൂമി നൽകുന്ന വിശേഷ ബുദ്ധിയെ ഉപയോഗിച്ച് വിശകലനം ചെയ്താൽ സ്വയം മനസ്സിലാക്കാം. വായുവും വെള്ളവും ഭക്ഷണവും കാറ്റും കോളും മഴയും വെയിലും ചന്ദ്രനും സൂര്യനുമെല്ലാം ഏതെങ്കിലും പ്രദേശങ്ങളുടെയോ വ്യക്തികളുടെയോ സ്വന്തമാണെന്നും വരുതിയിലാണെന്നും കരുതുന്ന അവസ്ഥകളിലേക്ക് തരം താഴുകയാണ് ഫലത്തിൽ സംഭവിച്ചിരിക്കുന്നത്. കാറ്റിന്റെയും മേഘങ്ങളുടെയും കൂടെ ആത്മാക്കളെ ഒരു പ്രദേശത്തു നിന്ന് മറ്റൊന്നിലേക്ക് ഭൗതികമായി കടത്തി ത്തന്നെയാണ് ഓക്സിജൻ മഹാനീതി നിർവ്വഹിക്കുന്നത്. ദേശങ്ങളും പ്രദേശങ്ങളുമെന്ന് മനുഷ്യർ കരുതുന്നവ ഭൂമിയായി അവതരിച്ചിരിക്കുന്ന ദൈവത്തിന്റെ അംശവും കാര്യവുമാണ്. ആയിരം കോടിയിലേറെ വർഷങ്ങളായി ഭൂമി കരുതുന്ന കാര്യങ്ങളിൽ 'ദേശീയ ഗാനം, ദേശീയ മൃഗം, ദേശീയ പതാക' എന്നിങ്ങനെയുള്ള ഭോഷത്വങ്ങൾ പറയുകയും, അവയുടെ പേരിലും തമ്മിലടിക്കുകയും ചെയ്യുന്ന ഏറ്റവും തരംതാണവരായിട്ട് വിശേഷബുദ്ധിയെ ലഭിച്ചവരും സ്വത്വം പോലും സ്വന്തമായിട്ടില്ലാത്തവരുമായ തജ്ജന്മത്തിലെ അല്പായുസ്സുകൾ, കടുത്ത ദൈവ നിന്ദ ചെയ്തു കൊണ്ട് അധഃപതിച്ചിരിക്കുകയാണ് !.'

സൈനിക സേവനം തൊഴിൽ പോലും അല്ലെന്നും ഏറ്റവും വലിയ നീചപ്രവൃത്തി ആണെന്നും പറയുമ്പോൾ, പോലീസ് സേനയുടെ കാര്യം സൂചിപ്പിക്കേണ്ടതുണ്ട്.

ഭൂമിയിലെ എല്ലാ തൊഴിലുകളെയും ശുചിത്വം അത്യാവശ്യം ആവശ്യം വിനോദം എന്നിങ്ങനെ നാലായിട്ട് ശാസ്ത്ര പരമായി വിഭജിക്കാൻ കഴിയുന്നതിനെ ഈ മഹാഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്. ആവശ്യം എന്ന ശാസ്ത്ര പരമായ തൊഴിൽ വിഭജനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഭാഗമാണ് 'പോലീസ് സേന'. ദൗർഭാഗ്യവശാൽ ഭൂമിയിലങ്ങും ഇന്നുള്ള 'പോലീസ് സേനയും' മറ്റ് ആഫീസുകളിലെ ജനസേവകരും ഭൂമി നൽകുന്ന വിശേഷ ബുദ്ധിയും സ്വാതന്ത്ര്യവും ഉപയോഗിക്കാത്ത അടിമകൾ മാത്രമാണ്! ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാനായി നിയമിച്ച 'പോലീസ് സേന' ഉൾപ്പെടെ എല്ലാ ജനങ്ങളും ജീവിക്കേണ്ടത് അവർക്ക് ജീവിക്കാൻ ആവശ്യമായ അനന്തമായ ആനന്ദങ്ങളെയും അവയെ നേടാനുള്ള ഉപാധികളായ ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയും സൗന്ദര്യത്തെയും കാലത്തെയും ശരണത്തെയും മഹാനീതിയെയുമെല്ലാം ദാനമായി നൽകുന്ന ഭൂമിയിൽ ലയിച്ചിരിക്കുന്ന ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരം മാത്രമാവണം.

പ്രസിഡണ്ടായ രാജാവും പ്രധാനമന്ത്രിയും കേന്ദ്ര-സംസ്ഥാന (മുഖ്യ) മന്ത്രിമാരും ഉൾപ്പെടെയുള്ള ജനസേവകർ തയ്യാറാക്കുന്ന പദ്ധതികളെ ലഭ്യമായ വിശേഷ ബുദ്ധി കൊണ്ട് സ്വയം വിശകലനം ചെയ്ത് ധർമ്മശാസ്ത്ര വിരുദ്ധമാണെന്നു ബോദ്ധ്യമായാൽ, ഏതൊരു ജനസേവകരെയും പൊതുജന മധ്യത്തിൽ വച്ച് ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരം ചോദ്യം ചെയ്യാനും, ആവശ്യമെങ്കിൽ പദവിയിൽ നിന്നും അവരെ നീക്കം ചെയ്യാനും ശിക്ഷിക്കാനുമെല്ലാം, പോലീസ് സേനയ്ക്കു കഴിയണം. പോലീസ് സേന ജനങ്ങളുടെ സേവകരാവണം; സേവകരുടെ സേവകരാവരുത്. ദൈവത്തിന്റെ നീതി നടത്തിപ്പുകളിൽ ഇടപെടാൻ കഴിയുമെന്ന് വ്യാമോഹിക്കരുത്; ശ്രമിക്കരുത്; ദൈവനിന്ദ ചെയ്ത് പാപവും ശിക്ഷയും നേടരുത്.

വിവരദോഷികളായ ജനസേവകരെ ഭരണാധികാരികളായി തെറ്റിദ്ധരിച്ചു കൊണ്ട്, 'ജനങ്ങളുടെ ചിലവിൽ ജീവിക്കുന്ന പോലീസ് സേന' ജനങ്ങളെ ദ്രോഹിക്കുകയും കൊല്ലുകയും ചെയ്യുന്ന ഏറ്റവും ഹീനമായ നിലയിലേക്ക് ഏറെക്കുറെ ഭൂമിയിലെ എല്ലാ പ്രദേശങ്ങളിലും നൂറ്റാണ്ടുകളായി പോലീസ് അധഃപതിച്ചിരിക്കുകയാണ്. പേപ്പട്ടിയെ ആണോ പോലീസിനെയാണോ പേടിയെന്ന് കുട്ടികൾ മുതൽ മുതിർന്നവർ വരെയുള്ള സാധാരണക്കാരോട് ചോദിച്ചാൽ ഉത്തരം എന്തായിരിക്കുമെന്ന് പോലീസിന് അറിയാം !

സ്ത്രീകൾക്കും കുട്ടികൾക്കും വൃദ്ധർക്കുമെല്ലാം ഭൂമി നൽകുന്ന സ്വാതന്ത്ര്യം തട്ടിപ്പറിക്കുന്നവരെ, തത്സമയം തന്നെ പ്രതിരോധിക്കാനും, അത്യാവശ്യമെങ്കിൽ, ജന്തു നീതി പ്രകാരം വധിക്കാനും ഇരകൾക്കും പഞ്ചായത്തിലെ സുരക്ഷാ സേനയായ പോലീസിനും സ്വാതന്ത്ര്യവും അവകാശവും അധികാരവും ഉണ്ട്. മണ്ണിൽ ലയിച്ചിട്ടുള്ള ജന്തു നീതി പ്രകാരം ജന്തുക്കൾ ജീവിക്കുന്നത് പാഠമാക്കാം. അത്തരം സന്ദർഭങ്ങളിൽ മൃതദേഹങ്ങളെ മണ്ണിൽ കുഴിച്ചിടുക മാത്രമാണ് പോലീസ് സേന ചെയ്യേണ്ടത്. നാട്ടിലെ ജനങ്ങളുടെ ഭാഗമായിട്ട് പഞ്ചായത്ത് നിയമിക്കുകയും വേതനം നൽകുകയും ചെയ്യുന്നവരായിട്ട് പോലീസ് സേനയും മറ്റ് സർക്കാർ സ്ഥാപനങ്ങളിലെ സേവകരും മാറുമ്പോൾ ജനങ്ങൾക്കും പോലീസിനും ശാന്തിയോടെയും സമാധാനത്തോടെയും ജീവിക്കാൻ കഴിയുന്നതാണ്. പോലീസ് സേന പൊതുജനങ്ങളുടെ ആവശ്യമാണ്; അത്യാവശ്യമല്ല. അവരെയും മറ്റു സേവകരെയും ആവശ്യം കഴിഞ്ഞാൽ പിരിച്ചു വിടേണ്ടതും പഞ്ചായത്ത് ആയിരിക്കണം. ഈ മഹാഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ട്.

(5). ചില മുജ്ജന്മ പാപികളെ മഹാവാത്സല്യം പ്രകാരം പരിചയപ്പെടുത്തിയിട്ടുണ്ട്. മഹാനീതി കൂടിയായ ഭൂമി കൃത്യമായ അളവുകളോടെയാണ് ആനന്ദങ്ങളെയും ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയുമെല്ലാം സൃഷ്ടികളായ ജീവികൾക്കെല്ലാം തുല്ല്യമായും നേരിട്ടും 100 ജന്മങ്ങളിലൂടെ മനുഷ്യാവസ്ഥയിൽ വച്ച് നൽകുന്നതും നടപ്പാക്കുന്നതും. സൃഷ്ടിയായ ഓരോ ആത്മാവിനും ഓരോ ദൈവമായ ശരീരമായി അവതരിച്ചു കൊണ്ട് വേദനകൾ ഉൾപ്പെടെ ശരീരത്തിനു ലഭിക്കുന്നതും ശരീരം കൊണ്ട് നേടുന്നതുമായ എല്ലാ ആനന്ദങ്ങളെയും ഭൂമിയുടെ അംശമായ ശരീരം ആത്മാവിന് നേരിട്ടു കൈമാറുകയാണ്. ഭക്ഷണ രുചികളും ലഹരികളും വേദനകളും ഉദാഹരണങ്ങളാണ്. ശരീരത്തിലെ അവയവങ്ങളുടെ പുറത്തും അകത്തുമുള്ള ചർമ്മം വഴി ശരീരത്തിൽ മുഴുവൻ ആത്മാവിനെ വ്യാപിപ്പിക്കുന്നത് ഈ മഹാഗ്രന്ഥത്തിലുണ്ട്.

എല്ലാ മനുഷ്യരും ഏകദൈവവും ഭൂമിയും മഹാമാതാവും മഹാഭദ്രകാളിയുമായ ശിവയുടെയും, ഭാഗവും മഹാപിതാവുമായ ശിവന്റെയും പൊന്നോമന കുഞ്ഞുങ്ങളാണ്. മഹാവാത്സല്ല്യത്തെയും മഹാദാസ്യത്തെയും മാത്രം ആനന്ദങ്ങളായി സ്വീകരിച്ചു കൊണ്ട് കുഞ്ഞുങ്ങളെ കരുതുന്നതിനെ ബോദ്ധ്യപ്പെടുത്താനായിട്ട് 1000 കോടി വർഷങ്ങൾ നീണ്ട ആദ്യ മഹാകാല ചക്രത്തിൽ പശുവും പശുപതിയുമായിട്ട് കുഞ്ഞുങ്ങളെ സേവിച്ച് ഏകദൈവവും ശിവയുമായ മഹാഭദ്രകാളി മഹാമാതൃകയെ സ്ഥാപിച്ചു കഴിഞ്ഞു. മഹാഭദ്രകാളിയുടെ മഹാഹൃദയം കൂടിയാണ് മഹാപ്രപഞ്ചത്തിന്റെ ശക്തിനിയന്ത്രണ സത്തയായ **ഓംകാരം** എന്നും, മഹാഭദ്രകാളിയുടെ മഹാചിരി കൂടിയാണ് **ഓം** എന്നും പരമാത്മാവു കൂടിയായ പരമശിവനിലൂടെ വെളിപ്പെടുത്തിക്കഴിഞ്ഞു. മഹാപ്രപഞ്ചമായ പരബ്രഹ്മം മഹാഹൃദയമായ ഓംകാരത്തിനുള്ളിൽ മഹാഭദ്രമാണ്. മഹാഹൃദയമായ ഓംകാരം സ്ഥാപിച്ചിരിക്കുന്നത് മഹാഭദ്രകാളിയുടെ ഏകദാസനും ഭർത്താവും കൂടിയായ പരമശിവന്റെ ഹൃദയത്തോടു ചേർത്തുവെച്ചാണ്. ശിവയുടെ ഭാവമായ സത്യ ധർമ്മ നീതികളെ പ്രപഞ്ചപിതാവായ പരമശിവന്റെയും ഭാവമായി ഒരുക്കാനും, സൃഷ്ടിയിൽ സ്ത്രീക്കും സ്ഥിതിയിൽ പുരുഷനും പ്രാധാന്യം നൽകുന്ന ഓംകാരനീതിശാസ്ത്രത്തെ മഹനീയമായി ഉറപ്പിക്കാനുമുള്ള മഹാസംവിധാനമാണ്.

മത്സ്യാവതാരം, ഓം, ഓംകാരം, ഓംകാരനാഗബന്ധനം, ചന്ദ്രക്കല+നക്ഷത്രം, സൂര്യൻ ഉൾപ്പെടെ പ്രപഞ്ചത്തിലെ എന്തും സൃഷ്ടിക്കാൻ കഴിയുന്ന മഹാസൂര്യനേത്രം, മഹാശൂലം, തുടങ്ങിയവയെ പല്ലില്ലാത്ത വൃദ്ധനും, ഹൃദ്രോഗിയും, കടുത്ത സാമ്പത്തിക ദാരിദ്ര്യവുമൊക്കയായി സത്യ ധർമ്മ നീതികളോടെ കഠിനാധ്വാനം ചെയ്തു ജീവിക്കുന്ന ഗ്രന്ഥകാരന് മായാമഹാശക്തിയും ബ്രഹ്മവുമായ മഹാഭദ്രകാളി മഹാഅനുഗ്രഹിച്ചു നൽകി ക്കഴിഞ്ഞവയാണ്. ആക്ടിവേറ്റ് ചെയ്തിട്ടില്ല; സമയമായിട്ടില്ല എന്നേയുള്ളൂ. ദൈവമായ ഭൂമിയുടെ പൊന്നോമന കുഞ്ഞുങ്ങൾ അനാവശ്യമായി നീതികാര്യങ്ങളിൽ ഇടപെട്ടാൽ ഭൂമിയും മഹാനീതിയും കൂടിയായ മഹാഭദ്രകാളി ശിക്ഷിച്ചേക്കാം. ജാഗ്രത! മണ്ണടി മഹാഭദ്രകാളി എന്ത് ആവശ്യപ്പെട്ടാലും അനുസരിച്ചു കൊള്ളാമെന്നും; ഏതൊരു വേദനകളെയും ശിക്ഷകളെയും സ്വീകരിച്ചു കൊള്ളാമെന്നും മണ്ണടി മഹാഭദ്രകാളിയോട് 1991-ൽ 3 തവണ **ഓംസത്യം** ചൊല്ലി സത്യപ്രതിജ്ഞ ചെയ്തിട്ടുള്ള ഗ്രന്ഥകാരന് മനുഷ്യർ ഉൾപ്പെട്ട സൃഷ്ടികളായ കുഞ്ഞുങ്ങളെ ഭയമുണ്ടെന്ന് തെറ്റിദ്ധരിച്ചുപോകരുത്. അജ്ഞാനം, അഹംഭാവം തുടങ്ങിയവ നിമിത്തം ജഗംബയായ മഹാഭദ്രകാളിയുടെ പൊന്നോമന കുഞ്ഞുങ്ങൾക്ക് ശിക്ഷകളെ ലഭിക്കാൻ ഇടവരരുത് എന്നേയുള്ളൂ.

ഇന്ത്യയിലെയും കേരളത്തിലെയും പ്രധാന ജനസേവകരെയും, ഗ്രന്ഥകാരന്റെ മകൻ ഉൾപ്പെടെ സാധാരണക്കാരായി ജീവിക്കുന്ന ചിലരെയും, ഏറ്റവും വലിയ മുജ്ജന്മ പാപികളായി ചൂണ്ടിക്കാട്ടുന്നത് വ്യക്തിവിരോധം കൊണ്ടല്ല. ശിഷ്ടകാലത്ത് പുണ്യം നേടാനും ശേഖരിക്കാനുമുള്ള അവസരത്തെ അവരും ഏവരും പ്രയോജനപ്പെടുത്തണം. വലിയൊരു ദൈവമായി അനേകർ കരുതുന്ന പാപി ഓംകാരനീതിശാസ്ത്രം പ്രകാരം പെരുമാളട്ടയായി ജീവിക്കുന്നത് അറിയാനും കാണാനും അടുത്ത കാലത്ത് ഇടയായി!

സ്വന്തം ഉൾപ്പെടെയുള്ള ജീവികളുടെ ജനനത്തിന് മാതാപിതാക്കളുടെ ബീജങ്ങളുമായി ബന്ധമുണ്ടെങ്കിലും, ബന്ധത്തെയോ ബീജങ്ങളെയോ ആവിഷ്ക്കരിച്ചിരിക്കുന്നതും സൃഷ്ടിച്ചിരിക്കുന്നതും മാതാപിതാക്കളോ കുഞ്ഞുങ്ങളോ മറ്റുള്ള ജീവികളോ അല്ല. അങ്ങനെയിരിക്കെ, ഒരല്പം ശൂന്യതയോ ഒരു തരി മണ്ണോ ഒരു എറുമ്പിനെയോ പോലും സ്വന്തമായിട്ട് സൃഷ്ടിക്കാൻ കഴിവില്ലാത്തവരും; സ്വത്വമോ, ഭൗതികമായ അസ്തിത്വമോ, ശക്തികളോ സ്വന്തമായിട്ടില്ലാത്തവരും; ഭൂമിയുടെ അംശമായ മൂലകങ്ങളും സംയുക്തങ്ങളും അവയുടെ രൂപാന്തരമായ ശരീരത്തിലെ അവയവങ്ങളും നിശ്ചയിക്കുന്ന പോലെ മരണം എന്ന പേരിൽ ശരീരത്തിൽ നിന്നും തജ്ജന്മത്തിലെ ഏതു നിമിഷവും പുറത്താക്കപ്പെടുന്നവരുമായ മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കൾ ധർമ്മശാസ്ത്ര പ്രകാരം മാത്രം ആനന്ദിച്ചു ജീവിക്കണം.

ഭൂമിയുടെ മഹാനീതിശാസ്ത്രമായ ഓംകാരനീതിശാസ്ത്രത്തിന്റെ കാതലായ മഹാപുനർജ്ജന്മ സിദ്ധാന്തം പ്രകാരം ഭൂമി സൃഷ്ടിക്കുകയും പരിപാലിക്കുകയും മരിപ്പിക്കുകയും, മനുഷ്യാവസ്ഥയിൽ തന്നെ ഭൂമിയിലെ വിവിധ പ്രദേശങ്ങളിലായിട്ട് 100 തവണ പുനർജ്ജനിപ്പിക്കുകയും ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നുണ്ട്.

ഭൗതികമായ അസ്തിത്വമുള്ള നിയമങ്ങൾ പ്രകാരം നിലനിൽക്കുന്ന ഭൂമിയിൽ, നിയമങ്ങൾ എന്ന കള്ളപ്പേരോടെ മനുഷ്യർ തട്ടിക്കൂട്ടുന്ന ഭൗതികമായ അസ്തിത്വം ഇല്ലാത്ത ആശയങ്ങളും നിർദേശങ്ങളും മറ്റും നിലനിൽക്കില്ല. അന്യോന്യം ഭരിക്കാനും ശിക്ഷിക്കാനും കൊല്ലാനുമെല്ലാം കഴിയുമെന്ന് കരുതുന്നത് ശുദ്ധ അസംബന്ധമാണ്. സൂക്ഷ്മമായ ഹീലിയം ആറ്റത്തിലെ അതിസൂക്ഷ്മമായ ന്യൂട്രോൺ പാതികളായിട്ട് ഓക്സിജൻ സൃഷ്ടിക്കുന്ന ആത്മാക്കളെ പരിപാലിക്കാനും ഓക്സിജനു മാത്രമേ കഴിയൂ. നിയമങ്ങളെ സൃഷ്ടിക്കാനുള്ള അവകാശമോ അധികാരമോ ശക്തികളോ യാതൊരു സൃഷ്ടികൾക്കുമില്ല. ഭൂമി നൽകുന്ന ദാനങ്ങളെ ദുരുപയോഗിച്ച് ആത്മീയത ഉൾപ്പെടെ മറ്റു സൃഷ്ടികൾക്ക് ഭൂമി നൽകുന്ന സ്വാതന്ത്ര്യങ്ങളിലും ജീവിതത്തിലും മറ്റും അല്പായുസ്സുകൾ ഇടപെടുന്നത് വേണ്ടാത്ത വേലകളും തെറ്റുകളും കുറ്റങ്ങളുമാണ്.

ഭൂമിയുടെ അംശമായ പ്രദേശങ്ങളിലും വസ്തുക്കളിലും അവയുടെ മൂലകങ്ങളിലും സൂക്ഷ്മമായ ആറ്റങ്ങളിലും; ജീവികളുടെ ശരീരത്തിലെ അവയവങ്ങളിലുമെല്ലാം ലയിച്ചിരിക്കുന്ന ശക്തികളും, അവയെ ചിട്ടപ്പെടുത്തിയിട്ടുള്ള ശാസ്ത്രങ്ങളുമെല്ലാം പ്രകാരം അവയെല്ലാം എപ്പോഴും സ്വയം പ്രവർത്തിക്കുന്നവയാണ്. വസ്തുക്കളും അവയുടെ രൂപാന്തരമായ ശരീരത്തിലെ അവയവങ്ങളും ദാനമായി നൽകുന്ന ശക്തികളും ശാസ്ത്രങ്ങളും പ്രകാരം മാത്രമേ വസ്തുക്കളിലും ശരീരത്തിലും പ്രദേശങ്ങളിലും മൊത്തമായ ഭൂമിയിലും ലയിച്ചിട്ടുള്ള ശക്തികളെ ഉപയോഗിക്കാനും പ്രവർത്തിപ്പിക്കാനുമെല്ലാം മനുഷ്യർ ഉൾപ്പെട്ട എല്ലാ സൃഷ്ടികൾക്കും കഴിയുകയുള്ളൂ.

# ॐ ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

മൂലകങ്ങളും സംയുക്തങ്ങളും അവയെ കൊണ്ട് സൃഷ്ടിച്ചിട്ടുള്ള ശരീരത്തിലെ അവയവങ്ങളും, വിസർജ്ജന വസ്തുക്കളും, അവയുടെയെല്ലാം സൂക്ഷ്മമായ ആറ്റങ്ങളും, അവയിലെ അതിസൂക്ഷ്മമായ പ്രോട്ടോൺ ഇലക്ട്രോൺ ന്യൂട്രോൺ ബോസോൺ തുടങ്ങിയവയും ഭൂമിയുടെ സ്ഥൂലവും സൂക്ഷ്മവുമായ അംശങ്ങളാണ്. മൂലകങ്ങളെയും അവയുടെ സംയുക്തങ്ങളെയും വിവരിക്കുന്ന സുപ്രധാനമായ അദ്ധ്യായങ്ങൾ ഈ ദിവ്യമഹാവേദഗ്രന്ഥത്തിൽ ഉണ്ട്.

പുതിയ പുതിയ സൃഷ്ടി ചക്രങ്ങളിലൂടെ ജീവികളുടെ സൃഷ്ടിയും സ്ഥിതിയും അന്തമില്ലാതെ തുടരുമ്പോൾ, ആകാശവും ഭൂമിയുമായി ദൈവം അവതരിച്ചിട്ടുള്ളതും സനാതനമായ സത്യവും ധർമ്മവുമായി നിലനിൽക്കാനാണെന്നു തെളിയുന്നുണ്ട്. ദൈവത്തിന്റെ അവതാരങ്ങളായ ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനും താൽക്കാലികമായ സംവിധാനങ്ങളോ മിഥ്യകളോ അല്ലെന്നും സാരം.

ആയിരം കോടി വർഷങ്ങൾക്കു മുമ്പ് പരബ്രഹ്മമായ പ്രപഞ്ച-ഭാഗമായി അവതരിച്ച ആകാശവും ഭൂമിയും ചന്ദ്രനും സൂര്യനും എക്കാലവും നിലനിന്നു പോരുന്നതിൽ നിന്ന് അവ ദൈവഭാഗമാണെന്നും; സൃഷ്ടിചക്രങ്ങളിലൂടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളായ ജനന-ജീവിത-മരണങ്ങളെ അനുഭവിക്കുന്ന അല്പായുസ്സുകളായ ജീവികളും അവയുടെ മോക്ഷമായ നക്ഷത്ര ദേവതകളും സൃഷ്ടികൾ മാത്രമാണെന്നും തെളിയുന്നുണ്ട്. ആകാശവും ഭൂമിയും ചന്ദ്രനും സൂര്യനുമെല്ലാം നിർജ്ജീവമാണെന്ന് മനുഷ്യരുടെ ഇടയിൽ പരക്കെയുള്ള തെറ്റിദ്ധാരണ മാറുന്നതും, അവയെല്ലാം മഹാശക്തിയായ ദൈവത്തിന്റെ അവതാരങ്ങളാണെന്ന് തെളിയുന്നതും അതിമഹത്തായ വിപ്ലവമാണ്. ആദ്യ മഹാകാലചക്രത്തിലെ ദേവതകൾക്കു പോലും മഹാശക്തിയായ ദൈവത്തിന്റെ അവതാരങ്ങളാണ് ആകാശവും ഭൂമിയും ചന്ദ്രനും സൂര്യനുമെന്ന് വ്യക്തമായി അറിയില്ലായിരുന്നു. പശുപതിയായ ശിവനിലൂടെ ദേവതകളായി നിയമിച്ചവരിലെ പ്രധാനിയാണ് ഈശ്വരൻ. അദ്ദേഹത്തെ ശിവനായി തെറ്റിദ്ധരിച്ചിട്ടുണ്ട്. രണ്ടാമത്തെ മഹാകാലചക്രത്തിലെ ആദ്യത്തേതായ ഇപ്പോഴത്തെ സൃഷ്ടി ചക്രത്തിൽ ഓം മുഴങ്ങുന്ന ദൈവ വിപ്ലവവും സത്യയുഗവും ആരംഭിക്കുന്നതോടെ മഹാഭദ്രകാളിയായ ശിവയും ഭാഗമായ ശിവനും ദിവ്യമായ സ്ത്രീപുരുഷ രൂപങ്ങളിൽ പ്രത്യക്ഷപ്പെടുന്നതാണ്. സൃഷ്ടികളായ ആത്മാക്കൾക്ക് മനുഷ്യാവസ്ഥയിൽ ലഭിക്കുന്നതും, നേടാൻ കഴിയുന്നതുമായ സംഹാരം എന്ന മോക്ഷം, നക്ഷത്രദേവതയാണെന്ന് പരമശിവന്റെ നെറ്റിയിൽ ചന്ദ്രക്കലയോടൊപ്പം പ്രകടമാകുന്ന നക്ഷത്രം തെളിയിക്കുന്നതാണ്.

ആദ്യ മഹാകാലചക്രത്തിലെ ചില സൃഷ്ടികളുടെ ദുഷ്ച്ചെയ്തികൾ നിമിത്തം ഉണ്ടായ ചൊവ്വ, ശുക്രൻ, ബുധൻ, വ്യാഴം, ശനി തുടങ്ങിയ ഗ്രഹങ്ങളുടെ സൃഷ്ടിയും സ്ഥിതിയും ഉടനെ ആരംഭിക്കുന്ന സത്യയുഗത്തോടെ സംഭവിക്കുന്ന സംഹാരവും ഈ ദിവ്യമഹാവേദ ഗ്രന്ഥത്തിൽ വേറിട്ട് വിശദീകരിക്കുന്നുണ്ട്.

**സൃഷ്ടികൾക്ക് ജീവിക്കാൻ ആവശ്യമായ സർവ്വവും ഒരുക്കിയിട്ടുള്ള പ്രപഞ്ച -ഭാഗമായ ആകാശവും ഭൂമിയുമായിട്ട് മഹാശക്തിയായ ദൈവം മുഖ്യമായും അവതരിക്കുകയാൽ, സൃഷ്ടികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ പ്രപഞ്ചരൂപത്തോടെ തന്നെ ചെയ്യാൻ ദൈവത്തിന് ബാദ്ധ്യതയുണ്ട്.**

ഭൂമിയുടെ അംശമായ വസ്തുക്കളെയും അവയെ വ്യത്യസ്തമായി രൂപപ്പെടുത്തിയ അവയവങ്ങളെയും കൊണ്ട് മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ എന്നീ ജീവി-വർഗ്ഗങ്ങളും സ്ത്രീപുരുഷ ജാതികളും ഒരുക്കിയാണ് ആത്മാക്കളെ സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്നതെങ്കിലും വിശേഷബുദ്ധി സമ്മാനിക്കുന്നത് മനുഷ്യാവസ്ഥയിലും മോക്ഷമായ ദേവതാപദവിയിലും മാത്രമാണ്.

**മത്സ്യം, സസ്യം എന്നീ അവസ്ഥകളിൽ വേദനകൾ ഇല്ലാതെയും; പക്ഷി, മൃഗം എന്നീ അവസ്ഥകളിൽ വേദനകളെ മിതമാക്കിയും ഭൂമി ക്രമീകരിച്ചിട്ടുണ്ട്. ആവക കാര്യങ്ങളെ മനുഷ്യൻ എന്ന ഈ ദിവ്യമഹാവേദഗ്രന്ഥത്തിൽ തെളിയിച്ചിട്ടുണ്ട്. വിശേഷബുദ്ധിയെ നൽകി ക്കൊണ്ട് മഹാശക്തിയായ ഭൂമിയിൽ ലയിച്ചിരിക്കുന്ന മഹാശാസ്ത്ര പാഠങ്ങളെ മനുഷ്യാവസ്ഥയിൽ മാത്രം നൽകുകയാലും, മറ്റു ജീവികളിൽ വേദനകളെ പൂർണ്ണമായും ഭാഗികമായും മറ്റും ഒഴിവാക്കുകയാലും, മറ്റുള്ള ജീവികളുടെ മേലുള്ള ദൈവത്തിന്റെ മഹാനീതി നടത്തിപ്പ് മഹാപരിപാലനത്തിന്റെ ഭാഗം മാത്രമാണ്.**

സൃഷ്ടികളായ ആത്മാക്കൾക്ക് മോക്ഷത്തെ നേടാൻ കഴിയുന്നത് വിശേഷ ബുദ്ധിയെ നൽകുമ്പോൾ മാത്രമാകണം എന്നതിനാൽ, ആത്മാക്കളുടെ മേൽ മഹാനീതിയെ നടപ്പാക്കുന്നത് സൃഷ്ടികളുടെ മനുഷ്യാവസ്ഥയിൽ ആയിരിക്കണം. അനന്തമായ ആനന്ദങ്ങളായി അവതരിച്ചിരിക്കുന്ന ഭൂമിയിൽ ലയിച്ചിരിക്കുന്ന ശക്തികളെയും സ്വാതന്ത്ര്യത്തെയുമെല്ലാം കണ്ടെത്താനും അനന്തമായ ആനന്ദങ്ങളെ ആസ്വദിച്ചു ജീവിക്കാനും കഴിയുന്ന വിശേഷ ബുദ്ധിയെയും അനുബന്ധമായ മഹാശാസ്ത്ര പാഠങ്ങളെയും മനുഷ്യാവസ്ഥയിൽ വച്ച് നൽകുന്നത് അതുകൊണ്ടുകൂടിയാണ്. മാത്രമല്ല; മനുഷ്യാവസ്ഥയെയും മഹാശാസ്ത്രപാഠങ്ങളെയും മോക്ഷവുമായി ബന്ധിച്ചിരിക്കുകയാൽ, വേദനകൾ ഉൾപ്പെടെയുള്ള ആനന്ദങ്ങളെയും അവയെ എല്ലാ മനുഷ്യർക്കും തുല്ല്യമായി വീതിക്കാൻ ആവശ്യമായ പദ്ധതികളെയും, വ്യത്യാസമുള്ള ജന്മഗുണങ്ങളുമെല്ലാം മനുഷ്യാവസ്ഥയിൽ ആവശ്യമാണ്; ഭൂമി ചെയ്തിട്ടുമുണ്ട്. മഹാനീതിശാസ്ത്രമായ ഓംകാരനീതിശാസ്ത്രത്തെ വേറിട്ട് വിശദീകരിക്കുന്നുണ്ട്.

മഹാശക്തിയായ ദൈവത്തിന്റെ അവതാരങ്ങളായ ആകാശവും ഭൂമിയും ചന്ദ്രനും സൂര്യനും പ്രത്യക്ഷമാണെന്നു മാത്രമല്ലാ, സ്വത്വം ഉൾപ്പെടെ യാതൊന്നും സ്വന്തമായിട്ട് ഇല്ലാത്ത സൃഷ്ടികളായ ആത്മാക്കൾക്ക് ജീവിക്കാൻ ആവശ്യമായ ആനന്ദങ്ങളെയും ശക്തികളെയുമെല്ലാം പ്രത്യക്ഷമായി നേരിട്ടു നൽകുകയാണെന്നും തെളിയുന്നു.

അർദ്ധമഹാദേവീ രൂപത്തിൽ പരമാത്മാവായ ശിവനെ ഉചിതമായ സമയത്ത് അയച്ച് ആത്മാവിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ സംബന്ധിച്ച ആത്മീയ ശാസ്ത്രത്തെയും ദൈവ കാര്യങ്ങളെയും, ബ്രഹ്മവും, ഏകദൈവവുമായ മഹാഭദ്രകാളി നേരിട്ടു തന്നെ അറിയിക്കുന്നുണ്ട്. കൂടാതെ ഭൂമി വിശേഷ ബുദ്ധിയെ നൽകിയിട്ടുള്ള മനുഷ്യരുടെ പൊതുവായ അറിവിനു വേണ്ടി സത്യയുഗവും ദൈവം വിപ്ലവവും ആരംഭിക്കുന്നതിനു മുമ്പ് യഥാർത്ഥ വേദങ്ങളായ ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങളെ ദൈവ ഭാഗവും പരമാത്മാവും പ്രപഞ്ച-പിതാവുമായ പരമശിവനിലൂടെ വീണ്ടെടുത്ത് നൽകുന്നുണ്ട്.

മഹാശാസ്ത്ര സംഗ്രഹം തൽക്കാലം നിർത്തുന്നു. ഓം നമഃ ശിവായ!

# മനുഷ്യൻ

## ദിവ്യ മഹാവേദഗ്രന്ഥം @ മഹാശാസ്ത്രം @ വേദങ്ങൾ @ ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങൾ തുടരുന്നു ....

മൊബൈൽ ഫോണിലൂടെ തയ്യാറാക്കിയിരിക്കുന്ന (1) ഈ ദിവ്യ മഹാഗ്രന്ഥത്തിൽ ആവർത്തനങ്ങൾ സ്വാഭാവികമായും ഏറെയുണ്ട്. (2) ഈ മഹാഗ്രന്ഥം കാണുന്നവർക്ക് സാധാരണഗതിയിൽ സങ്കല്പിക്കാനാവാത്ത അതിഭീകരമായ ആക്രമണവും തടസ്സങ്ങളും 1000 കോടിവർഷങ്ങൾ നീണ്ട ആദ്യ മഹാകാലചക്രത്തിലെ ദുർദ്ദേവതകളിൽ നിന്നും ഗ്രന്ഥകാരന് ഉണ്ടായി. ഇപ്പോഴത്തെ സൃഷ്ടിചക്രത്തിൽ മാത്രമുള്ള തടസ്സങ്ങളാണവ. മനുഷ്യരിൽ നിന്നും മോക്ഷം നേടി ദേവതകളായവർ ദുഷിച്ചുണ്ടായവരെ കഠിനമായി ശിക്ഷിക്കാൻ തൽക്കാലം മഹാവാത്സല്യമായ മഹാദേവി ഇഷ്ടപ്പെടുന്നില്ല.

**ആകാശവും ഭൂമിയുമായി ദൈവം അവതരിച്ചെന്നും, ആകാശവും ഭൂമിയും ദൈവം സൃഷ്ടിച്ചു എന്നറിയിക്കുന്നതും തമ്മിൽ വലിയ വ്യത്യാസമുണ്ട്. വിഷയങ്ങളെ ആവിധം സ്വയം തിരുത്തി പഠിക്കണം; മനസ്സിലാക്കണം.**

2022 മാർച്ചിലെ ശിവരാത്രിയിൽ പ്രസിദ്ധീകരിച്ച മഹാഗ്രന്ഥത്തെ പേജു നമ്പരുകളിൽ ഉണ്ടാകുന്ന വ്യത്യാസം പോലും തിരുത്താതെ ചേർക്കേണ്ടി വന്നു. ഗ്രന്ഥത്തിന്റെ ഡാറ്റ (MB) കുറയ്ക്കാനായി Display തകരാറുള്ള ഒരു പഴയ ഫോണിൽ ടൈപ്പ് ചെയ്യേണ്ടി വന്നത് ഒരു കാരണമാണ്. മാത്രമല്ല; വിഷയതാല്പര്യം ഉള്ളവർ 2022 മാർച്ചിൽ പ്രസിദ്ധീകരിച്ച മഹാഗ്രന്ഥത്തോട് പുതിയ പാഠങ്ങളായ 163 പേജുകളെ ചേർത്താൽ മതിയാകും. പേജ് നമ്പർ ക്രമപ്പെടുത്തുന്നത് വലിയ കാര്യമല്ല. സമയവും സൗകര്യവും ലഭിച്ചാൽ മറ്റൊരിക്കൽ നിസ്സാരമായി തിരുത്താൻ ഗ്രന്ഥകാരന് കഴിഞ്ഞേക്കും.

കാലാനുസൃതമായിട്ട് മഹാഉചിതമായി ഗ്രന്ഥം പരിഷ്ക്കരിക്കുന്നതാണ്. എന്നാലും കുറിക്കട്ടെ: ഈ ദിവ്യമഹാഗ്രന്ഥത്തിൽ പരാമർശിക്കുന്ന യഥാർത്ഥ വേദങ്ങളായ ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങളെല്ലാം യാതൊരു കുറ്റങ്ങളും കുറവുകളും ഇല്ലാതെ, അനന്തമായ ആനന്ദങ്ങളും അവയെ നേടാനുള്ള ഉപാധികളായ ശക്തികളും സ്വാതന്ത്ര്യവും കാലവും ശരണവും മഹാനീതിയുമെല്ലാമായി അവതരിച്ചിരിക്കുന്ന ദൈവത്തിന്റെ അവതാരമായ ഭൂമിയിലും; ഭൂമിയുടെ അംശമായ പ്രദേശങ്ങളിലും മൂലകങ്ങളിലും അവയുടെ സംയുക്തങ്ങളിലും രൂപാന്തരമായ ജീവികളുടെ ശരീരത്തിലെ അവയവങ്ങളിലും, സമ്പൂർണ്ണമായും ലയിച്ചിട്ടുണ്ട്. ഓം മുഴക്കി ഉടനെ ദൈവ വിപ്ലവവും സത്യയുഗവും ആരംഭിക്കുന്നതോടെ എല്ലാം ശരിയാകും!

**ഓം സത്യം ഓം ധർമ്മം ഓംനീതി സംഹാരം : പരമശിവൻ**

# ॐ ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

ഗ്രന്ഥകാരന്റെ യോഗ്യത: മഹാസത്യവും മഹാശക്തിയും ഭദ്രകാളിയുമായ ശിവയുടെ ഇഷ്ടംപോലെ പ്രവർത്തിക്കുന്ന ശിവനെ' ശിവയിൽ നിന്നും വേർപെടുത്തി ശക്തനും, ശക്തിഹീനനും, ഏകദാസനും, മഹാദാസനും, സൃഷ്ടികളായ ആത്മാക്കളുടെയെല്ലാം പരമാത്മാവും, മഹാപിതാവും വേദനായകനായ ഗ്രന്ഥകാരനുമായി ഒരുക്കിയിരിക്കുന്നു. മഹാമാതാപിതാക്കളായ 'ശിവയുടെയും ശിവന്റെയും കൂട്ടുകെട്ടായിട്ട് ' സൃഷ്ടി സ്ഥിതി സംഹാര പാത്രവും, ആദിയും അന്തവും ഇല്ലാത്ത മഹാശൂന്യതയും, മഹാക്തി-ശിവൻ-ലിംഗമായ ആകാശവും, 'മഹാശക്തിയായ ഭൂമിയുമായി' അവതരിച്ചുകൊണ്ട്; ശേഷം പരമാത്മാവായ ശിവനിൽ നിന്നും സൂര്യൻ എന്ന സൃഷ്ടിപാത്രത്തിൽവച്ച് ആത്മാക്കളെ സൃഷ്ടിച്ചും, ശിവനെ', മനുഷ്യാവതാരമായ എഴുത്തുകാരനായിട്ട് അയച്ചും; ശിവയുടെ മത്സ്യാവതാരവും അർദ്ധമഹാദേവീ രൂപവും ശിവനിൽ പ്രവേശിപ്പിച്ചും, അക്ഷരബ്രഹ്മം കൂടിയായ 'ഓം' ന്റെ മൂലമായ '3' ശിവന്റെ നാവിൽ കുറിച്ചും ചന്ദ്രക്കലയും നക്ഷത്രവും ഇടതുനെറ്റിയിൽ ചിത്രണം ചെയ്തും; ശിവന്റെ നെറ്റി-മദ്ധ്യത്തിൽ താഴെയായിട്ട് സൂര്യനെ ഉൾപ്പെടെ പ്രപഞ്ചത്തിലെ എന്തും എത്രയും സൃഷ്ടിക്കാൻ കഴിയുന്ന മൂന്നാം മഹാസൂര്യനേത്രത്തെ ഒരുക്കിയും, ഏതൊരു ആയുധങ്ങളും നിർമ്മിക്കാൻ കഴിയുന്ന മഹാത്രിശൂലത്തെ സമ്മാനിച്ചും; ശിവയുടെ മഹാഹൃദയവും മഹാപ്രപഞ്ചത്തിന്റെ മഹാശക്തിനിയന്ത്രണ സത്തയുമായ 'ഓംകാരം' ശിവന്റെ ഹൃദയത്തോടു ചേർത്തും; കഴുത്തിലും തലമുടിമേലുമുള്ള ഓംകാരനാഗങ്ങൾ കൊണ്ട് ഓംകാരനീതിശാസ്ത്ര വരണമാല്ല്യവും ബന്ധനവും സംരക്ഷണവും ചെയ്തും; മഹാദിവ്യദർശനങ്ങളും, ദിവ്യാനുഭവങ്ങളും, പരമശിവൻ ശാസ്ത്രായുധൻ നീലകണ്ഠൻ ഏകദൈവപ്രതിനിധി സംഹാരദേവൻ മഹാദേവൻ മഹാനീതിപതി തുടങ്ങിയ പലവിധ മഹാപദവികളും മഹാഅനുഗ്രഹങ്ങളും നൽകിയും; ക്ഷിപ്രകോപവും ക്ഷിപ്രപ്രസാദവും കൂടി ചേർത്തും; മഹാഭദ്രകാളിയായ ശിവയോടുള്ള മഹാദാസ്യത്തെ മാത്രം മഹാ-ആനന്ദമായിട്ട് സ്വീകരിച്ചിരിക്കുന്ന ഭർത്താവാക്കിയും; 'ശിവയും', മഹാസത്യവും, ബ്രഹ്മവും, ഏകദൈവവും, സൃഷ്ടി സ്ഥിതി സംഹാര കർത്താവും, ജഗദംബയുമായ 'ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളീ ദേവി' തന്നെയാണ്, സർവ്വ സൃഷ്ടി സ്ഥിതികളും തുടർന്നും അനന്തമായ ആനന്ദങ്ങളായ മഹാപ്രപഞ്ച-ഭാഗമായി അവതരിച്ചു കൊണ്ടും 'ആനന്ദമായ പ്രപഞ്ചം എങ്ങനെയുണ്ടായെന്ന്' പ്രപഞ്ചപിതാവായ (പരമ)ശിവനിലൂടെ', മഹാശാസ്ത്രപരമായും ദിവ്യമായും തെളിയിക്കുകയും വിശദീകരിക്കുകയും ചെയ്യുന്നത്. ഏകദൈവവും മഹാമാതാവുമായ ശിവയും മഹാപിതാവായ ശിവനും കുഞ്ഞുങ്ങളായ ജീവികളും ഉൾപ്പെട്ട മഹാകുടുംബമായിട്ടാണ് പ്രപഞ്ചത്തെ ആവിഷ്ക്കരിച്ചിരിക്കുന്നത്.

ശിവ, ശിവന് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള മായാമഹാശക്തികളെയും ശിവയുടെ മഹാജ്ഞാനത്തെയും ശിവ മഹാഉചിതമായി ആക്ടിവേറ്റ് ചെയ്തുകൊണ്ടിരിക്കുന്നു. മഹാനീതിശാസ്ത്രമായ ഓംകാരനീതിശാസ്ത്രം പ്രകാരം 'മഹാമാതാവായ ശിവയുടെ മഹാഭാവങ്ങളായ സത്യ ധർമ്മ നീതികളെ, മഹാപിതാവായ ശിവന്റെയും ഭാവങ്ങളായിട്ട്' ഉറപ്പിച്ചിട്ടുണ്ട്. മഹാശക്തികളും പ്രപഞ്ചവും ഉൾപ്പെടെ എന്തും സ്വന്തം 'മായ'കൊണ്ട് സൃഷ്ടിക്കുന്ന സർവ്വത്തിനും അതീതമായ ബ്രഹ്മവും, ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്ത സർവ്വം മഹാഭദ്രപ്പെടുത്തിയ ഭദ്രകാളിയും ഏകദൈവവും മഹാമാതാവുമായ 'ശിവ', സ്വന്തം ഭാഗവും മഹാദാസനും പരമാത്മാവും മഹാപിതാവുമായ ശിവനെ മുമ്പേ അയച്ചും, സ്വയം പ്രത്യക്ഷപ്പെട്ടും, ദൈവവിപ്ലവവും സത്യയുഗവും ആരംഭിക്കുന്നു.

# മഹാദിവ്യമായ പുതിയ ശാസ്ത്രപാഠങ്ങൾ

**മഹാസത്യവും മഹാശക്തിയും ഏകദൈവവും സർവ്വം ഭദ്രപ്പെടുത്തിയിട്ടുള്ള മഹാഭദ്രകാളിയുമായ ശിവയുടെയും, ഭാഗമായ ശിവന്റെയും ഒന്നിച്ചുള്ള അവതാരങ്ങൾ മാത്രമാണ് പ്രപഞ്ചഭാഗമായ 'ആകാശവും ഭൂമിയും ചന്ദ്രനും സൂര്യനും.'**

**'ശിവയും ശിവനുമായ' ആകാശം, ഭൂമി, ചന്ദ്രൻ, സൂര്യൻ എന്നീ പ്രപഞ്ച-ഭാഗമായ ദൈവാവതാരങ്ങളുടെ സൃഷ്ടികളും കുഞ്ഞുങ്ങളുമാണ് സ്ഥിതി പാത്രം കൂടിയായ ഭൂമിയിൽ ജീവിക്കുന്ന 'മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ' എന്നീ 5 തരം ജീവികളുടെ 'സ്വത്വങ്ങളായ ആത്മാക്കളും, മനുഷ്യാവസ്ഥയിൽ സംഹാരമാകുന്ന മോക്ഷ-ദേവതയായി മാറുന്ന നക്ഷത്രങ്ങളും.' (തെളിയിച്ചിട്ടുണ്ട്.*)**

**പ്രപഞ്ചഭാഗമായ ഭൂമിയായി അവതരിച്ചിരിക്കുന്ന ദൈവം ഭൂമിയായി തന്നെയാണ് ജീവികളുടെയും, സ്വത്വങ്ങളായ ആത്മാക്കളുടെയും സൃഷ്ടി സ്ഥിതികളും സംഹാരം ഉൾപ്പെട്ട മഹാനീതിയെയും നടപ്പാക്കുന്നതെന്ന് ഈ ദിവ്യമഹാവേദഗ്രന്ഥത്തിൽ മഹാശാസ്ത്രപരമായി തെളിയിച്ചിട്ടുണ്ട്.**

* ഈ ദിവ്യമഹാവേദഗ്രന്ഥത്തിൽ ശാസ്ത്രപരമായി തെളിയിച്ചിട്ടുണ്ട്.

ആയിരം കോടിയിലേറെ വർഷങ്ങളായിട്ട് സനാതനമായ സത്യവും ധർമ്മവും നീതിയുമായി നിലനിൽക്കുന്ന ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനുമെല്ലാം എന്താണെന്നോ അവയ്ക്ക് ജീവനുള്ളതായോ, ശരിയായി മനസ്സിലാക്കാൻ ഇപ്പോഴത്തെ സൃഷ്ടി ചക്രത്തിലെ മനുഷ്യർക്ക് തൽക്കാലം കഴിഞ്ഞിട്ടില്ല. ഏകദൈവമായ ശിവയും, ഭാഗമായ ശിവനും മഹാമാതാപിതാക്കളായും; എല്ലാ സൃഷ്ടികളും കുഞ്ഞുങ്ങളായുമുള്ള ഒരു മഹാകുടുംബമായിട്ടാണ്, 'പരബ്രഹ്മം' ആകുന്ന മഹാപ്രപഞ്ചത്തെ ആവിഷ്ക്കരിച്ചിരിക്കുന്നത്. **മനുഷ്യരുടെ ഏറ്റവും വലിയ ഭാഗ്യം, വിശേഷ ബുദ്ധിയെ നൽകിയിട്ടും കൂടി, വൃദ്ധരും ദൈവത്തിനു കുഞ്ഞുങ്ങളാണ്.** മഹാനീതിയുടെ ഭാഗമായിട്ട് ഭൂമിയിലെ അനന്തമായ ആനന്ദങ്ങളെ മനുഷ്യാവസ്ഥയിൽ വച്ച് തുല്ല്യമായി നൽകുന്നതിനു വേണ്ടി ഓരോ ആത്മാവും 100 മനുഷ്യജന്മങ്ങളെ വ്യത്യസ്തങ്ങളായ ജന്മഗുണങ്ങളോടെ ഭൂമിയിലെ വിവിധ പ്രദേശങ്ങളിൽ സ്വീകരിക്കേണ്ടതുണ്ട്. തെളിയിച്ചിട്ടുണ്ട്.*

മഹാനീതിശാസ്ത്രമായ ഓംകാരനീതിശാസ്ത്രം പ്രകാരം വൃദ്ധരെ വൈകാതെ മരിപ്പിക്കുകയും കുഞ്ഞായിട്ട് പുനർജ്ജനിപ്പിക്കുകയും ചെയ്യുമെന്നതിനാൽ തർക്കങ്ങൾ അനാവശ്യമാണ്. വൃദ്ധർക്കും അത്യധികം സന്തോഷിക്കാൻ കഴിയുന്ന ലളിതവും ഗൗരവവും സുന്ദരവുമായ വസ്തുത മറ്റൊന്നാണ് :

മഹാമാതാപിതാക്കളായ ശിവയ്ക്കും ശിവനും; വൃദ്ധജനങ്ങൾ ഉൾപ്പെടെ എല്ലാ സൃഷ്ടികളും കുഞ്ഞുങ്ങളാകയാൽ, കടമകളെ നൽകുന്നില്ല. ദൈവത്തിനു വേണ്ടി യാതൊരു പ്രവൃത്തികളും കുഞ്ഞുങ്ങൾ ചെയ്യേണ്ട. മാത്രമല്ല; മഹാമാതാപിതാക്കൾ മഹാവാത്സല്യത്തോടെ കുഞ്ഞുങ്ങളുടെ ആനന്ദങ്ങളെ വർദ്ധിപ്പിക്കാനായി എപ്പോഴും പരിചരിച്ചുകൊണ്ടുമിരിക്കും. അനന്തമായ ആനന്ദങ്ങളായി അവതരിച്ചിരിക്കുന്ന ഭൂമിയുടെ അംശമായ വസ്തുക്കളിലും ജീവികളുടെ ശരീരാവയവങ്ങളിലും ലയിച്ചിരിക്കുന്ന ശക്തികളെയും ശാസ്ത്രങ്ങളെയും കൊണ്ട് നേടുകയും ആനന്ദിച്ചു ജീവിക്കുകയുമാണ്' കുഞ്ഞുങ്ങൾ അവരവർക്കു വേണ്ടി ചെയ്യേണ്ടത്.

പ്രപഞ്ചത്തിലെ സർവ്വത്തിനും കൃത്യമായ അളവുകളുണ്ട്. സമ-ആനന്ദമായ മഹാനീതിയെ എല്ലാ കുഞ്ഞുങ്ങൾക്കും ഉറപ്പാക്കാൻ അത് അത്യാവശ്യമാണ്. ഈ ദിവ്യമഹാഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുമുണ്ട്. മനുഷ്യ-മാതാപിതാക്കൾ നൽകുന്ന വാത്സല്യത്തിന്റെ കൃത്യം നൂറിരട്ടിയാണ് മഹാമാതാവ് നൽകുന്ന മഹാവാത്സല്യം. കുഞ്ഞുങ്ങൾക്ക് ആനന്ദങ്ങളെ നേരിട്ടു നൽകാനായി സർവ്വം മഹാഭദ്രപ്പെടുത്തിയിട്ടുള്ള ദൈവം, നീതി-സംഹാര-ഖരരൂപമായ മണ്ണും, ധർമ്മ-സ്ഥിതി-ദ്രാവക രൂപമായ ജലവും, സത്യ-സൃഷ്ടി-വാതക രൂപമായ ഓക്സിജനും ചേർന്ന ആനന്ദങ്ങളുടെ മഹാകലവറയായ ഭൂമിയായിട്ട് ഭാഗികമായി അവതരിച്ചിരിക്കുകയാണ്. സൃഷ്ടികൾക്കെല്ലാം വേണ്ടിയുള്ള ഭൂമിയിലെ ആനന്ദങ്ങളെ സമമായി വീതിച്ചും ആനന്ദിച്ചും ജീവിക്കേണ്ടത് വിശേഷബുദ്ധി ലഭിക്കുന്ന മനുഷ്യരുടെ ആവശ്യമാവണം. സമമായി വീതിക്കാൻ കഴിയുന്ന ഉപാധികളായ ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും കാലവുമെല്ലാം കൂടി വസ്തുക്കളിൽ ലയിപ്പിച്ചിട്ടുണ്ട്.

ഭൂമിയിൽ ജീവികൾ ജീവിക്കുന്നതും, മരണത്തോടെ അവയുടെ ശരീരം മണ്ണായ ഭൂമിയിൽ ലയിച്ചു ചേരുന്നതും, ശരീരത്തിലെ അവയവങ്ങളുടെ മൂലമായ മൂലകങ്ങളും അവയുടെ സംയുക്തങ്ങളും മിശ്രിതങ്ങളുമെല്ലാം പുതിയതായി ജനിക്കുന്ന ജീവികളുടെ ശരീരത്തിലെ അവയവങ്ങളും ഭാഗങ്ങളുമായി മാറുന്നതും വിശേഷ ബുദ്ധിയെ ലഭിക്കുന്ന മനുഷ്യർ അനുഭവിച്ചു തന്നെ അറിയുന്ന വസ്തുതകളാണ്.

അനന്തമായ ആനന്ദങ്ങളും ശക്തികളും ശാസ്ത്രങ്ങളും സൗന്ദര്യവും സ്വാതന്ത്ര്യവും കാലവും ശരണവുമെല്ലാം ഭൂമിയിൽ ലയിച്ചിരിക്കുന്നതു കൊണ്ടാണ് അവയെല്ലാം ആസ്വദിച്ചു കൊണ്ട് ജീവികൾക്കെല്ലാം ജീവിക്കാൻ കഴിയുന്നത്. ഓരോരോ ജീവികൾക്കും ദാനമായി ലഭിച്ചിരിക്കുന്ന ശരീരത്തിലെ അവയവങ്ങളും അവയിൽ ലയിച്ചിരിക്കുന്ന ശക്തികളും ശാസ്ത്രങ്ങളുമെല്ലാം പ്രകാരം ഭൂമിയിലെ അനന്തമായ ആനന്ദങ്ങളെ നേടുകയും ആസ്വദിച്ചു ജീവിക്കുകയുമാണ് ജീവികളെല്ലാം അടിസ്ഥാന പരമായി ചെയ്യുന്നത്.

എല്ലാ ജീവികളും ജീവിക്കുന്നത് ഭൂമിയിൽ ആണെങ്കിലും, ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ നിർവ്വഹിക്കുന്നത് ഭൂമി ആണെന്നതും; ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനുമെല്ലാം ചേർന്ന പ്രപഞ്ചഭാഗം മഹാശക്തിയായ ദൈവത്തിന്റെ അവതാരങ്ങൾ ആണെന്നതും; ഭൂമിയിൽ നിന്ന് സൃഷ്ടികൾക്കു ലഭിക്കുന്ന അനന്തമായ ആനന്ദങ്ങളും ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും സൗന്ദര്യവും കാലവും ശരണവുമെല്ലാം ഭൂമി നൽകുന്നതാണ് എന്നതും; ശരിയായി മനസ്സിലാക്കാൻ ഇപ്പോഴത്തെ സൃഷ്ടി ചക്രത്തിലെ മനുഷ്യർക്ക് തൽക്കാലം കഴിഞ്ഞിട്ടില്ല. ഗ്രന്ഥകാരനും ഭാഗികമായി ബാധകമാണ്. ഭൂമിയിലെ ന്യൂനശക്തികളുടെ പ്രവർത്തനവും, ആദ്യ മഹാകാല ചക്രത്തിലെ ദുർദ്ദേവതകളുടെ ആക്രമണവും, അവയോട് മഹാദേവിക്കുള്ള മഹാവാത്സല്ല്യവും നിമിത്തം, ഗ്രന്ഥകാരന് അനവധി മഹാപാഠങ്ങളെ ഘട്ടം ഘട്ടമായി മാത്രമാണ് സമ്പൂർണ്ണമായി ലഭിക്കുന്നത്.

'ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളുമെല്ലാം' സൃഷ്ടിച്ച ശേഷം ദൈവം ജീവികളെ സൃഷ്ടിച്ചു എന്ന തെറ്റായ ധാരണ മനുഷ്യരുടെ ഇടയിൽ ഇന്നും പ്രബലമാണ്. ആകാശവും ഭൂമിയും ചന്ദ്രനും സൂര്യനും ചേർന്ന പ്രപഞ്ചഭാഗം ദൈവത്തിന്റെ അവതാരവും മഹാരൂപവുമാണ്. ചുവടെ തെളിയിച്ചിട്ടുണ്ട്. ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളും, മനുഷ്യാവസ്ഥയിൽ നേടുന്ന മോക്ഷമായ നക്ഷത്രദേവതകളും മറ്റു ദുർദ്ദേവതകളും മാത്രമാണ് സൃഷ്ടികൾ.

ആകാശവും ഭൂമിയുമായ മഹാപ്രപഞ്ചരൂപങ്ങളെ സ്വീകരിച്ചിരിക്കുന്ന ആദിയും അന്തവും ഇല്ലാത്ത മഹാസത്യവും മഹാശക്തിയുമായ ദൈവം, പ്രപഞ്ചരൂപത്തിൽ അനന്തമായ ആനന്ദങ്ങളും, സൃഷ്ടികൾക്ക് അവയെ നേടാനും ആസ്വദിക്കാനുമുള്ള ഉപാധികളായ ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും സൗന്ദര്യവും ചൂടും തണുപ്പും മർദ്ദവും സാന്ദ്രതയും വെളിച്ചവും ആകർഷണങ്ങളും വികർഷണങ്ങളും ഗന്ധങ്ങളും രുചികളും കാലവും ശരണവും മഹാനീതിയുമെല്ലാം അനന്തമായി ലയിപ്പിച്ചിരിക്കുകയാണ്. ജീവികളുടേതെന്നു കരുതുന്ന 'ശരീരവും അവയവങ്ങളും' അവയുടെ സ്വത്വങ്ങളായ ആത്മാക്കളും ആത്മാക്കളുടെ സ്വന്തമല്ല തന്നെ. ഭൂമിയുടെ അംശമായ ശരീരം, സ്വത്വം പോലും സ്വന്തമായിട്ടില്ലാത്ത സ്വത്വവും സൃഷ്ടിയുമായ ആത്മാവിനെ ശരീരത്തോടു ലയിപ്പിച്ചെന്ന പോലെ ചേർക്കുമ്പോൾ മാത്രമാണ് ആത്മാവ് ജീവിയായിട്ടു മാറുന്നത്. മനുഷ്യാവസ്ഥയിൽ വിശേഷ ബുദ്ധിയെ ലഭിക്കുന്നതു കൊണ്ട് വസ്തുതകളെ തിരിച്ചറിയാൻ കഴിയുന്നു. മനുഷ്യർക്ക് വിശേഷ ബുദ്ധി ലഭിക്കുന്നത് അവരുടെ നേട്ടമോ മറ്റുള്ള ജീവികൾക്ക് ലഭിക്കാത്തത് അവരുടെ കോട്ടമോ അല്ല. മഹാനീതിശാസ്ത്രമായ ഓംകാരനീതിശാസ്ത്രം പ്രകാരം ഭൂമി ചെയ്യുന്ന ദാനങ്ങളുടെ പേരിൽ അഹംഭാവവും അഹങ്കാരവുമെല്ലാം കാട്ടുന്നത് അപരാധമാണ്.

ജീവികളുടെ വിശപ്പും ദാഹവും അവ മാറാനുള്ള ഭക്ഷണവും വെള്ളവും രോഗങ്ങളും മരുന്നുകളും രോഗമുക്തിയും ലഹരിയും വിഷവും ശരീരത്തിലെ അവയവങ്ങളുടെ പ്രവർത്തനങ്ങളും തുടങ്ങി സർവ്വവും ആയിരിക്കുന്നതും, നിശ്ചയിക്കുന്നതും, സൃഷ്ടിക്കുന്നതും, പരിപാലിക്കുന്നതും, മഹാനീതി നടപ്പാക്കുന്നതും, ഭൂമിയുടെ അംശവും ആനന്ദങ്ങളും മഹാശക്തികളുമായ വസ്തുക്കളാണ്. എല്ലാ ജീവികൾക്കും ആനന്ദിച്ചു ജീവിക്കണമെങ്കിൽ ഭൂമിയുടെ അംശമായ വസ്തുക്കളും ശരീരങ്ങളുമായ ആനന്ദങ്ങളെ അവയിൽ ലയിച്ചിരിക്കുന്ന ധർമ്മശാസ്ത്ര പ്രകാരം മാത്രം ആസ്വദിക്കണം. സൃഷ്ടികൾക്ക് ഭൂമി വിധിച്ചിട്ടുള്ള ജീവിത ധർമ്മം ആണത്. ദൈവത്തിന്റെ ആദിയും അന്തവും ഇല്ലാത്ത മഹാശക്തികൾ ബഹുവിധത്തിലുള്ള ആനന്ദങ്ങളായി ഭൂമിയിൽ ലയിച്ചിരിക്കുന്നത് അനുഭവിച്ചറിയുവാൻ വിശേഷബുദ്ധി ലഭിക്കുന്ന മനുഷ്യാവസ്ഥയിൽ കഴിയുന്നുമുണ്ട്.

മഹാപ്രപഞ്ചത്തിലെ ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനുമായിട്ട് അവതരിച്ചിട്ടുള്ള ദൈവം, പ്രസ്തുത പ്രപഞ്ചരൂപങ്ങളോടെയാണ് സൃഷ്ടികളായ ജീവികളുടെയും, സ്വത്വങ്ങളായ ആത്മാക്കളുടെയും സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്നതും, ജീവികളുടെ മേൽ മഹാനീതി നടപ്പാക്കുന്നതും. ഇക്കാര്യം അറിയാതെയും അറിയാൻ ശ്രമിക്കാതെയും മനുഷ്യരിൽ ഏറെപ്പേരും നിലവിൽ ജീവിക്കുന്നുവെന്നത് വാസ്തവമാണ് !

ഭൂമിയിലെ വസ്തുക്കളാകുന്ന ആനന്ദങ്ങളെയും ഉപാധികളായ ശക്തികളെയും ശാസ്ത്രങ്ങളെയുമെല്ലാം ആവിഷ്ക്കരിച്ചിട്ടുള്ളത് സൃഷ്ടികളല്ലെന്നത് വിശേഷബുദ്ധി ലഭിച്ച മനുഷ്യർ വിട്ടുപോകുന്നു. മഹാശക്തിയായ ഭൂമി ദൈവമാണെന്ന് ശാസ്ത്ര പരമായി വിശകലനം ചെയ്തു മനസ്സിലാക്കാൻ കഴിയും എന്നിരിക്കെ നിർജ്ജീവമായിട്ട് മനുഷ്യർ കരുതുകയുണ്ടായി. ദൈവമായ ആകാശവും ഭൂമിയും ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുമ്പോൾ മഹാസത്യവും മഹാശക്തിയുമായ ഭൂമി നൽകുന്ന ശക്തികളും ജ്ഞാനവും സ്വാതന്ത്ര്യവും ആയുസ്സും ആരോഗ്യവും മറ്റും കൊണ്ട് ജീവിക്കുന്ന മനുഷ്യർ ഭൂമിക്ക് രക്ഷവേണമെന്നും, ഭൂമിയെ രക്ഷിക്കാൻ കഴിയുമെന്നു ഭാവിക്കുന്നതും വലിയ തെറ്റാണ് !

ദൈവത്തിന്റെ അനന്തമായ ശക്തികളും ഗുണങ്ങളുമാണ് ദൈവത്തിന്റെ അവതാരമായ ഭൂമിയുടെ അംശമായ മൂലകങ്ങളിലും സംയുക്തങ്ങളിലും വസ്തുക്കളിലും പ്രദേശങ്ങളിലും ജീവികളുടെയെല്ലാം ശരീരത്തിലെ അവയവങ്ങളിലും ഭാഗങ്ങളിലുമെല്ലാം ലയിച്ചിരിക്കുന്നത്. കാറ്റും കോളും കൊടുങ്കാറ്റും ചുഴലിക്കാറ്റും മഴയും പ്രളയവും വെയിലും മഞ്ഞും കുളിരും ചൂടും വെളിച്ചവും ഈർപ്പവും തണലും ഭൂചലനങ്ങളും അഗ്നിപർവ്വതങ്ങളും തീയും കാട്ടുതീയും പുകയും ജലവും വൈദ്യുതിയും വേലിയേറ്റവും വേലിയിറക്കവും തിരമാലകളുമെല്ലാം ഭൂമിയിലെ പ്രതിഭാസങ്ങളാണെന്നു പറയുമ്പോൾ, ഉണ്ടാവുകയല്ലെന്നും; വെറുതെ അല്ലെന്നും; അവയെല്ലാം ഭൂമിയുടെ അംശമാണെന്നും അറിയണം. ഭൂമിയുടെ സൂക്ഷ്മാംശങ്ങളായ ആറ്റങ്ങളുടെ ഉള്ളിലെ പ്രോട്ടോണുകളെ ഇലക്ട്രോണുകൾ നിരന്തരം മഹാശാസ്ത്ര പരമായി ചുറ്റുന്നത് സർവ്വത്തിനും കാര്യവും കാരണവുമായ മഹാശക്തിയാണ്. പ്രപഞ്ച-ഭാഗവും മഹാശക്തിയുമായ ആകാശത്തിനും ഭൂമിക്കും സംരക്ഷണം വേണ്ടാ; കൂടാതെ സൃഷ്ടികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്നത് അവയാണ്!

സൂര്യനിൽ നിന്നുമാണ് പ്രകാശവും ചൂടും ലഭിക്കുന്നതെന്ന് വാദിക്കുന്നവർ അവയെ സൂര്യനിൽ പോയി കൊണ്ടുവരികയല്ല; ഭൂമി ലഭ്യമാക്കുന്നതായി മനസ്സിലാക്കാൻ കഴിയുന്നതുമാണ്. ഇരുട്ടും വെളിച്ചവും സൃഷ്ടികൾക്കായുള്ള മറ്റൊരു ആനന്ദവും ആവിഷ്ക്കാരവുമാണ്. പ്രകാശത്തെ സൃഷ്ടിക്കുകയും പരമാത്മാവിനോടും ആത്മാക്കളോടും ചേർക്കുകയും ചെയ്യുന്നതിനെ വേറിട്ട് വിവരിക്കുന്നുണ്ട്.

ഭൂമി ദൈവത്തിന്റെ മഹാനീതിരൂപം കൂടിയാണ്. സൃഷ്ടികൾക്ക് ജീവിക്കാൻ ആവശ്യമായ അനന്തമായ ആനന്ദങ്ങളായിട്ട് തുടർച്ചയായി അവതരിച്ചു കൊണ്ടിരിക്കുകയും, സൃഷ്ടികൾക്ക് സമ്പൂർണ്ണമായ സ്വാതന്ത്ര്യം അനുവദിച്ചു കൊണ്ടു തന്നെ സൃഷ്ടികളുടെ മേൽ മഹാനീതി നടപ്പാക്കുകയുമാണ്. ഭൂമിയുടെ സ്വത്വവും സത്യ-സൃഷ്ടി-വാതക രൂപവും, ജീവികളുടെയെല്ലാം ജീവനുമായ ഓക്സിജൻ സർവ്വവും ശ്രദ്ധിക്കുന്നുണ്ട്; പ്രവർത്തിക്കുന്നുമുണ്ട്. സൃഷ്ടികളായ ആത്മാക്കളുടെ ചിന്തകളെയും പ്രവർത്തനങ്ങളെയും, ഒപ്പം, ഭൂമിയുടെ അംശമായ മറ്റു മൂലകങ്ങളെയും സംയുക്തങ്ങളെയും ജീവികളുടെ ശരീരങ്ങളിലെ അവയവങ്ങളെയും, അവയുടെയെല്ലാം സൂക്ഷ്മമായ ആറ്റങ്ങളിലെ ഘടകങ്ങളെയും ഭാഗികമായും സമ്പൂർണ്ണമായും നിയന്ത്രിക്കാനും ഭരിക്കാനുമെല്ലാം ഓക്സിജന് നിസ്സാരമായി കഴിയുന്നതാണ്. ഭൂമിയുടെ ധർമ്മ-സ്ഥിതി-ദ്രാവക രൂപമായ ജലം ആനന്ദങ്ങളെയും, ഭൂമിയുടെ സ്വത്വമായ ഓക്സിജന്റെ മഹാഭരണത്തെയും മഹാനീതിയെയും ആത്മാക്കളുടെ മേൽ നടപ്പാക്കാനും, വേദനകൾ ഉൾപ്പെടെയുള്ള ആനന്ദങ്ങളെ കൈമാറാനുള്ള മാധ്യമമായും പ്രവർത്തിക്കുന്നു! ആറ്റങ്ങളിലെ ക്വാർക്കുകൾ, ബോസോണുകൾ തുടങ്ങിയവ ന്യൂനശക്തികൾ, ജന്മഗുണങ്ങൾ, പുണ്യപാപങ്ങളുടെ അളവുകൾ തുടങ്ങിയവയെ നിശ്ചയിക്കുന്ന* ഘടകങ്ങളാണ്. എന്നുവെച്ചാൽ ഭൂമിയിലെ സൂക്ഷ്മവും സ്ഥൂലവുമായ സർവ്വവും മഹാപദ്ധതികളോടെ പ്രവർത്തിക്കുകയാണ്.

ഭൂമിയുടെ അംശമായ മൂലകങ്ങളും സംയുക്തങ്ങളും രൂപാന്തരമായ ശരീരാവയവങ്ങളും ജീവികളുടെ സ്വത്വങ്ങളായ ഓരോ ആത്മാവിനും ഓരോ ദൈവമായി അവതരിച്ച് ജീവിക്കാൻ ആവശ്യമായ ശക്തികളും ജ്ഞാനവും (ശാസ്ത്രങ്ങളും) ആനന്ദങ്ങളും സ്വാതന്ത്ര്യങ്ങളും ശരണവുമെല്ലാം നേരിട്ടു നൽകുകയാണെന്ന് മുകളിൽ സൂചിപ്പിച്ചിരുന്നു; പിന്നീട് തെളിയിക്കുന്നുണ്ട്.

* ഈ ദിവ്യമഹാഗ്രന്ഥത്തിൽ ശാസ്ത്രപരമായി വിശദീകരിച്ചിട്ടുണ്ട്.

# മഹാസത്യവും മഹാശക്തിയുമായ ഏകദൈവം

ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളുമെല്ലാം ഉൾപ്പെടെയുള്ള പ്രപഞ്ചവും, ഭൂമിയിലെ ജീവികളും, ജീവികളിൽ ഒന്നായ മനുഷ്യർക്കു വിഷയമാകുന്നത് സ്വത്വം, ശരീരം, സ്വാതന്ത്ര്യം തുടങ്ങിയവയോടൊപ്പം വിശേഷ ബുദ്ധി കൂടി ലഭിച്ചതു കൊണ്ടാണ്. ജീവികളാകുന്ന സൃഷ്ടികളെയും, അവയുടെയെല്ലാം സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്നതിന് ആവശ്യമായ സംവിധാനങ്ങളെയും പ്രപഞ്ചം എന്ന പേരിൽ ഒരുക്കിയാലും ഇല്ലെങ്കിലും മഹാസത്യമായി നിലനിൽക്കാൻ മഹാശക്തിയായ ദൈവത്തിനു സാധിക്കുന്നതാണ്.

മഹാസത്യവും മഹാശക്തിയുമായ ദൈവം വിഷയമാകണമെങ്കിൽ സൃഷ്ടികൾ ഉണ്ടാകണം; ഒരു സൃഷ്ടിക്കെങ്കിലും മഹാസത്യമായ ദൈവത്തെയും സൃഷ്ടികളുടെ ജീവിതത്തെയും മനസ്സിലാക്കാൻ കഴിയുന്ന വിശേഷ ബുദ്ധിയെ ദൈവം നൽകുകയും വേണം. ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനുമെല്ലാം ചേർന്ന മഹാപ്രപഞ്ചം പോലെ സൃഷ്ടികൾക്കെല്ലാം ജീവിക്കാൻ ആവശ്യമായ ആനന്ദങ്ങളായും അവയെ നേടാനുള്ള ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും മറ്റുമായ ഉപാധികളായും ദൈവം സ്വയം അവതരിച്ചതിനു ശേഷം മാത്രമേ സൃഷ്ടികളായ ജീവികളെ സൃഷ്ടിക്കാനും പരിപാലിക്കാനും കഴിയുകയുള്ളൂ. സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന സൃഷ്ടികളുടെയെല്ലാം അസ്തിത്വവും രൂപങ്ങളും ഭാവങ്ങളും ആയുസ്സും ധർമ്മങ്ങളും മഹാനീതിയുമെല്ലാം അടിസ്ഥാന പരമായി നിശ്ചയിക്കുന്നതും നൽകുന്നതും; പ്രപഞ്ച-ഭാഗമായിട്ട് അവതരിച്ചിരിക്കുന്നതും ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാര കർത്താവും മഹാശക്തിയുമായ ഏകദൈവമാണ്.

മഹാശക്തിയായ ദൈവത്തിന്റെ അവതാരമായ ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനും ചേർന്ന പ്രപഞ്ച-ഭാഗത്തിന്റെ അംശമായ വസ്തുക്കളും പ്രദേശങ്ങളും, ജീവികളുടെ ശരീരങ്ങളുമെല്ലാം ആനന്ദങ്ങളും ഉപാധികളായ ശക്തികളും ശാസ്ത്രങ്ങളും മറ്റുമാണെന്നത് മനുഷ്യാവസ്ഥയിൽ അനുഭവിച്ചറിയുന്നുണ്ട്.

**സൃഷ്ടികളായ ജീവികളുടെയെല്ലാം സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്നതിനു ദൈവം തയ്യാറായത് ദൈവത്തിനു വേണ്ടിയാണെന്ന്, ദൈവം, മനുഷ്യാവസ്ഥയിൽ വെച്ച് സൃഷ്ടികൾക്കെല്ലാം നൽകുന്ന വിശേഷ ബുദ്ധിയെ ദുരുപയോഗം ചെയ്താൽ തോന്നിയെന്നുവരാം.**

ദൈവത്തിന് ഒരു സ്വാർത്ഥം അഥവാ ആനന്ദം എങ്കിലും ഉണ്ടാവാതെ മഹാശക്തികളെയും മഹാശാസ്ത്രങ്ങളെയുമെല്ലാം ആവിഷ്ക്കരിച്ചും സംയോജിപ്പിച്ചും കൊണ്ടുള്ള മഹത്തായ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ദൈവം ചെയ്യില്ലെന്നും, ദൈവം ഒന്നോ അതിലധികമോ ആനന്ദത്തെ സ്വീകരിച്ചുവെന്നും തെളിയുന്നുണ്ട്.

സർവ്വവും സൃഷ്ടിക്കുന്ന മഹാശക്തിയായ ദൈവം, ആനന്ദങ്ങൾ ഉൾപ്പെടെ സർവ്വത്തിനും കൂടി അതീതമായിരിക്കണം എന്നിരിക്കെ; ആനന്ദത്തെ സ്വീകരിച്ചിരിക്കുന്നത് എങ്ങനെയാണെന്നും മറ്റും മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം പ്രകാരം വിശദീകരിക്കുകയും തെളിയിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

**ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ദൈവം ചെയ്യുന്നത് ദൈവത്തിനു വേണ്ടിയല്ല; 'സൃഷ്ടികൾക്കു വേണ്ടി മാത്രമാണെന്ന് ' വിശേഷബുദ്ധിയെ ലഭിക്കുന്ന മനുഷ്യാവസ്ഥയിൽ മനസ്സിലാക്കാൻ കഴിയുന്ന 'മഹാത്ഭുതം' ചുവടെ വിവരിച്ചിട്ടുണ്ട്. മാത്രമല്ലാ, പ്രപഞ്ച-ഭാഗമായിട്ട് സ്വയം അവതരിച്ചിരിക്കുന്ന ദൈവം സർവ്വവും ചെയ്യുന്നത് അടിസ്ഥാന പരമായി പ്രപഞ്ച-രൂപത്തോടെ തന്നെയാണെന്നും തെളിയിച്ചിട്ടുണ്ട്.**

(സ്വന്തം അംശമായ മൂലകങ്ങളും അവയുടെ സംയുക്തങ്ങളും കൊണ്ട് സൃഷ്ടിച്ച് ഭൂമി ജീവികൾക്കു നൽകുന്ന) ജീവികളുടെ ശരീരത്തിലെ അവയവങ്ങൾ, സ്ത്രീ പുരുഷൻ, നിറം, സൗന്ദര്യം, മുഖഛായ, ഉയരം, ആയുസ്സ്, ആരോഗ്യം, ബുദ്ധി ശക്തി, ഓർമ്മ ശക്തി, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ജനനസ്ഥലം, ഡിഎൻഎ, മരണം, ജനനം തുടങ്ങിയ ജന്മഗുണങ്ങളെയും; ജീവികളുടെയും വർഗ്ഗപരമായ പൊതുധർമ്മങ്ങളെയും, ജീവികളുടെ ചുറ്റുമുള്ള പ്രപഞ്ച സംവിധാനങ്ങളെയും നിശ്ചയിക്കുന്നതും സൃഷ്ടിക്കുന്നതും പരിപാലിക്കുന്നതും മഹാനീതി നടപ്പാക്കുന്നതും ജീവികൾ സ്വയമല്ലെന്ന് വിശേഷ ബുദ്ധിയും സ്വത്വബോധവും കൂടി ദാനമായി ലഭിക്കുന്ന മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് അറിയാം.

ദൈവം പ്രത്യക്ഷമല്ലാത്തപ്പോൾ, പ്രപഞ്ചത്തിലെ ശക്തികളെ ദൈവമെന്നു കരുതുകയാണെന്നും; കൂടാതെ, പ്രപഞ്ച-ഭാഗമായിട്ട് അവതരിച്ചു കൊണ്ട് ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മഹാശക്തിയായ ദൈവം ചെയ്യുകയാണെന്നും യുക്തിഭദ്രമായി വിശ്വസിക്കാൻ കഴിയും. ദൈവത്തിന്റെ സാന്നിധ്യം പ്രത്യക്ഷമായി മാറുമ്പോഴും, പ്രപഞ്ചത്തിലെ വസ്തുക്കളിൽ ലയിച്ചിരിക്കുന്ന (ദൈവത്തിന്റെ മഹാജ്ഞാനമാകുന്ന) ശാസ്ത്രങ്ങൾ പ്രകാരം തെളിയുമ്പോഴും, ദൈവത്തിന്റെ പദ്ധതികളെയും നിയമങ്ങളെയും ഉൾക്കൊണ്ട് ജീവിക്കുകയേ നിരീശ്വരവാദികൾ വേണ്ടൂ. അതേസമയം ദൈവത്തിന്റെ അസ്തിത്വം ഉൾപ്പെടെയുള്ള ദൈവ കാര്യങ്ങളെയും, ദൈവത്തിന്റെ അവതാരവും കൂടിയായ ആകാശം, ഭൂമി, സൂര്യൻ, ചന്ദ്രൻ തുടങ്ങിയ പ്രപഞ്ചഭാഗങ്ങളെയും, ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാര കാര്യങ്ങളെയും, വസ്തുതാവിരുദ്ധമായി പ്രചരിപ്പിച്ചുപോരുന്ന മതവിശ്വാസങ്ങളെല്ലാം അസത്യമാണെന്നും വിശേഷ ബുദ്ധിയെ ഉപയോഗിക്കാതെയാണ് മനുഷ്യർ പ്രവർത്തിച്ചതെന്നും തെളിയുന്നതാണ്; തിരുത്തുന്നതുമാണ്. ദൈവത്തിന്റെ പ്രത്യക്ഷ സാന്നിധ്യം എല്ലാ സൃഷ്ടി ചക്രങ്ങളിലും ഉണ്ടാകുന്നതാണ്. ഭൂമിയിൽ ഉടനെ ഉണ്ട്. ചുവടെ കൊടുക്കുന്ന ദൈവകാര്യങ്ങളും പ്രപഞ്ച-സത്യങ്ങളും മനുഷ്യർക്ക് അറിയാനും, ആനന്ദത്തോടെ അനുഭവിച്ചു ജീവിക്കാനും കഴിയുന്നതാണ് :-

(1). പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളുടെയും ഉപഭോക്താക്കൾ മനുഷ്യർ ഉൾപ്പെടെയുള്ള സൃഷ്ടികളായ ജീവികൾ മാത്രമാണെന്നും; സ്രഷ്ടാവല്ലെന്നും മനുഷ്യർ അനുഭവിച്ച് അറിയുന്നുണ്ട്. സൃഷ്ടികൾക്ക് ജീവിക്കാൻ ആവശ്യമായ ആനന്ദങ്ങളും ഉപാധികളായ അനന്ത ശക്തികളും ശാസ്ത്രങ്ങളുമെല്ലാമായ ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനുമായിട്ട് ദൈവം അവതരിച്ചിരിക്കുന്നത് ജീവികൾക്കു വേണ്ടിയാണെന്നും വ്യക്തമാകുന്നുണ്ട്.

(2). സർവ്വത്തിനും അതീതവും മഹാശക്തികളെ ഉൾപ്പെടെ എന്തും സൃഷ്ടിക്കാൻ കഴിവുമുള്ള മഹാസത്യവും മഹാശക്തിയുമായ ദൈവത്തിന് യാതൊന്നും ആവശ്യമില്ല.

(3). ദൈവത്തിന് ഒന്നോ അനന്തമോ രൂപങ്ങളെ സ്വീകരിക്കാൻ കഴിയുമെങ്കിലും രൂപം ആവശ്യമില്ല. ദൈവത്തിന് രൂപങ്ങളുടെ ആവശ്യം ഉണ്ടാകുന്നതും സ്വീകരിക്കുന്നതും ആരെയെങ്കിലും സൃഷ്ടിക്കുമ്പോൾ സൃഷ്ടികളായ ജീവികൾക്കു വേണ്ടിയാണ്.

(4). അസ്തിത്വം പോലും സ്വന്തമായിട്ട് ഇല്ലാത്തവരും സൃഷ്ടികളുമായ ആത്മാക്കളെ മഹാസത്യവും മഹാശക്തിയുമായ ദൈവത്തിന്റെ അംശമോ ഭാഗമോ ആക്കാൻ കഴിയില്ലെന്നിരിക്കെ, ശക്തിഹീനത ബാധകമായ ഒരു ഭാഗത്തെ മഹാസത്യമായ ദൈവത്തിന്റെ ഭാഗമായിട്ട് പരമാത്മാവ്, ശിവൻ, സൃഷ്ടികളുടെ മഹാപിതാവ്, തുടങ്ങിയ പേരുകളോടെ ഒരുക്കിക്കൊണ്ടും ഒപ്പം ചേർത്തു കൊണ്ടും പ്രപഞ്ചമായിട്ട് അവതരിക്കാനും, നിർജ്ജീവമായ പരമാത്മാവിന്റെ മാത്രം അംശങ്ങളായിട്ട് ആത്മാക്കളെ സൃഷ്ടിക്കാനും ദൈവം തയ്യാറാവേണ്ടതുണ്ട്. നിർജ്ജീവമായ ആത്മാക്കൾക്ക് ആനന്ദങ്ങളും ഉപാധികളായ ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും സൗന്ദര്യവും ശരണവുമെല്ലാം നൽകി ജീവികളാക്കി മാറ്റാനും പരിപാലിക്കാനും മഹാനീതിയെ നടപ്പാക്കുന്നതിനുമായിട്ട് ആകാശവും ഭൂമിയും ചേർന്ന പ്രപഞ്ചമായിട്ട് ദൈവം ആദ്യം അവതരിച്ചിരിക്കുകയുമാണ്.

സ്വത്വമോ ശക്തികളോ സ്വന്തമായിട്ടില്ലാത്ത (ശവരായ) ആത്മാക്കളുടെ പരമാത്മാവും മഹാപിതാവും മഹാശവനും കൂടിയായി ശിവനെ മഹാസത്യമായ ദൈവത്തിന്റെ രണ്ടാമത്തെ ഭാഗവും; മഹാസത്യവും മഹാശക്തിയുമായ ദൈവത്തിന്റെ ഇഷ്ടം പോലെ മഹാശക്തനും, സൃഷ്ടികളുടെയെല്ലാം മഹാപിതാവുമായി ഒരുക്കിയിരിക്കുന്നത് എങ്ങനെയെല്ലാമാണെന്ന് ഈ ദിവ്യമഹാവേദ ഗ്രന്ഥത്തിൽ പിന്നീട് മഹാശാസ്ത്രപരമായി വിവരിക്കുന്നുണ്ട്.

സൃഷ്ടികൾക്കു വേണ്ടി മഹാസത്യമായ ഏകദൈവം; മഹാമാതാവായ ഏകദൈവവും മഹാപിതാവുമായിട്ട് സ്വയം രണ്ടായിട്ടു വിഭജിച്ച ശേഷം സൃഷ്ടി സ്ഥിതി സംഹാര പാത്രമായ ആകാശവും, മഹാശക്തിയും ആനന്ദങ്ങളുടെ മഹാകലവറയുമായ ഭൂമിയുമായിട്ട് ഭാഗികമായി ആദ്യം അവതരിച്ചിരിക്കുന്നതും മഹാത്ഭുതം തന്നെയാണ്.

മഹാശക്തിയും മഹാകാരുണ്യവുമായ ഏകദൈവം കനിഞ്ഞ് ആനന്ദങ്ങളെയും ശക്തികളെയുമെല്ലാം നൽകിയാൽ മാത്രമാണ് അസ്തിത്വം പോലും സ്വന്തമായിട്ട് ഇല്ലാത്ത സൃഷ്ടികൾക്ക് സർവ്വം ലഭിക്കുക. 'ഏകമഹാശക്തിയായ ശിവ, ഭാഗമാക്കിയ ശിവനെയും' ചേർത്ത് അനന്തമായ ആനന്ദങ്ങളും; അവയെ നേടാനുള്ള ഉപാധികളായ ശക്തികളും, മഹാജ്ഞാനമായ ശാസ്ത്രങ്ങളും, കാലവും, മഹാശരണവും, മഹാനീതിയുമെല്ലാമായ ഭൂമിയും അംശമായ പ്രദേശങ്ങളും മൂലമായ മൂലകങ്ങളും അവയുടെ സംയുക്തങ്ങളും മിശ്രിതങ്ങളും കൊണ്ട് സൃഷ്ടിച്ചിട്ടുള്ള ജീവികളുടെയെല്ലാം ശരീരങ്ങളുമായിട്ട് അവയ്ക്കു വേണ്ടി ഭാഗികമായി അവതരിച്ചിരിക്കുന്നതിനെ 'ആറ്റങ്ങളും ഘടകങ്ങളും,' 'മൂലകങ്ങളും സംയുക്തങ്ങളും,' 'ജീവികളുടെ ശരീരം' തുടങ്ങിയ അദ്ധ്യായങ്ങളിൽ ശാസ്ത്ര പരമായി വിവരിക്കുന്നുണ്ട്. സൃഷ്ടികളായ ആത്മാക്കൾക്കു വേണ്ടി ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനും ചേർന്ന അനന്തമായ ആനന്ദങ്ങളായിട്ട് ദൈവം ഭാഗികമായി അവതരിക്കുന്നതിന് രണ്ടു പ്രധാന കാരണങ്ങളുണ്ട്. ഒന്ന് : ആദിയും അന്തവും ഇല്ലാത്ത മായാമഹാശക്തിയായ ദൈവത്തിന് നിസ്സാരമായി എന്തും ചെയ്യാൻ കഴിയും. രണ്ട് : സൃഷ്ടിയും പരിപാലനവും കൂടാതെ മോക്ഷം ഉൾപ്പെടെ മഹാനീതി നടപ്പാക്കേണ്ടുന്നതും ദൈവം തന്നെയാണ്!

(5). മഹാശക്തിയായ ദൈവത്തിന് സഹായികളുടെ ആവശ്യമില്ല. ജീവികളുടെ സൃഷ്ടി സ്ഥിതികളെ മഹാസുന്ദരമാക്കാനായി ദൈവം; ശിവയും ഏകമഹാശക്തിയുമായ മഹാമാതാവും, ശിവനും ശവനും പരമാത്മാവുമായ മഹാപിതാവുമായിട്ടും; വിഘടിച്ച ശേഷം; ഒന്നിച്ച് സൃഷ്ടി സ്ഥിതി സംഹാര പാത്രമായ ആകാശവും, മഹാശക്തിയായ ഭൂമിയുമായിട്ട് ആദ്യം അവതരിക്കുകയും; പിന്നീട് ശവനായ ശിവന്റെ അംശമായി ആത്മാക്കളെ സൂര്യനിൽ സൃഷ്ടിക്കുകയും; ഭൂമിയുടെ അംശമായ ശരീരം നൽകി ജീവിസൃഷ്ടി ആരംഭിക്കുകയും ചെയ്തു. രണ്ടാവാതെ രണ്ടാവുന്ന അത്ഭുതം പ്രകാരം ശവനായ ശിവനെ ഭാഗമാക്കി ക്കൊണ്ട് ഏകദൈവമായ ശിവ പ്രപഞ്ച-ഭാഗമായിട്ട് അവതരിച്ചിരിക്കുന്നതും ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്നതും മഹാത്ഭുതം മാത്രമല്ലാ; സൃഷ്ടികൾക്കു വേണ്ടി മാത്രവുമാണ്.

ഏകദൈവമായ ശിവ രണ്ടാവാതെ രണ്ടാകുന്നതിന്റെ കാതലായ ഭാഗത്തെ ഒരല്പം വിശദമാക്കാം: സൃഷ്ടിയും പരിപാലനവും സംഹാരം ഉൾപ്പെടെയുള്ള മഹാനീതിയും സ്വയം ചെയ്യുമ്പോഴാണ് ദൈവത്തിന് സഹായികളുടെ ആവശ്യമില്ലെന്നത് ശരിയാവുക.

# ॐ ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

ശിവനെ സ്വന്തം ഭാഗമാക്കുമ്പോഴും സൃഷ്ടി സ്ഥിതി സംഹാരങ്ങളെ സ്വയം ചെയ്തു കൊണ്ട് സർവ്വത്തിന്റെയും ഏക അവകാശിയും ഏക അധികാരിയും മഹാനീതിയും മഹാനീതിപതിയും ഏകദൈവമായ ശിവ മാത്രമാണെന്ന് സുവ്യക്തമാണ്. വിശദീകരിക്കാം : പ്രപഞ്ച-ഭാഗമായിട്ട് അവതരിക്കുമ്പോഴും, ശവനായ ശിവന്റെ അംശമായിട്ട് സൃഷ്ടികളായ ആത്മാക്കളെ സൃഷ്ടിക്കുമ്പോഴും പ്രവൃത്തി ചെയ്യുന്നത് ശിവ മാത്രമാണ്; എല്ലാ ശക്തികളും ഏകമഹാശക്തിയായ ശിവയിൽ നിന്നുമാണ് അടിസ്ഥാന പരമായി ആവിർഭവിക്കുന്നത്.

ആനന്ദങ്ങൾ ഉൾപ്പെടെ സർവ്വത്തിനും അതീതമായ ദൈവം, സൃഷ്ടികളെ ശവനായ ശിവന്റെ അംശമായ ആത്മാക്കളായിട്ട് സൃഷ്ടിക്കുകയും; ശക്തിയും ശിവയുമായ ഭൂമിയുടെ അംശമായ വസ്തുക്കളെ കൊണ്ടുള്ള വ്യത്യസ്തങ്ങളായ ശരീര-അവയവങ്ങളെ കൊണ്ട് അനന്തമായ ജീവികളെയും വർഗ്ഗങ്ങളെയും 'മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ' എന്നീ 5 അവസ്ഥകളിൽ സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു. സൃഷ്ടികളുടെ ജീവിതത്തിൽ സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തോടെ ആനന്ദങ്ങളെ അറിയാനും അനുഭവിക്കാനും ആസ്വദിക്കാനും വഴിയൊരുക്കിയിട്ടുണ്ട്. കൂടാതെ വിശേഷ ബുദ്ധിയാകുന്ന മഹാശാസ്ത്ര ജ്ഞാനത്തെ സൃഷ്ടികൾക്കു നൽകുന്ന മനുഷ്യാവസ്ഥയിൽ വച്ച് മഹാനീതി നടപ്പാക്കുകയും ചെയ്യുന്നു. സൃഷ്ടികൾക്കെല്ലാം സമ-ആനന്ദമായ മഹാനീതിയെ ഭൂമിയിലും, മഹാനീതിയുടെ ഭാഗമായ നക്ഷത്ര-മോക്ഷമായ സംഹാരത്തിലും ഉറപ്പായും നൽകുന്നുണ്ടെന്ന് മഹാനീതിശാസ്ത്രമായ ഓംകാര നീതി ശാസ്ത്രം തെളിയിക്കുന്നുണ്ട്. ഭൂമിയിൽ ഉടനെ ആരംഭിക്കുന്ന സത്യയുഗത്തിൽ വസ്തുനിഷ്ഠമായി അനുഭവിക്കാനും കഴിയും !

ജീവികൾക്ക് വിശേഷ ബുദ്ധിയും സമ്പൂർണ്ണമായ മഹാശാസ്ത്രവും നൽകുന്ന മനുഷ്യാവസ്ഥയിൽ നക്ഷത്ര-മോക്ഷമായ ദേവതകളായി അനന്തകാലം അനന്തമായ ആനന്ദങ്ങളെ ആസ്വദിച്ചു ജീവിക്കാനും; സമൂഹജീവിതം ആഗ്രഹിക്കുന്നവർക്ക് ഭൂമിയിൽ വന്ന് ജീവികളായി തുടരാനും; സ്വയം അവസാനിക്കാനുമെല്ലാം; വഴിയൊരുക്കിയിട്ടുണ്ട് !

മഹാസത്യമായ ഏകദൈവം, മഹാമാതാവും മഹാപിതാവുമായി വിഘടിച്ച് മഹാജീവികളെപ്പോലെ, സൃഷ്ടികൾക്കു വേണ്ടി സർവ്വം മഹാഭദ്രപ്പെടുത്തിയിരിക്കുന്നത് മഹാഅത്ഭുതം തന്നെയാണ് !

മഹാസത്യവും മഹാശക്തിയുമായ ഏകദൈവം, മഹാമാതാവായി ക്കൊണ്ട്, സൃഷ്ടികളായ ആത്മാക്കളുടെയെല്ലാം പരമാത്മാവും മഹാപിതാവുമായിട്ട് ശിവനെ ഒരുക്കുകയും ഭാഗമാക്കുകയും ഏകദാസനും മഹാദാസനും ഒപ്പം മഹാശക്തനും മഹാനീതിപതിയുമായ മഹാദേവനുമായി ഉയർത്തുകയും ചെയ്യുന്നത് അത്ഭുതമാണ് ! മഹാദാസ്യത്തെ ശിവന്റെ ആനന്ദമായി നിശ്ചയിച്ചിട്ടുള്ളതു കൊണ്ടാണ് മഹാദാസൻ. ദൈവത്തിന് സൃഷ്ടികളിൽ നിന്നും ദാസന്മാരെ വേണ്ടാ. ദൈവകാര്യങ്ങളുടെ നടത്തിപ്പിനായി ഏകദാസനായി നിയമിച്ച ശിവൻ ദൈവത്തിന്റെ സ്വന്തം ഭാഗമാണ്. സൃഷ്ടികൾക്കു വേണ്ടി മഹാപ്രപഞ്ച ഭാഗമായിട്ടും, മഹാമാതാവും ഭാഗമായ മഹാപിതാവുമായിട്ടും അവതരിച്ചിരിക്കുന്നതും, സ്വയം മഹാജീവികളെപ്പോലെ ഭാവിച്ചു കൊണ്ട് ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്നതും മഹാത്ഭുതമാണ് !

(5.1). ദൈവം കുഞ്ഞുങ്ങളായി കരുതുന്ന സൃഷ്ടികളായ ആത്മാക്കൾക്കു വേണ്ടി സൃഷ്ടി സ്ഥിതി സംഹാര പാത്രവും, മഹാശൂന്യതയും, മഹാലിംഗവുമായ ആകാശമായി ദൈവം അവതരിച്ചിരിക്കുന്നത് പ്രപഞ്ചത്തിലെ ഏറ്റവും വലുതും ആദ്യത്തെയും മഹാത്ഭുതമാണ്. വിശേഷ ബുദ്ധിയെ ലഭിക്കുന്ന മനുഷ്യർക്ക് ആദിയും അന്തവും ഇല്ലാത്ത മഹാശൂന്യതയായിട്ട് തോന്നുന്ന ആകാശം വെറുതെ ഉണ്ടായതോ, പൂർണ്ണമായതോ അല്ലെന്നും മറ്റും അല്പം വിശദീകരിക്കാം. സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ദൈവം സൃഷ്ടികളായ ആത്മാക്കളെയും അവയുടെ വിശേഷ പരിണാമമായ ജീവികളെയും സൃഷ്ടിക്കാനും പരിപാലിക്കാനും, മഹാനീതി നടപ്പാക്കാനും, അനന്തമായ ആനന്ദങ്ങളാകുന്ന മോക്ഷമെന്ന സംഹാരത്തെ നൽകിക്കൊണ്ട് നിലനിർത്താനുമായിട്ട് അനന്തമായി വളർന്നു കൊണ്ടിരിക്കുന്നതും അവതരിച്ചിരിക്കുന്നതുമായ സൃഷ്ടി സ്ഥിതി സംഹാര പാത്രത്തിന്റെ മഹാനാമം ആണ് ആകാശം. സൃഷ്ടികളായ ആത്മാക്കളുടെ സൃഷ്ടിയെ സൂര്യൻ എന്ന താവളത്തിൽ വച്ച് ആരംഭിക്കുന്നതും, ഭൂമിയിൽ വച്ച് ജീവികളിലൂടെ പുനർജ്ജന്മങ്ങൾ തുടരുന്നതും, മനുഷ്യാവസ്ഥയിൽ വച്ച് നക്ഷത്ര-മോക്ഷത്തിലെ ദേവതകളായി നിലനിർത്തുന്നതും എല്ലാം ആകാശത്തിൽ വച്ചാണ്. പ്രപഞ്ചത്തിലെ എല്ലാ ശൂന്യതകളും മഹാശൂന്യതയായ ആകാശത്തിന്റെ അംശമാണ്; ശൂന്യതയെ സൃഷ്ടിക്കാനും സൃഷ്ടികൾക്കു കഴിയില്ല!

മാതാപിതാക്കളുടെ കുഞ്ഞുങ്ങളായി ആത്മാക്കൾ പുനർജനിക്കുന്നതും യഥാർത്ഥത്തിൽ ആകാശത്തിൽ വച്ചാണ്. വിശദീകരിക്കാം : മഹാശൂന്യതയും മഹാലിംഗവും കൂടിയായ ആകാശത്തിന്റെ അതിസൂക്ഷ്മമായ അംശമാണ് സ്ത്രീ-ജീവികളുടെ ഗർഭപാത്രവും, അവിടേയ്ക്കുള്ള വഴിയും/യോനികളും. ശൂന്യത ജീവികളുടെ ശരീര ഭാഗങ്ങളോ അവയവങ്ങളോ അല്ല. ആത്മാവിനെ ജീവികളാക്കി പുനർജ്ജനിപ്പിക്കുന്നതും മഹാശൂന്യതയും മഹാലിംഗവും കൂടിയായ ആകാശത്തിന്റെ മഹാസൂക്ഷ്മമായ അംശങ്ങളിൽ വച്ചാണെന്ന് തെളിയുന്നു. ശിവലിംഗമായ ആകാശത്തിലാണ് ജീവികളെല്ലാം ജനിക്കുന്നത് എന്നിരിക്കെ, 'മഹാശക്തിയായ ഭൂമിയുടെ മഹാജ്ഞാനമായ മഹാശാസ്ത്രം പ്രകാരം' ഭൂമിയുടെ അംശമായ പ്രദേശങ്ങളോടു ചേർന്ന ആകാശത്തിൽ ജനിക്കുകയും മരിക്കുകയും ചെയ്യുന്നവർ പ്രത്യേക രാജ്യക്കാരായി കരുതുന്നത് മറ്റൊരു ഭോഷത്വമാണ്.

**പ്രപഞ്ചത്തിന്റെ അന്തമില്ലാത്ത അതിരുകളും മഹാശൂന്യതയുമായ ആകാശത്തിന് മഹാശക്തിലിംഗം, ശക്തി ലിംഗം, ശിവ ലിംഗം, മഹാലിംഗം, തുടങ്ങിയ പേരുകളുണ്ട്. മഹാലിംഗത്തിന് ആദിയും അന്തവും ഇല്ലെന്ന് നഗ്ന നേത്രങ്ങൾ കൊണ്ട് കാണാനും കഴിയും : ഭൂമിയിൽ എവിടെ നിന്നും ശിവലിംഗമായ ആകാശത്തേക്കു നോക്കിയാൽ ഒരു കുട പോലെ അർദ്ധ-ഗോളാകൃതിയിൽ ആകാശത്തെ കാണാം. പ്രസ്തുത അർദ്ധ-ഗോളത്തിനകത്താണ് സൂര്യനും ചന്ദ്രനും ഗ്രഹങ്ങളും നക്ഷത്ര-സമൂഹങ്ങളും ഉൾപ്പെടെയുള്ള മഹാപ്രപഞ്ചമുള്ളത്. പുതുതായി ഉണ്ടാകുന്ന നക്ഷത്രകോടികൾക്കു സ്ഥിതി ചെയ്യാനും (പ്രവർത്തിക്കാനും) ഇടംകൊടുക്കുന്നതും ആകാശം തന്നെയാണ്. ജീവികളുടെ സൃഷ്ടിയും സ്ഥിതിയും സംഹാരവും ചെയ്യാനുള്ള മഹാപാത്രമായും, ശിവയുടെയും ശിവന്റെയും ലിംഗമായും അവതരിച്ചിരിക്കുന്ന ആകാശത്തിന് അന്തമില്ലെന്ന് മനസ്സിലാക്കാമെങ്കിലും, വൃത്ത-ഗോള-കോണെന്ന് വിശേഷിപ്പിക്കാവുന്ന വശങ്ങളും, മുകൾ ഭാഗവും ചേർന്ന ശിവലിംഗം നഗ്നനേത്രങ്ങൾ കൊണ്ട് കാണാം!**

# ॐ ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

**സൃഷ്ടിസ്ഥിതിസംഹാര-പാത്രവും ആകാശവുമായ ശിവലിംഗത്തിന്റെ ചുവട് കണ്ടെത്താനാവുമോ എന്ന് കണ്ണുകൾ കൊണ്ടും, നേടാനായ അറിവുകൊണ്ടും ഇനി പരിശ്രമിക്കുക. ഭൂമിക്കും താഴേക്ക് ആദി കണ്ടെത്താനാവാത്ത അവസ്ഥയിൽ ശിവലിംഗത്തെ മനസ്സിലാക്കുമ്പോഴും, ഭൂമി ഉൾപ്പെടെയുള്ള പ്രപഞ്ചം മേല്പടി അർദ്ധ-ഗോളമായ കുടയ്ക്ക് ഉള്ളിലാണ്. ആദിയും അന്തവും ഇല്ലാത്ത ആകാശത്തിന്റെ കുട പോലെയുള്ള അർദ്ധ-ഗോളാകൃതി പ്രതീതി മാത്രമല്ലാ; സത്യവും കൂടിയാണ്. ബ്രഹ്മമായ ദൈവത്തിന്റെ ആദ്യ സൃഷ്ടിയെന്നും കൂടി വിശേഷിപ്പിക്കാവുന്ന മഹാശൂന്യത @ മഹാസൃഷ്ടി-സ്ഥിതി-സംഹാര പാത്രം @ ആകാശം @ മഹാലിംഗം @ ശിവ ലിംഗം @ ശിവശക്തി ലിംഗം @ മഹാശക്തി ലിംഗം സത്യമാണെങ്കിലും, പിന്നീട് ഭൂമിക്കു ശേഷം സൃഷ്ടിക്കപ്പെടുന്ന വിശേഷബുദ്ധി ലഭിക്കുന്ന ജീവികളെ സംബന്ധിച്ച്, ആകാശത്തിന്റെ ഉള്ളിൽ ആണെന്നല്ലാതെ ഭൂമിക്കോ ആകാശത്തിനോ സ്രഷ്ടാവ് ഉണ്ടോ എന്ന് ജീവികൾ അറിയുന്നില്ല. ഉദാ:- ആകാശത്തിന്റെ ഭാഗമായ ശിവന്റെ മാത്രം അംശമാണ് ജീവികളുടെ സ്വത്വമായ ജീവാത്മാക്കൾ; ഭൂമിയുടെ (മൂലകങ്ങളുടെ) അംശമാണ് ജീവികളുടെ ശരീരം എന്നാവുമ്പോൾ, ജീവികളുടെ സ്രഷ്ടാവ് ആകാശവും, ഭൂമിയും മാത്രമാണ്. ആകാശം, ഭൂമി എന്നിവയുടെ പിന്നിലുള്ള ബ്രഹ്മം വിഷയമല്ല തന്നെ.**

**സൃഷ്ടിയും സ്ഥിതിയും സംഹാരം ഉൾപ്പെടെയുള്ള മഹാനീതിയും സദാ നിർവ്വഹിക്കുന്നത് ശിവനെ സ്വന്തം ഭാഗമാക്കി ക്കൊണ്ട് ഒരു മഹാജീവിയെപ്പോലെയും മഹാമാതാവിനെപ്പോലെയും സൃഷ്ടികളെ മഹാവാത്സല്ല്യത്തോടെ കരുതുന്ന ഏകദൈവമായ ശിവ മാത്രമാണ്. ജീവികളുടെ പരമാനന്ദമായി ദൈവം നിശ്ചയിച്ചിരിക്കുന്ന കാമത്തെ ആസ്വദിക്കാനായി ജീവികൾക്കു നൽകിയിട്ടുള്ള സ്ത്രീ പുരുഷ ലിംഗങ്ങളെ തലമുറകളെ സൃഷ്ടിക്കാനും മഹാനീതിശാസ്ത്രമായ ഓംകാരനീതിശാസ്ത്രം പ്രകാരം ആത്മാക്കളുടെ പുനർജന്മങ്ങളെ നിർവ്വഹിക്കാനുമുള്ള ഉപാധികളാക്കിയിട്ടുണ്ട് എന്നല്ലാതെ സൃഷ്ടി സ്ഥിതി സംഹാരങ്ങളിൽ സൃഷ്ടികൾക്ക് യാതൊരു പങ്കുമില്ല. സൃഷ്ടികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് പങ്കില്ലെന്നത് വിശേഷ ബുദ്ധി ഉണ്ടായിട്ടും മനുഷ്യർ വിട്ടുപോകുന്നുണ്ട്.**

**പ്രപഞ്ചത്തിന് അതീതമായ ദൈവത്തിന്റെ അവസ്ഥയ്ക്ക് ബ്രഹ്മം എന്നു പേരുവച്ച് ദൈവം തന്നെ ദൈവഭാഗമായ ശിവനിലൂടെ സൃഷ്ടികളെ പരിചയപ്പെടുത്തുന്നുണ്ട്. ബ്രഹ്മത്തിന്റെ ശ്രേഷ്ഠമായ ഭാവവും രൂപവുമായി പ്രപഞ്ചത്തെ ഒരുക്കുകയാൽ പരം=ശ്രേഷ്ഠം എന്ന അർത്ഥത്തിൽ പരബ്രഹ്മം എന്ന നാമവും പ്രപഞ്ചത്തിന് നൽകിയിട്ടുണ്ട്. പരബ്രഹ്മം ആകുന്ന പ്രപഞ്ചത്തിന്റെ രൂപത്തെ അർദ്ധ-ഗോളാകൃതിയിലെ ശിവലിംഗമായി കണക്കാക്കാം. അതേസമയം, സർവ്വത്തിനും അതീതവും ആദിയും അന്തവും ഇല്ലാത്തതും ബ്രഹ്മവുമായ ദൈവത്തിന്റെ രൂപം ശിവലിംഗമല്ല. രൂപത്തിനും അതീതമായ ബ്രഹ്മത്തിന് ഉചിതമായ ഒരു രൂപം സ്വീകരിക്കാൻ കഴിയുന്നതെങ്ങനെയെന്നും വിവരിക്കാം :-**

മഹാപ്രപഞ്ചത്തിലെ വസ്തുക്കളുടെയും ജീവികളുടെയും രൂപങ്ങളിൽ ഒരു രൂപത്തിനു മാത്രം സദാ മഹാ-അവസ്ഥയുണ്ട് : ആദിയില്ലാത്ത അഥവാ ശൂന്യമായ അവസ്ഥയിൽ നിന്ന് ഒരു ബിന്ദു എന്ന കേന്ദ്രം രൂപപ്പെടുന്നതും, പ്രസ്തുത കേന്ദ്രം എല്ലാ വശത്തേക്കും തുല്ല്യ അളവോടെ വളരുകയും ചെയ്യുമ്പോൾ, കോണുകളില്ലാത്തതും വ്യാസം വർദ്ധിക്കുന്നതിനൊപ്പം അനന്തമായി വളരുന്നതും, ഏതു വശത്തു നിന്നു നോക്കിയാലും വൃത്താകൃതിയുള്ളതുമായ ഗോളം സൃഷ്ടിക്കപ്പെടുന്നതാണ്.

മറ്റൊരു വിധത്തിൽ പറഞ്ഞാൽ, മഹാശക്തിയായ മഹാസൂക്ഷ്മ കേന്ദ്രം വലുതായി വലുതായി ശൂന്യതയും മഹാശൂന്യതയുമായ ആകാശവും, ഗോളവും ഗോളമായ ഭൂമിയുമായി വളർന്നു വലുതായി ക്കൊണ്ടിരിക്കുന്നു. അതായത് ആദിയില്ലാത്ത അവസ്ഥയിൽ നിന്ന് ഗോളം ഉണ്ടാകുന്നതു പോലെയാണ് ഗോളത്തിന്റെ സൃഷ്ടി. ഒരു വൃത്ത കേന്ദ്രമോ ഗോളകേന്ദ്രമോ വലുതാകുന്നതായി സങ്കല്പിക്കുമ്പോൾ അനന്തമായ വലിപ്പമുള്ള വൃത്തവും ഗോളവും ഉണ്ടാകുന്നതായി കാണാം. അവരോഹണ ക്രമത്തിൽ വൃത്തമോ ഗോളമോ ചെറുതാകുമ്പോൾ ഒരു ബിന്ദുവാകുന്നതും, സൂക്ഷ്മ ബിന്ദുവാകുന്നതും, മനുഷ്യനേത്രങ്ങൾ കൊണ്ട് കാണാൻ പറ്റാത്തതായ അവസ്ഥയിൽ ആദി ഇല്ലാത്ത ശൂന്യം പോലെയുള്ള ശൂന്യമല്ലാത്ത ബിന്ദുവായി തുടരുന്നതുമാണ്.

ആദിയും അന്തവുമില്ലായ്മയും, കോണുകളില്ലായ്മയും, കേന്ദ്രത്തിൽ നിന്ന് അനന്തമായിരിക്കുന്ന എല്ലാ വശങ്ങളിലേക്കും തുല്ല്യനീളമുള്ളതുമായ അഥവാ ഒരേ റേഡിയസ് ഉള്ളതുമായ ഗോളത്തെയാണ് ബ്രഹ്മം സ്വയം മൂലരൂപമായി നിശ്ചയിച്ചിട്ടുള്ളത്.

ശക്തിയെയും ശിവനെയും സൃഷ്ടിക്കാനായിട്ട്, ഗോളത്തെ 2 അർദ്ധ ഗോളങ്ങളായി വിഭജിക്കുകയും, ശബ്ദബ്രഹ്മമായ ഓം അഥവാ ബ്രഹ്മം ഒരു അർദ്ധഗോളത്തിൽ മാത്രമായി ചേരുകയുംചെയ്യുന്നു. ബ്രഹ്മം ചേരുന്നതായ അർദ്ധഗോളം ഒരു കുടപോലെയുള്ള ആകാശമായി പരിണമിപ്പിക്കുന്നു. ഭൂമിയിൽ എവിടെ നിന്നു നോക്കിയാലും മാത്രമല്ല, ചന്ദ്രനിൽ പോയി നോക്കിയാലും, ഒരു കുട പോലെയുള്ള ആകാശത്തെയാണ് കാണുക. മഹാപ്രപഞ്ചത്തെ ബ്രഹ്മം ചേർന്നതായ അർദ്ധഗോളമെന്ന ആകാശത്തിനകത്താണ് സൃഷ്ടിച്ചിട്ടുള്ളത്.

ആത്മീയ സാക്ഷാത്ക്കാരവുമായി ബന്ധപ്പെട്ട് പുതിയ പുതിയ നക്ഷത്രങ്ങൾ ഉണ്ടാകുമ്പോൾ അർദ്ധഗോളമായ ആകാശത്തെ വലുതാക്കുന്നതും, പ്രസ്തുത പ്രതിഭാസം അനന്തമായി നീളുന്നതുമാണ്. .. രണ്ട് അർദ്ധഗോളങ്ങളും ഒന്നിപ്പിച്ച് വീണ്ടും ഗോളമുണ്ടാക്കാനാവും എന്നതുപോലെ തന്നെ നിരയായി ചേർത്തു വയ്ക്കാനുമാവും. ഇടത്തു നിന്ന് വലത്തോട്ട് ചേർത്തു വയ്ക്കുമ്പോൾ 3 എന്ന സംഖ്യാ രൂപം ലഭിക്കുന്നതാണ്. ഗോളമായിരിക്കുമ്പോഴും അർദ്ധ- ഗോളമായിരിക്കുമ്പോഴും ശക്തിയെയും/ശിവയെയും, ശിവനെയും വേറിട്ട് മനസ്സിലാക്കാനാവില്ല. എന്നാൽ 3 എന്ന രൂപത്തിൽ ചേർത്തുവയ്ക്കുമ്പോൾ, രണ്ട് അർദ്ധ-ഗോളങ്ങളെയും വേറിട്ട് മനസ്സിലാക്കാനാവും. 3 എന്ന സംഖ്യാരൂപത്തെ വരയ്ക്കുന്നത് മുകളിൽ നിന്ന് താഴോട്ടാണെങ്കിലും, മുകളിലെ അർദ്ധഗോളത്തെ താങ്ങിനിർത്തുന്നത് താഴത്തെ അർദ്ധ ഗോളമാണ്. .. മഹാശക്തിയും ശിവനും ചേർന്ന 3 എന്ന സംഖ്യാരൂപം എല്ലാവിധത്തിലും ഭാഷകൾക്കും രൂപങ്ങൾക്കും അതീതമായിത്തീരുകയും, ബ്രഹ്മത്തെ അക്ഷരത്തിലൂടെ ഉൾക്കൊള്ളുകയും ചെയ്യുന്നു എന്നു കൂടി മഹാദേവിയായ ബ്രഹ്മം വെളിപ്പെടുത്തുകയാണ്. ബ്രഹ്മ-ബന്ധം സൂചിപ്പിക്കുന്നതിന് 3-ലെ താഴെയുള്ള അർദ്ധഗോളത്തെ അല്പം വലുതാക്കുന്നു. 3 എന്ന സംഖ്യാരൂപം അക്ഷരബ്രഹ്മം ആണെന്നു വ്യക്തമാകുമ്പോൾ, 3 -ന്റെ നടുവിലായി നാവിനെ സൂചിപ്പിക്കുന്ന വളഞ്ഞ രേഖയും, തൊട്ടടുത്തായി ചന്ദ്രക്കലയും, അല്പം മുകളിലായി നക്ഷത്രവും ചേർക്കുന്നതെന്തിന് എന്ന ചോദ്യമുണ്ട്.

# ॐ ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

അക്ഷരബ്രഹ്മത്തോടൊപ്പം, ശബ്ദാവയവമായ നാവിന്റെ രൂപവും, മഹാപ്രപഞ്ചത്തിന്റെ മറ്റ് അവിഭാജ്യഘടകങ്ങളായി മഹാദേവി സൃഷ്ടിച്ചിട്ടുള്ള ചന്ദ്രക്കലയും, നക്ഷത്രവും കൂടി ചേർക്കുമ്പോൾ എത്ര സുന്ദരമായിരിക്കുന്നു എന്നതിനെ പരമശ്രേഷ്ഠമായി കാണേണ്ടതുണ്ട്; മഹാപ്രപഞ്ചത്തെ സുവ്യക്തമായി പ്രതിഫലിപ്പിക്കാൻ വേണ്ടി മാത്രമാണ് നാവും ചന്ദ്രക്കലയും നക്ഷത്രവും ചേർത്തിട്ടുള്ളത്.

മഹാപ്രപഞ്ചത്തെ ചേർക്കാതെ, അക്ഷരബ്രഹ്മത്തെ 3 എന്ന സംഖ്യാരൂപത്തിൽ മാത്രമായി അവതരിപ്പിക്കുമ്പോൾ, ശബ്ദത്തെയോ, ഓം എന്ന മഹാശബ്ദത്തെയോ, മഹാപ്രപഞ്ചത്തെയോ പ്രതിഫലിപ്പിക്കാൻ കഴിയുന്നില്ല എന്ന കുറവ് മഹാദേവി പരിഹരിച്ചിരിക്കുകയാണ്. മാത്രമല്ല, മഹാശക്തിയായ മഹാദേവിയുടെ പ്രതിനിധി കൂടിയായ പരമശിവന്റെ രൂപം മഹാപ്രപഞ്ചത്തെ എല്ലാ അർത്ഥത്തിലും പ്രതിനിധീകരിക്കുവാൻ പരമശിവന്റെ ശിരസ്സിൽ ചന്ദ്രക്കലയും നക്ഷത്രവും കൂടി മഹാദേവി ചേർക്കുന്നുണ്ട്. ഓം എന്ന അക്ഷരബ്രഹ്മത്തിലെ 3 എന്ന സംഖ്യാരൂപമായ അടിസ്ഥാന-അക്ഷരബ്രഹ്മത്തെ പരമശിവന്റെ നാവിൽ മഹാദേവി, മഹാശൂലം കൊണ്ട് ചിത്രണം ചെയ്യുന്നുണ്ട്. കൂടാതെ അക്ഷരബ്രഹ്മത്തിന്റെ ഭാഗമെന്ന പോലെ സൃഷ്ടിച്ചിട്ടുള്ള ചന്ദ്രക്കലയെയും നക്ഷത്രത്തെയും പരമശിവന്റെ ഇടതു-നെറ്റിയിൽ 'മഹാശിവയും മഹാശിവനുമായ മഹാദേവിയുടെ സൃഷ്ടി അംശമായ മത്സ്യാവതാരം' ചിത്രണം ചെയ്യുന്നുണ്ട്.

(6). മഹാശക്തിയായ ഏകദൈവം സൃഷ്ടിച്ചാൽ മാത്രമാണ് ജീവികൾ, ആത്മാക്കൾ തുടങ്ങിയ പേരുകളിൽ സൃഷ്ടി ഉണ്ടാവുക.

(6.1). മഹാശക്തിയായ ദൈവത്തിന്റെ കാരുണ്യം കൊണ്ടും, ദൈവം നൽകുന്ന ശക്തികളും ജ്ഞാനവും സ്വാതന്ത്ര്യവും ആയുസ്സും കൊണ്ടുമെല്ലാം ജീവിക്കുന്ന സ്വന്തം സൃഷ്ടികളോട് മഹാശക്തികളെയും അഹംഭാവത്തെയും പ്രകടിപ്പിക്കാതെയും പ്രദർശിപ്പിക്കാതെയും ദൈവം ശ്രദ്ധിക്കുന്നതും അത്ഭുതമാണ്.

(6.2). കുഞ്ഞുങ്ങളെ സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്നതിനുള്ള ആനന്ദത്തെ മഹാവാത്സല്ല്യവുമായിട്ടാണ് മഹാശക്തിയും മഹാമാതാവുമായ ദൈവം ബന്ധിച്ചിരിക്കുന്നത്. ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾ 'അവരവരെ ത്തന്നെ മറക്കുകയും ഇണയെ മാത്രം ഓർക്കുകയും ചെയ്യുന്ന ജീവികളുടെ പരമാനന്ദമായി നിശ്ചയിച്ചിരിക്കുന്ന കാമആനന്ദവുമായിട്ടല്ലാ' കുഞ്ഞുങ്ങളുടെ സൃഷ്ടിയെ ദൈവം ബന്ധിപ്പിച്ചിരിക്കുന്നത്. കുഞ്ഞുങ്ങളുടെ സൃഷ്ടിയും പരിപാലനവും മോക്ഷവുമെല്ലാം മഹാവാത്സല്ല്യവുമായിട്ടാണു ബന്ധിപ്പിച്ചിരിക്കുന്നതെന്ന് വിശേഷ ബുദ്ധിയെ ലഭിക്കുന്നതും ഉചിതമായി ഉപയോഗിക്കുന്നതുമായ മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കൾക്കെല്ലാം അറിയാം! ജീവികൾ കാമാനന്ദത്തെ ആസ്വദിക്കുമ്പോൾ, അവരിലൂടെ, ദൈവം തലമുറകളെ സൃഷ്ടിക്കുകയാണ്. സ്ത്രീപുരുഷ ബീജങ്ങളുടെയോ, ജന്മഗുണങ്ങളുടെയോ സൃഷ്ടിയിൽ അടിസ്ഥാന പരമായ പങ്കില്ലാത്ത ജീവികൾ ദൈവത്തിന്റെ ഉപകരണങ്ങൾ മാത്രമാണ്.

(6.3). ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്ത മഹാശക്തിയായ ഏകദൈവം, ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനുമായിട്ടെല്ലാം അവതരിക്കുമ്പോഴും നിർജ്ജീവമായ ഒരു മഹാജീവിയെപ്പോലെ ഭാവിച്ചുകൊണ്ട് വിശേഷ ബുദ്ധിയെ നൽകിയിരിക്കുന്ന മനുഷ്യർക്ക് ഭയം ഉണ്ടാക്കാതെ ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മഹാവാത്സല്ല്യത്തോടെ നിർവ്വഹിക്കുന്നത് മറ്റൊരു മഹാത്ഭുതമാണ് ! വിശകലനം ചെയ്താൽ, മഹാശക്തിയായ ദൈവത്തിന്റെ അവതാരമായ ഭൂമിയുടെ അംശമായ മൂലകങ്ങളും അവയുടെ സംയുക്തങ്ങളും അവയെ കൊണ്ട് സൃഷ്ടിച്ചിട്ടുള്ള ജീവികളുടെ ശരീരത്തിലെ അവയവങ്ങളും കോശങ്ങളുമാണ് ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് ഇന്ദ്രിയങ്ങൾ ഉൾപ്പെടെ ബഹുവിധ ഗുണങ്ങളാകുന്ന ശക്തികളെ നൽകുന്നതെന്ന് മനസ്സിലാക്കാനാവും. നിർജ്ജീവമായി ഭാവിക്കുന്ന 'മഹാസത്യവും മഹാശക്തിയും ഭൂമിയുമായ മഹാജീവിയുടെ' ഗുണങ്ങളാകുന്ന ശക്തികളെയാണ് ഭൂമിയുടെ അംശം തന്നെയായ ശരീരങ്ങളിലൂടെ ജീവികളുടെയെല്ലാം സ്വത്വങ്ങളായ ആത്മാക്കൾക്ക് ഭൂമി നൽകിവരുന്നതെന്നു സാരം.

സ്വത്വം പോലും സ്വന്തമായിട്ട് ഇല്ലാത്തവരായ സൃഷ്ടികൾക്ക് ഒരല്പം ശൂന്യതയെ ഉൾപ്പെടെ യാതൊന്നും സൃഷ്ടിക്കാനുള്ള ശക്തികളില്ല. സ്വയം ചലിക്കാനോ മറ്റെന്തെങ്കിലും ചലിപ്പിക്കാനോ കഴിവില്ല. ഭൂമിയുടെ അംശമായ വസ്തുക്കളും ശരീരങ്ങളുമെല്ലാം സൃഷ്ടികളായ ആത്മാക്കൾക്ക് ആനന്ദിച്ചു ജീവിക്കാനായി നൽകുന്ന ശക്തികളും ജ്ഞാനവും സമ്പൂർണ്ണ സ്വാതന്ത്ര്യവും കാലവും ശരണവുമെല്ലാം ദുരുപയോഗം ചെയ്ത് സൃഷ്ടികളുടെ സ്വത്വങ്ങളായ ആത്മാക്കളെ ശരീരത്തിൽ നിന്നും പുറത്താക്കാൻ ഭൂമിയുടെ സ്വത്വവും ജീവികളുടെയെല്ലാം ജീവനുമായ ഓക്സിജൻ അനുവദിച്ചിട്ടുണ്ടെങ്കിലും സ്വന്തം ഉൾപ്പെടെ യാതൊരു ആത്മാക്കളെയും നശിപ്പിക്കാൻ കഴിയുന്നതല്ല. എന്നുവെച്ചാൽ എല്ലാ ജീവികളുടെയും സ്വത്വങ്ങളായ ആത്മാക്കൾ ഓക്സിജന്റെ പക്കൽ മഹാഭദ്രമാണ്. മഹാനീതി നടപ്പാക്കുന്നത് ഓക്സിജൻ തന്നെയാണ്. മാത്രമല്ല, പക്ഷി മൃഗം മനുഷ്യൻ എന്നീ അവസ്ഥകളിൽ കഴിയുന്ന ആത്മാക്കൾക്ക് ലഭിച്ചിരിക്കുന്ന ശരീരാവയവങ്ങളെ ഉപദ്രവിക്കുകയും സഹായിക്കുകയും ഒക്കെ ചെയ്യുന്നതിൽ നിന്നും ആത്മാക്കളെ തടയാനും സഹായിക്കാനും നിയന്ത്രിക്കാനുമെല്ലാം ഓക്സിജന് നിസ്സാരമായി കഴിയുന്നതാണ്. മഹാശക്തിയായ ദൈവം കൂടിയായ ഓക്സിജൻ സൃഷ്ടിച്ചിട്ടുള്ള ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരം സർവ്വം പരിപാലിക്കുന്നതിന്റെ ഭാഗമായി സാധാരണ നിലയിൽ ഇടപെടുന്നില്ല എന്നേയുള്ളൂ.

സൃഷ്ടികളായ ആത്മാക്കളുടെ മഹാസംരക്ഷണം എപ്പോഴും നിർവ്വഹിക്കുന്നത് ഭൂമിയാണ് അഥവാ ഭൂമിയുടെ സ്വത്വമായ ഓക്സിജനാണെന്നു തെളിയുമ്പോൾ, ജീവികളുടെയെല്ലാം സ്വത്വങ്ങളായ ആത്മാക്കൾക്ക് സന്തോഷിക്കാനും, ഒപ്പം സ്വന്തം പരിമിതികളെ കുറിച്ചുള്ള ബോധത്തോടെ ജീവിക്കാനും കഴിയണം. ഭൂമിയുടെ അംശവും അവയവങ്ങളുമായ പ്രദേശങ്ങളും വസ്തുക്കളും, അവയെ കൊണ്ട് സൃഷ്ടിച്ചിട്ടുള്ള ജീവികളുടെ ശരീരത്തിലെ അവയവങ്ങളുമെല്ലാം അടിസ്ഥാന പരമായി ഭൂമിയുടെ സ്വന്തമാണ്. ജീവികളുടെ മരണത്തോടെ വീണ്ടും ഭൂമിയിൽ ലയിക്കുന്നവയുടെ മേൽ ആത്മാക്കൾക്ക് സ്ഥിര-അവകാശമില്ല!

ശരീരാവയവങ്ങൾ സ്ത്രീപുരുഷൻ നിറം സൗന്ദര്യം മുഖഛായ ആയുസ്സ് ആരോഗ്യം ഉയരം ബുദ്ധിശക്തി ഓർമ്മശക്തി തൊഴിൽ-അഭിരുചി വിനോദ-അഭിരുചി ജനനസ്ഥലം ഡിഎൻഎ തുടങ്ങിയ ജന്മഗുണങ്ങളെ നിശ്ചയിക്കുന്നതും സൃഷ്ടിക്കുന്നതും സ്വത്വമായ ആത്മാവല്ലെന്ന് വിശേഷബുദ്ധിയെ ലഭിക്കുന്ന മനുഷ്യാവസ്ഥയിൽ മനസ്സിലാക്കാൻ കഴിയുന്നതാണ്. 'മഹാശക്തിയായ ദൈവത്തിന്റെ അവതാരവും മഹാനീതിരൂപവുമായ ഭൂമിയുടെ' അംശമായ മൂലകങ്ങളെയും അവയുടെ സംയുക്തങ്ങളെയും, ഭൂമിയുടെ ധർമ്മ-സ്ഥിതി-ദ്രാവക രൂപമായ ജലവുമായി ചേർത്തു കൊണ്ട്, 'ജീവികളുടെ ജീവനും ഭൂമിയുടെ സ്വത്വവും, സത്യ-സൃഷ്ടി-വാതക രൂപവും, ഓക്സിജനുമായ ദൈവം'; സൃഷ്ടികൾക്കു വേണ്ടി അവയുടെ എല്ലാ ജന്മങ്ങളിലും നിരന്തരം പ്രവർത്തിക്കുകയാണ് ! ഭൂമിയിലെ വസ്തുക്കളെ കൊണ്ട് ശരീരത്തിലെ അവയവങ്ങളെ സൃഷ്ടിച്ചും നിരന്തരം കോശങ്ങളെ മാറ്റിയും മറ്റും മഹാനീതിയെ നടപ്പാക്കിയുമെല്ലാം ബഹുവിധ ഗുണങ്ങളാകുന്ന ശക്തികളെ ആത്മാക്കൾക്ക് നൽകുന്നതിനെ അറിയാനും അനുഭവിക്കാനും ആസ്വദിക്കാനും മനസ്സിലാക്കാനുമെല്ലാം മനുഷ്യാവസ്ഥയിൽ സാധിക്കുന്നുണ്ട്. ഭക്ഷണ സാധനങ്ങളും, മരുന്നുകളും, ലഹരി വസ്തുക്കളും, വിഷങ്ങളും പോലെ ബഹുവിധ ഗുണങ്ങളാകുന്ന ശക്തികൾ ശരീരത്തിൽ അറിഞ്ഞോ അറിയാതെയോ പ്രവേശിച്ചാൽ ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് ലഭിക്കുന്നതും സംഭവിക്കുന്നതുമായ ആനന്ദങ്ങളും വേദനകളും ലഹരിയും തജ്ജന്മ-മരണവുമെല്ലാം സാക്ഷ്യമാണ്. ചുവടെയുള്ള **മൂലകങ്ങൾ, ആറ്റങ്ങൾ എന്നീ അദ്ധ്യായങ്ങളിൽ വിവരിച്ചിട്ടുണ്ട്.**

## (6.4). മഹാശക്തിയായ ദൈവത്തിന്റെ അവതാരമായ ഭൂമിയുടെ അംശമായ മൂലകങ്ങളിലും സംയുക്തങ്ങളായ വസ്തുക്കളിലും അവയെകൊണ്ട് സൃഷ്ടിച്ചിട്ടുള്ള ജീവികളുടെ ശരീരത്തിലും 'അനന്തമായ ഗുണങ്ങളാകുന്ന ശക്തികൾ' ലയിച്ചിരിക്കുകയും; ഊഷ്മാവ്, മർദ്ദം, ദൂരം തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ ശക്തികൾ വ്യത്യാസപ്പെടുകയും ആത്മാക്കൾക്ക് കൈമാറുകയും ചെയ്യുമ്പോൾ, ദൈവത്തിന് ഗുണങ്ങളുണ്ടോ എന്നൊരു ചോദ്യമുണ്ട്.

സൃഷ്ടികൾക്ക് അനന്തമായ ആനന്ദങ്ങളെ അറിഞ്ഞും അനുഭവിച്ചും ആസ്വദിച്ചും ജീവിക്കാൻ ആവശ്യമായ ഉപാധികളായ ഗുണങ്ങളെയും ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യവും കാലവും ശരണവും മഹാനീതിയുമെല്ലാം നിശ്ചയിക്കുകയും അവയെല്ലാം ചേർന്ന ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനുമായിട്ട് സ്വയം അവതരിക്കുകയുമാണ് ദൈവം ചെയ്യുന്നത്. സൃഷ്ടികളായ ആത്മാക്കൾക്ക് ആനന്ദിച്ചു ജീവിക്കാൻ ആവശ്യമായ അനന്തമായ ആനന്ദങ്ങളെയും അവയെ നേടാനുള്ള ഉപാധികളായ ശക്തികളെയും മറ്റുമെല്ലാം ഒരുക്കാൻ സ്രഷ്ടാവിനു ബാദ്ധ്യതയുണ്ട്. സർവ്വവും സൃഷ്ടികൾക്കു വേണ്ടി ഒരുക്കുമ്പോൾ ദൈവത്തിനു ഗുണങ്ങളുണ്ടോ എന്നു ചോദിക്കുന്നത് തെറ്റാണ്.

**മഹാശക്തിയായ ദൈവം സ്വീകരിക്കുന്ന ഭാവങ്ങളും രൂപങ്ങളും അനന്തമായ ഗുണങ്ങളും ആനന്ദങ്ങളും ഉപാധികളായ ശക്തികളുമെല്ലാം അടിസ്ഥാനപരമായി സൃഷ്ടികൾക്കു വേണ്ടിയാണ്. അവയെല്ലാം ആസ്വദിച്ചു ജീവിക്കുന്നത് സൃഷ്ടികളാണ്, അഥവാ ആത്മാക്കളാണ്. സൃഷ്ടിക്കുന്ന എന്തിനും അതീതമാണ് അവയുടെ 'സ്രഷ്ടാവും മഹാസത്യവുമായ ദൈവവും, ദൈവത്തിന്റെ മായാ-ശക്തികളുമെന്ന്' മനുഷ്യാവസ്ഥയിൽ ലഭിക്കുന്ന വിശേഷ ബുദ്ധി കൊണ്ട് ആത്മാക്കൾക്കു മനസ്സിലാക്കാം.**

(7). മഹാശക്തിയായ ദൈവം, ആദിയും അന്തവും ഇല്ലാത്ത സ്വന്തം ശക്തികളുടെ അംശങ്ങൾ കൊണ്ട് ആനന്ദങ്ങളെയും അവയെ അനുഭവിക്കുന്ന ജീവികളെയും അലസമായി സൃഷ്ടിക്കുകയല്ലാ ചെയ്തു പോരുന്നത്. അനന്തമായ ആനന്ദങ്ങളും ഉപാധികളായ ശക്തികളും ചേർന്ന ഭൂമിയായിട്ട് ദൈവം തന്നെ ഭാഗികമായി അവതരിക്കുകയും ആനന്ദങ്ങളുടെ മഹാകലവറയായ ഭൂമിയുടെ അംശമായ മൂലകങ്ങളും സംയുക്തങ്ങളും അവയെ കൊണ്ട് സൃഷ്ടിച്ചിട്ടുള്ള ശരീരങ്ങളെയുമെല്ലാം സൃഷ്ടികളായ ആത്മാക്കളോടു ചേർത്ത് അവയെ വ്യത്യസ്ത ജീവികളാക്കി ക്കൊണ്ട് നൽകുകയും, അവയ്ക്കു ലഭിക്കുകയുമാണ്.

## (8). സൃഷ്ടിയായ ആത്മാക്കളെ സൃഷ്ടിക്കുകയും ജീവികളാക്കി പരിപാലിക്കുകയും ചെയ്യുന്നത് എന്തിനാണെന്ന ചോദ്യത്തിന് ഉത്തരം നൽകാൻ സത്യധർമ്മനീതികളെ സ്വന്തം ഭാവമായിട്ടു സ്വീകരിച്ച് സൃഷ്ടിസ്ഥിതികൾ ചെയ്യുന്ന സ്രഷ്ടാവിനു ബാദ്ധ്യതയുണ്ട്.

ചുവടെയുള്ള ഒരദ്ധ്യായത്തിൽ ഉത്തരമുണ്ട്; വിശദീകരിച്ചിട്ടുമുണ്ട്. വിശേഷ ബുദ്ധി നൽകിയിട്ടുള്ള മനുഷ്യരുടെ ആനന്ദങ്ങളെ വർദ്ധിപ്പിക്കാനായിട്ട്, ഭൂമിയും അംശങ്ങളും നിർജ്ജീവമായി ഭാവിക്കുന്നുണ്ടെങ്കിലും ക്രമേണയായി മനുഷ്യർക്ക് ദൈവത്തെയും പ്രപഞ്ചത്തെയും, സൃഷ്ടികളായ ആത്മാക്കളെയും/ജീവികളെയും സംബന്ധിച്ച എല്ലാ സത്യങ്ങളെയും വെളിപ്പെടുത്തുന്നുണ്ട്. സൃഷ്ടികളോടുള്ള ബാദ്ധ്യതകൾ പൂർത്തിയാക്കുന്നുമുണ്ട്.

(9). എന്തിനും അതീതമായ മഹാശക്തിയും മഹാനീതിയുമായ ദൈവത്തിന് സ്വാർത്ഥം അഥവാ ആനന്ദങ്ങൾ യാതൊന്നും പാടില്ലായെങ്കിലും; **അനന്തമായ ആനന്ദങ്ങളാകുന്ന ആകാശവും ഭൂമിയുമായി അവതരിച്ചുകൊണ്ട് ആനന്ദങ്ങൾക്കെല്ലാം അതീതമാണ് ദൈവം എന്ന് തെളിയിക്കുമ്പോഴും; അതിമഹത്തായ ജീവികളുടെ സൃഷ്ടി സ്ഥിതികളെ ചെയ്യുന്നതിന് 'മഹനീയമായ ഒരു ആനന്ദമെങ്കിലും ദൈവം സ്വീകരിച്ചാൽ മാത്രമാണ് സൃഷ്ടി സ്ഥിതികളെ ചെയ്യാൻ കഴിയുക! സ്വാർത്ഥമായ ഒരു ആനന്ദം പോലും ഇല്ലെന്നു വന്നാൽ, മഹാശക്തിയായ ദൈവത്തിന് ഒട്ടുംതന്നെ ഭൂഷണമല്ല.**

**(9.1). 'ആനന്ദങ്ങൾക്കെല്ലാം അതീതവും മഹാശക്തിയുമായ ദൈവത്തിന്, സ്വാർത്ഥമാകുന്ന ആനന്ദത്തെ' സ്വീകരിച്ചു കൊണ്ട് സൃഷ്ടി സ്ഥിതികളെ ചെയ്യാൻ കഴിയുന്നത് എങ്ങനെയാണെന്ന് വിശദീകരിക്കുകയും വേണം. ഒരു ആനന്ദത്തെ സ്വീകരിച്ചാൽ പോലും ആനന്ദങ്ങൾ ഉൾപ്പെടെ സർവ്വത്തിനും അതീതമല്ലാതാകും !**

(9.2). വിശേഷബുദ്ധി കൊണ്ട് മനസ്സിലാക്കാവുന്ന കാര്യങ്ങളെ വിശകലനം ചെയ്താൽ; മഹാസത്യവും മഹാശക്തിയുമായ ദൈവം, മഹാശൂന്യതയും സൃഷ്ടിസ്ഥിതിസംഹാര പാത്രവുമായ ആകാശവും; അനന്ത-ആനന്ദങ്ങളുടെ മഹാകലവറയായ ഭൂമിയും അംശമായ മൂലകങ്ങളും സംയുക്തങ്ങളും; സൂര്യനും ചന്ദ്രനും ചേർന്ന മറ്റ് ആനന്ദങ്ങളായ മഹാപ്രപഞ്ച-ഭാഗമായിട്ടും അവതരിച്ചിട്ടുണ്ട്.

**ഭൂമിയുടെ അംശമായ മൂലകങ്ങളും അവയുടെ സംയുക്തങ്ങളും വ്യത്യസ്തങ്ങളായ ആനന്ദങ്ങളും ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും കാലവും ശരണവും നീതിയുമെല്ലാം ആണെങ്കിൽ; അവയെ ഉപയോഗിച്ച് ഭൂമിയുടെ സ്വത്വമായ ഓക്സിജൻ സൃഷ്ടിച്ചിട്ടുള്ള (ജീവികളുടെ) <u>ശരീരാവയവങ്ങൾ</u> ജീവിയെന്ന അസ്തിത്വവും, സ്ത്രീപുരുഷൻ നിറം സൗന്ദര്യം മുഖഛായ ഉയരം ആയുസ്സ് ബുദ്ധി-ശക്തി തൊഴിൽ-അഭിരുചി ജനനസ്ഥലം തുടങ്ങിയ ജന്മഗുണങ്ങളെയും; കൂടാതെ ആനന്ദങ്ങളെ നേടാനും, അറിഞ്ഞും അറിയാതെയും ശരീരത്തിൽ പ്രവേശിക്കുന്ന അനന്തമായ ആനന്ദങ്ങളെ അനുഭവിക്കാനും ആസ്വദിക്കാനുമുള്ള ബഹുവിധ ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയും മറ്റുംകൂടി ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് നൽകുന്നവയാണ്.**

**ഓരോ ജീവിയുടെയും സ്വത്വമായ ആത്മാവിന് ലഭിക്കുന്ന ശരീരത്തിലെ അവയവങ്ങൾ ആനന്ദങ്ങളാകുന്ന വസ്തുക്കളെ നേടാനും നിർമ്മിക്കാനും, അറിഞ്ഞും അറിയാതെയും ശരീരത്തിൽ പ്രവേശിക്കുന്ന അനന്തമായ ആനന്ദങ്ങളെ അനുഭവിക്കാനും ആസ്വദിക്കാനുമുള്ള ബഹുവിധ ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയും മറ്റുംകൂടി നൽകുമ്പോൾ; പ്രസ്തുത ശരീര-അവയവങ്ങൾ മറ്റുള്ള ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് ഭക്ഷണം ഉൾപ്പെടെയുള്ള ആനന്ദങ്ങളും ശക്തികളും മാത്രമാണ്. എല്ലാ ജീവികളുടെയും സ്വത്വങ്ങളായ ആത്മാക്കളെ ശരീരത്തിൽ നിന്ന് മഹിനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രം പ്രകാരം എല്ലാ ജീവി -ശരീരങ്ങളുടെയും മൂലമായ 'ഭൂമിയുടെ സ്വത്വവും ജീവികളുടെയെല്ലാം ജീവനുമായ ഓക്സിജൻ' പുറത്താക്കുകയും പുതിയ ശരീരങ്ങളെയും ജന്മഗുണങ്ങളെയും നൽകുന്നുമുണ്ട്.**

**എല്ലാ ജീവികളുടെയും സ്വത്വങ്ങളായ ആത്മാക്കളെ ഓംകാര നീതിശാസ്ത്രം പ്രകാരം ശരീരങ്ങളുടെയെല്ലാം മൂലമായ ഭൂമിയുടെ സ്വത്വമായ ഓക്സിജൻ പുറത്താക്കുന്നതിനെയാണ് ജീവികൾ മരിക്കുന്നതായി മനുഷ്യർ തെറ്റിച്ചു പറയുന്നത്. യഥാർത്ഥത്തിൽ യാതൊരു പ്രവൃത്തികളും ചെയ്യാൻ ആത്മാക്കൾക്കു ശക്തിയില്ല. ഓക്സിജൻ ആത്മാക്കളെ പുറത്താക്കുന്നതോടെ ശവമായി മാറുന്ന ശരീരത്തിലെ അവയവങ്ങൾ മറ്റുള്ള ജീവികളുടെ ഭക്ഷണം ആയിട്ട് മാറിയാലും ഇല്ലെങ്കിലും, വീണ്ടും ഭൂമിയുടെ അംശമായ മൂലകങ്ങളും അവയുടെ സംയുക്തങ്ങളുമായും; പിന്നീട് പുതിയ ജീവികളുടെ ശരീരത്തിലെ അവയവങ്ങളും കോശങ്ങളുമായി പരിണമിക്കുന്നതാണ്.**

**അപ്പോഴും എപ്പോഴും ഭൂമിയിലെ എല്ലാ കാര്യങ്ങളെയും സൃഷ്ടിക്കുന്നതും പരിപാലിക്കുന്നതും ഭരിക്കുന്നതും ഭൂമിയുടെ സത്യ-സൃഷ്ടി-വാതക രൂപമായ ഓക്സിജനും, ധർമ്മ-സ്ഥിതി-ദ്രാവക രൂപമായ ജലവും ചേർന്നാണ്. ദൈവത്തിന്റെ മഹാരൂപമായ ഭൂമിയുടെ സ്വത്വമായ ഓക്സിജൻ ദൈവം തന്നെയാണെന്ന് മഹാശാസ്ത്ര പരമായി പിന്നീട് വിശദീകരിക്കുന്നുണ്ട്. ശരീരത്തിന്റെ അകത്തും പുറത്തും ചാക്രികമായിട്ട് സൃഷ്ടികളായ ആത്മാക്കൾക്കു വേണ്ടി സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ഓക്സിജൻ സദാ നിർവ്വഹിക്കുകയാണ്.**

സൃഷ്ടികളായ ആത്മാക്കളെ സൃഷ്ടി സ്ഥിതി സംഹാര പാത്രമായ ആകാശത്തിലെ സൂര്യനെന്ന താവളത്തിൽ വച്ച് സൃഷ്ടിക്കുകയും, പ്രകാശനാളമായി ഭൂമിയിലേക്കു കൊണ്ടുവന്ന് ആദ്യം മത്സ്യമായും, പിന്നീട് മഹിനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രം പ്രകാരം സസ്യം പക്ഷി മൃഗം മനുഷ്യൻ തുടങ്ങിയ ജീവികളായും ഭൂമിയുടെ അംശമായ മൂലകങ്ങളെയും അവയുടെ സംയുക്തങ്ങളെയും കൊണ്ട് സൃഷ്ടിച്ചിട്ടുള്ള ശരീരത്തെ നൽകി ജീവികളാക്കി മാറ്റുകയും എല്ലാ ജന്മങ്ങളിലും പരിപാലിക്കുകയുമാണ്.

(ശേഷം മോക്ഷമാകുന്ന സംഹാരത്തിൽ നക്ഷത്ര-ദേവതയായി അനന്തമായ ആനന്ദങ്ങളെ അനന്തകാലം അനുഭവിച്ചു കൊണ്ട് ആകാശത്തിൽ ജീവിക്കാനും, സ്വന്തം ഇഷ്ടപ്രകാരം ഭൂമിയിൽ വന്ന് വീണ്ടും ജീവികളായി ജീവിതം ആസ്വദിക്കാനും മഹാപദ്ധതിയുണ്ട്).

ഭൂമിയിൽ ഉടനെ സത്യയുഗം ആരംഭിക്കുന്നതോടെ, സൃഷ്ടികൾക്ക് അനന്തമായ ആനന്ദങ്ങളെ നൽകുകയാണ് സ്രഷ്ടാവിന്റെ ഉദ്ദേശം എന്നും, ആനന്ദങ്ങളായ പ്രപഞ്ചഭാഗമായിട്ടു കൂടി അവതരിക്കുന്ന ദൈവം ആനന്ദങ്ങൾക്കെല്ലാം അതീതമാണെന്നും തെളിയുന്നുണ്ട്.

## (9.3). 'മഹാസത്യവും മഹാശക്തിയും മഹാനീതിയുമായ ദൈവം', സൃഷ്ടികളോടുള്ള മഹാവാത്സല്ല്യത്തെ സ്വന്തം ആനന്ദമായി സ്വീകരിക്കാനും; അനന്തമായ ആനന്ദങ്ങളുടെ മഹാകലവറയായ ഭൂമിയിലെ ആനന്ദങ്ങളെല്ലാം സൃഷ്ടികളായ ആത്മാക്കൾക്ക് 'മനുഷ്യാവസ്ഥയിൽ മോക്ഷത്തെ സൃഷ്ടികൾ നേടുന്നതുവരെ നിർബ്ബന്ധമായും മഹാവാത്സല്ല്യത്തോടെയും മഹാനീതിയോടെയും നൽകി ആനന്ദിപ്പിക്കാനും; ഭൂമിയിൽ വച്ച് മഹാവാത്സല്ല്യത്തെ അളവോടെ നൽകാനും മടക്കി വാങ്ങാനും, വാങ്ങിയും നൽകിയും വാങ്ങിയും ആനന്ദങ്ങൾക്ക് അതീതമായിരിക്കാനും തയ്യാറാകുന്നു.

**അനന്തമായ ആനന്ദങ്ങളായി സ്വയം അവതരിച്ചു കൊണ്ട്, സൃഷ്ടിസ്ഥിതിസംഹാരങ്ങളിൽ ദൈവം സ്വീകരിക്കുന്ന ഏക ആനന്ദമായ മഹാവാത്സല്ല്യത്തെ സൃഷ്ടികൾക്കു തന്നെ മടക്കി നൽകുന്നതും, ആനന്ദങ്ങൾ ഉൾപ്പെടെ സർവ്വത്തിനും അതീതമായി തുടരുന്നതും ദൈവത്തിനു മാത്രം കഴിയുന്ന മഹാപ്രഭാവമാണ്.**

**(9.4). സൃഷ്ടി സ്ഥിതി സംഹാര കർത്താവും മഹാശക്തിയുമായ ദൈവം, സൃഷ്ടികളായ എല്ലാ ആത്മാക്കളുടെയും സുരക്ഷയെയും മഹാഭദ്രമാക്കിയാണ് സമ-ആനന്ദമായ മഹാനീതി നടപ്പാക്കുന്നത്. ആനന്ദങ്ങളെ നേടാനും ആസ്വദിക്കാനും ലഭിക്കുന്ന ശക്തികളും സ്വാതന്ത്ര്യവും മറ്റും ദുരുപയോഗിച്ച് ദൈവത്തിന്റെ സൃഷ്ടികളായ ആത്മാക്കൾക്ക് അന്യോന്യമോ സ്വയമോ നശിപ്പിക്കാൻ കഴിയില്ല. ആത്മാക്കളുടെ ധർമ്മശാസ്ത്ര വിരുദ്ധമായ പെരുമാറ്റം, ദ്രോഹം, ശാരീരിക വധം, തുടങ്ങിയ സർവ്വത്തിനും ഭൂമിയുടെ അംശമായ ശരീരത്തിലൂടെ മഹാനീതിയെ ഭൂമി നേരിട്ടു നടപ്പാക്കുന്നുമുണ്ട്.**

ദൈവത്തിന്റെ അവതാരം കൂടിയായ ഭൂമിയുടെ അംശമായ മൂലകങ്ങളും അവയുടെ സംയുക്തങ്ങളും അവയെ കൊണ്ട് ഭൂമി സൃഷ്ടിച്ചിട്ടുള്ള ജീവികളുടെ ശരീരാവയവങ്ങളും അവയുടെയെല്ലാം സൂക്ഷ്മമായ ആറ്റങ്ങളും; ആറ്റങ്ങളിലെ അതിസൂക്ഷ്മമായ ഓം, പ്രോട്ടോൺ, ഇലക്ട്രോൺ, ന്യൂട്രോൺ, ബോസോൺ, ഗ്ലൂവോൺ, ക്വാർക്കുകൾ, തുടങ്ങിയവയും മഹാജ്ഞാനമായ മഹാശാസ്ത്ര നിയമങ്ങൾ പ്രകാരം ഭദ്രപ്പെടുത്തിയിട്ടുള്ള മഹാത്ഭുതങ്ങളാണ്. ഭൂമിയുടെ അംശവും ആനന്ദങ്ങളുമായ എല്ലാ വസ്തുക്കളെയും സമ്പൂർണ്ണ സ്വാതന്ത്ര്യത്തോടെ ആസ്വദിക്കാനും ഉപയോഗിക്കാനും പ്രവർത്തിപ്പിക്കാനുമെല്ലാം മനുഷ്യാവസ്ഥയിൽ വച്ച് സ്വത്വങ്ങളായ ആത്മാക്കളെ ഭൂമി അനുവദിക്കുമ്പോൾ തന്നെ വസ്തുക്കളിൽ ലയിച്ചിരിക്കുന്ന മഹാശാസ്ത്ര നിയമങ്ങൾ പ്രകാരം മാത്രമേ എന്തു ചെയ്യാനും കഴിയുകയുള്ളൂ എന്നതും; സർവ്വവും നിയന്ത്രിക്കാൻ ഭൂമിയുടെ സ്വത്വവും ജീവികളുടെയെല്ലാം ജീവനുമായ ഓക്സിജൻ ഉണ്ടെന്നതും; സൃഷ്ടികൾക്കെല്ലാം വേണ്ടി 'ദൈവത്തിന്റെ അവതാരമായ ഭൂമി ഏർപ്പെടുത്തിയിരിക്കുന്ന ധർമ്മശാസ്ത്ര ബന്ധനം' കൂടിയാണ്. ഓരോ ജീവിയുടെയും സ്ത്രീപുരുഷ പകുതി മാത്രമായി സൃഷ്ടിക്കപ്പെടുന്നവർക്ക് മനുഷ്യാവസ്ഥയിൽ വച്ച് വിശേഷ ബുദ്ധിയെ ലഭിക്കുമ്പോൾ; ജീവി വർഗ്ഗം, സ്ത്രീ പുരുഷൻ, ശരീര-അവയവങ്ങൾ, നിറം, മുഖഛായ, സൗന്ദര്യം, ഉയരം, ആയുസ്സ്, തുടങ്ങിയ ജന്മഗുണങ്ങളെ നിശ്ചയിക്കുകയോ സൃഷ്ടിക്കുകയോ ചെയ്യാത്ത മാതാപിതാക്കളെയും മറ്റും സ്രഷ്ടാവായി കരുതരുത്.

ഏകദൈവമായ ശിവയുടെ അംശമോ ഭാഗമോ ആക്കാതെയും, എന്നാൽ ശിവയുടെ നിർജ്ജീവ ഭാഗമായ ശവനും പരമാത്മാവും കൂടിയായ ശിവന്റെ അംശങ്ങളായും, ആത്മാക്കളെ സൂര്യൻ എന്ന താവളത്തിൽ വച്ച് സൃഷ്ടിക്കുന്നത് മറ്റൊരു മഹാത്ഭുതമാണ് !

ദൈവത്തിന്റെ സ്വത്വവും ജീവികളുടെയെല്ലാം ജീവനുമായ ഓക്സിജൻ അനുവദിച്ചാൽ മാത്രം ചലിക്കാൻ കഴിയുന്നവരും, സ്വത്വം പോലും സ്വന്തമായിട്ടില്ലാത്തവയുമായ സൃഷ്ടികളിൽ, വിശേഷ ബുദ്ധിയെ കൂടി ദാനമായി കിട്ടിയത് മനുഷ്യർക്കും ദേവതകൾക്കുമാണ്. വിശേഷ ബുദ്ധിയെ ഉചിതമായി ഉപയോഗിക്കാതെ കടിപിടി കൂടുന്നതും അവരാണ് !

മനുഷ്യൻ ഉൾപ്പെടെയുള്ള സൃഷ്ടികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് വിശപ്പും ദാഹവും (സൃഷ്ടിച്ചു) നൽകുന്നതും, ഭക്ഷിക്കുമ്പോൾ വിശപ്പും ദാഹവും മാറുന്നതും ഭക്ഷണ രുചി-ആനന്ദം ലഭിക്കുന്നതും; ദഹനവും വിസർജ്ജനവും പ്രത്യുല്പാദനവും മറ്റും 'ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളുടെ' സൃഷ്ടിയോ പ്രവൃത്തികളോ അല്ല. മഹാനീതിയുമായി ബന്ധപ്പെട്ട ജനനം, ശരീര-അവയവങ്ങൾ, സ്ത്രീപുരുഷൻ, നിറം, സൗന്ദര്യം, മുഖഛായ, ആയുസ്സ്, ആരോഗ്യം, ഉയരം, ജനനസ്ഥലം, മരണം, തുടങ്ങിയ പ്രത്യക്ഷ-ജന്മഗുണങ്ങളെ നിശ്ചയിക്കുന്നതും, മനുഷ്യാവസ്ഥയിലെ 100 ജന്മങ്ങളിലും അവയെ വ്യത്യാസപ്പെടുത്തി ആത്മാക്കൾക്ക് സമആനന്ദമായ മഹാനീതിയെ നടപ്പാക്കുന്നതും ആത്മാക്കളല്ലെന്ന് എല്ലാവർക്കും അറിയാം എന്നതുപോലെ, വിശേഷ ബുദ്ധിയെ ഉചിതമായി ഉപയോഗിച്ചാൽ സർവ്വം ചെയ്യുന്നത് ഓക്സിജനാണെന്നും ലളിതമായി ത്തന്നെ മനസ്സിലാക്കാം. മിനുട്ടിൽ ഏറെക്കുറെ 18 തവണ ശ്വാസോച്ഛ്വാസം ചെയ്യുന്ന മനുഷ്യൻ ചിന്തിക്കുന്നതു പോലും ശാസ്ത്രപരമായി ഓക്സിജൻ അറിയുന്നുണ്ട്. സമുദ്രത്തിന്റെ അടിത്തട്ടിൽ പോയാലും, ചന്ദ്രനിൽ പോയാലും ഓക്സിജൻ കൂടെത്തന്നെ വേണമെന്നും മനുഷ്യർക്ക് അറിയാം. ഓക്സിജന്റെ ഇഷ്ടമായ ഓംകാരനീതിശാസ്ത്ര പ്രകാരം ഓക്സിജൻ അനുവദിക്കുന്നതും നൽകുന്നതുമായ വേദനകൾ ഉൾപ്പെടെയുള്ള ഭൂമിയിലെ അനന്തമായ ആനന്ദങ്ങളും, ആനന്ദങ്ങളെ നേടാനുള്ള ഉപാധികളായ ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും കാലവും ശരണവും കൊണ്ടുമാത്രമാണ് ആത്മാക്കൾക്ക് എന്തും ചെയ്യാനാവുക.

പ്രത്യക്ഷമെന്നോണം ഓക്സിജന്റെ നിയന്ത്രണത്തിലും ഭരണത്തിലും മാത്രമാണ് എല്ലാ ജീവികളും അവയുടെ സ്വത്വങ്ങളായ ആത്മാക്കളുമെന്ന് ഓക്സിജൻ ദാനമായി നൽകുന്ന ശക്തികളും, വിശേഷബുദ്ധിയും അനുബന്ധമായ ഭൗതികധർമ്മനീതി ശാസ്ത്രങ്ങളുമെല്ലാം കൊണ്ട് അറിയുമ്പോഴും, **എല്ലാ സൃഷ്ടികൾക്കും തുല്ല്യമായിട്ട് ആനന്ദിച്ചു ജീവിക്കാനായിട്ട് ഓക്സിജൻ സ്ഥാപിച്ചിട്ടുള്ള ധർമ്മശാസ്ത്ര ബന്ധനം പ്രകാരം അഥവാ ഓംകാരനീതിശാസ്ത്രം പ്രകാരം ഓക്സിജൻ നിശ്ചയിക്കുന്നതും നൽകുന്നതുമായ ആയുസ്സുമായി ജീവിക്കാൻ മാത്രമാണ് എല്ലാ ജന്മങ്ങളിലും എല്ലാ സൃഷ്ടികൾക്കും കഴിയുക !**

**മഹാമാതാപിതാക്കളായ ശിവയും ശിവനും; കുഞ്ഞുങ്ങളായ സൃഷ്ടികളും ഉൾപ്പെടെയുള്ള മഹാകുടുംബത്തെയാണ് മഹാപ്രപഞ്ചമായിട്ട് ഏകദൈവമായ ശിവ ആവിഷ്ക്കരിച്ചിട്ടുള്ളത്. മനുഷ്യരുടെ ഏറ്റവും വലിയ ഭാഗ്യം, വിശേഷ ബുദ്ധിയെ നൽകിയിട്ടും കൂടി വൃദ്ധരും ദൈവത്തിനു കുഞ്ഞുങ്ങളാണ്. മഹാനീതിയുടെ ഭാഗമായിട്ട് മനുഷ്യാവസ്ഥയിൽ ഓരോ ആത്മാവും 100 മനുഷ്യജന്മങ്ങളെ വ്യത്യസ്തങ്ങളായ ജന്മഗുണങ്ങളോടെ സ്വീകരിക്കേണ്ടതുണ്ടെന്ന് ഈ ദിവ്യമഹാവേദ ഗ്രന്ഥത്തിൽ ശാസ്ത്ര പരമായി തെളിയിച്ചിട്ടുണ്ട്. തീർച്ചയായും വൃദ്ധർ വൈകാതെ കുഞ്ഞായി ജനിക്കുമെന്നതിനാൽ തർക്കങ്ങൾ അനാവശ്യമാണ്. വൃദ്ധർക്കും അത്യധികം സന്തോഷിക്കാൻ കഴിയുന്ന ലളിതവും ഗൗരവവും സുന്ദരവുമായ വസ്തുത മറ്റൊന്നാണ് :**

മഹാമാതാപിതാക്കളായ ശിവയ്ക്കും ശിവനും; വൃദ്ധജനങ്ങൾ ഉൾപ്പെടെ എല്ലാ സൃഷ്ടികളും കുഞ്ഞുങ്ങളാകയാൽ, കടമകളെ നൽകുന്നില്ല. ദൈവത്തിനു വേണ്ടി യാതൊരു പ്രവൃത്തികളും കുഞ്ഞുങ്ങൾ ചെയ്യേണ്ട. മാത്രമല്ല; മഹാമാതാപിതാക്കൾ മഹാവാത്സല്യത്തോടെ കുഞ്ഞുങ്ങളുടെ ആനന്ദങ്ങളെ വർദ്ധിപ്പിക്കാനായി എപ്പോഴും പരിചരിച്ചുകൊണ്ടുമിരിക്കും. അനന്തമായ ആനന്ദങ്ങളായി അവതരിച്ചിരിക്കുന്ന ഭൂമിയുടെ അംശമായ വസ്തുക്കളിലും ജീവികളുടെ ശരീരാവയവങ്ങളിലും ലയിച്ചിരിക്കുന്ന ശക്തികളെയും ശാസ്ത്രങ്ങളെയും കൊണ്ട് നേടുകയും ആനന്ദിച്ചു ജീവിക്കുകയുമാണ്' കുഞ്ഞുങ്ങൾ അവരവർക്കു വേണ്ടി ചെയ്യേണ്ടത്.

പ്രപഞ്ചത്തിലെ സർവ്വത്തിനും കൃത്യമായ അളവുകളുണ്ട്. സമ-ആനന്ദമായ മഹാനീതിയെ എല്ലാ കുഞ്ഞുങ്ങൾക്കും ഉറപ്പാക്കാൻ അത് അത്യാവശ്യമാണ്. ഈ ദിവ്യമഹാഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുമുണ്ട്. മനുഷ്യ-മാതാപിതാക്കൾ നൽകുന്ന വാത്സല്യത്തിന്റെ കൃത്യം നൂറിരട്ടിയാണ് മഹാമാതാവ് നൽകുന്ന മഹാവാത്സല്ല്യം. കുഞ്ഞുങ്ങൾക്ക് ആനന്ദങ്ങളെ നേരിട്ടു നൽകാനായി സർവ്വം മഹാഭദ്രപ്പെടുത്തിയിട്ടുള്ള ദൈവം, നീതി-സംഹാര-ഖരരൂപമായ മണ്ണും, ധർമ്മ-സ്ഥിതി-ദ്രാവക രൂപമായ ജലവും, സത്യ-സൃഷ്ടി-വാതക രൂപമായ ഓക്സിജനും ചേർന്ന ആനന്ദങ്ങളുടെ മഹാകലവറയായ ഭൂമിയായിട്ട് ഭാഗികമായി അവതരിച്ചിരിക്കുകയാണ്. സൃഷ്ടികൾക്കെല്ലാം വേണ്ടിയുള്ള ഭൂമിയിലെ ആനന്ദങ്ങളെ സമമായി വീതിച്ചും ആനന്ദിച്ചും ജീവിക്കേണ്ടത് വിശേഷബുദ്ധി ലഭിക്കുന്ന മനുഷ്യരുടെ ആവശ്യമാവണം. സമമായി വീതിക്കാൻ കഴിയുന്ന ഉപാധികളായ ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും കാലവുമെല്ലാം കൂടി വസ്തുക്കളിൽ ലയിപ്പിച്ചിട്ടുണ്ട്.

## മഹാരൂപരേഖ (Supreme PLAN)

ശക്തികളെ സൃഷ്ടിക്കാനും നിലനിർത്താനും; ശക്തികളെ കൊണ്ട് ആനന്ദങ്ങളെ സൃഷ്ടിക്കാനുമെല്ലാം ശക്തികൾക്കും പ്രാപഞ്ചിക-നിർവ്വചനങ്ങൾക്കും അതീതവും മഹാസത്യവുമായ ദൈവത്തിനു മാത്രമാണ് കഴിയുക. സൃഷ്ടികൾക്ക് ജീവിക്കാൻ ആവശ്യമായ ആനന്ദങ്ങളും ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും ശരണവും മഹാനീതിയുമെല്ലാം ചേർന്ന പ്രപഞ്ചമായിട്ട് ഭാഗികമായി അവതരിച്ചതിനു ശേഷം മാത്രം കുഞ്ഞുങ്ങളും ആത്മാക്കളുമായ സൃഷ്ടികളെ സൃഷ്ടിക്കേണ്ടതുണ്ട്.

സൃഷ്ടി സ്ഥിതി സംഹാര പാത്രവും മഹാശൂന്യതയുമായ ആകാശം ആദ്യം വേണം. മനുഷ്യർക്കും മറ്റുള്ള ജീവികൾക്കും ജീവിക്കാൻ ആവശ്യമായ ആനന്ദങ്ങൾ ഉൾപ്പെടെ സർവ്വവും നേരിട്ടും അനന്തമായും ലഭിക്കുന്നതും നൽകുന്നതുമായ ഭൂമി വേണം. ഭൂമിയിലെ ജീവികൾക്ക് ചൂടും വെളിച്ചവും നൽകുന്ന സൂര്യനെ വേണം. ഭൂമിക്കു വെളിയിൽ സൂര്യനെ ഒരുക്കുന്നതാണ് ശ്രേഷ്ഠമെന്നത് അനുഭവിച്ചറിയുന്നതാണ്. സൃഷ്ടിക്കുകയും ജീവിപ്പിക്കുകയും ചെയ്യുന്ന സൃഷ്ടികൾക്ക് മോക്ഷവും മഹാനീതിയും ലഭിക്കണം. നക്ഷത്രമോക്ഷത്തെയും താൽക്കാലികമായ ദേവതകളും അതിനാണ്.

മഹാപ്രപഞ്ചത്തിന്റെ ഭാഗമായിട്ട് അവതരിക്കുന്നതിനു മുമ്പ് സർവ്വത്തിനും അതീതമായ 'മഹാസത്യം' ചില മഹാനാമങ്ങളെ സൃഷ്ടികൾക്കായി സ്വീകരിക്കുന്നുണ്ട്. ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്ത മഹാസത്യത്തെ തൽക്കാലം 'മായ, മഹാമായ, ദൈവം' തുടങ്ങിയ പേരുകൾ കൊണ്ട് മനുഷ്യർക്ക് വിളിക്കാനാവും. ആവക കാര്യങ്ങളെ പിന്നീട് വിശദീകരിക്കുകയും തെളിയിക്കുകയും ചെയ്യുന്നുണ്ട്.

ദൈവം പ്രപഞ്ച-ഭാഗമായി അവതരിക്കുന്നതിനു മുമ്പ് രൂപരേഖ തയ്യാറാക്കണം. ഭൂമിയിലെ വസ്തുക്കളെ ഉപയോഗിച്ച് കെട്ടിടങ്ങളും വാഹനങ്ങളുമെല്ലാം ഭൂമിയിൽ നിർമ്മിക്കുന്നതിനു മുമ്പ് മനുഷ്യർ തയ്യാറാക്കുന്ന പ്ലാനുകൾ ചെറിയ ഉദാഹരണമാണ്. പ്രപഞ്ച-ഭാഗമായി അവതരിക്കാനും, ജീവികളുടെ സൃഷ്ടി സ്ഥിതികളെ ചെയ്യുന്നതിനും വേണ്ടി 'മഹാസത്യമായ ദൈവം' ആവിഷ്ക്കരിച്ച 'മഹാരൂപരേഖ' യെപ്പറ്റി ജീവികളും കുഞ്ഞുങ്ങളുമായ സൃഷ്ടികൾക്ക് അറിയാൻ വിശേഷ ബുദ്ധിയും തെളിവും ലഭിക്കണം. സൃഷ്ടികളുടെ ഭാഗമായ മനുഷ്യർക്ക് വിശേഷ ബുദ്ധിയെ ലഭിക്കുന്നുണ്ട്. പുരാണങ്ങളിലൂടെ മനുഷ്യർ അറിയുന്ന ദേവതകൾ ശരിയെന്നു തെളിയുമ്പോൾ, അവർക്കും വിശേഷ ബുദ്ധി ലഭിച്ചതായി മനസ്സിലാക്കാം !

സൃഷ്ടി സ്ഥിതി സംഹാര പാത്രവും മഹാശൂന്യതയുമായ ആകാശവും, മഹാശക്തിയായ ഭൂമിയുമായിട്ട് 'മഹാസത്യം' അവതരിച്ചത് സ്വന്തം 'മഹാരൂപരേഖ' പ്രകാരമാണ്. എന്നുവെച്ചാൽ സൃഷ്ടികളും കുഞ്ഞുങ്ങളുമായ ആത്മാക്കൾക്ക് പ്രപഞ്ചത്തിൽ നിന്നും ലഭിക്കുന്ന ആനന്ദങ്ങളും ശക്തികളും ജ്ഞാനവും സ്വാതന്ത്ര്യങ്ങളും ശരണവും മഹാനീതിയുമെല്ലാം പ്രപഞ്ചഭാഗമായി അവതരിക്കുന്നതിനു മുമ്പ് 'ദൈവം' ആവിഷ്ക്കരിച്ച 'മഹാരൂപരേഖ' പ്രകാരമാണ്. മഹാരൂപരേഖ പ്രകാരം സൃഷ്ടികൾക്ക് ലഭിക്കുന്ന 'ജീവി-വർഗ്ഗം, സ്ത്രീ പുരുഷ ജാതി, നിറം സൗന്ദര്യം മുഖഛായ ആയുസ്സ് ആരോഗ്യം ബുദ്ധിശക്തി ഓർമ്മശക്തി, മാതാപിതാക്കൾ ഉൾപ്പെടെയുള്ള ഉറ്റവർ, ജന്മസ്ഥലം, തുടങ്ങിയ ജന്മഗുണങ്ങളെ 'സൃഷ്ടിപരമായ വിധി' എന്ന് വിശേഷിപ്പിക്കാം.

സൃഷ്ടിപരമായ വിധി പ്രകാരം സൃഷ്ടികളായ ആത്മാക്കൾക്ക് അനുവദിച്ചിട്ടുള്ളതും ലഭിക്കുന്നതുമായ ജന്മഗുണങ്ങളെ കൊണ്ട് ജീവിക്കുമ്പോഴും ജീവിത കാര്യങ്ങളിൽ എങ്ങനെ പെരുമാറണമെന്നും പ്രവർത്തിക്കണമെന്നും നിശ്ചയിക്കാനുള്ള സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തെ ക്കൂടി സൃഷ്ടികൾക്കു ലഭിക്കണം; ലഭിക്കുന്നുണ്ട്. അല്ലെന്നു വന്നാൽ സ്രഷ്ടാവിന്റെ പദ്ധതികളോടെ സ്രഷ്ടാവ് തന്നെ ജീവിക്കുന്നതു പോലെയാകും. സൃഷ്ടികൾ ചിന്തിക്കുന്നതു പോലും ദൈവത്തിന്റെ വാതക രൂപവും സ്വത്വവുമായ ഓക്സിജന് ഭൗതികമായി തന്നെ അറിയാൻ കഴിയുമെങ്കിലും, അസാധാരണമായ സാഹചര്യത്തിൽ അല്ലാതെ സൃഷ്ടികൾക്ക് നൽകിയിട്ടുള്ള സമ്പൂർണ്ണ സ്വാതന്ത്ര്യത്തിൽ 'ഓക്സിജൻ' ഇടപെടുന്നതല്ല. സ്രഷ്ടാവ് നൽകുന്നതും, സൃഷ്ടികൾക്ക് ലഭിക്കുന്നതുമായ ശക്തികളെയും ശാസ്ത്രങ്ങളെയുമെല്ലാം 'സ്ഥിതിപരമായ വിധി' പ്രകാരം സൃഷ്ടികൾ തന്നെ നിശ്ചയിക്കാൻ സ്രഷ്ടാവ് അവസരം ഒരുക്കുകയാണു ചെയ്യുന്നത്. മഹാനീതിശാസ്ത്രമായ ഓംകാരനീതിശാസ്ത്രം പ്രകാരം എല്ലാ സൃഷ്ടികൾക്കും സമ-ആനന്ദങ്ങളെ ലഭ്യമാക്കുകയും ചെയ്യുന്നു.

സ്ഥിതി പരമായ വിധി പ്രകാരം സൃഷ്ടികളായ മനുഷ്യർക്ക് അറിയാനും പ്രപഞ്ചത്തിൽ കണ്ടെത്താനും കഴിയുന്ന വസ്തുക്കളും അവയിൽ ലയിച്ചിരിക്കുന്ന ആനന്ദങ്ങളും ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യങ്ങളും കാലങ്ങളുമെല്ലാം, ജീവികളെ സൃഷ്ടിക്കുന്നതിനു മുമ്പ് മഹാസത്യമായ ദൈവം പ്രപഞ്ച-ഭാഗമായി അവതരിക്കുന്നതിനു വേണ്ടി തയ്യാറാക്കിയ 'മഹാരൂപരേഖ' യിലെ 'സൃഷ്ടിപരമായ വിധി' പ്രകാരമുള്ളവയാണെന്ന് തെളിയുന്നുണ്ട്. മഹാസത്യമായ ദൈവത്തിന്റെ ആദിയും അന്തവും ഇല്ലാത്ത മഹാജ്ഞാനത്തിന്റെ ഓഹരിയാണ് പ്രപഞ്ചത്തിലെ ശാസ്ത്ര നിയമങ്ങളായി മാറിയിരിക്കുന്നതെന്നും; പ്രപഞ്ച-ഭാഗമായിട്ട് അവതരിക്കുന്നതിനു മുമ്പ് ശാസ്ത്രങ്ങളെല്ലാം മഹാജ്ഞാനത്തിൽ നിന്നും രൂപപ്പെടുന്ന യുക്തികൾ മാത്രമായിരുന്നു എന്നും മനസ്സിലാക്കാൻ കഴിയുന്നു. പ്രപഞ്ചത്തിന്റെ എല്ലാ 'ശാസ്ത്ര നിയമങ്ങൾക്കും' പ്രപഞ്ചത്തിനു മുമ്പുള്ളതും അതീതവും ആയിട്ടുള്ള കാര്യങ്ങളിൽ യുക്തിപരമായ പ്രസക്തിയാണുള്ളത്. അതായത് മഹാസത്യമായ ദൈവത്തിന്റെ മഹാജ്ഞാനത്തെ മഹായുക്തി എന്ന് പ്രപഞ്ച-ഭാഗമായിട്ട് അവതരിക്കുന്നതിനു മുമ്പ് വിശേഷിപ്പിക്കാൻ കഴിയുമ്പോൾ, മഹാപ്രപഞ്ചം സത്യമാകുന്നത് ശക്തികളുമായി യുക്തികൾ ലയിച്ച് ഭൗതിക അസ്തിത്വം നേടുമ്പോൾ മാത്രമാണ്. പ്രപഞ്ചമായി അവതരിച്ചതോടെ, വിവിധങ്ങളായ ശക്തികൾ ഭൗതികമായ അസ്തിത്വം നേടുകയാൽ അവയെ ബന്ധിച്ചിരിക്കുന്ന യുക്തികളെല്ലാം മഹാശാസ്ത്ര നിയമങ്ങളായി മാറിയിരിക്കുന്നു. പിന്നീട് വിശദീകരിക്കുന്നുണ്ട്.

# മഹാസത്യം, മായ, സൃഷ്ടി കർമ്മം, സ്രഷ്ടാവ്, സൃഷ്ടി

പ്രപഞ്ചത്തിലെ അനന്തമായ ആനന്ദങ്ങളെയും ശക്തികളെയും ശാസ്ത്രങ്ങളെയും ഉൾപ്പെടെയുള്ള എന്തിനെയും എങ്ങനെയും സൃഷ്ടിക്കാനും പരിപാലിക്കാനുമെല്ലാം ശക്തികൾക്കും ശാസ്ത്രങ്ങൾക്കും പ്രപഞ്ചത്തിനും നിർവ്വചനങ്ങൾക്കും മറ്റും അതീതമായ 'മഹാസത്യ'ത്തിനു മാത്രമേ കഴിയൂ എന്നതും മഹാസത്യമാണ്. അനന്തമായ ആനന്ദങ്ങളെയും ശക്തികളെയും ശാസ്ത്രങ്ങളെയും ഉൾപ്പെടെ എന്തിനെയും സൃഷ്ടിക്കാനും പരിപാലിക്കാനുമെല്ലാം കഴിയുന്ന 'മഹാസത്യ'ത്തിന്റെ മഹാവൈഭവത്തെ 'മായ' എന്ന് തൽക്കാലം വിശേഷിപ്പിക്കാവുന്നതാണ്. 'ഓം' മുഴക്കി, ദൈവവിപ്ലവവും, സത്യയുഗവും, ദൈവരാജ്യവും, 'ദൈവ സാന്നിദ്ധ്യത്തോടെ', ഉടനെ ആരംഭിക്കുന്നതോടെ പ്രപഞ്ച-ഭാഗമായിട്ട് അവതരിക്കുന്നതിനു മുമ്പുള്ള സത്യമായ വസ്തുതകളെ മനുഷ്യർ അറിഞ്ഞും ബോദ്ധ്യപ്പെട്ടും ജീവിക്കുന്നതാണ്.

മഹാശൂന്യതയായ സൃഷ്ടി സ്ഥിതി സംഹാര പാത്രവും, കാലവും, ആനന്ദങ്ങളും; ആനന്ദങ്ങളെ നേടാനും ആസ്വദിക്കാനുമുള്ള ഉപാധികളായ ശക്തികളും, ജ്ഞാനമായ ശാസ്ത്രങ്ങളും ഉൾപ്പെടെ മുമ്പ് ഇല്ലാത്തവയെ സത്യങ്ങളാക്കുന്നതിനെ 'സൃഷ്ടികർമ്മം' എന്ന് നിർവ്വചിക്കാം. മഹാവൈഭവമായ 'മായ' കൊണ്ട് ശക്തികൾ ഉൾപ്പെടെ എന്തും സൃഷ്ടിക്കാനും പരിപാലിക്കാനും സംഹരിക്കാനുമെല്ലാം തയ്യാറാകുന്ന കർത്താവായ 'മഹാസത്യ'ത്തെ 'സ്രഷ്ടാവ് ' എന്നും, സൃഷ്ടിക്കുന്നവയെ 'സൃഷ്ടി, കുഞ്ഞ്, ആത്മാവ് ' എന്നും ഭാഗികമായി* വിളിക്കാം. * 'ഭാഗികമായി' എന്നതിന്റെ 2 വിശദീകരണങ്ങൾ :- (1) സൃഷ്ടികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ 'നേരിട്ടു' ചെയ്യുന്നതിന് 'കർത്താവ് ' ഒന്നോ അനന്തമോ ആയ രൂപങ്ങളോടെ സ്വന്തം 'മായ' കൊണ്ട് പ്രത്യക്ഷമാകുന്നതാണ്. സൃഷ്ടികൾക്ക് സമ്മാനിച്ചതോ, സാമ്യം ഉള്ളതോ ഇല്ലാത്തതോ, താൽക്കാലികമോ സ്ഥിരമോ ആയിട്ടുള്ള രൂപങ്ങളെ സ്രഷ്ടാവ് സ്വീകരിക്കുമ്പോൾ; സ്രഷ്ടാവിനെ/ കർത്താവിനെ സൃഷ്ടിയാണെന്ന് തെറ്റിദ്ധരിച്ചാൽ, അജ്ഞാനം മാത്രമാണത്. കുഞ്ഞുങ്ങളായി സൃഷ്ടിക്കുന്ന ആത്മാക്കൾക്ക് ജീവിക്കാൻ ആവശ്യമായ 'ആനന്ദങ്ങളും ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും കാലവും ശരണവും മഹാനീതിയുമായ ഭൂമിയായി' മഹാസത്യം അവതരിച്ചത് ഒരു ഉദാഹരണമാണ്. (2) പേരിടാനുള്ള അവകാശവും അധികാരവും സ്രഷ്ടാവിനു മാത്രമാണ്. സൃഷ്ടികളുടെ അടുത്ത തലമുറകൾക്ക് ജനിക്കാനും വളരാനും സൃഷ്ടികളെ മാതാപിതാക്കളായിട്ട് വാത്സല്യം ചേർത്ത് ഉപകരണമാക്കിയിട്ടുണ്ട് എന്നേയുള്ളൂ. വിശേഷ ബുദ്ധി ലഭിക്കുന്ന മനുഷ്യാവസ്ഥയിലെ കുഞ്ഞുങ്ങൾക്ക് പേരിടാൻ മഹാവാത്സല്ല്യത്തോടെ മഹാസത്യം കനിഞ്ഞ് മനുഷ്യ-മാതാപിതാക്കളെ ഉയർത്തുകയും കൂടുതലായി ആനന്ദിപ്പിക്കുകയും ചെയ്യുമ്പോഴും, ഉചിതമായ നാമങ്ങളെ മനുഷ്യർക്ക് തോന്നിപ്പിക്കുന്നത് മഹാസത്യമായ ദൈവം തന്നെയാണെന്നും, അസ്തിത്വം പോലും സ്വന്തമായിട്ടില്ലാത്ത ആത്മാക്കൾക്ക് ചിന്തിക്കാനും ചെയ്യാനുമുള്ള ശക്തികളെ ദൈവം തന്നെ നൽകണമെന്നും വ്യക്തമാണ്.

സൃഷ്ടികൾക്ക് ആനന്ദങ്ങളെ നേടാനുള്ള ഉപാധികളായി സൃഷ്ടികൾക്ക് ലഭിക്കുന്ന അസ്തിത്വവും ശക്തികളും ജ്ഞാനവും സ്വാതന്ത്ര്യവും ശരണവും കാലവും മഹാനീതിയുമെല്ലാം 'മഹാരൂപരേഖ' പ്രകാരം 'മഹാസത്യം' ആവിഷ്ക്കരിക്കുകയും സൃഷ്ടിക്കുകയും നൽകുകയും ചെയ്യുന്ന വസ്തുതകളെ ആശ്രയിച്ചിരിക്കുന്നു.

# ॐ ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

'മഹാസത്യമായ ദൈവം' നൽകുന്ന ദാനങ്ങളായ ആനന്ദങ്ങളും, ആനന്ദങ്ങളെ നേടാനുള്ള ഉപാധികളായ അസ്തിത്വവും ശക്തികളും സ്വാതന്ത്ര്യവും ശരണവും കാലവും മഹാനീതിയുമെല്ലാം ആത്മാക്കളുടെ 'ശൂന്യാവസ്ഥയെ' വെളിപ്പെടുത്തുന്നുണ്ട്. ആത്മാക്കളുടെ സ്ഥിതിയാകുന്ന ജീവി-ജീവിതത്തിൽ വിശേഷ ബുദ്ധിയെ ലഭിക്കുന്ന ഏതൊരു ഘട്ടത്തിലും അവയുടെ ശൂന്യാവസ്ഥയെ സത്യസന്ധമായി പ്രതിഫലി(പ്പി)ക്കേണ്ടതും ആവശ്യമാണ്. ഭൂമിയുടെ അംശമായ മൂലകങ്ങളും സംയുക്തങ്ങളും അവയുടെ രൂപാന്തരമായ ശരീരാവയവങ്ങളും ശക്തികളെ നൽകിയാൽ ആത്മാക്കൾ ജീവവും, ശക്തികളെ നൽകിയില്ലെങ്കിൽ നിർജ്ജീവവും ആകുന്നതിൽ നിന്ന്, ആത്മാക്കൾ മഹാശക്തിയായ ദൈവത്തിന്റെ അംശം അല്ലെന്നും, നിർജ്ജീവവും ശക്തിഹീനവുമായ ഒന്നിന്റെ അംശങ്ങളാണെന്നും തെളിയുന്നുണ്ട്. അടുത്തൊരു അദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട്. ശൂന്യത ബാധകമായതു കൊണ്ടോ സ്വന്തമായി അസ്തിത്വം ഇല്ലാത്തതു കൊണ്ടോ ആത്മാക്കൾ സത്യങ്ങൾ അല്ലാതാവുന്നില്ല. കാലാനുസൃതമായി സൃഷ്ടിക്കപ്പെടുന്ന ആത്മാക്കൾക്ക് അനന്ത കാലം അനന്തമായ ആനന്ദങ്ങളെ അനുഭവിച്ചു ജീവിക്കാനും, അസാധാരണമായ സാഹചര്യത്തിൽ ഇല്ലാതാവാനും സ്വാതന്ത്ര്യമുണ്ട്. പിന്നീട് വിശദീകരിക്കുന്നുണ്ട്.

അടിസ്ഥാന പരമായി ശൂന്യങ്ങളായ ആത്മാക്കൾക്കു വേണ്ടി സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന അനന്തമായ ആനന്ദങ്ങളും അവയെ സൃഷ്ടിക്കാനും നിലനിർത്താനും ആത്മാക്കൾക്ക് നേടാൻ ആവശ്യമായ ശക്തികളും ജ്ഞാനവുമെല്ലാം ചേർന്ന പ്രപഞ്ചം അടിസ്ഥാനപരമായി ശൂന്യമോ, മിഥ്യയോ അല്ലെന്ന വസ്തുതയുണ്ട്. 'മഹാസത്യമായ ദൈവം' ശക്തികൾ ഉൾപ്പെടെ എന്തും സൃഷ്ടിക്കാൻ കഴിയുന്ന സ്വന്തം മഹാവൈഭവമായ 'മായ' കൊണ്ട്, അഥവാ 'മായാമഹാശക്തികൾ' കൊണ്ട് കുഞ്ഞുങ്ങളായി സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്ന ആത്മാക്കൾക്ക് ജീവിക്കാനായി അനന്തമായ ആനന്ദങ്ങളാകുന്ന പ്രപഞ്ചമായി മാറിക്കൊണ്ട്, മധ്യസ്ഥരെ വയ്ക്കാതെ സർവ്വവും നേരിട്ടു നൽകുന്ന മഹാസംവിധാനമാണ് ഒരുക്കിയിരിക്കുന്നത്. നേരിട്ടു നൽകുമ്പോൾ കുഞ്ഞുങ്ങളായ ആത്മാക്കൾ സ്രഷ്ടാവിനെ ഭയക്കാതെയും ആനന്ദങ്ങളെ സ്വയം നേടുന്നതായും കൂടി ആവിഷ്ക്കരിക്കാൻ കുഞ്ഞുങ്ങളോടുള്ള മഹാവാത്സല്ല്യവും, കുഞ്ഞുങ്ങൾക്ക് നൽകേണ്ടുന്ന സമ്പൂർണ്ണമായ സ്വാതന്ത്ര്യവും മഹാസത്യമായ ദൈവത്തെ ബാദ്ധ്യസ്ഥമാക്കുന്നു. സ്വത്വം പോലും സ്വന്തമായിട്ട് ഇല്ലാത്തവയും ശൂന്യവുമായ ആത്മാക്കൾക്ക് ജീവിക്കാനും ഒപ്പം നേടാനും ആവശ്യമായ ആനന്ദങ്ങളും, ഉപാധികളായ ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യങ്ങളും ശരണവും കാലവും മഹാനീതിയുമെല്ലാമായ പ്രപഞ്ച-ഭാഗമായ ഭൂമിയായി ദൈവം ഭാഗികമായി അവതരിച്ചതാണ്. പ്രപഞ്ചത്തിന് അതീതവും ശക്തികൾ ഉൾപ്പെടെ എന്തും എത്രയും സൃഷ്ടിക്കാൻ കഴിയുന്നതുമായ മഹാസത്യത്തിന് സമ്പൂർണ്ണമായി അവതരിക്കേണ്ടത് ആവശ്യവുമാകുന്നില്ല. ആത്മാക്കളെ സൃഷ്ടിക്കുന്നതിനു മുമ്പ് മഹാസത്യമായ ദൈവം അനന്ത-ആനന്ദങ്ങളായ പ്രപഞ്ചമായിട്ട് അവതരിച്ചിരിക്കുകയാണ്. **ആത്മാക്കളുടെ സൃഷ്ടിക്കു മുമ്പുള്ള പ്രപഞ്ചം സൃഷ്ടിയല്ലെന്നും സ്രഷ്ടാവാണെന്നും തെളിയുന്നു.** പ്രപഞ്ചമാകുന്ന ജഗത്ത്, 'മഹാമായ' യും മഹാസത്യവുമായ ദൈവവും, ദൈവം സൃഷ്ടിച്ച ആത്മാക്കളും ഉൾപ്പെടുന്നതാണ്. 1000 കോടിയിലേറെ വർഷങ്ങളായിട്ട് മഹാസത്യമായി പ്രപഞ്ചം നിലനിൽക്കുന്നത് സാക്ഷ്യമാണ്. അല്പായുസ്സുകളും അല്പജ്ഞാനികളും ജഗത്തിനെ മിഥ്യയെന്നു തെറ്റിദ്ധരിച്ചതാണ് മിഥ്യ.

**ആദിയും അന്തവും ഇല്ലാത്തതും, മഹാപ്രപഞ്ചം ഉൾപ്പെടെ എന്തും എത്രയും അനന്തമായി സൃഷ്ടിക്കാൻ പ്രാപ്തിയുള്ള 'മഹാസത്യം', പ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതികൾക്ക് തയ്യാറാകുന്നതെങ്ങനെ എന്ന് 'മഹാസത്യം' തന്നെ സ്വന്തം ഭാഗമായ ശിവനിലൂടെ അറിയിക്കുന്നു.**

സൃഷ്ടിക്കുന്നവയ്ക്ക് അസ്തിത്വം, പേര്, രൂപം, അന്യോന്യം തിരിച്ചറിയാനുള്ള രൂപവ്യത്യാസങ്ങൾ, ജീവിക്കാൻ ആവശ്യമായ ശക്തികളും ജ്ഞാനവും സ്വാതന്ത്ര്യവും ആനന്ദങ്ങളും, ആനന്ദങ്ങളെ വർദ്ധിപ്പിക്കാൻ കഴിയുന്ന സംവിധാനങ്ങൾ, പദ്ധതികൾ, ആനന്ദങ്ങളിലെ സമത്വം, സൃഷ്ടികൾക്ക് സമആനന്ദങ്ങളെ ഉറപ്പാക്കാൻ കഴിയുന്ന ഭൗതിക ധർമ്മ ശാസ്ത്ര സംവിധാനങ്ങൾ, മഹാനീതി നടത്തിപ്പുമായി ബന്ധപ്പെട്ട മഹാഭരണം, സൃഷ്ടികളുടെ പരിണാമം, സൃഷ്ടികളുടെ തലമുറകളെ സൃഷ്ടിക്കാനും പരിപാലിക്കാനുമുള്ള സംവിധാനങ്ങൾ തുടങ്ങിയവയെ കുറ്റവും കുറവും ഉണ്ടാവാതെ ഭദ്രമാക്കാൻ അവയെ സൃഷ്ടിക്കുന്നതിനു മുമ്പ് സർവ്വത്തിനും അതീതമായ 'മഹാസത്യം' മഹാആവിഷ്ക്കരിക്കേണ്ടതുണ്ട്.

സ്വത്വവും രൂപവും ഉൾപ്പെടെ സൃഷ്ടികൾക്ക് പരമമായിട്ട് അനന്തകാലം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്ന അനന്തമായ ആനന്ദങ്ങൾ ഉൾപ്പെടെ സർവ്വവും സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ദൈവം തന്നെ ആവിഷ്ക്കരിക്കുകയും സൃഷ്ടികൾക്കെല്ലാം നേരിട്ടു തന്നെ നൽകുകയും വേണം.

## അനന്തമായ ആനന്ദങ്ങളെ അനുഭവിച്ചറിയാൻ, നീണ്ട കാലഘട്ടം ഉൾപ്പെടെ മഹത്തായ ആവിഷ്ക്കാരം വേണം.

തലമുറകളിലൂടെയുള്ള നിലനില്പിനെ ആസ്പദമാക്കി; അനുഭവിച്ച് അറിയുന്നതു പോലെ "ഓരോ സൃഷ്ടിയെയും രണ്ടായി വിഭജിച്ച് മാതാ-പിതാക്കളും, ഭാര്യയും ഭർത്താവും, സ്ത്രീയും പുരുഷനും" എന്നിങ്ങനെയോ, സമാനമായിട്ടോ; ധർമ്മങ്ങളും സാമൂഹിക ജീവിതവും ആവിഷ്ക്കരിക്കണം. നിലവിലുള്ള സ്ത്രീപുരുഷ സൃഷ്ടി സംവിധാനത്തെ ഉദാഹരണമാക്കാം:-

സ്ത്രീപുരുഷ വ്യത്യാസം, രൂപം, വലിപ്പം, നിറം സൗന്ദര്യം മുഖഛായ, ആയുസ്സ്, ആരോഗ്യം, ബുദ്ധി ശക്തി, ഓർമ്മ ശക്തി, ശാസ്ത്ര ജ്ഞാനം, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, തുടങ്ങിയ ജന്മഗുണങ്ങളെയും പ്രകൃതി ഭംഗി, മല പർവ്വതം വനം പുഴ കടൽ തുടങ്ങിയവയും എല്ലാ സൃഷ്ടികൾക്കും ഒരുപോലെ ലഭ്യമാക്കിയാൽ സൃഷ്ടികളുടെ സൃഷ്ടിയും പരിപാലനവും അവതാളത്തിലാകും ! സൃഷ്ടിക്കപ്പെടുന്ന എല്ലാ ആത്മാക്കൾക്കും സമ-ആനന്ദമായ മഹാനീതിയെ നൽകാൻ കഴിഞ്ഞാൽ മാത്രമാണ് ദൈവം മഹാനീതിയും മഹാനീതിപതിയും ആവുക. സൃഷ്ടികൾക്ക് മഹാനീതിയെ നൽകുന്നതിനു മുമ്പ് ദൈവകാര്യങ്ങളെയും മഹാനീതിശാസ്ത്രത്തെയും ബോദ്ധ്യപ്പെടുത്താനും ദർശനം നൽകാനും സ്രഷ്ടാവാവിന് ബാദ്ധ്യതയുണ്ട്.

സൃഷ്ടികളായ ആത്മാക്കളുടെ സൃഷ്ടിയും പരിപാലനവും ചെയ്യാൻ 'മഹാസത്യം' തയ്യാറാകുമ്പോൾ, രൂപവും ഘടനയും ജീവിതരീതികളും ഉൾപ്പെടെയുള്ള ജന്മഗുണങ്ങളിൽ വ്യത്യാസം വരുത്തി ക്കൊണ്ട് ആത്മാക്കളെ അനന്തമായി സൃഷ്ടിക്കാനും പരിപാലിക്കാനും കഴിയും. സൃഷ്ടിക്കുന്ന ജീവികളിൽ ഒന്നിന് പരിണാമങ്ങളിലൂടെ മനുഷ്യൻ എന്ന പേരും വിശേഷ ബുദ്ധിയെയും നൽകി ക്കൊണ്ട് പരമമായ ദൈവകാര്യങ്ങളെയും മഹാശാസ്ത്ര നിയമങ്ങളെയും ഉൾക്കൊണ്ട് ഈ ദിവ്യമഹാവേദ ഗ്രന്ഥത്തിൽ തെളിയിക്കുകയും വിശദീകരിക്കുകയും ചെയ്തിട്ടുള്ള മഹാനീതി ശാസ്ത്രമായ 'ഓംകാര നീതിശാസ്ത്രം' പ്രകാരം മഹാനീതിയെ നിർവ്വഹിച്ചാൽ സർവ്വവും മഹാഭദ്രമാകുന്നതാണ്.

ജ്ഞാനവും ആനന്ദങ്ങളുമെല്ലാം ഒരേ സമയം ലഭ്യമാക്കിയാൽ, സൃഷ്ടികളെയെല്ലാം ഒരേസമയം സൃഷ്ടിക്കുകയും സൃഷ്ടികളുടെ ആയുസ്സ് വർദ്ധിപ്പിക്കേണ്ടിയും വരും. പ്രവൃത്തികളും പദ്ധതികളും ഇല്ലാതെ വെറുതെ ആനന്ദങ്ങളെ അനുഭവിച്ചു ജീവിക്കുന്ന സൃഷ്ടികളെ സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്നത് സൃഷ്ടികളും സ്രഷ്ടാവും തന്നെ സൃഷ്ടി സ്ഥിതികളെ അപഹസിക്കുന്നതുപോലെ അസുന്ദരമാകും. അനന്തമായ ആനന്ദങ്ങളെ ദീർഘകാലം കൊണ്ട് കുറേശ്ശെയായി വെളിപ്പെടുത്തുകയും സൃഷ്ടികൾക്ക് അനുഭവിച്ചറിയാൻ കഴിയുകയും ചെയ്യുമ്പോൾ പരിഹാരമാകും. സ്രഷ്ടാവിന് പരസഹായം കൂടാതെ എന്തും ചെയ്യാൻ കഴിയും എന്നിരിക്കിലും, സൃഷ്ടികൾക്ക് സ്ഥിതി ചെയ്യാൻ ഇടം വേണം. ഉദാഹരണത്തിന് ജീവികൾക്ക് താമസിക്കാൻ ശരണമായ ഭൂമി വേണം. സൃഷ്ടികൾക്ക് ചലന സ്വാതന്ത്ര്യവും മറ്റ് ആനന്ദങ്ങളും കൂടുതൽ നൽകാനും, സൃഷ്ടികളുടെ എണ്ണം കൂടുന്നതിനനുസരിച്ചും ഭൂമി വളരെ വലിയതുമാവണം. വലുതും വളരേണ്ടതുമായ ഭൂമിയുടെ രൂപവും ഘടനയും നിശ്ചയിക്കണം.

ഭൂമിയും സൂര്യനും ചന്ദ്രനുമായി ദൈവം അവതരിക്കുന്നതിനു മുമ്പ്; അവയ്ക്ക് സ്ഥിതിചെയ്യാനുള്ള ആദിയും അന്തവും ഇല്ലാത്ത മഹാശൂന്യതയായ ആകാശം ഉണ്ടാണം. ആകാശത്തിന്റെ രൂപവും ഘടനയും നിശ്ചയിക്കണം. സൃഷ്ടികളും കുഞ്ഞുങ്ങളുമായ ആത്മാക്കളെയും അവയുടെ നക്ഷത്രമോക്ഷമായ ദേവതകളെയും ശേഷം മാത്രമാണ് സൃഷ്ടിക്കാൻ കഴിയുക ! സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്നതിന് മഹാരൂപരേഖയും നടപടി ക്രമങ്ങളും ആവശ്യമാണെന്നു തെളിയുന്നു.

**ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതായ മഹാസത്യം, 'ബ്രഹ്മം, ഭദ്രകാളി, ശിവ' എന്നീ മഹാനാമങ്ങളെ സ്വീകരിക്കുന്നതാണ് ആദ്യത്തെ നടപടി.**

മഹാസത്യം സൃഷ്ടിക്കാൻ തയ്യാറാകുന്ന 'മഹാശക്തികളുടെ മഹാഭണ്ഡാരം കൂടിയായ പ്രപഞ്ചം' ഉൾപ്പെടെ സർവ്വത്തിനും, ഏതൊരു നിർവ്വചനങ്ങൾക്കും അതീതമായ 'ബ്രഹ്മം' എന്ന അവസ്ഥയെ നിലനിർത്തുന്നത് ആദ്യനടപടിയുടെ ഭാഗമാണ്.

ബ്രഹ്മം, ഓംകാര നീതിശാസ്ത്രം, ഓം, ഓംകാരം, ഭൂമി, മഹാഭദ്രകാളി, പശു, മഹാദേവി തുടങ്ങിയവയെ ഈ ദിവ്യമഹാവേദ ഗ്രന്ഥത്തിൽ പ്രത്യേകം വിശദീകരിച്ചിട്ടുണ്ട്. ഇവിടെ ആവർത്തിക്കുന്നില്ല.

## ॐ ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

'മഹാമായ' യുടെ പ്രഭാവം അറിയാത്തതു കൊണ്ടും, പ്രപഞ്ചത്തിലെ ശക്തികളുമായി താരതമ്യം ചെയ്യുന്നതു കൊണ്ടും, 'ബ്രഹ്മത്തെ' വേറിട്ടു നിലനിർത്തുന്നത് എങ്ങനെയാണെന്ന് മനസ്സിലാക്കാൻ വളരെപ്പേർക്ക് കഴിയില്ല. അക്കാര്യം വിശദീകരിച്ച ശേഷം തുടരാം.

ബ്രഹ്മം സ്വയംഭൂവായ ശബ്ദബ്രഹ്മമായി അവതരിക്കുന്നു.

മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം പ്രകാരം, രണ്ടു വസ്തുക്കൾ തമ്മിൽ കൂട്ടിമുട്ടുമ്പോഴുമൊക്കെ ശബ്ദം ഉണ്ടാകുന്നതാണ്. ഒരു വസ്തു വായുവിൽ ചുറ്റുമ്പോഴും, മില്ലുകളിൽ യന്ത്രം കറങ്ങുമ്പോഴും, വാഹനങ്ങൾ ഓടുമ്പോഴുമൊക്കെ സംഭവിച്ചുകൊണ്ടിരിക്കുന്ന ശബ്ദങ്ങളെ ബധിരർ ഒഴികെയുള്ളവർ കേൾക്കുകയും അനുഭവിക്കുകയും ചെയ്യുന്ന കാര്യങ്ങളാണ്. ശബ്ദം ഉണ്ടാകുന്നത് അറിയുകയും അനുഭവിക്കുകയും ചെയ്യുന്ന മനുഷ്യർ, ശബ്ദം ഉണ്ടാകുന്നില്ലാ എങ്കിൽ അഥവാ ശബ്ദം എന്നൊന്ന് ഇല്ലായെങ്കിൽ, അതും പ്രപഞ്ചത്തിന്റെ സ്വഭാവമായി കണക്കാക്കുമായിരുന്നു. മഹാസത്യവും മായാമഹാശക്തിയുമായ ദൈവത്തിന്റെ മഹാമായയുമായി ബന്ധപ്പെട്ട ശബ്ദത്തിന്റെ ഉത്ഭവം സൃഷ്ടി സ്ഥിതികളിലെ മഹാകാര്യങ്ങളുടെ ഭാഗമാണ്. രണ്ടോ അതിലധികമോ വസ്തുക്കൾ പ്രതിപ്രവർത്തിക്കുമ്പോൾ ശബ്ദമുണ്ടാകുന്നതാണ് എന്ന ഒരു ശാസ്ത്രനിയമത്തെ സൃഷ്ടിച്ചുകൊണ്ട് മഹാസത്യവും മായാമഹാശക്തിയുമായ ദൈവം, ശക്തിശിവൻ പ്രണയമന്ത്രം, ശബ്ദബ്രഹ്മം, അക്ഷരബ്രഹ്മം, മഹാശാസ്ത്രമൂലം, സംഹാരകാഹളം, ആദിവചനം, സർവ്വദേശ ഭൂമി ഗാനം, മഹാസംഗീതം, ദൈവ വിപ്ലവ ഗാനം,

മഹാദേവിയുടെ മഹാചിരി തുടങ്ങിയവയായ **ഓം** എന്ന ഏകമഹാശബ്ദമായി മാറിക്കൊണ്ട് ആറ്റങ്ങളിലേക്കും മഹാപ്രപഞ്ചത്തിലേക്കും പ്രവേശിക്കുന്ന മഹാത്ഭുതമാണ് സംഭവിക്കുന്നത്. ഉടനെ ആരംഭിക്കുന്ന 'ദൈവ വിപ്ലവത്തിൽ' മഹാശാസ്ത്രപരമായിട്ട് ഓരോ വ്യക്തിയുടെയും ശരീരം ഉൾപ്പെടെ പ്രപഞ്ചത്തിലെ സർവ്വ വസ്തുക്കളിൽ നിന്നും **'ഓം'** മുഴങ്ങുകയും ബധിരർ ഉൾപ്പെടെ സർവ്വരും **'ഓം'** കേൾക്കുകയും ചെയ്യുന്നതോടെ വിഷയം മഹാ-ഗൗരവമാകുന്നു.

ഓരോ ആറ്റത്തിലേക്കും **'ഓം'** ആയിട്ട് **'മായ'** പ്രവേശിച്ചിരിക്കുന്നു എന്നു പറയുമ്പോൾ സ്രഷ്ടാവും രക്ഷകയും മഹാസത്യവുമായ മഹാഭദ്രകാളി തന്നെയാണ് പ്രവേശിച്ചിരിക്കുന്നത്.

ശിവയായ പ്രോട്ടോണുകളെ, ഓം പ്രഭാവം കൊണ്ട് ശിവനായ ഇലക്ട്രോണുകൾ ചുറ്റുന്നു എന്നും മറ്റുമുള്ള തിരുത്തലുകൾ ഭൗതിക ശാസ്ത്ര ഗ്രന്ഥങ്ങളിൽ കൂട്ടിച്ചേർക്കപ്പെടുന്നതാണ്. പ്രപഞ്ചത്തിന് അതീതമായ 'ബ്രഹ്മം' വേറിട്ട് നിലനിൽക്കുന്നത് വ്യക്തമാക്കിയല്ലോ. പ്രപഞ്ച സൃഷ്ടിയായ മനുഷ്യന് പ്രപഞ്ചത്തിന് അതീതമായ ബ്രഹ്മത്തെ ആരാധിക്കാൻ അവകാശമില്ല.

'ഭദ്രകാളി, ശിവ' എന്നീ മഹാനാമങ്ങളെ ലഘുവായി വിവരിക്കാം : 'സൃഷ്ടി സ്ഥിതികളെയും, സംഹാരം ഉൾപ്പെട്ട മഹാനീതിയെയും മഹാമംഗളമായി നിർവ്വഹിക്കുക' എന്നാണ് 'ഭദ്രപ്പെടുത്തുക' എന്ന പദത്തിന്റെ വിപുലമായ അർത്ഥം. 'കാളി' യിൽ നിന്നുമാണ് 'കാള' എന്ന പദവും, ജീവിയും ഉണ്ടായത്. കാളി = പശു. കാള = പശുപതി.

മഹാനീതിശാസ്ത്രമായ ഓംകാരനീതിശാസ്ത്രത്തെയും മഹാസത്യമായ സ്രഷ്ടാവിനെയും മഹാവാത്സല്ല്യമായി മാത്രം മനസ്സിലാക്കാനും, ഓംകാര നീതിശാസ്ത്രത്തിന്റെ കാതലായ മഹാപുനർജ്ജന്മ സിദ്ധാന്തം പ്രകാരമുള്ള നടപടികളെ ജനങ്ങൾ ഭയക്കാതിരിക്കാനുമായിട്ട്, ആയിരം കോടി വർഷങ്ങൾ നീണ്ട ആദ്യ മഹാകാലചക്രത്തിൽ മഹാസത്യവും മായാമഹാശക്തിയും ഭദ്രകാളിയുമായ ഏകദൈവം ഗോമാതാവായും, മഹാസത്യമായ മഹാഭദ്രകാളിയുടെ ഭാഗമായ പരമശിവൻ പശുപതിയായും എല്ലാ സൃഷ്ടികൾക്കും മഹാവാത്സല്ല്യത്തോടെ മഹാദാസ്യ സേവനത്തെ അടുത്ത കാലം വരെ അനുഷ്ഠിച്ചിരുന്നു.

പ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്നതിനു തയ്യാറാകുന്ന ദൈവത്തിന്റെ സ്വാർത്ഥം എന്താണെന്ന് വിശേഷ ബുദ്ധിയെ ലഭ്യമാക്കുന്ന മനുഷ്യാവസ്ഥയിലെ ആത്മാക്കൾക്ക് ബോദ്ധ്യപ്പെടുത്താൻ കർത്താവായ ദൈവത്തിന് ബാദ്ധ്യതയുണ്ട്. ആനന്ദങ്ങൾ ഉൾപ്പെടെ സർവ്വത്തിനും അതീതമായ ദൈവത്തിന്റെ ആനന്ദങ്ങൾ, സൃഷ്ടികളും കുഞ്ഞുങ്ങളുമായ ആത്മാക്കളോടുള്ള മഹാവാത്സല്ല്യവും മഹാദാസ്യവും മാത്രമാണെന്നും, അവയെ കുഞ്ഞുങ്ങൾക്കു നൽകുന്നതിലൂടെ ആനന്ദങ്ങൾ ഉൾപ്പെടെ സർവ്വത്തിനും അതീതമായി ദൈവം തുടരുമെന്നും സുവ്യക്തമാണ്.

അതേസമയം കുഞ്ഞുങ്ങളുടെ മഹാദാസരായും, കുഞ്ഞുങ്ങൾക്ക് മഹാവാത്സല്ല്യത്തെ നൽകുന്ന മഹാമാതാപിതാക്കളായും ദൈവം കുഞ്ഞുങ്ങളെ കരുതുകയും സംരക്ഷിക്കുകയും ചെയ്യുന്നുമുണ്ട്. എക്കാലത്തെയും മനുഷ്യരെ ബോദ്ധ്യപ്പെടുത്താൻ വേണ്ടിയാണ് 1000 കോടി വർഷങ്ങൾ നീണ്ട ആദ്യത്തെ മഹാകാലചക്രം മുഴുവൻ മഹാസത്യമായ ഭദ്രകാളിയും ഭാഗമായ ശിവനും, പശുവും പശുപതിയുമായി, കുഞ്ഞുങ്ങളായ മനുഷ്യരെയും ജീവികളെയും സേവിച്ചത്. ശിവനെ പ്പറ്റി പിന്നീട് വിശദീകരിക്കുന്നുണ്ട്.

ആയിരം കോടി വർഷങ്ങൾ നീണ്ട ആദ്യത്തെ മഹാകാല ചക്രത്തിലെ മഹാഭരണകാര്യങ്ങളെ മനുഷ്യരിൽ നിന്നും മോക്ഷം നേടിയ സൃഷ്ടികളെ ത്തന്നെ 'ദേവതകൾ' എന്ന പൊതു നാമവും, പദവികളും അധികാരവും ചുമതലകളും മോക്ഷ-ആനന്ദങ്ങളും നൽകി ഏല്പിച്ചിരുന്നു. കാലക്രമേണ അവർ ദുർവൃത്തരായതും, അവരിൽ രണ്ടു പേർ ദൈവമാകാൻ ശ്രമിച്ചതുമായ നീണ്ട ചരിത്രമുണ്ട്. ഭദ്രകാളി, പരമശിവൻ, ശിവ, ശിവൻ തുടങ്ങിയ മഹാനാമങ്ങളെയും അവരുടെ മഹാരൂപങ്ങളെയും വരെ അപഹസിക്കാനും വികൃതമാക്കാനും മുമ്പ് ശ്രമിച്ച അനേകം ദേവതകൾ മനുഷ്യരായും മറ്റും ഇന്ന് ജീവിക്കുന്നുണ്ട്. കുഞ്ഞുങ്ങളുടെ വികൃതികളെ മഹാമാതാപിതാക്കൾ ഗൗരവമായി കാണില്ല. അതേസമയം ഏത് കുഞ്ഞുങ്ങളുടെയും ആനന്ദത്തെ തട്ടിയെടുക്കുകയും നശിപ്പിക്കുകയും ചെയ്തിട്ടുള്ള കുഞ്ഞുങ്ങളെ കൃത്യമായ അളവിൽ മഹാനീതിശാസ്ത്ര പ്രകാരം ശിക്ഷിച്ചു തിരുത്തുന്നുമുണ്ട്. ആവക കാര്യങ്ങളെ ഈ ദിവ്യമഹാവേദ ഗ്രന്ഥത്തിൽ തെളിയിക്കുകയും വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്.

സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ജഗദംബയുടെ ആനന്ദങ്ങൾ മഹാദാസ്യവും മഹാവാത്സല്ല്യവും ആയിരിക്കുമ്പോഴും, ജഗദംബയെ മഹാഉചിതമായി മനസ്സിലാക്കിക്കൊണ്ട് മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കൾ, ശരീരത്തിലും മൂലമായ മൂലകങ്ങളിലും ഭൂമിയിലും ലയിച്ചിരിക്കുന്ന മഹാശാസ്ത്രത്തിന്റെ ഭാഗമായ ധർമ്മ ശാസ്ത്രം പ്രകാരം മാത്രം ജീവിക്കാൻ ശ്രദ്ധിക്കേണ്ടത് അവരവരുടെ ആവശ്യവും അത്യാവശ്യവുമായി മാറുന്നതാണ്.

'ഭദ്രകാളി' എന്ന മഹാനാമത്തിന് മനുഷ്യരുടെ സന്തോഷം കണക്കാക്കിക്കൊണ്ട് മനുഷ്യാവസ്ഥയിൽ ആത്മാക്കൾക്ക് ലഭിക്കുന്ന 100 ജന്മങ്ങളിൽ ഒരു ജന്മത്തിൽ മാത്രം അനുവദിക്കുന്ന ആരാധനയുമായി ബന്ധമുണ്ട്. ദൈവം എന്താണെന്നറിയാതെ ദൈവാരാധന, സ്തുതികൾ, തുടങ്ങിയ പേരുകളിൽ മനുഷ്യർ കാട്ടിക്കൂട്ടുന്ന അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ദുരനുഷ്ഠാനങ്ങളുമെല്ലാം ദൈവ വിപ്ലവത്തോടെ തീരുന്നതാണ്.

ഭൂമിയിൽ ഉടനെ സത്യയുഗം ആരംഭിച്ച ശേഷം, ഇപ്പോഴത്തെ സൃഷ്ടി ചക്രത്തിലെ മനുഷ്യാത്മാക്കളുടെ നക്ഷത്ര-മോക്ഷമായ 'സംഹാരം' പുരോഗമിക്കുമ്പോൾ, മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രം പ്രകാരം കേരളത്തിൽ പുനർജ്ജനിച്ചു കൊണ്ടിരിക്കുന്ന ഭദ്രകാളിയുടെ പൊന്നോമന കുഞ്ഞുങ്ങളായ എല്ലാ മനുഷ്യർക്കും, 'അർദ്ധമഹാദേവീ' രൂപം പ്രതിഫലിക്കുന്ന മഹാപിതാവായ പരമശിവനിലൂടെ ഓരോ മനുഷ്യന്റെയും നാവിൽ **'ഓം'** കുറിച്ചു കൊണ്ട് യഥാർത്ഥ വേദങ്ങളും മഹാശാസ്ത്രവുമായ ഭൗതിക ധർമ്മ നീതി ശാസ്ത്രങ്ങളെ ഭദ്രകാളി മഹാഅനുഗ്രഹിച്ചു നൽകുന്നുണ്ട്. മനുഷ്യാവസ്ഥയിൽ ഓരോ ആത്മാവിനും അനുവദിച്ചിട്ടുള്ള 100 ജന്മങ്ങളിലെ 90 മുതൽ 95 വരെയുള്ള പുരുഷ ജന്മങ്ങളിലൊന്നിൽ ഏറെക്കുറെ 50 വയസ്സുള്ളപ്പോൾ മഹാശാസ്ത്രം ലഭിച്ച് ദൈവം എന്താണെന്ന് സുവ്യക്തമായി അറിയുകയും ദൈവത്തിന്റെ മഹാവാത്സല്ല്യത്തെ ഓർത്തോർത്ത് വിതുമ്പിക്കരയുകയും ചെയ്യുന്ന ഏകജന്മത്തിലെ ശിഷ്ടകാലം മാത്രമാണ് ദൈവത്തെ ആരാധിക്കാൻ അനുവദിച്ചിട്ടുള്ളത്. ആരാധനാ വാചകം :

## 'ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.'

((( ദിവ്യ 1: സൃഷ്ടി മുഴുവൻ തനിച്ചു നിർവ്വഹിക്കുന്ന മഹാദേവി; ദിവ്യ 2: സ്ഥിതി എന്ന മഹാപരിപാലനം മുഴുവൻ തനിച്ചു നിർവ്വഹിക്കുന്ന മഹാദേവി; ദിവ്യ 3: മണ്ണായ ഭൂമിയിൽ അടിഞ്ഞ് മണ്ണടിയായി സംഹാരം ഉൾപ്പെടെ മഹാനീതി മുഴുവൻ തനിച്ചു നിർവ്വഹിക്കുന്ന മഹാദേവി (സംഹാരം മഹാപിതാവും സംഹാര ദേവനുമായ പരമശിവനിലൂടെ); ദിവ്യ 4: ദിവ്യ എന്ന മഹാനാമത്തോടെ മാത്രം ഭൂമിയിൽ മനുഷ്യസ്ത്രീ രൂപത്തിൽ അവതരിക്കുന്ന മഹാദേവി; അവതരിച്ചു കഴിഞ്ഞു. ))). ഭദ്രകാളിയെ മഹാഭദ്രകാളി എന്ന് സംബോധന ചെയ്യുന്നതും, ദൈവ കാര്യങ്ങളെ 'മഹാ' ചേർത്ത് വിശേഷിപ്പിക്കുന്നതും മനുഷ്യരുടെ അവസ്ഥാപരമായ ഇഷ്ടങ്ങളും ആവശ്യങ്ങളുമാണ്; മഹാജഗദംബയായ ഭദ്രകാളിയുടെ ആവശ്യമല്ല.

# ॐ ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

ആദ്യത്തെ മഹാകാല ചക്രത്തിൽ മനുഷ്യാവസ്ഥയിൽ വച്ച് നക്ഷത്ര-മോക്ഷത്തെ നേടിയ ഏതാനും ദേവതകൾ പൈശാചികമായി അധഃപതിച്ചപ്പോൾ, അവരെ ശിക്ഷിച്ചു തിരുത്താനായിട്ട് 'സംഹാര ദേവി' എന്നു വിശേഷിപ്പിക്കാവുന്ന ഒരു ദേവതയെ 'മഹാസത്യമായ ഭദ്രകാളി' സൃഷ്ടിക്കുകയുണ്ടായി; ഘോരരൂപിണി കൂടിയായ പ്രസ്തുത ദേവതയെ അനേകർ ഭദ്രകാളി എന്ന് തെറ്റിദ്ധരിച്ചിട്ടുമുണ്ട്. സൃഷ്ടികളായ ദേവതകളിൽ രണ്ടു പേർ ഏകദൈവമായ ഭദ്രകാളിയെയും, ഭാഗമായ ശിവനെയും പോലും അട്ടിമറിക്കാനും ദൈവമാകാനും കൊടുംപൈശാചികമായി ശ്രമിച്ച കൊടിയ ചരിത്രമുണ്ട്. ആവക ചരിത്രങ്ങളെ ആയിരം കോടി വർഷങ്ങൾ നീണ്ട 'ആദ്യ മഹാകാലചക്രം' എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്.

## ഭദ്രകാളി മഹാഗോമാതാവാണ്; ദിവ്യമനുഷ്യസ്ത്രീയായി ഇപ്പോഴത്തെ സൃഷ്ടിചക്രം മുതൽ അവതരിച്ചിരിക്കുകയുമാണ്.

'ശിവ' എന്ന മഹാനാമത്തെ 'മഹാസത്യം' സ്വീകരിക്കാനുള്ള കാരണങ്ങൾ പലതാണ്. (1). 'ഓം നമഃ ശിവായ' എന്ന ലളിതമായ സ്തുതിയാണ് ആദ്യത്തേത്. വിശേഷ ബുദ്ധിയെ ലഭിക്കുന്ന മനുഷ്യാവസ്ഥയിൽ ഓരോ ആത്മാവിനും 100 മനുഷ്യജന്മങ്ങൾ ഉണ്ടെന്ന് ഓംകാരനീതിശാസ്ത്രം പ്രകാരം മനസ്സിലാക്കാൻ കഴിയുമെങ്കിലും, മഹാശാസ്ത്രം ലഭിക്കുന്ന ഒരേയൊരു ജന്മത്തിൽ ഓംമഹാസത്യവും ഓംമഹാശക്തിയുമായ മണ്ണടി മഹാഭദ്രകാളി അനുവദിക്കുമ്പോൾ മാത്രമേ ദൈവത്തെ ആരാധിക്കാൻ കഴിയൂ എന്നത് ഭൂരിപക്ഷം മനുഷ്യരെയും വേദനിപ്പിക്കുന്നതാണ്. കുഞ്ഞുങ്ങളുടെ ആനന്ദത്തെ കണക്കാക്കി മഹാവാത്സല്ല്യവും മഹാജഗദംബയുമായ മഹാഭദ്രകാളി 'ഓം നമഃ ശിവായ' എന്ന ലളിതമായ സ്തുതി അനുവദിച്ചിരിക്കുകയാണ്. ഇപ്പോഴത്തെ സൃഷ്ടിചക്രത്തിന്റെ രണ്ടാം പകുതിയിലെ ദൈവ വിപ്ലവത്തോടെ 'മഹാസത്യമായ ശിവ'യുടെ ഭാഗമായ ശിവനെ 'പരമശിവൻ' എന്ന മഹാപദവി നൽകുമ്പോൾ, 'ഓം നമഃ ശിവായ = മഹാശിവയെ നമിക്കുന്നു = മഹാശിവയും ഭാഗമായ ശിവനെയും നമിക്കുന്നു = മഹാദേവിയെ നമിക്കുന്നു = മഹാദേവിയെയും ഭാഗമായ മഹാദേവനെയും നമിക്കുന്നു' എന്നതൊഴികെയുള്ള സ്തുതികൾ അവസാനിച്ചു തുടങ്ങും; ദൈവ വിപ്ലവത്തോടെ പൂർണ്ണവുമാകും !

ശിവാ എന്ന് സംബോധന ചെയ്യുന്നത് ശിവയെ ആണ്; ശിവനെയുമാണ്. ശിവ എന്ന രണ്ടക്ഷരത്തെ മഹാഭദ്രകാളി ആവിഷ്ക്കരിച്ചിരിക്കുന്നതു പോലും അതിമഹത്തായ വിപ്ലവമാണ്. അങ്ങനെയൊരു മഹാനാമം തയ്യാറാക്കാൻ ഗ്രന്ഥകാരന് കഴിവില്ല. വിശേഷ ബുദ്ധിയെ ലഭിച്ച മനുഷ്യ-ക്കുഞ്ഞുങ്ങൾക്കു കഴിയുമോ? പരിശ്രമിക്കാം! ശിവ, സൃഷ്ടികൾക്കെല്ലാം വേണ്ടിയാണ് ശിവ എന്ന നാമവും സ്വീകരിച്ചത് ! സത്യം ശിവം സുന്ദരം!

സൃഷ്ടിയും കുഞ്ഞുമായ ആത്മാവിന്റെ അസ്തിത്വം ശൂന്യമാണ്. മുമ്പ് ഇല്ലാത്തതായ ഒന്നിനെ സൃഷ്ടിക്കുമ്പോൾ, അസ്തിത്വം ഉൾപ്പെടെ എന്തും ആത്മാവിനു നൽകണമോ വേണ്ടയോ എന്ന് നിശ്ചയിക്കുന്നതും നൽകുന്നതുമെല്ലാം സ്രഷ്ടാവാണ്.

സത്യം ധർമ്മത്തിലും വേണം. ആദിയും അന്തവും ഇല്ലാത്ത മഹാസത്യവും മഹാശക്തിയുമായ ദൈവത്തിന്റെ അംശങ്ങളും മഹാശക്തികൾ തന്നെയാകും എന്നതുകൊണ്ട് ദൈവത്തിന്റെ അംശങ്ങളായി സൃഷ്ടികളായ ആത്മാക്കളെ സൃഷ്ടിക്കാനാവില്ല. സ്വന്തമായിട്ട് അസ്തിത്വവും ശക്തികളും ജ്ഞാനവും സ്വാതന്ത്ര്യവും ഉള്ളവർ സൃഷ്ടികളല്ല; സ്രഷ്ടാവാണ്. ഭൂമിയിൽ ജീവിക്കുന്ന മനുഷ്യർ ഉൾപ്പെടെയുള്ള ജീവികളുടെയെല്ലാം സ്വത്വങ്ങളായ ആത്മാക്കൾക്ക് സ്വന്തമായിട്ട് അസ്തിത്വം ഇല്ല; മഹാശക്തിയായ ഭൂമിയുടെ അംശമായ ശരീരവും മൂലമായ മൂലകങ്ങളും ഉപയോഗിച്ചല്ലാതെ ഒരല്പം ശൂന്യതയോ ഒരു എറുമ്പിനെ പ്പോലുമോ സൃഷ്ടിക്കാനുള്ള കഴിവുകളുമില്ലാത്ത അവർ സൃഷ്ടികൾ മാത്രവുമാണ്.

ദേവതകൾ, ദൈവങ്ങൾ എന്നെല്ലാം കരുതപ്പെടുന്നവർ ആനന്ദങ്ങൾക്ക് അതീതരല്ലെങ്കിലും; മനുഷ്യർ നൽകുന്ന ഭക്ഷണം, സ്തുതികൾ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, ആരാധനകൾ തുടങ്ങിയവയിൽ ആനന്ദിച്ചു ജീവിക്കുന്നവരാണെങ്കിൽ ദൈവമല്ല. ആനന്ദങ്ങൾക്ക് അതീതമായ ശിവയും ഭാഗമായ ശിവനും ചേർന്ന മഹാസത്യവും ബ്രഹ്മവുമായ മഹാഭദ്രകാളി മാത്രമാണ് സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ഏകദൈവം എന്നും തെളിയുന്നു.

(2). ആത്മാവിന്റെ സ്ത്രീ പുരുഷ വിഭജനത്തോടെയുള്ള സൃഷ്ടിയും, കരിമീൻ കുഞ്ഞുങ്ങളായുള്ള ആദ്യ-ജീവിസൃഷ്ടിയും കഴിഞ്ഞാൽ മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രം പ്രകാരം മത്സ്യം പക്ഷി മൃഗം മനുഷ്യൻ എന്നീ അവസ്ഥകളിൽ 100 സ്ത്രീപുരുഷജന്മങ്ങൾ വീതം ആത്മാവിന്റെ പുരുഷ ഭാഗത്തിനും, സസ്യങ്ങളായിട്ട് 500-ലധികം ജന്മങ്ങൾ ആത്മാവിന്റെ സ്ത്രീ ഭാഗത്തിനും സമ്മാനിച്ച് സൃഷ്ടി സ്ഥിതികളെ മംഗളമാക്കുകയും, പുനർജ്ജന്മങ്ങളെ ആത്മാക്കളുമായിത്തന്നെ ബന്ധിപ്പിച്ച് മാതാപിതാക്കൾ എന്ന മഹാസംവിധാനത്തെ ഒരുക്കുകയും ആനന്ദശാസ്ത്രത്തെ കാമ-ആനന്ദം ചേർത്ത് വികസിപ്പിച്ചിരിക്കുകയുമാണ്.

ശക്തിഹീനത ബാധകമായ ഒരു പരമാത്മാവിന്റെ അംശങ്ങളും കുഞ്ഞുങ്ങളുമായി ആത്മാക്കളെ സൃഷ്ടിക്കാനും കുഞ്ഞുങ്ങൾക്ക് അനന്തമായ ആനന്ദങ്ങളെ അനുഭവിച്ചു കൊണ്ട് ജീവിക്കാനും, ആനന്ദങ്ങളെ നേടാനും അനുഭവിക്കാനും ആസ്വദിക്കാനുമുള്ള ഉപാധികളായി ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയും ശരണത്തെയും കാലത്തെയും മഹാനീതിയെയുമെല്ലാം ശരീരമാകുന്ന ഭൂമിയുടെ അംശം കൊണ്ട് നേരിട്ടു നൽകാൻ സർവ്വം മഹാഭദ്രപ്പെടുത്തുന്ന ഭദ്രകാളി നിശ്ചയിക്കുന്നത് ശിവ എന്ന പേരോടെ ലളിതവും ലളിതയുമായ മഹാമാതാവായിട്ട് സ്വയം മാറിയും, മഹാപിതാവായിട്ടും പരമാത്മാവായിട്ടും ശൂന്യതയും ശക്തിഹീനതയും ബാധകമായ ഒന്നിനെ ഭദ്രകാളിയിൽ നിന്നും വേർപെടുത്തി ക്കൊണ്ട് സ്വന്തം ഭാഗമാക്കിയാണ്.

മഹാശൂന്യതയും, സൃഷ്ടി സ്ഥിതി സംഹാര പാത്രവും, ശിവലിംഗവുമായ ആകാശവും, മഹാശക്തിയായ ഭൂമിയുമായി അവതരിക്കുന്നത് ഉൾപ്പെടെ, മഹാപ്രപഞ്ചത്തിന്റെ സൃഷ്ടിക്കു മുമ്പ്, മഹാസത്യമായ **മഹാഭദ്രകാളി**യുടെ ഇഷ്ടാനുസരണം ജീവമായും നിർജ്ജീവമായും പ്രവർത്തിക്കുന്ന ഒന്നിനെ **'പരമാത്മാവ്, ശിവൻ'** തുടങ്ങിയ പേരുകളോടെ മഹായുക്തിഭദ്രമായി മഹാസത്യമായ മഹാഭദ്രകാളിയുടെ ഭാഗമാക്കുകയും അവരുടെ പരസ്പര ബന്ധത്തിനും പിൽക്കാല പ്രവർത്തനങ്ങൾക്കുമായി അവരുടെ ഇടയിൽ **'ദൈവകരാർ'** ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്.

മഹാഭദ്രകാളിയുടെ ഭാഗമാണ് ശിവനെങ്കിലും സൃഷ്ടിയല്ല, മാതാപിതാക്കളായ രണ്ടുപേരിലൂടെ ജനിച്ചതുമല്ല. പ്രപഞ്ചത്തിന്റെ പിതാവായി ശിവനെയും ചേർത്താണ് ആകാശവും ഭൂമിയുമായിട്ട് മഹാസത്യമായ മഹാഭദ്രകാളി, ഭാഗികമായി അവതരിച്ചിട്ടുള്ളത്.

ദൈവകരാർ പ്രകാരം **മഹാസത്യമായ 'ഭദ്രകാളി'** ആവശ്യപ്പെടും പോലെയെല്ലാം പ്രവർത്തിക്കുമെന്ന് **ശിവൻ** സത്യപ്രതിജ്ഞ ചെയ്തിട്ടുണ്ട്. ഭദ്രകാളിയുടെ ഏകദാസൻ, മഹാദാസൻ, ഭർത്താവ് തുടങ്ങിയ മഹാപദവികളെ ശിവനു ലഭിക്കുന്നത് അപ്രകാരമാണ്.

പരബ്രഹ്മമായ പ്രപഞ്ചത്തെ സൃഷ്ടിക്കുന്നതിനു മുമ്പുള്ള മേല്പടി ദൈവകാര്യങ്ങളെ 'സത്യമായിരിക്കുമെന്ന്' ലഭ്യമായ വിശേഷ ബുദ്ധി കൊണ്ട് മനുഷ്യർക്ക് 'യുക്തിപരമായി' മനസ്സിലാക്കാൻ കഴിയും.

ഉടനെ സത്യയുഗവും ദൈവവിപ്ലവവും ആരംഭിക്കുമ്പോൾ, മഹാദാസനായ ഗ്രന്ഥകാരനിലൂടെ മഹാഭദ്രകാളി വെളിപ്പെടുത്തുന്ന മുകളിലുള്ള സത്യപ്രസ്താവനകളെ വിശ്വസിക്കുവാനും കഴിയും !

ജഗത്തിന്റെ സൃഷ്ടിയോടെ മഹാഭദ്രകാളി ജഗദംബയാണ്. മഹാസത്യമായ ദൈവത്തിന്റെ ഏകപ്രതിനിധി, ആദ്യ മഹാകാല ചക്രത്തിലെ ദൈവരൂപമായ ഗോമാതാവിന്റെ പതിയായ പശുപതി (പശുവിന്റെ പതി = കാള), വേദങ്ങൾ കൂടിയായ മഹാദേവിയുടെ വേദദാസൻ, ശാസ്ത്രായുധൻ, അർദ്ധമഹാദേവി, ഭദ്രകാളിയുടെ ഏകദാസനും മഹാദാസനും ഭർത്താവുമായ പരമശിവൻ, തുടങ്ങിയ അനേകം മഹാപദവികളെ ശിവന് മഹാഭദ്രകാളി മഹാഅനുഗ്രഹിച്ചു നൽകിയിട്ടുണ്ട്. ആത്മാക്കളുടെ മഹാപിതാവാക്കിയിരിക്കുന്ന ശിവനെ പ്രപഞ്ചത്തിന്റെ മഹാമാതാവായ മഹാഭദ്രകാളിയുടെ ഭർത്താവായി സ്വീകരിച്ചു കൊണ്ട് പ്രപഞ്ചത്തിന്റെ മഹാപിതാവ്, സംഹാരദേവൻ, നീലകണ്ഠൻ*, മഹാദേവൻ, മഹാനീതി-പതി തുടങ്ങിയ മറ്റനേകം മഹാപദവികളെയും മഹാനാമങ്ങളെയും ചുമതലകളെയും കൂടി മഹാഭദ്രകാളി പരമശിവന് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുണ്ട്.

ദൈവകരാർ പ്രകാരം, പ്രപഞ്ചസൃഷ്ടിക്കു ശേഷം 'ശിവ' എന്ന ലഘുവും ലളിതവുമായ മഹാനാമത്തെ ക്കൂടി സ്വീകരിക്കുന്ന മഹാമാതാവും മഹാഭദ്രകാളിയുമായ ശിവയുടെ മഹാആനന്ദം സൃഷ്ടികളോടുള്ള മഹാവാത്സല്ല്യവും, മഹാപിതാവായ ശിവന്റെ ആനന്ദം മഹാഭദ്രകാളിയായ ശിവയോടുള്ള മഹാദാസ്യവുമാണ്.

ആദിയും അന്തവും ഇല്ലാത്ത മഹാശൂന്യത കൂടി ബാധകമായ 'അന്തമില്ലാത്ത പരമാത്മാവായ ശിവന്റെ മാത്രം അംശങ്ങളായിട്ട്' ശൂന്യതയും ശക്തിഹീനതയും ബാധകമായ സൃഷ്ടികളും കുഞ്ഞുങ്ങളുമായ ആത്മാക്കളെ മഹാമാതാവായ 'ശിവ' സൃഷ്ടിക്കുകയും; മഹാഭദ്രകാളിയും ശിവയുമായ ഭൂമിയുടെ അംശമായ മൂലകങ്ങളും സംയുക്തങ്ങളും മിശ്രിതങ്ങളും കൊണ്ട് ശരീരാവയവങ്ങളെ സൃഷ്ടിച്ച് ആത്മാക്കളോടു ചേർത്ത് മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ എന്നീ ജീവികളാക്കുകയുമാണ്.

(* നീലകണ്ഠൻ : മഹാഭദ്രകാളി ഭാഗമായ ശിവന് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള പേരുകളുടെയും പദവികളുടെയും കൂട്ടത്തിൽ "നീലകണ്ഠൻ" എന്ന പേരിന്റെ പ്രസക്തി എല്ലാ സൃഷ്ടി ചക്രങ്ങളിലെയും ഒരു സത്യവുമായി ബന്ധപ്പെട്ടതാണ് :-

1000 കോടി വർഷങ്ങൾ നീണ്ട ആദ്യത്തെ മഹാകാലചക്രം കഴിഞ്ഞെന്നും, ഒരു ലക്ഷം സൃഷ്ടി ചക്രങ്ങൾ ചേർന്നതാണ് ഒരു മഹാകാലചക്രമെന്നും, ഓരോ സൃഷ്ടി ചക്രത്തിലും സംഭവിക്കുന്ന മഹാപ്രതിഭാസമാണ് നീലകണ്ഠൻ എന്നും, അറിയുമ്പോൾ വിഷയ ഗൗരവം മനസ്സിലാക്കാം.

എല്ലാ സൃഷ്ടി ചക്രങ്ങളുടെയും രണ്ടാമത്തെ പകുതിയുടെ അവസാന കാലത്ത്, അടുത്ത സൃഷ്ടി ചക്രത്തിലെ മനുഷ്യർക്കു വേണ്ടിയും മറ്റുള്ള ജീവികൾക്കു വേണ്ടിയും ചില ഒരുക്കങ്ങൾ നടത്തേണ്ടത് അത്യാവശ്യമാണ്. ഉദാഹരണത്തിന്, ഭൂമിയിലെങ്ങുമുള്ള മാലിന്യങ്ങളുടെ വലിയൊരു ഭാഗം നദികളിലും സമുദ്രങ്ങളിലും അടിഞ്ഞുകിടക്കുന്നത് ശുദ്ധിയാക്കണം.

ഭൂമിയിലെ പാറക്കൂട്ടങ്ങളും ഖനികളും മലകളും പർവ്വതങ്ങളും പുഴകളും തോടുകളുമെല്ലാം പുനഃക്രമീകരിക്കണം. മഞ്ഞിൽ പൂണ്ടു കിടക്കുന്ന പഴയകാല ജീവികളുടെ അസ്ഥികൂടങ്ങളെയും മറ്റും ശാസ്ത്രജ്ഞരുടെ പഠനങ്ങൾക്കു വേണ്ടി നിലനിർത്തണം എന്നതൊഴികെ, മനുഷ്യർ നിർമ്മിച്ച ദേവാലയങ്ങളുടെ ശേഷിപ്പുകൾ ഉൾപ്പെടെയുള്ള എല്ലാ സ്മാരകങ്ങളും നീക്കം ചെയ്യണം. മനുഷ്യർ തട്ടിക്കൂട്ടുന്ന വിഗ്രഹങ്ങളും സ്മാരകങ്ങളും മറ്റും ധർമ്മശാസ്ത്ര വിരുദ്ധമാണ്. പതിനായിരം വർഷങ്ങൾ നീണ്ട ഒരു സൃഷ്ടി ചക്രത്തിൽ ഉണ്ടായ മാലിന്യങ്ങളെ നീക്കം ചെയ്യാൻ സംഹാര കാലത്തിന്റെ അവസാനകാലത്ത് ശാസ്ത്രസാങ്കേതിക സൗകര്യങ്ങൾ ഇല്ലാത്ത ഭൂമിയിൽ അങ്ങുമിങ്ങും ഒറ്റപ്പെട്ട് കഴിയുന്ന ജനതകൾക്ക് കഴിഞ്ഞെന്നു വരില്ല.

എല്ലാ സൃഷ്ടി ചക്രങ്ങളുടെയും അവസാന കാലത്ത് ദൈവീകമായ ആവശ്യമോ ചുറ്റിക്കളിയോ സൃഷ്ടിക്കുകയും, ഭൂമിയിലെ എല്ലാ മാലിന്യങ്ങളെയും വിഷരൂപത്തിൽ പരിണമിപ്പിച്ച് ശാസ്ത്ര പരമായി തന്നെ ശിവൻ കുടിക്കുന്നതാണ്. നീലകണ്ഠൻ ചരിത്രം അതാണ്.)

'ഏകമഹാശക്തിയായ ശിവ, ശിവനെയും ചേർത്ത് ഭൂമിയായി' അവതരിക്കുമ്പോൾ', ശിവന്റെ അംശങ്ങളായ ആത്മാക്കളും കുഞ്ഞുങ്ങളുമായ സൃഷ്ടികൾക്ക് ജീവിക്കാൻ ആവശ്യമായ 'ശക്തികളും ജ്ഞാനവും ആനന്ദങ്ങളും അസ്തിത്വവും ശരണവും മഹാവാത്സല്ല്യവും' ശിവയുടെ മാത്രം മഹാശരീരമെന്ന് വിശേഷിപ്പിക്കാവുന്ന ഭൂമിയുടെ അംശമായ മൂലകങ്ങളിലൂടെയും അവയുടെ സംയുക്തങ്ങളിലൂടെയും മിശ്രിതങ്ങളിലൂടെയും രൂപാന്തരമായ (ജീവികളുടെ) ശരീരങ്ങളിലൂടെയും നൽകിക്കൊണ്ട് എല്ലാ ആത്മാക്കളെയും ശിവയുടെയും കുഞ്ഞുങ്ങളാക്കുന്നതാണ്. മഹാപിതാവും നിർജ്ജീവ പരമാത്മാവുമായ ശിവനിൽനിന്നും ശൂന്യത ബാധകമായ ആത്മാക്കളെ സൃഷ്ടിച്ചതും ശിവയാണ്. എല്ലാ ജീവികളുടെയും സ്വത്വങ്ങളായ ആത്മാക്കൾ ശിവന്റെ അംശവും, ശരീരം, മഹാമാതാവായ ശിവയുടെ ശരീരമായ ഭൂമിയുടെ അംശവും!

ഭർത്താവായ ശിവന് സൂര്യനെ ഉൾപ്പെടെ പ്രപഞ്ചത്തിലെ എന്തും ഏതും എത്രയും സൃഷ്ടിക്കാൻ കഴിയുന്ന മഹാസൂര്യനേത്രവും മറ്റനേകം മായാമഹാശക്തികളും ശിവ മഹാഅനുഗ്രഹിച്ചു നൽകുന്നുണ്ട്. ശിവന്റെ കഴുത്തിലുള്ള 'മഹാദിവ്യമായ വിവാഹ മാല' യാണ് ഓംകാരനീതിശാസ്ത്ര പ്രകാരമുള്ള ഓംകാര നാഗബന്ധനം. തലമുടിമേലുള്ള മഹാനാഗം ശിവനുള്ള മഹാസംരക്ഷണമാണ്. പരമാത്മാവായ ശിവന്റെ അംശങ്ങളായ ആത്മാക്കൾ; മനുഷ്യർ അനുഭവിച്ചറിയുന്നതുപോലെ അടിസ്ഥാനപരമായി നിസ്സാരവും നിർജ്ജീവവും ശൂന്യത ബാധകവുമായ സൃഷ്ടികളാണ്. ഗീതയും തത്ത്വമസിയും പോലുള്ള തട്ടിപ്പുകളെ ചുമന്നവർ തന്നെ തൂത്തെറിയും!

പ്രപഞ്ചത്തിനും ശക്തികൾക്കും അതീതമായ 'മായ' കൊണ്ട് എന്തും ചെയ്യാൻ മഹാമായയും ബ്രഹ്മവും കൂടിയായ മഹാഭദ്രകാളിക്ക് കഴിയുമെങ്കിലും ബ്രഹ്മം, ഭദ്രകാളി, ശിവ തുടങ്ങിയ മഹാനാമങ്ങളെ സ്വീകരിക്കുമെന്നല്ലാതെ പ്രപഞ്ചസൃഷ്ടിക്കു മുമ്പേ, പ്രപഞ്ചത്തിൽ ഉള്ളതോ ഇല്ലാത്തതോ ആയ ഏതെങ്കിലും രൂപത്തെ മഹാസത്യമായ ദൈവം സ്വീകരിച്ചെന്നു വരില്ല. എന്തെന്നാൽ സൃഷ്ടികളുടെ രൂപത്തിൽ ശക്തികളെ വിഷയമാക്കിയതിനെ ശിവയും അനുകരിച്ചെന്നു വരും. 'പ്രപഞ്ചസൃഷ്ടിക്കു ശേഷം, മഹാജ്ഞാനമായ (പ്രപഞ്ചത്തിന്റെ) മഹാശാസ്ത്രം പ്രകാരവും, സൃഷ്ടികളോടുള്ള മഹാവാത്സല്ല്യം പ്രകാരവും മഹാഉചിതമായ രൂപങ്ങളെ മഹാമാതാവായ മഹാഭദ്രകാളിക്കു സ്വീകരിക്കുകയുമാവാം!'

# പരബ്രഹ്മം = പ്രപഞ്ചം = ജഗത്ത്

സർവ്വത്തിനും അതീതമായ 'ബ്രഹ്മം' അതേപടി നിലനിന്നു കൊണ്ട്; ബ്രഹ്മത്തിന്റെ പരമായ (ശ്രേഷ്ഠമായ) അവസ്ഥയായി 'പരബ്രഹ്മം' എന്ന പേരിൽ പ്രപഞ്ചഭാഗമായി അവതരിക്കാനും മഹാഭദ്രപ്പെടുത്താനുമായി (ബ്രഹ്മം) തയ്യാറാകുമ്പോൾ, പരബ്രഹ്മത്തിന്റെ രൂപവും ഘടനയും ഘടകങ്ങളും ഘടകങ്ങളുടെ പ്രവർത്തനവുമെല്ലാം ആവിഷ്ക്കരിക്കുകയും, സൃഷ്ടിക്കുകയും വേണം. ശിവയും ഭാഗമായ ശിവനും ചേർന്ന സ്രഷ്ടാവും, സൃഷ്ടികളുമാണ് പ്രപഞ്ചത്തിലെ രണ്ടു ഘടകങ്ങളെന്നും, രണ്ടും എങ്ങനെ ആയിരിക്കണമെന്ന് നിശ്ചയിക്കുന്നത് ശിവ മാത്രമാണെന്നും മുമ്പ് വിശദീകരിച്ചതാണ്.

ദൈവം സൃഷ്ടിക്കുന്നതോ അവതരിക്കുന്നതോ ആയ ആനന്ദങ്ങൾക്കെല്ലാം ദൈവം അതീതമാണെന്നിരിക്കെ, ദൈവത്തിന് സ്വാർത്ഥം ഉണ്ടാകുന്നില്ല. ചുവടെയുള്ള 'ഓംശക്തിശിവൻ പ്രണയമന്ത്രം' എന്ന അദ്ധ്യായത്തിൽ ശക്തിയും ശിവയുമായ മഹാഭദ്രകാളിയുടെയും, പരമാത്മാവായ ശിവന്റെയും ആനന്ദം കുഞ്ഞുങ്ങളോടുള്ളതും കുഞ്ഞുങ്ങൾക്കു തന്നെ നൽകുന്നതുമായ മഹാവാത്സല്ല്യവും മഹാദാസ്യവും ലയിച്ചുള്ള 'മഹാത്യാഗമാണെന്ന്' മഹാശാസ്ത്രപരമായി തെളിയിക്കുകയും വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്.

ബ്രഹ്മത്തിൽ ആത്മാക്കൾ ലയിക്കുകയല്ല; മറിച്ച് മഹാപ്രപഞ്ചമായ പരബ്രഹ്മത്തിലെ ഒരു സൃഷ്ടി മാത്രമായി സ്വത്വം പോലും സ്വന്തമായിട്ട് ഇല്ലാത്തവരും ശൂന്യത ബാധകവുമായ ആത്മാക്കളെ, മഹാശൂന്യത കൂടിയായ ആകാശത്തിൽ സൃഷ്ടിക്കുകയും, ഭൂമി നൽകുന്ന മത്സ്യ സസ്യ പക്ഷി മൃഗ മനുഷ്യരൂപങ്ങളോടെ അനന്തമായ ആനന്ദങ്ങളെ അനുഭവിച്ച് ജനിച്ചും പുനർജ്ജനിച്ചും വളരുകയും ജീവിക്കുകയും, മനുഷ്യാവസ്ഥയിൽ 100 ജന്മങ്ങളോടെ ഭൂമിയുടെ വിവിധ പ്രദേശങ്ങളിൽ മഹാസമ ആനന്ദമെന്ന മഹാനീതി അനുഭവിച്ചു ജീവിക്കുകയും, മോക്ഷമാകുന്ന സംഹാരത്തിൽ അനന്തമായ ആനന്ദങ്ങളോടെയും, സ്വന്തം ഇഷ്ടപ്രകാരവും അനന്തകാലം നക്ഷത്രമായിട്ട് ആകാശത്തിൽ ജീവിക്കുകയും, ഇഷ്ടമാകുന്നില്ലെങ്കിൽ; സ്വന്തം ഇഷ്ടപ്രകാരം തന്നെ വീണ്ടും ഭൂമിയിൽ വന്ന് ജീവികളായി തുടരാം; ശൂന്യവുമാകാം!

ബ്രഹ്മമായ ദൈവത്തിന്റെ ശ്രേഷ്ഠമായ ഭാവവും രൂപവുമാണെന്ന് വിശേഷിപ്പിക്കുന്ന പരബ്രഹ്മമാകുന്ന പ്രപഞ്ചത്തിൽ, ശൂന്യത ബാധകമായ ആത്മാക്കളുടെ സൃഷ്ടിക്കും, ജീവിതത്തിനും മോക്ഷത്തിനുമെല്ലാം ആവശ്യമായ സർവ്വവും കുറ്റങ്ങളും കുറവുകളും ഇല്ലാത്ത വിധം ഉണ്ടാവണം. മദ്ധ്യസ്ഥരെ ഉപയോഗിക്കാതെ, മഹാശക്തിയായ ദൈവം തന്നെ ഓരോ ആത്മാവിന്റെയും എല്ലാ ആവശ്യങ്ങളെയും നിറവേറ്റണം. ശക്തികളും ജ്ഞാനവും സ്വാതന്ത്ര്യവും ആനന്ദങ്ങളും ശരണവുമെല്ലാം ഇഷ്ടാനുസരണം നൽകേണ്ടതുണ്ട്. അങ്ങനെ വരുമ്പോൾ അനന്തമായി നൽകണം.

സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തോടെ ഓരോരുത്തർക്കും എങ്ങനെ നൽകാൻ കഴിയുമെന്നും, ആത്മാക്കൾക്ക് ജീവിക്കാൻ ആവശ്യമായ കാര്യങ്ങളും ഘടകങ്ങളും എന്തെല്ലാമാണെന്നും പരിശോധിക്കാം.

ഏകമഹാസത്യമായ ശിവ, ഭാഗമായ ശിവനെയും ചേർത്ത് മഹാസത്യത്തിന്റെ പ്രതീകവും, ആദിയും അന്തവും ഇല്ലാത്ത മഹാശൂന്യതയും, സൃഷ്ടി സ്ഥിതി സംഹാര പാത്രമായി ഉപയോഗിക്കാൻ പര്യാപ്തവുമായ ആകാശത്തെ ആദ്യം സൃഷ്ടിക്കുകയും നഗ്നമായ നേത്രങ്ങൾ കൊണ്ട് കാണാൻ കഴിയുന്ന ആദിയും അന്തവും ഇല്ലാത്ത ആകാശത്തെയും ആകൃതിയെയും ശിവലിംഗം, മഹാലിംഗം, മഹാശക്തിലിംഗം എന്നെല്ലാം പേരിടുകയും ചെയ്തിരിക്കുന്നു.

ജീവികളുടെയും സ്വത്വങ്ങളായ ആത്മാക്കൾക്ക് ആനന്ദത്തോടെ ജീവിക്കാൻ ആവശ്യമായ ശക്തികളും ശാസ്ത്രങ്ങളും ആനന്ദങ്ങളും ലയിച്ചു ചേർന്നാണ് 'വ്യത്യസ്ത ശക്തികൾ' എന്ന് വിശേഷിപ്പിക്കാവുന്ന മൂലകങ്ങളും സംയുക്തങ്ങളും ഭൂമിയും ഉണ്ടായതെന്നും; ജീവികളെ സൃഷ്ടിക്കുന്നത് ശക്തികളായ മൂലകങ്ങളെ ശരീരാവയവങ്ങളായി മാറ്റിയും, നിർജ്ജീവമായ ആത്മാക്കളോടു ചേർത്തുമാണെന്ന് മനസ്സിലാക്കാം.

മൂലകങ്ങളെയും സംയുക്തങ്ങളെയും ശരീരാവയവങ്ങളും ഭാഗങ്ങളുമായി രൂപപ്പെടുത്തുന്നത് സൃഷ്ടികളായ ജീവികളുടെ സ്വത്വങ്ങളല്ല. മഹാസത്യമായ ശിവയും ഭാഗമായ ശിവനും ചേർന്ന് ശിവലിംഗമായ ആകാശവും; മഹാശക്തിയായ ഭൂമിയുമായി അവതരിച്ച ശേഷം ശിവന്റെ അംശമായി 'ആത്മാക്കളെയും', ശിവയുടെ അംശമായി 'മൂലകങ്ങളെ കൊണ്ട് ശരീരങ്ങളെയും' സൃഷ്ടിക്കുകയാണ്. ഹൈഡ്രജനായ പരമാത്മാവിന്റെ ആറ്റത്തിലെ സൂക്ഷ്മശിവനായ ഇലക്ട്രോണിൽ നിന്നും ആത്മാവായ ന്യൂട്രോണുകളെ സൂക്ഷ്മശിവയായ പ്രോട്ടോൺ സൃഷ്ടിച്ച് ഹീലിയം എന്ന മൂലകത്തെ സൂര്യനിൽ വച്ചു സൃഷ്ടിക്കുന്നതിനെയും; ന്യൂട്രോണായ ആത്മാവിനെ ഭൂമിയിലേക്ക് നയിച്ച് ജലത്തിൽ വച്ച് ശരീരം നൽകി ആദ്യജീവിയായ കരിമീൻ കുഞ്ഞുങ്ങളെ സൃഷ്ടിക്കുന്നതിനെയും ഈ മഹാഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്.

മാതാപിതാക്കളുടെ കുഞ്ഞുങ്ങളായി ആത്മാക്കൾ പുനർജനിക്കുന്നതും യഥാർത്ഥത്തിൽ ശിവലിംഗമായ ആകാശത്തിൽ വച്ചാണ്. വിശദീകരിക്കാം : മഹാശൂന്യത കൂടിയായ ആകാശത്തിന്റെ അതിസൂക്ഷ്മമായ അംശമാണ് സ്ത്രീ-ജീവികളുടെ ഗർഭപാത്രവും, അവിടേയ്ക്കുള്ള വഴിയും (യോനികളും). ശൂന്യത ജീവികളുടെ ശരീര ഭാഗങ്ങളോ അവയവങ്ങളോ അല്ല. ഭൂമിയുടെ അംശമായ പ്രദേശങ്ങൾക്ക് പേര് നൽകാനും അതിരുകൾ നിശ്ചയിക്കാനും മനുഷ്യൻ ഉൾപ്പെടെയുള്ള സൃഷ്ടികൾക്ക് അവകാശവും അധികാരവും ഇല്ല'. ശിവലിംഗമായ ആകാശത്തിലാണ് ജീവികളെല്ലാം ജനിക്കുന്നതെന്നിരിക്കെ, ഭൂമിയുടെ ഇഷ്ടമായ മഹാശാസ്ത്രം പ്രകാരം ജനിക്കുകയും മരിക്കുകയും ചെയ്യുന്നവർ പ്രത്യേക രാജ്യക്കാരായി കരുതുന്നത് മറ്റൊരു ഭോഷത്വമാണ്.

കുഞ്ഞായ സൃഷ്ടിയെയും പുനർസൃഷ്ടികളെയും ബന്ധിപ്പിച്ചിരിക്കുന്നത് മഹാമാതാവായ ഭദ്രകാളിയുടെ

## മഹാവാത്സല്ല്യവുമായിട്ടാണ്;

സൃഷ്ടികളായ മാതാപിതാക്കളുടെ കാമവുമായിട്ടല്ല, എന്നും വിശദീകരിച്ചിരുന്നു.

ഭൂമിയിലെ വസ്തുക്കളെ ഉപയോഗിച്ച് സൃഷ്ടിക്കുന്ന 'ജീവി-ശരീരം ഇല്ലാതെ' പ്രപഞ്ചത്തിലെ സർവ്വത്തിന്റെയും 'സൃഷ്ടികർത്താവും, മഹാപരിപാലകയും, മഹാഭരണാധികാരിയായ മഹാനീതിയും'; ഭൂമിയുടെ സ്വത്വവും സത്യ-സൃഷ്ടി-വാതക രൂപവുമായ ഓക്സിജനായി അവതരിക്കുമ്പോൾ, ox (കാള) എന്ന നാമവുമായി ബന്ധപ്പെടുത്തി സർവ്വം മഹാഭദ്രമാക്കിയിട്ടുള്ള കാളി = പശു എന്ന മഹാനാമത്തെ സ്വീകരിക്കാനും, ശരീര-ജീവി-രൂപത്തെ ഒഴിവാക്കാനും കഴിയും. സൃഷ്ടി സ്ഥിതി സംഹാര കർത്താവായ മഹാഭദ്രകാളി, ഏതെങ്കിലും ജീവിയുടെ ശരീരത്തിനു സമാനമായ 'ശരീരത്തെ സ്വീകരിക്കുന്നില്ലെങ്കിലും, വാതക രൂപത്തെ സ്വീകരിച്ചതിനാൽ', ഭൗതികമായ അസ്തിത്വം ഉണ്ട്. ഭൗതികമായ അസ്തിത്വത്തിൽ, ശക്തികൾക്ക് അതീതമായ ശബ്ദബ്രഹ്മം കൂടാതെ, ശക്തികളും ഗുണങ്ങളും ശാസ്ത്രങ്ങളും ലയിച്ചിരിക്കുകയാൽ വാതകാവസ്ഥയിൽ മഹാഭദ്രകാളിയെ ബ്രഹ്മം എന്നു മാത്രമായി വിശേഷിപ്പിക്കാൻ സാധിക്കുന്നതല്ല. പരബ്രഹ്മത്തിന്റെ മൂലമെന്നും സത്തയെന്നും കേന്ദ്രമെന്നുമൊക്കെ വിശേഷിപ്പിക്കാനും കഴിയും. പരബ്രഹ്മമായ പ്രപഞ്ചത്തിലെ എല്ലാ ആറ്റങ്ങളെയും വ്യത്യസ്ത മൂലകങ്ങളും അവയുടെ സംയുക്തങ്ങളും മിശ്രിതങ്ങളും പ്രദേശങ്ങളും രൂപാന്തരമായ (ജീവികളുടെ) ശരീരത്തിലെ അവയവങ്ങളും കോശങ്ങളും ഭാഗങ്ങളും ഒക്കെയായി സൃഷ്ടിക്കുന്നതും പരിണമിപ്പിക്കുന്നതും മഹാഭദ്രകാളിയുടെ വാതക രൂപമായ ഓക്സിജനാണ് അഥവാ മഹാഭദ്രകാളിയാണ്. മഹാഭദ്രകാളിയുടെ മഹാഖര രൂപമാണ് ഭൂമി എന്നും വ്യക്തമാണ്. ശൂന്യത ബാധകമായ (ജീവികളുടെ) സ്വത്വങ്ങളായ ആത്മാക്കൾക്ക് ' ജീവിക്കാൻ ആവശ്യമായ ശക്തികളെയും ജ്ഞാനത്തെയും ആനന്ദങ്ങളെയും അസ്തിത്വത്തെയുമെല്ലാം 'ഓരോ ആത്മാവിനും ഓരോ ദൈവം എന്ന പോലെ' നൽകാനായിട്ട് മഹാഭദ്രകാളിയുടെ മഹാശരീരമായ മണ്ണായ ഭൂമിയെ ഉപയോഗിച്ചും സൃഷ്ടിച്ചും ജീവികൾക്ക് നൽകാനായിട്ട് ശരീര-അവയവങ്ങളെ നിശ്ചയിച്ചും സൃഷ്ടിച്ചും ഭദ്രകാളിയുടെ വാതക രൂപമായ ഓക്സിജൻ, സൃഷ്ടികളായ ആത്മാക്കൾക്കു വേണ്ടി സദാ പ്രവർത്തിക്കുകയാണ്. ശരീരത്തിലെ അവയവങ്ങളും, ശ്വസനത്തിലൂടെ ശരീരത്തിൽ നിരന്തരം വന്ന് പ്രവർത്തിക്കുന്ന ഓക്സിജനും ആത്മാക്കളുടെ ഭാഗമല്ല. ഭദ്രകാളിയുടെ വാതക രൂപമായ ഓക്സിജന്റെയും, ഖര രൂപമായ ഭൂമിയുടെയും ആറ്റങ്ങളിൽ, പരമാത്മാവായ 'ശിവൻ ഘടകങ്ങളെ' ഇലക്ട്രോണുകൾ എന്ന പേരിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സൃഷ്ടി സ്ഥിതികളും സംഹാരം എന്ന നക്ഷത്ര-മോക്ഷം ഉൾപ്പെടെയുള്ള മഹാനീതിയും നിർവ്വഹിക്കുന്നത് മഹാഭദ്രകാളി ആണെങ്കിലും, മഹാപിതാവായി ഒപ്പം കൂട്ടിയിട്ടുള്ള ശിവനിലൂടെ ചെയ്യുന്നത് സർവ്വം മഹാസുന്ദരമാക്കാനാണ്.

പരബ്രഹ്മമായ പ്രപഞ്ചത്തിലെ വസ്തുക്കളെ കൊണ്ട് പശുവിന്റെയോ, മനുഷ്യസ്ത്രീയുടെയോ ശരീരരൂപത്തെ സൃഷ്ടിക്കുകയും, അതിലേക്ക് ഭൂമിയുടെ സ്വത്വമായ ഓക്സിജൻ തന്നെ 'ജീവനും ആത്മാവുമായി' ഭദ്രകാളി എന്ന മഹാനാമത്തോടെ പ്രവേശിക്കുകയും ചെയ്താൽ സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ദൈവം ജീവിയായി ! ശരീരത്തിലെ അവയവങ്ങളുടെയെല്ലാം ആറ്റങ്ങളിൽ ശക്തിയായിട്ടല്ലാതെ, ശബ്ദമായി ബ്രഹ്മം പ്രവേശിക്കുമ്പോൾ, പരബ്രഹ്മവും മഹാശക്തിയുമായ പ്രപഞ്ചത്തിന് ശക്തി നൽകുന്ന പ്രപഞ്ച-ബന്ധമില്ലാത്ത മഹാസത്യമായി ബ്രഹ്മം തുടരുന്നതാണ്.

ജഗത്തിന്റെ സൃഷ്ടിയോടെ ജഗദംബയായി മാറുന്ന മഹാഭദ്രകാളി, അനന്തമായ ആനന്ദങ്ങളാകുന്ന പ്രപഞ്ചമായി അവതരിക്കുന്നതിനു വേണ്ടിയും, കുഞ്ഞുങ്ങളായി ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്നതിനു വേണ്ടിയും, പ്രപഞ്ചസൃഷ്ടിക്കു മുമ്പേ മഹാസത്യമായ മഹാഭദ്രകാളിയുടെ ഇഷ്ടാനുസരണം ജീവമായും നിർജ്ജീവമായും പ്രവർത്തിക്കുന്ന ഒരു ഭാഗത്തെ ഒരുക്കിയിട്ടുണ്ട്. 'പരമാത്മാവ്, ശിവൻ' തുടങ്ങിയ പേരുകളോടെ സ്വന്തം ഭാഗമായി ശിവനെ ഒരുക്കിയിട്ടുള്ളത് മഹാപ്രപഞ്ചത്തിന്റെയും സൃഷ്ടികളായ ആത്മാക്കളുടെയും മഹാപിതാവായി പ്രവർത്തിപ്പിക്കാനുമാണ്. മഹാശക്തിയോ പ്രപഞ്ച-ഭാഗമോ ആയിട്ട് മഹാസത്യമായ മഹാഭദ്രകാളി അവതരിക്കുന്നതിനു മുമ്പുള്ള മഹാആവിഷ്ക്കാരമാണത്. ശിവനെ മഹാസത്യമായ മഹാഭദ്രകാളിയുടെ ഭാഗമാക്കുകയും അവരുടെ പരസ്പര ബന്ധത്തിനും പിൽക്കാല പ്രവർത്തനങ്ങൾക്കുമായി ദൈവകരാർ ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്.

## ദൈവ ഭാഗങ്ങൾ തമ്മിലുള്ള കരാർ

ദൈവകരാർ പ്രകാരം മഹാസത്യമായ മഹാഭദ്രകാളി ആവശ്യപ്പെടും പോലെയെല്ലാം പ്രവർത്തിക്കുമെന്ന് ശിവൻ 3 തവണ **ഓം**സത്യം ചൊല്ലി സത്യപ്രതിജ്ഞ ചെയ്തിട്ടുണ്ട്. ദൈവഭാഗങ്ങൾ തമ്മിലുള്ള കരാർ, മനുഷ്യർ ഉൾപ്പെടെ കുഞ്ഞുങ്ങളായ സൃഷ്ടികളുടെ വിഷയമല്ല. ശാസ്ത്ര പാഠം:- ഓംകാര മന്ത്രം, സംഹാര മന്ത്രം എന്നിവ ദൈവകരാറിലുണ്ട്. ഓംകാര മന്ത്രമാണ് 'പ്രണവമന്ത്രം' എന്നറിയപ്പെടുന്നത്.

മഹാഭദ്രകാളിയുടെ ഏകദാസൻ, മഹാദാസൻ എന്നീ മഹാപദവികളെ ശിവനു മാത്രം ലഭിക്കുന്നത് അങ്ങനെയാണ്. ദൈവത്തിന്റെ ഏകപ്രതിനിധി, ആദ്യ മഹാകാല ചക്രത്തിലെ ദൈവരൂപമായ ഗോമാതാവിന്റെ പതിയായ പശുപതി (പശുവിന്റെ പതി = കാള), വേദങ്ങൾ കൂടിയായ മഹാദേവിയുടെ വേദദാസൻ, ശാസ്ത്രായുധൻ, മഹാസത്യൻ, ധർമ്മദേവൻ, മഹാകാലൻ, അർദ്ധമഹാദേവി, ഹൈഡ്രജൻ, നീലകണ്ഠൻ, തുടങ്ങിയ അനേകം മഹാപദവികളെ, മഹാഭദ്രകാളിയുടെ ഭാഗമാക്കിയിട്ടുള്ള ശിവന് മഹാഭദ്രകാളി മഹാഅനുഗ്രഹിച്ചു നൽകുന്നുണ്ട്.

പ്രപഞ്ചമായി അവതരിക്കുന്നതിനു മുമ്പ് മഹാഭദ്രകാളിയായ ശിവയോടുള്ള മഹാദാസ്യത്തെ മഹാആനന്ദമായി സ്വീകരിച്ചു കൊണ്ട് ശിവനെ മഹാഭദ്രകാളിയുടെ ഭർത്താവാക്കിയതാണ്. പരമശിവൻ, സംഹാരദേവൻ, മഹാദേവൻ, മഹാനീതി-പതി തുടങ്ങിയ മഹാപദവികളും മഹാനാമങ്ങളും മഹാചുമതലകളും കൂടി അടുത്ത കാലത്ത് മഹാഭദ്രകാളി മഹാഅനുഗ്രഹിച്ചു നൽകി. ദൈവകരാർ പ്രകാരം, പ്രപഞ്ചസൃഷ്ടിക്കു ശേഷവും 'ശിവ' എന്ന മഹാനാമം കൂടി സ്വീകരിക്കുന്ന മഹാമാതാവായ മഹാഭദ്രകാളിയുടെ മഹാആനന്ദം സൃഷ്ടികളോടുള്ള മഹാവാത്സല്യം മാത്രവും, ശിവന്റെ ആനന്ദം മഹാഭദ്രകാളിയോടുള്ള മഹാദാസ്യവും ആയിരിക്കും.

# മഹാഭദ്രകാളി സ്വന്തം ഭാഗമാക്കുന്നതോടെ, ശിവന് വേറിട്ട അസ്തിത്വവും ദൈവകരാർ പ്രകാരമുള്ള മഹാശക്തികളും ലഭിക്കുന്നുണ്ട്. മഹാഭദ്രകാളിയായ ശിവ, ശിവനെയും ഒപ്പം ചേർത്താണ് സൃഷ്ടി സ്ഥിതി സംഹാര പാത്രമായ ആകാശവും, ശേഷം അനന്തമായ ആനന്ദങ്ങളും മഹാശക്തിയുമായ ഭൂമിയും, ചന്ദ്രനും, സൂര്യനും, മറ്റു പ്രപഞ്ചഭാഗങ്ങളുമായിട്ട് അവതരിച്ചത്.

പരമാത്മാവായ ശിവൻ സൃഷ്ടികളുടെ മഹാപിതാവായിട്ട് പ്രവർത്തിക്കുകയും, മഹാശൂന്യത കൂടി ബാധകമായിരുന്ന പരമാത്മാവായ ശിവന്റെ മാത്രം അംശങ്ങളായി ശൂന്യരായ ആത്മാക്കളെ ശിവ സൃഷ്ടിക്കുകയും, ആത്മാക്കളും കുഞ്ഞുങ്ങളുമായ സൃഷ്ടികൾക്ക് ശക്തികളും ജ്ഞാനവും ആനന്ദങ്ങളും അസ്തിത്വവും ശരണവും മഹാവാത്സല്ല്യവും ഭൂമിയുടെ അംശമായ മൂലകങ്ങളിലൂടെയും രൂപാന്തരമായ (ജീവികളുടെ) ശരീരങ്ങളിലൂടെയും നൽകിക്കൊണ്ട് ശിവയുടെ കുഞ്ഞുങ്ങളാക്കുന്നതുമാണ്.

സൃഷ്ടികളും കുഞ്ഞുങ്ങളുമായ ആത്മാക്കളെ സൃഷ്ടിക്കുന്നതിനു വേണ്ടി സൃഷ്ടി സ്ഥിതി സംഹാര പാത്രവും കൂടിയായ ആകാശത്തിൽ വച്ച് ശിവയായ പ്രോട്ടോണുകളോട് ശിവനായ ഇലക്ട്രോണുകൾ ശക്തിശിവൻ പ്രണയമന്ത്രം കൂടിയായ ഓം ആധാരമാക്കി ഒത്തുചേർന്ന് ഹൈഡ്രജൻ എന്ന പരമാത്മാവായി മാറുകയും, സൂര്യൻ എന്ന സൃഷ്ടിപാത്രത്തിൽ വച്ച് പരമാത്മാവിന്റെ സ്വത്വമായ ഹൈഡ്രജന്റെ ആറ്റത്തിൽ നിന്നും ശൂന്യത ബാധകമായ ആത്മാവ് 'സ്ത്രീ പുരുഷ പകുതികളായ ന്യൂട്രോണുകളായി സൃഷ്ടിക്കപ്പെടുകയും ഭൗതിക അസ്തിത്വം നേടുകയുമാണ്.

സൂര്യനിൽ ഹീലിയം ആറ്റം ഉണ്ടാവുകയും ഹീലിയം-ഹൈഡ്രജൻ ചാക്രിക പ്രവർത്തനം നടക്കുകയും, പ്രകാശത്തോടും താപോർജ്ജത്തോടും ന്യൂട്രോണുകളായ സ്ത്രീ പുരുഷ ആത്മാക്കൾ ഭൂമിയുടെ ഉപരിതലത്തിലെ ജലത്തിൽ എത്തുകയും കരിമീൻ കുഞ്ഞുങ്ങളായി ആദ്യസൃഷ്ടി ആരംഭിക്കുകയും ചെയ്യുന്നു.

മഹാസത്യമായ മഹാഭദ്രകാളി, മഹാശക്തിയായ ഭൂമിയായി അവതരിക്കുന്നതിനു മുമ്പ്, മഹാദേവിയുടെ ഇഷ്ടാനുസരണം ജീവമായും നിർജ്ജീവമായും പ്രവർത്തിക്കുന്ന അനന്തമായ ഒരു പരമാത്മാവിനെ ശിവൻ എന്ന നാമത്തോടെ സ്വന്തം ഭാഗമാക്കിയിട്ടുള്ളതിന്റെ പ്രസക്തിയും 'ശിവന്റെ രഹസ്യവുമാണ്' വെളിപ്പെടുത്തിയത്. മഹാസത്യമായ മഹാഭദ്രകാളി, ശിവനെയും ചേർത്ത് മഹാശക്തിയായ ഭൂമിയായി അവതരിക്കുന്നതിനു മുമ്പ് ആദിയില്ലാത്ത മഹാസത്യത്തിന്റെ ഭാഗമായി ശിവനെ സൃഷ്ടിക്കുകയാൽ, ശിവന് ആദിയുണ്ടെന്നു തോന്നുമെങ്കിലും, ആദിയില്ലെന്നു കരുതാൻ കഴിയും. (ആവശ്യമെങ്കിൽ, കൂടുതൽ ശ്രേഷ്ഠമായ വ്യാഖ്യാനവും വിശദീകരണവും മഹാഉചിതമായി ശിവനിലൂടെ തന്നെ മഹാദേവി വെളിപ്പെടുത്തുന്നതാണ്.) അന്തമില്ലാത്ത പരബ്രഹ്മത്തിന്റെ ഭാഗമായി മഹാദേവി അവതരിക്കുന്നത് 'അന്തമില്ലാത്ത പരമാത്മാവായ ശിവന്റെ' അംശങ്ങളും ശൂന്യത ബാധകവുമായ ആത്മാക്കളെ നിരന്തരം സൃഷ്ടിക്കാനും ഭൂമിയിൽ വച്ച് അനന്തമായ ആനന്ദങ്ങളെ അനുഭവിപ്പിച്ചു പരിചയപ്പെടുത്താനും, ശേഷം പരബ്രഹ്മത്തിന്റെ ഭാഗമായ സംഹാരം എന്ന നക്ഷത്ര-മോക്ഷം നൽകാനും, ആത്മാക്കൾ ആഗ്രഹിക്കുന്നെങ്കിൽ വീണ്ടും മഹാദേവിയായ ഭൂമിയുടെ മടിത്തട്ടിൽ ജീവി- ജീവിതം ആസ്വദിപ്പിക്കാനും ആകുമ്പോൾ, കുഞ്ഞുങ്ങളായ ആത്മാക്കളെ സംബന്ധിച്ച്, മഹാമാതാവും ഏകദൈവവുമായ ശിവയെ പ്പോലെ, മഹാപിതാവും പരമാത്മാവുമായ ശിവന് ആദിയും അന്തവും ഇല്ല തന്നെ.

## പരമാത്മാവായ ശിവനും, അംശങ്ങളായ ആത്മാക്കളും, ശിവയുടെയും ശിവന്റെയും കുഞ്ഞുങ്ങളായ ജീവികളും

പരമാത്മാവ്, ഏകദാസൻ, മഹാദാസൻ, ദൈവത്തിന്റെ ഏകപ്രതിനിധി, ഭർത്താവ്, പശുപതി, പരമശിവൻ, ശാസ്ത്രായുധൻ, മഹാദേവൻ, എല്ലാ ജീവികളുടെയും സ്വത്വങ്ങളായ ആത്മാക്കളുടെയും മഹാപിതാവ്, പ്രപഞ്ചപിതാവ്, മഹാനീതിപതി, ഹൈഡ്രജൻ, പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളുടെയും ആറ്റങ്ങളിലെ ഇലക്ട്രോൺ, നീലകണ്ഠൻ, സംഹാര ദേവൻ, മഹാസത്യൻ, ധർമ്മദേവൻ, മഹാകാലൻ, തുടങ്ങിയ അനേകം പേരുകളും പദവികളും ഏകദൈവമായ ശിവ, ഭാഗമായ ശിവന് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുണ്ട്. പിന്നീട് ഓരോരോ അവസരങ്ങളിൽ ഈ ദിവ്യമഹാവേദ ഗ്രന്ഥത്തിൽ മഹാശാസ്ത്ര പരമായി വിശദീകരിക്കുന്നുണ്ട്.

പ്രപഞ്ചം ഉൾപ്പെടെ സർവ്വത്തിനും അതീതമായ മഹാസത്യവും മഹാശക്തിയുമായ ഏകദൈവം; പ്രപഞ്ചത്തെ സൃഷ്ടിക്കുകയും, പ്രപഞ്ച-ഭാഗമായിട്ട് അവതരിക്കുകയും ചെയ്യുന്നതിനു മുമ്പ് നിശ്ചയിക്കുകയും നിർവ്വഹിക്കുകയും ചെയ്ത 'മായ' -യുമായി ബന്ധപ്പെട്ട കാര്യങ്ങളെ 'സൃഷ്ടിച്ചു, സൃഷ്ടി' എന്നീ പദങ്ങൾ കൊണ്ട് വിശേഷിപ്പിക്കാൻ പ്രപഞ്ചസൃഷ്ടി ആരംഭിച്ചതിനു ശേഷം മാത്രം സൃഷ്ടിക്കപ്പെട്ട വിശേഷബുദ്ധിയെ ലഭിക്കുന്ന മനുഷ്യർ ഉൾപ്പെട്ട ജീവികൾക്കു കഴിയില്ല.

ശിവ, ശിവനെ ഭാഗമാക്കുകയാണ്; സൃഷ്ടിക്കുകയല്ല. പ്രപഞ്ചത്തിന്റെ സൃഷ്ടിക്കു മുമ്പ് മഹാസത്യമായ ശിവ, നിർവ്വചനങ്ങൾക്കെല്ലാം അതീതമായ സ്വന്തം 'മായ' കൊണ്ട് ഭാഗമാക്കിയതാണ്. പ്രപഞ്ചത്തിലെ ജീവിയായ മനുഷ്യന് വിശേഷ ബുദ്ധി കൊണ്ട് മനസ്സിലാക്കാൻ കഴിയും. അതിനാൽ ശിവ, ശിവനിലൂടെ തന്നെ അറിയിക്കുന്നുണ്ട്. ഈ ദിവ്യമഹാവേദ ഗ്രന്ഥത്തിൽ വേറിട്ട് മഹാശാസ്ത്ര പരമായി വെളിപ്പെടുത്തുന്നുണ്ട്. ശിവനെ എന്തിനാണ് ഭാഗമാക്കിയതെന്ന് ബാദ്ധ്യതയായി ശിവനെ ബോദ്ധ്യപ്പെടുത്താൻ മഹാമനസ്കതയോടെ ശിവ തയ്യാറാകുന്നുണ്ട്. മഹാദാസിയായി ക്കൊണ്ട് ശിവന് സ്വന്തം ശക്തികളെയും തന്നെത്തന്നെയും മഹാവാത്സല്ല്യത്തോടെയും മഹാപങ്കാളിത്തത്തോടെയും നൽകുകയാണ്.

ദൈവഭാഗമാക്കിയതിനെ മഹാദാസനായി ശിവൻ സ്വീകരിച്ച ശേഷം ഓംകാരമന്ത്രം മഹാഅനുഗ്രഹിച്ചു നൽകി ശിവനെ ശിവ ഭാഗമാക്കി. എല്ലാ സൃഷ്ടികളുടെയും മഹാമാതാപിതാക്കളായ ശിവയുടെയും ശിവന്റെയും ചില മഹാകാര്യങ്ങളെ ഇവിടെ കുറിക്കാൻ കാരണമുണ്ട്. ഏകദൈവമായ ശിവ, ഭാഗമാക്കിയ ശിവന്, മഹാഉചിതമായി മായാമഹാശക്തികളെ നൽകുന്നത് മഹാനീതിശാസ്ത്രമായ ഓംകാരനീതിശാസ്ത്രം പ്രകാരം, മഹാപദവികളുമായി ബന്ധപ്പെട്ട കടമകളെയും ചുമതലകളെയും നിർവ്വഹിക്കാനാണ്.

കുഞ്ഞുങ്ങളായ സൃഷ്ടികളോടുള്ള മഹാവാത്സല്ല്യത്തെയും മഹാദാസ്യത്തെയും മാത്രം ആനന്ദങ്ങളായി സ്വീകരിക്കുകയും; കുഞ്ഞുങ്ങൾക്ക് പ്രസ്തുത ആനന്ദങ്ങളെ മടക്കി നൽകി ക്കൊണ്ട് ആനന്ദങ്ങൾക്കെല്ലാം അതീതരായി തുടരാൻ ശിവയ്ക്കും ശിവനും സാധിക്കുമെങ്കിലും, കുഞ്ഞുങ്ങൾക്ക് ജീവിക്കാൻ ആവശ്യമായവ നൽകാൻ സത്യ-ധർമ്മ-നീതികളെ ഭാവമാക്കുന്ന സ്രഷ്ടാവിനു ബാദ്ധ്യതയുണ്ട്.

അനന്തമായ ആനന്ദങ്ങളാകുന്ന ഭൂമിയും, അംശമായ പ്രദേശങ്ങളും വസ്തുക്കളും സംയുക്തങ്ങളും മൂലകങ്ങളും തന്മാത്രകളും, സൂക്ഷ്മപ്രപഞ്ചങ്ങളായ ആറ്റങ്ങളും അവയിലെ സൂക്ഷ്മശിവയും സൂക്ഷ്മശിവനുമായ ഘടകങ്ങളുമായി അവതരിച്ചു കൊണ്ട് മഹാമാതാപിതാക്കളായ ശിവയും ശിവനും ഇടനിലക്കാരെ വയ്ക്കാതെ ആനന്ദങ്ങളെയും അവയെ നേടാനുള്ള ഉപാധികളായ ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയും കാലത്തെയും ശരണത്തെയും മഹാനീതിയെയുമെല്ലാം നേരിട്ടു തന്നെ നൽകുകയാണ്.

പരമാത്മാവായ ശിവന്റെ അംശവും കുഞ്ഞുമാണ് ആത്മാവെങ്കിൽ; മഹാശക്തിയായ ശിവയുടെയും, ഭാഗമായ ശിവന്റെയും അംശമാണ് ശരീരം. പരമാത്മാവായ ശിവന്റെ മാത്രം അംശമായ പാതി-ആത്മാവിനെ, മഹാമാതാപിതാക്കളായ ശിവയുടെയും ശിവന്റെയും അംശമായ ഭ്രൂണശരീരത്തിലേക്ക് സ്വത്വമായ ഓക്സിജൻ ചേർക്കുമ്പോൾ ആത്മാവിന്റെയും ശരീരത്തിന്റെയും സ്ത്രീപുരുഷ-പകുതിയായ ജീവിയുടെ കുഞ്ഞായും മാറുന്നു.

ജീവിക്കാൻ ആവശ്യമായ ആനന്ദങ്ങളും ഉപാധികളായ ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും ശരണവും മഹാനീതിയുമെല്ലാം കുഞ്ഞിനു ലഭ്യമാക്കുന്നു. ആത്മാവിന്റെ രണ്ടാമത്തെ പകുതിയെ ജീവിസൃഷ്ടിയിൽ ആദ്യത്തേതായ മത്സ്യാവസ്ഥയിലെ കരിമീനിനു ശേഷം സസ്യാവസ്ഥയിൽ മാത്രം തുടരാൻ അനുവദിക്കുന്നതിനെ ഈ ദിവ്യമഹാവേദ ഗ്രന്ഥത്തിൽ വേറിട്ട് വിവരിക്കുന്നുണ്ട്.

എല്ലാ ജന്മങ്ങളിലും ശിവന്റെ അംശമായ ആത്മാവിനു ജീവിക്കാൻ കഴിയണമെങ്കിൽ, പ്രഥമമായി അസ്തിത്വത്തെ ക്കൂടി നൽകുന്ന മഹാമാതാപിതാക്കളായ ശിവയുടെയും ശിവന്റെയും അംശവും ആനന്ദങ്ങളുമായ ശരീരങ്ങളും വസ്തുക്കളും പ്രദേശങ്ങളും ഉപാധികളായ ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും കാലവും മഹാശരണവും മഹാനീതിയുമെല്ലാം ലഭിക്കണം. ഏകദൈവമായ ശിവയും ഭാഗമായ ശിവനും ചേർന്ന ഭൂമി ലഭ്യമാക്കുന്നു; ജീവികൾ ജീവിക്കുകയും ചെയ്യുന്നു.

അനന്തമായ ആനന്ദങ്ങളെ നൽകുകയും, ആനന്ദങ്ങളെ മഹാശാസ്ത്ര-സാങ്കേതിക നിയമങ്ങളിലൂടെ നിരന്തരം വർദ്ധിപ്പിച്ചുകൊണ്ട് കുഞ്ഞുങ്ങൾക്ക് കൂടുതൽ കൂടുതൽ ആനന്ദിച്ചു ജീവിക്കാനുള്ള ആനന്ദങ്ങളെ ഒരുക്കുകയുമാണ് മഹാമാതാവ്, ഭാഗമായ പിതാവിനെയും കൂട്ടി ചെയ്യുന്നത്. ഭൂമിയുടെ സ്വത്വവും ജീവികളുടെയെല്ലാം ജീവനുമായ ഓക്സിജൻ; സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തെ ക്കൂടി ആത്മാക്കൾക്ക് നൽകുകയാലും, മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രം പ്രകാരം ആത്മാക്കൾക്ക് ലഭിക്കുന്ന സ്ത്രീപുരുഷൻ നിറം സൗന്ദര്യം മുഖഛായ ആയുസ്സ് ആരോഗ്യം ബുദ്ധിശക്തി ഓർമ്മശക്തി തൊഴിൽ-അഭിരുചി വിനോദ-അഭിരുചി ജനനസ്ഥലം ഡിഎൻഎ തുടങ്ങിയവ വ്യത്യാസപ്പെടുത്തുകയാലും, പൊതുവായതും വ്യക്തിപരവുമായ ജീവിത കാര്യങ്ങളെയും, മഹാനീതി-കാര്യങ്ങളെയും വിശകലനം ചെയ്ത് മനസ്സിലാക്കാൻ ഭൂമിയിലെ എല്ലാ മനുഷ്യർക്കും ഒരേ പോലെ കഴിയുന്നതല്ല.

## സൃഷ്ടികളുടെ സ്വാർത്ഥത്തെ/ആനന്ദത്തെ ദൈവം വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്തെല്ലാമെന്ന് അറിയിക്കുന്നു.

മഹാസത്യമായ ദൈവത്തിന്റെ സൃഷ്ടികളെ കുഞ്ഞ്, ജീവി, ആത്മാവ് എന്നെല്ലാം മലയാള ഭാഷയിൽ വിളിക്കാവുന്നതാണ്. മനുഷ്യാവസ്ഥയിൽ ജീവാത്മാവ്, ആത്മാവ്, മനസ്സ്, മൻ, **Man** തുടങ്ങിയ പേരുകളിലും വിളിക്കാം!

മഹാസത്യവും മഹാശക്തിയുമായ ദൈവത്തിന്റെയും; ദൈവം സൃഷ്ടിച്ചപ്പോൾ മാത്രമുണ്ടായ സൃഷ്ടികളുടെയും 'ആനന്ദങ്ങൾ' ഉൾപ്പെടെ പ്രപഞ്ചത്തിലെ എല്ലാ കാര്യങ്ങളെയും നിശ്ചയിക്കാനും സൃഷ്ടിക്കാനും, പരിപാലിക്കാനും മഹാനീതിയെ നടപ്പാക്കാനുമെല്ലാം മഹാശക്തിയായ ദൈവത്തിനു മാത്രമേ കഴിയൂ. അതുകൊണ്ടു തന്നെ സ്രഷ്ടാവിന്റെ അവകാശവും അധികാരവുമായി കണക്കാക്കേണ്ടതുമുണ്ട്. ആനന്ദമാണ് പ്രപഞ്ചം എന്നു പറയുമ്പോൾ, ആനന്ദങ്ങൾ ഉൾപ്പെടെ സർവ്വത്തിനും അതീതമായ ദൈവം സൃഷ്ടികൾക്കു വേണ്ടി ആനന്ദങ്ങളായ പ്രപഞ്ച-ഭാഗമായിട്ട് അവതരിച്ചിരിക്കുന്നുവെന്നും; അനന്തമായ ആനന്ദങ്ങളെ നേടാനും ആസ്വദിക്കാനും കഴിയുന്ന ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയുമെല്ലാം സൃഷ്ടിയായ ജീവികൾക്ക് നൽകുന്നുവെന്നും; അവയെല്ലാം സ്വീകരിച്ച് ദൈവത്തിന്റെ സൃഷ്ടിയായ ജീവികൾ (സ്വത്വങ്ങളായ ആത്മാക്കൾ) ജീവിക്കുന്നു എന്നുമാണ് മനസ്സിലാക്കേണ്ടത്.

(1). എന്തും സൃഷ്ടിക്കാൻ കഴിയുന്ന 'മായ' കൊണ്ട് അനന്തമായ ആനന്ദങ്ങളായി ദൈവം അവതരിക്കാനും; കുഞ്ഞുങ്ങളായി സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന സ്വത്വങ്ങൾക്ക് 'മഹാവാത്സല്ല്യത്തോടെ' ആനന്ദങ്ങളെ നൽകുകയും ചെയ്യുമ്പോൾ, ആനന്ദങ്ങളെ ആസ്വദിച്ചു ജീവിക്കുകയാണ് സൃഷ്ടികളുടെ സ്വാർത്ഥം. എല്ലാ ജീവികളുടെയും ജീവിതം സാക്ഷ്യമാണ്. സ്രഷ്ടാവിന്റെ 'ആനന്ദം' സൃഷ്ടികളെ വേദനിപ്പിക്കുന്നവ ആകാഞ്ഞതും, മഹാവാത്സല്ല്യമായതും സൃഷ്ടികളുടെ മഹാഭാഗ്യമാണ്.

(( പ്രപഞ്ചത്തിലെ അനന്തമായ ആനന്ദങ്ങളെ മൊത്തം 100 അളവുകളായി വിഭജിക്കുകയും മനുഷ്യാവസ്ഥയിൽ വച്ച് എല്ലാ ആനന്ദങ്ങളെയും കുഞ്ഞുങ്ങൾക്ക് ലഭിക്കുകയുമാണ്. ഭക്ഷണ സാധനങ്ങൾ 40, ശുചിത്വം അത്യാവശ്യം ആവശ്യം വിനോദം എന്നീ 4 തൊഴിൽ വിഭാഗങ്ങൾക്ക് 5 വീതം വച്ച് 20, ദാനം (ത്യാഗം) 5, ഭക്തി (പ്രിയം, ആദരം, ആരാധന) 5, ദാസ്യം 5, വാത്സല്യം 5, പ്രേമം 5, പ്രേമ സാക്ഷാത്കാരം 5, അവസാനത്തെ അഞ്ച് ആനന്ദങ്ങൾ ചേർന്ന കാമം 25 എന്നിവയാണ് 115 - 15* = 100 മാനുഷിക ആനന്ദങ്ങൾ.

*ദൈവത്തിന്റെ ആനന്ദമായ മഹാവാത്സല്ല്യം 35-ൽ നിന്ന് 5 അളവ് വാത്സല്ല്യം, ദൈവഭാഗവും മഹാദാസനും കൂടിയായ പരമശിവന്റെ ആനന്ദമായ മഹാദാസ്യത്തിൽ നിന്നും 5 അളവ് ദാസ്യം, മാനുഷികമായ 5 അളവ് ദാനം എന്നിവ ചേർന്നതാണ് 15*)).

# ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

ഈ ദിവ്യമഹാവേദ ഗ്രന്ഥത്തിലെ 'ആനന്ദ ശാസ്ത്രം' എല്ലാ ആനന്ദങ്ങളെയും മഹാശാസ്ത്ര പരമായി വിവരിക്കുന്നുണ്ട്. ഏതാനും പൊതുവായ കാര്യങ്ങളെ മാത്രം ചുവടെ ചേർക്കുന്നു:-

അസ്തിത്വവും ആനന്ദങ്ങളും, ആനന്ദങ്ങളെ നേടാനുള്ള ഉപാധികളായ ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും ശരണവും കാലവും മഹാനീതിയും ഉൾപ്പെടെയുള്ള സർവ്വവും **കൂടാതെ, ആനന്ദങ്ങളെ സ്വീകരിക്കാനും അനുഭവിക്കാനും കഴിയുന്ന ശക്തികളെയും കൂടി 'സ്രഷ്ടാവും മഹാസത്യവുമായ ദൈവം' സൃഷ്ടികൾക്കു നൽകേണ്ടതുണ്ട്.** കുഞ്ഞുങ്ങളായ ആത്മാക്കളെ മഹാസത്യവും മായാമഹാശക്തിയുമായ ദൈവത്തിന്റെ അംശങ്ങളായിട്ട് സൃഷ്ടിക്കാൻ കഴിയാത്തതിനെയും, മഹാസത്യത്തിന്റെ ഇഷ്ടമായ ഓംകാരനീതിശാസ്ത്രം പ്രകാരം മഹാശക്തിമാനും ഒപ്പം സമ്പൂർണ്ണ-ശക്തിഹീനനുമായ ഒരു പരമാത്മാവും ജീവികളുടെയെല്ലാം മഹാപിതാവുമായ ശിവന്റെ അംശങ്ങളായി സൃഷ്ടിക്കുന്നതിനെയും വേറിട്ട് വിശദീകരിച്ചിട്ടുണ്ട് .

മാത്രമല്ല; മുമ്പ് വ്യക്തമാക്കിയതു പോലെ മഹാസത്യമായ ദൈവത്തിനും, സൃഷ്ടികൾക്കും ഇടയിൽ മറ്റു സൃഷ്ടികളെ മദ്ധ്യസ്ഥരായി സൃഷ്ടിക്കാതെ, ആനന്ദങ്ങളെ നേരിട്ടു നൽകണമെങ്കിൽ, മഹാസത്യമായ ദൈവം തന്നെ സൃഷ്ടികളുടെ ആനന്ദങ്ങളായി അവതരിക്കണം. തീർന്നില്ല; വിശേഷ ബുദ്ധിയെ ലഭിക്കുന്ന മനുഷ്യാവസ്ഥയിൽ പോലും കുഞ്ഞുങ്ങൾക്ക് ആവക കാര്യങ്ങളിൽ വേദന ഉണ്ടാകരുത്; സ്രഷ്ടാവിന്റെ മഹാവാത്സല്യത്തെ അനുഭവിച്ചു കൊണ്ട് സന്തോഷത്തോടെ ജീവിക്കാൻ കഴിയണം. ഇനിയുമുണ്ട്: അസ്തിത്വം പോലും സ്വന്തമായിട്ട് ഇല്ലാത്തവരായ സൃഷ്ടികളുടെ അവസ്ഥയെ ഏതവസ്ഥയിലും സത്യസന്ധമായി പ്രതിഫലിപ്പിക്കാനും കഴിയണം. എന്നുവെച്ചാൽ എന്തും സൃഷ്ടിക്കാൻ കഴിയുന്ന മഹാശക്തിയുടെ അംശങ്ങളായിട്ട് ആത്മാക്കളെ സൃഷ്ടിക്കാൻ കഴിയില്ല. ശൂന്യതയും ശക്തിഹീനതയും ബാധകമായ പ്രതിഭാസത്തിന്റെ അംശങ്ങളായി സൃഷ്ടിച്ചു കൊണ്ട് അസ്തിത്വവും ആനന്ദങ്ങളും അവയെ നേടാനുള്ള ശക്തികളും ജ്ഞാനവും സ്വാതന്ത്ര്യവുമെല്ലാം ലഭ്യമാക്കിയാൽ മാത്രമാണ് ആത്മാക്കൾ ദൈവത്തിന്റെ അംശമോ ഭാഗമോ അല്ലാത്ത സൃഷ്ടികളാവുക. പ്രപഞ്ചഭാഗമായി മഹാസത്യവും മഹാശക്തിയുമായ ദൈവം അവതരിക്കുന്നതിനു മുമ്പ് ശക്തിഹീനമായ പരമാത്മാവിനെ മഹാസത്യമായ ദൈവം ഭാഗമാക്കുകയും; മഹാസത്യമായ ദൈവവും ഭാഗമായ പരമാത്മാവും ചേർന്ന് പ്രപഞ്ചഭാഗമായി അവതരിക്കുമ്പോൾ, ശക്തിഹീനമായ പരമാത്മാവിന്റെ മാത്രം അംശങ്ങളായി ആത്മാക്കളെ സൃഷ്ടിക്കുന്നു. പ്രപഞ്ചഭാഗമായ ആനന്ദങ്ങളെ ഉപാധികളായ ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും ശരണങ്ങളുമെല്ലാം കൊണ്ട് നേടാനും ആസ്വദിച്ചു ജീവിക്കാനും ആത്മാക്കൾക്ക് വഴിയൊരുങ്ങുന്നു.

# ॐ ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

എന്തും സൃഷ്ടിക്കാൻ കഴിയുന്ന 'മായ' യും മഹാസത്യവും മഹാശക്തിയുമായ ദൈവം, 'മായ' കൊണ്ട് അനന്തമായ ആനന്ദങ്ങളായി അവതരിക്കാനും; കുഞ്ഞുങ്ങളായിട്ട് സൃഷ്ടിക്കാനും പരിപാലിക്കാനും ഉദ്ദേശിക്കുന്ന സ്വത്വങ്ങൾക്ക് മഹാവാത്സല്ല്യത്തോടെ നേരിട്ടു നൽകാനും തയ്യാറാകുന്നു. ആത്മാക്കളുടെ സ്ത്രീപുരുഷ വിഭാഗങ്ങൾ തമ്മിലുള്ള പ്രേമവും കാമവും* ഒഴികെയുള്ള അനന്തമായ ആനന്ദങ്ങളുടെ മറ്റൊരു നാമം കൂടിയാണ് മഹാവാത്സല്ല്യം. ഭൂമി ദാനം നൽകുന്ന അസ്തിത്വവും ശരീരവും ആനന്ദങ്ങളും, ഉപാധികളായ ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും ശരണവും കാലവും മഹാനീതിയുമെല്ലാം കൊണ്ടു മാത്രം 'സ്ത്രീയോ പുരുഷനോ ആയ മനുഷ്യ-പ്പകുതിയായി' ഏതാനും വർഷങ്ങൾ ജീവിക്കുന്ന സൃഷ്ടികൾ, ആയിരം കോടിയിലേറെ വർഷങ്ങളായി നിലനിൽക്കുന്ന പ്രപഞ്ചത്തെയും ഭൂമിയെയുമെല്ലാം ഭരിക്കുന്നതായി കരുതുന്നത് കടുത്ത ദൈവ നിന്ദയും അജ്ഞാനവും കൂടിയാണ്. (* സ്ത്രീപുരുഷ പാതികളായ സൃഷ്ടികൾ തമ്മിലുള്ള പ്രേമത്തെയും, സൃഷ്ടികളുടെ പരമാനന്ദമായ കാമത്തെയും ജീവികളുടെ ശരീരത്തിലെ അവയവങ്ങളുടെ പുറത്തും അകത്തുമുള്ള ചർമ്മത്തിൽ ഒരു ന്യൂറോൺ ചങ്ങല സൃഷ്ടിച്ചാണ് ഭൂമി പരിപാലിക്കുന്നത്.)

സൃഷ്ടികളുടെ ആനന്ദങ്ങളെ സ്രഷ്ടാവ് നിശ്ചയിച്ചിരിക്കുന്നത്, സൃഷ്ടികൾക്കു വേണ്ടി ത്തന്നെയാണെന്നും, സൃഷ്ടികൾക്ക് സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തെ മഹാവാത്സല്ല്യത്തോടെ നൽകുന്നുണ്ടെന്നും സൃഷ്ടികളുടെ സ്വാർത്ഥം/ആനന്ദങ്ങൾ വിശകലനം ചെയ്യുമ്പോൾ വ്യക്തമാകുന്നതാണ്. സ്രഷ്ടാവ് നിശ്ചയിക്കുന്നതും സൃഷ്ടിച്ചു നൽകുന്നതുമായ പ്രകൃതിയിലെ ഭക്ഷണം ഉൾപ്പെടെയുള്ള ആനന്ദങ്ങളെ അനുഭവിച്ചു കൊണ്ട് മറ്റുള്ള ജീവികൾ ജീവിക്കുന്നത് ആനന്ദിക്കാനാണെന്ന് അവയുടെ ജീവിതം സാക്ഷ്യപ്പെടുത്തുന്നുണ്ട്.

മറ്റുള്ള ജീവികളിൽ നിന്നും ആനന്ദകാര്യത്തിൽ മനുഷ്യരെ വ്യത്യാസപ്പെടുത്തുന്നത് വിശേഷ ബുദ്ധിയും, അതുകൊണ്ട് കണ്ടെത്താനും വർദ്ധിപ്പിക്കാനും കഴിയുന്ന വസ്തുക്കളിലെ ശാസ്ത്രങ്ങളും ശക്തികളും തത്ഫലമായുള്ള ആനന്ദങ്ങളുമാണ്. ദൈവത്തിന്റെ മഹാനീതിരൂപമായ ഭൂമി മഹാനീതിശാസ്ത്ര പ്രകാരം വെളിപ്പെടുത്തുന്ന പാചകം ചെയ്ത ഭക്ഷണം, കസേര, ബഞ്ച്, മേശ, സോഫ, വാഹനങ്ങൾ, കെട്ടിടം, ഫാൻ, എസി, റഫ്രിജറേറ്റർ, ടെലിവിഷൻ, കമ്പ്യൂട്ടർ, മൊബൈൽ ഫോൺ, വാട്സാപ്പ്, തൊഴിലുകൾ, സംഗീതം തുടങ്ങിയവ ശാസ്ത്ര പരമായ ആനന്ദങ്ങളാണ്. അനന്തമായ ആനന്ദങ്ങളെ സൃഷ്ടികൾക്ക് സ്രഷ്ടാവ് പരിചയപ്പെടുത്തുകയും അനുഭവിപ്പിക്കുകയുമാണ് !

പ്രപഞ്ചത്തിൽ സൃഷ്ടികളായ ജീവികളും അവയുടെ സ്വത്വങ്ങളായ ആത്മാക്കളും മാത്രമല്ലാ ഉള്ളത്. സൃഷ്ടികൾക്ക് ജീവിക്കാൻ ആവശ്യമായ അനന്തമായ ആനന്ദങ്ങളും അവയെ നേടാനുള്ള ഉപാധികളായ ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും കാലവും മഹാശരണവും മഹാനീതിയുമെല്ലാമായി സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ദൈവം; ഭാഗവും പരമാത്മാവുമായ ശിവനെ ഒപ്പം ചേർത്ത് ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനും, കൂടിയായിട്ട് സർവ്വ പ്രഥമമായി അവതരിച്ചിട്ടുണ്ട്. അതോടെ ആനന്ദങ്ങളെ ചിട്ടപ്പെടുത്തിയ ശാസ്ത്രനിയമങ്ങളെയും ശക്തികളെയും സ്വാതന്ത്ര്യങ്ങളെയും കാലത്തെയും ശരണത്തെയും മഹാനീതിയെയുമെല്ലാം കൂടി പ്രസ്തുത ആനന്ദങ്ങളായ വസ്തുക്കളിൽ ലയിപ്പിക്കാൻ ദൈവം ബാദ്ധ്യസ്ഥമാകുന്നു. ആനന്ദങ്ങളുടെ മഹാകലവറയായ ഭൂമിയുടെ അംശമായ ഘടകങ്ങളായിട്ടും ആനന്ദങ്ങളെ നേടാനുള്ള ഉപാധികളായിട്ട്, ഭൂമിയുടെ അംശങ്ങളിലെല്ലാം അവ ലയിച്ചിരിക്കുകയാണ്.

ദൈവത്തിന്റെ അവതാരവും ആനന്ദങ്ങളും കൂടിയായ ഭൂമിയുടെ അംശമായ വസ്തുക്കളെ, സൃഷ്ടികളും കുഞ്ഞുങ്ങളുമായ ജീവികൾക്കു നൽകുമ്പോൾ, ആനന്ദങ്ങളായിട്ട് ദൈവം അവതരിക്കാനും; ആത്മാക്കൾക്ക് ആനന്ദങ്ങളെ നേടാനും ഉപാധികളാക്കിയ ശക്തികളെയും, ശാസ്ത്രങ്ങളെയും, സ്വാതന്ത്ര്യത്തെയും കാലത്തെയും ശരണത്തെയും മഹാനീതിയെയുമല്ലാം കൂടിയാണ് ദൈവം ഒന്നിച്ചു നൽകുന്നത്. ശക്തികളും ശാസ്ത്രങ്ങളുമെല്ലാം ആനന്ദങ്ങളായ വസ്തുക്കളിൽ തന്നെ ലയിപ്പിച്ചിരിക്കുന്നതായ വസ്തുതകളെയും സൃഷ്ടികളും കുഞ്ഞുങ്ങളുമായ മനുഷ്യരെ യഥോചിതം അറിയിക്കാനുള്ള ചുമതലകളും കൂടി ദൈവത്തിന് ഉണ്ടാകുന്നു. സമ്പൂർണ്ണ സ്വാതന്ത്ര്യത്തോടെ വിശേഷ ബുദ്ധിയെ നൽകുന്ന മനുഷ്യാവസ്ഥയിൽ അതും പരിഹരിക്കുന്നുണ്ട്.

ഭൂമിയാകുന്ന അനന്തമായ ആനന്ദങ്ങളായി അവതരിക്കാൻ ഉപാധികളാക്കി (ദൈവം) ഭൂമിയിൽ ലയിപ്പിച്ചിരിക്കുന്ന ശക്തികളെയും ശാസ്ത്രങ്ങളെയും മനുഷ്യരിലൂടെ കണ്ടെത്തിച്ചും ആസ്വദിപ്പിച്ചും ബോദ്ധ്യപ്പെടുത്തിയും സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തെ നൽകി ക്കൊണ്ട് ജീവിപ്പിക്കുന്നതിനെ ഈ ദിവ്യമഹാവേദഗ്രന്ഥത്തിൽ ചുവടെ പ്രത്യേകം വിശദീകരിച്ചിട്ടുണ്ട്.

(2). മഹാസത്യവും മഹാശക്തിയുമായ ഏകദൈവത്തിന് ഒന്നോ രണ്ടോ അതിലധികമോ അനന്തമോ രൂപങ്ങളെ സ്വീകരിക്കാൻ കഴിയുമെങ്കിലും രൂപങ്ങളുടെ ആവശ്യം ഉണ്ടാകുന്നതും രൂപത്തെയോ രൂപങ്ങളെയോ സ്വീകരിക്കുന്നതും ആരെയെങ്കിലും സൃഷ്ടിക്കുമ്പോൾ അവയ്ക്കു വേണ്ടി മാത്രമാണ്.

(3). മഹാശക്തിയായ ദൈവത്തിന് യാതൊരു സഹായികളുടെയും ആവശ്യമില്ല. ആവശ്യം, സഹായം, സഹായികൾ തുടങ്ങിയ പദങ്ങൾ മഹാശക്തിയായ ദൈവത്തിന്റെ കാര്യങ്ങളിൽ അപ്രസക്തമാണ്.

(4). മഹാശക്തിയായ ഏകദൈവം സൃഷ്ടിച്ചാൽ മാത്രമാണ് ജീവികൾ, ആത്മാക്കൾ തുടങ്ങിയ പേരുകളുള്ള സൃഷ്ടി ഉണ്ടാവുക.

(5). വിശേഷ ബുദ്ധിയെ ലഭിക്കുന്ന സൃഷ്ടികൾ പോലും, അവരവർക്കോ, മറ്റുള്ളവർക്കോ, പേരിടണമെങ്കിൽ സ്രഷ്ടാവായ ദൈവം ശക്തി നൽകണം. അസ്തിത്വം പോലും സ്വന്തമായിട്ടില്ലാത്ത ആത്മാക്കൾക്ക് സ്വന്തം അവസ്ഥയിൽ വിഷമം ഉണ്ടാകാതെ നോക്കാൻ ഉചിതമായ പേരുകളെ തോന്നിപ്പിക്കുന്ന വിദ്യയെ ദൈവം പ്രയോഗിക്കുന്നുണ്ട്; തോന്നാനും യുക്തിക്കും ശക്തി വേണമെന്ന് മനുഷ്യർ അറിയുന്നില്ല!

മനുഷ്യൻ ഉൾപ്പെടെ എല്ലാ ജീവികളും ജീവിക്കുകയാണു ചെയ്യുന്നത് എന്നതിൽ നിന്ന് ജനിപ്പിക്കുന്നത് ജീവിപ്പിക്കാനാണെന്ന് വ്യക്തമാണ്. ജീവിപ്പിക്കുന്നത് ആനന്ദിപ്പിക്കാനാണ്; ആനന്ദങ്ങളെ വർദ്ധിപ്പിക്കാനായി മനുഷ്യർ പരിശ്രമിക്കുന്നത് തെളിവാണ്. സൃഷ്ടി ഉണ്ടെങ്കിൽ മാത്രം സ്ഥിതി ഉണ്ട്; സൃഷ്ടിയാണ് പ്രധാനം. സൃഷ്ടിയുടെ ഉദ്ദേശം സ്ഥിതി ആണ്. ജനനവും മഹാനീതിയുടെ ഭാഗമായ മരണങ്ങളും പുനർജ്ജനനങ്ങളും, സംഹാരമായ മോക്ഷവും, സ്ഥിതി ആകുന്ന ജീവിതത്തെ ഭദ്രപ്പെടുത്താനാണ്.

ശരീരത്തിലെ അവയവങ്ങൾ, സ്ത്രീ പുരുഷൻ, നിറം, സൗന്ദര്യം, മുഖഛായ, ആയുസ്സ്, ആരോഗ്യം, ബുദ്ധി ശക്തി, ഓർമ്മ ശക്തി, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ജനന സ്ഥലം, ഡിഎൻഎ, വിശേഷ ബുദ്ധി, തുടങ്ങിയ ജന്മഗുണങ്ങൾക്ക് അനുസൃതമായി ആനന്ദങ്ങളെ നേടാൻ കഴിയുന്നതിലും, ആസ്വദിക്കുന്നതിലുമെല്ലാം ഏറ്റക്കുറച്ചിലുകൾ ഉണ്ടെങ്കിലും, ആനന്ദങ്ങളെ കൂടുതൽ നേടാനും ആസ്വദിക്കാനും മനുഷ്യരും പ്രയത്നിക്കുന്നവരാണ്.

ജനിക്കുന്നത് ജീവിക്കാനും, ജീവിക്കുന്നത് ആനന്ദിക്കാനുമാണ് എന്ന സ്വഭാവം എല്ലാ ജീവികൾക്കും അവരറിയാതെ ലഭിച്ചതും ലഭിക്കുന്നതും എവിടെ നിന്നാണെന്ന് വിശകലനം ചെയ്താൽ, ആകാശവും, ഭൂമിയും, സൂര്യനും, ചന്ദ്രനും ചേർന്ന പ്രപഞ്ചമാണ് എല്ലാ ജീവികളുടെയും ജീവിതത്തെ സ്വാധീനിക്കുന്നതെന്നും, ഭൂമിയിൽ ജീവിക്കുന്ന അവയ്ക്കെല്ലാം ആകാശത്തിലും ഭൂമിയിലും ഉള്ളതായ സർവ്വവും ആനന്ദങ്ങളും ആനന്ദങ്ങളെ നേടാനുള്ള ഉപാധികളുമാണെന്ന് മനസ്സിലാക്കാം. മാത്രമല്ല; ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങളുമായി ബന്ധപ്പെട്ട് ശരീരത്തോടെ ജീവിച്ചു കൊണ്ടു മാത്രമാണ് ആനന്ദങ്ങളെ നേടാനും ആസ്വദിക്കാനും കഴിയുക.

അനന്തമായ ആനന്ദങ്ങളുടെ മഹാകലവറയായ ഭൂമിയുടെ അംശമായ വസ്തുക്കളും, അവയുടെ രൂപാന്തരമായ ജീവികളുടെ ശരീരാവയവങ്ങളും, പ്രദേശങ്ങളും; ജലവും; ഓക്സിജനും കൂടി അവയിൽ ലയിച്ചിരിക്കുന്ന ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും ശരണവും കാലവും മഹാനീതിയുമെല്ലാം കൊണ്ട് ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് ശരീരത്തിലൂടെ സ്വഭാവങ്ങളെ നിശ്ചയിക്കുകയും നൽകുകയുമാണെന്ന് തെളിയുന്നുണ്ട്. അതായത് ആനന്ദങ്ങളാകുന്ന ഭൂമിയിലെ വസ്തുക്കളെയും അവയുടെ രൂപാന്തരമായ ശരീരങ്ങളെയും അനുഭവിച്ചും ആസ്വദിച്ചും കൊണ്ടു ജീവിക്കാൻ മനുഷ്യൻ ഉൾപ്പെടെയുള്ള എല്ലാ ജീവികളുടെയും സ്വത്വങ്ങളായ ആത്മാക്കൾ അവരറിയാതെ തന്നെ തയ്യാറാകുന്നു. ആനന്ദങ്ങളുടെ മഹാകലവറയായ ഭൂമിയിലെ വസ്തുക്കളെയും നേടാനുള്ള ഉപാധികളായി അവയിൽ ലയിച്ചിരിക്കുന്ന ശക്തികളെയും ശാസ്ത്രങ്ങളെയുമെല്ലാം അനുഭവിച്ചാണ് എല്ലാ ജീവികളും ജീവിക്കുന്നത്. മനുഷ്യാവസ്ഥയിൽ വിശേഷ ബുദ്ധി ലഭിക്കുന്നതു കൊണ്ട് പ്രപഞ്ചകാര്യങ്ങളെ വിശകലനം ചെയ്യാനും കഴിയുന്നു!

'സ്വത്വം പോലും സ്വന്തമല്ലാത്ത'* ആത്മാക്കൾ, വസ്തുക്കളും ശരീരങ്ങളുമായ ആനന്ദങ്ങളെ അവയിൽ ലയിച്ചിരിക്കുന്ന ഉപാധികളായ ശക്തികളും ശാസ്ത്രങ്ങളുമെല്ലാം പ്രകാരം അനുഭവിച്ചു ജീവിക്കാൻ ശ്രദ്ധിക്കേണ്ടതിനു പകരം, ശക്തികളെ ദുരുപയോഗിച്ച് മത്സരിക്കുന്നതും, ധർമ്മശാസ്ത്ര വിരുദ്ധമായി പ്രവർത്തിക്കുന്നതും ആനന്ദത്തെ കുറയ്ക്കുന്നതാണ്. ജീവിതത്തിന്റെ ഉദ്ദേശമതല്ല. (*വിശേഷ ബുദ്ധിയെ മനുഷ്യാവസ്ഥയിൽ ലഭിക്കുന്നതു കൊണ്ടാണ് 'സ്വത്വങ്ങളായ ആത്മാക്കളും, ശരീരവും രണ്ടാണെന്നും'; എല്ലാ ആത്മാക്കളും ശൂന്യതയും ശക്തി-ഹീനതയും ബാധകമായ ഒന്നിന്റെ അംശങ്ങളാണെന്നും തിരിച്ചറിയുന്നത്; കൂടാതെ 'ഞാൻ ആരാണ്, എവിടെ നിന്നു വന്നു' തുടങ്ങിയ ചോദ്യങ്ങൾ ഉണ്ടാകുന്നത്. മറ്റൊരു അദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട്.)

സൃഷ്ടിക്കാനും പരിപാലിക്കാനും ഉദ്ദേശിക്കുന്ന ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് 'മായ' കൊണ്ട് സൃഷ്ടിച്ചു നൽകാൻ ഉദ്ദേശിക്കുന്ന അനന്തമായ ആനന്ദങ്ങളെ, മാധ്യമങ്ങളായ ഇടനിലക്കാരെ വയ്ക്കാതെ, നേരിട്ടു നൽകണമെങ്കിൽ, അനന്തമായ ആനന്ദങ്ങളായിട്ട് ദൈവം സ്വയം അവതരിക്കണം. ആനന്ദങ്ങളുടെ മഹാകലവറയും മഹാശക്തിയുമായ ഭൂമിയായി അവതരിച്ചു കൊണ്ട് ഭൂമിയുടെ അംശവും ആനന്ദങ്ങളുമായ മൂലകങ്ങളും അവയുടെ സംയുക്തങ്ങളുമായ വസ്തുക്കളും ആത്മാക്കൾക്കു നൽകുകയും; കൂടാതെ; വസ്തുക്കളെ ക്കൊണ്ട് സൃഷ്ടിക്കുന്ന ശരീരങ്ങളെ സ്വത്വങ്ങളായ ആത്മാക്കളോട് അത്ഭുതകരമായി നേരിട്ടു തന്നെ ബന്ധിപ്പിച്ചുകൊണ്ട് ആത്മാക്കളെ ജീവികളാക്കി മാറ്റുകയുമാണ്. യാതൊന്നും സ്വന്തമായിട്ടില്ലാത്ത ആത്മാക്കൾക്ക് തജ്ജന്മത്തിൽ ജീവിക്കാൻ ആവശ്യമായ അസ്തിത്വവും രൂപവും ഭാവവും; ആനന്ദങ്ങളെ ആസ്വദിക്കാനും നേടാനുമുള്ള ശക്തികളും ജ്ഞാനവും സ്വാതന്ത്ര്യവും ശരണവും മഹാനീതിയുമെല്ലാം ശരീരത്തിലൂടെ മഹാവാത്സല്യത്തോടെ നൽകുവാനാണ് ദൈവം തയ്യാറാകുന്നത്. 'സ്രഷ്ടാവിന്റെ ആനന്ദമായി സ്വീകരിച്ചതായ മഹാവാത്സല്യത്തെ' സൃഷ്ടികൾക്കുതന്നെ തിരിച്ചു നൽകുകയാൽ, 'മഹാസത്യമായ ദൈവം' സൃഷ്ടി സ്ഥിതികളെ ചെയ്യുമ്പോഴും, ആനന്ദങ്ങളും ശക്തികളും ഉൾപ്പെടെ സർവ്വത്തിനും അതീതമായിത്തന്നെ തുടരുന്നതാണ്.

'ആനന്ദങ്ങളുടെ മഹാകലവറയും മഹാശക്തിയുമായ ഭൂമിയും' അംശമായ മൂലകങ്ങളും അവയുടെ സംയുക്തങ്ങളായ വസ്തുക്കളും രൂപാന്തരമായ ജീവികളുടെ ശരീരങ്ങളുമായിട്ട് 'ദൈവം' അവതരിക്കുന്നത് ഭാഗികമായി മാത്രമാകണം. സർവ്വം നിസ്സാരമായി ചെയ്യാൻ കഴിയുന്ന മഹാശക്തിയായ ദൈവത്തിന്റെ സർവ്വത്തിനും അതീതമായ അവസ്ഥ തുടരാൻ മാത്രമല്ലത്. സൃഷ്ടികളെ പരിപാലിക്കുന്നതും സമആനന്ദമായ മഹാനീതിയെ നൽകുന്നതും ഉൾപ്പെടെയുള്ള ദൈവകാര്യങ്ങൾക്ക്, ദൈവം ഭാഗികമായി മാത്രം അവതരിക്കേണ്ടത് നിർബ്ബന്ധമാണ്.

ഭൂമിയിലെ അനന്തമായ വസ്തുക്കളും പ്രദേശങ്ങളും കാടുകളും മലകളും കുന്നുകളും പുഴകളും തോടുകളും കുളങ്ങളും പാടങ്ങളും ജീവികളുമെല്ലാം വളരെപ്പേർക്ക് ആനന്ദങ്ങളാണ്. വസ്തുക്കളുടെയും സസ്യങ്ങളുടെയും ഫലങ്ങളുടെയും മറ്റും രൂപങ്ങളും നിറവും മണവും ഗുണവും രുചിയും; ശരീരാവയവങ്ങളും, ജീവികളുടെ നടത്തം ഓട്ടം ചാട്ടം ഇഴയൽ പറക്കൽ തുടങ്ങിയവയിലെ ചലന വ്യത്യാസങ്ങളും അനേകർക്ക് വ്യത്യസ്തങ്ങളായ ആനന്ദങ്ങളെ നൽകുന്നുണ്ട്. സൂര്യന്റെ ഉദയവും അസ്തമയവും ഇരുട്ടും വെളിച്ചവും നിറവ്യത്യാസങ്ങളുമെല്ലാം ആനന്ദങ്ങളാണ്. സൂര്യോദയം മുതൽ സൂര്യാസ്തമയം വരെയുള്ള പ്രകൃതിയും മഴയും മഴവില്ലും വെയിലും മഞ്ഞും കുളിരും ചൂടുമെല്ലാം ആനന്ദങ്ങൾ കൂടിയാണ്. ആകാശവും ഭൂമിയും ജലവും അഗ്നിയും വായുവും, ഭൂമിയുടെ ചലനങ്ങൾ സൃഷ്ടിക്കുന്ന പകലും രാത്രിയും കാലവുമെല്ലാം, പലവിധത്തിലുള്ളതും അനന്തവുമായ അഭയവും ശരണവും ആനന്ദങ്ങളും കൂടി സൃഷ്ടികളായ ആത്മാക്കൾക്കു നൽകുന്നവയാണ്.

സസ്യങ്ങളുടെ വേരുകളും തടികളും ശാഖകളും ഇലകളും പൂക്കളും പഴങ്ങളും കായ്കളും പച്ചക്കറികളും കിഴങ്ങുകളും ധാന്യങ്ങളും മരത്തൊലിയുമെല്ലാം അനന്തമായ ആനന്ദങ്ങളെ മറ്റുള്ള ജീവികൾക്കും നൽകുന്നത് അനുഭവിച്ചു തന്നെ അറിയാൻ മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് കഴിയുന്നുണ്ട്. അനന്തമായ ജീവി വർഗ്ഗങ്ങളും, ഓരോരോ ജീവി വർഗ്ഗങ്ങളുടെയും അവയിലെ ഓരോരോ ജീവിയുടെയും ജീവിത രീതികളും ശൈലികളും പെരുമാറ്റങ്ങളുമെല്ലാം ആനന്ദങ്ങൾ കൂടിയാണ്. മത്സ്യം പക്ഷി മൃഗം മനുഷ്യൻ എന്നിവ ചാവുകയോ കൊല്ലപ്പെടുകയോ ചെയ്യുമ്പോൾ അവയുടെ മാംസത്തെ പല ജീവികളും ഭക്ഷിച്ച് രുചി-ആനന്ദം ആസ്വദിക്കുന്നതും വാസ്തവമാണ്. സസ്യങ്ങൾ ഒഴികെയുള്ള ജീവികൾ ആസ്വദിച്ചു ഭക്ഷിക്കുന്നത് കാണാനും അറിയാനും കഴിയുന്നതാണ്. മഹാനീതിശാസ്ത്രത്തിലെ ഉന്നതമായ പാഠങ്ങൾ പഠിക്കുമ്പോൾ, വേദനകളെല്ലാം ആനന്ദങ്ങളുടെ ഭാഗമാണെന്ന് മനസ്സിലാക്കാൻ കഴിയും.

പ്രപഞ്ചത്തിലെ 'അനന്തമായ ആനന്ദങ്ങളെയും ഉപാധികളായ ശക്തികളെയും' എക്കാലവും അനുഭവിക്കുന്നതും ആസ്വദിക്കുന്നതും ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളാണ് എന്നതിൽ നിന്ന് അവർക്കു വേണ്ടിയാണ് സർവ്വവും ദൈവം സൃഷ്ടിച്ചിരിക്കുന്നത് എന്ന് തെളിയുന്നുണ്ട്. മുമ്പ് വ്യക്തമാക്കിയതു പോലെ, അനന്ത-ആനന്ദങ്ങളായ പ്രപഞ്ചത്തിലെ വസ്തുക്കളെ മധ്യസ്ഥരെ വയ്ക്കാതെ ആത്മാക്കൾക്കു നൽകണമെങ്കിൽ ആനന്ദങ്ങളായ പ്രപഞ്ചഭാഗമായി ക്കൂടി ദൈവം ആദ്യം അവതരിക്കണം. അതിനു ശേഷം മാത്രം ആത്മാക്കളെ സൃഷ്ടിക്കണമെന്നും തെളിയുന്നു.

എന്തിനാണ് സൃഷ്ടിച്ചതെന്നും, ആർക്കുവേണ്ടി ആണെന്നും; സൃഷ്ടിയുടെ അനുവാദമില്ലാതെ സൃഷ്ടിച്ചത് മര്യാദയല്ലെന്നും; സ്ത്രീപുരുഷൻ നിറം സൗന്ദര്യം മുഖഛായ ഉയരം ആയുസ്സ് ബുദ്ധി-ശക്തി ഓർമ്മശക്തി തൊഴിൽ-അഭിരുചി ജനനസ്ഥലം തുടങ്ങിയ ജന്മഗുണങ്ങളെ വ്യത്യാസപ്പെടുത്തിയത് ശരിയായില്ലെന്നും ഒക്കെ വിശേഷബുദ്ധി ലഭിക്കുന്ന ചില മനുഷ്യരെങ്കിലും മറ്റുള്ളവരോടും സ്വയവും ചോദിച്ചെന്നും അഭിപ്രായപ്പെട്ടെന്നും വരും !

മണ്ണായ ഭൂമിയുടെ അംശമായ മൂലകങ്ങളിലും സംയുക്തങ്ങളിലും, (ചോദ്യകർത്താവിന് ചോദിക്കാനും ചിന്തിക്കാനും ശക്തി നൽകുന്ന) ശരീരത്തിലുമുണ്ട് ഉത്തരം. വിശേഷബുദ്ധിയെ ഉചിതമായി ഉപയോഗിക്കാഞ്ഞതും, ആത്മാക്കൾ സ്വീകരിക്കേണ്ടുന്ന 100 മനുഷ്യ-ജന്മങ്ങളിലെ എണ്ണം പ്രകാരമോ ധർമ്മശാസ്ത്ര പ്രകാരമോ, ആവശ്യമായ യോഗ്യത നേടാഞ്ഞതും മറ്റുമാണ് വിഷയ കാരണം.

ഈ ദിവ്യമഹാവേദ ഗ്രന്ഥത്തിൽ മഹാശാസ്ത്ര പരമായി വിശദീകരിച്ചിട്ടുള്ള മഹാനീതിശാസ്ത്രമായ ഓംകാരനീതിശാസ്ത്രം പഠിക്കാൻ കഴിയുമ്പോൾ അവസാനിക്കുന്ന ചോദ്യങ്ങളും സംശയങ്ങളും മാത്രമേ ഏതൊരാൾക്കും ശാസ്ത്രപരമായി ഉണ്ടാകുകയുള്ളൂ.

ആദിയും അന്തവും ഇല്ലാത്ത മഹാസത്യവും മഹാശക്തിയും ഏകദൈവവുമായ ശിവയ്ക്കും ഭാഗമായ ശിവനും കുഞ്ഞുങ്ങളിൽ നിന്നും യാതൊന്നും വേണ്ട. അവർ സ്വീകരിക്കുന്നുമില്ല. വിശേഷ ബുദ്ധിയെ ഉപയോഗിക്കാത്ത മനുഷ്യർ മഹാശക്തിയായ

ദൈവത്തിന്റെ പേരിലും ദൈവത്തിനെന്ന പേരിലും ഭൂമിയിൽ കാട്ടിക്കൂട്ടുന്ന കോപ്രായങ്ങളെല്ലാം തെറ്റുകളും കുറ്റങ്ങളും ദൈവനിന്ദയും കലർന്ന കടുത്ത അപരാധങ്ങളാണ്. മണ്ണിലും ശരീരത്തിലുമെല്ലാം ലയിച്ചിരിക്കുന്ന യഥാർത്ഥ വേദങ്ങളായ ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരം നിർമ്മിച്ച ഒരു ദേവാലയം പോലും ഭൂമിയിൽ ഇല്ലെന്നതിൽ നിന്ന് കാര്യങ്ങളുടെ കിടപ്പ് മനസ്സിലാക്കാം.

ഉടനെതന്നെ ആരംഭിക്കുന്ന 'ദൈവ വിപ്ലവത്തിൽ' അവനവന്റെ കാര്യങ്ങളെ നോക്കി ഭൂമിയിലെ മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന മണ്ണിന്റെ നിയമങ്ങൾ പ്രകാരം മണ്ണിന്റെ മക്കളായ മനുഷ്യക്കുഞ്ഞുങ്ങളായി ജീവിക്കുന്നതിനു പകരം, മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-വർണ്ണ-ദേശ ജീവികളായി അധഃപതിച്ചതിനും മണ്ണിന്റെ മറ്റു മക്കളെ ദ്രോഹിച്ചതിനും മഹാവാത്സല്ല്യത്തോടെ തിരുത്തുന്ന മണ്ണിന്റെ ശിക്ഷകളുണ്ട്.

മുമ്പ് വ്യക്തമാക്കിയതു പോലെ, സൃഷ്ടികൾക്ക് എന്തു ചെയ്യാനും സ്രഷ്ടാവ് കനിഞ്ഞ് ശക്തികളെ നൽകണമെന്നിരിക്കെ, ആരിൽ നിന്നും യാതൊന്നും ആവശ്യമില്ലാത്തവരായ മഹാമാതാപിതാക്കൾ നിരന്തരം കുഞ്ഞുങ്ങൾക്ക് കൂടുതൽ കൂടുതൽ ആനന്ദങ്ങളെ നൽകുകയാണു ചെയ്യുന്നത്. മനുഷ്യാവസ്ഥയിൽ വച്ച് പൊന്നോമന കുഞ്ഞുങ്ങളായി കാണാനും, 100 മനുഷ്യജന്മങ്ങളെ നൽകി അനന്തമായ ആനന്ദങ്ങളെ ആസ്വദിപ്പിക്കാനും, ഹീലിയം ആറ്റത്തിലെ രണ്ടാമത്തെ ന്യൂട്രോണും ഇണയുമായ പാതി-ആത്മാവിനെ കൂട്ടിച്ചേർത്ത് തന്നെത്താൻ മറക്കുകയും ഇണയെ മാത്രം ഓർക്കുകയും ചെയ്യുന്ന ജീവികളുടെ പരമാനന്ദമായ കാമആനന്ദം ആസ്വദിപ്പിക്കാനും മനുഷ്യാവസ്ഥയിലെ നൂറാമത്തെ ജന്മത്തിൽ ജീവി-ജന്മങ്ങളിൽ നിന്ന് നക്ഷത്ര-ദേവതയായി മോക്ഷത്തെ സമ്മാനിക്കാനും മഹാമാതാപിതാക്കൾ ശ്രദ്ധിക്കുന്നു.

ഭൂമിയിൽ വച്ച് ഓരോ ആത്മാവും അനുഭവിച്ചറിഞ്ഞ അനന്തമായ ആനന്ദങ്ങളെ മായാശക്തികളെ ഉപയോഗിച്ച് അനന്തകാലം ആസ്വദിക്കാൻ നക്ഷത്ര-ദേവതയായ മോക്ഷത്തിൽ കഴിയുന്നതാണെന്ന് ചുരുക്കത്തിൽ പറയാനാവും.

ജന്മങ്ങളുടെ എണ്ണം വർദ്ധിക്കുന്നതനുസരിച്ച് മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കൾ ശേഖരിക്കുന്ന പുണ്യവും സാധാരണ ഗതിയിൽ കൂടുന്നതാണ്. മത്സ്യം സസ്യം പക്ഷി മൃഗം എന്നീ അവസ്ഥകൾക്കു ശേഷം ഓരോ ആത്മാവിനും നിശ്ചയിച്ചിരിക്കുന്ന 100 മനുഷ്യ-ജന്മങ്ങളിലെ 90 മുതൽ 95 വരെയുള്ള ഒരു പുരുഷജന്മത്തിൽ 50 വയസ്സിനോടടുത്ത് പ്രപഞ്ചപിതാവായ പരമശിവൻ അർദ്ധമഹാദേവീരൂപത്തിൽ ഓരോ മനുഷ്യനും ദർശനം നൽകുകയും നാവിൽ ഓം കുറിച്ച് മോക്ഷകാര്യങ്ങൾ ഉൾപ്പെടെ പ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര ശാസ്ത്രങ്ങളും യഥാർത്ഥ വേദങ്ങളുമായ മഹാശാസ്ത്രത്തെ മഹാഅനുഗ്രഹിച്ചു നൽകുന്നതാണ്.

പ്രസ്തുത ജന്മത്തിലെ ശിഷ്ടകാലം മാത്രമാണ് ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്ത ഏകദൈവവും മഹാശക്തിയുമായ മഹാദേവിയെ ആരാധിക്കാൻ അനുവദിച്ചിരിക്കുന്നത്. മറ്റു ജന്മങ്ങളിൽ മനുഷ്യരുടെ സന്തോഷം കണക്കാക്കി ഒരല്പം സ്തുതിക്കാൻ അനുവദിച്ചിട്ടുണ്ട്. അധികമായാൽ അതിനും ശിക്ഷയുണ്ട്. ആവക കാര്യങ്ങളെയും ഈ ദിവ്യമഹാവേദ ഗ്രന്ഥത്തിൽ പ്രത്യേകം അദ്ധ്യായങ്ങളിൽ വിശദീകരിക്കുന്നുണ്ട്. സ്വന്തം അസ്തിത്വത്തെ പ്പറിയുള്ള വിശദീകരണം ഉൾപ്പെടെ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം ലഭിക്കുന്ന ജന്മത്തിൽ, ഓരോ കുഞ്ഞിനെയും മഹാവാത്സല്ല്യത്തോടെ പരിപാലിക്കുകയും, ആയിരം കോടി വർഷങ്ങൾ നീണ്ട ആദ്യത്തെ മഹാകാല ചക്രത്തിൽ മഹാഗോമാതാവായി മഹാദാസ്യ സേവനം ചെയ്ത മഹാമാതാവായ മഹാദേവിയുടെ മഹാവാത്സല്ല്യത്തെ അറിഞ്ഞ് ഓരോ മനുഷ്യനും വിതുമ്പിക്കരയുന്നതാണ്. അങ്ങനെയിരിക്കെ, എന്തിനാണ് സൃഷ്ടിച്ചതെന്നും, ആർക്കുവേണ്ടി ആണെന്നും; സൃഷ്ടിയുടെ അനുവാദമില്ലാതെ സൃഷ്ടിച്ചത് മര്യാദയല്ലെന്നും തുടങ്ങിയ ചോദ്യങ്ങളും പ്രസ്താവനകളും അപ്രസക്തമാകുന്നതാണ്.

മഹാശാസ്ത്രം ലഭിക്കുന്നതിന്റെ തൊട്ടടുത്തത് സ്ത്രീജന്മമാണ്. പ്രസ്തുത ജന്മത്തിൽ മഹാശക്തിയായ മഹാദേവിയുടെ മടിയിൽ കിടന്ന് ലാളന അനുഭവിക്കാനുള്ള സർവ്വോത്തമ മഹാഭാഗ്യത്തെ ഓരോ ആത്മാവിനും മഹാഅനുഗ്രഹിച്ചു നൽകുന്നുണ്ട്. മനഷ്യാവസ്ഥയുടെ ഭാഗമായി നൂറാമത്തെ ജന്മത്തിൽ ഒന്നോ രണ്ടോ പശു-കാള ജന്മങ്ങളെ സ്വീകരിക്കേണ്ടത് നിർബ്ബന്ധമാണ്. പിന്നീട് വിവരിക്കുന്നുണ്ട്. മോക്ഷത്തിൽ അനന്തമായ ആനന്ദങ്ങളെ അനന്തകാലം ആസ്വദിക്കാൻ കഴിയുമ്പോഴും, വീണ്ടും ഭൂമിയിലേക്കു വന്ന് സമൂഹമായി ജീവിക്കാൻ ആഗ്രഹിക്കുന്നവർ ഏറെയാണ്. അതിന്റെ കാരണങ്ങളും പിന്നീട് വിവരിക്കുന്നുണ്ട്.

ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളുടെ ഇഷ്ടാനിഷ്ടങ്ങളെ പ്രത്യക്ഷമായി പരിഗണിക്കാതെ, ഓരോ ആത്മാവിനും ഓരോ ദൈവം എന്ന പോലെ, ആത്മാക്കൾക്ക് ജീവിക്കാൻ ആവശ്യമായ ശക്തികളെയും ശാസ്ത്രങ്ങളായ മഹാജ്ഞാനത്തെയും ആനന്ദങ്ങളെയും സ്വാതന്ത്ര്യങ്ങളെയും ശരണങ്ങളെയും അസ്തിത്വത്തെയും ഉൾപ്പെടെ സർവ്വവും നൽകുന്ന ശരീരത്തിലെ അവയവങ്ങളെയും, അവയവങ്ങളുടെ വ്യത്യസ്തമായ രൂപങ്ങളും ശക്തികളും പ്രവർത്തനങ്ങളും കൊണ്ട് അവയെ വ്യത്യസ്ത ജീവികളായി പരിണമിപ്പിച്ചിരിക്കുന്ന ഭൂമിയിലെ വസ്തുക്കളെയും, ജീവമായി കാണാനും അറിയാനും ഉൾക്കൊണ്ടു ജീവിക്കാനും, അവ നൽകുന്ന വിശേഷ ബുദ്ധിയെ ദാനമായി ലഭിച്ച മനുഷ്യർ അവരവർക്കു വേണ്ടി തയ്യാറാകണം.

കുഞ്ഞുങ്ങളുടെ സൃഷ്ടി തുടങ്ങുംമുമ്പ് കുഞ്ഞുങ്ങൾക്ക് ആനന്ദത്തോടെ ജീവിക്കാൻ ആവശ്യമായ ശക്തികളും ശാസ്ത്രങ്ങളും അനന്ത-ആനന്ദങ്ങളും സ്വാതന്ത്ര്യങ്ങളും ശരണവുമെല്ലാം നേരിട്ടു നൽകാൻ പ്രോട്ടോണുകൾ, ഇലക്ട്രോണുകൾ, ന്യൂട്രോണുകൾ, ക്വാർക്കുകൾ, ഭൗതിക അസ്തിത്വം ഇല്ലാത്ത ശബ്ദബ്രഹ്മം കൂടിയായ ഓം, തുടങ്ങിയ അതിസൂക്ഷ്മമായ ഘടകങ്ങളായും അവയുടെ സൂക്ഷ്മയോഗമായ ആറ്റങ്ങളായും, തന്മാത്രകളായും, സ്ഥൂലമായ മൂലകങ്ങളായും, മൂലകങ്ങളെ സംയോജിപ്പിച്ച് സംയുക്തങ്ങളും മിശ്രിതങ്ങളുമായും, അവയുടെയെല്ലാം മൊത്തവും മഹാശക്തിയുമായ ഭൂമിയായും, ശിവനെയും പങ്കാളിയാക്കി, മഹാഭദ്രകാളി അവതരിച്ചിരിക്കുകയാണ്. ശിവയുടെ മുഖ്യ ഘടകമായ പ്രോട്ടോണുകളും, അവ നൽകുന്ന ശക്തി കൊണ്ട് പ്രോട്ടോണുകളെ ചുറ്റുന്ന ശിവനായ ഇലക്ട്രോണുകളും, ചുറ്റാനുള്ള ശൂന്യതയും, ന്യൂനശക്തികൾ ഉൾപ്പെട്ട ഘടകങ്ങളും ചേരുമ്പോൾ ഓരോ ആറ്റവും അതിസൂക്ഷ്മമായ പ്രപഞ്ചമാണ്. ആറ്റത്തിലെ മഹാശക്തിയെ ഏകദേശമായി മനുഷ്യനറിയാം.

## സ്രഷ്ടാവിന്റെ ആനന്ദം സൃഷ്ടികളോടുള്ള മഹാവാത്സല്ല്യം!

പ്രപഞ്ചം സൃഷ്ടി മാത്രമല്ലെന്നും, സ്രഷ്ടാവ് കൂടിയാണെന്നും; സൃഷ്ടികളും കുഞ്ഞുങ്ങളും ജീവികളുടെ സ്വത്വങ്ങളുമായ ആത്മാക്കൾക്ക് അനന്തമായ ആനന്ദങ്ങളെ അനുഭവിച്ചു കൊണ്ട് ജീവികളായിട്ട് 'ദൈവമായ ഭൂമിയിൽ ജീവിക്കാനും, ഭൂമിയിൽ വച്ച് അനുഭവിച്ചറിഞ്ഞ അനന്തമായ ആനന്ദങ്ങളെ' മോക്ഷവും ദേവതകളുമായ നക്ഷത്രങ്ങളായി അനന്തകാലം ആസ്വദിക്കാനുള്ള മഹാസംവിധാനം കൂടിയാണെന്നും മുകളിൽ സൂചിപ്പിച്ചിട്ടുണ്ട്.

എന്തും സൃഷ്ടിക്കാൻ കഴിയുന്ന 'മായ' എന്ന മഹാവൈഭവത്തിന്റെ ഉടമയായ മഹാസത്യം, 'മായ' കൊണ്ട് അനന്തമായ ആനന്ദങ്ങളെ സൃഷ്ടിക്കാനും, ആനന്ദങ്ങളായി സ്വയം അവതരിക്കാനും, കുഞ്ഞുങ്ങളായിട്ട് സൃഷ്ടിക്കാനും പരിപാലിക്കാനും ഉദ്ദേശിക്കുന്ന ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് നേരിട്ട് മഹാവാത്സല്ല്യത്തോടെ നൽകാനും തയ്യാറാകുന്നു. ആത്മാക്കളുടെ സ്ത്രീപുരുഷ വിഭജനങ്ങൾ തമ്മിലുള്ള പ്രേമവും കാമവും ഒഴികെയുള്ള അനന്തമായ ആനന്ദങ്ങളുടെ മറ്റൊരു നാമം കൂടിയാണ് മഹാവാത്സല്ല്യം.

പ്രപഞ്ചത്തിന്റെ സ്രഷ്ടാവും, പ്രപഞ്ചത്തിന് അതീതവുമായ 'മഹാസത്യം', തന്റെ സൃഷ്ടികളോടു പുലർത്തുന്നതും അവർക്കു തന്നെ നൽകുന്നതുമായ 'മഹാവാത്സല്ല്യത്തെ' സ്വന്തം ആനന്ദവും സ്വാർത്ഥവുമായി നിശ്ചയിച്ചിരിക്കുന്നു. 'സ്രഷ്ടാവിന്റെ ആനന്ദമായി നിശ്ചയിച്ച മഹാവാത്സല്ല്യത്തെ' സൃഷ്ടികൾക്കുതന്നെ തിരിച്ചു നൽകുകയാലും, അനന്തമായ ആനന്ദങ്ങളുടെ മൊത്തമെന്നത് മഹാവാത്സല്ല്യം ആകയാലും, കുഞ്ഞുങ്ങൾക്കെല്ലാം മഹാനീതിയുടെ ഭാഗമായി മഹാവാത്സല്ല്യത്തോടെ സമ്പൂർണ്ണ സ്വാതന്ത്ര്യത്തെ നൽകുകയാലും, 'മഹാസത്യമായ ദൈവം' സൃഷ്ടി സ്ഥിതികളെ ചെയ്യുമ്പോഴും, ആനന്ദങ്ങളും ശക്തികളും ഉൾപ്പെടെ സർവ്വത്തിനും അതീതമായിത്തന്നെ (മഹാസത്യം) തുടരുന്നതാണ്.

ആനന്ദങ്ങളെയും അവയെ നേടാനുള്ള ഉപാധികളായ ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയും ശരണത്തെയും കാലത്തെയും മഹാനീതിയെയുമെല്ലാം നേരിട്ടു നൽകണമെങ്കിൽ മഹാസത്യമായ ദൈവം ആനന്ദങ്ങളും ശക്തികളും ശാസ്ത്രങ്ങളുമെല്ലാം ചേർന്ന പ്രപഞ്ച-ഭാഗമായിട്ട് അവതരിക്കേണ്ടതുണ്ട്.

ആനന്ദങ്ങളെ സമമായിട്ട് എല്ലാ കുഞ്ഞുങ്ങൾക്കും നൽകണമെങ്കിൽ, മഹാപരിപാലനവും മഹാനീതിയും കൂടി ചെയ്യാൻ സ്രഷ്ടാവ് തയ്യാറാകേണ്ടതുണ്ട്. അപ്പോൾ ആനന്ദങ്ങളായി അവതരിക്കുന്നത് ഭാഗികമായിട്ടാവണം. ആദിയും അന്തവും ഇല്ലാത്ത മഹാമായയും കൂടിയായ മഹാസത്യം, ഭാഗികം, സമ്പൂർണ്ണം തുടങ്ങിയവയ്ക്കെല്ലാം എപ്പോഴും അതീതവുമാണ് ! മനുഷ്യർ അറിയുന്ന പ്രപഞ്ചത്തിന്റെയോ അനന്തമായ മറ്റു പ്രപഞ്ചങ്ങളുടെയോ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യാനും അതേസമയം തന്നെ ശബ്ദബ്രഹ്മം കൂടിയായ ഓം ആയി വേറിട്ടു നിൽക്കാനുമെല്ലാം മായാമഹാശക്തിയായ ദൈവത്തിനു കഴിയുമെന്ന് ഓം എന്ന അദ്ധ്യായത്തിൽ വിശദീകരിക്കുന്നുണ്ട്.

## കുഞ്ഞുങ്ങളായി സൃഷ്ടിക്കുന്ന (ജീവികളുടെ സ്വത്വങ്ങളായ) ആത്മാക്കളോട് 'മഹാസത്യമായ ദൈവം' പുലർത്തുന്നതും അവർക്കു തന്നെ തിരിച്ചു നൽകുന്നതുമായ 'മഹാവാത്സല്ല്യത്തെ' സ്വന്തം ആനന്ദവും സ്വാർത്ഥവുമായി 'ദൈവം' നിശ്ചയിച്ചിരിക്കുന്നു.

വസ്തുക്കൾ പ്രവർത്തിക്കുമ്പോഴും ചുറ്റുമ്പോഴുമെല്ലാം ശബ്ദം ഉണ്ടാകും എന്നൊരു ശാസ്ത്ര നിയമത്തെ സൃഷ്ടിച്ചുകൊണ്ട് ഭൂമിയുടെ ഓരോ ആറ്റത്തിലേക്കും ഓം എന്ന ശബ്ദബ്രഹ്മമായി മഹാസത്യവും പ്രപഞ്ചത്തിന് അതീതവുമായ ബ്രഹ്മം പ്രവേശിക്കുന്നതിൽ നിന്നാണ് പ്രപഞ്ചത്തിലെ എല്ലാ ശബ്ദവും ഉണ്ടായിട്ടുള്ളത്. ശബ്ദമില്ലാത്ത ലോകം നിശ്ചലം പോലെയാണ്! ശബ്ദബ്രഹ്മത്തിന്റെ സാന്നിധ്യമാണ് ആറ്റങ്ങളിലെ ഘടകങ്ങളെയും സമസ്ത ആറ്റങ്ങളെയും മൂലകങ്ങളെയും രൂപാന്തരമായ ജീവികളുടെ ശരീരങ്ങളെയും ശവങ്ങളെയുമെല്ലാം പുനർസൃഷ്ടിക്കുന്നതും വ്യത്യസ്ത ശക്തികളാക്കി സദാ പരിണമിപ്പിക്കുന്നതും നിലനിർത്തുന്നതും.

ശക്തികളെ മറ്റു ശക്തികളായി പരിണമിപ്പിക്കുവാൻ വിശേഷ ബുദ്ധി കൊണ്ടറിയുന്ന ശാസ്ത്ര നിയമങ്ങൾ പ്രകാരം ജീവികളെ അനുവദിച്ചിട്ടുണ്ടെങ്കിലും ശരീരത്തിലെ അവയവങ്ങളെ സൃഷ്ടിക്കാൻ അനുവദിച്ചിട്ടില്ല. കാരണം ശരീരത്തിലൂടെ ഭൂമി ചെയ്യുന്ന മഹാനീതി നടത്തിപ്പ് സൃഷ്ടികളെ ഏല്പിച്ചു കൂടാ.

'മഹാശക്തിയായ ശിവയും ഭാഗമായ ശിവനും ചേർന്ന ഭൂമിയുടെ' അംശമായ മൂലകങ്ങളിലും അവയുടെ സംയുക്തങ്ങളിലും, രൂപാന്തരമായ ജീവികളുടെ ശരീരാവയവങ്ങളിലും ശിവയുടെ മഹാജ്ഞാനമായ മഹാശാസ്ത്രം പ്രകാരം ലയിച്ചിരിക്കുന്ന ശരീര-രൂപങ്ങളും, ന്യൂന+അധികശക്തികളും, ജ്ഞാനവും ആനന്ദങ്ങളും സ്വാതന്ത്ര്യവുമാണ് ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളെ മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ എന്നിങ്ങനെ ജീവി വർഗ്ഗങ്ങളായും ഇനങ്ങളായും; സ്ത്രീ പുരുഷ ജാതികളായും ഒരുക്കുന്നതും, ജീവിത-ധർമ്മം നിശ്ചയിക്കുന്നതും. ജീവികളുടെ ശരീരത്തിലെ അവയവങ്ങളാണ് 'ഭൂമിയുടെ ധർമ്മ-ദ്രാവകരൂപമായ ജലത്തെ മാധ്യമമാക്കിയും, ഭൂമിയുടെ സ്വത്വവും സത്യ-സൃഷ്ടി-വാതകരൂപവും ജീവികളുടെയെല്ലാം ജീവനുമായ ഓക്സിജന്റെ നിയന്ത്രണത്തിനു വിധേയമായും' പ്രവർത്തിച്ച് ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് വിശപ്പും ദാഹവും ക്ഷീണവും ഉണ്ടാക്കുകയും 'മൂലകങ്ങളായ ഭക്ഷണവും ശരീരാവയവങ്ങളും' പ്രവർത്തിച്ച് ഭക്ഷണ-രുചി ആനന്ദവും, സംതൃപ്തിയും, ശക്തികളും ജ്ഞാനവും 'അവയവ-വളർച്ചയും രൂപമാറ്റവും' സ്വാതന്ത്ര്യങ്ങളും ലഹരിയും വേദനകളും രോഗങ്ങളും ഉറക്കവും തജ്ജന്മ-മരണവുമെല്ലാം സൃഷ്ടിച്ച് ഓരോ ആത്മാവിനും ഓരോ ദൈവം പോലെ നേരിട്ടു നൽകുന്നത്.

ഏതൊരു ജീവിയുടെയും സ്വത്വമായ ആത്മാവിന്റെ ആഗ്രഹം പ്രകാരമോ നിർബ്ബന്ധിക്കപ്പെട്ടോ, അറിഞ്ഞോ അറിയാതെയോ, സ്വന്തമെന്നു കരുതുന്ന ശരീരത്തിലെ അവയവങ്ങളെ ഉപയോഗിച്ച് മറ്റു ജീവികളുടെ ശരീരത്തിലെ ഭാഗങ്ങളെയോ അവയവങ്ങളെയോ ഭക്ഷണമോ മരുന്നുകളോ വിഷമോ ഒക്കെയായി സ്വീകരിക്കാൻ ജീവികളുടെ ആത്മാക്കൾക്കു കഴിയുമ്പോൾ, ശരീരത്തിലേക്ക് പ്രവേശിക്കുന്ന മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ശക്തികളും ശാസ്ത്രങ്ങളും ആനന്ദങ്ങളും ലഹരിയും വേദനകളും മറ്റു ഗുണങ്ങളുമെല്ലാം ആത്മാവിന് ലഭിക്കുകയാണ്.

സൃഷ്ടികളായ ആത്മാക്കൾക്ക് അനന്തമായ ആനന്ദങ്ങളെ നൽകാൻ മഹാമാതാവായ ഭൂമി തയ്യാറാകുന്നതിനു മുമ്പ്, ആനന്ദങ്ങളെ സ്വീകരിക്കാനും ആനന്ദിക്കാനും കഴിയുന്ന ശക്തികളെയും കൂടി അസ്തിത്വം ഉൾപ്പെടെ യാതൊന്നും സ്വന്തമായിട്ട് ഇല്ലാത്തവരായ ആത്മാക്കൾക്ക് ഇന്ദ്രിയങ്ങളിലൂടെയും മറ്റും നൽകുന്നുമുണ്ട്. കുഞ്ഞുങ്ങൾ മാത്രമായി എല്ലാ ആത്മാക്കളെയും സൃഷ്ടിച്ചിരിക്കെ, സമആനന്ദമായ മഹാനീതിയെ നൽകാനും മഹാമാതാപിതാക്കളായ ഭൂമിക്ക് ബാദ്ധ്യതയുണ്ട്. ശരീരത്തിലെ അവയവങ്ങളും ജന്മഗുണങ്ങളുമെല്ലാം അതിനു വേണ്ടിയാണ്.

ആത്മാവിന്റെ പ്രത്യക്ഷ ജന്മഗുണങ്ങളായ നിറം, മുഖഛായ, സൗന്ദര്യം, തിരിച്ചറിയൽ തുടങ്ങിയവയെ ജീവികളുടെ ചർമ്മം, വിരലടയാളം, കൺമണി തുടങ്ങിയവയിലൂടെ പ്രതിഫലിപ്പിക്കുന്നുണ്ട്. അവയെയും, ശരീരത്തിൽ പ്രത്യക്ഷമല്ലാത്ത മറ്റു ജന്മഗുണങ്ങളായ ആയുസ്സ്, ആരോഗ്യം, ബുദ്ധിശക്തി, ഓർമ്മശക്തി, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ബന്ധുക്കൾ, ജനന രോഗങ്ങൾ, അംഗവൈകല്യം, ജനനസ്ഥലം, തുടങ്ങിയവയും സ്വത്വങ്ങൾക്ക് യഥാർത്ഥത്തിൽ ദാനമായി ലഭിക്കുകയാണ്. ചെറിയൊരു സ്വാതന്ത്ര്യത്തെ മൂലകങ്ങളിലെ ശാസ്ത്രങ്ങൾ സ്ഥിതിപരമായ വിധിപ്രകാരം ആത്മാക്കൾക്ക് നൽകുന്നുണ്ട് എന്നേയുള്ളൂ.

ഭൂമിയുടെ സൂക്ഷ്മാംശങ്ങളായ ആറ്റങ്ങളിലെ പ്രോട്ടോൺ ഇലക്ട്രോൺ ന്യൂട്രോൺ ക്വാർക്കുകൾ തുടങ്ങിയ ശിവ(ശക്തി)-ശിവൻ ഘടകങ്ങൾ സൃഷ്ടിക്കുകയും; സ്ഥൂലാംശമായ മൂലകങ്ങളിലും അവയുടെ സംയുക്തങ്ങളിലും, രൂപാന്തരമായ ജീവികളുടെ ശരീര-അവയവങ്ങളിലും, ലയിച്ചിരിക്കുകയും ചെയ്യുന്നതായ ബഹുവിധ ശക്തികളെയും ശാസ്ത്രങ്ങളെയും ആനന്ദങ്ങളെയും മനസ്സിലാക്കാനും, അവയെ ഉപയോഗിച്ച് ഉപകരണങ്ങളും വാഹനങ്ങളും യന്ത്രങ്ങളും ടിവിയും മൊബൈൽ ഫോണുകളും, സന്ദേശ കൈമാറ്റവും, അവയവമാറ്റങ്ങളും, മറ്റു സർജറികളും ഉൾപ്പെട്ട ആനന്ദങ്ങളെ വർദ്ധിപ്പിക്കാനും, മനുഷ്യരുടെയും മറ്റു ജീവികളുടെയും ജീവിതകാര്യങ്ങളിൽ ഇടപെടാനും അവരെ ഭരിക്കാനും മനുഷ്യരുടെ ആത്മാക്കൾക്കു കഴിയുന്നത് മനുഷ്യശരീരം വിശേഷബുദ്ധിയെ നൽകുന്നതു കൊണ്ടാണ്. ഓക്സിജനെപ്പറ്റിയും മറ്റും ഈ ദിവ്യമഹാവേദ ഗ്രന്ഥത്തിൽ മഹാശാസ്ത്ര പരമായി വിശദീകരിച്ചിട്ടുണ്ട്; തെളിയിച്ചിട്ടുമുണ്ട്.

എല്ലാ സൃഷ്ടി ചക്രങ്ങളുടെയും രണ്ടാമത്തെ പകുതിയിൽ ഭൂമിയിലെങ്ങും **3** മുതൽ **33** വർഷക്കാലം മാത്രം 'ഓം' മുഴക്കി ക്കൊണ്ട് സത്യയുഗവും ദൈവവിപ്ലവവും ആരംഭിക്കുന്നതും, ഓരോ ആത്മാവിനും **3** വർഷം തുടർച്ചയായി കേൾക്കാൻ കഴിയുന്നതും, മനുഷ്യരുടെ ജീവിതത്തിലെ ധാർമ്മിക അധഃപതനത്തെ തിരുത്താനുള്ള വഴിയൊരുക്കുന്നതുമാണ്. ഏറ്റവും ഉചിതമായിട്ട് ശബ്ദ ബ്രഹ്മം 'ഓം' ആണെന്ന് മഹാസംഗീതമായി 'ഓം' മുഴക്കിത്തന്നെ ബ്രഹ്മം കൂടിയായ ഏകദൈവം വെളിപ്പെടുത്തുന്നു! ഉടനെയുണ്ടെന്നു മാത്രമല്ല; ഭൂമിയിൽ മുഴുവനുമാണ് 'ഓം' മുഴങ്ങുക. സ്വന്തം ഇഷ്ടപ്രകാരമല്ലാതെ ഒരേ ഭൂമിയുടെ അംശമായ വ്യത്യസ്ത പ്രദേശങ്ങളിൽ ജനിക്കുകയും വളരുകയും ചെയ്തിട്ടും പ്രദേശങ്ങളുടെ പേരിൽ ദുരഭിമാനവും ദുസ്വാർത്ഥങ്ങളും പുലർത്തിക്കൊണ്ട് ഭൂമിയുടെ കുഞ്ഞുങ്ങളാണെന്ന ബോധമില്ലാതെ തമ്മിലടിക്കുകയും കൊല്ലുകയും കൊല്ലാക്കൊല ചെയ്യുകയും ചെയ്യുന്ന വിവരദോഷികളെ ഭൂമിയുടെ അംശമായ മൂലകങ്ങളിലും ജീവികളുടെ ശരീരങ്ങളിലും ലയിച്ചിരിക്കുന്ന വേദങ്ങളായ ഭൗതിക ധർമ്മ നീതി ശാസ്ത്രങ്ങളുടെ ഭാഗം കൂടിയായ 'കുറ്റങ്ങളും കുറവുകളും ഇല്ലാത്ത ഓംകാര നീതിശാസ്ത്രം പ്രകാരം' മഹാശക്തിയായ ഭൂമി മഹാവാത്സല്ല്യത്തോടെ ശിക്ഷിച്ചു തിരുത്തുന്നതും അക്കൂടെ മനസ്സിലാക്കാൻ കഴിയും. എങ്ങനെയെന്നാൽ എല്ലാ മനുഷ്യരുടെയും ശരീരങ്ങളിൽ നിന്നും മഹാശാസ്ത്ര പരമായി 'ഓം' മുഴങ്ങുന്നതാണ്. ഭൗതികമായ അസ്തിത്വം ഇല്ലാത്ത മത-ജാതി-രാഷ്ട്രീയ-ദേശീയ കോപ്രായങ്ങളെ ചുമന്നു നടന്നവർ സ്വയം തിരുത്തുന്നതാണ്. ആവിധ കാര്യങ്ങളെ തൽക്കാലം മാറ്റി വെയ്ക്കുന്നു.

ഭൂമിയിലെ ജനപ്പെരുപ്പം വർദ്ധിക്കുകയും, ഭൗതികശാസ്ത്ര സാങ്കേതിക വികസനം ഏറെക്കുറെ പൂർണ്ണമായി ക്കൊണ്ട് ഒരു മനുഷ്യജന്മം കൊണ്ട് ഇനിയും കൂടുതൽ ആനന്ദങ്ങളെ അനുഭവിക്കാൻ കഴിയാതെ വരികയും, സാമൂഹിക സാംസ്കാരിക രാഷ്ട്രീയ കലാ സാഹിത്യ മാധ്യമ മേഖലകളിലെല്ലാം പൂരിതാവസ്ഥ അടുക്കുകയും, ഭൂമിയുടെ എല്ലാ പ്രദേശങ്ങളിലെയും മനുഷ്യരിൽ ധാർമ്മികമായ അധഃപതനം മൂർച്ഛിച്ച് ഭൂമിയുടെ കുഞ്ഞുങ്ങളായ മനുഷ്യരാണെന്നതു പോലും തിരിച്ചറിയാതെ മത-ജാതി-രാഷ്ട്രീയ-ദേശീയ ജീവികളായി തമ്മിലടിക്കുകയും കൊല്ലുകയും കൊല്ലാക്കൊല ചെയ്യുകയും ചെയ്യുന്ന അവസരത്തിൽ 'ഓം' മുഴക്കി ക്കൊണ്ട് സത്യയുഗവും ദൈവവിപ്ലവവും ആരംഭിക്കുമ്പോൾ, മത-ജാതി-രാഷ്ട്രീയ-ദേശീയ ജീവികൾ വിഷമിക്കുകയും നിരീശ്വരവാദികൾ ഉൾപ്പെടെയുള്ള മനുഷ്യസ്നേഹികൾ സന്തോഷിക്കുകയും, ഏതാനും വർഷങ്ങൾ കൊണ്ടു തന്നെ ഒരേ ഭൂമിയുടെ കുഞ്ഞുങ്ങളെന്ന ബോധത്തോടെ എല്ലാ മനുഷ്യരും സന്തോഷം പങ്കുവെച്ചു ജീവിക്കുന്നതുമാണ്. സൃഷ്ടി ചക്രത്തിന്റെ സംഹാരം അടുത്ത **5500** വർഷക്കാലം കൊണ്ട് പൂർത്തിയാകുമ്പോൾ, സൃഷ്ടി മന്ത്രമായും ആദിവചനമായും 'ഓം' മുഴങ്ങിയ വസ്തുതകൾ പഴങ്കഥ പോലെയുമാകും!പ്രപഞ്ചത്തിലെ ആറ്റങ്ങളിലെ പ്രോട്ടോണുകളെ ഇലക്ട്രോണുകൾ എല്ലായ്പ്പോഴും ചുറ്റുന്നത് ഉൾപ്പെടെ ന്യൂട്രോൺ ക്വാർക്കുകൾ തുടങ്ങിയവയിലും; ആറ്റങ്ങളുടെ യോഗമായ തന്മാത്രകളിലും മൂലകങ്ങളിലും സംയുക്തങ്ങളിലും, അവയെ ഉപയോഗിച്ച് നിർമ്മിച്ചിരിക്കുന്നതായ ജീവികളുടെ ശരീരങ്ങളിലും അനന്തമായ ശക്തികളോടൊപ്പം ലയിച്ചിരിക്കുന്ന, യഥാർത്ഥ വേദങ്ങളായ 'ഭൗതിക ധർമ്മ നീതിശാസ്ത്രങ്ങൾ' പ്രകാരമാണ് ജീവികളും ആത്മാക്കളും ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെല്ലാം നിർവ്വഹിക്കപ്പെടുന്നത്. മനുഷ്യരെല്ലാം അനുഭവിച്ചറിയുന്ന സത്യങ്ങളാണവ. ശരീരത്തിലെ അവയവങ്ങളും മൂലമായ മൂലകങ്ങളും ഭൂമിയും നൽകുന്ന വിശേഷ ബുദ്ധിയെ ദുരുപയോഗം ചെയ്യുന്നതുകൊണ്ട് മനുഷ്യർ തൽക്കാലം തിരിച്ചറിയുന്നില്ല എന്നേയുള്ളൂ.

മനുഷ്യന് ലഭിച്ച വിശേഷ ബുദ്ധി കൊണ്ട് മനുഷ്യന്റെ സ്വത്വമായ ആത്മാവ് ശരീരത്തിന്റെ ഭാഗമല്ലെന്ന് ശാസ്ത്രപരമായി ബോദ്ധ്യപ്പെട്ടിരിക്കെ; ആത്മാക്കൾക്ക് എന്തെങ്കിലും പ്രവൃത്തികളെ ചെയ്യാൻ ശരീരത്തിന്റെ ഭാഗമായ അവയവങ്ങളെ ഉപയോഗിച്ചു മാത്രമേ കഴിയുകയുള്ളൂ എന്നും, അതാണ് സംഭവിക്കുന്നതെന്നും വ്യക്തമാണ്. പ്രവൃത്തി ചെയ്യാൻ ആത്മാക്കളെ, ശരീരത്തിലെ അവയവങ്ങൾ അനുവദിക്കണമെന്നും, പൊതുവെ അനുവദിക്കുന്നുണ്ട് എന്നും അനുഭവിച്ചു തന്നെ അറിയുന്നതാണ്. അസ്തിത്വം പോലും സ്വന്തമായിട്ട് ഇല്ലാത്തവയും, ശൂന്യത ബാധകമായവയും, സൃഷ്ടി മാത്രവുമായ (മനുഷ്യരുടെ) സ്വത്വങ്ങളായ ആത്മാക്കൾക്ക് പ്രവൃത്തികളെ 'നേരിട്ടു ചെയ്യാനുള്ള' ശക്തിയും, അവകാശവും അധികാരവും യോഗ്യത ഇല്ലെന്നും തെളിയുന്നുണ്ട്.

എല്ലാ ജീവികളുടെയും സ്വത്വങ്ങളായ ആത്മാക്കൾക്ക് ജീവിക്കാൻ ആവശ്യമായ ശക്തികളെയും ജ്ഞാനത്തെയും ആനന്ദങ്ങളെയും സ്വാതന്ത്ര്യങ്ങളെയും ശരണങ്ങളെയും നൽകുന്നത് ശരീരത്തിലെ അവയവങ്ങളും, 'അവയവങ്ങളെ സൃഷ്ടിക്കാൻ ഉപയോഗിക്കപ്പെട്ട മൂലകങ്ങളും, സംയുക്തങ്ങളും, അവയുടെ മൊത്തവും മണ്ണുമായ ഭൂമിയും, ഭൂമിയുടെ ധർമ്മ ദ്രാവക രൂപമായ ജലവും, ഭൂമിയുടെ സ്വത്വവും ജീവികളുടെയെല്ലാം ജീവനുമായ ഓക്സിജനും' കൂടിയാണ്.

സ്വന്തമെന്നു കരുതുന്ന ശരീരത്തിലെ അവയവങ്ങളെ ആത്മാവിന്റെ ഇഷ്ടം പ്രകാരം കൂടി പ്രവർത്തിപ്പിക്കുവാൻ, അവയവങ്ങളിലും 'അവയുടെ മൂലവും ഭൂമിയുടെ അംശവുമായ മൂലകങ്ങളിലും' ലയിച്ചിരിക്കുന്നതും അവ അനുവദിക്കുന്നതുമായ സമ്പൂർണ്ണ സ്വാതന്ത്ര്യം പ്രകാരം കഴിയുമെങ്കിലും ധർമ്മശാസ്ത്ര പരമായി മാത്രം പ്രവർത്തിക്കുവാനും ആനന്ദിക്കുവാനും ആത്മാവിന് അവയവങ്ങളോടും മൂലമായ ഭൂമിയോടും ബാദ്ധ്യതയുണ്ട്.

**ധർമ്മശാസ്ത്രത്തിനു വിരുദ്ധമായി അവയവങ്ങളെ ഉപയോഗിച്ച് ആത്മാക്കൾ പ്രവൃത്തികളെ ചെയ്താൽ, മഹാനീതി കൂടിയായായ ഭൂമി ഓംകാര നീതിശാസ്ത്രം പ്രകാരം അവയവങ്ങളെ കൊണ്ടുതന്നെ ആത്മാക്കളെ ശിക്ഷിച്ചു തിരുത്തുന്നതാണ്.**

ഭൂമിയുടെ അംശമായ മൂലകങ്ങൾ എല്ലാ ജീവികളുടെയും സ്വത്വങ്ങളായ ആത്മാക്കളുടെ സ്വന്തമെന്നോണമുള്ള ശരീരങ്ങളുടെ ഭാഗങ്ങളും അവയവങ്ങളുമായി രൂപപ്പെടുന്നതും, ശരീരത്തിലെ കോശങ്ങളെല്ലാം നിരന്തരം മാറ്റപ്പെടുന്നതും അതിലൂടെ ശരീരവളർച്ച, രോഗങ്ങൾ രോഗമുക്തി, ജരാനരകൾ തുടങ്ങിയവ നടപ്പാക്കപ്പെടുന്നതും, ശരീരവും മൂലമായ ഭൂമിയും നിശ്ചയിക്കുന്നതു പോലെ ആത്മാക്കൾ പുറത്താക്കപ്പെട്ട് ജീവികളുടെ തജ്ജന്മ ജീവിതം അവസാനിക്കുന്നതും ശരീരത്തിലെ എല്ലാ അവയവങ്ങളും വീണ്ടും മണ്ണായ ഭൂമിയായി മാറുന്നതും; ഫലത്തിൽ എല്ലാ ജീവികളുടെയും ശരീരങ്ങൾ ജനിച്ചും പുനർജ്ജനിച്ചും നിലനിൽക്കുന്നതും, മനുഷ്യർ കണ്ടും കേട്ടും അനുഭവിച്ചും അറിയുന്ന വസ്തുതകളാണ്. ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളുടെ കാര്യത്തിലും അങ്ങനെ തന്നെ സംഭവിക്കുന്നു. എന്നാൽ വിശേഷ ബുദ്ധിയെ ഉപയോഗിക്കാതെ മനുഷ്യർ കടുത്ത അപരാധം ചെയ്യുന്നുണ്ട്.

പുനർജ്ജന്മ കാര്യങ്ങളെ ശരിവെക്കുന്ന ഇതിഹാസ ഗ്രന്ഥങ്ങളെ ചുമന്നു പോന്നിട്ടും, 'ഭൂമിയുടെ അംശങ്ങളും അവയവങ്ങളുമായി ഭൂമിയിലെ പ്രദേശങ്ങളെ തിരിച്ചറിയാതെ, എറുമ്പുകൾക്കും പക്ഷികൾക്കും മൃഗങ്ങൾക്കും പോലും ഇല്ലാത്തതും ജീവിക്കാൻ ആവശ്യമില്ലാത്തതുമായ മത-ജാതി-രാഷ്ട്രീയ-ദേശീയതകളും ബന്ധപ്പെട്ട 'ഭൗതിക അസ്തിത്വം ഇല്ലാത്ത' വിശ്വാസങ്ങളും, ആചാരങ്ങളും, അനുഷ്ഠാനങ്ങളും, ദേവാലയങ്ങളും, നിയമ സംവിധാനങ്ങളും, പാസ്പോർട്ടുകളും വിസാകളും സൈന്യങ്ങളും ആയുധങ്ങളും മറ്റും വർദ്ധിപ്പിക്കാനാണ് ഇന്ത്യയെപ്പോലുള്ള രാജ്യങ്ങളിലും ശ്രമം ഉണ്ടായത്.

ഈ ദിവ്യ മഹാവേദഗ്രന്ഥത്തിൽ ശാസ്ത്ര പരമായി തെളിയിച്ചിട്ടുള്ള മഹാനീതിശാസ്ത്രമായ 'ഓംകാര നീതിശാസ്ത്രത്തിന്റെ കാതലായ മഹാപുനർജ്ജന്മ സിദ്ധാന്തം പ്രകാരം' ഇന്ത്യയിൽ ഉൾപ്പെടെ ഭൂമിയിലെവിടെയും സ്വന്തം ഇഷ്ടപ്രകാരമല്ലാതെ പുനർജ്ജനിക്കുമെന്ന്, ഉറപ്പിച്ചു വിശ്വസിക്കാനും ഉചിതമായി പ്രചരിപ്പിക്കാനും തയ്യാറാവാഞ്ഞത് വളരെ വലിയ പിഴവാണ്. ഇന്നലെ ജനിച്ച്, ഇന്നു ജീവിക്കുകയും ശേഷം മരണപ്പെട്ട് നാളെ ഭൂമിയിലെ മറ്റൊരിടത്ത് സ്ത്രീ പുരുഷൻ, നിറം, മുഖഛായ, സൗന്ദര്യം, ഉയരം, ആയുസ്സ്, ആരോഗ്യം, ബുദ്ധിശക്തി, ഓർമ്മശക്തി, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, തുടങ്ങിയ ജന്മഗുണങ്ങൾ വ്യത്യാസപ്പെട്ട് ജനിക്കുകയും വളരുകയും ചെയ്യുന്നതിനെ പ്പറ്റി ജാഗരൂകരാകാൻ ഇന്ത്യയിൽ ലഭിക്കുന്ന ജന്മങ്ങളിൽ  ആത്മാക്കൾക്ക് പ്രത്യേക ബാദ്ധ്യതയും ചുമതലകളും ഉണ്ട്.

'ഓം' എന്താണെന്നു വിശദീകരിക്കുവാൻ കൂടുതൽ യോഗ്യത അത്യാവശ്യമാണ്. മഹാസത്യവും ബ്രഹ്മവും ശിവയും ഏകദൈവവുമായ 'ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളീ ദേവി', വിജയദശമി എന്നറിയപ്പെടുന്ന മഹാദശമി രാത്രിയിൽ ഈയുള്ളവന്റെ നാവിൽ 'ഓം' -ന്റെ അക്ഷരബ്രഹ്മ-മൂലരൂപമായ ' 3 ' കുറിച്ചതാണെന്ന് എളിമയോടെയും സന്തോഷത്തോടെയും അറിയിക്കുന്നു. മാത്രമല്ല; ഓം -ന്റെ അക്ഷര ബ്രഹ്മരൂപത്തിലെ 'ചന്ദ്രക്കലയും നക്ഷത്രവും' ഈയുള്ളവന്റെ നെറ്റിയുടെ ഇടതു ഭാഗത്ത് മഹാഭദ്രകാളീദേവി എപ്പോഴോ മുദ്രണവും ചെയ്തിട്ടുണ്ട്. മഹാദേവിയെന്ന് ചുരുക്കിപ്പറയുന്ന 'മഹാഭദ്രകാളീദേവി' ഈയുള്ളവന് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള മഹാപദവികളുടെയും ബന്ധപ്പെട്ട ശക്തികളുടെയും ശാസ്ത്രങ്ങളുടെയും മഹാനീതിയും മഹാശാസ്ത്ര പരമായ വിശദീകരണവും, 'മഹാശിവയുടെ മത്സ്യാവതാരം' പോലെയുള്ള 'മായ' ക്കാര്യങ്ങളും, മറ്റു ദൈവകാര്യങ്ങളും, ജീവികൾ ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളുമെല്ലാം 'മനുഷ്യൻ' എന്ന ഈ ദിവ്യമഹാവേദഗ്രന്ഥത്തിൽ ലഭ്യമാണ്.

ഭൂമിയിൽ ഉടനെ സത്യയുഗം ആരംഭിച്ച ശേഷം, ഇപ്പോഴത്തെ സൃഷ്ടി ചക്രത്തിലെ മനുഷ്യാത്മാക്കളുടെ നക്ഷത്ര-മോക്ഷമായ 'സംഹാരം' പുരോഗമിക്കുമ്പോൾ, കാലാനുസൃതമായി കേരളത്തിൽ പുനർജ്ജനിച്ചു കൊണ്ടിരിക്കുന്ന ഭൂമിയുടെ പൊന്നോമന കുഞ്ഞുങ്ങളായ എല്ലാ മനുഷ്യർക്കും, 'അർദ്ധമഹാദേവീ' രൂപം പ്രതിഫലിക്കുന്ന മഹാപിതാവായ പരമശിവനിലൂടെ ഓരോ മനുഷ്യന്റെയും നാവിൽ 'ഓം' കുറിച്ചു കൊണ്ട് യഥാർത്ഥ വേദങ്ങളും മഹാശാസ്ത്രവുമായ ഭൗതിക ധർമ്മ നീതി ശാസ്ത്രങ്ങളെ മഹാദേവി മഹാഅനുഗ്രഹിച്ചു നൽകുന്നുണ്ട്.

മനുഷ്യാവസ്ഥയിൽ ഓരോ ആത്മാവിനും അനുവദിച്ചിട്ടുള്ള 100 ജന്മങ്ങളിലെ 90 മുതൽ 95 വരെയുള്ള പുരുഷ ജന്മങ്ങളിലൊന്നിൽ ഏറെക്കുറെ 50 വയസ്സുള്ളപ്പോൾ മഹാശാസ്ത്രം ലഭിച്ച് ദൈവം എന്താണെന്ന് സുവ്യക്തമായി അറിയുകയും ദൈവത്തിന്റെ മഹാവാത്സല്ല്യത്തെ ഓർത്തോർത്ത് വിതുമ്പിക്കരയുകയും ചെയ്യുന്നതാണ്. പ്രസ്തുത ജന്മത്തിൽ 50 വയസ്സിനടുത്ത് മഹാശാസ്ത്രം ലഭിച്ചതിന്റെ ശിഷ്ടകാലം മാത്രമാണ് ദൈവത്തെ ആരാധിക്കാൻ മനുഷ്യരെ ദൈവം അനുവദിച്ചിട്ടുള്ളത്. ആരാധനാ വാചകം : 'ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.'

************************************

## സ്രഷ്ടാവ് നൽകുന്നവ മാത്രം കൊണ്ട് ജീവിക്കുന്ന സൃഷ്ടികൾ ലഭിക്കുന്നവയെ നല്ലതായി കരുതി ക്കൊണ്ട് മറ്റു സൃഷ്ടികൾക്ക് പങ്കുവെക്കുന്നത് ശ്രേഷ്ഠമാണ്. സ്രഷ്ടാവിനു നൽകുന്നതായി ഭാവിച്ച് കോപ്രായങ്ങൾ കാട്ടുന്നത് ദൈവനിന്ദയുമാണ്.

************************************

മഹാസത്യവും ഓംമഹാശക്തിയും, ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്ത ഏകദൈവവുമായ മഹാഭദ്രകാളീദേവിയുടെ ആദിയും അന്തവുമില്ലാത്ത മഹാജ്ഞാനത്തിന്റെ ഓഹരിയാണ് യഥാർത്ഥ വേദങ്ങളായ ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങൾ.

ഭൗതിക ശാസ്ത്രം, ധർമ്മ ശാസ്ത്രം, നീതി ശാസ്ത്രം എന്നിങ്ങനെ ശാസ്ത്രങ്ങളെ 3 പ്രധാന വിഭാഗങ്ങളായും അനന്തമായ ഉപ-ഉപ വിഭാഗങ്ങളായും വിഭജിക്കാൻ കഴിയും. യഥാർത്ഥമായ 3 വേദങ്ങളും അവ തന്നെയാണ്. അവ പ്രകാരമാണ് പ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെല്ലാം നിർവ്വഹിക്കപ്പെടുന്നത്. മൂന്നാമത്തെ വേദമായ 'നീതി ശാസ്ത്ര'ത്തിന്, ആത്മീയശാസ്ത്രം, ആദ്ധ്യാത്മിക ശാസ്ത്രം, മഹാനീതി ശാസ്ത്രം, ഓംകാര നീതിശാസ്ത്രം തുടങ്ങിയ പേരുകൾ ഉണ്ടെങ്കിലും, മഹാസത്യമായ ദൈവം ജീവിയല്ലെങ്കിലും ഒരു മഹാജീവിയെപ്പോലെ 'മഹാരൂപരേഖ' പ്രകാരം സർവ്വവും ചെയ്യുകയാലും, പിന്നീട് തെളിയിക്കുന്നതു പോലെ ദിവ്യമായ മഹാജീവിരൂപങ്ങളെ സ്വീകരിക്കുകയാലും, മഹാസത്യമായ ദൈവത്തിന്റെ മഹാഹൃദയവും, പ്രപഞ്ചത്തിന്റെ ശക്തി നിയന്ത്രണസത്തയുമായ ഓംകാരത്തിൽ നിന്നും സർവ്വം ഉത്ഭവിക്കുന്നതിനാൽ ഓംകാരനീതിശാസ്ത്രം എന്ന് വിശേഷിപ്പിക്കുന്നത് ഏറ്റവും ശരിയാണ്.

'ഏകമായ മഹാസത്യം' രണ്ടാവാതെ രണ്ടായി മാറുന്ന മഹാത്ഭുത ദിവ്യ വിദ്യയുണ്ട്; പിന്നീട് വിശദീകരിക്കുന്നുണ്ട്. ആവിധം രണ്ടായി മാറുമ്പോൾ, രണ്ടാമത്തെ ഭാഗത്തിന് സ്വന്തമായിട്ട് അസ്തിത്വം ഇല്ല തന്നെ. അസ്തിത്വവും ശക്തികളും ജ്ഞാനവും ആനന്ദങ്ങളുമെല്ലാം രണ്ടാമത്തെ ഭാഗത്തിന് നൽകണമോ എന്നും എങ്ങനെയെല്ലാം നൽകണമെന്നും നിശ്ചയിക്കുന്നത് ആദ്യ ഭാഗത്തെ ആശ്രയിച്ചാണിരിക്കുന്നത്. മഹാസത്യത്തിന്റെ ആദ്യ ഭാഗം കനിഞ്ഞ് രണ്ടാമത്തെ ഭാഗത്തിലൂടെ അറിയിക്കുന്ന മഹാകാര്യങ്ങളെ, മനുഷ്യാവസ്ഥയിൽ ലഭ്യമായ വിശേഷ ബുദ്ധി കൊണ്ട് വിശകലനം ചെയ്ത് ശരിയെന്നു ബോദ്ധ്യപ്പെട്ടാൽ മാത്രം മനുഷ്യർ അവരവർക്കു വേണ്ടി ഉൾക്കൊണ്ട് ജീവിക്കുകയേ വേണ്ടൂ.

**************************************

സ്വന്തം 'മായ' കൊണ്ട് നിർവ്വഹിക്കുന്ന സൃഷ്ടി സ്ഥിതികളുടെ ഉദ്ദേശങ്ങളെ 'മഹാസത്യം' വെളിപ്പെടുത്തുന്നതിനെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യാനും മനസ്സിലാക്കാനും മനുഷ്യർക്ക് കഴിയുന്നതാണ്.

പ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതികളെ സത്യമായും കൃത്യമായും മനുഷ്യരെ അറിയിക്കാൻ പ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതികളെ ചെയ്തു പോരുന്ന 'ആദിയും അന്തവും ഇല്ലാത്ത മഹാസത്യത്തിനു' മാത്രമാണ് കഴിയുക. പ്രപഞ്ചം ഇല്ലെങ്കിലും നിലനിൽക്കുന്ന 'മഹാസത്യത്തെ' അറിയാൻ 'മഹാസത്യം' തന്നെ കനിയണം.

ദൈവ വിപ്ലവത്തോടെ ഭൂമിയാണ്, ശിവയും ശിവനും ചേർന്ന ദൈവമെന്ന് അറിയുകയും, സൃഷ്ടി സ്ഥിതി സംഹാരങ്ങളെയെല്ലാം യഥാർത്ഥത്തിൽ നിർവ്വഹിക്കുന്നത് ഏകദൈവമായ ശിവയാണെന്ന് ബോദ്ധ്യപ്പെടുന്നതുമാണ്.

ഓംകാര നീതി ശാസ്ത്രം പഠിച്ച്, ഒരല്പം ഭയം ഉണ്ടാവുകയും വർദ്ധിക്കുകയും ചെയ്യുമെങ്കിലും, കുഞ്ഞുങ്ങളായ മനുഷ്യർ മഹാമാതാവു കൂടിയായ ശിവയെയും, മഹാപിതാവു കൂടിയായ ശിവനെയും ഭയക്കാതിരിക്കാനായി ആയിരം കോടി വർഷങ്ങൾ നീണ്ട ആദ്യ മഹാകാലചക്രം മുഴുവൻ പശുവും പശുപതിയുമായിട്ട് മഹാദാസരായി സേവനം അനുഷ്ഠിച്ചതിനെ ഉൾക്കൊണ്ട് ഭയരഹിതരായി ജീവിക്കുന്നതാണ്.

## ഓം നമഃ ശിവായ = മഹാശിവയെ നമിക്കുന്നു.

ഓംശക്തിശിവൻ പ്രണയമന്ത്രം

സർവ്വദേശ ഭൂമി ഗാനം

മഹാസംഗീതം

ശബ്ദ ബ്രഹ്മം

അക്ഷരബ്രഹ്മം

ആദി വചനം

സൃഷ്ടി മന്ത്രം

സംഹാര കാഹളം

മഹാശാസ്ത്ര മൂലം

ഏക മഹാശബ്ദം

മഹാസൂക്ഷ്മ ശബ്ദം

ദൈവ വിപ്ലവ ഗാനം

മഹാദേവിയുടെ മഹാചിരി

ഓം ॐ OM



## വിശേഷ ബുദ്ധിയെ ലഭിക്കുന്ന മനുഷ്യാവസ്ഥയിലെ കുഞ്ഞുങ്ങൾ അവരവർക്കു വേണ്ടി ചെയ്യേണ്ടതും അറിയേണ്ടതുമായ പ്രധാനപ്പെട്ട കാര്യങ്ങൾ വേറെയുമുണ്ട് :-

(1). മഹാനീതിയുമായി ബന്ധപ്പെട്ട ജനനം, ശരീര-അവയവങ്ങൾ, സ്ത്രീപുരുഷൻ, നിറം, സൗന്ദര്യം, മുഖഛായ, ആയുസ്സ്, ആരോഗ്യം, ഉയരം, ബുദ്ധിശക്തി, ഓർമ്മശക്തി, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, രോഗങ്ങൾ, രോഗമുക്തി, മരണം, തുടങ്ങിയ പ്രത്യക്ഷ-ജന്മഗുണങ്ങളെ എപ്പോഴും നിശ്ചയിക്കുന്നതും, സൃഷ്ടിക്കുന്നതും, പരിപാലിക്കുന്നതും, മനുഷ്യാവസ്ഥയിലെ 100 ജന്മങ്ങളിലും അവയെ വ്യത്യാസപ്പെടുത്തി ഭൂമിയുടെ വിവിധ പ്രദേശങ്ങളിൽ പുനർജ്ജനിപ്പിച്ചു കൊണ്ട് ആത്മാക്കൾക്ക് സമ-ആനന്ദമായ മഹാനീതിയെ നടപ്പാക്കുന്നതും മഹാശക്തിയായ ഭൂമിയുടെ അംശമായ വസ്തുക്കളെ ഉപയോഗിച്ച് ഭൂമിയുടെ സ്വത്വവും മഹാഭദ്രകാളിയുമായ ഓക്സിജൻ മാത്രമാണ്. മൂലകരൂപത്തിൽ ശിവയായ ഓക്സിജനും ശിവനായ ഹൈഡ്രജനും ചേർന്ന ഏകദൈവത്തിന്റെ ധർമ്മ-സ്ഥിതി-ദ്രാവക രൂപമായ ജലത്തെയാണ് മനുഷ്യരും മൃഗങ്ങളും പക്ഷികളും സസ്യങ്ങളും മത്സ്യങ്ങളുമെല്ലാമായ ജീവികളുടെ ശരീരത്തിലെ രക്തം, ചാറ്/നീര് എന്നിവയിലൂടെ ഖരാവസ്ഥയിലുള്ള ആനന്ദങ്ങളാകുന്ന വസ്തുക്കളെ ആത്മാക്കളുമായി ബന്ധിപ്പിക്കാൻ ഓക്സിജൻ തയ്യാറായിട്ടുള്ളത്. സൃഷ്ടികളുടെ ഇഷ്ടങ്ങളെ സമന്വയിപ്പിച്ചു കൊണ്ട് അവർക്കു വേണ്ടി പ്രവർത്തിക്കുന്ന ദൈവമായ ഓക്സിജന്റെ മഹാനീതികാര്യങ്ങളിൽ കുഞ്ഞുങ്ങളും സൃഷ്ടികളുമായ മനുഷ്യർ തലയിടരുത്; കുഞ്ഞുങ്ങൾക്ക് അതിനുള്ള യോഗ്യതയും കഴിവും  അവകാശവും ഇല്ല; അതുകൊണ്ടുതന്നെ ഓക്സിജൻ അനുവദിച്ചിട്ടുമില്ല. ശിവയുടെ ഭാഗമായ ശിവനെ ക്രൈസ്റ്റായിട്ട് അയച്ചപ്പോഴും നീതി കാര്യങ്ങളിൽ തലയിടരുതെന്ന് അറിയിച്ചതാണ്. അല്ലായുസ്സ് ഉൾപ്പെടെയുള്ള ജന്മഗുണങ്ങൾ വ്യത്യാസപ്പെട്ട് മഹാനീതിശാസ്ത്രത്തിനു വിധേയമായി 100 മനുഷ്യജന്മങ്ങളെ സ്വീകരിച്ചു ജീവിക്കേണ്ടുന്നവർ ഭൗതികമായ അസ്തിത്വം ഇല്ലാത്ത വിശ്വാസങ്ങളെയും ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും തട്ടിക്കൂട്ടി ആനന്ദിച്ചു ജീവിക്കാനുള്ള ശക്തികളും സ്വാതന്ത്ര്യവും സമയവും പാഴാക്കാതെ ശ്രദ്ധിക്കേണ്ടതും സ്വന്തം ആവശ്യമാണ്.

(2). മഹാനീതിയായ മഹാദേവി കുഞ്ഞുങ്ങളെ മഹാഭരിക്കുന്നത് മഹാദേവിയുടെ മഹാഖര രൂപവും മണ്ണുമായ ഭൂമിയിൽ ലയിച്ചിരിക്കുന്ന ശക്തികളും ഭൗതിക-ധർമ്മ-നീതിശാസ്ത്രങ്ങളും പ്രകാരം ആണെന്നിരിക്കെ, ഭൗതികമായ അസ്തിത്വം ഇല്ലാത്ത മത-ജാതി-രാഷ്ട്രീയ-ദേശീയ-തട്ടിപ്പുകളെയും കോപ്രായങ്ങളെയും തട്ടിക്കൂട്ടാൻ അസ്തിത്വം പോലും സ്വന്തമായിട്ടില്ലാത്തവയായ കുഞ്ഞുങ്ങൾക്ക് യാതൊരു അവകാശവും അധികാരവും ഇല്ല.

(3). എല്ലാ സൃഷ്ടികളും ദൈവത്തിന്റെ കുഞ്ഞുങ്ങളായിരിക്കെ, വസ്തുക്കളിലും ശരീരാവയവങ്ങളിലും ലയിച്ചിരിക്കുന്ന ധർമ്മശാസ്ത്രങ്ങൾ പ്രകാരമല്ലാതെ ദൈവത്തിന്റെ മറ്റു കുഞ്ഞുങ്ങളെ ആദരിക്കാനും ഉപദേശിക്കാനും ശാസിക്കാനും ദ്രോഹിക്കാനും ശിക്ഷിക്കാനും യാതൊരാൾക്കും അവകാശവും അധികാരവും ഇല്ല.

**മനുഷ്യരുടെ സ്വന്തമല്ലാത്തതും അനന്തമായ ആനന്ദങ്ങളുടെ മഹാകലവറയായ ഭൂമിയുടെ മാത്രം സ്വന്തവും, അംശവും, വ്യത്യസ്ത ആനന്ദങ്ങളുമായ മൂലകങ്ങളിലും സംയുക്തങ്ങളിലും അവയുടെ രൂപാന്തരമായ ജീവികളുടെയെല്ലാം ശരീരങ്ങളിലും ലയിച്ചിരിക്കുന്ന ശക്തികളെയും സ്വാതന്ത്ര്യത്തെയും മറ്റും ദുരുപയോഗം ചെയ്യുന്നവരായി വലിയൊരു വിഭാഗം മനുഷ്യർ അധഃപതിച്ചിരിക്കുന്നു !**

ആകാശവും ഭൂമിയും ചന്ദ്രനും സൂര്യനുമായ പ്രപഞ്ച-ഭാഗമായിട്ട് അവതരിച്ചു കൊണ്ട് പ്രത്യക്ഷമായും പ്രപഞ്ചഭാഗമായും തന്നെയാണ് ദൈവം, സൃഷ്ടികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ നിർവ്വഹിക്കുന്നതെന്നു മനസ്സിലാക്കാൻ കഴിയുന്ന വിശേഷ ബുദ്ധിയെ സൃഷ്ടികൾക്ക് മനുഷ്യാവസ്ഥയിൽ വെച്ചും, മോക്ഷം നേടുമ്പോഴും നൽകുന്നുണ്ട്. മനുഷ്യരാണെന്നതു മറന്നതുപോലെ മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ ജീവികളായിട്ടു ജീവിക്കുന്നതു കൊണ്ട് സത്യങ്ങളെ മനസ്സിലാക്കാനുള്ള യോഗ്യത താൽക്കാലികമായിട്ട് നഷ്ടമായി എന്നേയുള്ളൂ. അല്പം വിശദീകരിക്കാം :- (1) ആകാശം, ഭൂമി, ചന്ദ്രൻ, സൂര്യൻ എന്നിവയായി ഭാഗികമായി അവതരിച്ചിട്ടുള്ള ദൈവം, സൃഷ്ടികളായ ആത്മാക്കൾക്കും, അവയുടെ ജീവിരൂപങ്ങളായ മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യനും, സൃഷ്ടികളുടെ മോക്ഷമായ നക്ഷത്ര-ദേവതകൾക്കും അനന്തമായ ആനന്ദങ്ങളെയാണ് നൽകുന്നത്. ഭൂമി നിലനിൽക്കുന്നതും സൃഷ്ടികൾക്കു വേണ്ടിയുള്ള അനന്ത ആനന്ദങ്ങളായിട്ടാണ്. **മഹാശക്തിയായ ദൈവത്തിനു മാത്രം കഴിയുന്ന കാര്യങ്ങളെയാണ് ഭൂമി ചെയ്യുന്നത്.**

(2) ഭൂമി മഹാശക്തിയാണെന്ന് സ്ഥൂല രൂപമായ പ്രദേശങ്ങളും വസ്തുക്കളും, സൂക്ഷ്മ രൂപമായ ആറ്റങ്ങളും അവയുടെ ഘടകങ്ങളായ പ്രോട്ടോൺ ഇലക്ട്രോൺ ന്യൂട്രോൺ ബോസോൺ തുടങ്ങിയവയും തെളിയിക്കുന്നുണ്ട്. ആറ്റങ്ങളിലെ പ്രോട്ടോണുകളുടെ പ്രഭാവം കൊണ്ട് പ്രോട്ടോണുകളെ ഇലക്ട്രോണുകൾ നിരന്തരം ചുറ്റിക്കറങ്ങുന്നത് മഹാശക്തിയായ ദൈവത്തിന്റെ പ്രവർത്തനങ്ങളും പ്രകടനവും തന്നെയാണ്.

മഹാനീതിശാസ്ത്രമായ ഓംകാരനീതിശാസ്ത്രം പ്രകാരം ജീവികളെ പരിപാലിക്കുകയും മരിപ്പിക്കുകയും ചെയ്യുമ്പോൾ, അവയുടെ മൃതശരീരങ്ങളെയും അവയവങ്ങളെയും വിസർജ്ജന വസ്തുക്കളെയും മറ്റു ഭാഗങ്ങളെയും വീണ്ടുംവീണ്ടും മണ്ണായ ഭൂമിയിൽ ചാക്രികമായി ലയിപ്പിച്ചും വസ്തുക്കളും ശരീരങ്ങളും പ്രദേശങ്ങളുടെ അംശങ്ങളുമായി പരിണമിച്ചുകൊണ്ടാണ് ഭൂമി നിലനിൽക്കുന്നത്.

വിവിധ വർഗ്ഗത്തിലെ ജീവികളായിട്ട് ഓംകാരനീതിശാസ്ത്രം പ്രകാരം ഭൂമി പുനർജ്ജനിപ്പിക്കുന്ന ആത്മാക്കൾക്ക് പുതിയ ശരീരാവയവങ്ങളെയും ഭാഗങ്ങളെയും സൃഷ്ടിച്ചും പരിപാലിച്ചും പരിണമിപ്പിച്ചുമെല്ലാം നൽകുന്നത് ഭൂമി തന്നെയാണ്. **ഭൂമിയുടെ നിരന്തരമായ പ്രവർത്തനങ്ങൾ സൂക്ഷ്മമായ അവസ്ഥയിൽ എപ്പോഴും പ്രത്യക്ഷവുമാണ്. ശവശരീരങ്ങൾ ഉൾപ്പെടെ എല്ലാ വസ്തുക്കളുടെയും സൂക്ഷ്മമായ ആറ്റങ്ങളിലെ അതിസൂക്ഷ്മവും ശിവയുമായ പ്രോട്ടോണുകളെ ശിവയുടെ ഭാഗവും ശിവനുമായ ഇലക്ട്രോണുകൾ നിരന്തരം ചുറ്റിക്കറങ്ങി ക്കൊണ്ടിരിക്കുന്നതിന്റെ ഒരു ഉല്പന്നമായിട്ട് വിശേഷ ബുദ്ധിയെ ലഭിക്കുന്ന മനുഷ്യർക്ക് തിരിച്ചറിയാൻ കഴിയും.**

(3) സൃഷ്ടികൾക്ക് ഉപയോഗമുള്ള വസ്തുക്കളും അന്യോന്യം ഉപകരിക്കുന്ന ശരീരങ്ങളും പ്രദേശങ്ങളുമായിട്ടാണ് ഭൂമി അവതരിച്ചിരിക്കുന്നത്.

(4) ഭൂമിയിലെ സർവ്വവും പ്രത്യക്ഷമായും പരസ്യമായും 'മഹാശക്തിയായ ഭൂമി' സൃഷ്ടികൾക്കു വേണ്ടി മഹാപരിപാലിക്കുകയാണെന്ന് വിശേഷ ബുദ്ധി കൊണ്ട് മനസ്സിലാക്കാൻ മനുഷ്യാവസ്ഥയിൽ സൃഷ്ടികളെ പ്രാപ്തരാക്കുന്നുണ്ട്. ഭൂമിയുടെ അംശമായ വസ്തുക്കളിലൂടെയും, ജീവികളുടെ ശരീരത്തിലെ അവയവങ്ങളിലൂടെയും ഭൂമി നൽകുന്ന അനന്തമായ ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും സൗന്ദര്യവും കാലവും ശരണവുമെല്ലാം ഉപയോഗിച്ച് ഭൂമിയിൽ ലയിച്ചിരിക്കുന്ന അനന്തമായ ആനന്ദങ്ങളെയും ന്യൂനശക്തികളെയും അറിയാനും നേടാനും ആസ്വദിക്കാനും ഭൂമിയുടെ മഹാനീതിശാസ്ത്രമായ ഓംകാരനീതിശാസ്ത്രം പ്രകാരം കഴിയുന്നതാണ്. സൃഷ്ടികളുടെ സംഹാരമായ മോക്ഷവുമായി അതിനെ ബന്ധപ്പെടുത്തിയിട്ടുണ്ട്.

**ഭൂമിയിൽനിന്ന് ദേവതയായ നക്ഷത്രമായിട്ട് മനുഷ്യാവസ്ഥയിൽ വച്ച് സൃഷ്ടികൾ മോക്ഷം നേടുമ്പോൾ, ഭൂമി നൽകിയതും അനുഭവിച്ചറിഞ്ഞതുമായ ആനന്ദങ്ങളെ മായാശക്തികൾ കൊണ്ട് സ്വയം സൃഷ്ടിച്ചും ആസ്വദിച്ചും കൊണ്ട് പ്രകാശരൂപത്തോടെ അനന്തകാലം ആകാശത്തിൽ തന്നെയുള്ള സംഹാര പാത്രമായ നക്ഷത്രലോകത്തിൽ ജീവിക്കാനും; നക്ഷത്രരൂപം ഉപേക്ഷിച്ചു കൊണ്ട് ഭൂമിയിൽ വന്ന് വീണ്ടും ജീവികളായിട്ട് സമൂഹ ജീവിതം ആസ്വദിക്കാനുമെല്ലാം അനുഗ്രഹിച്ചു കൊണ്ട് സൃഷ്ടികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ പരബ്രഹ്മമായ പ്രപഞ്ചത്തിന്റെ ഉദ്ദേശവും പ്രധാന ഭാഗവുമായി ഉൾപ്പെടുത്തിയിരിക്കുകയാണ്. തുടർച്ചയായ സൃഷ്ടിചക്രങ്ങളിലൂടെ സനാതനമായ ഒരു മഹാകുടുംബമായിട്ട് ആയിരം കോടിയിലേറെ വർഷങ്ങളായിട്ട് പരബ്രഹ്മം നിലനിൽക്കുന്നതിനെ ഈ ദിവ്യമഹാവേദഗ്രന്ഥത്തിൽ തെളിയിച്ചിട്ടുണ്ട്.**

സൃഷ്ടികളുടെ ഏകശരണവും സ്ഥിതിപാത്രവും മഹാശക്തിയുമായ ഭൂമി; സൃഷ്ടികളായ ആത്മാക്കൾക്ക് മനുഷ്യാവസ്ഥയിൽ വച്ച് വിശേഷ ബുദ്ധിയെ നൽകുന്നതിന്റെ ഉദ്ദേശങ്ങളെ മനുഷ്യർ കളങ്കപ്പെടുത്തിയെന്നും കൂടി തെളിയുന്നുണ്ട്. മഹാശക്തിയായ ദൈവം, സൃഷ്ടികളായ ആത്മാക്കൾക്ക് ജീവിക്കാൻ ആവശ്യമായ ഭൂമിയായി അവതരിച്ചു കൊണ്ട് ഭൂമിയുടെ അംശമായ വസ്തുക്കളിൽ ലയിപ്പിച്ചിരിക്കുന്ന അനന്തവും വ്യത്യസ്തവുമായ ശക്തികളെ വ്യത്യസ്തമായ ധർമ്മങ്ങളോടും ഗുണങ്ങളോടും രൂപങ്ങളോടും രൂപാന്തരപ്പെടുത്തിയും പരിപാലിക്കുകയും ചെയ്താണ് ശരീരാവയവങ്ങളിലൂടെ മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ എന്നീ ജീവി-വർഗ്ഗങ്ങളും സ്ത്രീ പുരുഷ ജാതികളും മറ്റുമായി ആത്മാക്കളെ വ്യത്യാസപ്പെടുത്തിയിട്ടുള്ളത്. പ്രപഞ്ചത്തിന്റെ ഭാഗമായ ഭൂമിയായിട്ട് അവതരിച്ചു കൊണ്ട് (പ്രപഞ്ചരൂപത്തോടെ) ദൈവം ചെയ്യുന്ന സൃഷ്ടി സ്ഥിതി സംഹാരങ്ങളിൽ സൃഷ്ടികളായ ആത്മാക്കളുടെ പങ്ക് ആനന്ദത്തോടെ ജീവിക്കുകയാണ്.

എന്നാൽ, ഭൂമി സൃഷ്ടിക്കുകയും നൽകുകയും ചെയ്യുന്ന ആനന്ദങ്ങളെ അനുഭവിച്ചിരുന്നവരും, പിൻവലിക്കപ്പെട്ടു കഴിഞ്ഞവരുമായ ദേവതകൾക്കും, ജനങ്ങളെ ചൂഷണം ചെയ്തു ജീവിക്കുന്ന പാപികൾക്കും ജയ് വിളിച്ചും മറ്റും മനുഷ്യർ ജീവിതം പാഴാക്കുന്നത് ഹീനമാണ്. വിശേഷ ബുദ്ധിയെയും, വിശേഷ ബുദ്ധിയെ നൽകുന്ന ദൈവത്തിന്റെ അവതാരമായ ഭൂമിയെയും നിന്ദിക്കുകയാണ് !

സൃഷ്ടികൾ മനുഷ്യാവസ്ഥയിൽ മോക്ഷം നേടും വരെ ജീവിപ്പിക്കുന്നത് ഭൂമി മാത്രമാണ്. സൃഷ്ടികൾക്ക് വിശപ്പിനെ ഉണ്ടാക്കുന്നതും വിശപ്പടക്കുന്നതും ഭൂമിയുടെ അംശമായ വസ്തുക്കളെ കൊണ്ട് സൃഷ്ടിച്ചിട്ടുള്ള ശരീരത്തിലെ അവയവങ്ങളും ഭാഗങ്ങളും ഭക്ഷണ സാധനങ്ങളും പാനീയങ്ങളും ശരീരത്തിലെ അവയവങ്ങളും ഭാഗങ്ങളും ഉൾപ്പെടെ എല്ലാ ആനന്ദങ്ങളും അവയെ നേടാനുള്ള ഉപാധികളായ ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും കാലവും ശരണവുമെല്ലാം നൽകുന്നത് ഭൂമിയും അംശമായ പ്രദേശങ്ങളും വസ്തുക്കളും മാത്രമാണ്. എല്ലാ ജീവികൾക്കും ജീവിതത്തിൽ സർവ്വപ്രധാനം ഭൂമിയും ഭൂമിയുടെ അംശങ്ങളും തന്നെയാണ്. താൽക്കാലികമായ അജ്ഞാനം കൊണ്ട് തിരിച്ചറിഞ്ഞില്ലെന്നു വരാം; അത്രേയുള്ളൂ.

മറ്റൊരു നിർജ്ജീവമായ പ്രതിഭാസമായിട്ട് അനേകർ സൂര്യനെ തെറ്റിദ്ധരിക്കുകയും സൂര്യനിൽ നിന്നാണ് വെളിച്ചവും ചൂടും ലഭിക്കുന്നതെന്ന് കരുതുകയും ചെയ്യുമെങ്കിലും, യാതൊരു മനുഷ്യരും സൂര്യനിൽ പോയി വെളിച്ചവും ചൂടും കൊണ്ടുവരുന്നില്ല.

സ്വത്വമോ ശക്തികളോ സ്വന്തമായിട്ടില്ലാത്ത സൃഷ്ടികളായ ആത്മാക്കളെ സൃഷ്ടിക്കുന്നതിനു മുമ്പ് അവയ്ക്ക് ജീവിക്കാൻ ആവശ്യമായ അനന്തമായ ആനന്ദങ്ങളും; സൃഷ്ടികൾക്ക് അവയെ നേടാനുള്ള ഉപാധികളായ ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും സൗന്ദര്യവും കാലവും ശരണവുമെല്ലാം കൂടിയായി ദൈവം ഭാഗികമായി അവതരിക്കേണ്ടതുണ്ട്. സൃഷ്ടികൾക്ക് ജീവിക്കാൻ ആവശ്യമായ സർവ്വവും എക്കാലവും അനന്തമായും നേരിട്ടും നൽകുന്ന ആകാശവും ഭൂമിയും ചന്ദ്രനും ചേർന്ന സ്ഥിതിപാത്രമായ പ്രപഞ്ചഭാഗമായിട്ട് അവതരിക്കുകയും ഒരുങ്ങുകയും ചെയ്ത ശേഷം മാത്രമേ സൃഷ്ടികളായ ആത്മാക്കളെ സൃഷ്ടിക്കാൻ പാടുള്ളൂ. സൃഷ്ടിപാത്രമായ സൂര്യനായി പ്രപഞ്ചത്തിൽ ദൈവം അവതരിക്കേണ്ടതും അപ്പോഴാണ്; അതാണ് ചെയ്തിട്ടുള്ളത്.

ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്ത മഹാസത്യവും അനിർവ്വചനീയവുമായ ബ്രഹ്മം; മഹാശക്തിയും മഹാമാതാവും സർവ്വം മഹാഭദ്രപ്പെടുത്തുന്ന ഭദ്രകാളിയായ ശിവയും; ഭാഗവും പരമാത്മാവും പ്രപഞ്ച-പിതാവുമായ ശിവനുമായിട്ട് രണ്ടാവാതെ രണ്ടായി ക്കൊണ്ടും, സൃഷ്ടികളായ ആത്മാക്കളോടുള്ള മഹാവാത്സല്യത്തെയും മഹാദാസ്യത്തെയും മാത്രം സൃഷ്ടികൾക്കു തന്നെ തിരികെ നൽകുന്നതായ സ്വന്തം ആനന്ദങ്ങളായി നിശ്ചയിച്ച് ആനന്ദങ്ങൾക്ക് അതീതമായി നിലകൊണ്ടും, അനന്തമായ സ്വന്തം ശക്തികളെയും മഹാജ്ഞാനമായ ശാസ്ത്രങ്ങളെയും ലയിപ്പിച്ച് സൃഷ്ടികൾക്കു വേണ്ടിയുള്ള അനന്തമായ ആനന്ദങ്ങളും; ആകാശം ഭൂമി ചന്ദ്രൻ സൂര്യൻ എന്നിവയായ സൃഷ്ടി സ്ഥിതി സംഹാര കർത്താവുമായി അവതരിച്ചിരിക്കുകയാണ്. അവ സൃഷ്ടിയല്ല.

സ്ഥിതിപാത്രമായി അവതരിച്ചിരിക്കുന്ന ഭൂമിയുടെ അംശമായ വസ്തുക്കളെ ശരീരാവയവങ്ങളായി പരിണമിപ്പിച്ച് ആത്മാക്കൾക്കു നൽകി ഭൂമിയുടെ സ്വത്വവും മഹാഭദ്രകാളിയുമായ ഓക്സിജൻ, ആത്മാക്കളെ ജീവികളാക്കി മാറ്റുന്നു. ആവക കാര്യങ്ങളെ പിന്നീട് ശാസ്ത്രപരമായി വിശദീകരിക്കുന്നുണ്ട്.

**മനുഷ്യർ ഉൾപ്പെടെയുള്ള സൃഷ്ടികളായ ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാര കർത്താവും മഹാശക്തിയും ഏകദൈവവും ; പ്രപഞ്ചരൂപത്തോടെ; സൃഷ്ടികളായ ജീവികളുടെയും അവയുടെ സ്വത്വങ്ങളായ ആത്മാക്കളുടെയും സൃഷ്ടി സ്ഥിതികളെയും, മഹാനീതിയുടെ ഭാഗവും സംഹാരവുമായ നക്ഷത്രമോക്ഷത്തെയും തുടർച്ചയായ സൃഷ്ടിചക്രങ്ങളിലൂടെ ചെയ്യുകയാണെന്ന് വെളിപ്പെടുന്നുണ്ട്.**

**ദൈവത്തിന്റെ ആദിയും അന്തവും ഇല്ലാത്ത മഹാജ്ഞാനത്തിന്റെ ഓഹരിയും, (ഭൂമിയിൽ ലയിച്ചിരിക്കുന്നതുമായ) ഭൗതിക ധർമ്മ നീതി ശാസ്ത്രങ്ങളും അവയുടെ ഉപ -ഉപ ശാസ്ത്രങ്ങളും പ്രകാരം, അനന്തമായ ആനന്ദങ്ങളും ശക്തികളുമായ മൂലകങ്ങളും അവയുടെ സംയുക്തങ്ങളും മിശ്രിതങ്ങളുമെല്ലാമായ വസ്തുക്കളും അവയുടെ സ്ഥൂലരൂപമായ പ്രദേശങ്ങളും മൊത്തമായ ഭൂമിയുമായി അവതരിച്ചു കൊണ്ട്, സൃഷ്ടികളായ ജീവികളുടെയും അവയുടെ സ്വത്വങ്ങളായ ആത്മാക്കളുടെയും സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ആകാശവും ഭൂമിയും ചന്ദ്രനും സൂര്യനും കൂടി ചെയ്യുകയാണ്.**

**വെയിൽ, ചൂട്, തണുപ്പ്, മഞ്ഞ്, കാറ്റ്, മഴ, മർദ്ദം, സാന്ദ്രത, ഗന്ധം, രുചി, തുടങ്ങിയ ഘടകങ്ങളും അവയുടെ ഏറ്റക്കുറച്ചിലുകളും പ്രകാരം ഭൂമിയുടെ അംശമായ മൂലകങ്ങളിൽ നിന്നും അനന്തമായ ഗുണങ്ങളുടെയും ശക്തികളുടെയും മഹാഭണ്ഡാരമായ അനന്തമായ സംയുക്തങ്ങൾ ഉണ്ടാകുന്നതും, അവയിലെ ഗുണങ്ങളാകുന്ന ശക്തികൾ സൃഷ്ടികൾക്കു വേണ്ടി അവതരിച്ചിരിക്കുന്ന ആനന്ദങ്ങളാകുന്നതും മൂലകങ്ങളെയും സംയുക്തങ്ങളെയും വിവരിക്കുന്ന സുപ്രധാനമായ അദ്ധ്യായങ്ങളിൽ ഉണ്ട്. വസ്തുക്കളും അവയുടെ സ്ഥൂലരൂപമായ പ്രദേശങ്ങളുമെല്ലാം സൃഷ്ടികൾക്കു നൽകുന്ന വ്യത്യസ്തവും അനന്തവുമായ ആനന്ദങ്ങൾ വസ്തുക്കളുടെ ധർമ്മങ്ങളാണ്. ശാസ്ത്ര നിയമങ്ങളോടെ ഉണ്ടായിട്ടുള്ള പ്രസ്തുത ധർമ്മങ്ങളുടെ മൊത്തമാണ് ധർമ്മശാസ്ത്രം. വസ്തുക്കളിൽ ലയിച്ചിരിക്കുന്ന അനന്തമായ ധർമ്മങ്ങളെ നല്ലതിനും വേണ്ടിവന്നാൽ നാശത്തിനും ഉപയോഗിക്കാം. എങ്ങനെ വേണമെന്ന് നിശ്ചയിക്കേണ്ടത് ആവശ്യക്കാരായ സൃഷ്ടികളാണ്. എന്തുകൊണ്ടെന്നാൽ, സൃഷ്ടികൾക്കു വേണ്ടിയാണ് അനന്തമായ വസ്തുക്കളും ആനന്ദങ്ങളും ശക്തികളും ശാസ്ത്രങ്ങളുമെല്ലാമായി ദൈവം അവതരിച്ചിരിക്കുന്നത്. ഓരോ വസ്തുവിനും ചൂട്, തണുപ്പ് തുടങ്ങിയ വ്യത്യസ്തമായ അവസ്ഥകളിൽ നിശ്ചയിക്കുന്ന ഗുണങ്ങളും മാറ്റങ്ങളുമെല്ലാം വ്യവസ്ഥ ചെയ്യുന്ന ശാസ്ത്ര നിയമങ്ങളാണ് യഥാർത്ഥത്തിൽ മന്ത്രങ്ങൾ. മന്ത്രങ്ങൾ എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്.**

# ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

സ്വത്വമോ ശക്തികളോ സ്വന്തമായിട്ടില്ലാത്ത സൃഷ്ടികൾ മാത്രമായ മനുഷ്യർ തട്ടിക്കൂട്ടുന്ന ഭൗതികമായ അസ്തിത്വം ഇല്ലാത്ത ആശയങ്ങളും കോപ്രായങ്ങളും തൂത്തെറിയപ്പെടുന്നതും, പ്രപഞ്ച-രൂപത്തോടെ ഏകദൈവം സൃഷ്ടികളെ സൃഷ്ടിക്കുന്നതും പരിപാലിക്കുന്നതും ഭരിക്കുന്നതും മഹാനീതി നടപ്പാക്കുന്നതും ശാസ്ത്രപരമായി ത്തന്നെ പഠിക്കാൻ ദൈവത്തിന്റെ കുഞ്ഞുങ്ങൾക്ക് കഴിയട്ടെ :

സൃഷ്ടി സ്ഥിതി സംഹാര പാത്രവും, ആദിയും അന്തവും ഇല്ലാത്ത മഹാശൂന്യതയുമായ ആകാശത്തിന്റെ ഭാഗമായ ഭൂമിയിലാണ് സൃഷ്ടികളായ ജീവികൾ ജീവിക്കുന്നത്. എല്ലാ സൃഷ്ടികൾക്കും ആനന്ദിച്ചു ജീവിക്കാൻ ആവശ്യമായ അനന്തമായ ആനന്ദങ്ങളും അവയെ നേടാനുള്ള ഉപാധികളായ ശക്തികളും ശാസ്ത്രങ്ങളുമെല്ലാം ഭൂമിയിൽ നിന്നുമാണ് സൃഷ്ടികൾക്കു ലഭിക്കുന്നത്. മഹാസത്യമായ ദൈവം, മഹാശക്തിയും ആനന്ദങ്ങളുമായ ഭൂമിയായിട്ട് ഭാഗികമായി അവതരിച്ചു കൊണ്ട് സൃഷ്ടികൾക്കു വേണ്ടതെല്ലാം നൽകുകയാണെന്ന് തെളിയുന്നുണ്ട്. ചൂടും വെളിച്ചവും യാതൊരു സൃഷ്ടികളും സൂര്യനിൽ പോയി കൊണ്ടുവരുന്നില്ല. **സൃഷ്ടികൾക്ക് ജീവിക്കാൻ ആവശ്യമായ അനന്തമായ ആനന്ദങ്ങളെയും ശക്തികളെയുമെല്ലാം ഒരുക്കിയ ശേഷം മാത്രമേ അവയെ സൃഷ്ടിക്കാൻ പാടുള്ളൂ എന്നതിനാൽ സർവ്വവും നൽകുന്ന ആകാശവും ഭൂമിയുമായി ദൈവം അവതരിച്ച ശേഷം, ആകാശത്തിൽ ഒരു താവളത്തെ ഒരുക്കുകയും അവിടെ വച്ച് സൃഷ്ടിക്കുന്ന സൃഷ്ടികളായ ആത്മാക്കളെ പ്രകാശവും ചൂടുമായി ബന്ധിപ്പിക്കുമ്പോൾ സൂര്യനായിട്ട് താവളം മാറുകയുമാണ്. സൂര്യനിൽ വച്ച് സൃഷ്ടിച്ച ആത്മാക്കളെ പ്രകാശമായിട്ട് ഭൂമിയിലേക്കു നയിക്കുകയും; ഭൂമിയുടെ അംശങ്ങളും ആനന്ദങ്ങളും ശക്തികളുമെല്ലാമായ വസ്തുക്കളെ ക്കൊണ്ട് സൃഷ്ടികളായ ആത്മാക്കൾക്ക് ജീവിക്കാൻ ആവശ്യമായ സർവ്വവും നൽകാനും നേടാനും സാധിക്കുന്ന ശരീരാവയവങ്ങളായി രൂപാന്തരപ്പെടുത്തിക്കൊണ്ട് ജീവികളായിട്ട് സൃഷ്ടികളെ പരിപാലിക്കുകയും ചെയ്യുമ്പോൾ അവയവങ്ങളുടെ മൊത്തമായ ശരീരം ദൈവാംശവും; ശരീരത്തിന്റെ പുറവും അകവുമുള്ള ഏറ്റവും വലിയ അവയവമായ ചർമ്മത്തിൽ ചേർക്കപ്പെടുന്ന നിറങ്ങളും രൂപങ്ങളും ഗന്ധവും സൃഷ്ടികളായ ആത്മാക്കളെ കാഴ്ച്ച ശക്തി കൊണ്ട് പ്രതിനിധീകരിക്കുകയും പ്രത്യക്ഷരാക്കുകയും ചെയ്യുന്ന മഹാവിദ്യയെ ഭൂമി നടപ്പാക്കുന്നുണ്ട്.** ആവക കാര്യങ്ങളെ പിന്നീട് വിശദീകരിക്കുന്നതാണ്.

നിർവ്വചനങ്ങൾക്കെല്ലാം അതീതവും ആദിയും അന്തവും ഇല്ലാത്തതുമായ മഹാസത്യത്തിനു മാത്രമാണ് മായ, മഹാശക്തി, മായാമഹാശക്തി എന്നെല്ലാം പേരിടാവുന്ന സ്വന്തം പ്രഭാവം കൊണ്ട് എന്തും സൃഷ്ടിക്കാൻ കഴിയുകയുള്ളൂ.

'മഹാസത്യം' ജീവി അല്ലെങ്കിലും, ഭൂമിയും അംശമായ പ്രദേശങ്ങളും, സൂക്ഷ്മ അംശങ്ങളായ വസ്തുക്കളും മൂലകങ്ങളും സംയുക്തങ്ങളും മിശ്രിതങ്ങളും അവയുടെ രൂപാന്തരമായ ശരീരാവയവങ്ങളും, അവയുടെയെല്ലാം അതിസൂക്ഷ്മമായ ആറ്റങ്ങളും; ഘടകങ്ങളും കൊണ്ട് രൂപപ്പെട്ടിരിക്കുന്നത് സ്ഥൂലവും സൂക്ഷ്മവുമായ മഹാശക്തികളും മഹാശാസ്ത്രങ്ങളും സൗന്ദര്യവും ശരണവുമെല്ലാം ചേർന്ന അനന്തമായ ആനന്ദങ്ങളാണ്. **വിശേഷ ബുദ്ധിയെ ലഭിക്കുന്ന മനുഷ്യരായ ജീവികൾ സ്രഷ്ടാവിനെ ജീവിയെപ്പോലെ കരുതുന്നത് സ്രഷ്ടാവിൽ നിന്നും ലഭിക്കുന്ന പ്രസ്തുത അനന്തമായ ആനന്ദങ്ങളെയും ശക്തികളെയും ശാസ്ത്രങ്ങളെയുമെല്ലാം കണക്കാക്കിയാണ്. സ്ത്രീപുരുഷ ഗുണങ്ങളെ ചേർക്കുമ്പോൾ 'ദേവിയും ദേവനും ചേർന്ന ദൈവം' എന്ന പേരും മഹാസത്യത്തിന് ചേരുന്നു.** ദൈവത്തിന് സ്വീകരിക്കാനും സൃഷ്ടിക്കാനും കഴിയുന്ന അനന്തമായ ആനന്ദങ്ങളും ശക്തികളും ശാസ്ത്രങ്ങളുമെല്ലാമാണ് ഭൂമിയിലും അംശമായ പ്രദേശങ്ങളിലും വസ്തുക്കളിലും, അവയെ രൂപാന്തരപ്പെടുത്തി സൃഷ്ടികൾക്കു നൽകിയിരിക്കുന്ന ശരീരങ്ങളിലും ലയിച്ചിരിക്കുന്നത്.

**മഹാസത്യമായ ദൈവത്തിന് മായ, മഹാശക്തി തുടങ്ങിയ സ്വന്തം പ്രഭാവങ്ങളെ പ്രകടിപ്പിക്കേണ്ടത് മഹാശക്തിയായ ഭൂമിയും മറ്റുമായി അവതരിക്കുകയോ എന്തെങ്കിലും സൃഷ്ടിക്കുകയോ ചെയ്യുന്നെങ്കിൽ മാത്രമാണെന്ന് തെളിയുന്നുണ്ട്.** ദൈവം സൃഷ്ടിക്കുന്നവയ്ക്ക് അഥവാ സൃഷ്ടികൾക്ക് ആദി ഉണ്ടാവുന്നതും, അന്തം ഉണ്ടാകുന്നതും ഇല്ലാത്തതും, മഹാശക്തിയുടെ ഇഷ്ടം പോലെ ആവണമെങ്കിൽ, മഹാസത്യവും മഹാശക്തിയുമായ ദൈവത്തിന് ആദിയും അന്തവും ഉണ്ടാകരുത്.

സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ദൈവം; സൃഷ്ടി, ജീവി, ആത്മാവ് തുടങ്ങിയ പേരുകളിൽ എന്തിനെയെങ്കിലും സൃഷ്ടിക്കുന്നതിനു മുമ്പ് അവയ്ക്ക് ജീവിക്കാൻ ആവശ്യമായവയെ സൃഷ്ടിക്കുകയോ, അവയായി അവതരിക്കുകയോ ചെയ്യണം.

**എല്ലാ സൃഷ്ടികൾക്കും ആനന്ദിച്ചു ജീവിക്കാൻ ആവശ്യമായ വസ്തുക്കളും എന്തും ഭൂമിയിൽ ലഭിക്കുന്നതു കൊണ്ടാണ് അവയ്ക്ക് ഭൂമിയിൽ ജീവിക്കാൻ കഴിയുന്നത്. മഹാശക്തിയായ ദൈവം ഭൂമിയായി അവതരിച്ചിരിക്കുകയാണെന്നു മനസ്സിലാക്കാൻ കഴിഞ്ഞാൽ, അവയെല്ലാം സൃഷ്ടികൾക്ക് ഭൂമി നൽകുകയാണെന്നും തിരിച്ചറിയാം ! ആയിരം കോടിയിലേറെ വർഷങ്ങൾക്കു മുമ്പ് ഭൂമിയും മറ്റു പ്രപഞ്ചഭാഗങ്ങളും ഉണ്ടായതായിട്ട് ശാസ്ത്ര പരമായ നിഗമനങ്ങൾ നടത്താൻ വിശേഷ ബുദ്ധി കൊണ്ട് കഴിയുമ്പോൾ, മനുഷ്യർക്ക് തൽക്കാലം ലഭ്യമായ ഏതാനും ആയിരം വർഷത്തെ മനുഷ്യചരിത്രം ഒരു സൃഷ്ടി ചക്രത്തിന്റെ ഭാഗം മാത്രമാണെന്നും, പ്രപഞ്ച ഭാഗമായി അവതരിച്ച ശേഷം അനേകശതം സൃഷ്ടിചക്രങ്ങൾ കഴിഞ്ഞെന്നും തെളിയുന്നുണ്ട്. മാത്രമല്ല; സൃഷ്ടിചക്രങ്ങളിൽ മനുഷ്യാവസ്ഥയിൽ എത്തിയ സൃഷ്ടികളുടെ സംഹാരമായ മോക്ഷവുമായിട്ടാവും, 'ജീവികൾക്ക് ജീവിക്കാൻ ആവശ്യമില്ലാത്തതും, ആകാശത്തിൽ പുതിയതായി ഉണ്ടാകുന്നതുമായ നക്ഷത്രങ്ങൾക്ക് ബന്ധമെന്നും', മറ്റു ഗ്രഹങ്ങളുടെ സാന്നിദ്ധ്യത്തിന് തക്കതായ കാരണമുണ്ടെന്നും കരുതാനുമാവും.**

എല്ലാ സൃഷ്ടിചക്രങ്ങളിലും ഉള്ളതായ സത്യയുഗം, ദൈവ വിപ്ലവം തുടങ്ങിയവ ഇപ്പോഴത്തെ സൃഷ്ടി ചക്രത്തിൽ ഉടനെ തന്നെ ആരംഭിക്കുന്നതിനാൽ സത്യങ്ങൾ ഉടനെ വെളിപ്പെടും! 10000 വർഷങ്ങൾ നീണ്ടതായ സൃഷ്ടി ചക്രങ്ങൾ; ആയിരം കോടി വർഷങ്ങൾ നീണ്ടതായ ആദ്യത്തെ മഹാകാലചക്രം; ആദ്യമഹാകാലചക്രത്തിലെ ദേവതകൾ; ഏകദൈവമായ ശിവയും ഭാഗമായ ശിവനും കുഞ്ഞുങ്ങളായ സൃഷ്ടികളും മാത്രം പ്രസക്തമാകുന്ന രണ്ടാമത്തെ മഹാകാലചക്രം; തുടങ്ങിയവ ഈ ദിവ്യമഹാഗ്രന്ഥത്തിൽ മഹാശാസ്ത്രപരമായി വിശദീകരിച്ചിട്ടുണ്ട്.

മനുഷ്യർ ഉൾപ്പെടെയുള്ള സൃഷ്ടികളെല്ലാം ജീവിക്കുകയും; കൂടുതൽ കൂടുതൽ ആനന്ദങ്ങളെ നേടാനും ആസ്വദിക്കാനും പരിശ്രമിക്കുകയും ചെയ്യുന്നതിൽ നിന്ന് സൃഷ്ടികളുടെ ജീവിതത്തെ ആനന്ദവുമായിട്ടാണ് ദൈവം ബന്ധിപ്പിച്ചിരിക്കുന്നതെന്നു തെളിയുന്നുണ്ട്. മനുഷ്യാവസ്ഥയിൽ വച്ച് ലഭിക്കുന്ന വിശേഷ ബുദ്ധി കൊണ്ട് ഭൂമിയിൽ ലയിച്ചിരിക്കുന്ന ശക്തികളെയും ശാസ്ത്രങ്ങളെയുമെല്ലാം ഉപാധിയാക്കി അനന്തമായ ആനന്ദങ്ങളെ അറിയാനും നേടാനും ആസ്വദിക്കാനും; ശേഷം നക്ഷത്ര മോക്ഷത്തിൽ വച്ച് അനുഭവിച്ചറിഞ്ഞ ആനന്ദങ്ങളുമായി അനന്തകാലം ജീവിക്കാനും കഴിയുന്നു!

മനുഷ്യർ ഉൾപ്പെടെ എല്ലാ സൃഷ്ടികളുടെയും ജനനവും മരണവും മരണാനന്തര ജീവിതവുമെല്ലാം നിശ്ചയിക്കുന്നത് സൃഷ്ടികളുടെ സ്വത്വങ്ങളായ ആത്മാക്കളല്ലാ എന്നിരിക്കെ മറ്റൊരു ദാനമായി മനുഷ്യർക്കു ലഭിക്കുന്ന വിശേഷ ബുദ്ധിയെ ദൈവം നൽകുന്നതിന്റെ ഉദ്ദേശത്തെ മനസ്സിലാക്കുകയാണു വേണ്ടത്. മനുഷ്യാവസ്ഥയിൽ വച്ച് വിശേഷ ബുദ്ധിയെ ഉപയോഗിച്ച് ഭൂമിയുടെ അംശമായ മൂലകങ്ങളിലും രൂപാന്തരമായ ജീവികൾക്ക് ലഭിക്കുന്ന ശരീരത്തിലെ അവയവങ്ങളിലും, അവയുടെ വിസർജ്ജന വസ്തുക്കളിലും പ്രത്യുല്പാദന ബീജങ്ങളിലും, സർവ്വത്തിന്റെയും സൂക്ഷ്മാംശമായ ആറ്റങ്ങളിലുമെല്ലാം ലയിച്ചിരിക്കുന്ന അനന്തമായ ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയുമെല്ലാം കൊണ്ട് അനുഭവിച്ചു തന്നെ അറിയുന്നതു പോലെ കൂടുതൽ കൂടുതൽ (അനന്തമായ) ആനന്ദങ്ങളെ നേടാനും ആസ്വദിക്കാനും കഴിയുന്നതാണ്.

സൃഷ്ടികൾക്ക് ജീവിക്കാൻ ആവശ്യമായ ആനന്ദങ്ങളെയും അവയെ നേടാനുള്ള ഉപാധികളായ അനന്തമായ ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയും സൗന്ദര്യത്തെയും കാലത്തെയും ശരണത്തെയും മഹാനീതിയെയുമെല്ലാം ആവിഷ്ക്കരിക്കേണ്ടതും സൃഷ്ടിക്കേണ്ടതും പരിപാലിക്കേണ്ടതും സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ദൈവത്തിന്റെ കടമയും ഉത്തരവാദിത്വവുമാണ്. അനന്തമായ ആനന്ദങ്ങളെ നേടാനും ആസ്വദിക്കാനും കഴിയുന്ന ഒരു ജീവിയെ സൃഷ്ടിക്കേണ്ടതും, എല്ലാ ആനന്ദങ്ങളെയും പരിചയപ്പെടുത്തേണ്ടതും, അക്കൂടെ സൃഷ്ടി സ്ഥിതി സംഹാരങ്ങൾക്കു പിന്നിലുള്ള കർത്താവായ ദൈവത്തിന്റെ ഉദ്ദേശത്തെ ഉചിതമായ സമയത്ത് നേരിട്ടു തന്നെ സുവ്യക്തമായി അറിയിക്കേണ്ടതും സൃഷ്ടികളോട് സ്രഷ്ടാവ് പുലർത്തേണ്ടുന്ന ബാദ്ധ്യതയും ചുമതലയുമാണ്. സൃഷ്ടി ചക്രങ്ങളാകുന്ന കാലത്തെ ഒരുക്കിക്കൊണ്ട് ദൈവം കടമ പൂർത്തിയാക്കുന്നുണ്ട്. ജീവികൾക്ക് ജീവിക്കാൻ ആവശ്യമായ അനന്തമായ ആനന്ദങ്ങളും അവയെ നേടാനുള്ള ഉപാധികളായ ശക്തികളും മറ്റും അനന്തമായി നൽകാൻ ആദിയും അന്തവും ഇല്ലാത്ത മഹാസത്യവും മഹാശക്തിയുമായ ദൈവത്തിന് മാത്രമേ കഴിയൂ എന്നിരിക്കെ അവയെല്ലാം നേരിട്ടു തന്നെ നൽകുന്ന ഭൂമിയെ ദൈവത്തിന്റെ അവതാരമായി മനസ്സിലാക്കാൻ കഴിയും.

സൃഷ്ടി സ്ഥിതി സംഹാര പാത്രവും മഹാശൂന്യതയുമായ ആകാശവും, അതിലെ സ്ഥിതിപാത്രമായ ഭൂമിയും മഹാശക്തിയായ ദൈവത്തിന്റെ മഹാശക്തികളായ അവതാരങ്ങൾ ആയതുകൊണ്ടാണ് സൃഷ്ടികളായ ജീവികൾ സൃഷ്ടി ചക്രങ്ങളിലൂടെ ആയിരം കോടിയിലേറെ വർഷങ്ങളായി തുടർച്ചയായി ഉപയോഗിച്ചിട്ടും ഒട്ടും തന്നെ അവസാനിക്കാതെ; സൂക്ഷ്മാംശമായ ആറ്റങ്ങളിലും അതിസൂക്ഷ്മമായ പ്രോട്ടോൺ ഇലക്ട്രോൺ ന്യൂട്രോൺ ബോസോൺ തുടങ്ങിയ ഘടകങ്ങളിലും, മൂലകങ്ങളിലും സംയുക്തങ്ങളിലും രൂപാന്തരമായ ജീവികളുടെ ശരീരത്തിലെ അവയവങ്ങളിലും പ്രദേശങ്ങളിലും, മൊത്തവും മഹാസ്ഥൂലവുമായ ഭൂമിയായി നിരന്തരം സ്വയം പ്രവർത്തിച്ചു കൊണ്ട് അനന്തമായ ആനന്ദങ്ങളും ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും കാലവും ശരണവുമെല്ലാമായിട്ട് മഹാശക്തിയായ ഭൂമി ചാക്രികമായി നിലനിൽക്കുന്നത്. സ്വത്വമോ ഭൗതികമായ അസ്തിത്വമോ ശക്തികളോ സ്വന്തമായിട്ടില്ലാത്ത സൃഷ്ടികൾക്ക് ജീവിക്കാൻ ആവശ്യമായ വസ്തുക്കളും ശരീരങ്ങളും പ്രദേശങ്ങളും അനന്തമായി നൽകുകയും അവയെ വീണ്ടും മണ്ണായ ഭൂമിയിൽ ലയിപ്പിക്കുകയും സൃഷ്ടികൾക്കും പുനഃസൃഷ്ടികൾക്കും ചാക്രികമായി ഭൂമി നൽകുകയുമാണ്.

ഭൂമിയുടെ അംശമായ വസ്തുക്കളെ ഉപയോഗിച്ച് വ്യക്തവും അടിസ്ഥാനപരമായി നിശ്ചിതവുമായ ചലന സ്വാതന്ത്ര്യവും ശക്തികളും ജ്ഞാനവും മറ്റും നൽകുന്ന അവയവങ്ങളെ ക്കൊണ്ടുള്ള ശരീരത്തെ ഓരോ ജീവി-വർഗ്ഗത്തിനും, പിന്നെ പെണ്ണും ആണുമായ ഓരോ ജീവിക്കും നൽകുന്നതും; മഹാനീതിയുടെ ഭാഗമായിട്ട് ജീവി-വർഗ്ഗം, സ്ത്രീ പുരുഷൻ നിറം സൗന്ദര്യം മുഖഛായ ആയുസ്സ് ആരോഗ്യം ബുദ്ധിശക്തി ഓർമ്മശക്തി തൊഴിൽ-അഭിരുചി വിനോദ-അഭിരുചി ജനനസ്ഥലം ശരീരവളർച്ച മരണം തുടങ്ങിയ ജന്മഗുണങ്ങളെയും നിശ്ചയിക്കുന്നതും നൽകുന്നതും പരിപാലിക്കുന്നതും തെളിയിക്കുന്നുണ്ട്. എങ്ങനെയെങ്കിലുമൊക്കെ സൃഷ്ടികൾ ജീവിക്കട്ടെ എന്നല്ലാ ദൈവം നിശ്ചയിച്ചിട്ടുള്ളത്. ജീവികളുടെ ശരീരത്തിലെ അവയവങ്ങളെയും വിസർജ്ജന വസ്തുക്കളെ പ്പോലെയുള്ള ശരീരഭാഗങ്ങളെയും ജന്മഗുണങ്ങളെയുമെല്ലാം ഭൂമിയുടെ അംശമായ വസ്തുക്കളെക്കൊണ്ട് സൃഷ്ടിച്ചിട്ടുള്ളത് നിസ്സംശയം തെളിയിക്കുന്നുണ്ട്.

സ്വത്വമോ, ഭൗതികമായ അസ്തിത്വമോ, ശക്തികളോ സ്വന്തമായിട്ടില്ലാത്തവയെ സൃഷ്ടിക്കുവാൻ ആദിയും അന്തവും ഇല്ലാത്ത മഹാസത്യവും മഹാശക്തിയുമായ ദൈവം തയ്യാറാകുമ്പോൾ, സൃഷ്ടി സ്ഥിതി സംഹാര പാത്രവും മഹാശൂന്യതയുമായ ആകാശമായിട്ട് ഭാഗികമായി ദൈവം ആദ്യം അവതരിക്കണം.

**നിശ്ചിതമായ അളവിൽ ആകാശത്തെ സൃഷ്ടിച്ചാൽ, ജീവികളെ അനന്തമായി സൃഷ്ടിക്കാൻ കഴിയില്ല; നിശ്ചിത കാലം കഴിഞ്ഞാൽ ആകാശം നിറയുന്നതാണ്. ജീവികളെ പുതുതായി സൃഷ്ടിക്കുകയും, മുമ്പ് സൃഷ്ടിച്ചവയ്ക്ക് അന്തമില്ലാത്ത മോക്ഷത്തെ നൽകുന്ന സംഹാര പാത്രമായിട്ട് തുടരണമെങ്കിൽ, ദൈവം തന്നെ അവതരിക്കണം.**

**ആകാശമോ ഭൂമിയോ മറ്റെന്തെങ്കിലുമോ ആയിട്ട് പൂർണ്ണമായും അവതരിച്ചാൽ, മറ്റു രൂപങ്ങളെ സ്വീകരിക്കാൻ ദൈവത്തിന് ദൈവം തന്നെ തടസ്സം ഉണ്ടാക്കുന്നതായി മാറും. ആദിയും അന്തവും ഇല്ലാത്ത മഹാസത്യവും മഹാശക്തിയുമായ ദൈവത്തിന് അനാവശ്യമായിട്ട് സ്വയം പരിമിതപ്പെടുത്തി നിലനിൽക്കേണ്ടതില്ല. അന്തമില്ലാത്ത മഹാശൂന്യതയായിട്ട് ദൈവം ഭാഗികമായിട്ട് അവതരിക്കുന്ന ആകാശത്തിനു ശേഷമോ ഒപ്പമോ, മഹാശക്തിയായ ദൈവം സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്ന സൃഷ്ടികൾക്കെല്ലാം ജീവിക്കാൻ ആവശ്യമായ ആനന്ദങ്ങളെയും അവയെ നേടാനുള്ള ഉപാധികളായ രൂപവും ഭാവവും സൗന്ദര്യവും നിറവും മണവും രുചിയും ഗുണങ്ങളുമെല്ലാം ഉൾപ്പെട്ട ഭൗതികമായ രൂപങ്ങളെയും, ശക്തികളെയും, ജ്ഞാനമായ ശാസ്ത്രങ്ങളെയും, സ്വാതന്ത്ര്യത്തെയും, കാലത്തെയും ശരണത്തെയും, മഹാനീതിയെയുമെല്ലാം സൃഷ്ടികൾക്ക് നേരിട്ടും അനന്തമായും നൽകാൻ കഴിയുന്ന സ്ഥിതി പാത്രമായിട്ട് ദൈവം അവതരിക്കണം. ഭൂമിയാണത്.**

മഹാസത്യവും മഹാശക്തിയുമായ ദൈവത്തിന്റെ മായാശക്തികൾക്ക് യാതൊരു കുറവും ഉണ്ടാവാതെ തന്നെ ദൈവം സൃഷ്ടിക്കുന്ന സൃഷ്ടികളായ ആത്മാക്കൾക്ക് അനന്തമായ ആനന്ദങ്ങളും ശക്തികളും ശാസ്ത്രങ്ങളും സൗന്ദര്യവും സ്വാതന്ത്ര്യവും കാലവും ശരണവും മഹാനീതിയുമെല്ലാം നേരിട്ടു നൽകാൻ കഴിയുന്ന ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനുമെല്ലാം ചേർന്ന പ്രപഞ്ചഭാഗമായി അവതരിക്കാനും സനാതനമായി നിലനിൽക്കാനും ദൈവത്തിനു കഴിയുന്നതാണ്.

**സൃഷ്ടികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് എല്ലാ ആനന്ദങ്ങളും ശക്തികളും നേരിട്ടു ലഭിക്കുന്നത് ശരീരത്തിലെ അവയവങ്ങളും അവയുടെ മൂലമായ മൂലകങ്ങളും സംയുക്തങ്ങളും രൂപാന്തരമായ പ്രദേശങ്ങളും അവയുടെയെല്ലാം മൊത്തമായ ഭൂമിയും നൽകുമ്പോഴാണ്. എന്നുവെച്ചാൽ, സൃഷ്ടികൾക്ക് അനന്തമായ ആനന്ദങ്ങളെയും അവയെ നേടാനുള്ള ഉപാധികളായ ശക്തികളെയും ദൈവത്തിന്റെ മഹാജ്ഞാനമായ ശാസ്ത്രങ്ങളെയും, സ്വാതന്ത്ര്യത്തെയും കാലത്തെയും ശരണത്തെയും ജന്മഗുണങ്ങൾ ഉൾപ്പെടെയുള്ള മഹാനീതിയെയുമെല്ലാം നേരിട്ടു തന്നെ നൽകുന്ന ഭൂമിയായി ദൈവം അവതരിച്ചിരിക്കുകയാണ്. ഭൂമിയുടെ പ്രവർത്തനങ്ങളെ പ്രത്യക്ഷമെന്നോണം മനസ്സിലാക്കാൻ കാലാനുസൃതമായി മനുഷ്യർക്ക് കഴിയുന്നതാണ്. ശാസ്ത്ര സാങ്കേതിക വികസനത്തിലൂടെ നേടാനും ആസ്വദിക്കാനും കഴിയുന്ന വാഹനങ്ങളും ടിവിയും കമ്പ്യൂട്ടറും ഇന്റർനെറ്റും മൊബൈൽ ഫോണുമെല്ലാം ഉദാഹരണമാണ്.**

സൂക്ഷ്മ പ്രപഞ്ചം എന്ന് വിശേഷിപ്പിക്കാവുന്ന ആറ്റങ്ങളിലെ അതിസൂക്ഷ്മ ഘടകങ്ങളും ശിവയുമായ പ്രോട്ടോണുകളെ, ശിവയുടെ ഭാഗവും ശിവനുമായ ഇലക്ട്രോണുകൾ നിരന്തരം ശിവ നിശ്ചയിക്കുന്നതു പോലെ ചുറ്റിയും; ന്യൂട്രോൺ ബോസോൺ തുടങ്ങിയ ഘടകങ്ങൾ അതിന് അനുസൃതമായി പ്രവർത്തിച്ചുമാണ് സൃഷ്ടികൾക്ക് ജീവിക്കാൻ ആവശ്യമായ ആകാശവും ഭൂമിയും വായുവും അഗ്നിയും ജലവും കര-ജല-പ്രദേശങ്ങളും മഞ്ഞും മലകളും കുന്നുകളും താഴ്വരകളും പർവ്വതങ്ങളും വനങ്ങളും സമുദ്രവും നദികളും കായലുകളും പുഴകളും അരുവികളും തോടുകളും കുളങ്ങളും കിണറുകളും തടാകങ്ങളും, മത്സ്യങ്ങളും സസ്യങ്ങളും പക്ഷികളും മൃഗങ്ങളും മനുഷ്യരും ഉൾപ്പെടെ എല്ലാ ജീവികളുടെയും ശരീരത്തിലെ അവയവങ്ങളും മറ്റും ഉൾപ്പെട്ട അനന്തമായ ആനന്ദങ്ങളും പ്രകൃതിയുമായി മഹാശക്തിയായ ദൈവം അവതരിച്ചിരിക്കുന്നത്. അന്തമില്ലാത്ത മഹാശക്തികളായ അണുപ്രപഞ്ചങ്ങളുടെ സൂക്ഷ്മവും സ്ഥൂലവും മഹാസ്ഥൂലവുമായ ഭൗതിക രൂപങ്ങളെ ദൈവം സ്വീകരിച്ചിരിക്കുകയാണ്. സൃഷ്ടികൾക്ക് എല്ലാ ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും ശരണവും മാത്രമല്ലാ, കാലത്തെയും സൃഷ്ടിക്കുന്നതും പരിപാലിക്കുന്നതും നൽകുന്നതും ഭൂമിയാണെന്നത് അല്പം കൂടി വിശദീകരിക്കാം. ആറ്റങ്ങളിലെ ശിവയായ പ്രോട്ടോണുകളെ, ശിവയുടെ ഭാഗവും ശിവനുമായ ഇലക്ട്രോണുകൾ നിരന്തരം ശിവ നിശ്ചയിക്കുന്നതു പോലെ ചുറ്റിക്കറങ്ങുന്നതിനെ വിശകലനം ചെയ്താൽ, വേഗതയും (സ്പീഡും) സമയവും (കാലവും) വിഷയമാണെന്നു കാണാം. മഹാസ്ഥൂലമായ ഭൂമിയിലെ എല്ലാ ആറ്റങ്ങളിലെയും ഇലക്ട്രോണുകണുകളുടെ വേഗതയുടെ മൊത്തവുമായി ഭൂമി ചുറ്റിത്തിരിയുന്ന വേഗതയെ മനസ്സിലാക്കാം എന്നു മാത്രമല്ല; അവയെല്ലാം നിശ്ചയിച്ചിരിക്കുന്നതും മഹാശക്തിയായ ഭൂമി തന്നെയാണ് അഥവാ സ്വത്വമായ ഓക്സിജനാണ് അഥവാ മണ്ണായ ഭൂമിയിൽ അടിഞ്ഞു കൊണ്ട് സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ഭദ്രപ്പെടുത്തുന്ന ബ്രഹ്മവും ഏകദൈവവുമായ മണ്ണടി മഹാഭദ്രകാളിയാണ്.

അനന്തമായ ആനന്ദങ്ങളാകുന്ന ഭൂമിയായി അവതരിച്ച് സ്വത്വം പോലും സ്വന്തമായിട്ടില്ലാത്ത സൃഷ്ടികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്ത് അനന്തമായ ആനന്ദങ്ങളെ നൽകുന്ന ദൈവത്തെ വിശേഷ ബുദ്ധി കൊണ്ടു തന്നെ മനസ്സിലാക്കി ജീവിക്കേണ്ടത് ഓരോ ആത്മാവിനും സർവ്വവും നൽകുന്ന ശരീരത്തോടും മൂലമായ മൂലകങ്ങളോടും അവയുടെ സംയുക്തങ്ങളോടും പ്രദേശങ്ങളോടും അവയുടെയെല്ലാം മൊത്തമായ ഭൂമിയോടുമുള്ള സ്വയം ബാദ്ധ്യതയാണ്.

## സൃഷ്ടി സ്ഥിതി സംഹാര പാത്രങ്ങളെ വിശദീകരിക്കുന്നു.

സൃഷ്ടികളായ ആത്മാക്കളെ സ്ത്രീ പുരുഷ പാതികളായിട്ട് സൃഷ്ടിക്കുന്നത് സൃഷ്ടിസ്ഥിതിസംഹാര പാത്രമായ ആകാശത്തിൽ 'സൃഷ്ടി പാത്രം' മാത്രമായിട്ട് ഒരുക്കിയിട്ടുള്ള സൂര്യനിൽ വച്ചാണ്.

**ശിവയായ ഏക പ്രോട്ടോണും ഭാഗവും ശിവനുമായ ഏക ഇലക്ട്രോണും ചേർന്ന പരമാത്മാവിന്റെ സ്വത്വമായിട്ടാണ് ആറ്റത്തിൽ ന്യൂട്രോൺ ഇല്ലാത്ത ഏക മൂലകമായ ഹൈഡ്രജനെ ഒരുക്കിയിട്ടുള്ളത്. ഹൈഡ്രജനിൽ മാത്രമല്ലാ;**

**ഏറെക്കുറെ 100 വരുന്ന എല്ലാ മൂലകങ്ങളിലും ശിവയായ പ്രോട്ടോൺ ഓം എന്ന് മഹാ -ചിരിക്കുമ്പോൾ കേൾക്കാൻ കഴിയുകയും, അതിൽ നിന്നും ലഭിക്കുന്ന ദിവ്യശക്തികൾ കൊണ്ട് ശിവയായ പ്രോട്ടോണിനെ കാണുകയും നിരന്തരം ചുറ്റുകയും ചെയ്യുകയാൽ ശിവയുടെ ഭാഗവും ദാസനുമാണ് ശിവനെന്ന് മനസ്സിലാക്കാം.**

സൂര്യനിൽ വച്ച് ഹൈഡ്രജൻ ആറ്റത്തിലെ ശിവയായ പ്രോട്ടോൺ, ഭാഗവും ശിവനുമായ ഇലക്ട്രോണിൽ നിന്നും 2 ന്യൂട്രോണുകളെ സ്ത്രീപുരുഷ പാതികളായ ആത്മാക്കളായി സൃഷ്ടിക്കുകയും ഭൂമിയിലേക്ക് പ്രകാശരൂപത്തോടെ അയക്കുകയും ചെയ്യുന്നു. എടുത്തു പറയേണ്ടത്, ആത്മാക്കളെ ശിവയുടെ ഇഷ്ടംപോലെ മാത്രം നിർജ്ജീവമായും മഹാശക്തനായും പ്രവർത്തിക്കുന്ന ശിവന്റെ അംശമായിട്ടാണ് സൃഷ്ടിക്കുന്നത്. കൂടാതെ, ശക്തിശിവൻ പ്രണയമന്ത്രം കൂടിയായ ഓം ൽ മുഴുകി മഹാദാസനായ ശിവൻ, ശിവയായ പ്രോട്ടോണിനെ ചുറ്റിക്കറങ്ങുമ്പോൾ മഹാദാസ്യമായ ആനന്ദ നിർവൃതിയിൽ മുഴുകി നിർജ്ജീവമായ അവസ്ഥയിൽ എന്നപോലെയാവും. മഹാവാത്സല്ല്യത്തെ ആനന്ദമായി സ്വീകരിച്ചു കൊണ്ട് സർവ്വവും കരുതി ചെയ്യുന്ന ശിവയായ പ്രോട്ടോൺ ആണ് ആത്മാക്കളെ സ്ത്രീപുരുഷ പാതികളായ 2 ന്യൂട്രോണുകളായിട്ടു സൃഷ്ടിക്കുന്നത്. സൂര്യപ്രകാശത്തിൽ തെളിയുന്ന മഴവില്ലിന്റെ നിറത്തിൽ നിന്നും അനന്തമായ നിറങ്ങളായിട്ട് ജീവികളുടെ ശരീരത്തിലെ ഏറ്റവും വലിയ അവയവമായ ചർമ്മത്തിൽ പ്രതിഫലിക്കുന്നത് ഭൂമിയുടെ അംശമായ വസ്തുക്കളിലെ ന്യൂട്രോണുകളുമായി ഹീലിയം ആറ്റത്തിലെ ന്യൂട്രോണായ ആത്മാവിന്റെ ചങ്ങലബന്ധമാണെന്നും വിശകലനം ചെയ്യാൻ കഴിയും.

സൃഷ്ടിപാത്രമായ സൂര്യനിൽ സൃഷ്ടിക്കുന്ന ആത്മാക്കളുടെ ജീവിതം ആരംഭിക്കുന്നത് ഭൂമിയിലാണ്. പ്രകാശരൂപത്തോടെ സൃഷ്ടിച്ച ആത്മാക്കളെ സ്ഥിതി പാത്രമായ ഭൂമിയിൽ എത്തിച്ച് സമുദ്രത്തിലെ ഉപ്പുവെള്ളത്തിൽ, ഭൂമിയുടെ അംശമായ വസ്തുക്കളെ രൂപാന്തരപ്പെടുത്തിയ ശരീരത്തോടു കൂടി കരിമീൻ കുഞ്ഞുങ്ങളായ സ്ത്രീപുരുഷ ജോഡികളായിട്ട് ആദ്യ ജീവികളെ സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു. ശേഷമുള്ളത് മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ എന്നീ അവസ്ഥകളിൽ ഓംകാരനീതിശാസ്ത്രം പ്രകാരം എല്ലാ സൃഷ്ടികൾക്കും സമആനന്ദങ്ങളാകുന്ന മഹാനീതിയെ സമ്മാനിക്കുന്ന പുനർജ്ജനനങ്ങളാണ്. വേദനകൾ ഉൾപ്പെടെയുള്ള ആനന്ദങ്ങൾക്കെല്ലാം അതീതമായ ഭൂമിയുടെ അംശവുമായ മൂലകങ്ങളും അവയുടെ സംയുക്തങ്ങളും ശരീരാവയവങ്ങളും ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് ആനന്ദങ്ങളെ നേടാനും ആസ്വദിക്കാനുമുള്ള ഉപാധികളായി മാറുന്നു.

**ദൈവത്തിന്റെ ആദിയും അന്തവും ഇല്ലാത്ത മഹാജ്ഞാനമായ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രത്തെയും, മഹാശക്തികളെയും മനസ്സിലാക്കാൻ കഴിയുന്ന വിശേഷ ബുദ്ധിയെയും, കുഞ്ഞിൽ നിന്നും യൗവ്വനം വഴി വാർദ്ധക്യത്തിലേക്കുള്ള വളർച്ചയെയും, മാത്രം മറ്റുള്ള ജീവികളിൽ നിന്നും പ്രധാനമായും വ്യത്യാസപ്പെടുത്തി മനുഷ്യാവസ്ഥയിൽ വച്ച് സൃഷ്ടികൾക്ക് നൽകിയിട്ടുള്ളത് 100 മാനുഷിക ജന്മങ്ങൾക്കു ശേഷം നേടുന്ന നക്ഷത്ര-ദേവതയായ മോക്ഷപദത്തിൽ വച്ച് ലഭിക്കുന്ന മായാശക്തികളെകൊണ്ട് സ്വയം സൃഷ്ടിക്കാനും അനുഭവിക്കാനും ആസ്വദിക്കാനും കഴിയുന്ന അനന്തമായ ആനന്ദങ്ങളെ ഭൂമിയിൽ വച്ച് പരിചയപ്പെടാനാണ്.**

ഭൂമിയുടെ മഹാനീതിശാസ്ത്രമായ ഓംകാരനീതിശാസ്ത്രത്തിന്റെ കാതലായ മഹാപുനർജ്ജന്മസിദ്ധാന്തം പ്രകാരം സ്ത്രീപുരുഷൻ നിറം സൗന്ദര്യം മുഖഛായ ആയുസ്സ് ആരോഗ്യം ബുദ്ധിശക്തി ഓർമ്മശക്തി തൊഴിൽ-അഭിരുചി വിനോദ-അഭിരുചി ജനനസ്ഥലം തുടങ്ങിയ ജന്മഗുണങ്ങൾ വ്യത്യാസപ്പെട്ട് മറ്റുള്ള ജീവികളെ പ്പോലെ തന്നെ ഭൂമിയുടെ വിവിധ പ്രദേശങ്ങളിലായിട്ട് ജനിക്കുകയും ജീവിക്കുകയും മരിക്കുകയും പുനർജ്ജനിക്കുകയുമെല്ലാം ചെയ്തുപോരുന്ന മനുഷ്യന്, ദൈവത്തിന്റെ അവതാരമായ ഭൂമിയുടെ അംശമായ മൂലകങ്ങളിലും സംയുക്തങ്ങളിലും അവയുടെ രൂപാന്തരമായ ജീവികളുടെ ശരീരത്തിലെ അവയവങ്ങളിലും ലയിച്ചിരിക്കുന്ന അനന്തമായ ആനന്ദങ്ങളും അവയെ നേടാനുള്ള ഉപാധികളായ ശക്തികളും ശാസ്ത്രങ്ങളും സൗന്ദര്യവും സ്വാതന്ത്ര്യവും കാലവും ശരണവും മഹാനീതിയുമെല്ലാം അനുസരിച്ചു മാത്രമേ ജീവിക്കാൻ കഴിയുകയുള്ളൂ.

**ദൈവത്തിന്റെ അവതാരമായ ഭൂമിയുടെ ഭാവമായ സത്യ ധർമ്മ നീതികളെയും സ്വാതന്ത്ര്യത്തെയും അവമതിച്ചു ജീവിക്കാൻ മരണം ഉറപ്പുള്ള അല്പായുസ്സുകളായ മനുഷ്യർ വിശേഷ ബുദ്ധിയെ ലഭിച്ചിട്ടും തയ്യാറായാൽ വഴിതെറ്റിയ കുഞ്ഞുങ്ങളെ ശാസിച്ചും ചെറുതും വലുതുമായ ശിക്ഷകളെ നൽകിയും തജ്ജന്മത്തിൽ തിരുത്താനായിട്ട് ആറ്റങ്ങളിലെ അതിസൂക്ഷ്മ ഘടകങ്ങളുടെ തലത്തിലുള്ള ന്യൂനശക്തികളെ കൊണ്ടുള്ള ധർമ്മശാസ്ത്ര ബന്ധനവും, ഓംകാരനീതിശാസ്ത്രത്തിലെ മഹാപുനർജ്ജന്മ സിദ്ധാന്തം പ്രകാരമുള്ള മഹാനീതിയും ഭൂമി നിർവ്വഹിക്കുന്നുണ്ട്. ഭൂമിയുടെ സ്വത്വവും ജീവികളുടെയെല്ലാം ജീവനും സത്യ-സൃഷ്ടി-വാതക രൂപവുമായ ഓക്സിജൻ, ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്ത മഹാസത്യവും മഹാശക്തിയും ഏകദൈവവുമായ മഹാഭദ്രകാളിയാണ്. ദൈവമായ ഓക്സിജൻ കനിയാതെ അനങ്ങാൻ പോലും യാതൊരു സൃഷ്ടികൾക്കും കഴിയില്ലെന്ന് ഹൃദയ സ്തംഭനം ലളിതമായി തെളിയിക്കുന്നുണ്ട്. അതിശക്തരെന്നു തെറ്റിദ്ധരിച്ചു ജീവിക്കുന്ന അജ്ഞാനികൾക്കും അഹങ്കാരികൾക്കും മറ്റും അത് പാഠവുമാണ്.**

**ജീവികളുടെ ആയുസ്സും ആരോഗ്യവും സൗന്ദര്യവും സ്വാതന്ത്ര്യവും ശാസ്ത്രങ്ങളും മഹാനീതിയുമെല്ലാം ചേർന്ന ജന്മഗുണങ്ങളെയും ശക്തികളെയും നിശ്ചയിക്കുന്നതും സൃഷ്ടിക്കുന്നതും ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളല്ല; ആകാശവും ഭൂമിയും ഉൾപ്പെടെയുള്ള പ്രപഞ്ച -ഭാഗമായി അവതരിച്ചിരിക്കുന്ന ദൈവം പ്രപഞ്ച-രൂപത്തോടെ നേരിട്ടും പ്രത്യക്ഷമായും ചെയ്യുകയാണ്. അങ്ങനെയിരിക്കെ; മനുഷ്യാവസ്ഥയിൽ അധികദാനമായി ലഭിക്കുന്ന വിശേഷ ബുദ്ധിയെ ശാസ്ത്രപരമായി ഉപയോഗിച്ച് സൃഷ്ടി സ്ഥിതി സംഹാരങ്ങളെയും മറ്റും മനസ്സിലാക്കാൻ മനുഷ്യർ പരിശ്രമിക്കാഞ്ഞത് അലംഭാവവും അവിവേകവുമാണ്. ആയിരം കോടിയിലേറെ വർഷങ്ങളായി നിലനിൽക്കുന്ന ആകാശവും ഭൂമിയുമാണ് തുടർച്ചയായ സൃഷ്ടിചക്രങ്ങളിലൂടെ ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ നിർവ്വഹിക്കുകയും, സമ-ആനന്ദത്തെ എല്ലാ സൃഷ്ടി ചക്രങ്ങളിലെയും ജീവികൾക്ക് ലഭ്യമാക്കുകയും ചെയ്യുന്നത്. ഭൂമിയുടെ അംശമായ വസ്തുക്കളിൽ ലയിച്ചിരിക്കുന്ന അനന്തമായ ആനന്ദങ്ങളെയും അവയെ നേടാനുള്ള ഉപാധികളായ ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയും കാലത്തെയും ശരണത്തെയുമെല്ലാം മനുഷ്യാവസ്ഥയിൽ എത്തുന്ന സൃഷ്ടികൾക്ക് വിശേഷ ബുദ്ധിയെ നൽകി ക്കൊണ്ട് മഹാനീതിശാസ്ത്രമായ ഓംകാരനീതിശാസ്ത്രം പ്രകാരം വെളിപ്പെടുത്തുന്നത് ഭൂമി തന്നെയാണെന്ന് മനസ്സിലാക്കാം. അന്തമില്ലാത്ത മഹാശക്തിയും ആനന്ദങ്ങളുമായി അവതരിച്ചിരിക്കുന്ന ഭൂമി, പ്രത്യക്ഷമായും പരസ്യമായും ലളിതമായും തന്നെയാണ് എല്ലാം ചെയ്യുന്നത്. ഭൂമിയുടെ അംശമായ ശരീരത്തിലൂടെ 100 ജന്മങ്ങളോടെ ജീവിച്ചു-മരിക്കുന്ന മനുഷ്യർക്ക് കാലാനുസൃതമായി പ്രപഞ്ചസത്യങ്ങളെ വെളിപ്പെടുത്തുന്നതും അങ്ങനെതന്നെ ! ഭൂമി നടപ്പാക്കുന്നതും ജീവികൾക്ക് ലഭിക്കുന്നതുമായ മഹാനീതിക്ക് തടസ്സമുണ്ടാവില്ലെങ്കിലും, വിശേഷ ബുദ്ധിയെ ശാസ്ത്രപരമായി ഉപയോഗിക്കാനും, ധാർമ്മികമായ യോഗ്യത നേടാനും മനുഷ്യർക്ക് കഴിയാത്തത് സമൂഹ ജീവിതത്തിൽ എല്ലാ സൃഷ്ടിചക്രങ്ങളിലും ഏറ്റക്കുറച്ചിലുകളോടെ അസ്വസ്ഥതകൾ ഉണ്ടാക്കും!**

എല്ലാ സൃഷ്ടി ചക്രങ്ങളുടെയും രണ്ടാം പകുതിയിൽ ദൈവം മനുഷ്യരൂപത്തിൽ പ്രത്യക്ഷപ്പെട്ടു കൊണ്ട് ദൈവം, ആത്മാവ്, മോക്ഷം തുടങ്ങിയവ ഉൾപ്പെടുന്ന ആത്മീയശാസ്ത്രത്തെ നേരിട്ടു പഠിപ്പിക്കുന്നുണ്ട് എന്നിരിക്കെ അഭിപ്രായങ്ങളായ മതങ്ങൾക്ക് സ്ഥാനമില്ല.

ആയിരം കോടി വർഷങ്ങൾ നീണ്ടതായ ആദ്യത്തെ മഹാകാലചക്രത്തിലെ എല്ലാ സൃഷ്ടി ചക്രങ്ങളുടെയും രണ്ടാം പകുതിയിൽ ജഗദംബയും ഏകദൈവവുമായ ശിവയും ഭാഗവും പരമാത്മാവുമായ ശിവനും; ഗോമാതാവായ പശുവും ഇണയായ പശുപതിയുമായി പ്രത്യക്ഷപ്പെട്ടിട്ടുണ്ട്.

രണ്ടാമത്തെ മഹാകാലചക്രത്തിലെ ആദ്യത്തേതായ ഇപ്പോഴത്തെ സൃഷ്ടി ചക്രത്തിലെ ഉടനെ ആരംഭിക്കുന്ന രണ്ടാമത്തെ പകുതി മുതൽ ശിവയും ഭാഗമായ ശിവനും മനുഷ്യരൂപത്തിൽ പ്രത്യക്ഷപ്പെട്ടുകൊണ്ട് ദൈവ വിപ്ലവവും സത്യയുഗവും ശേഷം സംഹാരമാകുന്ന നക്ഷത്രമോക്ഷവും പൂർത്തിയാക്കുകയും പുതിയ സൃഷ്ടിചക്രം ആരംഭിച്ചുകൊണ്ട് മനുഷ്യരൂപത്തെ ഉപേക്ഷിക്കുകയും ചെയ്യും.

ഓരോ ആത്മാവിന്റെയും പുരുഷ-പകുതിക്ക് മനുഷ്യാവസ്ഥയിൽ നിശ്ചയിച്ചിരിക്കുന്ന 100 ജന്മങ്ങളിൽ 90 മുതൽ 95 വരെയുള്ള ഒരു പുരുഷ ജന്മത്തിൽ വച്ച് പരമാത്മാവും പ്രപഞ്ചപിതാവുമായ പരമശിവനെ അർദ്ധമഹാദേവീ രൂപത്തിൽ അയച്ച് ഏക ബിരുദമായ **ഓം** നാവിൽ കുറിച്ച് യഥാർത്ഥ വേദങ്ങളായ ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങളെ മുഴുവൻ നേരിട്ടു തന്നെ നൽകുന്നതാണ്. സൃഷ്ടി മാത്രമായ അവരവരെയും സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ദൈവത്തെയും മനസ്സിലാക്കാനും ദൈവത്തിന്റെ മഹത്വം അറിയാനും കഴിയുന്ന പ്രസ്തുത ഏക-ജന്മത്തിൽ മാത്രമാണ് ദൈവത്തെ ആരാധിക്കാൻ മനുഷ്യന് അനുവാദം ഉള്ളത്.

ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനും ചേർന്ന പ്രപഞ്ചഭാഗമാണ് മനുഷ്യർ ഉൾപ്പെടെയുള്ള എല്ലാ ജീവികൾക്കും സ്വത്വമായ ആത്മാവും, അസ്തിത്വമായ ശരീരവും അവയവങ്ങളും, ശരീരത്തെ സൃഷ്ടിച്ചിട്ടുള്ള വസ്തുക്കളും പ്രദേശങ്ങളും, ജീവിക്കാൻ ആവശ്യമായ മറ്റ് ആനന്ദങ്ങളും ശക്തികളും ശാസ്ത്രങ്ങളും സൗന്ദര്യവും സ്വാതന്ത്ര്യവും കാലവും ശരണവുമെല്ലാം നൽകുന്നത്. സൃഷ്ടികൾക്കെല്ലാം ജീവിക്കാൻ ആവശ്യമായ സർവ്വവും എക്കാലവും അനന്തമായും നേരിട്ടും നൽകുന്ന ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനും സ്ഥൂലതലത്തിലും, ആറ്റങ്ങളും അവയുടെ ഘടകങ്ങളുമായ സൂക്ഷ്മതലത്തിലും മഹാശക്തിയായ ദൈവത്തിന്റെ അവതാരങ്ങളാണെന്ന് മനുഷ്യ-ശരീരം നൽകുന്ന വിശേഷബുദ്ധി കൊണ്ട് മനസ്സിലാക്കാം. ശാസ്ത്ര സാങ്കേതിക രംഗത്ത് ഏറെ വളർച്ച നേടിയിട്ടുള്ള ഇക്കാലത്ത് ഭൂമിയിൽ മാത്രമാണ് ജീവികൾ ഉള്ളതെന്നാണ് തെളിഞ്ഞിട്ടുള്ളത്. (സൃഷ്ടികളായ മനുഷ്യർ ഉൾപ്പെട്ട ജീവികൾക്ക് ഭൂമിയിൽ ജീവിക്കാൻ നക്ഷത്രങ്ങളുടെയോ മറ്റു ഗ്രഹങ്ങളുടെയോ ആവശ്യമില്ല.)

വസ്തുക്കളും അവയുടെ സൂക്ഷ്മമായ ആറ്റങ്ങളും, സ്ഥൂലമായ പ്രദേശങ്ങളും മൊത്തമായ ഭൂമിയും ആകാശവുമെല്ലാം ആവിർഭവിച്ചത് ഭൂമിയിൽ ജീവിക്കുന്ന മനുഷ്യർ ഉൾപ്പെട്ട ജീവികളുടെ എന്തെങ്കിലും ശക്തിയോ പ്രവർത്തനമോ കൊണ്ടല്ല. ഭൂമിയുടെ അംശമായ വസ്തുക്കളെ ഉപയോഗിച്ച് സൃഷ്ടിച്ചിരിക്കുന്ന വ്യത്യസ്ത ശരീര-അവയവങ്ങളും, ജീവിക്കാൻ ആവശ്യമായ ആനന്ദങ്ങളും ശക്തികളുമെല്ലാം സ്വത്വമോ ഭൗതികമായ അസ്തിത്വമോ പോലും സ്വന്തമായിട്ടില്ലാത്ത മനുഷ്യൻ ഉൾപ്പെടെയുള്ള സൃഷ്ടികൾക്ക് ഭൂമിയിൽ നിന്നും അനന്തമായി ലഭിക്കുകയാണെന്നു പറയുമ്പോൾ, ആകാശവും ഭൂമിയും ആത്മാക്കളെ സൃഷ്ടിക്കുകയും, ഭൂമിയുടെ അംശമായ വസ്തുക്കളെകൊണ്ട് ശരീരത്തെ സൃഷ്ടിച്ചു നൽകി ആത്മാക്കളെ ജീവികളാക്കുകയും, ജീവിക്കാൻ ആവശ്യമായ സർവ്വവും നൽകി പരിപാലിക്കുകയും ചെയ്യുകയാണെന്നു കൂടി മനുഷ്യാവസ്ഥയിലെ ശരീരം നൽകുന്ന വിശേഷ ബുദ്ധി കൊണ്ട് മനസ്സിലാക്കാം.

**(ഗ്രന്ഥകാരന് ലഭിച്ച അനവധി മഹാപാഠങ്ങളെ ഗ്രന്ഥത്തിൽ ഉൾപ്പെടുത്താനായില്ല.)**

# ॐ ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

ശിവനായ പരമാത്മാവിനോടും അംശമായ ആത്മാക്കളോടും സൂര്യനിൽ വച്ച് ശിവയായ ഭൂമി പ്രകാശത്തെ ചേർക്കുന്നതിനെയും പിന്നീട് വിവരിക്കുന്നുണ്ട്.

മഹാശക്തിയായ ദൈവത്തിന്റെ അവതാരങ്ങളും പ്രപഞ്ച-ഭാഗങ്ങളുമായ ആകാശം ഭൂമി സൂര്യൻ ചന്ദ്രൻ എന്നിവയിലും അവയുടെ അംശങ്ങളായ പ്രദേശങ്ങളിലും വസ്തുക്കളിലും മൂലകങ്ങളിലും, ജീവികളുടെ ശരീരത്തിലെ അവയവങ്ങളിലും , സൂക്ഷ്മാംശമായ ആറ്റങ്ങളിലുമെല്ലാം ലയിച്ചിരിക്കുന്നവ ദൈവത്തിന്റെ ആദിയും അന്തവും ഇല്ലാത്ത മഹാശക്തികളും മഹാജ്ഞാനവും തന്നെയാണ്. സ്വത്വമോ സ്വന്തമായിട്ടില്ലാത്ത സൃഷ്ടികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് ശക്തികളും ജ്ഞാനവുമെല്ലാം ദാനമായിട്ട് നൽകുകയാണ്; അവയെ സ്വീകരിക്കാനുള്ള ശക്തികളെയും സ്ഥിതി പാത്രം കൂടിയായ ഭൂമി തന്നെ നൽകണം; ശരീരവും വസ്തുക്കളുമെല്ലാം നൽകുന്നുമുണ്ട്.

സ്വത്വങ്ങളായ ആത്മാക്കൾക്ക് മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ എന്നീ ജീവി-വർഗ്ഗങ്ങളും സ്ത്രീ പുരുഷ ജാതികളും നിറം സൗന്ദര്യം മുഖഛായ ആയുസ്സ് ആരോഗ്യം ബുദ്ധിശക്തി ഓർമ്മശക്തി തൊഴിൽ-അഭിരുചി വിനോദ-അഭിരുചി ജനനസ്ഥലം തുടങ്ങിയ ജന്മഗുണങ്ങളും; ജീവിക്കുന്നതിനു വേണ്ടി ആവശ്യമായ ആനന്ദങ്ങളെ നേടാനുള്ള ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവുമെല്ലാം നൽകുന്നത് അവയ്ക്ക് ദാനം പോലെ ലഭിക്കുന്ന ശരീരത്തിലെ അവയവങ്ങളാണ്. അവയവങ്ങളെ നിശ്ചയിക്കുകയും സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്തു കൊണ്ട് സ്വത്വങ്ങളായ ആത്മാക്കളെ വ്യത്യാസപ്പെടുത്തിയിട്ടുള്ളത് അവയോ മാതാപിതാക്കളോ ഉറ്റവരോ അല്ല, ശരീരവും അവയവങ്ങളും മൂലമായ വസ്തുക്കളും ഭൂമിയും ആണ്. ആത്മാവും ശരീരവും രണ്ടാണെന്നും മനസ്സിലാക്കാൻ കഴിയുന്നത് മറ്റൊരു ദാനമായ വിശേഷ ബുദ്ധിയെ മനുഷ്യാവസ്ഥയിലെ ശരീരം ആത്മാവിനു നൽകുമ്പോഴാണ്. തലമുറകളുമായി ബന്ധപ്പെട്ട പ്രത്യുല്പാദന കാര്യത്തിലും സൃഷ്ടികളായ ആത്മാക്കൾ ദൈവത്തിന്റെ ഉപകരണങ്ങൾ മാത്രമാണ്. സ്ത്രീപുരുഷ ബീജങ്ങളുടെ എണ്ണവും നിർമ്മാണവും സംയോജനവും ഭ്രൂണത്തിന്റെ ഉല്പത്തിയും വളർച്ചയുമെല്ലാം നിശ്ചയിക്കുന്നതും സൃഷ്ടിക്കുന്നതും പരിപാലിക്കുന്നതും ജീവികളുടെ സ്വത്വങ്ങളല്ല. ഭൗതിക അസ്തിത്വമോ സ്വത്വമോ സ്വന്തമായിട്ടില്ലാത്ത സൃഷ്ടികളായ ആത്മാക്കൾക്ക് പ്രപഞ്ച-ഭാഗമായിട്ട് അവതരിച്ചിരിക്കുന്ന ഭൂമിയുടെ അംശമായ മൂലകങ്ങളും സംയുക്തങ്ങളുമായ വസ്തുക്കളും ഭക്ഷണ സാധനങ്ങളും പ്രദേശങ്ങളുമെല്ലാം ചേർന്ന് ശരീരാവയവങ്ങളെയും, ജീവിവർഗ്ഗരൂപത്തെയും, സ്ത്രീപുരുഷ ജാതിയെയും, മറ്റു ജന്മഗുണങ്ങളെയും കുഞ്ഞു-കുട്ടി-യൗവ്വന-വാർദ്ധക്യ വ്യത്യാസങ്ങളോടെയും; വിരലടയാളം, കൺമണി തുടങ്ങിയവ കൂടി ചേർത്തും മഹാനീതിശാസ്ത്രം പ്രകാരം പ്രപഞ്ച-രൂപത്തോടെ സൃഷ്ടിച്ചു നൽകുകയും പരിപാലിക്കുകയും മഹാനീതിയെ ഓംകാരനീതിശാസ്ത്രം പ്രകാരം നടപ്പാക്കുകയുമാണ്.

സൃഷ്ടികളായ ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്നതിന് തയ്യാറാതുകൊണ്ടു മാത്രമാണ്, മഹാസത്യമായ ദൈവത്തിന് സ്വന്തം 'മായ' ആകുന്ന അനിർവ്വചനീയമായ ശക്തികളെ ഉപയോഗിക്കുകയും പ്രകടിപ്പിക്കുകയും ചേയ്യേണ്ടുന്ന ആവശ്യം ഉണ്ടായിട്ടുള്ളത്. സൃഷ്ടികൾക്കു വേണ്ടി മാത്രമേ എന്തെങ്കിലും രൂപങ്ങളെ പോലും ദൈവം സ്വീകരിക്കേണ്ടതുള്ളൂ. പ്രപഞ്ചമോ, ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്ത മഹാസത്യവും, മായയും നിർവ്വചനങ്ങൾക്ക് അതീതമായ ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയുമായിട്ട് സദാ തനിച്ചു നിലനിൽക്കാൻ ദൈവത്തിന് കഴിയും. അനിർവ്വചനീയമായ ദൈവത്തിന്റെ പ്രസ്തുത അവസ്ഥയെ സൃഷ്ടികളായ ജീവികളുടെ സൃഷ്ടി ആരംഭിച്ചശേഷം, സൃഷ്ടി ചക്രങ്ങളുടെ രണ്ടാമത്തെ പകുതിയിൽ സത്യയുഗം തുടങ്ങുന്നതിന്റെ ഭാഗമായി യഥാർത്ഥ വേദങ്ങളായ ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങളെ വീണ്ടെടുക്കുമ്പോൾ, സൃഷ്ടികളിൽ വിശേഷബുദ്ധിയെ ദൈവം നൽകുന്ന 'മനുഷ്യൻ, ദേവത' എന്നീ അവസ്ഥകളിൽ വച്ച്, 'ബ്രഹ്മം' എന്ന പേരിൽ ദൈവം തന്നെ പരിചയപ്പെടുത്തുന്നുണ്ട്; അതോടെ ബ്രഹ്മത്തിന് പ്രപഞ്ചവുമായും സൃഷ്ടികളുമായും യാതൊരു ബന്ധവുമില്ലെന്ന് തെളിയുന്നുമുണ്ട്.

'തനിച്ചു നിൽക്കുന്ന ബ്രഹ്മത്തേക്കാൾ പരം = ശ്രേഷ്ഠം' എന്ന അർത്ഥത്തിൽ സൃഷ്ടികളായ ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെന്ന പേരിൽ സ്വത്വങ്ങളായ ആത്മാക്കളുടെ മഹാപരിപാലനത്തെ നിർവ്വഹിക്കുന്ന പ്രപഞ്ചത്തെ 'പരബ്രഹ്മം' എന്ന മഹാനാമത്തോടെ ബ്രഹ്മം ആകുന്ന ദൈവം ശ്രേഷ്ഠമാക്കിയിരിക്കുകയാണ്. പ്രപഞ്ചത്തിന് ജഗത്ത്, വിശ്വം, Universe തുടങ്ങിയ പേരുകൾ വ്യത്യസ്ത ഭാഷകളിലുണ്ട്. എന്തിനും അതീതവും അനിർവ്വചനീയവുമായ 'ബ്രഹ്മം' എന്ന മഹാഅവസ്ഥയെ നിലനിർത്തിക്കൊണ്ടാണ് പരബ്രഹ്മമായ ജഗത്തായിട്ട് ദൈവം അവതരിച്ചിരിക്കുന്നത്. സ്രഷ്ടാവും കുഞ്ഞുങ്ങളായ സൃഷ്ടികളും ചേർന്ന മഹാകുടുബമാണ് ജഗത്ത്. എന്നുവെച്ചാൽ ജഗത്തിന്റെ തുടക്കത്തിൽ സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ദൈവം മാത്രവും, പിന്നീട് ദൈവം സൃഷ്ടി ആരംഭിക്കുമ്പോൾ സൃഷ്ടികളായ ആത്മാക്കളും, അവയുടെ ജീവിരൂപമായ മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ എന്നിവയും മോക്ഷമായ നക്ഷത്രങ്ങളും ജഗത്തിന്റെ ഭാഗങ്ങളായി മാറുന്നു.

**സൃഷ്ടിചക്രങ്ങളിലൂടെ ക്രമമായി സൃഷ്ടിക്കപ്പെടുന്ന എല്ലാ സൃഷ്ടികൾക്കും സമത്ആനന്ദങ്ങളാകുന്ന മഹാനീതിയെ എക്കാലവും നൽകുന്ന സത്യവും ധർമ്മവും നീതിയുമായിട്ട് ആയിരം കോടിയിലേറെ വർഷങ്ങൾക്കു മുമ്പ് പരബ്രഹ്മമായ ജഗത്തായിട്ട് അവതരിച്ചിരിക്കുന്നത് ദൈവം തന്നെ ആകയാലും സനാതനമായി നിലനിൽക്കാനായിട്ട് അവതരിക്കുകയാലും, 'മായ' ആണെങ്കിലും ജഗത്ത് മിഥ്യയല്ല. അനിർവ്വചനീയ മഹാസത്യമായ ബ്രഹ്മമായിട്ട് ദൈവം വേറിട്ട് നിലനിൽക്കുമ്പോഴും, അനന്തമായ ആനന്ദങ്ങളും ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും സൗന്ദര്യവും കാലവും ശരണവും മഹാനീതിയുമെല്ലാം ആയിട്ട് സനാതനമായി ത്തന്നെ അവതരിച്ച് പ്രത്യക്ഷമായിരിക്കുന്ന പരബ്രഹ്മമായ ജഗത്ത് അഥവാ മഹാപ്രപഞ്ചമാണ് ശ്രേഷ്ഠം. വിശേഷ ബുദ്ധിയെ ലഭിക്കുന്ന മനുഷ്യർ അനുഭവിച്ചു തന്നെ അറിയുന്നതു പോലെ, സനാതനമായ സത്യവും ധർമ്മവും നീതിയും, പരബ്രഹ്മവുമായ ജഗത്തിന്റെ ഭാഗമായിട്ടു മാത്രം എല്ലാ സൃഷ്ടികളും ജനിക്കുകയും ജീവിക്കുകയും, മനുഷ്യാവസ്ഥയിൽ വച്ച് സംഹാരവും മോക്ഷവുമായ നക്ഷത്രദേവതാ-പദവി നേടുകയുമാണ്.**

സൃഷ്ടികളായ ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ദൈവം ആരംഭിക്കുന്നതിനു മുമ്പ് അവയെ സൃഷ്ടിക്കുന്നതിനുള്ള ദൈവത്തിന്റെ ആവശ്യവും നിശ്ചയിക്കണം.

സൃഷ്ടികളുടെ ഭാവം, രൂപം, ഓരോരോ സൃഷ്ടികളെയും കൊണ്ടുള്ള ദൈവത്തിന്റെ ആവശ്യം, ഓരോരോ സൃഷ്ടികൾക്കും ദൈവം ലഭ്യമാക്കുന്ന ആനന്ദങ്ങൾ, ശക്തികൾ, ജ്ഞാനം, സ്വാതന്ത്ര്യം, മഹാപരിപാലനം, മഹാനീതി, തുടങ്ങിയവ നിശ്ചയിക്കുകയും ഒരുക്കുകയും വേണം. അതായത്, ദൈവം അനിർവ്വചനീയമായ സ്വന്തം 'മായ' എന്ന മഹാശക്തികളെ കൊണ്ട് മഹാശൂന്യതയായ ആകാശവും ഭൂമിയുമായി അവതരിക്കുകയും, മഹാശൂന്യതയായ ആകാശം സൃഷ്ടികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്നതിന് തയ്യാറാകുമ്പോൾ സൃഷ്ടികളുടെ ഘടനയും ജീവിതധർമ്മവും മഹാപരിപാലനവും അവയ്ക്ക് ലഭ്യമാക്കേണ്ടുന്ന മഹാനീതിയുമെല്ലാം ആദ്യം തന്നെ നിശ്ചയിക്കേണ്ടതുണ്ട്. മഹാശക്തിയായ ദൈവത്തിന്റെ അംശങ്ങളും മഹാശക്തികൾ മാത്രമാകയാൽ സൃഷ്ടികളെ അംശങ്ങളാക്കിയാൽ പിന്നെ സൃഷ്ടികളാവില്ല. സ്വത്വമോ ഭൗതികമായ അസ്തിത്വമോ ശക്തികളോ സ്വന്തമായിട്ടില്ലാത്ത സൃഷ്ടികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്നത് സൃഷ്ടികളെ ദൈവത്തിന്റെ അംശമാക്കാതെയുള്ള മഹാആവിഷ്ക്കാരത്തിലൂടെ വേണം.

# ॐ ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

ആദിയും അന്തവും ഇല്ലാത്ത മഹാസത്യവും, മഹാശക്തിയും, ആനന്ദങ്ങൾക്കെല്ലാം അതീതവുമായ ഏകദൈവം, ശിവ എന്ന പേര് സ്വീകരിച്ചു കൊണ്ട് ശിവയുടെ ഇഷ്ടം പോലെയെല്ലാം നിർജ്ജീവമായും മഹാശക്തനായും, ശിവയുടെ ദാസനായും ഭർത്താവായും, വേറിട്ടുനിന്നും, ഒന്നായിരുന്നും പ്രവർത്തിക്കുന്ന ഒരു ഭാഗത്തെ ശിവൻ, പരമശിവൻ, പരമാത്മാവ്, മഹാപിതാവ് തുടങ്ങിയ മഹാനാമങ്ങളോടെ ഒരുക്കുന്നു.

പ്രത്യക്ഷവും വ്യത്യസ്തങ്ങളുമായ ശരീരത്തെയും, ഗൂഢവും സമങ്ങളുമായ സ്വത്വങ്ങളെയും ഒന്നായി ചേർത്ത് സൃഷ്ടിച്ചാൽ മാത്രമാണ് സൃഷ്ടികളെ തുല്ല്യരും വ്യത്യസ്തരുമായി (ജീവികളായി) സൃഷ്ടിക്കാൻ കഴിയൂ. മാത്രമല്ല; സൃഷ്ടികൾക്ക് അന്യോന്യം സംഹരിക്കാൻ കഴിയാത്ത വിധത്തിൽ ദൈവത്തിന്റെ സൃഷ്ടികളെ ദൈവം തന്നെ എപ്പോഴും സംരക്ഷിക്കണമെങ്കിൽ സ്വത്വങ്ങൾ ഗൂഢവും സൂക്ഷ്മവും ആയിരിക്കണം. സൂര്യനിൽ വച്ച് ശവനായ ശിവന്റെ അംശമായ ഹൈഡ്രജൻ ആറ്റത്തിന്റെ ഇലക്ട്രോണിൽ നിന്നും സൃഷ്ടികളുടെ സ്വത്വങ്ങളായ പ്രഥമ ന്യൂട്രോണുകളെ ഹീലിയം ആറ്റവുമായി ബന്ധിപ്പിച്ച് ഏകദൈവമായ ശിവ സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്നതിനെ ഈ ദിവ്യമഹാഗ്രന്ഥത്തിൽ മഹാശാസ്ത്രപരമായി വിശദീകരിച്ചിട്ടുണ്ട്. മഹാശക്തിയും ശിവയുമായ ഭൂമിയുടെ അംശമായ വസ്തുക്കളെക്കൊണ്ട് സൃഷ്ടിച്ചിട്ടുള്ള ജീവികളുടെ  ശരീരാവയവങ്ങളെ അവയിൽ ലയിച്ചിരിക്കുന്ന ശക്തികളും ശാസ്ത്രങ്ങളും, ഭൂമിയുടെ സ്വത്വമായ ഓക്സിജന്റെ ഇഷ്ടവും പ്രകാരം പ്രവർത്തിപ്പിക്കാൻ കഴിയുമെന്നല്ലാതെ സൃഷ്ടികളായ സ്വത്വങ്ങൾക്ക് തോന്നുംപോലെ ചെയ്യാനും സംഹരിക്കാനുമാവില്ല.

സൃഷ്ടികളുടെ ഘടനയെ 'സ്വത്വമായ ആത്മാവും, അടിസ്ഥാന പരമായി ആത്മാക്കളുടെ സ്വന്തമല്ലാത്തതും എന്നാൽ ദൈവാംശവുമായ ശരീരവു' മായി രണ്ടായിട്ട് ആവിഷ്ക്കരിച്ചു കൊണ്ട് മഹാഭദ്രപ്പെടുത്തിയിരിക്കുന്നതിനെ പിന്നീട് വിശദീകരിക്കുന്നുണ്ട്. സൃഷ്ടി സ്ഥിതി സംഹാരങ്ങൾ ഉൾപ്പെടെയുള്ള സർവ്വവും തനിച്ചു ചെയ്യുന്ന ഏകദൈവത്തിന് എന്തും ഭദ്രപ്പെടുത്താനുള്ള മായാശക്തി ഉള്ളതും മഹാഭദ്രപ്പെടുത്തുന്നതുമായ മഹാഭദ്രകാളി എന്ന മഹാശാസ്ത്രപരം മാത്രമായ ഒരു മഹാനാമം മറ്റു പല കാരണങ്ങളാലും ഉചിതമാണെന്നും പിന്നീട് വിശദീകരിക്കുന്നുണ്ട്. സൃഷ്ടികളായ ജീവികൾക്കു ജീവിക്കാൻ ആവശ്യമായ അനന്തമായ ആനന്ദങ്ങളെ ഒരുക്കിയ ശേഷം മാത്രമേ സൃഷ്ടിക്കാൻ പാടുള്ളൂ. ആനന്ദങ്ങളാകുന്ന വസ്തുക്കളെ ജീവികൾ ഉപയോഗിക്കുമ്പോൾ തീർന്നു പോകും എന്നിരിക്കെ തുടർച്ചയായി സൃഷ്ടിച്ചു കൊണ്ടിരിക്കേണ്ടതായി വരും. ആനന്ദങ്ങളെ തുടർച്ചയായി സൃഷ്ടിച്ചു കൊണ്ട് ദൈവം ജീവികളുടെ ഇടയിൽ ജീവിച്ചാൽ, ജീവികൾ മടിയരും അലസരുമായി മാറും; മറ്റൊരു ജീവിയെ പ്പോലെ സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ദൈവം മാറേണ്ടിയും വരും.

സൃഷ്ടികളായ ആത്മാക്കളെയും അവയുടെ ജീവിരൂപമായ മത്സ്യം സസ്യ പക്ഷി മൃഗ മനുഷ്യരെയും, അവയുടെ ജനന-ജീവിത-മരണങ്ങളെയും, മനുഷ്യാവസ്ഥയിൽ നേടാവുന്ന ദേവതാപദവിയായ നക്ഷത്ര മോക്ഷത്തെയും സൃഷ്ടിക്കുന്നതിനു വേണ്ടി ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനും ചേർന്ന പ്രപഞ്ചഭാഗമായിട്ട് ദൈവം അവതരിച്ചു.

# ॐ ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

പ്രപഞ്ചമോ, ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്ത ഏകമഹാസത്യവും, ആദിയും അന്തവും ഇല്ലാത്ത ഏകമഹാശക്തിയും ഏകദൈവവുമായ ശിവ; ഭാഗവും ശവനുമായി ശിവനെ ശിവയിൽ നിന്നും വേർപെടുത്തുകയും; ശിവയുടെ ഇഷ്ടംപോലെ ജീവമായും നിർജ്ജീവമായും പ്രവർത്തിക്കുന്ന ശിവയുടെ ദാസനും ഭർത്താവും പ്രപഞ്ച -പിതാവും പരമാത്മാവുമായിട്ട് പദവികളും കടമകളും നിശ്ചയിക്കുകയും ചെയ്യുന്നു.

ആനന്ദങ്ങൾക്കെല്ലാം അതീതവും, ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയുമായ ശിവ; അസ്തിത്വമോ സ്വത്വമോ സ്വന്തമായിട്ടില്ലാത്ത സൃഷ്ടികളും കുഞ്ഞുങ്ങളുമായ ജീവികളുടെയും അവയുടെ സ്വത്വങ്ങളായ ആത്മാക്കളുടെയും സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്തു തുടങ്ങുന്നതിനു മുമ്പ് ശിവയുടെയും ഭാഗമായ ശിവന്റെയും, സൃഷ്ടികളുടെയും സ്വാർത്ഥങ്ങളായ ആനന്ദങ്ങളെ നിശ്ചയിക്കേണ്ടതുണ്ട്. സൃഷ്ടികളായ ആത്മാക്കൾക്കു തന്നെ മടക്കി നൽകുന്ന മഹാവാത്സല്ല്യത്തെയും മഹാദാസ്യത്തെയും മാത്രം ആനന്ദങ്ങൾക്കെല്ലാം അതീതമായ ശിവയുടെയും ശിവന്റെയും ആനന്ദങ്ങളായിട്ട് യഥാക്രമം വ്യവസ്ഥ ചെയ്തുകൊണ്ടും; സത്യ ധർമ്മ നീതികളെ മാത്രം ശിവയുടെയും ശിവന്റെയും ഭാവങ്ങളായി നിശ്ചയിച്ചു കൊണ്ടും; സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്ന ജീവികൾക്ക് ജീവിക്കാൻ ആവശ്യമായ അനന്തമായ ആനന്ദങ്ങളും അവയെ നേടാനുള്ള ഉപാധികളുമായി അവതരിക്കാൻ ശിവ തയ്യാറാകുന്നു. സൃഷ്ടികൾക്ക് നൽകുന്ന ആനന്ദങ്ങൾ അവസാനിക്കാതെ അനന്തമായി തുടരുകയും നേരിട്ടു നൽകുകയും ചെയ്യണമെങ്കിൽ ആനന്ദങ്ങളും ഉപാധികളായ ശക്തികളും ശരണവുമെല്ലാമായി ശിവ തന്നെ അവതരിക്കേണ്ടതുണ്ട്. ആനന്ദങ്ങളെ നിശ്ചിതപ്പെടുത്തിയാൽ അവയെ ജീവികൾ ഉപയോഗിച്ച് തീരുകയും, പുതിയതായി സൃഷ്ടിച്ചു കൊണ്ട് ദൈവ സാന്നിധ്യം പ്രത്യക്ഷമാക്കേണ്ടിയും വരും! ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനുമായ പരബ്രഹ്മം എന്ന അനന്തമായ ആനന്ദങ്ങളുടെയും ശക്തികളുടെയുമെല്ലാം മഹാകലവറയായ പ്രപഞ്ച-ഭാഗത്തെ ഏകദൈവമായ ശിവയുടെയും ഭാഗമായ ശിവന്റെയും സനാതനവും ഭാഗികവുമായ സത്യ ധർമ്മ നീതി രൂപമായി സ്വീകരിക്കുകയാണ് സർവ്വം ഭദ്രപ്പെടുത്താൻ ശക്തി ഉള്ളതും മഹാഭദ്രപ്പെടുത്തുന്നതുമായ മഹാഭദ്രകാളി കൂടിയായ ശിവ ചെയ്യുന്നത്. ആദിയും അന്തവും ഇല്ലാത്ത മായാമഹാശക്തിയായ ശിവയുടെ അനിർവ്വചനീയമായ 'മായ' കൊണ്ട് അനന്തമായ ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യാൻ കഴിയുമെന്നതു കൊണ്ടും, 'മായ' പ്രപഞ്ചത്തിന് അതീതമായതു കൊണ്ടും ശിവയുടെയും ഭാഗമായ ശിവന്റെയും ഭാഗികമായ രൂപം മാത്രമാണ് ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനും ചേർന്ന പ്രപഞ്ചഭാഗം. ആത്മാക്കൾക്ക് മനുഷ്യാവസ്ഥയിൽ ലഭിക്കുന്ന മോക്ഷം മാത്രമാണ് നക്ഷത്രങ്ങളായ ദേവതകളെന്ന് ശാസ്ത്ര പരമായി മഹാഗ്രന്ഥത്തിൽ തെളിയിക്കുന്നുണ്ട്. ജീവികളുടെ സൃഷ്ടിയും സ്ഥിതിയായ മഹാപരിപാലനവും, സംഹാരവും മോക്ഷവും ഉൾപ്പെടെയുള്ള മഹാനീതിയുമെല്ലാം ആകാശവും ഭൂമിയും ചന്ദ്രനും ചേർന്ന സ്ഥൂലരൂപമായ പ്രപഞ്ച-പ്രദേശരൂപമായും; മൂലകങ്ങളും സംയുക്തങ്ങളും ജീവി-ശരീരങ്ങളുമായും; സൂക്ഷ്മമായ ആറ്റങ്ങളും ശിവയായ പ്രോട്ടോൺ, ശിവനായ ഇലക്ട്രോൺ, ശക്തി ഘടകങ്ങളായ ന്യൂട്രോൺ ബോസോൺ തുടങ്ങിയവയായും ശിവനെയും കൂട്ടി ശിവ നിർവ്വഹിക്കുകയാണ്.

# ॐ ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

ആയിരം കോടിയിലേറെ വർഷങ്ങൾക്കു മുമ്പ് ഏകദൈവമായ ശിവ, ഭാഗമായ ശിവനെയും കൂട്ടി ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനുമായ അനന്തമായ ആനന്ദങ്ങളും മഹാശക്തിയുമായ പ്രപഞ്ച ഭാഗവുമായി അവതരിച്ച്, പിൽക്കാലമായ എക്കാലവും സനാതനമായ സത്യവും ധർമ്മവും നീതിയുമായി നിലനിൽക്കുകയാണ്. അനന്തമായ ആനന്ദങ്ങളും ശക്തികളും ശാസ്ത്രങ്ങളും സൗന്ദര്യവും സ്വാതന്ത്ര്യവും കാലവും ശരണവുമെല്ലാം ഭൂമിയുടെ അംശമായ പ്രദേശങ്ങളും വസ്തുക്കളും, മൂലകങ്ങളും, സംയുക്തങ്ങളും, ജീവികളുടെ ശരീരത്തിലെ അവയവങ്ങളും ഭാഗങ്ങളും മറ്റുമായി ജീവികൾക്കു ലഭിക്കുമ്പോൾ ഭൂമിയിൽ ലയിച്ചിരിക്കുന്ന അവയെല്ലാം ഭൂമിയുടെ സ്വന്തമാണെന്നും, മഹാശക്തിയായ ഭൂമിയായി അവതരിച്ച്, മനുഷ്യർ ഉൾപ്പെടെയുള്ള എല്ലാ സൃഷ്ടികൾക്കും ജീവിക്കാൻ ആവശ്യമായ അനന്തമായ ആനന്ദങ്ങളെയും ഉപാധികളായ ശക്തികളെയും ശാസ്ത്രങ്ങളെയുമെല്ലാം ശിവനെയും ഒപ്പം കൂട്ടി മഹാഭദ്രകാളിയും ശിവയുമായ ഭൂമി നൽകുകയാണെന്നും മനസ്സിലാക്കണം. ഭൂമിയും അംശങ്ങളായ വസ്തുക്കളും പ്രദേശങ്ങളും ശരീരങ്ങളുമെല്ലാം നൽകുന്ന ആനന്ദങ്ങളും ശക്തികളും ശാസ്ത്രങ്ങളും ശരണവുമെല്ലാം എക്കാലവും അനന്തമാണ് എന്നതു മാത്രമല്ല; മറ്റിടങ്ങളിൽ നിന്നും സൃഷ്ടികൾക്ക് ലഭിക്കുന്നില്ല എന്നതാണ് സത്യം. സൃഷ്ടികളായ ആത്മാക്കൾക്ക് ഭൂമിയുടെ അംശമായ മൂലകങ്ങളും സംയുക്തങ്ങളും മിശ്രിതങ്ങളും കൊണ്ട് സൃഷ്ടിച്ചിട്ടുള്ള ശരീര-അവയവങ്ങളെ നൽകി ജീവികളാക്കി മാറ്റുന്നതും ജീവികളുടെ സ്വത്വങ്ങളല്ല. ശരീരത്തിലെ അവയവങ്ങളെയോ അവയുടെ ധർമ്മങ്ങളെയോ നിശ്ചയിക്കാനും ഒരല്പം ശൂന്യത പൊലും സൃഷ്ടിക്കാനും മനുഷ്യൻ ഉൾപ്പെടെയുള്ള സൃഷ്ടികൾക്കു കഴിവില്ല. വിശദീകരണം മഹാഗ്രന്ഥത്തിലുണ്ട്.

പല്ലുകൾ, കീഴ്ത്താടി, കൈകാലുകൾ, വിരലുകൾ, തുടങ്ങിയവയുടെ പ്രവർത്തനം വിശകലനം ചെയ്താൽ തന്നെ മനുഷ്യർ കിടുങ്ങിപ്പോകുന്നതാണ്. ആകാശം വായു അഗ്നി ജലം തുടങ്ങിയവയെ ഭൂമിയുടെ അംശമായ എല്ലാ ജീവികളുടെയും ശരീരത്തിൽ ബന്ധിപ്പിച്ചിരിക്കുന്നതു കൂടാതെ വ്യത്യസ്ത ജീവികളുടെ ശരീരത്തിലെ അവയവങ്ങൾ, ജലം, സ്വർണ്ണം, തടി, ഇരുമ്പ്, തുടങ്ങി ഭൂമിയുടെ അംശ-ശക്തികളായ മൂലകങ്ങളിലും സംയുക്തങ്ങളിലും മറ്റും ലയിച്ചിരിക്കുന്ന അനന്തമായ ശക്തികളും ശാസ്ത്രങ്ങളും പ്രകാരം മാത്രമേ അവയെ പ്രവർത്തിപ്പിക്കാൻ സൃഷ്ടികളായ മനുഷ്യർക്ക് കഴിയൂ.

എല്ലാ ജീവികളുടെയും ജീവിതങ്ങളെ മനുഷ്യർക്കു ലഭ്യമായ വിശേഷ ബുദ്ധി കൊണ്ട്  വിശകലനം ചെയ്താൽ, സ്വത്വങ്ങളായ ആത്മാക്കൾക്ക് ദാനം പോലെ ലഭിക്കുന്ന ഭൂമിയുടെ അംശമായ മൂലകങ്ങളും സംയുക്തങ്ങളും മിശ്രതങ്ങളുമെല്ലാം കൊണ്ട് രൂപാന്തരപ്പെടുത്തിയ ശരീരത്തിലെ അവയവങ്ങളാണ് ജീവികളെയും അവയുടെ ജീവിതധർമ്മങ്ങളെയും അടിസ്ഥാന പരമായി വ്യത്യാസപ്പെടുത്തുന്നതെന്നു കാണാം. ആനന്ദങ്ങളായ വിശപ്പ്, ദാഹം, ജലം, ഭക്ഷണം, രുചി, ദഹനം, പ്രത്യുല്പാദനം, ജനനം, വളർച്ച, രോഗങ്ങൾ, രോഗമുക്തി, മരണം, സുഖം ദുഃഖം വാത്സല്യം കാമം കോപം ക്ഷീണം തുടങ്ങിയവ എല്ലാ ജീവികൾക്കും സമാനമാണെന്നും മനസ്സിലാക്കാം.

സൃഷ്ടികൾക്ക് ശരീരത്തിലൂടെ നൽകുന്ന ശക്തികളിലും സ്വാതന്ത്ര്യങ്ങളിലും അടിസ്ഥാന പരമായി ഇടപെടാതെ; ആത്മാക്കളുടെ ഇഷ്ടപ്രകാരം അല്ലാതെ 'മഹാശക്തിയായ ശിവയും മഹാഭദ്രകാളിയുമായ ഭൂമിയുടെ അംശമായ മൂലകങ്ങളെയും, അവയുടെ സംയുക്തങ്ങളെയും, ശിവയുടെ ധർമ്മ-സ്ഥിതി-ദ്രാവക രൂപമായ ജലത്തെയും, അവയിലെല്ലാം ലയിച്ചിരിക്കുന്ന 'ശക്തികളും ശാസ്ത്രങ്ങളും പ്രകാരം' ഭൂമിയുടെ സ്വത്വവും, സത്യ-സൃഷ്ടി-വാതക രൂപവും, ജീവികളുടെയെല്ലാം ജീവനും, മഹാഭരണാധികാരിയും മഹാനീതിയും മഹാഭദ്രകാളിയുമായ ഓക്സിജൻ ജീവികളുടെ ശരീരത്തിലെ അവയവങ്ങളെയും ഭാഗങ്ങളെയും; ജീവി വർഗ്ഗം സ്ത്രീ-പുരുഷൻ നിറം സൗന്ദര്യം മുഖച്ഛായ ആയുസ്സ് ആരോഗ്യം ബുദ്ധിശക്തി ഓർമ്മശക്തി തൊഴിൽ-അഭിരുചി വിനോദ-അഭിരുചി ജനനസ്ഥലം തുടങ്ങിയ ജന്മഗുണങ്ങളെയും  സൃഷ്ടിക്കുകയും മഹാപരിപാലിക്കുകയും മഹാനീതി നടപ്പാക്കുകയുമാണ്. ഓക്സിജൻ തന്നെയാണ് 'മഹാശക്തിയായ ദൈവം' എന്നറിയുമ്പോഴും ഓക്സിജനെ നിയന്ത്രിക്കാൻ കഴിയുന്നതിനെ പ്പറ്റി ചിന്തിക്കാൻ പോലും സൃഷ്ടികൾക്ക് ഓക്സിജൻ തന്നെ ശക്തി നൽകണം! മിനുട്ടിൽ ഏറെക്കുറെ 18 തവണ ശ്വാസോച്ഛ്വാസം ചെയ്യുന്ന മനുഷ്യന്റെ ചിന്തകളെ പ്പോലും ഓക്സിജൻ അറിയുന്നുണ്ട്. സമുദ്രത്തിന്റെ അടിയിലും ആകാശത്തുമെല്ലാം പോകണമെങ്കിൽ ഓക്സിജനെ ചുമന്നു കൊണ്ടുപോകണം; അതിനും ഓക്സിജൻ തന്നെ ശക്തി നൽകുകയും വേണം!

മണ്ണായ ഭൂമിയുടെ അംശമായ പ്രദേശങ്ങളും മൂലകങ്ങളും സംയുക്തങ്ങളും മിശ്രിതങ്ങളും, അവയെല്ലാം കൊണ്ട് സൃഷ്ടിച്ചിട്ടുള്ള ശരീരാവയവങ്ങളും മറ്റുമായ അനന്തമായ ആനന്ദങ്ങളും ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും കാലവും ശരണവുമെല്ലാം നൽകി സ്വന്തമായിട്ട് സ്വത്വമോ ഭൗതികമായ അസ്തിത്വമോ ശക്തികളോ ഇല്ലാത്തവരുമായ ആത്മാക്കളെ ജീവികളാക്കുന്നതും; മഹാപരിപാലനം നിർവ്വഹിക്കുന്നതും, മഹാനീതിശാസ്ത്രമായ ഓംകാരനീതിശാസ്ത്രം പ്രകാരം സൃഷ്ടികളുടെ മേൽ മഹാഭദ്രമായിട്ട് മഹാനീതി നടപ്പാക്കുന്നതും പ്രപഞ്ചരൂപത്തോടെ മഹാഭദ്രകാളിയും ഭൂമിയുമായ ശിവ തനിച്ചും പ്രത്യക്ഷമായി ത്തന്നെയുമാണ്. പരമാത്മാവായ ശിവന്റെ അംശങ്ങളായിട്ട് ആത്മാക്കളെ സൃഷ്ടിക്കുകയാൽ, ശിവ നക്ഷത്രമോക്ഷത്തെ നൽകുന്നതും ശിവനിലൂടെയാണ്.

പുതിയ പുതിയ സൃഷ്ടി ചക്രങ്ങളിലൂടെ ജീവികളുടെ സൃഷ്ടിയും സ്ഥിതിയും അന്തമില്ലാതെ തുടരുമ്പോൾ, ആകാശവും ഭൂമിയുമായി ദൈവം അവതരിച്ചിട്ടുള്ളതും സനാതനമായ സത്യവും ധർമ്മവുമായി നിലനിൽക്കാനാണെന്നു തെളിയുന്നുണ്ട്. ദൈവത്തിന്റെ അവതാരങ്ങളായ ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനും താൽക്കാലികമായ സംവിധാനങ്ങളോ മിഥ്യകളോ അല്ലെന്നും സാരം.

# ॐ ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

സ്ഥൂലാവസ്ഥയായ എല്ലാ വസ്തുക്കളും പ്രദേശങ്ങളും ജീവികളുടെ ശരീരത്തിലെ അവയവങ്ങളും പ്രകൃതിയുമായിരിക്കുന്നത് സൂക്ഷ്മമായ ആറ്റങ്ങളും അവയിലെല്ലാം ഉള്ളതായ അതിസൂക്ഷ്മമായ പ്രോട്ടോൺ ഇലക്ട്രോൺ ന്യൂട്രോൺ ബോസോൺ തുടങ്ങിയവയും ആണെന്നതും, പ്രോട്ടോണുകളെ നിരന്തരം ഇലക്ട്രോണുകൾ ചുറ്റിക്കറങ്ങി ക്കൊണ്ടിരിക്കുന്നതും അന്തമില്ലാത്ത മഹാശക്തിയുടെ പ്രഭാവമാണ്. മനുഷ്യൻ ഉൾപ്പെടെയുള്ള എല്ലാ സൃഷ്ടികൾക്കും ജീവിക്കാൻ ആവശ്യമായതും ആഗ്രഹിക്കുന്നതുമായ സർവ്വവും മഹാനീതിശാസ്ത്രമായ ഓംകാരനീതിശാസ്ത്രം പ്രകാരം മഹാശക്തിയായ ഭൂമിയുടെ അതിസൂക്ഷ്മമായ ആറ്റങ്ങളിലെ ശിവയായ പ്രോട്ടോണുകൾ, ശിവനായ ഇലക്ട്രോണുകളുമായി ചേർന്ന് സൃഷ്ടിക്കുകയാണ്.

ഏകദൈവമായ ശിവ, സ്വന്തം ഭാഗവും പരമാത്മാവും ശവനുമായ ശിവനെയും കൂട്ടി ആകാശവും ഭൂമിയുമായി അവതരിച്ച് ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുമ്പോൾ മഹാസത്യവും മഹാശക്തിയുമായ ഭൂമി നൽകുന്ന ശക്തികളും ജ്ഞാനവും സ്വാതന്ത്ര്യവും ആയുസ്സും ആരോഗ്യവും മറ്റും കൊണ്ട് ജീവിക്കുന്ന മനുഷ്യർ, ഏകമഹാശക്തിയും ഏകദൈവവുമായ ഭൂമിക്ക് രക്ഷവേണമെന്നും, ഭൂമിയെ രക്ഷിക്കാൻ കഴിയുമെന്നു ഭാവിക്കുന്നതും വലിയ തെറ്റാണ് !

സംഹാരമാകുന്ന മോക്ഷത്തിൽ; ആത്മാക്കളുടെ സൃഷ്ടിയെ സ്തംഭി(പ്പി)ച്ചുകൊണ്ട് പുനർജ്ജന്മങ്ങൾ മാത്രം തുടരുകയാൽ ജീവികളിലെ പ്രത്യുല്പാദനത്തിന് കടുത്ത നിയന്ത്രണം ഉണ്ടാകുന്നതും മുൻ സൃഷ്ടി ചക്രവുമായി ബന്ധപ്പെട്ട ഇതിഹാസ ചരിത്രങ്ങളിൽ കാണുമ്പോലെ വന്ധ്യത വർദ്ധിക്കുന്നതും, കുഞ്ഞുങ്ങളെ ലഭിക്കാൻ പുണ്യകർമ്മങ്ങളെ കൂടുതൽ ചെയ്യേണ്ടതായും 'പുണ്യം വർദ്ധിപ്പിക്കേണ്ടതായും' വരുന്നതാണ്. ഭൂമിയിലെ എല്ലാ തൊഴിലുകളെയും 'ശുചിത്വം അത്യാവശ്യം ആവശ്യം വിനോദം' എന്നിങ്ങനെ ശാസ്ത്ര പരമായി 4 വിഭാഗങ്ങളായി തിരിക്കാമെന്നതിനും, ശാസ്ത്രം നേടിത്തരുന്ന സുഖസൗകര്യങ്ങൾക്കും ക്രമേണ പ്രസക്തി കുറയുന്നതാണ്. സൃഷ്ടി ചക്രത്തിന്റെ ആദിയിലും പിന്നീടുമായി മനുഷ്യാവസ്ഥയിൽ എത്തുന്ന ആത്മാക്കൾക്ക് അക്കൂടെ സമ-ആനന്ദമായ മഹാനീതി ലഭ്യമാക്കുന്നുമുണ്ട്. മനുഷ്യരുടെ ആത്മാക്കൾക്ക് മറ്റുള്ള ജീവികളിൽ നിന്നും വ്യത്യസ്തമായി ശാസ്ത്ര സാങ്കേതിക വികസനത്തിൽ നിന്നും, ബന്ധപ്പെട്ട 'ശുചിത്വം അത്യാവശ്യം ആവശ്യം വിനോദം' എന്നീ 4 വിഭാഗം തൊഴിലുകളിൽ നിന്നും ലഭിക്കുന്ന 4×5=20 അളവ് ആനന്ദത്തെ, മഹാപ്രപഞ്ചത്തിലെ മൊത്തം 100 അളവ് ആനന്ദത്തിൽ ഓരോ ആത്മാവിനും അനുവദിച്ചിട്ടുള്ള 90 അളവ് ആനന്ദത്തിൽ നിന്നും കുറവു ചെയ്യാൻ കാരണമാകുന്നു. അതേസമയം മനുഷ്യർക്ക് ത്യാഗത്തിൽ നിന്നും ലഭിക്കുന്ന 5 അളവ് ആനന്ദത്തെ ജനസേവനം ചെയ്ത് പുണ്യം വർദ്ധിപ്പിക്കാൻ എല്ലാ മനുഷ്യർക്കും ഭൂമി നൽകുന്ന അവസരമായി നിലനിർത്തുന്നു. ത്യാഗം ചെയ്യാനും ചെയ്യാതിരിക്കാനും വ്യക്തിക്ക് അനുവദിക്കുന്ന സ്വാതന്ത്ര്യവും, ത്യാഗം യഥാർത്ഥത്തിൽ ആനന്ദമല്ലെന്നതും കണക്കാക്കി 5 അളവ് ത്യാഗം ചേർത്ത് 25 അളവുകളെ മേല്പടി 90 അളവിൽ നിന്നും ശാസ്ത്ര പരമായി നീക്കം ചെയ്യാം. അപ്പോൾ 'ഭക്ഷണം 40 + ഭക്തി/ പ്രിയം/ ആദരം/ ആരാധന 5, ദാസ്യം 5, വാത്സല്യം 5, പ്രേമം 5, പ്രേമ സാക്ഷാത്കാരം 5 എന്നിവയ്ക്ക് മൊത്തം 65 അളവ് ആനന്ദം ലഭിക്കുന്നതായി കാണാം. ദൈവത്തിന്റെ ആനന്ദങ്ങളായ മഹാദാസ്യം 30-ഉം മഹാവാത്സല്യം 35-ഉം കൂട്ടിയാൽ മൊത്തം 65 അളവ് ആനന്ദമായി.

ദൈവത്തിൻ്റെ ആനന്ദമെന്നു വിശേഷിപ്പിക്കുന്ന മഹാത്യാഗത്തിന്, സൃഷ്ടികളായ ആത്മാക്കൾക്ക് അനുഭവിച്ച് ആനന്ദിക്കാൻ കഴിയുന്ന 65 അളവുമായി തുല്ല്യത ഉണ്ടാകുന്നത് അങ്ങനെയാണ്)). മുമ്പ് സൂചിപ്പിച്ചതു പോലെ, 'ശിവയും ശിവനും ചേർന്ന ഭൂമിയുടെ' അംശമായ മൂലകങ്ങളിലും ജീവികളുടെ ശരീരങ്ങളിലും പ്രദേശങ്ങളിലും, അവയുടെയെല്ലാം സൂക്ഷ്മ അംശങ്ങളായ ആറ്റങ്ങളിലെ ഘടകങ്ങളിലും ശിവയും ശിവനും ആണുള്ളത്. ശക്തിയും ശിവനും എന്നും പറയാം.

ശബ്ദത്തെപ്പറ്റി അല്പം കൂടി ചേർക്കുന്നു: ഭൂമിയുടെ സ്വത്വമായ ഓക്സിജൻ, ജലത്തെ മാധ്യമം ആക്കി ഏതാനും മൂലകങ്ങൾ കൊണ്ട് ഉണ്ടാക്കിയിട്ടുള്ള ശരീരത്തിലെ കൈകാലുകൾ, വിരലുകൾ, കീഴ്ത്താടി, വായ്, നാവ്, ചുണ്ട്, കവിളുകൾ, കൺപോളകൾ എന്നിങ്ങനെ ഏതാനും അവയവങ്ങളെ ഭാഗികമായി ചലിപ്പിക്കുവാനുള്ള സ്വാതന്ത്ര്യത്തെ മാത്രമേ ആത്മാവിന്, 'ഭൂമിയുടെ സ്വത്വമായ ഓക്സിജൻ' നൽകുന്നുള്ളൂ. പ്രസ്തുത ഭാഗികമായ ചലനങ്ങളെ കൊണ്ടു തന്നെ ശരീരത്തെ മൊത്തം ഭരിക്കുന്ന പ്രതീതിയും; ശരീരം ആത്മാവിൻ്റെ സ്വന്തമാണെന്ന പ്രതീതിയും ആത്മാവിനു നൽകി ആനന്ദിപ്പിക്കുന്നുണ്ട്. ഭാഗിക 'ചലന സ്വാതന്ത്ര്യമാകുന്ന ശരീരത്തിലെ ശക്തികളെ' ശരീരത്തിൻ്റെ അകമേയും പുറമേയും ചെലുത്താൻ കഴിയുമ്പോൾ ആത്മാവിന് 'ബധിരത' ഇല്ലെങ്കിൽ, ശബ്ദം കേൾക്കാം എന്നല്ലാതെ ശബ്ദത്തെ ഉണ്ടാക്കാനോ നിശ്ചയിക്കാനോ കഴിയില്ല.

100 മനുഷ്യ ജന്മങ്ങളിലൂടെ ഭൂമിയിലെ അനന്തങ്ങളായ ആനന്ദങ്ങളെയെല്ലാം, സമആനന്ദമെന്ന മഹാസമനീതിയോടെ ഓരോ മനുഷ്യനും മഹാഅനുഗ്രഹിച്ചു നൽകുന്നത് ജന്മഗുണങ്ങളെ സൃഷ്ടിച്ചുകൊണ്ടാണ്. യാതൊരു വ്യക്തികൾക്കും അവരുടെ മാതാപിതാക്കൾക്കും ജന്മഗുണങ്ങളിൽ പങ്കില്ല.

സ്വന്തമായ ഇഷ്ടപ്രകാരം സ്ത്രീ-പുരുഷൻ, ആയുസ്സ്, ആരോഗ്യം, സൗന്ദര്യം, നിറം, ഉയരം, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, മാതാപിതാക്കൾ, സാമ്പത്തിക ഭദ്രത, ജനനസ്ഥലം തുടങ്ങിയവയെ നിശ്ചയിച്ചു കൊണ്ട് ജനിക്കാൻ യാതൊരു മനുഷ്യർക്കും സാധിക്കുന്നതല്ല എന്നതിൽ നിന്നും അവയെല്ലാം ജന്മഗുണങ്ങളാണെന്നു സുവ്യക്തമാണ്.

മണ്ണും ഭൂമിയുമായ ദൈവം മഹാനീതിശാസ്ത്രമനുസരിച്ച് മഹാനിർവ്വഹിക്കുന്ന ജനനസ്ഥലം ഉൾപ്പെടെയുള്ള ജന്മഗുണങ്ങളുടെ പേരിലും; ദൈവത്തിനു മാത്രം എക്കാലവും സ്വന്തമായ ഭൂപ്രദേശങ്ങളുടെ പേരിലും; കേമത്തം കാട്ടുന്നതും, കലഹിക്കുന്നതും, ഒളിപ്പോരു നടത്തുന്നതും, യുദ്ധം ചെയ്യുന്നതും വലിയ ഭോഷത്തവും നീചത്തവുമാണെന്ന് സ്വയം വിശകലനം ചെയ്താലറിയാം.

ദൈവം മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള അധിക ബുദ്ധിശക്തികളെ ദുരുപയോഗം ചെയ്ത്, ഭൂപ്രദേശങ്ങളെ തങ്ങൾക്ക് തോന്നുമ്പോലെയെല്ലാം വേർതിരിച്ച ശേഷം രാജ്യസ്നേഹം, രാജ്യദ്രോഹം, എന്നിങ്ങനെ പറഞ്ഞ് വാക്കേറ്റങ്ങളും അടിപിടിയും യുദ്ധങ്ങളും ഉണ്ടാക്കുന്നത് ഒരുപക്ഷേ ഭൂമിയിലെ ഏറ്റവും വലിയ ഭോഷത്തമാവാം.

ജീവികളുടെയെല്ലാം മഹാമാതാവും മഹാനീതിയുമായ ദൈവത്തെ, മനുഷ്യരൂപിയായിട്ടോ ഈ സന്ദേശത്തെ വായിക്കുന്ന വ്യക്തിയായിട്ടോ മനസ്സിലാക്കാനും സങ്കല്പിക്കാനും കഴിയുന്നവർക്ക്, ദൈവത്തിന്റെ അഥവാ താങ്കളുടെ ശരീരത്തിലെ പാദം, വിരല്, നഖം, രോമം, തലമുടി, കണ്ണ്, മൂക്ക്, ചെവി, നാവ്, കയ്യ്, ആമാശയം, പൃഷ്ഠം, ഹൃദയം, തുടങ്ങിയ അനേക ശതകം/ ലക്ഷം/കോടി അവയവങ്ങളിൽ / കോശങ്ങളിൽ ചിലതായിട്ട് രാജ്യങ്ങളെയും അവയിലെ സംസ്ഥാനങ്ങളെയും ജില്ലകളെയും പഞ്ചായത്തുകളെയും പട്ടണങ്ങളെയും കുന്നുകളെയും മലകളെയും പർവ്വതങ്ങളെയും വനങ്ങളെയും സമുദ്രങ്ങളെയും നദികളെയും തോടുകളെയുമൊക്കെ മനസ്സിലാക്കാൻ കഴിയുന്നതാണ്.

ഒരു മനുഷ്യന്റെ എല്ലാ അവയവങ്ങൾക്കും ആരോഗ്യം ഉണ്ടാകുമ്പോഴും, ജീവാത്മാവിന്റെ ആഗ്രഹങ്ങൾ സാധിക്കുമ്പോഴും വ്യക്തി ആനന്ദിക്കുന്നു. ആഗ്രഹങ്ങൾക്ക് വിപരീത പരിസ്ഥിതി ഉണ്ടാകുമ്പോഴും; അവയവങ്ങൾക്ക് ആരോഗ്യം കുറയുകയും യോജിച്ചു പ്രവർത്തിക്കാൻ കഴിയാതെ വരുമ്പോഴും അവയവങ്ങൾക്കും വ്യക്തിക്കും മഹാനീതി ശാസ്ത്രപരമായ വിനാശം ഉണ്ടാകുന്നതാണ്. വ്യക്തിയുടെ ശരീര ഭാഗങ്ങളും അവയവങ്ങളുമായ കണ്ണുകൾ, ചെവികൾ, മൂക്ക്, നാക്ക്, തലമുടി, കിഡ്നി, വിരലുകൾ, കൈകാലുകൾ, തുടങ്ങിയവയ്ക്ക് മഹാശാസ്ത്രപരമായിട്ട് ഒത്തൊരുമിച്ചു പ്രവർത്തിക്കുന്നതിന് തടസ്സം ഉണ്ടാവുകയോ, അവയവങ്ങൾ നഷ്ടപ്പെടുകയോ നഷ്ടപ്പെടുത്തുകയോ ചെയ്യുമ്പോൾ വ്യക്തിയുടെ ജീവിത-വേദന വർദ്ധിക്കുന്നതാണ്; ജീവനും ദൈവത്തിന്റെ വാതകരൂപവുമായ ഓക്സിജൻ മഹാഭരിക്കുന്നതു പ്രകാരം സ്വത്വമായ ജീവാത്മാവാണ് വേദനിക്കുന്നത്.

വ്യക്തിയുടെ ശരീരത്തിലെ അവയവങ്ങളിലെല്ലാം നിറഞ്ഞു നിൽക്കുന്നത് ഒരേ ജീവാത്മാവാണ്. അതേപോലെ, ഭൂമിയുടെ എല്ലാ ഭൂപ്രദേശങ്ങളിലും, രാജ്യങ്ങളിലും, സംസ്ഥാനങ്ങളിലും, ജില്ലകളിലും, നഗരങ്ങളിലും, ഗ്രാമങ്ങളിലും, കുന്നുകളിലും, മലകളിലും, പർവ്വതങ്ങളിലും, വനങ്ങളിലും, സമുദ്രങ്ങളിലും, നദികളിലും, തോടുകളിലും ഒക്കെ മഹാലയിച്ച് മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ നിർവ്വഹിക്കുന്നത് മണ്ണും ഭൂമിയും ഓക്സിജനുമായ ഏകദൈവമാണ്.

ഭൂമിക്കും, ഭൂമിയുടെ അവയവങ്ങളും അംശങ്ങളും മാത്രമായ രാജ്യങ്ങൾക്കും സംസ്ഥാനങ്ങൾക്കും ജില്ലകൾക്കും മറ്റും ജയ് വിളിക്കാൻ ഭൂമിയോ, ഭൂമിയുടെ അംശങ്ങളായ ദേശങ്ങളോ നാട്ടു-പ്രദേശങ്ങളോ യാതൊരാളോടും ആവശ്യപ്പെടുന്നില്ല. ഭൂമിക്ക് / ദൈവത്തിന് ജയ് വിളിയുടെ ആവശ്യവുമില്ല. ജയ് വിളിക്കുന്നവരും വിളിക്കാത്തവരുമെല്ലാം മഹാനീതിശാസ്ത്ര പ്രകാരം ഭൂമിയുടെ വ്യത്യസ്ത പ്രദേശങ്ങളിലായി ജനിച്ചും പുനർജ്ജനിച്ചു കൊണ്ടും ഭൂമി ജനിപ്പിച്ചും ജീവിപ്പിച്ചുകൊണ്ടുമിരിക്കുന്നതാണ്. അതായത് അജ്ഞാനികളും അധമരുമായ (?) ജനങ്ങൾ, ഭൂമിയുടെ അവയവങ്ങൾ മാത്രമായ രാജ്യങ്ങൾക്കും മറ്റും ജയ് വിളിക്കുകയും ദേശീയ ഗാനങ്ങളെന്ന പേരിൽ കോപ്രായങ്ങൾ കാട്ടിക്കൂട്ടുകയും ചെയ്യുമ്പോൾ ശാസ്ത്രീയത ഇല്ലാതാവുന്നു; ദൈവ നിന്ദ ഉണ്ടാകുന്നു. അതോടെ മത്സരം, അടിപിടി, കൊല, യുദ്ധം തുടങ്ങിയ പൈശാചിക കാര്യങ്ങൾ സംഭവിക്കുന്നു.

നേതാക്കന്മാരും പട്ടാളക്കാരും മറ്റും മരിക്കുമ്പോൾ രാഷ്ട്രം അവരെ നമിക്കുന്നതായിട്ട് മന്ത്രിമാരും മറ്റും പ്രസ്താവിക്കുന്നത് കടുത്ത ദൈവനിന്ദയാണ്. ആരെയും ആദരിക്കാനും ആദരിക്കാതിരിക്കാനും വ്യക്തികളെന്ന നിലയ്ക്ക് ഭരണാധികാരികൾക്ക് വ്യക്തിസ്വാതന്ത്ര്യമുണ്ട്. എന്നാൽ മറ്റുള്ളവരുടെ വ്യക്തിസ്വാതന്ത്ര്യത്തിന്മേൽ കൈകടത്താൻ ജനസേവകർ മാത്രമായ ഭരണാധികാരികൾ ഉൾപ്പെടെ യാതൊരാൾക്കും അവകാശമില്ല, അധികാരവുമില്ല. അങ്ങനെയിരിക്കെ മഹാശക്തിയും, മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര കർത്താവുമായ ദൈവത്തിനു മാത്രം അവകാശവും അധികാരവും ഉള്ളതായ മഹാകാര്യങ്ങളെ 'മത-ജാതി-രാഷ്ട്രീയ- ജീവികളായി അധഃപതിച്ച കുഞ്ഞുങ്ങൾ' അപമാനിക്കുന്നത് കടുത്ത അപരാധമാണ്. മണ്ണും ഭൂമിയുമായ ദൈവം അനുവദിക്കുക കൂടി ചെയ്യുമ്പോഴാണ് ഏതൊരാളും മരിക്കുന്നതെന്നു തിരിച്ചറിയുമ്പോൾ, മഹാമാതാവും മഹാനീതിയും കൂടിയായ ഭൂമി കുഞ്ഞുങ്ങളെ നമിക്കുന്നതായിട്ട് പ്രസ്താവിക്കുന്നതിലെ മൗഢ്യത വെളിവാകുന്നുണ്ട്.

ആയുധങ്ങൾക്കും മറ്റും പാഴാക്കുന്ന ധനവും ഊർജ്ജവും സമയങ്ങളുമെല്ലാം ജനങ്ങളുടെ പൊതുവായ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടണം, ഉപകരിക്കണം. ആയുധങ്ങൾക്കും ആയുധവാഹിനികൾക്കും കര-വായു-നാവിക സേനകൾക്കും അവരുടെയെല്ലാം വാഹനങ്ങൾക്കും ബന്ധപ്പെട്ട കാര്യങ്ങൾക്കുമായിട്ട് ഭൂമിയിലെ രാജ്യങ്ങളിലെല്ലാം പാഴാക്കുന്ന ധനവും ഊർജ്ജവും സമയങ്ങളും മനുഷ്യ ജീവിതങ്ങളുമെല്ലാം ലാഭിക്കുമ്പോൾ തന്നെ ഭൂമിയിലെങ്ങും സ്വർഗ്ഗ സുഖങ്ങളെ ഒരുക്കാൻ കഴിയുന്നതാണ്.

അധമ സംസ്കാരം കൊണ്ട് രൂപപ്പെട്ടതായ രാജ്യരക്ഷ എന്ന കള്ളപ്പേരിൽ അറിയപ്പെടുന്ന നികൃഷ്ട തൊഴിൽ ചെയ്യുന്ന സൈനികരേക്കാൾ അധമരായിട്ടുള്ളത്, അന്താരാഷ്ട്രപരമായ തിരുത്തൽ നടപടികൾക്ക് പരിശ്രമിക്കാതെ പട്ടാളക്കാരെക്കൊണ്ട് നികൃഷ്ടജോലികളെ ചെയ്യിക്കുന്ന ഭരണാധികാരികളാണ്.

രാജ്യത്തെ തങ്ങൾ രക്ഷിക്കുന്നുവെന്ന് ഭരണാധികാരികളും പട്ടാളക്കാരും മറ്റും ചിന്തിച്ചുപോരുന്നത് കടുത്ത അജ്ഞാനവും അവിവേകവും നിമിത്തമാണ്, ദൈവനിന്ദയുമാണ്. മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശമായ രാജ്യം ജനങ്ങളെയും മറ്റുള്ള ജീവികളെയും സൃഷ്ടിക്കുകയും രക്ഷിക്കുകയുമാണ് യഥാർത്ഥത്തിൽ ചെയ്യുന്നത്.

സമ്പത്തും, ലക്ഷക്കണക്കിന് ജനങ്ങളുടെ അദ്ധ്വാനവും, സമയവും, അമൂല്യമായ ജീവനുകളും നശിപ്പിക്കുന്ന പരേഡുകളും, പരിശീലനങ്ങളും, ഇലക്ഷനുകളും, ഉൾപ്പെടെയുള്ള കോപ്രായങ്ങൾ ശരിയല്ല. യുദ്ധങ്ങളെ ഉപേക്ഷിച്ച്, ആയുധങ്ങളും സന്നാഹങ്ങളും ഉൾപ്പെടെയുള്ള കോടി കോടി-യുദ്ധച്ചിലവുകൾ ഒഴിവാക്കിയാൽ, അളക്കാൻ കഴിയാത്ത വിധം ധന-ഊർജ്ജ-സമയ-ജീവ നഷ്ടങ്ങൾ ഒഴിവാകുന്നതാണ്. സമ്പത്ത്+ സമാധാനം+ ആനന്ദം കൊണ്ട് ഭൂമിയെ സ്വർഗ്ഗമാക്കാം !

# ॐ ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അവയവങ്ങളും അംശങ്ങളും മാത്രമായ ദേശങ്ങൾ യുദ്ധം ചെയ്യുന്നില്ല. വ്യത്യസ്ത ദേശങ്ങളിൽ ജനിക്കുന്നത് സ്വന്തം ഇഷ്ടപ്രകാരമല്ലാ എന്നതുപോലും തിരിച്ചറിയാത്ത അജ്ഞാനികളും അവിവേകികളുമായ നേതാക്കൾ വഴിപിഴപ്പിക്കുന്നതും അവരുടെ ഭാഗമല്ലാത്തതും സാധാരണ ജനങ്ങളുടെ ഭാഗവും, ഒരേ ഭൂമിയുടെ പൊന്നോമന കുഞ്ഞുങ്ങൾ മാത്രവുമായ സൈനികരാണ് അന്യോന്യം യുദ്ധം ചെയ്യുന്നതും കൊല്ലുന്നതും അംഗവൈകല്യം ഉണ്ടാക്കുന്നതും മഞ്ഞുമലകളിലും മറ്റും കഷ്ടപ്പെടുന്നതും!

സൈനികരല്ല യുദ്ധം ചെയ്യേണ്ടത്. യുദ്ധങ്ങളെ ഒഴിവാക്കാനും ധർമ്മശാസ്ത്ര പരമായി ഭൂമിയുടെ കുഞ്ഞുങ്ങളായ എല്ലാ പ്രദേശങ്ങളിലെയും ജനങ്ങളെ ഒന്നിപ്പിക്കാനുമുള്ള കടമ മറന്ന്, യുദ്ധം ചെയ്യാൻ മുട്ടിനിൽക്കുന്ന, ജനങ്ങളുടെ ചിലവിൽ കഴിയുന്ന വ്യത്യസ്ത ദേശങ്ങളിലെ 'രാജാക്കന്മാരും, മന്ത്രിമാരും, പ്രധാന മന്ത്രിമാരും, പ്രസിഡണ്ടുമാരും, വ്യക്തികളുമെല്ലാം' സ്വന്തം ചെലവിൽ, ദ്വന്ദയുദ്ധം ചെയ്ത് പൈശാചിക വിനോദം നുണയട്ടെ! ഓംകാരനീതിശാസ്ത്ര പ്രകാരം ഓക്സിജൻ ശിക്ഷിച്ചുംതിരുത്തട്ടെ!

ഒരേ ഭൂമിയുടെ കുഞ്ഞുങ്ങളായ സൈനികരും മറ്റും അന്യോന്യം കൊല്ലുകയും ദ്രോഹിക്കുകയും, ചെയ്യുന്നത് നാടിനുവേണ്ടിയുള്ള വീരമൃത്യുവാണെന്നു കരുതുന്നത് നാടുകളും ദേശങ്ങളും മണ്ണും മഹാമാതാവും ഭൂമിയുമായ ദൈവത്തെ നിന്ദിക്കുകയും വേദനിപ്പിക്കുകയും മാത്രമാണ്. സൃഷ്ടികളുടെ ജീവനും അദ്ധ്വാനവും സമ്പത്തും സമാധാനവും സന്തോഷവും നശിപ്പിക്കുന്ന യുദ്ധം പാടില്ല.

റിപ്പബ്ലിക്/സ്വാതന്ത്ര്യ ദിനങ്ങളിൽ പ്രകടമാക്കുന്ന സൈനിക ശക്തിയും, വിവിധ സംസ്ഥാനങ്ങളിലെ കലകളും ടെലിവിഷനിലും ഉപരി ഓരോ വ്യക്തിയുടെയും ഫോൺ വഴി വീഡിയോ ക്ലിപ്പുകളായി ഇന്ന് പ്രചരിപ്പിക്കുന്നുണ്ട്. നാടിന്റെ അഥവാ രാജ്യത്തിന്റെ ശക്തിയാണ് ജനങ്ങളുടെ സേവകരായ ഭരണാധികാരികളുടെ ചുമതലയിൽ പ്രകടമാക്കുന്നത് എന്ന് തെറ്റിദ്ധരിച്ചു പോവരുത്.

ആദിയും അന്തവും ഇല്ലാത്ത ഏകമഹാശക്തിയായ ദൈവത്തിന്റെ മഹാരൂപമായ ഭൂമിയുടെ അംശങ്ങളും അവയവങ്ങളുമായ രാജ്യത്തിന്റെയും, സൂക്ഷ്മമായ വസ്തുക്കളുടെയും, അതിസൂക്ഷ്മമായ ആറ്റങ്ങളുടെയും, അവയിൽ മഹാലയിച്ചിട്ടുള്ള മഹാസൂക്ഷ്മവും മഹാപ്രപഞ്ചത്തിന് അതീതവുമായ ഓം എന്ന ശബ്ദ ബ്രഹ്മത്തിന്റെയും ആദിയും അന്തവും ഇല്ലാത്ത മഹാശക്തികളെ അളക്കാൻ സൃഷ്ടിയും നിസ്സാരനുമായ മനുഷ്യർക്ക് കഴിയുന്നതല്ല.

ഭൂമിയായ ദൈവത്തിന്റെ അംശമായ ശരീരം, പ്രത്യക്ഷമായിട്ട്, നൽകാതെ നൽകുന്നതായ ഏതാനും അവയവങ്ങളുടെ ചലനങ്ങളെക്കൊണ്ട് ഇഷ്ടംപോലെയെല്ലാം സ്വയം ചിന്തിക്കാനും സംസാരിക്കാനും പ്രവർത്തിക്കാനും ജീവാത്മാവിന് സാധിക്കുന്നതാണ് എന്നതിനെ ദുരുപയോഗം ചെയ്ത് രാജ്യത്തിന്റെ ശക്തി എന്ന് പ്രചരിപ്പിക്കുന്നതിൽ കടുത്ത ദൈവനിന്ദയുണ്ട്. പൊതു ജനങ്ങളുടെ ശത-സഹസ്രകോടികളായ സമ്പത്തും ലക്ഷക്കണക്കിന് ജനങ്ങളുടെ അദ്ധ്വാനവും സമയവും, പാഴാക്കാതെ ശ്രദ്ധിച്ചാൽ കുടിവെള്ളവും പാചകവാതകവും മറ്റും സൗജന്യമാക്കാൻ രാജ്യങ്ങളിലെ ഭരണകൂടങ്ങൾക്ക് കഴിയും!

# ॐ ഓാം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

സൂര്യനും ചന്ദ്രനും (നക്ഷത്രങ്ങളും) മറ്റും ഏതെങ്കിലും പ്രദേശത്തെ ജനങ്ങളുടെ മാത്രമോ, ഒരു പ്രദേശത്തിന്റെയോ സ്വന്തമാണ് എന്ന് വാദിച്ചാൽ ഭോഷത്തമാണ്. ഭൂകമ്പം, സുനാമി, അഗ്നിബാധ, അഗ്നി പർവ്വതം, കാട്ടുതീ, കൊടുങ്കാറ്റ്, മഞ്ഞ്, മഴ, വെയിൽ, ചൂട്, കാലാവസ്ഥ, തുടങ്ങിയവയും ദേശങ്ങൾക്ക് അതീതമായാണ് സംഭവിക്കുന്നത് എന്നതും, അവയുടെയും സർവ്വത്തിന്റെയും സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാനീതിശാസ്ത്ര പ്രകാരം എപ്പോഴും മഹാഭരിക്കുന്നത് ഏതെങ്കിലും പ്രദേശത്തെ ജീവികളോ/ജീവാത്മാക്കളോ അല്ലാ എന്നതും, മനുഷ്യരെ ഒരു ഭൂമിയുടെ കുഞ്ഞുങ്ങൾ എന്ന സത്യ-ബോധതലത്തിലേക്ക് ഉയർത്തണം. ദൈവീക ശരികളിലേക്ക് ഉയരട്ടെ !

'പഞ്ചായത്തുകളുടെ അധീനതയിൽ പ്രവർത്തിക്കുന്ന പോലീസ് ' ഒഴികെയുള്ള സേനകൾ യാതൊരു നാടുകളിലും പാടില്ല. അതോടെ 'സൈനിക യുദ്ധങ്ങൾ' അവസാനിക്കുന്നതാണ്. ജയ് ഭൂമി !

മഹാഭാരതത്തിലെ അനേകർക്ക് മഹാനീതിശാസ്ത്രത്തിന്റെ കാതലായ മഹാപുനർജ്ജന്മ സിദ്ധാന്തം പ്രകാരം ആത്മാക്കൾ, മോക്ഷം നേടുന്നതു വരെയും ഭൂമിയിലെങ്ങും പുനർജ്ജനിച്ചു ജീവിച്ചു കൊണ്ടിരിക്കുമെന്ന് അറിയാം. എന്നുവെച്ചാൽ ഭൂമിയിലെ ഓരോരോ പ്രദേശങ്ങളിലും ജീവിക്കുന്നവരുടെ ഉറ്റവർ തന്നെയാണ് മറ്റു പ്രദേശങ്ങളിൽ ജീവിക്കുന്നത്. ഇതിഹാസങ്ങളിലെ ദൈവങ്ങൾ ദുർദ്ദേവതകളായിരുന്നു; ശിക്ഷാനടപടികളിലുമാണ് ! അങ്ങനെയിരിക്കെ, മറ്റുള്ള പ്രദേശങ്ങളിൽ ജീവിക്കുന്ന മനുഷ്യരെ അന്യദേശക്കാരായും ശത്രുക്കളായുമൊക്കെ കണക്കാക്കുന്നതും കൊല്ലാൻ സൈന്യത്തെ നിയോഗിക്കുന്നതും സ്വന്തം ഉറ്റവരെ സൈനികർ ആദ്യം കൊല്ലുന്നതും പീഡിപ്പിക്കുന്നതുമൊക്കെ കൊടിയ അപരാധങ്ങളാണ്. ദൈവ കാര്യങ്ങളായ ആത്മീയ ശാസ്ത്ര നിയമങ്ങളെ സംരക്ഷിക്കാനായി തെരഞ്ഞെടുത്തിട്ടുള്ള മഹാഭാരതത്തിലെ പ്രദേശങ്ങളിൽ ജീവിക്കുന്നവർ സത്യങ്ങളെ ഉയർത്തേണ്ടതിനു പകരം അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും വിശ്വസിക്കാനും പ്രചരിപ്പിക്കാനും പരിശ്രമിച്ചത് പാപങ്ങളെയും ശിക്ഷകളെയും വർദ്ധിപ്പിച്ചിട്ടുമുണ്ട്.

മത-ജാതി-രാഷ്ട്രീയങ്ങൾക്കും തൊട്ടുതീണ്ടലുകൾക്കും മറ്റും യാതൊരു സ്ഥാനങ്ങളുമില്ലെന്നു സുവ്യക്തമാക്കിക്കൊണ്ട്, ദൈവത്തിന്റെ വാതകരൂപമായ ഓക്സിജൻ ഭൂമിയിലെ എല്ലാ ജീവികളുടെയും നാസികയിലൂടെയും ശ്വാസകോശങ്ങളിലൂടെയും രക്തത്തിലൂടെയും (കയറി ഇറങ്ങി) പ്രവർത്തിച്ച് ജീവികൾക്കെല്ലാം ജീവൻ അഥവാ ശക്തി നൽകുന്നത് തന്റെ കുഞ്ഞുങ്ങളായ ജീവികളോടുള്ള മഹാവാത്സല്യമാണ്.

വസ്തുക്കളും സമ്പത്തുകളും ഭൂമിയുമായ ആനന്ദങ്ങളായി അവതരിച്ചിട്ടുള്ളതും, കുഞ്ഞുങ്ങളായ എല്ലാ മനുഷ്യരെയും മറ്റുള്ള ജീവികളെയും സൃഷ്ടിച്ചിട്ടുള്ളതും, മഹാഭദ്രകാളിയായ ശിവയും ഭാഗമായ ശിവനും ചേർന്ന ഓക്സിജൻ ആകയാൽ സർവ്വതിന്റെയും അവകാശവും അധികാരവും എക്കാലവും മഹാഭദ്രകാളിയായ ഓക്സിജനു മാത്രമാണ്.

**മണ്ണും ഭൂമിയുമായ ഭദ്രകാളിയുടെ സ്വന്തമായ ശരീരത്തെ മണ്ണ് മടക്കി വാങ്ങുന്നതാണ്; മഹാനീതിശാസ്ത്ര പ്രകാരം മഹാഉചിതമായ മറ്റൊരു ഭൂപ്രദേശത്ത് - ഒരു പക്ഷെ ഇന്ന് ശത്രു രാജ്യമായിട്ടു കണക്കാക്കുന്ന പ്രദേശത്ത് - ഇന്നലെകളിൽ ദ്രോഹിച്ചു വധിച്ച് പുനർജ്ജനിച്ചിട്ടുള്ള ഒരു വ്യക്തിയുടെ മകനോ മകളോ ആയി ഇന്നത്തെ പ്രധാനമന്ത്രിയോ പട്ടാളക്കാരനോ പുനർജ്ജനിച്ചേക്കാം. .. മഹാപുനർജ്ജന്മ സിദ്ധാന്തം ഭൂമിയുടെ കുഞ്ഞുങ്ങളെ ഇണക്കാനുള്ളതാണ്; പിണക്കാനും കൊല്ലാനുമുള്ളതല്ല!**

ഒരു ജന്മത്ത് ഏറ്റവുമധികം പുണ്യം നേടാൻ കഴിയുന്നത് ഭരണാധികാരിയുടെ അഥവാ രാജാവിന്റെ അഥവാ മന്ത്രിയുടെ ജോലി ചെയ്യുമ്പോഴാണ്, ധാർമ്മികമായിട്ട് അധഃപതിച്ചാൽ ഏറ്റവുമധികം പാപവും. മഹാനീതിശാസ്ത്ര പ്രകാരം 100 മനുഷ്യ ജന്മങ്ങളെ ഓരോ മനുഷ്യനും മഹാഅനുഗ്രഹിച്ചു നൽകുന്നതും, രാജാവ് ഉൾപ്പെട്ട ദാസ - തൊഴിലുകൾ ചെയ്യാനും ഭൂമിയിലെ എല്ലാ മനുഷ്യർക്കും അവസരം ലഭിക്കുന്നതുമാണ്. ജീവികളുടെയെല്ലാം മഹാഭരണാധികാരിയും മഹാനീതിയും മഹാശക്തിയും മഹാമാതാവുമായ മഹാഭദ്രകാളി എല്ലാ ജീവികളുടെയും മഹാദാസനും മഹാദാസിയുമായിട്ട് പ്രവർത്തിക്കുന്നതിനെ അനുകരിക്കാൻ, ജനങ്ങളുടെ ദാസന്മാരായ മനുഷ്യ -ഭരണാധികാരികൾ പരിശ്രമിക്കണം. യഥാർത്ഥമായും, ജനങ്ങളുടെയെല്ലാം ദാസരാവണം ഭരണാധികാരികൾ....

ഭൗതികശാസ്ത്രവികസനം ഏറെക്കുറെ പരമാവധിയിലെത്തുന്ന അവസരത്തിൽ, മഹാപ്രപഞ്ചത്തിന്റെ ഔന്നത്യം സ്പഷ്ടമായി വിശദീകരിച്ചുകൊണ്ടും, ദൈവശാസ്ത്രത്തിൽ ഭൗതിക-ധർമ്മ-ആത്മീയ ശാസ്ത്രങ്ങളെ യഥാവിധി ചിട്ടപ്പെടുത്തിക്കൊണ്ടും, കാലഘട്ടത്തിന്റെ ആവശ്യത്തിനൊത്തുമാത്രമേ സമ്പൂർണ്ണ ദൈവശാസ്ത്രം അഥവാ മഹാശാസ്ത്രം അവതരിക്കുകയുള്ളൂ..

ആത്മീയ കാര്യങ്ങളിൽ ധർമ്മശാസ്ത്രപരമായി ശുദ്ധി ചെയ്യുവാൻ യഥാർത്ഥത്തിൽ എളുപ്പമാണ്. വിവാഹം, ശവമടക്കൽ എന്നീ രണ്ട് പൊതു ആവശ്യങ്ങളെ ദൈവത്തോടു ബന്ധിപ്പിക്കുന്നതായി ഭാവിച്ച് കള്ളക്കൊള്ളക്കൂട്ടങ്ങളായ മതങ്ങളുമായി കൂട്ടിപ്പിടിപ്പിച്ച് ദൈവത്തിന്റെ സൃഷ്ടികളും കുഞ്ഞുങ്ങളുമായ മനുഷ്യരെ മതജാതി ജീവികളായി മാറ്റിയിട്ടുള്ളത് തിരുത്താൻ വിവാഹം, ശവമടക്കൽ എന്നീ രണ്ട് പൊതു ആവശ്യങ്ങളെ ധർമ്മശാസ്ത്ര പരമായി ശുദ്ധി ചെയ്താൽ മതിയാകും.

ഉടനെ സത്യയുഗവും ദൈവവിപ്ലവവും ആരംഭിക്കുമ്പോൾ, മഹാദാസനായ ഗ്രന്ഥകാരനിലൂടെ മഹാഭദ്രകാളി വെളിപ്പെടുത്തുന്ന മുകളിലുള്ള സത്യപ്രസ്താവനകളെ വിശ്വസിക്കുവാൻ മനുഷ്യർ ബാദ്ധ്യസ്ഥരാകും !

പ്രപഞ്ചം ആനന്ദമാണ്.
ആനന്ദങ്ങളായ പ്രപഞ്ച-ഭാഗമായിട്ട് ഭാഗികമായി അവതരിച്ചിരിക്കുന്ന ദൈവവും; മഹാവാത്സല്ല്യത്തോടെ ദൈവം നൽകുന്ന ആനന്ദങ്ങളെ ആസ്വദിച്ചു ജീവിക്കുന്ന സൃഷ്ടികളുമാണ് പ്രപഞ്ചത്തിലെ രണ്ട് പ്രധാന ഘടകങ്ങൾ.
ജീവികളുടെയെല്ലാം സ്വത്വങ്ങളായ ആത്മാക്കളെ കുഞ്ഞുങ്ങളായിട്ട് ദൈവം സൃഷ്ടിക്കുന്നതും, ദൈവ കാര്യങ്ങളും തെളിയിച്ചിരിക്കുന്നു.

# പ്രപഞ്ചം ആനന്ദമാണ്.

**മഹാസത്യമായ ദൈവം സൃഷ്ടിച്ചു പോരുന്ന പ്രപഞ്ചത്തിലെ ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനും അംശമായ വസ്തുക്കളും ചേർന്ന പ്രഥമ ഭാഗവും ആനന്ദങ്ങളുമായിട്ട് ദൈവം തന്നെ ഭാഗികമായി അവതരിച്ചിരിക്കുകയാണ്. ദൈവത്തിന്റെ സൃഷ്ടികളും കുഞ്ഞുങ്ങളുമായ ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളും അവയുടെ മോക്ഷ-പരിണാമമായ നക്ഷത്രങ്ങളും ആനന്ദങ്ങളെ അനുഭവിച്ചും ആസ്വദിച്ചും ജീവിക്കുന്ന രണ്ടാമത്തെ ഭാഗമാണ്. സൃഷ്ടികളായ ആത്മാക്കൾക്ക് ആനന്ദങ്ങളെ നേടാനും, ആസ്വദിക്കാനുമുള്ള ഉപാധികളായിട്ട് ആനന്ദങ്ങളായ വസ്തുക്കളിൽ ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയും കാലത്തെയും ശരണത്തെയും മഹാനീതിയെയുമെല്ലാം ലയി(പ്പി)ച്ചിരിക്കുകയുമാണ്..**

'മഹാസത്യമായ ദൈവം' എന്ന് പ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര കർത്താവിനെ വിശേഷിപ്പിക്കുന്നത് ദൈവത്തിന്റെ ഭാവമായ 'സത്യ ധർമ്മ നീതികൾ' പ്രകാരം മാത്രം എന്തും വിശദീകരിക്കാൻ കൂടിയാണ്. ആദിയും അന്തവും ഇല്ലാത്ത മഹാശൂന്യതയും സൃഷ്ടി സ്ഥിതി സംഹാര പാത്രവുമായ ആകാശം 'അനന്തമായ ആനന്ദങ്ങളുടെയും എന്തും എത്രയും സൃഷ്ടിക്കാനും പരിപാലിക്കാനും കഴിയുന്ന ശക്തികളുടെയും ശാസ്ത്രങ്ങളുടെയും മറ്റും മഹാകലവറയും പ്രപഞ്ചത്തിന്റെ' ആവശ്യം പോലെ വളരുന്ന ആദിയും അന്തവും ഇല്ലാത്ത അതിരുകളുമാണ്.

ആത്മാക്കൾക്ക് ആനന്ദങ്ങളെ തുല്ല്യമായി നൽകിയാൽ മാത്രമാണ് ദൈവം മഹാനീതിയും മഹാനീതിപതിയും ആവുക. ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനും ചേർന്ന പ്രപഞ്ചവും ആനന്ദങ്ങളുമായി ദൈവം ഭാഗികമായിട്ട് അവതരിക്കുമ്പോൾ; അനന്തമായ ആനന്ദങ്ങളെയും ഉപാധികളായ ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയും കാലത്തെയും ശരണത്തെയും മഹാനീതിയെയുമെല്ലാം സൃഷ്ടിക്കാൻ കഴിവുള്ള മായാമഹാശക്തിയാണ് ദൈവമെന്നു തെളിയുന്നുണ്ട്. അതായത് ആനന്ദങ്ങളും മഹാശക്തിയുമായ ഭൂമിയെ സൃഷ്ടിക്കാനും ഭൂമിയായി അവതരിക്കാനും 'ശക്തികളെ സൃഷ്ടിക്കാൻ കഴിയുന്ന മഹാശക്തി വേണം; അതുകൊണ്ടു കൂടിയാണ് ദൈവത്തെ 'മഹാശക്തി' എന്നു വിളിക്കുന്നത്.

ദൈവം സൃഷ്ടിക്കുന്ന അനന്തമായ ശക്തികളും ആനന്ദങ്ങളും ഉൾപ്പെടെ സർവ്വത്തിനും അതീതമാണ് ദൈവം എന്ന് സുവ്യക്തവുമാണ്. ദൈവത്തിന്റെ മഹാശക്തികളെ 'മായ' എന്ന് വിശേഷിപ്പിക്കാം. 'മായ' കൊണ്ട് പ്രപഞ്ചത്തിലെ ദൈവഭാഗമാകുന്ന അനന്തമായ ആനന്ദങ്ങളെ ദൈവം സൃഷ്ടിച്ചിരിക്കുകയാണ്; എന്നാൽ, മുമ്പ് വ്യക്തമാക്കിയതു പോലെ, അനന്തമായ ആനന്ദങ്ങളാകുന്ന പ്രപഞ്ചത്തിലെ വസ്തുക്കളെ മധ്യസ്ഥരെ വയ്ക്കാതെ ആത്മാക്കൾക്കു നൽകണമെങ്കിൽ ആനന്ദങ്ങളായിട്ട് ദൈവം തന്നെ അവതരിക്കണം.

അനന്തമായ ആനന്ദങ്ങളെ സൃഷ്ടിക്കുകയും ഒപ്പം ആനന്ദങ്ങളായി അവതരിക്കുകയും ആത്മാക്കൾക്ക് അനന്തമായ ആനന്ദങ്ങളെ സമമായി നൽകുകയും ചെയ്യണമെങ്കിൽ സൃഷ്ടികളായ ആത്മാക്കളെ കുഞ്ഞുങ്ങളായി കാണാനും, കുഞ്ഞുങ്ങളായ ആത്മാക്കളോട് പുലർത്തുന്നതും കുഞ്ഞുങ്ങൾക്കു തന്നെ തിരിച്ചു നൽകിക്കൊണ്ട് ആനന്ദങ്ങൾക്കെല്ലാം അതീതമായ ദൈവമായി തുടരാൻ കഴിയുന്ന മഹാവാത്സല്യത്തെ ആനന്ദമായി സ്വീകരിക്കാനും മഹാസത്യമായ ദൈവം തയ്യാറാകണം. അടുത്തൊരു അദ്ധ്യായത്തിൽ വിശദീകരിക്കുന്നുണ്ട്.

ആത്മാക്കളെന്നു പേരിട്ടിരിക്കുന്ന കുഞ്ഞുങ്ങളുടെ ആനന്ദങ്ങളായ പ്രപഞ്ച-ഭാഗമായി ദൈവം അവതരിച്ചിരിക്കുന്നതും, ആത്മാക്കളെ ആകാശത്തിൽ സൃഷ്ടിക്കുകയും, അനന്തമായ ആനന്ദങ്ങളെ അനുഭവിപ്പിച്ചും ആസ്വദിപ്പിച്ചും ഭൂമിയിൽ പരിപാലിക്കുകയും, ശേഷം ആകാശത്തിൽ നക്ഷത്ര-മോക്ഷമെന്ന സംഹാരത്തെ മഹാഅനുഗ്രഹിച്ചു നൽകുന്നതും സ്വന്തം മഹാശക്തികൾ കൊണ്ടാണെന്ന് ലളിതമായി പറയാൻ കഴിയും. അതുകൊണ്ടെല്ലാം 'മഹാശക്തി MAHAASHAKTHI' എന്ന ലളിതമായ മഹാനാമത്തെയും പ്രഥമമായി ദൈവം കുഞ്ഞുങ്ങൾക്കു വേണ്ടി സ്വീകരിച്ചിട്ടുണ്ട്. 'മഹാശക്തി' എന്ന മഹാനാമത്തിൽ 'മായ' ഉൾപ്പെടുന്നുണ്ട്; വിശകലനം ചെയ്താൽ മനസ്സിലാക്കാം. ആകാശവും ഭൂമിയും ചേർന്ന പ്രപഞ്ചമായി അവതരിച്ചു തുടങ്ങുന്നതിനു മുമ്പ് വേറെ നാമങ്ങളും രൂപങ്ങളും ഉൾപ്പെടെ മറ്റനേകം കാര്യങ്ങളെ 'ദൈവം' സ്വീകരിക്കുകയും ഭദ്രപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

ഭൂമിയിലെ അനന്തമായ ആനന്ദങ്ങളെ സൃഷ്ടികളായ ആത്മാക്കൾക്ക് പരിചയപ്പെടുത്തുകയും, അനന്തമായ ആനന്ദങ്ങളെ അറിയുകയും അനുഭവിക്കുകയും, ശേഷം ഭൂമിയിൽ നിന്നും മോക്ഷം നേടി നക്ഷത്ര-മോക്ഷത്തിലെ ദേവതകളായി മാറുമ്പോൾ അനുഭവിച്ചറിഞ്ഞ ആനന്ദങ്ങളെ അനന്തകാലം ആസ്വദിക്കാനുള്ള വഴിയൊരുക്കലാണ് ഭൂമിയിലെ ജീവിതം.

# സൃഷ്ടികളായ ആത്മാക്കളെയും രൂപാന്തരമായ ജീവികളെയും സൃഷ്ടിക്കുന്നതിലെ സവിശേഷതകൾ

പരം = ശ്രേഷ്ഠം. മഹാസത്യവും മഹാശക്തിയുമായ ഏകദൈവത്തിന്റെ ഭാഗവും മഹാപിതാവും പരമാത്മാവുമായ ശിവന്റെ മാത്രം അംശങ്ങളായ ആത്മാക്കളായിട്ട് സൂര്യനിൽ വച്ചും, മഹാശക്തിയും ഭൂമിയുമായ മഹാമാതാവിന്റെ കുഞ്ഞുങ്ങളായ മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ എന്നീ ജീവികളായിട്ട് ഭൂമിയിൽ വച്ചും പരിണമിപ്പിക്കുന്നത് എങ്ങനെയാണെന്ന് പ്രത്യേകം അദ്ധ്യായത്തിലുണ്ട്. ബന്ധപ്പെട്ട മറ്റു കാര്യങ്ങളെ വിവരിക്കാം :

സ്വത്വം ഉൾപ്പെടെ യാതൊന്നും തന്നെ സ്വന്തമായിട്ടില്ലാത്ത ആത്മാക്കൾ, മഹാശക്തിയായ ദൈവത്തിന്റെ ഭാഗമോ അംശമോ അല്ലാത്ത സൃഷ്ടി മാത്രമാണ്. ദൈവം സൃഷ്ടിക്കുകയും നൽകുകയും ചെയ്യുമ്പോൾ മാത്രമാണ് അവയ്ക്ക് അസ്തിത്വവും (സ്വത്വവും) ശക്തികളും ജ്ഞാനവും സ്വാതന്ത്ര്യവുമെല്ലാം ലഭിക്കുക.

മഹാശക്തിയായ ദൈവത്തിന്റെ അംശങ്ങളും മഹാശക്തികൾ തന്നെയാകും എന്നതുകൊണ്ട് ദൈവത്തിന്റെ അംശങ്ങളായിട്ട് ആത്മാക്കളെ സൃഷ്ടിക്കാനും നിലനിർത്താനും കഴിയില്ല.

ശക്തികളെയും ആനന്ദങ്ങളെയും ഉൾപ്പെടെ എന്തും എത്രയും സൃഷ്ടിക്കാൻ കഴിയുന്ന 'മായ' യെ സൃഷ്ടികൾക്ക് നേരിട്ടു നൽകാനും മഹാസത്യമായ ദൈവം തയ്യാറായിക്കൂടാ. സൃഷ്ടികൾക്ക് 'മായ'യെ നേരിട്ടു കൈമാറിയാൽ സൃഷ്ടി അവതാളത്തിലുമാകും. ഉദാഹരണത്തിന്, സൃഷ്ടിയായ ഒരു ജീവി 'മായ' കൊണ്ട് ഒരു 'മലയെ' ഒരു നിമിഷം കൊണ്ട് സൃഷ്ടിക്കുമ്പോൾ, മറ്റൊരു ജീവി അര നിമിഷം കൊണ്ട് 'മല'യെ 'എലി' യാക്കാനും മൂന്നാമൻ എലിയെ ഒരു സമുദ്രമാക്കാനും, നാലാമൻ സമുദ്രത്തെ ഒരു സൈക്കിളാക്കാനും, അഞ്ചാമൻ അതുവരെയുള്ള സൃഷ്ടികളെ സംഹരിക്കാനും .... അങ്ങനെ പോയാൽ സൃഷ്ടിയും സ്ഥിതിയും ഒരു പോലെ അവതാളത്തിലാകും; സാദ്ധ്യമല്ലാതെ വരും. മാത്രമല്ല; 'മായ' മഹാശക്തിയാണ്; സൃഷ്ടിയോ കളിപ്പാട്ടമോ അല്ല.

'മായാശക്തികളെ' നൽകാതെ പകരം മായാശക്തികൾ കൊണ്ട് അനന്തമായ അനന്തമായ ആനന്ദങ്ങളുടെ മഹാകലവറയായ ഭൂമിയായിട്ട് മഹാശക്തിയായ ദൈവം അവതരിക്കുകയും; ശേഷം ഭൂമിക്കു വെളിയിൽ (ആകാശത്തിലെ സൂര്യനിൽ വച്ച് സൃഷ്ടിക്കുന്ന) സൃഷ്ടികളായ ആത്മാക്കളെ ഭൂമിയിലേക്കു നയിക്കുകയും; ഭൂമിയിൽ വച്ച് അനന്തമായ ആനന്ദങ്ങളെ സൃഷ്ടികൾക്ക് പരിചയപ്പെടുത്തുകയും അനുഭവിപ്പിക്കുകയും, ശേഷം സൃഷ്ടികളെ 'ദേവതകൾ, നക്ഷത്ര-മോക്ഷം' എന്നെല്ലാം വിശേഷിപ്പിക്കാവുന്ന പുതിയ പദവിയിലേക്ക് ഉയർത്തുകയും സംഹാരം കൂടിയായ പ്രസ്തുത അവസ്ഥയിൽ ഭൂമിയിലെ ജീവിതത്തിൽ വച്ച് അനുഭവിച്ചു തന്നെ അറിഞ്ഞതായ അനന്തമായ ആനന്ദങ്ങളെ അനന്തകാലം അനുഭവിക്കാനായി, 'ഓംകാര നീതിശാസ്ത്ര ബന്ധനങ്ങളോടെ മായാശക്തികളെ' നൽകുകയുമാണ്.

മഹാശക്തിയായ ദൈവത്തിന്റെ അംശങ്ങളും മഹാശക്തികൾ തന്നെയാകും എന്നതുകൊണ്ട്; നേരിട്ട് മഹാശക്തിയായ ദൈവം സൃഷ്ടികളായ ആത്മാക്കളെ സൃഷ്ടിക്കാൻ പാടില്ല. മാത്രമല്ല; സ്രഷ്ടാവിന്റെ അംശമല്ലെന്ന സത്യ-ബോധം സൃഷ്ടികൾക്ക് ഉണ്ടാകുകയും വേണം. ഭൂമിക്കു വെളിയിൽ വച്ച് ശക്തികളില്ലാത്ത അസ്തിത്വങ്ങളെ ആത്മാക്കളെന്ന പേരിൽ സൃഷ്ടിക്കുന്നതിന് ശവം പോലെ നിർജ്ജീവമായതും എന്നാൽ അന്തമില്ലാത്തതുമായ ഒരു മഹാഅസ്തിത്വം ഉണ്ടാവണം. മഹാശവം പോലെയുള്ള അസ്തിത്വത്തിന് 'അന്തമില്ലാത്ത മഹാ-അവസ്ഥ' ഉണ്ടാക്കാനും, മഹാ-ശവത്തിന്റെ അംശങ്ങളെ ആത്മാക്കളെന്ന പേരിൽ ഭൂമിയിലേക്ക് കൊണ്ടുവരാനും കഴിയണമെങ്കിൽ മഹാ-ശവത്തിന് ആവശ്യാനുസരണം ശക്തികളെ നൽകാനുള്ള മഹാസംവിധാനം ഉണ്ടാകണം. അതിന് മഹാശവത്തിന്റെ മഹാഭാഗമോ ഒപ്പമോ മഹാശക്തിയായ ദൈവം ഉണ്ടായാൽ മതിയാകും. മഹാശവത്തിൽ നിന്നും അംശങ്ങളെ ആത്മാക്കളെന്ന പേരിൽ സൃഷ്ടിക്കുമ്പോൾ; അവയ്ക്ക് ശക്തികളും, ജ്ഞാനവും മറ്റും ലഭിക്കണമെങ്കിൽ, മഹാശക്തിയായ ദൈവമോ, ദൈവം ശക്തിപ്പെടുത്തിയിട്ടുള്ള മഹാശവമോ മറ്റാരെങ്കിലുമോ നൽകിയാൽ മതിയാകും.

മനുഷ്യാവസ്ഥയിൽ നൽകുന്ന വിശേഷ ബുദ്ധിയെ ഉപയോഗിച്ച് ശരീരവും ആത്മാവും രണ്ടാണെന്നും ശവംപോലെ ശക്തിഹീനമായ അവസ്ഥയാണ് ഓരോ ആത്മാവിന്റേതും എന്നും തിരിച്ചറിയാം. കിടപ്പുരോഗിയായിരിക്കുമ്പോഴും, ജനനം മരണം ബോധക്ഷയം, ഉറക്കം തുടങ്ങിയവയെ പറ്റി വിശകലനം ചെയ്യുമ്പോഴും മനസ്സിലാക്കാൻ കഴിയുന്ന ലളിതമായ വസ്തുതയാണ്.

നിർജ്ജീവമായ ആത്മാക്കളെ എല്ലാ സൃഷ്ടിചക്രങ്ങളിലും അനന്തമായും തുടർച്ചയായും സൃഷ്ടിക്കാനായി മഹാശക്തിയായ ദൈവം ഭാഗമാക്കിയ മഹാശവത്തിന് അനവധി മഹാനാമങ്ങളെ ദൈവം മഹാഉചിതമായി മഹാഅനുഗ്രഹിച്ചു നൽകിയിട്ടുണ്ട്. ആത്മാക്കളുടെയെല്ലാം മൂലവും പരവുമായ പരമാത്മാവ്, മഹാശവത്തിന്റെ നിർജ്ജീവമായ അവസ്ഥ ബാധകമായ ശവൻ = ശിവൻ, മഹാശിവൻ തുടങ്ങിയവ അവയിൽ ചിലതാണ്.

ശവനായ ശിവന്റെ അംശങ്ങളായ ആത്മാക്കൾക്ക് അനന്തമായ ആനന്ദങ്ങളെ നൽകാനായിട്ട് സൃഷ്ടി സ്ഥിതി സംഹാര പാത്രമായ ആകാശവും, ആനന്ദങ്ങളുടെ മഹാകലവറയായ ഭൂമിയും ചേർന്ന പ്രപഞ്ച-ഭാഗമായിട്ട് അവതരിക്കാൻ ദൈവം തയ്യാറാകുമ്പോൾ തന്നെ ശിവനെ സ്വന്തം ഭാഗമാക്കേണ്ടത് ആവശ്യമായി വരുന്നു. എല്ലാ ആത്മാക്കളുടെയും 'ഉത്ഭവ കേന്ദ്രമായ പരമാത്മാവ് ' 'സൃഷ്ടിയോ, സൃഷ്ടികളുടെ ഭാഗമോ' ആയിക്കൂടാ എന്നു സാരം.

**മഹാസത്യവും മഹാശക്തിയുമായ ഏകദൈവത്തിന്റേത് കുറ്റങ്ങളും കുറവുകളും ഇല്ലാത്ത മഹാആവിഷ്ക്കാരമാണെന്നു മനസ്സിലാക്കാൻ ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്ത ദൈവത്തിന്റെ നടപടികളെ മഹായുക്തിപരമായും, മഹാശാസ്ത്ര പരമായും വിശകലനം ചെയ്താൽ മതിയാകും. പ്രപഞ്ചത്തിലെ ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്നതിനായി, അനന്തമായ ആനന്ദങ്ങളാകുന്ന പ്രപഞ്ചഭാഗമായും ഉപാധികളായ ശക്തികളായും ദൈവം അവതരിക്കുന്നതിനു മുമ്പ്, ശിവനെന്ന പേരിൽ മഹാശവനെ (സൃഷ്ടിക്കാതെ) മഹാമായാപരമായ ഒരുക്കത്തിലൂടെ ദൈവത്തിന്റെ സ്വന്തം ഭാഗമാക്കുന്നു.**

**മഹാസത്യവും മഹാശക്തിയും മഹാനീതിയുമായ ഏകദൈവം, മഹാവാത്സല്ല്യമായ മഹാമാതാവായിക്കൊണ്ട്, ഭാഗവും ശവനും പരമാത്മാവുമായ ശിവനെ മഹാപിതാവായി ഒരുക്കുന്നു. മഹാപിതാവിന്റെ മാത്രം അംശങ്ങളായിട്ട് ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളെ സൃഷ്ടിക്കുന്നു. ആത്മാക്കൾക്കു ജീവിക്കാൻ ആവശ്യമാകുന്ന പ്രത്യക്ഷമായ അസ്തിത്വത്തെയും ആനന്ദങ്ങളെയും, അവയെ നേടാനുള്ള ഉപാധികളായ ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയും കാലത്തെയും ശരണത്തെയും മഹാനീതിയെയുമെല്ലാം നേരിട്ടു നൽകുന്ന ശരീരത്തിലെ അവയവങ്ങളും, അവയിലെ കോശങ്ങളും സൃഷ്ടിച്ചിരിക്കുന്നത് ഭൂമിയുടെ അംശമായ മൂലകങ്ങളെയും അവയുടെ സംയുക്തങ്ങളെയും ഉപയോഗിച്ച് ഭൂമിയുടെ സ്വത്വവും ജീവികളുടെയെല്ലാം ജീവനും സത്യ-സൃഷ്ടി-വാതക രൂപവുമായ ഓക്സിജനും, ഭൂമിയുടെ ധർമ്മ-സ്ഥിതി-ദ്രാവക രൂപമായ ജലവും ചേർന്നാണ്. മുമ്പ് വ്യക്തമാക്കിയതു പോലെ ശവനായ ശിവന്റെ അംശങ്ങളും നിർജ്ജീവവുമായ ആത്മാക്കൾക്കു വേണ്ടി അവതരിച്ചിരിക്കുന്ന മഹാശക്തിയായ ഭൂമിയിൽ ശവനായ ശിവനും ഉൾപ്പെട്ടിരിക്കുകയാൽ, മഹാശക്തിയായ ഭൂമിയും പ്രത്യക്ഷത്തിൽ ശവം പോലെ നിർജ്ജീവമായി തോന്നുന്നതാണ്; മനുഷ്യർക്ക് സ്വാതന്ത്ര്യവും ആനന്ദവും വർദ്ധിപ്പിക്കാൻ അത് ആവശ്യവുമാണ്.**

**ആകാശവും ഭൂമിയുമെല്ലാമായ ആനന്ദങ്ങളും ഉപാധികളായ മഹാശക്തികളും മഹാശാസ്ത്രങ്ങളുമെല്ലാമായി മഹാസത്യവും മഹാശക്തിയുമായ ദൈവം അവതരിക്കുന്നതിനു മുമ്പ് സർവ്വവും സമ്പൂർണ്ണമാണോ എന്നറിയുന്നത് മഹായുക്തി കൊണ്ടാണ്.** അനിർവ്വചനീയമായ സ്വന്തം 'മായാശക്തികളെ' കൊണ്ട് ശക്തികളെയും ശാസ്ത്രങ്ങളെയുമെല്ലാം കൊണ്ട് അനന്തമായ ആനന്ദങ്ങളാകുന്ന പ്രപഞ്ചഭാഗമായി ദൈവം നേരിട്ട് അവതരിക്കുകയും ആനന്ദങ്ങളെ നേടാനും അനുഭവിക്കാനും ആസ്വദിക്കാനുമുള്ള ശക്തികളെയും ശാസ്ത്രങ്ങളെയും സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തോടെയും മഹാനീതിയോടെയും മഹാവാത്സല്ല്യത്തോടെയും കുഞ്ഞുങ്ങൾക്ക് നൽകുകയുമാണ് !

# മഹാസൃഷ്ടി സ്ഥിതി സംഹാര പാത്രവും മഹാശൂന്യതയും മഹാശിവലിംഗവുമായ 'ആകാശം'

പ്രപഞ്ചം ദൈവത്തിന്റെ അവതാരവും ഒപ്പം സൃഷ്ടിയും ആകുമ്പോൾ പഠിക്കാനും മനസ്സിലാക്കാനും വലിയ അളവിൽ ദൈവാനുഗ്രഹം വേണം. സൃഷ്ടി മാത്രമായാൽ, സൃഷ്ടിയുടെ ഘടനയ്ക്കും ഘടകങ്ങൾക്കും അനുസൃതമായ അതിരുകളെ സൃഷ്ടി സ്ഥിതി സംഹാര പാത്രമായി സൃഷ്ടിച്ച ആകാശത്തിനും വേണം; എന്നാൽ, അനന്തമായ ആനന്ദങ്ങളാകുന്ന പ്രപഞ്ച-ഭാഗമായിട്ട് ദൈവം അവതരിക്കുകയും, ആനന്ദങ്ങളെ ആസ്വദിച്ചു ജീവിക്കുന്ന ജീവികളെയും അവയുടെ സ്വത്വങ്ങളായ ആത്മാക്കളെയും സൃഷ്ടിക്കുമ്പോൾ വിഷയം സങ്കീർണ്ണമാകുന്നുണ്ട്. മാത്രമല്ല; സൃഷ്ടി സ്ഥിതി സംഹാര പാത്രമായ ആകാശം സ്രഷ്ടാവിന് അനന്തമായ ആനന്ദങ്ങളുടെ മഹാകലവറയും മഹാശക്തിയുമായ ഭൂമിയുമായി അവതരിക്കാൻ ആവശ്യമായ മഹാപാത്രമായും ഭവിക്കുന്നു.

സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ദൈവം, അനന്തമായ ആനന്ദങ്ങളായിട്ട് എങ്ങനെയാണ് അവതരിച്ചിരിക്കുന്നതെന്നും; ദൈവത്തിന്റെ സൃഷ്ടിയായ ജീവികളെയും ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളെയും എങ്ങനെയെല്ലാമാണ് പ്രപഞ്ചത്തിൽ സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്നതെന്നും മഹാശാസ്ത്ര പരമായി വിശദീകരിക്കണം. സമ്പൂർണ്ണമായ വിശദീകരണം ഈ ദിവ്യമഹാവേദ ഗ്രന്ഥത്തിന്റെ മറ്റ് അദ്ധ്യായങ്ങളിൽ ലഭ്യമാണ്. ആവർത്തിക്കുന്നില്ല.

**ഉടനെ ആരംഭിക്കുന്ന ദൈവ വിപ്ലവത്തോടെ ഭൂമിയിലെ എല്ലാ ദേവാലയങ്ങളിലും മഹാസൃഷ്ടി സ്ഥിതി സംഹാര പാത്രമായ ആകാശത്തിന്റെ പ്രതീകമായ ശിവലിംഗം മാത്രം പ്രതിഷ്ഠിക്കുന്നതാണ്. വിഗ്രഹാരാധന ധർമ്മശാസ്ത്ര വിരുദ്ധമാകുന്നത് എപ്രകാരമാണെന്ന് ഈ ദിവ്യമഹാവേദ ശാസ്ത്ര പരമായി തെളിയിച്ചിട്ടുണ്ട്.**

**ആദിയും അന്തവും ഇല്ലാത്ത മഹാശൂന്യതയും കൂടിയായ ആകാശത്തിന്റെ പ്രതീകമായ ശിവലിംഗം വിഗ്രഹമല്ല.**

പ്രപഞ്ചത്തിലെ ദൈവ ഭാഗമായ ആനന്ദങ്ങളെയും, ആത്മാക്കൾക്ക് ആനന്ദങ്ങളെ നേടാനുള്ള ഉപാധികളായ ശക്തികളെയും സംബന്ധിച്ചുള്ള ചില പാഠങ്ങൾ ചേർക്കുന്നു :

ആനന്ദങ്ങളെയും, ആത്മാക്കൾക്ക് അവയെ നേടാനുള്ള ഉപാധികളായ ശക്തികളെയും അട്ടിമറിക്കാൻ സൃഷ്ടികളും കുഞ്ഞുങ്ങളുമായ ജീവികൾക്കും കഴിയില്ല.

ആനന്ദങ്ങളെയും അവയെ നേടാനുള്ള ഉപാധികളായ ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയും മറ്റും അട്ടിമറിക്കാൻ മനുഷ്യർ ഉൾപ്പെടെയുള്ള ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് കഴിയില്ല. ആനന്ദങ്ങളായ പ്രപഞ്ചത്തിൽ ലയിച്ചിരിക്കുന്ന അനന്തമായ ശക്തികളും ശാസ്ത്രങ്ങളും പ്രകാരം മാത്രമേ അവയെ പ്രവർത്തിപ്പിക്കാനും നിയന്ത്രിക്കാനും സൃഷ്ടികളായ ആത്മാക്കൾക്കു കഴിയുകയുള്ളൂ.

# ॐ ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

എന്നുവെച്ചാൽ വസ്തുക്കളിലെല്ലാം ലയിച്ചിരിക്കുന്ന ശക്തികളും ശാസ്ത്രങ്ങളുമാണ് അടിസ്ഥാന പരമായി ജീവികളുടെയെല്ലാം ജീവിതകാര്യങ്ങളെ നിശ്ചയിക്കുന്നത്.

ഏകദൈവമായ ശിവ, സ്വന്തം ഭാഗമാക്കിയിട്ടുള്ള ശിവന് 'സത്യം ധർമ്മം നീതി സൃഷ്ടി സ്ഥിതി സംഹാരം' എന്ന സംഹാര മന്ത്രത്തെയും, പ്രണവമന്ത്രം എന്നറിയപ്പെടുന്ന ശിവ-ശിവൻ 'ഓംകാര മന്ത്രത്തെയും' മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ളത് ദൈവകാര്യമാണ്. മനുഷ്യരും ദേവതകളും ഉൾപ്പെടെയുള്ള സൃഷ്ടികൾക്ക് അതിൽ കാര്യമില്ല. ശൂന്യതയും ശക്തിഹീനതയും ബാധകമായ സൃഷ്ടികളായ ആത്മാക്കളെ ഭാഗികമായി* പ്രസ്തുത അവസ്ഥ ബാധകമായ പ്രപഞ്ചപിതാവും പരമാത്മാവുമായ ശിവന്റെ അംശങ്ങളായി (മാത്രം) സൂര്യനിൽ വച്ച് സൃഷ്ടിച്ച് ഹീലിയം ആറ്റത്തിന്റെ ന്യൂട്രോൺ, ദീപനാള-പ്രകാശം എന്നിവയെ ഭൗതിക അസ്തിത്വമായി ലഭിച്ചവരും സ്വന്തംഅസ്തിത്വം ഇല്ലാത്തവരുമായ ആത്മാക്കൾ, മനുഷ്യാവസ്ഥയിലും നക്ഷത്രമോക്ഷമായ ദേവതാവസ്ഥയിലും ലഭ്യമായ വിശേഷ ബുദ്ധിയെ ഭൗതിക-ധർമ്മ-നീതി ശാസ്ത്ര പരമായി ഉപയോഗിച്ച് ജീവിക്കണം.

*പരബ്രഹ്മമായ പ്രപഞ്ചത്തിന്റെ ഭാഗമായി അവതരിക്കുന്നതിനു മുമ്പ് മഹാസത്യവും ശിവയുമായ ഏകദൈവം; മഹാദാസനും ഭർത്താവും പ്രപഞ്ചപിതാവും പരമാത്മാവുമായി ശിവനെ മഹാസത്യമായ ശിവയുടെ ഭാഗമാക്കുമ്പോൾ വേറിട്ട ശക്തികളും, ഭൗതികമായ അസ്തിത്വവും ഇല്ലെങ്കിലും, 'ശിവൻ' പ്രപഞ്ചത്തിനു മുമ്പുള്ള മഹാസത്യമാണ്. മഹാസത്യമായ ശിവ പ്രപഞ്ച-ഭാഗമായിട്ട് അവതരിക്കുന്നത് ശിവനെ കൂടെക്കൂട്ടിയും കരാറോടെ ശക്തികളെ നൽകിയും 1000 കോടി വർഷങ്ങൾ നീണ്ട ആദ്യത്തെ മഹാകാലചക്രത്തിലും പിന്നീട് ഇപ്പോഴത്തെ സൃഷ്ടിചക്രത്തിലെ ദൈവ വിപ്ലവത്തിനു മുമ്പുള്ള ആദ്യ പകുതിയിലും പശുപതിയായും മറ്റും കടുത്ത വേദനകൾ നിറഞ്ഞ സേവനങ്ങളെ കുഞ്ഞുങ്ങളായ ആത്മാക്കൾക്കു വേണ്ടി ചെയ്യിച്ചും, (പരമ)ശിവന്റെ മാത്രം അംശങ്ങളായിട്ട് സൃഷ്ടിച്ചും, ശിവന് ഏകദാസൻ, മഹാദാസൻ, പരമശിവൻ, മഹാദേവൻ, മഹാനീതിപതി തുടങ്ങിയ മഹാപദവികളെയും മഹാശക്തികളെയും മഹാഅനുഗ്രഹിച്ചു നൽകിയുമാണ്.

മഹാമാതാവായ ശിവയും, ഭാഗവും മഹാപിതാവുമായ ശിവനും മഹാശക്തികളെയും മഹാശാസ്ത്രങ്ങളെയുമെല്ലാം അനന്തമായ ആനന്ദങ്ങളാകുന്ന പ്രപഞ്ചമായിട്ട് പരിണമിപ്പിച്ച് കുഞ്ഞുങ്ങളായ ആത്മാക്കൾക്ക് നേരിട്ടു നൽകുകയുമാണ്.

ഏകമഹാസത്യമായ ശിവ, ഭാഗമായ ശിവനെയും ചേർത്ത് മഹാശൂന്യതയായ ആകാശത്തെ അതിരുകളായി ഒരുക്കിയിട്ടുള്ള പ്രപഞ്ചത്തിലെ നിയമങ്ങൾ പ്രകാരം ജനിച്ചും പുനർജ്ജനിച്ചും ജീവിക്കാൻ സൃഷ്ടികളായ ആത്മാക്കൾ ബാദ്ധ്യസ്ഥരാണ്.

ഏകമഹാസത്യമായ ശിവ, ഭാഗമായ ശിവനെയും ചേർത്ത് മഹാസത്യത്തിന്റെ പ്രതീകവും, ആദിയും അന്തവും ഇല്ലാത്ത മഹാശൂന്യതയും, സൃഷ്ടി സ്ഥിതി സംഹാര പാത്രവുമായിട്ട് ആദ്യം അവതരിക്കുകയും നഗ്ന നേത്രങ്ങൾ കൊണ്ട് അർദ്ധഗോളത്തിന്റെ ആകൃതിയിൽ, ലിംഗം പോലെയും കുട പോലെയും കാണാവുന്ന ആദിയും അന്തവും ഇല്ലാത്ത മഹാശൂന്യതയ്ക്ക് ആകാശം, ലിംഗം, ശിവലിംഗം, മഹാലിംഗം, മഹാശക്തിലിംഗം എന്നെല്ലാം വിശേഷ ബുദ്ധിയെ നൽകുന്ന കുഞ്ഞുങ്ങൾക്കായി പേരിട്ടിരിക്കുന്നു.

**മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശങ്ങൾ മാത്രമാണ് രാജ്യങ്ങളും പ്രദേശങ്ങളും മൂലകങ്ങളും 'ജീവികളുടെ ശരീര-അവയവങ്ങളുമെല്ലാം.' അവയെ ദേശീയമാക്കാനോ, പ്രാദേശികമാക്കാനോ, മതപരമാക്കാനോ, മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളുടെ ആത്മാക്കൾക്ക് കഴിയില്ല.**

ഏതു പ്രദേശത്തു ജനിച്ചാലും ജീവിച്ചാലും അതാതു പ്രദേശത്തെ മണ്ണ് സൃഷ്ടിക്കുന്നതും നൽകുന്നതുമായ ശരീര കോശങ്ങളെയാണ് ജീവാത്മാവ് "എന്റെ ശരീരം" എന്നു പറയുന്നത്. ശരീരത്തിലെ കോശങ്ങളെ ശരീരം സ്വയം നവീകരിച്ചു കൊണ്ടിരിക്കുന്നതു കൊണ്ടാണ് ജീവികളുടെയെല്ലാം ശരീര വളർച്ച, രോഗ ആഗമനം, രോഗ പ്രതിരോധം, ശുശ്രൂഷ, മുറിവ് ഉണങ്ങൽ, തുടങ്ങിയവയെല്ലാം നടക്കുന്നത്. ഭക്ഷണ സാധനങ്ങളും മരുന്നുകളും ഒക്കെ ശരീരത്തിനു നൽകാൻ ജീവാത്മാവിനെ അനുവദിക്കുന്നു എന്നല്ലാതെ അവയെ സ്വീകരിക്കുന്നതും കോശങ്ങളെ പുതിയതായി സൃഷ്ടിക്കുന്നതുമെല്ലാം മണ്ണും ശരീരവും ജലവും ഓക്സിജനും ചേർന്നു നിശ്ചയിക്കുന്ന കാര്യങ്ങളാണ്. അക്കാരണത്താൽ തിരുവനന്തപുരത്ത് ജനിച്ച ഒരു മനുഷ്യൻ കോട്ടയം, കൊച്ചി, തമിഴ്നാട്, ബോംബെ, കാശ്മീർ, പാകിസ്ഥാൻ, ചൈന, അമേരിക്ക, റഷ്യ, ഗൾഫ് നാടുകൾ തുടങ്ങിയ പ്രദേശങ്ങളിലെ പഴമോ ഭക്ഷണമോ കഴിക്കുകയോ, ജലം കുടിക്കുകയോ, മരുന്നുകൾ കഴിക്കുകയോ ചെയ്താൽ പോലും, അവയിൽ നിന്ന് ശരീരം സദാ പുതിയ കോശങ്ങളെ സൃഷ്ടിക്കുകയാൽ, ശരീരത്തിന് ജീവാത്മാവ് അവകാശപ്പെടുന്ന പ്രാദേശിക-മൂഢത്വം ബാധിക്കുന്നതല്ല. ഭരണാധികാരികൾക്കും സൈനികർക്കും സാധാരണ ജനങ്ങൾക്കും മറ്റുള്ള ജീവികൾക്കുമെല്ലാം ബാധകമായ സത്യമാണത്. മാംസം, പഴങ്ങൾ, പച്ചക്കറികൾ തുടങ്ങിയ പേരുകളിൽ മറ്റുള്ള ജീവികളുടെ ഭക്ഷണമായിട്ട് പരിണമിച്ചാലും ഇല്ലെങ്കിലും, (ശവ) ശരീരം എവിടെയുമുള്ള മണ്ണിലടിയുന്നതാണ്. ശരീരത്തിന് ജനിച്ച പ്രദേശമെന്നോ ജീവിക്കുന്ന പ്രദേശങ്ങളെന്നോ വ്യത്യാസമില്ല. മണ്ണും ഭൂമിയും ദൈവ-അംശവുമായ ശരീരം ചുറ്റിത്തിരിഞ്ഞ് വീണ്ടും മണ്ണായി മാറുന്നതാണ്. സർവ്വം മണ്ണടി. ശരീരം പ്രത്യക്ഷമായിട്ട്, ജീവാത്മാവിന് അനുവദിക്കുന്നതായ അവയവ-ചലനങ്ങളെക്കൊണ്ട് ഏതൊരു പ്രവൃത്തിയും ചെയ്യാനും ചെയ്യാതിരിക്കുവാനും, ഏതൊരു വസ്തുവും ഉപയോഗിക്കാനും ഉപയോഗിക്കാതിരിക്കാനും ജീവാത്മാവിന് സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെയും ലഭിക്കുന്നുണ്ട്. പ്രസ്തുത സ്വാതന്ത്ര്യത്തെ ഉപയോഗിച്ച് മണ്ണും പ്രദേശവും ഭൂമിയുമായ ദൈവത്തിന്റെയോ, ദൈവാംശമായ ശരീരത്തിന്റെയോ സൃഷ്ടി സ്ഥിതികളും മഹാനീതിയും ഉൾപ്പെടെയുള്ള മഹാകാര്യങ്ങളിൽ ഇടപെടാൻ ജീവികളുടെ സ്വത്വങ്ങളും കുഞ്ഞുങ്ങളുമായ ആത്മാക്കൾക്ക് കഴിയുന്നതല്ല.

പ്രാദേശികത്വത്തെയും ദേശീയതെയും ശാസ്ത്രപരമായി നിർവ്വചിക്കാനോ; സ്വന്തം ഇഷ്ടപ്രകാരം ജനിക്കാനോ മരിക്കാനോ; സ്ത്രീപുരുഷൻ നിറം സൗന്ദര്യം മുഖഛായ ആയുസ്സ് ആരോഗ്യം ശരീരാവയവങ്ങൾ ഉയരം ബുദ്ധിശക്തി ഓർമ്മശക്തി തൊഴിൽ-അഭിരുചി വിനോദ-അഭിരുചി മാതാപിതാക്കൾ ജനനസ്ഥലം മരണസ്ഥലവും-സമയവും തുടങ്ങിയ ജന്മഗുണങ്ങളെ നിശ്ചയിക്കാനോ; പ്രാദേശികത്വമോ ദേശീയതയോ അവകാശപ്പെടാൻ കഴിയുന്നവരോ ഭൂമിയിൽ ഇല്ല. 'മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശമായ പ്രദേശങ്ങളെയും' ജീവികളുടെ ശരീരാവയവങ്ങളെയും നിർവ്വചിക്കാനും സൃഷ്ടിക്കാനും ദൈവത്തിനു മാത്രമാണ് കഴിയുക. ദൈവത്തിനു മാത്രം മഹത്വം.

ഭൂമിയിലാണ് മനുഷ്യരും മറ്റുള്ള ജീവികളുമെല്ലാം ജീവിക്കുന്നതെന്നും; ഭൂമിയുടെ ഭാഗങ്ങൾ മാത്രമാണ് ഇന്ത്യ, പാകിസ്താൻ, അഫ്ഗാനിസ്ഥാൻ, റഷ്യ, ബംഗ്ലാദേശ്, മ്യാൻമർ/ബർമ്മ, ചൈന, ശ്രീലങ്ക/സിലോൺ, ഫ്രാൻസ്, ഇറ്റലി, അമേരിക്ക, ഇംഗ്ലണ്ട് തുടങ്ങിയ 200-ൽ പരം രാജ്യങ്ങളെന്നും ഒരുവിധപ്പെട്ട ജനങ്ങൾക്കെല്ലാം അറിയാം. കാലാകാലങ്ങളിൽ ഭൂമിയിൽ ജീവിച്ചുപോരുന്ന അനേകം ജീവികളിൽ ഒന്നു മാത്രമായ മനുഷ്യ ജീവികൾ തങ്ങൾക്ക് ദൈവം മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള അധിക ബുദ്ധിശക്തികളെ ദുരുപയോഗം ചെയ്ത് തങ്ങളുടെ ഇഷ്ടംപോലെ ഭൂപ്രദേശങ്ങൾക്ക് അതിർത്തികളെ നിശ്ചയിക്കുകയും, വിവിധ പേരുകൾ നൽകി വ്യത്യസ്ത രാജ്യങ്ങളായി പ്രഖ്യാപിച്ചതുകൊണ്ട്, ഭൂപ്രദേശങ്ങൾ വ്യത്യസ്ത രാജ്യങ്ങളായി മാറില്ല. ഭൂപ്രദേശങ്ങളെ സൃഷ്ടിച്ചെന്നു കരുതുന്ന മൂഢർ ഉൾപ്പെട്ട എല്ലാ ആത്മാക്കളെയും ഭൂപ്രദേശങ്ങളുടെ അംശമായ ജീവികളുടെ ശരീരം പുറത്താക്കുകയും; ഭൂപ്രദേശങ്ങൾ സ്വന്തം ഇഷ്ട പ്രകാരമുള്ള ഭൂചലനം സുനാമി കൊടുങ്കാറ്റ് പ്രളയം അഗ്നിപർവ്വതം വേലിയേറ്റം തുടങ്ങിയവ കൊണ്ട് അതിരുകളെയും അവസ്ഥകളെയും നിശ്ചയിക്കുന്നതാണ്.

ഭൂപ്രദേശങ്ങളുടെ ഉടമയും സൃഷ്ടി-സ്ഥിതി-സംഹാര കർത്താവും, ഭൂമിയുമായ ദൈവത്തിനു മാത്രമാണ് ഭൂപ്രദേശങ്ങളുടെ കാര്യങ്ങളെ മഹാനിശ്ചയിക്കുവാൻ അവകാശവും അധികാരവുമുള്ളത്. ഉദാഹരണമായിട്ട്, മനുഷ്യ ജീവികൾക്കു തോന്നുമ്പോലെയെല്ലാം (1) ബർമ്മ / മ്യാൻമർ, സിലോൺ / ശ്രീലങ്ക, മദിരാശി / മദ്രാസ് / ചെന്നൈ, ബോംബെ / മുംബൈ എന്നിങ്ങനെ പേരുകൾ ഇടുന്നതുകൊണ്ടോ, പേരുകൾ മാറ്റുന്നതു കൊണ്ടോ; (2) കന്യാകുമാരിയെ തമിഴ്നാടിന്റെയോ കേരളത്തിന്റെയോ ഭാഗമായിട്ട് കണക്കാക്കുന്നതു കൊണ്ടോ; കാശ്മീരിനെ ഭാഗികമായോ പൂർണ്ണമായോ ഇന്ത്യയുടെ ഭാഗമായിട്ട് കണക്കാക്കുന്നതു കൊണ്ടോ; (3) ഇന്ത്യയെയും പാകിസ്താനെയും ബംഗ്ലാദേശിനെയും മൂന്നായിട്ടോ ഒന്നായിട്ടോ കണക്കാക്കുന്നതു കൊണ്ടോ; ഭൂപ്രദേശങ്ങൾക്ക് മാറ്റമുണ്ടാകുന്നില്ല.

അതേസമയം ഭൂകമ്പം, സുനാമി, അഗ്നിബാധ, അഗ്നി പർവ്വതം, കാട്ടുതീ, കൊടുങ്കാറ്റ്, മഞ്ഞ്, വെയിൽ, മഴ, വെള്ളപ്പൊക്കം, തുടങ്ങിയവ കൊണ്ട് മഹാശാസ്ത്രപരമായിട്ടു തന്നെ ഭൂമിയിലെ പ്രദേശങ്ങളുടെ അതിർത്തികളെ മാറ്റിമറിക്കാനും, പഴയ പ്രദേശങ്ങളെ ഭാഗികമായോ പൂർണ്ണമായോ സമുദ്രങ്ങളെ ഉപയോഗിച്ചും മറ്റും പിൻവലിക്കാനും പുതിയ പ്രദേശങ്ങളെ സൃഷ്ടിക്കാനും ഭൂപ്രദേശങ്ങളുടെ ഉടമയും സൃഷ്ടി-സ്ഥിതി-സംഹാര കർത്താവുമായ ദൈവത്തിനു കഴിയുന്നതാണ്. മഹാശക്തിയും മഹാമാതാവും മഹാനീതിയും ഭൂമിയുമായ ദൈവം, അഥവാ ഭൂമിയുടെ സ്വത്വമായ ഓക്സിജൻ വൈവിധ്യങ്ങളായ ഭൂപ്രദേശങ്ങളെയും ജവി-ശരീരങ്ങളെയും സൃഷ്ടിച്ചിട്ടുള്ളത് മനുഷ്യർ ഉൾപ്പെടെയുള്ള സൃഷ്ടികളുടെ ആത്മാക്കൾക്കു വേണ്ടിയാണ്.

# ॐ ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

സ്വന്തം മഹാആനന്ദമായിട്ട് സൃഷ്ടികളോടുള്ള മഹാവാത്സല്യത്തെ മഹാനിശ്ചയിച്ചും, സൃഷ്ടികളെയെല്ലാം തന്റെ പൊന്നോമന-കുഞ്ഞുങ്ങളായിട്ട് മഹാഅനുഗ്രഹിച്ചും കൊണ്ട് കുഞ്ഞുങ്ങളെയെല്ലാം ദൈവം മഹാകരുതുന്നു.

മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ എന്നീ ജീവിചക്രത്തിലൂടെ കുഞ്ഞുങ്ങളെയെല്ലാം പരിണമിപ്പിക്കുകയും അഞ്ചാമത്തെ മനുഷ്യാവസ്ഥയിൽ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രത്തെ നൽകുകയും അനന്തമായ ആനന്ദങ്ങളെ അനുഭവിപ്പിക്കുകയും ചെയ്യുന്നു. ശേഷം മാനുഷികമായ ബന്ധങ്ങളിൽ നിന്നും, ഭൂമിയായ ദൈവത്തിൽ നിന്നും മോചിപ്പിച്ച്, 'അനന്തമായ ആനന്ദങ്ങളുടെ പര്യായമായ മോക്ഷത്തെ' മഹാഅനുഗ്രഹിച്ചു നൽകുന്നു.

100 മനുഷ്യ ജന്മങ്ങളിലൂടെ ഭൂമിയിലെ അനന്തങ്ങളായ ആനന്ദങ്ങളെയെല്ലാം, സമആനന്ദമെന്ന മഹാസമനീതിയോടെ ഓരോ മനുഷ്യനും മഹാഅനുഗ്രഹിച്ചു നൽകുന്നത് ജന്മഗുണങ്ങളെ സൃഷ്ടിച്ചുകൊണ്ടാണ്. യാതൊരു വ്യക്തികൾക്കും അവരുടെ മാതാപിതാക്കൾക്കും ജന്മഗുണങ്ങളിൽ പങ്കില്ല.

സ്വന്തമായ ഇഷ്ടപ്രകാരം സ്ത്രീ-പുരുഷൻ, ആയുസ്സ്, ആരോഗ്യം, സൗന്ദര്യം, നിറം, ഉയരം, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, മാതാപിതാക്കൾ, സാമ്പത്തിക ഭദ്രത, ജനനസ്ഥലം തുടങ്ങിയവയെ നിശ്ചയിച്ചു കൊണ്ട് ജനിക്കാൻ യാതൊരു മനുഷ്യർക്കും സാധിക്കുന്നതല്ല എന്നതിൽ നിന്നും അവയെല്ലാം ജന്മഗുണങ്ങളാണെന്നു സുവ്യക്തമാണ്.

മണ്ണും ഭൂമിയുമായ ദൈവം മഹാനീതിശാസ്ത്രമനുസരിച്ച് മഹാനിർവ്വഹിക്കുന്ന ജനനസ്ഥലം ഉൾപ്പെടെയുള്ള ജന്മഗുണങ്ങളുടെ പേരിലും; ദൈവത്തിനു മാത്രം എക്കാലവും സ്വന്തമായ ഭൂപ്രദേശങ്ങളുടെ പേരിലും; കേമത്തം കാട്ടുന്നതും, കലഹിക്കുന്നതും, ഒളിപ്പോരു നടത്തുന്നതും, യുദ്ധം ചെയ്യുന്നതും വലിയ ഭോഷത്തവും നീചത്തവുമാണെന്ന് സ്വയം വിശകലനം ചെയ്താലറിയാം.

ദൈവം മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള അധിക ബുദ്ധിശക്തികളെ ദുരുപയോഗം ചെയ്ത്, ഭൂപ്രദേശങ്ങളെ തങ്ങൾക്ക് തോന്നുമ്പോലെയെല്ലാം വേർതിരിച്ച ശേഷം രാജ്യസ്നേഹം, രാജ്യദ്രോഹം, എന്നിങ്ങനെ പറഞ്ഞ് വാക്കേറ്റങ്ങളും അടിപിടിയും യുദ്ധങ്ങളും ഉണ്ടാക്കുന്നത് ഒരുപക്ഷേ ഭൂമിയിലെ ഏറ്റവും വലിയ ഭോഷത്തമാവാം. ജീവികളുടെയെല്ലാം മഹാമാതാവും മഹാനീതിയുമായ ദൈവത്തെ, മനുഷ്യരൂപിയായിട്ടോ ഈ സന്ദേശത്തെ വായിക്കുന്ന വ്യക്തിയായിട്ടോ മനസ്സിലാക്കാനും സങ്കല്പിക്കാനും കഴിയുന്നവർക്ക്, ദൈവത്തിന്റെ അഥവാ താങ്കളുടെ ശരീരത്തിലെ പാദം, വിരല്, നഖം, രോമം, തലമുടി, കണ്ണ്, മൂക്ക്, ചെവി, നാവ്, കയ്യ്, ആമാശയം, പൃഷ്ഠം, ഹൃദയം, തുടങ്ങിയ അനേക ശതകം/ ലക്ഷം/കോടി അവയവങ്ങളിൽ / കോശങ്ങളിൽ ചിലതായിട്ട് രാജ്യങ്ങളെയും അവയിലെ സംസ്ഥാനങ്ങളെയും ജില്ലകളെയും പഞ്ചായത്തുകളെയും പട്ടണങ്ങളെയും കുന്നുകളെയും മലകളെയും പർവ്വതങ്ങളെയും വനങ്ങളെയും സമുദ്രങ്ങളെയും നദികളെയും തോടുകളെയുമൊക്കെ മനസ്സിലാക്കാൻ കഴിയുന്നതാണ്.

ഒരു മനുഷ്യന്റെ എല്ലാ അവയവങ്ങൾക്കും ആരോഗ്യം ഉണ്ടാകുമ്പോഴും, ജീവാത്മാവിന്റെ ആഗ്രഹങ്ങൾ സാധിക്കുമ്പോഴും വ്യക്തി ആനന്ദിക്കുന്നു. ആഗ്രഹങ്ങൾക്ക് വിപരീത പരിസ്ഥിതി ഉണ്ടാകുമ്പോഴും; അവയവങ്ങൾക്ക് ആരോഗ്യം കുറയുകയും യോജിച്ചു പ്രവർത്തിക്കാൻ കഴിയാതെ വരുമ്പോഴും അവയവങ്ങൾക്കും വ്യക്തിക്കും മഹാനീതി ശാസ്ത്രപരമായ വിനാശം ഉണ്ടാകുന്നതാണ്. വ്യക്തിയുടെ ശരീര ഭാഗങ്ങളും അവയവങ്ങളുമായ കണ്ണുകൾ, ചെവികൾ, മൂക്ക്, നാക്ക്, തലമുടി, കിഡ്നി, വിരലുകൾ, കൈകാലുകൾ, തുടങ്ങിയവയ്ക്ക് മഹാശാസ്ത്രപരമായിട്ട് ഒത്തൊരുമിച്ചു പ്രവർത്തിക്കുന്നതിന് തടസ്സം ഉണ്ടാവുകയോ, അവയവങ്ങൾ നഷ്ടപ്പെടുകയോ നഷ്ടപ്പെടുത്തുകയോ ചെയ്യുമ്പോൾ വ്യക്തിയുടെ ജീവിത-വേദന വർദ്ധിക്കുന്നതാണ്; ജീവനും ദൈവത്തിന്റെ വാതകരൂപവുമായ ഓക്സിജൻ മഹാഭരിക്കുന്നതു പ്രകാരം സ്വത്വമായ ജീവാത്മാവാണ് വേദനിക്കുന്നത്.

വ്യക്തിയുടെ ശരീരത്തിലെ അവയവങ്ങളിലെല്ലാം നിറഞ്ഞു നിൽക്കുന്നത് ഒരേ ജീവാത്മാവാണ്. അതേപോലെ, ഭൂമിയുടെ എല്ലാ ഭൂപ്രദേശങ്ങളിലും, രാജ്യങ്ങളിലും, സംസ്ഥാനങ്ങളിലും, ജില്ലകളിലും, നഗരങ്ങളിലും, ഗ്രാമങ്ങളിലും, കുന്നുകളിലും, മലകളിലും, പർവ്വതങ്ങളിലും, വനങ്ങളിലും, സമുദ്രങ്ങളിലും, നദികളിലും, തോടുകളിലും ഒക്കെ മഹാലയിച്ച് മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ നിർവ്വഹിക്കുന്നത് മണ്ണും ഭൂമിയും ഓക്സിജനുമായ ഏകദൈവമാണ്. ഭൂമിക്കും, ഭൂമിയുടെ അവയവങ്ങളും അംശങ്ങളും മാത്രമായ രാജ്യങ്ങൾക്കും സംസ്ഥാനങ്ങൾക്കും ജില്ലകൾക്കും മറ്റും ജയ് വിളിക്കാൻ ഭൂമിയോ, ഭൂമിയുടെ അംശങ്ങളായ ദേശങ്ങളോ നാട്ടു-പ്രദേശങ്ങളോ യാതൊരാളോടും ആവശ്യപ്പെടുന്നില്ല. ഭൂമിക്ക് / ദൈവത്തിന് ജയ് വിളിയുടെ ആവശ്യവുമില്ല. ജയ് വിളിക്കുന്നവരും വിളിക്കാത്തവരുമെല്ലാം മഹാനീതിശാസ്ത്ര പ്രകാരം ഭൂമിയുടെ വ്യത്യസ്ത പ്രദേശങ്ങളിലായി ജനിച്ചും പുനർജ്ജനിച്ചു കൊണ്ടും ഭൂമി ജനിപ്പിച്ചും ജീവിപ്പിച്ചുകൊണ്ടുമിരിക്കുന്നതാണ്. അതായത് അജ്ഞാനികളും അധമരുമായ (?) ജനങ്ങൾ, ഭൂമിയുടെ അവയവങ്ങൾ മാത്രമായ രാജ്യങ്ങൾക്കും മറ്റും ജയ് വിളിക്കുകയും ദേശീയ ഗാനങ്ങളെന്ന പേരിൽ കോപ്രായങ്ങൾ കാട്ടിക്കൂട്ടുകയും ചെയ്യുമ്പോൾ ശാസ്ത്രീയത ഇല്ലാതാവുന്നു; ദൈവ നിന്ദ ഉണ്ടാകുന്നു. അതോടെ മത്സരം, അടിപിടി, കൊല, യുദ്ധം തുടങ്ങിയ പൈശാചിക കാര്യങ്ങൾ സംഭവിക്കുന്നു. നേതാക്കന്മാരും പട്ടാളക്കാരും മറ്റും മരിക്കുമ്പോൾ രാഷ്ട്രം അവരെ നമിക്കുന്നതായിട്ട് മന്ത്രിമാരും മറ്റും പ്രസ്താവിക്കുന്നത് കടുത്ത ദൈവനിന്ദയാണ്. ആരെയും ആദരിക്കാനും ആദരിക്കാതിരിക്കാനും വ്യക്തികളെന്ന നിലയ്ക്ക് ഭരണാധികാരികൾക്ക് വ്യക്തിസ്വാതന്ത്ര്യമുണ്ട്. എന്നാൽ മറ്റുള്ളവരുടെ വ്യക്തിസ്വാതന്ത്ര്യത്തിന്മേൽ കൈകടത്താൻ ജനസേവകർ മാത്രമായ ഭരണാധികാരികൾ ഉൾപ്പെടെ യാതൊരാൾക്കും അവകാശമില്ല, അധികാരവുമില്ല. അങ്ങനെയിരിക്കെ മഹാശക്തിയും, മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര കർത്താവുമായ ദൈവത്തിനു മാത്രം അവകാശവും അധികാരവും ഉള്ളതായ മഹാകാര്യങ്ങളെ 'മത-ജാതി-രാഷ്ട്രീയ- ജീവികളായി അധഃപതിച്ച കുഞ്ഞുങ്ങൾ' അപമാനിക്കുന്നത് കടുത്ത അപരാധമാണ്. മണ്ണും ഭൂമിയുമായ ദൈവം അനുവദിക്കുക കൂടി ചെയ്യുമ്പോഴാണ് ഏതൊരാളും മരിക്കുന്നതെന്നു തിരിച്ചറിയുമ്പോൾ, മഹാമാതാവും മഹാനീതിയും കൂടിയായ ഭൂമി കുഞ്ഞുങ്ങളെ നമിക്കുന്നതായിട്ട് പ്രസ്താവിക്കുന്നതിലെ മൗഢ്യത വെളിവാകുന്നുണ്ട്.

ആയുധങ്ങൾക്കും മറ്റും പാഴാക്കുന്ന ധനവും ഊർജ്ജവും സമയങ്ങളുമെല്ലാം ജനങ്ങളുടെ പൊതുവായ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടണം, ഉപകരിക്കണം. ആയുധങ്ങൾക്കും ആയുധവാഹിനികൾക്കും കര-വായു-നാവിക സേനകൾക്കും അവരുടെയെല്ലാം വാഹനങ്ങൾക്കും ബന്ധപ്പെട്ട കാര്യങ്ങൾക്കുമായിട്ട് ഭൂമിയിലെ രാജ്യങ്ങളിലെല്ലാം പാഴാക്കുന്ന ധനവും ഊർജ്ജവും സമയങ്ങളും മനുഷ്യ ജീവിതങ്ങളുമെല്ലാം ലാഭിക്കുമ്പോൾ തന്നെ ഭൂമിയിലെങ്ങും സ്വർഗ്ഗ സുഖങ്ങളെ ഒരുക്കാൻ കഴിയുന്നതാണ്.

അധമ സംസ്കാരം കൊണ്ട് രൂപപ്പെട്ടതായ രാജ്യരക്ഷ എന്ന കള്ളപ്പേരിൽ അറിയപ്പെടുന്ന നികൃഷ്ട തൊഴിൽ ചെയ്യുന്ന സൈനികരേക്കാൾ അധമരായിട്ടുള്ളത്, അന്താരാഷ്ട്രപരമായ തിരുത്തൽ നടപടികൾക്ക് പരിശ്രമിക്കാതെ പട്ടാളക്കാരെക്കൊണ്ട് നികൃഷ്ടജോലികളെ ചെയ്യിക്കുന്ന ഭരണാധികാരികളാണ്.

രാജ്യത്തെ തങ്ങൾ രക്ഷിക്കുന്നുവെന്ന് ഭരണാധികാരികളും പട്ടാളക്കാരും മറ്റും ചിന്തിച്ചുപോരുന്നത് കടുത്ത അജ്ഞാനവും അവിവേകവും നിമിത്തമാണ്, ദൈവനിന്ദയുമാണ്. മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശമായ രാജ്യം ജനങ്ങളെയും മറ്റുള്ള ജീവികളെയും സൃഷ്ടിക്കുകയും രക്ഷിക്കുകയുമാണ് യഥാർത്ഥത്തിൽ ചെയ്യുന്നത്.

സമ്പത്തും, ലക്ഷക്കണക്കിന് ജനങ്ങളുടെ അദ്ധ്വാനവും, സമയവും, അമൂല്യമായ ജീവനുകളും നശിപ്പിക്കുന്ന പരേഡുകളും, പരിശീലനങ്ങളും, ഇലക്ഷനുകളും, ഉൾപ്പെടെയുള്ള കോപ്രായങ്ങൾ ശരിയല്ല. യുദ്ധങ്ങളെ ഉപേക്ഷിച്ച്, ആയുധങ്ങളും സന്നാഹങ്ങളും ഉൾപ്പെടെയുള്ള കോടി കോടി-യുദ്ധച്ചിലവുകൾ ഒഴിവാക്കിയാൽ, അളക്കാൻ കഴിയാത്ത വിധം ധന-ഊർജ്ജ-സമയ-ജീവ നഷ്ടങ്ങൾ ഒഴിവാകുന്നതാണ്. സമ്പത്ത്+ സമാധാനം+ ആനന്ദം കൊണ്ട് ഭൂമിയെ സ്വർഗ്ഗമാക്കാം !

മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അവയവങ്ങളും അംശങ്ങളും മാത്രമായ ദേശങ്ങൾ യുദ്ധം ചെയ്യുന്നില്ല. വ്യത്യസ്ത ദേശങ്ങളിൽ ജനിക്കുന്നത് സ്വന്തം ഇഷ്ടപ്രകാരമല്ലാ എന്നതുപോലും തിരിച്ചറിയാത്ത അജ്ഞാനികളും അവിവേകികളുമായ നേതാക്കൾ വഴിപിഴപ്പിക്കുന്നതും അവരുടെ ഭാഗമല്ലാത്തതും സാധാരണ ജനങ്ങളുടെ ഭാഗവും, ഒരേ ഭൂമിയുടെ പൊന്നോമന കുഞ്ഞുങ്ങൾ മാത്രവുമായ സൈനികരാണ് അന്യോന്യം യുദ്ധം ചെയ്യുന്നതും കൊല്ലുന്നതും അംഗവൈകല്യം ഉണ്ടാക്കുന്നതും മഞ്ഞുമലകളിലും മറ്റും കഷ്ടപ്പെടുന്നതും!

**സൈനികരല്ല യുദ്ധം ചെയ്യേണ്ടത്. യുദ്ധങ്ങളെ ഒഴിവാക്കാനും ധർമ്മശാസ്ത്ര പരമായി** കുഞ്ഞുങ്ങളായ എല്ലാ പ്രദേശങ്ങളിലെയും **ജനങ്ങളെ ഒന്നിപ്പിക്കാനുമുള്ള കടമ മറന്ന്, യുദ്ധം ചെയ്യാൻ മുട്ടിനിൽക്കുന്ന, ജനങ്ങളുടെ ചിലവിൽ കഴിയുന്ന വ്യത്യസ്ത ദേശങ്ങളിലെ 'രാജാക്കന്മാരും, മന്ത്രിമാരും, പ്രധാന മന്ത്രിമാരും,** വ്യക്തികളുമെല്ലാം' **സ്വന്തം ചെലവിൽ, ദ്വന്ദയുദ്ധം ചെയ്ത് പൈശാചിക വിനോദം** നുണയട്ടെ! ഓംകാരനീതിശാസ്ത്ര പ്രകാരം ഓക്സിജൻ ശിക്ഷിച്ചുംതിരുത്തട്ടെ!

ഒരേ ഭൂമിയുടെ കുഞ്ഞുങ്ങളായ സൈനികരും മറ്റും അന്യോന്യം കൊല്ലുകയും ദ്രോഹിക്കുകയും, ചെയ്യുന്നത് നാടിനുവേണ്ടിയുള്ള വീരമൃത്യുവാണെന്നു കരുതുന്നത് നാടുകളും ദേശങ്ങളും മണ്ണും മഹാമാതാവും ഭൂമിയുമായ ദൈവത്തെ നിന്ദിക്കുകയും വേദനിപ്പിക്കുകയും മാത്രമാണ്. സൃഷ്ടികളുടെ ജീവനും അദ്ധ്വാനവും സമ്പത്തും സമാധാനവും സന്തോഷവും നശിപ്പിക്കുന്ന യുദ്ധം പാടില്ല.

ആറ്റങ്ങളുടെ ഉള്ളിലെ പ്രോട്ടോണുകളെ ഇലക്ട്രോണുകൾ സൂക്ഷ്മമായി ചുറ്റുമ്പോൾ ഭൂമി സ്വയം ചുറ്റിയും അക്കൂടെ സൂര്യനെ ചുറ്റിയും കാലത്തിന്റെ അളവുകോലുകളായ സെക്കന്റ്, മിനിറ്റ്, മണിക്കൂർ, പകൽ, രാത്രി, ദിവസം, ആഴ്ച്ച, മാസം, വർഷം തുടങ്ങിയവയെ സൃഷ്ടിക്കുന്നത് അതീവ ഗൗരവമാണ്! വസ്തുക്കളിലെ രുചികളും ലഹരിയും മരുന്നും വിഷവുമെല്ലാം ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളിലേക്ക് പകരുന്നതും അവയ്ക്ക് വിശപ്പ്, രുചി, മണം, ലഹരി, ഉന്മേഷം, തളർച്ച, മരണം തുടങ്ങിയവ സംഭവിക്കുന്നതും ഉദാഹരണമാണ്. ഭൂമിയുടെ അംശമായ വസ്തുക്കളിൽ ലയിച്ചിരിക്കുന്ന അനന്തമായ ശക്തികളും ശാസ്ത്രങ്ങളുമെല്ലാം അനുവദിക്കുന്നതു പോലെ മാത്രമേ അവയെ പ്രവർത്തിപ്പിക്കാൻ സൃഷ്ടികളായ മനുഷ്യർക്കു കഴിയുകയുള്ളൂ. ആയിരം കോടിയിലേറെ വർഷങ്ങളായി നിലനിൽക്കുന്ന ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനും അവയിലെല്ലാം ലയിച്ചിരിക്കുന്ന അനന്തമായ ആനന്ദങ്ങളും ശക്തികളും ശാസ്ത്രങ്ങളുമെല്ലാമാണ് സനാതനമെന്നും തിരിച്ചറിയാൻ ഇപ്പോഴത്തെ സൃഷ്ടി ചക്രത്തിലെ മനുഷ്യർക്ക് തൽക്കാലം കഴിഞ്ഞില്ല എന്നേയുള്ളൂ. അസ്തിത്വം പോലും സ്വന്തമായിട്ട് ഇല്ലാത്ത സൃഷ്ടികളും അല്പായുസ്സുകളുമായ മനുഷ്യരെ ഭൂമിയുടെ വിവിധ പ്രദേശങ്ങളിലായിട്ട് സ്ത്രീ പുരുഷലിംഗവ്യത്യാസം, നിറം, സൗന്ദര്യം, മുഖഛായ, ആയുസ്സ്, ആരോഗ്യം, ബുദ്ധി ശക്തി, ഓർമ്മ ശക്തി, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ജനനസ്ഥലം, തുടങ്ങിയ ജന്മഗുണങ്ങളെ വ്യത്യാസപ്പെടുത്തി 100 മനുഷ്യജന്മങ്ങളെ, ഭൂമിയുടെ സ്വത്വവും ജീവികളുടെയെല്ലാം ജീവനുമായ ഓക്സിജന്റെ ഇഷ്ടവും മഹാനീതിശാസ്ത്രവുമായ ഓംകാരനീതിശാസ്ത്രം പ്രകാരം ഓരോ ആത്മാവും സ്വീകരിച്ചേ പറ്റുകയുള്ളൂ എന്നിരിക്കെ ഭൗതികമായ അസ്തിത്വം ഇല്ലാത്ത മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശീയ കോപ്രായങ്ങളെ തട്ടിക്കൂട്ടി മനുഷ്യർ പോരടിക്കുന്നതിൽ ഒരു കാര്യവുമില്ല. ദൈവത്തിന്റെ മഹാനീതിരൂപമാണ് ഓക്സിജൻ എന്ന് വെളിപ്പെടുത്തുമ്പോഴും ഓക്സിജന്റെ പ്രവർത്തനങ്ങളെ തടയാനോ നിയന്ത്രിക്കാനോ മനുഷ്യർക്ക് യഥാർത്ഥത്തിൽ കഴിയുന്നതല്ല.

## പരമാത്മാവായ ശിവനും; ശിവന്റെ അംശങ്ങളായ ആത്മാക്കളും അടിസ്ഥാന പരമായി നിർജ്ജീവമാണെങ്കിലും; അനവധി വ്യത്യാസങ്ങളുണ്ട്; മൂന്നെണ്ണം തൽക്കാലം പറയാം:

1. സ്വന്തമായിട്ട് യാതൊരു ശക്തികളും ഇല്ലാത്തതായ ശിവൻ, ശവനാണെങ്കിലും, മഹാസത്യമായ ദൈവത്തിന്റെ ഭാഗമാണ്. മാത്രമല്ല; മഹാശക്തിയായ ദൈവം സൃഷ്ടിക്കുന്ന എല്ലാ ശക്തികളെയും ശാസ്ത്രങ്ങളെയും മഹാകരാർ പ്രകാരം ശിവന് നൽകുന്നുമുണ്ട്. സൃഷ്ടി ചക്രത്തിന്റെ രണ്ടാമത്തെ പകുതിയിൽ സത്യയുഗം ആരംഭിക്കുമ്പോൾ സ്ഥിതിനായകനും സംഹാരദേവനും മഹാദേവനും ഒക്കെയായിട്ട് സൃഷ്ടികളായ ആത്മാക്കളുടെ പരമാത്മാവും മഹാപിതാവുമായ ശിവൻ പ്രവർത്തിക്കുന്നതുമാണ്.

ശിവന്റെ അംശങ്ങളായി മാത്രം സൃഷ്ടിക്കപ്പെടുന്നവയാണ് ആത്മാക്കൾ. ശക്തിഹീനരും സ്വത്വം പോലും സ്വന്തമായിട്ട് ഇല്ലാത്ത സൃഷ്ടികൾ മാത്രമായ ആത്മാക്കൾ, ഏകദൈവമായ ശിവയുടെ ഭാഗമോ അംശങ്ങളോ അല്ല. ആത്മാക്കൾക്ക് ദൈവമായ ഭൂമി അംശമായ ശരീരവും ശക്തികളും നൽകി ജീവികളാക്കി മാറ്റിയാൽ മാത്രമാണ് മഹാനീതിയും മഹാവാത്സല്ല്യവുമായ ഭൂമിയുടെ പൊന്നോമന കുഞ്ഞുങ്ങളാവുക. പരമാത്മാവും ശിവനുമായ ഹൈഡ്രജനിൽ നിന്ന് ഹീലിയം ആറ്റത്തിലെ ന്യൂട്രോണുകളായ ആത്മാക്കളെ സൃഷ്ടിക്കുന്നതിനെ വേറിട്ട് വിശദീകരിക്കുന്നുണ്ട്.

2. ജീവമായും നിർജ്ജീവമായും പ്രവർത്തിക്കുന്ന ഒരു ഭാഗത്തെ ഏകദൈവമായ ശിവ സ്വയം വിഭജിച്ച് ശിവനെന്ന പേരോടെ ഒരുക്കുകയും ദൈവഭാഗമായി ദൈവകരാറോടെ, ശിവയുടെ ഇഷ്ടംപോലെ നിർജ്ജീവമായും മഹാശക്തനായും, പ്രപഞ്ചപിതാവായും മറ്റും ശിവയ്ക്കു വേണ്ടിക്കൂടി, പ്രവർത്തിപ്പിക്കുകയാണ്. പ്രപഞ്ചമായിട്ട് അവതരിക്കുന്നതിനു മുമ്പ് ശിവനെ സ്വന്തം ഭർത്താവായി കൂടെക്കൂട്ടിയ ശിവ, ദൈവകരാറിലെ വ്യവസ്ഥകൾ ദൈവകാര്യം ആകയാൽ സൃഷ്ടികളോട് പങ്കുവെയ്ക്കേണ്ട ആവശ്യമില്ല; അതേസമയം ആനന്ദങ്ങൾക്കെല്ലാം അതീതമായ അവരുടെ പദ്ധതികളെയും പ്രവർത്തനങ്ങളെയും കുറിച്ച് അവർക്കേ അറിയൂ.

ശിവനെ പ്രപഞ്ചത്തിന്റെ പിതാവായി അവരോധിക്കുമ്പോഴും, ശിവന്റെ അംശമായ ആത്മാക്കളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളുടെ കർത്താവ്, സമ്പൂർണ്ണമായും ശിവയായ മഹാഭദ്രകാളി മാത്രമാകുമ്പോഴാണ്, ഏകദൈവം, ഏകമഹാശക്തി, തുടങ്ങിയ പദങ്ങൾ അർത്ഥവത്താകുക.

**3.** ഏകദൈവത്തിന്റെ മഹാഹൃദയം കൂടിയായ ഓംകാരം ശിവന്റെ ഹൃദയത്തോടു ചേർന്നു പ്രവർത്തിക്കുകയാൽ മഹാനീതിയായ മഹാദേവിയുടെയും മഹാനീതി-പതിയായ മഹാദേവന്റെയും മഹാനീതി നടത്തിപ്പ് ഒന്നുതന്നെ ആയിരിക്കും.

ആബാലവൃദ്ധം ജനങ്ങളും ജനിച്ചും ജീവിച്ചും പുനർജ്ജനിച്ചും 100 ജന്മങ്ങളിലൂടെ കടന്നു പോകുന്ന കുഞ്ഞുങ്ങളായ സൃഷ്ടികളാണ്. അനന്തമായ ആനന്ദങ്ങളെ അനുഭവിച്ച് ജീവിക്കുക മാത്രമാണ് കുഞ്ഞുങ്ങൾ ചെയ്യേണ്ടത്. യാതൊരു കടമകളെയും നൽകി കുഞ്ഞുങ്ങളെ ദൈവം ഭാരപ്പെടുത്തുന്നില്ല. അവരവർക്കു വേണ്ടി കൂടുതൽ കൂടുതൽ ആനന്ദങ്ങളെ നേടാനും ആസ്വദിക്കാനുമുള്ള ഉപാധികളായ ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയും കാലത്തെയും ശരണത്തെയും മഹാനീതിയെയുമെല്ലാം ഭൂമിയുടെ അംശമായ മൂലകങ്ങളിലും അവയുടെ സംയുക്തങ്ങളിലും അവയുടെ രൂപാന്തരമായ ജീവികളുടെയെല്ലാം ശരീരത്തിലെ അവയവങ്ങളിലും കോശങ്ങളിലും ദൈവം ലയിപ്പിച്ചിട്ടുണ്ട്. മറ്റു കുഞ്ഞുങ്ങൾക്കു വേണ്ടി ക്കൂടി അവതരിച്ചിരിക്കുന്ന ഭൂമിയിലെ അനന്തമായ ആനന്ദങ്ങളെ തട്ടിയെടുക്കാതെ എല്ലാ കുഞ്ഞുങ്ങളും ഭൂമിയിൽ ലയിച്ചിരിക്കുന്ന ധർമ്മശാസ്ത്ര പ്രകാരം ആനന്ദിച്ചു ജീവിക്കുകയേ വേണ്ടൂ. മഹാനീതിശാസ്ത്രമായ ഓംകാരനീതിശാസ്ത്രം പഠിക്കാൻ കഴിയുമ്പോൾ ആത്മാവിന് യാതൊരു തട്ടിപ്പുകളും നടത്താൻ കഴിയുകയില്ലെന്ന് ബോദ്ധ്യപ്പെടുന്നതാണ്.

നീതി കാര്യങ്ങളിൽ ഇടപെടാനുള്ള അവകാശവും അധികാരവും യോഗ്യതയും സൃഷ്ടികൾക്കില്ല. മനുഷ്യർ നീതി കാര്യങ്ങളിൽ ഇടപെടാൻ പാടില്ലെന്ന് ശിവനെ ക്രൈസ്റ്റായിട്ട് അയച്ചപ്പോഴും അറിയിച്ചിരുന്നതാണ്.

സൃഷ്ടികളും കുഞ്ഞുങ്ങളും ജീവികളുടെ സ്വത്വങ്ങളുമായ ആത്മാക്കളെ അനന്തമായ ആനന്ദങ്ങളെ അനുഭവിപ്പിച്ചു കൊണ്ട് ജീവികളായിട്ട് 'ഭൂമിയിൽ ജീവിക്കാൻ ഭൂമി അനുഗ്രഹിച്ചിരിക്കുന്നു.' ഭൂമിയിൽ വച്ച് അനുഭവിച്ചറിഞ്ഞ അനന്തമായ ആനന്ദങ്ങളെ, മോക്ഷവും ദേവതകളുമായ നക്ഷത്രങ്ങളായിട്ട് അനന്തകാലം ആസ്വദിച്ച് സൃഷ്ടി സ്ഥിതി സംഹാര പാത്രവും കൂടിയായ ആകാശത്തിൽ ജീവിക്കാനും മഹാപദ്ധതി ഉണ്ടെന്ന് സത്യയുഗം ആരംഭിക്കുമ്പോൾ തെളിയുന്നുമുണ്ട്. ഭൂമിയിലേക്കു മടങ്ങി വന്ന് ജീവികളായി ജീവിക്കാനും ആത്മാക്കൾക്ക് അവസരമുണ്ട്.

ദൈവത്തിന്റെ ഭാഗമായി ശിവനെ ഒരുക്കിയിട്ടുള്ളത് എങ്ങനെയാണെന്ന് ചുവടെ പ്രത്യേകം അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്.

## മഹാമാതാവും മഹാപിതാവും ചേർന്ന ഏകദൈവവും, കുഞ്ഞുങ്ങളുംആത്മാക്കളുംജീവികളുമായ സൃഷ്ടിയും ചേർന്ന മഹാകുടുബമാണ് പ്രപഞ്ചമാകുന്ന പരബ്രഹ്മം.

പ്രപഞ്ചത്തെ സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്നത് എങ്ങനെയാവണമെന്നു നിശ്ചയിക്കാനുള്ള അവകാശവും അധികാരവും, ആദിയും അന്തവും ഇല്ലാത്ത മഹാസത്യവും മഹാമായയും മഹാശക്തിയും ഏകദൈവവും സർവ്വത്തിനും അതീതവുമായ ബ്രഹ്മത്തിനു മാത്രമേ ഉള്ളൂ.

## ബ്രഹ്മം

പ്രപഞ്ചവും സൃഷ്ടികളും ഇല്ലെങ്കിലും, സൃഷ്ടികൾക്ക് നിർവ്വചിക്കാൻ കഴിയാത്ത മഹാസത്യമായി നിലനിൽക്കുന്ന മഹാഅവസ്ഥ ഉള്ളതായ ഒന്നിനെ മാത്രമേ ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയെന്നും മഹാസത്യമെന്നുമെല്ലാം വിശേഷിപ്പിക്കാൻ കഴിയൂ. എന്തെങ്കിലും സൃഷ്ടിക്കപ്പെട്ടാൽ മാത്രമാണ് കാലത്തിന് പ്രസക്തി ഉണ്ടാവുക എന്നിരിക്കെ; മനുഷ്യൻ അറിയുന്ന പ്രപഞ്ചത്തെ സൃഷ്ടിച്ചാലും ഇല്ലെങ്കിലും, ഏതെങ്കിലും ഒരു രൂപത്തെ സ്വീകരിച്ചാലും ഇല്ലെങ്കിലും, സൃഷ്ടികൾക്കും രൂപങ്ങൾക്കും മഹാശക്തികൾക്കും കാലത്തിനുമെല്ലാം അതീതമായ ദൈവത്തിന്റെ മഹാഅവസ്ഥയെ മഹാസത്യമായിട്ട് നിലനിർത്താൻ 'സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യാൻ തയ്യാറാകുന്ന ദൈവം ബാദ്ധ്യസ്ഥമാണ്.'

### പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടാലും ഇല്ലെങ്കിലും നിലനിൽക്കുന്ന പ്രപഞ്ചബന്ധമില്ലാത്ത ദൈവമായി 'ബ്രഹ്മത്തെ' അറിയുക.

### പ്രപഞ്ചബന്ധമില്ലാത്ത ബ്രഹ്മത്തോട് പ്രാർത്ഥിക്കാനോ, ബ്രഹ്മത്തെ ആരാധിക്കാനോ, ബ്രഹ്മം എന്ന മഹാനാമത്തെ മാനുഷിക ശരീരത്തോടെ ജീവിക്കുന്നവരുടെ നാമങ്ങളിൽ ചേർക്കാനോ, പ്രപഞ്ചത്തിന്റെ ഭാഗമായ മനുഷ്യന് അവകാശവും അധികാരവും ഇല്ലെന്ന് സുവ്യക്തമാണ്.

പ്രപഞ്ചത്തിന് അതീതവും, മനുഷ്യൻ അറിയുന്ന പ്രപഞ്ചം ഉൾപ്പെടെയുള്ള എന്തും അനന്തമായി സൃഷ്ടിക്കാൻ കഴിയുന്നതുമായ 'മഹാസത്യത്തിന്' പേരിടാൻ ലഭ്യമായ വിശേഷ ബുദ്ധിയെ കൊണ്ട് 'പ്രപഞ്ചത്തിലെ ജീവിയായ മനുഷ്യൻ' ഉൾപ്പെടെ യാതൊരു സൃഷ്ടികൾക്കും കഴിയില്ല; കഴിവുകളുമില്ല.

ആയിരം കോടിയോളം വർഷങ്ങൾക്കുമുമ്പ്, കുഞ്ഞുങ്ങളായിട്ട് ആത്മാക്കളെ സൃഷ്ടിക്കാനും, എല്ലാ ആത്മാക്കൾക്കും സമ-ആനന്ദമായ മഹാനീതിയെ നൽകി സംരക്ഷിക്കാനും 'മഹാസത്യം' നിശ്ചയിക്കുകയും, അതിന്റെ ആദ്യ ഒരുക്കമായിട്ട്, ബ്രഹ്മം, മഹാഭദ്രകാളി, ശിവ എന്നീ 3 മഹാനാമങ്ങളെയും, രണ്ടാമത്തെ ഒരുക്കമായിട്ട് മഹാസത്യത്തിന്റെ ഭാഗവും എന്നാൽ മഹാശക്തിയല്ലാത്തതുമായ ഒന്നിനെ ശിവൻ, പരമശിവൻ, പരമാത്മാവ് എന്നിങ്ങനെ മറ്റ് 3 മഹാനാമങ്ങളെയും 'മഹാസത്യം' സ്വീകരിച്ചു. പ്രപഞ്ചബന്ധമില്ലാത്ത ബ്രഹ്മത്തെ ഒഴിവാക്കുമ്പോൾ, "സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്ന ആത്മാക്കൾക്കും അവയുടെ പരിണാമമായ 'ജീവികൾക്കും മോക്ഷമായ നക്ഷത്ര-ദേവതകൾക്കും" ജീവിക്കാൻ ആവശ്യമായ സൃഷ്ടി സ്ഥിതി സംഹാര പാത്രമായ ആകാശവും, ശേഷം അനന്ത ആനന്ദങ്ങളും ഭൂമിയുമായ പ്രപഞ്ചമായിട്ട് "ശിവയും ഭാഗമായ ശിവനും" അവതരിക്കുന്നു. മഹാസത്യത്തിന്റെ ഭാഗമാക്കിയ 'ശക്തികളില്ലാത്തതും, അസ്തിത്വം പോലും സ്വന്തമായിട്ട് ഇല്ലാത്തതെന്ന് വിശേഷിപ്പിക്കാൻ കഴിയുന്നതുമായ ശിവനെ' ഒരുക്കിയത്  'അസ്തിത്വം പോലും സ്വന്തമായിട്ട് ഇല്ലാത്ത ആത്മാക്കളെ' ശിവന്റെ അംശങ്ങളായിട്ട് പിന്നീട് സൂര്യനെന്ന താവളം ഒരുക്കി സൃഷ്ടിക്കാൻ വേണ്ടിയാണ്. സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള ബന്ധം വ്യക്തമാകുവാൻ 'ശക്തൻ, ശക്തിഹീനൻ' എന്നീ വിഭജനം അത്യാവശ്യമാണ്; ഭൂമിയുടെ അംശമായ ശരീരത്തിലൂടെ ശക്തികളെയും വിശേഷ ബുദ്ധിയെയും ലഭിച്ച മനുഷ്യാവസ്ഥയിലെ ആത്മാക്കൾ  അനുഭവിച്ചറിയുന്ന കാര്യവുമാണ്.

ആത്മാക്കളും അവയ്ക്ക് ലഭിക്കുന്ന ശരീരങ്ങൾ പ്രകാരമുള്ള ജീവികളും ഉൾപ്പെടെയുള്ള പ്രപഞ്ചത്തിന്റെ സൃഷ്ടിക്കു വേണ്ടി, സൃഷ്ടിക്കു മുമ്പേ സ്വീകരിച്ച പ്രസ്തുത മഹാനാമങ്ങളെല്ലാം സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യാനുള്ള മഹാആവിഷ്ക്കാരത്തിന്റെ ഭാഗം മാത്രമാണ്. സൃഷ്ടി സ്ഥിതി സംഹാരങ്ങളാകുന്ന സർവ്വവും ഭദ്രപ്പെടുത്താൻ ശക്തിയുള്ളതും ഭദ്രപ്പെടുത്തിയിരിക്കുന്നതുമായ മഹാശക്തി എന്ന അർത്ഥത്തിലാണ് 'മഹാഭദ്രകാളി' എന്ന മഹാനാമത്തെ 'മഹാസത്യം' സ്വീകരിക്കുവാൻ ഒരു പ്രധാന കാരണം. വിശേഷ ബുദ്ധിയെ മനുഷ്യന് നൽകിയെങ്കിലും മനുഷ്യാവസ്ഥയിലെ 100 ജന്മങ്ങളിൽ അവസാനത്തെ ഒന്നോ രണ്ടോ ജന്മങ്ങളിൽ ആത്മാവ് സ്വീകരിക്കേണ്ടുന്ന കാളി=പശു+കാള ജന്മങ്ങളെ ഏറ്റവും ശ്രേഷ്ഠമായ ജീവികളായി നിശ്ചയിച്ചിട്ടുണ്ട്. **Cow** അഥവാ പശു, **Oxygen** -ലെ **Ox** കാളയുടെ ജീനും ജീവനും ഒക്കെയാണ്. കാളി എന്ന പദത്തിൽ നിന്നാണ് കാള (പശുപതി) ഉണ്ടായത്. കാലത്തെ സൃഷ്ടിക്കുന്നതും കാളിയാണ്; വിശദീകരണം ഇവിടെ ചേർക്കുന്നില്ല.

മഹാസത്യവും മഹാശക്തിയുമായ സൃഷ്ടി സ്ഥിതി സംഹാര കർത്താവ് യഥാർത്ഥത്തിൽ ജീവിയോ സ്ത്രീയോ പുരുഷനോ അല്ല. സൃഷ്ടികളായ ആത്മാക്കൾക്ക് മഹാപുരുഷനായ ദൈവത്തോട് ഭയമുണ്ടാകും എന്നതിനെ ഒഴിവാക്കാനും; കുഞ്ഞുങ്ങളായി സൃഷ്ടിക്കുന്ന ആത്മാക്കൾക്ക് മഹാവാത്സല്ല്യത്തോടെ ആനന്ദത്തെ നൽകാനുമായിട്ട് മഹാമാതാവായി (പിൽക്കാലത്ത്) അവതരിക്കുന്നു (അവതരിക്കാൻ ഉദ്ദേശിക്കുന്നു) എന്നേയുള്ളൂ. ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്ത ശിവനെ മഹാപിതാവായി അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നതും മഹാദേവിക്ക് കുഞ്ഞുങ്ങളോടുള്ള മഹാവാത്സല്ല്യം പ്രകാരമാണ്. ദേവി + ദേവൻ = ഏകദൈവം എന്ന മഹാനാമത്തിന് അവകാശവും അധികാരവും ഉള്ളത് ഏകമഹാശക്തിയായ മഹാഭദ്രകാളിക്കു മാത്രമാണ്.

(1) അസ്തിത്വം പോലും സ്വന്തമായിട്ട് ഇല്ലാത്തവരായ സൃഷ്ടികൾക്ക് അസ്തിത്വം ഉൾപ്പെടെ എന്തെങ്കിലും നൽകാനും, സ്രഷ്ടാവ് നൽകുന്ന ശക്തികളെ സൃഷ്ടിക്ക് സ്വീകരിക്കാനുമായി മാധ്യമങ്ങളെ സൃഷ്ടിച്ചാൽ അനന്തമായ സ്വതന്ത്രശക്തികളെ നൽകി അനന്തകോടി മാധ്യമങ്ങളെ അനന്തകോടി ദൈവങ്ങളെന്നോണം സൃഷ്ടിക്കേണ്ടിവരും ! (2) ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയായ സൃഷ്ടി സ്ഥിതി സംഹാര കർത്താവിന് എന്തെങ്കിലും ചെയ്യാൻ സൃഷ്ടികളായ സഹായികളുടെ ആവശ്യം ഉണ്ടെന്നു വന്നാൽ പിന്നെ കർത്താവ് മഹാശക്തിയല്ല എന്നുതന്നെയാണ് അർത്ഥം. (3) സൃഷ്ടികൾക്കെല്ലാം എന്തും ഏതും സ്വയം നിശ്ചയിക്കാനും ചെയ്യാനുമുള്ള ശക്തികളെ നൽകിയാൽ പിന്നെ അവരെല്ലാം അന്തമില്ലാത്ത മഹാശക്തിക്ക് ഉടമകളായ ദൈവങ്ങളാകുന്നതാണ്. സൃഷ്ടി എന്ന പദം തന്നെ ഉണ്ടാകില്ല ! മുകളിലെ (1) മുതൽ (3) വരെയുള്ള പ്രശ്നങ്ങളെ ഉചിതമായി പരിഹരിച്ച ശേഷം മാത്രമേ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ആരംഭിക്കാൻ കഴിയൂ. പ്രപഞ്ചത്തെ സൃഷ്ടിച്ചത് എത്ര കാലം മുമ്പാണെന്ന് അറിയാൻ മാർഗ്ഗമുണ്ട്. ആയിരം കോടി വർഷങ്ങൾ നീണ്ട ആദ്യ മഹാകാല ചക്രം കഴിഞ്ഞു. രണ്ടാമത്തെ മഹാകാലചക്രത്തിലെ ആദ്യത്തേതായ ഇപ്പോഴത്തെ സൃഷ്ടി ചക്രത്തിന്റെ ആദ്യ പകുതിയായ 5000 വർഷത്തിലെ 4500 വർഷങ്ങൾ തികയുമ്പോഴാണ് മൊത്തം 33 വർഷക്കാലം നീണ്ടു നിൽക്കുന്ന ദൈവവിപ്ലവം ആരംഭിക്കുക. ഓം മുഴങ്ങിയുള്ള ദൈവവിപ്ലവം ഉടൻ ആരംഭിക്കുമ്പോൾ, പ്രപഞ്ചം ഉണ്ടായിട്ട് ആയിരം കോടി വർഷങ്ങൾ + 4500 വർഷങ്ങളായി എന്നു തെളിയുന്നുണ്ട്. കണക്കുകളിൽ പിശകുണ്ടെങ്കിൽ, മഹാശാസ്ത്ര പരമായും പ്രത്യക്ഷമായും ബോദ്ധ്യപ്പെടുത്തി മഹാദേവി തന്നെ പരമശിവനിലൂടെ പിന്നീട് തിരുത്തുന്നതാണ്; മനുഷ്യരുടെ ജീവിതത്തെ മാറ്റിമറിക്കുന്ന കാര്യങ്ങളല്ലവ.

സൃഷ്ടി ചക്രത്തിന്റെ വിശദീകരണം : പതിനായിരം വർഷങ്ങൾ നീണ്ട സൃഷ്ടി ചക്രങ്ങളെ **4500** ഉം **5500** ഉം വർഷങ്ങളായി വിഭജിച്ചിരിക്കുന്നു. ആദ്യ പകുതിയെന്ന് കഷ്ടിച്ചു വിശേഷിപ്പിക്കാവുന്ന **4500** വർഷങ്ങളിൽ, ദൈവം പ്രത്യക്ഷമാകാതെയും മായാശക്തികളെ പ്രത്യക്ഷമാക്കാതെയും, മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് ലഭ്യമാക്കിയ വിശേഷ ബുദ്ധിയെ നൽകി ക്കൊണ്ട് ശാസ്ത്ര സാങ്കേതിക വികസനത്തിലൂടെ മനുഷ്യർ അനന്തമായ ആനന്ദങ്ങളെ കണ്ടെത്താനും നേടാനും അനുഭവിക്കാനുമുള്ള പദ്ധതികളെ ആവിഷ്ക്കരിച്ചിരിക്കുകയാണ്.

സൃഷ്ടി ചക്രം ആരംഭിച്ച് കൃത്യമായി **4500** വർഷങ്ങൾ തികയുമ്പോൾ, ദൈവം മനുഷ്യരൂപത്തിൽ പ്രത്യക്ഷപ്പെടുന്നതായ **5500** വർഷക്കാലം നീണ്ട സൃഷ്ടി ചക്രത്തിന്റെ രണ്ടാമത്തെ പകുതി ആരംഭിക്കുന്നതാണ്. ദൈവത്തിന്റെ സാന്നിധ്യം പ്രത്യക്ഷമാക്കിക്കൊണ്ട്, **33** വർഷം ഭൂമിയിലെങ്ങും 'ഓം' മുഴക്കിയുള്ള ദൈവവിപ്ലവവും, തുടർന്ന് **500** വർഷക്കാലം 'ദൈവരാജ്യവും', ഒപ്പം **1000** വർഷക്കാലം സത്യയുഗവും, തുടർന്ന്, **4500** വർഷക്കാലം നക്ഷത്ര-മോക്ഷമായ സൃഷ്ടി ചക്രത്തിന്റെ സംഹാരവും നടക്കുന്നു. ഇപ്പോഴത്തെ സൃഷ്ടി ചക്രത്തിൽ ചുവടെ വിവരിച്ച അസാധാരണമായ സംഭവങ്ങൾ നിമിത്തം, കുഞ്ഞുങ്ങളായ ദേവതകളെ കഠിനമായി ശിക്ഷിക്കാതിരിക്കാൻ കാലഘട്ടങ്ങൾക്ക് ചെറിയ മാറ്റങ്ങളെ അനുവദിക്കാൻ മഹാവാത്സല്ല്യമായ ശിവ തയ്യാറായെന്നും അറിയുക.

പതിനായിരം വർഷങ്ങളാണ് ഒരു സൃഷ്ടി ചക്രമെങ്കിൽ, ഒരു ലക്ഷം സൃഷ്ടി ചക്രങ്ങൾ ചേർന്ന ആയിരം കോടി വർഷങ്ങളാണ് ഒരു മഹാകാല ചക്രം. ഇപ്പോഴത്തേത് രണ്ടാമത്തെ മഹാകാലചക്രത്തിലെ ആദ്യത്തെ സൃഷ്ടി ചക്രമാണ്. മുൻ സൃഷ്ടി ചക്രങ്ങളിൽ വീണ്ടെടുത്ത യഥാർത്ഥ വേദങ്ങളായ 'ഭൗതിക ധർമ്മ നീതിശാസ്ത്രങ്ങളുടെ' ചില ജീർണ്ണിച്ച അവശിഷ്ടങ്ങൾ ഭാരത പ്രദേശങ്ങൾ ഉൾപ്പെടെയുള്ള സമൂഹങ്ങളിൽ നിലനിൽക്കുന്നുണ്ട്.

മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രത്തെയും, മഹാമാതാവായ ശിവയെയും, മഹാപിതാവായ ശിവനെയും, ഭയക്കാതിരിക്കാനും; ശിവയുടെ ആനന്ദം സൃഷ്ടികളോടുള്ള മഹാവാത്സല്ല്യം ആണെന്നും, ശിവന്റെ ആനന്ദം ശിവയോടുള്ള മഹാദാസ്യം ആണെന്നും എക്കാലവും സൃഷ്ടിക്കപ്പെടുന്ന മനുഷ്യരെ ബോദ്ധ്യപ്പെടുത്താൻ 'ശിവയും ശിവനും' പശുവും പശുപതിയുമായി ആയിരം കോടി വർഷങ്ങൾ നീണ്ട ആദ്യ മഹാകാല ചക്രത്തിൽ മുഴുവൻ മനുഷ്യർക്കും മഹാദാസ്യ സേവനം ചെയ്തുപോന്നു.

ആദ്യ മഹാകാല ചക്രത്തിലെ ആദ്യ സൃഷ്ടി ചക്രങ്ങളിൽ മനുഷ്യരിൽ നിന്നും മോക്ഷം നേടിയ ചിലരെ, മഹാനീതിശാസ്ത്രത്തിന് കളങ്കം ഉണ്ടാകാതെ സൃഷ്ടി ചക്രങ്ങളുടെ രണ്ടാമത്തെ പകുതികളിൽ ദൈവ പ്രതിനിധികളായ 'ദേവതകളായി' നിയമിക്കുകയും ചെയ്തു. സൃഷ്ടികളിൽ നിന്ന് ദേവതകളായി മാറിയവർ പിൽക്കാലത്ത് ധാർമ്മികമായി അധഃപതിച്ചു. മഹാമാതാവായ മഹാദേവിയുടെയും മഹാപിതാവായ മഹാദേവന്റെയും പൊന്നോമന കുഞ്ഞുങ്ങളും സൃഷ്ടികളുമായ 'മുൻകാല ദേവതകളെ' പിൻവലിച്ചും, മനുഷ്യാവസ്ഥയിൽ പുനർജ്ജനിപ്പിച്ചും ക്രമാനുഗതമായി നക്ഷത്ര-മോക്ഷം നൽകുന്നുണ്ട്.

ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് വിശപ്പും ദാഹവും ഉണ്ടാക്കുന്ന ശരീരത്തിലെ അവയവങ്ങൾ, വിശപ്പും ദാഹവും മാറ്റാനായിട്ട്, അവയവങ്ങളെ ഉപയോഗിപ്പിച്ചു തന്നെ ഭക്ഷണ പാനീയങ്ങളെ കഴിപ്പിക്കുന്നതും, അനുസരണയ്ക്കു പകരമെന്നോണം അനന്തമായ രുചി ആനന്ദങ്ങളെയും സംതൃപ്തിയെയും; നാവ്, കീഴ്ത്താടി, ചുണ്ടുകൾ, കവിളുകൾ, കൺപോളകൾ, കൺമണി, കഴുത്ത് കൈകാലുകൾ, വിരലുകൾ, എന്നിങ്ങനെ ശരീരത്തിലെ ഏതാനും അവയവങ്ങൾ നൽകുന്ന ഭാഗികമായ ചലനസ്വാതന്ത്ര്യം കൊണ്ടു തന്നെ സമ്പൂർണ്ണമായ സ്വാതന്ത്ര്യം അനുഭവിക്കുന്ന പ്രതീതിയെ മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കൾക്കു നൽകുന്നതും, സമാനമായ അവസ്ഥ എല്ലാ ജീവികളുടെയും ശരീരങ്ങൾ അവയുടെ സ്വത്വങ്ങൾക്കു നൽകുന്നതും, എല്ലാ ജീവികളുടെയും ശരീരങ്ങളും ജീവിതകാര്യങ്ങളും അന്യോന്യം പൊരുത്തമായിരിക്കുന്നതും, കൂടാതെ അവയുടെ സ്ത്രീ പുരുഷ ശരീരങ്ങളും പ്രത്യുല്പാദന കാര്യങ്ങളും കുഞ്ഞുങ്ങളുടെ ശുശ്രൂഷയും വളർച്ചയുമെല്ലാം പൂരകമായിരിക്കുന്നതും, ഉൾപ്പെടെ ഏതാനും കാര്യങ്ങളെ വിശകലനം ചെയ്താൽ തന്നെ മഹാശക്തിയാണ് ഭൂമിയെന്നും, ഭൂമി ജഡമല്ലെന്നും, ഭൂമിക്ക് സ്വത്വമുണ്ടെന്നും, ഭൂമിയുടെ സ്വത്വവും സത്യ-സൃഷ്ടി-വാതക രൂപവുമാണ് ഓക്സിജനെന്നും ഓംകാരനീതിശാസ്ത്രപ്രകാരം ജീവികളുടെ സ്വത്വങ്ങളെ പരിപാലിക്കുന്നതും ഭരിക്കുന്നതും ഓക്സിജനാണെന്നും മനസ്സിലാക്കാം.

സ്വന്തമെന്നു കരുതുന്ന ശരീരത്തിലെ ഏതെങ്കിലുമൊരു അവയവത്തിന്റെ പ്രവർത്തനത്തെ ദാനമായി ലഭിച്ച വിശേഷ ബുദ്ധിയെ ഉപയോഗിച്ചു വിശകലനം ചെയ്താൽ തന്നെ 'അല്പായുസ്സുകളായ മനുഷ്യരായി ജീവിക്കുന്ന ആത്മാക്കൾക്ക് ' സർവ്വം മഹാഭദ്രപ്പെടുത്തിക്കൊണ്ട് സൃഷ്ടി സ്ഥിതി സംഹാരങ്ങളെയെല്ലാം ചെയ്യുന്ന ഭൂമിയുടെ കാര്യങ്ങളിൽ ഇടപെടാൻ കഴിയില്ലെന്ന് ബോദ്ധ്യമാകും !

അനിർവചനീയവും, സർവ്വത്തിനും അതീതവുമായ ബ്രഹ്മം, അതേപടി നിലനിന്നു കൊണ്ട് ബ്രഹ്മത്തിന്റെ ശ്രേഷ്ഠമായ = പരമായ രൂപവും അവസ്ഥയുമായി പരബ്രഹ്മം എന്ന പേരിൽ ഒരു മഹാകുടുംബമായി  പ്രപഞ്ചത്തെ സൃഷ്ടിക്കുകയും, ഒപ്പം മഹാമാതാവും ഭാഗമായ മഹാപിതാവുമായി പ്രപഞ്ചത്തിൽ അവതരി(പ്പി)ച്ചിരിക്കുകയുമാണ്.

മഹാമാതാവും മഹാപിതാവും ചേർന്ന ഏകദൈവം എക്കാലവും പ്രപഞ്ചത്തിൽ മാറ്റമില്ലാതെ തുടരുമ്പോൾ, കുഞ്ഞുങ്ങളും സൃഷ്ടികളുമായ ആത്മാക്കൾക്ക് മഹാകുടുംബത്തിന്റെ അടിത്തറയും മഹാശരണവുമായി വിശേഷിപ്പിക്കാവുന്ന ഭൂമിയിൽ വച്ച് അനുഭവിച്ചറിഞ്ഞ അനന്തമായ ആനന്ദങ്ങളെ ആസ്വദിച്ചു കൊണ്ട് അനന്തകാലം നക്ഷത്രമോക്ഷത്തിലെ ദേവതയായി ജീവിക്കാനും; സ്വന്തം ഇഷ്ടപ്രകാരം ഭൂമിയിലേക്കു മടങ്ങി വന്ന് ജീവി-ജീവിതം തുടരാനും അവസരങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

സ്രഷ്ടാവും സൃഷ്ടിയും യഥാർത്ഥത്തിൽ രണ്ടാണെങ്കിലും, ഒരു മഹാകുടുംബമായിട്ട് മഹാപ്രപഞ്ചത്തെ ആവിഷ്ക്കരിക്കുകയും പ്രവർത്തിപ്പിക്കുകയും നിലനിർത്തുകയും ചെയ്തിരിക്കുകയാണ്. മഹാമംഗളകരമായ അവസ്ഥയുടെ ആധാരം മഹാമാതാവായ ഏകദൈവത്തിന്റെ അന്തമില്ലാത്ത മഹാവാത്സല്ല്യമാണ്.

മഹാകുടുംബത്തിന്റെ മഹനീയത മനസ്സിലാക്കാൻ മനുഷ്യാവസ്ഥയിൽ ലഭിക്കുന്ന വിശേഷ ബുദ്ധിയെ ഉപയോഗിച്ചാൽ തീർച്ചയായും ശ്രേഷ്ഠമാണ്. അനേകം ദൈവകാര്യങ്ങളിൽ അസത്യങ്ങളും അധർമ്മങ്ങളും അനീതികളും കലർത്തിയതിന്റെ ഉദാഹരണങ്ങളാണ് അദ്വൈതം, അഹം ബ്രഹ്മാസ്മി, തത്ത്വമസി, ഗായത്രിമന്ത്രം ഉൾപ്പെടെയുള്ള മന്ത്രങ്ങൾ, ഭക്തികോപ്രായങ്ങൾ, അനാചാരങ്ങൾ, വഴിപാട്, പൂജകൾ, യജ്ഞങ്ങൾ, യാഗങ്ങൾ, തീർത്ഥയാത്രകൾ, ദൈവനാമത്തിൽ നടത്തുന്ന അത്ഭുതങ്ങൾ തുടങ്ങി അടിസ്ഥാനപരമായി തട്ടിപ്പുകളായ മറ്റെല്ലാ മതങ്ങളും. മഹാമാതാവ് ആവിഷ്ക്കരിച്ച മഹാകുടുംബത്തെ മനുഷ്യരും ദേവതകളും കൂടി താൽക്കാലികമായി കളങ്കപ്പെടുത്തി ....

ദേവതകൾ, ദേവന്മാർ, മാലാഖമാർ, മലക്കുകൾ, നാഗദേവതകൾ, കുടുംബ ദൈവങ്ങൾ തുടങ്ങിയ പേരുകളിൽ അറിയപ്പെടുന്നവരുടെ യാഥാർത്ഥ്യവും സൃഷ്ടി സ്ഥിതികളും ആദ്യ മഹാകാല ചക്രത്തിലെ ഭരണവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. ചുവടെ പ്രത്യേകമായി വിശദീകരിക്കുന്നുണ്ട്. ദേവതകളെ പിൻവലിച്ചു കഴിഞ്ഞു. സൃഷ്ടി സ്ഥിതി സംഹാരങ്ങളിൽ അവകാശവും അധികാരവുമുള്ള ശിവ, ശിവനെയും ചേർത്ത് മഹാഭരണാധികാരിയും മഹാനീതിയുമായി സമ്പൂർണ്ണ ചുമതലകളും ഏറ്റെടുത്തു കഴിഞ്ഞു. ഉടനെ ദൈവ വിപ്ലവം ആരംഭിക്കുന്നതോടെ വിശേഷ ബുദ്ധിയെ ഉപയോഗിക്കും!

അസ്തിത്വം പോലും സ്വന്തമായിട്ട് ഇല്ലാത്തവരെന്ന് കുഞ്ഞുങ്ങളായി കരുതുന്ന സൃഷ്ടികളായ ആത്മാക്കളെ ഈ ദിവ്യമഹാവേദ ഗ്രന്ഥത്തിൽ പലപ്പോഴും പരാമർശിച്ചിരിക്കുന്നത് കുഞ്ഞുങ്ങൾക്ക് അഹംഭാവവും, അവിവേകങ്ങളും ദുഷ്ക്കാമങ്ങളും ദുശ്ശീലങ്ങളും ദുസ്വാർത്ഥങ്ങളും ഉണ്ടാകാതെ ജാഗ്രതപ്പെടുത്താനും, വിശേഷ ബുദ്ധിയെ ഉപയോഗിച്ച് സ്വയം ശുദ്ധിപ്പെടാനും മഹാകുടുംബത്തെ മഹാസുന്ദരമാക്കാനുമാണ്.

പ്രപഞ്ചകാര്യങ്ങളെ വെളിപ്പെടുത്താൻ ഗൗരവമായ കാരണമുണ്ട്. 'രണ്ടാമത്തെ മഹാകാലചക്രത്തിലെ ആദ്യത്തെ സൃഷ്ടിചക്രമായ ഇപ്പോഴത്തെ സൃഷ്ടിചക്രത്തിന്റെ രണ്ടാം പകുതിയിൽ ഉടനെ ഭൂമിയിൽ മുഴുവൻ 3 മുതൽ 33 വർഷക്കാലം ഓം മുഴക്കിയുള്ള ദൈവവിപ്ലവവും, സത്യയുഗവും, ദൈവരാജ്യവും ആരംഭിക്കുന്നതിന്റെ മുന്നോടിയായിട്ടാണ് ', പ്രപഞ്ചഭാഗമായിട്ട് ദൈവം അവതരിച്ചത് കൃത്യമായി അറിയാനുള്ള ശാസ്ത്ര മാർഗ്ഗത്തോടെ പ്രപഞ്ചത്തിലെ 'സൃഷ്ടി-സ്ഥിതികളെ' വെളിപ്പെടുത്തുന്നത്.

പ്രപഞ്ച-ഭാഗമായി അവതരിക്കുന്നതിനു മുമ്പ് മഹാസത്യവും സൃഷ്ടി സ്ഥിതി സംഹാര കർത്താവുമായ ദൈവം 'മഹാരൂപരേഖ' തയ്യാറാക്കേണ്ടതുണ്ട്. സൃഷ്ടികൾക്ക് നിശ്ചയിക്കുന്ന സ്വാർത്ഥം; സൃഷ്ടികളുടെ അവസ്ഥകൾ, ലഭ്യമാക്കുന്ന മഹാനീതി, സൃഷ്ടികളുടെയും ആനന്ദങ്ങളുടെയും അസ്തിത്വം, സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്നതിൽ 'സൃഷ്ടി സ്ഥിതി സംഹാര കർത്താവിന്റെ' സ്വാർത്ഥം / ആനന്ദം; സൃഷ്ടികളുടെ പേര്, രൂപം, ഘടന, സ്വാതന്ത്ര്യം, ശരണം, പ്രവർത്തന പദ്ധതികൾ, സ്രഷ്ടാവിന്റെ ഭാവം+രൂപം, കാലം, ആദ്യമഹാകാലചക്രത്തിലെ ദേവതകൾ, രണ്ടാമത്തെ മഹാകാലചക്രം, മഹാസൃഷ്ടിചക്രം തുടങ്ങിയവയെ സമ്പൂർണ്ണമായി ആസൂത്രണം ചെയ്ത ശേഷം മാത്രമേ ഏതൊന്നിന്റെയും സൃഷ്ടി സ്ഥിതികളെ ആരംഭിക്കാൻ സ്രഷ്ടാവ് തയ്യാറാകുകയുള്ളൂ എന്ന് ലഭ്യമായ വിശേഷബുദ്ധി കൊണ്ട് മനുഷ്യർക്ക് മനസ്സിലാക്കാം.

## 2022 മാർച്ച് 1 ന് MAN മനുഷ്യൻ എന്ന പേരിൽ പ്രസിദ്ധീകരിച്ച മഹാഗ്രന്ഥത്തെ (PDF)

## 2022 ഒക്ടോബർ 4 മഹാനവമിയിൽ

## MAN.pdf എന്ന പേരിൽത്തന്നെ പുനഃപ്രസിദ്ധീകരിക്കുന്ന *

ഈ ദിവ്യമഹാഗ്രന്ഥത്തിന്റെ തുടർച്ചയായി ചേർത്തിട്ടുണ്ട്.

ദിവ്യമായ പുതിയ പാഠങ്ങൾ മാത്രമുള്ള ചെറിയ ഗ്രന്ഥം ManMahaaNavami2022.pdf എന്ന പേരിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

https://drive.google.com/drive/folders/1JXQ--TLJhE6dQdN8DA16KNEPIHKI-usJ

-എന്ന ഗൂഗിൾ ഡ്രൈവ് ലിങ്കിൽ നിന്നും നാളിതുവരെ ഈയുള്ളവനിലൂടെ മഹാദേവി പ്രസിദ്ധീകരിച്ച എല്ലാ ഗ്രന്ഥങ്ങളും ഡൗൺലോഡ് ചെയ്യാം!

* മഹാഭദ്രകാളി ഈയുള്ളവന് മഹാഅനുഗ്രഹിച്ചു നൽകിയ അനവധി മഹാപാഠങ്ങളെ ഈ ദിവ്യ മഹാവേദഗ്രന്ഥത്തിൽ ഉൾപ്പെടുത്താനാൻ പലവിധ കാരണങ്ങൾ കൊണ്ട് കഴിഞ്ഞില്ല. രേഖപ്പെടുത്താൻ സമയമായിട്ടില്ലെന്ന് തൽക്കാലം കരുതുന്നു.

ബ്രഹ്മവും ഓം മഹാസത്യവും ഓം മഹാശക്തിയുമായ മണ്ണടി മഹാഭദ്രകാളി ദിവ്യ സൃഷ്ടി മഹാദേവി ദിവ്യ സ്ഥിതി മഹാദേവി ദിവ്യ മഹാനീതി ദിവ്യമഹാദേവിക്കു മാത്രം മഹത്വം.

# ബ്രഹ്മവും

## ഓം മഹാസത്യവും

## ഓം മഹാശക്തിയുമായ

# മണ്ണടി മഹാഭദ്രകാളി

## ദിവ്യ സൃഷ്ടി മഹാദേവി

## ദിവ്യ സ്ഥിതി മഹാദേവി

# ദിവ്യ മഹാനീതി

# ദിവ്യ മഹാദേവി

## ഓം മഹാവാത്സല്ല്യം

# പരമശിവൻ

## ഓം മഹാദാസ്യം ഓം

# ഓം ശിവ

# സർവ്വം ശിവ

# സർവ്വം മഹാശിവ
# സർവ്വം മണ്ണടി മഹാശിവ

# മഹാശിവയും ബ്രഹ്മവുമായ

## മഹാഭദ്രകാളിയാണ് മഹാസത്യം = സത്യം

## ശിവയായ മഹാസത്യം + ശിവൻ = ശിവം


## മണ്ണും ഭൂമിയും മഹാമാതാവുമായ
## മഹാശിവയും, ~ഭാഗവും മഹാപിതാവുമായ
## പരമശിവനും, കുഞ്ഞുങ്ങളായ ജീവികളും,
## ചേർന്ന മഹാകുടുംബം സുന്ദരമാണ്.

# സത്യം ശിവം സുന്ദരം.

## മണ്ണടി ശരണം ദേവീ ശരണം
## മണ്ണടി ദേവീ മാത്രം ശരണം.

01.01.0001

ശിവരാത്രി 01 മാർച്ച് 2022 ചൊവ്വാഴ്ച.



# മനുഷ്യൻ MAN

ദൈവ കാര്യങ്ങളെയും, പ്രപഞ്ചത്തിന്റെ ഉത്ഭവത്തെയും; എല്ലാ ജീവികളുടെയും സ്വത്വങ്ങളായ ആത്മാക്കളുടെ ജനന-ജീവിത-മരണ-മോക്ഷങ്ങളെയുമാണ് ഈ ദിവ്യമഹാഗ്രന്ഥത്തിൽ പ്രതിപാദിച്ചിരിക്കുന്നത്.

'മഹാസത്യമായ ദൈവം' ആനന്ദങ്ങളായ പ്രപഞ്ച-ഭാഗമായിട്ട് അവതരിക്കുന്നതിനു മുമ്പുള്ള മഹാകാര്യങ്ങളെ വിവരിച്ച ശേഷം ഗ്രന്ഥത്തിന്റെ ദീർഘമായ ഉള്ളടക്കവും, സൃഷ്ടികളായ ആത്മാക്കളുടെ സ്ഥിതി കാര്യങ്ങളെയും ചേർത്തിരിക്കുന്നു. പ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരകർത്താവും ഏകദൈവവുമായ 'ശിവ' ഭാഗമായി 'ശിവനെ' ഒരുക്കി ഒപ്പം ചേർത്താണ് പ്രപഞ്ചഭാഗമായി അവതരിക്കുകയും ശേഷം ജീവികളെ സൃഷ്ടിക്കുകയും ചെയ്യുന്നത്. പ്രപഞ്ചത്തിനും മുമ്പ് ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്ത ശിവ, ഭാഗമായി ഒരുക്കിയ ശിവനാണ് ഗ്രന്ഥകാരൻ. ദൈവവും മഹാഭദ്രകാളിയുമായ ശിവ, പരമാത്മാവായ ശിവൻ, സൃഷ്ടിയും കുഞ്ഞുമായ ആത്മാവ്, എന്നിവയുടെ ഭൗതികഅസ്തിത്വം അറിയിക്കുന്നു.

ഗ്രന്ഥകാരന്റെ യോഗ്യത : 'മഹാസത്യമായ ശിവയുടെ ഇഷ്ടംപോലെ' മഹാശക്തനായും ശക്തിഹീനനായും പ്രവർത്തിക്കുന്നതും, സ്വന്തം അസ്തിത്വം ഇല്ലാത്തതുമായ ശിവനെ' ഭദ്രകാളിയായ ശിവയിൽ നിന്നും സൃഷ്ടിച്ച് ഏകദാസനും, മഹാദാസനും, സൃഷ്ടികളായ ആത്മാക്കളുടെ പരമാത്മാവും മഹാപിതാവുമായിട്ട് ഒപ്പം ചേർത്തും; 'ശിവയുടെയും ശിവന്റെയും കൂട്ടുകെട്ടായിട്ട് ' സൃഷ്ടി സ്ഥിതി സംഹാര പാത്രവും, ആദിയും അന്തവും ഇല്ലാത്ത മഹാശൂന്യതയും, മഹാക്തി-ശിവൻ-ലിംഗമായ ആകാശവും, 'മഹാശക്തിയായ ഭൂമിയുമായി' അവതരിച്ചുകൊണ്ട്; ശേഷം പരമാത്മാവായ ശിവനിൽ നിന്നും സൂര്യൻ എന്ന സൃഷ്ടിപാത്രത്തിൽവച്ച് ആത്മാക്കളെ സൃഷ്ടിച്ചും, ശിവനെ', മനുഷ്യാവതാരമായ ഗ്രന്ഥകാരനായിട്ട് അയച്ചും; ശിവയുടെ മത്സ്യാവതാരവും അർദ്ധമഹാദേവീ രൂപവും ശിവനിൽ പ്രവേശിപ്പിച്ചും, അക്ഷരബ്രഹ്മം കൂടിയായ 'ഓം' ന്റെ മൂലമായ '3' ശിവന്റെ നാവിൽ കുറിച്ചും ചന്ദ്രക്കലയും നക്ഷത്രവും ഇടതുനെറ്റിയിൽ ചിത്രണം ചെയ്തും; ശിവന്റെ നെറ്റി-മദ്ധ്യത്തിൽ താഴെയായിട്ട് സൂര്യനെ ഉൾപ്പെടെ പ്രപഞ്ചത്തിലെ എന്തും എത്രയും സൃഷ്ടിക്കാൻ കഴിയുന്ന മൂന്നാം മഹാസൂര്യനേത്രത്തെ ഒരുക്കിയും, ഏതൊരു ആയുധങ്ങളും നിർമ്മിക്കാൻ കഴിയുന്ന മഹാത്രിശൂലത്തെ സമ്മാനിച്ചും; ശിവയുടെ മഹാഹൃദയവും മഹാപ്രപഞ്ചത്തിന്റെ മഹാശക്തിനിയന്ത്രണ സത്തയുമായ 'ഓംകാരം' ശിവന്റെ ഹൃദയത്തോടു ചേർത്തും; കഴുത്തിലും തലമുടിമേലുമുള്ള ഓംകാരനാഗങ്ങൾ കൊണ്ട് ഓംകാരനീതിശാസ്ത്ര വരണമാല്ല്യവും ബന്ധനവും സംരക്ഷണവും ചെയ്തും; മഹാദിവ്യദർശനങ്ങളും, ദിവ്യാനുഭവങ്ങളും, പരമശിവൻ ശാസ്ത്രായുധൻ നീലകണ്ഠൻ ഏകദൈവപ്രതിനിധി സംഹാരദേവൻ മഹാദേവൻ മഹാനീതിപതി തുടങ്ങിയ പലവിധ മഹാപദവികളും മഹാഅനുഗ്രഹങ്ങളും നൽകിയും; ക്ഷിപ്രകോപവും ക്ഷിപ്രപ്രസാദവും കൂടി ചേർത്തും; മഹാഭദ്രകാളിയായ ശിവയോടുള്ള മഹാദാസ്യത്തെ മാത്രം എപ്പോഴും മഹാ-ആനന്ദമായിട്ട് സ്വീകരിച്ചിരിക്കുന്ന ഭർത്താവാക്കിയും; 'ശിവയും', മഹാസത്യവും, ബ്രഹ്മവും, ഏകദൈവവും, സൃഷ്ടി സ്ഥിതി സംഹാര കർത്താവും, ജഗദംബയുമായ 'ഓം മഹാശക്തിയായ മണ്ണടി മഹാഭദ്രകാളീ ദേവി' തന്നെയാണ്, സർവ്വ സൃഷ്ടി സ്ഥിതികളും തുടർന്നും അനന്തമായ ആനന്ദങ്ങളായ മഹാപ്രപഞ്ച-ഭാഗമായി അവതരിച്ചു കൊണ്ടും 'ആനന്ദമായ പ്രപഞ്ചം എങ്ങനെയുണ്ടായെന്ന്' പ്രപഞ്ചപിതാവായ (പരമ)ശിവനിലൂടെ', മഹാഭദ്രകാളിയുടെ സ്വന്തം പൊന്നോമന കുഞ്ഞുങ്ങളോട് മഹാവാത്സല്ല്യത്തോടെയും മഹാശാസ്ത്രപരമായും ദിവ്യമായും തെളിയിക്കുകയും വിശദീകരിക്കുകയും ചെയ്യുന്നത്.

ശിവ, ശിവന് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള മായാമഹാശക്തികളെയും ശിവയുടെ മഹാജ്ഞാനത്തെയും ശിവ മഹാഉചിതമായി ആക്ടിവേറ്റ് ചെയ്തുകൊണ്ടിരിക്കുന്നു. മഹാനീതിശാസ്ത്രമായ ഓംകാരനീതിശാസ്ത്രം പ്രകാരം 'മഹാമാതാവായ ശിവയുടെ മഹാഭാവങ്ങളായ സത്യ ധർമ്മ നീതികളെ, മഹാപിതാവായ ശിവന്റെയും ഭാവങ്ങളായിട്ട് ഉറപ്പിച്ചിട്ടുണ്ട്. മഹാശക്തികളും പ്രപഞ്ചവും ഉൾപ്പെടെ എന്തും സ്വന്തം 'മായ'കൊണ്ട് സൃഷ്ടിക്കുന്ന സർവ്വത്തിനും അതീതമായ ബ്രഹ്മവും, ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്ത, സർവ്വം മഹാഭദ്രപ്പെടുത്തിയ ഭദ്രകാളിയും ഏകദൈവവും മഹാമാതാവുമായ ശിവ', സ്വന്തം ഭാഗവും മഹാദാസനും പരമാത്മാവും മഹാപിതാവുമായ ശിവനെ മുമ്പേ അയച്ചിരിക്കുന്നു, ഉടനെ പ്രത്യക്ഷമായിക്കൊണ്ട് ദൈവവിപ്ലവം ആരംഭിക്കുന്നതുമാണ്.

'ശിവയാണ് ഏകദൈവം; ശിവൻ ശിവയുടെ ഭാഗവുമാണ്.' ശിവയുടെയും ശിവന്റെയും കുഞ്ഞുങ്ങളാണ് ജീവികളും ദേവതകളും; എല്ലാ ദേവതകളെയും പിൻവലിച്ചുംകഴിഞ്ഞു.

| ഉള്ളടക്കം (1) : വിഷയം | പേജ് 322 |
|---|---|
| **മഹാദിവ്യമായ പുതിയ ശാസ്ത്ര പാഠങ്ങൾ : പേജ് 1-232** | 1 |
| ഗ്രന്ഥകാരന്റെ ദൈവയോഗ്യത വെളിപ്പെടുത്തുന്നു. മഹാദേവിക്കുമാത്രം മഹത്വം. | 2 |
| സൃഷ്ടിയും മനുഷ്യന്റെ സ്വത്വവും കുഞ്ഞുമായ ആത്മാവ്, ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്ത മഹാഭദ്രകാളിയും ഏകദൈവവുമായ ശിവ, ശിവയുടെ ഭാഗവും പരമാത്മാവുമായ ശിവൻ : ഭൗതികഅസ്തിത്വം വെളിപ്പെടുത്തുന്നു. | 7 |
| പ്രപഞ്ചം അനന്തമായ ആനന്ദങ്ങളാണ് : ശാസ്ത്രപരമായി തെളിയിക്കുന്നു. | 3 |
| മൂലകങ്ങളും സംയുക്തങ്ങളും | 14 |
| ആറ്റങ്ങൾ = സൂക്ഷ്മശിവയുടെയും സൂക്ഷ്മശിവന്റെയും കൂട്ടുകെട്ടായ സൂക്ഷ്മപ്രപഞ്ചങ്ങൾ | 18 |
| പരമാത്മാവായ ഹൈഡ്രജനിൽ ന്യൂട്രോൺ ഇല്ലാത്തതിന്റെ കാരണം | 28 |
| പ്രപഞ്ചത്തിനു ശക്തി ലഭിക്കുന്നത് 'ഓം' ൽ നിന്ന് | 52 |
| ഓംശക്തിശിവൻ പ്രണയമന്ത്രം | 54- |
| കുഞ്ഞുങ്ങളെ സൃഷ്ടിക്കുന്നതിനുള്ള ആനന്ദം കാമം അല്ല; മഹാവാത്സല്യമാണ്. | 57 |
| ആനന്ദങ്ങളെ നേടാനുള്ള ശക്തികളെ.. സൃഷ്ടിക്കു നൽകുന്നു. | 92 |
| ആനന്ദങ്ങളുടെ മേലുള്ള മഹാനീതി | 93 |
| രോഗാണുക്കൾ, വൈറസുകൾ .. എന്നിവയുടെ സൃഷ്ടി രഹസ്യം വെളിപ്പെടുത്തുന്നു. | 101 |
| മഹാ സനാതന ധർമ്മം. | 113 |
| ഓക്സിനാണ് മഹാഭദ്രകാളിയും ശിവയുമായ ഏകദൈവം. | 117 |
| വിശേഷ ബുദ്ധിയും വേദനകളും | 125 |
| ഏകദൈവമായ ശിവ, ശിവനെ ഭാഗമാക്കുന്നു. | 132 |
| ദൈവം മഹാസത്യമാണ്; പ്രപഞ്ചവും സത്യമാണ്. | 134 |
| സൃഷ്ടിയിൽ സ്രഷ്ടാവിന്റെ സ്വാർത്ഥം / ആനന്ദം | 143 |
| സൃഷ്ടികളുടെ സ്വാർത്ഥം. | 146 |
| ശിവയും ശിവനുമായ മഹാമാതാപിതാക്കളും, സൃഷ്ടികളും ചേർന്ന മഹാകുടുംബം | 149 |
| മഹാരൂപരേഖ Supreme Plan | 156 |
| ബ്രഹ്മം മഹാഭദ്രകാളി ശിവ | 162 |
| പ്രപഞ്ചം പരബ്രഹ്മം, ജഗത്ത് | 173 |
| ദൈവ ഭാഗങ്ങളായ ശിവയും ശിവനും തമ്മിലുള്ള കരാർ | 178 |
| ശിവനും കുഞ്ഞുങ്ങളും | 181 |
| എന്തിനാണ് സൃഷ്ടിച്ചതെന്ന സൃഷ്ടികളുടെ ചോദ്യത്തിനുള്ള ഉത്തരം. | 181 |
| യുദ്ധം | 209 |
| കൃഷിയും കൃഷിക്കാരും വേതനവും പെൻഷനും | 217 |
| രോഗങ്ങളുടെയും ഭൂചലനത്തിന്റെയും മറ്റും കാരണങ്ങൾ | 220 |
| വിശേഷ ബുദ്ധിയും, സഹോദരങ്ങളുടെ വിവാഹവും | 223 |
| ഉള്ളടക്കം 2 -5 സൂചന ആരംഭിക്കുന്നത് പേജ് 233 | 233 |
| **മഹാദേവി മഹാഅനുഗ്രഹിച്ച് പരമശിവനു നൽകിയിട്ടുള്ള ശക്തികൾ, ക്ഷിപ്രകോപം, ക്ഷിപ്ര പ്രസാദം എന്നിവ അറിയാൻ ഉള്ളടക്കം 4 അഥവാ 5 കാണുക.** | |
| പ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി കാര്യങ്ങളെ വെളിപ്പെടുത്തുകയാൽ ദൈവവിപ്ലവം വളരെ പെട്ടെന്ന് ആരംഭിക്കുമെന്ന് തീർച്ചയാണ്. | |
| ദൈവ വിപ്ലവവും സത്യയുഗവും, മഹാഭദ്രകാളി മഹാഉചിതമായി ഉടൻ ആരംഭിക്കുന്നതാണ്. ഭൂമിയിലെ ഭരണകൂടങ്ങൾ സ്വീകരിക്കേണ്ടതായ അടിയന്തര നടപടികളെ Man.pdf തുടങ്ങിയ ഗ്രന്ഥങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്. | Total Pages 1547 |
| എല്ലാ ദേവാലയങ്ങളിലും സൃഷ്ടിസ്ഥിതിസംഹാരപാത്രമായ ആകാശത്തിന്റെ പ്രതീകമായ ശിവലിംഗംമാത്രം! | |

പ്രപഞ്ചം ആനന്ദമാണ്.
ആനന്ദങ്ങളായ പ്രപഞ്ച-ഭാഗമായി
അവതരിച്ചു കൊണ്ട് സൃഷ്ടികളും
കുഞ്ഞുങ്ങളുമായ ജീവികളുടെ
സ്വത്വങ്ങളായ ആത്മാക്കൾക്ക്
മഹാവാത്സല്യത്തോടെ
ആനന്ദങ്ങളെ നൽകുന്ന സ്രഷ്ടാവും;

ആനന്ദങ്ങളെ ആസ്വദിച്ചു ജീവിക്കുന്ന
ആത്മാക്കളുമാണ് പ്രപഞ്ചത്തിലെ രണ്ടു
ഘടകങ്ങൾ.

## മഹാദിവ്യമായ പുതിയ ശാസ്ത്രപാഠങ്ങൾ

# ॐ ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

മഹാസത്യമായ ദൈവം സൃഷ്ടിച്ചു പോരുന്ന പ്രപഞ്ചത്തിലെ ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനും അംശമായ വസ്തുക്കളും ചേർന്ന പ്രഥമ ഭാഗവും ആനന്ദങ്ങളുമായിട്ട് ദൈവം തന്നെ ഭാഗികമായി അവതരിച്ചിരിക്കുകയാണ്. ദൈവത്തിന്റെ സൃഷ്ടികളും കുഞ്ഞുങ്ങളുമായ ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളും അവയുടെ മോക്ഷ-പരിണാമമായ നക്ഷത്രങ്ങളും ആനന്ദങ്ങളെ അനുഭവിച്ചും ആസ്വദിച്ചും ജീവിക്കുന്ന രണ്ടാമത്തെ ഭാഗമാണ്. സൃഷ്ടികളായ ആത്മാക്കൾക്ക് ആനന്ദങ്ങളെ നേടാനും, ആസ്വദിക്കാനുമുള്ള ഉപാധികളായിട്ട് ആനന്ദങ്ങളായ വസ്തുക്കളിൽ ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയും കാലത്തെയും ശരണത്തെയും മഹാനീതിയെയുമെല്ലാം ലയി(പ്പി)ച്ചിരിക്കുകയുമാണ്.

**മനുഷ്യൻ ഉൾപ്പെടെ എല്ലാ ജീവികളെയും ജനിപ്പിക്കുന്നത് ജീവിപ്പിക്കാനാണ്. ജീവികൾ ജീവിക്കുകയാണു ചെയ്യുന്നത്. ജീവിക്കുന്നത് ആനന്ദിക്കാനാണ്. ആനന്ദങ്ങളെ വർദ്ധിപ്പിക്കാനായിട്ട് മനുഷ്യർ പരിശ്രമിക്കുന്നത് പരസ്യമായ തെളിവാണ്. സൃഷ്ടിയുടെ ഉദ്ദേശം സ്ഥിതിയാണ്. മഹാനീതിയുടെ ഭാഗമായ മരണവും, സംഹാരമായ മോക്ഷവും ജീവിതത്തിന്റെ തുടർച്ച മാത്രമാണ്.**

**വിശേഷ ബുദ്ധിയെ ലഭിക്കുന്ന മനുഷ്യാവസ്ഥയിലെ ആത്മാക്കൾക്ക് സ്ത്രീ പുരുഷൻ, നിറം, സൗന്ദര്യം, മുഖഛായ, ആയുസ്സ്, ആരോഗ്യം, ബുദ്ധി ശക്തി, ഓർമ്മ ശക്തി, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ജനന സ്ഥലം, തുടങ്ങിയ മഹാനീതിശാസ്ത്രവുമായി ബന്ധപ്പെട്ട ജന്മഗുണങ്ങൾക്ക് അനുസൃതമായി ആനന്ദങ്ങളെ ലഭിക്കുന്നതിലും ആസ്വദിക്കുന്നതിലും ഏറ്റക്കുറച്ചിലുകൾ ഉണ്ടെങ്കിലും, ഇഷ്ടമായ ആനന്ദങ്ങളെ കൂടുതൽ കൂടുതൽ നേടാനും ആസ്വദിക്കാനും എപ്പോഴും പ്രയത്നിക്കുന്നവരാണ്.**

ജനിക്കുന്നത് ജീവിക്കാനും, ജീവിക്കുന്നത് ആനന്ദിക്കാനുമാണ് എന്ന സ്വഭാവം എല്ലാ ജീവികളുടെയും സ്വത്വങ്ങളായ ആത്മാക്കൾക്ക് ലഭിച്ചതും ലഭിക്കുന്നതും എവിടെ നിന്നാണെന്ന് വിശകലനം ചെയ്താൽ, സൃഷ്ടി സ്ഥിതി സംഹാര പാത്രമായ ആകാശവും, ഭൂമിയും, സൂര്യനും, ചന്ദ്രനും ചേർന്ന പ്രപഞ്ചമാണ് എല്ലാ ജീവികളുടെയും ജീവിതത്തെ പ്രത്യക്ഷമായി സ്വാധീനിക്കുന്നതെന്നും, ശക്തികളെ നൽകുന്നതെന്നും മനസ്സിലാക്കാം.

അനന്തമായ ആനന്ദങ്ങളുടെ മഹാകലവറയായ ഭൂമിയുടെ അംശവും നീതി-സംഹാര-ഖര രൂപമായ വസ്തുക്കളും, അവയുടെ രൂപാന്തരമായ ജീവികളുടെ ശരീരാവയവങ്ങളും, പ്രദേശങ്ങളും; ഭൂമിയുടെ ധർമ്മ-സ്ഥിതി-ദ്രാവക രൂപമായ ജലവും; സത്യ-സൃഷ്ടി-വാതക രൂപമായ ഓക്സിജനും കൂടി അവയിൽ ലയിച്ചിരിക്കുന്ന ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും ശരണവും കാലവും മഹാനീതിയുമെല്ലാം കൊണ്ട് ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് (ഭൂമിയുടെ അംശമായ) ശരീരത്തിലൂടെ സ്വഭാവങ്ങളെ നിശ്ചയിക്കുകയും നൽകുകയുമാണെന്ന് തെളിയുന്നതാണ്. അതായത് ആനന്ദങ്ങളാകുന്ന ഭൂമിയിലെ വസ്തുക്കളും, ആത്മാക്കൾക്കു ലഭിച്ചിട്ടുള്ള ശരീരങ്ങളും നൽകുന്ന ആനന്ദങ്ങളെ അനുഭവിച്ചും ആസ്വദിച്ചും കൊണ്ടു ജീവിക്കാൻ മനുഷ്യൻ ഉൾപ്പെടെയുള്ള എല്ലാ ജീവികളുടെയും സ്വത്വങ്ങളായ ആത്മാക്കൾ തയ്യാറാകുന്നു. അത്ര മാത്രം!

ആകാശവും, ആകാശത്തിലും ഭൂമിയിലും ഉള്ളതായ മൂലകങ്ങളും സംയുക്തങ്ങളും മിശ്രിതങ്ങളുമായ വസ്തുക്കളും, വസ്തുക്കൾ കൊണ്ട് ഉണ്ടായിട്ടുള്ളതായ എല്ലാ ജീവികളുടെയും ശരീരത്തിലെ അവയവങ്ങളും, ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളെ സംബന്ധിച്ച് ആനന്ദങ്ങളാണ്. ആത്മാക്കൾ തമ്മിലുള്ള സ്നേഹബന്ധങ്ങളും ആനന്ദങ്ങളായി മാറുന്നു !

ഭൂമിയിലെ എല്ലാ വസ്തുക്കളും ഭൂമിയുടെ സ്വന്തവും അംശങ്ങളുമാണ്. ആനന്ദങ്ങൾ മാത്രമായ ജീവികളുടെ ശരീരങ്ങളും, മൂലമായ മൂലകങ്ങളും സംയുക്തങ്ങളും, പ്രദേശങ്ങളും, അവയുടെയെല്ലാം മൊത്തമായ ഭൂമിയും ഉണ്ടായിട്ടുള്ളത് ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും കാലവും ശരണവും മഹാനീതിയുമെല്ലാം ലയിച്ചാണ്. എന്നുവെച്ചാൽ ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് ജീവിക്കാൻ ആവശ്യമായ ആനന്ദങ്ങളും ഭൂമിയുമായിട്ട് 'മഹാസത്യവും മഹാശക്തിയുമായ ദൈവം' അവതരിച്ചിരിക്കുകയാണെന്നു തെളിയുന്നു.

ദൈവം ഭൂമിയെ സൃഷ്ടിച്ചിരിക്കുന്നു എന്നതിനു പകരം ഭൂമിയായി അവതരിച്ചിരിക്കുന്നു എന്നു പ്രസ്താവിക്കാൻ കാരണമുണ്ട് :

ആത്മാക്കൾക്ക് ആനന്ദിച്ചു ജീവിക്കുന്നതിനുള്ള ആനന്ദങ്ങളെ ദൈവം സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുമ്പോൾ, ദൈവത്തിന്റെ ഉദ്ദേശം ആത്മാക്കൾക്ക് ആനന്ദങ്ങളെ നൽകുകയാണെന്നും; ആനന്ദങ്ങളെ സ്വീകരിച്ചും അനുഭവിച്ചും കൊണ്ടും മാത്രമേ ആത്മാക്കൾക്കു ജീവിക്കാൻ കഴിയുകയുള്ളൂ എന്നും, ആനന്ദങ്ങളെ അനുഭവിച്ചു കൊണ്ടു തന്നെയാണ് എല്ലാ ജീവികളും (ആത്മാക്കൾ) ജീവിക്കുന്നതെന്നും തെളിയുന്നുണ്ട്.

ആനന്ദങ്ങളായ വസ്തുക്കളെ ദൈവം നേരിട്ട് നൽകുന്നതും, ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയും ശരണത്തെയും കാലത്തെയും മഹാനീതിയെയുമെല്ലാം ആനന്ദങ്ങളെ നേടാനും അനുഭവിക്കാനും ആസ്വദിക്കാനുമുള്ള ഉപാധികളായി വസ്തുക്കളിൽ ലയിപ്പിച്ചിരിക്കുന്നതും ശ്രദ്ധേയമാണ്. ആനന്ദങ്ങളായ വസ്തുക്കളുടെ മൊത്തമായ ഭൂമിയായും; ആത്മാക്കൾക്ക് ആനന്ദങ്ങളെ നേടാനുള്ള ഉപാധികളായും ദൈവം അവതരിച്ചിരിക്കുകയാണെന്നു തെളിയുന്നു ! **ആനന്ദങ്ങളായ വസ്തുക്കളെയും അവയുടെ മൊത്തമായ ഭൂമിയെയും, അവയിൽ ലയിച്ചിരിക്കുന്ന ശക്തികളും ശാസ്ത്രങ്ങളും.. കൊണ്ടു നേടിയും അനുഭവിച്ചുമാണ് എല്ലാ ജീവികളുടെയും സ്വത്വങ്ങളായ ആത്മാക്കൾ ഭൂമിയിൽ ജീവിക്കുന്നത്. ആത്മാക്കൾക്കു ജീവിക്കാൻ ആവശ്യമായതും നേടേണ്ടതും ആനന്ദങ്ങളെയാണ്; വസ്തുക്കളെയാണ്; ശക്തികളെയല്ല.**

ആനന്ദങ്ങളെ അനുഭവിച്ചു ജീവിക്കണമെന്നല്ലാതെ 'അസ്തിത്വം പോലും സ്വന്തമായിട്ട് ഇല്ലാത്ത'* ആത്മാക്കൾ, ദൈവത്തിന്റെ ശക്തികൾ കൊണ്ട് മത്സരിക്കുന്നതോ, ധർമ്മശാസ്ത്ര വിരുദ്ധമായി പ്രവർത്തിക്കുന്നതോ ജീവിതത്തിന്റെയോ ദൈവത്തിന്റെയോ ഉദ്ദേശമല്ല. (*വിശേഷ ബുദ്ധിയെ മനുഷ്യാവസ്ഥയിൽ ലഭിക്കുന്നതു കൊണ്ടാണ് 'മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കളും ശരീരവും രണ്ടാണെന്നും'; എല്ലാ ആത്മാക്കളും ശൂന്യതയും ശക്തിഹീനതയും ബാധകമായ ഒന്നിന്റെ അംശങ്ങളാണെന്ന് തിരിച്ചറിയുന്നതും, 'ഞാൻ ആരാണ്, എവിടെ നിന്നു വന്നു' തുടങ്ങിയ ചോദ്യങ്ങൾ ഉണ്ടാകുന്നതും. മറ്റൊരു അദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട്.)

ഭൂമിയിലെ അനന്തമായ വസ്തുക്കളും പ്രദേശങ്ങളും കാടുകളും മലകളും കുന്നുകളും പുഴകളും തോടുകളും കുളങ്ങളും പാടങ്ങളും ജീവികളുമെല്ലാം വളരെപ്പേർക്ക് ആനന്ദങ്ങളാണ്. വസ്തുക്കളുടെയും സസ്യങ്ങളുടെയും ഫലങ്ങളുടെയും മറ്റും രൂപങ്ങളും നിറവും മണവും ഗുണവും രുചിയും; ശരീരാവയവങ്ങളും, ജീവികളുടെ നടത്തം ഓട്ടം ചാട്ടം ഇഴയൽ പറക്കൽ തുടങ്ങിയവയിലെ ചലന വ്യത്യാസങ്ങളും അനേകർക്ക് വ്യത്യസ്തങ്ങളായ ആനന്ദങ്ങളെ നൽകുന്നുണ്ട്. സൂര്യന്റെ ഉദയവും അസ്തമയവും ഇരുട്ടും വെളിച്ചവും നിറവ്യത്യാസങ്ങളുമെല്ലാം ആനന്ദങ്ങളാണ്. സൂര്യോദയം മുതൽ സൂര്യാസ്തമയം വരെയുള്ള പ്രകൃതിയും മഴയും മഴവില്ലും വെയിലും മഞ്ഞും കുളിരും ചൂടുമെല്ലാം ആനന്ദങ്ങൾ കൂടിയാണ്. ആകാശവും ഭൂമിയും ജലവും അഗ്നിയും വായുവും, ഭൂമിയുടെ ചലനങ്ങൾ സൃഷ്ടിക്കുന്ന പകലും രാത്രിയും കാലവുമെല്ലാം, പലവിധത്തിലുള്ളതും അനന്തവുമായ അഭയവും ശരണവും ആനന്ദങ്ങളും കൂടി സൃഷ്ടികളായ ആത്മാക്കൾക്കു നൽകുന്നവയാണ്.

സസ്യങ്ങളുടെ വേരുകളും തടികളും ശാഖകളും ഇലകളും പൂക്കളും പഴങ്ങളും കായ്കളും പച്ചക്കറികളും കിഴങ്ങുകളും ധാന്യങ്ങളും മരത്തൊലിയുമെല്ലാം അനന്തമായ ആനന്ദങ്ങളെ മറ്റുള്ള ജീവികൾക്കും നൽകുന്നത് അനുഭവിച്ചു തന്നെ അറിയാൻ മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് കഴിയുന്നുണ്ട്. അനന്തമായ ജീവി വർഗ്ഗങ്ങളും, ഓരോരോ ജീവി വർഗ്ഗങ്ങളുടെയും അവയിലെ ഓരോരോ ജീവിയുടെയും ജീവിത രീതികളും ശൈലികളും പെരുമാറ്റങ്ങളുമെല്ലാം ആനന്ദങ്ങൾ കൂടിയാണ്. മത്സ്യം പക്ഷി മൃഗം മനുഷ്യൻ എന്നിവ ജീവിച്ചിരിക്കുമ്പോൾ ആനന്ദമാണ്. ചാവുകയോ കൊല്ലപ്പെടുകയോ ചെയ്യുമ്പോൾ അവയുടെ മാംസത്തെ ഭക്ഷിച്ച് ഭക്ഷണ രുചി- ആനന്ദത്തെ ആസ്വദിക്കുന്നതും വാസ്തവമാണ്. സസ്യങ്ങൾ ഒഴികെയുള്ള ജീവികൾ ആസ്വദിച്ചു ഭക്ഷിക്കുന്നത് കാണാനും കേൾക്കാനും അറിയാനും കഴിയുന്ന ആനന്ദങ്ങളാണ്. ഉന്നതമായ മഹാനീതി ശാസ്ത്ര പാഠങ്ങൾ പഠിക്കുമ്പോൾ, വേദനകളെല്ലാം ആനന്ദങ്ങളുടെ ഭാഗമാണെന്ന് മനസ്സിലാക്കാൻ കഴിയും.

**പ്രപഞ്ചത്തിലെ 'അനന്തമായ ആനന്ദങ്ങളെയും ഉപാധികളായ ശക്തികളെയും' എക്കാലവും അനുഭവിക്കുന്നതും ആസ്വദിക്കുന്നതും ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളാണ് എന്നതിൽ നിന്ന് അവർക്കു വേണ്ടിയാണ് സർവ്വവും ദൈവം സൃഷ്ടിച്ചിരിക്കുന്നത് എന്ന് തെളിയുന്നുണ്ട്. മുമ്പ് വ്യക്തമാക്കിയതു പോലെ, അനന്ത-ആനന്ദങ്ങളായ പ്രപഞ്ചത്തിലെ വസ്തുക്കളെ മധ്യസ്ഥരെ വയ്ക്കാതെ ആത്മാക്കൾക്കു നൽകണമെങ്കിൽ ആനന്ദങ്ങളായ പ്രപഞ്ചഭാഗമായി ക്കൂടി ദൈവം ആദ്യം അവതരിക്കണം. അതിനു ശേഷം മാത്രം ആത്മാക്കളെ സൃഷ്ടിക്കണമെന്നും തെളിയുന്നു.**

'മഹാസത്യമായ ദൈവം' എന്ന് പ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര കർത്താവിനെ വിശേഷിപ്പിക്കുന്നത് ദൈവത്തിന്റെ ഭാവമായ 'സത്യ ധർമ്മ നീതികൾ' പ്രകാരം മാത്രം എന്തും വിശദീകരിക്കാൻ കൂടിയാണ്.

ആദിയും അന്തവും ഇല്ലാത്ത മഹാശൂന്യതയും സൃഷ്ടി സ്ഥിതി സംഹാര പാത്രവുമായ ആകാശം 'അനന്തമായ ആനന്ദങ്ങളുടെയും അവയെ സൃഷ്ടിക്കാനും പരിപാലിക്കാനുമുള്ള ശക്തികളുടെയും ശാസ്ത്രങ്ങളുടെയും മറ്റും മഹാകലവറയും പ്രപഞ്ചത്തിന്റെ' ആദിയും അന്തവും ഇല്ലാത്ത അതിരുകളുമാണ്. മഹാശക്തികളെ സൃഷ്ടിച്ചതും സൃഷ്ടിക്കാൻ കഴിവുള്ളതുമായ ദൈവം നിർവ്വചനങ്ങൾക്ക് അതീതമായ മായയും മഹാശക്തിയുമാണ് എന്നും, ജീവിയോ സ്ത്രീയോ പുരുഷനോ അല്ലെന്നും, ലഭ്യമായ വിശേഷ ബുദ്ധി കൊണ്ട് മനസ്സിലാക്കാൻ കഴിയും.

എന്തും സൃഷ്ടിക്കാനും നിലനിർത്താനും സംഹരിക്കാനുമെല്ലാം കഴിയുന്ന 'മഹാമായയും മഹാസത്യവുമായ ദൈവം' എല്ലായ്പ്പോഴും എല്ലാത്തിനും അതീതമാണ്. അതുകൊണ്ടുതന്നെ മഹാസത്യമായ ദൈവത്തിന് പേരിടാൻ 'അസ്തിത്വം പോലും സ്വന്തമായിട്ട് ഇല്ലാത്തവരായ സൃഷ്ടികൾക്ക്' യാതൊരു യോഗ്യതയുമില്ല. ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനും ചേർന്ന പ്രപഞ്ചവും ആനന്ദങ്ങളുമായി ദൈവം ഭാഗികമായിട്ട് അവതരിക്കുമ്പോൾ; അവയെല്ലാം സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന ആദിയും അന്തവും ഇല്ലാത്ത മഹാസത്യവും മഹാമായയും മഹാശക്തിയുമാണ്. അനന്തമായ ആനന്ദങ്ങളെയും മഹാശക്തികളെയും സൃഷ്ടിക്കാൻ കഴിവുള്ള മായാമഹാശക്തിയായ ദൈവത്തെ 'മഹാശക്തി' എന്നും പറയാം. ആനന്ദങ്ങളായ ഭൂമിയെ സൃഷ്ടിക്കാനും ഭൂമിയായി അവതരിക്കാനും ശക്തികളെയും സൃഷ്ടിക്കാൻ കഴിയുന്ന മഹാശക്തി വേണം; അതുകൊണ്ടു കൂടിയാണ് ദൈവത്തെ മഹാശക്തി എന്നു വിളിക്കുന്നത്. ദൈവം സൃഷ്ടിക്കുന്ന അനന്തമായ ശക്തികളും ആനന്ദങ്ങളും ഉൾപ്പെടെ സർവ്വത്തിനും അതീതമാണ് ദൈവം എന്ന് സുവ്യക്തവുമാണ്.

**ദൈവത്തിന്റെ മഹാശക്തികളെ 'മായ' എന്ന് വിശേഷിപ്പിക്കാം. 'മായ' കൊണ്ട് പ്രപഞ്ചമാകുന്ന ആനന്ദങ്ങളെ ദൈവം സൃഷ്ടിച്ചിരിക്കുകയാണ്; എന്നാൽ, അനന്ത-ആനന്ദങ്ങളായ പ്രപഞ്ചത്തിലെ വസ്തുക്കളെ മധ്യസ്ഥരെ വയ്ക്കാതെ ആത്മാക്കൾക്കു നൽകണമെങ്കിൽ ആനന്ദങ്ങളായിട്ട് ദൈവം തന്നെ അവതരിക്കണം.**

**ആനന്ദങ്ങളായ ആകാശവും ഭൂമിയും വസ്തുക്കളുമെല്ലാം സമമായി ആത്മാക്കൾക്കു നൽകണമെങ്കിൽ പരിപാലനവും മഹാനീതിയും കൂടി ചെയ്യാൻ സ്രഷ്ടാവായ ദൈവം തയ്യാറാകണം. 'അസ്തിത്വം പോലും സ്വന്തമായിട്ട് ഇല്ലാത്തവരായ സൃഷ്ടികൾക്ക് ' എന്തും ഏതും ദൈവം നൽകിയാൽ മാത്രമേ ലഭിക്കുകയുള്ളൂ എന്നിരിക്കെ, സൃഷ്ടികളായ ആത്മാക്കൾക്ക് ആനന്ദങ്ങളെ തുല്ല്യമായി നൽകിയാൽ മാത്രമാണ് ദൈവം മഹാനീതിയും മഹാനീതിപതിയും ആവുക.**

**അനന്തമായ ആനന്ദങ്ങളെ സൃഷ്ടിക്കുകയും ഒപ്പം ആനന്ദങ്ങളായി അവതരിക്കുകയും ആത്മാക്കൾക്ക് അനന്തമായ ആനന്ദങ്ങളെ സമമായി നൽകുകയും ചെയ്യണമെങ്കിൽ സൃഷ്ടികളായ ആത്മാക്കളെ കുഞ്ഞുങ്ങളായി കാണാനും, കുഞ്ഞുങ്ങളായ ആത്മാക്കളോട് പുലർത്തുന്നതും കുഞ്ഞുങ്ങൾക്കു തന്നെ തിരിച്ചു നൽകിക്കൊണ്ട് ആനന്ദങ്ങൾക്കെല്ലാം അതീതമായ ദൈവമായി തുടരാൻ കഴിയുന്ന മഹാവാത്സല്യത്തെ ആനന്ദമായി സ്വീകരിക്കാനും മഹാസത്യമായ ദൈവം തയ്യാറാകണം. അടുത്തൊരു അദ്ധ്യായത്തിൽ വിശദീകരിക്കുന്നുണ്ട്.**

ആത്മാക്കളെന്നു പേരിട്ടിരിക്കുന്ന കുഞ്ഞുങ്ങളുടെ ആനന്ദങ്ങളായ പ്രപഞ്ച-ഭാഗമായി ദൈവം അവതരിച്ചിരിക്കുന്നതും, ആത്മാക്കളെ ആകാശത്തിൽ സൃഷ്ടിക്കുകയും, അനന്തമായ ആനന്ദങ്ങളെ അനുഭവിപ്പിച്ചും ആസ്വദിപ്പിച്ചും ഭൂമിയിൽ പരിപാലിക്കുകയും, ശേഷം ആകാശത്തിൽ നക്ഷത്ര-മോക്ഷമെന്ന സംഹാരത്തെ മഹാഅനുഗ്രഹിച്ചു നൽകുന്നതും സ്വന്തം മഹാശക്തികൾ കൊണ്ടാണെന്ന് ലളിതമായി പറയാൻ കഴിയും. അതുകൊണ്ടെല്ലാം 'മഹാശക്തി **MAHAASHAKTHI**' എന്ന ലളിതമായ മഹാനാമത്തെയും പ്രഥമമായി ദൈവം കുഞ്ഞുങ്ങൾക്കു വേണ്ടി സ്വീകരിച്ചിട്ടുണ്ട്. 'മഹാശക്തി' എന്ന മഹാനാമത്തിൽ 'മായ' ഉൾപ്പെടുന്നുണ്ട്; വിശകലനം ചെയ്താൽ മനസ്സിലാക്കാം. ആകാശവും ഭൂമിയും ചേർന്ന പ്രപഞ്ചമായി അവതരിച്ചു തുടങ്ങുന്നതിനു മുമ്പ് വേറെ നാമങ്ങളും രൂപങ്ങളും ഉൾപ്പെടെ മറ്റനേകം കാര്യങ്ങളെ 'ദൈവം' സ്വീകരിക്കുകയും ഭദ്രപ്പെടുത്തുകയും ചെയ്യുന്നുണ്ട്. പിന്നീട് വിവരിക്കുന്നുണ്ട്.

പ്രപഞ്ചത്തിലെ ദൈവഘടകങ്ങളായ ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനും ചേർന്ന ആനന്ദങ്ങളായിട്ട് ദൈവം അവതരിക്കുന്നതോടെ ആനന്ദങ്ങളെ ചിട്ടപ്പെടുത്തിയ ശാസ്ത്രനിയമങ്ങളെയും ശക്തികളെയും സ്വാതന്ത്ര്യങ്ങളെയും കാലത്തെയും ശരണത്തെയും മഹാനീതിയെയുമെല്ലാം കൂടി പ്രസ്തുത ആനന്ദങ്ങളിൽ ലയിപ്പിക്കാൻ സ്രഷ്ടാവ് ബാദ്ധ്യസ്ഥമാകുന്നു. എന്നുവെച്ചാൽ അനന്തമായ ആനന്ദങ്ങളുടെ മഹാകലവറയായ ഭൂമിയുടെ ഘടകങ്ങളായി ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും കാലവും ശരണവും മഹാനീതിയുമെല്ലാം ലയിച്ചിട്ടുണ്ട്. ദൈവത്തിന്റെ അവതാരമായ ഭൂമിയുടെ അംശമായ ആനന്ദങ്ങളെ, സൃഷ്ടികളും കുഞ്ഞുങ്ങളുമായ ആത്മാക്കൾക്ക് നൽകുമ്പോൾ, ആനന്ദങ്ങളെയെല്ലാം ദൈവത്തിനു സൃഷ്ടിക്കാനും, ആത്മാക്കൾക്കു നേടാനും ഉപാധികളാക്കിയ ശക്തികളെയും, ശാസ്ത്രങ്ങളെയും, സ്വാതന്ത്ര്യത്തെയും കാലത്തെയും ശരണത്തെയും മഹാനീതിയെയുമല്ലാം കൂടിയാണ് ഒന്നിച്ചു നൽകുന്നത്.

ദൈവം ആനന്ദങ്ങളായി അവതരിക്കുന്നതും, കുഞ്ഞുങ്ങളായ സൃഷ്ടികൾക്ക് ആനന്ദങ്ങളെ നേടാനുള്ള ഉപാധികളായ ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയും കാലത്തെയും ശരണത്തെയും മഹാനീതിയെയുമെല്ലാം ആനന്ദങ്ങളായ വസ്തുക്കളിൽ തന്നെ ലയിപ്പിച്ചിരിക്കുന്നതായ വസ്തുതകളെയും കുഞ്ഞുങ്ങളെ യഥോചിതം അറിയിക്കാനുള്ള ചുമതലകളും കൂടി ദൈവത്തിന് ഉണ്ടാകുന്നു. സമ്പൂർണ്ണ സ്വാതന്ത്ര്യത്തോടെ വിശേഷ ബുദ്ധിയെ നൽകുന്ന മനുഷ്യാവസ്ഥയിൽ അതും പരിഹരിക്കുന്നുണ്ട്.

ഭൂമിയാകുന്ന അനന്തമായ ആനന്ദങ്ങളായി അവതരിക്കാൻ ഉപാധികളാക്കി (ദൈവം) ഭൂമിയിൽ ലയിപ്പിച്ചിരിക്കുന്ന ശക്തികളെയും ശാസ്ത്രങ്ങളെയും മനുഷ്യരിലൂടെ കണ്ടെത്തിച്ചും ആസ്വദിപ്പിച്ചും ബോദ്ധ്യപ്പെടുത്തിയും സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തെ നൽകി ക്കൊണ്ട് ജീവിപ്പിക്കുന്നതിനെ ഈ ദിവ്യമഹാവേദഗ്രന്ഥത്തിൽ ചുവടെ പ്രത്യേകം വിശദീകരിച്ചിട്ടുണ്ട്.

എല്ലാ ജീവികളുടെയും സ്വത്വങ്ങളായ ആത്മാക്കൾക്ക് എല്ലാ ശക്തികളും ലഭിക്കുന്നത് ഭൂമിയുടെ അംശമായ മൂലകങ്ങൾ, സംയുക്തങ്ങൾ, അവയുടെ സ്ഥൂല രൂപമായ വസ്തുക്കൾ, പ്രദേശങ്ങൾ; കൂടാതെ മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ തുടങ്ങിയ എല്ലാ ജീവികളുടെയും ശരീരാവയവങ്ങൾ, തുടങ്ങിയവയിൽ നിന്നും മാത്രമാണ്. ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്കോ മാതാപിതാക്കൾ ഉൾപ്പെടെ ഉറ്റവർക്കോ ശരീരാവയവങ്ങളുടെയോ മൂലകങ്ങളുടെയോ സൃഷ്ടിയിൽ യാതൊരു പങ്കുമില്ല. ഭൂമിയുടെ സ്വത്വമായ ഓക്സിജനാണ് സർവ്വവും സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്നതെന്ന് മനസ്സിലാക്കാനുമാവും.

ശക്തി, ശാസ്ത്രം,
സ്വാതന്ത്ര്യം
തുടങ്ങിയവയുടെ
(1) സൃഷ്ടിയും,
(2) സ്ഥിതിയും,
(3) മഹാനീതിയും,
മഹാശാസ്ത്രപരമായി
വിശദീകരിക്കുന്നു.

ശക്തി, ശാസ്ത്രം, സ്വാതന്ത്ര്യം
തുടങ്ങിയവയുടെ (1) സൃഷ്ടിയും,
(2) സ്ഥിതിയും, (3) മഹാനീതിയും,
മഹാശാസ്ത്രപരമായി വിശദീകരിക്കുന്നു.

കുഞ്ഞായി ജനിക്കുന്നതു മുതൽ മരണം വരെയും വിശപ്പും, ദാഹവും, തളർച്ചയും മറ്റും നൽകി ക്കൊണ്ട് ഭക്ഷണപാനീയങ്ങൾ കഴിക്കാൻ ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളെ 'ശരീരത്തിലെ അവയവങ്ങൾ' പ്രേരിപ്പിക്കുന്നതും, ഭക്ഷണമാകുന്ന ഭൂമിയുടെ അംശമായ വസ്തുക്കൾ രൂപാന്തരമായ ശരീരത്തിലേക്ക് പ്രവേശിക്കുന്നതും, ശരീരത്തിലെ അവയവങ്ങളിലെ ശക്തികളും ശാസ്ത്രങ്ങളും പ്രകാരം ഭക്ഷണത്തെ ദഹിപ്പിക്കുന്നതും ഭക്ഷണ രുചികളാകുന്ന ബഹുവിധ ആനന്ദങ്ങളെയും ഒപ്പം ശക്തികളെയും ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്കു നൽകുന്നതും അനുഭവിച്ചറിയുന്ന സത്യമാണ്. എല്ലാ ശക്തികളും 'ആനന്ദങ്ങളായ ഭൂമിയുടെ' അംശമായ വസ്തുക്കളിലും, അവയെ കൊണ്ട് സൃഷ്ടിച്ചിരിക്കുന്ന ജീവികളുടെ ശരീരങ്ങളിലും ലയി(പ്പി)ച്ചിരിക്കുകയാണ്. വസ്തുക്കളുടെ മൂലകങ്ങളിലും, അവയുടെ സൂക്ഷ്മാംശമായ ആറ്റങ്ങളിലും പ്രോട്ടോൺ ഇലക്ട്രോൺ ന്യൂട്രോൺ തുടങ്ങിയ ഘടകങ്ങളിലും മഹാശക്തികൾ ഉള്ളതിനെ ഭാഗികമായി ശാസ്ത്ര ലോകം കണ്ടെത്തി ക്കഴിഞ്ഞു. അണുനിലയങ്ങൾ ഉദാഹരണമാണ്. യാതൊന്നും വെറുതെ ഉണ്ടാകുന്നതോ സംഭവിക്കുന്നതോ അല്ല. അനന്തമായ ആനന്ദങ്ങളായി അവതരിക്കാൻ, ഉപാധികളായി ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയും കാലത്തെയും മഹാനീതിയെയുമെല്ലാം 'മായ' സൃഷ്ടിക്കുകയാണ്.

മഹാസത്യവും മഹാശക്തിയുമായ ഏകദൈവം 'ശിവയും ശിവനു'മായി രണ്ടാവാതെ രണ്ടായി മാറുന്നതും; ശിവയുടെയും ഭാഗമായ ശിവന്റെയും മഹാകൂട്ടുകെട്ടായി 'സൃഷ്ടി സ്ഥിതി സംഹാര പാത്രമായ ആകാശവും, മഹാശക്തിയും ആനന്ദങ്ങളുടെ മഹാകലവറയുമായ ഭൂമിയുമായിട്ട് അവതരിക്കുന്നതും' ഈ ദിവ്യമഹാവേദ ഗ്രന്ഥത്തിൽ മഹാശാസ്ത്ര പരമായി പിന്നീട് തെളിയിക്കുന്നുണ്ട്.

## മൂലകങ്ങളും സംയുക്തങ്ങളും

2021 കാലഘട്ടത്തിൽ ഭൂമിയിൽ ജീവിക്കുന്ന മനുഷ്യർ അറിയുന്ന ഭൗതിക ശാസ്ത്രം പ്രകാരം 118 മൂലകങ്ങളും, അവയുടെ അനേക ലക്ഷം സംയുക്തങ്ങളും മിശ്രിതങ്ങളും, മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ തുടങ്ങിയ അനേകം കോടി ജീവികളുടെ വ്യത്യസ്തങ്ങളായ ശരീരത്തിലെ അവയവങ്ങളും ചേർന്ന മഹാരൂപമാണ് വായു-ജല-കര-പ്രദേശങ്ങളുടെ സമ്മിശ്രമായ ഭൂമി. എന്നുവെച്ചാൽ 118 മൂലകങ്ങളെ കൊണ്ടാണ് എല്ലാ ജീവികളുടെയും സ്വത്വങ്ങളായ ആത്മാക്കൾക്ക് ജീവികളായി ജീവിക്കാൻ വേണ്ടി അവയുടെ ശരീരാവയവങ്ങൾ ഉൾപ്പെടെയുള്ള അനേകം കോടി വസ്തുക്കളെ സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്നതെന്നാണ്. ആയിരം കോടിയിലേറെ വർഷങ്ങൾക്കു മുമ്പ് 100 മൂലകങ്ങളെ കൊണ്ട് ഒരുക്കിയതാണ് ഭൂമിയെന്നും, സൃഷ്ടികളും കുഞ്ഞുങ്ങളുമായ ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾ 'സ്ഥിതിപരമായ വിധിയെ' ദുരുപയോഗം ചെയ്ത് മൂലകങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചതാണെന്നും 'ആദ്യമഹാകാല ചക്രത്തിലെ ദേവതകളെ സംബന്ധിച്ച പാഠത്തിൽ' നിന്നും മനസ്സിലാക്കാം.

മൂലകങ്ങളും അവയുടെ സംയുക്തങ്ങളും രൂപാന്തരമായ ജീവികളുടെ ശരീരത്തിലെ അവയവങ്ങളും അടിസ്ഥാന പരമായി അനന്തമായ ശക്തികളും നിറം-രുചി-മണം-ചൂട്-തണുപ്പ്-കുളിർമ്മ-ഡിഎൻഎ-മൃദുലത-സാന്ദ്രത-കടുപ്പം-വാതകം-ദ്രാവകം-ഖരം-വൈദ്യുത പ്രസരണം-ഭൂഗുരുത്വ-ആകർഷണം തുടങ്ങിയവയിൽ ഏറ്റക്കുറച്ചിലുകളോടെ പ്രവർത്തിക്കുന്ന ആനന്ദങ്ങളുമാണ്. താപ വ്യത്യാസം, പ്രകാശം, മറ്റു മൂലകങ്ങളുടെയും സംയുക്തങ്ങളുടെയും സാന്നിദ്ധ്യം തുടങ്ങിയവ മൂലകങ്ങളുടെയും സംയുക്തങ്ങളുടെയും മിശ്രിതങ്ങളുടെയും അടിസ്ഥാന പരമായ ആനന്ദ ഘടകങ്ങളെയും ഘടനകളെയും അവയിലെ ശക്തികളെയും സ്വാതന്ത്ര്യങ്ങളെയും കാലത്തെയും ശരണത്തെയും മഹാനീതിയെയുമെല്ലാം വ്യത്യാസപ്പെടുത്തുന്നതാണ്. കൂടാതെ; മാറുന്ന അവസ്ഥകളനുസരിച്ച് ഭൂമിയുടെ അംശമായ മൂലകങ്ങളും സംയുക്തങ്ങളുമായ വസ്തുക്കൾ ഓരോരോ ജീവികളുടെയും സ്വത്വങ്ങളായ ആത്മാക്കൾക്ക് മാറി മാറി നൽകുന്ന ആനന്ദങ്ങളും വ്യത്യാസപ്പെടുന്നതാണ്.

ഭക്ഷണ-രുചി-മണ-ഗുണ ആനന്ദങ്ങളെ ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് നൽകാനായും നേടാനായും, മൂലകങ്ങളിലും അവയുടെ സംയുക്തങ്ങളിലും രൂപാന്തരമായ ജീവികളുടെയെല്ലാം ശരീരത്തിലെ അവയവങ്ങളിലും ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും കാലവും ശരണവും മഹാനീതിയുമെല്ലാം ലയിച്ചിരിക്കുകയാണ്. എന്നാലും ഭക്ഷണത്തിലൂടെയും അവയവങ്ങളിലൂടെയും ജീവികളുടെ ആത്മാക്കൾക്ക് അവയെ നേടാനും അനുഭവിക്കാനും ആസ്വദിക്കാനും കഴിയണമെങ്കിൽ ഓക്സിജന്റെയും ജലത്തിന്റെയും സാന്നിദ്ധ്യവും പ്രവർത്തനവും കൂടി വേണം. അതിന്റെ മൂലകാരണം അസ്തിത്വം പോലും സ്വന്തമായിട്ട് ഇല്ലാത്ത ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് യാതൊന്നും സ്വന്തമായിട്ടില്ല എന്നതു തന്നെയാണ്. അതായത് ദൈവം നൽകുന്നതിനെ വാങ്ങാനും നേടാനും അനുഭവിക്കാനും ആസ്വദിക്കാനും കൂടിയുള്ള ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയും കാലത്തെയും ശരണത്തെയും മഹാനീതിയെയുമെല്ലാം കൂടി ദൈവം തന്നെ നിശ്ചയിക്കുകയും ആത്മാക്കൾക്കു നൽകുകയും വേണം. ഭൂമി അതു ചെയ്യുന്നത് അംശമായ മൂലകങ്ങളെ ശരീരമായി രൂപപ്പെടുത്തി ആത്മാക്കൾക്കു നൽകിയും, ഒപ്പം ശിവയുടെയും ശിവന്റെയും മഹാസമ്മേളനമായ ജലത്തെ മാധ്യമമായും, ഓക്സിജനെ ഭൂമിയുടെ സ്വത്വവും ജീവികളുടെയെല്ലാം ജീവനുമായും ഉയർത്തിയാണ്. 'മൂലകങ്ങളുടെയും ശരീരങ്ങളുടെയും മൂലമായ ഭൂമിയുടെ സ്വത്വമായ ഓക്സിജൻ' മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രം പ്രകാരം ഭൂമിയായ ദൈവത്തിന്റെ ഭാവമായ സത്യ ധർമ്മ നീതികളെ സംരക്ഷിച്ചു കൊണ്ടും, മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ന്യൂനശക്തികളെ കൊണ്ട് ധർമ്മശാസ്ത്ര ബന്ധനം നിർവ്വഹിച്ചു കൊണ്ട്, ആത്മാക്കളുടെ മേൽ മഹാഭരണവും മഹാനീതിയും നടപ്പാക്കുന്നു. ജീവികളുടെ രോഗങ്ങൾ, രോഗമുക്തി, മരണം, ഭൂചലനം കൊടുങ്കാറ്റ് വരൾച്ച അഗ്നിപർവ്വതം പ്രളയം സുനാമി വേലിയേറ്റം വേലിയിറക്കം, സൂര്യചന്ദ്ര-ഗ്രഹണങ്ങൾ തുടങ്ങി പ്രപഞ്ചത്തിലെ സർവ്വവും അതിൽപെടുന്നു.

ഭൂമിയുടെ അംശമായ പ്രദേശങ്ങളിലും വസ്തുക്കളിലും മൂലകങ്ങളിലും, അവയുടെ രൂപാന്തരമായ ജീവികളുടെ ശരീരാവയവങ്ങളിലും, ലയിച്ചിരിക്കുന്ന ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യങ്ങളും കാലവും ശരണങ്ങളും മഹാനീതിയും മറ്റും പ്രകാരം ഭൗതികമായ അസ്തിത്വത്തോടെ തന്നെയാണ് ജീവികളുടെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ 'ഭൂമി' ആവിഷ്ക്കരിച്ചിരിക്കുന്നതും നിർവ്വഹിക്കുന്നതും. മനുഷ്യാവസ്ഥയിലെ ശരീരാവയവങ്ങളും അവയുടെ 'മൂലമായ മൂലകങ്ങളും, മൊത്തമായ ഭൂമിയും' നൽകുന്ന വിശേഷ ബുദ്ധി കൊണ്ട് ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾ 'ശരീരാവയവങ്ങളുടെ ഭാഗമല്ലെന്നും' തെളിയുന്നുണ്ട്.

**ആനന്ദങ്ങളായ മൂലകങ്ങളും, സംയുക്തങ്ങളും, ജീവികളുടെ ശരീരങ്ങളും മൊത്തമായ ഭൂമിയും എങ്ങനെയാണ് ഉപാധികളായ ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും കാലവും ശരണവും മഹാനീതിയുമെല്ലാം ആത്മാക്കൾക്കു നൽകുന്നതെന്ന് മനസ്സിലാക്കാൻ ശാസ്ത്രപരമായ മാർഗ്ഗമുണ്ട്. സൂക്ഷ്മപ്രപഞ്ചം കൂടിയായ ആറ്റങ്ങളുമായി ബന്ധപ്പെട്ട വസ്തുതകളാണവ.**

**ഭൂമിയുടെ സൂക്ഷ്മാംശമായ ആറ്റങ്ങളിലെ മഹാഗൗരവമായ പ്രതിഭാസങ്ങളെ വിശദീകരിക്കുന്നതിനു മുമ്പ് മൂലകങ്ങളെയും സംയുക്തങ്ങളെയും ജീവികളുടെ ശരീരത്തിലെ അവയവങ്ങളെയും സംബന്ധിച്ച് മനുഷ്യർ വിട്ടുപോയതും അവഗണിച്ചതുമായ അടിസ്ഥാന പ്രമാണങ്ങളെ പരാമർശിക്കേണ്ടത് അത്യാവശ്യമാണ്. മൂന്നു തരത്തിലുള്ള അത്ഭുതങ്ങൾ വിഷയത്തിലുണ്ട്.**

**(1). സൃഷ്ടി പരം. 100-ലധികം മൂലകങ്ങളും അനേക ലക്ഷം സംയുക്തങ്ങളും മിശ്രിതങ്ങളും ജീവികളുടെ ശരീരത്തിലെ എല്ലാ അവയവങ്ങളും ഉൾപ്പെട്ട അനേകം കോടി വസ്തുക്കളുടെ 'സൂക്ഷ്മാംശമായ ആറ്റങ്ങളെ വിഭജിക്കാൻ കഴിയുമെന്നു മാത്രമല്ലാ, വസ്തുക്കളെ സൃഷ്ടിക്കുന്ന ദൈവാംശങ്ങളെയാണ് കണ്ടെത്തുക !'**
പിന്നെയെന്താണെന്നതിന്റെ ഉത്തരം തേടിപ്പോയാൽ ശരീരത്തിലെ അവയവങ്ങൾ ഉൾപ്പെടെ എല്ലാ വസ്തുക്കളെയും സൃഷ്ടിച്ചും അവയായി അവതരിച്ചു കൊണ്ടും ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് ജീവിക്കാൻ ആവശ്യമായ വസ്തുക്കളും ശരീരാവയവങ്ങളുമാകുന്ന ആനന്ദങ്ങളെയും ഉപാധികളായ ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയും കാലത്തെയും ശരണത്തെയും മഹാനീതിയെയുമെല്ലാം സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന ഭൗതികമായ അസ്തിത്വം ഉള്ളതായ അനേകം ദൈവാംശങ്ങളെയാണ് അറിയാനും മനസ്സിലാക്കാനും കഴിയുക. ഭൂമിയിലെ എല്ലാ വസ്തുക്കളുടെയും എല്ലാ ഗുണങ്ങളുമുള്ള ഏറ്റവും ചെറിയ അടിസ്ഥാന ഘടകമായ ആറ്റങ്ങളുമായി ബന്ധപ്പെട്ട വസ്തുത മഹാഗൗരവമാണ്; 'ആറ്റങ്ങൾ' എന്ന അടുത്ത പാഠത്തിൽ വിശദീകരിച്ചിട്ടുണ്ട്. വസ്തുക്കളുടെ എല്ലാ ഗുണങ്ങളുമുള്ള ഏറ്റവും ചെറിയ ഘടകത്തിന് ആറ്റമെന്നോ, തേങ്ങാക്കുലയെന്നോ പേരിടുന്നതല്ല വിഷയം. **ഒരു വസ്തുവിന്റെ എല്ലാ ഗുണങ്ങളും (ശക്തികളുമുള്ള) ഏറ്റവും ചെറിയ അംശം ഒരെണ്ണം മാത്രവും, പിന്നീട് വിഭജിക്കാൻ കഴിയാത്തതുമാവണം.**

**അങ്ങനെയാകുമ്പോൾ മൂലകങ്ങളായ ഘടകങ്ങളില്ലാതെ വരും.**
ഏറെക്കുറെ നാലു ലക്ഷത്തോളം വരുന്ന സംയുക്തങ്ങളും, അനന്തമായ ജീവികളുടെ അനന്തമായ ശരീരാവയവങ്ങളും(*) മരുന്നുകളുമെല്ലാം പ്രത്യേകം വസ്തുക്കളായി നിലനിന്നിരുന്നുവെങ്കിൽ, ശരീരാവയവങ്ങൾ ഉൾപ്പെടെയുള്ള അനേകം കോടി വസ്തുക്കളുടെ സൂക്ഷ്മമായ അംശങ്ങൾ അതേ ഗുണങ്ങളോടും ശക്തികളോടും നിലനിൽക്കുന്ന അവസ്ഥയാണ് ഉണ്ടാവുക. അങ്ങനെ വരുമ്പോൾ, എല്ലാ സംയുക്തങ്ങളും പരസ്പര ബന്ധമില്ലാത്ത മൂലകങ്ങളും മിശ്രിതങ്ങളും പോലെയാകും. സൂക്ഷ്മവും സ്ഥൂലവുമായ വസ്തുക്കളെ സൃഷ്ടിക്കുകയും ഭൂമിയുടെ അംശമായി നിക്ഷേപിക്കുകയും ചെയ്യാമെന്നല്ലാതെ അവയെ ലയിപ്പിക്കാനോ പ്രവർത്തിപ്പിക്കാനോ (*)ജീവികളുടെ ശരീരാവയവങ്ങളെ സൃഷ്ടിക്കാനോ ആത്മാക്കളുമായി ബന്ധിപ്പിക്കാനോ കഴിയില്ല. വിശപ്പ്, ദാഹം, ഭക്ഷണം, ദഹനം, വിസർജ്ജനം തുടങ്ങിയവയും; മനുഷ്യൻ ഉൾപ്പെടെ ജീവികളെയും വസ്തുക്കളെയും യന്ത്രങ്ങളെയും മറ്റും സൃഷ്ടിക്കാനും കഴിയില്ല.

(2). സ്ഥിതി പരം. ഇന്നറിയുന്ന വസ്തുക്കളെയും മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളെയും സൃഷ്ടിക്കാൻ കഴിയില്ലെന്നിരിക്കെ; സ്ഥിതിയും ഇല്ല തന്നെ.
(3). സംഹാരം ഉൾപ്പെട്ട മഹാനീതിപരം. മനുഷ്യൻ ഇന്ന് അനുഭവിച്ചറിയുന്ന സൃഷ്ടിയും സ്ഥിതിയും ഇല്ലാതിരിക്കെ, മഹാനീതി വിഷയമാകുന്നില്ല.

മനുഷ്യൻ ഉൾപ്പെടെയുള്ള സൃഷ്ടികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് അസ്തിത്വം പോലും സ്വന്തമായിട്ട് ഇല്ലെന്നതു മാറ്റിവച്ച് മരണം വരെ ജീവിക്കാൻ ആവശ്യമായ അവയവങ്ങളെ ഭ്രൂണാവസ്ഥയിൽ ശരീര-ഭാഗമായി സൃഷ്ടിച്ചതും പരിപാലിച്ചതും സ്വത്വമോ, മാതാപിതാക്കൾ ഉൾപ്പെടെ ഉറ്റവരുടെ സ്വത്വങ്ങളോ അല്ലെന്നത് വിശകലനം ചെയ്യണം. വിശപ്പിനെ സൃഷ്ടിക്കുന്നതും, ഭക്ഷിക്കാനും ആസ്വദിക്കാനും ദഹിക്കാനും മറ്റും കഴിയുന്നതും 'സ്വത്വങ്ങളുടെ' സൃഷ്ടിയോ പ്രവൃത്തികളോ അല്ല. വിശപ്പിനെ നൽകിയ ശരീരത്തെ അനുസരിച്ച് ഭക്ഷണം കഴിക്കാൻ തയ്യാറായതിനു പകരമെന്നോണം ഭക്ഷണരുചി-ആനന്ദത്തെ ആത്മാവിനു നൽകുകയും; ആത്മാവിനു വേണ്ടി ദാസരായും മഹാനീതിയായും കോശങ്ങളെ നിരന്തരം സൃഷ്ടിക്കുകയും, മാറ്റുകയും, രുചി, മണം, വേദന, രോഗങ്ങൾ, രോഗമുക്തി, ദഹനം, വിസർജ്ജനം, പ്രത്യുല്പാദനം, ശരീര വളർച്ച, നര, തുടങ്ങിയ അനന്തമായ ആനന്ദങ്ങളെ 'ഓംകാര നീതിശാസ്ത്രം' പ്രകാരം നൽകുകയും ചെയ്യുന്ന ജീവികളുടെ ശരീരാവയവങ്ങളെയും മൂലമായ മൂലക-സംയുക്തങ്ങളെയും മൊത്തമായ ഭൂമിയെയും, ഭൂമിയുടെ സ്വത്വമായ ഓക്സിജനെയും പഠിച്ചു തുടങ്ങേണ്ടത് ആറ്റത്തിൽ നിന്നുമാണ്.

# ആറ്റങ്ങൾ

ഭൂമിയിലെ എല്ലാ വസ്തുക്കളുടെയും എല്ലാ ഗുണങ്ങളുമാകുന്ന ആനന്ദങ്ങളും (ഉപാധികളായ) ശക്തികളും ശാസ്ത്രങ്ങളുമെല്ലാം ചേർന്ന ഏറ്റവും ചെറിയ ഘടകങ്ങളാണ് അവയുടെ ആറ്റങ്ങൾ.

ഏതൊരു വസ്തുവിന്റെയും എല്ലാ ഗുണങ്ങളും (ശക്തികളുമുള്ള) ഏറ്റവും ചെറിയ അംശം ഒരെണ്ണം മാത്രവും, പിന്നീട് വിഭജിക്കാൻ കഴിയാത്തതുമാവണം. എന്നാൽ പ്രപഞ്ചത്തിൽ അങ്ങനെയല്ല.

100 (-ലധികം) മൂലകങ്ങളും, അനേക ലക്ഷം സംയുക്തങ്ങളും, മിശ്രിതങ്ങളും, ജീവികളുടെ ശരീരത്തിലെ എല്ലാ അവയവങ്ങളും, ചേർന്ന് അനേകം കോടികളാകുന്ന എല്ലാ വസ്തുക്കളുടെയും ഗുണങ്ങളെയും ശക്തികളെയും പ്രതിഫലിപ്പിക്കുന്ന ഏറ്റവും ചെറിയ 'അംശമായ ആറ്റങ്ങളെ വിഭജിക്കാൻ കഴിയുമെന്നു മാത്രമല്ലാ; എല്ലാ വസ്തുക്കളുടെയും എല്ലാ ആറ്റങ്ങളെയും വിഭജിച്ചാൽ കണ്ടെത്താൻ കഴിയുന്ന ഘടകങ്ങൾ അടിസ്ഥാന പരമായി സമാനമാണ്.'

എല്ലാ വസ്തുക്കളുടെയും എല്ലാ ആറ്റങ്ങളുടെയും ഘടകങ്ങൾ പ്രോട്ടോൺ, ഇലക്ട്രോൺ, ന്യൂട്രോൺ, ക്വാർക്കുകൾ, ബോസോണുകൾ, ഗ്ലൂവോൺ, ഓം, തുടങ്ങിയവ ആണെന്നതും; പ്രോട്ടോണുകളെ ഇലക്ട്രോണുകൾ എപ്പോഴും ചുറ്റുന്നതും ദിവ്യമായ മഹാത്ഭുത പ്രതിഭാസമാണ്. '

പ്രപഞ്ചത്തിലെ ദൈവഭാഗമായ ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനും ചേർന്ന ആനന്ദങ്ങളായിട്ട് ദൈവം അവതരിച്ചിട്ടുള്ളത് സൂക്ഷ്മപ്രപഞ്ചങ്ങളായ ആറ്റങ്ങളുടെ മഹാസമ്മേളനം കൊണ്ടാണ്. എന്നുവെച്ചാൽ, മൂലകങ്ങളെയും അവയുടെ സംയുക്തങ്ങളെയും, ഉപ്പ് ലയിച്ചിരിക്കുന്ന സമുദ്രജലം പോലെയുള്ള മിശ്രിതങ്ങളെയും; അവയെല്ലാം കൊണ്ട് സൃഷ്ടിച്ചിരിക്കുന്ന (ജീവികളുടെ) ശരീരാവയവങ്ങളെയും; ഭൂമിയിലെ കര-ജല-വാതക-പ്രദേശങ്ങളെയും, മൊത്തമായ ഭൂമിയെയും, സൃഷ്ടികളും കുഞ്ഞുങ്ങളുമായ ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്കു വേണ്ടി സൃഷ്ടിച്ചു കൊണ്ടിരിക്കുന്നത് ദൈവാംശമായ ആറ്റങ്ങളിലെ ഘടകങ്ങളാണ്; അവയിലൊന്ന് മഹാനീതികണവുമാണ്.

അനേകം കോടികളാകുന്ന എല്ലാ വസ്തുക്കളുടെയും ഗുണങ്ങളെയും ശക്തികളെയും പ്രതിഫലിപ്പിക്കുന്ന ഏറ്റവും ചെറിയ 'അംശമായ ആറ്റങ്ങളെ വിഭജിക്കാൻ കഴിയുമെന്നും, എല്ലാ വസ്തുക്കളുടെയും എല്ലാ ആറ്റങ്ങളെയും വിഭജിച്ചാൽ കണ്ടെത്താൻ കഴിയുന്ന ഘടകങ്ങൾ സമാനമാണെന്നും' തെളിഞ്ഞപ്പോൾ, അത്ഭുതകരമെങ്കിലും മഹായുക്തിഭദ്രവും ന്യായവുമായ പ്രമാണം തന്നെയാണ് വെളിപ്പെട്ടത്.

**മനുഷ്യർ വിട്ടുപോയതും, അവഗണിച്ചതും; ധർമ്മശാസ്ത്രപരമായ യോഗ്യത നേടാഞ്ഞതു കൊണ്ട് ഭൂമി (യുടെ സ്വത്വമായ ഓക്സിജൻ) ആത്മാക്കൾക്കു വെളിപ്പെടുത്താഞ്ഞതുമായ മഹാകാര്യങ്ങളാണ് :**
അടുത്തൊരു അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുള്ളതു പോലെ, ഏകദൈവമായ ശിവ, സ്വന്തം ഭാഗമാക്കിയിട്ടുള്ള ശിവനെയും ചേർത്ത് കുഞ്ഞുങ്ങളും സൃഷ്ടികളുമായ ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് ജീവിക്കാൻ ആവശ്യമായ ആനന്ദങ്ങളെയും ഉപാധികളായ ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയും കാലത്തെയും ശരണത്തെയും മഹാനീതിയെയുമെല്ലാം ഓരോ ആറ്റത്തിലും സൃഷ്ടിക്കുകയും പരിപാലിക്കുകയുമാണ്; ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരം ഭൗതികമായ അസ്തിത്വത്തോടെ പ്രവർത്തിച്ചുമാണ്.

ആറ്റങ്ങൾ ദൈവാംശവും, 'സൂക്ഷ്മമായ പ്രപഞ്ചങ്ങളും' ആവുമ്പോൾ, അവയിലെ അടിസ്ഥാന ഘടകങ്ങൾ എന്തൊക്കെയാവണമെന്ന് ലഭ്യമായ വിശേഷ ബുദ്ധിയെ ലഭിക്കുന്ന മനുഷ്യർ മനസ്സിലാക്കാൻ ശ്രമിക്കണം. **കുഞ്ഞുങ്ങളായ ആത്മാക്കൾക്ക് ജീവിക്കാൻ ആവശ്യമായ ആനന്ദങ്ങളായി അവതരിക്കാനും, നൽകാനും, പരിപാലിക്കാനും, സംഹാരം ഉൾപ്പെടെയുള്ള മഹാനീതി നടപ്പാക്കാനുമായി മഹാസത്യവും മഹാശക്തിയും ഏകദൈവവും മഹാമാതാവുമായ ശിവയും, ശിവയുടെ ഭാഗവും പരമാത്മാവും മഹാപിതാവുമായ ശിവനും, ഓരോ ആറ്റത്തിലും ഘടകങ്ങളായി ഉണ്ടാകണം. പ്രപഞ്ചത്തിലെ ദൈവഭാഗം ശിവയും, ഭാഗമായ ശിവനും മാത്രമാണ്.** പ്രോട്ടോണുകൾ മഹാമാതാവും ഏകദൈവവുമായ ശിവയാണ്. ശക്തികളെ ശിവ നൽകുമ്പോൾ മഹാശക്തനായി മാറുന്ന ശിവൻ ഇലക്ട്രോണുകളാണ്. ഓരോ ആറ്റത്തിലും അവരുണ്ട്; ശക്തികളെ പ്രോട്ടോണുകളായ ശിവ നൽകുകയും, ശിവയെ എപ്പോഴും ചുറ്റുന്നതിലൂടെ ഇലക്ട്രോണുകളായ ശിവൻ, ശിവയുമായി ചേർന്ന് കുഞ്ഞുങ്ങളായ ആത്മാക്കൾക്കു വേണ്ടി എപ്പോഴും പ്രവർത്തിക്കുകയുമാണ്.

ആത്മാക്കൾക്ക് ജീവികളായി ജീവിക്കാൻ ആവശ്യമായ വ്യത്യസ്തങ്ങളും അനന്തവുമായ ആനന്ദങ്ങളെയും ഉപാധികളായ ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയും കാലത്തെയും ശരണത്തെയും മഹാനീതിയെയുമെല്ലാം ഭൂമിയിൽ ഒരുക്കുന്നതിന് ഭൂമിയുടെ സൂക്ഷ്മാംശമായ ആറ്റങ്ങളിലെ ഘടകങ്ങളെ വ്യത്യാസപ്പെടുത്തുകയാണു ചെയ്യുന്നത്. ഓരോ ആറ്റത്തിലുമുള്ള പ്രോട്ടോൺ, ഇലക്ട്രോൺ, ന്യൂട്രോൺ തുടങ്ങിയ ഘടകങ്ങളുടെ എണ്ണത്തെയും ന്യൂട്രോണുകളുടെ അടുക്കലും വ്യത്യാസപ്പെടുത്തി ക്കൊണ്ട് ആറ്റങ്ങളെയും അവയുടെ സ്ഥൂലരൂപങ്ങളായ തന്മാത്രകളെയും, ഏറെക്കുറെ 100 മൂലകങ്ങളായി പരിമിതപ്പെടുത്താനും; പ്രസ്തുത 100 മൂലകങ്ങളെയും അവയുടെ സംയുക്തങ്ങളെയും കൊണ്ടു തന്നെ 'ജീവികളുടെ ശരീരത്തിലെ അവയവങ്ങൾ ഉൾപ്പെടെയുള്ള വ്യത്യസ്തങ്ങളായ വസ്തുക്കളെ അനന്തമായി സൃഷ്ടിക്കാനും കഴിയുന്നതാണ്. ഭൂമിയിലെ വസ്തുക്കളും, എല്ലാ ജീവികളുടെയും ശരീരാവയവങ്ങളും സാക്ഷ്യമാണ്.

ധർമ്മശാസ്ത്രവിരുദ്ധമായി ജീവിക്കുന്ന ആത്മാക്കളെ ഉപദേശിച്ചും ശാസിച്ചും ശിക്ഷിച്ചുമെല്ലാം തിരുത്താനുള്ള ധർമ്മശാസ്ത്ര ബന്ധനങ്ങളും ആറ്റത്തിൽ ഉണ്ടാകണം. ഓരോ ആറ്റത്തിലും ന്യൂനശക്തികളെയും കൂടി ഘടകങ്ങളാക്കി ക്കൊണ്ട് ധർമ്മശാസ്ത്ര ബന്ധനം നിർവ്വഹിച്ചിട്ടുണ്ട്. ന്യൂനശക്തികളെയും ധർമ്മശാസ്ത്ര ബന്ധനത്തെയും വിശദീകരിക്കുന്ന ഏതാനും അദ്ധ്യായങ്ങൾ ഈ ദിവ്യമഹാവേദഗ്രന്ഥത്തിൽ ഉണ്ട്.

വ്യത്യസ്തങ്ങളായ ശരീരാവയവങ്ങളുമായി ആത്മാക്കൾ വ്യത്യസ്ത ജീവികളായി ജീവിച്ചു തുടങ്ങുമ്പോൾ, ആനന്ദങ്ങളെ പരിപാലിക്കാനും മഹാനീതിയെ നടപ്പാക്കാനുമായി ആനന്ദങ്ങളായ വസ്തുക്കളിൽ സ്ത്രീ പുരുഷൻ നിറം സൗന്ദര്യം മുഖഛായ ആയുസ്സ് ആരോഗ്യം ബുദ്ധിശക്തി ഓർമ്മശക്തി തൊഴിൽ-അഭിരുചി വിനോദ-അഭിരുചി ജനനസ്ഥലം ഡിഎൻഎ/ജീൻ തുടങ്ങിയ ജന്മഗുണങ്ങളെയും ഘടകങ്ങളെയും സൃഷ്ടിക്കുകയും ആത്മാക്കളോട് ഭൗതികമായി ചേർക്കുകയും വേണം. എന്നാൽ, അവയെ മൂലകങ്ങളുടെ ആറ്റങ്ങളിലല്ല ചേർക്കേണ്ടത്; പകരം ശരീരവുമായി ബന്ധപ്പെട്ട സംയുക്തങ്ങളുടെ ആറ്റങ്ങളോടും തന്മാത്രകളോടും ചേർക്കുമ്പോൾ, അർത്ഥവത്താകുന്നതിനു പുറമെ, മനുഷ്യരുടെ പഠനങ്ങൾക്കും പരിശോധനകൾക്കും കൂടുതൽ സൗകര്യപ്രദമാണ്. ഡിഎൻഎ, രക്തം മൂത്രം മലം ഉൾപ്പെടെ ശരീര-കോശങ്ങൾ തുടങ്ങിയവയുടെ പരിശോധന ഉദാഹരണമാണ്.

അസ്തിത്വം പോലും സ്വന്തമായിട്ട് ഇല്ലാത്തവരും സൃഷ്ടികളുമായ ആത്മാക്കളുമായിട്ട് ദൈവത്തിന്റെ അംശമായ ആറ്റങ്ങളെയെല്ലാം ബന്ധിപ്പിക്കുന്നത് എങ്ങനെയാണെന്നു വിശദീകരിക്കണം. മാത്രമല്ല; വേദനകൾ ഉൾപ്പെടെയുള്ള ആനന്ദങ്ങളെ ആറ്റത്തിനുള്ളിൽ സൃഷ്ടിക്കാനും നൽകാനും തയ്യാറാകുമ്പോൾ, അവയെ ആത്മാക്കൾക്കു നേടാനും, സ്വീകരിക്കാനും കഴിയുന്നത് എങ്ങനെയാണെന്ന് വിശദമാക്കണം. ചുരുക്കത്തിൽ ആറ്റത്തിലെ ഘടകങ്ങളുമായി ആത്മാവിനെ ഭൗതികമായി ബന്ധിപ്പിക്കുന്നത് എങ്ങനെയാണെന്നു വിശദീകരിക്കണം.

സൂര്യൻ എന്ന സൃഷ്ടി-പാത്രത്തിൽ വച്ച് ശിവയായ ഒരു പ്രോട്ടോണും, ശിവനായ ഒരു ഇലക്ട്രോണും ചേർന്നുണ്ടായ പരമാത്മാവിന്റെ സ്വത്വമായ ഹൈഡ്രജൻ ആറ്റത്തിലെ ശിവനായ ഇലക്ട്രോണിൽ നിന്നും രണ്ട് ന്യൂട്രോണുകളെ ശിവയായ പ്രോട്ടോൺ സൃഷ്ടിച്ചാണ് സ്ത്രീപാതിയും പുരുഷ പാതിയും ചേർന്ന ഒരു ആത്മാവിനെ സൃഷ്ടിച്ച് ഒരു ഹീലിയം ആറ്റത്തെ ഒരുക്കുന്നത്. ജോഡിയെ പകുതികളായി വിശേഷിപ്പിക്കുന്നത് മോക്ഷത്തിലും ഒത്തുചേരുന്ന അവരുടെ ആത്മബന്ധം സൂചിപ്പിക്കാനാണ്. ശൂന്യതയും ശക്തിഹീനതയും ബാധകമായ പരമാത്മാവായ ശിവന്റെ മാത്രം അംശമാണ് ആത്മാവ്. ചെറിയ ദീപനാളത്തിന്റെ പ്രകാശത്തോടെ ഹീലിയ-ന്യൂട്രോൺ-ജോഡികളായി ഭൂമിയിൽ എത്തുന്ന ആത്മാവിന് ആനന്ദങ്ങളായ ശരീരവും അവയിൽ ഉപാധികളായ ശക്തികളും മറ്റും നൽകി രണ്ട് കരിമീൻ കുഞ്ഞുങ്ങളായ ജീവികളാക്കി ഭൂമിയിലെ സമുദ്ര-ജലത്തിൽ ജീവി-ജീവിതം ആരംഭിപ്പിക്കുന്നു. അടുത്തൊരു അദ്ധ്യായത്തിൽ വിശദീകരിക്കുന്നുണ്ട്.

ഹീലിയം ആറ്റത്തിലെ രണ്ട് ന്യൂട്രോണുകളിൽ ഒന്നും സ്ത്രീപുരുഷ പകുതികളുമായ ആത്മാവിനെ ദൈവാംശമായ മറ്റ് ആറ്റങ്ങളിലെ ന്യൂട്രോണുകളുമായും അവയിലൂടെ മറ്റു ഘടകങ്ങളുമായും ബന്ധിപ്പിക്കുന്നത് ശിവയുടെ സ്വത്വമായ ഓക്സിജനാണ്. ശിവന്റെ സ്വത്വമായ ഹൈഡ്രജൻ ഒഴികെയുള്ള എല്ലാ മൂലകങ്ങളുടെയും ആറ്റങ്ങളിൽ ഒരുക്കിയിട്ടുള്ള ന്യൂട്രോണുകളെ ഒരു മഹാചങ്ങലയായി ഓക്സിജൻ പ്രവർത്തിപ്പിച്ച് എല്ലാ മൂലകങ്ങളുടെയും, അവയുടെ സംയുക്തങ്ങളുടെയും, ജീവികളുടെ ശരീരത്തിലെ അവയവങ്ങളുടെയും ഭാഗങ്ങളുടെയുമെല്ലാം ആറ്റങ്ങളിലുള്ള ന്യൂട്രോണുകൾ, വേദനകൾ ഉൾപ്പെടെയുള്ള എല്ലാ ആനന്ദങ്ങളെയും ഹീലിയം ആറ്റത്തിലെ ന്യൂട്രോണുകളായ ആത്മാക്കൾക്ക് സമ്പൂർണ്ണമായി കൈമാറുന്നുണ്ട്. ഹീലിയം ആറ്റത്തിലെ ഒരു ന്യൂട്രോണായ ഓരോ പാതി-ആത്മാവിനെയും, ചേർത്തുകൊണ്ട് ശരീരാവയവങ്ങളുടെ ആറ്റങ്ങളിലെ ന്യൂട്രോണുകൾ സൃഷ്ടിക്കുന്ന മഹാചങ്ങലയ്ക്ക് പല സവിശേഷതകളുണ്ട്.

പാതി-ആത്മാവും ജോഡിയിൽ ഒന്നുമായ ഹീലിയം ആറ്റത്തിലെ ഒരു ന്യൂട്രോണിനെയും, ശിവയും ശിവനും ചേർന്ന ദൈവാംശമായ മറ്റ് ആറ്റങ്ങളിലെ ന്യൂട്രോണുകളെയും ചേർത്ത് ശിവയുടെ സ്വത്വമായ ഓക്സിജൻ സൃഷ്ടിക്കുന്ന മഹാചങ്ങലയിലൂടെ ആത്മാവിന് ആനന്ദങ്ങളെയും ഉപാധികളായ ശക്തികളെയും ശാസ്ത്രങ്ങളെയും മറ്റും കൈമാറുന്നതിനായി ആനന്ദങ്ങളായ ഘടകങ്ങളെ സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്നത് മഹാമാതാപിതാക്കളും ശിവയും ശിവനുമായ പ്രോട്ടോണുകളും ഇലക്ട്രോണുകളും, ന്യൂനശക്തികളുമെല്ലാം പ്രവർത്തിച്ചാണ്. മറ്റൊരു സവിശേഷത ആത്മാവിന്റെ ഭാരമാണ്. ഒരു ഹീലിയം ആറ്റത്തിലെ ജോഡിയിൽ ഒന്നും ന്യൂട്രോണുമായ ആത്മാവിന് ഭാരമില്ലെന്നു തന്നെ കണക്കാക്കാൻ കഴിയുമെങ്കിലും, ആറ്റങ്ങളുടെ 99 ശതമാനത്തിലധികം ഭാരവും അവയിലെ ന്യൂട്രോണുകൾക്കാണെന്നതും, ആത്മാവിനെ ബന്ധിച്ചിരിക്കുന്ന ന്യൂട്രോണുകളുടെ മഹാചങ്ങലയ്ക്ക് ജീവിയുടെ ഏറെക്കുറെ മുഴുവൻ ഭാരവും ഉണ്ടാകുമെന്നതും കൂടി ചേർത്താൽ, ഭൂമിയുടെ സ്വത്വമായ ഓക്സിജൻ, ഹീലിയം ആറ്റത്തിലെ ഒരു ന്യൂട്രോൺ മാത്രമായ പാതി-ആത്മാവിനെ ശരീരത്തിൽ നിന്നും പുറത്താക്കുന്നതു വരെ ആത്മാവിന്റെ ഭാരം ജീവിയുടെ ഭാരമാണ് ! മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കളുടെ ഇഷ്ടമോ സമ്മതമോ ഇല്ലാതെയും വിഷയമോ പോലും അറിയിക്കാതെയും ആത്മാവിനെ ശരീരത്തിനു പുറത്തു കൊണ്ടു പോകാൻ 'ശരീരങ്ങളുടെയും മൊത്തമായ ഭൂമിയുടെയും സ്വത്വവും ദൈവവുമായ ഓക്സിജനു' കഴിയും. മനുഷ്യരുടെ മരണം, സ്വപ്നങ്ങൾ, തുടങ്ങിയവ ഉദാഹരണമാണ്. സ്വന്തമെന്നു കരുതുന്ന ശരീരത്തിലെ അനന്തകോടികളായ ആറ്റങ്ങളെയും അവയിലെ ന്യൂട്രോണുകളെയും കാണാനും അറിയാനുമെല്ലാം ആത്മാവിനു വിഷമം ആണെന്നിരിക്കെ, ഓരോ മനുഷ്യ-ശരീരത്തിലും ഉള്ളതായ അനന്തകോടി ന്യൂട്രോണുകളുടെ മഹാചങ്ങലയിലും ഓക്സിജന്റെ നിയന്ത്രണത്തിലുമുള്ള ആത്മാവായ ഒരു ഹീലിയം-ന്യൂട്രോൺ ശരീരത്തിൽ ഉണ്ടോയെന്നും ശരീരത്തിന്റെ പുറത്താണോയെന്നും ശക്തിഹീനതയും ശൂന്യതയും ബാധകമായ ആത്മാവിന് അറിയില്ല. മറ്റുള്ള ജീവികളുടെ ജീവിതത്തെ താരതമ്യം ചെയ്ത് അല്പായുസ്സുകളായ സൃഷ്ടികളുടെ നിർജ്ജീവമായ അവസ്ഥകളെക്കുറിച്ച് ബോധം നേടാനും ശരീരവും ജലവും ഓക്സിജനും നടപ്പാക്കുന്ന മഹാനീതിയെ ഉൾക്കൊണ്ടു ജീവിക്കാനും കഴിയണം. വാർദ്ധ്യക്യവും മരണവും വിശേഷ ബുദ്ധിയെ ലഭിച്ചിട്ടില്ലാത്ത മറ്റുള്ള ജീവികളുടെ ജീവിതങ്ങളും ഉദാഹരണമാക്കാം. ധർമ്മശാസ്ത്ര വിരുദ്ധമായ കാര്യങ്ങളിൽ മനുഷ്യർ ഇടപെടുന്നതും അന്യരെ ദ്രോഹിക്കുന്നതും പാപവും ദൈവശിക്ഷയും ശേഖരിക്കുന്നതും വർദ്ധിപ്പിക്കുന്നതുമാണ്.

**ഏകദൈവമായ ശിവയെ പ്രോട്ടോൺ, ഭൂമിയുടെ സ്വത്വമായ ഓക്സിജൻ എന്നിങ്ങനെയും, ശിവയുടെ ഭാഗമായ ശിവനെ ഇലക്ട്രോൺ, പരമാത്മാവായ ഹൈഡ്രജൻ എന്നിങ്ങനെയും, ജീവാത്മാവായ ഹീലിയം ആറ്റത്തിലെ ന്യൂട്രോണുകളെ ഹീലിയം എന്നിങ്ങനെയും, ജലത്തെ ശിവയുടെയും ശിവന്റെയും സങ്കലനമായ മാധ്യമമായും മറ്റും കൂടി വിശേഷിപ്പിക്കുന്നതിനെ ശാസ്ത്രപരമായി വിശദീകരിക്കേണ്ടത് ആവശ്യമാണ്.**

**മഹാസത്യവും മഹാശക്തിയുമായ ശിവ, ഭാഗമായി ശിവനെ സൃഷ്ടിച്ച് (രണ്ടാവാതെ) രണ്ടായതിനു ശേഷം മാത്രം, ശിവയുടെയും ശിവന്റെയും മഹാകൂട്ടുകെട്ടായിട്ടാണ് അനന്തമായ ആനന്ദങ്ങളായ ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനും ചേർന്ന പ്രപഞ്ചഭാഗമായി അവതരിച്ചിട്ടുള്ളത്. മറ്റൊരു അദ്ധ്യായത്തിൽ വിശദീകരിക്കുന്നുണ്ട്.**

ശിവയുടെ ഭാഗമായിട്ട് ശിവന് **ഓം** എന്ന മഹാകരാർ പ്രകാരം ശിവയിൽ നിന്നുമാണ് അസ്തിത്വവും ശക്തികളും ലഭിക്കുന്നത്. ആനന്ദങ്ങളായ പ്രപഞ്ച-ഭാഗമായിട്ട് ശിവയും ശിവനും കൂടി അവതരിക്കുമ്പോൾ, ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനും ചേർന്ന സ്ഥൂലമായ പ്രപഞ്ചഭാഗത്തിലും, അവയുടെ അംശമായ മൂലകങ്ങളിലും സംയുക്തങ്ങളിലും, അവയുടെ രൂപാന്തരമായ ജീവികളുടെയെല്ലാം ശരീരത്തിലെ അവയവങ്ങളിലും; കൂടാതെ സൂക്ഷ്മ പ്രപഞ്ചങ്ങളായിട്ട് അവതരിച്ചിട്ടുള്ള എല്ലാ ആറ്റങ്ങളിലും ശിവയും ശിവനും ഉണ്ട്. ഉണ്ടാകണം. സൃഷ്ടികളും കുഞ്ഞുങ്ങളുമായ ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് ജീവിക്കാൻ ആവശ്യമായ ആനന്ദങ്ങളെയും ഉപാധികളായ ശക്തികളെയും ശാസ്ത്രപാഠങ്ങളെയും സ്വാതന്ത്ര്യത്തെയും കാലത്തെയും ശരണത്തെയും മഹാനീതിയെയുമെല്ലാം മഹാവാത്സല്ല്യത്തോടെ സൃഷ്ടിച്ചു നൽകുവാൻ ശിവയുടെ മായാമഹാശക്തികളും, ശിവന്റെ സാന്നിദ്ധ്യവും വേണം.

ആനന്ദങ്ങളും; ഉപാധികളായ ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യങ്ങളും കാലവും മഹാശരണവും മഹാനീതിയുമെല്ലാം മഹാശക്തിയായ ശിവ മാത്രം സൃഷ്ടിക്കുമ്പോൾ, പരമാത്മാവായ ശിവന്റെ സാന്നിധ്യം ഔപചാരികമായ ഒരുക്കം മാത്രമാണ്. എങ്ങനെയെന്നാൽ പരമാത്മാവായും, ഭാഗമായും, സൃഷ്ടികളും കുഞ്ഞുങ്ങളുമായ ജീവികളുടെയെല്ലാം സ്വത്വങ്ങളായ ആത്മാക്കളുടെ മഹാപിതാവുമായും, ശിവനെ ഒപ്പംകൂട്ടി മാത്രമാണ് പ്രപഞ്ചത്തിന്റെ സൃഷ്ടിസ്ഥിതിസംഹാരങ്ങളെ ശിവ ചെയ്യുന്നത്.

മൂലകങ്ങളും അവയുടെ സംയുക്തങ്ങളും രൂപാന്തരമായ ജീവികളുടെയെല്ലാം ശരീരത്തിലെ അവയവങ്ങളും ഉൾപ്പെടെയുള്ള അനന്തമായ ആനന്ദങ്ങളുമായിട്ട് ശിവയും ശിവനും അവതരിക്കുമ്പോൾ; പ്രസ്തുത ആനന്ദങ്ങളെ സൃഷ്ടിക്കാനും, സൃഷ്ടികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് ആനന്ദങ്ങളെ നേടാനുമുള്ള ഉപാധികളായ ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യങ്ങളും കാലവും ശരണവും മഹാനീതിയുമെല്ലാം മഹാശക്തിയായ ശിവയും ഭാഗമായ ശിവനും തന്നെയാണ്. അനന്തമായ ആനന്ദങ്ങളുടെ അംശങ്ങളായി ഓരോരോ മൂലകവും സംയുക്തവും കോശവും അവയവവും മാറുമ്പോൾ അവ ദൈവാംശങ്ങളുമാണ്. ദൈവാംശങ്ങളിൽ ദൈവമായ ശിവയും, ഭാഗമായ ശിവനും സ്ഥിരഘടകങ്ങളായി എല്ലായ്പ്പോഴും ഉണ്ടായിരിക്കും.

എല്ലാ മൂലകങ്ങളും ആനന്ദങ്ങളായ ദൈവാംശങ്ങളാകുമ്പോൾ തന്നെ അവയെ പരിപാലിക്കാനും മഹാനീതി നടപ്പാക്കാനും ഒരു മൂലകമായിട്ട് ശിവയായ ഏകദൈവം നേരിട്ട് അവതരിക്കേണ്ടതുണ്ട്. എല്ലാ ജീവികളും ഉൾപ്പെടെയുള്ള പ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ പ്രസ്തുത മൂലകം ചെയ്യുന്നതിനെ അറിയാനും അനുഭവിക്കാനും മനസ്സിലാക്കാനും വിശേഷ ബുദ്ധിയെ ലഭിക്കുന്ന മനുഷ്യാവസ്ഥയിലെ ആത്മാക്കൾക്ക് കഴിയണം. ദൈവം ഒരു മൂലകമായി അവതരിച്ചിട്ടുണ്ട്. വേദനകൾ ഉൾപ്പെട്ട ആനന്ദങ്ങളെയും ഉപാധികളായ ശക്തികളെയും ശാസ്ത്രങ്ങളെയുമെല്ലാം 'ഹീലിയം ആറ്റത്തിലെ ന്യൂട്രോണുകളായ ആത്മാക്കൾക്ക് ' കൈമാറാൻ പ്രപഞ്ചത്തിലെ എല്ലാ ന്യൂട്രോണുകളുടെയും മഹാചങ്ങലയെ ഓക്സിജൻ ഒരുക്കിയിട്ടുണ്ട്. ഓക്സിജന്റെ പ്രവർത്തനങ്ങളെ തടയാൻ സൃഷ്ടിക്കാവില്ല!

ദൈവമായ മൂലകത്തിന്റെ (സൂക്ഷ്മാംശമായ ആറ്റത്തിലെ) സ്ഥിരഘടകങ്ങൾ ശിവയുടെ അതിസൂക്ഷ്മ അംശമായ പ്രോട്ടോണുകളും, ഭാഗവും ശിവനുമായ ഇലക്ട്രോണുകളാണെന്നത് തീർച്ചയാണെന്നിരിക്കെ, മറ്റു ഘടകങ്ങളെയും വിശേഷ ബുദ്ധിയെ കൊണ്ട് മനസ്സിലാക്കാൻ കഴിയും; കഴിയണം. ശിവനെയും ചേർത്ത് പ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യാനും പ്രപഞ്ച-ഭാഗമായിട്ട് ഏകദൈവമായ ശിവ അവതരിക്കാനും തയ്യാറായത്, കുഞ്ഞുങ്ങളായി ജീവികളെയും അവയുടെ സ്വത്വങ്ങളായ ആത്മാക്കളെയും സൃഷ്ടിക്കാനും അനന്തമായ ആനന്ദങ്ങളെ മഹാവാത്സല്ല്യത്തോടെ നൽകി നിലനിർത്താനും ആണെന്നിരിക്കെ, കുഞ്ഞുങ്ങളായ ആത്മാക്കൾക്ക് ശക്തികളും ശാസ്ത്രപാഠങ്ങളും സ്വാതന്ത്ര്യങ്ങളും കാലവും മഹാശരണവും മഹാനീതിയുമെല്ലാം നൽകാനുള്ള ഘടകങ്ങൾ ദൈവമായ ഭൂമിയുടെ സ്വത്വമായ ഏകമൂലകത്തിൽ തീർച്ചയായും ഉണ്ടാകണം; ഉണ്ട്.

# ॐ ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

മഹാഭരണാധികാരിയും മഹാനീതിയുമായ ദൈവത്തിന്റെ സ്വത്വമായ ഏകമൂലകവും, ദൈവാംശങ്ങളായ മറ്റു മൂലകങ്ങളും ആത്മാക്കളെ ഭരിക്കുമെന്നല്ലാതെ; ദൈവത്തിന്റെ സ്വത്വവും, ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതുമായ മൂലകം ഏതാണെന്നും ആരാണെന്നും അറിഞ്ഞാൽ പോലും; പ്രസ്തുത മൂലകത്തെയോ ദൈവാംശങ്ങളായ മറ്റു മൂലകങ്ങളെയോ പ്രീതിപ്പെടുത്താനോ ഭരിക്കാനോ നശിപ്പിക്കാനോ മറ്റെന്തെങ്കിലും ചെയ്യാനോ യാതൊരു സൃഷ്ടിക്കും കഴിയുന്നതല്ല !

ഏകദൈവമായ ശിവയും, ഭാഗമായ ശിവനും സൃഷ്ടികളോടുള്ളതും സൃഷ്ടികൾക്കു തന്നെ മടക്കിനൽകുന്നതുമായ മഹാവാത്സല്യത്തെയും മഹാദാസ്യത്തെയും ആനന്ദങ്ങൾക്കെല്ലാം അതീതമായ ശിവയുടെയും ശിവന്റെയും ആനന്ദങ്ങളായി നിശ്ചയിച്ചിരിക്കുന്നതു കൊണ്ടു മാത്രമല്ലാ; അസ്തിത്വം ഉൾപ്പെടെ യാതൊന്നും സ്വന്തമായിട്ട് ഇല്ലാത്തവരായ സൃഷ്ടികളുടെ സ്വത്വങ്ങളായ ആത്മാക്കൾ ആഗ്രഹിച്ചാൽ പോലും ദൈവത്തിന്റെ സ്വത്വമായ മൂലകത്തെ തൊടാൻ പോലും കഴിയില്ല. ആത്മാക്കൾക്ക് തജ്ജന്മത്തിലെ ആവശ്യങ്ങൾക്കായി ലഭിച്ചിരിക്കുന്ന ശരീരത്തിലെ അവയവങ്ങൾക്ക് ചലിക്കാൻ കഴിയണമെങ്കിൽ പോലും ദൈവത്തിന്റെ സ്വത്വവും, ദൈവം തന്നെയുമായ മൂലകം കനിയണം !

അനന്തമായ ആനന്ദങ്ങളും, മഹാശക്തിയുമായ ഭൂമിയുമായി അവതരിച്ചിട്ടുള്ള ദൈവത്തിന്റെ സ്വത്വത്തിന് ദിവ്യമായ നാമം ഉണ്ട്. ഗോമാതാവായ പശു, ഭാഗമായി ഒരുക്കിയ കാളയുടെ ഇംഗ്ലീഷ് നാമം ഓക്സ് ox എന്നാണ്. Ox ന്റെ ജീവനും ജീവനും ഒക്കെയായ ഓക്സിജൻ Oxygen എല്ലാ ജീവികളുടെയും ജീവനും ശക്തിയുമാണ്. ഒരു മിനുട്ടിൽ ഏറെക്കുറെ 18 തവണ ശ്വാസോച്ഛ്വാസം ചെയ്യുന്ന മനുഷ്യൻ ചിന്തിക്കുന്നതു പോലും ശാസ്ത്രപരമായി ത്തന്നെ ഓക്സിജൻ അറിയുന്നുണ്ട്. സമുദ്രത്തിന്റെ അടിത്തട്ടിൽ പോയാലും, ചന്ദ്രനിൽ പോയാലും ഓക്സിജൻ കൂടെത്തന്നെ വേണമെന്നും ഓക്സിജന്റെ മറ്റൊരു ദാനമായ വിശേഷ ബുദ്ധി കൊണ്ട് മനുഷ്യർക്ക് അറിയാം. ഓക്സിജന്റെ ഇഷ്ടമായ ഓംകാരനീതിശാസ്ത്ര പ്രകാരം ഓക്സിജൻ അനുവദിക്കുന്നതും നൽകുന്നതുമായ വേദനകൾ ഉൾപ്പെടെയുള്ള ആനന്ദങ്ങളും ഉപാധികളായ ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും കൊണ്ടുമാത്രമാണ് ആത്മാക്കൾക്ക് എന്തും ചെയ്യാനാവുക.

ദൈവത്തിന്റെ സ്വത്വമായ ഏകമൂലകമാണ് ഓക്സിജൻ.
ലഭ്യമായ രസതന്ത്ര വിവരങ്ങൾ അടിസ്ഥാന പരമായി അപൂർണ്ണമാണ്. എങ്കിലും, ഓക്സിജൻ ആറ്റത്തിന്റെ ഗുണങ്ങളാകുന്ന ശക്തികളെ കുറിച്ച് ഓക്സിജൻ വളരെയധികം വെളിപ്പെടുത്തി ക്കഴിഞ്ഞു.

മനുഷ്യൻ ഉൾപ്പെടെയുള്ള സൃഷ്ടികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് വിശപ്പും ദാഹവും (സൃഷ്ടിച്ചു) നൽകുന്നതും, ഭക്ഷിക്കുമ്പോൾ വിശപ്പും ദാഹവും മാറുന്നതും ഭക്ഷണ രുചി-ആനന്ദം ലഭിക്കുന്നതും; ദഹനവും വിസർജ്ജനവും പ്രത്യുല്പാദനവും മറ്റും 'ജീവികളുടെ സ്വത്വങ്ങളുടെ' സൃഷ്ടിയോ പ്രവൃത്തികളോ അല്ല. മഹാനീതിയുമായി ബന്ധപ്പെട്ട സ്ത്രീപുരുഷൻ, നിറം, സൗന്ദര്യം, മുഖഛായ, അവയവങ്ങൾ, ആരോഗ്യം, ഉയരം തുടങ്ങിയ പ്രത്യക്ഷജന്മഗുണങ്ങളെ നിശ്ചയിക്കുന്നതും, മനുഷ്യാവസ്ഥയിലെ 100 ജന്മങ്ങളിലും വ്യത്യാസപ്പെടുത്തി ആത്മാക്കൾക്ക് സമ-ആനന്ദമായ മഹാനീതിയെ നടപ്പാക്കുന്നതും ഓക്സിജനാണ്. ദൈവത്തിന്റെ സ്വത്വമായ ഓക്സിജനെയും, ദൈവാംശങ്ങളായ മൂലകങ്ങളെയും സംയുക്തങ്ങളെയും അവയുടെ രൂപാന്തരമായ ജീവികളുടെ ശരീരാവയവങ്ങളെയും ധർമ്മശാസ്ത്ര പ്രകാരമുള്ള ചികിത്സയുടെയും, ജനസേവന സേനയുടെ ഭാഗമായിട്ടല്ലാതെ, യോഗ, ധ്യാനം, വ്യായാമങ്ങൾ, കായിക പരിശീലനങ്ങൾ തുടങ്ങിയവയിലൂടെ മെരുക്കാനും ഭരിക്കാനും ശ്രമിക്കുന്നത് തെറ്റാണ്; ദൈവനിന്ദയാണ്; ശിക്ഷയുമുണ്ട്.

ദൈവമായ ഓക്സിജനും ജലവും ഭൂമിയും ശരീരവും കൂടി മനുഷ്യർ ഉൾപ്പെടെയുള്ള കുഞ്ഞുങ്ങളായ ജീവികൾക്കു നൽകിയിട്ടുള്ള സ്വാതന്ത്ര്യത്തെ തട്ടിത്തെറിപ്പിച്ചു കൊണ്ട് മാസ്ക്, ഹെൽമെറ്റ്, നികുതികൾ, ലൈസൻസുകൾ തുടങ്ങിയവ നിർബ്ബന്ധമാക്കുന്നവരും ജനസേവകരായി ഭാവിക്കുന്നവരുമായ മനുഷ്യ-രൂപികൾക്ക് ജനങ്ങൾക്ക് ഓക്സിജൻ നൽകുന്ന മരണത്തെയും രോഗങ്ങളെയും പ്രകൃതിയിലെ ഭൂചലനം പ്രളയം കൊടുങ്കാറ്റ് അഗ്നിപർവ്വതം വേലിയേറ്റം തുടങ്ങിയ പ്രതിഭാസങ്ങളെയും തടയാൻ കഴിയുന്നില്ലെങ്കിൽ, അനാവശ്യമായി മഹാനീതികാര്യങ്ങളിൽ ഇടപെട്ട വലിയ കുറ്റത്തിന്, മഹാവാത്സല്ല്യത്തോടെ ആണെങ്കിലും കടുത്ത ശിക്ഷകളെയാണ് കുഞ്ഞുങ്ങൾ പിടിച്ചു വാങ്ങുന്നതും വാരിക്കൂട്ടുന്നതും ! ആത്മഹത്യ കൊണ്ട് ഭൂമിയിൽ നിന്ന് രക്ഷപ്പെടാൻ കഴിയുന്നതല്ല! ആത്മഹത്യയെ തടയാൻ ഓക്സിജനു കഴിയുമോ എന്നു തിരിച്ചു ചോദിച്ചാൽ 'മായ' കൊണ്ട് കഴിയാത്തതൊന്നുമില്ലെങ്കിലും കടുത്ത ശിക്ഷകളോടെ മഹാനീതിയെ നടപ്പാക്കാൻ ഓംകാരനീതിശാസ്ത്രത്തിന്റെ കാതലായ മഹാപുനർജ്ജന്മസിദ്ധാന്തം പ്രകാരം തന്നെ സാധാരണമായി സാധിക്കുമെന്നിരിക്കെ പുതിയ പദ്ധതികൾ ആവശ്യമല്ല. ഓക്സിജൻ കടുത്ത നടപടികളെടുക്കാതെ ശ്രദ്ധിച്ചാൽ നല്ലത്. ഭൂമിയുടെ അംശമായ മൂലകങ്ങളിലും സംയുക്തങ്ങളിലും രൂപാന്തരമായ ജീവികളുടെ ശരീരാവയവങ്ങളിലും ലയിച്ചിരിക്കുന്ന ധർമ്മശാസ്ത്ര പ്രകാരം ഓരോരോ ജന്മത്തിലും ലഭിക്കുന്ന ശരീരംകൊണ്ട് പരിഹാരം ചെയ്തേ മതിയാകൂ.

## ॐ ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

പ്രത്യക്ഷമെന്നോണം ഓക്സിജന്റെ നിയന്ത്രണത്തിലും ഭരണത്തിലും മാത്രമാണ് എല്ലാ ജീവികളുമെന്ന് ഓക്സിജൻ ദാനമായി നൽകുന്ന വിശേഷ ബുദ്ധിയെ കൊണ്ട് അറിയുമ്പോഴും മൂലകമായ ഓക്സിജനെ അനുസരിച്ച് ഓക്സിജൻ നിശ്ചയിക്കുന്ന ആയുസ്സുമായി ജീവിക്കാനേ സൃഷ്ടിക്കു കഴിയൂ!

**ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനുമെല്ലാം ചേർന്ന ദൈവഭാഗമായ സ്ഥൂല പ്രപഞ്ചത്തിന്റെ സൂക്ഷ്മമായ അംശങ്ങൾ എന്നതിനുപരി ആറ്റങ്ങളെ സൂക്ഷ്മമായ പ്രപഞ്ചങ്ങളായിട്ട് സൃഷ്ടിച്ചിരിക്കുകയാൽ; ശിവയുടെയും ശിവന്റെയും ഘടകങ്ങളായ പ്രോട്ടോണും ഇലക്ട്രോണും എല്ലാ ആറ്റങ്ങളിലും ഉണ്ടായേ പറ്റൂ. ഘടകങ്ങളുടെ എണ്ണത്തെ മഹാനീതിയുമായി ബന്ധിച്ചിരിക്കുന്നു.**

സൃഷ്ടികളും കുഞ്ഞുങ്ങളുമായ ആത്മാക്കൾക്ക് ജീവിക്കാൻ ആവശ്യമായ ആനന്ദങ്ങളെയും ഉപാധികളായ ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയും ശരണത്തെയും കാലത്തെയും മഹാനീതിയെയുമെല്ലാം സൃഷ്ടിച്ചു നൽകുകയാണ് ആറ്റങ്ങളിലെ അതിസൂക്ഷ്മമായ ശക്തി-ശിവൻ ഘടകങ്ങളായ പ്രോട്ടോണുകളെ നിരന്തരം ഇലക്ട്രോണുകൾ ചുറ്റുന്നതിലെ മഹാത്ഭുതമെന്ന് ചുവടെ ഓം എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്. പ്രപഞ്ചസൃഷ്ടി സംഭവിച്ചു കഴിഞ്ഞ പ്രതിഭാസമല്ല. സൂക്ഷ്മപ്രപഞ്ചങ്ങളായ ആറ്റങ്ങളിലെ ശിവയും ശിവനും (പ്രോട്ടോണും ഇലക്ട്രോണും), ഘടകങ്ങളെ ചേർത്ത് സൃഷ്ടിസ്ഥിതിസംഹാരങ്ങളെ സദാ ചെയ്തുകൊണ്ടിരിക്കുകയാണ്.

ശിവ, ശിവൻ, പരമാത്മാവ്, പ്രപഞ്ചം, ആകാശം, ഭൂമി, സൂര്യൻ, ചന്ദ്രൻ എന്നിവയായ പ്രപഞ്ച-ഭാഗമായിട്ട് ക്രമത്തിൽ ദൈവം അവതരിക്കുന്നതും, ശേഷം ആത്മാക്കളെയും, ഭൂമിയിലെ ജീവിതത്തെയും, മോക്ഷമായ നക്ഷത്ര-ദേവതകളെയും സൃഷ്ടിക്കുന്നതും പരിപാലിക്കുന്നതും മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രം പ്രകാരം ലഘുവും ലളിതവുമായ സംഭവങ്ങളും പദ്ധതികളുമാണ്. ദൈവ വിപ്ലവം ഉടൻ ആരംഭിക്കുന്നതോടെ, മനുഷ്യാവസ്ഥയിലെ ആത്മാക്കൾ വിശേഷ ബുദ്ധിയെ ഉചിതമായി ഉപയോഗിക്കുന്നതും, മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-വർണ്ണ-ദേശ ജീവികളായി ഭാവിച്ചു കൊണ്ട് കാട്ടിക്കൂട്ടിപ്പോരുന്ന കോപ്രായങ്ങളുടെ നിരർത്ഥകത വെളിപ്പെടുന്നതും ധർമ്മസംസ്ഥാപനം നിർവ്വഹിക്കപ്പെടുന്നതുമാണ്.

# പരമാത്മാവായ ശിവന്റെ സ്വത്വമായി പ്രപഞ്ചത്തിൽ അവതരിച്ചിരിക്കുന്ന ഹൈഡ്രജൻ എന്ന മൂലകത്തിൽ ന്യൂട്രോൺ ഇല്ലാത്തതിന്റെ കാരണം വെളിപ്പെടുത്തുന്നു.

അടുത്തൊരു അദ്ധ്യായത്തിൽ പ്രപഞ്ചസൃഷ്ടിക്കു മുമ്പ്, 'ഏകദൈവമായ ശിവ, ഭാഗമായി ശിവനെ സൃഷ്ടിച്ച്, പരമാത്മാവും പ്രപഞ്ചപിതാവുമായും മറ്റും നിയമിച്ചു കൊണ്ട് കൂടെക്കൂട്ടിയാണ് പ്രപഞ്ചത്തെ സൃഷ്ടിച്ചിരിക്കുന്നത് എന്നും പ്രപഞ്ചത്തിലെ-ദൈവഭാഗമായിട്ട് അവതരിച്ചിരിക്കുന്നതെന്നും വിശദീകരിക്കുന്നുണ്ട്. പ്രപഞ്ചത്തെ സൃഷ്ടിക്കുന്നതിനു മുമ്പ് 'ഇല്ലാത്ത ശിവന് ശിവയിൽ നിന്നും അസ്തിത്വം ലഭിക്കുമ്പോഴും പ്രപഞ്ചത്തിന്റെ സൃഷ്ടി ആരംഭിച്ചിട്ടില്ല. ശിവനു ലഭിക്കുന്ന അസ്തിത്വവും ശക്തികളും ശിവയിൽ നിന്നും മാത്രമാകയാൽ, ശിവയുടെ ഭാഗമാണ് ശിവൻ.

മഹാശക്തിയായ ശിവ, മഹാശക്തികളെ നൽകുമ്പോൾ മാത്രം ശിവൻ മഹാശക്തനും, നൽകാത്തപ്പോൾ ശക്തിഹീനനുമാകയാൽ, അനന്തമായ ആനന്ദങ്ങളാകുന്ന ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനും ചേർന്ന പ്രപഞ്ചഭാഗമായിട്ട് 'ഏകദൈവമായ ശിവയും, ഭാഗമായ ശിവനും' അവതരിച്ച ശേഷം, ശക്തിഹീനനായ ശിവന്റെ മാത്രം അംശങ്ങളായിട്ട് കുഞ്ഞുങ്ങളായ ആത്മാക്കളെ സൃഷ്ടിക്കാനും മഹാശക്തി കൂടിയായ ശിവ തയ്യാറാകുന്നു. മഹാശക്തിയായ ശിവയുടെ അംശങ്ങളും മഹാശക്തികളാകുമ്പോൾ, അംശങ്ങളും കുഞ്ഞുങ്ങളുമായ മഹാശക്തികളെ സൃഷ്ടികളെന്ന് വിളിക്കാൻ പോലും കഴിയാത്ത അവസ്ഥ ഉണ്ടാകുമെന്നതാണ് സൃഷ്ടികളെ ശിവയുടെ അംശമാക്കാത്തതിന്റെ മുഖ്യകാരണം. ആനന്ദങ്ങളെ നേടാനുള്ള ഉപാധികളായ ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും കാലവും ശരണവും മഹാനീതിയുമെല്ലാം അനന്തമായ ആനന്ദങ്ങളും മഹാശക്തിയുമായ ഭൂമിയുടെ അംശമായ മൂലകങ്ങളിലൂടെയും സംയുക്തങ്ങളിലൂടെയും അവയുടെ രൂപാന്തരമായ ജീവികളുടെയെല്ലാം ശരീരത്തിലെ അവയവങ്ങളിലൂടെയും നൽകി ശിവന്റെ മാത്രം അംശമായ ആത്മാക്കളെ ജീവികളാക്കിക്കൊണ്ട് ഏകദൈവമായ ശിവ സൃഷ്ടിക്കുകയും പരിപാലിക്കുകയും മഹാനീതി നടപ്പാക്കുകയുമാണ്.

**ശക്തിഹീനനും പരമാത്മാവുമായ ശിവനിൽ നിന്ന് ശക്തിഹീനരായ ആത്മാക്കളെ സൃഷ്ടിക്കാൻ, ശിവന്റെ സ്വത്വമായ 'ഹൈഡ്രജൻ ആറ്റമാകുന്ന സൂക്ഷ്മപ്രപഞ്ചത്തിൽ', ശിവനായ ഇലക്ട്രോണിന്റെ ഒപ്പം 'ശിവയും മഹാശക്തിയും ഏകദൈവവുമായ പ്രോട്ടോൺ' മതി.**

**പരമാത്മാവായ ശിവന്റെ സ്വത്വമായിട്ട് പ്രപഞ്ചത്തിൽ അവതരിച്ചിരിക്കുന്ന ഹൈഡ്രജൻ എന്ന മൂലകത്തിൽ ആത്മാക്കളുടെ മഹാചങ്ങലയുടെ ഭാഗമായ ന്യൂട്രോൺ ഇല്ലാത്തത്, അടിസ്ഥാന പരമായി ശിവൻ-ഘടകമായ ഇലക്ട്രോണിൽ നിന്നും രണ്ട് പുതിയ ന്യൂട്രോണുകളെ ആത്മാവിന്റെ സ്ത്രീ പുരുഷ ജോഡിയായി സൃഷ്ടിക്കാനുള്ള മഹാപദ്ധതിയുടെ ഭാഗമാണ്.**

**ആദിയും അന്തവും ഇല്ലാത്ത മഹാശൂന്യതയായ ആകാശം, ശിവന്റെ അംശമായ ആത്മാക്കൾക്ക് വേണ്ടിയുള്ള സൃഷ്ടി സ്ഥിതി സംഹാര പാത്രവും കൂടിയാണ്. ആകാശത്തിൽ സൂര്യനെന്ന പേരിൽ മഹാസൃഷ്ടി-പാത്രത്തെ സൃഷ്ടിച്ചു കൊണ്ടാണ് 'ശിവ' പരമാത്മാവായ 'ശിവനിൽ' നിന്നും ശിവന്റെ മാത്രം അംശങ്ങളായിട്ട് പുതിയ ആത്മാക്കളെ സൃഷ്ടിക്കുന്നത്. ശിവനും പരമാത്മാവുമായ 2 ഹൈഡ്രജൻ ആറ്റങ്ങളിലെ സൂക്ഷ്മശിവയായ പ്രോട്ടോൺ, സൂക്ഷ്മശിവനായ ഇലക്ട്രോണിൽ നിന്നും രണ്ട് ന്യൂട്രോണുകളെ സ്ത്രീപുരുഷന്മാരായ ആത്മാവായി സൃഷ്ടിക്കുകയും, 2 പ്രോട്ടോൺ, 2 ഇലക്ട്രോൺ, 2 ന്യൂട്രോൺ ചേർന്ന ഹീലിയം (He) ആറ്റം സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു.**

**ജനിപ്പിക്കുന്നത് ജീവിപ്പിക്കാനാണ്; ജീവിപ്പിക്കുന്നത് കുഞ്ഞുങ്ങൾക്ക് അനന്തമായ ആനന്ദങ്ങളെ നൽകി ആനന്ദിപ്പിക്കാനുമാണ്. കുഞ്ഞുങ്ങളായ ആത്മാക്കൾക്ക് കുഞ്ഞുങ്ങൾ തന്നെ ആനന്ദമാകണമെങ്കിൽ, ഹീലിയം ന്യൂട്രോണിന്റെ മഹാദാസരായ സഹായികളായി മഹാമാതാപിതാക്കളായ പ്രോട്ടോൺ-ശിവയും ഇലക്ട്രോൺ-ശിവനും ചേർന്ന് ഹീലിയം ആറ്റമെന്ന സ്വത്വരൂപത്തെയുംകൂടി ആത്മാക്കൾക്കു നൽകണം. ന്യൂട്രോണുകളുടെ മഹാചങ്ങലയിലെ ഒരു കണ്ണിക്കു പുറമെ 'ഹീലിയം ആറ്റമെന്ന അസ്തിത്വം' നൽകുമ്പോൾ 'മഹാമായ' കൂടിയായ ശിവയുടെയും ഭാഗമായ ശിവന്റെയും മഹാസംരക്ഷണത്തിലുള്ള ഹീലിയം-ന്യൂട്രോണായ ആത്മാക്കളെ ദ്രോഹിക്കാനോ നശിപ്പിക്കാനോ മറ്റു കുഞ്ഞുങ്ങൾക്ക് യാതൊരിക്കലും കഴിയുന്നതല്ല. എന്തെങ്കിലും ചിന്തിക്കാനും ശിവ കനിയണമെങ്കിലും, സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തെ ശിവ നൽകിയിരിക്കുകയുമാണ് !**

മഹാപ്രപഞ്ച-ഭാഗമായി അവതരിച്ചിരിക്കുന്ന ശിവയുടെയും ഭാഗമായ ശിവന്റെയും സൂക്ഷ്മാംശങ്ങൾ മാത്രമാണ് സൂക്ഷ്മപ്രപഞ്ചമായ സമസ്ത ആറ്റങ്ങളുമെന്നിരിക്കെ, ആനന്ദങ്ങളെ കുഞ്ഞുങ്ങൾക്ക് പകർന്നു നൽകാനുള്ള നൂട്രോണുകളുടെ മഹാചങ്ങലയിൽ ശിവയുടെ ഭാഗവും പരമാത്മാവുമായ ഹൈഡ്രജന് വേറിട്ട ന്യൂട്രോൺ-സാന്നിദ്ധ്യം ആവശ്യമില്ല.

സൃഷ്ടിയും, സ്ഥിതിയും, സംഹാരം ഉൾപ്പെട്ട മഹാനീതിയും നിർവ്വഹിക്കുന്നതായ മഹാശക്തിയും ശിവയുമായ ഓക്സിജന്റെ ആറ്റത്തിൽ മഹാഭദ്രമായിട്ട് ന്യൂട്രോണുകളുടെ മഹാചങ്ങലയെ മഹാനീതിയുമായി ബന്ധിപ്പിക്കുകയാൽ, ശിവയുടെ രണ്ടല്ലാത്ത ഭാഗവും പരമാത്മാവും മഹാപിതാവുമായ ശിവന്റെ സ്വത്വമായ 'ഹൈഡ്രജൻ ആറ്റത്തിൽ' ന്യൂട്രോൺ പാടില്ലെന്ന വസ്തുതയുമുണ്ട്.

**പരമാത്മാവായ ശിവന്റെ മാത്രം അംശമാണ് എല്ലാ ആത്മാക്കളുമെന്ന് നിസ്സാരമായി തെളിയിക്കാൻ കഴിയും.**

വിശേഷ ബുദ്ധിയെ ലഭിക്കുന്ന മനുഷ്യാവസ്ഥയിലെ ആത്മാക്കൾക്ക് "ഞാൻ ആരാണ്, എവിടെ നിന്നും വന്നു," തുടങ്ങിയ ചോദ്യങ്ങൾ ഉണ്ടാകുന്നത് സ്വന്തമായിട്ട് ശക്തികളില്ലാത്തതു കൊണ്ടാണ്. ശരീരാഅവയവങ്ങളിൽ ലയിച്ചിരിക്കുന്ന ശക്തികളും ശാസ്ത്രങ്ങളും മറ്റും പ്രകാരം ശരീരം അനുവദിക്കുന്നതും നൽകുന്നതുമായ അവയവ-ചലനങ്ങൾ, വിശപ്പ്, ദാഹം, ദഹനം, വിസർജ്ജനം, ശരീരവളർച്ച, പ്രത്യുല്പാദനം, ജനനം, മരണം തുടങ്ങിയവ കൊണ്ടാണ് മനുഷ്യർ ഉൾപ്പെടെയുള്ള ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾ ജീവിക്കുന്നത്. എല്ലാ ജീവികളുടെയും ശരീര-കോശങ്ങളിൽ കടന്നുചെന്ന് ശരീരാവയവങ്ങളെയും ആത്മാവിനെയും ഭരിക്കുന്നത്, ശരീരങ്ങളുടെയും മൂലമായ മൂലകങ്ങളുടെയും മൊത്തമായ ഭൂമിയുടെയും സ്വത്വമായ ഓക്സിജൻ ആണ്. ആനന്ദങ്ങളായ വസ്തുക്കളെയും അവയെ നേടാനുള്ള ഉപാധികളായ ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയും കാലത്തെയും ശരണത്തെയുമെല്ലാം സൃഷ്ടിക്കാൻ ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് കഴിവില്ല ! അസ്തിത്വമോ, ഒരല്പം ശൂന്യതയോ പോലും സ്വന്തമായിട്ട് ഇല്ലാത്തവരും ജീവികളുടെ സ്വത്വങ്ങളുമായ ആത്മാക്കൾ അനുഭവിക്കുന്ന ക്ഷീണം, ഉറക്കം, മയക്കം, ലഹരി, ബോധക്ഷയം, അപകടം, രോഗം, രോഗമുക്തി തുടങ്ങിയ അവസ്ഥകൾ, മഹാശക്തിയായ ശിവയുടെ അംശങ്ങളല്ല ശക്തിഹീനരായ ആത്മാക്കളെന്ന് സുവ്യക്തമാക്കുന്നുണ്ട്. ഏകമഹാശക്തിയായ ശിവ കനിഞ്ഞ് സ്വന്തം ശക്തികളെ നൽകുമ്പോൾ മാത്രം ശക്തനും അല്ലാത്തപ്പോൾ ശക്തിഹീനനും, ശിവയുടെ ഭാഗവുമായ ശിവന്റെ ഗുണങ്ങളാണ് ആത്മാക്കൾക്കെന്നു തെളിയുന്നുണ്ട്. പ്രപഞ്ച-സൃഷ്ടിക്കു മുമ്പ് ശിവനെ ശിവ ഭാഗമാക്കിയതോടെ ശിവന് അസ്തിത്വമായി. ശിവനെയും ചേർത്ത് പ്രപഞ്ചസൃഷ്ടി ആരംഭിച്ച ശേഷവും സൃഷ്ടികളായ ആത്മാക്കൾക്ക് അസ്തിത്വമില്ല; ലഭിക്കുന്നത് സൂര്യനിൽ വച്ച് 'സൂക്ഷ്മ-ശിവനായ' ഹൈഡ്രജൻ-ഇലക്ട്രോണിൽനിന്ന് ശിവ സൃഷ്ടിക്കുമ്പോഴാണ്.

# മഹാസൃഷ്ടി - സംഹാരപാത്രങ്ങളും മഹാശിവലിംഗവും, ആദിയും അന്തവും ഇല്ലാത്ത മഹാശൂന്യതയുമാണ് ആകാശം.

**പ്രത്യേകമായ അദ്ധ്യായമായിട്ട് വേറിട്ട് ചേർത്തിട്ടുണ്ട്. ആവർത്തിക്കുന്നില്ല.**

## മഹാസ്ഥിതി-പാത്രമാണ് 'ഭൂമി' യും ചന്ദ്രനും

**അനന്തമായ ആനന്ദങ്ങളുടെ മഹാകലവറയും മഹാശക്തിയുമായ ഭൂമിയെയും, സൃഷ്ടി ചക്രത്തിന്റെ രണ്ടാമത്തെ പകുതിയിലെ സംഹാര കാലത്ത് മനുഷ്യർ ഒഴികെയുള്ള ജീവികൾക്ക് ഭാഗിക ആവശ്യമാകുന്ന ചന്ദ്രനെയുമാണ് ആത്മാക്കൾക്ക് ജീവികളായി ജീവിക്കാനുള്ള മഹാസ്ഥിതി-പാത്രമായി 'ശിവ' ഒരുക്കിയിട്ടുള്ളത്.**

**ചന്ദ്രനെ ക്കുറിച്ച് പിന്നീട് വിശദീകരിക്കുന്നതാണ്.**

## പരമാത്മാവായ ശിവന്റെ സ്വത്വമായി പ്രപഞ്ചത്തിൽ അവതരിച്ചിരിക്കുന്ന ഹൈഡ്രജൻ എന്ന മൂലകത്തിന്റെ ആവശ്യകതയെ വെളിപ്പെടുത്തുന്നു.

പരമാത്മാവായ ശിവന്റെ അംശമായിട്ടാണ് പുതിയ ആത്മാവിനെ സൃഷ്ടിച്ചതെന്നും, ശിവനിലൂടെയാണ് സൃഷ്ടിച്ചതെന്നും അറിയുന്നതിനെ ശരിവെക്കുന്ന തരത്തിൽ സൂര്യനിൽ ഹൈഡ്രജൻ-ഹീലിയം ആറ്റങ്ങൾ തമ്മിലുള്ള പ്രവർത്തനങ്ങളും പ്രതിപ്രവർത്തനങ്ങളും നടക്കുന്നുണ്ടെന്ന് ശാസ്ത്രജ്ഞന്മാർ കണ്ടെത്തിയിട്ടുണ്ട്.

**നിർജ്ജീവങ്ങളെന്ന് അനേകം ശാസ്ത്രജ്ഞന്മാർ തെറ്റായി വിലയിരുത്തിയ ആറ്റങ്ങളും മൂലകങ്ങളും സംയുക്തങ്ങളും ശരീരങ്ങളും വസ്തുക്കളും പ്രദേശങ്ങളും ഭൂമിയുമെല്ലാം ദൈവാംശങ്ങളാണെന്നും മറ്റും തെളിയുമ്പോൾ ഇപ്പോഴത്തെ സൃഷ്ടി-ചക്രത്തിലെ ശാസ്ത്രലോകം ഞെട്ടുമെന്നത് സ്വാഭാവികമാണ്.**

പരമാത്മാവായ ഹൈഡ്രജൻ ആറ്റങ്ങളിലെ 'ഇലക്ട്രോണുകളാകുന്ന' സൂക്ഷ്മ-ശിവന്റെ അംശങ്ങളായും, പുതിയ ഹീലിയം ആറ്റത്തിലെ ന്യൂട്രോണുകളായും പുതിയ ആത്മാക്കളെ സൂര്യനിൽ വച്ച് സൃഷ്ടിച്ചത്. സൃഷ്ടിയുടെ വിശദാംശങ്ങളും അറിയാൻ കഴിയും..

**ഹൈഡ്രജൻ ആറ്റത്തിലെ ഘടകങ്ങൾ സൂക്ഷ്മശിവയായ പ്രോട്ടോണും, സൂക്ഷ്മശിവനായ ഇലക്ട്രോണും, 'ഓം' എന്ന ശിവ-ശിവൻ പ്രണയമന്ത്രവും ആവുമ്പോൾ മഹാമാതാപിതാക്കളായ ശിവയും ശിവനും ആണു സൃഷ്ടിച്ചതെന്ന് സുവ്യക്തമാണ്.**

**മഹാദാസ്യത്തെയും മഹാവാത്സല്ല്യത്തെയും ആനന്ദമാക്കിയവർ കുഞ്ഞുങ്ങളെ എങ്ങനെയാണ് സൃഷ്ടിച്ചതെന്ന് വിശദമാക്കാം.**

**ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾ കാമ-ആനന്ദത്തിൽ ഏർപ്പെടുമ്പോഴും പുനർസൃഷ്ടി നടത്തുന്നത് മഹാമാതാപിതാക്കളായ ശിവയും ശിവനുമാണ്.**

**ജീവികൾ കാമ-ആനന്ദത്തെ ആസ്വദിക്കുമ്പോൾ ഏകദൈവമായ ശിവ, ഭാഗമായ ശിവനെയും ചേർത്ത് കുഞ്ഞുങ്ങളെ സൃഷ്ടിക്കുന്നു.**

**കുഞ്ഞുങ്ങളെ സൃഷ്ടിക്കുന്നതിനും പരിപാലിക്കാനുമുള്ള ആനന്ദം കാമം അല്ല; മഹാവാത്സല്ല്യം മാത്രമാണ്.**

**കുഞ്ഞ് > < മഹാവാത്സല്ല്യം > < മഹാമാതാവ്**

ശിവയുടെ ആനന്ദം മഹാവാത്സല്ല്യവും, ശിവന്റെ ആനന്ദം മഹാദാസ്യവും ആയിരിക്കെ ആനന്ദങ്ങൾ സമം ആവണം. ഭാര്യാഭർത്താക്കന്മാർ കൂടി ആകയാൽ ശിവയും ശിവനും അന്യോന്യം ദാസരാകും; ദാസരാകണം. മഹാദാസ്യത്തെയും ആനന്ദമായി ശിവ സ്വീകരിക്കുന്നു; മഹാദാസരായ മഹാദേവിയുടെയും മഹാദേവന്റെയും മഹാദാസ്യം ഓം ശക്തിശിവൻ പ്രണയമന്ത്രവും ബന്ധവുംകൊണ്ട് മഹാവാത്സല്ല്യത്തിലേക്ക് ഉയരുമ്പോൾ പരമാത്മാവു കൂടിയായ മഹാദേവന്റെ അംശങ്ങളും കുഞ്ഞുങ്ങളുമായിട്ട് ആത്മാക്കൾ സൃഷ്ടിക്കപ്പെടുകയാണ്. സൃഷ്ടിക്കുന്നത് ശിവയും ശിവനും ചേർന്നാണെന്നും, കാമവും കാമ-ആനന്ദവുമല്ല കാരണമെന്നും ചുരുക്കം.

ആറ്റങ്ങളിലെ പ്രധാന 2 ഘടകങ്ങൾ മഹാശക്തിയും ഏകദൈവവും പ്രോട്ടോണുകളുമായ ശിവയും, ഭാഗവും പരമാത്മാവും ശക്തിഹീനനും ഇലക്ട്രോണുകളുമായ ശിവനുമാണ്. പ്രപഞ്ചത്തിലെ ദൈവഭാഗമായി അവതരിക്കുന്നതിനു മുമ്പ് ശിവയുടെയും ശിവന്റെയും സ്വാർത്ഥമായ ആനന്ദത്തെ മഹാവാത്സല്ല്യവും മഹാദാസ്യവുമായി ഏകദൈവമായ ശിവ നിശ്ചയിച്ചിട്ടുണ്ട്. അവയെ ഒന്നിച്ച് ശക്തിശിവൻ പ്രണയം, ശിവ-ശിവൻ പ്രണയം, ശിവശിവ പ്രണയം എന്നെല്ലാം ദൈവീകമായി വിളിക്കാൻ കഴിയും. എന്നാൽ അർത്ഥവും വ്യാപ്തിയും മറ്റൊന്നാണ്. സൃഷ്ടികളും, ജീവികളുടെ സ്വത്വങ്ങളും കുഞ്ഞുങ്ങളുമായ ആത്മാക്കളെ സൃഷ്ടിക്കുന്നതിനു മുമ്പ് കുഞ്ഞുങ്ങൾക്കെല്ലാം ആനന്ദിച്ചു ജീവിക്കാൻ ആവശ്യമായതെല്ലാം ഭൂമിയിൽ ഒരുക്കുകയും, അതിനു ശേഷം കുഞ്ഞുങ്ങളായിട്ട് ആത്മാക്കളെ സൂര്യനിൽ വച്ചു സൃഷ്ടിക്കുകയും, ശേഷം അനന്തമായ ആനന്ദങ്ങളുടെ മഹാകലവറയും മഹാശക്തിയുമായ ഭൂമിയിൽ കൊണ്ടുവന്ന് ഭൂമിയുടെ അംശമായ മൂലകങ്ങളെ കൊണ്ടുള്ള ശരീരത്തെ സൃഷ്ടിച്ചു നൽകുകയും സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തോടെ അനന്തമായ ആനന്ദങ്ങളെ ആസ്വദിപ്പിച്ച് ഭൂമിയിൽ ജീവിപ്പിക്കുകയുമാണ് ശിവയുടെയും ശിവന്റെയും പ്രണയോദ്ദേശം.

ശവശരീരങ്ങളുടെ ആറ്റങ്ങളിൽ പോലും ശിവയായ പ്രോട്ടോണുകളെ ശിവനായ ഇലക്ട്രോണുകൾ എപ്പോഴും ഓം പ്രകാരം ചുറ്റേണ്ടുന്നതും ശരീരങ്ങൾ വീണ്ടും മണ്ണിലടിയേണ്ടതും ആത്മാക്കളുടെ ജീവി-ജീവിതത്തിന് ആവശ്യമാണ്. മഹാപ്രപഞ്ചത്തെ ഭാഗികമായോ പൂർണമായോ പ്രവർത്തന രഹിതമാക്കാൻ ശബ്ദബ്രഹ്മം വിചാരിച്ചാൽ മതിയാകുമല്ലോ എന്ന് മനുഷ്യർ ഭയപ്പെടുകയോ ആശങ്കപ്പെടുകയോ ചെയ്താൽ, അങ്ങനെ ചിന്തിക്കുന്നതു തന്നെ തെറ്റാണ്. സൃഷ്ടിയുടെ ഉദ്ദേശം സ്ഥിതിയാണ്; സംഹാരമല്ല. ആദ്യത്തെ മഹാകാലചക്രം എന്ന അദ്ധ്യായത്തിൽ മനുഷ്യരിൽ നിന്നും ദേവതകളായവരിൽ ചിലർ പ്രപഞ്ചത്തെ ഭാഗികമായി സ്തംഭിപ്പിച്ചെന്നു കാണാം. അത്തരം ചരിത്രങ്ങൾ ഓർമ്മിച്ചിട്ടു കാര്യമില്ല; മറക്കാൻ കഴിയട്ടെ!

രണ്ടാമത്തെ മഹാകാലചക്രം ആരംഭിച്ചു; ദേവതകളെ പിൻവലിച്ചു കഴിഞ്ഞു; ആകയാൽ, മേലിൽ സൃഷ്ടികളുടെ കോപ്രായങ്ങൾ ഉണ്ടാകുന്നതല്ല. **ആകാശത്തിലെ നക്ഷത്രദേവതയായി സംഹാരമായ മോക്ഷം നേടുമ്പോൾ സൂര്യനിൽ വച്ച് പരമാത്മാവായ ഹൈഡ്രജന്റെ ശിവയും ശിവനും സൃഷ്ടിച്ച ഹീലിയം ആറ്റത്തിലെ രണ്ട് ന്യൂട്രോണുകളും സ്ത്രീപുരുഷ ഇണകളുമായ ആത്മാക്കൾ പിരിഞ്ഞു പോകുന്നത് നക്ഷത്രാവസ്ഥയിൽ ഒന്നുചേരുന്നുണ്ട്. പരമാനന്ദമായ കാമ-ആനന്ദം ഉൾപ്പെടെയുള്ള അനന്തമായ ആനന്ദങ്ങളെ മോക്ഷ-നക്ഷത്ര-ദേവതാവസ്ഥയിൽ അനന്തകാലം ആസ്വദിക്കാനുമാവും.**

മഹാശൂന്യതയായ ആകാശത്തിന്റെ മഹാസൂക്ഷ്മാംശമായ ശൂന്യതയെ ആറ്റങ്ങളിലെ മുഖ്യ ഭാഗമാക്കിയിട്ടുള്ളത് ഇലക്ട്രോണുകളായ ശിവന് പ്രോട്ടോണുകളായ ശിവയെ ചുറ്റാനുമാണ്. വളരെ ചെറിയ ഇലക്ട്രോണിൽ നിന്നും താരതമ്യത്തിൽ വലിപ്പം കൂടിയ ന്യൂട്രോണുകളെ സൃഷ്ടിക്കുകയും ശിവയായ പ്രോട്ടോണുകൾ ചേർത്തുപിടിക്കുകയും ചെയ്യുന്നതിൽ നിന്ന്, ശിവനെ ഒപ്പംകൂട്ടി പ്രപഞ്ചമായി മഹാവാത്സല്ല്യമായ ശിവ അവതരിക്കുന്നത് കുഞ്ഞുങ്ങളായ ആത്മാക്കൾക്കു വേണ്ടിയാണെന്ന് സുവ്യക്തമാക്കുന്നുണ്ട്. ആത്മാക്കൾക്ക് ശരീരം പ്രധാനമാണെങ്കിലും സ്രഷ്ടാവിന്റെ അംശമായ ശരീരത്തിനും മൂലമായ മഹാമാതാപിതാക്കളായ ശിവയ്ക്കും (ശിവനും) കുഞ്ഞുങ്ങളും സൃഷ്ടികളുമായ ആത്മാക്കളാണ് പ്രധാനമെന്നും ഓർമ്മിപ്പിക്കുന്നു ! മഹാമാതാവായ ശിവ, കുഞ്ഞുങ്ങളുടെ ആനന്ദങ്ങളെ വർദ്ധിപ്പിക്കാനായി മഹാപിതാവും ഹൈഡ്രജനുമായ ശിവനുമായി ചേർന്ന്, ധർമ്മ-സ്ഥിതി-ദ്രാവക രൂപമായ ജലമായി അവതരിച്ചിരിക്കുന്നതും, ആത്മാക്കളുടെ ജീവികളായുള്ള നിലനില്പിന് ജലത്തെ ആധാരമാക്കിയതും മഹാവാത്സല്ല്യത്തിന്റെയും മഹാദാസ്യത്തിന്റെയും മഹാപ്രകടനമാണ്.

മഹാപിതാവും പരമാത്മാവും ശക്തിഹീനനുമായ ശിവന് ശക്തി ലഭിക്കുവാൻ ശിവ ഒപ്പം വേണം. ശിവയായ പ്രോട്ടോണും, ശിവനായ ഇലക്ട്രോണും ചേർന്ന ഹൈഡ്രജൻ സൂക്ഷ്മ പ്രപഞ്ചമായ ആറ്റമാകുന്നത് അങ്ങനെയാണ്. സൃഷ്ടികളായ ആത്മാക്കളുടെയും, ശരീരത്തോടെ ജീവിക്കുന്ന ജീവികളുടെയും, 'ജനനവും, ജീവിതവും, നിലനില്പും' മഹാമാതാപിതാക്കളായ ശിവയെയും ശിവനെയും ആശ്രയിച്ചിരിക്കുന്നതിന് ശിവയും ഭാഗമായ ശിവനും ചേർന്ന് അവതരിച്ചിട്ടുള്ള ജലം സാക്ഷ്യമാണ്. ജലത്തിൽ മഹാമാതാപിതാക്കളുടെ മഹാസാന്നിദ്ധ്യം ആവിഷ്ക്കരിച്ച ശേഷമാണ് മത്സ്യത്തെ ജലത്തിൽ ജീവിക്കുന്ന ആദ്യസൃഷ്ടിയാക്കിയത്. മനുഷ്യന്റെ പകുതി മാത്രമായ സ്ത്രീയുടെയും പുരുഷന്റെയും സ്വത്വമായ ആത്മാവ് സ്വന്തമെന്നു കരുതുന്ന ശരീരത്തിലെ അവയവങ്ങളെ ഉചിതമായി തന്നെയാണോ ഉപയോഗിച്ചതെന്ന് സ്വയം വിശകലനം ചെയ്യണം. ജീവിത കാലത്ത്, പ്രത്യേകിച്ച് യൗവ്വനത്തിൽ, ദൈവാംശമായ ശരീരത്തിലെ അവയവങ്ങളെ ധർമ്മശാസ്ത്ര പ്രകാരം ഉപയോഗിച്ചു ജീവിക്കാൻ വ്യക്തി/ ആത്മാവ് ശ്രദ്ധിക്കുകയോ ശ്രദ്ധിക്കാതിരിക്കുകയോ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ശരീരവും, ശരീരങ്ങളുടെയും മൂലകങ്ങളുടെയും മൊത്തമായ ഭൂമിയുടെ സ്വത്വമായ ഓക്സിജൻ, ആത്മാക്കളുടെ മേൽ ശരീരത്തിലൂടെ തന്നെ തജ്ജന്മത്തിലും; ഓംകാര നീതിശാസ്ത്രം പ്രകാരം ഓരോ ആത്മാവിനും സമ്മാനിക്കുന്ന 100 മനുഷ്യ-പുനർജ്ജന്മങ്ങളിലും നടപ്പാക്കുന്ന മഹാനീതിയെ തടയാൻ ആത്മാക്കൾക്കു കഴിയുന്നതല്ല.

## ॐ ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

ആറ്റങ്ങളുടെ ന്യൂക്ലിയസ്സിൽ മഹാമാതാവും ശിവയുമായ പ്രോട്ടോണുകൾ, നൂട്രോണുകളെ മഹാവാത്സല്യത്തോടെ ചേർത്തു പിടിച്ചിരിക്കുന്നതായി തോന്നുന്നത് ഹീലിയം ആറ്റത്തിലെ ന്യൂട്രോണുകളായ ആത്മാക്കളെ കരുതുന്നതായി കണക്കാക്കാം. സൃഷ്ടി സ്ഥിതികളുമായി ബന്ധപ്പെട്ട ആനന്ദങ്ങളെ ന്യൂട്രോണുകളുടെ മഹാചങ്ങല വഴി ആത്മാവായ ഹീലിയം-ന്യൂട്രോണുമായി ബന്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ, മഹാനീതിയുമായി ബന്ധപ്പെട്ട സ്ത്രീപുരുഷൻ, നിറം, സൗന്ദര്യം, മുഖഛായ, അവയവങ്ങൾ, ആരോഗ്യം, ഉയരം തുടങ്ങിയ പ്രത്യക്ഷജന്മഗുണങ്ങളെ ആത്മാക്കൾക്ക് തജ്ജന്മ-ജീവിതത്തിനു നൽകിയ ശരീരവുമായും, ചർമ്മവുമായും ബന്ധിച്ചിട്ടുണ്ട്.

മഹാപ്രപഞ്ചത്തിൽ ഇന്നുള്ള അനന്തകോടികളായ എല്ലാ വസ്തുക്കളും, എല്ലാ ജീവികളുടെയും വ്യത്യസ്ത-ശരീരാവയവങ്ങളും, പ്രപഞ്ചത്തിന്റെ ആരംഭത്തിൽ 100 മൂലകങ്ങൾ ചേർന്ന് ഉണ്ടായവയാണെന്നതും; വസ്തുക്കളുടെ ആറ്റങ്ങളിലെ ഘടകങ്ങൾ വസ്തുക്കളെയും, അവയുടെ മൊത്തമായ ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനും ഉൾപ്പെടെയുള്ള മഹാപ്രപഞ്ചമാകുന്ന ആനന്ദങ്ങളെയും സൃഷ്ടിക്കുകയും പരിപാലിക്കുകയും മഹാനീതി നടപ്പാക്കുകയും ചെയ്യുന്ന ദൈവാംശങ്ങളാണെന്നും; ആറ്റങ്ങൾ സൂക്ഷ്മപ്രപഞ്ചങ്ങളാണെന്നും കൂടി യഥാകാലം പഠിക്കാൻ കഴിയും. പ്രോട്ടോൺ ഇലക്ട്രോൺ ന്യൂട്രോൺ എന്നിവ ഉണ്ടായിരിക്കുന്നത് ക്വാർക്കുകൾ കൊണ്ടാണെന്നും, അവിഭാജ്യമെന്നു കരുതുന്ന അവയെ പാലിൽ നിന്നുമാണ് നിർമ്മിച്ചിരിക്കുന്നതെന്നും ശാസ്ത്രപഠനം ഇന്നുണ്ട്. മഹാമാതാവ് സൃഷ്ടിക്കുകയും അവതരിക്കുകയും ചെയ്യുന്ന പ്രപഞ്ചത്തെ കുഞ്ഞുങ്ങൾക്കു വേണ്ടി ചുരത്തുന്ന പാലുമായി ബന്ധിപ്പിച്ചിട്ടുണ്ടാവാം! പാലുമായി ബന്ധപ്പെട്ട ഒരു ദിവ്യ സംഭവം ഗ്രന്ഥകാരന് ഉണ്ടായതിന്റെ വിശദീകരണം ലഭിച്ചിട്ടില്ല. ഉടനെ സത്യയുഗം ആരംഭിക്കുമ്പോൾ അറിയാം!

**'മായ'യെ മാറ്റിനിർത്തിയാൽ; ആകാശമായ മഹാശൂന്യതയുടെ അതിസൂക്ഷ്മ അംശവും, പ്രോട്ടോൺ, ഇലക്ട്രോൺ, ന്യൂട്രോൺ, ക്വാർക്കുകൾ, ബോസോൺ, ഗ്ലൂവോൺ തുടങ്ങിയ ഘടകങ്ങളും എല്ലാ വസ്തുക്കളുടെയും ആറ്റങ്ങളിൽ സമാനമായി ഉണ്ടായിരിക്കുന്നതും; എണ്ണം, ന്യൂക്ലിയസ്സിലെ ന്യൂട്രോണുകളുടെ അടുക്കൽ എന്നിവയിൽ മാത്രം വ്യത്യാസം ഉള്ളതും; 'ശക്തിശിവൻ പ്രണയമന്ത്രവും ശബ്ദ-ബ്രഹ്മവുമായ ഓം പ്രഭാവത്താൽ' പ്രോട്ടോണുകളെ എപ്പോഴും ഇലക്ട്രോണുകൾ ചുറ്റുന്നതും, അതിനാൽ ആറ്റങ്ങളും മൂലകങ്ങളും സംയുക്തങ്ങളും ഭൂമിയും ആകാശവും ഉൾപ്പെട്ട മഹാസ്ഥൂലരൂപങ്ങൾ ആറ്റങ്ങളിലെ അതിസൂക്ഷ്മഘടകങ്ങളിലൂടെ സൃഷ്ടിയ്ക്കപ്പെടുന്നതും മഹായുക്തിഭദ്രമാണെന്ന് മനസ്സിലാക്കാൻ കഴിയും!**

സൃഷ്ടികളും കുഞ്ഞുങ്ങളുമായ ആത്മാക്കളെ ജീവികളായിട്ട് ഭൂമിയിൽ ജീവിപ്പിക്കുന്നതിന്റെ പരമമായ ഉദ്ദേശം അനന്തമായ ആനന്ദങ്ങളെ മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ എന്നീ ജീവിചക്രത്തിലൂടെ അനുഭവിപ്പിച്ച് അറിയിക്കാനും ശേഷം നക്ഷത്രമോക്ഷത്തിൽ ലഭിക്കുന്ന മായാശക്തികൾ കൊണ്ട് ഭൂമിയിൽ വച്ച് ആസ്വദിച്ച ആനന്ദങ്ങളെ അനന്തകാലം സ്വന്തം പകുതിയും ജോഡിയുമായ ഇണയുമൊന്നിച്ച് ആസ്വദിച്ചു ജീവിപ്പിക്കാനും; ഭൂമിയിലേക്കു മടങ്ങി വന്ന് ജീവി-ജീവിതം തുടരാൻ ആഗ്രഹിക്കുന്ന ആത്മാക്കൾക്ക് അതിനും വഴിയൊരുക്കാനാണ്.

അനന്തമായ ആനന്ദങ്ങളും ഉപാധികളായ ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും കാലവും ശരണവും മഹാനീതിയുമെല്ലാം ലയിപ്പിച്ചു കൊണ്ട് മഹാശക്തിയായ ദൈവം ഭൂമിയായി അവതരിച്ചിരിക്കുകയാണ്. കുഞ്ഞുങ്ങളായ ആത്മാക്കൾക്ക് ജീവികളായി ജീവിക്കാനും അനന്തമായ ആനന്ദങ്ങളെ സൃഷ്ടിച്ചു നൽകാനും ആറ്റങ്ങളിലെ ഘടകങ്ങൾക്കു കഴിയും.

സൃഷ്ടിപരമായ വിധി പ്രകാരം ആറ്റങ്ങളിലെ ഘടകങ്ങൾ സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്നവയുടെ മേൽ സ്ഥിതി പരമായ വിധി പ്രകാരം മാറ്റങ്ങൾ വരുത്താൻ ആത്മാക്കൾക്കെല്ലാം സമ്പൂർണ്ണമായ സ്വാതന്ത്ര്യമുണ്ട്. മദ്യം, മയക്കുമരുന്ന്, വിഷം, കുന്തം, വാൾ, തോക്ക്, പീരങ്കി, ബോംബ്, തുടങ്ങിയവയെ മനുഷ്യർ നിർമ്മിക്കുന്നതും ധർമ്മശാസ്ത്ര-വിരുദ്ധമായി ഉപയോഗിക്കുന്നതും; പലിശ, നികുതി, ലൈസൻസ്, ഇൻഷുറൻസ്, മത്സരങ്ങൾ, ഹെൽമെറ്റ്, മാസ്ക്, തുടങ്ങിയവ കൊണ്ട് ഭൂമിയുടെ കുഞ്ഞുങ്ങളെ മറ്റു കുഞ്ഞുങ്ങൾ കഷ്ടപ്പെടുത്തുന്നതും സ്വാതന്ത്ര്യത്തെ സ്ഥിതിപരമായ വിധി പ്രകാരം ദുരുപയോഗിക്കലാണ്. സൃഷ്ടിപരമായ വിധി പ്രകാരം ദൈവവും, സ്ഥിതിപരമായ വിധി പ്രകാരം ആത്മാക്കളും ആഗ്രഹിക്കുന്നവയിലെ സൃഷ്ടികാര്യങ്ങളെ നിർവ്വഹിക്കുന്നത് ആറ്റങ്ങളിലെ ഘടകങ്ങളാണ്. മഹാഭരണവും മഹാനീതിയും നടപ്പാക്കുന്നത് ദൈവമായ ഭൂമിയുടെ സ്വത്വവും ജീവികളുടെയെല്ലാം ജീവനുമായ ഓക്സിജനാണ്. ആനന്ദങ്ങളുടെ മഹാകലവറയും നീതി-സംഹാര-ഖര രൂപമായ ഭൂമിയുടെ അംശമായ വസ്തുക്കളും, അവയുടെ രൂപാന്തരമായ ജീവികളുടെ ശരീരാവയവങ്ങളും, പ്രദേശങ്ങളും; ഭൂമിയുടെ ധർമ്മ-സ്ഥിതി-ദ്രാവക രൂപമായ ജലവും; സത്യ-സൃഷ്ടി-വാതക രൂപമായ ഓക്സിജനും കൂടി അവയിൽ ലയിച്ചിരിക്കുന്ന ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും ശരണവും കാലവും മഹാനീതിയുമെല്ലാം കൊണ്ട് ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് ശരീരത്തിലെ അവയവങ്ങളിലൂടെ സ്വഭാവങ്ങളെയും ആവശ്യങ്ങളെയും ആനന്ദങ്ങളെയും സൃഷ്ടിച്ചു നൽകുകയുമാണ്.

## ഇനി, ആറ്റങ്ങളിലെ ഘടകങ്ങൾക്ക് എങ്ങനെയാണ് പ്രവർത്തിക്കാനുള്ള ശക്തികളെ ലഭിക്കുന്നതെന്നും പ്രവർത്തിക്കുന്നതെന്നും വിശദീകരിക്കാം.

**മനുഷ്യന്റെ സ്വത്വമായ ആത്മാവ് വസിക്കുന്ന ശരീരത്തിൽ സംഭവിക്കുന്ന പ്രതിഭാസങ്ങളുടെ പ്രവർത്തനം ശരീരത്തിൽ തന്നെയാണെന്ന് സ്വത്വങ്ങളായ ആത്മാക്കൾക്കു വിശപ്പും ദാഹവും ഭക്ഷണവും ശരീരവളർച്ചയും ചികിത്സയും ശക്തികളും വേദനകളും ആനന്ദങ്ങളും വിശേഷ ബുദ്ധിയും ശാസ്ത്രങ്ങളുമെല്ലാം നൽകുന്ന ശരീരം തന്നെ മനുഷ്യരുടെ ആത്മാക്കളെ അറിയിക്കുന്നുണ്ട്.**

ഏതൊരു പ്രവർത്തനങ്ങളും, പ്രതിപ്രവർത്തനങ്ങളും, 'ഉല്പന്നങ്ങളെ' സൃഷ്ടിക്കുമെന്ന് മൂലകങ്ങൾ തന്നെ മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കളെ പഠിപ്പിച്ചിട്ടുണ്ട്. പാചകം ചെയ്ത ഭക്ഷണം, ഫർണിച്ചർ, ഉപകരണങ്ങൾ, യന്ത്രങ്ങൾ, വാഹനങ്ങൾ തുടങ്ങിയവ ഉദാഹരണങ്ങളാണ്. എല്ലാ മൂലകങ്ങളുടെയും, അവയുടെ രൂപാന്തരമായ ശരീരങ്ങളുടെയും ശവശരീരങ്ങളുടെയുമെല്ലാം സൂക്ഷ്മമായ ആറ്റങ്ങളിലെ അതിസൂക്ഷ്മമായ ഘടകങ്ങളെയും സാന്നിദ്ധ്യത്തെയും പ്രവർത്തനങ്ങളെയും ശാസ്ത്രപരമായി വിശകലനം ചെയ്യാൻ കഴിയണം. പ്രോട്ടോണുകളെ ഇലക്ട്രോണുകൾ എപ്പോഴും ചുറ്റുന്നതിന്റെ കാര്യകാരണങ്ങളെ ശാസ്ത്രപരമായോ യുക്തിഭദ്രമായോ വിശദീകരിക്കാൻ ഭൗതിക തന്ത്രം, രസതന്ത്രം തുടങ്ങിയ മേഖലകളിലെ ശാസ്ത്രജ്ഞർക്ക് ബാദ്ധ്യതയുണ്ട്; ഇല്ല ! അതിസൂക്ഷ്മമായ കാര്യങ്ങളായതു കൊണ്ടാണ് 'യുക്തിഭദ്രമായ' വിശദീകരണത്തെ പരാമർശിച്ചത്. ഊഹാപോഹങ്ങൾക്ക് ഉപരിയായി സത്യങ്ങളെ മാത്രം കണ്ടെത്താനും പ്രചരിപ്പിക്കാനും കഴിയുകയും വേണം.

ഹീലിയത്തിലെ ഒരു ന്യൂട്രോണായ ആത്മാവിന്റെ ഓരോ പകുതിയോടും ഓരോരോ ജന്മത്തിലും നേടുന്ന പുണ്യവും പാപങ്ങളെയും, മഹാനീതിയുടെ ഭാഗമായ തിരുത്തലുകളെയും ശിക്ഷാ-കാര്യങ്ങളെയും നടപ്പാക്കുന്ന ന്യൂനശക്തികൾ ഓരോ ആറ്റത്തിലും ഉണ്ടാകും. മഹാനീതിയിലെ സ്ത്രീ പുരുഷ വ്യത്യാസം, നിറം, സൗന്ദര്യം, മുഖഛായ, ആയുസ്സ്, ആരോഗ്യം, ഉയരം, ബുദ്ധിശക്തി, ഓർമ്മശക്തി, തൊഴിൽ-അഭിരുചി, വിനോദ-അഭിരുചി, ജനനസ്ഥലം തുടങ്ങിയ ജന്മഗുണങ്ങളെ നടപ്പാക്കുന്ന ഘടകങ്ങൾ ജീനുകൾ, ഡിഎൻഎ തുടങ്ങിയ പേരുകളിൽ പ്രവർത്തിക്കുമെന്നത് തീർച്ചയാണ്. ആവക കാര്യങ്ങളെ പിന്നീട് വിശദീകരിക്കുന്നുണ്ട്.

**ശവശരീരം ഉൾപ്പെടെ ഭൂമിയിലെ എല്ലാ വസ്തുക്കളുടെയും ആറ്റത്തിനുള്ളിലെ പ്രവർത്തനങ്ങളിൽ സുപ്രധാനമായത് എപ്പോഴും (ശിവയായ) പ്രോട്ടോണുകളെ, (ശിവനായ) ഇലക്ട്രോണുകൾ ചുറ്റുന്നതാണ് :**
ദൈവം മഹാപ്രപഞ്ചത്തിൽ സ്ഥാപിച്ചിട്ടുള്ള മഹാശാസ്ത്രം പ്രകാരം, രണ്ടു വസ്തുക്കൾ തമ്മിൽ കൂട്ടിമുട്ടുമ്പോഴും, ഒരു വസ്തു വായുവിൽ ചുറ്റുമ്പോഴുമൊക്കെ ശബ്ദം ഉണ്ടാകുന്നതാണ്. നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന ഫാൻ കറങ്ങുമ്പോഴും, യന്ത്രങ്ങൾ കറങ്ങുമ്പോഴും, വാഹനങ്ങൾ ഓടുമ്പോഴുമൊക്കെ ഉണ്ടാകുന്ന ശബ്ദത്തെ ബധിരർ ഒഴികെയുള്ളവർ കേൾക്കുകയും അറിയുകയും അനുഭവിക്കുകയും ചെയ്യുന്ന കാര്യങ്ങളാണ്.

മഹാപ്രപഞ്ചത്തിലെ സർവ്വതും അടിസ്ഥാനപരമായി ആറ്റങ്ങളുടെ അഥവാ അണുക്കളുടെ കൂട്ടമാണെന്നും, ആറ്റത്തിനകത്ത് പ്രോട്ടോണുകളെ സദാസമയവും ഇലക്ട്രോണുകൾ ചുറ്റിക്കൊണ്ടിരിക്കുകയാണെന്നും ശാസ്ത്രജ്ഞർക്ക് പതിറ്റാണ്ടുകൾക്കു മുമ്പു തന്നെ വെളിവായിട്ടുണ്ട്.

**വസ്തുക്കൾ ചുറ്റുമ്പോഴും, യന്ത്രങ്ങൾ കറങ്ങുമ്പോഴും ശബ്ദം ഉണ്ടാകുമ്പോലെ തന്നെ ആറ്റത്തിനുള്ളിലെ ഇലക്ട്രോണുകൾ ചുറ്റുമ്പോൾ ശബ്ദം ഉണ്ടാകുന്നുണ്ടെന്ന് മനുഷ്യർക്ക് വെളിപ്പെട്ടുക്കഴിഞ്ഞ ശാസ്ത്രം പ്രകാരം തീർച്ചയാണ്.**

സൂക്ഷ്മമായ ആറ്റത്തിനകത്തുള്ള ശബ്ദം പുറമെ കേൾക്കണമെങ്കിൽ അതിലും സൂക്ഷ്മമായ മറ്റൊരു സംവിധാനം മനുഷ്യർ കണ്ടെത്തേണ്ടതുണ്ട്. സ്ഥൂലവും സൂക്ഷ്മവുമായ യന്ത്രങ്ങളെയും പ്രവർത്തനങ്ങളെയും അവരോഹണ ക്രമത്തിൽ വിശകലനം ചെയ്യുമ്പോൾ, അവയെല്ലാം കുറഞ്ഞും കൂടിയും ശബ്ദമുണ്ടാക്കുന്നത് അറിഞ്ഞും അനുഭവിച്ചും കഴിയുന്നവരാണ് ഏറെക്കുറെ എല്ലാ മനുഷ്യരും ! അതിസൂക്ഷ്മമായ ആറ്റത്തിനകത്ത് ഇലക്ട്രോണുകൾ പ്രോട്ടോണുകളെ ചുറ്റുമ്പോൾ ശബ്ദം ഉണ്ടാകുന്നത് തീർച്ചയാണ്. അനേകം ശാസ്ത്രജ്ഞർക്കും മറ്റും അതറിയാം. അതിസൂക്ഷ്മമായിരിക്കുന്നതിനെ അറിയാൻ അതി-അതി-സൂക്ഷ്മമായ സംവിധാനങ്ങളെ ഒരുക്കാൻ സാധിക്കുമോ എന്നാണ് പരിശ്രമിക്കേണ്ടത്, എന്നു പറയാൻ കഴിയുമെങ്കിലും ഒരു പരിധി കഴിഞ്ഞാൽ അതി-അതി-സൂക്ഷ്മങ്ങളെ കണ്ടെത്താൻ സാദ്ധ്യമല്ല. എന്നാൽ, കാണാൻ കഴിയാത്ത അവസരത്തിൽ ദൈവമില്ലെന്നും കാണാൻ കഴിയുന്ന അവസരത്തിൽ മാത്രം ദൈവം ഉണ്ടെന്നും, ഇന്ദ്രിയങ്ങളുടെ ഭാഗിക ഉപയോഗം കൊണ്ട് മാത്രം നിശ്ചയിക്കുന്നതു പോലെയുള്ള അവസ്ഥ ഉണ്ടാവരുത്.

തൽക്കാലം ശബ്ദം കേൾക്കാൻ കഴിയാത്തതുകൊണ്ട്, ആറ്റത്തിൽ ശബ്ദം ഉണ്ടാകുന്നില്ല എന്നു കരുതുന്നത് തെറ്റാണ്; ശാസ്ത്രപരമല്ല, ദൈവീകവുമല്ല. ആറ്റത്തിനുള്ളിലെ ഇലക്ട്രോണുകൾ പ്രോട്ടോണുകളെ ചുറ്റുമ്പോൾ ശബ്ദം ഉണ്ടാകുന്നത് ഇലക്ട്രോണുകളോ, പ്രോട്ടോണുകളോ ഇലക്ട്രോണുകളും പ്രോട്ടോണുകളും ചേർന്നോ, ഉണ്ടാക്കുന്നതാവണം എന്നു മാത്രമേ അപൂർണ്ണമായ ഭൗതികശാസ്ത്രം പ്രകാരം കരുതാനാവുകയുള്ളൂ.

**യന്ത്രങ്ങൾ ചുറ്റുമ്പോൾ ശബ്ദം ഉണ്ടാകുന്നത് അറിയുകയും അനുഭവിക്കുകയും ചെയ്യുന്ന മനുഷ്യർ, ശബ്ദം ഉണ്ടാകുന്നില്ലായെങ്കിൽ അഥവാ ചേർക്കപ്പെടുന്നില്ലായെങ്കിൽ അതും പ്രപഞ്ചത്തിന്റെ സ്വഭാവമായി കണക്കാക്കുമായിരുന്നു. യന്ത്രങ്ങൾ പ്രവർത്തിക്കുമ്പോൾ ശബ്ദം ഉണ്ടാകുന്നതിന്റെ മൂല-ഉത്ഭവം ആറ്റത്തിൽ നിന്നാണ് എന്നു സുവ്യക്തമാണ്. എന്നുവെച്ചാൽ സൂക്ഷ്മമായ ആറ്റത്തിൽ ശബ്ദം ഉണ്ട്; അഥവാ ഇലക്ട്രോണുകൾ പ്രോട്ടോണുകളെ ചുറ്റുമ്പോൾ ശബ്ദം ചേർക്കപ്പെടുന്നുണ്ട്.**

മഹാപ്രപഞ്ചം ആറ്റങ്ങളെക്കൊണ്ട് സൃഷ്ടിക്കപ്പെട്ടിരിക്കയാലും, എല്ലാ ആറ്റങ്ങളിലും ഇലക്ട്രോണുകൾ പ്രോട്ടോണുകളെ ചുറ്റുന്ന പ്രവർത്തനം സദാ നടക്കുന്നതിനാലും, എല്ലാ ആറ്റങ്ങളിലും ഉള്ളതോ ഉണ്ടാകുന്നതോ ആയ ശബ്ദം ഒന്നാണെന്ന് ഏറെക്കുറെ തീർച്ചയാണ്.

മഹാശക്തിയായ ദൈവത്തിന്റെ മഹാമായ-യുമായി ബന്ധപ്പെട്ട ശബ്ദം എന്താണെന്നും എങ്ങനെയാണെന്നും ദൈവം വെളിപ്പെടുത്തേണ്ടത്, മഹാമായ-യുമായി ബന്ധപ്പെട്ട സംവിധാനത്തിലൂടെ വേണമോ, അതോ മഹാപ്രപഞ്ച സൃഷ്ടിയുടെ കാരണത്തെപ്പറ്റി ബഹുമാനമില്ലാതെയും എന്തോ ഏതോ പോലെയും അന്വേഷിക്കുന്ന അപൂർണ്ണമായ ഇന്നത്തെ ഭൗതിക ശാസ്ത്ര സംവിധാനത്തിലൂടെ വേണമോ എന്ന് ഏതാനും നിമിഷങ്ങൾ ചിന്തിക്കുക. മഹാശക്തിയായ ദൈവം തന്റെ മഹാമായ കൊണ്ട് മഹാപ്രപഞ്ചത്തെ സൃഷ്ടിച്ചിട്ടുള്ളതു കൊണ്ട് പ്രപഞ്ചത്തിന്റെ മഹാരഹസ്യം പോലെയുള്ള മഹാകാര്യങ്ങളെ വെളിപ്പെടുത്തേണ്ടത് മഹാമായ-യുമായി ബന്ധപ്പെട്ട മഹാസംവിധാനം പ്രകാരം തന്നെയാവണമെന്ന് മനുഷ്യർ തീർച്ചയായും ഉച്ചത്തിൽ പറയുന്നതാണ്, തലതാഴ്ത്തി സമ്മതിക്കുന്നതാണ്.

അതും കൂടാതെ, ശക്തിശിവൻ പ്രണയമന്ത്രം കൂടിയാണ് ഓം എന്നു പ്രസ്താവിക്കുമ്പോൾ ശക്തിയോ ശിവനോ സാക്ഷ്യപ്പെടുത്തണം!

**മഹാശിവയായ മഹാദേവിയുടെ ഭാഗവും, പ്രപഞ്ചപിതാവും, മഹാദാസനും, മഹാദേവനും, പ്രതിനിധിയുമായ പരമശിവനിലൂടെ ആറ്റത്തിനുള്ളിലെ മൂല-ശബ്ദം എന്നുകൂടി വിശേഷിപ്പിക്കാവുന്ന മഹാശബ്ദം എന്താണെന്ന് മഹാദേവി അറിയിക്കുന്നു : ഓം .**

**രണ്ടോ അതിലധികമോ വസ്തുക്കൾ പ്രവർത്തിക്കുമ്പോൾ ശബ്ദമുണ്ടാകുന്നതാണ് എന്ന ഒരു ശാസ്ത്രനിയമത്തെ സൃഷ്ടിച്ചുകൊണ്ട് മഹാശക്തിയായ ദൈവം, ഓം എന്ന ഏകമഹാശബ്ദമായി മാറിക്കൊണ്ട് ആറ്റങ്ങളിലേക്കും മഹാപ്രപഞ്ചത്തിലേക്കും പ്രവേശിക്കുന്ന മഹാത്ഭുതമാണ് സംഭവിക്കുന്നത്.**

മഹാദേവിയായ സ്രഷ്ടാവിനെയും, മഹാശാസ്ത്ര പ്രകാരമുള്ള മഹാപ്രപഞ്ചത്തിന്റെ ദൈവഭാഗത്തെയും ബന്ധിപ്പിക്കുവാനായി ഓം എന്ന മഹാശബ്ദമായി **മായ** ഓരോ ആറ്റത്തിലേക്കും പ്രവേശിച്ചിരിക്കുകയാണ്. ജീവികളുടെ ശരീരം ഉൾപ്പെടെ മഹാപ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളിൽ നിന്നും ഓം മുഴങ്ങുകയും ബധിരർ ഉൾപ്പെടെ എല്ലാവരും മഹാശബ്ദം കേൾക്കുകയും ചെയ്യുന്നതോടെ വിഷയം മഹാ-ഗൗരവമാകുന്നു. ഓരോ ആറ്റത്തിലേക്കും ഓം ആയിട്ട് **മായ** പ്രവേശിച്ചിരിക്കുന്നു എന്നുവച്ചാൽ സ്രഷ്ടാവും രക്ഷകയുമായ മഹാദേവി തന്നെയാണ് പ്രവേശിച്ചിരിക്കുന്നത്.

ആറ്റത്തിലെ ശക്തിയും ശിവയുമായ പ്രോട്ടോണുകളോട് ശബ്ദബ്രഹ്മമായ ഓം ചേരുന്നതോടെ, മഹാശാസ്ത്രവും മഹാപ്രപഞ്ചവും ബ്രഹ്മത്തിന്റെ ആദിയും അന്തവുമില്ലാത്ത മഹാശക്തികളെയും സ്വഭാവങ്ങളെയും പ്രകടിപ്പിക്കുന്നതാണ്. മഹാപ്രപഞ്ചത്തിനുള്ളിൽ ശബ്ദബ്രഹ്മമായ ഓം ആയി വർത്തിച്ചുകൊണ്ടുതന്നെ മഹാപ്രപഞ്ചത്തിന് അതീതമായ അവസ്ഥ സൃഷ്ടിക്കപ്പെടുന്നു. അതായത് ഒരു പരമാണുവിൽ ശബ്ദബ്രഹ്മമായ ഓം ആയി വർത്തിച്ചുകൊണ്ടുതന്നെ മഹാപ്രപഞ്ചത്തിന്റെ സമ്പൂർണ്ണമായ സൃഷ്ടി - സ്ഥിതി - സംഹാരങ്ങളെ നിർവ്വഹിക്കുവാനും, അതു കൂടാതെ മഹാപ്രപഞ്ചത്തിന് ഉള്ളിലോ അതീതമായോ മറ്റു മഹാശാസ്ത്രങ്ങളും മഹാപ്രപഞ്ചങ്ങളും സൃഷ്ടിക്കുവാനും കഴിയുന്ന മഹാമായാ-അവസ്ഥ സൃഷ്ടിക്കപ്പെടുന്നു. മഹാശാസ്ത്രത്തിനും മഹാപ്രപഞ്ചത്തിനും പൂർണ്ണമായ അന്തമില്ലായ്മ ഉണ്ടാവുന്നു, ആദിയില്ലായ്മ തോന്നിപ്പിക്കുകയും ചെയ്യുന്നു.

ആറ്റങ്ങളിലെ പ്രോട്ടോണുകളെ ഇലക്ട്രോണുകൾ എപ്പോഴും ചുറ്റുന്നതും, അതിസൂക്ഷ്മമായ ഘടകങ്ങളുമാണ് ആറ്റങ്ങളുടെ സ്ഥൂലരൂപമായ മൂലകങ്ങളുടെയും സംയുക്തങ്ങളുടെയും, മിശ്രിതങ്ങളുടെയും, അവയുടെ രൂപാന്തരമായ എല്ലാ ജീവികളുടെയും ശരീരാവയവങ്ങളുടെയും, കര-ജല-പ്രദേശങ്ങളുടെയും, അന്തരീക്ഷത്തിന്റെയും വായുവിന്റെയും, അവയിൽ നിന്നെല്ലാമുള്ള അനന്ത-ഉല്പന്നങ്ങളുടെയും 'അനന്തമായ ഗുണങ്ങളാകുന്ന ശക്തികളെയും പ്രവർത്തനങ്ങളെയും' എല്ലായ്പ്പോഴും നിശ്ചയിക്കുകയും, സൃഷ്ടിക്കുകയും, പരിപാലിക്കുകയും, മഹാനീതി നടപ്പാക്കുകയും ചെയ്യുന്നത്.

ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതും 'മഹാസത്യവുമായ ഏകദൈവം', ശിവയും ഭാഗമായ ശിവനുമായി രണ്ടാവാതെ രണ്ടായി ക്കൊണ്ട്, സൂക്ഷ്മമായ ആറ്റങ്ങളും, അതിൽ അതിസൂക്ഷ്മ ഘടകങ്ങളും, പ്രപഞ്ചഭാഗവുമായി അവതരിക്കുന്നതും, ആത്മാക്കളെ സൃഷ്ടിക്കുന്നതും, വേറിട്ട് വിവരിച്ചിട്ടുണ്ട്. ഓരോ ആറ്റത്തിലും സൃഷ്ടി സ്ഥിതി സംഹാരങ്ങളുമായി ബന്ധപ്പെട്ടതും സുപ്രധാനവുമായ ദൈവീക പ്രവർത്തനങ്ങൾ എല്ലായ്പ്പോഴും സംഭവിച്ചു കൊണ്ടിരിക്കുന്നുണ്ട്. സ്രഷ്ടാവിന്റെ മാത്രം അവകാശത്തിലും അധികാരത്തിവും പെട്ട പ്രസ്തുത മഹാനീതികാര്യങ്ങളെ മൂന്നായി തിരിക്കാം.

**1. സൃഷ്ടി പരം.** മഹാശക്തിയായ സ്രഷ്ടാവിന്, യാതൊന്നും ചെയ്യാൻ സൃഷ്ടികളുടെ സഹായം ആവശ്യമില്ല. സ്രഷ്ടാവ് ശക്തി നൽകിയാൽ മാത്രമേ സൃഷ്ടിക്ക് എന്തും ചെയ്യാൻ കഴിയൂ. ആനന്ദങ്ങളുടെ മായാപ്രഭാവത്തെ വിവരിക്കാം :

ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും ഗ്രഹങ്ങളുമെല്ലാം ചേർന്ന പ്രപഞ്ചത്തെയും, മനുഷ്യരും മറ്റുള്ള ജീവികളും ജീവിക്കുന്ന ഭൂമിയെയും, ഭൂമിയിലെ അനന്തമായ വസ്തുക്കളെയും, അവയുടെ അംശമായ തന്മാത്രകളെയും സൂക്ഷ്മ ഘടകമായ ആറ്റങ്ങളെയും, ഓരോ ആറ്റത്തിന്റെ ഉള്ളിലുമുള്ള അതിസൂക്ഷ്മമായ പ്രോട്ടോണുകൾ, ഇലക്ട്രോണുകൾ, ന്യൂട്രോണുകൾ, ക്വാർക്കുകൾ, ബോസോണുകൾ, ഗ്ലൂവോണുകൾ,( ഓം ) തുടങ്ങിയവയെയും ആര്, എങ്ങനെ, എപ്പോൾ സൃഷ്ടിച്ചുവെന്നും, അവയെന്താണ് ചെയ്യുന്നതെന്നും എങ്ങനെയെന്നും, പ്രോട്ടോണുകളെ എപ്പോഴും ഇലക്ട്രോണുകൾ ചുറ്റുന്നതിലെ ശക്തികളും ശാസ്ത്രങ്ങളും എന്തെന്നും മനുഷ്യർക്ക് കണ്ടെത്താൻ കഴിഞ്ഞ ശാസ്ത്രങ്ങൾക്കും ശക്തികൾക്കും ഉത്തരം നൽകാൻ കഴിയില്ല.

'ആനന്ദങ്ങളുടെ മഹാകലവറയായ ഭൂമിയും' അംശമായ പ്രദേശങ്ങളും മൂലകങ്ങളും, രൂപാന്തരമായ ജീവികളുടെ ശരീരങ്ങളും അവയുടെയെല്ലാം സൂക്ഷ്മാംശമായ ആറ്റങ്ങളുമായി ശിവയും ഭാഗമായ ശിവനും അവതരിച്ച്, കുഞ്ഞുങ്ങളായ ആത്മാക്കൾക്ക് അനന്തമായി ആനന്ദിച്ചു ജീവിക്കാൻ ആവശ്യമായതെല്ലാം മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രം പ്രകാരം, മഹാവാത്സല്ല്യത്തോടെ സൃഷ്ടിക്കുകയും നൽകുകയുമാണ്.

ആനന്ദങ്ങളായ വസ്തുക്കളെയും, അവയെ നേടാനുള്ള ഉപാധികളായ ശക്തികളെയും ശാസ്ത്രങ്ങളെയും, പ്രപഞ്ചങ്ങളെയുമെല്ലാം അനന്തമായി സൃഷ്ടിക്കാനും നിലനിർത്താനും കഴിയുന്ന 'ശക്തികൾക്ക് അതീതമായ മഹാസത്യത്തെയും' മഹാപ്രഭാവമായ 'മായ' യെയും മനസ്സിലാക്കാൻ പ്രപഞ്ചത്തിലെ ശക്തികളും ശാസ്ത്രങ്ങളും കൊണ്ട് കഴിയില്ല.

പ്രപഞ്ചത്തിന്റെ സൃഷ്ടിയിലും സ്ഥിതിയാകുന്ന പരിപാലനത്തിലും, പ്രപഞ്ചത്തിന്റെ ഭാഗമായ ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനും ചേർന്ന ആനന്ദങ്ങളായിട്ട് മഹാസത്യവും മഹാശക്തിയുമായ ദൈവം ഭാഗികമായി അവതരിക്കുന്നതിനെ അടുത്തൊരു അദ്ധ്യായത്തിൽ വിശദീകരിക്കുന്നുണ്ട്. മനുഷ്യർ ജീവിക്കുന്ന ഭൂമിയുടെ അംശമായ മൂലകങ്ങളിലും സംയുക്തങ്ങളിലും, അവയുടെ രൂപാന്തരമായ ജീവികളുടെ ശരീരത്തിലെ അവയവങ്ങളിലും ലയിച്ചിരിക്കുന്ന ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരം മനുഷ്യാവസ്ഥയിലെ ആത്മാക്കൾക്ക് ലഭിക്കുന്ന വിശേഷ ബുദ്ധിയെ ഉപയോഗിച്ചാൽ പ്രപഞ്ചത്തിലെ മഹാസത്യങ്ങളെയും ദൈവകാര്യങ്ങളെയും മനസ്സിലാക്കാൻ വളരെ എളുപ്പമാണ്.

ആയിരം കോടിയിലേറെ വർഷങ്ങളായിട്ട് മഹാസത്യമായി നിലനിൽക്കുന്ന പ്രപഞ്ചത്തെയും അതിലെ സംവിധാനങ്ങളെയും സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന ആദിയും അന്തവും ഇല്ലാത്ത മഹാസത്യവും മഹാശക്തിയുമായ ദൈവത്തിന്റെ കാര്യങ്ങളെ ഉചിതമായ സമയത്ത്, മഹാനീതിശാസ്ത്രത്തെ സംരക്ഷിച്ചു കൊണ്ട് ദൈവം തന്നെ നേരിട്ട് മനുഷ്യർക്കു വെളിപ്പെടുത്തുമെന്ന് ലളിതമായി മനസ്സിലാക്കാൻ കഴിയും. ചുവടെയുള്ള മഹാപാഠങ്ങളെ ഏകദൈവമായ ശിവ ഭാഗമാക്കിയ ശിവനിലൂടെ വെളിപ്പെടുത്തുന്നതും ഉടനെ ആരംഭിക്കുന്ന 'ദൈവ വിപ്ലവവും സത്യയുഗവും' സാക്ഷ്യപ്പെടുത്തുന്നുണ്ട്. അങ്ങനെയിരിക്കെ, അസ്തിത്വം പോലും സ്വന്തമായിട്ട് ഇല്ലാത്തവരും വിശേഷ ബുദ്ധിയെ പോലും ദാനമായി ലഭിച്ചവരും അല്പായുസ്സുകളുമായ മനുഷ്യർ, <u>അവർക്കു തോന്നുന്നതു പോലെ</u> ദൈവകാര്യങ്ങളെയും ദൈവത്തിന്റെ ശാസ്ത്രമായ ദൈവശാസ്ത്രത്തെയും പ്രചരിപ്പിച്ചതും ഏറ്റുപാടിയതും 'ദൈവനിന്ദയും പാപവും അപരാധവുമാണ്.'

ആറ്റങ്ങളുടെ സ്ഥൂലരൂപങ്ങളായ മൂലകങ്ങളിലും, സംയുക്തങ്ങളിലും, രൂപാന്തരമായ ജീവികളുടെ ശരീരാവയവങ്ങളിലും, കര-ജലപ്രദേശങ്ങളിലും, മൊത്തമായ ഭൂമിയിലും സംഭവിക്കുന്ന എല്ലാ പ്രതിഭാസങ്ങളുടെയും വിഷയങ്ങളുടെയും കാര്യകാരണങ്ങൾ ആറ്റങ്ങളുടെ ഉള്ളിലെ ശിവയായ പ്രോട്ടോണുകളെ ശിവനായ ഇലക്ട്രോണുകൾ എപ്പോഴും ചുറ്റുന്നതുമായി ബന്ധപ്പെട്ട 'ശിവ-ശിവൻ ശക്തി-ആനന്ദ പരിണാമങ്ങളുടെ' ചാക്രികമായ മഹാ-പ്രവർത്തനങ്ങളും, 'ഓം' പ്രഭാവവും ആണ്.

ചുറ്റുന്നത് ഉൾപ്പെടെ പ്രപഞ്ചത്തിലെ എല്ലാ പ്രവൃത്തികളും പ്രവർത്തനങ്ങളും ശബ്ദത്തോടെ സംഭവിക്കുന്നത് മനുഷ്യർ അനുഭവിച്ചു തന്നെ അറിയുന്ന വസ്തുതയാണ്. എന്നുവെച്ചാൽ ആറ്റങ്ങളിലെ അതിസൂക്ഷ്മമായ പ്രോട്ടോണുകൾ എപ്പോഴും ഇലക്ട്രോണുകളെ ചുറ്റിക്കുന്ന പ്രവർത്തനത്തിലും ശബ്ദം ഉണ്ടാകുന്നുണ്ട്. ശബ്ദം എന്നൊന്ന് ഇല്ലായെങ്കിൽ മനുഷ്യന് ശബ്ദം വിഷയമാവില്ലായിരുന്നു. അതായത് പ്രവൃത്തി നടക്കുമ്പോൾ ശബ്ദം ഉണ്ടാകുന്നത് അറിയുന്നതു പോലെ ശബ്ദം എന്നൊന്നില്ലെങ്കിൽ അതിനെയും പ്രപഞ്ചത്തിന്റെ സ്വഭാവമായി മനുഷ്യർ കണക്കാക്കുമായിരുന്നു! ശബ്ദമില്ലെങ്കിൽ പ്രപഞ്ചം മൂകമാകുമെന്നതും, ശബ്ദമില്ലാത്ത ലോകം ജീവനില്ലാത്തതു പോലെയാണെന്നതും, മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളുടെ ജീവിതത്തിലെ ആനന്ദങ്ങൾ വളരെയധികം നഷ്ടപ്പെട്ട് അർത്ഥശൂന്യമായ അവസ്ഥയിൽ എത്തുമെന്നതും, വിശകലനം ചെയ്താൽ, ജീവികളുടെ ജീവിതത്തെ ആനന്ദകരമാക്കുന്നതിൽ ശബ്ദത്തിനുള്ള അത്യുന്നതമായ സ്ഥാനം മനസ്സിലാക്കാം. അതുകൊണ്ടുതന്നെ പ്രപഞ്ചത്തെയും ജീവികളുടെ ജീവിതത്തെയും അത്യാനന്ദകരമാക്കാനായിട്ട്, 'ഏതൊരു പ്രവൃത്തിയിലും ശബ്ദം ഉണ്ടാകും' എന്നൊരു 'മഹാശാസ്ത്ര നിയമത്തെ' സൃഷ്ടിച്ചു കൊണ്ട് 'മഹാസത്യവും പ്രപഞ്ചത്തിന് അതീതവുമായ ബ്രഹ്മം' പ്രപഞ്ചത്തിലേക്ക് ശബ്ദബ്രഹ്മമായി പ്രവേശിക്കുന്നതായിട്ട് യുക്തിഭദ്രമായി വ്യാഖ്യാനിക്കാൻ കഴിയുന്നതാണ്. 'ബ്രഹ്മമായ' ദൈവത്തിന്റെ മഹാവാത്സല്യം കൊണ്ട് വൈവിധ്യമാർന്ന അനന്തമായ ശബ്ദങ്ങളെ ആസ്വദിക്കാൻ മനുഷ്യർക്ക് ഏറെക്കുറെ സമ്പൂർണ്ണമായും മറ്റുള്ള ജീവികൾക്ക് ഭാഗികമായും ഭാഗ്യം ലഭിച്ചു !

**പ്രപഞ്ചത്തിന്റെ സൂക്ഷ്മ അംശമായ ആറ്റങ്ങളിലെ പ്രോട്ടോണുകളെ ഇലക്ട്രോണുകൾ എല്ലായ്പ്പോഴും ചുറ്റുന്നതിന്റെ കാരണത്തെ വിശേഷ ബുദ്ധിയെ കൊണ്ട് കണ്ടെത്താൻ കഴിയുമോ എന്ന് ഇനി പരിശോധിക്കാം.**

## ॐ ഓ൦ നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

'മഹാസത്യവും പ്രപഞ്ചത്തിന് അതീതവുമായ ബ്രഹ്മം' ഓ൦ എന്ന മഹാശബ്ദമായിട്ട് പ്രപഞ്ചത്തിന്റെ സൂക്ഷ്മ അംശമായ ആറ്റങ്ങളിലേക്ക് പ്രവേശിക്കുമ്പോൾ, പ്രസ്തുത ശബ്ദ ബ്രഹ്മത്തിന്റെ പ്രഭാവം കൊണ്ടാണ് ആറ്റങ്ങളിലെ പ്രോട്ടോണുകളെ ഇലക്ട്രോണുകൾ എല്ലായ്പ്പോഴും ചുറ്റുന്നതെന്ന് വ്യാഖ്യാനിക്കാൻ കഴിയുന്നതാണ്. അപ്പോൾ, ആറ്റങ്ങളിലൂടെ സമസ്ത പ്രപഞ്ചവും എല്ലായ്പ്പോഴും ജീവമായിരിക്കുന്നതിന്റെ കാരണവും കാര്യവും ഒന്നിച്ചു ലഭിക്കുന്നുണ്ട്. മഹായുക്തിഭദ്രമായ വസ്തുതയാണ്.

മഹാശാസ്ത്രത്തിന്റെ മൂലമായി ശബ്ദബ്രഹ്മം അവതരിച്ചിരിക്കുകയുമാണ്. അതുകൊണ്ടുതന്നെ മഹാശാസ്ത്രപരമായി ഖണ്ഡിക്കാൻ കഴിയുന്നതല്ല.

മഹാസത്യവും മഹാശക്തിയുമായ ദൈവത്തിന്റെ ആദിയും അന്തവും ഇല്ലാത്ത മഹാജ്ഞാനത്തിന്റെ ഓഹരിയാണ് 'മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം' എന്നും, മഹാശാസ്ത്രത്തെയും, അന്തമില്ലാത്ത മഹാശക്തികളെയും, ലയിപ്പിച്ചു ചേർത്താണ് ആകാശവും ഭൂമിയും ഉൾപ്പെട്ട മഹാപ്രപഞ്ചമായി മഹാശിവ അവതരിച്ചിരിക്കുന്നതെന്നും തെളിയുമ്പോൾ, യഥാർത്ഥ വേദങ്ങളായ 'ഭൗതിക ധർമ്മ നീതി ശാസ്ത്രങ്ങൾ ചേർന്ന മഹാശാസ്ത്രത്തിന്റെ' ഉല്പത്തിയെപ്പറ്റിയുള്ള സംശയങ്ങളും അവസാനിക്കുന്നതാണ്. വിഷയത്തിലെ യോജിപ്പുകളും, 'മൂലകങ്ങളുടെയും രൂപാന്തരമായ ജീവികളുടെ ശരീരത്തിലെ അവയവങ്ങളുടെയും, സ്വന്തമായ പ്രവർത്തനങ്ങൾ', മഹാശാസ്ത്ര വിരുദ്ധമായ വാദങ്ങളെയെല്ലാം അവസാനിപ്പിക്കുന്നതാണ്.

ശബ്ദമായി പ്രപഞ്ചത്തിലേക്ക് പ്രവേശിക്കുന്ന ബ്രഹ്മത്തെ കേൾക്കാൻ കഴിയുന്നത് 'ഓ൦' എന്നാവുമ്പോൾ 'ശബ്ദ ബ്രഹ്മം' കൂടിയാണ് 'ഓ൦' എന്നു തെളിയുന്നുണ്ട്. സാധാരണമായി കേൾക്കുന്നില്ലല്ലോ എന്ന വസ്തുതയുണ്ട്. എന്നാൽ, മഹാഉചിതമായും മഹാശാസ്ത്രപരമായും എല്ലാ സൃഷ്ടി ചക്രങ്ങളിലും കേൾപ്പിക്കുന്നുണ്ടാവും എന്നു കരുതുന്നതാണ് ഉത്തമം! ആവിധ കാര്യങ്ങളെ കുറ്റങ്ങളും കുറവുകളും ഇല്ലാതെ 'മനുഷ്യൻ', 'ആനന്ദശാസ്ത്രം', 'ഓ൦' തുടങ്ങിയ ദിവ്യമഹാവേദഗ്രന്ഥങ്ങളിൽ മഹാശാസ്ത്രപരമായി തെളിയിച്ചിട്ടുണ്ട്; വിശദീകരിച്ചിട്ടുമുണ്ട്.

'ഓ൦' പ്രഭാവം കൊണ്ടാണ് പ്രപഞ്ചം ജീവമായിരിക്കുന്നതെന്ന് വെളിപ്പെടുത്തുമ്പോൾ, വിശേഷ ബുദ്ധിയെ ലഭിക്കുന്ന മനുഷ്യാവസ്ഥയിലെ ആത്മാക്കൾ മനസ്സിലാക്കേണ്ടതായ മറ്റൊരു വളരെ വലിയ കാര്യമുണ്ട് :-

ഓം എന്ന മഹാശബ്ദമായി 'ബ്രഹ്മം' പ്രപഞ്ചത്തിലേക്ക് പ്രവേശിക്കുന്നതു കൊണ്ടും, ശിവയായ പ്രോട്ടോണുകളെ ശിവനായ ഇലക്ട്രോണുകൾ എപ്പോഴും ഓം എന്ന ശക്തിശിവൻ പ്രണയ മന്ത്രവുമായി ചുറ്റുന്നതു കൊണ്ടുമാണ് പ്രപഞ്ചം ജീവമായിരിക്കുന്നത് എന്ന് തെളിയുമ്പോൾ, ഓം പ്രപഞ്ചത്തിലേക്ക് ഭാഗികമായോ പൂർണ്ണമായോ പ്രവേശിക്കാതിരുന്നാൽ പ്രപഞ്ചത്തിന്റെ പ്രവർത്തനം ഭാഗികമായോ പൂർണ്ണമായോ സ്തംഭിക്കും; ഓടിക്കൊണ്ടിരിക്കുന്ന വാഹനത്തിന് ബ്രേക്ക് ഇടുമ്പോലെ നിൽക്കുകയും നിലയ്ക്കുകയും ചെയ്യും! പ്രപഞ്ചത്തിലേക്ക് ഭാഗികമായോ പൂർണ്ണമായോ ഓം പ്രവേശിക്കുന്നതും, പ്രവേശിക്കാതിരിക്കുന്നതും എന്തുകൊണ്ടാണ്; അങ്ങനെ സംഭവിക്കാമോ; പ്രപഞ്ചം ആരംഭിച്ചിട്ട് ആയിരം കോടിയിലേറെ വർഷങ്ങൾ ആകയാൽ മുമ്പ് സംഭവിച്ചിട്ടുണ്ടോ; തുടങ്ങിയവ വിഷയമാണ്.

ഓം പ്രഥമമായി ആറ്റങ്ങളിലെ ശക്തിശിവൻ പ്രണയമന്ത്രമാണ്; എന്നാൽ സൃഷ്ടികളും കുഞ്ഞുങ്ങളുമായ ആത്മാക്കളോടുള്ള മഹാവാത്സല്ല്യവും മഹാദാസ്യവുമാണ് ശക്തിശിവൻ പ്രണയത്തിനും, പ്രണയ മന്ത്രത്തിനും ആധാരമായിരിക്കുന്നത്. എന്നുവെച്ചാൽ ദൈവത്തിന്റെ സൃഷ്ടികളും കുഞ്ഞുങ്ങളുമായ ജീവികളുടെ (സ്വത്വങ്ങളായ ആത്മാക്കൾ തമ്മിലുള്ള) പ്രണയ ബന്ധങ്ങളുമായിട്ട് ശിവ-ശിവൻ ദൈവ പ്രണയത്തിന് ബന്ധമില്ല. ആറ്റങ്ങളിലെ പ്രധാനപ്പെട്ട 2 ഘടകങ്ങൾ മഹാശക്തിയും ഏകദൈവവും പ്രോട്ടോണുകളുമായ ശിവയും, ഭാഗവും പരമാത്മാവും ശക്തിഹീനനും ഇലക്ട്രോണുകളുമായ ശിവനുമാണ്. പ്രപഞ്ചത്തിലെ ദൈവഭാഗമായി അവതരിക്കുന്നതിനു മുമ്പ് ശിവയുടെയും ശിവന്റെയും സ്വാർത്ഥമായ ആനന്ദം എന്തായിരിക്കണമെന്ന് ഏകദൈവമായ ശിവ നിശ്ചയിച്ചിട്ടുണ്ട്. യഥാക്രമം മഹാവാത്സല്ല്യവും മഹാദാസ്യവുമാണത്. അവയെ ഒന്നിച്ച് ശക്തിശിവൻ പ്രണയം, ശിവ-ശിവൻ പ്രണയം, ശിവശിവ പ്രണയം എന്നെല്ലാം ദൈവീകമായി വിളിക്കാൻ കഴിയും. അർത്ഥവും വ്യാപ്തിയും മറ്റൊന്നാണ്. സൃഷ്ടികളും, ജീവികളുടെ സ്വത്വങ്ങളും കുഞ്ഞുങ്ങളുമായ ആത്മാക്കളെ സൃഷ്ടിക്കുന്നതിനു മുമ്പ് കുഞ്ഞുങ്ങൾക്കെല്ലാം ആനന്ദിച്ചു ജീവിക്കാൻ ആവശ്യമായതെല്ലാം ഭൂമിയിൽ ഒരുക്കുകയും, അതിനു ശേഷം കുഞ്ഞുങ്ങളായിട്ട് ആത്മാക്കളെ സൂര്യനിൽ വച്ചു സൃഷ്ടിക്കുകയും, ശേഷം അനന്തമായ ആനന്ദങ്ങളുടെ മഹാകലവറയും മഹാശക്തിയുമായ ഭൂമിയിൽ കൊണ്ടുവന്ന് ഭൂമിയുടെ അംശമായ മൂലകങ്ങളെ കൊണ്ടുള്ള ശരീരത്തെ സൃഷ്ടിച്ചു നൽകുകയും സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തോടെ അനന്തമായ ആനന്ദങ്ങളെ ആസ്വദിപ്പിച്ച് ഭൂമിയിൽ ജീവിപ്പിക്കുകയുമാണ് ശക്തിയായ ശിവയുടെയും, ഭാഗമായ ശിവന്റെയും മഹാപ്രണയം ഭൂമിയിൽ ചെയ്യുന്നത്.

# ॐ ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

ആത്മാക്കൾ ഭൂമിയിൽ വച്ച് അനുഭവിച്ചറിഞ്ഞ അനന്തമായ ആനന്ദങ്ങളെ ഭൂമിയിൽ നിന്ന് നക്ഷത്ര-ദേവതയായി മോക്ഷം നേടുമ്പോൾ അനന്തകാലം ആസ്വദിപ്പിക്കാനുള്ള മഹാസംവിധാനവും ഓം ലൂടെ ശിവ ഒരുക്കുകയാണ്.

ശവശരീരങ്ങളുടെ ആറ്റങ്ങളിൽ പോലും ശിവയായ പ്രോട്ടോണുകളെ ശിവനായ ഇലക്ട്രോണുകൾ എപ്പോഴും ഓം പ്രണയിച്ചു ചുറ്റേണ്ടുന്നതും ശരീരങ്ങൾ വീണ്ടും മണ്ണിലടിയേണ്ടതും ആത്മാക്കളുടെ ജീവി-ജീവിതത്തിന് ആവശ്യമാണ്. മഹാപ്രപഞ്ചത്തെ ഭാഗികമായോ പൂർണമായോ പ്രവർത്തന രഹിതമാക്കാൻ ശബ്ദബ്രഹ്മം വിചാരിച്ചാൽ മതിയാകുമല്ലോ എന്ന് മനുഷ്യർ ഭയപ്പെടുകയോ ആശങ്കപ്പെടുകയോ ചെയ്താൽ, അങ്ങനെ ചിന്തിക്കുന്നതു തന്നെ തെറ്റാണ്. സൃഷ്ടിയുടെ ഉദ്ദേശം സ്ഥിതിയാണ്; സംഹാരമല്ല. ആദ്യത്തെ മഹാകാലചക്രം എന്ന അദ്ധ്യായത്തിൽ മനുഷ്യരിൽ നിന്നും ദേവതകളായവരിൽ ചിലർ പ്രപഞ്ചത്തെ ഭാഗികമായി സ്തംഭിപ്പിച്ചെന്നു കാണാം. രണ്ടാമത്തെ മഹാകാലചക്രം ആരംഭിച്ചു; ദേവതകളെ പിൻവലിച്ചു കഴിഞ്ഞു; ആകയാൽ, മേലിൽ സൃഷ്ടികളുടെ കോപ്രായങ്ങൾ ഉണ്ടാകില്ല.

**ശക്തികൾ, ശാസ്ത്രങ്ങൾ, സ്വാതന്ത്ര്യം, കാലം, ശരണം, മഹാനീതി തുടങ്ങിയവയെ സൃഷ്ടിയ്ക്കുന്നതും പരിപാലിയ്ക്കുന്നതും ആദ്യം ആറ്റങ്ങളായി ദൈവം അവതരിച്ചു കൊണ്ടാണ്. മഹാസ്ഥൂലമായ മഹാപ്രപഞ്ചത്തിന്റെ സൂക്ഷ്മ അംശമായ ഒരോ ആറ്റത്തെയും സൂക്ഷ്മമായ പ്രപഞ്ചമായിട്ടാണ് ആവിഷ്ക്കരിച്ചിരിക്കുന്നത്. മഹാശൂന്യതയായ ആകാശത്തിന്റെ സൂക്ഷ്മ അംശമായ ശൂന്യത ഓരോ ആറ്റത്തിലുമുള്ളതുകൊണ്ടാണ് ശിവയായ പ്രോട്ടോണുകളെ ചുറ്റാൻ ശിവനായ ഇലക്ട്രോണുകൾക്കു സാധിക്കുന്നത്.**

പ്രോട്ടോണുകളുടെയും ന്യൂട്രോണുകളുടെയും എണ്ണവും അടുക്കലും മറ്റും വ്യത്യാസപ്പെടുത്തിയാണ് വ്യത്യസ്ത മൂലകങ്ങളും സംയുക്തങ്ങളും അനന്ത-ആനന്ദങ്ങളുമായി ദൈവം അവതരിച്ചിരിക്കുന്നത്. ഭൂമിയിൽ ജീവിക്കുന്ന മനുഷ്യർ ഉൾപ്പെടെയുള്ള എല്ലാ ജീവികൾക്കും ജീവിക്കാൻ ആവശ്യമായ (ആനന്ദങ്ങളായ) എല്ലാ വസ്തുക്കളെയും ശരീരാവയവങ്ങളെയും ഒരുക്കുകയും മഹാപരിപാലനം നിർവ്വഹിക്കുകയും ചെയ്യുന്നത് ഭൂമിയുടെ സ്വത്വവും ജീവികളുടെയെല്ലാം ജീവനുമായ ഓക്സിജൻ ആണെന്നതിൽ നിന്ന്, പ്രപഞ്ചത്തിന്റെ ആരംഭത്തിൽ ഓക്സിജൻ തന്നെയാണ് മഹാസത്യവും മഹാശക്തിയുമായ ഭൂമിയിൽ 100 മൂലകങ്ങളെയും അനേക ലക്ഷം സംയുക്തങ്ങളെയും സൃഷ്ടിച്ചതെന്ന് മനസ്സിലാക്കാം.

# ॐ ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

പ്രോട്ടോണുകളുടെയും ന്യൂട്രോണുകളുടെയും എണ്ണവും അടുക്കലും മറ്റും വ്യത്യാസപ്പെടുത്തി ക്കൊണ്ട് പുതിയ മൂലകങ്ങളെയും സംയുക്തങ്ങളെയും സൃഷ്ടിക്കാൻ കഴിയുമെന്ന് ആറ്റങ്ങളുടെ ഉള്ളിലേക്ക് മനുഷ്യർക്ക് ശാസ്ത്ര പഠനം അനുവദിച്ചു കൊണ്ട് ദൈവം വെളിപ്പെടുത്തിയതാണ്. അതിൻ പ്രകാരം ഏതാനും മൂലകങ്ങളെ കൃത്രിമമായി നിർമ്മിക്കാൻ മനുഷ്യരിലെ ശാസ്ത്രജ്ഞർക്ക് കഴിഞ്ഞിട്ടുമുണ്ട്. മനുഷ്യന് കൂടുതൽ ആനന്ദിച്ചു കഴിയാൻ ഉപകരിക്കുന്ന ശാസ്ത്ര പാഠങ്ങളെയും ശക്തികളെയും ഉചിതമായി ഉപയോഗിക്കേണ്ടത് മനുഷ്യരുടെ ആവശ്യമാണ്. ആനന്ദങ്ങളാകുന്ന വസ്തുക്കളിലെ ശക്തികളും ശാസ്ത്ര പാഠങ്ങളും ഉപയോഗിച്ച് ആനന്ദങ്ങളെ വർദ്ധിപ്പിക്കാൻ കഴിയുമെന്നതിന് ആധുനിക ലോകത്തിലെ ഉപകരണങ്ങളും യന്ത്രങ്ങളും വാഹനങ്ങളും കമ്പ്യൂട്ടറും ഇന്റർനെറ്റും മൊബൈൽ ഫോണുകളുമെല്ലാം സാക്ഷ്യമാണ്. ആനന്ദങ്ങളെ വർദ്ധിപ്പിക്കാൻ മാത്രം വസ്തുക്കളിൽ ലയിച്ചിരിക്കുന്ന ശക്തികളെ ഉപാധികളാക്കണം എന്നതിനെ ഉൾക്കൊള്ളാതെ അനേകം മനുഷ്യരും, ആദ്യമഹാകാലചക്രത്തിലെ ദേവതകളും, ഭൂമിയുടെ മറ്റു കുഞ്ഞുങ്ങളെ ദ്രോഹിക്കാനും, ധർമ്മശാസ്ത്ര വിരുദ്ധമായി ആയുധങ്ങളെ നിർമ്മിക്കാനും, തമ്മിലടിക്കാനും യുദ്ധം ചെയ്യാനുമെല്ലാം തയ്യാറായതാണ് അപരാധമായത് !

**ഏകദൈവമായ മഹാശിവയുടെയും ഭാഗമായ ശിവന്റെയും, പ്രോട്ടോൺ ഇലക്ട്രോൺ ന്യൂട്രോൺ ക്വാർക്ക് ബോസോൺ ഗ്ലൂവോൺ തുടങ്ങിയ അതിസൂക്ഷ്മമായ അംശങ്ങളാണ് 'സൂക്ഷ്മപ്രപഞ്ചങ്ങളായ ആറ്റങ്ങളുടെ സ്ഥൂലമായ മൂലകങ്ങൾ, സംയുക്തങ്ങൾ, കര-ജല-വാതക-പ്രദേശങ്ങൾ; മഹാസ്ഥൂലമായ ആകാശം, ഭൂമി, സൂര്യൻ, ചന്ദ്രൻ, എന്നിവയായ ആനന്ദങ്ങളും ഉപാധികളായ ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും കാലവും ശരണവും മഹാനീതിയുമെല്ലാമായി അവതരിച്ചു കൊണ്ട്,** പ്രപഞ്ചത്തിലെ 'സൃഷ്ടികളായ ജീവികളും സ്വത്വങ്ങളുമായ ആത്മാക്കൾ, മോക്ഷമായ നക്ഷത്ര-ദേവതകൾ, ആദ്യമഹാകാലചക്രത്തിലെ പ്രത്യേക ദേവതകൾ', എന്നിവയുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ നിർവ്വഹിക്കുന്നത്.

ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് തജ്ജന്മത്തിലെ ആവശ്യങ്ങൾക്കു നൽകിയിരിക്കുന്ന ശരീരത്തിന്റെ നിർമ്മിതിയിൽ അടിസ്ഥാന പരമായി പങ്കില്ലെങ്കിലും ഡിഎൻഎ ഉൾപ്പെടെയുള്ള ഘടകങ്ങളെ വസ്തുക്കളിൽ ഉൾപ്പെടുത്തുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുന്നത് ആത്മാക്കളുടെ ആവശ്യങ്ങളെയെല്ലാം സൂക്ഷ്മപ്രപഞ്ചമായ ആറ്റങ്ങളിലൂടെ നിർവ്വഹിക്കുന്ന ദൈവീകതയാണ്.

ദൈവം അനന്ത-ആനന്ദങ്ങളായ പ്രപഞ്ചഭാഗമായി അവതരിക്കുമ്പോൾ, ആനന്ദങ്ങളെ സമ്പൂർണ്ണമാക്കുവാനും, കുറ്റങ്ങളും കുറവുകളും ഇല്ലാതെ ആത്മാക്കളെ പരിപാലിക്കുവാനും സംരക്ഷിക്കുവാനും, സമആനന്ദമായ മഹാനീതിയെ നടപ്പാക്കുവാനും കാലത്തെയും വേദനകളെയുമെല്ലാം സൃഷ്ടിച്ച് ആനന്ദങ്ങളായ പ്രപഞ്ചത്തോട് കൂട്ടിച്ചർക്കേണ്ടതുണ്ട്. ആകാശവും ഭൂമിയും ചേർന്ന സ്ഥൂലപ്രപഞ്ചത്തിൽ ഉണ്ടാകണമെന്നു കരുതുന്ന ഗുണങ്ങളാകുന്ന ശക്തികളെ യഥാർത്ഥത്തിൽ കൂട്ടിച്ചേർക്കുന്നതും പ്രവർത്തിപ്പിക്കുന്നതും ആറ്റങ്ങളിലാണ്. ഉദാഹരണത്തിന് ഭക്ഷണം കഴിക്കാനും രുചിക്കാനും ആസ്വദിക്കാനും ദഹിക്കാനുമെല്ലാം സമയത്തെ ഘടകമാക്കണം. സമയത്തിന് അന്തമില്ലാത്ത അവസ്ഥ ഉണ്ടായാൽ മറ്റ് ആനന്ദങ്ങളെ നേടാനും അനുഭവിക്കാനും ആസ്വദിക്കാനും തടസ്സമുണ്ടാകും. ഭൂമിയുടെ അംശമായ മൂലകങ്ങളും സംയുക്തങ്ങളും മിശ്രിതങ്ങളും അവയുടെ രൂപാന്തരമായ ജീവികളുടെ ശരീരത്തിലെ അവയവങ്ങളുമെല്ലാം നൽകുന്ന ശക്തികൾ കൊണ്ട് പ്രവൃത്തികൾ ചെയ്യുമ്പോൾ ശരീരത്തിലെ ശക്തികളുമായി (ഊർജ്ജവുമായി) ബന്ധപ്പെട്ട് കാലവും ക്ഷീണവും വിശ്രമവുമെല്ലാം ആത്മാക്കൾക്ക് സൃഷ്ടിച്ചു നൽകണം തുടങ്ങിയ കാര്യങ്ങളുണ്ട്. ആനന്ദങ്ങളാകുന്ന ഭൂമിയിലെ വസ്തുക്കളിൽ 'കാലത്തെ' ക്കൂടി സൃഷ്ടിക്കുകയും ചേർക്കുകയും ചെയ്താൽ മാത്രമേ ആനന്ദം സമ്പൂർണ്ണമാവുകയുള്ളൂ. ഗൗരവമായ വിഷയങ്ങളാണവ :-

(1) ഭക്ഷണ പാനീയങ്ങളും മറ്റും ആത്മാക്കൾക്കു നൽകുന്ന ഭക്ഷണ-രുചി ആനന്ദങ്ങളും സംതൃപ്തിയും സന്തോഷവും (2) സംഗീത -ആസ്വാദനവും, (3) കാമ-ആനന്ദവുമെല്ലാം പൂർണ്ണമാകുന്നത് 'കാലം' ചേരുമ്പോഴാണ്. ഒരു നിമിഷം കൊണ്ട് ഭൂമിയിലെ എല്ലാ പ്രവൃത്തികളും പ്രവർത്തനങ്ങളും പൂർത്തിയായാൽ, അവയുമായി ബന്ധപ്പെട്ട ആനന്ദങ്ങളെ സമ്പൂർണ്ണമായി ആസ്വദിക്കാൻ മനുഷ്യാവസ്ഥയിലെ ആത്മാക്കൾക്ക് സാധിക്കില്ല.

**മഹാശക്തിയായ ഭൂമി സ്വയം ചുറ്റിയും, അതോടൊപ്പം സൂര്യനെക്കൂടി ചുറ്റിയും പകലും രാത്രിയും ഉൾപ്പെടെ കാലത്തെയും കാലഗണനകളെയും മഹാഉചിതമായി സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്നത് മനുഷ്യർ അറിഞ്ഞും അനുഭവിച്ചും ആസ്വദിച്ചും കഴിയുന്ന പൊതു കാര്യങ്ങളാണ്. ഭൂമി സ്വയം ചുറ്റിയും ഒപ്പം സൂര്യനെക്കൂടി ചുറ്റിയും കാലത്തെയും കാലഗണനകളെയും സൃഷ്ടിച്ചിരിക്കുന്നതിന്റെ മൂലവും ആറ്റങ്ങളിലാണ്.**

ശാസ്ത്ര സാങ്കേതിക മേഖലകളിൽ വളരെയധികം മുന്നേറ്റം ഉണ്ടായെങ്കിലും, ശവശരീരങ്ങൾ ഉൾപ്പെടെ എല്ലാ വസ്തുക്കളുടെയും ആറ്റങ്ങളിൽ എപ്പോഴും പ്രോട്ടോണുകളെ ഇലക്ട്രോണുകൾ ചുറ്റുന്നതിന്റെ കാര്യകാരണങ്ങളെ വിശദീകരിക്കാൻ എന്തുകൊണ്ട് കഴിയുന്നില്ല എന്നത് അതീവ ഗൗരവമാണ്. ആദിയും അന്തവും ഇല്ലാത്തതും മഹാശൂന്യതയുമായ ആകാശത്തിൽ, മഹാഭീമവും മഹാഭാരവുമുള്ള ഭൂമിയും സൂര്യനും ചന്ദ്രനുമെല്ലാം സ്ഥിതി ചെയ്യുന്നതിനെ മനുഷ്യർ വിശകലനം ചെയ്യേണ്ടിയിരുന്നു. മഹാത്ഭുതമാണവ. തേങ്ങയും മാങ്ങയും ചക്കയുമെല്ലാം വൃക്ഷങ്ങളിൽ നിന്ന് താഴേക്ക് പതിക്കുന്നത് കണ്ടും അനുഭവിച്ചും ആസ്വദിച്ചും പരിചയിച്ച മനുഷ്യർക്ക് അന്തരീക്ഷത്തിൽ ചുറ്റുനൃത്തം ചെയ്യുന്നതായി വിശേഷിപ്പിക്കാവുന്ന ഭൂമിയുടെയും ചന്ദ്രന്റെയുമെല്ലാം ചലനങ്ങളെ വിശദീകരിക്കാൻ അവയെല്ലാം എന്താണെന്ന് ആദ്യം മനസ്സിലാക്കാൻ കഴിയണം. ചലനങ്ങളും അങ്ങനെ തന്നെ! മഹാമായയെ മനസ്സിലാക്കാൻ ഉപകരിക്കുന്ന വസ്തുതകളാണവ. അതായത് ഭൂമിയുടെ കറക്കത്തിന്റെ കാരണവും ആറ്റങ്ങളുടെ ഉള്ളിലുണ്ട്. ജീവികളുടെ ആനന്ദങ്ങളെ വർദ്ധിപ്പിക്കാനായിട്ട് തണുപ്പുകാലം, മഞ്ഞുകാലം, വേനൽക്കാലം, മഴക്കാലം, വസന്തകാലം തുടങ്ങിയ കാലങ്ങളെയും കാലഗണനകളെയും ഉൾപ്പെടെ സർവ്വവും അടിസ്ഥാന പരമായി ഒരുക്കുന്നത് ആറ്റങ്ങളിലാണ്. പ്രോട്ടോണുകളെ ഇലക്ട്രോണുകൾ എപ്പോഴും ചുറ്റുമ്പോൾ, ആനന്ദങ്ങളാകുന്ന വസ്തുക്കളിലും അവയുടെ രൂപാന്തരമായ ജീവികളുടെ ശരീരത്തിലെ അവയവങ്ങളിലും, അവയുടെ മൊത്തമായ ഭൂമിയിലും 'കാലം' ചേർക്കപ്പെടുകയാണ്.

ശിവയും ഭാഗമായ ശിവനും ചേർന്ന് ഉണ്ടായിട്ടുള്ള ആദിയും അന്തവും ഇല്ലാത്ത മഹാശൂന്യതയും മഹാശിവലിംഗവും സൃഷ്ടി സ്ഥിതി സംഹാര പാത്രവുമായ ആകാശത്തിൽ ദൈവഭാഗമായി അവതരിച്ചിട്ടുള്ള ഭൂമിയെയും സൂര്യനെയും ചന്ദ്രനെയും താങ്ങി നിർത്തുന്നതും

# അനന്തമായ ആനന്ദങ്ങളായിട്ട്

പ്രവർത്തിപ്പിക്കുന്നതും പ്രവർത്തിക്കുന്നതും അവ തന്നെയാണ് !

മഹാമാതാപിതാക്കളായ ശിവയുടെയും ശിവന്റെയും കുഞ്ഞുങ്ങളും സൃഷ്ടികളുമായ ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളെയും, അവയുടെ മോക്ഷമായ നക്ഷത്ര-ദേവതകളെയും പരിപാലിക്കുന്നത് ഏകദൈവമായ ശിവയും ഭാഗമായ ശിവനുമാണ്. ആദ്യമഹാകാലചക്രത്തിലെ ദേവതകൾ ഏറെയും വഴിപിഴച്ചു; ആദ്യ മഹാകാല ചക്രത്തിലേക്കു മാത്രമായിട്ടാണ് ദേവതകളെ നിയമിച്ചത്. എല്ലാവരെയും പിൻവലിച്ചും കഴിഞ്ഞു!

പ്രപഞ്ച സൃഷ്ടിയുടെ ആരംഭത്തിനു ശേഷം നിത്യജീവിതത്തിൽ, സൂക്ഷ്മ പ്രപഞ്ചങ്ങളായ ആറ്റങ്ങളുടെ ഉള്ളിൽ ഏകദൈവമായ ശിവയും, ഭാഗമായ ശിവനും എപ്പോഴും പ്രവർത്തിക്കുന്നതു കൊണ്ടാണ് വസ്തുക്കളുടെയും ജീവികളുടെയും സൃഷ്ടിയും സ്ഥിതിയും മഹാനീതിയും നടപ്പാകുന്നത് !

**'അനന്തമായ ജീവികളുടെയും അവയുടെ വർഗ്ഗങ്ങളുടെയും' ശരീരങ്ങളിലെ വ്യത്യസ്ത അവയവങ്ങളും കോശങ്ങളുമായി പരിണമിച്ചിരിക്കുന്നത് 'ദൈവത്തിന്റെ മഹാരൂപവും അനന്ത-ആനന്ദങ്ങളുമായി അവതരിച്ചിരിക്കുന്ന മഹാശക്തിയായ ഭൂമിയുടെ അംശങ്ങളും ആനന്ദങ്ങളുമായ മൂലകങ്ങളും സംയുക്തങ്ങളുമാണ്.' ജീവികളുടെ ശരീരകോശങ്ങൾ ഉൾപ്പെടെ എല്ലാ വസ്തുക്കളുടെയും സൂക്ഷ്മമായ ആറ്റങ്ങളിൽ 'ജീവികളുടെ ആത്മാക്കൾക്കു' വേണ്ടി എല്ലായ്പ്പോഴും പുതിയ കോശങ്ങളുടെ സൃഷ്ടിയും, സ്ഥിതിയായ പരിപാലനവും, മഹാനീതിയും നിർവ്വഹിച്ചുകൊണ്ടിരിക്കുകയാണ്.**
അടുത്തൊരു അദ്ധ്യായത്തിൽ ബ്രഹ്മം, ഭദ്രകാളി, ശിവ, തുടങ്ങിയ മഹാനാമങ്ങളെ സ്വീകരിച്ചു കൊണ്ടും ശിവനെ ഭാഗമായി ഒരുക്കിയും കൂടെ ചേർത്തും പ്രപഞ്ചസൃഷ്ടി നടത്തുന്നതും, പ്രപഞ്ചത്തിന്റെ ഭാഗമായി സ്വയം അവതരിക്കുന്നതും മറ്റും യുക്തിഭദ്രമായി വിവരിക്കുന്നുണ്ട്. പ്രപഞ്ചത്തിനു മുമ്പുള്ള കാര്യങ്ങളിൽ, പ്രപഞ്ചശാസ്ത്രത്തിനല്ല; യുക്തിക്കാണു സ്ഥാനം!

ഭൂമിയുടെ അംശമായ മൂലകത്തിന്റെ എല്ലാ ഗുണങ്ങളും ഉപാധികളായ ശക്തികളും ചേർന്ന ഏറ്റവും ചെറിയ അടിസ്ഥാന ഘടകമാണ് ആറ്റം. 100 മൂലകങ്ങൾ കൊണ്ട് അനേകം ലക്ഷം സംയുക്തങ്ങളും ജീവികളുടെയെല്ലാം ശരീരത്തിലെ അവയവങ്ങളും അവയിലെ അനന്ത കോടി കോശങ്ങളും സൃഷ്ടിച്ചു കൊണ്ട് 1000 കോടി + ഏറെക്കുറെ 4500 വർഷങ്ങൾക്കു മുമ്പ് ആരംഭിച്ചതായ പ്രപഞ്ചത്തിൽ മഹാശാസ്ത്രവിരുദ്ധമായ ചിന്തകളും ആശയങ്ങളും വാക്കുകളും പ്രവൃത്തികളും വർദ്ധിക്കാനുള്ള മുഖ്യ കാരണം, ഇന്നത്തെ മനുഷ്യരിലെ അനേകർക്ക് സമാനമായി 1000 കോടി വർഷങ്ങൾ നീണ്ട ആദ്യ മഹാകാലചക്രത്തിലെ മനുഷ്യരിൽ നിന്നും നക്ഷത്ര-മോക്ഷത്തിലെ ദേവതകളായി പദവികളെ നേടിയവർ ക്രമേണ ധർമ്മശാസ്ത്ര വിരുദ്ധമായ പ്രവൃത്തികളിലൂടെ ദുർദ്ദേവതകളായി പരിണമിച്ചതും അവർക്കു ലഭിച്ച മായാശക്തികളെ ദുരുപയോഗം ചെയ്തതും, ദുർദ്ദേവതകളിലെ 2 പേർ ദൈവമാകാൻ ശ്രമിച്ചതും, മനുഷ്യർ ഇന്നറിയുന്ന 118 എണ്ണമായി മൂലകങ്ങളെ വർദ്ധിപ്പിച്ചതുമായ പാപങ്ങളാണ്. 'ആദ്യമഹാകാലചക്രം' അദ്ധ്യായത്തിൽ മറ്റു ചില കാര്യങ്ങളെ ചേർക്കാം!

രണ്ടാമത്തെ മഹാകാലചക്രത്തിലെ ആദ്യത്തെ സൃഷ്ടി ചക്രമായ ഇപ്പോഴത്തെ സൃഷ്ടിചക്രത്തിൽ ഉടനെ 'ദൈവ വിപ്ലവം' ആരംഭിക്കുമ്പോൾ മനുഷ്യരൂപത്തോടെ മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-വർണ്ണ-ദേശ ജീവികളായി ഭാവിച്ചു ജീവിക്കുന്നവർ പെട്ടെന്നു തന്നെ തിരുത്തി മനുഷ്യരാകുന്നതാണ്. സൂക്ഷ്മ-പ്രപഞ്ചങ്ങളും ആറ്റങ്ങളുമായ ദൈവാംശങ്ങൾ ശരീരത്തിലെ അവയവങ്ങളിലൂടെയും കോശങ്ങളിലൂടെയും മഹാവാത്സല്ല്യത്തോടെ നൽകിപ്പോരുന്ന വിശേഷ ബുദ്ധിയെ ഉചിതമായി / ശാസ്ത്ര പരമായി ഉപയോഗിക്കാതെ, ആറ്റങ്ങളും സ്ഥൂലമായ വസ്തുക്കളും നൽകുന്ന ശാസ്ത്ര സാങ്കേതിക സൗകര്യങ്ങളാകുന്ന ആനന്ദങ്ങളെ നേടാനും അനുഭവിക്കാനും ആസ്വദിക്കാനും ഉത്സാഹിക്കുകയും, ഉപാധികളായ ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയും ദുരുപയോഗം ചെയ്ത് ഭൂമിയുടെ മറ്റു കുഞ്ഞുങ്ങളെയും ദ്രോഹിക്കുകയും ചെയ്യുന്ന പാപികളെ മഹാവാത്സല്ല്യത്തോടെ മഹാമാതാവായ ശിവ, മഹാപിതാവായ ശിവനിലൂടെ മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രം പ്രകാരം ശിക്ഷിച്ചു തന്നെ തിരുത്തിയെന്നും വരാം!

ആയിരം കോടി വർഷങ്ങൾ നീണ്ട ആദ്യത്തെ മഹാകാല ചക്രത്തിലെ ഭരണവുമായി ബന്ധപ്പെട്ട കാര്യങ്ങളെ ദേവതകളെയും മനുഷ്യരെയും തന്നെ ഏല്പിച്ചു കൊണ്ട് എല്ലാ സൃഷ്ടികളുടെയും മഹാദാസരായ പശുവും പശുപതിയുമായി മഹാസത്യവും സൃഷ്ടി സ്ഥിതി സംഹാര കർത്താവുമായ ഏകദൈവം സൃഷ്ടികളും കുഞ്ഞുങ്ങളുമായ ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളെ മഹാവാത്സല്ല്യത്തോടെ സേവിച്ചത് കുഞ്ഞുങ്ങൾക്കു വേണ്ടിയുള്ള മഹാപദ്ധതിയാണ്. രണ്ടാമത്തെ മഹാകാല ചക്രം മുതൽ മഹാമാതാവായ ശിവയും ഭാഗമായ ശിവനും മഹാപ്രപഞ്ചത്തിന്റെ മഹാഭരണവും മഹാനീതിയും നേരിട്ട് ഏറ്റെടുക്കുമ്പോൾ, മണ്ണായ ഭൂമിയിൽ ലയിച്ചിരിക്കുന്ന മഹാനീതി ശാസ്ത്രമായ ഓംകാര നീതിശാസ്ത്രത്തിലെ നിയമങ്ങളെ അറിഞ്ഞ് കുഞ്ഞുങ്ങളായ ആത്മാക്കൾ ഭയക്കാതിരിക്കാനും മഹാമാതാവായ ദൈവം മഹാവാത്സല്ല്യമാണെന്ന് ബോദ്ധ്യപ്പെടുത്താനുമാണ്.

ആയിരം കോടി വർഷങ്ങൾ നീണ്ട ആദ്യത്തെ മഹാകാല ചക്രം മുഴുവൻ സൃഷ്ടികളും പൊന്നോമന കുഞ്ഞുങ്ങളുമായ മനുഷ്യരുടെയും, സൃഷ്ടികളുടെ മനുഷ്യാവസ്ഥയിലെ നക്ഷത്ര-മോക്ഷമായ ദേവതകളുടെയും, അവരിൽ നിന്നും പ്രപഞ്ചത്തിന്റെ മഹാഭരണം നിർവ്വഹിക്കാൻ ചുമതലപ്പെടുത്തിയ അനേകായിരം ദേവതകളുടെയും മഹാദാസരായിട്ട് പ്രപഞ്ചത്തിന് അതീതമായ മഹാസത്യവും മഹാശക്തിയും ഏകദൈവവും മഹാമാതാവുമായ ശിവയും, ഭാഗവും മഹാപിതാവും പരമാത്മാവുമായ ശിവനും മഹാസേവനം അനുഷ്ഠിച്ചത് എക്കാലത്തെയും ചരിത്രമാകും!

പരബ്രഹ്മമായ ദൈവത്തിന്റെ സൂക്ഷ്മാംശവും സൂക്ഷ്മപ്രപഞ്ചവുമായ ആറ്റങ്ങളെയും, ഓം -നെയും ചുവടെ കുറച്ചുകൂടി വിശദീകരിക്കുന്നു.

## പ്രപഞ്ചത്തിലെ സമസ്ത ആറ്റങ്ങളിലും ശക്തി എവിടെ നിന്നും വരുന്നെന്നു കണ്ടെത്താൻ ലളിതമായ മാർഗ്ഗമുണ്ട്.

ദൈവം, ശബ്ദത്തെയും ശക്തികളെയും മഹോന്നതമായി ലയിപ്പിച്ച് ഉയർത്തിയിട്ടുണ്ട്. ജീവിതത്തെ ഏറ്റവും ആനന്ദകരമാക്കുന്നത് ശബ്ദമാണ്; മഹാപ്രപഞ്ചത്തിൽ ശബ്ദം എന്നൊന്ന് ഇല്ലെന്നു വന്നാൽ മനുഷ്യർ ഉൾപ്പെടെ എല്ലാ ജീവികളുടെയും ജീവിതം അരോചകവും അർത്ഥശൂന്യം പോലെയുമാകും. സ്വയം വിശകലനം ചെയ്ത് ബോദ്ധ്യപ്പെടാനാവും. പ്രപഞ്ചത്തിലെ ആനന്ദങ്ങളായി അവതരിക്കുന്ന ദൈവത്തിന്റെ ആദിയും അന്തവും ഇല്ലാത്ത ശക്തികളെ ബന്ധിപ്പിച്ചിരിക്കുന്നത് ശബ്ദവുമായിട്ടാണ്. ഉദാഹരണത്തിന്, തെങ്ങിൽ നിന്നും തേങ്ങ താഴെ വീഴുമ്പോഴും, കാറ്റ് വീശുമ്പോഴും, മഴ പെയ്യുമ്പോഴും, രണ്ടു വസ്തുക്കൾ കൂട്ടിമുട്ടുമ്പോഴും, ഫാൻ പോലെയുള്ളവ വായുവിൽ ചുറ്റുമ്പോഴും, വ്യവസായ ശാലകളിലും മറ്റും യന്ത്രങ്ങൾ കറങ്ങുമ്പോഴും, വാഹനങ്ങൾ ഓടുമ്പോഴും ശക്തിക്ക് അഥവാ ഊർജ്ജത്തിന് പരിണാമം ഉണ്ടാകുന്നതും; അക്കൂടെ ശബ്ദം ഉണ്ടാകുന്നതും അനുഭവിച്ചറിയുന്ന കാര്യമാണ്. പ്രവൃത്തികളും പ്രവർത്തനങ്ങളും നടക്കുമ്പോഴും, ഊർജ്ജത്തിന് പരിണാമം സംഭവിക്കുമ്പോഴും, മുമ്പ് സൂചിപ്പിച്ചതു പോലെ ശബ്ദം ഉണ്ടായില്ലെങ്കിൽ, അതിനെയും പ്രപഞ്ചത്തിന്റെ സ്വഭാവമായി കണക്കാക്കുമായിരുന്നു.

### 'ശബ്ദം' ഊർജ്ജമോ ഉല്പന്നമോ ഉപോല്പന്നമോ അല്ല.

'ആദിയിൽ വചനം ഉണ്ടായി, .. വചനം ദൈവം ആയിരുന്നു", "ഉണ്ടാകട്ടെ" തുടങ്ങിയ വചനങ്ങൾ ദൈവീകമാണ്; അവയെ മഹാശാസ്ത്ര പരമായി വിശദീകരിക്കേണ്ടതുണ്ട്. മറ്റുള്ള ജീവികളും, മനുഷ്യരും, യന്ത്രങ്ങളുടെ പ്രവർത്തനവും, ശബ്ദങ്ങളെ ഉണ്ടാക്കുന്നതായി കരുതിയാൽ തെറ്റാണ്. പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളുടെയും ആറ്റങ്ങളിലുള്ള ശക്തിശിവൻ പ്രണയമന്ത്രവും, ആദിവചനവും, സൃഷ്ടി മന്ത്രവും, ശബ്ദ ബ്രഹ്മവും ഒക്കെയായ ഏകമഹാശബ്ദത്തിന് ഓരോ ശീർഷകത്തിനും യോജിച്ച മഹാവിപുലമായ അർത്ഥങ്ങളുള്ളതു കൂടാതെ; എല്ലാ ജീവികളുടെയും ജീവിതത്തെ അത്യാനന്ദകരവും മഹാസുന്ദരവുമാക്കുന്ന അനന്തമായ ശബ്ദങ്ങൾ ഉണ്ടാവുകയാണ്. എല്ലാ ജീവികളുടെയും സ്വത്വങ്ങളായ ആത്മാക്കളുടെ ജീവിതത്തെയും, ദൈവാംശമായ മൂലകങ്ങളയും ശരീരങ്ങളെയും ബന്ധിപ്പിച്ചുള്ള മഹാആവിഷ്ക്കാരമാണത്.

# ഓം

## ഓം എന്നാലെന്താണ് ?

"ശക്തിശിവൻ പ്രണയമന്ത്രം" ആണ് "ഓം".
"ശബ്ദബ്രഹ്മം" ആണ് "ഓം".
"അക്ഷരബ്രഹ്മം" ആണ് "ഓം".
"മഹാശാസ്ത്ര മൂലം" ആണ് "ഓം".
"ആദിവചനം" ആണ് "ഓം".
"സൃഷ്ടിമന്ത്രം" ആണ് "ഓം".
"സംഹാര കാഹളം" ആണ് "ഓം".
"ഏക മഹാശബ്ദം " ആണ് "ഓം".
"മഹാസൂക്ഷ്മ ശബ്ദം " ആണ് "ഓം".
"സർവ്വദേശ ഭൂമിഗാനം" ആണ് "ഓം".
"ദൈവ-വിപ്ലവ ഗാനം" ആണ് "ഓം".
"മഹാസംഗീതം" ആണ് "ഓം".
"ദൈവത്തിന്റെ മഹാചിരി" ആണ് "ഓം".

മഹാശാസ്ത്രപരം കൂടിയാണ് **ഓം** എന്ന്, **ഓം** എന്ന അക്ഷരബ്രഹ്മത്തിന്റെ യഥാർത്ഥ ലിപി വ്യക്തമാക്കുന്നുണ്ട്. മുകളിലെ ഓരോന്നും ഈ ദിവ്യമഹാവേദ ഗ്രന്ഥത്തിൽ പിന്നീട് വിശദീകരിക്കുന്നുണ്ട്. പ്രപഞ്ചസൃഷ്ടിയുമായി ബന്ധപ്പെട്ടതും, പ്രപഞ്ചത്തിലെ സമസ്ത ആറ്റങ്ങളിലെയും പ്രോട്ടോണുകളായ ശിവയെ ചുറ്റാൻ ഇലക്ട്രോണുകളായ ശിവന് എങ്ങനെ ശക്തി ലഭിക്കുന്നുവെന്ന് മഹാശാസ്ത്രപരമായി വിശദീകരിക്കുന്നതുമായ ഒരല്പഭാഗം മാത്രമാണ് ചുവടെ ചേർക്കുന്നത്.

## ഓം : ശക്തി-ശിവൻ പ്രണയ മന്ത്രം; ശിവശിവ പ്രണയ മന്ത്രം.

സൃഷ്ടികളും കുഞ്ഞുങ്ങളുമായ ആത്മാക്കളെ സൃഷ്ടിക്കുന്നത് ശിവലിംഗമായ ആകാശത്തിൽ വച്ചാണ്. അനന്തമായ ആനന്ദങ്ങളെ അനുഭവിച്ച് ജീവികളായിട്ട് ഭൂമിയിലും, നക്ഷത്ര-ദേവതയായി മോക്ഷം നേടുമ്പോൾ വീണ്ടും ആകാശത്തിലും അനന്തകാലം ജീവിക്കാനുമാണ്. ആത്മാക്കൾ അനന്തമായ ആനന്ദങ്ങളെ ആസ്വദിച്ചു ജീവിക്കുകയാണു ചെയ്യുന്നത്. അടുത്തൊരു അദ്ധ്യായത്തിൽ വിശദീകരിക്കുന്നുണ്ട്.

സൃഷ്ടികളും കുഞ്ഞുങ്ങളുമായ ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്കു വേണ്ടി, പ്രപഞ്ചത്തിലെ ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനും ചേർന്ന ദൈവഭാഗവും അനന്തവുമായ ആനന്ദങ്ങളായി അവതരിക്കുന്ന ഏകദൈവമായ ശിവയും, ഭാഗമായ ശിവനും ആനന്ദങ്ങൾക്കെല്ലാം അതീതമാണ്. ആനന്ദങ്ങൾക്കെല്ലാം അതീതമായ ദൈവത്തിന്റെ അവസ്ഥയ്ക്ക് മാറ്റം ഉണ്ടാകാതെ, ആത്മാക്കളെ സൃഷ്ടിക്കുന്നതിലും പരിപാലിക്കുന്നതിലും ഏകദൈവമായ ശിവയ്ക്കും ഭാഗമായ ശിവനും ആനന്ദം തന്നെയായ 'സ്വാർത്ഥമല്ലാത്ത' ഒരു സ്വാർത്ഥത്തെയെങ്കിലും സൃഷ്ടിക്കാൻ ദൈവത്തിനു കഴിയണം. അതായത് സൃഷ്ടികളായ ആത്മാക്കൾ ഉൾപ്പെട്ട സൃഷ്ടി സ്ഥിതി സംഹാരങ്ങളെയെല്ലാം ദൈവം നിർവ്വഹിക്കുന്നത് പ്രഥമമായി ദൈവത്തിനു വേണ്ടിയും; വേണ്ടിയെന്ന പോലെയും ആവണം. ഏകദൈവമായ ശിവയുടെ '(സ്വാർത്ഥമല്ലാത്ത) സ്വാർത്ഥമാകുന്ന ആനന്ദത്തെ', സൃഷ്ടികളായ ആത്മാക്കളെ സൃഷ്ടിക്കുന്നതിനും, പ്രപഞ്ചമായിട്ട് അവതരിക്കുന്നതിനും മുമ്പേ തന്നെ ശിവ നിശ്ചയിക്കേണ്ടതുമുണ്ട്. അതിനായിട്ട്, 'കുഞ്ഞുങ്ങളായ ആത്മാക്കളോടുള്ളതും, ആത്മാക്കൾക്കു തന്നെ മഹാദാസ്യത്തോടെ (തിരിച്ചു) നൽകുന്നതുമായ മഹാവാത്സല്ല്യത്തെ ശിവയുടെയും, ശിവയോടുള്ള മഹാദാസ്യത്തെ ശിവന്റെയും മഹാആനന്ദമായി ആവിഷ്ക്കരിച്ചു കൊണ്ടാണ്, ഭാഗമായി ശിവനെയും ഒപ്പം ചേർത്ത്, ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനും ചേർന്ന ആനന്ദങ്ങളായ പ്രപഞ്ചമായി അവതരിച്ചിരിക്കുന്നത്.' ശിവയുടെയും ശിവന്റെയും സ്വാർത്ഥവും ആനന്ദങ്ങളുമായ മഹാവാത്സല്ല്യത്തെയും മഹാദാസ്യത്തെയും ഒരുക്കാനുള്ള ആവിഷ്ക്കാരം കൂടിയാണ് ഓംശക്തിശിവൻ പ്രണയമന്ത്രം. ഏകദൈവവുമായ ശിവയും, ശിവയുടെ നിർജ്ജീവ ഭാഗവും, ശിവ നിശ്ചയിക്കുന്നതു പോലെ ജീവവുമായ ഏകദാസനും പരമാത്മാവുമായ ശിവനും; എല്ലാ സൃഷ്ടികളുടെയും മഹാമാതാവും മഹാപിതാവുമാണ്. ശിവയും ശിവനും തമ്മിലുള്ള പ്രണയമന്ത്രമാണ് ആദ്യമായി ഓം.

# ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

പ്രപഞ്ചസൃഷ്ടിക്കു മുമ്പ് 'ഏകദൈവമായ ശിവയും, ഭാഗമായ ശിവനും' ആനന്ദങ്ങളായി യഥാക്രമം സ്വീകരിച്ച 'മഹാവാത്സല്ല്യവും മഹാദാസ്യവും' സൃഷ്ടികളായ ആത്മാക്കൾക്കു വേണ്ടിയുള്ള 'ദൈവത്തിന്റെ മഹാത്യാഗം' മാത്രമാണെന്ന് തെളിയുന്നു. ആത്മാക്കൾക്ക് ജീവിക്കാൻ ആവശ്യമായ അനന്തആനന്ദങ്ങളും ഉപാധികളായ ശക്തികളും ജ്ഞാനവും സ്വാതന്ത്ര്യവും കാലവും ശരണവും മഹാനീതിയുമെല്ലാം മധ്യസ്ഥരെ വയ്ക്കാതെ നേരിട്ടു നൽകാനായി കുഞ്ഞുങ്ങളുടെ മഹാദാസിയും മഹാദാസനും മഹാമാതാവും മഹാപിതാവും, മഹാശക്തിയുമായ ഭൂമിയുമായി ശിവയും, ശിവനും അവതരിച്ചിരിക്കുകയാണ്. കുഞ്ഞുങ്ങളായാണ് എല്ലാ ആത്മാക്കളെയും സൃഷ്ടിക്കുന്നതെന്നും, 'നക്ഷത്ര-മോക്ഷവുമായി' ബന്ധപ്പെട്ട് മനുഷ്യരെ പൊന്നോമനകളായി കരുതുന്നുവെന്നും ഈ ഗ്രന്ഥത്തിൽ തെളിയിച്ചിട്ടുണ്ട്.

അതിസൂക്ഷ്മമായ ആറ്റങ്ങളിലെയും അതിസ്ഥൂലമായ ദേശങ്ങളിലെയും അവയുടെ മൊത്തമായ ഭൂമിയിലെയും, ആദിയും അന്തവും ഇല്ലാത്ത സൃഷ്ടി സ്ഥിതി സംഹാര പാത്രമായ ആകാശത്തിലെയും സൂക്ഷ്മ-സ്ഥൂല ഘടകങ്ങളായി പ്രവർത്തിക്കുന്നതും, മഹാദാസ്യത്തോടും മഹാവാത്സല്ല്യത്തോടും കുഞ്ഞുങ്ങളായി ആത്മാക്കളെ സൃഷ്ടിക്കുന്നതും മഹാപരിപാലിക്കുന്നതും മഹാത്യാഗമാണെന്നു ഭാവിക്കാതെ പ്രവർത്തിക്കാൻ ശിവയ്ക്കും, ഭാഗമായ ശിവനും മാത്രമേ കഴിയൂ. 'മഹാമാതാപിതാക്കളായ ശിവയുടെയും ശിവന്റെയും' മഹാത്യാഗത്തിന്റെ മറ്റൊരു മഹാനാമമാണ് 'ശിവ-ശിവൻ പ്രണയ മന്ത്രം ഓം', അഥവാ 'ശിവ-ശിവ പ്രണയ മന്ത്രം ഓം', അഥവാ 'ഓംശക്തിശിവൻ പ്രണയമന്ത്രം'.

'ഓം ശക്തിശിവൻ പ്രണയമന്ത്ര'ത്തെ 'ശിവ ശിവ പ്രണയമന്ത്രം' എന്നും പറയുന്നു. 'ശിവ ശിവ പ്രണയമന്ത്രം' എന്നാൽ 'ശിവയ്ക്ക് ശിവനോടുള്ള പ്രണയമന്ത്രം' എന്നും, 'ശിവന് ശിവയോടുള്ള പ്രണയമന്ത്രം' എന്നും ഒരുപോലെ അർത്ഥമുണ്ട്. 'ശിവ ശിവൻ പ്രണയമന്ത്രം' എന്നതിലെ 'ശിവൻ' പദം ലോപിപ്പിച്ച് 'ശിവ ശിവ പ്രണയ മന്ത്രം' എന്ന് പറയുകയും എഴുതുകയും മറ്റും ചെയ്യുകയാണെങ്കിൽ, പദങ്ങളുടെ അർത്ഥവും വ്യാപ്തിയും മനസ്സിലാക്കാൻ കൂടി ശ്രദ്ധിക്കണം. ഓം നമഃ ശിവായ = 'മഹാശിവയെ നമിക്കുന്നു', എന്നതിനൊപ്പം 'മഹാശിവയെയും ശിവനെയും നമിക്കുന്നു' എന്ന അർത്ഥം കൂടി ഉള്ളതുപോലെ മഹാദേവിയുടെ ദിവ്യമഹാവിദ്യ 'ഓം ശിവ ശിവ പ്രണയമന്ത്ര' ത്തിലുണ്ട്. ശിവയ്ക്ക് ശിവയോടു തന്നെയും, ശിവന് ശിവനോടു തന്നെയും പ്രണയം ഉണ്ടാകുന്നതായും മറ്റുമുള്ള ദുർവ്യാഖ്യാനം അരുത്. 'ഓംശക്തിശിവൻ പ്രണയമന്ത്രം' എന്നത് ദുർവ്യാഖ്യാനത്തെ തടയുന്നുണ്ട്.

സൃഷ്ടികളും കുഞ്ഞുങ്ങളുമായ മനുഷ്യർക്ക് ചിന്തിക്കാൻ പോലും വിഷമം ഏറിയവയാണ് ദൈവീക ആനന്ദങ്ങളുടെ ഭൗതിക അസ്തിത്വം. എങ്ങനെയെന്നാൽ, ഭൂമിയിലെ വസ്തുക്കളിലെയും ശരീരങ്ങളിലെയും ആറ്റങ്ങളിൽ ശിവയായ പ്രോട്ടോണും ശിവനായ ഇലക്ട്രോണും ഓം പ്രകാരം മഹാവാത്സല്യവും മഹാദാസ്യവും കുഞ്ഞുങ്ങൾക്കു വേണ്ടി ഒരുക്കുകയാണ്.

ശിവയും ഭാഗമായ ശിവനും തമ്മിലുള്ള ദൈവപ്രണയത്തിന്റെയും; സൃഷ്ടികളായ ജീവികളുടെ പ്രണയവും തമ്മിലുള്ള പ്രധാന വ്യത്യാസം; സൃഷ്ടികളുടെ പ്രണയം സൃഷ്ടികൾക്കു വേണ്ടിത്തന്നെയുള്ളതാണെങ്കിൽ; **ശിവയും ശിവനും തമ്മിലുള്ള ദൈവപ്രണയം അവർക്കു വേണ്ടിയുള്ളതല്ല; കുഞ്ഞുങ്ങളും ജീവികളും സൃഷ്ടികളുമായ ആത്മാക്കൾക്കു വേണ്ടിയാണ്.**

വിശദീകരിക്കാം :- സൃഷ്ടികളും സ്വത്വങ്ങളുമായ ആത്മാക്കളുടെ പ്രണയം പുരോഗമിക്കുന്നത് പരമാനന്ദമായ കാമആനന്ദത്തിലേയ്ക്കാണ്. ജീവികൾ തന്നെത്തന്നെ മറക്കുകയും ഇണയെ മാത്രം ഓർക്കുകയും ചെയ്യുന്ന 25 അളവുകളുള്ള കാമആനന്ദത്തെയാണ് ജീവികളുടെയെല്ലാം പരമാനന്ദമായി 'സൃഷ്ടി സ്ഥിതി സംഹാര കർത്താവും, ശിവയും ഭാഗമായ ശിവനും ചേർന്ന ഭൂമിയുമായ ദൈവം' നിശ്ചയിച്ചിരിക്കുന്നത്. തന്നെത്തന്നെ മറന്ന് കാമ-ആനന്ദത്തെ ആസ്വദിക്കുന്ന സ്ത്രീപുരുഷന്മാരായ ഇണകൾക്കോ, ബലാത്സംഗം ചെയ്യപ്പെടുന്ന സ്ത്രീയ്ക്കോ കുഞ്ഞുങ്ങളാകുന്ന ഭാവി-തലമുറയെ സൃഷ്ടിക്കുന്നത് തത്സമയം വിഷയമാകുന്നതല്ല. മാത്രമല്ലാ, സ്ത്രീ പുരുഷ ബീജങ്ങളുടെയും, ഭ്രൂണത്തിന്റെയും, ഭ്രൂണത്തിന്റെ "ജീവിവർഗ്ഗം, സ്ത്രീപുരുഷ-നിറം-ശരീരാവയവങ്ങൾ, മുഖഛായ, സൗന്ദര്യം, ആയുസ്സ് ആരോഗ്യം ബുദ്ധിശക്തി ഓർമ്മശക്തി തൊഴിൽ അഭിരുചി വിനോദ അഭിരുചി" തുടങ്ങിയ ജന്മഗുണങ്ങളുടെയും സൃഷ്ടിയിൽ സൃഷ്ടികളായ ആത്മാക്കൾക്ക് സ്രഷ്ടാവ് നൽകുന്ന ദാനങ്ങളല്ലാതെ യാതൊരു പങ്കുമില്ല. തന്നെത്തന്നെ മറന്ന് കാമ-ആനന്ദത്തെ ആസ്വദിക്കുന്ന പുരുഷന്റെ എല്ലില്ലാത്ത പുരുഷലിംഗം നിവരണമെങ്കിൽ പോലും കാമം ഉണ്ടാകണം എന്നിരിക്കെ ഹീലിയം ആറ്റത്തിലെ രണ്ട് ന്യൂട്രോണുകളിൽ ഒന്നായ പാതി-ആത്മാവിന് സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ദൈവത്തിന്റെ പ്രവർത്തനങ്ങളിൽ പങ്കില്ലെന്ന് സുവ്യക്തമായി അറിഞ്ഞു കൊള്ളണം. കുഞ്ഞുങ്ങളും കുട്ടികളുമായ ഭാവി തലമുറയുടെ മാതാപിതാക്കളായും; പുനർജ്ജനിച്ച് കുഞ്ഞുങ്ങളായും; 100 മനുഷ്യ-ജന്മങ്ങളിലൂടെ ഭൂമിയിലെ അനന്തമായ ആനന്ദങ്ങളെ ധർമ്മശാസ്ത്ര പ്രകാരം ആസ്വദിക്കുന്നതിൽ മാത്രമാവണം അസ്തിത്വം ഉൾപ്പെടെ ദൈവത്തിന്റെ ദാനം കൊണ്ടു ജീവിക്കുന്നവർ ശ്രദ്ധിക്കേണ്ടത്.

## കുഞ്ഞുങ്ങളെ സൃഷ്ടിക്കുന്നതിനും പരിപാലിക്കാനുമുള്ള ആനന്ദം കാമം അല്ല; മഹാവാത്സല്ല്യം മാത്രമാണ്.

**മുമ്പ് വിശദീകരിച്ചതാണ്. ജീവികൾ കാമ-ആനന്ദത്തെ ആസ്വദിക്കുമ്പോൾ,** ഏകദൈവമായ ശിവയുടെയും ഭാഗമായ ശിവന്റെയും ആനന്ദങ്ങളായ മഹാവാത്സല്ല്യവും മഹാദാസ്യവും ചേർന്ന് ഓംകാരനീതിശാസ്ത്രം പ്രകാരം എല്ലാ ജീവികളുടെയും **പുനർസൃഷ്ടി** മാത്രമായ ഭാവിതലമുറകളെ വ്യത്യസ്ത ജന്മഗുണങ്ങളോടെയും ഓം പ്രകാരവും സൃഷ്ടിക്കുകയാണ്. സൂര്യൻ എന്ന സൃഷ്ടി-പാത്രത്തിൽ വച്ച് പരമാത്മാവായ ഹൈഡ്രജന്റെ ആറ്റത്തിലെ ഇലക്ട്രോണിൽ നിന്നും പുതിയ ജീവാത്മാവായ സ്ത്രീപുരുഷ ജോഡിയെ, പകുതികളായി സൃഷ്ടിക്കുമ്പോഴും ഓം ശക്തിശിവൻ പ്രണയമന്ത്രം ധ്വനിക്കുന്നുണ്ട്. ഉചിതമായി ഗ്രഹിക്കാൻ വൈകാതെ കഴിയും!

'ഭൂമിയായ ദൈവത്തിന്റെ അംശമായ വസ്തുക്കളും (ജീവികളുടെ) ശരീരവും' ജീവാത്മാക്കളെ സേവിക്കുന്നത് ഓം പ്രകാരമാണ്. 'ദൈവ ആനന്ദങ്ങൾ' എന്ന അദ്ധ്യായത്തിൽ കുറെയൊക്കെ വിശദീകരിച്ചിട്ടുണ്ട്.

സൃഷ്ടി ചക്രങ്ങളുടെ രണ്ടാമത്തെ പകുതികളിൽ, സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ദൈവം, പ്രത്യക്ഷമായി ക്കൊണ്ട് ദൈവ കാര്യങ്ങളെയും, മനുഷ്യാവസ്ഥയിലെ ആത്മാക്കളുടെ മോക്ഷത്തെയും അറിയിക്കണമെന്ന് കുഞ്ഞുങ്ങളായ ആത്മാക്കൾക്കു വേണ്ടി മഹാസത്യവും മഹാശക്തിയുമായ ദൈവം സ്വയം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

മഹാശൂന്യതയും മഹാലിംഗവുമായ ആകാശത്തിന്റെ ഉള്ളിൽ, സദാ ജീവമായ (മഹാ)ശക്തിയായ ശിവയുടെ കണങ്ങളും, ശിവയുടെ ഇഷ്ടംപോലെ ജീവമായും നിർജ്ജീവമായും പ്രവർത്തിക്കുന്ന 'ശിവന്റെ കണങ്ങളും', 'ഓം' എന്ന 'പ്രണയമന്ത്രം' കൊണ്ട് സൃഷ്ടിച്ചു തുടങ്ങിയ ഖര-ദ്രാവക-വാതക വസ്തുക്കളായ ഭൗതിക-അസ്തിത്വങ്ങളുടെ മൊത്തം ദ്രവ്യമാണ് ഭൂമി. മഹാശൂന്യതയായ ആകാശത്തിന്റെ മഹാസൂക്ഷ്മാംശമായ ശൂന്യത തന്നെയാണ് ഓരോ ആറ്റത്തിലെയും മുഖ്യഘടകം. ശക്തിയും ശിവനും ചേർന്ന്, 'ഭൂമി' എന്ന മഹാരൂപവും, പ്രോട്ടോൺ ഇലക്ട്രോൺ ന്യൂട്രോൺ, ക്വാർക്കുകൾ തുടങ്ങിയ മഹാസൂക്ഷ്മ രൂപങ്ങളും, ആറ്റങ്ങൾ, തന്മാത്രകൾ തുടങ്ങിയ സൂക്ഷ്മ രൂപങ്ങളും, മൂലകങ്ങൾ, സംയുക്തങ്ങൾ, ഖര-ദ്രാവക-വാതക വസ്തുക്കൾ, എന്നീ സൂക്ഷ്മ+സ്ഥൂല രൂപങ്ങളും സ്വീകരിക്കുകയും; അവയ്ക്കെല്ലാം വ്യത്യസ്തങ്ങളായ ഘടനകളും സ്വഭാവങ്ങളും ഗുണങ്ങളും പ്രവർത്തനങ്ങളും നിശ്ചയിച്ചിരിക്കുകയുമാണ്.

ഭൂമിയിൽ ആകാശവും അഗ്നിയും വായുവും ജലവും ലയിച്ചിരിക്കുന്നതിനെ പഞ്ചഭൂതങ്ങളെന്ന് വിശേഷിപ്പിക്കാൻ കഴിയുമെങ്കിലും, ധർമ്മശാസ്ത്ര വിരുദ്ധമായ അത്തരം വിശകലനം അനാവശ്യമാണ്.

അനന്തമായ രൂപഘടനകളോടെ സൃഷ്ടികളും കുഞ്ഞുങ്ങളുമായ ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളെ സൃഷ്ടിക്കുകയും അനന്തമായ ആനന്ദങ്ങളെ ശരീരത്തിലൂടെ നൽകി സംരക്ഷിക്കുകയും, മഹാനീതി എന്ന 'മഹാസമ ആനന്ദങ്ങളെ' നൽകുകയുമാണ് ദൈവം ചെയ്യുന്നത്. ദൈവം പ്രത്യക്ഷമായി ക്കൊണ്ടും പ്രകടമായി ക്കൊണ്ടും സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്താൽ, വ്യക്തിസ്വാതന്ത്ര്യം ഇല്ലാത്ത അടിമകളും അലസരും ഒക്കെയായി ജീവികൾ അധഃപതിക്കുന്നതാണ്. ആകയാൽ ദൈവം പ്രത്യക്ഷമായി സ്വീകരിക്കുന്ന വേറിട്ട് പ്രകടമല്ലാത്ത മഹാരൂപം കൂടിയാണ് ഭൂമി. ഭൂമി എന്ന അദ്ധ്യായത്തിൽ വിശദീകരിക്കുന്നുണ്ട്.

അസ്തിത്വം പോലും സ്വന്തമായിട്ട് ഇല്ലാത്തവയും ശൂന്യത ബാധകവുമായ ആത്മാക്കൾക്ക് ജീവിക്കാൻ ആവശ്യമായ ശക്തികളെയും ജ്ഞാനത്തെയും ആനന്ദങ്ങളെയും സ്വാതന്ത്ര്യങ്ങളെയും ശരണങ്ങളെയും നൽകുന്നത് ഭൂമിയുടെ അംശമായ മൂലകങ്ങളും രൂപാന്തരമായ ശരീര-അവയവങ്ങളും ആണ്. എടുത്തു പറയേണ്ടതായ വസ്തുത വേറെയുമുണ്ട്. ഭൂമിയുടെ അംശമായ മൂലകങ്ങളും രൂപാന്തരമായ ശരീര-അവയവങ്ങളും നൽകുന്ന ശക്തികളെയും ജ്ഞാനത്തെയും ആനന്ദങ്ങളെയും സ്വാതന്ത്ര്യങ്ങളെയും ശരണങ്ങളെയും സ്വീകരിക്കാനുള്ള ശക്തികളെയും ശാസ്ത്രങ്ങളെയും മറ്റും കൂടി ആത്മാക്കൾക്ക് നൽകേണ്ടതുണ്ട്.

വിശകലനം തുടരുമ്പോൾ, മഹാമാതാവായ ശിവയ്ക്കും ഭാഗമായ ശിവനും, കുഞ്ഞുങ്ങളും സൃഷ്ടികളുമായ ആത്മാക്കളോടുള്ള മഹാദാസ്യത്തെയും മഹാവാത്സല്ല്യത്തെയുമാണ്, ആത്മാക്കൾക്ക് ധർമ്മശാസ്ത്രം പ്രകാരം ആനന്ദത്തോടെ ജീവിക്കാനായിട്ട് (ശിവയും ശിവനും ചേർന്ന) ഭൂമിയുടെ അംശമായ മൂലകങ്ങളിലും, രൂപാന്തരമായ ജീവികളുടെ ശരീരങ്ങളിലും 'ശക്തികളായും ആനന്ദങ്ങളായും സ്വാതന്ത്ര്യമായും ശരണങ്ങളായും, മഹാജ്ഞാനമായ ഭൗതിക ധർമ്മ നീതി ശാസ്ത്രങ്ങൾ പ്രകാരം ലയിപ്പിച്ചിരിക്കുന്നത് ' എന്നു കൂടി മനസ്സിലാക്കാം.

'ആനന്ദശാസ്ത്രത്തിൽ' മനുഷ്യർക്ക് ലഭിക്കുന്ന ആനന്ദങ്ങളുടെ അളവുകളെ ശാസ്ത്ര പരമായി വിശദീകരിച്ചിട്ടുണ്ട്. ദൈവത്തിന്റെ മഹാത്യാഗമാകുന്ന ആനന്ദങ്ങളുടെയും, മനുഷ്യൻ ഉൾപ്പെടെയുള്ള എല്ലാ ജീവികളുടെയും ആനന്ദങ്ങളുടെയും അളവുകൾ, സമമാണെന്ന് തെളിയും.

((മനുഷ്യാവസ്ഥയിൽ വച്ച് ആത്മാക്കൾക്കു ലഭ്യമാക്കുന്ന വിശേഷ ബുദ്ധിയുമായി ബന്ധപ്പെട്ട് മൂലകങ്ങളിലും ജീവികളുടെ ശരീരങ്ങളിലും ലയി(പ്പി)ച്ചിരിക്കുന്ന ആനന്ദങ്ങളെയും ഉപാധികളായ ശക്തികളെയും ശാസ്ത്രങ്ങളെയും ഉപയോഗിച്ച് തൊഴിൽ ചെയ്യുന്നവരായും ശാസ്ത്ര സാങ്കേതിക വികസനത്തിലൂടെ (സ്വയം ചെയ്യുന്ന പോലെ) ആനന്ദങ്ങളെ വർദ്ധിപ്പിക്കുന്നവരായും മനുഷ്യർക്ക് വേറിട്ട ജീവിത ധർമ്മങ്ങളെ ഭൂമി വ്യവസ്ഥപ്പെടുത്തിയിരിക്കുകയാണ്. സൃഷ്ടിചക്രത്തിന്റെ ആദ്യപകുതിയിൽ ക്രമേണയായി നേടുന്ന ഉപകരണങ്ങളും വിമാനങ്ങളും കാറുകളും മൊബൈൽ ഫോണുകളും പോലെയുള്ള ആനന്ദങ്ങൾ രണ്ടാമത്തെ പകുതിയിൽ സൃഷ്ടി ചക്രത്തിന്റെ സംഹാരം പുരോഗമിക്കുമ്പോൾ ക്രമേണയായി പിൻവലിക്കപ്പെടുന്നതുമാണ്.

സംഹാരമാകുന്ന മോക്ഷത്തിൽ; ആത്മാക്കളുടെ സൃഷ്ടിയെ സ്തംഭി(പ്പി)ച്ചുകൊണ്ട് പുനർജ്ജന്മങ്ങൾ മാത്രം തുടരുകയാൽ ജീവികളിലെ പ്രത്യുല്പാദനത്തിന് കടുത്ത നിയന്ത്രണം ഉണ്ടാകുന്നതും മുൻ സൃഷ്ടി ചക്രവുമായി ബന്ധപ്പെട്ട ഇതിഹാസ ചരിത്രങ്ങളിൽ കാണുമ്പോലെ വന്ധ്യത വർദ്ധിക്കുന്നതും, കുഞ്ഞുങ്ങളെ ലഭിക്കാൻ പുണ്യകർമ്മങ്ങളെ കൂടുതൽ ചെയ്യേണ്ടതായും 'പുണ്യം വർദ്ധിപ്പിക്കേണ്ടതായും' വരുന്നതാണ്. ഭൂമിയിലെ എല്ലാ തൊഴിലുകളെയും 'ശുചിത്വം അത്യാവശ്യം ആവശ്യം വിനോദം' എന്നിങ്ങനെ ശാസ്ത്ര പരമായി 4 വിഭാഗങ്ങളായി തിരിക്കാമെന്നതിനും, ശാസ്ത്രം നേടിത്തരുന്ന സുഖസൗകര്യങ്ങൾക്കും ക്രമേണ പ്രസക്തി കുറയുന്നതാണ്. സൃഷ്ടി ചക്രത്തിന്റെ ആദിയിലും പിന്നീടുമായി മനുഷ്യാവസ്ഥയിൽ എത്തുന്ന ആത്മാക്കൾക്ക് അക്കൂടെ സമ-ആനന്ദമായ മഹാനീതി ലഭ്യമാക്കുന്നുമുണ്ട്. മനുഷ്യരുടെ ആത്മാക്കൾക്ക് മറ്റുള്ള ജീവികളിൽ നിന്നും വ്യത്യസ്തമായി ശാസ്ത്ര സാങ്കേതിക വികസനത്തിൽ നിന്നും, ബന്ധപ്പെട്ട 'ശുചിത്വം അത്യാവശ്യം ആവശ്യം വിനോദം' എന്നീ 4 വിഭാഗം തൊഴിലുകളിൽ നിന്നും ലഭിക്കുന്ന 4×5=20 അളവ് ആനന്ദത്തെ, മഹാപ്രപഞ്ചത്തിലെ മൊത്തം 100 അളവ് ആനന്ദത്തിൽ ഓരോ ആത്മാവിനും അനുവദിച്ചിട്ടുള്ള 90 അളവ് ആനന്ദത്തിൽ നിന്നും കുറവു ചെയ്യാൻ കാരണമാകുന്നു. അതേസമയം മനുഷ്യർക്ക് ത്യാഗത്തിൽ നിന്നും ലഭിക്കുന്ന 5 അളവ് ആനന്ദത്തെ ജനസേവനം ചെയ്ത് പുണ്യം വർദ്ധിപ്പിക്കാൻ എല്ലാ മനുഷ്യർക്കും ഭൂമി നൽകുന്ന അവസരമായി നിലനിർത്തുന്നു. ത്യാഗം ചെയ്യാനും ചെയ്യാതിരിക്കാനും വ്യക്തിക്ക് അനുവദിക്കുന്ന സ്വാതന്ത്ര്യവും, ത്യാഗം യഥാർത്ഥത്തിൽ ആനന്ദമല്ലെന്നതും കണക്കാക്കി 5 അളവ് ത്യാഗം ചേർത്ത് 25 അളവുകളെ മേല്പടി 90 അളവിൽ നിന്നും ശാസ്ത്ര പരമായി നീക്കം ചെയ്യാം. അപ്പോൾ 'ഭക്ഷണം 40 + ഭക്തി/ പ്രിയം/ ആദരം/ ആരാധന 5, ദാസ്യം 5, വാത്സല്ല്യം 5, പ്രേമം 5, പ്രേമ സാക്ഷാത്കാരം 5 എന്നിവയ്ക്ക് മൊത്തം 65 അളവ് ആനന്ദം ലഭിക്കുന്നതായി കാണാം. ദൈവത്തിന്റെ ആനന്ദങ്ങളായ മഹാദാസ്യം 30-ഉം മഹാവാത്സല്ല്യം 35-ഉം കൂട്ടിയാൽ മൊത്തം 65 അളവ് ആനന്ദമായി. ദൈവത്തിന്റെ ആനന്ദമെന്നു വിശേഷിപ്പിക്കുന്ന മഹാത്യാഗത്തിന്, സൃഷ്ടികളായ ആത്മാക്കൾക്ക് അനുഭവിച്ച് ആനന്ദിക്കാൻ കഴിയുന്ന 65 അളവുമായി തുല്ല്യത ഉണ്ടാകുന്നത് അങ്ങനെയാണ്)). മുമ്പ് സൂചിപ്പിച്ചതു പോലെ, 'ശിവയും ശിവനും ചേർന്ന ഭൂമിയുടെ' അംശമായ മൂലകങ്ങളിലും ജീവികളുടെ ശരീരങ്ങളിലും പ്രദേശങ്ങളിലും, അവയുടെയെല്ലാം സൂക്ഷ്മ അംശങ്ങളായ ആറ്റങ്ങളിലെ ഘടകങ്ങളിലും ശിവയും ശിവനും ആണുള്ളത്. ശക്തിയും ശിവനും എന്നും പറയാം.

**ശബ്ദത്തെപ്പറ്റി അല്പം കൂടി ചേർക്കുന്നു:** ഭൂമിയുടെ സ്വത്വമായ ഓക്സിജൻ, ജലത്തെ മാധ്യമം ആക്കി ഏതാനും മൂലകങ്ങൾ കൊണ്ട് ഉണ്ടാക്കിയിട്ടുള്ള ശരീരത്തിലെ കൈകാലുകൾ, വിരലുകൾ, കീഴ്ത്താടി, വായ്, നാവ്, ചുണ്ട്, കവിളുകൾ, കൺപോളകൾ എന്നിങ്ങനെ ഏതാനും അവയവങ്ങളെ ഭാഗികമായി ചലിപ്പിക്കുവാനുള്ള സ്വാതന്ത്ര്യത്തെ മാത്രമേ ആത്മാവിന്, 'ഭൂമിയുടെ സ്വത്വമായ ഓക്സിജൻ' നൽകുന്നുള്ളൂ. പ്രസ്തുത ഭാഗികമായ ചലനങ്ങളെ കൊണ്ടു തന്നെ ശരീരത്തെ മൊത്തം ഭരിക്കുന്ന പ്രതീതിയും; ശരീരം ആത്മാവിന്റെ സ്വന്തമാണെന്ന പ്രതീതിയും ആത്മാവിനു നൽകി ആനന്ദിപ്പിക്കുന്നുണ്ട്. ഭാഗിക 'ചലന സ്വാതന്ത്ര്യമാകുന്ന ശരീരത്തിലെ ശക്തികളെ' ശരീരത്തിന്റെ അകമേയും പുറമേയും ചെലുത്താൻ കഴിയുമ്പോൾ ആത്മാവിന് 'ബധിരത' ഇല്ലെങ്കിൽ, ശബ്ദം കേൾക്കാം എന്നല്ലാതെ ശബ്ദത്തെ ഉണ്ടാക്കാനോ നിശ്ചയിക്കാനോ കഴിയില്ല.

മനുഷ്യർക്കും ജന്തുക്കൾക്കും പക്ഷികൾക്കുമെല്ലാം വ്യത്യസ്തങ്ങളും വൈവിധ്യങ്ങളുമായ ശബ്ദങ്ങളെ ഉണ്ടാക്കാൻ കഴിയുമെന്ന് തോന്നുന്നതും, വളരെയധികം സാധിക്കുന്നതും 'ഭൂമിയും, ഭൂമിയുടെ അംശമായ ശരീരവും, അവയിൽ ലയിച്ചിട്ടുള്ള മഹാശബ്ദവും', ഓരോ ജീവിക്കും / ആത്മാവിനും 'ശബ്ദത്തെ' കനിഞ്ഞു നൽകുന്നതു കൊണ്ടു മാത്രമാണ്. ജീവിതത്തിൽ, ഭാഗികമായോ പൂർണമായോ, താൽക്കാലികമായോ സ്ഥിരമായോ ഒച്ച അടയ്ക്കുന്നതും, വ്യത്യാസപ്പെടുന്നതും, ഉപ്പുവെള്ളം തൊണ്ടയിൽ കുലുക്കുന്നതും, 'ശബ്ദം നഷ്ടപ്പെടുമ്പോൾ വീണ്ടും തിരിച്ചു കിട്ടിയേക്കും' എന്ന പ്രത്യാശ നൽകിക്കൊണ്ട് സ്വന്തം കഴിവില്ലായ്മ പ്രകടിപ്പിക്കുവാൻ ഡോക്ടർമാർക്ക് കഴിയുന്നതും, ശബ്ദത്തെ സൃഷ്ടിക്കാനുള്ള കഴിവില്ലാത്തതു കൊണ്ടാണ്. സ്വന്തമെന്ന് കരുതുന്ന ശരീരത്തിന്റെ പ്രവർത്തനങ്ങളെ വിശകലനം ചെയ്താൽ ബോദ്ധ്യമാകുമെങ്കിലും, കുഞ്ഞുങ്ങൾ ശ്രമിക്കുന്നില്ല; ജീവിക്കാൻ ഒട്ടും അത്യാവശ്യമല്ലാത്ത ജ്ഞാനം കുഞ്ഞുങ്ങളായ ആത്മാക്കൾക്കു നൽകി ദൈവം ഭാരപ്പെടുത്തുന്നുമില്ല.

ശരീരം ഉൾപ്പെടെ പ്രപഞ്ചത്തിലെ സമസ്ത വസ്തുക്കളെയും ശാസ്ത്ര പരമായി സൃഷ്ടിക്കുകയാൽ; 'ശബ്ദവുമായി ബന്ധപ്പെട്ട ഊമത്തം ഒഴികെയുള്ള എല്ലാ രോഗങ്ങളെയും/ അവസ്ഥകളെയും' വൈദ്യശാസ്ത്ര നിയമങ്ങൾ പ്രകാരം ശസ്ത്രക്രിയ ഉൾപ്പെടെയുള്ള ചികിത്സ ചെയ്തു സുഖപ്പെടുത്താൻ കഴിയുമെന്ന ധാരണ ഉണ്ടാകുന്നതാണ്. ഔഷധം നൽകിയും ശസ്ത്രക്രിയ ചെയ്തും ഊമയെ സംസാരിപ്പിക്കാമെന്ന് ഡോക്ടർക്ക് പറയാൻ കഴിയില്ല. ശബ്ദത്തിന്റെ കാര്യത്തിൽ വ്യത്യാസം ഉണ്ടാകുവാൻ കാരണം, ശബ്ദം അഥവാ വചനം ദൈവം തന്നെയാണ്.

ദൈവമായ ശബ്ദം കുഞ്ഞുങ്ങൾക്കു വേണ്ടി മഹാവാത്സല്ല്യത്തോടെ സർവ്വം നൽകുമെന്നല്ലാതെ മഹാശക്തിയായ ദൈവത്തെ ഭരിക്കാനാവില്ല. സ്രഷ്ടാവ് കൂടിയായ ശബ്ദം, സൃഷ്ടികൾക്ക് ആവശ്യമുള്ളതും അവർ ആഗ്രഹിക്കുന്നതുമായ അനന്തമായ ശബ്ദങ്ങളായി പ്രകടമാവുകയാണു ചെയ്യുന്നത്. മനുഷ്യൻ ഉൾപ്പെടെയുള്ള സൃഷ്ടികൾക്ക് ശരീരത്തിലെ അവയവങ്ങിൽ നിന്നും ഉപകരണങ്ങളിൽ നിന്നുമെല്ലാം ശബ്ദം സൃഷ്ടിക്കാൻ കഴിയുന്നത് ദൈവത്തിന്റെ ആനന്ദങ്ങളായ മഹാദാസ്യവും മഹാവാത്സല്ല്യവും പ്രകാരമാണ്. വ്യക്തികൾക്ക് തനതായി ലഭിക്കുന്ന ശബ്ദ വ്യത്യാസം, വ്യത്യസ്ത ജീവികൾക്ക് ലഭിക്കുന്ന ശബ്ദ (ഉച്ചാരണ) വ്യത്യാസം, ശബ്ദത്തിന്റെ അളവ് (volume) എന്നിവയെ നിശ്ചയിക്കുന്നത് ശബ്ദമായ ദൈവം തന്നെയാണ്; ദൈവാംശമായ ശരീരമാണ്; സ്വത്വമായ ആത്മാവല്ല. മലവിസർജ്ജനത്തിനും മറ്റും മനുഷ്യന് അത്യാവശ്യമായ കീഴ്വായുവും ഏമ്പക്കവുമെല്ലാം ഉദാഹരണങ്ങളാണ്. സൃഷ്ടികൾക്ക് അനുഗ്രഹിച്ചു നൽകിയിട്ടുള്ള സമ്പൂർണ്ണ സ്വാതന്ത്ര്യം പ്രകാരം ഏറ്റവും ശ്രേഷ്ഠം, നല്ലത്, മോശമായത്, എന്നിങ്ങനെയുള്ള ശബ്ദങ്ങളെ ഉച്ചരിക്കാനും വിക്കോടെയും വിക്കില്ലാതെയും പ്രഭാഷണം നടത്താൻ വ്യക്തിക്ക് / സ്വത്വത്തിന് ആഗ്രഹിക്കുകയും പരിശ്രമിക്കുകയും ചെയ്യാം. ശരീരവും ജലവും ഓക്സിജനും ശബ്ദബ്രഹ്മവും ചേർന്ന് അനുവദിച്ചെന്നും വരാം ! പൊതുവേ വ്യക്തിക്ക് നൽകുന്ന സ്വാതന്ത്ര്യത്തിൽ ശരീരവും ജലവും ഓക്സിജനും അവയുടെ മൊത്തമായ ഭൂമിയും ഇടപെടില്ലെങ്കിലും; മഹാനീതി ശാസ്ത്ര പ്രകാരം താൽക്കാലികമായോ അപൂർവ്വമായി കൂടുതൽ കാലമോ വ്യക്തിക്ക് ഒച്ച നൽകിയില്ലെന്നും, ഊമയാക്കിയെന്നും വരാം.

ശബ്ദം, തരംഗങ്ങൾ പോലെ സഞ്ചരിക്കുന്നതും, കമ്പനം സൃഷ്ടിക്കുന്നതും, കമ്പനങ്ങൾ വീണ്ടും ശബ്ദമാകുന്നതും വെളിപ്പെട്ടു കഴിഞ്ഞ ശാസ്ത്ര നിയമങ്ങളാണ്. കമ്പനങ്ങളെ സൃഷ്ടിച്ചും ആധാരമാക്കിയും റിക്കാർഡിംഗും, റിക്കാർഡറുകളും ശബ്ദമായ ദൈവം അനുവദിച്ചിരിക്കുകയാണ്. റിക്കാർഡറുകൾ ചെയ്യുമ്പോലെ, ഊമയിലെ കമ്പനത്തെ ശബ്ദങ്ങളായി മാറ്റാൻ ശബ്ദം കൂടിയായ ദൈവം അനുവദിച്ചാൽ ഊമത്തം മാറുന്നതാണ് ! മണ്ണ്, കല്ല്, സിമന്റ് തറ, ഓട്, ഷീറ്റ്, തുടങ്ങി വ്യത്യസ്ത പ്രതലങ്ങളിൽ ഒരേ ശബ്ദം, ഉദാഹരണത്തിന് മഴവെള്ളം വീഴുമ്പോൾ, ശബ്ദ വ്യത്യാസങ്ങൾ ഉണ്ടാകുന്നതും; ദൂരെ ഉണ്ടാകുന്ന ശബ്ദങ്ങളെ കേൾക്കാൻ കഴിയുന്നതും കമ്പനങ്ങളായി സ്മാർട്ട്ഫോണിലുള്ള റിക്കാർഡറുകൾ പോലും റിക്കാർഡ് ചെയ്യുന്നതും, മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളും ഉച്ചഭാഷിണികളും റേഡിയോയും മറ്റും ശബ്ദം കുറയ്ക്കുമ്പോഴും കൂട്ടുമ്പോഴും കമ്പനത്തിന് മാറ്റം ഉണ്ടാകുന്നില്ല എന്നതും, ശബ്ദത്തിന്റെ ദൈവപ്രഭാവമാണ് !

സ്മാർട്ട്ഫോണിലുള്ള റിക്കാർഡറുകൾ ചുറ്റുമുള്ള ശബ്ദങ്ങളെ റിക്കാർഡ് ചെയ്യുമ്പോൾ, മനുഷ്യർക്കു ലഭ്യമായ കേൾവി ശക്തിക്ക് ആനുപാതികമായി റിക്കാർഡ് ചെയ്തവയെ കേൾക്കാൻ കഴിയുന്നതാണ്. കിലോമീറ്ററുകൾക്ക് അകലെ മിന്നലിനോടൊപ്പം ഉള്ളതായ ഇടിമുഴക്കത്തെയും റിക്കാർഡ് ചെയ്തിട്ടുണ്ടെന്ന് കേട്ടു തന്നെ അറിയാം. മനുഷ്യരുടേതിൽ നിന്ന് വ്യത്യസ്തമായി വളരെയധികം കേൾവി ശക്തി ഉള്ള ജീവിക്ക് സൂക്ഷ്മവും സ്ഥൂലവുമായ ഏറെ ശബ്ദങ്ങളെ ഒരേ റിക്കാർഡറിൽ നിന്ന് കേൾക്കാൻ കഴിയുന്നതാണ്. മനുഷ്യന്റെ കൈവശം ഉള്ള ഫോണിലെ റിക്കാർഡറിൽ നിന്നു പോലും അനന്തമായ ശബ്ദങ്ങളെ റിക്കാർഡ് ചെയ്യാൻ കഴിയും. ആറ്റത്തിന്റെ ഉള്ളിലെ ശബ്ദ ബ്രഹ്മം എന്ന മഹാ-റിക്കാർഡർ കൂടിയായ സ്രഷ്ടാവ് പ്രപഞ്ചത്തിലെ സർവ്വവും ഒരേസമയം മഹാശാസ്ത്രപരമായി കേൾക്കുന്നുണ്ട്; റിക്കാർഡ് ചെയ്യുന്നുമുണ്ട് എന്ന മഹാപാഠം വെളിപ്പെടുന്നു. സമസ്ത ജീവികളുടെയും പ്രാർത്ഥനകളെ ശബ്ദ ബ്രഹ്മം എന്ന മഹാ-റിക്കാർഡർ മുഖേന കേൾക്കാൻ കഴിയുന്നതാണ് അഥവാ ദൈവമായ ശബ്ദ ബ്രഹ്മം സദാ അറിയുന്നുണ്ട്. ദൈവത്തിന്റെ വാതക രൂപമാണ് ഓക്സിജൻ എന്ന് തെളിയിച്ചിട്ടുള്ളതിനെയും, മനുഷ്യരുടെ ചിന്തകളെ പോലും ദൈവത്തിന്റെ വാതക രൂപവും, ജീവികളുടെയെല്ലാം ജീവനും ശക്തിയുമായ ഓക്സിജൻ അറിയുന്നുണ്ട് എന്നതിനെയും കൂട്ടിവായിക്കുക.

മാതാപിതാക്കളുടെ ശബ്ദവുമായും സ്വഭാവങ്ങളുമായും മറ്റും കുട്ടികൾക്ക് ശബ്ദ-സാമ്യം ഉണ്ടാകുമ്പോൾ അതിനു കാരണം മാതാപിതാക്കളുടെയും മറ്റും ജീനുകൾ പകരുന്നതുകൊണ്ടാണെന്ന് ദുർവ്വാദിക്കുമ്പോൾ ജീനുകളെ സൃഷ്ടിക്കുന്നത് ആത്മാക്കളല്ല! മിമിക്രി കലാകാരന്മാർ നൂറിലേറെപ്പേരുടെ ശബ്ദത്തെ കൃത്യമായി അനുകരിക്കുമ്പോൾ, ജീൻ വാദം പ്രകാരം, മനുഷ്യ-മാതാപിതാക്കൾ ഉൾപ്പെടെ എല്ലാ സൃഷ്ടികളുടെയും മഹാമാതാപിതാക്കൾ ദൈവം തന്നെയാണെന്ന് മഹാശാസ്ത്ര പരമായി തെളിയുന്നുണ്ട്.

## ആദിവചനമായ സൃഷ്ടിമന്ത്രത്തിന്റെ മഹാ-ഭാഗം :

ശക്തിയെ അഥവാ ഊർജ്ജത്തെ സൃഷ്ടിക്കുവാൻ സൃഷ്ടിയായ ജീവിക്ക് / ആത്മാവിനു കഴിയില്ലെങ്കിലും, താപ-ഊർജ്ജത്തെ കൊണ്ട് ഭക്ഷണത്തെ വേവിക്കുന്നതു പോലെ ഊർജ്ജത്തെ പരിണമിപ്പിക്കാൻ കഴിയുമെന്ന ശാസ്ത്ര പാഠം ആദികാലം മുതൽ മനുഷ്യന് നൽകിയിട്ടുണ്ട്. ഊർജ്ജ പരിണാമം പ്രകാരമാണ് വൈദ്യുതി നിർമ്മാണം, യന്ത്രങ്ങളുടെ പ്രവർത്തനം തുടങ്ങിയവ ചെയ്യുന്നത്. ആവി / ഡീസൽ എൻജിൻ / വൈദ്യുതി / കാന്തം / കൽക്കരി തുടങ്ങിയവ കൊണ്ടും ഊർജ്ജത്തെ പരിണമിപ്പിക്കുന്നുണ്ട്.

ചില ക്രമപ്രശ്നങ്ങളിലൂടെ വിവരിക്കാം. ആറ്റത്തിനുള്ളിലെ പ്രോട്ടോണുകളെ ഇലക്ട്രോണുകൾ സദാ ചുറ്റുന്നുണ്ട്. മഹാശക്തിയായ ദൈവത്തിന്റെ അംശമാണ് ഇലക്ട്രോൺ എങ്കിൽ ഇലക്ട്രോണിന് സ്വയം സദാ ചുറ്റാൻ കഴിയും; അങ്ങനെ വരുമ്പോൾ ദൈവാംശമാണ് ഇലക്ട്രോൺ എന്ന് തെളിയിക്കാൻ കഴിയണം; തെളിയിക്കാൻ ഭൗതിക ശാസ്ത്രം കൊണ്ടു കഴിയില്ല. പ്രോട്ടോൺ, ഇലക്ട്രോണിന് ശക്തി നൽകിയാൽ ഇലക്ട്രോണിന് ചുറ്റാനാകും; അപ്പോൾ ദൈവാംശമാണ് പ്രോട്ടോൺ എന്ന് തെളിയിക്കാൻ കഴിയണം; അത് തെളിയിക്കാനും ഭൗതിക ശാസ്ത്രം കൊണ്ടു കഴിയില്ല. മനുഷ്യർക്ക് വെളിപ്പെട്ടു കഴിഞ്ഞ ശാസ്ത്രം പ്രകാരം, സൂക്ഷ്മമായ ആറ്റത്തിനുള്ളിലെ അതിസൂക്ഷ്മമായ പ്രോട്ടോണുകളെ ഇലക്ട്രോണുകൾ ചുറ്റുമ്പോൾ ശബ്ദം ഉണ്ടാകുന്നുണ്ട്. അങ്ങനെ വരുമ്പോൾ ചുറ്റാനുള്ള ശക്തി നൽകുന്നത് ശബ്ദമാണോ എന്നറിയണം. ശബ്ദം കമ്പനത്തെ / ശക്തിയെ ഉണ്ടാക്കുന്നുണ്ട്; അഥവാ ശബ്ദം ശക്തി കൂടിയാണ്. റേഡിയോ, റിക്കാർഡറുകൾ തുടങ്ങിയവ സാക്ഷ്യമാണ്. അപ്പോൾ പ്രോട്ടോണുകളെ ഇലക്ട്രോണുകൾക്ക് സദാ ചുറ്റാൻ ആവശ്യമായ ശക്തി നൽകുന്നത് ശബ്ദമാണെന്ന് സാരം. പ്രപഞ്ചത്തിലെ എല്ലാ ഇലക്ട്രോണുകൾക്കും ശക്തി പകർന്നു നൽകുന്നത് 'ഏകമഹാ-ശബ്ദമായ ബ്രഹ്മകണം' ആവണം. ഇലക്ട്രോണുകൾക്കും പ്രോട്ടോണുകൾക്കും ന്യൂട്രോൺ ഉൾപ്പെടെ മറ്റു ഘടകങ്ങൾക്കും, ആറ്റങ്ങൾക്കും, സമസ്ത മൂലകങ്ങൾക്കും, ഭൂമിക്കും പ്രപഞ്ചത്തിനും ശക്തി കിട്ടുന്നത് 'ദൈവമായ മഹാശബ്ദ' ത്തിൽ നിന്നാണെന്നു തെളിയുന്നു. അതിസൂക്ഷ്മമായ പരമാണുവിനകത്തുള്ള ശബ്ദം പുറമെ കേൾക്കണമെങ്കിൽ, മുമ്പ് വ്യക്തമാക്കിയതു പോലെ അതിലും സൂക്ഷ്മമായ മറ്റൊരു സംവിധാനം മനുഷ്യർ കണ്ടെത്തേണ്ടതുണ്ട്.

സ്ഥൂലവും സൂക്ഷ്മവുമായ യന്ത്രങ്ങളെയും അവയുടെ പ്രവർത്തനങ്ങളെയും അവരോഹണ ക്രമത്തിൽ വിശകലനം ചെയ്യുമ്പോൾ, അവയെല്ലാം കുറഞ്ഞും കൂടിയും ശബ്ദമുണ്ടാക്കുന്നത് അറിഞ്ഞും അനുഭവിച്ചും കഴിയുന്നവരാണ് ഏറെക്കുറെ എല്ലാ മനുഷ്യരും ! അതിസൂക്ഷ്മമായിരിക്കുന്നതിനെ അറിയാൻ അതി-അതി-സൂക്ഷ്മമായ സംവിധാനങ്ങളെ ഒരുക്കാൻ സാധിക്കുമോ എന്നാണ് പരിശ്രമിക്കേണ്ടത്, എന്നെല്ലാം പറയാൻ എളുപ്പമാണെങ്കിലും, നിശ്ചിത പരിധി കഴിഞ്ഞാൽ അത് പ്രാവർത്തികമല്ല. പരമാണുവിൽ ശബ്ദം ഉണ്ടാകുമെന്നത് ശാസ്ത്രപരമാണ്. എന്നുവച്ചാൽ, മഹാശക്തി, മഹാസത്യം എന്നെല്ലാം കഷ്ടിച്ചു വിശേഷിപ്പിക്കാവുന്നതും പ്രപഞ്ചത്തിന് അതീതവുമായ ശക്തിക്ക് ശബ്ദം പോലെ അതീതമായും പ്രപഞ്ചത്തിൽ പ്രവേശിക്കാൻ കഴിയും !

## ॐ ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

**ദൈവം ആകുന്ന ശബ്ദം എന്താണെന്ന് വെളിപ്പെട്ടത് ഭൂമിയിലുള്ള എല്ലാ മനുഷ്യർക്കും കേൾക്കാനും സുവ്യക്തമായി ബോദ്ധ്യപ്പെടാനും കഴിയണം. ഏകദൈവമായ ശിവയുടെ ഭാഗമായ 'ശിവന്റെ മാത്രം അംശവും സൃഷ്ടിയുമായ ജീവാത്മാവ്' ഒഴികെ, 'സ്വന്തമെന്ന് ജീവാത്മാവ് പലപ്പോഴും തെറ്റിദ്ധരിച്ചു പോരുന്ന 'ശരീരം ഉൾപ്പെടെ ഭൂമിയിലെ എല്ലാ വസ്തുക്കളും ശിവയായ ഏകദൈവത്തിന്റെ അംശങ്ങളാണ്' എന്നു ബോദ്ധ്യപ്പെടുത്തി ക്കൊണ്ട്, അവയിൽ നിന്നെല്ലാം മഹാസംഗീതമായും, ദൈവത്തിന്റെ മഹാചിരിയായും ഓം ഉടൻ മുഴങ്ങുന്നതാണ്. എല്ലാ മനുഷ്യരും കേൾക്കുന്നതാണ്.**

ഭൂമിയിലെങ്ങും തുടർച്ചയായി 3 മുതൽ 33 വർഷക്കാലം ഓം ധ്വനിക്കുമ്പോൾ; ഒരാൾക്ക് 3 വർഷം കേൾക്കാനാവും.

ബ്രഹ്മത്തിന്റെ ശ്രേഷ്ഠമായ ഭാവ-രൂപമായിട്ട് അഥവാ പരബ്രഹ്മമായി സൃഷ്ടിച്ചിട്ടുള്ള മഹാപ്രപഞ്ചത്തിന്റെ സൃഷ്ടിസ്ഥിതിസംഹാരങ്ങളെ മഹാസുന്ദരമാക്കാനാണ് ഓം -ന്റെ സൃഷ്ടി എന്ന തിരിച്ചറിവോടെ കാര്യങ്ങളെ സമീപിക്കുക. ബ്രഹ്മത്തിന്റെ ആദിയും അന്തവും ഇല്ലാത്ത സ്വഭാവ-വിശേഷങ്ങളെപ്പറ്റി അന്വേഷിക്കുന്നത് ആവശ്യമില്ലാത്തതും പൂർത്തിയാക്കാൻ കഴിയാത്തതും വ്യർത്ഥവുമായ വ്യായാമം ആണ്. ലഘുവായി പ്രപഞ്ചകാര്യങ്ങളെ മനസ്സിലാക്കുകയേ വേണ്ടൂ.

വസ്തുക്കളെ ഓം പരിണമിപ്പിക്കുന്നതും സൃഷ്ടിക്കുന്നതും 'മായ' കൊണ്ടാണ്. ആത്മാക്കൾക്ക് നൽകുന്ന ശരീരം ഉൾപ്പെടെ ഭൂമിയുടെ അംശമായ മൂലകങ്ങളെ ഓം വ്യത്യാസപ്പെടുത്തിയെന്നു വരാം.

കുഞ്ഞുങ്ങളായ ആത്മാക്കളെ വേദനിപ്പിക്കാതെ സർവ്വം ചെയ്യുന്നു. പരമാണുവിന്റെ ഉള്ളിലുമിരുന്നു കൊണ്ട് ശബ്ദബ്രഹ്മമായ ഓം, പരമാണുവിലെ ശക്തി ഘടകങ്ങളായ പ്രോട്ടോണുകളുടെയും, ശിവ-ഘടകങ്ങളായ ഇലക്ട്രോണുകളുടെയും എണ്ണത്തെ വർദ്ധിപ്പിക്കുകയും തുല്യപ്പെടുത്തുകയും ധർമ്മങ്ങളെ വ്യത്യാസപ്പെടുത്തുകയും ചെയ്യുന്നു. തീർന്നില്ല, ന്യൂട്രോണുകളെന്നും ക്വാർക്കുകളെന്നും മറ്റും മനുഷ്യരി-ലൂടെ പേരിട്ടിട്ടുള്ള ഘടകങ്ങളുടെയും എണ്ണവും ഘടനയും ധർമ്മങ്ങളും നിശ്ചയിക്കുകയും, ജീവികളുടെയും വസ്തുക്കളുടെയും ധർമ്മശാസ്ത്രവും നീതിശാസ്ത്രവും നിശ്ചയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു.

# ॐ ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

ബ്രഹ്മത്തിൽ നിന്ന് ശിവയായ പ്രോട്ടോണുകളും ശിവനായ ഇലക്ട്രോണുകളും അനന്തമായി സൃഷ്ടിക്കപ്പെടുന്നതായും, പ്രോട്ടോണുകളോട് **ഓം** എന്ന ശബ്ദബ്രഹ്മം ചേരുന്നതായും കണക്കാക്കുമ്പോൾ, പരമാണുക്കളായ അതിസൂക്ഷ്മ പ്രപഞ്ചങ്ങളെ, വലുതാക്കി വലുതാക്കി മഹാപ്രപഞ്ചത്തെയും സൃഷ്ടിച്ചിരിക്കുകയാണ്, പുതിയ ജീവികളെയും പുതിയ നക്ഷത്രങ്ങളെയും സൃഷ്ടിച്ചുകൊണ്ട് മഹാപ്രപഞ്ചത്തെ അനന്തമായി വലുതാക്കി ക്കൊണ്ടുമിരിക്കയാണ്. മഹാപ്രപഞ്ചത്തെ സൃഷ്ടിച്ചിട്ടുള്ളതും പരിപാലിക്കുന്നതും ശബ്ദബ്രഹ്മമായ **ഓം** ആണെന്നു കൂടി തോന്നിപ്പോകും. ആദിയിൽ വചനമുണ്ടായി, വചനം **ഓം** ആയിരുന്നു, എന്നതു പോലെ. ഈവക പ്രതിഭാസങ്ങൾ മനുഷ്യ ജീവിത കാര്യങ്ങളിൽ അപ്രസക്തമാണെങ്കിലും ശാസ്ത്രപരമായി ഗൗരവമാണ്.

ശബ്ദത്തിന്റെ ഉത്ഭവം, മഹാദേവിയുടെ മഹാഹൃദയമായ '**ഓംകാര**' ത്തിൽ നിന്നുമാണ്. **ഓംകാരം*** സൂക്ഷിച്ചിട്ടുള്ളത്, മഹാദാസനും മഹാദേവനുമായി ഉയർത്തിയ പരമശിവന്റെ ഹൃദയത്തോടു ചേർത്തുമാണ്. എന്നാലും **ഓം** എന്ന് ഉച്ചരിക്കുമ്പോൾ 'വായ' ആവശ്യമാണ്. അതായത്, മനുഷ്യ-ജീവി അടിസ്ഥാനപരമായി ശബ്ദം പുറപ്പെടുവിക്കുന്നത് ഹൃദയത്തിൽ നിന്നുമാണെങ്കിലും ഉച്ചത്തിലും വ്യക്തമായും ഉച്ചരിക്കണമെങ്കിൽ വായിലൂടെ ശബ്ദം പുറത്തു വരണം. മുഖ്യമായിട്ട് നാവിനെ ഉപയോഗിച്ചാവണമെന്നും മഹാദേവി മഹാശാസ്ത്രത്തിലൂടെ മഹാനിശ്ചയിച്ചിരിക്കുകയാണ്. ഈവക പ്രതിഭാസങ്ങളുടെ യഥാർത്ഥ ഘടനയും സ്വഭാവവും ഏകദൈവമായ **ശിവ** ഉടൻ വെളിപ്പെടുത്തുന്നതാണ് !

മഹാപ്രപഞ്ചത്തിലെ സൃഷ്ടി-സ്ഥിതികൾക്കായി ഒരുക്കിയിരിക്കുന്ന ഭൂമിയിലും, (സംഹാര കാലത്ത് ചന്ദ്രനിലും) സൃഷ്ടിക്കപ്പെടുന്ന തന്റെ കുഞ്ഞുങ്ങളായ ജീവികളുടെ സന്തോഷത്തെ മുഖ്യമായും കണക്കാക്കി, മഹാശക്തിയായ മഹാദേവി മറ്റ് പ്രപഞ്ചങ്ങളെ സൃഷ്ടിക്കുന്നില്ലെന്ന്, പിന്നീട് വിശദീകരിക്കുന്നുണ്ട്. മഹാശക്തിയും ബ്രഹ്മവുമായ മഹാദേവി ശബ്ദബ്രഹ്മമായ **ഓം** ആയിട്ട് ആറ്റത്തിൽ പ്രവേശിക്കുമ്പോൾ, മഹാപ്രപഞ്ചത്തിന്റെ സമ്പൂർണ്ണമായ സൃഷ്ടി - സ്ഥിതി - സംഹാരങ്ങളെ നിർവ്വഹിക്കുവാനും, അതു കൂടാതെ മഹാപ്രപഞ്ചത്തിന് ഉള്ളിലോ അതീതമായോ മറ്റു മഹാശാസ്ത്രങ്ങളും മഹാപ്രപഞ്ചങ്ങളും സൃഷ്ടിക്കുവാനും **ഓം** എന്ന ശബ്ദബ്രഹ്മത്തിനു കഴിയും എന്നതിനാൽ മഹാശാസ്ത്രമൂലം കൂടിയായി **ഓം** ശോഭിക്കുന്നതായി കാണാം.

## * (ഓംകാരം മഹാദേവിയുടെ മഹാഹൃദയമാണ്; മഹാപ്രപഞ്ചത്തിന്റെ മഹാശക്തിനിയന്ത്രണ സത്തയുമാണ്. ഓംകാരം സൂക്ഷിച്ചിട്ടുള്ളത്, പരമശിവനും മഹാദേവനുമായിട്ട് മഹാദേവി നിയമിച്ച ശിവന്റെ ഹൃദയത്തോടു ചേർത്തുമാണ്.

സൃഷ്ടി ചക്രത്തിന്റെ രണ്ടാമത്തെ പകുതിയിൽ 'ദൈവ വിപ്ലവവും സത്യയുഗവും' ആരംഭിക്കുന്നതോടെ ഏകദൈവമായ ശിവയും ഭാഗമായ ശിവനും മഹാനീതിശാസ്ത്രമായ ഓംകാരനീതിശാസ്ത്രം പ്രകാരം ഭൂമിയിലെങ്ങുമുള്ള കുഞ്ഞുങ്ങൾക്ക് ദർശനവും മഹാനീതിയും നേരിട്ടു നൽകുന്ന അവസരങ്ങൾ ഏറെ ഉണ്ടാകുന്നതും ഉണ്ടാക്കുന്നതുമാണ്.

മഹാപ്രപഞ്ചത്തിന്റെ മഹാശക്തിനിയന്ത്രണ സത്തയാണ് ഓംകാരം എന്നു മാത്രം ആദ്യമഹാകാല ചക്രത്തിലെ മനുഷ്യരെയും അവരിൽ നിന്നും ദേവതകളായി തെരഞ്ഞെടുത്തവരെയും അറിയിച്ചെങ്കിൽ; മഹാദേവിയുടെ മഹാഹൃദയം കൂടിയാണ് ഓംകാരം എന്നും മഹാദേവിയുടെ മഹാചിരി കൂടിയാണ് ഓം എന്നും ഇപ്പോഴത്തെ സൃഷ്ടിചക്രം ഉൾപ്പെട്ട രണ്ടാമത്തെ മഹാകാല ചക്രത്തിൽ മഹാദേവനിലൂടെ അറിയിച്ചിരിക്കുകയാണ്.

ഓംകാരം മഹാഹൃദയം കൂടിയാണെന്ന് ആയിരം കോടി വർഷങ്ങൾ നീണ്ടതായ ആദ്യത്തെ മഹാകാല ചക്രത്തിൽ ഓംകാരം സൂക്ഷിച്ച ദേവതകളെ അറിയിക്കാഞ്ഞത് കുഞ്ഞുങ്ങളുടെ അറിവില്ലായ്മ ഉൾപ്പെട്ട പിഴവുകൾ കൊണ്ട് മഹാഹൃദയത്തോട് ബഹുമാനം കുറച്ചാൽ അതിന്റെ പേരിൽ കുഞ്ഞുങ്ങൾക്ക് പിന്നീട് സങ്കടം ഉണ്ടാകാതിരിക്കാനാണ്.

സൃഷ്ടിചക്രത്തിന്റെ രണ്ടാമത്തെ പകുതിയിൽ സ്ഥിതി നായകനായി നിശ്ചയിച്ചാണ് മഹാഹൃദയം കൂടിയായ ഓംകാരം പരമശിവന്റെ ഹൃദയവുമായി ബന്ധിച്ചിരിക്കുന്നത്. മഹാനീതിയായ മഹാശിവയുടെ അനുഗ്രഹങ്ങൾ ശിവനിലൂടെ വാക്കുകളും പ്രവൃത്തികളുമായി ഒഴുകാനുള്ള മഹാപദ്ധതിയാണത്. ആദ്യത്തെ മഹാകാല ചക്രത്തിൽ മഹാദേവിയുടെയും പരമശിവന്റെയും പ്രതിനിധികളും സൃഷ്ടികളുമായ ദേവതകളിലൂടെ നിർവ്വഹിച്ച കാര്യങ്ങളെയെല്ലാം കുറ്റങ്ങളും കുറവുകളും ഒട്ടും ഇല്ലാതെ നടപ്പാക്കാൻ കൂടിയാണ് മഹാദേവിയുടെയും മഹാദേവന്റെയും നേരിട്ടുള്ള മഹാഭരണം. പരമശിവന്റെ കഴുത്തിൽ പ്രപഞ്ച സൃഷ്ടിക്കു മുമ്പ് മഹാദേവി ചാർത്തിയ ഓംകാരവരണമാല്യം സൃഷ്ടികൾക്കു വേണ്ടിയുള്ള ഓംകാരനാഗ ബന്ധനമായി ഭാവിക്കും; ഇടതുഭാഗത്ത് ചന്ദ്രക്കലയോടൊപ്പം നക്ഷത്രം ഉണ്ട്; പരമശിവൻ മഹാദേവിയുടെ വാഹനമായ മഹാനരയുള്ള സിംഹവുമാണ്. ..)

## ॐ ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

ആദിയിൽ അഥവാ ആദ്യം ഉണ്ടായ വചനം അഥവാ ശബ്ദം ഓം ആകയാൽ ആദിവചനവുമാണ് ഓം. മഹാപ്രപഞ്ചത്തിന്റെയും മഹാശാസ്ത്രത്തിന്റെയും സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാമംഗളപ്പെടുത്തുവാനായിട്ട് ബ്രഹ്മമായ മഹാദേവി മായ-യുടെ ഒരംശത്തെ ഓം എന്ന ശബ്ദബ്രഹ്മമായി മാറ്റിയിരിക്കുകയാണ് എന്നതും ശരിതന്നെയാണ്. ബ്രഹ്മമായ മഹാദേവിയ്ക്ക് മഹാമായയെ സമ്പൂർണ്ണമായി ഓം എന്ന ശബ്ദബ്രഹ്മത്തിലോ എന്തിലുമോ പ്രവേശിപ്പിക്കുവാനുമാവും.

ശബ്ദബ്രഹ്മമായ ഓം ആണോ മഹാപ്രപഞ്ചം സൃഷ്ടിച്ചതെന്നു ചോദിച്ചാൽ അല്ലായെന്നാണ് ഉത്തരം. ഭാഗമായ 'ശിവനെ ഒപ്പം' ചേർത്ത് മഹാശക്തിയും ശിവയുമായ മഹാദേവിയാണ് പ്രപഞ്ചം സൃഷ്ടിക്കുകയും പ്രപഞ്ച-ഭാഗമായിട്ട് അവതരിക്കുകയും ചെയ്തിട്ടുള്ളത്. മഹാപ്രപഞ്ചത്തെ സൃഷ്ടിക്കുവാനായുള്ള മഹാദേവിയുടെ മഹാമാധ്യമം കൂടിയാണ് ഓം. ശക്തിശിവൻ പ്രണയമന്ത്രം, സൃഷ്ടി മന്ത്രം, ആദിവചനം, സംഹാര കാഹളം, മഹാശാസ്ത്ര-മൂലമം, ശബ്ദ ബ്രഹ്മം, അക്ഷരബ്രഹ്മം, മഹാശബ്ദം, മഹാസംഗീതം, ഭൂമി ഗാനം, ദൈവ വിപ്ലവഗാനം, മഹാദേവിയുടെ മഹാചിരി, തുടങ്ങിയ ഓം ആയി ബ്രഹ്മമായ മഹാദേവി അവതരിച്ചിരിക്കുകയാണ്.

ആദിയിൽ വചനമുണ്ടായി എന്നു പറയുമ്പോൾ, ബ്രഹ്മവും മഹാശക്തിയുമായ മഹാദേവി, ആദിവചനമായിട്ട് ഓം എന്ന മഹാശബ്ദത്തെ സൃഷ്ടിക്കുകയാണ്. കുറേക്കൂടി വിശദീകരിക്കാം. മഹാപ്രപഞ്ചവും ബ്രഹ്മവും ഉൾപ്പെടെ സർവ്വവും ഓം ഉൾക്കൊള്ളുമ്പോഴും, ബ്രഹ്മത്തെ ശബ്ദബ്രഹ്മം മാത്രമായോ ശബ്ദബ്രഹ്മത്തിൽ ഒതുങ്ങുന്നതായോ കണക്കാക്കാനാവില്ല. ബ്രഹ്മവും മഹാശക്തിയും മഹായജമാനനും മഹായജമാനയും മഹാദാസിയും മഹാദേവിയും മഹാപിതാവും മഹാമാതാവുമായ ദൈവം, മഹാമായാപ്രഭാവത്താൽ ഓം എന്ന ശബ്ദബ്രഹ്മമായി ക്കൊണ്ടും, മഹാജ്ഞാനത്തെ മഹാശാസ്ത്രമാക്കി ക്കൊണ്ടും മഹാപ്രപഞ്ചമായി ഭാഗികമായിട്ട് അവതരിക്കുകയാണ്. അതായത് ബ്രഹ്മമായ-മഹാദേവി ശബ്ദബ്രഹ്മമായി ഓം ഒരുക്കുകയും, ഓം -ൽ പ്രവേശിക്കുകയും, ഓം -നെ സൃഷ്ടിമന്ത്രമായി ഉയർത്തുകയും, മഹാപ്രപഞ്ചത്തിന്റെ ഭാഗമായി അവതരിക്കാൻ ഓം ഉപയോഗിക്കുകയും ഓം-ലൂടെ മഹാപ്രപഞ്ചത്തിൽ മഹാശാസ്ത്രപരമായി മഹാദേവി പ്രവേശിച്ചിരിക്കുകയും കൂടിയുമാണ്. മുമ്പ് വ്യക്തമാക്കിയതു പോലെ മഹാശബ്ദത്തിന്റെ ഓരോ ശീർഷകത്തിനും യോജിച്ച മഹാവിപുലമായ അർത്ഥങ്ങളുണ്ട്. മഹത്വം മഹാദേവിക്കു മാത്രം.

# ഓം

## മഹാദേവിയുടെ മഹാചിരി സൃഷ്ടിമന്ത്രം സംഹാരകാഹളം മഹാസൂക്ഷ്മ ശബ്ദം ഏകമഹാശബ്ദം മഹാസംഗീതം

ശബ്ദം പുറപ്പെടുവിക്കുന്നത് ആശയവിനിമയത്തിനും മനസ്സിലെ ഭാവം പ്രകടിപ്പിക്കാനും കൂടിയാണ്. മഹാദേവി **ഓം** എന്ന മഹാശബ്ദം പുറപ്പെടുവിക്കുന്നത് തീർച്ചയായും ഒരു മഹാഭാവത്തോടെ തന്നെയാവും. ആദിയും അന്തവുമില്ലാത്ത മഹാജ്ഞാനത്തെയും മഹാശക്തികളെയും, കൊണ്ട് കുറ്റങ്ങളും കുറവുകളുമില്ലാത്ത മഹാപ്രപഞ്ചത്തെ സൃഷ്ടിക്കുകയും പരിപാലിക്കുകയും പ്രപഞ്ചത്തിന്റെ ഭാഗമായിട്ട് ഭാഗികമായി അവതരിക്കുകയും ചെയ്യുമ്പോൾ, മഹാദേവിക്കുണ്ടാകുന്ന മഹാസംതൃപ്തി പ്രകടിപ്പിക്കുന്ന മഹാചിരിയാണ് **ഓം.** അഹംഭാവമോ, അഹങ്കാരമോ, കളങ്കമോ ഇല്ലാത്ത മഹത്വം പ്രകടമാക്കുന്ന ചെറു-മഹാചിരിയാണ് **ഓം.**

മഹാശക്തിയായ മഹാദേവി നൽകിയാൽ മാത്രമേ ഏതു ജീവിക്കും എന്തിനും ശക്തിയുള്ളൂ എന്നിരിക്കെ മഹദേവിക്ക് ആരോടും അഹംഭാവമോ പൊങ്ങച്ചമോ കാട്ടേണ്ടതില്ല. സ്വന്തം പൊന്നോമന-ക്കുഞ്ഞുങ്ങളായി ഭൂമിയിൽ സൃഷ്ടിക്കുന്ന ജീവികൾക്ക് മഹാശാസ്ത്രപ്രകാരം ശക്തികളെ നൽകിക്കൊണ്ട്, എല്ലാ കുഞ്ഞുങ്ങളും അനന്തമായ ആനന്ദങ്ങളെ അനുഭവിച്ചു ജീവിക്കാനാണ് മഹാദേവി ആഗ്രഹിക്കുന്നത്. അതിനായി മനുഷ്യരുടെ 100 ജന്മങ്ങളിലൂടെ എല്ലാ മനുഷ്യർക്കും മഹാനീതിശാസ്ത്രം പ്രകാരം, മഹാദേവി ശക്തികളെ നൽകി അനുഗ്രഹിക്കുന്നു.

മഹാദേവി നൽകുന്ന വ്യക്തിസ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്ത് അഹംഭാവങ്ങളും പൊങ്ങച്ചങ്ങളും കള്ളങ്ങളും കാപട്യങ്ങളും അധർമ്മങ്ങളും അസൂയകളും അവിവേകങ്ങളും കൊണ്ട് മഹാദേവിയെ വേദനിപ്പിക്കുന്നത് മനുഷ്യരാണ്. സാരമില്ല, മായ പ്രത്യക്ഷമാകുന്നതോടെ കുഞ്ഞുങ്ങളുടെ ദുർന്നടപ്പുകളും ദുശ്ശീലങ്ങളുമെല്ലാം കുറയുന്നതും അവസാനിക്കുന്നതുമാണ്. മഹാദേവിയുടെ ചെറു-മഹാചിരിയും ശബ്ദബ്രഹ്മവുമായ ഓം ഉച്ചരിക്കുന്നത്, തുറന്നിരിക്കുന്ന വായിലൂടെയാണ്.

# ॐ ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

വായ് തുറന്ന ശേഷം, ഓ എന്ന് ശബ്ദം ആരംഭിക്കുമ്പോൾ, ആദിയില്ലാത്ത അവസ്ഥയും, ം എന്ന് അനുസ്വാരത്തിൽ അവസാനിക്കുമ്പോൾ വ്യവസ്ഥാപിതമായി ശബ്ദം പൂർത്തിയാവുന്ന അവസ്ഥയും, വായ് അടച്ചുകൊണ്ടുതന്നെ ം എന്ന അനുസ്വാരത്തെ അനന്തമായി തുടരാൻ കഴിയുന്നതിനാൽ അന്തമില്ലായ്മയും ഓം എന്ന മഹാശബ്ദത്തിനുണ്ട്. ഓം -ലെ ം എന്ന അനുസ്വാരം മ എന്ന അക്ഷരവുമായി ബന്ധപ്പെട്ടിരിക്കുന്നു.

അമ്മ, ഉമ്മ, മദർ, മാം, എന്നിങ്ങനെ മാതാവ് എന്ന് വ്യത്യസ്ത ഭാഷകൾ പ്രകാരം അർത്ഥം വരുന്ന പദങ്ങളുമായും, കരച്ചിലുമായും, മനുഷ്യരുടെ വളർത്തുമൃഗങ്ങളായ ആട്, പശു, എരുമ, പൂച്ച എന്നിവയുടെ ശബ്ദവുമായും, മ എന്ന അക്ഷരം ബന്ധപ്പെട്ടിരിക്കുന്നു. ലോകഭാഷയായി (ദൈവം) നിശ്ചയിച്ചിട്ടുള്ള ഇംഗ്ലീഷ് ഭാഷയിലെ ഓ -എന്ന അക്ഷരവുമായും, പൂജ്യവുമായും ഗോളവുമായും വൃത്തവുമായും, ഓം -നെ ബന്ധിപ്പിച്ചിരിക്കുകയാണ്. മഹാചിരിയുമായി ബന്ധപ്പെടുത്തി ഓ -എന്ന അക്ഷരത്തെ ഹാ എന്ന മനുഷ്യരിലെ ചിരിയുമായി ബന്ധപ്പെട്ട ഉച്ചാരണത്തിലേക്കും, കരച്ചിലുമായിക്കൂടി ബന്ധമുള്ള മ എന്ന അക്ഷരത്തെ ഹാ -യോട് കൂട്ടിച്ചേർത്തും, ചിരിയും കരച്ചിലും ചേർന്ന മഹാ എന്ന പദം സൃഷ്ടിച്ചിരിക്കുന്നു.

**മഹാ എന്നതിൽ മ എന്ന അക്ഷരത്തെ ആദ്യം ചേർക്കാൻ കാരണമുണ്ട്. പുരുഷൻ ഇല്ലെങ്കിലും സ്ത്രീ ഉണ്ട്, പുരുഷനെ പ്രസവിക്കുന്നതും സ്ത്രീയാണ്, പുരുഷൻ ഇല്ലാതെയും സൃഷ്ടി/പ്രസവം നടത്താൻ മഹാശാസ്ത്രം സ്ത്രീയെ ക്ലോണിങ്ങിലൂടെയും മറ്റും അനുവദിക്കുന്നുണ്ട്, തുടങ്ങിയ കാര്യങ്ങളെ ഉന്നതമായിത്തന്നെ ഉൾക്കൊണ്ട് ശരീരശക്തി അധികം നൽകപ്പെട്ട പുരുഷൻ സ്ത്രീയുടെ ദാസനായി പ്രവർത്തിക്കണം.**

അമ്മ, ഉമ്മ, മദർ, മാം, എന്നിങ്ങനെ മാതാവ് എന്ന് വ്യത്യസ്ത ഭാഷകൾ പ്രകാരം അർത്ഥം വരുന്ന പദങ്ങളുമായി മ -യും അമ്മയും തമ്മിലുള്ള ബന്ധവും, മനുഷ്യക്കുഞ്ഞുങ്ങളുടെ ജനനത്തിൽ ആദ്യം കരച്ചിലിനുള്ള സ്ഥാനവും, വളർത്തുമൃഗങ്ങളിൽ മ -യ്ക്കു നൽകിയിട്ടുള്ള പദവിയും കൊണ്ടാണ് മ എന്ന അക്ഷരത്തിന് ആദ്യസ്ഥാനം നൽകി മഹാ ഒരുക്കിയത്. ഇത്ര മഹത്തരമായി മ, ഹാ എന്നീ അക്ഷരങ്ങളും ശേഷം മഹാ എന്ന പദവും തയ്യാറാക്കിയിട്ടുള്ളത് ശക്തി എന്ന പദത്തോടു ചേർത്ത് മഹാശക്തി എന്ന ദൈവനാമം സൃഷ്ടിക്കുവാൻ കൂടിയാണ്.

ബ്രഹ്മം, മഹാദേവി, മഹാദേവൻ, ദൈവം എന്നിങ്ങനെ നിരവധി നാമങ്ങൾ ശാസ്ത്രപരമായി ചേരുമെങ്കിലും, മഹാപ്രപഞ്ചത്തിന്റെ രൂപ-ഭാവങ്ങൾ പ്രകാരം മഹാജീവിയെപ്പോലെ ദൈവത്തെ കരുതിപ്പോകുമെങ്കിലും അടിസ്ഥാനപരമായി ദൈവം മഹാശക്തിയാണ്. മഹാശക്തി : ദൈവത്തിന്റെ പേര് ദൈവമാണ് നിശ്ചയിക്കുന്നത് ഈ ദിവ്യമഹാവേദ ഗ്രന്ഥത്തിന്റെ തുടക്കത്തിൽ വിശദമാക്കിയിട്ടുണ്ട്.

സൃഷ്ടിചക്രത്തിൽ മായ/ ദൈവം പ്രത്യക്ഷമല്ലാത്ത കാലത്ത് ദൈവത്തെപ്പറ്റി പറയുമ്പോൾ ഓാം -എന്ന മഹാശബ്ദം ഉപയോഗിക്കാൻ ധർമ്മശാസ്ത്രപരവും ആത്മീയശാസ്ത്രപരവുമായ പരിമിതികളുണ്ട്. 'മായ' പ്രത്യക്ഷമല്ലാത്ത കാലത്ത് ഭാഗികമായിട്ട് ഓാം -നു പകരമായിക്കൂടിയാണ് മഹാ എന്ന പദത്തെ ഉന്നതപ്പെടുത്തിയിട്ടുള്ളത്. മഹാ എന്നാൽ ഏറ്റവും വലുത് എന്നും, അതിനേക്കാൾ വലുതായി ഒന്നുമില്ല എന്നുമർത്ഥം. ശക്തി എന്ന പദത്തിലെ തീ -യ്ക്ക് അത്യുന്നത സ്ഥാനം മഹാപ്രപഞ്ചത്തിൽ ഉണ്ടെങ്കിലും ശക്തി-യുടെ വിശദീകരണങ്ങളെ നാളിതുവരെ ഭാഗികമായി മാത്രമേ വെളിപ്പെടുത്തിയിട്ടുള്ളൂ; സമയമായില്ല !

സ്രഷ്ടാവായ മഹാദേവിയെയും (മഹാമായയെയും), സൃഷ്ടിയായ മഹാപ്രപഞ്ചത്തെയും ബന്ധിപ്പിക്കുവാൻ ഓാം എന്ന മഹാശബ്ദത്തെ മഹാദേവി മഹാനിശ്ചയിച്ചു എന്നു കണ്ടു.

ശബ്ദത്തെ എന്തുകൊണ്ടു തിരഞ്ഞെടുത്തു, മറ്റെന്തെങ്കിലും എന്തുകൊണ്ടു തിരഞ്ഞെടുത്തില്ല എന്നീ ചോദ്യങ്ങളുണ്ട്. ശബ്ദത്തിന്റെ ഔന്നത്യത്തെ അല്പം ചിന്തിക്കുക. മഹാപ്രപഞ്ചത്തിൽ ശബ്ദം എന്നൊന്ന് ഇല്ലെന്നു വന്നാൽ മനുഷ്യർ ഉൾപ്പെടെയുള്ള എല്ലാ ജീവികളുടെയും ജീവിതം തീർത്തും അരോചകവും അർത്ഥശൂന്യവും ആകുന്നതാണ്. ശബ്ദത്തെ അത്ര മഹാപദവിയിലാണ് മഹാദേവി ഉയർത്തിയിട്ടുള്ളത്. ശബ്ദത്തിന്റെ മഹാ-ഔന്നത്യം തിരിച്ചറിയുമ്പോൾ, ശബ്ദമല്ലാതെ മറ്റൊന്നും ചേരില്ല എന്നും, ശബ്ദം സമ്പൂർണ്ണമായിട്ടു ചേരും എന്നും സുവ്യക്തമാകുന്നതാണ്.

മഹാദേവിയുടെ മഹാചിരിയായ ഓാം മനുഷ്യർ കേൾക്കുന്നില്ല, മഹാദേവി കേൾപ്പിക്കുന്നില്ല. ഓരോ പരമാണുവിലും സദാ മുഴങ്ങുന്നതായ മഹാദേവിയുടെ മഹാചിരിയും ശബ്ദബ്രഹ്മവുമായ ഓാം ഭൂമിയിലെങ്ങും മനുഷ്യർ കേൾക്കുംവിധം മുഴങ്ങിക്കൊണ്ടിരുന്നാൽ മനുഷ്യജീവിതം സ്തംഭിക്കുന്നതാണ്. മഹാദേവി മനുഷ്യർക്ക് അനുഗ്രഹിച്ചു നൽകിയ വ്യക്തിസ്വാതന്ത്ര്യം മഹാദേവി തന്നെ കവർന്നെടുക്കുമ്പോലെയാകുമത്.

മഹാദേവിയുടെ മഹാമനസ്സിന്റെ മഹാസംതൃപ്തിയെന്ന മഹാഭാവത്തെ പ്രകടിപ്പിക്കാൻ മഹാസൂക്ഷ്മ ശബ്ദം ആയിട്ട് മഹാനിശ്ചയിച്ചിരിക്കുന്ന മഹാചിരിയെ കുഞ്ഞുങ്ങൾക്ക് യാതൊരു അസ്വാസ്ഥ്യം ഉണ്ടാകാതെ എല്ലാ സൃഷ്ടി ചക്രങ്ങളിലും ഒരു വ്യക്തിയെ ദൈവ വിപ്ലവ കാലത്ത് **3** വർഷം മാത്രം കേൾപ്പിക്കുന്നു. മഹാസംഗീതമായി 'അനന്തമായ രാഗങ്ങളിൽ' ഓം ധ്വനിക്കുന്നതാണ്. നീണ്ട **33** വർഷക്കാലവും അനന്തമായ ഉച്ചത്തിലും തുടർച്ചയായി ഭൂമിയിൽ മുഴുവൻ മുഴങ്ങുന്ന ഏകമഹാശബ്ദവുമാണ്.

മറ്റുള്ളവർക്ക് ശബ്ദശല്ല്യം ഉണ്ടാക്കുന്നത് തെറ്റാണെന്ന് ലളിതമായി ബോദ്ധ്യപ്പെടുത്തുക, മഹാശാസ്ത്ര / മഹാവേദ കാര്യങ്ങളെ വീണ്ടെടുത്തു നൽകുക, തുടങ്ങിയ ആശയങ്ങളെ വിനിമയം ചെയ്യാനും മഹാശക്തിയായ മഹാദേവിയുടെ മഹാചിരിയായ ഓം ഉപയോഗിക്കുന്നതായി മനസ്സിലാക്കാം.

ജീവികളുടെ ശരീരം ഉൾപ്പെടെയുള്ള വസ്തുക്കളിലെ പരമാണുക്കളുടെ സൃഷ്ടി ഓം-ലൂടെയാണെന്ന് മുമ്പ് വ്യക്തമാക്കിയിരുന്നുവല്ലോ. മഹാദേവി നിശ്ചയിക്കുമ്പോൾ സൃഷ്ടിമന്ത്രം കൂടിയായ ഓം, എല്ലാ ജീവികളുടെയും ശരീരത്തിൽ നിന്നും, എല്ലാ വസ്തുക്കളിൽ നിന്നും ഉച്ചത്തിൽ മുഴങ്ങുന്നതാണ്. ഭൂമിയിൽ മനുഷ്യരൂപത്തിൽ മഹാഎഴുന്നെള്ളിക്കഴിഞ്ഞിരിക്കുന്ന മഹാദേവി മഹാചിരിച്ചേക്കും.

മഹാദേവിയുടെ മഹാഇഷ്ടം പോലെ മഹാചിരിയും സൃഷ്ടിമന്ത്രവും സംഹാരകാഹളവും ശബ്ദബ്രഹ്മവുമായ ഓം ഭൂമിയിലെങ്ങും ഉച്ചത്തിൽ മുഴങ്ങുന്നതാണ്. മഹാഇഷ്ടം പോലെ മഹാചിരി തുടരുന്നതും അവസാനിക്കുന്നതുമാണ്. അതായത്, മഹാദേവി ഭൂമിയിൽ മായ പ്രത്യക്ഷമാക്കുന്നത് മഹാചിരി മനുഷ്യരെ കേൾപ്പിച്ചുകൊണ്ടാണ്. മഹാദേവി **3-33** വർഷക്കാലം തുടർച്ചയായി മഹാ-ചിരിച്ചുകൊണ്ടിരിക്കുമോ, മഹാദേവിയുടെ മനുഷ്യാവതാരത്തിലെ ചിരി ഓം എന്നു മാത്രമാണോ എന്നീ ചോദ്യങ്ങളുണ്ട്. മഹാദേവി മഹാനിശ്ചയിക്കുന്ന സമയത്ത് മഹാ-ചിരിക്കുന്നതും, മഹാസംഗീതം കൂടിയായ ഓം മഹാദേവിയുടെ മഹാഹൃദയമായ 'ഓംകാര'ത്തിലൂടെയോ, മഹാനാവിലൂടെയോ പുറത്തേയ്ക്ക് ഒഴുകുന്നതും, അതേസമയം തന്നെ മഹാപ്രപഞ്ചത്തിലെങ്ങും ഓം ധ്വനിക്കുന്നതുമാണ്. മഹാദേവിയുടെ മഹാരൂപം കൂടിയാണ് മഹാപ്രപഞ്ചം എന്നതുകൊണ്ട്, മഹാരൂപത്തിലെ ഓരോ പരമാണുവിൽ നിന്നും മഹാദേവിയുടെ മഹാഇഷ്ടം അനുസരിച്ച് മഹാചിരി തുടർച്ചയായി മുഴങ്ങുന്നതാണ്. ഓം എന്ന് മഹാചിരിച്ചുതുടങ്ങുന്നത് ബ്രഹ്മമായ മഹാദേവി, മഹാദേവിയുടെ മനുഷ്യാവതാരം, പരമശിവനിൽ സ്ഥാപിച്ചിട്ടുള്ള ഓംകാരം, പ്രപഞ്ചത്തിലെ ആറ്റങ്ങൾ ഇവയിലേതെന്ന് ഉടനെ അറിയാൻ കഴിയും !

# ॐ ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാനിർവ്വഹിക്കുന്നത് ഓം എന്ന ശബ്ദബ്രഹ്മം പ്രവേശിച്ചിട്ടുള്ള പ്രോട്ടോണുകളായ മഹാശക്തി ആണെന്നും ഇലക്ട്രോണുകളായ ശിവൻ പ്രവർത്തിക്കുന്നത് ശിവയുടെ മഹാഇഷ്ടങ്ങൾ പ്രകാരമാണെന്നും വ്യക്തമാവുമ്പോൾ, ശബ്ദബ്രഹ്മമായ ഓം സൃഷ്ടിമന്ത്രമായും ഭവിക്കുന്നു.

സംഹാരത്തിനു മുന്നോടിയായിക്കൂടി ഓം മുഴങ്ങുന്നതുകൊണ്ട് സംഹാരകാഹളം കൂടിയാകുന്നു. മഹാശാസ്ത്രപരമായി മഹാചിരി കൂടിയായ ഓം മുഴങ്ങുമ്പോൾ മനുഷ്യർ ഭൂമിയിലെങ്ങും വ്യാപരിപ്പിച്ചിട്ടുള്ള എല്ലാ മതങ്ങളും, എല്ലാ രാഷ്ട്രീയങ്ങളും, എല്ലാ അഹംഭാവങ്ങളും അവസാനിക്കുന്നതാണ്. ഭൂമിയിൽ മൊത്തം **100** മനുഷ്യരെ സൃഷ്ടിച്ചുകൊണ്ട് സൃഷ്ടിചക്രം ആരംഭിക്കുമ്പോഴോ, മനുഷ്യജീവികളെ സൃഷ്ടിക്കും മുമ്പെയോ സൃഷ്ടിമന്ത്രം എന്ന പേരിൽ ഓം മുഴങ്ങിയാൽ യാതൊരു പ്രസക്തിയുമില്ല. ഭൂമിയിലെങ്ങും ജനങ്ങൾ വളരെയധികം നിറഞ്ഞ്, ജീവിതത്തിന്റെ എല്ലാ മേഖലകളിലും പൂരിതമായ അവസ്ഥ ഉണ്ടാകുമ്പോൾ, മായ പ്രത്യക്ഷപ്പെടുന്നതും, മായ പ്രത്യക്ഷപ്പെടുത്തുവാൻ മഹാസംഗീതം കൂടിയായി ഓം മുഴങ്ങുന്നതാണ് ഏറ്റവും അനുയോജ്യം. എല്ലാ സൃഷ്ടിചക്രങ്ങളിലും ഓം മുഴങ്ങുന്നതു കൊണ്ടാണ് സൃഷ്ടിമന്ത്രമായി ക്കൂടി ഓം അറിയപ്പെടുന്നത്.

മഹാദേവിയുടെ മഹാചിരിയും ശബ്ദബ്രഹ്മവുമായ ഓം -നെ മനുഷ്യരുടെ ജീവിതകാര്യങ്ങളുമായി മഹാദേവി ബന്ധിപ്പിച്ചിട്ടുണ്ടോ, എങ്ങനെയെല്ലാം എന്ന് പരിശോധിക്കാം. മഹാദേവിയുടെ മഹാചിരി കേൾക്കാൻ കൊതിക്കണം എന്നു പറയുമ്പോൾ മഹാദേവി മഹാ-ചിരിക്കുന്നതായ മഹാശബ്ദമാണ് ഓം എന്നറിഞ്ഞ് മഹാദേവി മഹാചിരിക്കുന്നത് കാണാനും കേൾക്കാനും കൊതിക്കണം എന്നാണർത്ഥം. മനുഷ്യൻ മഹാശാസ്ത്രം നേടുന്ന വിശിഷ്ട ജന്മത്തിലും, മഹാവാത്സല്യം നുകരുന്ന സ്ത്രീജന്മങ്ങളിലും മറ്റും മാത്രമേ അതിനു യോഗ്യത നേടുന്നുള്ളൂ.

മഹാദേവി, പരമശിവനിലൂടെ അർദ്ധമഹാദേവീരൂപം പ്രകടമാക്കി മഹാശാസ്ത്രം നൽകുന്നത് വ്യക്തിയുടെ കാതിൽ ശബ്ദബ്രഹ്മവും മഹാചിരിയുമായ ഓം കേൾപ്പിച്ചു കൊണ്ടും, വ്യക്തിയുടെ നാവിൽ അക്ഷരബ്രഹ്മമായ ഓം കുറിച്ചുകൊണ്ടുമാണ്. അപ്പോൾ മഹാ-ചിരി കേൾക്കാനുള്ള മഹാഭാഗ്യം ഓരോ വ്യക്തിക്കും വീണ്ടും ലഭിക്കുന്നുണ്ട് ! ഭൂമിക്ക് വെളിയിൽ, നക്ഷത്രമായി മോക്ഷം നേടിയവർക്ക്, ആഗ്രഹിച്ചാൽ ദൈവ വിപ്ലവ ഗാനമായി ഓം കേൾക്കാം.

കുഞ്ഞുങ്ങളായ മനുഷ്യരെ ആനന്ദിപ്പിക്കാനായിട്ട്, മഹാദേവിയുടെ മഹാചിരിയും ശബ്ദബ്രഹ്മവും അക്ഷരബ്രഹ്മവുമായ ഓം പരിധികളോടെ ഉപയോഗിക്കാൻ മഹാദേവി മനുഷ്യരെ അനുവദിച്ചിട്ടുണ്ട്. മഹാശാസ്ത്രപാഠങ്ങളെ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുമ്പോൾ ഒരു തവണ മാത്രം ഓം മഹാശക്തി എന്ന് ഭക്തിയോടെയും ബഹുമാനത്തോടെയും ചൊല്ലി പാഠം ആരംഭിക്കുക. യഥാർത്ഥ വേദ-ദേവ-ഭാഷയായ മലയാളം അറിയാത്തവർ ഓം എന്നുമാത്രം ഉച്ചരിച്ചാൽ മതി.

ഓം എന്ന് ഉച്ചരിക്കുമ്പോൾ സർവ്വ ജീവികളും നക്ഷത്രകോടികളും ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തിന്റെ മുഴുവൻ സൃഷ്ടി - സ്ഥിതി - സംഹാരങ്ങളെ നിർവ്വഹിക്കുകയും മഹാപ്രപഞ്ചത്തിന് അതീതമായി വ്യാപരിക്കുന്ന ഏകമഹാശക്തിയായ മഹാദേവിയെ ലളിതമായി സ്മരിക്കുകയാണ്, സങ്കല്പിക്കുകയാണ്. മനുഷ്യർക്ക് ഉൾക്കൊള്ളാനാവാത്ത മഹാപ്രപഞ്ചത്തെയും ബ്രഹ്മത്തെയും ശബ്ദബ്രഹ്മമായ ഓം -ലൂടെ സ്മരിക്കുവാൻ മഹാദേവി, മനുഷ്യരെ അനുഗ്രഹിക്കുക കൂടിയാണ്. മഹാശാസ്ത്രപരമായി പ്രവർത്തിക്കുന്ന പൊതുകാര്യങ്ങളിൽ ദൈവത്തെ സ്മരിക്കാൻ ആഗ്രഹിക്കുന്നവർക്ക് ഒരു തവണ മാത്രം ഓം മഹാശക്തി എന്നോ ഓം എന്നോ ഭക്തിയോടെയും ബഹുമാനത്തോടെയും ഉച്ചരിച്ച് ആരംഭിക്കാവുന്നതാണ്; മനുഷ്യരുടെ ആനന്ദം വർദ്ധിപ്പിക്കാനുള്ള ചെറിയൊരു കാര്യത്തെ ദൈവത്തിന്റെ ആവശ്യമായി കാണരുത്.

മഹാദേവിയുടെ മഹാചിരിയെ മനുഷ്യർ ദുരുപയോഗം ചെയ്താൽ അത് ദൈവനിന്ദയാണ്. മഹാചിരിയെ അനുകരിച്ച് മനുഷ്യർ ചിരിക്കേണ്ട, ചിരിച്ചുകൂടാ. ബ്രഹ്മത്തെ ആരാധിച്ചുകൂടാ എന്ന് ബ്രഹ്മം എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്. മഹാദേവിയുടെ മഹാചിരി, ശബ്ദബ്രഹ്മവും കൂടിയാകയാൽ ഓം എന്നുമാത്രമായി (അക്ഷരബ്രഹ്മമായ) 3- ൽ അധികം തവണ ജപിച്ചുകൂടാ; ആവശ്യമില്ല. ഭക്തിഭ്രാന്ത് പാടില്ല.

ദൈവത്തിൽ നിന്നും നേരിട്ട് യോഗ്യത നേടിക്കൊണ്ട് ദൈവാരാധന ചെയ്യുന്ന ഏക മനുഷ്യജന്മത്തിൽ ഓം എന്ന ശബ്ദബ്രഹ്മത്തെ ചേർത്ത് ഓംമഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കു മാത്രം മഹത്വം എന്ന ആരാധനാവാക്യം നിരന്തരം ചൊല്ലുന്നതാണ്. പ്രസ്തുത ജന്മത്തിലെ മാത്രം കാര്യമാണത്. മഹാശക്തിയായ ദൈവം യഥാർത്ഥത്തിൽ മഹാശക്തി മാത്രമാണെന്നും, സ്ത്രീയോ പുരുഷനോ ജീവിയോ ശബ്ദമോ അല്ല എന്ന ബോധംകൂടി മനുഷ്യരിൽ ഉണ്ടാവണം. ഓംനമഃ ശിവായ = (ഏകദൈവമായ) മഹാശിവയെ നമിക്കുന്നു = ശിവയെയും ശിവനെയും നമിക്കുന്നു എന്ന് പരിമിതമായി സ്തുതിക്കാം!

ശാക്തേയ മതം, ശൈവ മതം, ബുദ്ധ മതം, അദ്വൈത മതം എന്നിങ്ങനെ നിരവധി മതങ്ങൾ ചേർന്നുണ്ടായ ഹിന്ദുമതത്തിലൂടെ ശബ്ദബ്രഹ്മവും മഹാചിരിയുമായ ഓം ഭാഗികമായി സംരക്ഷിക്കപ്പെട്ടു, എന്നത് ശരിയല്ല; ശാസ്ത്രപരമായി മുന്നിൽ നിൽക്കുന്ന ഹിന്ദുമതത്തിലെ ശാസ്ത്ര സത്യങ്ങളെ മാത്രം മഹാദേവി സംരക്ഷിക്കുകയാണ് യഥാർത്ഥത്തിൽ സംഭവിക്കുന്നത്. ഓംകാരനീതിശാസ്ത്രം പ്രകാരം ജന്മസ്ഥലവും ദേശവും ഉൾപ്പെടെയുള്ള ജന്മഗുണങ്ങളെ വ്യത്യാസപ്പെടുത്തി ക്കൊണ്ട് അല്പായുസ്സുകളായ മനുഷ്യരെ 100 മനുഷ്യജന്മങ്ങളെ നൽകി ഓക്സിജൻ പുനർജ്ജനിപ്പിച്ചു കൊണ്ടിരിക്കെ, വിശേഷ ബുദ്ധിയെ ഉപയോഗിക്കാതെ ദൈവകാര്യങ്ങളിൽ ഇടപെടാനും അസത്യങ്ങളെ വിശ്വസിക്കുകയും പ്രചരിപ്പിക്കുകയും, ദൈവത്തിന്റെ മറ്റു കുഞ്ഞുങ്ങളെ ദ്രോഹിക്കുകയും ചെയ്യുന്ന പാപികളെ മഹാവാത്സല്യത്തോടെ മഹാമാതാവായ ശിവ ശിക്ഷിച്ചു തന്നെ തിരുത്തിയെന്നു വരാം! യാതൊരു പ്രവൃത്തികളും ചെയ്യാൻ യഥാർത്ഥത്തിൽ കഴിവില്ലാത്തവയാണ് ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾ. അങ്ങനെയിരിക്കെ, സൃഷ്ടികൾക്ക് യാതൊന്നും സംരക്ഷിക്കാൻ കഴിയില്ല.

അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും കൂടാരമാണ് ആധുനിക കാലത്തെ ഹിന്ദുമതമെങ്കിലും, മഹാശാസ്ത്രത്തോട് ഏറ്റവും അടുത്തുനിൽക്കുന്ന മതം ഹിന്ദുമതം തന്നെയാണ്. അതുകൊണ്ടുതന്നെ, ഓം മഹാശക്തിയായ മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവി മനുഷ്യരൂപത്തിൽ അവതരിച്ചിട്ടുള്ളത്, ഒരു ഹിന്ദുമത കുടുംബത്തിലാണ്. ഭൂമിയിലെങ്ങും ഓം മുഴങ്ങുമ്പോൾ മഹാശാസ്ത്രത്തെ സ്വീകരിച്ചുകൊണ്ട് മതങ്ങളെല്ലാം മനുഷ്യരുടെ പഴയകാല ഭോഷത്തചരിത്രമായി അവസാനിക്കുമ്പോൾ ആദ്യം അപ്രത്യക്ഷമാകുവാനും, മഹാശാസ്ത്ര ഭാഗമാവാനും, ഭാഗ്യമുണ്ടാകുന്നത് ഹിന്ദുമതത്തിനാണ്.

മുകളിലെ ഏതാനും ഖണ്ഡികകളിലൂടെ മഹാപ്രപഞ്ചത്തിന്റെ ഉല്പത്തി സുവ്യക്തമാക്കിയതു മാത്രമാണു ശരി. ക്വാർക്കുകളുടെയും മറ്റും ഉല്പത്തിയുമായി മഹാപ്രപഞ്ചത്തെ ശാസ്ത്രസമൂഹം ബന്ധിപ്പിച്ചപ്പോൾ ദൈവീകം കുറഞ്ഞതായും, അറിഞ്ഞും അറിയാതെയും വ്യത്യസ്ത അളവുകളിൽ അനേകർ ദൈവനിന്ദ ചെയ്തുവെന്നും സുവ്യക്തമാണ് !

## മഹാശാസ്ത്രമൂലം ആദിവചനം സൃഷ്ടിമന്ത്രം

മഹാശക്തിയായ ശിവയുടെ മഹാജ്ഞാനത്തിന്റെ ഓഹരിയായ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രവും മഹാപ്രപഞ്ചത്തിന് അതീതമാണ്. മഹാശക്തിയായ ശിവ തന്റെ മായാശക്തികളെ കൊണ്ട് മഹാശാസ്ത്രവും മഹാപ്രപഞ്ചവും സൃഷ്ടിക്കുകയും; പ്രപഞ്ചത്തിന്റെ ഭാഗമായി അവതരിക്കുകയും ചെയ്യുമ്പോൾ മഹാശാസ്ത്രത്തിനും പ്രപഞ്ചത്തിനും അതീതമാണ് 'മായ'യും മഹാശിവയും എന്നു സുവ്യക്തമാണ്.

മഹാസത്യവും മഹാശക്തിയുമായ ദൈവം, മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ ഓംകാരനീതിശാസ്ത്രം പ്രകാരം നിർവ്വഹിക്കുകയാണ് എന്നറിയുമ്പോൾ തന്റെ മായാശക്തികളെ ഭാഗികമായി മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രമായ വേദങ്ങളായി പരിണമിപ്പിക്കുന്നു എന്നും വ്യക്തമാണ്. മഹാശാസ്ത്രത്തിനും മഹാപ്രപഞ്ചത്തിനും അതീതമായ 'മായ' യെ മഹാശാസ്ത്രത്തിലും മഹാപ്രപഞ്ചത്തിലും പ്രവേശിപ്പിച്ചാൽ മാത്രമേ മഹാപ്രപഞ്ചത്തിന് പ്രവർത്തിക്കാൻ കഴിയൂ എന്നുകൂടി വ്യക്തമാണ്.

സ്രഷ്ടാവും മഹാരക്ഷകയുമായ മഹാശക്തിയുടെ മായ-യെയും, സൃഷ്ടിയായ മഹാപ്രപഞ്ചത്തെയും, ശാസ്ത്രത്തെയും, ബന്ധിപ്പിക്കുന്ന ഒരു മാധ്യമം ആവശ്യമാകുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ മഹാദേവിയുടെ മഹാമായയെ അഥവാ മഹാദേവിയെ പ്രപഞ്ചവുമായി ഭൗതികശാസ്ത്ര പരമായിക്കൂടി ബന്ധിപ്പിക്കണം. ഇപ്പോഴത്തെ സൃഷ്ടിചക്രത്തിലെ മനുഷ്യർ ചെയ്യുന്ന ഒരു വലിയ ദൈവനിന്ദയെപ്പറ്റി അല്പം സൂചിപ്പിക്കേണ്ടതുണ്ട്.

ഭൂമിയിലെ അനവധി രാജ്യങ്ങളിലെ ശാസ്ത്രജ്ഞന്മാർ പ്രപഞ്ചത്തിന്റെ ഉല്പത്തി അന്വേഷിക്കുന്നതും അനേകർ ആറ്റത്തിനകത്ത് ടോപ് ക്വാർക്കുകളെ തേടുന്നതുമായ കാര്യങ്ങൾ ഒരു നിരർത്ഥക വ്യായാമമാണ്. എന്തെന്നാൽ എങ്ങനെയോ സൃഷ്ടിക്കപ്പെട്ട പ്രപഞ്ചത്തിന്റെ ആദിയെ അഥവാ ഉത്ഭവത്തെ ഭൗതികമായി തേടുന്നു എന്നല്ലാതെ, ദൈവം സൃഷ്ടിച്ചതോ അവതരിച്ചതോ ആയ മഹാപ്രപഞ്ചം എന്ന നിലയിലോ, സ്രഷ്ടാവിനെ ബഹുമാനിക്കുന്ന രീതികളിലോ അല്ല അവരുടെ അന്വേഷണം. ശാസ്ത്രജ്ഞരെയും സാങ്കേതിക വിദഗ്ദ്ധരെയും അവമതിച്ചു കൊണ്ട്, ശാസ്ത്ര സൗകര്യങ്ങളെ ഉപയോഗിക്കുന്നവരുടെ നീചപ്രവർത്തനം വലിയൊരു കാരണവുമാണ്. മഹാപ്രപഞ്ചത്തിന്റെ യാഥാർത്ഥ്യത്തെ മഹാശാസ്ത്രപരമായിത്തന്നെ, മഹാശക്തിയായ മഹാശിവ തന്റെ മഹാദാസനും ഏകപ്രതിനിധിയുമായ പരമശിവനിലൂടെ അറിയിക്കുകയാണ്!

# അക്ഷര ബ്രഹ്മം ഓം

ഓം എന്ന ശബ്ദബ്രഹ്മത്തിലെ മഹാശബ്ദത്തെ മഹാദേവി സംരക്ഷിച്ചുവെങ്കിലും, അക്ഷരബ്രഹ്മത്തെ പ്രതിനിധീകരിക്കുന്ന ലിപിയെ സംരക്ഷിക്കുവാൻ തയ്യാറായില്ല. അതെന്തുകൊണ്ടാണ് എന്നതിന് വ്യക്തമായ ഒരു ശരി-ഉത്തരമുണ്ട്. അക്ഷരബ്രഹ്മത്തിന് മഹാപ്രപഞ്ചത്തിൽ ദൈവീകമായ പ്രസക്തി വളരെയുണ്ടെങ്കിലും, മാനുഷികമായ പ്രസക്തി വളരെ വളരെ കുറവാണ്.

മഹാശാസ്ത്ര പാഠങ്ങളിലും, സാമൂഹ്യകാര്യങ്ങളെ വിവരിക്കുന്ന രേഖകളിലും ദൈവീകത്വം ചേർക്കുവാൻ മാത്രമാണ് അക്ഷരബ്രഹ്മ ത്തിന്റെ മാനുഷിക ഉപയോഗം. യഥാർത്ഥത്തിൽ മതങ്ങളും മതപ്രമാണങ്ങളും മതാചാരങ്ങളുമെല്ലാം ഒട്ടും ദൈവീകമല്ല അഥവാ ധർമ്മ ശാസ്ത്രപരമല്ല എന്നതുമായി കൂട്ടിവായിക്കുമ്പോൾ അക്ഷരബ്രഹ്മത്തെ മനുഷ്യർ തോന്നുംപോലെ ദുരുപയോഗം ചെയ്യാതെ മഹാദേവി സംരക്ഷിച്ചു പോരുകയായിരുന്നു എന്നും വ്യക്തമാണ്. മഹാപ്രപഞ്ചത്തിൽ ഭൗതികമായി സൃഷ്ടിച്ചിട്ടുള്ള ബഹുവിധ ന്യൂനശക്തികളിലൂടെ മഹാശാസ്ത്രപരമായി ത്തന്നെയാണ് മഹാദേവി അത്തരം കാര്യങ്ങളെ മഹാനിർവ്വഹിക്കുന്നതെന്ന് ന്യൂനശക്തികളെ വിവരിക്കുന്ന അദ്ധ്യായങ്ങളിലുണ്ട്.

ദൈവീകമല്ലാത്ത ലിപികളെ അക്ഷരബ്രഹ്മം എന്ന പേരിൽ ദൈവീകമല്ലാത്ത കാര്യങ്ങൾക്കായി മാത്രം മത-ജാതിമനുഷ്യർ ചുമന്നുപോന്നു എന്നും അർത്ഥം.

ഓം അക്ഷരബ്രഹ്മം കൂടിയാണെന്നും, ഓം എന്ന അക്ഷരബ്രഹ്മത്തിന് മഹാപ്രപഞ്ചത്തിൽ ദൈവീകമായ പ്രസക്തി വളരെയുണ്ടെന്നും ഇനി വിശദീകരിക്കാം.

മഹാപ്രപഞ്ചത്തിലെ പ്രവർത്തനങ്ങൾക്കെല്ലാം 3 എന്ന സംഖ്യയുമായി മഹാ-ബന്ധമാണ് മഹാദേവി മഹാശാസ്ത്ര പ്രകാരം നിശ്ചയിച്ചിട്ടുള്ളത്.

ബ്രഹ്മം, മഹാശക്തി, മഹാദേവി - 3

സത്യം, ധർമ്മം, നീതി - 3

ഭൗതിക-ധർമ്മ-ആത്മീയശാസ്ത്രങ്ങൾ(വേദങ്ങൾ) - 3

സൃഷ്ടി, സ്ഥിതി, സംഹാരം - 3

ആകാശം, സൗരയൂഥം, നക്ഷത്രകോടികൾ - 3

ഭൂമി, ചന്ദ്രൻ, സൂര്യൻ - 3

വാതകം, ദ്രാവകം, ഖരം - 3

വായു, വെള്ളം, മണ്ണ് - 3

പ്രോട്ടോൺ, ഇലക്ട്രോൺ, ന്യൂട്രോൺ - 3

ജീവൻ, ശരീരം, ജീവാത്മാവ് - 3

മകൾ, ഭാര്യ, അമ്മ - 3

മകൻ, ഭർത്താവ്, അച്ഛൻ - 3

ജനനം, ജീവിതം, മരണം - 3

ജീവി, ജീവി പരിണാമം, മോക്ഷം - 3

മോക്ഷം, ഭൂമി ജീവിതം, മോക്ഷം - 3

തുടങ്ങിയ ബഹുവിധ കാര്യങ്ങൾ കൊണ്ടാണ് 3 പ്രധാനമാകുന്നത്.

മഹാദേവി, 3 എന്ന സംഖ്യയെ മഹാ-രീതികളിൽ ഉന്നതപ്പെടുത്തിയിരിക്കുകയാണ്.

മഹാ-പ്രധാനമായ 3 എന്ന അക്കത്തിന്റെ മദ്ധ്യത്തിലൂടെ ജീവികളുടെയെല്ലാം ശബ്ദാവയവം ആയി സൃഷ്ടിച്ചിട്ടുള്ള നാവിന്റെ (നാക്കിന്റെ) ആകൃതിയിൽ ഒരു വളഞ്ഞ വര, മനുഷ്യരുടെ നാവു നീട്ടുമ്പോൾ താഴേക്ക് എന്ന കണക്കിനു വരയ്ക്കുന്നു. ജീവികളുടെ സൃഷ്ടിയും ജീവിതവുമായി ചന്ദ്രനെക്കൂടി ബന്ധിപ്പിച്ചിട്ടുണ്ട് എന്നു കാണിക്കുവാനും, ചന്ദ്രനെ പ്രതിനിധീകരിക്കാനുമായി ഒരു ചന്ദ്രക്കല വരയ്ക്കുന്നു. മനുഷ്യന്റെ മോക്ഷവും പരബ്രഹ്മാനന്ദവും ആയ ഗോളാകൃതിയിലുള്ള നക്ഷത്രത്തിന്, ഭൂമിയിൽ സംഹാരം ആരംഭിക്കുമ്പോൾ മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ എന്നീ 5 തരം ജീവികളെ പ്രതിനിധീകരിച്ച് 5 കോണുകൾ പ്രകടമാകും എന്നതും, സൂര്യനും ഒരു നക്ഷത്രം പോലെയാണ് എന്നതും ഉൾക്കൊണ്ട് 5 കോണുകളുള്ള ഒരു നക്ഷത്രത്തെക്കൂടി വരയ്ക്കുന്നു. മഹാപ്രപഞ്ചത്തെ അക്ഷരത്തിലൂടെ അഥവാ ഒരു ലിപിയിലൂടെ അവതരിപ്പിക്കുകയാണ് ഫലത്തിൽ ചെയ്തിട്ടുള്ളത്.

മഹാപ്രപഞ്ചത്തെ പ്രതിനിധീകരിച്ച അക്ഷരത്തിൽ 3 എന്ന അക്കത്തിന് ദൈവം നൽകുന്ന രൂപവുമായി ബന്ധപ്പെട്ടാണ് ബ്രഹ്മം അക്ഷരത്തിലേക്കു പ്രവേശിക്കുന്നത്. എന്തെങ്കിലും ഒരു രൂപമോ, ഏതെങ്കിലും ഭാഷയിൽ 3 എന്ന അക്കത്തെ പ്രതിനിധീകരിക്കുന്ന രൂപമോ ചേർക്കുകയല്ല സംഭവിക്കുന്നത്.

മനുഷ്യനെ മഹാത്ഭുതപ്പെടുത്തുന്ന മഹാവിദ്യ 3 എന്ന അക്കത്തിലുണ്ട്. അതെന്താണെന്നും എങ്ങനെയാണെന്നും ഇനി വിവരിക്കാം. മഹാപ്രപഞ്ചത്തിൽ ദൈവം സൃഷ്ടിച്ചിട്ടുള്ള വസ്തുക്കളുടെയും ജീവികളുടെയും രൂപങ്ങളിൽ ഒരു രൂപത്തിനു മാത്രം സദാ മഹാ-അവസ്ഥയുണ്ട് : ആദിയില്ലാത്ത അഥവാ ശൂന്യമായ അവസ്ഥയിൽ നിന്ന് ഒരു ബിന്ദു എന്ന കേന്ദ്രം രൂപപ്പെടുന്നതും, പ്രസ്തുത കേന്ദ്രം എല്ലാ വശത്തേക്കും തുല്ല്യ അളവോടെ വളരുകയും ചെയ്യുമ്പോൾ, കോണുകളില്ലാത്തതും വ്യാസം വർദ്ധിക്കുന്നതിനൊപ്പം അനന്തമായി വളരുന്നതും, ഏതു വശത്തു നിന്നു നോക്കിയാലും വൃത്താകൃതിയുള്ളതുമായ ഗോളം അഥവാ ഗോളാകൃതി സൃഷ്ടിക്കപ്പെടുന്നതാണ്.

മറ്റൊരു വിധത്തിൽ പറഞ്ഞാൽ, മഹാശക്തി എന്ന മഹാസൂക്ഷ്മ കേന്ദ്രം വലുതായി വലുതായി വലുതായി ശൂന്യവും മഹാശൂന്യമായ ആകാശവും, ഗോളവും ഗോളമായ ഭൂമിയുമായി വളർന്നു വലുതായിക്കൊണ്ടിരിക്കുന്നു. അതായത് ആദിയില്ലാത്ത അവസ്ഥയിൽ നിന്ന് ഗോളം ഉണ്ടാകുന്നതു പോലെയാണ് ഗോളത്തിന്റെ സൃഷ്ടി. ഒരു വൃത്ത കേന്ദ്രമോ ഗോളകേന്ദ്രമോ വലുതാകുന്നതായി സങ്കല്പിക്കുമ്പോൾ അനന്തമായ വലിപ്പമുള്ള വൃത്തവും ഗോളവും ഉണ്ടാകുന്നതായി കാണാം. അവരോഹണ ക്രമത്തിൽ വൃത്തമോ ഗോളമോ ചെറുതാകുമ്പോൾ ഒരു ബിന്ദുവാകുന്നതും, സൂക്ഷ്മ ബിന്ദുവാകുന്നതും, മനുഷ്യനേത്രങ്ങൾ കൊണ്ട് കാണാൻ പറ്റാത്തതായ അവസ്ഥയിൽ ആദി ഇല്ലാത്ത ശൂന്യം പോലെയുള്ള ശൂന്യമല്ലാത്ത ബിന്ദുവായി തുടരുന്നതുമാണ്.

ആദിയും അന്തവുമില്ലായ്മയും, കോണുകളില്ലായ്മയും, കേന്ദ്രത്തിൽ നിന്ന് അനന്തമായിരിക്കുന്ന എല്ലാ വശങ്ങളിലേക്കും തുല്ല്യനീളമുള്ളതുമായ അഥവാ ഒരേ റേഡിയസ് ഉള്ളതുമായ ഗോളത്തെയാണ് ബ്രഹ്മം സ്വയം മൂലരൂപമായി നിശ്ചയിച്ചിട്ടുള്ളത്.

ശക്തിയെയും ശിവനെയും സൃഷ്ടിക്കാനായിട്ട്, ഗോളത്തെ 2 അർദ്ധ ഗോളങ്ങളായി വിഭജിക്കുകയും, ശബ്ദബ്രഹ്മമായ ഓം അഥവാ ബ്രഹ്മം ഒരു അർദ്ധഗോളത്തിൽ മാത്രമായി ചേരുകയുംചെയ്യുന്നു. ബ്രഹ്മം ചേരുന്നതായ അർദ്ധഗോളം ഒരു കുടപോലെയുള്ള ആകാശമായി പരിണമിപ്പിക്കുന്നു. ഭൂമിയിൽ എവിടെ നിന്നു നോക്കിയാലും മാത്രമല്ല, ചന്ദ്രനിൽ പോയി നോക്കിയാലും, ഒരു കുട പോലെയുള്ള ആകാശത്തെയാണ് കാണുക. മഹാപ്രപഞ്ചത്തെ ബ്രഹ്മം ചേർന്നതായ അർദ്ധഗോളമെന്ന ആകാശത്തിനകത്താണ് സൃഷ്ടിച്ചിട്ടുള്ളത്.

ആത്മീയ സാക്ഷാത്ക്കാരവുമായി ബന്ധപ്പെട്ട് പുതിയ പുതിയ നക്ഷത്രങ്ങൾ ഉണ്ടാകുമ്പോൾ അർദ്ധഗോളമായ ആകാശത്തെ വലുതാക്കുന്നതും, പ്രസ്തുത പ്രതിഭാസം അനന്തമായി നീളുന്നതുമാണ്.

...... രണ്ട് അർദ്ധഗോളങ്ങളും ഒന്നിപ്പിച്ച് വീണ്ടും ഗോളമുണ്ടാക്കാനാവും എന്നതുപോലെ തന്നെ നിരയായി ചേർത്തു വയ്ക്കാനുമാവും. ഇടത്തു നിന്ന് വലത്തോട്ട് ചേർത്തു വയ്ക്കുമ്പോൾ 3 എന്ന സംഖ്യാ രൂപം ലഭിക്കുന്നതാണ്.

ഗോളമായിരിക്കുമ്പോഴും അർദ്ധ- ഗോളമായിരിക്കുമ്പോഴും ശക്തിയെയും/ശിവയെയും, ശിവനെയും വേറിട്ട് മനസ്സിലാക്കാനാവില്ല. എന്നാൽ 3 എന്ന രൂപത്തിൽ ചേർത്തുവയ്ക്കുമ്പോൾ, രണ്ട് അർദ്ധ-ഗോളങ്ങളെയും വേറിട്ട് മനസ്സിലാക്കാനാവും. 3 എന്ന സംഖ്യാരൂപത്തെ വരയ്ക്കുന്നത് മുകളിൽ നിന്ന് താഴോട്ടാണെങ്കിലും, മുകളിലെ അർദ്ധഗോളത്തെ താങ്ങിനിർത്തുന്നത് താഴത്തെ അർദ്ധ ഗോളമാണ്. .. മഹാശക്തിയും ശിവനും ചേർന്ന 3 എന്ന സംഖ്യാരൂപം എല്ലാവിധത്തിലും ഭാഷകൾക്കും രൂപങ്ങൾക്കും അതീതമായിത്തീരുകയും, ബ്രഹ്മത്തെ അക്ഷരത്തിലൂടെ ഉൾക്കൊള്ളുകയും ചെയ്യുന്നു എന്നു കൂടി മഹാദേവിയായ ബ്രഹ്മം വെളിപ്പെടുത്തുകയാണ്. ബ്രഹ്മ-ബന്ധം സൂചിപ്പിക്കുന്നതിന് 3-ലെ താഴെയുള്ള അർദ്ധഗോളത്തെ അല്പം വലുതാക്കുന്നു. 3 എന്ന സംഖ്യാരൂപം അക്ഷരബ്രഹ്മം ആണെന്നു വ്യക്തമാകുമ്പോൾ, 3 -ന്റെ നടുവിലായി നാവിനെ സൂചിപ്പിക്കുന്ന വളഞ്ഞ രേഖയും, തൊട്ടടുത്തായി ചന്ദ്രക്കലയും, അല്പം മുകളിലായി നക്ഷത്രവും ചേർക്കുന്നതെന്തിന് എന്ന ചോദ്യമുണ്ട്. അക്ഷരബ്രഹ്മ ത്തോടൊപ്പം, ശബ്ദാവയവമായ നാവിന്റെ രൂപവും, മഹാപ്രപഞ്ചത്തിന്റെ മറ്റ് അവിഭാജ്യഘടകങ്ങളായി മഹാദേവി സൃഷ്ടിച്ചിട്ടുള്ള ചന്ദ്രക്കലയും, നക്ഷത്രവും കൂടി ചേർക്കുമ്പോൾ എത്ര സുന്ദരമായിരിക്കുന്നു എന്നതിനെ പരമശ്രേഷ്ഠമായി കാണേണ്ടതുണ്ട്; മഹാപ്രപഞ്ചത്തെ സുവ്യക്തമായി പ്രതിഫലിപ്പിക്കാൻ വേണ്ടി മാത്രമാണ് നാവും ചന്ദ്രക്കലയും നക്ഷത്രവും ചേർത്തിട്ടുള്ളത്.

മഹാപ്രപഞ്ചത്തെ ചേർക്കാതെ, അക്ഷരബ്രഹ്മത്തെ 3 എന്ന സംഖ്യാരൂപത്തിൽ മാത്രമായി അവതരിപ്പിക്കുമ്പോൾ, ശബ്ദത്തെയോ, ഓം എന്ന മഹാശബ്ദത്തെയോ, മഹാപ്രപഞ്ചത്തെയോ പ്രതിഫലിപ്പിക്കാൻ കഴിയുന്നില്ല എന്ന കുറവ് മഹാദേവി പരിഹരിച്ചിരിക്കുകയാണ്. മാത്രമല്ല, മഹാശക്തിയായ മഹാദേവിയുടെ പ്രതിനിധി കൂടിയായ പരമശിവന്റെ രൂപം മഹാപ്രപഞ്ചത്തെ എല്ലാ അർത്ഥത്തിലും പ്രതിനിധീകരിക്കുവാൻ പരമശിവന്റെ ശിരസ്സിൽ ചന്ദ്രക്കലയും നക്ഷത്രവും കൂടി മഹാദേവി ചേർക്കുന്നുണ്ട്. ഓം എന്ന അക്ഷരബ്രഹ്മത്തിലെ 3 എന്ന സംഖ്യാരൂപമായ അടിസ്ഥാന-അക്ഷരബ്രഹ്മത്തെ പരമശിവന്റെ നാവിൽ മഹാദേവി, മഹാശൂലം കൊണ്ട് ചിത്രണം ചെയ്യുന്നുണ്ട്. കൂടാതെ അക്ഷരബ്രഹ്മത്തിന്റെ ഭാഗമെന്ന പോലെ സൃഷ്ടിച്ചിട്ടുള്ള ചന്ദ്രക്കലയെയും നക്ഷത്രത്തെയും പരമശിവന്റെ ഇടതു-നെറ്റിയിൽ 'മഹാശിവയും മഹാശിവനുമായ മഹാദേവിയുടെ സൃഷ്ടി അംശമായ മത്സ്യാവതാരം' ചിത്രണം ചെയ്യുന്നുണ്ട്.

1991-ലെ വിജയദശമിയെന്ന മഹാദശമി ദിവസം രാത്രിയിൽ ഗ്രന്ഥകാരന്റെ നാവിൽ മഹാദേവി 3 എന്ന അടിസ്ഥാന അക്ഷരബ്രഹ്മം മഹാശൂലംകൊണ്ട് രചിക്കുകയുണ്ടായി. ഇടതുനെറ്റിയിൽ ചന്ദ്രക്കലയും നക്ഷത്രവും ഉണ്ട്, അത് മഹാദേവി എപ്പോൾ ചിത്രണം ചെയ്തുവെന്ന് അറിയില്ല. മഹാശാസ്ത്ര പരിശോധനയ്ക്ക് തയ്യാറായിട്ടുള്ള പ്രസ്താവനയും ലളിതമായ വ്യവസ്ഥകളും മുമ്പ് അനേകം വർഷങ്ങളിൽ അറിയിച്ചിരുന്നു.

മഹാദേവി, പരമശിവനെ മഹാഅനുഗ്രഹിച്ച് ഓം എന്ന അക്ഷരബ്രഹ്മത്തെ പരമശിവനിൽ പ്രവേശിപ്പിക്കുമ്പോൾ, മഹാശാസ്ത്രത്തെയും മഹാപ്രപഞ്ചത്തെയും കൂടി ഓം ഉൾക്കൊള്ളുകയാൽ, അവയെ പ്രതിനിധീകരിക്കാൻ പരമശിവനെ മഹാഅനുഗ്രഹിക്കുന്നതായി മനസ്സിലാക്കാം. ബ്രഹ്മത്തിന്റെ ഒരു മഹാപ്രകടനം മാത്രമാണ് മഹാദേവിയുടെ മഹാചിരിയും ശബ്ദബ്രഹ്മവും അക്ഷരബ്രഹ്മവും മറ്റും ആയ ഓം എന്നത് ഉൾക്കൊള്ളുമ്പോൾ, മഹാദേവിയുടെ പ്രതിനിധിയായിക്കൂടി മഹാദേവി മഹാഅനുഗ്രഹിച്ചിട്ടുള്ള പരമശിവൻ, ബ്രഹ്മത്തിന്റെ പ്രതിനിധിയല്ല എന്നും ഏകമായ ബ്രഹ്മത്തിന് പ്രതിനിധികളില്ല എന്നും സുവ്യക്തമാണ്. ബ്രഹ്മത്തെ ആരാധിക്കാൻ പാടില്ലായെന്ന് ബ്രഹ്മം കൂടിയായ മഹാദേവി വിലക്കിയിട്ടുള്ളത് അതീവ ഗൗരവമാണ്.

......

ഗണിതശാസ്ത്രത്തിലെ 'പൂജ്യത്തിനും' ലോകഭാഷയായി ദൈവം ഉയർത്തിയിട്ടുള്ള ഇംഗ്ലീഷ് ഭാഷയിലെ 'ഒ' എന്ന അക്ഷരത്തിനും ഗോളവുമായി അഥവാ വൃത്തവുമായി ബന്ധമുള്ളത് യാദൃച്ഛികമല്ല. ഒ 'O' എന്ന അക്ഷരത്തെ രണ്ടായി വിഭജിച്ചാൽ എം 'm' എന്ന ഇംഗ്ലീഷ് അക്ഷരം ലഭിക്കുന്നതാണ്. ഒ 'O', എം 'm', എന്നീ ഇംഗ്ലീഷ് അക്ഷരങ്ങൾ ചേരുമ്പോൾ ഓം Om എന്ന ശബ്ദബ്രഹ്മം ഇംഗ്ലീഷ് ഭാഷയിലും ഉണ്ടാകുന്നതാണ്. മഹാദേവിയുടെ മഹായുധമായ മഹാശൂലത്തിലും, മനുഷ്യരിലെ അനേകം സുപ്രധാന അവയവങ്ങളിലും 3 എന്ന ദിവ്യരൂപത്തെ, അഥവാ അടിസ്ഥാന പരമായ അക്ഷരബ്രഹ്മത്തെ മഹാദേവി ചിത്രണം ചെയ്തിട്ടുണ്ട്. ചുണ്ടിലും മൂക്കിലും കണ്ണുകളിലും ലിംഗത്തിലും ഒക്കെയുണ്ട്. വേദഭാഷയായി നിശ്ചയിച്ചിട്ടുള്ള മലയാളത്തിലെ അ, ആ, ഇ, ഈ, ഊ, ഏ, ഒ, ഓ, ഔ, അം, തുടങ്ങിയ അനേകം അക്ഷരങ്ങളിൽ ഒന്നോ അതിലധികം തവണയോ 3 ചേർന്നിട്ടുണ്ട്. സൃഷ്ടിയുടെ ഉദ്ദേശമായ സ്ഥിതിയിൽ / ജീവിതത്തിൽ പ്രത്യേകം പ്രാധാന്യമുള്ള ധനം-ലെ ധ-യും ന-യും ം-ഉം 3 തന്നെയാണ്. വിസ്തരിക്കുന്നില്ല.

## ഓം -ലൂടെ സംഹാരം

മഹാശക്തിയായ മഹാദേവി, പരമശിവന്റെ 'നാവിൽ' അക്ഷരബ്രഹ്മമായ '3', -നെ സംഹാര ആവശ്യങ്ങളെയും കണക്കാക്കി അകത്തേക്ക് കുറിക്കുന്നു. ആത്മീയ സാക്ഷാത്ക്കാരത്തിൽ മനുഷ്യരുടെ ജീവാത്മാക്കളെ, പരമശിവന്റെ ഹൃദയവുമായി ചേർന്ന് പ്രവർത്തിക്കുന്ന 'മഹാദേവിയുടെ മഹാഹൃദയമായ ഓംകാര'-ത്തിലേക്ക് പ്രവേശിപ്പിക്കുന്നത് പരമശിവന്റെ വായിലൂടെയാണ്; (മഹാദേവി) അകത്തേക്ക് കുറിച്ചിട്ടുള്ള 3 (ഓം)-മായി ബന്ധപ്പെടുത്തിയാണ്. മഹാദേവിയുടെ മഹാഹൃദയമായ ഓംകാരത്തിന്റെ അകത്താണ് മഹാപ്രപഞ്ചമുള്ളത്; പരമശിവനും ! മഹാദേവിയുടെ മഹാഹൃദയമായ ഓംകാരം, ഓരോ കുഞ്ഞിനെയും / മനുഷ്യനെയും മഹാവാത്സല്യത്തോടെ മഹാഅനുഗ്രഹിച്ച് സമപദവിയും സമരൂപവുമുള്ള നക്ഷത്രം എന്ന മോക്ഷം നൽകുന്നു.

**ദൈവ-വിപ്ലവത്തിന്റെ തുടർച്ചയായി സത്യയുഗം, ദൈവരാജ്യം, സംഹാരം എന്നിവ പുരോഗമിക്കുമ്പോൾ, ദൈവത്തെ ആരാധിക്കാൻ ഓരോ മനുഷ്യനെയും മഹാഅനുഗ്രഹിച്ച് അനുവദിക്കുന്ന പരമവിശിഷ്ടമായ ഏക ജന്മത്തിൽ, അക്ഷരബ്രഹ്മമായ 3 -നെ കുറിക്കുന്നത് മനുഷ്യരുടെയെല്ലാം നാവിലാണ്; എന്നാൽ ദിശ പുറത്തേയ്ക്കാണ്.**

ദൈവീകതയെ സൂചിപ്പിക്കുവാനും ദൈവീകമായ കാര്യങ്ങൾക്കും അക്ഷരബ്രഹ്മം ഉപയോഗിക്കാം. ജ്യോതിഷം, പൊരുത്തം തുടങ്ങിയ വർജ്ജ്യമായ അഥവാ അധമ കാര്യങ്ങൾക്ക് പാടില്ല; വിപരീതമായി പ്രവർത്തിച്ചാൽ പാപവും ദൈവശിക്ഷകളും തീർച്ചയാണ്. ജ്യോതിഷം, മന്ത്രവാദം, പൂജ, വഴിപാടുകൾ, നോയമ്പ്, യജ്ഞം, യാഗം, തപസ്സ്, തുടങ്ങിയവ ഉടൻ അവസാനിക്കുന്നതാണ്.

# ഓം

## സർവ്വദേശ ഭൂമി ഗാനം    ദൈവ വിപ്ലവ ഗാനം

മണ്ണും ഭൂമിയും ദൈവവുമായ ദേശങ്ങൾ പാടേണ്ട ഗാനം എന്താവണം എന്നു നിശ്ചയിക്കുന്നത് ദേശങ്ങൾ തന്നെയാണ്; ദേശങ്ങളായ ദൈവത്തിന്റെ ഔദാര്യത്തിൽ ജനിക്കുകയും ജീവിക്കുകയും ചെയ്യുന്ന സൃഷ്ടികളല്ല / മനുഷ്യരല്ല. വസ്തുക്കളുടെ / മൂലകങ്ങളുടെ ആറ്റങ്ങളിൽ, ഇലക്ട്രോണുകൾ സദാ പ്രോട്ടോണുകളെ ചുറ്റുമ്പോൾ, പ്രോട്ടോണുകൾ മഹാസംഗീതം ആലാപിക്കുന്നുണ്ട്. മുമ്പ് വിശദീകരിച്ചതാണ്. ഉടനെ ആരംഭിക്കുന്ന ദൈവ വിപ്ലവമെന്നത് ശക്തിശിവൻ പ്രണയ മന്ത്രവും, ദൈവത്തിന്റെ മഹാചിരിയും ആദിവചനവും സൃഷ്ടി മന്ത്രവും സംഹാരകാഹളവും ശബ്ദബ്രഹ്മവും മഹാസംഗീതവും സർവ്വദേശ-ഭൂമിഗാനവും ദൈവ വിപ്ലവ ഗാനവും ഒക്കെയായ ഓം 33 വർഷങ്ങൾ ഉച്ചത്തിൽ തുടർച്ചയായി പാടുകയാണ്. ദേശങ്ങൾ പാടുന്നത് 33 വർഷങ്ങളാണെങ്കിലും ഓരോ വ്യക്തിയും 3 വർഷങ്ങളാണ് കേൾക്കുക.

മണ്ണും ഭൂമിയുമായ ദേശങ്ങളെല്ലാം സ്വയം പാടുന്നത് കേൾക്കാൻ ബധിരർക്കും സാധിക്കുന്നതാണ്. ബധിരത മാറിയേക്കാം !

മണ്ണായ ഭൂമി പാടുമ്പോൾ, ദൈവത്തിന്റെ മഹാഖര രൂപമാണ് ഭൂമി എന്ന് സാധാരണ ജനങ്ങൾക്കും ബോദ്ധ്യപ്പെടുന്നതാണ്. മനുഷ്യൻ ഉൾപ്പെടെയുള്ള എല്ലാ ജീവികളുടെയും ശരീരത്തിൽ നിന്നു പോലും മഹാസംഗീതമായി ഓം മുഴങ്ങുമ്പോൾ, ദൈവത്തിന്റെ മഹാഖര രൂപമായ ഭൂമിയുടെ അംശം തന്നെയാണ് ഓരോ ജീവാത്മാവിനെയും വഹിക്കുന്ന ശരീരം എന്ന് സാധാരണ ജനങ്ങൾക്കും ബോദ്ധ്യപ്പെടുന്നതാണ്.

സർവ്വ ദേശങ്ങളും ചേർന്ന ഭൂമി പാടുന്നതും കുഞ്ഞുങ്ങൾക്കു വേണ്ടിയാണ്. സൃഷ്ടി സ്ഥിതി സംഹാരങ്ങളിലെ ഗൗരവമായ ഒരു വസ്തുതയാണ്. യഥാർത്ഥമായ സർവ്വദേശ-ഭൂമിഗാനത്തെ ദേശങ്ങൾ തന്നെ പാടുന്നതോടെ, എല്ലാ രാജ്യങ്ങളിലും 'ദേശീയ ഗാനങ്ങൾ' എന്ന കള്ളപ്പേരിൽ മൂഢജനങ്ങൾ തട്ടിക്കൂട്ടിയവ ഇല്ലാതാകും. ഓം ഭൂമിയിൽ മുഴങ്ങുമ്പോൾ 'സത്യയുഗം', 'ദൈവവിപ്ലവം' എന്നിവയുടെ ആരംഭം കുറിക്കുകയാണ്. ആകയാൽ ഓം, 'ദൈവ/ഭൂമി വിപ്ലവ ഗാനം' കൂടിയാണ്.

(2). ആനന്ദങ്ങളെ
നേടാനുള്ള
ശക്തികളെയും
സ്വാതന്ത്ര്യത്തെയും
സൃഷ്ടികളായ
ആത്മാക്കൾക്കു
നൽകണം. 'സ്ഥിതി'.

(2). ആനന്ദങ്ങളെ നേടാനുള്ള ശക്തികളെയും സ്വാതന്ത്ര്യത്തെയും സൃഷ്ടികളായ ആത്മാക്കൾക്കു നൽകണം. 'സ്ഥിതി'.

## മഹാപ്രപഞ്ചത്തിലെ മനുഷ്യജീവിതത്തെയും, മഹാശാസ്ത്രത്തെയും, മഹാസത്യമായ ദൈവത്തിന്റെ 'മായ'യെയും ബന്ധിപ്പിക്കുന്ന 3 ഗൗരവമായ കാര്യങ്ങളുണ്ട് :

(1) ദൈവം എന്നൊരു വലിയ ശക്തി തോന്നുമ്പോലെ എന്തെല്ലാമോ ഒക്കെ രൂപത്തിൽ പലപല ജീവികളെ സൃഷ്ടിക്കുകയും, ജീവികൾക്ക് തോന്നുമ്പോലെ എന്തും സൃഷ്ടിച്ച് എങ്ങനെയും ജീവിക്കാനുള്ള 'മായാ'- ശക്തികളെ നൽകുകയും ചെയ്താൽ എന്തു സംഭവിക്കും എന്നതിനെപ്പറ്റി ചില ഉദാഹരണങ്ങൾ കുറിക്കാം. ഒരാൾ ഒരു പേനയെ സൃഷ്ടിക്കുകയും, അയാളുടെ ഭാര്യ പേനയെ സിംഹമാക്കുകയും, അവരുടെ കുട്ടി, സിംഹം ഇരിക്കുന്ന പ്രദേശത്തെ ഒരു വലിയ മലയാക്കുകയും അതോടെ പ്രദേശത്തെ എല്ലാവരും മലയിലാവുകയും, മറ്റൊരാൾ മലയെ സമുദ്രമാക്കുകയും, അയാളുടെ ഭാര്യ, ഭർത്താവിനെ എലിയാക്കുകയും, വീടിനെ കാടാക്കുകയും, മത്തങ്ങാ ആക്കുകയും എന്നിങ്ങനെ സൃഷ്ടികൾ തങ്ങൾക്കു തോന്നുമ്പോലെ മാറിമാറി മായാസൃഷ്ടികളെ നടത്തുകയും; സൃഷ്ടികൾക്ക് മായാശക്തിയിലൂടെ എന്തും പ്രവർത്തിക്കാമെന്നും വന്നാൽ, ഒരല്പ സമയം പോലും പ്രപഞ്ചത്തിലെ വസ്തുക്കളെയോ, ജീവികളെയോ, ജീവിതത്തെയോ, പ്രപഞ്ചത്തെ തന്നെയോ, നിലനിർത്താൻ യാതൊരാൾക്കും ഭൂമിയിൽ സാധിക്കില്ലെന്നും ജീവിതം തന്നെ അസാദ്ധ്യമാണെന്നും കാണാം. ഓംകാരനാഗബന്ധനമായ ഓസോൺ വഴി വിഷയം പരിഹരിക്കുന്നതും മായാശക്തികളെ ആത്മാക്കൾക്കു നൽകുന്നതും പിന്നീട് വിവരിക്കുന്നുണ്ട്.

(2) ജീവികളുടെ ശരീരമായിരിക്കുന്ന വസ്തുക്കൾ ഉൾപ്പെടെ മഹാപ്രപഞ്ചത്തിലെ സർവ്വതിന്റെയും ഭൗതികഘടന, ശാസ്ത്രനിയമങ്ങളോടെ ദൈവം ഒരുക്കിയിട്ടുള്ളതു കൊണ്ടാണ് ആത്മാക്കൾക്ക് ശരീരത്തോടെ ജീവികളായി ജീവിക്കാൻ കഴിയുന്നത്. ആനന്ദങ്ങളും അവയെ നേടാനുള്ള ഉപാധികളായ ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും ശരണവുമെല്ലാം ലയിച്ച് ഭൂമിയും അംശമായ പ്രദേശങ്ങളും വസ്തുക്കളും മൂലകങ്ങളും സംയുക്തങ്ങളും രൂപാന്തരമായ ജീവികളുടെയെല്ലാം ശരീരാവയവങ്ങളുമായിട്ട് മഹാസത്യവും മായാമഹാശക്തിയുമായ ദൈവം അവതരിച്ചിരിക്കുകയാണ്. ശാസ്ത്ര നിയമങ്ങൾ ഇല്ലെങ്കിൽ ആത്മാക്കൾക്ക് ജീവിക്കാൻ കഴിയുമോ എന്ന് അല്പം ചിന്തിക്കുക. അതായത് വായു, ജലം, ഭക്ഷണ പാനീയങ്ങൾ തുടങ്ങിയവക്ക് നിയമങ്ങൾ ഇല്ലാതിരിക്കുക, ഭക്ഷണ പാനീയങ്ങളെ സ്വീകരിക്കുന്ന ശരീരത്തിലെ ദഹനം, വിസർജ്ജനം, ശാരീരിക വളർച്ച, പ്രത്യുല്പാദനം, പ്രസവം, മുട്ട, മുറിവുകൾ, മുറിവുണങ്ങൽ, തുടങ്ങി യാതൊരു പ്രവർത്തനങ്ങൾക്കും നിയമങ്ങൾ ഇല്ലാതിരിക്കുക, രോഗങ്ങൾക്കും മരുന്നുകൾക്കും വൈദ്യുതിക്കും ലോഹങ്ങൾക്കും ഊർജ്ജ-പ്രവർത്തനങ്ങൾക്കും യന്ത്രങ്ങൾക്കും... നിയമങ്ങൾ ഇല്ലാതിരിക്കുക, എന്നിങ്ങനെ ചിന്തിക്കുമ്പോൾ, ശാസ്ത്രനിയമങ്ങൾ പ്രപഞ്ചത്തിലെ വസ്തുക്കളിലും ജീവികളുടെ ശരീരങ്ങളിലും ഇല്ലെങ്കിൽ ശരീര-പ്രവർത്തനങ്ങൾ മാത്രമല്ല; എല്ലാ ജീവിതമേഖലകളും സ്തംഭിക്കുന്നതായി കാണാം.

# ॐ ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

പ്രപഞ്ച-ഭാഗമായിട്ട് സ്രഷ്ടാവ് അവതരിച്ചിരിക്കുന്നത് സൃഷ്ടികളായ ആത്മാക്കൾക്ക് അനന്തമായ ആനന്ദങ്ങളെ നൽകുന്ന വസ്തുക്കളും ജീവികളുടെ ശരീര-അവയവങ്ങളും അവയുടെ മൊത്തമായ ഭൂമിയും ആകാശവും സൂര്യനും ചന്ദ്രനും, പിന്നെ ശബ്ദബ്രഹ്മവുമായിട്ടു മാത്രമാണെന്ന് വിശകലനത്തിലൂടെ മനസ്സിലാക്കാം. ഭൂമിയിലും ആകാശത്തിലും ലയിച്ചിരിക്കുന്ന ഭൗതിക ധർമ്മ നീതി ശാസ്ത്രങ്ങൾ പ്രകാരം മാത്രമാണ് പ്രപഞ്ചത്തിലെ എല്ലാ പ്രവർത്തനങ്ങളും നടക്കുന്നതെന്നു മാത്രമല്ലാ, ആത്മാക്കൾ ഭരിക്കപ്പെടുന്നതും അവ പ്രകാരമാണ്. എന്നുവെച്ചാൽ ആനന്ദങ്ങളായി അവതരിച്ചിരിക്കുന്ന ആകാശത്തിലും ഭൂമിയിലും പിന്നെ സൂര്യനിലും ചന്ദ്രനിലുമായി യഥാർത്ഥ വേദങ്ങളും മഹാശാസ്ത്രവുമായ ദൈവത്തിന്റെ ആദിയും അന്തവും ഇല്ലാത്ത മഹാജ്ഞാനം ലയിച്ചിരിക്കുകയാണ്. പുതിയ പുതിയ ആനന്ദങ്ങളെ കണ്ടെത്താനും നേടാനും വിശേഷ ബുദ്ധിയെ ലഭിച്ചിട്ടുള്ള മനുഷ്യരെ പ്രേരിപ്പിച്ചു കൊണ്ട് അവർ പോലും അറിയാതെ അവരിലൂടെ മഹാശാസ്ത്രമാകുന്ന യഥാർത്ഥ വേദങ്ങളിലെ നിയമങ്ങളെ യഥാകാലം യഥോചിതമായി ഭൂമി വെളിപ്പെടുത്തുന്നുമുണ്ട്.

**സമ്പൂർണ്ണ സ്വാതന്ത്ര്യത്തെ സൃഷ്ടികളായ ആത്മാക്കൾക്ക് ഉണ്ടായിരിക്കണമെന്ന് 'മഹാസത്യവും മായാമഹാശക്തിയുമായ ദൈവം' ആകാശത്തിലും ഭൂമിയിലുമെല്ലാം വ്യവസ്ഥ ചെയ്തിട്ടുണ്ട്. എല്ലാ ആത്മാക്കൾക്കും സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തെ ലഭിച്ചാൽ മാത്രമേ അനന്തമായ ആനന്ദങ്ങളെ ആസ്വദിച്ചു കൊണ്ട് അനുഭവിക്കാൻ കഴിയൂ.**
അടിമത്തവും ഭയവും ആസ്വാദനത്തിന് തടസ്സം ഉണ്ടാക്കും! കുഞ്ഞുങ്ങളായ സൃഷ്ടികളെ അടിമകളാക്കാനോ, ദൈവത്തെ ഭയന്നു ജീവിക്കുന്നവരാക്കാനോ അല്ലാ ദൈവം പ്രപഞ്ചഭാഗമായിട്ട് അവതരിച്ചിട്ടുള്ളത്. കുഞ്ഞുങ്ങളുടെ ആനന്ദത്തെ വർദ്ധിപ്പിക്കാനായിട്ട് കുഞ്ഞുങ്ങൾക്ക് മനുഷ്യാവസ്ഥയിൽ സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തെ നൽകുന്ന മഹാപദ്ധതികളെ മഹാസത്യവും മഹാവാത്സല്യവുമായ ദൈവം ആവിഷ്ക്കരിച്ചിട്ടുണ്ട്. അക്കാര്യം കൂടി തെളിയിച്ചശേഷം തുടരാം :-

സ്രഷ്ടാവിനെപ്പറ്റി അറിയാനുള്ള ആഗ്രഹത്തെയും ജ്ഞാനത്തെയും സൃഷ്ടിക്ക് മനസ്സിലാകും വിധം സ്രഷ്ടാവ് തന്നെ സൃഷ്ടിച്ചു നൽകണം; മനുഷ്യാവസ്ഥയിൽ വിശേഷ ബുദ്ധിയെ നൽകി അക്കാര്യവും സ്രഷ്ടാവ് ചെയ്യുന്നുണ്ട്. അസ്തിത്വം പോലും സ്വന്തമല്ലാത്തവരായ സൃഷ്ടികൾ മനുഷ്യാവസ്ഥയിൽ വിശേഷബുദ്ധി ലഭിക്കുമ്പോൾ, ജീവിത ധർമ്മം തിരിച്ചറിഞ്ഞ് ധർമ്മശാസ്ത്ര പ്രകാരം ജീവിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

സൃഷ്ടിക്കപ്പെടുന്ന കുഞ്ഞുങ്ങൾക്ക് ആനന്ദങ്ങളെ സ്വീകരിക്കാനും ആസ്വദിക്കാനുമുള്ള ശക്തികളെയും സൃഷ്ടിക്കപ്പെടുമ്പോൾ ലഭിക്കണം.

അനന്തമായ ആനന്ദങ്ങളെ 'സ്രഷ്ടാവായ ദൈവം' സൃഷ്ടിക്കുകയും അഥവാ അനന്തമായ ആനന്ദങ്ങളായി സ്രഷ്ടാവ് അവതരിക്കുകയും, കുഞ്ഞുങ്ങൾക്ക് ആനന്ദങ്ങളെ നൽകിക്കൊണ്ടിരിക്കുകയും, കുഞ്ഞുങ്ങൾ ആനന്ദങ്ങളെ ആസ്വദിച്ചു കൊണ്ടിരിക്കുകയും മാത്രം നിരന്തര കർമ്മം ആയാൽ, പ്രപഞ്ചവും സൃഷ്ടികളും കോമാളിത്തരമായി അധഃപതിക്കും!

**ആത്മാക്കളായ കുഞ്ഞുങ്ങൾക്ക് ആനന്ദിച്ചു ജീവിക്കാൻ ആവശ്യമായ ആനന്ദങ്ങളായിട്ട് സ്രഷ്ടാവായ ദൈവം അവതരിക്കുകയും, ആനന്ദങ്ങളെ കണ്ടെത്താനും നേടാനുമുള്ള ശക്തികളെയും ജ്ഞാനത്തെയുമെല്ലാം നൽകുകയും ചെയ്യുമ്പോൾ; കുഞ്ഞുങ്ങളായ മനുഷ്യർ ആനന്ദങ്ങളെ കണ്ടെത്തുകയും നേടുകയും ആസ്വദിക്കുകയും ചെയ്യുന്നതായി വരും. സ്രഷ്ടാവിന്റെ അടിമകളാക്കാതെ സൃഷ്ടികളായ ആത്മാക്കൾക്ക് സമ്പൂർണ്ണ സ്വാതന്ത്ര്യം നൽകിയും അനുഭവിപ്പിച്ചും ആനന്ദങ്ങളെ നേടാനും ആസ്വദി(പ്പി)ക്കാനുമുള്ള ഉപാധികൾ മാത്രമാണ് ശക്തികളും ജ്ഞാനവും. വിശേഷ ബുദ്ധി ലഭിച്ചിട്ടില്ലാത്ത ജീവികളുടെ ജീവിതം സാക്ഷ്യമാണ്.**

ആത്മാക്കൾക്ക് മനുഷ്യാവസ്ഥയിൽ ലഭ്യമാക്കുന്നതും നക്ഷത്ര-മോക്ഷമായ സംഹാരവുമായി ക്കൂടി ബന്ധിപ്പിച്ചാണ് വിശേഷ ബുദ്ധിയെ ദാനമായി നൽകുന്നത്. വിശേഷ ബുദ്ധിയ്ക്ക് അനുസൃതമായി മറ്റുള്ള ജീവികളിൽ നിന്നും വ്യത്യസ്തമായി അനന്തമായ ആനന്ദങ്ങളെ പ്രപഞ്ചത്തിൽ നിന്നും നേടാനും അനുഭവിക്കാനും മനുഷ്യാവസ്ഥയിൽ കഴിയുന്നു.

ശാസ്ത്രനിയമങ്ങളുമായി ബന്ധിച്ചിരിക്കുന്ന ശക്തികളെ ഉപാധികളാക്കിക്കൊണ്ട് ഭൂമിയുടെ അംശമായ മൂലകങ്ങളിലും സംയുക്തങ്ങളിലും വസ്തുക്കളിലും പ്രദേശങ്ങളിലും ജീവികളുടെ ശരീരത്തിലെ അവയവങ്ങളിലും പ്രത്യക്ഷമായും പരോക്ഷമായും സ്ഥിതി ചെയ്യുന്ന ആനന്ദങ്ങളെയെല്ലാം മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കൾ സ്വയം കണ്ടെത്തുകയും നിർമ്മിക്കുകയും ചെയ്യുന്ന പ്രതീതി സൃഷ്ടിച്ച് സമ്പൂർണ്ണ സ്വാതന്ത്ര്യത്തെ 'മഹാസത്യവും മഹാമായയുമായ ദൈവം' ലഭ്യമാക്കുന്നുണ്ട്. ഉടനെയുള്ള ദൈവ-വിപ്ലവത്തിനു മുന്നോടിയായി ദൈവത്തിന്റെ മഹാ-ആവിഷ്ക്കാരത്തെ ചുവടെ വെളിപ്പെടുത്തുന്നു.

ദൈവത്തിന്റെ പൊന്നോമന കുഞ്ഞുങ്ങളായ വിശേഷ ബുദ്ധിയുള്ള മനുഷ്യർക്ക് 'സമ്പൂർണ്ണ സ്വാതന്ത്ര്യത്തോടെയും' ദൈവത്തെ ഭയക്കാതെയും അനന്തമായ ആനന്ദങ്ങളെ അനുഭവിച്ചുകൊണ്ട് ജീവിക്കാൻ കഴിയണം. മനുഷ്യാവസ്ഥയിലെ ശരീരവും, അവയുടെ മൂലമായ ഭൂമിയുടെ അംശമായ മൂലകങ്ങളും ആത്മാക്കൾക്കു ലഭ്യമാക്കിയിട്ടുള്ള ശക്തിയും ബുദ്ധിയും യുക്തിയും കൊണ്ട് ഭൂമിയിലെ മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ഭൗതിക ധർമ്മ നീതി ശാസ്ത്രങ്ങളെ മനസ്സിലാക്കാൻ സാധിക്കുന്നതാണ്.

'ദൈവത്തിന്റെ മഹാരൂപമായ ഭൂമിയുടെ അംശമായ പ്രദേശങ്ങളും വസ്തുക്കളും സംയുക്തങ്ങളും ജീവികളുടെ ശരീരാവയവങ്ങളുമെല്ലാം' മഹാനീതി ശാസ്ത്ര പ്രകാരം സ്വത്വമായ ആത്മാക്കൾക്ക് മഹാവാത്സല്ല്യത്തോടെ നൽകുകയാണ്. ഓരോ ആത്മാവിനും ഓരോ ദൈവം എന്ന പോലെ ലഭിച്ചിട്ടുള്ള ശരീരത്തിലും ഭൂമിയിലും ലയിച്ചിരിക്കുന്ന ധർമ്മ ശാസ്ത്രം പ്രകാരം മാത്രം ഭൂമിയുടെ മറ്റു കുഞ്ഞുങ്ങൾക്കു കൂടിയായി അവതരിച്ചിരിക്കുന്ന ആനന്ദങ്ങളായ വസ്തുക്കളെ സ്വന്തമാക്കുകയും ആസ്വദിക്കുകയും ചെയ്യാമെന്നും ചെയ്യണമെന്നും സാരം!

ഭൂമിയുടെ സൃഷ്ടികളും കുഞ്ഞുങ്ങളുമായ മനുഷ്യർ ഉൾപ്പെടെ എല്ലാ ജീവികൾക്കും കൂടിയായി ഭൂമി നൽകിയിട്ടുള്ള ആനന്ദങ്ങളെ കുറേപ്പേർ തജ്ജന്മങ്ങളിൽ തട്ടിയെടുക്കാതെയും ചൂഷണം ചെയ്യാതെയും ജീവിക്കാൻ വിശേഷ ബുദ്ധി ലഭിച്ച ഓരോ മനുഷ്യനും ബാദ്ധ്യത ഉണ്ട്. ജീവിക്കുന്നത് ആനന്ദിക്കാനാണെങ്കിലും ആനന്ദങ്ങളെ നേടാൻ (ഭൂമിയുടെ അംശമായ) ജീവികളുടെ ശരീരം നൽകുന്ന ശക്തിയും ജ്ഞാനവും കൊണ്ട് ആത്മാക്കൾ തൊഴിൽ ചെയ്യണമെന്നും ഭൂമി വ്യവസ്ഥ ചെയ്തിട്ടുണ്ട്. തൊഴിലുകളെയും ഭൗതിക അസ്തിത്വത്തോടെ ഭൂമിയായ ആനന്ദങ്ങളുമായി ബന്ധിപ്പിച്ചിട്ടുണ്ട്. ഭൂമിയിൽ ലയിച്ചിരിക്കുന്ന ധർമ്മശാസ്ത്ര ശാഖയായ തൊഴിൽ ശാസ്ത്രം പ്രകാരം, എല്ലാ തൊഴിലുകളെയും ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നിങ്ങനെ നാലായി വിഭജിക്കാം. ഓരോ വിഭാഗത്തിലെയും തൊഴിലുകൾക്ക് 5 അളവിലുള്ള ആനന്ദത്തെ 'ദൈവം കൂടിയായ ഭൂമി' നിശ്ചയിച്ചിരിക്കുകയാണ്. 'ഭൂമിയും ആകാശവും സൂര്യനും ചന്ദ്രനും ചേർന്ന പ്രപഞ്ചവും ആനന്ദങ്ങളുമായ ദൈവം' ജീവികൾക്കെല്ലാം മണ്ണിലും സമ്പത്തിലും അവകാശം നൽകിയിട്ടുള്ളതു കൊണ്ടാണ് ഭൂമിയിലും, ആകാശത്തിലും, (സൃഷ്ടി ചക്രങ്ങളിലെ സംഹാരകാലത്ത് ചന്ദ്രനിലും) ജീവിക്കാൻ സാധിക്കുന്നത്. മണ്ണായ ഭൂമിയിൽ ലയിച്ചിരിക്കുന്ന മഹാഭീമമായ ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങളിലൂടെ കൂടുതൽ അവകാശങ്ങളും അധികാരങ്ങളും; ഒപ്പം കടമകളും ചുമതലകളും മനുഷ്യനു നൽകിയിട്ടുണ്ട്.

മനുഷ്യർ പാലിക്കേണ്ടതായ കടമകളെയും ചുമതലകളെയുമെല്ലാം മണ്ണായ ഭൂമിയിൽ ലയി(പ്പി)ച്ചിരിക്കെ, ഭൂമിയിൽ ജീവിക്കുന്ന മനുഷ്യർക്ക് അവയെ പാലിച്ചു കൊണ്ട് മാത്രമാണ് അടിസ്ഥാന പരമായി ജീവിക്കാൻ കഴിയുക. മണ്ണിന്റെ നിയമങ്ങളെ പാലിക്കാതെ ജീവിക്കുന്നവരെ തിരുത്താനുള്ള ന്യൂനശക്തികളും മണ്ണിന്റെ സൂക്ഷ്മ അംശമായ ആറ്റങ്ങളിൽ ക്വാർക്കുകൾ, ബോസോണുകൾ തുടങ്ങിയ പേരുകളിൽ പ്രവർത്തിക്കുന്നുണ്ട്. തോന്നും പോലെ തജ്ജന്മത്തിൽ ജീവിച്ചാൽ കനത്ത ശിക്ഷ വാങ്ങേണ്ടി വരും! ഉറപ്പ്.

എല്ലാ ജീവികളുടെയും സ്വത്വങ്ങളായ ആത്മാക്കൾക്ക് എല്ലാ ജന്മങ്ങളിലും ശരീരവും; സ്ത്രീ പുരുഷൻ, നിറം, സൗന്ദര്യം, മുഖഛായ, ആയുസ്സ്, ആരോഗ്യം, ബുദ്ധിശക്തി, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ജന്മദേശം, ജനനസ്ഥലം തുടങ്ങിയ ജന്മഗുണങ്ങളും ലഭിക്കുകയാണ്; ആത്മാക്കൾ നിശ്ചയിക്കുകയല്ലാ എന്നത് വിശകലനം ചെയ്താൽ കാര്യങ്ങളെ മനസ്സിലാകും. ഭൂമി നൽകുന്ന ആനന്ദങ്ങളും അവയെ നേടാനുള്ള ഉപാധികളായ ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും ശരണവും ആയുസ്സും കാലവും മഹാനീതിയുമെല്ലാം കൊണ്ട് ജീവിക്കുന്ന ആത്മാക്കൾ വിശേഷബുദ്ധിയെ ദുരുപയോഗിച്ച് അവർക്ക് അവകാശവും അധികാരവും ഇല്ലാത്തതായ ദൈവകാര്യങ്ങളിൽ ഭൗതിക അസ്തിത്വം ഇല്ലാത്ത ഭോഷത്തങ്ങളെ പാലിക്കുന്നതും പ്രചരിപ്പിക്കുന്നതും; കൂടാതെ മറ്റുള്ള ജീവികളുടെ ജീവിതത്തിലും സ്വാതന്ത്ര്യത്തിലും ധർമ്മശാസ്ത്ര വിരുദ്ധമായി പ്രവർത്തിക്കുന്നതും ദൈവശിക്ഷ പിടിച്ചു വാങ്ങുന്നതാണ്.

ഭൂമിയായ ദൈവം, മനുഷ്യരെ 'സമൂഹ ജീവികളായി' സൃഷ്ടിച്ചിരിക്കുകയാൽ, ശാസ്ത്ര സാങ്കേതിക വികസനങ്ങളിലൂടെ ഭൂമിയിൽ നിന്നും ലഭിക്കുന്നതും ഭൂമി നൽകുന്നതുമായ ആനന്ദങ്ങളും വിജ്ഞാനവും, ഭൂമിയുടെ പൊന്നോമന കുഞ്ഞുങ്ങളായ എല്ലാ മനുഷ്യർക്കും, കഴിയുമെങ്കിൽ മറ്റുള്ള ജീവികൾക്കും പങ്കുവെക്കാൻ വ്യക്തികൾക്കും ജനസേവകർക്കും ദൈവീകമായ സ്വയം ബാദ്ധ്യതയുണ്ട്. ഭൂമിയുടെ കുഞ്ഞുങ്ങൾ എന്ന പരമ-സത്യം ഉൾക്കൊണ്ട് വിശാലമായി വിജ്ഞാനവും ആനന്ദങ്ങളും പങ്കിട്ടാൽ, പകയും യുദ്ധങ്ങളും ഇല്ലാതെ ഭൂമിയിൽ ജീവിക്കാം. ഭൂമിയുടെ അംശം മാത്രമായ ഓരോ ദേശത്തിലെയും ശാസ്ത്ര സമൂഹത്തിന് വെളിപ്പെട്ടു കിട്ടിയ ശാസ്ത്രപാഠം ലഭിക്കാൻ മറ്റു ദേശങ്ങളിൽ ചെയ്യുന്ന ഗവേഷണങ്ങളും ബന്ധപ്പെട്ട ബഹുവിധ കഷ്ടനഷ്ടങ്ങളും തെമ്മാടിത്തങ്ങളും ഒഴിവാക്കാനും സാധിക്കും.

കുഞ്ഞുങ്ങളായ മനുഷ്യരുടെ സ്വാഭിമാനവും സ്വാതന്ത്ര്യവും വർദ്ധിപ്പിച്ചു കൊണ്ട്, ദൈവത്തിന്റെ മഹാരൂപമായ ഭൂമിയിലെ വസ്തുക്കളിൽ ലയിച്ചിരിക്കുന്ന അനന്തമായ ആനന്ദങ്ങളെയും അവയെ നേടാനുള്ള ഉപാധികളായ ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയുമെല്ലാം ലയി(പ്പി)ച്ചിരിക്കുന്ന രീതികളിൽ പോലും ദൈവത്തിന്റെ മഹാവാത്സല്യം ഉണ്ട് :

ഭൂമിയിലെ ശാസ്ത്രങ്ങൾ എന്നത്, ഭൂമിയുടെ അംശങ്ങളായ വസ്തുക്കളിലും അവയുടെ മൂലകങ്ങളിലും സംയുക്തങ്ങളിലും രൂപാന്തരമായ ജീവികളുടെ ശരീരാവയവങ്ങളിലും ഭൂമിയായ ദൈവം ലയിപ്പിച്ചിരിക്കുന്ന ആദിയും അന്തവും ഇല്ലാത്തതും 'ഭൂമിയായ ദൈവത്തിന്റെ മഹാജ്ഞാനമാണ്.' ഭൂമിയും അംശവും വസ്തുക്കളുമായ ആനന്ദങ്ങളുമായി ക്കൂടി ദൈവം കുഞ്ഞുങ്ങൾക്കു വേണ്ടി അവതരിക്കുന്നത് അനന്തമായ സ്വന്തം ശക്തികളും ജ്ഞാനമായ ശാസ്ത്രങ്ങളും കാലവും സ്വാതന്ത്ര്യവും ശരണവും മഹാനീതിയുമെല്ലാം ലയിപ്പിച്ചു ചേർത്താണ്. എന്നുവെച്ചാൽ ജീവികളുടെ ശരീരം ഉൾപ്പെട്ട വസ്തുക്കളിൽ ലയിച്ചിരിക്കുന്ന ശാസ്ത്രങ്ങൾ പ്രകാരം ശരീരത്തിലെ അവയവങ്ങളെ ഉപയോഗിച്ച് ആത്മാക്കൾക്കു പ്രവർത്തിക്കാനും പ്രവർത്തിപ്പിക്കാനും കൂടിയുള്ളതാണ് ഭൂമിയുടെ അംശമായ വസ്തുക്കൾ. ഭൂമിയുടെ അംശം തന്നെയായ ജീവികളുടെ ശരീരത്തിലെ അവയവങ്ങൾ നൽകുന്ന ശക്തികളും ജ്ഞാനവും സ്വാതന്ത്ര്യവും കൊണ്ട് മനുഷ്യാവസ്ഥയിലെ ആത്മാക്കൾക്ക് ക്രമാനുഗതമായി ശരീരാവയവങ്ങൾ ഉൾപ്പെടെയുള്ള ഭൂമിയിലെ വസ്തുക്കളിൽ ലയിച്ചിരിക്കുന്ന ഭൗതിക-ധർമ്മ-നീതി ശാസ്ത്ര പാഠങ്ങളെ വെളിപ്പെടുത്തിക്കൊണ്ട് അവ പ്രകാരം വസ്തുക്കളിലെ ശക്തികളെ പ്രവർത്തിപ്പിക്കാനും, അവ ലഭ്യമാക്കുന്ന വേദനകൾ ഉൾപ്പെട്ട എല്ലാ ആനന്ദങ്ങളെയും ആസ്വദിക്കുവാനും, മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കളെ ഭൂമിയായ ദൈവം അനുവദിച്ചിരിക്കുകയാണ്.

ആനന്ദങ്ങളെ വർദ്ധിപ്പിക്കാനും നേടാനും അനുഭവിക്കാനും കഴിയുന്ന ശാസ്ത്ര സാങ്കേതിക വികസനം സാദ്ധ്യമാകണമെങ്കിൽ മറ്റുള്ള ജീവികളിൽ നിന്നും വ്യത്യസ്തമായ കാമബന്ധങ്ങളും, വസ്ത്രത്തെ വ്യക്തിപരവും ഒപ്പം സാമൂഹികവുമായ ആവശ്യമായി ഉയർത്തിക്കൊണ്ടുള്ള കുടുംബം, സമൂഹം, കാനനവാസം എന്നിവയും മനുഷ്യരുടെ ഇടയിൽ ഉണ്ടാവണം. 'മനുഷ്യൻ' എന്ന ഈ ദിവ്യ മഹാവേദഗ്രന്ഥത്തിൽ മഹാശാസ്ത്ര പരമായി തെളിയിക്കുകയും വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്.

മറ്റുള്ള ജീവികളിൽ നിന്നും വ്യത്യസ്തമായിട്ട് മനുഷ്യരുടെ ആനന്ദങ്ങളെല്ലാം കുടുംബവുമായും സമൂഹവുമായും ബന്ധപ്പെട്ടതാകയാൽ, കാലമാറ്റത്തിനും ശാസ്ത്ര സാങ്കേതിക വികസനങ്ങൾക്കും അനുസരിച്ച് അഗ്നി ഉപയോഗിച്ചുള്ള പാചകം, വീട്, കൃഷി, കച്ചവടം, നെയ്ത്ത്, തയ്യൽ, മേശിരിപ്പണി, വൈദ്യം, വിമാനം-കപ്പൽ-ട്രെയിൻ-ബസ്-ലോറി-കാർ-ബൈക്ക് ഉൾപ്പെടെയുള്ള ബഹുവിധ ഗതാഗത സൗകര്യങ്ങൾ, വാർത്താ വിനിമയം, റേഡിയോ, ടെലിവിഷൻ, കമ്പ്യൂട്ടർ, മൊബൈൽ ഫോൺ, തുടങ്ങിയവയ്ക്ക് മനുഷ്യരുടെ ജീവിതത്തിൽ ക്രമേണ സ്ഥാനങ്ങളുണ്ടാകുന്നു.

ഭൂമിയിലെ വസ്തുക്കളുടെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള അനന്തമായ ആനന്ദങ്ങളെയെല്ലാം ഭൗതിക-ധർമ്മ-നീതി ശാസ്ത്ര നിയമങ്ങൾ, ശക്തികൾ, സ്വാതന്ത്ര്യം, ശരണം, കാലം, മഹാനീതി എന്നിവയോടൊപ്പം വസ്തുക്കളും ശരീരവും മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് സാദ്ധ്യമാക്കുന്ന അദ്ധ്വാനവുമായിട്ട് ബന്ധിപ്പിച്ചിരിക്കുകയാണ്. മഹാഭീമമായ ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങളിലെ പാഠങ്ങളെ വെളിപ്പെട്ടു കിട്ടാൻ ഗവേഷകർ, ശാസ്ത്രജ്ഞർ തുടങ്ങിയ പേരുകളിൽ ഒരു കൂട്ടം മനുഷ്യർ തൊഴിൽ ചെയ്യേണ്ടതുണ്ട്. ശാസ്ത്ര പാഠങ്ങൾ പ്രകാരം ശാസ്ത്ര സൗകര്യങ്ങളെ കണ്ടെത്താനും, അവയെ ഏതൊരാൾക്കും പൊതുജനങ്ങൾക്കും ലഭ്യമാക്കുവാനും വീണ്ടും വീണ്ടും കർമ്മം ചെയ്യേണ്ടതുണ്ട്. മനുഷ്യന്റെ എല്ലാ ജീവിത മേഖലകളെയും എല്ലാ ശാസ്ത്ര ശാഖകളുമായും ബന്ധിപ്പിച്ചിരിക്കുകയാൽ, എല്ലാ മേഖലകളിലും ശാസ്ത്ര സാങ്കേതിക വികസനങ്ങളും അവ പ്രകാരമുള്ള അനന്തമായ വ്യവസായങ്ങളും, പുതിയ പുതിയ തൊഴിലുകളും തൊഴിലാളികളും ഉണ്ടാകുന്നു. അതായത് ഭൂമിയായ ദൈവത്തിന്റെ മഹാജ്ഞാനമാകുന്ന മഹാശാസ്ത്രത്തെയും അവ പ്രകാരമുള്ള ശക്തികളെയും കണ്ടെത്താനും സുഖ സൗകര്യങ്ങളെ ഒന്നൊന്നായി മനസ്സിലാക്കി അനുഭവിക്കാനും (ദൈവമായ ഭൂമി) മനുഷ്യരെ പ്രാപ്തരാക്കുന്നത് അവരെ കർമ്മം ചെയ്യിച്ചു കൊണ്ടാണ്, അഥവാ അദ്ധ്വാനിപ്പിച്ചുകൊണ്ടാണ്.

ഭൂമിയിൽ ലയിച്ചിരിക്കുന്ന ശാസ്ത്ര പാഠങ്ങളും ആനന്ദങ്ങളും കണ്ടെത്താനുള്ള ശക്തി മനുഷ്യർക്കു നൽകുന്നതും വെളിപ്പെടുത്തുന്നതും ഭൂമി/ദൈവം തന്നെയാണെങ്കിലും, മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കളെ സംബന്ധിച്ച് അവർ അദ്ധ്വാനിച്ചതായി വരുന്നു. അവരെക്കൊണ്ട് (ഭൂമി) അദ്ധ്വാനിപ്പിച്ചതാണെന്ന് അവർ അറിയാതെ പോകുന്നു. ദൈവമായ ഭൂമി, മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കളെ അദ്ധ്വാനിപ്പിച്ചു എന്നതുപോലെ, ഭൂമിയുടെ അംശമായ മൂലകങ്ങളും അവയുടെ സംയുക്തങ്ങളും രൂപാന്തരമായ ശരീരവും നൽകുന്ന അസ്തിത്വവും ശക്തികളും ജ്ഞാനവും കൊണ്ട് ആത്മാക്കൾ അദ്ധ്വാനിച്ചു എന്നതും സത്യം തന്നെയാണ്. മഹാവാത്സല്യവും ഭൂമിയുമായ ദൈവത്തിന്റെ മഹാആവിഷ്ക്കാരമാണത്. 'മനുഷ്യർക്ക് ഭൂമിയിലെ വസ്തുക്കളിൽ നിന്നും ഉല്പാദിപ്പിക്കാൻ കഴിയുന്ന അനന്തമായ ഉല്പന്നങ്ങളാകുന്ന ആനന്ദങ്ങളിൽ അവകാശവും അധികാരവും ഭൂമിയായ ദൈവം തന്നെ മനുഷ്യർക്കു നൽകുകയാണ്.' അവകാശം ഉണ്ടെങ്കിൽ മാത്രമേ അധികാരം ലഭിക്കുകയുള്ളൂ.

എന്തിനാണ് ഈ ചുറ്റിക്കളി എന്നു ചോദിച്ചാൽ, ദൈവത്തിന്റെ അടിമകളാവാതെ അദ്ധ്വാനിച്ചു ജീവിക്കുന്നവരായും വ്യക്തിസ്വാതന്ത്ര്യത്തെ അനുഭവിക്കുന്നവരായും മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കളെ രൂപപ്പെടുത്താനുള്ള മഹാആവിഷ്ക്കാരമാണത്. എന്നുവെച്ചാൽ, കുഞ്ഞുങ്ങളോടുള്ള മഹാവാത്സല്യം കാരണം, മണ്ണും ഭൂമിയുമായ ദൈവം എല്ലാ ആനന്ദങ്ങളെയും സ്വന്തം മഹാരൂപമായ ഭൂമിയിൽ സൃഷ്ടിക്കുകയും ലയിപ്പിക്കുകയും, കുഞ്ഞുങ്ങൾക്ക് യഥോചിതം നൽകുകയും ചെയ്യുന്നു. കുഞ്ഞുങ്ങളായ മനുഷ്യാത്മാക്കളെ മടിയന്മാരും അലസന്മാരുമാകാതെ സംരക്ഷിക്കുവാനായിട്ട് മഹാസംവിധാനങ്ങളെയും ഒരുക്കിയിരിക്കുന്നു !

(3). ആത്മാക്കൾക്ക്
ലഭ്യമാക്കുകയും അവർ
നേടുകയും ചെയ്യുന്ന
ആനന്ദങ്ങളുടെ മേൽ
മഹാനീതി നടപ്പാക്കുകയും,
ആനന്ദങ്ങളെ സമമായി
ആസ്വദിപ്പിക്കുകയും
ചെയ്യുന്നു.

'മഹാനീതി'.

(3). ആത്മാക്കൾക്ക് ലഭ്യമാക്കുകയും
അവർ നേടുകയും ചെയ്യുന്ന
ആനന്ദങ്ങളുടെ മേൽ മഹാനീതി
നടപ്പാക്കുകയും, ആനന്ദങ്ങളെ സമമായി
ആസ്വദിപ്പിക്കുകയും ചെയ്യുന്നു.
'മഹാനീതി'.

## ഭൂമിയിൽ വച്ച് ശരീരം കൊണ്ട് കുഞ്ഞുങ്ങളായ ആത്മാക്കൾക്ക് അനന്തമായ ആനന്ദങ്ങളെ അറിയാനും അനുഭവിക്കാനും ആസ്വദിക്കാനും സമ്പൂർണ്ണമായി കഴിയുന്നു.

(3) ആനന്ദങ്ങളായ ഭൂമിയും ആകാശവും സൂര്യനും ചന്ദ്രനും ചേർന്ന പ്രപഞ്ച -ഭാഗമായി ദൈവം അവതരിച്ചിരിക്കുന്നത് കുഞ്ഞുങ്ങളായ ആത്മാക്കൾക്ക് അനന്തമായ ആനന്ദങ്ങളെ അനുഭവിപ്പിച്ചും ആസ്വദിപ്പിച്ചും പരിചയിപ്പിക്കാൻ കൂടിയാണ്. മനുഷ്യാവസ്ഥയുടെ അവസാനം ലഭ്യമാക്കുന്ന നക്ഷത്ര-മോക്ഷത്തിൽ ആത്മാക്കൾക്ക് ഭൂമിയിൽ വച്ച് കാണുകയും കേൾക്കുകയും രുചിക്കുകയും മണക്കുകയും സ്പർശിക്കുകയും ഭക്ഷിക്കുകയും മറ്റും ചെയ്തു കൊണ്ട് അനുഭവിച്ചു തന്നെ അറിഞ്ഞതായ ചൂടും തണുപ്പും യന്ത്രങ്ങളും വാഹനങ്ങളും കമ്പ്യൂട്ടറും ഇന്റർനെറ്റും, ടിവിയും, മൊബൈൽ ഫോണുകളും തുടങ്ങിയ അനന്തമായ ആനന്ദങ്ങളെയെല്ലാം 'മായ' കൊണ്ട് സ്വയം സൃഷ്ടിച്ചും ആസ്വദിച്ചും അനന്തകാലം ജീവിക്കാൻ കഴിയുന്ന ദേവതാ പദവിയും സമരൂപവുമാണ് 'നക്ഷത്രമോക്ഷം'. മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രത്തിന്റെ കാതലായ മഹാപുനർജ്ജന്മ സിദ്ധാന്തം പ്രകാരം 100 മനുഷ്യ-ജന്മങ്ങളിലൂടെയാണ് പരിചയിപ്പിക്കുകയും അനുഭവിപ്പിക്കുകയും ചെയ്യുന്നത്. 'ഓംകാര നീതി ശാസ്ത്രം' എന്ന അദ്ധ്യായത്തിൽ ശാസ്ത്ര പരമായി വിശദീകരിച്ചിട്ടുണ്ട്.

ആസ്വദിച്ചറിയാവുന്നതും സാമ്യമുള്ളതുമായ ആനന്ദങ്ങളെ, ഭാവനയിൽ കാണാനും ആഗ്രഹിക്കാനും നിമിഷനേരം കൊണ്ട് സൃഷ്ടിക്കാനും കഴിയും. ഭൂമിയിൽ വച്ച് ദുരുപയോഗം ചെയ്യാതിരിക്കാനായി നൽകാതിരുന്ന 'മായാശക്തികളെ' നക്ഷത്രാവസ്ഥയിൽ നൽകുന്നുണ്ട്. "ഉണ്ടാകട്ടെ, സംഭവിക്കട്ടെ" തുടങ്ങിയ പദങ്ങളെ ഉച്ചരിക്കുകയോ ആഗ്രഹിക്കുകയോ; വസ്തുക്കളുമായോ വസ്തുതകളുമായോ ബന്ധപ്പെട്ട കാര്യങ്ങളെ സങ്കല്പിക്കുകയോ, ചെയ്താൽ അവ ഫലിക്കുന്നതാണ്. സ്വന്തം ഇഷ്ടം പ്രകാരം ചുരുങ്ങാനും അസ്തിത്വം ഉപേക്ഷിക്കാനും; ഭൂമിയിൽ വന്ന് ജീവി-ജീവിതം തുടരാനും നക്ഷത്രമായ ഓരോ ദേവതയ്ക്കും സ്വാതന്ത്ര്യവും ഉണ്ട്. ആത്മാക്കൾക്ക് ദീപനാളവും പ്രകാശവും മോക്ഷത്തിൽ നക്ഷത്രരൂപവും നൽകി ഉയർത്തിയിട്ടുണ്ട്. 'ഏകദൈവത്തിന്റെ കുഞ്ഞുങ്ങളായ ദേവതകൾ' 'മായ' കൊണ്ട് ശക്തിമത്സരം നടത്താതെ ആനന്ദിച്ചു ജീവിക്കുന്നതാണ്. കുഞ്ഞുങ്ങളും സൃഷ്ടികളുമായ ദേവതകൾക്ക് പിഴവ് സംഭവിക്കാതിരിക്കാനും; അവരുടെ മേൽ മഹാനീതിശാസ്ത്ര പ്രകാരമുള്ള ശിക്ഷകളെ ഒഴിവാക്കാനുമായി 'ഓസോൺ' എന്ന ഓംകാര നാഗബന്ധനത്തെ നിർവ്വഹിച്ച് ആകാശത്തിൽ ശരണപഥം ഒരുക്കിയിട്ടുണ്ട്.

ഓരോ സൃഷ്ടി ചക്രത്തിലും അനന്തകോടി ആത്മാക്കൾ ഭൂമിയിൽ ജീവിക്കുന്നതായി മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ തുടങ്ങിയ ജീവികളുടെ എണ്ണത്തിൽ നിന്നും തോന്നുമെങ്കിലും സർവ്വത്തിനും കൃത്യമായ കണക്കുകളുണ്ട്.

സൃഷ്ടികളും കുഞ്ഞുങ്ങളുമായ ആത്മാക്കളുടെ മോക്ഷമായ ദേവതകൾ 'നക്ഷത്ര സമൂഹങ്ങൾ' ആയിരിക്കുന്നത് കഴിഞ്ഞു പോയ സൃഷ്ടിചക്രങ്ങളുടെ എണ്ണത്തെയും പ്രപഞ്ചത്തിന്റെ ആയുസ്സിനെയും കൃത്യമായി അറിയിക്കാനുള്ള കാലവുമായി ബന്ധപ്പെട്ട മഹാപദ്ധതിയാണ്. അതായത് ഓരോ സൃഷ്ടി ചക്രത്തിലും മനുഷ്യാവസ്ഥയിൽ നിന്നും മോക്ഷം നേടിയ ദേവതകളായ നക്ഷത്രങ്ങളെ ഓരോ സമൂഹമായിട്ട് സൃഷ്ടി സ്ഥിതി സംഹാര പാത്രം കൂടിയായ ആകാശത്തിൽ നിലനിർത്തുന്നത് പ്രപഞ്ചത്തിന്റെ ഉത്ഭവത്തെ കൃത്യമായി മനുഷ്യരെ അറിയിക്കാനുള്ള മാർഗ്ഗം കൂടിയാണ്.

ഭൂമിയിൽ ഉടനെ ആരംഭിക്കുന്ന 'ദൈവ വിപ്ലവവും സത്യയുഗവും' ഭൗതിക ധർമ്മ നീതി ശാസ്ത്രങ്ങളെ, പ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര ശാസ്ത്രങ്ങളും ദൈവത്തിന്റെ മഹാജ്ഞാനവും യഥാർത്ഥ വേദങ്ങളുമായിട്ട് അവതരിപ്പിച്ചശേഷം മാത്രം 'മഹത്വത്തിന് യോഗ്യത ഉള്ള ഏകമഹാസത്യവും മായാമഹാശക്തിയുമായ ദൈവം' പ്രപഞ്ചത്തിന്റെ സൃഷ്ടി ആരംഭിച്ചതിലെ കാലസംബന്ധമായ കാര്യങ്ങളെ നക്ഷത്രസമൂഹങ്ങളുടെ എണ്ണം കൃത്യമായി അറിയാനുള്ള പുതിയ ഉപകരണങ്ങളുടെ മാനുഷിക-നിർമ്മിതിയിലൂടെ ദൈവം വെളിപ്പെടുത്തുന്നതാണ്. ദൈവ വിപ്ലവം, സത്യയുഗം എന്നിവയുടെ തുടക്കം കണക്കാക്കി ദിവസവും സമയവും കൂടി മനസ്സിലാക്കാൻ കഴിയും.

നക്ഷത്രാവസ്ഥയിൽ നിന്നും ഭൂമിയിലേക്ക് മടങ്ങിയെത്താനും ജീവികളായി ജീവിതം തുടരാനും ആഗ്രഹിക്കുന്നവർക്ക് അവസരം നൽകുന്നുണ്ട്. അത്യപൂർവ്വമായി അസ്തിത്വത്തെ തന്നെ അവസാനിപ്പിക്കാനും ആഗ്രഹിച്ചെന്നു വരാം; ഒരാൾ മാത്രമാണ് കഴിഞ്ഞ 1000 കോടി വർഷങ്ങൾക്കു മേൽ നീണ്ട കാലത്ത് അതാഗ്രഹിച്ചത്. സാധിച്ചു കൊടുക്കുകയും ചെയ്തു. കാരണമുണ്ട് : പ്രപഞ്ചത്തിന്റെ ഔന്നത്യത്തെ കളങ്കപ്പെടുത്തുന്ന സംഭവങ്ങൾ ആദ്യ മഹാകാലചക്രത്തിൽ മോക്ഷം നേടിയവരും മനുഷ്യരിൽ നിന്ന് ഭരണാധികാരികളായി നിയമിക്കപ്പെട്ടവരുമായ ദേവതകളിൽ നിന്നും ഉണ്ടായി. ദേവതകൾ കാലക്രമേണ ധാർമ്മികമായി അധഃപതിച്ച് ദുർദ്ദേവതകളായി! മഹാനീതിശാസ്ത്ര പ്രകാരം അവരെയെല്ലാം പിൻവലിച്ചുകഴിഞ്ഞു.

**രണ്ടാമത്തെ മഹാകാലചക്രത്തിലെ ആദ്യത്തെ സൃഷ്ടിചക്രമായ ഇപ്പോഴത്തെ സൃഷ്ടിചക്രം മുതൽ മഹാമാതാവു കൂടിയായ ശിവ മഹാഭരണാധികാരിയും മഹാനീതിയുമായി ചുമതലയേറ്റിട്ടുണ്ട്.**

ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾ തങ്ങളെത്തന്നെ മറക്കുകയും, സ്വന്തം പാതിയും ഇണയുമായ ആത്മാവിനെ മാത്രം ഓർക്കുകയും, ഇണയിൽ അലിയുകയും ചെയ്യുന്ന പരമാനന്ദമായ കാമ-ആനന്ദം നക്ഷത്ര-മോക്ഷത്തിൽ ലഭിക്കുന്നത് വിശദമാക്കാം. ആത്മാവിന്റെ സൃഷ്ടിയിലെ ഏറ്റവും ഗൗരവമായ കാര്യങ്ങളിൽ ഒന്നാണത് :- ഏകമഹാസത്യവും ഏകദൈവവും മഹാമാതാവുമായ ശിവ*, ഭാഗവും പ്രപഞ്ചപിതാവും പരമാത്മാവുമായ ശിവനെയും കൂടെക്കൂട്ടിയാണ് പ്രപഞ്ചമായി അവതരിച്ചിരിക്കുന്നത്. ശിവൻ, ശിവ തുടങ്ങിയവയെ പിന്നീട് വിവരിക്കുന്നുണ്ട്. ശിവനെ സർവ്വത്തിലും കൂടെ കൂട്ടുമ്പോഴും; സൃഷ്ടിസ്ഥിതികളും സംഹാരം ഉൾപ്പെട്ട മഹാനീതിയും നിർവ്വഹിക്കുന്നത് ശിവ മാത്രമാണ്. സൃഷ്ടി സ്ഥിതി സംഹാര പാത്രവും, മഹാശൂന്യതയും ശിവ-ലിംഗവുമായ ആകാശമായി ആദ്യവും; അനന്തമായ ആനന്ദങ്ങളുടെ കലവറയും മഹാശക്തിയുമായ ഭൂമിയുമായി രണ്ടാമതും അവതരിച്ചതിനെ അടുത്തൊരു അദ്ധ്യായത്തിൽ വിശദീകരിക്കുന്നുണ്ട്. മൂന്നാമതായി പ്രകാശത്തെ സൃഷ്ടിച്ച് പരമാത്മാവായ ശിവനോടും, നാലാമതായി സ്ത്രീയും പുരുഷനുമായി വിഭജിച്ച് രണ്ടായി സൃഷ്ടിച്ച കുഞ്ഞുങ്ങളായ ആത്മാക്കളോട് 'ദീപനാളമായും' ചേർത്തു. വിശദമാക്കാം :- ആത്മാക്കളെ സൃഷ്ടിക്കാൻ ആകാശത്തിൽ പരമാത്മാവായ ശിവന്റെ സ്വത്വമായ ഹൈഡ്രജൻ ആറ്റത്തിലെ 'ശിവൻ-ഘടകമായ ഇലക്ട്രോണിൽ നിന്നും ശൂന്യത ബാധകമായ രണ്ട് ന്യൂട്രോണുകളെ സ്ത്രീപുരുഷന്മാരായി വിഭജിച്ചു സൃഷ്ടിച്ചാണ് ' ആത്മാവിനും സ്വത്വമായ ഹീലിയത്തിനും (He) അസ്തിത്വം നൽകുന്നത്. ഏകദൈവമായ ശിവ, ഭാഗമായ ശിവനെയും കൂട്ടി പ്രപഞ്ച-ഭാഗമായി അവതരിക്കുന്നതിന് കാരണമാക്കിയ ആത്മാക്കളുടെ സൃഷ്ടിയിൽ പ്രകാശവും താപശക്തിയും ചേർക്കുന്നു. ആത്മാക്കളെ സൃഷ്ടിക്കാനുള്ള പാത്രത്തിന് സൂര്യഗോളവും, ശിവന്റെ മാത്രം അംശങ്ങളും കുഞ്ഞുങ്ങളുമായ ആത്മാക്കൾക്ക് ദീപ-നാളവും നൽകി ശിവ അനുഗ്രഹിച്ചിരിക്കുന്നു. സ്ത്രീയും പുരുഷനുമായ രണ്ട് പകുതികൾ ചേർന്നതാണ് ഒരു ആത്മാവ്. ആത്മാക്കളുടെ പരമാനന്ദമായി ആവിഷ്ക്കരിച്ചിരിക്കുന്ന കാമ-ആനന്ദത്തെ ആസ്വദിക്കാനും, മോക്ഷത്തിലും കൂട്ട് ഉണ്ടാകാനും, ജീവികളായി ജീവിക്കുമ്പോൾ പുനർസൃഷ്ടിയെ ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളുമായി ബന്ധിപ്പിക്കാനുമുള്ള മഹാസംവിധാനം കൂടിയാണ് ആത്മാവിന്റെ വിഭജനം.

ശിവയായ ഓക്സിജന്റെയും ശിവനായ ഹൈഡ്രജന്റെയും സമ്മേളനവും, ദൈവത്തിന്റെ ധർമ്മ-സ്ഥിതി-ദ്രാവക രൂപവുമായ (ഭൂമിയിലെ) ജലത്തിൽ ഓംകാര നീതിശാസ്ത്രം പ്രകാരം 2 കരിമീൻ കുഞ്ഞുങ്ങളായി ജീവിതം ആരംഭിക്കുന്ന സ്ത്രീ പുരുഷന്മാരായ ആത്മാക്കളിൽ, സ്ത്രീഭാഗത്തെ പിന്നീട് സസ്യങ്ങളായിട്ടു മാത്രം നിലനിർത്തുന്നു; പുരുഷഭാഗത്തെ മാത്രം 50 വീതം 'സ്ത്രീപുരുഷ ശരീരജന്മങ്ങൾ' നൽകി മത്സ്യം പക്ഷി മൃഗം മനുഷ്യൻ തുടങ്ങിയ ജീവികളായി ജീവിപ്പിക്കുന്നു. ഭൂമിയിലെ അനന്തമായ ആനന്ദങ്ങളെയും വിശേഷ ബുദ്ധിയെയും ശാസ്ത്രങ്ങളെയും ശക്തികളെയും... അനുഭവിക്കുന്ന 100 മനുഷ്യജന്മങ്ങളിൽ അവസാനത്തെ 5 മുതൽ 10 വരെയുള്ള ജന്മങ്ങളിൽ ഓരോ ആത്മാവിന്റെയും സ്ത്രീ പുരുഷ വിഭജനങ്ങളെ ഇണകളാക്കുന്നുണ്ട്. നക്ഷത്ര-മോക്ഷത്തിൽ ഓരോ ആത്മാവിനും ഇണകളായി സ്വയം വിഭജിച്ച് സൃഷ്ടികളുടെ പരമാനന്ദമായ കാമആനന്ദം അനുഭവിക്കാൻ കഴിയുന്നതാണ്.

സ്ത്രീഭാഗത്തെ സസ്യാവസ്ഥയിൽ മാത്രം തുടരാൻ അനുവദിക്കുന്നതിന് 2 പ്രധാന കാരണങ്ങളുണ്ട്. (1) ആത്മാക്കളുടെ പകുതിയായ പുരുഷൻ ധാർമ്മികമായി കൂടുതൽ അധഃപതിക്കുകയും സ്ത്രീപീഡനം പോലുള്ളവ സമൂഹത്തിൽ വർദ്ധിക്കുകയും ചെയ്യുമ്പോൾ, അവരുടെ പകുതിയായ സ്ത്രീ ഭാഗത്തെ മഹാമാതാവ് സംരക്ഷിച്ചതിൽ ആത്മാക്കൾക്കെല്ലാം പിന്നീട് സന്തോഷിക്കാനുള്ള ഒരു മഹാസംവിധാനമാണ്. (2) ഈ ദിവ്യമഹാവേദ ഗ്രന്ഥത്തിലെ 'ആനന്ദ ശാസ്ത്രത്തിൽ' 'ദാനം' ഒരു ആനന്ദമാണെന്നും പ്രപഞ്ചമാകുന്ന ആനന്ദങ്ങളിൽ 'ദാന'ത്തിന് 5 അളവ് വകയിരുത്തിയിട്ടുണ്ട് എന്നും പരാമർശിച്ചിട്ടുണ്ട്. അസ്തിത്വം പോലും സ്വന്തമായിട്ട് ഇല്ലാത്തവരും സൃഷ്ടികളുമായ മനുഷ്യരും മറ്റുള്ള ജീവികളും അനുഭവിക്കുന്നതും ആസ്വദിക്കുന്നതുമെല്ലാം അടിസ്ഥാന പരമായി ദൈവം നൽകിയ ദാനങ്ങൾ മാത്രമാണ്. ദൈവത്തിന്റെ ദാനങ്ങൾ കൊണ്ടു ജീവിക്കുന്നവർക്ക് 'ദാനം' ചെയ്യാനുള്ള യോഗ്യതകൾ ഇല്ലെങ്കിലും 'ആയുസ്സ് ആരോഗ്യം ബുദ്ധിശക്തി ഓർമ്മശക്തി ബന്ധുബലം' തുടങ്ങിയ ജന്മഗുണങ്ങളെ കൊണ്ട് നേടാൻ കഴിയുന്നതായ സൗഭാഗ്യങ്ങളെ കൊണ്ട് ദാനം ചെയ്യാൻ ദൈവം മനുഷ്യരെ പ്രാപ്തരാക്കുന്നുണ്ട്. ഭൂമിയുടെ അംശമായ മൂലകങ്ങളിലും മറ്റും ലയിച്ചിരിക്കുന്ന ധർമ്മശാസ്ത്രങ്ങൾ പ്രകാരം മറ്റുള്ളവർക്ക് അവകാശപ്പെട്ട ധനത്തെയും മറ്റും തിരിച്ചു കൊടുക്കുന്ന മനോഭാവത്തോടെ വ്യക്തിയുടെ പക്കൽ അധികമുള്ള സമ്പത്ത്, ആരോഗ്യം, ജ്ഞാനം, തുടങ്ങിയവയെ ദാനം ചെയ്ത് സ്വന്തം സഹോദരങ്ങൾ കൂടിയായ ദൈവത്തിന്റെ മറ്റു കുഞ്ഞുങ്ങളെ സന്തോഷിപ്പിക്കാനും സഹായിക്കാനും പരിചരിക്കാനും 5 അളവിലുള്ള ആനന്ദത്തെയും ദൈവപ്രീതിയെയും നേടാൻ കഴിയും. മഹാനീതി കൂടിയായ ദൈവത്തെ പ്രീതിപ്പെടുത്താൻ മനുഷ്യർക്ക് അനുവദിച്ചിരിക്കുന്ന ഏകമാർഗ്ഗമാണ് 'ദാനം'. ദുസ്വാർത്ഥം നിമിത്തം മനുഷ്യർ ഉചിതമായി ചെയ്യുന്നുമില്ല! ധർമ്മശാസ്ത്ര പ്രകാരം വ്യക്തികൾ / ആത്മാക്കൾ ജീവിക്കുന്നത് അവരവരുടെ ജീവിത-ആവശ്യമാണെന്നും, അത് 'ദൈവപ്രീതി' നേടാനുള്ള മാർഗ്ഗമല്ലെന്നും അറിയണം. സസ്യങ്ങളുടെ ജീവിതം വിശകലനം ചെയ്താൽ, 'ദൈവസേവനം' എന്ന് ഭാഗികമായി വിശേഷിപ്പിക്കാവുന്ന വിധം പക്ഷി, മൃഗം, മനുഷ്യൻ (+ദേവതകൾ+പിശാചുക്കൾ) എന്നീ അവസ്ഥകളിൽ ജീവിക്കുന്ന ആത്മാക്കൾക്കു വേണ്ടി തങ്ങളുടെ സർവ്വവും 'ദാനവും ത്യാഗവും' ചെയ്ത് മറ്റുള്ളവർക്കു വേണ്ടിയെന്നോണം ജീവിക്കുന്നതായി മനസ്സിലാക്കാം.

**സസ്യാവസ്ഥയിൽ ഭാഗികമായ 'ദൈവ സേവനം' ചെയ്തുകൊണ്ട് ആത്മാക്കളുടെ 'സ്ത്രീഭാഗം' നക്ഷത്രാവസ്ഥയിലെ ദേവതാപദവിയിൽ മായാശക്തികളെ സ്വന്തമാക്കാനുള്ള യോഗ്യത നേടുന്നു. മുമ്പ് സൂചിപ്പിച്ച ചുറ്റിക്കളി ഇവിടെയും ഉണ്ട്. 'ദൈവം' കുഞ്ഞുങ്ങൾക്ക് അവസരം നൽകുകയാണ് യഥാർത്ഥത്തിൽ സംഭവിക്കുന്നത്.**

നക്ഷത്രമോക്ഷമായ ദേവതയുടെ പദവിയിൽ നിന്ന് വീണ്ടും ദൈവത്തിന്റെ മഹാരൂപമായ ഭൂമിയിൽ തിരിച്ചുവരാനും ജീവികളായി സമൂഹജീവിതം തുടരാനും ആഗ്രഹിക്കുന്നവർക്ക് ഭൂമി അവസരം നൽകുമ്പോൾ മായാശക്തികൾ ആത്മാക്കൾക്ക് ആവശ്യമില്ല; ഭൂമിയിലെ ജീവി-ജീവിതത്തിന് ചേരുന്നതുമല്ല. ആകയാൽ നക്ഷത്രാവസ്ഥയിൽ നൽകിയിരുന്ന 'മായാശക്തികളെ' ഭൂമിയിൽ വരുമ്പോൾ പിൻവലിക്കുന്നതാണ്. ഭൂമിയുടെ സ്വത്വമാണ് ഓക്സിജനെങ്കിൽ ($O_2$), ആത്മാക്കൾക്കു നൽകിയ മായാശക്തികളെ അവർ ഭൂമിയിൽ ചെലുത്തുന്നതിനെ തടയുന്ന ഓംകാര നാഗബന്ധനമാണ് ഓക്സിജന്റെ വകഭേദമാണ് ഓസോൺ ($O_3$). കൂടുതലായി ഈ ദിവ്യമഹാഗ്രന്ഥത്തിൽ തന്നെ പിന്നീട് വിവരിക്കുന്നുണ്ട്.

രണ്ടാമത്തെ മഹാകാല ചക്രത്തിലെ ആദ്യ സൃഷ്ടിചക്രമായ ഇപ്പോഴത്തെ സൃഷ്ടിചക്രം മുതൽ ഏകദൈവവും മഹാമാതാവുമായ ശിവ, ഭാഗവും പരമാത്മാവുമായ ശിവനോടു കൂടി പ്രപഞ്ചത്തിന്റെ മഹാഭരണവും മഹാനീതിയും നേരിട്ട് ഏറ്റെടുക്കുകയാലും; ദേവതകളെയെല്ലാം എന്നന്നേക്കുമായി ഒഴിവാക്കുകയാലും, മേലിൽ പ്രപഞ്ചകാര്യങ്ങൾ എല്ലായ്പ്പോഴും സത്യം ശിവം സുന്ദരം മാത്രമായിരിക്കുന്നതാണ്. അതുകൊണ്ടുതന്നെ മനുഷ്യാവസ്ഥയിൽ നിന്നും നക്ഷത്ര-മോക്ഷത്തിലേക്ക് മുമ്പ് പരിണമിച്ചതായ ദേവതകൾ ഭൂമിയിലേക്ക് തിരിച്ചു വരുന്നത് വളരെയധികമായി വർദ്ധിക്കുന്നതാണ്. ജീവികളുടെ എണ്ണത്തിന് ആനുപാതികമായി 'മഹാശക്തിയായ ഭൂമി' വളരുന്നതുമാണ്.

വിശേഷ ബുദ്ധിയെ ദാനമായി ലഭിച്ചിട്ടും, സുവ്യക്തമായി അറിയാത്ത പരലോകത്തിലും സ്വർഗ്ഗത്തിലും ലഭിക്കുന്ന ആനന്ദങ്ങളെ പ്രകീർത്തിക്കുന്ന ഏതൊരാൾക്കും ഭൂമിയിൽ ലഭിക്കുന്ന ആനന്ദങ്ങളെ സാമ്യപ്പെടുത്തി മാത്രമാണ് ചിന്തിക്കാൻ പോലും കഴിയുക. ആകാശവും ഭൂമിയും മനുഷ്യർക്കു നൽകിയ 'വിശേഷ ബുദ്ധിയെ' ഉപയോഗിച്ചാൽ, മഹാസത്യവും മഹാശക്തിയും പരബ്രഹ്മവും പ്രപഞ്ചവുമായ ആകാശത്തിലും ഭൂമിയിലും ലഭിക്കാത്തതും, അനന്തമായ ആനന്ദങ്ങളായി അവതരിച്ചിരിക്കുന്ന ആകാശത്തിനും ഭൂമിക്ക് സൃഷ്ടിക്കാൻ കഴിയാത്തതുമായ ആനന്ദങ്ങൾ ഇല്ലെന്ന് മനസ്സിലാക്കാൻ കഴിയും!

**മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ എന്നിങ്ങനെ ഓരോ ജീവി വർഗ്ഗത്തിലും 100 വീതം ജന്മങ്ങളെ ഓരോ ആത്മാവിനും നൽകുന്നുണ്ട് എന്നും വിശേഷബുദ്ധിയെ നൽകാത്ത ജീവി-ജന്മങ്ങളിലെ ജീവിതത്തിൽ വേദനകളെ ആനന്ദങ്ങളിൽ നിന്ന് നീക്കം ചെയ്തിട്ടുണ്ടെന്നും അത് എങ്ങനെയാണെന്നും ചുവടെ വിശദീകരിച്ചിട്ടുണ്ട്; തെളിയിച്ചിട്ടുമുണ്ട്. അതിനു മുമ്പ്, പ്രപഞ്ചത്തിലെ രണ്ടാമത്തെ മുഖ്യഘടകവും സൃഷ്ടിയും ദൈവത്തിന്റെ കുഞ്ഞും ആത്മാവുമായ ഓരോ പകുതി-ജീവിയിലുമുള്ള ഹീലിയം ആറ്റത്തിലെ ഒരു ന്യൂട്രോൺ എങ്ങനെയാണ് പ്രവർത്തി(പ്പി)ക്കുന്നതെന്ന് വിശദീകരിക്കുന്നു :**

**ഓരോ ജീവിയെയും സ്ത്രീയും പുരുഷനുമായി വിഭജിച്ചിരിക്കുന്നതും, ഒരു ഹീലിയം ആറ്റത്തിലെ രണ്ട് ന്യൂട്രോണുകൾ ചേരുമ്പോഴാണ് ഒരു ആത്മാവ് പൂർണ്ണമാകുന്നതെന്നും, സ്ത്രീപുരുഷന്മാരിൽ ഓരോ ന്യൂട്രോൺ മാത്രമാണുള്ളതെന്നും മുമ്പ് വ്യക്തമാക്കിയിരുന്നു.**

ഹീലിയത്തിലെ ഒരു ന്യൂട്രോണായ ആത്മാവിന്റെ ഓരോ പകുതിയോടും ചേർക്കപ്പെടുന്ന വേറെയും ഘടകങ്ങളുണ്ട്. ഓരോരോ ജന്മത്തിലും നേടുന്നതും ആസ്വദിക്കുന്നതുമായ ആനന്ദങ്ങളും; അക്കൂടെ പുണ്യവും പാപങ്ങളും; മഹാനീതിയിലെ ശിക്ഷാ-കാര്യങ്ങളെ നടപ്പാക്കുന്ന ന്യൂനശക്തികളും; മഹാനീതിയിലെ സ്ത്രീ പുരുഷ വ്യത്യാസം, നിറം, സൗന്ദര്യം, മുഖഛായ, ആയുസ്സ്, ആരോഗ്യം, ഉയരം, ബുദ്ധിശക്തി, ഓർമ്മശക്തി, തൊഴിൽ-അഭിരുചി, വിനോദ-അഭിരുചി, ജനനസ്ഥലം തുടങ്ങിയ **ജന്മഗുണങ്ങളെ** നടപ്പാക്കുന്ന ഘടകങ്ങളും; ജീനുകൾ, ഡിഎൻഎ തുടങ്ങിയ പേരുകളിൽ തലമുറകളുടെ സ്വഭാവ സവിശേഷതകളെയും മറ്റും 'ആത്മാവിന്റെ പുരുഷ പകുതിയായ ഹീലിയം ആറ്റത്തിലെ ന്യൂട്രോണോടു' ചേർക്കേണ്ടത് ആവശ്യമാണ്. ചേർക്കുന്നുണ്ട്. 'ആത്മാവിന്റെ സ്ത്രീ പകുതിയായ ഹീലിയം ആറ്റത്തിലെ രണ്ടാമത്തെ ന്യൂട്രോണോടു' മുഖ്യമായും പുണ്യങ്ങൾ മാത്രമാണ് ചേർക്കപ്പെടുന്നതെന്നും അതെങ്ങനെയാണെന്നും മുകളിൽ സസ്യാവസ്ഥയിലെ **ദൈവസേവനവും, ദാനമാകുന്ന ആനന്ദവും** വിവരിച്ചു കൊണ്ട് വ്യക്തമാക്കിയിട്ടുണ്ട്. ഹീലിയം ആറ്റത്തിലെ രണ്ട് ന്യൂട്രോണുകൾ ഒഴികെ **ദൈവാംശം മാത്രമായ മറ്റെല്ലാ മൂലകങ്ങളുടെയും സംയുക്തങ്ങളുടെയും രൂപാന്തരമായ ജീവികളുടെയെല്ലാം ശരീരാവയവങ്ങളിലും ഉള്ളതായ ആറ്റങ്ങളിലെ ന്യൂട്രോണുകൾ, 'കുഞ്ഞുങ്ങളായ ആത്മാക്കൾക്ക് ആനന്ദങ്ങളെയും ഉപാധികളായ ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയും ശരണത്തെയും കാലത്തെയും മഹാനീതിയെയുമെല്ലാം പകർന്നു നൽകാനുള്ള' മാധ്യമ-ചങ്ങലയാണ്. മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളുടെ ശരീരത്തെ ആറ്റങ്ങളിലെ ന്യൂട്രോണുകളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്താൽ, എല്ലാ ജീവികളുടെയും സ്വന്തമെന്നു കരുതുന്നതും എന്നാൽ ദൈവമായ ഭൂമിയുടെ അംശം മാത്രവുമായ ശരീരത്തിന്റെ ഭൂരിഭാഗവും ന്യൂട്രോണുകളാണെന്ന് മനസ്സിലാക്കാൻ കഴിയും. അനേകം കോടി ന്യൂട്രോണുകളുടെ മഹാചങ്ങലയിലെ ഒരു ഹീലിയം ആറ്റം മാത്രമാണ് ആത്മാവെന്നും; വേദനകൾ ഉൾപ്പെടെയുള്ള ആനന്ദങ്ങളെ കൈമാറാനുള്ള മഹാചങ്ങല അത് ചെയ്യുന്നുണ്ടെന്നും അറിയണം. ജീവാത്മാവായ ഒരു ഹീലിയം-ന്യൂട്രോണിനെ കണ്ടുപിടിക്കാനോ, മനുഷ്യരുടെ ഇഷ്ടങ്ങളെ അതിനോടു ചേർക്കാനോ മനുഷ്യർക്ക് ശക്തി നൽകാൻ പാടില്ല. ദൈവം മഹാനീതി നടപ്പാക്കുന്നത് എങ്ങനെയാണെന്ന് മഹാനീതിശാസ്ത്രത്തെ നൽകി ക്കൊണ്ട് ശാസ്ത്രജ്ഞന്മാർ ഉൾപ്പെടെ ഭൂമിയിലെ എല്ലാ മനുഷ്യരെയും അറിയിക്കുമ്പോഴും, ദൈവത്തിന്റെ മഹാനീതികാര്യങ്ങളിൽ ഇടപെടാൻ മനുഷ്യർക്ക് കഴിയുകയില്ലെന്ന് തെളിയുന്നുണ്ട്. ജാഗ്രത.**

ഏകദൈവവും മഹാമാതാവും പ്രോട്ടോണുകളുമായ സൂക്ഷ്മശിവ; മഹാദാസനും മഹാദേവനും മഹാപിതാവും ഇലക്ട്രോണുകളുമായ സൂക്ഷ്മശിവനെ പ്രവർത്തിപ്പിച്ച്, കുഞ്ഞുങ്ങളായ ആത്മാക്കൾക്ക് ജീവിക്കാൻ ആവശ്യമായ ആനന്ദങ്ങളെയും; ഉപാധികളായ ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയും കാലത്തെയും ശരണത്തെയും മഹാനീതിയെയുമെല്ലാം സൃഷ്ടിക്കുകയും; ആറ്റങ്ങളിലെയെല്ലാം അടുത്ത പ്രധാനഘടകവും ആനന്ദച്ചങ്ങലയുമായ ന്യൂട്രോണുകളിലൂടെ, ജീവികളിലെ ഒരു ഹീലിയം ആറ്റത്തിലെ ഒരു ന്യൂട്രോണും (സ്ത്രീ) പുരുഷ പകുതിയുമായ ആത്മാവിനു നൽകുകയും ചെയ്യുന്നു.

ആത്മാവിന്റെ സ്ത്രീപുരുഷ പകുതികളായ രണ്ട് ഹീലിയം ന്യൂട്രോണുകൾ, നക്ഷത്ര-മോക്ഷത്തിലെ ഏക ഹീലിയം ആറ്റമായിരിക്കുമ്പോൾ, മായാശക്തികളുമായി ബന്ധപ്പെട്ട പ്രതിഭാസങ്ങൾ ഉണ്ടാകും. മഹാമാതാവായ ശിവയെയും മഹാപിതാവായ ശിവനെയും അനുകരിച്ച് പ്രോട്ടോണും ഇലക്ട്രോണും പോലെ വിഭജിച്ചു നിൽക്കാനും സ്വന്തം ഇഷ്ടപ്രകാരം ആനന്ദങ്ങളെ സൃഷ്ടിക്കാനും സ്വയം ആസ്വദിക്കാനും സൃഷ്ടിയായ ആത്മാവിനു കഴിയുന്നതാണ്.

**മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ എന്നിവയാണ് 5 പ്രധാന ജീവികളെന്ന് ഗ്രന്ഥകാരനിലൂടെ വെളിപ്പെട്ട ദിവ്യമഹാവേദ ഗ്രന്ഥങ്ങളിൽ ആവർത്തിക്കുമ്പോൾ, ഓരോരോ കാലങ്ങളിൽ, പ്രാദേശികമായും അന്തർദ്ദേശീയമായും ഒതുങ്ങിയും വിപുലമായുമെല്ലാം മനുഷ്യർ ഉൾപ്പെടെയുള്ള എല്ലാ ജീവികളെയും വേറിട്ടും ഒരുപോലെയുമെല്ലാം അവയുടെ ശരീരത്തിലെ അവയവങ്ങളിൽ പ്രവേശിച്ചും ജനിച്ചും വളർന്നും കാറ്റിൽ-പറന്നും പകർന്നുമെല്ലാം ആക്രമിക്കുന്ന, മനുഷ്യർക്ക് അറിയാൻ കഴിഞ്ഞതും കഴിഞ്ഞിട്ടില്ലാത്തതുമായ വിവിധ രോഗാണുക്കൾ, വൈറസുകൾ, അമീബ, മറ്റു സൂക്ഷ്മ ജീവികൾ തുടങ്ങിയവയുടെ സൃഷ്ടി സ്ഥിതികളെ വെളിപ്പെടുത്തേണ്ടതുണ്ട്.**

**രോഗാണുക്കൾ, വൈറസുകൾ, അമീബ, മറ്റു സൂക്ഷ്മാണുക്കൾ തുടങ്ങിയവ സൃഷ്ടികളായ ജീവികളോ (അവയുടെ സ്വത്വങ്ങളായ) ആത്മാക്കളോ അല്ല. അടുത്ത അദ്ധ്യായത്തിൽ ശാസ്ത്ര പരമായി തെളിയിച്ചിട്ടുണ്ട്; വിശദീകരിച്ചിട്ടുമുണ്ട്.**

**രോഗാണുക്കൾ, സൂക്ഷ്മാണുക്കൾ, വൈറസുകൾ തുടങ്ങിയവ സൃഷ്ടികളായ ആത്മാക്കളോ ജീവികളോ അല്ലെന്നും; രോഗങ്ങളും രോഗമുക്തിയും സംഭവിക്കുന്നത് എങ്ങനെയാണെന്നും ശാസ്ത്രപരമായി തെളിയിക്കുന്നു.**

സൂക്ഷ്മജീവികളായ വൈറസുകളും രോഗാണുക്കളും മറ്റും ജീവികളുടെ ശരീരത്തിൽ പ്രവേശിക്കുന്നതും പ്രവർത്തിക്കുന്നതും; വേദനകളും, പലവിധ രോഗങ്ങളും മരണവുമെല്ലാം നൽകുന്നതും, ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളുടെ ഇഷ്ടമോ സമ്മതമോ അവസ്ഥയോ ചോദിച്ചിട്ടല്ല. മനുഷ്യരുടെ ധർമ്മശാസ്ത്ര വിരുദ്ധമായ ആവശ്യങ്ങളെയും സാധിക്കാൻ കഴിഞ്ഞാൽ മാത്രമാണ് വ്യക്തിസ്വാതന്ത്ര്യമുണ്ടെന്ന് മനുഷ്യർക്കും നൽകിയിട്ടുണ്ടെന്ന് സ്രഷ്ടാവായ ദൈവത്തിനും അവകാശപ്പെടാൻ കഴിയൂ. ജീവികളുടെ ശരീരത്തിലെ അവയവങ്ങളും കോശങ്ങളുമെല്ലാം ദൈവാംശം മാത്രമാണ്; മുമ്പ് വിശദീകരിച്ചിട്ടുണ്ട്. അവ ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് ജീവിക്കാൻ ആവശ്യമായ ആനന്ദങ്ങളെയും, ആനന്ദങ്ങളെ നേടാനുള്ള ഉപാധികളായ ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയും ശരണത്തെയുമെല്ലാം; കൂടാതെ ആനന്ദങ്ങളെയും ഉപാധികളെയും സ്വീകരിക്കാനുള്ള ശക്തികളെയും കൂടി നൽകുകയാണ്.

ശരീരത്തിൽ പ്രവേശിക്കുന്ന വൈറസുകളും മറ്റും ആനന്ദങ്ങളുടെ ഭാഗം തന്നെയായ വേദനകളെയും പലവിധ രോഗങ്ങളെയുമാണു നൽകുന്നത്. ശരീരവേദന, തലവേദന, പനി, ശ്വാസം മുട്ടൽ, പല്ലുവേദന, നെഞ്ചുവേദന, വയറ്റുവേദന എന്നൊക്കെ മനുഷ്യർ പറയുമ്പോൾ, യഥാർത്ഥത്തിൽ ശരീരഭാഗങ്ങൾക്ക് വേദന ഉണ്ടാവുകയല്ല; അവ ആത്മാവിന് വേദനകളെയും രോഗങ്ങളെയും നൽകുകയാണ് ! എന്നുവെച്ചാൽ, വൈറസുകളും രോഗാണുക്കളുമെല്ലാം ശരീരത്തിലെ അവയവങ്ങളുമായി കൂട്ടുകൂടിക്കൊണ്ടും മറ്റും ആത്മാവിനെ വേദനിപ്പിക്കുകയും രോഗങ്ങളെ നൽകുകയുമാണ്. ആവശ്യമില്ലാത്ത യാത്ര ഒഴിവാക്കാനും, മരണത്തിനു കാരണമാവാനുമൊക്കെ രോഗങ്ങൾ സഹായിക്കുന്നത് സത്യമാണ് ! 'വൈറസുകളുടെയും ശരീരത്തിന്റെയും' സംയുക്ത ഇഷ്ടപ്രകാരം ആത്മാവിന്റെ സ്വന്തമെന്നു കരുതുന്ന ശരീരത്തിൽ പ്രവേശിച്ച് രോഗങ്ങളും തജ്ജന്മ മരണവും നൽകി ആത്മാക്കളെ ഭരിക്കുകയും കൂടിയാണ് വൈറസുകളും മറ്റു രോഗാണുക്കളുമെല്ലാം ചെയ്യുന്നത് !

## മഹാശാസ്ത്രപരമായി വിശകലനം ചെയ്യാം :-

ആത്മാക്കൾക്ക് ജീവിക്കാൻ ആവശ്യമായ ആനന്ദങ്ങളെയും ഉപാധികളായ ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയും കാലത്തെയും ശരണത്തെയും മഹാനീതിയെയുമെല്ലാം നൽകാനായി ഓരോ ആത്മാവിനും ഓരോ ദൈവം എന്ന പോലെ അവയെ ജീവികളാക്കിയിട്ടുള്ളത് ശരീരമാണ്. ജീവികളുടെയെല്ലാം ശരീരത്തിലെ അവയവങ്ങളെയും കോശങ്ങളെയും സൃഷ്ടിക്കുന്നതും നിരന്തരം കോശങ്ങളെ പുനർസൃഷ്ടിക്കുന്നതും ഭൂമിയുടെ അംശമായ മൂലകങ്ങളെയും അവയുടെ സംയുക്തങ്ങളെയും കൊണ്ടാണ്. സൃഷ്ടികളായ ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളല്ലാ ചെയ്യുന്നത്. ഭൂമിയുടെ അംശമായ മൂലകങ്ങളിൽ ഒന്നായ ഓക്സിജനാണ്, ജലത്തെ മാധ്യമം ആക്കിയും, ഭൂമിയുടെ അംശമായ മറ്റു മൂലകങ്ങളെയും അവയുടെ സംയുക്തങ്ങളെയും കൊണ്ട് ഭൂമിയിലെ എല്ലാ ജീവികളുടെയും ശരീര-കോശങ്ങളെയും അവയവങ്ങളെയും സൃഷ്ടിക്കുന്നതും പരിപാലിക്കുന്നതും; കൂടാതെ എല്ലാ ജീവികളുടെയും സ്വത്വങ്ങളായ ആത്മാക്കളെ ശരീരത്തിന്റെ അകത്തും പുറത്തുമായി മഹാഭരിക്കുന്നതും മഹാനീതി നടപ്പാക്കുന്നതും. ഭൂമിയുടെ അംശമായ മറ്റ് മൂലകങ്ങളെയും അവയുടെ സംയുക്തങ്ങളെയും, ജീവികളുടെ സ്വത്വങ്ങളെയും ഓക്സിജൻ ഭരിക്കുന്നത് അനുഭവിച്ചറിയുന്ന സത്യമാണ്. നിശ്ചയമില്ലാത്ത മനുഷ്യർ സ്വന്തമെന്ന് തെറ്റിദ്ധരിച്ചിരിക്കുന്ന മൂക്കും വായും അടച്ചുപിടിച്ചാൽ ഉടൻ തന്നെ മനസ്സിലാകുന്ന സത്യമാണ്.

ജീവികളുടെ ശരീരം എന്നതിന് ആത്മാക്കളുടെ തജ്ജന്മത്തിലെ ജീവിതത്തിനായിട്ട് ദൈവമായ ഭൂമിയുടെ സ്വത്വമായ ഓക്സിജൻ സൃഷ്ടിച്ച് നൽകിയിരിക്കുന്ന 'ഭൂമിയുടെ അംശം മാത്രമായ ശരീരം' എന്നാണർത്ഥം. അവയെയും ജലത്തെയും കൊണ്ടാണ് ജീവികളുടെയെല്ലാം വ്യത്യസ്തമായ ശരീരാവയവങ്ങളും, കോശങ്ങളും; വിസർജ്ജ്യങ്ങളും ജലവും രക്തവും മറ്റുമായ ശരീര-ഭാഗങ്ങളും സൃഷ്ടിച്ചിരിക്കുന്നത്.

ജീവികളുടെ ശരീരത്തിലെ അവയവങ്ങളും കോശങ്ങളും മാത്രമല്ല, അവയെ സൃഷ്ടിക്കാൻ ഉപയോഗിച്ചിരിക്കുന്ന (ഭൂമിയുടെ അംശം മാത്രമായ) എല്ലാ മൂലകങ്ങളും അവയുടെ സംയുക്തങ്ങളും സൃഷ്ടിച്ചിരിക്കുന്നത് ഭൂമിയുടെ സൂക്ഷ്മാംശമായ ആറ്റങ്ങളാകുന്ന സൂക്ഷ്മ പ്രപഞ്ചങ്ങൾ കൊണ്ടാണ്. അവസ്ഥകൾക്ക് അനുസരിച്ച് വ്യത്യാസപ്പെടുന്ന 'സ്ഥിതിപരമായ വിധി' പ്രകാരം 118 എണ്ണമെത്തിയ മൂലകങ്ങളും അവയുടെ അനവധി ലക്ഷം സംയുക്തങ്ങളും അനേകം കോടി വരുന്ന ജീവികളുടെ ശരീരത്തിലെ കോശങ്ങളും അവയവങ്ങളും ഭൂമിയുടെ സൂക്ഷ്മാംശമായ ആറ്റങ്ങളാകുന്ന സൂക്ഷ്മ പ്രപഞ്ചങ്ങൾ സൃഷ്ടിച്ചവയാണ് !

സൂക്ഷ്മ പ്രപഞ്ചങ്ങളായ ആറ്റങ്ങളിലെ സൂക്ഷ്മ-ശിവയായ പ്രോട്ടോൺ, സൂക്ഷ്മ-ശിവനായ ഇലക്ട്രോൺ, ന്യൂട്രോൺ, തുടങ്ങിയവയുടെ എണ്ണവും അടുക്കലും വിന്യാസവുമെല്ലാം വ്യത്യാസപ്പെടുത്തിയാണ് വ്യത്യസ്ത ആനന്ദങ്ങളും ശക്തികളും മറ്റുമായ എല്ലാ മൂലകങ്ങളെയും സ്ഥൂലമായ വസ്തുക്കളെയും (ഓക്സിജൻ) സൃഷ്ടിച്ചിട്ടുള്ളത്. ഓക്സിജനാണോ ചെയ്യുന്നതെന്ന് അറിയാൻ മുമ്പ് വ്യക്തമാക്കിയതു പോലെ മൂക്കും വായും അടച്ചു പിടിച്ചാൽ മതി. ഓക്സിജൻ എന്തു ചെയ്യണമെന്നും എങ്ങനെ ചെയ്യണമെന്നുമെല്ലാം ഓക്സിജൻ മാത്രമാണു നിശ്ചയിക്കുന്നത്.

ഓക്സിജനെക്കുറിച്ച് മുമ്പ് വിശദീകരിച്ചവയിലെ ഒരല്പഭാഗം ആവർത്തിക്കുന്നു. Quote :

മൂലകങ്ങളും അവയുടെ സംയുക്തങ്ങളും രൂപാന്തരമായ ജീവികളുടെയെല്ലാം ശരീരത്തിലെ അവയവങ്ങളും ഉൾപ്പെടെയുള്ള അനന്തമായ ആനന്ദങ്ങളുമായിട്ട് ശിവയും ശിവനും അവതരിക്കുമ്പോൾ; പ്രസ്തുത ആനന്ദങ്ങളെ സൃഷ്ടിക്കാനും, സൃഷ്ടികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് ആനന്ദങ്ങളെ നേടാനുമുള്ള ഉപാധികളായ ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യങ്ങളും കാലവും ശരണവും മഹാനീതിയുമെല്ലാം മഹാശക്തിയായ ശിവയും ഭാഗമായ ശിവനും തന്നെയാണ്. അനന്തമായ ആനന്ദങ്ങളുടെ അംശങ്ങളായി ഓരോരോ മൂലകവും സംയുക്തവും കോശവും അവയവവും മാറുമ്പോൾ അവ ദൈവാംശങ്ങളുമാണ്. ദൈവാംശങ്ങളിൽ ദൈവമായ ശിവയും, ഭാഗമായ ശിവനും സ്ഥിരഘടകങ്ങളായി എല്ലായ്പ്പോഴും ഉണ്ടായിരിക്കും.

എല്ലാ മൂലകങ്ങളും ആനന്ദങ്ങളായ ദൈവാംശങ്ങളാകുമ്പോൾ തന്നെ അവയെ പരിപാലിക്കാനും മഹാനീതി നടപ്പാക്കാനും ഒരു മൂലകമായിട്ട് ശിവയായ ഏകദൈവം നേരിട്ട് അവതരിക്കേണ്ടതുണ്ട്. എല്ലാ ജീവികളും ഉൾപ്പെടെയുള്ള പ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ പ്രസ്തുത മൂലകം ചെയ്യുന്നതിനെ അറിയാനും അനുഭവിക്കാനും മനസ്സിലാക്കാനും വിശേഷ ബുദ്ധിയെ ലഭിക്കുന്ന മനുഷ്യാവസ്ഥയിലെ ആത്മാക്കൾക്ക് കഴിയണം. ദൈവം ഒരു മൂലകമായി അവതരിച്ചിട്ടുണ്ട്. വേദനകൾ ഉൾപ്പെട്ട ആനന്ദങ്ങളെയും ഉപാധികളായ ശക്തികളെയും ശാസ്ത്രങ്ങളെയുമെല്ലാം 'ഹീലിയം ആറ്റത്തിലെ ന്യൂട്രോണുകളായ ആത്മാക്കൾക്ക് ' കൈമാറാൻ പ്രപഞ്ചത്തിലെ എല്ലാ ന്യൂട്രോണുകളുടെയും മഹാചങ്ങലയെ ഓക്സിജൻ ഒരുക്കിയിട്ടുണ്ട്. ഓക്സിജന്റെ പ്രവർത്തനങ്ങളെ തടയാൻ സൃഷ്ടിക്കാവില്ല!

ദൈവമായ മൂലകത്തിന്റെ (സൂക്ഷ്മാംശമായ ആറ്റത്തിലെ) സ്ഥിരഘടകങ്ങൾ ശിവയുടെ അതിസൂക്ഷ്മ അംശമായ പ്രോട്ടോണുകളും, ഭാഗവും ശിവനുമായ ഇലക്ട്രോണുകളാണെന്നത് തീർച്ചയാണെന്നിരിക്കെ, മറ്റു ഘടകങ്ങളെയും വിശേഷ ബുദ്ധിയെ കൊണ്ട് മനസ്സിലാക്കാൻ കഴിയും; കഴിയണം. ശിവനെയും ചേർത്ത് പ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യാനും പ്രപഞ്ച-ഭാഗമായിട്ട് ഏകദൈവമായ ശിവ അവതരിക്കാനും തയ്യാറായത്, കുഞ്ഞുങ്ങളായി ജീവികളെയും അവയുടെ സ്വത്വങ്ങളായ ആത്മാക്കളെയും സൃഷ്ടിക്കാനും അനന്തമായ ആനന്ദങ്ങളെ മഹാവാത്സല്യത്തോടെ നൽകി നിലനിർത്താനും ആണെന്നിരിക്കെ, കുഞ്ഞുങ്ങളായ ആത്മാക്കൾക്ക് ശക്തികളും ശാസ്ത്രപാഠങ്ങളും സ്വാതന്ത്ര്യങ്ങളും കാലവും മഹാശരണവും മഹാനീതിയുമെല്ലാം നൽകാനുള്ള ഘടകങ്ങൾ ദൈവമായ ഭൂമിയുടെ സ്വത്വമായ ഏകമൂലകത്തിൽ തീർച്ചയായും ഉണ്ടാകണം; ഉണ്ട്.

മഹാഭരണാധികാരിയും മഹാനീതിയുമായ ദൈവത്തിന്റെ സ്വത്വമായ ഏകമൂലകവും, ദൈവാംശങ്ങളായ മറ്റു മൂലകങ്ങളും ആത്മാക്കളെ ഭരിക്കുമെന്നല്ലാതെ; ദൈവത്തിന്റെ സ്വത്വവും, ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതുമായ മൂലകം ഏതാണെന്നും ആരാണെന്നും അറിഞ്ഞാൽ പോലും; പ്രസ്തുത മൂലകത്തെയോ ദൈവാംശങ്ങളായ മറ്റു മൂലകങ്ങളെയോ പ്രീതിപ്പെടുത്താനോ ഭരിക്കാനോ നശിപ്പിക്കാനോ മറ്റെന്തെങ്കിലും ചെയ്യാനോ യാതൊരു സൃഷ്ടിക്കും കഴിയുന്നതല്ല ! ... അസ്തിത്വം ഉൾപ്പെടെ യാതൊന്നും സ്വന്തമായിട്ട് ഇല്ലാത്തവരായ സൃഷ്ടികളുടെ സ്വത്വങ്ങളായ ആത്മാക്കൾ ആഗ്രഹിച്ചാൽ പോലും ദൈവത്തിന്റെ സ്വത്വമായ മൂലകത്തെ തൊടാൻ പോലും കഴിയില്ല. ആത്മാക്കൾക്ക് തജ്ജന്മത്തിലെ ആവശ്യങ്ങൾക്കായി ലഭിച്ചിരിക്കുന്ന ശരീരത്തിലെ അവയവങ്ങൾക്ക് ചലിക്കാൻ കഴിയണമെങ്കിൽ പോലും ദൈവത്തിന്റെ സ്വത്വവും, ദൈവം തന്നെയുമായ മൂലകം കനിയണം ! ... ഒരു മിനുട്ടിൽ ഏറെക്കുറെ 18 തവണ ശ്വാസോച്ഛ്വാസം ചെയ്യുന്ന മനുഷ്യൻ ചിന്തിക്കുന്നതു പോലും ശാസ്ത്രപരമായി ത്തന്നെ ഓക്സിജൻ അറിയുന്നുണ്ട്. സമുദ്രത്തിന്റെ അടിത്തട്ടിൽ പോയാലും, ചന്ദ്രനിൽ പോയാലും ഓക്സിജൻ കൂടെത്തന്നെ വേണമെന്നും ഓക്സിജന്റെ മറ്റൊരു ദാനമായ വിശേഷ ബുദ്ധി കൊണ്ട് മനുഷ്യർക്ക് അറിയാം. ഓക്സിജന്റെ ഇഷ്ടമായ ഓംകാരനീതിശാസ്ത്ര പ്രകാരം ഓക്സിജൻ അനുവദിക്കുന്നതും നൽകുന്നതുമായ വേദനകൾ ഉൾപ്പെടെയുള്ള ആനന്ദങ്ങളും ഉപാധികളായ ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും കൊണ്ടുമാത്രമാണ് ആത്മാക്കൾക്ക് എന്തും ചെയ്യാനാവുക. ...

മനുഷ്യൻ ഉൾപ്പെടെയുള്ള സൃഷ്ടികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് വിശപ്പും ദാഹവും (സൃഷ്ടിച്ചു) നൽകുന്നതും, ഭക്ഷിക്കുമ്പോൾ വിശപ്പും ദാഹവും മാറുന്നതും ഭക്ഷണ രുചി-ആനന്ദം ലഭിക്കുന്നതും; ദഹനവും വിസർജ്ജനവും പ്രത്യുല്പാദനവും മറ്റും 'ജീവികളുടെ സ്വത്വങ്ങളുടെ' സൃഷ്ടിയോ പ്രവൃത്തികളോ അല്ല. മഹാനീതിയുമായി ബന്ധപ്പെട്ട സ്ത്രീപുരുഷൻ, നിറം, സൗന്ദര്യം, മുഖഛായ, അവയവങ്ങൾ, ആരോഗ്യം, ഉയരം തുടങ്ങിയ പ്രത്യക്ഷജന്മഗുണങ്ങളെ നിശ്ചയിക്കുന്നതും, മനുഷ്യാവസ്ഥയിലെ 100 ജന്മങ്ങളിലും വ്യത്യാസപ്പെടുത്തി ആത്മാക്കൾക്ക് സമ-ആനന്ദമായ മഹാനീതിയെ നടപ്പാക്കുന്നതും ഓക്സിജനാണ്. ദൈവത്തിന്റെ സ്വത്വമായ ഓക്സിജനെയും, ദൈവാംശങ്ങളായ മൂലകങ്ങളെയും സംയുക്തങ്ങളെയും അവയുടെ രൂപാന്തരമായ ജീവികളുടെ ശരീരാവയവങ്ങളെയും ധർമ്മശാസ്ത്ര പ്രകാരമുള്ള ചികിത്സയുടെയും, ജനസേവന സേനയുടെ ഭാഗമായിട്ടല്ലാതെ, യോഗ, ധ്യാനം, വ്യായാമങ്ങൾ, കായിക പരിശീലനങ്ങൾ തുടങ്ങിയവയിലൂടെ മെരുക്കാനും ഭരിക്കാനും ശ്രമിക്കുന്നത് തെറ്റാണ്; ദൈവനിന്ദയാണ്; ശിക്ഷയുമുണ്ട്. ...

പ്രത്യക്ഷമെന്നോണം ഓക്സിജന്റെ നിയന്ത്രണത്തിലും ഭരണത്തിലും മാത്രമാണ് എല്ലാ ജീവികളുമെന്ന് ഓക്സിജൻ ദാനമായി നൽകുന്ന വിശേഷ ബുദ്ധിയെ കൊണ്ട് അറിയുമ്പോഴും മൂലകമായ ഓക്സിജനെ അനുസരിച്ച് ഓക്സിജൻ നിശ്ചയിക്കുന്ന ആയുസ്സുമായി ജീവിക്കാനേ സൃഷ്ടിക്കു കഴിയൂ.

Unquote :

**പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളുടെയും സൂക്ഷ്മാംശമായ ആറ്റങ്ങളാകുന്ന സൂക്ഷ്മ പ്രപഞ്ചങ്ങൾ മഹാനീതിയിൽ ഇടപെടുന്നതല്ല; ഇടപെടാൻ കഴിയുകയുമില്ല.**

ജീവികളുടെ ശരീരത്തിലെ അവയവങ്ങളും കോശങ്ങളും ഒക്കെയായ ഭൂമിയുടെ സൂക്ഷ്മാംശങ്ങളും സൂക്ഷ്മപ്രപഞ്ചങ്ങളുമായ ആറ്റങ്ങളുടെ ഉള്ളിൽ 'പ്രോട്ടോണായ സൂക്ഷ്മ-ശിവയിൽ ചേരുന്ന ദൈവകണമായ ഓം പ്രഭാവം സൂക്ഷ്മ തലത്തിൽ ശിവയുടെ ഭാഗവും ഇലക്ട്രോണുമായ സൂക്ഷ്മശിവനെ' എപ്പോഴും ചുറ്റിച്ചുകൊണ്ടും ന്യൂട്രോൺ, ബോസോൺ ക്വാർക്കുകൾ തുടങ്ങിയ ഘടകങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടും, ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്കു വേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. **ഓരോ ആറ്റവും ഫലത്തിൽ ഓരോ ജീവിയാണ്; പോലെയാണ്.**

**സൂക്ഷ്മശിവയും സൂക്ഷ്മശിവനുമായ ആറ്റങ്ങളിലെ പ്രോട്ടോണുകളും ഇലക്ട്രോണുകളും, ശിവയുടെ ഘടകങ്ങളും മാധ്യമങ്ങളുമായ ന്യൂട്രോണുകളും മറ്റും കൂടി എണ്ണം, അടുക്കൽ, വിന്യാസം തുടങ്ങിയവയെ വ്യത്യാസപ്പെടുത്തി വ്യത്യസ്തങ്ങളായ ആനന്ദങ്ങളും ശക്തികളുമായ വ്യത്യസ്ത മൂലകങ്ങളെയും സംയുക്തങ്ങളെയും ശരീരങ്ങളെയും നിരന്തരം സൃഷ്ടിക്കുകയാൽ ആറ്റങ്ങളുടെയെല്ലാം ഉള്ളിലെ സൂക്ഷ്മശിവയ്ക്കും ഭാഗമായ ശിവനും നന്മകൾ മാത്രമല്ല; തിന്മകളും ഉണ്ടാകുന്നതാണ്. വേദനകളെയും ദോഷങ്ങളെയും ഒരല്പമെങ്കിലും അനന്തമായ ആനന്ദങ്ങളാകുന്ന ഭൂമിയിൽ ന്യൂനശക്തികളെന്ന പേരോടെ ചേർക്കുവാൻ ദൈവമായ ഭൂമിക്ക് മഹാബാദ്ധ്യത ഉണ്ടാകുന്നു.**
മനുഷ്യാവസ്ഥയിൽ വേദനകൾ ഇല്ലാതെ വന്നാൽ പ്രസവത്തിൽ തുടങ്ങി മരണം വരെയുള്ള ജീവിതകാര്യങ്ങൾ നേരമ്പോക്കുകൾ പോലെയാകും! വിസർജ്ജന വസ്തുക്കൾക്കും മാലിന്യങ്ങൾക്കും നാറ്റമില്ലെങ്കിൽ ശുചിത്വം മുടങ്ങും; സുഗന്ധം കൂടി ഉണ്ടെങ്കിൽ മുഖത്തും പൂശും.... ന്യൂനശക്തികളെ നിരവധി അദ്ധ്യായങ്ങളിൽ വിവരിച്ചിട്ടുണ്ട്. അനന്തമായ ആനന്ദങ്ങളാകുന്ന എല്ലാ ജീവികളുടെയും ശരീരത്തിലെ അവയവങ്ങളും ഭാഗങ്ങളുമായ* എല്ലാ ഭക്ഷണപാനീയങ്ങളും, മരുന്നുകളും, മയക്കുമരുന്നുകളും, മദ്യങ്ങളും, വിഷവുമെല്ലാം അധിക ശക്തികളും ന്യൂനശക്തികളുമായ ആവശ്യങ്ങളാണ്. (* പാൽ, സസ്യങ്ങളിൽ നിന്നും കൊഴിഞ്ഞു വീണ ഇലകൾ- പൂക്കൾ- പഴങ്ങൾ- രക്തം-വിസർജ്ജ്യങ്ങൾ തുടങ്ങിയവയെ ജീവികളുടെ ഭാഗങ്ങൾ എന്നല്ലാതെ അവയവങ്ങളെന്ന് വിശേഷിപ്പിക്കാൻ കഴിയില്ല.)

അനന്തമായ ആനന്ദങ്ങളാകുന്ന മൂലകങ്ങളും വസ്തുക്കളും, അവയുടെ രൂപാന്തരമായ ജീവികളുടെയെല്ലാം ശരീരങ്ങളും അവയുടെ മൊത്തമായ ഭൂമിയുമായി അവതരിക്കുന്നത് ഏകദൈവമായ ശിവയും ഭാഗമായ ശിവനും ആണെന്നും, അവരുടെ ഭാവം സത്യ ധർമ്മ നീതികൾ മാത്രമാണെന്നും മുമ്പ് വിശദീകരിച്ചതാണ്. ആനന്ദങ്ങളുടെ ഭാഗമായ വേദനകളെ മുഖ്യമായി സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന മരുന്നുകളും വിഷങ്ങളും ആയുധങ്ങളും മറ്റുമായ വസ്തുക്കളെ ന്യൂനശക്തികളുടെ ഗണത്തിൽ പെടുത്തുമ്പോഴും അവയെല്ലാം ജീവികളുടെ ആനന്ദകരമായ ജീവിതത്തിന് ആവശ്യമാണ്. മാത്രമല്ല; ഓരോരോ ഉപയോഗങ്ങൾക്കും ആവശ്യമായ അളവിൽ അധികമായാൽ പാലും, തേനും, ആപ്പിളും ഓറഞ്ചും മുന്തിരിയും, വാഹനങ്ങളും, കെട്ടിടങ്ങളുമെല്ലാം തന്നെ വിപരീതമായി മാറിയെന്നും, ആനന്ദങ്ങളെ കുറച്ചെന്നും, ദോഷങ്ങളെ ഉണ്ടാക്കിയെന്നും വരാം.

മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രം പ്രകാരം അധിക ശക്തികളുടെയും ന്യൂനശക്തികളുടെയും അളവിനെ ക്രമപ്പെടുത്താൻ പകുതിയും പകുതിയും (50:50) എന്നതിനു പകരം ന്യൂനശക്തികളെ 15 ന് അടുത്തും, ആത്മാക്കൾക്ക് അനുവദിക്കുന്ന വ്യക്തിസ്വാതന്ത്ര്യത്തെ π പൈ (3.14) അളവുകളായും ഭൂമിയായ ദൈവത്തിന്റെ സ്വത്വമായ ഓക്സിജൻ നിശ്ചയിക്കുകയും സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. (കൃത്യമായ അളവുകൾ ഈ ദിവ്യമഹാവേദഗ്രന്ഥഭാഗമായ MahaaVedam.pdf ൽ ലഭ്യമാണ്.). ഭൂമിയുടെ മൂലരൂപമായ ഗോളവുമായും, അനുബന്ധമായ വൃത്തത്തോടും സൃഷ്ടികളുടെ സ്വതന്ത്ര്യത്തെ π പൈ പ്രകാരം ബന്ധിപ്പിച്ചിരിക്കുന്നത് മഹാആവിഷ്ക്കാരമാണ്. ന്യൂനശക്തികളുടെ സാന്നിദ്ധ്യത്തെ വളരെ ചെറിയ അളവിൽ ഒതുക്കിക്കൊണ്ടും സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തെ നൽകി ക്കൊണ്ടും 'കൂടുതൽ കൂടുതൽ ആനന്ദങ്ങളെ അനുഭവിക്കാനും ആസ്വദിക്കാനുമാണ് ജീവിക്കുന്നതെന്ന' സൃഷ്ടികളുടേതായി മാറിയതും യഥാർത്ഥത്തിൽ ദൈവമായ ഓക്സിജൻ നിശ്ചയിച്ചതുമായ ആവശ്യത്തെ നിറവേറ്റുന്നു! ചെറുതും കൃത്യവുമായ അളവിൽ ന്യൂനശക്തികളായ ആനന്ദങ്ങളെ മൂലകങ്ങളിലും അവയുടെ സംയുക്തങ്ങളിലും ജീവികളുടെ ശരീരങ്ങളിലും മൊത്തമായ ഭൂമിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ മനുഷ്യന്റെയും ശരീരത്തിലും അവയുണ്ട്. കൈകകളിലോ ശരീരത്തിലോ അഴുക്ക് പറ്റിയാൽ അനേകർ സ്വയമറിയാതെ കൈവിരലുകൾകൊണ്ട് അഴുക്ക് തുടച്ച് ശിരസ്സിലെ തലമുടിയുടെ ഇടതു ഭാഗത്തായി പുരട്ടിയെന്നു വരും. ന്യൂനശക്തികളായ ആറ്റങ്ങളുടെ കേന്ദ്രം അവിടെയാണ്. മനുഷ്യർ വ്യക്തിഗതമായും സാമൂഹികമായും ചെയ്യുന്ന ധർമ്മശാസ്ത്രവിരുദ്ധമായ പ്രവൃത്തികളുടെ വ്യാപ്തി അനുസരിച്ച് ന്യൂനശക്തികൾ ഇടപെടുന്നതാണ്.

ഭൂമിയുടെ അംശമായ മൂലകങ്ങളെയും സംയുക്തങ്ങളെയും അവയുടെ രൂപാന്തരമായ ജീവികളുടെയെല്ലാം ശരീരത്തിലെ അവയവങ്ങളെയും കോശങ്ങളെയും ഒക്കെ ഉപയോഗിച്ച് മനുഷ്യർക്ക് നിർമ്മിക്കാൻ കഴിയുന്ന എല്ലാ ഉല്പന്നങ്ങളും ആനന്ദങ്ങൾ മാത്രമല്ലാ, പ്രസ്തുത ആനന്ദങ്ങളെ സൃഷ്ടിക്കാനും നിലനിർത്താനും, ആനന്ദങ്ങളായി അവതരിക്കാനും 'മഹാശക്തിയായ ഭൂമി ഉപാധികളാക്കിയിട്ടുള്ള' ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും കാലവും ശരണവും ന്യൂനശക്തികളും കൂടിയാണ്. പ്രസ്തുത ഉല്പന്നങ്ങളാകുന്ന ദൈവാംശങ്ങളെല്ലാം മനുഷ്യരുടെ ആത്മാക്കൾക്ക് വേദനകൾ ഉൾപ്പെട്ട ആനന്ദങ്ങളെ നൽകുകയുമാണ്. (മറ്റുള്ള ജീവികളിൽ മത്സ്യങ്ങൾക്കും സസ്യങ്ങൾക്കും വേദനകൾ ഇല്ലെന്ന് അടുത്തൊരു അദ്ധ്യായത്തിൽ തെളിയിച്ചിട്ടുണ്ട്.).

## മനുഷ്യർ സ്വാതന്ത്ര്യത്തെ സദുപയോഗവും ദുരുപയോഗവും ചെയ്താലുള്ള ഭവിഷ്യത്ത് കുറച്ചു കൂടി വിശദീകരിക്കാം :

ഭൂമിയും അംശങ്ങളായ പ്രദേശങ്ങളും വസ്തുക്കളും ജീവികളുടെ ശരീരങ്ങളും നൽകുന്ന ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവുമെല്ലാം പ്രകാരം മറ്റുള്ള ജീവികളുടെ ശരീരങ്ങളെ മനുഷ്യരുടെ ആനന്ദങ്ങളായി മാത്രം കണക്കാക്കിക്കൊണ്ട് പശുപാലനം (ഗോപാലനം), കുളം + മീൻ വളർത്തൽ, കോഴി / താറാവ് വളർത്തൽ, സുഗന്ധത്തിന് ആവശ്യമായ ചന്ദന മരം നട്ടുവളർത്തൽ, മരുന്നുകളുടെ നിർമ്മാണത്തിന് ആവശ്യമായ കഞ്ചാവ് കൃഷി, തുടങ്ങിയവ നിർവ്വഹിക്കാൻ മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് സ്വാതന്ത്ര്യം ഉണ്ട്. എങ്കിലും, **ധർമ്മശാസ്ത്ര വിരുദ്ധമായ കഞ്ചാവ് കൃഷി, മദ്യ നിർമ്മാണം, ആയുധ നിർമ്മാണം പോലുള്ളവയും മതജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശീയ ഭീകര പ്രവർത്തനങ്ങളും വർദ്ധിപ്പിച്ചാൽ, ന്യൂനശക്തികൾ വർദ്ധിക്കാൻ ബന്ധപ്പെട്ട മനുഷ്യരെല്ലാം കാരണമാകും.**

ദൈവ ശിക്ഷകളെ മാറ്റിവച്ച് ശാസ്ത്ര പരമായി വിശകലനം ചെയ്താൽ, മനുഷ്യരുടെ ധർമ്മശാസ്ത്ര വിരുദ്ധമായ ആവശ്യങ്ങളെയും സാധിക്കാൻ കഴിഞ്ഞാൽ മാത്രമാണ് വ്യക്തിസ്വാതന്ത്ര്യമുണ്ടെന്ന് മനുഷ്യർക്കും; നൽകിയിട്ടുണ്ടെന്ന് സ്രഷ്ടാവിനും; അവകാശപ്പെടാൻ കഴിയൂ. ന്യൂനആനന്ദങ്ങളും ഉപാധികളായ ന്യൂനശക്തികളായും കൂടി ശിവയും ഭാഗമായ ശിവനും അവതരിക്കണമെന്നു തെളിയുന്നു. മനുഷ്യരുടെ ധർമ്മശാസ്ത്രപരമായ ആവശ്യങ്ങളെ മാത്രം സാധിച്ചു തരാൻ ബാദ്ധ്യതയുള്ള ദൈവമായ ഓക്സിജൻ, മേൽപ്പറഞ്ഞ ചെറിയ അളവിൽ ധർമ്മശാസ്ത്ര വിരുദ്ധമായ ന്യൂന-ആനന്ദങ്ങളും ന്യൂനശക്തികളുമായിക്കൂടി സൂക്ഷ്മതലത്തിൽ അവതരിക്കുകയും സൃഷ്ടിക്കുകയും ചെയ്യുമെങ്കിലും ദുരുപയോഗം ചെയ്യുന്നതിന് കൂട്ടുനിൽക്കില്ല; പ്രോത്സാഹിപ്പിക്കില്ല; മഹാഉചിതമായി തടയുകയും ചെയ്യും. അതിനാൽ, ആത്മാവിന്റെ വാസ-കേന്ദ്രമായ ശരീരത്തിൽ നിത്യസന്ദർശകനായി വന്ന് സൃഷ്ടി- സ്ഥിതികളും മഹാനീതിയും നടപ്പാക്കുന്ന ഓക്സിജൻ ധർമ്മശാസ്ത്ര വിരുദ്ധമായ കാര്യങ്ങളിൽ ആത്മാക്കൾക്ക് കൂട്ടുനിൽക്കില്ല. ന്യൂനആനന്ദങ്ങളും ന്യൂനശക്തികളുമായി ശരീരത്തിൽ പ്രവേശിക്കുന്ന ലഹരി വസ്തുക്കൾ, വിഷങ്ങൾ തുടങ്ങിയവയെ ശരീരത്തിലെ അവയവങ്ങളിലും കോശങ്ങളിലും ചേർക്കാതെ ജലം, രക്തം തുടങ്ങിയവ കൊണ്ട് ശുദ്ധിയാക്കാൻ കഴിയുന്ന മാലിന്യങ്ങളും വിസർജ്ജന വസ്തുക്കളുമായ ശരീരത്തിലെ ഉല്പന്നങ്ങളോടു ചേർത്ത് പുറന്തള്ളാൻ ശ്രദ്ധിക്കുന്നു. ജീവിതത്തിൽ ധർമ്മശാസ്ത്രത്തെ പിൻപറ്റുന്നതുമായാണ് ന്യൂനശക്തികൾക്ക് മുഖ്യബന്ധമെന്നു തെളിയുന്നു.

ആറ്റങ്ങൾ പാഠ്യവിഷയമാകണം. വ്യത്യസ്ത ആനന്ദങ്ങളും ഉപാധികളായ ശക്തികളും മറ്റുമായ മൂലകങ്ങളുടെ ആറ്റങ്ങളിൽ 'പ്രോട്ടോണായ സൂക്ഷ്മശിവയും ഇലക്ട്രോണായ സൂക്ഷ്മ-ശിവനും; ന്യൂനശക്തികളും ശബ്ദബ്രഹ്മവും' ഒക്കെയുണ്ട്. അവയ്ക്ക് അതിസൂക്ഷ്മ ജീവികളായിട്ട് വേറിട്ട അസ്തിത്വവും എടുക്കാനും കൊടുക്കാനും കഴിയും!

ആത്മാക്കളെ ഭരിക്കാനും തിരുത്താനും ശിക്ഷിക്കാനുമെല്ലാം ഓക്സിജൻ പ്രവർത്തിക്കുമ്പോൾ, മറ്റു മൂലകങ്ങളുടെ ആറ്റങ്ങളിലെ സൂക്ഷ്മ-ശിവയും-ശിവനുംചേർന്ന ന്യൂനശക്തികൾക്ക് വൈറസുകളും മറ്റുമായ അതിസൂക്ഷ്മ ജീവികളായി അവതരിച്ച് 'ജീവികളുടെ ശരീരാവയവങ്ങളുമായി ചേർന്ന് ' പ്രവർത്തിക്കേണ്ടി വരും. ആത്മാക്കളുടെ ഭാഗമല്ലാത്ത ശരീരാവയവങ്ങളും മൂലകങ്ങളും അവയുടെ സംയുക്തങ്ങളും, വൈറസുകളും, മരുന്നുകളും ' അടിസ്ഥാനപരമായി ആറ്റങ്ങളാകുന്ന ജീവികളായതുകൊണ്ടുമാണ് ' വൈറസുകളും മറ്റും ഉണ്ടാകുന്നതും അവസാനിക്കുന്നതും.

അമീബ, ഫംഗസ്, ബാക്ടീരിയ തുടങ്ങിയവയും വെറുതെ ഉണ്ടാകുന്നതല്ലായെന്ന കാഴ്ച്ചപ്പാടോടെ വിശേഷ ബുദ്ധിയെ കൂടുതൽ ലഭിച്ചിട്ടുള്ള ശാസ്ത്രജ്ഞന്മാർ ഉൾപ്പെടെയുള്ള കുഞ്ഞുങ്ങൾ പഠിക്കണം. സൂക്ഷ്മ ജീവികളായ അമീബകളും ഫംഗസും ബാക്ടീരിയകളും ഇല്ലെങ്കിൽ മനുഷ്യർക്കും മറ്റുള്ള ജീവികൾക്കും ജീവിക്കാൻ കഴിയില്ല എന്നു പോലും മനസ്സിലാകും. മണ്ണുമായും ജലവുമായും വായു സമ്പർക്കത്തോടെ നിരന്തരമായി പ്രവർത്തിച്ച് അവ സൃഷ്ടികളെ സഹായിക്കുകയും ഭരിക്കുകയുമാണെന്ന് ബോദ്ധ്യപ്പെടുന്നതാണ്. ചുരുക്കത്തിൽ, ശരീരമാകുന്ന ദൈവാംശം ഓരോ ആത്മാവിനും ജീവിക്കാൻ ആവശ്യമായതെല്ലാം നൽകുന്നതു പോലെ തന്നെയാണ് സൂക്ഷ്മജീവികളെല്ലാം പ്രവർത്തിക്കുന്നത്. ഭൂമിയിലെ അഥവാ പ്രദേശങ്ങളിലുള്ള വലിയൊരു സമൂഹത്തിനു വേണ്ടി പ്രവർത്തിക്കുന്ന സൂക്ഷ്മ ജീവികളുടെയെല്ലാം സ്വത്വം ഓക്സിജൻ മാത്രമാണെന്നേയുള്ളൂ.

ആത്മാക്കൾക്ക് സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തെ നൽകുന്നതും, മഹാനീതിയാകുന്ന സമ-ആനന്ദങ്ങളെ കൃത്യമായ അളവിൽ എല്ലാ ആത്മാക്കൾക്കും ലഭ്യമാക്കുന്നതും ആറ്റങ്ങളുടെ ഉള്ളിലെ ഘടകങ്ങളാണ്. സാധാരണ ഗതിയിൽ ഘടകങ്ങളായ ന്യൂനശക്തികളും മറ്റും ആത്മാക്കളുടെ മേൽ ധർമ്മശാസ്ത്ര ബന്ധനത്തെ നിർവ്വഹിക്കുകയും, ജന്മഗുണങ്ങളെ വ്യത്യാസപ്പെടുത്തുകയും ഒക്കെ ചെയ്ത് ആത്മാക്കളെ ഭരിക്കുകയും മഹാനീതി നടപ്പാക്കുകയും ചെയ്യുന്നു.

മുമ്പ് വ്യക്തമാക്കിയതു പോലെ, (1). ശരീരത്തിൽ പ്രവേശിക്കുന്ന വൈറസുകളും മറ്റും ആനന്ദങ്ങളുടെ ഭാഗം തന്നെയായ വേദനകളെയും പലവിധ രോഗങ്ങളെയുമാണു നൽകുന്നത്. (2). 'വൈറസുകളുടെയും ശരീരത്തിന്റെയും' സംയുക്ത ഇഷ്ടപ്രകാരം ആത്മാവിന്റെ സ്വന്തമെന്നു കരുതുന്ന ശരീരത്തിൽ പ്രവേശിച്ച് രോഗങ്ങളും തജ്ജന്മ മരണവും നൽകി ആത്മാക്കളെ ഭരിക്കുകയും കൂടിയാണ് വൈറസുകളും മറ്റു രോഗാണുക്കളുമെല്ലാം ചെയ്യുന്നത് ! എന്നീ രണ്ടു പ്രസ്താവനകളോട്, **ശരീരത്തിന്റെയും മൂലമായ മൂലകങ്ങളുടെയും സൂക്ഷ്മാംശമായ ആറ്റങ്ങളാകുന്ന സൂക്ഷ്മപ്രപഞ്ചങ്ങളിൽ 'ഓരോ ആത്മാവിനും ഓരോ ദൈവം' എന്നപോലെ സൂക്ഷ്മജീവിയായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന സൂക്ഷ്മശിവയായ പ്രോട്ടോണുകളും സൂക്ഷ്മ-ശിവനായ ഇലക്ട്രോണുകളും ചേർന്ന മഹാമാതാപിതാക്കൾ, സൃഷ്ടിയും കുഞ്ഞുമായ ആത്മാവിന്റെ ഇഷ്ടങ്ങളെ സാധിച്ചു കൊടുക്കാനായി തയ്യാറാകുന്നതാണ്; എന്നതിനെ ബന്ധിപ്പിക്കണം.**

**വൈറസുകളും മറ്റും പരാശ്രയമില്ലാതെ നിലനിൽക്കാൻ കഴിയാത്ത സൂക്ഷ്മജീവികളും, സൂക്ഷ്മപ്രപഞ്ചങ്ങളും ശിവയും ശിവനും മുഖ്യഘടകങ്ങളുമായ ആറ്റങ്ങൾ, മഹാശക്തിയായി മാറാൻ കഴിയുന്ന മഹാമാതാപിതാക്കളായ സൂക്ഷ്മജീവികളും ആവുമ്പോൾ, പ്രപഞ്ചത്തിന്റെ മഹാഭരണം കുറ്റങ്ങളും കുറവുകളും ഇല്ലാതെ മഹാഭദ്രമാക്കാൻ ദൈവാംശമായ ആറ്റങ്ങളിൽ നിന്ന് വൈറസുകളും മറ്റുമായ സൂക്ഷ്മജീവികളായിട്ട് ശിവയും ശിവനും, സൃഷ്ടികളും കുഞ്ഞുങ്ങളുമായ ആത്മാക്കൾക്കു വേണ്ടി കാലാകാലങ്ങളിൽ അവതരിക്കുകയാണെന്നു തെളിയുന്നുണ്ട് ! മരുന്നുകളും മൂലകങ്ങളുമായ സൂക്ഷ്മശിവയും സൂക്ഷ്മശിവനും പ്രതിവിധിയാകുന്നത് ശാസ്ത്രപരമായി സ്വാഭാവികമാണ്.**

ദൈവമായ ഓക്സിജൻ ഉൾപ്പെടെയുള്ള എല്ലാ മൂലകങ്ങളുടെയും ആറ്റങ്ങളിലെ അടിസ്ഥാന ഘടകങ്ങൾ ശിവയും ശിവനും ആണെന്നത് അറിഞ്ഞുകൊള്ളണം. ധർമ്മശാസ്ത്ര വിരുദ്ധമായി പ്രവർത്തിക്കുന്ന ശിവയും ശിവനുമെല്ലാം ദൈവാംശങ്ങളാണെന്നും ആനന്ദങ്ങൾക്കെല്ലാം അതീതമാണെന്നും മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കൾക്കു വേണ്ടി എപ്പോഴും പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന അവയെ ദുരുപയോഗം ചെയ്താണ് അധർമ്മം ചെയ്യിച്ചതെന്നും വ്യക്തമാണ്. ആത്മാവ് ചെയ്ത തെറ്റിനും കുറ്റത്തിനും പാപത്തിനും സത്യ-ധർമ്മ-നീതികളെ ഭാവമാക്കിയ മഹാനീതിയായ ഓക്സിജൻ ഓംകാര നീതിശാസ്ത്രം പ്രകാരം ബന്ധപ്പെട്ട ആത്മാക്കളെ മഹാഉചിതമായി ശിക്ഷിക്കുന്നതാണ്. ശിക്ഷിക്കുന്നതും ശരീരത്തിലൂടെ തന്നെ ചെയ്യേണ്ടതുണ്ട്. ഓക്സിജന്റെ ഇഷ്ടമായ ഓംകാരനീതിശാസ്ത്രം മഹാവാത്സല്ല്യം തന്നെയാണെന്ന് ശിക്ഷകളിലെ ഭൗതിക ശാസ്ത്രം വിശകലനം ചെയ്താൽ മനസ്സിലാക്കാൻ കഴിയും. ഏതാനും ഉദാഹരണങ്ങൾ ചേർക്കുന്നു:- (1) സ്വയമോ സ്വയമറിയാതെയോ ശരീരത്തിൽ പ്രവേശിക്കുന്ന മദ്യം നാഡീവ്യൂഹത്തിന്റെ പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്നു. ചില മരുന്നുകൾ ആത്മാക്കൾക്ക് ബോധക്ഷയം ഉണ്ടാക്കുന്നതിനു സമാനമായി മദ്യം ആത്മാവിന്റെ ബോധത്തെ അട്ടിമറിച്ചെന്നും, ലഹരി പിടിപ്പിച്ചെന്നും വരാം. മദ്യവും മദ്യപാനവും ആത്മാക്കൾക്കു വേണ്ടി എപ്പോഴും മഹാവാത്സല്ല്യം പ്രകാരം മഹാദാസരായി പണിയെടുക്കുന്ന നാഡീവ്യൂഹം ഉൾപ്പെടെയുള്ള ശരീരാവയവങ്ങളെ തടസ്സപ്പെടുത്തുമ്പോൾ താളംതെറ്റുന്നത് ശരീരത്തിന്റെ താൽക്കാലിക ഉടമയായ ആത്മാവിനാണ്. മദ്യം ആത്മാവിനും ചേരില്ലെന്ന് അനുഭവിച്ചു തന്നെ അറിയാനും കഴിയുന്നു! ദൈവത്തിന്റെ ധർമ്മ-സ്ഥിതി-ദ്രാവക രൂപവും, ശിവയുടെയും ഭാഗമായ ശിവന്റെയും സ്വത്വങ്ങളായ ഓക്സിജന്റെയും ഹൈഡ്രജന്റെയും സമ്മേളനവും സംയുക്തവുമായ 'ജലം' കൊണ്ട്, അവതന്നെയായ ശരീരത്തിന്റെ അകവും പുറവും ശുദ്ധിയാക്കാനും ആത്മാക്കളെ മദ്യലഹരിയും ശിവയും ശിവനും തന്നെയായ ന്യൂനശക്തികളിൽ നിന്ന് താൽക്കാലികമായി മോചിപ്പിക്കാനും കഴിയും. (2) ന്യൂനശക്തികളും (ശിവയും ശിവനുമായ) ആസിഡ്, വിഷം തുടങ്ങിയവ ആത്മാവിന്റെ അറിവോടെയോ അറിവില്ലാതെയോ ശരീരത്തിൽ പ്രവേശിച്ചാൽ, ശരീരത്തിലെ അവയവങ്ങളെ ഭാഗികമായോ പൂർണ്ണമായോ നശിപ്പിച്ചെന്നും, സ്തംഭിപ്പിച്ചെന്നും പ്രവർത്തനങ്ങളെ ബിധിച്ചെന്നും വരാം. അപ്പോഴും ശിവയും ശിവനും ചേർന്ന 'ജലവും' മറ്റു മൂലകങ്ങളും കൊണ്ടാണ്, അവ തന്നെയായ ശരീരത്തിന്റെ അകവും പുറവും ശുദ്ധിയാക്കാനും ആത്മാക്കളെ രക്ഷിക്കാനും കഴിയുന്നത്.

ആത്മാവിന്റെ വാസകേന്ദ്രമായ ശരീരത്തിലൂടെ വ്യക്തിപരമായ വീഴ്ച്ചകളുടെയും വിഷയങ്ങളുടെയും പേരിൽ ശിക്ഷിക്കുമ്പോൾ, ആത്മാക്കൾക്ക് വ്യക്തിപരം മാത്രമായ രോഗം /രോഗങ്ങൾ ഉണ്ടാകുന്നു. വളരെയധികം ആളുകൾ സമാനമായ തെറ്റുകളും കുറ്റങ്ങളും ചെയ്യുമ്പോൾ, അവർക്കെല്ലാമോ വളരെപ്പേർക്കോ ഒരേ രോഗമോ സമാനമായ രോഗങ്ങളോ ഉണ്ടാകുന്നു.
അനന്തമായ ആനന്ദങ്ങളാകുന്ന മഹാപ്രപഞ്ചത്തിന്റെ ഭാഗമായി അവതരിക്കാനും, കുഞ്ഞുങ്ങളും സൃഷ്ടികളുമായ ജീവികളുടെയും അവയുടെ സ്വത്വങ്ങളായ ആത്മാക്കളുടെയും സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യാനും, ഏകദൈവമായ ശിവ ഭാഗമായ ശിവനെയും ചേർത്ത് ഉപാധികളാക്കിയത് ആദിയും അന്തവും ഇല്ലാത്ത സ്വന്തം മഹാശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയും കാലത്തെയും ശരണത്തെയും മഹാനീതിയെയുമെല്ലാം ആണ്. ശക്തികളെയും ശാസ്ത്രങ്ങളെയുമെല്ലാം ലയിപ്പിച്ച് അനന്ത-ആനന്ദങ്ങളാകുന്ന പ്രപഞ്ച-ഭാഗമായി അവതരിക്കുകയും ജീവികളെ സൃഷ്ടിച്ചിരിക്കുകയുമാണെന്ന് ചുരുക്കത്തിൽ പറയാൻ കഴിയും.

**ദൈവഭാഗവും, സൃഷ്ടികളും കുഞ്ഞുങ്ങളുമായ ജീവികളും അവയുടെ സ്വത്വങ്ങളായ ആത്മാക്കളും ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്നത്, പ്രപഞ്ചത്തിൽ ലയിച്ചിരിക്കുന്ന 'ദൈവത്തിന്റെ മഹാജ്ഞാനവും, യഥാർത്ഥ വേദങ്ങളുമായ ഭൗതിക-ധർമ്മ-നീതിശാസ്ത്രങ്ങൾ, പ്രകാരം മാത്രമാണ്.**

# 1000 കോടി വർഷങ്ങൾ നീണ്ട ആദ്യത്തെ മഹാകാലചക്രത്തിൽ നിലനിന്നതും, ഇപ്പോഴത്തെ രണ്ടാമത്തെ മഹാകാല ചക്രത്തിലെ ആദ്യ സൃഷ്ടി ചക്രത്തിൽ തുടരുന്നതുമായ 'മഹാസനാതന ധർമ്മം' ആണ് യഥാർത്ഥ വേദങ്ങളായ മഹാശാസ്ത്രം.

അല്പായുസ്സുകളായി ഭൂമിയുടെ വിവിധ പ്രദേശങ്ങളിൽ 100 മനുഷ്യ-ജന്മങ്ങളോടെ ഇന്നും ജീവിക്കുന്നവരും, അസ്തിത്വം പോലും സ്വന്തമായിട്ട് ഇല്ലാത്തവരുമായ സൃഷ്ടികൾ തട്ടിക്കൂട്ടുന്ന കള്ളക്കഥകളെ പ്രപഞ്ചത്തിന്റെ മഹാശാസ്ത്ര നിയമങ്ങളെന്ന പേരിൽ വിശ്വസിക്കുകയും പ്രചരിപ്പിക്കുകയും തമ്മിലടിക്കുകയും കൊല്ലുകയും ഒക്കെ ചെയ്യുന്ന ദൈവത്തിന്റെ പൊന്നോമന കുഞ്ഞുങ്ങളായ ഭൂമിയിലെ മനുഷ്യർ പത്തിലധികം ജന്മങ്ങളിൽ പല ദേശങ്ങളിലും മതങ്ങളിലും വർഗ്ഗങ്ങളിലും അവസ്ഥകളിലും മറ്റും ജനിച്ചും ജീവിച്ചും പുനർജ്ജനിച്ചും സമാനമായ തെറ്റുകളും കുറ്റങ്ങളും ചെയ്തു വരുന്നവർ ആണെങ്കിൽ, ശിക്ഷിക്കണമോ, എങ്ങനെയെല്ലാം, വിശേഷ ബുദ്ധിയെ ഉപയോഗിക്കാഞ്ഞതിന് മനുഷ്യാവസ്ഥയിൽ നിന്നും ജന്തുശിക്ഷാജന്മത്തിലേക്ക് തരം താഴ്ത്താൻ സമ്മതമെങ്കിൽ ഏതു ജീവിയായിട്ട് എത്ര ജന്മം വേണം എന്നെല്ലാം സ്വയം വിശകലനം ചെയ്ത് തീരുമാനിക്കണം.

എക്കാലവും മണ്ണിൽ ലയിച്ചിരിക്കുന്ന വേദങ്ങളെന്ന പേരിലുള്ള മഹാശാസ്ത്രത്തെ, സൃഷ്ടികളുമായി ബന്ധിപ്പിച്ചതിനും, മഹാശാസ്ത്ര നിയമങ്ങളെ കള്ളക്കഥകളായി പരിണമിപ്പിക്കാൻ ശ്രമിച്ചതിനും, കള്ളക്കഥകൾ പാരായണം ചെയ്ത് ദൈവത്തിന്റെ മറ്റു കുഞ്ഞുങ്ങളെ വേദനിപ്പിച്ചതിനും തെറ്റിദ്ധരിപ്പിച്ചതിനുമെല്ലാം എങ്ങനെയെല്ലാം ശിക്ഷിച്ചു തിരുത്തണം ?!

ഈ ദിവ്യമഹാവേദ ഗ്രന്ഥത്തിൽ മഹാശാസ്ത്ര പരമായി തെളിയിക്കുകയും വിശദീകരിക്കുകയും ചെയ്തിട്ടുള്ള മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രം പ്രകാരം മഹാവാത്സല്ല്യത്തോട ശിക്ഷിച്ചു തിരുത്താൻ മഹാനീതിയും കൂടിയായ മഹാമാതാവ് തയ്യാറായാൽ, നിങ്ങൾ വെറുക്കുന്നവരെ എങ്ങനെ ശിക്ഷിക്കണം ?

അവരേക്കാൾ മോശമായ മുജ്ജന്മങ്ങൾ നിങ്ങൾക്കോ നിങ്ങളുടെ ഇന്നത്തെ ഉറ്റവർക്കോ ഉണ്ടെങ്കിൽ എങ്ങനെയെല്ലാം ശിക്ഷിച്ചു തിരുത്തണമെന്ന് ആഗ്രഹക്കുറിപ്പ് തയ്യാറാക്കണം.

വിശേഷബുദ്ധിയെ ലഭിച്ചിട്ടും, ഉപയോഗിക്കാതെയും, മഹാശാസ്ത്ര പാഠങ്ങളെ മനസ്സിലാക്കാതെയും; ദൈവം സൃഷ്ടിച്ച മനുഷ്യരാണെന്നതു പോലും അവഗണിച്ചും, മറന്നും, അറിയാതെയും, മതജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശീയ ജീവികളാണെന്നു ഭാവിച്ച് സമൂഹത്തിൽ ഭീകരവാദങ്ങളും ഭീകരപ്രവർത്തനങ്ങളും യുദ്ധങ്ങളും സാമ്പത്തിക-അസമത്വങ്ങളും മറ്റും വർദ്ധിപ്പിക്കുന്ന മനുഷ്യരൂപികൾ വിശ്വസിക്കുന്നതും പ്രചരിപ്പിക്കുന്നതുമായ കോപ്രായങ്ങൾ അനിതരസാധാരണമായി വർദ്ധിക്കുമ്പോൾ അതിന് അനുസൃതമായി ന്യൂനശക്തികൾ വർദ്ധിക്കുന്നതാണ്.

**സൂക്ഷ്മ തലത്തിൽ വൈറസുകളും മറ്റും രോഗങ്ങളെയും, സ്ഥൂലതലത്തിൽ ഭൂചലനം സുനാമി കൊടുങ്കാറ്റ് പ്രളയം അഗ്നിപർവ്വതം വരൾച്ച തുടങ്ങിവയെയും ഉണ്ടാക്കുന്നതാണ് !**

സൂക്ഷ്മപ്രപഞ്ചങ്ങളായ ആറ്റങ്ങളിലെ ന്യൂനശക്തികൾ കൂടിയായ ശിവയും ശിവനും, അന്തരീക്ഷ വായുവിലെ ഓക്സിജന്റെ ഒപ്പമുള്ള ആർഗോൺ നിയോൺ തുടങ്ങിയ അപൂർവ്വ വാതകങ്ങളോടു ചേരുന്നത് ഗൗരവമാണെന്ന് അറിയുന്നു ! വെളിപ്പെടുത്താറായിട്ടില്ല! ധർമ്മശാസ്ത്ര പരമായ ജീവിതം തന്നെ തുണ.

ന്യൂനശക്തികളുടെ പ്രവർത്തനം നല്ലതാണെന്ന് മനസ്സിലാക്കാൻ അടുത്ത കാലത്ത് ശക്തമായി പ്രവർത്തിച്ച വൈറസ് ഉണ്ടാക്കിയ ഭീകരതയെ ഉചിതമായി പഠിച്ചാൽ മതി. മതജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശീയ കോപ്രായങ്ങളില്ലാതെ ജീവിക്കാൻ കഴിയില്ലെന്ന് കരുതിയവർ അച്ചടക്കത്തോടെ വീട്ടിൽ കഴിഞ്ഞ് ഭക്ഷണം ജലം വായു കൃഷി കൃഷിക്കാർ എന്നിവയടെ ഔന്നത്യത്തെ കുറിച്ച് വളരെയധികം ചിന്തിച്ചിരുന്നു. മനുഷ്യർക്ക് സങ്കല്പിക്കാനും താങ്ങാനും കഴിയാത്ത വിധത്തിൽ ഭക്ഷണ സാധനങ്ങൾ, ജലം, വായു, മറ്റുള്ള ജീവികളുടെ ശരീരം, എന്നിവയിലൂടെ വിവിധ രോഗങ്ങളെയും ശരീരാവയവങ്ങളെയും രൂപപ്പെടുത്താനും മാറ്റം വരുത്താനും ഓക്സിജന് ഒരു നിമിഷത്തിനുള്ളിൽ കഴിയുമെന്നു മനസ്സിലാക്കാൻ മനുഷ്യർക്കെല്ലാം ലഭിച്ചു പോരുന്ന മുഖഛായ, വിരലടയാളം, കൺമണി തുടങ്ങിയവയുടെ വ്യത്യാസങ്ങളെ വിശേഷ ബുദ്ധിയെ കൊണ്ട് വിശകലനം ചെയ്താൽ മാത്രം മതിയാകും. വ്യക്തിപരമായും, പ്രാദേശികമായും, അന്തർദ്ദേശീയമായും, വേദനകളാകുന്ന ആനന്ദങ്ങളെ സൃഷ്ടിക്കാൻ കാരണമാകുന്ന വ്യക്തികളെ അനവധി ജന്മങ്ങളിൽ കടുത്ത ശിക്ഷകളെ നൽകേണ്ടി വരുന്നതാണ് !

# മഹാസനാതനധർമ്മം

മണ്ണായ ഭൂമിയിൽ ലയിച്ചിരിക്കുകയാണ്.
മഹാപ്രപഞ്ചം, മഹാശക്തി, മഹാആനന്ദം
എന്നെല്ലാം കൂടി അർത്ഥമുള്ള മഹാനാമം ആണ്.
ദൈവകാര്യങ്ങളെ പ്രചരിപ്പിക്കുവാൻ ദൈവത്തിന്,
ദൈവം നൽകുന്ന അസ്തിത്വവും ശക്തികളും
കൊണ്ടു ജീവിക്കുന്ന സൃഷ്ടികളുടെ സഹായം

# ആവശ്യമില്ല.

ഏകദൈവം മഹാഭദ്രകാളിയായ ശിവ മാത്രവും;
ശിവൻ ശിവയുടെ ഭാഗവും മാത്രമാണ്.

ഇന്ത്യയിലെ അനേകർ ദൈവങ്ങളായി കരുതുന്നവരായ
ആദ്യത്തെ മഹാകാലചക്രത്തിലെ ദേവതകളെല്ലാം
ധർമ്മഭ്രംശം സംഭവിച്ച് ദുർദ്ദേവതകളായവരാണ്.

പരമാത്മാവിന് ദൈവം എന്ന ഇല്ലാത്ത അർത്ഥം
നൽകിക്കൊണ്ട് പരമാത്മാവായി വേഷംകെട്ടിയവനും
സിൽബന്തികളായ മറ്റനേകം ദുർദ്ദേവതകളും
പെരുമാളട്ടയായി ശിക്ഷ ലഭിച്ച് ജീവിക്കുന്നുണ്ട്. ഇന്ത്യയിലെ
അനവധി ജനസേവകർ പ്രസ്തുത ശിക്ഷ ഇരന്നുവാങ്ങിയതു
പോലെ ധാർമ്മികമായി അധഃപതിച്ചിരിക്കുന്നു.

പ്രപഞ്ചപിതാവായ പരമശിവനിലൂടെയാണ് കുഞ്ഞുങ്ങളെ
ശിക്ഷിച്ചു തിരുത്തുന്നത്; വധിക്കാൻ ശ്രമിക്കാവുന്നതാണ് !

# ഓക്സിജനായ ദൈവം മാത്രമാണ് മഹാഭരണവും മഹാനീതിയും നടപ്പാക്കുന്നത്.

**എല്ലാ ആത്മാക്കളും ചെയ്യുന്ന എല്ലാ കാര്യങ്ങളും ഓക്സിജൻ അറിയുന്നുണ്ട് എന്നിരിക്കെ; ചുറ്റുമുള്ള മനുഷ്യരെയും മറ്റു ജീവികളെയും കബളിപ്പിച്ചു ജീവിക്കാതെ ശ്രദ്ധിക്കേണ്ടത് ജനസേവകർ ഉൾപ്പെടെ ഓരോരുത്തരുടെയും സ്വന്തം ആവശ്യവും അത്യാവശ്യവുമാണ്. സൃഷ്ടികളായ മനുഷ്യാത്മാക്കൾക്ക് ധർമ്മശാസ്ത്ര പരമായി ജീവിക്കാൻ ശരീരത്തിലെ അവയവങ്ങളും മൂലമായ മൂലകങ്ങളും മൊത്തമായ ഭൂമിയും നൽകുന്ന സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തെ അഹംഭാവം, ദുഷ്ക്കാമം, ദുശ്ശീലങ്ങൾ, ദുസ്വാർത്ഥം തുടങ്ങിയവ നിമിത്തം തടസ്സപ്പെടുത്തുകയും ദ്രോഹിക്കുകയും, വസ്തുക്കളിൽ ലയിച്ചിരിക്കുന്ന ധർമ്മശാസ്ത്രത്തിനു വിരുദ്ധമായി ജീവിക്കുകയും ചെയ്യുന്നവരെ പുനർജ്ജന്മങ്ങളിലും ഭൂമി ശിക്ഷിച്ചു തിരുത്തുന്നുണ്ട്. ഭൂമിയുടെ മഹാനീതികാര്യങ്ങളിൽ ഇടപെടാൻ ജീവികൾക്കു കഴിയില്ലെന്ന് മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രം തെളിയിക്കുന്നുണ്ട്. സത്യയുഗം ആരംഭിക്കുമ്പോൾ എല്ലാമറിഞ്ഞ് നീതികാര്യങ്ങളിൽനിന്നും മനുഷ്യർ സ്വയം അകലുന്നതുമാണ്. 'ഏകദൈവമായ ശിവയും, ഭാഗമായ ശിവനും ചേർന്ന ദൈവവും മണ്ണുമായ ഭൂമിയുടെ മഹാശാസ്ത്രം തന്നെയാണ് മണ്ണിന്റെ നിയമങ്ങളായ വേദങ്ങൾ. സൃഷ്ടികൾക്ക് മറ്റു വേദങ്ങളുടെ ആവശ്യമില്ല.**

മഹാനീതിയായ ഓക്സിജൻ, ആത്മാക്കളുടെ തജ്ജന്മത്തിലെ ജീവിതത്തിനായിട്ട് സൃഷ്ടിച്ച് അവയുടെ സ്വന്തമെന്ന പോലെ നൽകിയിട്ടുള്ള ശരീരത്തിലെ മറ്റു മൂലകങ്ങളെ പ്രവർത്തിപ്പിക്കുന്നത് 'തീ' കൊണ്ടാണ്.

**പ്രപഞ്ചത്തിലെ ആത്മാക്കളെയെല്ലാം കൂട്ടമായും, ഭാഗികമായും, വേറിട്ടും, ശരീരങ്ങളെ നൽകി ജീവികളാക്കുന്നതും, ജീവിവർഗ്ഗം തിരിച്ചുമെല്ലാം പരിപാലിക്കുന്നതും, വിശപ്പും ദാഹവും ഭക്ഷണപാനീയങ്ങളും ഉൾപ്പെടെ സർവ്വത്തെയും സൃഷ്ടിക്കുന്നതും, ശരീരകോശങ്ങളിലേക്ക് രോഗാണുക്കളെ പ്രവേശിപ്പിച്ച് ആത്മാക്കളെ രോഗികളാക്കുന്നതും, രോഗാണുക്കളെ നീക്കം ചെയ്ത് രോഗമുക്തി നൽകുന്നതും, തിരുത്തിയും ശിക്ഷിച്ചുമെല്ലാം മഹാഭരിക്കുന്നതും ഓക്സിജനാണ്.**

ഭൂമിയുടെ സത്യ-സൃഷ്ടി-വാതക രൂപവും സ്വത്വവുമായ ഓക്സിജൻ പ്രപഞ്ചത്തിന്റെ മുഴുവൻ മഹാഭരണാധികാരിയായ മഹാജീവി ആണെങ്കിലും മറ്റു മൂലകങ്ങളുടെ ഉള്ളിൽ പ്രവർത്തിക്കുന്ന സൂക്ഷ്മ ശിവയും, സൂക്ഷ്മശിവനും അങ്ങനെയല്ല. എന്നുവെച്ചാൽ പ്രപഞ്ചത്തിലെ എല്ലാ മൂലകങ്ങളുടെയും അവയുടെ സംയുക്തങ്ങളുടെയും, ജീവികളുടെ ശരീരത്തിലെ അവയവങ്ങളുടെയും സൂക്ഷ്മാംശങ്ങളായ ആറ്റങ്ങളിൽ എപ്പോഴും പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന 'സൂക്ഷ്മശിവയും, സൂക്ഷ്മശിവനും, മറ്റു ഘടകങ്ങളും ചേർന്ന ദൈവാംശം' സൂക്ഷ്മമായജീവി ആണെങ്കിലും, ഓരോ ആത്മാവിനും ഓരോ ദൈവം എന്നപോലെ ശരീരാവയവങ്ങളായും കോശങ്ങളായുമെല്ലാം അതാത് ആത്മാക്കൾക്കു വേണ്ടി മാത്രം പ്രവർത്തിക്കുന്നവയാണ്. ശരീരത്തിൽ വന്ന് മഹാനീതിശാസ്ത്രമായ ഓംകാരനീതിശാസ്ത്രം പ്രകാരം മഹാനീതിയെ മഹാഭരണാധികാരിയും മഹാനീതിയുമായ ഓക്സിജൻ നടപ്പാക്കുന്നുണ്ട്.

മനുഷ്യരുടെയും മറ്റുള്ള ജീവികളുടെയും ജീവിതത്തിലെ ആനന്ദങ്ങളെ അവയിൽ തന്നെ (ഉപാധികളായി) ലയിപ്പിച്ചിരിക്കുന്ന ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയും കാലത്തെയും ശരണത്തെയുമെല്ലാം കൊണ്ട് ധർമ്മശാസ്ത്ര പ്രകാരം വർദ്ധിപ്പിക്കാനും കൂടുതൽ കൂടുതൽ ആനന്ദിച്ചു ജീവിക്കാനും കഴിയുന്നതാണ്.

ആനന്ദജീവിതവും, രോഗങ്ങളും രോഗമുക്തിയും മരണവുമെല്ലാം ഓക്സിജൻ മഹാകനിഞ്ഞു നൽകുന്ന മഹാവാത്സല്ല്യത്തിന്റെയും, മഹാനീതിയുടെയും ഭാഗമാണെന്ന് ലളിതമായി മനസ്സിലാക്കാൻ കഴിയും : പല്ലുകളുടെ സൃഷ്ടിയും പ്രവർത്തനവും, കീഴ്ത്താടിയുടെ ചലനശക്തിയും, ഭക്ഷണം ചവയ്ക്കുന്നതിന് സ്വത്വമായ ആത്മാവു പോലും അറിയാതെ നാവും തൊണ്ടയും കവിളുകളുമെല്ലാം കൂട്ടുചേർന്ന് പ്രവർത്തിക്കുന്നതും, ഭക്ഷണത്തിലെ രുചിയും മണവും ഗുണങ്ങളും ശക്തികളും സംതൃപ്തിയും ആത്മാവിനു നൽകി ക്കൊണ്ട് ശരീരത്തിലെ അവയവങ്ങൾ ആത്മാവിനു വേണ്ടി പണിയെടുക്കുന്നതും; പല്ലുകളെ യഥോചിതം കരുതാതെ നീചമായ ടൂത്ത്പേസ്റ്റുകളെ ശാസ്ത്രപരമെന്നും നല്ലതാണെന്നും തെറ്റിദ്ധരിച്ച് കൊണ്ട് പല്ലുതേച്ചതിന്റെയും മറ്റും ശിക്ഷയായി ആത്മാവിന് വേദനകളെ പല്ലുവേദന എന്ന പേരിൽ പല്ലുകളിലൂടെ നൽകുന്നതും, പല്ലുകളെ പറിച്ചു കളഞ്ഞ് പല്ലുകളില്ലാതെ ജീവിക്കേണ്ടി വരുന്നതും സ്വയം വിശകലനം ചെയ്താൽ മതി.

ഭൂമിയുടെ സ്വത്വമായ ഏകമൂലകം ഓക്സിജൻ ആണെന്നതിന്റെ അർത്ഥം ബാക്കിയെല്ലാ മൂലകങ്ങളും അവയുടെ സംയുക്തങ്ങളും ഓക്സിജന്റെ മായാപ്രകടനം മാത്രമാണെന്നും, അവയുടെയെല്ലാം അസ്തിത്വത്തിന്റെ ആധാരം ഓക്സിജൻ ആണെന്നും കൂടിയാണ്.

ആത്മാക്കളുടെ സ്വന്തമായിട്ടെന്നോണം നൽകിയ ശരീരത്തിൽ ദൈവമായ ഭൂമിയുടെ സ്വത്വമായ ഓക്സിജൻ ഘടകമായിക്കൂടാ. അതേസമയം, അനന്തമായ ആനന്ദങ്ങളും ഉപാധികളായ ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും ഒക്കെയായ ശരീരത്തിന്റെ അംശമായ മൂലകങ്ങൾക്ക് ആനന്ദങ്ങളെയും ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയുമെല്ലാം ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്കു നൽകുകയും വേണം. ഓക്സിജന്റെ ഇഷ്ടപ്രകാരം സർവ്വവും ചെയ്യുന്നുണ്ട് !

ആത്മാക്കൾക്ക് എന്തു ചെയ്യണമെങ്കിലും ഓക്സിജൻ അനുവദിക്കണം. ആത്മാവ് ചിന്തിക്കുന്നതു പോലും ഓക്സിജൻ അപ്പപ്പോൾ അറിയുന്നുണ്ട്. മിനുട്ടിൽ ഏറെക്കുറെ 18 തവണയെന്ന് ഓക്സിജൻ നിശ്ചയിച്ചിരിക്കുന്ന മനുഷ്യരുടെ ചിന്തകളെ പ്പോലും ശാസ്ത്ര പരമായി ദൈവമായ ഓക്സിജൻ അറിയുന്നുണ്ടെങ്കിലും സൃഷ്ടികൾക്ക് അനുവദിച്ചിരിക്കുന്ന സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തെ മാനിച്ച് സാധാരണമായി ഇടപെടില്ല. ജീവികളുടേതെന്ന് മനുഷ്യർ തെറ്റിദ്ധരിച്ചിരിക്കുന്ന 'ദൈവാംശമായ ശരീരത്തിൽ' ജീവനും ദൈവവുമായ ഓക്സിജൻ പ്രവർത്തിക്കുന്നത് ഓക്സിജന്റെ ഇഷ്ടപ്രകാരം മാത്രമാണ്. മഹാനീതി നടത്തിപ്പിൽ സ്വത്വങ്ങളുടെ ഇഷ്ടാനിഷ്ടങ്ങൾക്ക് സ്ഥാനമില്ലെന്ന് സുവ്യക്തമാക്കി ക്കൊണ്ട് ഓക്സിജന്റെ ഇഷ്ടപ്രകാരം ശരീരത്തിലെ അവയവങ്ങളും ജനനസ്ഥലവും മരണവും സ്ത്രീപുരുഷനും നിറവും മുഖച്ഛായയും..., തുടങ്ങിയ ജന്മഗുണങ്ങളെ തജ്ജന്മത്തിലും പുനർജ്ജന്മങ്ങളിലും നിശ്ചയിക്കുകയും, ശരീര-കോശങ്ങളെ നിരന്തരം പുനർനിർമ്മിച്ചുകൊണ്ട് രോഗങ്ങൾ, രോഗമുക്തി, മുറിവുണങ്ങൽ, ശരീര വളർച്ച, നരയും ചുളിവുകളും ഉൾപ്പെട്ട രൂപമാറ്റം, തുടങ്ങിയവയിലൂടെ മഹാനീതി നടപ്പാക്കുന്നത് ഭൂമിയുടെ സ്വത്വമായ ഓക്സിജനാണ്. മുറിവ് ഉണങ്ങൽ, ബോധം, ബോധക്ഷയം, ഹൃദയസ്തംഭനം, മരണം തുടങ്ങിയവ മനുഷ്യർ അനുഭവിച്ചു തന്നെ അറിയുന്ന കാര്യമാണ്.

ആത്മാവിനെ മഹാവാത്സല്ല്യത്തോടെ ബന്ധിച്ചിരിക്കുന്ന ശരീരത്തിൽ ഓക്സിജൻ നിരന്തരം പ്രവേശിക്കുകയും മഹാശക്തിയായ ഓക്സിജനിൽ നിന്നും ത്തീ തന്നെ കോശങ്ങളിൽ കത്തിച്ച് ആനന്ദങ്ങളെയും ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയുമെല്ലാം സൃഷ്ടിച്ച് ആത്മാക്കൾക്കു നൽകുന്നു. മൂലകങ്ങളുടെ സൂക്ഷ്മമായ ആറ്റങ്ങളുടെ ഉള്ളിലെ ശിവ സൂക്ഷ്മതലത്തിൽ ശിവനെ ചുറ്റിച്ചുകൊണ്ടും മറ്റു ഘടകങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടും, ആത്മാവിനു വേണ്ടി പ്രവർത്തിക്കുകയുമാണ്.

ദൈവമായ ഓക്സിജന്റെയും, ദൈവാംശമായ മറ്റു മൂലകങ്ങളുടെയും ആനന്ദം മഹാവാത്സല്ല്യം ആകയാൽ ആത്മാക്കളായ കുഞ്ഞുങ്ങൾക്കു തന്നെ തിരിച്ചു നൽകുന്നതും; എല്ലാ ആനന്ദങ്ങൾക്കും അതീതമായി ദൈവം തുടരുന്നതുമാണ്. ഒരു മഹാജീവിയെപ്പോലെ ആത്മാക്കൾക്ക് ജീവിക്കാൻ ആവശ്യമായതെല്ലാം സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുമ്പോഴും; ഓക്സിജനും മറ്റു മൂലകങ്ങളും ആനന്ദങ്ങൾക്കെല്ലാം അതീതമാകയാൽ, അവയും മൊത്തമായ ഭൂമിയും നിർജ്ജീവമായി തോന്നുന്നതാണ്. കല്ലും മണ്ണും ജലവും ജീവികളുടെ-ശരീരങ്ങളും വിസർജ്ജ്യങ്ങളും ഉൾപ്പെടെ സർവ്വവും ദൈവവും ഭൂമിയുമായ മഹാജീവിയുടെ മഹാശരീരമാണ് !

ശരീരങ്ങളുടെയെല്ലാം മൂലവും സൂക്ഷ്മ പ്രപഞ്ചങ്ങളുമായ ആറ്റങ്ങളുടെ ഉള്ളിലെ ഘടകങ്ങളായ സൂക്ഷ്മ ശിവയായ പ്രോട്ടോണുകളെ, സൂക്ഷ്മശിവനായ ഇലക്ട്രോണുകൾ എപ്പോഴും ചുറ്റുന്നതും, ആറ്റങ്ങളുടെ ഉള്ളിലെ മറ്റു ഘടകങ്ങളായ ക്വാർക്കുകൾ, ബോസോണുകൾ, ഗ്ലൂവോണുകൾ, ഓം തുടങ്ങിയവയുടെ സാന്നിധ്യവും വെറുതെ അല്ലെന്ന് കഴിഞ്ഞൊരു അദ്ധ്യായത്തിലുണ്ട്.

സൂക്ഷ്മശിവയായ പ്രോട്ടോണുകളെ, സൂക്ഷ്മശിവനായ ഇലക്ട്രോണുകൾ, ശക്തിശിവൻ പ്രണയമന്ത്രമായ ഓം പ്രകാരം എപ്പോഴും ചുറ്റുന്നതു കൊണ്ടാണ് പ്രപഞ്ചം ജീവമായിരിക്കുന്നത്. നിർജ്ജീവമെന്ന് മനുഷ്യർ തെറ്റിദ്ധരിച്ചവയെല്ലാം ജീവമാണെന്നും, അവയുടെ മൊത്തമായ ഭൂമിയുടെ സ്വത്വവും ദൈവം തന്നെയുമായ ഓക്സിജനാണ് മഹാഭരണാധികാരി എന്നും അറിയുക.

ആത്മാക്കളെയെല്ലാം ഭരിക്കാൻ അവകാശവും അധികാരവുമുള്ളത് അവയുടെ സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ശിവയ്ക്കും ഭാഗമായ ശിവനും മാത്രമാണ്. 'മഹാശക്തിയും ഏകദൈവവുമായ ശിവയും, ഭാഗമായ ശിവനും' അടിസ്ഥാനപരമായി ജീവിയോ സ്ത്രീയോ പുരുഷനോ അല്ലെങ്കിലും, സൃഷ്ടികളും കുഞ്ഞുങ്ങളുമായ ജീവികളുടെയെല്ലാം സ്വത്വങ്ങളായ ആത്മാക്കളെ ബഹുവിധ ശക്തികളെ നൽകി ജീവികളാക്കുന്ന നിർവ്വചനങ്ങൾക്ക് അതീതമായ മഹാജീവിയും കൂടിയാണ്.

മത്സ്യം സസ്യം പക്ഷി മൃഗം കടന്ന് മനുഷ്യാവസ്ഥയിൽ വച്ചാണ് നക്ഷത്ര-ദേവതയായി മോക്ഷം നേടുമ്പോഴാണ് കുഞ്ഞുങ്ങളായ ആത്മാക്കൾക്ക് ഭൂമിയിൽ മടങ്ങി വന്ന് ജീവി-ജീവിതം തുടരാനുള്ള സ്വാതന്ത്ര്യത്തോടെ, 'സ്ഥിരമല്ലാത്ത സ്ഥിരജീവി' രൂപം ലഭിക്കുന്നത് !

ഈ ദിവ്യമഹാവേദ ഗ്രന്ഥത്തിലെ മൂന്ന് അദ്ധ്യായങ്ങളിലായി ന്യൂനശക്തികളെയും ധർമ്മശാസ്ത്ര ബന്ധനത്തെയും വിശദീകരിച്ചിട്ടുണ്ട്. മണ്ണായ ഭൂമിയിൽ ലയിച്ചിരിക്കുന്ന ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരമാണ് പ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ദൈവം ആവിഷ്ക്കരിച്ചിരിക്കുന്നത്. മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് നൽകിയിട്ടുള്ള സമ്പൂർണ്ണ സ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്ത് ഭൗതിക അസ്തിത്വം ഇല്ലാത്ത മതജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശീയ കോപ്രായങ്ങളെ തട്ടിക്കൂട്ടുകയും അവ പ്രകാരം ജീവിക്കുകയും ചെയ്താൽ, ഭൂമിയിലെ ജീവികളുടെ ജീവിതം കുഴച്ചിലിലാവും. ഉദാഹരണത്തിന്, ഏതെങ്കിലും മതത്തിന്റെയോ രാഷ്ട്രീയ പാർട്ടിയുടെയോ സ്വന്തമാണ് ജലം എന്നു പ്രസ്താവിച്ചു കൊണ്ട് മറ്റുള്ളവർക്ക് ജലം ലഭിക്കുന്നതിന് ഒരുകൂട്ടർ തടസ്സംനിന്നാൽ സമൂഹത്തിൽ ആകെ അടിയും പിടിയുമാകും. അതേസമയം മതജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശീയ കോപ്രായങ്ങൾക്ക് ഭൗതിക അസ്തിത്വം ഇല്ലാത്തതിനാൽ ഏതൊരാൾക്കും അവയെ സ്ഥിരമായി മാറ്റിക്കൊണ്ടിരിക്കാൻ സാധിക്കുന്നതുമാണ്.

ജനങ്ങൾ ഭൗതികമായ അസ്തിത്വം ഇല്ലാത്ത കോപ്രായങ്ങളെ ശരിവയ്ക്കുകയും പ്രചരിപ്പിക്കുകയും ചെയ്താൽ സമൂഹത്തിൽ അടിപിടിയും കൊലപാതകവും ഒക്കെ ഉണ്ടാവാനുള്ള മാനുഷിക കാരണത്തിനു പിന്നിൽ ന്യൂനശക്തികളുടെയും ഓക്സിജന്റെയും മഹാഭരണവും കാരണമാകുന്നുണ്ട്. സത്യങ്ങൾക്ക് മാത്രമാണ് പ്രപഞ്ചത്തിൽ നിലനിൽക്കാൻ കഴിയുക. വിശേഷ ബുദ്ധിയെ ലഭിച്ചിട്ടുള്ളവരായ മനുഷ്യർ ശാസ്ത്രസാങ്കേതിക സൗകര്യങ്ങളെ അനുഭവിച്ചു കൊണ്ടും ആസ്വദിച്ചു കൊണ്ടും ഭൗതികമായ അസ്തിത്വം ഇല്ലാത്ത അസത്യങ്ങളെ പിൻപറ്റുകയും മനുഷ്യരാണെന്നതും ഒരു ഭൂമിയുടെ കുഞ്ഞുങ്ങളാണെന്നത് അവഗണിച്ചും മറന്നും തമ്മിലടിയും കടിപിടിയും വർദ്ധിപ്പിക്കുമ്പോൾ, ജീവികളുടെ ശരീരത്തിലെ അവയവങ്ങളെല്ലാം ഉൾപ്പെടെയുള്ള വസ്തുക്കളിൽ ലയിച്ചിരിക്കുന്ന ന്യൂനശക്തികളിൽ നിന്നും ഉചിതമായ വൈറസുകളും രോഗങ്ങളും ഉണ്ടാകുന്നു. തികച്ചും ന്യായമാണ്.

മണ്ണായ ഭൂമിയുടെ മക്കളായ മനുഷ്യരായി ജീവിക്കാൻ തയ്യാറാകാത്തവർക്ക് മുഖവും മുഖഛായയും പുറത്തുകാണിക്കാനുള്ള യോഗ്യത ഇല്ല തന്നെ. എമ്പോക്കികൾ = തെമ്മാടികൾ മാസ്ക് ഹെൽമെറ്റ് നികുതികൾ ലൈസൻസുകൾ തുടങ്ങിയവയുമായി ജീവിക്കട്ടെ; പട്ടികളും പന്നികളുമെല്ലാം മാസ്കും മറ്റും ഇല്ലാതെയും ജീവിക്കട്ടെ!

ഭൂമിയിലെ മുഴുവൻ ജനങ്ങളെയും ന്യൂനശക്തികളുടെ രൂപാന്തരമായ വൈറസുകളും മറ്റും മരിപ്പിച്ചാലും, തലതിരിഞ്ഞ തീവ്രവാദികൾ കൊന്നാലും, കൊലയാളികൾ ഉൾപ്പെടെ അനന്തകോടികളായ എല്ലാ ആത്മാക്കളെയും പ്രപഞ്ചത്തിന്റെ ശാസ്ത്രം പ്രകാരം തന്നെ ബന്ദികളാക്കാനും ബന്ധിക്കാനും സൂക്ഷ്മശിവയും സൂക്ഷ്മശിവനും, ന്യൂട്രോണും, ഓം ഉൾപ്പെടെയുള്ള മറ്റു ഘടകങ്ങളും ചേർന്ന ഒരു ഓക്സിജൻ ആറ്റവും, ശാസ്ത്രത്തിനതീതമായി ഓം മാത്രവും മതിയാകും. വിശദീകരണം തൽക്കാലം അനാവശ്യമാണ്.

എല്ലാ സൃഷ്ടി ചക്രങ്ങളുടെയും രണ്ടാമത്തെ പകുതിയിൽ 'ദൈവ വിപ്ലവവും സത്യയുഗവും' ആരംഭിക്കുന്നതിനു മുമ്പായി ദൈവകാര്യങ്ങളെയും, മഹാശാസ്ത്രത്തിന്റെ ശാഖകളായ ഭൗതിക ധർമ്മ നീതി ശാസ്ത്രങ്ങളായ യഥാർത്ഥ വേദങ്ങളെയും വീണ്ടെടുക്കാനായിട്ട് വേദ-ദേവ ഭാഷയായി മലയാളവും, ബ്രഹ്മകേന്ദ്രമായി നിശ്ചയിച്ചിരിക്കുന്ന മണ്ണടി ഉൾപ്പെടെയുള്ള മലയാള-നാടായ കേരളത്തെ ദൈവത്തിന്റെ സ്വന്തം നാടായും, ജീവിതത്തിലെ എല്ലാ മേഖലകളിലുമുള്ള മഹാഭാരങ്ങളെ ഏകോപിപ്പിച്ചിരിക്കുന്ന പ്രദേശങ്ങളായി മഹാഭാരതത്തെയും മഹാസത്യമായ ദൈവം മഹാഭദ്രപ്പെടുത്തിയിട്ടുണ്ട്. 'ആദിയും അന്തവും ഇല്ലാത്ത മഹാജ്ഞാനവും മഹാമായയും മഹാശക്തികളും ഒക്കെയായ ദൈവത്തിന്റെ' സൃഷ്ടി സ്ഥിതികളിൽ യാതൊരു കുറ്റങ്ങളും കുറവുകളും ഉണ്ടാവാതിരിക്കാനുള്ള പ്രസ്തുത നടപടികളെയും പ്രപഞ്ചത്തിന്റെ മഹാരൂപരേഖയെയും, അടുത്തൊരു അദ്ധ്യായത്തിൽ വിശദീകരിക്കുന്നുണ്ട്. **അതിനു മുമ്പ് ആനന്ദങ്ങളോട് വേദനകളെ ചേർക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കണം. ദൈവം, അനന്ത-ആനന്ദങ്ങളായ പ്രപഞ്ചഭാഗമായി അവതരിക്കുമ്പോൾ, ആനന്ദങ്ങളെ സമ്പൂർണ്ണമാക്കുവാനും, കുറ്റങ്ങളും കുറവുകളും ഇല്ലാതെ ആത്മാക്കളെയെല്ലാം പരിപാലിക്കുവാനും സംരക്ഷിക്കുവാനും, സമആനന്ദമായ മഹാനീതിയെ നടപ്പാക്കുവാനും, ശരണത്തെയും കാലത്തെയും വേദനകളെയും കൂടി സൃഷ്ടിച്ച് ആനന്ദങ്ങളായ പ്രപഞ്ച-ഭാഗത്തോട് കൂട്ടിച്ചേർക്കേണ്ടതുണ്ട്. മുമ്പ്, ആറ്റങ്ങളുടെ ഉള്ളിൽ ശിവയായ പ്രോട്ടോണുകളെ ശിവനായ ഇലക്ട്രോണുകൾ എപ്പോഴും ചുറ്റുന്നതിലൂടെ കാലത്തെ ഒരുക്കുന്നതും, ആറ്റങ്ങളുടെ മഹാസ്ഥൂലരൂപമായ ഭൂമിയുടെ കറക്കങ്ങളും ചുറ്റലും കാലവും കാലഗണനയും പരിണിതഫലമായി മാറുന്നതും വിവരിച്ചിരുന്നു.**

**ആകാശത്തിലെ സൂര്യൻ എന്ന സൃഷ്ടിപാത്രത്തിൽ വച്ച് സൃഷ്ടിയ്ക്കപ്പെടുന്ന ആത്മാക്കൾക്ക് പിന്നീട് നക്ഷത്ര-മോക്ഷത്തിലെ ദേവതയായി സംഹാരപാത്രം കൂടിയായ ആകാശത്തിൽ മടങ്ങിയെത്തുന്നതു വരെ ശരണമാകുന്നത് സ്ഥിതിപാത്രവും അനന്തമായ ആനന്ദങ്ങളുടെ മഹാകലവറയും മഹാശക്തിയുമായ ഭൂമിയാണ്; എല്ലാ ആത്മാക്കൾക്കും പ്രഥമ-ശരണം നൽകുന്നത് ഭൂമിയുടെ അംശമായ ശരീരവുമാണ്.**

കൈയ്പിനെ ആദ്യവും, മധുരത്തെ പിന്നീടും സൃഷ്ടിക്കണം. ബഹുവിധ കൈയ്പുകളും നാറ്റങ്ങളും വേദനകളും ഇല്ലെങ്കിൽ അനന്തമായ മധുരങ്ങൾക്കും സുഗന്ധങ്ങൾക്കും സുഖങ്ങൾക്കുമെല്ലാം പ്രസക്തി കുറയുകയോ ഇല്ലാതെ വരികയോ ചെയ്യുന്നതാണ്. വിഷയം അതീവ തീവ്രമാണ്. ഉദാഹരണത്തിന്, മനുഷ്യരുടെയോ മറ്റുള്ള ഏതെങ്കിലും ജീവികളുടെയോ വിസർജ്ജ്യങ്ങൾക്ക് പൊതുവെയോ ഒറ്റപ്പെട്ടോ ബിരിയാണിയുടെ മണവും രുചിയും ഗുണവുമൊക്ക ഉണ്ടായാൽ അവയെ നേടാൻ ക്യൂ, അടിപിടി, കൊലപാതകം തുടങ്ങിയവ ഉണ്ടായേക്കും! നായ്ക്കളും കാക്കകളും ആർത്തിയോടെ ഭക്ഷിക്കുമ്പോൾ അവയ്ക്ക് ലഭിക്കുന്ന ആനന്ദങ്ങളെ മനസ്സിലാക്കാൻ കഴിഞ്ഞാൽ വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കാം. ഭൂമിയുടെ അംശമായ മൂലകങ്ങളിലും അവയുടെ സംയുക്തങ്ങളിലും രൂപാന്തരമായ ജീവികളുടെയെല്ലാം ശരീരങ്ങളിലും, സൂക്ഷ്മാംശമായ ആറ്റങ്ങളുടെ ഘടകങ്ങളിലും ലയിച്ചിരിക്കുന്ന സൂക്ഷ്മശിവയും, സൂക്ഷ്മശിവനും, ന്യൂനശക്തികളും അവയിലൂടെയെല്ലാം നിർവ്വഹിക്കുന്ന ധാർമ്മിക ശുദ്ധീകരണവും ബന്ധനവും, ശിക്ഷകളും തിരുത്തലുകളും ഈ ദിവ്യമഹാവേദ ഗ്രന്ഥത്തിൽ ശാസ്ത്ര പരമായി തെളിയിച്ചിട്ടുണ്ട്.

**മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ എന്നിങ്ങനെ അനന്തമായ ജീവികളെയെല്ലാം സൃഷ്ടിക്കാനും പരിപാലിക്കാനും തയ്യാറാകുമ്പോൾ ആത്മാക്കൾക്കു നൽകുന്ന വിശേഷ ബുദ്ധിയും 'വേദനകളും' വലിയ വിഷയമാണ്. വേദനകളുടെ പാഠം പഠിക്കാം.**

മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ എന്നിവയിൽ മനുഷ്യനു മാത്രം വിശേഷ ബുദ്ധി ലഭിക്കുന്നതിൽ നിന്ന് മനുഷ്യാവസ്ഥയിലെ ശരീരവുമായി മാത്രമാണ് 'വിശേഷ ബുദ്ധിയെയും (+വേദനകളെയും)' ബന്ധിച്ചിരിക്കുന്നത് എന്ന് മനസ്സിലാക്കാൻ കഴിയും. മറ്റുള്ള ജീവികളായിട്ട് ജീവിക്കുമ്പോൾ വേദനകൾ ഉണ്ടോ; പാടുണ്ടോ എന്നു നോക്കാം.

വിശേഷ ബുദ്ധിയെ ലഭ്യമാക്കാത്ത മറ്റുള്ള ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളോട് മഹാമാതാവ് കൂടിയായ ഭൂമി മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രം പ്രകാരം കാട്ടുന്ന മഹാവാത്സല്ല്യം അവയ്ക്ക് വേദനകളെ നൽകാതെ ശ്രദ്ധിക്കുന്നു.

മനുഷ്യർ ഉൾപ്പെടെയുള്ള കുഞ്ഞുങ്ങൾ അറിഞ്ഞും അറിയാതെയും വേദനിപ്പിക്കുന്ന വിധത്തിൽ മഹാമാതാവും മഹാവാത്സല്ല്യവുമായ ഭൂമി കുഞ്ഞുങ്ങളെ സൃഷ്ടിക്കില്ലെന്ന് ലളിതമായി മനസ്സിലാക്കാനാവും. കുഞ്ഞുങ്ങളെ സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്നത് അനന്തമായ ആനന്ദങ്ങളെ നൽകാനാണ്; വേദനിപ്പിച്ചു രസിക്കാനല്ല. ഉടനെ ആരംഭിക്കുന്ന 'ദൈവ വിപ്ലവവും സത്യയുഗവും' തെളിവുകളും സാക്ഷ്യവും ആവശ്യമാക്കുന്നില്ലെങ്കിലും ലളിതമായി തെളിയിക്കാൻ കഴിയും.
**മത്സ്യങ്ങളെ കരയിലേക്ക് ഇടുമ്പോൾ അവ പിടയുന്നത് വേദന കൊണ്ടല്ലേ എന്നതുപോലെ ലളിതമായ ചോദ്യങ്ങൾക്കും കൂടിയുള്ള ഉത്തരമാണ് ചുവടെ കൊടുക്കുന്നത്.**

മാനസിക നില തെറ്റിയ മനുഷ്യർക്ക് ഇലക്ട്രിക് ഷോക്ക് ട്രീറ്റ്മെന്റ് നല്ലതാണെന്ന് വൈദ്യശാസ്ത്ര പാഠങ്ങൾ മനുഷ്യരെ പഠിപ്പിച്ചു. ഇലക്ട്രിക് ഷോക്ക് ചികിത്സയ്ക്ക് മുമ്പ് അനസ്തേഷ്യ നൽകി മയക്കിയ ശേഷം ചെറിയ ഇലക്ട്രിക് ഷോക്ക് നൽകുന്നതും, രോഗി കൈകാലുകളിട്ട് അടിക്കുന്നതും രോഗിയുടെ വായിൽ നിന്നും നുരയും പതയും വെളിയിൽ വരുന്നതും ജീവിതത്തിലും സിനിമയിലും മറ്റും കണ്ട് വേദനിച്ച സാധാരണ ജനങ്ങൾക്ക് അറിയാത്തതും സത്യം മാത്രവുമായ ഒരു കാര്യം കുറിക്കാം :-

**ഇലക്ട്രിക് ഷോക്ക് ചികിത്സയ്ക്ക് വിധേയരാകുന്നവർക്ക് വേദനകൾ ഉണ്ടാകുന്നില്ല. ചികിത്സയ്ക്ക് മുമ്പുള്ള അനസ്തേഷ്യ ഇഞ്ചക്ഷനോടെ അവരുടെ ബോധവും വേദനകളും വളരെ നേരം ഇല്ലാതാകുന്നു. കൈകാലുകളിട്ട് അടിക്കുന്നതും ഉരുളുന്നതും രോഗിയുടെ വായിൽ നിന്നും നുരയും പതയും വരുന്നതും രോഗി അറിയുന്നില്ല. ഡോക്ടറോട് ചോദിച്ചോ, ഇലക്ട്രിക് ഷോക്ക് ചികിത്സയ്ക്ക് വിധേയമായിട്ടോ മനസ്സിലാക്കാൻ കഴിയും!**

കുറെ ജീവികളെ, മനുഷ്യരും മറ്റുള്ള ജീവികളും ഉപദ്രവിക്കുകയും, ഭയപ്പെടുത്തുകയും, അംഗവൈകല്യം വരുത്തുകയും, വധിക്കുകയുമൊക്കെ ചെയ്യുമ്പോൾ, അവയ്ക്ക് വേദനകൾ ഉണ്ടാകുന്നില്ലെന്നു കരുതിയാലും, അവയവങ്ങൾക്ക് ഉണ്ടാകുന്ന കുറവുകൾ കൊണ്ട് ജീവിതകാര്യങ്ങളിൽ പുതിയ തടസ്സങ്ങൾ ഉണ്ടാകുന്നത് സത്യമാണ്. പ്രസ്തുത തടസ്സങ്ങളെ വേദനകളായി കണക്കാക്കേതാണ്. ഭക്ഷണ കാര്യങ്ങൾ ഉൾപ്പെടെയുള്ള ന്യായമായ ആവശ്യങ്ങൾക്കല്ലാതെ ജീവികളെ ഉപദ്രവിക്കുന്നവരെ ഭൂമി ശിക്ഷിച്ചു തന്നെ തിരുത്തിയെന്നു വരുമെങ്കിലും വേദനകളിലെ മഹാനീതി വിഷയമാണ്. ജീവികളെ ദ്രോഹിച്ചത് ഉൾപ്പെടെ മനുഷ്യാവസ്ഥയിലെ ധർമ്മശാസ്ത്ര വിരുദ്ധമായ ജീവിതവുമായും പാപങ്ങളുമായും പശു, കാള, പട്ടി, പൂച്ച, കുരങ്ങ്, എലി, പുലി, കഴുത, കുതിര, ആന തുടങ്ങിയ ജന്തുശിക്ഷാജന്മങ്ങളെയും വേദനകളെയും ബന്ധപ്പെടുത്താം. ആവിധം മഹാനീതിയുമായി ബന്ധപ്പെടുത്തി മുജ്ജന്മ ഓർമ്മകളും, വിശേഷ ബുദ്ധിയും, ഭയവും ലഭ്യമാക്കുന്ന സന്ദർഭങ്ങളുമായി ജീവിതത്തെ കൂട്ടി വായിക്കാനും കഴിയും! കുഞ്ഞുങ്ങളെ ഭൗതികമായി ശിക്ഷിച്ചു തിരുത്തുന്നതിന്റെ ഭാഗമാണത്. മഹാനീതിയുമായി ബന്ധപ്പെട്ട വേദനകളെ കൂടുതൽ വെളിപ്പെടുത്താൻ സമയമായില്ല. ഉടനെ ആരംഭിക്കുന്ന സത്യയുഗത്തിൽ വിഷയ സംബന്ധമായി കൂടുതൽ വിശദീകരണങ്ങളെ വെളിപ്പെടുത്തുമെന്ന് ന്യായമായും പ്രതീക്ഷിക്കാം.

മൂലകങ്ങളുടെ മൊത്തവും ഭൂമിയുമായ ആനന്ദങ്ങളെയും ഉപാധികളായ ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയും ശരണത്തെയും കാലത്തെയും മഹാനീതിയെയുമെല്ലാം (ഭൂമി) നൽകുന്നത് ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്കാണ്. ആത്മാക്കൾക്കു വേണ്ടി ആനന്ദങ്ങളെ ഭൂമി സൃഷ്ടിച്ചു നൽകുകയാണ്! സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ദൈവത്തെ ആനന്ദങ്ങളും ശക്തികളും ശാസ്ത്രങ്ങളുമെല്ലാം പ്രതിനിധീകരിക്കുന്നതായി മനസ്സിലാക്കാൻ കഴിയും.

ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് ആനന്ദങ്ങളെ അനുഭവിച്ചു തന്നെ അറിയാനും നേടാനും നൽകാനുമുള്ള ഉപാധികളായിട്ട് അനന്തമായ ശക്തികളും ഗുണങ്ങളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും ശരണവും കാലവും മഹാനീതിയുമെല്ലാം മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ തുടങ്ങിയ ജീവികളുടെ ശരീരത്തിലെ അവയവങ്ങൾ ഉൾപ്പെടെ ആകാശത്തിലും ഭൂമിയിലുമുള്ള അനന്തമായ ആനന്ദങ്ങളിൽ ലയിച്ചിരിക്കുകയുമാണ് !

മഹാസത്യവും മഹാശക്തിയുമായ ദൈവം ആകാശവും ഭൂമിയും ചേർന്ന പ്രപഞ്ച-ഭാഗമായിക്കൂടി അവതരിക്കാൻ തയ്യാറാകുന്നത് സ്വന്തം കുഞ്ഞുങ്ങളായിട്ട് ആത്മാക്കളെ സൃഷ്ടിക്കാനും കുഞ്ഞുങ്ങൾക്ക് അനന്തമായ ആനന്ദങ്ങളെ അനന്തകാലം മഹാവാത്സല്ല്യത്തോടെ നൽകാനുമാണ്. വിശേഷ ബുദ്ധി കൊണ്ട് മനസ്സിലാക്കാൻ കഴിയും.

മധ്യസ്ഥരെ വയ്ക്കാതെ ആനന്ദങ്ങളെ നേരിട്ടു സൃഷ്ടിക്കുകയും സൃഷ്ടികളായ ആത്മാക്കൾക്ക് നേരിട്ടു തന്നെ നൽകുകയും ചെയ്യണമെങ്കിൽ 'മഹാസത്യമായ ദൈവം' എന്തും എത്രയും സൃഷ്ടിക്കാൻ കഴിയുന്ന മഹാശക്തിയായും അനന്തമായ ആനന്ദങ്ങളായും ആദ്യം സ്വയം അവതരിക്കണം. ശേഷം മാത്രം സൃഷ്ടികളും കുഞ്ഞുങ്ങളുമായ ആത്മാക്കളെ സൃഷ്ടിക്കണം. മഹാസത്യമായ ദൈവത്തിന് അനന്തമായ ആനന്ദങ്ങളും ശക്തികളുമൊക്കെ ആയി അവതരിക്കുകയോ അവയെ സൃഷ്ടിക്കുകയോ ചെയ്യണമെങ്കിൽ, 'ആനന്ദങ്ങളെയും മഹാശക്തികളെയും സൃഷ്ടിക്കാനും നിലനിർത്താനും കഴിയുന്ന ശക്തികൾക്കെല്ലാം അതീതമായ മഹാപ്രഭാവത്തിന്റെ ഉടമ' ആയിരിക്കണം. 'അനന്തമായ ആനന്ദങ്ങളുടെയും മഹാശക്തികളുടെയും മഹാഭണ്ഡാരമാണ് പ്രപഞ്ചമെന്നത്' വിശേഷ ബുദ്ധിയെ ലഭിക്കുന്ന മനുഷ്യർ അനുഭവിച്ചു തന്നെ അറിയുന്ന വസ്തുതയാണ്. അനന്തമായ ആനന്ദങ്ങളാകുന്ന മഹാപ്രപഞ്ചമായിട്ട് സ്വയം അവതരിച്ചു കൊണ്ട് ആനന്ദങ്ങളെ സൃഷ്ടികൾക്കെല്ലാം ദാനമായി നൽകണമെങ്കിൽ, സൃഷ്ടികളായ ആത്മാക്കളെ സ്വന്തം കുഞ്ഞുങ്ങളായി കരുതാനും സൃഷ്ടിക്കാനും, കുഞ്ഞുങ്ങളോടുള്ള മഹാവാത്സല്ല്യത്തെ മാത്രം സ്വന്തം ആനന്ദമായി സ്വീകരിക്കാനും ദൈവം തയ്യാറാകണം.

**'മഹാസത്യമായ ദൈവം' സ്വന്തം ആനന്ദമായി സ്വീകരിച്ചിരിക്കുന്ന മഹാവാത്സല്ല്യം കുഞ്ഞുങ്ങൾക്കു തന്നെ നൽകുന്ന ആനന്ദമാകയാലും, നൽകുകയാലും, ദൈവം ആനന്ദങ്ങൾ ഉൾപ്പെടെ സർവ്വത്തിനും അതീതമാണ്.**

**ആനന്ദങ്ങളായി അവതരിച്ചു കൊണ്ട് സൃഷ്ടികളും കുഞ്ഞുങ്ങളുമായ ആത്മാക്കൾക്ക് മഹാവാത്സല്യത്തോടെ ആനന്ദങ്ങളെ നൽകുന്ന സ്രഷ്ടാവും; ആനന്ദങ്ങളെ അനുഭവിച്ചും ആസ്വദിച്ചും ജീവിക്കുന്ന കുഞ്ഞുങ്ങളായ ആത്മാക്കളും മാത്രമാണ് മഹാപ്രപഞ്ചത്തിലെ രണ്ടു ഘടകങ്ങളെന്നും തെളിയുന്നുണ്ട്.**

ഭാഗികമായി വിശദീകരിക്കാം: ആദിയും അന്തവും ഇല്ലാത്ത 'സൃഷ്ടി സ്ഥിതി സംഹാര പാത്രവും' മഹാശൂന്യതയുമായ ആകാശവും; മഹാശക്തിയായ ഭൂമിയും; പിന്നീടുള്ള സൂര്യനും ചന്ദ്രനും മാത്രമാണ് മഹാമാതാവും മഹാപിതാവുമായിട്ട് രണ്ടായി വിഭജിച്ച് പ്രവർത്തിക്കുന്ന ഏകസ്രഷ്ടാവെന്നും; മഹാപിതാവായ പരമാത്മാവിന്റെ സൃഷ്ടി പാത്രമായി ഭൂമി ഒരുക്കിയിരിക്കുന്ന സൂര്യനിൽ വച്ച് സൃഷ്ടിക്കുന്ന 'പരമാത്മാവിന്റെ അംശങ്ങളും കുഞ്ഞുങ്ങളുമായ ആത്മാക്കളും അവയുടെ മോക്ഷങ്ങളും ദേവതകളുമായ നക്ഷത്രങ്ങളും മാത്രമാണ് സൃഷ്ടികളെന്നും'; അടുത്ത അദ്ധ്യായങ്ങളിൽ മഹാശാസ്ത്രപരമായി തെളിയിച്ചിട്ടുണ്ട്.

സൃഷ്ടികൾക്ക് ജീവിക്കാൻ ആവശ്യമായ ആനന്ദങ്ങളും, അവയെ നേടാനുള്ള ഉപാധികളായ ശക്തികളും, ശാസ്ത്രങ്ങളും, സ്വാതന്ത്ര്യവും, ശരണവും, കാലവും, മഹാനീതിയുമെല്ലാം, ഒരുക്കുന്നതും നിർവ്വഹിക്കുന്നതും ഭൂമിയുടെ സ്വത്വവും സത്യ-സൃഷ്ടി-വാതക രൂപമായ ഓക്സിജനും, ധർമ്മ-സ്ഥിതി-ദ്രാവക രൂപമായ ജലവും, നീതി--ഖര രൂപമായ മണ്ണായ ഭൂമിയുടെ അംശമായ മൂലകങ്ങളും അവയുടെ സംയുക്തങ്ങളും മിശ്രിതങ്ങളും പ്രദേശങ്ങളും രൂപാന്തരമായ ജീവികളുടെ ശരീരങ്ങളും ശരീരം തന്നെയായ ഭക്ഷണങ്ങളുമെല്ലാം ചേർന്നാണ്.

പരമാത്മാവിന്റെ സൃഷ്ടിപാത്രമായ സൂര്യനിൽ വച്ച് സൃഷ്ടിക്കപ്പെടുന്ന അംശവും സൃഷ്ടികളും കുഞ്ഞുങ്ങളുമായ ആത്മാക്കളെ ഭൂമിയിൽ എത്തിക്കുകയും, ഭൂമിയുടെ അംശമായ ശരീരത്തോടെ മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ എന്നീ ജീവികളായി ജീവിച്ച് അനന്തമായ ആനന്ദങ്ങളെ അനുഭവിച്ചറിഞ്ഞ ശേഷം സമജീവിരൂപമായ നക്ഷത്ര-ദേവതയായി മോക്ഷം നേടുകയുമാണ്. ആദ്യമഹാകാലചക്രത്തിലെ ഒരു ദേവതയുടെ പിഴവു കൊണ്ട് സൃഷ്ടിയ്ക്കപ്പെട്ട ഗ്രഹങ്ങൾ, ഉപഗ്രഹങ്ങൾ എന്നിവയെ 'ആദ്യ മഹാകാല ചക്രം' എന്ന അദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട്.

'സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ദൈവം', ആദിയും അന്തവും ഇല്ലാത്ത ആനന്ദങ്ങളുടെ മഹാകലവറയായി അവതരിക്കാനും; സൃഷ്ടികളും കുഞ്ഞുങ്ങളുമായ ആത്മാക്കൾക്ക് അനന്തമായ ആനന്ദങ്ങളെ നൽകാനും ഉപാധികളാക്കിയ ശക്തികളെയും ശാസ്ത്രങ്ങളെയും ആധാരമാക്കി ക്കൊണ്ട് പ്രപഞ്ചത്തിന്റെ ഉത്ഭവത്തെ കണ്ടെത്താൻ മനുഷ്യർ ശ്രമിച്ചതിൽ വളരെയധികം (വലിയ) അപാകതയുണ്ടെന്ന് അതോടെ സുവ്യക്തമാണ്.

**സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ഏകദൈവം പ്രപഞ്ചത്തിന്റെ കാര്യവും കാരണവുമായ ഘടകമാണ്. സൃഷ്ടികളുടെ ആനന്ദങ്ങളായി അവതരിക്കുകയും, ശേഷം സൃഷ്ടികളായ ആത്മാക്കളെ സൃഷ്ടിച്ച്, ഭൂമിയിൽവച്ച് ശരീരം നൽകി ജീവികളാക്കി മാറ്റുകയും, അനന്തമായ ആനന്ദങ്ങളെ നൽകുകയും ആസ്വദിപ്പിക്കുകയും, പിന്നീട് മോക്ഷത്തിലെ ദേവതകളും നക്ഷത്രങ്ങളുമായി ആകാശത്തിൽ അനന്തകാലം ആനന്ദങ്ങളെ ആസ്വദിപ്പിക്കുകയും ചെയ്യുമ്പോൾ സുന്ദരമായി.**

ആനന്ദങ്ങളെ സൃഷ്ടിക്കാനും നേടാനുമുള്ള മായാശക്തികളെ കുഞ്ഞുങ്ങൾക്കെല്ലാം നൽകിയാൽ പോരേ എന്ന ചോദ്യമുണ്ട്.

അനന്തമായ ആനന്ദങ്ങളെ കാണാനും കേൾക്കാനും മണക്കാനും രുചിക്കാനും ആസ്വദിക്കാനും അനുഭവിക്കാനും അഥവാ പരിചയിക്കാനും ആത്മാക്കൾക്ക് കഴിയണം. ദൈവത്തിന്റെ മഹാരൂപവും ആനന്ദങ്ങളുമായി അവതരിച്ചിരിക്കുന്ന ഭൂമിയിൽ വച്ച് എല്ലാ ആത്മാക്കൾക്കും അനന്തമായ ആനന്ദങ്ങളെ (ഭൂമി) പരിചയപ്പെടുത്തുകയും ഭൂമിയിൽ വച്ച് നക്ഷത്ര-മോക്ഷത്തെ ആത്മാക്കളെല്ലാം നേടുകയുമാണ്. ആനന്ദങ്ങളെ യഥോചിതം അനുഭവിച്ചറിയാതെ, എന്തിനെയും സൃഷ്ടിക്കാൻ കഴിയുന്ന മായാ-ശക്തികളെ കുഞ്ഞുങ്ങൾക്ക് നൽകിക്കൂടാ. മുമ്പ് വിശദമാക്കിയിരുന്നു:
(1)ദൈവം എന്നൊരു വലിയ ശക്തി തോന്നുമ്പോലെ എന്തെല്ലാമോ ഒക്കെ രൂപത്തിൽ പലപല ജീവികളെ സൃഷ്ടിക്കുകയും, ജീവികൾക്ക് തോന്നുമ്പോലെ എന്തും സൃഷ്ടിച്ച് എങ്ങനെയും ജീവിക്കാനുള്ള 'മായാ'- ശക്തികളെ നൽകുകയും ചെയ്താൽ എന്തു സംഭവിക്കും എന്നതിനെപ്പറ്റി ചില ഉദാഹരണങ്ങൾ കുറിക്കാം. ഒരാൾ ഒരു പേനയെ സൃഷ്ടിക്കുകയും, അയാളുടെ ഭാര്യ പേനയെ സിംഹമാക്കുകയും, അവരുടെ കുട്ടി, സിംഹം ഇരിക്കുന്ന പ്രദേശത്തെ ഒരു വലിയ മലയാക്കുകയും അതോടെ പ്രദേശത്തെ എല്ലാവരും മലയിലാവുകയും, മറ്റൊരാൾ മലയെ സമുദ്രമാക്കുകയും, അയാളുടെ ഭാര്യ, ഭർത്താവിനെ എലിയാക്കുകയും, വീടിനെ കാടാക്കുകയും, മത്തങ്ങാ ആക്കുകയും എന്നിങ്ങനെ സൃഷ്ടികൾ തങ്ങൾക്കു  തോന്നുമ്പോലെ മാറിമാറി മായാസൃഷ്ടികളെ നടത്തുകയും; സൃഷ്ടികൾക്ക് മായാശക്തിയിലൂടെ എന്തും പ്രവർത്തിക്കാമെന്നും വന്നാൽ, ഒരല്പ സമയം പോലും പ്രപഞ്ചത്തിലെ വസ്തുക്കളെയോ, ജീവികളെയോ, ജീവിതത്തെയോ, പ്രപഞ്ചത്തെ തന്നെയോ, നിലനിർത്താൻ യാതൊരാൾക്കും ഭൂമിയിൽ സാധിക്കില്ലെന്നും ജീവിതം തന്നെ അസാദ്ധ്യമാണെന്നും കാണാം. നക്ഷത്രദേവതയായ മോക്ഷത്തെ ഭൂമിയിൽ നിന്നും നേടിക്കൊണ്ട് ആകാശത്തിൽ എത്തകയും ഓംകാരനാഗബന്ധനമായ ഓസോൺ സംരക്ഷണത്തോടെ മായാശക്തി കൊണ്ട് ഭൂമിയിൽ വച്ച് അനുഭവിച്ചറിഞ്ഞ അനന്തമായ ആനന്ദങ്ങളെ സൃഷ്ടിക്കുമ്പോൾ വിപരീതമായ ഫലങ്ങൾ ഉണ്ടാകുന്നതല്ല; സർവ്വം മഹാഭദ്രം !

(2) ജീവികളുടെ ശരീരമായിരിക്കുന്ന വസ്തുക്കൾ ഉൾപ്പെടെ മഹാപ്രപഞ്ചത്തിലെ സർവ്വതിന്റെയും ഭൗതികഘടന, ശാസ്ത്രനിയമങ്ങളോടെ ദൈവം ഒരുക്കിയിട്ടുള്ളതു കൊണ്ടാണ് ആത്മാക്കൾക്ക് ശരീരത്തോടെ ജീവികളായി ജീവിക്കാൻ കഴിയുന്നത്. ആനന്ദങ്ങളും അവയെ നേടാനുള്ള ഉപാധികളായ ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും ശരണവുമെല്ലാം ലയിച്ച് ഭൂമിയും അംശമായ പ്രദേശങ്ങളും വസ്തുക്കളും മൂലകങ്ങളും സംയുക്തങ്ങളും രൂപാന്തരമായ ജീവികളുടെയെല്ലാം ശരീരാവയവങ്ങളുമായിട്ട് മഹാസത്യവും മായാമഹാശക്തിയുമായ ദൈവം അവതരിച്ചിരിക്കുകയാണ്. ശാസ്ത്ര നിയമങ്ങൾ ഇല്ലെങ്കിൽ ആത്മാക്കൾക്ക് ജീവിക്കാൻ കഴിയുമോ എന്ന് അല്പം ചിന്തിക്കുക. അതായത് വായു, ജലം, ഭക്ഷണ പാനീയങ്ങൾ തുടങ്ങിയവക്ക് നിയമങ്ങൾ ഇല്ലാതിരിക്കുക, ഭക്ഷണ പാനീയങ്ങളെ സ്വീകരിക്കുന്ന ശരീരത്തിലെ ദഹനം, വിസർജ്ജനം, ശാരീരിക വളർച്ച, പ്രത്യുല്പാദനം, പ്രസവം, മുട്ട, മുറിവുകൾ, മുറിവുണങ്ങൽ, തുടങ്ങി യാതൊരു പ്രവർത്തനങ്ങൾക്കും നിയമങ്ങൾ ഇല്ലാതിരിക്കുക, രോഗങ്ങൾക്കും മരുന്നുകൾക്കും വൈദ്യുതിക്കും ലോഹങ്ങൾക്കും ഊർജ്ജ-പ്രവർത്തനങ്ങൾക്കും യന്ത്രങ്ങൾക്കും... നിയമങ്ങൾ ഇല്ലാതിരിക്കുക, എന്നിങ്ങനെ ചിന്തിക്കുമ്പോൾ, ശാസ്ത്രനിയമങ്ങൾ പ്രപഞ്ചത്തിലെ വസ്തുക്കളിലും ജീവികളുടെ ശരീരങ്ങളിലും ഇല്ലെങ്കിൽ ശരീരത്തിലെ പ്രവർത്തനങ്ങൾ മാത്രമല്ല; പ്രപഞ്ചം തന്നെ സ്തംഭിക്കുന്നതായി കാണാം.

**ഭൂമിയുടെ അംശമായ മൂലകങ്ങളും സൂക്ഷ്മ അംശങ്ങളായ ആറ്റങ്ങളുടെ ഘടകങ്ങളും സൃഷ്ടിക്കുന്ന എല്ലാ ആനന്ദങ്ങളെയും വേദനകളെയും അനുഭവിക്കുന്നത് എപ്പോഴും ആത്മാക്കളാണ്.** ശരീരത്തിലെ എല്ലാ അവയവങ്ങളും സദാ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത് ആത്മാക്കൾക്കു വേണ്ടിയാണ്. ഭക്ഷണ പാനീയങ്ങൾ ഉൾപ്പെടെ എല്ലാ മൂലകങ്ങളിലും ലയിച്ചിരിക്കുന്ന ആനന്ദങ്ങളും ഗുണങ്ങളും അനുഭവിക്കുന്നത് സ്വയം മൂലകങ്ങളോ മൊത്തമായ ഭൂമിയോ അല്ല; ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളാണ്. ഭക്ഷണ പാനീയങ്ങൾ, മരുന്നുകൾ, ലഹരി വസ്തുക്കൾ, വിഷങ്ങൾ തുടങ്ങിയവയിലെ ബഹുവിധങ്ങളായ ശക്തികൾ ശരീരത്തിലേക്ക് പ്രവേശിക്കുകയും ശരീരത്തോടു ചേരുകയും ചെയ്യുമ്പോഴും, ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് ശക്തികളെയും ശാസ്ത്രങ്ങളെയും വേദനകൾ ഉൾപ്പെട്ട ആനന്ദങ്ങളെയും നേരിട്ടു നൽകുന്നത് ആത്മാക്കളുടെ സ്വന്തമെന്നോണം പ്രവർത്തിക്കുന്നതായ ശരീര-അവയവങ്ങൾ മാത്രമാണ്.

മൂലകങ്ങളെയും അവയുടെ സംയുക്തങ്ങളെയും, രൂപാന്തരമായ ജീവികളുടെ ശരീര-അവയവങ്ങളെയും ആത്മാക്കൾക്ക് സൃഷ്ടിക്കാനോ പരിപാലിക്കാനോ കഴിയില്ല; ജീവികളിലെ ആത്മാക്കൾക്കു വേണ്ടി അവയവങ്ങളെയും മൂലമായ മൂലകങ്ങളെയും (ദൈവമായ) ഭൂമിയുടെ സ്വത്വമായ ഓക്സിജൻ സൃഷ്ടിക്കുകയാണ്.

മൂലകങ്ങളെയും ശരീരങ്ങളെയും ഉപയോഗിച്ച് മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് നിർമ്മിക്കാനും പരിപാലിക്കാനും കഴിയുമെന്നു കരുതുന്ന സർവ്വവും യഥാർത്ഥത്തിൽ മൂലകങ്ങളിലും ശരീരങ്ങളിലും ലയിച്ചിരിക്കുന്ന ശാസ്ത്രങ്ങളും ശക്തികളും ആനന്ദങ്ങളും മറ്റു ഗുണങ്ങളും പ്രകാരം അവ പ്രവർത്തിക്കുകയും ആത്മാക്കൾക്ക് നൽകുകയുമാണ്. മൂലകങ്ങളെ മാത്രമല്ലാ; ഒരല്പം ശൂന്യതയെ പ്പോലും സൃഷ്ടിക്കാൻ 'അസ്തിത്വം പോലും സ്വന്തമായിട്ട് ഇല്ലാത്ത ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് ' കഴിയുന്നതല്ല.

'നാവിലെ രുചി മുകുളങ്ങൾ ഉൾപ്പെടെയുള്ള ശരീര-കോശങ്ങളും അവയവങ്ങളുമായ മൂലകങ്ങൾ' ഭക്ഷണ പാനീയങ്ങൾ, മരുന്നുകൾ, ലഹരികൾ, വിഷങ്ങൾ തുടങ്ങിയ മൂലകങ്ങളിൽ/ സംയുക്തങ്ങളിൽ / വസ്തുക്കളിൽ ലയിച്ചിരിക്കുന്ന ശക്തികളിലും രുചി-ആനന്ദങ്ങളിലും പ്രവർത്തിച്ച് രുചി ആനന്ദങ്ങളെയും ശക്തികളെയും മറ്റും മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് നേരിട്ടു നൽകുമ്പോൾ, 'സൃഷ്ടി സ്ഥിതി സംഹാര കർത്താവും, ശിവയും ശിവനും ചേർന്ന ഏകദൈവം', ഭക്ഷണ സാധനങ്ങൾ, നാവ്, രുചി മുകുളങ്ങൾ തുടങ്ങിയവയുടെ മൂലകങ്ങളിലും ലയിച്ച് പ്രവർത്തിക്കുകയാണ്.

ഭൂമിയുടെ സൂക്ഷ്മ അംശങ്ങളായ ആറ്റങ്ങളിലെ അതിസൂക്ഷ്മങ്ങളും ശിവയുമായ പ്രോട്ടോണുകളെ, ശിവനായ ഇലക്ട്രോണുകൾ എല്ലായ്പ്പോഴും ചുറ്റുന്നതും; ന്യൂട്രോൺ ക്വാർക്കുകൾ തുടങ്ങി ന്യൂനശക്തികളും മറ്റുമായ ഘടകങ്ങളുമായി ചേർന്ന് ആറ്റങ്ങളുടെ സ്ഥൂലരൂപങ്ങളായ മൂലകങ്ങളെയും സംയുക്തങ്ങളെയും രൂപാന്തരമായ ജീവികളുടെയെല്ലാം വ്യത്യസ്തമായ ശരീരകോശങ്ങളെയും ശരീരാവയവങ്ങളെയും സൃഷ്ടിക്കുന്നതും; മനുഷ്യരുടെ അവയവങ്ങൾ നൽകുന്ന വിശേഷബുദ്ധി കൊണ്ട് മനുഷ്യാത്മാക്കൾക്ക് കുറെ അറിയാം. പ്രപഞ്ചത്തിലെ എല്ലാ വസ്തുതകളെയും മഹാശാസ്ത്രപരമായി വിശകലനം ചെയ്യാൻ കഴിയുന്ന വിശേഷ ബുദ്ധിയെ മനുഷ്യർക്ക് ലഭിച്ചിരിക്കുകയാണ്; ദൈവമായ ഭൂമിയുടെ അംശമായ ശരീരത്തിലൂടെ ഭൂമി നൽകിയിരിക്കുകയാണ്.

ഭൂമിയുടെ അംശമായ മൂലകങ്ങളും സംയുക്തങ്ങളും അവയുടെ രൂപാന്തരമായ ജീവികളുടെ ശരീരത്തിലെ അവയവങ്ങളും നൽകുന്ന ആനന്ദങ്ങൾ അനന്തമാണെന്നു മാത്രമല്ലാ; എല്ലാ ആനന്ദങ്ങളെയും അനന്തമായി നൽകാനും ഭൂമിക്കു കഴിയുന്നുണ്ട്.

**പ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതികളെ ആരംഭിക്കുന്നതിനു മുമ്പ്, മഹാസത്യമായ ദൈവത്തിന്റെ ഭാഗമായിത്തന്നെ ശിവനെ ഒരുക്കുകയും, പ്രപഞ്ചത്തിന്റെ പിതാവും പരമാത്മാവുമായി നിശ്ചയിച്ചു കൊണ്ട് ഏകദാസനായ ഭർത്താവാക്കി.**

**ആകാശവും ഭൂമിയും ചേർന്ന പ്രപഞ്ചമായി ശിവയും ഭാഗമായ ശിവനും അവതരിച്ച ശേഷം, സൂര്യനിൽ വച്ച് സൃഷ്ടിക്കുന്ന ആത്മാക്കളുടെയെല്ലാം പരമാത്മാവും ജീവികളുടെയെല്ലാം മഹാപിതാവുമായി ഓാംമഹാസത്യവും ഓാംമഹാശക്തിയുമായ ശിവ മഹാനിശ്ചയിച്ചത് ശിവയുടെ മഹാമനസ്കതയും, ഏകദാസനും ഭർത്താവും കൂടിയായ ശിവനോടുള്ള മഹാദാസ്യവും മഹാവാത്സല്ല്യവും; ശിവന് ശിവയോടുള്ള മഹാദാസ്യവുമാണ്.**

വസ്തുക്കളെ ജീവികളുടെയെല്ലാം ശരീരത്തിലെ അവയവങ്ങളായി പരിണമിപ്പിക്കുന്നത് ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾ അല്ലെന്നത് വിശേഷ ബുദ്ധിയെ ലഭിക്കുന്ന മനുഷ്യർക്ക് അറിയാം. ജീവികളുടെ ശരീരത്തിലെ അവയവങ്ങളായി പരിണമിക്കുന്ന ഭൂമിയുടെ അംശമായ മൂലകങ്ങളും സംയുക്തങ്ങളും മിശ്രിതങ്ങളും നിർജ്ജീവമല്ലെന്നും അവയ്ക്കും മൊത്തമായ ഭൂമിക്കും 'ദൈവം എന്ന സ്വത്വം' ഉണ്ടെന്നും, ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്കു വേണ്ടി ഭൂമിയുടെ സ്വത്വം പ്രവർത്തിക്കുകയാണെന്നും ആനന്ദങ്ങൾ കൂടിയായ വസ്തുക്കളിൽ ലയിച്ചിരിക്കുന്ന ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയും ശരണത്തെയും കാലത്തെയും മഹാനീതിയെയുമെല്ലാം വിശകലനം ചെയ്ത് മനസ്സിലാക്കാൻ കഴിയുന്നതാണ്.

ഭൂമിയുടെ അംശങ്ങളും അവയവങ്ങളുമായ എല്ലാ പ്രദേശങ്ങളുടെയും, വസ്തുക്കളുടെയും അവ കൊണ്ട് സൃഷ്ടിച്ചിട്ടുള്ളതായ മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ തുടങ്ങിയ ജീവികളുടെയെല്ലാം ശരീരാവയവങ്ങളുടെയും ഫലവർഗ്ഗങ്ങൾ, പാൽ, മാംസം, ഭക്ഷണ സാധനങ്ങൾ, മരുന്നുകൾ, യന്ത്രങ്ങൾ, ഉപകരണങ്ങൾ, വാഹനങ്ങൾ, കമ്പ്യൂട്ടർ, മൊബൈൽ ഫോൺ തുടങ്ങിയ ഉല്പന്നങ്ങളുടെയും മൂലമായ മൂലകങ്ങളുടെയും സംയുക്തങ്ങളുടെയും മിശ്രിതങ്ങളുടെയും, കൂടാതെ എല്ലാ ശവരീരങ്ങളുടെയും, സൂക്ഷ്മ അംശം ആറ്റങ്ങളാണെന്നും; ആറ്റങ്ങൾ നിർജ്ജീവമല്ലെന്നും, അവയുടെ അതിസൂക്ഷ്മ ഘടകങ്ങളായ ഇലക്ട്രോണുകൾ എല്ലായ്പ്പോഴും പ്രോട്ടോണുകളെ ചുറ്റുകയാണെന്നും അവ ശാസ്ത്ര സമൂഹത്തിന് വെളിപ്പെടുത്തിക്കഴിഞ്ഞ പാഠങ്ങളാണ്. അവയെല്ലാം നൽകിയ ശക്തികളും ശാസ്ത്രങ്ങളും കൊണ്ട് മനുഷ്യരിലെ ശാസ്ത്രജ്ഞന്മാർ കണ്ടെത്തിയ പാഠങ്ങളാണ് എന്നും പറയാം.

**ദൈവം മഹാസത്യമാണ്; മഹാമായ ആണ്; ജഗത്തെന്ന പ്രപഞ്ച-ഭാഗമായി അവതരിക്കുമ്പോഴും സത്യമാണ്. 'മഹാസത്യമായ ദൈവം' സൃഷ്ടിക്കുന്ന 'കുഞ്ഞുങ്ങളും സൃഷ്ടികളുമായ ആത്മാക്കളും സത്യം മാത്രമാണ്.'**

**മഹാസത്യമായ ദൈവം, സ്വന്തം 'മായ' കൊണ്ട് മഹാശക്തികളെയും അനന്തമായ ആനന്ദങ്ങളെയും ഉൾപ്പെടെ എന്തും സൃഷ്ടിക്കാനും നിലനിർത്താനും ആനന്ദങ്ങളായി അവതരിക്കാനുമെല്ലാം കഴിവുള്ള മായാമഹാശക്തിയാണ്. മഹാസത്യമായ ദൈവം സൃഷ്ടിക്കുന്നവയും സത്യങ്ങളാണ്; മിഥ്യകളെ ദൈവം സൃഷ്ടിക്കേണ്ടതായ ആവശ്യമില്ല.**

ഭൗതിക അസ്തിത്വം ഉള്ളതായ പ്രപഞ്ചത്തിൽ ഭൗതികമായ അസ്തിത്വം ഉള്ളവ മാത്രമാണ് സത്യങ്ങൾ; അവയ്ക്കു മാത്രമേ സ്ഥിരമായി നിലനിൽക്കാനും കഴിയൂ. ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങളും, ശക്തികളും, സ്വാതന്ത്ര്യവും, കാലവും, മഹാനീതിയുമെല്ലാം ലയിച്ചുണ്ടായ വസ്തുക്കളും ആനന്ദങ്ങളുമായ പ്രപഞ്ചത്തെ വിശകലനം ചെയ്താൽ, ഭൗതിക-ധർമ്മ-നീതി ശാസ്ത്ര നിയമങ്ങളുടെ ഭൗതികമായ അസ്തിത്വമാണ് അവയെന്ന് വ്യക്തമാണ്. വസ്തുക്കളുടെയും അവയുടെ രൂപാന്തരമായ ജീവികളുടെ ശരീരാവയവങ്ങളുടെയും സൃഷ്ടി സ്ഥിതികളെ സംബന്ധിച്ച നിയമങ്ങളും ശക്തികളുമെല്ലാം അവയിൽ തന്നെയുണ്ട്. പ്രസ്തുത ശാസ്ത്ര നിയമങ്ങൾ പ്രകാരം മാത്രമാണ് അവയിലെ ശക്തികളും ഗുണങ്ങളും മണങ്ങളും രുചികളുമെല്ലാം ഉൾപ്പെട്ട ആനന്ദങ്ങൾ പ്രവർത്തിക്കുക. ജലവും സ്വർണ്ണവും വെള്ളിയും ഇരുമ്പും പെട്രോളും യന്ത്രങ്ങളും ഭക്ഷണ സാധനങ്ങളും മരുന്നുകളും തുടങ്ങി പ്രപഞ്ചത്തിലെ സർവ്വവും അവയിൽ ലയിച്ചിരിക്കുന്ന ശാസ്ത്ര നിയമങ്ങൾ പ്രകാരം പ്രവർത്തിക്കുന്നത് സാക്ഷ്യമാണ്.

വിശേഷബുദ്ധിയെ ലഭിക്കുന്ന മനുഷ്യർക്ക് അവരുടെ ശരീരത്തിലെ അവയവങ്ങൾ ഉൾപ്പെടെയുള്ള പ്രപഞ്ചത്തിലെ വസ്തുക്കളെ പ്രവർത്തിപ്പിക്കാൻ കഴിയുന്നത് അവയിൽ ലയിച്ചിരിക്കുന്ന ശാസ്ത്ര നിയമങ്ങൾ പ്രകാരം മാത്രമാണ്. ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനും ചേർന്ന പ്രപഞ്ചഭാഗവും ആനന്ദങ്ങളുമായി ദൈവം അവതരിച്ചിട്ടുള്ളത് മഹാഭീമമായ ശാസ്ത്ര നിയമങ്ങളെ കൊണ്ട് ചിട്ടപ്പെടുത്തിയ ശക്തികളും സ്വാതന്ത്ര്യവുമെല്ലാം കൊണ്ടാണ്. സൃഷ്ടികളും കുഞ്ഞുങ്ങളും ജീവികളുടെ സ്വത്വങ്ങളുമായ ആത്മാക്കളെയെല്ലാം പരിപാലിക്കാനും, ദൈവത്തിന്റെ അവതാരവും പ്രപഞ്ചത്തിലെ ദൈവഭാഗവുമായ ആനന്ദങ്ങളെ തുല്ല്യമായി നൽകാനും മഹാനീതി നടപ്പാക്കാനും ബാദ്ധ്യതയുള്ള 'സ്രഷ്ടാവും മഹാവാത്സല്ല്യവുമായ ദൈവം' പ്രപഞ്ചഭാഗമായ ആനന്ദങ്ങളായി അവതരിക്കുന്നത് ഭാഗികമായി മാത്രമേ പാടുള്ളൂവെന്ന് സുവ്യക്തമാണ്.

അതിനാൽ ദൈവത്തിന്റെ 'സ്വത്വമായ ഓാക്സിജൻ' പ്രപഞ്ചത്തിന്റെ ഭാഗമായിരിക്കുമ്പോഴും; സൃഷ്ടികളും കുഞ്ഞുങ്ങളുമായ ജീവികളുടെയെല്ലാം സ്വത്വങ്ങളായ ആത്മാക്കളുടെ ജീവനും (ശക്തിയും); പ്രപഞ്ചത്തിന്റെ മഹാഭരണാധികാരിയും മഹാനീതിയും കൂടിയാണ്. ദൈവത്തിന്റെ സ്വത്വമായ ഓാക്സിജന്റെ നിയന്ത്രണത്തിലുള്ള ആത്മാക്കൾക്ക് ദൈവാംശം മാത്രമായ വസ്തുക്കളിലെ ശക്തികളെയും ശാസ്ത്രങ്ങളെയും ഉപയോഗിച്ച് 'ദൈവത്തിന്റെ സ്വത്വത്തെയോ', സൃഷ്ടികളും കുഞ്ഞുങ്ങളുമായ ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളെയോ, സംഹരിക്കാൻ കഴിയുന്നതല്ല.

ആത്മാക്കൾക്ക് എന്തു ചെയ്യണമെങ്കിലും ദൈവത്തിന്റെ സ്വത്വമായ ഓാക്സിജൻ അനുവദിക്കണം. ആത്മാവ് ചിന്തിക്കുന്നതു പോലും, ഒരു മിനുട്ടിൽ ഏറെക്കുറെ 18 തവണയെന്ന് ഓാക്സിജൻ നിശ്ചയിച്ചിരിക്കുന്ന ശ്വസനം വഴി ദൈവമായ ഓാക്സിജൻ അറിയുന്നുണ്ടെങ്കിലും സൃഷ്ടികൾക്ക് അനുവദിച്ചിരിക്കുന്ന സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തെ മാനിച്ച് സാധാരണ ഇടപെടില്ല. ജീവികളുടേതെന്ന് മനുഷ്യർ തെറ്റിദ്ധരിച്ചിട്ടുള്ള 'ദൈവാംശമായ ശരീരത്തിൽ, ജീവനും ദൈവവുമായ ഓാക്സിജൻ പ്രവർത്തിക്കുന്നത് ഓാക്സിജന്റെ ഇഷ്ടപ്രകാരമാണ്. മഹാനീതി നടത്തിപ്പിൽ സ്വത്വങ്ങളുടെ ഇഷ്ടാനിഷ്ടങ്ങൾക്ക് സ്ഥാനമില്ലെന്ന് സുവ്യക്തമാക്കി ക്കൊണ്ട് ഓാക്സിജന്റെ ഇഷ്ടപ്രകാരം ശരീരത്തിലെ അവയവങ്ങളും ജനനസ്ഥലവും മരണവും സ്ത്രീപുരുഷനും നിറവും മുഖച്ഛായയും..., തുടങ്ങിയ ജന്മഗുണങ്ങളെ തജ്ജന്മത്തിലും പുനർജ്ജന്മങ്ങളിലും നിശ്ചയിക്കുകയും, ശരീര-കോശങ്ങളെ നിരന്തരം പുനർനിർമ്മിച്ചുകൊണ്ട് രോഗങ്ങൾ, രോഗമുക്തി, മുറിവുണങ്ങൽ, ശരീര വളർച്ച, നരയും ചുളിവുകളും ഉൾപ്പെട്ട രൂപമാറ്റം, തുടങ്ങിയവയിലൂടെ മഹാനീതി നടപ്പാക്കുന്നത് ഓാക്സിജൻ ആണെന്നത് അനുഭവിച്ചു തന്നെ അറിയുന്ന കാര്യമാണ്. എല്ലാ ആത്മാക്കളും ചെയ്യുന്ന എല്ലാ കാര്യങ്ങളും ഓാക്സിജൻ അറിയുന്നുണ്ട്. ചുറ്റുമുള്ള മനുഷ്യരെയും മറ്റു ജീവികളെയും കബളിപ്പിച്ചു ജീവിക്കാതെ ശ്രദ്ധിക്കേണ്ടത് ജനസേവകർ ഉൾപ്പെടെ ഓരോരുത്തരുടെയും സ്വന്തം ആവശ്യമാണ്. സൃഷ്ടികളായ മനുഷ്യരുടെ ആത്മാക്കൾക്ക് ധർമ്മശാസ്ത്ര പരമായി ജീവിക്കാൻ ശരീരത്തിലെ അവയവങ്ങളും മൂലമായ മൂലകങ്ങളും മൊത്തമായ ഭൂമിയും നൽകുന്ന സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തെ അഹംഭാവം, ദുഷ്ക്കാമം, ദുശ്ശീലങ്ങൾ, ദുസ്വാർത്ഥം തുടങ്ങിയവ നിമിത്തം തടസ്സപ്പെടുത്തുകയും ദ്രോഹിക്കുകയും, വസ്തുക്കളിൽ ലയിച്ചിരിക്കുന്ന ധർമ്മശാസ്ത്രത്തിനു വിരുദ്ധമായി ജീവിക്കുകയും ചെയ്യുന്നവരെ പുനർജ്ജന്മങ്ങളിലും ഭൂമി ശിക്ഷിച്ചു തിരുത്തുന്നുണ്ട്.

ഭൂമിയുടെ മഹാനീതികാര്യങ്ങളിൽ ഇടപെടാൻ ജീവികൾക്കു കഴിയില്ലെന്ന് മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രം തെളിയിക്കുന്നുണ്ട്. സത്യയുഗം ആരംഭിക്കുമ്പോൾ എല്ലാമറിഞ്ഞ് നീതികാര്യങ്ങളിൽനിന്നും മനുഷ്യർ സ്വയം അകലുന്നതുമാണ്. 'ഏകദൈവമായ ശിവയും, ഭാഗമായ ശിവനും ചേർന്ന ദൈവവും മണ്ണുമായ ഭൂമിയുടെ മഹാശാസ്ത്രം തന്നെയാണ് മണ്ണിന്റെ നിയമങ്ങളായ വേദങ്ങൾ. മനുഷ്യൻ ഉൾപ്പെട്ട സൃഷ്ടികൾക്ക് മറ്റു വേദങ്ങളുടെ ആവശ്യമില്ല. ഭൂമിയിലെ എല്ലാ മതങ്ങളും, രാഷ്ട്രീയങ്ങളും, രാജ്യങ്ങളിലെ ഭരണഘടനകളും തട്ടിപ്പാണെന്നും സാരം. കുറ്റങ്ങളും കുറവുകളും ഇല്ലാത്ത സാമ്പത്തികശാസ്ത്രവും; ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിർവ്വഹിക്കാൻ ജനസേവകരെ സാമ്പത്തിക ചിലവുകളില്ലാതെ ലളിതമായി തെരഞ്ഞെടുക്കാൻ കഴിയുന്നതും, നികുതികളും പലിശയുമില്ലാതെ സത്യയുഗത്തിൽ നടപ്പാവുന്നതുമായ ഭരണശാസ്ത്രവും മണ്ണിലെ മൂലകങ്ങളിലും, ഈ ദിവ്യമഹാവേദഗ്രന്ഥത്തിലും, ലഭ്യമാണ്. പ്രപഞ്ചത്തിന് അതീതമായ ബ്രഹ്മവും ശിവയും ശക്തിയുമായ ഏകമഹാസത്യം, ശിവൻ, ഓം, ആകാശം, ഭൂമി, പ്രപഞ്ചം, മായ, സ്വാതന്ത്ര്യം, ആനന്ദം, വേദങ്ങളായ ശാസ്ത്രങ്ങൾ, വൈറസുകൾ, ശരീരം, രോഗങ്ങൾ, ഭൂചലനം കൊടുങ്കാറ്റ് വരൾച്ച പ്രളയം സുനാമി, ഏക-ദൈവ-ഭരണവും മഹാനീതി നടത്തിപ്പും, നക്ഷത്രം-മോക്ഷം, തുടങ്ങി സമസ്ത വിഷയങ്ങളെയും കുറിച്ചുള്ള മഹാശാസ്ത്രപരമായ വിശദീകരണവും പരിഹാരങ്ങളും ഭൂമി ലഭ്യമാക്കുന്നുണ്ട്.

**സ്രഷ്ടാവും ദൈവവുമായ ഓക്സിജനെയോ, മറ്റു ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളെയോ, സ്വന്തം ആത്മാവിനെ തന്നെയോ സംഹരിക്കാൻ ആത്മാക്കൾക്ക് അവകാശം ഇല്ല; കഴിയുകയുമില്ല. ആത്മാക്കളെയും ഏതൊന്നിനെയും സംഹരിക്കാൻ അവയുടെ സ്രഷ്ടാവിനു മാത്രമാണ് അവകാശം. ദൈവവിപ്ലവത്തിനു മുമ്പും ശേഷവും ആത്മഹത്യ ചെയ്യുന്നതായും; മറ്റുള്ള ജീവികളെയും മനുഷ്യരെയും വധിച്ചതായും കരുതുന്നവർ 'ശരീര ഹത്യാപരിണാമത്തിന്' കാരണക്കാർ ആവുക മാത്രമാണ്.** സൃഷ്ടികളായ ആത്മാക്കളെ സമ്പൂർണ്ണമായി ഉപദ്രവിക്കാനോ ഭരിക്കാനോ നശിപ്പിക്കാനോ മറ്റ് ആത്മാക്കൾക്കു കഴിയില്ല. അടിസ്ഥാന പരമായി ശൂന്യത ബാധകമായ ആത്മാക്കൾക്ക് നൽകിയിട്ടുള്ള ഭൗതിക അസ്തിത്വം സൂര്യനിൽ വച്ച് സൃഷ്ടിക്കുന്ന ഹീലിയം ആറ്റത്തിലെ രണ്ട് ന്യൂട്രോണുകളാണ്. അവയെ ത്തന്നെ ഭൗതിക അസ്തിത്വം ഇല്ലാത്ത ഒരു ചെറിയ ദീപനാളമായോ ശൂന്യതയായോ താൽക്കാലികമായോ നീണ്ട/അനന്ത കാലത്തേക്കോ പരിണമിപ്പിക്കാൻ ഭൂമിയുടെ സ്വത്വവും സത്യ -സൃഷ്ടി-വാതക രൂപവുമായ ഓക്സിജനു കഴിയുന്നതാണ്.

ഒരു ജീവിയെ വധിക്കുന്നുവെന്ന പേരിൽ ആത്മാക്കളെ ശരീരത്തിൽ നിന്നും പുറത്താക്കാൻ മറ്റ് ആത്മാക്കൾ കാരണക്കാരാവുമ്പോൾ, നടപ്പാക്കുന്നത് ഓക്സിജനും ജലവും ശരീരവും ചേർന്നാണ്; ശരീരത്തിലും മൂലമായ മൂലകങ്ങളിലും ലയിച്ചിരിക്കുന്ന ശക്തികളും ശാസ്ത്രങ്ങളുമെല്ലാം പ്രകാരവുമാണ്. ഒരല്പം ശൂന്യത പോലും സൃഷ്ടിക്കാനുള്ള ശക്തി ഇല്ലാത്തവരും, ശരീരമാകുന്ന ഭൂമിയുടെ അംശമായ മൂലകങ്ങളും സംയുക്തങ്ങളും നൽകുന്ന ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും ശരണവും കൊണ്ട് ജീവിക്കുന്നവരും സ്വന്തമെന്നു കരുതുന്ന അസ്തിത്വം പോലും സ്വന്തമായിട്ട് ഇല്ലാത്തവരും അവകാശങ്ങളും അധികാരങ്ങളും ഇല്ലാത്ത കാര്യങ്ങളിൽ ഇടപെടുന്നത് ശരിയല്ലെന്ന് നിസ്സംശയമായും നിസ്സാരമായും മനസ്സിലാക്കാൻ കഴിയും.

**ജീവിതത്തിൽ അവരവർക്കു വേണ്ടി ജാഗ്രത പാലിക്കണം. സൃഷ്ടിയും ആത്മാവുമായ ഓരോരുത്തരും ഭൂമിയുടെ അംശമായ മൂലകങ്ങളുടെയും സ്വത്വമായ ഓക്സിജന്റെയും മഹാഭരണത്തിലാണെന്ന സത്യത്തെ അവരവർക്കു വേണ്ടി ഉൾക്കൊണ്ട് ജീവിക്കണം.**

വസ്തുക്കളും ശരീരങ്ങളും പ്രദേശങ്ങളും പ്രപഞ്ചത്തിലെ ദൈവഭാഗമായ ആനന്ദങ്ങളുടെ ഭാഗം മാത്രമാണ്; അവയെ പരിണമിപ്പിക്കാൻ അവയിൽ ലയിച്ചിരിക്കുന്ന ശാസ്ത്രങ്ങളും ശക്തികളും അനുവദിച്ചിട്ടുള്ളതിൻ പ്രകാരം ആത്മാക്കൾക്കു കഴിയുന്നതാണ്. ധർമ്മശാസ്ത്ര പരമായി മാത്രം എന്തും ഉപയോഗിക്കുകയും പ്രവർത്തിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യേണ്ടത് ആത്മാവിന്റെ ആവശ്യമാണ്. ശരീരം പ്രവർത്തിക്കുന്നതിലെ ഇച്ഛ ആത്മാവിന്റെ ആയാലും; പ്രവർത്തിപ്പിക്കുന്നത് മൂലമായ മൂലകങ്ങളുടെയും മൊത്തവും നീതി-ഖരരൂപവുമായ ഭൂമിയുടെ സ്വത്വവും സത്യ-സൃഷ്ടി-വാതക രൂപവുമായ ഓക്സിജനും, ഭൂമിയുടെ ധർമ്മ-സ്ഥിതി-ദ്രാവക രൂപമായ ജലവും ചേർന്നാണ്. മൂലകങ്ങളും സംയുക്തങ്ങളും രൂപാന്തരമായ ശരീരാവയവങ്ങളും, അവ നൽകുന്ന ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും കൊണ്ടും മാത്രമാണ് സൃഷ്ടികളും കുഞ്ഞുങ്ങളുമായ ജീവികളുടെയെല്ലാം സ്വത്വങ്ങളായ ആത്മാക്കൾക്ക് ഏതൊരു പ്രവൃത്തിയും ചെയ്യാൻ കഴിയുക. ആത്മാക്കളുടെ ആഗ്രഹങ്ങളെയും പ്രവൃത്തികളെയും ഭൗതിക ശാസ്ത്ര പരമായി ത്തന്നെ ഒറ്റയ്ക്കും ഒന്നിച്ചും ഭരിക്കാനും തടയാനുമെല്ലാം ദൈവഭാഗവും ഭൂമിയുടെ സ്വത്വവുമായ ഓക്സിജന് നിസ്സാരമായി എപ്പോഴും കഴിയുന്നതാണ്.!

മഹാസത്യവും മഹാശക്തിയുമായ ദൈവം സ്വന്തം ഭാവമായി സത്യ-ധർമ്മ-നീതികളെ സ്വീകരിച്ചിരിക്കുകയാലും; മഹാശക്തിയായ ഭൂമിയുടെ അതിസൂക്ഷ്മ അംശങ്ങളായ പ്രോട്ടോൺ ഇലക്ട്രോൺ ന്യൂട്രോൺ ക്വാർക്കുകൾ ബോസോണുകൾ ഓം തുടങ്ങിയവ ചേർന്ന ആറ്റങ്ങളെല്ലാം അടിസ്ഥാനപരമായി അന്തമില്ലാത്ത മഹാശക്തികൾ ആകയാലും; **സൃഷ്ടികളും കുഞ്ഞുങ്ങളുമായ ആത്മാക്കൾക്ക്; ദൈവം സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തെ നൽകുകയാണെങ്കിൽ, ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങളെയും പ്രപഞ്ചത്തിലെ സമസ്ത ശക്തികളെയും ഉപയോഗിച്ചു കൊണ്ട് പരബ്രഹ്മമായ പ്രപഞ്ചത്തെയും, പരബ്രഹ്മമായ ദൈവം നാളതുവരെ സൃഷ്ടിച്ച ആത്മാക്കളെയും, പ്രപഞ്ചത്തിന്റെ മൂലവും പ്രപഞ്ചത്തിന് അതീതവുമായ ബ്രഹ്മത്തെയും സംഹരിക്കാൻ കഴിയുമോയെന്ന് ചിന്തിക്കേണ്ടതും പരിഹാരം നിർദ്ദേശിക്കേണ്ടതും ആവശ്യമാണ്.**

സൃഷ്ടികൾക്ക് വിശേഷ ബുദ്ധിയെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയും സമ്പൂർണ്ണമായി ലഭ്യമാക്കാൻ മഹാവാത്സല്യമായ മഹാമാതാവ് തയ്യാറാകുമ്പോൾ ഉരുത്തിരിയുന്ന ഗൗരവമായ വിഷയമാണത്. പ്രപഞ്ചത്തിന്റെ സത്തയും ഉദ്ദേശവും ലക്ഷ്യവുമെല്ലാം ആനന്ദങ്ങളാണെന്നും ശക്തികളും ശാസ്ത്രങ്ങളും കാലവുമെല്ലാം അനന്തമായ ആനന്ദങ്ങളെ നേടാനും അനുഭവിക്കാനും ആസ്വദിക്കാനുമുള്ള ഉപാധികൾ മാത്രമാണെന്നും കുഞ്ഞുങ്ങളും സൃഷ്ടികളുമായ ആത്മാക്കൾക്ക് ബോദ്ധ്യപ്പെട്ടാൽ വിഷയ പരിഹാരം ഉണ്ടാകുന്നതാണ്.

സൃഷ്ടികളുടെ സ്വന്തം അല്ലാത്തതും മഹാസത്യമായ മഹാമാതാവിന്റെ മാത്രം സ്വന്തവുമായ 'മായാ' /ശക്തികളെ ദുരാഗ്രഹിക്കുന്നതും, ദൈവത്തിന്റെ സ്വന്തവും ദൈവം നൽകുന്നതുമായ ശക്തികളെയും ശാസ്ത്രങ്ങളെയും ഉപയോഗിച്ച് മത്സരിക്കുന്നതും തെറ്റും കുറ്റവും പാപവും ദൈവനിന്ദയും ആണെന്ന് തിരിച്ചറിയാൻ ദൈവം നൽകിയ വിശേഷ ബുദ്ധിയെ ഉപയോഗിച്ചാൽ സാധിക്കുന്നതാണ്. മഹാസത്യമായ ദൈവം നൽകിയ വിശേഷബുദ്ധിയെ ഉചിതമായി ഉപയോഗിച്ച് കുഞ്ഞുങ്ങൾ സത്യങ്ങളെ സ്വയം ഉൾക്കൊണ്ട് ജീവിക്കുന്നതാണ് ശ്രേഷ്ഠം. ദൈവത്തിന്റെ ഇഷ്ടവും മഹാനീതിശാസ്ത്രവുമായ ഓംകാരനീതിശാസ്ത്രം സമ്പൂർണ്ണ സ്വാതന്ത്ര്യം സൃഷ്ടികളായ ആത്മാക്കൾക്ക് എല്ലായ്പ്പോഴും ഉണ്ടായിരിക്കണമെന്ന് മഹാവ്യവസ്ഥ ചെയ്തിരിക്കുകയാണ്. ദൈവം അടിച്ചേൽപ്പിക്കുന്ന നിയമങ്ങളെ പാലിക്കുന്ന ഗതികേട് ദൈവത്തിന്റെ പൊന്നോമന കുഞ്ഞുങ്ങൾക്ക് ഉണ്ടാകരുത്.

# ॐ ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

**പ്രപഞ്ചസൃഷ്ടിക്കു മുമ്പ്, പ്രപഞ്ച-ഭാഗമായും മഹാമാതാവായും അവതരിക്കാൻ; സ്വന്തം ഭാഗവും മഹാദാസനായ ഭർത്താവും പരമാത്മാവുമായി ശിവനെ ഒരുക്കുകയും; ശിവനെ സത്യ-ധർമ്മ-നീതികളെ ഭാവമാക്കുന്ന ഓംകാരനീതിശാസ്ത്രം പഠിപ്പിക്കുകയും; ഓംകാര നാഗബന്ധനം ഏർപ്പെടുത്തിക്കൊണ്ട് ശിവയുടെ ആദിയും അന്തവും ഇല്ലാത്ത മായാമഹാശക്തികളെ ശിവനു നൽകുകയും; ശിവന്റെ മഹാദാസിയായി മാറുകയും; ശേഷം ശിവയും ശിവനും മഹാമാതാവും മഹാപിതാവുമായി ക്കൊണ്ട് സൃഷ്ടികളുടെ ആനന്ദങ്ങളായ ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനും ചേർന്ന മഹാപ്രപഞ്ചമായിട്ട് അവതരിച്ചിരിക്കുകയാണ്. പ്രപഞ്ചത്തിലെ ശിവൻ ആദിയും അന്തവും ഇല്ലാത്ത മഹാശക്തനും കൂടിയാണെങ്കിലും, പ്രപഞ്ചത്തിന്റെ സൃഷ്ടിക്കു മുമ്പ് അസ്തിത്വം പോലും സ്വന്തമായിട്ട് ഇല്ലാത്ത ഒരു ശൂന്യതയാണ്. അസ്തിത്വം പോലും സ്വന്തമായിട്ട് ഇല്ലാത്തവരായ സൃഷ്ടികളും കുഞ്ഞുങ്ങളുമായ ആത്മാക്കളെ, അടിസ്ഥാന പരമായി അസ്തിത്വം പോലും സ്വന്തമായിട്ട് ഇല്ലാത്ത ശിവന്റെ അംശങ്ങളായി സൃഷ്ടിച്ചും, ശക്തികളും ശാസ്ത്രങ്ങളും ആനന്ദങ്ങളും സ്വാതന്ത്ര്യങ്ങളും കാലവും ശരണവുമെല്ലാം ചേർന്ന ഭൂമിയുടെ അംശമായ മൂലകങ്ങളും സംയുക്തങ്ങളും അവയുടെ രൂപാന്തരമായ ശരീരാവയവങ്ങളും അനുഗ്രഹിച്ചു നൽകി ജീവികളാക്കിയിരിക്കുകയാണ്.**

ഇത്തരം പ്രശ്നങ്ങളെയും പരിഹാരങ്ങളെയും പരാമർശിക്കേണ്ടതുണ്ടോ എന്ന സംശയം വേണ്ട. 1000 കോടി വർഷങ്ങൾ നീണ്ട ആദ്യത്തെ മഹാകാല ചക്രത്തിൽ, മനുഷ്യാവസ്ഥയിൽ നിന്നും നക്ഷത്ര-മോക്ഷത്തിലെ ദേവതകളായി മാറിയ ഏതാനും പേരെ ഭരണകാര്യങ്ങൾ ഏല്പിച്ചപ്പോൾ, മഹാവാത്സല്ല്യമായ മഹാമാതാവിനെയും, പരമാത്മാവായ മഹാപിതാവിനെയും അട്ടിമറിക്കാനും ദൈവമാകാൻ ശ്രമിച്ചതുമായ കൊടിയ ചരിത്രം ഉണ്ട്. കുഞ്ഞുങ്ങളോടുള്ള മഹാവാത്സല്ല്യം കൂടിയതാണ് കാരണം!

**പൊന്നോമന കുഞ്ഞുങ്ങളായി സൃഷ്ടിക്കാനും മഹാവാത്സല്ല്യത്തോടെ അനന്തമായ ആനന്ദങ്ങളായി അവതരിക്കാനും ആനന്ദങ്ങളെ കുഞ്ഞുങ്ങൾക്ക് സമമായി നൽകാനുമെല്ലാം ആനന്ദങ്ങൾ ഉൾപ്പെടെ സർവ്വത്തിനും അതീതമായ ദൈവം പ്രവർത്തിക്കുന്നത് സൃഷ്ടികളും കുഞ്ഞുങ്ങളുമായ ആത്മാക്കൾക്കു വേണ്ടിയാണ്. കുഞ്ഞുങ്ങൾ ദാനമായി കിട്ടുന്ന ശക്തികളെ ദുരുപയോഗിച്ചു കൂടാ. ചെയ്താലും, കുഞ്ഞുങ്ങളുടെ വികൃതികൾ പരബ്രഹ്മമായ പ്രപഞ്ചത്തെ ബാധിക്കുന്നതല്ല.**

**മഹാവാത്സല്ല്യമായ ഓംകാരനീതിശാസ്ത്രം മഹാശക്തിയുമാണ്.**

ശബ്ദബ്രഹ്മം, അക്ഷരബ്രഹ്മം, മഹാശാസ്ത്രമൂലം, സൃഷ്ടി മന്ത്രം, ആദിവചനം, സർവ്വദേശ ഭൂമി ഗാനം, മഹാസംഗീതം, ഏകമഹാശബ്ദം, സംഹാരകാഹളം, ദൈവവിപ്ലവ ഗാനം, മഹാദേവിയുടെ മഹാചിരി തുടങ്ങിയവയായ 'ഓം' -ലേക്ക് ഏകദൈവവും മഹാസത്യവുമായ ശിവയുടെ സ്വത്വമായ ഓക്സിജനും, ഭാഗവും പരമാത്മാവുമായ ശിവന്റെ സ്വത്വമായ ഹൈഡ്രജനും ലയിച്ചു മടങ്ങാനും; മഹാപ്രപഞ്ചത്തിൽ സൃഷ്ടിച്ചിട്ടുള്ള ആത്മാക്കളെ ഭൗതിക അസ്തിത്വം ഇല്ലാത്ത പ്രകാശമായും ശൂന്യതയായും നിലനിർത്താനും; ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരം സമ്പൂർണ്ണ സ്വാതന്ത്ര്യത്തെ ആത്മാക്കൾക്കു നൽകിക്കൊണ്ട് കഴിയുന്നതാണ്. ശേഷം, നിമിഷം കൊണ്ട് സർവ്വം പുനഃസൃഷ്ടിക്കാനും വികൃതികളെ ശിക്ഷിക്കാനും; ശിക്ഷിച്ചു തിരുത്താനും കഴിയുന്നതാണ് !

**അനിർവ്വചനീയമായ 'മായ' കൊണ്ട് ആനന്ദങ്ങളായ പ്രപഞ്ച-ഭാഗമായി ദൈവം അവതരിക്കുകയും, ആനന്ദങ്ങളെ നേടാനും അനുഭവിക്കാനും ആസ്വദിക്കാനുമുള്ള ശക്തികളെയും ശാസ്ത്രങ്ങളെയും സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തോടെയും മഹാനീതിയോടെയും മഹാവാത്സല്ല്യത്തോടെയും കുഞ്ഞുങ്ങൾക്ക് നൽകുകയും ചെയ്യുമ്പോൾ, വിശേഷബുദ്ധിയെ ലഭിച്ച മനുഷ്യ-ക്കുഞ്ഞുങ്ങളും അവരുടെ മോക്ഷമായ ചില ദേവതകളും കൂടി ജഗത്ത്, ലോകം, പരബ്രഹ്മം എന്നെല്ലാം വിശേഷിപ്പിക്കുന്ന 'ബ്രഹ്മമായ ഏകദൈവത്തിന്റെ പരമായ = ശ്രേഷ്ഠമായ രൂപത്തെ മിഥ്യ' എന്നെല്ലാം ദുർവ്യാഖ്യാനിച്ചിട്ടുണ്ട്. അത് കടുത്ത ദൈവനിന്ദയും അപരാധവുമാണ്.**

ദൈവകാര്യങ്ങളിൽ ഇടപെടാനും വിഡ്ഢിത്തങ്ങൾ പുലമ്പാനും കുഞ്ഞുങ്ങളും സൃഷ്ടികളുമായ ആത്മാക്കൾക്ക് അവകാശവും അധികാരവുമില്ലെന്ന് തിരിച്ചറിയാൻ കഴിയുന്ന വിശേഷബുദ്ധി കൂടി നൽകിയെങ്കിലും അവർ ഉപയോഗിച്ചില്ല. അനന്തമായ ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യങ്ങളും ശരണവും കാലവും മഹാനീതിയുമെല്ലാം മഹാസത്യമായ ബ്രഹ്മത്തെ 'പരബ്രഹ്മമായ ജഗത്തായി ഉയർത്തിയതിനെ' അവഹേളിച്ച ഇപ്പോഴത്തെ സൃഷ്ടിചക്രത്തിലെ പല വ്യാഖ്യാതാക്കളും പല ദേവതകളും ഇന്ന് ശിക്ഷാ നടപടികൾക്ക് വിധേയരായി ജീവിക്കുമ്പോൾ, ആധുനിക ലോകത്തിലെ അനവധി കുഞ്ഞുങ്ങളും ഭൗതികശാസ്ത്ര സൗകര്യങ്ങളെ ആസ്വദിച്ചും കൊണ്ട് ഭൗതിക അസ്തിത്വം ഇല്ലാത്ത മതജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശീയ കോപ്രായങ്ങളെ പിൻപറ്റി ശിക്ഷകളെ വാരിക്കൂട്ടുന്നത് മഹാമാതാവിനും ഭാഗമായ മഹാപിതാവിനും വേദനയാണ് !

'മഹാമായ' കൊണ്ടു മാത്രമേ ജഗത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യാനും, ജഗത്തിന്റെ ഭാഗമായി അവതരിക്കാനും മഹാസത്യമായ ദൈവത്തിന് കഴിയുകയുള്ളൂ എന്ന് വിശേഷ ബുദ്ധിയെ ഉപയോഗിച്ചാൽ മനസ്സിലാക്കാം. അതേസമയം അനന്തമായ ആനന്ദങ്ങളെയും അവ നേടാനുള്ള ഉപാധികളായിട്ട് ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും ശരണവും കാലവും മഹാനീതിയുമെല്ലാം ലയിപ്പിച്ചാണ് ജഗത്തായ പരബ്രഹ്മത്തെ സത്യമാക്കിയിരിക്കുന്നത്. സർവ്വവും ശാസ്ത്ര നിയമങ്ങൾ പ്രകാരം സത്യങ്ങളായി സൃഷ്ടിക്കുകയും പ്രവർത്തിപ്പിക്കുകയുമാണ്. മിഥ്യകൾ ഇല്ല/അല്ല. ശാസ്ത്രങ്ങൾ പ്രകാരം സത്യങ്ങളായി അവരിക്കുകയും ശാസ്ത്ര പരമായി മാത്രം പ്രവർത്തിക്കുകയും ചെയ്യുന്ന പ്രപഞ്ചകാര്യങ്ങളെ മായയെന്ന് അവഹേളിക്കുന്നത് ശാസ്ത്ര വിരുദ്ധമാണ്. ഭൂമിയുടെ അംശമായ മൂലകങ്ങളിലും സംയുക്തങ്ങളിലും ജീവികളുടെ ശരീരങ്ങളിലും സൂക്ഷ്മമായ ആറ്റങ്ങളിലും ലയിച്ചിരിക്കുന്ന മഹാശാസ്ത്ര നിയമങ്ങൾ മാത്രമാണ് സൃഷ്ടികളും കുഞ്ഞുങ്ങളുമായ ആത്മാക്കൾക്ക് ജീവിക്കാൻ ആവശ്യമായതും സത്യവുമായ യഥാർത്ഥ മന്ത്രങ്ങളെന്ന് പരക്കെ തെളിയുന്നതാണ്.

'ദൈവ വിപ്ലവം' ഉടനെ ആരംഭിക്കുമ്പോൾ ഭൂമിയിലെ ഓരോരോ പ്രദേശങ്ങളിലും മുമ്പ് ജീവിച്ചവരും ഇപ്പോൾ (പുനർജ്ജനിച്ചു) ജീവിക്കുന്നവരുമായ മനുഷ്യരും ദേവതകളും തട്ടിക്കൂട്ടിയ മിഥ്യകളും തട്ടിപ്പുകളുമായ മന്ത്രങ്ങൾ, സ്തുതികൾ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, വഴിപാടുകൾ, മത-രാഷ്ട്രീയഗ്രന്ഥങ്ങൾ, ഭരണഘടനകൾ തുടങ്ങിയവയെ ചുമന്നുനടന്നവർ തന്നെ ചുട്ടെരിക്കുന്നതാണ്.

# ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.



**കുഞ്ഞുങ്ങളായ ആത്മാക്കളെ സൃഷ്ടിക്കുന്നതിനു മുമ്പ് കുഞ്ഞുങ്ങൾക്കു നൽകാനുള്ള ആനന്ദങ്ങളായ ആകാശവും ഭൂമിയും ചേർന്ന പ്രപഞ്ചമായി ദൈവം ആദ്യം അവതരിച്ചു.**

'മഹാസത്യമായ ദൈവം' സൃഷ്ടികളായ ആത്മാക്കൾക്ക് അനന്തമായ ആനന്ദങ്ങളും അവയെ നേടാനുള്ള ഉപാധികളായ ശക്തികളും ജ്ഞാനവും സ്വാതന്ത്ര്യവും കാലവും ശരണവും നീതിയുമെല്ലാം മഹാവാത്സല്ല്യത്തോടെ നൽകുന്ന ആകാശവും ഭൂമിയുമായി, അവതരിച്ചിരിക്കുകയാണ്. അതായത് ഭൂമിയുടെ അംശമായ മൂലകങ്ങളിലും അവയുടെ സംയുക്തങ്ങളിലും (രൂപാന്തരമായ ജീവികളുടെ ശരീരാവയവങ്ങളിലും) അനന്തമായ ആനന്ദങ്ങളും അവയെ നേടാനും ആസ്വദിക്കാനുമുള്ള ഉപാധികളായ ശക്തികളും ശാസ്ത്രങ്ങളുമെല്ലാം ലയി(പ്പി)ച്ചിരിക്കുകയാണ്. സൂര്യനിൽ നിന്നുമാണ് വെളിച്ചവും / പ്രകാശവും ചൂടും ലഭിക്കുന്നതെന്ന് വാദിക്കുന്നവർ അവയെ സൂര്യനിൽ പോയി കൊണ്ടുവരികയല്ല; ഭൂമി ലഭ്യമാക്കുന്നതായി മനസ്സിലാക്കാൻ കഴിയുന്നതുമാണ്. ഇരുട്ടും വെളിച്ചവും സൃഷ്ടികൾക്കായുള്ള മറ്റൊരു ആനന്ദവും ആവിഷ്ക്കാരവുമാണ്. പ്രകാശത്തെ സൃഷ്ടിക്കുകയും പരമാത്മാവിനോടും ആത്മാക്കളോടും ചേർക്കുകയും ചെയ്യുന്നതിനെ വേറിട്ട് വിവരിക്കുന്നുണ്ട്.

ഭൂമി ദൈവത്തിന്റെ മഹാനീതിരൂപം കൂടിയാണ്. സൃഷ്ടികൾക്ക് ജീവിക്കാൻ ആവശ്യമായ അനന്തമായ ആനന്ദങ്ങളായി അവതരിക്കുകയും, ആനന്ദങ്ങളെ മഹാഭദ്രമായിട്ട് സൃഷ്ടിച്ചു കൊണ്ടിരിക്കുകയും, സൃഷ്ടികൾക്ക് സമ്പൂർണ്ണമായ സ്വാതന്ത്ര്യം അനുവദിച്ചു കൊണ്ടു തന്നെ സൃഷ്ടികളുടെ മേൽ മഹാനീതി നടപ്പാക്കുകയുമാണ്. ഭൂമിയുടെ സ്വത്വവും സത്യ-സൃഷ്ടി-വാതക രൂപവും, ജീവികളുടെയെല്ലാം ജീവനുമായ ഓക്സിജൻ സർവ്വവും ശ്രദ്ധിക്കുന്നുണ്ട്; പ്രവർത്തിക്കുന്നുമുണ്ട്. സൃഷ്ടികളായ ആത്മാക്കളുടെ ചിന്തകളെയും പ്രവർത്തനങ്ങളെയും, ഒപ്പം, ഭൂമിയുടെ അംശമായ മറ്റു മൂലകങ്ങളെയും സംയുക്തങ്ങളെയും ജീവികളുടെ ശരീരങ്ങളിലെ അവയവങ്ങളെയും, അവയുടെയെല്ലാം സൂക്ഷ്മമായ ആറ്റങ്ങളിലെ ഘടകങ്ങളെയും ഭാഗികമായും സമ്പൂർണ്ണമായും നിയന്ത്രിക്കാനും ഭരിക്കാനുമെല്ലാം ഓക്സിജന് നിസ്സാരമായി കഴിയുന്നതാണ്. ഭൂമിയുടെ ധർമ്മ-സ്ഥിതി-ദ്രാവക രൂപമായ ജലം ആനന്ദങ്ങളെയും, ഭൂമിയുടെ സ്വത്വമായ ഓക്സിജന്റെ മഹാഭരണത്തെയും മഹാനീതിയെയും ആത്മാക്കളുടെ മേൽ നടപ്പാക്കാനും, വേദനകൾ ഉൾപ്പെടെയുള്ള ആനന്ദങ്ങളെ കൈമാറാനുള്ള മാധ്യമമായും പ്രവർത്തിക്കുന്നു! ആറ്റങ്ങളിലെ ക്വാർക്കുകൾ, ബോസോണുകൾ തുടങ്ങിയവ ന്യൂനശക്തികൾ, ജന്മഗുണങ്ങൾ, പുണ്യപാപങ്ങളുടെ അളവുകൾ തുടങ്ങിയവ നിശ്ചയിക്കുന്ന ഘടകങ്ങളാണ്. എന്നുവെച്ചാൽ ഭൂമിയിലെ സൂക്ഷ്മവും സ്ഥൂലവുമായ സർവ്വവും മഹാപദ്ധതികളോടെ സൃഷ്ടിക്കപ്പെട്ടവയാണ്.

ഭൂമിയുടെ അംശമായ മൂലകങ്ങളും സംയുക്തങ്ങളും രൂപാന്തരമായ ശരീരാവയവങ്ങളും ജീവികളുടെ സ്വത്വങ്ങളായ ഓരോ ആത്മാവിനും ഓരോ ദൈവമായി അവതരിച്ച് ജീവിക്കാൻ ആവശ്യമായ ശക്തികളും ജ്ഞാനവും (ശാസ്ത്രങ്ങളും) ആനന്ദങ്ങളും സ്വാതന്ത്ര്യങ്ങളും ശരണവുമെല്ലാം നേരിട്ടു നൽകുകയാണെന്ന് മുകളിൽ സൂചിപ്പിച്ചിരുന്നു; പിന്നീട് തെളിയിക്കുന്നുണ്ട്.

## സൃഷ്ടിയിൽ സ്രഷ്ടാവിന്റെ 'സ്വാർത്ഥം/ആനന്ദം' എന്താണ് ?

പ്രപഞ്ചം സൃഷ്ടി മാത്രമല്ലെന്നും, സ്രഷ്ടാവ് കൂടിയാണെന്നും; സൃഷ്ടികളും കുഞ്ഞുങ്ങളും ജീവികളുടെ സ്വത്വങ്ങളുമായ ആത്മാക്കൾക്ക് അനന്തമായ ആനന്ദങ്ങളെ അനുഭവിച്ചു കൊണ്ട് ജീവികളായിട്ട് 'ദൈവമായ ഭൂമിയിൽ ജീവിക്കാനും, ഭൂമിയിൽ വച്ച് അനുഭവിച്ചറിഞ്ഞ അനന്തമായ ആനന്ദങ്ങളെ' മോക്ഷവും ദേവതകളുമായ നക്ഷത്രങ്ങളായി അനന്തകാലം ആസ്വദിക്കാനുള്ള മഹാസംവിധാനം കൂടിയാണെന്നും മുകളിൽ വിവരിച്ചിട്ടുണ്ട്.

**എന്തും സൃഷ്ടിക്കാൻ കഴിയുന്ന 'മായ' എന്ന മഹാവൈഭവത്തിന്റെ ഉടമയായ മഹാസത്യം, 'മായ' കൊണ്ട് അനന്തമായ ആനന്ദങ്ങളെ സൃഷ്ടിക്കാനും, ആനന്ദങ്ങളായി സ്വയം അവതരിക്കാനും, കുഞ്ഞുങ്ങളായിട്ട് സൃഷ്ടിക്കാനും പരിപാലിക്കാനും ഉദ്ദേശിക്കുന്ന ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് നേരിട്ട് മഹാവാത്സല്ല്യത്തോടെ നൽകാനും തയ്യാറാകുന്നു. ആത്മാക്കളുടെ സ്ത്രീപുരുഷ വിഭജനങ്ങൾ തമ്മിലുള്ള പ്രേമവും കാമവും ഒഴികെയുള്ള അനന്തമായ ആനന്ദങ്ങളുടെ മറ്റൊരു നാമം കൂടിയാണ് മഹാവാത്സല്ല്യം.**

പ്രപഞ്ചത്തിന്റെ സ്രഷ്ടാവും, പ്രപഞ്ചത്തിന് അതീതവുമായ 'മഹാസത്യം', തന്റെ സൃഷ്ടികളോടു പുലർത്തുന്നതും അവർക്കു തന്നെ നൽകുന്നതുമായ 'മഹാവാത്സല്ല്യത്തെ' സ്വന്തം ആനന്ദവും സ്വാർത്ഥവുമായി നിശ്ചയിച്ചിരിക്കുന്നു. 'സ്രഷ്ടാവിന്റെ ആനന്ദമായി നിശ്ചയിച്ച മഹാവാത്സല്ല്യത്തെ' സൃഷ്ടികൾക്കുതന്നെ തിരിച്ചു നൽകുകയാലും, അനന്തമായ ആനന്ദങ്ങളുടെ മൊത്തമെന്നത് മഹാവാത്സല്ല്യം ആകയാലും, കുഞ്ഞുങ്ങൾക്കെല്ലാം മഹാനീതിയുടെ ഭാഗമായി മഹാവാത്സല്ല്യത്തോടെ സമ്പൂർണ്ണ സ്വാതന്ത്ര്യത്തെ നൽകുകയാലും, 'മഹാസത്യമായ ദൈവം' സൃഷ്ടി സ്ഥിതികളെ ചെയ്യുമ്പോഴും, ആനന്ദങ്ങളും ശക്തികളും ഉൾപ്പെടെ സർവ്വത്തിനും അതീതമായിത്തന്നെ (മഹാസത്യം) തുടരുന്നതാണ്.

ആനന്ദങ്ങളെയും അവയെ നേടാനുള്ള ഉപാധികളായ ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയും ശരണത്തെയും കാലത്തെയും മഹാനീതിയെയുമെല്ലാം നേരിട്ടു നൽകണമെങ്കിൽ മഹാസത്യമായ ദൈവം ആനന്ദങ്ങളും ശക്തികളും ശാസ്ത്രങ്ങളുമെല്ലാം ചേർന്ന പ്രപഞ്ച-ഭാഗമായിട്ട് അവതരിക്കേണ്ടതുണ്ട്.

ആനന്ദങ്ങളെ സമമായിട്ട് എല്ലാ കുഞ്ഞുങ്ങൾക്കും നൽകണമെങ്കിൽ, മഹാപരിപാലനവും മഹാനീതിയും കൂടി ചെയ്യാൻ സ്രഷ്ടാവ് തയ്യാറാകേണ്ടതുണ്ട്. അപ്പോൾ ആനന്ദങ്ങളായി അവതരിക്കുന്നത് ഭാഗികമായിട്ടാവണം. ആദിയും അന്തവും ഇല്ലാത്ത മഹാമായയും കൂടിയായ മഹാസത്യം, ഭാഗികം, സമ്പൂർണ്ണം തുടങ്ങിയവയ്ക്കെല്ലാം എപ്പോഴും അതീതവുമാണ് ! മനുഷ്യർ അറിയുന്ന പ്രപഞ്ചത്തിന്റെയോ അനന്തമായ മറ്റു പ്രപഞ്ചങ്ങളുടെയോ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യാനും അതേസമയം തന്നെ ശബ്ദബ്രഹ്മം കൂടിയായ ഓം ആയി വേറിട്ടു നിൽക്കാനുമെല്ലാം മായാമഹാശക്തിയായ ദൈവത്തിനു കഴിയുമെന്ന് ഓം എന്ന അദ്ധ്യായത്തിൽ വിശദീകരിക്കുന്നുണ്ട്.

**കുഞ്ഞുങ്ങളായി സൃഷ്ടിക്കുന്ന (ജീവികളുടെ സ്വത്വങ്ങളായ) ആത്മാക്കളോട് 'മഹാസത്യമായ ദൈവം' പുലർത്തുന്നതും അവർക്കു തന്നെ തിരിച്ചു നൽകുന്നതുമായ 'മഹാവാത്സല്യത്തെ' സ്വന്തം ആനന്ദവും സ്വാർത്ഥവുമായി 'ദൈവം' നിശ്ചയിച്ചിരിക്കുന്നു.**

**ശക്തികളെയും ആനന്ദങ്ങളെയും ഉൾപ്പെടെ എന്തും എത്രയും സൃഷ്ടിക്കാൻ കഴിയുന്ന 'മായ' യെ സൃഷ്ടികൾക്ക് നേരിട്ടു നൽകാൻ മഹാസത്യമായ ദൈവം തയ്യാറായിക്കൂടാ.**

'മായ'യെ നേരിട്ടു കൈമാറിയാൽ സൃഷ്ടി അവതാളത്തിലുമാകും. ഉദാഹരണത്തിന്, സൃഷ്ടിയായ ഒരു ജീവി 'മായ' കൊണ്ട് ഒരു 'മലയെ' ഒരു നിമിഷം കൊണ്ട് സൃഷ്ടിക്കുമ്പോൾ, മറ്റൊരു ജീവി അര നിമിഷം കൊണ്ട് 'മല'യെ 'എലി' യാക്കാനും മൂന്നാമൻ എലിയെ ഒരു സമുദ്രമാക്കാനും, നാലാമൻ സമുദ്രത്തെ ഒരു സൈക്കിളാക്കാനും, അഞ്ചാമൻ അതുവരെയുള്ള സൃഷ്ടികളെ സംഹരിക്കാനും .... അങ്ങനെ പോയാൽ സൃഷ്ടിയും സ്ഥിതിയും ഒരു പോലെ അവതാളത്തിലാകും; സാദ്ധ്യമല്ലാതെ വരും. മാത്രമല്ല; **'മായ' യുടെ ഉടമ മഹാശക്തിയാണ്; സൃഷ്ടിയാവാൻ കഴിയില്ല.**

'മായാശക്തികളെ' നൽകാതെ പകരം മായാശക്തികൾ കൊണ്ട് സാദ്ധ്യമാകുന്ന അനന്തമായ ആനന്ദങ്ങളെ സൃഷ്ടികൾക്ക് പരിചയപ്പെടുത്തുകയും അനുഭവിപ്പിക്കുകയും, ശേഷം സൃഷ്ടികളെ 'ദേവതകൾ, നക്ഷത്ര-മോക്ഷം' എന്നെല്ലാം വിശേഷിപ്പിക്കാവുന്ന പുതിയ പദവിയിലേക്ക് ഉയർത്തുകയും സംഹാരം കൂടിയായ പ്രസ്തുത അവസ്ഥയിൽ ഭൂമിയിലെ ജീവിതത്തിൽ വച്ച് അനുഭവിച്ചു തന്നെ അറിഞ്ഞതായ അനന്തമായ ആനന്ദങ്ങളെ അനന്തകാലം അനുഭവിക്കാനായി, 'ഓംകാര നീതിശാസ്ത്ര ബന്ധനങ്ങളോടെ മായാശക്തികളെ' നൽകുകയുമാണ്.

അനിർവ്വചനീയമായ സ്വന്തം 'മായാശക്തികളെ' കൊണ്ട് ശക്തികളെയും ശാസ്ത്രങ്ങളെയും ആവിഷ്ക്കരിക്കുന്നതും ആനന്ദങ്ങളെ സൃഷ്ടിക്കുന്നതും, അനന്തമായ ആനന്ദങ്ങളാകുന്ന ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനും ചേർന്ന പ്രപഞ്ചഭാഗമായി ദൈവം നേരിട്ട് അവതരിക്കുന്നതും മഹാകാര്യങ്ങളാണ്. അനന്തമായ ആനന്ദങ്ങളെ നേടാനും അനുഭവിക്കാനും ആസ്വദിക്കാനുമുള്ള ശക്തികളെയും ശാസ്ത്രങ്ങളെയും സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തോടെയും മഹാനീതിയോടെയും മഹാവാത്സല്ല്യത്തോടെയും കുഞ്ഞുങ്ങൾക്ക് നൽകുകയുമാണ് !

# പ്രപഞ്ചത്തിലെ സൃഷ്ടികളുടെ സ്വാർത്ഥത്തെ/ആനന്ദത്തെ ആരാണ് നിശ്ചയിക്കുന്നത് ? സ്വാർത്ഥമെന്താണ് ?

മഹാസത്യമായ ദൈവത്തിന്റെ സൃഷ്ടികളെ കുഞ്ഞ്, ജീവി, ആത്മാവ് എന്നെല്ലാം മലയാള ഭാഷയിൽ വിളിക്കാവുന്നതാണ്. മനുഷ്യാവസ്ഥയിൽ ജീവാത്മാവ്, ആത്മാവ്, മനസ്സ്, മൻ, Man തുടങ്ങിയ പേരുകളിലും വിളിക്കാം!

സ്രഷ്ടാവിന്റെയും; സൃഷ്ടികളുടെയും 'ആനന്ദങ്ങൾ' ഉൾപ്പെടെ പ്രപഞ്ചത്തിലെ എല്ലാ കാര്യങ്ങളെയും നിശ്ചയിക്കുന്നതും സൃഷ്ടിക്കുന്നതും, പരിപാലിക്കുന്നതും, മഹാനീതി നടപ്പാക്കുന്നതും സ്രഷ്ടാവിന്റെ അവകാശവും അധികാരവുമാണ്. ആനന്ദമാണ് പ്രപഞ്ചം എന്നതിന് ആനന്ദങ്ങളായ പ്രപഞ്ചമായിട്ട് അവതരിച്ചിരിക്കുന്ന സ്രഷ്ടാവ് ആനന്ദങ്ങളെ സൃഷ്ടികളായ ആത്മാക്കൾക്ക് നൽകുന്നുവെന്നും; ആത്മാക്കൾ ലഭിക്കുന്ന ആനന്ദങ്ങളെ സ്വീകരിച്ച് ജീവിക്കുന്നുവെന്നും കൂടി അർത്ഥമുണ്ട്.

എന്തും സൃഷ്ടിക്കാൻ കഴിയുന്ന 'മായ' എന്ന വൈഭവത്തിന്റെ ഉടമയായ സ്രഷ്ടാവ് 'മായ' കൊണ്ട് അനന്തമായ ആനന്ദങ്ങളായി അവതരിക്കാനും, കുഞ്ഞുങ്ങളായി സൃഷ്ടിക്കാനും പരിപാലിക്കാനും ഉദ്ദേശിക്കുന്ന സ്വത്വങ്ങൾക്ക് 'മഹാവാത്സല്ല്യത്തോടെ' ആനന്ദങ്ങളെ നൽകാനും, തയ്യാറാകുമ്പോൾ ആനന്ദങ്ങളെ ആസ്വദിച്ചും ജീവിക്കുകയാണ് സൃഷ്ടികളുടെ സ്വാർത്ഥം. എല്ലാ ജീവികളുടെയും ജീവിതം സാക്ഷ്യമാണ്. സ്രഷ്ടാവിന്റെ 'ആനന്ദം' സൃഷ്ടികളെ വേദനിപ്പിക്കുന്നവ ആകാഞ്ഞതും, മഹാവാത്സല്ല്യമായതും സൃഷ്ടികളുടെയെല്ലാം മഹാഭാഗ്യമാണ്.

(( പ്രപഞ്ചത്തിലെ അനന്തമായ ആനന്ദങ്ങളെ മൊത്തം 100 അളവുകളായി വിഭജിക്കുകയും മനുഷ്യാവസ്ഥയിൽ വച്ച് എല്ലാ ആനന്ദങ്ങളെയും കുഞ്ഞുങ്ങൾക്ക് ലഭിക്കുകയുമാണ്. ഭക്ഷണ സാധനങ്ങൾ 40, ശുചിത്വം അത്യാവശ്യം ആവശ്യം വിനോദം എന്നീ 4 തൊഴിൽ വിഭാഗങ്ങൾക്ക് 5 വീതം വച്ച് 20, ദാനം (ത്യാഗം) 5, ഭക്തി (പ്രിയം, ആദരം, ആരാധന) 5, ദാസ്യം 5, വാത്സല്യം 5, പ്രേമം 5, പ്രേമ സാക്ഷാത്കാരം 5, അവസാനത്തെ അഞ്ച് ആനന്ദങ്ങൾ ചേർന്ന കാമം 25 എന്നിവയാണ് 115 - 15* = 100 മാനുഷിക ആനന്ദങ്ങൾ. *ദൈവത്തിന്റെ ആനന്ദമായ മഹാവാത്സല്ല്യം 35-ൽ നിന്ന് 5 അളവ് വാത്സല്ല്യം, ദൈവഭാഗവും മഹാദാസനും കൂടിയായ പരമശിവന്റെ ആനന്ദമായ മഹാദാസ്യത്തിൽ നിന്നും 5 അളവ് ദാസ്യം, മാനുഷികമായ 5 അളവ് ദാനം എന്നിവ ചേർന്നതാണ് 15 അളവ് ആനന്ദം. )).

ഈ ദിവ്യമഹാവേദ ഗ്രന്ഥത്തിലെ 'ആനന്ദ ശാസ്ത്രം' എല്ലാ ആനന്ദങ്ങളെയും മഹാശാസ്ത്ര പരമായി വിവരിക്കുന്നുണ്ട്. ഏതാനും പൊതുവായ കാര്യങ്ങളെ മാത്രം ചുവടെ ചേർക്കുന്നു:-

അസ്തിത്വവും ആനന്ദങ്ങളും, ആനന്ദങ്ങളെ നേടാനുള്ള ഉപാധികളായ ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും ശരണവും കാലവും മഹാനീതിയും ഉൾപ്പെടെയുള്ള സർവ്വവും കൂടാതെ, ആനന്ദങ്ങളെ സ്വീകരിക്കാനും അനുഭവിക്കാനും കഴിയുന്ന ശക്തികളെയും കൂടി 'സ്രഷ്ടാവും മഹാസത്യവുമായ ദൈവം' സൃഷ്ടികൾക്കു നൽകേണ്ടതുണ്ട്. കുഞ്ഞുങ്ങളായ ആത്മാക്കളെ മഹാസത്യവും മായാമഹാശക്തിയുമായ ദൈവത്തിന്റെ അംശങ്ങളായിട്ട് സൃഷ്ടിക്കാൻ കഴിയാത്തതിനെയും, മഹാസത്യത്തിന്റെ ഇഷ്ടമായ ഓംകാരനീതിശാസ്ത്രം പ്രകാരം മഹാശക്തിമാനും ഒപ്പം സമ്പൂർണ്ണ-ശക്തിഹീനനുമായ ഒരു പരമാത്മാവും ജീവികളുടെയെല്ലാം മഹാപിതാവുമായ ശിവന്റെ അംശങ്ങളായി സൃഷ്ടിക്കുന്നതിനെയും അടുത്തൊരു അദ്ധ്യായത്തിൽ കൂടുതൽ വിവരിക്കുന്നുണ്ട്.

മാത്രമല്ല; മുമ്പ് വ്യക്തമാക്കിയതു പോലെ മഹാസത്യമായ ദൈവത്തിനും, സൃഷ്ടികൾക്കും ഇടയിൽ മറ്റു സൃഷ്ടികളെ മദ്ധ്യസ്ഥരായി സൃഷ്ടിക്കാതെ, ആനന്ദങ്ങളെ നേരിട്ടു നൽകണമെങ്കിൽ, മഹാസത്യമായ ദൈവം തന്നെ സൃഷ്ടികളുടെ ആനന്ദങ്ങളായി അവതരിക്കണം. തീർന്നില്ല; വിശേഷ ബുദ്ധിയെ ലഭിക്കുന്ന മനുഷ്യാവസ്ഥയിൽ പോലും കുഞ്ഞുങ്ങൾക്ക് ആവക കാര്യങ്ങളിൽ വേദന ഉണ്ടാകരുത്; സ്രഷ്ടാവിന്റെ മഹാവാത്സല്യത്തെ അനുഭവിച്ചു കൊണ്ട് സന്തോഷത്തോടെ ജീവിക്കാൻ കഴിയണം. ഇനിയുമുണ്ട്: അസ്തിത്വം പോലും സ്വന്തമായിട്ട് ഇല്ലാത്തവരായ സൃഷ്ടികളുടെ അവസ്ഥയെ ഏതവസ്ഥയിലും സത്യസന്ധമായി പ്രതിഫലിപ്പിക്കാനും കഴിയണം. എന്നുവെച്ചാൽ എന്തും സൃഷ്ടിക്കാൻ കഴിയുന്ന 'മായ' എന്ന മഹാവൈഭവത്തിന്റെ ഉടമയായ മഹാസത്യവും മായാമഹാശക്തിയുമായ ദൈവത്തിന്റെ അംശങ്ങളായിട്ട് കുഞ്ഞുങ്ങളായ ആത്മാക്കളെ സൃഷ്ടിക്കാൻ കഴിയില്ല. അന്യവും ശക്തിഹീനതയും ബാധകമായ ഒന്നിന്റെ അംശങ്ങളായി ആത്മാക്കളെ സൃഷ്ടിച്ചു കൊണ്ട് അസ്തിത്വവും ആനന്ദങ്ങളും അവയെ നേടാനുള്ള ശക്തികളും ജ്ഞാനവും സ്വാതന്ത്ര്യവുമെല്ലാം ലഭ്യമാക്കിയാൽ മാത്രമാണ് ദൈവത്തിന്റെ അംശമോ ഭാഗമോ അല്ലാത്ത സൃഷ്ടികളായിട്ട് ആത്മാക്കൾ മാറുക. പ്രപഞ്ചഭാഗമായി മഹാസത്യമായ ദൈവം അവതരിക്കുന്നതിനു മുമ്പ് ശക്തിഹീനമായ ഒരു ഭാഗത്തെ പരമാത്മാവായി ഒരുക്കുകയും പ്രപഞ്ചത്തിന്റെ ഭാഗമാക്കുകയും ചെയ്താൽ മാത്രമേ, മഹാസത്യമായ ദൈവവും, ശക്തിഹീനമായ പരമാത്മാവും ചേർന്ന് പ്രപഞ്ചഭാഗമായി അവതരിക്കുമ്പോൾ, ശക്തിഹീനമായ പരമാത്മാവിന്റെ മാത്രം അംശങ്ങളായി ആത്മാക്കളെ സൃഷ്ടിക്കാനും, ആനന്ദങ്ങളെ നേടി ജീവിക്കാനുള്ള ഉപാധികളായിട്ട് ശക്തികളെയും ശാസ്ത്രങ്ങളെയും ആനന്ദങ്ങളെയും സ്വാതന്ത്ര്യങ്ങളെയും ശരണങ്ങളെയുമെല്ലാം നൽകാനും കഴിയുകയുള്ളൂ.

എന്തും സൃഷ്ടിക്കാൻ കഴിയുന്ന 'മായ' എന്ന മഹാവൈഭവത്തിന്റെ ഉടമയായ മഹാസത്യം 'മായ' കൊണ്ട് അനന്തമായ ആനന്ദങ്ങളെ സൃഷ്ടിക്കാനും, ആനന്ദങ്ങളായി സ്വയം മാറാനും, കുഞ്ഞുങ്ങളായിട്ട് സൃഷ്ടിക്കാനും പരിപാലിക്കാനും ഉദ്ദേശിക്കുന്ന സ്വത്വങ്ങൾക്ക് നേരിട്ടു മഹാവാത്സല്ല്യത്തോടെ നൽകാനും തയ്യാറാകുന്നു. ആത്മാക്കളുടെ സ്ത്രീപുരുഷ വിഭാഗങ്ങൾ തമ്മിലുള്ള പ്രേമവും കാമവും ഒഴികെയുള്ള അനന്തമായ ആനന്ദങ്ങളുടെ മറ്റൊരു നാമം കൂടിയാണ് മഹാവാത്സല്ല്യം.

ഭൂമി ദാനം നൽകുന്ന അസ്തിത്വവും ശരീരവും ആനന്ദങ്ങളും ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും ശരണവും കാലവും മഹാനീതിയുമെല്ലാം കൊണ്ടു മാത്രം 'സ്ത്രീയോ പുരുഷനോ ആയ മനുഷ്യ-പ്പകുതിയായി' ഏതാനും വർഷങ്ങൾ ജീവിക്കുന്ന സൃഷ്ടികൾ, ആയിരം കോടിയിലേറെ വർഷങ്ങളായി നിലനിൽക്കുന്ന പ്രപഞ്ചത്തെയും ഭൂമിയെയുമെല്ലാം ഭരിക്കുന്നതായി കരുതുന്നത് കടുത്ത ദൈവ നിന്ദ കൂടിയാണ്.

സൃഷ്ടികളുടെ സ്വാർത്ഥത്തെ സ്രഷ്ടാവ് നിശ്ചയിച്ചിരിക്കുന്നത്, സൃഷ്ടികൾക്കു വേണ്ടി ത്തന്നെയാണെന്നും, സൃഷ്ടികൾക്ക് സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തെ മഹാവാത്സല്ല്യത്തോടെ നൽകുന്നുണ്ടെന്നും സൃഷ്ടികളുടെ സ്വാർത്ഥത്തെ/ ആനന്ദങ്ങളെ വിശകലനം ചെയ്യുമ്പോൾ മനുഷ്യർക്ക് വ്യക്തമാകുന്നതാണ്.

സ്രഷ്ടാവ് നിശ്ചയിക്കുന്നതും സൃഷ്ടിക്കുന്നതും നൽകുന്നതുമായ പ്രകൃതിയിലെ ഭക്ഷണം ഉൾപ്പെടെയുള്ള ആനന്ദങ്ങളെ അനുഭവിച്ചു കൊണ്ട് മറ്റുള്ള ജീവികൾ ജീവിക്കുന്നത് ആനന്ദിക്കാനാണെന്ന് അവയുടെ ജീവിതം സാക്ഷ്യപ്പെടുത്തുന്നുണ്ട്.

മറ്റുള്ള ജീവികളിൽ നിന്നും ആനന്ദകാര്യത്തിൽ മനുഷ്യരെ വ്യത്യാസപ്പെടുത്തുന്നത് വിശേഷ ബുദ്ധിയെ കൊണ്ട് വസ്തുക്കളിലെ ശാസ്ത്രങ്ങളെയും ശക്തികളെയും കണ്ടെത്തി ക്കൊണ്ട് വർദ്ധിപ്പിച്ചിട്ടുള്ളതും എന്നാൽ ഭൂമി മഹാനീതിശാസ്ത്ര പ്രകാരം വെളിപ്പെടുത്തുന്നതുമായ പാചകം ചെയ്ത ഭക്ഷണം, കസേര, ബഞ്ച്, മേശ, സോഫ, വാഹനങ്ങൾ, കെട്ടിടം, ഫാൻ, എസി, റഫ്രിജറേറ്റർ, ടെലിവിഷൻ, കമ്പ്യൂട്ടർ, മൊബൈൽ ഫോൺ, വാട്സാപ്പ്, തൊഴിലുകൾ, സംഗീതം തുടങ്ങിയ ശാസ്ത്ര പരമായ ആനന്ദങ്ങളാണ്. അനന്തമായ ആനന്ദങ്ങളെ സൃഷ്ടികൾക്ക് സ്രഷ്ടാവ് പരിചയപ്പെടുത്തുകയും അനുഭവിപ്പിക്കുകയുമാണ് !

**മഹാമാതാവും മഹാപിതാവും ചേർന്ന ഏകദൈവവും, കുഞ്ഞുങ്ങളുംആത്മാക്കളുംജീവികളുമായ സൃഷ്ടിയും ചേർന്ന മഹാകുടുബമാണ് പ്രപഞ്ചമാകുന്ന പരബ്രഹ്മം.**

**പ്രപഞ്ചത്തെ സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്നത് എങ്ങനെയാവണമെന്നു നിശ്ചയിക്കാനുള്ള അവകാശവും അധികാരവും, ആദിയും അന്തവും ഇല്ലാത്ത മഹാസത്യവും മഹാമായയും മഹാശക്തിയും ഏകദൈവവും സർവ്വത്തിനും അതീതവുമായ ബ്രഹ്മത്തിനു മാത്രമേ ഉള്ളൂ.**

## ബ്രഹ്മം

പ്രപഞ്ചവും സൃഷ്ടികളും ഇല്ലെങ്കിലും, സൃഷ്ടികൾക്ക് നിർവ്വചിക്കാൻ കഴിയാത്ത മഹാസത്യമായി നിലനിൽക്കുന്ന മഹാഅവസ്ഥ ഉള്ളതായ ഒന്നിനെ മാത്രമേ ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയെന്നും മഹാസത്യമെന്നുമെല്ലാം വിശേഷിപ്പിക്കാൻ കഴിയൂ. എന്തെങ്കിലും സൃഷ്ടിക്കപ്പെട്ടാൽ മാത്രമാണ് കാലത്തിന് പ്രസക്തി ഉണ്ടാവുക എന്നിരിക്കെ; മനുഷ്യൻ അറിയുന്ന പ്രപഞ്ചത്തെ സൃഷ്ടിച്ചാലും ഇല്ലെങ്കിലും, ഏതെങ്കിലും ഒരു രൂപത്തെ സ്വീകരിച്ചാലും ഇല്ലെങ്കിലും, സൃഷ്ടികൾക്കും രൂപങ്ങൾക്കും മഹാശക്തികൾക്കും കാലത്തിനുമെല്ലാം അതീതമായ ദൈവത്തിന്റെ മഹാഅവസ്ഥയെ മഹാസത്യമായിട്ട് നിലനിർത്താൻ 'സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യാൻ തയ്യാറാകുന്ന ദൈവം ബാദ്ധ്യസ്ഥമാണ്.'

**പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടാലും ഇല്ലെങ്കിലും നിലനിൽക്കുന്ന പ്രപഞ്ചബന്ധമില്ലാത്ത ദൈവമായി 'ബ്രഹ്മത്തെ' അറിയുക.**

**പ്രപഞ്ചബന്ധമില്ലാത്ത ബ്രഹ്മത്തോട് പ്രാർത്ഥിക്കാനോ, ബ്രഹ്മത്തെ ആരാധിക്കാനോ, ബ്രഹ്മം എന്ന മഹാനാമത്തെ മാനുഷിക ശരീരത്തോടെ ജീവിക്കുന്നവരുടെ നാമങ്ങളിൽ ചേർക്കാനോ, പ്രപഞ്ചത്തിന്റെ ഭാഗമായ മനുഷ്യന് അവകാശവും അധികാരവും ഇല്ലെന്ന് സുവ്യക്തമാണ്.**

പ്രപഞ്ചത്തിന് അതീതവും, മനുഷ്യൻ അറിയുന്ന പ്രപഞ്ചം ഉൾപ്പെടെയുള്ള എന്തും അനന്തമായി സൃഷ്ടിക്കാൻ കഴിയുന്നതുമായ 'മഹാസത്യത്തിന്' പേരിടാൻ ലഭ്യമായ വിശേഷ ബുദ്ധിയെ കൊണ്ട് 'പ്രപഞ്ചത്തിലെ ജീവിയായ മനുഷ്യൻ' ഉൾപ്പെടെ യാതൊരു സൃഷ്ടികൾക്കും കഴിയില്ല; കഴിവുകളുമില്ല.

ആയിരം കോടിയോളം വർഷങ്ങൾക്കുമുമ്പ്, കുഞ്ഞുങ്ങളായിട്ട് ആത്മാക്കളെ സൃഷ്ടിക്കാനും, എല്ലാ ആത്മാക്കൾക്കും സമ-ആനന്ദമായ മഹാനീതിയെ നൽകി സംരക്ഷിക്കാനും 'മഹാസത്യം' നിശ്ചയിക്കുകയും, അതിന്റെ ആദ്യ ഒരുക്കമായിട്ട്, ബ്രഹ്മം, മഹാഭദ്രകാളി, ശിവ എന്നീ 3 മഹാനാമങ്ങളെയും, രണ്ടാമത്തെ ഒരുക്കമായിട്ട് മഹാസത്യത്തിന്റെ ഭാഗവും എന്നാൽ മഹാശക്തിയല്ലാത്തതുമായ ഒന്നിനെ ശിവൻ, പരമശിവൻ, പരമാത്മാവ് എന്നിങ്ങനെ മറ്റ് 3 മഹാനാമങ്ങളെയും 'മഹാസത്യം' സ്വീകരിച്ചു. പ്രപഞ്ചബന്ധമില്ലാത്ത ബ്രഹ്മത്തെ ഒഴിവാക്കുമ്പോൾ, "സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്ന ആത്മാക്കൾക്കും അവയുടെ പരിണാമമായ 'ജീവികൾക്കും മോക്ഷമായ നക്ഷത്ര-ദേവതകൾക്കും" ജീവിക്കാൻ ആവശ്യമായ സൃഷ്ടി സ്ഥിതി സംഹാര പാത്രമായ ആകാശവും, ശേഷം അനന്ത ആനന്ദങ്ങളും ഭൂമിയുമായ പ്രപഞ്ചമായിട്ട് "ശിവയും ഭാഗമായ ശിവനും" അവതരിക്കുന്നു. മഹാസത്യത്തിന്റെ ഭാഗമാക്കിയ 'ശക്തികളില്ലാത്തതും, അസ്തിത്വം പോലും സ്വന്തമായിട്ട് ഇല്ലാത്തതെന്ന് വിശേഷിപ്പിക്കാൻ കഴിയുന്നതുമായ ശിവനെ' ഒരുക്കിയത്  'അസ്തിത്വം പോലും സ്വന്തമായിട്ട് ഇല്ലാത്ത ആത്മാക്കളെ' ശിവന്റെ അംശങ്ങളായിട്ട് പിന്നീട് സൂര്യനെന്ന താവളം ഒരുക്കി സൃഷ്ടിക്കാൻ വേണ്ടിയാണ്. സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള ബന്ധം വ്യക്തമാകുവാൻ 'ശക്തൻ, ശക്തിഹീനൻ' എന്നീ വിഭജനം അത്യാവശ്യമാണ്; ഭൂമിയുടെ അംശമായ ശരീരത്തിലൂടെ ശക്തികളെയും വിശേഷ ബുദ്ധിയെയും ലഭിച്ച മനുഷ്യാവസ്ഥയിലെ ആത്മാക്കൾ  അനുഭവിച്ചറിയുന്ന കാര്യവുമാണ്.

ആത്മാക്കളും അവയ്ക്ക് ലഭിക്കുന്ന ശരീരങ്ങൾ പ്രകാരമുള്ള ജീവികളും ഉൾപ്പെടെയുള്ള പ്രപഞ്ചത്തിന്റെ സൃഷ്ടിക്കു വേണ്ടി, സൃഷ്ടിക്കു മുമ്പേ സ്വീകരിച്ച പ്രസ്തുത മഹാനാമങ്ങളെല്ലാം സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യാനുള്ള മഹാആവിഷ്ക്കാരത്തിന്റെ ഭാഗം മാത്രമാണ്. സൃഷ്ടി സ്ഥിതി സംഹാരങ്ങളാകുന്ന സർവ്വവും ഭദ്രപ്പെടുത്താൻ ശക്തിയുള്ളതും ഭദ്രപ്പെടുത്തിയിരിക്കുന്നതുമായ മഹാശക്തി എന്ന അർത്ഥത്തിലാണ് 'മഹാഭദ്രകാളി' എന്ന മഹാനാമത്തെ 'മഹാസത്യം' സ്വീകരിക്കുവാൻ ഒരു പ്രധാന കാരണം. വിശേഷ ബുദ്ധിയെ മനുഷ്യന് നൽകിയെങ്കിലും മനുഷ്യാവസ്ഥയിലെ 100 ജന്മങ്ങളിൽ അവസാനത്തെ ഒന്നോ രണ്ടോ ജന്മങ്ങളിൽ ആത്മാവ് സ്വീകരിക്കേണ്ടുന്ന കാളി=പശു+കാള ജന്മങ്ങളെ ഏറ്റവും ശ്രേഷ്ഠമായ ജീവികളായി നിശ്ചയിച്ചിട്ടുണ്ട്. Cow അഥവാ പശു, Oxygen -ലെ Ox കാളയുടെ ജീനും ജീവനും ഒക്കെയാണ്. കാളി എന്ന പദത്തിൽ നിന്നാണ് കാള (പശുപതി) ഉണ്ടായത്. കാലത്തെ സൃഷ്ടിക്കുന്നതും കാളിയാണ്; വിശദീകരണം ഇവിടെ ചേർക്കുന്നില്ല.

# ॐ ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

മഹാസത്യവും മഹാശക്തിയുമായ സൃഷ്ടി സ്ഥിതി സംഹാര കർത്താവ് യഥാർത്ഥത്തിൽ ജീവിയോ സ്ത്രീയോ പുരുഷനോ അല്ല. സൃഷ്ടികളായ ആത്മാക്കൾക്ക് മഹാപുരുഷനായ ദൈവത്തോട് ഭയമുണ്ടാകും എന്നതിനെ ഒഴിവാക്കാനും; കുഞ്ഞുങ്ങളായി സൃഷ്ടിക്കുന്ന ആത്മാക്കൾക്ക് മഹാവാത്സല്ല്യത്തോടെ ആനന്ദത്തെ നൽകാനുമായിട്ട് മഹാമാതാവായി (പിൽക്കാലത്ത്) അവതരിക്കുന്നു (അവതരിക്കാൻ ഉദ്ദേശിക്കുന്നു) എന്നേയുള്ളൂ. ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്ത ശിവനെ മഹാപിതാവായി അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നതും മഹാദേവിക്ക് കുഞ്ഞുങ്ങളോടുള്ള മഹാവാത്സല്ല്യം പ്രകാരമാണ്. ദേവി + ദേവൻ = ഏകദൈവം എന്ന മഹാനാമത്തിന് അവകാശവും അധികാരവും ഉള്ളത് ഏകമഹാശക്തിയായ മഹാഭദ്രകാളിക്കു മാത്രമാണ്.

(1) അസ്തിത്വം പോലും സ്വന്തമായിട്ട് ഇല്ലാത്തവരായ സൃഷ്ടികൾക്ക് അസ്തിത്വം ഉൾപ്പെടെ എന്തെങ്കിലും നൽകാനും, സ്രഷ്ടാവ് നൽകുന്ന ശക്തികളെ സൃഷ്ടിക്ക് സ്വീകരിക്കാനുമായി മാധ്യമങ്ങളെ സൃഷ്ടിച്ചാൽ അനന്തമായ സ്വതന്ത്രശക്തികളെ നൽകി അനന്തകോടി മാധ്യമങ്ങളെ അനന്തകോടി ദൈവങ്ങളെന്നോണം സൃഷ്ടിക്കേണ്ടിവരും ! (2) ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയായ സൃഷ്ടി സ്ഥിതി സംഹാര കർത്താവിന് എന്തെങ്കിലും ചെയ്യാൻ സൃഷ്ടികളായ സഹായികളുടെ ആവശ്യം ഉണ്ടെന്നു വന്നാൽ പിന്നെ കർത്താവ് മഹാശക്തിയല്ല എന്നുതന്നെയാണ് അർത്ഥം. (3) സൃഷ്ടികൾക്കെല്ലാം എന്തും ഏതും സ്വയം നിശ്ചയിക്കാനും ചെയ്യാനുമുള്ള ശക്തികളെ നൽകിയാൽ പിന്നെ അവരെല്ലാം അന്തമില്ലാത്ത മഹാശക്തിക്ക് ഉടമകളായ ദൈവങ്ങളാകുന്നതാണ്. സൃഷ്ടി എന്ന പദം തന്നെ ഉണ്ടാകില്ല ! മുകളിലെ (1) മുതൽ (3) വരെയുള്ള പ്രശ്നങ്ങളെ ഉചിതമായി പരിഹരിച്ച ശേഷം മാത്രമേ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ആരംഭിക്കാൻ കഴിയൂ. പ്രപഞ്ചത്തെ സൃഷ്ടിച്ചത് എത്ര കാലം മുമ്പാണെന്ന് അറിയാൻ മാർഗ്ഗമുണ്ട്. ആയിരം കോടി വർഷങ്ങൾ നീണ്ട ആദ്യ മഹാകാല ചക്രം കഴിഞ്ഞു. രണ്ടാമത്തെ മഹാകാലചക്രത്തിലെ ആദ്യത്തേതായ ഇപ്പോഴത്തെ സൃഷ്ടി ചക്രത്തിന്റെ ആദ്യ പകുതിയായ 5000 വർഷത്തിലെ 4500 വർഷങ്ങൾ തികയുമ്പോഴാണ് മൊത്തം 33 വർഷക്കാലം നീണ്ടു നിൽക്കുന്ന ദൈവവിപ്ലവം ആരംഭിക്കുക. ഓം മുഴങ്ങിയുള്ള ദൈവവിപ്ലവം ഉടൻ ആരംഭിക്കുമ്പോൾ, പ്രപഞ്ചം ഉണ്ടായിട്ട് ആയിരം കോടി വർഷങ്ങൾ + 4500 വർഷങ്ങളായി എന്നു തെളിയുന്നുണ്ട്. കണക്കുകളിൽ പിശകുണ്ടെങ്കിൽ, മഹാശാസ്ത്ര പരമായും പ്രത്യക്ഷമായും ബോദ്ധ്യപ്പെടുത്തി മഹാദേവി തന്നെ പരമശിവനിലൂടെ പിന്നീട് തിരുത്തുന്നതാണ്; മനുഷ്യരുടെ ജീവിതത്തെ മാറ്റിമറിക്കുന്ന കാര്യങ്ങളല്ലവ.

സൃഷ്ടി ചക്രത്തിന്റെ വിശദീകരണം : പതിനായിരം വർഷങ്ങൾ നീണ്ട സൃഷ്ടി ചക്രങ്ങളെ **4500** ഉം **5500** ഉം വർഷങ്ങളായി വിഭജിച്ചിരിക്കുന്നു. ആദ്യ പകുതിയെന്ന് കഷ്ടിച്ചു വിശേഷിപ്പിക്കാവുന്ന **4500** വർഷങ്ങളിൽ, ദൈവം പ്രത്യക്ഷമാകാതെയും മായാശക്തികളെ പ്രത്യക്ഷമാക്കാതെയും, മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് ലഭ്യമാക്കിയ വിശേഷ ബുദ്ധിയെ നൽകി ക്കൊണ്ട് ശാസ്ത്ര സാങ്കേതിക വികസനത്തിലൂടെ മനുഷ്യർ അനന്തമായ ആനന്ദങ്ങളെ കണ്ടെത്താനും നേടാനും അനുഭവിക്കാനുമുള്ള പദ്ധതികളെ ആവിഷ്ക്കരിച്ചിരിക്കുകയാണ്.

സൃഷ്ടി ചക്രം ആരംഭിച്ച് കൃത്യമായി **4500** വർഷങ്ങൾ തികയുമ്പോൾ, ദൈവം മനുഷ്യരൂപത്തിൽ പ്രത്യക്ഷപ്പെടുന്നതായ **5500** വർഷക്കാലം നീണ്ട സൃഷ്ടി ചക്രത്തിന്റെ രണ്ടാമത്തെ പകുതി ആരംഭിക്കുന്നതാണ്. ദൈവത്തിന്റെ സാന്നിധ്യം പ്രത്യക്ഷമാക്കിക്കൊണ്ട്, **33** വർഷം ഭൂമിയിലെങ്ങും 'ഓം' മുഴക്കിയുള്ള ദൈവവിപ്ലവവും, തുടർന്ന് **500** വർഷക്കാലം 'ദൈവരാജ്യവും', ഒപ്പം **1000** വർഷക്കാലം സത്യയുഗവും, തുടർന്ന്, **4500** വർഷക്കാലം നക്ഷത്ര-മോക്ഷമായ സൃഷ്ടി ചക്രത്തിന്റെ സംഹാരവും നടക്കുന്നു. ഇപ്പോഴത്തെ സൃഷ്ടി ചക്രത്തിൽ ചുവടെ വിവരിച്ച അസാധാരണമായ സംഭവങ്ങൾ നിമിത്തം, കുഞ്ഞുങ്ങളായ ദേവതകളെ കഠിനമായി ശിക്ഷിക്കാതിരിക്കാൻ കാലഘട്ടങ്ങൾക്ക് ചെറിയ മാറ്റങ്ങളെ അനുവദിക്കാൻ മഹാവാത്സല്ല്യമായ ശിവ തയ്യാറായെന്നും അറിയുക.

പതിനായിരം വർഷങ്ങളാണ് ഒരു സൃഷ്ടി ചക്രമെങ്കിൽ, ഒരു ലക്ഷം സൃഷ്ടി ചക്രങ്ങൾ ചേർന്ന ആയിരം കോടി വർഷങ്ങളാണ് ഒരു മഹാകാല ചക്രം. ഇപ്പോഴത്തേത് രണ്ടാമത്തെ മഹാകാലചക്രത്തിലെ ആദ്യത്തെ സൃഷ്ടി ചക്രമാണ്. മുൻ സൃഷ്ടി ചക്രങ്ങളിൽ വീണ്ടെടുത്ത യഥാർത്ഥ വേദങ്ങളായ 'ഭൗതിക ധർമ്മ നീതിശാസ്ത്രങ്ങളുടെ' ചില ജീർണ്ണിച്ച അവശിഷ്ടങ്ങൾ ഭാരത പ്രദേശങ്ങൾ ഉൾപ്പെടെയുള്ള സമൂഹങ്ങളിൽ നിലനിൽക്കുന്നുണ്ട്.

**മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രത്തെയും, മഹാമാതാവായ ശിവയെയും, മഹാപിതാവായ ശിവനെയും, ഭയക്കാതിരിക്കാനും; ശിവയുടെ ആനന്ദം സൃഷ്ടികളോടുള്ള മഹാവാത്സല്ല്യം ആണെന്നും, ശിവന്റെ ആനന്ദം ശിവയോടുള്ള മഹാദാസ്യം ആണെന്നും എക്കാലവും സൃഷ്ടിക്കപ്പെടുന്ന മനുഷ്യരെ ബോദ്ധ്യപ്പെടുത്താൻ 'ശിവയും ശിവനും' പശുവും പശുപതിയുമായി ആയിരം കോടി വർഷങ്ങൾ നീണ്ട ആദ്യ മഹാകാല ചക്രത്തിൽ മുഴുവൻ മനുഷ്യർക്കും മഹാദാസ്യ സേവനം ചെയ്തുപോന്നു.**

ആദ്യ മഹാകാല ചക്രത്തിലെ ആദ്യ സൃഷ്ടി ചക്രങ്ങളിൽ മനുഷ്യരിൽ നിന്നും മോക്ഷം നേടിയ ചിലരെ, മഹാനീതിശാസ്ത്രത്തിന് കളങ്കം ഉണ്ടാകാതെ സൃഷ്ടി ചക്രങ്ങളുടെ രണ്ടാമത്തെ പകുതികളിൽ ദൈവ പ്രതിനിധികളായ 'ദേവതകളായി' നിയമിക്കുകയും ചെയ്തു. സൃഷ്ടികളിൽ നിന്ന് ദേവതകളായി മാറിയവർ പിൽക്കാലത്ത് ധാർമ്മികമായി അധഃപതിച്ചു. മഹാമാതാവായ മഹാദേവിയുടെയും മഹാപിതാവായ മഹാദേവന്റെയും പൊന്നോമന കുഞ്ഞുങ്ങളും സൃഷ്ടികളുമായ 'മുൻകാല ദേവതകളെ' പിൻവലിച്ചും, മനുഷ്യാവസ്ഥയിൽ പുനർജ്ജനിപ്പിച്ചും ക്രമാനുഗതമായി നക്ഷത്ര-മോക്ഷം നൽകുന്നുണ്ട്.

ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് വിശപ്പും ദാഹവും ഉണ്ടാക്കുന്ന ശരീരത്തിലെ അവയവങ്ങൾ, വിശപ്പും ദാഹവും മാറ്റാനായിട്ട്, അവയവങ്ങളെ ഉപയോഗിപ്പിച്ചു തന്നെ ഭക്ഷണ പാനീയങ്ങളെ കഴിപ്പിക്കുന്നതും, അനുസരണയ്ക്കു പകരമെന്നോണം അനന്തമായ രുചി ആനന്ദങ്ങളെയും സംതൃപ്തിയെയും; നാവ്, കീഴ്ത്താടി, ചുണ്ടുകൾ, കവിളുകൾ, കൺപോളകൾ, കൺമണി, കഴുത്ത് കൈകാലുകൾ, വിരലുകൾ, എന്നിങ്ങനെ ശരീരത്തിലെ ഏതാനും അവയവങ്ങൾ നൽകുന്ന ഭാഗികമായ ചലനസ്വാതന്ത്ര്യം കൊണ്ടു തന്നെ സമ്പൂർണ്ണമായ സ്വാതന്ത്ര്യം അനുഭവിക്കുന്ന പ്രതീതിയെ മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കൾക്കു നൽകുന്നതും, സമാനമായ അവസ്ഥ എല്ലാ ജീവികളുടെയും ശരീരങ്ങൾ അവയുടെ സ്വത്വങ്ങൾക്കു നൽകുന്നതും, എല്ലാ ജീവികളുടെയും ശരീരങ്ങളും ജീവിതകാര്യങ്ങളും അന്യോന്യം പൊരുത്തമായിരിക്കുന്നതും, കൂടാതെ അവയുടെ സ്ത്രീ പുരുഷ ശരീരങ്ങളും പ്രത്യുല്പാദന കാര്യങ്ങളും കുഞ്ഞുങ്ങളുടെ ശുശ്രൂഷയും വളർച്ചയുമെല്ലാം പൂരകമായിരിക്കുന്നതും, ഉൾപ്പെടെ ഏതാനും കാര്യങ്ങളെ വിശകലനം ചെയ്താൽ തന്നെ മഹാശക്തിയാണ് ഭൂമിയെന്നും, ഭൂമി ജഡമല്ലെന്നും, ഭൂമിക്ക് സ്വത്വമുണ്ടെന്നും, ഭൂമിയുടെ സ്വത്വവും സത്യ-സൃഷ്ടി-വാതക രൂപവുമാണ് ഓക്സിജനെന്നും ഓംകാരനീതിശാസ്ത്രപ്രകാരം ജീവികളുടെ സ്വത്വങ്ങളെ പരിപാലിക്കുന്നതും ഭരിക്കുന്നതും ഓക്സിജനാണെന്നും മനസ്സിലാക്കാം.

സ്വന്തമെന്നു കരുതുന്ന ശരീരത്തിലെ ഏതെങ്കിലുമൊരു അവയവത്തിന്റെ പ്രവർത്തനത്തെ ദാനമായി ലഭിച്ച വിശേഷ ബുദ്ധിയെ ഉപയോഗിച്ചു വിശകലനം ചെയ്താൽ തന്നെ 'അല്പായുസ്സുകളായ മനുഷ്യരായി ജീവിക്കുന്ന ആത്മാക്കൾക്ക് ' സർവ്വം മഹാഭദ്രപ്പെടുത്തിക്കൊണ്ട് സൃഷ്ടി സ്ഥിതി സംഹാരങ്ങളെയെല്ലാം ചെയ്യുന്ന ഭൂമിയുടെ കാര്യങ്ങളിൽ ഇടപെടാൻ കഴിയില്ലെന്ന് ബോദ്ധ്യമാകും !

അനിർവചനീയവും, സർവ്വത്തിനും അതീതവുമായ ബ്രഹ്മം, അതേപടി നിലനിന്നു കൊണ്ട് ബ്രഹ്മത്തിന്റെ ശ്രേഷ്ഠമായ = പരമായ രൂപവും അവസ്ഥയുമായി പരബ്രഹ്മം എന്ന പേരിൽ ഒരു മഹാകുടുംബമായി  പ്രപഞ്ചത്തെ സൃഷ്ടിക്കുകയും, ഒപ്പം മഹാമാതാവും ഭാഗമായ മഹാപിതാവുമായി പ്രപഞ്ചത്തിൽ അവതരി(പ്പി)ച്ചിരിക്കുകയുമാണ്.

മഹാമാതാവും മഹാപിതാവും ചേർന്ന ഏകദൈവം എക്കാലവും പ്രപഞ്ചത്തിൽ മാറ്റമില്ലാതെ തുടരുമ്പോൾ, കുഞ്ഞുങ്ങളും സൃഷ്ടികളുമായ ആത്മാക്കൾക്ക് മഹാകുടുംബത്തിന്റെ അടിത്തറയും മഹാശരണവുമായി വിശേഷിപ്പിക്കാവുന്ന ഭൂമിയിൽ വച്ച് അനുഭവിച്ചറിഞ്ഞ അനന്തമായ ആനന്ദങ്ങളെ ആസ്വദിച്ചു കൊണ്ട് അനന്തകാലം നക്ഷത്രമോക്ഷത്തിലെ ദേവതയായി ജീവിക്കാനും; സ്വന്തം ഇഷ്ടപ്രകാരം ഭൂമിയിലേക്കു മടങ്ങി വന്ന് ജീവി-ജീവിതം തുടരാനും അവസരങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

സ്രഷ്ടാവും സൃഷ്ടിയും യഥാർത്ഥത്തിൽ രണ്ടാണെങ്കിലും, ഒരു മഹാകുടുംബമായിട്ട് മഹാപ്രപഞ്ചത്തെ ആവിഷ്ക്കരിക്കുകയും പ്രവർത്തിപ്പിക്കുകയും നിലനിർത്തുകയും ചെയ്തിരിക്കുകയാണ്. മഹാമംഗളകരമായ അവസ്ഥയുടെ ആധാരം മഹാമാതാവായ ഏകദൈവത്തിന്റെ അന്തമില്ലാത്ത മഹാവാത്സല്ല്യമാണ്.

മഹാകുടുംബത്തിന്റെ മഹനീയത മനസ്സിലാക്കാൻ മനുഷ്യാവസ്ഥയിൽ ലഭിക്കുന്ന വിശേഷ ബുദ്ധിയെ ഉപയോഗിച്ചാൽ തീർച്ചയായും ശ്രേഷ്ഠമാണ്. അനേകം ദൈവകാര്യങ്ങളിൽ അസത്യങ്ങളും അധർമ്മങ്ങളും അനീതികളും കലർത്തിയതിന്റെ ഉദാഹരണങ്ങളാണ് അദ്വൈതം, അഹം ബ്രഹ്മാസ്മി, തത്ത്വമസി, ഗായത്രിമന്ത്രം ഉൾപ്പെടെയുള്ള മന്ത്രങ്ങൾ, ഭക്തികോപ്രായങ്ങൾ, അനാചാരങ്ങൾ, വഴിപാട്, പൂജകൾ, യജ്ഞങ്ങൾ, യാഗങ്ങൾ, തീർത്ഥയാത്രകൾ, ദൈവനാമത്തിൽ നടത്തുന്ന അത്ഭുതങ്ങൾ തുടങ്ങി അടിസ്ഥാനപരമായി തട്ടിപ്പുകളായ മറ്റെല്ലാ മതങ്ങളും. മഹാമാതാവ് ആവിഷ്ക്കരിച്ച മഹാകുടുംബത്തെ മനുഷ്യരും ദേവതകളും കൂടി താൽക്കാലികമായി കളങ്കപ്പെടുത്തി ....

ദേവതകൾ, ദേവന്മാർ, മാലാഖമാർ, മലക്കുകൾ, നാഗദേവതകൾ, കുടുംബ ദൈവങ്ങൾ തുടങ്ങിയ പേരുകളിൽ അറിയപ്പെടുന്നവരുടെ യാഥാർത്ഥ്യവും സൃഷ്ടി സ്ഥിതികളും ആദ്യ മഹാകാല ചക്രത്തിലെ ഭരണവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. ചുവടെ പ്രത്യേകമായി വിശദീകരിക്കുന്നുണ്ട്. ദേവതകളെ പിൻവലിച്ചു കഴിഞ്ഞു. സൃഷ്ടി സ്ഥിതി സംഹാരങ്ങളിൽ അവകാശവും അധികാരവുമുള്ള ശിവ, ശിവനെയും ചേർത്ത് മഹാഭരണാധികാരിയും മഹാനീതിയുമായി സമ്പൂർണ്ണ ചുമതലകളും ഏറ്റെടുത്തു കഴിഞ്ഞു. ഉടനെ ദൈവ വിപ്ലവം ആരംഭിക്കുന്നതോടെ വിശേഷ ബുദ്ധിയെ ഉപയോഗിക്കും!

**അസ്തിത്വം പോലും സ്വന്തമായിട്ട് ഇല്ലാത്തവരെന്ന് കുഞ്ഞുങ്ങളായി കരുതുന്ന സൃഷ്ടികളായ ആത്മാക്കളെ ഈ ദിവ്യമഹാവേദ ഗ്രന്ഥത്തിൽ പലപ്പോഴും പരാമർശിച്ചിരിക്കുന്നത് കുഞ്ഞുങ്ങൾക്ക് അഹംഭാവവും, അവിവേകങ്ങളും ദുഷ്ക്കാമങ്ങളും ദുശ്ശീലങ്ങളും ദുസ്വാർത്ഥങ്ങളും ഉണ്ടാകാതെ ജാഗ്രതപ്പെടുത്താനും, വിശേഷ ബുദ്ധിയെ ഉപയോഗിച്ച് സ്വയം ശുദ്ധിപ്പെടാനും മഹാകുടുംബത്തെ മഹാസുന്ദരമാക്കാനുമാണ്.**

പ്രപഞ്ചകാര്യങ്ങളെ വെളിപ്പെടുത്താൻ ഗൗരവമായ കാരണമുണ്ട്. 'രണ്ടാമത്തെ മഹാകാലചക്രത്തിലെ ആദ്യത്തെ സൃഷ്ടിചക്രമായ ഇപ്പോഴത്തെ സൃഷ്ടിചക്രത്തിന്റെ രണ്ടാം പകുതിയിൽ ഉടനെ ഭൂമിയിൽ മുഴുവൻ 3 മുതൽ 33 വർഷക്കാലം ഓം മുഴക്കിയുള്ള ദൈവവിപ്ലവവും, സത്യയുഗവും, ദൈവരാജ്യവും ആരംഭിക്കുന്നതിന്റെ മുന്നോടിയായിട്ടാണ് ', പ്രപഞ്ചഭാഗമായിട്ട് ദൈവം അവതരിച്ചത് കൃത്യമായി അറിയാനുള്ള ശാസ്ത്ര മാർഗ്ഗത്തോടെ പ്രപഞ്ചത്തിലെ 'സൃഷ്ടി-സ്ഥിതികളെ' വെളിപ്പെടുത്തുന്നത്.

**പ്രപഞ്ച-ഭാഗമായി അവതരിക്കുന്നതിനു മുമ്പ് മഹാസത്യവും സൃഷ്ടി സ്ഥിതി സംഹാര കർത്താവുമായ ദൈവം 'മഹാരൂപരേഖ' തയ്യാറാക്കേണ്ടതുണ്ട്.** സൃഷ്ടികൾക്ക് നിശ്ചയിക്കുന്ന സ്വാർത്ഥം; സൃഷ്ടികളുടെ അവസ്ഥകൾ, ലഭ്യമാക്കുന്ന മഹാനീതി, സൃഷ്ടികളുടെയും ആനന്ദങ്ങളുടെയും അസ്തിത്വം, സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്നതിൽ 'സൃഷ്ടി സ്ഥിതി സംഹാര കർത്താവിന്റെ' സ്വാർത്ഥം / ആനന്ദം; സൃഷ്ടികളുടെ പേര്, രൂപം, ഘടന, സ്വാതന്ത്ര്യം, ശരണം, പ്രവർത്തന പദ്ധതികൾ, സ്രഷ്ടാവിന്റെ ഭാവം+രൂപം, കാലം, ആദ്യമഹാകാലചക്രത്തിലെ ദേവതകൾ, രണ്ടാമത്തെ മഹാകാലചക്രം, മഹാസൃഷ്ടിചക്രം തുടങ്ങിയവയെ സമ്പൂർണ്ണമായി ആസൂത്രണം ചെയ്ത ശേഷം മാത്രമേ ഏതൊന്നിന്റെയും സൃഷ്ടി സ്ഥിതികളെ ആരംഭിക്കാൻ സ്രഷ്ടാവ് തയ്യാറാകുകയുള്ളൂ എന്ന് ലഭ്യമായ വിശേഷബുദ്ധി കൊണ്ട് മനുഷ്യർക്ക് മനസ്സിലാക്കാം.

# മഹാരൂപരേഖ (Supreme PLAN)

ശക്തികളെ സൃഷ്ടിക്കാനും നിലനിർത്താനും; ശക്തികളെ കൊണ്ട് ആനന്ദങ്ങളെ സൃഷ്ടിക്കാനുമെല്ലാം ശക്തികൾക്കും പ്രാപഞ്ചിക-നിർവ്വചനങ്ങൾക്കും അതീതവും മഹാസത്യവുമായ ദൈവത്തിനു മാത്രമാണ് കഴിയുക. സൃഷ്ടികൾക്ക് ജീവിക്കാൻ ആവശ്യമായ ആനന്ദങ്ങളും ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും ശരണവും മഹാനീതിയുമെല്ലാം ചേർന്ന പ്രപഞ്ചമായിട്ട് ഭാഗികമായി അവതരിച്ചതിനു ശേഷം മാത്രം കുഞ്ഞുങ്ങളും ആത്മാക്കളുമായ സൃഷ്ടികളെ സൃഷ്ടിക്കേണ്ടതുണ്ട്.

സൃഷ്ടി സ്ഥിതി സംഹാര പാത്രവും മഹാശൂന്യതയുമായ ആകാശം ആദ്യം വേണം. മനുഷ്യർക്കും മറ്റുള്ള ജീവികൾക്കും ജീവിക്കാൻ ആവശ്യമായ ആനന്ദങ്ങൾ ഉൾപ്പെടെ സർവ്വവും നേരിട്ടും അനന്തമായും ലഭിക്കുന്നതും നൽകുന്നതുമായ ഭൂമി വേണം. ഭൂമിയിലെ ജീവികൾക്ക് ചൂടും വെളിച്ചവും നൽകുന്ന സൂര്യനെ വേണം. ഭൂമിക്കു വെളിയിൽ സൂര്യനെ ഒരുക്കുന്നതാണ് ശ്രേഷ്ഠമെന്നത് അനുഭവിച്ചറിയുന്നതാണ്. സൃഷ്ടിക്കുകയും ജീവിപ്പിക്കുകയും ചെയ്യുന്ന സൃഷ്ടികൾക്ക് മോക്ഷവും മഹാനീതിയും ലഭിക്കണം. നക്ഷത്രമോക്ഷത്തെയും താൽക്കാലികമായ ദേവതകളും അതിനാണ്.

മഹാപ്രപഞ്ചത്തിന്റെ ഭാഗമായിട്ട് അവതരിക്കുന്നതിനു മുമ്പ് സർവ്വത്തിനും അതീതമായ 'മഹാസത്യം' ചില മഹാനാമങ്ങളെ സൃഷ്ടികൾക്കായി സ്വീകരിക്കുന്നുണ്ട്. ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്ത മഹാസത്യത്തെ തൽക്കാലം 'മായ, മഹാമായ, ദൈവം' തുടങ്ങിയ പേരുകൾ കൊണ്ട് മനുഷ്യർക്ക് വിളിക്കാനാവും. ആവക കാര്യങ്ങളെ പിന്നീട് വിശദീകരിക്കുകയും തെളിയിക്കുകയും ചെയ്യുന്നുണ്ട്.

ദൈവം പ്രപഞ്ച-ഭാഗമായി അവതരിക്കുന്നതിനു മുമ്പ് രൂപരേഖ തയ്യാറാക്കണം. ഭൂമിയിലെ വസ്തുക്കളെ ഉപയോഗിച്ച് കെട്ടിടങ്ങളും വാഹനങ്ങളുമെല്ലാം ഭൂമിയിൽ നിർമ്മിക്കുന്നതിനു മുമ്പ് മനുഷ്യർ തയ്യാറാക്കുന്ന പ്ലാനുകൾ ചെറിയ ഉദാഹരണമാണ്. പ്രപഞ്ച-ഭാഗമായി അവതരിക്കാനും, ജീവികളുടെ സൃഷ്ടി സ്ഥിതികളെ ചെയ്യുന്നതിനും വേണ്ടി 'മഹാസത്യമായ ദൈവം' ആവിഷ്ക്കരിച്ച 'മഹാരൂപരേഖ' യെപ്പറ്റി ജീവികളും കുഞ്ഞുങ്ങളുമായ സൃഷ്ടികൾക്ക് അറിയാൻ വിശേഷ ബുദ്ധിയും തെളിവും ലഭിക്കണം. സൃഷ്ടികളുടെ ഭാഗമായ മനുഷ്യർക്ക് വിശേഷ ബുദ്ധിയെ ലഭിക്കുന്നുണ്ട്. പുരാണങ്ങളിലൂടെ മനുഷ്യർ അറിയുന്ന ദേവതകൾ ശരിയെന്നു തെളിയുമ്പോൾ, അവർക്കും വിശേഷ ബുദ്ധി ലഭിച്ചതായി മനസ്സിലാക്കാം !

സൃഷ്ടി സ്ഥിതി സംഹാര പാത്രവും മഹാശൂന്യതയുമായ ആകാശവും, മഹാശക്തിയായ ഭൂമിയുമായിട്ട് 'മഹാസത്യം' അവതരിച്ചത് സ്വന്തം 'മഹാരൂപരേഖ' പ്രകാരമാണ്. എന്നുവെച്ചാൽ സൃഷ്ടികളും കുഞ്ഞുങ്ങളുമായ ആത്മാക്കൾക്ക് പ്രപഞ്ചത്തിൽ നിന്നും ലഭിക്കുന്ന ആനന്ദങ്ങളും ശക്തികളും ജ്ഞാനവും സ്വാതന്ത്ര്യങ്ങളും ശരണവും മഹാനീതിയുമെല്ലാം പ്രപഞ്ചഭാഗമായി അവതരിക്കുന്നതിനു മുമ്പ് 'ദൈവം' ആവിഷ്ക്കരിച്ച 'മഹാരൂപരേഖ' പ്രകാരമാണ്. മഹാരൂപരേഖ പ്രകാരം സൃഷ്ടികൾക്ക് ലഭിക്കുന്ന 'ജീവി-വർഗ്ഗം, സ്ത്രീ പുരുഷ ജാതി, നിറം സൗന്ദര്യം മുഖഛായ ആയുസ്സ് ആരോഗ്യം ബുദ്ധിശക്തി ഓർമ്മശക്തി, മാതാപിതാക്കൾ ഉൾപ്പെടെയുള്ള ഉറ്റവർ, ജന്മസ്ഥലം, തുടങ്ങിയ ജന്മഗുണങ്ങളെ 'സൃഷ്ടിപരമായ വിധി' എന്ന് വിശേഷിപ്പിക്കാം.

സൃഷ്ടിപരമായ വിധി പ്രകാരം സൃഷ്ടികളായ ആത്മാക്കൾക്ക് അനുവദിച്ചിട്ടുള്ളതും ലഭിക്കുന്നതുമായ ജന്മഗുണങ്ങളെ കൊണ്ട് ജീവിക്കുമ്പോഴും ജീവിത കാര്യങ്ങളിൽ എങ്ങനെ പെരുമാറണമെന്നും പ്രവർത്തിക്കണമെന്നും നിശ്ചയിക്കാനുള്ള സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തെ ക്കൂടി സൃഷ്ടികൾക്കു ലഭിക്കണം; ലഭിക്കുന്നുണ്ട്. അല്ലെന്നു വന്നാൽ സ്രഷ്ടാവിന്റെ പദ്ധതികളോടെ സ്രഷ്ടാവ് തന്നെ ജീവിക്കുന്നതു പോലെയാകും. സൃഷ്ടികൾ ചിന്തിക്കുന്നതു പോലും ദൈവത്തിന്റെ വാതക രൂപവും സ്വത്വവുമായ ഓക്സിജന് ഭൗതികമായി തന്നെ അറിയാൻ കഴിയുമെങ്കിലും, അസാധാരണമായ സാഹചര്യത്തിൽ അല്ലാതെ സൃഷ്ടികൾക്ക് നൽകിയിട്ടുള്ള സമ്പൂർണ്ണ സ്വാതന്ത്ര്യത്തിൽ 'ഓക്സിജൻ' ഇടപെടുന്നതല്ല. സ്രഷ്ടാവ് നൽകുന്നതും, സൃഷ്ടികൾക്ക് ലഭിക്കുന്നതുമായ ശക്തികളെയും ശാസ്ത്രങ്ങളെയുമെല്ലാം 'സ്ഥിതിപരമായ വിധി' പ്രകാരം സൃഷ്ടികൾ തന്നെ നിശ്ചയിക്കാൻ സ്രഷ്ടാവ് അവസരം ഒരുക്കുകയാണു ചെയ്യുന്നത്. മഹാനീതിശാസ്ത്രമായ ഓംകാരനീതിശാസ്ത്രം പ്രകാരം എല്ലാ സൃഷ്ടികൾക്കും സമ-ആനന്ദങ്ങളെ ലഭ്യമാക്കുകയും ചെയ്യുന്നു.

സ്ഥിതി പരമായ വിധി പ്രകാരം സൃഷ്ടികളായ മനുഷ്യർക്ക് അറിയാനും പ്രപഞ്ചത്തിൽ കണ്ടെത്താനും കഴിയുന്ന വസ്തുക്കളും അവയിൽ ലയിച്ചിരിക്കുന്ന ആനന്ദങ്ങളും ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യങ്ങളും കാലങ്ങളുമെല്ലാം, ജീവികളെ സൃഷ്ടിക്കുന്നതിനു മുമ്പ് മഹാസത്യമായ ദൈവം പ്രപഞ്ച-ഭാഗമായി അവതരിക്കുന്നതിനു വേണ്ടി തയ്യാറാക്കിയ 'മഹാരൂപരേഖ' യിലെ 'സൃഷ്ടിപരമായ വിധി' പ്രകാരമുള്ളവയാണെന്ന് തെളിയുന്നുണ്ട്. മഹാസത്യമായ ദൈവത്തിന്റെ ആദിയും അന്തവും ഇല്ലാത്ത മഹാജ്ഞാനത്തിന്റെ ഓഹരിയാണ് പ്രപഞ്ചത്തിലെ ശാസ്ത്ര നിയമങ്ങളായി മാറിയിരിക്കുന്നതെന്നും; പ്രപഞ്ച-ഭാഗമായിട്ട് അവതരിക്കുന്നതിനു മുമ്പ് ശാസ്ത്രങ്ങളെല്ലാം മഹാജ്ഞാനത്തിൽ നിന്നും രൂപപ്പെടുന്ന യുക്തികൾ മാത്രമായിരുന്നു എന്നും മനസ്സിലാക്കാൻ കഴിയുന്നു. പ്രപഞ്ചത്തിന്റെ എല്ലാ 'ശാസ്ത്ര നിയമങ്ങൾക്കും' പ്രപഞ്ചത്തിനു മുമ്പുള്ളതും അതീതവും ആയിട്ടുള്ള കാര്യങ്ങളിൽ യുക്തിപരമായ പ്രസക്തിയാണുള്ളത്. അതായത് മഹാസത്യമായ ദൈവത്തിന്റെ മഹാജ്ഞാനത്തെ മഹായുക്തി എന്ന് പ്രപഞ്ച-ഭാഗമായിട്ട് അവതരിക്കുന്നതിനു മുമ്പ് വിശേഷിപ്പിക്കാൻ കഴിയുമ്പോൾ, മഹാപ്രപഞ്ചം സത്യമാകുന്നത് ശക്തികളുമായി യുക്തികൾ ലയിച്ച് ഭൗതിക അസ്തിത്വം നേടുമ്പോൾ മാത്രമാണ്. പ്രപഞ്ചമായി അവതരിച്ചതോടെ, വിവിധങ്ങളായ ശക്തികൾ ഭൗതികമായ അസ്തിത്വം നേടുകയാൽ അവയെ ബന്ധിച്ചിരിക്കുന്ന യുക്തികളെല്ലാം മഹാശാസ്ത്ര നിയമങ്ങളായി മാറിയിരിക്കുന്നു. പിന്നീട് വിശദീകരിക്കുന്നുണ്ട്.

# മഹാസത്യം, മായ, സൃഷ്ടി കർമ്മം, സ്രഷ്ടാവ്, സൃഷ്ടി

**പ്രപഞ്ചത്തിലെ അനന്തമായ ആനന്ദങ്ങളെയും ശക്തികളെയും ശാസ്ത്രങ്ങളെയും ഉൾപ്പെടെയുള്ള എന്തിനെയും എങ്ങനെയും സൃഷ്ടിക്കാനും പരിപാലിക്കാനുമെല്ലാം ശക്തികൾക്കും ശാസ്ത്രങ്ങൾക്കും പ്രപഞ്ചത്തിനും നിർവ്വചനങ്ങൾക്കും മറ്റും അതീതമായ 'മഹാസത്യ'ത്തിനു മാത്രമേ കഴിയൂ എന്നതും മഹാസത്യമാണ്. അനന്തമായ ആനന്ദങ്ങളെയും ശക്തികളെയും ശാസ്ത്രങ്ങളെയും ഉൾപ്പെടെ എന്തിനെയും സൃഷ്ടിക്കാനും പരിപാലിക്കാനുമെല്ലാം കഴിയുന്ന 'മഹാസത്യ'ത്തിന്റെ മഹാവൈഭവത്തെ 'മായ' എന്ന് തൽക്കാലം വിശേഷിപ്പിക്കാവുന്നതാണ്. 'ഓം' മുഴക്കി, ദൈവവിപ്ലവവും, സത്യയുഗവും, ദൈവരാജ്യവും, 'ദൈവ സാന്നിദ്ധ്യത്തോടെ', ഉടനെ ആരംഭിക്കുന്നതോടെ പ്രപഞ്ച-ഭാഗമായിട്ട് അവതരിക്കുന്നതിനു മുമ്പുള്ള സത്യമായ വസ്തുതകളെ മനുഷ്യർ അറിഞ്ഞും ബോദ്ധ്യപ്പെട്ടും ജീവിക്കുന്നതാണ്.**

**മഹാശൂന്യതയായ സൃഷ്ടി സ്ഥിതി സംഹാര പാത്രവും, കാലവും, ആനന്ദങ്ങളും; ആനന്ദങ്ങളെ നേടാനും ആസ്വദിക്കാനുമുള്ള ഉപാധികളായ ശക്തികളും, ജ്ഞാനമായ ശാസ്ത്രങ്ങളും ഉൾപ്പെടെ മുമ്പ് ഇല്ലാത്തവയെ സത്യങ്ങളാക്കുന്നതിനെ 'സൃഷ്ടികർമ്മം' എന്ന് നിർവ്വചിക്കാം. മഹാവൈഭവമായ 'മായ' കൊണ്ട് ശക്തികൾ ഉൾപ്പെടെ എന്തും സൃഷ്ടിക്കാനും പരിപാലിക്കാനും സംഹരിക്കാനുമെല്ലാം തയ്യാറാകുന്ന കർത്താവായ 'മഹാസത്യ'ത്തെ 'സ്രഷ്ടാവ്' എന്നും, സൃഷ്ടിക്കുന്നവയെ 'സൃഷ്ടി, കുഞ്ഞ്, ആത്മാവ്' എന്നും ഭാഗികമായി* വിളിക്കാം. * 'ഭാഗികമായി' എന്നതിന്റെ 2 വിശദീകരണങ്ങൾ :-** (1) സൃഷ്ടികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ 'നേരിട്ടു' ചെയ്യുന്നതിന് 'കർത്താവ്' ഒന്നോ അനന്തമോ ആയ രൂപങ്ങളോടെ സ്വന്തം 'മായ' കൊണ്ട് പ്രത്യക്ഷമാകുന്നതാണ്. സൃഷ്ടികൾക്ക് സമ്മാനിച്ചതോ, സാമ്യം ഉള്ളതോ ഇല്ലാത്തതോ, താൽക്കാലികമോ സ്ഥിരമോ ആയിട്ടുള്ള രൂപങ്ങളെ സ്രഷ്ടാവ് സ്വീകരിക്കുമ്പോൾ; സ്രഷ്ടാവിനെ/ കർത്താവിനെ സൃഷ്ടിയാണെന്ന് തെറ്റിദ്ധരിച്ചാൽ, അജ്ഞാനം മാത്രമാണത്. കുഞ്ഞുങ്ങളായി സൃഷ്ടിക്കുന്ന ആത്മാക്കൾക്ക് ജീവിക്കാൻ ആവശ്യമായ 'ആനന്ദങ്ങളും ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും കാലവും ശരണവും മഹാനീതിയുമായ ഭൂമിയായി' മഹാസത്യം അവതരിച്ചത് ഒരു ഉദാഹരണമാണ്. (2) പേരിടാനുള്ള അവകാശവും അധികാരവും സ്രഷ്ടാവിനു മാത്രമാണ്. സൃഷ്ടികളുടെ അടുത്ത തലമുറകൾക്ക് ജനിക്കാനും വളരാനും സൃഷ്ടികളെ മാതാപിതാക്കളായിട്ട് വാത്സല്യം ചേർത്ത് ഉപകരണമാക്കിയിട്ടുണ്ട് എന്നേയുള്ളൂ. വിശേഷ ബുദ്ധി ലഭിക്കുന്ന മനുഷ്യാവസ്ഥയിലെ കുഞ്ഞുങ്ങൾക്ക് പേരിടാൻ മഹാവാത്സല്യത്തോടെ മഹാസത്യം കനിഞ്ഞ് മനുഷ്യ-മാതാപിതാക്കളെ ഉയർത്തുകയും കൂടുതലായി ആനന്ദിപ്പിക്കുകയും ചെയ്യുമ്പോഴും, ഉചിതമായ നാമങ്ങളെ മനുഷ്യർക്ക് തോന്നിപ്പിക്കുന്നത് മഹാസത്യമായ ദൈവം തന്നെയാണെന്നും, അസ്തിത്വം പോലും സ്വന്തമായിട്ടില്ലാത്ത ആത്മാക്കൾക്ക് ചിന്തിക്കാനും ചെയ്യാനുമുള്ള ശക്തികളെ ദൈവം തന്നെ നൽകണമെന്നും വ്യക്തമാണ്.

സൃഷ്ടികൾക്ക് ആനന്ദങ്ങളെ നേടാനുള്ള ഉപാധികളായി സൃഷ്ടികൾക്ക് ലഭിക്കുന്ന അസ്തിത്വവും ശക്തികളും ജ്ഞാനവും സ്വാതന്ത്ര്യവും ശരണവും കാലവും മഹാനീതിയുമെല്ലാം 'മഹാരൂപരേഖ' പ്രകാരം 'മഹാസത്യം' ആവിഷ്ക്കരിക്കുകയും സൃഷ്ടിക്കുകയും നൽകുകയും ചെയ്യുന്ന വസ്തുതകളെ ആശ്രയിച്ചിരിക്കുന്നു.

# ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

'മഹാസത്യമായ ദൈവം' നൽകുന്ന ദാനങ്ങളായ ആനന്ദങ്ങളും, ആനന്ദങ്ങളെ നേടാനുള്ള ഉപാധികളായ അസ്തിത്വവും ശക്തികളും സ്വാതന്ത്ര്യവും ശരണവും കാലവും മഹാനീതിയുമെല്ലാം ആത്മാക്കളുടെ 'ശൂന്യാവസ്ഥയെ' വെളിപ്പെടുത്തുന്നുണ്ട്. ആത്മാക്കളുടെ സ്ഥിതിയാകുന്ന ജീവി-ജീവിതത്തിൽ വിശേഷ ബുദ്ധിയെ ലഭിക്കുന്ന ഏതൊരു ഘട്ടത്തിലും അവയുടെ ശൂന്യാവസ്ഥയെ സത്യസന്ധമായി പ്രതിഫലി(പ്പി)ക്കേണ്ടതും ആവശ്യമാണ്. ഭൂമിയുടെ അംശമായ മൂലകങ്ങളും സംയുക്തങ്ങളും അവയുടെ രൂപാന്തരമായ ശരീരാവയവങ്ങളും ശക്തികളെ നൽകിയാൽ ആത്മാക്കൾ ജീവവും, ശക്തികളെ നൽകിയില്ലെങ്കിൽ നിർജ്ജീവവും ആകുന്നതിൽ നിന്ന്, ആത്മാക്കളെല്ലാം മഹാശക്തിയായ ദൈവത്തിന്റെ അംശം അല്ലെന്നും, നിർജ്ജീവവും ശക്തിഹീനവുമായ ഒന്നിന്റെ അംശങ്ങളാണെന്നും തെളിയുന്നു. അടുത്തൊരു അദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട്. ശൂന്യത ബാധകമായതു കൊണ്ടോ സ്വന്തമായി അസ്തിത്വം ഇല്ലാത്തതു കൊണ്ടോ ആത്മാക്കൾ സത്യങ്ങൾ അല്ലാതാവുന്നില്ല. കാലാനുസൃതമായി സൃഷ്ടിക്കപ്പെടുന്ന ആത്മാക്കൾക്ക് അനന്ത കാലം അനന്തമായ ആനന്ദങ്ങളെ അനുഭവിച്ചു ജീവിക്കാനും, അസാധാരണമായ സാഹചര്യത്തിൽ ഇല്ലാതാവാനും സ്വാതന്ത്ര്യമുണ്ട്. പിന്നീട് വിശദീകരിക്കുന്നുണ്ട്.

**അടിസ്ഥാന പരമായി ശൂന്യങ്ങളായ ആത്മാക്കൾക്കു വേണ്ടി സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന അനന്തമായ ആനന്ദങ്ങളും അവയെ സൃഷ്ടിക്കാനും നിലനിർത്താനും ആത്മാക്കൾക്ക് നേടാൻ ആവശ്യമായ ശക്തികളും ജ്ഞാനവുമെല്ലാം ചേർന്ന പ്രപഞ്ചം അടിസ്ഥാനപരമായി ശൂന്യമോ, മിഥ്യയോ അല്ലെന്ന വസ്തുതയുണ്ട്.** 'മഹാസത്യമായ ദൈവം' ശക്തികൾ ഉൾപ്പെടെ എന്തും സൃഷ്ടിക്കാൻ കഴിയുന്ന സ്വന്തം മഹാവൈഭവമായ 'മായ' കൊണ്ട്, അഥവാ 'മായാമഹാശക്തികൾ' കൊണ്ട് കുഞ്ഞുങ്ങളായി സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്ന ആത്മാക്കൾക്ക് ജീവിക്കാനായി അനന്തമായ ആനന്ദങ്ങളാകുന്ന പ്രപഞ്ചമായി മാറിക്കൊണ്ട്, മധ്യസ്ഥരെ വയ്ക്കാതെ സർവ്വവും നേരിട്ടു നൽകുന്ന മഹാസംവിധാനമാണ് ഒരുക്കിയിരിക്കുന്നത്. നേരിട്ടു നൽകുമ്പോൾ കുഞ്ഞുങ്ങളായ ആത്മാക്കൾ സ്രഷ്ടാവിനെ ഭയക്കാതെയും ആനന്ദങ്ങളെ സ്വയം നേടുന്നതായും കൂടി ആവിഷ്ക്കരിക്കാൻ കുഞ്ഞുങ്ങളോടുള്ള മഹാവാത്സല്യവും, കുഞ്ഞുങ്ങൾക്ക് നൽകേണ്ടുന്ന സമ്പൂർണ്ണമായ സ്വാതന്ത്ര്യവും മഹാസത്യമായ ദൈവത്തെ ബാദ്ധ്യസ്ഥമാക്കുന്നു. അസ്തിത്വം പോലും സ്വന്തമായിട്ട് ഇല്ലാത്തവയും ശൂന്യവുമായ ആത്മാക്കൾക്ക് ജീവിക്കാനും **ഒപ്പം** നേടാനും ആവശ്യമായ **ആനന്ദങ്ങളും, ഉപാധികളായ ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യങ്ങളും ശരണവും കാലവും മഹാനീതിയുമെല്ലാമായ പ്രപഞ്ച-ഭാഗമായ ഭൂമിയായി ദൈവം ഭാഗികമായി അവതരിച്ചതാണ്. പ്രപഞ്ചത്തിന് അതീതവും ശക്തികൾ ഉൾപ്പെടെ എന്തും എത്രയും സൃഷ്ടിക്കാൻ കഴിയുന്നതുമായ മഹാസത്യത്തിന് സമ്പൂർണ്ണമായി അവതരിക്കേണ്ടത് ആവശ്യവുമാകുന്നില്ല. ആത്മാക്കളെ സൃഷ്ടിക്കുന്നതിനു മുമ്പ് മഹാസത്യമായ ദൈവം അനന്ത-ആനന്ദങ്ങളായ പ്രപഞ്ചമായിട്ട് അവതരിച്ചിരിക്കുകയാണ്. ആത്മാക്കളുടെ സൃഷ്ടിക്കു മുമ്പുള്ള പ്രപഞ്ചം സൃഷ്ടിയല്ലെന്നും സ്രഷ്ടാവാണെന്നും തെളിയുന്നു. പ്രപഞ്ചമാകുന്ന ജഗത്ത് 'മഹാമായ' യും മഹാസത്യവുമായ ദൈവവും, ദൈവം സൃഷ്ടിച്ച ആത്മാക്കളാകുന്ന സത്യവും ഉൾപ്പെടുന്നതാണ്. 1000 കോടിയിലേറെ വർഷങ്ങളായിട്ട് മഹാസത്യമായി പ്രപഞ്ചം നിലനിൽക്കുന്നത് സാക്ഷ്യമാണ്. അല്പായുസ്സുകളും അല്പജ്ഞാനികളും മിഥ്യയെന്നു പറഞ്ഞതാണ് മിഥ്യ.**

**ആദിയും അന്തവും ഇല്ലാത്തതും, മഹാപ്രപഞ്ചം ഉൾപ്പെടെ എന്തും എത്രയും അനന്തമായി സൃഷ്ടിക്കാൻ പ്രാപ്തിയുള്ള 'മഹാസത്യം', പ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതികൾക്ക് തയ്യാറാകുന്നതെങ്ങനെ എന്ന് 'മഹാസത്യം' തന്നെ സ്വന്തം ഭാഗമായ ശിവനിലൂടെ അറിയിക്കുന്നു.**

സൃഷ്ടിക്കുന്നവയ്ക്ക് അസ്തിത്വം, പേര്, രൂപം, അന്യോന്യം തിരിച്ചറിയാനുള്ള രൂപവ്യത്യാസങ്ങൾ, ജീവിക്കാൻ ആവശ്യമായ ശക്തികളും ജ്ഞാനവും സ്വാതന്ത്ര്യവും ആനന്ദങ്ങളും, ആനന്ദങ്ങളെ വർദ്ധിപ്പിക്കാൻ കഴിയുന്ന സംവിധാനങ്ങൾ, പദ്ധതികൾ, ആനന്ദങ്ങളിലെ സമത്വം, സൃഷ്ടികൾക്ക് സമആനന്ദങ്ങളെ ഉറപ്പാക്കാൻ കഴിയുന്ന ഭൗതിക ധർമ്മ ശാസ്ത്ര സംവിധാനങ്ങൾ, മഹാനീതി നടത്തിപ്പുമായി ബന്ധപ്പെട്ട മഹാഭരണം, സൃഷ്ടികളുടെ പരിണാമം, സൃഷ്ടികളുടെ തലമുറകളെ സൃഷ്ടിക്കാനും പരിപാലിക്കാനുമുള്ള സംവിധാനങ്ങൾ തുടങ്ങിയവയെ കുറ്റവും കുറവും ഉണ്ടാവാതെ ഭദ്രമാക്കാൻ അവയെ സൃഷ്ടിക്കുന്നതിനു മുമ്പ് സർവ്വത്തിനും അതീതമായ 'മഹാസത്യം' മഹാആവിഷ്ക്കരിക്കേണ്ടതുണ്ട്.

സ്വത്വവും രൂപവും ഉൾപ്പെടെ സൃഷ്ടികൾക്ക് പരമമായിട്ട് അനന്തകാലം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്ന അനന്തമായ ആനന്ദങ്ങൾ ഉൾപ്പെടെ സർവ്വവും സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ദൈവം തന്നെ ആവിഷ്ക്കരിക്കുകയും സൃഷ്ടികൾക്കെല്ലാം നേരിട്ടു തന്നെ നൽകുകയും വേണം.

**അനന്തമായ ആനന്ദങ്ങളെ അനുഭവിച്ചറിയാൻ, നീണ്ട കാലഘട്ടം ഉൾപ്പെടെ മഹത്തായ ആവിഷ്ക്കാരം വേണം.**

അനന്തമായ ആനന്ദങ്ങളെ അനുഭവിച്ചറിയാൻ സൃഷ്ടികൾക്ക് ദീർഘമായ കാലഘട്ടം വേണം. തലമുറകളിലൂടെയുള്ള നിലനില്പിനെ ആസ്പദമാക്കി ഓരോ സൃഷ്ടിയെയും രണ്ടായി വിഭജിച്ച് മാതാ-പിതാക്കളും, ഭാര്യയും ഭർത്താവും, സ്ത്രീയും പുരുഷനുമായിട്ട് ധർമ്മങ്ങളും സാമൂഹിക ജീവിതവും ആവിഷ്ക്കരിക്കണം.

സ്ത്രീപുരുഷ വ്യത്യാസം, രൂപം, വലിപ്പം, നിറം സൗന്ദര്യം മുഖഛായ, ആയുസ്സ്, ആരോഗ്യം, ബുദ്ധി ശക്തി, ഓർമ്മ ശക്തി, ശാസ്ത്ര ജ്ഞാനം, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, തുടങ്ങിയ ജന്മഗുണങ്ങളെയും പ്രകൃതി ഭംഗി, മല പർവ്വതം വനം പുഴ കടൽ തുടങ്ങിയവയും എല്ലാ സൃഷ്ടികൾക്കും ഒരുപോലെ ലഭ്യമാക്കിയാൽ സൃഷ്ടികളുടെ സൃഷ്ടിയും പരിപാലനവും അവതാളത്തിലാകും ! സൃഷ്ടിക്കപ്പെടുന്ന എല്ലാ ആത്മാക്കൾക്കും സമ-ആനന്ദമായ മഹാനീതിയെ നൽകാൻ കഴിഞ്ഞാൽ മാത്രമാണ് ദൈവം മഹാനീതിയും മഹാനീതിപതിയും ആവുക. സൃഷ്ടികൾക്ക് മഹാനീതിയെ നൽകുന്നതിനു മുമ്പ് ദൈവകാര്യങ്ങളെയും മഹാനീതിശാസ്ത്രത്തെയും ബോധ്യപ്പെടുത്താനും ദർശനം നൽകാനും സ്രഷ്ടാവാവിന് ബാദ്ധ്യതയുണ്ട്.

സൃഷ്ടികളായ ആത്മാക്കളുടെ സൃഷ്ടിയും പരിപാലനവും ചെയ്യാൻ 'മഹാസത്യം' തയ്യാറാകുമ്പോൾ, രൂപവും ഘടനയും ജീവിതരീതികളും ഉൾപ്പെടെയുള്ള ജന്മഗുണങ്ങളിൽ വ്യത്യാസം വരുത്തി ക്കൊണ്ട് ആത്മാക്കളെ അനന്തമായി സൃഷ്ടിക്കാനും പരിപാലിക്കാനും കഴിയും. സൃഷ്ടിക്കുന്ന ജീവികളിൽ ഒന്നിന് പരിണാമങ്ങളിലൂടെ മനുഷ്യൻ എന്ന പേരും വിശേഷ ബുദ്ധിയെയും നൽകി ക്കൊണ്ട് പരമമായ ദൈവകാര്യങ്ങളെയും മഹാശാസ്ത്ര നിയമങ്ങളെയും ഉൾക്കൊണ്ട് ഈ ദിവ്യമഹാവേദ ഗ്രന്ഥത്തിൽ തെളിയിക്കുകയും വിശദീകരിക്കുകയും ചെയ്തിട്ടുള്ള മഹാനീതി ശാസ്ത്രമായ 'ഓംകാര നീതിശാസ്ത്രം' പ്രകാരം മഹാനീതിയെ നിർവ്വഹിച്ചാൽ സർവ്വവും മഹാഭദ്രമാകുന്നതാണ്.

ജ്ഞാനവും ആനന്ദങ്ങളുമെല്ലാം ഒരേ സമയം ലഭ്യമാക്കിയാൽ, സൃഷ്ടികളെയെല്ലാം ഒരേസമയം സൃഷ്ടിക്കുകയും സൃഷ്ടികളുടെ ആയുസ്സ് വർദ്ധിപ്പിക്കേണ്ടിയും വരും. പ്രവൃത്തികളും പദ്ധതികളും ഇല്ലാതെ വെറുതെ ആനന്ദങ്ങളെ അനുഭവിച്ചു ജീവിക്കുന്ന സൃഷ്ടികളെ സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്നത് സൃഷ്ടികളും സ്രഷ്ടാവും തന്നെ സൃഷ്ടി സ്ഥിതികളെ അപഹസിക്കുന്നതുപോലെ അസുന്ദരമാകും. അനന്തമായ ആനന്ദങ്ങളെ ദീർഘകാലം കൊണ്ട് കുറേശ്ശെയായി വെളിപ്പെടുത്തുകയും സൃഷ്ടികൾക്ക് അനുഭവിച്ചറിയാൻ കഴിയുകയും ചെയ്യുമ്പോൾ പരിഹാരമാകും. സ്രഷ്ടാവിന് പരസഹായം കൂടാതെ എന്തും ചെയ്യാൻ കഴിയും എന്നിരിക്കിലും, സൃഷ്ടികൾക്ക് സ്ഥിതി ചെയ്യാൻ ഇടം വേണം. ഉദാഹരണത്തിന് ജീവികൾക്ക് താമസിക്കാൻ ഭൂമി വേണം. സൃഷ്ടികൾക്ക് ചലന സ്വാതന്ത്ര്യവും മറ്റ് ആനന്ദങ്ങളും കൂടുതൽ നൽകാനും, സൃഷ്ടികളുടെ എണ്ണം കൂടുന്നതിനനുസരിച്ചും ഭൂമി വളരെ വലിയതും ആവണം. വലുതും വളരേണ്ടതുമായ ഭൂമിയുടെ രൂപവും ഘടനയും നിശ്ചയിക്കണം.

ഭൂമിയും സൂര്യനും ചന്ദ്രനുമായി ദൈവം അവതരിക്കുന്നതിനു മുമ്പ്; അവയ്ക്ക് സ്ഥിതിചെയ്യാനുള്ള ആദിയും അന്തവും ഇല്ലാത്ത മഹാശൂന്യതയായ ആകാശം ഉണ്ടാണം. ആകാശത്തിന്റെ രൂപവും ഘടനയും നിശ്ചയിക്കണം. സൃഷ്ടികളും കുഞ്ഞുങ്ങളുമായ ആത്മാക്കളെയും അവയുടെ നക്ഷത്രമോക്ഷമായ ദേവതകളെയും ശേഷം മാത്രമാണ് സൃഷ്ടിക്കാൻ കഴിയുക ! സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്നതിന് മഹാരൂപരേഖയും നടപടി ക്രമങ്ങളും ആവശ്യമാണെന്നു തെളിയുന്നു.

**ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതായ മഹാസത്യം, 'ബ്രഹ്മം, ഭദ്രകാളി, ശിവ' എന്നീ മഹാനാമങ്ങളെ സ്വീകരിക്കുന്നതാണ് ആദ്യത്തെ നടപടി.**

മഹാസത്യം സൃഷ്ടിക്കാൻ തയ്യാറാകുന്ന 'മഹാശക്തികളുടെ മഹാഭണ്ഡാരം കൂടിയായ പ്രപഞ്ചം' ഉൾപ്പെടെ സർവ്വത്തിനും, ഏതൊരു നിർവ്വചനങ്ങൾക്കും അതീതമായ 'ബ്രഹ്മം' എന്ന അവസ്ഥയെ വേറിട്ടു നിലനിർത്തുന്നതാണ് അടുത്ത നടപടി.

ബ്രഹ്മം, ഓംകാര നീതിശാസ്ത്രം, ഓം, ഓംകാരം, ഭൂമി, മഹാഭദ്രകാളി, പശു, മഹാദേവി തുടങ്ങിയവയെ ഈ ദിവ്യമഹാവേദ ഗ്രന്ഥത്തിൽ പ്രത്യേകം വിശദീകരിച്ചിട്ടുണ്ട്. ഇവിടെ ആവർത്തിക്കുന്നില്ല.

'മഹാമായ' യുടെ പ്രഭാവം അറിയാത്തതു കൊണ്ടും, പ്രപഞ്ചത്തിലെ ശക്തികളുമായി താരതമ്യം ചെയ്യുന്നതു കൊണ്ടും, 'ബ്രഹ്മത്തെ' വേറിട്ടു നിലനിർത്തുന്നത് എങ്ങനെയാണെന്ന് മനസ്സിലാക്കാൻ വളരെപ്പേർക്ക് കഴിയില്ല. അക്കാര്യം വിശദീകരിച്ച ശേഷം തുടരാം.

മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം പ്രകാരം, രണ്ടു വസ്തുക്കൾ തമ്മിൽ കൂട്ടിമുട്ടുമ്പോഴുമൊക്കെ ശബ്ദം ഉണ്ടാകുന്നതാണ്.

ഒരു വസ്തു വായുവിൽ ചുറ്റുമ്പോഴും, മില്ലുകളിൽ യന്ത്രം കറങ്ങുമ്പോഴും, വാഹനങ്ങൾ ഓടുമ്പോഴുമൊക്കെ സംഭവിച്ചുകൊണ്ടിരിക്കുന്ന ശബ്ദങ്ങളെ ബധിരർ ഒഴികെയുള്ളവർ കേൾക്കുകയും അനുഭവിക്കുകയും ചെയ്യുന്ന കാര്യങ്ങളാണ്. ശബ്ദം ഉണ്ടാകുന്നത് അറിയുകയും അനുഭവിക്കുകയും ചെയ്യുന്ന മനുഷ്യർ, ശബ്ദം ഉണ്ടാകുന്നില്ലാ എങ്കിൽ അഥവാ ശബ്ദം എന്നൊന്ന് ഇല്ലായെങ്കിൽ, അതും പ്രപഞ്ചത്തിന്റെ സ്വഭാവമായി കണക്കാക്കുമായിരുന്നു. മഹാസത്യവും മായാമഹാശക്തിയുമായ ദൈവത്തിന്റെ മഹാമായയുമായി ബന്ധപ്പെട്ട ശബ്ദത്തിന്റെ ഉത്ഭവം സൃഷ്ടി സ്ഥിതികളിലെ മഹാകാര്യങ്ങളുടെ ഭാഗമാണ്. രണ്ടോ അതിലധികമോ വസ്തുക്കൾ പ്രതിപ്രവർത്തിക്കുമ്പോൾ ശബ്ദമുണ്ടാകുന്നതാണ് എന്ന ഒരു ശാസ്ത്രനിയമത്തെ സൃഷ്ടിച്ചുകൊണ്ട് മഹാസത്യവും മായാമഹാശക്തിയുമായ ദൈവം, ശക്തിശിവൻ പ്രണയമന്ത്രം, ശബ്ദബ്രഹ്മം, അക്ഷരബ്രഹ്മം, മഹാശാസ്ത്രമൂലം, സംഹാരകാഹളം, ആദിവചനം, സർവ്വദേശ ഭൂമി ഗാനം, മഹാസംഗീതം, ദൈവ വിപ്ലവ ഗാനം,

മഹാദേവിയുടെ മഹാചിരി തുടങ്ങിയവയായ **ഓാം** എന്ന ഏകമഹാശബ്ദമായി മാറിക്കൊണ്ട് ആറ്റങ്ങളിലേക്കും മഹാപ്രപഞ്ചത്തിലേക്കും പ്രവേശിക്കുന്ന മഹാത്ഭുതമാണ് സംഭവിക്കുന്നത്. ഉടനെ ആരംഭിക്കുന്ന 'ദൈവ വിപ്ലവത്തിൽ' മഹാശാസ്ത്രപരമായിട്ട് ഓരോ വ്യക്തിയുടെയും ശരീരം ഉൾപ്പെടെ പ്രപഞ്ചത്തിലെ സർവ്വ വസ്തുക്കളിൽ നിന്നും '**ഓാം**' മുഴങ്ങുകയും ബധിരർ ഉൾപ്പെടെ സർവ്വരും '**ഓാം**' കേൾക്കുകയും ചെയ്യുന്നതോടെ വിഷയം മഹാ-ഗൗരവമാകുന്നു. ഓരോ ആറ്റത്തിലേക്കും '**ഓാം**' ആയിട്ട് '**മായ**' പ്രവേശിച്ചിരിക്കുന്നു എന്നു പറയുമ്പോൾ സ്രഷ്ടാവും രക്ഷകയും മഹാസത്യവുമായ മഹാഭദ്രകാളി തന്നെയാണ് പ്രവേശിച്ചിരിക്കുന്നത്.

ശിവയായ പ്രോട്ടോണുകളെ, ഓം പ്രഭാവം കൊണ്ട് ശിവനായ ഇലക്ട്രോണുകൾ ചുറ്റുന്നു എന്നും മറ്റുമുള്ള തിരുത്തലുകൾ ഭൗതിക ശാസ്ത്ര ഗ്രന്ഥങ്ങളിൽ കൂട്ടിച്ചേർക്കപ്പെടുന്നതാണ്. പ്രപഞ്ചത്തിന് അതീതമായ 'ബ്രഹ്മം' വേറിട്ട് നിലനിൽക്കുന്നത് വ്യക്തമാക്കിയല്ലോ. പ്രപഞ്ച സൃഷ്ടിയായ മനുഷ്യന് പ്രപഞ്ചത്തിന് അതീതമായ ബ്രഹ്മത്തെ ആരാധിക്കാൻ അവകാശമില്ല.

'ഭദ്രകാളി, ശിവ' എന്നീ മഹാനാമങ്ങളെ ലഘുവായി വിവരിക്കാം : 'സൃഷ്ടി സ്ഥിതികളെയും, സംഹാരം ഉൾപ്പെട്ട മഹാനീതിയെയും മഹാമംഗളമായി നിർവ്വഹിക്കുക' എന്നാണ് 'ഭദ്രപ്പെടുത്തുക' എന്ന പദത്തിന്റെ വിപുലമായ അർത്ഥം. 'കാളി' യിൽ നിന്നുമാണ് 'കാള' എന്ന പദവും, ജീവിയും ഉണ്ടായത്. കാളി = പശു. കാള = പശുപതി.

മഹാനീതിശാസ്ത്രമായ ഓംകാരനീതിശാസ്ത്രത്തെയും മഹാസത്യമായ സ്രഷ്ടാവിനെയും മഹാവാത്സല്യമായി മാത്രം മനസ്സിലാക്കാനും, ഓംകാര നീതിശാസ്ത്രത്തിന്റെ കാതലായ മഹാപുനർജ്ജന്മ സിദ്ധാന്തം പ്രകാരമുള്ള നടപടികളെ ജനങ്ങൾ ഭയക്കാതിരിക്കാനുമായിട്ട്, ആയിരം കോടി വർഷങ്ങൾ നീണ്ട ആദ്യ മഹാകാലചക്രത്തിൽ മഹാസത്യവും മായാമഹാശക്തിയും ഭദ്രകാളിയുമായ ഏകദൈവം ഗോമാതാവായും, മഹാസത്യമായ മഹാഭദ്രകാളിയുടെ ഭാഗമായ പരമശിവൻ പശുപതിയായും എല്ലാ സൃഷ്ടികൾക്കും മഹാവാത്സല്യത്തോടെ മഹാദാസ്യ സേവനത്തെ അടുത്ത കാലം വരെ അനുഷ്ഠിച്ചിരുന്നു.

പ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്നതിനു തയ്യാറാകുന്ന ദൈവത്തിന്റെ സ്വാർത്ഥം എന്താണെന്ന് വിശേഷ ബുദ്ധിയെ ലഭ്യമാക്കുന്ന മനുഷ്യാവസ്ഥയിലെ ആത്മാക്കൾക്ക് ബോദ്ധ്യപ്പെടുത്താൻ കർത്താവായ ദൈവത്തിന് ബാദ്ധ്യതയുണ്ട്. ആനന്ദങ്ങൾ ഉൾപ്പെടെ സർവ്വത്തിനും അതീതമായ ദൈവത്തിന്റെ ആനന്ദങ്ങൾ, സൃഷ്ടികളും കുഞ്ഞുങ്ങളുമായ ആത്മാക്കളോടുള്ള മഹാവാത്സല്യവും മഹാദാസ്യവും മാത്രമാണെന്നും, അവയെ കുഞ്ഞുങ്ങൾക്കു നൽകുന്നതിലൂടെ ആനന്ദങ്ങൾ ഉൾപ്പെടെ സർവ്വത്തിനും അതീതമായി ദൈവം തുടരുമെന്നും സുവ്യക്തമാണ്.

അതേസമയം കുഞ്ഞുങ്ങളുടെ മഹാദാസരായും, കുഞ്ഞുങ്ങൾക്ക് മഹാവാത്സല്ല്യത്തെ നൽകുന്ന മഹാമാതാപിതാക്കളായും ദൈവം കുഞ്ഞുങ്ങളെ കരുതുകയും സംരക്ഷിക്കുകയും ചെയ്യുന്നുമുണ്ട്. എക്കാലത്തെയും മനുഷ്യരെ ബോദ്ധ്യപ്പെടുത്താൻ വേണ്ടിയാണ് 1000 കോടി വർഷങ്ങൾ നീണ്ട ആദ്യത്തെ മഹാകാലചക്രം മുഴുവൻ മഹാസത്യമായ ഭദ്രകാളിയും ഭാഗമായ ശിവനും, പശുവും പശുപതിയുമായി, കുഞ്ഞുങ്ങളായ മനുഷ്യരെയും ജീവികളെയും സേവിച്ചത്. ശിവനെ പ്പറ്റി പിന്നീട് വിശദീകരിക്കുന്നുണ്ട്.

ആയിരം കോടി വർഷങ്ങൾ നീണ്ട ആദ്യത്തെ മഹാകാല ചക്രത്തിലെ മഹാഭരണകാര്യങ്ങളെ മനുഷ്യരിൽ നിന്നും മോക്ഷം നേടിയ സൃഷ്ടികളെ ത്തന്നെ 'ദേവതകൾ' എന്ന പൊതു നാമവും, പദവികളും അധികാരവും ചുമതലകളും മോക്ഷ-ആനന്ദങ്ങളും നൽകി ഏല്പിച്ചിരുന്നു. കാലക്രമേണ അവർ ദുർവൃത്തരായതും, അവരിൽ രണ്ടു പേർ ദൈവമാകാൻ ശ്രമിച്ചതുമായ നീണ്ട ചരിത്രമുണ്ട്. ഭദ്രകാളി, പരമശിവൻ, ശിവ, ശിവൻ തുടങ്ങിയ മഹാനാമങ്ങളെയും അവരുടെ മഹാരൂപങ്ങളെയും വരെ അപഹസിക്കാനും വികൃതമാക്കാനും ശ്രമിച്ച അനേകം ദേവതകൾ മനുഷ്യരായും മറ്റും ഇന്ന് ജീവിക്കുന്നുണ്ട്. കുഞ്ഞുങ്ങളുടെ വികൃതികളെ മഹാമാതാപിതാക്കൾ ഗൗരവമായി കാണില്ല. അതേസമയം കുഞ്ഞുങ്ങളുടെ ആനന്ദത്തെ തട്ടിയെടുക്കുകയും നശിപ്പിക്കുകയും ചെയ്തിട്ടുള്ളവരെ കൃത്യമായ അളവിൽ മഹാനീതിശാസ്ത്ര പ്രകാരം ശിക്ഷിച്ചു തിരുത്തുന്നുമുണ്ട്. ആവക കാര്യങ്ങളെ ഈ ദിവ്യമഹാവേദ ഗ്രന്ഥത്തിൽ തെളിയിക്കുകയും വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്.

സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ജഗദംബയുടെ ആനന്ദങ്ങൾ മഹാദാസ്യവും മഹാവാത്സല്ല്യവും ആയിരിക്കുമ്പോഴും, ജഗദംബയെ മഹാഉചിതമായി മനസ്സിലാക്കിക്കൊണ്ട് മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കൾ, ശരീരത്തിലും മൂലമായ മൂലകങ്ങളിലും ഭൂമിയിലും ലയിച്ചിരിക്കുന്ന മഹാശാസ്ത്രത്തിന്റെ ഭാഗമായ ധർമ്മ ശാസ്ത്രം പ്രകാരം മാത്രം ജീവിക്കാൻ ശ്രദ്ധിക്കേണ്ടത് അവരവരുടെ ആവശ്യവും അത്യാവശ്യവുമായി മാറുന്നതാണ്.

'ഭദ്രകാളി' എന്ന മഹാനാമത്തിന് മനുഷ്യരുടെ സന്തോഷം കണക്കാക്കിക്കൊണ്ട് മനുഷ്യാവസ്ഥയിൽ ആത്മാക്കൾക്ക് ലഭിക്കുന്ന 100 ജന്മങ്ങളിൽ ഒരു ജന്മത്തിൽ മാത്രം അനുവദിക്കുന്ന ആരാധനയുമായി ബന്ധമുണ്ട്. ദൈവം എന്താണെന്നറിയാതെ ദൈവാരാധന, സ്തുതികൾ, തുടങ്ങിയ പേരുകളിൽ മനുഷ്യർ കാട്ടിക്കൂട്ടുന്ന അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ദുരനുഷ്ഠാനങ്ങളുമെല്ലാം ദൈവ വിപ്ലവത്തോടെ തീരുന്നതാണ്.

ഭൂമിയിൽ ഉടനെ സത്യയുഗം ആരംഭിച്ച ശേഷം, ഇപ്പോഴത്തെ സൃഷ്ടി ചക്രത്തിലെ മനുഷ്യാത്മാക്കളുടെ നക്ഷത്ര-മോക്ഷമായ 'സംഹാരം' പുരോഗമിക്കുമ്പോൾ, മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രം പ്രകാരം കേരളത്തിൽ പുനർജ്ജനിച്ചു കൊണ്ടിരിക്കുന്ന ഭദ്രകാളിയുടെ പൊന്നോമന കുഞ്ഞുങ്ങളായ എല്ലാ മനുഷ്യർക്കും, 'അർദ്ധമഹാദേവീ' രൂപം പ്രതിഫലിക്കുന്ന മഹാപിതാവായ പരമശിവനിലൂടെ ഓരോ മനുഷ്യന്റെയും നാവിൽ 'ഓം' കുറിച്ചു കൊണ്ട് യഥാർത്ഥ വേദങ്ങളും മഹാശാസ്ത്രവുമായ ഭൗതിക ധർമ്മ നീതി ശാസ്ത്രങ്ങളെ ഭദ്രകാളി മഹാഅനുഗ്രഹിച്ചു നൽകുന്നുണ്ട്. മനുഷ്യാവസ്ഥയിൽ ഓരോ ആത്മാവിനും അനുവദിച്ചിട്ടുള്ള 100 ജന്മങ്ങളിലെ 90 മുതൽ 95 വരെയുള്ള പുരുഷ ജന്മങ്ങളിലൊന്നിൽ ഏറെക്കുറെ 50 വയസ്സുള്ളപ്പോൾ മഹാശാസ്ത്രം ലഭിച്ച് ദൈവം എന്താണെന്ന് സുവ്യക്തമായി അറിയുകയും ദൈവത്തിന്റെ മഹാവാത്സല്ല്യത്തെ ഓർത്തോർത്ത് വിതുമ്പിക്കരയുകയും ചെയ്യുന്ന ഏകജന്മത്തിലെ ശിഷ്ടകാലം മാത്രമാണ് ദൈവത്തെ ആരാധിക്കാൻ അനുവദിച്ചിട്ടുള്ളത്. ആരാധനാ വാചകം :

## 'ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.'

((( ദിവ്യ 1: സൃഷ്ടി മുഴുവൻ തനിച്ചു നിർവ്വഹിക്കുന്ന മഹാദേവി; ദിവ്യ 2: സ്ഥിതി എന്ന മഹാപരിപാലനം മുഴുവൻ തനിച്ചു നിർവ്വഹിക്കുന്ന മഹാദേവി; ദിവ്യ 3: മണ്ണായ ഭൂമിയിൽ അടിഞ്ഞ് മണ്ണടിയായി സംഹാരം ഉൾപ്പെടെ മഹാനീതി മുഴുവൻ തനിച്ചു നിർവ്വഹിക്കുന്ന മഹാദേവി (സംഹാരം മഹാപിതാവും സംഹാര ദേവനുമായ പരമശിവനിലൂടെ); ദിവ്യ 4: ദിവ്യ എന്ന മഹാനാമത്തോടെ മാത്രം ഭൂമിയിൽ മനുഷ്യസ്ത്രീ രൂപത്തിൽ അവതരിക്കുന്ന മഹാദേവി; അവതരിച്ചു കഴിഞ്ഞു. ))). ഭദ്രകാളിയെ മഹാഭദ്രകാളി എന്ന് സംബോധന ചെയ്യുന്നതും, ദൈവ കാര്യങ്ങളെ 'മഹാ' ചേർത്ത് വിശേഷിപ്പിക്കുന്നതും മനുഷ്യരുടെ അവസ്ഥാപരമായ ഇഷ്ടങ്ങളും ആവശ്യങ്ങളുമാണ്; മഹാജഗദംബയായ ഭദ്രകാളിയുടെ ആവശ്യമല്ല.

ആദ്യത്തെ മഹാകാല ചക്രത്തിൽ മനുഷ്യാവസ്ഥയിൽ വച്ച് നക്ഷത്ര-മോക്ഷത്തെ നേടിയ ഏതാനും ദേവതകൾ പൈശാചികമായി അധഃപതിച്ചപ്പോൾ, അവരെ ശിക്ഷിച്ചു തിരുത്താനായിട്ട് 'സംഹാര ദേവി' എന്നു വിശേഷിപ്പിക്കാവുന്ന ഒരു ദേവതയെ 'മഹാസത്യമായ ഭദ്രകാളി' സൃഷ്ടിക്കുകയുണ്ടായി; ഘോരരൂപിണി കൂടിയായ പ്രസ്തുത ദേവതയെ അനേകർ ഭദ്രകാളി എന്ന് തെറ്റിദ്ധരിച്ചിട്ടുമുണ്ട്. സൃഷ്ടികളായ ദേവതകളിൽ രണ്ടു പേർ ഏകദൈവമായ ഭദ്രകാളിയെയും, ഭാഗമായ ശിവനെയും പോലും അട്ടിമറിക്കാനും ദൈവമാകാനും കൊടുംപൈശാചികമായി ശ്രമിച്ച കൊടിയ ചരിത്രമുണ്ട്. ആവക ചരിത്രങ്ങളെ ആയിരം കോടി വർഷങ്ങൾ നീണ്ട 'ആദ്യ മഹാകാലചക്രം' എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്.

ഭദ്രകാളി മഹാഗോമാതാവാണ്; ദിവ്യമനുഷ്യസ്ത്രീയായി ഇപ്പോഴത്തെ സൃഷ്ടിചക്രം മുതൽ അവതരിച്ചിരിക്കുകയുമാണ്.

'ശിവ' എന്ന മഹാനാമത്തെ 'മഹാസത്യം' സ്വീകരിക്കാനുള്ള കാരണങ്ങൾ പലതാണ്. (1). 'ഓം നമഃ ശിവായ' എന്ന ലളിതമായ സ്തുതിയാണ് ആദ്യത്തേത്. വിശേഷ ബുദ്ധിയെ ലഭിക്കുന്ന മനുഷ്യാവസ്ഥയിൽ ഓരോ ആത്മാവിനും 100 മനുഷ്യജന്മങ്ങൾ ഉണ്ടെന്ന് ഓംകാരനീതിശാസ്ത്രം പ്രകാരം മനസ്സിലാക്കാൻ കഴിയുമെങ്കിലും, മഹാശാസ്ത്രം ലഭിക്കുന്ന ഒരേയൊരു ജന്മത്തിൽ ഓംമഹാസത്യവും ഓംമഹാശക്തിയുമായ മണ്ണടി മഹാഭദ്രകാളി അനുവദിക്കുമ്പോൾ മാത്രമേ ദൈവത്തെ ആരാധിക്കാൻ കഴിയൂ എന്നത് ഭൂരിപക്ഷം മനുഷ്യരെയും വേദനിപ്പിക്കുന്നതാണ്. കുഞ്ഞുങ്ങളുടെ ആനന്ദത്തെ കണക്കാക്കി മഹാവാത്സല്യവും മഹാജഗദംബയുമായ മഹാഭദ്രകാളി 'ഓം നമഃ ശിവായ' എന്ന ലളിതമായ സ്തുതി അനുവദിച്ചിരിക്കുകയാണ്. ഇപ്പോഴത്തെ സൃഷ്ടിചക്രത്തിന്റെ രണ്ടാം പകുതിയിലെ ദൈവ വിപ്ലവത്തോടെ 'മഹാസത്യമായ ശിവ'യുടെ ഭാഗമായ ശിവനെ 'പരമശിവൻ' എന്ന മഹാപദവി നൽകുമ്പോൾ, 'ഓം നമഃ ശിവായ = മഹാശിവയെ നമിക്കുന്നു = മഹാശിവയും ഭാഗമായ ശിവനെയും നമിക്കുന്നു = മഹാദേവിയെ നമിക്കുന്നു = മഹാദേവിയെയും ഭാഗമായ മഹാദേവനെയും നമിക്കുന്നു' എന്നതൊഴികെയുള്ള സ്തുതികൾ അവസാനിച്ചു തുടങ്ങും; ദൈവ വിപ്ലവത്തോടെ പൂർണ്ണവുമാകും !

ശൂന്യമാണ് സൃഷ്ടിയും കുഞ്ഞുമായ ആത്മാവിന്റെ അസ്തിത്വം. മുമ്പ് ഇല്ലാത്തതായ ഒന്നിനെ സൃഷ്ടിക്കുമ്പോൾ, അസ്തിത്വം ഉൾപ്പെടെ എന്തും ആത്മാവിനു നൽകണമോ വേണ്ടയോ എന്ന് നിശ്ചയിക്കുന്നതും നൽകുന്നതുമെല്ലാം സ്രഷ്ടാവാണ്.

സത്യം ധർമ്മത്തിലും വേണം. ആദിയും അന്തവും ഇല്ലാത്ത മഹാസത്യവും മഹാശക്തിയുമായ ദൈവത്തിന്റെ അംശങ്ങളും മഹാശക്തികൾ തന്നെയാകും എന്നതുകൊണ്ട് ദൈവത്തിന്റെ അംശങ്ങളായി സൃഷ്ടികളായ ആത്മാക്കളെ സൃഷ്ടിക്കാനാവില്ല. സ്വന്തമായിട്ട് അസ്തിത്വവും ശക്തികളും ജ്ഞാനവും സ്വാതന്ത്ര്യവും ഉള്ളവർ സൃഷ്ടികളല്ല; സ്രഷ്ടാവാണ്. ഭൂമിയിൽ ജീവിക്കുന്ന മനുഷ്യർ ഉൾപ്പെടെയുള്ള ജീവികളുടെയെല്ലാം സ്വത്വങ്ങളായ ആത്മാക്കൾക്ക് സ്വന്തമായിട്ട് അസ്തിത്വം ഇല്ല; മഹാശക്തിയായ ഭൂമിയുടെ അംശമായ ശരീരവും മൂലമായ മൂലകങ്ങളും ഉപയോഗിച്ചല്ലാതെ ഒരല്പം ശൂന്യതയോ ഒരു എറുമ്പിനെ പ്പോലുമോ സൃഷ്ടിക്കാനുള്ള കഴിവുകളുമില്ലാത്ത അവർ സൃഷ്ടികൾ മാത്രവുമാണ്.

ദേവതകൾ, ദൈവങ്ങൾ എന്നെല്ലാം കരുതപ്പെടുന്നവർ ആനന്ദങ്ങൾക്ക് അതീതരല്ലെങ്കിലും; മനുഷ്യർ നൽകുന്ന ഭക്ഷണം, സ്തുതികൾ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, ആരാധനകൾ തുടങ്ങിയവയിൽ ആനന്ദിച്ചു ജീവിക്കുന്നവരാണെങ്കിൽ ദൈവമല്ല. ആനന്ദങ്ങൾക്ക് അതീതമായ ശിവയും ഭാഗമായ ശിവനും ചേർന്ന മഹാസത്യവും ബ്രഹ്മവുമായ മഹാഭദ്രകാളി മാത്രമാണ് സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ഏകദൈവം എന്നും തെളിയുന്നു.

(2). ആത്മാവിന്റെ സ്ത്രീ പുരുഷ വിഭജനത്തോടെയുള്ള സൃഷ്ടിയും, കരിമീൻ കുഞ്ഞുങ്ങളായുള്ള ആദ്യ-ജീവിസൃഷ്ടിയും കഴിഞ്ഞാൽ മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രം പ്രകാരം മത്സ്യം പക്ഷി മൃഗം മനുഷ്യൻ എന്നീ അവസ്ഥകളിൽ 100 സ്ത്രീ പുരുഷജന്മങ്ങൾ വീതം ആത്മാവിന്റെ പുരുഷ ഭാഗത്തിനും, സസ്യങ്ങളായിട്ട് 500-ലധികം ജന്മങ്ങൾ ആത്മാവിന്റെ സ്ത്രീ ഭാഗത്തിനും സമ്മാനിച്ച് സൃഷ്ടി സ്ഥിതികളെ മംഗളമാക്കുകയും, പുനർജ്ജന്മങ്ങളെ ആത്മാക്കളുമായിത്തന്നെ ബന്ധിപ്പിച്ച് മാതാപിതാക്കൾ എന്ന മഹാസംവിധാനത്തെ ഒരുക്കുകയും ആനന്ദശാസ്ത്രത്തെ കാമ-ആനന്ദം ചേർത്ത് വികസിപ്പിച്ചിരിക്കുകയുമാണ്.

**ശൂന്യതയും ശക്തിഹീനതയും ബാധകമായ ഒരു പരമാത്മാവിന്റെ അംശങ്ങളും കുഞ്ഞുങ്ങളുമായി ആത്മാക്കളെ സൃഷ്ടിക്കാനും കുഞ്ഞുങ്ങൾക്ക് അനന്തമായ ആനന്ദങ്ങളെ അനുഭവിച്ചു കൊണ്ട് ജീവിക്കാനും, ആനന്ദങ്ങളെ നേടാനും അനുഭവിക്കാനും ആസ്വദിക്കാനുമുള്ള ഉപാധികളായി ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയും ശരണത്തെയും കാലത്തെയും മഹാനീതിയെയുമെല്ലാം ശരീരമാകുന്ന ഭൂമിയുടെ അംശം കൊണ്ട് നേരിട്ടു നൽകാൻ സർവ്വം മഹാഭദ്രപ്പെടുത്തുന്ന ഭദ്രകാളി നിശ്ചയിക്കുന്നത് ശിവ എന്ന പേരോടെ ലളിതവും ലളിതയുമായ മഹാമാതാവായിട്ട് സ്വയം മാറിയും, മഹാപിതാവായിട്ടും പരമാത്മാവായിട്ടും ശൂന്യതയും ശക്തിഹീനതയും ബാധകമായ ഒന്നിനെ സൃഷ്ടിക്കുകയും ഭാഗമാക്കുകയും ചെയ്താണ്.**

മഹാശൂന്യതയും, സൃഷ്ടി സ്ഥിതി സംഹാര പാത്രവും, ശിവലിംഗവുമായ ആകാശവും, മഹാശക്തിയായ ഭൂമിയുമായി അവതരിക്കുന്നത് ഉൾപ്പെടെ, **മഹാപ്രപഞ്ചത്തിന്റെ സൃഷ്ടിക്കു മുമ്പ്, മഹാസത്യമായ മഹാഭദ്രകാളിയുടെ ഇഷ്ടാനുസരണം ജീവമായും നിർജ്ജീവമായും പ്രവർത്തിക്കുന്ന ഒന്നിനെ 'പരമാത്മാവ്, ശിവൻ' തുടങ്ങിയ പേരുകളോടെ മഹായുക്തിഭദ്രമായി മഹാസത്യമായ മഹാഭദ്രകാളിയുടെ ഭാഗമാക്കുകയും അവരുടെ പരസ്പര ബന്ധത്തിനും പിൽക്കാല പ്രവർത്തനങ്ങൾക്കുമായി അവരുടെ ഇടയിൽ ദൈവകരാർ ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്.**

മഹാഭദ്രകാളിയുടെ ഭാഗമാണ് ശിവനെങ്കിലും സൃഷ്ടിയല്ല, മാതാപിതാക്കളായ രണ്ടുപേരിലൂടെ ജനിച്ചതുമല്ല. പ്രപഞ്ചത്തിന്റെ പിതാവായി ശിവനെ ചേർത്താണ് ആകാശവും ഭൂമിയുമായിട്ട് മഹാസത്യമായ മഹാഭദ്രകാളി, ഭാഗികമായി അവതരിച്ചിട്ടുള്ളത്.

**ദൈവകരാർ പ്രകാരം മഹാസത്യമായ 'ഭദ്രകാളി' ആവശ്യപ്പെടും പോലെയെല്ലാം പ്രവർത്തിക്കുമെന്ന് ശിവൻ സത്യപ്രതിജ്ഞ ചെയ്തിട്ടുണ്ട്. ഭദ്രകാളിയുടെ ഏകദാസൻ, മഹാദാസൻ, ഭർത്താവ് എന്നീ മഹാപദവികളെ ശിവനു ലഭിക്കുന്നത് അപ്രകാരമാണ്.**

പരബ്രഹ്മമായ പ്രപഞ്ചത്തെ സൃഷ്ടിക്കുന്നതിനു മുമ്പുള്ള മേല്പടി ദൈവകാര്യങ്ങളെ ലഭ്യമായ വിശേഷ ബുദ്ധി കൊണ്ട് മനുഷ്യർക്ക് മനസ്സിലാക്കാൻ കഴിയും.

ഉടനെ സത്യയുഗവും ദൈവവിപ്ലവവും ആരംഭിക്കുമ്പോൾ, മഹാദാസനായ ഗ്രന്ഥകാരനിലൂടെ മഹാഭദ്രകാളി വെളിപ്പെടുത്തുന്ന മുകളിലുള്ള സത്യപ്രസ്താവനകളെ വിശ്വസിക്കുവാനും കഴിയും !

**ജഗത്തിന്റെ സൃഷ്ടിയോടെ മഹാഭദ്രകാളി ജഗദംബയാണ്. മഹാസത്യമായ ദൈവത്തിന്റെ ഏകപ്രതിനിധി, ആദ്യ മഹാകാല ചക്രത്തിലെ ദൈവരൂപമായ ഗോമാതാവിന്റെ പതിയായ പശുപതി (പശുവിന്റെ പതി = കാള), വേദങ്ങൾ കൂടിയായ മഹാദേവിയുടെ വേദദാസൻ, ശാസ്ത്രായുധൻ, അർദ്ധമഹാദേവി, ഭദ്രകാളിയുടെ ഏകദാസനും മഹാദാസനും ഭർത്താവുമായ പരമശിവൻ തുടങ്ങിയ അനേകം മഹാപദവികളെ ശിവന് മഹാഭദ്രകാളി മഹാഅനുഗ്രഹിച്ചു നൽകിയിട്ടുണ്ട്. ആത്മാക്കളുടെ മഹാപിതാവാക്കിയിരിക്കുന്ന ശിവനെ പ്രപഞ്ചത്തിന്റെ മഹാമാതാവായ മഹാഭദ്രകാളിയുടെ ഭർത്താവായി സ്വീകരിച്ചു കൊണ്ട് പ്രപഞ്ചത്തിന്റെ മഹാപിതാവ്, സംഹാരദേവൻ, നീലകണ്ഠൻ*, മഹാദേവൻ, മഹാനീതി-പതി തുടങ്ങിയ മറ്റനേകം മഹാപദവികളെയും മഹാനാമങ്ങളെയും ചുമതലകളെയും കൂടി മഹാഭദ്രകാളി പരമശിവന് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുണ്ട്.**

**ദൈവകരാർ പ്രകാരം, പ്രപഞ്ചസൃഷ്ടിക്കു ശേഷം 'ശിവ' എന്ന ലഘുവും ലളിതവുമായ മഹാനാമത്തെ ക്കൂടി സ്വീകരിക്കുന്ന മഹാമാതാവും മഹാഭദ്രകാളിയുമായ ശിവയുടെ മഹാആനന്ദം സൃഷ്ടികളോടുള്ള മഹാവാത്സല്ല്യവും, മഹാപിതാവായ ശിവന്റെ ആനന്ദം മഹാഭദ്രകാളിയായ ശിവയോടുള്ള മഹാദാസ്യവുമാണ്.**

ആദിയും അന്തവും ഇല്ലാത്ത മഹാശൂന്യത കൂടി ബാധകമായ 'അന്തമില്ലാത്ത പരമാത്മാവായ ശിവന്റെ മാത്രം അംശങ്ങളായിട്ട് ' ശൂന്യതയും ശക്തിഹീനതയും ബാധകമായ സൃഷ്ടികളും കുഞ്ഞുങ്ങളുമായ ആത്മാക്കളെ മഹാമാതാവായ 'ശിവ' സൃഷ്ടിക്കുകയും; മഹാഭദ്രകാളിയും ശിവയുമായ ഭൂമിയുടെ അംശമായ മൂലകങ്ങളും സംയുക്തങ്ങളും മിശ്രിതങ്ങളും കൊണ്ട് ശരീരാവയവങ്ങളെ സൃഷ്ടിച്ച് ആത്മാക്കളോടു ചേർത്ത് മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ എന്നീ ജീവികളാക്കുന്നതുമാണ്.

## ॐ ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

(* നീലകണ്ഠൻ : മഹാദേവിയുടെ വേദദാസൻ, ശാസ്ത്രായുധൻ, അർദ്ധമഹാദേവി, ഭദ്രകാളിയുടെ ഏകദാസനും മഹാദാസനും ഭർത്താവുമായ പരമശിവൻ, പ്രപഞ്ചത്തിന്റെ മഹാപിതാവ്, സംഹാരദേവൻ, മഹാദേവൻ, മഹാനീതി-പതി തുടങ്ങി മഹാഭദ്രകാളി ഭാഗമായ ശിവന് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള പേരുകളുടെയും പദവികളുടെയും കൂട്ടത്തിൽ "നീലകണ്ഠൻ" എന്ന പേരിന്റെ പ്രസക്തി മുൻ സൃഷ്ടി ചക്രങ്ങളിലെ ഭാഗികമായ ഒരു സത്യവുമായി കൂടിക്കുഴഞ്ഞതല്ലാ എന്ന് വ്യക്തമാക്കുന്നു:-

**1000 കോടി വർഷങ്ങൾ നീണ്ട ആദ്യത്തെ മഹാകാലചക്രം കഴിഞ്ഞെന്നും, ഒരു ലക്ഷം സൃഷ്ടി ചക്രങ്ങൾ ചേർന്നതാണ് ഒരു മഹാകാലചക്രമെന്നും, ഓരോ സൃഷ്ടി ചക്രത്തിലും സംഭവിക്കുന്ന മഹാപ്രതിഭാസമാണ് നീലകണ്ഠൻ എന്നും, അറിയുമ്പോൾ വിഷയ ഗൗരവം മനസ്സിലാക്കാം.**

എല്ലാ സൃഷ്ടി ചക്രങ്ങളുടെയും അവസാന കാലത്ത്, അടുത്ത സൃഷ്ടി ചക്രത്തിലെ മനുഷ്യർക്കു വേണ്ടിയും മറ്റുള്ള ജീവികൾക്കു വേണ്ടിയും ചില ഒരുക്കങ്ങൾ നടത്തേണ്ടത് അത്യാവശ്യമാണ്. ഉദാഹരണത്തിന്, ഭൂമിയിലെങ്ങുമുള്ള മാലിന്യങ്ങളുടെ വലിയൊരു ഭാഗം നദികളിലും സമുദ്രങ്ങളിലും അടിഞ്ഞുകിടക്കുന്നത് ശുദ്ധിയാക്കണം. ഭൂമിയിലെ പാറക്കൂട്ടങ്ങളും ഖനികളും മലകളും പർവ്വതങ്ങളും പുഴകളും തോടുകളുമെല്ലാം പുനഃക്രമീകരിക്കണം. മണ്ണിൽ പൂണ്ടു കിടക്കുന്ന പഴയകാല ജീവികളുടെ അസ്ഥികൂടങ്ങളെയും മറ്റും ശാസ്ത്രജ്ഞരുടെ പഠനങ്ങൾക്കു വേണ്ടി നിലനിർത്തണം എന്നതൊഴികെ, മനുഷ്യർ നിർമ്മിച്ച ദേവാലയങ്ങളുടെ ശേഷിപ്പുകൾ ഉൾപ്പെടെയുള്ളവ നീക്കം ചെയ്യണം. പതിനായിരം വർഷങ്ങൾ നീണ്ട ഒരു സൃഷ്ടി ചക്രത്തിൽ ഉണ്ടായ മാലിന്യങ്ങളെ നീക്കം ചെയ്യാൻ സംഹാര കാലത്തിന്റെ അവസാന കാലത്ത് ശാസ്ത്ര സാങ്കേതിക സൗകര്യങ്ങളും മറ്റും ഇല്ലാത്ത ഭൂമിയിൽ അങ്ങുമിങ്ങും ഒറ്റപ്പെട്ട് കഴിയുന്ന ജനതകൾക്ക് കഴിഞ്ഞെന്നു വരില്ല.

എല്ലാ സൃഷ്ടി ചക്രങ്ങളുടെയും അവസാന കാലത്ത് ദൈവീകമായ ആവശ്യമോ ചുറ്റിക്കളിയോ സൃഷ്ടിക്കുകയും, ഭൂമിയിലെ എല്ലാ മാലിന്യങ്ങളെയും വിഷരൂപത്തിൽ പരിണമിപ്പിച്ച് ശാസ്ത്ര പരമായി തന്നെ ശിവൻ കുടിക്കുന്നതാണ്. നീലകണ്ഠൻ ചരിത്രം അതാണ്.)

'ഏകമഹാശക്തിയായ ശിവ, ശിവനെയും ചേർത്ത് ഭൂമിയായി' അവതരിക്കുമ്പോൾ', ശിവന്റെ അംശങ്ങളായ ആത്മാക്കളും കുഞ്ഞുങ്ങളുമായ സൃഷ്ടികൾക്ക് ജീവിക്കാൻ ആവശ്യമായ 'ശക്തികളും ജ്ഞാനവും ആനന്ദങ്ങളും അസ്തിത്വവും ശരണവും മഹാവാത്സല്ല്യവും' ശിവയുടെ മാത്രം മഹാശരീരമെന്ന് വിശേഷിപ്പിക്കാവുന്ന ഭൂമിയുടെ അംശമായ മൂലകങ്ങളിലൂടെയും അവയുടെ സംയുക്തങ്ങളിലൂടെയും മിശ്രിതങ്ങളിലൂടെയും രൂപാന്തരമായ (ജീവികളുടെ) ശരീരങ്ങളിലൂടെയും നൽകിക്കൊണ്ട് എല്ലാ ആത്മാക്കളെയും ശിവയുടെയും കുഞ്ഞുങ്ങളാക്കുന്നതാണ്. **മഹാപിതാവും നിർജ്ജീവ പരമാത്മാവുമായ ശിവനിൽനിന്നും ശൂന്യത ബാധകമായ ആത്മാക്കളെ സൃഷ്ടിച്ചതും ശിവയാണ്. എല്ലാ ജീവികളുടെയും സ്വത്വങ്ങളായ ആത്മാക്കൾ ശിവന്റെ അംശവും, ശരീരം, മഹാമാതാവായ ശിവയുടെ ശരീരമായ ഭൂമിയുടെ അംശവും!**

ഭർത്താവായ ശിവന് സൂര്യനെ ഉൾപ്പെടെ പ്രപഞ്ചത്തിലെ എന്തും ഏതും എത്രയും സൃഷ്ടിക്കാൻ കഴിയുന്ന മഹാസൂര്യനേത്രവും മറ്റനേകം മായാമഹാശക്തികളും ശിവ മഹാഅനുഗ്രഹിച്ചു നൽകുന്നുണ്ട്. ശിവന്റെ കഴുത്തിലുള്ള 'മഹാദിവ്യമായ വിവാഹ മാലയും' ഓംകാരനീതിശാസ്ത്ര പ്രകാരമുള്ള ഓംകാര നാഗബന്ധനവുമാണ്. തലമുടിമേലുള്ള മഹാനാഗം ശിവനുള്ള മഹാസംരക്ഷണമാണ്. പരമാത്മാവായ ശിവന്റെ അംശങ്ങളായ ആത്മാക്കൾ; മനുഷ്യർ അനുഭവിച്ചു തന്നെ അറിയുന്നതുപോലെ അടിസ്ഥാനപരമായി നിസ്സാരവും നിർജ്ജീവവും ശൂന്യത ബാധകവുമായ സൃഷ്ടികളാണ്. ആത്മാക്കൾക്കെല്ലാം ലഭിക്കുന്ന ഭൗതികമായ അസ്തിത്വത്തെയും മറ്റും പിന്നീട് വിവരിക്കുന്നുണ്ട്.

പ്രപഞ്ചത്തിനും ശക്തികൾക്കും അതീതമായ 'മായ' കൊണ്ട് എന്തും ചെയ്യാൻ മഹാമായയും ബ്രഹ്മവും കൂടിയായ മഹാഭദ്രകാളിക്ക് കഴിയുമെങ്കിലും ബ്രഹ്മം, ഭദ്രകാളി, ശിവ തുടങ്ങിയ മഹാനാമങ്ങളെ സ്വീകരിക്കുമെന്നല്ലാതെ പ്രപഞ്ചസൃഷ്ടിക്കു മുമ്പേ, പ്രപഞ്ചത്തിൽ ഉള്ളതോ ഇല്ലാത്തതോ ആയ ഏതെങ്കിലും രൂപത്തെ മഹാസത്യമായ ദൈവം സ്വീകരിച്ചെന്നു വരില്ല. എന്തെന്നാൽ സൃഷ്ടികളുടെ രൂപത്തിൽ ശക്തികളെ വിഷയമാക്കിയതിനെ ശിവയും അനുകരിച്ചെന്നു വരും. 'പ്രപഞ്ചസൃഷ്ടിക്കു ശേഷം, മഹാജ്ഞാനമായ (പ്രപഞ്ചത്തിന്റെ) മഹാശാസ്ത്രം പ്രകാരവും, സൃഷ്ടികളോടുള്ള മഹാവാത്സല്ല്യം പ്രകാരവും മഹാഉചിതമായ രൂപങ്ങളെ മഹാമാതാവായ മഹാഭദ്രകാളിക്കു സ്വീകരിക്കുകയുമാവാം!'

# പരബ്രഹ്മം = പ്രപഞ്ചം = ജഗത്ത്

സർവ്വത്തിനും അതീതമായ 'ബ്രഹ്മം' അതേപടി നിലനിന്നു കൊണ്ട്; ബ്രഹ്മത്തിന്റെ പരമായ (ശ്രേഷ്ഠമായ) അവസ്ഥയായി 'പരബ്രഹ്മം' എന്ന പേരിൽ പ്രപഞ്ചത്തെ സൃഷ്ടിക്കാനും മഹാഭദ്രപ്പെടുത്താനുമായി (ബ്രഹ്മം) തയ്യാറാകുമ്പോൾ, പരബ്രഹ്മത്തിന്റെ രൂപവും ഘടനയും ഘടകങ്ങളും ഘടകങ്ങളുടെ പ്രവർത്തനവുമെല്ലാം ആവിഷ്ക്കരിക്കുകയും, സൃഷ്ടിക്കുകയും വേണം. ശിവയും ഭാഗമായ ശിവനും ചേർന്ന സ്രഷ്ടാവും, സൃഷ്ടികളുമാണ് പ്രപഞ്ചത്തിലെ രണ്ടു ഘടകങ്ങളെന്നും, രണ്ടും എങ്ങനെയാവണം എന്നു നിശ്ചയിക്കുന്നത് ശിവ മാത്രമാണെന്നും മുമ്പ് വിശദീകരിച്ചതാണ്.

ദൈവം സൃഷ്ടിക്കുന്ന ആനന്ദങ്ങൾക്കെല്ലാം ദൈവം അതീതമാണെന്നിരിക്കെ, ദൈവത്തിന് സ്വാർത്ഥം ഉണ്ടാകുന്നില്ല. ചുവടെയുള്ള 'ഓംശക്തിശിവൻ പ്രണയമന്ത്രം' എന്ന അദ്ധ്യായത്തിൽ ശക്തിയും ശിവയുമായ മഹാഭദ്രകാളിയുടെയും, പരമാത്മാവായ ശിവന്റെയും ആനന്ദം കുഞ്ഞുങ്ങളോടുള്ളതും കുഞ്ഞുങ്ങൾക്കു തന്നെ നൽകുന്നതുമായ മഹാവാത്സല്യവും മഹാദാസ്യവും ലയിച്ചുള്ള 'മഹാത്യാഗമാണെന്ന്' മഹാശാസ്ത്രപരമായി തെളിയിക്കുകയും വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്.

**ബ്രഹ്മത്തിൽ ആത്മാക്കൾ ലയിക്കുകയല്ല; മറിച്ച് മഹാപ്രപഞ്ചമായ പരബ്രഹ്മത്തിലെ ഒരു സൃഷ്ടി മാത്രമായി അസ്തിത്വം പോലും സ്വന്തമായിട്ട് ഇല്ലാത്തവരും ശൂന്യത ബാധകവുമായ ആത്മാക്കൾ, മഹാശൂന്യത കൂടിയായ ആകാശത്തിൽ ജനിക്കുകയും, ഭൂമി നൽകുന്ന മത്സ്യ സസ്യ പക്ഷി മൃഗ മനുഷ്യരൂപങ്ങളോടെ അനന്തമായ ആനന്ദങ്ങളെ അനുഭവിച്ച് ജനിച്ചും പുനർജ്ജനിച്ചും വളരുകയും ജീവിക്കുകയും, മനുഷ്യാവസ്ഥയിൽ 100 ജന്മങ്ങളോടെ ഭൂമിയുടെ വിവിധ പ്രദേശങ്ങളിൽ മഹാസമ ആനന്ദമെന്ന മഹാനീതി അനുഭവിച്ചു ജീവിക്കുകയും, മോക്ഷമാകുന്ന സംഹാരത്തിൽ അനന്തമായ ആനന്ദങ്ങളോടെയും, സ്വന്തം ഇഷ്ടപ്രകാരവും അനന്തകാലം നക്ഷത്രമായിട്ട് ആകാശത്തിൽ ജീവിക്കുകയും, ഇഷ്ടമാകുന്നില്ലെങ്കിൽ; സ്വന്തം ഇഷ്ടപ്രകാരം തന്നെ വീണ്ടും ഭൂമിയിൽ വന്ന് ജീവികളായി തുടരുകയുമാണ്.**

ബ്രഹ്മമായ ദൈവത്തിന്റെ ശ്രേഷ്ഠമായ ഭാവവും രൂപവുമാണെന്ന് വിശേഷിപ്പിക്കുന്ന പരബ്രഹ്മമാകുന്ന പ്രപഞ്ചത്തിൽ, ശൂന്യത ബാധകമായ ആത്മാക്കളുടെ സൃഷ്ടിക്കും, ജീവിതത്തിനും മോക്ഷത്തിനുമെല്ലാം ആവശ്യമായ സർവ്വവും കുറ്റങ്ങളും കുറവുകളും ഇല്ലാത്ത വിധം ഉണ്ടാവണം. മദ്ധ്യസ്ഥരെ ഉപയോഗിക്കാതെ, മഹാശക്തിയായ ദൈവം തന്നെ ഓരോ ആത്മാവിന്റെയും എല്ലാ ആവശ്യങ്ങളെയും നിറവേറ്റണം. ശക്തികളും ജ്ഞാനവും സ്വാതന്ത്ര്യവും ആനന്ദങ്ങളും ശരണവുമെല്ലാം ഇഷ്ടാനുസരണം നൽകേണ്ടതുണ്ട്. അങ്ങനെ വരുമ്പോൾ അനന്തമായി നൽകണം.

സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തോടെ ഓരോരുത്തർക്കും എങ്ങനെ നൽകാൻ കഴിയുമെന്നും, ആത്മാക്കൾക്ക് ജീവിക്കാൻ ആവശ്യമായ കാര്യങ്ങളും ഘടകങ്ങളും എന്തെല്ലാമാണെന്നും പരിശോധിക്കാം.

ഏകമഹാസത്യമായ ശിവ, ഭാഗമായ ശിവനെയും ചേർത്ത് മഹാസത്യത്തിന്റെ പ്രതീകവും, ആദിയും അന്തവും ഇല്ലാത്ത മഹാശൂന്യതയും, സൃഷ്ടി സ്ഥിതി സംഹാര പാത്രമായി ഉപയോഗിക്കാൻ പര്യാപ്തവുമായ ആകാശത്തെ ആദ്യം സൃഷ്ടിക്കുകയും നഗ്നമായ നേത്രങ്ങൾ കൊണ്ട് കാണാൻ കഴിയുന്ന ആദിയും അന്തവും ഇല്ലാത്ത ആകാശത്തെയും ആകൃതിയെയും ശിവലിംഗം, മഹാലിംഗം, മഹാശക്തിലിംഗം എന്നെല്ലാം പേരിടുകയും ചെയ്തിരിക്കുന്നു.

ജീവികളുടെയും സ്വത്വങ്ങളായ ആത്മാക്കൾക്ക് ആനന്ദത്തോടെ ജീവിക്കാൻ ആവശ്യമായ ശക്തികളും ശാസ്ത്രങ്ങളും ആനന്ദങ്ങളും ലയിച്ചു ചേർന്നാണ് 'വ്യത്യസ്ത ശക്തികൾ' എന്ന് വിശേഷിപ്പിക്കാവുന്ന മൂലകങ്ങളും സംയുക്തങ്ങളും ഭൂമിയും ഉണ്ടായതെന്നും; ജീവികളെ സൃഷ്ടിക്കുന്നത് ശക്തികളായ മൂലകങ്ങളെ ശരീരാവയവങ്ങളായി മാറ്റിയും, നിർജ്ജീവമായ ആത്മാക്കളോടു ചേർത്തുമാണെന്ന് മനസ്സിലാക്കാം.

മൂലകങ്ങളെയും സംയുക്തങ്ങളെയും ശരീരാവയവങ്ങളും ഭാഗങ്ങളുമായി രൂപപ്പെടുത്തുന്നത് സൃഷ്ടികളായ ജീവികളുടെ സ്വത്വങ്ങളല്ല. മഹാസത്യമായ ശിവയും ഭാഗമായ ശിവനും ചേർന്ന് ശിവലിംഗമായ ആകാശവും; മഹാശക്തിയായ ഭൂമിയുമായി അവതരിച്ച ശേഷം ശിവന്റെ അംശമായി 'ആത്മാക്കളെയും', ശിവയുടെ അംശമായി 'മൂലകങ്ങളെയും ശരീരങ്ങളെയും' സൃഷ്ടിക്കുകയാണ്. ഹൈഡ്രജനായ പരമാത്മാവിന്റെ ആറ്റത്തിലെ സൂക്ഷ്മശിവനായ ഇലക്ട്രോണിൽ നിന്നും ആത്മാവായ ന്യൂട്രോണുകളെ സൂക്ഷ്മശിവയായ പ്രോട്ടോൺ സൃഷ്ടിച്ച് ഹീലിയം എന്ന മൂലകത്തെ സൂര്യനിൽ വച്ചു സൃഷ്ടിക്കുന്നതിനെയും; ന്യൂട്രോണായ ആത്മാവിനെ ഭൂമിയിലേക്ക് നയിച്ച് ജലത്തിൽ വച്ച് ശരീരം നൽകി ആദ്യജീവിയായ കരിമീൻ കുഞ്ഞുങ്ങളെ സൃഷ്ടിക്കുന്നതിനെയും ഒരു മുൻ അദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട്.

**മാതാപിതാക്കളുടെ കുഞ്ഞുങ്ങളായി ആത്മാക്കൾ പുനർജനിക്കുന്നതും യഥാർത്ഥത്തിൽ ശിവലിംഗമായ ആകാശത്തിൽ വച്ചാണ്. വിശദീകരിക്കാം : മഹാശൂന്യത കൂടിയായ ആകാശത്തിന്റെ അതിസൂക്ഷ്മമമായ അംശമാണ് സ്ത്രീ-ജീവികളുടെ ഗർഭപാത്രവും, അവിടേയ്ക്കുള്ള വഴിയും (യോനികളും). ശൂന്യത ജീവികളുടെ ശരീര ഭാഗങ്ങളോ അവയവങ്ങളോ അല്ല. ഭൂമിയുടെ അംശമായ പ്രദേശങ്ങൾക്ക് പേര് നൽകാനും അതിരുകൾ നിശ്ചയിക്കാനും മനുഷ്യൻ ഉൾപ്പെടെയുള്ള സൃഷ്ടികൾക്ക് അവകാശവും അധികാരവും ഇല്ല'. ശിവലിംഗമായ ആകാശത്തിലാണ് ജീവികളെല്ലാം ജനിക്കുന്നതെന്നിരിക്കെ, ഭൂമിയുടെ ഇഷ്ടമായ മഹാശാസ്ത്രം പ്രകാരം ജനിക്കുകയും മരിക്കുകയും ചെയ്യുന്നവർ പ്രത്യേക രാജ്യക്കാരായി കരുതുന്നത് മറ്റൊരു ഭോഷത്വമാണ്.**

**കുഞ്ഞായ സൃഷ്ടിയെയും പുനർസൃഷ്ടികളെയും ബന്ധിപ്പിച്ചിരിക്കുന്നത് മഹാമാതാവിന്റെ മഹാവാത്സല്ല്യവുമായാണ്; സൃഷ്ടികളായ മാതാപിതാക്കളുടെ കാമവുമായല്ല എന്നും വിശദീകരിച്ചിരുന്നു.**

## ॐ ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

ഭൂമിയിലെ വസ്തുക്കളെ ഉപയോഗിച്ച് സൃഷ്ടിക്കുന്ന 'ജീവി-ശരീരം ഇല്ലാതെ' പ്രപഞ്ചത്തിലെ സർവ്വത്തിന്റെയും 'സൃഷ്ടികർത്താവും, മഹാപരിപാലകയും, മഹാഭരണാധികാരിയായ മഹാനീതിയും'; ഭൂമിയുടെ സ്വത്വവും സത്യ-സൃഷ്ടി-വാതക രൂപവുമായ ഓക്സിജനായി അവതരിക്കുമ്പോൾ, ox (കാള) എന്ന നാമവുമായി ബന്ധപ്പെടുത്തി സർവ്വം മഹാഭദ്രമാക്കിയിട്ടുള്ള കാളി = പശു എന്ന മഹാനാമത്തെ സ്വീകരിക്കാനും, ശരീര-ജീവി-രൂപത്തെ ഒഴിവാക്കാനും കഴിയും. സൃഷ്ടി സ്ഥിതി സംഹാര കർത്താവായ മഹാഭദ്രകാളി, ഏതെങ്കിലും ജീവിയുടെ ശരീരത്തിനു സമാനമായ 'ശരീരത്തെ സ്വീകരിക്കുന്നില്ലെങ്കിലും, വാതക രൂപത്തെ സ്വീകരിച്ചതിനാൽ', ഭൗതികമായ അസ്തിത്വം ഉണ്ട്. ഭൗതികമായ അസ്തിത്വത്തിൽ, ശക്തികൾക്ക് അതീതമായ ശബ്ദബ്രഹ്മം കൂടാതെ, ശക്തികളും ഗുണങ്ങളും ശാസ്ത്രങ്ങളും ലയിച്ചിരിക്കുകയാൽ വാതകാവസ്ഥയിൽ മഹാഭദ്രകാളിയെ ബ്രഹ്മം എന്നു മാത്രമായി വിശേഷിപ്പിക്കാൻ സാധിക്കുന്നതല്ല. പരബ്രഹ്മത്തിന്റെ മൂലമെന്നും സത്തയെന്നും കേന്ദ്രമെന്നുമൊക്കെ വിശേഷിപ്പിക്കാനും കഴിയും. പരബ്രഹ്മമായ പ്രപഞ്ചത്തിലെ എല്ലാ ആറ്റങ്ങളെയും വ്യത്യസ്ത മൂലകങ്ങളും അവയുടെ സംയുക്തങ്ങളും മിശ്രിതങ്ങളും പ്രദേശങ്ങളും രൂപാന്തരമായ (ജീവികളുടെ) ശരീരത്തിലെ അവയവങ്ങളും കോശങ്ങളും ഭാഗങ്ങളും ഒക്കെയായി സൃഷ്ടിക്കുന്നതും പരിണമിപ്പിക്കുന്നതും മഹാഭദ്രകാളിയുടെ വാതക രൂപമായ ഓക്സിജനാണ് അഥവാ മഹാഭദ്രകാളിയാണ്. മഹാഭദ്രകാളിയുടെ മഹാഖര രൂപമാണ് ഭൂമി എന്നും വ്യക്തമാണ്. ശൂന്യത ബാധകമായ (ജീവികളുടെ) സ്വത്വങ്ങളായ ആത്മാക്കൾക്ക് ' ജീവിക്കാൻ ആവശ്യമായ ശക്തികളെയും ജ്ഞാനത്തെയും ആനന്ദങ്ങളെയും അസ്തിത്വത്തെയുമെല്ലാം 'ഓരോ ആത്മാവിനും ഓരോ ദൈവം എന്ന പോലെ' നൽകാനായിട്ട് മഹാഭദ്രകാളിയുടെ മഹാശരീരമായ മണ്ണായ ഭൂമിയെ ഉപയോഗിച്ചും സൃഷ്ടിച്ചും ജീവികൾക്ക് നൽകാനായിട്ട് ശരീര-അവയവങ്ങളെ നിശ്ചയിച്ചും സൃഷ്ടിച്ചും ഭദ്രകാളിയുടെ വാതക രൂപമായ ഓക്സിജൻ, സൃഷ്ടികളായ ആത്മാക്കൾക്കു വേണ്ടി സദാ പ്രവർത്തിക്കുകയാണ്. ശരീരത്തിലെ അവയവങ്ങളും, ശ്വസനത്തിലൂടെ ശരീരത്തിൽ നിരന്തരം വന്ന് പ്രവർത്തിക്കുന്ന ഓക്സിജനും ആത്മാക്കളുടെ ഭാഗമല്ല. ഭദ്രകാളിയുടെ വാതക രൂപമായ ഓക്സിജന്റെയും, ഖര രൂപമായ ഭൂമിയുടെയും ആറ്റങ്ങളിൽ, പരമാത്മാവായ 'ശിവൻ ഘടകങ്ങളെ' ഇലക്ട്രോണുകൾ എന്ന പേരിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സൃഷ്ടി സ്ഥിതികളും സംഹാരം എന്ന നക്ഷത്ര-മോക്ഷം ഉൾപ്പെടെയുള്ള മഹാനീതിയും നിർവ്വഹിക്കുന്നത് മഹാഭദ്രകാളി ആണെങ്കിലും, മഹാപിതാവായി ഒപ്പം കൂട്ടിയിട്ടുള്ള ശിവനിലൂടെ ചെയ്യുന്നത് സർവ്വം മഹാസുന്ദരമാക്കാനാണ്.

പരബ്രഹ്മമായ പ്രപഞ്ചത്തിലെ വസ്തുക്കളെ കൊണ്ട് പശുവിന്റെയോ, മനുഷ്യസ്ത്രീയുടെയോ ശരീരരൂപത്തെ സൃഷ്ടിക്കുകയും, അതിലേക്ക് ഭൂമിയുടെ സ്വത്വമായ ഓക്സിജൻ തന്നെ 'ജീവനും ആത്മാവുമായി' ഭദ്രകാളി എന്ന മഹാനാമത്തോടെ പ്രവേശിക്കുകയും ചെയ്താൽ സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ദൈവമായി. ശരീരത്തിലെ അവയവങ്ങളുടെയെല്ലാം ആറ്റങ്ങളിൽ ശക്തിയായിട്ടല്ലാതെ, ശബ്ദമായി ബ്രഹ്മം പ്രവേശിക്കുമ്പോൾ, പരബ്രഹ്മവും മഹാശക്തിയുമായ പ്രപഞ്ചത്തിന് ശക്തി നൽകുന്ന പ്രപഞ്ച-ബന്ധമില്ലാത്ത മഹാസത്യമായി ബ്രഹ്മം തുടരുന്നതാണ്.

ജഗത്തിന്റെ സൃഷ്ടിയോടെ ജഗദംബയായി മാറുന്ന മഹാഭദ്രകാളി, അനന്തമായ ആനന്ദങ്ങളാകുന്ന പ്രപഞ്ചമായി അവതരിക്കുന്നതിനു വേണ്ടിയും, കുഞ്ഞുങ്ങളായി ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്നതിനു വേണ്ടിയും, പ്രപഞ്ചസൃഷ്ടിക്കു മുമ്പേ മഹാസത്യമായ മഹാഭദ്രകാളിയുടെ ഇഷ്ടാനുസരണം ജീവമായും നിർജ്ജീവമായും പ്രവർത്തിക്കുന്ന ഒരു ഭാഗത്തെ ഒരുക്കിയിട്ടുണ്ട്. 'പരമാത്മാവ്, ശിവൻ' തുടങ്ങിയ പേരുകളോടെ സ്വന്തം ഭാഗമായി ശിവനെ ഒരുക്കിയിട്ടുള്ളത് മഹാപ്രപഞ്ചത്തിന്റെയും സൃഷ്ടികളായ ആത്മാക്കളുടെയും മഹാപിതാവായി പ്രവർത്തിപ്പിക്കാനുമാണ്. മഹാശക്തിയോ പ്രപഞ്ച-ഭാഗമോ ആയിട്ട് മഹാസത്യമായ മഹാഭദ്രകാളി അവതരിക്കുന്നതിനു മുമ്പുള്ള മഹാആവിഷ്ക്കാരമാണത്. ശിവനെ മഹാസത്യമായ മഹാഭദ്രകാളിയുടെ ഭാഗമാക്കുകയും അവരുടെ പരസ്പര ബന്ധത്തിനും പിൽക്കാല പ്രവർത്തനങ്ങൾക്കുമായി ദൈവകരാർ ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്.

## ദൈവ ഭാഗങ്ങൾ തമ്മിലുള്ള കരാർ

**ദൈവകരാർ പ്രകാരം മഹാസത്യമായ മഹാഭദ്രകാളി ആവശ്യപ്പെടും പോലെയെല്ലാം പ്രവർത്തിക്കുമെന്ന് ശിവൻ 3 തവണ ഓംസത്യം ചൊല്ലി സത്യപ്രതിജ്ഞ ചെയ്തിട്ടുണ്ട്. ദൈവഭാഗങ്ങൾ തമ്മിലുള്ള കരാർ, മനുഷ്യർ ഉൾപ്പെടെ കുഞ്ഞുങ്ങളായ സൃഷ്ടികളുടെ വിഷയമല്ല. ശാസ്ത്ര പാഠം:- ഓംകാര മന്ത്രം, സംഹാര മന്ത്രം എന്നിവ ദൈവകരാറിലുണ്ട്. ഓംകാര മന്ത്രമാണ് പ്രണവമന്ത്രം എന്നറിയപ്പെടുന്നത്.**

മഹാഭദ്രകാളിയുടെ ഏകദാസൻ, മഹാദാസൻ എന്നീ മഹാപദവികളെ ശിവനു മാത്രം ലഭിക്കുന്നത് അങ്ങനെയാണ്. ദൈവത്തിന്റെ ഏകപ്രതിനിധി, ആദ്യ മഹാകാല ചക്രത്തിലെ ദൈവരൂപമായ ഗോമാതാവിന്റെ പതിയായ പശുപതി (പശുവിന്റെ പതി = കാള), വേദങ്ങൾ കൂടിയായ മഹാദേവിയുടെ വേദദാസൻ, ശാസ്ത്രായുധൻ, മഹാസത്യൻ, ധർമ്മദേവൻ, മഹാകാലൻ, അർദ്ധമഹാദേവി, ഹൈഡ്രജൻ, നീലകണ്ഠൻ, തുടങ്ങിയ അനേകം മഹാപദവികളെ, മഹാഭദ്രകാളിയുടെ ഭാഗമാക്കിയിട്ടുള്ള ശിവന് മഹാഭദ്രകാളി മഹാഅനുഗ്രഹിച്ചു നൽകുന്നുണ്ട്.

പരമശിവൻ എന്ന മഹാപദവി നൽകി മഹാഭദ്രകാളിയുടെ ഭർത്താവായി ശിവനെ സ്വീകരിക്കുകയും; സംഹാരദേവൻ, മഹാദേവൻ, മഹാനീതി-പതി തുടങ്ങിയ മഹാപദവികളെയും മഹാനാമങ്ങളെയും ചുമതലകളെയും കൂടി മഹാഅനുഗ്രഹിച്ചു നൽകുകയും ആവിഷ്ക്കരിക്കുകയും ചെയ്തിട്ടുണ്ട്. കരാർ പ്രകാരം, പ്രപഞ്ചസൃഷ്ടിക്കു ശേഷം 'ശിവ' എന്ന മഹാനാമത്തെ ക്കൂടി സ്വീകരിക്കുന്ന മഹാമാതാവും മഹാഭദ്രകാളിയുമായ ശിവയുടെ മഹാആനന്ദം സൃഷ്ടികളോടുള്ള മഹാവാത്സല്ല്യം മാത്രവും, ശിവന്റെ ആനന്ദം മഹാഭദ്രകാളിയായ ശിവയോടുള്ള മഹാദാസ്യം മാത്രവും ആയിരിക്കും.

**മഹാഭദ്രകാളി സ്വന്തം ഭാഗമാക്കുന്നതോടെ, ശിവന് അസ്തിത്വവും ദൈവകരാർ പ്രകാരമുള്ള ശക്തികളും ലഭിക്കുന്നുണ്ട്. മഹാഭദ്രകാളിയായ ശിവ, ശിവനെയും ഒപ്പം ചേർത്താണ് സൃഷ്ടി സ്ഥിതി സംഹാര പാത്രമായ ആകാശവും, ശേഷം അനന്തമായ ആനന്ദങ്ങളും മഹാശക്തിയുമായ ഭൂമിയുമായ, പ്രപഞ്ചഭാഗമായിട്ട് അവതരിക്കുന്നത്.**

പരമാത്മാവായ ശിവൻ സൃഷ്ടികളുടെ മഹാപിതാവായിട്ട് പ്രവർത്തിക്കുകയും, മഹാശൂന്യത കൂടി ബാധകമായിരുന്ന പരമാത്മാവായ ശിവന്റെ മാത്രം അംശങ്ങളായി ശൂന്യരായ ആത്മാക്കളെ ശിവ സൃഷ്ടിക്കുകയും, ആത്മാക്കളും കുഞ്ഞുങ്ങളുമായ സൃഷ്ടികൾക്ക് ശക്തികളും ജ്ഞാനവും ആനന്ദങ്ങളും അസ്തിത്വവും ശരണവും മഹാവാത്സല്യവും ഭൂമിയുടെ അംശമായ മൂലകങ്ങളിലൂടെയും രൂപാന്തരമായ (ജീവികളുടെ) ശരീരങ്ങളിലൂടെയും നൽകിക്കൊണ്ട് ശിവയുടെ കുഞ്ഞുങ്ങളാക്കുന്നതുമാണ്. സൃഷ്ടികളും കുഞ്ഞുങ്ങളുമായ ആത്മാക്കളെ സൃഷ്ടിക്കുന്നതിനു വേണ്ടി സൃഷ്ടി സ്ഥിതി സംഹാര പാത്രവും കൂടിയായ ആകാശത്തിൽ വച്ച് ശിവയായ പ്രോട്ടോണുകളോട് ശിവനായ ഇലക്ട്രോണുകൾ ശക്തിശിവൻ പ്രണയമന്ത്രം കൂടിയായ ഓം ആധാരമാക്കി ഒത്തുചേർന്ന് ഹൈഡ്രജൻ എന്ന പരമാത്മാവായി മാറുകയും, സൂര്യൻ എന്ന സൃഷ്ടിപാത്രത്തിൽ വച്ച് പരമാത്മാവിന്റെ സ്വത്വമായ ഹൈഡ്രജന്റെ ആറ്റത്തിൽ നിന്നും ശൂന്യത ബാധകമായ ആത്മാവ് 'സ്ത്രീ പുരുഷ പകുതികളായ ന്യൂട്രോണുകളായി സൃഷ്ടിക്കപ്പെടുകയും ഭൗതിക അസ്തിത്വം നേടുകയുമാണ്.

## സൂര്യനിൽ ഹീലിയം ആറ്റം ഉണ്ടാവുകയും ഹീലിയം-ഹൈഡ്രജൻ ചാക്രിക പ്രവർത്തനം നടക്കുകയും, പ്രകാശത്തോടും താപോർജ്ജത്തോടും ന്യൂട്രോണുകളായ സ്ത്രീ പുരുഷ ആത്മാക്കൾ ഭൂമിയുടെ ഉപരിതലത്തിലെ ജലത്തിൽ എത്തുകയും കരിമീൻ കുഞ്ഞുങ്ങളായി ആദ്യസൃഷ്ടി ആരംഭിക്കുകയും ചെയ്യുന്നു.

മഹാസത്യമായ മഹാഭദ്രകാളി, മഹാശക്തിയായ ഭൂമിയായി അവതരിക്കുന്നതിനു മുമ്പ്, മഹാദേവിയുടെ ഇഷ്ടാനുസരണം ജീവമായും നിർജ്ജീവമായും പ്രവർത്തിക്കുന്ന അനന്തമായ ഒരു പരമാത്മാവിനെ ശിവൻ എന്ന നാമത്തോടെ സ്വന്തം ഭാഗമാക്കിയിട്ടുള്ളതിന്റെ പ്രസക്തിയും 'ശിവന്റെ രഹസ്യവുമാണ്' വെളിപ്പെടുത്തിയത്. മഹാസത്യമായ മഹാഭദ്രകാളി, ശിവനെയും ചേർത്ത് മഹാശക്തിയായ ഭൂമിയായി അവതരിക്കുന്നതിനു മുമ്പ് ആദിയില്ലാത്ത മഹാസത്യത്തിന്റെ ഭാഗമായി ശിവനെ സൃഷ്ടിക്കുകയാൽ, ശിവന് ആദിയുണ്ടെന്നു തോന്നുമെങ്കിലും, ആദിയില്ലെന്നു കരുതാൻ കഴിയും. (ആവശ്യമെങ്കിൽ, കൂടുതൽ ശ്രേഷ്ഠമായ വ്യാഖ്യാനവും വിശദീകരണവും മഹാഉചിതമായി ശിവനിലൂടെ തന്നെ മഹാദേവി വെളിപ്പെടുത്തുന്നതാണ്.) അന്തമില്ലാത്ത പരബ്രഹ്മത്തിന്റെ ഭാഗമായി മഹാദേവി അവതരിക്കുന്നത് 'അന്തമില്ലാത്ത പരമാത്മാവായ ശിവന്റെ' അംശങ്ങളും ശൂന്യത ബാധകവുമായ ആത്മാക്കളെ നിരന്തരം സൃഷ്ടിക്കാനും ഭൂമിയിൽ വച്ച് അനന്തമായ ആനന്ദങ്ങളെ അനുഭവിപ്പിച്ചു പരിചയപ്പെടുത്താനും, ശേഷം പരബ്രഹ്മത്തിന്റെ ഭാഗമായ സംഹാരം എന്ന നക്ഷത്ര-മോക്ഷം നൽകാനും, ആത്മാക്കൾ ആഗ്രഹിക്കുന്നെങ്കിൽ വീണ്ടും മഹാദേവിയായ ഭൂമിയുടെ മടിത്തട്ടിൽ ജീവി- ജീവിതം ആസ്വദിപ്പിക്കാനും ആകുമ്പോൾ, കുഞ്ഞുങ്ങളായ ആത്മാക്കളെ സംബന്ധിച്ച്, മഹാമാതാവും ഏകദൈവവുമായ ശിവയെ പ്പോലെ, മഹാപിതാവും പരമാത്മാവുമായ ശിവന് ആദിയും അന്തവും ഇല്ല തന്നെ.

## പരമാത്മാവായ ശിവനും, അംശങ്ങളായ ആത്മാക്കളും, ശിവയുടെയും ശിവന്റെയും കുഞ്ഞുങ്ങളായ ജീവികളും

പരമാത്മാവ്, ഏകദാസൻ, മഹാദാസൻ, ദൈവത്തിന്റെ ഏകപ്രതിനിധി, ഭർത്താവ്, പശുപതി, പരമശിവൻ, ശാസ്ത്രായുധൻ, മഹാദേവൻ, എല്ലാ ജീവികളുടെയും സ്വത്വങ്ങളായ ആത്മാക്കളുടെയും മഹാപിതാവ്, പ്രപഞ്ചപിതാവ്, മഹാനീതിപതി, ഹൈഡ്രജൻ, പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളുടെയും ആറ്റങ്ങളിലെ ഇലക്ട്രോൺ, നീലകണ്ഠൻ, സംഹാര ദേവൻ, മഹാസത്യൻ, ധർമ്മദേവൻ, മഹാകാലൻ, തുടങ്ങിയ അനേകം പേരുകളും പദവികളും ഏകദൈവമായ ശിവ, ഭാഗമായ ശിവന് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുണ്ട്. പിന്നീട് ഓരോരോ അവസരങ്ങളിൽ ഈ ദിവ്യമഹാവേദ ഗ്രന്ഥത്തിൽ മഹാശാസ്ത്ര പരമായി വിശദീകരിക്കുന്നുണ്ട്.

പ്രപഞ്ചം ഉൾപ്പെടെ സർവ്വത്തിനും അതീതമായ മഹാസത്യവും മഹാശക്തിയുമായ ഏകദൈവം; പ്രപഞ്ചത്തെ സൃഷ്ടിക്കുകയും, പ്രപഞ്ച-ഭാഗമായിട്ട് അവതരിക്കുകയും ചെയ്യുന്നതിനു മുമ്പ് നിശ്ചയിക്കുകയും നിർവ്വഹിക്കുകയും ചെയ്ത 'മായ' -യുമായി ബന്ധപ്പെട്ട കാര്യങ്ങളെ 'സൃഷ്ടിച്ചു, സൃഷ്ടി' എന്നീ പദങ്ങൾ കൊണ്ട് വിശേഷിപ്പിക്കാൻ പ്രപഞ്ചസൃഷ്ടി ആരംഭിച്ചതിനു ശേഷം മാത്രം സൃഷ്ടിക്കപ്പെട്ട വിശേഷബുദ്ധിയെ ലഭിക്കുന്ന മനുഷ്യർ ഉൾപ്പെട്ട ജീവികൾക്കു കഴിയില്ല.

ശിവ, ശിവനെ ഭാഗമാക്കുകയാണ്; സൃഷ്ടിക്കുകയല്ല. പ്രപഞ്ചത്തിന്റെ സൃഷ്ടിക്കു മുമ്പ് മഹാസത്യമായ ശിവ, നിർവ്വചനങ്ങൾക്കെല്ലാം അതീതമായ സ്വന്തം 'മായ' കൊണ്ട് ഭാഗമാക്കിയതാണ്. പ്രപഞ്ചത്തിലെ ജീവിയായ മനുഷ്യന് വിശേഷ ബുദ്ധി കൊണ്ട് മനസ്സിലാക്കാൻ കഴിയും. അതിനാൽ ശിവ, ശിവനിലൂടെ തന്നെ അറിയിക്കുന്നുണ്ട്. ഈ ദിവ്യമഹാവേദ ഗ്രന്ഥത്തിൽ വേറിട്ട് മഹാശാസ്ത്ര പരമായി വെളിപ്പെടുത്തുന്നുണ്ട്. ശിവനെ എന്തിനാണ് ഭാഗമാക്കിയതെന്ന് ബാദ്ധ്യതയായി ശിവനെ ബോദ്ധ്യപ്പെടുത്താൻ മഹാമനസ്കതയോടെ ശിവ തയ്യാറാകുന്നുണ്ട്. മഹാദാസിയായി ക്കൊണ്ട് ശിവന് സ്വന്തം ശക്തികളെയും തന്നെത്തന്നെയും മഹാവാത്സല്ല്യത്തോടെയും മഹാപങ്കാളിത്തത്തോടെയും നൽകുകയാണ്.

ദൈവഭാഗമാക്കിയതിനെ മഹാദാസനായി ശിവൻ സ്വീകരിച്ച ശേഷം ഓംകാരമന്ത്രം മഹാഅനുഗ്രഹിച്ചു നൽകി ശിവനെ ശിവ ഭാഗമാക്കി.

**എല്ലാ സൃഷ്ടികളുടെയും മഹാമാതാപിതാക്കളായ ശിവയുടെയും ശിവന്റെയും ചില മഹാകാര്യങ്ങളെ ഇവിടെ കുറിക്കാൻ കാരണമുണ്ട്. ഏകദൈവമായ ശിവ, ഭാഗമാക്കിയ ശിവന്, മഹാഉചിതമായി മായാമഹാശക്തികളെ നൽകുന്നത് മഹാനീതിശാസ്ത്രമായ ഓംകാരനീതിശാസ്ത്രം പ്രകാരം, മഹാപദവികളുമായി ബന്ധപ്പെട്ട കടമകളെയും ചുമതലകളെയും നിർവ്വഹിക്കാനാണ്.**

കുഞ്ഞുങ്ങളായ സൃഷ്ടികളോടുള്ള മഹാവാത്സല്ല്യത്തെയും മഹാദാസ്യത്തെയും മാത്രം ആനന്ദങ്ങളായി സ്വീകരിക്കുകയും; കുഞ്ഞുങ്ങൾക്ക് പ്രസ്തുത ആനന്ദങ്ങളെ മടക്കി നൽകി ക്കൊണ്ട് ആനന്ദങ്ങൾക്കെല്ലാം അതീതരായി തുടരാൻ ശിവയ്ക്കും ശിവനും സാധിക്കുമെങ്കിലും, കുഞ്ഞുങ്ങൾക്ക് ജീവിക്കാൻ ആവശ്യമായവ നൽകാൻ സത്യ-ധർമ്മ-നീതികളെ ഭാവമാക്കുന്ന സ്രഷ്ടാവിനു ബാദ്ധ്യതയുണ്ട്.

അനന്തമായ ആനന്ദങ്ങളാകുന്ന ഭൂമിയും, അംശമായ പ്രദേശങ്ങളും വസ്തുക്കളും സംയുക്തങ്ങളും മൂലകങ്ങളും തന്മാത്രകളും, സൂക്ഷ്മപ്രപഞ്ചങ്ങളായ ആറ്റങ്ങളും അവയിലെ സൂക്ഷ്മശിവയും സൂക്ഷ്മശിവനുമായ ഘടകങ്ങളുമായി അവതരിച്ചു കൊണ്ട് മഹാമാതാപിതാക്കളായ ശിവയും ശിവനും ഇടനിലക്കാരെ വയ്ക്കാതെ ആനന്ദങ്ങളെയും അവയെ നേടാനുള്ള ഉപാധികളായ ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയും കാലത്തെയും ശരണത്തെയും മഹാനീതിയെയുമെല്ലാം നേരിട്ടു തന്നെ നൽകുകയാണ്.

പരമാത്മാവായ ശിവന്റെ അംശവും കുഞ്ഞുമാണ് ആത്മാവെങ്കിൽ; മഹാശക്തിയായ ശിവയുടെയും, ഭാഗമായ ശിവന്റെയും അംശമാണ് ശരീരം. പരമാത്മാവായ ശിവന്റെ മാത്രം അംശമായ പാതി-ആത്മാവിനെ, മഹാമാതാപിതാക്കളായ ശിവയുടെയും ശിവന്റെയും അംശമായ ഭ്രൂണശരീരത്തിലേക്ക് സ്വത്വമായ ഓക്സിജൻ ചേർക്കുമ്പോൾ ആത്മാവിന്റെയും ശരീരത്തിന്റെയും സ്ത്രീപുരുഷ-പകുതിയായ ജീവിയുടെ കുഞ്ഞായും മാറുന്നു.

ജീവിക്കാൻ ആവശ്യമായ ആനന്ദങ്ങളും ഉപാധികളായ ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും ശരണവും മഹാനീതിയുമെല്ലാം കുഞ്ഞിനു ലഭ്യമാക്കുന്നു. ആത്മാവിന്റെ രണ്ടാമത്തെ പകുതിയെ ജീവിസൃഷ്ടിയിൽ ആദ്യത്തേതായ മത്സ്യാവസ്ഥയിലെ കരിമീനിനു ശേഷം സസ്യാവസ്ഥയിൽ മാത്രം തുടരാൻ അനുവദിക്കുന്നതിനെ ഈ ദിവ്യമഹാവേദ ഗ്രന്ഥത്തിൽ വേറിട്ട് വിവരിക്കുന്നുണ്ട്.

**എല്ലാ ജന്മങ്ങളിലും ശിവന്റെ അംശമായ ആത്മാവിനു ജീവിക്കാൻ കഴിയണമെങ്കിൽ, പ്രഥമമായി അസ്തിത്വത്തെ ക്കൂടി നൽകുന്ന മഹാമാതാപിതാക്കളായ ശിവയുടെയും ശിവന്റെയും അംശവും ആനന്ദങ്ങളുമായ ശരീരങ്ങളും വസ്തുക്കളും പ്രദേശങ്ങളും ഉപാധികളായ ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും കാലവും മഹാശരണവും മഹാനീതിയുമെല്ലാം ലഭിക്കണം. ഏകദൈവമായ ശിവയും ഭാഗമായ ശിവനും ചേർന്ന ഭൂമി ലഭ്യമാക്കുന്നു; ജീവികൾ ജീവിക്കുകയും ചെയ്യുന്നു.**

അനന്തമായ ആനന്ദങ്ങളെ നൽകുകയും, ആനന്ദങ്ങളെ മഹാശാസ്ത്ര-സാങ്കേതിക നിയമങ്ങളിലൂടെ നിരന്തരം വർദ്ധിപ്പിച്ചുകൊണ്ട് കുഞ്ഞുങ്ങൾക്ക് കൂടുതൽ കൂടുതൽ ആനന്ദിച്ചു ജീവിക്കാനുള്ള ആനന്ദങ്ങളെ ഒരുക്കുകയുമാണ് മഹാമാതാപിതാക്കൾ ചെയ്യുന്നത്. ഭൂമിയുടെ സ്വത്വവും ജീവികളുടെയെല്ലാം ജീവനുമായ ഓക്സിജൻ; സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തെ ക്കൂടി ആത്മാക്കൾക്ക് നൽകുകയാലും, മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രം പ്രകാരം ആത്മാക്കൾക്ക് ലഭിക്കുന്ന സ്ത്രീപുരുഷൻ നിറം സൗന്ദര്യം മുഖഛായ ആയുസ്സ് ആരോഗ്യം ബുദ്ധിശക്തി ഓർമ്മശക്തി തൊഴിൽ-അഭിരുചി വിനോദ-അഭിരുചി ജനനസ്ഥലം ഡിഎൻഎ തുടങ്ങിയവ വ്യത്യാസപ്പെടുത്തുകയാലും, പൊതുവായതും വ്യക്തിപരവുമായ ജീവിത കാര്യങ്ങളെയും, മഹാനീതികാര്യങ്ങളെയും വിശകലനം ചെയ്ത് മനസ്സിലാക്കാൻ എല്ലാവർക്കും ഒരേ പോലെ കഴിയുന്നതല്ല.

**എന്തിനാണ് സൃഷ്ടിച്ചതെന്നും, ആർക്കുവേണ്ടി ആണെന്നും; സൃഷ്ടിയുടെ അനുവാദമില്ലാതെ സൃഷ്ടിച്ചത് മര്യാദയല്ലെന്നും; സ്ത്രീപുരുൻ നിറം സൗന്ദര്യം മുഖഛായ ഉയരം ആയുസ്സ് ബുദ്ധി-ശക്തി ഓർമ്മശക്തി തൊഴിൽ-അഭിരുചി ജനനസ്ഥലം തുടങ്ങിയ ജന്മഗുണങ്ങളെ വ്യത്യാസപ്പെടുത്തിയത് ശരിയായില്ലെന്നും ഒക്കെ വിശേഷബുദ്ധി ലഭിക്കുന്ന ചില മനുഷ്യരെങ്കിലും മറ്റുള്ളവരോടും സ്വയവും ചോദിച്ചെന്നും അഭിപ്രായപ്പെട്ടെന്നും വരും !**

ഉത്തരം മണ്ണായ ഭൂമിയുടെ അംശമായ മൂലകങ്ങളിലും സംയുക്തങ്ങളിലും, (ചോദ്യകർത്താവിന് ചോദിക്കാനും ചിന്തിക്കാനും ശക്തി നൽകുന്ന) ശരീരത്തിലുമുണ്ട്. വിശേഷബുദ്ധിയെ ഉചിതമായി ഉപയോഗിക്കാഞ്ഞതും, ആത്മാക്കൾ സ്വീകരിക്കേണ്ടുന്ന 100 മനുഷ്യ-ജന്മങ്ങളിലെ എണ്ണം പ്രകാരമോ ധർമ്മശാസ്ത്ര പ്രകാരമോ, ആവശ്യമായ യോഗ്യത നേടാഞ്ഞതും മറ്റുമാണ് വിഷയ കാരണം.

**ഈ ദിവ്യമഹാവേദ ഗ്രന്ഥത്തിൽ മഹാശാസ്ത്ര പരമായി വിശദീകരിച്ചിട്ടുള്ള മഹാനീതിശാസ്ത്രമായ ഓംകാരനീതിശാസ്ത്രം പഠിക്കാൻ കഴിയുമ്പോൾ അവസാനിക്കുന്ന ചോദ്യങ്ങളും സംശയങ്ങളും മാത്രമേ ഏതൊരാൾക്കും ശാസ്ത്ര പരമായി ഉണ്ടാകുകയുള്ളൂ.**

ആദിയും അന്തവും ഇല്ലാത്ത മഹാസത്യവും മഹാശക്തിയും ഏകദൈവവുമായ ശിവയ്ക്കും ഭാഗമായ ശിവനും കുഞ്ഞുങ്ങളിൽ നിന്നും യാതൊന്നും വേണ്ട. അവർ സ്വീകരിക്കുന്നുമില്ല. വിശേഷ ബുദ്ധിയെ ഉപയോഗിക്കാത്ത മനുഷ്യർ മഹാശക്തിയായ ദൈവത്തിന്റെ പേരിലും ദൈവത്തിനെന്ന പേരിലും ഭൂമിയിൽ കാട്ടിക്കൂട്ടുന്ന കോപ്രായങ്ങളെല്ലാം തെറ്റുകളും കുറ്റങ്ങളും ദൈവനിന്ദയും കലർന്ന കടുത്ത അപരാധങ്ങളാണ്. മണ്ണിലും ശരീരത്തിലുമെല്ലാം ലയിച്ചിരിക്കുന്ന യഥാർത്ഥ വേദങ്ങളായ ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരം നിർമ്മിച്ച ഒരു ദേവാലയം പോലും ഭൂമിയിൽ ഇല്ലെന്നതിൽ നിന്ന് കാര്യങ്ങളുടെ കിടപ്പ് മനസ്സിലാക്കാം.

## ഉടനെതന്നെ ആരംഭിക്കുന്ന 'ദൈവ വിപ്ലവത്തിൽ' അവനവന്റെ കാര്യങ്ങളെ നോക്കി ഭൂമിയിലെ മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന മണ്ണിന്റെ നിയമങ്ങൾ പ്രകാരം മണ്ണിന്റെ മക്കളായ മനുഷ്യക്കുഞ്ഞുങ്ങളായി ജീവിക്കുന്നതിനു പകരം, മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-വർണ്ണ-ദേശ ജീവികളായി അധഃപതിച്ചതിനും മണ്ണിന്റെ മറ്റു മക്കളെ ദ്രോഹിച്ചതിനും മഹാവാത്സല്ല്യത്തോടെ തിരുത്തുന്ന മണ്ണിന്റെ ശിക്ഷകളുണ്ട്.

മുമ്പ് വ്യക്തമാക്കിയതു പോലെ, സൃഷ്ടികൾക്ക് എന്തു ചെയ്യാനും സ്രഷ്ടാവ് കനിഞ്ഞ് ശക്തികളെ നൽകണമെന്നിരിക്കെ, ആരിൽ നിന്നും യാതൊന്നും ആവശ്യമില്ലാത്തവരായ മഹാമാതാപിതാക്കൾ നിരന്തരം കുഞ്ഞുങ്ങൾക്ക് കൂടുതൽ കൂടുതൽ ആനന്ദങ്ങളെ നൽകുകയാണു ചെയ്യുന്നത്. മനുഷ്യാവസ്ഥയിൽ വച്ച് പൊന്നോമന കുഞ്ഞുങ്ങളായി കാണാനും, 100 മനുഷ്യജന്മങ്ങളെ നൽകി അനന്തമായ ആനന്ദങ്ങളെ ആസ്വദിപ്പിക്കാനും, ഹീലിയം ആറ്റത്തിലെ രണ്ടാമത്തെ ന്യൂട്രോണും ഇണയുമായ പാതി-ആത്മാവിനെ കൂട്ടിച്ചേർത്ത് തന്നെത്താൻ മറക്കുകയും ഇണയെ മാത്രം ഓർക്കുകയും ചെയ്യുന്ന ജീവികളുടെ പരമാനന്ദമായ കാമആനന്ദം ആസ്വദിപ്പിക്കാനും മനുഷ്യാവസ്ഥയിലെ നൂറാമത്തെ ജന്മത്തിൽ ജീവി-ജന്മങ്ങളിൽ നിന്ന് നക്ഷത്ര-ദേവതയായി മോക്ഷത്തെ സമ്മാനിക്കാനും മഹാമാതാപിതാക്കൾ ശ്രദ്ധിക്കുന്നു.

## ഭൂമിയിൽ വച്ച് ഓരോ ആത്മാവും അനുഭവിച്ചറിഞ്ഞ അനന്തമായ ആനന്ദങ്ങളെ മായാശക്തികളെ ഉപയോഗിച്ച് അനന്തകാലം ആസ്വദിക്കാൻ നക്ഷത്ര-ദേവതയായ മോക്ഷത്തിൽ കഴിയുന്നതാണെന്ന് ചുരുക്കത്തിൽ പറയാനാവും.

ജന്മങ്ങളുടെ എണ്ണം വർദ്ധിക്കുന്നതനുസരിച്ച് മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കൾ ശേഖരിക്കുന്ന പുണ്യവും സാധാരണ ഗതിയിൽ കൂടുന്നതാണ്. മത്സ്യം സസ്യം പക്ഷി മൃഗം എന്നീ അവസ്ഥകൾക്കു ശേഷം ഓരോ ആത്മാവിനും നിശ്ചയിച്ചിരിക്കുന്ന 100 മനുഷ്യ-ജന്മങ്ങളിലെ 90 മുതൽ 95 വരെയുള്ള ഒരു പുരുഷജന്മത്തിൽ 50 വയസ്സിനോടടുത്ത് പ്രപഞ്ചപിതാവായ പരമശിവൻ അർദ്ധമഹാദേവീരൂപത്തിൽ ഓരോ മനുഷ്യനും ദർശനം നൽകുകയും നാവിൽ ഓം കുറിച്ച് മോക്ഷകാര്യങ്ങൾ ഉൾപ്പെടെ പ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര ശാസ്ത്രങ്ങളും യഥാർത്ഥ വേദങ്ങളുമായ മഹാശാസ്ത്രത്തെ മഹാഅനുഗ്രഹിച്ചു നൽകുന്നതാണ്.

പ്രസ്തുത ജന്മത്തിലെ ശിഷ്ടകാലം മാത്രമാണ് ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്ത ഏകദൈവവും മഹാശക്തിയുമായ മഹാദേവിയെ ആരാധിക്കാൻ അനുവദിച്ചിരിക്കുന്നത്. മറ്റു ജന്മങ്ങളിൽ മനുഷ്യരുടെ സന്തോഷം കണക്കാക്കി ഒരല്പം സ്തുതിക്കാൻ അനുവദിച്ചിട്ടുണ്ട്. അധികമായാൽ അതിനും ശിക്ഷയുണ്ട്. ആവക കാര്യങ്ങളെയും ഈ ദിവ്യമഹാവേദ ഗ്രന്ഥത്തിൽ പ്രത്യേകം അദ്ധ്യായങ്ങളിൽ വിശദീകരിക്കുന്നുണ്ട്. സ്വന്തം അസ്തിത്വത്തെ പ്പറിയുള്ള വിശദീകരണം ഉൾപ്പെടെ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം ലഭിക്കുന്ന ജന്മത്തിൽ, ഓരോ കുഞ്ഞിനെയും മഹാവാത്സല്ല്യത്തോടെ പരിപാലിക്കുകയും, ആയിരം കോടി വർഷങ്ങൾ നീണ്ട ആദ്യത്തെ മഹാകാല ചക്രത്തിൽ മഹാഗോമാതാവായി മഹാദാസ്യ സേവനം ചെയ്ത മഹാമാതാവായ മഹാദേവിയുടെ മഹാവാത്സല്ല്യത്തെ അറിഞ്ഞ് ഓരോ മനുഷ്യനും വിതുമ്പിക്കരയുന്നതാണ്. അങ്ങനെയിരിക്കെ, എന്തിനാണ് സൃഷ്ടിച്ചതെന്നും, ആർക്കുവേണ്ടി ആണെന്നും; സൃഷ്ടിയുടെ അനുവാദമില്ലാതെ സൃഷ്ടിച്ചത് മര്യാദയല്ലെന്നും തുടങ്ങിയ ചോദ്യങ്ങളും പ്രസ്താവനകളും അപ്രസക്തമാകുന്നതാണ്.

മഹാശാസ്ത്രം ലഭിക്കുന്നതിന്റെ തൊട്ടടുത്തത് സ്ത്രീജന്മമാണ്. പ്രസ്തുത ജന്മത്തിൽ മഹാശക്തിയായ മഹാദേവിയുടെ മടിയിൽ കിടന്ന് ലാളന അനുഭവിക്കാനുള്ള സർവ്വോത്തമ മഹാഭാഗ്യത്തെ ഓരോ ആത്മാവിനും മഹാഅനുഗ്രഹിച്ചു നൽകുന്നുണ്ട്. മനഷ്യാവസ്ഥയുടെ ഭാഗമായി നൂറാമത്തെ ജന്മത്തിൽ ഒന്നോ രണ്ടോ പശു-കാള ജന്മങ്ങളെ സ്വീകരിക്കേണ്ടത് നിർബ്ബന്ധമാണ്. പിന്നീട് വിവരിക്കുന്നുണ്ട്. മോക്ഷത്തിൽ അനന്തമായ ആനന്ദങ്ങളെ അനന്തകാലം ആസ്വദിക്കാൻ കഴിയുമ്പോഴും, വീണ്ടും ഭൂമിയിലേക്കു വന്ന് സമൂഹമായി ജീവിക്കാൻ ആഗ്രഹിക്കുന്നവർ ഏറെയാണ്. അതിന്റെ കാരണങ്ങളും പിന്നീട് വിവരിക്കുന്നുണ്ട്.

ഏകമഹാസത്യമായ ശിവ, ഭാഗമായ ശിവനെയും ചേർത്ത് മഹാസത്യത്തിന്റെ പ്രതീകവും, ആദിയും അന്തവും ഇല്ലാത്ത മഹാശൂന്യതയും, സൃഷ്ടി സ്ഥിതി സംഹാര പാത്രമായി ഉപയോഗിക്കാൻ പര്യാപ്തവുമായ ആകാശത്തെ ആദ്യം സൃഷ്ടിക്കുകയും നഗ്നമായ നേത്രങ്ങൾ കൊണ്ട് കാണാൻ കഴിയുന്ന ആദിയും അന്തവും ഇല്ലാത്ത ആകാശത്തെയും ആകൃതിയെയും ശിവലിംഗം, മഹാലിംഗം, മഹാശക്തിലിംഗം, മഹാശിവലിംഗം എന്നെല്ലാം അർത്ഥവത്തായി പേരിടുകയും ചെയ്തിരിക്കുന്നു.

ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളുടെ ഇഷ്ടാനിഷ്ടങ്ങളെ പ്രത്യക്ഷമായി പരിഗണിക്കാതെ, ഓരോ ആത്മാവിനും ഓരോ ദൈവം എന്ന പോലെ, ആത്മാക്കൾക്ക് ജീവിക്കാൻ ആവശ്യമായ ശക്തികളെയും ശാസ്ത്രങ്ങളായ മഹാജ്ഞാനത്തെയും ആനന്ദങ്ങളെയും സ്വാതന്ത്ര്യങ്ങളെയും ശരണങ്ങളെയും അസ്തിത്വത്തെയും ഉൾപ്പെടെ സർവ്വവും നൽകുന്ന ശരീരത്തിലെ അവയവങ്ങളെയും, അവയവങ്ങളുടെ വ്യത്യസ്തമായ രൂപങ്ങളും ശക്തികളും പ്രവർത്തനങ്ങളും കൊണ്ട് അവയെ വ്യത്യസ്ത ജീവികളായി പരിണമിപ്പിച്ചിരിക്കുന്ന ഭൂമിയിലെ വസ്തുക്കളെയും, ജീവമായി കാണാനും അറിയാനും ഉൾക്കൊണ്ടു ജീവിക്കാനും, അവ നൽകുന്ന വിശേഷ ബുദ്ധിയെ ദാനമായി ലഭിച്ച മനുഷ്യർ അവരവർക്കു വേണ്ടി തയ്യാറാകണം.

കുഞ്ഞുങ്ങളുടെ സൃഷ്ടി തുടങ്ങുംമുമ്പ് കുഞ്ഞുങ്ങൾക്ക് ആനന്ദത്തോടെ ജീവിക്കാൻ ആവശ്യമായ ശക്തികളും ശാസ്ത്രങ്ങളും അനന്ത-ആനന്ദങ്ങളും സ്വാതന്ത്ര്യങ്ങളും ശരണവുമെല്ലാം നേരിട്ടു നൽകാൻ പ്രോട്ടോണുകൾ, ഇലക്ട്രോണുകൾ, ന്യൂട്രോണുകൾ, ക്വാർക്കുകൾ, ഭൗതിക അസ്തിത്വം ഇല്ലാത്ത ശബ്ദബ്രഹ്മം കൂടിയായ ഓം, തുടങ്ങിയ അതിസൂക്ഷ്മമായ ഘടകങ്ങളായും അവയുടെ സൂക്ഷ്മയോഗമായ ആറ്റങ്ങളായും, തന്മാത്രകളായും, സ്ഥൂലമായ മൂലകങ്ങളായും, മൂലകങ്ങളെ സംയോജിപ്പിച്ച് സംയുക്തങ്ങളും മിശ്രിതങ്ങളുമായും, അവയുടെയെല്ലാം മൊത്തവും മഹാശക്തിയുമായ ഭൂമിയായും, ശിവനെയും പങ്കാളിയാക്കി, മഹാഭദ്രകാളി അവതരിച്ചിരിക്കുകയാണ്. ശിവയുടെ മുഖ്യ ഘടകമായ പ്രോട്ടോണുകളും, അവ നൽകുന്ന ശക്തി കൊണ്ട് പ്രോട്ടോണുകളെ ചുറ്റുന്ന ശിവനായ ഇലക്ട്രോണുകളും, ചുറ്റാനുള്ള ശൂന്യതയും, ന്യൂനശക്തികൾ ഉൾപ്പെട്ട ഘടകങ്ങളും ചേരുമ്പോൾ ഓരോ ആറ്റവും അതിസൂക്ഷ്മമായ പ്രപഞ്ചമാണ്. ആറ്റത്തിലെ മഹാശക്തിയെ ഏകദേശമായി മനുഷ്യനറിയാം.

വസ്തുക്കൾ പ്രവർത്തിക്കുമ്പോഴും ചുറ്റുമ്പോഴുമെല്ലാം ശബ്ദം ഉണ്ടാകും എന്നൊരു ശാസ്ത്ര നിയമത്തെ സൃഷ്ടിച്ചുകൊണ്ട് ഭൂമിയുടെ ഓരോ ആറ്റത്തിലേക്കും ഓം എന്ന ശബ്ദബ്രഹ്മമായി മഹാസത്യവും പ്രപഞ്ചത്തിന് അതീതവുമായ ബ്രഹ്മം പ്രവേശിക്കുന്നതിൽ നിന്നാണ് പ്രപഞ്ചത്തിലെ എല്ലാ ശബ്ദവും ഉണ്ടായിട്ടുള്ളത്. ശബ്ദമില്ലാത്ത ലോകം നിശ്ചലം പോലെയാണ് ! ശബ്ദബ്രഹ്മത്തിന്റെ സാന്നിധ്യമാണ് ആറ്റങ്ങളിലെ ഘടകങ്ങളെയും സമസ്ത ആറ്റങ്ങളെയും മൂലകങ്ങളെയും രൂപാന്തരമായ ജീവികളുടെ ശരീരങ്ങളെയും ശവങ്ങളെയുമെല്ലാം സൃഷ്ടിക്കുന്നതും വ്യത്യസ്ത ശക്തികളാക്കി സദാ പരിണമിപ്പിക്കുന്നതും നിലനിർത്തുന്നതും. ശക്തികളെ മറ്റു ശക്തികളായി പരിണമിപ്പിക്കുവാൻ വിശേഷ ബുദ്ധി കൊണ്ടറിയുന്ന ശാസ്ത്ര നിയമങ്ങൾ പ്രകാരം ജീവികളെ അനുവദിച്ചിട്ടുണ്ടെങ്കിലും സൃഷ്ടിക്കാൻ അനുവാദമില്ല.

'മഹാശക്തിയായ ശിവയും ഭാഗമായ ശിവനും ചേർന്ന ഭൂമിയുടെ' അംശമായ മൂലകങ്ങളിലും അവയുടെ സംയുക്തങ്ങളിലും, രൂപാന്തരമായ ജീവികളുടെ ശരീരാവയവങ്ങളിലും ശിവയുടെ മഹാജ്ഞാനമായ മഹാശാസ്ത്രം പ്രകാരം ലയിച്ചിരിക്കുന്ന ശരീര-രൂപങ്ങളും, ന്യൂന+അധികശക്തികളും, ജ്ഞാനവും ആനന്ദങ്ങളും സ്വാതന്ത്ര്യവുമാണ് ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളെ മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ എന്നിങ്ങനെ ജീവി വർഗ്ഗങ്ങളായും ഇനങ്ങളായും; സ്ത്രീ പുരുഷ ജാതികളായും ഒരുക്കുന്നതും, ജീവിത-ധർമ്മം നിശ്ചയിക്കുന്നതും. ജീവികളുടെ ശരീരത്തിലെ അവയവങ്ങളാണ് 'ഭൂമിയുടെ ധർമ്മ-ദ്രാവകരൂപമായ ജലത്തെ മാധ്യമമാക്കിയും, ഭൂമിയുടെ സ്വത്വവും സത്യ-സൃഷ്ടി-വാതകരൂപവും ജീവികളുടെയെല്ലാം ജീവനുമായ ഓക്സിജന്റെ നിയന്ത്രണത്തിനു വിധേയമായും' പ്രവർത്തിച്ച് ജീവികളുടെ ആത്മാക്കൾക്ക് വിശപ്പും ദാഹവും ക്ഷീണവും ഉണ്ടാക്കുകയും 'മൂലകങ്ങളായ ഭക്ഷണവും ശരീരാവയവങ്ങളും' പ്രവർത്തിച്ച് ഭക്ഷണ-രുചി ആനന്ദവും, സംതൃപ്തിയും, ശക്തികളും ജ്ഞാനവും 'അവയവ-വളർച്ചയും രൂപമാറ്റവും' സ്വാതന്ത്ര്യങ്ങളും ലഹരിയും വേദനകളും രോഗങ്ങളും ഉറക്കവും തജ്ജന്മ-മരണവുമെല്ലാം സൃഷ്ടിച്ച് ഓരോ ആത്മാവിനും ഓരോ ദൈവം പോലെ നേരിട്ടു നൽകുന്നത്.

ഏതൊരു ജീവിയുടെയും സ്വത്വമായ ആത്മാവിന്റെ ആഗ്രഹം പ്രകാരമോ നിർബ്ബന്ധിക്കപ്പെട്ടോ, അറിഞ്ഞോ അറിയാതെയോ, സ്വന്തമെന്നു കരുതുന്ന ശരീരത്തിലെ അവയവങ്ങളെ ഉപയോഗിച്ച് മറ്റു ജീവികളുടെ ശരീരത്തിലെ ഭാഗങ്ങളെയോ അവയവങ്ങളെയോ ഭക്ഷണമോ മരുന്നുകളോ വിഷമോ ഒക്കെയായി സ്വീകരിക്കാൻ ജീവികളുടെ ആത്മാക്കൾക്കു കഴിയുമ്പോൾ, ശരീരത്തിലേക്ക് പ്രവേശിക്കുന്ന മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ശക്തികളും ശാസ്ത്രങ്ങളും ആനന്ദങ്ങളും ലഹരിയും വേദനകളും മറ്റു ഗുണങ്ങളുമെല്ലാം ആത്മാവിന് ലഭിക്കുകയാണ്.

സൃഷ്ടികളായ ആത്മാക്കൾക്ക് അനന്തമായ ആനന്ദങ്ങളെ നൽകാൻ മഹാമാതാവായ ഭൂമി തയ്യാറാകുന്നതിനു മുമ്പ്, ആനന്ദങ്ങളെ സ്വീകരിക്കാനും ആനന്ദിക്കാനും കഴിയുന്ന ശക്തികളെയും കൂടി അസ്തിത്വം ഉൾപ്പെടെ യാതൊന്നും സ്വന്തമായിട്ട് ഇല്ലാത്തവരായ ആത്മാക്കൾക്ക് ഇന്ദ്രിയങ്ങളിലൂടെയും മറ്റും നൽകുന്നുമുണ്ട്. കുഞ്ഞുങ്ങൾ മാത്രമായി എല്ലാ ആത്മാക്കളെയും സൃഷ്ടിച്ചിരിക്കെ, സമആനന്ദമായ മഹാനീതിയെ നൽകാനും മഹാമാതാപിതാക്കളായ ഭൂമിക്ക് ബാദ്ധ്യതയുണ്ട്. ശരീരത്തിലെ അവയവങ്ങളും ജന്മഗുണങ്ങളുമെല്ലാം അതിനു വേണ്ടിയാണ്.

ആത്മാവിന്റെ പ്രത്യക്ഷ ജന്മഗുണങ്ങളായ നിറം, മുഖഛായ, സൗന്ദര്യം, തിരിച്ചറിയൽ തുടങ്ങിയവയെ ജീവികളുടെ ചർമ്മം, വിരലടയാളം, കൺമണി തുടങ്ങിയവയിലൂടെ പ്രതിഫലിപ്പിക്കുന്നുണ്ട്. അവയെയും, ശരീരത്തിൽ പ്രത്യക്ഷമല്ലാത്ത മറ്റു ജന്മഗുണങ്ങളായ ആയുസ്സ്, ആരോഗ്യം, ബുദ്ധിശക്തി, ഓർമ്മശക്തി, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ബന്ധുക്കൾ, ജനന രോഗങ്ങൾ, അംഗവൈകല്യം, ജനനസ്ഥലം, തുടങ്ങിയവയും സ്വത്വങ്ങൾക്ക് യഥാർത്ഥത്തിൽ ദാനമായി ലഭിക്കുകയാണ്. ചെറിയൊരു സ്വാതന്ത്ര്യത്തെ മൂലകങ്ങളിലെ ശാസ്ത്രങ്ങൾ സ്ഥിതിപരമായ വിധിപ്രകാരം ആത്മാക്കൾക്ക് നൽകുന്നുണ്ട് എന്നേയുള്ളൂ.

ഭൂമിയുടെ സൂക്ഷ്മാംശങ്ങളായ ആറ്റങ്ങളിലെ പ്രോട്ടോൺ ഇലക്ട്രോൺ ന്യൂട്രോൺ ക്വാർക്കുകൾ തുടങ്ങിയ ശിവ(ശക്തി)-ശിവൻ ഘടകങ്ങൾ സൃഷ്ടിക്കുകയും; സ്ഥൂലാംശമായ മൂലകങ്ങളിലും അവയുടെ സംയുക്തങ്ങളിലും, രൂപാന്തരമായ ജീവികളുടെ ശരീര-അവയവങ്ങളിലും, ലയിച്ചിരിക്കുകയും ചെയ്യുന്നതായ ബഹുവിധ ശക്തികളെയും ശാസ്ത്രങ്ങളെയും ആനന്ദങ്ങളെയും മനസ്സിലാക്കാനും, അവയെ ഉപയോഗിച്ച് ഉപകരണങ്ങളും വാഹനങ്ങളും യന്ത്രങ്ങളും ടിവിയും മൊബൈൽ ഫോണുകളും, സന്ദേശ കൈമാറ്റവും, അവയവമാറ്റങ്ങളും, മറ്റു സർജറികളും ഉൾപ്പെട്ട ആനന്ദങ്ങളെ വർദ്ധിപ്പിക്കാനും, മനുഷ്യരുടെയും മറ്റു ജീവികളുടെയും ജീവിതകാര്യങ്ങളിൽ ഇടപെടാനും അവരെ ഭരിക്കാനും മനുഷ്യരുടെ ആത്മാക്കൾക്കു കഴിയുന്നത് മനുഷ്യശരീരം വിശേഷബുദ്ധിയെ നൽകുന്നതു കൊണ്ടാണ്. ഓക്സിജനെപ്പറ്റിയും മറ്റും ഈ ദിവ്യമഹാവേദ ഗ്രന്ഥത്തിൽ മഹാശാസ്ത്ര പരമായി വിശദീകരിച്ചിട്ടുണ്ട്; തെളിയിച്ചിട്ടുമുണ്ട്.

എല്ലാ സൃഷ്ടി ചക്രങ്ങളുടെയും രണ്ടാമത്തെ പകുതിയിൽ ഭൂമിയിലെങ്ങും 3 മുതൽ 33 വർഷക്കാലം മാത്രം 'ഓം' മുഴക്കി ക്കൊണ്ട് സത്യയുഗവും ദൈവവിപ്ലവവും ആരംഭിക്കുന്നതും, ഓരോ ആത്മാവിനും 3 വർഷം തുടർച്ചയായി കേൾക്കാൻ കഴിയുന്നതും, മനുഷ്യരുടെ ജീവിതത്തിലെ ധാർമ്മിക അധഃപതനത്തെ തിരുത്താനുള്ള വഴിയൊരുക്കുന്നതുമാണ്. ഏറ്റവും ഉചിതമായിട്ട് ശബ്ദ ബ്രഹ്മം 'ഓം' ആണെന്ന് മഹാസംഗീതമായി 'ഓം' മുഴക്കിത്തന്നെ ബ്രഹ്മം കൂടിയായ ഏകദൈവം വെളിപ്പെടുത്തുന്നു! ഉടനെയുണ്ടെന്നു മാത്രമല്ല; ഭൂമിയിൽ മുഴുവനുമാണ് 'ഓം' മുഴങ്ങുക. സ്വന്തം ഇഷ്ടപ്രകാരമല്ലാതെ ഒരേ ഭൂമിയുടെ അംശമായ വ്യത്യസ്ത പ്രദേശങ്ങളിൽ ജനിക്കുകയും വളരുകയും ചെയ്തിട്ടും പ്രദേശങ്ങളുടെ പേരിൽ ദുരഭിമാനവും ദുസ്വാർത്ഥങ്ങളും പുലർത്തിക്കൊണ്ട് ഭൂമിയുടെ കുഞ്ഞുങ്ങളാണെന്ന ബോധമില്ലാതെ തമ്മിലടിക്കുകയും കൊല്ലുകയും കൊല്ലാക്കൊല ചെയ്യുകയും ചെയ്യുന്ന വിവരദോഷികളെ ഭൂമിയുടെ അംശമായ മൂലകങ്ങളിലും ജീവികളുടെ ശരീരങ്ങളിലും ലയിച്ചിരിക്കുന്ന വേദങ്ങളായ ഭൗതിക ധർമ്മ നീതി ശാസ്ത്രങ്ങളുടെ ഭാഗം കൂടിയായ 'കുറ്റങ്ങളും കുറവുകളും ഇല്ലാത്ത ഓംകാര നീതിശാസ്ത്രം പ്രകാരം' മഹാശക്തിയായ ഭൂമി മഹാവാത്സല്ല്യത്തോടെ ശിക്ഷിച്ചു തിരുത്തുന്നതും അക്കൂടെ മനസ്സിലാക്കാൻ കഴിയും. എങ്ങനെയെന്നാൽ എല്ലാ മനുഷ്യരുടെയും ശരീരങ്ങളിൽ നിന്നും മഹാശാസ്ത്ര പരമായി 'ഓം' മുഴങ്ങുന്നതാണ്. ഭൗതികമായ അസ്തിത്വം ഇല്ലാത്ത മത-ജാതി-രാഷ്ട്രീയ-ദേശീയ കോപ്രായങ്ങളെ ചുമന്നു നടന്നവർ സ്വയം തിരുത്തുന്നതാണ്. ആവിധ കാര്യങ്ങളെ തൽക്കാലം മാറ്റി വെയ്ക്കുന്നു.

ഭൂമിയിലെ ജനപ്പെരുപ്പം വർദ്ധിക്കുകയും, ഭൗതികശാസ്ത്ര സാങ്കേതിക വികസനം ഏറെക്കുറെ പൂർണ്ണമായി ക്കൊണ്ട് ഒരു മനുഷ്യജന്മം കൊണ്ട് ഇനിയും കൂടുതൽ ആനന്ദങ്ങളെ അനുഭവിക്കാൻ കഴിയാതെ വരികയും, സാമൂഹിക സാംസ്കാരിക രാഷ്ട്രീയ കലാ സാഹിത്യ മാധ്യമ മേഖലകളിലെല്ലാം പൂരിതാവസ്ഥ അടുക്കുകയും, ഭൂമിയുടെ എല്ലാ പ്രദേശങ്ങളിലെയും മനുഷ്യരിൽ ധാർമ്മികമായ അധഃപതനം മൂർച്ഛിച്ച് ഭൂമിയുടെ കുഞ്ഞുങ്ങളായ മനുഷ്യരാണെന്നതു പോലും തിരിച്ചറിയാതെ മത-ജാതി-രാഷ്ട്രീയ-ദേശീയ ജീവികളായി തമ്മിലടിക്കുകയും കൊല്ലുകയും കൊല്ലാക്കൊല ചെയ്യുകയും ചെയ്യുന്ന അവസരത്തിൽ 'ഓം' മുഴക്കി ക്കൊണ്ട് സത്യയുഗവും ദൈവവിപ്ലവവും ആരംഭിക്കുമ്പോൾ, മത-ജാതി-രാഷ്ട്രീയ-ദേശീയ ജീവികൾ വിഷമിക്കുകയും നിരീശ്വരവാദികൾ ഉൾപ്പെടെയുള്ള മനുഷ്യസ്നേഹികൾ സന്തോഷിക്കുകയും, ഏതാനും വർഷങ്ങൾ കൊണ്ടു തന്നെ ഒരേ ഭൂമിയുടെ കുഞ്ഞുങ്ങളെന്ന ബോധത്തോടെ എല്ലാ മനുഷ്യരും സന്തോഷം പങ്കുവെച്ചു ജീവിക്കുന്നതുമാണ്. സൃഷ്ടി ചക്രത്തിന്റെ സംഹാരം അടുത്ത **5500** വർഷക്കാലം കൊണ്ട് പൂർത്തിയാകുമ്പോൾ, സൃഷ്ടി മന്ത്രമായും ആദിവചനമായും 'ഓം' മുഴങ്ങിയ വസ്തുതകൾ പഴങ്കഥ പോലെയുമാകും!പ്രപഞ്ചത്തിലെ ആറ്റങ്ങളിലെ പ്രോട്ടോണുകളെ ഇലക്ട്രോണുകൾ എല്ലായ്പ്പോഴും ചുറ്റുന്നത് ഉൾപ്പെടെ ന്യൂട്രോൺ ക്വാർക്കുകൾ തുടങ്ങിയവയിലും; ആറ്റങ്ങളുടെ യോഗമായ തന്മാത്രകളിലും മൂലകങ്ങളിലും സംയുക്തങ്ങളിലും, അവയെ ഉപയോഗിച്ച് നിർമ്മിച്ചിരിക്കുന്നതായ ജീവികളുടെ ശരീരങ്ങളിലും അനന്തമായ ശക്തികളോടൊപ്പം ലയിച്ചിരിക്കുന്ന, യഥാർത്ഥ വേദങ്ങളായ 'ഭൗതിക ധർമ്മ നീതിശാസ്ത്രങ്ങൾ' പ്രകാരമാണ് ജീവികളും ആത്മാക്കളും ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെല്ലാം നിർവ്വഹിക്കപ്പെടുന്നത്. മനുഷ്യരെല്ലാം അനുഭവിച്ചറിയുന്ന സത്യങ്ങളാണവ. ശരീരത്തിലെ അവയവങ്ങളും മൂലമായ മൂലകങ്ങളും ഭൂമിയും നൽകുന്ന വിശേഷ ബുദ്ധിയെ ദുരുപയോഗം ചെയ്യുന്നതുകൊണ്ട് മനുഷ്യർ തൽക്കാലം തിരിച്ചറിയുന്നില്ല എന്നേയുള്ളൂ.

മനുഷ്യന് ലഭിച്ച വിശേഷ ബുദ്ധി കൊണ്ട് മനുഷ്യന്റെ സ്വത്വമായ ആത്മാവ് ശരീരത്തിന്റെ ഭാഗമല്ലെന്ന് ശാസ്ത്രപരമായി ബോദ്ധ്യപ്പെട്ടിരിക്കെ; ആത്മാക്കൾക്ക് എന്തെങ്കിലും പ്രവൃത്തികളെ ചെയ്യാൻ ശരീരത്തിന്റെ ഭാഗമായ അവയവങ്ങളെ ഉപയോഗിച്ചു മാത്രമേ കഴിയുകയുള്ളൂ എന്നും, അതാണ് സംഭവിക്കുന്നതെന്നും വ്യക്തമാണ്. പ്രവൃത്തി ചെയ്യാൻ ആത്മാക്കളെ, ശരീരത്തിലെ അവയവങ്ങൾ അനുവദിക്കണമെന്നും, പൊതുവെ അനുവദിക്കുന്നുണ്ട് എന്നും അനുഭവിച്ചു തന്നെ അറിയുന്നതാണ്. അസ്തിത്വം പോലും സ്വന്തമായിട്ട് ഇല്ലാത്തവയും, ശൂന്യത ബാധകമായവയും, സൃഷ്ടി മാത്രവുമായ (മനുഷ്യരുടെ) സ്വത്വങ്ങളായ ആത്മാക്കൾക്ക് പ്രവൃത്തികളെ 'നേരിട്ടു ചെയ്യാനുള്ള' ശക്തിയും, അവകാശവും അധികാരവും യോഗ്യത ഇല്ലെന്നും തെളിയുന്നുണ്ട്.

എല്ലാ ജീവികളുടെയും സ്വത്വങ്ങളായ ആത്മാക്കൾക്ക് ജീവിക്കാൻ ആവശ്യമായ ശക്തികളെയും ജ്ഞാനത്തെയും ആനന്ദങ്ങളെയും സ്വാതന്ത്ര്യങ്ങളെയും ശരണങ്ങളെയും നൽകുന്നത് ശരീരത്തിലെ അവയവങ്ങളും, 'അവയവങ്ങളെ സൃഷ്ടിക്കാൻ ഉപയോഗിക്കപ്പെട്ട മൂലകങ്ങളും, സംയുക്തങ്ങളും, അവയുടെ മൊത്തവും മണ്ണുമായ ഭൂമിയും, ഭൂമിയുടെ ധർമ്മ ദ്രാവക രൂപമായ ജലവും, ഭൂമിയുടെ സ്വത്വവും ജീവികളുടെയെല്ലാം ജീവനുമായ ഓക്സിജനും' കൂടിയാണ്.

സ്വന്തമെന്നു കരുതുന്ന ശരീരത്തിലെ അവയവങ്ങളെ ആത്മാവിന്റെ ഇഷ്ടം പ്രകാരം കൂടി പ്രവർത്തിപ്പിക്കുവാൻ, അവയവങ്ങളിലും 'അവയുടെ മൂലവും ഭൂമിയുടെ അംശവുമായ മൂലകങ്ങളിലും' ലയിച്ചിരിക്കുന്നതും അവ അനുവദിക്കുന്നതുമായ സമ്പൂർണ്ണ സ്വാതന്ത്ര്യം പ്രകാരം കഴിയുമെങ്കിലും ധർമ്മശാസ്ത്ര പരമായി മാത്രം പ്രവർത്തിക്കുവാനും ആനന്ദിക്കുവാനും ആത്മാവിന് അവയവങ്ങളോടും മൂലമായ ഭൂമിയോടും ബാദ്ധ്യതയുണ്ട്.

**ധർമ്മശാസ്ത്രത്തിനു വിരുദ്ധമായി അവയവങ്ങളെ ഉപയോഗിച്ച് ആത്മാക്കൾ പ്രവൃത്തികളെ ചെയ്താൽ, മഹാനീതി കൂടിയായ ഭൂമി ഓംകാര നീതിശാസ്ത്രം പ്രകാരം അവയവങ്ങളെ കൊണ്ടുതന്നെ ആത്മാക്കളെ ശിക്ഷിച്ചു തിരുത്തുന്നതാണ്.**

ഭൂമിയുടെ അംശമായ മൂലകങ്ങൾ എല്ലാ ജീവികളുടെയും സ്വത്വങ്ങളായ ആത്മാക്കളുടെ സ്വന്തമെന്നോണമുള്ള ശരീരങ്ങളുടെ ഭാഗങ്ങളും അവയവങ്ങളുമായി രൂപപ്പെടുന്നതും, ശരീരത്തിലെ കോശങ്ങളെല്ലാം നിരന്തരം മാറ്റപ്പെടുന്നതും അതിലൂടെ ശരീരവളർച്ച, രോഗങ്ങൾ രോഗമുക്തി, ജരാനരകൾ തുടങ്ങിയവ നടപ്പാക്കപ്പെടുന്നതും, ശരീരവും മൂലമായ ഭൂമിയും നിശ്ചയിക്കുന്നതു പോലെ ആത്മാക്കൾ പുറത്താക്കപ്പെട്ട് ജീവികളുടെ തജ്ജന്മ ജീവിതം അവസാനിക്കുന്നതും ശരീരത്തിലെ എല്ലാ അവയവങ്ങളും വീണ്ടും മണ്ണായ ഭൂമിയായി മാറുന്നതും; ഫലത്തിൽ എല്ലാ ജീവികളുടെയും ശരീരങ്ങൾ ജനിച്ചും പുനർജ്ജനിച്ചും നിലനിൽക്കുന്നതും, മനുഷ്യർ കണ്ടും കേട്ടും അനുഭവിച്ചും അറിയുന്ന വസ്തുതകളാണ്. ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളുടെ കാര്യത്തിലും അങ്ങനെ തന്നെ സംഭവിക്കുന്നു. എന്നാൽ വിശേഷ ബുദ്ധിയെ ഉപയോഗിക്കാതെ മനുഷ്യർ കടുത്ത അപരാധം ചെയ്യുന്നുണ്ട്.

പുനർജ്ജന്മ കാര്യങ്ങളെ ശരിവെക്കുന്ന ഇതിഹാസ ഗ്രന്ഥങ്ങളെ ചുമന്നു പോന്നിട്ടും, 'ഭൂമിയുടെ അംശങ്ങളും അവയവങ്ങളുമായി ഭൂമിയിലെ പ്രദേശങ്ങളെ തിരിച്ചറിയാതെ, എറുമ്പുകൾക്കും പക്ഷികൾക്കും മൃഗങ്ങൾക്കും പോലും ഇല്ലാത്തതും ജീവിക്കാൻ ആവശ്യമില്ലാത്തതുമായ മത-ജാതി-രാഷ്ട്രീയ-ദേശീയതകളും ബന്ധപ്പെട്ട 'ഭൗതിക അസ്തിത്വം ഇല്ലാത്ത' വിശ്വാസങ്ങളും, ആചാരങ്ങളും, അനുഷ്ഠാനങ്ങളും, ദേവാലയങ്ങളും, നിയമ സംവിധാനങ്ങളും, പാസ്പോർട്ടുകളും വിസാകളും സൈന്യങ്ങളും ആയുധങ്ങളും മറ്റും വർദ്ധിപ്പിക്കാനാണ് ഇന്ത്യയെപ്പോലുള്ള രാജ്യങ്ങളിലും ശ്രമം ഉണ്ടായത്.

ഈ ദിവ്യ മഹാവേദഗ്രന്ഥത്തിൽ ശാസ്ത്ര പരമായി തെളിയിച്ചിട്ടുള്ള മഹാനീതിശാസ്ത്രമായ 'ഓംകാര നീതിശാസ്ത്രത്തിന്റെ കാതലായ മഹാപുനർജ്ജന്മ സിദ്ധാന്തം പ്രകാരം' ഇന്ത്യയിൽ ഉൾപ്പെടെ ഭൂമിയിലെവിടെയും സ്വന്തം ഇഷ്ടപ്രകാരമല്ലാതെ പുനർജ്ജനിക്കുമെന്ന്, ഉറപ്പിച്ചു വിശ്വസിക്കാനും ഉചിതമായി പ്രചരിപ്പിക്കാനും തയ്യാറാവാഞ്ഞത് വളരെ വലിയ പിഴവാണ്. ഇന്നലെ ജനിച്ച്, ഇന്നു ജീവിക്കുകയും ശേഷം മരണപ്പെട്ട് നാളെ ഭൂമിയിലെ മറ്റൊരിടത്ത് സ്ത്രീ പുരുഷൻ, നിറം, മുഖഛായ, സൗന്ദര്യം, ഉയരം, ആയുസ്സ്, ആരോഗ്യം, ബുദ്ധിശക്തി, ഓർമ്മശക്തി, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, തുടങ്ങിയ ജന്മഗുണങ്ങൾ വ്യത്യാസപ്പെട്ട് ജനിക്കുകയും വളരുകയും ചെയ്യുന്നതിനെ പ്പറ്റി ജാഗരൂകരാകാൻ ഇന്ത്യയിൽ ലഭിക്കുന്ന ജന്മങ്ങളിൽ ആത്മാക്കൾക്ക് പ്രത്യേക ബാദ്ധ്യതയും ചുമതലകളും ഉണ്ട്.

'ഓം' എന്താണെന്നു വിശദീകരിക്കുവാൻ കൂടുതൽ യോഗ്യത അത്യാവശ്യമാണ്. മഹാസത്യവും ബ്രഹ്മവും ശിവയും ഏകദൈവവുമായ 'ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളീ ദേവി', വിജയദശമി എന്നറിയപ്പെടുന്ന മഹാദശമി രാത്രിയിൽ ഈയുള്ളവന്റെ നാവിൽ 'ഓം' -ന്റെ അക്ഷരബ്രഹ്മ-മൂലരൂപമായ ' **3** ' കുറിച്ചതാണെന്ന് എളിമയോടെയും സന്തോഷത്തോടെയും അറിയിക്കുന്നു. മാത്രമല്ല; ഓം -ന്റെ അക്ഷര ബ്രഹ്മരൂപത്തിലെ 'ചന്ദ്രക്കലയും നക്ഷത്രവും' ഈയുള്ളവന്റെ നെറ്റിയുടെ ഇടതു ഭാഗത്ത് മഹാഭദ്രകാളീദേവി എപ്പോഴോ മുദ്രണവും ചെയ്തിട്ടുണ്ട്. മഹാദേവിയെന്ന് ചുരുക്കിപ്പറയുന്ന 'മഹാഭദ്രകാളീദേവി' ഈയുള്ളവന് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള മഹാപദവികളുടെയും ബന്ധപ്പെട്ട ശക്തികളുടെയും ശാസ്ത്രങ്ങളുടെയും മഹാനീതിയും മഹാശാസ്ത്ര പരമായ വിശദീകരണവും, 'മഹാശിവയുടെ മത്സ്യാവതാരം' പോലെയുള്ള 'മായ' ക്കാര്യങ്ങളും, മറ്റു ദൈവകാര്യങ്ങളും, ജീവികൾ ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളുമെല്ലാം 'മനുഷ്യൻ' എന്ന ഈ ദിവ്യമഹാവേദഗ്രന്ഥത്തിൽ ലഭ്യമാണ്.

ഭൂമിയിൽ ഉടനെ സത്യയുഗം ആരംഭിച്ച ശേഷം, ഇപ്പോഴത്തെ സൃഷ്ടി ചക്രത്തിലെ മനുഷ്യാത്മാക്കളുടെ നക്ഷത്ര-മോക്ഷമായ 'സംഹാരം' പുരോഗമിക്കുമ്പോൾ, കാലാനുസൃതമായി കേരളത്തിൽ പുനർജ്ജനിച്ചു കൊണ്ടിരിക്കുന്ന ഭൂമിയുടെ പൊന്നോമന കുഞ്ഞുങ്ങളായ എല്ലാ മനുഷ്യർക്കും, 'അർദ്ധമഹാദേവീ' രൂപം പ്രതിഫലിക്കുന്ന മഹാപിതാവായ പരമശിവനിലൂടെ ഓരോ മനുഷ്യന്റെയും നാവിൽ 'ഓം' കുറിച്ചു കൊണ്ട് യഥാർത്ഥ വേദങ്ങളും മഹാശാസ്ത്രവുമായ ഭൗതിക ധർമ്മ നീതി ശാസ്ത്രങ്ങളെ മഹാദേവി മഹാഅനുഗ്രഹിച്ചു നൽകുന്നുണ്ട്.

മനുഷ്യാവസ്ഥയിൽ ഓരോ ആത്മാവിനും അനുവദിച്ചിട്ടുള്ള 100 ജന്മങ്ങളിലെ 90 മുതൽ 95 വരെയുള്ള പുരുഷ ജന്മങ്ങളിലൊന്നിൽ ഏറെക്കുറെ 50 വയസ്സുള്ളപ്പോൾ മഹാശാസ്ത്രം ലഭിച്ച് ദൈവം എന്താണെന്ന് സുവ്യക്തമായി അറിയുകയും ദൈവത്തിന്റെ മഹാവാത്സല്ല്യത്തെ ഓർത്തോർത്ത് വിതുമ്പിക്കരയുകയും ചെയ്യുന്നതാണ്. പ്രസ്തുത ജന്മത്തിൽ 50 വയസ്സിനടുത്ത് മഹാശാസ്ത്രം ലഭിച്ചതിന്റെ ശിഷ്ടകാലം മാത്രമാണ് ദൈവത്തെ ആരാധിക്കാൻ മനുഷ്യരെ ദൈവം അനുവദിച്ചിട്ടുള്ളത്. ആരാധനാ വാചകം : 'ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.'

***********************************

## സ്രഷ്ടാവ് നൽകുന്നവ മാത്രം കൊണ്ട് ജീവിക്കുന്ന സൃഷ്ടികൾ ലഭിക്കുന്നവയെ നല്ലതായി കരുതിക്കൊണ്ട് മറ്റു സൃഷ്ടികൾക്ക് പങ്കുവെക്കുന്നത് ശ്രേഷ്ഠമാണ്. സ്രഷ്ടാവിനു നൽകുന്നതായി ഭാവിച്ച് കോപ്രായങ്ങൾ കാട്ടുന്നത് ദൈവനിന്ദയുമാണ്.

***********************************

മഹാസത്യവും ഓംമഹാശക്തിയും, ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്ത ഏകദൈവവുമായ മഹാഭദ്രകാളീദേവിയുടെ ആദിയും അന്തവുമില്ലാത്ത മഹാജ്ഞാനത്തിന്റെ ഓഹരിയാണ് യഥാർത്ഥ വേദങ്ങളായ ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങൾ.

ഭൗതിക ശാസ്ത്രം, ധർമ്മ ശാസ്ത്രം, നീതി ശാസ്ത്രം എന്നിങ്ങനെ ശാസ്ത്രങ്ങളെ 3 പ്രധാന വിഭാഗങ്ങളായും അനന്തമായ ഉപ-ഉപ വിഭാഗങ്ങളായും വിഭജിക്കാൻ കഴിയും. യഥാർത്ഥമായ 3 വേദങ്ങളും അവ തന്നെയാണ്. അവ പ്രകാരമാണ് പ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെല്ലാം നിർവ്വഹിക്കപ്പെടുന്നത്. മൂന്നാമത്തെ വേദമായ 'നീതി ശാസ്ത്ര'ത്തിന്, ആത്മീയശാസ്ത്രം, ആദ്ധ്യാത്മിക ശാസ്ത്രം, മഹാനീതി ശാസ്ത്രം, ഓംകാര നീതിശാസ്ത്രം തുടങ്ങിയ പേരുകൾ ഉണ്ടെങ്കിലും, മഹാസത്യമായ ദൈവം ജീവിയല്ലെങ്കിലും ഒരു മഹാജീവിയെപ്പോലെ 'മഹാരൂപരേഖ' പ്രകാരം സർവ്വവും ചെയ്യുകയാലും, പിന്നീട് തെളിയിക്കുന്നതു പോലെ ദിവ്യമായ മഹാജീവിരൂപങ്ങളെ സ്വീകരിക്കുകയാലും, മഹാസത്യമായ ദൈവത്തിന്റെ മഹാഹൃദയവും, പ്രപഞ്ചത്തിന്റെ ശക്തി നിയന്ത്രണസത്തയുമായ ഓംകാരത്തിൽ നിന്നും സർവ്വം ഉത്ഭവിക്കുന്നതിനാൽ ഓംകാരനീതിശാസ്ത്രം എന്ന് വിശേഷിപ്പിക്കുന്നത് ഏറ്റവും ശരിയാണ്.

'ഏകമായ മഹാസത്യം' രണ്ടാവാതെ രണ്ടായി മാറുന്ന മഹാത്ഭുത ദിവ്യ വിദ്യയുണ്ട്; പിന്നീട് വിശദീകരിക്കുന്നുണ്ട്. ആവിധം രണ്ടായി മാറുമ്പോൾ, രണ്ടാമത്തെ ഭാഗത്തിന് സ്വന്തമായിട്ട് അസ്തിത്വം ഇല്ല തന്നെ. അസ്തിത്വവും ശക്തികളും ജ്ഞാനവും ആനന്ദങ്ങളുമെല്ലാം രണ്ടാമത്തെ ഭാഗത്തിന് നൽകണമോ എന്നും എങ്ങനെയെല്ലാം നൽകണമെന്നും നിശ്ചയിക്കുന്നത് ആദ്യ ഭാഗത്തെ ആശ്രയിച്ചാണിരിക്കുന്നത്. മഹാസത്യത്തിന്റെ ആദ്യ ഭാഗം കനിഞ്ഞ് രണ്ടാമത്തെ ഭാഗത്തിലൂടെ അറിയിക്കുന്ന മഹാകാര്യങ്ങളെ, മനുഷ്യാവസ്ഥയിൽ ലഭ്യമായ വിശേഷ ബുദ്ധി കൊണ്ട് വിശകലനം ചെയ്ത് ശരിയെന്നു ബോദ്ധ്യപ്പെട്ടാൽ മാത്രം മനുഷ്യർ അവരവർക്കു വേണ്ടി ഉൾക്കൊണ്ട് ജീവിക്കുകയേ വേണ്ടൂ.

***********************************

സ്വന്തം 'മായ' കൊണ്ട് നിർവ്വഹിക്കുന്ന സൃഷ്ടി സ്ഥിതികളുടെ ഉദ്ദേശങ്ങളെ 'മഹാസത്യം' വെളിപ്പെടുത്തുന്നതിനെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യാനും മനസ്സിലാക്കാനും മനുഷ്യർക്ക് കഴിയുന്നതാണ്.

പ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതികളെ സത്യമായും കൃത്യമായും മനുഷ്യരെ അറിയിക്കാൻ പ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതികളെ ചെയ്തു പോരുന്ന 'ആദിയും അന്തവും ഇല്ലാത്ത മഹാസത്യത്തിനു' മാത്രമാണ് കഴിയുക. പ്രപഞ്ചം ഇല്ലെങ്കിലും നിലനിൽക്കുന്ന 'മഹാസത്യത്തെ' അറിയാൻ 'മഹാസത്യം' തന്നെ കനിയണം.

ദൈവ വിപ്ലവത്തോടെ ഭൂമിയാണ്, ശിവയും ശിവനും ചേർന്ന ദൈവമെന്ന് അറിയുകയും, സൃഷ്ടി സ്ഥിതി സംഹാരങ്ങളെയെല്ലാം യഥാർത്ഥത്തിൽ നിർവ്വഹിക്കുന്നത് ഏകദൈവമായ ശിവയാണെന്ന് ബോദ്ധ്യപ്പെടുന്നതുമാണ്.

ഓംകാര നീതി ശാസ്ത്രം പഠിച്ച്, ഒരല്പം ഭയം ഉണ്ടാവുകയും വർദ്ധിക്കുകയും ചെയ്യുമെങ്കിലും, കുഞ്ഞുങ്ങളായ മനുഷ്യർ മഹാമാതാവു കൂടിയായ ശിവയെയും, മഹാപിതാവു കൂടിയായ ശിവനെയും ഭയക്കാതിരിക്കാനായി ആയിരം കോടി വർഷങ്ങൾ നീണ്ട ആദ്യ മഹാകാലചക്രം മുഴുവൻ പശുവും പശുപതിയുമായിട്ട് മഹാദാസരായി സേവനം അനുഷ്ഠിച്ചതിനെ ഉൾക്കൊണ്ട് ഭയരഹിതരായി ജീവിക്കുന്നതാണ്.

**ഓം നമഃ ശിവായ = മഹാശിവയെ നമിക്കുന്നു.**

# മഹാസൃഷ്ടി സ്ഥിതി സംഹാര പാത്രവും മഹാശൂന്യതയും മഹാശിവലിംഗവുമായ 'ആകാശം'

പ്രപഞ്ചം ദൈവത്തിന്റെ അവതാരവും ഒപ്പം സൃഷ്ടിയും ആകുമ്പോൾ പഠിക്കാനും മനസ്സിലാക്കാനും വലിയ അളവിൽ ദൈവാനുഗ്രഹം വേണം. സൃഷ്ടി മാത്രമായാൽ, സൃഷ്ടിയുടെ ഘടനയ്ക്കും ഘടകങ്ങൾക്കും അനുസൃതമായ അതിരുകളെ സൃഷ്ടി സ്ഥിതി സംഹാര പാത്രമായി സൃഷ്ടിച്ച ആകാശത്തിനും വേണം; എന്നാൽ, അനന്തമായ ആനന്ദങ്ങളാകുന്ന പ്രപഞ്ച-ഭാഗമായിട്ട് ദൈവം അവതരിക്കുകയും, ആനന്ദങ്ങളെ ആസ്വദിച്ചു ജീവിക്കുന്ന ജീവികളെയും അവയുടെ സ്വത്വങ്ങളായ ആത്മാക്കളെയും സൃഷ്ടിക്കുമ്പോൾ വിഷയം സങ്കീർണ്ണമാകുന്നുണ്ട്. മാത്രമല്ല; സൃഷ്ടി സ്ഥിതി സംഹാര പാത്രമായ ആകാശം സ്രഷ്ടാവിന് അനന്തമായ ആനന്ദങ്ങളുടെ മഹാകലവറയും മഹാശക്തിയുമായ ഭൂമിയുമായി അവതരിക്കാൻ ആവശ്യമായ മഹാപാത്രമായും ഭവിക്കുന്നു.

സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ദൈവം, അനന്തമായ ആനന്ദങ്ങളായിട്ട് എങ്ങനെയാണ് അവതരിച്ചിരിക്കുന്നതെന്നും; ദൈവത്തിന്റെ സൃഷ്ടിയായ ജീവികളെയും ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളെയും എങ്ങനെയെല്ലാമാണ് പ്രപഞ്ചത്തിൽ സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്നതെന്നും മഹാശാസ്ത്ര പരമായി വിശദീകരിക്കണം. സമ്പൂർണ്ണമായ വിശദീകരണം ഈ ദിവ്യമഹാവേദ ഗ്രന്ഥത്തിന്റെ മറ്റ് അദ്ധ്യായങ്ങളിൽ ലഭ്യമാണ്. ആവർത്തിക്കുന്നില്ല.

**ഉടനെ ആരംഭിക്കുന്ന ദൈവ വിപ്ലവത്തോടെ ഭൂമിയിലെ എല്ലാ ദേവാലയങ്ങളിലും മഹാസൃഷ്ടി സ്ഥിതി സംഹാര പാത്രമായ ആകാശത്തിന്റെ പ്രതീകമായ ശിവലിംഗം മാത്രം പ്രതിഷ്ഠിക്കുന്നതാണ്. വിഗ്രഹാരാധനയെ മഹാദേവി അനുവദിക്കില്ല. ആദിയും അന്തവും ഇല്ലാത്ത മഹാശൂന്യതയും കൂടിയായ ആകാശത്തിന്റെ പ്രതീകമായ ശിവലിംഗം വിഗ്രഹമല്ല.**

പ്രപഞ്ചത്തിലെ ദൈവ ഭാഗമായ ആനന്ദങ്ങളെയും, ആത്മാക്കൾക്ക് ആനന്ദങ്ങളെ നേടാനുള്ള ഉപാധികളായ ശക്തികളെയും സംബന്ധിച്ചുള്ള ചില പാഠങ്ങൾ ചേർക്കുന്നു :

## ആനന്ദങ്ങളെയും, ആത്മാക്കൾക്ക് അവയെ നേടാനുള്ള ഉപാധികളായ ശക്തികളെയും അട്ടിമറിക്കാൻ സൃഷ്ടികളും കുഞ്ഞുങ്ങളുമായ ജീവികൾക്കും കഴിയില്ല.

ആനന്ദങ്ങളെയും അവയെ നേടാനുള്ള ഉപാധികളായ ശക്തികളെയും ശാസ്ത്രങ്ങളെയും സ്വാതന്ത്ര്യത്തെയും മറ്റും അട്ടിമറിക്കാൻ മനുഷ്യർ ഉൾപ്പെടെയുള്ള ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് കഴിയില്ല. ആനന്ദങ്ങളായ പ്രപഞ്ചത്തിൽ ലയിച്ചിരിക്കുന്ന അനന്തമായ ശക്തികളും ശാസ്ത്രങ്ങളും പ്രകാരം മാത്രമേ അവയെ പ്രവർത്തിപ്പിക്കാനും നിയന്ത്രിക്കാനും സൃഷ്ടികളായ ആത്മാക്കൾക്കു കഴിയുകയുള്ളൂ. എന്നുവെച്ചാൽ വസ്തുക്കളിലെല്ലാം ലയിച്ചിരിക്കുന്ന ശക്തികളും ശാസ്ത്രങ്ങളുമാണ് അടിസ്ഥാന പരമായി ജീവികളുടെയെല്ലാം ജീവിതകാര്യങ്ങളെ നിശ്ചയിക്കുന്നത്.

ഏകദൈവമായ ശിവ, സ്വന്തം ഭാഗമാക്കിയിട്ടുള്ള ശിവന് 'സത്യം ധർമ്മം നീതി സൃഷ്ടി സ്ഥിതി സംഹാരം' എന്ന സംഹാര മന്ത്രത്തെയും, പ്രണവമന്ത്രം എന്നറിയപ്പെടുന്ന ശിവ-ശിവൻ 'ഓംകാര മന്ത്രത്തെയും' മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ളത് ദൈവകാര്യമാണ്. മനുഷ്യരും ദേവതകളും ഉൾപ്പെടെയുള്ള സൃഷ്ടികൾക്ക് അതിൽ കാര്യമില്ല. ശൂന്യതയും ശക്തിഹീനതയും ബാധകമായ സൃഷ്ടികളായ ആത്മാക്കളെ ഭാഗികമായി* പ്രസ്തുത അവസ്ഥ ബാധകമായ പ്രപഞ്ചപിതാവും പരമാത്മാവുമായ ശിവന്റെ അംശങ്ങളായി (മാത്രം) സൂര്യനിൽ വച്ച് സൃഷ്ടിച്ച് ഹീലിയം ആറ്റത്തിന്റെ ന്യൂട്രോൺ, ദീപനാള-പ്രകാശം എന്നിവയെ ഭൗതിക അസ്തിത്വമായി ലഭിച്ചവരും സ്വന്തംഅസ്തിത്വം ഇല്ലാത്തവരുമായ ആത്മാക്കൾ, മനുഷ്യാവസ്ഥയിലും നക്ഷത്രമോക്ഷമായ ദേവതാവസ്ഥയിലും ലഭ്യമായ വിശേഷ ബുദ്ധിയെ ഭൗതിക-ധർമ്മ-നീതി ശാസ്ത്ര പരമായി ഉപയോഗിച്ച് ജീവിക്കണം.

*പരബ്രഹ്മമായ പ്രപഞ്ചത്തിന്റെ ഭാഗമായി അവതരിക്കുന്നതിനു മുമ്പ് മഹാസത്യവും ശിവയുമായ ഏകദൈവം; മഹാദാസനും ഭർത്താവും പ്രപഞ്ചപിതാവും പരമാത്മാവുമായി ശിവനെ മഹാസത്യമായ ശിവയുടെ ഭാഗമാക്കുമ്പോൾ ശക്തികളും, ഭൗതികമായ അസ്തിത്വവും ഇല്ലെങ്കിലും, 'ശിവൻ' പ്രപഞ്ചത്തിനു മുമ്പുള്ള മഹാസത്യമാണ്. മഹാസത്യമായ ശിവ പ്രപഞ്ച-ഭാഗമായിട്ട് അവതരിക്കുന്നത് ശിവനെ കൂടെക്കൂട്ടിയും കരാറോടെ ശക്തികളെ നൽകിയും 1000 കോടി വർഷങ്ങൾ നീണ്ട ആദ്യത്തെ മഹാകാലചക്രത്തിലും പിന്നീട് ഇപ്പോഴത്തെ സൃഷ്ടിചക്രത്തിലെ ദൈവ വിപ്ലവത്തിനു മുമ്പുള്ള ആദ്യ പകുതിയിലും പശുപതിയായും മറ്റും കടുത്ത വേദനകൾ നിറഞ്ഞ സേവനങ്ങളെ കുഞ്ഞുങ്ങളായ ആത്മാക്കൾക്കു വേണ്ടി ചെയ്യിച്ചും, (പരമ)ശിവന്റെ മാത്രം അംശങ്ങളായിട്ട് സൃഷ്ടിച്ചും, ശിവന് ഏകദാസൻ, മഹാദാസൻ, പരമശിവൻ, മഹാദേവൻ, മഹാനീതിപതി തുടങ്ങിയ മഹാപദവികളെയും മഹാശക്തികളെയും മഹാഅനുഗ്രഹിച്ചു നൽകിയുമാണ്.

**മഹാമാതാവായ ശിവയും, ഭാഗവും മഹാപിതാവുമായ ശിവനും മഹാശക്തികളെയും മഹാശാസ്ത്രങ്ങളെയുമെല്ലാം അനന്തമായ ആനന്ദങ്ങളാകുന്ന പ്രപഞ്ചമായിട്ട് പരിണമിപ്പിച്ച് കുഞ്ഞുങ്ങളായ ആത്മാക്കൾക്ക് നേരിട്ടു നൽകുകയുമാണ്. സത്യം ശിവം സുന്ദരം.**

ഏകമഹാസത്യമായ ശിവ, ഭാഗമായ ശിവനെയും ചേർത്ത് മഹാശൂന്യതയായ ആകാശത്തെ അതിരുകളായി ഒരുക്കിയിട്ടുള്ള പ്രപഞ്ചത്തിലെ നിയമങ്ങൾ പ്രകാരം ജനിച്ചും പുനർജ്ജനിച്ചും ജീവിക്കാൻ സൃഷ്ടികളായ ആത്മാക്കൾ ബാദ്ധ്യസ്ഥരാണ്.

ഏകമഹാസത്യമായ ശിവ, ഭാഗമായ ശിവനെയും ചേർത്ത് മഹാസത്യത്തിന്റെ പ്രതീകവും, ആദിയും അന്തവും ഇല്ലാത്ത മഹാശൂന്യതയും, സൃഷ്ടി സ്ഥിതി സംഹാര പാത്രവുമായിട്ട് ആദ്യം അവതരിക്കുകയും നഗ്ന നേത്രങ്ങൾ കൊണ്ട് അർദ്ധഗോളത്തിന്റെ ആകൃതിയിൽ, ലിംഗം പോലെയും കുട പോലെയും കാണാവുന്ന ആദിയും അന്തവും ഇല്ലാത്ത മഹാശൂന്യതയ്ക്ക് ആകാശം, ലിംഗം, ശിവലിംഗം, മഹാലിംഗം, മഹാശക്തിലിംഗം എന്നെല്ലാം വിശേഷ ബുദ്ധിയെ നൽകുന്ന കുഞ്ഞുങ്ങൾക്കായി പേരിട്ടിരിക്കുന്നു.

എല്ലാ ജീവികളുടെയും സ്വത്വങ്ങളായ ആത്മാക്കൾക്ക് ആനന്ദത്തോടെ ജീവിക്കാൻ ആവശ്യമായ ശക്തികളും ശാസ്ത്രങ്ങളും ആനന്ദങ്ങളും ലയിച്ചു ചേർന്നാണ് 'വ്യത്യസ്ത ശക്തികൾ' എന്ന് വിശേഷിപ്പിക്കാവുന്ന മൂലകങ്ങളും സംയുക്തങ്ങളും ഭൂമിയും ഉണ്ടായതെന്നും; ജീവികളെ സൃഷ്ടിക്കുന്നത് ശക്തികളായ മൂലകങ്ങളെ ശരീരാവയവങ്ങളായി മാറ്റിയും, നിർജ്ജീവമായ ആത്മാക്കളോടു ചേർത്തുമാണെന്ന് മനസ്സിലാക്കാം. മൂലകങ്ങളെയും സംയുക്തങ്ങളെയും ശരീരാവയവങ്ങളും ഭാഗങ്ങളുമായി രൂപപ്പെടുത്തുന്നത് സൃഷ്ടികളായ ജീവികളുടെ സ്വത്വങ്ങളല്ല. മഹാസത്യമായ ശിവയും ഭാഗമായ ശിവനും ചേർന്ന് ശിവലിംഗമായ ആകാശവും; മഹാശക്തിയായ ഭൂമിയുമായി അവതരിച്ച ശേഷം ശിവന്റെ അംശമായി 'ആത്മാക്കളെയും', ശിവയുടെ അംശമായി 'മൂലകങ്ങളെയും ശരീരങ്ങളെയും' സൃഷ്ടിക്കുകയാണ്. പിന്നീട് ശാസ്ത്ര പരമായി കൂടുതൽ വിശദീകരിക്കുന്നുണ്ട്.

മാതാപിതാക്കളുടെ കുഞ്ഞുങ്ങളായി ആത്മാക്കൾ പുനർ-ജനിക്കുന്നതും യഥാർത്ഥത്തിൽ ശിവലിംഗമായ ആകാശത്തിൽ വച്ചാണ്. വിശദീകരിക്കാം: മഹാശൂന്യത കൂടിയായ ആകാശത്തിന്റെ അതിസൂക്ഷ്മമായ അംശമാണ് സ്ത്രീ-ജീവികളുടെ ഗർഭ പാത്രവും, അവിടേയ്ക്കുള്ള വഴിയും (യോനികളും). ശൂന്യത ജീവികളുടെ ശരീര ഭാഗങ്ങളോ അവയവങ്ങളോ അല്ല. 'ഭൂമിയുടെ അംശമായ പ്രദേശങ്ങൾക്ക് പേര് നൽകാനും അതിരുകൾ നിശ്ചയിക്കാനും മനുഷ്യൻ ഉൾപ്പെടെയുള്ള സൃഷ്ടികൾക്ക് അവകാശവും അധികാരവും ഇല്ല'.

ശിവലിംഗമായ ആകാശത്തിലാണ് ജീവികളെല്ലാം ജനിക്കുന്നതും പുനർജ്ജനിക്കുന്നതും, 100 ജന്മങ്ങളുള്ള മനുഷ്യാവസ്ഥയിൽ വച്ച് നക്ഷത്ര-മോക്ഷത്തിലെ സ്ഥിരരൂപമായ ദേവതാ പദവി നേടുന്നതും എന്നിരിക്കെ, ഭൂമിയുടെ ഇഷ്ടമായ മഹാനീതിശാസ്ത്രം പ്രകാരം ഭൂമിയിലെ വിവിധ പ്രദേശങ്ങളിൽ മഹാമാതാപിതാക്കളായ ശിവയുടെയും ശിവന്റെയും കുഞ്ഞായിട്ട് ശിവലിംഗത്തിൽ ജനിച്ച് പുനർജ്ജന്മങ്ങളിലൂടെ മോക്ഷം നേടി ഭൂമി വിടുന്നവർ പ്രത്യേക രാജ്യക്കാരായി കരുതുന്നത് ഭോഷത്വമാണ്. ഉടനെയുള്ള ദൈവ വിപ്ലവത്തോടെ സൃഷ്ടികളും കുഞ്ഞുങ്ങളുമായ ആത്മാക്കൾ സത്യങ്ങളെ ഉൾക്കൊണ്ട് ജീവിച്ചു തുടങ്ങുന്നതാണ്.

വിശേഷ ബുദ്ധിയെ ലഭിക്കുന്ന മനുഷ്യർ പുലർത്തുന്ന ഭൗതിക അസ്തിത്വം ഇല്ലാത്തതായ ദേശ/ദേശീയ വിഷയത്തെ വിശകലനം ചെയ്താൽ തന്നെ നാളിതുവരെ ചെയ്തു കൂട്ടിയ കൊടിയ അപരാധങ്ങൾ മനസ്സിലാക്കി തജ്ജന്മത്തിലെ ശിഷ്ടകാലം മുഴുവനും മനുഷ്യർ പശ്ചാത്തപിച്ചെന്നു വരാം! അടുത്ത ഒരു ജന്മത്തിൽ കൂടി പശ്ചാത്തപിക്കാൻ അനേകം പാപികൾക്ക് അവസരം ലഭിക്കുന്നതുമാണ്. ഇനി ഒരല്പം വിശദീകരിക്കാം :- മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശങ്ങൾ മാത്രമാണ് രാജ്യങ്ങളും പ്രദേശങ്ങളും മൂലകങ്ങളും 'ജീവികളുടെ ശരീര-അവയവങ്ങളുമെല്ലാം.' അവയെ ദേശീയമാക്കാനോ, പ്രാദേശികമാക്കാനോ, മതപരമാക്കാനോ, മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളുടെ ആത്മാക്കൾക്ക് കഴിയില്ല.

ഏതു പ്രദേശത്തു ജനിച്ചാലും ജീവിച്ചാലും അതാതു പ്രദേശത്തെ മണ്ണ് സൃഷ്ടിക്കുന്നതും നൽകുന്നതുമായ ശരീര കോശങ്ങളെയാണ് ജീവാത്മാവ് "എന്റെ ശരീരം" എന്നു പറയുന്നത്. ശരീരത്തിലെ കോശങ്ങളെ ശരീരം സ്വയം നവീകരിച്ചു കൊണ്ടിരിക്കുന്നതു കൊണ്ടാണ് ജീവികളുടെയെല്ലാം ശരീര വളർച്ച, രോഗ ആഗമനം, രോഗ പ്രതിരോധം, ശുശ്രൂഷ, മുറിവ് ഉണങ്ങൽ, തുടങ്ങിയവയെല്ലാം നടക്കുന്നത്. ഭക്ഷണ സാധനങ്ങളും മരുന്നുകളും ഒക്കെ ശരീരത്തിനു നൽകാൻ ജീവാത്മാവിനെ അനുവദിക്കുന്നു എന്നല്ലാതെ അവയെ സ്വീകരിക്കുന്നതും കോശങ്ങളെ പുതിയതായി സൃഷ്ടിക്കുന്നതുമെല്ലാം മണ്ണും ശരീരവും ജലവും ഓക്സിജനും ചേർന്നു നിശ്ചയിക്കുന്ന കാര്യങ്ങളാണ്.

അക്കാരണത്താൽ തിരുവനന്തപുരത്ത് ജനിച്ച ഒരു മനുഷ്യൻ കോട്ടയം, കൊച്ചി, തമിഴ്നാട്, ബോംബെ, കാശ്മീർ, പാകിസ്ഥാൻ, ചൈന, അമേരിക്ക, റഷ്യ, ഗൾഫ് നാടുകൾ തുടങ്ങിയ പ്രദേശങ്ങളിലെ പഴമോ ഭക്ഷണമോ കഴിക്കുകയോ, ജലം കുടിക്കുകയോ, മരുന്നുകൾ കഴിക്കുകയോ ചെയ്താൽ പോലും, അവയിൽ നിന്ന് ശരീരം സദാ പുതിയ കോശങ്ങളെ സൃഷ്ടിക്കുകയാൽ, ശരീരത്തിന് ജീവാത്മാവ് അവകാശപ്പെടുന്ന പ്രാദേശിക -മൂഢത്വം ബാധിക്കുന്നതല്ല. ഭരണാധികാരികൾക്കും സൈനികർക്കും സാധാരണ ജനങ്ങൾക്കും മറ്റുള്ള ജീവികൾക്കുമെല്ലാം ബാധകമായ സത്യമാണത്. മാംസം, പഴങ്ങൾ, പച്ചക്കറികൾ തുടങ്ങിയ പേരുകളിൽ മറ്റുള്ള ജീവികളുടെ ഭക്ഷണമായിട്ട് പരിണമിച്ചാലും ഇല്ലെങ്കിലും, (ശവ) ശരീരം എവിടെയുമുള്ള മണ്ണിലടിയുന്നതാണ്. ശരീരത്തിന് ജനിച്ച പ്രദേശമെന്നോ ജീവിക്കുന്ന പ്രദേശങ്ങളെന്നോ വ്യത്യാസമില്ല. മണ്ണും ഭൂമിയും ദൈവ-അംശവുമായ ശരീരം ചുറ്റിത്തിരിഞ്ഞ് വീണ്ടും മണ്ണായി മാറുന്നതാണ്. സർവ്വം മണ്ണടി. ശരീരം പ്രത്യക്ഷമായിട്ട്, ജീവാത്മാവിന് അനുവദിക്കുന്നതായ അവയവ-ചലനങ്ങളെക്കൊണ്ട് ഏതൊരു പ്രവൃത്തിയും ചെയ്യാനും ചെയ്യാതിരിക്കുവാനും, ഏതൊരു വസ്തുവും ഉപയോഗിക്കാനും ഉപയോഗിക്കാതിരിക്കാനും ജീവാത്മാവിന് സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെയും ലഭിക്കുന്നുണ്ട്. പ്രസ്തുത സ്വാതന്ത്ര്യത്തെ ഉപയോഗിച്ച് മണ്ണും പ്രദേശവും ഭൂമിയുമായ ദൈവത്തിന്റെയോ, ദൈവാംശമായ ശരീരത്തിന്റെയോ സൃഷ്ടി സ്ഥിതികളും മഹാനീതിയും ഉൾപ്പെടെയുള്ള മഹാകാര്യങ്ങളിൽ ഇടപെടാൻ ജീവികളുടെ സ്വത്വങ്ങളും കുഞ്ഞുങ്ങളുമായ ആത്മാക്കൾക്ക് കഴിയുന്നതല്ല.

പ്രാദേശികത്വത്തെയും ദേശീയതെയും ശാസ്ത്രപരമായി നിർവ്വചിക്കാനോ; സ്വന്തം ഇഷ്ടപ്രകാരം ജനിക്കാനോ മരിക്കാനോ; സ്ത്രീപുരുഷൻ നിറം സൗന്ദര്യം മുഖഛായ ആയുസ്സ് ആരോഗ്യം ശരീരാവയവങ്ങൾ ഉയരം ബുദ്ധിശക്തി ഓർമ്മശക്തി തൊഴിൽ-അഭിരുചി വിനോദ-അഭിരുചി മാതാപിതാക്കൾ ജനനസ്ഥലം മരണസ്ഥലവും-സമയവും തുടങ്ങിയ ജന്മഗുണങ്ങളെ നിശ്ചയിക്കാനോ; പ്രാദേശികത്വമോ ദേശീയതയോ അവകാശപ്പെടാൻ കഴിയുന്നവരോ ഭൂമിയിൽ ഇല്ല. 'മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശമായ പ്രദേശങ്ങളെയും' ജീവികളുടെ ശരീരാവയവങ്ങളെയും നിർവ്വചിക്കാനും സൃഷ്ടിക്കാനും ദൈവത്തിനു മാത്രമാണ് കഴിയുക. ദൈവത്തിനു മാത്രം മഹത്വം.

ഭൂമിയിലാണ് മനുഷ്യരും മറ്റുള്ള ജീവികളുമെല്ലാം ജീവിക്കുന്നതെന്നും; ഭൂമിയുടെ ഭാഗങ്ങൾ മാത്രമാണ് ഇന്ത്യ, പാകിസ്താൻ, അഫ്ഗാനിസ്ഥാൻ, റഷ്യ, ബംഗ്ലാദേശ്, മ്യാൻമർ/ബർമ്മ, ചൈന, ശ്രീലങ്ക/സിലോൺ, ഫ്രാൻസ്, ഇറ്റലി, അമേരിക്ക, ഇംഗ്ലണ്ട് തുടങ്ങിയ 200-ൽ പരം രാജ്യങ്ങളെന്നും ഒരുവിധപ്പെട്ട ജനങ്ങൾക്കെല്ലാം അറിയാം. കാലാകാലങ്ങളിൽ ഭൂമിയിൽ ജീവിച്ചുപോരുന്ന അനേകം ജീവികളിൽ ഒന്നു മാത്രമായ മനുഷ്യ ജീവികൾ തങ്ങൾക്ക് ദൈവം മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള അധിക ബുദ്ധിശക്തികളെ ദുരുപയോഗം ചെയ്ത് തങ്ങളുടെ ഇഷ്ടംപോലെ ഭൂപ്രദേശങ്ങൾക്ക് അതിർത്തികളെ നിശ്ചയിക്കുകയും, വിവിധ പേരുകൾ നൽകി വ്യത്യസ്ത രാജ്യങ്ങളായി പ്രഖ്യാപിച്ചതുകൊണ്ട്, ഭൂപ്രദേശങ്ങൾ വ്യത്യസ്ത രാജ്യങ്ങളായി മാറില്ല. ഭൂപ്രദേശങ്ങളെ സൃഷ്ടിച്ചെന്നു കരുതുന്ന മൂഢർ ഉൾപ്പെട്ട എല്ലാ ആത്മാക്കളെയും ഭൂപ്രദേശങ്ങളുടെ അംശമായ ജീവികളുടെ ശരീരം പുറത്താക്കുകയും; ഭൂപ്രദേശങ്ങൾ സ്വന്തം ഇഷ്ട പ്രകാരമുള്ള ഭൂചലനം സുനാമി കൊടുങ്കാറ്റ് പ്രളയം അഗ്നിപർവ്വതം വേലിയേറ്റം തുടങ്ങിയവ കൊണ്ട് അതിരുകളെയും അവസ്ഥകളെയും നിശ്ചയിക്കുന്നതാണ്.

ഭൂപ്രദേശങ്ങളുടെ ഉടമയും സൃഷ്ടി-സ്ഥിതി-സംഹാര കർത്താവും, ഭൂമിയുമായ ദൈവത്തിനു മാത്രമാണ് ഭൂപ്രദേശങ്ങളുടെ കാര്യങ്ങളെ മഹാനിശ്ചയിക്കുവാൻ അവകാശവും അധികാരവുമുള്ളത്. ഉദാഹരണമായിട്ട്, മനുഷ്യ ജീവികൾക്കു തോന്നുമ്പോലെയെല്ലാം (1) ബർമ്മ / മ്യാൻമർ, സിലോൺ / ശ്രീലങ്ക, മദിരാശി / മദ്രാസ് / ചെന്നൈ, ബോംബെ / മുംബൈ എന്നിങ്ങനെ പേരുകൾ ഇടുന്നതുകൊണ്ടോ, പേരുകൾ മാറ്റുന്നതു കൊണ്ടോ; (2) കന്യാകുമാരിയെ തമിഴ്നാടിന്റെയോ കേരളത്തിന്റെയോ ഭാഗമായിട്ട് കണക്കാക്കുന്നതു കൊണ്ടോ; കാശ്മീരിനെ ഭാഗികമായോ പൂർണ്ണമായോ ഇന്ത്യയുടെ ഭാഗമായിട്ട് കണക്കാക്കുന്നതു കൊണ്ടോ; (3) ഇന്ത്യയെയും പാകിസ്താനെയും ബംഗ്ലാദേശിനെയും മൂന്നായിട്ടോ ഒന്നായിട്ടോ കണക്കാക്കുന്നതു കൊണ്ടോ; ഭൂപ്രദേശങ്ങൾക്ക് മാറ്റമുണ്ടാകുന്നില്ല.

അതേസമയം ഭൂകമ്പം, സുനാമി, അഗ്നിബാധ, അഗ്നി പർവ്വതം, കാട്ടുതീ, കൊടുങ്കാറ്റ്, മഞ്ഞ്, വെയിൽ, മഴ, വെള്ളപ്പൊക്കം, തുടങ്ങിയവ കൊണ്ട് മഹാശാസ്ത്രപരമായിട്ടു തന്നെ ഭൂമിയിലെ പ്രദേശങ്ങളുടെ അതിർത്തികളെ മാറ്റിമറിക്കാനും, പഴയ പ്രദേശങ്ങളെ ഭാഗികമായോ പൂർണ്ണമായോ സമുദ്രങ്ങളെ ഉപയോഗിച്ചും മറ്റും പിൻവലിക്കാനും പുതിയ പ്രദേശങ്ങളെ സൃഷ്ടിക്കാനും ഭൂപ്രദേശങ്ങളുടെ ഉടമയും സൃഷ്ടി-സ്ഥിതി-സംഹാര കർത്താവുമായ ദൈവത്തിനു കഴിയുന്നതാണ്. മഹാശക്തിയും മഹാമാതാവും മഹാനീതിയും ഭൂമിയുമായ ദൈവം, അഥവാ ഭൂമിയുടെ സ്വത്വമായ ഓക്സിജൻ വൈവിധ്യങ്ങളായ ഭൂപ്രദേശങ്ങളെയും ജവി-ശരീരങ്ങളെയും സൃഷ്ടിച്ചിട്ടുള്ളത് മനുഷ്യർ ഉൾപ്പെടെയുള്ള സൃഷ്ടികളുടെ ആത്മാക്കൾക്കു വേണ്ടിയാണ്.

സ്വന്തം മഹാആനന്ദമായിട്ട് സൃഷ്ടികളോടുള്ള മഹാവാത്സല്യത്തെ മഹാനിശ്ചയിച്ചും, സൃഷ്ടികളെയെല്ലാം തന്റെ പൊന്നോമന-കുഞ്ഞുങ്ങളായിട്ട് മഹാഅനുഗ്രഹിച്ചും കൊണ്ട് കുഞ്ഞുങ്ങളെയെല്ലാം ദൈവം മഹാകരുതുന്നു.

മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ എന്നീ ജീവിചക്രത്തിലൂടെ കുഞ്ഞുങ്ങളെയെല്ലാം പരിണമിപ്പിക്കുകയും അഞ്ചാമത്തെ മനുഷ്യാവസ്ഥയിൽ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രത്തെ നൽകുകയും അനന്തമായ ആനന്ദങ്ങളെ അനുഭവിപ്പിക്കുകയും ചെയ്യുന്നു. ശേഷം മാനുഷികമായ ബന്ധങ്ങളിൽ നിന്നും, ഭൂമിയായ ദൈവത്തിൽ നിന്നും മോചിപ്പിച്ച്, 'അനന്തമായ ആനന്ദങ്ങളുടെ പര്യായമായ മോക്ഷത്തെ' മഹാഅനുഗ്രഹിച്ചു നൽകുന്നു.

100 മനുഷ്യ ജന്മങ്ങളിലൂടെ ഭൂമിയിലെ അനന്തങ്ങളായ ആനന്ദങ്ങളെയെല്ലാം, സമആനന്ദമെന്ന മഹാസമനീതിയോടെ ഓരോ മനുഷ്യനും മഹാഅനുഗ്രഹിച്ചു നൽകുന്നത് ജന്മഗുണങ്ങളെ സൃഷ്ടിച്ചുകൊണ്ടാണ്. യാതൊരു വ്യക്തികൾക്കും അവരുടെ മാതാപിതാക്കൾക്കും ജന്മഗുണങ്ങളിൽ പങ്കില്ല.

സ്വന്തമായ ഇഷ്ടപ്രകാരം സ്ത്രീ-പുരുഷൻ, ആയുസ്സ്, ആരോഗ്യം, സൗന്ദര്യം, നിറം, ഉയരം, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, മാതാപിതാക്കൾ, സാമ്പത്തിക ഭദ്രത, ജനനസ്ഥലം തുടങ്ങിയവയെ നിശ്ചയിച്ചു കൊണ്ട് ജനിക്കാൻ യാതൊരു മനുഷ്യർക്കും സാധിക്കുന്നതല്ല എന്നതിൽ നിന്നും അവയെല്ലാം ജന്മഗുണങ്ങളാണെന്നു സുവ്യക്തമാണ്.

മണ്ണും ഭൂമിയുമായ ദൈവം മഹാനീതിശാസ്ത്രമനുസരിച്ച് മഹാനിർവ്വഹിക്കുന്ന ജനനസ്ഥലം ഉൾപ്പെടെയുള്ള ജന്മഗുണങ്ങളുടെ പേരിലും; ദൈവത്തിനു മാത്രം എക്കാലവും സ്വന്തമായ ഭൂപ്രദേശങ്ങളുടെ പേരിലും; കേമത്തം കാട്ടുന്നതും, കലഹിക്കുന്നതും, ഒളിപ്പോരു നടത്തുന്നതും, യുദ്ധം ചെയ്യുന്നതും വലിയ ഭോഷത്തവും നീചത്തവുമാണെന്ന് സ്വയം വിശകലനം ചെയ്താലറിയാം.

ദൈവം മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള അധിക ബുദ്ധിശക്തികളെ ദുരുപയോഗം ചെയ്ത്, ഭൂപ്രദേശങ്ങളെ തങ്ങൾക്ക് തോന്നുമ്പോലെയെല്ലാം വേർതിരിച്ച ശേഷം രാജ്യസ്നേഹം, രാജ്യദ്രോഹം, എന്നിങ്ങനെ പറഞ്ഞ് വാക്കേറ്റങ്ങളും അടിപിടിയും യുദ്ധങ്ങളും ഉണ്ടാക്കുന്നത് ഒരുപക്ഷേ ഭൂമിയിലെ ഏറ്റവും വലിയ ഭോഷത്തമാവാം. ജീവികളുടെയെല്ലാം മഹാമാതാവും മഹാനീതിയുമായ ദൈവത്തെ, മനുഷ്യരൂപിയായിട്ടോ ഈ സന്ദേശത്തെ വായിക്കുന്ന വ്യക്തിയായിട്ടോ മനസ്സിലാക്കാനും സങ്കല്പിക്കാനും കഴിയുന്നവർക്ക്, ദൈവത്തിന്റെ അഥവാ താങ്കളുടെ ശരീരത്തിലെ പാദം, വിരല്, നഖം, രോമം, തലമുടി, കണ്ണ്, മൂക്ക്, ചെവി, നാവ്, കയ്യ്, ആമാശയം, പൃഷ്ഠം, ഹൃദയം, തുടങ്ങിയ അനേക ശതകം/ ലക്ഷം/കോടി അവയവങ്ങളിൽ / കോശങ്ങളിൽ ചിലതായിട്ട് രാജ്യങ്ങളെയും അവയിലെ സംസ്ഥാനങ്ങളെയും ജില്ലകളെയും പഞ്ചായത്തുകളെയും പട്ടണങ്ങളെയും കുന്നുകളെയും മലകളെയും പർവ്വതങ്ങളെയും വനങ്ങളെയും സമുദ്രങ്ങളെയും നദികളെയും തോടുകളെയുമൊക്കെ മനസ്സിലാക്കാൻ കഴിയുന്നതാണ്.

ഒരു മനുഷ്യന്റെ എല്ലാ അവയവങ്ങൾക്കും ആരോഗ്യം ഉണ്ടാകുമ്പോഴും, ജീവാത്മാവിന്റെ ആഗ്രഹങ്ങൾ സാധിക്കുമ്പോഴും വ്യക്തി ആനന്ദിക്കുന്നു. ആഗ്രഹങ്ങൾക്ക് വിപരീത പരിസ്ഥിതി ഉണ്ടാകുമ്പോഴും; അവയവങ്ങൾക്ക് ആരോഗ്യം കുറയുകയും യോജിച്ചു പ്രവർത്തിക്കാൻ കഴിയാതെ വരുമ്പോഴും അവയവങ്ങൾക്കും വ്യക്തിക്കും മഹാനീതി ശാസ്ത്രപരമായ വിനാശം ഉണ്ടാകുന്നതാണ്. വ്യക്തിയുടെ ശരീര ഭാഗങ്ങളും അവയവങ്ങളുമായ കണ്ണുകൾ, ചെവികൾ, മൂക്ക്, നാക്ക്, തലമുടി, കിഡ്നി, വിരലുകൾ, കൈകാലുകൾ, തുടങ്ങിയവയ്ക്ക് മഹാശാസ്ത്രപരമായിട്ട് ഒത്തൊരുമിച്ചു പ്രവർത്തിക്കുന്നതിന് തടസ്സം ഉണ്ടാവുകയോ, അവയവങ്ങൾ നഷ്ടപ്പെടുകയോ നഷ്ടപ്പെടുത്തുകയോ ചെയ്യുമ്പോൾ വ്യക്തിയുടെ ജീവിത-വേദന വർദ്ധിക്കുന്നതാണ്; ജീവനും ദൈവത്തിന്റെ വാതകരൂപവുമായ ഓക്സിജൻ മഹാഭരിക്കുന്നതു പ്രകാരം സ്വത്വമായ ജീവാത്മാവാണ് വേദനിക്കുന്നത്.

വ്യക്തിയുടെ ശരീരത്തിലെ അവയവങ്ങളിലെല്ലാം നിറഞ്ഞു നിൽക്കുന്നത് ഒരേ ജീവാത്മാവാണ്. അതേപോലെ, ഭൂമിയുടെ എല്ലാ ഭൂപ്രദേശങ്ങളിലും, രാജ്യങ്ങളിലും, സംസ്ഥാനങ്ങളിലും, ജില്ലകളിലും, നഗരങ്ങളിലും, ഗ്രാമങ്ങളിലും, കുന്നുകളിലും, മലകളിലും, പർവ്വതങ്ങളിലും, വനങ്ങളിലും, സമുദ്രങ്ങളിലും, നദികളിലും, തോടുകളിലും ഒക്കെ മഹാലയിച്ച് മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ നിർവ്വഹിക്കുന്നത് മണ്ണും ഭൂമിയും ഓക്സിജനുമായ ഏകദൈവമാണ്.

ഭൂമിക്കും, ഭൂമിയുടെ അവയവങ്ങളും അംശങ്ങളും മാത്രമായ രാജ്യങ്ങൾക്കും സംസ്ഥാനങ്ങൾക്കും ജില്ലകൾക്കും മറ്റും ജയ് വിളിക്കാൻ ഭൂമിയോ, ഭൂമിയുടെ അംശങ്ങളായ ദേശങ്ങളോ നാട്ടു-പ്രദേശങ്ങളോ യാതൊരാളോടും ആവശ്യപ്പെടുന്നില്ല. ഭൂമിക്ക് / ദൈവത്തിന് ജയ് വിളിയുടെ ആവശ്യവുമില്ല. ജയ് വിളിക്കുന്നവരും വിളിക്കാത്തവരുമെല്ലാം മഹാനീതിശാസ്ത്ര പ്രകാരം ഭൂമിയുടെ വ്യത്യസ്ത പ്രദേശങ്ങളിലായി ജനിച്ചും പുനർജ്ജനിച്ചു കൊണ്ടും ഭൂമി ജനിപ്പിച്ചും ജീവിപ്പിച്ചുകൊണ്ടുമിരിക്കുന്നതാണ്.

അതായത് അജ്ഞാനികളും അധമരുമായ (?) ജനങ്ങൾ, ഭൂമിയുടെ അവയവങ്ങൾ മാത്രമായ രാജ്യങ്ങൾക്കും മറ്റും ജയ് വിളിക്കുകയും ദേശീയ ഗാനങ്ങളെന്ന പേരിൽ കോപ്രായങ്ങൾ കാട്ടിക്കൂട്ടുകയും ചെയ്യുമ്പോൾ ശാസ്ത്രീയത ഇല്ലാതാവുന്നു; ദൈവ നിന്ദ ഉണ്ടാകുന്നു. അതോടെ മത്സരം, അടിപിടി, കൊല, യുദ്ധം തുടങ്ങിയ പൈശാചിക കാര്യങ്ങൾ സംഭവിക്കുന്നു. നേതാക്കന്മാരും പട്ടാളക്കാരും മറ്റും മരിക്കുമ്പോൾ രാഷ്ട്രം അവരെ നമിക്കുന്നതായിട്ട് മന്ത്രിമാരും മറ്റും പ്രസ്താവിക്കുന്നത് കടുത്ത ദൈവനിന്ദയാണ്. ആരെയും ആദരിക്കാനും ആദരിക്കാതിരിക്കാനും വ്യക്തികളെന്ന നിലയ്ക്ക് ഭരണാധികാരികൾക്ക് വ്യക്തിസ്വാതന്ത്ര്യമുണ്ട്. എന്നാൽ മറ്റുള്ളവരുടെ വ്യക്തിസ്വാതന്ത്ര്യത്തിന്മേൽ കൈകടത്താൻ ജനസേവകർ മാത്രമായ ഭരണാധികാരികൾ ഉൾപ്പെടെ യാതൊരാൾക്കും അവകാശമില്ല, അധികാരവുമില്ല. അങ്ങനെയിരിക്കെ മഹാശക്തിയും, മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര കർത്താവുമായ ദൈവത്തിനു മാത്രം അവകാശവും അധികാരവും ഉള്ളതായ മഹാകാര്യങ്ങളെ 'മത-ജാതി-രാഷ്ട്രീയ- ജീവികളായി അധഃപതിച്ച കുഞ്ഞുങ്ങൾ' അപമാനിക്കുന്നത് കടുത്ത അപരാധമാണ്. മണ്ണും ഭൂമിയുമായ ദൈവം അനുവദിക്കുക കൂടി ചെയ്യുമ്പോഴാണ് ഏതൊരാളും മരിക്കുന്നതെന്നു തിരിച്ചറിയുമ്പോൾ, മഹാമാതാവും മഹാനീതിയും കൂടിയായ ഭൂമി കുഞ്ഞുങ്ങളെ നമിക്കുന്നതായിട്ട് പ്രസ്താവിക്കുന്നതിലെ മൗഢ്യത വെളിവാകുന്നുണ്ട്.

ആയുധങ്ങൾക്കും മറ്റും പാഴാക്കുന്ന ധനവും ഊർജ്ജവും സമയങ്ങളുമെല്ലാം ജനങ്ങളുടെ പൊതുവായ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടണം, ഉപകരിക്കണം. ആയുധങ്ങൾക്കും ആയുധവാഹിനികൾക്കും കര-വായു-നാവിക സേനകൾക്കും അവരുടെയെല്ലാം വാഹനങ്ങൾക്കും ബന്ധപ്പെട്ട കാര്യങ്ങൾക്കുമായിട്ട് ഭൂമിയിലെ രാജ്യങ്ങളിലെല്ലാം പാഴാക്കുന്ന ധനവും ഊർജ്ജവും സമയങ്ങളും മനുഷ്യ ജീവിതങ്ങളുമെല്ലാം ലാഭിക്കുമ്പോൾ തന്നെ ഭൂമിയിലെങ്ങും സ്വർഗ്ഗ സുഖങ്ങളെ ഒരുക്കാൻ കഴിയുന്നതാണ്.

അധമ സംസ്കാരം കൊണ്ട് രൂപപ്പെട്ടതായ രാജ്യരക്ഷ എന്ന കള്ളപ്പേരിൽ അറിയപ്പെടുന്ന നികൃഷ്ട തൊഴിൽ ചെയ്യുന്ന സൈനികരേക്കാൾ അധമരായിട്ടുള്ളത്, അന്താരാഷ്ട്രപരമായ തിരുത്തൽ നടപടികൾക്ക് പരിശ്രമിക്കാതെ പട്ടാളക്കാരെക്കൊണ്ട് നികൃഷ്ടജോലികളെ ചെയ്യിക്കുന്ന ഭരണാധികാരികളാണ്.

രാജ്യത്തെ തങ്ങൾ രക്ഷിക്കുന്നുവെന്ന് ഭരണാധികാരികളും പട്ടാളക്കാരും മറ്റും ചിന്തിച്ചുപോരുന്നത് കടുത്ത അജ്ഞാനവും അവിവേകവും നിമിത്തമാണ്, ദൈവനിന്ദയുമാണ്. മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശമായ രാജ്യം ജനങ്ങളെയും മറ്റുള്ള ജീവികളെയും സൃഷ്ടിക്കുകയും രക്ഷിക്കുകയുമാണ് യഥാർത്ഥത്തിൽ ചെയ്യുന്നത്.

സമ്പത്തും, ലക്ഷക്കണക്കിന് ജനങ്ങളുടെ അദ്ധ്വാനവും, സമയവും, അമൂല്യമായ ജീവനുകളും നശിപ്പിക്കുന്ന പരേഡുകളും, പരിശീലനങ്ങളും, ഇലക്ഷനുകളും, ഉൾപ്പെടെയുള്ള കോപ്രായങ്ങൾ ശരിയല്ല. യുദ്ധങ്ങളെ ഉപേക്ഷിച്ച്, ആയുധങ്ങളും സന്നാഹങ്ങളും ഉൾപ്പെടെയുള്ള കോടി കോടി-യുദ്ധച്ചിലവുകൾ ഒഴിവാക്കിയാൽ, അളക്കാൻ കഴിയാത്ത വിധം ധന-ഊർജ്ജ-സമയ-ജീവ നഷ്ടങ്ങൾ ഒഴിവാകുന്നതാണ്. സമ്പത്ത്+ സമാധാനം+ ആനന്ദം കൊണ്ട് ഭൂമിയെ സ്വർഗ്ഗമാക്കാം !

മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അവയവങ്ങളും അംശങ്ങളും മാത്രമായ ദേശങ്ങൾ യുദ്ധം ചെയ്യുന്നില്ല. വ്യത്യസ്ത ദേശങ്ങളിൽ ജനിക്കുന്നത് സ്വന്തം ഇഷ്ടപ്രകാരമല്ലാ എന്നതുപോലും തിരിച്ചറിയാത്ത അജ്ഞാനികളും അവിവേകികളുമായ നേതാക്കൾ വഴിപിഴപ്പിക്കുന്നതും അവരുടെ ഭാഗമല്ലാത്തതും സാധാരണ ജനങ്ങളുടെ ഭാഗവും, ഒരേ ഭൂമിയുടെ പൊന്നോമന കുഞ്ഞുങ്ങൾ മാത്രവുമായ സൈനികരാണ് അന്യോന്യം യുദ്ധം ചെയ്യുന്നതും കൊല്ലുന്നതും അംഗവൈകല്യം ഉണ്ടാക്കുന്നതും മഞ്ഞുമലകളിലും മറ്റും കഷ്ടപ്പെടുന്നതും!

**സൈനികരല്ല യുദ്ധം ചെയ്യേണ്ടത്. യുദ്ധങ്ങളെ ഒഴിവാക്കാനും ധർമ്മശാസ്ത്ര പരമായി ഭൂമിയുടെ കുഞ്ഞുങ്ങളായ എല്ലാ പ്രദേശങ്ങളിലെയും ജനങ്ങളെ ഒന്നിപ്പിക്കാനുമുള്ള കടമ മറന്ന്, യുദ്ധം ചെയ്യാൻ മുട്ടിനിൽക്കുന്ന, ജനങ്ങളുടെ ചിലവിൽ കഴിയുന്ന വ്യത്യസ്ത ദേശങ്ങളിലെ 'രാജാക്കന്മാരും, മന്ത്രിമാരും, പ്രധാന മന്ത്രിമാരും, പ്രസിഡണ്ടുമാരും, വ്യക്തികളുമെല്ലാം' സ്വന്തം ചെലവിൽ, ദ്വന്ദയുദ്ധം ചെയ്ത് പൈശാചിക വിനോദം നുണയട്ടെ! ഓംകാരനീതിശാസ്ത്ര പ്രകാരം ഓക്സിജൻ ശിക്ഷിച്ചുംതിരുത്തട്ടെ!**

ഒരേ ഭൂമിയുടെ കുഞ്ഞുങ്ങളായ സൈനികരും മറ്റും അന്യോന്യം കൊല്ലുകയും ദ്രോഹിക്കുകയും, ചെയ്യുന്നത് നാടിനുവേണ്ടിയുള്ള വീരമൃത്യുവാണെന്നു കരുതുന്നത് നാടുകളും ദേശങ്ങളും മണ്ണും മഹാമാതാവും ഭൂമിയുമായ ദൈവത്തെ നിന്ദിക്കുകയും വേദനിപ്പിക്കുകയും മാത്രമാണ്. സൃഷ്ടികളുടെ ജീവനും അദ്ധ്വാനവും സമ്പത്തും സമാധാനവും സന്തോഷവും നശിപ്പിക്കുന്ന യുദ്ധം പാടില്ല.

റിപ്പബ്ലിക്/സ്വാതന്ത്ര്യ ദിനങ്ങളിൽ പ്രകടമാക്കുന്ന സൈനിക ശക്തിയും, വിവിധ സംസ്ഥാനങ്ങളിലെ കലകളും ടെലിവിഷനിലും ഉപരി ഓരോ വ്യക്തിയുടെയും ഫോൺ വഴി വീഡിയോ ക്ലിപ്പുകളായി ഇന്ന് പ്രചരിപ്പിക്കുന്നുണ്ട്. നാടിന്റെ അഥവാ രാജ്യത്തിന്റെ ശക്തിയാണ് ജനങ്ങളുടെ സേവകരായ ഭരണാധികാരികളുടെ ചുമതലയിൽ പ്രകടമാക്കുന്നത് എന്ന് തെറ്റിദ്ധരിച്ചു പോവരുത്.

ആദിയും അന്തവും ഇല്ലാത്ത ഏകമഹാശക്തിയായ ദൈവത്തിന്റെ മഹാരൂപമായ ഭൂമിയുടെ അംശങ്ങളും അവയവങ്ങളുമായ രാജ്യത്തിന്റെയും, സൂക്ഷ്മമായ വസ്തുക്കളുടെയും, അതിസൂക്ഷ്മമായ ആറ്റങ്ങളുടെയും, അവയിൽ മഹാലയിച്ചിട്ടുള്ള മഹാസൂക്ഷ്മവും മഹാപ്രപഞ്ചത്തിന് അതീതവുമായ **ഓം** എന്ന ശബ്ദ ബ്രഹ്മത്തിന്റെയും ആദിയും അന്തവും ഇല്ലാത്ത മഹാശക്തികളെ അളക്കാൻ സൃഷ്ടിയും നിസ്സാരനുമായ മനുഷ്യർക്ക് കഴിയുന്നതല്ല.

ഭൂമിയായ ദൈവത്തിന്റെ അംശമായ ശരീരം, പ്രത്യക്ഷമായിട്ട്, നൽകാതെ നൽകുന്നതായ ഏതാനും അവയവങ്ങളുടെ ചലനങ്ങളെക്കൊണ്ട് ഇഷ്ടംപോലെയെല്ലാം സ്വയം ചിന്തിക്കാനും സംസാരിക്കാനും പ്രവർത്തിക്കാനും ജീവാത്മാവിന് സാധിക്കുന്നതാണ് എന്നതിനെ ദുരുപയോഗം ചെയ്ത് രാജ്യത്തിന്റെ ശക്തി എന്ന് പ്രചരിപ്പിക്കുന്നതിൽ കടുത്ത ദൈവനിന്ദയുണ്ട്. പൊതു ജനങ്ങളുടെ ശത-സഹസ്രസകോടികളായ സമ്പത്തും ലക്ഷക്കണക്കിന് ജനങ്ങളുടെ അദ്ധ്വാനവും സമയവും, പാഴാക്കാതെ ശ്രദ്ധിച്ചാൽ കുടിവെള്ളവും പാചകവാതകവും മറ്റും സൗജന്യമാക്കാൻ രാജ്യങ്ങളിലെ ഭരണകൂടങ്ങൾക്ക് കഴിയും!

സൂര്യനും ചന്ദ്രനും (നക്ഷത്രങ്ങളും) മറ്റും ഏതെങ്കിലും പ്രദേശത്തെ ജനങ്ങളുടെ മാത്രമോ, ഒരു പ്രദേശത്തിന്റെയോ സ്വന്തമാണ് എന്ന് വാദിച്ചാൽ ഭോഷത്തമാണ്. ഭൂകമ്പം, സുനാമി, അഗ്നിബാധ, അഗ്നി പർവ്വതം, കാട്ടുതീ, കൊടുങ്കാറ്റ്, മഞ്ഞ്, മഴ, വെയിൽ, ചൂട്, കാലാവസ്ഥ, തുടങ്ങിയവയും ദേശങ്ങൾക്ക് അതീതമായാണ് സംഭവിക്കുന്നത് എന്നതും, അവയുടെയും സർവ്വത്തിന്റെയും സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാനീതിശാസ്ത്ര പ്രകാരം എപ്പോഴും മഹാഭരിക്കുന്നത് ഏതെങ്കിലും പ്രദേശത്തെ ജീവികളോ/ജീവാത്മാക്കളോ അല്ലാ എന്നതും, മനുഷ്യരെ ഒരു ഭൂമിയുടെ കുഞ്ഞുങ്ങൾ എന്ന സത്യ-ബോധതലത്തിലേക്ക് ഉയർത്തണം. ദൈവീക ശരികളിലേക്ക് ഉയരട്ടെ !

'പഞ്ചായത്തുകളുടെ അധീനതയിൽ പ്രവർത്തിക്കുന്ന പോലീസ് ' ഒഴികെയുള്ള സേനകൾ യാതൊരു നാടുകളിലും പാടില്ല. അതോടെ 'സൈനിക യുദ്ധങ്ങൾ' അവസാനിക്കുന്നതാണ്. ജയ് ഭൂമി !

മഹാഭാരതത്തിലെ അനേകർക്ക് മഹാനീതിശാസ്ത്രത്തിന്റെ കാതലായ മഹാപുനർജ്ജന്മ സിദ്ധാന്തം പ്രകാരം ആത്മാക്കൾ, മോക്ഷം നേടുന്നതു വരെയും ഭൂമിയിലെങ്ങും പുനർജ്ജനിച്ചു ജീവിച്ചു കൊണ്ടിരിക്കുമെന്ന് അറിയാം. എന്നുവെച്ചാൽ ഭൂമിയിലെ ഓരോരോ പ്രദേശങ്ങളിലും ജീവിക്കുന്നവരുടെ ഉറ്റവർ തന്നെയാണ് മറ്റു പ്രദേശങ്ങളിൽ ജീവിക്കുന്നത്. ഇതിഹാസങ്ങളിലെ ദൈവങ്ങൾ ദുർദ്ദേവതകളായിരുന്നു; ശിക്ഷാനടപടികളിലുമാണ് !

അങ്ങനെയിരിക്കെ, മറ്റുള്ള പ്രദേശങ്ങളിൽ ജീവിക്കുന്ന മനുഷ്യരെ അന്യദേശക്കാരായും ശത്രുക്കളായുമൊക്കെ കണക്കാക്കുന്നതും കൊല്ലാൻ സൈന്യത്തെ നിയോഗിക്കുന്നതും സ്വന്തം ഉറ്റവരെ സൈനികർ ആദ്യം കൊല്ലുന്നതും പീഡിപ്പിക്കുന്നതുമൊക്കെ കൊടിയ അപരാധങ്ങളാണ്. ദൈവ കാര്യങ്ങളായ ആത്മീയ ശാസ്ത്ര നിയമങ്ങളെ സംരക്ഷിക്കാനായി തെരഞ്ഞെടുത്തിട്ടുള്ള മഹാഭാരതത്തിലെ പ്രദേശങ്ങളിൽ ജീവിക്കുന്നവർ സത്യങ്ങളെ ഉയർത്തേണ്ടതിനു പകരം അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും വിശ്വസിക്കാനും പ്രചരിപ്പിക്കാനും പരിശ്രമിച്ചത് പാപങ്ങളെയും ശിക്ഷകളെയും വർദ്ധിപ്പിച്ചിട്ടുമുണ്ട്.

മത-ജാതി-രാഷ്ട്രീയങ്ങൾക്കും തൊട്ടുതീണ്ടലുകൾക്കും മറ്റും യാതൊരു സ്ഥാനങ്ങളുമില്ലെന്നു സുവ്യക്തമാക്കിക്കൊണ്ട്, ദൈവത്തിന്റെ വാതകരൂപമായ ഓക്സിജൻ ഭൂമിയിലെ എല്ലാ ജീവികളുടെയും നാസികയിലൂടെയും ശ്വാസകോശങ്ങളിലൂടെയും രക്തത്തിലൂടെയും (കയറി ഇറങ്ങി) പ്രവർത്തിച്ച് ജീവികൾക്കെല്ലാം ജീവൻ അഥവാ ശക്തി നൽകുന്നത് തന്റെ കുഞ്ഞുങ്ങളായ ജീവികളോടുള്ള മഹാവാത്സല്യമാണ്.

വസ്തുക്കളും സമ്പത്തുകളും ഭൂമിയുമായ ആനന്ദങ്ങളായി അവതരിച്ചിട്ടുള്ളതും, കുഞ്ഞുങ്ങളായ എല്ലാ മനുഷ്യരെയും മറ്റുള്ള ജീവികളെയും സൃഷ്ടിച്ചിട്ടുള്ളതും, മഹാഭദ്രകാളിയായ ശിവയും ഭാഗമായ ശിവനും ചേർന്ന ഓക്സിജൻ ആകയാൽ സർവ്വതിന്റെയും അവകാശവും അധികാരവും എക്കാലവും മഹാഭദ്രകാളിയായ ഓക്സിജനു മാത്രമാണ്. മണ്ണും ഭൂമിയുമായ ഭദ്രകാളിയുടെ സ്വന്തമായ ശരീരത്തെ മണ്ണ് മടക്കി വാങ്ങുന്നതാണ്; മഹാനീതിശാസ്ത്ര പ്രകാരം മഹാഉചിതമായ മറ്റൊരു ഭൂപ്രദേശത്ത് - ഒരു പക്ഷെ ഇന്ന് ശത്രു രാജ്യമായിട്ടു കണക്കാക്കുന്ന പ്രദേശത്ത് - ഇന്നലെകളിൽ ദ്രോഹിച്ചു വധിച്ച് പുനർജ്ജനിച്ചിട്ടുള്ള ഒരു വ്യക്തിയുടെ മകനോ മകളോ ആയി ഇന്നത്തെ പ്രധാനമന്ത്രിയോ പട്ടാളക്കാരനോ പുനർജ്ജനിച്ചേക്കാം. .. മഹാപുനർജ്ജന്മ സിദ്ധാന്തം ഭൂമിയുടെ കുഞ്ഞുങ്ങളെ ഇണക്കാനുള്ളതാണ്; പിണക്കാനും കൊല്ലാനുമുള്ളതല്ല!

ഒരു ജന്മത്ത് ഏറ്റവുമധികം പുണ്യം നേടാൻ കഴിയുന്നത് ഭരണാധികാരിയുടെ അഥവാ രാജാവിന്റെ അഥവാ മന്ത്രിയുടെ ജോലി ചെയ്യുമ്പോഴാണ്, ധാർമ്മികമായിട്ട് അധഃപതിച്ചാൽ ഏറ്റവുമധികം പാപവും. മഹാനീതിശാസ്ത്ര പ്രകാരം 100 മനുഷ്യ ജന്മങ്ങളെ ഓരോ മനുഷ്യനും മഹാഅനുഗ്രഹിച്ചു നൽകുന്നതും, രാജാവ് ഉൾപ്പെട്ട ദാസ-തൊഴിലുകൾ ചെയ്യാനും ഭൂമിയിലെ എല്ലാ മനുഷ്യർക്കും അവസരം ലഭിക്കുന്നതുമാണ്. ജീവികളുടെയെല്ലാം മഹാഭരണാധികാരിയും മഹാനീതിയും മഹാശക്തിയും മഹാമാതാവുമായ മഹാഭദ്രകാളി എല്ലാ ജീവികളുടെയും മഹാദാസനും മഹാദാസിയുമായിട്ട് പ്രവർത്തിക്കുന്നതിനെ അനുകരിക്കാൻ, ജനങ്ങളുടെ ദാസന്മാരായ മനുഷ്യ -ഭരണാധികാരികൾ പരിശ്രമിക്കണം. യഥാർത്ഥമായും, ജനങ്ങളുടെയെല്ലാം ദാസരാവണം ഭരണാധികാരികൾ....

ഭൗതികശാസ്ത്രവികസനം ഏറെക്കുറെ പരമാവധിയിലെത്തുന്ന അവസരത്തിൽ, മഹാപ്രപഞ്ചത്തിന്റെ ഔന്നത്യം സ്പഷ്ടമായി വിശദീകരിച്ചുകൊണ്ടും, ദൈവശാസ്ത്രത്തിൽ ഭൗതിക-ധർമ്മ-ആത്മീയ ശാസ്ത്രങ്ങളെ യഥാവിധി ചിട്ടപ്പെടുത്തിക്കൊണ്ടും, കാലഘട്ടത്തിന്റെ ആവശ്യത്തിനൊത്തുമാത്രമേ സമ്പൂർണ്ണ ദൈവശാസ്ത്രം അഥവാ മഹാശാസ്ത്രം അവതരിക്കുകയുള്ളൂ..

**ആത്മീയ കാര്യങ്ങളിൽ ധർമ്മശാസ്ത്രപരമായി ശുദ്ധി ചെയ്യുവാൻ യഥാർത്ഥത്തിൽ എളുപ്പമാണ്. വിവാഹം, ശവമടക്കൽ എന്നീ രണ്ട് പൊതു ആവശ്യങ്ങളെ ദൈവത്തോടു ബന്ധിപ്പിക്കുന്നതായി ഭാവിച്ച് കള്ളക്കൊള്ളക്കൂട്ടങ്ങളായ മതങ്ങളുമായി കൂട്ടിപ്പിടിപ്പിച്ച് ദൈവത്തിന്റെ സൃഷ്ടികളും കുഞ്ഞുങ്ങളുമായ മനുഷ്യരെ മതജാതി ജീവികളായി മാറ്റിയിട്ടുള്ളത് തിരുത്താൻ വിവാഹം, ശവമടക്കൽ എന്നീ രണ്ട് പൊതു ആവശ്യങ്ങളെ ധർമ്മശാസ്ത്ര പരമായി ശുദ്ധി ചെയ്താൽ മതിയാകും.**

**മഹാമാതാപിതാക്കളായ ശിവയും ശിവനും;
കുഞ്ഞുങ്ങളായ സൃഷ്ടികളും ഉൾപ്പെടെയുള്ള
മഹാകുടുംബത്തെയാണ് മഹാപ്രപഞ്ചമായിട്ട്
ഏകദൈവമായ ശിവ ആവിഷ്ക്കരിച്ചിട്ടുള്ളത്.**

ആബാലവൃദ്ധം ജനങ്ങളും കുഞ്ഞുങ്ങളായ സൃഷ്ടികളുടെ ഭാഗമാണ്. വൃദ്ധരും ദൈവത്തിനു കുഞ്ഞുങ്ങളാണ്. മഹാനീതിയുടെ ഭാഗമായിട്ട് മനുഷ്യാവസ്ഥയിൽ ഓരോ ആത്മാവും 100 മനുഷ്യജന്മങ്ങളെ വ്യത്യസ്തങ്ങളായ ജന്മഗുണങ്ങളോടെ സ്വീകരിക്കേണ്ടതുണ്ടെന്ന് ഈ ദിവ്യമഹാവേദ ഗ്രന്ഥത്തിൽ മഹാശാസ്ത്ര പരമായി തെളിയിച്ചിട്ടുണ്ടെന്നിരിക്കെ, തീർച്ചയായും വൃദ്ധർ വൈകാതെ കുഞ്ഞായി ജനിക്കുമെന്നതിനാൽ തർക്കങ്ങൾ അനാവശ്യമാണ്. വൃദ്ധർക്കും അത്യധികമായി സന്തോഷിക്കാൻ കഴിയുന്ന വസ്തുത മറ്റൊന്നാണ്; ഗൗരവമാണ്; ഏറ്റവും ലളിതവും!

മനുഷ്യമാതാപിതാക്കൾ കുഞ്ഞുങ്ങൾക്ക് കടമകളെ നൽകില്ല; മറിച്ച് വാത്സല്യത്തോടെ കുഞ്ഞുങ്ങളുടെ ആനന്ദങ്ങളെ വർദ്ധിപ്പിക്കാനായി പരിചരിച്ചും പരിശ്രമിച്ചുകൊണ്ടുമിരിക്കും.

**മഹാമാതാപിതാക്കളായ ശിവയ്ക്കും ശിവനും;
വൃദ്ധജനങ്ങൾ ഉൾപ്പെടെ എല്ലാ സൃഷ്ടികളും
കുഞ്ഞുങ്ങളാകയാൽ, കടമകളെ നൽകുന്നില്ല.
യാതൊരു പ്രവൃത്തികളും ചെയ്യാൻ ശിവയും ശിവനും
കുഞ്ഞുങ്ങളോട് ആവശ്യപ്പെടുന്നില്ല.**

പ്രപഞ്ചത്തിലെ ആനന്ദങ്ങൾ ഉൾപ്പെടെ സർവ്വത്തിനും കൃത്യമായ കണക്കുകൾ ഉണ്ട്. സമ-ആനന്ദമായ മഹാനീതിയെ എല്ലാ കുഞ്ഞുങ്ങൾക്കും ഉറപ്പാക്കാൻ അളവുകൾ അത്യാവശ്യമാണ്. മനുഷ്യ-മാതാപിതാക്കൾ നൽകുന്ന വാത്സല്യത്തിന്റെ കൃത്യം നൂറിരട്ടിയാണ് മഹാമാതാവ് നൽകുന്ന മഹാവാത്സല്ല്യം.
ഈ ദിവ്യമഹാവേദ ഗ്രന്ഥത്തിലെ 'ആനന്ദശാസ്ത്രം' വിവരിക്കുന്നുണ്ട്.

അസ്തിത്വം പോലും സ്വന്തമായിട്ട് ഇല്ലാത്തവരെ മാത്രമേ സൃഷ്ടികളെന്ന് വിളിക്കാൻ പോലും കഴിയൂ. വിശേഷബുദ്ധി ലഭിക്കുന്ന മനുഷ്യാവസ്ഥയിൽ സൃഷ്ടികളായ ആത്മാക്കൾക്ക് ലഭിക്കുന്ന അനന്തമായ ആനന്ദങ്ങളെ ആസ്വദിച്ചു കൊണ്ട് അനുഭവിക്കാൻ കഴിയണമെങ്കിൽ, ആനന്ദങ്ങളെ കുഞ്ഞുങ്ങൾ സ്വയം നേടുന്നതായി വരണം. സമ്പൂർണ്ണമായ സ്വാതന്ത്ര്യം അനുഭവിച്ചു കൊണ്ട് കുഞ്ഞുങ്ങൾ സത്യമായും ആനന്ദങ്ങളെ നേടുന്ന മഹാചുറ്റിക്കളി ആവിഷ്ക്കരിച്ചു കൊണ്ട് കുഞ്ഞുങ്ങളുടെ ആനന്ദങ്ങളെ മഹാവാത്സല്ല്യമായ മഹാമാതാവ് വർദ്ധിപ്പിക്കുന്നുണ്ട്.

അനന്തമായ ആനന്ദങ്ങളെ ആസ്വദിച്ചു ജീവിക്കാനുള്ള ശക്തികളും ശാസ്ത്രങ്ങളും കാലവും ശരണവുമെല്ലാം സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ദൈവം മഹാവാത്സല്ല്യത്തോടെയും മഹാനീതിയോടെയും നൽകുന്നുണ്ടെന്ന് മനസ്സിലാക്കാൻ കഴിയും. ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്ത മഹാസത്യവും മഹാശക്തിയുമായ ദൈവം, ഒരു മഹാജീവിയെപ്പോലെ സൃഷ്ടികളോടുള്ള മഹാവാത്സല്ല്യത്തെ ദൈവത്തിന്റെ ആനന്ദമായി സ്വീകരിച്ച് കുഞ്ഞുങ്ങൾക്കു തന്നെ മഹാവാത്സല്ല്യത്തെ മടക്കി നൽകുകയും ആനന്ദങ്ങൾക്കതീതമായി തുടരുകയുമാണ്.

മനുഷ്യാവസ്ഥയിൽ സ്വത്വബോധം ഓർമ്മിപ്പിക്കുന്നത് കുഞ്ഞുങ്ങളെ നിസ്സാരരാക്കിയിട്ടല്ല. ആത്മാക്കളെ മനുഷ്യാവസ്ഥയിൽ പൊന്നോമന കുഞ്ഞുങ്ങളായാണ് മഹാമാതാവ് പരിചരിക്കുന്നത്. വിശേഷ ബുദ്ധി നൽകുന്നതും, ഓരോ

കുഞ്ഞിന്റെയും നാവിൽ **ഓം** കുറിച്ചുകൊണ്ട് മഹാശാസ്ത്രത്തെ മഹാഅനുഗ്രഹിച്ചു നൽകുമ്പോൾ മഹാസൂര്യനേത്രം, ചന്ദ്രക്കല, നക്ഷത്രം, ഓംകാര വരണമാല്യം കൂടിയായ ഓംകാര നാഗബന്ധനം, തുടങ്ങിയവയോടെ മഹാപ്രപഞ്ചത്തെ പ്രതിനിധീകരിച്ചു കൊണ്ടുള്ള മഹാപിതാവിന്റെ അർദ്ധ-മഹാദേവീരൂപത്തിലുള്ള മഹാദർശനം കൊണ്ട് ദൈവം ജീവിയോ സ്ത്രീയോ പുരുഷനോ അല്ലെന്ന മഹാശാസ്ത്ര പാഠത്തെ ബോദ്ധ്യപ്പെടുത്തുന്നതും മഹാഗൗരവമായ കാര്യങ്ങളാണ്.

പ്രപഞ്ചസൃഷ്ടിക്ക് കാരണമാക്കപ്പെട്ടിരിക്കുന്നത് കുഞ്ഞുങ്ങളാണ്. വിശേഷ ബുദ്ധിയെ ലഭ്യമാക്കിയിട്ടുള്ള മനുഷ്യക്കുഞ്ഞുങ്ങൾക്കു വേണ്ടി ഒരുക്കിയിട്ടുള്ള ഭൂമിയിലെ അനന്തമായ ആനന്ദങ്ങളും അവയെ നേടാനുള്ള ഉപാധികളായ ശക്തികളും ശാസ്ത്രങ്ങളുമെല്ലാം എല്ലാ കുഞ്ഞുങ്ങൾക്കും വേണ്ടിയുള്ളതാണെന്ന സാമൂഹിക ബോധവും പെരുമാറ്റ മര്യാദകളും കൂടി മണ്ണായ ഭൂമിയുടെ അംശമായ മൂലകങ്ങളിലും സംയുക്തങ്ങളിലും അവയുടെ രൂപാന്തരമായ ജീവികളുടെ ശരീരത്തിലെ അവയവങ്ങളിലും ലയിപ്പിച്ചിട്ടുണ്ട്. വിശേഷ ബുദ്ധി കൊണ്ട് സ്വയം മനസ്സിലാക്കി പാലിക്കണം. ഭൂമി കുഞ്ഞുങ്ങളെ യാതൊന്നിനും നിർബ്ബന്ധിക്കുന്നില്ല. പ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ സമ്പൂർണ്ണ സ്വാതന്ത്ര്യത്തെ നൽകി ക്കൊണ്ട് എങ്ങനെ ചെയ്യുമെന്ന് മഹാദേവിയുടെ സ്ഥാനത്തു നിന്ന് സ്വമേധയാ വിശകലനം ചെയ്താൽ മതിയാകും.

അനന്തമായ ആനന്ദങ്ങളുടെ മഹാകലവറയും മഹാശക്തിയുമാണ് ഭൂമി. ഭൂമിയുടെ അവകാശി ഭൂമി തന്നെയാണ്. ഒരല്പം ശൂന്യതയെ പോലും സൃഷ്ടിക്കാൻ കഴിവില്ലാത്തവരും, അസ്തത്വം ഉൾപ്പെടെ യാതൊന്നും സ്വന്തമായിട്ട് ഇല്ലാത്തവരുമായ കുഞ്ഞുങ്ങൾ, (ഭൂമിയുടെ) മറ്റു കുഞ്ഞുങ്ങൾക്കു വേണ്ടി ക്കൂടി ഭൂമി ഒരുക്കിയിരിക്കുന്ന ആനന്ദങ്ങളെ തട്ടിയെടുക്കുന്നതും, കുഞ്ഞുങ്ങൾക്കെല്ലാം സ്രഷ്ടാവ് നൽകിയിരിക്കുന്ന സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തെ തട്ടിത്തെറിപ്പിക്കുന്നതും, ഹനിക്കുന്നതും, ദ്രോഹിക്കുന്നതും, മഹാശാസ്ത്രത്തെ തെറ്റിച്ചു ജീവിക്കുന്നതുമെല്ലാം അപരാധങ്ങളാണ്. ചെറുതും വലുതുമായ ശിക്ഷകളെ അളവുകളോടെ നൽകി മഹാനീതി കൂടിയായ ഭൂമി ശിക്ഷിച്ചു തിരുത്തുന്നതാണ്.

മണ്ണിൽ ലയിച്ചിരിക്കുന്ന യഥാർത്ഥ വേദങ്ങളായ ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരമാണ് സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ദൈവത്തിന്റെയും, സൃഷ്ടികളായ കുഞ്ഞുങ്ങളുടെയും കാര്യങ്ങളെയും ഒരുപോലെ ബന്ധിച്ചിരിക്കുന്നത്. കുഞ്ഞുങ്ങളെ ഭാരപ്പെടുത്താതെ എല്ലാ വേദങ്ങളെയും മണ്ണിൽ ലയി(പ്പി)ച്ചിരിക്കുകയാണ്. യാതൊരു തെറ്റുകളും കുറ്റങ്ങളും കുറവുകളും ഇല്ലാത്ത മണ്ണായ ഭൂമിയുടെ മഹാശിസ്ത്ര നിയമങ്ങൾ ഭൂമിയിലെ മുഴുവൻ ജനങ്ങൾക്കും ജീവിക്കാൻ ആവശ്യമായ മഹാഭരണഘടന കൂടിയാണ്. സമ്പൂർണ്ണ സ്വാതന്ത്ര്യത്തെ അനുഭവിക്കുന്ന മനുഷ്യർക്ക് ഭൗതിക ശാസ്ത്ര നിയമങ്ങളോടൊപ്പം മണ്ണിൽ ലയിച്ചിരിക്കുന്ന ധർമ്മശാസ്ത്ര നിയമങ്ങളെ ലളിതമായി മനസ്സിലാക്കാൻ കഴിയുന്ന വിശേഷ ബുദ്ധിയെയും ദാനമായി ലഭിച്ചിരിക്കുകയാണ്. പ്രപഞ്ചം ഉൾപ്പെടെ സർവ്വത്തിനും അതീതമായ മഹാസത്യവും മായാമഹാശക്തിയുമായ മഹാദേവി കുഞ്ഞുങ്ങൾക്കായി മഹാ-ആവിഷ്ക്കരിച്ചിരിക്കുന്ന ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങളിൽ കുറ്റങ്ങളും കുറവുകളും ഉണ്ടെന്ന് കരുതുന്നവർക്ക് മഹാശാസ്ത്ര പരമായി വിശകലനം ചെയ്യാനും തർക്കിക്കാനുമെല്ലാം വ്യക്തിസ്വാതന്ത്ര്യം ഉണ്ട്. ഏതൊരു കുഞ്ഞിന്റെയും അജ്ഞാനത്തെ അകറ്റാനും മഹാശാസ്ത്ര പരമായി തിരുത്താനും അവരുടെ മഹാമാതാപിതാക്കൾ ഒപ്പമുണ്ട്. മഹാദേവിയുടെ ആദിയും അന്തവും ഇല്ലാത്ത മഹാജ്ഞാനത്തിന്റെ ഓഹരിയായ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം പ്രകാരം സർവ്വ കാര്യങ്ങളെയും മഹാസംവിധാനം ചെയ്തിരിക്കെ സമ-ആനന്ദമായ മഹാനീതിയെ ലഭിക്കാൻ മണ്ണിന്റെ നിയമങ്ങളെ പാലിച്ചേ മതിയാകൂ. വിശേഷ ബുദ്ധി കൊണ്ട് സ്വയം മനസ്സിലാക്കിയും സ്വയം പാലിച്ചും ജീവിക്കണമെന്ന് 'ദൈവം തന്നെയായ മണ്ണിന്റെ' നിയമങ്ങളിലുണ്ട്; പാലിച്ചുമാത്രം ജീവിക്കേണ്ടത് ഓരോ കുഞ്ഞിന്റെയും ആവശ്യമാണ്.

**കുഞ്ഞുങ്ങൾക്ക് സ്വയം തിരുത്താൻ ഉപകരിക്കുന്ന ഏതാനും മഹാശാസ്ത്ര നിയമങ്ങളെ / പാഠങ്ങളെ ചുവടെ ചേർക്കുന്നത്, കുഞ്ഞുങ്ങൾക്കു വേണ്ടി മാത്രമാണ് !**

(1) എല്ലാ ജീവികളുടെയും സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ശിവ, ഓരോ മനുഷ്യനും സമ്പൂർണ്ണമായ വ്യക്തിസ്വാതന്ത്ര്യം നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ, മറ്റുള്ളവർക്ക് ദൈവം നൽകിയിട്ടുള്ള ആനന്ദങ്ങൾക്കും സ്വാതന്ത്ര്യങ്ങൾക്കും തടസ്സമുണ്ടാക്കാതെയും; മഹാപ്രപഞ്ചത്തിലും മണ്ണായ ഭൂമിയുടെ അംശമായ മൂലകങ്ങളിലും അവയുടെ സംയുക്തങ്ങളിലും, ജീവികളുടെയെല്ലാം ശരീരായവങ്ങളിലും ലയിച്ചിരിക്കുന്ന മഹാശാസ്ത്ര നിയമങ്ങൾക്കു വിരുദ്ധമായ കാര്യങ്ങളെ പ്രചരിപ്പിക്കാതെ; തോന്നുംപടി ജീവിക്കാൻ ഓരോ മനുഷ്യനും സമ്പൂർണ്ണമായ സ്വാതന്ത്ര്യം ഉണ്ട്. വസ്ത്രം സ്വകാര്യം മാത്രമല്ല; പൊതുവായ ആവശ്യം കൂടിയാകുന്നതിനെയും വസ്ത്രധാരണത്തിൽ ശ്രദ്ധിക്കേണ്ടുന്ന കാര്യങ്ങളെയും പിന്നീട് വിശദീകരിച്ചിട്ടുള്ളതിനെ ഉദാഹരണമാക്കാം. ഉചിതമായ വസ്ത്രമില്ലാതെ സമൂഹത്തിൽ ജീവിക്കാൻ ആഗ്രഹിക്കുന്നവർ ഉൾപ്പെടെ മണ്ണിൽ ലയിച്ചിരിക്കുന്ന ധർമ്മശാസ്ത്രങ്ങൾക്കു വിരുദ്ധമായി ജീവിക്കാൻ ആഗ്രഹിക്കുന്നവർക്ക് ഉടുവസ്ത്രത്തോടെ മാത്രവും യാതൊരു ശാസ്ത്രസാങ്കേതിക സൗകര്യങ്ങളും കൂടെകൂട്ടാതെ കാട്ടിൽ (സ്ഥിരമായി) പോയി മറ്റുള്ള ജീവികളെപ്പോലെ വസ്ത്രമില്ലാതെ ജീവിക്കാനും, ബന്ധങ്ങൾ വിഷയമാക്കാതെ കാമബന്ധങ്ങളിൽ ഏർപ്പെടാനും, കടിപിടി കൂടാനും, ലഹരി പദാർത്ഥങ്ങളെ ഉപയോഗിക്കാനുമെല്ലാം സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തെ മണ്ണിന്റെ നിയമങ്ങൾ നൽകുന്നുണ്ട്.

(2) **കൃഷിയും കൃഷിക്കാരും.** സമൂഹത്തിലെ എല്ലാ ജനങ്ങളെയും തീറ്റിപ്പോറ്റുന്ന കൃഷി തുല്ല്യങ്ങളായ തൊഴിലുകളിൽ ഒന്നാമത്തേതാണ്. ഭക്ഷണം ലഭിക്കാതിരുന്നാൽ നാട്ടുകാരും ജനസേവകരുമെല്ലാം ഭക്ഷണത്തിനായി ഓടുന്നത് കാണാം. ബുദ്ധി ശക്തി, ഓർമ്മ ശക്തി, തൊഴിൽ അഭിരുചി, വിനോദ അഭിരുചി എന്നിവ സൃഷ്ടി പരമായ വിധി പ്രകാരം ഭാഗികമായി ജന്മഗുണങ്ങളുടെ ഭാഗമാകയാൽ, എല്ലാ തൊഴിലാളികൾക്കും സമവേതനം എന്നതാണ് തൊഴിൽ ശാസ്ത്രത്തിന്റെ അടിസ്ഥാന നിയമം. ജനസേവന ശാസ്ത്രവുമായി ബന്ധപ്പെട്ട രാജാവും മന്ത്രിമാരും ഉൾപ്പെടെയുള്ള എല്ലാ തൊഴിലാളികളും ശാസ്ത്ര നിയമങ്ങളെ കർശനമായി പാലിച്ചുകൊണ്ട് ജീവിക്കുന്ന മാതൃകയായി ശോഭിക്കണമെന്നത് അവർക്ക് അവരോടു തന്നെയുള്ള ബാദ്ധ്യതയാണ്. ഭൂമിയായ ദൈവം കൃഷിയെയും കൃഷിക്കാരെയും തല്ല്യങ്ങളിൽ ഒന്നാമതായി ഉയർത്തിയപ്പോൾ, കൃഷിക്കാരനു ലഭിക്കുന്നതിൽ കൂടുതൽ വേതനം പൊതുജനസേവനവുമായി ബന്ധപ്പെട്ട രാജാവും കേന്ദ്ര-സംസ്ഥാന മന്ത്രിമാരും പ്രധാനമന്ത്രിയും മുഖ്യമന്ത്രിയും പോലീസും ഉൾപ്പെടെ യാതൊരാൾക്കും പാടില്ല.

മറ്റുള്ളവരുടെ അദ്ധ്വാനഫലം അനുഭവിക്കാനും ആസ്വദിക്കാനും മത്സരിക്കുന്ന എല്ലാ വിവരദോഷികൾക്കും 100 മനുഷ്യജന്മങ്ങളെ സ്വീകരിക്കാതെ മോക്ഷം നേടാൻ കഴിയില്ലെന്നതും, എല്ലാ ജന്മങ്ങളിലും ശിവയും ഭാഗമായ ശിവനും ചേർന്ന മഹാമാതാപിതാക്കളുടെ അംശമായ ശരീരവും, മൂലമായ മൂലകങ്ങളും അവയുടെ സംയുക്തങ്ങളും മൊത്തമായ ഭൂമിയും, ഭൂമിയുടെ സ്വത്വവും സത്യ-സൃഷ്ടി-വാതക രൂപവുമായ ഓക്സിജനുമാണ് എല്ലാ ആത്മാക്കളുടെയും ജന്മഗുണങ്ങളെ നിശ്ചയിക്കുന്നതെന്നും മഹാനീതി നടപ്പാക്കുന്നതെന്നും; മനുഷ്യർ ചിന്തിക്കുന്നതു പോലും മഹാഭദ്രകാളിയായ ഓക്സിജൻ ശ്വസനത്തിലൂടെ അറിയുന്നുണ്ടെന്നും മനസ്സിലാക്കണം.

**(3). പെൻഷൻ. ഭാവിയെ കരുതി ധനം സൂക്ഷിക്കുന്നതും സൂക്ഷിക്കാത്തതും വ്യക്തികളുടെ സ്വകാര്യമാണ്. പെൻഷൻ എന്ന പേരിലും മറ്റും പൊതുജനങ്ങളുടെ പണം ധൂർത്തടിക്കാൻ അധമരായ രാജാവും സേവകരും മറ്റും തയ്യാറായാൽ, ഭിക്ഷക്കാരെപ്പോലെ മറ്റുള്ളവരുടെ പണം അനുഭവിക്കുന്നവരും ആസ്വദിക്കുന്നവരുമായി വാങ്ങുന്നവർ തരംതാഴരുത്. കൊടുക്കുന്നവരെയും വാങ്ങുന്നവരെയും കൂട്ടുനിൽക്കുന്നവരെയുമെല്ലാം കൃത്യമായ അളവിൽ ന്യൂനശക്തികളും ഓക്സിജനും ശിക്ഷിക്കുന്നതാണ്.**

## (4). നികുതികൾ/ലൈസൻസ്/പാസ്പോർട്ട് /വിസാ /പലിശ.

ഭൂമിയിൽ ജീവിക്കാനും താമസിക്കാനും സഞ്ചരിക്കാനുമെല്ലാം ജീവികളായ കുഞ്ഞുങ്ങളെ അനുവദിക്കാനുള്ള അവകാശവും അധികാരവും ഭൂമിക്കു മാത്രമാണുള്ളത്. വിശേഷ ബുദ്ധിയെ ലഭിച്ചിട്ടില്ലാത്ത മറ്റുള്ള ജീവികൾക്കു പോലുമില്ലാത്ത ദയനീയമായ അവസ്ഥ ഉണ്ടാക്കിയ പഴയകാല ദേവതകളും മനുഷ്യരും ജന്തുശിക്ഷാജന്മങ്ങളിൽ പെട്ട് ഇഴഞ്ഞും നെഞ്ച് മണ്ണിൽ ഉരച്ചും ഭൂമിയിൽ ജീവിക്കുന്നുണ്ട്. ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് അവയുടെ അവയവങ്ങളിലൂടെ ഭൂമി നൽകുന്ന ശക്തികളും ഭൂമിയുടെ അംശമായ മൂലകങ്ങളും സംയുക്തങ്ങളും പ്രദേശങ്ങളും തന്നെയാണ് അവയുടെ യഥാർത്ഥ ലൈസൻസ്. ഭൂമിയും സ്വത്വമായ ഓക്സിജനും ശക്തികളെയും സൗഭാഗ്യങ്ങളെയും നൽകാതിരുന്നാൽ ലൈസൻസ്, പാസ്പോർട്ട് വിസാ തുടങ്ങിയ പേരുകളിൽ തട്ടിക്കൂട്ടുന്നവയുടെ പ്രസക്തി മനസ്സിലാക്കാം. ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാൻ ആവശ്യമായ സമ്പത്ത്, മണ്ണായ ഭൂമിയിൽ ലയിച്ചിരിക്കുന്ന സാമ്പത്തിക ശാസ്ത്രം കൊണ്ടും ജനസേവന ശാസ്ത്രം കൊണ്ടും മഹാസുന്ദരമായി സ്വരുപിക്കാൻ കഴിയും. ഈ ദിവ്യമഹാവേദ ഗ്രന്ഥത്തിൽ, ഭൂമിയിൽ ലയിച്ചിരിക്കുന്ന ധർമ്മശാസ്ത്ര ശാഖയായ സാമ്പത്തികശാസ്ത്രം ലഭ്യമാണ്.

**(4&5)** മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര കർത്താവായ മഹാമാതാവും, ഭാഗമായ മഹാപിതാവും കൂടി ഭൂമിയിലെ ഒരു പ്രദേശത്ത് മനുഷ്യരായി ജീവിക്കാൻ എത്തിയാൽ, അവർ മനുഷ്യർക്ക് നൽകിയ സ്വാതന്ത്ര്യവും കാലവും ശരണവും മഹാനീതിയുമെല്ലാം ഉറപ്പാക്കാൻ ഭരണാധികാരികളായി ഭാവിക്കുന്ന ജനസേവകരും, ഭൗതിക-ധർമ്മ-നീതി ശാസ്ത്ര വിരുദ്ധമായ ഭരണഘടനകളും മഹാനീതിയും മഹാനീതിപതിയും കൂടിയായ മഹാഭദ്രകാളിയെയും പരമശിവനെയും അനുവദിക്കുമോ ? ഹെൽമെറ്റ്, മാസ്ക്, മാങ്ങാത്തൊലി തുടങ്ങിയവ ധരിച്ചില്ലെങ്കിൽ വ്യത്യസ്ത രാജ്യങ്ങളിലെ പോലീസും മന്ത്രിമാരും മുഖ്യമന്ത്രിമാരും പ്രധാനമന്ത്രിമാരും രാജാക്കന്മാരുമെല്ലാം പിഴ ചുമത്തുമോ; മറ്റു ശിക്ഷകളും ഉണ്ടാകുമോ? എല്ലാ ജീവികൾക്കും ജീവിക്കാൻ ആവശ്യമായ ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും ശരണവും മഹാനീതിയുമെല്ലാം നൽകാനായി ഓരോരുത്തർക്കും ഓരോ ദൈവം എന്ന പോലെ ശരീരാവയവങ്ങൾ ഒപ്പമുണ്ടെന്നിരിക്കെ ഹെൽമെറ്റ്, മാസ്ക്, ചെരുപ്പ്, ആധാർകാർഡ്, പാൻ കാർഡ്, ബാങ്ക് പാസ്ബുക്ക്, വോട്ടർ കാർഡ്, റേഷൻ കാർഡ്, പാസ്പോർട്ട്, വിസാ, നികുതികൾ, തൊഴിൽ ചെയ്യാനുള്ള അനുമതി, ലേബർ കാർഡ്, വാഹനങ്ങൾ ഓടിക്കാനുള്ള അനുമതി തുടങ്ങിയവ ജീവിക്കാൻ അത്യാവശ്യമോ ആവശ്യമോ അല്ല. ഭൂമിയിൽ ലയിച്ചിരിക്കുന്ന സാമ്പത്തിക ശാസ്ത്രം മനുഷ്യരുടെ ഇടയിലെ സാമ്പത്തിക കൈമാറ്റം അനുവദിക്കുന്നില്ല. അല്പായുസ്സുകളായ ജനസേവകർ കഴിയുമെങ്കിൽ, മണ്ണിന്റെ സാമ്പത്തിക ശാസ്ത്രം ഉൾപ്പെടെയുള്ള ധർമ്മശാസ്ത്ര ശാഖകളെ ശാസ്ത്രപരമായി ഖണ്ഡിക്കുക. കുഞ്ഞുങ്ങളെ തിരുത്താനുള്ള വെല്ലുവിളിയായും കാണാം.

വസ്ത്രം ഒഴികെ മറ്റൊന്നും മറ്റുള്ള ജീവികളിൽ നിന്നും വ്യത്യസ്തമായി മനുഷ്യർക്ക് നിർബ്ബന്ധമല്ല. ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാൻ മാത്രം ജനങ്ങളുടെ ചെലവിൽ നിയമിച്ചിരിക്കുന്ന സേവകർക്ക് പൊതുവായ ആവശ്യങ്ങളെ തിരിച്ചറിയാൻ പോലും കഴിവില്ലാതായിട്ടുണ്ട്. മുജ്ജന്മ പാപങ്ങളിൽ നിന്നും കരകയറാനുള്ള അവസരമാണ് ജനസേവനം!

ഭൂമിയുടെ സ്വന്തമായവയിൽ അവകാശവും അധികാരവും ചെലുത്താൻ ദാനമായി ലഭിച്ച അസ്തിത്വവും ആനന്ദവും ശക്തിയും ജ്ഞാനവുമെല്ലാം കൊണ്ടുജീവിക്കുന്ന അല്പായുസ്സുകളായ കുഞ്ഞുങ്ങൾക്ക് കഴിയില്ല. ജാഗ്രത!

**(6)** മോഷണം, നികുതികൾ, നിയമസഭ, മത്സരം, കോടതി, പിഎസ്സി, ലോട്ടറി, ചീട്ടുകളി, ചൂത്, ക്രിക്കറ്റ്, തുടങ്ങിയവ നീചമായ പ്രവൃത്തികൾ മാത്രമാണ്; തൊഴിലുകളിൽ പെടുകയില്ല എന്നും മണ്ണിൽ ലയിച്ചിരിക്കുന്ന ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങളിൽ നിന്നും മനസ്സിലാക്കാം.

(7). ജനങ്ങളുടെയും ജനസേവകരുടെയും ധർമ്മശാസ്ത്ര-വിരുദ്ധമായ ജീവിതമാണ് ദൈവമായ ഭൂമി, മനുഷ്യരുടെ നല്ലതിനുവേണ്ടി ഭൂമിയുടെ ഭാഗമാക്കിയ ന്യൂനശക്തികളുടെ അളവ് വർദ്ധിപ്പിച്ച് രോഗങ്ങളെയും, വരൾച്ച, വെള്ളപ്പൊക്കം, ചുഴലിക്കാറ്റ്, കാട്ടുതീ, അഗ്നിപർവ്വതം, ഭൂചലനം, സുനാമി തുടങ്ങിയവയെ സൃഷ്ടിക്കുന്നതെന്നും ഈ മഹാഗ്രന്ഥത്തിൽ വിശദീകരിക്കുകയും തെളിയിക്കുകയും ചെയ്തിട്ടുണ്ട്.

ഭൂമിയിലെ മേല്പടി പ്രതിഭാസങ്ങളെയും, രോഗങ്ങൾ, രോഗമുക്തി തുടങ്ങിയവയെയും നിർജ്ജീവമായി കാണുന്ന ശാസ്ത്രജ്ഞന്മാരും, രാജാക്കന്മാരും കേന്ദ്ര-സംസ്ഥാന പ്രധാന-മുഖ്യ മന്ത്രിമാരും മറ്റുമായ ജനസേവകരുമെല്ലാം പ്രതിരോധ കുത്തിവെപ്പുകളെ കണ്ടെത്താൻ കഴിയുന്നതും, കാലാവസ്ഥാ വ്യതിയാനങ്ങളെ കുറിച്ചുള്ള സൂചനകളെ അറിയുന്നതിലും അഭിമാനിക്കുമ്പോൾ വിട്ടുപോയ **വലിയൊരു സത്യമുണ്ട്.** മണ്ണും ദൈവവുമായ ഭൂമിയിൽ ലയിച്ചിരിക്കുന്ന ഭൗതികമായ അസ്തിത്വമുള്ള ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങളെ അറിയാൻ പോലും ശ്രമിക്കാതെ, ജനങ്ങളും ജനസേവകരും, ആത്മീയ-തട്ടിപ്പുകാരുമെല്ലാം ഏറ്റവും നികൃഷ്ടമായി ജീവിച്ചതുകൊണ്ടാണ് ദുരന്തങ്ങൾ ഉണ്ടാക്കുന്നത്. യാതൊന്നും വെറുതെ ഉണ്ടാകുന്നതല്ല; ഭൂമിയോ ന്യൂനശക്തികളോ ഉണ്ടാക്കുന്നതാണ്; ഭൂമി മരിപ്പിക്കുന്നതിനെ വ്യക്തി മരിച്ചെന്ന് പറയുമ്പോലെ! ജനങ്ങളുടെ ചെലവിൽ ജീവിക്കുന്ന അധമസഭാംഗങ്ങൾ, ജനങ്ങൾക്കായി നിയമങ്ങൾ കൊണ്ട് ഭൂചലനവും വെള്ളപ്പൊക്കവുമെല്ലാം നിരോധിക്കുക !?!

ഭൗതിക അസ്തിത്വം ഇല്ലാത്ത കോപ്രായങ്ങൾക്ക് നിയമങ്ങൾ എന്ന കള്ളപ്പേരിട്ട് ഭൂമിയുടെ കുഞ്ഞുങ്ങളായ ജനങ്ങളെ ഭരിക്കാൻ അസ്തിത്വം പോലും സ്വന്തമായിട്ട് ഇല്ലാത്ത മനുഷ്യർക്ക് അവകാശമോ അധികാരമോ ഇല്ല. ജനങ്ങളെ എന്നല്ല; മറ്റുള്ള ജീവികളെയും ഭരിക്കാനോ ഉപദ്രവിക്കാനോ അവകാശമില്ല; പ്രതിരോധം ആവാം. സൃഷ്ടികൾക്ക് സമ്പൂർണ്ണമായ വ്യക്തിസ്വാതന്ത്ര്യത്തെ ലഭ്യമാക്കാൻ ദൈവമായ ഭൂമി കൈക്കൊണ്ട മഹാദാസ്യ ആവിഷ്ക്കാരം ജനസേവകർക്ക് പാഠമാവണം.

ഭൂമിയിലെ അനന്തമായ ആനന്ദങ്ങളെയെല്ലാം ഭൂമിയിലെ വസ്തുക്കളിലും ജീവികളിലുമായിട്ട് മഹാലയിപ്പിച്ചിരിക്കുകയാണെന്നും, ആനന്ദങ്ങളും ആനന്ദങ്ങളെ നേടാനുള്ള ഉപാധികളുമാണ് സമ്പത്തുകൾ കൂടിയായ ശക്തികളും ശാസ്ത്രങ്ങളും വസ്തുക്കളും മറ്റുമെന്നു തിരിച്ചറിയുമ്പോൾ, സമ്പത്തുകളെ നേടാനായിട്ട് അവയിൽ ലയിച്ചിരിക്കുന്ന ധർമ്മശാസ്ത്രപരമായി പ്രയത്നിക്കേണ്ടതുണ്ട്.

മോക്ഷത്തെ വിഷയമാക്കാതെ ജീവിക്കുമ്പോഴും, തങ്ങളുടെ ആനന്ദങ്ങളും ആനന്ദങ്ങളെ നേടാനുള്ള ഉപാധികളുമായ സമ്പത്തുകളെ വർദ്ധിപ്പിക്കാനാണ് ഓരോ മനുഷ്യന്റെയും സ്വത്വമായ ആത്മാവ് പ്രയത്നിക്കുന്നത്. മനുഷ്യരുടെ ആത്മാക്കൾ അറിയേണ്ടതായ ഗൗരവമായ വസ്തുതകൾ വേറെയും ഉണ്ട്. വളർത്തുമൃഗങ്ങൾ ഉൾപ്പെടെയുള്ള ജീവികൾ, മനുഷ്യരുടെ സ്വത്തല്ല/സ്വന്തമല്ല. ഭൂമിയായ ദൈവം നേരിട്ടോ, ഭൂമിയിൽ ലയി(പ്പി)ച്ചിരിക്കുന്ന ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരമോ നൽകിയാൽ മാത്രമേ മറ്റുള്ള ജീവികളെ ഉപയോഗിക്കാനും ഭരിക്കാനും മനുഷ്യർക്ക് അവകാശവും അധികാരവുമുള്ളൂ.

മറ്റുള്ള ജീവികൾക്കും മഹാസമനീതിയെ മഹാഅനുഗ്രഹിച്ചു നൽകുമ്പോൾ മാത്രമാണ് ദൈവം മഹാനീതിയാവുക. അതിൻ പ്രകാരമുള്ള നിയമങ്ങളെയും മണ്ണായ ഭൂമിയിൽ മഹാലയിപ്പിച്ചിട്ടുണ്ടാവും എന്നു ചിന്തിക്കുവാൻ ഉയർന്ന ബുദ്ധിശക്തികളെ മനുഷ്യാവസ്ഥയിലെ ആത്മാക്കൾക്ക് നൽകിയിട്ടുണ്ട്.

മണ്ണിന്റെ നിയമങ്ങളെ കണ്ടെത്താനും മനസ്സിലാക്കാനും ഉൾക്കൊണ്ടു പ്രവർത്തിക്കാനും തയ്യാറായാൽ അവകാശങ്ങളും അധികാരങ്ങളും വെളിവാകുന്നതാണ്. പകരം ഭൗതികമായ അസ്തിത്വം ഇല്ലാത്ത മതജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശീയ കോപ്രായങ്ങളെ നിയമങ്ങൾ, വിശ്വാസങ്ങൾ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, മാങ്ങാത്തൊലി തുടങ്ങിയ പേരുകളിൽ തട്ടിക്കൂട്ടിക്കൊണ്ട് ഭൂമിയുടെ അംശമായ മൂലകങ്ങളും സംയുക്തങ്ങളും അവയുടെ രൂപാന്തരമായ ജീവികളുടെ ശരീര-അവയവങ്ങളും നൽകിയതും നൽകുന്നതുമായ വിശേഷ ബുദ്ധിയെ ദുരുപയോഗം ചെയ്യുന്നത് കടുത്ത അപരാധവും ദൈവനിന്ദയും ദൈവശിക്ഷകളെ പിടിച്ചു വാങ്ങലുമായി.

**(8) ഭൂമിഗാനമായ ഓം കൊണ്ടാണ് കുഞ്ഞുങ്ങൾക്ക് ജീവിക്കാൻ കഴിയുന്നത്! എല്ലാ ദേശങ്ങളുടെയും മൊത്തമായ ഭൂമി എല്ലാ സൃഷ്ടി ചക്രങ്ങളിലും സർവ്വദേശഭൂമിഗാനമായിക്കൂടി ഓം എന്ന് പാടുന്നുണ്ട്. ദേശങ്ങളെല്ലാം ഭൂമിയുടെ അംശങ്ങളും അവയവങ്ങളുമാണ്. ഒരല്പം ശൂന്യതയെ പ്പോലും സൃഷ്ടിക്കാൻ കഴിവില്ലാത്തവരും അസ്തിത്വം പോലും സ്വന്തമായിട്ട് ഇല്ലാത്തവരുമായ അല്പായുസ്സുകൾ ഭൂമിയുടെ വ്യത്യസ്ത പ്രദേശങ്ങളിലായി ജനിച്ചും പുനർജ്ജനിച്ചും 100 മനുഷ്യജന്മങ്ങളോടെ ജീവിക്കുമ്പോൾ മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-വർണ്ണ-ദേശീയ ഗാനം-പതാക, തുടങ്ങിയ അനാവശ്യങ്ങളുടെ പേരിൽ കടിപിടി കൂടുന്നത് വിശേഷബുദ്ധി കൂടി ദാനമായി നൽകിയ മഹാമാതാപിതാക്കളെ ലജ്ജിപ്പിക്കുകയാണ്.**

**ദൈവത്തിന്റെ പൊന്നോമന കുഞ്ഞുങ്ങളായ മനുഷ്യരാണെന്നത് അവഗണിച്ചും മറന്നും മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-വർണ്ണ-ദേശ ജീവികളായി ജീവിക്കുന്നവർക്ക് മഹാസുന്ദരമായ മുഖവും മുഖഛായയും പുറത്തുകാണിക്കാനുള്ള യോഗ്യത തൽക്കാലമില്ല. എമ്പോക്കികൾ = തെമ്മാടികൾ മാസ്ക് ഇട്ടും ദാസനായ പട്ടി മാസ്ക് ഇടാതെയും നടക്കട്ടെ!**

(9) ആനന്ദങ്ങൾക്കെല്ലാം അതീതമായ ദേശത്തിന് പതാകയുടെ ആവശ്യമില്ല. അതേസമയം, ഭൂമിയിലെ മനുഷ്യരെല്ലാം ഒരേ ഭൂമിയുടെ കുഞ്ഞുങ്ങളാണെന്ന ലളിതസുന്ദരമായ പാഠം തലമുറകൾക്ക് പകർന്നു നൽകാനും ഭൂമിയുടെ അംശങ്ങളും അവയവങ്ങളുമായ പ്രദേശങ്ങളിലെ വിദ്യാലയങ്ങളിലും ജനസേവന കേന്ദ്രങ്ങളായ ദാസമന്ദിരങ്ങളിലും (ഭരണകൂട കേന്ദ്രങ്ങളിലും) പറത്താൻ ഒരു ഭൂമി-പതാകയെ മണ്ണായ ഭൂമിയിൽ നിന്നും ശാസ്ത്ര വ്യാഖ്യാനത്തിലൂടെ അരിച്ചെടുക്കാൻ കഴിയുന്നതാണ്. ഈ ദിവ്യമഹാവേദ ഗ്രന്ഥത്തിൽ ഭൂമിയുടെ പതാക ഉണ്ട്.

സ്വന്തം ഉൾപ്പെടെയുള്ള ജന്മഗുണങ്ങളിൽ സമനീതി നടപ്പാക്കാൻ ഭൂമിയിലുള്ള എല്ലാ മനുഷ്യരുടെയും മുഖച്ഛായ തുല്ല്യമാക്കുകയും എല്ലാവരെയും സ്ത്രോയോ പുരുഷനോ ആയിട്ടു മാത്രം മാറ്റേണ്ടിയും വരും എന്നിരിക്കെ ഭരിക്കാനും നീതി നടപ്പാക്കാനും ജനസേവകർക്ക് കഴിയുമെന്നു കരുതണ്ട. പൊതുവായ ആവശ്യങ്ങളെ നിറവേറ്റാൻ നിയമിക്കപ്പെട്ടവർ പൊതുവായ ആവശ്യങ്ങളെ തിരിച്ചറിയാൻ പഠിച്ച ശേഷം അവയെ നിറവേറ്റുക.

ദൈവത്തിന്റെ പേരിൽ തട്ടിപ്പ് നടത്തിയ കള്ളക്കൂട്ടങ്ങളെയും അവരുടെ പിൻഗാമികളെയും പിൻപറ്റിയതാണ് സമൂഹം ധാർമ്മികമായി അധഃപതിച്ചതിന് മൂലകാരണം. ദൈവ വിപ്ലവം സർവ്വത്തിനും പരിഹാരമാണ്.

ഈ ദിവ്യമഹാവേദ ഗ്രന്ഥത്തിൽ മഹാനീതിശാസ്ത്രമായ ഓംകാരനീതിശാസ്ത്രം പ്രകാരം കുഞ്ഞുങ്ങളെ മഹാവാത്സല്ല്യത്തോടെ തന്നെ ശിക്ഷിച്ചു തിരുത്തുന്നത് എങ്ങനെയെല്ലാമാണെന്ന് മഹാശാസ്ത്ര പരമായി വിശദീകരിക്കുന്നുണ്ട്; തെളിയിക്കുന്നുമുണ്ട്.

ശരീരത്തിലെ അവയവങ്ങൾ ദാനം ചെയ്ത വിശേഷ ബുദ്ധിയെ ഉപയോഗിച്ച് മഹാശാസ്ത്ര പരമായി വിഷയങ്ങളെ വിശകലനം ചെയ്യേണ്ടത് എങ്ങനെയാണെന്ന് ഒരു ഉദാഹരണത്തിലൂടെ പറയാം.

## സഹോദരനും സഹോദരിയും വിവാഹം കഴിക്കാമോ ? അവർ തമ്മിൽ ലൈംഗിക ബന്ധം / കാമ ആനന്ദം ശരിയാണോ ?

മതങ്ങളിൽ പാടില്ലെന്ന് കാണും. മതങ്ങളെ പിൻപറ്റി രാജ്യം എന്ന പേരിൽ പ്രവർത്തിക്കുന്ന സമൂഹ ജനസേവന കേന്ദ്രങ്ങളായ ഭരണകൂടം പാടില്ലെന്ന് നിയമവും അടിച്ചിറക്കിയിട്ടുണ്ടാവും. എന്തുകൊണ്ട് പാടില്ലെന്ന് ചോദിച്ചാൽ പാപമാണ്, മണ്ണാങ്കട്ടയാണ് എന്നെല്ലാം പിച്ചും പേയും പറയുമെന്നല്ലാതെ, മറ്റുള്ള ജീവികളിൽ അനുവദിച്ചിരിക്കുന്ന ദൈവം എന്തുകൊണ്ട് മനുഷ്യരോട് പാടില്ലെന്ന് പറഞ്ഞെന്നതിന് ഉത്തരം കിട്ടില്ല. സ്വന്തമായി വിശേഷ ബുദ്ധിയെ മഹാശാസ്ത്ര പരമായി ഉപയോഗിച്ചാൽ മനുഷ്യർക്ക് ദൈവം നേരിട്ട് ഉത്തരം നൽകുന്നത് കാണാനും കേൾക്കാനും മനസ്സിലാക്കാനും കഴിയുന്നതാണ്. Supreme Justice GOD ഉൾപ്പെടെ രണ്ടോ മൂന്നോ മുൻ ഗ്രന്ഥങ്ങളിൽ ചേർത്ത വിഷയം ആത്മാവിന്റെയും ദൈവത്തിന്റെയും ഭൗതിക ശാസ്ത്ര പരമായ അസ്തിത്വത്തെ കൂട്ടിച്ചേർത്ത് വിശദീകരിക്കുകയാണ്. ശരീരം നൽകുന്ന വിശേഷ ബുദ്ധിയെ ഇനിയെങ്കിലും ഉപയോഗിക്കട്ടെ !

## (1) മഹാശാസ്ത്രമായ ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങളിൽ ആദ്യത്തെ ശാഖയായ ഭൗതിക ശാസ്ത്രം പ്രകാരം വിശകലനം ചെയ്യുന്നു :-

സഹോദരനും സഹോദരിയും അവരുടെ മാതാപിതാക്കളും മുൻ തലമുറയുമെല്ലാം ഭ്രൂണവും ശേഷം കുഞ്ഞുങ്ങളുമായി ജനിച്ചു വളർന്നവരാണ്. എല്ലാ കുഞ്ഞുങ്ങളുടെയും സ്ത്രീപുരുഷൻ നിറം സൗന്ദര്യം മുഖഛായ ആയുസ്സ് ആരോഗ്യം ബുദ്ധിശക്തി ഓർമ്മശക്തി തൊഴിൽ-അഭിരുചി വിനോദ-അഭിരുചി തുടങ്ങിയ ജന്മഗുണങ്ങളെ നിശ്ചയിക്കുന്നത് മാതാപിതാക്കളോ ഉറ്റവരോ അല്ല. മനുഷ്യമാതാവ് ആമ, മുയൽ, പൂച്ച, പട്ടി തുടങ്ങിയവയുടെ കുഞ്ഞിനെ പ്രസവിച്ചാലും, മുട്ടയിട്ടാലും, മാതാപിതാക്കൾ ഉൾപ്പെടെയുള്ളവർ വാപൊളിച്ചു നിൽക്കുകയും മതവചനങ്ങളിലെ പിച്ചും പേയും പറയുമെന്നല്ലാതെ ശാസ്ത്ര പരമായി വിശദീകരിക്കുകയില്ല.

കുഞ്ഞുങ്ങളുടെ ജനനത്തിന് മാതാപിതാക്കളുടെ കാമവുമായിട്ടല്ല; മഹാമാതാവായ മഹാദേവിയുടെ മഹാവാത്സല്ല്യവുമായാണ് ബന്ധം. മുമ്പും സുവ്യക്തമാക്കിയതാണ്. എല്ലാ കുഞ്ഞുങ്ങളും ദൈവത്തിന്റേതാണ്.

ഭൂമിയിലെ എല്ലാ മനുഷ്യരും സഹോദരങ്ങളാണെങ്കിൽ, അതിന്നർത്ഥം സോദരങ്ങളാണ് ഭാര്യയും ഭർത്താവുമായി ഭൂമിയിലെങ്ങും ജീവിക്കുന്നത് എന്നാണ്. മതപുരോഹിതരും രാഷ്ട്രീയക്കാരും ജനസേവകരുമെല്ലാം വിദ്യാർത്ഥികളെക്കൊണ്ട് എല്ലാവരും സഹോദരീസഹോദരന്മാരാണ് എന്ന് സ്കൂളിൽ പ്രതിജ്ഞചെയ്യിക്കുന്നതും ശേഷം മുതിരുമ്പോൾ വിവാഹം കഴിക്കുന്നതും, പ്രതിജ്ഞാലംഘനവുമെല്ലാം തട്ടിപ്പും സത്യവുമായി മാറുന്നു.

സഹോദരനും സഹോദരിയുമായ കുട്ടികൾ എങ്ങനെ ജീവിക്കണമെന്ന് ശരീരം പ്രത്യേകമായി നിർദ്ദേശിക്കുന്നില്ല. കാമം വർദ്ധിക്കുകയും അടക്കാൻ കഴിയാതെയും വന്നാൽ, ആരെയും ഇണയാക്കാൻ തോന്നുന്നതാണ് മറ്റുള്ള ജീവികളിൽ ബന്ധം വിഷയമല്ലാതെ കാമബന്ധമുണ്ടാവാൻ പ്രധാന കാരണം. ബന്ധം വിഷയമല്ലാതെയുള്ള കാമബന്ധം സ്രഷ്ടാവ് അനുവദിച്ചിരിക്കുന്നതു കൊണ്ടാണ് സാദ്ധ്യമാകുന്നത്. എല്ലാ മനുഷ്യരും ദൈവത്തിന്റെ കുഞ്ഞുങ്ങൾ തന്നെയാണ്; സഹോദരങ്ങൾ തന്നെയാണ്; വിവാഹം കഴിക്കുന്നതും സഹോദരങ്ങൾ തമ്മിലാണ്; മനുഷ്യരുണ്ടാക്കിയ വിലക്ക് മാറ്റി നിർത്തിയാൽ, മനുഷ്യരിലെ സഹോദരനും സഹോദരിക്കും ബന്ധപ്പെടാൻ കഴിയും; എന്നാൽ ഭൂമിയുടെ അംശമായ ശരീരത്തിൽ ലയിച്ചിരിക്കുന്ന ധർമ്മശാസ്ത്രം അതിനെ വിലക്കുന്നുണ്ട്; അതുകൊണ്ടു മാത്രമാണു പാടില്ലാത്തത്; ഗൗരവമാണത്.

## (2) മഹാശാസ്ത്രമായ ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങളിൽ രണ്ടാമത്തെ ശാഖയായ ധർമ്മ ശാസ്ത്രം പ്രകാരം വിശകലനം ചെയ്യുന്നു :-

ശാസ്ത്ര സാങ്കേതിക മേഖലകളിൽ വികസനം ഉണ്ടാകുവാനും ശാസ്ത്ര സൗകര്യങ്ങളെ ആസ്വദിക്കാനും മനുഷ്യരുടെ ഇടയിൽ കുടുംബം, സമൂഹം, തുടങ്ങിയ ബന്ധങ്ങൾ ഉണ്ടാവുകയും വളരുകയും വേണം.

തന്നെത്തന്നെ മറക്കുന്നതും ഇണയെ മാത്രം ഓർക്കുകയും ചെയ്യുന്ന ജീവികളുടെ പരമാനന്ദമായ കാമആനന്ദത്തെ മറ്റുള്ള ജീവികളിൽ നിന്നും വ്യത്യസ്തമായി നിയമങ്ങളോടെ നിയന്ത്രിച്ചാൽ മാത്രമാണ് ശാസ്ത്ര സാങ്കേതിക ഗവേഷണവും വികസനവുമെല്ലാം സാദ്ധ്യമാവുക. മറ്റുള്ള ജീവികളെ പ്പോലെ കാമആനന്ദം ആസ്വദിക്കുന്നതിനെ വിലക്കാൻ വേണ്ടിക്കൂടിയാണ് വിശേഷ ബുദ്ധിയെ നൽകിയിരിക്കുന്നതെന്നും സാരം. ഏകപത്നി, ഏകഭർത്താവ് എന്നതു തന്നെയാണ് ധർമ്മശാസ്ത്രത്തിന്റെ ആദ്യശാഖയായ സദാചാര ശാസ്ത്രം നിർദ്ദേശിക്കുന്നത്. മനുഷ്യൻ എന്ന പദം ബഹുവചനമാണ്; സ്ത്രീയും പുരുഷനും ചേരുന്നതാണ് മനുഷ്യൻ എന്ന ജീവി; പരമാത്മാവായ ഹൈഡ്രജൻ ആറ്റത്തിലെ ഏകസൂക്ഷ്മശിവനായ ഇലക്ട്രോണിൽ നിന്നും സ്ത്രീപുരുഷന്മാരായ രണ്ട് ന്യൂട്രോണുകളെ രണ്ടു പകുതികളായി സൂര്യനിൽ സൃഷ്ടിക്കുകയാണ് എന്നെല്ലാം വിശദീകരിക്കുമ്പോൾ മനുഷ്യാവസ്ഥയിൽ ഉന്നതമായ പാഠങ്ങളെ ഉൾക്കൊണ്ടു ജീവിക്കണം. പകരം കാമബന്ധങ്ങളിൽ തോന്നും പോലെയും, കള്ളത്തരത്തിലും ആവാം, എന്നായാൽ കുടുംബ ജീവിതം സാദ്ധ്യമാവില്ല. മനുഷ്യരിലെ പ്രത്യുല്പാദനത്തിലെ സ്ത്രീ പുരുഷ അനുപാതത്തെ പൊതുവെ പകുതി-പകുതിയായി മഹാമാതാവ് സൃഷ്ടിക്കുന്നതും ഏകപത്നി ഏകഭർത്താവ് വ്യവസ്ഥിതിയെ ഉയർത്തിയാണ്. ശിവയും ശിവനുമായ മഹാമാതാപിതാക്കൾ മാതൃകയാണ്. (ശിവയുടെയും ശിവന്റെയും പ്രതിനിധികളായി ആദ്യ മഹാകാല ചക്രത്തിൽ പ്രവർത്തിച്ചവർ ഉൾപ്പെടെ ഏറെക്കുറെ എല്ലാ ദേവതകളും കുടുംബ ബന്ധങ്ങളുടെ ഔന്നത്യത്തെ സംരക്ഷിക്കുന്നതിൽ ദയനീയമായി തോറ്റു എന്നതാണ് സത്യം.)

കുടുംബങ്ങളെ തമ്മിൽ പരസ്പരം ബന്ധിപ്പിക്കാനുള്ള മുഖ്യഘടകം വിവാഹബന്ധമാണ്. മാതാപിതാക്കളുടെ കുഞ്ഞുങ്ങളായിട്ട് ജനിക്കുന്നതു കൊണ്ട് സഹോദരങ്ങളായി എന്നല്ലാതെ അവർ തമ്മിൽ കടപ്പാടുകളില്ല. എല്ലാവരും യഥാർത്ഥത്തിൽ ബന്ധുക്കളാകുന്നത് ദൈവത്തിന്റെ കുഞ്ഞുങ്ങളായിട്ടാണ്; സഹോദരങ്ങളും ഇണകളുമായാണ്.
**കുടുംബത്തിനുള്ളിൽ സോദരവിവാഹം പ്രോത്സാഹിപ്പിച്ചാൽ കുടുംബങ്ങൾ സമൂഹമായി വളരാൻ പ്രയാസമാണ്. മുഖ്യ ധർമ്മശാസ്ത്ര തടസ്സം അതാണ്.**

## (3) മഹാശാസ്ത്രമായ ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങളിൽ മൂന്നാമത്തെ ശാഖയായ മഹാനീതി ശാസ്ത്രം പ്രകാരം വിശകലനം ചെയ്യുന്നു :-

**ധർമ്മശാസ്ത്ര പ്രകാരം മാത്രം ജീവിക്കുന്നതാണ് കുഞ്ഞുങ്ങളായ എല്ലാ ജീവികൾക്കും ഏറ്റവും നല്ലത്. ശാസ്ത്ര സാങ്കേതിക മേഖലകളിൽ വികസനം ഉണ്ടാകുവാനും കൂടുതൽ കൂടുതൽ ആനന്ദിച്ചു ജീവിക്കാനും കഴിയുന്നതാണ്. അതേസമയം വ്യക്തി ഇണയുടെ വിഷയത്തിൽ ധർമ്മശാസ്ത്ര ശുദ്ധി പാലിച്ചുകൊണ്ട് ജീവിക്കുമ്പോൾ വ്യക്തികളുടെ കൂട്ടമായ സമൂഹത്തിന്റെ ധാർമ്മികമായ ശുദ്ധിയെ താരതമ്യം ചെയ്യണം.** വിശദീകരിക്കാം : ഭൂമിയിലെ എല്ലാ മനുഷ്യരും ദൈവത്തിന്റെ കുഞ്ഞുങ്ങളും സഹോദരങ്ങളും ആവുമ്പോൾ, സഹോദരങ്ങൾ തമ്മിൽ വിവാഹം ആവാം എന്നാണ് അടിസ്ഥാന പരമായ അർത്ഥം. വസ്ത്രമില്ലാതെ ജനിക്കുന്ന കുഞ്ഞ് വസ്ത്രം ധരിച്ച് ജീവിക്കുന്നതു പോലെയാണ് വിവാഹ ബന്ധം. ഏകപത്നി, ഏകഭർത്താവ് എന്ന അടിസ്ഥാന ഇണ-നിയമം, മറ്റൊരാളുടെ ഇണയെ കാമഭാവത്തോടെ നോക്കുന്നതു പോലും തെറ്റായി കാണുന്നുണ്ട്. കണ്ണുകൾ കൊണ്ടുമാത്രം കാമ-ആനന്ദം നേടാനും ഭാഗികമായി കഴിയും ! അമ്മ, അമ്മയുടെ സഹോദരങ്ങൾ, അച്ഛൻ, അച്ഛന്റെ സഹോദരങ്ങൾ, ഉറ്റബന്ധുക്കൾ തുടങ്ങിയവർക്ക് ഇണകൾ ഉണ്ടായിരിക്കെ, വ്യക്തിയുടെ കാമസങ്കല്പങ്ങളിൽ, 'ദൈവത്തിന്റെ കുഞ്ഞുങ്ങളും, വ്യക്തിയുടെ സഹോദരങ്ങളും' കൂടിയായ അവരാരും ഇല്ലെങ്കിൽ ശ്രേഷ്ഠമാണ്.

ഏകപത്നി, ഏകഭർത്താവ് എന്ന അടിസ്ഥാന ഇണ-നിയമം, വിവാഹത്തിനു മുമ്പ് ഇണയുമായി പ്രണയ മനോഭാവം മാത്രമേ അനുവദിക്കുന്നുള്ളൂ. ചുംബനം, ആലിംഗനം തുടങ്ങി യാതൊന്നും വിവാഹത്തിനു മുമ്പ് പാടില്ല. ഉന്നതമായ ഇണ-നിയമം പാലിച്ചുകൊണ്ട് സഹോദരങ്ങൾ വിവാഹം കഴിച്ചാൽ മഹാനീതിശാസ്ത്രം ശിക്ഷിക്കുന്നതല്ല; ചില ചെറിയ ന്യൂനതകൾ കൊണ്ട് നിരുത്സാഹപ്പെടുത്തുന്നുണ്ട്. അജ്ഞാനതിമിരം ബാധിച്ചവർ ദമ്പതികളെ പരിഹസിക്കുന്നതിനു മുമ്പ് ചുറ്റുമുള്ള കോഴി, താറാവ്, പട്ടി, പൂച്ച, പശു തുടങ്ങിയ ദൈവത്തിന്റെ കുഞ്ഞുങ്ങളെ അല്പം പഠിക്കുക. 'ബന്ധങ്ങളുടെ അടിസ്ഥാനത്തിലുള്ള കാമബന്ധം' മനുഷ്യരെപ്പോലെ 'വളർത്തുന്ന ജീവികളിൽ ഉണ്ടായാൽ' പിന്നെ അവയെ വളർത്താനും പശുക്കളുടെ പാൽ നേടാനും മറ്റും മനുഷ്യർക്ക് കഴിയില്ലെന്ന് മനസ്സിലാക്കാം. അംഗവൈകല്യം പോലെയുള്ള അസാധാരണ സാഹചര്യങ്ങളിലും, സംഹാരം പുരോഗമിച്ച് കുഞ്ഞുങ്ങൾ ജനിക്കാതെ വന്ധ്യത വർദ്ധിക്കുമ്പോഴും, ഇണ-നിയമം പാലിച്ചുകൊണ്ട് വിവാഹിതരാകുന്നവരെ അജ്ഞാനതിമിരം ബാധിച്ച കുഞ്ഞുങ്ങൾ ദ്രോഹിച്ചാൽ കടുത്തശിക്ഷകളും തീർച്ചയാണ്.

മറ്റു ചില കാര്യങ്ങളെ ചൂണ്ടിക്കാട്ടുന്നു :-

1. 'മഹാവാത്സല്ല്യം, മഹാദാസ്യം' എന്നിവയെ മാത്രം ശിവയുടെ ആനന്ദങ്ങളാക്കിയും; ശിവയോടുള്ള മഹാദാസ്യത്തെ മാത്രം ആനന്ദമാക്കുന്ന 'ശിവനെ' മഹാപിതാവും പരമാത്മാവുമായ സ്വന്തം ഭാഗമായി ഒരുക്കിയും; കുഞ്ഞുങ്ങളാക്കുന്ന ആത്മാക്കളുടെ ആനന്ദങ്ങളും മഹാനീതിയും നിശ്ചയിച്ച ശേഷമാണ് പ്രപഞ്ചസൃഷ്ടി ആരംഭിച്ചത്. മഹാസത്യവും മായാമഹാശക്തിയും ഏകദൈവവും മഹാമാതാവുമായ ശിവയുടെയും, ശിവയുടെ ഭാഗവും പരമാത്മാവും പ്രപഞ്ചപിതാവുമായ ശിവന്റെയും കൂട്ടുകെട്ടാണ് മഹാപ്രപഞ്ചമെന്ന് മഹാശാസ്ത്രപരമായി തെളിയിച്ചിട്ടുണ്ട്.

**പ്രപഞ്ചത്തിൽ 'ശിവ' സൃഷ്ടിക്കാനും പരിപാലിക്കാനും ഉദ്ദേശിക്കുന്ന സൃഷ്ടികളായ ആത്മാക്കൾക്ക് സ്വന്തമായിട്ട് അസ്തിത്വം ഉണ്ടാകാൻ പാടില്ല; ഉണ്ടായാൽപിന്നെ സൃഷ്ടികളല്ല.** മഹാസത്യമായ ശിവയുടെ ഭാഗമാണെങ്കിലും, പ്രപഞ്ചസൃഷ്ടിക്കു മുമ്പുള്ള ഏതോകാലത്ത് അസ്തിത്വം ഇല്ലായിരുന്നെന്നും ശൂന്യത ബാധകമായിരുന്നെന്നും വിശേഷിപ്പിക്കാനാവുന്ന 'പരമാത്മാവായ ശിവന്റെ മാത്രം അംശങ്ങളായി ആത്മാക്കളെ സൃഷ്ടിച്ചാണ് ' ഭൗതികമായ അസ്തിത്വം നൽകുമ്പോഴും, അസ്തിത്വം പോലും സ്വന്തമായിട്ട് ഇല്ലാത്തവരായി വിശേഷിപ്പിക്കാവുന്ന വിധം ആത്മാക്കളെയും ജീവികളെയും സൃഷ്ടിക്കുന്നത്.

മഹാഭീമവും അനന്തവുമായ ശാസ്ത്ര നിയമങ്ങൾ പ്രകാരം ദൈവം പ്രപഞ്ചത്തെ സൃഷ്ടിച്ചത് നിലനിർത്താനാണ്; സംഹാരമാണ് ഉദ്ദേശമെങ്കിൽ സൃഷ്ടിക്കേണ്ട കാര്യമില്ല. ആയിരം കോടിയിലേറെ വർഷങ്ങളായി പ്രപഞ്ചം നിലനിൽക്കുന്നത് സത്യങ്ങളെ മാത്രം 'മഹാസത്യം കൂടിയായ ദൈവം' സൃഷ്ടിക്കുന്നതിന് സാക്ഷ്യമാണ്. സൃഷ്ടികളും കുഞ്ഞുങ്ങളുമായ ആത്മാക്കൾക്ക് മനുഷ്യാവസ്ഥയിൽ നക്ഷത്ര-മോക്ഷമായ സംഹാരം ഉണ്ട്; അത് പരമാനന്ദത്തെ നൽകുന്ന ജീവിതത്തുടർച്ച മാത്രമാണ്; ഈ ദിവ്യമഹാവേദഗ്രന്ഥത്തിൽ വേറിട്ട് തെളിയിച്ചിട്ടുണ്ട്.

**2.** സൃഷ്ടികളും കുഞ്ഞുങ്ങളുമായ ആത്മാക്കൾക്കു വേണ്ടി, അനന്തമായ ആനന്ദങ്ങളുടെ മൊത്തമായ ഭൂമിയായി അവതരിച്ചിരിക്കുന്ന 'മഹാസത്യമായ ദൈവം', ആനന്ദങ്ങളെ സ്വയം അനുഭവിക്കാൻ ആഗ്രഹിക്കുന്നതായി വിശേഷ ബുദ്ധിയെ ലഭിക്കുന്ന കുഞ്ഞുങ്ങൾ കരുതുന്നത് ദൈവ നിന്ദയാണ്; പാപമാണ്. വിശേഷബുദ്ധിയെ (ദാനമായി) ലഭിക്കുന്നത് മനുഷ്യാവസ്ഥയിലും നക്ഷത്രമോക്ഷമായ ദേവതാവസ്ഥയിലും ജീവിക്കുന്ന സൃഷ്ടികളായ ആത്മാക്കൾക്ക് മാത്രമാണ് എന്നതിനാൽ മേല്പറഞ്ഞ ദൈവനിന്ദ ചെയ്യുന്നത് വികലവും വികൃതവുമായ ചിന്തകളോടെ ജീവിക്കുന്ന സൃഷ്ടികളായ മനുഷ്യരും ദേവതകളുമാണെന്ന് നിസ്സംശയം മനസ്സിലാക്കാം.

**3.** ആദ്യത്തെ മഹാകാല ചക്രത്തിൽ മനുഷ്യാവസ്ഥയിൽ വച്ച് നക്ഷത്ര-മോക്ഷത്തെ നേടിയ ദേവതകളിൽ നിന്നും ക്രമേണയായി വളരെയധികം പേരെ ഭൂമിയിലെ മനുഷ്യർ ഉൾപ്പെടെയുള്ള എല്ലാ ജീവികളുടെയും ഭരണാധികാരികളായിട്ട്, മഹാപിതാവും ദൈവത്തിന്റെ ഏകദാസനും ഏകപ്രതിനിധിയുമായ പരമശിവനിലൂടെ നിയമിച്ചിരുന്നു. കാറ്റ്, മഴ, മലകൾ, കുന്നുകൾ, പുഴകൾ, സമുദ്രം, സൂര്യൻ, അഗ്നി, തുടങ്ങിയവയുടെ ഉപ ഉപ ദേവതകളായി അനേകായിരം പേർ ചെറുതും വലുതുമായ പദവികളും മായാശക്തികളും മഹാമാതാവിൽ നിന്നും, നേടിയെടുത്തു. ഏതാനും സൃഷ്ടി ചക്രങ്ങൾ പിന്നിട്ടപ്പോൾ തന്നെ സൃഷ്ടികൾ മാത്രമായ ദേവതകൾക്ക് പിഴവുകൾ വർദ്ധിച്ചു തുടങ്ങി. ചിലർ വളരെയധികം അധഃപതിച്ചു. മഹാവാത്സല്ല്യം കൂടിയായ മഹാദേവിയെയും മഹാദാസനും മഹാദേവനും കൂടിയായ പരമശിവനെയും അട്ടിമറിക്കാനും ദൈവമാകാനും ശ്രമം ഉണ്ടായി. പൈശാചികമായി അധഃപതിച്ച ഏതാനും ദേവതകളെ ശിക്ഷിച്ചു തിരുത്താനായിട്ട് 'സംഹാര ദേവി' എന്നു വിശേഷിപ്പിക്കാവുന്ന ഒരു ദേവതയെ 'മഹാസത്യമായ ഭദ്രകാളി' സൃഷ്ടിക്കുകയുണ്ടായി; ഘോരരൂപിണി കൂടിയായ പ്രസ്തുത ദേവതയെ അനേകർ ഭദ്രകാളി എന്ന് തെറ്റിദ്ധരിച്ചിട്ടുമുണ്ട്.

4. ഭൂമിയുടെ അംശമായ മൂലകങ്ങളും ശരീരവും നൽകുന്ന അസ്തിത്വവും ശക്തികളും ജ്ഞാനവും കൊണ്ട് ജീവിക്കുന്ന സൃഷ്ടികളായ ആത്മാക്കൾക്ക് മഹാകാര്യങ്ങളെ അട്ടിമറിക്കാനോ തച്ചുടയ്ക്കാനോ മനുഷ്യർക്ക് കഴിയുന്നതല്ല.

5. ശൂന്യതയും ശക്തിഹീനതയും ബാധകമായ മഹാപിതാവും പരമാത്മാവുമായ ശിവന്റെ കുഞ്ഞുങ്ങളും അംശങ്ങളുമായ ആത്മാക്കൾ എന്ന ശക്തി-രഹിത അസ്തിത്വവും; ആത്മാക്കൾ ജീവികളായി ജീവിക്കുമ്പോഴെല്ലാം ശക്തിയും ജ്ഞാനവും സ്വാതന്ത്ര്യവും ശരണവും മഹാനീതിയുമെല്ലാം ഉപാധികളാക്കി ആനന്ദങ്ങളെ നൽകാനായിട്ട് ഒപ്പം ലയിച്ചെന്ന പോലെ പ്രവർത്തിക്കുന്ന 'മഹാസത്യവും മായാമഹാശക്തിയും മഹാമാതാവും ശിവയുമായ ഭൂമിയുടെ' അംശമായ 'ശരീരവും' മൂലകങ്ങളും സംയുക്തങ്ങളും മിശ്രിതങ്ങളുമായ വസ്തുക്കളും പ്രദേശങ്ങളും ആത്മാക്കൾക്കു ലഭിക്കുന്ന ദാനങ്ങളാണ്.

6. അനന്തമായ ആനന്ദങ്ങളാകുന്ന പ്രപഞ്ചത്തെ സൃഷ്ടിക്കാനും, ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനുമായി ഭാഗികമായിട്ട് അവതരിക്കാനും കൂടി മഹാസത്യമായ ദൈവം തയ്യാറാകുമ്പോൾ; ആനന്ദങ്ങളെ സൃഷ്ടിക്കാനും നിലനിർത്താനും കുഞ്ഞുങ്ങൾക്കു നൽകാനും, സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തോടെ കുഞ്ഞുങ്ങൾക്ക് അനുഭവിക്കാനും ആസ്വദിക്കാനും കഴിയുന്ന അനന്തമായ ശക്തികളെ ചിട്ടപ്പെടുത്താൻ സ്വീകരിക്കുന്ന യുക്തികൾ (ദൈവത്തിന്) ആദ്യം ഉണ്ടാകണം. യുക്തികൾ ശക്തികളുമായി ചേരുമ്പോൾ ഭൗതികമായ അസ്തിത്വവും രൂപവും സൃഷ്ടിക്കപ്പെടുകയായി. പ്രോട്ടോൺ, ഇലക്ട്രോൺ, ന്യൂട്രോൺ, ക്വാർക്കുകൾ, ബോസോണുകൾ തുടങ്ങിയ ആറ്റങ്ങളിലെ ഘടകങ്ങളും; ആറ്റങ്ങളും തന്മാത്രകളും മൂലകങ്ങളും അവയുടെ സംയുക്തങ്ങളും, മിശ്രിതങ്ങളും (ജീവികളുടെ ശരീരത്തിലെ അവയവങ്ങളും) അവയുടെയെല്ലാം സ്ഥൂലരൂപങ്ങളായ പ്രദേശങ്ങളിലും ഭൂമിയിലുമുള്ള മഹാശക്തികളോടൊപ്പം ലയിച്ചിരിക്കുന്ന അനന്തമായ ശാസ്ത്രനിയമങ്ങൾ യുക്തികളിൽ നിന്നും ഉത്ഭവിച്ചതാണ്.

എല്ലാ ശാസ്ത്ര ശാഖകളും ചേർന്ന മഹാശാസ്ത്രം ദൈവത്തിന്റെ മഹാജ്ഞാനവും 'മഹായുക്തി' യുമാണെന്നും വിശേഷിപ്പിക്കാം. അതുകൊണ്ടുതന്നെ എല്ലാ ശാസ്ത്രങ്ങളെയും പരസ്പരം ബന്ധിപ്പിച്ചിരിക്കുന്നത് യുക്തിശാസ്ത്രം കൊണ്ടാണ്.

'മഹാസത്യമായ ദൈവം' പ്രപഞ്ചത്തിന്റെ ദൈവഭാഗമായ ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനുമായിട്ട് ഭാഗികമായി അവതരിച്ചിരിക്കുകയാൽ ആദിയും അന്തവും ഇല്ലാത്ത മഹാജ്ഞാനത്തിന്റെ ഓഹരി തന്നെയാണ് പ്രപഞ്ചത്തിന്റെ മഹാശാസ്ത്രം. പ്രപഞ്ചത്തിലെ അനന്തമായ ശാസ്ത്ര നിയമങ്ങളെ സൃഷ്ടികൾക്ക് മനസ്സിലാകണമെങ്കിൽ വിശേഷ ബുദ്ധിയെ സ്രഷ്ടാവ് നൽകണം.

**7.** മറ്റുള്ളവർക്കു വേണ്ടി ചെയ്യുന്നു എന്നു കരുതി ഒരാൾ തൊഴിൽ ചെയ്യുമ്പോൾ, പിഴവ് സംഭവിച്ചതായി അറിയണം. സേവനം ചെയ്യാൻ/തൊഴിൽ ചെയ്യാൻ മറ്റുള്ളവരോ, അവരിലൂടെ ദൈവമോ ഒരു അവസരം നൽകുന്നതായി തിരിച്ചറിഞ്ഞാൽ, വ്യക്തിയുടെ നന്മയും പുണ്യവും വർദ്ധിച്ചു തുടങ്ങിയതായി കണക്കാക്കാം..

**8.** ഭൂമിയുടെ സൂക്ഷ്മ അംശങ്ങളായ ആറ്റങ്ങൾ പോലും മഹാശക്തികൾ ആണെന്നിരിക്കെ മഹാശരീരമായ ഭൂമിയായിട്ട് ശിവ അവതരിച്ചിരിക്കുന്നത് അസ്തിത്വം പോലും സ്വന്തമായിട്ട് ഇല്ലാത്ത ആത്മാക്കൾക്ക് അനന്തമായ ആനന്ദങ്ങളെയും, അവയെ നേടാനുള്ള ഉപാധികളായ ശക്തികളെയും ശാസ്ത്രങ്ങളായ ജ്ഞാനത്തെയും ആനന്ദങ്ങളെയും സ്വാതന്ത്ര്യങ്ങളെയും ശരണങ്ങളെയും നേരിട്ടു നൽകാനായി മാത്രമാണെന്ന് തെളിയുന്നുണ്ട്.

**9.** പ്രപഞ്ചം എങ്ങനെയുണ്ടായി എന്ന് മനസ്സിലാക്കാൻ 'ഓം' ഉൾപ്പെടെ അനവധി മഹാപാഠങ്ങളെ ഭാഗികമായിട്ടെങ്കിലും ആദ്യം പഠിക്കേണ്ടതുണ്ട്. ധാർമ്മികമായി ജീവിച്ചുള്ള യോഗ്യത നേടിയാലാണ് മഹാഉചിതമായി പഠിക്കാൻ കഴിയുക. ഗുളിക വിഴുങ്ങുന്നതു പോലെ പഠിക്കാൻ ആഗ്രഹിക്കുന്നതും പരിശ്രമിക്കുന്നതും തെറ്റാണ്. ജന്മങ്ങളുടെ എണ്ണം പ്രകാരവും മറ്റും ആവശ്യമായ അളവിലുള്ള യോഗ്യത നേടുമ്പോൾ, മഹാഉചിതമായി, ശിവയും ഭാഗമായ ശിവനും പഠിപ്പിക്കുന്നതാണ്.

സ്രഷ്ടാവ് നൽകുന്ന ദാനങ്ങൾ കൊണ്ട് ജീവിക്കുന്നവരും അസ്തിത്വം പോലും സ്വന്തമായിട്ട് ഇല്ലാത്തവരും മഹാവാത്സല്ല്യമായ സ്രഷ്ടാവിനെ ശരിയാംവണ്ണം മനസ്സിലാക്കാൻ പോലും ശ്രമിക്കാതെ; നിന്ദിക്കാതിരിക്കാനെങ്കിലും ശ്രദ്ധിക്കണം.

**10.** മനുഷ്യരുടെ ജന്മഗുണങ്ങളായ നിറം, മുഖഛായ, സൗന്ദര്യം, ആയുസ്സ്, ആരോഗ്യം, ബുദ്ധിശക്തി, ഓർമ്മശക്തി, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ബന്ധുക്കൾ, ജനന രോഗങ്ങൾ, അംഗവൈകല്യം, ജനനം, മരണം, തുടങ്ങിയവയെ സൃഷ്ടിക്കുന്നതും, വ്യത്യാസപ്പെടുത്തുന്നതും സ്വത്വങ്ങളായ ആത്മാക്കൾ അല്ലെന്ന് വിശേഷ ബുദ്ധിയെ ഉപയോഗിക്കാൻ കഴിയുന്ന ആത്മാക്കൾക്ക് കുറെയൊക്കെ അറിയാം. ജീവികളുടെ രൂപവും വർഗ്ഗവും സ്ത്രീ പുരുഷ വ്യത്യാസവും ജന്മഗുണങ്ങളുമെല്ലാം നിശ്ചയിക്കുന്നത് ശരീരത്തിലെ അവയവങ്ങളും നിരന്തരം പുതിയതായി സൃഷ്ടിക്കപ്പെടുകയും മാറ്റപ്പെടുകയും ചെയ്യുന്ന കോശങ്ങളുമാണ്.

രാജാവും മന്ത്രിമാരും ഒക്കെയാണെന്ന് ഭാവിക്കുന്നവരുടെയും സ്തുതിപാഠകരുടെയുമെല്ലാം ജനനം മുതൽ മരണം വരെയും മാറിക്കൊണ്ടിരിക്കുന്ന മുഖഛായ ഉൾപ്പെടെയുള്ള പ്രത്യക്ഷവും പരോക്ഷവുമായ ജന്മഗുണങ്ങളെ തജ്ജന്മത്തിൽ പോലും വ്യത്യാസപ്പെടുത്തുകയും, ജനന മരണങ്ങളെ നിശ്ചയിക്കുകയും, ഒരുക്കുകയും സമ്മാനിക്കുകയും ചെയ്യുന്ന ശരീരത്തിലെ അവയവങ്ങളെ ദൈവമായ ഭൂമിയുടെ അംശമാണെന്ന് തിരിച്ചറിയാൻ കഴിയട്ടെ !

11. മഹാവാത്സല്ല്യത്തെയും മഹാദാസ്യത്തെയും മാത്രം ആനന്ദങ്ങളായി സ്വീകരിച്ചു കൊണ്ട് സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്ന ഏകദൈവമായ ശിവയും ഭാഗമായ ശിവനും സർവ്വത്തിനും അതീതരാണ്; അവരെ പ്രീതിപ്പെടുത്താൻ അവരുടെ മറ്റു കുഞ്ഞുങ്ങളെ സ്നേഹിക്കുകയും ബഹുമാനിക്കുകയും പരിചരിക്കുകയും ശുശ്രൂഷിക്കുകയും സഹായിക്കുകയും മാത്രമാണ് മാർഗ്ഗം. ഭക്തിയും സ്തുതികളും മറ്റും കൊണ്ട് മഹാമാതാപിതാക്കളെ സ്വാധീനിക്കാൻ ശ്രമിച്ചാൽ, മഹാനീതിയും മഹാനീതിപതിയും കൂടിയായ അവർ ശിക്ഷിക്കുന്നതാണ്.

മുകളിൽ വ്യക്തമാക്കിയതു പോലെ,

**മഹാമാതാപിതാക്കളായ ശിവയും ശിവനും; കുഞ്ഞുങ്ങളായ സൃഷ്ടികളും ഉൾപ്പെടെയുള്ള മഹാകുടുംബത്തെയാണ് മഹാപ്രപഞ്ചമായിട്ട് ഏകദൈവമായ ശിവ ആവിഷ്ക്കരിച്ചിട്ടുള്ളത്.**

വഴിതെറ്റിയ മനുഷ്യരും മഹാമാതാവിന്റെ പൊന്നോമന കുഞ്ഞുങ്ങളാണ്. കുഞ്ഞുങ്ങളെ ഭാരപ്പെടുത്താതെയും, ഉറ്റവർ ഉൾപ്പെടെ ആരിലൂടെയും, മറ്റു ജീവികളിലൂടെയും, ശിവയും ഭാഗമായ ശിവനും ചേർന്ന വസ്തുക്കളിലൂടെയും **ഉപദേശിച്ചും ശാസിച്ചും താക്കീതു നൽകിയും** ശിക്ഷിച്ചുമെല്ലാം തിരുത്താനും മറ്റു കുഞ്ഞുങ്ങളുടെ ഒപ്പം ചേർക്കാനുമുള്ള മഹാപദ്ധതികൾ മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രത്തിൽ എപ്പോഴുമുണ്ട്. കൃത്യമായ അളവിൽ ശിക്ഷിക്കുമ്പോഴും മഹാവാത്സല്ല്യത്തോടെ മഹാമാതാവ് മഹാനീതിയെ നടപ്പാക്കുകയാണ്.

'മഹാസത്യവും ബ്രഹ്മവുമായ ശിവയുടെയും, ഭാഗമായ ശിവന്റെയും' കൂട്ടുകെട്ടാണ് മഹാശൂന്യതയും സൃഷ്ടി സ്ഥിതി സംഹാര പാത്രവുമായ ആകാശവും, ഭൂമിയും; സൂര്യനും ചന്ദ്രനും, ജീവികളും നക്ഷത്രങ്ങളും ഉൾപ്പെട്ട മഹാപ്രപഞ്ചം. മഹാപ്രപഞ്ചത്തിന്റെയും, ഭൂമിയിലെ ജീവികളുടെയും സൃഷ്ടി സ്ഥിതികളും സംഹാരം ഉൾപ്പെടെ മഹാനീതിയെയും, ദൈവകാര്യങ്ങളെയും ഈ ദിവ്യമഹാഗ്രന്ഥം മഹാശാസ്ത്രപരമായി വിശദികരിക്കുന്നു.

മനുഷ്യന് വിശേഷബുദ്ധി ലഭിച്ചില്ലായിരുന്നെങ്കിൽ സമ്പാദ്യവും ഭാവിയും നീതിയും ദൈവവും മോക്ഷവും മറ്റും വിഷയമാകാതെ, മറ്റു ജീവികളെപ്പോലെ ഭക്ഷണം നേടിയും, തിന്നും, കുടിച്ചും, കളിച്ചും, രമിച്ചും, വഴക്കിട്ടും, ഉറങ്ങിയുമെല്ലാം ജീവിക്കുമായിരുന്നു.

മനുഷ്യൻ ഉൾപ്പെടെയുള്ള എല്ലാ ജീവികളുടെയും ജീവിതവും പ്രപഞ്ച കാര്യങ്ങളും സംഭവിക്കുന്നത് ഭൂമിയുടെ അംശമായ മൂലകങ്ങളിലും അവയുടെ സംയുക്തങ്ങളിലും രൂപാന്തരമായ ജീവികളുടെ ശരീരത്തിലും എക്കാലവും ലയിച്ചിരിക്കുന്ന ശക്തികളും, അവയെ ചിട്ടപ്പെടുത്തിയിരിക്കുന്ന മഹാശാസ്ത്രങ്ങളും പ്രകാരമാണെന്ന് മനുഷ്യർക്ക് വിശേഷ ബുദ്ധി കൊണ്ടറിയാം. അതു കൊണ്ടാണ് സാമൂഹികരോഗങ്ങളും, പ്രളയവും ഭൂചലനവും സുനാമിയും കൊടുങ്കാറ്റും കടൽക്ഷോഭവും കാട്ടുതീയും വരൾച്ചയും മറ്റും സൃഷ്ടിക്കുന്ന സാമൂഹിക വിപത്തുകളെ നേരിടാൻ ശാസ്ത്രപരമായ പരിഹാരം കാണുന്നതും രാജ്യങ്ങളിൽ അടിയന്തരാവസ്ഥ പ്രഖ്യാപിക്കുന്നതും; ആഫീസുകളെയും ദേവാലയങ്ങളെയുംപോലും അടച്ചിട്ടും ഭയന്നും വിരണ്ടും ഒക്കെ മനുഷ്യർ ജീവിക്കുന്നത്.

മഹാശക്തിയായ ഭൂമിക്ക് സ്വത്വമുണ്ടെന്ന് ശാസ്ത്രപരമായി തെളിയിച്ചു കൊണ്ട്, സാമൂഹിക രോഗങ്ങളും പ്രളയവും ഭൂചലനവും ഒക്കെ ഭൂമി സൃഷ്ടിക്കാൻ കാരണം മൂലകങ്ങളിൽ ഭൗതിക ശാസ്ത്രത്തോടൊപ്പം ലയിച്ചിരിക്കുന്ന ധർമ്മശാസ്ത്രങ്ങൾക്ക് വിരുദ്ധമായി മനുഷ്യർ ജീവിക്കുന്നതു കൊണ്ടാണെന്ന് ഗ്രന്ഥത്തിൽ തെളിയിക്കുകയും, ഉടനെ ആരംഭിക്കുന്ന സത്യയുഗത്തിൽ സാമൂഹിക വിപത്തുകൾ ഉണ്ടാവില്ലെന്നും ശാസ്ത്രപരമായി വിശദീകരിക്കുന്നു. സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യാനായി മാറ്റിവച്ച 'ദൈവത്തിന്റെ മഹാജ്ഞാനത്തിന്റെ ഓഹരി' മാത്രമാണ് ശാസ്ത്രങ്ങളെന്നും, സൃഷ്ടികൾക്ക് ജീവിക്കാൻ ആവശ്യമായ ശക്തികളെയും ശാസ്ത്രങ്ങളെയും ആനന്ദങ്ങളെയും ലയിപ്പിച്ച് ഭൂമിയായി അവതരിച്ചിരിക്കുകയാണെന്നും തെളിയിക്കുന്നു. മനുഷ്യൻ ഉൾപ്പെട്ട ജീവികൾക്കു ജീവിക്കാൻ ഭൂമിയിൽ ലയിച്ചിരിക്കുന്ന മഹാശാസ്ത്രം മതിയാകും എന്നിരിക്കെ മനുഷ്യർ തട്ടിക്കൂട്ടിയ ഗ്രന്ഥങ്ങൾ ഭൗതിക അസ്തിത്വമില്ലാത്ത തട്ടിപ്പുകളാണ്. മുൻസൃഷ്ടിചക്രത്തിലെ അവശിഷ്ടങ്ങളാണ് ഭാരതത്തിലെ വേദങ്ങൾ.

വിശേഷ ബുദ്ധിയും സമ്പൂർണ്ണമായ സ്വാതന്ത്ര്യവും ലഭിച്ച മനുഷ്യർ, മഹാശക്തിയായ ഭൂമിയിൽ ലയിച്ചിരിക്കുന്നതും അന്യോന്യം ബന്ധിപ്പിച്ചിരിക്കുന്നതുമായ ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങളിലെ ഭൗതിക ശാസ്ത്രപാഠങ്ങളെ കൊണ്ട് വാഹനങ്ങൾ, കെട്ടിടം, മൊബൈൽ ഫോൺ, തുടങ്ങിയ ആനന്ദങ്ങളെ വർദ്ധിപ്പിച്ചു ജീവിക്കുമ്പോൾ, ഒപ്പമുള്ള ധർമ്മ-നീതി-ശാസ്ത്ര പാഠങ്ങളെ കൂടി മനസ്സിലാക്കാനും അവ പ്രകാരം ജീവിക്കാനും ബാദ്ധ്യസ്ഥരാണ്. ഭൗതിക ശാസ്ത്ര സാങ്കേതിക സൗകര്യങ്ങളെ ഉപയോഗിച്ച് കൂടുതൽ കൂടുതൽ ആനന്ദങ്ങളെ അനുഭവിച്ചു ജീവിക്കുകയും, ഒപ്പം ഭൗതികമായ അസ്തിത്വം ഇല്ലാത്തതും ജീവിക്കാൻ ആവശ്യമില്ലാത്തതുമായ മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശീയ തട്ടിപ്പുകളെയും, മറ്റു വിശ്വാസങ്ങളെയും ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും മനുഷ്യർ പിൻപറ്റിയാൽ, ഭൂമിയുടെ മഹാഭാവമായ സത്യ ധർമ്മ നീതികൾക്ക് ഭംഗമുണ്ടാകും. അതു തടയാനായി ഭൂമിയുടെ സൂക്ഷ്മ അംശങ്ങളായ ആറ്റങ്ങളുടെ ഘടകങ്ങളിൽ ന്യൂനശക്തികൾ പ്രവർത്തിക്കുന്നുണ്ട്. ശവശരീരങ്ങളുടെ ആറ്റങ്ങളിൽ പോലും പ്രോട്ടോണുകളെ ഇലക്ട്രോണുകൾ സദാ ചുറ്റിക്കൊണ്ട് പ്രപഞ്ചത്തെ മുഴുവൻ ജീവമായും, ഭൂമിയുടെ മഹാഭാവമായ സത്യ ധർമ്മ നീതികളോടും സംരക്ഷിക്കുന്നുണ്ട്.

മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രം പ്രകാരം 100 മനുഷ്യജന്മങ്ങളെ സ്വീകരിക്കാൻ ബാദ്ധ്യസ്ഥരായ ആത്മാക്കളുടെ എല്ലാ ജന്മങ്ങളിലും സ്ത്രീ പുരുഷ ജാതി, നിറം, മുഖഛായ, സൗന്ദര്യം, ആയുസ്സ്, ആരോഗ്യം, ബുദ്ധിശക്തി, ഓർമ്മശക്തി, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ജന്മസ്ഥലം/രാജ്യം തുടങ്ങിയ ജന്മഗുണങ്ങളെ വ്യത്യാസപ്പെടുത്തി ക്കൊണ്ട് ശരീരമായി മഹാമാതാപിതാക്കളായ ഭൂമി ഉണ്ട്; മഹാനീതിയെ നടപ്പാക്കുന്നുമുണ്ട്. വിശേഷ ബുദ്ധിയെ ഉപയോഗിക്കാത്ത ആത്മാക്കൾ അറിയുന്നില്ല എന്നേയുള്ളൂ. വ്യക്തിഗതമായി മഹാനീതി നടപ്പാകുന്നതു കണ്ടു. സൃഷ്ടിചക്രത്തിന്റെ ആദ്യ പകുതിയിൽ ദൈവം പ്രത്യക്ഷമാകാതെ സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തെ കുഞ്ഞുങ്ങൾക്കു നൽകിയിരിക്കുകയാണ്. ആകയാൽ വിശേഷ ബുദ്ധിയെ നൽകിയിട്ടും ഉപയോഗിക്കാതെ, ഭൗതിക അസ്തിത്വം ഇല്ലാത്ത മതജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശീയ ചിന്തകളുമായി പോരടിക്കുന്ന ഭോഷരായ കുഞ്ഞുങ്ങളെ തിരുത്താനായി ഭൂമിയിലെ ന്യൂനശക്തികൾ ആത്മാക്കളുടെ മേൽ നടപ്പാക്കുന്ന ധർമ്മ ശാസ്ത്ര ബന്ധനത്തിന്റെ ഭാഗമാണ് സാമൂഹിക രോഗങ്ങളും മറ്റുമായ വിപത്തുകൾ. സത്യയുഗത്തിൽ സാദ്ധ്യമാകുന്ന ധർമ്മശാസ്ത്ര പാലനമാണ് പരിഹാരം.

ഈ ദിവ്യമഹാവേദ ഗ്രന്ഥത്തിന്റെ ഉള്ളടക്കം (3) ൽ 'ധർമ്മശാസ്ത്ര ബന്ധനം' എന്ന അദ്ധ്യായത്തിൽ മഹാശാസ്ത്ര പരമായി വിശദീകരിച്ചിട്ടുണ്ട്.

ദൈവ കാര്യങ്ങളെയും ദൈവത്തിന്റെ മഹാജ്ഞാനത്തിന്റെ ഓഹരിയായ പ്രപഞ്ചത്തിന്റെ മഹാശാസ്ത്രമായ വേദങ്ങളെയും വെളിപ്പെടുത്തുന്നതിനു നിശ്ചയിച്ചിരിക്കുന്ന ഇന്ത്യയിൽ അതു ചെയ്യുന്നത് ഭൂമിയിലെ വിവിധ രാജ്യങ്ങളിൽ ജീവിക്കുന്നവരിൽ നിന്നും കൂടുതൽ പുണ്യം നേടിയവരെ മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രം പ്രകാരം ഇന്ത്യയിലും, പ്രത്യേകമായി കേരളത്തിൽ മണ്ണടി പ്രദേശത്തും പുനർജ്ജനിപ്പിച്ചാണ്. മഹാശക്തിയായ ഭൂമിയുടെ ഒരു (മുഖ്യ) അംശവും അവയവവും മാത്രമാണ് ഇന്ത്യയും ഓരോരോ രാജ്യങ്ങളും എന്ന് ഗ്രഹിക്കാനും പ്രചരിപ്പിക്കാനും കൂടുതൽ പുണ്യം നേടിയവർക്ക് കഴിയേണ്ടതാണ്. ഭൗതിക അസ്തിത്വം ഇല്ലാത്ത മത-ജാതി-വർഗ്ഗ-രാഷ്ട്രീയ-ദേശീയ ചിന്താഗതികളെ നശിപ്പിക്കാനും ആഗോളതലത്തിൽ സൈന്യത്തെ അവസാനിപ്പിക്കാനും ഒക്കെ ഇന്ത്യയിലെ പുണ്യാത്മാക്കൾക്ക് സത്യയുഗം ആരംഭിക്കും മുമ്പ് കഴിയണമായിരുന്നു ! ഇപ്പോഴത്തെ സൃഷ്ടി ചക്രത്തിൽ അതു കഴിയാതെ വന്നു. അതേസമയം ചുവടെ സൂചിപ്പിച്ചിട്ടുള്ള ദേവതകളുടെ ദുർന്നടത്തവും കാരണമായിട്ടുണ്ട്.

സത്യയുഗം ആരംഭിക്കും മുമ്പ് ഭൗതിക ശാസ്ത്ര സാങ്കേതിക വികസനം പരമാവധിയോട് അടുത്തതു കൊണ്ടും; ആരംഭിക്കുമ്പോൾ ധർമ്മശാസ്ത്ര പാലനം വർദ്ധിക്കുന്നതു കൊണ്ടും, മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് സ്വാതന്ത്ര്യം കുറയുകയില്ല; മറിച്ച് കൂടുന്നതുമാണ്.
*********************************************************************************

ലഭ്യമായ വിശേഷ ബുദ്ധിയെ മനുഷ്യർ ഉപയോഗിച്ചാൽ, സൃഷ്ടികൾക്ക് അസ്തിത്വം പോലും സ്വന്തമായിട്ട് ഇല്ലെന്നും; സ്രഷ്ടാവ് സൃഷ്ടിക്ക് എന്തു നൽകാൻ ഉദ്ദേശിച്ചാലും അവയെ സ്വീകരിക്കാനും ആനന്ദിക്കാനുമുള്ള അസ്തിത്വത്തെയും ശക്തികളെയും ജ്ഞാനത്തെയും ആദ്യം നൽകേണ്ടതുണ്ട് എന്നു മനസ്സിലാക്കാം. എല്ലാ ജീവികൾക്കും അവയുടെ കുഞ്ഞുങ്ങൾക്കും സ്രഷ്ടാവ് പ്രഥമമായി അനവധി അവയവങ്ങളുള്ളതായ ശരീരത്തെ നൽകുന്നത് അതുകൊണ്ടാണ്. ശരീരമില്ലാത്ത ആത്മാവിനെ കുഞ്ഞായിട്ട് സൃഷ്ടിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതിനെ കുറിച്ച് ഭാവന ചെയ്താൽ ശരീരത്തോടെ ജീവിച്ചു കൊണ്ട് ആത്മാവാണ് പരമ പ്രധാനം എന്നു പ്രസ്താവിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നത് വലിയ അജ്ഞാനവും അവിവേകവും പാപവുമാണെന്ന് മനസ്സിലാകും.

അസ്തിത്വം പോലും സ്വന്തമായിട്ട് ഇല്ലാത്തവരായ സൃഷ്ടികൾക്ക് എന്തെങ്കിലും നൽകാനും, സ്രഷ്ടാവ് നൽകുന്ന ശക്തികളെ സൃഷ്ടിക്ക് സ്വീകരിക്കാനുമായി മാധ്യമങ്ങളെ സൃഷ്ടിച്ചാൽ അനന്തമായ സ്വതന്ത്രശക്തികളെ നൽകി അനന്തകോടി മാധ്യമങ്ങളെ അനന്തകോടി ദൈവങ്ങളെന്നോണം സൃഷ്ടിക്കേണ്ടിവരും !

ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയായ സൃഷ്ടി സ്ഥിതി സംഹാര കർത്താവിന് എന്തെങ്കിലും ചെയ്യാൻ സഹായികളുടെ ആവശ്യം ഉണ്ടെന്നു വന്നാൽ പിന്നെ കർത്താവ് മഹാശക്തിയല്ല എന്നുതന്നെയാണ് അർത്ഥം.

സൃഷ്ടികൾക്കെല്ലാം എന്തും ഏതും സ്വയം നിശ്ചയിക്കാനും ചെയ്യാനുമുള്ള ശക്തികളെ നൽകിയാൽ പിന്നെ അവരെല്ലാം അന്തമില്ലാത്ത മഹാശക്തിക്ക് ഉടമകളായ ദൈവങ്ങളാകുന്നതാണ്. സൃഷ്ടി എന്ന പദം തന്നെ ഉണ്ടാകില്ല !
*******************************************************************************

പ്രപഞ്ചം ഉൾപ്പെടെ സർവ്വത്തിനും അതീതമായ 'ബ്രഹ്മം', പ്രപഞ്ചം ഉൾപ്പെടെ സർവ്വവും ഭദ്രപ്പെടുത്താൻ മഹാശക്തികളുള്ള 'മഹാഭദ്രകാളി', ശിവ, തുടങ്ങിയ പേരുകളെ സ്വയം സ്വീകരിച്ച മഹാസത്യത്തിന്റെ ഇഷ്ടാനുസരണം ജീവമായും നിർജ്ജീവമായും പ്രവർത്തിക്കുന്ന ഒന്നിനെ 'പരമാത്മാവ്, ശിവൻ' തുടങ്ങിയ പേരുകളിൽ ആയിരം കോടിയിലേറെ വർഷങ്ങൾക്കു മുമ്പു സൃഷ്ടിച്ച് മഹാസത്യമായ ശിവയുടെ ഭാഗമാക്കുകയും അവരുടെ പരസ്പര ബന്ധത്തിനും പിൽക്കാല പ്രവർത്തനങ്ങൾക്കുമായി കരാർ ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. കരാർ പ്രകാരം മഹാസത്യമായ മഹാഭദ്രകാളി ആവശ്യപ്പെടും പോലെയെല്ലാം പ്രവർത്തിക്കുമെന്ന് ശിവൻ സത്യപ്രതിജ്ഞ ചെയ്തിട്ടുണ്ട്. പരമശിവൻ എന്ന മഹാപദവി നൽകി മഹാഭദ്രകാളിയുടെ ഭർത്താവായി ശിവനെ സ്വീകരിക്കുകയും; സംഹാരദേവൻ, മഹാദേവൻ, മഹാനീതി-പതി തുടങ്ങിയ മഹാപദവികളെയും മഹാനാമങ്ങളെയും ചുമതലകളെയും കൂടി മഹാഅനുഗ്രഹിച്ചു നൽകുകയും ആവിഷ്ക്കരിക്കുകയും ചെയ്തിട്ടുണ്ട്. കരാർ പ്രകാരം, മഹാവാത്സല്ല്യത്തെ മാത്രം മഹാഭദ്രകാളിയായ ശിവയുടെ മഹാആനന്ദമായി സ്വീകരിച്ചു കൊണ്ട് സൃഷ്ടികളുടെ മഹാമാതാവായി ശിവ പ്രവർത്തിക്കുകയും, ശിവയോടുള്ള മഹാദാസ്യത്തെ മാത്രം പരമാത്മാവായ ശിവന്റെ മഹാആനന്ദമായി സ്വീകരിച്ച് സൃഷ്ടികളുടെ മഹാപിതാവായിട്ട് ശിവൻ പ്രവർത്തിക്കുകയും, മഹാശൂന്യത കൂടി ബാധകമായ പരമാത്മാവായ ശിവന്റെ മാത്രം അംശങ്ങളായി ശൂന്യരായ ആത്മാക്കളെ സൃഷ്ടിക്കുകയും, അവയ്ക്ക് ശക്തികളും ജ്ഞാനവും ആനന്ദങ്ങളും അസ്തിത്വവും ശരണവും മഹാവാത്സല്ല്യവും നൽകിക്കൊണ്ട് ശിവയുടെ കുഞ്ഞുങ്ങളാക്കുന്നതുമാണ്.
*******************************************************************************

ഏകമഹാസത്യമായ ശിവ, ഭാഗമായ ശിവനെയും ചേർത്ത് മഹാസത്യത്തിന്റെ പ്രതീകവും, ആദിയും അന്തവും ഇല്ലാത്ത മഹാശൂന്യതയും, സൃഷ്ടി സ്ഥിതി സംഹാര പാത്രമായി ഉപയോഗിക്കാൻ പര്യാപ്തവുമായ ആകാശത്തെ ആദ്യം സൃഷ്ടിക്കുകയും നഗ്നമായ നേത്രങ്ങൾ കൊണ്ട് കാണാൻ കഴിയുന്ന ആദിയും അന്തവും ഇല്ലാത്ത ആകാശത്തെയും ആകൃതിയെയും ശിവലിംഗം, മഹാലിംഗം, മഹാശക്തിലിംഗം എന്നെല്ലാം പേരിടുകയും ചെയ്തിരിക്കുന്നു.
*******************************************************************************

കുഞ്ഞുങ്ങളുടെ സൃഷ്ടി തുടങ്ങുംമുമ്പ് കുഞ്ഞുങ്ങൾക്ക് ആനന്ദത്തോടെ ജീവിക്കാൻ ആവശ്യമായ ശക്തികളും ശാസ്ത്രങ്ങളും അനന്ത-ആനന്ദങ്ങളും സ്വാതന്ത്ര്യങ്ങളും ശരണവുമെല്ലാം നേരിട്ടു നൽകാൻ പ്രോട്ടോണുകൾ, ഇലക്ട്രോണുകൾ, ന്യൂട്രോണുകൾ, ക്വാർക്കുകൾ, ഭൗതിക അസ്തിത്വം ഇല്ലാത്ത ശബ്ദബ്രഹ്മം കൂടിയായ ഓം, തുടങ്ങിയ അതിസൂക്ഷ്മമായ ഘടകങ്ങളായും അവയുടെ സൂക്ഷ്മയോഗമായ ആറ്റങ്ങളായും, തന്മാത്രകളായും, സ്ഥൂലമായ മൂലകങ്ങളായും, മൂലകങ്ങളെ സംയോജിപ്പിച്ച് സംയുക്തങ്ങളും മിശ്രിതങ്ങളുമായും, അവയുടെയെല്ലാം മൊത്തവും മഹാശക്തിയുമായ ഭൂമിയായും, ശിവനെയും പങ്കാളിയാക്കി, മഹാഭദ്രകാളി അവതരിച്ചിരിക്കുകയാണ്. ശിവയുടെ മുഖ്യ ഘടകമായ പ്രോട്ടോണുകളും, അവ നൽകുന്ന ശക്തി കൊണ്ട് പ്രോട്ടോണുകളെ ചുറ്റുന്ന ശിവനായ ഇലക്ട്രോണുകളും, ചുറ്റാനുള്ള ശൂന്യതയും, ന്യൂനശക്തികൾ ഉൾപ്പെട്ട ഘടകങ്ങളും ചേരുമ്പോൾ ഓരോ ആറ്റവും അതിസൂക്ഷ്മമായ പ്രപഞ്ചം പോലെയാണ്. ആറ്റത്തിലെ മഹാശക്തിയെ ഏകദേശമായി മനുഷ്യനറിയാം. വസ്തുക്കൾ പ്രവർത്തിക്കുമ്പോഴും ചുറ്റുമ്പോഴുമെല്ലാം ശബ്ദം ഉണ്ടാകും എന്നൊരു ശാസ്ത്ര നിയമത്തെ സൃഷ്ടിച്ചുകൊണ്ട് ഭൂമിയുടെ ഓരോ ആറ്റത്തിലേക്കും ഓം എന്ന ശബ്ദബ്രഹ്മമായി മഹാസത്യവും പ്രപഞ്ചത്തിന് അതീതവുമായ ബ്രഹ്മം പ്രവേശിക്കുന്നതിൽ നിന്നാണ് പ്രപഞ്ചത്തിലെ എല്ലാ ശബ്ദവും ഉണ്ടായിട്ടുള്ളത്. ശബ്ദമില്ലാത്ത ലോകം നിശ്ചലം പോലെയാണ് ! ശബ്ദബ്രഹ്മത്തിന്റെ സാന്നിധ്യമാണ് ആറ്റങ്ങളിലെ ഘടകങ്ങളെയും സമസ്ത ആറ്റങ്ങളെയും മൂലകങ്ങളെയും രൂപാന്തരമായ ജീവികളുടെ ശരീരങ്ങളെയും ശവങ്ങളെയുമെല്ലാം സൃഷ്ടിക്കുന്നതും വ്യത്യസ്ത ശക്തികളാക്കി സദാ പരിണമിപ്പിക്കുന്നതും നിലനിർത്തുന്നതും. ശക്തികളെ മറ്റു ശക്തികളായി പരിണമിപ്പിക്കുവാൻ വിശേഷ ബുദ്ധി കൊണ്ടറിയുന്ന ശാസ്ത്ര നിയമങ്ങൾ പ്രകാരം ജീവികളെ അനുവദിച്ചിട്ടുണ്ടെങ്കിലും സൃഷ്ടിക്കാൻ അനുവാദമില്ല.

*****************************************************************************

എല്ലാ ജീവികളുടെയും സ്വത്വങ്ങളായ ആത്മാക്കൾക്ക് ആനന്ദത്തോടെ ജീവിക്കാൻ ആവശ്യമായ ശക്തികളും ശാസ്ത്രങ്ങളും ആനന്ദങ്ങളും ലയിച്ചു ചേർന്നാണ് 'വ്യത്യസ്ത ശക്തികൾ' എന്ന് വിശേഷിപ്പിക്കാവുന്ന മൂലകങ്ങളും സംയുക്തങ്ങളും ഭൂമിയും ഉണ്ടായതെന്നും; ജീവികളെ സൃഷ്ടിക്കുന്നത് ശക്തികളായ മൂലകങ്ങളെ ശരീരാവയവങ്ങളായി മാറ്റിയും, നിർജ്ജീവമായ ആത്മാക്കളോടു ചേർത്തുമാണെന്ന് മനസ്സിലാക്കാം. മൂലകങ്ങളെയും സംയുക്തങ്ങളെയും ശരീരാവയവങ്ങളും ഭാഗങ്ങളുമായി രൂപപ്പെടുത്തുന്നത് സൃഷ്ടികളായ ജീവികളുടെ സ്വത്വങ്ങളല്ല. മഹാസത്യമായ ശിവയും ഭാഗമായ ശിവനും ചേർന്ന് ശിവലിംഗമായ ആകാശവും; മഹാശക്തിയായ ഭൂമിയുമായി അവതരിച്ച ശേഷം ശിവന്റെ അംശമായി 'ആത്മാക്കളെയും', ശിവയുടെ അംശമായി 'മൂലകങ്ങളെയും ശരീരങ്ങളെയും' സൃഷ്ടിക്കുകയാണ്.

ശിവന് സൂര്യനെ ഉൾപ്പെടെ പ്രപഞ്ചത്തിലെ എന്തും സൃഷ്ടിക്കാൻ കഴിയുന്ന മൂന്നാം നേത്രവും മറ്റു മഹാശക്തികളും ശിവ മഹാഅനുഗ്രഹിച്ചു നൽകുന്നു. പരമാത്മാവായ ശിവന്റെ അംശങ്ങളായ ആത്മാക്കൾ; മനുഷ്യർ അനുഭവിച്ചു തന്നെ അറിയുന്നതുപോലെ അടിസ്ഥാനപരമായി നിസ്സാരവും നിർജ്ജീവവും ശൂന്യത ബാധകവുമായ സൃഷ്ടികളാണ്. ഹൈഡ്രജനായ പരമാത്മാവിൽ ന്യൂട്രോൺ ചേരുമ്പോൾ ഹീലിയം എന്ന മൂലകം സൂര്യനിൽ ഉണ്ടാകുന്നത് ആത്മാക്കളെ ശിവലിംഗമായ ആകാശത്തിൽ വച്ചു സൃഷ്ടിക്കുകയാണ്. ന്യൂട്രോണായ ആത്മാവിനെ ഭൂമിയിലേക്ക് നയിച്ച് ജലത്തിൽ വച്ച് ശരീരം നൽകി ആദ്യജീവിയായ കരിമീൻ കുഞ്ഞുങ്ങളെ സൃഷ്ടിക്കുകയും ചെയ്യുന്നു.

*******************************************************************************

മാതാപിതാക്കളുടെ കുഞ്ഞുങ്ങളായി ആത്മാക്കൾ പുനർ-ജനിക്കുന്നതും യഥാർത്ഥത്തിൽ ശിവലിംഗമായ ആകാശത്തിൽ വച്ചാണ്. വിശദീകരിക്കാം: മഹാശൂന്യത കൂടിയായ ആകാശത്തിന്റെ അതിസൂക്ഷ്മമായ അംശമാണ് സ്ത്ര-ജീവികളുടെ ഗർഭ പാത്രവും, അവിടേയ്ക്കുള്ള വഴിയും (യോനികളും). ശൂന്യത ജീവികളുടെ ശരീര ഭാഗങ്ങളോ അവയവങ്ങളോ അല്ല. ഭൂമിയുടെ അംശമായ പ്രദേശങ്ങൾക്ക് പേര് നൽകാനും അതിരുകൾ നിശ്ചയിക്കാനും മനുഷ്യൻ ഉൾപ്പെടെയുള്ള സൃഷ്ടികൾക്ക് അവകാശവും അധികാരവും ഇല്ല'. ശിവലിംഗമായ ആകാശത്തിലാണ് ജീവികളെല്ലാം ജനിക്കുന്നതെന്നിരിക്കെ, ഭൂമിയുടെ ഇഷ്ടമായ മഹാശാസ്ത്രം പ്രകാരം ജനിക്കുകയും മരിക്കുകയും ചെയ്യുന്നവർ പ്രത്യേക രാജ്യക്കാരായി കരുതുന്നത് മറ്റൊരു ഭോഷത്വമാണ്.

'മഹാശക്തിയായ ശിവയും ഭാഗമായ ശിവനും ചേർന്ന ഭൂമിയുടെ' അംശമായ മൂലകങ്ങളിലും അവയുടെ സംയുക്തങ്ങളിലും, രൂപാന്തരമായ ജീവികളുടെ ശരീരാവയവങ്ങളിലും ശിവയുടെ മഹാജ്ഞാനമായ മഹാശാസ്ത്രം പ്രകാരം ലയിച്ചിരിക്കുന്ന ശരീര-രൂപങ്ങളും, ന്യൂന+അധികശക്തികളും, ജ്ഞാനവും ആനന്ദങ്ങളും സ്വാതന്ത്ര്യവുമാണ് ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളെ മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ എന്നിങ്ങനെ ജീവി വർഗ്ഗങ്ങളായും ഇനങ്ങളായും; സ്ത്രീ പുരുഷ ജാതികളായും ഒരുക്കുന്നതും, ജീവിത-ധർമ്മം നിശ്ചയിക്കുന്നതും. ജീവികളുടെ ശരീരത്തിലെ അവയവങ്ങളാണ് 'ഭൂമിയുടെ ധർമ്മ-ദ്രാവകരൂപമായ ജലത്തെ മാധ്യമമാക്കിയും, ഭൂമിയുടെ സ്വത്വവും സത്യ-സൃഷ്ടി-വാതകരൂപവും ജീവികളുടെയെല്ലാം ജീവനുമായ ഓക്സിജന്റെ നിയന്ത്രണത്തിനു വിധേയമായും' പ്രവർത്തിച്ച് ജീവികളുടെ ആത്മാക്കൾക്ക് വിശപ്പും ദാഹവും ക്ഷീണവും ഉണ്ടാക്കുകയും 'മൂലകങ്ങളായ ഭക്ഷണവും ശരീരാവയവങ്ങളും' പ്രവർത്തിച്ച് ഭക്ഷണ-രുചി ആനന്ദവും, സംതൃപ്തിയും, ശക്തികളും ജ്ഞാനവും 'അവയവ-വളർച്ചയും രൂപമാറ്റവും' സ്വാതന്ത്ര്യങ്ങളും ലഹരിയും വേദനകളും രോഗങ്ങളും ഉറക്കവും തജ്ജന്മ-മരണവുമെല്ലാം സൃഷ്ടിച്ച് ഓരോ ആത്മാവിനും ഓരോ ദൈവം പോലെ നേരിട്ടു നൽകുന്നത്.

ഏതൊരു ജീവിയുടെയും സ്വത്വമായ ആത്മാവിന്റെ ആഗ്രഹം പ്രകാരമോ നിർബ്ബന്ധിക്കപ്പെട്ടോ, അറിഞ്ഞോ അറിയാതെയോ, സ്വന്തമെന്നു കരുതുന്ന ശരീരത്തിലെ അവയവങ്ങളെ ഉപയോഗിച്ച് മറ്റു ജീവികളുടെ ശരീരത്തിലെ ഭാഗങ്ങളെയോ അവയവങ്ങളെയോ ഭക്ഷണമോ മരുന്നുകളോ വിഷമോ ഒക്കെയായി സ്വീകരിക്കാൻ ജീവികളുടെ ആത്മാക്കൾക്കു കഴിയുമ്പോൾ, ശരീരത്തിലേക്ക് പ്രവേശിക്കുന്ന മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ശക്തികളും ശാസ്ത്രങ്ങളും ആനന്ദങ്ങളും ലഹരിയും വേദനകളും മറ്റു ഗുണങ്ങളുമെല്ലാം ആത്മാവിന് ലഭിക്കുകയാണ്. സൃഷ്ടികളായ ആത്മാക്കൾക്ക് അനന്തമായ ആനന്ദങ്ങളെ നൽകാൻ മഹാമാതാവായ ഭൂമി തയ്യാറാകുന്നതിനു മുമ്പ്, ആനന്ദങ്ങളെ സ്വീകരിക്കാനും ആനന്ദിക്കാനും കഴിയുന്ന ശക്തികളെയും കൂടി അസ്തിത്വം ഉൾപ്പെടെ യാതൊന്നും സ്വന്തമായിട്ട് ഇല്ലാത്തവരായ ആത്മാക്കൾക്ക് ഇന്ദ്രിയങ്ങളിലൂടെയും മറ്റും നൽകുന്നുമുണ്ട്. കുഞ്ഞുങ്ങൾ മാത്രമായി എല്ലാ ആത്മാക്കളെയും സൃഷ്ടിച്ചിരിക്കെ, സമആനന്ദമായ മഹാനീതിയെ നൽകാനും മഹാമാതാപിതാക്കളായ ഭൂമിക്ക് ബാദ്ധ്യതയുണ്ട്. ശരീരത്തിലെ അവയവങ്ങളും ജന്മഗുണങ്ങളുമെല്ലാം അതിനു വേണ്ടിയാണ്.

ആത്മാവിന്റെ പ്രത്യക്ഷ ജന്മഗുണങ്ങളായ നിറം, മുഖഛായ, സൗന്ദര്യം, തിരിച്ചറിയൽ തുടങ്ങിയവയെ ജീവികളുടെ ചർമ്മം, വിരലടയാളം, കൺമണി തുടങ്ങിയവയിലൂടെ പ്രതിഫലിപ്പിക്കുന്നുണ്ട്. അവയെയും, ശരീരത്തിൽ പ്രത്യക്ഷമല്ലാത്ത മറ്റു ജന്മഗുണങ്ങളായ ആയുസ്സ്, ആരോഗ്യം, ബുദ്ധിശക്തി, ഓർമ്മശക്തി, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ബന്ധുക്കൾ, ജനന രോഗങ്ങൾ, അംഗവൈകല്യം, ജനനസ്ഥലം, തുടങ്ങിയവയും സ്വത്വങ്ങൾക്ക് യഥാർത്ഥത്തിൽ ദാനമായി ലഭിക്കുകയാണ്. ചെറിയൊരു സ്വാതന്ത്ര്യത്തെ മൂലകങ്ങളിലെ ശാസ്ത്രങ്ങൾ സ്ഥിതിപരമായ വിധിപ്രകാരം ആത്മാക്കൾക്ക് നൽകുന്നുണ്ട് എന്നേയുള്ളൂ. ഭൂമിയുടെ സൂക്ഷ്മാംശങ്ങളായ ആറ്റങ്ങളിലെ പ്രോട്ടോൺ ഇലക്ട്രോൺ ന്യൂട്രോൺ ക്വാർക്കുകൾ തുടങ്ങിയ ശിവ(ശക്തി)-ശിവൻ ഘടകങ്ങൾ സൃഷ്ടിക്കുകയും; സ്ഥൂലാംശമായ മൂലകങ്ങളിലും അവയുടെ സംയുക്തങ്ങളിലും, രൂപാന്തരമായ ജീവികളുടെ ശരീര-അവയവങ്ങളിലും, ലയിച്ചിരിക്കുകയും ചെയ്യുന്നതായ ബഹുവിധ ശക്തികളെയും ശാസ്ത്രങ്ങളെയും ആനന്ദങ്ങളെയും മനസ്സിലാക്കാനും, അവയെ ഉപയോഗിച്ച് ഉപകരണങ്ങളും വാഹനങ്ങളും യന്ത്രങ്ങളും ടിവിയും മൊബൈൽ ഫോണുകളും, സന്ദേശ കൈമാറ്റവും, അവയവമാറ്റങ്ങളും, മറ്റു സർജറികളും ഉൾപ്പെട്ട ആനന്ദങ്ങളെ വർദ്ധിപ്പിക്കാനും, മനുഷ്യരുടെയും മറ്റു ജീവികളുടെയും ജീവിതകാര്യങ്ങളിൽ ഇടപെടാനും അവരെ ഭരിക്കാനും മനുഷ്യരുടെ ആത്മാക്കൾക്കു കഴിയുന്നത് മനുഷ്യശരീരം വിശേഷബുദ്ധിയെ നൽകുന്നതു കൊണ്ടാണ്. ഓക്സിജനെപ്പറ്റിയും മറ്റും ഈ ദിവ്യമഹാവേദ ഗ്രന്ഥത്തിൽ മഹാശാസ്ത്ര പരമായി വിശദീകരിച്ചിട്ടുണ്ട്; തെളിയിച്ചിട്ടുമുണ്ട്.

ഭൂമി ദാനമായി നൽകുന്ന ശരീരാവയവങ്ങൾ അനുവദിക്കുന്ന ചലന-സ്വാതന്ത്ര്യവും ശക്തികളും ഉപയോഗിച്ചുമാത്രമേ ആത്മാക്കൾക്ക് എന്തും പ്രവർത്തിക്കാൻ കഴിയൂ എന്ന് ശരീരവും മൂലമായ ഭൂമിയും വിശേഷ ബുദ്ധി നൽകി അറിയിക്കുമ്പോൾ ധർമ്മശാസ്ത്രപരമായി മാത്രം പ്രവർത്തിക്കാനും ജീവിക്കാനും സ്വത്വത്തിന് ശരീരത്തോടും ഭൂമിയോടും ബാദ്ധ്യതയുണ്ട്.

ഭൂമി മഹാനീതി-പതി ആവണമെങ്കിൽ, ഭൂമിക്കും ശരീരങ്ങൾക്കും സൃഷ്ടികളായ ആത്മാക്കളുടെമേൽ മഹാനീതി നടപ്പാക്കാനാവണം. ഭൂമിയുടെ അംശമായ മൂലകങ്ങളിലും ജീവികളുടെ ശരീരങ്ങളിലും ലയിച്ചിരിക്കുന്ന ശാസ്ത്രനിയമങ്ങൾ പ്രകാരം മാത്രമേ ഭൂമിയിൽ ജീവിക്കാൻ കഴിയൂ എന്ന് ജന്മഗുണങ്ങളും രോഗങ്ങളും മരുന്നുകളുമെല്ലാം മനുഷ്യരെ നിരന്തരം അറിയിക്കുമ്പോൾ, അസ്തിത്വം പോലും സ്വന്തമല്ലാത്തവരും സൃഷ്ടികൾ മാത്രവുമായ ആത്മാക്കൾക്ക് പ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങൾ ഉൾപ്പെടെ ദൈവത്തിന്റെ മഹാനീതി കാര്യങ്ങളിൽ ഇടപെടാൻ അവകാശവും അധികാരവും ഇല്ലെന്നും, (ദൈവമായ) ഭൂമിയും അംശമായ മൂലകങ്ങളും ശരീരവും നൽകുന്ന ശക്തികളും വിശേഷബുദ്ധിയും കൊണ്ടു മാത്രം ജീവിക്കുകയാണ് എന്ന ബോധവും എപ്പോഴും ഉണ്ടാവണമായിരുന്നു.

ഭൗതിക ശാസ്ത്രത്തോടൊപ്പം മൂലകങ്ങളിലെല്ലാം ലയിച്ചിരിക്കുന്ന യുക്തിശാസ്ത്രം, സദാചാരശാസ്ത്രം, സാമ്പത്തികശാസ്ത്രം, തൊഴിൽശാസ്ത്രം, ഭരണശാസ്ത്രം, നീതിന്യായശാസ്ത്രം തുടങ്ങിയ ധർമ്മ ശാസ്ത്ര ശാഖകളെ കണ്ടെത്താനും പാലിക്കാനും വിശേഷ ബുദ്ധി ലഭിച്ച മനുഷ്യരുടെ ആത്മാക്കൾ ബാദ്ധ്യസ്ഥരാണ്. ശരീരാവയവങ്ങൾ നൽകുന്ന വ്യക്തിസ്വാതന്ത്ര്യത്തെ ആത്മാക്കൾ ദുരുപയോഗിച്ചാൽ മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ന്യൂനശക്തികൾ ആത്മാക്കളെ തിരുത്താനും, മൂലകങ്ങളുടെ മൊത്തവും ദൈവവുമായ ഭൂമിയുടെ ഭാവമായ സത്യ ധർമ്മ നീതികൾക്ക് ഭംഗം ഉണ്ടാകാതിരിക്കാനുമായി പ്രവർത്തിക്കുന്നതാണ്.

ആത്മാക്കളുടെ മേലുള്ള മഹാനീതിയും ദൈവകാര്യങ്ങളും മഹാഉചിതമായ സമയത്ത് വെളിപ്പെടുമെന്ന് ലഭ്യമായ വിശേഷ ബുദ്ധി കൊണ്ട് മനുഷ്യർക്ക് വിശ്വസിക്കാൻ കഴിയുന്നതാണ്. മനുഷ്യനു ജീവിക്കാൻ ആവശ്യമില്ലാത്തതും, ഭൗതികമായ അസ്തിത്വം ഇല്ലാത്തതുമായ സാമ്പത്തിക-മത-ജാതി-രാഷ്ട്രീയ -ദേശീയ-ആത്മീയ ആശയങ്ങളെ മനുഷ്യർ തട്ടിക്കൂട്ടിയത് മനുഷ്യരുടെ തന്നെ ധാർമ്മിക അധഃപതനത്തിന് വഴിവെച്ചു. സൃഷ്ടിചക്രങ്ങളുടെ ആദ്യ പകുതിയിൽ പ്രത്യക്ഷപ്പെടാതെയും; ഇപ്പോഴത്തെ സൃഷ്ടിചക്രത്തിന്റെ രണ്ടാം പകുതി മുതൽ 'ശിവയും ശിവനുമായി പ്രത്യക്ഷപ്പെട്ടും' ഭൂമിയായ ദൈവം, മഹാനീതി ശാസ്ത്രമായ ഓംകാര നീതിശാസ്ത്രം പ്രകാരം ധർമ്മസംസ്ഥാപനം നിർവ്വഹിക്കുന്നതാണ്.

1000 കോടി വർഷങ്ങൾ നീണ്ട ആദ്യ മഹാകാലചക്രത്തിനു ശേഷമുള്ള രണ്ടാമത്തെ മഹാകാല ചക്രത്തിലെ ആദ്യത്തെ സൃഷ്ടിചക്രമാണ് ഇപ്പോഴത്തേത്. സൃഷ്ടി ചക്രം, കാല ചക്രം, മഹാകാല ചക്രം തുടങ്ങിയവയെ ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.

ആത്മാക്കളുടെ സ്രഷ്ടാവും മഹാശക്തിയും ഭൂമിയുമായ മഹാഭദ്രകാളിക്കും ഭാഗമായ പരമശിവനും മാത്രമാണ് ജീവികളുടെ കാര്യങ്ങളിൽ അവകാശവും അധികാരവും ഉള്ളതെങ്കിലും, ശക്തി കൊണ്ട് കുഞ്ഞുങ്ങളുടെ മേൽ അവകാശവും അധികാരവും സ്ഥാപിക്കാൻ മഹാമാതാവായ മഹാദേവി ആഗ്രഹിക്കുന്നില്ല. കുഞ്ഞുങ്ങളായിട്ട് സൃഷ്ടികളായ ആത്മാക്കളെ സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്നതിനു മുമ്പുതന്നെ മഹാമാതാവായ മഹാഭദ്രകാളിയുടെ മഹാ-ആനന്ദമായി മഹാവാത്സല്ല്യവും മഹാപിതാവായ പരമശിവന്റെ മഹാ-ആനന്ദമായി മഹാദാസ്യവും നിശ്ചയിക്കുകയും; അതിനെ കുഞ്ഞുങ്ങൾ വിശ്വസിക്കാനായിട്ട്, മഹാനീതിയായ മഹാഭദ്രകാളി, ഭാഗമായ പരമശിവനെയും കൂട്ടി, 1000 കോടി വർഷങ്ങൾ നീണ്ട ആദ്യ മഹാകാലചക്രം മുഴുവൻ പശുവും പശുപതിയുമായി എല്ലാ സൃഷ്ടിചക്രങ്ങളിലെയും മനുഷ്യരെ മഹാവാത്സല്ല്യം നൽകി മഹാദാസരായി സേവിച്ചിരുന്നു; കൂടാതെ സൃഷ്ടി ചക്രങ്ങളുടെ രണ്ടാമത്തെ പകുതിയിൽ മായ പ്രത്യക്ഷമാക്കി ക്കൊണ്ട് ദൈവം മനുഷ്യരൂപത്തിൽ അവതരിക്കണം എന്ന മഹാപദ്ധതിയെ മംഗളപ്പെടുത്താനായി ആദ്യ സൃഷ്ടി ചക്രത്തിൽ സൃഷ്ടിച്ചവരുടെ ഇടയിൽ നിന്നും മോക്ഷം നേടിയ അനേകരെ വ്യത്യസ്ത ചുമതലകളെ ചെയ്യാനുള്ള പ്രതിനിധികളായിട്ട് ദേവതകൾ എന്നപേരിൽ നിയമിക്കുകയും പ്രതിഫലമായി അവർക്ക് നൽകുന്ന ആനന്ദങ്ങളെ മായാശക്തികളും മറ്റും നൽകി വർദ്ധിപ്പിക്കുകയും ചെയ്തു. ആദ്യത്തെ ഏതാനും സൃഷ്ടിചക്രങ്ങളിൽ ഉത്തമരായി പ്രവർത്തിച്ചെങ്കിലും മനുഷ്യരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട അവർ പിന്നീട് ധാർമ്മികമായി അധഃപതിച്ചു. അധികമായി ലഭിച്ച മായാശക്തികളെ ദുരുപയോഗം ചെയ്യാനും, മനുഷ്യൻ ഉൾപ്പെട്ട സൃഷ്ടികളുടെ ആനന്ദങ്ങളെ ചൂഷണം ചെയ്യാനും മത്സരിക്കാനും തുടങ്ങി. ഈശ്വരൻ എന്ന പേരിൽ നിയമിക്കപ്പെട്ട ദേവതകളുടെ മുഖ്യൻ, ശിവനായി ഭാവിച്ച് പിഴവുകൾ വർദ്ധിപ്പിച്ചപ്പോൾ അയാളെ ഏല്പിച്ചിരുന്ന പ്രപഞ്ച-ശക്തിനിയന്ത്രണസത്ത കൂടിയായ ഓംകാരത്തെ താൽക്കാലികമായി മറ്റൊരു ദേവതയെ ഏല്പിച്ചു. അയാളും, അയാളുടെ ഒരവതാരവും, മറ്റൊരു ദേവതയും പിൽക്കാലത്ത് ദൈവങ്ങളായി ഭാവിക്കുകയും, അവകാശമില്ലാത്ത കാര്യങ്ങളെ അധികാര ദുർവ്വിനിയോഗം കൊണ്ട് സൂത്രത്തിൽ നേടുകയും ചെയ്തു. മഹാസത്യമായ ബ്രഹ്മത്തെ മഹാദേവനു പോലും കൂടുതലറിയാൻ കഴിയില്ല എന്നിരിക്കെ അവരെയും അട്ടിമറിക്കാൻ കഴിയുമെന്ന് വ്യാമോഹിച്ചു. രണ്ടാമത്തെ മഹാകാല ചക്രത്തിലെ ആദ്യത്തെ സൃഷ്ടി ചക്രമായ ഇപ്പോഴത്തെ സൃഷ്ടി ചക്രത്തിന്റെ രണ്ടാമത്തെ പകുതിയിൽ ഭൂമി **ഓം** മുഴക്കി ദൈവ-വിപ്ലവം ആരംഭിക്കുന്നതു മുതൽ മഹാദേവിയും മഹാദേവനും മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രം പ്രകാരം ആത്മാക്കളുടെ മഹാഭരണാധികാരിയും മഹാനീതിപതിയുമായി ചുമതല ഏൽക്കുന്നത് തടയാനും ദൈവമാകാനുമായി ഏറ്റവും ഹീനമായ പദ്ധതികളെ ദേവതകൾ ഉണ്ടാക്കി. ഭയം, ദുരാഗ്രഹം തുടങ്ങിയവ കൊണ്ട് മറ്റു ദേവതകൾ കൂട്ടുനിന്നു. പിശാചുക്കളിൽനിന്ന് മായാശക്തികളെയും ഓംകാരത്തെയും മഹാശാസ്ത്ര പരമായി വീണ്ടെടുക്കാനുള്ള വഴിയൊരുക്കാൻ പരമശിവനെ ക്രൈസ്റ്റായിട്ട് മഹാശക്തിയായ മഹാദേവി അയച്ചു. കൊടിയപിശാചായി മാറിയ ദേവത മലമുകളിൽ വച്ച് മഹാശാസ്ത്ര-വിരുദ്ധമായ കരാർ ആവശ്യപ്പെട്ടു. മഹാദേവിയുടെ സമ്മതത്തോടെ ക്രൈസ്റ്റ് കരാർ സ്വീകരിച്ച് സൃഷ്ടിയായ മനുഷ്യർക്കുവേണ്ടി മരിച്ചു. മഹാദേവി ഗ്രന്ഥകാരനിലൂടെ കരാർ സുന്ദരമാക്കിയിട്ടുണ്ട് !

ആദ്യമഹാകാലചക്രത്തിലെ പല ദേവതകളും പുനർജനിച്ചുജീവിക്കുന്നുണ്ട്. ദൈവമാകാൻ ശ്രമിച്ച് പിശാചുക്കളുടെ രാജാവെന്നോണം അധഃപതിച്ചയാൾ കരാറിൽ തോറ്റും, അധർമ്മങ്ങളിൽ പശ്ചാത്തപിച്ചും മഹാമാതാവായ മഹാഭദ്രകാളിയുടെ മഹാവാത്സല്ല്യം അനുഭവിച്ചും മഹാദർശനം ലഭിച്ചും മനുഷ്യനായി ജീവിക്കുന്നുണ്ട്. ഈ ദിവ്യമഹാഗ്രന്ഥത്തിൽ വിശദമായുണ്ട്. ആദ്യ മഹാകാലചക്രത്തിലെ എല്ലാ ദേവതകളെയും പിൻവലിച്ചു കഴിഞ്ഞു.

ദൈവവിപ്ലവം ആരംഭിച്ചു കഴിഞ്ഞാൽ ദൈവ കാര്യങ്ങളായ ജീവികളുടെ സൃഷ്ടിയിലും, മഹാപരിപാലനമായ സ്ഥിതിയിലും, സംഹാരം എന്ന മോക്ഷം ഉൾപ്പെടെയുള്ള മഹാനീതിയിലും സമ്പൂർണ്ണ അവകാശവും അധികാരവും ഉള്ളവരായ ശിവയും, ഭാഗമായ ശിവനും മാത്രം സൃഷ്ടികളായ മനുഷ്യരോടും മറ്റുള്ള ജീവികളോടുമൊപ്പം എവിടെയുമുണ്ടാകും. മഹാമാതാപിതാക്കളും കുഞ്ഞുങ്ങളായ സൃഷ്ടികളും ഉൾപ്പെട്ട കുടുംബം ! മേലിൽ കൈലാസമില്ല.

ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയായ ദൈവം സൃഷ്ടിച്ചതെന്ന് ഭൂമിയിലെ വസ്തുക്കളെ വിശേഷിപ്പിക്കുകയും, ദൈവത്തിനെന്ന പേരിൽ ദേവതകൾക്കു സമർപ്പിക്കുകയും; ആനന്ദങ്ങൾക്കെല്ലാം അതീതമായ ദൈവം, മനുഷ്യരുടെ മഹാശാസ്ത്ര വിരുദ്ധമായ ആചാരങ്ങളും അനുഷ്ഠാനങ്ങളും കൊണ്ട് പ്രീതിപ്പെടുമെന്നു കരുതുന്നത് കടുത്ത അപരാധമാണ്. മഹാനീതിയായ ദൈവം നൽകുന്ന വിശേഷ ബുദ്ധിയെ ഉപയോഗിക്കാതെ, ദൈവത്തെയും, ദൈവത്തിന്റെ മഹാരൂപമായ ഭൂമിയുടെ അംശമായ മൂലകങ്ങളിലും ജീവികളുടെ ശരീരങ്ങളിലും ലയിച്ചിരിക്കുന്ന ഭൗതിക ധർമ്മ നീതി ശാസ്ത്രങ്ങളെയും അവമതിക്കുന്ന കുറ്റത്തിന് ദൈവ വിപ്ലവം ആരംഭിക്കുന്നതു മുതൽ കടുത്ത ശിക്ഷയുണ്ട്. മഹാവാത്സല്ല്യത്തോടെയാണെങ്കിലും ഓംകാരനീതിശാസ്ത്രം പ്രകാരം ശിക്ഷിച്ചു തന്നെ തിരുത്തുന്ന സംഭവങ്ങൾ പരക്കെ ഉണ്ടാകുന്നതാണ്. ജീവികളുടെ സ്വത്വങ്ങളുടെയും ശരീരത്തിന്റെയും മേൽ സമ്പൂർണ്ണമായ അവകാശവും അധികാരവും ഉള്ളവരായ മഹാമാതാപിതാക്കളുടെ എല്ലാ പ്രവൃത്തികളും പദ്ധതികളും ഭൂമിയിൽ ലയിച്ചിരിക്കുന്ന ശാസ്ത്രങ്ങൾ പ്രകാരം മാത്രമാകയാൽ അവ പ്രകാരം തന്നെ ജീവിക്കേണ്ടത് ഓരോ വ്യക്തിയുടെയും സ്വന്തം ആവശ്യവും അത്യാവശ്യവുമാണ്.

<u>വ്യക്തിഗത രോഗങ്ങളെയും, സാമൂഹിക രോഗങ്ങളെയും ശാസ്ത്രപരമായി വിശകലനം ചെയ്താൽ തന്നെ ഞെട്ടിക്കുന്ന വസ്തുതകൾ വെളിപ്പെടും !</u>

മത-ജാതി-രാഷ്ട്രീയ വിഷയങ്ങളും; നികുതികൾ, പലിശ, ലൈസൻസുകൾ, സമവേതനം, മത്സരം തുടങ്ങിയവയും രോഗകാരണമാകുന്നത് ഗൗരവമാണ് :

ചുറ്റുമുള്ള ജനങ്ങളുടെയും മറ്റു ജീവികളുടെയും മാത്രമല്ല; സ്വന്തം സ്വത്വത്തിന്റെയോ ശരീര-അവയവങ്ങളുടെയോ സൃഷ്ടിയിലും സ്ഥിതിയെന്ന പരിപാലനത്തിലും ശാസ്ത്ര പരമായ അവകാശം ഉണ്ടെങ്കിൽ മാത്രമാണ് ഏതൊരു വ്യക്തിക്കും അധികാരമുള്ളത്. മനുഷ്യൻ ഉൾപ്പെടെ യാതൊരു ജീവികൾക്കും അസ്തിത്വം പോലും സ്വന്തമല്ല. ശരീരാവയവങ്ങളും ജീവിരൂപവും ഉൾപ്പെടെ എല്ലാ ജന്മഗുണങ്ങളെയും ജനനത്തെയും മരണത്തെയും നിശ്ചയിക്കുന്നത് ഭൂമിയുടെ സ്വത്വമായ ഓക്സിജനാണെന്നത് അനുഭവിച്ചു തന്നെ അറിയുന്ന കാര്യമാണ്. ശരീരത്തിലെ അവയവങ്ങൾക്ക് ഓക്സിജൻ നൽകുന്ന ചലനസ്വാതന്ത്ര്യം കൊണ്ടു മാത്രമാണ് ശരിരാവയവങ്ങളിലൂടെ എന്തെങ്കിലും ചെയ്യാൻ സ്വത്വത്തിനു കഴിയുക. രാജാവിനും ബാധകമാണ് ! രോഗങ്ങൾ ഉണ്ടാകുന്നത് അടിസ്ഥാന പരമായി വ്യക്തിയുടെ മേൽ മൂലകങ്ങളിലെ ന്യൂനശക്തികൾ പ്രവർത്തിക്കുന്നതു കൊണ്ടാണ്. സ്ഥിതിപരമായ വിധി പ്രകാരം വ്യക്തിക്ക് ധർമ്മശാസ്ത്ര പരമായി വീഴ്ച്ച പറ്റിയില്ലെങ്കിലും രോഗം വരാം. എന്നാൽ സമൂഹത്തെ മുഴുവൻ ബാധിക്കുന്ന സാമൂഹികരോഗങ്ങളുടെ കാര്യം അതല്ല. ഓരോ മനുഷ്യനും എല്ലാ ശരണവും നേരിട്ടു നൽകുന്നത് ശരീരത്തിലെ അവയവങ്ങളും, മൂലമായ മൂലകങ്ങളും മൊത്തമായ ഭൂമിയും, ഭൂമിയുടെ സ്വത്വമായ ഓക്സിജനും, ഭൂമിയുടെ ദ്രാവക രൂപമായ ജലവും ആണെന്നിരിക്കെ, ഭൗതികമായ അസ്തിത്വം ഇല്ലാത്തതും ശാസ്ത്ര വിരുദ്ധവുമായ അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും ദുരനുഷ്ഠാനങ്ങളുടെയും അടിസ്ഥാനത്തിൽ ഭൂമിയുടെ കുഞ്ഞുങ്ങളായ മനുഷ്യരാണെന്നതു മറന്ന് മതജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശീയ ജീവികളായി തമ്മിലടിച്ച് മണ്ണിൽ ലയിച്ചിരിക്കുന്ന ശാസ്ത്ര നിയമങ്ങളെ അവഗണിച്ചു ജീവിക്കുമ്പോൾ മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ന്യൂനശക്തികൾ ആത്മാക്കളെ ശിക്ഷിച്ചു തിരുത്താനായി സാമൂഹിക രോഗങ്ങളെയും വിപത്തുകളെയും മറ്റും സൃഷ്ടിക്കുന്നതാണ്. ഉദാഹരണത്തിന് (1) എല്ലാ മതങ്ങളും അടിസ്ഥാനപരമായി അനാവശ്യങ്ങളും കള്ളങ്ങളും തട്ടിപ്പുമാണ്. സൃഷ്ടികളായ ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മഹാശാസ്ത്രം പ്രകാരം പരസ്യമായി ഭൂമി ചെയ്യുമ്പോൾ മതവിശ്വാസങ്ങൾക്ക് സ്ഥാനമില്ല. (2) ശരീരത്തിലെ അവയവങ്ങൾ ശക്തി നൽകിയില്ലെങ്കിൽ വാഹനം ഓടിക്കാൻ കഴിയില്ലെന്നിരിക്കെ ഡ്രൈവിംഗിന് ഉൾപ്പെടെയുള്ള എല്ലാ ലൈസൻസുകളും പിഴകളും അനാവശ്യങ്ങളും കടുത്ത അപരാധവുമാണ്. ഭൂമി നേരിട്ട് ശരീരത്തിനു നൽകുന്ന ലൈസൻസുകൾ പ്രകാരമാണ് സ്വത്വം പ്രവർത്തിക്കുന്നത്. ഇടയിൽ ജനസേവകർക്ക് സ്ഥാനമില്ല. വാഹനങ്ങളുടെ ഉടമകളും നിർമാതാക്കളുമാണ് റീടെസ്റ്റ്, പുകടെസ്റ്റ് തുടങ്ങിയവ വേണമോ എന്ന് തീരുമാനിക്കേണ്ടത്. അവയിൽ ജനസേവകർക്ക് കാര്യമില്ല.

ഇൻഷ്വറൻസ് പാടില്ല; കുറ്റത്തിന് ഭൂമി ശിക്ഷിക്കുമ്പോൾ, കുറ്റവും ശിക്ഷയും ഏറ്റെടുക്കാൻ ഇൻഷുറൻസ് സ്ഥാപനത്തിനോ ഉദ്യോഗസ്ഥർക്കോ കഴിയില്ല. (3) എംഎൽഎ എംപി കോടതി പിഎസ് സി, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, സൈന്യം, ലോട്ടറി, ചൂതുകളി, ക്രിക്കറ്റ് തുടങ്ങിയവ ശാസ്ത്ര വിരുദ്ധമാണ്; ദൈവവിപ്ലവം ആരംഭിക്കുമ്പോൾ സ്വയമെന്നോണം അവസാനിക്കുന്നതാണ്. (4) യാതൊരു നികുതികളും മണ്ണിലെ മൂലകങ്ങളിൽ ഇല്ല; അതിനാൽ പാടില്ല. സമൂഹത്തിലെ പൊതുവായ ആവശ്യങ്ങൾക്ക് മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന സാമ്പത്തികശാസ്ത്രം പ്രകാരം പണം കണ്ടെത്താൻ കഴിയും. (5) സ്വർണ്ണവും മറ്റു മൂലകങ്ങളും വിശിഷ്ടമായ ദൈവാംശങ്ങളാണ്. കള്ളക്കടത്തു വസ്തു എന്നെല്ലാം കണക്കാക്കുന്നത് അപരാധമാണ്. (6) പേപ്പർ കറൻസി ശാസ്ത്ര വിരുദ്ധമാണ്. (7) രാജാവും മന്ത്രിമാരും ഉൾപ്പെടെയുള്ള ജനസേവകർക്ക് കൃഷിക്കാർക്ക് ലഭിക്കുന്ന വേതനത്തിൽ അധികം പാടില്ല. സേവകരുടെ തെരഞ്ഞെടുപ്പ് ലളിതമായും പണച്ചിലവില്ലാതെയും ശാസ്ത്ര പരമായി ചെയ്യാൻ കഴിയുമെന്ന് ഈ ദിവ്യമഹാവേദ ഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്. മരണം ഉൾപ്പെടെ മഹാനീതിയെ ഭൂമി ചെയ്യുമ്പോൾ, മാസ്ക് ഹെൽമെറ്റ് തുടങ്ങിയവ കൊണ്ട് സൃഷ്ടിക്ക് സ്രഷ്ടാവായ ഭൂമി നൽകിയ സ്വാതന്ത്ര്യം തടയാൻ ജനങ്ങളുടെ ചിലവിൽ ജീവിക്കുന്ന ജനങ്ങളുടെ സേവകരായ രാജാവും മന്ത്രിമാരും പോലീസും ഉൾപ്പെടെയുള്ളവർക്ക് അവകാശമില്ല. വിശേഷ ബുദ്ധിയെ കൂടാതെ അതിവിശിഷ്ടമായ മുഖഛായ നൽകി ക്കൊണ്ട് മത്സ്യം സസ്യം പക്ഷി മൃഗാവസ്ഥകൾ കടന്നെത്തിയ പൊന്നോമന കുഞ്ഞുങ്ങളായ മനുഷ്യരെ ഭൂമി അനുഗ്രഹിക്കുമ്പോൾ, പട്ടികളേക്കാൾ കഷ്ടമായി, മുഖം കാണിക്കാനുള്ള യോഗ്യതയെ മത-ജാതി-വർഗ്ഗ-രാഷ്ട്രീയ-ദേശീയ ജീവികളായി ക്കൊണ്ട് മനുഷ്യർ നഷ്ടപ്പെടുത്തിയിരിക്കുകയാണ്. സ്ത്രീ പുരുഷൻ, മുഖഛായ, നിറം, സൗന്ദര്യം, ആയുസ്സ്, ആരോഗ്യം, തൊഴിൽ, തുടങ്ങിയ ജന്മഗുണങ്ങളിൽ സമ-ആനന്ദമായ മഹാനീതിയെ നടപ്പാക്കാനും കാലാനുസൃതമായി ഭൂമി വെളിപ്പെടുത്തുന്ന വിമാനം, ടെലിവിഷൻ, കമ്പ്യൂട്ടർ, മൊബൈൽ ഫോൺ തുടങ്ങിയ ശാസ്ത്ര സാങ്കേതിക സൗകര്യങ്ങളെ എല്ലാ മനുഷ്യർക്കും ആസ്വദിക്കാനും അനേകം ജന്മങ്ങൾ ഓരോ ആത്മാവിനും ആവശ്യമാണെന്ന് സുവ്യക്തമായിരിക്കെ സാമൂഹിക രോഗങ്ങളും, പ്രളയവും ഭൂചലനവും ഒക്കെ ഉണ്ടായാൽ ഒരു ജന്മ ജീവിതം കൊണ്ട് സർവ്വവും അവസാനിക്കുന്നെന്ന മട്ടിൽ വിശേഷ ബുദ്ധിയെ ലഭിക്കുന്ന മനുഷ്യർ ജീവിക്കുന്നത് കടുത്ത അപരാധവും ദൈവനിന്ദയുമാണ്. പോലീസ് സേന ഉൾപ്പെടെ എല്ലാവരും എല്ലാ ശരണവും നൽകുന്ന ഭൂമിയിൽ ലയിച്ചിരിക്കുന്ന ശാസ്ത്രങ്ങളെ അനുസരിച്ചുമാത്രമാണ് ജീവിക്കേണ്ടത്. ജനസേവകർക്ക് ഭൗതിക അസ്തിത്വം ഇല്ലാത്ത കോപ്രായങ്ങളെ നിയമങ്ങളാക്കാൻ കഴിയില്ല !

സാമൂഹിക രോഗങ്ങളും വിപത്തുകളും ഒഴിവാകാനുള്ള കൂടുതൽ പാഠങ്ങളെ ഈ ദിവ്യമഹാവേദഗ്രന്ഥത്തിൽ ശാസ്ത്രപരമായി വിശദീകരിച്ചിട്ടുണ്ട്.

## മനുഷ്യർ ഉടൻ സത്യയുഗത്തിലേക്ക് .....

മഹാസത്യവും ഓംമഹാശക്തിയുമായ ശിവയുടെയും ഭാഗമായ ശിവന്റെയും കൂട്ടുകെട്ടും മഹാശക്തിയുമായ ഭൂമിയിൽ 33 വർഷം ഓം മുഴങ്ങുന്ന ദൈവവിപ്ലവത്തോടെ സൃഷ്ടിചക്രത്തിൽ ഏറ്റവും ആനന്ദവും 1000 വർഷം നീണ്ടതുമായ സത്യയുഗം ഉടൻ ആരംഭിക്കും. പ്രപഞ്ചത്തിലെ എല്ലാ സത്യങ്ങളെയും അറിഞ്ഞും ഉൾക്കൊണ്ടും ജീവിക്കാൻ വിശേഷബുദ്ധി ലഭിച്ച മനുഷ്യർക്ക് കഴിയുന്നതാണ്.

സ്വന്തം അംശമായ മൂലകങ്ങളിലൂടെയും, രൂപാന്തരമായ ജീവികളുടെ ശരീരങ്ങളിലൂടെയും, ദൈവമായ ഭൂമി, ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് ശക്തിയും ജ്ഞാനവും ആനന്ദവും സ്വാതന്ത്ര്യവും മഹാനീതിയും ഉൾപ്പെട്ട എല്ലാ ശരണവും, മൂലകങ്ങളിൽ ലയി(പ്പി)ച്ചിരിക്കുന്ന യഥാർത്ഥ വേദങ്ങളായ ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങൾപ്രകാരം, മധ്യസ്ഥരെ വയ്ക്കാതെ, നേരിട്ടു നൽകുകയാണെന്നും, ജീവികളെ കുഞ്ഞുങ്ങളായി സൃഷ്ടിക്കുകയും പരിപാലിക്കുകയുമാണെന്നും മനുഷ്യർ തിരിച്ചറിയുന്നതാണ്. ഭൂമിയായ 'മഹാമാതാപിതാക്കളുടെ' കുഞ്ഞുങ്ങളാണ് എല്ലാ ജീവികളുമെന്നും, വ്യത്യസ്ത പ്രദേശങ്ങളിൽ, മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രത്തിന്റെ കാതലായ മഹാപുനർജ്ജന്മസിദ്ധാന്തം പ്രകാരം ഒന്നോ രണ്ടോ പശു-കാള ജന്മം ഉൾപ്പെട്ട 100 മനുഷ്യ ജന്മങ്ങളിൽ സ്ത്രീപുരുഷ-നിറം-മുഖഛായ-സൗന്ദര്യം-ആരോഗ്യം-ആയുസ്സ്-ബുദ്ധിശക്തി-തൊഴിൽ /വിനോദ അഭിരുചികൾ തുടങ്ങിയ ജന്മഗുണങ്ങൾ വ്യത്യാസപ്പെട്ട് രണ്ടു പകുതികളായും മനുഷ്യ-സഹോദരങ്ങളായും ജീവിക്കേണ്ടതുണ്ടെന്നു കൂടി മനുഷ്യർ തിരിച്ചറിയുന്നതാണ്. മഹാനീതി നടത്തിപ്പിൽ സ്വത്വങ്ങളുടെ ഇഷ്ടാനിഷ്ടങ്ങൾക്ക് സ്ഥാനമില്ലെന്ന് സുവ്യക്തമാക്കി ക്കൊണ്ട് ഓക്സിജന്റെ ഇഷ്ടപ്രകാരം ശരീരത്തിലെ അവയവങ്ങളും ജനനസ്ഥലവും ഉൾപ്പെട്ട ജന്മഗുണങ്ങളെ തജ്ജന്മത്തിലും പുനർജ്ജന്മങ്ങളിലും നിശ്ചയിക്കുകയും, തജ്ജന്മത്തിൽ ശരീര-കോശങ്ങളെ നിരന്തരം പുനർനിർമ്മിച്ചുകൊണ്ട് രോഗങ്ങൾ, രോഗമുക്തി, മുറിവുണങ്ങൽ, ശരീര വളർച്ച, നരയും ചുളിവുകളും ഉൾപ്പെട്ട രൂപമാറ്റം, തുടങ്ങിയവയിലൂടെ മഹാനീതി നടപ്പാക്കുന്നത് ഭൂമിയുടെ സ്വത്വമായ ഓക്സിജനാണെന്നത് അനുഭവിച്ചു തന്നെ അറിയുന്ന കാര്യമാണ്. ചുറ്റുമുള്ള മനുഷ്യരെയും മറ്റു ജീവികളെയും കബളിപ്പിച്ചു ജീവിക്കാതെ ശ്രദ്ധിക്കേണ്ടത് ജനസേവകർ ഉൾപ്പെടെ ഓരോ വ്യക്തിയുടെയും സ്വന്തം ആവശ്യവും അത്യാവശ്യവുമാണ്.

സൃഷ്ടികളായ മനുഷ്യാത്മാക്കൾക്ക് ധർമ്മശാസ്ത്ര പരമായി ജീവിക്കാൻ ശരീരത്തിലെ അവയവങ്ങളും മൂലമായ മൂലകങ്ങളും മൊത്തമായ ഭൂമിയും നൽകുന്ന സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തെ അഹംഭാവം, ദുഷ്ക്കാമം, ദുശ്ശീലങ്ങൾ, ദുസ്വാർത്ഥം തുടങ്ങിയവ നിമിത്തം തടസ്സപ്പെടുത്തുകയും ദ്രോഹിക്കുകയും, ധർമ്മശാസ്ത്ര വിരുദ്ധമായി ജീവിക്കുകയും ചെയ്യുന്നവരെ എക്കാലവും ഭൂമി ശിക്ഷിച്ചു തിരുത്തുന്നുണ്ട്. (സം) രക്ഷിക്കുന്നതും ഭൂമി മാത്രമാണ്. ഭൂമിയുടെ മഹാനീതികാര്യങ്ങളിൽ ഇടപെടാൻ ജീവികൾക്കു കഴിയില്ലെന്ന് ഓംകാര നീതിശാസ്ത്രം തെളിയിക്കുന്നുണ്ട്. സത്യയുഗം ആരംഭിക്കുമ്പോൾ എല്ലാമറിഞ്ഞ് നീതികാര്യങ്ങളിൽനിന്നും മനുഷ്യർ സ്വയം അകലുന്നതുമാണ്.

'ശിവയും ശിവനും ചേർന്ന ദൈവവും മണ്ണുമായ ഭൂമിയുടെ മഹാശാസ്ത്രം തന്നെയാണ് മണ്ണിന്റെ നിയമങ്ങളായ വേദങ്ങൾ. മനുഷ്യൻ ഉൾപ്പെട്ട സൃഷ്ടികൾക്ക് മറ്റു വേദങ്ങളുടെ ആവശ്യമില്ല. ഭൂമിയിലെ എല്ലാ മതങ്ങളും രാഷ്ട്രീയങ്ങളും തട്ടിപ്പാണെന്നും സാരം.

കുറ്റങ്ങളും കുറവുകളും ഇല്ലാത്ത സാമ്പത്തികശാസ്ത്രവും; ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിർവ്വഹിക്കാൻ ജനസേവകരെ സാമ്പത്തിക ചിലവുകളില്ലാതെ ലളിതമായി തെരഞ്ഞെടുക്കാൻ കഴിയുന്നതും, നികുതികളും പലിശയുമില്ലാതെ സത്യയുഗത്തിൽ നടപ്പാവുന്നതുമായ ഭരണശാസ്ത്രവും മണ്ണിലെ മൂലകങ്ങളിലും, ഈ ദിവ്യമഹാവേദഗ്രന്ഥത്തിലും, ലഭ്യമാണ്.

പ്രപഞ്ചത്തിന് അതീതമായ ബ്രഹ്മവും ശിവയും ശക്തിയുമായ ഏകമഹാസത്യം, ശിവൻ, ഓം, ആകാശം, ഭൂമി, പ്രപഞ്ചം, മായ, സ്വാതന്ത്ര്യം, ആനന്ദം, വേദങ്ങളായ ശാസ്ത്രങ്ങൾ, വൈറസുകൾ, ശരീരം, രോഗങ്ങൾ, ഭൂചലനം കൊടുങ്കാറ്റ് വരൾച്ച കാട്ടുതീ അഗ്നിപർവ്വതം പ്രളയം സുനാമി, ഏക-ദൈവ-ഭരണവും മഹാനീതി നടത്തിപ്പും, നക്ഷത്രം-മോക്ഷം, തുടങ്ങി സമസ്ത വിഷയങ്ങളെയും കുറിച്ചുള്ള മഹാശാസ്ത്രപരമായ വിശദീകരണവും പരിഹാരങ്ങളും മനുഷ്യാത്മാക്കൾക്ക് സത്യയുഗത്തിൽ ഭൂമി ലഭ്യമാക്കുന്നതാണ്; സ്ഥിതിപരമായ വിധി പ്രകാരം സത്യയുഗം നീണ്ടെന്നും വരാം !

സൃഷ്ടി മന്ത്രം കൂടിയായ **ഓം** ഭൂമിയിൽ മുഴുവനും 3 മുതൽ 33 വർഷക്കാലം മഹാശാസ്ത്ര പരമായും മഹാസംഗീതമായും മുഴങ്ങുമെന്നത് ദൈവ വിപ്ലവം, സത്യയുഗം, ദൈവ രാജ്യം എന്നിവ ആരംഭിക്കുന്നതിന്റെ പ്രത്യക്ഷവും പ്രകടവുമായ അറിയിപ്പു കൂടിയാണ്. **ഓം** മുഴക്കിയുള്ള ദൈവവിപ്ലവം ഉടനെയുണ്ട്. മഹാസത്യവും, പ്രപഞ്ചത്തിന് അതീതമായ ബ്രഹ്മവും, ശിവയും, മണ്ണടി മഹാഭദ്രകാളിയും മഹാദേവിയുമായ ഏകദൈവവും; ഭാഗവും ഏകദാസനും ഭർത്താവും പ്രപഞ്ചപിതാവും മഹാദേവനുമായ പരമശിവനും മനുഷ്യരായി അവതരിച്ചു കഴിഞ്ഞു. ഭൂമിയിലെ എല്ലാ പ്രദേശങ്ങളിലെയും കുഞ്ഞുങ്ങൾക്ക് മഹാനീതിശാസ്ത്ര പ്രകാരം ദർശനം ഉൾപ്പെട്ട ആനന്ദങ്ങളെ നൽകി, മഹാമാതാപിതാക്കളായ ശിവയും ശിവനും ഒപ്പമുണ്ടാകും. ജനങ്ങളുടെ ആനന്ദത്തിന്റെ ഭാഗമായി ' ഓം നമഃ ശിവായ = മഹാശിവയായ മഹാദേവിയെ നമിക്കുന്നു ' എന്ന് ഏകദൈവമായ ശിവയെ സ്തുതിക്കാനും, സൃഷ്ടി സ്ഥിതി സംഹാര പാത്രമായ ആകാശത്തിന്റെ പ്രതീകവും വിഗ്രഹമല്ലാത്തതുമായ ശിവലിംഗം മാത്രം ഭൂമിയിലെ എല്ലാ ദേവാലയങ്ങളിലും പ്രതിഷ്ഠിക്കാനും, ശിവയും ഓംമഹാശക്തിയുമായ മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവി മഹാഅനുഗ്രഹിച്ചിട്ടുണ്ട്.

പ്രപഞ്ചത്തിന് അതീതമായ മഹാസത്യവും മഹാശിവയുമായ ബ്രഹ്മം; സ്വന്തംഭാഗമായി സൃഷ്ടിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന ശിവന് പരമശിവൻ എന്ന മഹാപദവി നൽകിയും, മത്സ്യാവതാരത്തെ പ്രവേശിപ്പിച്ചും; 1991 ഒക്ടോബറിലെ വിജയദശമി രാത്രിയിൽ ബ്രഹ്മം കൂടിയായ മഹാഭദ്രകാളി ॐ ഓം എന്ന അക്ഷര-ബ്രഹ്മത്തിന്റെ മൂലരൂപമായ 3 ഗ്രന്ഥകാരന്റെ നാവിൽ കുറിച്ചും, മഹാനീതിശാസ്ത്ര പ്രകാരമുള്ള സംവിധാനങ്ങളെ ചെയ്തും, ശിവയും ശിവനും മഹാമാതാപിതാക്കളുമായ ഭൂമിയുടെ അംശമായ മൂലകങ്ങളിലും ശരീരങ്ങളിലും, സൂക്ഷ്മാംശമായ ആറ്റങ്ങളുടെ ഘടകങ്ങളിലും ലയിച്ചിട്ടുള്ള 'മഹാശാസ്ത്രമായ ശിവയുടെ മഹാജ്ഞാനത്തെ' വെളിപ്പെടുത്തുകയാണ്. 2021 വിജയദശമിയിൽ 30 വർഷമായി. എല്ലാ സൃഷ്ടിചക്രങ്ങളിലും സംഭവിപ്പിക്കുന്ന പ്രതിഭാസം ആകയാൽ വേദങ്ങളെ മത്സ്യാവതാരത്തിലൂടെ വീണ്ടെടുക്കുന്നെന്നു പറയും. മത്സ്യാവതാരം, ഓം എന്നിവയെ ശാസ്ത്രപരമായി വേറെ വിശദീകരിച്ചിട്ടുണ്ട്. ജനനം മുതൽ മരണം വരെ എല്ലാ ജീവികൾക്കും ഏകശരണമായിരിക്കുന്ന 'അവകാശവും അധികാരവുമുള്ള ഭൂമിയുടെ നാമത്തിൽ', അക്ഷരബ്രഹ്മം കൂടിയായ ॐ കുറിച്ചുകൊണ്ട് ഈ ദിവ്യമഹാഗ്രന്ഥം അവതരിപ്പിക്കുകയാണ്.

## ॐ ഓം നമഃ ശിവായ = മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു.

## 'മത്സ്യാവതാരം + ഓം' പ്രകാരം പ്രസിദ്ധീകരിച്ച ഇ-ദിവ്യമഹാവേദ ഗ്രന്ഥങ്ങൾ സൗജന്യമായി PDF ഫയലുകളായിട്ട് ലഭിക്കുന്നു :-

1. മനുഷ്യൻ. www.omsathyam.com/GodlyRevolution/Man.pdf പേജ് 1547
'സത്യയുഗം+GOD' ചേർത്ത് പുനഃപ്രസിദ്ധീകരിക്കുന്ന ഈ ദിവ്യമഹാവേദഗ്രന്ഥത്തിൽ, ആനന്ദങ്ങളായ ആകാശവുംഭൂമിയും ചേർന്ന പ്രപഞ്ചമായി ദൈവം അവതരിക്കുന്നതും, സൃഷ്ടികളും കുഞ്ഞുങ്ങളുമായ 'ആത്മാക്കളുടെ/ ജീവികളുടെ' സൃഷ്ടി സ്ഥിതികളെ... വേദങ്ങളായ മഹാശാസ്ത്രം പ്രകാരം നിർവ്വഹിക്കുന്നതും വിശദീകരിച്ചിരിക്കുന്നു.

2. ദൈവം www.omsathyam.com/GodlyRevolution/GOD.pdf Pages 168
3. സർവ്വം മണ്ണടി www.omsathyam.com/GodlyRevolution/Mannadi.pdf Pages 647
4. പൊതു തിരഞ്ഞെടുപ്പ് www.omsathyam.com/GodlyRevolution/ElectionAtNoExpense.pdf P 78
5. ആനന്ദ ശാസ്ത്രം www.omsathyam.com/GodlyRevolution/Aanandham.pdf P705
6. ദൈവം ഉണ്ടെന്നു തെളിയിക്കുന്നു. (English & Malayalam) Pages 100
www.omsathyam.com/GodlyRevolution/GOD'sExistenceProved.pdf
7. ശിവലിംഗം www.omsathyam.com/GodlyRevolution/ShivaLingham.pdf P100
8. ഓം www.omsathyam.com/GodlyRevolution/OM.pdf Pages 1068
9.സനാതന ധർമ്മം = പ്രപഞ്ചം എന്ന് തെളിയിക്കുന്നു. Pages 684
www.omsathyam.com/GodlyRevolution/Universe.pdf
10. മഹാവേദം @ മഹാശാസ്ത്രം @ 3 വേദങ്ങൾ Pages 2250
www.omsathyam.com/GodlyRevolution/Mahaavedam.pdf
11. മനുഷ്യന് നീതി വിധിക്കാൻ കഴിയില്ല.+മുല്ലപ്പെരിയാർ അണക്കെട്ട്.. P 930
www.omsathyam.com/GodlyRevolution/SupremeJusticeGOD.pdf
12. സർവ്വ ദേശ ഭൂമി ഗാനം, ഭൂമി പതാക Pages 274
www.omsathyam.com/GodlyRevolution/NationalSongEmblemFlagConstitutionCourtEtc.pdf
13. ഭൂമിയിലെ എല്ലാ ദേവാലയങ്ങളിലെയും 'തെറ്റുകളും ശരികളും' അടിസ്ഥാന പരമായും മഹാശാസ്ത്ര പ്രകാരവും വിശദീകരിക്കുന്ന വലുതും ചെറുതുമായ 2 ഗ്രന്ഥങ്ങൾ: Pages 400 and 180.
www.omsathyam.com/GodlyRevolution/Devaalayam.pdf &
www.omsathyam.com/GodlyRevolution/ChurchMosqueTempleSabarimala.pdf
14. മന്ത്രങ്ങൾ Pages25 www.omsathyam.com/GodlyRevolution/Mantras.pdf
15. മഹാശാസ്ത്ര പരമായി തൊഴിലുകളെ നാലായി വിഭജിക്കാം. 2 ഗ്രന്ഥങ്ങൾ :
Pages 200 & 72 www.omsathyam.com/GodlyRevolution/4JobDivisions.pdf
www.omsathyam.com/GodlyRevolution/4JobDivisionsBrief.pdf

**മേൽ വിവരിച്ചവ ഉൾപ്പെടെ നാളിതുവരെ പ്രസിദ്ധീകരിച്ച അനവധി ഗ്രന്ഥങ്ങളെ സൗജന്യമായി ചുവടെയുള്ള ലിങ്കുകളിൽ നിന്നും ഒന്നിച്ചും ഒറ്റയ്ക്കും ഡൗൺലോഡ് ചെയ്യാൻ കഴിയും :- (1) www.omsathyam.com/GodlyRevolution.htm (2) https://drive.google.com/folderview?id=1JXQ--TLJhE6dQdN8DA16KNEPIHKI-usJ**

മലയാള ഭാഷയിൽ പ്രസിദ്ധീകരിക്കുന്ന ഈ ദിവ്യമഹാശാസ്ത്ര ഗ്രന്ഥത്തെ മറ്റു ഭാഷകളിൽ തർജ്ജമ ചെയ്തു പ്രസിദ്ധീകരിക്കാൻ ഫീസുകളില്ല. ദൈവീകമായ സ്നേഹവാത്സല്യങ്ങളോടെ, മഹാസത്യവും ബ്രഹ്മവുമായ മഹാഭദ്രകാളിയുടെ ഭാഗവും, മഹാദാസനും, മഹാദേവനുമായ പരമശിവൻ.

| | |
|---|---|
| മനുഷ്യൻ, ദൈവം എന്നീ രണ്ടു മഹാഗ്രന്ഥങ്ങളെ കൂട്ടിച്ചേർത്തും, പുതിയതായി മഹാദേവി വെളിപ്പെടുത്തിയ മഹാജ്ഞാനമായ മഹാശാസ്ത്രത്തിലെ മഹാ-ദിവ്യമായ ഏതാനും പാഠങ്ങളെ ഉൾപ്പെടുത്തിയുമാണ് ഈ ദിവ്യമഹാവേദഗ്രന്ഥം തയ്യാറാക്കുകയും മഹാഅനുഗ്രഹത്തോടെ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നത്. ആകയാൽ ഉള്ളടക്കത്തെ (1) മഹാദിവ്യമായ പുതിയ ശാസ്ത്ര പാഠങ്ങൾ; (2) 2021 മാർച്ചിൽ പ്രസിദ്ധീകരിച്ച GOD എന്ന മഹാഗ്രന്ഥത്തിന്റെ ഉള്ളടക്കം; (3) 2020 മെയ് മാസം പ്രസിദ്ധീകരിച്ച Man എന്ന മഹാഗ്രന്ഥത്തിന്റെ ഉള്ളടക്കം; എന്നിങ്ങനെ മൂന്നായി വിഭജിച്ചിരിക്കുന്നു. | പേജ് 233-322 |
| **ഉള്ളടക്കം (2)** | |
| ആമുഖം + ഉള്ളടക്കം + മുമ്പ് പ്രസിദ്ധീകരിച്ച ഗ്രന്ഥങ്ങളുടെ സൂചിക | 234- |
| മഹാദിവ്യമായ പുതിയ ശാസ്ത്ര പാഠങ്ങൾ | |
| എല്ലാ ജീവികളുടെയും സ്വത്വങ്ങളായ ആത്മാക്കൾക്ക് എല്ലാ ശക്തികളെയും നേരിട്ടു നൽകുന്നത് ശരീര അവയവങ്ങളാണ്. | 254 |
| **മഹാശാസ്ത്രപരമായ അവകാശം ഉണ്ടെങ്കിൽ മാത്രമാണ് ഏതൊരു വ്യക്തിക്കും അധികാരമുള്ളത്.** | **261** |
| ഓക്സിജനെ നിയന്ത്രിക്കാനും, ഓക്സിജന്റെ പ്രവർത്തനങ്ങളെ തടയാനും യഥാർത്ഥത്തിൽ മനുഷ്യരുടെ ആത്മാക്കൾക്ക് കഴിയില്ല. | 262 |
| ശരീരത്തെ നിയന്ത്രിക്കാനും, ശരീരത്തിന്റെ പ്രവർത്തനങ്ങളെ തടയാനും യഥാർത്ഥത്തിൽ മനുഷ്യരുടെ ആത്മാക്കൾക്ക് കഴിയില്ല. | 263 |
| യോഗയും വ്യായാമവും മറ്റ് ശാരീരിക അഭ്യാസങ്ങളും | 269 |
| വിശേഷ ബുദ്ധിയും മനുഷ്യരും | 274 |
| ഭൂമിയും അംശമായ മൂലകങ്ങളും ശരീരവും ആത്മാക്കൾക്കു വേണ്ടി ജഡമായി ഭാവിക്കുന്നുണ്ട്. | 282 |
| ഭൂമി മഹാശക്തിയാണെന്നും ഭൂമിക്ക് സ്വത്വമുണ്ടെന്നും തെളിയിക്കുന്നു. | 286 |
| ആത്മാക്കൾക്ക് എല്ലാ സ്വാതന്ത്ര്യവും നൽകുന്നത് ശരീര അവയവങ്ങളാണ്. | 290 |
| ആത്മാക്കൾക്ക് എല്ലാ ലൈസൻസും നൽകുന്നത് ശരീര അവയവങ്ങളാണ്. | 293 |
| ആത്മാക്കൾക്ക് എല്ലാ ശരണവും നൽകുന്നത് ശരീര അവയവങ്ങളും ഭൂമിയുമാണ്. | 294 |
| ആത്മാക്കൾക്ക് എല്ലാ ശാസ്ത്രങ്ങളും നൽകുന്നത് ശരീര അവയവങ്ങളാണ്. | 295 |
| എല്ലാ വസ്തുതകളും മഹാശാസ്ത്രപരമായി തെളിയിക്കണം. | 306 |
| ദൈവത്തെ പ്രീതിപ്പെടുത്താനുള്ള ഏക മാർഗ്ഗം വെളിപ്പെടുത്തുന്നു. | 314 |
| **സത്യയുഗം, യുഗം, ദൈവരാജ്യം** | 317 |
| ദൈവ വിപ്ലവവും സത്യയുഗവും, മഹാഭദ്രകാളി മഹാഉചിതമായി ഉടൻ ആരംഭിക്കുന്നതാണ്. ഭൂമിയിലെ ഭരണകൂടങ്ങൾ സ്വീകരിക്കേണ്ടതായ അടിയന്തര നടപടികളെ ഗ്രന്ഥത്തിലെ (3)-ാം ഭാഗത്തിൽ വിശദീകരിച്ചിട്ടുണ്ട്. | |

| ഉള്ളടക്കം (3) : വിഷയം | പേജ് 168 |
|---|---|
| ആമുഖം + ഉള്ളടക്കം + മുമ്പ് പ്രസിദ്ധീകരിച്ച ഗ്രന്ഥങ്ങളെപ്പറ്റിയുള്ള സൂചിക | 1-6 |
| മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്ന 'മഹാശക്തിയും ഭൂമിയുമായ ദൈവമായി' അവതരിച്ചിട്ടുള്ളത് 'മഹാശക്തി ഉൾപ്പെടെ സർവ്വത്തിനും അതീതവും മഹാസത്യവുമായ മണ്ണടി മഹാഭദ്രകാളീദേവി' ആണെന്ന് മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം പ്രകാരവും മഹാദേവിയുടെ മഹാഅനുഗ്രഹത്തോടെയും വെളിപ്പെടുത്തുന്നു. | 7- |
| ഭൂമിക്ക് സ്വത്വം ഉണ്ടെന്ന് മഹാശാസ്ത്ര പരമായി തെളിയിക്കുന്നു. | 9- |
| ദൈവത്തിന്റെ സത്യ സൃഷ്ടി വാതക രൂപവും, ജീവികളുടെ ജീവനുമാണ് ഓക്സിജൻ | 20-21 |
| ദൈവത്തിന്റെ ധർമ്മ-സ്ഥിതി-ദ്രാവക രൂപമാണ് ജലം | 22 |
| ദൈവത്തിന്റെ മഹാനീതി-സംഹാര-ഖര രൂപമാണ് മണ്ണായ ഭൂമി | 23- |
| പ്രോട്ടോണുകളെ ചുറ്റാൻ ഇലക്ട്രോണുകൾക്ക് ലഭിക്കുന്ന ശക്തി 'ഓം' ൽ നിന്ന് | 28-31 |
| വിശേഷ ബുദ്ധിയും മനുഷ്യരും | 32-34 |
| ഭൂമി ജീവികളെ ഉൾപ്പെടെ സർവ്വതും പരസ്യമായി സൃഷ്ടിക്കുന്നു; സംരക്ഷിക്കുന്നു. | 35- |
| മഹാഭദ്രകാളിയായ ബ്രഹ്മം ഭൂമിയായി അവതരിച്ചിരിക്കുന്നു. | 38..66 |
| ദൈവത്തിന്റെ ആനന്ദങ്ങൾ മഹാവാത്സല്ല്യം + മഹാദാസ്യം | 40-41 |
| ഭൂമി മനുഷ്യരെ പരസ്യമായി ഭരിക്കുന്നുണ്ട്; മഹാനീതി നടപ്പാക്കുന്നുമുണ്ട്. | 42-47 |
| ഓരോ ആത്മാവിനെയും സ്ത്രീയും പുരുഷനുമെന്ന് രണ്ടായി വിഭജിക്കുന്നുണ്ട്. | 48-52 |
| മഹാസത്യമായ മഹാഭദ്രകാളി, ഭാഗമായ ശിവനുമായി കരാർ ഉണ്ടാക്കുന്നു. | 53- |
| മഹാഭദ്രകാളിയുടെ ഭാവങ്ങൾ = സത്യം ധർമ്മം നീതി =..= സത്യം ശിവം സുന്ദരം | 65 |
| ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളും പരിഹാരങ്ങളും; ഉദാ:പേപ്പർ കറൻസി | 80- |
| ജനസേവകരെ പണച്ചിലവില്ലാതെ നിസ്സാരമായി തെരഞ്ഞെടുക്കാൻ കഴിയും. | 111-142 |
| പോലീസ് സേന ഉൾപ്പെടെ എല്ലാ ജനങ്ങളും ഭൂമിയുടെ മൂലകങ്ങളിൽ ലയച്ചിട്ടുള്ള ധർമ്മ ശാസ്ത്രം പ്രകാരം മാത്രമാണ് ജീവിക്കേണ്ടത്. | 135-142 |
| പേറ്റന്റ് നിയമം ധർമ്മശാസ്ത്ര വിരുദ്ധമാണ് അഥവാ ദൈവീകമല്ല. | 143-145 |
| ഭക്തികൊണ്ട് ദൈവത്തെ പ്രീതിപ്പെടുത്താൻ കഴിയില്ല. അധിക ഭക്തിക്ക് ശിക്ഷയുണ്ട്. ദൈവത്തെ ആരാധിക്കാൻ യോഗ്യത ലഭിക്കുകയും നേടുകയും വേണം. എല്ലാ ദേവാലയങ്ങളിലും ശിവലിംഗം മാത്രം! ശിവലിംഗം വിഗ്രഹമല്ല. ഏക സ്തുതിയുടെ മൂലം : ഓം നമഃ ശിവായ = മഹാശിവയെ നമിക്കുന്നു = മഹാദേവിയെ നമിക്കുന്നു | 146-148, 149-151 |
| പരമശിവനുള്ള ക്ഷിപ്രകോപത്തിന്റെ കാരണങ്ങളും ശാസ്ത്ര വിശദീകരണവും | 152-158 |
| 2021 മാർച്ച് 11 വ്യാഴാഴ്ച ശിവരാത്രി 8.30 pm വരെ മഹാസത്യമായ മഹാഭദ്രകാളി ശിവന് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള ശക്തികളെയും, മഹാദാസൻ, പരമശിവൻ, മഹാദേവൻ, മഹാനീതിപതി തുടങ്ങിയ മഹാപദവികളെയും മഹാശാസ്ത്ര പരമായി വിശദീകരിക്കുന്നു. | 159-168 |
| ദൈവ വിപ്ലവവും സത്യയുഗവും, മഹാഭദ്രകാളി മഹാഉചിതമായി ഉടൻ ആരംഭിക്കുന്നതാണ്. ഭൂമിയിലെ ഭരണകൂടങ്ങൾ സ്വീകരിക്കേണ്ടതായ അടിയന്തര നടപടികളെ Man.pdf തുടങ്ങിയ ഗ്രന്ഥങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്. | 166-168 |
| ദൈവത്തിന്റെ ഇഷ്ടംപോലെ, ചില ഭാഗങ്ങളെ, പിന്നീട് പരിഷ്ക്കരിക്കുന്നതാണ്. | |

# മനുഷ്യൻ എന്ന മഹാഗ്രന്ഥത്തിന്റെ ആദ്യ രൂപം.


| ഉള്ളടക്കം (4) :: ഭാഗം 1 ആമുഖം പേജ് 1-17 | പേജ് 1057 |
|---|---|
| വിശേഷ ബുദ്ധിയും മനുഷ്യരും | 21-23 |
| ഭൂമി ദൈവമാണെന്ന് ശാസ്ത്രീയമായി തെളിയിക്കുന്നു. | 24-38 |
| ..ദൈവത്തിന്റെ ..സ്വത്വവും ജീവികളുടെ ജീവനുമാണ് ഓക്സിജൻ | 39-41 |
| .. ദ്രാവക രൂപവും, ജീവികളുടെ നിലനിൽപ്പുമാണ് 'ജലം'. | 41-42 |
| ദൈവത്തിന്റെ നീതി സംഹാര ഖര രൂപവും, ജീവികളുടെ ഏകശരണവും മഹാവാത്സല്ല്യവുമാണ് 'മണ്ണായ ഭൂമി'. | 43-51 |
| ശരീരവും ആത്മാവും | 52-65 |
| പൊതുകാര്യം, സ്വകാര്യം, ദൈവ കാര്യം | 66- |
| പൊതുകാര്യം + സ്വകാര്യം | 70- |
| വസ്ത്രധാരണം സ്വകാര്യം മാത്രമല്ല; പൊതുകാര്യം കൂടിയാണ്. | 71-74 |
| ദാഹജലം സൗജന്യമായി നൽകാൻ വീട്ടുകാർക്കും സർക്കാരിനും കഴിയണം. | 71-77 |
| വൃദ്ധ ജന സംരക്ഷണം : പെൻഷനുകൾ ദൈവീകമല്ല. | 78-97 |
| Reverse Mortgage Loan | 89-92 |
| ഭൂമി സമ്പത്തുകളിൽ അവകാശം നൽകുന്നു. | 93-97 |
| സേവനവും സമവേതനവും .. സാമ്പത്തിക ശാസ്ത്രം | 98 |
| എല്ലാ മനുഷ്യരുടെയും നിലനില്പ് ഭക്ഷണത്തെയും; എല്ലാ തൊഴിലുകളുടെയും വേതനത്തെ നിശ്ചയിക്കുന്നത് കൃഷിയെയും ആധാരമാക്കിയാണ്. .. സാമ്പത്തിക ശാസ്ത്രം | 99- |
| സ്ഥിരജോലി എന്നൊന്നില്ല. തൊഴിൽ സമയം | 107-109 |
| സ്വകാര്യ തൊഴിൽ | 110-113 |
| തൊഴിൽ : ദൂര വിദേശ വാസം | 111-112 |

| | |
|---|---|
| മോഷണം.. ധർമ്മശാസ്ത്രവിരുദ്ധമായ പ്രവൃത്തികൾ തൊഴിൽ അല്ല. | 117- |
| തൊഴിൽ വിഭജനം - ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം | 118-173 |
| ഗ്രാമപഞ്ചായത്ത് : .. മാർഗ്ഗരേഖ | 127-178 |
| പേപ്പർ കറൻസി ദൈവീകമല്ല. .. ലൈസൻസ്, രജിസ്ട്രേഷൻ പാടില്ല. | 143-155 |
| ഇൻഷ്വറൻസ്.. ലോട്ടറി.. സൈന്യം, മദ്യം.. കോടതി .. പാടില്ല | 153-164 |
| തൊഴിലില്ലായ്മ പൊതുകാര്യമല്ല; തൊഴിൽ അഭിരുചി ജന്മഗുണമാണ്. | 156-157 |
| 2020 -ലെ വൈറസ് രോഗം കൃഷിയെയും ധാർമ്മികതയും ഉയർത്തി | 174-178 |
| ദൈവ കാര്യം: മഹാദേവി അവതരിച്ചു കഴിഞ്ഞു;<br>ഗ്രന്ഥകാരൻ : മഹാദേവിയുടെ മഹാദാസൻ പരമശിവൻ | 179-316 |
| 2020-ലെ വൈറസ് രോഗം ദൈവ വിപ്ലവത്തിന്റെ മുന്നൊരുക്കം | 184-215 |
| ഭൂമിയുടെ അന്തരീക്ഷം മഹാനീതിയും മഹാഭരണാധികാരിയുമായ ഓക്സിജന്റെ മഹാനീതി നിർവ്വഹണ ശാല. കാറ്റ്, കൊടുങ്കാറ്റ്, ജലപ്രവാഹം തുടങ്ങിയവ ജീവികളുടെ സ്വത്വമായ ആത്മാക്കളെ കൂട്ടത്തോടെ നാടും ദേശങ്ങളും കടത്താനുള്ള മഹാശാസ്ത്ര സംവിധാനം കൂടിയാണ്. | 189-192- |
| ഇന്ത്യ, കേരളം.. പ്രത്യേകത : പേജ് 295.. | 194- |
| ഭൂമീദേവിയെ നിന്ദിച്ച ഇന്ത്യയിലെ പ്രധാനമന്ത്രിക്ക് അയച്ച കത്ത് | 200-214 |
| മൂലകങ്ങളിലെ ന്യൂനശക്തികൾ ധർമ്മശാസ്ത്ര ബന്ധനം ചെയ്യുന്നുണ്ട്. | 216-239 |
| ഭൂമിയുടെ മൂലകങ്ങളിലെ പൗരത്വ നിയമം പാലിക്കാതെ പറ്റില്ല. | 240- |
| ദൈവീകമായും ലളിതമായും ജനസേവകരെ തെരഞ്ഞെടുക്കാം. | 244-279 |
| പോലീസ് സേനയ്ക്ക് ബാധകമാകുന്ന അധിക അംഗവൈകല്യം | 266-272 |
| പേറ്റന്റ് നിയമം പാടില്ല. യാതൊരു നികുതികളും പാടില്ല. | 273-279 |
| ഏകദൈവമായ ഭൂമി | 273-279 |
| 4 മതങ്ങളുടെ സത്യാവസ്ഥ : ക്രിസ്തു.., ഇസ്ലാം, ബുദ്ധ.. & ഹിന്ദു മതം | 282-316 |
| ഭക്തി കൊണ്ട് ദൈവം പ്രീതിപ്പെടില്ല; കൂട്ടിയാൽ ശിക്ഷ ഉറപ്പാണ്. | 290-316 |

| | | |
|---|---|---|
| | ഓംകാരം ഇപ്പോഴത്തെ രണ്ടാമത്തെ മഹാകാല ചക്രം മുതൽ.. | 317 |
| | ഏതാനും മുജ്ജന്മ പാപികൾ | 318-330 |
| | വിവാഹവും ശവമടക്കലും .. | 336-353 |
| ഉള്ള ട ക്കം (3) | ഭാഗം 2 ആയിട്ട് മുമ്പ് പ്രസിദ്ധീകരിച്ചതായ www.omsathyam.com/GodlyRevolution/Aanandham.pdf എന്ന ദിവ്യമഹാഗ്രന്ഥത്തെ കൂട്ടിച്ചേർത്തിരിക്കുന്നു. | 354-1057 |
| 1 | മൂലകങ്ങൾ =ഭൂമി= 'കാമം ഒഴികെയുള്ള' ആനന്ദങ്ങൾ പേജ് : | 356-600 |
| 2 | കാമ ആനന്ദം 'ചർമ്മത്തിലൂടെ' ജീവാത്മാക്കൾ തമ്മിൽ മാത്രം | 505-564 |
| 3 | ഭക്ഷണം :ആനന്ദം മൊത്തം 40 അളവ്; ഒരുസമയം 5 അളവ് | 366-367 |
| 4 | തൊഴിൽ :ആനന്ദം മൊത്തം 20 അളവ്; ഒരുസമയം 5 അളവ് | 370-373 |
| 5 | ദാനം (ത്യാഗം) : ആനന്ദം 5 അളവ് | 374-378 |
| 6 | പ്രിയം (ഭക്തി, ആദരം, ആരാധന) : ആനന്ദം 5 അളവ് | 379-410 |
| 7 | ദാസ്യം 5, വാത്സല്യം 5, പ്രേമം 5, പ്രേമ സാക്ഷാത്കാരം 5 : ആനന്ദം കാമം : ജീവികളുടെ പരമാനന്ദം 25 പേജ് 151-210 | 395-564 |
| 8 | ദൈവ ആനന്ദം : മഹാദാസ്യം 30 മഹാവാത്സല്ല്യം 35 | 565-600 |
| 9 | ഓംകാര നീതിശാസ്ത്രം ഓം ഓംകാരം ബ്രഹ്മം ഭൂമി പേജ് 591 -679 (ദേശം : പേജ് 620 - 637) 795-860 861-881 680-717 718-740 മഹാഭദ്രകാളി 741-747 പശു 748-760 മഹാദേവി 761-769-791 ഓം നമഃ ശിവായ 792-804 | 601-679 741-747 761-791 792-804 |
| 10 | സത്യം ശിവം സുന്ദരം 805-874 + മന്ത്രങ്ങൾ 875-885 + മഹാവേദം സൗജന്യം: PDF Files 886-890 | 805-874 875-885 |
| 11 | ദൈവ വിപ്ലവം + സംഹാരം @ മോക്ഷം 791-794.. -882-1057 | 791-794 |
| 12 | മഹാദേവി അവതരിച്ചുകഴിഞ്ഞു. 771-791,891-894,980-1057 പരമശിവ ക്ഷിപ്രകോപം പേജ് 1004-1020 + മായാശക്തി + അധികാരം 1011- അടിയന്തരാവസ്ഥ 1020- മായ 1047-1057 | 771-1057 1004-1057 |

# മഹാദിവ്യമായ പുതിയ ശാസ്ത്ര പാഠങ്ങൾ

**എല്ലാ ജീവികളുടെയും സ്വത്വങ്ങളായ ആത്മാക്കൾക്ക് എല്ലാ ശക്തികളെയും നേരിട്ടു നൽകുന്നത് ശരീര അവയവങ്ങളാണ്. 'മഹാമാതാപിതാക്കളായ ശിവയും ഭാഗമായ ശിവനും ചേർന്ന ഭൂമി; കുഞ്ഞുങ്ങളായ ആത്മാക്കളെ ജീവികളാക്കാനും ശരണം ഉൾപ്പെടെ ജീവിക്കാൻ ആവശ്യമായ സർവ്വവും 'ഓരോ ആത്മാവിനും ഓരോ ദൈവമെന്ന പോലെ' നേരിട്ടു നൽകാനും; പ്രദേശങ്ങളും അംശമായ മൂലകങ്ങളും രൂപാന്തരമായ ശരീരവുമായി അവതരിച്ചിരിക്കുകയാണ്. മഹാസത്യമായ ദൈവം, ശിവനും ശിവയുമായി രണ്ടായ ശേഷം മാത്രം മഹാശക്തിയായ ഭൂമിയായി മാറുന്നതിനെ വേറിട്ട് വിശദീകരിക്കുന്നുണ്ട്.**

എല്ലാ ജീവികളും സൃഷ്ടിക്കപ്പെടുന്നതും പരിപാലിക്കപ്പെടുന്നതും, ജീവിക്കുന്നതും; ഭൂമിയെയും ഭൂമിയുടെ അംശമായ മൂലകങ്ങളെയും അവയുടെ രൂപാന്തരമായ ശരീര അവയവങ്ങളെയും ആധാരമാക്കിയാണ്. ആന, സിംഹം, പുലി, കഴുത, തിമിംഗലം, മുതല, മനുഷ്യൻ, ആട്, പശു, പട്ടി, പൂച്ച, കോഴി, മയിൽ തുടങ്ങി എല്ലാ ജീവികളും വ്യത്യാസപ്പെട്ടിരിക്കുന്നത് ശരീരത്തിലെ അവയവങ്ങളുടെ ഘടന, രൂപം, വലിപ്പം, ശക്തികൾ, ചലന സ്വാതന്ത്ര്യം, പ്രവർത്തനങ്ങൾ തുടങ്ങിയവയുടെ അടിസ്ഥാനത്തിലാണ്. ജീവികളുടെ വ്യത്യസ്തങ്ങളായ ശരീര അവയവങ്ങളെ നിശ്ചയിക്കുന്നതും നിർമ്മിക്കുന്നതും, പലവിധ ശക്തികളും ചലനസ്വാതന്ത്ര്യങ്ങളും നൽകി ശക്തമാക്കുന്നതും സുന്ദരമാക്കുന്നതും, രോഗങ്ങളിൽ പെടുത്തുന്നതും, സുഖപ്പെടുത്തുന്നതും, ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളോ മാതാപിതാക്കളോ മറ്റുള്ള ജീവികളോ അല്ല. ഓരോ ജീവിക്കും പരമാനന്ദം നൽകുന്ന പരസ്പര പൂരകങ്ങളായ സ്ത്രീ-പുരുഷ വ്യത്യാസങ്ങളെയും പ്രത്യുല്പാദന സംവിധാനങ്ങളെയും അവയവ വ്യത്യാസങ്ങളിലൂടെ പ്രത്യേകം ഒരുക്കിയിരിക്കുന്നതും, കുടുംബമായും, സമൂഹമായും അന്യോന്യം ആശ്രയിക്കുന്നവയായി സൃഷ്ടിച്ചിരിക്കുന്നതും ആത്മാക്കളല്ല. ജീവികളുടെയെല്ലാം വ്യത്യസ്തമായ ശരീരാവയവങ്ങളും സ്വഭാവങ്ങളും അവയുടെയും മറ്റുള്ള ജീവികളുടെയും ജീവിതത്തിന് സമ്പൂർണ്ണമായും അനുയോജ്യമാണ്. എല്ലാ ജീവികളുടെയും ജീവിതം സാക്ഷ്യമാണ്.

എല്ലാ ജീവികളുടെയും ശരീരത്തിലെ അവയവങ്ങൾ ഉണ്ടായിട്ടുള്ളത് മണ്ണായ ഭൂമിയുടെ അംശമായ മൂലകങ്ങൾ കൊണ്ടാകയാലും, ജീവികളുടെ മരണ ശേഷം ശരീരങ്ങൾ വീണ്ടും മൂലകങ്ങളും മണ്ണായ ഭൂമിയുമായി മാറുകയാലും, ശരീര-അവയവങ്ങളെ സൃഷ്ടിച്ചിരിക്കുന്നത് ഭൂമിയാണോ മറ്റാരെങ്കിലുമാണോ എന്ന് വിശകലനം ചെയ്തറിയാൻ മനുഷ്യർക്കു കഴിയും.

മഹാസത്യമായ ശിവയുടെയും ഭാഗമായ ശിവന്റെയും മഹാകൂട്ടുകെട്ടാണ് സൃഷ്ടി സ്ഥിതി സംഹാര പാത്രമായ ആകാശവും, മഹാശക്തിയായ ഭൂമിയും ഉൾപ്പെട്ട മഹാപ്രപഞ്ചമെന്ന് ഈ ദിവ്യമഹാവേദഗ്രന്ഥത്തിൽ മഹാശാസ്ത്ര പരമായി പിന്നീട് തെളിയിക്കുന്നുണ്ട്. 2021 കാലത്ത് ഭൂമിയിൽ ജീവിക്കുന്ന മനുഷ്യർ അറിയുന്ന ഭൗതിക ശാസ്ത്രം പ്രകാരം 118 മൂലകങ്ങളും, അവയുടെ അനേക ലക്ഷം സംയുക്തങ്ങളും മിശ്രിതങ്ങളും ചേർന്ന മഹാരൂപമാണ് കര-ജലപ്രദേശങ്ങളുടെ സമ്മിശ്രമായ ഭൂമി. സമുദ്രങ്ങളും മറ്റും ജല പ്രദേശങ്ങളുമാണ് ഭൂമിയിൽ ഏറെയെന്നു കണക്കാക്കിയാൽ, സമുദ്രങ്ങളുടെയും മറ്റു ജലപ്രദേശങ്ങളുടെയും ജലത്തെ മാറ്റിനിർത്തിയാൽ മണ്ണാണ്; അതിനാൽ ഭൂമിയെ മണ്ണെന്ന് വിളിക്കാനാവും. മണ്ണായ ഭൂമി ! മണ്ണായ ഭൂമിയുടെ അംശമായ മൂലകങ്ങളും, അവയുടെ മിശ്രിതങ്ങളും സംയുക്തങ്ങളുമാണ് എല്ലാ ജീവികളുടെയും വ്യത്യസ്തങ്ങളായ ശരീര ഭാഗങ്ങളും അവയവങ്ങളുമായി രൂപപ്പെടുന്നത്. സസ്യങ്ങളുടെ പൊഴിയുന്ന ഇലകൾ, ശാഖകൾ, കായ്കനികൾ, ജന്തുക്കളുടെ പാൽ, മുട്ട, വിസർജ്യം, തുടങ്ങിയവയെ ജീവികളുടെ ശരീരത്തിലെ ഭാഗങ്ങളായും, സസ്യങ്ങളുടെ തായ്തടി, ജന്തുക്കളുടെ കൈകാലുകൾ, വിരൽ, ഉടൽ, തല, ഹൃദയം, കരൾ, ശ്വാസകോശം, സ്ത്രീ പുരുഷ ലിംഗങ്ങൾ തുടങ്ങിയവയെ ജീവികളുടെ ശരീര അവയവങ്ങളായും കരുതുന്നത് വിഷയത്തെ ലളിതമാക്കുന്നതാണ്.

ഭൂമിയുടെ അംശമായ മൂലകങ്ങൾ തന്നെയാണ് സസ്യങ്ങളുടെയും ജന്തുക്കളുടെയും ശരീരത്തിലെ ഭാഗങ്ങളും അവയവങ്ങളുമായി രൂപപ്പെടുന്നത്. ശരീരത്തിലെ അവയവങ്ങൾ സൃഷ്ടിക്കുകയും ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് നൽകുകയും ചെയ്യുന്ന വിശപ്പിനെ മാറ്റാൻ സസ്യങ്ങൾ ഉൾപ്പെടെയുള്ള (മറ്റു) ജീവികളുടെ ശരീര ഭാഗങ്ങളെയും അവയവങ്ങളെയും ഭക്ഷിക്കുകയാണ് മാർഗ്ഗം. ഭക്ഷിക്കുമ്പോൾ, വിശപ്പ് മാറും; ജീവികൾക്കു നിശ്ചയിക്കുന്ന ആനന്ദങ്ങളിൽ സർവ്വ പ്രധാനമായ ഭക്ഷണ-രുചി ആനന്ദവും സംതൃപ്തിയും ലഭിക്കുകയും ചെയ്യും.! ആത്മാക്കൾക്ക് വിശപ്പും ദാഹവും ക്ഷീണവും ഉണ്ടായില്ലെങ്കിൽ എന്താണ് സംഭവിക്കുക. വിശപ്പും ദാഹവും ക്ഷീണവും ഉണ്ടായിട്ടു കൂടി മടിയും അലസതയും പിടിച്ചു ജീവിക്കുന്നവരും മറ്റുള്ളവരുടെ അദ്ധ്വാനത്തെ ചൂഷണം ചെയ്തു ജീവിക്കുന്നവരും ഏറെയാണ്.

ആത്മാവ് എന്ന അസ്തിത്വം തന്നെ സ്വന്തമല്ലാതിരിക്കുകയും, മാതാപിതാക്കൾ ഉൾപ്പെടെ ഉറ്റവരായി കരുതുന്നവർ പോലുമോ സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന ഒന്നല്ലാതിരിക്കുകയും ചെയ്യുമ്പോൾ ആത്മാവ്, ജീവാത്മാവ് എന്നെല്ലാം പേരിടുന്ന അസ്തിത്വം അടിസ്ഥാന പരമായി ഒരു ശൂന്യത കൂടിയാണ്. (ആത്മാവിന്റെ സൃഷ്ടിയെ പറ്റി ഈ ദിവ്യമഹാവേദ ഗ്രന്ഥത്തിൽ വേറിട്ട് വിവരിച്ചിട്ടുണ്ട്.)

ഒരു ശൂന്യത കൂടിയായ ആത്മാവിന് എന്തെങ്കിലും പ്രവൃത്തി ചെയ്യണമെങ്കിൽ, പ്രവൃത്തി ചെയ്യാൻ സ്വന്തമായി ശക്തിയുള്ളതായ ഉപാധി എപ്പോഴും കൂടെ വേണം. മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് ലഭ്യമായ വിശേഷ ബുദ്ധിയെ ഉപയോഗിച്ചാൽ ശരീരവും ശരീരത്തിലെ അവയവങ്ങളും അവയുടെ മൂലമായ മൂലകങ്ങളും മൂലകങ്ങളുടെ മൊത്തമായ ഭൂമിയും മാത്രമാണ് മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളുടെ സ്വത്വങ്ങൾക്ക് എന്തെങ്കിലും പ്രവർത്തിക്കാനുള്ള ശക്തി നൽകുന്ന ഉപാധിയായി ഒപ്പമുള്ളതെന്നും ശരീരത്തിലെ അവയവങ്ങൾ ശക്തി നൽകുന്നുണ്ടെന്നും മനസ്സിലാക്കാം. അവയവങ്ങൾക്ക് ശക്തി നൽകുന്ന ഉപാധിയായിരിക്കുന്ന ഭക്ഷണ സാധനങ്ങൾ മറ്റു ജീവികളുടെ ശരീരത്തിലെ ഭാഗങ്ങളും അവയവങ്ങളുമാണ്. മാധ്യമമായി ഭൂമിയുടെ ഒരു പ്രധാന ഘടകവും, യഥാർത്ഥത്തിൽ ഭൂമിയുടെ ധർമ്മ-സ്ഥിതി-ദ്രാവകരൂപവുമായ ജലം എല്ലാ ജീവികളുടെയും ശരീര-അവയവങ്ങളെയും ബന്ധിപ്പിക്കുന്നു എന്നും കാണാം. ജീവികളുടെ ശരീരത്തിലെ അവയവങ്ങളും ഭാഗങ്ങളും ഭക്ഷണങ്ങളുമെല്ലാം ഭൂമിയുടെ അംശമായ മൂലകങ്ങളും അവയുടെ സംയുക്തങ്ങളുമാണ്. ഭക്ഷണമായും ശരീരത്തിലെ അവയവങ്ങളായും വീണ്ടും മണ്ണായ ഭൂമിയിൽ ലയിച്ചു കൊണ്ട് മൂലകങ്ങളായും ചക്രം പോലെ ചുറ്റിക്കൊണ്ടിരിക്കുകയാണ്. മൂലകങ്ങളെല്ലാം ബഹുവധങ്ങളായ ശക്തികളുമാണ്. ഒരേ മണ്ണിൽ നിന്നും പലവിധത്തിലുള്ള സസ്യങ്ങളും അവയുടെ വ്യത്യസ്തങ്ങളായ ശരീര ഭാഗങ്ങളും ഉണ്ടാകുമ്പോൾ, ജീവികളുടെ മുഴുവൻ ജീവനായി പ്രവർത്തിക്കുന്ന ഓക്സിജൻ ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളുടെ ജീവിതത്തിന് ആവശ്യമായ മൂലകങ്ങളെ സൃഷ്ടിക്കുന്നുമുണ്ട് എന്ന് കരുതേണ്ടി വരും.

ഭൂമിയുടെ അംശമായ എല്ലാ മൂലകങ്ങളെയും ജീവികളുടെ ശരീരത്തിലെ അവയവങ്ങളെയുമെല്ലാം ബന്ധിപ്പിക്കുന്നതും ശക്തിയിലെ തീ കത്താനും അത്യാവശ്യവും സാക്ഷിയുമായ ഓക്സിജൻ തന്നെയാണ് മൂലകങ്ങളെ അവയവങ്ങളായി രൂപപ്പെടുത്തുന്നതെന്ന് വിശകലനത്തിൽ മനസ്സിലാക്കാം. മൂലകങ്ങളുടെയും സംയുക്തങ്ങളുടെയും രൂപാന്തരമായ ജീവികളുടെ ശരീരാവയവങ്ങളുടെയും അവയുടെ രൂപാന്തരമായ ഭക്ഷണങ്ങളുടെയും കായ്കനികളുടെയും മാംസത്തിന്റെയും ശവങ്ങളുടെയും ഉൾപ്പെടെ ഭൂമിയിലെ എല്ലാ വസ്തുക്കളുടെയും സൂക്ഷ്മാംശങ്ങൾ ആറ്റങ്ങളാണെന്നും, എല്ലാ ആറ്റങ്ങളുടെയും ഘടകങ്ങൾ പ്രോട്ടോണുകളും, ഇലക്ട്രോണുകളും ന്യൂട്രോണുകളും ക്വാർക്കുകളും ഒക്കെയാണെന്നും, പ്രോട്ടോണുകളെ ഇലക്ട്രോണുകൾ സദാ സ്വയം ചുറ്റുകയാണെന്നും ശാസ്ത്ര പരമായി മനസ്സിലാക്കാൻ കഴിയും. എന്നുവെച്ചാൽ ശരീരത്തിന്റെയും മൂലമായ ഭൂമിയുടെയും മഹാശക്തികളെ കുറിച്ച് ഏകദേശമായ ധാരണ ലഭിക്കുന്നു.

ആറ്റത്തിലെ അതിസൂക്ഷ്മ ഘടകങ്ങളുടെ എണ്ണങ്ങളിലും അടുക്കുകളിലുമുള്ള വ്യത്യാസങ്ങളും ആറ്റങ്ങളുടെ യോഗങ്ങളായ തന്മാത്രകളുമാണ് വ്യത്യസ്ത ഗുണങ്ങളും ശക്തികളുമായ മൂലകങ്ങളെ രൂപപ്പെടുത്തുന്നത് എന്നതും, കാലാനുസൃതമായി ഇനിയും വെളിപ്പെടാനുള്ള മഹാപാഠങ്ങളും ആത്മാക്കൾക്ക് ലഭിക്കുന്ന ശരീരമായ ശക്തികളുടെ പ്രഭവകേന്ദ്രത്തെ സുവ്യക്തമായി അറിയിക്കുന്നുണ്ട്.

മൂലകങ്ങളുടെ നിറം, മണം, രുചി, താപം, സാന്ദ്രത, തുടങ്ങിയവയിൽ വ്യത്യസ്ത അവസ്ഥകളിൽ ഉണ്ടാകുന്ന ഗുണങ്ങളാകുന്ന ശക്തികൾ ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്കു നൽകുന്ന ഉപയോഗങ്ങളും ഫലങ്ങളുമാണ് മൂലകങ്ങളുടെ മൊത്തം ധർമ്മത്തെ നിശ്ചയിക്കുന്നത്. ഓരോരോ മൂലകങ്ങളുടെയും ശക്തികളായ ധർമ്മങ്ങളെ അറിയാനുള്ള ശക്തികളും വിശേഷ ബുദ്ധിയും കൂടി മനുഷ്യരുടെ ആത്മാക്കൾക്ക് മൂലകങ്ങളുടെ രൂപാന്തരമായ ശരീരങ്ങളും അവയെ ഭരിക്കുന്ന ഓക്സിജനും (രക്തത്തിലെ) ജലത്തിലൂടെ നൽകുന്നുണ്ട്. അതായത് സൃഷ്ടികളായ ആത്മാക്കൾക്ക് അനന്തമായ ആനന്ദങ്ങളെ നൽകാൻ മഹാമാതാവായ ഭൂമി തയ്യാറാകുന്നതിനു മുമ്പ്, ആനന്ദങ്ങളെ സ്വീകരിക്കാനും ആനന്ദിക്കാനും കഴിയുന്ന ശക്തികളെയും കൂടി അസ്തിത്വം ഉൾപ്പെടെ യാതൊന്നും സ്വന്തമായിട്ട് ഇല്ലാത്തവരായ ആത്മാക്കൾക്ക് ഇന്ദ്രിയങ്ങളിലൂടെയും മറ്റും (ഭൂമി) നൽകുന്നുണ്ട്. മൂലകങ്ങളായ ശരീരം തന്നെയാണ് ശൂന്യത ബാധകമായ ആത്മാവിനു വേണ്ടി പ്രവൃത്തികൾ ചെയ്യുന്നതെങ്കിലും, ആത്മാവിനും നൽകുന്ന സ്വാതന്ത്ര്യം പ്രകാരം എന്താണ് ചെയ്യേണ്ടതെന്ന് ആത്മാവ് ഇച്ഛിക്കണം. കുഞ്ഞുങ്ങൾ മാത്രമായി എല്ലാ ആത്മാക്കളെയും സൃഷ്ടിച്ചിരിക്കെ, സമആനന്ദമായ മഹാനീതിയെ നൽകാനും മഹാമാതാപിതാക്കളായ ഭൂമിക്ക് ബാദ്ധ്യതയുണ്ട്. ശരീരത്തിലെ അവയവങ്ങളും ജന്മഗുണങ്ങളുമെല്ലാം അതിനു വേണ്ടിയാണ്. മൂലകങ്ങളിലും അവയുടെ രൂപാന്തരമായ ജീവികളുടെയെല്ലാം ശരീരഭാഗങ്ങളിലും ലയിച്ചിരിക്കുന്ന ശക്തികളും ശാസ്ത്രങ്ങളും രുചി-മണ-ഗുണ-ആനന്ദങ്ങളും ഭക്ഷിക്കുന്ന ജീവിയുടെ ശരീരത്തിലെ അവയവങ്ങളിലൂടെ ഓക്സിജന്റെയും വെള്ളത്തിന്റെയും സാന്നിദ്ധ്യവും പ്രവർത്തനവും കൊണ്ട് ഫലത്തിൽ സ്വത്വങ്ങളായ ആത്മാക്കൾക്കു കൈമാറുകയാണു സംഭവിക്കുന്നത്. ഭക്ഷണ പാനീയങ്ങൾ, മരുന്നുകൾ, ലഹരി വസ്തുക്കൾ, വിഷം തുടങ്ങിയ മൂലകങ്ങളും അവയുടെ സംയുക്തങ്ങളും, ശരീര അവയവങ്ങളും ആത്മാക്കൾക്കു വേണ്ടതായ ശക്തികളും ജ്ഞാനവും ആനന്ദങ്ങളും ശരീര വളർച്ചയും മാറ്റങ്ങളും നൽകാനായി ജോലികളിലും ഉറക്കത്തിലും ഉൾപ്പെടെ എല്ലായ്പ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. വിശദീകരിക്കാം :-

എല്ലാ ജീവികളുടെയും ശരീര അവയവങ്ങളും, ശരീര ഭാഗങ്ങളും അടിസ്ഥാനപരമായി ഭൂമിയുടെ അംശവും (സ്വത്വമില്ലാത്ത) മൂലകങ്ങളും അവയുടെ സംയുക്തങ്ങളുമാണ്. ഏതൊരു ജീവിയുടെയും സ്വത്വമായ ആത്മാവിന്റെ ആഗ്രഹം പ്രകാരമോ നിർബ്ബന്ധിക്കപ്പെട്ടോ, അറിഞ്ഞോ അറിയാതെയോ, സ്വന്തമെന്നു കരുതുന്ന ശരീരത്തിലെ അവയവങ്ങളെ ഉപയോഗിച്ച് മറ്റുള്ള ജീവികളുടെ ശരീരത്തിലെ ഭാഗങ്ങളെയോ അവയവങ്ങളെയോ ഭക്ഷണമോ മരുന്നുകളോ വിഷമോ ഒക്കെ ആയിട്ട് സ്വീകരിക്കാൻ ആത്മാക്കൾക്കു കഴിയുമ്പോൾ, ശരീരത്തിലേക്ക് പ്രവേശിക്കുന്ന മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ശക്തികളും ശാസ്ത്രങ്ങളും ആനന്ദങ്ങളും ലഹരിയും വേദനകളും ഗുണങ്ങളുമെല്ലാം ആത്മാവിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നതാണ്. സ്വത്വമില്ലാത്ത ശക്തികളായ മൂലകങ്ങളെ ശരീരങ്ങളുടെ ഭാഗങ്ങളും അവയവങ്ങളുമായി രൂപപ്പെടുത്തുന്ന ഒരു മൂലകം ഓക്സിജൻ എന്ന പേരോടെ ഭൂമിയുടെ സ്വത്വമായി പ്രവർത്തിക്കുന്നുണ്ട്. മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് ആനന്ദങ്ങളും വേദനകളും രോഗങ്ങളും ശക്തികളും ശാസ്ത്രങ്ങളുമെല്ലാം ശരീരഭാഗങ്ങളും മറ്റുമായ മൂലകങ്ങളിൽ നിന്നുമാണ് ലഭിക്കുന്നതെന്നു പ്രത്യക്ഷമായി അനുഭവിച്ചു തന്നെ അറിയാൻ കഴിയുമ്പോൾ, മൂലകങ്ങളും അവയുടെ രൂപാന്തരമായ ശരീര-ഭാഗങ്ങളും അവയവങ്ങളുമെല്ലാം ആനന്ദങ്ങൾക്കെല്ലാം അതീതമായ ദൈവാംശങ്ങൾ മാത്രമാണെന്നും, എല്ലാ ജീവികളുടെയും സ്വത്വങ്ങൾക്കു ജീവിക്കാൻ ആവശ്യമായവ നേരിട്ടു നൽകാൻ പ്രവർത്തിക്കുകയാണെന്നും സുവ്യക്തമാണ്. ആത്മാവിന്റെ പ്രത്യക്ഷ ജന്മഗുണങ്ങളായ നിറം, മുഖഛായ, സൗന്ദര്യം, തിരിച്ചറിയൽ തുടങ്ങിയവയെ ജീവികളുടെ ചർമ്മം, വിരലടയാളം, കൺമണി തുടങ്ങിയവയിലൂടെ പ്രതിഫലിപ്പിക്കുന്നതുമാണ്.

എല്ലാ മൂലകങ്ങളുടെയും അവയുടെ സംയുക്തങ്ങളുടെയും മിശ്രിതങ്ങളുടെയും മൊത്തവും, മഹാമാതാപിതാക്കളായ ശിവയുടെയും ശിവന്റെയും മഹാശരീരം കൂടിയായ ഭൂമിയുടെ സ്വത്വമായും, സത്യ വാതക രൂപമായും, ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളുടെ മുഴുവൻ ജീവനായും എല്ലായ്പ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഓക്സിജനെപ്പറ്റിയും ശിവയും ശിവനുമായ ഭൂമിയാകുന്ന ദൈവത്തെ പ്പറ്റിയും പിന്നീട് മഹാശാസ്ത്രപരമായി വിശദീകരിക്കുകയും തെളിയിക്കുകയും ചെയ്യുന്നുണ്ട്. ഏകമഹാസത്യമായ ശിവയും ഭാഗമായ ശിവനും ചേർന്ന് മഹാശക്തിയായ ഭൂമിയായി അവതരിക്കുകയും, ശിവന് 'ശിവ' മഹാശക്തികളും ഓംകാര-നാഗബന്ധനവും മഹാഅനുഗ്രഹിച്ചു നൽകുന്നതിനെ അനുകരിച്ച് നിർജ്ജീവ പരമാത്മാവ് കൂടിയായ ശിവന്റെ അംശങ്ങളായ ആത്മാക്കൾക്ക് ശക്തികളും ജ്ഞാനവും ആനന്ദങ്ങളും, ശരീരമാകുന്ന ജീവി-വർഗ്ഗങ്ങളുടെ അവയവങ്ങൾ ഓംകാര നീതിശാസ്ത്രം പ്രകാരം നൽകുകയാണ്.

ബ്രഹ്മം, ശിവ, ശിവൻ, ഓം, ഓംകാര നീതിശാസ്ത്രം, മഹാപുനർജ്ജന്മ സിദ്ധാന്തം തുടങ്ങിയ പദങ്ങൾ കണ്ട് ഈ ദിവ്യമഹാവേദഗ്രന്ഥം ഹിന്ദുമതത്തിലെ ശാക്തേയ മതം, ശൈവ മതം, ഉപനിഷത്തുകൾ തുടങ്ങിയവയുടെ ഭാഗമാണെന്നോ, അവയുമായി ബന്ധമുണ്ടെന്നോ, രാജ്യങ്ങളിലെല്ലാം നിലനിൽക്കുന്ന രാഷ്ട്രീയ ഭരണ സംവിധാനങ്ങൾക്ക് സത്യയുഗം ഉൾപ്പെടെയുള്ള ദൈവ കാര്യങ്ങളെയും നിയന്ത്രിക്കാനും ഭരിക്കാനും കഴിയുമെന്നോ തെറ്റിദ്ധരിച്ചു പോകരുത്. ഭൂമിയിൽ നിന്നും ലഭിക്കുന്ന വിഭവങ്ങളും ശക്തികളും ജ്ഞാനവും കൊണ്ട് ജീവിക്കുന്ന ജീവികളെ സൃഷ്ടിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നത് മധ്യസ്ഥരെ വയ്ക്കാതെയും മഹാശാസ്ത്ര പരമായും ആണെങ്കിൽ അതിന്റെ അർത്ഥം സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്ന ദൈവം ഭൂമി ആണെന്നും ഭൂമിയിൽ ലയിച്ചിരിക്കുന്ന ശാസ്ത്രങ്ങൾ മാത്രമാണ് വേദങ്ങൾ എന്നുമാണ്. ബ്രഹ്മം, ശിവ, ശിവൻ, ഓം, തുടങ്ങിയ പദങ്ങൾക്ക് ശാസ്ത്രവുമായും ദൈവവുമായും മാത്രമാണ് ബന്ധം. സത്യയുഗം ഉടൻ ആരംഭിക്കുമ്പോൾ ചുമന്നു നടന്നവർ തന്നെ മതങ്ങളെയും മതഗ്രന്ഥങ്ങളെയും ചുട്ടെരിക്കുന്നതാണ്. ഭൂമിയിൽ ലയിച്ചിരിക്കുന്ന മഹാശാസ്ത്രത്തെയോ മഹാപ്രപഞ്ചത്തെയോ അട്ടിമറിക്കാനോ തകരാറിലാക്കാനോ എല്ലാ ജീവികളും ഒന്നിച്ചു ശ്രമിച്ചാലും കഴിയില്ല എന്നും, ശ്രമിക്കാനുള്ള ശക്തി ജീവികൾക്കു ലഭിക്കുവാനും മഹാശക്തിയും ഭൂമിയുമായ ദൈവം കനിയേണ്ടതുണ്ട് എന്നുമറിയണം. അല്പായുസ്സുകളായ സൃഷ്ടികളുടെ മേൽ മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രം പ്രകാരം ഭൂമി മഹാനീതി എപ്പോഴും നടപ്പാക്കുന്നതിനെ തിരിച്ചറിയാൻ വിശേഷ ബുദ്ധി കൊണ്ട് കഴിയും. സൃഷ്ടികൾ വിചാരിച്ചാൽ തകരാറിലാക്കാനോ അട്ടിമറിക്കാനോ കഴിയുന്നതായ ഒന്നാവും മഹാശക്തിയായ ദൈവത്തിന്റെ മഹാശാസ്ത്രമെന്നും മഹാപ്രപഞ്ച സംവിധാനമെന്നും കരുതുന്നതും, മഹാശാസ്ത്രത്തെയും മഹാപ്രപഞ്ചത്തെയും സംരക്ഷിക്കുവാൻ സൃഷ്ടികളുടെ സഹായം മഹാശക്തിയായ ദൈവത്തിനു വേണമെന്നു കരുതുന്നതും, ദൈവമഹത്വം അറിയാതെ കാട്ടിക്കൂട്ടുന്ന ദൈവനിന്ദയാണ്. വിശേഷ ബുദ്ധിയെ ദുരുപയോഗിച്ച് ജീവിക്കാൻ ആവശ്യമില്ലാത്തതും ഭൗതികമായ അസ്തിത്വം ഇല്ലാത്തതുമായ വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും തട്ടിക്കൂട്ടിയാൽ സർവ്വവും ഭൗതികമായ അസ്തിത്വത്തോടെ സംഭവി(പ്പി)ക്കുകയും നിർവ്വഹിക്കുകയും ചെയ്യുന്ന ഭൂമിയിൽ നിലനിൽക്കില്ല; നിലനിർത്താൻ അല്പായുസ്സുകളായ ജീവികൾക്ക് കഴിയുകയുമില്ല. ഭൂമിയുടെ അംശമായ ശരീരാവയവങ്ങളിലൂടെ ഭൂമി ദാനമായി നൽകുന്ന ശക്തികളും ജ്ഞാനവും പ്രകാരം മറ്റുള്ള ജീവികൾ ആനന്ദിച്ചു ജീവിക്കുന്നതിനെ കണ്ടുപഠിക്കാം! ഭൂമിയിൽ ലയിച്ചിരിക്കുന്ന മഹാശാസ്ത്രം പ്രകാരം മാത്രം ജീവിക്കേണ്ടത് വിശേഷ ബുദ്ധി ലഭിച്ച മനുഷ്യരുടെ ആവശ്യമാണ് !

ആത്മാവ് ജീവി മനുഷ്യൻ സ്ത്രീ പുരുഷൻ എന്നെല്ലാം സ്വന്തം അസ്തിത്വത്തെ വിശേഷിപ്പിക്കുന്ന സ്വത്വങ്ങൾക്ക് വിശേഷ ബുദ്ധിയും അസ്തിത്വവും പോലും സ്വന്തമല്ലെന്നും, സർവ്വവും ഭൂമിയുടെ ദാനം മാത്രവുമാണെന്ന ബോധവും ഉണ്ടായാൽ, കിടക്കാനും ഇരിക്കാനും നടക്കാനും നിൽക്കാനും തിന്നാനും കുടിക്കാനും കുളിക്കാനും കൃഷിക്കും മറ്റു പ്രവൃത്തികൾക്കുമെല്ലാം എല്ലാ ശരണവും നൽകുന്ന ഭൂമിയുടെയും ഭൂമിയിലെ വസ്തുക്കളുടെയും മറ്റുള്ള ജീവികളുടെയും മേൽ യാതൊരു മനുഷ്യർക്കും യാതൊരു അവകാശവും അധികാരവും ഇല്ലെന്നു കൂടി വിശേഷ ബുദ്ധിയെ ഉപയോഗിച്ചു മനസ്സിലാക്കാൻ സാധിക്കും. സ്വത്വങ്ങളായ ആത്മാക്കൾക്ക് എല്ലാ ജീവികളുടെയും വ്യത്യസ്തങ്ങളായ ശരീര ഭാഗങ്ങളെയും അവയവങ്ങളെയും ഉൾപ്പെടെ പ്രപഞ്ചത്തിലെ ഏതൊന്നിന്റെയും മേൽ പ്രവർത്തിക്കാൻ കഴിയുന്നത് അവയിലും സ്വന്തമെന്നു കരുതുന്ന ശരീരത്തിലും ലയിച്ചിരിക്കുന്ന ശക്തികളും ശാസ്ത്രങ്ങളും പ്രകാരം മാത്രമാണെന്നത് പ്രപഞ്ചത്തിന്റെ നിയമങ്ങൾക്കും ശക്തികൾക്കും വിധേയമായി മാത്രമേ ജീവിക്കാൻ കഴിയൂ എന്ന ബോധം വർദ്ധിക്കണം. ജീവിയായി സ്വത്വത്തെ ജനിപ്പിക്കുന്നതും, ജീവിയെ മരിപ്പിക്കുന്നതും പ്രപഞ്ചത്തിന്റെ നിയമങ്ങൾക്കും ശക്തികൾക്കും വിധേയമായി ശരീരവും ഓക്സിജനും കൂടിയാണെന്നും; ആത്മാവും ശരീരവും രണ്ടാണെന്നും; ശാസ്ത്ര പരമായി അനുഭവിച്ചു തന്നെ അറിയാനും ലഭ്യമായ വിശേഷ ബുദ്ധി കൊണ്ട് മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് കഴിയുമ്പോൾ എല്ലാ ജീവികളുടെയും ശരീര ഭാഗങ്ങളെയും അവയവങ്ങളെയും ഭൂമിയുടെ അംശമായ വ്യത്യസ്ത മൂലകങ്ങളാക്കിയും അന്യോന്യം ആശ്രയിക്കുന്നവയായി സൃഷ്ടിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന ഭൂമി തീർച്ചയായും മഹാനീതി കൂടി നടപ്പാക്കുന്നുണ്ടെന്ന് മനസ്സിലാക്കാൻ കഴിയുന്നതാണ്. മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ എന്നിങ്ങനെ എല്ലാ ജീവികളെയും കുഞ്ഞുങ്ങളായാണ് ശിവയും ശിവനും ചേർന്ന മഹാമാതാപിതാക്കളായ ഭൂമി കരുതുന്നതെന്നും; സൃഷ്ടികളായ കുഞ്ഞുങ്ങളോടുള്ള മഹാവാത്സല്ല്യത്തെയും മഹാദാസ്യത്തെയും മാത്രം പ്രപഞ്ചസൃഷ്ടിയിലെ ദൈവത്തിന്റെ ആനന്ദങ്ങളായി സ്വീകരിച്ചതിനു ശേഷം മാത്രമാണ് ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ആരംഭിച്ചിട്ടുള്ളത് എന്നും എല്ലാ കുഞ്ഞുങ്ങൾക്കും സമ-ആനന്ദമായ മഹാനീതിയെ ഭൂമി മഹാവാത്സല്ല്യത്തോടെ നൽകുന്നുണ്ടെന്നും ഈ ദിവ്യമഹാവേദഗ്രന്ഥത്തിലെ ഓംകാരനീതിശാസ്ത്രം മഹാശാസ്ത്ര പരമായി തെളിയിക്കുന്നുണ്ട്.

സാധാരണമായോ അപകടം കൊണ്ടോ സംഭവിക്കുന്ന മരണം, വധം, ആത്മഹത്യ, തുടങ്ങിയവ കൊണ്ട് ധർമ്മശാസ്ത്ര വിരുദ്ധമായി ജീവിക്കുന്ന ആത്മാവിന് ഭൂമിയുടെ പിടിയിൽ നിന്നും രക്ഷപ്പെടാൻ കഴിയുന്നതല്ല.

## മഹാശാസ്ത്രപരമായ അവകാശം ഉണ്ടെങ്കിൽ മാത്രമാണ് ഏതൊരു വ്യക്തിക്കും അധികാരമുള്ളത്.

മനുഷ്യൻ ഉൾപ്പെടെ യാതൊരു ജീവികൾക്കും അസ്തിത്വം പോലും സ്വന്തമല്ല. ശരീരാവയവങ്ങളും ജീവി-രൂപവും ഉൾപ്പെടെ എല്ലാ ജന്മഗുണങ്ങളെയും ജനനത്തെയും മരണത്തെയും നിശ്ചയിക്കുന്നത് ഭൂമിയുടെ സ്വത്വമായ ഓക്സിജനാണെന്നത് അനുഭവിച്ചു തന്നെ അറിയുന്ന കാര്യമാണ്. ശരീരത്തിലെ അവയവങ്ങൾക്ക് ഓക്സിജൻ നൽകുന്ന ചലനസ്വാതന്ത്ര്യം കൊണ്ടു മാത്രമാണ് ശരിരാവയവങ്ങളിലൂടെ എന്തെങ്കിലും ചെയ്യാൻ സ്വത്വത്തിനു കഴിയുക. ഓക്സിജനെ പ്പറ്റി കൂടുതൽ അറിയുമ്പോൾ, മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളുടെ സ്വത്വങ്ങളുടെ ഇഷ്ടാനിഷ്ടങ്ങളിൽ ഇടപെടാതിരിക്കാനായി ജീവിയുടെ ആത്മാവിന്റെയും ശരീരത്തിന്റെയും ഭാഗമാകാതെ ആത്മാവിനു വേണ്ടി മഹാനീതി ശാസ്ത്രമായ ഓംകാര നീതിശാസ്ത്രം പ്രകാരം ശരീരത്തിൽ പ്രവർത്തിച്ച് ശ്വസനം, ദഹനം വിസർജ്ജനം, രോഗങ്ങൾ, രോഗമുക്തി, മുറിവുണങ്ങൽ, ശരീര അവയവങ്ങളുടെ വളർച്ച, നര, മരണം, തുടങ്ങിയവ ചെയ്യുകയും, ശരീരത്തിൽ നിലവിലുള്ള കോശങ്ങളെ നശിപ്പിക്കുകയും പുതിയവയെ സൃഷ്ടിക്കുകയും ഒക്കെ ചെയ്യുകയാണ്.

മനുഷ്യന്റെ സ്വത്വത്തിന് അസ്തിത്വവും ജീവിരൂപവും സ്ത്രീ-പുരുഷ ലിംഗവും മറ്റ് അവയവങ്ങളും മുഖച്ഛായയും നിറവും സൗന്ദര്യവും ആരോഗ്യവും അടിസ്ഥാന ബുദ്ധിശക്തിയും ഓർമ്മശക്തിയും ഒക്കെ ദാനമായി ലഭിക്കുകയാണ്! സ്വന്തമെന്നു കരുതുന്ന ശരീരത്തെ ഭരിക്കാനും പരിചരിക്കാനും കഴിയുന്നത് ശരീരത്തിലെ അവയവങ്ങൾ നൽകുന്ന ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യങ്ങളും പ്രകാരം മാത്രമാണ്. അങ്ങനെയിരിക്കെ, ചുറ്റുമുള്ള മനുഷ്യരെയും മറ്റുള്ള ജീവികളെയും ഭരിക്കാനും അവരുടെ ജീവിത കാര്യങ്ങളിൽ ഇടപെടാനും വ്യക്തിക്ക് അവകാശവും അധികാരവും ഉണ്ടോയെന്നും ഉണ്ടെങ്കിൽ എത്രമാത്രം എന്നും ലഭ്യമായ വിശേഷ ബുദ്ധി കൊണ്ട് ഓരോ മനുഷ്യനും, ജനസേവകർ പ്രത്യേകിച്ചും, വിശകലനം ചെയ്യണം.

# ഓക്സിജനെ നിയന്ത്രിക്കാനും, ഓക്സിജന്റെ പ്രവർത്തനങ്ങളെ തടയാനും യഥാർത്ഥത്തിൽ കഴിയില്ല!

മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കളുടെ അറിവോ സമ്മതമോ ഇല്ലാതെയാണ് ഓക്സിജൻ പ്രവർത്തിക്കുന്നതെന്നു പറയാനാവില്ല. എല്ലാ ജീവികളുടെയും ശരീരങ്ങളിൽ ഓക്സിജൻ നിരന്തരം പ്രവർത്തിക്കുന്നു. ഓക്സിജന്റെ സാന്നിധ്യം മനുഷ്യന് അറിയാനും വിശേഷ ബുദ്ധി ലഭിക്കാനും ഓക്സിജൻ കനിയണമെന്നിരിക്കെ, ഓക്സിജനെ നിയന്ത്രിക്കാനും തടയാനും മനുഷ്യർക്ക് കഴിയില്ല !

ഓക്സിജന്റെ പ്രവർത്തനങ്ങൾ ജീവികളുടെ സ്വത്വങ്ങൾക്കു വേണ്ടിയാണെന്നും ഓക്സിജന്റെ സാന്നിധ്യവും പ്രവർത്തനങ്ങളും കൊണ്ട് ആനന്ദിക്കുന്നതും വേദനിക്കുന്നതും സ്വത്വങ്ങളാണെന്നും, ജഡം പോലെ ഭാവിച്ചു കൊണ്ട് ജീവികൾക്കു വേണ്ടതായ സർവ്വവും ചെയ്യുന്ന ഓക്സിജൻ ആനന്ദങ്ങൾക്കെല്ലാം അതീതമാണെന്നും തെളിയുന്നുണ്ട്. ജീവികളുടെ സ്വത്വങ്ങളുടെ ഭാഗമോ അവയവമോ ആയിട്ടു മാറാതെ, ജീവികൾക്കു ജീവിക്കാൻ ആവശ്യമായ ശക്തികളും ശാസ്ത്രങ്ങളും ഉൾപ്പെടെ സർവ്വവും നേരിട്ടു നൽകുന്ന ഓക്സിജന്റെ പ്രവർത്തനങ്ങളെ തടയണമോ?! തടയാനായി ഓക്സിജൻ സ്വയം ചെയ്യുന്നതായ ശ്വസനത്തെ വേണ്ടെന്നു വയ്ക്കണമെങ്കിൽ, ആത്മഹത്യ ചെയ്യാനോ മറ്റാർക്കെങ്കിലും കൊല്ലാനോ ആപത്തിൽ പെടാനോ ഓക്സിജൻ തന്നെ അനുവദിക്കണം!

മിനുട്ടിൽ ഏറെക്കുറെ 18 തവണയെന്ന് ഓക്സിജൻ തന്നെ നിശ്ചയിച്ച് ശ്വാസോച്ഛ്വാസം ചെയ്യുമ്പോൾ, മനുഷ്യരുടെ ചിന്തകളെ പ്പോലും മഹാശാസ്ത്ര പരമായി ഓക്സിജൻ അറിയുകയാണ്. ചന്ദ്രനിൽ പോയാലും, സമുദ്രത്തിന്റെ ആഴങ്ങളിൽ പോയാലും, ഓക്സിജനെ ക്കൂടി കൊണ്ടുപോകണം. അപ്പോഴും ഓക്സിജൻ സ്വത്വത്തിന്റെ ചിന്തകളെ പ്പോലും അറിയുകയും ശരീരത്തിൽ എപ്പോഴും പ്രവർത്തിക്കുകയുമാണ്.

മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രം പ്രകാരം ആത്മാവിനെ ശരീരത്തിൽ നിന്നും പുറത്താക്കി ജീവിക്ക് തജ്ജന്മത്തിലെ മരണത്തെ സമ്മാനിക്കുന്നതിലും ഓക്സിജൻ കാര്യമോ കാരണമോ ആണ്. ജീവികളുടെ ശവശരീരങ്ങളെ ജീർണ്ണിപ്പിക്കാനും വീണ്ടും മൂലകങ്ങളും മണ്ണായ ഭൂമിയുമായി പരിണമിപ്പിക്കാനും ഓക്സിജൻ വേണം.! സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ദൈവമായും, ദൈവമായ ഭൂമിയുടെ സ്വത്വമായും, വാതക രൂപമായും ഓക്സിജനെ കണക്കാക്കിയാൽ, ജീവികൾക്ക് ഓക്സിജൻ സമ്പൂർണ്ണ സ്വാതന്ത്ര്യം നൽകുന്നതും കാണാം.

## ശരീരത്തെ നിയന്ത്രിക്കാനും ശരീരത്തിലെ പ്രവർത്തനങ്ങളെ തടയാനും യഥാർത്ഥത്തിൽ കഴിയില്ല!

ഓക്സിജൻ മഹാവാത്സല്യത്തോടെ ജീവികളെ സ്നേഹിക്കുന്നതും, ജീവികൾക്കു വേണ്ടി ജീവികളെ ഭരിക്കുന്നതും മുകളിൽ വിവരിച്ചതാണ്. ശരീരത്തിന്റെ കാര്യവും അങ്ങനെ തന്നെയാണ്. ഓക്സിജൻ ഭൂമിയുടെ സ്വത്വമാണെങ്കിൽ, ശരീരത്തിലെ അവയവങ്ങൾ ഭൂമിയുടെ അംശമായ മൂലകങ്ങളുടെ രൂപാന്തരങ്ങൾ മാത്രമാണ്. ആനന്ദങ്ങൾക്കെല്ലാം അതീതമായ മഹാമാതാപിതാക്കളായ ശിവയും ശിവനും, ഭൂമിയായി അവതരിച്ചു കൊണ്ടും, സ്വന്തം അംശമായ ശരീര-അവയവങ്ങളെയും ശരീര-ഭാഗങ്ങളെയും സൃഷ്ടികളും കുഞ്ഞുങ്ങളുമായ ആത്മാക്കൾക്കു നൽകിയും; ശരീരങ്ങളിൽ പ്രവർത്തിച്ചും മാറ്റങ്ങളെ ഉണ്ടാക്കിയുമാണ് ആത്മാക്കളുടെ മേൽ സ്നേഹവാത്സല്യങ്ങളെ ചൊരിയുന്നതും ആവശ്യമെങ്കിൽ ശിക്ഷിച്ചു തിരുത്തുന്നതും. ദൈവമായ ഭൂമിയുടെ അംശമാകയാൽ ശരീരാവയവങ്ങളും ശരീരഭാഗങ്ങളും ആനന്ദങ്ങൾക്കെല്ലാം അതീതമാണ്. ജഡമായി ഭാവിച്ചുകൊണ്ട് ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളെയെല്ലാം സേവിക്കുന്ന ഭൂമിയുടെ സ്വത്വമായ ഓക്സിജനെയും, ഭൂമിയുടെ അംശമായ മൂലകങ്ങളെയും രൂപാന്തരമായ ശരീരങ്ങളെയും അവയുടെ മൊത്തമായ പ്രദേശങ്ങളെയും ഭൂമിയെത്തന്നെയും വേദനിപ്പിക്കാനോ സ്നേഹിക്കാനോ പ്രീതിപ്പെടുത്താനോ വിശേഷ ബുദ്ധി ലഭിച്ചിട്ടില്ലാത്ത മറ്റുള്ള ജീവികൾക്ക് കഴിയില്ല. ഭൂമിയുടെ പൊന്നോമന കുഞ്ഞുങ്ങളായ മറ്റു മനുഷ്യരെയും മറ്റുള്ള ജീവികളെയും സ്നേഹിക്കുകയും ബഹുമാനിക്കുകയും സഹായിക്കുകയും ചെയ്യുക മാത്രമാണ് മഹാമാതാവിനെ പ്രീതിപ്പെടുത്താനുള്ള ഏക മാർഗ്ഗമെന്ന് മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ശാസ്ത്ര നിയമങ്ങൾ പ്രകാരം മനുഷ്യർക്ക് മനസ്സിലാക്കാൻ കഴിയും. അതല്ലാതെ ശരീരത്തെയോ ഭൂമിയെയോ വേദനിപ്പിക്കാൻ തുനിഞ്ഞാൽ വേദനിക്കുന്നത് ശരീരത്തിന്റെ താൽക്കാലിക ഉടമയായ സ്വത്വത്തിനും ഇഷ്ടജനങ്ങൾക്കും മാത്രമായിരിക്കും.

ശരീരത്തിലെ അവയവങ്ങൾ ആത്മാവിന് ശക്തികളും ശാസ്ത്രങ്ങളും ആനന്ദങ്ങളും സ്വാതന്ത്ര്യങ്ങളും ശരണവുമെല്ലാം നേരിട്ടു നൽകുന്ന ഉപാധികൾ കൂടിയാണെന്നറിഞ്ഞ് ശരീരത്തിന്റെയും സ്വത്വമായ ഓക്സിജന്റെയും പ്രവർത്തനങ്ങൾക്ക് തടസ്സം ഉണ്ടാക്കാൻ ആത്മാക്കൾ ആഗ്രഹിക്കാൻ പോലും പാടില്ല. ആത്മാക്കൾക്കു വേണ്ടി പ്രവൃത്തി ചെയ്യുന്നത് ശരീരവും ഓക്സിജനും ആയിരിക്കെ അവയെ ഭരിക്കാനാവില്ല.

ശരീരവും ഓക്സിജനും ചേർന്ന് വിശപ്പ് ഉണ്ടാക്കുമ്പോൾ ഭക്ഷണം കഴിക്കേണ്ടത് ആത്മാവിന്റെ ധർമ്മമാണ്; ആത്മാവിനു വേണ്ടിയാണ്. ആത്മാവിനെ സൃഷ്ടിക്കുന്നത് ആത്മാവിന് ജീവിക്കാനും, ജീവിക്കുന്നത് ആനന്ദിക്കാനുമാണ്, അതിനുള്ള ഉപാധിയായി ദൈവാംശമായ ശരീരത്തെ സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തോടെ നൽകിയിരിക്കുകയാണ്. ദാനമായി കിട്ടിയ ശരീരത്തെ ഉപയോഗപ്പെടുത്തി ആനന്ദിച്ചു ജീവിക്കുകയേ വേണ്ടൂ. ഭൂമിയുടെ മറ്റു കുഞ്ഞുങ്ങളുടെ ആനന്ദത്തെ തട്ടിയെടുക്കുകയോ നശിപ്പിക്കുകയോ ചെയ്യരുത്. എങ്ങനെയാണ് ജീവിക്കേണ്ടത് എന്നതിനെ വിശദമാക്കുന്ന ധർമ്മ ശാസ്ത്രത്തെയും, മൂലകങ്ങളിലും ജീവികളുടെ ശരീരങ്ങളിലും ലയിച്ചിരിക്കുന്ന ഭൗതിക ശാസ്ത്രത്തോടൊപ്പം ലയിപ്പിച്ചാണ് മൂലകങ്ങളെയും ജീവികളുടെ ശരീരങ്ങളെയും സൃഷ്ടിച്ചിരിക്കുന്നത്. എന്നു വെച്ചാൽ ധർമ്മശാസ്ത്ര നിയമങ്ങൾക്കും ഭൗതികമായ അസ്തിത്വം ഉണ്ട്.

ലഭ്യമായ വിശേഷ ബുദ്ധിയെ ശാസ്ത്ര പരമായി ഉപയോഗിക്കാതെ മനുഷ്യർക്ക് തോന്നുംപടി ഭൗതിക അസ്തിത്വം ഇല്ലാത്ത കോപ്രായങ്ങളെ തട്ടിക്കൂട്ടിയതാണ് ഭൂമിയിലെ മനുഷ്യർക്കെല്ലാം സംഭവിച്ച ധാർമ്മികമായ അധഃപതനങ്ങൾക്ക് കാരണം. മനുഷ്യർ തട്ടിക്കൂട്ടിയ വ്യത്യസ്തങ്ങളായ മതജാതി-വർഗ്ഗ-രാഷ്ട്രീയ-ദേശീയ ആശയങ്ങളും വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് ഭൂമി നൽകുന്ന ശരീരത്തിലെ അവയവങ്ങൾക്ക് വ്യത്യാസങ്ങളെ ഉണ്ടാക്കുന്നില്ല. ശരീരത്തിലെ സ്ത്രീ പുരുഷ അവയവങ്ങളും, നിറവും, മുഖച്ഛായയും, സൗന്ദര്യവും, ബുദ്ധിശക്തിയും, ഓർമ്മശക്തിയും, തൊഴിൽ-വിനോദ അഭിരുചികളും, ദഹന-വിസർജ്ജന-പ്രത്യുല്പാദന സംവിധാനങ്ങളും, രോഗങ്ങളും രോഗമുക്തിയും ആയുസ്സും ജനനവും മരണവും ജനനസ്ഥലവും, ഭക്ഷണത്തിന്റെയും മരുന്നുകളുടെയും വിഷങ്ങളുടെയുമെല്ലാം രുചിയും മണവും ഗുണവും ഉൾപ്പെടെ സർവ്വവും ഭൂമിയുടെ അംശമായ മൂലകങ്ങളിലും ശരീരങ്ങളിലും ലയിച്ചിരിക്കുന്ന ഭൗതിക ധർമ്മ നീതി ശാസ്ത്രങ്ങളായ ഭൂമിയുടെ മഹാജ്ഞാനവും മഹാശാസ്ത്രവുമായ യഥാർത്ഥ വേദങ്ങൾ പ്രകാരം മാത്രം എക്കാലവും എല്ലായ്പ്പോഴും സംഭവിക്കുമ്പോൾ, ജീവിത നിയമങ്ങളെ സൃഷ്ടിക്കാൻ അവകാശവും അധികാരവും ഇല്ലാത്തവരും അസ്തിത്വം പോലും സ്വന്തമായിട്ട് ഇല്ലാത്തവരുമായ മനുഷ്യർ തട്ടിക്കൂട്ടിയ കോപ്രായങ്ങളെ ചുമന്നു നടന്നതും നടക്കുന്നതും വിശേഷ ബുദ്ധിയെ ലഭിക്കുന്ന മനുഷ്യർക്ക് ചേരില്ല. സാമൂഹിക രോഗങ്ങൾ ഉണ്ടാക്കി ക്കൊണ്ട് മനുഷ്യരൂപത്തിൽ ജീവിക്കുന്ന വ്യത്യസ്ത മതജാതി-വർഗ്ഗ-രാഷ്ട്രീയ-ദേശീയ ജീവികളെ ശരീരത്തിൽ ലയിച്ചിരിക്കുന്ന ന്യൂനശക്തികൾ ശിക്ഷിച്ചുതിരുത്തുന്നതാണ്.

വിശേഷ ബുദ്ധിയെ മനുഷ്യർ ഉപയോഗിച്ചേ മതിയാകൂ. മഹാസത്യവും മഹാശക്തിയും ഭൂമിയുമായ ദൈവം, പൊന്നോമന കുഞ്ഞുങ്ങളായി സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന ഭൂമിയിലെ മനുഷ്യർക്ക് നൽകിയ പരമവിശിഷ്ടമായ മുഖവും മുഖഛായയും കാണിക്കാനുള്ള യോഗ്യതയെ പ്പോലും നഷ്ടപ്പെടുത്തി ക്കൊണ്ട് മാസ്കുകളും ഹെൽമെറ്റുകളും ധരിച്ച് പട്ടികളേക്കാൾ കഷ്ടമായി അസ്വാതന്ത്ര്യം അനുഭവിക്കുന്ന കുഞ്ഞുങ്ങളെ മഹാശാസ്ത്ര പരമായി തിരുത്താൻ കൂടിയാണ് സത്യയുഗം ഉടനെ ആരംഭിച്ചിരിക്കുന്നത്.

വിശേഷ ബുദ്ധിയെ ഉപയോഗിച്ചേ മതിയാകൂ എന്ന് ആവർത്തിക്കുന്നു :- മനുഷ്യൻ ഉൾപ്പെടെ എല്ലാ ജീവികളുടെയും സ്വത്വങ്ങളായ ആത്മാക്കൾക്ക്, ജീവിക്കാൻ ആവശ്യമായ ശരണവും ശക്തികളും ജ്ഞാനവും ആനന്ദങ്ങളും സ്വാതന്ത്ര്യവുമെല്ലാം 'ഭൂമിയുടെ അംശമായ മൂലകങ്ങളിൽ നിന്നും അവയുടെ രൂപാന്തരമായ ജീവികളുടെയെല്ലാം ശരീര അവയവങ്ങളിൽ നിന്നും ദാനമായി ലഭിക്കുകയാണ്. പ്രത്യക്ഷമായും ശാസ്ത്ര പരമായും സംഭവിച്ചു കൊണ്ടിരിക്കുന്ന കാര്യങ്ങളെ മനസ്സിലാക്കാൻ വിശേഷ ബുദ്ധി കൊണ്ട് മനുഷ്യർക്ക് കഴിയുന്നതാണ്. ഒരല്പം ശൂന്യത പോലും സൃഷ്ടിക്കാൻ കഴിവില്ലാത്ത ആത്മാക്കൾക്ക് ശരീരങ്ങളെയോ അവയുടെ മൂലവും ഭൂമിയുടെ അംശവുമായ മൂലകങ്ങളെയോ, ശരീര അവയവങ്ങളുടെ രൂപത്തെയോ പ്രവർത്തനങ്ങളെയോ ചലന-സ്വാതന്ത്ര്യങ്ങളെയോ നിശ്ചയിക്കാനും സൃഷ്ടിക്കാനും കഴിവില്ലെന്നതും വാസ്തവമാണ്. ജീവികളുടെയെല്ലാം ശരീര അവയവങ്ങളെ സൃഷ്ടിക്കുന്നത് ഭൂമിയുടെ അംശമായ മൂലകങ്ങളെ രൂപാന്തരപ്പെടുത്തി ആകയാലും, അവയവങ്ങളുടെ പ്രവർത്തനം പോലും മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ശക്തികളും, ശാസ്ത്ര നിയമങ്ങളും, ആനന്ദങ്ങളും സ്വാതന്ത്ര്യവുമെല്ലാം പ്രകാരം ആകയാലും, അനന്തമായ ശക്തികളാകുന്ന വ്യത്യസ്ത മൂലകങ്ങളുടെ മൊത്തവും മഹാശക്തിയുമായ ഭൂമി, ആത്മാക്കൾക്ക് പ്രത്യക്ഷമായി ത്തന്നെ ശക്തികളും ജ്ഞാനവും ആനന്ദങ്ങളും സ്വാതന്ത്ര്യവുമെല്ലാം നേരിട്ടു നൽകുകയാണെന്നു തെളിയുന്നുണ്ട്. അതായത്, ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതും മഹാസത്യവുമായ ദൈവം, മദ്ധ്യസ്ഥരെ വയ്ക്കാതെ, ജീവികൾക്കു ജീവിക്കാൻ ആവശ്യമായ മഹാശരണവും മഹാശക്തിയും മഹാജ്ഞാനവും അനന്തമായ ആനന്ദങ്ങളും സ്വാതന്ത്ര്യങ്ങളും നേരിട്ടു നൽകാനായിട്ട് അവയെല്ലാം ലയിപ്പിച്ചു കൊണ്ട് ഭൂമി എന്ന മഹാശരീരത്തെ സ്വീകരിക്കുകയും, ശേഷം, ഭൂമിയുടെ അംശമായ മൂലകങ്ങളെ കൊണ്ട് ജീവികൾക്കെല്ലാം ശരീരങ്ങളെ സൃഷ്ടിച്ചു നൽകുകയുമാണ്.

ആത്മാക്കളെ ജനിപ്പിക്കുന്നതും, ജീവിപ്പിക്കുന്നതും, ആത്മാക്കൾ ജീവിക്കുന്നതും, ഭൂമിയിൽ ലഭിക്കുന്നതും ഭൂമി നൽകുന്നതുമായ 'അനന്ത ആനന്ദങ്ങളെ' ധർമ്മ ശാസ്ത്ര പരമായി അനുഭവിക്കാനാണ്. ഭൂമിയിൽ നിന്നും ലഭിക്കുന്ന അനന്തമായ ആനന്ദങ്ങൾ ഭൂമി നൽകുന്ന ദാനം കൂടി ആകയാൽ, വിശേഷ ബുദ്ധിയെ ലഭിക്കുന്ന മനുഷ്യാവസ്ഥയിൽ ഭൂമിയിലെ ആനന്ദങ്ങളെ സമമായി അനുഭവിക്കാൻ പരിശ്രമിക്കേണ്ടത് ഭൂമിയുടെ കുഞ്ഞുങ്ങളായ എല്ലാ മനുഷ്യരുടെയും ചുമതലയാണ്. മനുഷ്യർക്ക് അന്യോന്യവും, ഭൂമിയോടുമുള്ള ബാദ്ധ്യതയാണ്.

മനുഷ്യർക്കു ദാനമായി ലഭിച്ച വിശേഷ ബുദ്ധിയെ ദുരുപയോഗം ചെയ്ത് മനുഷ്യർ തട്ടിക്കൂട്ടിയ മത-ജാതി-രാഷ്ട്രീയ-വർണ്ണ-വർഗ്ഗ-ദേശീയ ലേബലുകളും അവ പ്രകാരമുള്ള നിയമങ്ങളും വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും ജീവിക്കാൻ ആവശ്യമില്ലെന്നതിന് വിശേഷ ബുദ്ധിയെ ലഭിക്കാത്ത മറ്റുള്ള ജീവികളുടെ ജീവിതം സാക്ഷ്യമാണ്. മറ്റുള്ള ജീവികളുടെ ഇടയിൽ മത-ജാതി-രാഷ്ട്രീയ-വർണ്ണ-വർഗ്ഗ-ദേശീയ ലേബലുകളും അവ പ്രകാരമുള്ള തെമ്മാടിത്തരങ്ങളുമില്ല. ഉദാഹരണത്തിന്; (1) എല്ലാ ജീവികളുടെയും സൃഷ്ടിക്കും നിലനില്പിനും അടിസ്ഥാന ഘടകങ്ങളായി പ്രവർത്തിക്കുന്ന ഓക്സിജൻ, ജലം, മണ്ണ് എന്നിവയ്ക്കും, അവയുടെ രൂപാന്തരവും ജീവികളുടെ ഊർജ്ജ സ്രോതസ്സും ഏറ്റവും വലിയ ആനന്ദവുമായി ആവിഷ്ക്കരിച്ചിരിക്കുന്ന ഭക്ഷണ സാധനങ്ങൾക്കും, ആത്മാക്കൾക്കു ലഭിക്കുന്ന ഭക്ഷണ-ആനന്ദങ്ങൾക്കും, ആത്മാക്കൾ തട്ടിക്കൂട്ടിയ മത-ജാതി-രാഷ്ട്രീയ-വർണ്ണ-വർഗ്ഗ-ദേശീയ ലേബലുകളും അവ പ്രകാരമുള്ള ദോഷത്തങ്ങളും തെമ്മാടിത്തങ്ങളും വിഷയങ്ങളല്ല. ജനനം മുതൽ മരണംവരെ മുഖവും മുഖഛായയും ഉൾപ്പെടെ ശരീരത്തിലെ അവയവങ്ങൾക്ക് നിരന്തരമായി സംഭവിച്ചു കൊണ്ടിരിക്കുന്ന മാറ്റങ്ങളും വളർച്ചയും മത-ജാതി-രാഷ്ട്രീയ-വർണ്ണ-വർഗ്ഗ-ദേശീയ ലേബലുകളും പ്രകാരമല്ല. നിത്യ ജീവിതത്തിലെ മറ്റു കാര്യങ്ങളെ നോക്കിയാലും അടിസ്ഥാന പരമായി മാറ്റമില്ല. : (2) മറ്റു ജീവികൾക്കെന്ന പോലെ, മനുഷ്യർക്കും വിശക്കുമ്പോൾ ആഹാരം ലഭിച്ചാൽ മതി; വിശപ്പ് മാറിയാൽ മതി. ഭക്ഷണം തരുന്നവരുടെ 'മത-ജാതി-രാഷ്ട്രീയ-വർണ്ണ-വർഗ്ഗ-ദേശീയ ലേബലുകൾ' വിഷയങ്ങളല്ല. (3) ദാഹിക്കുമ്പോൾ വെള്ളം ലഭിക്കണം. വെള്ളം തരുന്നവരുടെ 'മത-ജാതി-രാഷ്ട്രീയ-വർണ്ണ-വർഗ്ഗ-ദേശീയ ലേബലുകൾ' യഥാർത്ഥത്തിൽ വിഷയങ്ങളല്ല. (4) ജീവികളുടെയെല്ലാം പരമാനന്ദമായി ശരീരവും മൂലമായ മൂലകങ്ങളും മൊത്തമായ ഭൂമിയും നിശ്ചയിച്ചിരിക്കുന്നത് ആത്മാക്കൾ സ്വയം മറന്നും ഇണയെ മാത്രം ഓർക്കുന്നതുമായ കാമ ആനന്ദമാണ്.

കാമആനന്ദത്തെ ലഭിക്കാനും, ഇണ ചേരാനും, വ്യഭിചരിക്കാനും, സ്വയംഭോഗം ചെയ്യാനുമെല്ലാം മറ്റു ജീവികൾക്കെന്ന പോലെ മനുഷ്യർക്കും ഇണയെയോ ഇണയുടെ സങ്കല്പത്തെയോ വേണം എന്നല്ലാതെ സ്ത്രീയുടെയോ പുരുഷന്റെയോ (പെണ്ണിന്റെയോ ആണിന്റെയോ) 'മത-ജാതി-രാഷ്ട്രീയ-വർണ്ണ-വർഗ്ഗ-ദേശീയ ലേബലുകൾ' വിഷയങ്ങളല്ല. (5) മനുഷ്യർക്ക് അറിവ് ലഭിക്കണം എന്നല്ലാതെ വിദ്യാഭ്യാസം നൽകുന്ന ഗുരുവിന്റെ 'മത-ജാതി-രാഷ്ട്രീയ-വർണ്ണ-വർഗ്ഗ-ദേശീയ ലേബലുകൾ' വിഷയങ്ങളല്ല. (6) രോഗങ്ങൾ, അപകടങ്ങൾ തുടങ്ങിയവ കൊണ്ട് ജീവിതം വഴിമുട്ടുമ്പോൾ, കാലത്തിനൊത്തും ശാസ്ത്ര സാങ്കേതിക വികസനത്തിന് അനുസരിച്ചും അന്യശരീരങ്ങളിലെ രക്തം, കിഡ്നി, കരൾ, ഹൃദയം തുടങ്ങിയവ സ്വീകരിച്ചുകൊണ്ട് തജ്ജന്മ ജീവിതം തുടരുന്നവർക്ക് അവ നൽകുന്നവരുടെയോ ഡോക്ടർമാരുടെയോ 'മത-ജാതി-രാഷ്ട്രീയ-വർണ്ണ-വർഗ്ഗ-ദേശീയ ലേബലുകൾ' വിഷയങ്ങളല്ല. ജീവനും ജീവിതവുമാണ് പ്രധാനമെന്ന് അവർ മനസ്സിലാക്കുന്നു. ആത്മാക്കളെ വഹിക്കുന്ന ജീവി-ശരീരങ്ങളിലെ രോഗങ്ങൾ മാത്രമല്ല; (7) മരുന്നുകൾ, രോഗമുക്തി, ലഹരി (വസ്തുക്കൾ) തുടങ്ങിയവയുടെ സൃഷ്ടിയും സ്ഥിതിയും മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ശക്തികളും ജ്ഞാനമാകുന്ന ശാസ്ത്രങ്ങളും ആനന്ദങ്ങളും സ്വാതന്ത്ര്യവുമെല്ലാം പ്രകാരം ആണെന്നും, അവയെല്ലാമാണ് ആത്മാക്കളെ ഭരിക്കുന്ന ഘടകങ്ങളെന്നും, അവയെല്ലാം ആത്മാക്കൾക്കു വേണ്ടി പ്രവർത്തിക്കുകയാണെന്നും വിശകലനം ചെയ്താൽ മനസ്സിലാക്കാം.

(8) മനുഷ്യരുടെയെല്ലാം ജീവിതത്തിലെ കൊടുക്കൽ വാങ്ങലുകൾ, ചിരി, കരച്ചിൽ, വേദനകൾ, വിനോദം, തമാശകൾ, ജനനം, പ്രത്യുല്പാദനം, രോഗങ്ങൾ, അപകടങ്ങൾ, മരണം തുടങ്ങിയവ മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കൾ തട്ടിക്കൂട്ടിയ മത-ജാതി-രാഷ്ട്രീയ-വർണ്ണ-വർഗ്ഗ-ദേശീയ ലേബലുകളും പ്രകാരമല്ല സംഭവിക്കുന്നത്. അതായത്, മനുഷ്യർക്കും മറ്റുള്ള ജീവികൾക്കും ജീവിക്കാൻ ആവശ്യമായ കാര്യങ്ങളിൽ മത-ജാതി-രാഷ്ട്രീയ-വർണ്ണ-വർഗ്ഗ-ദേശീയ ലേബലുകൾ പെടുന്നില്ല. രോഗങ്ങളുണ്ടാക്കുന്ന വൈറസ് പോലെയുള്ളവയെ ഭയന്ന് വ്യത്യസ്ത മത-ജാതി-ദേവാലയങ്ങളും രാഷ്ട്രീയ-പാർട്ടി ആഫീസുകളും പൂട്ടിയിട്ടു കൊണ്ട് ജനങ്ങളും നേതാക്കളും ഓടി ഒളിക്കുമ്പോൾ വസ്തുതകൾ സുവ്യക്തമാണ്. ദാസന്മാർ, പ്രവാചകർ, ദേവതകൾ തുടങ്ങി ദൈവം നൽകിയാൽ മാത്രം അസ്തിത്വവും ശക്തിയും നേടുന്ന സൃഷ്ടികളിൽ നിന്നും മഹാസത്യവും, ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയും, ഭൂമിയുമായ ദൈവത്തിന് യാതൊരു സഹായികളെയും ആവശ്യമില്ല; സഹായവും ആവശ്യമില്ല.

ദൈവമായ ഭൂമിയുടെ അംശമായ മൂലകങ്ങളും അവയുടെ സംയുക്തങ്ങളും രൂപാന്തരമായ ശരീരാവയവങ്ങളും ആത്മാക്കൾക്ക് വിശപ്പിനെ നൽകുമ്പോൾ, മത-ജാതി-വർഗ്ഗ-രാഷ്ട്രീയ-ദേശീയ ജീവികളായ മനുഷ്യരൂപികൾ തട്ടിക്കൂട്ടിയ കോപ്രായങ്ങളുടെ അടിസ്ഥാനത്തിൽ ഭക്ഷണ പാനീയങ്ങളെ വർജ്ജിക്കുന്നതും ചിട്ടകൾ വയ്ക്കുന്നതും കടുത്ത ദൈവ നിന്ദയാണ്. ശരീരവും ഭൂമിയുടെ സ്വത്വമായ ഓക്സിജനും വിശപ്പിനെ സൃഷ്ടിക്കുമ്പോൾ, ആത്മാക്കൾക്കു നൽകുന്ന സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തെ ഒരല്പം കുറച്ചതായി തോന്നാം. വിശപ്പിനെ ഉണ്ടാക്കുന്നതും, ആത്മാക്കളെ ഭക്ഷണം കഴിക്കാൻ പ്രേരിപ്പിക്കുന്നതും ആത്മാക്കൾക്കു വേണ്ടി മാത്രമാണ്. ഭൂമിയിലെ മൊത്തം ആനന്ദങ്ങളെ 100 അളവുകളായി വിഭജിച്ചു കൊണ്ടും, ആനന്ദങ്ങളുടെ 40 ശതമാനത്തെ ഭക്ഷണ സാധനങ്ങളിലായി മാറ്റിവെച്ചും, ഒരു തവണത്തെ ഭക്ഷണത്തിൽ നിന്നും ആത്മാക്കൾക്കു ലഭിക്കുന്ന പരമാവധി ഭക്ഷണ ആനന്ദത്തെ 5 അളവുകളായി നിശ്ചയിച്ചും മനുഷ്യരുടെ പ്രധാന ആനന്ദമായിട്ട് ഭക്ഷണ ആനന്ദത്തെ ഭൂമി ആവിഷ്ക്കരിച്ചിരിക്കുകയാണ്. ഭക്ഷണ ആനന്ദത്തെ നൽകുന്നത് ദൈവാംശമായ മൂലകങ്ങളും അവയുടെ സംയുക്തങ്ങളും രൂപാന്തരമായ മറ്റുള്ള ജീവികളുടെ ശരീര ഭാഗങ്ങളും ആകയാൽ, ഭക്ഷണത്തെയും പര്യായമായ അന്നത്തെയും പരബ്രഹ്മം എന്ന് ഭക്ഷണശാസ്ത്രം പ്രകാരം ഭാഗികമായി വിശേഷിപ്പിക്കാവുന്നതാണ്. ദൈവാംശമായ ഭക്ഷണവും, അതിലൂടെ സർവ്വ പ്രധാനമായ ഭക്ഷണാനന്ദവും മഹാശക്തിയും ദൈവവുമായ ഭൂമി നൽകുമ്പോൾ, അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ദുരനുഷ്ഠാനങ്ങളും തട്ടിപ്പുകളുമായ വ്രതം, നോയമ്പ്, മാങ്ങാത്തൊലി തുടങ്ങിയവയുടെ പേരിൽ ദൈവമായ ഭൂമിയുടെ ഇഷ്ടമായ മഹാശാസ്ത്രത്തിനു വിരുദ്ധമായി പ്രവർത്തിക്കുന്നത് കടുത്ത ദൈവനിന്ദയാണ്; ദൈവ ശിക്ഷയുണ്ട്; അന്ധവിശ്വാസങ്ങൾക്ക് പ്രസ്തുത വ്രതങ്ങളും ശിക്ഷയായി ഭവിച്ചെന്നുവരും. വിശപ്പിനെ നൽകുമ്പോൾ ഭക്ഷണം കഴിക്കാത്തവർ, ദൈവമായ ഭൂമിയും അംശമായ ശരീരവും വിസർജ്ജനത്തെ മുട്ടിക്കുമ്പോൾ വിസർജ്ജിക്കാതെയും, ഛർദ്ദിക്കാൻ മുട്ടിക്കുമ്പോൾ ഛർദ്ദിക്കാതെയും, തുമ്മൽ മുട്ടിക്കുമ്പോൾ തുമ്മാതെയും ശ്രദ്ധിക്കുമോ !? വിശേഷ ബുദ്ധിയെ ലഭിക്കാത്ത പട്ടികളെയും പൂച്ചകളെയുമൊക്കെ കണ്ടു പഠിക്കണം.

ദൈവശിക്ഷയുടെ ഭാഗമായും അല്ലാതെയും രോഗങ്ങളിൽ പെടുന്നവർ ഭക്ഷണ വ്രതങ്ങളെയും നിയന്ത്രണങ്ങളെയും സ്വീകരിക്കേണ്ടത് വ്യക്തിപരമായ വൈദ്യശാസ്ത്ര ആവശ്യങ്ങൾ മാത്രമാണ്. അവയെ സാമൂഹികവും ദൈവാവശ്യങ്ങളുമായി മാറ്റിയത് ദൈവനിന്ദയായി !

## യോഗയും വ്യായാമവും മറ്റ് ശാരീരിക-അഭ്യാസങ്ങളും

യോഗയും വ്യായാമങ്ങളും മറ്റും ചെയ്ത് ശരീരത്തെ കൂടുതൽ ശക്തിപ്പെടുത്താൻ അനേകർ പരിശ്രമിക്കുകയും സമയവും പണവും മറ്റും വിനിയോഗിക്കുകയും ചെയ്യുന്നുണ്ട്. മറ്റുള്ള ജീവികൾ ഏതായാലും യോഗ ചെയ്യുന്നില്ല. ഭൂമിയിൽ ഇന്നുള്ള ഏറെക്കുറെ 850 കോടി ജനങ്ങളും ദിവസവും ഭക്ഷണം കഴിക്കുകയും വിസർജ്ജനം ചെയ്യുകയും ശുചികാര്യങ്ങൾ നിവർത്തിക്കുകയും ചെയ്യുന്നവരാണ്. ശരീരം ആത്മാക്കൾക്ക് ഏർപ്പെടുത്തിയ ചുമതലകൾ പ്രകാരം, ആത്മാക്കളുടെ ആനന്ദങ്ങളും ശക്തികളും ജ്ഞാനവും വർദ്ധിപ്പിക്കുന്നതിനു വേണ്ടി, ചുരുക്കത്തിൽ, ആത്മാക്കൾക്കു വേണ്ടി ചെയ്യുന്നവയാണവ. യോഗയും ധ്യാനവും വ്യായാമവും അതുപോലുള്ളവയും ഏർപ്പെടുത്തിയത് ശരീരമല്ല.

ഓരോ ആത്മാവിനും ഓരോ ദൈവം എന്ന പോലെ ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് എല്ലാ ജന്മങ്ങളിലും മഹാനീതി ശാസ്ത്രമായ ഓംകാര നീതിശാസ്ത്രം പ്രകാരം സ്ത്രീ പുരുഷ ശരീരാവയവങ്ങളെയും ജീവി-രൂപം ഉൾപ്പെടെയുള്ള ജന്മഗുണങ്ങളെയും, ജീവിക്കാൻ ആവശ്യമായ മറ്റു ശക്തികളെയും ശാസ്ത്രങ്ങളെയും ആനന്ദങ്ങളെയും നേരിട്ടു ലഭ്യമാക്കാനായി ഭൂമിയുടെ അംശമായ മൂലകങ്ങളിൽ നിന്നും അവയുടെ സംയുക്തങ്ങളിൽ നിന്നും ഭൂമിയുടെ സ്വത്വമായ ഓക്സിജന്റെ ഇഷ്ടാനുസരണം രൂപപ്പെടുന്ന ദൈവാംശമാണ് ശരീരം.

ദൈവാംശമായ ശരീരം കുഞ്ഞുങ്ങളായ ആത്മാക്കളുടെ സ്വാതന്ത്ര്യവും ആനന്ദങ്ങളും വർദ്ധിപ്പിക്കുന്നതിനു വേണ്ടി ജഡമായി ഭാവിക്കുന്നുണ്ട്; എന്നല്ലാതെ ജഡമല്ല. എല്ലാ ആത്മാക്കളുടെയും എല്ലാ ജന്മങ്ങളിലും ജീവികളായി ജനിപ്പിക്കുകയും മഹാനീതി നടപ്പാക്കുകയും ചെയ്യുന്ന ശരീരത്തെ യോഗ ചെയ്യുന്നവർ എങ്ങനെയാണ് കണക്കാക്കിയിരുന്നത് എന്നും കണക്കാക്കേണ്ടതെന്നും അവർ തന്നെ വിശകലനം ചെയ്യണം.

പ്രമേഹം പോലുള്ള രോഗങ്ങളുടെ ചികിത്സയിൽ ചില ഭക്ഷണങ്ങൾക്ക് നിയന്ത്രണങ്ങളെ ഏർപ്പെടുത്തി, ആത്മാവിനെ ദൈവാംശമായ ശരീരം നിയന്ത്രിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്നുണ്ട്. അങ്ങനെ ചെയ്യുന്നത് വ്യക്തിയെ/ആത്മാവിനെ രക്ഷിക്കാനാണെന്ന് ഡോക്ടറും രോഗിയും കരുതുന്നു! ആത്മാവിനെ ശരീരം ശിക്ഷിക്കുന്നത് മഹാവാത്സല്ല്യത്തോടെ (തിരുത്താനും) രക്ഷിക്കാനുമായി മാറുന്നു ! അതേപോലെ അസ്ഥികൾക്ക് പൊട്ടലും, ഒടിവും മറ്റും ഉണ്ടാകുമ്പോൾ വൈദ്യശാസ്ത്ര പരമായ വ്യായാമങ്ങളും മറ്റും വേണ്ടി വരും. ഭക്ഷണത്തിന്റെ കാര്യത്തിൽ എന്ന പോലെ അത് വ്യക്തിപരമാണ്; സാമൂഹികമായി എല്ലാവരും ചെയ്യേണ്ടതല്ല.

മനുഷ്യന്റെ ആത്മാവിനു വേണ്ടി പ്രവർത്തിക്കുന്ന ശരീരം വിശപ്പ്, വേദന, രോഗങ്ങൾ, വിസർജ്ജനം തുടങ്ങിയവയെ യഥാകാലം ആത്മാവിനെ അറിയിക്കുന്നുണ്ട്. യാദൃശ്ചികമായ പരിശോധന ഉദാഹരണമാണ്. അറിയിക്കാതിരുന്നാൽ തക്കതായ കാരണമുണ്ടാകും. സൃഷ്ടി പരമായ വിധി പ്രകാരമുള്ള ആയുസ്സ്, സ്ഥിതി പരമായ വിധി പ്രകാരം ആത്മാവിന് ധാർമ്മികമായ പിഴവുകളും ശിക്ഷയും കൊണ്ട് സംഭവിച്ച അയോഗ്യത, ഉൾപ്പെടെയുള്ള കാരണങ്ങൾ പ്രസക്തമാണ്.

ഓംകാര നീതിശാസ്ത്രം പ്രകാരം ആത്മാവിന് ധർമ്മശാസ്ത്ര പരമായി ജീവിക്കാൻ ആവശ്യമായ ശക്തികളും ശാസ്ത്രങ്ങളും വേദനകൾ ഉൾപ്പെടെയുള്ള ആനന്ദങ്ങളും നൽകുന്നതിനു വേണ്ടി ആത്മാവിന്റെ മഹാദാസരായി മഹാമാതാപിതാക്കളായ ശിവയും ശിവനും ശരീരം എന്ന പേരിൽ ഒപ്പം കൂടിയിരിക്കുകയാണ്. കൈകാലുകൾ, വിരലുകൾ, കഴുത്ത്, കീഴ്ത്താടി, ചുണ്ടുകൾ, കവിളുകൾ, കൺപോളകൾ എന്നിങ്ങനെ ചില അവയവങ്ങൾക്ക് ശരീരത്തിന്റെ മൂലമായ ഭൂമിയും ഓക്സിജനും നൽകുന്ന ഭാഗികമായ ചലനസ്വാതന്ത്ര്യം കൊണ്ടു തന്നെ സമ്പൂർണ്ണ സ്വാതന്ത്ര്യത്തെ അനുഭവിക്കുന്ന പ്രതീതി മനുഷ്യരുടെ ആത്മാക്കൾക്കു ലഭിക്കുന്നുണ്ട്. ഓരോ മനുഷ്യനെയും വളർത്തി വലുതാക്കിയ മാതാപിതാക്കളെയും ഉറ്റവരെയും സ്നേഹിക്കുന്നതും പരിചരിക്കുന്നതുമാവണം മുഖ്യ വ്യായാമം.

പോലീസ് സേനയിലെ അംഗങ്ങൾക്കും മറ്റും ശരീരത്തിലെ അവയവങ്ങൾ പൊതുവായി നൽകുന്ന സ്വാതന്ത്ര്യവും ശക്തികളും പോരാതെ വരും. ജനങ്ങളുടെ ചിലവിൽ ജനങ്ങളുടെ ദാസരായി ജനങ്ങളെ സേവിക്കാൻ ബാദ്ധ്യസ്ഥരായ അവർ പലതരത്തിലുള്ള വ്യായാമ മുറകൾ നിരന്തരം അഭ്യസിക്കേണ്ടത് അവരുടെ തൊഴിൽ പരമായ ആവശ്യമാണ്. രാജാവിന്റെയും മന്ത്രിമാരുടെയും ജനസേവനത്തിൽ അത്തരം വ്യായാമങ്ങളെ അഭ്യസിക്കേണ്ടതായ ആവശ്യമില്ല. അജ്ഞാനം, പൊങ്ങച്ചം, കാപട്യം, തുടങ്ങിയവ നിമിത്തം അത്തരം വ്യായാമങ്ങളിൽ ധർമ്മശാസ്ത്ര വിരുദ്ധമായ ഭ്രമം ഉണ്ടെങ്കിൽ, സ്വന്തം ചിലവിൽ ചെയ്യാവുന്നതാണ്.

രാജാവിന്റെയും മന്ത്രിമാരുടെയും മറ്റും വ്യായാമ ഭ്രമം കൂടിയാൽ ജനസേവകനായ രാജാവ്, മന്ത്രി തുടങ്ങിയ പദവികളിൽ നിന്നും ജനസേവകനായ പോലീസുകാരനായി സ്വയം മാറുകയോ മാറ്റുകയോ ചെയ്യേണ്ടതാണ്. **ഓം** മുഴക്കിയുള്ള ദൈവ വിപ്ലവത്തോടെ സത്യയുഗം ആരംഭിക്കുമ്പോൾ എല്ലാ സാമൂഹിക സേവനവുമായി ബന്ധപ്പെട്ട എല്ലാ തൊഴിലുകൾക്കും സമപദവിയും തൊഴിലാളികൾക്ക് സമവേതനവും നടപ്പാക്കുമ്പോൾ തൊഴിൽ അഭിരുചി, വ്യായാമ ഭ്രമം തുടങ്ങിയവ സംബന്ധിച്ച ആശയക്കുഴപ്പം അവസാനിക്കുന്നതാണ്.

രാജാവും മന്ത്രിമാരും പൊതുസേവകരായ ഉദ്യോഗസ്ഥരും വ്യായാമം ചെയ്യേണ്ടത് പൊതുനിരത്തുകൾ, ആശുപത്രികൾ, സത്രങ്ങൾ, തുടങ്ങിയവ ഒറ്റയ്ക്കും കൂട്ടമായും ശുചിയാക്കി ആവണം. ഊർജ്ജം പാഴാക്കുക പോലും ചെയ്യുന്ന കോപ്രായങ്ങൾ പിൻപറ്റാതെ കൃഷിക്കാർ ഉൾപ്പെടെ അനേകം തൊഴിലാളികൾ ഇന്നും എന്നും ദൈവീകമായി വ്യായാമം ചെയ്യുന്നതിനെ മറ്റുള്ളവർക്ക് കണ്ടുപഠിക്കാവുന്നതാണ്. അതിരാവിലെ മണ്ണായ ഭൂമിയിൽ കൂന്താലിയും തൂമ്പയുമായും, ചിലപ്പോൾ, കാളകളെ കൂടെക്കൂട്ടിയും, കൃഷിപ്പണികൾ ചെയ്യുന്നതും, കോടാലി കൊണ്ട് വിറക് കീറുന്നതും, ഗോക്കളുടെ പാലനവും ഒക്കെയാണ് ദൈവീകമായ മറ്റ് മുഖ്യവ്യായാമങ്ങൾ. സാമാനങ്ങൾ വാങ്ങാൻ ചന്തയിലും കടകളിലും മറ്റും ചെരുപ്പിടാതെ നടന്നു പോകണം; ചുമ്മാതെ നടക്കണ്ട. ദൈവീകമായ ദേവാലയങ്ങൾ നാട്ടിൽ ഉണ്ടാകുമ്പോൾ, അവിടെയും പോയി കൃഷി ചെയ്യാം. പശുക്കളെയും ആടുകളെയും ധർമ്മശാസ്ത്ര പരമായി വളർത്തുകയും പരിചരിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നവർക്കു മാത്രമാണ് പാലും പാൽ ഉത്പന്നങ്ങളും ഉപയോഗിക്കാനുള്ള യോഗ്യതയുള്ളത്. പശുക്കളെ വാങ്ങാനും വിൽക്കാനും പാടില്ല; ദാനം ചെയ്യാവുന്നതാണ്.

ഭൂമിയുടെ കുഞ്ഞുങ്ങൾ മത്സരിക്കാൻ പാടില്ല. മത്സരം ദൈവീകമല്ല. ദൈവമായ ഭൂമിയുടെ അംശമായ ശരീരാവയവങ്ങളിൽ ലയിച്ചിരിക്കുന്ന ശക്തികളെ ക്കൂടിയാണ് ആർത്തി, ദുഷ്ക്കീർത്തി, ദുസ്വാർത്ഥം തുടങ്ങിയവ കൊണ്ട് ആത്മാക്കൾ മത്സരിപ്പിക്കുന്നത്. അത് ഭൂമി നൽകുന്ന സമ്പൂർണ്ണ സ്വാതന്ത്ര്യത്തെയും ശക്തികളെയും അവമതിച്ചു കൊണ്ട് ആത്മാക്കൾ ധർമ്മശാസ്ത്ര വിരുദ്ധമായി പ്രവർത്തിക്കുകയാണ്. പാപമാണ്. ശാരീരിക അഭ്യാസങ്ങൾ ശരീരത്തിന്റെ യഥാർത്ഥ ഉടമയായ മഹാമാതാവിനെ വളരെയധികം വേദനിപ്പിക്കുന്നവയാണ്. വീഴ്ച പറ്റാതെയും എല്ലുകൾ ഒടിയാതെയും ശാസ്ത്രങ്ങൾ പ്രകാരം രക്ഷിക്കാൻ പ്രയാസമുണ്ടാകും. ഓട്ടം, ചാട്ടം, ഗുസ്തി, ബോക്സിങ്, ക്രിക്കറ്റ്, ചൂതുകളി, ലോട്ടറി തുടങ്ങിയവയെല്ലാം പൈശാചികമാണ്. അവയെയും അവപോലെ ധർമ്മശാസ്ത്ര വിരുദ്ധമായ വസ്തുതകളെയും പ്രോത്സാഹിപ്പിക്കുന്ന എല്ലാ മനുഷ്യരെയും എക്കാലവും ഓംകാര നീതിശാസ്ത്രം പ്രകാരം ജന്മഗുണങ്ങളിൽ ജന്തുശിക്ഷാ ജന്മങ്ങളെ കൂടിചേർത്ത് ഭൂമി ശിക്ഷിക്കുന്നുണ്ട്. വിശേഷ ബുദ്ധിയെ ഉപയോഗിക്കാതെ ക്രൂരവിനോദങ്ങളിൽ രസിക്കുന്നവരും ഭോഷരും മടിയരുമായി ജീവിക്കുന്നവരും മറ്റും ആവക കാര്യങ്ങളെ അറിയുന്നില്ല എന്നേയുള്ളൂ. പൊതുജനങ്ങളുടെ ധനം കൊണ്ട് മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ധർമ്മശാസ്ത്രത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്ന സേവകരെയെല്ലാം കൃത്യമായ അളവോടെ ഓക്സിജൻ ശിക്ഷിക്കുന്നുണ്ട്.

ആത്മാവിന്റെ സ്വന്തമെന്നോണം ശരീരത്തെ നൽകിയാൽ മാത്രമേ ആത്മാവിന് (സ്വന്തം) ശരീരത്തിന്റെ പേരിൽ കൂടുതൽ അഭിമാനിക്കാൻ കഴിയൂ. (ശരീരമായി അവതരിച്ചിരിക്കുന്ന ശിവയ്ക്കും ശിവനും എന്നോ, ശിവയും ശിവനും ചേർന്ന ദൈവത്തിന്റെ മഹാശരീരമായ ഭൂമിയുടെ അംശമെന്നോ, മഹാശരീരത്തിന്റെ കുഞ്ഞെന്നോ ആത്മാവിന്റെ സ്വന്തമെന്നോണമുള്ള മനുഷ്യശരീരത്തെ വിശേഷിപ്പിക്കാൻ കഴിയും.). ആത്മാവിന്റെ സ്വന്തമെന്നോണം ഉപയോഗിക്കാനായി ഭൂമി നൽകുന്ന ശരീരത്തെ, മനുഷ്യന്റെ സ്വത്വമായ ആത്മാവ് ധർമ്മശാസ്ത്ര പരമായി ഉപയോഗിച്ചാൽ മാത്രമേ ഭൂമിക്ക് (ഭൂമിയുടെ സ്വത്വമായ ഓക്സിജന്) മനുഷ്യാത്മാവിന്റെ പ്രവൃത്തികളിലും പ്രവർത്തനങ്ങളിലും അഭിമാനിക്കാൻ കഴിയൂ. ആത്മാവിന്റെ ഭാവവും പ്രവർത്തനങ്ങളും, ദൈവമായ ഭൂമിയുടെ ഭാവമായ സത്യ ധർമ്മ നീതികളോട് കൂടുതൽ അടുപ്പിക്കാൻ ആവുമ്പോലെയെല്ലാം വ്യക്തി ശ്രമിക്കണമെന്ന് സാരം.

**മുമ്പ് വ്യക്തമാക്കിയതു പോലെ, രോഗങ്ങൾ ഉണ്ടാകുന്നത് അടിസ്ഥാന പരമായി വ്യക്തിയുടെ മേൽ മൂലകങ്ങളിലെ ന്യൂനശക്തികൾ പ്രവർത്തിക്കുന്നതു കൊണ്ടാണ്. സ്ഥിതിപരമായ വിധി പ്രകാരം വ്യക്തിക്ക് ധർമ്മശാസ്ത്ര പരമായി വീഴ്ച്ച പറ്റിയില്ലെങ്കിലും രോഗം വരാം. എന്നാൽ സമൂഹത്തെ മുഴുവൻ ബാധിക്കുന്ന സാമൂഹികരോഗങ്ങളുടെ കാര്യം അതല്ല. ഓരോ മനുഷ്യനും എല്ലാ ശരണവും നേരിട്ടു നൽകുന്നത് ശരീരത്തിലെ അവയവങ്ങളും, മൂലമായ മൂലകങ്ങളും മൊത്തമായ ഭൂമിയും, ഭൂമിയുടെ സ്വത്വമായ ഓക്സിജനും, ഭൂമിയുടെ ദ്രാവക രൂപമായ ജലവും ആണെന്നിരിക്കെ, ഭൗതികമായ അസ്തിത്വം ഇല്ലാത്തതും ശാസ്ത്ര വിരുദ്ധവുമായ അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും ദുരനുഷ്ഠാനങ്ങളുടെയും അടിസ്ഥാനത്തിൽ ഭൂമിയുടെ കുഞ്ഞുങ്ങളായ മനുഷ്യരാണെന്നതു മറന്ന് മതജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശീയ ജീവികളായി തമ്മിലടിച്ച് മണ്ണിൽ ലയിച്ചിരിക്കുന്ന ശാസ്ത്ര നിയമങ്ങളെ അവഗണിച്ചു ജീവിക്കുമ്പോൾ മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ന്യൂനശക്തികൾ ആത്മാക്കളെ ശിക്ഷിച്ചു തിരുത്താനായി സാമൂഹിക രോഗങ്ങളെയും വിപത്തുകളെയും മറ്റും സൃഷ്ടിക്കുന്നതാണ്.**

ശിവയും, ശിവനും ചേർന്ന ഭൂമിയായ 'മഹാമാതാപിതാക്കളുടെ' കുഞ്ഞുങ്ങളാണ് എല്ലാ ജീവികളുമെന്നും, വ്യത്യസ്ത പ്രദേശങ്ങളിൽ, മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രത്തിന്റെ കാതലായ മഹാപുനർജ്ജന്മസിദ്ധാന്തം പ്രകാരം ഒന്നോ രണ്ടോ പശു-കാള ജന്മം ഉൾപ്പെട്ട 100 മനുഷ്യ ജന്മങ്ങളിൽ സ്ത്രീപുരുഷ-നിറം-മുഖഛായ-സൗന്ദര്യം-ആരോഗ്യം-ആയുസ്സ്-ബുദ്ധിശക്തി-തൊഴിൽ /വിനോദ അഭിരുചികൾ തുടങ്ങിയ ജന്മഗുണങ്ങൾ വ്യത്യാസപ്പെട്ട് രണ്ടു പകുതികളായും മനുഷ്യ-സഹോദരങ്ങളായും ജീവിക്കേണ്ടതുണ്ടെന്നും 'ഓം' മുഴക്കി ക്കൊണ്ട് ആരംഭിക്കുന്ന ദൈവവിപ്ലവത്തോടെ തിരിച്ചറിഞ്ഞ് ധർമ്മശാസ്ത്ര വിരുദ്ധമായി ജീവിക്കുന്ന മത-ജാതി-വർഗ്ഗ-രാഷ്ട്രീയ-ദേശീയ ജീവികളെല്ലാം വിരളുന്നതും പശ്ചാത്തപിച്ചു കൊണ്ട് തിരുത്തലുകൾ നടത്തുന്നതുമാണ്.

ഭൂമിയുടെ മൂലകങ്ങളിൽ ഭൗതിക ശാസ്ത്രത്തോടൊപ്പം ലയിച്ചിരിക്കുന്ന ധർമ്മശാസ്ത്ര നിയമങ്ങൾ പ്രകാരം മാത്രം ജീവിക്കാൻ മത-ജാതി-വർഗ്ഗ-രാഷ്ട്രീയ-ദേശീയ ജീവികളെല്ലാം വിരണ്ടും പശ്ചാത്തപിച്ചും സ്വയം തയ്യാറാകുന്നതാണ്. ദൈവമായ മണ്ണിൽ ലയിച്ചിരിക്കുന്ന സാമ്പത്തിക ശാസ്ത്രവും, തൊഴിൽ ശാസ്ത്രവും പിൻപറ്റുമ്പോൾ തന്നെ ഇഷ്ടദാനം, നികുതികൾ, വേതന അസമത്വം, പെൻഷൻ, പിഴ, പലിശ തുടങ്ങിയവ അവസാനിച്ച് കുറ്റങ്ങളും കുറവുകളും ഇല്ലാത്ത ശാസ്ത്രസംവിധാനം വരും. ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ ജനങ്ങളുടെ ചിലവിൽ ജീവിക്കുന്ന സേവകർ ധർമ്മശാസ്ത്ര വിരുദ്ധമായി പ്രവർത്തിച്ചതിനും, ഹെൽമെറ്റ് മാസ്ക് തുടങ്ങിയവ നിർബ്ബന്ധമാക്കിയും, സ്വർണ്ണം ഉൾപ്പെടെ മൂലകങ്ങളെ അവമതിച്ചു കൊണ്ട് ഭൂമി നൽകിയ വ്യക്തിസ്വാതന്ത്ര്യത്തെ തടഞ്ഞതിനും മറ്റും ബന്ധപ്പെട്ടവർക്കെല്ലാം കടുത്ത ശിക്ഷയുണ്ട്. ഈ ദിവ്യമഹാവേദ ഗ്രന്ഥത്തിൽ ശാസ്ത്ര പരമായി വിശദീകരിച്ചിട്ടുണ്ട്. മനുഷ്യശരീരത്തിലെ അവയവങ്ങളും ജനനസ്ഥലവും ഉൾപ്പെട്ട ജന്മഗുണങ്ങളെ തജ്ജന്മത്തിലും പുനർജ്ജന്മങ്ങളിലും, അംശമായ മൂലകങ്ങളെ കൊണ്ട് സൃഷ്ടിക്കുന്നതും വ്യത്യാസപ്പെടുത്തി മഹാനീതി നടപ്പാക്കുന്നതും ഭൂമിയാണെന്ന് വിശേഷ ബുദ്ധി കൊണ്ട് മനസ്സിലാക്കാനാവും. മനുഷ്യാത്മാക്കൾക്ക് ധർമ്മശാസ്ത്ര പരമായി ജീവിക്കാൻ അവയവങ്ങളും മൂലമായ മൂലകങ്ങളും (ഭൂമിയും) നൽകുന്ന സമ്പൂർണ്ണ സ്വാതന്ത്ര്യത്തെ അഹംഭാവം, ദുഷ്ക്കാമം, ദുശ്ശീലങ്ങൾ, ദുസ്വാർത്ഥം തുടങ്ങിയവ നിമിത്തം തടസ്സപ്പെടുത്തി ദ്രോഹിക്കുകയും ധർമ്മശാസ്ത്ര വിരുദ്ധമായി ജീവിക്കുകയും ചെയ്യുന്നവരെ എക്കാലവും ഭൂമി ശിക്ഷിച്ചു തിരുത്തുന്നതും വിശേഷ ബുദ്ധി കൊണ്ട് മനസ്സിലാക്കാനാവും. ഭൂമിയുടെ മഹാനീതികാര്യങ്ങളിൽ ഇടപെടാൻ ജീവികൾക്കു കഴിയില്ലെന്ന് ഓംകാര നീതിശാസ്ത്രം തെളിയിക്കുന്നുണ്ട്. സത്യയുഗം ആരംഭിക്കുമ്പോൾ എല്ലാമറിഞ്ഞ് നീതികാര്യങ്ങളിൽനിന്നും മനുഷ്യർ സ്വയം അകലുന്നതുമാണ്.

**വിശേഷ ബുദ്ധി :** പ്രപഞ്ചത്തിലെ 'മൂലകങ്ങളുടെയും, രൂപാന്തരമായ ജീവികളുടെ ശരീരങ്ങളുടെയും' ശക്തികളെയും സ്വാതന്ത്ര്യങ്ങളെയും ശാസ്ത്ര നിയമങ്ങൾ പ്രകാരം സൃഷ്ടിക്കുകയും ബന്ധിച്ചിരിക്കുകയുമാണ്. ശാസ്ത്രങ്ങളെ കണ്ടെത്താൻ കഴിയുന്ന യുക്തികളെ **വിശേഷബുദ്ധി** എന്ന പേരിൽ ശരീരാവയവങ്ങളും ഭക്ഷണവും വെള്ളവും ഓക്സിജനും യോജിച്ചു പ്രവർത്തിച്ച് മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കൾക്കു നൽകുന്നുണ്ട്. **ശാസ്ത്ര നിയമങ്ങളെ ഉപയോഗപ്പെടുത്തി മൂലകങ്ങളിൽ നിന്നും പുതിയ ഉല്പന്നങ്ങളെ നിർമ്മിക്കാനും ജീവിതസൗകര്യങ്ങൾ വർദ്ധിപ്പിക്കാനും കഴിയും. മൂലകങ്ങളുടെ മൊത്തമായ ഭൂമി അതനുവദിക്കുന്നുണ്ട്. വിമാനം കപ്പൽ ബോട്ട് ട്രെയിൻ കാർ ബസ് ബൈക്ക് തുടങ്ങിയ വാഹനങ്ങൾ, കെട്ടിടങ്ങൾ, എസി, റഫ്രിജറേറ്റർ, ടെലിവിഷൻ, മൊബൈൽഫോൺ, തുടങ്ങി മനുഷ്യർ ഉണ്ടാക്കുന്ന ഉല്പന്നങ്ങളും ശാസ്ത്രസാങ്കേതിക വികസനവും സാക്ഷ്യമാണ്.**

ഭൂമിയുടെ അംശമായ മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ശക്തികളെയും ശാസ്ത്ര നിയമങ്ങളെയും മനസ്സിലാക്കാനും സാങ്കേതിക വളർച്ചയും ജീവിത സൗകര്യങ്ങളും വർദ്ധിപ്പിക്കാനുമുള്ള വിശേഷ ബുദ്ധികളെ മറ്റുള്ള ജീവികൾക്ക് ലഭിക്കുന്നില്ലെങ്കിലും, ഭൂമിയിൽ ജീവിക്കാൻ ആവശ്യമായ ശക്തികളും ജ്ഞാനവുമെല്ലാം മറ്റുള്ള ജീവികൾക്കും ലഭിക്കുന്നുണ്ട്. മനുഷ്യരുടെ കാര്യത്തിൽ എന്ന പോലെ, മറ്റുള്ള ജീവികളുടെ ശരീരത്തിലെ അവയവങ്ങളും ഭക്ഷണവും വെള്ളവും ഓക്സിജനും യോജിച്ചു പ്രവർത്തിച്ചു തന്നെയാണ് അവയുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് ആവശ്യമായ ശക്തികളും ജ്ഞാനവും ആനന്ദങ്ങളുമെല്ലാം നൽകുന്നത്. സസ്യങ്ങളുടെ വേര്-കിഴങ്ങ്, തണ്ട്, ഇല, കായ്കൾ, പഴങ്ങൾ; മത്സ്യങ്ങളുടെയും പക്ഷികളുടെയും ജന്തുക്കളുടെയും മനുഷ്യരുടെയും മാസം, പാൽ, മുട്ട തുടങ്ങി എല്ലാ ജീവികളുടെയും ശരീര അവയവങ്ങൾ (ഭാഗങ്ങൾ) ജീവികളുടെ ഭക്ഷണം കൂടിയാണ്; അവ ഉണ്ടായിട്ടുള്ളത് മൂലകങ്ങൾ രൂപപ്പെട്ടുമാണ്; സൃഷ്ടിക്കുകയും നിശ്ചയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നത് ആത്മാക്കളുമല്ല. ആത്മാക്കൾക്ക് ജീവിക്കാൻ ആവശ്യമായ ശക്തികളും, ശാസ്ത്രങ്ങളും ആനന്ദങ്ങളും ജീവികളെന്ന ഭൗതിക-അസ്തിത്വവും നേരിട്ടു നൽകുന്നത് ശരീരമാണ്. വ്യത്യസ്ത ജീവികളുടെ കുഞ്ഞുങ്ങളായി ജനിക്കുന്ന ആത്മാക്കൾക്ക്, ശരീര അവയവങ്ങൾ ചാക്രികമായി സൃഷ്ടിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന വിശപ്പിനും ദാഹത്തിനും പരിഹാരം ഉണ്ടാക്കാൻ **ജനനം മുതൽ** വായ് തുറന്ന് മറ്റു ജീവികളുടെ ശരീര-ഭാഗങ്ങളെ ഭക്ഷിക്കുന്നു. പകരം, 'ഏറ്റവും വലുതും, അനന്ത രുചികളും മണവും സംതൃപ്തിയും ചേർന്ന ഭക്ഷണ ആനന്ദത്തെ' ശരീരം ആത്മാക്കൾക്കു നൽകുകയും ചെയ്യുന്നു.

എല്ലാ ജീവികൾക്കും ജനനം മുതൽ മരണം വരെയും ജീവിക്കാൻ കഴിയുന്ന അവയവങ്ങളുടെ ഘടനകളും ഘടകങ്ങളും പ്രവർത്തനവും സൗന്ദര്യവും അടിസ്ഥാന പരമായി ഭൂമിയുടെ മാത്രം സ്വന്തമാണ്. ഭൂമിയുടെ മൂലകങ്ങളും അവയിൽ ലയിച്ചിരിക്കുന്ന ശക്തികളുമാണ് ഭൂമിയുടെ മഹാജ്ഞാനമായ മഹാശാസ്ത്രം പ്രകാരം ശരീര അവയവങ്ങളായി പരിണമിച്ചിരിക്കുന്നത്. ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളുടെ ആനന്ദത്തെപ്പറ്റി പറയുമ്പോൾ, ജീവികളുടെ ശരീര അവയവങ്ങളും മൂലമായ മൂലകങ്ങളും, സ്വയം പരിപാലിക്കുന്ന ഭക്ഷണ ആനന്ദത്തെ ആദ്യം കുറിക്കണം. ആത്മാക്കൾക്ക് വിശപ്പും ദാഹവും നൽകുന്നത് ശരീരവും മൂലമായ മൂലകങ്ങളുമാണ്. വിശപ്പ് മാറ്റാൻ കഴിയുന്ന ഭക്ഷണ സാധനങ്ങളായ പാലും മുട്ടയും കായ്കനികളും ഫലങ്ങളും ധാന്യങ്ങളും കിഴങ്ങുകളും മാംസവുമെല്ലാം മറ്റു ജീവികളുടെ ശരീരങ്ങളുടെ ഭാഗങ്ങളോ, അവയിൽ നിന്നും ലഭിക്കുന്നവയോ ആണ്. ശരീര അവയവങ്ങളും മൂലമായ മൂലകങ്ങളും സൃഷ്ടിക്കുന്ന വിശപ്പും ദാഹവും മാറ്റാനായി ഭക്ഷണ പാനീയങ്ങളായ മൂലകങ്ങളെ, മൂലകങ്ങൾ രൂപാന്തരപ്പെട്ട് ഉണ്ടായിട്ടുള്ള വായിലൂടെ സ്വീകരിക്കാൻ ആത്മാക്കൾ തയ്യാറാകുമ്പോൾ, മൂലകങ്ങളായ രുചി മുകുളങ്ങൾ ആത്മാക്കൾക്ക് ബഹുവിധ രുചികളും സംതൃപ്തിയും ചേർന്ന ഭക്ഷണ-ആനന്ദത്തെ നൽകുന്നു. ജീവികളുടെ വ്യക്തിപരവും സാമൂഹികവുമായ ജീവിതത്തിന് അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് ഭക്ഷണ സാധനങ്ങളായ മൂലകങ്ങളുടെ ഉപയോഗവും പ്രവർത്തനവും കാരണവും കാര്യവുമായി മാറുന്നു. പാൽ, ജലം, പഴവർഗങ്ങൾ, തുടങ്ങിയ സാധാരണ ഭക്ഷണ സാധനങ്ങളാകുന്ന മൂലകങ്ങൾ ലഹരിയോ മരണത്തിനു കാരണമായ വിഷങ്ങളോ അല്ല. ഭക്ഷണ സാധനങ്ങളായ മൂലകങ്ങളുടെയും ശരീര അവയവങ്ങളുടെയും പ്രവർത്തന സ്വഭാവം അടിസ്ഥാനപരമായി എല്ലാ ജീവികൾക്കും അന്യോന്യം ഉപകാരപ്പെടും വിധം മഹാശ്രേഷ്ഠമാണ്. മത്സ്യങ്ങൾ, സസ്യങ്ങൾ എന്നീ അവസ്ഥകളിൽ ജീവിക്കുന്ന ആത്മാക്കൾക്ക് വേദനകൾ ഇല്ലെന്ന് മഹാശാസ്ത്ര പരമായി തെളിയുകയും, അതിനെ ഉൾക്കൊണ്ട് മനുഷ്യർ ജീവിക്കുകയും ചെയ്യുമ്പോൾ, ഭക്ഷണ സാധനങ്ങളെ അടിസ്ഥാന പരമായി ആത്മാക്കളുടെ വ്യക്തിപരവും സാമൂഹികവുമായ പ്രവർത്തനങ്ങളുടെ ശക്തി ഘടകവും, മുഖ്യ ആനന്ദവുമായിട്ടാണ് ആവിഷ്ക്കരിച്ചിരിക്കുന്നത് എന്നു മനസ്സിലാക്കാം. പ്രപഞ്ചത്തിലെ മൊത്തം ആനന്ദത്തെ 100 അളവുകളായും, ഭക്ഷണ സാധനങ്ങളായ മൂലകങ്ങൾ വഴി എല്ലാ ജീവികൾക്കും ലഭിക്കുന്ന 40 അളവ് ആനന്ദത്തെ ജീവിതത്തിലെ പ്രധാന ആനന്ദവുമായിട്ടാണ് ഭൂമി (യിൽ) ആവിഷ്ക്കരിച്ചിരിക്കുന്നതെന്ന് ആനന്ദ ശാസ്ത്രം എന്ന മഹാശാസ്ത്ര ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.

ജീവിയുടെ സ്ത്രീ പുരുഷ ലിംഗം, ശരീര അവയവങ്ങളും പ്രവർത്തനങ്ങളും, നിറം, മുഖഛായ, സൗന്ദര്യം, ആയുസ്സ്, ആരോഗ്യം, ജനന സ്ഥലം, തുടങ്ങിയ ജന്മഗുണങ്ങളെ നിശ്ചയിക്കുകയും സൃഷ്ടിക്കുകയും ചെയ്യുന്നത് ജീവി സ്വയമോ, മാതാപിതാക്കളോ അല്ലെന്നതും; ശരീര അവയവങ്ങളും അവയുടെ ഘടകങ്ങളുമെല്ലാം രൂപപ്പെട്ടിരിക്കുന്നത് ഭൂമിയുടെ അംശമായ മൂലകങ്ങളിൽ നിന്നും മാത്രമാണെന്നതും; ഭൂമിയിൽ ജീവിക്കുന്ന ജീവികൾക്കെല്ലാം ശരീര അവയവങ്ങളെ ലഭിക്കുന്നത് ഭൂമിയിൽ വെച്ചാണെന്നതും, ശരീരം ലഭിച്ച് ജീവികളായി മാറുന്ന ആത്മാക്കൾക്കെല്ലാം ജീവിക്കാൻ ആവശ്യമായ ശക്തികളും ശാസ്ത്രങ്ങളും ആനന്ദങ്ങളും ഉൾപ്പെടെ സർവ്വവും ലഭിക്കുന്നത് ഭൂമിയിൽ നിന്നും മാത്രമാണെന്നതും, അനന്തമായി (ഭൂമി) ലഭ്യമാക്കുന്നുണ്ട് എന്നതും, സർവ്വവും സംഭവിക്കുന്നത് ഭൂമിയുടെ അംശമായ മൂലകങ്ങളിലും രൂപാന്തരമായ ശരീരങ്ങളിലും ലയിച്ചിരിക്കുന്ന മഹാശാസ്ത്രം പ്രകാരമാണെന്നതും; അതിസൂക്ഷ്മമായും സൂക്ഷ്മമായും സ്ഥൂലമായും ഭൂമി സ്വയം പ്രവർത്തിക്കുന്നതിന് സുവ്യക്തമായ സാക്ഷ്യമുണ്ടെന്നതും മഹാശക്തിയായ ദൈവമാണ് ഭൂമിയെന്നു തിരിച്ചറിയാൻ പ്രാപ്തമാക്കുന്ന വസ്തുതകളാണ്.

മുകളിൽ കുറിച്ച കാരണങ്ങൾ കൊണ്ടുതന്നെ ശരീരങ്ങൾക്കും, മൂലമായ മൂലകങ്ങൾക്കും, അവയുടെ മൊത്തമായ ഭൂമിക്കും, ഒരേസമയം എല്ലാ ജീവികളുടെയും അവരുടെ മാതാപിതാക്കളുടെയും പരമ്പരകളുടെയും സ്വത്വങ്ങളായ ആത്മാക്കളുടെ മേൽ, ജനനം മുതൽ മരണം വരെയും, എല്ലാ ജീവി-ജന്മങ്ങളിലും, സമ്പൂർണ്ണമായ അവകാശവും അധികാരവും ഉണ്ട്. **'മഹാമാതാപിതാക്കളായ ശിവയും ഭാഗമായ ശിവനും ചേർന്ന ഭൂമി; സ്വന്തം കുഞ്ഞുങ്ങളായ ആത്മാക്കൾക്ക് ജീവിക്കാൻ ആവശ്യമായ സർവ്വവും നേരിട്ടു നൽകാനുമായിട്ട്, മൂലകങ്ങളും, രൂപാന്തരമായ ശരീരങ്ങളുമായി ഓരോ ആത്മാവിനും ഓരോ ദൈവമായി അവതരിച്ചിരിക്കുന്നത് പിന്നീട് തെളിയിക്കുന്നുണ്ട്. ഓംകാര നീതിശാസ്ത്രം പ്രകാരം ശരീരത്തിൽ നിന്നും ആത്മാക്കളെ പുറത്താക്കി മരിപ്പിച്ചുകൊണ്ട് ജീവികളല്ലാതാക്കുകയും, വീണ്ടും വീണ്ടും ഭൂമിയുടെ ഭാഗമായി മാറുകയും ചെയ്യുന്ന ശരീരത്തിന്റെയും ഭൂമിയുടെയും മേൽ 'അസ്തിത്വം പോലും സ്വന്തമല്ലാത്ത ആത്മാക്കൾക്ക് യഥാർത്ഥത്തിൽ യാതൊരു അവകാശവും അധികാരവും ഇല്ല'. ജീവികളുടെ ശരീരങ്ങളുടെ ഘടനയും ഘടകങ്ങളും പ്രവർത്തനവും നിശ്ചയിക്കുന്നതും സൃഷ്ടിക്കുന്നതും ജീവികളുടെ സ്വത്വങ്ങൾ അല്ലായ്കയാലും, ശരീരങ്ങൾ ഉണ്ടായിരിക്കുന്നത് ഭൂമിയിലെ മൂലകങ്ങൾ കൊണ്ടാകയാലും, ആത്മാക്കളെ ജീവികളാക്കുകയും മരിപ്പിക്കുകയും ചെയ്യുന്ന ശരീരങ്ങൾ വീണ്ടും വീണ്ടും മൂലകങ്ങളും ഭൂമിയുമായി മാറുകയാലും ശരീരങ്ങൾ ഭൂമിയുടെ അംശമാണ്.**

എല്ലാ ജീവികളുടെയും എല്ലാ ശരീര അവയവങ്ങളും അടിസ്ഥാന പരമായി മണ്ണാണ്. മൂലകങ്ങളുടെ മൊത്തമായ ഭൂമിയെ ആണ് മണ്ണെന്ന് പറയുന്നത്. **എല്ലാ ജീവികളുടെയും ശരീരങ്ങൾ ഉണ്ടായിരിക്കുന്നത് മണ്ണായ ഭൂമിയുടെ അംശമായ മൂലകങ്ങളുടെയും അവയുടെ സംയുക്തങ്ങളുടെയും മേൽ മൂലകങ്ങളിൽ ഒന്നും ഭൂമിയുടെ സ്വത്വവും ജീവികളുടെയെല്ലാം ജീവനുമായ ഓക്സിജനും ജലവും കൂടി ഓക്സിജന്റെ ഇഷ്ടം പ്രകാരം പ്രവർത്തിച്ചാണ്. ജീവനുള്ളതോ മരിച്ചതോ ആയ മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ തുടങ്ങിയ എല്ലാ ജീവികളുടെയും ശരീര ഭാഗങ്ങളായ ശരീര-അവയവങ്ങൾ മറ്റുള്ള ജീവികളുടെ ഭക്ഷണ സാധനങ്ങളായും വിസർജ്ജനങ്ങളായും പരിണമിക്കുമ്പോൾ അവയെല്ലാം അടിസ്ഥാന പരമായി മൂലകങ്ങളും, ദൈവവും മണ്ണുമായ ഭൂമിയുടെ അംശവും, ഭൂമിയുടെ സ്വന്തവും മാത്രമാണ്.** മണ്ണായ ഭൂമിയുടെ അംശമായ മൂലകങ്ങൾ ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രം പ്രകാരമുള്ള ജീവി-രൂപങ്ങളെയും; ശരീര അവയവങ്ങൾ ഉയരം നീളം വീതി സൗന്ദര്യം നിറം മുഖഛായ ആയുസ്സ് ആരോഗ്യം/ശക്തി ജ്ഞാനം ശരീര-വളർച്ച നര തുടങ്ങിയ ജന്മഗുണങ്ങളെയും; രോഗങ്ങൾ രോഗമുക്തി മുറിവുണങ്ങൽ, കോശങ്ങളുടെ നിരന്തരമായ പുനർനിർമാണം തുടങ്ങിയ മഹാനീതികാര്യങ്ങളെയും; ആനന്ദങ്ങളെയും സ്വാതന്ത്ര്യങ്ങളെയും; നൽകാനായിട്ട് നിരന്തരം പരിണമിക്കുമ്പോൾ പുനർജ്ജന്മങ്ങൾക്കു വിധേയമായ ആത്മാക്കൾക്കു വേണ്ടി മൂലകങ്ങളും ശരീരവും അനന്തമായി പുനർജ്ജനിക്കുന്നതു പോലെയാണ്. സൃഷ്ടിസ്ഥിതിസംഹാര കർത്താവും മഹാശക്തിയുമായ ഭൂമിയുടെ അംശമായ മൂലകങ്ങൾ, അവയിലെ ഭൗതിക ധർമ്മ നീതി ശാസ്ത്രങ്ങളായ മഹാശാസ്ത്രം പ്രകാരം (കുഞ്ഞുങ്ങളായ സൃഷ്ടികളുടെ) ശരീരാവയവങ്ങളായും തിരികെ വീണ്ടും മൂലകങ്ങളും ഭൂമിയുമായി 'നിരന്തരമായും അനന്തമായും ചാക്രികമായും' പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതിനെ 'വിശേഷ ബുദ്ധി കൊണ്ട്' മനുഷ്യാത്മാക്കൾക്ക് മനസ്സിലാക്കാൻ കഴിയുന്നതാണ്. ജീവികളുടെ ശരീരങ്ങൾ കൂടിയായ മണ്ണും ഭൂമിയുമായ മൂലകങ്ങൾ പ്രത്യക്ഷമെന്നോണവും അവയിൽ ലയിച്ചിരിക്കുന്ന ശക്തികളും ശാസ്ത്രങ്ങളും പ്രകാരവും ചാക്രികമായി നിർവ്വഹിക്കുന്ന പ്രസ്തുത മഹാനീതികാര്യങ്ങളെ നിർത്തിയാൽ ജീവി ജീവിതം സാദ്ധ്യമല്ല. മൂലകങ്ങളും ശരീരങ്ങളും ദാനമായി നൽകുന്ന ശക്തികളും ജ്ഞാനവും പ്രകാരമല്ലാതെ മനുഷ്യരുടെ ആത്മാക്കൾക്ക് ഇടപെടാനും കഴിയില്ല!

മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രത്തിന്റെ കാതലായ മഹാപുനർജ്ജന്മ സിദ്ധാന്തത്തെ ഈ ദിവ്യമഹാശാസ്ത്ര ഗ്രന്ഥത്തിൽ വേറിട്ട് മഹാശാസ്ത്രപരമായി വിശദീകരിച്ചിട്ടുണ്ട്; തെളിയിച്ചിട്ടുമുണ്ട്.

'മൂലകങ്ങളുടെ മൊത്തവും, സൃഷ്ടി സ്ഥിതി സംഹാര കർത്താവും കൂടിയായ ഭൂമി' മൂലകങ്ങൾ കൊണ്ട് സൃഷ്ടിക്കുന്നതും ആത്മാക്കൾക്ക് ലഭ്യമാക്കുന്നതുമായ 'വ്യത്യസ്ത ജീവികളുടെ ശരീര-അവയവങ്ങളെ നിശ്ചയിക്കുന്നതും സൃഷ്ടിക്കുന്നതും മഹാനീതിശാസ്ത്രവുമായി ബന്ധപ്പെട്ട സൃഷ്ടി രഹസ്യമാണ്;' സൃഷ്ടികൾ ദുരുപയോഗിക്കാതെ ശ്രദ്ധിക്കേണ്ടതുണ്ട്. വിശേഷ ബുദ്ധിയും മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രവും നൽകുന്നതിന്റെ ഭാഗമായി അവയവ ശാസ്ത്രത്തെയും മനുഷ്യർക്ക് വെളിപ്പെടുത്തുന്നുണ്ട്; മനുഷ്യന്റെ ദുരുപയോഗം തടയുംവിധം അതിസൂക്ഷ്മമാക്കിയിട്ടുമുണ്ട്. അല്പംകൂടി വിശദീകരിക്കാം :-

ശിവയും ശിവനും ചേർന്ന ഭൂമിയുടെ സ്വത്വവും വാതകരൂപവുമായ ഓക്സിജനും, ഓക്സിജന്റെയും ഹൈഡ്രജന്റെയും സംയുക്തവും ദ്രാവക രൂപവുമായ ജലവും കൂടി ചേർന്ന് മറ്റു മൂലകങ്ങളെ വ്യത്യസ്ത ജീവികളുടെ ശരീരാവയവങ്ങളായിട്ട് രൂപപ്പെടുത്തുകയാണെന്ന ഗഹനമായ അറിവിനെ 'മനുഷ്യ ശരീരത്തിലെ അവയവങ്ങൾ', സ്വത്വങ്ങളായ ആത്മാക്കൾക്ക് നൽകുന്നുണ്ട്. മൂലകങ്ങൾ കൊണ്ട് യാതൊരു ജീവികളുടെയും ശരീര അവയവങ്ങളെ സൃഷ്ടിക്കാനുള്ള ജ്ഞാനവും ശക്തിയും നൽകുന്നുമില്ല. **ആത്മാക്കളെ ജീവികളാക്കുന്ന മാംസപേശികളും എല്ലുകളും തോലുകളും ഉൾപ്പെടെയുള്ള ശരീര അവയവങ്ങളെ ഉപയോഗിച്ച് വ്യത്യസ്ത ഭക്ഷണ വിഭവങ്ങളും വസ്ത്രങ്ങളും ആഭരണങ്ങളും ഉപകരണങ്ങളും ആയുധങ്ങളും മറ്റും നിർമ്മിക്കാനുള്ള ജ്ഞാനവും ശക്തിയും അവസരങ്ങളും 'മനുഷ്യരുടെ ശരീര അവയവങ്ങൾ', സ്വത്വങ്ങളായ ആത്മാക്കൾക്കു നൽകുന്നുണ്ട്.** ഭൂമിയുടെ അംശമായ മൂലകങ്ങളെയും അവയിൽ ലയിച്ചിരിക്കുന്ന ശാസ്ത്ര നിയമങ്ങളെയും ഉപയോഗിച്ച് കെട്ടിട സാമഗ്രികൾ, കെട്ടിടങ്ങൾ, പാത്രങ്ങൾ, ഫർണിച്ചർ, ഉപകരണങ്ങൾ, മരുന്നുകൾ, ആയുധങ്ങൾ, വാഹനങ്ങൾ, യന്ത്രങ്ങൾ, ടെലിവിഷൻ, കമ്പ്യൂട്ടർ, മൊബൈൽ ഫോൺ തുടങ്ങിയവ നിർമ്മിക്കാനുള്ള ജ്ഞാനവും ശക്തിയും അവസരങ്ങളും കൂടി മനുഷ്യ ശരീരത്തിലെ അവയവങ്ങൾ, സ്വത്വങ്ങളായ ആത്മാക്കൾക്ക് നൽകുന്നുണ്ട്.

ഭൂമിയുടെ സൂക്ഷ്മ അംശങ്ങളായ ആറ്റങ്ങളിലെ പ്രോട്ടോൺ ഇലക്ട്രോൺ ന്യൂട്രോൺ ക്വാർക്കുകൾ തുടങ്ങിയവയെ സംബന്ധിച്ച ശക്തികളെയും സത്യങ്ങളെയും അവ തന്നെ കാലാനുസൃതമായി വെളിപ്പെടുത്തുകയാണു ചെയ്യുന്നത്. ആറ്റങ്ങളുടെ സ്ഥൂലരൂപങ്ങളായ മൂലകങ്ങളും രൂപാന്തരമായ ശരീരങ്ങളും മൊത്തമായ ഭൂമിയും നൽകുന്ന ശക്തികളും ശരണവും കൊണ്ട് ജീവിക്കുമ്പോഴും, മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കൾ ഭൂമിയെയും അംശങ്ങളെയും ജഡമായി തെറ്റിദ്ധരിച്ചിരിക്കുകയാണ്.

ഈ ഗ്രന്ഥത്തിൽ തെളിയിച്ചിട്ടുള്ളതുപോലെ, ദൈവം, കുഞ്ഞുങ്ങളായി സൃഷ്ടിക്കുന്ന ആത്മാക്കൾക്ക് ശക്തികളും ജ്ഞാനവും ആനന്ദങ്ങളും സ്വാതന്ത്ര്യങ്ങളും ശരണവും മഹാനീതിയുമെല്ലാം, മദ്ധ്യസ്ഥരെ വയ്ക്കാതെ, നേരിട്ടു നൽകുന്നത് ഓരോ ആത്മാവിനും ഓരോ ദൈവം എന്ന പോലെ ശരീരങ്ങളായും, ശരീരങ്ങളുടെ മൂലമായ മൂലകങ്ങളായും, മൂലകങ്ങളുടെ മൊത്തമായ ഭൂമിയായും അവതരിച്ചു കൊണ്ടും ആത്മാക്കളെ മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ എന്നിങ്ങനെ ജീവികളാക്കിയും കൊണ്ടാണ്. ഇന്ദ്രിയങ്ങൾ കൊണ്ട് ശരീരത്തിന്റെയും മൂലമായ മൂലകങ്ങളുടെയും മൊത്തമായ ഭൂമിയുടെയും എല്ലാ പ്രവർത്തനങ്ങളെയും ഭൗതികമായും പരസ്യമായും പൊതുവായും അനുഭവിച്ചറിയാൻ 'ആത്മാക്കൾക്കു' കഴിയുന്നുണ്ട്. സസ്യങ്ങൾ ഉൾപ്പെടെയുള്ള മറ്റുള്ള ജീവികളുടെ ശരീര ഭാഗങ്ങളോ അവയിൽ നിന്ന് ലഭിക്കുന്നതോ ആയ ഭക്ഷണ പാനീയങ്ങളും മരുന്നുകളും വിഷങ്ങളും മറ്റുമായ മൂലകങ്ങളിലും, ഭക്ഷിക്കുന്ന ജീവിയുടെ ശരീരാവയവങ്ങളാകുന്ന മൂലകങ്ങളിലും ലയിച്ചിരിക്കുന്ന ശക്തികളെ അവയിലെ ശാസ്ത്രങ്ങൾ പ്രകാരം ഓക്സിജനും ജലവും ചേർന്ന് പ്രവർത്തിച്ചുണ്ടാക്കുന്ന ഉല്പന്നങ്ങളെന്നോണം ശക്തികൾ, ശാസ്ത്രങ്ങൾ, വിശപ്പ്, രുചികൾ നിറങ്ങൾ മണങ്ങൾ സ്പർശം കാഴ്ച്ച കേൾവി സംതൃപ്തി ലഹരി തുടങ്ങിയ ആനന്ദങ്ങൾ, ശരണം, മയക്കം, ഉറക്കം, ബോധക്ഷയം, തജ്ജന്മ മരണം, തുടങ്ങിയവയായി ആത്മാക്കൾക്കു നൽകുകയാണ്.

ഭൂമിയുടെയും അംശമായ മൂലകങ്ങളുടെയും രൂപാന്തരമായ ജീവികളുടെ ശരീരങ്ങളുടെയും സ്വയം പ്രവർത്തനങ്ങളെ ഭൂമി തന്നെ വിശേഷ ബുദ്ധിയെ നൽകി മനുഷ്യാവസ്ഥയിൽ ആത്മാക്കളെ അറിയിച്ചിട്ടും ശരീരങ്ങളെയും മൂലകങ്ങളെയും മൊത്തവും 'മഹാമാതാപിതാക്കളായ ശിവയും ശിവനുമായ ഭൂമിയെയും' മനുഷ്യർ ജഡമായി കരുതുന്നത് മനുഷ്യരുടെ വീഴ്ച്ച കൂടിയാണ്.

ഭൂമിയുടെ അംശമായ മൂലകങ്ങളെ വ്യത്യസ്ത ജീവികളുടെ ശരീര അവയവങ്ങളായിട്ട് രൂപപ്പെടുത്തുന്നതും; അധിക ശക്തികളും ന്യൂന ശക്തികളും ഉൾപ്പെട്ട ഭക്ഷണ പാനീയങ്ങൾ, രോഗങ്ങൾ, രോഗമുക്തി, തുടങ്ങിയവയിലൂടെ ശരീര അവയവങ്ങളെ പലവിധം സംരക്ഷിക്കുന്നതും അതിലൂടെ ആത്മാക്കളെ ഭരിക്കുന്നതും; ജീവികളുടെ ഓരോ ജന്മങ്ങളിലെ മരണത്തോടെയും മറ്റും ശരീരത്തെ (അവയവങ്ങളെ) വീണ്ടും മൂലകങ്ങളും മണ്ണുമായി മാറ്റുന്നതും; പ്രസ്തുത പ്രക്രിയ ചാക്രികമായും തുടർച്ചയായും നിർവ്വഹിക്കുന്നതും മൂലകങ്ങളിൽ ലയി(പ്പി)ച്ചിരിക്കുന്ന മഹാശാസ്ത്ര നിയമങ്ങൾ പ്രകാരം മൂലകങ്ങളും മൊത്തമായ ഭൂമിയും സ്വയമാണ്. ആവക കാര്യങ്ങളെ ചുവടെ ശാസ്ത്ര പരമായി വേറിട്ട് വിശദീകരിച്ചിട്ടുമുണ്ട്.

**കുഞ്ഞുങ്ങളായിട്ട് ആത്മാക്കളെ സൃഷ്ടിക്കുന്നതിനു മുമ്പ് കുഞ്ഞുങ്ങൾക്ക് ആനന്ദത്തോടെ ജീവിക്കാൻ ആവശ്യമായ ശക്തികളും ശാസ്ത്രങ്ങളും ആനന്ദങ്ങളും സ്വാതന്ത്ര്യങ്ങളും ശരണവുമെല്ലാം നൽകാനായിട്ട് 'ആദിയും അന്തവും ഇല്ലാത്ത മഹാസത്യമായ ദൈവം' മഹാശക്തിയായ ഭൂമിയായി അവതരിച്ചിരിക്കുകയാണ്. ഭൂമിയുടെ സൂക്ഷ്മ അംശങ്ങളായ ആറ്റങ്ങളിലെ അതിസൂക്ഷ്മമായ ഘടകങ്ങൾ എല്ലായ്പ്പോഴും പ്രവർത്തിച്ച് ആറ്റങ്ങളുടെ സ്ഥൂല രൂപങ്ങളായ മൂലകങ്ങളിലൂടെയും, മൂലകങ്ങളുടെ രൂപാന്തരമായ ശരീരങ്ങളിലൂടെയും പ്രദേശങ്ങളിലൂടെയും, ആനന്ദിച്ചു ജീവിക്കാനായിട്ട് ആത്മാക്കൾക്കു വേണ്ടതെല്ലാം ഭൂമി ഒരുക്കുകയും നൽകുകയുമാണ്.** ഭൂമിയിലെ സർവ്വവും അവയിൽ ലയിച്ചിരിക്കുന്ന മഹാശാസ്ത്രം പ്രകാരം നേടാൻ മനുഷ്യരുടെ ആത്മാക്കളെ അനുവദിച്ചിട്ടുള്ളതിനെ മൂലകങ്ങളും ശരീരവും നൽകുന്ന വിശേഷ ബുദ്ധി കൊണ്ട് തിരിച്ചറിയാനും കഴിയുന്നു.

ഭൂമി മഹാശക്തിയാണെന്നും ജഡമല്ലെന്നും ലളിതമായി മനസ്സിലാക്കാൻ കഴിയുന്നതാണ് : ഭൂമിയുടെ അതിസൂക്ഷ്മ അംശമായ ആറ്റങ്ങളിലെ പ്രോട്ടോണുകളെ ഇലക്ട്രോണുകൾ സ്വയമെന്നോണം സദാ ചുറ്റുന്നതിൽ നിന്നും, ആറ്റങ്ങളുടെ സ്ഥൂല രൂപങ്ങളായ ഭക്ഷണ പാനീയങ്ങളും മരുന്നുകളും വിഷങ്ങളും ഉൾപ്പെടെയുള്ള മൂലകങ്ങളും, മൂലകങ്ങളുടെ രൂപാന്തരമായ ശരീരങ്ങളും ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളുടെ മേൽ നിർവ്വഹിക്കുന്ന മഹാഭരണം മഹാനീതി എന്നിവയിൽ നിന്നും മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ശാസ്ത്രങ്ങൾ പ്രകാരം തന്നെ മൂലകങ്ങളുടെ മൊത്തമായ ഭൂമി മഹാശക്തിയാണെന്നു മനസ്സിലാക്കാൻ കഴിയും. മഹാശക്തിയായ ഭൂമിയുടെ അതിസൂക്ഷ്മ അംശങ്ങളായ ഓരോ ആറ്റവും അന്തമില്ലാത്ത മഹാശക്തി തന്നെയാണ്. വേറിട്ട് വിശദീകരിച്ചിട്ടുണ്ട്.

**കുഞ്ഞുങ്ങളായ ആത്മാക്കളുടെ ആനന്ദങ്ങളെ വർദ്ധിപ്പിക്കാനായി, മഹാശക്തിയായ ഭൂമി, ജഡം പോലെ ഭാവിക്കുന്നുണ്ടെന്നത് ഭാഗികമായി സത്യമാണ്. മഹാശക്തിയായ ഭൂമിയുടെ സൂക്ഷ്മ അംശങ്ങളായ ആറ്റങ്ങളിലെ അതിസൂക്ഷ്മമായ പ്രോട്ടോണുകളെ ഇലക്ട്രോണുകൾ എല്ലായ്പ്പോഴും ചുറ്റുന്നതായ പ്രവർത്തനം അതിസൂക്ഷ്മമാകയാൽ മൈക്രോസ്കോപ്പ് പോലെയുള്ള ഉപകരണങ്ങൾ കൊണ്ടല്ലാതെയും ശാസ്ത്രജ്ഞർ വിശദമാക്കാതെയും മറ്റും മനുഷ്യർക്ക് അറിയാൻ കഴിയില്ല. ഭൂമിയുടെ അംശമായ മൂലകങ്ങളിൽ അനന്തമായ ശക്തികൾ ലയിച്ചിരിക്കുമ്പോഴും അവയെ ഉപയോഗിച്ചു മാത്രം ജീവിക്കുമ്പോഴും, സ്ഥൂലരൂപങ്ങളായ പ്രദേശങ്ങളും മൊത്തമായ ഭൂമിയും മഹാശക്തിയായ ദൈവമാണെന്ന് അറിയുമ്പോഴും ഭൂമിയെ ചവിട്ടാതെയും സർവ്വത്തിനും ആശ്രയിക്കാതെയും സൃഷ്ടികൾക്ക് ജീവിക്കാൻ കഴിയില്ല.**

ഭൂമി വിശേഷ ബുദ്ധിയെ നൽകുന്ന ഭൂമിയുടെ കുഞ്ഞുങ്ങളായ മനുഷ്യാത്മാക്കൾക്ക് സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തോടെ ഭൂമിയിലെ അനന്തമായ ആനന്ദങ്ങളെ അനുഭവിക്കാൻ കഴിയണമെങ്കിൽ, ഭൂമിയും അംശമായ മൂലകങ്ങളും രൂപാന്തരമായ ശരീരങ്ങളും ജഡാവസ്ഥ കൂടി സ്വീകരിക്കാൻ തയ്യാറാകണം. ജീവികളെ പ്പോലെ സ്വത്വത്തെ പ്രകടിപ്പിച്ചു കൊണ്ട് ഭൂമി പ്രവർത്തിച്ചു കൊണ്ടിരുന്നാൽ മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് അതീതമായ ഭയത്തോടെ ജീവിക്കേണ്ടി വരുന്നതാണ്. ഭൂമി നൽകുന്ന വിശേഷ ബുദ്ധിക്ക് അനുസൃതമായ സ്വാതന്ത്ര്യത്തെയും ആനന്ദത്തെയും അനുഭവിക്കാൻ കഴിയുന്നതല്ല. കാലാനുസൃതമായി ഭൂമിയുടെ അംശമായ മൂലകങ്ങളിലും ശരീരങ്ങളിലും ലയിച്ചിരിക്കുന്ന ശാസ്ത്രങ്ങളെ ഭൂമി തന്നെ വെളിപ്പെടുത്തുകയാണെന്ന സത്യത്തെ തിരിച്ചറിയാതെ മനുഷ്യരുടെ ചെയ്തികളായി മനുഷ്യർ കരുതുന്ന ശാസ്ത്ര സാങ്കേതിക വികസനത്തിനും ഭൂമിയുടെ ജഡഭാവം അനിവാര്യമാണ്. മൂലകങ്ങളും അവയുടെ രൂപാന്തരമായ ജീവികളുടെ ശരീരങ്ങളും, അവയുടെയെല്ലാം മൂലവും മൊത്തവുമായ ഭൂമിയും ജഡങ്ങളെന്നോണം ആത്മാക്കളുടെ മാനുഷിക ജീവിതത്തിലെ അനന്തമായ ആവശ്യങ്ങളെയും ആഗ്രഹങ്ങളെയും സാധിച്ചു കൊടുക്കുന്ന ഉപാധികളായി ക്കൂടി പ്രവർത്തിക്കുന്നുണ്ട്. അതായത് ഓരോരോ മൂലകവും, അവയുടെ സംയുക്തങ്ങളായ വസ്തുക്കളും, രൂപാന്തരമായ സസ്യങ്ങൾ ഉൾപ്പെടെയുള്ള ജീവികളുടെ ശരീര അവയവങ്ങളും, അവയുടെ മൊത്തമായ ഭൂപ്രദേശങ്ങളും അനവധി ഗുണങ്ങളെയും ആനന്ദങ്ങളെയും ശാസ്ത്ര നിയമങ്ങളോടെ ബന്ധിച്ചിരിക്കുന്ന ശക്തികൾ ആയിരിക്കുമ്പോഴും ജഡമായി ക്കൂടി ഭാവിക്കുന്നു; ആത്മാക്കൾക്ക് അവയുടെ മേൽ പ്രവർത്തിക്കാൻ അനുവദിക്കുകയും ചെയ്യുന്നു; സ്വാതന്ത്ര്യം നൽകുന്നു. അതേസമയം മൂലകങ്ങളും ജീവികളുടെയെല്ലാം ശരീര ഭാഗങ്ങളും ജഡമായിരിക്കുമ്പോഴും അവയെല്ലാം പ്രവർത്തിക്കുന്നതും അവയെ പ്രവർത്തിപ്പിക്കാൻ ആത്മാക്കൾക്കു സാധിക്കുന്നതും മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ശാസ്ത്ര നിയമങ്ങൾ പ്രകാരം മാത്രമാണെന്ന മഹാനീതി ശാസ്ത്രമായ ഓംകാര നീതിശാസ്ത്ര ബന്ധനം എല്ലായ്പ്പോഴും ഉണ്ട്.

മഹാശക്തിയായ ദൈവമാണ് ഭൂമിയെന്ന് അറിഞ്ഞാൽ പോലും, ഭൂമിയിൽ നിന്നും ലഭിക്കുന്നവയും ഭൂമി നൽകുന്നവയുമായ ഭൂമിയുടെ അംശമായ വസ്തുക്കളും ശരീര അവയവങ്ങൾ ഉൾപ്പെടെയുള്ള രൂപാന്തരങ്ങളും നൽകുന്ന ശക്തികൊണ്ടല്ലാതെ, മനുഷ്യർക്ക് ജീവിക്കാൻ കഴിയുന്നതല്ല. ഭൂമിയുടെ അംശങ്ങളെ ഭൂമിക്ക് മടക്കി നൽകാൻ ആഗ്രഹിക്കുന്നത് ഭൂമി നൽകിയ വിശേഷ ബുദ്ധിയും ശക്തികളും പാഴാക്കുന്ന ദോഷത്തവുമാണ്.

**ഭൂമിയായ ദൈവം, ആത്മാക്കൾക്കു നൽകുന്ന സ്വാതന്ത്ര്യം സമ്പൂർണ്ണമാകണമെങ്കിൽ ഭൂമിയും അംശമായ മൂലകങ്ങളും ശരീരവും ജഡമായി ഭാവിക്കേണ്ടതും ഭാഗികമായി ആവശ്യമാണ്. ആത്മാക്കൾക്ക് സമ്പൂർണ്ണമായ സ്വാതന്ത്ര്യം അനുഭവിക്കാൻ കഴിയണമെങ്കിൽ, 'ദൈവമായ ഭൂമിയുടെ അംശമാണെന്നു തെളിഞ്ഞു കഴിഞ്ഞ ശരീരത്തിന് 'വേറിട്ട സ്വത്വം ഉണ്ടാകരുത്; ശരീരത്തെ ആത്മാവിന്റെ സ്വന്തമാക്കി നൽകുകയും വേണം.**

ആത്മാക്കൾക്ക് സമ്പൂർണ്ണമായ സ്വാതന്ത്ര്യം നൽകാനും; ഭരിക്കാനും മഹാനീതി നടപ്പാക്കാനും സാധ്യമാകുന്ന മഹാനീതിശാസ്ത്ര സംവിധാനത്തെ മഹാശക്തിയും മഹാനീതിയുമായ ഭൂമി മഹാആവിഷ്ക്കരിച്ചിരിക്കുകയാണ്. അതിൻപ്രകാരം കൺപോളകൾ, കീഴ്ത്താടി, നാവ്, ചുണ്ടുകൾ, കവിളുകൾ, കഴുത്ത്, കൈകാലുകളും വിരലുകളും, ഇടുപ്പ്, എന്നിങ്ങനെ ഏതാനും അവയവങ്ങൾക്കു നൽകുന്ന ഭാഗികമായ സ്വാതന്ത്ര്യം കൊണ്ടു തന്നെ സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തെ അനുഭവിക്കുന്ന പ്രതീതി വിശേഷ ബുദ്ധിയുള്ള മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് ലഭിക്കുന്നുണ്ട്. മനുഷ്യർ അറിയുകയും അനുഭവിക്കുകയും ചെയ്യുന്ന വസ്തുതകളാണവ. തലമുടി, തലച്ചോറ്, കണ്ണുകൾ, ചെവികൾ, മൂക്ക്, പല്ലുകൾ, അസ്ഥികൾ, മജ്ജ, നാഡീവ്യൂഹം, ഹൃദയം, ശ്വാസകോശം, ആമാശയം, കുടൽ, കിഡ്നി, തുടങ്ങി മനുഷ്യരുടെ ശരീരത്തിലെ ഭൂരിപക്ഷം അവയവങ്ങളെയും ചലിപ്പിക്കാൻ സ്വത്വങ്ങളായ ആത്മാക്കൾക്ക് കഴിവുമില്ല; കഴിയുകയുമില്ല; എന്നതിന് ഉപരിയായി ചലിപ്പിക്കേണ്ടുന്ന ആവശ്യം ആത്മാക്കൾക്ക് ഇല്ല. ദഹനം, വിസർജ്ജനം, ശ്വസനം, ശരീരത്തിലെ കോശ-അവയവ വളർച്ച, മുറിവുണങ്ങൽ, പ്രത്യുല്പാദന സംവിധാനങ്ങൾ, കഷണ്ടി, നര, രോഗങ്ങൾ, രോഗമുക്തി, മരണം തുടങ്ങിയവയെ ആത്മാക്കൾ നിശ്ചയിക്കുകയും നിർവ്വഹിക്കുകയും ചെയ്യുന്നതായി വന്നാൽ ആത്മാക്കൾക്ക് ജീവിക്കാനും സന്തോഷിക്കാനും കഴിയാതെ വരും. സ്വന്തമെന്നു കരുതുകയും ചിലർ വീമ്പിളക്കുകയും ഒക്കെ ചെയ്യുന്ന ശരീരത്തിൽ എന്തെല്ലാം/ എത്രയെത്ര അവയവങ്ങളാണ് ഉള്ളതെന്നോ അവയെ ആര് എപ്പോൾ എങ്ങനെ സൃഷ്ടിച്ചെന്നോ, അവയുടെ പ്രവർത്തനങ്ങൾ കൃത്യമായി എന്തെല്ലാമെന്നോ, അവയുടെ പരിരക്ഷ കൃത്യമായി എങ്ങനെയാണെന്നോ ആത്മാക്കൾക്ക് സുവ്യക്തമായി അറിയില്ല; ജീവിക്കാൻ ആവശ്യവുമല്ലാത്തതും ആനന്ദങ്ങളെ കുറയ്ക്കുന്നതുമായ അറിവുകളും കഴിവുകളും ലഭിക്കാത്തതു തന്നെയാണ് നല്ലത്. സ്വത്വങ്ങളായ ആത്മാക്കളെ ഭാരപ്പെടുത്താതെ ദൈവാംശമായ ശരീരം ആത്മാക്കൾക്കു വേണ്ടി നിരന്തരം പ്രവർത്തിക്കുകയാണ്.

മൂലകങ്ങളുടെ രൂപാന്തരമായ ജീവികളുടെ ശരീര അവയവങ്ങൾ, ആത്മാവിന് ഉണ്ടാവേണ്ടതായ ശക്തികളെയും ചലന സ്വാതന്ത്ര്യത്തെയും നിശ്ചയിക്കുമ്പോഴും നിയന്ത്രിക്കുമ്പോഴും; ജഡം പോലെയും ആത്മാവിന്റെ സ്വന്തം പോലെയും ഭാവിച്ചു കൊണ്ട് ശരീര അവയവങ്ങളിലും മൂലമായ മൂലകങ്ങളിലും ലയിച്ചിരിക്കുന്ന ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും പ്രകാരം ശരീരത്തിന്റെ മേൽ മർദ്ദനവും അവയവമാറ്റവും, മുറിച്ചു നീക്കലും, വെച്ചു പിടിപ്പിക്കലുമെല്ലാം ചെയ്യാൻ ആത്മാക്കളെ അനുവദിക്കുന്നു. ഓരോരോ ആത്മാവിനും ജീവിക്കാൻ ആവശ്യമായ സർവ്വവും നേരിട്ടു നൽകുന്ന ദൈവമെന്നോണം മൂലകങ്ങളാകുന്ന ശരീര അവയവങ്ങളെ ആത്മാവിന്റെ സ്വന്തമെന്നോണം നൽകിയാൽ മാത്രമേ ആത്മാക്കൾക്ക് സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തോടെ ആനന്ദിച്ചു ജീവിക്കാൻ കഴിയുകയുള്ളൂ.

മഹാമാതാപിതാക്കളായ ശിവയും ശിവനും ചേർന്ന ഭൂമിയുടെ കുഞ്ഞുങ്ങളായ ആത്മാക്കൾക്കെല്ലാം ജീവി-വർഗ്ഗം, സ്ത്രീ പുരുഷ നപുംസക ജാതികൾ, അവയവങ്ങൾ, അംഗവൈകല്യം, ആരോഗ്യം, ആയുസ്സ്, നിറം, സൗന്ദര്യം, മുഖഛായ, ബുദ്ധി ശക്തി, ഓർമ്മ ശക്തി, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ബന്ധുജനങ്ങൾ, ബന്ധുബലം, ജനന സ്ഥലം, തുടങ്ങിയ ജന്മഗുണങ്ങളെ മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രം പ്രകാരം ഭൂമി നിശ്ചയിക്കുകയും, ഭൂമിയുടെ അംശമായ മൂലകങ്ങളെ ശരീരാവയവങ്ങളായി രൂപപ്പെടുത്തി (സൃഷ്ടിച്ചു) നൽകുകയും സംരക്ഷിക്കുകയും ചെയ്യുമ്പോഴാണ് ദൈവത്തിന്റെ മഹാഭരണവും മഹാനീതിയും നടപ്പാവുക എന്നതിനാൽ, ഭൂമിയുടെ അംശമായ മൂലകങ്ങളിൽ ഒന്നിനെ ഭൂമിയുടെയും ശിവയുടെയും സ്വത്വമായും, ആത്മാക്കൾക്കെല്ലാം ഓംകാര നീതിശാസ്ത്രം പ്രകാരം ശരീര അവയവങ്ങളെ സൃഷ്ടിച്ചു നൽകി വ്യത്യസ്ത ജീവികളാക്കുകയും മഹാവാത്സല്യത്തോടെ സംരക്ഷിക്കുകയും, ഭരിക്കുകയും, ശിക്ഷിച്ചു തിരുത്തിക്കൊണ്ട് സമ-ആനന്ദമായ മഹാനീതി നിർവ്വഹിക്കുകയും ചെയ്യുന്ന സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ദൈവമായി ഒരുക്കിയിട്ടുണ്ട്. എല്ലാ ജീവികളുടെയും ആത്മാക്കളുടെ ജീവനായി എല്ലായ്പ്പോഴും പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ഓക്സിജനാണത്. മനുഷ്യരുടെ ഉൾപ്പെടെ എല്ലാ ജീവികളുടെയും ശരീരാവയവങ്ങളെയും, ആത്മാക്കളെയും എല്ലായ്പ്പോഴും മഹാവാത്സല്യത്തോടെ ഓക്സിജൻ സംരക്ഷിക്കുകയു, ഭരിക്കുകയും, ശിക്ഷിച്ചു തിരുത്തിക്കൊണ്ട് സമ-ആനന്ദമായ മഹാനീതി നടപ്പാക്കുകയും ചെയ്യുന്നുണ്ട്. വിശേഷ ബുദ്ധി ലഭിച്ചിട്ടുള്ള മനുഷ്യർക്കും, ആദ്യ മഹാകാലചക്രത്തിലെ ദേവതകൾക്കും ഓക്സിജന്റെ 'സൃഷ്ടി സ്ഥിതി സംഹാരങ്ങളെ' വിശകലനം ചെയ്ത് മനസ്സിലാക്കാൻ കഴിയുന്നതാണ്.

**മനുഷ്യൻ ഉൾപ്പെടെ എല്ലാ ജീവികളുടെയും ചിന്തകളെ പ്പോലും മഹാശാസ്ത്ര പരമായി എല്ലായ്പ്പോഴും ഓക്സിജൻ അറിയുന്നുണ്ട്. ഓക്സിജൻ മനുഷ്യരെ മിനുട്ടിൽ ശരാശരി 18 തവണ ശ്വാസോച്ഛ്വാസം ചെയ്യിക്കുമ്പോൾ, മനുഷ്യരുടെ ചിന്തകളെ പ്പോലും ഓക്സിജൻ എല്ലായ്പ്പോഴും അറിയുകയാണ്. ഓക്സിജൻ മഹാശക്തിയായ ഭൂമിയുടെ സ്വത്വമാകയാൽ, ഭൗതികമായി തന്നെയാണ് ഭൂമിയായ ദൈവം സർവ്വവും ചെയ്യുന്നത്. ശ്വസനത്തിലൂടെ ജീവികളുടെ ചിന്തകളെ പ്പോലും മഹാശാസ്ത്രപരമായി അറിയുമ്പോഴും ജീവാത്മാവിന്റെ സ്വകാര്യമായ പ്രവൃത്തികളിൽ അസാധാരണമായ സാഹചര്യത്തിൽ അല്ലാതെ ദൈവാംശമായ ശരീരം ഇടപെടാതെയുമാണ്; ദൈവമായ ഭൂമിയുടെ സ്വത്വമായ ഓക്സിജൻ എല്ലായ്പ്പോഴും പ്രവർത്തിക്കുന്നത്.**

ഭക്ഷണ പാനീയങ്ങളും മറ്റുമായ മൂലകങ്ങൾക്ക് ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളുടെ ശരീര വളർച്ചയും രൂപ വ്യത്യാസങ്ങളും ഉൾപ്പെടെയുള്ള മാറ്റങ്ങളും പ്രവർത്തനങ്ങളും സൃഷ്ടിക്കുന്നതും, ശരീര അവയവങ്ങളിലൂടെ ആത്മാക്കളെ മഹാഭരിക്കുകയും മഹാനീതി നടപ്പാക്കുകയും ചെയ്യുന്നതും ഭൂമിയുടെ സ്വത്വം കൂടിയായ ഓക്സിജനാണ്. പ്രത്യക്ഷമെന്നോണം ഓക്സിജൻ എല്ലാ ജീവികളുടെയും സ്വത്വങ്ങളായ ആത്മാക്കളുടെയും, ശരീര അവയവങ്ങളുടെയും, ശരീരത്തിന്റെ വെളിയിലുള്ള മറ്റെല്ലാ മൂലകങ്ങളുടെയും മേൽ എല്ലായ്പ്പോഴും സ്വന്തം ഇഷ്ടം പ്രകാരം പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണ്. അനന്തമെന്ന് വിശേഷിപ്പിക്കാവുന്ന ഓക്സിജന്റെ പ്രവർത്തനങ്ങളെ നിശ്ചയിക്കുന്നത് ഓക്സിജൻ തന്നെയാണ്. അതിനായി ശ്വാസകോശം, ഹൃദയം തുടങ്ങിയ അവയവങ്ങളെ സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്നതും ഭൂമിയുടെ സ്വത്വവും ജീവികളുടെയെല്ലാം ജീവനുമായ ഓക്സിജൻ തന്നെയാണെന്ന് ശാസ്ത്ര പരമായ വിശകലനത്തിലൂടെ മനസ്സിലാക്കാൻ കഴിയുന്നതാണ്.

ഭൂമിയുടെ സ്വത്വമായ ഓക്സിജൻ മഹാനീതിശാസ്ത്രം പ്രകാരം ആത്മാക്കൾക്ക് (ഭൂമിയുടെ അംശമായ) ശരീര അവയവങ്ങളെയും ജീവിരൂപങ്ങളെയും നൽകുകയാണ്. ആത്മാക്കൾക്ക് ശരീരങ്ങളെ സ്വീകരിക്കാനോ ഉപേക്ഷിക്കാനോ കഴിവില്ല. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഭൂമിയും അംശമായ മൂലകങ്ങളും രൂപാന്തരമായ ശരീര അവയവങ്ങളുമാണ് ആത്മാക്കളുടെ ജീവി-ജീവിതത്തെ നിശ്ചയിക്കുന്നത്. അതേസമയം, ആത്മാക്കളുടെ ഭാഗമായി ഓക്സിജൻ മാറുന്നില്ല. എന്നു മാത്രമല്ല; മഹാശക്തിയും മഹാനീതിയുമായ ഓക്സിജന്റെ/ഭൂമിയുടെ പ്രവർത്തനങ്ങളിൽ ഇടപെടാൻ ആത്മാക്കളെ അനുവദിക്കുന്നുമില്ല.

ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളുടെയോ, ആത്മാക്കൾക്ക് ജീവിക്കാൻ ആവശ്യമായ ശക്തികളും ശാസ്ത്രങ്ങളും ആനന്ദങ്ങളും നേരിട്ടു നൽകുകയും ജഡം പോലെ ആത്മാക്കളുടെ ഇഷ്ടങ്ങളെ സാധിച്ചു കൊടുക്കുന്ന ശരീര ഭാഗമോ അവയവമോ ആയിട്ടു മാത്രമല്ല ഓക്സിജൻ പ്രവർത്തിക്കുന്നത്. ആത്മാക്കൾക്ക് സമ്പൂർണ്ണമായ സ്വാതന്ത്ര്യം അനുവദിച്ചു കൊണ്ട് ഓംകാര നീതിശാസ്ത്രം പ്രകാരം ആത്മാക്കളെ ഭരിക്കാനും ആവശ്യമെങ്കിൽ ഒരു നിമിഷനേരത്തിനുള്ളിൽ ആത്മാവിനെ ശരീരത്തിൽ നിന്നും പുറത്താക്കി ജീവിയെ മരിപ്പിച്ചും മഹാനീതി നിർവ്വഹിക്കാൻ ഓക്സിജന് മഹാശാസ്ത്രപരമായി ത്തന്നെ കഴിയും.

മനുഷ്യരായല്ലാതെ; മത-ജാതി-വർഗ്ഗ-രാഷ്ട്രീയ-ദേശീയ ജീവികളെന്നോണം ജീവിക്കുന്ന ജനങ്ങൾക്ക് ധർമ്മശാസ്ത്ര വിരുദ്ധമായി ജനങ്ങളെ ഭരിക്കുന്ന സേവകരെ തടയുകയും തിരുത്തുകയും ചെയ്യേണ്ടത് ആവശ്യമായി തോന്നണമെന്നില്ല. മനുഷ്യർക്ക് ഭൂമി നൽകുന്ന വ്യക്തിസ്വാതന്ത്ര്യത്തെ തടയുകയും മാസ്ക് ഹെൽമെറ്റ് പലിശ പിഴ ശാസ്ത്ര വിരുദ്ധമായ നിയമങ്ങൾ തുടങ്ങിയവ ഏർപ്പെടുത്തുകയും ചെയ്യുന്ന ജനസേവകർ ഉൾപ്പെടെയുള്ള എമ്പോക്കികളെ/തെമ്മാടികളെ എതിർക്കാനുള്ള ധാർമ്മിക യോഗ്യത ഇല്ലാത്തതു കൊണ്ടു കൂടിയാണത്. മത-ജാതി-വർഗ്ഗ-രാഷ്ട്രീയ-ദേശീയ ജീവികളായി ജീവിക്കുന്നവരും എമ്പോക്കികൾ തന്നെ!

ഭൂമി ദാനമായി നൽകുന്ന ശരീരാവയവങ്ങൾ അനുവദിക്കുന്ന ചലന-സ്വാതന്ത്ര്യവും ശക്തികളും ഉപയോഗിച്ചുമാത്രമേ ആത്മാക്കൾക്ക് എന്തും പ്രവർത്തിക്കാൻ കഴിയൂ എന്ന് ശരീരവും മൂലമായ ഭൂമിയും വിശേഷ ബുദ്ധി നൽകി അറിയിക്കുമ്പോൾ ധർമ്മശാസ്ത്രപരമായിമാത്രം പ്രവർത്തിക്കാനും ജീവിക്കാനും സ്വത്വത്തിന് ശരീരത്തോടും ഭൂമിയോടും ബാദ്ധ്യതയുണ്ട്. ആവക വസ്തുതകളെ ജനസേവകരും മറ്റും സ്വയം തിരിച്ചറിയുകയും സ്വയം തിരുത്തുകയും ചെയ്യേണ്ടത് അവരവരുടെ സ്വന്തം അത്യാവശ്യമാണ്. മനുഷ്യൻ ഉൾപ്പെടെ എല്ലാ ജീവികളുടെയും ചിന്തകളെ പ്പോലും ഓക്സിജൻ എപ്പോഴും അറിയുന്നുണ്ടെന്നത് മഹാഗൗരവമാണ്. ഭൂമിയുടെ അംശമായ മൂലകങ്ങളിലും ജീവികളുടെ ശരീരങ്ങളിലും ലയിച്ചിരിക്കുന്ന മഹാശാസ്ത്ര നിയമങ്ങൾ പ്രകാരമേ ഭൂമിയിൽ ജീവിക്കാൻ കഴിയൂ എന്ന് ജന്മഗുണങ്ങളും രോഗങ്ങളും മരുന്നുകളുമെല്ലാം മനുഷ്യരെ നിരന്തരം അറിയിക്കുമ്പോൾ, അസ്തിത്വം പോലും സ്വന്തമല്ലാത്തവരും സൃഷ്ടികൾ മാത്രവുമായ ആത്മാക്കൾക്ക് ദൈവത്തിന്റെ മഹാനീതി കാര്യങ്ങളിൽ ഇടപെടാൻ അവകാശവും അധികാരവും ഇല്ലെന്നും, (ദൈവമായ) ഭൂമിയും അംശമായ മൂലകങ്ങളും ശരീരവും നൽകുന്ന ശക്തികളും വിശേഷബുദ്ധിയും കൊണ്ടു മാത്രമാണ് ജീവിക്കുന്നതെന്ന ബോധവും എപ്പോഴും ഉണ്ടാവണമായിരുന്നു.

## ഭൂമി അന്തമില്ലാത്ത മഹാശക്തിയാണെന്നും; ഭൂമിക്ക് സ്വത്വമുണ്ടെന്നും മഹാശാസ്ത്രപരമായി തെളിയിക്കുന്നു.

മഹാസത്യമായ ശിവയുടെയും ഭാഗമായ ശിവന്റെയും മഹാകൂട്ടുകെട്ടാണ് സൃഷ്ടി സ്ഥിതി സംഹാര പാത്രമായ ആകാശവും, മഹാശക്തിയായ ഭൂമിയും ഉൾപ്പെട്ട മഹാപ്രപഞ്ചമെന്ന് ഈ ദിവ്യമഹാവേദഗ്രന്ഥത്തിൽ മഹാശാസ്ത്ര പരമായി പിന്നീട് തെളിയിക്കുന്നുണ്ട്. 2021 കാലഘട്ടത്തിൽ ഭൂമിയിൽ ജീവിക്കുന്ന മനുഷ്യർ അറിയുന്ന ഭൗതിക ശാസ്ത്രം പ്രകാരം 118 മൂലകങ്ങളും, അവയുടെ അനേക ലക്ഷം സംയുക്തങ്ങളും മിശ്രിതങ്ങളും ചേർന്ന മഹാരൂപമാണ് കര-ജലപ്രദേശങ്ങളുടെ സമ്മിശ്രമായ ഭൂമി. ഭൂമിയുടെ അംശമായ മൂലകങ്ങളിലും അവയുടെ രൂപാന്തരമായ ജീവികളുടെയെല്ലാം ശരീര അവയവങ്ങളിലും ലയിച്ചിട്ടുള്ള ശക്തികളും ശാസ്ത്രങ്ങളും ഭക്ഷണ-രുചി-മണ-ഗുണ ആനന്ദങ്ങളും ഭക്ഷണം കഴിക്കുന്ന ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് ശരീര അവയവങ്ങളിലൂടെ ഓക്സിജന്റെയും വെള്ളത്തിന്റെയും സാന്നിദ്ധ്യവും പ്രവർത്തനവും കൊണ്ട് ലഭിക്കുകയാണെന്ന് മുൻ അദ്ധ്യായത്തിൽ വിശദമാക്കിയിരുന്നു.

**ഭൂമിയുടെ അംശമായ മൂലകങ്ങളിലും ശരീരങ്ങളിലും ലയിച്ചിരിക്കുന്ന ശക്തികളും ശാസ്ത്രങ്ങളും എന്നു പറയുമ്പോൾ, മൂലം ഭൂമിയാണെന്നും, ഭൂമിക്ക് സ്വത്വമുണ്ടെന്നും, മഹാനീതിശാസ്ത്ര പ്രകാരമുള്ള മഹാപദ്ധതികളോടെ ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മഹാശക്തിയായ ഭൂമി നിർവ്വഹിക്കുകയാണ് എന്നു കൂടിയാണ് അർത്ഥം.** ദൈവത്തിന്റെ ഭാവമായ സത്യ ധർമ്മ നീതികളെ സംരക്ഷിക്കാനും മഹാനീതിയെ നടപ്പാക്കാനും ദൈവാംശമായ മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ന്യൂനശക്തികളും, ദൈവമായ ഭൂമിയുടെ സ്വത്വമായ ഓക്സിജനും മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രം പ്രകാരം പ്രവർത്തിക്കുന്നുണ്ട്. ജീവികളുടെ രോഗങ്ങൾ, രോഗമുക്തി, മരണം, ഭൂചലനം കൊടുങ്കാറ്റ് വരൾച്ച  അഗ്നിപർവ്വതം പ്രളയം സുനാമി വേലിയേറ്റം വേലിയിറക്കം, സൂര്യചന്ദ്ര-ഗ്രഹണങ്ങൾ തുടങ്ങി പ്രപഞ്ചത്തിലെ സർവ്വവും അതിൽപെടുന്നു. വിശേഷബുദ്ധിയെ ഉപയോഗിച്ചാൽ സർവ്വത്തിന്റെയും 'കർത്താവ് ഭൂമിയാണെന്നു' തെളിയും.

ഭൂമിയുടെ സ്ഥൂലാംശമായ മൂലകങ്ങളിലും,  രൂപാന്തരമായ ജീവികളുടെ ശരീര അവയവങ്ങളിലും, ഭൂപ്രദേശങ്ങളിലും, ലയിച്ചിരിക്കുന്ന ശക്തികളും ശാസ്ത്രങ്ങളും ആനന്ദങ്ങളും സ്വാതന്ത്ര്യങ്ങളും ശരണങ്ങളും പ്രകാരം ഭൗതികമായ അസ്തിത്വത്തോടെയാണ് ജീവികളുടെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെയെല്ലാം (ഭൂമി) ആവിഷ്ക്കരിച്ചിരിക്കുന്നത്.

**മനുഷ്യാവസ്ഥയിലെ ശരീരാവയവങ്ങളും അവയുടെ 'മൂലമായ മൂലകങ്ങളും, ഭൂമിയും' നൽകുന്ന വിശേഷ ബുദ്ധി കൊണ്ട് ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾ ശരീര അവയവങ്ങളുടെ ഭാഗമല്ലെന്നും തെളിയുന്നുണ്ട്. മൂലകങ്ങൾ എങ്ങനെയാണ് ആത്മാക്കൾക്ക് ശക്തികളും ശാസ്ത്രങ്ങളും ആനന്ദങ്ങളും മറ്റും നൽകുന്നതെന്ന് ശാസ്ത്രപരമായി വിശകലനം ചെയ്ത് മനസ്സിലാക്കാൻ മാർഗ്ഗമുണ്ട് :**

എല്ലാ മൂലകങ്ങളുടെയും, അവയുടെ രൂപാന്തരമായ ശരീരങ്ങളുടെയും ശവശരീരങ്ങളുടെയുമെല്ലാം സൂക്ഷ്മമായ ആറ്റങ്ങളിലെ അതിസൂക്ഷ്മ ഘടകങ്ങളായ പ്രോട്ടോൺ, ഇലക്ട്രോൺ, തുടങ്ങിയവ എല്ലായ്പ്പോഴും പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണ്. ഏതൊരു പ്രവർത്തനങ്ങളും, പ്രതിപ്രവർത്തനങ്ങളെയും തത്ഫലമായി ഉല്പന്നങ്ങളെയും സൃഷ്ടിക്കുമെന്ന് മൂലകങ്ങൾ തന്നെ മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കളെ പഠിപ്പിച്ചിട്ടുണ്ട്. മഹാശക്തിയായ സ്രഷ്ടാവിന്, സൃഷ്ടികളായ ജീവികളെ ഒളിച്ചും ഭയന്നും യാതൊന്നും ചെയ്യേണ്ടതില്ല എന്നതും, മഹാഉചിതമായി സർവ്വവും കുഞ്ഞുങ്ങൾക്ക് സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ദൈവം വെളിപ്പെടുത്തുമെന്നതും കൂട്ടിച്ചേർത്താൽ; ആറ്റങ്ങളിലെ പ്രോട്ടോണുകളെ ഇലക്ട്രോണുകൾ സദാ ചുറ്റുന്നത് ഉൾപ്പെടെ ന്യൂട്രോൺ ക്വാർക്കുകൾ തുടങ്ങിയ ഘടകങ്ങളുടെ സാന്നിദ്ധ്യവും; മനുഷ്യർക്ക് കണ്ടെത്താൻ കഴിഞ്ഞതും കഴിഞ്ഞിട്ടില്ലാത്തതുമായ പ്രവർത്തനങ്ങളും അവയുടെ പ്രതിപ്രവർത്തനങ്ങളും ഉല്പന്നങ്ങളുമാണ് ആറ്റങ്ങളുടെ സ്ഥൂലരൂപവും മൂലകങ്ങളുമാകുന്ന ദ്രവ്യങ്ങളുടെയും രൂപാന്തരമായ ജീവികളുടെയെല്ലാം ശരീരങ്ങളുടെയും അനന്ത ഗുണങ്ങളാകുന്ന ശക്തികളെ നിശ്ചയിക്കുകയും സൃഷ്ടിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതെന്നും; അതെല്ലാം ചെയ്യുന്നത് ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് അനന്തമായ ആനന്ദങ്ങളെ മഹാനീതിശാസ്ത്ര പ്രകാരം ലഭ്യമാക്കാനാണെന്നും തെളിയും.

ഭൂമിയുടെ അംശമായ മൂലകങ്ങളുടെയും, രൂപാന്തരമായ ജീവികളുടെ ശരീരങ്ങളുടെയും ആറ്റങ്ങളിലെ അതിസൂക്ഷ്മ ഘടകങ്ങൾ എല്ലായ്പ്പോഴും സ്വയം മഹാശാസ്ത്ര പരമായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതിൽ നിന്നുമാണ് മനുഷ്യൻ ഉൾപ്പെടെ എല്ലാ ജീവികളുടെയും സ്വത്വങ്ങളായ ആത്മാക്കൾക്ക് ജീവിക്കാൻ ആവശ്യമായ വായുവും ജലവും ഭക്ഷണവും ശക്തികളും ശാസ്ത്രങ്ങളും ആനന്ദങ്ങളും സ്വാതന്ത്ര്യങ്ങളും ശരണവുമെല്ലാം (മൂലകങ്ങളിലൂടെയും രൂപാന്തരമായ ശരീരങ്ങളിലൂടെയും മൊത്തമായ ഭൂമിയിലൂടെയും) ലഭിക്കുന്നതെന്നും, മഹാശക്തിയായ ഭൂമി കുഞ്ഞുങ്ങളായ ആത്മാക്കൾക്ക് മഹാവാത്സല്യത്തോടെ നൽകുകയാണ് എന്നും, വിശേഷബുദ്ധിയെ സദുപയോഗിച്ചാൽ മനസ്സിലാക്കാമെന്നു സാരം.

ഭൂമിയുടെ സൂക്ഷ്മ അംശങ്ങളായ ആറ്റങ്ങളിലെ ഘടകങ്ങളുടെ പ്രവർത്തനങ്ങൾ കൊണ്ട് സൃഷ്ടിക്കപ്പെടുന്ന ജീവികളുടെ വ്യത്യസ്തങ്ങളായ ശരീര അവയവങ്ങളും, ജന്മഗുണങ്ങളും, ശരീര അവയവങ്ങളുടെ പ്രവർത്തനങ്ങളും സ്വാതന്ത്ര്യങ്ങളും വിശപ്പും ഭക്ഷണ പാനീയങ്ങളും ലഹരികളും ആനന്ദങ്ങളും വേദനകളും സന്തോഷങ്ങളും മറ്റും വിശകലനം ചെയ്താൽ, ഭൂമിയുടെ അതിസൂക്ഷ്മ അംശങ്ങളിൽ ബഹുവിധങ്ങളായ പ്രവർത്തനങ്ങളെ എല്ലായ്പ്പോഴും നിർവ്വഹിച്ചു കൊണ്ട് അവയുടെ മൊത്തമായ ഭൂമി ചെയ്യുന്നതെല്ലാം എല്ലാ ജീവികളുടെയും സ്വത്വങ്ങളായ ആത്മാക്കൾക്കു വേണ്ടി മാത്രമാണ്. ഭൂമിയുടെ അംശമായ മൂലകങ്ങളും സൂക്ഷ്മ അംശങ്ങളായ ആറ്റങ്ങളുടെ ഘടകങ്ങളും സൃഷ്ടിക്കുന്ന സമസ്ത ആനന്ദങ്ങളെയും വേദനകളെയും അനുഭവിക്കുന്നത് ആത്മാക്കളാണ്. ശരീരത്തിലെ എല്ലാ അവയവങ്ങളും സദാ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത് ആത്മാക്കൾക്കു വേണ്ടിയാണ്. ഭക്ഷണ പാനീയങ്ങൾ ഉൾപ്പെടെ ഏതൊരു മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ആനന്ദങ്ങളും ഗുണങ്ങളും അനുഭവിക്കുന്നത് സ്വയം അവയല്ല; ഭൂമിയല്ല.

ഭക്ഷണ പാനീയങ്ങൾ, ലഹരി വസ്തുക്കൾ, വിഷങ്ങൾ തുടങ്ങിയവയിലൂടെ ബഹുവിധങ്ങളായ ശക്തികൾ ശരീരത്തിലേക്ക് പ്രവേശിക്കുകയും ശരീരത്തോടു ചേരുകയും ചെയ്യുമ്പോഴും, ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് ശക്തികളെയും ശാസ്ത്രങ്ങളെയും വേദനകൾ ഉൾപ്പെട്ട ആനന്ദങ്ങളെയും നൽകുന്നത് ആത്മാക്കളുടെ സ്വന്തമെന്നോണം പ്രവർത്തിക്കുന്നതായ ശരീര- അവയവങ്ങൾ മാത്രമാണ്. ഭൂമിയുടെ അംശമായ മൂലകങ്ങളുടെയും അവയുടെ രൂപാന്തരമായ ജീവികളുടെയെല്ലാം ശരീര-അവയവങ്ങളുടെയും ശക്തികളെയും ശാസ്ത്രങ്ങളെയും പ്രവർത്തനങ്ങളെയും മനസ്സിലാക്കാനും ചിലവയെ ഉപയോഗിച്ച് ഉപകരണങ്ങളും യന്ത്രങ്ങളും മറ്റും നിർമ്മിക്കാനും സർജറികൾ ചെയ്യാനും ആനന്ദങ്ങൾ വർദ്ധിപ്പിക്കാനുമെല്ലാം മനുഷ്യശരീരം ഭൗതികമായി നൽകുന്ന വിശേഷബുദ്ധി കൊണ്ടാണ് സ്വത്വങ്ങൾക്കു കഴിയുന്നത്. വിശേഷ ബുദ്ധിയെ ദുരുപയോഗിച്ച് ഭൗതികമായ അസ്തിത്വവും, ശാസ്ത്ര പരമായ അടിത്തറയും ഇല്ലാത്ത വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും തട്ടിക്കൂട്ടിയാൽ നിലനിൽക്കില്ല; മൂലകങ്ങളിലെയും ശരീരങ്ങളിലെയും ന്യൂനശക്തികൾ പുറത്താക്കും. മത-രാഷ്ട്രീയ മാറ്റങ്ങൾ സാക്ഷ്യമാണ്.

മൂലകങ്ങളെയും അവയുടെ സംയുക്തങ്ങളെയും, രൂപാന്തരമായ ജീവികളുടെ ശരീര-അവയവങ്ങളെയും ആത്മാക്കൾക്ക് സൃഷ്ടിക്കാനോ പരിപാലിക്കാനോ കഴിയില്ലെന്നതും പ്രത്യേകമായി അറിയണം.

മൂലകങ്ങളെയും ശരീരങ്ങളെയും ഉപയോഗിച്ച് മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് നിർമ്മിക്കാനും പരിപാലിക്കാനും കഴിയുന്ന സർവ്വവും യഥാർത്ഥത്തിൽ മൂലകങ്ങളിലും ശരീരങ്ങളിലും ലയിച്ചിരിക്കുന്ന ശാസ്ത്രങ്ങളും ശക്തികളും ആനന്ദങ്ങളും മറ്റു ഗുണങ്ങളും പ്രകാരം അവ പ്രവർത്തിക്കുകയാണ്. മൂലകങ്ങളെയോ ഒരല്പം ശൂന്യതയെ പ്പോലുമോ സൃഷ്ടിക്കാൻ ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് കഴിയുന്നതല്ല.

ഭക്ഷണ പാനീയങ്ങളായ മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ശക്തികളിലും രുചി-ആനന്ദങ്ങളിലും നാവിലെ രുചി മുകുളങ്ങൾ ഉൾപ്പെടെയുള്ള ശരീര-അവയവങ്ങളായ മൂലകങ്ങൾ പ്രവർത്തിച്ച് രുചി ആനന്ദങ്ങളെയും ശക്തികളെയും മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് നേരിട്ടു നൽകുമ്പോൾ, 'സൃഷ്ടി സ്ഥിതി സംഹാര കർത്താവും, ശിവയും ശിവനുമായ ഏകദൈവം', ഭക്ഷണ സാധനങ്ങൾ നാവ് രുചി മുകുളങ്ങൾ തുടങ്ങിയ മൂലകങ്ങളിൽ ലയിച്ചിരിക്കുകയാണ്. 'ആനന്ദങ്ങളെയും വേദനകളെയും ശക്തികളെയുമെല്ലാം നൽകുന്ന മഹാഭരണാധികാരിയും മഹാനീതിപതിയും മൂലകങ്ങളുമായ ദൈവാംശങ്ങളെ' സൃഷ്ടിക്കാനോ പരിപാലിക്കാനോ ഭരിക്കാനോ സ്വത്വങ്ങളായ ആത്മാക്കൾക്ക് കഴിയുന്നതല്ല.

ഭൂമിയുടെ സൂക്ഷ്മ അംശങ്ങളായ ആറ്റങ്ങളിലെ അതിസൂക്ഷ്മങ്ങളും ശിവയുമായ പ്രോട്ടോണുകളെ, ശിവനായ ഇലക്ട്രോണുകൾ എല്ലായ്പ്പോഴും ചുറ്റുന്നതും; ന്യൂട്രോൺ ക്വാർക്കുകൾ തുടങ്ങി ന്യൂനശക്തികളും മറ്റുമായ ഘടകങ്ങളുമായി ചേർന്ന് ആറ്റങ്ങളുടെ സ്ഥൂലരൂപങ്ങളായ മൂലകങ്ങളെയും സംയുക്തങ്ങളെയും രൂപാന്തരമായ ജീവികളുടെയെല്ലാം വ്യത്യസ്തമായ ശരീരാവയവങ്ങളെയും സൃഷ്ടിക്കുന്നതും; മനുഷ്യരുടെ അവയവങ്ങൾ നൽകുന്ന വിശേഷബുദ്ധി കൊണ്ട് മനുഷ്യാത്മാക്കൾക്ക് കുറെ അറിയാം. പ്രപഞ്ചത്തിലെ എല്ലാ വസ്തുതകളെയും മഹാശാസ്ത്രപരമായി വിശകലനം ചെയ്യാൻ കഴിയുന്ന വിശേഷ ബുദ്ധിയെ മനുഷ്യർക്ക് ലഭിച്ചിരിക്കുകയാണ്; ജീവികളുടെ ശരീരത്തിലൂടെ ഭൂമി നൽകിയിരിക്കുകയാണ്.

ഉള്ളടക്കം (2), (3) , എന്നിവയായി ചേർത്തിരിക്കുന്ന മഹാഗ്രന്ഥങ്ങളിൽ കൂടുതൽ വിശദീകരിച്ചിട്ടുണ്ട്.

**എല്ലാ ജീവികളുടെയും സ്വത്വങ്ങളായ ആത്മാക്കൾക്ക് എല്ലാ സ്വാതന്ത്ര്യവും നേരിട്ടു നൽകുന്നത് ശരീര അവയവങ്ങളാണ്. 'മഹാമാതാപിതാക്കളായ ശിവയും ഭാഗമായ ശിവനും ചേർന്ന ഭൂമി; കുഞ്ഞുങ്ങളായ ആത്മാക്കളെ ജീവികളാക്കാനും ശരണം ഉൾപ്പെടെ ജീവിക്കാൻ ആവശ്യമായ സർവ്വവും 'ഓരോ ആത്മാവിനും ഓരോ ദൈവമെന്ന പോലെ' നേരിട്ടു നൽകാനും; പ്രദേശങ്ങളും അംശമായ മൂലകങ്ങളും രൂപാന്തരമായ ശരീരവുമായി അവതരിച്ചിരിക്കുകയാണ്.**

**മഹാസത്യമായ ദൈവം, ശിവനും ശിവയുമായി രണ്ടായ ശേഷം മാത്രം മഹാശക്തിയായ ഭൂമിയായി മാറുന്നതിനെ വേറിട്ട് വിശദീകരിക്കുന്നുണ്ട്.**

സസ്യങ്ങൾക്ക് പൊതുവേ സ്വാതന്ത്ര്യം ഇല്ല. വളരാനുള്ള സ്വാതന്ത്ര്യം ഉണ്ടല്ലോ എന്നു കരുതിയാൽ പിശകാണ്. ലഭ്യമായ വിശേഷ ബുദ്ധി കൊണ്ട് അവയവങ്ങളെ വളർത്താൻ സ്വത്വങ്ങൾക്കു കഴിയില്ലെന്ന് സ്വന്തം അനുഭവത്തിൽ നിന്ന് മനുഷ്യർക്ക് അറിയാം.

ശരീരത്തിലെ അവയവങ്ങളെ ചലിപ്പിക്കാനുള്ള സ്വാതന്ത്ര്യം, ഭൂമിയിൽ എവിടെയും സഞ്ചരിക്കാനുള്ള സ്വാതന്ത്ര്യം, ലഭ്യമായ അവയവ ചലന സ്വാതന്ത്ര്യം കൊണ്ട് എന്തെങ്കിലും ചെയ്യാനുള്ള സ്വാതന്ത്ര്യം, മറ്റുള്ളവരെ കൊണ്ട് ചെയ്യിക്കാനുള്ള സ്വാതന്ത്ര്യം, ശബ്ദം വയ്ക്കാനുള്ള സ്വാതന്ത്ര്യം, ശിക്ഷിക്കാനുള്ള സ്വാതന്ത്ര്യം, സ്നേഹിക്കാനുള്ള സ്വാതന്ത്ര്യം, പ്രേമിക്കാനുള്ള സ്വാതന്ത്ര്യം, വാത്സല്യം പ്രകടിപ്പിക്കാനുള്ള സ്വാതന്ത്ര്യം, സ്തുതിക്കാനുള്ള സ്വാതന്ത്ര്യം, ആരാധിക്കാനുള്ള സ്വാതന്ത്ര്യം, തുടങ്ങി ഓരോരോ പ്രവൃത്തികളും ചെയ്യാനും ചെയ്യിപ്പിക്കാനുമുള്ള സ്വാതന്ത്ര്യം ആത്മാക്കൾക്ക് ഉണ്ടോ എന്നറിയണം. ഭൗതിക ശാസ്ത്രം, ധർമ്മ ശാസ്ത്രം, നീതി ശാസ്ത്രം എന്നീ മൂന്നു വേദങ്ങളുടെയും/ശാസ്ത്രങ്ങളുടെയും ശാഖകളിലെ ചെയ്യുന്നതും ചെയ്യിക്കുന്നതുമായ അനന്തമായ പ്രവൃത്തികളെ ചെയ്യാൻ വ്യക്തിയുടെ സ്വത്വമായ ആത്മാവിന് എത്രമാത്രം സ്വാതന്ത്ര്യം ഉണ്ടെന്നതാണ് വിഷയം. സങ്കീർണമായ വിഷയം ആണെന്ന് പെട്ടെന്ന് തോന്നുമെങ്കിലും, യാഥാർത്ഥ്യം അങ്ങനെയല്ല. വളരെ ലളിതമാണ്. ചുവടെ ഒരല്പം വിശകലനം കൊടുക്കുന്നു :-

എല്ലാ സ്വാതന്ത്ര്യങ്ങളെയും അടിസ്ഥാന പരമായി നൽകുന്നത് ദൈവമായ ഭൂമിയുടെ സ്വത്വമായ ഓക്സിജൻ, ഭൂമിയുടെ അംശമായ മൂലകങ്ങളെയും അവയുടെ സംയുക്തങ്ങളെയും കൊണ്ട് തജ്ജന്മത്തിലെ മരണം വരെയും ശേഷം മണ്ണിലേക്ക് മൂലകങ്ങളായി മടങ്ങും വരെയും നിർമ്മിച്ചു കൊണ്ടേയിരിക്കുന്നതും, എപ്പോഴും നിർമ്മാണം പൂർത്തിയായതായി തോന്നിപ്പിക്കുന്നതും, ജീവിയുടെ സ്വത്വത്തെ ഉടമയെന്നു തോന്നുന്നവിധം സ്വത്വത്തിന് നൽകാതെ നൽകിയിട്ടുള്ളതുമായ ശരീരത്തിലെ അവയവങ്ങളാണ്. ഭൂമിയുടെ സ്വന്തവും അംശവുമായ മൂലകങ്ങളുടെ രൂപാന്തരവുമായ ജീവികളുടെ ശരീരാവയവങ്ങൾ എന്ന് ചുരുക്കി പറയാം. വീണ്ടും വീണ്ടും ചുരുക്കുമ്പോൾ എല്ലാ സ്വാതന്ത്ര്യങ്ങളെയും സ്വത്വങ്ങൾക്കു നൽകുന്നത് (അവയുടെ) **ശരീരാവയവങ്ങൾ** ആണെന്നും **ഭൂമി** ആണെന്നും, ഭൂമിയുടെ അംശമായ **മൂലകങ്ങൾ** ആണെന്നും പറയാനാവും. ജനങ്ങളുടെ ചിലവിൽ ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിർവ്വഹിക്കാൻ നിയമിക്കപ്പെട്ട ജനസേവകരും ജനങ്ങളുടെ ദാസന്മാരുമായ മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കളും ഉൾപ്പെടെ എല്ലാ ജീവികൾക്കും ബാധകമാണ് എന്നല്ലാതെ എല്ലാ സ്വാതന്ത്ര്യങ്ങളെയും നൽകുന്നത് ജനങ്ങളുടെ ഭരണാധികാരികളാണെന്ന് തെറ്റിദ്ധരിച്ചു ജീവിക്കുന്ന ജനസേവകരല്ല. ഒരെറുമ്പിനെയോ ഒരല്പം ശൂന്യതയെ പ്പോലുമോ സൃഷ്ടിക്കാൻ കഴിവില്ലാത്തവരും, അസ്തിത്വം പോലും സ്വന്തമായിട്ട് ഇല്ലാത്തവരുമായ മനുഷ്യർക്ക്, മഹാമാതാപിതാക്കളായ ഭൂമി സൃഷ്ടിക്കുകയും എല്ലാ ശക്തികളും ജ്ഞാനവും ആനന്ദങ്ങളും സ്വാതന്ത്ര്യവും ഉൾപ്പെടെയുള്ള ശരണത്തെ നൽകി പരിപാലിക്കുകയും ചെയ്യുന്ന ഭൂമിയുടെ പൊന്നോമന കുഞ്ഞുങ്ങളായ മനുഷ്യരുടെ മേലും മറ്റുള്ള ജീവികളുടെ മേലും യാതൊരു അവകാശവും അധികാരവും ഇല്ല.

മഹാമാതാപിതാക്കളായിട്ട് ഭൂമി അവതരിക്കുകയാൽ, കുഞ്ഞുങ്ങളായ എല്ലാ മനുഷ്യർക്കും മറ്റുള്ള ജീവികൾക്കും ഭൂമിയുടെ മഹാസമ്പത്തുകളുടെ മേൽ ചില അവകാശങ്ങളും അധികാരങ്ങളും ഭൂമി തന്നെ നൽകിയിട്ടുണ്ട്. മഹാസമ്പത്തിൽ മണ്ണായ ഭൂമിയും, കരയും കടലും ഉൾപ്പെടെ എല്ലാ പ്രദേശങ്ങളും, മണ്ണായ ഭൂമിയുടെ അംശമായ മൂലകങ്ങളുടെ രൂപാന്തരമായ മനുഷ്യർ ഉൾപ്പെടെയുള്ള എല്ലാ ജീവികളുടെയും ശരീര അവയവങ്ങളും പെടുന്നതാണ്. അവകാശങ്ങളും അധികാരങ്ങളും എന്തെല്ലാമാണെന്ന് മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ഭൗതിക ധർമ്മ നീതി ശാസ്ത്രങ്ങളായിട്ട് എക്കാലവും ഭദ്രപ്പെടുത്തിയിട്ടുണ്ട്. ദൈവം എന്ന മഹാനാമവുമായി ബന്ധപ്പെട്ട് വേദങ്ങൾ എന്ന പേരുള്ള ശാസ്ത്രങ്ങളെ മനസ്സിലാക്കാൻ കഴിയുന്ന വിശേഷ ബുദ്ധിയെയും മനുഷ്യർക്ക് ദാനമായി നൽകിയിട്ടുണ്ട്.

ശാസ്ത്രങ്ങൾ പ്രകാരമുള്ള സ്വാതന്ത്ര്യവും ശരണവും ശക്തികളും ആനന്ദങ്ങളും എല്ലാ കുഞ്ഞുങ്ങൾക്കും അനുഭവിക്കാൻ കഴിയും. മഹാമാതാവ് മഹാനീതി കൂടിയാവണം എന്നതിനാൽ എല്ലാ ആനന്ദങ്ങളെയും കൃത്യമായ അളവോടെയാണ് മൂലകങ്ങളിലും ശരീരങ്ങളിലും ലയി(പ്പി)ച്ചിരിക്കുന്നത്. മൂലകങ്ങളിൽ ഭൗതികമായ അസ്തിത്വത്തോടെ ലയിച്ചിരിക്കുകയാൽ ധർമ്മശാസ്ത്ര ശാഖകളായ സദാചാര ശാസ്ത്രം, സാമ്പത്തികശാസ്ത്രം, തൊഴിൽ ശാസ്ത്രം, ഭരണ ശാസ്ത്രം, നീതിന്യായ ശാസ്ത്രം തുടങ്ങിയവയ്ക്ക് കുറ്റങ്ങളും കുറവുകളും ഇല്ലെന്ന് ശാസ്ത്ര പരമായി വിശകലനം ചെയ്ത് ബോദ്ധ്യപ്പെടാൻ വിശേഷ ബുദ്ധിയെ ഉപയോഗിക്കുന്ന എല്ലാ മനുഷ്യർക്കും കഴിയും. ജനസേവകർ ഉൾപ്പെടെയുള്ള കുഞ്ഞുങ്ങൾ മൂലകങ്ങളിലെ ധർമ്മശാസ്ത്രത്തിനു വിരുദ്ധമായി പ്രവർത്തിച്ചാൽ, മൂലകങ്ങളിലെ ഘടകങ്ങളായ ന്യൂനശക്തികളിലൂടെ എല്ലാ പ്രതികളെയും മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രം പ്രകാരം അളവുകളോടെ ശിക്ഷിച്ചു തിരുത്താനും മൂലകങ്ങൾക്കും രൂപാന്തരമായ ജീവികളുടെ ശരീരത്തിനും ഭൂമിയുടെ സ്വത്വവും ജീവികളുടെയെല്ലാം ജീവനുമായ ഓക്സിജനും കഴിയും. ഓംകാര നീതിശാസ്ത്രവും ശാസ്ത്ര പരമാണ്. മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് വിശേഷ ബുദ്ധിയെ ഉപയോഗിച്ചാൽ ബോദ്ധ്യപ്പെടും.

മാസ്ക്, ഹെൽമെറ്റ്, മാങ്ങാത്തൊലി തുടങ്ങിയവ ജനങ്ങളുടെ ദാസന്മാരുടെ വിഷയമല്ല. അവയെല്ലാം ഉപയോഗിക്കാനും ഉപയോഗിക്കാതിരിക്കാനും ഭൂമി നൽകുന്ന സ്വാതന്ത്ര്യത്തിന്മേൽ സേവകർ ഇടപെടാൻ പാടില്ല. അതേസമയം അവയും മറ്റുംകൊണ്ട് മുഖം മറയ്ക്കുന്നവർ, ഒഴിഞ്ഞു സഞ്ചരിച്ചു കൊള്ളണം. 'ജനങ്ങളുടെ ചിലവിൽ ജീവിക്കുന്ന മറ്റു സേവകരായ പോലീസ് സേനയും ഉദ്യോഗസ്ഥരും ഉൾപ്പെടെ ഭൂമിയുടെ കുഞ്ഞുങ്ങളും ഭൂമിയിൽ ജീവിക്കുന്നവരുമായ എല്ലാ മനുഷ്യരും' മണ്ണായ ഭൂമിയുടെ നിയമങ്ങളും, ഭൂമിയിൽ എപ്പോഴും ലയിച്ചിരിക്കുന്നവയുമായ 'ഭൗതിക ധർമ്മ നീതി ശാസ്ത്രങ്ങളെ മാത്രം' അനുസരിച്ചു ജീവിക്കാൻ ബാദ്ധ്യസ്ഥരാണ്. കൂടുതൽ വിശദീകരണങ്ങൾ ഈ ദിവ്യമഹാവേദ ഗ്രന്ഥത്തിന്റെ ഉള്ളടക്കം 3 ൽ ലഭ്യമാണ്. മഹാശാസ്ത്ര പരമായി പരിശോധിക്കാൻ ദാനമായി ലഭിക്കുന്ന വിശേഷബുദ്ധിയെ ഉപയോഗിച്ചാൽ മതിയാകും.

ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിശ്ചയിക്കുന്നത് ഭൂമിയുടെ അംശമായ മൂലകങ്ങളിലും അവയുടെ രൂപാന്തരമായ ജീവികളുടെ ശരീരങ്ങളിലും ലയിച്ചിരിക്കുന്ന ഭൗതിക ധർമ്മ നീതി ശാസ്ത്രങ്ങൾ പ്രകാരം മാത്രമാവണം.

**എല്ലാ ജീവികളുടെയും സ്വത്വങ്ങളായ ആത്മാക്കൾക്ക് എന്തെങ്കിലും ചെയ്യാനുള്ള അനുവാദമായ എല്ലാ ലൈസൻസുകളെയും നേരിട്ടു നൽകുന്നത് ശരീര അവയവങ്ങളാണ്. 'മഹാമാതാപിതാക്കളായ ശിവയും ഭാഗമായ ശിവനും ചേർന്ന ഭൂമി; കുഞ്ഞുങ്ങളായ ആത്മാക്കളെ ജീവികളാക്കാനും ശരണം ഉൾപ്പെടെ ജീവിക്കാൻ ആവശ്യമായ സർവ്വവും 'ഓരോ ആത്മാവിനും ഓരോ ദൈവമെന്ന പോലെ' നേരിട്ടു നൽകാനും; പ്രദേശങ്ങളും അംശമായ മൂലകങ്ങളും രൂപാന്തരമായ ശരീരവുമായി അവതരിച്ചിരിക്കുകയാണ്. മഹാസത്യമായ ദൈവം, ശിവനും ശിവയുമായി രണ്ടായ ശേഷം മാത്രം മഹാശക്തിയായ ഭൂമിയായി മാറുന്നതിനെ വേറിട്ട് വിശദീകരിക്കുന്നുണ്ട്.**

മുകളിലെ 'സ്വാതന്ത്ര്യത്തിലെ' ഒരു ഭാഗം മാത്രമാണ് ലൈസൻസുകൾ.

ദൈവമായ ഭൂമിയുടെ അംശമായ ശരീരത്തിലെ അവയവങ്ങൾ ആത്മാവിന് നൽകുന്ന ചലനസ്വാതന്ത്ര്യം, ആരോഗ്യം, വിശേഷ ബുദ്ധി, ഓർമ്മശക്തി, തുടങ്ങിയവയാണ് ഏതൊരു ലൈസൻസിനും ആധാരം എന്നിരിക്കെ, എമ്പോക്കികൾ = തെമ്മാടികളായ മന്ത്രിമാരെന്നു ഭാവിക്കുന്നവരും, പോലീസ് സേനയും ഉദ്യോഗസ്ഥരും ഉൾപ്പെടെയുള്ള ജനങ്ങളുടെ ദാസന്മാർ പാപങ്ങളെയും ശിക്ഷകളെയും കൂടുതൽ കൂടുതൽ പിടിച്ചു വാങ്ങുന്ന നടപടികളെ അവരവർക്കു വേണ്ടി അവസാനിപ്പിക്കണം. മഹാവാത്സല്യത്തോടെ, ഉപദേശിക്കുന്നു.

**എല്ലാ ജീവികളുടെയും സ്വത്വങ്ങളായ ആത്മാക്കൾക്ക് എല്ലാ ശരണവും നേരിട്ടു നൽകുന്നത് ശരീര അവയവങ്ങളും, അവയുടെ മൂലമായ മൂലകങ്ങളും, ഭൂമിയുമാണ്. 'മഹാമാതാപിതാക്കളായ ശിവയും ഭാഗമായ ശിവനും ചേർന്ന ഭൂമി; കുഞ്ഞുങ്ങളായ ആത്മാക്കളെ ജീവികളാക്കാനും ശരണം ഉൾപ്പെടെ ജീവിക്കാൻ ആവശ്യമായ സർവ്വവും 'ഓരോ ആത്മാവിനും ഓരോ ദൈവമെന്ന പോലെ' നേരിട്ടു നൽകാനും; പ്രദേശങ്ങളും അംശമായ മൂലകങ്ങളും രൂപാന്തരമായ ശരീരവുമായി അവതരിച്ചിരിക്കുകയാണ്. മഹാസത്യമായ ദൈവം, ശിവനും ശിവയുമായി രണ്ടായ ശേഷം മാത്രം മഹാശക്തിയായ ഭൂമിയായി മാറുന്നതിനെ വേറിട്ട് വിശദീകരിക്കുന്നുണ്ട്.**

എല്ലാ ജീവികളുടെയും സ്വത്വങ്ങളായ ആത്മാക്കൾക്ക് എല്ലാ ജന്മങ്ങളിലും ശരണം നൽകുന്നത് ശരീരത്തിലെ അവയവങ്ങളും അവയുടെ മൂലമായ മൂലകങ്ങളും, പരമമായി ഭൂമിയുമാണ്. ആത്മാക്കൾ അന്യോന്യം അറിയുന്നതു പോലും ജീവിരൂപമുള്ള ശരീരം കൊണ്ടാണ്. ആത്മാവിനെ താങ്ങിനിർത്തുന്നതും ചുമന്നു നടക്കുന്നതുമെല്ലാം ശരീരമാണ്. ശരീരവും സ്വത്വമായ ആത്മാവും ചേർന്ന ജീവിക്ക് ജനനം മുതൽ മരണം വരെയും ശരണം നൽകുന്നത് ഭൂമിയാണ്.

വിശേഷ ബുദ്ധിയെ ഭൂമി ദാനമായി നൽകിയിട്ടും ഭൂമി മാത്രമാണ് ശരണം എന്ന് ജീവിതകാലം മുഴുവൻ ശരണം നൽകുന്ന ഭൂമിയെ തിരിച്ചറിയാതെ, എതോ കാലഘട്ടത്തിൽ ജനിക്കുകയും, ഭൂമിയുടെ മാത്രം ശരണത്തിൽ ജീവിക്കുകയും, ശേഷം ഭൂമിയുടെ ഓംകാര നീതിശാസ്ത്രം പ്രകാരം ഭൂമി മരിപ്പിക്കുകയും ചെയ്ത ദേവതകൾക്കും വ്യക്തികൾക്കും ശരണം വിളിക്കുന്ന വിവരദോഷികളായി മനുഷ്യർ മാറിയിട്ടുണ്ട്. മത-ജാതി-രാഷ്ട്രീയ -വർഗ്ഗീയ-ദേശീയ ജീവികളായി ഭാവിക്കുന്ന അവർക്ക് മനുഷ്യൻ എന്ന നാമം ചേരില്ല. ഭൂമി നൽകുന്ന പരമ വിശിഷ്ടമായ മുഖവും മുഖഛായയും കാണിക്കാനുള്ള യോഗ്യതയെ താൽക്കാലികമായി നഷ്ടപ്പെട്ട അവർ മാസ്കുകളും ഹെൽമെറ്റുകളും മറ്റ് മുഖം മൂടികളും കൊണ്ട് മുഖം മറച്ചു നടക്കുകയാണ് ! ഭൂമി ശരണം, മണ്ണടി ശരണം, മണ്ണടി ദേവി മാത്രം ശരണം എന്നെല്ലാം മഹാശാസ്ത്രപരമായി മാത്രം ശരണം വിളിക്കാൻ കഴിയട്ടെ!

**എല്ലാ ജീവികളുടെയും സ്വത്വങ്ങളായ ആത്മാക്കൾക്ക് ജ്ഞാനമാകുന്ന എല്ലാ ശാസ്ത്രങ്ങളെയും നേരിട്ടു നൽകുന്നത് ശരീര അവയവങ്ങളാണ്. 'മഹാമാതാപിതാക്കളായ ശിവയും ഭാഗമായ ശിവനും ചേർന്ന ഭൂമി; കുഞ്ഞുങ്ങളായ ആത്മാക്കളെ ജീവികളാക്കാനും ശരണം ഉൾപ്പെടെ ജീവിക്കാൻ ആവശ്യമായ സർവ്വവും 'ഓരോ ആത്മാവിനും ഓരോ ദൈവമെന്ന പോലെ' നേരിട്ടു നൽകാനും; പ്രദേശങ്ങളും അംശമായ മൂലകങ്ങളും രൂപാന്തരമായ ശരീരവുമായി അവതരിച്ചിരിക്കുകയാണ്.**

**പ്രപഞ്ചത്തിലെ എല്ലാ കാര്യങ്ങളും മഹാശാസ്ത്ര പ്രകാരം തെളിയിക്കാനും വിശദീകരിക്കാനും വിശേഷ ബുദ്ധിയാകുന്ന മഹാശാസ്ത്ര ജ്ഞാനത്തെ ലഭിക്കുകയും അവ പ്രകാരം സ്വയം പ്രവർത്തിക്കുന്ന ശരീരത്തോടു കൂടി മാത്രം ജീവിക്കുന്ന മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് സ്വയം ബാദ്ധ്യതയുണ്ട്.**

**മഹാസത്യമായ ദൈവം, ശിവനും ശിവയുമായി രണ്ടായ ശേഷം മാത്രം മഹാശക്തിയായ ഭൂമിയായി മാറുന്നതിനെ വേറിട്ട് വിശദീകരിക്കുന്നുണ്ട്.**

ജീവികളുടെ ശരീരത്തിലെ കൈകാലുകൾ വിരലുകൾ കഴുത്ത് തല വായ് നാക്ക് മൂക്ക് കണ്ണ് ചെവികൾ, ഹൃദയം, കരൾ, ശ്വാസകോശം, ചർമ്മം തുടങ്ങിയ ബാഹ്യവും ആന്തരികവുമായ അവയവങ്ങൾക്ക് ഉയരം നീളം വീതി വണ്ണം എന്നിവയെ കുറിക്കുന്ന വലിപ്പം മാത്രമല്ല; വ്യത്യസ്ത സസ്യങ്ങളുടെയും ജന്തുക്കളുടെയും ശരീര ഭാഗങ്ങളുടെയും മാംസത്തിന്റെയും രുചിയും മണവും ഔഷധ ഗുണങ്ങളുമെല്ലാം വ്യത്യാസമാണ്. അവയെല്ലാം നിശ്ചയിക്കുന്നതും സൃഷ്ടിക്കുന്നതും ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളല്ലാ എങ്കിലും അവയെ സൃഷ്ടിച്ചിരിക്കുന്നത് ഭൂമിയുടെ അംശമായ മൂലകങ്ങളെയും അവയുടെ സംയുക്തങ്ങളെയും കൊണ്ടാണ്. മനുഷ്യശരീരത്തിന് വിശേഷ ബുദ്ധി ലഭിച്ചിട്ടുള്ളത് ഭൂമിയിൽ നിന്നാണെന്ന് തെളിയുന്നുണ്ട്.

മൂലകങ്ങളും ശരീരങ്ങളുമായ ദൈവാംശങ്ങൾ നേരിട്ടു നൽകുന്ന നിറവും മണവും രുചിയും ലഹരിയും ജ്ഞാനവും മറ്റ് ആനന്ദങ്ങളും അനുഭവിച്ചു കൊണ്ട്, ബാഹ്യമായ ദൈവത്തെ തേടുന്നവർ വിശേഷ ബുദ്ധിയാകുന്ന മഹാശാസ്ത്ര ജ്ഞാനത്തെയും യുക്തിയെയും ഉപയോഗിക്കാത്ത അലസരും മടിയരും പാപികളും ഒക്കെയായി മാറുന്നു.

വിശേഷ ബുദ്ധിയെ ഉപയോഗിക്കാനും വികസിപ്പിക്കാനും ചുവടെ കുറിക്കുന്ന വസ്തുതകളെ സ്വയം വിശകലനം ചെയ്ത് വികസിപ്പിക്കാനും മറ്റും പരിശ്രമിക്കുക :-

ദൈവം മറഞ്ഞിരിക്കുന്നില്ല. ആദിയും അന്തവും ഇല്ലാത്ത മഹാഗോള രൂപം തന്നെ സാക്ഷ്യമാണ്. ആദിയില്ലാത്ത മഹാസൂക്ഷ്മമായ ഒരു ബിന്ദു അനന്തമായി എല്ലാ വശങ്ങളിലേക്കും/ ദിക്കുകളിലേക്കും ഒരേ പോലെ വളർന്നാൽ അന്തമില്ലാത്ത ഗോളങ്ങൾ ഉണ്ടാകുന്നതാണ്.

**************************************************************************

കുഞ്ഞുങ്ങൾക്ക് ആനന്ദത്തോടെ ജീവിക്കാൻ ആവശ്യമായ ശക്തികളും ശാസ്ത്രങ്ങളും ആനന്ദങ്ങളും സ്വാതന്ത്ര്യങ്ങളും ശരണവുമെല്ലാം ഉൾപ്പെടെ സർവ്വവും ഭൂമിയുടെ അംശമായ മൂലകങ്ങളിലൂടെയും അവയുടെ രൂപാന്തരമായ ജീവികളുടെയെല്ലാം ശരീരങ്ങളിലൂടെയും നേരിട്ട് നൽകുകയാണ്. മദ്ധ്യസ്ഥരെ വച്ചിട്ടില്ല.

മൂലകങ്ങളിലും അവയുടെ രൂപാന്തരമായ ജീവികളുടെയെല്ലാം ശരീരങ്ങളിലും അനന്തമായ ശക്തികളും ശാസ്ത്രങ്ങളും ആനന്ദങ്ങളും ഗുണങ്ങളും ലയിച്ചിരിക്കുകയാണ്. ശരീര അവയവങ്ങളുടെ പ്രവർത്തനങ്ങളെ താൽക്കാലികമായി തടയാനും വിപരീതമാക്കാനും കഴിയുന്ന ലഹരി, വിഷം, മാലിന്യം തുടങ്ങിയവ അടിസ്ഥാന പരമായി ഭക്ഷണ സാധനങ്ങളുടെയും മരുന്നുകളുടെയും ഭാഗമല്ലെന്നത് മഹാശക്തിയായ ഭൂമിയുടെ ഭാവം സത്യ ധർമ്മ നീതികൾ മാത്രമാണെന്നും, വിനാശത്തിന് സ്ഥാനമില്ലെന്നും വെളിപ്പെടുത്തുന്നുണ്ട്.

**ശരീര അവയവങ്ങളും മൂലമായ മൂലകങ്ങളും അവയുടെ മൊത്തമായ ഭൂമിയും ശക്തികളെയും ജ്ഞാനത്തെയും നൽകിയാൽ മാത്രമേ മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് എന്തെങ്കിലും പ്രവർത്തിക്കുവാൻ കഴിയൂ. അതായത് ക്രിയ അഥവാ പ്രവൃത്തി ചെയ്യാൻ ആത്മാവിനു കഴിയണമെങ്കിൽ ശരീരം (അവയവങ്ങൾ) ശക്തി നൽകണം / അനുവദിക്കണം. ഉറങ്ങാൻ പോലും ആത്മാവിനു കഴിയണമെങ്കിൽ ശരീരം അനുവദിക്കണം.**

കൺപോളകൾ തുറക്കാനും, കാണാനും കേൾക്കാനും, ഗന്ധവും രുചിയും അറിയാനും ആസ്വദിക്കാനും കഴിയണമെങ്കിൽ ശരീരം അനുവദിക്കണം. യഥാർത്ഥത്തിൽ ആത്മാവിന് ആഗ്രഹിക്കാൻ മാത്രമേ കഴിയൂ. ആത്മാവിന്റെ ആഗ്രഹങ്ങളെ പ്രവൃത്തികളിലൂടെ നിറവേറ്റുന്നത് ശരീര അവയവങ്ങൾ ഉൾപ്പെടെയുള്ള ഭൂമിയുടെ അംശമായ മൂലകങ്ങളാണ്. ആത്മാക്കൾക്കു വേണ്ടി മൂലകങ്ങൾ ചെയ്യുന്ന പ്രവൃത്തികളുമായും; മൂലകങ്ങളുടെ മൊത്തമായ ഭൂമി ആത്മാക്കളുടെ മേൽ നടപ്പാക്കുന്ന മഹാനീതിശാസ്ത്രവുമായും ബന്ധപ്പെട്ടുള്ള അനന്തമായ ആനന്ദങ്ങളെയും വേദനകളെയുമെല്ലാം ഭൂമി ആത്മാക്കൾക്ക് നൽകുകയാണു ചെയ്യുന്നത്. എല്ലാ ജീവികളുടെയും സ്വത്വങ്ങളായ ആത്മാക്കളെ ഒറ്റയ്ക്കും കൂട്ടമായും സാവകാശമായും പെട്ടെന്നുമെല്ലാം നിയന്ത്രിക്കാൻ മൂലകങ്ങളുടെ മൊത്തമായ ഭൂമിയുടെ സ്വത്വമായ ഓക്സിജനു കഴിയുന്നതാണ്. ഹൃദയത്തെ നിസ്സാരമായി സ്തംഭിപ്പിച്ചു കൊണ്ട് ആത്മാവിനെ മരവിപ്പിക്കാനും ശരീരത്തിൽ നിന്നും സ്ഥിരമായി പുറത്താക്കി ആത്മാവിന്റെ തജ്ജന്മ ജീവിതം അവസാനിപ്പിച്ച് മരിപ്പിക്കാനും ഭൂമിയുടെ സ്വത്വവും, ജീവികളുടെയെല്ലാം ജീവനുമായ ഓക്സിജനു കഴിയും. ആധുനിക മനുഷ്യന് ഓക്സിജന്റെ പ്രവർത്തനങ്ങളെ വളരെയധികം അറിയാമെങ്കിലും, ഓക്സിജന്റെ പ്രവർത്തനങ്ങളെ നിശ്ചയിക്കുന്നത് ഓക്സിജൻ തന്നെയാണെന്ന് അറിയില്ല. ഓക്സിജന്റെ സൗമനസ്യത്തിലും മഹാവാത്സല്ല്യമായ സംരക്ഷണത്തിലും ജീവിക്കുന്ന മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കൾ ഓക്സിജൻ ആരാണെന്നും എന്താണെന്നും അറിയാതെയും അറിയാൻ ശ്രമിക്കാതെയും, മഹാശക്തിയായ ഓക്സിജനെയും ജഡമായി കരുതി ക്കൊണ്ട്, 'ഓക്സിജനെയും നിയന്ത്രിക്കുന്നവരായി ഭാവിക്കുന്ന പമ്പര വിഡ്ഢികളായിരിക്കുന്നു!'

*********************************************************************

ഏകമഹാസത്യവും ഏകമഹാശക്തിയുമായ ശിവ; മഹാസത്യത്തിന്റെ ഭാഗമായി ശിവനെ ഒരുക്കുന്നതും, ശിവയും ശിവനും ചേർന്ന സൃഷ്ടി സ്ഥിതി സംഹാര പാത്രമായ ആകാശവും, ശേഷം മഹാശക്തിയും മഹാമാതാപിതാക്കളുമായ ഭൂമിയുമായി അവതരിച്ച ശേഷം, നിർജ്ജീവ പരമാത്മാവായ ശിവന്റെ മാത്രം അംശങ്ങളായിട്ടും കുഞ്ഞുങ്ങളായും ആത്മാക്കളെ സൃഷ്ടിക്കുന്നതിനെയും മഹാശാസ്ത്ര പരമായി വിശകലനം ചെയ്യാവുന്നതാണ്.

ഏകമഹാസത്യമായ ശിവയുടെയും ഭാഗമായി ശിവ സ്വീകരിച്ചിട്ടുള്ള ശിവന്റെയും കൂട്ടുകെട്ടാണ് ആകാശവും ഭൂമിയും അംശമായ സമസ്ത മൂലകങ്ങളും എന്നും, അശക്തിയും കൂടി ബാധകമായ 'പരമാത്മാവായ ശിവന്റെ' മാത്രം അംശങ്ങളാണ് എല്ലാ ജീവികളുടെയും സ്വത്വങ്ങളായ ആത്മാക്കളെന്നും, ഓരോ ആത്മാവിനും സർവ്വവും നേരിട്ടു നൽകുന്ന ദൈവമായി ഒപ്പമുള്ള ശരീരങ്ങളിലൂടെ 'ശക്തിയായ ശിവയും ഭാഗമായ ശിവനും' ശക്തിയും ജ്ഞാനവും സ്വാതന്ത്ര്യവും സൗന്ദര്യവും അവസരങ്ങളും നൽകുമ്പോൾ മാത്രമാണ് ആത്മാക്കൾക്ക് ജീവികളാകാനും ജീവിക്കാനും ആനന്ദിക്കാനും സാധിക്കുന്നതെന്നും മനുഷ്യാവസ്ഥയിൽ അറിയാനാകും. മഹാസത്യവും മഹാശക്തിയും ശിവയുമായ ഏകദൈവത്തിന്റെ ആദിയും അന്തവും ഇല്ലാത്ത മഹാജ്ഞാനമായ മഹാശാസ്ത്രത്തെ വിശേഷ ബുദ്ധി കൊണ്ട് വിശകലനം ചെയ്യുമ്പോൾ സർവ്വവും മനസ്സിലാക്കാൻ കഴിയും.

ശിവയും ശിവനുമായ എല്ലാ മൂലകങ്ങളുടെയും മൊത്തമായ ഭൂമി നിർവ്വഹിക്കുന്ന സൃഷ്ടി സ്ഥിതി സംഹാരങ്ങൾ പരസ്യമായി തന്നെയാണ്. ഭൂമിയുടെ സ്വത്വമായും, ജീവികളുടെയെല്ലാം ജീവനുമായിട്ട് മൂലകങ്ങളിൽ ഒന്നായ ഓക്സിജനെ 'ശിവയും ശിവനുമായ ഭൂമി' നിശ്ചയിച്ചിരിക്കുന്നത് ആത്മാക്കളെ സമ്പൂർണ്ണമായി സംരക്ഷിക്കാനും, ആവശ്യമെങ്കിൽ മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ശാസ്ത്രങ്ങൾ പ്രകാരം നിയന്ത്രിക്കാനും, മഹാവാത്സല്ല്യത്തോടെ ശിക്ഷിച്ചു തിരുത്താനുമാണ്.

******************************************************************************

മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കൾ നിശ്ചയിക്കുകയോ സൃഷ്ടിക്കുകയോ ചെയ്യാത്തവയും ജീവിക്കാൻ ആവശ്യമില്ലാത്തവയുമായ ആത്മീയ കാര്യങ്ങളിൽ ആത്മാക്കൾ ഇടപെടാൻ പാടില്ല; കഴിയില്ല. ഭൂമിയുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ സാക്ഷ്യപ്പെടുത്തുന്ന മഹാപ്രതിഭാസങ്ങൾ എല്ലായ്പ്പോഴും ജീവമായി ഭൂമിയിൽ നടക്കുന്നുണ്ട്. മനുഷ്യാവസ്ഥയിലെ ആത്മാക്കൾക്ക് മനുഷ്യശരീരത്തിലെ അവയവങ്ങൾ (ദാനമായി) നൽകുന്ന വിശേഷ ബുദ്ധി കൊണ്ട് ഭൂമിയുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ഭാഗികമായി മനസ്സിലാക്കാനും കഴിയുന്നതാണ്.

******************************************************************************

മഹാശാസ്ത്ര നിയമങ്ങൾ പ്രകാരം സദാ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ഭൂമി നൽകുന്ന വിശേഷ ബുദ്ധിയെ ദുരുപയോഗിക്കുന്നതു കൊണ്ടാണ് മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കൾ സ്വന്തം ജഡാവസ്ഥയെ തിരിച്ചറിയാതെ, മഹാശക്തിയായ ഭൂമിയെ ജഡമായി തെറ്റിദ്ധരിക്കുന്നത്.

മൂലകങ്ങളും രൂപാന്തരമായ ജീവികളുടെയെല്ലാം ശരീര അവയവങ്ങളും അവയുടെ മൊത്തമായ ഭൂമിയും നൽകുന്ന വിശേഷ ബുദ്ധിയെ ഉപയോഗിക്കാതെ സ്വയം വിഡ്ഢികളായി ക്കൊണ്ട് മൂലകങ്ങളെയും അവയുടെ മൊത്തമായ ഭൂമിയെയും ജഡമായി കരുതുന്ന ആത്മാക്കൾക്ക് മൂലകങ്ങൾ ശക്തിയും ജ്ഞാനവും നൽകിയില്ലെങ്കിൽ ആത്മാക്കളാണ് ജഡാവസ്ഥയിൽ എത്തുക.

*******************************************************************************

ഭക്ഷണവും വെള്ളവും ശരീരങ്ങളും സ്വർണ്ണവും ഉൾപ്പെടെ ഭൂമിയിലെ എല്ലാ മൂലകങ്ങളും സംയുക്തങ്ങളും ദൈവാംശങ്ങളായിരിക്കെ അവയുടെ സ്രഷ്ടാവും ഭൂമിയുമായ ദൈവത്തിനു സമർപ്പിക്കാനും പ്രീതിപ്പെടുത്താനും ശ്രമിക്കുന്നത് ബുദ്ധിശൂന്യതയാണ്; പാപമാണ്. കാണുന്നതും കേൾക്കുന്നതുമായ അസത്യങ്ങളെയും തട്ടിപ്പുകളെയും വിശേഷ ബുദ്ധി കൊണ്ട് വിശകലനം ചെയ്യാത്തത് അലസതയാണ്, തെറ്റാണ്, പാപമാണ്.

*******************************************************************************

മഹാസത്യമായ ദൈവത്തിനും, ദൈവത്തിന്റെ മഹാജ്ഞാനമായ മഹാശാസ്ത്രത്തിനും മനുഷ്യർ തട്ടിക്കൂട്ടിയ യാതൊരു മതങ്ങളുമായും ബന്ധമില്ല.

ജീവിക്കാൻ ആവശ്യമായ വസ്തുതകളെ അവഗണിച്ച് പരമാത്മാവ് എന്നാൽ എന്താണെന്നു പോലും അറിയാത്ത വിഡ്ഢികളും ദുസ്വാർത്ഥരും ഒക്കെ തട്ടിക്കൂട്ടിയ ഭോഷത്തങ്ങളെ ചുമന്നു ജീവിക്കുന്നവർക്ക് തീർച്ചയായും സത്യങ്ങളെ സ്വീകരിക്കേണ്ടി വരുന്നതാണ്.

കുഞ്ഞുങ്ങൾക്ക് ജന്മം നൽകാനും വളർത്താനും ഭാഗ്യം ലഭിച്ച മാതാപിതാക്കൾക്ക് കുഞ്ഞുങ്ങൾ ഭാഗികമായി സ്വന്തമാണ്. പെറ്റു വളർത്തിയതിന്റെ പേരിലുള്ള അവകാശവും അധികാരവും മാതാപിതാക്കൾക്ക് എന്നുമുണ്ട്. അത്തരമൊരു അവകാശവും അധികാരവും കുഞ്ഞുങ്ങൾക്ക് മാതാപിതാക്കളുടെ മേൽ ഇല്ല.

*******************************************************************************

ഭൂമിയുടെ അംശമായ മൂലകങ്ങളിലും അവയുടെ രൂപാന്തരമായ ജീവികളുടെയെല്ലാം ശരീരങ്ങളിലും ഉൾപ്പെടെ ഭൂമിയിലെ സർവ്വത്തിലും എക്കാലവും ലയിച്ചിരിക്കുന്ന ഭൗതിക ധർമ്മ നീതി ശാസ്ത്രങ്ങളാകുന്ന മഹാശാസ്ത്ര നിയമങ്ങളും അവ പ്രകാരമുള്ള ശക്തികളും ചേർന്നാണ് ഭൂമിയായിട്ട് മഹാശക്തിയായ ദൈവം അവതരിച്ചിരിക്കുന്നത്.

********************************************************************************

മൂലകങ്ങൾ നൽകുന്ന വിശേഷ ബുദ്ധി ഉപയോഗിച്ച് വർദ്ധിപ്പിച്ച ശാസ്ത്രസാങ്കേതിക സൗകര്യങ്ങൾ അനുഭവിക്കുന്ന മനുഷ്യർക്ക് മൂലകങ്ങളുടെ സൂക്ഷ്മങ്ങളായ ആറ്റങ്ങളിലെ ഘടകങ്ങളുടെ പ്രവർത്തനങ്ങളെ വിശകലനം ചെയ്യാൻ ബാദ്ധ്യതയുണ്ട്.

********************************************************************************

എല്ലാ ദേശങ്ങളും ഭൂമിയുടെ അവയവങ്ങൾ മാത്രമാണ്.

********************************************************************************

ഭൂമിയുടെ അംശമായ ശരീരത്തോടെയും, ശരീര അവയവങ്ങൾ ദാനം നൽകുന്ന ശക്തികളോടെയും ശാസ്ത്രങ്ങളോടെയും ആനന്ദങ്ങളോടെയും ജീവിക്കുന്ന മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് വർദ്ധിപ്പിക്കാനും നേടാനും കഴിഞ്ഞ ശാസ്ത്ര സാങ്കേതിക വികസനവും ജീവിത സൗകര്യങ്ങളും എക്കാലവും സാക്ഷ്യമാണ്.

********************************************************************************

ആത്മാക്കൾക്ക് ശരീരവും മൂലമായ മൂലകങ്ങളും ദാനമായി നൽകുന്ന വിശേഷ ബുദ്ധിയാകുന്ന മഹാശാസ്ത്ര ജ്ഞാനത്തെ ഉപയോഗിച്ച് പ്രപഞ്ചത്തിന്റെ പ്രവർത്തനങ്ങളെയും കാര്യ കാരണങ്ങളെയും അന്വേഷിക്കുവാനും, ഭൗതികമായ പ്രപഞ്ചത്തിലെ എല്ലാ കാര്യങ്ങളെയും ഭൗതിക അസ്തിത്വം ഉള്ളതായ മഹാശാസ്ത്ര നിയമങ്ങൾ പ്രകാരം തന്നെ വിശദീകരിക്കുവാനും മനുഷ്യർക്ക് സ്വയം ബാദ്ധ്യതയുണ്ട്.

********************************************************************************

മനുഷ്യരുടെ ഇടയിൽ പരക്കെ വ്യാപിച്ചിരിക്കുന്ന കള്ളങ്ങളും കാപട്യങ്ങളും ഇല്ലാതാവുമ്പോൾ സത്യമായ വിശകലനം സാദ്ധ്യമാകും. മനുഷ്യരോ മറ്റുള്ള ജീവികളോ സാധനങ്ങളെ കൈകാര്യം ചെയ്യുമ്പോൾ, ഒരാൾ നൽകുകയോ, എടുത്തുകൊണ്ട് പോകാൻ അനുവദിക്കുകയോ ചെയ്യുമ്പോഴാണ് സാധാരണ ഗതിയിൽ മറ്റൊരാൾക്ക് ലഭിക്കുക.

********************************************************************************

തേനീച്ചകൾ സംഭരിക്കുന്ന തേൻ കവർന്ന ശേഷം ലഭിക്കുന്നതായി മനുഷ്യർ വിശേഷിപ്പിക്കുന്നത് സത്യമല്ല; കള്ളമാണ്.

********************************************************************************

പ്രപഞ്ചമെന്ന പരബ്രഹ്മത്തെ സൃഷ്ടിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന 'സർവ്വത്തിനും അതീതമായ ബ്രഹ്മവും', സ്ത്രീയോ പുരുഷനോ ജീവിയോ അല്ലാത്തതും; സർവ്വം ഭദ്രപ്പെടുത്താൻ കഴിവുള്ള മഹാഭദ്രയും മഹാസത്യവുമാണ് ഏകമായ ദൈവം. മഹാസത്യമായ ദൈവം, തന്റെ അന്തമില്ലാത്ത മഹാശക്തികളെ ആനന്ദങ്ങളായിട്ടു പരിണമിപ്പിച്ചു കൊണ്ട് അവയെ ഉചിതമായി ദാനം ചെയ്യാനായിട്ട് കുഞ്ഞുങ്ങളായി ജീവികളെ സൃഷ്ടിക്കാനും സംരക്ഷിക്കാനും തയ്യാറാകുന്നു.

വസ്തുക്കളും കുന്നുകളും മലകളും പുഴകളും തോടുകളും പാടങ്ങളും കാടുകളും സമുദ്രങ്ങളും മറ്റും ചേർന്ന ഭൂമിയെയും, സൂര്യനെയും ചന്ദ്രനെയും നക്ഷത്രങ്ങളെയും അവയെല്ലാം സ്ഥിതി ചെയ്യുന്ന ആകാശത്തെയും സൃഷ്ടിക്കുകയും നിലനിർത്തുകയും ചെയ്യുന്നത് തങ്ങളോ മുമ്പ് ജീവിച്ചവരോ ആയ മനുഷ്യരോ മറ്റുള്ള ജീവികളോ അല്ലെന്ന് ശരീരവും മൂലമായ ഭൂമിയും നൽകുന്ന വിശേഷ ബുദ്ധി കൊണ്ട് മനുഷ്യർക്ക് അറിയാം. വിശേഷ ബുദ്ധി ലഭിക്കാത്ത മറ്റു ജീവികൾ അവയ്ക്കു ലഭ്യമായ ശരീര അവയവങ്ങളും ശക്തികളും ജ്ഞാനവും ആനന്ദങ്ങളും സ്വാതന്ത്ര്യങ്ങളും പ്രകാരം ജീവിക്കുന്നു എന്നല്ലാതെ സ്വന്തം ഉൾപ്പെടെയുള്ള പ്രപഞ്ച കാര്യങ്ങൾ അവയ്ക്ക് വിഷയമല്ല.

പ്രപഞ്ചത്തെയും, പ്രപഞ്ചത്തിലെ വസ്തുക്കളിലും, ജീവികളുടെ ശരീരങ്ങളിലും ലയിച്ചിരിക്കുന്ന ശക്തികളെയും ഗുണങ്ങളെയും ന്യൂനശക്തികളെയും ആനന്ദങ്ങളെയും ബന്ധിപ്പിച്ചിരിക്കുന്നത് പരസ്പരം പൂരകങ്ങളായ ശാസ്ത്ര നിയമങ്ങൾ കൊണ്ടാണെന്ന് തിരിച്ചറിയാനും അവയെ ഉപയോഗിച്ച് അനന്തമായ ആനന്ദങ്ങളെ കണ്ടെത്താനും അനുഭവിക്കാനും വിശേഷ ബുദ്ധിയാകുന്ന മഹാശാസ്ത്ര ജ്ഞാനം കൊണ്ട് മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് സാധിക്കുന്നു എന്ന സവിശേഷതയും ഉണ്ട്.

***************************************************************************

തല, തലമുടി, നെറ്റി, തലച്ചോർ, കണ്ണ്, പുരികം, കൺപോളകൾ, ചെവി, നാക്ക്, വായ്, കവിളുകൾ, താടിയെല്ലുകൾ, മൂക്ക്, മുഖം, കഴുത്ത്, നെഞ്ച്, നട്ടെല്ല്, ഹൃദയം, കരൾ, ശ്വാസകോശം, ആമാശയം, വയർ, കുടൽ, കിഡ്നി, വിസർജ്ജന അവയവങ്ങൾ, പ്രത്യുല്പാദന അവയവങ്ങൾ, കൈകാലുകൾ, വിരലുകൾ, ത്വക്ക്, തുടങ്ങിയ പലവിധത്തിലുള്ള അവയവങ്ങൾ ചേർന്ന ശരീരവും, ആത്മാവെന്നു പേരിട്ടിരിക്കുന്ന സ്വത്വവുമെല്ലാം ഭൂമിയുടെ ദാനങ്ങൾ മാത്രമാണെന്ന് മനുഷ്യാവസ്ഥയിൽ മനസ്സിലാക്കാൻ കഴിയുന്നതും വിശേഷ ബുദ്ധി കൂടി ലഭിച്ചതു കൊണ്ടാണ്.

വിശപ്പ്, ദഹനം, വിസർജ്ജനം, പ്രത്യുല്പാദനം, രോഗങ്ങൾ വൈറസുകൾ രോഗമുക്തി, ജനനം, മരണം, ജന്മഗുണങ്ങൾ തുടങ്ങിയവയെ അടിസ്ഥാന പരമായി നിശ്ചയിക്കുന്നതും സൃഷ്ടിക്കുന്നതും ശരീരവും മൂലമായ മൂലകങ്ങളും അവയുടെ മൊത്തമായ ഭൂമിയും സ്വയം ആണെന്നിരിക്കെയും; ആത്മാക്കളെ യഥാർത്ഥത്തിൽ ഭരിക്കുകയും മഹാനീതി നടപ്പാക്കുകയും ചെയ്യുന്നതായ ആവക കാര്യങ്ങളിൽ ആത്മാക്കൾക്ക് പങ്കില്ലെന്നിരിക്കെയും; സർവ്വവും പ്രവർത്തിക്കുന്നത് പ്രത്യക്ഷമെന്നോണം മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം പ്രകാരം ആണെന്നിരിക്കെയും; മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് ശരീരവും മൂലമായ മൂലകങ്ങളും ദാനമായി നൽകുന്ന വിശേഷ ബുദ്ധിയാകുന്ന മഹാശാസ്ത്ര ജ്ഞാനത്തെ ഉപയോഗിച്ച് പ്രപഞ്ചത്തിന്റെ പ്രവർത്തനങ്ങളെയും കാര്യ കാരണങ്ങളെയും അന്വേഷിക്കുവാനും, ഭൗതികമായ പ്രപഞ്ചത്തിലെ എല്ലാ കാര്യങ്ങളെയും ഭൗതിക അസ്തിത്വം ഉള്ളതായ മഹാശാസ്ത്ര നിയമങ്ങൾ പ്രകാരം തന്നെ വിശദീകരിക്കുവാനും സ്വയം ബാദ്ധ്യതയുണ്ട്.

കർത്താവായ ഏകദൈവം എന്തിന്റെയെങ്കിലും സൃഷ്ടി ആരംഭിക്കുന്നു മുമ്പ് അവയുടെ ജീവിതത്തിന്റെ ഉദ്ദേശവും അവയ്ക്ക് ലഭ്യമാക്കേണ്ടുന്ന ശരണവും ശക്തികളും ആനന്ദങ്ങളും സ്വാതന്ത്ര്യങ്ങളും ജ്ഞാനവുമെല്ലാം ആദ്യമേ നിശ്ചയിക്കുകയും സൃഷ്ടിക്കുകയും ചെയ്യണം.

സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ഏകദൈവം, മഹാനീതിയും മഹാനീതിപതിയും ആവണമെങ്കിൽ, അസ്തിത്വം ഉൾപ്പെടെ യാതൊന്നും സ്വന്തമായിട്ടില്ലാത്ത സൃഷ്ടികളെ ആത്മാക്കൾ, **Souls** തുടങ്ങിയ എന്തെങ്കിലും പേരിൽ സൃഷ്ടിക്കുകയും, അവയ്ക്ക് നിലനിൽക്കാനും ജീവിക്കാനും ആവശ്യമായ മഹാശരണവും ശക്തികളും ആനന്ദങ്ങളും സ്വാതന്ത്ര്യങ്ങളും ജ്ഞാനവും നേരിട്ടു നൽകുകയും, അവരുടെ പ്രവൃത്തികളുടെ മേൽ മഹാസമനീതിയെ നേരിട്ടു നടപ്പാക്കുകയും വേണം.

എല്ലാ ആത്മാക്കൾക്കും മഹാസമനീതി നൽകുന്ന മഹാനീതിശാസ്ത്രവും ബന്ധപ്പെട്ട സംവിധാനങ്ങളെ ആവിഷ്ക്കരിക്കുകയും, മഹാസത്യവും ബ്രഹ്മവും ശിവയും മഹാഭദ്രകാളിയും സൃഷ്ടി സ്ഥിതി സംഹാര പാത്രവുമായ ആകാശത്തിന്റെ ഭാഗമായി നിർജ്ജീവമായ പരമാത്മാവും പ്രപഞ്ചപിതാവുമായി ഇലക്ട്രോണുകളായ ശിവനെയും പ്രപഞ്ചമാതാവായി പ്രോട്ടോണുകളായ ശക്തിയെയും സൃഷ്ടിക്കുകയും, ശേഷം ശബ്ദബ്രഹ്മം കൂടിയായ ഓം ആയിക്കൊണ്ട് ശക്തിയോടു ചേരുകയും, വൈവിധ്യമാർന്ന ശക്തികളെ സൃഷ്ടിക്കാനായി ന്യൂട്രോൺ ക്വാർക്കുകൾ തുടങ്ങിയ ഘടകങ്ങളെ ഒരുക്കിക്കൊണ്ട് ആറ്റങ്ങളായും അവയുടെ സ്ഥൂല രൂപങ്ങളായ മൂലകങ്ങളും ഭൂമിയെന്ന മഹാരൂപവും സ്വീകരിക്കുകയും ചെയ്തിരിക്കുന്നു.

ഭൂമിയും ചന്ദ്രനും സൂര്യനും നക്ഷത്രങ്ങളും ഉൾപ്പെടെയുള്ള മഹാപ്രപഞ്ചവും ആവിഷ്ക്കരിക്കുകയും ഭൂമിയെന്ന മഹാരൂപം സ്വീകരിക്കുകയും ചെയ്ത ശേഷം മാത്രമാണ് കുഞ്ഞുങ്ങളായ ആത്മാക്കളുടെയും ജീവികളുടെയും സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ആരംഭിച്ചിട്ടുള്ളത്.

**************************************************************************

അസ്തിത്വം ഉൾപ്പെടെ യാതൊന്നും സ്വന്തമായിട്ടില്ലാത്ത സൃഷ്ടികളെ ആത്മാക്കൾ, **Souls** തുടങ്ങിയ എന്തെങ്കിലും പേരിൽ സൃഷ്ടിക്കുമ്പോൾ അവയ്ക്ക് നിലനിൽക്കാനും ജീവിക്കാനും ആവശ്യമായ മഹാശരണവും ശക്തികളും ആനന്ദങ്ങളും സ്വാതന്ത്ര്യങ്ങളും ജ്ഞാനവും ലഭിക്കണമെങ്കിൽ ഭൂമിയും മഹാശക്തിയുമായി അവതരിച്ചിട്ടുള്ള ദൈവത്തിന്റെ അംശങ്ങളായ മൂലകങ്ങൾ ആത്മാക്കളോടു ചേരണം. മൂലകങ്ങളെ വ്യത്യസ്തങ്ങളും വൈവിധ്യങ്ങളുമായ ശക്തികളുടെയും ഗുണങ്ങളുടെയും കൂട്ടുകളായ ശരീര അവയവങ്ങളാക്കി മാറ്റുകയും ആത്മാക്കളോടു ചേർത്ത് വ്യത്യസ്തങ്ങളായ ജീവികളാക്കി സൃഷ്ടിക്കുകയാണ് ചെയ്യുന്നത്. മൂലകങ്ങളിലും അവയുടെ രൂപാന്തരമായ ജീവികളുടെ ശരീരങ്ങളിലും ലയിച്ചിരിക്കുന്ന മഹാശാസ്ത്ര ജ്ഞാനത്തെ വ്യത്യസ്ത ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്കു ലഭിക്കുന്ന സ്വാഭാവികമായ സംവിധാനമാണ് ആവിഷ്ക്കരിച്ചിരിക്കുന്നത്. ജീവികളിലെ മനുഷ്യർക്കു മാത്രം വിശേഷ ബുദ്ധിയാകുന്ന മഹാശാസ്ത്ര ജ്ഞാനത്തെ മുഴുവൻ ലഭ്യമാക്കുന്നത് വ്യക്തമായ ഉദ്ദേശത്തോടെയാണ്. അസ്തിത്വം ഉൾപ്പെടെ യാതൊന്നും സ്വന്തമായിട്ടില്ലാത്തവരും ആരാണെന്നും എന്താണെന്നും പോലും അറിയാത്തവരാണ് സൃഷ്ടികളായ ആത്മാക്കൾ എന്ന തിരിച്ചറിവ് ലഭിക്കുന്നത് മനുഷ്യാവസ്ഥയിലെ ശരീരം നൽകുന്ന സവിശേഷതകളിൽ പെടുന്നു. അസ്തിത്വം ഉൾപ്പെടെ യാതൊന്നും സ്വന്തമായിട്ടില്ലാത്തതും ആരാണെന്നും എന്താണെന്നും പോലും അറിയാത്തതായ ഒരു പരമാത്മാവിന്റെ അംശങ്ങളും കുഞ്ഞുങ്ങളുമാണ് സൃഷ്ടികളായ എല്ലാ ആത്മാക്കളും എന്ന തിരിച്ചറിവും മനുഷ്യാവസ്ഥയിൽ ലഭിക്കുന്ന ശരീരം നൽകുന്നുണ്ട് !

സർവ്വത്തിനും ഭൂമിയിലെ ജീവികൾ മാത്രമല്ലാ; അനന്തമായ ആനന്ദങ്ങളെ അനുഭവിച്ചു കൊണ്ടിരിക്കുന്നവരും മനുഷ്യാവസ്ഥയിൽ മോക്ഷം നേടിയവരുമായ നക്ഷത്രങ്ങൾക്ക് സ്വന്തം ഇഷ്ടം പോലെ കേൾക്കാനും കേൾക്കാതിരിക്കാനും സ്വാതന്ത്ര്യമുണ്ട്.

സർവ്വത്തിനും അതീതമായ ദൈവം മഹാവാത്സല്ല്യത്തെയും മഹാദാസ്യത്തെയും സ്വന്തം ആനന്ദങ്ങളായി നിശ്ചയിച്ചു കൊണ്ട്, കുഞ്ഞുങ്ങളായിട്ട് ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മഹാമാതാവായ ശിവയാകാൻ നിശ്ചയിക്കുന്നതും, ഏകദാസനും ഭർത്താവുമായിട്ട് ശിവനെ സൃഷ്ടിച്ചും സ്വന്തം ഭാഗമായിട്ട് തന്നോടു ചേർത്തും ഭൂമിയായി അവതരിക്കുന്നതും, കുഞ്ഞുങ്ങളായിട്ട് ജീവികളെ സൃഷ്ടിക്കാനും മഹാവാത്സല്ല്യവും മഹാനീതിയും നേരിട്ടു നൽകി ക്കൊണ്ട് കുഞ്ഞുങ്ങളെ നേരിട്ടു സംരക്ഷിക്കാനുമാണ്.

**ദേവാലയങ്ങൾക്ക് 5000 വർഷങ്ങളിൽ താഴെ മാത്രം പഴക്കമുള്ളതിൽ നിന്നും വിഗ്രഹങ്ങളും സ്മാരകങ്ങളും എല്ലാ സൃഷ്ടി ചക്രങ്ങളിലും തകർത്തിരുന്നു എന്ന് മനസ്സിലാക്കാൻ കഴിയും. മനുഷ്യർ തന്നെയാണോ പ്രളയത്തിലൂടെയും മറ്റും ഭൂമിയാണോ എന്നത് വിശകലനം ചെയ്താൽ മനുഷ്യർ തന്നെയാണെന്ന് പറയാൻ കഴിയും.**

****************************************************************************

**ശില്പകലയെ പ്പറ്റി പ്രത്യേകം പരാമർശിക്കേണ്ടത് അത്യാവശ്യമാണ്. വിഗ്രഹമല്ലാത്ത ശിവലിംഗത്തെ പ്രതീകമാക്കി ദേവാലയങ്ങളിൽ ഓം നമഃ ശിവായ (= മഹാശിവയെ നമിക്കുന്നു = മഹാദേവിയെ നമിക്കുന്നു) എന്ന് ആത്മാക്കളായ കുഞ്ഞുങ്ങളുടെ സന്തോഷത്തിനു വേണ്ടി ഒരല്പം സ്തുതിക്കാൻ മഹാദേവി അനുവദിച്ചിട്ടുണ്ട് എന്നല്ലാതെ സ്തുതികളും ആരാധനകളും ദൈവത്തിന്റെ ആനന്ദങ്ങളല്ല. ഉള്ളടക്കം 3 ൽ മഹാശാസ്ത്ര പരമായി വിശദീകരിച്ചിട്ടുണ്ട്.**

**കാലാന്തരത്തിൽ ദുർദ്ദേവതകളായി മാറിയ ദേവതകളും മനുഷ്യരും ചേർന്ന് ശില്പകലയെ ഏറ്റവും ഹീനമായ അവസ്ഥയിൽ എത്തിച്ചിട്ടുണ്ട്. മുൻ സൃഷ്ടി ചക്രങ്ങളിലും സ്ഥിതി വളരെ മോശമായിരുന്നു. അതുകൊണ്ടാണ് ഒരു സൃഷ്ടി ചക്രമായ പതിനായിരം വർഷത്തിലെ ആദ്യ പകുതിയിൽ നിർമ്മിച്ച ദേവാലയങ്ങളും ശില്പങ്ങളും മാത്രം ഭൂമിയിൽ കാണപ്പെടുന്നത്.**

**ദൈവ വിപ്ലവം ഉടനെ ആരംഭിക്കുമ്പോൾ, മഹാശാസ്ത്ര പരമായി നിർമ്മിച്ച ഒരു ദേവാലയം പോലും ഭൂമിയിൽ ഇല്ലെന്ന് അറിയാൻ കഴിയും. ഇന്നത്തെ എല്ലാ ദേവാലയങ്ങളും തച്ചുടച്ചു കൊണ്ട് Devaalayam.pdf എന്ന മഹാഗ്രന്ഥത്തിലെ വിശദീകരണം പ്രകാരം മാത്രമുള്ള ദേവാലയങ്ങളെ ലളിതമായി ജനങ്ങൾ നിർമ്മിക്കുന്നതാണ്. എല്ലാ ദേവാലയങ്ങളിലും ശിവലിംഗം മാത്രം പ്രതിഷ്ഠിക്കുന്നതുമാണ്. ഓം നമഃ ശിവായ !**

**അവയവങ്ങളെയും അവയുടെ പ്രവർത്തനങ്ങളെയും ജീവികൾക്കെല്ലാം ശരണമായിരിക്കുന്ന 'ഭൂമിയുടെ' അംശമായ മൂലകങ്ങളുടെ രൂപാന്തരം മാത്രമാണ് ജീവികളുടെ ഭക്ഷണം കൂടിയായിരിക്കുന്ന എല്ലാ ജീവികളുടെയും വ്യത്യസ്തങ്ങളായ ശരീര അവയവങ്ങൾ.**

വ്യത്യസ്തങ്ങളായ ശരീര അവയവങ്ങൾ നൽകുന്ന ശക്തികളും ജ്ഞാനവും സ്വാതന്ത്ര്യവും കൊണ്ടാണ് അനന്തമായ വൈവിധ്യം നിറഞ്ഞ ജീവിതരീതികളോടെ വ്യത്യസ്ത ജീവികൾ ജീവിക്കുന്നത്. വിശേഷ ബുദ്ധി ഉൾപ്പെടെ എല്ലാ ജീവികളുടെയും സ്വത്വങ്ങളായ ആത്മാക്കൾക്ക് ജീവിക്കാൻ ആവശ്യമായ ശക്തികളും ജ്ഞാനവും സ്വാതന്ത്ര്യവും ആനന്ദങ്ങളും ശരണവും, ഭൂമിയുടെ അതിസൂക്ഷ്മ അംശമായ പ്രോട്ടോൺ ഇലക്ട്രോൺ ന്യൂട്രോൺ ക്വാർക്കുകൾ തുടങ്ങിയവയിൽ നിന്ന് ഭൂമിയുടെ സൂക്ഷ്മ അംശങ്ങളായ മൂലകങ്ങളിലൂടെയും അവയുടെ രൂപാന്തരമായ ജീവികളുടെയെല്ലാം ശരീര-അവയവങ്ങളിലൂടെയും ഭൂമിയുടെ സ്ഥൂല അംശങ്ങളായ ജല - കര പ്രദേശങ്ങളിലൂടെയും മാത്രമാണു ലഭിക്കുന്നത്.

**പ്രപഞ്ചത്തിലെ എല്ലാ കാര്യങ്ങളും മഹാശാസ്ത്ര പ്രകാരം തെളിയിക്കാനും വിശദീകരിക്കാനും വിശേഷബുദ്ധിയെ ദാനമായി ലഭിച്ച മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് സ്വയം ബാദ്ധ്യതയുണ്ട്.**

മഹാപ്രപഞ്ചത്തിലെ സർവ്വത്തിനും ഭൗതികമായ അസ്തിത്വം ഉണ്ടെന്ന് മനുഷ്യശരീരം നൽകുന്ന വിശേഷബുദ്ധി കൊണ്ട് മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് അനുഭവിച്ചു തന്നെ അറിയാൻ കഴിയുന്നതാണ്. മനുഷ്യരുടെ ആത്മാക്കൾക്ക് സ്വന്തം അസ്തിത്വത്തെ ക്കുറിച്ചു പോലും അറിയില്ല. വിശപ്പ്, ദഹനം, വിസർജ്ജനം, പ്രത്യുല്പാദനം, രോഗങ്ങൾ വൈറസുകൾ രോഗമുക്തി, ജനനം, മരണം, ജന്മഗുണങ്ങൾ തുടങ്ങിയവയെ അടിസ്ഥാന പരമായി നിശ്ചയിക്കുന്നതും സൃഷ്ടിക്കുന്നതും ശരീരവും മൂലമായ മൂലകങ്ങളും അവയുടെ മൊത്തമായ ഭൂമിയുമാണ്. ആത്മാക്കളെ ഭരിക്കുകയും മഹാനീതി നടപ്പാക്കുകയും കൂടി ചെയ്യുന്നതായ ആവക സർവ്വ കാര്യങ്ങളും പ്രവർത്തിക്കുന്നത് ഭൂമിയുടെ അംശമായ മൂലകങ്ങളിലും അവയുടെ രൂപാന്തരമായ ശരീരങ്ങളിലും ലയിച്ചിരിക്കുന്ന മഹാശാസ്ത്രം പ്രകാരമാണ്. മനുഷ്യശരീരം നൽകുന്ന വിശേഷ ബുദ്ധി കൊണ്ട് മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കൾ ആവക കാര്യങ്ങളെ മനസ്സിലാക്കുകയാണ്. അതേസമയം മനുഷ്യശരീരവും വിശേഷ ബുദ്ധിയാകുന്ന മഹാശാസ്ത്ര ജ്ഞാനവും ആത്മാക്കൾക്ക് ദാനമായി ലഭിക്കുകയാണ്. നിശ്ചയിക്കുന്നത് ആത്മാക്കളല്ലാ.

ഭൂമിയുടെയും, അംശമായ മൂലകങ്ങളുടെയും മഹാശാസ്ത്ര പരമായ പ്രവർത്തനങ്ങളെയും നിയമങ്ങളെയും കാലാനുസൃതമായി മൂലകങ്ങളും ശരീരങ്ങളും അവയുടെ മൊത്തമായ ഭൂമിയും മനുഷ്യർക്ക് വെളിപ്പെടുത്തുകയാണെന്നു തെളിയുന്നുമുണ്ട്. മഹാശാസ്ത്ര പരമല്ലാത്ത വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും ഉപേക്ഷിക്കുവാൻ എല്ലാ മനുഷ്യരും ബാദ്ധ്യസ്ഥരാണ്. രാഷ്ട്രങ്ങളിലെ ഭരണകൂടം നിശ്ചയിക്കുന്ന കോവിഡ് മാനദണ്ഡത്തിനും മറ്റും വിധേയമായി ദേവാലയങ്ങളിൽ പുലർത്തിപ്പോന്ന മത-സമ്പ്രദായങ്ങളെയും രാഷ്ട്രീയ ആഘോഷങ്ങളെയും മറ്റും മാറ്റിവെയ്ക്കുന്നതും, അറിഞ്ഞും അറിയാതെയും ശാസ്ത്രപരമായ സംവിധാനങ്ങളെ ഉപയോഗിച്ചല്ലാതെ ജനങ്ങൾക്ക് ജീവിക്കാൻ കഴിയില്ല എന്നതും മഹാശാസ്ത്ര മഹത്വം സുവ്യക്തമാക്കുന്നുണ്ട്.

ഭൂമിയുടെ അംശമായ മൂലകങ്ങളെയോ, അവയെ ചിട്ടപ്പെടുത്തിയിട്ടുള്ള മഹാശാസ്ത്ര നിയമങ്ങളെയോ സൃഷ്ടിച്ചിരിക്കുന്നത് 'ദാനമായി വിശേഷ ബുദ്ധി ലഭിച്ച മനുഷ്യൻ ഉൾപ്പെടെ അല്പായുസ്സുകളായ ജീവികൾ അല്ലെന്നതും; ജീവികൾക്കു ജീവിക്കാൻ ആവശ്യമായ സർവ്വവും നൽകുന്ന ഭൂമിയിൽ ജീവികൾ ജനിക്കപ്പെടുകയാണ് ചെയ്യുന്നതെന്നും സുവ്യക്തമാണ്. കാലാകാലങ്ങളിൽ ഭൂമിയുടെ അംശമായ മൂലകങ്ങളിലും രൂപാന്തരമായ ജീവികളുടെ ശരീരങ്ങളിലും മനുഷ്യർക്ക് കണ്ടെത്താൻ കഴിയുന്ന എല്ലാ ശാസ്ത്ര നിയമങ്ങളും അവ പ്രകാരമുള്ള ശക്തികളും എക്കാലവും മൂലകങ്ങളിലും അവയുടെ മൊത്തമായ ഭൂമിയിലും ലയിച്ചിട്ടുള്ളവയും, കാലാനുസൃതമായി ഭൂമി മനുഷ്യർക്ക് വെളിപ്പെടുത്തുകയും മാത്രമാണ് ! ഭൂമിയിൽ ലയി(പ്പി)ച്ചിരിക്കുന്ന മഹാശാസ്ത്ര നിയമങ്ങളെയും ശക്തികളെയും ഭൂമി, മധ്യസ്ഥരെ വയ്ക്കാതെ, മനുഷ്യർക്കും മറ്റുള്ള ജീവികൾക്കും നേരിട്ടു വെളിപ്പെടുത്തുകയും നൽകുകയുമാണു ചെയ്യുന്നത്. ദാനമായി ലഭിക്കുന്ന ശരീര അവയവങ്ങളും അവ നൽകുന്ന ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും ആനന്ദങ്ങളും പ്രകാരമാണ് ഓരോ ജീവിയും ജീവിക്കുന്നതെങ്കിലും, ശരീര അവയവങ്ങളെ നിശ്ചയിക്കുന്നതും സൃഷ്ടിക്കുന്നതും ജീവികളുടെ മാതാപിതാക്കൾ അല്ലെന്ന് വിശേഷ ബുദ്ധി ലഭിച്ചിട്ടുള്ള മനുഷ്യാവസ്ഥയിലെ ആത്മാക്കൾക്ക് നന്നായി അറിയാം. സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്ന മഹാസത്യവും, ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയുമായ സ്രഷ്ടാവിനെ സംബന്ധിച്ചിടത്തോളം, യാതൊന്നും ഒളിച്ചും പാത്തും ഭയന്നും ചെയ്യേണ്ട കാര്യവുമില്ല. അതേസമയം സർവ്വവും തെറ്റുകളും കുറ്റങ്ങളും കുറവുകളും ഇല്ലാതെ മഹാഭദ്രമാക്കുന്ന സൃഷ്ടി സ്ഥിതി സംഹാര ശാസ്ത്രങ്ങളായ മഹാശാസ്ത്ര നിയമങ്ങളെ ആവിഷ്ക്കരിക്കുകയും വേണം. അപ്രകാരം ചെയ്തിട്ടുമുണ്ട്. ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളുടെ സ്രഷ്ടാവ് ആരാണെന്ന് അറിയാനും തെളിയിക്കാനും വിശദീകരിക്കാനും ഓരോരോ ജീവികളുടെയും ശരീര അവയവങ്ങളെ നിശ്ചയിക്കുകയും സൃഷ്ടിക്കുകയും ചെയ്യുന്നത് എന്തുകൊണ്ടാണെന്നും എങ്ങനെയാണെന്നും പരിശോധിച്ചാൽ മതിയാകും. എന്തെന്നാൽ മഹാശക്തിയായ ദൈവം സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മറച്ചു വെച്ചോ, മദ്ധ്യസ്ഥരെ വെച്ചോ ചെയ്യുന്നതല്ല. സർവ്വവും തനിച്ചു ചെയ്യുമ്പോൾ മാത്രമാണ് ദൈവം മഹാശക്തി ആവുക. ദൈവം സൃഷ്ടിക്കുകയും, ശക്തികളെ നൽകി നിലനിർത്തുകയും ചെയ്യുന്ന സൃഷ്ടികളുടെ സഹായം മഹാശക്തിയായ ദൈവത്തിന് ആവശ്യമാണെന്നു ചിന്തിക്കുന്നതു പോലും വളരെ വലിയ മൂഢത്തമാണ്. മഹാസത്യമായ ദൈവം ഏകമഹാശക്തിയായ ഭൂമിയായി അവതരിക്കുന്നതിനെ വേറിട്ട് ശാസ്ത്രപരമായി തെളിയിക്കുകയും വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്.

എല്ലാ ജീവികളുടെയും ജനന ജീവിത മരണങ്ങൾ ഉൾപ്പെടെ ഭൂമിയിലെയും ബാഹ്യമായ പ്രപഞ്ചത്തിലെയും എല്ലാ കാര്യങ്ങളും പ്രവർത്തിക്കുന്നത് ഭൂമിയുടെ അംശമായ മൂലകങ്ങളിലും രൂപാന്തരമായ ശരീരങ്ങളിലും ലയിച്ചിരിക്കുന്ന മഹാശാസ്ത്ര നിയമങ്ങൾ പ്രകാരം മാത്രമാണ്. ജീവികളുടെ ശരീരവുമായി ബന്ധപ്പെട്ട വിശപ്പ്, വൈവിധ്യമാർന്ന, ഭക്ഷണ സാധനങ്ങൾ, ദഹനം, വിസർജ്ജനം, പ്രത്യുല്പാദനം, രോഗങ്ങൾ വൈറസുകൾ മരുന്നുകൾ, ലഹരി വസ്തുക്കൾ, വിഷം, മാലിന്യം, മാലിന്യ സംസ്കരണം, രോഗമുക്തി, അപകടം, തുടങ്ങിയവ മാത്രമല്ലാ; മൂലകങ്ങളുടെ സ്ഥൂല രൂപങ്ങളായ മരത്തടി, ഇരുമ്പ് ചെമ്പ് പിച്ചള സ്വർണ്ണം വെള്ളി തുടങ്ങിയ ലോഹങ്ങൾ, ഇന്ധനങ്ങളായ വിറക്, കൽക്കരി, പെട്രോളിയം ഉല്പന്നങ്ങൾ, അവയെല്ലാം കൊണ്ട് മനുഷ്യർ നിർമ്മിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്ന സൈക്കിൾ ബൈക്ക് സ്കൂട്ടർ കാർ ജീപ്പ് ബസ് ലോറി ട്രക്ക് ട്രാക്ടർ ട്രെയിൻ കപ്പൽ ബോട്ട് വള്ളം ഹെലികോപ്റ്റർ വിമാനം തുടങ്ങിയ വാഹനങ്ങൾ, ഉപകരണങ്ങൾ, ആയുധങ്ങൾ, ആശുപത്രി ഉപകരണങ്ങൾ, ഫാൻ, എയർ കണ്ടീഷണർ, റഫ്രിജറേറ്റർ, ഫ്രീസർ, ടെലിവിഷൻ, കമ്പ്യൂട്ടർ, മൊബൈൽ ഫോൺ, ഇന്റർനെറ്റ്, സോഫ്റ്റ്‌വെയറുകൾ തുടങ്ങി പ്രപഞ്ചത്തിലെ എല്ലാം പ്രവർത്തിക്കുന്നത് പരസ്പരം ബന്ധിപ്പിക്കുന്ന മഹാശാസ്ത്ര നിയമങ്ങൾ പ്രകാരം മാത്രമാണ്. ഭൂമിയുടെ അംശമായ മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന മഹാശാസ്ത്ര നിയമങ്ങൾ എക്കാലവും മൂലകങ്ങളുടെ അഥവാ ഭൂമിയുടെ ഭാഗമാണ്. മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന മഹാശാസ്ത്ര നിയമങ്ങൾ പ്രകാരം മാത്രമാണ് അവയെ പ്രവർത്തിപ്പിക്കുവാൻ മനുഷ്യർക്കു കഴിയുക.

ഭൂമിയിൽ ജീവിക്കാൻ ആവശ്യമായ എല്ലാ ശക്തികളും എല്ലാ ശാസ്ത്രങ്ങളും ഭൂമിയുടെ അംശമായ മൂലകങ്ങളിൽ ലയിച്ചിരിക്കുകയാണ്.

**മറ്റുള്ള ജീവികളെല്ലാം ഭൂമിയുടെ അംശമായ മൂലകങ്ങളും വസ്തുക്കളും രൂപാന്തരമായ ശരീര അവയവങ്ങളും നൽകുന്ന ശക്തികളും ജ്ഞാനമായ ശാസ്ത്രങ്ങളും സ്വാതന്ത്ര്യവും ആനന്ദങ്ങളും പ്രകാരമാണ് ജീവിക്കുന്നത്.** വിശേഷ ബുദ്ധി കൊണ്ട് പ്രത്യക്ഷമായി തെളിയിക്കാനും വിശദീകരിക്കാനും അനുഭവിക്കാനും ആസ്വദിക്കാനും കഴിയുന്ന ഭൗതിക ശാസ്ത്രം, ധർമ്മ ശാസ്ത്രം എന്നീ മഹാശാസ്ത്ര ശാഖകൾ പ്രകാരം മാത്രം ജീവിക്കാൻ മനുഷ്യർ ശ്രദ്ധിക്കണമായിരുന്നു. മനുഷ്യരുടെ ആത്മാക്കൾക്ക് ഭൂമിയുടെ അംശമായ മൂലകങ്ങളിലും ജീവികളുടെ ശരീരങ്ങളിലും ലയിച്ചിരിക്കുന്ന സദാചാര ശാസ്ത്രം, സാമ്പത്തിക ശാസ്ത്രം, തൊഴിൽ ശാസ്ത്രം, നീതിന്യായ ശാസ്ത്രം, തുടങ്ങിയ ധർമ്മശാസ്ത്ര ശാഖകളെ കണ്ടെത്താനും അവ പ്രകാരം അത്യധികം ആനന്ദിച്ചു ജീവിക്കാനും കഴിയുമായിരുന്നു.

എന്നാൽ, വിശേഷ ബുദ്ധിയാകുന്ന മഹാശാസ്ത്ര ജ്ഞാനത്തെ മനുഷ്യർ ദുരുപയോഗം ചെയ്യുകയും, ഭൗതിക ശാസ്ത്ര നിയമങ്ങളോടൊപ്പം മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന മേല്പടി ധർമ്മ ശാസ്ത്ര ശാഖകളിലെ നിയമങ്ങളെ മനസ്സിലാക്കാതെ മനുഷ്യർക്ക് തോന്നുംപോലെ ഭൗതിക അസ്തിത്വം ഇല്ലാത്ത നിയമങ്ങളെ തട്ടിക്കൂട്ടി. മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ധർമ്മ ശാസ്ത്ര നിയമങ്ങൾ മാത്രമേ മൂലകങ്ങളുടെ മൊത്തമായ ഭൂമിയിലെ ജീവിതത്തിന് ചേരുകയുള്ളൂ എന്ന അടിസ്ഥാന പാഠങ്ങൾ അറിയാതെവന്നു. മാത്രമല്ല; വിശേഷ ബുദ്ധിയാകുന്ന ഭൗതിക ധർമ്മ ശാസ്ത്രങ്ങളിൽ പെടാത്ത മഹാനീതി കാര്യങ്ങളെയും, ദൈവകാര്യങ്ങളെയും മഹാഉചിതമായ സമയത്ത് ദൈവം തന്നെ അറിയിക്കും എന്നു വിശ്വസിക്കേണ്ടതിനു പകരം ആത്മീയ കാര്യങ്ങളും മോക്ഷവും ഉൾപ്പെട്ട മഹാനീതി കാര്യങ്ങളെയും, ദൈവത്തിന്റെ അസ്തിത്വം സംബന്ധിച്ച മഹാത്ഭുത മഹാകാര്യങ്ങളെയും തങ്ങൾക്കു തോന്നും പോലെ വിശ്വസിക്കാനും പ്രചരിപ്പിക്കാനും, അസത്യ-വിശ്വാസങ്ങളുടെയും ആചാരങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും വ്യത്യാസങ്ങളുടെ പേരിൽ കലഹിക്കാനും അന്യോന്യം നിഷ്ഠൂരമായി കൊല്ലാനും പോലും ഒരേ ഭൂമിയുടെ കുഞ്ഞുങ്ങൾ തയ്യാറായി.

മനുഷ്യാവസ്ഥയിൽ വച്ച് ആത്മാക്കൾക്ക് വിശേഷ ബുദ്ധിയെ നൽകുന്നത് വ്യക്തമായ ഉദ്ദേശത്തോടെയാണെന്നും, അതിനെ മനുഷ്യർക്ക് നേരിട്ടു വെളിപ്പെടുത്താനായി **മഹാശക്തിയായ ഭൂമിയായി** അവതരിച്ചിരിക്കുന്ന ദൈവത്തിന് മഹാശാസ്ത്രപരമായ പദ്ധതികൾ ഉണ്ടാകുമെന്നും ലളിതമായി മനസ്സിലാക്കാൻ കഴിയും. പകരം വിശേഷ ബുദ്ധിയാകുന്ന മഹാശാസ്ത്ര ജ്ഞാനത്തെ ദുരുപയോഗിച്ച് വ്യത്യസ്ത മതങ്ങളെയും മതദൈവങ്ങളെയും മതദേവാലയങ്ങളെയും തട്ടിക്കൂട്ടാൻ അല്പായുസ്സുകളായ മനുഷ്യർ ശ്രമിച്ചതും മത-ജാതി-വർഗ്ഗ-ദേശീയ ജീവികളായി അധഃപതിച്ചതും കടുത്ത തെറ്റുകളും കുറ്റങ്ങളും അവിവേകവും ദൈവ നിന്ദയും, പാപങ്ങളുമാണ്. മനുഷ്യരുടെ ഇടയിൽ നിന്നും പ്രവാചകന്മാർ, ഋഷിമാർ, സന്യാസിമാർ, നബിമാർ, പുരോഹിതന്മാർ തുടങ്ങിയ ഇടനിലക്കാരെ മഹാശക്തിയായ ദൈവം നിയമിക്കുന്നതായി കണക്കാക്കിയതും വിഡ്ഢിത്തങ്ങളെ പ്രചരിപ്പിച്ചതും മഹാനീതിക്കു വിരുദ്ധമായ കടുത്ത അപരാധമാണ്. ആവക വിഡ്ഢിത്തങ്ങൾ ഭൂമിയിൽ നിലനിൽക്കുന്നതല്ല എന്നതിന് ഭൂമി ഉണ്ടായിട്ട് ആയിരത്തിലധികം കോടി വർഷങ്ങളായി എന്നതും, ഏതാനും നൂറ്റാണ്ടുകൾ മാത്രം പഴക്കമുള്ള വ്യത്യസ്ത മതങ്ങളുടെയും മതദൈവങ്ങളുടെയും മതദേവാലയങ്ങളുടെയും ആയുസ്സുകളെ കൂട്ടിവായിച്ചാൽ മതിയാകും. സമൂഹം മൊത്തത്തിൽ അധഃപതിക്കുമ്പോഴാണ് കോവിഡ് പോലെയുള്ള സാമൂഹിക രോഗങ്ങൾ കൊണ്ട് ശിക്ഷിച്ചു തിരുത്താൻ ഭൂമി തയ്യാറാകുന്നത്.

മഹാസത്യമായ ദൈവം, ഏകമഹാശക്തിയായ ഭൂമിയായി അവതരിച്ചിട്ട് ആയിരത്തിലധികം കോടി വർഷങ്ങൾ ആയെന്ന് മഹാസത്യ-ഭാഗമായ പരമശിവനിലൂടെ ശാസ്ത്രപരമായി അറിയിച്ചിട്ടുണ്ട്. ഭൂമിയുടെ ആയുസ്സിനെ മനുഷ്യന് ലഭ്യമായ ശാസ്ത്രപാഠങ്ങൾ ശരിവെച്ചിട്ടുണ്ട്. വേദങ്ങളെന്നും ദൈവശാസ്ത്രമെന്നും ചിലർ അവകാശപ്പെടുന്ന, കുറെ നൂറ്റാണ്ടുകൾ മാത്രം പഴക്കമുള്ള മതഗ്രന്ഥങ്ങളും മറ്റും പ്രകാരമല്ലാ ജീവികൾ ജീവിക്കുന്നതെന്നും, മനുഷ്യർ തട്ടിക്കൂട്ടിയ ആവക ഗ്രന്ഥങ്ങൾ പ്രകാരം ജീവിക്കാനാവില്ലെന്നും കോവിഡ് 19 ഉൾപ്പെടെ അനേകം സാമൂഹിക രോഗങ്ങളും, സുനാമികളും ഭൂചലനങ്ങളും പ്രളയങ്ങളും മറ്റും കാലാകാലങ്ങളിൽ തെളിയിച്ചിട്ടുണ്ട്.

സൃഷ്ടി സ്ഥിതി സംഹാര ശാസ്ത്രങ്ങളായ വേദങ്ങൾ ഭൂമിയുടെ അംശമായ ദേശങ്ങളിലും മൂലകങ്ങളിലും, ജീവികളുടെ ശരീരങ്ങളിലും എല്ലായ്പ്പോഴും മഹാഭദ്രമാണ്. അവ പ്രകാരമാണ് അറിഞ്ഞും അറിയാതെയും എല്ലാ ജീവികളും ജീവിക്കുന്നത്. അങ്ങനെയേ കഴിയൂ. ഉടനെ ഭൂമിയിൽ ദൈവ വിപ്ലവത്തോടെ ദൈവരാജ്യവും സത്യയുഗവും ആരംഭിക്കുമ്പോൾ, ഭൂമിയിലെ എല്ലാ ദേവാലയങ്ങളിലും മഹാശാസ്ത്ര പ്രകാരമുള്ള ശിവലിംഗം മാത്രമാണ് ഉണ്ടാവുക എന്നതും, മനുഷ്യരുടെ സന്തോഷത്തിനു വേണ്ടി അനുവദിച്ചിട്ടുള്ള **ഓം നമഃ ശിവായ** എന്നതിന്റെ അർത്ഥം **മഹാശിവയെ (മഹാദേവിയെ) നമിക്കുന്നു** ആണെന്നതും, മനുഷ്യരുടെ സ്തുതികളിലും ആരാധനകളിലും ദൈവം ആനന്ദിക്കില്ലെന്നതും, ഭൂമിയായ ദൈവത്തെ പ്രീതിപ്പെടുത്താൻ കഴിയുന്നത് ഭൂമിയുടെ മറ്റു കുഞ്ഞുങ്ങളെ ഭൂമിയിൽ ലയിച്ചിരിക്കുന്ന ധർമ്മ ശാസ്ത്രം പ്രകാരം സ്നേഹിച്ചും പരിചരിച്ചും സഹായിച്ചും മാത്രമാണെന്നതും മഹാവിപ്ലവം കൂടിയാണ്. ബ്രഹ്മം, ഭദ്രകാളി, ശിവ എന്നീ മഹാനാമങ്ങളെ മഹാസത്യമായ ഏകദൈവം സ്വീകരിക്കുന്നതും, മഹാസത്യത്തിന്റെ ഭാഗമായി ശിവനെ സൃഷ്ടിച്ച് ഒപ്പം കൂട്ടുന്നതും, ശേഷം **ശിവൻശിവ (ശക്തി) കൂട്ടുകെട്ടും മഹാശക്തിയുമായ ഭൂമിയായി അവതരിച്ച്** പ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതികളെ ചെയ്യുന്നതും വേറെ വിവരിച്ചിട്ടുണ്ട്.

ഓരോ അവസരത്തിലെയും അറിവ്, ശക്തി, സ്വാതന്ത്ര്യം, അനുഭവങ്ങൾ തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ വ്യക്തികൾ സംസാരിക്കുന്നതും പ്രവർത്തിക്കുന്നതും അതാത് അവസരത്തിൽ ശരി തന്നെയാണ്. ശരികളെയും തെറ്റുകളെയും പരമമായി നിർണ്ണയിക്കുന്നത് 'ഭൂമിയുടെ അംശമായ മൂലകങ്ങളിലും അവയുടെ രൂപാന്തരമായ ജീവികളുടെയെല്ലാം ശരീരങ്ങളിലും ലയിച്ചിരിക്കുന്നതും, ജീവികളുടെയെല്ലാം സൃഷ്ടി സ്ഥിതി സംഹാരങ്ങളെ നിശ്ചയിക്കുകയും നിർവ്വഹിക്കുകയും ചെയ്യുന്നതുമായ **ഭൗതിക ധർമ്മ നീതി ശാസ്ത്രങ്ങളായ മഹാശാസ്ത്രം മാത്രമാണ്.**

മഹാപ്രപഞ്ചത്തിലെ മൂലകങ്ങളിലും രൂപാന്തരമായ ജീവികളുടെ ശരീരങ്ങളിലും സദാ ലയിച്ചിരിക്കുന്ന മഹാശാസ്ത്രം മാത്രമാണ് മഹാശരിയെന്ന് മനുഷ്യ-ശരീരത്തിലെ അവയവങ്ങളിലൂടെ ലഭിക്കുന്ന വിശേഷ ബുദ്ധി കൊണ്ട് മനുഷ്യർ കാലാനുസൃതമായി അറിഞ്ഞു കൊണ്ടിരിക്കുന്ന വസ്തുതയുമാണ്. മഹാശാസ്ത്ര നിയമങ്ങളോട്, വ്യക്തികൾ മുമ്പ് ശരിയെന്നു വിശ്വസിച്ചവ യോജിക്കാതെ വരുമ്പോൾ വ്യക്തികളുടെ തെറ്റുകളും കുറ്റങ്ങളും അബദ്ധങ്ങളുമെല്ലാം പരസ്യമായി വെളിപ്പെടുന്നതാണ്. തെറ്റുകളും കുറ്റങ്ങളും സ്വയം തിരുത്തുവാൻ, വിശേഷ ബുദ്ധി ലഭിക്കുന്ന മനുഷ്യരുടെ ആത്മാക്കൾ ബാദ്ധ്യസ്ഥരുമാണ്. അതായത് മഹാശാസ്ത്ര പരമല്ലാത്ത വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും ഉപേക്ഷിക്കുവാൻ എല്ലാ മനുഷ്യരും ബാദ്ധ്യസ്ഥരാണ്. രാഷ്ട്രങ്ങളിലെ ഭരണകൂടം നിശ്ചയിക്കുന്ന കോവിഡ് മാനദണ്ഡത്തിനും മറ്റും വിധേയമായി ദേവാലയങ്ങളിൽ പുലർത്തിപ്പോന്ന മത-വിശ്വാസങ്ങളെയും സമ്പ്രദായങ്ങളെയും രാഷ്ട്രീയ ആഘോഷങ്ങളെയും മറ്റും മാറ്റിവെയ്ക്കുമ്പോൾ, മത-വിശ്വാസങ്ങളും മതദൈവങ്ങളും രാഷ്ട്രീയ പാർട്ടികളും മറ്റും തട്ടിപ്പാണെന്ന് വിശ്വാസികൾ തന്നെ പരസ്യമായി അംഗീകരിക്കുകയാണ് ! അറിയുന്നവരായി ഭാവിക്കുന്നില്ല എന്നേയുള്ളൂ.

മഹാശരി ആയ മഹാശാസ്ത്രം യഥാർത്ഥത്തിൽ ഗൂഢവുമല്ല. ഭൂമിയെന്ന മഹാരൂപം സ്വീകരിച്ചിട്ടുള്ള ദൈവത്തിന്റെ ആദിയും അന്തവും ഇല്ലാത്ത മഹാജ്ഞാനത്തിന്റെ ഓഹരിയും യഥാർത്ഥ വേദങ്ങളുമാണ് സൃഷ്ടിചക്രത്തിലെ കാലഘട്ടങ്ങളുടെയും, മനുഷ്യരുടെ ആവശ്യത്തിനും അനുസരിച്ച്, ഭൂമി വെളിപ്പെടുത്തുന്ന മഹാശാസ്ത്രം. ഏതൊരു കാര്യവും മഹാശാസ്ത്രപരമായി സ്വയം വിശകലനം ചെയ്തു മാത്രം സ്വീകരിക്കാനും, മഹാശാസ്ത്ര നിയമങ്ങൾ പ്രകാരം മാത്രം ജീവിക്കാനും, വിശേഷ ബുദ്ധിയെയും, ശക്തികളെയും, വിപുലമായ സ്വാതന്ത്ര്യങ്ങളെയും, അനന്തമായ ആനന്ദങ്ങളെയും ദാനമായി നൽകുന്ന മനുഷ്യശരീരത്തോടും, മൂലമായ മൂലകങ്ങളോടും, അവയുടെ മൊത്തവും മഹാവാത്സല്യവുമായ ഭൂമിയോടും, മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് ബാദ്ധ്യതയുണ്ട്.

ഭൂമി സൃഷ്ടിക്കുകയും, ഭൂമിയുടെ സൂക്ഷ്മ അംശങ്ങളായ പ്രോട്ടോൺ ഇലക്ട്രോൺ ന്യൂട്രോൺ ക്വാർക്കുകൾ മഹാസൂക്ഷ്മ ശബ്ദം തുടങ്ങിയവയിലൂടെയും, സ്ഥൂല അംശമായ മൂലകങ്ങളിലൂടെയും, മൂലകങ്ങളുടെ രൂപാന്തരമായ ജീവികളുടെ ശരീരങ്ങളിലൂടെയും ഭൂമി നൽകുന്ന മഹാശരണമായ ശക്തികളെയും സ്വാതന്ത്ര്യങ്ങളെയും തടയുന്ന ദ്രോഹത്തെ ജനസേവനമായും സാമൂഹിക ആവശ്യമായും കരുതുന്ന ഏറ്റവും ഹീനമായ അവസ്ഥയിലേക്ക് ഭരണാധികാരികളായി തെറ്റിദ്ധരിച്ചു ജീവിക്കുന്ന ഭൂമിയിലെ ജനസേവകർ ഇന്ന് അധഃപതിച്ചിട്ടുണ്ട്.

സൃഷ്ടി സ്ഥിതികളുടെ ഭാഗമായ ഭൂമിയിലെ ന്യൂനശക്തികൾ സൃഷ്ടിക്കുന്ന വ്യക്തിപരവും സാമൂഹികവുമായ രോഗങ്ങൾ, വൈറസുകൾ, ഭൂചലനം കൊടുങ്കാറ്റ് ചുഴലിക്കാറ്റ് വരൾച്ച കാട്ടുതീ അഗ്നിപർവ്വതം പ്രളയം സുനാമി, തുടങ്ങിയവയെ യഥോചിതം മനസ്സിലാക്കാതെയും, ഭൂമിയെ ജഡമായി കരുതിയും, ജീവിക്കാൻ ആവശ്യമില്ലാത്ത മത-ജാതി-വർഗ്ഗ-ദേശീയ ചിന്താഗതികളെ തട്ടിക്കൂട്ടി മനുഷ്യർ പിഴച്ചു ജീവിക്കുന്ന കാലഘട്ടത്തിലാണ് പ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ സംബന്ധിച്ച എല്ലാ സത്യങ്ങളും വെളിപ്പെടുത്തിക്കൊണ്ട് സത്യയുഗം ആരംഭിക്കുന്നത്.

എല്ലാ രാജ്യങ്ങളിലെയും ജനങ്ങളുടെ ഇടയിലെ പരിഭ്രാന്തിയും കലഹങ്ങളും ഭയപ്പാടുകളും യുദ്ധങ്ങളും സാമൂഹിക രോഗങ്ങളും, സുവ്യക്തമായും മഹാശാസ്ത്രപരമായും പരിഹരിക്കാൻ കഴിയുന്നതോടെ, സൃഷ്ടി ചക്രത്തിലെ ജനങ്ങളുടെ സംഹാരമായ മോക്ഷം പൂർത്തിയാകുന്നതായ അടുത്ത അയ്യായിരം വർഷങ്ങളിൽ സാമൂഹിക രോഗങ്ങളും കലഹങ്ങളും ഉണ്ടാകാതെ ശ്രദ്ധിക്കാനും, ദൈവത്തിന്റെ പേരിലുള്ള അന്ധവിശ്വാസങ്ങൾ ഇല്ലാതെ ധർമ്മ ശാസ്ത്രപരമായി ജീവിക്കാനും ജനങ്ങൾക്കു കഴിയുന്നതാണ്. അടുത്ത സൃഷ്ടി ചക്രം മുതൽ അടിസ്ഥാന പരമായ മാറ്റങ്ങളെ മഹാശക്തിയായ ഭൂമി കരുതിയിട്ടുമുണ്ട്.

ഈ ദിവ്യമഹാശാസ്ത്ര ഗ്രന്ഥത്തിൽ ശക്തികളും ശാസ്ത്രങ്ങളും ആനന്ദങ്ങളും സ്വാതന്ത്ര്യങ്ങളും മഹാഭരണവും മഹാനീതിയും എപ്പോഴും മഹാഭദ്രമായിരിക്കുന്നത് ഭൂമിയിൽ മാത്രമാണെന്നും ഭദ്രപ്പെടുത്തിയിരിക്കുന്നത് മണ്ണായ ഭൂമി ആണെന്നും മഹാശാസ്ത്ര പരമായി തെളിയിക്കുകയും വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്. ശാസ്ത്ര ലോകത്തെ അടിമുടി ഞെട്ടിക്കുന്ന മഹാസത്യങ്ങളെ മഹാശാസ്ത്രപരമായി ത്തന്നെ വിശദീകരിച്ചിരിക്കുകയാണ്.

വിശേഷ ബുദ്ധിയെ ദുരുപയോഗിച്ച്, വ്യത്യസ്ത മത-ജാതി-രാഷ്ട്രീയ -ദേശീയ ജീവികളായി അധഃപതിച്ചവർ അവരുടെ വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും ഗ്രന്ഥങ്ങളും ഉപേക്ഷിച്ച് സത്യയുഗം ആരംഭിക്കുമ്പോൾ തന്നെ മനുഷ്യരായി മാറുന്നതാണ്.

ഭൂമിയുടെ പൊന്നോമന കുഞ്ഞുങ്ങളായ മനുഷ്യരോടുള്ള മഹാവാത്സല്ല്യം പ്രകാരം എല്ലാ സൃഷ്ടി ചക്രങ്ങളിലും മഹാശാസ്ത്രമായ വേദങ്ങളെ വീണ്ടെടുക്കുന്നത് ഇന്ത്യയിലെ കേരളത്തിൽ ബ്രഹ്മകേന്ദ്രമായ മണ്ണടി എന്ന പ്രദേശത്തെ ബന്ധപ്പെടുത്തിയാണ്. അതുകൊണ്ടുതന്നെ സൃഷ്ടി ചക്രത്തിന്റെ സംഹാരത്തിനു ശേഷം ശിവ ശിവൻ ഓം ബ്രഹ്മം ഭദ്രകാളി തുടങ്ങിയ പദങ്ങളും, വേദങ്ങളുടെ ജീർണ്ണിച്ച അവശിഷ്ടങ്ങളും വായ്മൊഴിയായി ഇന്ത്യയിൽ നിലനിൽക്കുന്നതാണ്.

**100** മനുഷ്യജന്മങ്ങളിൽ പരമാവധി **5** ജന്മങ്ങൾ മാത്രമാണ് ഇന്ത്യയിൽ ലഭിക്കുക എന്നറിഞ്ഞ് ദേശ-ഭ്രമം ഉപേക്ഷിക്കണം.

മതപരമല്ലാത്തതും മഹാശാസ്ത്രപരം മാത്രവുമായ മഹാസത്യം, ബ്രഹ്മം, മഹാഭദ്രകാളി, ശിവ, ശിവൻ, ഓം, തുടങ്ങിയ മഹാപദങ്ങളെ എല്ലാ സൃഷ്ടിചക്രങ്ങളിലും നിലനിർത്താനായിട്ട്; 'ഏകദൈവമായ ശിവയുടെയും ഭാഗമായ ശിവന്റെയും കുട്ടുകെട്ടായ ഭൂമിയുടെ' 'മഹാഭാരമായ മഹാനീതിശാസ്ത്രത്തെ മഹാഭാരത മണ്ണിൽ' സ്ഥാപിച്ചിട്ടുണ്ട്. ദൈവ കാര്യമാണത്. സൃഷ്ടികളായ മനുഷ്യർക്ക് ദൈവത്തിന്റെ ആവിഷ്ക്കാരങ്ങളിൽ യാതൊരു പങ്കുകളുമില്ല. സത്യയുഗം, ദൈവരാജ്യം, എന്നിവയെ ഈ ദിവ്യമഹാശാസ്ത്ര ഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്. അക്കൂടെ **2021** മാർച്ച് മാസത്തിൽ പ്രസിദ്ധീകരിച്ച 'ദൈവം **GOD**' എന്ന ദിവ്യ മഹാവേദ ഗ്രന്ഥത്തിലെ ചില ഭാഗങ്ങളെ കൂടുതൽ വിശദീകരിക്കുകയും, **2020**-ൽ പ്രസിദ്ധീകരിച്ച 'മനുഷ്യൻ **Man**' എന്ന ദിവ്യമഹാവേദ ഗ്രന്ഥത്തെ കൂട്ടിച്ചേർക്കുകയും ചെയ്തിട്ടുണ്ട്. അവയെല്ലാം തന്നെ ശാസ്ത്ര ലോകത്തെയും മനുഷ്യരുടെ ജീവിതത്തെയും മാറ്റിമറിക്കുന്നതും കൂടുതൽ ആനന്ദിപ്പിക്കുന്നതുമായ മഹാസത്യങ്ങൾ കൂടിയാണ്.

പലവിധത്തിലുള്ള വിഷമ പ്രശ്നങ്ങളുള്ള ഗ്രന്ഥകാരൻ, മൊബൈൽ ഫോണിൽ ടൈപ്പ് ചെയ്ത് തയ്യാറാക്കിയ ഗ്രന്ഥത്തിൽ ആവർത്തനങ്ങൾ ഏറെയാണ്; വായിക്കുന്നവർ തന്നെ ആവശ്യം പോലെ തിരുത്തുക. കുറ്റങ്ങളും കുറവുകളും ഇല്ലാത്ത മഹാവേദം മണ്ണായ ഭൂമിയുടെ മഹാസ്ത്രമായി മണ്ണിൽ ലയിച്ച് മഹാഭദ്രമാണ്.

## മഹാശക്തിയും മഹാമാതാപിതാക്കളും ഭൂമിയുമായ ഏകദൈവത്തെ പ്രീതിപ്പെടുത്താനുള്ള ഏക മാർഗ്ഗം വെളിപ്പെടുത്തുന്നു.

ഭൂമിയിലെ വസ്തുക്കൾ കൊണ്ടും, സ്തുതികളും ആരാധനകളും കൊണ്ടും ശിവയും ശിവനും ചേർന്ന എല്ലാ ആനന്ദങ്ങൾക്കും അതീതവും ഭൂമിയുമായ ദൈവത്തെ പ്രീതിപ്പെടുത്താൻ കഴിയില്ലെന്ന് തെളിയുമ്പോഴും ഭൂമി നൽകുന്ന വിശേഷ ബുദ്ധിയെ ഉപയോഗിച്ചാൽ ദൈവമായ ഭൂമിയെ പ്രീതിപ്പെടുത്താൻ ഒരു മാർഗ്ഗമുണ്ടെന്ന് മനസ്സിലാക്കാനും അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുവാനും മനുഷ്യർക്കു കഴിയും. വിശദീകരിക്കാം : എല്ലാ മക്കളും അന്യോന്യം സ്നേഹിച്ചും സഹകരിച്ചും സഹായിച്ചും കഴിയുന്നതു കാണാനാണ് മനുഷ്യ-മാതാപിതാക്കൾ ഇഷ്ടപ്പെടുന്നത്. ആത്മാക്കൾക്ക് അനന്തമായ ആനന്ദങ്ങളെ അനന്തമായി നൽകുന്ന മോക്ഷത്തെ ലഭ്യമാകുന്ന മനുഷ്യാവസ്ഥയിൽ എത്തുമ്പോൾ വിശേഷ ബുദ്ധി കൊണ്ട് എല്ലാ ആത്മാക്കളും, ദൈവമായ ഭൂമിയുടെ പൊന്നോമന കുഞ്ഞുങ്ങളാണെന്നു കൂടി തിരിച്ചറിയാൻ കഴിയും. മനുഷ്യാവസ്ഥയിൽ എല്ലാ ആത്മാക്കൾക്കും 100 വീതം ജന്മങ്ങളെ ഭൂമി നിശ്ചയിച്ചിരിക്കെ, മഹാമാതാപിതാക്കളായ ഭൂമിക്ക്, മനുഷ്യരായ മാതാപിതാക്കളേക്കാൾ കൃത്യമായി 100 മടങ്ങ് മഹാ-വാത്സല്യമുണ്ട്.

ഭൂമിയുടെ പൊന്നോമന കുഞ്ഞുങ്ങളായ മനുഷ്യർക്ക് വിശേഷ ബുദ്ധിയെ നൽകുമ്പോൾ, മറ്റുള്ള ജീവികളെ ഭാഗികമായി ഭരിക്കാൻ കഴിയുന്ന അവസ്ഥ പോലും ലഭിക്കുന്നുണ്ട്. അങ്ങനെയിരിക്കെ, ചുറ്റുമുള്ള മാതാപിതാക്കൾ ഉൾപ്പെടെ ഉറ്റവരെയും, പിന്നെ ബന്ധുക്കളും സുഹൃത്തുക്കളുമായ അറിയുന്നവരെയും, പിന്നെ, പ്രദേശ വാസികൾ ഉൾപ്പെടെ ഭൂമിയിലെ എല്ലാവരെയും സ്നേഹിക്കാനും അംഗീകരിക്കാനും ആദരിക്കാനും കഴിയുമെങ്കിൽ ശാസ്ത്രങ്ങൾ, ശക്തികൾ കൊണ്ട് സഹായിക്കാനും തയ്യാറാകണം. മഹാമാതാപിതാക്കളും ഭൂമിയുമായ ഏകദൈവത്തെ പ്രീതിപ്പെടുത്താനുള്ള ഏക മാർഗ്ഗം അതാണ്. ചുവടെ ഉള്ളടക്കം (3) ൽ വേറിട്ട് വിശദീകരിക്കുന്നുണ്ട്.

(മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ എന്നിങ്ങനെ ശരീര അവയവങ്ങളുടെ അടിസ്ഥാനത്തിൽ ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളെ തരം തിരിക്കുകയും, വിശേഷ ബുദ്ധിയും മോക്ഷവും മനുഷ്യാവസ്ഥയിൽ നിശ്ചയിച്ചു കൊണ്ട് ഭൂമിയുടെ പൊന്നോമന കുഞ്ഞുങ്ങളായി മനുഷ്യരെ സൃഷ്ടിക്കുകയും ചെയ്യുമ്പോൾ, മനുഷ്യരുടെ കാല്പാദങ്ങളുടെ അടിയിലെ ചർമ്മത്തിൽ ഇക്കിളി സൃഷ്ടിച്ചിരിക്കുന്നത് മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കൾക്കു വേണ്ടിയല്ലായെന്നും കൂടി വ്യാഖ്യാനിച്ചാൽ, മഹാമാതാപിതാക്കളായ ശിവയും ശിവനും ചേർന്ന ഭൂമി സ്വയം സ്വീകരിച്ചിട്ടുള്ള ജഡാവസ്ഥയുടെ മഹത്വം മനസ്സിലാക്കാൻ കഴിയും. തൊഴിലുകളും, തൊഴിൽ അഭിരുചികളും, ശാസ്ത്ര ജ്ഞാനവും, ശാസ്ത്ര സാങ്കേതിക വികസനവും, കുടുംബ ജീവിതവുമെല്ലാം മറ്റുള്ള ജീവികളിൽ നിന്നും വ്യത്യസ്തമായി മനുഷ്യർക്കു ലഭിക്കുന്ന വിശേഷ ബുദ്ധിയുടെ അനുബന്ധം മാത്രമാണ്. മനുഷ്യരുടെ ആത്മാക്കൾക്ക് ലഭിക്കുന്ന വിശേഷ ബുദ്ധിയും അനുബന്ധ കാര്യങ്ങളും സ്വന്തമല്ല; ഭൂമിയുടെ ദാനം മാത്രമാണ്. ഭൂമിയുടെ അംശമായ മൂലകങ്ങളിലും ശരീരങ്ങളിലും ലയിച്ചിരിക്കുന്ന ധർമ്മ ശാസ്ത്രം പ്രകാരം ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നിങ്ങനെ നാലായിട്ട് എല്ലാ മനുഷ്യരുടെയും എല്ലാ വിഷയങ്ങളെയും തൊഴിലുകളെയും വിഭജിക്കാൻ കഴിയുന്നതാണ്.

മഹാശാസ്ത്ര പരമായ പ്രസ്തുത തൊഴിൽ വിഭജനം കാലാന്തരത്തിൽ ജീർണ്ണിച്ചതിന്റെ അവശിഷ്ടമാണ് ഭാരതത്തിലെ ചാതുർവർണ്യം. മനുഷ്യരെല്ലാം ശുചിത്വം പാലിച്ചു ജീവിച്ചാൽ, മണ്ണിൽ ചവിട്ടി നടക്കാൻ മനുഷ്യർക്ക് ചെരുപ്പുകൾ ആവശ്യമാവില്ല. ശുചിത്വം തെറ്റിച്ച് മനുഷ്യർ മണ്ണായ ഭൂമിയുടെ ഉപരിതലത്തിൽ മാലിന്യ കൂമ്പാരങ്ങളെ ഉണ്ടാക്കി ക്കൊണ്ട് ചെരിപ്പുകളെയും മാസ്കുകളെയും ഹെൽമെറ്റുകളെയും മറ്റും മനുഷ്യരുടെ ആവശ്യമാക്കുമ്പോഴും മറ്റുള്ള ജീവികൾക്ക് ചെരിപ്പുകളും മറ്റും ആവശ്യമില്ലെന്നതും അവയുടെ ആവശ്യങ്ങളെ പരിഹരിക്കാൻ മനുഷ്യർക്ക് കഴിയില്ലെന്നതും ശാസ്ത്ര പരമായി മനസ്സിലാക്കണം.

ഭൂമിയുടെ പൊന്നോമന കുഞ്ഞുങ്ങളായ മനുഷ്യരെയും, അവരുടെ അടിസ്ഥാന ആവശ്യമായ ഭക്ഷണ സാധനങ്ങളെ പരിപാലിച്ചു കൊണ്ട് ഏറെ ശുചിത്വം പാലിച്ച് ജീവിക്കുന്ന കൃഷിക്കാരെയും പറ്റി പ്രത്യേകമായി പറയുമ്പോൾ, മനുഷ്യരുടെ കാല്പാദങ്ങളുടെ അടിയിലെ ചർമ്മത്തിൽ മഹാശക്തിയും ശിവയും ശിവനും ചേർന്ന മഹാമാതാപിതാക്കളുമായ ഭൂമി സൃഷ്ടിച്ചിരിക്കുന്ന ഇക്കിളി, യഥാക്രമം ശിവയുടെ മഹാആനന്ദമായ മഹാവാത്സല്ല്യത്തെയും ശിവന്റെ മഹാദാസ്യത്തെയും സാധൂകരിക്കുന്നുണ്ട്. ഭൂമി സൃഷ്ടിക്കുന്നതും ഭൂമിയിൽ ലഭിക്കുന്നതുമായ ആനന്ദങ്ങൾക്കെല്ലാം അതീതവുമായ ഭൂമി, കുഞ്ഞുങ്ങളായി സൃഷ്ടിക്കുന്ന ആത്മാക്കൾക്ക് ജീവികളായി ആനന്ദിച്ചു ജീവിക്കാനായിട്ട് സൃഷ്ടിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന ഭൂമിയുടെ അംശങ്ങളായ വസ്തുക്കളെയും രൂപാന്തരമായ ജീവികളുടെ ശരീരങ്ങളെയും, അവയിലെല്ലാം ലയിച്ചിരിക്കുന്ന ശാസ്ത്ര നിയമങ്ങൾ പ്രകാരം നിർമ്മിക്കാൻ കഴിയുന്ന ഉല്പന്നങ്ങളെയും, മുമ്പ് വ്യക്തമാക്കിയതു പോലെ ദൈവ സ്തുതികൾ, വഴിപാടുകൾ, ആരാധനകൾ തുടങ്ങിയ പേരുകളിൽ ദൈവമായ ഭൂമിക്കോ, ദൈവമെന്നു തെറ്റിദ്ധരിച്ച് ആദ്യ മഹാകാലചക്രത്തിലെ ദേവതകൾക്കോ, അന്ധവിശ്വാസങ്ങൾ പ്രകാരമുള്ളതും യഥാർത്ഥത്തിൽ ഇല്ലാത്തതുമായ ദൈവങ്ങൾക്കോ, കുട്ടിദൈവങ്ങളായും സൂപ്പർ ദൈവങ്ങളായും ചമയുന്ന തട്ടിപ്പുകാരായ ആൾദൈവങ്ങൾക്കോ, നൽകാൻ ആഗ്രഹിക്കുന്നത് ഭൂമി നൽകിയ വിശേഷ ബുദ്ധിയും, ശക്തികളും പാഴാക്കുന്ന ഭോഷത്തമാണ്. 'ശരീര അവയവങ്ങൾ ഉൾപ്പെടെയുള്ള ഭൂമിയുടെ അംശമായ മൂലകങ്ങളിൽ' ലയിച്ചിരിക്കുന്ന ശക്തികളെയും ശാസ്ത്രങ്ങളെയും അവയവങ്ങളിലൂടെ (മൂലമായ ഭൂമി) നൽകിയാൽ മാത്രമേ ആത്മാക്കൾക്ക് ആഗ്രഹങ്ങളെ പോലും നിശ്ചയിക്കാനും നിർവ്വഹിക്കാനും നിയന്ത്രിക്കാനും കഴിയൂ.

# സത്യയുഗം, യുഗം, ദൈവരാജ്യം എന്നിവയെ മഹാശാസ്ത്രം പ്രകാരം വെളിപ്പെടുത്തുന്നു.

ഭൂമിയിലെങ്ങും ഉടൻ ആരംഭിക്കുന്ന ദൈവ വിപ്ലവത്തോടെ, ദൈവം മനുഷ്യരൂപത്തിൽ പ്രത്യക്ഷമായിക്കൊണ്ട് മത്സ്യം സസ്യം പക്ഷി മൃഗം എന്നീ 4 അവസ്ഥകളെ കടന്നാണ് അഞ്ചാമത്തേതും അവസാനത്തേതും, മഹാപുനർജ്ജന്മ സിദ്ധാന്തം പ്രകാരം 100 മനുഷ്യ-ജന്മങ്ങളെ സ്വീകരിക്കേണ്ടതുമായ മനുഷ്യാവസ്ഥയിൽ ആത്മാവ് എത്തുന്നത്, തുടങ്ങിയ മഹാനീതിശാസ്ത്ര കാര്യങ്ങളെ ശരിവെയ്ക്കുന്നതാണ്. മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രത്തിന്റെ കാതലായ മഹാപുനർജ്ജന്മ സിദ്ധാന്തത്തെ ഈ ദിവ്യമഹാശാസ്ത്ര ഗ്രന്ഥത്തിൽ മഹാശാസ്ത്രപരമായി വിശദീകരിച്ചു കൊണ്ട് തെളിയിച്ചിട്ടുണ്ട്.

മഹാരൂപമായി ദൈവം സ്വീകരിച്ചിട്ടുള്ള ഭൂമിയുടെ അംശമായ മൂലകങ്ങളിലൂടെയും അവയുടെ രൂപാന്തരമായ മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളുടെ ശരീരങ്ങളിലൂടെയും ഭക്ഷണ പാനീയങ്ങളിലൂടെയും, ദൈവാംശമായ അവയിൽ ലയിച്ചിരിക്കുന്ന ശക്തികളെയും മഹാജ്ഞാനമാകുന്ന പ്രപഞ്ച ശാസ്ത്രങ്ങളെയും, അനന്തമായ ആനന്ദങ്ങളെയും സ്വാതന്ത്ര്യങ്ങളെയും പ്രത്യക്ഷമെന്നോണം ദൈവം തന്നെ നേരിട്ടു നൽകുന്നതിനെ അനുഭവിക്കുവാൻ കഴിയുന്നതിനു പുറമേ, വിശേഷ ബുദ്ധിയെന്നു വിശേഷിപ്പിക്കുന്ന പ്രപഞ്ചശാസ്ത്രത്തെ ലഭിക്കുകയാൽ, വസ്തുതകളെ മനസ്സിലാക്കുവാനും മനുഷ്യർക്ക് കഴിയുന്നതാണ്. എന്നുവെച്ചാൽ, മനുഷ്യരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവരാണെന്നു തെളിയുന്ന ദേവതകളുടെയും മനുഷ്യരുടെയും സ്വത്വങ്ങളായ ആത്മാക്കൾക്ക് ഭൂമിയുടെ അംശമായ മൂലകങ്ങളും രൂപാന്തരമായ ശരീര-അവയവങ്ങളും, മഹാനീതിശാസ്ത്ര പ്രകാരം, വിശേഷ ബുദ്ധിയാകുന്ന പ്രപഞ്ചത്തിന്റെ ശാസ്ത്രങ്ങളെ ദാനമായി നൽകുന്നത് അവയെയും അവ പ്രകാരമുള്ള ശക്തികളെയും ഉപയോഗിച്ച് പ്രപഞ്ചത്തെ സുവ്യക്തമായി അറിയാനും, പ്രപഞ്ചത്തിലെ അനന്തമായ ആനന്ദങ്ങളെ അനുഭവിക്കാനും, മനുഷ്യാവസ്ഥയിൽ നിന്നുമുള്ള മോക്ഷത്തെ പ്പറ്റി ഉചിതമായ സമയത്ത് ബോദ്ധ്യപ്പെടാനും ആണ്. ലഭ്യമായ വിശേഷ ബുദ്ധി കൊണ്ടു തന്നെ ആവക കാര്യങ്ങളെ മനസ്സിലാക്കാൻ കഴിയുന്നതാണ്.

ഭൗതികമായ അസ്തിത്വം ഇല്ലാത്തതുകൊണ്ടാണ് മത-ജാതി-രാഷ്ട്രീയ-ദേശീയ മാറ്റങ്ങൾ സാദ്ധ്യമാകുന്നതെന്ന് തിരിച്ചറിയാനും, സ്വന്തം ശൂന്യതയും നിസ്സഹായതയും ബോദ്ധ്യപ്പെടാനും, കൂടുതൽ ശക്തരാവാനുമെല്ലാം വിശേഷ ബുദ്ധി കൊണ്ട് മനുഷ്യർക്ക് സാധിക്കുന്നതാണ്.

മനുഷ്യർ വിശേഷ ബുദ്ധിയെ ഉചിതമായി ഉപയോഗിക്കാഞ്ഞതു കൊണ്ട് കുറെ പ്രപഞ്ച കാര്യങ്ങളെ അറിയാൻ കഴിഞ്ഞു എന്നല്ലാതെ അസ്തിത്വം പോലും എന്താണെന്നും ആരാണെന്നും അവർക്ക് ഒട്ടും തന്നെ നിശ്ചയമില്ല. 'വിരലുകൾ ഉൾപ്പെടെയുള്ള കൈകാലുകൾ', നാക്ക്, കീഴ്ത്താടി, കൺപോളകൾ, തുടങ്ങിയ ചില ശരീര അവയവങ്ങൾ ഭാഗികമായി ആത്മാവിനു നൽകുന്ന ചലന സ്വാതന്ത്ര്യം കൊണ്ടും ആത്മാക്കൾ ശരീരത്തിൽ ലയിച്ച് പ്രവർത്തിക്കുന്നതു കൊണ്ടും, മൊത്തം ശരീരത്തെ ഭരിക്കുന്ന പ്രതീതി ആത്മാക്കൾ അനുഭവിക്കുന്നുണ്ട്. എന്നാൽ, അവയവങ്ങളെയും ജീവിരൂപങ്ങളെയും നിശ്ചയിക്കുകയും സൃഷ്ടിക്കുകയും ചെയ്യുന്നത് ആത്മാക്കളല്ലാ. ഭൂമി സ്വന്തം അംശമായ മൂലകങ്ങളെ കൊണ്ട് സൃഷ്ടിക്കുന്ന ശരീരാവയവങ്ങളുടെ അടിസ്ഥാനത്തിൽ വ്യത്യസ്ത ജീവികളായും, സ്ത്രീ, പുരുഷൻ, രൂപം, നിറം, സൗന്ദര്യം, ആരോഗ്യം, അംഗ വൈകല്യം, ജന്മസ്ഥലം, തുടങ്ങിയ നിരവധി ജന്മഗുണങ്ങളോടെ 'സ്വന്തം ഇഷ്ടപ്രകാരം അല്ലാതെ ജനിക്കുകയും വളരുകയും കുറച്ചു കാലം ജീവിക്കുകയും ശേഷം മരിക്കുകയും' ചെയ്യുന്നവരാണ് എല്ലാ ജീവികളും. മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കൾ സ്വന്തമെന്നു കരുതുന്നതും, ജനനം മുതൽ ശരീര അവയവങ്ങൾക്ക് ഉണ്ടാകുന്ന വളർച്ചയ്ക്കൊപ്പം വ്യത്യാസപ്പെട്ടു കൊണ്ടിരിക്കുന്നതുമായ മുഖഛായയും മുഖവുമെല്ലാം സൃഷ്ടിക്കുന്നതും ആത്മാക്കളല്ല. ഭൂമിയുടെ അംശമായ മൂലകങ്ങളുടെ രൂപാന്തരമായ ശരീര അവയവങ്ങളിലൂടെ ഭൂമി ദാനമായി നൽകുന്ന വിശേഷബുദ്ധി, ശക്തികൾ, ശരണം എന്നിവ കൊണ്ട് മനുഷ്യരുടെ സ്വത്വങ്ങൾക്ക് ആവക കാര്യങ്ങളെ മനസ്സിലാക്കാൻ കഴിയുന്നു എന്നേയുള്ളൂ. വിശേഷബുദ്ധി കൊണ്ട്, മൂലകങ്ങളുടെ സൂക്ഷ്മ അംശമായ ആറ്റത്തിലെ മഹാസത്യം-ശിവൻ-ശക്തി ഘടകങ്ങളായ ഇലക്ട്രോൺ, പ്രോട്ടോൺ, ന്യൂട്രോൺ, ക്വാർക്കുകൾ, ശബ്ദബ്രഹ്മമായ ഓം, തുടങ്ങിയവയുടെ പ്രവർത്തനത്തിലൂടെ ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളുടെ മേലുള്ള മഹാഭരണവും മഹാനീതിയും ഉൾപ്പെട്ട ജഗത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്നത് മഹാശക്തിയായ ഭൂമിയാണെന്നും ഭൂമിയും മൂലകങ്ങളും ജീവികളുടെ ശരീരങ്ങളും ജഡമല്ലെന്നും മനസ്സിലാക്കാൻ കഴിയും. ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്ത മഹാസത്യമായ ഏകദൈവം വേർപെടുത്താൻ കഴിയാത്ത പോലെ ലയിപ്പിച്ചു സൃഷ്ടിക്കുന്ന ശക്തികളും ശാസ്ത്രങ്ങളും ആനന്ദങ്ങളും സ്വാതന്ത്ര്യങ്ങളും ഉൾപ്പെട്ട മഹാശരണമാണ് മഹാസത്യം-ശിവൻ-ശക്തി ഘടകങ്ങളായ 'ഓം, ഇലക്ട്രോൺ പ്രോട്ടോൺ ന്യൂട്രോൺ ക്വാർക്കുകൾ എന്നിവ ചേർന്ന ആറ്റങ്ങളായും', അവയുടെ സ്ഥൂല രൂപമായ 'മൂലകങ്ങളും സംയുക്തങ്ങളും ചേർന്ന വസ്തുക്കളായും, രൂപാന്തരമായ ജീവികളുടെ ശരീരങ്ങളായും' മൊത്തമായ ഭൂമിയായും അവതരിച്ചിട്ടുള്ളത്.


മനുഷ്യാവസ്ഥയിൽ വിശേഷ ബുദ്ധി ലഭിക്കുന്ന ആത്മാക്കൾക്ക്, അനുഭവിച്ച് അറിയാൻ കഴിയുന്നതു പോലെ, ദൈവത്തിന്റെ മഹാരൂപമായ ഭൂമിക്കും, അംശമായ മൂലകങ്ങൾക്കും, ശരീര-അവയവങ്ങൾക്കും മാത്രമാണ് ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് ശക്തികളും ശാസ്ത്രങ്ങളും ആനന്ദങ്ങളും സ്വാതന്ത്ര്യങ്ങളും ഉൾപ്പെട്ട മഹാശരണം നൽകാൻ കഴിയുക. ഭൂമിയുടെ മഹാനീതിശാസ്ത്ര പ്രകാരം ഭൂമി ആത്മാക്കൾക്ക് നൽകുകയും വീണ്ടും മണ്ണായ ഭൂമിയിലേക്കു ചേർക്കുന്നതുമായ ശരീരത്തെ ചിലർ അവരുടേതു മാത്രമെന്ന് തെറ്റിദ്ധരിക്കുകയും ധർമ്മശാസ്ത്ര വിരുദ്ധമായി ഉപയോഗിക്കുകയും ചെയ്യുമ്പോൾ സമൂഹത്തിൽ ധാർമ്മിക അധഃപതനം ഉണ്ടാവുകയും വർദ്ധിക്കുകയും ചെയ്യുന്നതാണ്. ശക്തികളുടെയും സ്വാതന്ത്ര്യങ്ങളുടെയും മറ്റും നിർവ്വചനങ്ങൾ പോലും അറിയാൻ ശ്രമിക്കാതെയാണ് വിശേഷ ബുദ്ധിയാകുന്ന മഹാശാസ്ത്ര ജ്ഞാനത്തെ ലഭിച്ച മനുഷ്യരിൽ ഏറെയും ജീവിച്ചു കൊണ്ടിരിക്കുന്നത്. 'മഹാസത്യവും മഹാശക്തിയും മഹാജാലവും മഹാനീതിയും മഹാവാത്സല്യവുമായ ഭൂമി' സ്വന്തം അംശമായ ശരീരങ്ങളിലൂടെയും മൂലകങ്ങളിലൂടെയും കുഞ്ഞുങ്ങൾക്കു നൽകുന്ന ശക്തികളെയും സ്വാതന്ത്ര്യങ്ങളെയും ആനന്ദങ്ങളെയും തട്ടിപ്പറിക്കുന്നത് അവരോടുള്ള ദ്രോഹവും ദൈവനിന്ദയുമാണ്. അതിനെ തടയാനും ധർമ്മ ശാസ്ത്രപരമായി ശുദ്ധി ചെയ്യാനുമുള്ള ന്യൂനശക്തികളും 'സത്യധർമ്മനീതികളെ ഭാവങ്ങളായി സ്വീകരിച്ച ഭൂമിയുടെ' അംശമായ മൂലകങ്ങളിലും ശരീരങ്ങളിലും ലയിച്ചിട്ടുണ്ട്.

ഭൂമിയും മൂലകങ്ങളും ശരീരവും മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് ശാസ്ത്ര നിയമങ്ങളെ വെളിപ്പെടുത്തുന്ന മുറയ്ക്ക് കൂടുതൽ കൂടുതൽ ശക്തികളെയും ആനന്ദങ്ങളെയും നേടാനും അനുഭവിക്കാനും കഴിയും വിധമാണ് കാലഘട്ടങ്ങളെ സംവിധാനം ചെയ്തിട്ടുള്ളത്. മുൻകാലങ്ങളിൽ ജീവിക്കുകയും മരിക്കുകയും ചെയ്തവർക്ക്; ആധുനിക കാലത്തെ ആനന്ദങ്ങൾ ലഭിക്കുന്നതല്ല; തിരിച്ചും. ഉദാഹരണത്തിന് ആധുനിക കാലത്തെ വിമാനം, കാറുകൾ, ബസ്സുകൾ, തുടങ്ങിയ വാഹനങ്ങളും വൈദ്യുതി യന്ത്രങ്ങളും ടെലിവിഷനും സിനിമയും ഫോണുകളും മറ്റും 500 വർഷങ്ങൾക്കു മുമ്പ് ജീവിച്ചിരുന്നവർക്കോ; അവർക്കു ലഭിച്ചിരുന്ന ആനന്ദങ്ങളെ ഇപ്പോൾ ജീവിക്കുന്നവർക്കോ സാധാരണ ഗതിയിൽ ലഭിക്കുന്നതല്ല. സമ-ആനന്ദമെന്ന മഹാനീതിയെ ലഭ്യമാക്കണമെങ്കിൽ ശാസ്ത്ര സാങ്കേതിക സൗകര്യങ്ങൾ ലഭ്യമായതും ലഭ്യമല്ലാത്തതുമായ കാലഘട്ടങ്ങളിൽ ജീവിക്കാൻ ഓരോ ആത്മാവിനും കഴിയണം.

ആദിയും അന്തവും ഇല്ലാത്ത മഹാസത്യവും ശിവയുമായ ഏകദൈവം, സ്വന്തം ഭാഗമായിട്ട് ശിവനെ ഒരുക്കുകയും ശേഷം ശിവയുടെയും ശിവന്റെയും കൂട്ടുകെട്ടും മഹാശക്തിയുമായ ഭൂമിയായി അവതരിച്ചുകൊണ്ട്, **മഹാജാലത്തിലൂടെ ഭൂമിയുടെ ദൈവീകതയെ മറച്ചിരിക്കുന്നതു കൊണ്ടാണ് കുഞ്ഞുങ്ങളായ മനുഷ്യർക്ക് അനാവശ്യമായ ദൈവഭയമില്ലാതെയും, ദൈവത്തിന്റെ അടിമകളായിരിക്കാതെയും സ്വതന്ത്രമായി ഗവേഷണം നടത്താനും അവർ കണ്ടെത്തുകയും നേടുകയും ചെയ്യുന്നവയെ അവകാശത്തോടെയും ആനന്ദത്തോടെയും അനുഭവിച്ചു കൊണ്ട് ജീവിക്കാൻ കഴിയുന്നത്.**

**എല്ലാ മനുഷ്യർക്കും സമ-ആനന്ദമെന്ന മഹാനീതിയെ ലഭ്യമാക്കാനായി മനുഷ്യരുടെ സ്ത്രീ പുരുഷ വ്യത്യാസം, ആയുസ്സ്, നിറം, മുഖഛായ, സൗന്ദര്യം, അവയവങ്ങളുടെ ആരോഗ്യം, ജന്മസ്ഥലം, തുടങ്ങിയ ജന്മഗുണങ്ങളെ 100 ജന്മഗുണങ്ങളുമായി ബന്ധിപ്പിച്ച് വ്യത്യാസപ്പെടുത്തുന്ന മഹാനീതി ശാസ്ത്ര പദ്ധതികളുണ്ട്. വ്യത്യസ്തമായ ജീവിത ചര്യകളെയും അവയ്ക്ക് ചേരുന്ന ആനന്ദങ്ങളെയും പരിചയപ്പെടാനും അനുഭവിക്കാനും വേണ്ടി ഒരുക്കിയിട്ടുള്ള കാലഘട്ടങ്ങളെയാണ് യുഗങ്ങൾ എന്നു പറയുന്നത്.**

ശിവയുടെ ഇഷ്ടമായ മഹാശാസ്ത്ര പ്രകാരം ജീവമായും നിർജ്ജീവമായും പ്രവർത്തിക്കുന്ന പരമാത്മാവായ ശിവന്റെ അംശങ്ങളും നിർജ്ജീവവുമായ ആത്മാക്കളെ ശിവയ്ക്ക് മുഖ്യ അവകാശങ്ങളും അധികാരങ്ങളുമുള്ള മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ എന്നീ കുഞ്ഞുങ്ങളായ ജീവികളാക്കി മാറ്റുന്നതും, ജീവിക്കാനാവശ്യമായ ശക്തികളും ശാസ്ത്രവും സ്വാതന്ത്ര്യവും ശരണവും ആനന്ദങ്ങളും നൽകുന്നതും ഭൂമിയുടെ സൂക്ഷ്മ അംശമായ ആറ്റങ്ങളുടെ ഘടകങ്ങളിലും, മൂലകങ്ങളിലും രൂപാന്തരമായ ജീവികളുടെ ശരീരങ്ങളിലും, മധ്യസ്ഥരെ വയ്ക്കാതെ ശിവയും-ശിവനുമായി ലയിച്ചും കുഞ്ഞുങ്ങളുടെ മേൽ മഹാവാത്സല്ല്യത്തോടെ മഹാനീതി നടപ്പാക്കുന്നതും, ജീവികളുടെ അസ്തിത്വത്തിലും ജീവിതത്തിലും ശരീരത്തിന് പ്രാധാന്യം നൽകിയുമാണ്. ശരീരത്തിന്റെ അടിസ്ഥാനത്തിൽ ജീവികളാകുന്ന ആത്മാക്കൾക്ക് എല്ലാ ജന്മങ്ങളിലും ശരീരമാണ് പ്രധാനം. ശരീരത്തിനും, മൂലമായ മൂലകങ്ങൾക്കും, അവയുടെ മൊത്തവും 'ശിവയുംശിവനുമായ ഭൂമിക്കും', ആത്മാക്കളാണ് പ്രധാനം; പ്രപഞ്ചത്തിന്റെ സൃഷ്ടി തന്നെ ആത്മാക്കൾക്കു വേണ്ടിയാണല്ലോ !




മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര പാത്രമായ ആകാശവും, സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്ന 'മഹാശക്തിയും ഭൂമിയുമായ ദൈവമായും' അവതരിച്ചിട്ടുള്ളത് 'മഹാശക്തി ഉൾപ്പെടെ സർവ്വത്തിനും അതീതവും മഹാസത്യവുമായ മണ്ണടി മഹാഭദ്രകാളീദേവി' ആണെന്നും, സ്വന്തം ഭാഗമായി സൃഷ്ടിച്ച ശിവനെയും ഒപ്പം ചേർത്താണെന്നും മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം പ്രകാരവും, മഹാദേവിയുടെ മഹാഅനുഗ്രഹത്തോടെയും വെളിപ്പെടുത്തുന്നു.

സൃഷ്ടി ചക്രത്തിലെ ദൈവ വിപ്ലവവും, 1000 (500) വർഷം നീണ്ടു നിൽക്കുന്ന സത്യയുഗമാകുന്ന ദൈവ രാജ്യവും ഉടനെ ആരംഭിക്കുന്നതിന്റെ മുന്നോടിയായും, മനുഷ്യർക്കു നൽകിയിട്ടുള്ള വിശേഷ ബുദ്ധിയാകുന്ന മഹാശാസ്ത്ര ജ്ഞാനത്തിന്റെ ഭാഗമായും, 'മഹാസത്യവും മഹാശക്തിയുമായ ഏകദൈവത്തെ' സംബന്ധിച്ച മഹാപാഠങ്ങളെ 'മഹാസത്യമായ ദൈവം' സ്വന്തം ഭാഗമായ പരമശിവനിലൂടെ മഹാഅനുഗ്രഹിച്ചു നൽകുകയാണ്.

'മഹാസത്യം' ബ്രഹ്മം, മഹാഭദ്രകാളി, ശിവ എന്നീ പേരുകളെ സ്വീകരിച്ചും, സ്വന്തം ഭാഗമായ ശിവനെ ഉൾപ്പെടുത്തി ക്കൊണ്ടും, മഹാശക്തിയായ ഭൂമിയായി അവതരിക്കുന്നത് ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്നതിനും, സൃഷ്ടികളായ എല്ലാ ജീവികൾക്കും ജീവിക്കാൻ ആവശ്യമായ ശക്തികളും, ജ്ഞാനമാകുന്ന ശാസ്ത്രങ്ങളും, സ്വാതന്ത്ര്യവും ശരണവും ഉൾപ്പെട്ട ആനന്ദങ്ങളും, ഭൂമിയുടെ അംശമായ മൂലകങ്ങളിലും രൂപാന്തരമായ ശരീരങ്ങളിലും, അവയുടെയെല്ലാം സൂക്ഷ്മമായ ആറ്റങ്ങളുടെ ഉള്ളിലെ അതിസൂക്ഷ്മമായ ഘടകങ്ങളിലും വേർപെടുത്താൻ കഴിയാത്ത വിധം ബന്ധിപ്പിച്ചും ലയിപ്പിച്ചും കൊണ്ടാണ്.

# ഓം ശിവ

# സർവ്വം ശിവ

# സർവ്വം മഹാശിവ
# സർവ്വം മണ്ണടി മഹാശിവ

# മഹാശിവയും ബ്രഹ്മവുമായ

## മഹാഭദ്രകാളിയാണ് മഹാസത്യം = സത്യം

## ശിവയായ മഹാസത്യം + ശിവൻ = ശിവം

## മണ്ണും ഭൂമിയും മഹാമാതാവുമായ
## മഹാശിവയും, ~ഭാഗവും മഹാപിതാവുമായ
## പരമശിവനും, കുഞ്ഞുങ്ങളായ ജീവികളും,
## ചേർന്ന മഹാകുടുംബം സുന്ദരമാണ്.

# സത്യം ശിവം സുന്ദരം.

## മണ്ണടി ശരണം ദേവീ ശരണം
## മണ്ണടി ദേവീ മാത്രം ശരണം.

01.01.0001

ഓംശക്തിശിവൻ പ്രണയമന്ത്രം
സർവ്വദേശ ഭൂമി ഗാനം
മഹാസംഗീതം
ശബ്ദ ബ്രഹ്മം
അക്ഷരബ്രഹ്മം
ആദി വചനം
സൃഷ്ടി മന്ത്രം
സംഹാര കാഹളം
മഹാശാസ്ത്ര മൂലം
ഏക മഹാശബ്ദം
മഹാസൂക്ഷ്മ ശബ്ദം
ദൈവ വിപ്ലവ ഗാനം
മഹാദേവിയുടെ മഹാചിരി
ഓം OM

ദൈവം
മനുഷ്യരൂപത്തിൽ,
മഹാപ്രപഞ്ചത്തിന്റെ
മഹാമാതാവായ
മഹാദേവിയായി
മഹാഎഴുന്നള്ളിക്കഴിഞ്ഞു.

GOD
has Arrived.
= MAHAASHAKTHI = BRAHMAM =
SUPREME MOTHER
of the Universe
has Arrived.

OmShakthiShivan LoveMantram
International Earth Song
Supreme Music
Sound Brahmam
Script Brahmam
First Sound
Creational Mantram
Destruction Notice for Creation Cycles
Supreme ScienceRoot
Supreme Single Sound
Supreme Minute Sound
Godly Revolution Song
MahaaDevi's Supreme Laugh
ഓം OM

ShivaLingham @ Sky @
MahaaLingham @
Shakthi Lingham

പരമശിവൻ
ശിവചക്രം പരമാത്മാവ്
പ്രപഞ്ച പിതാവ്
ഏകദാസൻ മഹാദാസൻ
പശുപതി ശാസ്ത്രായുധൻ
ഏക ദൈവ-പ്രതിനിധി
നീലകണ്ഠൻ
സംഹാരനാഥൻ
മഹാനീതിപതി
മഹാദേവൻ
PARAMASHIVAN
ShivaChakram SupremeSoul
FATHER of the Universe
Supreme Ox cum Servant
GOD's Single Representative
Supreme Scientist
Supreme Justice
MAHAADEVAN

11 മാർച്ച് 2021 വ്യാഴം ശിവരാത്രി.

**മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്ന 'മഹാശക്തിയും ഭൂമിയുമായ ദൈവമായി' അവതരിച്ചിട്ടുള്ളത് 'മഹാശക്തി ഉൾപ്പെടെ സർവ്വത്തിനും അതീതവും മഹാസത്യവുമായ മണ്ണടി മഹാഭദ്രകാളീദേവി' ആണെന്ന് മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം പ്രകാരവും, മഹാദേവിയുടെ അനുഗ്രഹത്തോടെയും വെളിപ്പെടുത്തുന്നു.**

**സൃഷ്ടി ചക്രത്തിലെ ദൈവ വിപ്ലവവും, 500 വർഷം നീണ്ടു നിൽക്കുന്ന സത്യയുഗമാകുന്ന ദൈവ രാജ്യവും ഉടനെ ആരംഭിക്കുന്നതിന്റെ മുന്നോടിയായും, മനുഷ്യർക്കു നൽകിയിട്ടുള്ള വിശേഷ ബുദ്ധിയാകുന്ന മഹാശാസ്ത്ര ജ്ഞാനത്തിന്റെ ഭാഗമായും, 'മഹാസത്യവും മഹാശക്തിയുമായ ഏകദൈവത്തെ' സംബന്ധിച്ച മഹാപാഠങ്ങളെ 'മഹാസത്യമായ ദൈവം' സ്വന്തം ഭാഗമായ പരമശിവനിലൂടെ മഹാഅനുഗ്രഹിച്ചു നൽകുകയാണ്.**

It is revealed that the 'Supreme Truth MahaaBhadraKaali' turned as the 'Supreme Power GOD @ Earth' creating and protecting the Supreme Universe, as per the Supreme Science of the Universe. In the run-up to the imminent beginning of Godly Revolution in the present Creation Cycle and the 500-year-long 'Age of Truth', through own part ParamaShivan; is bestowing great blessings with the Supreme Lessons of the 'Single SUPREME TRUTH cum Supreme Power GOD', as part of the Supreme Wisdom @ the Supreme Science of the Universe awarded to human beings.

**പ്രപഞ്ചത്തിന് അതീതവും മഹാശിവയും മഹാസത്യവുമായ ബ്രഹ്മം; സ്വന്തംഭാഗമായി സൃഷ്ടിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന ശിവന് പരമശിവൻ എന്ന മഹാപദവി നൽകിയും, മത്സ്യാവതാരത്തെ പ്രവേശിപ്പിച്ചും;**

**ഓം എന്ന അക്ഷരബ്രഹ്മത്തിന്റെ മൂലരൂപമായ 3 നാവിൽ കുറിച്ചും, മഹാനീതിശാസ്ത്ര പ്രകാരമുള്ള സംവിധാനങ്ങളെ നിർവ്വഹിച്ചും കൊണ്ടാണ് മഹാസത്യവും മഹാശക്തിയുമായ ഏകദൈവത്തെ വിശദീകരിച്ചിട്ടുള്ളത്.**

അക്ഷരബ്രഹ്മമായ ॐ കുറിച്ചും, ജനനം മുതൽ മരണം വരെ എല്ലാ ജീവികൾക്കും ഏകശരണം നൽകുന്ന 'അവകാശവും അധികാരവുമുള്ള മഹാശക്തിയായ ഭൂമിയുടെ നാമത്തിലും', ഭൂമിയുടെ അംശമായ മൂലകങ്ങളിലും ശരീരങ്ങളിലും ലയിച്ചിട്ടുള്ള 'മഹാശാസ്ത്ര പ്രകാരവുമുള്ള' ഈ സന്ദേശത്തിന് പ്രഥമ പരിഗണന നൽകാൻ വിശേഷബുദ്ധിയാകുന്ന മഹാശാസ്ത്രം ലഭ്യമായ ഭൂമിയിലെ മനുഷ്യർക്കെല്ലാം ബാദ്ധ്യതയുണ്ട്; **ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാനായിട്ട് ജനങ്ങളുടെ ചിലവിൽ ജീവിച്ച് ജനസേവനം ചെയ്യുന്ന സേവകർക്ക് നിർബ്ബന്ധവുമാണ്.** രാജ്യങ്ങളിലെ പ്രസിഡന്റ്, പ്രധാനമന്ത്രി, മുഖ്യമന്ത്രി, കേന്ദ്ര-സംസ്ഥാന മന്ത്രിമാർ, ജഡ്ജിമാർ, പോലീസ്, സൈന്യം, എന്നിങ്ങനെ ജനങ്ങളുടെ ഭരണാധികാരികളായി ഭാവിക്കുന്ന **ജനസേവകരുടെയും** സ്ത്രീ പുരുഷ വ്യത്യാസവും, ശാരീരിക അവയവങ്ങളും, മുഖവും മുഖഛായയും നിറവും സൗന്ദര്യവും, വിശപ്പും, രോഗങ്ങളും രോഗമുക്തിയും, മരണവുമെല്ലാം നിശ്ചയിക്കുന്നതും സൃഷ്ടിക്കുന്നതും ഭൂമിയുടെ അംശമായ മൂലകങ്ങളും അവയുടെ രൂപാന്തരമായ ശരീരങ്ങളുമാണ്. മനുഷ്യരാണെന്നതു പോലും അവഗണിച്ച് മത-ജാതി-രാഷ്ട്രീയ-വർഗ്ഗീയ-ദേശീയ ജീവികളായി ജീവിക്കുന്നതിന്റെ ശിക്ഷയായി ലഭിച്ച വൈറസ് രോഗത്തെ ഭയന്ന് ഭൂമി നൽകുന്ന **പരമവിശിഷ്ടമായ മുഖഛായയും മുഖവും** പുറത്തുകാട്ടാനുള്ള യോഗ്യത നഷ്ടപ്പെട്ട്, മാസ്കുകൾ കൊണ്ടും മറ്റും മുഖവും അവയവങ്ങളും മറച്ച് പേടിത്തൊണ്ടരായി ജീവിക്കുന്ന ജനസേവകർ ജാഗ്രത! സേവകരെ ഊട്ടുന്നവരും യഥാർത്ഥത്തിൽ രാജാക്കന്മാരുമായ ജനങ്ങൾക്ക് എല്ലാ ശരണവുമായ ഭൂമി നൽകുന്ന വിശേഷ ബുദ്ധിയും ധർമ്മശാസ്ത്രപരമായ സ്വാതന്ത്ര്യവും പ്രകാരം ജനങ്ങൾ നിശ്ചയിക്കേണ്ടതിനു പകരം സേവകരുടെ ശരികളെയും കോപ്രായങ്ങളെയും പാലിക്കാൻ ഭൂമിയുടെ കുഞ്ഞുങ്ങളായ ജനങ്ങളെ നിർബ്ബന്ധിച്ച് പാപവും ശിക്ഷകളും വർദ്ധിപ്പിക്കാതിരിക്കുക.

**ഭൂമിയുടെ അംശമായ മൂലകങ്ങളിലും രൂപാന്തരമായ ജീവികളുടെ ശരീരങ്ങളിലും ലയിച്ചിരിക്കുന്ന ശക്തികളെയും വിശേഷബുദ്ധിയെയും മറ്റും മൂലകങ്ങൾ നൽകുന്നതു കൊണ്ടു മാത്രം ജീവിക്കാൻ കഴിയുന്ന മനുഷ്യർ, ജനസേവകരെ പണച്ചിലവില്ലാതെ നിസ്സാരമായി തെരഞ്ഞെടുക്കാൻ കഴിയുമെന്നത് ഉൾപ്പെടെ മൂലകങ്ങളിലെ ധർമ്മശാസ്ത്രത്തെ പാലിക്കണം.**

മലയാള ഭാഷയിൽ പ്രസിദ്ധീകരിക്കുന്ന ഈ ലഘു ദിവ്യമഹാശാസ്ത്ര ഗ്രന്ഥത്തെ മറ്റു ഭാഷകളിൽ തർജ്ജമ ചെയ്തു പ്രസിദ്ധീകരിക്കാൻ അനുവാദം ആവശ്യമില്ല; ഫീസുമില്ല. മഹാകല്പന പ്രകാരം; ദൈവീകമായ സ്നേഹവാത്സല്യങ്ങളോടെ, മഹാസത്യമായ ബ്രഹ്മത്തിന്റെ മഹാദാസനും മഹാദേവനുമായ പരമശിവൻ.

BRAHMAM @ the Supreme Truth MahaaShiva, which is beyond the Supreme Universe; awards the Super Authority 'ParamaShivan' to Shivan who was created and protected as own Part; reveals through him about the SUPREME TRUTH cum the Supreme Power GOD, after entering the Fish incarnation into Him, writing Root '3' of the Script Brahmam in his tongue, and completing the many requirements as per the Supreme Science of Justice.

Since Akshara Brahmam ॐ OM has been marked, and content of this message is in the name of the Supreme Power EARTH and as per the Supreme Powers and Supreme Science merged into the Elements of the EARTH, it is incumbent upon all human beings awarded with special intelligence @ scientific lessons, to give first priority to this message. And, it's mandatory for the Public Servants, including the King, Prime/Chief Ministers, Police etc on Earth who live and serve at the expense of the people to carry out their general requirements. The public servants in all countries such as the President, the Prime Minister, the Chief Minister, the Union and State Ministers, the Judges, the Police and the Army, who pretend to be the rulers of the people, can't even decide and create own gender, the physical organs, the face and the face shape, the color and the beauty, the hunger, the disease, relief from disease, and the death, which are all determined and created by the Elements of the Earth and the Bodies developed from Elements. In fact those Servants live in a state of extreme disfigurement with the masks and faces fearing the viral disease that has been inflicted on them as punishment for living as religious, caste, political, ethnic, and national beings, instead as human beings. Those pampered idiots who are increasing Sins and Punishments by forcing people to follow non-existent animosities should think whether they can control even the Body misunderstood by them as theirs. When all creatures die as per the Supreme Science of Justice, the human beings with Special Wisdom shall care to live by the Science of Duties and Virtues @ Dharma Shaasthram. May the fearful public servants be able to correct their lives !

This short Supreme Scientific Book is in Malayalam language. permission is Not required to translate and publish it in other languages. No fee. As per the Supreme Orders; and with Godly love, ParamaShivan @ MahaaDevan @ the Supreme Servant of the Supreme Truth BRAHMAM. (Sent & Spread By WhatsApp, Email & Website, from 11 March 2021 Thursday Shivaraathri)

To People + All Public Servants on EARTH, especially in INDIA & Kerala; including Dist.Collectors, Police Chiefs, Judges, State & Central Ministers,CMs, PM, etc. Study; if found True, Share.

ഇപ്പോഴത്തെ സൃഷ്ടി ചക്രത്തിലെ ദൈവ വിപ്ലവവും, 500 വർഷം നീണ്ടു നിൽക്കുന്ന സത്യയുഗമാകുന്ന ദൈവ രാജ്യവും ആരംഭിക്കുന്നതിന്റെ മുന്നോടിയായിട്ട്,

ഭൂമിയിലെങ്ങും ഓംശക്തിശിവൻ പ്രണയമന്ത്രവും, ആദിവചനവും, സൃഷ്ടി മന്ത്രവും, സംഹാരകാഹളവും, ശബ്ദബ്രഹ്മവും, അക്ഷരബ്രഹ്മവും, മഹാശാസ്ത്ര മൂലവും, ഏകമഹാശബ്ദവും, മഹാസൂക്ഷ്മശബ്ദവും, സർവ്വദേശ ഭൂമി ഗാനവും, മഹാസംഗീതവും, ദൈവവിപ്ലവ ഗാനവും, മഹാദേവിയുടെ മഹാചിരിയും ഒക്കെയായ ഓം തുടർച്ചയായിട്ട് 3 മുതൽ 33 വർഷക്കാലം മുഴങ്ങുന്നതാണ്. മഹാവേദത്തിന്റെ ഭാഗമായ ബന്ധപ്പെട്ട മഹാശാസ്ത്ര പാഠങ്ങൾ മഹാമഹത്താണ് '. ലഘുവും ദിവ്യവുമായ മഹാഗ്രന്ഥമായിട്ട് ഇവിടെ പ്രസിദ്ധീകരിക്കുകയാണ്.

ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതും, യാതൊരു മതങ്ങളും പ്രകാരം അല്ലാത്തതും, മഹാശാസ്ത്രപരം മാത്രവുമായ മഹാശക്തിയായ ദൈവത്തിന്റെ കാര്യങ്ങളെ, ഇന്നത്തെ മനുഷ്യരുടെ പക്കലുള്ള ഏതാനും നൂറ്റാണ്ടുകളോ ആയിരങ്ങളോ വർഷത്തെ അപൂർണ്ണമായ ചരിത്രവുമായി വിശേഷ ബുദ്ധി ലഭിച്ച മനുഷ്യർ അശാസ്ത്രീയമായി ബന്ധിപ്പിക്കുന്നത് അപരാധമാണ്. മനുഷ്യൻ ഉൾപ്പെടെ എല്ലാ ജീവികളുടെയും ജനന-ജീവിത-മരണങ്ങൾ ഭൂമിയുടെ അംശമായ എല്ലാ മൂലകങ്ങളിലും രൂപാന്തരമായ ജീവികളുടെയെല്ലാം ശരീരങ്ങളിലും ലയി(പ്പി)ച്ചിരിക്കുന്ന അനന്ത ആനന്ദങ്ങളായ ശക്തികളും, ശക്തികളെ വ്യവസ്ഥപ്പെടുത്തിയിട്ടുള്ള മഹാശാസ്ത്രവും പ്രകാരമാണ് എക്കാലവും സംഭവിക്കുന്നതും പ്രവർത്തിക്കുന്നതും. ഭൗതിക അസ്തിത്വം ഇല്ലാത്തതായ മത-ജാതി-രാഷ്ട്രീയ-വർഗ്ഗീയ-ദേശീയ അന്ധവിശ്വാസങ്ങൾക്ക് ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാര കാര്യങ്ങളിൽ യാതൊരു സ്ഥാനവുമില്ല. മഹാശാസ്ത്ര പരമായി ഇന്ത്യയ്ക്കുള്ള മഹാവിശിഷ്ടമായ മഹിമകളുടെ കാരണങ്ങളെ പ്രത്യേകം വിവരിച്ചിട്ടുമുണ്ട്.

| ഉള്ളടക്കം : വിഷയം | പേജ് |
|---|---|
| ആമുഖം + ഉള്ളടക്കം + മുമ്പ് പ്രസിദ്ധീകരിച്ച ഗ്രന്ഥങ്ങളെപ്പറ്റിയുള്ള സൂചിക | 1-6 |
| **മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്ന 'മഹാശക്തിയും ഭൂമിയുമായ ദൈവമായി' അവതരിച്ചിട്ടുള്ളത് 'മഹാശക്തി ഉൾപ്പെടെ സർവ്വത്തിനും അതീതവും മഹാസത്യവുമായ മണ്ണടി മഹാഭദ്രകാളീദേവി' ആണെന്ന് മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം പ്രകാരവും മഹാദേവിയുടെ മഹാഅനുഗ്രഹത്തോടെയും വെളിപ്പെടുത്തുന്നു.** | 7- |
| ഭൂമിക്ക് സ്വത്വം ഉണ്ടെന്ന് മഹാശാസ്ത്ര പരമായി തെളിയിക്കുന്നു. | 9- |
| ദൈവത്തിന്റെ സത്യ സൃഷ്ടി വാതക രൂപവും, ജീവികളുടെ ജീവനുമാണ് ഓക്സിജൻ | 20-21 |
| ദൈവത്തിന്റെ ധർമ്മ-സ്ഥിതി-ദ്രാവക രൂപമാണ് ജലം | 22 |
| ദൈവത്തിന്റെ മഹാനീതി-സംഹാര-ഖര രൂപമാണ് മണ്ണായ ഭൂമി | 23- |
| പ്രോട്ടോണുകളെ ചുറ്റാൻ ഇലക്ട്രോണുകൾക്ക് ലഭിക്കുന്ന ശക്തി 'ഓം' ൽ നിന്ന് | 28-31 |
| വിശേഷ ബുദ്ധിയും മനുഷ്യരും | 32-34 |
| ഭൂമി ജീവികളെ ഉൾപ്പെടെ സർവ്വതും പരസ്യമായി സൃഷ്ടിക്കുന്നു; സംരക്ഷിക്കുന്നു. | 35- |
| മഹാഭദ്രകാളിയായ ബ്രഹ്മം ഭൂമിയായി അവതരിച്ചിരിക്കുന്നു. | 38..66 |
| ദൈവത്തിന്റെ ആനന്ദങ്ങൾ **മഹാവാത്സല്ല്യം** + മഹാദാസ്യം | 40-41 |
| ഭൂമി മനുഷ്യരെ പരസ്യമായി ഭരിക്കുന്നുണ്ട്; മഹാനീതി നടപ്പാക്കുന്നുമുണ്ട്. | 42-47 |
| ഓരോ ആത്മാവിനെയും സ്ത്രീയും പുരുഷനുമെന്ന് രണ്ടായി വിഭജിക്കുന്നുണ്ട്. | 48-52 |
| മഹാസത്യമായ മഹാഭദ്രകാളി, ഭാഗമായ ശിവനുമായി കരാർ ഉണ്ടാക്കുന്നു. | 53- |
| മഹാഭദ്രകാളിയുടെ ഭാവങ്ങൾ = സത്യം ധർമ്മം നീതി =..= സത്യം ശിവം സുന്ദരം | 65 |
| ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളും പരിഹാരങ്ങളും; ഉദാ:പേപ്പർ കറൻസി | 80- |
| **ജനസേവകരെ പണച്ചിലവില്ലാതെ നിസ്സാരമായി തെരഞ്ഞെടുക്കാൻ കഴിയും.** | 111-142 |
| പോലീസ് സേന ഉൾപ്പെടെ എല്ലാ ജനങ്ങളും ഭൂമിയുടെ മൂലകങ്ങളിൽ ലയച്ചിട്ടുള്ള ധർമ്മ ശാസ്ത്രം പ്രകാരം മാത്രമാണ് ജീവിക്കേണ്ടത്. | 135-142 |
| പേറ്റന്റ് നിയമം ധർമ്മശാസ്ത്ര വിരുദ്ധമാണ് അഥവാ ദൈവീകമല്ല. | 143-145 |
| ഭക്തികൊണ്ട് ദൈവത്തെ പ്രീതിപ്പെടുത്താൻ കഴിയില്ല. അധിക ഭക്തിക്ക് ശിക്ഷയുണ്ട്. ദൈവത്തെ ആരാധിക്കാൻ യോഗ്യത ലഭിക്കുകയും നേടുകയും വേണം. എല്ലാ ദേവാലയങ്ങളിലും ശിവലിംഗം മാത്രം! ശിവലിംഗം വിഗ്രഹമല്ല.<br>ഏക സ്തുതിയുടെ മൂലം : ഓം നമഃ ശിവായ = മഹാശിവയെ നമിക്കുന്നു = മഹാദേവിയെ നമിക്കുന്നു | 146-148,<br>149-151 |
| പരമശിവനുള്ള ക്ഷിപ്രകോപത്തിന്റെ കാരണങ്ങളും ശാസ്ത്ര വിശദീകരണവും | 152-158 |
| 2021 മാർച്ച് 11 വ്യാഴാഴ്ച ശിവരാത്രി 8.30 pm വരെ മഹാസത്യമായ മഹാഭദ്രകാളി ശിവന് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള ശക്തികളെയും, മഹാദാസൻ, പരമശിവൻ, മഹാദേവൻ, മഹാനീതിപതി തുടങ്ങിയ മഹാപദവികളെയും മഹാശാസ്ത്ര പരമായി വിശദീകരിക്കുന്നു. | 159-168 |
| ദൈവ വിപ്ലവവും സത്യയുഗവും, മഹാഭദ്രകാളി മഹാഉചിതമായി ഉടൻ ആരംഭിക്കുന്നതാണ്. ഭൂമിയിലെ ഭരണകൂടങ്ങൾ സ്വീകരിക്കേണ്ടതായ അടിയന്തര നടപടികളെ Man.pdf തുടങ്ങിയ ഗ്രന്ഥങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്. | 166-168 |
| **ദൈവത്തിന്റെ ഇഷ്ടംപോലെ, ചില ഭാഗങ്ങളെ, പിന്നീട് പരിഷ്ക്കരിക്കുന്നതാണ്.** | |

**'മത്സ്യാവതാരം + ഓം' പ്രകാരം പ്രസിദ്ധീകരിച്ച ഇ-ദിവ്യമഹാവേദ ഗ്രന്ഥങ്ങൾ സൗജന്യമായി PDF ഫയലുകളായിട്ട് ലഭിക്കുന്നു :-**

1. ദൈവം www.omsathyam.com/GodlyRevolution/GOD.pdf Pages 168

2. സർവ്വം മണ്ണടി. www.omsathyam.com/GodlyRevolution/Mannadi.pdf Pages 647
3. പൊതു തിരഞ്ഞെടുപ്പ് www.omsathyam.com/GodlyRevolution/ElectionAtNoExpense.pdf P 78
4. മനുഷ്യൻ. www.omsathyam.com/GodlyRevolution/Man.pdf P 1057
6. ആനന്ദ ശാസ്ത്രം. www.omsathyam.com/GodlyRevolution/Aanandham.pdf P 705
7. ദൈവം ഉണ്ടെന്നു തെളിയിക്കുന്നു. (English & Malayalam) Pages 100 www.omsathyam.com/GodlyRevolution/GOD'sExistenceProved.pdf
8. ശിവലിംഗം www.omsathyam.com/GodlyRevolution/ShivaLingham.pdf P100

9. ഓം www.omsathyam.com/GodlyRevolution/OM.pdf Pages 1068

10. സനാതന ധർമ്മം = പ്രപഞ്ചം എന്ന് തെളിയിക്കുന്നു. Pages 684 www.omsathyam.com/GodlyRevolution/Universe.pdf

11. മഹാവേദം @ മഹാശാസ്ത്രം @ 3 വേദങ്ങൾ Pages 2250 www.omsathyam.com/GodlyRevolution/Mahaavedam.pdf
12. മനുഷ്യന് നീതി വിധിക്കാൻ കഴിയില്ല.+മുല്ലപ്പെരിയാർ അണക്കെട്ട്.. P 930 www.omsathyam.com/GodlyRevolution/SupremeJusticeGOD.pdf

13. സർവ്വ ദേശ ഭൂമി ഗാനം, ഭൂമി പതാക Pages 274 www.omsathyam.com/GodlyRevolution/NationalSongEmblemFlagConstitutionCourtEtc.pdf

14. ഭൂമിയിലെ എല്ലാ ദേവാലയങ്ങളിലെയും 'തെറ്റുകളും ശരികളും' അടിസ്ഥാന പരമായും മഹാശാസ്ത്ര പ്രകാരവും വിശദീകരിക്കുന്ന വലുതും ചെറുതുമായ 2 ഗ്രന്ഥങ്ങൾ: Pages 400 and 180. www.omsathyam.com/GodlyRevolution/Devaalayam.pdf & www.omsathyam.com/GodlyRevolution/ChurchMosqueTempleSabarimala.pdf
15. മന്ത്രങ്ങൾ Pages25 www.omsathyam.com/GodlyRevolution/Mantras.pdf

16. മഹാശാസ്ത്ര പരമായി തൊഴിലുകളെ നാലായി വിഭജിക്കാം. 2 ഗ്രന്ഥങ്ങൾ : Pages 200 & 72 www.omsathyam.com/GodlyRevolution/4JobDivisions.pdf www.omsathyam.com/GodlyRevolution/4JobDivisionsBrief.pdf

**മേൽ വിവരിച്ചവ ഉൾപ്പെടെ നാളിതുവരെ പ്രസിദ്ധീകരിച്ച അനവധി ഗ്രന്ഥങ്ങളെ സൗജന്യമായി ചുവടെയുള്ള ലിങ്കിൽ നിന്നും ഒന്നിച്ചും ഒറ്റയ്ക്കും ഡൗൺലോഡ് ചെയ്യാൻ കഴിയും :-**

https://drive.google.com/folderview?id=1JXQ--TLJhE6dQdN8DA16KNEPIHKI-usJ

**'മഹാശക്തിയും ഭൂമിയുമായ ദൈവമായി' അവതരിച്ചിട്ടുള്ളത് 'മഹാശക്തി ഉൾപ്പെടെ സർവ്വത്തിനും അതീതവും മഹാസത്യവുമായ മണ്ണടി മഹാഭദ്രകാളീദേവി' ആണെന്ന് മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം പ്രകാരവും മഹാദേവിയുടെ അനുഗ്രഹത്തോടെയും വെളിപ്പെടുത്തുന്നു.**

**പ്രപഞ്ചത്തെ സൃഷ്ടിച്ചത് ദൈവമാണെങ്കിൽ, ദൈവത്തെ സൃഷ്ടിച്ചതാര് എന്ന ചോദ്യം അനേകായിരം വർഷങ്ങൾ പഴക്കമുള്ള ആധ്യാത്മിക ഗ്രന്ഥങ്ങളിലും, തർക്കശാസ്ത്രത്തിലും 'കുറ്റങ്ങളും കുറവുകളും ഇല്ലാത്തതും സമ്പൂർണ്ണവുമായ ഉത്തരം ലഭിക്കാതെ ബാക്കിയാണ്.'**

ശരിയുത്തരം നൽകാൻ കഴിയില്ല എന്ന് ഒരു തെറ്റിദ്ധാരണ പരക്കെയുണ്ട്. എന്നാൽ അങ്ങനെയല്ല. ജീവികളുടെ കാര്യത്തിൽ, കോഴിയാണോ മുട്ടയാണോ എന്ന ചോദ്യത്തിന് മുമ്പ് MahaaVedam.pdf എന്ന ദിവ്യ മഹാവേദ ഗ്രന്ഥത്തിൽ സുവ്യക്തമായ ഉത്തരം നൽകിയത് ഓർമ്മിപ്പിക്കുന്നു / ആവർത്തിക്കുന്നു. ഒരു മുട്ട വിരിഞ്ഞു ജനിക്കുന്ന ഒരു കോഴിക്കുഞ്ഞ് വളരുമ്പോൾ ആൺ-പെൺ വർഗ്ഗത്തിലെ ഒരു കോഴി മാത്രമാണ് ഉണ്ടാവുക. ഒരു മുട്ട വിരിഞ്ഞുണ്ടാകുന്ന ഒരു കോഴിക്ക് പ്രത്യുല്പാദനം നടത്താൻ തനിച്ചു കഴിയാത്ത സാഹചര്യത്തിൽ ഇന്ന് ഭൂമുഖത്തുള്ള കോഴി വർഗ്ഗം ഉണ്ടാകുമായിരുന്നില്ല. അതുകൊണ്ടുതന്നെ ആൺ പെൺ വർഗ്ഗത്തിൽ പെട്ട രണ്ടു കോഴികളാണ് ആദ്യം ഉണ്ടായത്; സൃഷ്ടിക്കപ്പെട്ടത് എന്നതിനെ മാത്രമാണ് മഹാപ്രപഞ്ചത്തിൽ ലയിച്ചിരിക്കുന്ന മഹാശാസ്ത്രം ശരിവെക്കുന്നത്.

## ഇനി, 'മഹാശക്തിയായ ദൈവത്തിന്റെ' കാര്യം പറയാം:-

മഹാപ്രപഞ്ചത്തിലെ സർവ്വത്തിലും ലയിച്ചിരിക്കുന്ന മഹാശാസ്ത്ര നിയമങ്ങളെ ഭൗതിക ശാസ്ത്രം (Physical Science), ധർമ്മ ശാസ്ത്രം (Science of Duties and Virtues), മഹാനീതിശാസ്ത്രം @ ഓംകാര നീതിശാസ്ത്രം (Supreme Science of Justice), എന്നീ മൂന്നു ശാസ്ത്രങ്ങളായി വിഭജിക്കാൻ കഴിയുമെന്ന് പിന്നീട് വിശദീകരിക്കുന്നുണ്ട്. അവയിൽ ആദ്യ ശാഖയായ ഭൗതിക ശാസ്ത്രത്തിന്റെ ഉപശാഖകളായ ഊർജ്ജതന്ത്രം (Physics), രസതന്ത്രം (Chemistry), തുടങ്ങിയവയിൽ ഊർജ്ജം, എനർജി, എന്നെല്ലാം പറയുന്ന പദത്തിന്റെ മറ്റു പേരുകളാണ് ഭൂമി, ശക്തി, മഹാശക്തി, പ്രകൃതി, Supreme Power തുടങ്ങിയവ. വൈദ്യുതി, യാന്ത്രികം, പ്രകാശം, ചൂട് തുടങ്ങിയ അനേകം അവസ്ഥകൾ ഊർജ്ജത്തിനുണ്ട്. ഊർജ്ജത്തെ ഒരു അവസ്ഥയിൽ നിന്നും മറ്റൊരു അവസ്ഥയിലേക്ക് മാറ്റാനാവും എന്നും, ഊർജ്ജത്തെ നിർമ്മിക്കാനോ നശിപ്പിക്കാനോ കഴിയില്ല എന്നും മനുഷ്യർ ഇന്നറിയുന്ന ശാസ്ത്രങ്ങൾ പ്രകാരം മനസ്സിലാക്കിയിട്ടുണ്ട്. മഹാശാസ്ത്ര ശാഖയായ ഭൗതിക ശാസ്ത്രം പ്രകാരം <u>യാതൊരു ഊർജ്ജവും തനിയെ ഉണ്ടാകുകയില്ലാ എന്നു കൂടിയാണ് അതിന്നർത്ഥം. 'തനിയെ ഉണ്ടാകാത്ത ഊർജ്ജം' പൊട്ടിത്തെറിച്ചതാണ് പ്രപഞ്ചത്തിന്റെ ഉല്പത്തിയെന്ന</u> ബിഗ് ബാങ് പോലെയുള്ള സങ്കല്പങ്ങളെ പ്രചരിപ്പിക്കുന്നത് ലഭ്യമായ വിശേഷ ബുദ്ധിയെയും ദാതാവിനെയും ശാസ്ത്രത്തെയും അപഹസിക്കുകയാണ്. എന്നുവച്ചാൽ ലളിതമായ വിശകലനം കൊണ്ട് അധമ-വാദം പൊട്ടിത്തെറിച്ച് ഇല്ലാതാവുന്നുണ്ട് !

മൂലകങ്ങളുടെയും അവയുടെ സംയുക്തങ്ങളുടെയും മിശ്രിതങ്ങളുടെയുമെല്ലാം മൊത്തമായ ഭൂമിക്ക് മഹാശക്തി, **ശക്തി, പ്രകൃതി** എന്നെല്ലാം മഹാനാമങ്ങളുണ്ട്. ഏകദൈവത്തിന്റെ മൂന്നു ഘടകങ്ങളിൽ മൂന്നാമത്തേതും, എല്ലാ ജീവികൾക്കും എക്കാലവും പ്രത്യക്ഷശരണവും 'മഹാശക്തിയുമായ ഭൂമിയെ' മനുഷ്യനു ലഭ്യമായ വിശേഷബുദ്ധി കൊണ്ട് വിശകലനം ചെയ്താൽ, ഭൂമി, മഹാശക്തിയായ ദൈവം എന്നിവ എന്താണ്, എങ്ങനെ ഉണ്ടായി; തുടങ്ങിയ ചോദ്യങ്ങൾക്കുള്ള മഹാശാസ്ത്രപരമായ ശരി-ഉത്തരങ്ങൾ ലഭിക്കുന്നതാണ്.

ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനും ഗ്രഹങ്ങളും അവയുടെ ഉപഗ്രഹങ്ങളും നക്ഷത്രങ്ങളും മറ്റും 'സൃഷ്ടികളായ ജീവികളല്ലാ' എന്നതുകൊണ്ട് അവയ്ക്ക് സ്വത്വമില്ലെന്നും നിർജ്ജീവമാണെന്നും ശാസ്ത്രജ്ഞർ ഉൾപ്പെടെ വളരെയധികം ജനങ്ങൾ കരുതുന്നുണ്ട്. ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്ത ദൈവം, ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്നതിനു വേണ്ടി മഹാരൂപം സ്വീകരിച്ചതായി വിശേഷ ബുദ്ധി കൊണ്ട് മനസ്സിലാക്കാമായിരുന്നു! ആകാശത്തിനും ഭൂമിക്കും സർവ്വത്തിനും സ്വത്വമുണ്ടെന്ന് ചുവടെ ശാസ്ത്ര പരമായി തെളിയിക്കുന്നുണ്ട്. മഹാശൂന്യത പോലെ കാണപ്പെടുന്ന ആകാശം സൃഷ്ടി സ്ഥിതി സംഹാര പാത്രവും, ആദിയും അന്തവും ഇല്ലാത്ത മഹാസത്യമായ ദൈവവും കൂടിയാണ്; അന്തമില്ലാത്ത പരമാത്മാവിനെ ധർമ്മമായി ഒപ്പം ചേർത്തിട്ടുമുണ്ട്. മനുഷ്യർ ജീവിക്കുന്നത് സുന്ദരമായ ഭൂമിയിൽ ആകയാൽ, ആകാശത്തെ വിശദീകരിക്കുന്നതിനു മുമ്പ്, എല്ലാ ജീവികൾക്കും എക്കാലവും ജീവിക്കാൻ ആവശ്യമായ ശക്തികളും, ജ്ഞാനവും, ആനന്ദങ്ങളും, മഹാശരണവും പ്രത്യക്ഷമായി തന്നെ നൽകുന്ന മഹാശക്തിയായ ഭൂമിയെയും, ഭൂമിയുടെ മഹാസ്വത്വത്തെയും, ഭൂമി നിർവ്വഹിക്കുന്ന മഹാനീതിയും മഹാഭരണവും ഉൾപ്പെടെയുള്ള സൃഷ്ടി സ്ഥിതി സംഹാരങ്ങളെയും വിശദീകരിക്കേണ്ടതുണ്ട്. ഭുമിയെ വിശദീകരിച്ച ശേഷം, മഹാസത്യമായ ദൈവത്തെയും ആകാശത്തെയും മഹാശാസ്ത്രപരമായി വിശദീകരിച്ചിരിക്കുന്നു.

**ഭൂമി ഉണ്ടായിട്ട് ആയിരം കോടിയിലേറെ വർഷങ്ങളായി എന്ന് ശാസ്ത്രജ്ഞന്മാർ പറയുമ്പോൾ, ശക്തികളും ശാസ്ത്രങ്ങളും ആനന്ദങ്ങളും ചേർന്ന മൂലകങ്ങൾ കൊണ്ട് ഉണ്ടായിട്ടുള്ള ഭൂമിക്ക് ആദിയുണ്ടെന്നും; അന്തമില്ലാത്തതു പോലെ ആയിരം കോടിയിലേറെ വർഷങ്ങളായി നിലനിൽക്കുന്ന ഭൂമി മഹാശക്തിയാണെന്നും തെളിയുന്നുണ്ട്.**

**ഭൂമിക്ക് മഹാസ്വത്വമുണ്ടെന്നും, ഭൂമി മഹാശക്തിയാണെന്നും തെളിയിക്കുന്നു.**
ചുറ്റുമുള്ളവർക്ക് സേവനം ചെയ്യുന്നതായ ദൈവീക ഗുണങ്ങളെ സസ്യ-ജന്മങ്ങളിൽ ആത്മാക്കൾക്ക് കൂടുതൽ പ്രകടിപ്പിക്കാൻ കഴിയും. സസ്യ-ജന്മങ്ങളെ മാറ്റിനിർത്തിയാൽ, ജീവികളുടെ അസ്തിത്വം, സ്വാതന്ത്ര്യം ഉൾപ്പെട്ട അനന്തമായ ആനന്ദങ്ങൾ, ജ്ഞാനം, എന്നിവയെ ആധാരമാക്കിയിരിക്കുന്നത് മുഖ്യമായും കാഴ്ച്ച, കേൾവി, രുചി, മണം, സ്പർശം, എന്നീ **ഇന്ദ്രിയങ്ങളെയും** ജീവിവർഗ്ഗം, സ്ത്രീ പുരുഷ വ്യത്യാസം, നിറം, മുഖഛായ, സൗന്ദര്യം, ആയുസ്സ്, ആരോഗ്യം, അവയവ വൈകല്ല്യം, ബുദ്ധിശക്തി, ഓർമ്മശക്തി, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ജന്മസ്ഥലം, തുടങ്ങിയ **ജന്മഗുണങ്ങളെയും** ആണ്. കണ്ണുകൾ ചെവികൾ നാക്ക് മൂക്ക് ചർമ്മം എന്നീ ശരീരാവയവങ്ങളുമായും ജീവിയുടെ സ്വത്വമായ ആത്മാവുമായും ബന്ധിച്ചിരിക്കുന്ന ഇന്ദ്രിയ-ശക്തികൾ പ്രധാനമായും ജീവി-വർഗ്ഗങ്ങളുടെ പൊതുഗുണങ്ങളാണ്. ജീവികൾക്കു ലഭിക്കുന്ന ബുദ്ധിയുടെ ഏറ്റക്കുറച്ചിലുകൾ അനുസരിച്ച് സ്വത്വബോധം നൽകുന്ന ശക്തികളുമാണ്. ജന്മഗുണങ്ങൾ പ്രധാനമായും വിശേഷ ബുദ്ധി ലഭിച്ച മനുഷ്യരുടെ മേലുള്ള സ്വകാര്യ- മഹാനീതി കാര്യങ്ങളാണ്. ഇന്ദ്രിയങ്ങളെയും ജന്മഗുണങ്ങളെയും നിശ്ചയിച്ചിരിക്കുന്നതും സൃഷ്ടിക്കുന്നതും നിയന്ത്രിക്കുന്നതും 'അസ്തിത്വം പോലും സ്വന്തമല്ലാത്തവയും ശൂന്യത ബാധകവുമായ ആത്മാക്കളല്ല.' ഇന്ദ്രിയങ്ങളെയും ജന്മഗുണങ്ങളെയും സൃഷ്ടിക്കാനും, നൽകാനും, ഇന്ദ്രിയങ്ങൾക്ക് അതീതമായ മഹാശക്തിക്കു മാത്രമേ കഴിയുകയുള്ളൂ. **ഇന്ദ്രിയങ്ങളെ സൃഷ്ടിക്കുന്നതും പ്രവർത്തിപ്പിക്കുന്നതും പരസ്യമായിത്തന്നെ ആവുമ്പോൾ 'വിശേഷ ബുദ്ധി ലഭിച്ച മനുഷ്യർ' മഹാശാസ്ത്രപരമായി കാര്യങ്ങളെ ഗ്രഹിക്കാനും ഉൾക്കൊണ്ടു ജീവിക്കാനും ബാദ്ധ്യസ്ഥരാണ്.** ഉദാഹരണത്തിന്, 'പ്രകാശവുമായി ബന്ധപ്പെട്ട കാഴ്ച്ച, അന്ധത' എന്നിവയെ നിശ്ചയിക്കുന്നതും സൃഷ്ടിക്കുന്നതും ആത്മാക്കൾക്കു നൽകുന്നതും ഭൂമിയുടെ അംശമായ മൂലകങ്ങളും ശരീര അവയവങ്ങളുമാണ്. ഹ്രസ്വദൃഷ്ടി, വെള്ളെഴുത്ത്, തിമിരം തുടങ്ങിയവയ്ക്ക് ചികിത്സിക്കുമ്പോൾ കണ്ണിൽ വയ്ക്കുന്ന 'ലെൻസാകുന്ന മൂലകങ്ങൾ' മനുഷ്യന്റെ ആത്മാവിന് കാഴ്ച്ച നൽകുന്നത് ആധുനിക കാലത്തെ സാർവ്വത്രികമായ തെളിവാണ്.

**സൃഷ്ടികളായ മനുഷ്യരുടെ സ്വത്വങ്ങൾക്ക് സ്വത്വബോധവും വിശേഷ ബുദ്ധിയാകുന്ന മഹാശാസ്ത്ര ജ്ഞാനവും ഇന്ദ്രിയങ്ങളിലൂടെ നൽകുന്നത് 'മൂലകങ്ങളും മൂലകങ്ങളുടെ രൂപാന്തരമായ ശരീര-അവയവങ്ങളും ആകയാൽ; മൂലകങ്ങളുടെയെല്ലാം മൊത്തമായ ഭൂമിയുടെ ഇന്ദ്രിയങ്ങളാണ് പ്രവർത്തിക്കുന്നതെന്നും, മഹാശക്തിയായ ഭൂമിക്ക് മഹാസ്വത്വം കൂടിയുണ്ടെന്നും മഹാശാസ്ത്ര പരമായി തെളിയുന്നുണ്ട്.**

മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് കാഴ്ച്ച, കേൾവി, രുചി, മണം, സ്പർശം തുടങ്ങിയ ഇന്ദ്രിയങ്ങളെ സൃഷ്ടിക്കുകയും നൽകുകയും ചെയ്യുന്നത് ഭൂമിയുടെ അംശമായ മൂലകങ്ങളും അവയുടെ രൂപാന്തരമായ ശരീര അവയവങ്ങളും ആണെന്നു പറയുമ്പോൾ അവ മഹാശക്തിയായ ദൈവത്തിന്റെ മഹാരൂപങ്ങളായ പ്രപഞ്ചത്തിന്റെയും ഭൂമിയുടെയും ഇന്ദ്രിയങ്ങളാണ്. ആനന്ദങ്ങളും ശക്തികളും ഉൾപ്പെടെ സർവ്വത്തിനും അതീതവും സൃഷ്ടി സ്ഥിതി സംഹാര കർത്താവുമായ ദൈവം ജീവിയോ സ്ത്രീയോ പുരുഷനോ അല്ലെന്നുമറിയണം. സർവ്വത്തിനും അതീതമായ ദൈവത്തിന് എന്തിനാണ് ഇന്ദ്രിയങ്ങൾ എന്ന ചോദ്യവും അക്കൂടെ ഉയരുന്നുണ്ട്. മഹാവാത്സല്യമായ ദൈവം സൃഷ്ടികളായ ആത്മാക്കളെ ജീവികളാക്കാൻ കാഴ്ച്ച, രുചി, മണം, സ്പർശം, കേൾവി തുടങ്ങിയ ഇന്ദ്രിയങ്ങളെയും ജന്മഗുണങ്ങളെയും ആനന്ദങ്ങളെയും നൽകാൻ ബാദ്ധ്യസ്ഥമാകയാൽ, സ്വന്തം മഹാരൂപമായി സ്വീകരിച്ചിരിക്കുന്ന ഭൂമിയുടെ ഭാഗമായിട്ട് കുഞ്ഞുങ്ങൾക്കു ജീവിക്കാൻ ആവശ്യമായ സർവ്വതും സൃഷ്ടിച്ച് നേരിട്ടു നൽകുന്നു എന്നല്ലാതെ സൃഷ്ടിക്കുന്നവയെ ഉപയോഗിക്കുന്നതും ആനന്ദിക്കുന്നതും സർവ്വത്തിനും അതീതമായ ദൈവമല്ല. സൃഷ്ടികൾക്കു ലഭ്യമാക്കുന്ന ഗുണങ്ങളുടെ അടിസ്ഥാനത്തിൽ 'മഹാശക്തിയായ ഭൂമിയെയും സർവ്വത്തിനും അതീതമായ മഹാസത്യത്തെയും,' ശരിയായി മനസ്സിലാക്കാൻ ഇന്ദ്രിയങ്ങളും വിശേഷ ബുദ്ധിയാകുന്ന മഹാശാസ്ത്ര ജ്ഞാനവും കൊണ്ട് മനുഷ്യർക്കു കഴിയും; സ്വന്തം പകുതി കൊണ്ട് ശ്രമിക്കുകയും വേണം. മഹാശക്തിയായ ഭൂമിയായി മാറുന്നതിനു മുമ്പ്, മഹാസത്യമായ ദൈവം, ആദിയും അന്തവും ഇല്ലാത്ത മഹാശൂന്യതയായ ആകാശമായും സൃഷ്ടി സ്ഥിതി സംഹാര പാത്രമായും നിലകൊള്ളുന്നതിനെ പ്പറ്റിയും, ദൈവത്തിന്റെ ഇഷ്ടം പോലെ നിർജ്ജീവമായും ജീവമായും പ്രവർത്തിക്കുന്ന 'ആദിയുള്ളതും എന്നാൽ അന്തമില്ലാത്തതുമായ പരമാത്മാവിനെ മഹാശൂന്യതയുടെ ഭാഗമായും, സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്ന 'എല്ലാ ജീവികളുടെയും/ആത്മാക്കളുടെയും പരമാത്മാവും മഹാപിതാവുമായി' കൂടെക്കൂട്ടുന്നതിനെയും ചുവടെ വേറിട്ടു വിശദീകരിച്ചിട്ടുണ്ട്.

പ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെല്ലാം തന്നെ കുഞ്ഞുങ്ങൾ കൂടിയായ സൃഷ്ടികൾക്കു വേണ്ടിയാണെങ്കിലും, ആത്മാക്കൾക്കു നൽകുന്ന ശരീരത്തിലെ ദർശനേന്ദ്രിയവുമായി ബന്ധപ്പെട്ട പ്രകാശം, ഇരുട്ട്, കാഴ്ച്ചശക്തി, അന്ധത എന്നിവയെ അടിസ്ഥാനമാക്കി മഹാപ്രകാശരൂപം കൂടി സ്വീകരിക്കാനും, മഹാപിതാവും സൃഷ്ടി സ്ഥിതി സംഹാര പാത്രവും മഹാശൂന്യതയും പരമാത്മാവും കൂടിയായ ആകാശത്തെ പ്രകാശിപ്പിക്കാനും, പരമാത്മാവിന്റെ അംശങ്ങളായ ആത്മാക്കൾക്ക് ജീവികളല്ലാത്ത സ്വതന്ത്രമായ സത്യാവസ്ഥയിൽ പ്രകാശ നാളത്തിന്റെ ലഘുവും ലളിതവുമായ ഏകരൂപത്തെ നൽകാനും, **മഹാസത്യമായ ദൈവത്തിന്** ഭാഗികമായ ബാദ്ധ്യതയുണ്ട്.

കാഴ്ച്ച ശക്തിയും ബന്ധപ്പെട്ട പ്രകാശവുമാണോ ജീവികൾക്ക് സർവ്വ പ്രധാനമെന്ന് സംശയിക്കുന്നവർ ഉണ്ടാകും. യാതൊരു ജീവികൾക്കും കാഴ്ച്ച ശക്തി ലഭിക്കാത്ത അവസ്ഥയെക്കുറിച്ച് ഭാവന ചെയ്യാൻ കഴിഞ്ഞാൽ, കാഴ്ച്ചയില്ലാതെ ജീവികൾക്ക് ജീവിക്കാൻ കഴിയില്ലെന്നും, ഇന്ദ്രിയങ്ങളിൽ സർവ്വ പ്രധാനം എല്ലാ ജീവികൾക്കും ദാനമായി ലഭിക്കുന്ന കാഴ്ച്ച ശക്തി തന്നെയാണെന്നും ബോദ്ധ്യമാകും. ജനനം മുതലോ, പിന്നീടോ അന്ധരായി മാറിയ സമൂഹത്തിലെ ഏതാനും ചിലരെ മറ്റുള്ളവർ കൈപിടിച്ചു നടത്തുന്നതിനെ താരതമ്യം ചെയ്ത് ലാഘവത്തോടെ കഴ്ച്ചശക്തിയെ കാണരുത്. പ്രപഞ്ചത്തെയും അതിലെ മനുഷ്യർ, മൃഗങ്ങൾ, പക്ഷികൾ, നാഗങ്ങൾ, സസ്യങ്ങൾ, മത്സ്യങ്ങൾ തുടങ്ങിയ ജീവികളെയും, ഭക്ഷണപാനീയങ്ങളും മറ്റുമായ വസ്തുക്കളെയും, മാതാപിതാക്കളെയും സഹോദരങ്ങളെയും ബന്ധുക്കളെയും സുഹൃത്തുക്കളെയും ഇണകളെയും (തങ്ങളെയും) മറ്റും കാണാതെയും അറിയാതെയും ഇടപഴകാനും ജീവിക്കാനും ജീവികൾക്ക്/ മനുഷ്യർക്ക് സാധിക്കുന്നതല്ല; അതികഠിനമാണ് !

**ഇന്ദ്രിയങ്ങളിൽ അടുത്തത് ജീവികളുടെ ജീവിതത്തിന്റെ നിലനില്പുമായി ബന്ധപ്പെട്ട രുചികളും അരുചികളും, മണങ്ങളും ദുർഗന്ധങ്ങളുമാണ്.** ഭൂമിയുടെ അംശമായ മൂലകങ്ങളിലും; രൂപാന്തരമായ സസ്യങ്ങളുടെ ഫലങ്ങളും കായ്കളും പൂക്കളും ഇലകളും തടികളും വേരുകളും, ഉൾപ്പെടെ എല്ലാ ജീവികളുടെയും ശരീരങ്ങളിലും; അനന്തമായ രുചികളും അരുചികളും, മണങ്ങളും ദുർഗന്ധങ്ങളും വേർപെടുത്താൻ കഴിയാത്ത വിധം അവയുടെ ഗുണങ്ങളായി സൃഷ്ടിക്കപ്പെട്ടിരിക്കുകയാണ്. മൂലകങ്ങളുടെയോ ശരീരങ്ങളുടെയോ ഗുണങ്ങളാകുന്ന വ്യത്യസ്ത ശക്തികൾ ഒന്നിക്കുമ്പോഴാണ് ഓരോരോ വസ്തുക്കളും ഉണ്ടാകുന്നത്. അതായത് ഉപ്പ്, സൾഫർ, പഞ്ചസാര, മണ്ണെണ്ണ തുടങ്ങി ഭൂമിയിലെ എല്ലാ മൂലകങ്ങൾക്കും സംയുക്തങ്ങൾക്കും രുചികളും അരുചികളും, മണങ്ങളും ദുർഗന്ധങ്ങളും ഉണ്ടെന്നതു പോലെ വ്യത്യസ്ത ജീവികളുടെ ശരീര അവയവങ്ങളായും വിസർജ്ജ്യങ്ങളായും മറ്റും മൂലകങ്ങൾക്ക് പരിണാമം ഉണ്ടാകുമ്പോൾ, അവയിൽ നിന്നും വ്യത്യസ്തങ്ങളായ രുചികളും അരുചികളും, മണങ്ങളും ദുർഗന്ധങ്ങളും പുതിയതായി ഉണ്ടാകുന്നു. അവയുടെ സൃഷ്ടിയിലും ആത്മാക്കൾക്ക് അടിസ്ഥാന പരമായി യാതൊരു പങ്കുമില്ലെങ്കിലും ഭൂമി/ മൂലകങ്ങൾ അങ്ങനെ ചെയ്യുന്നതു കൊണ്ടാണ് ജീവികളുടെ ജീവിതം സുന്ദരമാകുന്നത്.

ഭൂമിയിലാകെ ഇന്നുള്ള ഏറെക്കുറെ 120 മൂലകങ്ങളെയും അവയുടെ വൈവിധ്യമാർന്ന സംയുക്തങ്ങളെയും മിശ്രിതങ്ങളെയും വ്യത്യസ്തമായ അളവുകളിലും രീതികളിലും ഒന്നിപ്പിച്ച് അനന്തമായ ജീവികളുടെ വേറിട്ട ശരീര അവയവങ്ങളെ നിർമ്മിക്കുന്നതും നിശ്ചയിക്കുന്നതും, മനുഷ്യരുടെയും മറ്റുള്ള ജീവികളുടെയും 'മുഖവും മുഖഛായയും ഉൾപ്പെടെ' ശരീര കോശങ്ങളെ മാറ്റുന്നതും വളർത്തുന്നതും പ്രായവ്യത്യാസങ്ങളും രോഗങ്ങളും പ്രകാരം രൂപമാറ്റം ഉണ്ടാക്കുന്നതും (ഉണ്ടാകുന്നതും) പ്രത്യക്ഷമായും പരസ്യമായിട്ടുമാണ്. അവയൊന്നും ചെയ്യുന്നത് ജീവികളുടെ സ്വത്വങ്ങളല്ലാതിരുന്നിട്ടും അവയെ യഥോചിതം മഹാശാസ്ത്ര പരമായി വിശകലനം ചെയ്യാൻ വിശേഷ ബുദ്ധി ലഭിച്ചിട്ടും മനുഷ്യർക്കു കഴിഞ്ഞില്ല. മൂലകങ്ങൾക്കും രൂപാന്തരമായ ശരീരങ്ങൾക്കും അവയുടെയെല്ലാം മൊത്തമായ ഭൂമിക്കും ശക്തികൾക്കെല്ലാം അതീതമായ മഹാസ്വത്വം ഉണ്ടെന്നും; ഭൂമിയിൽ ജീവിക്കുന്ന ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ നിർവ്വഹിക്കുന്നത് ഭൂമി ആണെന്നും മനസ്സിലാക്കാമായിരുന്നു.

**ഇന്ദ്രിയങ്ങളിൽ അടുത്തത് ജീവികളുടെ ആനന്ദങ്ങളായ തൊട്ടറിവ്, രുചി, മണം, വേദന, വാത്സല്യം, സ്നേഹം, കാമം, തുടങ്ങിയവയുമായി ബന്ധപ്പെട്ട ചർമ്മ-സ്പർശനമാണ്.** സ്പർശന സുഖവും വേദനയും ലഭിക്കുന്നത് സ്വത്വമായ ആത്മാവിനാകയാൽ, അവയവങ്ങളുടെ അകത്തും പുറത്തുമുള്ള ചർമ്മത്തിലൂടെയും, രക്തത്തിലെ ജലത്തിലൂടെയും മനുഷ്യൻ ഉൾപ്പെടെ ജീവികളുടെ ആത്മാക്കളെ ശരീരത്തിൽ മുഴുവൻ വ്യാപരിപ്പിക്കുന്നുണ്ട് എന്നു തെളിയുന്നുണ്ട്. ആന്തരിക അവയവങ്ങളായ രക്തക്കുഴലുകൾ, ഹൃദയം ശ്വാസകോശം ആമാശയം കുടൽ കിഡ്നി കരൾ തുടങ്ങിയവയെ ചർമ്മം പൊതിഞ്ഞിരിക്കുന്നത് 'ആത്മാക്കൾക്ക് ലഭിക്കുന്നതും നേടുന്നതുമായ വേദനകൾ ഉൾപ്പെട്ട ആനന്ദങ്ങളെ' സമ്പൂർണ്ണമായും ആത്മാക്കൾക്കു തന്നെ കൈമാറാനാണ്. എല്ലാ മൂലകങ്ങളെയും രൂപാന്തരമായ ശരീരങ്ങളെയും പ്രവർത്തിപ്പിക്കുകയും ഭരിക്കുകയും ചെയ്യുന്ന 'മൂലകങ്ങളുടെ മൊത്തമായ ഭൂമിയും, ഭൂമിയുടെ മഹാസ്വത്വമായ ഓക്സിജനും ആനന്ദങ്ങൾക്കെല്ലാം അതീതമാണ്.'

മുഖഛായ, നിറം, സൗന്ദര്യം തുടങ്ങിയ പ്രത്യക്ഷ ജന്മഗുണങ്ങളെയും, ആനന്ദങ്ങളെയും അവയിൽ തന്നെ ജീവികളുടെയെല്ലാം പരമാനന്ദമായ കാമത്തെയും, ആത്മാക്കൾക്ക് ചർമ്മത്തിലൂടെയും ആത്മബന്ധത്തിലൂടെയും ലഭിക്കുകയാണ്; നൽകുന്നത് ഭൂമിയുടെ അംശമായ 'മൂലകങ്ങളും രൂപാന്തരമായ ശരീരങ്ങളും, കാരണം പലപ്പോഴും ആത്മാക്കളുമാണ്'. വാത്സല്യം, സ്നേഹം, കാമം തുടങ്ങിയവ ആത്മാക്കളെ തമ്മിൽ ബന്ധിപ്പിക്കുന്ന ആനന്ദങ്ങളാണ്. www.omsathyam.com/GodlyRevolution/Aanandham.pdf തുടങ്ങിയ ദിവ്യ മഹാവേദ ഗ്രന്ഥങ്ങളിൽ എല്ലാ ആനന്ദങ്ങളെയും മഹാശാസ്ത്ര പരമായി വിശദീകരിച്ചിട്ടുണ്ട്. ജീവികളുടെ ഇടയിലുള്ള വാത്സല്യം, സ്നേഹം, കാമം തുടങ്ങിയ ആനന്ദങ്ങളെ മൂലകങ്ങളുടെ രൂപാന്തരമായ ശരീരവുമായി ബന്ധപ്പെടുത്തി <u>നിശ്ചയിച്ചിരിക്കുന്നതും</u> ചർമ്മത്തിലൂടെ നൽകുന്നതും മൂലകങ്ങളും ആത്മാക്കളുമാണെന്ന പ്രസ്താവന അനേകർക്ക് ആശയക്കുഴപ്പം ഉണ്ടാക്കുന്നതാണ്. മൂലകങ്ങൾ നിശ്ചയിക്കുന്നു എന്നത് ശരിയാകാൻ കാരണം മൂലകങ്ങളുടെ സൂക്ഷ്മ അംശങ്ങളായ ആറ്റങ്ങളിലെ ശബ്ദബ്രഹ്മം കൂടിയായ **ഓം** പ്രഭാവമാണ്.

**ഇന്ദ്രിയങ്ങളിൽ അടുത്തത് കേൾവി ശക്തിയും ശബ്ദവുമാണ് :** ഭൂമിയുടെ അംശമായ 'മൂലകങ്ങളിലൂടെയും', മൂലകങ്ങളുടെ രൂപാന്തരമായ 'ജീവികളുടെ ശരീര അവയവങ്ങളിലൂടെയും' പുറത്തു വരുന്ന അനന്തമായ ശബ്ദങ്ങളെ ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് കേൾക്കാൻ കഴിയുന്നുണ്ട് എന്നല്ലാതെ ശബ്ദത്തെ കേൾക്കാനും സൃഷ്ടിക്കാനുമുള്ള ശക്തികൾ ആത്മാക്കൾക്കില്ല. സമൂഹത്തിൽ എക്കാലവും ജനിക്കുകയും വളരുകയും ജീവിക്കുകയും ചെയ്തു പോരുന്ന ബധിരരും ഊമകളുമായ മനുഷ്യരുടെ ചരിത്രവും സാന്നിധ്യവും ആത്മാക്കളുടെ കഴിവില്ലായ്മയും നിസ്സഹായതയും ശരിവയ്ക്കുന്നുണ്ട്. കൂടാതെ ഊമകളായ മനുഷ്യരുടെ ശരീരത്തിൽ നിന്നും അവർ പോലും അറിയാത്തതു പോലെ പുറത്തു വരുന്ന കോട്ടുവാ, കീഴ് വായു, അവ്യക്ത ശബ്ദങ്ങൾ, തുടങ്ങിയവയും സാക്ഷ്യപ്പെടുത്തുന്നുണ്ട്. കേൾവി കുറയുന്ന മനുഷ്യർ, 'കേൾവി ശക്തി' വർദ്ധിപ്പിക്കാനായി മൂലകങ്ങളായ യന്ത്രങ്ങളെ ചെവികളിൽ ഘടിപ്പിക്കുന്നതും സർജറി നടത്തുന്നതും, തൊണ്ടയിലെ ഒച്ചയടപ്പും, ഒച്ചയടപ്പു മാറ്റാൻ മരുന്നുകൾ കഴിക്കുന്നതും ഭക്ഷണ ക്രമീകരണങ്ങളും മറ്റു സാക്ഷ്യങ്ങളാണ്.

**കേൾക്കുന്നത് ശബ്ദങ്ങളെയാണ്. മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളുടെ അനന്തമായ ശബ്ദങ്ങളെയും, ജീവികളുടെ ഭാഷകളെയും ശബ്ദ-സ്വര വ്യത്യാസങ്ങളെയും ആര് / എങ്ങനെ സൃഷ്ടിക്കുന്നു തുടങ്ങിയ ചോദ്യങ്ങളുണ്ട്. സംസാരശേഷിയും ഊമാവസ്ഥയും നിശ്ചയിക്കുന്നതും ആത്മാക്കളായ വ്യക്തികളല്ല.**

**വാദ്യോപകരണങ്ങളിൽ നിന്നും ലഭിക്കുന്ന അനന്തമായ ആനന്ദ ശബ്ദങ്ങളെയും, 'ജീവികളുടേതെന്നോ അവ സൃഷ്ടിക്കുന്നതെന്നോ തെറ്റിദ്ധരിച്ചിരിക്കുന്ന അനന്തമായ ശബ്ദങ്ങളെയും' വിശകലനം ചെയ്താൽ, എല്ലാ ശബ്ദങ്ങളും ഭാഷകളും സംഗീതവും അടിസ്ഥാന പരമായി ബന്ധിച്ചിരിക്കുന്നത് ജീവികളുടെ ശരീരങ്ങളുമായും, മൂലമായ മൂലകങ്ങളുമായും, മൂലകങ്ങളുടെ സൂക്ഷ്മമായ ആറ്റങ്ങളുമായും ആണെന്നു കാണാം. എന്നാൽ, മൂലകങ്ങളായ മരുന്നുകളും ശരീരവും സംസാരശേഷി കൊടുക്കണമെന്നില്ല; മഹാനീതിശാസ്ത്ര പ്രകാരം മൂലകങ്ങൾ നിശ്ചയിക്കുന്നവയെ തിരുത്താൻ ആത്മാക്കൾക്കു കഴിയില്ലെങ്കിലും ശബ്ദത്തെ സൃഷ്ടിക്കുന്നത് മൂലകങ്ങളോ അവയുടെ രൂപാന്തരമായ ശരീരങ്ങളോ, ആത്മാക്കളോ അല്ല.**

**ശബ്ദബ്രഹ്മം, ഏകമഹാശബ്ദം, മഹാസൂക്ഷ്മ ശബ്ദം, സൃഷ്ടി മന്ത്രം,**

**തുടങ്ങിയവയായ ഓം ആറ്റങ്ങളിലേക്കും മൂലകങ്ങളിലേക്കും പ്രപഞ്ചത്തിലേക്കും മഹാപ്രഭാവത്തോടെ പ്രവേശിക്കുകയാണു ചെയ്യുന്നത്; പിന്നീട് വിശദീകരിക്കുന്നുണ്ട്. ശബ്ദത്തെ സൃഷ്ടിക്കാൻ ആത്മാക്കൾക്കു കഴിയുന്നതല്ല. സ്വയം ഉണ്ടാകുന്നതു പോലെ, ശബ്ദമായിട്ട് ദൈവം പ്രപഞ്ചത്തിൽ അവതരിക്കുകയാണ്. വസ്തുക്കളിൽ നിന്നും ഉണ്ടാകുന്നതായും, ജീവികൾ ഉണ്ടാക്കുന്നതായുമുള്ള പ്രതീതിയെ ശബ്ദം തന്നെ ജീവികൾക്ക് നൽകുകയും അവയെ കൂടുതൽ സന്തോഷിപ്പിക്കുകയുമാണ്. ഉദാഹരണത്തിന് ചുറ്റും ഒന്നു ശ്രദ്ധിച്ചാൽ, തേങ്ങ താഴെ വീഴുമ്പോഴും, കാറ്റ് വീശുമ്പോഴും, മഴ പെയ്യുമ്പോഴും, രണ്ടു വസ്തുക്കൾ തമ്മിൽ കൂട്ടിമുട്ടുമ്പോഴും, ഫാൻ പോലെയുള്ളവ വായുവിൽ ചുറ്റുമ്പോഴും ഒക്കെ ശബ്ദം ഉണ്ടാകുന്നുണ്ട്. വ്യവസായ ശാലകളിലും മറ്റും യന്ത്രങ്ങൾ കറങ്ങുമ്പോഴും വാഹനങ്ങൾ ഓടുമ്പോഴും ശക്തിക്ക് അഥവാ ഊർജ്ജത്തിന് പരിണാമം ഉണ്ടാകുന്നതും; അക്കൂടെ ശബ്ദം ഉണ്ടാകുന്നതും, കേൾക്കുന്ന ജീവികൾക്ക് ഉപകാരപ്രദമായ രീതിയിൽ ശബ്ദങ്ങൾക്കെല്ലാം വ്യത്യാസം വരുത്തുന്നതും അനുഭവിച്ചറിയുന്ന കാര്യമാണ്. ഇന്നത്തെ ഏറെക്കുറെ 800 കോടി ജനങ്ങൾക്കും ഇന്നലെകളിൽ ജീവിച്ചു മരിച്ചവർക്കും ഭാവിയിൽ ജനിക്കുന്നവർക്കും വ്യത്യസ്ത വിരലടയാളങ്ങളും മുഖഛായകളും ലഭിക്കുന്നതിനെ താരതമ്യം ചെയ്യാം.** ശബ്ദം ഇല്ലാത്ത പ്രപഞ്ചത്തെപ്പറ്റി ഒരല്പം ചിന്തിച്ചാൽ, ശബ്ദം ഇല്ലെങ്കിൽ പ്രപഞ്ചത്തിന്റെയും മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളുടെയും ജീവിതത്തിലെ ആനന്ദങ്ങളും സൗന്ദര്യവും നിഷ്പ്രഭമാകുമെന്നു മനസ്സിലാക്കാൻ കഴിയുന്നതാണ്. മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ എന്നീ അവസ്ഥകളിൽ മത്സ്യങ്ങൾക്കും സസ്യങ്ങൾക്കും ശബ്ദ/സംസാര ശേഷി ലഭിക്കുന്നില്ലെന്ന് പൊതുവായി പറയാൻ കഴിയും. അവയിലെ ചിലവയ്ക്ക് നാമമാത്രമായ ശബ്ദ ശേഷിയുള്ളതിന് ഉപരിയായി എല്ലാ മത്സ്യങ്ങൾക്കും സസ്യങ്ങൾക്കും ശബ്ദ ശേഷി ലഭിച്ചിരുന്നെങ്കിൽ എന്നു ചിന്തിച്ചാൽ, ശബ്ദശേഷിയെ നിശ്ചയിക്കുന്നതും കൊടുക്കുന്നതും മനുഷ്യരല്ലെങ്കിൽ പോലും, പ്രപഞ്ചത്തിന്റെയും മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളുടെയും ജീവിതത്തിലെ ആനന്ദങ്ങളും സൗന്ദര്യവും -വീണ്ടും - നിഷ്പ്രഭമാകുമെന്നു മനസ്സിലാക്കാൻ കഴിയും !

ഊർജ്ജത്തിന് പരിണാമം സംഭവിക്കുമ്പോൾ, അവിടങ്ങളിലെല്ലാം ഉണ്ടാകുന്ന ശബ്ദം മറ്റൊരു ഊർജ്ജമോ ഉപോല്പന്നമോ അല്ല. 'ആദിയിൽ വചനം ഉണ്ടായി, .. വചനം ദൈവം ആയിരുന്നു", "ഉണ്ടാകട്ടെ" തുടങ്ങിയ വചനങ്ങൾ ദൈവീകമാണ്; മഹാശാസ്ത്ര പരമാണ്. മറ്റുള്ള ജീവികളും, മനുഷ്യരും, യന്ത്രങ്ങളുടെ പ്രവർത്തനവും, ശബ്ദങ്ങളെ ഉണ്ടാക്കുന്നതായി കരുതുന്നത് തെറ്റാണ്. ശബ്ദങ്ങളായി ദൈവം പ്രകടമാവുകയാണ്. പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളുടെയും ആറ്റങ്ങളിലുള്ള ആദിവചനവും, സൃഷ്ടി മന്ത്രവും, ശബ്ദ ബ്രഹ്മവും ഒക്കെയായ ഏകമഹാശബ്ദത്തിൽ നിന്നും എല്ലാ ജീവികളുടെയും ജീവിതത്തെ മഹാസുന്ദരമാക്കുന്ന അനന്തമായ ശബ്ദങ്ങളെ ലഭിക്കുകയാണ്. ജീവികളുടെ സ്വത്വം, മഹാശക്തിയായ ഭൂമി, പരമാത്മാവ്, മഹാസത്യം തുടങ്ങിയവയെ ബന്ധിപ്പിക്കുന്ന മഹാആവിഷ്ക്കാരത്തെ പിന്നീട് വിശദീകരിക്കുന്നുണ്ട്.

വ്യക്തിയും ശബ്ദം കേൾക്കുന്നു 'ബധിരത' ഇല്ലെങ്കിൽ, എന്നല്ലാതെ വ്യക്തിക്ക്/ ജീവിക്ക് / ജീവാത്മാവിന് ശബ്ദത്തെ ഉണ്ടാക്കാനോ നിശ്ചയിക്കാനോ കഴിയില്ല; കഴിവില്ല. മനുഷ്യർക്കും മറ്റുള്ള ജീവികൾക്കും, വ്യത്യസ്തങ്ങളും വൈവിധ്യങ്ങളുമായ ശബ്ദങ്ങളെ ഉണ്ടാക്കാൻ കഴിയുമെന്ന് തോന്നുന്നതും, വളരെയധികം സാധിക്കുന്നതും 'ഭൂമിയും, ഭൂമിയുടെ അംശമായ ശരീരവും, അവയിൽ ലയിച്ചിട്ടുള്ള മഹാശബ്ദവും', ഓരോ വ്യക്തിക്കും / ജീവിക്കും / സ്വത്വമായ ജീവാത്മാവിനും 'ശബ്ദത്തെ' കനിഞ്ഞു നൽകുന്നതു കൊണ്ടു മാത്രമാണ്. ജീവിതത്തിൽ, ഭാഗികമായോ പൂർണമായോ, താൽക്കാലികമായോ സ്ഥിരമായോ ഒച്ച അടയ്ക്കുന്നതും, വ്യത്യാസപ്പെടുന്നതും, 'ശബ്ദം നഷ്ടപ്പെടുമ്പോൾ വീണ്ടും തിരിച്ചു കിട്ടിയേക്കും' എന്ന പ്രത്യാശ നൽകി ക്കൊണ്ട് സ്വന്തം കഴിവില്ലായ്മയെ ഡോക്ടർമാർ പ്രകടിപ്പിക്കുന്നതും ശബ്ദത്തെ സൃഷ്ടിക്കാൻ കഴിവില്ലാത്തതു കൊണ്ടാണ്. മനുഷ്യർക്ക് പുറപ്പെടുവിക്കാൻ കഴിയുന്ന ശബ്ദങ്ങളെ വിശേഷ ബുദ്ധി കൊണ്ട് ഭാഷകളാക്കി മാറ്റുമ്പോൾ അതിനെ അനുവദിച്ചിട്ടുള്ളതും മൂലകങ്ങളുമായി ലയിച്ചെന്ന പോലെ പ്രവർത്തിക്കുന്ന മൂലകങ്ങൾക്കും മേലെയുള്ള ശബ്ദമാണ്. ശബ്ദത്തെ ശക്തികളായ മൂലകങ്ങളുമായി ബന്ധിച്ചിരിക്കുകയാൽ കല്ലും മരവും ഉൾപ്പെടെ എല്ലാ മൂലകങ്ങളും ഭാഷകൾക്കെല്ലാം അതീതമാണ്; എന്നാൽ മനുഷ്യരുടെ സ്വത്വങ്ങൾക്ക് ഭാഷകളെ പഠിക്കാതെ വഴിയില്ല!

**കാഴ്ച്ച, കണ്ണുകൾ; മണം, നാസിക; രുചി, നാവ്; സ്പർശം, ചർമ്മം; കേൾവി, ചെവികൾ; തുടങ്ങിയ ഇന്ദ്രിയ ശക്തികളെയും ശരീര അവയവങ്ങളെയും നിശ്ചയിക്കുകയും സൃഷ്ടിക്കുകയും ചെയ്തിട്ടുള്ളത് ഭൂമിയുടെ അംശമായ മൂലകങ്ങളും അവയുടെ മഹാസ്വത്വവുമാണെന്നും; മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾ അല്ലായെന്നും; പ്രത്യക്ഷമെന്ന പോലെ മനുഷ്യർ അനുഭവിച്ചറിയുന്ന വസ്തുതകളാണ്. മൂലകങ്ങളായ കണ്ണടകളും ശ്രവണോപകരണങ്ങളും മരുന്നുകളും നേരിട്ടു തന്നെ ഭാഗികമായോ പൂർണമായോ ഇന്ദ്രിയ ശക്തികളെ നൽകുന്നുമുണ്ട്. ജീവികൾക്കെല്ലാം ജീവിക്കാൻ ആവശ്യമായ ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യം ഉൾപ്പെട്ട ആനന്ദങ്ങളും ഏകമഹാശരണവും ഉൾപ്പെടെ സർവ്വവും, മൂലകങ്ങളുടെയും അവയുടെ രൂപാന്തരമായ ശരീര അവയവങ്ങളുടെയും മൊത്തവും ഇന്ദ്രിയങ്ങൾക്കെല്ലാം അതീതവുമായ ഭൂമി എല്ലായ്പ്പോഴും പ്രത്യക്ഷമായി ത്തന്നെ നേരിട്ടു നൽകുന്നതിൽ നിന്ന്, മഹാശക്തിയായ ദൈവം തന്നെയാണ് ഭൂമിയെന്നു തിരിച്ചറിയാനും ലഭ്യമായ വിശേഷ ബുദ്ധി കൊണ്ട് മനുഷ്യർക്കു കഴിയുന്നതാണ്.**

മൂലകങ്ങൾക്കും, അവ കൊണ്ട് ഉണ്ടാക്കിയിട്ടുള്ള ജീവികളുടെ ശരീരങ്ങൾക്കും, മൊത്തമായ ഭൂമിക്കും 'മഹാ-സ്വത്വം' ഉണ്ടെന്ന് ലഘുവായ വിശകലനം കൊണ്ടു മനസ്സിലാക്കാൻ കഴിയുന്ന വസ്തുതകൾ അനന്തമായി ഒപ്പവും ചുറ്റിലുമുണ്ട്. സാധാരണവും ലളിതവുമായ 3 വസ്തുതകളെ മാത്രം കുറിക്കാം :

(1) ഭക്ഷണ സാധനങ്ങളെ രുചിയോടെ ചവച്ചു തിന്നുന്ന പല്ലുകളുടെയും കീഴ്ത്താടിയുടെയും നാവിന്റെയുമെല്ലാം സൃഷ്ടി, ഘടനയും പ്രവർത്തനവും തുടങ്ങിയ കാര്യങ്ങളെയും, രുചി മുകുളങ്ങളെയും, മണത്തെയും, പിന്നെ ശരീരത്തിലെ ഓരോരോ അവയവങ്ങളെയും അവയുടെ പ്രവർത്തനങ്ങളെയും വിശകലനം ചെയ്യുക. ശരീരത്തിന്റെ ഉടമയായി നിയോഗിക്കപ്പെട്ടിരിക്കുന്ന സ്വത്വവും, മാതാപിതാക്കൾ ഉൾപ്പെടെ മറ്റുള്ളവരുടെ സ്വത്വങ്ങൾക്കും ശരീര അവയവങ്ങളെ നിശ്ചയിച്ചതിലും സൃഷ്ടിച്ചതിലും പങ്കില്ലെന്നതും; ഭൂമിയുടെ അംശമായ മൂലകങ്ങൾ കൊണ്ട് സൃഷ്ടിക്കപ്പെട്ടിരിക്കുകയാൽ ഭൂമിയാണു ചെയ്യുന്നതെന്നും ഗ്രഹിക്കാൻ കഴിയും.

(2) മനുഷ്യൻ ഉൾപ്പെടെ ജീവികളുടെയെല്ലാം ജനനം മുതൽ മരണം വരെയുള്ള ജീവിതത്തിൽ ഏറ്റവും കൂടുതൽ ലഭിക്കുകയും അനുഭവിക്കുകയും ആനന്ദിക്കുകയും ചെയ്യുന്ന ഭക്ഷണ-ആനന്ദത്തെയും വിശപ്പിനെയും വിശകലനം ചെയ്യുക :- മനുഷ്യന്റെ 'സ്വത്വവും ഞാൻ-ബോധവുമായ ആത്മാവ് ' വിശപ്പിനെ അനുഭവിക്കുകയും; മൂലകങ്ങളാകുന്ന ശരീരം (സ്വയം) വിശപ്പിനെ ഉണ്ടാക്കുകയുമാണ്. പാൽ, ഫലങ്ങൾ, ധാന്യങ്ങൾ, മുട്ട, മത്സ്യം, മാംസം, പച്ചക്കറികൾ, തുടങ്ങിയ ഭക്ഷണ സാധനങ്ങൾ മറ്റുള്ള ജീവികളുടെ ശരീരത്തിലെ ഉല്പന്നങ്ങളും ഭാഗങ്ങളുമാണെന്നും അടിസ്ഥാന പരമായി ഭൂമിയിലെ മൂലകങ്ങൾ ആണെന്നും വിശേഷ ബുദ്ധി ലഭിച്ചിട്ടുള്ള മനുഷ്യന് ഇന്നറിയാം. മനുഷ്യന്റെ സ്വത്വമായ ആത്മാവ് സ്വയമേവയോ നിർബ്ബന്ധിക്കപ്പെട്ടോ, അറിഞ്ഞും അറിയാതെയും കഴിക്കുന്ന അനന്തമായ ഭക്ഷണ പാനീയങ്ങൾ, ഇഞ്ചക്ഷൻ ഉൾപ്പെടെയുള്ള മരുന്നുകൾ, മദ്യം, മയക്കുമരുന്നുകൾ, വിഷം, തുടങ്ങിയവയുടെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള രുചി, മണം, സംതൃപ്തി വേദനകൾ മരണം, തുടങ്ങിയ ആനന്ദങ്ങളെയും ശക്തികളെയും 'ശരീരമായി പരിവർത്തനം സംഭവിച്ച മൂലകങ്ങളും, ശരീരത്തിലേക്ക് പ്രവേശിക്കുന്ന മൂലകങ്ങളും' സ്വത്വമായ ആത്മാവിനു നൽകുന്നത് ആത്മാവ് അനുഭവിക്കുന്നതും അറിയുന്നതുമായ സത്യമാണ്. മറ്റുള്ള ജീവികളെ പ്പോലെ, ശരീരമാകുന്ന മൂലകങ്ങൾ ഉണ്ടാക്കുന്ന വിശപ്പ് മാറ്റാനും, ഭക്ഷണമാകുന്ന മൂലകങ്ങളിൽ നിന്നും ശരീരമാകുന്ന മൂലകങ്ങൾ വേർതിരിച്ചു നൽകുന്ന ആനന്ദങ്ങളെയും ശക്തികളെയും നേടാനുമായി ശരീരമായ മൂലകങ്ങൾ നൽകുന്ന ശക്തികളും ജ്ഞാനവും കൊണ്ട് 'മറ്റു ജീവികളുടെ ശരീരഭാഗവും മൂലകങ്ങളും ആകുന്ന ഭക്ഷണം' നേടിയും ഭക്ഷിച്ചുമാണ് ജീവിക്കുന്നത്. ഭക്ഷണപദാർത്ഥങ്ങൾ, മരുന്നുകൾ തുടങ്ങിയ മൂലകങ്ങളിൽ നിന്നും ലഭിക്കുന്ന ബഹുവിധ ശക്തികളായ ഘടകങ്ങളെ അനന്തമായ ശരീര കോശങ്ങളുടെ നിർമ്മാണം, വിസർജ്ജനം, രോഗങ്ങൾ, രോഗപ്രതിരോധം, ശരീരത്തിലെ മുറിവുകളെ ഉണക്കൽ, അവയവ വളർച്ച, പ്രത്യുല്പാദനം, ചുളിവുകളും നിറവും നരയും ക്ഷതങ്ങളും കൊണ്ടുള്ള ശരീര രൂപമാറ്റം, തുടങ്ങിയ അനന്തമായ കാര്യങ്ങൾക്ക്, ആത്മാവിന്റെ അറിവോ സമ്മതമോ വിഷയം പോലുമാക്കാതെ ശരീരത്തിന്റെ ഭാഗമായ മൂലകങ്ങളും, ശരീരത്തിലേക്ക് പ്രവേശിക്കുന്ന മൂലകങ്ങളും സ്വയം നിശ്ചയിക്കുകയും നിർവ്വഹിക്കുകയുമാണ്.

പാമ്പിന്റെ വിഷം, പൊട്ടാസ്യം സയനൈഡ് തുടങ്ങിയ മൂലകങ്ങളും സംയുക്തങ്ങളും അറിഞ്ഞും അറിയാതെയും മനുഷ്യൻ ഉൾപ്പെട്ട ജീവികളുടെ ശരീരത്തിൽ പ്രവേശിച്ചാൽ, അവയും ശരീരത്തിലെ മൂലകങ്ങളും, അവയിലെല്ലാം ലയിച്ചിരിക്കുന്ന ശക്തികളും നിയമങ്ങളും പ്രകാരം പ്രവർത്തിക്കുകയും സ്വത്വമായ ആത്മാവിന് എന്തെങ്കിലും ആഗ്രഹിക്കാനുള്ള അവസരം പോലും നിഷേധിച്ച് ആത്മാവിനെ പുറത്താക്കി, ജീവിക്ക് ബോധക്ഷയമോ മരണമോ നൽകിയെന്നു വരും. മൂലകങ്ങൾ നിശ്ചയിക്കുന്ന ഹൃദയ-സ്തംഭനവും, രക്തം വാർന്നുള്ള മരണവും മറ്റ് ഉദാഹരണങ്ങളാണ്. സ്വന്തമെന്ന് കരുതുന്ന 'ശരീരത്തിൽ' പ്രത്യക്ഷമായി സംഭവിക്കുന്ന മേല്പടി പ്രവർത്തനങ്ങളെ ചെയ്യുന്നത് ജീവികളുടെ സ്വത്വമായ ആത്മാക്കളല്ലാ; മറിച്ച് ശരീരം സ്വയം ചെയ്യുകയാണ് എന്നതിൽ നിന്ന്, മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളുടെ സ്വത്വമായ ആത്മാവ് 'അറിയാത്തതും ഗൂഢവുമായ ഒരു ഭൗതിക സ്വത്വം' കൂടി മൂലകങ്ങൾക്കും ശരീരത്തിനും അവയുടെ മൊത്തമായ ഭൂമിക്കും, വേറിട്ടുണ്ടെന്ന് സുവ്യക്തമാണ്.

വിശേഷ ബുദ്ധി ലഭിച്ചിട്ടുള്ള മനുഷ്യന്, അവയവ മാറ്റം, മൂലകങ്ങളെ ഉപയോഗിച്ച് കണ്ണിലെ തിമിരത്തിന് ലെൻസ്, എല്ലൊടിയുമ്പോൾ സ്റ്റീൽകമ്പി എന്നിങ്ങനെ മൂലകങ്ങളായ കൃത്രിമ അവയവങ്ങളെ വച്ചുപിടിപ്പിക്കൽ, ശരീരത്തെയും ആത്മാവിനെയും ഉത്തേജിപ്പിക്കുന്ന മയക്കുമരുന്നുകളും മരുന്നുകളും, തുടങ്ങിയവ കൊണ്ട് കഴിയുന്നുണ്ട്. അതായത്, മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ശക്തികളെയും അവയുടെ പ്രവർത്തന നിയമങ്ങളെയും ഉപയോഗപ്പെടുത്താൻ, മൂലകങ്ങളും അവയുടെ മൊത്തമായ ഭൂമിയും മനുഷ്യരെ അനുഗ്രഹിച്ച് അനുവദിക്കുകയാണെന്ന് മൂലകങ്ങൾ തന്നെ നൽകുന്ന 'വിശേഷ ബുദ്ധി കൊണ്ട് മനസ്സിലാക്കാൻ കഴിയും.' ജീവികളുടെ ശരീരം, അവയവങ്ങൾ എന്നിവയുടെ ഘടനകളെയും പ്രവർത്തനങ്ങളെയും പ്രവർത്തന നിയമങ്ങളെയും, ഭൂമിയും അംശങ്ങളായ മൂലകങ്ങളും, ശരീരമായി പരിണമിച്ചിട്ടുള്ള മൂലകങ്ങളും സ്വതന്ത്രമായും സംയുക്തമായും, 'ഏകമഹാശക്തിയും അംശങ്ങളുമായി' നിശ്ചയിക്കുകയും നിർമ്മിക്കുകയുമാണ്. ശരീരത്തിന്റെ ഉടമയെന്ന് കരുതുന്ന ആത്മാവിന് യഥാർത്ഥത്തിൽ പങ്കില്ല!

(3) ലാബോറട്ടറികളിലും മറ്റും ആസിഡുകൾ, ആൽക്കലികൾ, സോഡിയം, പൊട്ടാസ്യം, ഫോസ്ഫറസ്, ബോംബ് തുടങ്ങിയ മൂലകങ്ങളും സംയുക്തങ്ങളും പ്രത്യക്ഷമായി തന്നെ ശബ്ദം, സ്ഫോടനം, പുക തുടങ്ങിയ അകമ്പടിയോടെ പ്രവർത്തിക്കുന്നത് അവയിലെ ശക്തികളും ശാസ്ത്രനിയമങ്ങളും പ്രകാരം സ്വയമാണ്.

ആത്മാവിന് ശരീരത്തിന്റെ ആന്തരികമോ ബാഹ്യമോ ആയ അവയവങ്ങളെ/ മൂലകങ്ങളെ പ്രവർത്തിപ്പിക്കാൻ കഴിയുന്നത് മൂലകങ്ങൾ നൽകുന്ന ശക്തികളും ജ്ഞാനവും ചലന-സ്വാതന്ത്ര്യവും കൊണ്ടു മാത്രമാണ്. മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ശക്തികളും ശാസ്ത്രങ്ങളും പ്രകാരം സ്വയം പ്രവർത്തിക്കുന്നവയായ മൂലകങ്ങളെല്ലാം അടിസ്ഥാന പരമായി ആത്മാവിന്റെ ആഗ്രഹങ്ങളെ പൂർത്തീകരിക്കുകയാണ്.

മൂലകങ്ങളെ കൊണ്ട് ഉണ്ടായിട്ടുള്ളവയാണ് ജീവികളുടെയെല്ലാം ശരീര കോശങ്ങളും അവയവങ്ങളും, ഭക്ഷണ സാധനങ്ങളും മരുന്നും മദ്യവും വിഷവും, ഉൾപ്പെടെ ഭൂമിയിലെ എല്ലാ വസ്തുക്കളും. ജീവിയുടെ സ്വത്വമായ ആത്മാവ് ഉറങ്ങുമ്പോഴും, ബോധക്ഷയം സംഭവിക്കുമ്പോഴും; ശരീരം എല്ലായ്പ്പോഴും സ്വയം ചെയ്യുന്ന ശ്വസനം, കോശങ്ങളുടെ നിർമ്മാണം, ശരീര വളർച്ച, ദഹനം, വിസർജ്ജനം, ശരീരത്തിൽ സംഭവിക്കുന്ന പഴുപ്പ്, മുറിവുണങ്ങൽ, രോഗങ്ങളും, രോഗമുക്തിയും, ശവശരീരങ്ങളുടെ ചീയൽ തുടങ്ങിയ എല്ലാ പ്രവർത്തനങ്ങളും മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ആനന്ദങ്ങളും സ്വാതന്ത്ര്യവും ചേർന്ന ശക്തി, ശാസ്ത്ര നിയമങ്ങൾ (ജ്ഞാനം) എന്നിവയെ അടിസ്ഥാനമാക്കി മൂലകങ്ങളുടെ സ്വത്വം ബോധത്തോടെ സ്വയം ചെയ്യുകയാണ്. ഭക്ഷണം, മരുന്നുകൾ, ആധുനിക കാലത്തെ സങ്കീർണ്ണമായ സർജറികൾ, തുടങ്ങിയവയും മൂലകങ്ങളുടെ ശക്തികളെയും പ്രവർത്തനങ്ങളെയും ആശ്രയിച്ചിരിക്കുന്നു. വിശേഷ ബുദ്ധി കൊണ്ട് എല്ലാ വിഭാഗം ജനങ്ങൾക്കും കാലക്രമേണ ആവക അറിവ് ലഭിക്കുന്നുമുണ്ട്.

നിർജ്ജീവമെന്നും ജീവാത്മാവിന്റെ സ്വന്തമെന്നും തെറ്റിദ്ധരിച്ചു പോരുന്ന ശരീരത്തിന്റെ അകത്തും പുറത്തുമുള്ള മൂലകങ്ങളും ശരീരങ്ങളും അവയുടെ മൊത്തമായ ഭൂമിയും സ്വയം നിർവ്വഹിക്കുന്ന മേല്പടി പ്രവർത്തനങ്ങളിൽ ജീവിയുടെ സ്വത്വമായ ആത്മാവിന് യാതൊരു പങ്കുമില്ലെന്നത് അതീവ ഗൗരവമാണ്. ജീവികളുടെ സ്വത്വമായി ആത്മാക്കൾ ഉണ്ടെന്നതിനും ഉപരിയായി 'ജീവികളുടെ ശരീരങ്ങൾക്ക് അകത്തും പുറത്തുമുള്ള മൂലകങ്ങൾക്കും മൊത്തമായ ഭൂമിക്കും' വേറിട്ട ഗൂഢമായ സ്വത്വം ഉണ്ടെന്നാണ് അതിന്നർത്ഥം. മൂലകങ്ങളെല്ലാം ദൈവാംശമാണെന്നും, മൂലകങ്ങളുടെ മൊത്തമായ ഭൂമി ദൈവമാണെന്നും അവയെല്ലാം യഥാർത്ഥത്തിൽ വെളിപ്പെടുത്തുന്നുണ്ട്. എല്ലാ മനുഷ്യരുടെയും മറ്റുള്ള ജീവികളുടെയും സ്വത്വങ്ങളായ ആത്മാക്കളുടെയെല്ലാം ജീവിതം, ഭൂമിയുടെ അംശമായ മൂലകങ്ങളെയും രൂപാന്തരമായ ശരീരങ്ങളെയും അവയിലെ അനന്തമായ ആനന്ദങ്ങളെല്ലാം ഉൾപ്പെടെയുള്ള ശക്തികളെയും, ശക്തികളെ ക്രമപ്പെടുത്തിയിട്ടുള്ള മഹാശാസ്ത്ര നിയമങ്ങളെയും ആശ്രയിച്ചിരിക്കുന്നു എന്നും അവ ആത്മാക്കളെ ഭരിക്കുന്നുണ്ട് എന്നും, അങ്ങനെ പ്രവർത്തിക്കുന്നത് ആത്മാക്കൾക്കു വേണ്ടി മാത്രമാണെന്നും സുവ്യക്തമാകുന്നുണ്ട്.

സമ്പൂർണ്ണമായ സ്വാതന്ത്ര്യവും സ്വാഭിമാനവും അവകാശങ്ങളും അധികാരങ്ങളും കുഞ്ഞുങ്ങളായ ആത്മാക്കൾക്ക് നൽകാനായി 'മഹാശക്തിയായ ഭൂമിയും, അംശമായ മൂലകങ്ങളും മൂലകങ്ങളുടെ രൂപാന്തരമായ ശരീരങ്ങളും' മഹാദാസ്യ സേവനങ്ങളെ മഹാവാത്സല്ല്യത്തോടെ പ്രത്യക്ഷമായി ചെയ്യുകയും ഭാഗികമായ ഗൂഢത സ്വീകരിക്കുകയുമാണ്. മഹാശക്തിയും ഭൂമിയുമായ ദൈവവും, അംശമായ മൂലകങ്ങളും ശരീരങ്ങളും പ്രത്യക്ഷമാണെങ്കിലും കൂടുതൽ വിശേഷ ബുദ്ധി ലഭിച്ചാൽ മാത്രമേ ആത്മാവിന് മനസ്സിലാവൂ. അസ്തിത്വം പോലും സ്വന്തമല്ലാത്തതും നിർജ്ജീവവുമായ ആത്മാവിനെ കാണാൻ 'ശരീരമായ ദൈവാംശം' കനിയണം. ഭൂമി നിശ്ചയിച്ചും സൃഷ്ടിച്ചും നൽകുന്ന 'നിറം സൗന്ദര്യം മുഖഛായ' തുടങ്ങിയ ജന്മഗുണങ്ങളെ ചർമ്മത്തിലൂടെ വ്യാപരിപ്പിച്ച് ആത്മാവിനെയും ശരീരം ഫലത്തിൽ പ്രത്യക്ഷമാക്കുന്നുണ്ട്. മഹാസത്യമായ ദൈവത്തിന്റെ ഭാഗമായി സൃഷ്ടിച്ചിരിക്കുന്ന പരമാത്മാവിന്റെ അംശങ്ങളായ ആത്മാക്കളെ പ്പറ്റി അടുത്തൊരു അദ്ധ്യായത്തിൽ മഹാശാസ്ത്ര പരമായി വിശദീകരിക്കുന്നുണ്ട്.

കുറച്ചു കൂടി ഗൗരവമായി ഭൂമിയെയും അംശമായ മൂലകങ്ങളെയും ഇനി വിശകലനം ചെയ്യേണ്ടതുണ്ട് :- ഭൂമിയിലുള്ള എല്ലാ വസ്തുക്കളും ഏറെക്കുറെ 100-120 മൂലകങ്ങൾ ചേർന്ന് ഉണ്ടായിരിക്കുകയാണ്. 100 എണ്ണമെന്നും മറ്റും കഷ്ടിച്ചു മാത്രമാണ് പറയാൻ കഴിയുക. മൂലകങ്ങളുടെ ആറ്റങ്ങളിലെ ഘടനയും ഘടകങ്ങളുടെ എണ്ണവും വിന്യാസവും പ്രവർത്തനവും അവ പ്രകാരം അനന്തമായി മൂലകങ്ങളെ സൃഷ്ടിക്കാൻ കഴിയുമെന്ന് മൂലകങ്ങളെ ഉപയോഗിച്ചും, മൂലകങ്ങൾ നൽകുന്ന ശക്തികളും ജ്ഞാനവും കൊണ്ടും മനുഷ്യരുടെ ആത്മാക്കളെ ക്കൊണ്ട് മൂലകങ്ങൾ നിർമ്മിപ്പിച്ച ഏതാനും കൃത്രിമ മൂലകങ്ങൾ ബോദ്ധ്യപ്പെടുത്തുന്നുണ്ട്.

സർവ്വത്തിനും അതീതവും മഹാസത്യവുമായ ദൈവം, സൃഷ്ടിക്കാൻ ഉദ്ദേശിച്ച മഹാപ്രപഞ്ചത്തിലെ ജീവികൾക്ക് ജീവിക്കാൻ ആവശ്യമായ ശക്തികളും ജ്ഞാനവും ആനന്ദവും ചേർന്നുള്ള **അനന്തമായ ദൈവഭാഗത്തെ** വ്യത്യസ്ത സ്വഭാവങ്ങളോടെയും ഗുണങ്ങളാകുന്ന ശക്തികളോടെയും വിഭജിക്കുവാനുള്ള മഹാപദ്ധതി മാത്രമാണ് മൂലകങ്ങൾ. ഓരോ മൂലകവും (element) മഹാശക്തിയായ ഭൂമിയുടെ അംശങ്ങളാണ് എന്നതിനൊപ്പം വ്യക്തവും വ്യത്യസ്തവുമായ ഗുണങ്ങളാകുന്ന ശക്തികളോടെയും പദ്ധതികളോടെയും രൂപപ്പെട്ടവയാണ്. മൂലകങ്ങളുടെ സൂക്ഷ്മ അംശമായ **ആറ്റങ്ങളിലെ മഹാശക്തികളെ** മൂലകങ്ങളുടെ മൊത്തമായ ഭൂമി @ **ഭൂമിയുടെ സ്വത്വമായ ഓക്സിജൻ** മനുഷ്യർക്ക് വെളിപ്പെടുത്തിക്കഴിഞ്ഞ വസ്തുതയാണ്. മഹാശക്തിയായ ദൈവത്തിന്റെ അംശങ്ങളും മഹാശക്തികൾ തന്നെയാണ് എന്നതിനാൽ ദൈവത്തിന്റെ അംശങ്ങളായി ജീവികളെ അഥവാ ആത്മാക്കളെ സൃഷ്ടിക്കാൻ കഴിയില്ലെന്ന് ബ്രഹ്മപാഠത്തിൽ വിശദീകരിച്ചിട്ടുണ്ട്. ശരീരമായി രൂപാന്തരപ്പെട്ട മൂലകങ്ങൾ ദാനമായി നൽകുന്ന ശക്തികളും ജ്ഞാനവും മാത്രമാണ് ആത്മാക്കൾക്ക് സ്വന്തമാകുന്നത്. സ്വത്വം പോലും സ്വന്തമല്ലാത്ത ആത്മാക്കൾ മഹാശക്തിയായ ദൈവത്തിന്റെ അംശങ്ങളല്ലെന്ന് ലഭ്യമായ വിശേഷ ബുദ്ധി ഉപയോഗിച്ചാൽ ലളിതമായി മനസ്സിലാക്കാൻ കഴിയുന്നതാണ്. ധർമ്മ ശാസ്ത്രപരമായ യോഗ്യതകളെ മനുഷ്യർ നേടുന്ന മുറയ്ക്കും, ഉചിതമായ സമയത്തും മൂലകങ്ങളെയും രൂപാന്തരമായ ജീവി-ശരീരങ്ങളെയും മൊത്തമായ ഭൂമിയെയും സംബന്ധിച്ച മഹാകാര്യങ്ങളെ ഇതേപോലെ ഭൂമി തന്നെ വെളിപ്പെടുത്തുന്നതാണ്.

ആത്മാക്കളെ ജീവികളാക്കി മാറ്റുമ്പോൾ, അവയ്ക്ക് ശക്തിയും ജ്ഞാനവും ഭക്ഷണ ആനന്ദങ്ങളും അസ്തിത്വവും രൂപവും നൽകുന്നതിനു വേണ്ടി മഹാനീതി ശാസ്ത്ര പ്രകാരം ഓരോ ജീവി വർഗ്ഗത്തിനുമായി പൊതുവായി നിശ്ചയിച്ചിട്ടുള്ള മൂലകങ്ങൾ ജീവികളുടെ ശരീരങ്ങളായി രൂപാന്തരം പ്രാപിക്കുന്നു. ആത്മാവിന് പ്രത്യേകം പ്രത്യേകമായി ബാധകമായ സൗന്ദര്യം, അംഗവൈകല്യം തുടങ്ങിയ ജന്മഗുണങ്ങളെയും ശരീരത്തിലെ പ്രവർത്തനങ്ങളെയും മൂലകങ്ങളും ഭൂമിയും അക്കൂടെ വേറിട്ട് നിശ്ചയിക്കുന്നുമുണ്ട്. ഭൂമിയായ മൂലകങ്ങളുടെ മഹാനീതിശാസ്ത്ര പ്രകാരം മൂലകങ്ങളായ ശരീരം ലഭിച്ച് ജീവിയായി മാറുന്ന ആത്മാവിന് മൂലകങ്ങളിലൂടെ സൗന്ദര്യവും ആരോഗ്യവും അന്ധത-ബധിരത-തുടങ്ങിയ അംഗവൈകല്യങ്ങൾ ഉൾപ്പെട്ട ജന്മഗുണങ്ങളും, അപകടങ്ങൾ കൊണ്ടുള്ള മുറിവുകളും മറ്റും നടപ്പാക്കുന്നതു കൊണ്ടു മാത്രമാണ് സർജറി, മരുന്നുകൾ തുടങ്ങിയ പരിഹാരങ്ങളും മൂലകങ്ങളെ ഉപയോഗിച്ചു തന്നെ സാദ്ധ്യമാകുന്നത്. എല്ലാ ജീവികളുടെയും ശരീര അവയവങ്ങളായി രൂപാന്തരം പ്രാപിച്ചിരിക്കുന്നതും മൂലകങ്ങൾ തന്നെയാണ്.

ഭക്ഷണം, ദഹനം, വിസർജ്ജനം, പ്രത്യുല്പാദനം തുടങ്ങിയ വ്യവസ്ഥകളെയും അവയുടെ ഉപ-വ്യവസ്ഥകളെയും വ്യത്യസ്തമായ മൂലകങ്ങളിലൂടെ വ്യത്യാസപ്പെടുത്തി ക്കൊണ്ട് മഹാസംവിധാനം ചെയ്തിരിക്കുന്നതും സർവ്വം സമ്മാനിക്കുന്നതും നിശ്ചയിക്കുന്നതും എല്ലാം എല്ലാം മൂലകങ്ങളും ശരീരവും ഭൂമിയും തന്നെയാണ്. വ്യത്യസ്തവും അനന്തവുമായ ശക്തികളും ജ്ഞാനവും ചേർന്ന ഏറെക്കുറെ 100 മൂലകങ്ങളായി വിഭജിച്ച് ഭൂമിയായ ദൈവം മഹാരൂപം സ്വീകരിച്ച് അവതരിച്ചിരിക്കുകയാണ്; ആധുനിക കാലത്ത് അത് ലളിതമായി മനസ്സിലാക്കാൻ കഴിയും. ആത്മാക്കളെ പുറത്താക്കി ക്കൊണ്ട്, മഹാനീതി ശാസ്ത്ര പ്രകാരം ജീവികളെ മരിപ്പിക്കുമ്പോൾ, ശരീരമായിട്ട് മുമ്പ് രൂപാന്തരപ്പെട്ട മൂലകങ്ങൾ **വീണ്ടും ഭൂമിയുടെ അംശമായ മൂലകങ്ങളായി** മാറുന്നു.

ധാർമ്മികമായ യോഗ്യത ഇല്ലാത്തതിനാലും, വെളിപ്പെടുത്താനുള്ള സമയം ആയിട്ടില്ലാത്തതിനാലും ഏതെങ്കിലും വിഷയത്തിലെ ഗവേഷണം വഴിമുട്ടുമ്പോൾ, തൽക്കാലം അറിയില്ല എന്നു പറയുന്നത് ന്യായമാണ്. എന്നാൽ ഏറെക്കുറെ എല്ലാ ശാരീരിക പ്രവർത്തനങ്ങളെയും സ്വയം നിശ്ചയിക്കുകയും നിർവ്വഹിക്കുകയും ചെയ്യുന്ന ശരീരത്തെയും മൂലകങ്ങളെയും അവയുടെ മൊത്തമായ ഭൂമിയെയും, വിശേഷ ബുദ്ധി ലഭിച്ചിട്ടും മനുഷ്യൻ നിർജ്ജീവമായി കരുതുന്നത് കടുത്ത തെറ്റാണ് !

എല്ലാ ജീവികളുടെയും ശരീരമായി രൂപാന്തരപ്പെട്ടിരിക്കുന്നത് വ്യത്യസ്ത ശക്തികളോടെയുള്ള മൂലകങ്ങളാണെന്നും, സ്വയം നിശ്ചയിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന അവയാണ് ജീവിയുടെ ആത്മാവിനെ 'മഹാനീതിശാസ്ത്രം പ്രകാരം' ഭരിക്കുന്നത് എന്നും, മൂലകങ്ങളുടെയെല്ലാം മൊത്തമായ ഭൂമി എങ്ങനെയോ ഉണ്ടായതല്ലാ എന്നും തിരിച്ചറിയണം. മഹാശക്തിയും ഭൂമിയുമായ ദൈവം, സർവ്വവും മഹാപദ്ധതികളോടെ മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രം പ്രകാരം നിർവ്വഹിക്കുമ്പോൾ, വിശേഷ ബുദ്ധി ലഭിച്ചിട്ടുള്ള മനുഷ്യർ, ഭൂമിയും മൂലകങ്ങളും നിർജ്ജീവമാണ്; പഞ്ചഭൂതങ്ങളിൽ ഒന്നാണ്; മാങ്ങാത്തൊലിയാണ്; പരമാത്മാവാണ് ദൈവം; എന്നെല്ലാം ദൈവകാര്യങ്ങളെ തെറ്റായി പ്രചരിപ്പിക്കുന്നതും പഠിപ്പിക്കുന്നതും കടുത്ത അപരാധമാണ്. ഉചിതമായ സമയത്ത്, ആത്മാവിന്റെ അസ്തിത്വവും മഹാനീതിശാസ്ത്രവുമായ ദൈവകാര്യങ്ങളെ ദൈവം നേരിട്ട്, പരമാത്മാവും പ്രപഞ്ചപിതാവുമായ പരമശിവനിലൂടെ പഠിപ്പിക്കും എന്നിരിക്കെ ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരം ആനന്ദിച്ചു ജീവിക്കേണ്ടതിനു പകരം, മഹാശാസ്ത്രപരം അല്ലാത്തതും, ജീവിക്കാൻ ആവശ്യമില്ലാത്തതുമായ കോപ്രായങ്ങൾ പ്രകാരം തമ്മിലടിച്ചും കൊന്നും മറ്റും നാട്ടുവാസികളായ മനുഷ്യർ ജീവിച്ചുകൂടാ. മനുഷ്യരുടെ ധർമ്മശാസ്ത്ര വിരുദ്ധമായ പ്രവൃത്തികളെ തിരുത്താൻ പ്രാപ്തമായ ന്യൂനശക്തികളും മൂലകങ്ങളിൽ ലയിച്ചിട്ടുണ്ട് എന്നതു മനസ്സിലാക്കാനും വിശേഷ ബുദ്ധി ലഭിച്ച മനുഷ്യർക്ക് കഴിഞ്ഞില്ല. മനുഷ്യൻ ഉൾപ്പെടെ എല്ലാ ജീവികളുടെയും എല്ലാ കാര്യങ്ങളെയും ഭരിക്കുകയും മഹാനീതി നിർവ്വഹിക്കുകയും ചെയ്താൽ മാത്രമേ ദൈവം മഹാനീതി ആവുകയുള്ളൂ എന്ന് സാമാന്യ ബുദ്ധി ഉപയോഗിച്ചാൽ മനസ്സിലാക്കാൻ കഴിയും. അങ്ങനെയിരിക്കെ ഭൂമിയുടെ മഹാനീതി കാര്യങ്ങളെ പാടേ വിസ്മരിച്ചും അവഗണിച്ചും കൊണ്ട് ഭൗതിക അസ്തിത്വം ഇല്ലാത്ത നിയമങ്ങളെയും കോപ്രായങ്ങളെയും വിശേഷബുദ്ധി ലഭിച്ച മനുഷ്യർ തട്ടിക്കൂട്ടിയതും പിൻപറ്റിയതും കടുത്ത അപരാധമാണ്.

## ഭൂമിയായ ദൈവത്തിന്റെ സത്യ സൃഷ്ടി വാതക രൂപവും, ജീവികളുടെ ജീവനുമാണ് 'ഓക്സിജൻ'.

ആത്മാവിന് 'വിശേഷ ബുദ്ധിയും ശക്തികളും' നൽകുന്നത് 'ശരീരങ്ങളുടെയും ഭൂമിയിലെ മറ്റു വസ്തുക്കളുടെയും മൂലമായ മൂലകങ്ങളാവുമ്പോൾ, 'മൂലകങ്ങൾക്കും ശരീരത്തിനും ഭൂമിക്കും സംയുക്തമായ ഒരു സ്വത്വം' ഉണ്ടെന്നു കൂടിയാണ് അർത്ഥം. വ്യത്യസ്ത ശക്തികളായിരിക്കുന്ന മൂലകങ്ങളുടെയും സംയുക്തങ്ങളുടെയും ശരീരങ്ങളുടെയും പ്രവർത്തനങ്ങളെ അവയിലെല്ലാം ലയിച്ചിരിക്കുന്ന മഹാശാസ്ത്രം പ്രകാരവും, ആത്മാക്കളുടെ മേൽ മഹാനീതി നിർവ്വഹിക്കുന്ന മഹാനീതി ശാസ്ത്രം പ്രകാരവും ഏകോപിപ്പിക്കുന്ന സ്വത്വം, ഭൗതിക അസ്തിത്വം ഉള്ളതായ മറ്റൊരു മൂലകം ആവേണ്ടതുണ്ട്. ഭൂമിയിലുള്ള എല്ലാ വസ്തുക്കളും ഏറെക്കുറെ 100 മൂലകങ്ങൾ ചേർന്ന് ഉണ്ടായിട്ടുള്ളതിനാൽ, ഭൂമിയുടെ മൊത്തം സ്വത്വമായി പ്രവർത്തിക്കുന്നത് അവയിൽ ഒന്നായ ഒരു മൂലകം ആയിരിക്കും എന്നും തീർച്ചയാണ്. മൂലകങ്ങളായ ഭൂമിയും, ശരീരവും, ജീവാത്മാവിനു വേണ്ടി പ്രവർത്തിക്കുകയാൽ, ഭൂമിയുടെ സ്വത്വത്തെ കണ്ടെത്താൻ ജീവികളെ വിശകലനം ചെയ്താൽ മതിയാകും.

മൂലകങ്ങളാകുന്ന ശരീരം ലഭിച്ച് ജീവിയായി ആത്മാവ് ജീവിക്കുമ്പോൾ, എല്ലാ ജീവികളുടെയും ആത്മാക്കളുടെ മേൽ മരണം ഉൾപ്പെടെയുള്ള മഹാനീതി നിർവ്വഹിക്കാനും, ആത്മാവിന് സമ്പൂർണ്ണമായ വ്യക്തിസ്വാതന്ത്ര്യത്തെ നൽകാനുമായിട്ട്, പ്രപഞ്ചത്തിലെ മൂലകങ്ങളെ മുഴുവൻ കൂട്ടിയിണക്കുന്ന 'ഏക മൂല-മൂലകമായിട്ടു കൂടി ' ദൈവമായ ഭൂമി അവതരിക്കുകയാണു ചെയ്യുന്നത്. ഭൂമിയിലെ മറ്റു മൂലകങ്ങളാകുന്ന ശക്തികളുടെ മൂലമായും, ദൈവത്തിന്റെ വാതക രൂപമായും, പ്രസ്തുത മൂലകത്തെ വിശേഷിപ്പിക്കാൻ കഴിയും.

ഓക്സിജൻ പ്രവർത്തിക്കുന്ന ജീവി-ശരീരം ജീവനുള്ളതും, പ്രവർത്തിക്കാത്തത് ശവശരീരവും ആണ്. അതിൽ നിന്നും ജീവൻ ഓക്സിജൻ ആണെന്ന് ലളിതമായി മനസ്സിലാക്കാൻ കഴിയും. ദൈവമായ ഭൂമിയുടെ സ്വത്വവും വാതക രൂപവും കൂടിയാണ് ജീവികളുടെ ജീവനായിരിക്കുന്ന ഓക്സിജൻ. മനുഷ്യൻ യഥാർത്ഥത്തിൽ ശ്വസിക്കുകയല്ല; ശ്വസിക്കാനുള്ള ശ്വാസകോശങ്ങളെയും മറ്റും ഭൂമിയുടെ അംശമായ ശരീരത്തിൽ സൃഷ്ടിക്കുകയും ശ്വസനം എന്നൊരു പ്രവർത്തനത്തെ ഏർപ്പെടുത്തി ക്കൊണ്ട് മനുഷ്യരുടെയും മറ്റുള്ള ജീവികളുടെയും ജീവിത കാര്യങ്ങളെ മഹാനീതി ശാസ്ത്ര പ്രകാരം മൊത്തത്തിൽ മഹാസംരക്ഷിക്കുകയും ഭരിക്കുകയുമാണ് ഓക്സിജൻ ചെയ്യുന്നത്. ഓക്സിജൻ മനുഷ്യരെ മിനുട്ടിൽ ശരാശരി 18 തവണ ശ്വാസോച്ഛ്വാസം ചെയ്യിക്കുമ്പോൾ, മനുഷ്യരുടെ ചിന്തകളെ പ്പോലും ഓക്സിജൻ എല്ലായ്പ്പോഴും അറിയുകയാണ്. ഓക്സിജൻ മഹാശക്തിയായ ഭൂമിയുടെ സ്വത്വമാകയാൽ, ഭൗതികമായി തന്നെയാണ് ഭൂമിയായ ദൈവം സർവ്വവും ചെയ്യുന്നത്. ശ്വസനത്തിലൂടെ ജീവികളുടെ ചിന്തകളെ പ്പോലും മഹാശാസ്ത്രപരമായി അറിയുമ്പോഴും ജീവാത്മാവിന്റെ സ്വകാര്യമായ പ്രവൃത്തികളിൽ അസാധാരണമായ സാഹചര്യത്തിൽ അല്ലാതെ ദൈവാംശമായ ശരീരം ഇടപെടാതെയുമാണ്; ഭൂമിയുടെ സ്വത്വമായ ഓക്സിജൻ എല്ലായ്പ്പോഴും പ്രവർത്തിക്കുന്നത്.

മഹാശക്തിയും ഭൂമിയുമായ ദൈവത്തിന്റെ അംശമാണ് ശരീരം എന്ന പ്രഭാവം നിലനിർത്തിക്കൊണ്ടും; സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തെ ജീവാത്മാവിനു നൽകിക്കൊണ്ടും മാത്രമാണ് **ഓക്സിജൻ** ജീവാത്മാവിന്റെ മേൽ മഹാനീതിശാസ്ത്ര പ്രകാരം മഹാനീതി നടത്തുന്നത്. ദൈവമായ ഭൂമിയുടെ അംശമായ മൂലകങ്ങളിൽ ഒന്നായ ഓക്സിജനെ ഭൂമിയുടെ സ്വത്വമായ ശക്തിയും സത്യ-വാതക രൂപവും, 'സൃഷ്ടികളും ഭൂമിയുടെ കുഞ്ഞുങ്ങളും പരമാത്മാവിന്റെ അംശങ്ങളുമായ' എല്ലാ ആത്മാക്കളുടെയും 'ജീവനും മഹാഭരണാധികാരിയുമായി' നിശ്ചയിച്ചിരിക്കുകയാണ്.

ഓക്സിജൻ മറ്റ് മൂലകങ്ങളെ സൃഷ്ടിക്കുന്നതും ശരിയാണ്. വ്യത്യസ്തമായ ശരീര അവയവ ഘടനകളും ധർമ്മ വ്യവസ്ഥകളും പ്രകാരം ജീവികളെ സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്നതിനു വേണ്ടി എല്ലാ ജീവികളുടെയും ശരീരങ്ങളിലെ മൂലകങ്ങളെയും അവയുടെ പ്രവർത്തനങ്ങളെയും വ്യത്യാസപ്പെടുത്തുന്നത് ഉൾപ്പെടെ ഭൂമിയിലെ സമസ്ത മൂലകങ്ങളെയും ഏകോപിപ്പിക്കുന്നതും, ജീവാത്മാക്കൾക്ക് ജീവനായ ശക്തി നൽകുന്നതും, ഭൂമിയുടെ സ്വത്വവും വാതക രൂപവുമായ ഓക്സിജനാണ്; പ്രസ്തുത ധർമ്മം നിർവ്വഹിക്കുന്നത് ദ്രാവക രൂപമായ ജലം വഴിയുമാണ്. ഭൂമിയിലെ എല്ലാ മൂലകങ്ങളെയും ഭരിക്കുന്നതു കൂടാതെ, മൂലകങ്ങളെ കൊണ്ട് ഉണ്ടാക്കിയിട്ടുള്ള ശരീരത്തിൽ ശ്വാസോച്ഛ്വാസം എന്ന ശാക്തീകരണ-പ്രതിഭാസത്തെ ഏർപ്പെടുത്തിക്കൊണ്ട് ഭക്ഷണം, മരുന്നുകൾ, വിഷം, തുടങ്ങി എല്ലാ മൂലകങ്ങളെയും ആധാരമാക്കി എല്ലാ ജീവാത്മാക്കൾക്കും മഹാനീതിശാസ്ത്ര പ്രകാരം ശക്തിയും ജ്ഞാനവും ആനന്ദവും നൽകാനും, ആത്മാവിനെ ശരീരത്തിൽ നിന്നും പുറത്താക്കാതെ രോഗങ്ങളും, ഹൃദയ സ്തംഭനവും മറ്റും ഉണ്ടാക്കി മരവിപ്പിക്കാനും മാധ്യമമാകുന്നത് ഓക്സിജനാണ്. മഹാനീതിശാസ്ത്ര പ്രകാരം ആത്മാവിനെ പുറത്താക്കി ജീവിയെ മരിപ്പിക്കുന്നതും, ശരീരം ജീർണ്ണിപ്പിക്കുന്നതും, വീണ്ടും മണ്ണായ ഭൂമിയുടെ അംശങ്ങളായ മൂലകങ്ങളാക്കി പരിവർത്തനം ചെയ്യുന്നതുമെല്ലാം ഭൂമിയായ മൂലകങ്ങളുടെയെല്ലാം സ്വത്വമായ ഓക്സിജനാണ്. ജീവികളിലെ ശ്വസനത്തെ ഓക്സിജന്റെ ഇഷ്ടം പ്രകാരം ഓക്സിജൻ ചെയ്യുന്നതു പോലെ, ഭൂമിയിലും ചന്ദ്രനിലും മറ്റും ഓക്സൈഡുകൾ, സൾഫേറ്റുകൾ തുടങ്ങിയവയായി കഴിയുന്ന വസ്തുക്കളിൽ നിന്നും മഹാനീതിശാസ്ത്ര പ്രകാരം അന്തരീക്ഷത്തെയും ജലത്തെയും സൃഷ്ടിച്ചു കൊണ്ട് ജീവികളുടെ സൃഷ്ടി സ്ഥിതികളെ '**ഓക്സിജൻ**' നിർവ്വഹിക്കുമെന്നും മനുഷ്യർക്കു ലഭ്യമായ വിശേഷ ബുദ്ധി കൊണ്ട് മനസ്സിലാക്കാൻ കഴിയും.

വാതക രൂപത്തിലുള്ള മൂലകങ്ങൾ ഭൂമിയുടെ അന്തരീക്ഷമായി പ്രവർത്തിക്കുന്നതും, ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് മോക്ഷം ലഭിക്കും വരെ അന്തരീക്ഷത്തിൽ കഴിയുന്നതും, ഭൂമിയുടെ മഹാനീതി ശാസ്ത്ര പ്രകാരം വീണ്ടും വീണ്ടും ശരീരം ലഭിച്ച് ജീവികളായി പുനർജ്ജനിക്കുന്നതും, എല്ലാ ജീവികൾക്കും ജീവൻ നൽകിയും ഭരിച്ചും കൊണ്ട് ഭൂമിയുടെ മഹാസ്വത്വമായി ഓക്സിജൻ ഭൂമിയിലും, അന്തരീക്ഷം മുഴുവനും പ്രവർത്തിക്കുന്നതും വിശകലനം ചെയ്യണം. ഓക്സിജൻ നൽകുന്ന വിശേഷ ബുദ്ധിയെ ഉപയോഗിക്കാത്തതു കൊണ്ടാണ് ഓക്സിജൻ ഇല്ലാതെ ജീവിക്കാൻ കഴിയില്ലെന്ന് മനുഷ്യർ പറയുന്നത്. അന്തരീക്ഷത്തെ സൃഷ്ടിക്കുന്നതും മരവിപ്പിക്കുന്നതും ഉൾപ്പെടെ ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യാൻ ആവശ്യമായ സർവ്വതും ഒരുക്കുന്നത് ഭൂമിയുടെ സ്വത്വമായ ഓക്സിജനാണ് !

## ഭൂമിയായ ദൈവത്തിന്റെ ധർമ്മ സ്ഥിതി ദ്രാവക രൂപവും, ജീവികളുടെ നിലനിൽപ്പുമാണ് 'ജലം'.

ഓക്സിജനും ഹൈഡ്രജനും ചേർന്ന് സ്വന്തം ഇഷ്ടപ്രകാരം ജലമായി തോട്, പുഴ, കായൽ, കുളം, നദി, കടൽ-സമുദ്രം, മഞ്ഞുമലകൾ, നീരാവി, മഴ, കിണർ എന്നിവയെ ഒരുക്കാതെയും ഒഴുകാതെയുമിരുന്നാൽ; മണ്ണിൽ സസ്യങ്ങളും മറ്റുള്ള ജീവികളും ഉണ്ടാകാനും നിലനിൽക്കാനും കഴിയുന്നതല്ല ! മണ്ണും ഭൂമിയും മഹാശക്തിയുമായ ദൈവത്തിന്റെ മഹാസ്വത്വമായിട്ട് ഓക്സിജനെയും, മഹാസത്യമായ ദൈവത്തിന്റെ നിർജ്ജീവ ഭാഗമായ പരമാത്മാവിന്റെ സ്വത്വമായി ഹൈഡ്രജനെയും ഒരുക്കിയിരിക്കുകയാണ്. ഓക്സിജൻ, ഹൈഡ്രജനുമായി ചേർന്ന് ധർമ്മ-ദ്രാവക രൂപമായി മാറുന്ന ജലത്തിലൂടെയാണ് കുഞ്ഞുങ്ങളായ ആത്മാക്കൾക്ക് ശക്തിയും ജ്ഞാനവും ആനന്ദങ്ങളും നൽകുന്നത്. മൂലകങ്ങളെ പ്രത്യേകം വിശകലനം ചെയ്യുമ്പോൾ ഓക്സിജന്റെ ഭാഗവും ഇണയും കൂടിയാണ് ഹൈഡ്രജൻ എന്നു കാണാം.

### സത്യ സൃഷ്ടി വാതക രൂപമായ ഓക്സിജനെയും, ശ്വസിപ്പിച്ച് ജീവിയായി ഭൂമിയിലും, മരിപ്പിച്ച് ആത്മാവായി ഭൂമിയുടെ അന്തരീക്ഷത്തിലും സൃഷ്ടികളെ നയിക്കുകയും മഹാനീതിശാസ്ത്ര പ്രകാരം മഹാനീതി നടപ്പിക്കുകയും ചെയ്യുന്ന ഓക്സിജന്റെ പ്രവർത്തനങ്ങളെ പ്രത്യക്ഷമായി കാണാനും കേൾക്കാനും കഴിഞ്ഞാൽ മനുഷ്യർക്ക് ആനന്ദകരമായി ജീവിക്കാൻ കഴിയില്ല.

അടിസ്ഥാന പരമായി നീതി നിശ്ചിതമായിരിക്കണം എന്നതിനാൽ ഖര അവസ്ഥയിലുള്ള മൂലകങ്ങളെയും ശരീരത്തെയുമാണ് ആത്മാക്കൾക്കു നൽകുന്നത്. എന്നാൽ, ധർമ്മമായ ജീവിതം ഒഴുകുകയും ചലിക്കുകയും പ്രവർത്തിക്കുകയും ചെയ്യണമെങ്കിൽ മൂലകങ്ങളെ ദ്രാവക അവസ്ഥയിൽ എത്തിക്കണം. മനുഷ്യരുടെയും മൃഗങ്ങളുടെയും പക്ഷികളുടെയും മത്സ്യങ്ങളുടെയും കാര്യത്തിൽ രക്തത്തിന്റെ ഘടകമായിട്ടാണ് ജലത്തെ ഒരുക്കിയിട്ടുള്ളത്. ഭക്ഷണത്തെ ശരീരത്തിലേക്ക് പ്രവേശിപ്പിക്കുന്നതു മുതൽ ജലത്തിന്റെയും മറ്റു ദ്രാവകങ്ങളുടെയും പ്രവർത്തനം കൊണ്ട് ഭക്ഷണ സാധനങ്ങളെ ദ്രാവക അവസ്ഥയിലേക്ക് പരിണമിപ്പിച്ചു തുടങ്ങുന്നു. ദഹനം, വിസർജ്ജനം, ശരീര അവയവങ്ങളുടെ വളർച്ച, രോഗങ്ങൾ, രോഗമുക്തി, കോശങ്ങളുടെ നിർമ്മാണവും പ്രവർത്തനവും, വസ്ത്രം, ഗൃഹം, കൃഷി, വ്യവസായം, തുടങ്ങി മനുഷ്യരുടെ ജീവിതവുമായി ബന്ധപ്പെട്ട ഏതൊരു കാര്യത്തിന്റെയും നിർമ്മാണം, പരിചരണം, ശുചീകരണം, തുടങ്ങിയവ ജലത്തെ ആശ്രയിച്ചിരിക്കുന്നു. ജലത്തിന്റെ ആവശ്യങ്ങളും ഉപയോഗങ്ങളും അനന്തമാണ്. ജലം, ഓക്സിജൻ എന്നിവയെ മറ്റു മൂലകങ്ങളുമായി ബന്ധിപ്പിച്ചാണ് സർവ്വവും വ്യവസ്ഥ ചെയ്തിട്ടുള്ളത്. മൂലക അവസ്ഥകളിൽ, ശക്തിയായ ഓക്സിജനും ശിവനായ ഹൈഡ്രജനും ചേർന്ന്, കുഞ്ഞുങ്ങളായ ആത്മാക്കളുടെ വഴികാട്ടിയും വഴിയുമായി മാറുകയാണ്. ശരീരത്തിൽ 'ശിവയുടെയും ശിവന്റെയും' ദ്രാവക രൂപവും സാന്നിദ്ധ്യവുമായ 'ജലം' ഇല്ലാതെ ആത്മാക്കൾക്ക് ജീവികളായിട്ട് ജീവിക്കാൻ കഴിയില്ല. ശിവ, ശിവൻ എന്നീ മഹാനാമങ്ങളെ അടുത്തൊരു അദ്ധ്യായത്തിൽ വിശദീകരിക്കുന്നുണ്ട്.

## ദൈവത്തിന്റെ നീതി സംഹാര ഖര രൂപവും, ജീവികളുടെ ഏക ശരണവുമാണ് 'മഹാജാലവും മഹാവാത്സല്ല്യവുമായ ഭൂമി'.

ഭൂമിയിൽ ജീവിക്കുന്ന അനന്തമായ മത്സ്യ-സസ്യ-പക്ഷി-മൃഗ-മനുഷ്യരെല്ലാം ആകാശത്തിൽ നിന്ന് താഴേക്കു വീണ് വളരുകയും ജീവിക്കുകയും പ്രത്യുല്പാദനം നടത്തുകയുമല്ലെന്ന് ശാസ്ത്രവും, നൂറ്റാണ്ടുകളായുള്ള ചരിത്രവും സാക്ഷ്യപ്പെടുത്തുന്നു. പുതിയ രോഗങ്ങളെ ഉണ്ടാക്കുന്ന പുതിയ വൈറസുകളുടെയും ബാക്ടീരിയകളുടെയും ഉത്ഭവം 'ഭൂമിയുടെ അംശമായ മൂലകങ്ങളിലെ ന്യൂനശക്തികളാണെന്നതും മഹാശാസ്ത്ര പാഠമാണ്. ബഹുവിധ പുല്ലുകളെയും ധാന്യച്ചെടികളെയും പച്ചക്കറി-സസ്യങ്ങളെയും ഔഷധ സസ്യങ്ങളെയും പൂച്ചെടികളെയും ചെറുതും വലുതുമായ മരങ്ങളെയും ഇഴജന്തുക്കളെയും മൃഗങ്ങളെയുമെല്ലാം ഭൂമി സദാ സൃഷ്ടിക്കുന്നുണ്ട് (പുനഃസൃഷ്ടിക്കുന്നുണ്ട്) എന്നും ലഭ്യമായ വിശേഷബുദ്ധി കൊണ്ട് മനസ്സിലാക്കാൻ കഴിയുന്നതാണ്. ഒരു പുരയിടത്തിലെയോ വയലിലെയോ പ്രദേശത്തെയോ ചെടിച്ചട്ടിയിലെയോ ചാക്കിലെയോ മണ്ണിൽ തൽക്കാലം ഇല്ലാത്ത മൂലകങ്ങൾ, അവിടത്തെ സസ്യങ്ങളുടെ വേര്, തടി, ഇല, പൂവ്, കായ്, എന്നിവയിലെയും അവിടം കൊണ്ടു മാത്രം ജീവിക്കുന്ന ജന്തുക്കളുടെ/ ജീവികളുടെ അവയവങ്ങളിലെയും ഭൗതിക -ധർമ്മ-നീതി വ്യവസ്ഥകൾ പ്രകാരം ഉണ്ടാകുമ്പോൾ, ദൈവമായ 'ഭൂമി', മൂലകങ്ങളെയും വൻമരങ്ങൾ ഉൾപ്പെട്ട ശരീരങ്ങളെയും പുതിയതായി സൃഷ്ടിക്കുകയും പരിപാലിക്കുകയും കൂടി ചെയ്യുന്നുണ്ടെന്നും അവയെല്ലാം ഭൂമിയുടെ അംശങ്ങൾ ആണെന്നും, ഭൂമി അന്തമില്ലാതെ, സ്വയം വളരുന്നുണ്ടെന്നും തെളിയുന്നുണ്ട്. **മൂലകങ്ങളെ വ്യത്യസ്ത ജീവികളുടെ ശരീരങ്ങളായി മാറ്റുകയും, ഓക്സിജന്റെ തന്നെ നിയന്ത്രണത്തിൽ അന്തരീക്ഷത്തിലുള്ള ആത്മാക്കളെ ശരീരങ്ങളോടു ചേർക്കുകയും ചെയ്താൽ ജീവികളായി. രോഗങ്ങളും യുദ്ധങ്ങളും കൊണ്ട് ഭൂമിയിലെ മനുഷ്യർ ഉൾപ്പെടെ എല്ലാ ജീവികളും ഒന്നിച്ചു മരിച്ചാലും, മൂലകങ്ങളിൽ നിന്നും ശരീരങ്ങളെ സൃഷ്ടിച്ചും അന്തരീക്ഷത്തിൽ നിന്നും ആത്മാക്കളെ ചേർത്തും മരിക്കുന്നവരെയെല്ലാം പുനർജ്ജനിപ്പിക്കാനും ഭൂമിക്ക് നിസ്സാരമായി കഴിയുമെന്നു കൂടിയാണ് അതിന്നർത്ഥം.** പ്രത്യക്ഷപ്പെടുന്നപോലെ മഴക്കാലത്ത് നീരൊഴുക്കിലും പറമ്പിലും കാണപ്പെടുന്ന മത്സ്യ സസ്യ പക്ഷി മൃഗങ്ങളും, പുതിയ ഇനങ്ങളും ഉദാഹരണമാണ്. 1989 - ൽ ഗ്രന്ഥകാരന്റെ കൺമുന്നിലിരുന്ന ഗ്ലാസ്സിലെ ജലത്തിൽ, ദൈവത്തിന്റെ 'മത്സ്യാവതാരമായി' വളരെ ചെറിയ ഒരു കരിമീൻ-കുഞ്ഞും, പക്ഷികളെപ്പോലെയുള്ള കുറെ ചെറു പ്രാണികളും പ്രത്യക്ഷപ്പെട്ടത് സ്വന്തം അനുഭവമാണ്. അത്ഭുത അനുഭവങ്ങൾ ഈയുള്ളവന് വേറെയും ഉണ്ട്; www.omsathyam.com/GodlyRevolution/MahaaVedam.pdf എന്ന ദിവ്യ മഹാഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ട്. മായാ-അനുഭവങ്ങൾ മറ്റനേകർക്കും തീർച്ചയായും ഉണ്ട്; ഉണ്ടെന്ന് ചിലരുടെ കാര്യത്തിൽ ഗ്രന്ഥകാരന് നേരിട്ടെന്ന പോലെ അറിയാം ! ജീവനില്ലാത്ത ജാലങ്ങളെന്ന് മനുഷ്യർ തെറ്റിദ്ധരിച്ചിട്ടുള്ള 'ഭൂമിയും അംശമായ മൂലകങ്ങളും അവയുടെ രൂപാന്തരമായ ശരീരങ്ങളും', പ്രത്യക്ഷമായി മായാജാലങ്ങളെ മഹാശാസ്ത്ര പ്രകാരം ചെയ്താണ് കുഞ്ഞുങ്ങളായ ആത്മാക്കളെയും അവർക്കു വേണ്ടി സൃഷ്ടിച്ചിട്ടുള്ള മഹാപ്രപഞ്ചത്തെയും പരിപാലിക്കുന്നത്.

വസ്തുക്കൾ പരസ്പരവും ഭൂമിയിലേക്കും ആകർഷിക്കുന്ന പ്രതിഭാസമാണ് ഭൂഗുരുത്വാകർഷണം (Gravitation) എന്നതിനപ്പുറം **ഭൂമി** അംശങ്ങളായ മൂലകങ്ങളെയും അവ കൊണ്ട് ജീവികൾക്കു നൽകുന്ന ശരീരങ്ങളെയും ജീവികളുടെ സ്വത്വമായ ആത്മാക്കൾക്കു വേണ്ടി ഭൂമിയിലേക്ക് ശാസ്ത്ര നിയമങ്ങളോടെ സാന്ദ്രത നൽകി ചേർത്തു നിർത്തുകയാണ്. ശരീരങ്ങളും മൂലകങ്ങളുമായ ഭൂമിയുടെ അംശങ്ങൾ കൊണ്ട് ജീവികൾക്ക് നിൽക്കാനും ഇരിക്കാനും കിടക്കാനും നടക്കാനും ഓടാനും തുടങ്ങി പ്രവൃത്തി ചെയ്യാൻ കഴിയുന്നത് ഭൂഗുരുത്വാകർഷണം എന്ന മഹാവാത്സല്യം കൊണ്ടാണ്. മൂലകങ്ങളുടെയും സംയുക്തങ്ങളുടെയും മിശ്രിതങ്ങളുടെയുമെല്ലാം മൊത്തവും സ്ഥൂലരൂപവുമായ **ഭൂമി**, മനുഷ്യൻ ഉൾപ്പെടെ എല്ലാ ജീവികൾക്കും, കൂടാതെ അവയുണ്ടാക്കുന്നതോ വഹിക്കുന്നതോ ആയിട്ടുള്ള എന്തിനും എല്ലായ്പ്പോഴും ശരണം നൽകുന്നുണ്ടെന്നു പറയുമ്പോൾ, ശൂന്യങ്ങൾ കൂടിയായ ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളെ ഒഴിവാക്കിയാൽ, ബാക്കിയെല്ലാം യഥാർത്ഥത്തിൽ മഹാശക്തിയായ ഭൂമിയുടെ മഹാരൂപത്തിന്റെ അംശങ്ങൾ മാത്രമാണ്. നിർജ്ജീവം പോലെ തോന്നുന്ന മണ്ണും കല്ലും മരവും ജലവും ഉൾപ്പെടെ എല്ലാ വസ്തുക്കൾക്കും ജീവികൾക്കും ഭൂമിയുടെ ഗുരുത്വാകർഷണം ഉണ്ടായില്ലെങ്കിൽ ചലിക്കാനോ മറ്റുള്ളവയെ ചലിപ്പിക്കാനോ എന്തെങ്കിലും പ്രവർത്തിക്കാനോ കഴിയില്ല.

സ്വയം ചുറ്റിയും സൂര്യനെ ചുറ്റിയും കാലത്തിന്റെ സ്രഷ്ടാവും കാലവും മഹാശക്തിയായ ഭൂമി തന്നെ ! ഭൂമി സ്വയം കറങ്ങി ക്കൊണ്ട് സൂര്യനെയും ചുറ്റുന്നതിലൂടെ 'ദിവസം, വർഷം' എന്നീ കാലഗണനകളെയും അവയുടെ അന്തമില്ലാത്ത പെരുക്കങ്ങളെയും; കൂടാതെ, ഭൂമിയുടെ ഭാഗമായ ചന്ദ്രനെ ക്കൊണ്ട് ഭൂമിയെ ചുറ്റിച്ച് 'മാസം' എന്ന കാലഘണനയെയും, മഹാപ്രപഞ്ചത്തെ മൊത്തമായി കറക്കി സൃഷ്ടിചക്രം, കാലചക്രം, മഹാകാലചക്രം തുടങ്ങിയവയും ഭൗതികമായ അസ്തിത്വത്തോടെ സൃഷ്ടിക്കുന്നുണ്ട്. വിശദവിവരങ്ങളെ കാലക്രമേണ ഭൂമി വെളിപ്പെടുത്തുന്നതാണ്. ദിവസം, വർഷം, മാസം തുടങ്ങിയ കാലഗണനകളെ വിഭജിച്ചും പെരുക്കിയും ഇന്ന് വ്യത്യസ്ത പ്രദേശങ്ങളിൽ ഉള്ളതുപോലെ അനവധി കാലഗണനകളെ മനുഷ്യർക്ക് നിർമ്മിക്കാൻ കഴിയുമെങ്കിലും ആധാരം ഭൂമിയുടെ സ്വന്തമായ കറങ്ങലും കറക്കലുമാണ്.

ഭൂമിയുടെ അംശമായ മൂലകങ്ങളിലും അവ കൊണ്ട് ഉണ്ടാക്കിയിട്ടുള്ള ശരീരത്തിലും ലയിച്ചിട്ടുള്ള 'ശക്തികളും, ആനന്ദങ്ങളും, ദൈവത്തിന്റെ മഹാജ്ഞാന ഓഹരിയായ മഹാശാസ്ത്രവും', കുഞ്ഞുങ്ങളായ ആത്മാക്കളിൽ ലയിപ്പിച്ചിരിക്കുന്ന അന്യോന്യ-ആനന്ദങ്ങളും, പ്രകാരമാണ് മനുഷ്യൻ ഉൾപ്പെടെയുള്ള എല്ലാ ജീവികളും ജീവിക്കുന്നത്. ജീവികളുടെ ശരീര നിർമ്മാണത്തിന് ഉപയോഗിക്കാത്ത വസ്തുക്കളുടെ കാര്യത്തിൽ, അവയെല്ലാം, ജീവികളുടെ, പ്രത്യേകിച്ചും മനുഷ്യരുടെ വസ്ത്രം, വീട്, ഉപകരണങ്ങൾ, കാർ ബസ് ലോറി ട്രെയിൻ വള്ളം കപ്പൽ വിമാനം .. വാഹനങ്ങൾ, ടെലിവിഷൻ, കമ്പ്യൂട്ടർ, ഫോൺ തുടങ്ങിയവ കൊണ്ടുള്ള ആനന്ദ ജീവിതത്തിന് അത്യാവശ്യമായവ മാത്രമാണ്. ഭൂമിയെന്ന മഹാരൂപം മൂലകങ്ങളുടെ മഹാകലവറ കൂടിയാണ്; മൂലകങ്ങൾ നൽകുന്ന ശക്തികളും ജ്ഞാനവും കൊണ്ടാണ് ആത്മാക്കൾക്ക് മൂലകങ്ങളെ ഉപയോഗിച്ച് ഉല്പന്നങ്ങളെ നിർമ്മിക്കാൻ കഴിയുന്നത്. ഉല്പന്നങ്ങളുടെ നിർമ്മാണത്തിലും 'ജലവും ഓക്സിജനും' വഴിയും വഴികാട്ടിയുമായി മാറുന്നുമുണ്ട്.

## ഭൂമി, മഹാശക്തിയാണെന്ന് മഹാശാസ്ത്രപരമായി തെളിയിക്കുന്നു.

ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയാണ് ദൈവം; സൃഷ്ടികൾക്കു വേണ്ടി അനന്തമായ ആനന്ദങ്ങളെ സൃഷ്ടിക്കാനും പരിപാലിക്കാനും മഹാശക്തിയായ ദൈവത്തിനു മാത്രമേ കഴിയൂ. അനന്തതയോടെ ഏതൊന്നും നൽകാൻ ആദിയും അന്തവും ഇല്ലാത്ത മഹാശക്തിക്കു മാത്രമേ കഴിയൂ എന്നതിൽ നിന്നും ഭൂമി മഹാശക്തിയാണെന്ന് തെളിയുന്നുണ്ട്. മഹാശക്തി എന്നത് ദൈവത്തിന്റെ മഹാശാസ്ത്ര നാമവും ആണ്. ശക്തി, ജ്ഞാനം, ആനന്ദം തുടങ്ങിയവയുടെ ഭൗതിക അസ്തിത്വങ്ങൾ ആണ് മൂലകങ്ങൾ എന്നും, മൂലകങ്ങളുടെ മഹാഭീമ രൂപമായ ഭൂമിയും, സൂക്ഷ്മ രൂപമായ ആറ്റങ്ങളും 'മഹാശക്തിയും അംശങ്ങളും' ആണെന്നും തെളിയുന്നുണ്ട്. കുഞ്ഞുങ്ങൾക്ക് സമ്പൂർണ്ണ സ്വാതന്ത്ര്യം ലഭിക്കണമെങ്കിൽ ദൈവ സാന്നിധ്യം അല്പം ഗൂഢമാവണം തുടങ്ങിയവയും ഭൂമിക്കു ചേരുന്നുണ്ട്.

ഇതിനെല്ലാം പുറമേ, ആനന്ദങ്ങൾ ഉൾപ്പെടെ സർവ്വത്തിനും അതീതമാണ് ആനന്ദങ്ങളെയും സൃഷ്ടിക്കുന്ന ദൈവം എന്ന മഹാവിശേഷണവും ഭൂമിക്കു ചേരുന്നുണ്ട്; ലഭ്യമായ ചരിത്രം സാക്ഷ്യപ്പെടുത്തുന്നുണ്ട്. കുഞ്ഞുങ്ങളായി ജീവികളെ കരുതിയും, കുഞ്ഞുങ്ങൾക്കു വേണ്ടി മഹാദാസ്യത്തെയും മഹാവാത്സല്യത്തെയും സ്വന്തം ദൈവ-ആനന്ദങ്ങളായി സ്വീകരിച്ചും സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുവാൻ മഹാശക്തിയായ ദൈവത്തിനു മാത്രമേ കഴിയൂ; തുടങ്ങിയ ദൈവ കാര്യങ്ങളെ, മനുഷ്യർക്കു ലഭ്യമായ വിശേഷ ബുദ്ധി കൊണ്ട് വിശകലനം ചെയ്യുകയാണെങ്കിൽ എല്ലാ ജീവികൾക്കും ഏകമഹാശരണമായ **ഭൂമി** ആനന്ദങ്ങൾക്കെല്ലാം അതീതവും മഹാശക്തിയുമായ ദൈവം തന്നെയാണെന്ന് മനസ്സിലാക്കാൻ കഴിയുന്നതാണ്. മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രം വിശകലനം ചെയ്താൽ, മനുഷ്യർ ഉൾപ്പെടെയുള്ള എല്ലാ സൃഷ്ടികൾക്കും സമ്പൂർണ്ണമായ സ്വാതന്ത്ര്യവും സമആനന്ദം എന്ന മഹാസമനീതിയും ഭൂമി ലഭ്യമാക്കുന്നത് മനസ്സിലാക്കാം.

### മഹാശക്തിയായ ദൈവത്തിന് അവശ്യം ഉണ്ടായിരിക്കേണ്ട ശക്തികൾ എന്തൊക്കെയാണെന്ന് സ്വയം വിശകലനം ചെയ്യാൻ വിശേഷ ബുദ്ധി നൽകുന്ന ഭൂമിയോടും അംശമായ മൂലകങ്ങളോടും രൂപാന്തരമായ ശരീരത്തോടും, മനുഷ്യജീവിയുടെ സ്വത്വമായ ആത്മാവിന് ബാദ്ധ്യതയുണ്ട്.

ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയാവണം ദൈവം; ദൈവം സൃഷ്ടിക്കുന്ന പ്രപഞ്ചം ഉൾപ്പെടെ പരിധികളും പരിമിതികളും ഇല്ലാതെ ഏതൊരു രൂപത്തിനും അതീതം ആയിരിക്കുകയും അതോടൊപ്പം സൃഷ്ടിയായ ജീവി, പുരുഷൻ, സ്ത്രീ, കല്ലും കടുകും ഉൾപ്പെടെയുള്ള വസ്തുക്കൾ എന്നിങ്ങനെ ഏതൊരു രൂപത്തെയും സ്വീകരിക്കാനും ദൈവത്തിനു കഴിയണം. അനന്തമായ ശക്തികളെയും ശാസ്ത്രങ്ങളെയും സൃഷ്ടിക്കാനുള്ള കഴിവ് ഉണ്ടായിരിക്കണം; അനന്തമായ ആനന്ദങ്ങളെ സൃഷ്ടിക്കാനും സൃഷ്ടികളായ ജീവികൾക്കു നൽകാനുമുള്ള കഴിവ് ഉണ്ടായിരിക്കുകയും അതോടൊപ്പം ആനന്ദങ്ങൾക്കെല്ലാം അതീതവുമായിരിക്കണം; മഹാശക്തിയായ ദൈവം സൃഷ്ടിക്കുന്ന യാതൊന്നിലും കുറ്റങ്ങളും കുറവുകളും ഉണ്ടാകാൻ പാടില്ലെന്നു മാത്രമല്ല; അപ്രകാരം സംരക്ഷിക്കാനും മഹാശക്തിയായ ദൈവത്തിനു കഴിയണം.

സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തെയും മഹാസമനീതിയെയും എല്ലാ സൃഷ്ടികൾക്കും എക്കാലവും നൽകാനുള്ള കഴിവ് മഹാശക്തിയായ ദൈവത്തിന് ഉണ്ടായിരിക്കണം, നൽകുകയും വേണം; കാലത്തെ സൃഷ്ടിക്കാനും പരിപാലിക്കാനും കഴിയണം.

ഭൂമിയുടെ സൂക്ഷ്മ അംശങ്ങളായ ആറ്റങ്ങളും മഹാശക്തി ആണെന്ന് അണുശക്തി പാഠങ്ങൾ വ്യക്തമാക്കുന്നുണ്ട്. മനുഷ്യന്റെ ആത്മാവിന് വിശേഷ ബുദ്ധിയും അനന്തമായ ശക്തികളും ജ്ഞാനവും ആനന്ദങ്ങളുമെല്ലാം ലഭിച്ചിട്ടുള്ളത് ഭൂമിയിൽവച്ചും, ശരീരം ഉൾപ്പെടെയുള്ള ഭൂമിയുടെ അംശമായ മൂലകങ്ങളിൽ നിന്നും മാത്രമാണ്. ഉദാഹരണത്തിന്, ജീവികളുടെയെല്ലാം അടിസ്ഥാന ആവശ്യങ്ങളായ ഓക്സിജനും ജലവും ഭക്ഷണവും ചൂടും തണുപ്പും ഇരുട്ടും വെളിച്ചവും കാറ്റും ഉൾപ്പെടെ സർവ്വവും ജീവിതകാലം മുഴുവൻ നൽകുന്നത് ഭൂമിയാണ്. സൂര്യനിൽ നിന്നുമാണ് ചൂടും വെളിച്ചവും കിട്ടുന്നത് എന്നു കരുതുന്നവർ ആരും തന്നെ സൂര്യനിൽ പോയി കൊണ്ടുവരുന്നില്ല. കുഞ്ഞുങ്ങളായ ജീവികൾക്ക് ഏകമഹാശരണം നൽകുന്ന ഭൂമി, ചൂടും വെളിച്ചവും മറ്റും കുഞ്ഞുങ്ങൾക്ക് ലഭ്യമാക്കാൻ സൂര്യനെയും ചന്ദ്രനെയും സൃഷ്ടിച്ചിരിക്കുന്നതും പരിപാലിക്കുന്നതും വിശേഷബുദ്ധി കൊണ്ട് മനസ്സിലാക്കാം.

മൂലകങ്ങൾക്കും (ശരീരങ്ങൾക്കും) അവയുടെ മൊത്തമായ ഭൂമിക്കും 'ജീവനും സ്വത്വവും' ഉണ്ട്. അത് മനസ്സിലാക്കാൻ കഴിയുന്ന വിശേഷ ബുദ്ധി ലഭിച്ചെങ്കിലും മനുഷ്യർ വേണ്ടത്ര പ്രയോജനപ്പെടുത്തിയില്ല; മനുഷ്യർ ഉചിതമായി ശ്രദ്ധിച്ചില്ല. സൃഷ്ടിപരമായ വിധി, സ്ഥിതി പരമായ വിധി, മനുഷ്യരുടെ ധാർമ്മികമായ യോഗ്യത, തുടങ്ങിയവ ശാസ്ത്രപാഠങ്ങളുടെ അവതരണത്തെ ബാധിക്കുകയും ചെയ്തു.

മൂലകങ്ങൾക്ക് ജീവൻ ഉണ്ടെന്നു മനസ്സിലാക്കാൻ ആധുനിക കാലഘട്ടത്തിൽ വളരെ എളുപ്പമാണ് : ജീവികളുടെയല്ലാം ശരീരവും ശവശരീരവും, കല്ലും മണ്ണും ഭക്ഷണവും മരുന്നുകളും, ഉൾപ്പെടെ ഭൂമിയിലുള്ള എല്ലാ വസ്തുക്കളും അതിസൂക്ഷ്മമായ പ്രോട്ടോൺ ഇലക്ട്രോൺ ന്യൂട്രോൺ ക്വാർക്കുകൾ തുടങ്ങിയ ഘടകങ്ങളുടെ എണ്ണം, അടുക്ക്, വിന്യാസം എന്നിവയെ വ്യത്യാസപ്പെടുത്തി രൂപപ്പെട്ടതും, 'അനന്തമാക്കാൻ കഴിയുന്നതുമായ ആറ്റങ്ങൾ' കൊണ്ടും, അവയുടെ ചെറുകൂട്ടമായ തന്മാത്രകൾ കൊണ്ടും, തന്മാത്രകളുടെ സംയോജനമായ ഏറെക്കുറെ 100-120 മൂലകങ്ങൾ' ചേർന്നും ഉണ്ടായിട്ടുള്ളതാണ്. എല്ലാ മൂലകങ്ങളുടെയും സൂക്ഷ്മ രൂപം ആറ്റം ആണ്. ആറ്റങ്ങളുടെ ഉള്ളിലെ ഘടകങ്ങളുടെ എണ്ണത്തിലും അടുക്കിലും വിന്യാസത്തിലുമുള്ള വ്യത്യാസങ്ങളാണ് നിറം, മണം, രുചി, അനവധി ഗുണങ്ങളും ആനന്ദങ്ങളും, തുടങ്ങിയ ശക്തികളുടെ രൂപാന്തരങ്ങളായ അനവധി മൂലകങ്ങളായി മാറിയിട്ടുള്ളത്. ഭൂമിയിലെ എല്ലാ മൂലകങ്ങളും അവ ചേർന്ന വസ്തുക്കളും അനന്തമായ ആനന്ദങ്ങളെ നൽകുന്ന ഉല്പന്നങ്ങളും, മൂലകങ്ങളുടെ അളവും എണ്ണവും മറ്റും വ്യത്യാസപ്പെടുത്തി ക്കൊണ്ട് വ്യത്യസ്ത ധർമ്മ വ്യവസ്ഥകളോടെ ഉണ്ടായിട്ടുള്ള എല്ലാ ജീവികളുടെയും ശരീരങ്ങളും ആറ്റങ്ങളാണ്. ആറ്റങ്ങളിലെ പ്രോട്ടോണുകളെ ഇലക്ട്രോണുകൾ സദാ ചുറ്റുന്ന ശക്തി-പ്രവർത്തനത്തിൽ നിന്ന് ആറ്റത്തിനുള്ളിൽ 'എപ്പോഴും ജീവൻ അഥവാ ശക്തി' ഉണ്ടെന്നു തെളിയുന്നു. യുറേനിയം പ്ലൂട്ടോണിയം തുടങ്ങിയ മൂലകങ്ങളുടെ ആറ്റങ്ങളിലെ ശക്തികളെ അണുബോംബ്, അണുവൈദ്യുതി തുടങ്ങിയവയായി മനുഷ്യർ അറിയുന്നതും ഉപയോഗിക്കുന്നതും അവയിലെ മഹാശക്തികളെ വിശേഷ ബുദ്ധി കൊണ്ട് മനസ്സിലാക്കാൻ കഴിയുന്നതു കൊണ്ടാണ്.

**എല്ലാ മൂലകങ്ങളുടെയും ആറ്റങ്ങളിലെ അതിസൂക്ഷ്മ ഘടകങ്ങളുടെ പ്രവർത്തനം കൊണ്ടാണ് മൂലകങ്ങളിൽ വ്യത്യസ്ത ഗുണങ്ങളാകുന്ന മഹാശക്തികൾ ഉള്ളത്. അവയൊന്നും വെറുതെ ഉണ്ടാകുന്നതല്ല.** കുഞ്ഞുങ്ങളായ ജീവികൾക്കു വേണ്ടി ഭൂമി സ്വന്തം അംശങ്ങളിൽ ഒരുക്കിയിട്ടുള്ള സംവിധാനങ്ങളാണവ. കാലാനുസൃതമായും മഹാഉചിതമായും മൂലകങ്ങളിലെ ശക്തികളെയും ശാസ്ത്രങ്ങളെയും ആനന്ദങ്ങളെയും ഭൂമി വെളിപ്പെടുത്തുകയും ചെയ്യുന്നു. ഭൂമിയുടെ അംശവും മൂലകങ്ങളുമായ വസ്തുക്കളിലും അവയുടെ രൂപാന്തരമായ ജീവികളുടെ ശരീരങ്ങളിലും, ശവങ്ങളിലും, ഭൂമിയുടെ ഭ്രമണം കൊണ്ടുള്ള കാലങ്ങളുടെ സൃഷ്ടിയിലുമെല്ലാം സംഭവിക്കുന്ന എല്ലാ പ്രവർത്തനങ്ങളും മൂലകങ്ങളെയും സംയുക്തങ്ങളെയും അവയിലെ ഗുണങ്ങളുമായ ശക്തികളെയും ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങളെയും ആശ്രയിച്ചിരിക്കുമ്പോൾ; പ്രസ്തുത ആശ്രയമെന്നത് മൂലകങ്ങളുടെ ആറ്റങ്ങൾക്കുള്ളിലെ പ്രോട്ടോണുകളെ ഇലക്ട്രോണുകൾ സദാ ചുറ്റുന്ന ശക്തി-പ്രവർത്തനവുമായി ബന്ധപ്പെട്ടിരിക്കുകയാണ്. വിശേഷ ബുദ്ധി കൊണ്ടു മനസ്സിലാക്കാൻ കഴിയുന്ന വസ്തുതയാണത്.

**അനന്തമായ ആനന്ദങ്ങളും ഗുണങ്ങളുമാകുന്ന ശക്തികളുടെ സൃഷ്ടി അഥവാ ഉല്പാദനം നടത്തുന്ന യന്ത്രങ്ങൾ ഭൗതികമായി എവിടെയാണ് പ്രവർത്തിക്കുന്നതെന്ന് ചൂണ്ടിക്കാട്ടുകയാണു മുകളിൽ ചെയ്തത്. ശക്തികളുടെ പരിണാമം എന്നതിനു പകരം സൃഷ്ടി എന്ന പദത്തെ ഉപയോഗിക്കാനുള്ള കാരണം വിശദീകരിക്കുന്നതിനു മുമ്പ് പ്രോട്ടോണുകളെ ഇലക്ട്രോണുകൾ ചുറ്റുന്നതിനെപ്പറ്റി ആദ്യം പറയാം. ചുറ്റുന്നതിനെ എന്തെല്ലാം എങ്ങനെയെല്ലാം സ്വാധീനിക്കുന്നു, ബന്ധപ്പെട്ടിരിക്കുന്നു, ഗുണങ്ങൾ, സമയം, തുടങ്ങിയ വിശദീകരണം തേടാനും നേടാനും സൂക്ഷ്മമായ ആറ്റങ്ങളുടെ ഉള്ളിലെ അതിസൂക്ഷ്മമായ അവസ്ഥകളും, വിഷയ കാഠിന്യവും തടസ്സമാണ്. ഭൂമിയുടെ അംശമായ മൂലകങ്ങളുടെ സൂക്ഷ്മ ഘടകമായ ആറ്റങ്ങളിൽ പ്രോട്ടോണുകളെ ഇലക്ട്രോണുകൾ സദാ ചുറ്റുന്ന ശക്തി പ്രവർത്തനം നടന്നു കൊണ്ടിരിക്കുന്നു എന്ന് ആധുനിക കാലത്തെ മനുഷ്യർക്ക് കുറെയൊക്കെ അറിയാം; വിശദമായി അറിയുകയുമില്ല. സ്ഥൂലരൂപമായ മൂലകങ്ങളുടെ ശക്തികളെ പ്പറ്റിയും പ്രവർത്തനങ്ങളെ പ്പറ്റിയും ഇന്നും തുച്ഛമായ അറിവാണ് ജനങ്ങൾക്കുള്ളത്. അലസത മനുഷ്യരിൽ വ്യാപകമാണ്. മഹാനീതിശാസ്ത്രവുമായി ബന്ധപ്പെട്ട കാര്യങ്ങളെ അതിസൂക്ഷ്മമായി സംരക്ഷിക്കാൻ ഭൂമി തയ്യാറാകേണ്ടത് മനുഷ്യർക്കു വേണ്ടി ത്തന്നെയാണെന്ന് വിശേഷ ബുദ്ധി കൊണ്ട് മനസ്സിലാക്കാനും കഴിയും.**

**പ്രപഞ്ചത്തിലെ സർവ്വ ആറ്റങ്ങളിലെയും പ്രോട്ടോണുകളെ ഇലക്ട്രോണുകൾ എല്ലായ്പ്പോഴും ചുറ്റുന്നത് എവിടെ നിന്നും ലഭിക്കുന്ന ശക്തി കൊണ്ടാണെന്ന് മഹാശാസ്ത്ര പരമായി വിശദീകരിക്കുന്നു :-**

**ശക്തിയെ പരിണമിപ്പിക്കാനേ കഴിയൂ; സൃഷ്ടിക്കാൻ കഴിയില്ലെന്ന് ഭൗതിക ശാസ്ത്രജ്ഞന്മാർ പറയുമ്പോൾ, ആറ്റങ്ങളുടെ ഉള്ളിൽ പരിണാമം സംഭവിക്കാൻ മറ്റൊരു ശക്തി ഇല്ലാതിരിക്കുകയും, പ്രോട്ടോണുകളെ ഇലക്ട്രോണുകൾ എല്ലായ്പ്പോഴും ചുറ്റുകയുമാണ്. പ്രപഞ്ചത്തിലെ സർവ്വ ആറ്റങ്ങളിലും ഈ മഹാപ്രതിഭാസം സദാ സംഭവിച്ചു കൊണ്ടിരിക്കുകയാണ് !?! സ്പ്രിംഗ് ഉൾപ്പെടെ യന്ത്രങ്ങൾ നിരന്തരം പ്രവർത്തിക്കാൻ തുടരെ ശക്തി ലഭിക്കണം. പെട്രോൾ, ഡീസൽ തുടങ്ങിയ ഇന്ധനങ്ങൾ തീരുമ്പോൾ വാഹനം നിന്നു പോകും. ഇലക്ട്രിക് സ്വിച്ച് ഓഫാക്കിയാൽ ബൾബ്, ടെലിവിഷൻ, യന്ത്രങ്ങൾ തുടങ്ങിയവയുടെ പ്രവർത്തനം നിൽക്കും. ബാറ്ററി ചാർജ്ജ് തീർന്നാൽ മൊബൈൽ ഫോൺ ഓഫാകും. അങ്ങനെയിരിക്കെ, പ്രവർത്തിക്കുന്നതും പ്രവർത്തിക്കാത്തതുമായ യന്ത്രങ്ങളുടെയും, ജീവിക്കുന്ന മനുഷ്യന്റെയും ശവത്തിന്റെയും ഉൾപ്പെടെ ഭൂമിയിലെ മുഴുവൻ മൂലകങ്ങളുടെയും സൂക്ഷ്മ രൂപമായ എല്ലാ ആറ്റങ്ങളിലെയും പ്രോട്ടോണുകളെ ഇലക്ട്രോണുകൾ എല്ലായ്പ്പോഴും ചുറ്റുന്നതിലെ ശക്തി സംവിധാനങ്ങളെ മഹാശാസ്ത്ര പരമായി വിശദീകരിക്കാൻ കഴിയണം; തീർച്ചയായും കഴിയും :-**

ഭൂമിയിലെ എല്ലാ വസ്തുക്കളും - സർവ്വവും - ആറ്റങ്ങൾ കൊണ്ട് ഉണ്ടായവയാണ് എന്നതിനെ വീണ്ടും മഹാശാസ്ത്ര പരമായി വിശകലനം ചെയ്യാനുള്ള വിശേഷ ബുദ്ധിയും ശക്തികളും മനുഷ്യരുടെ സ്വത്വമായ ആത്മാക്കളിൽ വലിയൊരു വിഭാഗത്തിനു ലഭിക്കുന്നുണ്ട് :- ഫാനുകളും യന്ത്രങ്ങളും മറ്റും ചുറ്റുമ്പോൾ ശബ്ദം ഉണ്ടാകുന്നത് കേട്ടും അനുഭവിച്ചും ജീവിക്കുന്ന മനുഷ്യർക്ക്, മൂലകങ്ങളുടെ സൂക്ഷ്മ അംശങ്ങളായ ആറ്റങ്ങളിലുള്ള അതിസൂക്ഷ്മമായ പ്രോട്ടോണുകളെ ഇലക്ട്രോണുകൾ ചുറ്റുമ്പോൾ മഹാസൂക്ഷ്മമായ ശബ്ദം ഉണ്ടാകുന്നുണ്ടെന്നും ഗ്രഹിക്കാൻ കഴിയും. നിരന്തരം ചുറ്റുമ്പോൾ ശബ്ദവും തുടർച്ചയായി ഉണ്ടാകുമെന്ന് കരുതാനാകും. ഫാനുകളും യന്ത്രങ്ങളും മറ്റും ചുറ്റുമ്പോൾ ശബ്ദം ഉണ്ടാകില്ലെന്നും ശബ്ദം എന്നൊന്നില്ലെന്നുമാണ് അവസ്ഥയെങ്കിൽ, അതും മഹാശാസ്ത്ര പരമാണ്. അതായത് പ്രവൃത്തികളുടെ ഭാഗമായി ശബ്ദത്തെ കരുതാൻ കഴിയില്ല. ഊമകൾക്ക് ശബ്ദം പുറപ്പെടുവിക്കാനും, ബധിരർക്ക് ശബ്ദം കേൾക്കാനും കഴിയാത്തത് ഉദാഹരണമാണ്.

ആകാശമാകുന്ന മഹാശൂന്യതയുടെ 'മഹാസൂക്ഷ്മ അംശം', പ്രോട്ടോൺ, ഇലക്ട്രോൺ, ന്യൂട്രോൺ, ക്വാർക്കുകൾ തുടങ്ങിയവയെ ചേർത്തു വെയ്ക്കുമ്പോൾ പ്രപഞ്ചത്തിന്റെ 'മഹാസൂക്ഷ്മ മൂലമായ' ആറ്റമായി. ആറ്റങ്ങളെയെല്ലാം മഹാസൂക്ഷ്മങ്ങളായ ശക്തി കേന്ദ്രങ്ങളായി മാറ്റണമെങ്കിൽ ആറ്റങ്ങളുടെ സൃഷ്ടി മുതൽ തുടർന്നു കൊണ്ടിരിക്കുന്ന പ്രവൃത്തി ആറ്റങ്ങളിൽ ഒരുക്കണം. ആറ്റങ്ങളുടെ ഉള്ളിലെ (ആകാശമാകുന്ന മഹാശൂന്യതയുടെ) 'സൂക്ഷ്മ അംശത്തിലൂടെ', പ്രോട്ടോണുകളെ ഇലക്ട്രോണുകൾ നിരന്തരം ചുറ്റുമ്പോൾ ആറ്റങ്ങളെല്ലാം മഹാസൂക്ഷ്മങ്ങളായ ശക്തി കേന്ദ്രങ്ങളായി മാറുന്നതാണ്. നിരന്തരം ചുറ്റാനുള്ള ശക്തി ലഭിക്കേണ്ടതുമുണ്ട്! ശക്തികൾക്കെല്ലാം അതീതമായ മഹാസത്യവും 'ബ്രഹ്മം' എന്ന മഹാനാമവുമുള്ള ദൈവത്തിന്റെ മഹാപ്രഭാവം മഹാപ്രതിഭാസത്തെ സൃഷ്ടിക്കുന്നതാണ് അടുത്ത ഘട്ടം.

ഓം എന്ന മഹാശബ്ദമായിട്ട് 'മഹാസത്യവും ബ്രഹ്മവുമായ ദൈവം' എല്ലാ ആറ്റങ്ങളിലെയും പ്രോട്ടോണുകളോടു ചേർന്ന് ഓരോ പ്രോട്ടോണിനെയും; ഫലത്തിൽ ഓരോ ആറ്റത്തെയും, മഹാശക്തിയായ ദൈവത്തിന്റെ മഹാസൂക്ഷ്മമായ അംശമാക്കി മാറ്റുന്നു. ഓം പ്രഭാവം കൊണ്ട് പ്രോട്ടോണുകളെ ഇലക്ട്രോണുകൾ നിരന്തരം ചുറ്റുന്നു. **ചുറ്റൽ തുടരുമ്പോൾ മഹാസൂക്ഷ്മമായി ശബ്ദബ്രഹ്മമായ ഓം ധ്വനിച്ചുകൊണ്ടിരിക്കും; ഇലക്ട്രോണുകളുടെ കറക്കംകൊണ്ട് ശബ്ദം ഉണ്ടാകുന്ന പ്രതീതിയും സൃഷ്ടിക്കപ്പെടും.** **സൃഷ്ടി പരമായി 'ഭൂമിയുടെ മഹാസൂക്ഷ്മ ശക്തികേന്ദ്രങ്ങളായ എല്ലാ ആറ്റങ്ങളിലും' സംഭവിക്കുന്ന മഹാപ്രതിഭാസമാണിത്. മഹാശാസ്ത്ര-മൂലമായ മഹാനിയമത്തിന്റെ മഹാസൃഷ്ടി കൂടിയാണ് സംഭവിക്കുന്നത്. പ്രോട്ടോണുകളെ ഇലക്ട്രോണുകൾ ചുറ്റുമ്പോൾ ശബ്ദം ഉണ്ടാകുമെന്ന മഹാശാസ്ത്ര നിയമത്തെ സൃഷ്ടിച്ചു കൊണ്ട് 'മഹാസത്യമായ ബ്രഹ്മം' മഹാപ്രപഞ്ചത്തിലേക്കു പ്രവേശിക്കുന്ന മഹാഅത്ഭുതം കൂടിയാണ് യഥാർത്ഥത്തിൽ സംഭവിക്കുന്നത്. യന്ത്രങ്ങൾ ചുറ്റുമ്പോഴെന്ന പോലെ പ്രവൃത്തി നടക്കുമ്പോൾ ശബ്ദമുണ്ടാകുമെന്നത് സ്ഥിതിപരമായ തുടർച്ച മാത്രമാണ്.**

മഹാശബ്ദം കൂടിയായ ഓം ശക്തിയല്ല; സർവ്വത്തിനും അതീതവും മഹാസത്യവുമായ ബ്രഹ്മം ശബ്ദമായിക്കൂടി മാറുകയാണ്; ശക്തികൾ ഉൾപ്പെടെ എന്തും സൃഷ്ടിക്കാൻ കഴിയുന്ന മഹാപ്രതിഭാസമാണ്. അതുകൊണ്ടുതന്നെ ആറ്റത്തിനുള്ളിൽ ഉൾപ്പെടെ എങ്ങനെ / എന്ത് / എന്തെല്ലാം പ്രവർത്തിക്കണമെന്ന് ശബ്ദബ്രഹ്മം കുടിയായ ഓം ആണ് നിശ്ചയിക്കുന്നത്. പെട്രോൾ, ഡീസൽ, ചൂട്, വൈദ്യുതി തുടങ്ങിയവ പോലെ ഉപയോഗിക്കുന്നതനുസരിച്ച് കുറയുകയോ തീരുകയോ പരിണമിക്കുകയോ ചെയ്യുന്ന ശക്തിയല്ല ഓം. മൂലകങ്ങളും അവയുടെ രൂപാന്തരമായ ശരീരങ്ങളും മൊത്തമായ ഭൂമിയും ചലിക്കണമോ, സ്തംഭിച്ചു നിൽക്കണമോ, പ്രവർത്തിക്കണമോ എന്നെല്ലാം ഓം എന്ന മഹാശബ്ദത്തിലൂടെ ബ്രഹ്മം നിശ്ചയിക്കുന്നതാണ്.

പ്രോട്ടോണുകളും ഇലക്ട്രോണുകളും ആറ്റത്തിലെ മറ്റു ഘടകങ്ങളുമായി ഏറെക്കുറെ 100 (120) മൂലകങ്ങളും സംയുക്തങ്ങളും അവയുടെ മൊത്തമായ ഭൂമിയുമായി മഹാശക്തിയായ ദൈവം അവതരിച്ചിട്ടുള്ളതിന്റെ അനുബന്ധമായിട്ട്, ആറ്റങ്ങളിലെ മഹാസൂക്ഷ്മമായ ശബ്ദത്തിൽ നിന്ന് അനന്തമായ മറ്റു ശബ്ദങ്ങളും സംഗീതവും ഭാഷകളുമെല്ലാം സ്ഥിതിപരമായി ഉണ്ടാകുന്നതിനെ മനസ്സിലാക്കാൻ കഴിയും. മഹാസൂക്ഷ്മ ശബ്ദത്തെ ശാസ്ത്ര പരമായി ബോദ്ധ്യപ്പെടുത്താനും മഹാപദ്ധതി ഉണ്ടാകുമെന്നും, മഹാഉചിതമായ സമയം കൂടി നിശ്ചയിച്ചിട്ടുണ്ടാകുമെന്നും ഉറപ്പാണ്. OM.pdf, Aanandham.pdf, SupremeJusticeGOD.pdf, Man.pdf തുടങ്ങിയ ദിവ്യ മഹാവേദഗ്രന്ഥങ്ങളിൽ മഹാശാസ്ത്ര മൂലം, സൃഷ്ടി മന്ത്രം, ആദിവചനം, സംഹാര കാഹളം, ശബ്ദ ബ്രഹ്മം, അക്ഷരബ്രഹ്മം, മഹാസംഗീതം, സർവ്വദേശ ഭൂമിഗാനം, ദൈവവിപ്ലവ ഗാനം, മഹാദേവിയുടെ മഹാചിരി, ശക്തിശിവൻ പ്രണയമന്ത്രം, ഏകമഹാശബ്ദം, മഹാസൂക്ഷ്മ ശബ്ദം, തുടങ്ങിയവയായ ഓം ആറ്റങ്ങളിൽ പ്രവേശിച്ചിരിക്കുന്നതിനെയും; ഓം, ഓംകാരം, ഓംകാര നീതിശാസ്ത്രം എന്നിവയും മറ്റും ദൈവത്തിന്റെ ആദിയും അന്തവും ഇല്ലാത്ത മഹാജ്ഞാനത്തിന്റെ ഓഹരിയായ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം പ്രകാരം വിശദീകരിച്ചിട്ടുണ്ട്.

ആറ്റങ്ങളുടെ ഉള്ളിലെ ഘടകങ്ങളുടെ എണ്ണം, ഘടന, വിന്യാസം തുടങ്ങിയവ കൊണ്ട് വ്യത്യസ്തമായിരിക്കുന്ന എല്ലാ മൂലകങ്ങളുടെയും ആറ്റങ്ങളിൽ ശബ്ദബ്രഹ്മം പ്രവേശിച്ചിരിക്കുകയാൽ എല്ലാ 'ആറ്റങ്ങളും മൂലകങ്ങളും' അന്തമില്ലാത്തതായി സൃഷ്ടിക്കപ്പെട്ട മഹാശക്തികൾ തന്നെയാണ്. ആവിധ മഹാകാര്യങ്ങൾ നിസ്സാരമായി പ്രകടമായാൽ അവിവേകികളായ മനുഷ്യർ നിമിത്തം ഭൂമിയിലെ എല്ലാ ജീവികളുടെയും ജീവിതം തടസ്സപ്പെടുന്നതാണ്. ദൈവത്തിന്റെ സൃഷ്ടികളും കുഞ്ഞുങ്ങളുമായി ആത്മാക്കളെ സൃഷ്ടിക്കുന്നതിനു മുമ്പ്, കുഞ്ഞുങ്ങൾക്ക് സ്വാതന്ത്ര്യത്തോടെ ആനന്ദിച്ചു ജീവിക്കാൻ ആവശ്യമായ സർവ്വതും ഒരുക്കാനായിട്ട് മഹാശക്തിയായ ഭൂമിയായിട്ട് സ്വയം അവതരിക്കുവാൻ സർവ്വത്തിനും അതീതവും മഹാസത്യവുമായ ദൈവം തയ്യാറാകുന്നതിന്റെ ഭാഗങ്ങളാണ് മഹാശൂന്യതയും സൃഷ്ടി സ്ഥിതി സംഹാര പാത്രവും പരമാത്മാവും മഹാപിതാവും കൂടിയായ ആകാശം; പ്രോട്ടോൺ ഇലക്ട്രോൺ ന്യൂട്രോൺ ക്വാർക്കുകൾ തുടങ്ങിയവയെന്ന് 'മഹാസത്യവും ബ്രഹ്മവുമായ ദൈവം' എന്ന അടുത്തൊരു അദ്ധ്യായത്തിൽ വിശദീകരിക്കുന്നുണ്ട്.

മൂലകങ്ങളുടെ മൊത്തമായ ഭൂമി, മണിക്കൂറിൽ 1000 മൈൽ വേഗതയിൽ സ്വയം കറങ്ങിയും അക്കൂടെ മണിക്കൂറിൽ 67000 മൈൽ വേഗതയിൽ സൂര്യനെ ചുറ്റിയും കാലഗണനകളെ സൃഷ്ടിക്കുകയും ജീവികളുടെ ജീവിതത്തെ കൂടുതൽ ഭദ്രപ്പെടുത്തുകയും ചെയ്യുന്നതിൽ നിന്നും മറ്റും മഹാശക്തിയാണു ഭൂമിയെന്നും; പ്രസ്തുത ചലനം ഉൾപ്പെടെ ഭൂമി ചെയ്യുന്ന സർവ്വത്തിനും മൂലം ആറ്റങ്ങളിലെ പ്രോട്ടോണുകളെ ഇലക്ട്രോണുകൾ നിരന്തരം ചുറ്റുന്നതാണെന്നും വിശേഷ ബുദ്ധി കൊണ്ട് മനസ്സിലാക്കാം. മഹാശൂന്യത കൂടിയായ ആകാശത്തിൽ മഹാഭാരമുള്ള **ഭൂമി** സ്വയം കറങ്ങിക്കൊണ്ട് **കാലത്തെ** സൃഷ്ടിക്കുന്നത് അതിഗൗരവമാണ്. ഭൂമിയുടെ അംശങ്ങൾ മാത്രമായ ദേശങ്ങളല്ല കറങ്ങുന്നത്. ഭൂമിയിൽ ജീവിക്കുന്നവരും സ്വന്തം ഇഷ്ടപ്രകാരം ജനിക്കാത്തവരും **ഭൂമിയുടെ** സന്താനങ്ങളാണെന്നു തിരിച്ചറിയണം.

**പ്രപഞ്ചത്തിലെ സർവ്വ ആറ്റങ്ങളിലെയും പ്രോട്ടോണുകളെ ഇലക്ട്രോണുകൾ എല്ലായ്പ്പോഴും ചുറ്റുന്നത് എന്തിനാണെന്നും മഹാശാസ്ത്ര പരമായി വിശദീകരിക്കണം.**

അസ്തിത്വവും, വിശേഷ ബുദ്ധിയും ഉൾപ്പെടെ ഏതൊന്നും **മഹാശക്തിയായ ഭൂമി** നൽകുമ്പോൾ മാത്രം ലഭിക്കുന്നവരായ ശൂന്യങ്ങളും സൃഷ്ടികളുമായ ആത്മാക്കളോട്, പ്രപഞ്ചത്തിലെ സർവ്വ ആറ്റങ്ങളിലെയും പ്രോട്ടോണുകളെ ഇലക്ട്രോണുകൾ എല്ലായ്പ്പോഴും ചുറ്റുന്നതിലൂടെ **സർവ്വം ശക്തിമയം** എന്നു ബോദ്ധ്യപ്പെടുത്തിയിട്ട്, **ആനന്ദങ്ങൾക്കെല്ലാം അതീതവും ഭൂമിയുമായ ദൈവത്തിന് യാതൊന്നും നേടാനില്ല.** ആത്മാക്കൾക്ക് ജീവിക്കാൻ ആവശ്യമായ ശക്തികളും ജ്ഞാനവും ആനന്ദങ്ങളുമെല്ലാം, ലഭിക്കുന്നത് ഭൂമിയുടെ അംശമായ മൂലകങ്ങളിൽ നിന്നും അവയുടെ രൂപാന്തരമായ ശരീര-അവയവങ്ങളിൽ നിന്നുമാണെന്നു പറയുമ്പോൾ, മൂലകങ്ങളിലും സൂക്ഷ്മമായ ആറ്റങ്ങളിലും ലയി(പ്പി)ച്ചിരിക്കുന്ന മഹാശാസ്ത്ര നിയമങ്ങൾ പ്രകാരം ആത്മാക്കൾക്ക് ജീവിക്കാൻ ആവശ്യമായ സർവ്വതും സൃഷ്ടിച്ചു നൽകുക തന്നെയാണ് യഥാർത്ഥത്തിൽ സംഭവിക്കുന്നത്. വിശേഷ ബുദ്ധി ലഭിച്ചിട്ടും, മൂലകങ്ങളെയും അവയുടെ മൊത്തമായ ഭൂമിയെയും നിർജ്ജീവങ്ങളായി കരുതിയ മനുഷ്യർക്ക് വളരെ വലിയ പിഴവ് സംഭവിക്കുകയും ചെയ്തു.

ജീവികൾക്ക് കാഴ്ച്ച, മണം, രുചി, സ്പർശം, കേൾവി തുടങ്ങിയ ഇന്ദ്രിയങ്ങളെയും ജന്മഗുണങ്ങളെയും നിശ്ചയിക്കുകയും സൃഷ്ടിക്കുകയും നൽകുകയും ചെയ്യുന്നത് മൂലകങ്ങളും അവയുടെ മൊത്തമായ ഭൂമിയുമാണെന്ന് മുമ്പ് വിശദീകരിച്ചതാണ്; തെളിയിച്ചതാണ്. സൃഷ്ടി സ്ഥിതി സംഹാരങ്ങളുടെ ഭാഗമായ സർവ്വവും ഭദ്രമാക്കാൻ ഭൂമിയുടെ മഹാചിരി കൂടിയായ **ഓം** എന്ന ശബ്ദബ്രഹ്മം കൊണ്ട് ഭൂമിക്കു കഴിയും.

**ഓം** എന്ന ശബ്ദബ്രഹ്മത്തെ ബന്ധിപ്പിച്ചു കൊണ്ട് ആറ്റങ്ങളിലെല്ലാമുള്ള പ്രോട്ടോണുകളെ ഇലക്ട്രോണുകൾ എല്ലായ്പ്പോഴും ചുറ്റുന്ന പ്രവൃത്തിയെ വിശകലനം ചെയ്യേണ്ടത് വിശേഷ ബുദ്ധി ലഭിച്ച മനുഷ്യരുടെ ആവശ്യമാണ്. ജീവികളായ സൃഷ്ടികളുടെ സ്വത്വങ്ങൾക്ക് ബന്ധമില്ലാത്ത 'ഇലക്ട്രോണുകളുടെ ചുറ്റലാകുന്ന മഹാപ്രതിഭാസം പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളുടെയും ആറ്റങ്ങളുടെ ഉള്ളിൽ പ്രത്യക്ഷമെന്നോണം സംഭവിച്ചു കൊണ്ടിരിക്കുമ്പോൾ, ലഭ്യമായ വിശേഷ ബുദ്ധിക്ക് ചേരുംവിധം വിഷയങ്ങളെ വിലയിരുത്താൻ മനുഷ്യർക്കു കഴിയണം; ശ്രമിക്കണം. മഹാനീതിശാസ്ത്രവുമായി ബന്ധപ്പെട്ട വസ്തുതകളെ കുഞ്ഞുങ്ങളായ ജീവികളുടെ നല്ലതിനു വേണ്ടി മഹാശക്തിയായ ഭൂമി അതിസൂക്ഷ്മമായും സൂക്ഷ്മമായും ഒക്കെ കൈകാര്യം ചെയ്യുമ്പോഴും, അവയെ ഒളിച്ചും മറച്ചുമല്ല; മഹാശാസ്ത്രം പ്രകാരവും പരസ്യമായും തന്നെയാണ്. കുഞ്ഞുങ്ങളായ ജീവികൾക്കു വേണ്ടി അതിസൂക്ഷ്മമായി ചില കാര്യങ്ങളെ പ്രവർത്തിക്കുകയാണ്; സർവ്വവും സംരക്ഷിക്കുകയാണ്; അത്രമാത്രം. ഉദാഹരണത്തിന്, ചൂടും വെളിച്ചവും സൂര്യനിൽ പോയി മനുഷ്യർ കൊണ്ടുവരികയല്ല; ഇരുട്ടും വെളിച്ചവും മഴയും വെള്ളവും കാറ്റും വെയിലും മഞ്ഞും കുളിരും ഭക്ഷണ സാധനങ്ങളും ഔഷധ സസ്യങ്ങളും, മൂലകങ്ങളിൽ ലയിപ്പിച്ചിരിക്കുന്ന ശക്തികളും ശാസ്ത്രങ്ങളും ആനന്ദങ്ങളും പ്രകാരം മനുഷ്യർക്കു നിർമ്മിക്കാൻ കഴിയുന്ന ഉപകരണങ്ങളും ഭവനങ്ങളും യന്ത്രങ്ങളും വാഹനങ്ങളും മരുന്നുകളും മറ്റുല്പന്നങ്ങളും ഉൾപ്പെടെ സൃഷ്ടികളുടെ ആനന്ദങ്ങളെ വർദ്ധിപ്പിച്ചു കൊണ്ട് ജീവിക്കാൻ ആവശ്യമായ ജീവിത-സൗകര്യങ്ങളെല്ലാം **മഹാശക്തിയായ ഭൂമി** ലഭ്യമാക്കുകയാണ്.

വിശേഷബുദ്ധിയാകുന്ന മഹാശാസ്ത്ര ജ്ഞാനത്തെ ഉപയോഗിച്ച് ഭൂമിയിലെ വസ്തുക്കളിൽ ലയിച്ചിരിക്കുന്ന വ്യത്യസ്ത ഗുണങ്ങളായ ശക്തികളെ കണ്ടെത്താനും ഉപയോഗിക്കാനും ആനന്ദിച്ചു ജീവിക്കാനും മനുഷ്യർക്ക് ഭൂമി സൗകര്യം ഒരുക്കിയിരിക്കുന്നു എന്നതാണ് വാസ്തവം. ബഹുവിധങ്ങളായ ഭക്ഷണ സാധനങ്ങൾ, വസ്ത്രങ്ങൾ, പാർപ്പിടങ്ങൾ, വിമാനങ്ങളും കപ്പലുകളും ഉൾപ്പെടെയുള്ള വാഹനങ്ങൾ, ആഭരണങ്ങൾ, ടെലിവിഷൻ, മൊബൈൽ ഫോൺ, വാട്സാപ്പ് തുടങ്ങിയ അനന്തമായ ആനന്ദങ്ങളെ മനുഷ്യർ അദ്ധ്വാനിച്ച് നേടിയതായി വരികയും മടിയരും അലസരുമാവാതെ ആത്മാഭിമാനത്തോടെ വ്യക്തിസ്വാതന്ത്ര്യം അനുഭവിച്ചു ജീവിക്കുകയും ചെയ്യുവാനുള്ള മഹാആവിഷ്ക്കാരമാണ് ഭൂമി നിർവ്വഹിച്ചിരിക്കുന്നത്.

# വിശേഷ ബുദ്ധിയും മനുഷ്യരും

മത്സ്യം, സസ്യം, പക്ഷി, മൃഗം, എന്നീ ജീവികൾക്ക് 'വിശേഷ ബുദ്ധി' ലഭിച്ചിട്ടില്ലാത്തത് അവയുടെ കുറ്റങ്ങൾ കൊണ്ടോ, മനുഷ്യന് ലഭിച്ചിട്ടുള്ളത് മനുഷ്യരുടെ നേട്ടങ്ങൾ കൊണ്ടോ അല്ല. കണ്ണുകൾ, കൈകാലുകൾ തുടങ്ങിയ അവയവങ്ങളെ പ്പോലെ എല്ലാ ജീവികൾക്കും 'ബുദ്ധിയും ശക്തികളും' ലഭിക്കുകയാണ്; നിശ്ചയിക്കുന്നത് ജീവികളല്ല. മറ്റുള്ള ജീവികൾക്കും വിശേഷ ബുദ്ധിയാകുന്ന മഹാശാസ്ത്ര പാഠങ്ങളെ ലഭിച്ചാൽ മനുഷ്യൻ ഉൾപ്പെടെ എല്ലാ ജീവികളുടെയും ജീവിതം ഉടൻ അവസാനിക്കുമെന്നും സാദ്ധ്യമല്ലെന്നും മനസ്സിലാക്കാൻ ലഭ്യമായ വിശേഷ ബുദ്ധി കൊണ്ടുള്ള ലഘുവായ വിശകലനം കൊണ്ട് മനസ്സിലാക്കാൻ കഴിയുന്നതാണ്. അങ്ങനെയിരിക്കെ, മനുഷ്യന്റെ സ്വത്വമായ ജീവാത്മാവിന് 'വിശേഷ ബുദ്ധിയും അതിനു യോജിച്ച ശക്തികളും' പ്രത്യക്ഷമായി നൽകുന്ന ശരീരത്തിന്റെയും ഭൂമിയിലെ മറ്റെല്ലാ വസ്തുക്കളുടെയും മൂലമായ മൂലകങ്ങളെയും മൊത്തമായ ഭൂമിയെയും മനസ്സിലാക്കാൻ വിശേഷബുദ്ധി ഉചിതമായി ഉപയോഗിക്കേണ്ടത് മനുഷ്യന്റെ ആവശ്യമാവണം.

പ്രപഞ്ചത്തിലെ വസ്തുക്കളുടെ മഹാസൂക്ഷ്മവും സ്ഥൂലവുമായ ഏതൊരു ഘടകങ്ങളിലും, ലയിച്ചും ലയിപ്പിച്ചും പ്രവർത്തിക്കുന്ന ശക്തികളെയും അവയുടെ പ്രവർത്തന നിയമങ്ങളായ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രത്തെയും മനസ്സിലാക്കാൻ കഴിയുന്നതും, സൃഷ്ടികളിൽ മനുഷ്യനു മാത്രം ലഭിക്കുന്നുവെന്ന് മനുഷ്യർ കരുതുന്നതുമായ ബുദ്ധിശക്തിയെ 'വിശേഷ ബുദ്ധി' എന്നു നിർവ്വചിക്കാം. വസ്തുക്കളുടെ മൂലമായ മൂലകങ്ങളുടെ സൂക്ഷ്മ അംശമായ ആറ്റങ്ങളിലെ അതിസൂക്ഷ്മമായ പ്രോട്ടോൺ, ഇലക്ട്രോൺ, ന്യൂട്രോൺ, ക്വാർക്കുകൾ, മഹാസൂക്ഷ്മ -ശബ്ദം തുടങ്ങിയ ഘടകങ്ങളുടെ പ്രവർത്തന നിയമങ്ങളും കാലാനുസൃതമായി വിശേഷ ബുദ്ധിയുടെ ഭാഗമാകുന്നുണ്ട്. മൂലകങ്ങൾക്കും മൊത്തമായ ഭൂമിക്കും മുമ്പ് സൃഷ്ടിക്കപ്പെട്ട പ്രോട്ടോൺ, ഇലക്ട്രോൺ, ന്യൂട്രോൺ, ക്വാർക്കുകൾ തുടങ്ങിയ ഘടകങ്ങളെ പ്പറ്റി മഹാസത്യമായ ബ്രഹ്മത്തെ വിശദീകരിക്കുന്ന അടുത്തൊരു അദ്ധ്യായത്തിലുണ്ട്. ഭൂമി, ചന്ദ്രൻ, സൂര്യൻ, നക്ഷത്രങ്ങൾ തുടങ്ങിയവയുടെ ഘടനകളും പ്രവർത്തനങ്ങളും വ്യവസ്ഥാപിത നിയമങ്ങൾ പ്രകാരമാണ് സംഭവിച്ചു പോരുന്നത് എന്ന് ഗ്രഹിക്കാനുള്ള 'വിശേഷബുദ്ധിയെ' മനുഷ്യന്റെ ആത്മാവിന് 'ജീവികളുടെ ശരീരത്തിലേത് ഉൾപ്പെട്ട ഭൂമിയുടെ അംശങ്ങളായ മൂലകങ്ങൾ' ക്രമേണ നൽകുന്നുണ്ട്.

പ്രപഞ്ചത്തിൽ മൊത്തത്തിലും, അംശമായ മൂലകങ്ങളിലും, ലയിച്ചിരിക്കുന്ന പരസ്പര ബന്ധിതമായ മഹാശാസ്ത്ര നിയമങ്ങളെ കണ്ടെത്താൻ പരിശ്രമിക്കാനും, കണ്ടെത്തുന്ന നിയമങ്ങളെയും മൂലകങ്ങളെയും കൊണ്ട് അനന്തമായ ആനന്ദങ്ങളെ ഭൂമിയിൽ നിന്നും നേടാനാവും എന്ന് ഗ്രഹിക്കാനും, നേടാനും, അനുഭവിക്കാനും 'വിശേഷ ബുദ്ധി' കൊണ്ടാണ് അടിസ്ഥാന പരമായി മനുഷ്യനു കഴിയുന്നത്. മണ്ണായ ഭൂമിയിൽ നിന്നും നേരിട്ടും അല്ലാതെയും ലഭിക്കുന്ന വിഭവങ്ങളായ മൂലകങ്ങളെ, അവയിൽ ലയിച്ചിരിക്കുന്ന ഭൗതിക ശാസ്ത്ര നിയമങ്ങളെ കാലാനുസൃതമായി അവ വെളിപ്പെടുത്തുന്നതു പ്രകാരം, ബഹുവിധ ഭക്ഷണ സാധനങ്ങളും, വസ്ത്രങ്ങളും, ആഭരണങ്ങളും, ഭവനങ്ങളും, വാഹനങ്ങളും, മരുന്നുകളും, ടെലിവിഷനും, മൊബൈൽ ഫോണുകളും മറ്റുമായി പരിണമിപ്പിച്ച് ആനന്ദങ്ങളെ വർദ്ധിപ്പിച്ച് ജീവിക്കുകയാണ് ഭൂമിയിൽ എവിടെയും ജീവിക്കുന്ന മനുഷ്യർ എക്കാലവും ചെയ്തു പോരുന്നത്.

എല്ലാ മനുഷ്യരുടെയും മറ്റുള്ള ജീവികളുടെയും ശരീരം ഉൾപ്പെടെ ഭൂമിയിലെ എല്ലാ വസ്തുക്കളും ഉണ്ടായിട്ടുള്ളത് മൂലകങ്ങൾ കൊണ്ടാണെന്നും അവയും സർവ്വതും മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ഭൗതിക (ധർമ്മ നീതി) ശാസ്ത്രങ്ങൾ പ്രകാരമാണ് പ്രവർത്തിക്കുന്നത് എന്നും വിശേഷ ബുദ്ധിയുള്ള മനുഷ്യർക്ക് ഇന്നറിയാം !.

വിശേഷ ബുദ്ധി കൊണ്ട് മനുഷ്യന് കണ്ടെത്താനും നേടാനും കഴിയുന്ന ആനന്ദങ്ങളെ ഉപയോഗിക്കാനും ആസ്വദിക്കാനും ധാർമ്മിക യോഗ്യത കൂടി നേടണം. മൂലകങ്ങളിൽ ഭൗതിക-ശാസ്ത്രത്തിന്റെ ഒപ്പം ലയിച്ചിരിക്കുന്ന 'ധർമ്മ നീതി ശാസ്ത്രങ്ങളെയും' പാലിച്ചിരിക്കണം എന്നത് സാമാന്യ മര്യാദയാണ് എന്നതിനപ്പുറം അവശ്യം ആവശ്യമാണ്. എന്തുകൊണ്ടെന്നാൽ; മൂലകങ്ങളുടെയും, പരിവർത്തിത രൂപമായ ശരീരങ്ങളുടെയും നിറവും മണവും രുചിയും ഉൾപ്പെടെയുള്ള ശക്തികളും അവയുടെ വ്യവസ്ഥാപിത പ്രവർത്തന നിയമങ്ങളായ ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങളും മൂലകങ്ങളുടെയും അവയുടെ മൊത്തമായ ഭൂമിയുടെയും സ്വന്തം അവകാശങ്ങളും അധികാരങ്ങളുമാണ്.

എല്ലാ ജീവികളുടെയും സ്വത്വമായ ആത്മാക്കൾക്ക് എല്ലാ ജ്ഞാനവും ശക്തിയും ശരണവും ലഭിക്കുന്നത് അവയെ ഭൂമിയുടെ അംശമായ മൂലകങ്ങളുടെ രൂപാന്തരമായ ശരീരം നൽകുമ്പോൾ മാത്രമാണ്. ഏകമഹാശരണമായ ഭൂമിയെ, ജീവികളെല്ലാം ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര കർത്താവും ഏകമഹാശക്തിയുമായി മനസ്സിലാക്കാൻ കഴിഞ്ഞാൽ ഭൂമിയുടെ അവകാശം ആർക്കാണെന്ന് അനേകം മനുഷ്യർക്കും (പല ദേവതകൾക്കും) ഉണ്ടാകുന്ന ചിന്ത തന്നെ വളരെ വലിയ ഭോഷത്തമാണെന്ന് ബോദ്ധ്യമാകും. ഓരോ ജീവിയുടെയും ശരാശരി/പരമാവധി ആയുസ്സും ശരീര വളർച്ചയും മഹാപൊരുത്തങ്ങളോടെ ആവിഷ്ക്കരിച്ചിരിക്കുകയാണ്. ഭ്രൂണമായും കുഞ്ഞായും കുട്ടിയായും യുവജനങ്ങളായും വൃദ്ധരായും ഓരോരുത്തർക്കും സംഭവിച്ചു കൊണ്ടിരിക്കുന്ന ശാരീരിക വളർച്ചയും മാറ്റങ്ങളും ശരീരത്തിന്റെ അകത്തും പുറത്തുമുള്ള മൂലകങ്ങളാണ് നിശ്ചയിക്കുന്നതും ചെയ്യുന്നതും. എല്ലാ ജീവികൾക്കും (വയസ്സായിട്ട്) മരിക്കും വരെയുള്ള ശാരീരിക വളർച്ചയെപ്പറ്റി ജീവികളുടെ സ്വത്വങ്ങൾ യാതൊന്നും നിശ്ചയിക്കുകയോ അറിയുകയോ ചെയ്യുന്നില്ല. മൂലകങ്ങൾ നിശ്ചയിക്കുന്നതു പോലെ ശരീരത്തിൽ നിന്നും പുറത്താക്കപ്പെട്ട് ഒരു ജന്മ ജീവിതം, 'മരണം' എന്ന പേരിൽ അവസാനിക്കുന്നതും ബോദ്ധ്യമാകുന്നതാണ്. ചുറ്റുമുള്ള ജനങ്ങൾ മാത്രമല്ല, തങ്ങളും മരിക്കുമെന്ന സത്യത്തെ പാടേ മറന്നുകൊണ്ടാണ് ഏറെ മനുഷ്യരും ജീവിക്കുന്നത് ! മനുഷ്യൻ ഉൾപ്പെടെ ഓരോ ജീവിക്കും ഭൂമി നിശ്ചയിച്ചിട്ടുള്ള ധർമ്മം പ്രകാരം എല്ലാ ജീവികളുടെയും ശാരീരിക വളർച്ചയെ ശരീരങ്ങളുടെയും മൂലമായ മൂലകങ്ങളുടെയും മൊത്തമായ ഭൂമിയാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്; ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളല്ല. വിശേഷ ബുദ്ധിയെ ദുരുപയോഗിക്കുന്ന മനുഷ്യരിൽ അസത്യം, അധർമ്മം, അനീതി, അന്ധവിശ്വാസങ്ങൾ, അഹംഭാവം, ദുഷ്ക്കാമം, ദുർന്നടപ്പുകൾ, ദുശ്ശീലങ്ങൾ, ദുസ്വാർത്ഥം, തുടങ്ങിയവ വർദ്ധിച്ചിട്ടുള്ളതിനെ തിരുത്താതെ പറ്റില്ല ! ലഭ്യമായ വിശേഷ ബുദ്ധിയെ മനുഷ്യർ ഉചിതമായി ഉപയോഗിക്കുക തന്നെ വേണം. മനുഷ്യാവസ്ഥയിൽ വിശേഷ ബുദ്ധിയെ ലഭ്യമാക്കുന്നതിന്റെ പിന്നിൽ മൂലകങ്ങൾക്കും മൊത്തമായ ഭൂമിക്കും സുവ്യക്തമായ ഉദ്ദേശവും പദ്ധതിയും ഉണ്ടാകുമെന്നും, അതിനെ വിശേഷ ബുദ്ധി കൊണ്ടു തന്നെ കണ്ടെത്താൻ കഴിയുമെന്നും ഉറപ്പാണ്.

സൃഷ്ടികളും കുഞ്ഞുങ്ങളുമായ ജീവികൾക്കു വേണ്ടി ഭൂമിയിലും അന്തരീക്ഷത്തിലും ഭൂമി ഒരുക്കിയിട്ടുള്ള അനന്തമായ ആനന്ദങ്ങളെ അറിയാനും ഉപയോഗിക്കാനും ആനന്ദിച്ചു ജീവിക്കാനുമാണ് ഭൂമി ഉദ്ദേശിക്കുന്നതെന്ന് ആനന്ദങ്ങളുടെ സ്വഭാവം കൊണ്ടു തന്നെ മനസ്സിലാക്കാൻ കഴിയുന്നതാണ്. ഭൂമി ജീവികൾക്കു വേണ്ടി ഒരുക്കിയിട്ടുള്ളത് അനന്തമായ ആനന്ദങ്ങളാണ്. ഒരല്പം ശൂന്യതയോ ഒരു എറുമ്പിനെ പ്പോലുമോ സൃഷ്ടിക്കാൻ കഴിവില്ലാത്ത മനുഷ്യർക്ക് അനന്തമായ ആനന്ദങ്ങളെ ജീവികൾക്കു വേണ്ടി സൃഷ്ടിച്ചു നൽകുന്ന ശക്തികൾക്കും ആനന്ദങ്ങൾക്കും അതീതമായ ഭൂമിക്കു വേണ്ടി യാതൊന്നും ചെയ്യാൻ കഴിയില്ലെന്ന് സുവ്യക്തമാണ്. അങ്ങനെയിരിക്കെ, ജീവികൾക്കെല്ലാം ആനന്ദത്തോടെ ജീവിക്കാൻ വേണ്ടി ഭൂമി സൃഷ്ടിച്ചു നൽകുന്ന മൂലകങ്ങളും വസ്തുക്കളുമായ ആനന്ദങ്ങളെ ഭൂമി സ്വീകരിക്കുമെന്നും ആസ്വദിക്കുമെന്നും ആനന്ദിക്കുമെന്നും കരുതുന്നത് ഭൂമി നൽകുന്ന വിശേഷ ബുദ്ധിയെയും ശക്തികളെയും ദുരുപയോഗിക്കുകയാണ്. വിശേഷബുദ്ധി ലഭിച്ച കുഞ്ഞുങ്ങളായ മനുഷ്യർ മാത്രം അവർ കാട്ടിക്കൂട്ടുന്ന ഭോഷത്വങ്ങളിൽ ആനന്ദിക്കുന്നുണ്ടെന്നത് ഒരു വസ്തുത ആകയാൽ, വിശേഷബുദ്ധിയെ അവമതിക്കുമ്പോഴും, അവർ ആനന്ദിക്കുന്നു എന്നതിന്റെ പേരിലും, കുഞ്ഞുങ്ങളോടുള്ള മഹാവാത്സല്യത്തെ മഹാപിതാവും മഹാമാതാവുമായ ഭൂമിയുടെ ആനന്ദമായി നിശ്ചയിച്ചിട്ടുള്ളതിന്റെ പേരിലും ഭൂമി തീർച്ചയായും ഒരല്പം ആനന്ദിക്കും. സമ്പൂർണ്ണമായ ആനന്ദമല്ലത്. ഭൂമി നൽകുന്ന വിശേഷ ബുദ്ധിയെ ഉപയോഗിക്കാതെ അലസരായതു മാത്രമല്ല കുറ്റവും കാരണവും. ഭൂമിയിലെങ്ങുമുള്ള മനുഷ്യർക്കും മറ്റുള്ള ജീവികൾക്കും കൂടുതൽ കൂടുതൽ ആനന്ദിച്ചു ജീവിക്കാനായി ഭൂമി ഭദ്രപ്പെടുത്തിയിട്ടുള്ള വസ്തുക്കളെ ദുരുപയോഗം ചെയ്യുന്ന പാപമുണ്ട്. മാത്രമല്ല; മനുഷ്യർക്കും മറ്റുള്ള ജീവികൾക്കും ഭൂമി നൽകുന്ന സ്വാതന്ത്ര്യം ഉൾപ്പെട്ട അനന്തമായ ആനന്ദങ്ങളെ നിഷേധിച്ചു കൊണ്ട് കോപ്രായങ്ങൾ കാട്ടിക്കൂട്ടുമ്പോൾ മറ്റുള്ളവരോടുള്ള മഹാവാത്സല്യം നിമിത്തം, കാരണക്കാരായ കുറ്റവാളികളെ മഹാനീതി കൂടിയായ ഭൂമിക്ക് ശിക്ഷിക്കേണ്ടതായി വരുന്നു.

ആനന്ദങ്ങൾ ഉൾപ്പെടെ സർവ്വത്തിനും അതീതവും മഹാശക്തിയുമായ ഭൂമി, മൂലകങ്ങളിലും ജീവികളുടെ ശരീരങ്ങളിലും ലയി(പ്പി)ച്ചിരിക്കുന്ന ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങളെ മനസ്സിലാക്കാൻ വിശേഷ ബുദ്ധി കൊണ്ടു കഴിയും. അവ പ്രകാരം മനുഷ്യർ ആനന്ദിക്കുകയും, ഭൂമിയുടെ മറ്റു കുഞ്ഞുങ്ങൾക്കും കൂടി അവകാശപ്പെട്ട ആനന്ദങ്ങളെ തട്ടിപ്പറിക്കാതെയും അവരെ ഉപദ്രവിക്കാതെയും ജീവിക്കുകയേ വേണ്ടൂ.

സർവ്വവും മഹാശാസ്ത്ര പ്രകാരം ചെയ്യുന്ന മഹാശക്തിയായ ഭൂമി, ഗ്രന്ഥകാരനിലൂടെ ചെയ്യുന്നതു പോലെ ദൈവം, മോക്ഷം തുടങ്ങിയ ദൈവ (ശാസ്ത്ര) കാര്യങ്ങളെ മഹാഉചിതമായ സമയത്ത് മനുഷ്യരെ അറിയിക്കുമെന്ന് ഉറപ്പാണ്; വിശ്വസിക്കണം. ഭൗതിക അസ്തിത്വം ഇല്ലാത്ത (അന്ധ)വിശ്വാസങ്ങളെ മനുഷ്യർ പിൻപറ്റുന്നതും പ്രചരിപ്പിക്കുന്നതും ഭൂമി നൽകുന്ന വിശേഷ ബുദ്ധിയെ നിന്ദിക്കുക കൂടിയാണ്. ദൈവം, മോക്ഷം തുടങ്ങിയ ദൈവ കാര്യങ്ങളെയും, ഭൂമിയിൽ വച്ച് എല്ലാ ജീവികൾക്കും മഹാസമനീതി നൽകുന്ന മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രത്തെയും Aanandham.pdf, SupremeJusticeGOD.pdf തുടങ്ങിയ ദിവ്യ മഹാവേദഗ്രന്ഥങ്ങളിൽ മഹാശാസ്ത്രപരമായി വിശദീകരിച്ചിട്ടുണ്ട്.

## മഹാശക്തിയായ ഭൂമി ജീവികൾക്ക് ജീവിക്കാൻ ആവശ്യമായ സർവ്വതും പരസ്യമായി സൃഷ്ടിക്കുകയാണ്; വിശേഷ ബുദ്ധി ഉപയോഗിച്ചാൽ മനസ്സിലാക്കാനും സാധിക്കും.

പ്രത്യക്ഷമായും/ പ്രകടമായും, പരസ്യമായും ഭൂമി നിർവ്വഹിക്കുന്ന സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മനസ്സിലാക്കാൻ വിശേഷ ബുദ്ധി കൊണ്ട് മനുഷ്യർക്കു കഴിയുന്നതാണ്. ആദ്യത്തെ ഊർജ്ജത്തിന്റെയും മറ്റും സൃഷ്ടി അന്വേഷിക്കുന്നവർ സ്വന്തമെന്ന് അവകാശപ്പെടുന്ന ശരീരത്തിൽ എല്ലായ്പ്പോഴും സംഭവിച്ചു കൊണ്ടിരിക്കുന്ന സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മനസ്സിലാക്കാതെയാണ് ജീവിച്ചു കൊണ്ടിരിക്കുന്നത്. യുവാവോ യുവതിയോ ആയിരിക്കുന്ന ഒരു വ്യക്തി ഏതാനും വർഷം മുമ്പ് കുഞ്ഞായും കുട്ടിയായും കഴിഞ്ഞ അവസരത്തിലെ സ്വന്തം ഫോട്ടോകളെ മറിച്ചു നോക്കുക; ശേഷം ജനനം മുതൽ തത്സമയം വരെ സംഭവിച്ചിരിക്കുന്ന ശാരീരിക വളർച്ചയെ വിശകലനം ചെയ്യുക. തനിക്കും ഉറ്റവർക്കും മറ്റുള്ളവർക്കും മറ്റുള്ള ജീവികൾക്കുമെല്ലാം വയസ്സായി മരിക്കും വരെയുള്ള ശാരീരിക വളർച്ചയെപ്പറ്റി ജീവികളുടെ സ്വത്വമായ ആത്മാക്കൾ യാതൊന്നും നിശ്ചയിക്കുകയോ അറിയുകയോ ചെയ്യുന്നില്ല എന്നത് ജ്ഞാനം വർദ്ധിപ്പിക്കാനും, അഹംഭാവം അവസാനിക്കാനും ഉപയോഗിച്ചാൽ നല്ലതാണ്. സ്വന്തമെന്ന് അവകാശപ്പെടുന്ന സ്ത്രീ പുരുഷ വ്യത്യാസം, ശരീര അവയവങ്ങൾ, ഇന്ദ്രിയങ്ങൾ, വിശേഷ ബുദ്ധി, തുടങ്ങിയവ ഭൂമിയുടെ ദാനം മാത്രമാണെന്നും, ഭൂമിയുടെ അംശമായ മൂലകങ്ങളിൽ ലയിപ്പിച്ചിരിക്കുന്നതായ ശക്തികളും ശാസ്ത്രങ്ങളും ആനന്ദങ്ങളും സ്വാതന്ത്ര്യങ്ങളും മഹാനീതിയും പ്രകാരം ഭൂമി നിശ്ചയിക്കുകയും സൃഷ്ടിക്കുകയും ലഭ്യമാക്കുകയുമാണെന്ന് വിശേഷ ബുദ്ധി കൊണ്ട് മനസ്സിലാക്കാൻ കഴിയുന്നതാണ്. "ഞാൻ, ഞാൻ" എന്ന ആത്മാവിന്റെ അസ്തിത്വം പോലും സ്വന്തമല്ലെന്ന് മനസ്സിലാക്കാം. **"ഞാൻ" ആരാണെന്ന 'ആത്മാവിന്റെ അസ്തിത്വത്തെ പ്പറ്റി'** അടുത്തൊരു അദ്ധ്യായത്തിൽ വിശദീകരിക്കുന്നുണ്ട്.

**സസ്യങ്ങൾ ഉൾപ്പെടെയുള്ള എല്ലാ ജീവികളുടെയും ശരീര അവയവങ്ങളുടെ നിർമ്മാണവും വളർച്ചയും 'ശക്തികളുടെ സൃഷ്ടി' കൂടിയാണ്; 'പരിണാമം അല്ല'. കണ്ണുകൾ, നാക്ക്, മൂക്ക്, ചർമ്മം, തുടങ്ങിയ ഇന്ദ്രിയങ്ങളും വിരലടയാളം, മുഖഛായ, നിറം സൗന്ദര്യം തുടങ്ങിയ ജന്മഗുണങ്ങളും, ഭ്രൂണത്തിന്റെ വളർച്ച, വിശപ്പ്, ദാഹം, ദഹനം, വിസർജ്ജനം, പ്രത്യുല്പാദന ക്ഷമതയും ബീജങ്ങളുടെ നിർമ്മാണവും, രോഗങ്ങൾ, രോഗമുക്തി, പ്രായത്തിന്റെയും രോഗങ്ങളുടെയും മറ്റും അടിസ്ഥാനത്തിൽ അവയവങ്ങൾക്കു സംഭവിക്കുന്ന നരയും ചുളിവുകളും ഉൾപ്പെടെയുള്ള മാറ്റങ്ങൾ, തുടങ്ങിയവയും പുതിയ പുതിയ സൃഷ്ടികളാണ്; പരിണാമം അല്ല.**

എല്ലാ ജീവികളുടെയും ശരീര അവയവങ്ങളുടെ എല്ലാ കോശങ്ങളും നിരന്തരം നശിക്കുകയും പകരമെന്നോണം വ്യത്യാസങ്ങളോടെ പുതിയവ സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നുണ്ട്. പല്ലുകൾ മുളയ്ക്കുന്നത് ഉൾപ്പെടെ ശരീര അവയവങ്ങളുടെ വളർച്ച, മുറിവ് ഉണങ്ങൽ, രോഗങ്ങൾ, രോഗമുക്തി, കാഴ്ച്ചശക്തി കേൾവിശക്തി എന്നിവ കുറയൽ, പല്ലു കൊഴിച്ചിൽ, കഷണ്ടി, മുടി നരയ്ക്കൽ, ശരീര-ചർമ്മ ശോഷണം, തുടങ്ങിയവ കോശങ്ങളുടെ നിരന്തരമായ സൃഷ്ടിയുമായും ജീവികളുടെ ജനന ജീവിത മരണങ്ങളുമായും മഹാനീതിശാസ്ത്ര പ്രകാരം ഭൂമി ബന്ധിപ്പിച്ചിരിക്കുകയാണ്.

**ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളുടെ ഭാഗമായ മേല്പടി മഹാകാര്യങ്ങളെ ഭൂമിയുടെ അംശമായ മൂലകങ്ങളിലൂടെയും രൂപാന്തരമായ ശരീരങ്ങളിലൂടെയും ഭൂമി എപ്പോഴും പരസ്യമായും പ്രത്യക്ഷമായും (നിശ്ചയിക്കുകയും) സൃഷ്ടിക്കുകയും മഹാനീതിശാസ്ത്ര പ്രകാരം സംരക്ഷിക്കുകയും ചെയ്യുന്നതു കൊണ്ടാണ് മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികൾക്ക് ജീവിക്കാൻ കഴിയുന്നത്. പ്രത്യക്ഷമായി അനുഭവിച്ചും, ജീവികൾക്കെല്ലാം സംഭവിച്ചു കൊണ്ടിരിക്കുന്നതുമായ ആവിധ മഹാകാര്യങ്ങളെ ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് നിശ്ചയിക്കാനോ സൃഷ്ടിക്കാനോ മാറ്റിമറിക്കാനോ കഴിയുന്നതല്ല. ഇന്ദ്രിയങ്ങളെയും ജന്മഗുണങ്ങളെയും സൃഷ്ടിക്കാനും ജീവികൾക്ക് പങ്കിട്ടു നൽകാനും മനുഷ്യരെയോ മറ്റു ജീവികളെയോ ഏല്പിക്കാനാവില്ല !**

മനുഷ്യരുടേത് ഉൾപ്പെടെ അനന്തമായ ജീവികൾ നിരന്തരം ജനിക്കുകയും, ഭൂമിയിൽ വളരുകയും ചെയ്യുന്നത്, ആത്മാക്കൾക്കു പങ്കില്ലാത്തതും ഭൂമിയുടെ അംശമായ മൂലകങ്ങൾ സൃഷ്ടിച്ചു നൽകുന്നതുമായ ശരീരത്തിലൂടെ ആകയാൽ ഭൂമിയുടെ ഇഷ്ടങ്ങളായ (മൂലകങ്ങളിൽ ലയിപ്പിച്ചിരിക്കുന്ന) ശാസ്ത്രങ്ങൾ പ്രകാരവുമാണ്. മനുഷ്യരിൽ, മാതാപിതാക്കളുടെ മുഖഛായ മക്കൾക്കും മറ്റും ലഭിക്കുമ്പോൾ, അവയെ ആവിധം സൃഷ്ടിക്കുന്നതിൽ മാതാപിതാക്കളായ ആത്മാക്കൾക്ക് യാതൊരു പങ്കുമില്ല. മാതാപിതാക്കളെയും മക്കളെയും തിരിച്ചറിയാൻ ഡിഎൻഎ പരിശോധനയിലൂടെ കഴിയുമെന്ന് ശാസ്ത്രം തെളിയിക്കുമ്പോൾ, ശരീരങ്ങളിൽ ഡിഎൻഎ എന്ന അതിസൂക്ഷ്മ-സംവിധാനത്തെയും ബന്ധപ്പെട്ട ഭൗതികശാസ്ത്ര നിയമങ്ങളെയും സൃഷ്ടിച്ചിരിക്കുന്നത് മനുഷ്യരുടെ സ്വത്വങ്ങളല്ല. ഡിഎൻഎ പരിശോധനയെ സ്രഷ്ടാവിന്റെ വാത്സല്യവും മഹാനീതികാര്യവുമായി മാത്രം കാണണം. ഡിഎൻഎ പരിശോധനയിലൂടെ സ്രഷ്ടാവിനെയല്ല തിരിച്ചറിയുന്നത്. സ്രഷ്ടാവ് എപ്പോഴും മൂലകങ്ങളുടെ മൊത്തമായ ഭൂമി മാത്രമാണ്. ഡിഎൻഎ, ബീജങ്ങൾ, ശരീര കോശങ്ങൾ തുടങ്ങിവയൊന്നും നിശ്ചയിക്കാനോ സൃഷ്ടിക്കാനോ മാതാപിതാക്കൾ ഉൾപ്പെടെയുള്ള ആത്മാക്കൾക്കു കഴിയുന്നതല്ല. അവർ വെറും സാക്ഷികൾ മാത്രമാണ്.

മൂലകങ്ങളിലൂടെ ഭൂമി നിർവ്വഹിക്കുന്ന മഹാനീതി ശാസ്ത്ര പദ്ധതികളുടെ ചെറിയ ഒരു ഭാഗം മാത്രമാണ് ഡിഎൻഎ. മനുഷ്യമാതാവ് ആമക്കുഞ്ഞിനെയോ ഓന്തിനെയോ പൂച്ചക്കുഞ്ഞിനെയോ പ്രസവിച്ചാലും, മുട്ടയിട്ടാലും മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് കാണാനും അനുഭവിക്കാനുമേ കഴിയൂ !

മിക്ക സസ്യങ്ങളുടെയും വേര്, തടി/തണ്ട്, ഇല, പൂവ്, കായ്, ഫലങ്ങൾ തുടങ്ങിയവയിൽ വ്യത്യസ്തങ്ങളായ മൂലകങ്ങളും സംയുക്തങ്ങളും കൊണ്ട് രൂപപ്പെടുന്നവയായിരിക്കെ, ഔഷധ സസ്യങ്ങൾ ഉൾപ്പെടെ വ്യത്യസ്തങ്ങളായ അനവധി സസ്യങ്ങൾ ഒരു ചെറിയ സ്ഥലത്തുള്ള മണ്ണിൽ തന്നെ വളരുന്നത് എങ്ങനെയാണെന്ന് മനുഷ്യർ വിശകലനം ചെയ്താൽ, മണ്ണ് നിരന്തരം വ്യത്യസ്തങ്ങളായ മൂലകങ്ങളെയും അവയുടെ സംയുക്തങ്ങളെയും സൃഷ്ടിക്കുന്നുണ്ടെന്ന് മനസ്സിലാക്കാൻ കഴിയും. മൂലകങ്ങളെ സൃഷ്ടിക്കുകയെന്നു വച്ചാൽ ശക്തികളെ സൃഷ്ടിക്കുന്നുവെന്നാണ്. 2017 ലോ മറ്റോ; ഗ്രന്ഥകാരൻ ഒരു തെങ്ങിൻ തൈ നടാനായി കുഴിയെടുത്തപ്പോൾ തുടർച്ചയായി 3 തവണ കുഴിയ്ക്കകത്ത് വീണതും, ഗ്രന്ഥകാരനുമായിട്ട് മണ്ണ് കളിക്കാൻ പോകുന്നെന്ന വെളിപാട് ആദ്യമേ ലഭിച്ചതും; വീണതിന്റെ പേരിൽ ആനന്ദിച്ചതും എഴുതിയിരുന്നു !

മൂലകങ്ങളും സംയുക്തങ്ങളും സ്ഥൂലരൂപങ്ങളുമായ മണ്ണും മണലും കല്ലും ശവശരീരങ്ങളും മരവും ഒക്കെ നിർജ്ജീവമാണെന്നു കരുതുന്ന ഏറെ ജനങ്ങളും, പൊട്ടാസ്യം, സോഡിയം, ഫോസ്ഫറസ്, ആസിഡുകൾ, തുടങ്ങിയ മിക്ക മൂലകങ്ങളും സംയുക്തങ്ങളും രാസപ്രവർത്തനം നടത്തുന്നുണ്ടെന്നും അല്പസ്വല്പം അറിയുന്നുണ്ട്. **രാസപ്രവർത്തനം എന്നുവെച്ചാൽ എന്താണ് ? മൂലകങ്ങളിലും അവയുടെ സംയുക്തങ്ങളിലും ലയിച്ചിരിക്കുന്ന ശക്തികളും, ശാസ്ത്ര നിയമങ്ങളും പ്രകാരം അവ ഭൗതികമായി പ്രവർത്തിക്കുകയും ഉല്പന്നങ്ങളെ സൃഷ്ടിക്കുകയും ചെയ്യുന്നതാണ്.** സോഡിയം, ക്ലോറിൻ എന്നീ രണ്ടു മൂലകങ്ങൾ പ്രവർത്തിച്ചാൽ, മൂലകങ്ങളിൽ നിന്നും വ്യത്യസ്തമായ സോഡിയം ക്ലോറൈഡ് എന്ന സംയുക്തം ലഭിക്കുകയും, സാധാരണ ജനങ്ങൾ അതിനെ ഉപ്പ്, കറിയുപ്പ് എന്നെല്ലാം വിളിക്കുകയും ചെയ്യുന്നു. സോഡിയം ക്ലോറൈഡ് എന്ന ഉപ്പിനെ സോഡിയം, ക്ലോറിൻ എന്നീ മൂലകങ്ങൾ ചേർന്ന് സൃഷ്ടിച്ചു എന്നും പറയാമല്ലോ. മൂലകങ്ങളും സംയുക്തങ്ങളുമാകുന്ന ശക്തികൾ ഉണ്ടായിട്ടുള്ളത്, ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് ജീവിക്കാൻ ആവശ്യമായ ശക്തികളും ജ്ഞാനവും ആനന്ദങ്ങളുമെല്ലാം നൽകുന്നതിനു വേണ്ടി ആകയാൽ; മൂലകങ്ങളും സംയുക്തങ്ങളുമാകുന്ന ശക്തികൾ തമ്മിലുള്ള ഇടപെടലുകളാകുന്ന സൃഷ്ടിക്ക് ഓക്സിജന്റെ സാന്നിധ്യം ഉൾപ്പെടെ' മറ്റു മൂലകങ്ങളുടെ സാന്നിധ്യം, നിശ്ചിത താപം, പ്രകാശം, തുടങ്ങിയവയുടെ ആവശ്യത്തെ മഹാശാസ്ത്ര നിയമങ്ങളായി ഭൂമി @ ഭൂമിയുടെ മഹാസ്വത്വമായ ഓക്സിജൻ ഒരുക്കിയിരിക്കുന്നു. ജീവികൾക്ക് ജീവിക്കാൻ ആവശ്യമായതെല്ലാം ഒരുക്കുമ്പോൾ, ഭൂമിയുടെ അംശമായ മൂലകങ്ങളും സംയുക്തങ്ങളും അവയുടെ രൂപാന്തരമായ ശരീരങ്ങളും ഉൾപ്പെടെയുള്ള ശക്തികൾക്ക് പുതിയ വ്യവസ്ഥകളും പരിധികളും ജീവികൾക്കു വേണ്ടി സൃഷ്ടിക്കേണ്ടി വരുന്നു. നി**ർജ്ജീവമെന്നു തോന്നിപ്പിച്ചു കൊണ്ട് മൂലകങ്ങൾ സൃഷ്ടിക്കുകയും; ജീവികൾ അവയെ പ്രവർത്തിപ്പിച്ചതായി തോന്നിപ്പിക്കുകയും ചെയ്യുകയാണ്.**

കാർബൺ, കാത്സ്യം, മഗ്നീഷ്യം, ഇരുമ്പ്, സ്വർണ്ണം, മണ്ണ്, കല്ല്, ഉപ്പ്, തുടങ്ങിയ മൂലകങ്ങളും സംയുക്തങ്ങളും **വിവിധ തരത്തിലുള്ള ശക്തികളാണെന്ന്** ബോദ്ധ്യപ്പെടുത്താൻ സ്വയം മായാജാലാ-പരമായി ചലിച്ചു കൊണ്ടിരുന്നാൽ, മനുഷ്യർക്ക് ആനന്ദത്തോടെയും സ്വാതന്ത്ര്യത്തോടെയും ജീവിക്കാൻ കഴിയുന്നതല്ല. അതായത് മൂലകങ്ങളും അവയുടെ രൂപാന്തരമായ ശരീരങ്ങളും, മൊത്തമായ ഭൂമിയും ദൈവമാണെന്ന് സദാ ഓർമ്മിപ്പിച്ചു കൊണ്ടിരുന്നാൽ മനുഷ്യർക്ക് സ്വതന്ത്ര്യത്തോടെ ആനന്ദിച്ചു ജീവിക്കാൻ കഴിയില്ല. എല്ലാ മൂലകങ്ങളുടെയും മൂലമായും, മഹാപിതാവും മഹാമാതാവുമായും, ഓക്സിജനും ഹൈഡ്രജനും പ്രവർത്തിക്കുന്നതിനെ മുകളിൽ മഹാശാസ്ത്രപരമായി സൂചിപ്പിച്ചിട്ടുണ്ട്. കൂടാതെ, എല്ലാ മൂലകങ്ങളുടെയും ആറ്റങ്ങളിൽ, പ്രപഞ്ചം ഉൾപ്പെടെ സർവ്വത്തിനും അതീതവും മഹാസത്യവുമായ ബ്രഹ്മം, മഹാശബ്ദം കൂടിയായ ഓം ആയും ലയിച്ചിട്ടുണ്ട്. ബ്രഹ്മമായ ദൈവത്തിന്റെ 'ആദിയും അന്തവും ഇല്ലാത്ത മഹാശക്തികളെയും മഹാജ്ഞാനത്തെയും' ലയിപ്പിച്ച് ഭൂമിയെന്ന മഹാരൂപത്തെ സ്വീകരിച്ചു കൊണ്ട് കുഞ്ഞുങ്ങളായ ആത്മാക്കൾക്ക് അനന്തമായ ആനന്ദങ്ങളെ നൽകുകയും, വർദ്ധിപ്പിക്കുകയും ചെയ്യുമ്പോൾ കുഞ്ഞുങ്ങൾ വഴിതെറ്റി ജീവിച്ചു കൂടാ. **ധർമ്മശാസ്ത്ര വിരുദ്ധമായി പ്രവർത്തിച്ചാൽ, അവരെ തിരുത്താനും ഉയർത്താനുമായി ന്യൂനശക്തികളെയും മൂലകങ്ങളിൽ ലയിപ്പിച്ചിട്ടുണ്ട്. For details: Aanandham.pdf**

**മുകളിൽ ജീവികളിലെ പ്രത്യുല്പാദനം, അവയവങ്ങൾ, അവയവങ്ങളുടെ വളർച്ച തുടങ്ങിയവയെ പ്രത്യക്ഷമായി സൃഷ്ടിക്കുകയാണെന്നും ചെയ്യുന്നത് ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളെല്ലെന്നും, മറിച്ച് ഭൂമിയുടെ അംശമായ മൂലകങ്ങളും അവയുടെ രൂപാന്തരമായ ശരീരങ്ങളും സ്വയമാണെന്നും ഭൂമിയുടെ സ്വത്വമായ ഓക്സിജൻ പ്രവർത്തിക്കുന്നത് എങ്ങനെയാണെന്നും മഹാശാസ്ത്ര പരമായി വിശദീകരിച്ചിട്ടുണ്ട്.**

**മഹാശക്തിയായ ദൈവം ഭൂമിയായിട്ട് പ്രത്യക്ഷമായി ഭൂമിയിലെ ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുകയാണ്. എന്നാൽ ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളുടെ പുനർജ്ജന്മങ്ങളിലെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മനുഷ്യർ സൃഷ്ടിയായി തെറ്റിദ്ധരിച്ചിരിക്കുകയാണ്. അഥവാ മഹാനീതിശാസ്ത്രത്തിന്റെ ഭാഗമായ മഹാപുനർജ്ജന്മസിദ്ധാന്തത്തിന്റെ മഹാശാസ്ത്ര വിശദീകരണങ്ങളെ അറിയാതെ ജീവിക്കുകയാണ്.**

**മഹാശക്തിയായ ദൈവം ഭൂമിയാണെന്നും, ഭൂമിയുടെയും ഭൂമിയുടെ അംശമായ മൂലകങ്ങളുടെയും രൂപാന്തരമായ ശരീരങ്ങളുടെയും സംയുക്ത സ്വത്വമാണ് ഓക്സിജൻ എന്നും തെളിഞ്ഞു കഴിഞ്ഞിരിക്കെ, മഹാശക്തിയായ ദൈവത്തെ സൃഷ്ടിച്ചത് ആരെന്നും എങ്ങനെയെന്നുമുള്ള ചോദ്യങ്ങൾ,**

**മഹാശക്തിയായ ഭൂമിയെ സൃഷ്ടിച്ചത് ആരാണ്; എങ്ങനെയാണ് ? -എന്നിങ്ങനെ പരണമിക്കുന്നു.**

**ബ്രഹ്മം, ശിവ, ഭദ്രകാളി, ഗോമാതാവ് എന്നെല്ലാം മഹാനാമങ്ങളുള്ള മഹാസത്യം ആണ് മഹാശക്തിയായ ഭൂമിയായി അവതരിച്ചിരിക്കുന്നത്. അടുത്തൊരു അദ്ധ്യായത്തിൽ വിശദീകരിക്കുന്നുണ്ട്.**

മഹാപ്രപഞ്ചത്തിന്റെയും അതിലെ ജീവികളുടെയും സൃഷ്ടി ആരംഭിക്കുന്നതിനു മുമ്പ് ജീവികൾക്ക് ലഭിക്കേണ്ടുന്ന അനന്തമായ ആനന്ദങ്ങളുടെയും, ജീവിത ധർമ്മങ്ങളെയും, ദൈവം നടപ്പാക്കുന്ന മഹാസംവിധാനത്തെയും മഹാ-സമനീതിയെയുമെല്ലാം വ്യവസ്ഥ ചെയ്തിട്ടുണ്ട്. മാത്രമല്ല; കുഞ്ഞുങ്ങളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളിൽ ദൈവത്തിന്റെ ആനന്ദങ്ങളായിട്ട്, സൃഷ്ടികളും കുഞ്ഞുങ്ങളുമായ ആത്മാക്കളോടുള്ള മഹാവാത്സല്ല്യത്തെയും മഹാദാസ്യത്തെയും മാത്രം നിശ്ചയിച്ചിരിക്കുകയാൽ ഭക്തി, ആരാധന, വഴിപാട് തുടങ്ങിയവ കൊണ്ട് ദൈവത്തെ പ്രീതിപ്പെടുത്താൻ സൃഷ്ടികൾക്ക് കഴിയുന്നതല്ല; ആവിധ ദുർന്നടപടികൾ കൊണ്ട് സർവ്വത്തിനും അതീതവും ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയും മഹാനീതിയുമായ ദൈവത്തെ പ്രീതിപ്പെടുത്താൻ ശ്രമിക്കുന്നവർക്ക് കൃത്യമായ അളവിൽ കടുത്ത ശിക്ഷകളുമുണ്ട്. കുഞ്ഞുങ്ങളുടെ സന്തോഷം കണക്കാക്കി ഒരല്പം മാത്രം ഭക്തിയാണ് അനുവദിച്ചിട്ടുള്ളത്. പിന്നീട് വിശദീകരിക്കുന്നുണ്ട്.

എല്ലാ സൃഷ്ടികളെയും കുഞ്ഞുങ്ങളായി ദൈവം സൃഷ്ടിക്കുകയാൽ, മഹാപിതാവും മഹാമാതാവുമായ ദൈവത്തിന്റെ മറ്റു കുഞ്ഞുങ്ങൾക്ക് ലഭിക്കേണ്ടതായ ആനന്ദങ്ങളെ തട്ടിപ്പറിക്കാതിരിക്കുക, ഏവരെയും സത്യ ധർമ്മ നീതികൾ പ്രകാരം മാത്രം സഹായിക്കുക തുടങ്ങിയവയാണ് ദൈവത്തിന്റെ പ്രീതിയും വാത്സല്യവും വർദ്ധിപ്പിക്കാനുള്ള മാർഗ്ഗമെന്ന് മഹാപ്രപഞ്ചത്തിന്റെ ധർമ്മ-നീതി ശാസ്ത്രങ്ങളിൽ സുവ്യക്തമാണ്. എല്ലാ സൃഷ്ടി ചക്രങ്ങളുടെയും രണ്ടാമത്തെ പകുതിയിൽ ദൈവം പ്രത്യക്ഷമാകുമ്പോൾ, രണ്ടാമത്തെ മഹാകാല ചക്രം മുതൽ സ്ഥിതി നായകനായും നിരന്തര മഹാദേവനായും ഉയർത്തുന്ന മഹാസംവിധാനമുണ്ടെന്ന് അറിയുന്നു ! സമസ്ത ജീവജാലങ്ങളുടെയും മഹാമാതാപിതാക്കളായി പ്രവർത്തിക്കുന്ന ശിവയായശക്തിയുടെയും ശിവന്റെയും കൂട്ടുകെട്ടാണ് പ്രപഞ്ചം.

# ദൈവത്തിന്റെ ആനന്ദങ്ങൾ

ഭൂമിയിലെ അനന്തമായ ആനന്ദങ്ങളെ മൊത്തം 100 അളവായിട്ട് മഹാസത്യവും മഹാശക്തിയുമായ ഭൂമി നിശ്ചയിച്ചിട്ടുണ്ട്. മൊത്തമുള്ള 100 അളവിൽ 90 അളവിനെ സൃഷ്ടികളായ ജീവികൾക്കായി നീക്കി വെച്ചിരിക്കുകയാണ്. ഭൂമിയായി അവതരിക്കുന്ന മഹാസത്യവും മഹാശക്തിയുമായ ദൈവം, ഭൂമിയുടെ അംശങ്ങളായ മൂലകങ്ങളിലും ശരീരങ്ങളിലും ലയി(പ്പി)ച്ചിരിക്കുന്ന എല്ലാ ആനന്ദങ്ങൾക്കും അതീതമാണ്. എന്നിരിക്കിലും സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്നതിൽ ദൈവത്തിന്റെ സ്വാർത്ഥമായിട്ട് 10 അളവിനെ ദൈവത്തിന്റെ ആനന്ദമായി മാറ്റുകയും, ജീവികൾക്കു മാറ്റിവെച്ച 90 അളവിന് കുറവു വരുത്താതെ, ഒരത്ഭുത വിദ്യയിലൂടെ 10 അളവിനെ 65 അളവാക്കി ഉയർത്തിയിട്ടുണ്ട്.

മനുഷ്യൻ ഉൾപ്പെടെ ജീവികളുടെ ആനന്ദങ്ങളും, സ്രഷ്ടാവിന്റെ ആനന്ദങ്ങളും അടിസ്ഥാന പരമായി ത്തന്നെ വ്യത്യസ്തമാണ്. ഭൂമി സ്വന്തം അംശമായ മൂലകങ്ങളിലും ശരീരങ്ങളിലും ആനന്ദങ്ങളെ ലയിപ്പിച്ചു സൃഷ്ടിക്കുകയും, ജീവികൾക്ക് നൽകുകയുമാണ്. ജീവികൾക്കു നൽകുന്ന ആനന്ദങ്ങളിൽ കാമ-ആനന്ദത്തെ 25 അളവോടെ, ജീവികൾ തന്നെത്താൻ മറക്കുകയും ഇണയെ മാത്രം ഓർക്കുകയും ചെയ്യുന്ന പരമാനന്ദമായി നിശ്ചയിക്കുകയും, ജീവികൾ കാമ-ആനന്ദത്തിൽ മുഴുകുമ്പോൾ, ദൈവം സൃഷ്ടി എന്ന ജീവികളിലെ പ്രത്യുല്പാദനത്തെ നിർവ്വഹിക്കുകയുമാണ്.

ജീവികൾ ഉൾപ്പെട്ട പ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്നതിലുള്ള ദൈവത്തിന്റെ സ്വാർത്ഥമായി നിശ്ചയിച്ചിരിക്കുന്ന 10 അളവിലുള്ള ആനന്ദത്തെ അത്ഭുതകരമായി 65 അളവാക്കി ഉയർത്തുമ്പോഴും, പ്രസ്തുത ആനന്ദത്തെ അത്ഭുതകരമായി സൃഷ്ടികൾക്കു തന്നെ നൽകുന്ന മറ്റൊരു അത്ഭുത വിദ്യയുണ്ട്. മോക്ഷത്തെ നേടുന്ന മനുഷ്യാവസ്ഥയിലെ സൃഷ്ടികളെ പൊന്നോമന കുഞ്ഞുങ്ങളായി കരുതുന്ന മഹാമാതാവും മഹാസത്യവും മഹാശക്തിയുമായ ഭൂമി അവർക്കു നൽകുന്ന ഏകമഹാആനന്ദത്തെ മഹാവാത്സല്ല്യമായും അതിന് 35 അളവുകളും നിശ്ചയിച്ചിട്ടുണ്ട്.

മഹാപിതാവും മഹാസത്യത്തിന്റെ ഭാഗവും പരമാത്മാവുമായ ശിവന്റെ ഏകമഹാആനന്ദമായി 30 അളവുള്ള മഹാദാസ്യത്തെയും നിശ്ചയിച്ചിട്ടുണ്ട്. ശേഷമാണ് ആത്മാക്കളായ കുഞ്ഞുങ്ങളുടെയും ഭൂമിയുടെയും സൃഷ്ടി ആരംഭിച്ചത്. കുഞ്ഞുങ്ങളോടുള്ള മഹാവാത്സല്ല്യവും മഹാദാസ്യവും ഫലത്തിൽ കുഞ്ഞുങ്ങൾക്കു തന്നെ നൽകുന്ന ആനന്ദങ്ങളായും മഹാമാതാവും മഹാപിതാവും ആനന്ദങ്ങൾക്കെല്ലാം അതീതമായി തുടരുന്നതായും ഭവിക്കുന്നു.

**ദൈവത്തിന്റെ മഹാരൂപം മഹാപ്രപഞ്ചമായിരിക്കെ മഹാ പ്രപഞ്ചത്തിലെ എല്ലാ മൂലകങ്ങളുടെയും ആറ്റങ്ങളിലെ പ്രോട്ടോണുകളിലും ഇലക്ട്രോണുകളിലുമായി ലയിച്ചു കൊണ്ട് സമസ്ത ആത്മാക്കൾക്കും മഹാവാത്സല്ല്യവും മഹാദാസ്യവും നൽകുന്ന സ്രഷ്ടാവ് മനുഷ്യരായി അവതരിക്കുമ്പോഴും ആനന്ദങ്ങൾക്കും അവയുടെ വ്യാപനത്തിനും മാറ്റമുണ്ടാകുന്നില്ല. 35 അളവുകളുള്ള മഹാവാത്സല്ല്യത്തെ മഹാമാതാവിന്റെ ഏകമഹാആനന്ദമായും, 30 അളവുകളുള്ള മഹാദാസ്യത്തെ മഹാപിതാവിന്റെ ഏകമഹാആനന്ദമായും മഹാനിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത ആനന്ദങ്ങൾക്കു മാത്രമേ മഹാമാതാവിനും മഹാപിതാവിനും മഹാആനന്ദത്തെ നൽകാൻ കഴിയൂ.**

**ഓം ശക്തിശിവൻ പ്രണയ മന്ത്രമാണെന്നു പറയുമ്പോൾ മഹാപ്രപഞ്ചത്തിലെ സമസ്ത മൂലകങ്ങളിലെയും ആറ്റങ്ങളിലെ പ്രോട്ടോൺ ഇലക്ട്രോൺ... പ്രവർത്തനത്തെ മഹാമാതാവിന്റെ മഹാഹൃദയവും പ്രപഞ്ചത്തിന്റെ ശക്തിനിയന്ത്രണ സത്തയുമായ ഓംകാരം വഴി ബന്ധിപ്പിക്കുകയാണ്.** ഭൂമിയായി അവതരിക്കുന്നതിനു മുമ്പ് ശിവയും ബ്രഹ്മവും മഹാസത്യവുമായ ഭദ്രകാളിക്ക് **മഹാസത്യം പരമശിവൻ മഹാദാസ്യം പ്രണയമന്ത്രം ഓം** എന്നൊരു ബന്ധവും ശിവനുമായുണ്ട്. ഭൂമിയെ സൃഷ്ടിക്കുംമുമ്പുള്ള കാര്യത്തെ മനുഷ്യരോടു പറയുന്നത് അർത്ഥശൂന്യമാണല്ലോ!

Aanandham.pdf എന്ന ദിവ്യ മഹാവേദ ഗ്രന്ഥത്തിൽ ദൈവത്തിന്റെയും, ഭാഗമായ ശിവന്റെയും; സൃഷ്ടികളായ മനുഷ്യരുടെയും ആനന്ദങ്ങളെ മഹാശാസ്ത്ര പരമായി വിശദീകരിച്ചിട്ടുണ്ട്.

# മഹാശക്തിയായ ഭൂമി ജീവികളുടെ സൃഷ്ടി സ്ഥിതികളും, സംഹാരം ഉൾപ്പെടെയുള്ള മഹാനീതിയും മഹാഭരണവും നിർവ്വഹിക്കുന്നത് എങ്ങനെയാണെന്ന് വിവരിക്കുന്ന മഹാനീതിശാസ്ത്രത്തിൽ നിന്നും ഒരല്പഭാഗം ഉദ്ധരിക്കുന്നു.

കുഞ്ഞുങ്ങളായി സൃഷ്ടിച്ചിരിക്കുന്ന ആത്മാക്കൾക്ക് ആനന്ദങ്ങളാകുന്ന ശക്തികളെയും അവയെ ചിട്ടപ്പെടുത്തിയിട്ടുള്ള ശാസ്ത്ര നിയമങ്ങളെയും ലയിപ്പിച്ചിരിക്കുന്ന ശരീരങ്ങളെയും മൂലകങ്ങളെയും അവയുടെ മൊത്തമായ ഭൂമിയെ ത്തന്നെയും മഹാവാത്സല്ല്യത്തോടെ നൽകി ആനന്ദിപ്പിക്കാനാണ് മഹാശക്തിയായ ദൈവം ഭൂമിയെന്ന മഹാരൂപത്തെ സ്വീകരിച്ചിരിക്കുന്നത്. കുഞ്ഞുങ്ങളെ ഭരിക്കാനോ ശിക്ഷിക്കാനോ ഭൂമി ഒട്ടും ആഗ്രഹിക്കുന്നില്ല; കാരണം അത് ഭൂമിയുടെ ആനന്ദമല്ല.

കുഞ്ഞുങ്ങളായ ആത്മാക്കൾക്കു വേണ്ടി അനന്തമായ ആനന്ദങ്ങളെ സൃഷ്ടിച്ചിട്ടുള്ള ഭൂമി എല്ലാ ആനന്ദങ്ങൾക്കും അതീതമാണ്. അതേസമയം കുഞ്ഞുങ്ങൾക്കു വേണ്ടി അവരോടുള്ള മഹാവാത്സല്ല്യത്തെയും മഹാദാസ്യത്തെയും ഭൂമിയുടെ ആനന്ദങ്ങളായി സ്വീകരിച്ചിട്ടുമുണ്ട്. ഭൂമിയിലെ അനന്തമായ ആനന്ദങ്ങളെ മഹാസമമായി വീതിക്കാനും ആസ്വദിക്കാനുമുള്ള ധർമ്മ ശാസ്ത്ര നിയമങ്ങളെ ഭൗതിക ശാസ്ത്രത്തോടൊപ്പം ഭൂമിയുടെ അംശമായ മൂലകങ്ങളിലും ശരീരങ്ങളിലും മഹാവാത്സല്ല്യത്തോടെ ഭൂമിയായ ദൈവം ലയിപ്പിച്ചിട്ടുണ്ട്. അവയെ ഗ്രഹിക്കാൻ കഴിയുന്ന വിശേഷ ബുദ്ധികളെ മനുഷ്യശരീരത്തിലെ മൂലകങ്ങൾ മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് ദാനമായി നൽകുന്നുമുണ്ട്. വിശേഷബുദ്ധികളെ ഉചിതമായി ഉപയോഗിക്കാതെയും ദുർവ്വിനിയോഗിച്ചും മനുഷ്യർ ജീവിച്ചാൽ അവരെ തിരുത്താനും ആവശ്യമെങ്കിൽ ശിക്ഷിച്ചു കൊണ്ട് ഉയർത്താനുമായി ന്യൂനശക്തികളെയും മഹാവാത്സല്ല്യത്തോടെ അംശമായ മൂലകങ്ങളിലും ശരീരങ്ങളിലും ലയിപ്പിച്ചിട്ടുണ്ട്. അച്ഛനമ്മമാർ കുട്ടികളെ ഉപദേശിക്കുന്നതും അപൂർവ്വമായി ശിക്ഷിക്കുന്നതും കുഞ്ഞുങ്ങളെ തിരുത്താനും ഉയർത്താനുമാണ്. മനഷ്യ-മാതാപിതാക്കളുടെ പരമാവധി വാത്സല്ല്യത്തിന്റെ കൃത്യം 100 ഇരട്ടിയാണ് ശരീരങ്ങളിലും മൂലകങ്ങളിലും ഭൂമി ലയിപ്പിച്ചു കൊണ്ട് നൽകി വരുന്ന മഹാവാത്സല്ല്യത്തിന്റെ അളവെന്ന് മനസ്സിലാക്കുമ്പോൾ കുഞ്ഞുങ്ങളെ ശിക്ഷിക്കുന്നത് ഭൂമിക്ക് ഒട്ടും ഇഷ്ടമല്ലെന്ന് സുവ്യക്തമാണ്.

മൂലകങ്ങളിലും രൂപാന്തരമായ ശരീര അവയവങ്ങളിലും ലയിച്ചിരിക്കുന്ന ശാസ്ത്രങ്ങളും ശക്തികളായ ഗുണങ്ങളും ആനന്ദങ്ങളും ശരണങ്ങളും പ്രകാരം മാത്രമാണ് ശരീര അവയവങ്ങളും വളർച്ചയും ജന്മഗുണങ്ങളും പ്രത്യുല്പാദനവും രോഗങ്ങളും രോഗമുക്തിയും നരയും മരണവും ഉൾപ്പെടെ ജീവികളുടെ സമസ്ത കാര്യങ്ങളും എക്കാലവും നിർവ്വഹിക്കപ്പെടുന്നത്. അശാസ്ത്രീയ വിശ്വാസങ്ങൾക്ക് യഥാർത്ഥത്തിൽ ജീവികളുടെ ജനന ജീവിത മരണങ്ങളിൽ യാതൊരു പങ്കുമില്ലെന്ന് അറിഞ്ഞും അനുഭവിച്ചുമാണ് എക്കാലവും മനുഷ്യർ ജീവിക്കുന്നത് !

ചലനസ്വാതന്ത്ര്യമുള്ള കൈകാലുകളും കൺപോളകളും പോലെ മനുഷ്യർക്കു ലഭ്യമായ വിശേഷ ബുദ്ധിയാകുന്ന മഹാശാസ്ത്ര ജ്ഞാനവും ഉചിതമായി ഉപയോഗിക്കണം. ഭൂമിയിൽ കാണുന്നതും അറിയുന്നതുമായ വസ്തുക്കളും വസ്തുതകളും ജീവികളും മറ്റും ചുമ്മാതെ ഉണ്ടായതോ, വെറുതെ (തമാശയ്ക്ക്) സൃഷ്ടിക്കപ്പെട്ടവയോ അല്ല. സുവ്യക്തമായ പദ്ധതികളോടെ മഹാനീതിശാസ്ത്ര പ്രകാരം ഭൂമി സൃഷ്ടിക്കുന്നതാണ് ! ഉദാഹരണത്തിന് : ഏതൊരു കറികളും പാചകം ചെയ്യുന്നവർക്ക് അവർ കറികളിൽ ചേർക്കുന്ന പച്ചക്കറികളും മസാലകളും മറ്റും എന്തെല്ലാമാണെന്നും ഉപ്പ് ഉൾപ്പെടെയുള്ളവ എത്ര അളവിൽ ചേർക്കണമെന്നും അറിയാം. കറികളിൽ ചേർക്കുന്ന വിഭവങ്ങളുടെ ഗുണങ്ങളും അളവുകളും വേവും ചൂടുമെല്ലാം കറികളുടെ ഗുണങ്ങളെയും രുചികളെയും പൊതുവായി നിശ്ചയിക്കുന്നു. പുളിയും എരിവും ഉപ്പും മറ്റും കൂടുകയും കുറയുകയും ചെയ്യാൻ പാചകത്തിലെ കറിക്കൂട്ടുകൾ കാരണമാകും. ഇന്ദ്രിയങ്ങളെയും ജന്മഗുണങ്ങളെയും ആനന്ദങ്ങളെയും ശക്തികളെയും ജ്ഞാനത്തെയും ശരണങ്ങളെയും, രോഗമുക്തികളെയും, രോഗങ്ങളെയും, മരുന്നുകളെയും, ജീവി വർഗ്ഗങ്ങളെയും, ഉൾപ്പെടെ അനന്തമായി സൃഷ്ടിച്ചു കൊണ്ടിരിക്കുന്ന ജീവികൾക്കെല്ലാം ജീവിക്കാൻ ആവശ്യമായ സർവ്വതും എക്കാലവും നൽകുന്ന മൂലകങ്ങളും രൂപാന്തരമായ ശരീരങ്ങളും അവയുടെ മൊത്തമായ ഭൂമിയും നിശ്ചയിക്കുകയും സൃഷ്ടിക്കുകയും രൂപമാറ്റങ്ങൾ വരുത്തുകയും ചെയ്യുന്നവ മാത്രമാണ് ഭൂമിയിൽ ഉള്ളത്. ഭൂമിയിലെ സൃഷ്ടികളായ ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളുമായി ബന്ധപ്പെട്ട സർവ്വ കാര്യങ്ങളെയും പ്രത്യക്ഷമായി ത്തന്നെയാണ് മഹാശാസ്ത്രപരമായി ഭൂമി നിർവ്വഹിച്ചു പോരുന്നത്. ഭൂമിയിൽ ജീവിക്കുന്ന ജീവികൾ ജനിക്കുകയും മരിക്കുകയും ചെയ്യുന്നത് സ്വന്തം ഇഷ്ടപ്രകാരം അല്ലെന്നിരിക്കെയും, ഭൂമിയുടെ ഇഷ്ടങ്ങളായ ശാസ്ത്രങ്ങൾ പ്രകാരം മാത്രമാണെന്നിരിക്കെയും, മനുഷ്യർക്ക് ജീവിത കാലത്ത് ഭൂമിയുടെ അംശമായ മൂലകങ്ങളിലൂടെയും ശരീരങ്ങളിലൂടെയും മഹാശാസ്ത്ര പ്രകാരം ഭൂമി നൽകുന്ന ശക്തികളെ ഉപയോഗിച്ച് ഭൂമിയിലെ ആനന്ദങ്ങളെ അനുഭവിക്കാം; എന്നല്ലാതെ ഒരല്പം ശൂന്യതയോ ഒരു എറുമ്പിനെ പ്പോലുമോ സൃഷ്ടിക്കാൻ കഴിവില്ലാത്ത മനുഷ്യർക്ക് ഭൂമിയുടെ സംവിധാനങ്ങളെയും പദ്ധതികളെയും സ്പർശിക്കാൻ പോലും കഴിയുന്നതല്ല.

ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാനായി ജനങ്ങളുടെ ചിലവിൽ ജീവിക്കുന്ന ജനസേവകർക്കും ആത്മീയ-നേതാക്കളായി ഭാവിക്കുന്ന തട്ടിപ്പുകാർക്കും മറ്റെല്ലാവർക്കും സ്വന്തമെന്നു കരുതുന്ന മുഖത്തെയോ, ശരീരത്തിലെ കോശങ്ങൾ മഹാനീതിശാസ്ത്ര പ്രകാരവും പ്രായത്തിനൊത്തും മാറ്റിക്കൊണ്ടിരിക്കുന്ന മുഖച്ഛായയോ, വിരലടയാളങ്ങളെയോ പോലും മാറ്റാനും ഭരിക്കാനും കഴിവില്ലെന്നിരിക്കെ ജനസേവകർ ഉൾപ്പെടെയുള്ള ഭൂമിയുടെ കുഞ്ഞുങ്ങളെ ഭരിക്കാനോ ശിക്ഷിക്കാനോ അവകാശങ്ങളും അധികാരങ്ങളും ഇല്ലെന്ന് നിസ്സാരമായി മനസ്സിലാക്കാൻ കഴിയുന്നതാണ്. മുജ്ജന്മ പാപങ്ങൾ കൊണ്ട് വാരിക്കൂട്ടിയ ദൈവശിക്ഷകളെ കുറയ്ക്കാനും ഒഴിവാകാനും ഭൂമിയുടെ പൊന്നോമന കുഞ്ഞുങ്ങളായ മനുഷ്യ-ആത്മാക്കൾക്ക് മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരം ജനസേവനം ചെയ്തു കൊണ്ട് പുണ്യം നേടാൻ മഹാനീതിയും മഹാവാത്സല്ല്യവുമായ ഭൂമി നൽകുന്ന അവസരം മാത്രമാണ് ജനസേവക പദവികൾ. Man.pdf തുടങ്ങിയ ദിവ്യമഹാവേദ ഗ്രന്ഥങ്ങളിൽ ശാസ്ത്രപരമായി തെളിയിച്ചിട്ടുണ്ട്.

ഭൂമിയുടെ അംശമായ കരകളിലും ജലത്തിലും അന്തരീക്ഷത്തിലുമൊക്കയായി ജനിക്കുന്നവയാണ് ഭൂമിയിലെ എല്ലാ ജീവികളും എന്നതിനു ചേരും വിധം അവയ്ക്ക് ജീവിക്കാൻ ആവശ്യമായ സർവ്വതും ലഭിക്കുന്നതും ഭൂമിയിൽ നിന്നു തന്നെയാണ്. സ്ത്രീ -പുരുഷൻ, അവയവങ്ങൾ, നിറം, മുഖഛായ, ആയുസ്സ്, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ജന്മസ്ഥലം, വിശേഷ ബുദ്ധിയാകുന്ന മഹാശാസ്ത്ര പാഠങ്ങൾ തുടങ്ങിയവ ജന്മഗുണങ്ങളായിട്ട് മനുഷ്യരുടെ ആത്മാക്കൾക്ക് ശരീരത്തിലൂടെ ഭൂമി നൽകുന്ന ദാനം ആണെന്നല്ലാതെ ആത്മാക്കൾ സൃഷ്ടിച്ചതല്ല. മഹാനീതിശാസ്ത്രമായ ഓംകാര നീതി ശാസ്ത്രം പ്രകാരം മത്സ്യം സസ്യം പക്ഷി മൃഗം എന്നീ അവസ്ഥകളിൽ 100 വീതം ജന്മങ്ങളെയും, ശേഷം മേല്പടി ജന്മഗുണങ്ങളെ വ്യത്യാസപ്പെടുത്തി ക്കൊണ്ട് മഹാപുനർജ്ജന്മ സിദ്ധാന്തം പ്രകാരം 100 മനുഷ്യ ജന്മങ്ങളെയും ഭൂമിയുടെ വിവിധ പ്രദേശങ്ങളിലായി നൽകി ക്കൊണ്ട് മഹാസമനീതിയെ ഭൂമി നിർവ്വഹിക്കുന്നുണ്ട്.

ഭൂമിയുടെ അംശമായ മൂലകങ്ങളിലും, രൂപാന്തരമായ ശരീരങ്ങളിലും, അവയുടെയെല്ലാം സൂക്ഷ്മ അംശങ്ങളായ ആറ്റങ്ങളിലും നിരന്തരമായി പ്രോട്ടോണുകളെ ഇലക്ട്രോണുകൾ ചുറ്റുന്നതും ആറ്റങ്ങളിൽ മഹാശക്തി കുടികൊള്ളുന്നതും സ്പഷ്ടമായിരിക്കെയും മഹാശക്തികളുടെ മഹാഭണ്ഡാരവും മഹാശക്തിയുമായ ഭൂമിയെ നിർജ്ജീവ വസ്തുവായി കണക്കാക്കുന്ന മൂഢരായിട്ട് മനുഷ്യർ അധഃപതിച്ചിരിക്കുകയാണ്. ഭൂമി സൃഷ്ടിക്കുകയും ശരണവും ശക്തികളും ശാസ്ത്രങ്ങളും ആനന്ദങ്ങളും ഉൾപ്പെടെ ജീവിക്കാൻ ആവശ്യമായ സർവ്വതും പ്രത്യക്ഷമായി ത്തന്നെ നേരിട്ടും, നേരിട്ടെന്ന പോലെയും നൽകുമ്പോൾ, എല്ലാ ജീവികൾക്കും മഹാസമനീതി ലഭ്യമാക്കിയാൽ മാത്രമാണ് മഹാശക്തിയായ ഭൂമി മഹാനീതി ആവുക എന്ന് നിസ്സാരമായി മനസ്സിലാക്കാൻ കഴിയും. ഭൂമി, അംശങ്ങളായ മൂലകങ്ങളിൽ ലയിപ്പിച്ചിരിക്കുന്ന ഭൗതിക ധർമ്മ നീതി ശാസ്ത്രങ്ങൾ പ്രകാരം ജീവിക്കാൻ മനുഷ്യ-ആത്മാക്കൾക്ക് ബാദ്ധ്യതയുണ്ട്. സ്വയം അതു ചെയ്തില്ലെങ്കിൽ, ഭൗതിക-ധർമ്മ-നീതി ശാസ്ത്ര ശുദ്ധീകരണം നടത്താൻ ഭൂമി നിർവ്വഹിക്കുന്ന ധർമ്മ-നീതിശാസ്ത്ര ബന്ധനത്തിന്റെ ഭാഗമായ ന്യൂനശക്തികൾ രോഗങ്ങൾ, ഭൂചലനം സുനാമി അഗ്നിപർവ്വതം വെള്ളപ്പൊക്കം വരൾച്ച തുടങ്ങിയവയും ശാസ്ത്ര പരമായി സൃഷ്ടിക്കുന്നതാണ്. മൂലകങ്ങളും ശരീരവും കൊണ്ട് വിശേഷ ബുദ്ധിയോടെ ഭൂമിയിൽ ജീവിക്കുന്നവർ ഭൂമിയുടെ മൂലകങ്ങളിലും മനുഷ്യരുടെ സ്വന്തം ശരീരത്തിലും ലയിച്ചിരിക്കുന്ന ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരം മാത്രം ജീവിക്കണമെന്നിരിക്കെ, മത-ജാതി-രാഷ്ട്രീയ-വർഗ്ഗീയ-ദേശീയ അന്ധവിശ്വാസങ്ങളെ പോലും തിരുത്താതെ ഏറ്റവും ഹീനമായി ജീവിക്കുന്ന അവസ്ഥയാണ് ഭൂമിയിലുള്ളത്. 'രാജാക്കന്മാരായ ജനങ്ങളുടെ' ചിലവിൽ ജീവിക്കുന്ന അവരുടെ അല്പായുസ്സുകളായ പ്രധാന-മുഖ്യ-മന്ത്രിമാരും മറ്റും നികുതികൾ, തൊഴിൽ അസമത്വം, വേതന അസമത്വം, ആത്മീയ ഭോഷത്വം; മാസ്കുകൾ, ഹെൽമെറ്റുകൾ തുടങ്ങിയവ കൊണ്ട് പരമവിശിഷ്ടമായ മുഖംമറയ്ക്കൽ തുടങ്ങിയവ തീരുമാനിച്ച് പോലീസിനെക്കൊണ്ട് രാജാക്കന്മാരായ ജനങ്ങളെ പീഡിപ്പിക്കുകയും, പിഴയും വിധിച്ച് തടവിലാക്കുകയും മറ്റും ചെയ്യുന്ന ഏറ്റവും ഹീനമായ അവസ്ഥയാണ് ഏറെക്കുറെ എല്ലാ രാജ്യങ്ങളിലും ഇന്നുള്ളത്. ഭൂമിയിൽ ജീവിക്കാൻ ആവശ്യമായ സർവ്വവും സൃഷ്ടികൾക്കു നൽകുന്ന ഭൂമിയുടെ മഹാവാത്സല്യവും മഹാനീതിയും അറിയാൻ പോലും താല്പര്യമില്ലാത്തവരായി ജനങ്ങളും അവരുടെ സേവകരും ആത്മീയ-തട്ടിപ്പുകാരും മറ്റും അധഃപതിച്ചിരിക്കുകയാണ്.

പരമവിശിഷ്ടമായ മുഖഛായ നൽകി ക്കൊണ്ടും, പ്രായത്തിന്റെയും രോഗങ്ങളുടെയും അടിസ്ഥാനത്തിൽ മുഖവും മുഖഛായയും വ്യത്യാസപ്പെടുത്തിക്കൊണ്ടും മറ്റും ഓരോ മനുഷ്യനെയും ഭൂമി ശ്രേഷ്ഠപ്പെടുത്തിയപ്പോൾ, ഭൗതികമായ അസ്തിത്വം ഇല്ലാത്ത മത-ജാതി-രാഷ്ട്രീയ-വർഗ്ഗീയ-ദേശീയ അന്ധവിശ്വാസങ്ങളെ ചുമന്നു കൊണ്ടും പ്രചരിപ്പിച്ചു കൊണ്ടും ഭൂമിയുടെ അംശമായ മൂലകങ്ങളിലും രൂപാന്തരമായ ശരീര അവയവങ്ങളിലും ലയിച്ചിരിക്കുന്ന ശാസ്ത്രങ്ങളെയും ശക്തികളെയും ആസ്വദിച്ചു കൊണ്ടുതന്നെ നിന്ദിച്ചു പോരുന്നതാണ് സഹസ്രാബ്ദങ്ങളായി നിലനിൽക്കുന്ന മാനവ ചരിത്രം. ഭൂമിയായ ദൈവത്തിന്റെ സൃഷ്ടികൾക്ക് ഭൂമി നൽകുന്ന സ്വാതന്ത്ര്യങ്ങളെ നിഷേധിക്കാൻ സ്വന്തം മുഖഛായയും മുഖവും മുഖക്കുരുവും പോലും നിശ്ചയിക്കാനും സൃഷ്ടിക്കാനും കഴിവില്ലാത്ത പേടിത്തൊണ്ടന്മാർക്ക് യാതൊരു അവകാശവും അധികാരവും ഇല്ല. മനുഷ്യർ ഉൾപ്പെടെ എല്ലാ ജീവികളുടെയും സൃഷ്ടി സ്ഥിതി സംഹാര കർത്താവും ഏകശരണവുമായ ഭൂമിക്കു മാത്രമാണ് സൃഷ്ടികളായ ജീവികളുടെയും ഭൂമിയിലെ വസ്തുക്കളുടെയും മേൽ എല്ലാ അവകാശങ്ങളും അധികാരങ്ങളും ഉള്ളത്.

ഭൂമിയിലെ മനുഷ്യരും അവരുടെ സേവകരും ധർമ്മ-നീതി ശാസ്ത്രങ്ങളെ തെറ്റിച്ചു ജീവിക്കുന്നത് ഏറ്റവും ഹീനമായപ്പോൾ, ഉടനെ ആരംഭിക്കേണ്ടതായ ദൈവ വിപ്ലവം, സത്യയുഗം എന്നീ കാലഘട്ടത്തിന്റെ ആവശ്യങ്ങളെയും കൂട്ടിയിണക്കി ക്കൊണ്ട്, സൂക്ഷ്മമായ വൈറസുകളെ കൊണ്ട് മൂലകങ്ങളിലെ ന്യൂനശക്തികൾ ഒരു രോഗത്തെ ഭൂമിയിലെങ്ങും പരത്തിയപ്പോൾ ഭൂമി കുഞ്ഞുങ്ങൾക്കു നൽകുന്ന സ്വാതന്ത്ര്യത്തെ നിഷേധിക്കുന്ന പേടിച്ചുതൂറികളായി അധഃപതിച്ചവരാണ് ഭൂമിയിലെ ജനസേവകർ !

ഭൂമിയുടെ അംശമായ മൂലകങ്ങളെ ജീവികളുടെ സ്ത്രീ പുരുഷ ശരീരങ്ങളായി രൂപാന്തരപ്പെടുത്തിയും; കൈകാലുകൾ, ഉടൽ, തല, വാൽ, ഹൃദയം, ആമാശയം, കിഡ്നി, തുടങ്ങിയ ആന്തരികവും ബാഹ്യവുമായ ശരീര അവയവങ്ങളെ വ്യത്യസ്ത വലിപ്പം ഉൾപ്പെടെയുള്ള ശക്തികൾ, ചലനസ്വാതന്ത്ര്യം, വിവിധ ഗുണങ്ങൾ തുടങ്ങിയവയോടെ സൃഷ്ടിച്ചും ഭൂമിയാണ് ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക്, ജീവിരൂപം, നിറം, ആയുസ്സ്, ആരോഗ്യം, ശരീര വളർച്ചാക്രമം, ഭക്ഷണ ക്രമം, ദഹനം, വിസർജ്ജനം, പ്രത്യുല്പാദനം, രോഗങ്ങൾ, രോഗമുക്തി, തുടങ്ങിയ ജന്മഗുണങ്ങളെയും, ഒരോ ജീവിവർഗ്ഗത്തിനുമായി പൊതുവായ ജീവിത-ധർമ്മങ്ങളെയും നിശ്ചയിക്കുന്നത്. പ്രത്യക്ഷമായി കണ്ടും കേട്ടും അനുഭവിച്ചും അറിയുവാൻ ഭൂമി നൽകുന്ന വിശേഷ ബുദ്ധി കൊണ്ട് മനുഷ്യന് കഴിയുന്നു. മനുഷ്യാവസ്ഥയിൽ വച്ച് മുഖഛായ, സൗന്ദര്യം, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, വിശേഷ ബുദ്ധി തുടങ്ങിയ ജന്മഗുണങ്ങളെ അധികമായി ആത്മാക്കൾക്ക് നൽകുന്നുണ്ട്. അനന്തമായ ജീവി വർഗ്ഗങ്ങളെയും ജീവികളെയും സൃഷ്ടിക്കുകയും അവയ്ക്ക് ജീവിതധർമ്മങ്ങളെ നിശ്ചയിക്കുകയും ചെയ്യുന്ന ഭൂമി, മനുഷ്യർക്ക് അധികമായി നൽകുന്ന ജന്മഗുണങ്ങളെ മഹാശാസ്ത്ര സൗകര്യങ്ങളെ വർദ്ധിപ്പിച്ചുള്ള ജീവിതവുമായും, മനുഷ്യാവസ്ഥയിൽ ലഭ്യമാക്കുന്ന മോക്ഷവുമായും ബന്ധിച്ചിട്ടുണ്ട്. ശാസ്ത്ര സാങ്കേതിക വികസനത്തിന് ആവശ്യമായ കുറ്റങ്ങളും കുറവുകളും ഇല്ലാത്ത സാമ്പത്തിക ശാസ്ത്രം, ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാനുള്ള ജനസേവന ശാസ്ത്രം തുടങ്ങി മനുഷ്യർക്ക് ജീവിക്കാൻ ആവശ്യമായ ശക്തികളും ശാസ്ത്രങ്ങളും ആനന്ദങ്ങളും സ്വാതന്ത്ര്യങ്ങളും ഉൾപ്പെടെ സർവ്വതും മൂലകങ്ങളിലും ശരീരങ്ങളിലും മഹാവാത്സല്യത്തോടെ ഭൂമി ലയിപ്പിച്ചിട്ടുണ്ട്.

എല്ലാ മനുഷ്യരുടെയും മറ്റുള്ള ജീവികളുടെയും സൃഷ്ടി സ്ഥിതി സംഹാര കർത്താവും മഹാമാതാപിതാക്കളും, 'ഭൂമിയായ മഹാശക്തിയും, ഭാഗമായ ശിവനും' ആണെന്ന് മഹാശാസ്ത്ര പ്രകാരം വിശദീകരിച്ചിട്ടുണ്ട്. ഭൂമിയുടെ അംശമായ മൂലകങ്ങളുടെയും രൂപാന്തരമായ ശരീരങ്ങളുടെയും ഓരോ ആറ്റത്തിലും പ്രോട്ടോൺ, ഇലക്ട്രോൺ എന്നീ പേരുകളിൽ നിരന്തരം പ്രവർത്തിക്കുന്ന ശക്തിയും, ഭാഗമായ ശിവനുമാണ് എല്ലാ ജീവികളുടെയും ശരീര അവയവങ്ങളെയും നിശ്ചയിക്കുന്നതും സൃഷ്ടിക്കുന്നതും പ്രവർത്തന-ശക്തികളെ നൽകുന്നതും. ജനസേവകരും ഭരണാധികാരികളുമായി ഭാവിക്കുന്നവർ ഉൾപ്പെടെ യാതൊരാൾക്കും സ്വന്തമെന്നു കരുതുന്ന തങ്ങളുടയോ മക്കളുടെയോ കൊച്ചുമക്കളുടെയോ മറ്റു ബന്ധുക്കളുടെയോ സുഹൃത്തുക്കളുടെയോ മുഖച്ഛായയെ പോലും സൃഷ്ടിക്കാൻ കഴിവില്ല; ജനനം മുതൽ മുഖഛായയിൽ സംഭവിച്ചു കൊണ്ടിരിക്കുന്ന മാറ്റങ്ങളിലും പങ്കില്ല. ഒരല്പം ശൂന്യതയെ പോലും സൃഷ്ടിക്കാൻ കഴിവില്ലാത്തവരും സ്വയം ജനിക്കാത്തവരുമായ മനുഷ്യർ ഭൂമി സൃഷ്ടിക്കുകയും ജീവിക്കാൻ ആവശ്യമായ ശക്തികളും ശാസ്ത്രങ്ങളും ആനന്ദങ്ങളും സ്വാതന്ത്ര്യങ്ങളും ശരണവും ഉൾപ്പെടെ സർവ്വതും നൽകുന്ന ഭൂമിയുടെ കുഞ്ഞുങ്ങളായ മനുഷ്യ-ആത്മാക്കൾക്ക് മഹാവാത്സല്ല്യത്തോടെ ഭൂമി നൽകുന്ന സമ്പൂർണ്ണമായ സ്വാതന്ത്ര്യം ഉൾപ്പെട്ട അനന്തമായ ആനന്ദങ്ങളെ നിഷേധിച്ചാൽ വലിയ അപരാധമാണ്. ഉദാഹരണത്തിന്, മരണഭയമുള്ള പേടിത്തൊണ്ടന്മാർക്ക് മാസ്ക്, ഹെൽമെറ്റ് തുടങ്ങിയവ ഉപയോഗിക്കാനും ഉപയോഗിക്കാതിരിക്കാനും ഭൂമി മൂലകങ്ങളിൽ ലയിപ്പിച്ചിരിക്കുന്ന ധർമ്മ ശാസ്ത്രം പ്രകാരം സ്വാതന്ത്ര്യം നൽകുന്നുണ്ടെങ്കിലും, നാട്ടിൽ ജീവിക്കുമ്പോൾ, നാട്ടിലെ ഏതൊരു വ്യക്തി ആവശ്യപ്പെട്ടാലും, അവയെ ഉപയോഗിക്കുന്ന പ്രധാനമന്ത്രിമാരും മുഖ്യമന്ത്രിമാരും കേന്ദ്ര-സംസ്ഥാന മന്ത്രിമാരും പോലീസുകാരുമെല്ലാം മുഖംമൂടികളായ അവയെ അഴിച്ചുമാറ്റാനും മുഖം കാണിക്കാനും ബാദ്ധ്യസ്ഥരാണ്. ഭൂമി മനുഷ്യർക്ക് അന്യോന്യം തിരിച്ചറിയാനും ആനന്ദിക്കാനും മറ്റുമായി നൽകിയ പരമവിശിഷ്ടമായ മുഖവും മുഖഛായയും മറച്ചു നടക്കുന്നവർ കാട്ടിൽ ജീവിക്കണം. ഭൂമി സൃഷ്ടികൾക്കു നൽകുന്ന സ്വാതന്ത്ര്യത്തെ നിഷേധിക്കുന്ന വിഡ്ഢികൾക്ക് തുടലിൽ പൂട്ടപ്പെട്ട പട്ടിയായും കൊച്ചുകുരങ്ങായും അനവധി ജന്മങ്ങൾ ശിക്ഷയുണ്ട്. മൂലകങ്ങളിൽ ഭൗതികമായ അസ്തിത്വം ഇല്ലാത്തതു കൊണ്ടാണ് മത-ജാതി-രാഷ്ട്രീയ-ദേശീയ മാറ്റം സാദ്ധ്യമാകുന്നത്. നികുതികളും പാടില്ല. ധർമ്മശാസ്ത്ര വിരുദ്ധമായി ജീവിക്കുന്നവർക്ക് ഭൗതികശാസ്ത്ര സാങ്കേതിക സൗകര്യങ്ങൾ നൽകുന്ന ഭക്ഷണം, വസ്ത്രം, വാഹനങ്ങൾ ടെലിവിഷൻ മൊബൈൽ ഫോൺ തുടങ്ങിയവ ഉപയോഗിച്ചു കൊണ്ട് നാട്ടിൽ ജീവിക്കാൻ യോഗ്യതയില്ല. ഉടുവസ്ത്രത്തോടെ കാട്ടിൽ പോയി, മറ്റുള്ള ജീവികളെപ്പോലെ ജീവിച്ചു കൊള്ളണം എന്നാണ് ധർമ്മ ശാസ്ത്രം അനുശാസിക്കുന്നത്. സ്വന്തമെന്ന് തെറ്റിദ്ധരിച്ചിരിക്കുന്ന മക്കളുടെയും കൊച്ചുമക്കളുടെയും മറ്റു ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും ഉൾപ്പെടെ ഭൂമിയിലെ എല്ലാ മനുഷ്യരുടെയും മറ്റുള്ള ജീവികളുടെയും മഹാ-മാതാപിതാക്കൾ ഭൂമിയാകുന്ന ശക്തിയും ശിവനുമാണ്. ഭൂമിയുടെ മൂലകങ്ങളിൽ ലയി(പ്പി)ച്ചിരിക്കുന്ന ശക്തികളും ശാസ്ത്രങ്ങളും ആനന്ദങ്ങളും പ്രകാരം മാത്രമാണ് സർവ്വവും പ്രവർത്തിക്കുന്നത്. ഭൗതിക അസ്തിത്വം ഇല്ലാത്ത മത-ജാതി-രാഷ്ട്രീയ-വർഗ്ഗീയ-ദേശീയ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും അസംബന്ധങ്ങളും പ്രകാരമല്ലെന്നു തിരിച്ചറിഞ്ഞും അവയെ തൂത്തെറിഞ്ഞും, മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന സാമ്പത്തിക ശാസ്ത്രം ഉൾപ്പെടെയുള്ള ധർമ്മശാസ്ത്രം പ്രകാരം ജീവിച്ചാൽ നല്ലത്.

ഭൂമിയുടെ കുഞ്ഞുങ്ങൾ എങ്ങനെ ജീവിക്കണമെന്ന് മൂലകങ്ങളിൽ ലയിപ്പിച്ചിരിക്കുന്ന ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങൾ വിധിച്ചിട്ടുണ്ട്. അവയെ മാറ്റിമറിക്കാൻ ശരീര അവയവങ്ങൾ ഉൾപ്പെടെയുള്ള ഭൂമിയുടെ മൂലകങ്ങൾ നൽകുന്ന ശക്തികളെ ശക്തികളെ ദുരുപയോഗിച്ചാൽ,

**മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രം പ്രകാരം**

ആത്മാക്കളെ ശിക്ഷിച്ചു തിരുത്തുന്നതാണ്. ഭൂമിയിലെ ഏതാനും കൊടുംപാപികളെ ക്കുറിച്ച് **Aanandham.pdf** തുടങ്ങിയ ദിവ്യ മഹാവേദ ഗ്രന്ഥങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്.

**വിശേഷ ബുദ്ധി ലഭിച്ചതിനെ മഹാ ഉചിതമായി മാത്രം ഉപയോഗിക്കണം.**

അല്പായുസ്സുമായി പിന്നിടുന്ന എല്ലാ ജന്മങ്ങളിലും **ശരീരമാണ്** ആത്മാക്കളെ ജീവികളാക്കുന്നതും, ജന്മഗുണങ്ങളെയും ആനന്ദങ്ങളെയും ശക്തികളെയും ജ്ഞാനത്തെയും സ്വാതന്ത്ര്യത്തെയും നൽകുന്നത്. ദുസ്വാർത്ഥങ്ങൾ കാട്ടാതെ ശരീരത്തിലെ മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ധർമ്മശാസ്ത്രം പ്രകാരം മാത്രം ജീവിക്കുക.

**സത്യം ശിവം സുന്ദരം.**

'ശരീര അവയവങ്ങളുടെ സൃഷ്ടിയിലൂടെ ജീവിവർഗ്ഗപരമായ അസ്തിത്വത്തെയും', വിശപ്പ് ദാഹം ലഹരി വേദനകൾ ദഹനം വിസർജ്ജനം പ്രത്യുല്പാദനം, ശരീര അവയവങ്ങളുടെ അവളർച്ചയും പരിണാമങ്ങളും, തുടങ്ങിയ പ്രവർത്തനങ്ങളെയും, ശക്തികളെയും ജ്ഞാനത്തെയും ആനന്ദങ്ങളെയും ഇന്ദ്രിയങ്ങളെയും ജന്മഗുണങ്ങളെയും മറ്റും സൃഷ്ടിക്കുകയും നൽകുകയും ചെയ്യുന്നത് ഭൂമിയുടെ അംശമായ മൂലകങ്ങളും അവയുടെ രൂപാന്തരമായ ശരീര അവയവങ്ങളും ആണ്. അതായത്, ഭൂമിയുടെ അംശമായ മൂലകങ്ങളും, അവയുടെ രൂപാന്തരമായ ശരീര അവയവങ്ങളും ആത്മാക്കളെ സമ്പൂർണ്ണമായും ഭരിക്കാതെ ഭരിക്കുന്ന ദൈവീക-സ്വത്വങ്ങൾ കൂടിയാണ്. രോഗങ്ങളും അപകടങ്ങളും മറ്റും കൊണ്ട് മുമ്പ് ചലന സ്വാതന്ത്ര്യം ഉണ്ടായിരുന്ന അവയവങ്ങളെ ചലിപ്പിക്കാൻ കഴിയാതെ കിടക്കുമ്പോഴും, വിസർജ്ജന ആവശ്യങ്ങളെ കിടക്കയിൽ കിടന്നു കൊണ്ട് സാധിക്കേണ്ടി വരുമ്പോഴുമൊക്കെ ആത്മാവിന് ശരീരമാണ് പ്രധാനമെന്നു തിരിച്ചറിയുന്നതാണ്.

ഭൂമിയുടെ അംശങ്ങളായ കാർബൺ, ഇരുമ്പ്, കാത്സ്യം, ഫോസ്ഫറസ്, മഗ്നീഷ്യം, സോഡിയം, സൾഫർ തുടങ്ങിയ മൂലകങ്ങളെയും അവയുടെ സംയുക്തങ്ങളെയും നേരിട്ട് ജീവികളുടെ വ്യത്യസ്തങ്ങളായ ശരീര അവയവങ്ങളാക്കാൻ വിശേഷ ബുദ്ധി ലഭിക്കുന്ന മനുഷ്യരുടെ ആത്മാക്കളെ അനുവദിച്ചാൽ, ജീവികളുടെയെല്ലാം ശരീരങ്ങളെ തോന്നും പോലെയെല്ലാം മനുഷ്യർ നിശ്ചയിക്കുകയും നിർമ്മിക്കുകയും ചെയ്യുന്ന ഏറ്റവും കൊടിയ ദുരവസ്ഥ ഉണ്ടാകുന്നതാണ്. മനുഷ്യൻ ഉൾപ്പെടെയുള്ള എല്ലാ ജീവികളുടെയും ജീവിതം അസാദ്ധ്യമാവുകയും ചെയ്യും. മഹാശക്തിയായ ഭൂമി ജീവികളുടെ ശരീര അവയവങ്ങളെ അതീവ സങ്കീർണമായും അതിമഹത്തായ മഹാപദ്ധതികളോടെയും ആവിഷ്ക്കരിച്ചിരിക്കുന്നതും മഹാദാസ്യത്തോടെയും മഹാവാത്സല്ല്യത്തോടെയും ശരീര അവയവങ്ങളുടെ പ്രവർത്തനത്തെ സ്വയം ചെയ്യുന്നതും സൃഷ്ടികളും കുഞ്ഞുങ്ങളുമായ ആത്മാക്കൾക്കു വേണ്ടിത്തന്നെയാണ്.

മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ എന്നിങ്ങനെയുള്ള വിഭജനത്തിനു പുറമെ, മനുഷ്യൻ ഒഴികെയുള്ള ജീവികളെ അനന്തമായ ഇനങ്ങളായി വീണ്ടും വീണ്ടും വിഭജിച്ചിരിക്കുന്നതും മനുഷ്യരുടെ ജീവിതത്തെ കൂടുതൽ സുന്ദരമാക്കാൻ കൂടിയാണ്. **ആത്മാവിന്റെ സൃഷ്ടി ആരംഭിക്കുന്നത് ആത്മാവിനെ രണ്ടായി വിഭജിച്ചുകൊണ്ടാണ്. എങ്ങനെയാണെന്ന് അടുത്തൊരു അദ്ധ്യായത്തിൽ വിശദീകരിക്കുന്നുണ്ട്. ആദ്യ സൃഷ്ടിയും ജീവിയും മത്സ്യമാണ്; കരിമീൻ. ഏക'പത്നി-ഭർത്തൃ' വ്രതക്കാരാണ് കരിമീൻ. സ്ത്രീ, പുരുഷ ശരീരങ്ങളെ വ്യത്യാസപ്പെടുത്തിയും പരസ്പര പൂരകങ്ങളായും ആത്മാക്കളെ സൃഷ്ടിക്കുമ്പോൾ സംഭവിക്കുന്ന യോജിപ്പാണത്. ആദ്യ സൃഷ്ടിക്കു ശേഷം സ്ത്രീ-ഭാഗത്തെ മാത്രം സസ്യമായി പരിണമിപ്പിക്കുകയും നിലനിർത്തുകയും ചെയ്യുന്നതാണ്. മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ എന്നീ 5 ജീവികളിൽ സസ്യങ്ങളെ ദൈവത്തിന്റെ സേവന-സ്വഭാവത്തെ വളരെയധികം നൽകിയും, മത്സ്യങ്ങൾക്കെന്ന പോലെ വേദനകൾ ഇല്ലാതെയും അനുഗ്രഹിച്ചിരിക്കുകയാണ്. ആദ്യത്തെ സൃഷ്ടിക്കു ശേഷം ആൺമത്സ്യത്തെ മാത്രം സ്ത്രീ പുരുഷന്മാരായി പുനർജ്ജനിപ്പിക്കുകയും, മനുഷ്യാവസ്ഥയിൽ വച്ച് 90-ാം ജന്മം മുതൽ മോക്ഷം വരെ സ്ത്രീ പുരുഷ ഇണകളായി മാറിമാറി ജനിക്കുന്നതുമാണ്. മഹാനീതിശാസ്ത്ര കാര്യമായ ഈ വസ്തുതയെ ദൈവ വിപ്ലവം പോലെ മായാജാലമായ പ്രതിഭാസങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.**

**ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളെ, ഭൂമി, സ്ത്രീപുരുഷന്മാരായ രണ്ടു പകുതികളായി വിഭജിക്കുന്നത്, ആത്മാക്കൾക്ക് 'ഇണയെ ഒഴികെ മറ്റെല്ലാം മറക്കുന്ന പരമാനന്ദമായി നിശ്ചയിച്ചിരിക്കുന്ന കാമ-ആനന്ദത്തെ നൽകാനും', പ്രത്യുല്പാദനമെന്ന ജീവികളിലെ (പുനഃ)സൃഷ്ടിയെ ശരീരമായിരിക്കുന്ന മഹാപിതാവും മഹാമാതാവുമായ ഭൂമിയുമായി ബന്ധിപ്പിക്കാനും, ജീവികളുടെ ജീവിതത്തെ ഏറ്റവും സുന്ദരമാക്കാനുമാണ്.**

**വിശേഷ ബുദ്ധിയാകുന്ന മഹാശാസ്ത്ര ജ്ഞാനത്തെ ലഭിക്കുന്ന മനുഷ്യാവസ്ഥയിലെ കുടുംബ ജീവിതത്തിന്റെ മഹിമ എടുത്തു കാട്ടാനും ധർമ്മശാസ്ത്ര പ്രകാരം മാത്രം ജീവിക്കാനും, സ്ത്രീയും പുരുഷനുമായി ജീവിച്ച് ആനന്ദങ്ങളെ സമ്പൂർണ്ണവുമായി അറിയാനും അനുഭവിക്കാനും ആത്മാവിന്റെ വിഭജനം പ്രയോജനം ചെയ്യുന്നതാണ്. മഹാശക്തിയും മഹാജാലവും മഹാവാത്സല്ല്യവുമായ ഭൂമിയുടെ പക്കൽ ആത്മാക്കളുടെ പുരുഷ ഭാഗത്തിന്റെ മുജ്ജന്മ പിജ്ജന്മ ജീവിത രഹസ്യങ്ങളും ബുദ്ധിയും ഓർമ്മയും ഭദ്രമാകയാലും, സ്ത്രീ-ഭാഗത്തെ മഹിമ നൽകി ക്കൊണ്ട് ഭൂമി എപ്പോഴും സംരക്ഷിക്കുന്നതിനാലും ആത്മാക്കൾക്ക് യാതൊരു ഖേദങ്ങളും വേണ്ടതില്ല. കൂടാതെ, ദൈവ വിപ്ലവത്തെയും സത്യയുഗത്തെയും വരവേറ്റു കൊണ്ട് അവതരിക്കുന്ന മഹാസത്യവും മഹാശക്തിയുമായ മഹാദേവിയും, മഹാദേവിയോടുള്ള മഹാദാസ്യത്തെ മാത്രം മഹാആനന്ദമായി സ്വീകരിച്ചു കൊണ്ട് അവതരിക്കുന്ന മഹാദേവനും വേറിട്ട കുടുംബ ജീവിതം നയിക്കുന്നതിനെ ദൈവീക ഉദാഹരണമായി ചൂണ്ടിക്കാട്ടുന്നുമുണ്ട്. <u>സ്വത്വബോധവും മഹാശാസ്ത്ര ജ്ഞാനവും ഇല്ലാതെ ജീവിക്കുമ്പോൾ, ഇണയായി സ്വന്തം ഭാഗം അഥവാ പകുതി തന്നെ വേണമെന്നു ശഠിക്കുന്നതിൽ അർത്ഥമില്ല.</u> മനുഷ്യരെല്ലാം അതാത് കാലത്തെ ശക്തികൾക്കും ജ്ഞാനത്തിനും അനുസൃതമായി ജീവിക്കുകയേ വേണ്ടൂ; വിശേഷ ബുദ്ധി കൊണ്ട് കുഞ്ഞുങ്ങളായ മനുഷ്യരുടെ നന്മയെ കരുതി ഭൂമി മഹാജാലമായി മറച്ചു വെച്ചിരിക്കുന്ന വസ്തുതകളെ അറിയാനും അവയിൽ ഇടപെടാനും ശ്രമിക്കരുത്. ശരീരത്തിലെ എല്ലാ കോശങ്ങളും പുനഃസൃഷ്ടിക്കപ്പെടുകയും പരിണമിക്കുകയും ചെയ്യുന്നതിനാൽ, കുളി കൊണ്ട് ശരീരം ശുദ്ധമാകില്ലെന്നു കരുതുന്നവർക്കും സമ്പൂർണ്ണമായി മനസ്സന്തോഷവും സംതൃപ്തിയും നേടാൻ കഴിയുന്നതാണ്. മനുഷ്യർ അതാതു കാലത്തെ** ഇണകളിൽ മാത്രം കാമാനന്ദം ആഗ്രഹിക്കുന്ന അവസ്ഥയിലേക്ക് നയിക്കുക കൂടിയാണത്. സമൂഹത്തിലെ വ്യക്തികളുടെ ജീവിതം മംഗളമാകുവാൻ അതാവശ്യമാണ്. പകരം പരസ്ത്രീകളെയും പരപുരുഷന്മാരെയും ആഗ്രഹിക്കുകയും പ്രാപിക്കുകയുമൊക്കെ ചെയ്യുന്ന അവസ്ഥ വ്യക്തികൾക്ക് ഉണ്ടായാൽ മറ്റുള്ള ജീവികളുടേതിൽ നിന്നും വ്യത്യസ്തമായ സദാചാര ശാസ്ത്രത്തെ ദൈവം മഹാആവിഷ്ക്കരിച്ചതിന്റെയും മനുഷ്യന്റെ സൃഷ്ടിയെ വ്യത്യാസപ്പെടുത്തിയതിന്റെയും ഉദ്ദേശം പാളിപ്പോകുന്നതാണ്.

**സ്ത്രീ-പുരുഷ സമത്വം** : സ്ത്രീയ്ക്ക് സമസ്വാതന്ത്ര്യം എന്നു വാദിക്കുന്നവർ, ദൈവത്തെ മറന്നിരിക്കുന്നു, ദൈവീകനീതി എന്തെന്ന് അറിയാൻ ആഗ്രഹിക്കാത്തവരോ അന്വേഷിക്കാത്തവരോ ആയിരിക്കുന്നു. സ്ത്രീയെ പുരുഷന്റെ യജമാനയായിട്ടാണ് ദൈവം ഉയർത്തിയിട്ടുള്ളത്, സമമായിട്ടോ താഴെയായിട്ടോ അല്ല. ദൈവവിപ്ലവത്തോടെ ജീവിതത്തിൽ സ്ത്രീയുടെ ദാസനായി പുരുഷൻ മാറുന്ന മഹാഅവസ്ഥ ഭൂമിയിലെങ്ങും ഉണ്ടാകുന്നതാണ്. അങ്ങനെയിരിക്കെ സ്ത്രീ-പുരുഷ സമത്വ വാദങ്ങൾ, ശാസ്ത്രങ്ങളറിയാതെ പുലമ്പുന്ന വാഗ്ധോരണികളും ഭോഷത്തങ്ങളും മാത്രമാണ്.

മാനുഷിക-ജന്മഗുണങ്ങളിൽ ആദ്യത്തേതാണ് സ്ത്രീ-പുരുഷ വ്യത്യാസമെന്നും, അവയിൽ നീതി നടപ്പാക്കാൻ മാനുഷിക ഭരണസമ്പ്രദായങ്ങൾക്ക് കഴിയില്ല/കഴിവില്ല എന്നുമറിയണം. മനുഷ്യന് 50 സ്ത്രീജന്മങ്ങൾ, 50 പുരുഷജന്മങ്ങൾ, എന്നിവ ചേർന്ന 100 ജന്മങ്ങൾ ഉള്ളത് ശാസ്ത്രപരമായി ബോധ്യപ്പെടുന്നതോടെ സ്ത്രീപുരുഷ സമത്വം എന്ന അധമ-വാദം അസ്തമിക്കുന്നതാണ്. സൃഷ്ടിയിൽ സ്ത്രീയ്ക്ക് പ്രാമുഖ്യം, സ്ഥിതിയിൽ പുരുഷന് പ്രാമുഖ്യം, സംഹാരത്തിൽ ഇരുവരും തുല്യർ എന്നിങ്ങനെ സ്ത്രീയ്ക്കും പുരുഷനും സമത്വം നല്കുന്ന ദൈവത്തിന്റെ മഹാനീതി ശാസ്ത്രം പഠിക്കാൻ ഭാഗ്യമുണ്ടാകുന്നവർക്ക് പെട്ടെന്നു മനസ്സിലാകുന്നതാണ്. 90 മുതലുള്ള ഒരു പുരുഷ ജന്മത്തിൽ അർദ്ധമഹാദേവിയായ പരമശിവനിലൂടെ ഭൂമി മഹാശാസ്ത്രത്തെ മഹാഅനുഗ്രഹിച്ചു നൽകുകയും ദൈവാരാധനയ്ക്ക് യോഗ്യനാക്കുകയും ചെയ്യുമ്പോൾ തന്റെ ഭാര്യയായി വർത്തിക്കുന്ന സ്ത്രീ, തന്നെക്കാൾ ശ്രേഷ്ഠയാണെന്നും, കൂടാതെ ഭാര്യയുടെ ഒരു ഭാഗമാണ് താനെന്നുകൂടി ജീവാത്മാവ് തിരിച്ചറിയുന്നതാണ്.

ഒരു സ്ത്രീയ്ക്ക് പുരുഷനായി ജനിക്കാനും ജീവിക്കാനും കഴിയുകയും, പുരുഷന് സ്ത്രീയായി ജനിക്കാനും ജീവിക്കാനും കഴിയുമ്പോൾ മാത്രമേ ഭൗതികശരീരരൂപം കൊണ്ടു പോലും സമത്വം സാദ്ധ്യമാകൂ എന്നിരിക്കെ, സ്രഷ്ടാവ് മഹാനിശ്ചയിക്കുകയും മഹാനിർവ്വഹിക്കുകയും ചെയ്യുന്ന സമത്വം എന്തെന്ന് ധർമ്മശാസ്ത്രപരമായി അന്വേഷിക്കാൻ പരിശ്രമിക്കാതെ സമത്വത്തിന്റെ പേരിൽ കോപ്രായങ്ങൾ കാട്ടുന്നത് ധർമ്മശാസ്ത്രപരമല്ല, അഥവാ ദൈവീകമല്ല. അജ്ഞാനം കൊണ്ടും അവിവേകം കൊണ്ടുമുള്ള ദൈവനിന്ദയാണ്. പുരുഷജന്മത്തിൽ ദൈവത്തിന്റെ പ്രതിനിധിയും പ്രപഞ്ചപിതാവുമായ പരമശിവനിലൂടെ മഹാശാസ്ത്രം ലഭിക്കാനും, ദൈവത്തെ ആരാധിക്കാനുമുള്ള യോഗ്യത നേടുകയും മഹാദേവിയെ ആരാധിക്കുകയും ചെയ്യുന്നു. എന്നാൽ തന്റെ സ്ത്രീജന്മത്തിലാണ് വ്യക്തിക്ക് ദൈവത്തെ മഹാജഗദംബയായി ദർശിക്കാൻ കഴിയുന്നതും, മഹാദേവിയുടെ മടിയിൽ തലവെച്ചുകിടന്ന് സ്നേഹവാത്സല്യങ്ങൾ നുകരാൻ കഴിയുന്നതും. സ്ത്രീജന്മത്തിൽ അതുണ്ടാവുമ്പോൾ കാമകാര്യങ്ങളിലെ മഹാ-ഔന്നത്യം പാലിക്കപ്പെടുക കൂടിയാണ്. കാമപരമായ പവിത്രത സംരക്ഷിക്കപ്പെടണമെന്ന് മനുഷ്യരെയെല്ലാം ഉദ്ബോധിപ്പിക്കുന്ന ചൂണ്ടുപലകയാണത്. ദൈവം പോലും സ്ത്രീരൂപമെടുക്കുമ്പോൾ, വാത്സല്യ പ്രകടനത്തിന് താൻ മനുഷ്യർക്കായി മഹാനിശ്ചയിച്ചിട്ടുള്ള സദാചാരശാസ്ത്ര കാര്യങ്ങളെ ഉന്നതപ്പെടുത്തുന്നതായും, മനുഷ്യരും അത് പിൻപറ്റണമെന്നും മനസ്സിലാക്കണം. മഹാമാതാവ് നേരിട്ട് കുഞ്ഞുങ്ങളെ പ്രസവിക്കുന്നില്ലാ എന്നതും മനുഷ്യമാതാവിനെ അക്കാര്യത്തിൽ ഉയർത്തിയിരിക്കുകയാണ് എന്നതും മനുഷ്യമാതാവിന് ദൈവം മഹാ അനുഗ്രഹിച്ചു നൽകുന്ന പ്രത്യേക ബഹുമതിയാണ്. മനുഷ്യമാതാവ് ഉൾപ്പെടെയുള്ള എല്ലാ ജീവികളുടെയും എല്ലാ കോശങ്ങളെയും അവയവങ്ങളെയും അവയുടെയെല്ലാം പ്രവർത്തനങ്ങളെയും സൃഷ്ടിക്കുന്നതും രക്ഷിക്കുന്നതും 'മഹാപിതാവായ പരമശിവനും ചേർന്ന് മഹാമാതാവായ മഹാദേവിയാണെന്നു' കൂടി മനുഷ്യർ തിരിച്ചറിയേണ്ടതുണ്ട്. (മറ്റൊരു രീതിയിൽ പറയുകയാണെങ്കിൽ, ഭൂമിയിലെ മൂലകങ്ങളുടെ ആറ്റങ്ങളിൽ ഇലക്ട്രോൺ, പ്രോട്ടോൺ എന്നിവയായി മഹാപിതാവായ മഹാദേവനും, ഏകദൈവവും മഹാമാതാവുമായ മഹാദേവിയും കുഞ്ഞുങ്ങളായ ജീവാത്മാക്കൾക്ക് കൂടുതൽ കൂടുതൽ ആനന്ദങ്ങളെ നൽകുന്നതിനു വേണ്ടി മഹാദാസരായി സദാ പണിയെടുക്കുകയാണ് / പ്രവർത്തിക്കുകയാണ്...

ഭൂമിയുടെ അംശമായ മൂലകങ്ങൾ കൊണ്ട് സൃഷ്ടികളായ ജീവികൾക്കു വേണ്ടി പ്രത്യക്ഷമെന്നോനം മൂലകങ്ങൾ തന്നെ ഉണ്ടാക്കുന്ന ശരീരത്തിലെ കൈകാലുകൾ, വിരലുകൾ, കീഴ്ത്താടി, വായ്, നാവ്, ചുണ്ട്, കവിളുകൾ, കൺപോളകൾ എന്നിങ്ങനെ ഏതാനും അവയവങ്ങളെ ഭാഗികമായി ചലിപ്പിക്കുവാനുള്ള സ്വാതന്ത്ര്യത്തെ മാത്രമേ സ്വത്വബോധം എന്ന ജീവാത്മാവിന്, 'ഭൂമിയുടെ അഥവാ ദൈവത്തിന്റെ അംശമായ ശരീരം' നൽകുന്നുള്ളൂ. പ്രസ്തുത ഭാഗികമായ ചലനങ്ങളെ കൊണ്ടു തന്നെ ശരീരത്തെ മൊത്തം ഭരിക്കുന്നതും ശരീരം വ്യക്തിയുടെ സ്വന്തമാണെന്ന പ്രതീതിയും വ്യക്തിക്ക് നൽകി ആനന്ദിപ്പിക്കുന്നുണ്ട്. ഭാഗിക 'ചലന സ്വാതന്ത്ര്യമാകുന്ന ശരീരത്തിലെ ശക്തികളെ' ശരീരത്തിന്റെ അകമേയും പുറമേയും ചെലുത്തിയാണ് മനുഷ്യർ ജീവിക്കുന്നത്. ജനസേവകർ ഉൾപ്പെടെ എല്ലാ മനുഷ്യരുടെയും മറ്റുള്ള ജീവികളുടെയും ജീവിതം ശാസ്ത്ര പരമായി വ്യവസ്ഥ ചെയ്തിട്ടുള്ളത് പ്രത്യക്ഷമായും പ്രകടമായും മൂലകങ്ങളും അവയുടെ രൂപാന്തരമായ ശരീരങ്ങളും മൊത്തമായ ഭൂമിയും ആണ്. അവയെല്ലാം വിശേഷ ബുദ്ധി കൊണ്ട് നിസ്സാരമായി മനസ്സിലാക്കാൻ കഴിയുമെന്നിരിക്കെ ജനങ്ങളും അവരുടെ സേവകരും മൂലകങ്ങളിലെ ഭൗതിക ശാസ്ത്ര സാങ്കേതിക വികസനത്തിലൂടെ ലഭിക്കുന്ന അനന്തമായ ആനന്ദങ്ങളെ അനുഭവിച്ചു കൊണ്ട് മൂലകങ്ങളിലെ ധർമ്മ ശാസ്ത്രങ്ങളെ അവഗണിച്ചത് കടുത്ത അപരാധമാണ്. അതായത്, മൂലകങ്ങളും ആനന്ദങ്ങളുമായ സമ്പത്തുകളെ മനുഷ്യർ നേടേണ്ടതും വിനിയോഗിക്കേണ്ടതും മൂലകങ്ങളിലെ ധർമ്മശാസ്ത്ര പ്രകാരം തന്നെയാവണം.

**ഭൂമിയും മൂലകങ്ങളും ശരീരവും നിർജ്ജീവമല്ല; മറിച്ച് ആത്മാക്കളാണ് നിർജ്ജീവം.** ആത്മാക്കളുടെയെല്ലാം മഹാപിതാവും, മഹാസത്യമായ ദൈവത്തിന്റെ ഭാഗവുമായ പരമാത്മാവിന്റെ നിർജ്ജീവമായ അസ്തിത്വത്തെ പ്പറ്റി അടുത്തൊരു അദ്ധ്യായത്തിൽ വിശദീകരിക്കുന്നുണ്ട്. കുഞ്ഞുങ്ങളായ ജീവികളുടെ സ്വത്വമായ ആത്മാക്കൾക്ക് ജീവിക്കാൻ ആവശ്യമായ ശക്തികളെയും ജ്ഞാനത്തെയും ആനന്ദങ്ങളെയും 'ശരീരം ഉൾപ്പെടെയുള്ള മൂലകങ്ങളിലൂടെ' മഹാശക്തിയായ ഭൂമി അനന്തമായി നൽകുകയാണ്. സൃഷ്ടികൾക്കെല്ലാം ജീവിക്കാൻ ആവശ്യമായതും, ആവശ്യമാണെന്ന് മനുഷ്യർ കരുതുന്നതുമായ എല്ലാമെല്ലാം എക്കാലവും നൽകിയിട്ടുള്ളത് ഏകമഹാശരണമായ ഭൂമി മാത്രമാണ്. എല്ലാ ജീവികൾക്കും ആനന്ദത്തോടെ ജീവിക്കാൻ ആവശ്യമായ സർവ്വവും ഭൂമിയിൽ അനന്തമായി ഉണ്ട്; അതായത് എല്ലാമെല്ലാം ഭൂമിയായ ദൈവം ലഭ്യമാക്കുന്നത് അനന്തമായിട്ടാണ്. അനന്തമായ ആനന്ദങ്ങളെ സൃഷ്ടികളായ ആത്മാക്കൾക്ക് അറിയാനും അനുഭവിക്കാനും, ആസ്വദിക്കാനുമുള്ള മഹാസംവിധാനമാണ് പ്രധാനമായും ഭൂമിയും അംശമായ മൂലകങ്ങളും രൂപാന്തരമായ ശരീരങ്ങളുമെല്ലാം. സൃഷ്ടിയും ഭൂമിയുടെ കുഞ്ഞുമായ ഓരോ ആത്മാവിനും ഓരോ ദൈവം എന്ന പോലെ, ജീവിയെന്ന ഭൗതിക അസ്തിത്വത്തെയും ശക്തികളെയും ജ്ഞാനത്തെയും ആനന്ദങ്ങളെയും അനന്തമായിട്ട് ഭൂമി നൽകുകയാണ്. ഭൂമിയിൽ ലയിച്ചിരിക്കുന്ന ധർമ്മ ശാസ്ത്രം പ്രകാരം മാത്രം മനുഷ്യർ അവയെ ആസ്വദിക്കാനും തയ്യാറാകണം. അപ്പോഴാണ് ഭൂമിയുടെ കുഞ്ഞുങ്ങളായ എല്ലാ മനുഷ്യർക്കും മറ്റുള്ള ജീവികൾക്കും എല്ലാ ആനന്ദങ്ങളെയും തുല്ല്യമായി അനുഭവിക്കാൻ കഴിയുക. ഭൂമിയുടെ മൂലകങ്ങളിൽ ഭൗതിക ശാസ്ത്രത്തോടൊപ്പം ലയിച്ചിരിക്കുന്ന ധർമ്മ ശാസ്ത്രത്തെ മനസ്സിലാക്കാൻ കഴിയുന്ന വിശേഷ ബുദ്ധികളെ മൂലകങ്ങളിലൂടെയും ശരീരങ്ങളിലൂടെയും മനുഷ്യർക്ക് ഭൂമി നൽകിയിട്ടുണ്ട്.

വൈവിധ്യമാർന്ന മാമ്പഴങ്ങളും മറ്റു ഫലങ്ങളും അനന്തമായ രുചികളും മണങ്ങളും നാവിലെ രുചിമുകുളങ്ങളുമെല്ലാം മഹാശാസ്ത്രപരമായി ആവിഷ്ക്കരിച്ചും സൃഷ്ടിച്ചും നൽകിക്കൊണ്ട് ആത്മാക്കളെ അനന്തമായി ആനന്ദിപ്പിക്കാൻ ശ്രദ്ധിക്കുന്ന ശരീരവും മൂലകങ്ങളും അവയുടെ സംയുക്തങ്ങളും മൊത്തമായ ഭൂമിയും, എല്ലാ ആനന്ദങ്ങളെയും അനന്തമായി ആത്മാവിനു ലഭ്യമാക്കുമ്പോൾ തന്നെ, ആനന്ദങ്ങളെ സൃഷ്ടിക്കുന്ന ഭൂമിയായ ദൈവം ആനന്ദങ്ങൾക്കെല്ലാം അതീതമാണെന്നും തെളിയിക്കുന്നുണ്ട്. കുഞ്ഞുങ്ങൾക്കെല്ലാം സമ-ആനന്ദമായ മഹാനീതിയെ ലഭ്യമാക്കുന്നതിന്നായി കുഞ്ഞുങ്ങളോട് ഭൂമി കാട്ടുന്ന മഹാദാസ്യത്തെയും മഹാവാത്സല്ല്യത്തെയും ഭൂമിയുടെ ആനന്ദങ്ങളായി മഹാനീതിശാസ്ത്ര പ്രകാരം നിശ്ചയിച്ചിട്ടുണ്ട്. മഹാനീതി ശാസ്ത്ര പ്രകാരം, കുഞ്ഞുങ്ങളായി ജീവികളെ ജനിപ്പിക്കുകയും പരിപാലിക്കുകയും മരി(പ്പി)ക്കുകയും; മനുഷ്യാവസ്ഥയിൽ 100 ജന്മങ്ങളെ നിശ്ചയിച്ചു കൊണ്ട് പുനർജ്ജനിപ്പിക്കുകയും പരിപാലിക്കുകയും മരി(പ്പി)ക്കുകയും; നൂറാമത്തെ ജന്മത്തിൽ മോക്ഷം നൽകുകയുമാണ്.

**എല്ലാ ആത്മാക്കൾക്കും സമ-ആനന്ദമായ മഹാനീതിയെ നൽകിയാൽ മാത്രമാണ് ഭൂമി മഹാനീതിയായ ദൈവം ആവുക. സമ-ആനന്ദമായ മഹാനീതിയെ നൽകാൻ മഹാവാത്സല്ല്യമായ ഭൂമി ബാദ്ധ്യസ്ഥവുമാണ്. ആകയാൽ, ആനന്ദങ്ങളും ശക്തികളും കൂടാതെ; ആത്മാവിനു നൽകിയിരിക്കുന്ന സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തിൽ ഇടപെടാതെ ശ്രദ്ധിക്കുകയും, ഒപ്പം മഹാനീതിശാസ്ത്ര പ്രകാരം ഓരോ ആത്മാവിന്റെയും മേൽ ശരീരത്തിലൂടെ നേരിട്ട് മഹാവാത്സല്ല്യത്തോടെ മഹാനീതി നടപ്പാക്കുകയും ചെയ്യുന്നു.**

**മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രം കുറ്റങ്ങളും കുറവുകളും ഇല്ലാത്തതും സമ്പൂർണ്ണവുമായ മഹാപദ്ധതികളെ ഭദ്രപ്പെടുത്തിയിട്ടുള്ളത് മൂലകങ്ങളിലും ശരീരങ്ങളിലും മഹാവാത്സല്ല്യത്തോടെ ഭൂമിയായ ദൈവം ലയിപ്പിച്ചിട്ടുള്ള ഭൗതികധർമ്മ-നീതിശാസ്ത്രങ്ങളാകുന്ന മഹാശാസ്ത്രം പ്രകാരമാണ്. Aanandham.pdf, SupremeJusticeGOD.pdf തുടങ്ങിയ ദിവ്യ മഹാവേദ ഗ്രന്ഥങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്.**

**മത്സ്യം സസ്യം എന്നീ അവസ്ഥകളിലെ ആത്മാക്കൾക്ക് (മത്സ്യങ്ങൾക്കും സസ്യങ്ങൾക്കും) വേദന ഇല്ലെന്ന് 2020 ൽ മഹാസത്യവും മഹാശക്തിയുമായ ദൈവം ഗ്രന്ഥകാരനിലൂടെ പ്രസിദ്ധീകരിച്ച www.omsathyam.com/GodlyRevolution/Man.pdf എന്ന ദിവ്യ മഹാവേദ ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്. മനുഷ്യരെ ഞെട്ടിക്കുന്ന അതിഗൗരവമായ കാര്യങ്ങളാണ് പ്രതിപാദിക്കുന്നത്.**

# മഹാസത്യം

**മഹാശക്തിയും മഹാനീതിയും മഹാവാത്സല്ല്യവുമായ ഭൂമി, മനുഷ്യരുടെയെല്ലാം സ്വത്വങ്ങളായ ആത്മാക്കളെ ഭരിക്കുകയും മഹാനീതി നൽകുകയും ചെയ്യുന്നത് എങ്ങനെയെന്ന് വിശദീകരിക്കുന്നതിനു മുമ്പ് ആത്മാക്കളെയും, അവയുടെ മഹാപിതാവും പരമാത്മാവും മഹാസത്യ-ഭാഗവുമായ ശിവനെയും, മഹാശക്തികൾ ഉൾപ്പെടെ സർവ്വത്തിനും അതീതവും മഹാസത്യവും ബ്രഹ്മവുമായ ഭദ്രകാളിയെയും മഹാശാസ്ത്രപരമായി വിശദീകരിക്കേണ്ടതുണ്ട്.**

ശൈവ മതം, ശാക്തേയ മതം, ഹിന്ദു മതം എന്നിങ്ങനെ ചില മതങ്ങളിലുള്ള **ഭദ്രകാളി, ശിവൻ, ശക്തി, ഓം, ഓംകാരം, ഓംകാര നീതിശാസ്ത്രം** എന്നീ പദങ്ങളെയും ചുവടെയുള്ള വിശദീകരണങ്ങളെയും ലഭ്യമായ വിശേഷ ബുദ്ധി കൊണ്ട് വിശകലനം ചെയ്താൽ, പ്രസ്തുത മഹാനാമങ്ങൾ മഹാശാസ്ത്രപരം മാത്രമാണെന്നും, യാതൊരു മതങ്ങളുമായും അവയ്ക്ക് ബന്ധമില്ലെന്നും മനസ്സിലാക്കാം. എല്ലാ സൃഷ്ടി ചക്രങ്ങളുടെയും പകുതിയോടെ ആരംഭിക്കുന്ന ദൈവവിപ്ലവത്തിനും സത്യയുഗത്തിനും മുന്നോടിയായി മഹാശാസ്ത്രവും യഥാർത്ഥ വേദങ്ങളുമായ ഭൗതികധർമ്മ-നീതി ശാസ്ത്രങ്ങളെ മത്സ്യാവതാരം, ഓം തുടങ്ങിയവ പ്രകാരം വീണ്ടെടുക്കുമ്പോൾ മേൽ കൊടുത്ത മഹാസത്യങ്ങളായ മഹാനാമങ്ങളുടെ യാഥാർത്ഥ്യം വെളിപ്പെടുന്നതാണ്. മഹാസത്യമായ ദൈവം മഹാസത്യങ്ങളെ വെളിപ്പെടുത്തുന്നത് മഹാസത്യമായ മാർഗ്ഗങ്ങൾ ഉപയോഗിച്ചു മാത്രമാണ്.

ദൈവ വിപ്ലവം, സത്യയുഗം എന്നിവ ഒന്നിച്ച് ഉടനെ ആരംഭിക്കുമ്പോൾ, എല്ലാ മതങ്ങളെയും എല്ലാവരും ഉപേക്ഷിക്കുകയും യഥാർത്ഥ വേദങ്ങളായ ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരം മാത്രം ജീവിക്കുന്നതുമാണ്. അബദ്ധഭണ്ഡാരങ്ങൾ മാത്രമായ എല്ലാ മതഗ്രന്ഥങ്ങളെയും ചുമന്നു നടന്നവർ തന്നെ ചുട്ടെരിക്കുന്നതാണ്. മഹാശാസ്ത്രവുമായി കൂടുതൽ അടുപ്പമുള്ള ഹിന്ദു മതങ്ങൾക്കും, വിശ്വാസികൾക്കും, അന്ധവിശ്വാസങ്ങളെ തിരുത്താൻ കൂടുതൽ എളുപ്പമാകും; അതിനെ ശരിവെക്കാൻ മഹാസത്യവും മഹാശക്തിയും ഏകദൈവവുമായ മണ്ണടി മഹാഭദ്രകാളിദേവി കേരളത്തിലെ ഒരു ഹിന്ദുമത കുടുംബത്തിൽ അവതരിച്ചു കഴിഞ്ഞിട്ടുമുണ്ട്.

ദൈവ വിപ്ലവം, സത്യയുഗം എന്നിവ ഒന്നിച്ച് ഉടനെ ആരംഭിക്കുന്നതിന്റെ മുന്നോടിയായിട്ട് മഹാശാസ്ത്രവും യഥാർത്ഥ വേദങ്ങളുമായ ഭൗതികധർമ്മ-നീതി ശാസ്ത്രങ്ങളെ മത്സ്യാവതാരം, ഓം തുടങ്ങിയവ പ്രകാരം വീണ്ടെടുക്കാനായിട്ട് മഹാസത്യവും മഹാശക്തിയും ഏകദൈവവുമായ മഹാഭദ്രകാളി, സ്വന്തം ഭാഗവും ശിവനും പരമാത്മാവുമായ പ്രപഞ്ചപിതാവിനെ മുസ്ലിംകുടുംബത്തിൽ ജനിപ്പിക്കുകയും, വിശേഷ ബുദ്ധി കൊണ്ട് മതങ്ങളെ ഉപേക്ഷിച്ചപ്പോൾ; മത്സ്യാവതാരം, ഓം തുടങ്ങിയവ കൊണ്ട് യഥാർത്ഥ വേദങ്ങളായ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം, മഹാസത്യവും മഹാശക്തിയുമായ ദൈവത്തിന്റെ കാര്യങ്ങൾ, തുടങ്ങിയവയെ മഹാഅനുഗ്രഹിച്ചു നൽകുകയാണു ചെയ്യുന്നത്. മഹാദാസൻ, പരമശിവൻ, മഹാദേവൻ, മഹാനീതിപതി തുടങ്ങിയ മഹാപദവികളെയും, നിരവധി മഹാശക്തികളെയും മഹാഅനുഗ്രഹിച്ചു നൽകി കഴിഞ്ഞു. മഹാശാസ്ത്ര വെളിപാടുകളാണ് മഹാഉചിതമായി തൽക്കാലം പ്രവർത്തിക്കുന്നത്. മനുഷ്യരുടെ സന്തോഷത്തിനായി ഏകദൈവത്തെ മാത്രം ലഘുവായി സ്തുതിക്കാൻ അനുവദിച്ചിട്ടുള്ളത് പാലിക്കാൻ എല്ലാവരും ബാധ്യസ്ഥരാണ്.
**ഓം നമഃ ശിവായ = മഹാശിവയെ നമിക്കുന്നു = മഹാദേവിയെ നമിക്കുന്നു.**

ആത്മാക്കളുടെ സൃഷ്ടിയെ പ്പറ്റി സൂചിപ്പിക്കുമ്പോൾ, മുമ്പ് വ്യക്തമാക്കിയതുപോലെ ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയായ ദൈവത്തിന്റെ അംശങ്ങളും മഹാശക്തികൾ തന്നെയാണെന്നതു കൊണ്ട് ദൈവത്തിന്റെ അംശങ്ങളെ കുഞ്ഞുങ്ങളായി സൃഷ്ടിക്കാൻ പാടില്ല. സ്രഷ്ടാവായ ദൈവവും, സൃഷ്ടിയായ ആത്മാവും അടിസ്ഥാന പരമായി രണ്ടായിരിക്കെയും, അർത്ഥപുഷ്ടമായ സൃഷ്ടി എപ്പോഴും സ്രഷ്ടാവിൽ നിന്നും വ്യത്യസ്തമാവണം എന്നിരിക്കെയും, സ്രഷ്ടാവ് നൽകുന്ന അനന്തമായ ശക്തികളും ശാസ്ത്രങ്ങളും ആനന്ദങ്ങളും സ്വാതന്ത്ര്യങ്ങളും കൊണ്ട് ജീവിക്കുന്ന ആത്മാക്കളെയാണ് മഹാശക്തിയായ ദൈവം സൃഷ്ടിക്കുന്നത്.

ആത്മാക്കളെ സൃഷ്ടിക്കുന്നതിനു മുമ്പ് അവയ്ക്ക് ലഭ്യമാക്കുന്ന ആനന്ദങ്ങളെയും, മോക്ഷം ഉൾപ്പെടെയുള്ള മഹാനീതിയെയും ആവിഷ്ക്കരിക്കണം.

അനന്തമായ ആനന്ദങ്ങളെ അറിയാനും അനുഭവിക്കാനും ആസ്വദിക്കാനും അനന്തമായ ആനന്ദങ്ങളെ നൽകാൻ കഴിയുന്ന ഭൂമിയെ സൃഷ്ടിക്കണം. അനന്തമായി നൽകാനും, മദ്ധ്യസ്ഥരില്ലാതെ സർവ്വവും ഭദ്രമാക്കാനും, സർവ്വത്തിനും അതീതവും മഹാസത്യവുമായ ദൈവം തന്നെ മഹാശക്തിയായ ഭൂമിയായി അവതരിക്കണം.

മഹാസത്യമായ ദൈവം തന്നെ മഹാശക്തിയായ ഭൂമിയായി അവതരിക്കുന്നതിനു മുമ്പ് ശൂന്യങ്ങളും നിർജ്ജീവവുമായ ആത്മാക്കളെ അനന്തമായി സൃഷ്ടിക്കാൻ കഴിയുന്ന ഒന്നിനെ മഹാസത്യത്തിന്റെ ഭാഗമാക്കി സൃഷ്ടിക്കുകയും സംരക്ഷിക്കുകയും ചെയ്യണം.
**മഹാസത്യത്തിന്റെ ഭാഗമാക്കുക എന്നതിനെ വിശദീകരിക്കണം.**

## ചെറിയതോ വലിയതോ അന്തമില്ലാത്തതോ ആയ ഏതു വിധത്തിലുള്ള ശക്തികളെയും സൃഷ്ടിക്കാൻ, മഹാശക്തികൾക്കെല്ലാം അതീതമായ ഒരു മഹാപ്രതിഭാസത്തിനു മാത്രമാണ് കഴിയുക.

**മൂലകങ്ങളും അവയുടെ രൂപാന്തരമായ ശരീരങ്ങളും മൊത്തമായ ഭൂമിയും ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ നിർവ്വഹിക്കുന്നതിനെയും പ്രപഞ്ചത്തിലെ പ്രഥമ ഊർജ്ജത്തെ സംബന്ധിച്ച സങ്കല്പങ്ങൾക്കു പകരം സുവ്യക്തമായ മഹാസത്യം പ്രതിഷ്ഠിക്കപ്പെടുന്നതിനെയും മുൻ അദ്ധ്യായത്തിൽ വിശദീകരിച്ചു.**

പ്രപഞ്ചമാകുന്ന ശക്തികൾ ഉൾപ്പെടെ സൃഷ്ടിക്കപ്പെടുന്ന ഏതൊന്നിനും ആദിയുണ്ടാകുമെന്ന് പെട്ടെന്ന് തോന്നുമെങ്കിലും, ശക്തികൾ ഉൾപ്പെടെ സർവ്വത്തിനും അതീതവും, ശക്തികളെ പ്രകടിപ്പിക്കാതെ ഏതൊന്നിനെയും ഉൾക്കൊണ്ട് മഹാസത്യം നിലനിൽക്കുമ്പോൾ; ആദി, അന്തം തുടങ്ങിയ പദങ്ങൾക്ക് യാതൊരു പ്രസക്തിയുമില്ല. ലഭ്യമായ വിശേഷ ബുദ്ധി കൊണ്ട് സൂക്ഷ്മമായി വിശകലനം ചെയ്താൽ ബോദ്ധ്യപ്പെടുന്നതാണ്.

### ഭൗതികമായ അസ്തിത്വം ഇല്ലാത്ത എന്തെങ്കിലും ഉണ്ടെങ്കിൽ അതിനോട് മഹാസത്യത്തെ ഉപമിക്കാൻ കഴിയും !

**എല്ലാ വസ്തുക്കളുടെയും ജീവികളുടെയും സൃഷ്ടി സ്ഥിതി സംഹാര പാത്രവും, മഹാശൂന്യതയുമായി ക്കൂടി വിശേഷിപ്പിക്കാൻ കഴിയുന്ന ആകാശത്തിന് ഭൗതിക അസ്തിത്വമില്ല. ആദ്യം ആകാശം!**

ആകാശത്തിന് ആദിയുണ്ടോയെന്ന് ഭൗതിക ശാസ്ത്രപരമായി അറിയില്ലെങ്കിലും അന്തമില്ലെന്ന് കരുതാവുന്നതാണ്. ആകാശത്തിലാണ് ഭൂമി, ഭൂമിയിലെ ജീവികൾ, ചന്ദ്രൻ, മറ്റു ഗ്രഹങ്ങളും ഉപഗ്രഹങ്ങളും, സൂര്യൻ, നക്ഷത്രങ്ങൾ, തുടങ്ങി സർവ്വവും സ്ഥിതി ചെയ്യുന്നത്. പ്രകാശം, ഇരുട്ട്, ചൂട്, തണുപ്പ്, തുടങ്ങിയവ സൃഷ്ടിക്കുന്ന ഘടകങ്ങൾ, ഭൂമിയുടെ അന്തരീക്ഷത്തിനു പുറത്ത് മൂലകങ്ങളുടെ സൂക്ഷ്മമായ ആറ്റങ്ങളായല്ലാതെ നിലനിൽക്കുന്ന അതിസൂക്ഷ്മമായ കണങ്ങളും അടിസ്ഥാന പരമായി ആകാശത്തിലാണ് സ്ഥിതി ചെയ്യുന്നത്.

ഭൂമി ആകാശത്തിലാണെന്നു പറയുമ്പോൾ, ഭൂമിയുടെ അംശമായ മൂലകങ്ങളും അവയുടെ സംയുക്തങ്ങളും മിശ്രിതങ്ങളും, മൂലകങ്ങളുടെ രൂപാന്തരമായ ജീവികളുടെ ശരീരങ്ങളും, ശരീര അവയവങ്ങളുടെ രൂപം നിറം സൗന്ദര്യം, തുടങ്ങിയവയിലൂടെ അന്യോന്യം അറിയുന്ന ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളും തുടങ്ങി മനുഷ്യൻ അറിയുന്നതും കാണുന്നതും കേൾക്കുന്നതും ചിന്തിക്കുന്നതും സ്പർശിക്കുന്നതും മണക്കുന്നതും രുചിക്കുന്നതും ഭക്ഷിക്കുന്നതും ആനന്ദിക്കുന്നതും ഒക്കെയായ മഹാപ്രപഞ്ചത്തിന്റെ ഘടകങ്ങൾ മഹാശൂന്യതയായ ആകാശവുമായും, ഭൂമി ഉൾപ്പെട്ട ഭൗതിക അസ്തിത്വമുള്ള ശക്തികളുമായും ബന്ധപ്പെട്ടവയാണ്. മനുഷ്യർക്ക് സർവ്വ പ്രഥമം ആകാശവും, സർവ്വ പ്രധാനം ഭൂമിയുമാണ്.

ആദ്യസൃഷ്ടിയായ മത്സ്യം ഒഴികെ; മനുഷ്യരുടെയും മറ്റുള്ള ജീവികളുടെയും ശരീരങ്ങളെ അവ അറിയാത്ത പോലെ, നേരിട്ടു തന്നെ ഭൂമി താങ്ങുമ്പോൾ, ജീവികൾ (ശരീരം) സ്ഥിതി ചെയ്യാൻ എപ്പോഴും ഉപയോഗിക്കുന്ന ഭൂമിയുടെ അന്തരീക്ഷം മഹാശൂന്യതയായ ആകാശത്തിന്റെ ഭാഗമാണ്. മഹാശൂന്യതയായ ആകാശം മാത്രം നിലനിൽക്കുന്ന അവസ്ഥയും, ആകാശം പോലും ഇല്ലാത്തതും നിർവ്വചിക്കാൻ കഴിയാത്തതും മഹാസത്യവുമായ അവസ്ഥയും, ശക്തികൾക്ക് അതീതമായ ദൈവത്തിനു സാദ്ധ്യമാണെന്ന് യുക്തിപരമായി മനസ്സിലാക്കാൻ കഴിയും. ശക്തികളായ ഊർജ്ജത്തെ സൃഷ്ടിക്കാനും ആ മഹാസത്യത്തിന് കഴിഞ്ഞെന്നു വരാം. **മഹാശക്തിയായ ദൈവത്തിനും മേലെ മഹാസത്യം പ്രതിഷ്ഠിക്കപ്പെടുന്നു !**

അനന്തമായി പുതിയ നക്ഷത്രങ്ങൾ ആകാശത്തിൽ ഉണ്ടാകുന്നുവെന്ന് ഏതാനും നൂറ്റാണ്ടുകളായി ശാസ്ത്രജ്ഞർ മനസ്സിലാക്കിയിട്ടുണ്ട്! അതിന്റെയും ഭൗതിക ശാസ്ത്ര പരമായ കാരണം അവർക്ക് അറിയില്ല. **ഊർജ്ജത്തിന്റെ പൊട്ടിത്തെറികൾ ഇല്ലാതെ വലിയ നക്ഷത്രങ്ങൾ ശാന്തമായി ആകാശത്തിൽ ഉണ്ടാവുകയും അവയെ ആകാശം ഉൾക്കൊള്ളുകയും ചെയ്യുമ്പോൾ ഊർജ്ജത്തിന്റെ ഉല്പത്തിയെ പൊട്ടിത്തെറികളുമായി ബന്ധിപ്പിക്കുന്നത് അസംബന്ധമാണെന്ന് തെളിയുന്നുണ്ട്.** മാത്രമല്ല; **മഹാശൂന്യത കൂടിയായ ആകാശത്തിന് അന്തമില്ലെന്നും, അന്തമില്ലാതെ വളരുന്നുണ്ട് എന്നും, മറ്റും കരുതാൻ കഴിയുന്നു. നിർജ്ജീവമെന്നും മഹാശൂന്യതയെന്നും അനേകർ കരുതുന്ന ആകാശം, ശക്തികൾക്കും ജ്ഞാനത്തിനും അതീതമായ എന്തെങ്കിലുമാണെങ്കിൽ, ആകാശമാവാം ഭൂമി, ചന്ദ്രൻ, മറ്റു ഗ്രഹങ്ങളും ഉപഗ്രഹങ്ങളും, സൂര്യൻ, നക്ഷത്രങ്ങൾ, തുടങ്ങിയവയുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്നത് !** ഇനി ആകാശത്തിന് ആദിയുണ്ടെങ്കിൽ, സൃഷ്ടി സ്ഥിതി സംഹാര പാത്രമായും അന്തമില്ലാത്ത മഹാശൂന്യതയായും മറ്റും ആകാശത്തെ സൃഷ്ടിച്ചു കൊണ്ട് ശക്തികൾക്കും ജ്ഞാനത്തിനും അതീതമായ എന്തെങ്കിലുമൊന്ന് ഭൂമി, ചന്ദ്രൻ, സൂര്യൻ, നക്ഷത്രങ്ങൾ, തുടങ്ങിയവയുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ആകാശത്തിൽ ചെയ്യുകയാവാം; അതുമല്ലെങ്കിൽ ആകാശത്തിനു ശേഷം സൃഷ്ടിച്ചിട്ടുള്ളതും 'ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങൾ നടക്കുന്നതുമായ ഭൂമിയെ' ഉൾപ്പെടുത്തി ചെയ്യുകയാവാം !

**അന്തമില്ലാത്തതും മഹാശൂന്യതയുമായ ആകാശം എങ്ങനെ ഉണ്ടായി എന്നതും വിഷയമാകുന്നു. ഭൗതിക ശാസ്ത്രപരമായ വിശദീകരണം ലഭിക്കാതെ വരുമ്പോൾ, ശാസ്ത്രങ്ങളെയെല്ലാം കൂട്ടിയിണക്കുന്ന 'യുക്തിശാസ്ത്രത്തെ' ആശ്രയിക്കണം. സൃഷ്ടികളായ ജീവികളിൽ നിന്നും വ്യത്യസ്തമായ രീതിയിൽ ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതും, ശക്തികൾക്കും ജ്ഞാനത്തിനും അതീതമായ ദൈവത്തെ ഭാവന ചെയ്യാൻ 'വിശേഷ ബുദ്ധി ലഭിച്ച മനുഷ്യൻ' ആദ്യം തയ്യാറാകണം : ശക്തികൾ ഉൾപ്പെട്ട പ്രപഞ്ചത്തെ സൃഷ്ടിക്കാൻ ശക്തികൾക്ക് അതീതമായ ഒന്നിനേ കഴിയൂ.**

മഹാശൂന്യതയായ ആകാശത്തെ സൃഷ്ടിക്കുകയും അന്തമില്ലാത്തതായി സംരക്ഷിക്കുകയും ചെയ്യുന്ന പ്രതിഭാസം ശക്തികൾക്ക് അതീതമാണെന്ന് മഹാശൂന്യത തന്നെ പ്രകടമാക്കുന്നുണ്ട്. അതായത് ഭൂമി, ചന്ദ്രൻ, സൂര്യൻ, നക്ഷത്രങ്ങൾ, ഭൂമിയിലെ ജീവികൾ, തുടങ്ങിയവ ഇല്ലെങ്കിലും, ശക്തികൾക്കും ജ്ഞാനത്തിനും അതീതവും അനിർവ്വചനീയവുമായ ഒരു മഹാപ്രതിഭാസം ഉറപ്പായും ഉണ്ട്. അതിന് മഹാശൂന്യത കൂടിയായ ആകാശവുമായി സാദൃശ്യമുണ്ട്. പ്രസ്തുത മഹാപ്രതിഭാസം സൃഷ്ടിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന ആകാശം സ്വത്വമുള്ള മറ്റൊരു പ്രതിഭാസവും ആകാം. ശക്തികളുമായി ബന്ധമില്ലാതെയും അതീതമായും രണ്ടു പ്രതിഭാസങ്ങൾ ലയിച്ചെന്ന പോലെ ഒന്നായും മഹാശൂന്യതയായ ആകാശമായും നിലനിൽക്കുകയും ഒന്ന് മറ്റൊന്നിനെ കുഞ്ഞെന്ന പോലെ സൃഷ്ടിച്ചതും ആകുമ്പോൾ, ശക്തികൾ ഉൾപ്പെടെ സർവ്വത്തിനും അതീതവും മഹാശൂന്യവുമായ ആദ്യത്തെ മഹാപ്രതിഭാസത്തിന്റെ ഉദ്ദേശം ശക്തികളില്ലാത്ത മഹാശൂന്യതയായ രണ്ടാമത്തേതിനു വേണ്ടി നിലകൊള്ളുകയോ, അതിനെ ഉൾപ്പെടുത്തി ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരം പോലെയുള്ളവ തുടങ്ങുകയോ ആവാം. മഹാശൂന്യതകളായ അനേകം ആകാശങ്ങൾ ഒരേ ആകാശത്തിന് സമം ആകയാൽ അനവധി ആകാശങ്ങളെ 'ആദ്യത്തെ മഹാപ്രതിഭാസം' സൃഷ്ടിക്കുന്നത് അർത്ഥശൂന്യവുമാണ്.

ശക്തികൾ ഉൾപ്പെടെ സർവ്വത്തിനും അതീതവും, **ആകാശമോ**, ആകാശം പോലെ മഹാശൂന്യതയും, **ആദിയും അന്തവും ഇല്ലാത്തതുമായ** മഹാപ്രതിഭാസത്തിന് '**ബ്രഹ്മം, ശിവ**' എന്നിങ്ങനെയോ, **ആദിയുള്ളതും എന്നാൽ അന്തമില്ലാത്തതുമായ ആകാശം** എന്ന രണ്ടാമത്തെ പ്രതിഭാസത്തിന് '**ശിവൻ, ശിവചക്രം**' എന്നിങ്ങനെയോ പേരിടാം !

മഹാശൂന്യത കൂടിയായ 'ശിവൻ എന്ന ആകാശത്തെ' വ്യക്തമായ ഉദ്ദേശത്തോടെ 'ബ്രഹ്മം, ശിവ' എന്നിങ്ങനെ മഹാനാമങ്ങളുള്ള ആകാശം പോലെ മഹാശൂന്യതയും സർവ്വത്തിനും അതീതവും മഹാസത്യവുമായ മഹാപ്രതിഭാസം സൃഷ്ടിച്ചതാണെന്നും കരുതാനാവും. ആകാശത്തെ **സ്വത്വത്തോടെ** സൃഷ്ടിക്കുമ്പോൾ, അപ്പോഴും, ഭാവിയിലും, ആകാശത്തിനുള്ള ചുമതലകളും അവയെ നിറവേറ്റാനുള്ള ശക്തികളും, അവകാശങ്ങളും അധികാരങ്ങളും പദവികളും വ്യവസ്ഥകളും കൂടി ബ്രഹ്മമായ ദൈവം നിശ്ചയിക്കുമെന്ന് ന്യായമായും ഗ്രഹിക്കാൻ കഴിയും. സൃഷ്ടിയായ ജീവി അല്ലാത്തതും ആകാശവും ഭൂമിയും പോലെയുമുള്ളവ, ആത്മാക്കളുടെയും ജീവികളുടെയും സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ആരംഭിക്കാനുള്ള ദൈവീകമായ ഒരുക്കങ്ങളുടെ ഭാഗമോ, ദൈവം തന്നെ സ്വീകരിക്കുന്ന ഒരു രൂപമോ ആവാമെന്ന് ഗ്രഹിക്കാൻ കഴിയും.

**മാത്രമല്ല; അന്തമില്ലാത്ത മഹാരൂപത്തോടെ ആകാശത്തെ ഒരുക്കുകയാൽ, ആകാശത്തിന് ജീവികളുടേതു പോലെ അർത്ഥപുഷ്ടമായ ചെറിയ സ്വത്വ രൂപത്തെയും, വിശേഷ ബുദ്ധി ലഭിച്ച മനുഷ്യനു വേണ്ടി മനുഷ്യന്റെ കാഴ്ച്ചശക്തിയുടെ പരമാവധിയായ ആകാശം മുട്ടെയുള്ള രൂപവും സ്വീകരിക്കാൻ കഴിയണം. ഉദാഹരണത്തിന്, ബ്രഹ്മമായ ശിവയ്ക്ക് പശുവായ കാളിയുടെ രൂപവും, ശിവന് പശു-പതിയായ കാളയുടെ രൂപവും സങ്കല്പിക്കാം. മഹാശൂന്യത കൂടിയായ ആകാശത്തിന് അന്തമില്ലായ്മ നിലനിർത്താൻ കഴിയണമെങ്കിൽ, ശക്തികൾക്ക് അതീതവും മഹാസത്യവുമായ ബ്രഹ്മത്തിന്റെ പ്രഭാവമോ ലയനമോ രണ്ടും കൂടിയോ ആകാശത്തിലുണ്ടെന്നും ഗ്രഹിക്കാം. ശക്തികൾക്കും ജ്ഞാനത്തിനും അതീതവും ആകാശം പോലെയുള്ളതുമായ (മഹാ) ശിവയുടെയും, മഹാശിവ നിശ്ചയിക്കുന്നതു പോലെ മാത്രം പ്രവർത്തിക്കുന്ന ആകാശം കൂടിയായ ശിവന്റെയും ബന്ധത്തെ മഹാപ്രപഞ്ചത്തിലെ ജീവികളുടെ ജീവിതവുമായി ബന്ധപ്പെടുത്തി 'മഹാദാസ്യം, മഹാവാത്സല്യം, മഹാപ്രണയം' എന്നെല്ലാം വിളിക്കാമെങ്കിലും, മഹാശക്തികളായ മൂലകങ്ങളുടെ മൊത്തമായ ഭൂമി ഉൾപ്പെടെയുള്ള പ്രപഞ്ചവും സൃഷ്ടികളായ ജീവികളും സൃഷ്ടിക്കപ്പെടുന്നതിനു മുമ്പ് പ്രപഞ്ചമോ ശക്തികളോ പ്രകടമല്ലാത്ത മഹാപ്രതിഭാസങ്ങൾ പുലർത്തുന്ന ആനന്ദങ്ങളെ ഗ്രഹിക്കാനോ സങ്കല്പിക്കാനോ നിർവ്വചിക്കാനോ പ്രപഞ്ച സൃഷ്ടിയായ മനുഷ്യനു കഴിയില്ല; കഴിവില്ല. മഹാശിവയും, മഹാശിവയുടെ കല്പന പ്രകാരം ശിവനും, മനുഷ്യൻ ഉൾപ്പെടെയുള്ള ഏതൊരു സൃഷ്ടികൾക്കും വിശേഷ ബുദ്ധിയും മറ്റു ശക്തികളും നൽകിക്കൊണ്ട് അറിയിച്ചാൽ മാത്രമാണ് സൃഷ്ടികൾക്ക് എന്തും അറിയാൻ കഴിയുക.**

ആകാശത്തിൽ സ്ഥിതി ചെയ്യുന്ന ഭൂമി, ചന്ദ്രൻ, മറ്റു ഗ്രഹങ്ങളും ഉപഗ്രഹങ്ങളും, സൂര്യൻ, നക്ഷത്രങ്ങൾ, ഭൂമിയിലെ ജീവികൾ തുടങ്ങിയവ ഇല്ലെങ്കിലും മഹാസത്യമായ ഒന്നോ രണ്ടോ പ്രതിഭാസം സാദ്ധ്യമാണെന്നും എങ്ങനെയാണെന്നും മുകളിൽ വിശദീകരിച്ചു. മാത്രമല്ല; ശക്തികൾ ഇല്ലാത്തവയും, ഉണ്ടെങ്കിലും പ്രകടിപ്പിക്കാത്തവയും സൃഷ്ടികളായ മനുഷ്യരുടെ ഭാവനകൾക്കും അതീതമാണെന്നും, അർത്ഥവത്തായ പേരിടാൻ പോലും മനുഷ്യർക്ക് ശക്തിയില്ലെന്നും യുക്തി ഭദ്രമായി വിശദീകരിച്ചു.

ആകാശം പോലെയെന്ന് വിശേഷിപ്പിക്കാവുന്നതും നിർവ്വചിക്കാൻ കഠിനവുമായ ഒരു മഹാപ്രതിഭാസം, മഹാശൂന്യത കൂടിയായ ആകാശം എന്ന പ്രതിഭാസത്തെ, സൃഷ്ടിച്ചതാണെന്നും 'ബ്രഹ്മം' എന്നോ 'ശിവ' എന്നോ പ്രസ്തുത മഹാപ്രതിഭാസം പേര് സ്വീകരിച്ചിട്ടുണ്ട് എന്നും പ്രസ്താവിച്ചാൽ അതെല്ലാം സത്യമാണെന്ന് വിശ്വസിക്കാൻ കഴിയണമെങ്കിൽ മുമ്പ് സൂചിപ്പിച്ചതുപോലെ ദൈവ വിപ്ലവം ആരംഭിക്കണം; ശക്തികളായ ഭൗതിക അസ്തിത്വങ്ങളെ സൃഷ്ടിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന പ്രതിഭാസങ്ങൾ ഭാഗികമായിട്ടെങ്കിലും പ്രത്യക്ഷമാവുകയും വേണം!

## ദൈവ കാര്യങ്ങളിലെ അതിഗൗരവമായ ചില ക്രമപ്രശ്നങ്ങളെ ഇനി അറിയണം :-

മനുഷ്യർ വിശ്വസിച്ചാലും ഇല്ലെങ്കിലും, മഹാശൂന്യതയായ ആകാശത്തെ പോലെ ശക്തികൾ അല്ലാത്തവയും, ഉണ്ടെങ്കിലും പ്രകടിപ്പിക്കാത്തവയും, മഹാസത്യങ്ങളുമായ ഒന്നോ രണ്ടോ മഹാപ്രതിഭാസങ്ങൾ സാദ്ധ്യമാണെന്ന് മുകളിൽ വിശദീകരിച്ചു. മാത്രമല്ല; പ്രപഞ്ചവും, സൃഷ്ടികളായ ജീവികളുമാകുന്ന ശക്തികൾക്ക് അതീതമായ ഒരവസ്ഥ ദൈവത്തിന് ഇല്ലെന്നു വന്നാൽ 'സർവ്വത്തിനും അതീതമാണ് ദൈവം' എന്ന വിശേഷണം സാദ്ധ്യമാവില്ലാ. ബ്രഹ്മമായ ദൈവം, ശക്തികളെ പ്രകടിപ്പിക്കാൻ തയ്യാറാകുന്നില്ലെങ്കിലും ബ്രഹ്മത്തിന് ആദിയും അന്തവും ഇല്ലാത്ത മഹാശക്തികൾ ഉണ്ടാവണം. അതേസമയം, ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളിൽ 'സർവ്വത്തിനും അതീതവും ബ്രഹ്മവുമായ ദൈവത്തിന് ' നേരിട്ടുള്ള ബന്ധം ഉണ്ടാകാനും പാടില്ല. സർവ്വത്തിനും അതീതവും **മഹാശക്തിയുമായ** ദൈവത്തിന് ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യാൻ മദ്ധ്യസ്ഥരുടെ ആവശ്യമുണ്ടായാൽ, അത് ചേരുകയില്ല; അഭിമാനകരവുമല്ല. സർവ്വത്തിനും അതീതവും മഹാസത്യവും ബ്രഹ്മവുമായ ദൈവം, ശ്രേഷ്ഠമായ ബ്രഹ്മം = പരമായ ബ്രഹ്മം = പരബ്രഹ്മം എന്ന 'ഭൂമി' ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തെ സൃഷ്ടിക്കുകയും, ഭാഗികമായി പരബ്രഹ്മത്തിൽ ലയിച്ചു കൊണ്ട് മനുഷ്യർ അനുഭവിച്ചു തന്നെ അറിയുന്നതു പോലെ പരബ്രഹ്മമായ പ്രപഞ്ചത്തിന്റെ ഭാഗവുമായ 'ഭൂമിയെ മഹാശക്തി ആക്കുകയും' ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ 'മഹാശക്തിയായ ഭൂമിയും, ശിവനായ ആകാശവും' ചേർന്നു ചെയ്യുമ്പോൾ വിഷയ പരിഹാരം ഉണ്ടാകുന്നതാണ്. പരബ്രഹ്മത്തിൽ ലയിച്ചു കൊണ്ടു തന്നെ പരബ്രഹ്മത്തിൽ നിന്നും വിട്ടുനിൽക്കുന്ന മഹാഅത്ഭുതമാണ് 'ബ്രഹ്മമായ ദൈവം' ആവിഷ്ക്കരിച്ചിരിക്കുന്നത്. സർവ്വത്തിനും അതീതവും, സമ്പൂർണ്ണമായി നിർവ്വചിക്കാൻ കഴിയാത്തതും, മഹാസത്യവുമായ ബ്രഹ്മം ഒഴികെ, ബ്രഹ്മത്തിന്റെ മായാമഹാശക്തി കൊണ്ട് സൃഷ്ടിക്കപ്പെടുന്ന പരബ്രഹ്മമായ പ്രപഞ്ചം (ജഗത്ത്) ഉൾപ്പെടെ സർവ്വതും, 'ബ്രഹ്മം' നിശ്ചയിച്ചാൽ വീണ്ടും ശൂന്യങ്ങളാവുമെങ്കിലും, മിഥ്യകളെ സൃഷ്ടിക്കുന്നത് മഹാസത്യമായ ബ്രഹ്മത്തിന് ചേരില്ല. പരമായ ബ്രഹ്മം = പരബ്രഹ്മമായി 'ബ്രഹ്മം' സ്വത്വത്തെ മാറ്റാതെ മാറ്റിയിരിക്കുകയാൽ 'പരബ്രഹ്മമായ ജഗത്ത് ഒരിക്കലും മിഥ്യയല്ല.' ആയിരം കോടിയിലേറെ വർഷങ്ങളായി പ്രപഞ്ചം നിലനിൽക്കുന്നുവെന്ന് ശാസ്ത്ര പരമായി അറിയുമ്പോൾ സാക്ഷ്യവുമായി.

മഹാപ്രപഞ്ചവും മഹാഊർജ്ജവും ആകുന്ന ശക്തികളുമായി ബന്ധപ്പെടുത്തി 'മഹാശക്തിയായ ദൈവം എങ്ങനെ ഉണ്ടായെന്ന്' ചോദിക്കാൻ കഴിയുമെങ്കിലും, 'ബ്രഹ്മവും മഹാസത്യവുമായ ദൈവം' ശാസ്ത്രങ്ങൾക്കെല്ലാം അതീതമാകയാൽ എങ്ങനെ ഉണ്ടായെന്നു ചോദിക്കാൻ മനുഷ്യർക്ക് അവകാശമില്ല. പ്രപഞ്ചത്തിൽ ലയിച്ചിരിക്കുന്ന ശബ്ദബ്രഹ്മത്തിന്റെയും (ഓംകാരത്തിന്റെയും) പ്രഭാവം കൊണ്ട് പുതിയ നക്ഷത്രങ്ങളും മറ്റും പ്രപഞ്ചത്തിന്റെ ഭാഗമായി സദാ ഉണ്ടാകുന്നത് 'ആദ്യ ഊർജ്ജത്തിന്റെ ഉല്പത്തി കാരണം' തേടുന്നതിനെ അർത്ഥശൂന്യമാക്കുന്നു!

ബഹുവിധങ്ങളായ ശക്തികളുടെ പ്രകടനം കൂടിയായ ജീവികളുടെയെല്ലാം സൃഷ്ടി സ്ഥിതി സംഹാരങ്ങൾ നിത്യജീവിതത്തിൽ വിശേഷ ബുദ്ധിയാകുന്ന മഹാശാസ്ത്ര ജ്ഞാനം ലഭിച്ചിട്ടുള്ള മനുഷ്യർ ഉൾപ്പെടെ എല്ലാ ജീവികൾക്കും കുഞ്ഞുങ്ങൾ ജനിക്കുന്നതിലും കുഞ്ഞുങ്ങളുടെ ജന്മഗുണങ്ങളായ ശരീര അവയവങ്ങൾ, വലിപ്പം, രൂപം, നിറം, അവയവങ്ങളുടെ ശക്തികളും ചലനസ്വാതന്ത്ര്യവും പ്രവർത്തനങ്ങളും തുടങ്ങിയവയെ നിശ്ചയിക്കുന്നതിലും നിർമ്മിക്കുന്നതിലും മാതാപിതാക്കളും കുഞ്ഞുങ്ങളുമാകുന്ന സ്വത്വങ്ങൾക്ക് യഥാർത്ഥത്തിൽ പങ്കില്ലാത്തതിനെയും; പ്രത്യക്ഷമായും ഭൗതിക രൂപത്തോടും മഹാശാസ്ത്രപരമായും പരബ്രഹ്മമായ മഹാപ്രപഞ്ചത്തിൽ (ഏകമഹാശക്തിയായ ഭൂമിയും, ശിവനായ ആകാശവും ചേർന്ന്) എല്ലാ ജീവികളുടെയും സൃഷ്ടി സ്ഥിതി സംഹാരങ്ങളെ നിർവ്വഹിക്കുന്നതിനെയും വിശകലനം ചെയ്യുമ്പോൾ, 'ആദ്യ ഊർജ്ജ ഉല്പത്തി കാരണത്തെ' മനുഷ്യർ തേടുന്നത് ഭോഷത്വമാണ്. പിന്നീട് വിശദീകരിക്കുന്നുണ്ട്.

ശക്തികൾക്കും പ്രപഞ്ചത്തിനും അതീതമായി 'മഹാസത്യം, ബ്രഹ്മം, ശിവ' തുടങ്ങിയ പേരുകളിൽ ദൈവം തനിച്ചോ, ശിവനെ സൃഷ്ടിച്ചും കൂടെക്കൂട്ടിയും ആദിയും അന്തവും ഇല്ലാത്ത മഹാസത്യമായും, മഹാപ്രകാശമായും മഹാശൂന്യതയായും ആകാശ-സദൃശമായി മാത്രം നിലനിൽക്കുമ്പോൾ, മനുഷ്യർ ഉൾപ്പെടെ ജീവികളും ഭൂമിയും പ്രപഞ്ചവും ഇല്ല. ശക്തികൾ ഉൾപ്പെടെ സർവ്വത്തിനും അതീതമായ ബ്രഹ്മാവസ്ഥ കൂടി പ്രകടിപ്പിക്കാൻ ദൈവം ബാദ്ധ്യസ്ഥവുമാണ്. യാതൊരു സൃഷ്ടികളും ഇല്ലാത്ത ലോകത്തെയും മഹാസത്യത്തെയും പറ്റി ഭാവന ചെയ്യാൻ പോലും യഥാർത്ഥത്തിൽ മനുഷ്യർക്കു സാദ്ധ്യമല്ലെന്നിരിക്കെയും, അങ്ങനെയുള്ള മഹാസത്യങ്ങൾ ഉണ്ടോയെന്നു തന്നെ നിശ്ചയമില്ലെന്നിരിക്കെയും അർത്ഥശൂന്യമായ ആരാധനകളെ തട്ടിക്കൂട്ടാൻ മനുഷ്യൻ ഉൾപ്പെടെ യാതൊരു സൃഷ്ടികൾക്കും അവകാശങ്ങളും അധികാരങ്ങളും ഇല്ല.

ക്രമപ്രശ്നങ്ങളെ സൂചിപ്പിച്ചത് വിശേഷ ബുദ്ധിയെ ഉപയോഗിക്കാനാണ്.

ജീവികളെ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്ന ദൈവം സൃഷ്ടി സ്ഥിതി സംഹാരങ്ങൾക്കു വേണ്ടതായ കുറ്റങ്ങളും കുറവുകളും ഇല്ലാത്തതും സമ്പൂർണ്ണവുമായ മഹാപദ്ധതികളെ ഒരുക്കേണ്ടതുമുണ്ട്. മനുഷ്യരുടെ അറിവിനു വേണ്ടി കുറിക്കുന്നു :-

ആദിയും അന്തവും ഇല്ലാത്ത മഹാസത്യമായ ശിവയും, ഭാഗവും അന്തമില്ലാത്തതുമായ ശിവനും എപ്പോഴുമുണ്ട്. പ്രപഞ്ചത്തെ 'ശിവ' സൃഷ്ടിക്കുന്നതിനു മുമ്പുതന്നെ ആദിയില്ലാത്തതും മഹാസത്യവുമായ ശിവയിൽ, ശിവനെ ലയിപ്പിച്ചിരിക്കുകയാൽ ശിവനും ഫലത്തിൽ ആദിയില്ല; മഹാസത്യമായ ശിവയുടെ ഭാഗവുമാണ്. ശിവയുടെ കുഞ്ഞാണ് ശിവനെങ്കിലും 'മാതാവും പിതാവും' ശിവയായ 'ഏക ബ്രഹ്മം' ആകയാൽ ജീവികളിലെ ബന്ധങ്ങളുമായി സാദൃശ്യമില്ല. സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്ന എല്ലാ ജീവികളുടെയും മഹാപിതാവായി ശിവനെ ഒരുക്കുന്നതിനു വേണ്ടി ശിവയുമായുള്ള ലയനബന്ധത്തിന് വിരുദ്ധമല്ലാത്ത ജന്തുജന്മത്തെയും, മനുഷ്യാവസ്ഥയിലെ മോക്ഷജന്മങ്ങളായ പശു-പശുപതി ജന്മങ്ങളെയും കൂട്ടിയിണക്കി 'പശുവിന്റെ (പ്രകാശ) രൂപവും ഭദ്രകാളി എന്ന നാമവും' കൂടി ശിവ സ്വീകരിച്ചു കൊണ്ട് 'പ്രപഞ്ച സൃഷ്ടിക്കു മുമ്പുതന്നെ ശിവനെ ഭർത്താവാക്കിയിട്ടുണ്ട്.' ഭദ്രകാളി എന്ന പേര് സ്വീകരിക്കാൻ കാരണമുണ്ട് : കാളി എന്നാൽ പശു എന്നും സ്ത്രീ എന്നും അർത്ഥം. കാളിയുടെ പുല്ലിംഗമാണ് കാള. സർവ്വം ഭദ്രമാക്കാൻ ശക്തികൾ ഉൾപ്പെടെ സർവ്വത്തിനും അതീതമായ ഭദ്രകാളിക്കു മാത്രമേ കഴിയുകയുള്ളൂ. പ്രപഞ്ചം ഉൾപ്പെടെ സർവ്വവും ഭദ്രപ്പെടുത്തിയിരിക്കുന്നത് ഭദ്രകാളി ആണ്. സർവ്വവും ഗോമാതാവ് കൂടിയായ ഭദ്രകാളിയിൽ എല്ലായ്പ്പോഴും ഭദ്രമാണ്.

ഭദ്രകാളി, സ്വന്തം മഹാആനന്ദമായി കുഞ്ഞുങ്ങളായി ഭാവിയിൽ സൃഷ്ടിക്കുന്ന ജീവികളോടുള്ള മഹാവാത്സല്ല്യത്തെയും; ഏകദാസനും ഭർത്താവുമായ ശിവന്റെ മഹാആനന്ദമായി ഭദ്രകാളിയോടുള്ള മഹാദാസ്യത്തെയും നിശ്ചയിക്കുന്നു. 'ഭദ്രകാളി' ശിവന് പ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളിൽ നിശ്ചയിക്കുന്ന പങ്കിന് ആവശ്യമായ ശക്തികളും അവകാശങ്ങളും അധികാരങ്ങളും ചുമതലകളും നൽകുന്നു. ശക്തികൾ ഉൾപ്പെടെ സർവ്വത്തിനും അതീതമായ മഹാഭദ്രകാളി സ്വന്തം 'ഇഷ്ടങ്ങളും ഭാവങ്ങളുമായി സ്വീകരിച്ചിരിക്കുന്ന സത്യ ധർമ്മ നീതികളെ' മാത്രം 'ശിവനും' ഭാവങ്ങളായി സ്വീകരിക്കേണ്ടത് കുഞ്ഞുങ്ങളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളിൽ 'മഹാപിതാവായ പങ്കാളിയാക്കാൻ' ആവശ്യമാണ്.

സർവ്വത്തിനും അതീതമായ ഭദ്രകാളിയെ 'മഹാ' ചേർത്ത് 'മഹാഭദ്രകാളി' എന്ന് ശിവനും, കുഞ്ഞുങ്ങളായ സൃഷ്ടികൾക്കും ബഹുമാനിക്കാൻ കഴിയും! ബ്രഹ്മമായ മഹാഭദ്രകാളിയുടെ മഹാഇഷ്ടങ്ങളായ 'സത്യ ധർമ്മ നീതികൾ' പ്രകാരവും, മഹാഭദ്രകാളി മഹാഅനുഗ്രഹിച്ചു നൽകുന്ന ദാനങ്ങൾ കൂടിയായ ശക്തികൾ പ്രകാരവും, മഹാഭദ്രകാളിയുടെ എല്ലാ കല്പനകളെയും അനുസരിച്ചു കൊള്ളാമെന്ന് 'ഓംസത്യം' ചേർത്ത് ശിവനെ സത്യപ്രതിജ്ഞ ചെയ്യിച്ച ശേഷമാണ് ശിവനെ ഭർത്താവാക്കിയിട്ടുള്ളത്. മാത്രമല്ല; ആയിരം കോടി വർഷങ്ങൾ നീണ്ട ആദ്യ മഹാകാല ചക്രത്തിൽ മുഴുവൻ, പശുവായ മഹാഭദ്രകാളിയോടൊപ്പം പശുപതിയായി, മനുഷ്യരും മറ്റുള്ള ജീവികളുമായ സൃഷ്ടികൾക്ക് സേവനം ചെയ്തു കൊണ്ട് 'മഹാഭദ്രകാളിയുടെ ഭർത്താവും മഹാദാസനും, മഹാദേവനും മഹാനീതിപതിയും, ജീവികളുടെയെല്ലാം പരമാത്മാവും മഹാപിതാവും ആയിരിക്കാനുള്ള യോഗ്യത നേടാൻ മഹാപദ്ധതികളെ മഹാഭദ്രകാളി ഒരുക്കിയിട്ടുമുണ്ട്. സൃഷ്ടികളായ ജീവികളുടെ 'മോക്ഷ ജന്മം' കൂടിയായ പശു-കാള ജന്മങ്ങൾ ഉൾപ്പെട്ട മാനുഷിക അവസ്ഥയിൽ മോക്ഷം നേടിയവരിൽ നിന്ന് ആയിരം കോടി വർഷങ്ങൾ നീണ്ട ആദ്യ മഹാകാല ചക്രത്തിൽ ദേവതകൾ/മാലാഖമാർ/ മലക്കുകൾ തുടങ്ങിയ നാമങ്ങളിൽ ചിലരെ സൃഷ്ടിച്ചത് 'മഹാഭദ്രകാളിയുടെയും ശിവന്റെയും മഹാആനന്ദങ്ങൾ സൃഷ്ടികളും കുഞ്ഞുങ്ങളുമായ ജീവികളോടുള്ള മഹാവാത്സല്ല്യവും മഹാദാസ്യവും മാത്രമാണെന്ന് ബോദ്ധ്യപ്പെടുത്താനും, മഹാനീതിശാസ്ത്രമായ ഓംകാര നീതി ശാസ്ത്രത്തിലെ ചില കഠിനമായ നിയമങ്ങളെയും ശിക്ഷകളെയും അറിഞ്ഞ് കുഞ്ഞുങ്ങൾ ഭയക്കാതെ ജഗത്തിലെ ജീവിതം ആസ്വദിക്കാനും ആനന്ദിക്കാനും, മോക്ഷം നേടിയാലും ഭൂമിയിൽ ജീവിക്കാൻ കൊതിക്കാനുമാണ്.' www.omsathyam.com/GodlyRevolution/Aanandham.pdf ആനന്ദം എന്ന ദിവ്യ മഹാവേദഗ്രന്ഥത്തിലെ 'ഓംകാര നീതിശാസ്ത്രം' അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്. ഉയർന്ന പ്രതിഫലത്തോടെ മനുഷ്യരിൽ നിന്നും ദേവതകളായി നിയമിക്കപ്പെട്ടവർക്ക് സ്വഭാവ ദൂഷ്യം ഉണ്ടായതും അവരിൽ 2 പേർ ദൈവമാകാൻ ശ്രമിച്ചതും അവരെ മഹാഭദ്രകാളി ശുദ്ധിചെയ്തതും മേല്പടി മഹാഗ്രന്ഥത്തിലുണ്ട്.

ആദ്യത്തെ മഹാകാല ചക്രമായ ആയിരം കോടി വർഷങ്ങളിൽ പശുവായി മഹാഭദ്രകാളിയും, പശുപതിയായി ശിവനും മനുഷ്യർ ഉൾപ്പെടെ എല്ലാ ജീവികളുടെയും മഹാദാസരായിട്ട് മഹാവാത്സല്യത്തോടെ സേവനങ്ങൾ ചെയ്ത ശേഷം ഇപ്പോൾ മനുഷ്യ രൂപം സ്വീകരിച്ചു കൊണ്ട് സേവനം തുടരാനായി 'മഹാഭദ്രകാളിയുടെ ഓംകാര നീതി ശാസ്ത്രം' പ്രകാരം അവതരിച്ചിട്ടുണ്ട്. ഒരു മഹാകാല ചക്രം = 100 പരമകാല ചക്രങ്ങൾ; ഒരു പരമകാല ചക്രം = 100 കാല ചക്രങ്ങൾ; ഒരു കാല ചക്രം = 100 സൃഷ്ടി ചക്രങ്ങൾ; ഒരു സൃഷ്ടി ചക്രം = 10000 വർഷങ്ങൾ എന്നതിൻ പ്രകാരം, ആയിരം കോടി വർഷങ്ങളാണ് ഒരു മഹാകാല ചക്രം. ഉടൻ ആരംഭിക്കുന്ന ദൈവവിപ്ലവത്തോടെ എല്ലാം സുവ്യക്തമാകും. **ഇപ്പോഴത്തേത് രണ്ടാമത്തെ മഹാകാല ചക്രത്തിലെ ആദ്യത്തെ സൃഷ്ടി ചക്രമാണ്; ഏറെക്കുറെ 4500 വർഷം ആവുന്നു; കൃത്യം 4500 വർഷം പൂർത്തിയാകുമ്പോൾ, എല്ലാ സൃഷ്ടി ചക്രങ്ങളിലും 3 മുതൽ 33 വർഷക്കാലം ഭൂമിയിൽ മുഴുവൻ തുടർച്ചയായി ഓം മുഴങ്ങുന്നതാണ്. ഒരാൾക്ക് 3 വർഷം കേൾക്കാൻ കഴിയുന്നതാണ്. ഓം മുഴങ്ങുന്ന ദിവസം പുതിയ കലണ്ടർ 01.01.0001 എന്ന് 28 ദിവസങ്ങൾ ഉള്ള 13 മാസങ്ങളോടെ ആരംഭിക്കും. 28 × 13 = 364 + 1 ദൈവ ആഘോഷ ദിവസം = 365; നാലു വർഷത്തിലെ അധിക ദിവസ-രാത്രി = ശിവരാത്രി. 10 മാസം =10×28 = 280 ദിവസം = ഗർഭകാലം.**

**മഹാഭദ്രകാളിയെപ്പറ്റി ചില കാര്യങ്ങൾ കൂടി കുറിക്കുന്നു : മതവിശ്വാസങ്ങളിൽ അനേകം കൈകാലുകളും, 'വെട്ടിയെടുത്ത ശിരസ്സുകൾ കൊണ്ട് മാല ചൂടിയ' ഘോര രൂപിണിയുമായ 'സംഹാര ദേവി' എന്ന ഒരു രൗദ്ര ദേവതയെ മഹാഭദ്രകാളിയായി തെറ്റിദ്ധരിച്ചിട്ടുണ്ട്. മഹാഭദ്രകാളിയുടെ പൊന്നോമന കുഞ്ഞുങ്ങളായ മനുഷ്യർക്ക് മുലപ്പാൽ ഊട്ടുന്നതിനായി മഹാഭദ്രകാളി സ്വീകരിച്ചിരിക്കുന്ന മഹാദിവ്യരൂപം ആദ്യം പശുവാണ്. മഹാഗോമാതാവായ മഹാഭദ്രകാളിയും പശുപതിയായ ശിവനും സമസ്ത ജീവജാലങ്ങളുടെയും മഹാമാതാവും മഹാപിതാവുമാണ്. സൃഷ്ടി ചക്രങ്ങളുടെ രണ്ടാമത്തെ പകുതിയിൽ ദൈവം പ്രത്യക്ഷമാകുന്നതുമായി ബന്ധപ്പെട്ട് മനുഷ്യരുടെ മോക്ഷ ആവശ്യങ്ങളെ പൂർത്തിയാക്കാനായിട്ട്, മണ്ണായ ഭൂമിയിൽ, ഇന്ത്യയിൽ, കേരളത്തിലെ അടൂരിനടുത്ത് 'മണ്ണടി' എന്ന പ്രദേശത്തെ ബ്രഹ്മം ആകുന്ന മഹാഭദ്രകാളിയുടെ ബ്രഹ്മകേന്ദ്രമായി നിശ്ചയിച്ച് ദിവ്യമാക്കിയിട്ടുണ്ട്. മണ്ണടി മഹാഭദ്രകാളീദേവി മാത്രം ശരണം.**

**സൃഷ്ടികളും കുഞ്ഞുങ്ങളുമായി ജീവികളെ സൃഷ്ടിക്കുന്നതിന്റെ ആദ്യ ഭാഗമായാണ് 'അടിസ്ഥാന പരമായി മഹാസത്യമായ ബ്രഹ്മത്തിന്റെ ഭാഗമല്ലാത്ത മഹാശൂന്യതയും നിർജ്ജീവവുമായ ശിവനെ' ബ്രഹ്മം കൂടിയായ മഹാഭദ്രകാളി ഒരുക്കുന്നത് :- പ്രപഞ്ചവും ജീവികളും സൃഷ്ടിക്കപ്പെടുമ്പോൾ, ജീവികളുടെയെല്ലാം സ്വത്വങ്ങളായ ആത്മാക്കൾക്ക് മനുഷ്യാവസ്ഥയിൽ വിശേഷ ബുദ്ധിയാകുന്ന മഹാശാസ്ത്ര ജ്ഞാനത്തെ ലഭ്യമാക്കേണ്ടതുണ്ട്.**

പ്രത്യേക ജന്മങ്ങളിൽ മാത്രം 'സ്വത്വത്തെപ്പറ്റി' ചിന്തിക്കണം. ഓരോ മനുഷ്യനും തങ്ങളുടെ അസ്തിത്വം അടിസ്ഥാന പരമായി ശൂന്യമാണെന്നും മൊത്തത്തിൽ ദൈവത്തിന്റെ ദാനമാണ് തങ്ങൾ ഉൾപ്പെടെയുള്ള ജീവികളുടെയെല്ലാം സൃഷ്ടി സ്ഥിതികളും, സംഹാരമാകുന്ന മോക്ഷം ഉൾപ്പെട്ട മഹാനീതി കാര്യങ്ങളുമെന്ന് തിരിച്ചറിയും. മനുഷ്യാവസ്ഥയെ മോക്ഷവുമായി ബന്ധിപ്പിച്ചിരിക്കുകയാൽ, അറിയിക്കാൻ സ്രഷ്ടാവിന് ബാദ്ധ്യതയുണ്ട്; അറിയിക്കുന്നുമുണ്ട്. മഹാപിതാവും പരമാത്മാവുമായ ശിവന് മഹാശൂന്യതയും നിർജ്ജീവതയും ബാധകമാക്കുന്നത് അംശങ്ങളായ ആത്മാക്കളെ അതേ ഗുണങ്ങളോടെ പിന്നീട് സൃഷ്ടിക്കാനാണ്. എന്തെന്നാൽ, ശക്തികൾ ഉൾപ്പെടെ സർവ്വത്തിനും അതീതമായ ദൈവാംശങ്ങൾക്ക് സമ്പൂർണ്ണമായ സ്വാതന്ത്ര്യമുള്ള സൃഷ്ടികളാകാൻ കഴിയുന്നതല്ല. മഹാസത്യമായ ബ്രഹ്മവും ഭാഗമായ ശിവനും ചേർന്ന് മഹാശൂന്യതയായിരിക്കുന്ന ആകാശത്തിന്, ആദിയും അന്തവും ഇല്ലാത്തതും ശക്തികൾക്ക് അതീതമായ ഒരു മഹാപ്രകാശമായും പ്രകടമാകാൻ കഴിയുന്നതാണ്. (ജീവികളെ സൃഷ്ടിക്കുമ്പോൾ, അവയുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് മഹാനീതിശാസ്ത്ര പ്രകാരമുള്ള വലിപ്പത്തിൽ ചെറുതോ വലുതോ ആയ പ്രകാശനാളത്തിന്റെ രൂപം ഉണ്ടാകുന്നതാണ്. പകൽ വെളിച്ചത്തിൽ ആത്മാക്കളായ പ്രകാശ നാളങ്ങളെ കാണാൻ പ്രയാസമാകും; കൂടാതെ, മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളിൽ നിന്നും വേർപെട്ട ആത്മാക്കളെ സർവ്വ സാധാരണമായി കാണുന്ന അവസ്ഥ ഉണ്ടായാൽ മനുഷ്യന്റെയും മറ്റുള്ള ജീവികളുടെയും ജീവിതത്തിലെ ആനന്ദങ്ങൾ കുറയുന്നതും നഷ്ടപ്പെടുന്നതുമാണ്.)

ആദിയും അന്തവും ഇല്ലാത്ത മഹാസത്യവും സർവ്വത്തിനും അതീതവും ബ്രഹ്മവുമായ ദൈവം, ശിവയും ശിവനുമായി മാറുന്നതും, മഹാഭദ്രകാളി എന്ന നാമവും പശു-പശുപതി  രൂപങ്ങളും ബ്രഹ്മാവസ്ഥയിലും മഹാസത്യമായി ശോഭിക്കുന്നതും, മഹാശൂന്യതയും മഹാപ്രകാശവും ചേർന്ന ആദിയും അന്തവും ഇല്ലാത്ത ആകാശമായിരിക്കുമ്പോൾ ശക്തികളെ പ്രകടിപ്പിക്കേണ്ടതായ ആവശ്യം സർവ്വത്തിനും അതീതമായ ബ്രഹ്മത്തിന് ഉണ്ടാകുന്നില്ലെന്നും 'ദൈവത്തിന്റെ മഹാജ്ഞാനവും ഭൂമിയുടെ അംശമായ മൂലകങ്ങളിൽ ലയിപ്പിച്ച മഹാശാസ്ത്രവും' പ്രകാരം മുകളിൽ വിശദീകരിച്ചു. 'മഹാസത്യവും ബ്രഹ്മവും ശിവയും മഹാഭദ്രകാളിയുമായ ദൈവം' ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളിൽ നിന്നും വേറിട്ടു നിന്നുകൊണ്ട്, സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്ന ജീവികളുടെ മഹാപിതാവായിട്ട് ശിവനെ ഒരുക്കുകയാണെന്നും വ്യക്തമാക്കി.

'സത്യം, ധർമ്മം, നീതി' എന്നിവയെ 'മഹാഭദ്രകാളി സ്വന്തം ഭാവങ്ങളാക്കിയിട്ടുണ്ട്; ജീവികളാകുന്ന കുഞ്ഞുങ്ങളുടെയെല്ലാം മഹാപിതാവായി ഒരുക്കിയിട്ടുള്ള ശിവന്റെയും ഭാവങ്ങളാക്കി' എന്നതിന്റെ അർത്ഥം ലഘുവായി വിശദീകരിക്കാം :-

അടിസ്ഥാന പരമായി ശൂന്യങ്ങളും നിർജ്ജീവങ്ങളുമായ സ്വത്വങ്ങളെ 'കുഞ്ഞുങ്ങൾ, ആത്മാക്കൾ' തുടങ്ങിയ പേരുകളിൽ സൃഷ്ടിക്കുമ്പോൾ, ജീവി എന്ന അസ്തിത്വത്തെയും ജീവിക്കാൻ ആവശ്യമായ ശക്തികളെയും ജ്ഞാനത്തെയും ആനന്ദങ്ങളെയും മദ്ധ്യസ്ഥരെ ഉപയോഗിക്കാതെ നേരിട്ടു നൽകണമെങ്കിൽ, 'മഹാഭദ്രകാളിയും ശിവയുമായ ദൈവം, ഭാഗമായ ശിവനോടൊപ്പം' മഹാമാതാപിതാക്കളായ മൂലകങ്ങളും രൂപാന്തരമായ ശരീരങ്ങളുമായി സ്വയം അവതരിക്കുവാനും തയ്യാറാകണം. (തയ്യാറായി). മഹാശക്തികൾ കൂടിയായ മൂലകങ്ങളെയും ശരീരങ്ങളെയും എങ്ങനെയും ഉപയോഗിക്കാൻ ഓരോ ജീവിയെയും അനുവദിച്ചാൽ, ജീവികളുടെ ജീവിതം അർത്ഥശൂന്യമാകുന്നതാണ്. പരസ്പരം യുദ്ധം ചെയ്ത് ശീഘ്രം അവസാനിക്കുകയും ചെയ്യും.

അർത്ഥപുഷ്ടമായ മഹാപദ്ധതികളോടെ ജീവികളുടെ സൃഷ്ടിയായ സത്യവും, ധർമ്മമായ സ്ഥിതിയും നിർവ്വഹിക്കണമെങ്കിൽ സംഹാരമാകുന്ന മോക്ഷം ഉൾപ്പെടുത്തി ക്കൊണ്ടുള്ള മഹാനീതിയെ സൃഷ്ടി ആരംഭിക്കുന്നതിനു മുമ്പ് നിശ്ചയിക്കണം. സൃഷ്ടിക്കുന്നതും, മഹാനീതി ഉറപ്പാക്കുന്നതും, സൃഷ്ടിയുടെ ഉദ്ദേശമായ സ്ഥിതി എന്ന ജീവിതം അർത്ഥപുഷ്ടവും ആനന്ദകരവും സുന്ദരവുമാക്കാനാണ്. മഹാഭദ്രകാളി, ശിവനെയും ചേർത്ത്, ശൂന്യങ്ങളായ ആത്മാക്കൾക്കു വേണ്ടി 'ശക്തികളും ശാസ്ത്രങ്ങളും ആനന്ദങ്ങളും ചേർന്ന ആറ്റങ്ങളും മൂലകങ്ങളും ശരീരങ്ങളും അവയുടെയെല്ലാം മൊത്തമായ ഭൂമിയുമായും' അവതരിക്കുമ്പോൾ, സത്യം ധർമ്മം നീതി എന്നീ ഭാവങ്ങളെയും, വഴിതെറ്റുന്ന കുഞ്ഞുങ്ങളെ തിരുത്താനുള്ള ന്യൂനശക്തികളെയും  ഭൗതികമായ അസ്തിത്വത്തോടെ ലയിപ്പിക്കുന്നുണ്ട്.

ജീവികൾക്ക് നിശ്ചയിച്ചിരിക്കുന്ന ശരീര അവയവങ്ങളും അവയിൽ ലയിച്ചിരിക്കുന്ന ശക്തികളും ശാസ്ത്രങ്ങളും ആനന്ദങ്ങളും സ്വാതന്ത്ര്യങ്ങളും ശരണവുമെല്ലാം ആത്മാക്കളുടെ മേൽ ദൈവത്തിന്റെ ഭാവങ്ങളായ സത്യ ധർമ്മ നീതികളെ സ്ഥാപിക്കുന്നവയാണ്. സൃഷ്ടി സ്ഥിതി സംഹാരം, വാതകം ദ്രാവകം ഖരം, ഓക്സിജൻ ജലം മണ്ണ്, പ്രോട്ടോൺ ഇലക്ട്രോൺ ന്യൂട്രോൺ, സത്യം ശിവം സുന്ദരം എന്നിങ്ങനെ സത്യം ധർമ്മം നീതി എന്നിവയെ ചിട്ടപ്പെടുത്തി വെച്ചിരിക്കുകയാണ്. മനുഷ്യാവസ്ഥയിലെ 100 മനുഷ്യ ജന്മങ്ങളെ ഒന്നൊന്നായി പിന്നിടുമ്പോൾ സത്യ ധർമ്മ നീതികളുടെ ആവശ്യകതയെക്കുറിച്ച് മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കളും ബോധവാന്മാരായി മാറുന്നതാണ്. സഹജീവികളായ മനുഷ്യരെയും മറ്റുള്ള ജീവികളെയും സഹായിക്കുന്നതിനെയും പരിചരിക്കുന്നതിനെയും സ്നേഹിക്കുന്നതിനെയും സ്വന്തം ആനന്ദമായി സ്വീകരിച്ചു തുടങ്ങുമ്പോൾ അവരിൽ സത്യ ധർമ്മ നീതികൾ വർദ്ധിക്കുന്നതും മഹാസത്യവും മഹാശക്തിയുമായ മഹാഭദ്രകാളിയുടെ പൊന്നോമന കുഞ്ഞുങ്ങളായി മാറുകയും മഹാവാത്സല്യത്തെ അളവില്ലാത്ത പോലെ നേടുന്നതുമാണ്.

## 'ബ്രഹ്മം എന്ന മഹാസത്യമായ ദൈവം', ആദ്യത്തെ കുഞ്ഞായ ശിവനു ശേഷം, രണ്ടാമത്തെ കുഞ്ഞായ 'ഭൂമിയും, മഹാശക്തിയുമായ ദൈവമായി' അവതരിക്കുന്നത് എന്തിനെന്നും എങ്ങനെയാണെന്നും വിശദീകരിക്കുന്നു.

ആത്മാക്കളെ സൃഷ്ടിക്കുന്നതിനു മുമ്പ് ആത്മാക്കൾ എന്ന അസ്തിത്വം ഇല്ല. 'മഹാസത്യമായ ശിവയുടെ ഭാഗമല്ലാത്ത ഭാഗമായ ശിവനെ,' മഹാപിതാവാക്കി ഒരുക്കിയപ്പോഴും വെളിവാകുന്ന കാര്യമാണ്. മഹാശൂന്യതയും ശിവനും മഹാപിതാവും പരമാത്മാവും കൂടിയായ ആകാശത്തിന്റ അംശങ്ങളായി കുഞ്ഞുങ്ങളെ സൃഷ്ടിക്കുമ്പോൾ, അസ്തിത്വം പോലും സ്വന്തമായി ഇല്ലാത്ത അവസ്ഥ പ്രകടിപ്പിക്കാൻ കുഞ്ഞുങ്ങൾക്കു കഴിയുന്നതാണ്. ഞാൻ = ആത്മാവ് ആരാണെന്ന ചോദ്യത്തിന്റെ ഉത്തരം പരമാത്മാവിന്റെ അംശവും കുഞ്ഞുമായ ഓരോ ആത്മാവിനും ലഭിക്കുന്നു. കുഞ്ഞുങ്ങളെ സൃഷ്ടിക്കുന്നതിന്റെ ഉദ്ദേശം വെളിപ്പെടുത്തണം. ആർക്കു വേണ്ടിയാണ് സൃഷ്ടിക്കുന്നത് ? സർവ്വത്തിനും അതീതവും മഹാസത്യവുമായ ബ്രഹ്മം മഹാഭദ്രകാളിയായി ക്കൊണ്ട് ശിവനെ ഭർത്താവാക്കിയിട്ടുള്ളതും പ്രപഞ്ച സൃഷ്ടിക്കു തയ്യാറാകുന്നതും, മഹാവാത്സല്ല്യമാകുന്ന മഹാആനന്ദത്തെ സ്വന്തം ആനന്ദമായി സ്വീകരിച്ചു കൊണ്ടും, മഹാഭദ്രകാളിയോടുള്ള മഹാദാസ്യത്തെ ശിവന്റെ മഹാആനന്ദമായി നിശ്ചയിച്ചു കൊണ്ടും, 'സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്ന കുഞ്ഞുങ്ങൾക്ക് അനന്തമായ ആനന്ദങ്ങളെ മഹാവാത്സല്ല്യത്തോടും മഹാദാസ്യത്തോടും നൽകാനാണ്' എന്നതിൽ നിന്ന് ആത്മാക്കളായ കുഞ്ഞുങ്ങളെ സൃഷ്ടിക്കുന്നത് ആത്മാക്കൾക്കു വേണ്ടിത്തന്നെയാണ് എന്ന് തെളിയുന്നുണ്ട്.

മഹാസത്യവും ബ്രഹ്മവുമായ മഹാഭദ്രകാളി, ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയുടെ മഹാസൂക്ഷ്മമെന്ന് കഷ്ടിച്ചു വിശേഷിപ്പിക്കാവുന്ന ഒരംശത്തെ മഹാപ്രപഞ്ചമായി പ്രകടിപ്പിക്കുന്നതിനെ മഹാദേവിയുടെ സ്വാർത്ഥമായി വിശേഷിപ്പിക്കാൻ കഴിയുമെന്ന് തോന്നുമെങ്കിലും, ജീവികൾക്ക് മഹാദാസ്യ സേവനങ്ങളെ മഹാവാത്സല്ല്യത്തോടെ ചെയ്യുന്നതിനെ സർവ്വത്തിനും അതീതമായ ദൈവം എന്തെങ്കിലും നേടുന്നതായി കണക്കാക്കാൻ കഴിയില്ല. സ്രഷ്ടാവിന്റെ സ്വാർത്ഥമായ മഹാവാത്സല്ല്യവും മഹാദാസ്യവും കുഞ്ഞുങ്ങളെ ആനന്ദിപ്പിക്കുന്നവ തന്നെയാകയാൽ, കൂടുതൽ കൂടുതൽ ആനന്ദങ്ങളെ നേടാൻ കുഞ്ഞുങ്ങൾക്ക് ഫലത്തിൽ മഹാത്ഭുതകരമായ ഒരു വഴി തുറന്നു കിട്ടുന്നു. ആനന്ദം ഉൾപ്പെടെ സർവ്വത്തിനും അതീതമായി ദൈവം തുടരുകയാണ് എന്നും വാദിക്കാൻ കഴിയും.

**ആദിയും അന്തവും ഇല്ലാത്ത മഹാശാസ്ത്ര നിയമങ്ങളോടെ മഹാശൂന്യതയായ ആകാശത്തെയും, ആകാശത്തിൽ ആത്മാക്കളെയും, സൃഷ്ടിക്കുകയും, ശേഷം ആത്മാക്കൾക്ക് ശക്തികളും ശാസ്ത്രങ്ങളും ആനന്ദങ്ങളും സ്വാതന്ത്ര്യങ്ങളും ശരണവും നൽകി ആനന്ദിപ്പിച്ചു ജീവിപ്പിക്കാൻ വേണ്ടി ഭൂമിയായി അവതരിക്കുന്നത് മഹാദാസിയും മഹാവാത്സല്ല്യവുമായ മഹാമാതാവായിരിക്കാൻ ഇഷ്ടപ്പെടുന്നതു കൊണ്ടുതന്നെയാണ്.**

മഹാശക്തി കൂടിയായ ദൈവം സ്വയം വിഭജിച്ച് ശക്തികളായി നിലകൊണ്ടാൽ; ശക്തികളുടെ വിഭജനം എന്നല്ലാതെ വേറിട്ട സ്വത്വങ്ങളായ കുഞ്ഞുങ്ങളാവില്ല. അതായത് ദൈവത്തിന്റെ അംശങ്ങൾ, ദൈവത്തെപ്പോലെ ആദിയും അന്തവും ഇല്ലാത്ത മഹാശക്തികളും മഹാജ്ഞാനികളുമാകും; ഭിന്നമാവില്ല. അതിനാൽ സൃഷ്ടികളെ ദൈവത്തിന്റെ അംശമാക്കാൻ കഴിയുന്നതല്ല.

ദൈവത്തിന്റെ ഇഷ്ടങ്ങളെന്നും മഹാജ്ഞാനമെന്നും വിശേഷിപ്പിക്കാവുന്ന മഹാശാസ്ത്ര നിയമങ്ങൾ പ്രകാരം 'ശക്തിയോടെയും ശക്തിയില്ലാതെയും പ്രവർത്തിക്കുന്ന അന്തമില്ലാത്തതായ ഒരു പരമാത്മാവിന്റെ' അംശങ്ങളായിട്ട് ജീവികളുടെ സ്വത്വങ്ങളെ സൃഷ്ടിക്കാനാവും ! മഹാശൂന്യതയും ആകാശവും പരമാത്മാവും മഹാപിതാവുമായി ശിവനെ ബ്രഹ്മം ഒരുക്കുന്നത് അതുകൊണ്ടാണ്. ഗൗരവമേറിയ വസ്തുതകൾ വേറെയുമുണ്ട്. പരമാത്മാവിനെയും, പരമാത്മാവിന്റെ അംശങ്ങളായ ജീവാത്മാക്കൾ എന്ന് വിളിക്കുന്ന സ്വത്വങ്ങളെയും അന്തമില്ലാതെ അഥവാ സനാതനമായി നിലനിർത്താനാണ് ഉദ്ദേശമെങ്കിൽ മാത്രമേ അവയ്ക്കു വേണ്ടി അനന്തമായ ആനന്ദങ്ങളെ ഉൾക്കൊള്ളുന്ന മഹാശക്തിയായ ഭൂമിയെയും ശിഷ്ട പ്രപഞ്ചത്തെയും സൃഷ്ടിക്കേണ്ടതുള്ളൂ. ആയിരം കോടിയിലേറെ വർഷങ്ങളായി നിലനിൽക്കുകയാണ് പ്രപഞ്ചമെന്നതും ജീവാത്മാക്കളുടെ മോക്ഷം എന്ന് വിവക്ഷിക്കുന്ന നക്ഷത്രങ്ങൾ ഇപ്പോഴും സൃഷ്ടിക്കപ്പെട്ടു കൊണ്ടിരിക്കുന്നു എന്നതും പ്രപഞ്ച-സൃഷ്ടിയുടെ ഉദ്ദേശങ്ങളിൽ സനാതനം ഉൾപ്പെടുമെന്ന് സാക്ഷ്യപ്പെടുത്തുന്നു. പരം=ശ്രേഷ്ഠം. പരമായ ആത്മാവും ഭൂമിയും ഉൾപ്പെടെയുള്ള പ്രപഞ്ചം സനാതനമാണ്.

ബ്രഹ്മമായ മഹാഭദ്രകാളി, ഭാവിയിലും ഭൂമിയിലും സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്ന ആത്മാക്കളായ കുഞ്ഞുങ്ങളുടെ മഹാപിതാവും 'പരമായ ആത്മാവുമായി' ശിവനെ ഒരുക്കുമ്പോൾ, കുഞ്ഞുങ്ങളെ സൃഷ്ടിക്കുന്നതിനു മുമ്പുതന്നെ അവർക്ക് ജീവിക്കാൻ ആവശ്യമായ ശക്തികളെയും, ജ്ഞാനത്തെയും, സ്വാതന്ത്ര്യം ഉൾപ്പെട്ട ആനന്ദങ്ങളെയും, ഒരുക്കേണ്ടതുണ്ട്. അവയെ കുഞ്ഞുങ്ങളായ ആത്മാക്കൾക്ക് നേരിട്ടു തന്നെ നൽകാൻ കഴിഞ്ഞില്ലെങ്കിൽ, മദ്ധ്യസ്ഥരുടെ ആവശ്യം സർവ്വത്തിനും അതീതമായ ദൈവത്തിന് ഉണ്ടെന്ന തെറ്റായ അർത്ഥം ഉണ്ടാകും. അതു പാടില്ല; ദൈവത്തിനു ചേരില്ല. ആകാശവും പരമാത്മാവുമായ ശിവന്റെ അംശങ്ങളും കുഞ്ഞുങ്ങളുമായി സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്ന ആത്മാക്കൾക്ക് ജീവിക്കാൻ ആവശ്യമായ ശക്തികളെയും, ജ്ഞാനത്തെയും, സ്വാതന്ത്ര്യം ഉൾപ്പെട്ട ആനന്ദങ്ങളെയും ശിവയും ശിവനും ചേർന്ന ആകാശത്തിൽ തന്നെ ഒരുക്കുകയാണ് ശിവയായ മഹാഭദ്രകാളി ചെയ്യുന്നത്. എന്നുവെച്ചാൽ മഹാശൂന്യത കൂടിയായ ആകാശത്തെ സൃഷ്ടി സ്ഥിതി സംഹാര പാത്രം കൂടിയായി മാറ്റുന്നു. സൃഷ്ടികളായ കുഞ്ഞുങ്ങളെ സൃഷ്ടിക്കാനും, സംരക്ഷിക്കാനും, സംഹാരമാകുന്ന മോക്ഷം ഉൾപ്പെടെ മഹാനീതി നടപ്പാക്കാനും ആകാശത്തിൽ തന്നെ സൗകര്യം ഒരുക്കുന്നു. ഉദാഹരണത്തിന്, (1) അനന്തമായി വളർന്നു കൊണ്ടിരിക്കുന്ന ആകാശവും ശിവനുമായ പരമാത്മാവിന്റെ അംശങ്ങളും കുഞ്ഞുങ്ങളുമായ ആത്മാക്കളെ സൃഷ്ടിക്കാൻ 'സൂര്യൻ' എന്ന താവളം ഒരുക്കുന്നു. ആത്മാക്കളുടെ സൃഷ്ടി പാത്രമായി സൂര്യൻ മാറുന്നു. (2) ആത്മാക്കൾക്ക് ജീവിക്കാൻ ആവശ്യമായ ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യം ഉൾപ്പെട്ട അനന്തമായ ആനന്ദങ്ങളും നൽകുന്ന മഹാശക്തിയായ ഭൂമിയും സ്ഥിതി ചെയ്യുന്നത് ആകാശത്തിൽ തന്നെയാണ്.

**മഹാശക്തിയായ ഭൂമിയായി മഹാഭദ്രകാളി അവതരിക്കുമ്പോൾ; ഭൂമിയിൽ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്ന ജീവികളുടെ സ്വത്വങ്ങളായിട്ടാണ് ആത്മാക്കളെ സൃഷ്ടിക്കുന്നത് എന്നിരിക്കെ, ഭൂമിയെ സൃഷ്ടിക്കുന്നതിനു മുമ്പ് ആത്മാക്കളെയും അവയുടെ താവളമായ സൂര്യനെയും സൃഷ്ടിക്കേണ്ടതില്ല. (3) ഓരോ സൃഷ്ടി ചക്രത്തിലെയും മനുഷ്യരുടെ മോക്ഷവുമായി ബന്ധപ്പെട്ടാണ് മഹാശക്തിയായ ഭൂമിയുടെ ഉപഗ്രഹമായ ചന്ദ്രന്റെയും നക്ഷത്രങ്ങളുടെയും സൃഷ്ടി എന്നും, (4) മറ്റു ഗ്രഹങ്ങളുടെയും അവയുടെ ഉപഗ്രഹങ്ങളുടെയും സൃഷ്ടിക്ക് ആദ്യ മഹാകാല ചക്രത്തിലെ ദേവതകൾ ധർമ്മശാസ്ത്ര വിരുദ്ധമായി പ്രവർത്തിച്ചത് കാരണമായിട്ടുണ്ടെന്നും അവയെല്ലാം പിൻവലിക്കപ്പെടുമെന്നും ഉടൻ ആരംഭിക്കുന്ന ദൈവ വിപ്ലവത്തോടെ സുവ്യക്തമാകുമ്പോൾ ജീവികൾ ഒഴികെയുള്ള പ്രതിഭാസങ്ങളെ മനുഷ്യർക്ക് സുവ്യക്തമായി മനസ്സിലാക്കാൻ കഴിയുന്നതാണ്. 'മനുഷ്യർക്ക് പ്രധാനമായ പ്രപഞ്ചത്തിൽ' ആദിയും അന്തവും ഇല്ലാത്ത മഹാശൂന്യതയായ ആകാശവും, അതിൽ ഭൂമിയും, ഭൂമിയിലെ വസ്തുക്കളും ജീവികളും, എല്ലാ ജീവികളുടെയും ജീവിതത്തെ സ്വാധീനിക്കുന്ന സൂര്യനും ചന്ദ്രനുമാണുള്ളത്. ഗ്രഹങ്ങളും ഉപഗ്രഹങ്ങളും നക്ഷത്ര സമൂഹങ്ങളും ഉണ്ടെങ്കിലും, മോക്ഷവുമായും മറ്റും ബന്ധപ്പെട്ട അവ ഭൂമിയിലെ ജീവികളുടെ ജീവിതത്തെ പ്രത്യക്ഷമായി ബാധിക്കുന്നില്ല !**

**ശക്തികൾ ഉൾപ്പെടെ സർവ്വത്തിനും അതീതമായ ദൈവം; ബ്രഹ്മം, ശിവ, ഭദ്രകാളി എന്നീ നാമങ്ങളെ സ്വീകരിക്കുന്നതും, ഭാഗമായി ശിവനെ സൃഷ്ടിക്കുന്നതും വിശകലനം ചെയ്താൽ, മനുഷ്യർക്ക് ഭാവന പോലും ചെയ്യാൻ കഴിയാത്ത ശക്തിളെയോ ആനന്ദങ്ങളെയോ പ്രകടിപ്പിക്കാതെയോ പ്രകടിപ്പിച്ചോ, ജീവികൾ ഇല്ലാത്തതും 'മഹാശൂന്യതയും മഹാപ്രകാശവുമായ ആദിയും അന്തവും ഇല്ലാത്ത ആകാശമായിട്ട്, ശിവയും ശിവനും' നിലനിന്നതായും നിലനിൽക്കുന്നതായും സങ്കല്പിക്കാൻ കഴിയും.**

**അസ്തിത്വം ഇല്ലാത്ത ശൂന്യങ്ങളും നിർജ്ജീവങ്ങളുമായ സ്വത്വങ്ങളെ, പരമാത്മാവായ ശിവന്റെ അംശങ്ങളായിട്ടും കുഞ്ഞുങ്ങളായിട്ടും സൃഷ്ടിക്കുന്നതിനു മുമ്പ് അവയ്ക്ക് ജീവിക്കാൻ ആവശ്യമായ ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യം ഉൾപ്പെട്ട അനന്തമായ ആനന്ദങ്ങളും മഹാനീതിയും നൽകുന്ന <u>മഹാശക്തിയായ ഭൂമിയെ</u> സൃഷ്ടിക്കണം എന്ന് മുകളിൽ വിശദീകരിച്ചു. ഭൂമിയെ സൃഷ്ടിക്കുകയെന്നാൽ നിർജ്ജീവവും ഭീമാകാരവുമായ വസ്തു എന്ന ധാരണയാണ് അനേകർക്ക് ഉണ്ടാവുക.**

## <u>'മഹാസത്യവും ബ്രഹ്മവുമായ ദൈവം', മഹാശക്തിയായ ഭൂമിയായി അവതരിക്കുന്ന മഹാത്ഭുത പ്രതിഭാസമാണ് സംഭവിക്കുന്നത്.</u>

ശക്തിയാകുന്ന ഊർജ്ജത്തിനെ സൃഷ്ടിക്കാനും നശിപ്പിക്കാനും കഴിയില്ല; ഊർജ്ജത്തിന് അന്തമില്ല; എല്ലാ ഊർജ്ജങ്ങളെയും മറ്റ് ഊർജ്ജങ്ങളായി പരിണമിപ്പിക്കാൻ കഴിയും എന്നെല്ലാമാണ് ഭൗതിക ശാസ്ത്രം മനുഷ്യനെ മനസ്സിലാക്കുന്നത്. ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയായും, ചെറുതും വലുതുമായ ശക്തികളായും പ്രപഞ്ചത്തിലെ ഘടകങ്ങളെയും, ദൈവമാകുന്ന മഹാശക്തിയെയും മനുഷ്യർ അറിഞ്ഞാൽ മതിയാകും. മഹാശക്തിയെ ബ്രഹ്മം സൃഷ്ടിക്കുന്നതിന്റെ രഹസ്യം മനുഷ്യർ ഉൾപ്പെട്ട സൃഷ്ടികൾ അറിയേണ്ടതില്ല.

ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയാണു ദൈവം; ശക്തികൾ ഉൾപ്പെടെ സർവ്വത്തിനും അതീതമാണ് മഹാസത്യമായ ദൈവം എന്നീ **2** പ്രസ്താവനകളെ വിശകലനം ചെയ്താൽ, ഭൂമി, പ്രപഞ്ചം തുടങ്ങിയ മഹാശക്തികളെ സൃഷ്ടിക്കുന്നത് മഹാസത്യമായ ദൈവമാണെന്ന് യുക്തിശാസ്ത്രം പ്രകാരം പ്രകടമായും തെളിയുന്നുണ്ട്. മാത്രമല്ല; നിത്യജീവിതത്തിൽ മനുഷ്യർ കാണുന്നതും കേൾക്കുന്നതും അറിയുന്നതും അനുഭവിക്കുന്നതുമായ ഏതാനും കാര്യങ്ങളെ വിശകലനം ചെയ്താൽ തന്നെ, ഊർജ്ജമായ ശക്തികളുടെ സൃഷ്ടി എല്ലായ്പ്പോഴും പ്രപഞ്ചത്തിൽ നടന്നു കൊണ്ടിരിക്കുന്നു എന്ന് നിസ്സാരമായി മനസ്സിലാക്കാൻ കഴിയുന്നതാണ്.

ഊർജ്ജമെന്ന ശക്തിയുടെ എല്ലാ അവസ്ഥകളും ശാസ്ത്രജ്ഞർക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല എന്ന മുഖവുരയോടെ കുറിക്കുന്നു : മൂലകങ്ങളും അവയുടെ സംയുക്തങ്ങളും മിശ്രിതങ്ങളും മൂലകങ്ങളുടെ രൂപാന്തരമായ ശരീരങ്ങളും നിറം, സൗന്ദര്യം, വിശപ്പ്, ദാഹം, ഭക്ഷണ പാനീയങ്ങൾ, മരുന്നുകൾ, ലഹരി, വിറക്, തുടങ്ങി ഭൂമിയിലെ സർവ്വത്തിലും ശക്തികൾ ലയിച്ചിരിക്കുകയാണ്; അവയെല്ലാം പുതിയതായി സൃഷ്ടിക്കപ്പെടുകയുമാണ്. സൃഷ്ടിപരമായ മറ്റൊരു ഉദാഹരണം കൂടി കുറിക്കുന്നു:- മാതാപിതാക്കളുടെ ശരീര സൗന്ദര്യത്തോടു സാദൃശ്യമുള്ള കുട്ടികൾ ജനിക്കുമ്പോൾ, പ്രത്യുല്പാദനത്തിന് ഉപാധിയായ സ്ത്രീ പുരുഷ ബീജങ്ങളുടെ സൃഷ്ടി, കുട്ടികളുടെ സ്ത്രീ പുരുഷ വ്യത്യാസം, അവയവങ്ങൾ, നിറം, സൗന്ദര്യം, ആരോഗ്യം, ബുദ്ധിശക്തി, തുടങ്ങിയ ജന്മഗുണങ്ങൾ ഉൾപ്പെടെ ഏറെക്കുറെ എല്ലാ സൃഷ്ടി-കാര്യങ്ങളെയും പ്രത്യക്ഷമായും പ്രകടമായും ഭൂമിയുടെ അംശമായ മൂലകങ്ങളും അവയുടെ രൂപാന്തരമായ ശരീര അവയവങ്ങളും നിശ്ചയിക്കുകയും സൃഷ്ടിക്കുകയും രൂപമാറ്റങ്ങൾ വരുത്തി മരണം വരെ മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ശാസ്ത്രങ്ങൾ പ്രകാരം മഹാവാത്സല്ല്യത്തോടെ കരുതുകയുമാണ്. മനുഷ്യക്കുഞ്ഞിനു പകരം ആമ, ഓന്ത്, പൂച്ച എന്നിവയെ മനുഷ്യസ്ത്രീ പ്രസവിക്കുകയോ മുട്ടയിടുകയോ ചെയ്താലും കാമആനന്ദത്തിൽ ഏർപ്പെട്ട മാതാപിതാക്കൾ സാക്ഷികളാണെന്നല്ലാതെ അവരുടെ സ്വത്വങ്ങളായ ആത്മാക്കളല്ലാ നിശ്ചയിക്കുന്നതും സൃഷ്ടിക്കുന്നതും. ഭൂമിയിൽ പ്രത്യക്ഷമായി സദാ സംഭവിച്ചു കൊണ്ടിരിക്കുന്ന ജീവികളിലെ പ്രത്യുല്പാദനത്തിൽ, ശക്തികളെ കൂടിയാണ് സൃഷ്ടിക്കുന്നത് എന്നത് തിരിച്ചറിയാതെയാണ് വെറും വിഡ്ഢികളായി പ്രപഞ്ചത്തിലെ ആദ്യ ഊർജ്ജത്തിന്റെ ഉല്പത്തി കാരണങ്ങളെ ശാസ്ത്രജ്ഞരും ഗവേഷകരും മറ്റുമായ മനുഷ്യർ അന്വേഷിക്കുന്നത്.

സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്ന ജീവികളുടെ ആത്മാക്കൾക്കെല്ലാം ജീവിക്കാൻ ആവശ്യമായ 'ശക്തികളും ജ്ഞാനവും സ്വാതന്ത്ര്യം ഉൾപ്പെട്ട അനന്തമായ ആനന്ദങ്ങളും മഹാനീതിയും ശരണവും നൽകുവാൻ മഹാസത്യമായ ദൈവം ഭൂമിയെയും ഭൂമിയുടെ അംശമായ മൂലകങ്ങളെയും രൂപാന്തരമായ ശരീരങ്ങളെയും നിശ്ചയിച്ചിരിക്കുകയാൽ, ആത്മാക്കളെ ജീവികളായി മാറ്റണമെങ്കിൽ മൂലകങ്ങളുടെ മൊത്തമായ ഭൂമിയെ ആദ്യം സൃഷ്ടിക്കണം. അതേസമയം പരമാത്മാവിന്റെ അംശങ്ങളും കുഞ്ഞുങ്ങളുമായ ആത്മാക്കൾക്കു വേണ്ടിയാണ് മഹാശക്തിയായ ഭൂമിയായിട്ട് മഹാസത്യമായ ദൈവം പരിണമിക്കേണ്ടത് എന്നതിനാൽ ഭൂമിക്കു മുമ്പ് ആത്മാക്കളുടെ സൃഷ്ടി ആരംഭിക്കണം. മൂലകങ്ങളും രൂപാന്തരമായ ശരീരങ്ങളും ചേർത്ത് സത്യാവസ്ഥയിലുള്ള ആത്മാക്കളെ ജീവികളായി പരിണമിപ്പിക്കുമ്പോൾ, ആത്മാക്കൾക്കും നിർജ്ജീവമായ ഭൗതികമായ അസ്തിത്വം നൽകണം. ജീവികൾക്ക് ലഭ്യമാകുന്ന ശരീരങ്ങളെ കണ്ട് സ്വയവും അന്യോന്യവും അറിയാനും ഭൂമിയിലെ വസ്തുക്കളും പ്രകൃതിയുമെല്ലാം പരിചയപ്പെടാനും പ്രകാശവും ഉണ്ടാകണം/ സൃഷ്ടിക്കപ്പെടണം. മാത്രമല്ല, പ്രകാശത്തിൽ മാത്രം കാണാനും, ഇരുട്ടിൽ കാണാതിരിക്കാനും ശരീരം ലഭിച്ച് ജീവികളായി മാറിയ ആത്മാക്കൾക്ക് പൊതുവെ കഴിയണം. മഹാസത്യമായ ദൈവവും ഭാഗമായ പരമാത്മാവും യഥാക്രമം 'മഹാശക്തിയും ഭൂമിയുമായ ദൈവവും ഭാഗവുമായി' മാറുന്നതിനു മുമ്പ്, ചുവടെ വേറിട്ടു വിശദീകരിച്ചിട്ടുള്ളതു പോലെ, പരമാത്മാവിന്റെ അംശവും സ്വതന്ത്രവുമായ ആത്മാക്കളും 'സത്യാവസ്ഥയിലാണ്', പ്രകാശം ഇരുട്ട് തുടങ്ങിയവയ്ക്ക് അതീതമാണ്. ഭൂമിയുടെ അംശമായ മൂലകങ്ങളും രൂപാന്തരമായ ശരീരങ്ങളും നൽകി ആത്മാക്കളെ ജീവികളായി പരിണമിപ്പിക്കുമ്പോൾ ആത്മാക്കൾക്കും ഭൗതികമായ അസ്തിത്വം നൽകണം. സ്ത്രീ പുരുഷ ബീജങ്ങളിലൂടെയും കോശങ്ങളിലൂടെയും ഭൂമിയുടെ അംശമായ മൂലകങ്ങളിലെ ആറ്റങ്ങളിൽ ആത്മാക്കൾക്ക് അവർ പോലും അറിയാത്ത ഉചിതമായ ഇരിപ്പിടവും പ്രവർത്തന പദ്ധതികളും മഹാനീതിശാസ്ത്ര പ്രകാരം മഹാശക്തിയായ ഭൂമി നടപ്പാക്കുമ്പോൾ വിഷയങ്ങൾ പരിഹരിക്കപ്പെടുന്നു.

പരമാത്മാവിന്റെ അംശങ്ങളായി കുഞ്ഞുങ്ങളായ ആത്മാക്കളെ സൃഷ്ടിക്കുന്നതിനു മുമ്പ് മഹാശൂന്യതയായ ആകാശത്ത് മഹാപ്രകാശം ചേർക്കുകയും, ആത്മാക്കളെ ശരീരത്തോടെ ജീവികളാക്കുന്നതിനു മുമ്പ് മൂലകങ്ങളുടെയും ശരീരങ്ങളുടെയും മൊത്തവും മഹാശക്തിയുമായ ഭൂമിയുടെ മഹാസ്വത്വവുമായി ബന്ധിപ്പിക്കുന്നു. കാഴ്ച്ച ശക്തി നൽകി കണ്ണുകളുമായി ബന്ധിപ്പിക്കാൻ തയ്യാറാക്കേണ്ടത് ആത്മാക്കളുടെ സൃഷ്ടി ആരംഭിച്ചപ്പോഴാണ്. മഹാസത്യമായ ദൈവം സൃഷ്ടിച്ച 'ശിവൻ' എന്ന നാമമുള്ള മഹാശൂന്യതയായ പരമാത്മാവിന് ഇലക്ട്രോണുകൾ എന്ന നിർജ്ജീവമായ അസ്തിത്വം കൂടി നൽകുകയും; ശേഷം സൃഷ്ടിച്ച 'ശക്തി' എന്ന നാമമുള്ള പ്രോട്ടോണുകളോട് ശബ്ദബ്രഹ്മമായി ചേരുകയും ചെയ്യുന്നു. ശബ്ദബ്രഹ്മത്തിന്റെ മഹാപ്രഭാവത്താൽ പ്രോട്ടോണുകൾ മഹാശക്തിയായ ദൈവമായി മാറുന്നു. പ്രോട്ടോണുകൾ നിശ്ചയിക്കുന്നതു പോലെ പ്രോട്ടോണുകളെ സദാ ചുറ്റുന്നത് ഉൾപ്പെടെയുള്ള ശക്തികളും പദ്ധതികളും ഇലക്ട്രോണുകളോട് ചേർക്കുന്നു. സൃഷ്ടി സ്ഥിതി സംഹാര പാത്രവും കൂടിയായ ആകാശത്തിൽ, ആത്മാക്കളുടെ സൃഷ്ടിക്കായി ഒരുക്കുന്ന താവളത്തിൽ വച്ച് ഇലക്ട്രോണുകളെയും പ്രോട്ടോണുകളെയും ചേർത്ത് പരമാത്മാവിന് ഹൈഡ്രജൻ എന്ന വാതകരൂപം കൂടി നൽകുന്നു.

ശക്തിയായ പ്രോട്ടോണിന്റെയും ശിവനായ ഇലക്ട്രോണിന്റെയും ബാന്ധവമായ ഹൈഡ്രജനിൽ നിന്നും അടിസ്ഥാന പരമായി നിർജ്ജീവം കൂടിയായ ഇലക്ട്രോണുകളുടെ കുഞ്ഞുങ്ങളായി നിർജ്ജീവങ്ങളായ ആത്മാക്കളെ ന്യൂട്രോണുകളെന്ന പേരിൽ സൃഷ്ടിക്കുകയും ഹീലിയം എന്ന വാതകവുമായും പ്രകാശവുമായും ബന്ധിപ്പിക്കുകയും ചെയ്യുന്നു. പ്രസ്തുത

മഹാപ്രതിഭാസത്തിൽ ശക്തി ശിവൻ പ്രണയ മന്ത്രമായി **ഓം** പ്രവർത്തിക്കുകയും, ഭൂമിയിൽ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്ന ജീവികളാകുന്ന കുഞ്ഞുങ്ങൾക്കു വേണ്ടി ആത്മാക്കളുടെ സൃഷ്ടിയിൽ 'പ്രകാശവും ചൂടും' ചേർക്കുകയും, ആത്മാക്കളെ സ്ത്രീ പുരുഷന്മാരായ ഇണകളായി വിഭജിക്കുകയും, 'സൂര്യൻ' എന്ന ശ്രേഷ്ഠ നാമത്തെ ആത്മാക്കളുടെ സൃഷ്ടി പാത്രത്തിനു നൽകുകയും ചെയ്യുന്നു. ആത്മാക്കൾക്കു ജീവിക്കാൻ ആവശ്യമായ ശക്തികളും ശാസ്ത്രങ്ങളും ആനന്ദങ്ങളും സ്വാതന്ത്ര്യങ്ങളും ശരണവും മഹാനീതിയും നൽകുന്നതിനു വേണ്ടി മഹാസത്യമായ ദൈവം, മഹാശക്തിയായ ഭൂമിയായി മാറുമ്പോൾ, ഭൂമി സ്വയം കറങ്ങിയും, അക്കൂടെ സൂര്യനെ ചുറ്റിയും 'ഇരുട്ടും തണുപ്പും കാലവും' കൂടി സൃഷ്ടിക്കുന്നു. മഹാസത്യവും മഹാശക്തിയുമായ ദൈവത്തിന്റെ ലഘുവും ലളിതവുമായ ഒരു ആവിഷ്ക്കാരം മാത്രമാണ് സൂര്യൻ എന്നും തെളിയുന്നു.

മഹാസത്യമായ ആകാശത്തിന്റെയും ഭാഗമായ പരമാത്മാവിന്റെയും 'സംയുക്ത സൃഷ്ടിപാത്രമായ സൂര്യനിൽ' നിന്നും, 'ഹീലിയം ആറ്റത്തിലെ ന്യൂട്രോണുകളായ പ്രകാശമായിട്ട് പരമാത്മാവിന്റെ മാത്രം അംശങ്ങളായ ആത്മാക്കൾ ആകാശത്തിന്റെ തന്നെ ഭാഗവും സ്ഥിതിപാത്രവും മഹാശക്തിയുമായ ഭൂമിയിൽ എത്തിപ്പെടുകയും മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ എന്നീ പ്രധാന അവസ്ഥകളിൽ 100 വീതം ജീവി-ജന്മങ്ങളെ ലഭിച്ച് മഹാനീതിശാസ്ത്രപ്രകാരം ജീവിക്കുകയും ചെയ്യുന്നു. സ്ത്രീപുരുഷന്മാരായി വിഭജിക്കപ്പെട്ട ആത്മാവിന്റെ സ്ത്രീഭാഗം സസ്യാവസ്ഥയിൽ തുടരുകയും, പുരുഷ ഭാഗം മാത്രം സ്ത്രീപുരുഷ ജീവിജന്മങ്ങളിൽ ജീവിക്കുകയും, മനുഷ്യാവസ്ഥയിൽ ലഭിക്കുന്ന 100 ജന്മങ്ങളിൽ 90-ാമതു ജന്മം മുതൽ ആത്മാവിന്റെ 2 വിഭജനങ്ങളും വീണ്ടും ഇണകളായി ജനിക്കുകയും, 100-ാമതു ജന്മത്തിൽ പശു-പശുപതി ജന്മങ്ങളെ ലഭിക്കുകയും ശേഷം രണ്ടു ഭാഗങ്ങളും ഒന്നാക്കപ്പെട്ട് സംഹാരവും മോക്ഷവുമായ നക്ഷത്ര പദവിയെ നേടി ആകാശത്തിന്റെ തന്നെ ഭാഗമായിട്ട് സ്വയമെന്നോണം പ്രകാശിച്ച് ഭൂമിയിൽ വച്ച് അനുഭവിച്ചറിഞ്ഞ അനന്തമായ ആനന്ദങ്ങളെ അനന്തകാലം അനുഭവിക്കുന്നതാണ്. ഭൂമിയിലേക്കു മടങ്ങി വന്ന് പരമാനന്ദകരമായ ജീവി-ജീവിതം ആസ്വദിക്കാനും നക്ഷത്രങ്ങളായി മാറിയ ആത്മാക്കൾക്കെല്ലാം സ്വാതന്ത്ര്യമുണ്ട്. (ആത്മാവിന്റെ വിഭജനത്തെ വേറിട്ടു വിശദീകരിക്കുന്നുണ്ട്.)

ചന്ദ്രന്റെ സൃഷ്ടിയുടെ ഉദ്ദേശം, സൂര്യന്റെ പ്രകാശത്തെ പ്രതിഭലിപ്പിച്ച് ഭൂമിയിലെ ജീവികൾക്ക് സേവനം ചെയ്യുന്നതു കൂടാതെ, സംഹാര കാലത്ത് സസ്യം മുതൽ മൃഗങ്ങൾ വരെയുള്ള ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളുടെ പകുതിയെണ്ണത്തെ, ഭൂമിയുടെ പകുതി വലിപ്പമുള്ള ചന്ദ്രനിൽ ജനിപ്പിക്കുകയും സംരക്ഷിക്കുകയുമാണ്. ചന്ദ്രനിലെ ഓക്സൈഡുകൾ, സൾഫേറ്റുകൾ തുടങ്ങിയ വസ്തുക്കളിൽ നിന്നും ഓക്സിജൻ സ്വതന്ത്രമാവുകയും, ഹൈഡ്രജനോടു ചേർന്ന് ജലം ഉണ്ടാക്കുകയും, ജീവികളുടെ സൃഷ്ടി സ്ഥിതികളെ നയിക്കുകയും ചെയ്യുന്നതാണ്. ചൊവ്വ, ബുധൻ, ശുക്രൻ, വ്യാഴം, ശനി തുടങ്ങിയ മറ്റു ഗ്രഹങ്ങൾ സൃഷ്ടിക്കപ്പെടാൻ കാരണം ആദ്യ മഹാകാല ചക്രത്തിലെ ദേവതകളാണ്; മോക്ഷത്തോടെ മനുഷ്യരിൽ നിന്നും നിയമിക്കപ്പെട്ട ദേവതകളെല്ലാം കാലക്രമേണ ധർമ്മ ശാസ്ത്രത്തിൽ നിന്നും അകന്നതിന്റെ പരിണാമമാണ് മറ്റു ഗ്രഹങ്ങൾ. ഉടൻ ആരംഭിക്കുന്ന ദൈവവിപ്ലവത്തോടെ മറ്റു ഗ്രഹങ്ങളെ പിൻവലിക്കുന്നത് വഴിയെ കണ്ടറിയാം.

വളരെ വലിയ ശക്തികളോ, ഉൾപ്പെട്ടതോ ആയ പുതിയ നക്ഷത്രങ്ങൾ, ആകാശത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നു; ആകാശവും ഭൂമിയും നിരന്തരമായി വലുതായി ക്കൊണ്ടിരിക്കുന്നു; തുടങ്ങിയ വസ്തുതകൾ, ഊർജ്ജം @ എനർജി @ ശക്തി തനിയെ ഉണ്ടാകുകയില്ലാ എന്ന ഭൗതിക ശാസ്ത്ര നിയമത്തിന് ഒട്ടും ചേരുന്നതല്ല. 'ബ്രഹ്മം, ശിവ, ഭദ്രകാളി' എന്നെല്ലാം വിശേഷിപ്പിക്കുന്ന 'ശക്തികൾക്ക് അതീതമായ മഹാസത്യത്തിന്റെ' പ്രഭാവമാണ് ഫലത്തിൽ വെളിപ്പെടുന്നത്. ബിഗ് ബാംഗ് പോലെ വലുതോ ചെറുതോ ആയ പൊട്ടിത്തെറികളുമായി യാതൊരു ബന്ധവുമില്ലാതെ, മഹാത്ഭുതകരമായ മഹാനീതിശാസ്ത്ര പദ്ധതികളോടെയും കുറ്റങ്ങളും കുറവുകളും ഇല്ലാതെയും ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ 'മഹാശക്തി-ശിവൻ കൂട്ടുകെട്ടും' പരബ്രഹ്മവും കൂടിയായ പ്രപഞ്ചം പ്രത്യക്ഷമായി നിർവ്വഹിക്കുന്നതിനെ ലളിതമായി മനസ്സിലാക്കാനാവും.

**സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ദൈവം ജീവിയോ സ്ത്രീയോ പുരുഷനോ അല്ലെന്നും, ജീവികൾക്കെല്ലാം ഏകശരണമായ ഭൂമി ആണെന്നും, 'ഭൂമിയെന്ന മഹാരൂപത്തെ സ്വീകരിച്ചിട്ടുള്ളത് ശക്തികൾ ഉൾപ്പെടെ സർവ്വത്തിനും അതീതവും 'ബ്രഹ്മം, ശിവ, ഭദ്രകാളി' എന്നെല്ലാം വിളിക്കാവുന്ന മഹാസത്യവും, ഭാഗമായ ശിവനും ചേർന്നാണെന്നും വിശദീകരിച്ചിരുന്നു. മഹാസത്യമായ ദൈവം 'ഓം മഹാശക്തിയായ ഭൂമിയായി' മാറുകയാൽ, ഭൂമിയുടെ' സൂക്ഷ്മ അംശങ്ങളായ ഓരോ ആറ്റത്തിലും പ്രോട്ടോൺ, ഇലക്ട്രോൺ തുടങ്ങിയവയായി അന്തമില്ലാത്ത മഹാശക്തിയും, ഭാഗമായ ശിവനും ഉണ്ട്. 'മഹാസത്യമായ ദൈവം, മഹാശക്തിയും ഭൂമിയുമായ ദൈവമായി' അവതരിച്ചത് മഹാശാസ്ത്രപരമായി വെളിപ്പെടുത്തുന്നത് മഹാത്ഭുത പാഠങ്ങളാണ്.**

# ഓം

## ജീവികളുടെ ജിവിതവും മോക്ഷവും ഒരല്പം സൂചിപ്പിച്ച ശേഷമാകാം മഹാത്ഭുതപാഠം. മഹാസത്യമായ ദൈവത്തിന് മധ്യസ്ഥരെയോ സഹായികളെയോ ആവശ്യമില്ലെന്നും കൂടി തെളിയിച്ചു കൊണ്ട്; 'എല്ലാ സൃഷ്ടികൾക്കും ഏകശരണമായിട്ട് മഹാശക്തിയായ 'ഭൂമിയെന്ന' മഹാരൂപം സ്വീകരിക്കുകയും, ഭൂമിയുടെ അംശമായ മൂലകങ്ങളിലും അവയുടെ രൂപാന്തരമായ ശരീരങ്ങളിലും, മഹാനീതിശാസ്ത്രമായ ഓംകാര നീതി ശാസ്ത്രം പ്രകാരം 'ശക്തികളെയും, മഹാജ്ഞാനമാകുന്ന മഹാശാസ്ത്രത്തെയും, സ്വാതന്ത്ര്യം ഉൾപ്പെട്ട അനന്തമായ ആനന്ദങ്ങളെയും, ധർമ്മ-നീതി

ശാസ്ത്ര പരിപാലനത്തിനുള്ള ന്യൂനശക്തികളെയും ലയിപ്പിച്ചിരിക്കുകയാണ്. സൃഷ്ടികളായ ആത്മാക്കളിൽ ഓരോന്നിനെയും സ്ത്രീ പുരുഷൻ എന്നിങ്ങനെ രണ്ടായി വിഭജിച്ചു കൊണ്ടും മോക്ഷം നേടുമ്പോൾ വീണ്ടും ഒന്നിപ്പിച്ചുമാണ് 'മഹാനീതിയെ' നൽകുന്നത്. മുമ്പ് ദീർഘമായി വിശദീകരിച്ചിരുന്നു. ആത്മാക്കൾക്കു ലഭ്യമാക്കുന്ന ശരീര അവയവങ്ങളുടെ അടിസ്ഥാനത്തിൽ മത്സ്യം സസ്യം പക്ഷി മൃഗം, മനുഷ്യൻ എന്നിങ്ങനെ പ്രധാന ജീവി വർഗ്ഗങ്ങളെയും അവയിലെ ഓരോ വർഗ്ഗത്തിലും 100 ജന്മങ്ങളെയും, മനുഷ്യാവസ്ഥയിലെ 100 ജന്മങ്ങളിൽ സ്ത്രീ പുരുഷൻ, നിറം മുഖഛായ സൗന്ദര്യം, ആയുസ്സ്, ആരോഗ്യം, അവയവ വൈകല്ല്യം, ബുദ്ധിശക്തി ഓർമ്മശക്തി, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ജനനസ്ഥലം, ബന്ധുബലം, തുടങ്ങിയ ജന്മഗുണങ്ങളെ വ്യത്യാസപ്പെടുത്തി ക്കൊണ്ടും; നൂറാമത്തെ മനുഷ്യജന്മത്തെ പശു-പശുപതി (കാള) ജന്മങ്ങളായി മാറ്റിക്കൊണ്ട് മറ്റുള്ള ജീവികളെ (അനാവശ്യമായി) ഉപദ്രവിക്കാത്തതും സ്നേഹിക്കുന്നതും സ്വന്തം ആവശ്യമായി ഉയർത്തിക്കൊണ്ടും; മഹാനീതിശാസ്ത്രമായ ഓംകാര നീതി ശാസ്ത്രത്തിന്റെ കാതലായ മഹാപുനർജ്ജന്മ സിദ്ധാന്തം പ്രകാരം സമസ്ത ജീവികളെയും 'ഭൂമി' മഹാഭരിക്കുകയും; മഹാനീതിയായ മഹാസമ-ആനന്ദത്തെ നിർവ്വഹിക്കുകയും ചെയ്യുന്നു. ഭൂമിയിൽ വച്ച് അനന്തമായ ആനന്ദങ്ങളെ സമമായി അനുഭവിപ്പിക്കുകയും ആസ്വദിപ്പിക്കുകയും ചെയ്ത ശേഷം, ജീവികളുടെ മഹാപിതാവും പരമാത്മാവുമായ പരമശിവനിലൂടെ ഓരോ ആത്മാവിനും ഭൂമിയിൽ നിന്നും മോക്ഷമായ നക്ഷത്ര പദവിയെ മഹാഅനുഗ്രഹിച്ചു നൽകുന്ന കുറ്റങ്ങളും കുറവുകളും ഇല്ലാത്തതുമായ മഹാപദ്ധതി ഒരുക്കിയിട്ടുണ്ട്. ഭൂമിയിൽ വെച്ച് അറിയുകയും അനുഭവിക്കുകയും ചെയ്ത അനന്തമായ ആനന്ദങ്ങളെ നക്ഷത്രാവസ്ഥയിൽ വച്ച് അനന്തകാലം അനുഭവിച്ചു കഴിയാനും സ്വന്തം ഇഷ്ടപ്രകാരം വീണ്ടും വീണ്ടും ഭൂമിയിൽ വന്ന് പരമാനന്ദകരമായ 'ജീവി ജീവിതം' ആസ്വദിക്കാനും ആത്മാവിനു സ്വാതന്ത്ര്യമുണ്ട്.



## മഹാസത്യമായ ദൈവം 'മഹാശക്തിയായ ഭൂമിയായി' അവതരിച്ചത് എങ്ങനെയാണെന്ന മഹാ-അത്ഭുതപാഠങ്ങളെ മഹാശാസ്ത്ര പരമായി വെളിപ്പെടുത്തുന്നു :-

മഹാസത്യമായ ദൈവം മഹാപ്രകാശവും, സൃഷ്ടി സ്ഥിതി സംഹാര പാത്രവും, ആദിയും അന്തവും ഇല്ലാത്ത മഹാശൂന്യതയും കൂടിയായ ആകാശമായിരിക്കുകയും, ആകാശത്തിന്റെ ഭാഗവും അന്തമില്ലാത്ത പരമാത്മാവുമായിട്ട് മഹാപിതാവിനെ ഒരുക്കുകയും, മഹാശക്തിയായ മഹാമാതാവും ഭൂമിയുമായി സ്വയം മാറിക്കൊണ്ട് 'പരമാത്മാവിന്റെ അംശങ്ങളും കുഞ്ഞുങ്ങളുമായി സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്ന ആത്മാക്കൾക്കു ജീവിക്കാൻ ആവശ്യമായ ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യം ഉൾപ്പെട്ട ആനന്ദങ്ങളും മഹാനീതിയും മഹാഭദ്രപ്പെടുത്തുന്നതു വരെ ശക്തികളുടെ പ്രകടനം കൂടിയായ പ്രപഞ്ചമോ ജീവികളോ ആത്മാക്കളോ ഇല്ല; സൃഷ്ടി ആരംഭിച്ചിട്ടില്ല. **മഹാസത്യത്തെയും ആകാശത്തെയും മഹാപ്രകാശമായി വിശേഷിപ്പിക്കാനുള്ള കാരണം വെളിപ്പെടുത്തുകയും ശാസ്ത്രപരമായി തെളിയിക്കുകയും ചെയ്യേണ്ടതുണ്ട്. ചുറ്റുമുള്ളവർക്ക് സേവനം ചെയ്യുന്നതായ ദൈവീക ഗുണങ്ങളെ കൂടുതൽ പ്രകടിപ്പിക്കുന്ന സസ്യാവസ്ഥയിലെ ജന്മങ്ങളെ വ്യത്യാസപ്പെടുത്തിക്കൊണ്ട് മറ്റുള്ള ജീവികളുടെ അസ്തിത്വം, സ്വാതന്ത്ര്യം ഉൾപ്പെട്ട അനന്തമായ ആനന്ദങ്ങൾ, ജ്ഞാനം എന്നിവയെ ആധാരമാക്കിയിരിക്കുന്നത് കാഴ്ച്ച, കേൾവി, രുചി, മണം, സ്പർശം, എന്നീ ഇന്ദ്രിയങ്ങളെയാണ്. കണ്ണ് ചെവി നാക്ക് മൂക്ക് ചർമ്മം എന്നീ ശരീരാവയവങ്ങളുമായും ജീവിയുടെ സ്വത്വമായ ആത്മാവുമായും ഇന്ദ്രിയങ്ങളെ ബന്ധിപ്പിച്ചിരിക്കുകയുമാണ്. അതിനാൽ ഏറ്റക്കുറച്ചിലുകളോടെ ജീവികൾക്കെല്ലാം സ്വത്വബോധം സൃഷ്ടിക്കുന്നതായ ശക്തികൾ കൂടിയാണവ.**

ഇന്ദ്രിയങ്ങളെ നിശ്ചയിച്ചിരിക്കുന്നതും സൃഷ്ടിക്കുന്നതും നിയന്ത്രിക്കുന്നതും അസ്തിത്വം പോലും സ്വന്തമല്ലാത്തവയും ശൂന്യത ബാധകവുമായ ആത്മാക്കളല്ല. ആത്മാക്കൾക്ക് ഇന്ദ്രിയങ്ങളെ ദാനമായി ലഭിക്കുകയാണ്. ദാതാവ് ഇന്ദ്രിയങ്ങൾക്ക് അതീതമായ മഹാശക്തി ആണെന്ന് ബോദ്ധ്യപ്പെടുത്തുന്നുണ്ട്. അതേസമയം ദാതാവ് ഇന്ദ്രിയങ്ങളെ സൃഷ്ടിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുന്നത് പരസ്യമായി തന്നെ ആവുമ്പോൾ വിശേഷ ബുദ്ധി ലഭിച്ച മനുഷ്യർ ശാസ്ത്ര പരമായി തന്നെ കാര്യങ്ങളെ ഉൾക്കൊണ്ടു ജീവിക്കണം. ഉദാഹരണത്തിന്, 'പ്രകാശവുമായി ബന്ധപ്പെട്ട കാഴ്ച്ച, അന്ധത' എന്നിവയെ നിശ്ചയിക്കുന്നതും സൃഷ്ടിക്കുന്നതും ആത്മാക്കൾക്കു നൽകുന്നതും മഹാശക്തിയായ ഭൂമിയുടെ അംശമായ മൂലകങ്ങളും രൂപാന്തരമായ ശരീര അവയവങ്ങളുമാണ്. തിമിരത്തിനു ശസ്ത്രക്രിയ ചെയ്യുമ്പോൾ കണ്ണിൽ വയ്ക്കുന്ന 'ലെൻസാകുന്ന മൂലകങ്ങൾ' മനുഷ്യന്റെ സ്വത്വമായ ആത്മാവിന് കാഴ്ച്ച ശക്തി നൽകുന്നത് ആധുനിക കാലത്തെ സാർവ്വത്രികമായ ഒരു തെളിവാണ്. മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് കാഴ്ച്ച, കേൾവി, രുചി, മണം, സ്പർശം എന്നീ ഇന്ദ്രിയ ശക്തികളെയും, വിശപ്പ് ദാഹം ലഹരി വേദനകൾ ദഹനം വിസർജ്ജനം 'ശരീര അവയവങ്ങളുടെ നിർമ്മാണവും പ്രവർത്തനവും വളർച്ചയും പരിണാമങ്ങളും' തുടങ്ങിയവയും സൃഷ്ടിക്കുകയും നൽകുകയും ചെയ്യുന്നത് ഭൂമിയുടെ അംശമായ മൂലകങ്ങളും അവയുടെ രൂപാന്തരമായ ശരീര അവയവങ്ങളും ആണെന്നു കൂടിയാണ് തെളിഞ്ഞത്. എന്നുവെച്ചാൽ, മൂലകങ്ങളും അവയുടെ രൂപാന്തരമായ ശരീര അവയവങ്ങളും ആത്മാക്കളെ ഭരിക്കാതെ ഭരിക്കുന്ന ദൈവീക-സ്വത്വങ്ങൾ കൂടിയാണ്.

**<u>പ്രകാശം ഉൾപ്പെടെയുള്ള ഗുണങ്ങളെ പ്പറ്റി തുടരുമ്പോൾ,</u>** സർവ്വത്തിനും അതീതമായ മഹാസത്യവും, ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയുമായ ദൈവം സൃഷ്ടികളായ ആത്മാക്കൾക്ക് പ്രകാശം, ഇരുട്ട്, കാഴ്ച്ച ശക്തി, അന്ധത തുടങ്ങിയ ഗുണങ്ങളെയും ആനന്ദങ്ങളെയും സൃഷ്ടിച്ചു നൽകുന്നു എന്നല്ലാതെ ദൈവം സൃഷ്ടിക്കുന്നവയെ ഉപയോഗിക്കുന്നതും അനുഭവിക്കുന്നതും ആനന്ദിക്കുന്നതും ദൈവമല്ല. സൃഷ്ടികൾക്കു ലഭ്യമാക്കുന്ന ഗുണങ്ങളുടെ അടിസ്ഥാനത്തിൽ 'മഹാശക്തിയായ ഭൂമിയെയും സൃഷ്ടിച്ച സർവ്വത്തിനും അതീതമായ മഹാസത്യത്തെയും, ബന്ധപ്പെട്ട ആകാശത്തിന്റെ' ഗുണങ്ങളെയും മായാജാലങ്ങളെയും വിലയിരുത്തുന്നത് ശരിയല്ല. സൃഷ്ടികളായ എല്ലാ ജീവികളുടെയും സ്വത്വങ്ങൾക്ക് ശരീരത്തിലൂടെയും ഭൂമിയിലെ വസ്തുക്കളിലൂടെയും പ്രകടമാക്കാൻ കഴിയുന്ന അന്യോന്യം കാണാനും അറിയാനും ആവശ്യമായ പ്രകാശവും, കാഴ്ച്ച ശക്തികളും ഉന്നതമായ ഭൗതിക ശാസ്ത്ര നിയമങ്ങളോടെ പ്രത്യക്ഷമായി തന്നെ പ്രപഞ്ചത്തിന്റെ ഭാഗമായി ഒരുക്കുകയാണ്.

ഭൂമിയുടെ അംശം മാത്രമായ എല്ലാ മൂലകങ്ങളുടെയും, അവയുടെ രൂപാന്തരമായ ജീവികളിലെ ശരീര-അവയവങ്ങളുടെയും, അതിസൂക്ഷ്മ കണികകളായ ആറ്റങ്ങളുടെ ഉള്ളിലെ പോസിറ്റീവ് ചാർജ്ജുള്ള പ്രോട്ടോണുകളെ നെഗറ്റീവ് ചാർജ്ജുള്ള ഇലക്ട്രോണുകൾ നിരന്തരം ചുറ്റിക്കൊണ്ടിരിക്കുകയാണ്. ശവശരീരം ഉൾപ്പെടെ സർവ്വത്തിലും അതു സംഭവിക്കുമ്പോൾ, ആറ്റങ്ങളുടെയും അവകൊണ്ട് ഉണ്ടായിട്ടുള്ള മൂലകങ്ങളുടെയും മൊത്തമായ ഭൂമിയും അംശങ്ങളും നിർജ്ജീവമല്ലെന്നും, അതിന്നുപരിയായി ഭൂമിയുടെ സൂക്ഷ്മ അംശങ്ങളായ എല്ലാ ആറ്റങ്ങളിലും ശക്തി ഉണ്ടെന്നും, ശക്തി നിരന്തരം പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണെന്നും തെളിയുന്നു. സൂക്ഷ്മമായ ആറ്റങ്ങളിലെ അതിസൂക്ഷ്മ ഘടകങ്ങളായ പ്രോട്ടോൺ ഇലക്ട്രോൺ ന്യൂട്രോൺ ക്വാർക്കുകൾ തുടങ്ങിയവയുടെ എണ്ണവും ഘടനയും അടുക്കുകളുടെ വ്യത്യാസങ്ങളും മറ്റുമാണ് 'വ്യത്യസ്ത ഗുണങ്ങളാകുന്ന ശക്തികളുടെ' ഭൗതിക അസ്തിത്വമായ 100 - 120 മൂലകങ്ങളായും അവയുടെ മൊത്തമായ ഭൂമിയായും അവതരിച്ചിട്ടുള്ളത് എന്നും തെളിയുന്നുണ്ട്. യുറേനിയം, പ്ലൂട്ടോണിയം, തുടങ്ങിയ മൂലകങ്ങളുടെ ആറ്റങ്ങളിൽ മഹാശക്തി ഉണ്ടെന്ന് ആറ്റമിക് ബോംബ് സ്ഫോടനങ്ങളിൽ നിന്നും മനുഷ്യന് മനസ്സിലാക്കാൻ കഴിഞ്ഞു. യുറേനിയം പോലെ ചില മൂലകങ്ങളുടെ ആറ്റങ്ങളിൽ മാത്രമാണോ ശക്തിയുള്ളത്, നിശ്ചിത അളവിൽ മാത്രമാണ് ശക്തിയുള്ളതെങ്കിൽ മഹാശക്തി ആവില്ലല്ലോ തുടങ്ങിയ ചോദ്യങ്ങളുണ്ട്.

യുറേനിയം പ്ലൂട്ടോണിയം തുടങ്ങി ആറ്റമിക് ഊർജ്ജത്തെ കൂടുതൽ ഭദ്രപ്പെടുത്തുകയും പ്രസരിപ്പിക്കുകയും ചെയ്യുന്ന മൂലകങ്ങളുടെ അളവ്, ലഭ്യത തുടങ്ങിയവയെ ഭൂമിയിൽ പരിമിതപ്പെടുത്തിയിട്ടുള്ളത് മനുഷ്യരല്ലാ എന്നതിനെ വിശകലനം ചെയ്താൽ, പ്രസ്തുത അവസ്ഥ ഭൂമിയിലെ എല്ലാ മനുഷ്യരുടെയും മറ്റുള്ള ജീവികളുടെയും ജീവിതത്തിന് മൊത്തത്തിൽ ഗുണകരമാകുന്ന വിധത്തിൽ ആവിഷ്ക്കരിച്ചിരിക്കുകയാണെന്ന് ബോദ്ധ്യമാകും. മുമ്പ് സൂചിപ്പിച്ചതുപോലെ യാതൊന്നും വെറുതെ ഉണ്ടാകുന്നതോ സംഭവിക്കുന്നതോ അല്ലാ. അതായത് അന്തമില്ലാത്ത മഹാശക്തി ഓരോ ആറ്റത്തിലും നിസ്സാരമായി പ്രകടമായാൽ, ഒരു ഭൂമിയിൽ ജീവിക്കുന്ന ഒരേ ഭൂമിയുടെ കുഞ്ഞുങ്ങളാണെന്ന ലഘുവും ലളിതവുമായ പാഠം പോലും മനസ്സിലാക്കാൻ ശ്രമിക്കാതെ, ഭൗതിക അസ്തിത്വം ഇല്ലാത്തതായ വിശ്വാസങ്ങളുമായി തമ്മിലടിച്ചും കൊന്നും ജീവിക്കുന്നവർ ഭൂമിയിലെ എല്ലാ ജീവികളുടെയും ജീവിതത്തെ തടസ്സപ്പെടുത്തുന്നതാണ്.

ഭൂമിയുടെ അംശങ്ങളും വ്യത്യസ്തങ്ങളുമായ മൂലകങ്ങളും, അവയുടെ സൂക്ഷ്മ അംശങ്ങളായ ഓരോ ആറ്റവും അന്തമില്ലാത്ത മഹാശക്തിയാണെന്നതു സത്യമാണ്. ജീവികളുടെ സമാധാനപരമായ ജീവിതത്തിന് തടസ്സമുണ്ടാക്കാതെ മഹാശാസ്ത്ര പരമായി തെളിയിക്കാൻ കഴിയുന്നതാണ്. മുമ്പ് വ്യക്തമാക്കിയതു പോലെ ജീവികൾ ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര കർത്താവും 'മഹാശക്തിയുമായ ദൈവം' മഹാപ്രപഞ്ചം ഉൾപ്പെടെ സർവ്വത്തിനും അതീതവും, ബ്രഹ്മം എന്ന പേരുള്ള മഹാസത്യവും കൂടിയാണ് എന്നതു പ്രകാരവുമാണ് അതിനെ തെളിയിക്കുന്നത്. ആവർത്തിക്കുന്നു :- മഹാപ്രപഞ്ചവും ജീവികളും ഇല്ലാത്തപ്പോഴും, അവയെ സൃഷ്ടിക്കുന്നതിനു മുമ്പും നിലനിൽക്കുന്ന ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയായ ഒരു മഹാസത്യത്തിനു മാത്രമാണ് പ്രപഞ്ചത്തെ സൃഷ്ടിക്കാൻ കഴിയുക. പ്രപഞ്ചത്തിന് അതീതമായ വസ്തുതകളെയും അവ പ്രകാരമുള്ള മഹാസത്യത്തെയും നിർവ്വചിക്കാനും പേരിടാനും മഹാപ്രപഞ്ചത്തിലെ ശക്തികളും ശാസ്ത്രങ്ങളും പ്രകാരം കഴിയില്ലെങ്കിലും, ദൈവത്തിന്റെ പ്രസ്തുത മഹാഅവസ്ഥയും മഹാസത്യം തന്നെയാകയാൽ, ദൈവ ശാസ്ത്ര കാര്യങ്ങളെ മനുഷ്യരെ അറിയിക്കാനും പരിചയപ്പെടുത്താനുമായി ദൈവം തന്നെ ആവിഷ്ക്കരിച്ചിരിക്കുന്ന മഹാനാമമാണ് 'ബ്രഹ്മം'. Man.pdf, OM.pdf തുടങ്ങിയ ദിവ്യ മഹാവേദ ഗ്രന്ഥങ്ങളിലെ ബ്രഹ്മ പാഠങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്.

പ്രഥമമായി സത്യമാകുന്ന സൃഷ്ടിയിൽ, ശിവ പ്രോട്ടോണും, ശിവൻ ഇലക്ട്രോണും വാതക അവസ്ഥയ്ക്കു മുമ്പുള്ള സ്വതന്ത്ര അവസ്ഥയിലാണ്. ശബ്ദബ്രഹ്മമായ ഓം ചേർന്ന്, ശിവയും ഭാഗമായ ശിവനും ഒന്നിച്ച് ഹൈഡ്രജൻ എന്ന ആറ്റവും മൂല-മൂലകവും വാതകവുമായിരിക്കുമ്പോൾ പരമാത്മാവായി. ശേഷം ന്യൂട്രോണുകളായ ആത്മാക്കളെയും, ജന്മഗുണങ്ങളായ ക്വാർക്കുകൾ തുടങ്ങിയ ഘടകങ്ങളെയും ഉൾക്കൊള്ളുംവിധവും മറ്റു മൂലകങ്ങളുടെ സൃഷ്ടി സ്ഥിതികളെ ചെയ്യും വിധവും കൂടിച്ചേരുമ്പോൾ, ഭൂമിയുടെ സ്വത്വവും വാതക രൂപവുമായ ഓക്സിജനായി. കൂടുതൽ വിശദീകരണങ്ങൾ പിന്നീട്.

മഹാശക്തി ഉൾപ്പെടെ സർവ്വത്തിനും അതീതമായ മഹാസത്യം, ബ്രഹ്മം, ശിവ, ഭദ്രകാളി തുടങ്ങിയ മഹാനാമങ്ങളോടെ ദൈവത്തിന് നിലകൊള്ളാൻ കഴിയുമെന്ന് മഹാശാസ്ത്ര പരമായി വേറെ വിശദീകരിച്ചിട്ടുണ്ട്. മഹാസത്യത്തിന്റെ ഭാഗമാക്കി ക്കൊണ്ട് മഹാശൂന്യതയും നിർജ്ജീവവുമായ ശിവന് ഇലക്ട്രോൺ (+ന്യൂട്രോൺ) കണങ്ങളാകുന്ന ഭൗതിക അസ്തിത്വത്തെ നൽകാനും കഴിയുന്നതാണ്. മഹാസത്യമായ ആകാശത്തിൽ ശക്തിയുടെ ഘടകമായി പ്രൊട്ടോണുകളെ സൃഷ്ടിക്കാൻ കഴിയും. ആത്മാക്കളായ സൃഷ്ടികളെ ജീവികളാക്കാനും, ജീവികൾക്ക് ജീവിക്കാൻ ആവശ്യമായ ശക്തികളെയും ജ്ഞാനത്തെയും ആനന്ദങ്ങളെയും ഇന്ദ്രിയങ്ങളെയും, ഏറെക്കുറെ ഒരുപോലെ മഹാനീതിയുടെയും ആനന്ദങ്ങളുടെയും ഭാഗമായിട്ട് ജന്മഗുണങ്ങളെ ഒരുക്കാനും ക്വാർക്കുകൾ തുടങ്ങിയ ഘടകങ്ങളെ സൃഷ്ടിക്കുന്നു. താപം, പ്രകാശം, ഇരുട്ട്, സാന്ദ്രത, ഖര-ദ്രാവക-വാതക വ്യത്യാസങ്ങളെയും ചേർക്കുന്നു. വേറെയും വിശദീകരിച്ചിരുന്നു. മേല്പടി ഘടകങ്ങളുടെ എണ്ണം ഘടന വിന്യാസം തുടങ്ങിയവ വ്യത്യാസപ്പെടുത്തി ശക്തികളായ ഗുണങ്ങളെയും ആനന്ദങ്ങളെയുമെല്ലാം ആവിഷ്ക്കരിക്കുകയും ശബ്ദബ്രഹ്മമായ ഓം ആയിട്ട് മഹാസത്യമായ ബ്രഹ്മം ഓരോ ആറ്റത്തിലും പ്രവേശിക്കുകയും ചെയ്യുന്നു. അതിസൂക്ഷ്മ പ്രപഞ്ചങ്ങളായ ആറ്റങ്ങളെയും അവയുടെ സ്ഥൂല രൂപമായ മൂലകങ്ങളെയും ഒരുക്കുന്നത് അങ്ങനെയാണ്. സൃഷ്ടി സ്ഥിതി സംഹാര പാത്രവും മഹാസത്യവും കൂടിയായ ആകാശത്തിൽ മൂലകങ്ങളെ മഹാസ്ഥൂലരൂപത്തിൽ ഒന്നിപ്പിക്കുമ്പോൾ ഭൂമിയായി. സർവ്വം ഭദ്രമാക്കാൻ മഹാസത്യവും ബ്രഹ്മവും ശിവയുമായ മഹാഭദ്രകാളി തന്നെയാണ് പ്രവർത്തിക്കുന്നത്.

അനന്തമായ രൂപങ്ങളും ഭാവങ്ങളുമുള്ള ജീവികളുടെ എണ്ണം അനന്ത കോടികളാകയാൽ, ഓംകാര നീതിശാസ്ത്രത്തിന്റെ കാതലായ മഹാപുനർജ്ജന്മ സിദ്ധാന്തം പ്രകാരം മരണത്തിനും പുനർജ്ജന്മത്തിനും ഇടയിലെ അനന്ത കോടി ആത്മാക്കൾ എപ്പോഴും ഭൂമിയുടെ അന്തരീക്ഷത്തിൽ ഉണ്ട്. (ശക്തിചക്രമായ പ്രോട്ടോണും, ശിവചക്രമായ ഇലക്ട്രോണും ഒരെണ്ണം വീതം ചേർന്ന ഹൈഡ്രജൻ പരമാത്മാവിന്റെ വാതക രൂപവും സ്വത്വവും ആണെന്നും, പരമാത്മാവിന്റെ അംശവും കുഞ്ഞുമായി ന്യൂട്രോണായ ആത്മാവ് സൂര്യൻ എന്ന താവളത്തിൽ ജനിക്കുകയും ഹൈഡ്രജനോട് ചേർന്ന് ഹീലിയം എന്ന മൂലകമായി മാറുന്ന പ്രവർത്തനം ഉണ്ടെന്ന സൂചനയുണ്ട്. വസ്തുതാപരമായ പിഴവുകളെ കാലക്രമേണ ഭൂമി തിരുത്തുന്നതാണ്.). അനേകം കോടി ജീവികൾ ഓരോ സെക്കന്റ് സമയത്തും മരണപ്പെടുമ്പോൾ സ്വതന്ത്രമാകുന്ന അവയുടെ ആത്മാക്കൾ പുനർജ്ജനിക്കുന്നതിനു മുമ്പ് എപ്പോഴും ഭൂമിയുടെ അന്തരീക്ഷത്തിൽ ഉണ്ടായിരിക്കും എന്നു പറയുമ്പോൾ, ജീവി-തരം സ്ത്രീ-പുരുഷൻ നിറം മുഖഛായ സൗന്ദര്യം ആയുസ്സ് ആരോഗ്യം ബുദ്ധിശക്തി തൊഴിൽ-അഭിരുചി വിനോദ-അഭിരുചി ജനനസ്ഥലം തുടങ്ങിയ ജന്മഗുണങ്ങളെ മഹാപുനർജ്ജന്മ സിദ്ധാന്തം പ്രകാരം ഭൂമിയുടെ സ്വത്വമായ ഓക്സിജൻ വ്യത്യാസപ്പെടുത്തുകയാൽ, വാതക രൂപത്തിലുള്ള അനേകം കോടി ആത്മാക്കളെ ഓക്സിജൻ സദാ പ്രാദേശികമായും വിപുലമായും സഞ്ചരിപ്പിക്കുന്നതാണ്. കാറ്റ്, കൊടുങ്കാറ്റ്, ജലപ്രവാഹം തുടങ്ങിയവ ജീവികളുടെ സ്വത്വമായ ആത്മാക്കളെ കൂട്ടത്തോടെ നാടും ദേശങ്ങളും കടത്താനുള്ള മഹാശാസ്ത്ര സംവിധാനം കൂടിയാണെന്നും യാതൊന്നും വെറുതെ ഉണ്ടാകുന്നില്ലെന്നുമാണ് തെളിയുന്നത്. കാറ്റു കൊണ്ട് ചൂട് കുറയ്ക്കുന്നതും മഴ പെയ്യിക്കുന്നതും ഒക്കെ മഹാശക്തിയായ ഭൂമിയുടെ മഹാവാത്സല്ല്യമാണ് ! ദൈവസ്വത്വമായ ഓക്സിജൻ ആത്മാക്കളെ വഹിക്കുന്ന ശരീരങ്ങളുടെ ഉള്ളിലേക്കും പുറത്തേക്കും നിരന്തരം കയറി ഇറങ്ങുമ്പോൾ അന്തരീക്ഷത്തിലെ മരുന്നുകളും രോഗാണുക്കളും ജീവികളുടെ മുഴുവൻ അപാനവായുവും ആത്മാക്കളും ഒപ്പമുണ്ടാവാം ! എന്തെല്ലാം ഒപ്പം കൂട്ടണ്ടെന്നും കൂട്ടണമെന്നും, ആർക്കെല്ലാം സമ്മാനിക്കണമെന്നും, ആരെയെല്ലാം ശിക്ഷിച്ചു തിരുത്തണമെന്നും ഒക്കെ നിശ്ചയിക്കുന്നത് ദൈവത്തിന്റെ സ്വത്വമായ ഓക്സിജൻ സ്വയമാണെന്ന് തിരിച്ചറിഞ്ഞാൽ; മാസ്ക്, ഹെൽമെറ്റ് തുടങ്ങിയ മുഖം മൂടികളെ ഉപയോഗിച്ച് മുഖം മറയ്ക്കുന്ന കൊടിയ ദൈവനിന്ദ ചെയ്യാൻ ധാർമ്മികമായി ജീവിക്കുന്ന മനുഷ്യർ തയ്യാറാവില്ല. വായുവിനെ പകർച്ചവ്യാധികളുടെ സമ്മേളനമായി കണ്ട വിഡ്ഢികൾക്ക് വായു എന്താണെന്ന് അറിയില്ല; ഇല്ലാതെ ജീവിക്കാനും കഴിയില്ല. എക്കാലവും മഹാവാത്സല്ല്യത്തോടെ സംരക്ഷിക്കുന്ന വായുവിനെ നിന്ദിച്ചത് ശരിയായില്ല.

മഹാപ്രപഞ്ചമായിരിക്കുന്ന വസ്തുക്കളിൽ ലയിച്ചിരിക്കുന്ന മഹാശാസ്ത്ര നിയമങ്ങളെ അറിയാനും ഉപയോഗിക്കാനും കഴിയുന്ന വിശേഷബുദ്ധിയും ശക്തികളും ലഭിച്ചതു കൊണ്ടാണ് ഏതൊരു വിഷയത്തെയും വിശകലനം ചെയ്യാനും പഠിക്കാനും മനസ്സിലാക്കാനും പ്രശ്നങ്ങളെ പരിഹരിക്കാനുമെല്ലാം മനുഷ്യർക്കു സാധിക്കുന്നത്.

കൃഷിക്കാർ, നെയ്ത്തുകാർ, തയ്യൽക്കാർ, കൊല്ലൻ, മേശിരി, ആശാരി, പണിക്കാർ, രാജാവ്, പ്രസിഡന്റ്, പ്രധാന-മുഖ്യ-മന്ത്രിമാർ, പൊതുജന സംരക്ഷണ സേന കൂടിയായ പോലീസ്, ഗായകർ, ഭിക്ഷക്കാരൻ തുടങ്ങി വ്യത്യസ്ത അവസ്ഥകളിൽ ജീവിക്കുന്ന എല്ലാ മനുഷ്യരുടെയും മറ്റുള്ള ജീവികളുടെയും സ്വത്വങ്ങൾക്ക് അസ്തിത്വം പോലും സ്വന്തമല്ലെന്ന് വിശേഷബുദ്ധി ലഭിക്കുന്ന മനുഷ്യാവസ്ഥയിൽ തിരിച്ചറിയാൻ കഴിയുന്നുണ്ട്. സ്വന്തമായി അസ്തിത്വം ഇല്ലാത്ത ഒന്നിനെ ശൂന്യമായും, മഹാശൂന്യതയും നിർജ്ജീവവുമായ ഒന്നിന്റെ അംശമായും കണക്കാക്കാനാകും. ശൂന്യതയും നിർജ്ജീവത്വവും കൂടി ബാധകമായ ജീവിയുടെ സ്വത്വത്തെ ജീവിയായിരിക്കുമ്പോൾ ജീവാത്മാവ് എന്നും, അല്ലാത്തപ്പോഴും പൊതുവെയും ആത്മാവ് എന്നും പേരിടാൻ കഴിയും. സ്രഷ്ടാവിൽ നിന്നും ലഭിക്കുന്ന ശക്തികളെയും ജ്ഞാനത്തെയും ആനന്ദങ്ങളെയും വ്യവസ്ഥകളെയുമെല്ലാം സ്വീകരിച്ചുകൊണ്ടു ജീവിക്കാൻ ബാദ്ധ്യതയുള്ള സൃഷ്ടിയാണ് ആത്മാവെന്നു തെളിയുന്നുണ്ട്. സ്രഷ്ടാവിൽ നിന്നും ലഭിക്കുന്നത് എങ്ങനെയാണെന്ന് വിശകലനം ചെയ്താൽ; ഭൂമിയുടെ അംശങ്ങളും ഭാഗങ്ങളുമായ ദേശങ്ങളിൽ നിന്നും, അവയുടെ അംശമായ മൂലകങ്ങൾ, സംയുക്തങ്ങൾ, മിശ്രിതങ്ങൾ, മൂലകങ്ങളുടെ രൂപാന്തരമായ ശരീരങ്ങൾ എന്നിവയിൽ നിന്നും ആണെന്നു കാണാം. മാത്രമല്ല; ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കളും, ശരീരങ്ങളും ഭിന്നമാണെന്നും, ആത്മാക്കൾക്കു ലഭിക്കുന്ന ശരീര അവയവങ്ങളെയും ജീവി വർഗ്ഗത്തെയും രൂപത്തെയും വ്യക്തിഗത ഗുണങ്ങളെയും നിശ്ചയിച്ചിരിക്കുന്നതും സൃഷ്ടിച്ചിരിക്കുന്നതും സ്വയം ആത്മാക്കളോ, മാതാപിതാക്കൾ ഉൾപ്പെടെയുള്ള ഉറ്റവരോ മറ്റുള്ളവരോ അല്ലെന്നും മനസ്സിലാക്കാൻ കഴിയും. ദൈവം എന്നും വിളിക്കാവുന്ന ഒരു മഹാശക്തിയാണ് സൃഷ്ടിച്ചതെന്ന് കരുതുന്നതു കൊണ്ട് വിഷയ വിശകലനം പൂർണ്ണമാകുന്നില്ല. വിശേഷ ബുദ്ധിയെ മനുഷ്യന്റെ സ്വത്വമായ ആത്മാവിനു ലഭ്യമാക്കുന്ന മനുഷ്യരുടെയും, പിന്നെ മറ്റുള്ള ജീവികളുടെയും ശരീര അവയവങ്ങളെ പൊതുവായും ഒന്നൊന്നായും വിശകലനം ചെയ്താൽ സ്രഷ്ടാവും മഹാശക്തിയുമായ ദൈവത്തെ പ്പറ്റി വളരെയധികം മനസ്സിലാക്കാൻ കഴിയുന്നതാണ് :-

**മറ്റുള്ള ജീവികളിൽ നിന്ന് സസ്യങ്ങൾക്ക് അനേകം വ്യത്യാസങ്ങൾ ഉണ്ട്. ശരീര ഭാഗങ്ങളെ സംബന്ധിച്ച് അല്പം കുറിക്കേണ്ടത് ഇവിടെ ആവശ്യമാണ്. മത്സ്യം പക്ഷി മൃഗം മനുഷ്യൻ എന്നീ ജീവികളെ പ്പോലെ സസ്യങ്ങൾക്ക് പ്രത്യക്ഷ അവയവങ്ങളായ കണ്ണുകളും ചെവികളും നാസികയും വായും നാവും തലച്ചോറും ഹൃദയവും കരളും ശ്വാസകോശവും ആമാശയവും കുടലുകളും കിഡ്നിയും കാലുകളും സംഭാഷണങ്ങളും മറ്റും ഉണ്ടായാൽ മനുഷ്യന്റെയും മറ്റുള്ള ജീവികളുടെയും ആനന്ദങ്ങൾ ഇല്ലാതാവുകയും ജീവിതം തന്നെ അസാദ്ധ്യമാവുകയും ചെയ്യുമെന്ന് മനസ്സിലാക്കാൻ കഴിയും.**

വർഗ്ഗപരമായും തനിച്ചും ജീവികളുടെ രൂപവും സ്വഭാവവും, ചലന സ്വാതന്ത്ര്യവും, ഭക്ഷണത്തിന്റെ സസ്യ-മാംസ-മിശ്ര സ്വഭാവവും, കരയിലും വെള്ളത്തിലും ആകാശത്തിലും ജീവിക്കാനുള്ള പ്രാപ്തിയും, ഉൾപ്പെടെയുള്ള ജീവിത-രീതികളെ നിശ്ചയിച്ചിരിക്കുന്നത് ശരീര അവയവങ്ങളുടെ അടിസ്ഥാനത്തിലാണ്. അതേസമയം സസ്യം, മത്സ്യം പക്ഷി മൃഗം മനുഷ്യൻ എന്നിങ്ങനെയുള്ള എല്ലാ ജീവികളുടെയും എല്ലാ അവയവങ്ങളും ഉണ്ടായിട്ടുള്ളത് ഭൂമിയുടെ അംശമായ മൂലകങ്ങളും അവയുടെ സംയുക്തങ്ങളും കൊണ്ടാണ്. അതായത്, ജീവിക്കാൻ ആവശ്യമായ 'ശക്തികളും, ജ്ഞാനവും, ആനന്ദങ്ങളും, സ്വാതന്ത്ര്യവും, ശരണവുമെല്ലാം' മനുഷ്യൻ ഉൾപ്പെടെയുള്ള എല്ലാ ജീവികളുടെയും സ്വത്വങ്ങളായ ആത്മാക്കൾക്കു ലഭിക്കുന്നത് ഭൂമിയുടെ അംശമായ മൂലകങ്ങളിൽ നിന്നും, അവയുടെ രൂപാന്തരമായ ശരീര-അവയവങ്ങളിൽ നിന്നുമാണ്; അഥവാ ഭൂമിയിൽ നിന്നുമാണ്. ലഭിക്കുന്നു എന്ന പദത്തെ ശുദ്ധി ചെയ്താൽ, മഹത്തായ മറ്റൊരു ലളിത പദം പ്രകടമാകുന്നതാണ്. യാതൊന്നും വെറുതെ ഉണ്ടാകുന്നതോ സംഭവിക്കുന്നതോ അല്ലാ എന്നതിനെ വിശകലനം ചെയ്താൽ, സൃഷ്ടി സ്ഥിതി സംഹാര കർത്താവും 'മഹാശക്തിയുമായ ദൈവം', സൃഷ്ടികളും കുഞ്ഞുങ്ങളും, അസ്തിത്വം പോലും സ്വന്തമായി ഇല്ലാത്തതും മഹാശൂന്യതയുടെ അംശങ്ങളും കൂടിയായ ആത്മാക്കൾക്കു വേണ്ടി ആവിഷ്ക്കരിച്ചും സൃഷ്ടിച്ചും നൽകുകയാണ്. മഹത്തരമായ നൽകുന്നു എന്ന പദം ലഭിക്കുന്നു. സ്രഷ്ടാവ് നൽകുന്നതുകൊണ്ടും, നൽകുന്നതുമാണ്, സൃഷ്ടികൾക്കു ലഭിക്കുന്നത്. എന്തും സൃഷ്ടിക്കാൻ കഴിവുള്ള ആദിയും അന്തവും ഇല്ലാത്ത മഹാശക്തിക്കു മാത്രമാണ് മഹത്വമുള്ളത്. കുറ്റങ്ങളും കുറവുകളും ഇല്ലാത്തവയാണ് മഹത്തരമായത്.

വ്യത്യസ്ത അവയവ വലിപ്പം ഉൾപ്പെട്ട ശക്തികൾ, ജീവിരൂപം, കൈകാലുകൾ, അവയവങ്ങൾക്ക് ഭാഗികമായി മാത്രം ലഭിക്കുന്ന ചലന സ്വാതന്ത്ര്യം, ഉടൽ, കണ്ണുകളും ചെവികളും നാസികയും താടികളും മുടിയും മീശയും വായും നാവും പല്ലുകളും മസ്തിഷ്കവുമെല്ലാം ഉൾപ്പെട്ട തല; വാൽ, ഹൃദയം, ആമാശയം, കിഡ്നി, തുടങ്ങിയ ആന്തരികവും ബാഹ്യവുമായ ശരീര അവയവങ്ങൾ, സ്ത്രീ പുരുഷ വ്യത്യാസം, നിറം, സൗന്ദര്യം, ആയുസ്സ്, ആരോഗ്യം, ശരീര വളർച്ചാക്രമം, ഭക്ഷണം, ഭക്ഷണ ക്രമം, ദഹനം, വിസർജ്ജനം, പ്രത്യുല്പാദനം, രോഗങ്ങൾ, രോഗമുക്തി, ഉറക്കം ഉൾപ്പെടെ വിശ്രമ രീതികളിലെ വ്യത്യാസം, ശബ്ദ വ്യത്യാസങ്ങൾ തുടങ്ങിയ ജന്മഗുണങ്ങളെ സൃഷ്ടിച്ചും നൽകിയുമാണ് മത്സ്യം പക്ഷി മൃഗം മനുഷ്യൻ എന്നീ ജീവികളുടെ വർഗ്ഗങ്ങളെ സൃഷ്ടിച്ചിരിക്കുന്നതെന്ന് കഷ്ടിച്ചു പറയാം.

ഭൂമിയുടെ അംശങ്ങളായ മൂലകങ്ങളാണ് ശരീര അവയവങ്ങളായി രൂപപ്പെട്ടിരിക്കുന്നത്. മൂലകങ്ങളായ ഭക്ഷണപാനീയങ്ങൾ, മരുന്നുകൾ, ലഹരി വസ്തുക്കൾ, വിഷം, തുടങ്ങിയവ ആത്മാക്കളുടെ അറിവോടെയോ, അറിയാതെയോ, ഇഷ്ടപ്രകാരമോ, നിർബ്ബന്ധിതമായോ 'മൂലകങ്ങളുടെ രൂപാന്തരമായ ശരീരത്തിൽ' പ്രവേശിച്ചാൽ, രണ്ടു വിഭാഗം മൂലകങ്ങളും തമ്മിൽ ലാബോറട്ടറിയിൽ എന്ന പോലെ, പ്രവർത്തിച്ച്, വിശപ്പ്, ദാഹം, വിശപ്പിൽ നിന്നും ദാഹത്തിൽ നിന്നും മുക്തി, രുചി ആനന്ദങ്ങളും സംതൃപ്തിയും, സുഖം, വേദനകൾ, മയക്കം, ഉറക്കം, ലഹരി, ബോധക്ഷയം, ശരീരത്തിൽ നിന്നും മരണം എന്ന പേരോടെയുള്ള പുറത്താക്കൽ തുടങ്ങിയവയെ ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്ക് നൽകുന്നതാണ്. അനുഭവിച്ചു തന്നെ നിത്യേന മനുഷ്യർ അറിയുന്ന കാര്യങ്ങളുമാണവ.

ആത്മാവിന്റെ ഇഷ്ടങ്ങൾ പ്രകാരവും അല്ലാതെയും വൈവിധ്യമായ പ്രവൃത്തികളെ സ്വയം ചെയ്യുന്നവയാണ് അവയവങ്ങൾ. ഉദാഹരണത്തിന് ഹൃദയം ശ്വാസകോശം നാസിക ബ്രെയിൻ ചെവികൾ കരൾ ആമാശയം കുടൽ കിഡ്നി രക്തം തുടങ്ങിയവയെ ജീവികളുടെ ശരീര അവയവങ്ങളായി സൃഷ്ടിക്കുന്നതും, ശരീരത്തിൽ അവയുടെ അവയുടെ സ്ഥാനം നിശ്ചയിച്ചിരിക്കുന്നതും പ്രവർത്തിപ്പിക്കുന്നതും ശരീരത്തിൽ പുതിയ കോശങ്ങളെ നിരന്തരം സൃഷ്ടിച്ചു കൊണ്ട് വിശപ്പ്, ദാഹം, ദഹനം, വിസർജ്ജനം, ശരീര അവയവങ്ങളുടെ വളർച്ച, രോഗങ്ങൾ, രോഗമുക്തി, കാഴ്ച്ച, കേൾവി, തുടങ്ങിയവയെ നിയന്ത്രിക്കുന്നതും അവയവങ്ങളുടെ കൂട്ടായ സ്വയം പ്രവർത്തനമാണ്. ആത്മാവിന് പങ്കില്ല; സ്ഥാനം തന്നെ ഇല്ലാത്തതു പോലെയാണ്. വ്യത്യസ്ത ജീവികളുടെ വൈവിധ്യമാർന്ന ഗുണങ്ങളോടെയുള്ള ശരീര അവയവങ്ങൾ മൂലകങ്ങളിൽ നിന്നും 'ജീവികളുടെ ഭ്രൂണങ്ങളിൽ' രൂപപ്പെടുന്നതിനെ ലബോറട്ടറിയിൽ നേരിട്ടു കാണാനും അറിയാനും വൈദ്യശാസ്ത്ര സാങ്കേതിക വികസനത്തിലൂടെ ഇന്നു കഴിയും. ശരീര അവയവങ്ങളുടെ നിർമ്മാണവും പ്രവർത്തനവുമെല്ലാം മൂലകങ്ങൾ സ്വയം നിർവ്വഹിക്കുകയാണെന്ന് തെളിയുന്നുണ്ട്. മുകളിൽ സൂചിപ്പിച്ചതുപോലെ മൂലകങ്ങളുടെ രൂപാന്തരമായ ശരീര ഭാഗങ്ങൾ വിശപ്പിനെ സൃഷ്ടിച്ച് ആത്മാവിനു നൽകുന്നതും, മൂലകങ്ങളായ ഭക്ഷണവും മരുന്നും മറ്റും കഴിക്കുമ്പോൾ ആത്മാവിന്റെ വിശപ്പ് മാറുന്നതും ലളിതമായി മനസ്സിലാക്കാവുന്ന ഉദാഹരണങ്ങൾ മാത്രമാണ്.

ശരീര അവയവങ്ങളെയും അനന്തമായ ഗുണങ്ങളെയും സ്വഭാവ സവിശേഷതകളെയും ഭൂമിയുടെ അംശമായ മൂലകങ്ങളെ കൊണ്ട് സൃഷ്ടിച്ചും നൽകിയും ഭൂമിയാണ് മനുഷ്യൻ ഉൾപ്പെടെയുള്ള ഒരോ ജീവിവർഗ്ഗത്തിനുമായി പൊതുവായ ജീവിത-ധർമ്മങ്ങളെ നിശ്ചയിക്കുന്നത്. എല്ലാ ജീവികളുടെയും സ്വത്വങ്ങളായ ആത്മാക്കളെ പ്രത്യക്ഷമെന്നോണം ഭരിക്കുന്ന മൂലകങ്ങളും അവയവങ്ങളുമെല്ലാം ഭൂമിയുടെ അംശങ്ങൾ മാത്രമാകയാൽ, ഭൂമിയാണ് സർവ്വവും ചെയ്യുന്നത് എന്നും ഗ്രഹിക്കാൻ കഴിയും. ഭൂമിയുടെ സ്വത്വമായി പ്രവർത്തിക്കുന്ന മഹാവിശിഷ്ടമായ ഒരു മൂലകം ഉണ്ടെന്നതും, പ്രസ്തുത മൂലകം മറ്റെല്ലാ മൂലകങ്ങളിലെയും ശക്തികളെയും ശാസ്ത്രങ്ങളെയും ഏകോപിപ്പിക്കുന്നുണ്ട് എന്നതും മനുഷ്യാവസ്ഥയിൽ ലഭിക്കുന്ന വിശേഷ ബുദ്ധി കൊണ്ട് മനസ്സിലാക്കാൻ കഴിയും. കൂടാതെ, സമസ്ത ജീവികളുടെയും സ്വത്വങ്ങളായ ആത്മാക്കൾക്ക് സമ്പൂർണ്ണമായ സ്വാതന്ത്ര്യം നൽകി ക്കൊണ്ടു തന്നെ മഹാനീതിശാസ്ത്രമായ ഓംകാര നീതി ശാസ്ത്രം പ്രകാരം എല്ലാ ആത്മാക്കളെയും എല്ലായ്പ്പോഴും ഭരിക്കാൻ പ്രാപ്തിയുള്ളതാണ്; ചെയ്യുന്നുമുണ്ട് :-

മഹാവിശിഷ്ട മൂലകമായ ഓക്സിജനാണ് ഭൂമിയുടെ സ്വത്വം. മനുഷ്യർ + മറ്റുള്ള ജീവികൾ ഉറങ്ങുമ്പോഴും ബോധം കെട്ടിരിക്കുമ്പോഴും ശ്വസനം നടക്കുന്നതിൽ നിന്ന് ജീവികൾ ശ്വസിക്കുകയല്ല; ഓക്സിജൻ ശ്വസിപ്പിക്കുകയാണെന്നു വ്യക്തമാണ്. മഹാശക്തിയായ ഭൂമിയുടെ സ്വത്വമായ ഓക്സിജൻ ശരീരത്തിൽ പ്രവർത്തിക്കുമ്പോൾ ജീവിക്ക് ജീവനുണ്ടാവുകയും, ഓക്സിജൻ പ്രവർത്തനം നിർത്തുമ്പോൾ ശക്തരെന്നും കേമരെന്നും കരുതുന്ന മനുഷ്യർ ഉൾപ്പെടെ എല്ലാ ജീവികളുടെയും സ്വത്വങ്ങളായ ആത്മാക്കൾ ശരീരത്തിൽ നിന്നും പുറത്താക്കപ്പെട്ട് ജീവി മരിക്കുകയും, ആത്മാവിന്റെ തജ്ജന്മ ജീവിതം സ്വന്തം ഇഷ്ടപ്രകാരം അല്ലാതെ അവസാനിപ്പിക്കപ്പെടുകയും ചെയ്യുന്നതിൽ നിന്ന് ജീവികളുടെ സ്വത്വങ്ങളായ ആത്മാക്കൾക്കെല്ലാം 'ശക്തിയായ ജീവൻ' നൽകുന്നത് 'ഭൂമിയുടെ സ്വത്വമായ ഓക്സിജനാണെന്ന്' തെളിയുന്നുണ്ട്.

മനുഷ്യരുടെയും മറ്റുള്ള ജീവികളുടെയും ഇഷ്ടാനിഷ്ടങ്ങളെ വിഷയമാക്കാതെ ഓക്സിജനു പ്രവർത്തിക്കാനുള്ള ശ്വാസകോശവും ഹൃദയവും നാഢീവ്യൂഹവും ഒക്കെ ജീവികളുടെ ഭ്രൂണ ശരീരങ്ങളിൽ ആരംഭിച്ചു സൃഷ്ടിക്കുകയും അവയവ വളർച്ച നിശ്ചയിക്കുകയും ഹൃദയം, ശ്വാസകോശം, ആമാശയം, കരൾ, ദഹനേന്ദ്രിയങ്ങൾ, കുടൽ, കിഡ്നി തുടങ്ങിയ അവയവങ്ങളെ ഓക്സിജന്റെ ഇഷ്ടം പ്രകാരം മാത്രം പ്രവർത്തിപ്പിക്കുകയും ചെയ്യുന്നതിന്റെ തുടർച്ചയായി ജീവികളുടെയെല്ലാം ജീവനും കൂടിയായ ഓക്സിജൻ ഓരോ ജീവിക്കും വേണ്ടി തനിച്ചും, ജീവികൾക്കെല്ലാം വേണ്ടി പൊതുവായും മഹാവാത്സല്യത്തോടെയും മഹാദാസ്യത്തോടെയും എല്ലായ്പ്പോഴും സ്വയം പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണ്.

സത്യങ്ങളായിരിക്കുന്ന സ്രഷ്ടാവായ ദൈവത്തിനും, സൃഷ്ടിയായ ആത്മാവിനും, വാതക അവസ്ഥയും, സ്രഷ്ടാവിന്റെയും ആത്മാവിന്റെയും ഇഷ്ടങ്ങളാകുന്ന സ്വാതന്ത്ര്യം കലർന്ന ധർമ്മത്തിന് ദ്രാവക അവസ്ഥയുമാണ് നിശ്ചയിച്ചിരിക്കുന്നത്. സ്രഷ്ടാവായ ദൈവത്തിന്റെ ധർമ്മ-സ്ഥിതി-ദ്രാവക രൂപവും പരിശുദ്ധവുമായ ജലമായിട്ട് ദൈവത്തിന്റെ സ്വത്വവും വാതക രൂപവുമായ ഓക്സിജൻ, പരമാത്മാവായ ഹൈഡ്രജനെ ഒപ്പം ചേർത്തു കൊണ്ട് അവതരിച്ചിരിക്കുകയാണ്.

ഭൂമിയുടെ സ്വത്വമാകുമ്പോൾ, ഭൂമിയുടെ അംശമായ സമസ്ത മൂലകങ്ങളെയും അവയുടെ രൂപാന്തരമായ (ജീവികളുടെ) ശരീരങ്ങളെയും, ആറ്റങ്ങളെയും കോശങ്ങളെയുമെല്ലാം സൃഷ്ടിച്ച് ശരീര വളർച്ചയെയും വിശപ്പും ഭക്ഷണവും ദഹനവും വിസർജ്ജനവും രോഗങ്ങളും മരുന്നുകളും രോഗമുക്തിയും അപകട-നിയന്ത്രണങ്ങളുമെല്ലാം രക്തത്തിലെ ജലവുമായി ചേർന്ന് ഓംകാര നീതിശാസ്ത്രം പ്രകാരം പ്രകടമായി ചെയ്യുന്നത് മഹാഭരണാധികാരിയും മഹാനീതിയുമായ ഓക്സിജനാണ്. അതായത് മൂലകങ്ങളുടെ മൊത്തമായ ഭൂമിയുടെ ഭാവമായ സത്യ ധർമ്മ നീതികളെ പരിപാലിച്ചു കൊണ്ട് സൃഷ്ടി സ്ഥിതി സംഹാരങ്ങളെ നിർവ്വഹിക്കുന്നത് ഓക്സിജൻ തന്നെയാണെന്ന് തെളിയുന്നുണ്ട്. ഭൂമിയുടെ സ്വത്വമെന്നും, ദൈവത്തിന്റെ വാതക രൂപമെന്നും, സംക്ഷിപ്തമായി ദൈവമെന്നും ഓക്സിജനെ മനസ്സിലാക്കാൻ കഴിയുന്നതാണ്. ഓക്സിജൻ ആറ്റത്തിന്റെ ഉള്ളിലെ ഘടകങ്ങളെ ശക്തി ശിവ ചക്രങ്ങളായ പ്രോട്ടോൺ ഇലക്ട്രോൺ, ന്യൂട്രോൺ, ക്വാർക്കുകൾ ... തുടങ്ങിയവയായി മനസ്സിലാക്കുമ്പോൾ, അവയുടെ സ്ഥാനവും പ്രവർത്തനവും ഗൗരവമാണ്; ഭൂമി തന്നെ ഉടൻ വെളിപ്പെടുത്തുന്നതുമാണ് !

മനുഷ്യർക്ക് ശ്വാസോച്ഛ്വാസം വേണം എന്നും അത് ഒരു മിനുട്ടിൽ ഏറെക്കുറെ 18 തവണയെന്നും നിശ്ചയിച്ചത് 'മനുഷ്യന്റെ സ്വത്വമായ ആത്മാവ് അല്ലായെന്നും', (ഓംകാര നീതിശാസ്ത്രം എന്ന) സ്വന്തം ഇഷ്ടപ്രകാരം 'ഓക്സിജനാണ് ' ശക്തി, ജ്ഞാനം, ആനന്ദം, ജനനം, ജീവിതം, മയക്കം, ഉറക്കം, ഹൃദയ സ്തംഭനം, മരണം തുടങ്ങിയവയും സമ്മാനിക്കുന്നതെന്ന് മനസ്സിലാക്കാൻ കഴിയും. ഉറങ്ങുമ്പോൾ പോലും ശരീരത്തിന്റെ വളർച്ച, വിശപ്പ്, ദാഹം, വിസർജ്ജനം, രോഗങ്ങൾ, രോഗമുക്തി, മുറിവ് ഉണക്കാൻ, രോമ-നഖ വളർച്ച, നര തുടങ്ങിയവ സ്വന്തം ഇഷ്ടപ്രകാരം രക്തത്തിലെ ജലം, മൂലകങ്ങൾ എന്നിവയോടു ചേർന്ന് ആത്മാവായ കുഞ്ഞിനു വേണ്ടി ഓക്സിജൻ ചെയ്യുകയാണ്. ജീവിത കാലം മുഴുവൻ അനുഭവിച്ചു പോരുന്ന സത്യങ്ങളെ വിശേഷ ബുദ്ധി ലഭിച്ച മനുഷ്യാവസ്ഥയിൽ ആത്മാവ് അറിയുന്നു. മനുഷ്യാവസ്ഥയിൽ വിശേഷ ബുദ്ധിയെ ദാനമായി നൽകുന്നതും ഓക്സിജൻ തന്നെ.

ഓക്സിജൻ ശ്വസിപ്പിക്കുകയാണെന്ന ബോധം വ്യക്തിക്ക് നൽകി ശ്വസനത്തിൽ ഭാഗികമായി ഇടപെടാൻ അനുവദിക്കുന്നതിൽ മായാജാലമുണ്ട്. വ്യക്തിക്ക് സ്വയമോ മറ്റുള്ളവരാലോ ശ്വാസംമുട്ടൽ ഉണ്ടാക്കാനോ, ആത്മഹത്യ ചെയ്യാനോ, ശ്വാസം മുട്ടിച്ചു കൊല്ലാനോ കഴിയുമെന്ന ഒരു മഹാശാസ്ത്ര നിയമത്തെ ഏർപ്പെടുത്തുകയാണ്. പ്രസ്തുത ഭൗതിക ശാസ്ത്ര നിയമത്തെയും അതിൻപ്രകാരമുള്ള സംവിധാനത്തെയും ഓക്സിജൻ ഒരുക്കിയിട്ടുള്ളത് വ്യക്തിക്ക് സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തെ അനുവദിക്കാൻ കൂടിയാണ്. ശ്വാസോച്ഛ്വാസ കാര്യത്തിൽ ഭാഗികമായി ഇടപെടാൻ വ്യക്തിയെ അനുവദിക്കുമ്പോൾ, ശ്വാസോച്ഛ്വാസത്തിൽ, ഓക്സിജന്റെ ഇഷ്ടം പോലെ വിമ്മിഷ്ടം, ആസ്ത്മ, ശ്വാസ നാള തടസ്സം, ഹൃദയ സ്തംഭനം തുടങ്ങിയ അവസ്ഥകളെയും രോഗങ്ങളെയും ഉണ്ടാക്കാനും വ്യക്തിയുടെ മേൽ ഉൽക്കൃഷ്ടമായ വിധം മഹാനീതി നിർവ്വഹിക്കാനും ഓക്സിജനായ ദൈവം വഴിയൊരുക്കുകയുമാണ്.

ശ്വാസോച്ഛ്വാസത്തിലെ മറ്റൊരു മായാജാലം മനുഷ്യരുടെ ചിന്തകൾ, ആഗ്രഹങ്ങൾ, പ്രാർത്ഥന, തുടങ്ങിയവ പോലും മഹാശാസ്ത്ര പരമായി മാത്രം അറിയാനാണ് ദൈവമായ ഭൂമിയുടെ സ്വത്വമായ ഓക്സിജൻ തയ്യാറായിട്ടുള്ളത്. പ്രാർത്ഥിക്കാതെ തന്നെ സർവ്വവും ദൈവമായ ഓക്സിജൻ അറിയുന്നു. മനുഷ്യരുടെ ദൈവ വിശ്വാസമോ സ്തുതികളോ ദൈവത്തിന്റെ ആനന്ദത്തിൽ പെടുന്നില്ല; എന്നതു പോലെ ദൈവാംശമായി ഒപ്പം കൂടിയിട്ടുള്ള ശരീരവും മൂലകങ്ങളും കൊണ്ട് ആഗ്രഹങ്ങളെ സാധിക്കാനായി പ്രവർത്തിക്കുന്നതും ആഗ്രഹങ്ങളെ ഉപേക്ഷിക്കുന്നതും മാറ്റുന്നതും വീണ്ടും പ്രവർത്തിക്കുന്നതുമെല്ലാം വ്യക്തികളുടെ സ്വകാര്യങ്ങളാണ്. ശരീരം നൽകുന്ന ശക്തികളും ജ്ഞാനവും കൊണ്ട് നേടുന്നതിനു പകരം മടിയരായി ജീവിച്ച് പ്രാർത്ഥന കൊണ്ട് ആഗ്രഹങ്ങളെ നേടാൻ ശ്രമിക്കുന്നത് ദൈവീകമല്ല. ശ്വസനം വഴി വ്യക്തികളുടെ ചെയ്തികളെയും മഹാശാസ്ത്ര പരമായി ദൈവമായ ഓക്സിജൻ അറിയുന്നുണ്ടെങ്കിലും, വ്യക്തിക്ക് സമ്മാനിച്ചിട്ടുള്ള സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തിന് ഭംഗം വരാതിരിക്കാൻ, അസാധാരണമായ സാഹചര്യത്തിൽ അല്ലാതെ, എതിരായി പ്രവർത്തിക്കുന്നതല്ല; ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരം മഹാനീതി ഉറപ്പാണ്.

സൃഷ്ടികളായ എല്ലാ ജീവികളുടെയും സ്വത്വങ്ങൾക്ക് ശരീരത്തിലൂടെയും ഭൂമിയിലെ വസ്തുക്കളിലൂടെയും പ്രകടമാക്കാനും അന്യോന്യം കാണാനും അറിയാനും ആവശ്യമായ പ്രകാശവും, കാഴ്ച്ച ശക്തികളും ഉന്നതമായ ഭൗതിക ശാസ്ത്ര നിയമങ്ങളോടെ പ്രത്യക്ഷമായി തന്നെ പ്രപഞ്ചത്തിന്റെ ഭാഗമായി ഒരുക്കുന്നു. ഉദാഹരണത്തിന് ആത്മാക്കൾക്കു വേണ്ടി പ്രകാശം, ഇരുട്ട്, കാഴ്ച്ച, അന്ധത എന്നിവയെ മൂലകങ്ങൾ സൃഷ്ടിക്കുമ്പോൾ, മൂലകങ്ങളെയും അവയുടെ രൂപാന്തരമായ ശരീരത്തോടെ ജീവിക്കുന്ന ജീവികളെയും കാണാൻ ജീവികളായിരിക്കുന്ന ആത്മാക്കൾക്ക് കഴിയണം.

മഹാസത്യമായ ദൈവം മഹാപ്രകാശവും, സൃഷ്ടി സ്ഥിതി സംഹാര പാത്രവും, ആദിയും അന്തവും ഇല്ലാത്ത മഹാശൂന്യതയും കൂടിയായ ആകാശമായിരിക്കുകയും, ആകാശത്തിന്റെ ഭാഗവും അന്തമില്ലാത്ത പരമാത്മാവുമായിട്ട് മഹാപിതാവിനെ ഒരുക്കുകയും, മഹാശക്തിയായ മഹാമാതാവും ഭൂമിയുമായി സ്വയം മാറിക്കൊണ്ട് 'പരമാത്മാവിന്റെ അംശങ്ങളും കുഞ്ഞുങ്ങളുമായി സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്ന ആത്മാക്കൾക്കു ജീവിക്കാൻ ആവശ്യമായ ശക്തികളും ശാസ്ത്രങ്ങളും സ്വാതന്ത്ര്യം ഉൾപ്പെട്ട ആനന്ദങ്ങളും മഹാനീതിയും മഹാഭദ്രപ്പെടുത്തുന്നതു വരെ ശക്തികളുടെ പ്രകടനം കൂടിയായ പ്രപഞ്ചമോ ജീവികളോ ആത്മാക്കളോ ഇല്ല; സൃഷ്ടി ആരംഭിച്ചിട്ടില്ല. മഹാസത്യത്തെയും ആകാശത്തെയും മഹാപ്രകാശമായി വിശേഷിപ്പിക്കാനുള്ള കാരണം വെളിപ്പെടുത്തുകയും ശാസ്ത്രപരമായി തെളിയിക്കുകയും ചെയ്യേണ്ടതുണ്ട്.

മഹാസത്യവും, ആദിയും അന്തവും ഇല്ലാത്ത മഹാശൂന്യതയും ആകാശവുമായ ദൈവം, കുഞ്ഞുങ്ങളായി സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്ന ആത്മാക്കളുടെ മഹാപിതാവും പരമാത്മാവുമായിട്ട് മഹാഇഷ്ടം പോലെ നിർജ്ജീവമായും ജീവമായും പ്രവർത്തിക്കുന്ന ശിവനെ മഹാശൂന്യതയായി സൃഷ്ടിക്കുകയും ആകാശത്തിൽ ലയിപ്പിച്ച് ഭാഗമാക്കുന്നുണ്ട്.

ആറ്റത്തിന്റെ ഉള്ളിൽ ഇലക്ട്രോൺ, പ്രോട്ടോൺ എന്നിവയായും മൂലകങ്ങളുടെ (ആദ്യ) മൂലങ്ങളായും ശിവ-ശക്തി ചക്രങ്ങൾ അവതരിച്ചിരിക്കുകയാണ്. വ്യത്യസ്തവും അനന്തവുമായ ന്യൂനശക്തികളും മറ്റു ശക്തികളുമായ മൂലകങ്ങളെല്ലാം 'മഹാശക്തിചക്രവും ഏകദൈവവുമായ ഭൂമിയുടെ' അംശങ്ങളാണെന്നും സാരം. നിർജ്ജീവമായ പരമാത്മാവും ആകാശവും പ്രപഞ്ചപിതാവുമായ ശിവചക്രത്തിന്റെ അംശങ്ങളായി മാത്രം ആത്മാക്കളെ സൃഷ്ടിക്കുകയും, മഹാശക്തിയായ ഭൂമിയുടെ അംശങ്ങളായ മൂലകങ്ങളെ ശരീരമായി രൂപാന്തരം ചെയ്ത് ആത്മാക്കളോടു ചേർത്ത് ജീവികളാക്കുകയും ചെയ്യുമ്പോൾ, ശരീരത്തിലൂടെ നിർജ്ജീവമായ ആത്മാക്കൾക്ക് അനന്തമായ ശക്തികളെയും ജ്ഞാനത്തെയും ആനന്ദങ്ങളെയും ലഭിക്കുകയാണ്.

മാത്രമല്ല; ഏകദൈവവും മഹാമാതാവുമായ ഭൂമിയുടെ അംശങ്ങളായ മൂലകങ്ങൾ വ്യത്യസ്തവും അനന്തവുമായ ശക്തികളെയും ജ്ഞാനത്തെയും ആനന്ദങ്ങളെയും, 'പ്രത്യക്ഷമായ അസ്തിത്വത്തെയും' നൽകി ക്കൊണ്ട് ശരീരമായി ആത്മാവിന്റെ ഒപ്പം കൂടുകയാൽ, 'ഭൂമിയുടെ കുഞ്ഞ് ' എന്ന മഹാപദവി ഓരോ ആത്മാവിനും ലഭിക്കുന്നു.

പരമാണുവിന്റെ ഉള്ളിലിരുന്നു കൊണ്ട് ശബ്ദബ്രഹ്മമായ ഓം, പരമാണുവിലെ ശക്തി ചക്രങ്ങളുടെയും ശിവചക്രങ്ങളുടെയും എണ്ണത്തെ വർദ്ധിപ്പിക്കുകയും തുല്ല്യപ്പെടുത്തുകയും ധർമ്മങ്ങളെ വ്യത്യാസപ്പെടുത്തുകയും ചെയ്യുന്നു. തീർന്നില്ല, ന്യൂട്രോണുകളെന്നും ക്വാർക്കുകളെന്നും മറ്റും മനുഷ്യരി-ലൂടെ പേരിട്ടിട്ടുള്ള ഘടകങ്ങളുടെയും എണ്ണവും ഘടനയും ധർമ്മങ്ങളും മഹാനിശ്ചയിക്കുകയും, ജീവികളുടെയും വസ്തുക്കളുടെയും ധർമ്മശാസ്ത്രവും നീതിശാസ്ത്രവും നിശ്ചയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു.

ഭൂമിയുടെ അംശവും വ്യത്യസ്ത മൂലകങ്ങളുടെ സംയുക്തവുമായ ശരീരം, ആത്മാവിനെ ഒപ്പം ചേർത്ത് ജീവിയായി ജീവിപ്പിക്കുമ്പോൾ മാത്രമാണ് ഭൂമിയുടെ കുഞ്ഞ് എന്ന പദവിയും അവകാശവും, അനന്തമായ ശക്തികളും ജ്ഞാനവും ആനന്ദവും ആത്മാവിന് ലഭിക്കുന്നത്. ആനന്ദം എന്നതിൽ വേദനകളും സന്തോഷങ്ങളും ജന്മഗുണങ്ങളും ഉൾപ്പെട്ട മഹാനീതി കാര്യങ്ങളും ഉൾപ്പെടുന്നു. 'ശരീരവും മൂലകങ്ങളും അവയുടെ മൊത്തമായ ഭൂമിയും' ചേർന്ന് ആത്മാക്കളായ കുഞ്ഞുങ്ങളുടെ മേൽ മഹാനീതിയെ നിർവ്വഹിക്കുന്നത് മനുഷ്യാവസ്ഥയിൽ സുവ്യക്തമായി അനുഭവിച്ചറിയുന്ന വസ്തുതയാണ്. മഹാനീതിയുടെ ഭാഗമായി ശരീരം, ആത്മാവിനെ പുറത്താക്കി മരിപ്പിക്കുമ്പോൾ, പുതിയ ഒരു ശരീരത്തെ ഭൂമി നൽകും വരെ ആത്മാവ്, നിർജ്ജീവ പരമാത്മാവായ ശിവചക്രത്തിന്റെ മാത്രം കുഞ്ഞുമാണ്.

മരണാനന്തരം ജീവി-ശരീരം ഇല്ലാതെ ഓരോ ആത്മാവിനെയും പരമാവധി ഒരു വർഷക്കാലം നിയന്ത്രണങ്ങളോടെയും പരിമിതമായ ശക്തികളോടെയും ഭൂമിയിൽ വസിക്കാൻ അനുവദിക്കുന്നുണ്ടെന്ന മഹാനീതിയുമായി ബന്ധപ്പെട്ട ദൈവകാര്യത്തെ മാറ്റിവെച്ചാൽ, ഭൂമിയും ആകാശവും ഉൾപ്പെടെയുള്ള പ്രപഞ്ചം നിലകൊള്ളുന്നത് 'ശരീരമായ ദൈവാംശം' ശക്തിയും ജ്ഞാനവും ആനന്ദവും കുഞ്ഞെന്ന പദവിയും നൽകുന്ന ജീവികൾക്കു വേണ്ടിയാണ്; 'പരമാത്മാവിന്റെ കുഞ്ഞുങ്ങളും അംശവുമായ ആത്മാക്കളുടെ' ശരീരമില്ലാത്ത സ്വതന്ത്ര അവസ്ഥയ്ക്ക് വേണ്ടിയല്ല.

1000 കോടി വർഷങ്ങൾ നീണ്ട ആദ്യ മഹാകാല ചക്രത്തിൽ ദേവന്മാരായി നിയമിക്കപ്പെട്ടവർ കാട്ടിയ അപരാധങ്ങൾ ന്യൂനശക്തികൾ ഏറെയുള്ള അനവധി മൂലകങ്ങളെ തന്നെ സൃഷ്ടിച്ചിട്ടുണ്ട്. അന്ധവിശ്വാസങ്ങളെ തിരുത്താൻ പ്രാപ്തമായ വെള്ളപ്പൊക്കം, വരൾച്ച, കോവിഡ്-19 പോലെയുള്ള തീവ്ര രോഗങ്ങൾ, തുടങ്ങിയ കടുത്ത നടപടികളെയും ന്യൂനശക്തികൾ സ്വീകരിച്ചെന്നു വരും !

ഭൗതിക അസ്തിത്വം ഇല്ലാത്ത കോപ്രായങ്ങളെ മൂലകങ്ങളിലെ ന്യൂനശക്തികൾ ചെറുതും വലുതുമായ നടപടികളിലൂടെ തിരുത്തുമ്പോൾ, അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ധർമ്മ ശാസ്ത്ര വിരുദ്ധമായ പ്രവൃത്തികളും താൽക്കാലികമായോ സ്ഥിരമായോ ഒഴിവാക്കിയും മാറ്റിവെച്ചും കൊണ്ട് മനുഷ്യരായി അണിനിരക്കാനും മഹാശാസ്ത്ര സാങ്കേതിക വിദ്യകളെ ആശ്രയിക്കാനും മഹാശാസ്ത്രം പ്രകാരം മാത്രം (ജീവിക്കാനും) പ്രവർത്തിക്കാനും തയ്യാറാകുന്നത് സാധാരണമാണ്. പെരുമഴ, പ്രളയം, കൊടുംചൂട്, കാട്ടുതീ, കൊടുങ്കാറ്റ്, ഭൂചലനം, സുനാമി, പുതിയ രോഗങ്ങൾ തുടങ്ങിയവ ഉദാഹരണങ്ങളാണ്. ഭൂമിയിലെ എല്ലാ ആത്മീയ-രാഷ്ട്രീയ കോപ്രായങ്ങളെയും പിഴുതെറിഞ്ഞു കൊണ്ട് ഉടനെയുള്ള ദൈവ വിപ്ലവത്തിന്റെ മുന്നോടിയായി ഭൂമിയിലെ എല്ലാ ജനസമൂഹങ്ങളിലും വ്യാപിച്ച വൈറസ് രോഗങ്ങളും ഉദാഹരണം തന്നെയാണ് ! പ്രധാനമന്ത്രിമാരും, മുഖ്യമന്ത്രിമാരും, കേന്ദ്ര-സംസ്ഥാന മന്ത്രിമാരും, പോലീസും, സർക്കാർ-ജീവനക്കാരും ഒക്കെ ജനങ്ങളുടെ ചിലവിൽ ജീവിക്കുന്നവരും ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റുക മാത്രമാണ് അവരുടെ ചുമതലകളെന്നത് മറന്നും മറച്ചും അറിയാതെയും, അറിയാൻ ശ്രമിക്കാതെയും പ്രവർത്തിച്ചാൽ, അവരെയും, മൂലകങ്ങളിൽ ലയിപ്പിച്ചിരിക്കുന്ന ധർമ്മ ശാസ്ത്രങ്ങൾക്കു വിരുദ്ധമായി പ്രവർത്തിക്കുന്ന എല്ലാവരെയും തിരുത്താനും, ആവശ്യമെങ്കിൽ ശിക്ഷിച്ചു കൊണ്ട് തിരുത്താനും ഉയർത്താനുമായി ന്യൂനശക്തികൾ പ്രവർത്തിക്കുന്നതും പ്രത്യക്ഷമായും പ്രകടമായും പരസ്യമായും തന്നെയാണ്. ദൈവം യാതൊന്നും മറച്ചു വെക്കുന്നില്ല. ധർമ്മശാസ്ത്രങ്ങൾ പ്രകാരം ജീവിക്കുന്നവർക്ക് കാലഘട്ടത്തിന്റെ ആവശ്യത്തിനു ചേർന്ന ശാസ്ത്ര പാഠങ്ങളെ ഭൂമിയായ ദൈവത്തിന്റെ അംശമായ മൂലകങ്ങളും അവയുടെ രൂപാന്തരമായ ശരീരങ്ങളും വെളിപ്പെടുത്തുന്നുണ്ട്.

ഹെൽമെറ്റ്, മാസ്ക്, നികുതികൾ, പെൻഷൻ, ലോട്ടറി, നിയമസഭകൾ, കോടതി, സൈന്യം തുടങ്ങിയവ ധർമ്മ ശാസ്ത്ര വിരുദ്ധമാകുന്നത് എങ്ങനെയെല്ലാമാണെന്ന് **Aanandham, Supreme Justice GOD, Man** തുടങ്ങിയ ദിവ്യ മഹാവേദ ഗ്രന്ഥങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്.

ജനങ്ങൾക്ക് സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ഭൂമി നൽകുന്ന സ്വാതന്ത്ര്യത്തെ നിഷേധിക്കുന്നവരും ജനസേവകരെന്നു ഭാവിക്കുന്നവരും യഥാർത്ഥത്തിൽ അധമരാണ്; ഭരണാധികാരികൾ അല്ല. പ്രധാനമന്ത്രിമാരുടെയും മുഖ്യമന്ത്രിമാരുടെയും കേന്ദ്ര-സംസ്ഥാന മന്ത്രിമാരുടെയും പോലീസിന്റെയും സർക്കാർ ജീവനക്കാരുടെയും രാജാക്കന്മാർ ജനങ്ങളാണ്. പിഴയും ശിക്ഷയും സേവകർക്കു ബാധകമാണ്. മഹാനീതി കൂടിയായ ഭൂമി മഹാനീതിശാസ്ത്ര പ്രകാരം കടുത്ത ശിക്ഷകളെ മഹാവാത്സല്ല്യത്തോടെ നൽകുന്നുമുണ്ട്.

**ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ പരിഹരിക്കാനായി ജനങ്ങളുടെ ചിലവിൽ ജീവിക്കുന്ന പഞ്ചായത്ത്-ജില്ലാ-സംസ്ഥാന-കേന്ദ്ര സേവന സംവിധാനങ്ങളിലെ അംഗങ്ങൾ, പ്രസിഡന്റ്, രാജാവ്, പ്രധാനമന്ത്രി, മുഖ്യമന്ത്രി, കേന്ദ്ര-സംസ്ഥാന മന്ത്രിമാർ തുടങ്ങിയവരെ പണച്ചിലവില്ലാതെയും, കുറ്റങ്ങളും കുറവുകളും ഇല്ലാതെയും, മഹാശാസ്ത്ര പരമായി നിശ്ചയിക്കാൻ, ഭൂമിയുടെ അംശമായ മൂലകങ്ങളിലും രൂപാന്തരമായ ജീവി-ശരീരങ്ങളിലും ലളിത സുന്ദരമായ പദ്ധതികളെ, 'ജീവികളെ സൃഷ്ടിക്കുകയും, ജീവിക്കാൻ ആവശ്യമായ സർവ്വവും നൽകുകയും മഹാനീതി നടപ്പാക്കുകയും ചെയ്യുന്ന മഹാശക്തിയായ ഭൂമി' ലയിപ്പിച്ചിട്ടുണ്ട്. http://www.omsathyam.com/GodlyRevolution/ElectionAtNoExpense.pdf എന്ന ദിവ്യ മഹാവേദ ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.**

ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിർവ്വഹിക്കാനായി പ്രതിനിധികളായും സേവകരായും ജനങ്ങളുടെ ചിലവിൽ ജീവിക്കുന്ന എല്ലാവർക്കും, സർവ്വവും മഹാശാസ്ത്ര പ്രകാരം വിശകലനം ചെയ്യാനും, ശരിയെങ്കിൽ സ്വയം പാലിക്കാനും പ്രചരിപ്പിക്കാനും ശക്തികളും ജ്ഞാനവും നൽകുന്ന 'ഭൂമിയുടെ അംശമായ' ശരീരത്തോടും, വേതനം നൽകുന്ന ജനങ്ങളോടും ബാദ്ധ്യതയുണ്ട്.

**മഹാശാസ്ത്രപരമായ അവകാശം ഉണ്ടെങ്കിലേ അധികാരമുള്ളൂ.**

മനുഷ്യരുടെ സ്വത്വങ്ങളായ ആത്മാക്കളുടെ മേൽ സമ്പൂർണ്ണമായ അവകാശവും അധികാരവുമുള്ളത് ശരീരത്തിനും മൂലമായ മൂലകങ്ങൾക്കും അവയുടെ മൊത്തമായ ഭൂമിക്കും, പരമാത്മാവിനും മാത്രമാണ്. ജീവി-വർഗ്ഗം, സ്ത്രീ-പുരുഷൻ, അവയവങ്ങൾ, നിറം, മുഖഛായ, ആയുസ്സ്, ബുദ്ധി ശക്തി, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ജന്മസ്ഥലം, തുടങ്ങിയ ജന്മഗുണങ്ങളും ശക്തികളും ജ്ഞാനവും വ്യക്തിത്വവും മഹാനീതിശാസ്ത്ര പ്രകാരം നൽകിയും; വിശപ്പ്, ദാഹം, ദഹനം, വിസർജ്ജനം, അവയവ-വളർച്ച, പ്രത്യുല്പാദനം, നര, രോഗങ്ങളും രോഗമുക്തിയും, മുറിവുകളെ ഉണക്കൽ തുടങ്ങിയവ നിർവ്വഹിച്ചും; 'ഓരോ മനുഷ്യനും ഓരോ ദൈവം' എന്ന പോലെ ജീവിതകാലം മുഴുവൻ ജനസേവകർ ഉൾപ്പെട്ട ആത്മാക്കളെ ഭരിക്കുന്നതും മഹാനീതി നടപ്പാക്കുന്നതും; ഭൂമിയുടെ അംശമായ മൂലകങ്ങളും, രൂപാന്തരമായ ശരീരവും, ജലവും ഓക്സിജനും, ആണെന്നത് അനുഭവിച്ചറിയുന്ന സത്യമാണ്.

**www.omsathyam.com/GodlyRevolution/Man.pdf എന്ന ദിവ്യമഹാഗ്രന്ഥത്തിൽ ഭൂമി മഹാശക്തിയായ ഏകദൈവമാണെന്ന് ശാസ്ത്രപരമായി തെളിയിച്ചിട്ടുണ്ട്. ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതും, ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയുമായ ഏകദൈവം; മഹാശക്തികളെയും, മഹാജ്ഞാനമാകുന്ന (മഹാപ്രപഞ്ചത്തിന്റെ) മഹാശാസ്ത്രത്തെയും, അനന്തമായ ആനന്ദങ്ങളെയും ഒന്നിപ്പിച്ചാണ് <u>മൂലകങ്ങളും ദേശങ്ങളും ഭൂമിയുമായി</u> അവതരിച്ചിട്ടുള്ളത്.**

ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാൻ ജനങ്ങളുടെ ചിലവിൽ ജീവിക്കുന്ന മന്ത്രിമാരും പോലീസും ഉൾപ്പെട്ട ജനസേവകരും മറ്റും 'മൂലകങ്ങളും, രൂപാന്തരമായ ശരീരങ്ങളും അവയുടെ മൊത്തമായ ഭൂമിയും' ചെയ്യുന്ന മഹാനീതി-കാര്യങ്ങളിൽ ഇടപെടാൻ' ശ്രമിക്കുന്നത് മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ഭൗതികധർമ്മ-നീതിശാസ്ത്രങ്ങൾക്ക് വിരുദ്ധമാണ്; കഴിയുന്നതുമല്ല. മൂലകങ്ങളിലും ശരീരങ്ങളിലും ലയിച്ചിരിക്കുന്ന ഭൗതിക അസ്തിത്വമുള്ള ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങൾ മാത്രമാണ് എക്കാലവും എല്ലാ ദേശങ്ങളുടെയും/മണ്ണിന്റെ നിയമങ്ങൾ. ഭൂമിയുടെ മഹാഭരണഘടന. അവ പ്രകാരമാണ് മനുഷ്യരുടെ മേൽ ഭൂമി മഹാനീതി നടപ്പാക്കുന്നത്. ജീവിതത്തിലെ എല്ലാ കാര്യങ്ങളിലും ഭൂരിപക്ഷം ജനങ്ങളും സേവകരും ധർമ്മശാസ്ത്ര വിരുദ്ധമായവയിൽ നിന്നും നൂറ്റാണ്ടുകളായി അകലം പാലിക്കുന്നില്ല എന്നത് ശരിയാണ്. എന്നാൽ പരമവിശിഷ്ടമായ മുഖവും മുഖഛായയും ഉൾപ്പെട്ട ശരീരത്തെ സൃഷ്ടിച്ചു നൽകുന്ന മഹാശക്തിയും മഹാജാലവുമായ ഭൂമിക്കും, ശരീരത്തിന്റെ ഉടമയായി ശരീരവും ഭൂമിയും നിയമിച്ച ആത്മാവിനും മാത്രമാണ് മുഖം ഉൾപ്പെടെയുള്ള ശരീര ഭാഗങ്ങളെ മറയ്ക്കാനുള്ള അവകാശവും അധികാരവുമുള്ളത്. ഭൂമിയും ശരീരവും ഭൗതിക ധർമ്മ നീതി ശാസ്ത്രങ്ങൾ പ്രകാരം സ്വത്വത്തിനു നൽകുന്ന സ്വാതന്ത്ര്യത്തിൽ, ജനങ്ങളുടെ ചിലവിൽ ജീവിക്കുന്ന സേവകർ തടസ്സമുണ്ടാക്കിയത് കടുത്ത കുറ്റമാണ്. യജമാനരായ ജനങ്ങൾ ആവശ്യപ്പെട്ടാൽ അഴിച്ചു മാറ്റണമെന്ന വ്യവസ്ഥയോടെ, മുഖം കാണാനും കാണിക്കാനുമുള്ള പൊതുയോഗ്യത നഷ്ടപ്പെട്ട സേവകർക്കും ആത്മീയ-തട്ടിപ്പുകാർക്കും മറ്റും മാസ്കുകളും ഹെൽമറ്റും മറ്റും ധരിക്കാൻ വ്യക്തിസ്വാതന്ത്ര്യമുണ്ട്.

**മഹാശക്തിയായ ഭൂമിയുടെ അംശമായ മൂലകങ്ങളും സൂക്ഷ്മഘടകങ്ങളായ ആറ്റങ്ങളും അടിസ്ഥാന പരമായി മഹാശക്തികൾ തന്നെയാകുമ്പോഴും;**
**മൂലകങ്ങളുടെ ധർമ്മം എന്നത് അവയിൽ ലയിച്ചിരിക്കുന്ന ദോഷങ്ങൾ ഉൾപ്പെടെയുള്ള ഗുണങ്ങളും ബന്ധപ്പെട്ട അനന്തമായ ഉപയോഗങ്ങളുമാണ്.**
**മൂലകങ്ങളെ നേരിട്ടും, അവയിലെ ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരം ഉല്പന്നങ്ങളാക്കിയും ഉപയോഗിക്കാൻ വിശേഷ ബുദ്ധിയും വ്യക്തിസ്വാതന്ത്ര്യവും നൽകി മൂലകങ്ങൾ തന്നെ മനുഷ്യരെ അനുവദിക്കുമ്പോൾ, മൂലകങ്ങളിലെ ധർമ്മ ശാസ്ത്രത്തിന് വിരുദ്ധമായ കാര്യങ്ങൾക്ക് മൂലകങ്ങളെ ഉപയോഗിക്കാതെ ജീവിക്കാൻ മനുഷ്യർ ബാദ്ധ്യസ്ഥരാണ്. ദുരുപയോഗിച്ചാൽ, മനുഷ്യരെ തിരുത്താനുള്ള ന്യൂനശക്തികളും മൂലകങ്ങളിൽ ലയിച്ചിട്ടുണ്ട്. ആനന്ദവും, ആനന്ദങ്ങളെ നേടാനുള്ള ഉപാധിയുമായ സമ്പത്തിനെ പ്രതിനിധീകരിക്കാൻ ധർമ്മശാസ്ത്ര പ്രകാരമുള്ള വിഷയ യോഗ്യത ഇല്ലാത്ത കടലാസിനെ ഉപയോഗിക്കുന്നത് ഏറ്റവും ഗൗരവമായ ഒരു ഉദാഹരണമാണ്.**
**(1) സാമ്പത്തിക ക്രയ-വിക്രയ ഉപാധിയായി നിശ്ചയിക്കുന്ന ഒരു വസ്തുവിന് ഭൗതിക-ധർമ്മ-മഹാനീതി ശാസ്ത്രങ്ങൾ പ്രകാരമുള്ള എല്ലാ യോഗ്യതകളും ഉണ്ടാകണം. ഭൂമിയുടെ അംശമായ മൂലകങ്ങൾ അവതരിച്ചിട്ടുള്ളത് സുവ്യക്തമായ മഹാപദ്ധതികളോടെ മാത്രമാണെന്ന്, വിശേഷബുദ്ധി കൊണ്ട് മനസ്സിലാക്കാനാവും.**

**ദൈവമായ ഭൂമി തടഞ്ഞില്ലെങ്കിൽ, മൂലകങ്ങളുടെ ധർമ്മം ഗ്രഹിക്കാൻ ഉചിതമായി ശ്രമിക്കാതെ മനുഷ്യരുണ്ടാക്കിയ 'പേപ്പർ കറൻസി'യുടെ വ്യാപകമായ കൈമാറ്റം 'ഭീകരമായ രോഗാണുക്കളെയും ചെറുതും വലുതുമായ രോഗങ്ങളെയും' നിരന്തരം പകർന്നു നൽകുന്നവയാണ്. 2020-ലെ വൈറസ് രോഗം ഉദാഹരണമാണ്.**

**തീകത്തുന്നവയും, വെള്ളത്തിൽ വീണാൽ കുതിർന്നു നശിക്കുന്നവയും, ചിതലു തിന്നുന്നവയും, ദ്രവിക്കുന്നവയും, അഴുക്കു പിടിക്കുന്നവയും, പുരളുന്ന അഴുക്കുകളെ നിസ്സാരമായി കഴുകി വൃത്തിയാക്കാൻ കഴിയാത്തവയും, തുടർച്ചയായിട്ട് ഉപയോഗിച്ചാൽ പെട്ടെന്ന് നശിക്കുന്നവയും, നിർമ്മാണത്തിന് ആവശ്യമാകുന്ന അദ്ധ്വാനത്തെയും യന്ത്ര സാമഗ്രികളെയും പാഴാക്കുകയും, കൈമാറ്റം കൊണ്ട് ഒരുവിധപ്പെട്ട രോഗങ്ങളെയെല്ലാം പരത്തുന്നവയും മറ്റുമായ കടലാസ് കറൻസി യഥാർത്ഥത്തിൽ കള്ളനോട്ടാണ്; പൈശാചികമാണ്. കള്ളനോട്ടിനെ പണം എന്ന കള്ളപ്പേരിൽ നിർമ്മിക്കുന്ന, അടിമകളായ ഭരണാധികാരികളും, ഏതൊരാളും കള്ളന്മാരും പിശാചുക്കളുമാണ്. ജനങ്ങളുടെ സമ്പത്തിനെ തട്ടിയെടുക്കാനുള്ള കള്ളന്മാരുടെ ഉപാധി കൂടിയാണ് കടലാസ് കറൻസി. ഒരു രൂപ മുതൽ എത്ര രൂപ വരെയും; രൂപയിൽ നിന്ന് ഡോളർ, യൂറോ, റിയാൽ തുടങ്ങി ഏതൊരു കറൻസിയായും കടലാസിനെ അച്ചടിച്ച് കളവായ മൂല്ല്യം നൽകുന്നതും; ഭരണാധികാരികളായി ഭാവിക്കുന്ന മറ്റുള്ളവർ നിശ്ചയിക്കുന്ന ഏതൊരു സമയത്തും കടലാസ് കറൻസി പണമല്ലാതായി മാറുന്നതും കടലാസിന്റെ തകരാറല്ല; പണമായി ഉപയോഗിക്കാനുള്ള ധർമ്മ- ശാസ്ത്രപരമായ യോഗ്യതകൾ, കടലാസിന് യഥാർത്ഥത്തിൽ ഇല്ലാത്തതുകൊണ്ടാണ്. സർവ്വരോഗ വ്യാപന ഉപാധിയായ പേപ്പർ കറൻസിയെ ഉപോഗിപ്പിച്ച് ജനങ്ങളെ രോഗികളാക്കുന്ന വഞ്ചകന്മാർക്ക്, കോവിഡ് ഉൾപ്പെടെയുള്ള രോഗങ്ങൾ പരക്കുന്നത് എങ്ങനെയാണെന്ന് അറിയില്ലെന്നു പറയുന്നതിനും ശിക്ഷയുണ്ട് !**

ജീവികൾക്കെല്ലാം ജീവിക്കുന്നതിന് ആവശ്യമായ സർവ്വതും സൃഷ്ടിച്ചിട്ടുള്ള ദൈവം, മനുഷ്യരുടെ സാമ്പത്തിക ക്രയവിക്രയ മാധ്യമമായ 'പണമായിട്ട് ' മഹാഉചിതമായ വസ്തുക്കളെയും സൃഷ്ടിച്ചിട്ടുണ്ടാവും എന്നു തിരിച്ചറിഞ്ഞ്, അദ്ധ്വാനമൂല്യമുള്ളതും കാലാതീതവും സ്വയം സമ്പത്തുമായ സ്വർണ്ണം വെള്ളി ചെമ്പ് എന്നീ മൂലകങ്ങൾ കൊണ്ട് നാണയങ്ങളെ നിർമ്മിച്ച്, പണമായിട്ട് ഉപയോഗിക്കുമ്പോൾ കള്ളനോട്ട് അവസാനിക്കുന്നതാണ്. ഉചിതമായ ശക്തികൾ ഉള്ള ഏതൊരാൾക്കും നിർമ്മിക്കുകയും ചെയ്യാം; കള്ളത്തരമായി നിർമ്മിക്കുന്നതുകൊണ്ട് യാതൊരാൾക്കും സാമ്പത്തിക നേട്ടങ്ങളെ ലഭിക്കുന്നതല്ല. എന്നാൽ ഭരണാധികാരികളായി ഭാവിക്കുന്ന സേവകർ സ്വർണ്ണം, വെള്ളി, ചെമ്പ് നാണയങ്ങളെ നിർമ്മിക്കുന്നത് ഉൾപ്പെടെ ഏതൊരു കാര്യവും ചെയ്യുന്നത് യജമാനരായ ജനങ്ങളെ മൂലകങ്ങളിലെ ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങൾ അറിയിച്ചു കൊണ്ടുള്ള സമ്മതത്തോടെ മാത്രമാവണം.

**ദൈവ-വിപ്ലവം ഉടൻ ആരംഭിക്കുന്നതോടെ, ഭൂമിയിലെങ്ങുമുള്ള ജനങ്ങൾ സ്വയവും, ജനങ്ങളുടെ അടിമകളായ ഭരണാധികാരികളെ യഥാർത്ഥമായ അടിമകളാക്കിയും, "സ്വർണ്ണം, വെള്ളി, ചെമ്പ് നാണയങ്ങളെ 'പണമായിട്ട് ' (സ്വയം) നിർമ്മിക്കുന്നതും ഉപയോഗിക്കുന്നതും" സ്വയമോ പൊതുഖജനാവിലോ സൂക്ഷിക്കുന്നതുമാണ്.**

**പൊതുവായ ഉപയോഗം, വിശ്വാസ്യത ഉറപ്പാക്കൽ എന്നിവ കൊണ്ടു മാത്രമാണ് ഭരണകൂടത്തിനെ നാണയ നിർമ്മാണം ഏല്പിക്കുന്നത്. സാമ്പത്തിക മാധ്യമമായ 'പണം' പൊതുവായ ആവശ്യമാണെന്നിരിക്കെ, ജനങ്ങളുടെ അടിമകളായ ഭരണാധികാരികൾ പണത്തിന്റെ പേരിൽ ആവേശപ്പെടുന്നതും, അവരെ തീറ്റിപ്പോറ്റുന്ന ജനങ്ങളെ പീഢിപ്പിക്കുന്നതും കടുത്ത അപരാധമാണ്. വാങ്ങാനും നൽകാനും സൂക്ഷിക്കാനും ചെലവഴിക്കാനും കൂടെക്കൊണ്ടു നടക്കാനും, സോപ്പും വെള്ളവും ഉപയോഗിച്ച് കഴുകാനുമെല്ലാം കഴിയുന്ന സ്വർണ്ണം, വെള്ളി, ചെമ്പ് നാണയങ്ങളെയും, അപൂർവ്വമായ രത്നങ്ങളെയും വളരെയധികം ചുമന്നാൽ ഭാരമാണ്; സൂക്ഷിക്കുന്നവർക്ക് കള്ളന്മാരെയും മറ്റും ഭയന്ന് ശരിക്ക് ഉറങ്ങാൻ പോലും കഴിയില്ല. അയാൾ വിഷമിച്ചാലാണ് തിരുത്താൻ കഴിയുക. എന്തെന്നാൽ കൂടുതൽ ധനം ഒരാൾ തന്നെ കൈകാര്യം ചെയ്യുന്നത് അനാവശ്യമാണ്. ധർമ്മശാസ്ത്ര വിരുദ്ധമായ നികുതികൾ ഏർപ്പെടുത്തിക്കൊണ്ട് കള്ളവും കൊള്ളയും ചെയ്യുന്നവർ ജനസേവകരായി ഭാവിക്കാതെ സ്വന്തം തെറ്റുകളെ തിരുത്തണമെന്നത് അതിഗൗരവമാണ്.**

(2). കള്ളക്കടത്ത്, കള്ളപ്പണം തുടങ്ങിയ അധമ നാമങ്ങളിൽ സ്വർണ്ണത്തെയും പണത്തെയും ജനങ്ങളെയും ആക്ഷേപിച്ചതിനും പീഡിപ്പിച്ചതിനും പീഡനം തുടരുന്നതിനും, മഹാനീതിശാസ്ത്ര പ്രകാരം ശിക്ഷയുണ്ട്. ജനസേവകരായി ഭാവിക്കുന്നവർ തട്ടിക്കൂട്ടിയ 'ധർമ്മശാസ്ത്രപരമായി ഭൗതിക അസ്തിത്വം ഇല്ലാത്തതായ നിയമങ്ങളും നികുതികളുമാണ് കള്ളപ്പണം എന്ന പേരു പോലും ഉണ്ടാകുവാൻ കാരണം.' നീചരായ സേവകരുടെ പിഴവിന് അവരെയും കുടുംബങ്ങളെയും ഊട്ടുന്ന ജനങ്ങൾ പരക്കെ ശിക്ഷിക്കപ്പെടുകയാണ് ! ഭൂമിയും അംശമായ മൂലകങ്ങളും സനാതന സത്യ-ധർമ്മങ്ങളാണ്. സ്വർണ്ണം ഉൾപ്പെട്ട സമ്പത്തുകളും, മാധ്യമം കൂടിയായ പണവും, ഒരിക്കലും കള്ളമല്ല.

ജനങ്ങളുടെ ആനന്ദങ്ങളെ വർദ്ധിപ്പിക്കാനും ജീവിതത്തെ സ്നേഹിക്കാനും മറ്റും പ്രേരിപ്പിക്കുന്ന വിശിഷ്ടമായ ദൈവീക സംവിധാനമാണ് സമ്പത്തുകൾ. 'ഭൂമിയും ദേശങ്ങളും ജീവികളുടെ ശരീരങ്ങളുമായിരിക്കുന്ന മൂലകങ്ങളിൽ' ലയിച്ചിരിക്കുന്ന ഭൗതിക-ധർമ്മ ശാസ്ത്രങ്ങളുടെ മഹത്വം മനസ്സിലാക്കാൻ വിശേഷ ബുദ്ധി ലഭിച്ചിട്ടും മനുഷ്യർക്ക് കഴിഞ്ഞില്ല. ധർമ്മ ശാസ്ത്രത്തിന്റെ ശാഖയായ സാമ്പത്തിക ശാസ്ത്രം പ്രകാരം ദൈവമായ ഭൂമിയുടെ അംശമായ എല്ലാ മൂലകങ്ങളും ധനം കൂടിയാണ്. എന്നുവെച്ചാൽ മൂലകങ്ങളുടെ രൂപാന്തരമായ 'എല്ലാ ജീവികളുടെയും ശരീരങ്ങളും പ്രദേശങ്ങളും' ധനം കൂടിയാണ്. അനുഭവിച്ചറിയുന്ന സത്യവുമാണത്. ശരീരം/ഭൂമി ആത്മാവിനെ പുറത്താക്കുകയും, ജീവനായ ഓക്സിജൻ ശരീരത്തെ മൂലകങ്ങളായും സംയുക്തങ്ങളായും വിഘടിച്ച് വീണ്ടും മണ്ണിന്റെ ഭാഗമാക്കാനായി പ്രവർത്തിച്ചു തുടങ്ങുകയും ചെയ്യുമ്പോൾ ആത്മാവിന്റെ തജ്ജന്മ ജീവിതം അവസാനിച്ച് ജീവി മരിക്കുന്നു. മൂലകങ്ങളും ശരീരങ്ങളുമായ ധനത്തെ മരണത്തിൽ കൂട്ടാൻ ആത്മാവിനു കഴിയില്ല. ഉൾക്കൊണ്ടു ജീവിക്കേണ്ടത് സ്വന്തം ആവശ്യമാണ്. ഓരോ മനുഷ്യനും 100 മനുഷ്യ ജന്മങ്ങൾ ഉണ്ടെന്ന് ഓംകാര നീതിശാസ്ത്രം തെളിയിക്കുമ്പോൾ; ഓരോ ജന്മത്തിലെയും പുണ്യപാപങ്ങളുടെ അളവ് ശിഷ്ട ജന്മങ്ങളെയും മഹാനീതിശാസ്ത്രത്തെ ആധാരമാക്കുന്ന ജന്മഗുണങ്ങളെയും ബാധിക്കും. ഭൂമിയിലെ ആനന്ദങ്ങളെ നേടാനുള്ള മാധ്യമമായ ധനത്തെ ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരം സമ്പാദിക്കാനും ചെലവഴിക്കാനും വ്യക്തിക്ക് സാധിച്ചെങ്കിൽ മാത്രമാണ് തജ്ജന്മത്തിലെ ജീവിതം സുന്ദരമാവുക.

മറ്റുള്ളവരുടെ അദ്ധ്വാനമാകുന്ന ധനത്തെ ചൂഷണം ചെയ്യുന്നത് ഘോരമായ അപരാധമാണ്. വ്യക്തികളെ സംബന്ധിച്ച് പണത്തിന് പ്രത്യേകമായ പ്രാധാന്യം ഉണ്ടെന്നു സാരം. പണം സമ്പാദിക്കുന്നതും ചെലവാക്കുന്നതും ധർമ്മശാസ്ത്ര പ്രകാരമായാൽ, ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട രണ്ടു കാര്യങ്ങളിൽ ആദ്യത്തേതിൽ വിജയിച്ചു. രണ്ടാമത്തേത് ജീവികളുടെ പരമാനന്ദമായി ഭൂമി നിശ്ചയിച്ചിട്ടുള്ള കാമ-ആനന്ദത്തെ പൂർത്തിയാക്കുന്ന സ്വന്തം പകുതിയായ ഇണയാണ്. ഇണയെ ഒഴികെ ആരെയും പ്രേമ-കാമ മനോഭാവത്തോടെ നോക്കാൻ പോലും പാടില്ല. www.omsathyam.com/GodlyRevolution/Man.pdf ൽ വിശദീകരിച്ചിട്ടുണ്ട്. പണത്തിന്റെ കാര്യം തുടരാം. ആനന്ദം ഉൾപ്പെടെ സർവ്വത്തിനും അതീതമായ ഭൂമി, സൃഷ്ടികൾക്ക് അനന്തമായ ആനന്ദങ്ങളെ നൽകാനായി മഹാദാസ്യം, മഹാവാത്സല്ല്യം എന്നിവയെ സ്വന്തം ആനന്ദങ്ങളായി സ്വീകരിക്കുകയാൽ, കൂടുതൽ ബുദ്ധിശക്തിയും, ജ്ഞാനവും, സമ്പത്ത് ഉൾപ്പെട്ട ശക്തികളും ജന്മഗുണങ്ങളായി ലഭിച്ചവരും, അദ്ധ്വാനിച്ചു നേടിയവരും, മണ്ണിൽ ലയിച്ചിട്ടുള്ള സാമ്പത്തിക ശാസ്ത്രം ഉൾപ്പെട്ട ധർമ്മ ശാസ്ത്ര പ്രകാരം, സാമ്പത്തിക കൈമാറ്റം ചെയ്യാൻ അവകാശമില്ലായെന്ന് മനസ്സിലാക്കാനും ഭൂമിയുടെ മറ്റു കുഞ്ഞുങ്ങളെ സഹായിച്ചും പരിചരിച്ചും ഭൂമിക്കു സന്തോഷം നൽകാൻ ബാദ്ധ്യസ്ഥരാണ്. 'ദൈവ-പ്രീതിയും, പുണ്യവും വർദ്ധിപ്പിക്കാൻ ഭൂമിയിൽ മറ്റു വഴികളില്ല; മഹാനീതി ശാസ്ത്രം തെളിയിക്കുന്നുണ്ട്.' ഭൂമിയിൽ ഒക്കെയുമുള്ള മനുഷ്യർ അതാത് അവസ്ഥകളിലെ ശക്തികൾക്കും ജ്ഞാനത്തിനും അനുസരിച്ച് അന്യോന്യം പരിചയപ്പെടാനും സഹായിക്കാനും പരിചരിക്കാനും പരിശ്രമിക്കേണ്ടുന്നത് വ്യക്തികളുടെ സ്വകാര്യ ആവശ്യവുമാണ്.

ഭൂമിയുടെ പൊന്നോമന കുഞ്ഞുങ്ങളായ മനുഷ്യർ അന്യോന്യം പരിചയപ്പെടുന്നതും സഹായിക്കുന്നതും കഴിയുന്നത്ര നേരിട്ടും ഉറ്റവരിലൂടെയും ആവണം. അദ്ധ്വാനിച്ചു നേടുന്ന/ നേടിയ സമ്പത്തുകളെ മറ്റ് സഹോദരങ്ങളെ സഹായിക്കാനായി ഉപയോഗിക്കുമ്പോൾ, പ്രധാന മന്ത്രിയുടെ ദുരിതാശ്വാസ ഫണ്ട്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ട്, പാർട്ടി ഫണ്ട്, തുടങ്ങിയ ഇടനിലക്കാരെ വയ്ക്കുമ്പോൾ, അവർ ധർമ്മശാസ്ത്ര വിരുദ്ധമായി, വകമാറ്റി, തെമ്മാടിത്തരങ്ങൾക്കു ചെലവു ചെയ്താൽ പുണ്യശേഖരണത്തിനു പകരം പാപികളെ കൂടുതൽ പാപികളാക്കാൻ പ്രവർത്തിച്ചതു പോലെയാകും. കടുത്ത പാപങ്ങളെ മുജ്ജന്മങ്ങളിൽ ചെയ്തു കൂട്ടിയവർക്കുള്ള ദൈവ ശിക്ഷകളെ കുറയ്ക്കാൻ മഹാനീതി ശാസ്ത്ര പ്രകാരം ഭൂമി നൽകുന്ന അവസരമാണ് ജനസേവനം എന്നതിനെ ഗ്രഹിച്ചാൽ മുജ്ജന്മ പാപികളാണെന്ന് അറിയാതെ ജീവിക്കുന്ന ജനസേവകരെ മാത്രം കുറ്റം പറയാൻ പറ്റില്ലെന്ന് ബോദ്ധ്യമാകും. വ്യക്തികൾ നേരിട്ട് സഹായിക്കുന്നത് ശ്രേഷ്ഠമാണ് എന്നു പ്രസ്താവിച്ചതിന്റെ മറവിൽ സാമ്പത്തിക കൈമാറ്റം അനുവദിക്കാത്ത ദൈവീകമായ സാമ്പത്തിക ശാസ്ത്രത്തെ, ഉറ്റവരെ സഹായിക്കാനായി ജനങ്ങൾ ദുരുപയോഗിക്കാതെ അയൽക്കാർക്കും, ജനസേവകരായ പഞ്ചായത്തുകൾക്കും ശ്രദ്ധിക്കാനാകും.

(3). ജനങ്ങളുടെ യഥാർത്ഥമായ പൊതു-ആവശ്യങ്ങളെ നിശ്ചയിക്കുന്നത് ശരീരത്തിന്റെ അകത്തും പുറത്തുമുള്ള മൂലകങ്ങളും, മൂലമായ ഭൂമിയുമാണ്. ധർമ്മശാസ്ത്ര പ്രകാരം ആനന്ദിച്ചു ജീവിക്കുന്നതിന് ആവശ്യമായ മരുന്നുകൾ, ശാസ്ത്ര സാങ്കേതിക ഗവേഷണങ്ങൾ, കര-ജല-ആകാശ വാഹനങ്ങളും പാതകളും പാർക്കിംഗ് സൗകര്യവും, വൈദ്യുതി ഉൾപ്പെടെയുള്ള ശക്തികളുടെയും ഇന്ധനങ്ങളുടെയും പരിപാലനം, വാർത്താവിനിമയ സംവിധാനങ്ങൾ, തുടങ്ങിയവ എല്ലാ മനുഷ്യർക്കും ചുരുങ്ങിയ ജീവിത കാലത്ത് തനിച്ച് ചെയ്യാൻ കഴിയുന്ന കാര്യങ്ങളല്ല. വൃദ്ധജന പരിപാലനം, ജല സംരക്ഷണവും വിതരണവും, ഗോക്കളും സസ്യങ്ങളും ഉൾപ്പെട്ട കൃഷി + ഭക്ഷണ സംരക്ഷണം, തുടങ്ങിയവയിലും പൊതുവായി ശ്രദ്ധിക്കാൻ സമൂഹത്തിൽ ജനസേവന സംവിധാനം ഉണ്ടാകുന്നത് ജനങ്ങളുടെ ആനന്ദങ്ങളെ വർദ്ധിപ്പിക്കുന്ന കാര്യങ്ങളാണ്. പൊതുവായ ആവശ്യങ്ങളിൽ സമൂഹത്തിലെ ചിലരുടെ ധർമ്മശാസ്ത്ര വിരുദ്ധമായ മദ്യം, മയക്കുമരുന്ന്, ദുഷ്ക്കാമം തുടങ്ങിയവ ഉൾപ്പെടുന്നുമില്ല. ധർമ്മശാസ്ത്ര പരമായ പൊതു ആവശ്യങ്ങൾ എന്തൊക്കെയാണെന്ന് ഭൂമി നിശ്ചയിക്കുകയും സാമ്പത്തികവും സാമ്പത്തിക ശാസ്ത്രവും ഉൾപ്പെട്ട 'കുറ്റങ്ങളും കുറവുകളും ഇല്ലാത്ത പരിഹാരങ്ങളോടെ' ഭൂമിയുടെ അംശമായ മൂലകങ്ങളിലും രൂപാന്തരമായ ശരീരങ്ങളിലും ലയിപ്പിച്ചിരിക്കുകയുമാണ്. ആവിധ കാര്യങ്ങളെ മഹാശാസ്ത്ര പരമായി വിശകലനം ചെയ്തു മനസ്സിലാക്കാൻ ആവശ്യമായ മഹാശാസ്ത്ര ജ്ഞാനത്തെ 'വിശേഷ ബുദ്ധി' എന്ന പേരിൽ മനുഷ്യരുടെ ജന്മഗുണങ്ങളിൽ ഉൾപ്പെടുത്തി ഭൂമി നൽകുന്നുമുണ്ട്. മത്സര തെരഞ്ഞെടുപ്പുകൾ പോലെ പണം- ഊർജ്ജം- ശാന്തി-സമാധാനം-സ്നേഹ ബന്ധങ്ങൾ-സമയം തുടങ്ങിയവയും വിഷയം തന്നെ നഷ്ടപ്പെടുത്തുന്ന ആഭാസങ്ങളും പണ-ച്ചിലവുമില്ലാതെയും, ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരം ജനസേവകരെ നിശ്ചയിക്കാനുള്ള പദ്ധതിയും 'അംശമായ മൂലകങ്ങളിലും ശരീരങ്ങളിലും ഭൂമി ലയിപ്പിച്ചിട്ടുണ്ട്.'

**ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിർവ്വഹിക്കാൻ ജനസേവകരെ നിശ്ചയിക്കേണ്ടത് ജനങ്ങളുടെ ആവശ്യമാണെന്നതു പോലും തിരിച്ചറിയാത്ത 'രാഷ്ട്രീയ-മത ജീവികൾ' ജനസേവകരെ തീരുമാനിക്കുകയും, സേവകരുടെ ആവശ്യങ്ങളെ നിറവേറ്റാനായി സേവകർക്കു വേണ്ടി ജനങ്ങളുടെ പണവും ഊർജ്ജം-ശാന്തി-സമാധാനം-സ്നേഹ ബന്ധങ്ങൾ-സമയം.... വിഷയ സത്തയും നഷ്ടപ്പെടുത്തുന്ന തെരഞ്ഞെടുപ്പുകൾ നടത്തുന്ന മൂഢരെയും നീചരെയും മഹാനീതിയായ ഭൂമി ശിക്ഷിച്ചു തന്നെയാണ് തിരുത്തുന്നത്. മൂഢരും നീചരുമായവർ ജനസേവകരായി ഭാവിച്ചു കൊണ്ട് ജനങ്ങളുടെ ഭരണാധികാരികളാണെന്നു തെറ്റിദ്ധരിക്കുകയും, അവരെയും സദാ ഭരിക്കുന്ന 'ശരീരവും ഓക്സിജനും ജലവും ഉൾപ്പെട്ട ഭൂമിയെ' അറിയാതിരിക്കുകയും; മൂഢരുടെ ആവശ്യങ്ങളെയും ഇഷ്ടങ്ങളെയും 'ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെന്നു കള്ളപ്പേരിട്ട് പാപങ്ങളും ശിക്ഷകളും വർദ്ധിപ്പിക്കുകയാണ്.'**

**മനുഷ്യൻ ഉൾപ്പെടെ യാതൊരു ജീവികൾക്കും ജിവിക്കാൻ അത്യാവശ്യമോ ആവശ്യമോ അല്ലാത്തതും, ഭൂമിയുടെ അംശമായ മൂലകങ്ങളോ ശരീരങ്ങളോ, അവ കൊണ്ട് ഉണ്ടാക്കിയ ധർമ്മശാസ്ത്രപരമായ ഉല്പന്നങ്ങളോ അല്ലാത്തതുമായ നികുതികൾ, ധർമ്മശാസ്ത്ര പരമായ വ്യക്തിസ്വാതന്ത്ര്യത്തെ തടസ്സപ്പെടുത്തുന്ന ബഹുവിധ ലൈസൻസുകൾ, മതപരമായ ആചാരങ്ങളും അനുഷ്ഠാനങ്ങളും, തുടങ്ങിയവ ധർമ്മശാസ്ത്ര പരമായ പൊതു ആവശ്യങ്ങളല്ല. ഭൂമിയുടെ അംശങ്ങളും അവയവങ്ങളുമായ ദേശങ്ങളുടെ മൂലമായ മൂലകങ്ങളിലും അവയുടെ രൂപാന്തരമായ ശരീരങ്ങളിലും ഭൗതിക ശാസ്ത്രത്തോടൊപ്പം ലയിച്ചിരിക്കുന്ന ധർമ്മശാസ്ത്രം മാത്രമാണ് 'എല്ലാ ദേശങ്ങളുടെയും മൊത്തമായ ഭൂമിയുടെ മഹാഭരണഘടന' എന്ന് ലഭ്യമായ വിശേഷ ബുദ്ധി കൊണ്ട് മനസ്സിലാക്കി അവ പ്രകാരം ജീവിക്കണം. പകരം 'ഭൗതികമായ അസ്തിത്വം ഇല്ലാത്ത കോപ്രായങ്ങളെ' നിയമങ്ങളെന്ന പേരിൽ തട്ടിക്കൂട്ടിയതും അവയെ നടപ്പാക്കാൻ ശ്രമിക്കുന്ന ചെയ്തികളുമാണ് വിനയായത്. ഭൂമിയുടെ മഹാഭരണഘടനയായ ധർമ്മശാസ്ത്രത്തെ മൂലകങ്ങളിൽ നിന്നും ലഭിക്കുമ്പോൾ, ഭൗതിക അസ്തിത്വം ഇല്ലാത്തതായ കോപ്രായ-നിയമങ്ങൾ ഉണ്ടാക്കാനായുള്ള സംസ്ഥാന കേന്ദ്ര നിയമസഭകളും രാഷ്ട്രീയ പാർട്ടികളും അനാവശ്യമാണെന്നും ധർമ്മശാസ്ത്രം പ്രകാരം മാത്രമാവണം ജനസേവകർ ഉൾപ്പെടെ എല്ലാ ജനങ്ങളും ജീവിക്കേണ്ടത് എന്നും തെളിയുന്നു. ധർമ്മശാസ്ത്ര പ്രകാരം ജനങ്ങൾ നേരിട്ടോ, പഞ്ചായത്തുകൾ തെരഞ്ഞെടുക്കുകയും വേതനം ഉൾപ്പെടെ സർവ്വത്തിനും പഞ്ചായത്തുകളുമായി ബന്ധിപ്പിക്കുകയും ചെയ്തിട്ടുള്ള പോലീസ് ഉൾപ്പെട്ട ജനസേവകരുടെ സഹായത്തോടെയോ, വിഷയങ്ങളിൽ ഉടനടി നടപടി എടുക്കുകയും ആവശ്യമെങ്കിൽ ജനസേവകർ മാർഗ്ഗദർശനം നൽകുകയും ചെയ്യുന്നതോടെ രാജ്യങ്ങളിലെ സേവകർ ഓരോരോ കാലങ്ങളിൽ തട്ടിക്കൂട്ടുന്നതും ജനങ്ങളുടെ ചിലവിൽ നിലനിൽക്കുന്നതുമായ വിവിധ അന്വേഷണ സംവിധാനങ്ങളും കോടതികളും അവസാനിക്കുന്നതും നാട്ടുരാജാവായ പഞ്ചായത്തിലേക്കും ജനങ്ങളിലേക്കും സാമൂഹിക അവകാശങ്ങളും അധികാരങ്ങളും കേന്ദ്രീകരിക്കുന്നതുമാണ്. വിശേഷ ബുദ്ധി കൊണ്ട് മഹാവാത്സല്യമാണ് ഭൂമിയുടെ നിയമങ്ങളെന്നും അറിയാൻ കഴിയും.** സമൂഹത്തിലെ മനുഷ്യരുടെ പൊതുവായ ആവശ്യങ്ങളെ നിർവ്വഹിക്കാൻ ചുമതലയേറ്റ ജനസേവകരെന്നും ഭരണാധികാരികളെന്നും ഭാവിക്കുന്നവർ തട്ടിക്കൂട്ടിയ ഭൗതിക അസ്തിത്വം ഇല്ലാത്ത ആശയങ്ങളും കോപ്രായങ്ങളുമാണ് നികുതികൾ, ലൈസൻസുകൾ, നിയമസഭ -കോടതി -ഹെൽമെറ്റ് -മാസ്ക്-പിഴകൾ-ജപ്തി-അറസ്റ്റ്-ജയിൽ- തുടങ്ങിയ പേരുകളോടെ ജനസേവകരെയും അവരുടെ കുടുംബങ്ങളെയും തീറ്റിപ്പോറ്റുന്ന ജനങ്ങളെ കഷ്ടപ്പെടുത്തുന്നത്. മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികൾക്കെല്ലാം ജീവിക്കാൻ ആവശ്യമായ സർവ്വവും ഭൂമിയുടെ അംശമായ മൂലകങ്ങളായും ശരീര-അവയവങ്ങളായും ജീവികൾക്ക് മഹാഉചിതമായി ഭൂമി എക്കാലവും നൽകുന്നുണ്ട്. ശരീര അവയവങ്ങളല്ലാത്ത ഹെൽമെറ്റ് മാസ്ക് കുട വടി നികുതികൾ പിഴകൾ ശബ്ദം-മൈക്ക്/ഹോൺ തുടങ്ങിയ വസ്തുക്കളെയും ഉല്പന്നങ്ങളെയും ആശയങ്ങളെയും ചുറ്റും ജീവിക്കുന്ന മനുഷ്യർക്ക് ശല്ല്യമുണ്ടാക്കാതെ സ്വയം ഉപയോഗിക്കാനും നിർവ്വഹിക്കാനും ജനസേവകർ ഉൾപ്പെടെയുള്ള ഏതൊരാൾക്കും വ്യക്തിസ്വാതന്ത്ര്യം ഉണ്ട്. സേവകരുടെ ഇഷ്ടങ്ങളെ ഭൂമിയുടെ മറ്റു കുഞ്ഞുങ്ങളുടെ മേൽ അടിച്ചേൽപ്പിക്കാമെന്ന് മൂലകങ്ങളുടെ രൂപാന്തരമായ ശരീരവും ഭൂമി നൽകുന്ന മുഖഛായ, അവയവങ്ങൾ, ആരോഗ്യം തുടങ്ങിയ ജന്മഗുണങ്ങളോടെ ജീവിക്കുന്ന വിവരദോഷികൾ ഉൾപ്പെടെ യാതൊരു മനുഷ്യരും കരുതേണ്ട.

ഭൂമിയുടെ അംശമായ മൂലകങ്ങളും രൂപാന്തരമായ ശരീരവും നൽകുന്ന ശക്തികളും ജ്ഞാനവും കൊണ്ട് ജനിക്കാനും വളരാനും കഴിയുന്ന ആത്മാക്കളുടെ മേൽ സമ്പൂർണ്ണമായ അവകാശവും അധികാരവും യഥാർത്ഥത്തിൽ ഭൂമിയായ മഹാശക്തിക്കു മാത്രമാണുള്ളത്. GodlyLawsReplaceHumanEvillyLaws.pdf എന്ന ലഘുവായ ദിവ്യമഹാശാസ്ത്ര ഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ട്. ജീവികളായ കുഞ്ഞുങ്ങളുടെ ജീവിതകാര്യങ്ങളിൽ മഹാപിതാവും മഹാമാതാവും കൂടിയായ ഭൂമിയുടെ അംശമായ 'മൂലകങ്ങളിലെ മഹാശാസ്ത്രം പ്രകാരം മാത്രം ഇടപെടാനാണ് ' ജനസേവകർ ഉൾപ്പെടെ ഏതൊരാളെയും മഹാശക്തിയും മഹാനീതിയുമായ ഭൂമി അനുവദിച്ചിട്ടുള്ളത്. (മൂലകങ്ങളുടെ സൂക്ഷ്മമായ ഓരോ ആറ്റത്തിലെയും പ്രോട്ടോൺ ശക്തിചക്രമായ മഹാമാതാവിന്റെയും ഇലക്ട്രോൺ ശിവചക്രമായ മഹാപിതാവിന്റെയും അംശമാണ്. പ്രോട്ടോൺ പ്രഭാവം കൊണ്ട് ഇലക്ട്രോൺ സദാ കറങ്ങുന്നത് ആത്മാക്കൾക്കു വേണ്ടി പ്രവർത്തിക്കുകയാണ്.). ജനിക്കാനും വളരാനും ഭൂമി ഉപകരണമാക്കിയ മാനുഷിക മാതാപിതാക്കൾക്കും ഉറ്റവർക്കും മറ്റും ഭാഗികമായ അവകാശവും അധികാരവും ഭൂമി നൽകുന്നുണ്ടെന്നല്ലാതെ, ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ പരിഹരിക്കാനായി ജനങ്ങളുടെ ചിലവിൽ ജീവിക്കുന്ന രാജാവും മന്ത്രിമാരും പോലീസും ഉദ്യോഗസ്ഥരും ഉൾപ്പെടെയുള്ള അടിമകൾക്ക് യാതൊരു അവകാശവും അധികാരവുമില്ല. ഭൂമിയുടെ അംശമായ മൂലകങ്ങളും ശരീരവും നൽകുന്ന വിശേഷ ബുദ്ധിയെ ദുരുപയോഗിച്ച് മനുഷ്യൻ തട്ടിക്കൂട്ടുന്ന ആശയങ്ങളെ 'ഭൗതിക അസ്തിത്വം ഉള്ളതായ മൂലകങ്ങളും ശരീരവുമായ വസ്തുക്കളോട് ' ബന്ധിപ്പിക്കാൻ ശ്രമിക്കാമെന്നല്ലാതെ ഭൗതിക-ധർമ്മ ശാസ്ത്രങ്ങൾ പ്രകാരം അവ ലയിക്കുകയോ ഭൗതികമായ അസ്തിത്വം ഉണ്ടാകുന്നതോ അല്ല. അതുകൊണ്ടാണ് അണ്ടൻ എന്ന ധനമന്ത്രി ചുമത്തിയ 5% നികുതിയെ അയാൾ തന്നെ പിന്നീട് 6% 10% 12% 18% എന്നെല്ലാം മാറ്റുന്നതും; ശേഷം കുണ്ടൻ എന്ന ധനമന്ത്രി വന്ന് നികുതി നിരക്കുകൾ വ്യത്യാസപ്പെടുത്തുന്നതും.

**ജലവും മറ്റും ചൂടാകുമ്പോൾ പ്രത്യേക ഊഷ്മാവിൽ തിളയ്ക്കുന്നതും ഐസാകുന്നതും സ്വർണ്ണം ഉരുകുന്നതും, ഭക്ഷണ സാധനങ്ങൾ വേവുന്നതും രുചി വ്യത്യാസപ്പെടുന്നതും, ഉപകരണങ്ങളും യന്ത്രങ്ങളും വാഹനങ്ങളും പോലെയുള്ളവ നിർമ്മിക്കുന്നതും ഒക്കെയായ കാര്യങ്ങളെയാണ് ഭൗതിക-ധർമ്മ ശാസ്ത്ര പ്രകാരമുള്ള അസ്തിത്വമെന്ന് മനസ്സിലാക്കേണ്ടത്. ഭൗതിക അസ്തിത്വം ഇല്ലാത്ത നികുതികളും ലൈസൻസുകളും പരിശോധനകളും ലോട്ടറികളും ഇൻഷ്വറൻസുകളും മറ്റും തട്ടിക്കൂട്ടിയത് ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിർവ്വഹിക്കാൻ ചുമതലയേറ്റ ജനസേവകരെന്നും ഭരണാധികാരികളെന്നും ഭാവിക്കുന്നവരാണ്. ഹെൽമെറ്റ് മാസ്ക് വ്യാപാര-വ്യവസായ-ഡ്രൈവിംഗ് ലൈസൻസുകൾ, പുക-മാലിന്യ പരിശോധനകൾ, തൊഴിൽ അഭിരുചി, തുടങ്ങിയവ വ്യക്തികൾക്ക് ഭൂമി നൽകുന്ന സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട വിഷയങ്ങളാണ്. ജനസേവകരുടെ വിഷയങ്ങളല്ല. സമൂഹത്തിലെ ജനങ്ങളുടെ ഭാഗം മാത്രമായ സേവകർ ഉൾപ്പെടെയുള്ള ജനങ്ങളുടെ മേൽ സമ്പൂർണ്ണമായ അവകാശവും അധികാരവുള്ളത് അവർക്ക് ജീവിക്കാൻ ആവശ്യമായ സർവ്വവും നൽകുന്ന ഭൂമിക്കു മാത്രമാണ്. ഭൂമി നൽകുന്ന സ്വാതന്ത്ര്യങ്ങളെ തടയാനും ഫീസ് ചുമത്താനും പിഴയിടാനും മറ്റും സേവകർ തുനിഞ്ഞാൽ, എല്ലാ ജീവി-ജന്മങ്ങളിലും മൂലകങ്ങളിലൂടെയും ശരീരത്തിലൂടെയും ആത്മാക്കൾക്ക് സർവ്വവും നൽകുന്ന ഭൂമി മഹാനീതിശാസ്ത്ര പ്രകാരം ശരീരത്തിലൂടെ ശിക്ഷിക്കുമെന്നത് നിസ്സാരമായി മനസ്സിലാക്കാൻ കഴിയും.**

ശരീരം നൽകുന്ന സ്വാതന്ത്ര്യത്തെ ദുരുപയോഗിച്ച് പാപങ്ങളും ശിക്ഷകളും കൂട്ടാനും കുറയ്ക്കാനും വ്യക്തികൾക്ക് താൽക്കാലികമായി കഴിയുമ്പോൾ ഓരോ ആത്മാവിനും വേണ്ടി മഹാദാസ്യത്തോടെയും മഹാവാത്സല്യത്തോടെയും പ്രവർത്തിക്കുന്ന ശരീരമായി ഒപ്പം കൂടിയിട്ടുള്ള ഭൂമിയുടെ അംശം, വേദനകൾ ഉൾപ്പെടെയുള്ള അനന്തമായ ആനന്ദങ്ങളെ മുഴുവൻ ആത്മാവിനു നൽകുകയാണ്. ആനന്ദങ്ങളെ സൃഷ്ടിക്കുന്ന ഭൂമി ആനന്ദങ്ങൾ ഉൾപ്പെടെ സർവ്വത്തിനും അതീതമാണെന്നും കൃത്യമായ അളവുകളോടെ കുഞ്ഞുങ്ങൾക്കെല്ലാം സമ-ആനന്ദമായ മഹാനീതിയെ നടപ്പാക്കുമെന്നും, മഹാസ്വത്വമായ ഓക്സിജന്റെ പ്രവർത്തനങ്ങളും അറിയണം. www.omsathyam.com/GodlyRevolution/Man.pdf ലെ ഓംകാര നീതിശാസ്ത്രം എന്ന അദ്ധ്യായത്തിൽ മഹാശാസ്ത്ര പരമായി വിശദീകരിച്ചിട്ടുണ്ട്. രാജാവും മന്ത്രിമാരും പോലീസും ഉൾപ്പെട്ട ജനസേവകർ ആവക മഹാപാഠങ്ങളെ പഠിക്കേണ്ടതും ഉൾക്കൊണ്ടു മാത്രം ജീവിക്കേണ്ടതും അവരുടെ ആവശ്യവും അത്യാവശ്യവുമാണ്.

**മനുഷ്യർക്കും മറ്റുള്ള ജീവികൾക്കും ഭൂമി നൽകുന്ന ധർമ്മശാസ്ത്ര പരമായ സ്വാതന്ത്ര്യങ്ങളെ തടസ്സപ്പെടുത്താതെ വിശേഷ ബുദ്ധി ലഭിക്കുന്ന മനുഷ്യർ ജീവിച്ചു കൊള്ളണം എന്നത് മൂലകങ്ങളിലും അവയുടെ രൂപാന്തരമായ ശരീരങ്ങളിലും ലയിച്ചിരിക്കുന്ന ശക്തികളും ശാസ്ത്രങ്ങളും പ്രകാരം മഹാനീതിയായ ഭൂമി നൽകുന്ന അത്യുഗ്രമായ ശാസനയാണ്.**

**ഇൻഷ്വറൻസ്, ലോട്ടറി, പിഎസ്സി, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, തുടങ്ങിയ അനവധി സംവിധാനങ്ങളും അനാവശ്യമാണെന്ന് മേല്പടി മഹാഗ്രന്ഥത്തിലുണ്ട്. അല്പം ഉദ്ധരിക്കുന്നു :- ഇൻഷ്വറൻസ് : വാഹനങ്ങളെ ഓടിക്കുന്നവരും മറ്റും അപകട മരണങ്ങളും ദീർഘകാല ചികിത്സകളും ചിലവുകളും ഉണ്ടാക്കുമ്പോൾ, ഇൻഷ്വറൻസ് സംവിധാനങ്ങളും, കൂട്ടുനിൽക്കുന്ന ഭരണകൂടങ്ങളും ചില സാമ്പത്തിക നഷ്ടങ്ങളെ പരിഹരിക്കുന്നത് സാധാരണമാണ്. ഡ്രൈവർമാരും മറ്റുമായ വ്യക്തികളുടെ അശ്രദ്ധയും അവിവേകവും വർദ്ധിപ്പിക്കുവാൻ ഇൻഷ്വറൻസ് സംവിധാനങ്ങൾ കാരണമാകുന്നതിനെ മാറ്റിവെച്ച് വിഷയത്തിലെ പുണ്യവും പാപവും ദൈവ-ശിക്ഷകളും വിശകലനം ചെയ്യണം. ഇൻഷ്വറൻസ് ജോലിക്കാരും ഭരണാധികാരികളും മറ്റും കടമകളിൽ നിന്നും കടപ്പാടുകളിൽ നിന്നും അപകടമുണ്ടാക്കിയ വ്യക്തികളെ വിടുവിക്കുമ്പോൾ, പാപങ്ങളുടെയും ദൈവശിക്ഷകളുടെയും വലിയൊരു പങ്ക് അവർ കൂടി ദൈവീക അളവോടെ ഏറ്റെടുക്കേണ്ടി വരുന്നതാണ്. അതീവ ഗുരുതരമാണവ. ദൈവമായ ഭൂമിക്ക് മദ്ധ്യസ്ഥരെ ആവശ്യമില്ല; നിയമിക്കുന്നുമില്ല; സൃഷ്ടി സ്ഥിതി സംഹാരങ്ങളുടെ ഉത്തരവാദിത്വമായ മഹാനീതി ഭൂമി നിർവ്വഹിക്കുന്നുണ്ട്. ഭൂമിയുടെ അംശമായ മൂലകങ്ങളിലൂടെയും ശരീരത്തിലൂടെയും ലഭിക്കുന്ന ശക്തികളും വിശേഷ ബുദ്ധിയും സമ്പൂർണ്ണമായ സ്വാതന്ത്ര്യവും കൊണ്ട് സ്വന്തം ഇഷ്ടപ്രകാരം ചെയ്യുന്ന കാര്യങ്ങളിൽ ഭൂമിയുടെ കുഞ്ഞുങ്ങളായ മനുഷ്യർക്ക് ഉത്തരവാദിത്വം ഉണ്ടാകണം. ഇൻഷ്വറൻസുകാരും ഭരണാധികാരികളും മറ്റും മധ്യസ്ഥരായി വിഷയങ്ങളിൽ ഇടപെടുന്നത് നീതികാര്യങ്ങളെ ബാധിക്കുന്നതാണ്. തൊഴിൽ എന്ന കള്ളപ്പേരിൽ നീചപ്രവൃത്തികളെ ചെയ്യുന്നവർക്ക് കുറ്റവും ദൈവീക ശിക്ഷയും ആനുപാതികമായി കൂടുന്നതാണ്. അവിവേകം കാട്ടി അപകടങ്ങൾ ഉണ്ടാക്കുന്ന വാഹന ഉടമകളെയും ഡ്രൈവർമാരെയും പറ്റി പറയുമ്പോൾ, വാദിയും ഉറ്റവരും ആവശ്യപ്പെടുന്നതും, ധർമ്മ ശാസ്ത്രം പ്രകാരം ഗ്രാമപഞ്ചായത്ത് ഉൾപ്പെടെ ഏതൊരാൾക്കും ഏകദേശമായി നിശ്ചയിക്കാൻ കഴിയുന്നതുമായ നഷ്ടപരിഹാരത്തെ പ്രതികൾ നൽകണം.**

**ജീവിതകാലം മുഴുവൻ വാദികളുടെയോ-ഉറ്റവരുടെയോ അടിമകളായി ജീവിക്കേണ്ടിയും വന്നേക്കാം ! മഹാനീതിയെ 100 മനുഷ്യ ജന്മങ്ങളെ കൊണ്ട് ഭൂമി ഭദ്രപ്പെടുത്തുന്നതാണ്. നീതി മനുഷ്യരുടെ വിഷയമല്ല. പ്രതികളെ ജന്തുനീതി പ്രകാരം ശിക്ഷിക്കാൻ, പീഡനം അനുഭവിച്ച വാദിക്കും ഉറ്റവർക്കുമാണ് അവകാശവും അധികാരവുമുള്ളത്; ജനസേവകർക്കില്ല. ആത്മാവ്, ശരീരം, മൂലകങ്ങൾ, എന്നീ ജീവിത ഘടകങ്ങൾ അപരാധികൾക്ക് ഭൗതികമായ ഉത്തരവാദിത്വം സൃഷ്ടിക്കുമ്പോൾ അപകടങ്ങൾ സമൂഹത്തിൽ ഇല്ലാതെയാകും; കുറയും : സ്വന്തമായി അദ്ധ്വാനിച്ച് ബൈക്ക്, കാറും, ഇതര വാഹനങ്ങളും വാങ്ങുകയും ഓടിക്കുകയും ഒക്കെ ചെയ്യുമ്പോൾ ശ്രദ്ധയും ഉത്തരവാദിത്വവും ഉണ്ടാകുന്നതും വർദ്ധിക്കുന്നതുമാണ്. ഡ്രൈവിംഗ് ലൈസൻസ് സമ്പ്രദായവും ബന്ധപ്പെട്ട പ്രവൃത്തികളും യഥാർത്ഥത്തിൽ തൊഴിലുകളല്ല; അനാവശ്യവും അധമവുമായ പ്രവൃത്തികളാണെന്നു കൂടി അറിയുക. ഭൂമിയുടെ കുഞ്ഞുങ്ങൾക്ക് ഭൂമി ധർമ്മശാസ്ത്രപരമായി ഭൂമിയിൽ ജീവിക്കാനുള്ള അവകാശമാകുന്ന ലൈസൻസ് മൂലകങ്ങളിൽ ലയിപ്പിച്ചിരിക്കുന്ന ഭൗതിക-ധർമ്മ ശാസ്ത്രങ്ങൾ പ്രകാരം ഭൂമി നൽകിയിട്ടുണ്ട്. ജനസേവകർ ജാഗ്രത പാലിച്ചാൽ നല്ലത്.**

ധർമ്മശാസ്ത്ര പ്രകാരം അദ്ധ്വാനിച്ചു ജീവിക്കുന്നതിനു പകരം ലോട്ടറി പോലെ മറ്റുള്ളവരുടെ പണം കൊണ്ട് ജീവിക്കുന്ന ഇൻഷ്വറൻസ് സ്ഥാപനങ്ങൾ എന്ന പേരിൽ അനാവശ്യവും അധമവുമായ പ്രവൃത്തികളെ തൊഴിലെന്ന കള്ളപ്പേരിൽ തട്ടിക്കൂട്ടുമ്പോൾ ആവിധ തൊഴിലാളികളെയും പോറ്റേണ്ടത് സമൂഹത്തിലെ അത്യാവശ്യമായ കൃഷിക്കാരും മറ്റുമാണ്. പാവങ്ങളായ കൃഷിക്കാരുടെയും മറ്റുള്ളവരുടെയും അദ്ധ്വാനത്തിൽ ബുദ്ധിശക്തി കൂടുതൽ ലഭിച്ചവർ വലിയ വേതനങ്ങളോടെ ധർമ്മശാസ്ത്ര വിരുദ്ധമായ ആഢംബര-ആനന്ദങ്ങളോടെ ജീവിക്കുകയാണ്. പാവങ്ങളായ കൃഷിക്കാർക്കും മറ്റും മുന്തിയതും അർഹിക്കുന്നതുമായ ജീവിത സൗകര്യങ്ങളെ ആസ്വദിക്കാൻ കഴിയാത്തതിനും ആനന്ദങ്ങൾ കുറയുന്നതിനും അതുമൊരു കാരണമാണ്. **ആത്മീയ ശാസ്ത്രത്തിന്റെ കേന്ദ്രമായി ഭൂമി നിശ്ചയിച്ചിട്ടുള്ള ഇന്ത്യയിൽ പോലും ദൈവീകമായ നീതി വിഷയമാകാഞ്ഞത് ആത്മീയ-ഭരണ ശാസ്ത്രങ്ങളിൽ ഉണ്ടായ അധഃപതനം അതിഭീകരമാണെന്ന് വെളിപ്പെടുത്തുന്നുണ്ട്. സാമ്പത്തിക ശാസ്ത്ര പ്രകാരം മക്കൾക്ക് മാതാപിതാക്കളുടെ വാഹനങ്ങൾ ഉൾപ്പെടെ സമ്പത്തിൽ അവകാശമില്ല! മറ്റുള്ളവരുടെ അദ്ധ്വാനത്തെ ചൂഷണം ചെയ്യുന്ന ലോട്ടറികൾ, ചുതുകളി, തുടങ്ങിയവയും, മറ്റുള്ള ജീവികളെ പീഡിപ്പിക്കുന്ന കുതിര പ്പന്തയം, ആനപ്പുറത്ത് കയറൽ, ആന എഴുന്നള്ളിപ്പ്, കാളയടി, സർക്കസ്, തുടങ്ങിയവയും, ബന്ധപ്പെട്ട പ്രവൃത്തികളും, പിടിച്ചുപറി, മോഷണം, കൊള്ള എന്നിവ പോലെയും അതിന്നുപരിയും നീചമാണ്; അവ തൊഴിൽ അല്ലതന്നെ..... വികലാംഗർ : ലോട്ടറി പോലുള്ള നീച പ്രവൃത്തികളെ തൊഴിലെന്നു കരുതുന്ന വികലാംഗർക്ക് തെറ്റി. ഉചിതവും കൂടുതൽ ആനന്ദങ്ങളെ നൽകുന്നതും ലളിതവുമായ തൊഴിലുകളെ ഭൂമി ഒരുക്കിയിട്ടുണ്ട്. ഈ സന്ദേശത്തിലുമുണ്ട്. തൊഴിലില്ലായ്മ : മഹാനീതിശാസ്ത്രമായ ഓംകാര നീതി ശാസ്ത്രം പ്രകാരം ഓരോ പ്രദേശങ്ങളിലും രാജ്യങ്ങളിലും ഭൂമിയിലും ജീവികളെ ജനിപ്പിക്കുകയും, അവയ്ക്കെല്ലാം ജീവിക്കാൻ ആവശ്യമായ സർവ്വവും മൂലകങ്ങളെ കൊണ്ട് ഒരുക്കുകയും, തൊഴിൽ അഭിരുചി ഉൾപ്പെടെയുള്ള ജന്മഗുണങ്ങളെ മഹാശക്തിയായ ഭൂമി മഹാആവിഷ്ക്കരിച്ചിരിക്കെ തൊഴിലില്ലായ്മ എന്നൊന്ന് മനുഷ്യരുടെ ഇടയിൽ യഥാർത്ഥത്തിൽ ഉണ്ടാകുന്നതല്ല.**

അവയവങ്ങൾ, സൗന്ദര്യം, ബുദ്ധിശക്തി, തൊഴിൽ അഭിരുചി എന്നിങ്ങനെ മഹാനീതിയുമായി ബന്ധപ്പെട്ട ജന്മഗുണങ്ങളെ മാനുഷികമായി വിലയിരുത്തി ക്കൊണ്ടുള്ള കേമത്തം, പൊങ്ങച്ചം, മത്സരം തുടങ്ങിയ അധമത്തങ്ങളെ ഒഴിവാക്കി ക്കൊണ്ട് തൊഴിൽ-അഭിരുചി പ്രകാരം ഭൂമിയിൽ തൊഴിൽ കണ്ടെത്താനും തൊഴിൽ ചെയ്യാനും സ്വന്തം പകുതി പ്രവർത്തിക്കുമ്പോൾ തൊഴിലില്ലായ്മ അവസാനിക്കും. തൊഴിലില്ലായ്മ ഉണ്ടാകുന്നത് വ്യക്തി സ്വന്തം പകുതി ചെയ്യാത്തതു കൊണ്ടാണെന്നും അത് പരിഹരിക്കേണ്ടത് ജനങ്ങളുടെ പൊതുവായ ആവശ്യമല്ല എന്നും സാരം. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, PSC തുടങ്ങിയവ അനാവശ്യമാണെന്നും തൊഴിലില്ലായ്മാ വേതനം എന്ന പേരിൽ ജനങ്ങളുടെ പണം ചെലവഴിക്കുന്നവർ വിവരദോഷികളായ പാപികളും, വാങ്ങുന്നവർ ലജ്ജയില്ലാത്ത പാപികളുമാണെന്നും സാരം. വാങ്ങുന്നവരുടെ പാപത്തിനുള്ള ശിക്ഷ കൂടി, അളവുകളോടെ, ജനങ്ങളുടെ പണം നൽകുന്ന മന്ത്രിമാർ തുടങ്ങിയവർക്ക് ലഭിക്കുന്നതാണ്.

**പരീക്ഷകളും, മത്സരങ്ങളും, മാർക്കിടീലും ധർമ്മശാസ്ത്ര വിരുദ്ധമാണ്.** ഉദ്യോഗാർത്ഥിയെ ക്കൊണ്ട് ഏതാനും മിനുട്ടുകളോ മണിക്കൂറുകളോ ഒരു പണി ചെയ്യിച്ചാൽ തൊഴിലിലെ വൈദഗ്ദ്ധ്യം ബോദ്ധ്യമാകും; എല്ലാ തൊഴിലാളികൾക്കും സമപദവിയും സമവേതനവും ഉറപ്പിക്കുന്നതോടെ സർക്കാർ ജോലിയോടുള്ള ആസക്തിയും, ധന ആർത്തിയും അവസാനിക്കും.

കളിക്കുന്നത് അടിസ്ഥാന പരമായി തൊഴിൽ അല്ല. കളിക്കാൻ വേണ്ടിയല്ലാ ജീവിതം. സ്വന്തം ആവശ്യത്തിന് ഭക്ഷണ സാധനങ്ങൾ സ്വയം കൃഷി ചെയ്ത് ഉല്പാദിപ്പിച്ച ശേഷം; മറ്റുള്ളവരെ ഉപദ്രവിക്കാതെ കളിച്ചു കൊള്ളുക. ക്രിക്കറ്റ്, ചീട്ടുകളി എന്നിവ ധർമ്മശാസ്ത്ര വിരുദ്ധമാണ്. കളികളെ ആസ്വദിക്കുന്നവർ സ്വന്തം കീശയിൽ നിന്നും കളിക്കാർക്ക് സമ്മാനങ്ങളെ നൽകാം എന്നല്ലാതെ മറ്റുള്ളവരും യജമാനരുമായ ജനങ്ങളുടെ പണത്തിൽ നിന്നും ചെലവു ചെയ്താൽ കടുത്ത അപരാധമാണ്; ശിക്ഷയും കൂടും. പൊതു ഖജനാവ് മോഷ്ടിക്കുന്നവർക്കും അങ്ങനെതന്നെ. www.omsathyam.com/GodlyRevolution/Man.pdf ദിവ്യമഹാവേദഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്. ശുചിത്വം അത്യാവശ്യം ആവശ്യം വിനോദം എന്നിങ്ങനെ തൊഴിലുകളെ നാലായി വിഭജിക്കുമ്പോൾ, സംഗീതം, നാടകം, സിനിമ, കൂത്ത്, തുടങ്ങിയ വിനോദ കലകൾക്ക് കാലഘട്ടത്തിന്റെ ആവശ്യത്തിനൊത്ത് ധർമ്മശാസ്ത്ര പരമായി സ്വയം ഉയരാനും, ശേഷം ജനങ്ങളെ ഉയർത്താനുമുള്ള ചുമതലകൾ ഉണ്ട്.

(4). ദേശീയ-രാഷ്ട്രീയ-മത-ജാതി-വർഗ്ഗീയ-വ്യത്യാസങ്ങൾ തുടങ്ങിയവയുടെ പേരിൽ മനുഷ്യൻ എന്ന ജീവിക്ക് ശരീര-അവയവങ്ങളോ ബുദ്ധിശക്തിയോ / വിശേഷ ബുദ്ധിയോ അടിസ്ഥാന പരമായി കൂട്ടുകയോ കുറയുകയോ ചെയ്യുന്നില്ല. രക്തം, അവയവങ്ങൾ തുടങ്ങിയവയുടെ പ്രവർത്തനം വ്യത്യാസപ്പെടുന്നില്ലാ എന്ന് രക്തദാനം, അവയവമാറ്റം, പ്രത്യുല്പാദനം, രോഗങ്ങളും രോഗമുക്തിയും, മരുന്നുകൾ, ഭക്ഷണം, ദഹനം വിസർജ്ജനം തുടങ്ങിയവ ആഗോളതലത്തിൽ തെളിയിക്കുന്നുണ്ട്. ഭൂമിയുടെ ഇഷ്ടം പ്രകാരം ഭൂമിയുടെ അംശവും അവയവങ്ങളുമായ ഓരോരോ പ്രദേശങ്ങളിൽ ഭൂമി ജനിപ്പിക്കുന്ന മനുഷ്യർ, വിശേഷ ബുദ്ധി ലഭിച്ചിട്ടും വ്യക്തിക്ക് പങ്കില്ലാത്ത ജന്മഗുണമായ ദേശങ്ങളുടെ പേരിൽ അടിപിടിയും കലാപങ്ങളും യുദ്ധങ്ങളും ഉണ്ടാക്കി ഭൂമിയുടെ കുഞ്ഞുങ്ങൾ അന്യോന്യം കൊല്ലുകയും തജ്ജന്മ ജീവിതത്തിൽ പാപങ്ങളും ദൈവശിക്ഷകളും ശേഖരിക്കുകയും ചെയ്യുന്നു.

ആനന്ദങ്ങളെ വർദ്ധിപ്പിക്കാനായി ഉപയോഗിക്കാൻ കഴിയുന്ന സമ്പത്തുകളെയും ജീവിതത്തെയും പാഴാക്കിയവരെ അവർ ഇന്നു വെറുക്കുന്ന ദേശത്തിൽ തന്നെ മഹാനീതി ശാസ്ത്ര പ്രകാരം ഭൂമി പുനർജ്ജനിപ്പിക്കുകയും ചെയ്യുന്നു ! പ്രദേശങ്ങളെയും ദേശങ്ങളെയും ചുമന്നു മാറ്റാനും ഉയർത്താനും താങ്ങാനും മനുഷ്യർക്ക് കഴിയുന്നതല്ല; എന്നാൽ മഹാശക്തിയായ ഭൂമിക്ക് സർവ്വത്തിനും ശക്തിയുണ്ട്; ഓരോ ആറ്റത്തിലും ശക്തികളെ പരിമിതപ്പെടുത്തിയിരിക്കുന്നു എന്നേയുള്ളൂ. ആറ്റങ്ങളിലെല്ലാം ശബ്ദബ്രഹ്മമായി പ്രവേശിച്ചിട്ടുള്ള ഓം പ്രപഞ്ചത്തിന് അതീതമായ മഹാശക്തിയാണെന്ന് ബ്രഹ്മപാഠങ്ങളിൽ നിന്നും പഠിക്കാനാകും.

ഭൂമിയിലെ സർവ്വത്തിന്റെയും അവകാശിയും അധികാരിയും മഹാജാലവും മഹാശക്തിയുമായ ഭൂമി മാത്രമാണ്. വിശേഷ ബുദ്ധി ഉപയോഗിച്ച് മൂലകങ്ങളിലും അവയുടെ മൊത്തമായ ഭൂമിയിലും ലയിച്ചിരിക്കുന്ന ധർമ്മ ശാസ്ത്രം മനസ്സിലാക്കുകയും, അതിൻ പ്രകാരം ജീവിക്കുകയുമാണ് മനുഷ്യർ ചെയ്യേണ്ടുന്നത്. മാതാപിതാക്കൾ, ഇണ, കുട്ടികൾ, സുഹൃത്തുക്കൾ, തുടങ്ങി ഉറ്റവരോടുകൂടെ ജീവിക്കുമ്പോൾ തജ്ജന്മത്തിലെ സ്നേഹ ബന്ധങ്ങളിലെ കടമകളെ പൂർത്തീകരിച്ചുകൊണ്ട് ജനങ്ങൾക്ക് പൊതുവെ കൂടുതൽ ആനന്ദിച്ചു ജീവിക്കാൻ കഴിയുന്നതാണ്. ജന്മസ്ഥലത്ത് ജീവിക്കാൻ മനുഷ്യനെ ബാദ്ധ്യസ്ഥനാക്കാനായിട്ട് ജന്മഗുണങ്ങളിൽ ഒന്നായി 'ജന്മസ്ഥലം' നിശ്ചയിച്ചു കൊണ്ട് ഭൂമിയിലെ വ്യത്യസ്ത രാജ്യങ്ങളിലെ പ്രത്യേകം പ്രദേശങ്ങളിൽ മനുഷ്യൻ ഉൾപ്പെട്ട ജീവികളെ ജനിപ്പിക്കുന്നത് ഭൂമി ആണ്; അസാധാരണമായ സാഹചര്യങ്ങൾ ഇല്ലാത്തപക്ഷം പാലിച്ചിരിക്കണം. ഭൂമിയുടെ കുഞ്ഞുങ്ങളും സഹോദരങ്ങളുമായ മനഷ്യരുടെ വിവാഹം അന്യ കുടുംബങ്ങളെ ബന്ധിപ്പിച്ച് മഹാശാസ്ത്രപരമായി നടത്തുന്നതിന് സമാനമായി കരകളെ ഭൂമി കൂട്ടിയിണക്കുന്നുണ്ട്.

വിശേഷ ബുദ്ധി ലഭിച്ച മനുഷ്യരെ സംബന്ധിച്ചിടത്തോളം ഭൂമിയുടെ രൂപം- വലിപ്പം, കരകൾ, സമുദ്രങ്ങൾ, നദികൾ, പർവ്വതങ്ങൾ, വനങ്ങൾ, പ്രകൃതി ഭംഗി, അനന്തവും വൈവിധ്യവുമാർന്ന ജീവികൾ, വ്യത്യസ്ത കരകളിലെ (രാജ്യങ്ങളിലെ) ജനങ്ങളുടെയും മറ്റുള്ള ജീവികളുടെയും ശാരീരിക മാനസിക പ്രത്യേകതകൾ, മനുഷ്യരുടെ സാമ്പത്തിക സാമൂഹിക സാംസ്കാരിക രാഷ്ട്രീയ പരിവർത്തനം, തുടങ്ങിയ കാര്യങ്ങളെല്ലാം പൊതുവായി അറിയേണ്ടത് മനുഷ്യരുടെ ആവശ്യമാണ്; ഉടനെയുള്ള ദൈവ വിപ്ലവം, തുടർന്ന് ഭൂമിയിൽ നടപ്പാകുന്ന മഹാശാസ്ത്ര ജീവിതമായ ദൈവരാജ്യം, ശേഷമുള്ള സൃഷ്ടിചക്രത്തിന്റെ സംഹാരം എന്നിവ അത്യാവശ്യവുമാക്കുന്നു. ഓംകാര നീതിശാസ്ത്രത്തിന്റെ കാതലായ മഹാപുനർജ്ജന്മ സിദ്ധാന്തം പ്രകാരം ഭൂമിയുടെ പൊന്നോമന കുഞ്ഞുങ്ങളായ മനുഷ്യരെയെല്ലാം ആകെയുള്ള 100 ജന്മങ്ങളെ കൊണ്ട് ഭൂമിയിലെ വ്യത്യസ്ത വിശേഷങ്ങളുള്ള 200-ലധികം രാജ്യങ്ങളിലും ജീവിപ്പിക്കാനും, സമആനന്ദമായ മഹാനീതി നൽകാനും; മുജ്ജന്മങ്ങളിൽ ഉറ്റവരായി ജീവിച്ചവരെ അക്കാലത്ത് അവർ പ്രകടിപ്പിച്ച ആഗ്രഹത്തെ അനുവദിച്ച് ബന്ധിപ്പിക്കുന്നതിനുമുള്ള മഹാപദ്ധതികളും മനുഷ്യരുടെ വിദേശ വാസത്തിൽ ഉണ്ട്. മഹാനീതി കാര്യങ്ങളാണവ. അസാധാരണ സാഹചര്യത്തിൽ മനുഷ്യർ ഉൾപ്പെടെ എല്ലാ ജീവികൾക്കും ജന്മസ്ഥലത്തിനു വെളിയിൽ ജീവിക്കാനുള്ള അവകാശത്തെയും ദൈവമായ ഭൂമി നൽകുന്നുണ്ട്. അതുകൊണ്ടാണ് ഒരു നാട്ടിൽ ജനിക്കുകയും ജീവിക്കുകയും ചെയ്യുന്ന മനുഷ്യനും മറ്റുള്ള ജീവികൾക്കും മറ്റൊരു നാട്ടിൽ പോയി ജീവിക്കാൻ സാധിക്കുന്നത്; ഭക്ഷണം, ജലം, വായു, ജീവികൾ തുടങ്ങിയവ യോജിക്കുന്നത്.

അതായത്, ഭൂമിയിൽ എവിടെയും ജീവിക്കാൻ എല്ലാ ജീവികൾക്കും ശരീരവും ശരണവും നൽകുന്ന 'ദൈവമായ ഭൂമി' അവകാശം നൽകുന്നുണ്ട്. സൃഷ്ടി മാത്രമായ മനുഷ്യർക്ക് ദൈവമായ ഭൂമിയുടെ കാര്യങ്ങളിൽ കൈകടത്താൻ അവകാശമില്ല. അസാധാരണമായ സാഹചര്യത്തിൽ സ്വീകരിക്കുന്ന വിദേശ ജോലി ഉൾപ്പെടെയുള്ള വിദേശ വാസത്തെ പരമാവധി 5 വർഷങ്ങളിൽ കൂടുതലാവാതെ ശ്രദ്ധിക്കണം. ഒരു കൈ വിരലുകൾ 5 എന്ന അളവ് നീതി ശാസ്ത്രവുമായി ബന്ധപ്പെട്ടതാകയാൽ ക്ലിപ്തപ്പെടുത്തില്ല. മാതാപിതാക്കൾ ഉൾപ്പെടെയുള്ള ഉറ്റവരെ ഉചിതമായി നേരിട്ട് പരിചരിക്കാനും ശുശ്രൂഷിക്കാനുമുള്ള അവസരങ്ങളെ നഷ്ടപ്പെടുത്താതെ ശ്രദ്ധിക്കേണ്ടത് വ്യക്തിയുടെ ആവശ്യമാണ്. പണപ്പേയ് പിടിച്ചും ധർമ്മ ശാസ്ത്ര വിരുദ്ധമായ ആനന്ദങ്ങളിൽ ഭ്രമിച്ചും അനേകർ കടമകളെ മറന്ന പോലെ ദുസ്വാർത്ഥരായി. വൃദ്ധസദനങ്ങളും അനാഥാലയങ്ങളും വർദ്ധിച്ചു. സ്നേഹവും വാത്സല്യവും ശുദ്ധ- പ്രണയവും സൗഹൃദവും ക്ഷയിക്കുകയും കാമവും മദ്യപാനവും പുകവലിയും മയക്കുമരുന്നുകളും ഇടം പിടിക്കുകയും ചെയ്തു.

Man.pdf എന്ന ദിവ്യമഹാഗ്രന്ഥത്തിൽ പ്രസ്താവിച്ച ദൈവ വിപ്ലവം ഉടൻ ആരംഭിക്കുമ്പോൾ ജന്മസ്ഥലത്തും ദേശത്തും മറ്റുമുള്ള ഉറ്റവരോടു കൂടെ ജീവിക്കാൻ മനുഷ്യർ ആഗ്രഹിക്കുന്നതാണ്. ജന്മസ്ഥലങ്ങളിലേക്ക് മടങ്ങാനുള്ള മുന്നൊരുക്കമായി ക്കൂടി വൈറസ് രോഗത്തെ ന്യൂനശക്തികൾ പരിവർത്തനം ചെയ്തിട്ടുണ്ട്. എല്ലാ രോഗങ്ങൾക്കുമുള്ള മുഖ്യ പ്രതിവിധി ധർമ്മശാസ്ത്ര പരമായ ജീവിതമാണ്. കേരളത്തിലെ പ്പോലെ ചിലയിടങ്ങളിൽ മദ്യക്കച്ചവടത്തെ പരിഹാരമാക്കുന്നുണ്ട്. വൈറസിന്റെ വകഭേദങ്ങളും മുല്ലപ്പെരിയാർ അണക്കെട്ട് ദുരന്തവും ഗൗനിക്കാതെ അവർ ന്യൂനശക്തികളെ പ്രകോപിപ്പിച്ചിട്ടുമുണ്ട് !

സർവ്വ ജീവികൾക്കും എക്കാലവും ഏകശരണമായിരിക്കുന്ന ഭൂമിയിലെ മനുഷ്യരുടെ ജീവിത കാര്യങ്ങളെ മഹാശാസ്ത്ര പ്രകാരം മാത്രം വിശകലനം ചെയ്യാനും പാലിക്കാനും ഗ്രാമപഞ്ചായത്ത് മുതൽ രാജ്യങ്ങളിലെ രാജാവും പ്രധാനമന്ത്രിയും വരെയുള്ള ജനസേവകർ തയ്യാറായാൽ, പൗരത്വ നിയമങ്ങളെ ഉണ്ടാക്കുന്നതിനു പകരം മത-ജാതി-രാഷ്ട്രീയ-ദേശീയ കോമാംപീച്ചകളെ അവസാനിപ്പിക്കാനും തട്ടിപ്പുകാരുടെ സമ്പത്തുകളെ കണ്ടുകെട്ടി പൊതു ഖജനാവിൽ ചേർത്തു കൊണ്ട്, തട്ടിപ്പുകാരെ ഉടുവസ്ത്രത്തോടെ കാട്ടിലേക്ക് അയക്കുകയോ; 2020-ലെ വൈറസ് രോഗ സമയത്ത് തട്ടിപ്പുകളെ താൽക്കാലികമായി നിരോധിച്ചത് സ്ഥിരപ്പെടുത്തുകയോ ചെയ്യുമായിരുന്നു.

സ്വന്തം ഉൾപ്പെടെ യാതൊരാളുടെയും ഒരു ജന്മഗുണത്തെ പ്പോലും വ്യത്യാസപ്പെടുത്താൻ കഴിവില്ലാത്തവരാണ് ജനസേവകർ. സർവ്വരെയും ഭരിക്കുന്നതും മഹാനീതി നടപ്പാക്കുന്നതും, അംശമായ മൂലകങ്ങളിലൂടെയും രൂപാന്തരമായ ശരീരങ്ങളിലൂടെയും മഹാജാലവും ഏകമഹാശക്തിയുമായ **ഭൂമി** മാത്രമാണ്. ജനങ്ങളുടെ ചിലവിൽ ജീവിക്കുന്ന മന്ത്രിമാരും പോലീസുമെല്ലാം ഭൂമിയുടെ മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ഭൗതിക അസ്തിത്വമുള്ള ഭൗതിക-ധർമ്മ ശാസ്ത്രങ്ങൾ പ്രകാരം പ്രവർത്തിച്ചില്ലെങ്കിൽ അവരെ തടയാനും പിഴയിടാനും അറസ്റ്റു ചെയ്യാനും അവരെയും കുടുംബങ്ങളെയും പോറ്റുന്ന യജമാനന്മാരായ ജനങ്ങൾക്കാണ് അവകാശമുള്ളത്. മറിച്ചല്ല.

ഭൂമിയിലെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ളതും ഭൗതികമായ അസ്തിത്വം ഉള്ളതും, ഭൂമിയുടെ മഹാജ്ഞാനവുമായ ഭൗതിക-ധർമ്മ-ആത്മീയ ശാസ്ത്രങ്ങൾ മാത്രമേ ഭൂമിയിൽ നിലനിൽക്കുകയുള്ളൂ; അവ മാത്രമേ, ഭൂമിയുടെ അംശങ്ങളായ മൂലകങ്ങൾ കൊണ്ട് ഉണ്ടായ ശരീരം കൊണ്ട് ജീവിക്കുന്ന മനുഷ്യർക്കും മറ്റുള്ള ജീവികൾക്കും ചേരുകയുള്ളൂ. സൃഷ്ടി സ്ഥിതി സംഹാരങ്ങൾക്ക് സൃഷ്ടികളുടെ സഹായം ദൈവമായ ഭൂമിക്ക് വേണ്ട ! സർവ്വത്തിനും അതീതവും ഭൂമിയുമായ ദൈവത്തിന് ആചാരങ്ങളും അനുഷ്ഠാനങ്ങളും മറ്റ് ഭോഷത്തങ്ങളും കെട്ടിവെയ്ക്കാൻ അല്പായുസ്സുകളായി ജീവിച്ചു മരിക്കുന്ന വിവരദോഷികൾക്ക് കഴിയില്ല. പ്രപഞ്ചത്തെയും ദൈവത്തെയും സംബന്ധിച്ച് അടിസ്ഥാന പരമായി അവർക്ക് അറിയില്ല.

വളരെ നിസ്സാരമായ ഏറെക്കുറെ 10000 വർഷങ്ങൾ മാത്രമാണ് ജീവന്റെയും ചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും ആയുസ്സെന്നു കരുതുന്നവരുടെ ഇടയിലെ വിശ്വാസ പ്രമാണങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളുമെല്ലാം അടിസ്ഥാന പരമായി കള്ളവും കള്ളത്തരങ്ങളും അജ്ഞാനവുമാണെന്ന് സുവ്യക്തമാണ്. ആയിരം കോടിയിലേറെ വർഷങ്ങളായി മഹാസത്യമായി നിലനിന്നു പോരുന്ന ഭൂമിയിലെ എല്ലാ വസ്തുക്കളും വസ്തുതകളും എക്കാലവും പ്രവർത്തിക്കുന്നത് ഭൂമിയുടെ അംശങ്ങളായ വസ്തുക്കളിലും, വസ്തുക്കളെ കൊണ്ട് ഉണ്ടാക്കിയ ജീവികളുടെ ശരീരങ്ങളിലും മഹാ-ലയിച്ചിട്ടുള്ള 'യഥാർത്ഥ സനാതന ധർമ്മം' ആയിട്ടുള്ള 'മഹാജ്ഞാനമായ മഹാശാസ്ത്രത്തിന്റെ ശാഖകളായ 'ഭൗതിക-ധർമ്മ-ആത്മീയ ശാസ്ത്രങ്ങളും, ബന്ധപ്പെട്ട ശക്തികളും' പ്രകാരം മാത്രമാണ്. ശരിക്കും സാമൂഹിക അകലം പാലിച്ചുകൊണ്ട് ജീവിക്കേണ്ടതായ അനവധി കാര്യങ്ങൾ സമൂഹത്തിൽ ഉണ്ട്. ബസ്സുകളിലെയും ട്രെയിനുകളിലെയും യാത്ര; വസ്ത്രം, വസ്ത്ര ധാരണം എന്നിവയിലെ സ്വകാര്യവും പൊതുകാര്യവും; വോട്ടിംഗ് സമ്പ്രദായം തുടങ്ങിയവ www.omsathyam.com/GodlyRevolution/GodlyLawsReplaceHumanEvillyLaws.pdf -ൽ ശാസ്ത്രപരമായി വിശദീകരിക്കുന്നുണ്ട്; പലതും ഞെട്ടിക്കുന്ന സത്യങ്ങളാണ്.

## സത്യങ്ങൾ അന്വേഷിക്കാൻ പോലും തയ്യാറാവാതെ, പുനർജ്ജന്മത്തിൽ തങ്ങൾക്കും ഉറ്റവർക്കും എതിരായേക്കാവുന്ന യുദ്ധങ്ങൾക്കായി സമ്പത്തുകളെ പാഴാക്കുന്ന കൊടും പാപികളായി ജനസേവകരും വളരെയധികം ജനങ്ങളും അധഃപതിച്ചിരിക്കുന്നു !

ആത്മാവിന് ജീവിക്കാൻ ശരീരവും മൂലകങ്ങളും പ്രദേശങ്ങളുമായി സദാ സേവനങ്ങൾ ചെയ്യുന്ന ഭൂമിയെ നിന്ദിക്കാതിരിക്കാനും, ഭൂമി മഹാദാസ്യത്തെയും മഹാവാത്സല്യത്തെയും മാത്രം ആനന്ദങ്ങളായി സ്വീകരിച്ചിട്ടുള്ളത് ആത്മാക്കൾക്കു വേണ്ടിയാണെന്ന് ഉൾക്കൊണ്ട്, ഭൂമിയുടെ അവകാശങ്ങളും അധികാരവും മാനിച്ചാൽ നല്ലത്. തെമ്മാടിത്ത നിയമങ്ങളും സംവിധാനങ്ങളും നിലനിർത്താൻ അല്പായുസ്സുകളായി ഓരോരോ ദേശങ്ങളിൽ മഹാപുനർജ്ജന്മ സിദ്ധാന്തം പ്രകാരം ജീവിക്കുന്ന മനുഷ്യർക്ക് സാധിക്കുന്നതല്ല; സാധിച്ചിട്ട് കാര്യവുമില്ല. പാമ്പിനും പല്ലിക്കും പുലിക്കും മത്സ്യങ്ങൾക്കും സസ്യങ്ങൾക്കും പക്ഷികൾക്കും ഇല്ലാത്ത പൗരത്വ നിയമങ്ങളെ 'ഭൂമി' വിശേഷ ബുദ്ധി നൽകിയ മനുഷ്യനു മാത്രം വിഷയമായത്, വിശേഷ ബുദ്ധി ലഭിച്ചിട്ടില്ലാത്ത മറ്റുള്ള ജീവികളേക്കാൾ തരം താണ് മത-ജാതി-രാഷ്ട്രീയ-ദേശീയ ജീവികളായി അധഃപതിച്ചതിനാലാണ്.

ഭൂമി സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന മനുഷ്യർ മഹാശാസ്ത്ര സാങ്കേതിക സൗകര്യങ്ങളെ ഉപയോഗിച്ചു കൊണ്ട് ഭൗതികമായ അസ്തിത്വം ഇല്ലാത്തവയും അസത്യങ്ങളുമായ മത-ജാതി-രാഷ്ട്രീയ-ദേശീയ കോനാംപീച്ചകളെ ജീവിത കാര്യങ്ങളിൽ പിൻപറ്റിയതും, തിരുത്താതെ ആവർത്തിക്കുന്നതും ഘോരമായ അപരാധമാണ്. അളവുകളോടെ മഹാനീതിയായ ഭൂമി ഓംകാര നീതി ശാസ്ത്രം പ്രകാരം ശിക്ഷിച്ചു തിരുത്തുന്നതാണ്. ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതും ഏകശക്തിയും മഹാശക്തിയുമായ ദൈവം 'ഭൂമി' എന്ന മഹാജാലമായ മഹാരൂപത്തെ സ്വീകരിച്ചിരിക്കുകയാണെന്നും, ഭൂമിയുടെ അംശമായ മൂലകങ്ങളിലും, മൂലകങ്ങളുടെ രൂപാന്തരമായ ശരീരത്തിലും ലയിച്ചിരിക്കുന്നതും ഭൗതിക ധർമ്മ നീതി ശാസ്ത്രങ്ങൾ എന്നീ യഥാർത്ഥമായ 3 മഹാവേദങ്ങൾ പ്രകാരം, ഖരരൂപമായ മൂലകങ്ങളും രൂപാന്തരമായ ശരീരവും; ദ്രാവക രൂപമായ ജലവും; വാതക രൂപവും ജീവികളുടെ മുഴുവൻ ജീവനുമായ ഓക്സിജനും കൊണ്ട്; 'മനുഷ്യൻ' ഉൾപ്പെടെ എല്ലാ ജീവികളുടെയും ആത്മാക്കളുടെ മേൽ മഹാസമനീതി നിർവ്വഹിക്കുന്നതും/ നൽകുന്നതും മേല്പടി 'മനുഷ്യൻ' (Man) എന്ന ദിവ്യ മഹാഗ്രന്ഥത്തിൽ മഹാശാസ്ത്ര പരമായി തെളിയിക്കുകയും വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്. ആവക മഹാശാസ്ത്ര പാഠങ്ങളെ പഠിക്കാൻ ഭാഗ്യം ലഭിച്ചാൽ, വിശേഷ ബുദ്ധികളെ മഹാമാതാവായ ഭൂമി നൽകിയിട്ടും, ഉപയോഗിക്കാതെ ഭൂമിയുടെ കുഞ്ഞുങ്ങൾ മത-ജാതി-രാഷ്ട്രീയ-ദേശീയ ജീവികളായി തമ്മിലടിക്കുന്നതിലെ ഭോഷത്വം ബോദ്ധ്യമാകുന്നതാണ്; ഭൂമിയിലെ മനുഷ്യർ എന്തെല്ലാം കോപ്രായങ്ങൾ കാട്ടിയാലും അവയെല്ലാം മഹാനീതിശാസ്ത്രത്തിനു മുന്നിൽ നിഷ്പ്രഭമാകുന്നതും, എല്ലായ്പ്പോഴും മഹാസമനീതി നിർവ്വഹിക്കപ്പെടുന്നത് എങ്ങനെയാണെന്നും പഠിക്കാം. പുതിയ അറിവുകൾ ലഭിക്കുമ്പോൾ, മുമ്പ് വിശ്വസിച്ചവ പലതും വലിയ ഭോഷത്തങ്ങൾ ആയിരുന്നു എന്ന് തോന്നിയാൽ ഖേദം വേണ്ടാ. 'അതാത് അവസ്ഥകളിലെ അറിവ്, അതാത് അവസ്ഥകളിൽ ശരി തന്നെയാണ്.' മറ്റൊരു വിധത്തിൽ പറഞ്ഞാൽ, മൂലകങ്ങളുടെയും അവയുടെ മൊത്തമായ ഭൂമിയുടെയും ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങളായ യഥാർത്ഥ വേദങ്ങളെ ഗ്രഹിക്കാനും സ്വീകരിക്കാനും ഭാഗ്യമുണ്ടാകും വരെ, അതാത് അവസരത്തിലെ അറിവ് താൽക്കാലികമായ ശരി മാത്രമാണ്.

മത-ജാതി-രാഷ്ട്രീയങ്ങൾ തീർത്തും അസംബന്ധങ്ങളാണെന്ന് ഭൂചലനം, സുനാമി, വെള്ളപ്പൊക്കം തുടങ്ങിയവ ഇടയ്ക്കിടെ ബോദ്ധ്യപ്പെടുത്താറുണ്ട്. സൂക്ഷ്മമായ വൈറസ്സിനെ ക്കൊണ്ടും നിസ്സാരമായി ചെയ്യാൻ കഴിയുമെന്ന് ഇപ്പോൾ ബോദ്ധ്യമായി. കൊറോണ അക്ബർ = കൊറോണ വലിയവൻ" എന്ന് മിക്ക രാജ്യങ്ങളിലെയും രാജാക്കന്മാരും പ്രധാന/മുഖ്യ-മന്ത്രിമാരും പോലീസും ഉദ്യോഗസ്ഥരും, എല്ലാ മതങ്ങളിലെയും പണ്ഡിതന്മാരും മറ്റനേകരും മാസ്ക്കിട്ട് കുരങ്ങന്മാരായി പരിണമിച്ച് പറയാതെ പറഞ്ഞു കൊണ്ടിരിക്കുകയാണ്. ഭൗതിക അസ്തിത്വം ഇല്ലാത്തതായ മത-ജാതി-രാഷ്ട്രീയ-വർഗ്ഗീയ-ദേശീയ കോപ്രായങ്ങളായ അന്ധവിശ്വാസങ്ങൾ, നികുതികൾ, മദ്യനിർമ്മാണവും പാനവും, ആർഭാടം, ബസ്-ട്രെയിൻ തുടങ്ങിയവയിലെ തിക്കും തിരക്കും, പരസ്യമായ സെക്സ് തുടങ്ങിയവയിൽ നിന്നും സാമൂഹിക അകലം പാലിക്കാത്തത് തീർച്ചയായും രോഗങ്ങൾക്കെല്ലാം പൊതുവായ കാരണമാണ്. സർജറി ചെയ്യുന്ന ഡോക്ടർക്കു മാത്രമല്ല; ധർമ്മശാസ്ത്ര വിരുദ്ധമായി ജീവിക്കുന്നവർക്കെല്ലാം, പുനർജ്ജന്മങ്ങളിലെ ജന്തുശിക്ഷ കുറയാൻ സ്വയം മുഖം മറച്ചു ജീവിക്കാം !

ആത്മാവിന് മനുഷ്യാവസ്ഥയിൽ ലഭിക്കുന്ന പരമ-വിശിഷ്ടമായ മുഖവും മുഖഛായയും കാണാനും കാണിക്കാനുള്ള യോഗ്യതയും, പലവിധ ആവശ്യങ്ങളും പോലും മാസ്ക് ജീവിതം കൊണ്ടും മറ്റും മനുഷ്യർക്കു നഷ്ടപ്പെടുകയാണ്. ജനങ്ങളുടെ ചിലവിൽ ജീവിക്കുന്ന രാജാവും മന്ത്രിമാരും പോലീസും ഉൾപ്പെടെയുള്ള ജനസേവകർക്ക് അവരുടെ യജമാനന്മാരായ ജനങ്ങളോട് എങ്ങനെ പെരുമാറണമെന്ന സാമാന്യ മര്യാദകൾ പോലും അറിയാതെ പോയത് അതീവ ഗുരുതരമായ വീഴ്ച്ചയാണ്. മഹാനീതിശാസ്ത്ര പ്രകാരം കൃത്യമായ അളവുകളോടെ അതികഠിനമായ കുറ്റവും ശിക്ഷയും ഭൂമി നൽകുന്നുണ്ട്. Man.pdf, Aanandham.pdf തുടങ്ങിയ ദിവ്യ മഹാവേദ ഗ്രന്ഥങ്ങളിലെ ഓംകാര നീതിശാസ്ത്രം എന്ന അദ്ധ്യായത്തിൽ മഹാശാസ്ത്ര പരമായി വിശദീകരിച്ചിട്ടുണ്ട്. ജനസേവകർക്ക് ലഭ്യമായ വിശേഷ ബുദ്ധി കൊണ്ട് സ്വന്തം പദവികളുടെ നിസ്സാരത സ്വയം വിശകലനം ചെയ്ത് മനസ്സിലാക്കാൻ നിസ്സാരമായി കഴിയുമെന്നിരിക്കെയാണ് കടുത്ത വീഴ്ച്ചകൾ സംഭവിച്ചതും സംഭവിക്കുന്നതും !

ജീവിക്കാനുള്ള ശക്തികളും ജ്ഞാനവും ആനന്ദങ്ങളും ശരണവും നൽകുന്ന ദൈവാംശമായ മൂലകങ്ങൾക്കും രൂപാന്തരമായ ശരീരങ്ങൾക്കും മൊത്തമായ ഭൂമിക്കും മാത്രമാണ് ജീവികളുടെ മേൽ അവകാശവും അധികാരവും ഉള്ളത്; മുമ്പ് ഹ്രസ്വമായി വിശദീകരിച്ചതാണ്. മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ എന്നീ പ്രധാന അവസ്ഥകളിൽ ജീവിക്കുന്ന ജീവികളുടെ സ്വത്വവും നിർജ്ജീവവുമായ ആത്മാക്കൾക്ക് ശക്തികളും ജ്ഞാനവും ശരണവും ആനന്ദങ്ങളുടെ പകുതിയും ദാനമായി ലഭിക്കുന്നവയാണ്. മൂലകങ്ങളും സംയുക്തങ്ങളുമായ വായുവും ജലവും മണ്ണും ഉൾപ്പെടെയുള്ള വസ്തുക്കളും, അവയുടെ മൊത്തമായ സമസ്ത നാടുകളും ദേശങ്ങളും ചേർന്ന ഭൂമിയും, മൂലകങ്ങളുടെ രൂപാന്തരമായ 'ജീവികളുടെയെല്ലാം ശരീരങ്ങളുമാണ് ' ദാനം നൽകുന്നത്; മാതാപിതാക്കൾ, സഹോദരങ്ങൾ, ബന്ധുക്കൾ, ഇണ, മക്കൾ തുടങ്ങിയ ഉറ്റവർ 'ലൂടെ' എന്നു വിശേഷിപ്പിക്കാവുന്ന സംവിധാനങ്ങളാണ്.

മനുഷ്യരായി ജീവിക്കുമ്പോൾ ശാസ്ത്ര നിയമങ്ങളെ ഉപയോഗിച്ച് ആനന്ദങ്ങളെ വർദ്ധിപ്പിച്ചു ജീവിക്കാൻ കുടുംബ-സമൂഹ ജീവിതം ആവശ്യമാകുന്നതും, അതിനായി മറ്റുള്ള ജീവികളിൽ നിന്നും വ്യത്യസ്തമായ കാമവ്യവസ്ഥയും വസ്ത്രവും മനുഷ്യർക്കായി ഒരുക്കുന്നതും, മനുഷ്യരുടെ  പൊതുവായ ആവശ്യങ്ങളെ നിറവേറ്റാൻ രാജാവ്, പ്രധാനമന്ത്രി, മന്ത്രിമാർ തുടങ്ങിയ സേവകരെ ആവശ്യമാകുന്നതുമെല്ലാം മേല്പടി മഹാഗ്രന്ഥങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്.

മത്സ്യം, സസ്യം എന്നീ ജീവികൾക്ക് വേദന ഒഴിവാക്കിയാണ് 'മഹാശക്തിയും മഹാജാലമായ ഭൂമിയുമായി അവതരിച്ചിട്ടുള്ള ബ്രഹ്മ-മഹാദേവി മഹാവാത്സല്ല്യമാകുന്നതെന്ന് ' മഹാശാസ്ത്ര പ്രകാരം തെളിയിക്കുന്ന അത്ഭുത കരമായ മഹാപാഠങ്ങളും www.omsathyam.com/GodlyRevolution/GodlyLaws ReplaceHumanEvillyLaws.pdf എന്ന ദിവ്യ മഹാവേദഗ്രന്ഥത്തിൽ ലഭ്യമാണ്. ഭൗതികശാസ്ത്ര പരമായും അല്ലാതെയും കൂടുതൽ ആനന്ദങ്ങളെ അനുഭവിച്ചു ജീവിക്കുന്ന മനുഷ്യ-ജീവികൾക്ക് കൂടുതൽ വേദനകളെയും, ആനന്ദങ്ങളെ കുറച്ചു മാത്രം അനുഭവിക്കുന്ന മറ്റു ജീവികൾക്ക് ആനുപാതികമായി വേദന കുറച്ചു നൽകാനും ഏകദൈവവും മഹാനീതിയും മഹാമാതാവുമായ ഭൂമി ബാദ്ധ്യസ്ഥമാണ്; ചെയ്യുന്നുമുണ്ട്. മഹാശാസ്ത്ര പരമായി വിശകലനം ചെയ്ത് ഖണ്ഡിക്കാനായി പരിശ്രമിച്ച ശേഷം മാത്രം ഏതൊരു പാഠവും സ്വീകരിക്കാൻ കഴിയട്ടെ.

ഭൂമിയിലെ മനുഷ്യർക്ക് ആനന്ദങ്ങളെ വർദ്ധിപ്പിച്ചു കൊണ്ട് ജീവിക്കാനായി ക്കൂടി ഭൂമി നൽകുന്നതും, അറിഞ്ഞും അറിയാതെയും എല്ലാ മനുഷ്യരും ഉപയോഗിക്കുന്നതും അനുഭവിക്കുന്നതുമായ മഹാശാസ്ത്ര പ്രകാരവും, ആവശ്യാനുസരണം നേരിട്ടും ദൈവം തന്നെ ദൈവകാര്യങ്ങളെ മഹാഉചിതമായ സമയത്ത് സൃഷ്ടികളായ മനുഷ്യരെ അറിയിക്കുന്നതാണ്. ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയും സൃഷ്ടി സ്ഥിതി സംഹാര കർത്താവുമായ ദൈവം നൽകുന്ന ശക്തികളും ജ്ഞാനവും ആനന്ദങ്ങളും സ്വാതന്ത്ര്യവും കൊണ്ട് ജീവിക്കുന്ന മനുഷ്യർ ഉൾപ്പെടെയുള്ള സൃഷ്ടികളുടെ സഹായം യാതൊന്നിനും മഹാശക്തിയും ഭൂമിയുമായ ഏകദൈവത്തിന് ഒട്ടും ആവശ്യമില്ല. എന്നുവെച്ചാൽ ദൈവകാര്യങ്ങളും ആത്മീയ കാര്യങ്ങളും ഉൾപ്പെടെയുള്ള ദൈവശാസ്ത്രമായ വേദങ്ങളെ ദൈവമായ ഭൂമി മഹാഉചിതമായി ഓരോ സൃഷ്ടി ചക്രത്തിലും വീണ്ടെടുത്തു നൽകുന്നുണ്ട്.

ഉടനെയുള്ള ദൈവ വിപ്ലവത്തോടെ, മതങ്ങൾ, രാഷ്ട്രീയ പാർട്ടികൾ തുടങ്ങിയ ഭൗതിക അസ്തിത്വമില്ലാത്ത ഭോഷത്ത ആശയങ്ങൾ അവസാനിക്കുന്നതാണ്. മതങ്ങളും രാഷ്ട്രീയ പാർട്ടികളും ഉണ്ടായ കാലം മുതൽ തന്നെ മനുഷ്യരുടെ ഇടയിൽ മത-രാഷ്ട്രീയ മാറ്റങ്ങൾ സാധാരണമായും, നിർബ്ബന്ധിക്കൽ കൊണ്ടുമെല്ലാം സാദ്ധ്യമാവാൻ മൂലകാരണം അവയ്ക്ക് ഭൗതിക-ധർമ്മ ശാസ്ത്രങ്ങൾ പ്രകാരമുള്ള അസ്തിത്വം ഇല്ലാത്തതു കൊണ്ടാണ്. ഭൂമിയുടെ അംശമായ മൂലകങ്ങളിൽ അസ്തിത്വം ഇല്ലാത്ത അവയെല്ലാം അടിസ്ഥാന പരമായി അസത്യങ്ങളും തട്ടിപ്പുകളും മാത്രമാണ്. മത-രാഷ്ട്രീയ..ഗ്രന്ഥങ്ങളെ മുഴുവൻ ചുമന്നു നടന്നവർ തന്നെ ചുട്ടെരിക്കുന്നതാണ്.

ഓം, ഓംകാരം, ഓംകാര നീതിശാസ്ത്രം, ബ്രഹ്മം, ശക്തി, ശിവൻ, എന്നിങ്ങനെ ഏതാനും ചില ആത്മീയ കാര്യങ്ങൾ മാത്രം ഭാഗികമായ സത്യങ്ങളായി മഹാഭാരതത്തിൽ നിലനിൽക്കുന്നതിനു കാരണം മഹാശക്തിയായ ഭൂമിയുടെ മഹാജ്ഞാനമായ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്ര മഹാ-മഹിമയാണ്. ആദ്യ മഹാകാല ചക്രത്തിൽ മനുഷ്യരിൽ നിന്നും താൽക്കാലികമായി ദേവതകളായി നിയമിച്ചവർ ക്രമേണയായി ധർമ്മശാസ്ത്രത്തിൽ നിന്നും അകന്ന് ദുർദ്ദേവതകളായി പരിണമിച്ചതും ആത്മീയ വിഷയങ്ങളെയും മഹാശാസ്ത്രം തന്നെയും അട്ടിമറിക്കാൻ ശ്രമിച്ച വസ്തതകളുണ്ട്. www.omsathyam.com/GodlyRevolution/Man.pdf , SupremeJusticeGOD.pdf , OM.pdf, Universe.pdf, MahaaVedam.pdf തുടങ്ങിയ ദിവ്യമഹാവേദഗ്രന്ഥങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്. ഏകമഹാശക്തിയും ഭൂമിയുമായ മഹാദേവിയെയും, ഭാഗവും മഹാദാസനും പരമാത്മാവും പരമശിവനുമായ മഹാദേവനെയും കുതന്ത്രങ്ങളിലൂടെ ഒഴിവാക്കി ക്കൊണ്ട് ദൈവമാകാൻ ശ്രമിച്ച കൊടിയ ഇതിഹാസങ്ങൾ തന്നെയുണ്ട്. ഇതിഹാസമായ മഹാഭാരതത്തിലെ ചരിത്ര മനുഷ്യ-കഥാപാത്രങ്ങളിൽ ഏറെയും യഥാർത്ഥത്തിൽ ദുർദ്ദേവതകളുടെ ചട്ടുകങ്ങളായി അധഃപതിച്ചവരാണ്. ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയായ ഭൂമി, മഹാഭാവമായി സ്വീകരിച്ച സത്യ ധർമ്മ നീതികൾ പ്രകാരം മാത്രമേ ഭൂമി പ്രവർത്തികയുള്ളൂ എന്നതിനെ ദുരുപയോഗിച്ച് ദുസ്വാർത്ഥങ്ങളെ നേടാനാണ് ദുർ-ദ്ദേവതകൾ ശ്രമിച്ചത്. മഹാമാതാവും മഹാശക്തിയുമായ ഭൂമി, മഹാപിതാവായ ശിവനുമായി ചേർന്ന് സ്വീകരിച്ചിരിക്കുന്ന മഹാസ്ഥിതിധർമ്മദ്രാവകരൂപമായ ജലത്തിന്റെ ആദിയും അന്തവും ഇല്ലാത്ത മഹാപ്രകടനമായ മഹാസമുദ്രമായി മഹാശക്തിയായ ഭൂമിയെ സങ്കല്പിച്ചാൽ, അതിലെ കഷ്ടിച്ച് ഒരു തുള്ളി വെള്ളം കൊണ്ടു മാത്രമാണ് മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ഭൂമി നിർവ്വഹിക്കുന്നത്.

**മഹാസത്യധർമ്മനീതിസ്വരൂപമായ ഭൂമി, പ്രസ്തുത ഒരു തുള്ളി വെള്ളത്തിന്റെ ശക്തി കൊണ്ടു മാത്രം ഭൂമിയിലെ എല്ലാ സൃഷ്ടി സ്ഥിതി സംഹാരങ്ങളെയും, മനുഷ്യർ ഉൾപ്പെടെ എല്ലാ ജീവികളുടെയും എല്ലാ പ്രശ്നങ്ങളെയും നിർവ്വഹിക്കുമെന്ന മഹാവ്യവസ്ഥയെ ഉണ്ടാക്കിയിട്ടുള്ളത് മഹാനീതികാര്യങ്ങളെ കൃത്യമായ അളവുകളോടെ നടപ്പാക്കാനാണ്. ജീവികളായ കുഞ്ഞുങ്ങൾക്കു വേണ്ടി ഭാഗികമായ പരിമിതികളെ സ്വയം ഭൂമി ഏർപ്പെടുത്തിയപ്പോൾ, അതിനെ കുതന്ത്രങ്ങളിലൂടെ മറികടക്കാനും ദൈവമാകാനും രണ്ടു ദേവതകൾ ശ്രമിച്ചു. മഹാശാസ്ത്ര പ്രകാരം ശ്രമിച്ച ഒരു ദേവത മഹാശാസ്ത്ര പ്രകാരം തന്നെ പരാജയം ഏറ്റുവാങ്ങി ക്കൊണ്ട് മാന്യമായി കളം വിട്ടു. രണ്ടാമൻ മഹാശാസ്ത്ര വിരുദ്ധമായി, മായാജാലങ്ങളെ ഏറ്റവും ഹീനമായി ദുരുപയോഗിച്ച് ശ്രമിക്കുകയും, പരാജയങ്ങൾ ഏറ്റുവാങ്ങിയും മണ്ടത്തരങ്ങൾ തിരിച്ചറിഞ്ഞും മാപ്പിരന്ന് മനുഷ്യനായി ജീവിക്കുന്നു. ആയിരം കോടി വർഷങ്ങൾ നീണ്ട ആദ്യ മഹാകാല ചക്രത്തിൽ ദേവതകളെ സൃഷ്ടിച്ചതിന്റെയും ഇപ്പോൾ പിൻവലിച്ചതിന്റെയും അനേകം ദേവതകൾ മാപ്പിരന്നു ജീവിക്കുന്നതിന്റെയും കാര്യകാരണങ്ങൾ മേല്പടി Man.pdf ൽ വിശദീകരിച്ചിട്ടുണ്ട്.**

**മഹാഭാരതത്തിലും ഇപ്പോഴുള്ള വിശ്വാസങ്ങളിൽ തെറ്റുകളും കുറ്റങ്ങളും വളരെക്കൂടുതലാണ്. ദൈവമായ ഭൂമിയെയും അംശമായ മൂലകങ്ങളെയും ശരീരങ്ങളെയും നിർജ്ജീവ വസ്തുക്കളായും നശ്വരമായും പണ്ഡിതന്മാരായി ഭാവിക്കുന്നവർ പോലും കരുതുന്നതാണ് ഏറ്റവും വലിയ തെറ്റും അപരാധവും. പരമാത്മാവും മഹാപിതാവുമായ പരമശിവനെ മഹാശക്തിയായ ദൈവമായും, പരമാത്മാവിന്റെ അംശങ്ങളായ ആത്മാക്കളെ ദൈവാംശങ്ങളായും കരുതുന്നത് മറ്റൊരു വലിയ തെറ്റും അപരാധവുമാണ്. പ്രപഞ്ചം ഇല്ലെങ്കിലും നിലനിൽക്കുന്ന സർവ്വത്തിനും അതീതമായ ഏകദൈവം എന്ന ദൈവത്തിന്റെ മഹാഅവസ്ഥയെ സൂചിപ്പിക്കുന്ന മഹാപദമാണ് ബ്രഹ്മം എന്നിരിക്കെ നിർജ്ജീവങ്ങളാണെന്ന് അനുഭവിച്ചറിയുന്നവരും, അസ്തിത്വം പോലും സ്വന്തമല്ലാത്തവരും, ഭൂമിയുടെ അംശമായ മൂലകങ്ങളും രൂപാന്തരമായ ശരീരവും അറിയിക്കാതെ അവരെവരെ പ്പറ്റിപ്പോലും അറിയാത്തവരുമായ ആത്മാക്കൾ 'അഹം ബ്രഹ്മാസ്മി' എന്നുച്ചരിക്കുന്നത് മൂഢത്തത്തിന്റെ ഏറ്റവും വലിയ കൊടുമുടിയിൽ കയറിയുള്ള കൊടി പറത്തലാണ്.**

**എന്തു കാരണം കൊണ്ടാണ് ദൈവത്തിന്റെ അംശമാക്കാതെയും, അടിസ്ഥാനപരമായി നിർജ്ജീവമായും, ജീവാത്മാക്കളെ സൃഷ്ടിക്കുന്നതെന്ന് മുമ്പ് വിശദീകരിച്ചതാണ്. ഒരല്പം ആവർത്തിക്കുന്നു :-**

ദൈവവും, ദൈവത്തിന്റെ അംശങ്ങളും, ആദിയും അന്തവും ഇല്ലാത്ത മഹാശക്തികളും ആനന്ദങ്ങൾ ഉൾപ്പെടെ സർവ്വത്തിനും അതീതവും ആകയാൽ, സ്രഷ്ടാവ് സ്രഷ്ടാക്കളെ തന്നെ സൃഷ്ടിക്കുന്നതു പോലെ നിരർത്ഥകമാണ്. അതായത്, സദാ ജീവവും സർവ്വത്തിനും അതീതവുമായ ദൈവാംശങ്ങൾ സൃഷ്ടി ആകുന്നതല്ല. മഹാശക്തിയായ ഭൂമിയുടെ അംശമായ മൂലകങ്ങളുടെ സൂക്ഷ്മ അംശങ്ങളായ ആറ്റങ്ങളിൽ മഹാശക്തികൾ തന്നെയാണെന്നതും ടോപ് ക്വാർക്ക്, ബ്രഹ്മകണമായ ഓം എന്നിവ ഓരോ ആറ്റത്തിലും ഉണ്ടെന്നും ഭൗതികമായ സാക്ഷ്യമാണ്.

ദോഷങ്ങൾ ഉൾപ്പെടെയുള്ള ഗുണങ്ങളെയും, സ്വാതന്ത്ര്യങ്ങളെയും, ആനന്ദങ്ങളെയും, മഹാസമമായി, മഹാനീതിശാസ്ത്ര പ്രകാരം എല്ലാ സൃഷ്ടികൾക്കും നൽകണമെങ്കിൽ, നിർജ്ജീവമായ അവസ്ഥ കൂടി ബാധകമായ ഒന്നിന്റെ അംശങ്ങളായി സൃഷ്ടികളെ/ജീവികളെ സൃഷ്ടിക്കേണ്ടതുണ്ട്. അതിന് സ്രഷ്ടാവും സൃഷ്ടിയും രണ്ടായിരിക്കണം; ദൈവാംശങ്ങളായി ജീവികളെ സൃഷ്ടിച്ചു കൂടാ. ആദ്യ മഹാകാല ചക്രത്തിൽ പൈശാചികമായി അധഃപതിച്ച ചില ദേവതകളെ ദൈവങ്ങളായി അനേകർ തെറ്റിദ്ധരിച്ചിട്ടുമുണ്ട്. www.omsathyam.com/GodlyRevolution/OM.pdf എന്ന ദിവ്യമഹാവേദ ഗ്രന്ഥത്തിൽ തെളിയിച്ചിട്ടുണ്ട്. എല്ലാ ദേവതകളെയും (അടിസ്ഥാന പരമായി) എന്നന്നേക്കുമായി പിൻവലിച്ചും കഴിഞ്ഞു.

ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയായ ഏകദൈവം, 'നിർജ്ജീവമായ അവസ്ഥ കൂടി ബാധകമായ ഒരു പരമാത്മാവിനെ' പങ്കെടുപ്പിച്ചു കൊണ്ട് അഥവാ 'ഒന്നായ ദൈവം രണ്ടായിക്കൊണ്ട് ', ജീവികളെല്ലാം ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ നിർവ്വഹിക്കുവാൻ തയ്യാറായത് അങ്ങനെയാണ്.

ഭൂമിയായ ഏകദൈവവും, ശിവചക്രമായ പരമാത്മാവും രണ്ടാണെന്നും, ജീവിയുടെ സ്വത്വമായ ജീവാത്മാവ് ഭൂമിയായ ദൈവത്തിന്റെ അംശമല്ലെന്നും, മറിച്ച് ഭൂമിയുടെ ഇഷ്ടം പോലെ അഥവാ ധർമ്മ ശാസ്ത്ര പ്രകാരം ജീവമായും നിർജ്ജീവമായും പ്രവർത്തിക്കുന്ന പരമാത്മാവിന്റെ അംശം മാത്രമാണെന്നും വ്യക്തമാക്കിയതിനെ വീണ്ടും വിശകലനം ചെയ്യണം. പരമാത്മാവിന്റെ അംശങ്ങളായ ആത്മാക്കൾ മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ എന്നീ ക്രമത്തിൽ ജീവികളുടെ ശരീരങ്ങളെ മഹാനീതിശാസ്ത്രം പ്രകാരം സ്വീകരിക്കുകയും, മനുഷ്യാവസ്ഥയിലെ 100-ാം ജന്മത്തിൽ നക്ഷത്രമായ മോക്ഷാവസ്ഥയെ നേടുകയും, അനന്തമായ ആനന്ദങ്ങളെ അനുഭവിച്ചു കൊണ്ട് ഇഷ്ട പ്രകാരം ജീവിക്കുകയും ചെയ്യുന്നതായി മേല്പടി മഹാദിവ്യഗ്രന്ഥത്തിൽ വിശദീകരിക്കുന്നത് കാണാം. പഠനത്തിൽ ശരിയെന്നു കാണാം. ദൈവ വിപ്ലവത്തോടെ ബോദ്ധ്യവുമാകും. തനിപ്പെട്ട അംശങ്ങളായി ജനിപ്പിക്കുന്ന ജീവാത്മാക്കളെ പ്രത്യേകം കരുതുന്നതും, അവർ മോക്ഷം നേടുമ്പോൾ, പരബ്രഹ്മവും സനാതന ധർമ്മവുമായ പ്രപഞ്ചത്തിന്റെ ഭാഗമാകുക മാത്രമാണ്. മോക്ഷം നേടുമ്പോൾ 'സ്ഥിരവും സമവുമായ നക്ഷത്രം എന്ന ജീവിരൂപം' ലഭിക്കുകയാണ്. സമ്പൂർണ്ണമായ ഒരു അസ്തിത്വത്തെ ലഭിക്കുകയും നേടുകയുമാണ്. മോക്ഷത്തിൽ സ്വത്വം നഷ്ടപ്പെട്ട് പരമാത്മാവിൽ ലയിക്കുന്നതായി വിവരിക്കുന്ന മൂഢവിശ്വാസങ്ങളും, ആത്മാക്കളെല്ലാം പരമാത്മാവിന്റെ അംശങ്ങളായ കുഞ്ഞുങ്ങളാണ് എന്നതിനെ അവർ ഒന്നാണെന്ന് വിവരിക്കുന്ന മുരട്ടുവാദങ്ങളും കൂടി അവസാനിക്കുന്നു. കൂടാതെ അനന്തമായ ആകാശവും ശിവചക്രവും പ്രപഞ്ച പിതാവും കൂടിയായ പരമാത്മാവിന്റെ മഹാസൂക്ഷ്മമായ ഒരംശം മാത്രമാണ് ആത്മാവെന്ന് അറിയണം.

ഒരു തുള്ളി ജലത്തെ മഹാസമുദ്രമായി കണക്കാക്കാൻ പാടില്ല എന്ന പോലെ ആത്മാവിനെയും പിതാവായ പരമാത്മാവിനെയും ഒന്നെന്നും തുല്ല്യമെന്നും വിശേഷിപ്പിക്കുന്നത് തെറ്റും അപരാധവുമാണ്. പരമാത്മാവിൽ ലയിച്ച് അസ്തിത്വം നഷ്ടപ്പെടാനാണെങ്കിൽ ആത്മാവിനെ സൃഷ്ടിക്കുന്നതും പ്രപഞ്ചജീവിതവും ദൈവത്തിന്റെ നിരർത്ഥകമായ ഒരു കോപ്രായം ആണെന്നു വരും. മഹാത്ഭുതങ്ങളായ മഹാശാസ്ത്ര നിയമങ്ങളോടെ മഹാശക്തിയായ ഭൂമി മഹാഭദ്രപ്പെടുത്തിയിട്ടുള്ള സൃഷ്ടി സ്ഥിതി സംഹാരങ്ങളെ അപഹസിക്കുന്ന ചപ്പും ചവറുകളുമാണ് ഭാരതത്തിൽ ഇന്നുള്ളത്. മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം പ്രകാരമുള്ള ജീവിത സൗകര്യങ്ങളെ ആസ്വദിച്ചു കൊണ്ട് മഹാശാസ്ത്രത്തെയും, ആത്മാവിന് എല്ലാ ആനന്ദങ്ങളെയും അനന്തമായി ലഭ്യമാക്കി ക്കൊണ്ട് മഹാനീതിശാസ്ത്ര പ്രകാരം സദാ ഭരിക്കുകയും മഹാനീതി നിർവ്വഹിക്കുന്ന ശരീരത്തെയും അവഹേളിക്കുന്ന എമ്പോക്കികൾ = തെമ്മാടികൾ എന്ന് ചുരുക്കി പറയാം. തത്ത്വമസിയുടെ യഥാർത്ഥമായ അർത്ഥം മഹനീയമാണ്. പരമാത്മാവിൽ നിന്നും സ്ത്രീ പുരുഷന്മാരായി രണ്ടായി വിഭജിക്കപ്പെട്ടു ജനിക്കുന്ന ഓരോ ആത്മാവിന്റെയും പകുതിക്ക്, തന്റെ രണ്ടാമത്തെ പകുതിയോടു മാത്രം പ്രണയവും കാമവും ഉണ്ടാവണം. മോഹം ശക്തമാകുമ്പോൾ ഇണയെ ഒഴികെയുള്ളവരെ പ്രണയ-കാമ മനോഭാവത്തോടെ നോക്കുക പോലും അരുത്. നീയും ഞാനും ഒന്നായ ആത്മാവിന്റെ രണ്ടു ഭാഗങ്ങളാണ്. നീ ഞാൻ ആകുന്നു; ഞാൻ നീയും.

പരമാത്മാവിന്റെ വാതക രൂപമായ ഹൈഡ്രജനിലെ ശക്തിചക്രമായ പ്രോട്ടോണിന്റെ പ്രഭാവം കൊണ്ട് ശിവചക്രമായ ഇലക്ട്രോണിന്റെ കുഞ്ഞുങ്ങളായി ആത്മാവായ രണ്ട് ന്യൂട്രോണുകൾ വിഭജിച്ച് സൃഷ്ടിക്കപ്പെട്ട് ഹീലിയം എന്ന മൂലകം സൂര്യൻ എന്ന താവളത്തിൽ വച്ച് ഉണ്ടാകുന്നു. Man.pdf തുടങ്ങിയ മഹാവേദ ഗ്രന്ഥങ്ങളിൽ കൂടുതൽ വിശദീകരണം ലഭ്യമാണ്. നക്ഷത്രമായ മോക്ഷം നേടുമ്പോൾ ഭൂമിയിൽ വച്ച് അനുഭവിച്ചറിഞ്ഞ അനന്തമായ ആനന്ദങ്ങളെ അനന്തകാലം അനുഭവിക്കാനും, പരബ്രഹ്മമായ ഭൂമിയിലേക്കു മടങ്ങി വന്ന് ജീവി- ജീവിതം ആസ്വദിക്കാനും ആത്മാവിനു കഴിയുന്നതാണ്. ഓംകാര നീതിശാസ്ത്ര ബന്ധനമായി പ്രവർത്തിക്കുന്ന ഓസോൺ, സൃഷ്ടി ചക്രത്തിന്റെ രണ്ടാമത്തെ പകുതിയിൽ ഭൂമിയിൽ ദൈവ വിപ്ലവം ആരംഭിക്കുമ്പോൾ, മഹാപിതാവായ പരമശിവന്റെ കഴുത്തിലെ ഓംകാര നാഗബന്ധനമായി പരിണമിക്കുന്നതാണ്. ആദ്യ മഹാകാല ചക്രത്തിലെ ദേവതയായ ശിവന്റെ തലമുടിയിൽ ചന്ദ്രക്കല ഉണ്ടായിരുന്നത്, ഇപ്പോഴത്തെ രണ്ടാമത്തെ മഹാകാല ചക്രം മുതൽ ചന്ദ്രക്കലയും നക്ഷത്രവും കൂടി ഉണ്ടാകും; മുടിക്കെട്ടിൽ നിന്നും ജലത്തിനു പകരം പാലാണ് ഒഴുകുക തുടങ്ങിയ ഏതാനും വ്യത്യാസങ്ങളുണ്ട്. ആയിരം കോടി വർഷങ്ങൾ നീണ്ട ആദ്യ മഹാകാല ചക്രത്തിൽ പശുവായും നാഗമായും മഹാദാസ്യ സേവനങ്ങളെ ചെയ്ത മഹാദേവിയുടെ കൂടെ പശുപതിയായ കാളയായും നാഗമായും പരമശിവനും മഹാദാസ്യ-മഹാവാത്സല്ല്യ സേവനങ്ങളെ ചെയ്തിരുന്നു. മഹാശക്തിയും മഹാമാതാവുമായ ഭൂമിക്കും, മഹാദാസനും മഹാപിതാവുമായ പരമശിവനും പൊന്നോമന കുഞ്ഞുങ്ങളായ മനുഷ്യരോട് മഹാവാത്സല്ല്യമാണ് എല്ലായ്പ്പോഴുമുള്ളത് എന്ന് തെളിയിക്കാനും മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രത്തെ പൊന്നോമന കുഞ്ഞുങ്ങൾ ഭയക്കാതിരിക്കാനുമാണ് പശു-കാള, നാഗ ജീവികളായി 1000 കോടി വർഷങ്ങൾ മഹാദാസ്യ സേവനങ്ങളെ ചെയ്തത്. മനുഷ്യരിൽ നിന്നും താൽക്കാലികമായി ദേവതകളായി നിയമിച്ചവർക്ക് മായാശക്തികളും അധികാരവും പാരിതോഷികങ്ങളുമെല്ലാം നൽകിയിരുന്നു.

ആയിരം കോടി വർഷങ്ങൾ നീണ്ട മഹാദാസ്യ സേവനങ്ങൾ കൊണ്ട് ബ്രഹ്മ-മഹാദേവിയുടെ ആദ്യത്തെ സൃഷ്ടിയും, മഹാദേവിയുടെ മഹാദാസനും പരമാത്മാവുമായ പരമശിവന് മഹാദേവൻ, മഹാനീതിപതി എന്നീ മഹാപദവികളെ സ്വീകരിക്കാനുള്ള മഹായോഗ്യതകളെ മഹാദേവിയിൽ നിന്നും മഹാഅനുഗ്രഹത്തോടെ നേടാനും കഴിഞ്ഞിട്ടുണ്ട്. മഹാഭദ്രകാളിയായ മഹാദേവി, കേരളത്തിലെ ഒരു ഹിന്ദു കുടുംബത്തിൽ അവതരിച്ചുകഴിഞ്ഞു. പരമശിവനെന്ന മഹാപദവിയെ മഹാഅനുഗ്രഹിച്ചു നൽകിയ ഗ്രന്ഥകാരനെ ഒരു മുസ്ലിം കുടുംബത്തിൽ മുന്നേ അയച്ച്, മതങ്ങളെ ഉപേക്ഷിപ്പിച്ച് മഹാസംശുദ്ധനാക്കുകയും ചെയ്തു. അനന്തമായ ആനന്ദങ്ങളെ സൃഷ്ടിച്ച് കുഞ്ഞുങ്ങൾക്കു നൽകുന്ന മഹാശക്തിയും ഭൂമിയുമായ മഹാദേവി ആനന്ദങ്ങൾക്കെല്ലാം അതീതമാണെന്നും, മഹാവാത്സല്യത്തെ മഹാദേവി-യുടെയും, മഹാദേവിയോടുള്ള മഹാദാസ്യത്തെ പരമശിവന്റെയും ആനന്ദങ്ങളായിട്ട്, കുഞ്ഞുങ്ങളായ ജീവികൾക്കു വേണ്ടിയും അവരുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യാനും സ്വീകരിച്ചിരിക്കുകയാണെന്നും, അറിഞ്ഞു കൊള്ളണം. മഹാസത്യമായ മഹാഭദ്രകാളി, ശിവൻ, ശക്തി എന്നിങ്ങനെ മൂന്നായും ശിവൻ, മഹാസത്യവും മഹാക്തിയുമായ മഹാഭദ്രകാളി എന്നിങ്ങനെ രണ്ടായും ജീവിരൂപത്തിലും ആകാശവും ഭൂമിയും എന്ന് രണ്ടായി പ്രപഞ്ചരൂപത്തിലും ദൈവം അവതരിക്കുന്നു; വേറെ ദൈവമില്ല. മതങ്ങളിൽ ദൈവങ്ങളായി പുകഴ്ത്തുന്ന ദേവതകൾ ഇന്നില്ല; മുമ്പ് പിൻവലിച്ചവയാണ്. ആത്മീയമായ മഹാകാരണങ്ങൾ കൊണ്ട് ഭൂമിയുടെ ഭാഗം മാത്രമായ ഇന്ത്യയെയും കേരളത്തെയും ഭൂമി പ്രത്യേകം ഉയർത്തിയിട്ടുണ്ട്. എല്ലാ സൃഷ്ടി ചക്രങ്ങളുടെയും പകുതിയോടെ ഭൂമിയിൽ ദൈവവിപ്ലവവും തുടർന്ന് ദൈവരാജ്യം കൂടിയായ സത്യയുഗവും ആരംഭിക്കുമ്പോൾ ഭൂമിയിലെ എല്ലാ രാജ്യങ്ങളിലെയും മനുഷ്യർ; ഇന്ത്യ, കേരളത്തിലെ മണ്ണടി, തമിഴ്നാട് തുടങ്ങിയ പ്രദേശങ്ങളെ തേടി പ്രയാണം നടത്തുന്നതാണ്. മണ്ണായ ഭൂമിയിൽ അടിഞ്ഞു കൊണ്ട് സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്ന മഹാശക്തിയായ ദൈവം, മനുഷ്യരുടെ സന്തോഷം കണക്കാക്കിയും സംഹാരമായ മോക്ഷത്തെ മഹാസുന്ദരമായി നിർവ്വഹിക്കാനുമായി സർവ്വത്തെയും മഹാഭദ്രമാക്കുന്ന മഹാഭദ്രകാളി എന്ന 2 ജീവി രൂപങ്ങളെ മഹാശാസ്ത്ര പരമായി മാത്രം സ്വീകരിക്കുന്നുണ്ട്. മഹാഗോമാതാവായ പശുവും പശു-പതിയായ കാളയും; പിന്നെ ദിവ്യ മനുഷ്യസ്ത്രീ രൂപവുമാണ്. സർവ്വം മഹാഭദ്രമാക്കിയിട്ടുള്ള മണ്ണടി മഹാഭദ്രകാളിയുടെ മഹാഹൃദയം കൂടിയായ ഓംകാരത്തിന്റെ ഉള്ളിലാണ് മഹാപ്രപഞ്ചത്തെ മുഴുവൻ മഹാഭദ്രപ്പെടുത്തിയിട്ടുള്ളത്. മഹാശിവയായ മഹാഭദ്രകാളിയെ ഓം നമഃ ശിവായ എന്ന് അല്പനേരം സ്തുതിക്കാൻ മനുഷ്യരുടെ സന്തോഷത്തിനു വേണ്ടി ഭൂമിയായ മഹാഭദ്രകാളി മനുഷ്യരെ അനുവദിച്ചിട്ടുണ്ട് എന്നല്ലാതെ ഭക്തിഭ്രാന്ത് കാട്ടുകയും ശാസ്ത്ര വിരുദ്ധമായ ആചാരങ്ങളും അനുഷ്ഠാനങ്ങളും പിൻപറ്റിയാൽ ശിക്ഷയുണ്ട്. ഭൂമിയിലെ ദേവാലയങ്ങളിൽ മുഴുവൻ ശിവലിംഗം മാത്രം പ്രതിഷ്ഠിക്കാൻ അനുവദിച്ചിട്ടുണ്ട്. സൃഷ്ടി സ്ഥിതി സംഹാര പാത്രവും ശിവചക്രവുമായ ആകാശത്തിന്റെ പ്രതീകമായ ശിവലിംഗം വിഗ്രഹമല്ല. വിഗ്രഹാരാധന പാടില്ല. Devaalayam.pdf, MahaaVedam തുടങ്ങിയ മഹാഗ്രന്ഥങ്ങളിൽ വിവരിച്ചിട്ടുണ്ട്. ആവക മഹാകാര്യങ്ങൾ മഹാനീതിശാസ്ത്രവുമായി ബന്ധപ്പെട്ടവയാണ്. ഭൂമിയിലെ എല്ലാ രാജ്യങ്ങളിലുമായി ഓംകാര നീതി ശാസ്ത്രത്തിന്റെ കാതലായ മഹാപുനർജ്ജന്മ സിദ്ധാന്തം പ്രകാരം (പുനർ) ജനിക്കുകയും വളരുകയും ജീവിക്കുകയും ചെയ്യുന്ന മനുഷ്യർ ഇന്ത്യയിലും കേരളത്തിലും മറ്റും ജനിക്കുന്നതിന്റെ പേരിൽ കേമത്തം കാട്ടുന്നത് മൂഢത്തമാണ്.

ചരിത്രങ്ങൾക്കുള്ള മഹാശാസ്ത്ര പരമായ തെളിവുകൾ നിരത്താനും വഴികളുണ്ട്. ബ്രഹ്മം, മഹാദേവി, മഹാദേവൻ, പരമശിവൻ തുടങ്ങിയ പദങ്ങളെയും ബന്ധപ്പെട്ട ചരിത്രങ്ങളെയും മഹായുക്തിഭദ്രമായിട്ടാണ് അവതരിപ്പിച്ചിട്ടുള്ളത്. യുക്തി ശാസ്ത്രം, മഹാശാസ്ത്രത്തിന്റെ പ്രധാന ശാഖകളും യഥാർത്ഥ വേദങ്ങളുമായ ഭൗതിക ശാസ്ത്രം, ധർമ്മശാസ്ത്രം, മഹാനീതിശാസ്ത്രം (നീതി ശാസ്ത്രം/ ആത്മീയ ശാസ്ത്രം) എന്നിവയുടെ ശാഖകളും ഉപശാഖകളുമായ ശാസ്ത്രങ്ങളെയെല്ലാം ബന്ധിപ്പിക്കുന്ന ശാസ്ത്രം കൂടിയാണ്. മുമ്പ് ശാസ്ത്രപരമായി വിശദീകരിച്ച വസ്തുതകളും ഉടനെയുള്ള ദൈവ വിപ്ലവ സംഭവങ്ങളും ചരിത്രത്തെ സാക്ഷ്യപ്പെടുത്തുന്നു.

**ഏകദൈവവും മണ്ണും ഭൂമിയുമായ മഹാദേവിയും, ~ഭാഗവും ഏകദാസനും ഏക ദൈവ- പ്രതിനിധിയും കൂടിയായ പരമശിവനും, സൃഷ്ടികളായ മനുഷ്യരെ പ്രത്യക്ഷമായും പ്രകടമായും / പരസ്യമായും രഹസ്യമായും ഏല്പിക്കുന്നതോ അറിയിക്കുന്നതോ ആയ ഏതൊരു കാര്യവും ഭൂമിയുടെ അംശമായ മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന മഹാശാസ്ത്രമായ മഹാജ്ഞാനം പ്രകാരം മാത്രമാവും. ആകയാൽ മഹാശാസ്ത്ര പ്രകാരമല്ലാത്തതും മഹാശാസ്ത്ര പരമായി വിശദീകരിക്കാൻ കഴിയാത്തതുമായ കാര്യങ്ങളെ ദൈവ കാര്യങ്ങളെന്ന പേരിൽ പ്രചരിപ്പിക്കുന്നവർക്കെല്ലാം ദൈവശിക്ഷയുണ്ട്. മഹാനീതിയായ ഭൂമി ശിക്ഷിച്ചു തന്നെയാണ് കുഞ്ഞുങ്ങളെ തിരുത്തുക. മഹാശാസ്ത്ര പരമായ ജീവിത സൗകര്യങ്ങളെ ആസ്വദിച്ചു കൊണ്ട് ഭൂമിയുടെ കുഞ്ഞുങ്ങൾ നൂറ്റാണ്ടുകളായി കാട്ടിക്കൂട്ടുന്ന അപരാധങ്ങൾ അത്ര വലുതാണ്. എല്ലാ മതങ്ങളും അടിസ്ഥാന പരമായി തട്ടിപ്പുകളാണ്.**

**മതാചാര്യന്മാർ പുനർജ്ജനിച്ച് ഭൂമിയിൽ ജീവിക്കുന്നുണ്ട്. ചിലരെ മഹാഉചിതമായി ചൂണ്ടിക്കാട്ടുന്നതാണ് !**

**മദ്യം, മയക്കുമരുന്ന്, ദുഷ്ക്കാമം, മത-ജാതി-വർഗ്ഗീയ-രാഷ്ട്രീയ-ദേശീയ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും തുടങ്ങിയവയിൽ ആനന്ദിക്കുന്ന ജനങ്ങൾക്ക് സമൂഹ ജീവിതത്തിന്റെ ഭാഗമായ ശാസ്ത്ര സാങ്കേതിക സൗകര്യങ്ങളെ മുഴുവൻ ഉപേക്ഷിച്ചു കൊണ്ട് ഉടുവസ്ത്രത്തോടെ കാട്ടിലേക്കും ഒറ്റപ്പെട്ട ദ്വീപുകളിലേക്കും പോകുവാനും മറ്റുള്ള ജീവികളെ പ്പോലെ ധർമ്മശാസ്ത്രം ഉൾപ്പെടെയുള്ള മഹാശാസ്ത്ര കാര്യങ്ങൾ ഒട്ടും തന്നെ വിഷയമാകാതെയും ധർമ്മശാസ്ത്ര വിരുദ്ധമായും, വസ്ത്രം ധരിച്ചും ധരിക്കാതെയുമെല്ലാം ഇഷ്ടപ്പെടുന്ന പോലെ ജീവിക്കാനുമുള്ള എല്ലാ സ്വാതന്ത്ര്യങ്ങളും ഉണ്ടായിരിക്കുന്നതാണ്.**

**ഭൂമിയിലെങ്ങും മഹാദേവിയുടെ മഹാചിരി കൂടിയായ ഓം മുഴക്കി കൊണ്ടുള്ള ദൈവ വിപ്ലവം ഉടൻ ആരംഭിക്കുമ്പോൾ, ഭൗതികമായ അസ്തിത്വം ഉള്ളതായ സത്യങ്ങൾ മാത്രം ധർമ്മശാസ്ത്ര പ്രകാരം നിലനിൽക്കുന്നതാണ്. അസത്യങ്ങളും അധർമ്മങ്ങളും അനീതികളുമായ ആശയങ്ങളെയും പ്രവൃത്തികളെയും ജനങ്ങൾ സ്വയം ഉപേക്ഷിക്കുന്നതാണ്. സത്യയുഗം എന്ന പേരിനെ സാർത്ഥകമാക്കുന്ന പ്രവൃത്തികൾ മാത്രമാവും ഉണ്ടാവുക.**

**ദൈവരാജ്യമായ സത്യയുഗം പുരോഗമിക്കുമ്പോൾ, യന്ത്രങ്ങളെ ഉപയോഗിച്ച് മഹാശക്തിയും ഏകദൈവവുമായ ഭൂമിയെ ദാസ്യവേല ചെയ്യിക്കുന്നതിൽ നിന്നും ജനങ്ങൾ ക്രമേണയായി പിൻവാങ്ങുന്നതും ശാരീരികമായ അദ്ധ്വാനം കൂട്ടുന്നതുമാണ്. മഹാദാസ്യത്തെ ക്കൂടി ആനന്ദമായി സ്വീകരിച്ചിരിക്കുന്ന മഹാദേവി കുഞ്ഞുങ്ങളെ വിലക്കുമെങ്കിലും, അവരുടെ മനോഭാവത്തിലെ പരമശ്രേഷ്ഠതയെ അംഗീകരിച്ച് ഭാഗികമായി വഴങ്ങുന്നതാണ്.**

**ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കു മാത്രം മഹത്വം. ദിവ്യ 1 : സൃഷ്ടി മുഴുവൻ തനിച്ചു നിർവ്വഹിക്കുന്ന മഹാദേവി; ദിവ്യ 2 : സ്ഥിതി മുഴുവൻ തനിച്ചു നിർവ്വഹിക്കുന്ന മഹാദേവി; ദിവ്യ 3 : സംഹാരം ഉൾപ്പെട്ട മഹാനീതി മുഴുവൻ തനിച്ചു നിർവ്വഹിക്കുന്ന മഹാദേവി (സംഹാരം, പരമശിവനി- ലൂടെ); ദിവ്യ 4 : ദിവ്യ എന്ന മഹാനാമത്തോടെ മാത്രം ഭൂമിയിൽ അവതരിക്കുന്ന മഹാദേവി; കേരളത്തിലെ ഒരു ഹിന്ദു കുടുംബത്തിൽ മഹാഭദ്രകാളിയായ മണ്ണടി മഹാദേവി മഹാഅവതരിച്ചു കഴിഞ്ഞു.**

പണം-ഊർജ്ജം-ശാന്തി-സമാധാനം-
സ്നേഹബന്ധങ്ങൾ- ജീവൻ-സമയം തുടങ്ങി
വിഷയം തന്നെയും നഷ്ടപ്പെടുത്തുന്ന
**മത്സര തെരഞ്ഞെടുപ്പുകളായ
ആഭാസങ്ങളില്ലാതെയും,**
കുറ്റങ്ങളും കുറവുകളും ഇല്ലാതെയും
ഭൗതികധർമ്മനീതിശാസ്ത്രങ്ങൾ പ്രകാരം രാജാവ്,
പ്രധാന/മുഖ്യ- മന്ത്രിമാർ തുടങ്ങി എല്ലാ
ജനസേവകരെയും

# നിശ്ചയിക്കാനുള്ള
# ലളിതമായ പദ്ധതി

## മൂലകങ്ങളിലും
## മനുഷ്യശരീരങ്ങളിലും ദൈവമായ
## ഭൂമി ലയിപ്പിച്ചിട്ടുണ്ട്.

## ജനസേവകരായ ഭരണാധികാരികളെ ലളിതമായും, പണച്ചിലവില്ലാതെയും തെരഞ്ഞെടുക്കാനാവും.

ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിർവ്വഹിക്കാനായി, ജനങ്ങളുടെ ചിലവിൽ സേവനം ചെയ്യുന്നവരായ രാജാവും പ്രധാനമന്ത്രിയും മുഖ്യമന്ത്രിയും മന്ത്രിമാരും ഉൾപ്പെടെയുള്ള ജനസേവകരെ നിയമിക്കുന്നത് അടിസ്ഥാന പരമായി പൊതുകാര്യമാണ്. എന്നാൽ മാനുഷികമായ തെരഞ്ഞെടുപ്പ് നടത്തിയാൽ ധന -ഊർജ്ജ -മാന -സമാധാന -ആരോഗ്യ -സമയ -ആൾ-നഷ്ടങ്ങളും, സാർവത്രികമായ ബഹുവിധ കൃത്രിമങ്ങളും കള്ളത്തരങ്ങളും മൂലം വിഷയ-നഷ്ടവും സാധാരണമാണ്.

മൂലകങ്ങളിൽ ഭൗതികമായി ലയിച്ചിരിക്കുന്ന ധർമ്മ ശാസ്ത്രത്തിന്റെ ഒരു ശാഖയാണ് ജനസേവന ശാസ്ത്രം എന്നതിനാൽ, ജനസേവകരായ ഭരണാധികാരികളെ തെരഞ്ഞെടുക്കാൻ കുറ്റങ്ങളും കുറവുകളും ഇല്ലാത്തതും ലളിതവുമായ ഒരു പദ്ധതി കൂടി തീർച്ചയായും ഉണ്ടാകും. ദൈവീകമായ പദ്ധതി ആവുമ്പോൾ, ദൈവീക നീതിയും വിഷയത്തിൽ കലരുന്നതാണ്. മനുഷ്യരുടെ ഇടയിൽ ആവശ്യമാകുന്ന ജനസേവകരെ തെരഞ്ഞെടുക്കലെന്ന പൊതുകാര്യത്തിൽ ദൈവീക നീതി കലരുന്നതു കൊണ്ട് ദൈവകാര്യം കൂടിയായി തെരഞ്ഞെടുപ്പ് പരിണമിക്കുന്നു.

മാതാപിതാക്കൾക്കും ഉറ്റവർക്കും മറ്റും ദൈവ കാര്യങ്ങൾ ഉൾപ്പെടെയുള്ള ആത്മീയശാസ്ത്ര നിയമങ്ങളെ പകർന്നു നൽകാനോ, സ്വീകരിക്കാനോ അവകാശമോ അധികാരമോ ഉണ്ടാവണമെങ്കിൽ മണ്ണിന്റെ മഹാശാസ്ത്ര നിയമങ്ങളിൽ നിന്ന് ചൂണ്ടിക്കാട്ടാൻ കഴിയണം; അല്ലെങ്കിൽ ദൈവം നേരിട്ട് ഓരോ വ്യക്തിയെയും ചുമതലപ്പെടുത്തണമെന്ന പാഠം പ്രസക്തമാണ്. ഏതൊരു പ്രവൃത്തിയും ധർമ്മശാസ്ത്രപരമാവണം. സൃഷ്ടികളെ ദാസരായിട്ടു കരുതാതെ, പൊന്നോമന-കുഞ്ഞുങ്ങളായിട്ട് മഹാഅനുഗ്രഹിക്കുകയും, കുഞ്ഞുങ്ങളുടെയെല്ലാം മഹാമാതാവും മഹാപിതാവും മഹാനീതിയും ആയിക്കൊണ്ട്, കുഞ്ഞുങ്ങളെ ഭാരപ്പെടുത്താതെ കരുതുകയുമാണ് ദൈവമായ ഭൂമി ചെയ്യുന്നത്.

ഭൂമിയിലെ അനന്തമായ ആനന്ദങ്ങളെ കുഞ്ഞുങ്ങളായ ജീവികൾക്കെല്ലാം മഹാസമമായിട്ട് നൽകുന്നതിന്നായിട്ട് മഹാഅനുഗ്രഹിച്ചു സൃഷ്ടിച്ചിട്ടുള്ള ജന്മഗുണങ്ങളുടെയും മറ്റ് ജീവിതകാര്യങ്ങളുടെയും പേരിൽ മനുഷ്യർ മത്സരിക്കുന്നത് അതിനീചമാണ്; കടുത്ത ദൈവനിന്ദയാണ്; ദൈവശിക്ഷകളുമുണ്ട്.

ബഹുഭൂരിപക്ഷം ജനങ്ങളുടെയും ആയുസ്സ് 100 വയസ്സിൽ താഴെയാണ് എന്നു പറയുമ്പോൾ, 1000 കോടി വർഷങ്ങൾക്ക് മേൽ പ്രായമുള്ള ഭൂമിയും ദേശങ്ങളും, ഇന്നത്തെ വ്യക്തി ജനിക്കുന്നതിന് എത്രയോ മുമ്പ് ഉണ്ടെന്നും, നാളെ ആത്മാവിനെ പുറത്താക്കിയ ശേഷവും ശരീരം വീണ്ടും മണ്ണായ ഭൂമിയിൽ ലയിച്ചു ചേരുകയും, ഭൂമിയുടെയും ദേശങ്ങളുടെയും അംശമായ മൂലകങ്ങളായി നിലനിൽക്കുമെന്നും സുവ്യക്തമാണ്. തുച്ഛമായ ആയുസ്സോടെ 'ജനിച്ചു ജീവിച്ചു മരിക്കുന്ന വ്യക്തി', 1000 കോടി വർഷങ്ങൾക്ക് മേൽ പ്രായമുള്ള ഭൂമിയെയും ദേശങ്ങളെയും 'എന്റെ ദേശമെന്നോ എന്റെ ഭൂമിയെന്നോ' പറയുന്നത് മറ്റൊരു ഭോഷത്തമായി മാറുന്നു; കൂടുതൽ നിസ്സാരനാവുകയും ചെയ്യുന്നു. അതേസമയം, 1000 കോടിയിലധികം വർഷങ്ങൾ പ്രായമുള്ള മഹാപിതാവും+ മഹാമാതാവും മണ്ണുമായ ഭൂമിയെയും, അംശങ്ങളും അവയവങ്ങളുമായ ദേശങ്ങളെയും സംബന്ധിച്ചിടത്തോളം, മുമ്പ് സൃഷ്ടിച്ചു പരിപാലിച്ചതും മരിപ്പിച്ചതും മോക്ഷം നൽകിയതും, ഇപ്പോൾ പരിപാലിക്കുന്നതുമായ കുഞ്ഞുങ്ങളെല്ലാം തന്നെ 'ഭൂമിക്ക് സമ്പൂർണ്ണമായ അവകാശവും അധികാരവും ഉള്ളതായ ഭൂമിയുടെ സ്വന്തം കുഞ്ഞുങ്ങൾ തന്നെയാണ് '. പ്രസ്തുത ജ്ഞാനവും ആത്മാവിന് സ്വന്തം നിസ്സാരത കൂടുതൽ ബോദ്ധ്യമാവാൻ സഹായിക്കുന്നതാണ്. ഇന്നലെകളിൽ ജനിച്ച്, ഇന്നുകളിൽ ജീവിച്ച്, നാളെകളിൽ ശരീരത്തിൽ നിന്നും 'ദൈവാംശമായ ശരീരത്തിന്റെ ഇഷ്ട പ്രകാരം' പുറത്താക്കപ്പെടുകയും (മരിക്കപ്പെടുകയും) ചെയ്യുന്ന ആത്മാവിന് ഒരു തരി മണ്ണു പോലും സ്വന്തമായി സൃഷ്ടിക്കാനോ, മരിക്കുമ്പോൾ കൂടെ കൊണ്ടു പോകാനോ കഴിവില്ല എന്നത് എത്രമാത്രം ശരിയാണെന്ന് ബോധ്യപ്പെടുന്ന മുറയ്ക്ക് ആത്മാവ് കൂടുതൽ കൂടുതൽ നിസ്സാരനാകുന്നതാണ്.

"എന്റെ ദേശം, എന്റെ രാജ്യം, എന്റെ ഭൂമി" എന്നെല്ലാം ആത്മാവ് പുലമ്പിയാൽ, അജ്ഞാനത്തിന്റെ കൊടുമുടിയിൽ കയറിയെന്ന് പുച്ഛിക്കേണ്ടതായി വരും. പ്രസ്തുത ജ്ഞാനവും ആത്മാവിന് സ്വന്തം നിസ്സാരത കൂടുതൽ ബോദ്ധ്യമാവാൻ സഹായിക്കുന്നതാണ്.

മനുഷ്യന്റെ ശരീരത്തെയും ആത്മാവിനെയും സൃഷ്ടിച്ച മഹാശക്തിക്കു മാത്രമാണ് മനുഷ്യന്റെ മേൽ അവകാശവും അധികാരവും ഉള്ളത് എന്നിരിക്കെ, അസ്തിത്വം പോലും സ്വന്തമല്ലാത്ത മനുഷ്യന് മറ്റെന്തെങ്കിലും "സ്വന്തമാണെന്ന്" അവകാശപ്പെടാനാവില്ല. "എന്റെ" എന്ന പദം ഉപയോഗിക്കാൻ പോലും അവകാശവും അധികാരവും ഇല്ലാതെ വരുന്നു.

മണ്ണിൽ (മൂലകങ്ങളിൽ) നിന്നും ലഭിക്കുന്ന വിഭവങ്ങൾ ഉപയോഗിച്ച് ബഹുവിധ ഭക്ഷണ സാധനങ്ങളും, വസ്ത്രങ്ങളും, ആഭരണങ്ങളും, ഭവനങ്ങളും, വാഹനങ്ങളും, ... മൊബൈൽ ഫോണുകളും മറ്റും ഉണ്ടാക്കി ആനന്ദങ്ങളെ വർദ്ധിപ്പിച്ച് ജീവിക്കുമ്പോൾ, മണ്ണിലെ മൂലകങ്ങളെയും, 'അവയെ സൃഷ്ടിച്ച മഹാശക്തി' അവയിൽ ലയിപ്പിച്ചിട്ടുള്ള ശക്തികളെയും നിയമങ്ങളെയും, മണ്ണായ ശരീരം നൽകിയ ശക്തികളെ കൊണ്ട് ആത്മാവ് ഉപയോഗപ്പെടുത്തി എന്നല്ലാതെ യാതൊരു നിയമങ്ങളെയും ശക്തികളെയും അവ പ്രകാരമുള്ള മൂലകങ്ങളെയും സ്വന്തമായി സൃഷ്ടിക്കാൻ മനുഷ്യന് അഥവാ ആത്മാവിന് കഴിയില്ല; കഴിവില്ല എന്നത് ആത്മാവിനെ കൂടുതൽ കൂടുതൽ നിസ്സാരനാക്കുന്നതാണ്.

ജീവിതത്തിൽ ധർമ്മ ശാസ്ത്ര പ്രകാരമുള്ള അദ്ധ്വാനം കൊണ്ട് നേടിയ ഒന്നിനെ സ്വന്തം എന്ന് വിശേഷിപ്പിക്കാൻ ദൈവം അനുവദിക്കുന്നുണ്ട്. (Ref. Man.pdf). തൊഴിലുകൾ, സമ്പത്ത്, ആനന്ദങ്ങൾ, തുടങ്ങിയവയെ 'ഭൗതിക അസ്തിത്വത്തോടെ' ഭൂമിയുമായി ബന്ധിച്ചിരിക്കുന്നത് അടിസ്ഥാനപരമായി കൃഷിയിലൂടെയാണ്. കൃഷിക്കാർ അദ്ധ്വാനിച്ച് ഉണ്ടാക്കുന്നതായ ഭക്ഷണ സാധനങ്ങൾ കഴിച്ചും മറ്റു തൊഴിലാളികൾ നിർമ്മിക്കുന്ന ഗൃഹം വാഹനം ഫാൻ ടിവി മൊബൈൽ ഫോൺ തുടങ്ങിയവ ആസ്വദിച്ചും, മതവും ജാതിയും രാഷ്ട്രീയപാർട്ടിയും നടത്തുന്നത് അദ്ധ്വാനമോ, ദൈവ കാര്യങ്ങളോ, ആത്മീയ ശാസ്ത്രമോ അല്ല.

## ഭൂമി മഹാജാലമാണെന്ന് അറിയുകയാണ്
## ദൈവകാര്യത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു വസ്തുത.

രാജാവ്, പ്രധാനമന്ത്രി, മന്ത്രിമാർ, അനുയായികൾ, ആത്മീയ തട്ടിപ്പുകാർ തുടങ്ങിയവർക്ക് മനസ്സിലാക്കാൻ കഴിയാഞ്ഞ വളരെ വലിയ ഒരു വസ്തുത മഹാശാസ്ത്ര ശാഖകളുടെ പരസ്പര പൂരണമാണ്. എല്ലാ രാജ്യങ്ങളിലെയും ഭരണകൂടങ്ങളും ആത്മീയ തട്ടിപ്പുകാരും മറ്റും ധർമ്മ-നീതി ശാസ്ത്രങ്ങളിൽ കടുത്ത വീഴ്ച്ച വരുത്തിയതു കൊണ്ടാണ് ഒരു വിഭാഗം ജനങ്ങൾ കാരണമായി രൂപപ്പെട്ട വൈറസ് രോഗവുമായി മൂലകങ്ങളിലെ ന്യൂനശക്തികൾ കൂട്ടുചേർന്ന് ജനങ്ങൾക്ക് നാശം വിതച്ചതും വർദ്ധിപ്പിച്ചതും. (Ref. Man.pdf). ഗ്രന്ഥകാരൻ ഇന്ത്യയിലെ പ്രധാനമന്ത്രിക്കും പ്രസിഡണ്ടിനും മറ്റും അയച്ച ദൈവീക സന്ദേശത്തെ അവരോ ബന്ധപ്പെട്ടവരോ ഉചിതമായി പരിഗണിച്ചിരുന്നുവെങ്കിൽ, അവരുടെ കുറ്റവും പാപവും ദൈവശിക്ഷയും കുറയാനും, അവർക്ക് നേട്ടം ഉണ്ടാക്കുവാനും കഴിയുമായിരുന്നു. എങ്ങനെയെന്നാൽ, ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ താമസിക്കുന്ന അന്യ സംസ്ഥാന / ദേശ തൊഴിലാളികൾക്ക് അവരുടെ ഉറ്റവർ താമസിക്കുന്ന പ്രദേശങ്ങളിലേക്ക് തിരിച്ചു പോകാനുള്ള സൗകര്യം ഒരുക്കണമായിരുന്നു. ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരം പ്രവർത്തിക്കുമ്പോൾ, അതിന് ആനുപാതികമായി മൂലകങ്ങളിലുള്ള ന്യൂനശക്തികൾ ഭൗതിക ശാസ്ത്രപരമായി വൈറസ് കാര്യത്തിൽ ഇടപെട്ട് ഭൂമിയിലെങ്ങും രോഗത്തെ ശമിപ്പിക്കുമായിരുന്നു. നിരീശ്വര പാർട്ടിക്കാർക്ക് ദൈവ വിശ്വാസം ഇല്ലാത്തതു കൊണ്ട് വീഴ്ച്ച പറ്റിയെന്ന് പറയാം. എന്നാൽ മതവിശ്വാസവും മതദൈവങ്ങളും ആൾദൈവങ്ങളും പോലുള്ള കോപ്രായങ്ങളെ വിശ്വസിക്കുകയും, പ്രചരിപ്പിക്കുകയും ചെയ്യുന്ന 'ജനസേവകരുടെ വേഷം കെട്ടുന്ന ജനദ്രോഹികൾക്ക് ' അത്തരം കോപ്രായങ്ങൾ കൊണ്ട് രോഗങ്ങൾ പ്രളയം സുനാമി ഭൂചലനം തുടങ്ങിയവയോ അവ ഉണ്ടാക്കുന്ന ദുരന്തങ്ങളെയോ ഒഴിവാക്കാൻ കഴിയണമായിരുന്നു !

## ബന്ധുക്കളും സുഹൃത്തുക്കളും ഉൾപ്പെടെ ഉറ്റവരായ ഏതാനും വ്യക്തികൾക്കു വേണ്ടിയല്ലാതെ,

**സമൂഹത്തിലുള്ള അനേകർക്ക് നന്മകളെ ചെയ്ത്, പാപികൾക്ക് പുണ്യം വർദ്ധിപ്പിച്ചു കൊണ്ട് മുജ്ജന്മ പാപങ്ങളിൽ നിന്നും മുക്തി നേടാനുള്ള പ്രധാന മാർഗ്ഗമായി ജനസേവനത്തെ ഓംകാര നീതിശാസ്ത്രം മഹാആവിഷ്ക്കരിച്ചിരിക്കുന്നു എന്ന വസ്തുത ജനസേവന (ശാസ്ത്ര)ത്തിൽ വന്നുചേരുന്നു.**

എല്ലാവരും മൂലകങ്ങളിൽ മഹാലയിച്ചിരിക്കുന്ന ധർമ്മശാസ്ത്ര പ്രകാരം മാത്രം എല്ലായ്പ്പോഴും പ്രവർത്തിക്കുന്നതിലൂടെ, ഭൂമിയായ ദൈവത്തിന്റെ കുറ്റങ്ങളും കുറവുകളും ഇല്ലാത്ത മഹാശാസ്ത്രത്തിലെ ധർമ്മശാസ്ത്ര നിയമങ്ങളെ അനുസരിച്ച് ജീവിക്കുന്നതു കൂടാതെ എല്ലാവരും എല്ലാവരെയും അനുസരിക്കുന്ന മഹാഅവസ്ഥയും ഉണ്ടാകുന്നതാണ്.

(മൂലകങ്ങളുടെ ആറ്റങ്ങളിൽ ശക്തിയും, ശിവനും ചേർന്ന ദൈവം, ആനന്ദങ്ങളെയും, മഹാജ്ഞാനമായ മഹാശാസ്ത്രത്തെയും മൂലകങ്ങളിൽ നിന്ന് കുഞ്ഞുങ്ങളായ ആത്മാക്കൾക്ക് സദാ സൃഷ്ടിച്ചു നൽകുകയാണ്. ജനിക്കുന്ന ഓരോ കുഞ്ഞിന്റെയും മുഖച്ഛായ, വിരലടയാളങ്ങൾ തുടങ്ങിയവയിലെ വ്യത്യാസങ്ങളിൽ നിന്ന് ലളിതമായി മനസ്സിലാക്കാനാവും. ജീവികളുടെ കാര്യത്തിൽ മഹാശക്തിയുടെയും ശിവന്റെയും ആനന്ദം മഹാദാസ്യവും മഹാവാത്സല്ല്യവും മാത്രമാകയാൽ കുഞ്ഞുങ്ങളുടെ ആനന്ദത്തെ സൃഷ്ടിച്ച് നൽകുന്ന മഹാശക്തിയായ ഭൂമി, ശിവനെയും ഉൾപ്പെടുത്തി സ്വയം സൃഷ്ടിച്ചു നൽകുന്ന ആനന്ദങ്ങൾക്ക് അതീതമാണെന്ന് സുവ്യക്തമാണ്. മുമ്പ് വ്യക്തമാക്കിയതു പോലെ, ഓക്സിജനായ ശക്തിയും ഹൈഡ്രജനായ ശിവനും ഒന്നിച്ച് ദൈവമായ ഭൂമിയുടെ ദ്രാവകരൂപമായ ജലമായിക്കൊണ്ട് ശരീരത്തിലൂടെ ധർമ്മം ചെയ്ത് ജീവികളുടെയെല്ലാം ജീവിതത്തെ സുന്ദരമാക്കുകയാണ്.

ഏകദൈവം രണ്ടാവാതെ രണ്ടായി നിന്നു കൊണ്ട്, കുഞ്ഞുങ്ങളായ ജീവികളുടെ മഹാമാതാവും മഹാപിതാവുമായി ക്കൊണ്ട്, സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ഒന്നായിരുന്ന് സദാ നിർവ്വഹിക്കുന്നത് ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരമാണ്; കുഞ്ഞുങ്ങൾക്കു വേണ്ടിയാണ്. ആനന്ദങ്ങൾക്കെല്ലാം അതീതവും മഹാശക്തിയുമായ ദൈവത്തിന് യാതൊന്നും നേടാനില്ല. മഹാദാസ്യത്തെയും മഹാവാത്സല്ല്യത്തെയും ആനന്ദങ്ങളായി നിശ്ചയിച്ചിരിക്കുന്നതും കുഞ്ഞുങ്ങൾക്കു വേണ്ടിയാണ്. ദൈവത്തിന്റെ കാര്യമാണത്.)

ജനസേവനം ചെയ്യാൻ തയ്യാറാകുന്ന മനുഷ്യരുടെ മുഖ്യമായ ആനന്ദം ജനസേവനം തന്നെയാവണം. അങ്ങനെ ചെയ്യുമ്പോൾ, അവർ ഭൂമിയുടെ പൊന്നോമന കുഞ്ഞുങ്ങളായ മറ്റുള്ളവരെ ആനന്ദിപ്പിക്കാനായി പരിശ്രമിക്കുകയാണ്. മണ്ണിന്റെ ധർമ്മ ശാസ്ത്രപ്രകാരം പ്രവർത്തിക്കുമ്പോൾ ജനസേവനംചെയ്യുന്ന വ്യക്തികൾക്കോ; അവരുടെ അനുയായികളും പിൻഗാമികളും ആയവർക്കോ ലക്ഷ്യം നേടാൻ കഴിയും. ആരോഗ്യമുള്ള ജീവിത കാലത്ത് മണ്ണിന്റെ ധർമ്മ ശാസ്ത്ര പ്രകാരം പ്രവർത്തിക്കുന്നതിന് മണ്ണും ഭൂമിയുമായ ദൈവം വേതനം നൽകുന്നതാണ്. വേതനം ആഗ്രഹിച്ചു ചെയ്താലും ഇല്ലെങ്കിലും ധർമ്മ ശാസ്ത്ര പ്രകാരമാണോ സേവനങ്ങളെ ചെയ്തത് എന്നതാണ് പ്രധാനം. വ്യക്തികളുടെ മനോഭാവത്തെ ശ്വസനത്തിലൂടെ ഓക്സിജൻ അറിയുന്നുമുണ്ട്. ശരീരം നൽകുന്ന ശക്തികളും ജ്ഞാനവും കൊണ്ടാണ് ജനസേവനത്തെ ചെയ്യുന്നത് എന്നതിനാൽ ജനസേവനം ചെയ്യുമ്പോൾ അഹംഭാവം അരുത്. മഹാശാസ്ത്ര പരമായിട്ട് സ്വയം വിശകലനം ചെയ്ത് ധർമ്മശാസ്ത്ര പ്രകാരം പ്രവർത്തിക്കുമ്പോൾ മാത്രമാണ് ഏതൊരാൾക്കും പുരുഷന്മാരും മനുഷ്യരും ജനസേവകരും ജനങ്ങളുടെ ഭാഗവുമായിട്ട് മാറാനാവുക. ദൈവീകമായ പോലീസ് സേനയാണ് മുഖ്യ ജനസേവകർ. അധമരും 'അടിമകളുമായ ഭരണാധികാരികളുടെ' അടിമകളായി കഴിയാതെ മൂലകങ്ങളിലെ ധർമ്മ ശാസ്ത്രത്തെ മാത്രം അനുസരിച്ച് പ്രവർത്തിക്കാനും ജീവിക്കാനും അവർക്കും ഏവർക്കും കഴിയണം.

എല്ലാ തൊഴിലുകളും തുല്ല്യമാണ് എന്ന തിരിച്ചറിവും പരസ്പരമുള്ള സ്നേഹ ബഹുമാനങ്ങളും സഹോദരങ്ങൾ മാത്രമായ എല്ലാ മനുഷ്യർക്കും ഉണ്ടാകുന്നതും വർദ്ധിക്കുന്നതുമാണ്. മന്ത്രിമാരും പോലീസും ഉൾപ്പെടെ എല്ലാ തൊഴിലാളികൾക്കും തുല്ല്യമായ വേതനം ആവുമ്പോൾ, വർഗ്ഗ സംഘടനകളും സമരങ്ങളും അവസാനിക്കുന്നതാണ്. മൂലകങ്ങൾ നൽകുന്ന ശക്തികളും ജ്ഞാനവും കൊണ്ട് കൂടുതൽ ആനന്ദത്തോടെ ജീവിക്കുക എന്നല്ലാതെ കുഞ്ഞുങ്ങൾ അന്യോന്യം മത്സരിച്ച് ധർമ്മ ശാസ്ത്ര വിരുദ്ധമായി ആനന്ദിച്ചു കൂടാ. വിദ്യാഭ്യാസം, തൊഴിൽ, വിനോദം, സാമൂഹ്യ സേവനം തുടങ്ങി യാതൊന്നിലും മത്സരങ്ങൾ പാടില്ല. സാമൂഹ്യസേവനം തുടങ്ങി യാതൊന്നിലും മത്സരങ്ങൾ പാടില്ലെന്ന് പറയുമ്പോൾ, ഇന്ത്യയിലും മറ്റു ദേശങ്ങളിലുമുള്ള പൊതുതെരഞ്ഞെടുപ്പും ധർമ്മശാസ്ത്ര വിരുദ്ധമാണ് അഥവാ പൈശാചികമാണ് എന്നുതന്നെയാണ് അർത്ഥം. സ്ഥാനാർത്ഥിയുടെ വിദ്യാഭ്യാസത്തെയും സദ്ഗുണങ്ങളെയും മാനദണ്ഡമാക്കുന്ന തെരഞ്ഞെടുപ്പ് സമ്പ്രദായം പോലും ധർമ്മ ശാസ്ത്ര വിരുദ്ധമാണെന്നിരിക്കെ, സദ്ഗുണങ്ങൾ പോലും വിഷയമല്ലാത്ത തെരഞ്ഞെടുപ്പ് സമ്പ്രദായത്തെയും, കമ്മീഷനെയും ഉദ്യോഗസ്ഥരെയും അനുബന്ധ സംവിധാനങ്ങളെയും ഇന്ത്യയെ പ്പോലെയുള്ള രാജ്യങ്ങളിൽ ജനങ്ങളുടെ ചിലവിൽ നിലനിർത്തുന്നത് കടുത്ത അപരാധമാണ്.

**ഗ്രാമപഞ്ചായത്തുകളുടെ വിശദീകരണത്തിൽ (Ref. Man.pdf) ജനങ്ങളും, സേവകരായ ഗ്രാമപഞ്ചായത്തുകളും അവരുടെ കേന്ദ്രീയ സംവിധാനങ്ങളും, നേരിട്ട് ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെയെല്ലാം നിറവേറ്റാൻ പ്രാപ്തമാണെന്നു കണ്ടു. സംസ്ഥാന കേന്ദ്ര സർക്കാരുകൾ എന്ന പേരിൽ, അജ്ഞാനികളും ചൂഷകരുമായ ഇടനിലക്കാർ ആവശ്യമില്ലെന്ന് വ്യക്തമാക്കിയിരുന്നു. ധർമ്മശാസ്ത്രം സമ്പൂർണ്ണമായും മൂലകങ്ങളിൽ ലയിച്ചിരിക്കെ, ഭൗതിക അസ്തിത്വം ഇല്ലാത്ത കോപ്രായങ്ങളെ തട്ടിക്കൂട്ടാനുള്ള സഭകൾ പാടില്ല. ജനങ്ങളുടെ ഇടയിൽ മത്സരങ്ങൾ ഉണ്ടാകുന്നത് ധർമ്മശാസ്ത്ര വിരുദ്ധമാണെന്നും പാടില്ലെന്നും, അതുകൊണ്ടുതന്നെ ഇന്ത്യയിലെയും മറ്റും തെരഞ്ഞെടുപ്പ് സമ്പ്രദായങ്ങൾ അസംബന്ധമാണെന്നും രാജാവ്, മന്ത്രിമാർ തുടങ്ങിയ നടത്തിപ്പുകാരെ മാത്രം നിയമിച്ചാൽ മതിയെന്നും തെളിയുന്നുണ്ട്.**

കുഞ്ഞുങ്ങൾ അന്യോന്യം മത്സരിക്കുകയും മത്സരിപ്പിക്കുകയും ചെയ്യുന്നതും, കുറച്ചോ കൂടുതലോ കുഞ്ഞുങ്ങൾ മത്സരം നിമിത്തം കലഹിക്കുകയും പീഡിപ്പിക്കുകയും കൊല്ലുകയും ഒക്കെ ചെയ്യുന്നത് അവരുടെ മാതാപിതാക്കളെ തീർച്ചയായും വേദനിപ്പിക്കുന്നതാണ്. മാനുഷിക അവസ്ഥ അങ്ങനെയിരിക്കെ, മത്സ്യമായിട്ട് സൃഷ്ടിക്കുന്നതു മുതൽ ഓരോ ആത്മാവിനെയും പൊന്നോമന കുഞ്ഞായിട്ടു കരുതുകയും മനുഷ്യാവസ്ഥയിലെ 100ാം ജന്മത്തിൽ പരമ-സമപദവിയായ മോക്ഷം നൽകുകയും ചെയ്യുന്ന മഹാമാതാവായ ഭൂമി മത്സരത്തെ അംഗീകരിക്കുന്നതല്ല. ആത്മാക്കൾക്ക് സ്വന്തമായി യാതൊരു ശക്തിയും ഇല്ലെന്നതും; ഭൂമിയായ ദൈവത്തിന്റെ അംശമായ ശരീരത്തിലും മൂലകങ്ങളിലും ലയിച്ചിട്ടുള്ള ശക്തികളെ ദുരുപയോഗം ചെയ്ത് മത്സരിക്കുന്നത് തെറ്റാണെന്ന് ശരീരം സ്വയം സ്വീകരിക്കുന്ന ഭ്രൂണം, കുഞ്ഞ്, കുട്ടി, കുമാരി/കുമാരൻ, യുവതി/യുവാവ്, മദ്ധ്യവയസ്ക/മദ്ധ്യവയസ്കൻ, വൃദ്ധ/വൃദ്ധൻ എന്നീ ശരീര രൂപങ്ങൾ പരക്കെ തെളിയിക്കുമ്പോൾ, ആവിധ ജ്ഞാനത്തെ ഉൾക്കൊണ്ട് വിനീതരാവുകയാണു വേണ്ടത്. വാർദ്ധക്യത്തിൽ ജരാനരകളോടെയും, ശുഷ്ക്കിച്ച ചർമ്മത്തോടെയും, പല രോഗങ്ങളോടെയും അവശതകളോടെയും, കൊച്ചു കുഞ്ഞുങ്ങളെ പ്പോലെ ഭക്ഷണ സാധനങ്ങളിലെ ആനന്ദത്തിൽ മാത്രം ഒതുങ്ങി ജീവിക്കുന്നവർക്ക് പലപ്പോഴും മത്സരം എന്നാൽ എന്താണെന്നു പോലും മനസ്സിലാകില്ല !

ഭൂമിയിലെ മനുഷ്യർ ഉൾപ്പെടെ എല്ലാ ജീവികൾക്കും എക്കാലവും ബാധകമായ ധർമ്മശാസ്ത്രവും, ഭൂമി നടപ്പാക്കുന്ന മഹാനീതി ശാസ്ത്രവും ഭൂമിയുടെ അംശമായ മൂലകങ്ങളിലും അവയുടെ രൂപാന്തരമായ ശരീരങ്ങളിലും ഭൗതികശാസ്ത്ര ത്തോടൊപ്പം ലയിച്ചിട്ടുള്ളതാണ്. ആകയാൽ എല്ലാ രാജ്യങ്ങളുടെയും പൊതുവായ ഭരണഘടന, ദൈവവും ഭൂമിയുമായ മണ്ണിന്റെ നിയമങ്ങൾ **(Laws of the Land @ Earth)** മാത്രമാണ്. ഭൗതിക അസ്തിത്വമുള്ള മണ്ണിന്റെ (സ്വന്തമായ) നിയമങ്ങളെ മണ്ണിലെ മൂലകങ്ങളും അവയുടെ രൂപാന്തരമായ ശരീരവും നൽകുന്ന വിശേഷ ബുദ്ധി കൊണ്ട് മനസ്സിലാക്കുകയും അവ പ്രകാരം ആനന്ദിച്ചു ജീവിക്കുകയും മാത്രമാണ് മനുഷ്യർ ചെയ്യേണ്ടത്.

## മഹാജാലവും, മഹാശക്തിയായ ദൈവവും, ഭൂമിയുമായ മണ്ണ് സൃഷ്ടിച്ചിട്ടുള്ളവയാണ് എക്കാലവും മണ്ണിന്റെ നിയമങ്ങൾ.

ഭൗതിക അസ്തിത്വമുള്ള മണ്ണായ ഭൂമിയുടെ അംശമായ മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ഭൗതിക ശാസ്ത്രം പ്രകാരമുള്ള ശക്തികൾ കൊണ്ടു മാത്രമാണ് മൂലകങ്ങളും അവയുടെ രൂപാന്തരമായ ശരീരവും കൊണ്ട് മനുഷ്യന്/ ആത്മാവിന് ഏതൊരു പ്രവൃത്തിയും ചെയ്യാൻ കഴിയുക. അതുകൊണ്ടുതന്നെ മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ധർമ്മശാസ്ത്രത്തെ മനുഷ്യർ ഭൗതികമായി പിൻപറ്റുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രം മണ്ണിന്റെ മൂലകങ്ങളും ശരീരവും അവയുടെ മൊത്തമായ ഭൂമിയും എല്ലായ്പ്പോഴും മഹാനീതി നടപ്പാക്കുക. ശരീരം നൽകുന്ന വേദനകൾ ഉൾപ്പെടെയുള്ള ആനന്ദങ്ങളിലൂടെ മനുഷ്യർ എക്കാലവും അനുഭവിച്ചറിഞ്ഞാണ് ജീവിക്കുന്നത്. അങ്ങനെയിരിക്കെ, 'മണ്ണിന്റെ നിയമങ്ങൾ, രാഷ്ട്ര ഭരണഘടന' തുടങ്ങിയ കള്ളപ്പേരിട്ട് ഭോഷത്തങ്ങളെ തട്ടിക്കൂട്ടുന്ന സംവിധാനങ്ങൾ പാടില്ല. സംസ്ഥാനങ്ങളിലും, കേന്ദ്രത്തിലുമുള്ള നിയമസഭ, പാർലമെന്റ്, കോടതി എന്നിവ ധർമ്മശാസ്ത്ര വിരുദ്ധമാണെന്നും, MLA, MP, ന്യായാധിപൻ, തുടങ്ങിയ നീച പ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കുന്നവർ പിരിഞ്ഞു പോവുകയോ, മടിച്ചാൽ വിവരദോഷികളെ പിരിച്ചു വിടുകയോ ആണ് വേണ്ടത്.

ഭൂമി, 100 മനുഷ്യ ജന്മങ്ങളെ ഓരോ മനുഷ്യനും നൽകുമ്പോൾ, ഓരോ ജന്മത്തിലെയും പ്രവൃത്തികളുടെ മേലുള്ള മഹാനീതി നടപ്പാക്കുന്നതിനെ പെട്ടെന്ന് അംഗീകരിക്കാൻ മടിച്ചാലും; മേൽപ്പറഞ്ഞ വിവരദോഷികൾക്ക് മരണം വിധിക്കുന്നതും നൽകുന്നതും മണ്ണായ ഭൂമിയുടെ അംശമായ മൂലകങ്ങളും അവയുടെ രൂപാന്തരമായ ശരീരവുമാണ് എന്നതും, തജ്ജന്മത്തിലെ പ്രവൃത്തികളിൽ നിന്നും ആത്മാവിനെ വിടുവിക്കുകയും ശരീരത്തിൽ നിന്നും പുറത്താക്കുകയും കൂടിയാണ് ഒപ്പമുള്ള ദൈവാംശമായ ശരീരം ചെയ്യുന്നത് എന്ന സത്യത്തെയും നിഷേധിക്കാൻ യാതൊരാൾക്കും കഴിയുന്നതല്ല.

മനുഷ്യന്റെ സ്വത്വമായ ആത്മാവിന് ആത്മഹത്യ ചെയ്യാൻ പോലും ശ്രമിക്കാമെന്നല്ലാതെ നിശ്ചയിക്കുകയും നിയന്ത്രിക്കുകയും അനുവദിക്കുകയും ചെയ്യുന്നത് മഹാജാലമായ ദൈവവും മണ്ണുമായ ഭൂമിയുടെ അംശമായ മൂലകങ്ങളും അവയുടെ രൂപാന്തരമായ ശരീരവുമാണെന്ന് വിശകലനം ചെയ്ത് മനസ്സിലാക്കാൻ കഴിയും.

വിവരദോഷികൾ തുടങ്ങിയ ശാസനകളുടെ പേരിൽ മന്ത്രിമാരും ന്യായാധിപന്മാരും ഉൾപ്പെടെയുള്ള ജനസേവകർക്ക് പരിഭവമോ ദേഷ്യമോ പ്രതിഷേധമോ പ്രതികാരമോ വേണ്ടതില്ല. ഭൂമിയിലെ എല്ലാ മനുഷ്യരെയും മറ്റുള്ള ജീവികളെയും പൊന്നോമന കുഞ്ഞുങ്ങളായി സൃഷ്ടിക്കുകയും മഹാവാത്സല്യത്തോടെ മാത്രം എക്കാലവും പരിപാലിക്കുകയും ചെയ്യുന്ന മഹാമാതാവും ഭൂമിയുമായ മഹാദേവിയുടെ ഭാഗവും പരമാത്മാവും പ്രപഞ്ചപിതാവുമായ മഹാദേവനാണ് ഗ്രന്ഥകാരൻ; ഓരോ മനുഷ്യന്റെയും മേൽ അവകാശവും അധികാരവും ഉണ്ട്; ശാസിപ്പിച്ചും ശിക്ഷിപ്പിച്ചുമെല്ലാം മഹാമാതാവ്, സ്വന്തം ഭാഗം കൂടിയായ പരമശിവനെ പ്രവർത്തിപ്പിക്കുന്നത് എക്കാലവും കുഞ്ഞുങ്ങളുടെ നല്ലതിനു വേണ്ടി മാത്രവുമാണ് !

മനുഷ്യജീവിയുടെ രൂപം, അവയവങ്ങൾ, സ്ത്രീ പുരുഷൻ, സൗന്ദര്യം, നിറം, മുഖഛായ, ആയുസ്സ്, ആരോഗ്യം, മറ്റുള്ള ജീവികളിൽ നിന്നും വ്യത്യസ്തമായ വിശേഷ ബുദ്ധിശക്തി, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ജന്മസ്ഥലം തുടങ്ങിയ ജന്മഗുണങ്ങളെല്ലാം ദൈവമായ ഭൂമി സ്വന്തം അംശമായ മൂലകങ്ങളിലൂടെയും അവയുടെ രൂപാന്തരമായ ശരീരങ്ങളിലൂടെയും നൽകുന്ന ദാനങ്ങൾ മാത്രമാണെന്നതും; മനുഷ്യാവസ്ഥയിൽ അത്യാവശ്യണെന്നതും; ലളിതമായി മനസ്സിലാക്കാൻ കഴിയുന്ന വസ്തുതകളാണ്. **ജന്മഗുണങ്ങൾ വ്യത്യാസപ്പെട്ടിരിക്കെ മാനുഷിക ഭരണകൂടങ്ങൾക്ക് തജ്ജന്മത്തിൽപോലും കൃത്യമായ അളവുകളോടെ മനുഷ്യരുടെയും (മറ്റു ജീവികളുടെയും) മേൽ നീതി നടത്താൻ കഴിയുന്നതല്ല.** ആത്മാവായ വ്യക്തിയെ സ്വയവും അന്യോന്യവും തിരിച്ചറിയുന്നതു പോലും ദാനമായി ലഭിച്ച മുഖഛായ കൊണ്ടാണ് എന്നതും, **'ആത്മാവിനു സ്വന്തമല്ലാത്ത മുഖഛായ, ശരീര അവയവങ്ങൾ' തുടങ്ങിയ ജന്മഗുണങ്ങളെ മുഖ്യ ആധാരമാക്കി ജീവിക്കുന്നവരാണ് മനുഷ്യരും മറ്റുള്ള ജീവികളും എന്നതും, ഓർക്കാൻ കഴിയട്ടെ !**

ജന്മഗുണങ്ങളെ വ്യത്യാസപ്പെടുത്തി ക്കൊണ്ട് മനുഷ്യാവസ്ഥയിൽ ഓരോ ആത്മാവിനും 100 ജന്മങ്ങളെ നൽകിയാണ് മഹാനീതിയെ ഭൂമി നിർവ്വഹിക്കുന്നതെന്ന് സൃഷ്ടി ചക്രങ്ങളുടെ രണ്ടാമത്തെ പകുതിയിൽ ദൈവം പ്രത്യക്ഷമാകുമ്പോൾ തെളിയുന്നുണ്ട്. ഒരു ജന്മത്തിൽ മാത്രമായി നീതി നടപ്പാക്കാൻ കഴിയില്ലെന്നും മനുഷ്യർ ശ്രമിക്കുന്നതിൽ കാര്യമില്ലെന്നും കൂടിയാണ് അതിന്നർത്ഥം. സൃഷ്ടികൾക്ക് മഹാസമനീതിയെ ഉറപ്പാക്കുന്നത് സ്രഷ്ടാവായ ഭൂമിയുടെ മാത്രം ചുമതലയാകയാൽ ജനസേവകർ ഉൾപ്പെടെയുള്ള മനുഷ്യർ സാഹസപ്പെടുകയോ വേദിക്കുകയോ ചെയ്യേണ്ടതുമില്ല. **ഭൂമിയുടെ അംശമായ മൂലകങ്ങളിലും രൂപാന്തരമായ ശരീരങ്ങളിലും ലയിച്ചിരിക്കുന്ന ഭൗതിക-ധർമ്മ-നീതിശാസ്ത്രങ്ങൾ പ്രകാരം മാത്രമേ സൃഷ്ടികളായ മനുഷ്യർക്കും മറ്റുള്ള ജീവികൾക്കും ജീവിക്കാൻ കഴിയൂ എന്ന് ഭൂമി വ്യവസ്ഥ ചെയ്തിട്ടുള്ളത് ബന്ധനമല്ല; സമ്പൂർണ്ണ സ്വാതന്ത്ര്യത്തെയും സമ-ആനന്ദമെന്ന മഹാനീതിയെയും സൃഷ്ടികൾക്കു നൽകുന്നതിനു വേണ്ടിയാണ്. സൃഷ്ടി സ്ഥിതി സംഹാര കർത്താവും മഹാനീതിയുമായ ഭൂമിയുടെ ചുമതലയാണത്.**

## പൊതുതെരഞ്ഞെടുപ്പ് ഉൾപ്പെടെ എല്ലാ മത്സരങ്ങളും ധർമ്മശാസ്ത്ര വിരുദ്ധമാണ് അഥവാ ദൈവീകമല്ല.

സൃഷ്ടികളായ മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികൾക്ക് സ്വത്വം, ആത്മാവ് എന്നെല്ലാം വിശേഷിപ്പിക്കപ്പെടുന്ന അസ്തിത്വം പോലും സ്വന്തമല്ല. മനുഷ്യരായ മാതാപിതാക്കളിലൂടെ ജനിച്ചു എന്നല്ലാതെ ശരീര അവയവങ്ങളെയും ജന്മഗുണങ്ങളെയും ഇന്ദ്രിയങ്ങളെയും സൃഷ്ടിച്ചു നൽകിയത് മാതാപിതാക്കളല്ല. അന്യോന്യം യാതൊരു ബന്ധവുമില്ലാത്തതു പോലെ എല്ലാ ജീവികളുടെയും സ്വത്വങ്ങളെ ഒരു ദിവസം ശരീരം പുറത്താക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. ഏതാനും വർഷങ്ങൾ മാത്രം ജീവിക്കുന്ന മനുഷ്യന്റെ സ്വത്വമായ ആത്മാവ് അനുഭവിക്കുന്ന ആനന്ദങ്ങളും ശക്തികളും ജ്ഞാനമായ ശാസ്ത്രങ്ങളും സ്വാതന്ത്ര്യങ്ങളും വിശേഷ ബുദ്ധിയുമെല്ലാം 'മഹാശക്തിയായ ഭൂമി' സ്വന്തം അംശമായ മൂലകങ്ങളിലൂടെയും അവയുടെ രൂപാന്തരമായ ശരീരങ്ങളിലൂടെയും നൽകുന്ന 'ദാനങ്ങൾ' മാത്രമാണ്. ദാനങ്ങളുടെ ഭാഗമായ ശാസ്ത്രങ്ങളിൽ 'ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാനായിട്ട് പണച്ചിലവും കുറ്റങ്ങളും കുറവുകളും ഇല്ലാതെ ജനസേവകരെ നിസ്സാരമായി തെരഞ്ഞെടുക്കാൻ കഴിയുമെന്നത് ' ഉൾപ്പെടെ ധർമ്മ ശാസ്ത്ര ശാഖയായ ജനസേവന ശാസ്ത്രവുമുണ്ട്. മൂലകങ്ങളിലും രൂപാന്തരമായ ശരീരങ്ങളിലും ലയി(പ്പി)ച്ചിരിക്കുന്ന ആനന്ദങ്ങളെ അനുഭവിക്കുന്ന വിശേഷ ബുദ്ധിയുള്ള മനുഷ്യർക്ക്, ആനന്ദങ്ങളെ മനുഷ്യർക്കെല്ലാം തുല്ല്യമായി വീതിക്കാൻ മഹാവാത്സല്ല്യത്തോടെ ഭൂമി ഒപ്പം ലയിപ്പിച്ചിരിക്കുന്ന ധർമ്മശാസ്ത്രത്തെയും അവരവർക്കു വേണ്ടി പാലിക്കാൻ ബാധ്യത ഉണ്ട്. 'ദാനങ്ങൾ' കൊണ്ടു ജീവിക്കുന്ന മനുഷ്യർ ദാനങ്ങൾ കൊണ്ട് മത്സരിക്കുന്നതിനെപ്പറ്റി ചിന്തിക്കുന്നതു പോലും അനൗചിത്യമാണ്. എല്ലാ മത്സരങ്ങളും ധർമ്മ ശാസ്ത്ര വിരുദ്ധമാണ്. മൂലകങ്ങളിലും ശരീരങ്ങളിലും ലയിച്ചിരിക്കുന്ന ശക്തികളുടെയും ന്യൂനശക്തികളുടെയും ധർമ്മശാസ്ത്രങ്ങൾക്കു വിരുദ്ധമായി പ്രവർത്തിക്കുന്ന മനുഷ്യരെ അനുഭവിച്ചറിയുന്ന 'ജന്മ ഗുണങ്ങൾ, രോഗങ്ങൾ തുടങ്ങിയവയിലൂടെ' മഹാനീതി ശാസ്ത്ര പ്രകാരം ശിക്ഷകളെ നൽകി തിരുത്തുവാൻ 'മഹാനീതി കൂടിയായ മഹാവാത്സല്ല്യമായ ഭൂമി' നിർബ്ബന്ധിക്കപ്പെടുകയാണ്.

**സ്വഭാവ ശുദ്ധി ഏറിയ ഗ്രാമപ്പഞ്ചായത്ത് അംഗങ്ങളെ തെരഞ്ഞെടുപ്പു കമ്മീഷനുകൾ ഇല്ലാതെ നാട്ടുകാർക്ക് തെരഞ്ഞെടുക്കാനും, ധർമ്മശാസ്ത്ര നിയമങ്ങളെ അവർ ലംഘിച്ചാൽ പിരിച്ചു വിടാനും കഴിയുന്നതാണ്. പഞ്ചായത്തുകളിൽ നിന്നും സംസ്ഥാന മന്ത്രിമാരെയും രാജാവിനെയും, ആവശ്യമെങ്കിൽ അവരിൽ നിന്നും കേന്ദ്രീയ ജനസേവകരെയും, നിസ്സാരമായി തെരഞ്ഞെടുക്കാനും ദൈവീക മാർഗ്ഗങ്ങളുണ്ട്. അധികാരവും സമ്പത്തും എപ്പോഴും പഞ്ചായത്തുകളിൽ അധിഷ്ഠിതമാണ്.**

എങ്ങനെയെന്ന് വിശദീകരിക്കാം :-

ധർമ്മശാസ്ത്ര നിയമങ്ങളെ സമൂഹത്തിൽ എല്ലാവരും പാലിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടവരായ പോലീസ് സേനയെ നിയമിക്കുകയും ഊട്ടുകയും നിയന്ത്രിക്കുകയും ചെയ്യുന്നത് എല്ലായ്പ്പോഴും പഞ്ചായത്തുകൾ മാത്രമാവണം. ധർമ്മശാസ്ത്ര നിയമങ്ങളെ രാജാവും മന്ത്രിമാരും സ്വയം പോലീസ് തന്നെയും ലംഘിച്ചാൽ, ശാസിക്കാനും പോലീസിനെ ക്കൊണ്ട് ശിക്ഷിക്കാനും, നാട്ടിൽ നിന്നും കാട്ടിലേക്ക് കടത്താനുമൊക്കെയുള്ള അധികാരവും സമ്പത്തും എപ്പോഴും പഞ്ചായത്തുകളിൽ നിക്ഷിപ്തമാണ്.

'നാട്ടിലെ രാജാവ്' എന്നു വിശേഷിപ്പിക്കാവുന്ന പഞ്ചായത്തിലും, 'സംസ്ഥാന രാജാവ്' എന്നു വിശേഷിപ്പിക്കാവുന്ന സംസ്ഥാനത്തിലും, കേന്ദ്രത്തിലും ഒക്കെ രാജാവ് കൂടാതെ 'ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം' എന്നിങ്ങനെ എല്ലാ ജീവിത വിഷയങ്ങളെയും നിർവ്വഹിക്കാൻ നാല് മന്ത്രിമാരെയും, അത്യാവശ്യമെങ്കിൽ 4 പേരുടെയും സേവകനായി ഒരു പ്രധാന മന്ത്രിയെയും മതിയാകും. രാജാവും മന്ത്രിമാരും നീതിന്യായം ഉൾപ്പെടെ ജനങ്ങളുടെ തജ്ജന്മത്തിലെ എല്ലാ പൊതുവായ ആവശ്യങ്ങളുടെയും ചുക്കാൻ പിടിച്ച് ധർമ്മ ശാസ്ത്രങ്ങൾ പ്രകാരം ജനങ്ങളെ സേവിക്കുന്നതാണ്.

ജനങ്ങളുടെ പൊതുഖജനാവിനെ ധൂർത്തടിക്കുന്നവരായി ആധുനിക കാലത്തെ ഭൂരിപക്ഷം മന്ത്രിമാരും ഉദ്യോഗസ്ഥരും പോലീസും ഉൾപ്പെടെയുള്ള എല്ലാ ജനസേവകരും അധഃപതിച്ചിട്ടുണ്ട്. വൈറസ് രോഗം കൊണ്ട് ജനങ്ങൾ വിഷമിക്കുമ്പോഴും സൈനിക പരേഡുകൾക്കും അഭ്യാസങ്ങൾക്കും പണവും ഊർജ്ജവും ജീവനും സമയവുമെല്ലാം ഇന്ത്യയിലും അമേരിക്കയിലും കേരളത്തിലുമെല്ലാം പാഴാക്കുന്നതിനെ ഉദാഹരണമായി ചൂണ്ടിക്കാട്ടാം. മനുഷ്യർക്ക് ലഭിക്കുന്ന ജന്മഗുണങ്ങളിൽ ഒന്നായ ബുദ്ധിശക്തിയും, പിന്നെ വിദ്യാഭ്യാസവും

**സ്വഭാവശുദ്ധിയും അത്യാവശ്യമില്ലാതെ**

# വിചിത്രമായി

**രാജാവും പ്രധാനമന്ത്രിയും മുഖ്യമന്ത്രിയും മന്ത്രിമാരും മറ്റുമായ ഭരണാധികാരികളായി അനേകം പേർ മിക്ക രാഷ്ട്രങ്ങളിലും സംസ്ഥാനങ്ങളിലും**

ഉരുത്തിരിയുന്നതിലെ മഹാനീതിയെ, ഈ ഘട്ടത്തിൽ വിശകലനം ചെയ്യേണ്ടതാണ്.

**സാമൂഹിക സാംസ്കാരിക രാഷ്ട്രീയ ഭരണ രംഗങ്ങളിൽ പ്രവർത്തിക്കുന്നവരും മുൻപരിചയങ്ങൾ ഉള്ളവരുമായ അനേകർ നാട്ടിലുള്ളപ്പോൾ, ജനസേവകർ/ ഭരണാധികാരികൾ മരിക്കുമ്പോൾ, ഭരണകാര്യങ്ങളിൽ യാതൊരു മുൻപരിചയങ്ങളും ഇല്ലാത്ത മകനും മകളും ഭാര്യയും, സിനിമാ നടന്മാരും നടിമാരും ഒക്കെ മന്ത്രിമാരും മുഖ്യമന്ത്രിമാരും പ്രധാനമന്ത്രിമാരുമായി നിയമിക്കപ്പെടുന്നതിൽ നിന്ന് ഭാഗ്യം, യാദൃശ്ചികം എന്നെല്ലാം വിശേഷിപ്പിക്കുന്ന ദൈവാനുഗ്രഹം എന്ന ഏക യോഗ്യത കൊണ്ട് ജനങ്ങളുടെ മുഖ്യ/പ്രധാന സേവകനാകാൻ കഴിയുമെന്ന് ഇന്ത്യയിലെ തന്നെ ചരിത്രം സാക്ഷ്യമാണ്.**

**തീർന്നില്ല;**

**ഗൃഹസ്ഥരായി കഴിഞ്ഞവർക്കും മറ്റും ഏതാനും ദിവസങ്ങളോ ആഴ്ചകളോ മാത്രം കൊണ്ട്, നീണ്ടകാലത്തെ 'രാഷ്ട്രീയ പ്രവർത്തന പരിചയവും' മറ്റുമുള്ളവരെയും, പോലീസ് അധികാരികളെയും ജില്ലാ കളക്ടർമാരെയും, ഭരിക്കുന്ന മിടുക്കരായ മുഖ്യ-മന്ത്രിയെന്നും, പ്രധാനമന്ത്രിയെന്നും, മന്ത്രിയെന്നുമുള്ള**

# പ്രതീതി സൃഷ്ടിക്കാനും

**കഴിഞ്ഞിട്ടുള്ളത് വിശകലനം ചെയ്യണം.**

**മനുഷ്യരുടെ ജന്മഗുണങ്ങളിൽ പെടാത്തതായ ജനസേവനത്തെ ദൈവം മഹാജാലം കൊണ്ട് വ്യക്തിക്കു നൽകുമ്പോൾ, നീതി സംബന്ധിച്ച നടപടികളുടെ ഭാഗമാണ് എന്നും ദൈവീകമായ ഉദ്ദേശം ഉണ്ടെന്നും ഉറപ്പാണ്. ജനങ്ങൾക്കെല്ലാം സമനീതി നൽകുന്ന മഹാശക്തിയും മഹാനീതിയുമായ ഭൂമി, തൊഴിൽ അഭിരുചി പോലെ ജന്മഗുണമോ തൊഴിലോ അല്ലാത്തതും, തൊഴിലാളികളായ ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ പരിഹരിക്കാൻ പ്രവർത്തിക്കുന്നതുമായ ദാസ്യവേലയെ കുഞ്ഞുങ്ങളിൽ ചിലർക്ക് ഭാഗ്യം എന്ന പേരിൽ അനുഗ്രഹമായി നൽകുന്നതിലെ ദൈവീക നീതി വെളിപ്പെടുത്താൻ ദൈവത്തിനു ബാദ്ധ്യതയുണ്ട്.**

ഉന്നതമായ ധാർമ്മിക സദാചാര മര്യാദകളോടെ മറ്റുള്ളവർക്ക് മാതൃകയായി തന്നെ ജീവിച്ചിരുന്ന ചില മനുഷ്യർക്കും (ആദ്യ മഹാകാലചക്രത്തിലെ ദേവതകൾക്കും) മറ്റും കടുത്ത ധാർമ്മിക വീഴ്ച്ച ഒന്നോ അതിലധികമോ ജന്മങ്ങളിൽ സംഭവിക്കുമ്പോൾ, ഉറ്റവർക്ക് വേദന ഉണ്ടാകുന്നതാണ്. അതേപോലെ മഹാമാതാവായ ഭൂമിക്കും വേദന ഉണ്ടാകുന്നതാണ്. എന്നാൽ മഹാനീതി കൂടിയായ ഭൂമിക്ക് അളവുകളോടെ ശിക്ഷിക്കാൻ ബാദ്ധ്യതയുമുണ്ട്. ഭൂമി, കുഞ്ഞുങ്ങളെ ശിക്ഷിച്ചു തിരുത്തുവാൻ മഹാവാത്സല്ല്യത്തോടെ ഭൂമിയുടെ/ദൈവീക ആനന്ദങ്ങളായ മഹാദാസ്യം, മഹാവാത്സല്ല്യം എന്നിവയിലെ മഹാദാസ്യത്തിൽ നിന്ന് 5 അളവിലുള്ള ദാസ്യത്തെ ധാർമ്മികമായ വീഴ്ച്ച പറ്റിയ വ്യക്തിയിലേക്ക് പ്രവേശിപ്പിക്കുന്നു. ദാസ്യമാകുന്ന ആനന്ദം പ്രവേശിക്കുന്ന വ്യക്തിക്ക് ജനസേവന മനോഭാവം ഉണ്ടാകുന്നതാണ്. സ്വന്തം ആനന്ദങ്ങളെ മാറ്റിവെച്ച്, ചുറ്റുമുള്ളവരുടെ/മറ്റുള്ളവരുടെ ആനന്ദങ്ങളെ വർദ്ധിപ്പിക്കാനായി പ്രവർത്തിക്കുന്നത് സ്വന്തം ആനന്ദമാകുമ്പോൾ, വ്യക്തിക്ക് പ്രതിഫലമായി പുണ്യത്തെ നൽകാൻ ദൈവം ബാദ്ധ്യസ്ഥമാണ്. വ്യക്തിക്ക് ഭാഗികമായി ഉണ്ടായിരിക്കുന്ന ദൈവ ഭാവം ജനസേവനത്തിലൂടെ വർദ്ധിക്കുന്നതിന് ആനുപാതികമായി പുണ്യവും വർദ്ധിക്കുന്നു. മുജ്ജന്മങ്ങളിൽ ചെയ്തു കൂട്ടിയ പാപങ്ങൾക്കുള്ള ദൈവശിക്ഷ അളവോടെ കുറയുന്നു.

ഭാഗ്യമുണ്ടെങ്കിൽ, പഴയകാല പാപങ്ങളും ദൈവശിക്ഷകളും സമ്പൂർണ്ണമായി ഒഴിവാകാനും, അസാധാരണമായ സാഹചര്യത്തിൽ ജനങ്ങൾക്ക് അത്യധികം സേവനങ്ങൾ ചെയ്തു കൊണ്ട് പുണ്യത്തെ അധികമായി നേടിക്കൊണ്ട്, വരും ജന്മങ്ങളിലേക്ക് കരുതാനും/ ശേഖരിക്കാനും കഴിയുന്നതാണ്.

സാധാരണ ഗതിയിൽ, ജനസേവനം കൂടുന്നതനുസരിച്ച് വ്യക്തിക്ക് അളവോടെ കൂടുതൽ പുണ്യം നേടാൻ കഴിയുന്നു. ജനസേവനം ചെയ്യാൻ സേവന മനോഭാവം ഉണ്ടാവുകയും ഉറയ്ക്കുകയും ചെയ്താൽ മതി. വലിയ വിദ്യാഭ്യാസ യോഗ്യത വേണ്ട. ഭരണകാര്യങ്ങളിൽ യാതൊരു മുൻപരിചയങ്ങളും ഇല്ലാത്തവർക്കും ദൈവാനുഗ്രഹം എന്ന ഏക യോഗ്യത കൊണ്ട് ജനങ്ങളുടെ മുഖ്യ/പ്രധാന സേവകനാകാൻ കഴിയുന്നതാണ്. ചരിത്രം സാക്ഷ്യമാണ്.

കൊടും പാപികൾക്ക് പുണ്യം നേടാനുള്ള അവസരങ്ങളെ മഹാനീതിയായ ഭൂമി @ മഹാദേവി മഹാആവിഷ്ക്കരിച്ചതാണ് എന്ന രീതിയിൽ ജനസേവനത്തെ വിശകലനം ചെയ്യുമ്പോൾ, മഹാനീതിയും മഹാജാലവുമായ ഭൂമി സൃഷ്ടികളായ മനുഷ്യർക്ക് മഹാവാത്സല്ല്യത്തോടെ മഹാനീതി ലഭ്യമാക്കുന്നു എന്നല്ലാതെ കുഞ്ഞുങ്ങളുടെ വിഷമങ്ങളും സന്തോഷങ്ങളും സർവ്വത്തിനും അതീതമായ ദൈവത്തെ ബാധിക്കുന്നില്ല എന്ന് മനസ്സിലാക്കാനും കഴിയും.

ജനസേവന മനോഭാവം ലഭിക്കുന്ന വ്യക്തിയിലേക്ക്, ധനമോഹം, അഹംഭാവം, പൊങ്ങച്ചം, കാപട്യം, അസത്യം, ദുഷ്ക്കാമം, ദുർഭാഷണം, ദുഷ്ക്കീർത്തി, തുടങ്ങിയ ദുസ്വാർത്ഥങ്ങൾ പ്രവേശിക്കാതെ ശ്രദ്ധിക്കേണ്ടത് അടിസ്ഥാന പരമായി പാപികളായ വ്യക്തികളുടെ സ്വകാര്യ അത്യാവശ്യങ്ങളാണ്. ഭൂമി നൽകുന്ന അവസരങ്ങളെ നഷ്ടപ്പെടുത്തിയാൽ പലർക്കും നികൃഷ്ട ജന്മമായി ഒരുക്കിയിട്ടുള്ള പെരുമാളട്ടയായി, അവയുടെ കാലുകളുടെ എണ്ണം തവണ പുനർജ്ജനിക്കേണ്ടി വരുന്നതാണ്.

**ഭൂമിയുടെ പൊന്നോമന കുഞ്ഞുങ്ങൾ തന്നെയാണ് കൊടിയതോ ചെറുതോ ആയ പാപികളും എന്നതിനാൽ, പാപികളാൽ വേദന അനുഭവിക്കുന്നവരുടെ സഹോദരങ്ങൾ കൂടിയായവർ, പാപികളെ പരിഹസിക്കുന്നതും, കുഞ്ഞുങ്ങൾ അന്യോന്യം വഴക്കിടുന്നതും ശിക്ഷിക്കുന്നതും അവരുടെ മഹാമാതാവും ഭൂമിയുമായ മഹാദേവി ഇഷ്ടപ്പെടുന്നില്ല.** സ്ഥിതി പരമായ വിധി പ്രകാരവും സൃഷ്ടിപരമായ ജന്മഗുണങ്ങളെ കൊണ്ടും മഹാനീതിയായ ഭൂമി അളവുകളോടെ പാപികളായ കുഞ്ഞുങ്ങളെ ശിക്ഷിച്ചു തിരുത്തുന്നതാണ്. മകനെ വധിച്ച കേസിലെ കേരളീയനായ പ്രതി കൊച്ചുകൊച്ചു മകനായി പുനർജ്ജനിക്കുമ്പോൾ മറ്റുള്ളവരുടെ പണം ചൂഷണം ചെയ്ത കാരണവരും മകനും അനുയായികളും മഹാനീതിശാസ്ത്ര പ്രകാരം ആഫ്രിക്കൻ പ്രദേശങ്ങളിൽ കൊടിയ ദാരിദ്ര്യത്തിൽ പുനർജ്ജനിച്ചിട്ടുണ്ടാവും! കുഞ്ഞുങ്ങളെ അന്യോന്യം അകറ്റുകയല്ല; അടുപ്പിക്കുകയാണ് ദൈവീകമായ രീതിയെന്നും ദൈവത്തിന്റെ കുഞ്ഞുങ്ങളെ സ്ത്രീ പുരുഷൻ എന്നിങ്ങനെ രണ്ടായി വിഭജിച്ചിട്ടുള്ളതിലെ പകുതി ഒഴികെയുള്ളവർ വ്യക്തിയെ സംബന്ധിച്ചിടത്തോളം അടിസ്ഥാനപരമായി തുല്ല്യരാണെന്നും അന്യരാണെന്നും; എന്നാൽ ഭൂമിയുടെ കുഞ്ഞുങ്ങൾ തന്നെയാണ് എന്നതിനാൽ സഹോദരങ്ങളുമാണ്. ആത്മീയ രാഷ്ട്രീയ ദേശീയ ഭോഷത്ത ചിന്തകളുടെ അടിസ്ഥാനത്തിൽ വഴക്കിട്ടും ശത്രുക്കളായും കഴിയുന്നവർ പലപ്പോഴും ഒരേ കുടുംബത്തിലെ അംഗങ്ങളായി പുനർജ്ജനിച്ച് ഒത്തൊരുമിച്ചു കഴിഞ്ഞ വിവരങ്ങൾ അറിയുന്നത് മോക്ഷവുമായി അടുത്ത ജന്മങ്ങളിൽ മാത്രമാണ്!

ഇന്ത്യയിലെയും മറ്റും ചരിത്ര കഥകളിൽ ദൈവത്തിന്റെ അവതാരങ്ങളായി അറിയപ്പെടുന്നവരും യഥാർത്ഥത്തിൽ പാപികളാണ്; പാപികളുടെ നാമം ജപിച്ചും മറ്റും കാലവും അവസരങ്ങളും പാഴാക്കുന്ന പാപികൾക്ക് അറിയില്ലന്നേയുള്ളൂ. മഹാവാത്സല്ല്യവും സൃഷ്ടി സ്ഥിതി സംഹാര കർത്താവുമായ ഭൂമി, മറ്റുള്ള കുഞ്ഞുങ്ങളെ ആവക കാര്യങ്ങൾ കൂടുതലായി അറിയിക്കുന്നത് ആവശ്യാനുസരണവും ഓംകാര നീതിശാസ്ത്ര പ്രകാരവും മാത്രമായിരിക്കും.

**പഞ്ചായത്തുകളുടെ ഭരണാധികാരികളായ നാട്ടുരാജാവിനെയും, പഞ്ചായത്തുകളുടെ കൂട്ടായ്മകളിലൂടെ നിയമിക്കുന്ന കേന്ദ്രീയ സംവിധാനങ്ങളുടെ സംസ്ഥാന - കേന്ദ്ര -രാജാക്കന്മാരെയും, പ്രധാനമന്ത്രി, മുഖ്യമന്ത്രി, മന്ത്രിമാർ, തുടങ്ങിയവരെയും മഹാശാസ്ത്രപരമായി അഥവാ ദൈവീകമായി നിയമിക്കുന്നത് എങ്ങനെയാണെന്ന് വിശദീകരിക്കുന്നു.**

ശരീരമാണ് ആത്മാവിന് അസ്തിത്വം തന്നെ നൽകി ജീവിയാക്കുന്നത് എന്നതിനാൽ ജീവിയായിരിക്കുന്നവർ ശരീരത്തിന്റെ പ്രാധാന്യത്തെ ഉൾക്കൊണ്ടു ജീവിക്കണം. ദൈവമായ ഭൂമിയുടെ അംശമായ മൂലകങ്ങളുടെ രൂപാന്തരമായ ശരീരമാണ് മനുഷ്യൻ ഉൾപ്പെടെ എല്ലാ ജീവികൾക്കും പ്രധാനമെന്ന് ബഹുവിധങ്ങളിൽ ബോദ്ധ്യപ്പെടുത്തുന്ന ഒരു മഹാസംവിധാനത്തെയാണ് ഭൂമി നിശ്ചയിച്ചിരിക്കുന്നത്. ശരീരം ഇല്ലെങ്കിൽ ജീവി ഇല്ല. ശരീരത്തിന്റെ പ്രാധാന്യത്തെ കുറച്ചു കാണിക്കുന്ന വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും ദൈവീകമല്ല; വിശേഷ ബുദ്ധി ലഭിച്ച മനുഷ്യർ പിൻപറ്റാനും പാടില്ല. **ഭൂമിയുടെ മഹാജ്ഞാനമായ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം പ്രകാരം ജനങ്ങളെ സേവിക്കാൻ, ഭൂമിയുടെ അംശമായ ശരീരം നൽകുന്ന ശക്തികളും ജ്ഞാനവും ആനന്ദങ്ങളുംകൊണ്ടു ജീവിക്കുന്ന സേവകർക്കു കഴിയണം.**

**ശരീരമാകുന്ന ദൈവാംശത്തിന്റെ മഹത്വത്തെ മനുഷ്യർക്ക് ശരിയാംവണ്ണം മനസ്സിലാകണമെങ്കിൽ അംഗവൈകല്യം സംഭവിക്കുകയും അനുഭവിക്കുകയും വേണം. അതിനു വേണ്ടി ക്കൂടിയായി മഹാവാത്സല്ല്യമായ ഭൂമി, മനുഷ്യ- അവസ്ഥയിൽ ആത്മാക്കൾക്ക് നിശ്ചയിച്ചിട്ടുള്ള 100 മനുഷ്യ ജന്മങ്ങളിൽ ഒരു ജന്മം അംഗവൈകല്യം ഉണ്ടാക്കുന്നുണ്ട്.**

അടിസ്ഥാന പരമായി ഒരു ജന്മത്തിൽ മാത്രം സംഭവിക്കുന്ന ജന്മഗുണമായി അംഗവൈകല്യം മാറുന്നു. അന്ധത, ബധിരത, മൂകത, കൈകാലുകൾക്ക് ഭാഗികമായോ പൂർണ്ണമായോ സംഭവിക്കുന്ന ഇല്ലായ്മ, ശോഷണം, അധിക അവയവം, തുടങ്ങിയവ മനുഷ്യരുടെ അംഗവൈകല്യത്തിൽ പെടുന്നു. എല്ലാ മനുഷ്യർക്കും ഒരു ജന്മത്തിൽ ശാരീരികമായ വൈകല്ല്യം ഉറപ്പാണെന്നു വരുമ്പോൾ, അംഗവൈകല്യമുള്ള വ്യക്തിയെ കണ്ടാൽ, അംഗവൈകല്യം ജന്മഗുണമായി ലഭിച്ചതാണോ, മുജ്ജന്മ പാപങ്ങൾക്കുള്ള ശിക്ഷ അനുഭവിക്കുകയാണോ, എന്ന് തിരിച്ചറിയാൻ കഴിയില്ല. അതുകൊണ്ടുതന്നെ, അംഗവൈകല്യം ഉള്ളവരെ കളിയാക്കാനും ആക്ഷേപിക്കാനും ജനങ്ങൾ പൊതുവെ തയ്യാറാകുന്നതല്ല.

ഭരണാധികാരികൾ മരിക്കുമ്പോഴും വിരമിക്കുമ്പോഴും, കേസിൽ പെടുമ്പോഴുമൊക്കെ, ഭരണകാര്യങ്ങളിൽ യാതൊരു മുൻപരിചയങ്ങളും ഇല്ലാത്ത മകനും മകളും ഭാര്യയും, ഒക്കെ മന്ത്രിമാരും പ്രധാനമന്ത്രിമാരുമായി നിയമിക്കപ്പെടുന്നതിൽ നിന്ന് ഭാഗ്യം, യാദൃശ്ചികം എന്നെല്ലാം വിശേഷിപ്പിക്കുന്ന ദൈവാനുഗ്രഹം എന്ന ഏക യോഗ്യത കൊണ്ട് ജനങ്ങളുടെ മുഖ്യ/പ്രധാന സേവകനാകാൻ കഴിയുമെന്ന് ഈ അദ്ധ്യായത്തിൽ തന്നെ സൂചിപ്പിച്ചതാണ്. എന്നുവെച്ചാൽ അംഗവൈകല്യമുള്ള വ്യക്തികൾക്കും നിസ്സാരമായി ഗ്രാമപഞ്ചായത്ത്, പഞ്ചായത്തുകളുടെ കൂട്ടായ്മ വഴിയുള്ള സംസ്ഥാന-കേന്ദ്ര ജനസേവന സംവിധാനങ്ങൾ, എന്നിവയെ നയിക്കാൻ കഴിയുന്നതാണ്.

ദൈവവിപ്ലവ മുന്നോടിയായി 2020ൽ തീവ്രമായ വൈറസ് രോഗത്തിൽ ദേവാലയങ്ങളും ധ്യാനകേന്ദ്രങ്ങളും അടപ്പിച്ച് കപട വേഷക്കാരായ ആത്മീയ തട്ടിപ്പുകാരെ നിശ്ശബ്ദരാക്കിയപ്പോൾ; രാഷ്ട്രങ്ങളിലെ പ്രധാന ജനസേവകരായ രാജാവും പ്രധാനമന്ത്രിയും, മുഖ്യമന്ത്രിയും, മന്ത്രിമാരും കൂടെക്കൂടെ ടെലിവിഷൻ ഉൾപ്പെട്ട വാർത്താ സമ്മേളനങ്ങളിൽ നടത്തി വരുന്ന സവിശേഷമായ പ്രസ്താവന ശ്രദ്ധേയമാണ് :

**'ജീവികളുടെ നിലനില്പ്' ഭൂമിയുടെ അംശമായ മൂലകങ്ങളിലും അവയുടെ രൂപാന്തരമായ ശരീരങ്ങളിലും ലയിച്ചിരിക്കുന്ന 'മഹാശക്തികളും മഹാശാസ്ത്ര-നിയമങ്ങളും ആനന്ദങ്ങളും' പ്രകാരമാണ്. വൈറസ് രോഗങ്ങൾ ഉൾപ്പെടെ ഭൂമിയിലെ എല്ലാ പ്രശ്നങ്ങളെയും പരിഹരിക്കാൻ മഹാശാസ്ത്ര നിയമങ്ങളും സംവിധാനങ്ങളും കൊണ്ടു മാത്രമേ കഴിയൂ.** രാജ്യങ്ങളിലെ രാജാവ്, പ്രസിഡന്റ്, പ്രധാനമന്ത്രി, മുഖ്യമന്ത്രി, മന്ത്രിമാർ, തുടങ്ങിയവർ ലോക് ഡൗണുകളും ജാഗ്രതയും പ്രഖ്യാപിച്ചു കൊണ്ടും; ആത്മീയ-രാഷ്ട്രീയ തട്ടിപ്പുകാർക്ക് അവരെയും ജനങ്ങളെയും രക്ഷിക്കാൻ കഴിവില്ലെന്ന് പറയാതെ പറഞ്ഞുകൊണ്ടും മനുഷ്യരുടെ നിലനില്പിന്റെ പിന്നിലെ സത്യം ഭൂമിയിലെ ശാസ്ത്രങ്ങളും അവ പ്രകാരമുള്ള ശക്തികളുമാണെന്ന് അറിയിക്കുകയും ഓർമ്മിപ്പിക്കുകയും ചെയ്തു. പ്രമുഖരെന്നു കരുതപ്പെടുന്നവരോ അല്ലാത്തവരോ ആയ വ്യക്തികളെ ആശ്രയിച്ചല്ല ജീവികളുടെ നിലനില്പെന്ന് സാധാരണമായി അനുഭവിച്ചറിയുന്ന വസ്തുതയാണ്. രാജ്യങ്ങളിലെ പ്രധാനമന്ത്രിമാരും മുഖ്യമന്ത്രിമാരും ആത്മീയ തട്ടിപ്പുകാരും ഉൾപ്പെടെയുള്ളവർ സൂക്ഷ്മമായ വൈറസിനെയും രോഗങ്ങളെയും മരണത്തെയും ഭയന്നു വിറയ്ക്കുന്ന കാഴ്ചകളും വേറെയുണ്ട് !

**സംസ്ഥാന-കേന്ദ്ര-ഭരണാധികാരികളുടെ അംഗവൈകല്യം ജനസേവന കാര്യങ്ങൾക്ക് ഒട്ടും തടസ്സമല്ലെന്നും തെളിയുന്നു. ഇന്ത്യയിലെയും കേരളത്തിലെയും മറ്റും പ്രധാന സേവകർ അവരുടെ അനുയായികളുമായി ചേർന്ന് കീർത്തിയേറിയ മുൻഗാമികളെ കുതന്ത്ര വഞ്ചനകളിലൂടെ കാലുവാരിയാണ് ജനസേവന പദവികളിൽ കയറിക്കൂടിയതെന്ന വസ്തുത വിശകലനം ചെയ്യുമ്പോൾ അവർക്ക് നഷ്ടബോധവും വേണ്ട. അതുകൂടാതെ, ജനങ്ങളുടെ പണം ധൂർത്തടിക്കാൻ ശാരീരിക അംഗവൈകല്യം കൊണ്ട് സാധിച്ചെന്നു വരില്ല. മാത്രമല്ല; മറ്റുള്ളവർ ധൂർത്ത് ചെയ്യാതെ ശ്രദ്ധിക്കാൻ പ്രയോജനപ്പെടുന്നതുമാണ്.**

ശാരീരിക അംഗവൈകല്യമുള്ളവരെ ജനസേവകരായി നിയമിക്കുമ്പോൾ, തെരഞ്ഞെടുപ്പ് സമ്പ്രദായങ്ങൾ വഴിയുള്ള ധന - ഊർജ്ജ - സമയ - ജീവ..... നഷ്ടങ്ങൾ ഒഴിവാകും. സമൂഹത്തിലെ ശാന്തിയും സമാധാനവും സന്തോഷവും വർദ്ധിക്കുന്നതാണ്.

അംഗവൈകല്യങ്ങളോടെ ജനിക്കുന്ന കുട്ടികൾക്കും അവരുടെ രക്ഷിതാക്കൾക്കും കുട്ടികളുടെ ഭാവിയെ പറ്റി ചെറുപ്പത്തിൽ ത്തന്നെ ധാരണ ഉണ്ടാകുന്നതാണ്. അംഗവൈകല്യമുള്ള കുട്ടികൾക്ക് ഭൗതിക-ധർമ്മശാസ്ത്രങ്ങളിൽ ഉചിതമായ ശിക്ഷണം കൊടുക്കാനും അവരെ കൂടുതൽ സ്നേഹിക്കാനും താങ്ങാകാനും പഞ്ചായത്തിലെ ജനങ്ങൾ ഒന്നടങ്കം ശ്രദ്ധിക്കുന്നതാണ്.

**അംഗവൈകല്യമുള്ള ഒരു ജന്മം എല്ലാ മനുഷ്യർക്കും ഉറപ്പായിട്ടുള്ളതിനെ ഭയക്കാതിരിക്കാനും, അവശർക്ക് ദൈവീകമായ കരുതൽ മഹനീയമായി നൽകപ്പെടുന്നത് മനസ്സിലാക്കാനും കഴിയുന്നതാണ്.** മറ്റൊരു ഭാഗത്ത് മുജ്ജന്മ പാപങ്ങൾ കൊണ്ടും അംഗവൈകല്യം വരാം എന്നതിനാൽ ജനസേവനം ചെയ്തു കൊണ്ട് പുണ്യത്തെ നേടാനും പാപങ്ങൾക്കും ദൈവ ശിക്ഷകൾക്കു പരിഹാരം തേടാനും നേടാനും അംഗ-വൈകല്ല്യമുള്ള വ്യക്തികൾക്ക് അവസരം ലഭിക്കുന്നു. സമൂഹത്തിലെ പൊതുവായ ആവശ്യങ്ങളെ പരിഹരിക്കാനുള്ള സംവിധാനം ലളിതമായും ഏറ്റവും ശ്രേഷ്ഠമായും തെരഞ്ഞെടുക്കാൻ കഴിയുന്നു !

ജനസേവകരും ഭരണാധികാരികളുമായ ഇന്നത്തെ വ്യക്തികൾക്കും ഏവർക്കും തജ്ജന്മത്തിൽ ചെയ്തു കൂട്ടിയ പാപങ്ങളെയും തെറ്റുകളെയും സ്വയം വിശകലനം ചെയ്ത് ബോദ്ധ്യപ്പെടാനും തിരുത്താനും അംഗവൈകല്യം വേണ്ടല്ലോ.

സമൂഹത്തിൽ അംഗവൈകല്യങ്ങളോടെ ജനിക്കുകയും വളരുകയും ചെയ്യുന്നവരുണ്ട്. ജനങ്ങളുടെ കൂട്ടത്തിലുള്ള അവരെ കണ്ടെത്താൻ സാഹസപ്പെടേണ്ട കാര്യമില്ല. ഭൂമിയുടെ അംശമായ മൂലകങ്ങളിലും രൂപാന്തരമായ ശരീരങ്ങളിലും ലയിച്ചിരിക്കുന്ന ഭൗതിക-ധർമ്മ-നീതി ശാസ്ത്ര പാഠങ്ങളെ പഠിപ്പിക്കുന്നതും ധർമ്മശാസ്ത്ര പ്രകാരം അവരെ വളർത്തുന്നതും ലളിതമായി മാറുന്നതാണ്. ചെറുപ്പത്തിൽ തന്നെ വിഷയങ്ങളെ മഹാശാസ്ത്രം പ്രകാരം വിശകലനം ചെയ്യാനുള്ള പരിശീലനം ലഭിക്കുന്നു. ധർമ്മശാസ്ത്ര പാഠങ്ങളെ സമൂഹത്തിലെ ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാനായിട്ട് പദ്ധതികളെ അവരിലൂടെ തയ്യാറാക്കാനും ഒക്കെ എളുപ്പമാണ്.

ഭിക്ഷാടനം, ലോട്ടറി കച്ചവടം തുടങ്ങിയ അധമ കാര്യങ്ങളെ സമൂഹത്തിൽ ഇല്ലാതാക്കാനും, എല്ലാ വിഭാഗം ജനങ്ങളിലും സ്വാശ്രയത്വം വർദ്ധിപ്പിക്കാനും, ജനങ്ങളുടെ സമ്പത്തുകളെയും മറ്റും ഉചിതമായി സംരക്ഷിക്കാനും, ശരീരത്തിലെ ഓരോരോ അവയവങ്ങളുടെയും പ്രാധാന്യത്തെ മനസ്സിലാക്കി മനുഷ്യരെല്ലാം ജീവിക്കാനും ധർമ്മശാസ്ത്രപരമായ തെരഞ്ഞെടുപ്പ് സംവിധാനം കൊണ്ട് നിസ്സാരമായി സാധിക്കുന്നതാണ്.

വളർച്ചയ്ക്കിടയിൽ അംഗവൈകല്യം സംഭവിച്ചവരെ ഉചിതമായി മേല്പടി പാഠ്യപദ്ധതിയിലും പരിശീലനത്തിലും പങ്കെടുപ്പിക്കുകയും ആവാം.

ജനങ്ങളുടെ സ്വത്തും ജീവനും സംരക്ഷിക്കുകയെന്നത് ജനങ്ങളും അവരുടെ കർത്താവായ ഭൂമിയും ഇടപെടുന്ന കാര്യങ്ങളാണ്. സർക്കാരുകളുടെ ധർമ്മമാണ് ജനങ്ങളുടെ ജീവനും സ്വത്തും കാക്കലെന്ന് (കക്കലെന്ന് !) പല മന്ത്രിമാരും പോലീസും മറ്റും പ്രസ്താവിക്കുന്നത് കടുത്ത ദൈവ നിന്ദയാണ് (അല്ല !).

**സർക്കാരായ സേവകരുടെ ധർമ്മം ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റുകയാണ്.**

രോഗങ്ങളും അപകടങ്ങളും മരണങ്ങളും മറ്റും ഉറപ്പാണെന്നിരിക്കെ സ്വന്തം ജീവൻ പോലും രക്ഷിക്കാൻ കഴിവില്ലാത്ത രാജാവും മന്ത്രിമാരും മറ്റും ജനങ്ങളുടെ ജീവൻ രക്ഷിക്കുമെന്ന് വെറുതെ പോലും പറഞ്ഞു കൂടാ.

പൊതു ഖജനാവിന് ശോഷണം ഉണ്ടാകാതെ സമൂഹത്തിലെ വൃദ്ധർക്ക് സംരക്ഷണം ഉറപ്പാക്കുകയാണ് പഞ്ചായത്തിന്റെ പ്രഥമ കർത്തവ്യമെന്നും എന്തുകൊണ്ടാണെന്നും Man.pdf വിവരിച്ചതാണ്. ജനങ്ങളുടെ സ്വത്തുക്കളെ ജനങ്ങൾ സ്വയം സംരക്ഷിച്ചു കൊള്ളും. 'സൂക്ഷിക്കാനും, പൊതുവായ ആവശ്യങ്ങൾക്ക് ചെലവഴിക്കാനും പൊതുജന സേവന കേന്ദ്രങ്ങളായ പഞ്ചായത്തുകളെ ഏല്പിക്കുന്ന സമ്പത്തുകളെ ഒരു പൈസ പോലും ദുർവ്യയം ചെയ്യാതെ' പഞ്ചായത്തുകളായ രാജാവും മന്ത്രിമാരും പോലീസും ഒക്കെ ശ്രദ്ധിച്ചു കൊള്ളണം. ഉദാഹരണത്തിന്, മഹാശാസ്ത്ര പരമായി പ്രവർത്തിക്കുന്ന ഭൂമിയിൽ ജീവിച്ചു കൊണ്ട് മഹാശാസ്ത്ര വിരുദ്ധമായ ആത്മീയ വിശ്വാസങ്ങളെയും ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും പ്രചരിപ്പിക്കുന്ന പാപികളെ ശാസ്ത്ര സാങ്കേതിക സൗകര്യങ്ങളെ അനുഭവിച്ചു  കൊണ്ട് നാട്ടിൽ ജീവിക്കാൻ അനുവദിച്ചുകൂടാ. മാത്രമല്ല; കേരളത്തിലെയും മറ്റും അധമരായ ഭരണാധികാരികൾ പൊതുഖജനാവിലെ പണം കൊണ്ട് 'ആത്മീയ തട്ടിപ്പുകളെ പഠിപ്പിക്കാനും പഠിക്കാനും നടക്കുന്ന തെമ്മാടികൾക്കും കലാകാരന്മാർക്കും കളിക്കാർക്കും മറ്റും വേതനവും പെൻഷനുകളും തൊഴിലുകളും കൊടുക്കാൻ തയ്യാറാവുന്നത് കടുത്ത അപരാധമാണ്; ശിക്ഷകളെ വാരിക്കൂട്ടുകയാണ്.'

**മതപുരോഹിതർ, മതപണ്ഡിതന്മാർ, കുട്ടിദൈവങ്ങളും സൂപ്പർ ദൈവങ്ങളുമായി ഭാവിക്കുന്നവർ, മന്ത്രവാദികൾ തുടങ്ങിയവർ ജനങ്ങളെ കബളിപ്പിച്ച് ലക്ഷങ്ങളും കോടികളും സമ്പാദിക്കുമ്പോൾ, അവരെ വണങ്ങിയും കെട്ടിപ്പിടിച്ചും കൊണ്ട് അവർ നൽകുന്ന ചില്ലിക്കാശുകളെ പുകഴ്ത്തുന്ന എച്ചിൽ തിന്നികളായി ജനങ്ങളുടെ സേവകരായ അനേകം ഭരണാധികാരികൾ തരംതാണിട്ടുണ്ട്.**

## ഭൂമിയായ മഹാദേവിയെയും, മഹാദേവിയുടെ മഹാജ്ഞാനമായ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രത്തെയും നിന്ദിച്ചും ജനങ്ങളെ കബളിപ്പിച്ചും ജീവിക്കുന്ന കൊടുംപാപികളെ പുകഴ്ത്താൻ അംഗവൈകല്യമുള്ള ഭരണാധികാരികൾ സാധാരണ ഗതിയിൽ തയ്യാറാവുകയില്ല.

## മണ്ണും ഭൂമിയുമായ മഹാദേവി ഉടൻ മായാശക്തികളെ പ്രകടിപ്പിച്ചു കൊണ്ട് പ്രത്യക്ഷമാകുന്നതോടെ, എല്ലാ തട്ടിപ്പുകാരും പശ്ചാത്തപിച്ചു കൊണ്ട് സ്വയം തിരുത്തുന്നതാണ്.

## പോലീസ് സേന അധികമായി അംഗവൈകല്യ-ജന്മങ്ങളും ജനസേവനവും പിടിച്ചു വാങ്ങുന്നുണ്ട്.

ഭൂമിയുടെ കുഞ്ഞുങ്ങളായ മനുഷ്യരെയെല്ലാം സഹോദരങ്ങളായി കണക്കാക്കാതെ അവരെ മർദ്ദിക്കുകയും വേദനിപ്പിക്കുകയും കൊല്ലുകയും മാനസികമായി തളർത്തുകയും ശരീര അവയവങ്ങളെ ദുർബ്ബലപ്പെടുത്തുകയും തകർക്കുകയും ഒക്കെ ചെയ്യുന്ന പോലീസ്, സൈനികർ, തീവ്രവാദികൾ, കൊള്ളക്കാർ, ഗുണ്ടകൾ, പിന്നണി പ്രവർത്തകർ, തുടങ്ങിയ അതിനീചർക്ക് മഹാനീതിയായ ഭൂമി മഹാനീതിശാസ്ത്ര പ്രകാരം ഒരു ജന്മത്തിനു പകരം ആകെയുള്ള 100 മനുഷ്യജന്മങ്ങളിൽ 5 ജന്മങ്ങളിൽ വരെയും അത്യപൂർവമായി അതിനുമേലെയും ജന്മങ്ങളിൽ അംഗവൈകല്യങ്ങളെ നൽകി നീണ്ട ശിക്ഷ നൽകുന്നുണ്ട്. അതേസമയം ശിക്ഷിക്കപ്പെടുന്ന കുഞ്ഞുങ്ങൾ പരിഹസിക്കപ്പെടാതിരിക്കാൻ ശിക്ഷ അനുഭവിക്കുകയാണോ, 'ജന്മഗുണ ഭാഗമായ ഒരു അംഗവൈകല്ല്യ ജന്മമാണോ' എന്ന് അനുഭവിക്കുന്നവർക്കും ചുറ്റും ജീവിക്കുന്ന കാണികൾക്കും അറിയാനും പറയാനും കഴിയാത്ത മഹാ-ആവിഷ്ക്കാരമായി അംഗവൈകല്ല്യം പരിണമിക്കുന്നു.

സ്വന്തം മാതാപിതാക്കളെയും ബന്ധുക്കളെയും ഇണയെയും കുട്ടികളെയും മറ്റ് ഉറ്റവരെയും പോലീസുകാരും സൈനികരും ഒക്കെ മർദ്ദിക്കുകയും വെടിവെയ്ക്കുകയും ഒക്കെ ചെയ്യുമോ? മറ്റുള്ളവരെ ശാരീരികമായി ഉപദ്രവിക്കാൻ പോലീസിനും നാട്ടുകാർക്കും ആരാണ് അവകാശവും അധികാരവും കൊടുത്തത് ? ഭൂമിയുടെ അംശമായ മൂലകങ്ങൾ വിശേഷ ബുദ്ധി നൽകി നിർമ്മിക്കുന്ന മനുഷ്യ ശരീരങ്ങളെ ആദരിക്കുന്നതിനു പകരം ഉപദ്രവിക്കുന്ന പാപികൾക്ക് വർദ്ധിച്ച ശിക്ഷ ലഭിക്കുന്നതാണ്.

ജനങ്ങളുടെ ചെലവിൽ ജീവിച്ചു കൊണ്ട്, ജനങ്ങളുടെ ചെലവിൽ തന്നെ ജീവിക്കുന്നവരും ജനസേവകരായി വേഷംകെട്ടുന്നവരുമായ മന്ത്രിമാരും മറ്റും 'ജനങ്ങളെ കബളിപ്പിച്ചും ചൂഷണം ചെയ്തും നൽകുന്ന അധിക-കൊള്ള-വേതനങ്ങളെ' അനുഭവിച്ചു കൊണ്ട് ജനങ്ങളെ ശാരീരികമായി ഉപദ്രവിക്കുന്ന പാപികൾക്ക് അസാധാരണമായ സാഹചര്യത്തിൽ ആകെയുള്ള 100 മനുഷ്യ ജന്മങ്ങളിൽ 5 ൽ കൂടുതൽ ജന്മങ്ങളിൽ അംഗവൈകല്യങ്ങളെ നൽകിയെന്നും വരാം... മഹാനീതി ശാസ്ത്രം അനുസരിക്കാതെ ഒളിക്കാൻ ആർക്കും കഴിയുന്നതല്ല. തീറ്റിപ്പോറ്റുന്ന ജനങ്ങളെ ഭയപ്പെടുത്തുകയും മർദ്ദിക്കുകയും വേദനിപ്പിക്കുകയും കൊല്ലുകയും ഒക്കെ ചെയ്യുന്നത് മന്ത്രിമാർക്കു വേണ്ടിയാണ് എന്നു വാദിച്ചാൽ അവർക്കും ശിക്ഷയുണ്ട് എന്നേയുള്ളൂ; മന്ത്രിമാരായ വിവരദോഷികളെ ശിക്ഷിച്ചും ധർമ്മശാസ്ത്ര പ്രകാരം മാത്രം ജീവിക്കേണ്ടതിനു പകരം മന്ത്രിമാരുടെയും മറ്റും അടിമകളായത് ആർക്കു വേണ്ടിയാണ് ? രോഗ സമയത്തും മറ്റും ജനങ്ങൾക്കു വേണ്ടിയാണ് പോലീസ് നിരത്തുകളിലും, ആരോഗ്യ പ്രവർത്തകർ ആശുപത്രികളിലും കഷ്ടപ്പെട്ടു പണിയെടുത്തത് എന്ന് മന്ത്രിമാരെ അനുകരിച്ച് വാദിച്ചാൽ, കുഞ്ഞുങ്ങളെ, സ്വന്തമായി വിശകലനം ചെയ്താൽ തെറ്റാണെന്ന് കാണാം. **ഓരോരുത്തരും ജീവിക്കുന്നത് അവരവർക്കു വേണ്ടിയാണ്. വേതനം ലഭിക്കുന്നതു കൊണ്ട് മന്ത്രിമാരും ഉദ്യോഗസ്ഥരും മറ്റും തട്ടിക്കൂട്ടിയ അധമ നിയമങ്ങൾ പ്രകാരം അധമ പ്രവൃത്തികളെ ചെയ്യുന്നു എന്നല്ലാതെ പോലീസ് ചെയ്യുന്ന ദുഷ്പ്രവൃത്തികൾ തൊഴിലുകളിൽ പെടുന്നില്ല. ജനങ്ങളെ കൊള്ളയടിച്ചും മറ്റും അധിക-കൊള്ള-വേതനങ്ങളെ നൽകുന്നത് തുടരാൻ സർക്കാരിന് കഴിഞ്ഞില്ലെങ്കിൽ പോലീസും സൈന്യവും മറ്റും ചെയ്തുപോന്ന അധമ പ്രവൃത്തികളെ സൗജന്യമായി ചെയ്യില്ല!**

**എല്ലാവരെയും ഊട്ടുന്ന കൃഷിക്കാർ ഉൾപ്പെട്ട ജനങ്ങളോടും, ജോലിയിൽ നിന്നും വിരമിച്ച പോലീസുകാരോടും അവർക്ക് പോലീസിനെയാണോ പേപ്പട്ടിയെ ആണോ പേടിയെന്ന്, ചോദിച്ചാൽ ലഭിക്കുന്ന ഉത്തരത്തിൽ നിന്ന് പോലീസിന് ജനങ്ങളുടെ ഹൃദയങ്ങളിൽ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുള്ളത് വളരെ മോശമായ പ്രതിച്ഛായ ആണെന്ന് ബോദ്ധ്യമാകും.**

ഭൂമിയിൽ ലയിച്ചിരിക്കുന്ന ധർമ്മശാസ്ത്ര പ്രകാരം മാത്രം ജീവിക്കാനും, അധമരായ 'മന്ത്രിമാരുടെയും ഉന്നതതല ഉദ്യോഗസ്ഥരുടെയും' ധർമ്മശാസ്ത്ര വിരുദ്ധമായ നിയമങ്ങളെ തള്ളിക്കളയാനും അവരെ പിടിച്ചു കെട്ടി പൊതുജന മദ്ധ്യത്തിൽ വച്ച് ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരം വിചാരണ ചെയ്യാനും, ആവശ്യമെങ്കിൽ ഉടുതുണിയോടെ നാട്ടിൽ നിന്നും കാട്ടിലേക്ക് കടത്താനും, നാട്ടിലെ സമ്പത്തുകളെ കണ്ടുകെട്ടി പൊതു ഖജനാവിൽ ചേർക്കാനും തയ്യാറാവേണ്ടവരാണ് പോലീസ്. പോലീസുകാർ ജനങ്ങളുടെ ഭാഗമാവണമെങ്കിൽ അവരെ നിയമിക്കുന്നതും വേതനം നൽകുന്നതും പിരിച്ചു വിടുന്നതും പഞ്ചായത്തുകൾ ആവണം. കേന്ദ്രീകൃത സേന പാടില്ല.

ദൈവീകമായ പോലീസ് സേന, ചെറിയ സമൂഹത്തിൽ നാട്ടുരാജാവിനു പകരമാണ്. സമൂഹത്തിലെ ജനങ്ങളുടെ എണ്ണം കൂടിയാലും കുറഞ്ഞാലും, പോലീസ് സേനയെ നിയമിക്കുന്നതും, വേതനം നൽകി നാട്ടുകാരുടെ ഭാഗമായി സദാ ചേർത്തു നിർത്തുന്നതും, ആവശ്യമില്ലെങ്കിൽ വേണ്ടെന്നു വെയ്ക്കുന്നതും, ഗ്രാമപഞ്ചായത്ത് ആവണം.

ജനങ്ങളുടെ സേവകരായ സമൂഹത്തിലെ ഭരണാധികാരികളെയും ഉന്നത പദവിയെന്നു കരുതുന്ന ഉദ്യോഗസ്ഥരെയും, സല്ല്യൂട്ടടിക്കാനും അനുസരിക്കാനും സന്തോഷിപ്പിക്കാനുമായി ജനങ്ങളുടെ തന്നെ സേവകരെന്ന് വെറുതെ പറയുന്ന പോലീസ് സേന, 'യഥാർത്ഥ യജമാനർ ധർമ്മശാസ്ത്രവും ജനങ്ങളുമാണെന്നത് തിരിച്ചറിയാതെ' ചില്ലറ സേവനങ്ങളെ ജനങ്ങൾക്കു ചെയ്തു കൊണ്ട് യജമാനരായ ജനങ്ങളെ മർദ്ദിച്ചും, ശാരീരികമായും മാനസികമായും വേദനിപ്പിച്ചും, പിഴകൾ അടപ്പിച്ചും, വെടിവെച്ചു കൊന്നും ഒക്കെ പ്രവർത്തിക്കുന്ന ഏറ്റവും ദാരുണവും ഹീനവുമായ അവസ്ഥകളാണ് ഭൂമിയിലെ ഏറെ (?) രാജ്യങ്ങളിലും ഇന്നുള്ളത്.

## ദൈവീകമായി അഥവാ ധർമ്മശാസ്ത്ര പ്രകാരം മാത്രം എപ്പോഴും പ്രവർത്തിക്കേണ്ടത് പ്രഥമമായി പോലീസ് ഉൾപ്പെടെ ഏതൊരാളുടെയും സ്വന്തം ആവശ്യമാണ്; സമൂഹത്തിന്റെ ആവശ്യമാകുന്നത് പിന്നീടു മാത്രമാണ്.

ഭൂമിയിൽ ലയിച്ചിരിക്കുന്ന ധർമ്മ ശാസ്ത്രങ്ങൾ പ്രകാരമുള്ള സാമൂഹിക ആവശ്യങ്ങളെ ശുചിത്വം അത്യാവശ്യം ആവശ്യം (വിനോദം) എന്നീ ക്രമത്തിൽ സ്വയം മനസ്സിലാക്കിയും വിശകലനം ചെയ്തും ചെയ്യണം. ഉദാഹരണത്തിന്, (1) മനുഷ്യൻ ഉൾപ്പെടെ യാതൊരു ജീവികളുടെയും ഭക്ഷണം, വിസർജ്ജനം, ഉറക്കം, രോഗങ്ങൾ തുടങ്ങിയ ജീവിത കാര്യങ്ങളെ മാറ്റിവയ്ക്കാൻ സാധാരണ ഗതിയിൽ കഴിയില്ലെന്നും പാടില്ലെന്നുമിരിക്കെ, ജനങ്ങളിൽ ചിലരുടെ ജനനത്തീയതി, മരണത്തീയതി എന്നിവയ്ക്കും മറ്റും ധർമ്മ-നീതി ശാസ്ത്ര വിരുദ്ധമായി പൊതുവായ അവധി നൽകുന്ന രീതികളെ അവസാനിപ്പിക്കാൻ പഞ്ചായത്തുകളും പോലീസും നാട്ടുകാരും തയ്യാറാകണം. പണി ചെയ്യിക്കാതെ കൂലിവേലക്കാരനും ആശാരിക്കും വേതനം കൊടുക്കേണ്ടതില്ല എന്ന പോലെ പൊതു അവധി ദിവസങ്ങളിൽ മന്ത്രിമാർ ഉൾപ്പെടെ യാതൊരു ഉദ്യോഗസ്ഥർക്കും വേതനം പാടില്ലെന്ന് ലളിതമായി മനസ്സിലാക്കാൻ കഴിയും. പ്രതിദിന സേവനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാവണം വേതനം. ചെയ്യുന്ന പ്രതിദിന സേവനത്തിന്റെ വേതനം ലഭിച്ചില്ലെങ്കിൽ, പണി ചെയ്യാതിരിക്കാൻ കഴിയുന്നതുമാണ്.

ജോലി ചെയ്യാത്തവർക്ക് ശമ്പളം നൽകാനും, ഇല്ലാത്ത ജോലിക്ക് നൽകുന്ന ശമ്പളത്തിൽ നിന്നും ഭരണാധികാരികൾ പിടിച്ചുപറിക്കാനും, ചെയ്യാത്ത ജോലിക്ക് വാങ്ങുന്ന ശമ്പളത്തിൽ കട്ട് പാടില്ലെന്നു വിധിക്കാനും, ജനങ്ങളുടെ ചെലവിൽ ജീവിക്കുന്ന ഭരണാധികാരികൾ ഉൾപ്പെടെയുള്ള സേവകർ തമ്മിൽ കടിപിടി കൂടുമ്പോൾ, രാഷ്ട്രീയ തീവ്രവാദം ഉണ്ടാകുന്നതാണ്.

മൂലകങ്ങളിലെ ന്യൂനശക്തികൾ ധർമ്മശാസ്ത്ര വിരുദ്ധമായ ചെയ്തികൾക്കും സംവിധാനങ്ങൾക്കും എതിരെ പ്രവർത്തിക്കുമെന്ന് പഞ്ചായത്തുകളും പോലീസും തിരിച്ചറിയണം. തെറ്റുകളും കുറ്റങ്ങളും കുറവുകളും പാപങ്ങളായി രൂപാന്തരപ്പെട്ടാൽ, പാപങ്ങൾക്ക് അളവുകളോടെ ദൈവമായ ഭൂമി ഓംകാര നീതി ശാസ്ത്രം പ്രകാരം ശിക്ഷിച്ചു തിരുത്തുന്നതാണ്.

പഞ്ചായത്തുകൾ, രാജാവ്, പ്രധാന മന്ത്രി, മുഖ്യമന്ത്രി, മന്ത്രിമാർ, പോലീസിനെ നിയമിച്ച പഞ്ചായത്ത് അധികാരികൾ, തുടങ്ങി സമൂഹത്തിലെ ഏതൊരാളും ആവശ്യപ്പെടുന്ന കാര്യങ്ങൾ ധർമ്മ-നീതി ശാസ്ത്രങ്ങളുമായി പൊരുത്തപ്പെടുകയാണെങ്കിൽ മാത്രം പാലിക്കുകയും, ധർമ്മ ശാസ്ത്ര വിരുദ്ധമായ ആവശ്യങ്ങളെ നിരാകരിക്കുകയും, ആവശ്യമെങ്കിൽ ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്യാൻ പോലീസ് സേന ഉൾപ്പെടെ കൂടുതൽ വിശേഷ ബുദ്ധി ലഭിച്ചവരെല്ലാം ശക്തിക്കൊത്ത് ബാദ്ധ്യസ്ഥരാണ്. **പോലീസും ഏതൊരാളും പാലിക്കേണ്ടത് എല്ലായ്പ്പോഴും ധർമ്മശാസ്ത്രങ്ങളെ മാത്രമാണ്. ജനങ്ങളും അവരുടെ മുഖ്യ അടിമയായ രാജാവ്, മന്ത്രി തുടങ്ങിയ പദവികളെ വഹിക്കുന്നവരും പിഴയ്ക്കാതെ, അവരെ ശുദ്ധീകരിക്കാനും ജനങ്ങളോടും അവരവരോടും ദൈവത്തോടുമുള്ള ഉത്തരവാദിത്വം നിറവേറ്റാനും പോലീസ് ഉൾപ്പെടെ എല്ലാവർക്കും കഴിയണം; അപ്പോഴാണ് ജനങ്ങളുടെ ഭാഗവും ദൈവീകവുമായി പോലീസ് സേന ഉയരുക. ദൈവ-വിപ്ലവം ആരംഭിക്കുന്നതോടെ, പോലീസും സൈനികരും ഉൾപ്പെടെ എല്ലാ ജനങ്ങളും, ധാർമ്മികമായിട്ട് ഉയരുന്നതാണ്. മന്ത്രിമാരും മറ്റും തട്ടിക്കൂട്ടിയിരുന്ന അധമ നിയമങ്ങളെയും ആജ്ഞകളെയും നിർദ്ദേശങ്ങളെയും അനുസരിക്കുന്ന ഏറാൻമൂളിത്തവും അടിമത്തവും അവസാനിക്കുന്നതാണ്.**

**അനേകം നൂറ്റാണ്ടുകളായി സമൂഹത്തിൽ സംഭവിച്ചു പോരുന്ന അപചയങ്ങൾക്ക് ഇന്നലെകളിലോ ഇന്നോ പോലീസും പട്ടാളക്കാരുമായിട്ട് തൊഴിൽ നേടിയവരെ കുറ്റപ്പെടുത്തുന്നത് തെറ്റാണ്. സൗജന്യമായിട്ട് മദ്യവും ദുഃസ്വാതന്ത്ര്യങ്ങളും നൽകി സൈനികരുടെ ചേതനകളെ മരിപ്പിക്കാനും മരവിപ്പിക്കാനും ഏറെക്കുറെ എല്ലാ രാജ്യങ്ങളിലെയും ഭരണാധികാരികൾ ആചാരം പോലെ ശ്രദ്ധിച്ചു പോന്നു.**

ദൈവീകമായ പോലീസ് സേന എന്ന **Man.pdf** എന്ന ദിവ്യ മഹാവേദ ഗ്രന്ഥത്തിലെ അദ്ധ്യായത്തിൽ കൂടുതലായി വിശദീകരിക്കുന്നുണ്ട്.

ഭൂമിയുടെ കുഞ്ഞുങ്ങളായ എല്ലാ ജീവികളുടെയും സ്വത്വമായ ആത്മാക്കൾക്ക് ജീവിക്കാൻ അത്യാവശ്യമായ ശക്തികളും ഉപകരണങ്ങളുമായി ദൈവമായ ഭൂമി തന്നെ ശരീരവും അവയവങ്ങളുമായി രൂപമെടുത്ത് മഹാനീതിശാസ്ത്ര പരമായി ജന്മഗുണങ്ങളെയും സൃഷ്ടിച്ചു കൊണ്ട് ഒപ്പം കൂടിയിരിക്കുകയാണ്. കാട്ടിൽ ജീവിക്കുന്ന മനുഷ്യർക്ക് വസ്ത്രം പോലും അത്യാവശ്യമല്ലെന്ന് തെളിയിച്ചിരിക്കെ, നാട്ടിൽ ജീവിക്കുന്ന ഭൂമിയുടെ കുഞ്ഞുങ്ങളായ മനുഷ്യർക്ക് മാസ്ക്, ഹെൽമെറ്റ്, പർദ്ദ, യൂണിഫോം, ആധാർ, മാങ്ങാത്തൊലി തുടങ്ങിയവ നിർബ്ബന്ധമാക്കാൻ ശ്രമിക്കുന്നത് കടുത്ത അപരാധമാണ്.

ഇരുചക്രവാഹനങ്ങൾ ഓടിക്കുമ്പോൾ ഹെൽമെറ്റ്, മാസ്ക് തുടങ്ങിയവ നിർബ്ബന്ധിക്കുന്നവർക്കും, അതിനെ ശ്രേഷ്ഠമെന്ന് ദുർവ്വാദിക്കുന്നവർക്കും കടുത്ത പാപങ്ങളും ശിക്ഷകളും ഉണ്ടെന്നു പറയുമ്പോൾ, ഭൂമിയും ശരീരവും കുഞ്ഞുങ്ങളായ ആത്മാക്കൾക്ക് അനുവദിച്ചിരിക്കുന്ന സമ്പൂർണ്ണമായ വ്യക്തിസ്വാതന്ത്ര്യത്തിലും, പിന്നെ മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രിലുമാണ് വിവരദോഷികളായ കോമാളികൾ ഇടപെട്ടിരിക്കുന്നത്. ചെറിയ അട്ട മുതൽ വലിയ പെരുമാളട്ട വരെയും + കുരങ്ങ് + കഴുത എന്നിവയായി ജന്തുജന്മശിക്ഷയിൽ പെട്ട് പുനർജ്ജനിക്കേണ്ടി വരും; ഇടയ്ക്കിടെ മുജ്ജന്മ ഓർമ്മകളെ നൽകി ശിക്ഷയുടെ അളവുകളെ ക്രമീകരിക്കുകയും ചെയ്യും. ജീവിനിർണ്ണയം, സ്ത്രീ പുരുഷ ലിംഗ വ്യത്യാസം, ആയുസ്സ്, ആരോഗ്യം, നിറം, മണം, സൗന്ദര്യം, മുഖഛായ, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, മാതാപിതാക്കൾ, സാമ്പത്തിക ഭദ്രത, ജനന സ്ഥലം, തുടങ്ങിയ നിരവധി ജന്മഗുണങ്ങളിൽ മഹാസമനീതി നിർവ്വഹിക്കുന്ന ഓംകാര നീതിശാസ്ത്രത്തിന്റെ ബാലപാഠങ്ങൾ പോലും അറിയാത്തവരും, ഒരല്പം ശൂന്യതയോ ഒരെറുമ്പിനെ പ്പോലുമോ സൃഷ്ടിക്കാൻ കഴിവില്ലാത്തവരും, അസ്തിത്വം പോലും സ്വന്തമല്ലാത്തവരുമായ ജഡ്ജിമാരും മന്ത്രിമാരും ആത്മീയമൂഢരും പോലീസും മറ്റു കോമാളികളും ശിക്ഷകളെ ഇരന്നു വാങ്ങുകയാണ്.

കേമന്മാരെന്നു കരുതുന്ന മേല്പടിയാന്മാർ മുജ്ജന്മങ്ങളിൽ ചെയ്തു കൂട്ടിയ ബഹുവിധ പാപങ്ങൾക്കുള്ള ദൈവശിക്ഷകളിൽ നിന്നും മുക്തി നേടാനുള്ള അവസരങ്ങളെ കളഞ്ഞും നഷ്ടപ്പെടുത്തിയും കൂടുതൽ പാപികളായി മാറുകയാണ്. സ്വന്തമെന്ന് കരുതുന്ന ശരീരം ഓരോ ജന്മത്തിലും ഒപ്പം കൂടി മഹാനീതി ശാസ്ത്ര പ്രകാരം ശിക്ഷിച്ചു തന്നെയാണ് തിരുത്തുക എന്നത് മനസ്സിലാക്കേണ്ടത് അവരുടെ ആവശ്യമാണ്. ജനങ്ങളുടെ ചിലവിൽ ജീവിച്ചു കൊണ്ട്, ജനങ്ങളുടെ അടിമകളാണ് എന്ന തിരിച്ചറിവോടെ, ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ ധർമ്മശാസ്ത്ര പ്രകാരം മാത്രം നിറവേറ്റാനായി ശ്രമിക്കണം. ഭൂമിയുടെ കുഞ്ഞുങ്ങൾ ശരീരത്തിലും മൂലകങ്ങളിലും ലയിച്ചിരിക്കുന്നതും ഭൂമിയിൽ മുഴുവൻ ബാധകമായതും ഏകഭരണഘടനയുമായ ധർമ്മശാസ്ത്രം പ്രകാരം ജീവിക്കാൻ സ്വയം ബാദ്ധ്യസ്ഥരാണ്.

ഭൂമിയുടെ അംശമായ മൂലകങ്ങളുടെ ഓരോ ആറ്റത്തിലും ശിവ-ശക്തിചക്രങ്ങളായ ദൈവം ഉണ്ടെന്നും കുഞ്ഞുങ്ങൾ മാത്രമായ ജീവികൾ മഹാമാതാവിനെയും മഹാപിതാവിനെയും ചവിട്ടുന്നതിൽ ആനന്ദിക്കുന്നുണ്ടെന്നും അറിയണം. മഹാദാസ്യത്തെയും മഹാവാത്സല്യത്തെയും ആനന്ദങ്ങളായി നിശ്ചയിച്ചിരിക്കുന്നതു കൊണ്ടാണത്. ആനന്ദത്തെ പൂർണ്ണമായി ആസ്വദിക്കണമെങ്കിൽ, മറ്റുള്ള ജീവികളെപ്പോലെ ചെരുപ്പുകൾ ഇല്ലാതെ ചവിട്ടണം. എന്നുവച്ച് വളരെ ശക്തമായി ചവിട്ടി കുഞ്ഞുങ്ങളുടെ കാലുകൾ വേദനിക്കാൻ ഇടയുണ്ടാവരുത്.

**സത്യവും ശിവവും സുന്ദരവും, സനാതനവുമായ മഹാപ്രപഞ്ചത്തെ സൃഷ്ടിക്കാനും നിലനിർത്താനുമായിട്ട്, മഹാശക്തിയായ ദൈവം സത്യ ധർമ്മ നീതികളെ ഭാവമായി സ്വീകരിക്കുകയും ആദിയും അന്തവും ഇല്ലാത്ത സ്വന്തം ശക്തികളെയും മഹാജ്ഞാനത്തെയും പരമ ശ്രേഷ്ഠമായി ലയിപ്പിച്ച് മൂലകങ്ങളും മൊത്തമായ മണ്ണായ ഭൂമിയായി അവതരിച്ചിരിക്കുകയാണ്. മണ്ണിൽ ലയിച്ചിരിക്കുന്ന മഹാജ്ഞാനവും, ഭൗതിക ധർമ്മ നീതി ശാസ്ത്രങ്ങളുമായ 3 വേദങ്ങളും പ്രകാരം സൃഷ്ടി സ്ഥിതി സംഹാരങ്ങൾ മണ്ണിൽ മഹാഭദ്രമാണ്. സർവ്വം മണ്ണടി. ഉടനെ ആരംഭിക്കുന്ന ദൈവ-വിപ്ലവത്തിന്റെ മുന്നൊരുക്കമായി, ദൈവമായ ഭൂമി മഹാഭാരങ്ങളെ നൽകി ദൈവ കേന്ദ്രമാക്കിയിട്ടുള്ള ഇന്ത്യ ഉൾപ്പെട്ട രാജ്യങ്ങളിലെ ജനസേവന സംവിധാനങ്ങളിൽ നൂറ്റാണ്ടുകളായി സംഭവിച്ചു പോരുന്ന അനേകം പിഴവുകളും സാമ്പത്തിക ധൂർത്തും മറ്റും അവസാനിപ്പിക്കാൻ ലളിതമായും ധർമ്മശാസ്ത്രപരമായും ജനങ്ങൾക്ക് കഴിയുന്നതാണ്.**

**ആദിയും അന്തവും ഇല്ലാത്ത മഹാസത്യവും മഹാശക്തിയുമായ ഭൂമി, അംശമായ ശരീരങ്ങളിലൂടെ നൽകുന്ന ശക്തികൾകൊണ്ട് ജീവിക്കുന്ന മനുഷ്യരുടെ സഹായം ഭൂമിക്കു വേണ്ടതന്നെ! ഭൂമിയിലെ എല്ലാ പ്രദേശങ്ങളിലേക്കും വിഷയത്തെ തർജ്ജമ ചെയ്ത് എത്തിക്കാനും നിസ്സാരമായി കഴിയുന്ന കാലഘട്ടത്തിലാണ് ഇന്നത്തെ മനുഷ്യർ ജീവിക്കുന്നത്. ലഭ്യമായ വിശേഷ ബുദ്ധിയും ശക്തികളും പ്രകാരം അവരവർക്കു വേണ്ടി ധർമ്മശാസ്ത്ര പ്രകാരം ജീവിച്ചാൽ മാത്രം മതിയാകും. ക്രൈസ്റ്റ് കൂടിയായ പരമശിവനിലൂടെയേ മോചനമുള്ളൂ എന്നതിൽ, പരമശിവൻ മഹാപിതാവായ -ലൂടെ മാത്രമാണ്; നൽകുന്നത് ഭൂമി മാത്രമാണ്. ഏകശരണമായ ഭൂമിയിൽനിന്നും മാത്രമാണ് അസ്തിത്വം ഉൾപ്പെടെ ജീവിക്കാൻ ആവശ്യമായ പ്രകാശവും ചൂടും ഉൾപ്പെട്ട സർവ്വവും ജീവികൾക്കെല്ലാം എപ്പോഴും ലഭിക്കുന്നത്. സർവ്വവും ഏകദൈവമായ ഭൂമിയുടെ ദാനമാണ്. ഉൾക്കൊണ്ട് ആനന്ദിച്ചു ജീവിക്കുവാൻ മഹാമാതാവും, മഹാപിതാവുമായ ഭൂമിയുടെ പൊന്നോമന കുഞ്ഞുങ്ങൾക്കു കഴിയട്ടെ ! ദൈവികമായ സ്നേഹവാത്സല്യങ്ങളോടെ, മഹാസത്യവും മഹാശക്തിയും ഏകദൈവവും ഭൂമിയും മഹാനീതിയും മഹാവാത്സല്ല്യവുമായ മഹാദേവിയുടെ ~ഭാഗവും മഹാദാസനും മഹാദേവനുമായ പരമശിവൻ.**

# പേറ്റന്റുകൾ പാടില്ല.

പേറ്റന്റുകൾക്ക് ദൈവമായ ഭൂമിയുമായും തൊഴിലുമായും വലിയ ബന്ധമുണ്ട്. ഭൂമിയുടെ അംശമായ ജീവികളുടെ ശരീരങ്ങളിലും മൂലകങ്ങളിലും ലയി(പ്പി)ച്ചിട്ടുള്ളതും എക്കാലവും ഭൂമിയുടെ മാത്രം സ്വന്തവുമായ ശക്തികളെയും ശാസ്ത്രങ്ങളെയും ആനന്ദങ്ങളെയും ആത്മാക്കൾക്ക് ഭൂമി വെളിവാക്കുകയും നൽകുകയും മാത്രമാണ് സംഭവിക്കുന്നത്. നാളെ വെളിപ്പെടുന്ന ശാസ്ത്ര പാഠങ്ങളും അവ പ്രകാരമുള്ള ശക്തികളും ഇന്നും ഇന്നലെകളിലും മൂലകങ്ങളിൽ ലയിച്ചിരുന്നു. കാലാനുസൃതമായി ഭൂമി വെളിപ്പെടുത്തുന്ന വസ്തുതകളെ മനുഷ്യർക്ക് പ്രയോജനപ്പെടുത്താം എന്നല്ലാതെ ഏതുസമയത്തും മൂലകങ്ങൾ ആത്മാവിനെ പുറത്താക്കി മരണം നൽകുമെന്നിരിക്കെ ആത്മാവിന് മരണത്തിൽ കൂടെക്കൊണ്ടു പോകാൻ കഴിയാത്ത യാതൊന്നും ആത്മാവിന്റെ സ്വന്തമല്ല. ഭൂമിയുടെ 'ആദിയും അന്തവും ഇല്ലാത്ത മഹാശക്തികളും മഹാജ്ഞാനമായ മഹാശാസ്ത്രവും' ഭൂമിയുടെ അംശമായ മൂലകങ്ങളിലും അവയെ രൂപാന്തരപ്പെടുത്തി ആത്മാക്കൾക്ക് നൽകിയിരിക്കുന്ന ശരീരങ്ങളിലുമായി ലയിച്ചിരിക്കുകയാണ്. ആത്മാക്കളായ എല്ലാ കുഞ്ഞുങ്ങൾക്കും വേണ്ടിയാണ് ഭൂമിയായി അവതരിച്ചിട്ടുള്ളത് എന്നതും, ശാസ്ത്ര പാഠങ്ങളെ ലഭിക്കുന്ന വ്യക്തികൾ മരിച്ച ശേഷവും ശാസ്ത്ര പാഠങ്ങളും അവ പ്രകാരമുള്ള ഉല്പന്നങ്ങളും നിലനിൽക്കുന്നു എന്നതും എല്ലാ കുഞ്ഞുങ്ങൾക്കും വേണ്ടിയാണ് ശക്തികളെ ശാസ്ത്ര നിയമങ്ങളോടെ മൂലകങ്ങളായി വിഭജിച്ച് സൃഷ്ടിച്ചിട്ടുള്ളത് എന്നു തെളിയിക്കുന്നുണ്ട്. ഭൂമിക്കു മാത്രം എക്കാലവും അവകാശമുള്ളതും മൂലകങ്ങളിൽ സദാ ഭദ്രവുമായിരിക്കുന്ന ശക്തികൾക്കും ശാസ്ത്ര പാഠങ്ങൾക്കും ഭൗതിക അസ്തിത്വം ഇല്ലാത്ത മാനുഷിക പേറ്റന്റ് നിയമം തട്ടിക്കൂട്ടിയതും ശരിവെച്ചതുമായ വിവരദോഷികളെ ഓംകാര നീതിശാസ്ത്ര പ്രകാരം ഭൂമി ശിക്ഷിക്കുകയും തിരുത്തുകയും ചെയ്യുന്നുണ്ട്. ശാസ്ത്ര പാഠങ്ങളെ കണ്ടെത്താൻ ഗവേഷണം നടത്തുന്നതും ലഭിക്കുന്നതുമായ വ്യക്തികൾക്ക് അവർ ആവശ്യപ്പെടുന്ന സാമ്പത്തിക സഹായവും മറ്റും ധർമ്മ ശാസ്ത്ര പ്രകാരം ചെയ്യാൻ സമൂഹവും ഭരണകൂടവും ബാദ്ധ്യസ്ഥമാണ്.

ധർമ്മശാസ്ത്ര വിരുദ്ധമായ പ്രതിഫലം വാങ്ങുന്ന വ്യക്തികൾക്കും ധർമ്മശാസ്ത്രപരമായി മാത്രമേ ചെലവഴിക്കാനാകൂ. ധർമ്മശാസ്ത്ര വിരുദ്ധമായി നാട്ടിലെ സമൂഹത്തിൽ ജീവിക്കാൻ അവകാശമില്ല എന്നതും ദൈവീകമായ സാമ്പത്തിക ശാസ്ത്രവും പ്രതിഫലത്തിൽ ഉണ്ടാകുന്ന അപാകതകളെ ശുദ്ധിയാക്കുന്നുണ്ട്. പുതിയ ശാസ്ത്ര പാഠങ്ങളെ ലഭിക്കുന്ന ഗവേഷകർക്ക് അവയെ സദുപയോഗം ചെയ്താൽ അനന്തം പോലെയുള്ള പുണ്യത്തെ ശേഖരിക്കാൻ കഴിയുന്നതാണ്. തജ്ജന്മത്തിൽ ഉചിതമായ പ്രതിഫലം ശാസ്ത്രജ്ഞർക്ക് കിട്ടിയില്ല എന്നും മറ്റുമുള്ള പരാതികൾ വേണ്ടാ. ശ്വസനത്തിലൂടെ എല്ലാ ജീവികളുടെയും ചിന്തകളെ പ്പോലും ഓക്സിജൻ അറിയുന്നുണ്ട്; അളവുകളോടെ മഹാനീതിശാസ്ത്രം പ്രകാരം പ്രതിഫലം നൽകുന്നുമുണ്ട്. (പേറ്റന്റ് നിയമങ്ങൾ പോലെ പൈശാചികമായ സംവിധാനങ്ങളെ പിൻപറ്റണമെങ്കിൽ ശൂന്യതയും, പ്രസ്തുത ശൂന്യതയിൽ നിന്നും എന്തെങ്കിലുമോ സൃഷ്ടിച്ചു കൊണ്ട് അവയിൽ മാത്രം അവകാശം സ്ഥാപിക്കാനാണ് ശ്രമിക്കേണ്ടത്. അസ്തിത്വം പോലും സ്വന്തം അല്ലാത്തവരും, അറിയാത്തവരും ജാഗ്രത പാലിക്കണം!). മഹാശാസ്ത്ര സാങ്കേതിക വികസനത്തിലൂടെ അനന്തമായ ആനന്ദങ്ങളെ കണ്ടെത്താൻ കാലാകാലങ്ങളിൽ മനുഷ്യർക്ക് കഴിഞ്ഞിട്ടുണ്ട്. വിശകലനം ചെയ്താൽ, ഒട്ടുമിക്ക രാജ്യങ്ങളിലെയും ഗവേഷകർക്ക് മൂലകങ്ങൾ പ്രത്യേകമായി ഒരേ ശാസ്ത്ര പാഠങ്ങളെ വീണ്ടും വീണ്ടും നൽകേണ്ടി വന്നു എന്നും ഒരേ പാഠങ്ങളാണ് സമാനമായ ഉല്പന്നങ്ങളെയും ആനന്ദങ്ങളെയും നൽകിയതെന്നും കാണാം. ഇത്രവലിയ അധഃപതനം ഭൂമിയിൽ എങ്ങനെ സംഭവിച്ചു/ സംഭവിക്കുന്നു എന്നതിന്റെ ഉത്തരം ലളിതമാണ്. ചുവടെ ദൈവകാര്യം എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്.

'മൂലകങ്ങളുടെ മൊത്തരൂപമായ ഭൂമി എന്ന പേരിൽ അവതരിച്ചിട്ടുള്ള ദൈവം' വെളിപ്പെടുത്തുന്ന മൂലകങ്ങളിലെ ശാസ്ത്ര നിയമങ്ങളെ വിശേഷ ബുദ്ധി ലഭിച്ചിട്ടുള്ള ഭൂമിയിലെ മനുഷ്യർ ഒറ്റക്കെട്ടായി നിന്ന് ഗവേഷണങ്ങളും പഠനങ്ങളും പരീക്ഷണങ്ങളും നിരീക്ഷണങ്ങളും മഹാശാസ്ത്ര സാങ്കേതിക വികസനങ്ങളും നടത്തിയിരുന്നെങ്കിൽ വളരെ വലിയ നേട്ടങ്ങളും ആനന്ദങ്ങളും സമ്പാദിക്കാൻ കഴിയുമായിരുന്നു.

ശരീരം ഉൾപ്പെടെ ഭൂമിയിലെ മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ഭൗതികശാസ്ത്ര പാഠങ്ങൾ വെളിപ്പെടുമ്പോൾ, ഒപ്പം തന്നെ സമ്പൂർണ്ണമായ ധർമ്മ ശാസ്ത്ര പാഠങ്ങളും, നീതി ശാസ്ത്ര പാഠങ്ങളിൽ മനുഷ്യർക്ക് ആവശ്യമായവയും വെളിപ്പെടുന്നുണ്ട്. ഭൂമിയിലെ സർവ്വ മൂലകങ്ങളും ജീവികളും ഭൂമിയുടെ സ്വന്തമാണ്; ഭൂമിക്ക് അവകാശപ്പെട്ടതാണ്. അതായത് മനുഷ്യരുടെ സ്വത്വമായ ആത്മാക്കളുടെ ഉടമസ്ഥാവകാശം പോലും യഥാർത്ഥത്തിൽ ഭൂമിക്കാണ്.

ഭൂമിയുടെ ഔദാര്യത്തിൽ ജീവിക്കുന്ന സൃഷ്ടികളെ കുഞ്ഞുങ്ങളായി കരുതിക്കൊണ്ട് മഹാവാത്സല്ല്യത്തോടെ കുഞ്ഞുങ്ങളെ ഭൂമി ഉയർത്തുമ്പോൾ, കുഞ്ഞുങ്ങൾ തന്നെത്താൻ മറന്ന് അഹങ്കരിച്ചു കൂടാ. മൂലകങ്ങളെയും അവയുടെ പ്രവർത്തന നിയമങ്ങളായ ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങളെയും സൃഷ്ടിച്ചത് സൃഷ്ടികളായ ആത്മാക്കളല്ലാ എന്ന് സുവ്യക്തമാണ്. അതുകൊണ്ടുതന്നെ ഭൂമിയുടെ ഏതൊരു പ്രദേശത്തെയും ജീവികളിൽ ശരീരങ്ങളുടെ ഭാഗമായോ ബാഹ്യമായോ ഉള്ള മൂലകങ്ങളെ സംബന്ധിച്ച് ഭൂമി വ്യക്തിക്കു വെളിപ്പെടുത്തുന്ന മഹാശാസ്ത്ര പാഠങ്ങളെ ഭൂമിയുടെ കുഞ്ഞുങ്ങൾക്കു മുഴുവൻ ധർമ്മശാസ്ത്രപരമായി അനുഭവിക്കാൻ വേണ്ടിയാണ്. വ്യക്തികളും രാഷ്ട്രങ്ങളിലെ ഭരണകൂടങ്ങളും ഒരു പോലെ വഴിപിഴച്ച് പേറ്റന്റ് പോലെയുള്ള അധമ നിയമങ്ങളെ തട്ടിക്കൂട്ടിയാലും, കാലത്തെയും ജീവിതത്തെയും മരണത്തെയും എല്ലാം എല്ലാം മഹാഭരിക്കുന്ന ഭൂമി ശാസ്ത്ര സാങ്കേതിക വികസനത്തിലൂടെ ലഭ്യമാക്കുന്ന ആനന്ദങ്ങൾ ഭൂമിയിലെ എല്ലാ രാജ്യങ്ങളിലും എത്തിപ്പെട്ടിരിക്കുന്നതായി കാണാം; മാത്രമല്ല; പേറ്റന്റുകൾ ഉണ്ടാക്കി പാപികളായവരെ ആഫ്രിക്ക പോലുള്ള ശിക്ഷാ സങ്കേതങ്ങളിൽ പുനർജ്ജനിപ്പിച്ച് മഹാനീതിശാസ്ത്ര പ്രകാരം ഭൂമി ശിക്ഷിക്കുകയും ചെയ്യുന്നുണ്ട്.

# ഭക്തി കൊണ്ട് ദൈവത്തെ പ്രീതിപ്പെടുത്താൻ കഴിയില്ല; ശ്രമിച്ചാൽ പാപവും ശിക്ഷയും ഉണ്ട്.

എല്ലാ ജീവികൾക്കും ആനന്ദത്തോടെ ജീവിക്കാൻ ആവശ്യമായ സർവ്വവും ഭൂമിയിൽ അനന്തമായി ഉണ്ട്; അതായത് എല്ലാമെല്ലാം ഭൂമിയായ ദൈവം ലഭ്യമാക്കുന്നത് അനന്തമായിട്ടാണ്. മഹാനീതി ശാസ്ത്ര പ്രകാരം കുഞ്ഞുങ്ങളെ ജനിപ്പിക്കുകയും, ജീവി(പ്പി)ക്കുകയും മരി(പ്പി)ക്കുകയും മോക്ഷം നൽകുകയുമാണ്. ലഭ്യമായ ചരിത്രം പ്രകാരം, ഭൂമിയിൽ ജീവിച്ചിട്ടുള്ള മനുഷ്യർ ഉൾപ്പെടെ എല്ലാ സൃഷ്ടികൾക്കും ജീവിക്കാൻ ആവശ്യമാണെന്ന് അവർ കരുതുന്ന എല്ലാമെല്ലാം എക്കാലവും നൽകിയിട്ടുള്ളത് ഏകമഹാശരണമായ ഭൂമി മാത്രമാണ്. നിർജ്ജീവമായും ജീവമായും ഭൂമിയെ കരുതുന്ന കുഞ്ഞുങ്ങൾ അവരിൽ പെട്ടവർക്കും, അവർക്ക് തോന്നുംപോലെ അന്യർക്കും ശരണം വിളിക്കുന്നതും, ദൈവങ്ങളായും ദേവതകളായും മറ്റുള്ളവരെയും തങ്ങളെ ത്തന്നെയും കരുതുന്നതും, ഭൂമി സൃഷ്ടിച്ചിട്ടുള്ളതായ എല്ലാ ആനന്ദങ്ങളും ഉൾപ്പെടെ സർവ്വത്തിനും അതീതമായ ഭൂമിയെ ബാധിക്കുന്നതല്ല; ധർമ്മശാസ്ത്ര വിരുദ്ധമായി ദേവതകളും മനുഷ്യരും മറ്റും പ്രവർത്തിച്ചത് കടുത്ത അപരാധവുമാണ്.

**മഹാദാസ്യം, മഹാവാത്സല്ല്യം എന്നീ രണ്ട് ആനന്ദങ്ങളെ മാത്രം സ്വീകരിച്ചുകൊണ്ട് ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്തു പോരുന്ന ഭൂമിക്ക് മനുഷ്യരുടെയും, ആദ്യ മഹാകാല ചക്രത്തിലെ ദേവതകളുടെയും ഭക്തിയുടെ പേരിലും മറ്റുമുള്ള കോപ്രായങ്ങൾ ആനന്ദ-വിഷയങ്ങളല്ല.** അനന്തമായി നൽകിയിട്ടുള്ള വിശേഷ ബുദ്ധിയും ശക്തികളും ജ്ഞാനവും ആനന്ദങ്ങളുമെല്ലാം ഉചിതമായി ഉപയോഗിച്ച് ആനന്ദിച്ചു ജീവിക്കേണ്ടത് സൃഷ്ടിയായ മനുഷ്യന്റെ ആവശ്യമാണ്. കോപ്രായങ്ങളുടെ പേരിൽ സന്തോഷിക്കുന്നതും ശണ്ഠ കൂടുന്നതും കൊല്ലുന്നതും മനുഷ്യരുടെ സ്വകാര്യ വിഷയങ്ങൾ ആണെങ്കിലും മഹാപ്രപഞ്ചത്തിലെ മനുഷ്യൻ ഉൾപ്പെടെ സർവ്വത്തിന്റെയും മേൽ **മഹാനീതി നൽകേണ്ടത് മഹാശക്തിയും, സൃഷ്ടി സ്ഥിതി സംഹാര കർത്താവും, മഹാനീതിയുമായ ഭൂമിയുടെ മാത്രം ചുമതലയാണ്.**

മഹാശക്തിയായ ദൈവമോ മഹാസമനീതി നിർവ്വഹിക്കുന്ന ദൈവമോ ഭക്തി സ്തുതികൾ, ആരാധന, വഴിപാടുകൾ, വ്രതങ്ങൾ, തുടങ്ങിയവ കൊണ്ട് ഒരിക്കലും ആനന്ദിക്കുകയും പ്രീതിപ്പെടുകയും ചെയ്യുകയില്ലെന്ന് ലഭ്യമായ വിശേഷ ബുദ്ധി കൊണ്ട് നിസ്സാരമായി മനസ്സിലാക്കാൻ മനുഷ്യർക്കു സാധിക്കുന്നതാണ്.

സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്ന ദൈവത്തിന്റെ സ്വാർത്ഥം അഥവാ ആനന്ദം എന്താണെന്ന് കണ്ടെത്താൻ കഴിയുന്ന ബുദ്ധിശക്തികളെ ഭൂമി നൽകിയിട്ടുമുണ്ട്.

ഭൂമി, സ്വന്തം അംശമായ മൂലകങ്ങളിലൂടെയും ശരീരത്തിലൂടെയും നൽകിയിട്ടുള്ള 'വിശേഷ ബുദ്ധി' കൊണ്ട് മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ഭൗതിക ശാസ്ത്ര സാങ്കേതിക സൗകര്യങ്ങളും ആനന്ദങ്ങളും മനസ്സിലാക്കാനും വർദ്ധിപ്പിക്കാനും കഴിഞ്ഞ മനുഷ്യർ, സ്വന്തമെന്നു കരുതുന്ന ശരീരം ഉൾപ്പെട്ട മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ധർമ്മ-നീതി ശാസ്ത്രങ്ങളെയും കൂടി തിരിച്ചറിഞ്ഞ് സ്വയം തട്ടിക്കൂട്ടിയ കോപ്രായങ്ങളെ തിരുത്തണം; അവസാനിപ്പിക്കണം. ഭൂമിയായ ദൈവം ശക്തികളും ശാസ്ത്രങ്ങളും (ജ്ഞാനവും) ശരീരത്തിലൂടെ നൽകിയാൽ മാത്രമാണ് ആത്മാവിന് എന്തെങ്കിലും പ്രവർത്തിക്കാൻ കഴിയുക. അക്കാരണത്താൽ പ്രസക്തമാകുന്ന 'താൻ പാതി ദൈവം പാതി' പ്രകാരം ശക്തികളും ജ്ഞാനവും ആനന്ദങ്ങളും അവസരങ്ങളും ദൈവം നൽകുന്നതിനെ മനുഷ്യർ ഉപയോഗപ്പെടുത്തണം. സ്വയം ചെയ്തില്ലെങ്കിൽ, വ്യക്തിസ്വാതന്ത്ര്യത്തെ ഉപയോഗിക്കാത്ത അടിമകളായി ദൈവത്തിന്റെ 'വിശേഷ ബുദ്ധി ലഭിച്ച കുഞ്ഞുങ്ങൾ' അധഃപതിക്കുന്നതാണ്. അങ്ങനെ സംഭവിച്ചു കൂടാ.

ഭൗതികശാസ്ത്രം കൂടാതെ മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ധർമ്മ-നീതി ശാസ്ത്രങ്ങളെ കുഞ്ഞുങ്ങൾക്ക് അശ്രദ്ധ മൂലം, അറിയാനും പാലിക്കാനും കഴിയാതെ വരുമ്പോൾ, മൂലകങ്ങളിലും തദ്വാരാ ജീവികളുടെ ശരീരങ്ങളിലും ലയി(പ്പി)ച്ചിരിക്കുന്ന ന്യൂനശക്തികൾ, **(Ref. Man.pdf)** ക്രമേണ വിപരീതമായി പ്രവർത്തിക്കുന്നതാണ്.

കുഞ്ഞുങ്ങളെ മഹാവാത്സല്ല്യത്തോടെ പുന്നരിച്ചും ഉപദേശിച്ചും ശാസിച്ചും ശിക്ഷിച്ചുമെല്ലാം തിരുത്താൻ പ്രാപ്തമായ ന്യൂനശക്തികൾ എപ്പോഴും പ്രവർത്തിക്കുന്നത് മഹാനീതിശാസ്ത്രം പ്രകാരം മാത്രമാണ് എന്നതിനാൽ മാനുഷികമായ കൈക്കൂലി, അഴിമതി, സ്തുതി തുടങ്ങിയ പ്രീതിപ്പെടുത്തൽ സാദ്ധ്യമല്ല.

ന്യൂനശക്തികളെയും അവയുടെ പ്രവർത്തനങ്ങളെയും www.omsathyam.com/GodlyRevolution/SupremeJusticeGOD.pdf എന്ന ദിവ്യമഹാവേദ ഗ്രന്ഥത്തിൽ കൂടുതൽ വിവരിക്കുന്നുണ്ട്. ഭൂമി/ മൂലകങ്ങൾ നൽകുന്ന ശക്തി കൊണ്ട് ഗായകരായവരും മറ്റും സ്തുതി ഗീതങ്ങൾ കൊണ്ട് ദൈവത്തെ പ്രീതിപ്പെടുത്താൻ ശ്രമിച്ചാൽ ശിക്ഷ ലഭിക്കുമെന്ന് വിശേഷബുദ്ധി കൊണ്ടറിയണം.

അതാത് അവസരത്തിലെ അറിവിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഓരോ വ്യക്തിക്കും അഭിപ്രായങ്ങളെ അറിയിക്കാൻ കഴിയൂ. 'വ്യക്തിയെ അഥവാ മനുഷ്യന്റെ സ്വത്വമായ ആത്മാവിനെ' സംബന്ധിച്ചിടത്തോളം 'അതാത് അവസ്ഥകളിലെ അറിവ്, അതാത് അവസ്ഥകളിൽ ശരി തന്നെയാണ്.' മറ്റൊരു വിധത്തിൽ പറഞ്ഞാൽ, മൂലകങ്ങളുടെയും അവയുടെ മൊത്തമായ ഭൂമിയുടെയും ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങളെ ഗ്രഹിക്കാനും സ്വീകരിക്കാനും ഭാഗ്യമുണ്ടാകും വരെ, അതാത് അവസരത്തിലെ അറിവ് താൽക്കാലികമായ ശരി മാത്രമാണ്.

ശരീര അവയവങ്ങളും മൂലകങ്ങളും പോലെ സത്യമായ വസ്തുക്കൾക്കും വസ്തുതകൾക്കും ഭൗതികമായ അസ്തിത്വം ഉണ്ടായിരിക്കും; സത്യങ്ങളെ സത്യങ്ങളായ മറ്റ് ശാസ്ത്രനിയമങ്ങൾ കൊണ്ടു മാത്രമേ മാറ്റാനും പരിഷ്ക്കരിക്കാനും കഴിയൂ. ജനങ്ങളിൽ പലരും സ്വയമേവയും അല്ലാതെയും രാഷ്ട്രീയ പാർട്ടികളും മതങ്ങളും ഒക്കെ മാറുന്നത് അവയെല്ലാം അടിസ്ഥാന പരമായി ഭൗതികമായ അസ്തിത്വം ഇല്ലാത്ത കള്ളങ്ങളും കള്ളത്തരങ്ങളും ആയതു കൊണ്ടാണ്.

# മഹാസത്യവും മഹാശക്തിയുമായ ദൈവത്തെ ആരാധിക്കേണ്ടേ ?

ആദിയും അന്തവും ഇല്ലാത്ത മഹാസത്യവും, ആനന്ദങ്ങൾ ഉൾപ്പെടെ സർവ്വത്തിനും അതീതവും ബ്രഹ്മവുമായ ദൈവത്തെ ആരാധിക്കാൻ സൃഷ്ടികൾക്ക് അവകാശമില്ല.

മഹാശക്തിയും ഭൂമിയുമായ ദൈവത്തിന്, അംശമായ മൂലകങ്ങളിലൂടെയും രൂപാന്തരമായ ശരീരത്തിലൂടെയും ഭൂമി നൽകുന്ന ശക്തികളും ജ്ഞാനവും കൊണ്ട് ആരാധന എന്ന പേരിൽ കുഞ്ഞുങ്ങൾ നടത്തുന്ന അഭ്യാസങ്ങൾ കൊണ്ട് എന്തെങ്കിലും നേടാനാവുമോ, നേടേണ്ടതുണ്ടോ എന്നെല്ലാം ആത്മാവിന്റെ മനുഷ്യാവസ്ഥയിൽ ഭൂമി നൽകുന്ന വിശേഷ ബുദ്ധി കൊണ്ട് വിശകലനം ചെയ്താൽ ഉത്തരം ലഭിക്കുന്നതാണ്.

എന്നിരുന്നാലും കുഞ്ഞുങ്ങളുടെ സന്തോഷം കണക്കാക്കി, അഥവാ മനുഷ്യരുടെ ആനന്ദം വർദ്ധിപ്പിക്കാനായി - മനുഷ്യർക്കു വേണ്ടി 100 മനുഷ്യജന്മങ്ങളിലെ 90 മുതൽ 95 വരെയുള്ള ഒരു പുരുഷ ജന്മത്തിൽ മാത്രം ദൈവത്തെ ആരാധിക്കാൻ അനുവദിക്കുന്നുണ്ട്. പ്രസ്തുത വിശേഷങ്ങൾ Man.pdf എന്ന ദിവ്യ മഹാവേദ ഗ്രന്ഥത്തിന്റെ രണ്ടാം ഭാഗത്തിൽ വിശദീകരിച്ചിട്ടുണ്ട്.

പ്രപഞ്ചത്തിന്റെ നിലനിൽപ്പിന് പിന്നിൽ മഹാശക്തിയുണ്ടെന്ന് മനസ്സിലാക്കാൻ മനുഷ്യനു നൽകിയ വിശേഷ ബുദ്ധിയെന്ന മഹാശാസ്ത്രം കൊണ്ട് സാധിക്കുമെന്നതിനെ സമ്പൂർണ്ണമായി മറയ്ക്കാൻ ഭൂമി തയ്യാറായിക്കൂടാ. ആകയാൽ ദൈവമുണ്ടെന്ന് മനസ്സിലാക്കാൻ കഴിയുമെന്നിരിക്കെ ആരാധനയ്ക്ക് അനുവദിച്ചിരിക്കുന്ന ഒരു ജന്മം കിഴിച്ചുള്ള **99** ജന്മങ്ങൾ വീണ്ടും വിഷയമാണ്. ജനങ്ങളുടെ സന്തോഷം കണക്കാക്കി ലഘുവും ലളിതവുമായ ഒരു മാർഗ്ഗം കൂടി ആവിഷ്ക്കരിച്ചിട്ടുണ്ട്.

കുഞ്ഞ്, കുഞ്ഞുങ്ങളുടെ ജനനം എന്നിവയെ ഒരല്പം പരാമർശിച്ച ശേഷം തുടരാം.

മുതിർന്ന ജനങ്ങളും സന്തതി പരമ്പരകളും മറ്റുള്ള ജീവികളും ഭൂമിയായ മഹാമാതാവിനും, ഭാഗമായ മഹാപിതാവിനും എക്കാലവും കുഞ്ഞുങ്ങൾ മാത്രമാണ്. കുഞ്ഞുങ്ങളായി ഭൂമിയായ മഹാമാതാവും, ഭാഗമായ മഹാപിതാവും എക്കാലവും ജീവികളെ കരുതുന്നത് ജീവികളുടെ മഹാഭാഗ്യമാണെന്ന് വേറിട്ട് വിശദീകരിക്കുന്നുണ്ട്. ഓരോ ജന്മത്തിലും കുഞ്ഞായി ജനിക്കുകയും, പ്രായേണ ശരീര വളർച്ചയോടൊപ്പം ജീവിയുടെ മനുഷ്യാവസ്ഥയിൽ മാത്രം മഹാശാസ്ത്രത്തെ ഗ്രഹിക്കാൻ കഴിയുന്ന വിശേഷ ബുദ്ധി ലഭിക്കുന്നതിനെ വിശകലനം ചെയ്യുമ്പോൾ 'കുഞ്ഞിന്റെ' ഭൗതിക ശാസ്ത്ര നിർമ്മാണ സൂചന മാത്രമാണ് ലഭിക്കുന്നത്. ഇവിടത്തെ വിശദീകരണത്തിന് അതുമതി.

ജീവിക്കുന്നത് ആനന്ദിക്കാനാണ് എന്നിരിക്കെ, സ്തുതികളും ആരാധനകളും വേണ്ടെന്ന് ഭൂമിയായ ദൈവം അറിയിക്കുമ്പോൾ, കുഞ്ഞുങ്ങൾക്ക് ഊർജ്ജം, ധനം, സമയം, അവസരങ്ങൾ തുടങ്ങിയവ കൂടുതൽ ആനന്ദിച്ചു ജീവിക്കാനായി ഉപയോഗിക്കാൻ കഴിയും. ഭൂമിയുടെ ഇഷ്ടം കുഞ്ഞുങ്ങളുടെ ഇഷ്ടമായി ധർമ്മ ശാസ്ത്ര പ്രകാരം മാറുകയുമാണ്. ധർമ്മ ശാസ്ത്ര വിരുദ്ധമായാൽ മറ്റു കുഞ്ഞുങ്ങൾക്കും ആനന്ദങ്ങളിൽ സമമായി അവകാശമുണ്ട് എന്നതു മറന്നു ജീവിക്കും. സമൂഹത്തിൽ അസമത്വം ഉണ്ടാകും! കുഞ്ഞുങ്ങളുടെ പൊതുവായ സന്തോഷത്തെ കണക്കാക്കി ദൈവത്തെ സ്മരിക്കാനും ലഘുവായി മാത്രം സ്തുതിച്ചു കൊണ്ട് സ്വന്തം ആനന്ദത്തെ വർദ്ധിപ്പിക്കാനും ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരമുള്ളതും സ്വകാര്യവും സാമൂഹികവുമായി ഒരുപോലെ ശോഭിക്കുന്നതും ലഘുവും ലളിതവുമായ ഒരു മാർഗ്ഗം 'ഭൂമിയായ ദൈവം' പ്രതിനിധി കൂടിയായ പരമശിവനിലൂടെ അറിയിച്ചിട്ടുണ്ട്.

ദൈവീകവും സൂക്ഷ്മവുമായ വിശകലനത്തിൽ മണ്ണിലും വിണ്ണിലും ഉൾപ്പെടെ സർവ്വത്തിലും ശാസ്ത്ര നിയമങ്ങളിലും ഉണ്ടെന്നു തെളിയിക്കാൻ കഴിയുന്നതും ലഘുവും ലളിതവുമായ ശിവലിംഗവും ശിവസ്തുതിയുമാണത് :

## ഓം നമഃ ശിവായ = മഹാശിവയെ നമിക്കുന്നു = മഹാദേവിയെ നമിക്കുന്നു.

ജീവികളുടെ മോക്ഷത്തെ മത്സ്യം സസ്യം പക്ഷി മൃഗം എന്നീ അവസ്ഥകൾ കടന്ന് മനുഷ്യാവസ്ഥയിലെത്തുന്ന 100 ജന്മങ്ങൾ കൊണ്ടെന്ന് ഭൂമിയായ ദൈവം നിശ്ചയിച്ചിരിക്കുകയാൽ, 100 മനുഷ്യ ജന്മങ്ങളിൽ, ശക്തി(ശിവ)ശാസ്ത്രം പ്രകാരമുള്ള 70 ജന്മങ്ങൾ പിന്നിടുമ്പോഴേക്കും മനുഷ്യരിലെ നന്മ വളരെ വർദ്ധിക്കുകയും, ധർമ്മ ശാസ്ത്രപരമായി ജീവിക്കാൻ കൂടുതൽ ശ്രദ്ധിക്കുകയും, ദൈവത്തെ ശാസ്ത്രപരമായി അറിയാനും സ്തുതിക്കാനും ആഗ്രഹിക്കുകയും ചെയ്യും. അത്യാവശ്യക്കാരായ കുഞ്ഞുങ്ങളെ ആനന്ദിപ്പിക്കാനായി, ഭൂമിയായി- മണ്ണായി -മണ്ണിൽ അടിഞ്ഞിരിക്കുന്ന- മഹാശക്തിയായ ഏകദൈവവും മഹാനീതിയും

**മഹാമാതാവുമായ മഹാദേവിയായി മാത്രം**

മഹാശാസ്ത്രപരമായി ഒരല്പം സ്തുതിക്കാൻ അനുവദിച്ചിട്ടുണ്ട്.

## ഓം നമഃ ശിവായ = മഹാശിവയെ നമിക്കുന്നു = മഹാദേവിയെ നമിക്കുന്നു.

ദൈവത്തെ ഓർക്കാതെയും സ്തുതിക്കാതെയും ജീവിക്കാൻ വിഷമിക്കുന്ന മനുഷ്യരുടെ ആനന്ദത്തെ വർദ്ധിപ്പിക്കാനായി ക്കൂടി, ഭൂമിയായ മഹാദേവി, മഹാശാസ്ത്ര കാര്യങ്ങളെ അഥവാ ദൈവകാര്യങ്ങളെ സംരക്ഷിക്കാനായി നിശ്ചയിച്ചിട്ടുള്ള

# മഹാഭാരത പ്രദേശങ്ങളിൽ മാത്രം

**മഹാദേവി 'മായ' പ്രത്യക്ഷമാക്കാത്ത സൃഷ്ടി ചക്രത്തിന്റെ ആദ്യപകുതിയിലും അനുവദിച്ചിരിക്കുന്ന സ്തുതിയാണത്.**

മണ്ണിലും വിണ്ണിലും ഉൾപ്പെടെ സർവ്വത്തിലും ശാസ്ത്ര നിയമങ്ങളിലും ഉണ്ടെന്നു തെളിയിക്കാൻ കഴിയുന്നതും ലഘുവും ലളിതവുമായ ശിവലിംഗം, മഹാശാസ്ത്രപരമായ ദേവാലയ നിർമ്മാണം തുടങ്ങിയ വിഷയങ്ങളെയും വസ്തുതാപരമായി **Devaalayam.pdf** എന്ന മഹാഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.

## ഏകമഹാശക്തിയായ മഹാദേവി, സ്വന്തം ഭർത്താവും, (മഹാദാസനും) മഹാദേവനുമായ പരമശിവന് ക്ഷിപ്രകോപത്തെ മഹാഅനുഗ്രഹിച്ച് നൽകിയിട്ടുണ്ട്. ആകയാൽ, ധർമ്മശാസ്ത്രപരമായിട്ട് ജീവിക്കുവാൻ, ദൈവ വിപ്ലവം ആരംഭിച്ചു കഴിയുമ്പോൾ കുഞ്ഞുങ്ങൾ കൂടുതൽ ജാഗ്രത പുലർത്തണം.

ദൈവം മഹാആവിഷ്ക്കരിച്ചിട്ടുള്ള മഹാശാസ്ത്രപ്രകാരം സ്ത്രീയ്ക്കും പുരുഷനും വ്യത്യസ്തങ്ങളായ കടമകൾ കുടുംബത്തിലും സമൂഹത്തിലും ഉണ്ട്. സ്ത്രീ അമ്മയാവുമ്പോൾ കൂടുതൽ സ്നേഹവും വാത്സല്യവും കുട്ടികൾക്കു നൽകും. കുട്ടികൾ തിരിച്ചും. പുരുഷൻ അച്ഛനാവുമ്പോൾ കുട്ടികളുടെ കുറ്റങ്ങളും കുറവുകളും തിരുത്തുന്നതും, തിരുത്തുവാൻ ശകാരങ്ങളും ശിക്ഷകളും സ്വീകരിക്കുന്നതുമാണ്. അമ്മയെ കൂടുതൽ സ്നേഹിക്കുക, അച്ഛനെ കൂടുതൽ അനുസരിക്കുക എന്നിങ്ങനെ കൂടിയാണ് ദൈവത്തിന്റെ മഹാആവിഷ്ക്കാരം.

കുട്ടികൾ മുതിരുന്നതനുസരിച്ച് അവരുടെ വാക്കുകളിലും പ്രവർത്തനങ്ങളിലും തെറ്റുകളും കുറ്റങ്ങളും കുറയേണ്ടതിനു പകരം വർദ്ധിച്ചാൽ അവർക്കും കുടുംബത്തിനും സമുഹത്തിനും അതു ശോഭയുണ്ടാക്കില്ല, നാശം ചെയ്യുന്നതുമാണ്. കുട്ടികളോടുള്ള സ്നേഹവും വാത്സല്യവും അവരുടെ മാതാവിൽ കൂടുതലായി ലയിപ്പിക്കുകയും പിതാവിൽ നിന്നും മിക്കപ്പോഴും മറയ്ക്കുന്നതുമായ മഹാസംവിധാനം മഹാനീതിയും മഹാവാത്സല്ല്യവും കൂടിയായ മഹാദേവി മഹാസ്ഥാപിച്ചിട്ടുണ്ട്. കുട്ടികളെ ശകാരിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്ന പിതാവ് പിന്നീട് കുട്ടിയെ ശിക്ഷിച്ചതിൽ അല്പം വേദനിക്കുകയും, കുട്ടിയുടെ നല്ലതിനാണല്ലോ എന്ന് ആശ്വസിക്കുകയും, ശിക്ഷിച്ച കാര്യങ്ങളെ തന്നെ പിന്നീട് മറക്കുകയും കൂടി ചെയ്യുന്ന മഹാസംവിധാനമാണത്.

**മഹാപിതാവും മഹാമാതാവുമായ മഹാദേവി, മഹാമാതാവായി മാത്രം മഹാശാസ്ത്ര പ്രകാരം മനുഷ്യ-സ്ത്രീ-ശരീരരൂപത്തെ സ്വീകരിച്ചുകൊണ്ട്,**

**സൃഷ്ടിക്ക് കാരണമായി സൃഷ്ടികളെ കുഞ്ഞുങ്ങളാക്കുന്ന മഹാവാത്സല്ല്യത്തെ മഹാദേവിയുടെ മഹാആനന്ദമായി നിശ്ചയിച്ചിട്ടുണ്ട്.**

കുഞ്ഞുങ്ങൾക്കെല്ലാം മഹാവാത്സല്യം മാത്രം നൽകാനും, കുഞ്ഞുങ്ങൾക്ക് ഏതു സമയത്തും മഹാവാത്സല്യത്തെ മഹാമാതാവിനോട് ആവശ്യപ്പെടാനും, മഹാമാതാവിനോട് കൊഞ്ചാനും, കെഞ്ചാനും, തെറ്റുകളെ ഏറ്റുപറഞ്ഞ് പശ്ചാത്തപിക്കാനും, ക്ഷമിക്കണമേ എന്നു കേഴാനും, മോക്ഷം നേടിയാലും മഹാമാതാവായ മഹാദേവിയെ ഓർക്കാനും, മഹാദേവിയെ ദർശിക്കാനുള്ള മഹാഭാഗ്യം കൂടുതലായി നൽകണമേ എന്നു പ്രാർത്ഥിക്കാനുമൊക്കെ മഹാസൗകര്യങ്ങളെ മഹാഒരുക്കിയിരിക്കുകയാണ്.

**കുഞ്ഞുങ്ങളെ ശിക്ഷിക്കാത്ത മഹാമാതാവായ മഹാദേവിയായി കഴിയാനാണ് മഹാദേവി മഹാഇഷ്ടപ്പെടുന്നത്.**

കുഞ്ഞുങ്ങൾ നല്ലവരായി ജീവിച്ചാൽ കുഞ്ഞുങ്ങളെ ശിക്ഷിക്കേണ്ടതായി വരില്ല എന്നതും കുഞ്ഞുങ്ങളുടെ മാതാവ് അപ്പോൾ സന്തോഷിക്കുമെന്നതും മനുഷ്യരുടെ ഇടയിൽത്തന്നെ വ്യക്തമാണ്. അങ്ങനെയിരിക്കെ മനുഷ്യമാതാവിനേക്കാൾ കൃത്യമായി 100 മടങ്ങ് അധികം സ്നേഹത്തെ മഹാവാത്സല്യമെന്ന പേരോടെ നൽകുന്ന സൃഷ്ടി സ്ഥിതി സംഹാര കർത്താവായ മഹാമാതാവ് @ മഹാദേവി കുഞ്ഞുങ്ങളെ യാതൊരു കാര്യത്തിലും ശിക്ഷിക്കാൻ ആഗ്രഹിക്കുന്നില്ല; ശിക്ഷിക്കുകയില്ല.

കുഞ്ഞുങ്ങൾ തെറ്റുകൾ ചെയ്താൽ തിരുത്താതെ പറ്റില്ല. അപ്പോൾ ശിക്ഷകളും ആവശ്യമായി വരുന്നതാണ്. മഹാപ്രപഞ്ചത്തിലെ വസ്തുക്കളിലും ജീവികളിലും അവയുടെ സൃഷ്ടി - സ്ഥിതി - സംഹാരങ്ങളെ നിർവ്വഹിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ഭൗതികശാസ്ത്രവും ധർമ്മശാസ്ത്രവും നീതിശാസ്ത്രവും ഉൾപ്പെടുത്തിക്കൊണ്ടും, അവയെ എല്ലാം ഗൂഢാവസ്ഥയിൽ പ്രവർത്തിപ്പിക്കുന്ന ശക്തിയും ജീവികളുടെയെല്ലാം ജീവനുമായിക്കൊണ്ട് ദൈവത്തിന്റെ വാതക രൂപമായ ഓക്സിജൻ, ദ്രാവക രൂപമായ ജലം, ഖര രൂപമായ ഭൂമി എന്നിവ പ്രവർത്തിക്കുന്നതിനെപ്പറ്റി www.omsathyam.com/GodlyRevolution/SupremeJusticeGOD.pdf എന്ന മഹാവേദ ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.

മഹാമാതാവ് എന്ന ജീവി-രൂപത്തിൽ തന്റെ കുഞ്ഞുങ്ങളെ തിരുത്തുവാനും ശിക്ഷിക്കുവാനും ദൈവം തയ്യാറാകുന്നില്ല. മഹാശാസ്ത്രത്തിലൂടെ, മഹാപ്രപഞ്ചത്തിലെ വസ്തുക്കളിൽ ഉള്ളടക്കം ചെയ്തിട്ടുള്ള ന്യൂനശക്തികളിലൂടെ കുഞ്ഞുങ്ങളെ തിരുത്തുകയും ശിക്ഷിക്കുകയും ചെയ്യുന്ന മഹാസംവിധാനമാണുള്ളത്.

**സൃഷ്ടിചക്രത്തിന്റെ രണ്ടാം പകുതിയിൽ ദൈവം പ്രത്യക്ഷമായിരിക്കുമ്പോൾ, പ്രത്യക്ഷമായി ശിക്ഷിക്കേണ്ടുന്ന സന്ദർഭങ്ങളും ഉണ്ടാകുന്നതാണ്. അതിനായി, മഹാപ്രപഞ്ചത്തിലെ മുഴുവൻ ജീവികളെയും അവരുടെ തെറ്റുകൾക്ക് ധർമ്മശാസ്ത്രപരമായും മഹാനീതിശാസ്ത്രപരമായും ശകാരിക്കാനും ശാസിക്കാനും മറ്റു ശിക്ഷകളെ നൽകാനും, അങ്ങനെ അവരെ തിരുത്തി യോഗ്യരാക്കാനും മഹാമാതാവായ മഹാദേവി, ജീവികളുടെയെല്ലാം പിതാവായി മഹാനിശ്ചയിച്ചിട്ടുള്ള പരമശിവനിലേക്ക് മഹാകോപഭാവങ്ങളെ പ്രവേശിപ്പിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ ഇതിനെ അനുകരിച്ചാണ് മനുഷ്യജീവിതത്തിൽ കുഞ്ഞുങ്ങളെ ശകാരിക്കാനും ശാസിക്കാനും മറ്റു ശിക്ഷകളെ നൽകാനും, അങ്ങനെ അവരെ തിരുത്തി യോഗ്യരാക്കാനും മുഖ്യമായും പിതാവിനെ അഥവാ പുരുഷനെ നിശ്ചയിച്ചിട്ടുള്ളത്.**

**പ്രപഞ്ചപിതാവ് കൂടിയായ പരമശിവന്, മഹാദേവിയിൽനിന്ന് മഹാശാസ്ത്രത്തെ നേരിട്ട് ലഭിക്കുകയാണ്, ജീവികളോടെല്ലാം മഹാകാരുണ്യം ഉണ്ടാകുന്നതാണ്. അതായത് എത്ര കടുത്ത തെറ്റു ചെയ്യുന്നവരോടും ക്ഷമിക്കാൻ തോന്നുന്നതാണ്. അറിവില്ലാതെ ചെയ്തതാണല്ലോ എന്നുള്ള ചിന്ത പ്രബലമാകുന്നതാണ്. എന്നാൽ മഹാനീതി നടപ്പാവാനും പ്രപഞ്ചജീവിതം മംഗളമാവാനും ശിക്ഷാരീതികൾ ആവശ്യവുമാണ്.**

കുഞ്ഞുങ്ങളോടുള്ള വാത്സല്യവും, മഹാജ്ഞാനവും നിമിത്തം പരമശിവന് കുഞ്ഞുങ്ങളെ ശിക്ഷിക്കാൻ കഴിയാത്ത അവസ്ഥ ഉണ്ടാകുന്നു. പരമശിവന്റെ പ്രസ്തുത ദുർബ്ബലാവസ്ഥയെ മഹാശക്തിയായ മഹാദേവി പരിഹരിക്കുന്നത് പരമശിവന് ക്ഷിപ്രകോപം എന്ന മഹാ-അനുഗ്രഹം നൽകിയാണ്. ശാന്തനായിരിക്കുന്ന പരമശിവൻ പെട്ടെന്ന് കോപിഷ്ഠനാകുകയും തെറ്റുകൾ ചെയ്യുന്ന കുഞ്ഞുങ്ങളെ ശിക്ഷിക്കുകയും ചെയ്യുന്ന മഹാഅവസ്ഥയാണത്.

**മഹാദേവിയുടെ മഹാഇഷ്ടപ്രകാരം പരമശിവന് പെട്ടെന്നുള്ള കോപം മഹാഅനുഗ്രഹിച്ചു നൽകുന്നതോടൊപ്പം, പെട്ടെന്നുതന്നെ പരമശിവന്റെ കോപഭാവത്തെ മാറ്റുന്നതും ക്ഷിപ്ര-പ്രസാദിയായി ഉയർത്തുന്നുമുണ്ട്.**

## മഹാദേവി പരമശിവന് മഹാശാസ്ത്രം അഥവാ മഹാജ്ഞാനം നൽകി അനുഗ്രഹിച്ചിരിക്കെ എന്തുകൊണ്ട് പരമശിവൻ ദുർബ്ബലനാകുന്നു, എന്തുകൊണ്ട് ക്ഷിപ്രകോപമില്ലാതെ ശിക്ഷിക്കാൻ കഴിയാതെ വരുന്നു എന്നീ ചോദ്യങ്ങളുണ്ട്.

കുഞ്ഞുങ്ങളേ, തെറ്റുകളെ ചെയ്യുന്ന തന്റെ കുഞ്ഞുങ്ങളെ കടുത്ത ശിക്ഷകളിലൂടെയല്ലാതെ തിരുത്തുവാൻ കുഞ്ഞുങ്ങൾക്ക് മഹാദേവി കൂടുതൽ അവസരം നൽകുന്നതു കൊണ്ടാണത്; കുഞ്ഞുങ്ങളെ കൂടുതലായി സ്നേഹിക്കുന്നതു കൊണ്ടാണത്. മഹാദേവിയോടു ചേർത്തുവച്ചിരിക്കുന്ന മഹാവാത്സല്യത്തിന്റെ ഒരു ഓഹരി പരമശിവനിലും പ്രവർത്തിക്കുന്നതു കൊണ്ടാണ് കുഞ്ഞുങ്ങളെ ശിക്ഷിക്കുന്ന കാര്യത്തിൽ പരമശിവൻ ദുർബ്ബലനാവുന്നത്.

കുഞ്ഞുങ്ങളെ ശിക്ഷിക്കാതെ തിരുത്താൻ മഹാദേവി പരമശിവനിലൂടെ പരിശ്രമിക്കുന്നു.

ശിക്ഷിക്കയല്ലാതെ മാർഗ്ഗമില്ലെന്നു വരുമ്പോൾ, പരമശിവനിലേക്ക് പ്രവേശിപ്പിച്ചിട്ടുള്ളതായ മഹാവാത്സല്യത്തിന്റെ ഓഹരി മഹാദേവിയിലേക്കു മടങ്ങുകയും, പരമശിവനിൽ മഹാപുരുഷഭാവം പ്രകടമാകുകയും ചെയ്യുന്നു. ക്ഷിപ്രകോപവും ശിക്ഷയും നടക്കുന്നു. ക്ഷിപ്രകോപത്തിന്റെ നീതിശാസ്ത്രം അതാണ്. തന്റെ കുഞ്ഞുങ്ങളെ മഹാദേവി മഹാകരുതുന്നത് തെളിയുന്നു. മഹാദേവി, സ്വന്തംഭാഗമായ പരമശിവനെ മഹാ-അനുഗ്രഹിച്ച് ക്ഷിപ്രകോപവും മഹാശക്തികളും നൽകിയിട്ടുള്ളതുപോലും കുഞ്ഞുങ്ങളായ മനുഷ്യരോടുള്ള മഹാവാത്സല്യം കൊണ്ടാണ്; മനുഷ്യരുടെ ആനന്ദങ്ങളെ വർദ്ധിപ്പിക്കാനാണ്.

**ഇനി, ക്ഷിപ്രകോപത്തിന്റെ ഭൗതികശാസ്ത്രം വിസ്തരിക്കാം :**
മഹാശക്തിയായ മഹാദേവി തന്റെ ഏകദാസനായ പരമശിവന്റെ മഹാആനന്ദമായി നിശ്ചയിച്ചിട്ടുള്ളത് 30 എന്ന അളവോടെയുള്ള മഹാദാസ്യം ആണെന്ന് ആനന്ദ ശാസ്ത്രം എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിരുന്നു. മഹാദാസ്യത്തിൽ 5 അളവിലുള്ള വാത്സല്യം ഉൾപ്പെട്ടിട്ടുണ്ട്. മഹാപ്രപഞ്ചത്തിലെ ജീവികളെയെല്ലാം കുഞ്ഞുങ്ങളായി കരുതാൻ പരമശിവനിൽ മഹാദേവി പ്രവർത്തിപ്പിക്കുന്ന 5 അളവിലുള്ള വാത്സല്യത്തെയാണ് പരമശിവനെ ക്ഷിപ്രകോപി- യായി മാറ്റുന്നതിനു വേണ്ടി മഹാദേവി പിൻവലിക്കുന്നത്. 30 എന്ന മഹാദാസ്യ-അളവിൽ നിന്ന് 5 കുറയുമ്പോൾ 25 എന്ന അളവ് ഉണ്ടാകുന്നു. വാത്സല്യം ഇല്ലാത്തതായ 25 എന്ന അളവ് പരമശിവനിൽ സൃഷ്ടിക്കുന്നത് പരമകോപത്തെയാണ്.

**മഹാദേവിയുടെ ~ സ്വന്തം ഭാഗവും മഹാദേവനുമായ പരമശിവനിൽ ഓംകാര നീതിശാസ്ത്ര പ്രകാരം മഹാപുരുഷ-ഭാവങ്ങൾ വാത്സല്യം നഷ്ടപ്പെട്ട് പരുഷമാകും; പരമ-കോപം പ്രകടമായെന്നും, മഹാ-തീ-പാറിയെന്നും വരാം.**
**പ്രതി-ശരീരം ഭസ്മമാവാൻ ഒരു നിമിഷം പോലും വേണ്ടതില്ല !**

**മാനുഷിക തലത്തിൽ 25 എന്ന ആനന്ദ-അളവ് മനുഷ്യർ തന്നെത്താൻ മറക്കുന്ന കാമാനന്ദത്തെ ഉണ്ടാക്കുമ്പോൾ, ദൈവീക തലത്തിൽ, മഹാദാസ്യം 30-ൽ നിന്ന് വാത്സല്യം 5 കുറയുമ്പോൾ ഉണ്ടാകുന്ന 25 അളവ് പരമ-കോപമാണ്. അതുപോലെ, മഹാദേവിയുടെ മഹാആനന്ദമായ മഹാവാത്സല്ല്യം 35 -ൽ നിന്നും 10 അളവിലെ വാത്സല്ല്യം സ്വയം പിൻവലിച്ചാൽ, 25 അളവിൽ തന്നെ മഹാകോപം മഹാദേവിക്ക് ഉണ്ടാകുന്നതാണ്.**

**മഹാപ്രപഞ്ചത്തിലെ ന്യൂനശക്തികളുടെ അളവുകളുടെ അടിസ്ഥാനത്തിൽ മനുഷ്യരിലെ കോപത്തിന് പരമാവധി 20-ൽ താഴെ അളവാണുള്ളത്.**

**മഹാദേവി, ക്ഷിപ്രകോപത്തെ പ്പറ്റിയുള്ള പാഠങ്ങളെ ഈയുള്ളവനെ അറിയിച്ചു തുടങ്ങിയ കാലഘട്ടത്തിൽ - 2008-ലെ ആദ്യത്തെ 2 മാസങ്ങളിൽ ക്ഷിപ്രകോപത്തെ ഈയുള്ളവനിൽ സന്നിവേശിപ്പിച്ച് ക്ഷിപ്രകോപം എന്നാലെന്തെന്ന് ബോദ്ധ്യപ്പെടുത്തുകയുണ്ടായി. അമ്പോ, ഭയങ്കരം എന്ന് അന്ന് ബോദ്ധ്യപ്പെട്ടതാണ്.**

**ഓം മഹാശക്തി**

**മണ്ണടി മഹാഭദ്രകാളി**

**ദിവ്യ സൃഷ്ടി മഹാദേവി**

**ദിവ്യ സ്ഥിതി മഹാദേവി**

## ദിവ്യ മഹാനീതി

**ദിവ്യമഹാദേവിക്കു**

**മാത്രം മഹത്വം.**

# മഹാശക്തിയായ മഹാദേവി,

## ഭൂമിയിൽ ഉടൻ മായ പ്രത്യക്ഷമാക്കുന്നതിന്റെ ഭാഗമായിട്ട്, 2021 മാർച്ച് 11 വ്യാഴാഴ്ച ശിവരാത്രി 8.30 p.m. വരെ പരമശിവനെ അനുഗ്രഹിച്ച് ശക്തിപ്പെടുത്തിയിട്ടുള്ള ഏതാനും കാര്യങ്ങൾ ചുവടെ പറയുന്നവയാണ് :

**മഹാദേവി, ഓംകാരം, പരമശിവന്റെ ഹൃദയത്തോടു ചേർത്തുകഴിഞ്ഞു; ഓംകാര മന്ത്രം മഹാഅനുഗ്രഹിച്ചു നൽകി; മഹാദേവിയുടെ സ്വകാര്യമാകയാൽ മറപ്പിച്ചു. മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാര നിയന്ത്രണ സത്തയും മഹാദേവിയുടെ മഹാഹൃദയവുമായ ഓംകാരമാണ് മഹാവാത്സല്ല്യത്തോടെ സൃഷ്ടികൾക്കെല്ലാം മഹാസമനീതി എന്ന മഹാസമആനന്ദത്തെ മഹാഅനുഗ്രഹിച്ചു നൽകുന്നത്. സൃഷ്ടിയിൽ സ്ത്രീക്ക് പ്രാധാന്യം, സ്ഥിതിയിൽ പുരുഷന് പ്രാധാന്യം എന്ന ഓംകാര നീതിശാസ്ത്ര പ്രകാരം, മഹാദേവി 'മായ' പ്രത്യക്ഷമാക്കുന്ന സൃഷ്ടിചക്രത്തിന്റെ രണ്ടാമത്തെ പകുതിയിൽ, സ്ഥിതിയുടെ ഭാഗമായി പ്രപഞ്ചത്തിന്റെ മഹാഭരണാധികാരിയും മഹാനീതിപതിയും ആയി പരമശിവനെ ഉയർത്തുവാനും നയിക്കുവാനും 'ഓംകാരം' പരമശിവന്റെ ഹൃദയത്തോട് ചേർക്കുന്നു. മഹാനീതിയായ മഹാദേവിയുടെ പതി എന്ന വ്യാഖ്യാനത്തിൽ മഹാനീതി-പതിയായ പരമശിവനെ, മഹാദേവി 'മഹാനീതിപതിയായി' പ്രവർത്തിപ്പിക്കുന്നതിനെ അറിയിച്ചത് 2018 ആഗസ്റ്റ് 24 ഉത്രാട ഓണ ദിവസമാണ്.**

മഹാസത്യമായ മഹാഭദ്രകാളി, ശിവനെ ഭർത്താവായിട്ട് സ്വീകരിച്ചിട്ടുള്ളത് ജീവികൾ ഉൾപ്പെട്ട മഹാപ്രപഞ്ചത്തിന്റെ സൃഷ്ടിക്കു മുമ്പാണെന്നും, മഹാദിവ്യമായ മഹാസത്യം-ശിവൻ വിവാഹത്തിന് സാക്ഷികളില്ലെന്നും, സമസ്ത സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെയും മഹാഭദ്രമാക്കുവാൻ മഹാസത്യവും മഹാശക്തിയുമായ മഹാദേവി ഒന്നായിരുന്നു കൊണ്ട് രണ്ടായിട്ടു വിഭജിച്ച് പ്രവർത്തിക്കുന്ന ദിവ്യമഹാവിദ്യയാണ് അതെന്നും, സ്രഷ്ടാവായ മഹാദേവി+ദേവന്റെ ആനന്ദത്തെ, സൃഷ്ടികളായ മനുഷ്യരുടെയും മറ്റുള്ള ജീവികളുടെയും ആനന്ദങ്ങളുമായിട്ട് ഒട്ടും താരതമ്യം ചെയ്യരുതെന്നും സുവ്യക്തമായി അറിയണം.

മഹാഭരണാധികാരിയും മഹാനീതിപതിയും പരമശിവനാണെന്ന പ്രതീതിയെ ഉണ്ടാക്കി, പരമശിവനിൽ പ്രവർത്തിക്കുന്ന ഓംകാരത്തിലൂടെ, ഏകദൈവമായ മഹാദേവി തന്നെയാണ് സൃഷ്ടി-സ്ഥിതികളും, സംഹാരം ഉൾപ്പെടെയുള്ള മഹാനീതിയും, നിർവ്വഹിക്കുന്നത്.

സൃഷ്ടി ശാസ്ത്രമായ ഭൗതികശാസ്ത്ര പ്രകാരം, സൃഷ്ടിയിൽ സ്ത്രീക്ക് പ്രാധാന്യം നൽകിയിരിക്കയാൽ, ദൈവം പ്രത്യക്ഷമല്ലാത്ത സൃഷ്ടി ചക്രത്തിന്റെ ആദ്യ പകുതിയിൽ സ്രഷ്ടാവായ ദൈവം മഹാമാതാവാണ്. ജീവിയോ പുരുഷനോ സ്ത്രീയോ അല്ലാ ദൈവം എങ്കിലും, കുഞ്ഞുങ്ങളായ മനുഷ്യരുടെ സന്തോഷവും സമാധാനവും കണക്കാക്കി എപ്പോഴും മഹാമാതാവ് എന്ന ഒരു അവസ്ഥ മാത്രം നിലനിർത്തുന്നു. മഹാമാതാവും ഭൂമിയും മഹാനീതിയുമായ മഹാദേവിയാണ്.

സ്ഥിതിയിൽ പുരുഷന് പ്രാധാന്യം നൽകിയിരിക്കയാൽ, ദൈവം പ്രത്യക്ഷമാകുന്ന സൃഷ്ടിചക്രത്തിന്റെ രണ്ടാമത്തെ പകുതിയിൽ പരിപാലകനായ ദൈവം മഹാപിതാവാകണം. അതിന് ദൈവം പുരുഷനായി മാറുന്നില്ല. പകരം :

**മഹാദേവിയുടെ മഹാഹൃദയവും മഹാപ്രപഞ്ചത്തിന്റെ ശക്തിനിയന്ത്രണ സത്തയുമായ ഓംകാരത്തെ, മഹാദേവിയുടെ ഭാഗവും പതിയുമായ പരമശിവന്റെ ഹൃദയത്തോട് ചേർക്കുന്നു. ഓംകാരം പരമശിവനിലൂടെ പ്രവർത്തിക്കുമ്പോൾ മഹാദേവിയുടെ പതിയായ പരമശിവൻ മഹാനീതിപതിയായി മാറുന്നു.**

**മഹാജഗദംബയായ മഹാദേവിയുടെ മഹാപാദങ്ങളിൽ ഇടതുപാദം മുഴുവനും, വലതുപാദം പകുതിയും, മഹാശരീരത്തിന്റെ മഹാഇടതുകൈ ഒഴികെയുള്ള പകുതിഭാഗം, മഹാവലതുകൈ, സൂര്യനെ ഉൾപ്പെടെ മഹാപ്രപഞ്ചത്തിലുള്ള എന്തും സൃഷ്ടിക്കാൻ കഴിയുന്ന മൂന്നാം മഹാസൂര്യനേത്രം, ശിരസ്സിന്റെ ഇടതു ഭാഗത്തായി ചന്ദ്രക്കലയും നക്ഷത്രവും, മഹാഭദ്രകാളി നേരിട്ട് നാവിൽ കുറിച്ച അക്ഷരബ്രഹ്മം കൂടിയായ ഓം, മഹാശാസ്ത്രം അഥവാ മഹാവേദം വീണ്ടെടുക്കുന്നതുമായി ബന്ധപ്പെട്ടുള്ള മഹാശാസ്ത്രപരമായ മത്സ്യാവതാരം, മഹാപ്രപഞ്ചത്തിലെ ഏതൊരു ആയുധവും സൃഷ്ടിക്കാൻ കഴിയുന്ന മഹാശൂലം, ഉടുക്കാൻ മഹാനരസിംഹത്തോൽ, എന്നിവയെ പരമശിവനോട് മഹാഅനുഗ്രഹിച്ചു ചേർത്തു കഴിഞ്ഞു. കാലാതീതനായ ദൈവ പ്രതിനിധി ആകയാലാണ് സൃഷ്ടിചക്രത്തിന്റെ ആരംഭത്തിലും ലഭ്യമായ മൃഗത്തോലിനെ വസ്ത്രമായി മഹാ-ആവിഷ്ക്കരിച്ചിട്ടുള്ളത്. പൊക്കിളും കാൽമുട്ടും മറയ്ക്കുന്ന പരമശിവ വസ്ത്ര-ധാരണത്തെ മനുഷ്യ-പുരുഷന്മാർ അനുകരിക്കണം.**

ആദ്യത്തെ മഹാകാല ചക്രത്തിന്റെ തുടർച്ചയായി മഹാശക്തിയായ മഹാദേവിയുടെ ഓംകാര നീതിശാസ്ത്ര പ്രകാരം മാത്രം പ്രവർത്തിക്കുവാൻ കഴുത്തിൽ 5 തലയുള്ള ഓംകാരനാഗബന്ധനം ഏർപ്പെടുത്തിയത് 2017-ൽ പരമശിവനിൽ നിന്നും ഒഴിവാക്കി. എന്നാൽ ഓംകാര നാഗബന്ധനത്തെ മഹാഅനുഗ്രഹിച്ച് പുനഃസ്ഥാപിക്കണമെന്ന് പരമശിവൻ പ്രാർത്ഥിക്കുന്നുണ്ട്. മഹാപ്രപഞ്ചത്തിന്റെയും പരമശിവന്റെയും സംരക്ഷണത്തിനായി മഹാശക്തി 10 തലയുള്ള മഹാനാഗമാതാവായി മഹാഇഷ്ടം പോലെ ദൃശ്യമായും അദൃശ്യമായും പരമശിവന്റെ ശിരസ്സിനു മുകളിൽ ഉണ്ട്.

ശിരസ്സിലെ മുടിക്കെട്ടിൽ നിന്ന് കുഞ്ഞുങ്ങൾക്കെല്ലാം കുടിക്കാനായി **മഹാദേവി** പാൽ ഒഴുക്കുന്നതാണ്. കൂടാതെ, അർദ്ധ-മഹാദേവീ രൂപവും മഹാഅനുഗ്രഹിച്ചു നൽകിയിട്ടുണ്ട്.

ജീവിയോ പുരുഷനോ സ്ത്രീയോ അല്ലാത്ത ദൈവത്തിന്റെ ഏക പ്രതിനിധിയായ പരമശിവനോട് മഹാസൂര്യനേത്രം, ചന്ദ്രക്കല, നക്ഷത്രം എന്നിവ ചേരുമ്പോൾ, ദൈവത്തിന്റെ മഹാരൂപമായ മഹാപ്രപഞ്ചത്തെ എല്ലാ അർത്ഥത്തിലും പ്രതിനിധീകരിക്കുന്നതായി കാണാം. ദൈവം ജീവിയോ സ്ത്രീയോ പുരുഷനോ അല്ലായെന്ന് മഹാദേവി പരമശിവനിൽ പ്രകടമാക്കുന്ന അർദ്ധമഹാദേവീ രൂപവും തെളിയിക്കുന്നുണ്ട്.

മഹാദേവിയും മഹാദേവനും ചേർന്നതാണ് മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര കർത്താവായ **ഏകദൈവം** എന്നും, അവർ രണ്ടല്ലെന്നും, (പോലെ) ഒന്ന് രണ്ടായി നിൽക്കുന്ന ദിവ്യമഹാവിദ്യ മാത്രമാണെന്നും വ്യക്തമാക്കുന്നു.

കുഞ്ഞുങ്ങളും സൃഷ്ടികളുമായ ജീവികൾക്കു വേണ്ടിയാണ് ഏകദൈവം സ്വയം രണ്ടായി പ്രകടമാകുന്നത് എന്നത് ശരിയാംവണ്ണം മനസ്സിലാക്കാൻ ഒരു മാർഗ്ഗമുണ്ട് : പരമശിവന് ക്ഷിപ്രകോപത്തെ മഹാഅനുഗ്രഹിച്ചു നൽകുന്നു എന്ന വിശദീകരണത്തിൽ കുഞ്ഞുങ്ങളെ ശിക്ഷിക്കാതെ മഹാവാത്സല്യം മാത്രം നൽകുന്ന മഹാമാതാവായി മാത്രം അവതരിക്കാൻ മഹാദേവി ശ്രദ്ധിക്കുന്ന ബദ്ധപ്പാട് കൂട്ടിച്ചേർക്കുക. പിന്നെ, യാതൊരു വിശദീകരണങ്ങളും ആവശ്യമാകുന്നതല്ല.

**മഹാദേവിയുടെ മഹാവാഹനമായ മഹാനരസിംഹം ഉൾപ്പെട്ട വാഹനങ്ങൾ എന്നീ മഹാപദവികളും മഹാദാനങ്ങളുമായ മഹാശക്തികളെ പരമശിവന് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുണ്ട്. ഇടതു ചൂണ്ടുവിരൽ കൊണ്ട് ഭൂമിയിലെ എല്ലാ ജീവികൾക്കും ആവശ്യമായ ജലം, വലത് ചൂണ്ടുവിരൽ കൊണ്ട് അനന്തമായ അഗ്നി എന്നിവ സൃഷ്ടിക്കാൻ കഴിയുന്നതാണ്. ദൈവീകവും, മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളെ സംബന്ധിച്ചതുമായ വേറെയും അനവധി കാര്യങ്ങളുണ്ട്.**

വെളിപാടുകൾ പൂർണ്ണമായിട്ടില്ല. മഹാഉചിതമായ സമയത്ത് **മഹാദേവി**, പരമശിവനിലൂടെയോ മഹാഉചിതമായോ വെളിപ്പെടുത്തുന്നതാണ്.

**ഏകദൈവമായ മഹാദേവി** ഈയുള്ളവന് സംഹാരദേവൻ എന്ന മഹാപദവിയും 'ഓം സത്യം ഓം ധർമ്മം ഓംനീതി സംഹാരം' എന്ന സംഹാര മന്ത്രത്തെയും മഹാഅനുഗ്രഹിച്ചു നൽകിയിട്ടുണ്ട്. 1989-ലോ 1991-ലോ ആണ് **ബ്രഹ്മമായ മഹാഭദ്രകാളി** പരമശിവൻ എന്ന മഹാപദവിയെ മഹാഅനുഗ്രഹിച്ച് ഇപ്പോഴത്തെ മനുഷ്യജന്മത്തിൽ നൽകിയതെങ്കിൽ, 2017-ലാണ് **മഹാദേവൻ** എന്ന മഹാപദവിയെ സ്ഥിരമായി ഉപയോഗിക്കാൻ മഹാഅനുഗ്രഹിച്ചത്.

മഹാദാനങ്ങളിൽ ചിലവ പ്രത്യക്ഷമായും ചിലവ പ്രതീകാത്മകമായും ചിലവ അജ്ഞാതമായും മഹാഅനുഗ്രഹിച്ചു നൽകുകയായിരുന്നു.

ഏകമഹാശക്തിയായ **മഹാദേവി** മഹാഅനുഗ്രഹിച്ചു നൽകിയ മഹാദാനങ്ങൾ കൂടിയായ മഹാശക്തികൾ, മഹാദേവിയുടെ മഹാദാസനായ പരമശിവനിൽ പൂർണ്ണമായി പ്രവർത്തിച്ചു തുടങ്ങിയിട്ടില്ല; മഹാജ്ഞാനഭാഗം മാത്രമാണ് നിലവിൽ പ്രവർത്തിക്കുന്നത് !

സൃഷ്ടികളെ സംബന്ധിച്ച് സംഹാരത്തിൽ പുരുഷനും സ്ത്രീയും തുല്യരാണെന്നത് ഏകദൈവമായ മഹാദേവിക്കും, ഭാഗമായ പരമശിവനും ബാധകമല്ല. അതേസമയം, നിർജ്ജീവമായ ശിവചക്രത്തെ പരമശിവൻ, മഹാദേവൻ, മഹാപിതാവ്, സ്ഥിതി നായകൻ, മഹാനീതിപതി തുടങ്ങിയ പേരുകളിൽ പ്രവർത്തിപ്പിക്കുന്നത് മഹാശിവയായ മഹാദേവിയുടെ മഹാമഹത്വം മാത്രമാണ്. മഹാദേവി മാത്രമാണ് ഏകമഹാശക്തി എന്നതിനാൽ, സൃഷ്ടികൾക്ക് എന്ന പോലെ പരമശിവനും മഹാദേവി ശക്തി നൽകണം.

ദൈവം ഒന്നേയുള്ളൂ എന്ന് സുവ്യക്തമാക്കി ക്കൊണ്ട്, മഹാസത്യവും മഹാശക്തിയുമായ മഹാദേവിയുടെ മഹാഇഷ്ടങ്ങൾക്ക് അനുസരിച്ചു മാത്രം @ മഹാഉചിതമായ സമയത്ത് മാത്രം @ ഓംകാര നീതി ശാസ്ത്രം അനുസരിച്ച് മാത്രം ഈയുള്ളവനിൽ പ്രവേശിപ്പിച്ചിട്ടുള്ള മായാമഹാശക്തികളെ മഹാദേവി പ്രവർത്തിപ്പിക്കുന്നതാണ് @ ആക്ടിവേറ്റ് ചെയ്യുന്നതാണ്. അതോടെ പരമശിവന്റെ മാനുഷികാവസ്ഥയ്ക്ക് കാതലായ മാറ്റങ്ങൾ ഉണ്ടാവുന്നതാണ് ! മഹാദേവി പരമശിവനിൽ ചേർത്തിട്ടുള്ള ശക്തികളെ പ്പറ്റി കൃത്യമായി മഹാദേവിക്കുമാത്രമേ അറിയൂ. സർവ്വം മഹാദേവി മഹാനിശ്ചയിക്കുന്നതാണ്.


കുഞ്ഞുങ്ങൾ@സൃഷ്ടികൾ@മനുഷ്യർ സദാ ധർമ്മ ശാസ്ത്ര പ്രകാരം ജീവിക്കേണ്ടത് സ്വന്തം ആവശ്യമാണ്. പാപങ്ങളും ശിക്ഷകളും പിടിച്ചു വാങ്ങരുത് !

രണ്ടാമത്തെ മഹാകാല ചക്രം മുതൽ ദേവതകളെ ഒഴിവാക്കിയും, വസ്തുക്കളിലെ ന്യൂനശക്തികളുടെ അളവിനെ അല്പം കുറച്ചുകൊണ്ടും, ഏക ദൈവമായ **മഹാദേവി** മഹാപ്രപഞ്ചത്തിന്റെ **മഹാഭരണം** ഏറ്റെടുക്കുകയാൽ, മേലിൽ, സൃഷ്ടി ചക്രത്തിന്റെ മായ@ദൈവം പ്രത്യക്ഷമല്ലാത്ത ആദ്യ പകുതിയിൽ **മഹാശക്തിചക്രം** കൂടിയായ **മഹാദേവിയും** മഹാഇഷ്ട പ്രകാരം പരമശിവനും മായാശക്തികളെ ഇടയ്ക്കെല്ലാം പ്രകടിപ്പിച്ചു പ്രത്യക്ഷമായേക്കാം !

**മഹാദേവിയുടെ** ഭാഗമായ പരമശിവനെ സാധാരണ മനുഷ്യനായി ഇടയ്ക്കിടെ അയച്ച് ഭൂമിയിലെ കാര്യങ്ങളെ മഹാശുദ്ധി ചെയ്യുന്നതുമാണ്. മനുഷ്യരിൽ ഇനിയൊരിക്കലും ധാർമ്മിക അധഃപതനം ഉണ്ടാവാതെ ഭൂമിയിലെ സൃഷ്ടികളായ കുഞ്ഞുങ്ങളെ എല്ലായ്പ്പോഴും മഹാസംരക്ഷിക്കുവാൻ ഉദ്ദേശിച്ചാണത്. ന്യൂനശക്തികൾ കുറയുന്നതിന് ആനുപാതികമായി എലി, ചെല്ലി തുടങ്ങിയ ജീവികളെയും ഭൂമിയിൽ നിന്നും പിൻവലിക്കുന്നതാണ്.

**മഹാദേവി** സൃഷ്ടി ചക്രത്തിന്റെ ആദ്യപകുതിയിൽ പ്രത്യക്ഷമാകുമ്പോൾ, **ഓംകാര നീതി ശാസ്ത്രവും** ഭാഗികമായി തിരുത്തപ്പെടും! അനേകം ജന്മങ്ങൾ കൊണ്ട് മഹാനീതിയെ നൽകുന്ന രീതി മാറി, കുറ്റങ്ങൾക്കുള്ള ദൈവശിക്ഷ ഒന്നു രണ്ടു ജന്മങ്ങൾ കൊണ്ട് നടപ്പാകും; അതോടെ സമൂഹജീവിതം കൂടുതൽ ശുദ്ധമാകും ! ദൈവസാന്നിധ്യം നിമിത്തം മനുഷ്യർ അനുഭവിക്കുന്ന സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യം കുറയുന്നതാണ്.

ദൈവീകമായ സ്നേഹവാത്സല്യങ്ങളോടെ, ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതും, മഹാശാസ്ത്രപരം മാത്രവും, സർവ്വ ജീവികളും ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര **കർത്താവും, മഹാസത്യവും മഹാനീതിയും, ബ്രഹ്മവും, മഹാമാതാവും, മഹാശക്തിയും, ഭൂമിയും, ഏകദൈവവുമായ മണ്ണടി മഹാഭദ്രകാളീദേവിയുടെ മഹാദാസനും മഹാദേവനുമായ പരമശിവൻ.**



# സത്യം ശിവം സുന്ദരം

**ഭൂമിയിലെ എല്ലാ രാജ്യങ്ങളുടെയും ദേശീയ ഗാനം ഓം മാത്രമാണ്. ദേശം സ്വയം ഉടൻ പാടുന്നതാണ്. ഭൂമിയിലെ എല്ലാ ദേശങ്ങളുടെയും പതാകയും ഒന്ന്. വെള്ളപ്പതാകയിൽ വീണയും നെൽക്കതിരും.**

SATHYAM SHIVAM SUNDARAM

## The only national anthem of all countries on earth is OM. All lands @ countries @ Earth will soon sing & prove it ...

The flag of all the countries on earth is also One. A White Cloth with the pictures of Veena and the Paddy bunch to be the Single Flag for all Nations.

Ref. സർവ്വ ദേശ ഭൂമിഗാനം
www.omsathyam.com/GodlyRevolution/
NationalSongEmblemFlagConstitutionCourtEtc.pdf

# ഓം ശിവ

# സർവ്വം ശിവ

# സർവ്വം മഹാശിവ
# സർവ്വം മണ്ണടി മഹാശിവ

# മഹാശിവയും ബ്രഹ്മവുമായ

## മഹാഭദ്രകാളിയാണ് മഹാസത്യം = സത്യം

## ശിവയായ മഹാസത്യം + ശിവൻ = ശിവം

## മണ്ണും ഭൂമിയും മഹാമാതാവുമായ മഹാശിവയും, ~ഭാഗവും മഹാപിതാവുമായ പരമശിവനും, കുഞ്ഞുങ്ങളായ ജീവികളും, ചേർന്ന മഹാകുടുംബം സുന്ദരമാണ്.

# സത്യം ശിവം സുന്ദരം.

## മണ്ണടി ശരണം ദേവീ ശരണം
## മണ്ണടി ദേവീ മാത്രം ശരണം.

ഓംശക്തിശിവൻ പ്രണയമന്ത്രം
സർവ്വദേശ ഭൂമി ഗാനം
മഹാസംഗീതം
ശബ്ദ ബ്രഹ്മം
അക്ഷരബ്രഹ്മം
ആദി വചനം
സൃഷ്ടി മന്ത്രം
സംഹാര കാഹളം
മഹാശാസ്ത്ര മൂലം
ഏക മഹാശബ്ദം
മഹാസൂക്ഷ്മ ശബ്ദം
ദൈവ വിപ്ലവ ഗാനം
മഹാദേവിയുടെ മഹാചിരി
ഓം OM

OmShakthiShivan LoveMantram
International Earth Song
Supreme Music
Sound Brahmam
Script Brahmam
First Sound
Creational Mantram
Destruction Notice for Creation Cycles
Supreme ScienceRoot
Supreme Single Sound
Supreme Minute Sound
Godly Revolution Song
MahaaDevi's Supreme Laugh
ഓം OM



ShivaLingham @ Sky @
MahaaLingham @
Shakthi Lingham

പരമശിവൻ
ശിവചക്രം പരമാത്മാവ്
പ്രപഞ്ച പിതാവ്
ഏകദാസൻ മഹാദാസൻ
പശുപതി ശാസ്ത്രായുധൻ
ഏക ദൈവ-പ്രതിനിധി
നീലകണ്ഠൻ
സംഹാരനാഥൻ
മഹാനീതിപതി
മഹാദേവൻ
PARAMASHIVAN
ShivaChakram SupremeSoul
FATHER of the Universe
Supreme Ox cum Servant
GOD's Single Representative
Supreme Scientist
Supreme Justice
MAHAADEVAN

01.01.0001

മഹാസത്യവും മഹാശക്തിയുമായ മഹാഭദ്രകാളീദേവി മഹാഎഴുന്നെള്ളിയിട്ടുണ്ട്. മഹാദേവി ഉടനെ ഭൂമിയിലെങ്ങും ഓം എന്ന് മഹാചിരിച്ച് മായ പ്രത്യക്ഷമാക്കുന്നതോടെ ദൈവ വിപ്ലവം+സത്യ യുഗം ആരംഭിക്കുന്നു ! എന്ന്, മഹാദേവിക്കു വേണ്ടി, മഹാകല്പനപ്രകാരം, മഹാദാസനും മഹാദേവനുമായ പരമശിവൻ. ഓം സത്യം ഓം ധർമ്മം ഓംനീതി സംഹാരം.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കു മാത്രം മഹത്വം. SUPREME TRUTH @MahaaShakthi @ MahaaDevi has come & soon open Maya, begin Godly Revolution everywhere in/on Earth by the Supreme Laugh OM.

By Order of the SUPREME TRUTH@ Power MAHAADEVI, Supreme Servant cum MahaaDevan PARAMASHIVAN. Glory only to GOD @ EARTH @ MAHAABHADRAKAALIDEVI.



**ഭൂമി ഓം എന്ന് 3 മുതൽ 33 വർഷക്കാലം ചിരിക്കുന്ന ദൈവ വിപ്ലവം ഉടൻ !**

**ആമുഖം** **മനുഷ്യൻ Man** 21 May 2020, Thursday.

**മഹാപ്രപഞ്ചം ഉൾപ്പെടെ സർവ്വത്തിനും അതീതമായ ബ്രഹ്മവും, മഹാശക്തിയുമായ ഏകദൈവം, ഭൂമി എന്ന മഹാരൂപത്തോടെ സനാതന ധർമ്മവും മഹാജാലവുമായി അവതരിച്ചത് അറിയാൻ ധാർമ്മിക അയോഗ്യതമൂലം ആത്മീയ-രാഷ്ട്രീയ തട്ടിപ്പുകാരും, നിരീശ്വര-യുക്തി വാദികളും, ഉൾപ്പെടെ ആർക്കും കഴിഞ്ഞില്ല.** ദൈവമായ ഭൂമിയുടെ അംശമായ മൂലകങ്ങളും സ്വത്വമായ ഓക്സിജനും ജലവും ചേർന്ന് സൃഷ്ടികളായ ആത്മാക്കൾക്ക് ശക്തിയും, ഭൂമിയുടെ മഹാജ്ഞാനമായ മഹാശാസ്ത്രവും, അനന്തമായ ആനന്ദങ്ങളും, മൂലകങ്ങളുടെ രൂപാന്തരമായ ശരീരത്തിലൂടെ നൽകി ജീവികളാക്കുന്നതും, സമ-ആനന്ദമെന്ന മഹാനീതിയെ നൽകുന്നതും മഹാശാസ്ത്രപരമായി ഈ ദിവ്യമഹാഗ്രന്ഥം തെളിയിക്കുന്നുണ്ട്.

**ഭൂമി മഹാമാതാവായ മഹാദേവിയായി അവതരിച്ചിട്ടുണ്ട്;**

**ഗ്രന്ഥകാരൻ : മഹാദേവിയുടെ ഭാഗമായ പരമശിവൻ ..**

ഈ ദിവ്യ മഹാവേദഗ്രന്ഥത്തിന്റെ **ഉള്ളടക്ക** വിവരണം : പേജ് 18-20.

**മോക്ഷവുമായി ബന്ധപ്പെട്ട് ജീവിയുടെ സ്വത്വമായ 'ആത്മാവിന്' മാനുഷിക അവസ്ഥയിൽ ലഭിക്കുന്ന 'വിശേഷബുദ്ധികളെ' ഉചിതമായി മനുഷ്യർ ഉപയോഗിക്കാത്തതു നിമിത്തം 'ദൈവകാര്യം, സ്വകാര്യം, പൊതുകാര്യം' എന്നിവയുടെ അർത്ഥം പോലും മനുഷ്യർക്ക് അറിയാത്തതാണ് ഭൂമിയിലെങ്ങുമുള്ള മനുഷ്യരുടെ ഇടയിലെ 'ആത്മീയ-രാഷ്ട്രീയ-ദേശീയ-പൗരത്വ പ്രശ്നങ്ങളും ശണ്ഠകളും ഉൾപ്പെടെ ധാർമ്മിക അധഃപതനത്തിനും', (വൈറസ്) രോഗങ്ങൾക്കും മുഖ്യകാരണം.**

ജീവിക്കുന്നത് ജീവി. ഭൂമി, ജീവിയെ ജനി(പ്പി)ക്കുന്നത് ജീവിക്കാനാണ്. എല്ലാ ജീവികളും ജീവിക്കുകയാണു ചെയ്യുന്നത്; ജീവിക്കുന്നത് ആനന്ദിക്കാനാണ്; ആനന്ദങ്ങളെ കൂടുതൽ നേടാനും വർദ്ധിപ്പിക്കാനും ജീവികൾ പ്രയത്നിക്കുകയും ചെയ്യുന്നു. ആനന്ദിക്കുന്നത് എന്തിനാണ് എന്ന് അന്വേഷിച്ചാൽ (ഭൂമിയിൽ) ജീവിക്കാനാണെന്ന ഉത്തരം ലഭിക്കും. വൻ രോഗം, അപകടം, അംഗവൈകല്യം, വാർദ്ധക്യം, പ്രേമ നൈരാശ്യം തുടങ്ങിയവ കൊണ്ട് ആനന്ദിക്കാൻ കഴിയാതെ വരുമ്പോൾ മരിക്കാൻ ആഗ്രഹിക്കുന്നവരും ആത്മഹത്യ ചെയ്യുന്നവരും; ആനന്ദിക്കാനാണ് ജീവിക്കുന്നതെന്നു തെളിയിക്കുന്നു. ആത്മീയകാര്യ ചുമതലക്കാരായി ഭാവിക്കുന്ന പുരോഹിതന്മാരും പണ്ഡിതന്മാരും 'അവർക്കറിയാത്ത മരണാനന്തര ജീവിതമാണു പ്രധാനമെന്ന്' വാചാലരാകുമെങ്കിലും, മറ്റുള്ളവരെ ചൂഷണംചെയ്തു ജീവിക്കുന്ന അവർക്കും ഭൂമിയിലെ ജീവിതമാണ് പ്രധാനം; **ദൈവവിപ്ലവ** മുന്നോടിയായി 2020ൽ തീവ്രമായ വൈറസ് രോഗത്തിൽ ദേവാലയങ്ങളും ധ്യാനകേന്ദ്രങ്ങളും അടച്ചപ്പോൾ അവർ നിശ്ശബ്ദരായത് കപടവേഷത്തിന്റെ ഒരു ഉദാഹരണമാണ്. **'ജീവികളുടെ നിലനില്പ് ' ഭൂമിയുടെ അംശമായ മൂലകങ്ങളിലും അവയുടെ രൂപാന്തരമായ ശരീരങ്ങളിലും ലയിച്ചിരിക്കുന്നതായ 'മഹാശക്തികളും മഹാശാസ്ത്ര-നിയമങ്ങളും ആനന്ദങ്ങളും' പ്രകാരമാണ്. വൈറസ് രോഗങ്ങൾ ഉൾപ്പെടെ ഭൂമിയിലെ എല്ലാ പ്രശ്നങ്ങളെയും പരിഹരിക്കേണ്ടത് മഹാശാസ്ത്ര നിയമങ്ങൾ കൊണ്ടാവണമെന്ന് ഭൂമി നിശ്ചയിച്ചിരിക്കുന്നതിനെ തിരുത്താൻ മൂലകങ്ങളിലൂടെ ഭൗതികമായ അസ്തിത്വം ഇല്ലാത്ത 'ആത്മീയ-രാഷ്ട്രീയ-തട്ടിപ്പുകാർക്കും മറ്റും യാതൊരിക്കലും കഴിയുന്നതല്ല.'** അതിനാലാണ് **മുഖഛായ പോലും സ്വന്തമല്ലാത്ത** ആൾദൈവങ്ങൾ ഉൾപ്പെടെയുള്ള ആത്മീയ തട്ടിപ്പുകാർ മരണാനന്തര ജീവിതം മാറ്റിവെച്ച് ഭൂമിയിൽ ജീവിക്കാനായി ഒളിച്ചുകഴിയുന്നതും, രാജ്യങ്ങളിലെ രാജാവ്, പ്രസിഡന്റ്, **പ്രധാന**മന്ത്രി, **മുഖ്യ**മന്ത്രി, മന്ത്രിമാർ, തുടങ്ങിയവർ **ലോക് ഡൗണുകളും ജാഗ്രതയും** പ്രഖ്യാപിച്ചു കൊണ്ടും; ആത്മീയ-രാഷ്ട്രീയ തട്ടിപ്പുകാർക്ക് അവരെയും ജനങ്ങളെയും രക്ഷിക്കാൻ കഴിവില്ലെന്ന് പറയാതെപറഞ്ഞുകൊണ്ടും വാർത്താമാധ്യമങ്ങളിൽ കൂടെക്കൂടെ വന്ന് **മനുഷ്യരുടെ നിലനില്പ് 'ഭൂമിയുടെ അംശമായ മൂലകങ്ങളിലും ശരീരത്തിലുമുള്ള ശാസ്ത്ര നിയമങ്ങളെയും ശക്തികളെയും' ആശ്രയിച്ചിരിക്കുന്നുവെന്ന് (ആവർത്തിച്ച് ) അറിയിക്കുന്നത്.**

ഭൂമി, ജീവികൾക്ക് മോക്ഷം നിശ്ചയിച്ചിട്ടുള്ള മനുഷ്യാവസ്ഥയിൽ നൽകുന്ന ദാനങ്ങളായ ജീവിരൂപം, അവയവങ്ങൾ, സ്ത്രീപുരുഷൻ, നിറം, മുഖഛായ, സൗന്ദര്യം, ബുദ്ധിശക്തി, ഓർമ്മ ശക്തി, തൊഴിൽ-അഭിരുചി, വിനോദ-അഭിരുചി, ജനനസ്ഥലം തുടങ്ങിയ ജന്മഗുണങ്ങളെ വ്യത്യാസപ്പെടുത്തിയാണ് മുഖ്യമായും മഹാനീതി നിർവ്വഹിക്കുന്നതെന്ന് ഈ ദിവ്യമഹാഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ട്. ആത്മാക്കൾക്ക് വേദനകൾ ഉൾപ്പെട്ട ആനന്ദങ്ങളെ ലഭിക്കുന്നത് മുഖ്യമായും രണ്ടു വിധത്തിലാണ്. 1. ദൈവമായ ഭൂമിയുടെ അംശമായ മൂലകങ്ങളും, രൂപാന്തരമായ ശരീരവും നൽകുന്നു. 2. നിറം മുഖഛായ സൗന്ദര്യം ശരീരഘടന തുടങ്ങി ശരീര-ചർമ്മത്തിൽ ബന്ധിച്ചിരിക്കുന്ന പ്രകട-ജന്മഗുണങ്ങളിലൂടെ വ്യാപരിക്കുന്ന സ്വന്തം+മറ്റുള്ള ആത്മാക്കളിൽ നിന്നും ലഭിക്കുന്നു. ഭൂമിയുടെ അംശമായ മൂലകങ്ങളും ശരീരവുമാണ് എല്ലാ ആത്മാക്കളുടെയും മേൽ മഹാനീതി നടത്തുന്നതെന്നും, ഓരോ ആത്മാവിനും ഓരോ ദൈവം എന്നപോലെ ശരീരം ഒപ്പം കൂടിയിരിക്കുകയാണ് എന്നും ലഭ്യമായ വിശേഷ ബുദ്ധി ഉപയോഗിച്ചാൽ മനസ്സിലാക്കാനാവും. മനുഷ്യന് വിശപ്പിനെ ഉണ്ടാക്കുന്നത് സ്വത്വമായ ആത്മാവല്ല; ശരീരമാണ് എന്ന സത്യം ആദ്യ ഉദാഹരണമാണ്. ആത്മീയ രാഷ്ട്രീയ ദേശീയ പൗരത്വ വിഷയങ്ങളിലും മറ്റും മനുഷ്യർ പുലർത്തുന്ന വിശ്വാസങ്ങൾക്കും ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും അവയുടെ വ്യത്യാസങ്ങൾക്കും യാതൊരു പരിഗണനയും നൽകാതെ ഭൂമിയിലെ മൂലകങ്ങൾ മനുഷ്യ-ശരീരങ്ങളെയും ബഹുവിധ അവയവങ്ങളെയും ആത്മാക്കൾക്ക് നിർമ്മിച്ചു നൽകുകയും ശരീരത്തിൽ ലയിച്ചിരിക്കുന്ന മഹാശക്തികളും മഹാശാസ്ത്രവും പ്രകാരം മാത്രം സ്വന്തം ഉൾപ്പെടെ ശരീര ഘടന, വളർച്ച, ജന്മഗുണങ്ങൾ, രോഗങ്ങൾ, മരണം, തുടങ്ങിയവയെ ശരീരം സ്വയം നിശ്ചയിക്കുകയും ചെയ്യുകയുമാണ്. തിന്നുന്നതും, കുടിക്കുന്നതും, വിസർജ്ജിക്കുന്നതും, കാമം ഉൾപ്പെട്ട ആനന്ദങ്ങളിൽ മുഴുകുന്നതും, പ്രത്യുല്പാദന കാര്യങ്ങൾ നടക്കുന്നതും ശരീരം തനിച്ചും ആത്മാവിനെ പങ്കെടുപ്പിച്ചും ചെയ്യുന്ന ജീവിത കാര്യങ്ങളാണ്. ലഭ്യമായ വിശേഷ ബുദ്ധി കൊണ്ട് ചുറ്റുമുള്ള മറ്റു ജീവികളെ വിശകലനം ചെയ്താൽ അവയുടെ ജീവിതത്തിന് ഇണങ്ങിയ ശരീര അവയവങ്ങളെ അവയ്ക്ക് ലഭിച്ചിട്ടുണ്ടെന്നും അവയുടെ ശരീരങ്ങളുടെ പ്രവർത്തനങ്ങളും അടിസ്ഥാന പരമായി മനുഷ്യരുടേതു പോലെ തന്നെയാണെന്നും കാണാം.

ദൈവമായ ഭൂമിയുടെ അംശമായ മൂലകങ്ങളും, രൂപാന്തരമായ ശരീരങ്ങളും, ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയാണ്. അവ മഹാദാനമായി നൽകുന്ന ശക്തികളുടെയും ജ്ഞാനത്തിന്റെയും ആനന്ദങ്ങളുടെയും ഗുണങ്ങളുടെയും മറ്റും പേരിൽ വിനീതരായി സന്തോഷിക്കാം എന്നല്ലാതെ അഭിമാന ഗർവ്വ് കാണിക്കാനും പറയാനും ഭാവിക്കാനും ആത്മാവ്/വ്യക്തി തയ്യാറാകുന്നത് ദോഷത്തമാണ്. ശരീരം കൊണ്ട് വ്യക്തിക്ക് നേടാൻ കഴിയുന്ന ഗുണങ്ങളുടെയും വസ്തുതകളുടെയും പേരിൽ മാത്രം അഭിമാനിക്കാം എന്നല്ലാതെ, വ്യക്തി സൃഷ്ടിക്കുകയോ നേടുകയോ ചെയ്യാത്തതും, യഥാർത്ഥത്തിൽ വ്യക്തികളെ സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന ഭൂമിയുടെ അംശമായ രാജ്യങ്ങളുടെയും മൂലകങ്ങളുടെയും മറ്റും പേരിൽ ഗർവ്വ് കാട്ടുവാൻ അവകാശവും അധികാരവും ഇല്ല; ഭൂമി നൽകിയിട്ടില്ല. മനുഷ്യൻ എന്ന വിശേഷ ബുദ്ധിയുള്ള ജീവിക്ക് ആത്മാവ് എന്ന അസ്തിത്വം പോലും സ്വന്തമല്ലാ എന്നും ശക്തികളും ജ്ഞാനവും മഹാശരണവും ദാനമായി നൽകുന്നത് ഒപ്പമുള്ള ശരീരമാണെന്ന് തിരിച്ചറിയാൻ കഴിയുമ്പോൾ, ശരീരമായി രൂപാന്തരപ്പെട്ടിരിക്കുന്ന മൂലകങ്ങളെയും അവയുടെ മൊത്തമായ ഭൂമിയെയും പഠിക്കാൻ ശ്രമിക്കണം. സ്വത്വമായ ആത്മാക്കൾക്ക് വിശപ്പിനെ ഉണ്ടാക്കുന്നതും, മൂലകങ്ങളായ ഭക്ഷണം കൊണ്ട് വളർച്ച ഉൾപ്പെടെ ശരീരത്തിലെ പ്രവർത്തനങ്ങളെ ചെയ്യുന്നത് ശരീരത്തിന്റെ അകത്തും പുറത്തുമുള്ള മൂലകങ്ങൾ സ്വയം ആണെന്നതും വിശകലനം ചെയ്യുമ്പോൾ അനവധി ദൈവീക പാഠങ്ങളെ ഇതേപോലെ ലളിതമായി ശരീരവും മൂലകങ്ങളും അവയുടെ മൊത്തമായ ഭൂമിയും വെളിപ്പെടുത്തുന്നതാണ്. ഭക്ഷണ സാധനങ്ങളിൽ ലയി(പ്പി)ച്ചിരിക്കുന്ന അനന്ത രുചികളായ ആനന്ദങ്ങളെ വായ്, പല്ലുകൾ, നാവ്, രുചി മുകുളങ്ങൾ തുടങ്ങി ശരീരത്തിന്റെ മാത്രം സ്വന്തമായ അംശങ്ങളിലൂടെ നൽകിക്കൊണ്ട് ആത്മാവിനു വേണ്ടി മാത്രം പ്രവർത്തിക്കുന്ന ശരീരത്തെയും, എല്ലാ ആത്മാക്കൾക്കും സമനീതി എന്ന സമ-ആനന്ദത്തെ ലഭ്യമാക്കാനായി പ്രവർത്തിക്കുന്ന 'ശരീരങ്ങളുടെയും മൂലകങ്ങളുടെയും മൊത്തവും മഹാനീതിയുമായ ഭൂമിയെയും' പഠിക്കാനും മനസ്സിലാക്കാനും വിശേഷ ബുദ്ധികളെ മനുഷ്യരുടെ സ്വത്വമായ ആത്മാക്കൾ ഉപയോഗിച്ചില്ല. വിശേഷ ബുദ്ധിയെ ദുരുപയോഗം ചെയ്ത് ഭൗതിക അസ്തിത്വം ഇല്ലാത്ത ദൈവ വിശ്വാസങ്ങളും ആചാരങ്ങളും മറ്റും തട്ടിക്കൂട്ടാൻ മനുഷ്യർ ധൃതിപ്പെട്ടു.

ഭൗതിക അസ്തിത്വം ഇല്ലാത്തതായ ആത്മീയ-രാഷ്ട്രീയ-ദേശീയ വാദങ്ങളെ ചുമന്നാലും തള്ളിയാലും തുടരെ മാറ്റിക്കൊണ്ടിരുന്നാലും; മൂലകങ്ങളിലും ശരീരങ്ങളിലും മഹാശാസ്ത്രം പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള തിന്നുക, കുടിക്കുക, വിസർജ്ജിക്കുക, തുടങ്ങിയ ശാരീരിക പ്രവർത്തനങ്ങളും, ആനന്ദങ്ങളും, പ്രത്യുല്പാദനവും, വേദനകളും, രോഗങ്ങളും, ചികിത്സയും, മരണവും പോലുള്ള ജീവിത കാര്യങ്ങൾ മാറില്ല; മാറ്റാൻ മനുഷ്യർക്ക് കഴിവില്ല; മാറ്റേണ്ടതായ ആവശ്യവുമില്ല. ആവിധ സത്യങ്ങളെ ശരീരത്തിലൂടെ മൂലകങ്ങൾ നൽകുന്ന **വിശേഷബുദ്ധിയെ ഉചിതമായി** അഥവാ 'മൂലകങ്ങളിൽ ലയിച്ചിരിക്കുന്നതും ഭൂമിയുടെ മഹാജ്ഞാനവുമായ **മഹാശാസ്ത്ര പ്രകാരം' വിനിയോഗിച്ചാൽ മനസ്സിലാക്കാനാവും. ഭൗതിക അസ്തിത്വം ഇല്ലാത്ത കോപ്രായങ്ങളുടെ പേരിലുള്ള പരസ്പര വിദ്വേഷവും അടിപിടിയും യുദ്ധങ്ങളും ഇല്ലാതെ സമാധാനത്തോടെ ഭൂമിയിലെ എല്ലാ മനുഷ്യർക്കും അനന്തമായ ആനന്ദങ്ങളെ സമമായി അനുഭവിച്ചു ജീവിക്കാനും കഴിയും.**

**ഈ ദിവ്യമഹാഗ്രന്ഥത്തിൽ** ശരീരം ഉൾപ്പെട്ട **മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്ര പ്രകാരം തെളിയിച്ചിട്ടുള്ള മഹാനീതിശാസ്ത്രമായ 'ഓംകാര നീതിശാസ്ത്രത്തിന്റെ കാതലായ മഹാപുനർജ്ജന്മ സിദ്ധാന്തം പ്രകാരം' ഭൂമിയിലെ മുഴുവൻ മനുഷ്യരും 100 തവണ മനുഷ്യരായി പുനർജ്ജനിക്കുന്നുണ്ട്. ഭൂമിയുടെ അംശങ്ങളായ വ്യത്യസ്ത രാജ്യങ്ങളിൽ പുനർജ്ജനിക്കുന്ന ഓരോ ജന്മത്തിലും ജന്മഗുണങ്ങളെ ശരീരവുമായിട്ടാണ് ബന്ധിച്ചിരിക്കുന്നത്.** ഭൗതിക അസ്തിത്വമില്ലാത്ത ആത്മീയ-രാഷ്ട്രീയ-ദേശീയ കോപ്രായങ്ങളെ തട്ടിക്കൂട്ടിയതു കാരണം മുമ്പ് ഏറ്റവും അടുത്ത ബന്ധുക്കളായിരുന്നവർപോലും ഇന്ന് മറ്റു രാജ്യങ്ങളിൽ ദാരിദ്ര്യം, ആത്മീയം, രാഷ്ട്രീയം തുടങ്ങിയ വ്യത്യാസങ്ങളോടെ പുനർജ്ജനിച്ച് തമ്മിലറിയാതെ തമ്മിലടിച്ചും കഷ്ടപ്പെട്ടും ജീവിക്കുന്നത് സത്യമാണ്. ആവിധ തെറ്റുകളെ തിരുത്തി ഒരു ഭൂമിയുടെ കുഞ്ഞുങ്ങളായ മനുഷ്യരായി സൃഷ്ടിക്കപ്പെട്ടവർ അന്യോന്യം സ്നേഹിച്ചു ജീവിക്കേണ്ടത് തജ്ജന്മത്തിലെ ആനന്ദം വർദ്ധിപ്പിക്കാനും മോക്ഷം നേടാനും ആവശ്യമാണ്. ഈ ദിവ്യ മഹാഗ്രന്ഥത്തിൽ മഹാശക്തിയായ ദൈവം ഭൂമിയാണെന്ന് മഹാശാസ്ത്രപരമായി തെളിയിച്ചിട്ടുണ്ട്.

**മഹാശക്തിയായ ദൈവത്തിന് അവശ്യം ഉണ്ടായിരിക്കേണ്ട ശക്തികൾ എന്തൊക്കെയാണന്ന് സ്വയം വിശകലനം ചെയ്യാൻ അസ്തിത്വവും ശക്തികളും അനന്തമായ ആനന്ദങ്ങളും വിശേഷ ബുദ്ധിയും നൽകുന്ന ഭൂമിയോടും അംശമായ ശരീരം ഉൾപ്പെട്ട മൂലകങ്ങളോടും മനുഷ്യജീവിയുടെ ആത്മാവിന് ബാദ്ധ്യതയുണ്ട്.**

ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയാവണം ദൈവം; സൃഷ്ടിയായ ജീവി, പുരുഷൻ, സ്ത്രീ, കല്ലും കടുകും ഉൾപ്പെടെയുള്ള വസ്തുക്കൾ എന്നിങ്ങനെ ഏതൊരു രൂപത്തെയും സ്വീകരിക്കാനുള്ള കഴിവ് ഉണ്ടായിരിക്കുമ്പോൾ തന്നെ പ്രപഞ്ചം ഉൾപ്പെടെ ഏതൊരു രൂപത്തിനും അതീതം കൂടി ആയിരിക്കണം അഥവാ പരിമിതികൾ ഉണ്ടാകാൻ പാടില്ല; അനന്തമായ ശക്തികളെയും ശാസ്ത്രങ്ങളെയും സൃഷ്ടിക്കാനുള്ള കഴിവ് ഉണ്ടായിരിക്കണം; അനന്തമായ ആനന്ദങ്ങളെ സൃഷ്ടിക്കാനും സൃഷ്ടികളായ ജീവികൾക്കു നൽകാനുള്ള കഴിവ് ഉണ്ടായിരിക്കുകയും അതോടൊപ്പം സൃഷ്ടികൾക്കു വേണ്ടി സൃഷ്ടിക്കുന്ന ആനന്ദങ്ങൾക്കെല്ലാം അതീതവും ആയിരിക്കണം; ദൈവം സൃഷ്ടിക്കുന്ന യാതൊന്നിലും കുറ്റങ്ങളും കുറവുകളും ഉണ്ടാകാൻ പാടില്ലെന്നു മാത്രമല്ല അപ്രകാരം സംരക്ഷിക്കാനും മഹാശക്തിയായ ദൈവത്തിനു കഴിയണം; സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തെയും മഹാസമനീതിയെയും എല്ലാ സൃഷ്ടികൾക്കും എക്കാലവും നൽകാനുള്ള കഴിവ് ഉണ്ടായിരിക്കണം, നൽകുകയും വേണം; കാലത്തെ സൃഷ്ടിക്കാനും പരിപാലിക്കാനും കഴിയണം.

ഭൂമിയെ പ്പറ്റി, അംശമായ മൂലകങ്ങളിൽ ലയിച്ചിരിക്കുന്നതും മൂലകങ്ങൾ മനുഷ്യരുടെ സ്വത്വമായ ആത്മാവിന് നൽകുന്നതുമായ 'വിശേഷ ബുദ്ധി' എന്നു പറയുന്ന മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം പ്രകാരം വിശകലനം ചെയ്യുമ്പോൾ മുകളിൽ സൂചിപ്പിച്ച ശക്തികളെല്ലാം ഭൂമിക്ക് ഉണ്ടെന്നും, ഭൂമിക്ക് മാത്രമാണ് ഉള്ളതെന്നും, എല്ലാ ജീവികൾക്കും ഏകമഹാശരണമായ 'ഭൂമി' ഏകമഹാശക്തിയായ ദൈവം ആണെന്നും ബോദ്ധ്യമാകുന്നതാണ്. ഈ ദിവ്യമഹാഗ്രന്ഥത്തിൽ വിശദീകരണങ്ങൾ ലഭ്യമാണ്. മനുഷ്യർ വിശേഷ ബുദ്ധിയെ ഉചിതമായി ഉപയോഗിക്കാഞ്ഞതുകൊണ്ടും ദേവതകൾക്ക് ധാർമ്മിക അധഃപതനം സംഭവിച്ചതുകൊണ്ടും, ഭൂമി നൽകിയ ശക്തി മൂലം ജീവിച്ച സൃഷ്ടികൾ 'ദൈവങ്ങളായും ദേവതകളായും' വിശ്വാസങ്ങളിൽ ഇടംപിടിച്ചു.

ഭൂമിയിലെ വസ്തുക്കളെല്ലാം തന്നെ ആയിരം കോടിയിലേറെ വർഷങ്ങളായി നിലനിൽക്കുന്നവയാണ് എന്നതും ദൈവത്തിന്റെ മഹാപദ്ധതികളുടെ ഭാഗമാണെന്നതും 'സനാതന ധർമ്മത്തിന്റെ ഭൗതികരൂപമാണ് സനാതനമായ മഹാപ്രപഞ്ചം' എന്ന വസ്തുതയുടെ ഭാഗം മാത്രമാണ്.

പുതിയ അറിവുകൾ ലഭിക്കുമ്പോൾ, മുമ്പ് വിശ്വസിച്ചവ പലതും വലിയ ഭോഷത്തങ്ങൾ ആയിരുന്നു എന്ന് തോന്നിയാൽ ഒട്ടും ഖേദം വേണ്ടാ. അതാത് അവസരത്തിലെ അറിവിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഓരോ വ്യക്തിക്കും വസ്തുതകളെ വിശ്വസിക്കാനും, അഭിപ്രായങ്ങളെ അറിയിക്കാനും മറ്റും കഴിയൂ. 'വ്യക്തിയെ അഥവാ മനുഷ്യന്റെ സ്വത്വമായ ജീവാത്മാവിനെ' സംബന്ധിച്ചിടത്തോളം 'അതാത് അവസ്ഥകളിലെ അറിവ്, അതാത് അവസ്ഥകളിൽ ശരി തന്നെയാണ്.' മറ്റൊരു വിധത്തിൽ പറഞ്ഞാൽ, മൂലകങ്ങളുടെയും അവയുടെ മൊത്തമായ ഭൂമിയുടെയും ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങളായ യഥാർത്ഥ വേദങ്ങളെ ഗ്രഹിക്കാനും സ്വീകരിക്കാനും ഭാഗ്യമുണ്ടാകും വരെ, അതാത് അവസരത്തിലെ അറിവ് താൽക്കാലികമായ ശരി മാത്രമാണ്. കുറ്റങ്ങളും കുറവുകളും ഇല്ലാത്ത ഏകഗുരു ഏകദൈവവും ഏകമഹാശക്തിയും, എല്ലാ സൃഷ്ടികൾക്കും എക്കാലവും ഏകമഹാശരണവും, ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതും ഭൂമിയുമായ മഹാദേവി മാത്രമാണ്. മഹാദേവിയുടെ ആദിയും അന്തവും ഇല്ലാത്ത മഹാജ്ഞാനത്തിന്റെ ഓഹരി മാത്രമാണ് മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം @ മഹാവേദം. ഭൂമി, അംശമായ മൂലകങ്ങളിലൂടെയും ശരീരത്തിലൂടെയും നൽകിപ്പോരുന്ന വിശേഷ ബുദ്ധിയെ ഉചിതമായി ഉപയോഗിച്ച് മനുഷ്യരായി ജീവിക്കാൻ കുഞ്ഞുങ്ങൾക്ക് ദൈവ വിപ്ലവത്തോടെ കഴിയുന്നതാണ്. ഘട്ടം ഘട്ടമായി അവതരിക്കുന്ന മഹാശാസ്ത്ര പാഠങ്ങളിൽ പല കാരണം കൊണ്ടുണ്ടാകുന്ന തിരുത്തലുകൾ പരിഹരിക്കാൻ ഭൂമിയിലെ മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന മഹാ-ശാസ്ത്ര പാഠങ്ങളെ ആധാരമാക്കിയാൽ മാത്രം മതിയാകും.

ഭൂമിയുടെ മൂലകങ്ങളിലെ ശാസ്ത്ര നിയമങ്ങൾ പ്രകാരം എല്ലാ ജീവികളെയും യഥാർത്ഥത്തിൽ ഭൂമിയാണ് എക്കാലവും ഭരിക്കുന്നത്. 1000 കോടിയിലേറെ വർഷങ്ങളായി വ്യത്യസ്ത ജന്മഗുണങ്ങളോടെ ജനിപ്പിക്കുകയും ജീവിപ്പിക്കുകയും മരിപ്പിക്കുകയും, സൃഷ്ടി ചക്രങ്ങളെ നിശ്ചയിക്കുകയും, സ്വയം കറങ്ങിയും കറക്കിയും കാലത്തെ സൃഷ്ടിക്കുകയും ചെയ്യുന്ന ഭൂമി ദൈവമാണെന്ന് മനസ്സിലാക്കാൻ ഭൂമി തന്നെ ശക്തികളും ജ്ഞാനവും നൽകണം. രാഷ്ട്ര-ഭരണാധികാരികൾ, രാഷ്ട്രീയനേതാക്കൾ, ആത്മീയ നേതാക്കൾ, നിരീശ്വരവാദി എന്നെല്ലാം അവകാശപ്പെടുന്നവരോ, ഭീകര-പ്രവർത്തകരോ ഒക്കെ വിചാരിച്ചാൽ തകരാറിലാക്കാനാവുന്നതോ അട്ടിമറിക്കാൻ കഴിയുന്നതോ ആയ ഒന്നാവും മഹാശക്തിയായ ദൈവത്തിന്റെ മഹാശാസ്ത്രമെന്നും മഹാപ്രപഞ്ച സംവിധാനമെന്നും കരുതുന്നതും, മഹാശാസ്ത്രത്തെയും മഹാപ്രപഞ്ചത്തെയും സംരക്ഷിക്കുവാൻ സൃഷ്ടികളുടെ സഹായം ഭൂമിയും മഹാശക്തിയുമായ ദൈവത്തിനു വേണമെന്നു കരുതുന്നതും ദൈവമഹത്വം അറിയാതെ കാട്ടിക്കൂട്ടുന്ന ദൈവനിന്ദയാണ്. ആദിയും അന്തവുമില്ലാത്ത മഹാശക്തിയാണ് ഭൂമിയായ ദൈവമെന്നും മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങൾ നിർവ്വഹിക്കുവാൻ മഹാശക്തിയായ ഭൂമി ആവിഷ്ക്കരിച്ചിട്ടുള്ള മഹാശാസ്ത്രത്തെയോ മഹാപ്രപഞ്ചത്തെയോ അട്ടിമറിക്കാനോ തകരാറിലാക്കാനോ മഹാപ്രപഞ്ചത്തിലെ എല്ലാ ജീവികളും ഒന്നിച്ചു ശ്രമിച്ചാലും കഴിയില്ല എന്നും, ശ്രമിക്കാനുള്ള ശക്തി ജീവികൾക്കു ലഭിക്കുവാനും സ്വന്തം അംശമായ ശരീരം നൽകി ഭൂമി കനിയേണ്ടതുണ്ട് എന്നും അറിയണം. ആത്മീയ-രാഷ്ട്രീയ കോപ്രായങ്ങളും മറ്റും തട്ടിക്കൂട്ടിയവരെല്ലാം ജീവിതകാലം മുഴുവനും ഭൂമിയുടെ 'അംശമായ മൂലകങ്ങളിലും ശരീരത്തിലും' ലയിച്ചിരിക്കുന്ന മഹാശാസ്ത്ര നിയമങ്ങൾ പ്രകാരം മാത്രമാണ് ഭൂമിയിൽ ജീവിച്ചിട്ടുള്ളത്. ഏതാനും നൂറ്റാണ്ടുകളുടെ ചരിത്രം മാത്രം കൈവശമുള്ള മനുഷ്യർ ഭൂമിക്ക് 1000 കോടിയിലേറെ വർഷങ്ങളുടെ പഴക്കമുണ്ടെന്ന് അറിയുമ്പോൾ, നിശ്ചിത കാലമുള്ള അനേകായിരം സൃഷ്ടിചക്രങ്ങൾ തന്നെ കടന്നുപോയിട്ടുണ്ടെന്നിരിക്കെ ലഭ്യമായ വിശേഷ ബുദ്ധി ഉപയോഗിക്കാഞ്ഞതു കൊണ്ട് തൽക്കാലം ശരിയെന്നു തോന്നുന്ന ആത്മീയ രാഷ്ട്രീയ പീറാസുകളെ ചുമന്നു പോരുന്നതിലെ ഭോഷത്തവും പാപവും കൂടി തിരിച്ചറിയണം.

**കാറ്റ്, കൊടുങ്കാറ്റ്, ജലപ്രവാഹം തുടങ്ങിയവ ജീവികളുടെ സ്വത്വമായ ആത്മാക്കളെ മറുനാട്ടിലും-ദേശത്തിലും കൊണ്ടു പോയി പുനർജ്ജനിപ്പിക്കാനുള്ള മഹാശാസ്ത്ര സംവിധാനം കൂടിയാണ്; യാതൊന്നും വെറുതെ സംഭവിക്കുന്നതല്ല.**

**ശരീരം, ദൈവം, ആത്മാവ്, ജീവൻ, മോക്ഷം തുടങ്ങിയ കാര്യങ്ങളിൽ തോന്നുംപടി ആശയങ്ങൾ തട്ടിക്കൂട്ടിയ ആചാര്യന്മാർക്കും അനുയായികൾക്കും ജീവിത കാലത്തോ, മരണ ശേഷം മടങ്ങി വന്നോ, ഭൂമിയുടെ ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കാൻ കഴിയില്ല എന്നതിന് ചരിത്രം സാക്ഷ്യമാണ്.**

**എല്ലാ സൃഷ്ടി ചക്രങ്ങളുടെയും രണ്ടാമത്തെ പകുതിയിൽ, സംഹാരമായ മോക്ഷത്തെ നേരിട്ട് നൽകാനായി ദൈവം / 'മായ' പ്രത്യക്ഷമാകുമ്പോൾ, മനുഷ്യർ ഉണ്ടാക്കിയ ഭോഷത്തങ്ങളെ ഉന്മൂലനം ചെയ്യുകയും ഭൂമിയിൽ ലയിച്ചിരിക്കുന്ന മഹാശാസ്ത്ര നിയമങ്ങളെ യഥാർത്ഥ വേദങ്ങളായി പുനഃസ്ഥാപിക്കുകയും ചെയ്യുന്നതു കൊണ്ടാണ് ഇന്നത്തെ പ്പോലെയുള്ള ആത്മീയ-രാഷ്ട്രീയ കോപ്രായങ്ങൾക്ക് ഏതാനും ആയിരം വർഷങ്ങളുടെ മാത്രം ചരിത്രമുള്ളത് എന്നും തിരിച്ചറിയണം. സ്വന്തം അംശമായ മനുഷ്യ'ശരീരത്തിലൂടെ' വിശേഷ ബുദ്ധിയും അനന്താനന്ദങ്ങളും നൽകുന്ന ഭൂമിയെ നിന്ദിക്കുന്നത് ശിക്ഷ പിടിച്ചുവാങ്ങലാണ്.**

**ഭൂമിയുടെ അംശവും മൂലകങ്ങളുമായ ശരീരവും, ജലവും, ഓക്സിജനും, അവയിൽ ലയിച്ചിരിക്കുന്ന 'മഹാശക്തികളും, മഹാജ്ഞാനവും മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രവുമായ ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങളും, അവകാശങ്ങളും അധികാരങ്ങളും പ്രകാരം' ജീവാത്മാക്കളെ ഭരിക്കുന്നതും മഹാനീതി നിർവ്വഹിക്കുന്നതും ഈ ദിവ്യ മഹാഗ്രന്ഥത്തിൽ തെളിയിച്ചിട്ടുണ്ട്. ആകയാൽ, നികുതികൾ, ഹെൽമെറ്റ്, മാസ്ക്, കോടതി, പൗരത്വം, ഭരണഘടനകൾ തുടങ്ങി മൂലകങ്ങളിലൂടെ 'ഭൗതിക അസ്തിത്വം ഇല്ലാത്ത സാമൂഹിക നിയമങ്ങളെയും കോപ്രായങ്ങളെയും' തട്ടിക്കൂട്ടാൻ ഒരല്പം ശൂന്യതയോ, ഒരു എറുമ്പിനെ പ്പോലുമോ സൃഷ്ടിക്കാൻ കഴിവില്ലാത്ത' സൃഷ്ടി മാത്രമായ മനുഷ്യന് അവകാശവും അധികാരവും ഇല്ല.**

**മൂലകങ്ങളിലൂടെ ഭൂമി നൽകിയ വിശേഷ ബുദ്ധിയെ ഉപയോഗിക്കാതെ മൂലകങ്ങളായ ശരീരത്തോടെ ജീവിക്കുന്ന അവിവേകികൾക്കും, ഭോഷരായ അനുയായികൾക്കും കടുത്ത ശിക്ഷ നൽകി ക്കൊണ്ട് ഭൂമി തിരുത്തുന്നത് മഹാശാസ്ത്ര പരമായി ഈ ദിവ്യമഹാഗ്രന്ഥത്തിൽ തെളിയിച്ചിരിക്കുന്നു.**

ജീവിക്ക് തല, മുഖം, കൈകാലുകൾ, ഹൃദയം, ലിംഗം എന്നിവ പോലെ ഭൂമിയുടെ അംശം മാത്രമായ ഇന്ത്യാ മഹാരാജ്യത്തിന് മൊത്തത്തിലും, കേരളം, തമിഴ്നാട്, ഹിമാലയൻ കൈലാസം എന്നിവയ്ക്ക് പ്രത്യേകവും മാഹാത്മ്യം നൽകിയിട്ടുള്ളത് ഭൂമി സ്വയമാണ്; അക്കാരണം കൊണ്ട് ഓരോ സൃഷ്ടിചക്രത്തിന്റെയും സംഹാരത്തിനു ശേഷം പുതിയ സൃഷ്ടി ചക്രം ആരംഭിക്കുമ്പോൾ ഇന്ത്യയെ അന്വേഷിച്ച് ആഫ്രിക്ക, അമേരിക്ക, തുടങ്ങിയ വിദൂര രാജ്യങ്ങളിൽ നിന്ന് കര, കടൽ മാർഗ്ഗങ്ങളിലൂടെ ജനങ്ങൾ സാഹസികമായ യാത്രകൾ തന്നെ നടത്തുന്നതാണ്. ഇപ്പോഴത്തെ സൃഷ്ടി ചക്രത്തിലും അതിന് ചരിത്ര സാക്ഷ്യമുണ്ട്. തുച്ഛമായ ആയുസ്സോടെ ഇന്ത്യയിലും മറ്റും ജീവിച്ചു മരിക്കുന്ന മനുഷ്യർ ഉൾപ്പെടെയുള്ള സൃഷ്ടികൾക്ക് അതിൽ കാര്യമില്ല. ഭൂമിയുടെ അംശം മാത്രമായ ഓരോ ദേശവും ഓരോ ഗ്രഹം ആണെന്ന പോലെ ദേശീയതയെ പ്പറ്റി വാചാലരാകുകയും തമ്മിലടിക്കുകയും ചെയ്യുന്ന ഭോഷന്മാർ വിശേഷ ബുദ്ധി ലഭിക്കാത്ത മറ്റുള്ള ജീവികളേക്കാൾ തരംതാണിരിക്കുന്നു. മഹാനീതി കാര്യങ്ങളെയും മഹാശാസ്ത്ര പ്രകാരം നിർവ്വഹിച്ചാണ് ഭൂമിയായ ദൈവം മഹാനീതി ആകുന്നത്. ഉടനെ ആരംഭിക്കുന്ന ദൈവ വിപ്ലവത്തിൽ, മഹാശാസ്ത്രവുമായി ഏറ്റവുമധികം അടുപ്പമുള്ള ഇന്ത്യയിലെ ആത്മീയ രാഷ്ട്രീയ സംവിധാനങ്ങൾക്ക് ആദ്യമായി യഥാർത്ഥ വേദമായ മഹാശാസ്ത്രത്തിൽ ലയിച്ചു കൊണ്ട് സ്വയം ഇല്ലാതാവാൻ കഴിയുന്നതും ഭൂമിയായ ദൈവം ഒരുക്കിയിട്ടുള്ള മഹാപദ്ധതിയുടെ ഭാഗം മാത്രമാണ്. ആവക കാര്യങ്ങളിൽ അഹംഭാവം, അഹങ്കാരം തുടങ്ങിയവ പുലർത്താതെ ചുമന്നു പോന്നതായ വലിയ ഭോഷത്തങ്ങളെ ഉപേക്ഷിക്കുകയും സ്വയം തിരുത്തിക്കൊണ്ട് ധർമ്മശാസ്ത്ര പരമായി ജീവിക്കുകയുമാണ് ഇന്ത്യയിലെയും ഭൂമിയിലെയും ഓരോ വ്യക്തിയും ചെയ്യേണ്ടത്.

മനുഷ്യ-ശരീരത്തിലെ മൂലകങ്ങളിലൂടെ മറ്റുള്ള ജീവികളേക്കാൾ വിശേഷ ബുദ്ധിയും (മഹാശാസ്ത്ര ജ്ഞാനവും) ശക്തികളും സ്വാതന്ത്ര്യവും ആനന്ദങ്ങളും 'ഭൂമി' മനുഷ്യനു നൽകിയത് അനന്തമായ ആനന്ദങ്ങളെ അറിയാനും അനുഭവിക്കാനും എല്ലാ കുഞ്ഞുങ്ങൾക്കും അവസരം നൽകാനും, മോക്ഷമായ നക്ഷത്ര പദവിയിൽ അനന്ത-ആനന്ദങ്ങളെ അനുഭവിച്ച് സമരൂപത്തോടെ ജീവിക്കാനും, ഭൂമിയിലെ സമൂഹ ജീവി-ജീവിതം ആഗ്രഹിക്കുന്ന മനുഷ്യർക്ക് നക്ഷത്രപദവി സ്ഥിരമായോ താൽക്കാലികമായോ ഉപേക്ഷിച്ച് ഭൂമിയിൽ തുടരാനുമാണ്. എന്നുവെച്ചാൽ ദേശം/രാജ്യം, ശരീരം, ദൈവം, ആത്മാവ്, ജീവൻ, മഹാനീതി, മോക്ഷം തുടങ്ങിയ ദൈവീക വിഷയങ്ങളിൽ മനുഷ്യർക്കു തോന്നുംപടി ആശയങ്ങൾ തട്ടിക്കൂട്ടാനും തമ്മിലടിക്കാനും യുദ്ധം ചെയ്യാനും അന്യോന്യം കൊല്ലാനുമല്ല. ഒരേ ഭൂമിയുടെ അംശമായ പ്രദേശങ്ങളിലുള്ള വായു, ജലം, ഭക്ഷണം, വസ്തുക്കൾ, മനുഷ്യരുടെയും മറ്റുള്ള ജീവികളുടെയും സൗഹൃദ സഹകരണങ്ങൾ എന്നിവയോടെ കഴിയാമെന്നിരിക്കെ, ഭൂമിയായ ദൈവം ഏകമായി നിശ്ചയിക്കുകയും നിർവ്വഹിക്കുകയും ചെയ്യുന്ന കരകളും കടലുകളും ജീവികളും പോലെയുള്ള ദൈവ-കാര്യങ്ങളിൽ ഭൂമിയുടെ അംശമായ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരമല്ലാതെ ഇടപെടാൻ മനുഷ്യർക്ക് അവകാശം ഇല്ല.

ഇന്ത്യയിലെ ഭൂരിഭാഗം ജനങ്ങളും വലിയ ഒരു ദൈവമായി ആരാധിക്കുന്ന ഒരു കോപ്രായത്തെ ദൈവ വിപ്ലവം ഉടനെ ആരംഭിക്കുന്നതിന്റെ മുന്നോടിയായി ക്കൂടി, മഹാനീതിയും ഭൂമിയുമായ ഏകദൈവം 2019 ഒക്ടോബർ മാസത്തിൽ പെരുമാളട്ടയായി ശിക്ഷിച്ചിട്ടുള്ളത് പാഠമാക്കുന്നത് നല്ലതാണ്. അട്ടയുടെ മൊത്തം കാലുകളുടെ എണ്ണം തവണ അയാളെ പുനർജ്ജനിപ്പിക്കുകയും ഇടയ്ക്കിടെ മുജ്ജന്മ ഓർമ്മകളെ നൽകി ക്കൊണ്ട് ശിക്ഷിച്ചു തിരുത്തുകയും ചെയ്യുന്നതാണ്. ഇന്ത്യയിലെ അനേകം പ്രധാന ഭരണാധികാരികളും ഗ്രന്ഥകാരന്റെ ഉറ്റ ബന്ധുക്കളും മറ്റും 'പെരുമാളട്ട' ഉൾപ്പെടെ ജന്തുശിക്ഷാ-ജന്മങ്ങളിൽ പെട്ടിരിക്കുന്നതിനെ ഈ ദിവ്യമഹാവേദ ഗ്രന്ഥത്തിൽ ശാസ്ത്രപരമായി വിവരിച്ചിട്ടുണ്ട്.

മഹാനീതിശാസ്ത്രമായ **ഓംകാരനീതിശാസ്ത്രം** മഹാവാത്സല്ല്യമാണ്; **എങ്കിലും നീതി നിയമങ്ങളെ മനുഷ്യർ ഭയക്കാതിരിക്കാനാണ്** 1000 കോടി വർഷങ്ങൾ നീണ്ട ആദ്യമഹാകാലചക്രത്തിൽ മനുഷ്യരിൽ നിന്നും മോക്ഷം നേടിയ ചിലരെ ദേവതകളായി നിയമിച്ചത്. മാനുഷിക ആനന്ദങ്ങളിൽ അമിതമായി ഭ്രമിച്ചും അധമ പ്രവൃത്തികൾ കൊണ്ടും ദുർദ്ദേവതകളായി മാറിയ അവരിലേറെയും പലവിധം ശിക്ഷിക്കപ്പെട്ടു പോരുന്നതിനെ വിവരിക്കുന്നു. ഇപ്പോഴത്തെ മഹാസൃഷ്ടിചക്രത്തിൽ ദൈവ വിപ്ലവത്തോടെ **ഭൂമി** നേരിട്ട് **മഹാഭരണം** ആരംഭിക്കുകയാണ്. **ഭാവിയെ** കരുതിയും മറ്റും **ധനം** സൂക്ഷിക്കുന്നത് വ്യക്തികളുടെ സ്വകാര്യമാണ്. ദൈവീക സാമ്പത്തികശാസ്ത്രം പിൻപറ്റുംവരെ 'പുകവലി മുറുക്കാൻ മദ്യപാനം തുടങ്ങി ദുശ്ശീലങ്ങൾ ഇല്ലാത്ത കൃഷിക്കാർ ഉൾപ്പെട്ട പാവങ്ങൾക്ക് മാസം 5000 രൂപ സഹായം നൽകണം' എന്നല്ലാതെ **സ്വകാര്യങ്ങൾക്ക്** അന്യരുടെ ധനത്തെ പിരിച്ചു വിതരണം ചെയ്ത്-മറ്റുള്ളവർ അനുഭവിക്കുന്ന- **പെൻഷൻ** സമ്പ്രദായം **ലജ്ജയില്ലായ്മയും ധർമ്മ-ശാസ്ത്രവിരുദ്ധവും, ശിക്ഷാർഹവുമാണ്.** ധർമ്മശാസ്ത്രവും, **ജന്മഗുണമായ** തൊഴിൽ അഭിരുചിയും പ്രകാരം തൊഴിൽ ചെയ്യുന്നത് സ്വകാര്യമാണെന്നതു പോലും തിരിച്ചറിയാത്ത 'ജനങ്ങളും അവരുടെ ചിലവിൽ ജീവിക്കുന്ന, **അടിമകളായ** ഭരണാധികാരികളും' വികലാംഗർ ഒഴികെ ഏതൊരാൾക്കും സബ്സിഡിയും സമ്മാനങ്ങളും നൽകേണ്ടത് സ്വന്തം സമ്പാദ്യത്തിൽ നിന്നാവണം. തൊഴിലുകൾ, വേതനം-സമ്പത്ത്, ആനന്ദങ്ങൾ, തുടങ്ങിയവയെ 'ഭൗതിക അസ്തിത്വത്തോടെ' ഭൂമിയുമായി ബന്ധിച്ചിരിക്കുന്നത് അടിസ്ഥാനപരമായി കൃഷിയിലൂടെയാണ്. വ്യക്തികളെയും ഇണകളെയും കുട്ടികളെയും മറ്റ് ഉറ്റവരെയും, മനുഷ്യാവതാരമെടുക്കുന്ന ദൈവത്തെയും, അറിഞ്ഞും അറിയാതെയും, സ്വകാര്യങ്ങളായ ഹെൽമെറ്റുകളും മാസ്കും ധരിക്കുവാനും ഭവനം (ഉദാ: മരട് ഫ്ലാറ്റ് ), ദൈവ-നിർമ്മിതിയായ മുഖഛായ മറയ്ക്കൽ തുടങ്ങിയവയെ പൊതുകാര്യമായി മാറ്റാനും മറ്റും നിർബ്ബന്ധിക്കുന്ന 'ജനസേവകരും കോടതികളും' മറ്റും ജന്തുശിക്ഷാ ജന്മങ്ങളെ പിടിച്ചു വാങ്ങുകയാണ്. ജന്തു-ശിക്ഷാ-ജന്മങ്ങളായ **അട്ട, കുരങ്ങ്** എന്നിവയായി ശിക്ഷിക്കപ്പെടുന്നതിനെ അറിയിച്ചിട്ടുണ്ട്. മൂലകങ്ങളിലെ ധർമ്മശാസ്ത്രത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്ന **ജനസേവകർ ഉൾപ്പെട്ട നീച-ആത്മാക്കളുടെ ഓരോ ജന്മത്തിലും ശരീരമായി ഒപ്പം കൂടുന്ന മൂലകങ്ങളിലെ ന്യൂനശക്തികൾ ജന്മഗുണങ്ങളിലൂടെയും മറ്റും മഹാനീതിശാസ്ത്ര പ്രകാരം ശിക്ഷിച്ചു തിരുത്തുമെന്നറിഞ്ഞ് ജനങ്ങൾ ശാന്തരാകുന്നത് ശ്രേഷ്ഠമാണ്. എങ്കിലും പീഡിപ്പിക്കുന്നതിനെ ജന്തുനീതി പ്രകാരം ഏതൊരാളും തടയണം; ആവശ്യമെങ്കിൽ വധിക്കണം. ന്യൂനശക്തി ശാസ്ത്രം ജീവികൾക്ക് വിനാശം വർദ്ധിപ്പിക്കാതെ മഹാനീതിയും മഹാവാത്സല്ല്യവും മഹാമാതാവുമായ ഭൂമി കരുതുന്നുമുണ്ട്.**

സ്വന്തം അസ്തിത്വം ഉൾപ്പെടെ യാതൊന്നും സൃഷ്ടിക്കാൻ കഴിവില്ലാത്ത സൃഷ്ടിയായ മനുഷ്യനും എല്ലാ ജീവികൾക്കും മഹാസമനീതി നൽകിയാൽ മാത്രമേ ദൈവം മഹാനീതിയാകൂ എന്നും, ഭൂമിയുടെ മൂലകങ്ങളിൽ ഭൗതികശാസ്ത്രം കൂടാതെ പൊതുകാര്യങ്ങൾക്ക് ആവശ്യമായ സാമ്പത്തിക ശാസ്ത്രം ഉൾപ്പെട്ട ധർമ്മ-നീതി-ശാസ്ത്ര നിയമങ്ങളും ഉണ്ടാകുമെന്നും വിശേഷബുദ്ധി ലഭിക്കുന്ന മനുഷ്യന് മനസ്സിലാക്കാൻ കഴിയും. അവകാശവും അധികാരവും ഇല്ലാത്ത കാര്യങ്ങളിൽ തങ്ങൾക്കു തോന്നുമ്പോലെ നിയമങ്ങളെന്ന പേരിൽ കോപ്രായങ്ങളെ തട്ടിക്കൂട്ടാതെ എല്ലാ മനുഷ്യരും മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന മഹാശാസ്ത്രം പ്രകാരം സ്വന്തം കാര്യം നോക്കി ജീവിക്കണം. ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാനായി ജനങ്ങളുടെ ചിലവിൽ ജീവിക്കുന്ന ജനങ്ങളുടെ അടിമകളായ രാജാവും പ്രധാനമന്ത്രിയും മന്ത്രിമാരും ഉദ്യോഗസ്ഥരും പോലീസും സാധാരണ ജനങ്ങളുമെല്ലാം ധർമ്മശാസ്ത്രത്തെ അനുസരിച്ചു മാത്രം സദാ പ്രവർത്തിക്കുക; ആനന്ദകരമായി ജീവിക്കുക എന്നല്ലാതെ മറ്റുള്ളവരെ ഭരിക്കാൻ യാതൊരാൾക്കും യാതൊരു അവകാശവും അധികാരവും ഇല്ല. ദൈവത്തിന്റെ കാര്യങ്ങളെ കുറിച്ച് പറയുമ്പോൾ, സർവ്വത്തിനും അതീതവും ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയുമായ ദൈവത്തിന്റെ കാര്യങ്ങളെ അന്വേഷിക്കാനും പരിപാലിക്കാനും മനുഷ്യൻ തയ്യാറാവണമെന്നും മനുഷ്യർക്കു കഴിയുമെന്നും തോന്നുന്നത് വിശേഷ ബുദ്ധിയെ ഉപയോഗിക്കാതെ മൂഢരായി മറ്റുള്ള ജീവികളേക്കാൾ തരംതാണതിന്റെ തെളിവാണ്. ആത്മാവായ വ്യക്തിയെയും, ജന്മഗുണങ്ങൾ ഉൾപ്പെടെയുള്ള മഹാനീതി-കാര്യങ്ങളെയും വ്യക്തിയോ മാതാപിതാക്കളോ മറ്റുള്ളവരോ അല്ലാ സൃഷ്ടിച്ചത് എന്നിരിക്കെ, ഓരോ വ്യക്തിയെയും പ്രത്യേകം സൃഷ്ടിക്കുന്ന മഹാശക്തിയായ ഭൂമി തന്നെ മഹാഉചിതമായ സമയത്ത് ഓരോ വ്യക്തിക്കും നേരിട്ട് മഹാദർശനവും മഹാശാസ്ത്രവും നൽകി അനുഗ്രഹിക്കുമെന്ന് വിശേഷ ബുദ്ധി കൊണ്ട് വിശ്വസിക്കാൻ കഴിയുന്നതാണ്. പകരം, വിശേഷ ബുദ്ധിയെ ലഭിച്ച മനുഷ്യർ ഭോഷത്തങ്ങളുടെ പിന്നാലെ പോയാൽ, മഹാശക്തിയായ ഭൂമിയുടെ കുറ്റമല്ല.

മൂലകങ്ങളും ശരീരവും നൽകുന്ന 'വിശേഷ ബുദ്ധികളെ' മഹാശാസ്ത്രപരമായി ഉപയോഗിക്കാതെ മരണാനന്തര ജീവിതമാണ് പ്രധാനമെന്ന് വാദിക്കുന്ന ഭൂമിയിലെ ജനങ്ങളെല്ലാം നാട്ടിലെ ശാസ്ത്ര-സാങ്കേതിക സൗകര്യങ്ങളെല്ലാം ഉപേക്ഷിച്ച് ഉടുവസ്ത്രത്തോടെ കാട്ടിൽ പോവാനും, 'മഹാശാസ്ത്രപരമായി സ്വയം പ്രവർത്തിക്കുന്ന ശരീരവും ഭൂമിയുമില്ലാതെ' ജീവിക്കാനും വിശേഷബുദ്ധി ലഭിച്ചിട്ടില്ലാത്ത മറ്റുള്ള ജീവികളെ പ്പോലെ കാട്ടിൽ ജീവിക്കാനും ശരീരം ഉൾപ്പെടെയുള്ള മൂലകങ്ങളിലെ ധർമ്മശാസ്ത്രം ആവശ്യപ്പെടുന്നുണ്ട്. ശാസ്ത്ര സാങ്കേതിക സൗകര്യങ്ങൾ പ്രകാരം നിർമ്മിച്ച യാതൊരു ഉപകരണങ്ങളും ആയുധങ്ങളും എടുക്കാതെ മാത്രം കാട്ടിലേക്ക് പോകാനും ജന്തുനീതി പ്രകാരം ആരെയും സ്നേഹിക്കാനും തമ്മിലടിക്കാനും കൊല്ലാനും തിന്നാനും മൂലകങ്ങളിലെ ധർമ്മ ശാസ്ത്രം പ്രകാരം നാട്ടുവാസി, കാട്ടുവാസി, മറ്റുള്ള ജീവികൾ എന്നിങ്ങനെ എല്ലാ കുഞ്ഞുങ്ങൾക്കും ഏകമഹാശരണമായ ഭൂമി അവകാശം കൊടുക്കുന്നുണ്ട്; ജന്തുജീവിതം സാക്ഷ്യമാണ്. കൊല്ലുകയും തിന്നുകയും മറ്റും ചെയ്യുമ്പോൾ, ക്രിയ ചെയ്യാൻ 'ശരീരത്തിന്റെ ശക്തി' ആവശ്യമാവുകയും വേദനകൾ ഉൾപ്പെട്ട ആനന്ദങ്ങളെ 'ശരീരം' ജീവാത്മാവിന് നൽകുകയുമാണ്. മറ്റുള്ള ജീവികളോടൊപ്പം, ശാസ്ത്ര സൗകര്യങ്ങൾ ഇല്ലാതെ കാട്ടിൽ വസിക്കുന്ന മനുഷ്യരും മറ്റുള്ള ജീവികളുമായ ഭൂമിയുടെ കുഞ്ഞുങ്ങളെ ഭരിക്കുവാൻ, ശാസ്ത്രസൗകര്യങ്ങളോടെ നാട്ടിൽ വസിക്കുന്നവർക്ക് അവകാശവും അധികാരവും ഇല്ല; സ്വന്തം അസ്തിത്വം ഉൾപ്പെടെ യാതൊന്നിലും ആർക്കും അവകാശമില്ല.

വ്യത്യസ്ത ജീവികളുടെ ജീവിത /ധർമ്മ വ്യവസ്ഥകളെന്നത് പൊതുവായി അവയുടെ ശരീരമായി രൂപാന്തരപ്പെട്ടിരിക്കുന്ന മൂലകങ്ങളിൽ ലയി(പ്പി)ച്ചിരിക്കുന്ന മഹാശാസ്ത്രം ആണെന്ന് വ്യക്തമാണ്. 'ഭൂമിയുടെ അംശമായ മൂലകങ്ങളും ശരീരവും', മഹാനീതി ശാസ്ത്ര വ്യവസ്ഥകളെ മുഖ്യമായും ജീവിയുടെ ചർമ്മത്തിലൂടെ വ്യാപരിക്കുന്ന ആത്മാവിന്റെ നിറം, മുഖഛായ, സൗന്ദര്യം, ആരോഗ്യം, സ്ത്രീ പുരുഷൻ തുടങ്ങിയ പ്രകട-ജന്മഗുണങ്ങളായി നിശ്ചയിച്ച്, ബന്ധിച്ചിരിക്കുകയാണ്.

**ദൈവമായ ഭൂമിയുടെ ആദിയും അന്തവും ഇല്ലാത്ത മഹാജ്ഞാനത്തിന്റെ ഓഹരിയാണ് മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രമെന്നും, ഭൂമി സമസ്ത ജീവികളുടെയും സൃഷ്ടി സ്ഥിതി സംഹാരങ്ങളെ നിർവ്വഹിക്കുന്നതും, ഭൂമിയിലെ എല്ലാ പ്രദേശങ്ങളിലും ജീവിക്കുന്ന മനുഷ്യരെ എക്കാലവും ഭൂമി ഒന്നിപ്പിക്കുന്നത് മഹാശാസ്ത്ര പ്രകാരം മാത്രമാണെന്നും ഭൂമി 'മായ' പ്രത്യക്ഷമാക്കുന്ന ദൈവ വിപ്ലവത്തോടെ സമ്പൂർണ്ണമായി തെളിയുന്നുണ്ട്. വിശേഷ ബുദ്ധി ലഭിച്ചിട്ടും മനുഷ്യർ പിൻപറ്റിയ ആത്മീയ -രാഷ്ട്രീയ - ദേശീയ കോപ്രായങ്ങളിൽ ഇളക്കം തട്ടുന്ന നടപടികൾ ദൈവ വിപ്ലവത്തിനു മുമ്പ് ആരംഭിക്കുവാൻ 'മനുഷ്യരിലെ ചിലർ ഒരുക്കിയ വൈറസ് രോഗത്തെ', മൂലകങ്ങളിലുള്ള ന്യൂനശക്തികളിലൂടെ ഭൂമി മഹാനീതിശാസ്ത്ര പ്രകാരം ഉപയോഗിക്കുന്നുണ്ട്. മരണാനന്തര പരലോക ജീവിതമാണ് പ്രധാനമെന്ന് പഠിപ്പിച്ച് മനുഷ്യരെ അനേകം നൂറ്റാണ്ടുകളായി കബളിപ്പിച്ചു പോരുന്ന വൈവിധ്യമാർന്ന അന്ധവിശ്വാസങ്ങളെ തെറിപ്പിക്കാൻ സൂക്ഷ്മമായ വൈറസിലൂടെയും 'നിസ്സാരമായി -ഭൂമിക്കു- കഴിയുമെന്ന് ' മഹാശാസ്ത്രപരമായി മനുഷ്യരെ ബോദ്ധ്യപ്പെടുത്തുന്നു. ജീവികളുടെ രോഗങ്ങളും പ്രതിവിധികളും ഉൾപ്പെട്ട ജീവിത കാര്യങ്ങളെ അടിസ്ഥാന പരമായി നിശ്ചയിക്കുന്നത് ശരീരത്തിന്റെ അകത്തും പുറത്തുമുള്ള ഭൂമിയുടെ അംശമായ മൂലകങ്ങളാണെന്നും എല്ലാം സംഭവിക്കുന്നത് ഭൂമിയുടെ ആദിയും അന്തവും ഇല്ലാത്ത മഹാജ്ഞാനമായ മഹാശാസ്ത്രവും മഹാശക്തികളും പ്രകാരം മാത്രമാണെന്നും സുവ്യക്തമാകുന്നുണ്ട്. മനുഷ്യരുടെ ഇടയിലെ ആത്മീയ രാഷ്ട്രീയ ദേശീയ കോപ്രായങ്ങളെ മാറ്റിവെച്ച് ഭൂമിയിലെ ജീവിതമാണ് പ്രധാനം എന്ന് മനസ്സിലാക്കാൻ മനുഷ്യർ തയ്യാറാകുന്നു !**

**സൃഷ്ടികളായ ജീവികളെ കുഞ്ഞുങ്ങളായി കരുതിയും, കുഞ്ഞുങ്ങളോടുള്ള മഹാദാസ്യം, മഹാവാത്സല്ല്യം എന്നീ രണ്ട് ആനന്ദങ്ങളെ മാത്രം ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളിലെ ദൈവ-ആനന്ദങ്ങളായി നിശ്ചയിച്ചു കൊണ്ടും, കുഞ്ഞുങ്ങളുടെ പാദങ്ങളുടെ അടിയിൽ ഇക്കിളി സൃഷ്ടിച്ചു കൊണ്ട് കുഞ്ഞുങ്ങളുടെ പ്രത്യക്ഷ മഹാദാസിയും ഏകമഹാശരണവും, ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതും, മഹാപ്രപഞ്ചം ഉൾപ്പെടെ സർവ്വത്തിനും അതീതമായ മഹാശക്തി, മഹാജ്ഞാനമായ മഹാശാസ്ത്രം പ്രകാരം മഹാരൂപമായ ഭൂമി ആയിരിക്കുന്നതും, ഗോമാതാവ്, ദിവ്യ മനുഷ്യസ്ത്രീ എന്നീ മഹാ-ദിവ്യരൂപങ്ങളെ സ്വീകരിക്കുന്നതും, ഇപ്പോൾ കേരളത്തിലെ ഒരു ഹിന്ദു കുടുംബത്തിൽ 'മഹാദേവി' അവതരിച്ചിരിക്കുന്നതും ഗ്രന്ഥത്തിൽ വിശദീകരിക്കുന്നു. മഹാദേവിയുടെ മഹാദാസനും പരമാത്മാവും മഹാദേവനും മഹാപിതാവും മഹാനീതിപതിയും പരമശിവനുമായി മഹാദേവി ഉയർത്തിയിട്ടുള്ള സ്വഭാഗമായ ഗ്രന്ഥകാരനെ ഒരു മുസ്ലീം കുടുംബത്തിലും അവതരിപ്പിച്ചിരിക്കുന്നു; 'മത-ജാതി-വർഗ്ഗ-രാഷ്ട്രീയ-ദേശീയ-ജീവിപരമായ ബന്ധങ്ങളെ ഉപേക്ഷി(പ്പി)ച്ച് മനുഷ്യ രൂപത്തിൽ,' മഹാദേവിയുടെ മത്സ്യാവതാരത്തെ പ്രവേശിപ്പിച്ചും, ഓം കുറിച്ചും, സൂര്യനെ ഉൾപ്പെടെ മഹാപ്രപഞ്ചത്തിലെ എന്തും സൃഷ്ടിക്കാൻ കഴിയുന്ന മഹാസൂര്യനേത്രം (മൂന്നാം കണ്ണ്) പോലെയുള്ള മഹാശക്തികളെ മഹാഅനുഗ്രഹിച്ചു നൽകിയും പ്രവർത്തിപ്പിച്ചു തുടങ്ങിയിരിക്കുന്നു. (മഹാജ്ഞാനം ഒഴികെ, മഹാശക്തികളെ ആക്ടിവേറ്റ് ചെയ്തിട്ടില്ല!)**

**'ദൈവ വിപ്ലവം സംബന്ധിച്ച അടിയന്തര കാര്യങ്ങളെ ആവർത്തിച്ചിരിക്കുന്നു.' ഭൂമിയായ മഹാദേവിയുടെ മഹാകല്പന പ്രകാരം, മഹാദാസൻ പരമശിവൻ.**

| ഉള്ളടക്കം : ഭാഗം 1 ആമുഖം പേജ് 1-17 | പേജ് |
|---|---|
| **വിശേഷ ബുദ്ധിയും മനുഷ്യരും** | 21-23 |
| **ഭൂമി ദൈവമാണെന്ന് ശാസ്ത്രീയമായി തെളിയിക്കുന്നു.** | 24-38 |
| ..**ദൈവത്തിന്റെ ..സ്വത്വവും** ജീവികളുടെ **ജീവനുമാണ് ഓക്സിജൻ** | 39-41 |
| .. **ദ്രാവക രൂപവും, ജീവികളുടെ നിലനിൽപ്പുമാണ് 'ജലം'.** | 41-42 |
| **ദൈവത്തിന്റെ നീതി സംഹാര ഖര രൂപവും, ജീവികളുടെ ഏകശരണവും മഹാവാത്സല്ല്യവുമാണ് 'മണ്ണായ ഭൂമി'.** | 43-51 |
| **ശരീരവും ആത്മാവും** | 52-65 |
| **പൊതുകാര്യം, സ്വകാര്യം, ദൈവ കാര്യം** | 66- |
| **പൊതുകാര്യം + സ്വകാര്യം** | 70- |
| **വസ്ത്രധാരണം സ്വകാര്യം മാത്രമല്ല; പൊതുകാര്യം കൂടിയാണ്.** | 71-74 |
| **ദാഹജലം സൗജന്യമായി നൽകാൻ** വീട്ടുകാർക്കും **സർക്കാരിനും** കഴിയണം. | 71-77 |
| **വൃദ്ധ ജന സംരക്ഷണം : പെൻഷനുകൾ ദൈവീകമല്ല.** | 78-97 |
| Reverse Mortgage Loan | 89-92 |
| **ഭൂമി സമ്പത്തുകളിൽ അവകാശം നൽകുന്നു.** | 93-97 |
| **സേവനവും സമവേതനവും .. സാമ്പത്തിക ശാസ്ത്രം** | 98 |
| **എല്ലാ മനുഷ്യരുടെയും നിലനില്പ് ഭക്ഷണത്തെയും; എല്ലാ തൊഴിലുകളുടെയും വേതനത്തെ നിശ്ചയിക്കുന്നത് കൃഷിയെയും ആധാരമാക്കിയാണ്. .. സാമ്പത്തിക ശാസ്ത്രം** | 99- |
| **സ്ഥിരജോലി എന്നൊന്നില്ല. തൊഴിൽ സമയം** | 107-109 |
| **സ്വകാര്യ തൊഴിൽ** | 110-113 |
| **തൊഴിൽ : ദൂര വിദേശ വാസം** | 111-112 |
| മോഷണം.. ധർമ്മ ശാസ്ത്ര വിരുദ്ധമായ പ്രവൃത്തികൾ തൊഴിൽ അല്ല. | 117- |
| **തൊഴിൽ വിഭജനം - ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം** | 118-173 |

| | |
|---|---|
| **ഗ്രാമപഞ്ചായത്ത് : .. മാർഗ്ഗരേഖ** | 127-178 |
| പേപ്പർ കറൻസി ദൈവീകമല്ല. .. ലൈസൻസ്, രജിസ്ട്രേഷൻ പാടില്ല. | 143-155 |
| **ഇൻഷ്വറൻസ്.. ലോട്ടറി.. സൈന്യം, മദ്യം.. കോടതി .. പാടില്ല** | 153-164 |
| തൊഴിലില്ലായ്മ പൊതുകാര്യമല്ല; തൊഴിൽ അഭിരുചി ജന്മഗുണമാണ്. | 156-157 |
| 2020 **-ലെ വൈറസ് രോഗം കൃഷിയെയും** ധാർമ്മികതയും **ഉയർത്തി** | 174-178 |
| **ദൈവ കാര്യം: മഹാദേവി അവതരിച്ചു കഴിഞ്ഞു; ഗ്രന്ഥകാരൻ : മഹാദേവിയുടെ മഹാദാസൻ പരമശിവൻ** | 179-316 |
| 2020**-ലെ വൈറസ് രോഗം ദൈവ വിപ്ലവത്തിന്റെ മുന്നൊരുക്കം** | 184-215 |
| ഭൂമിയുടെ അന്തരീക്ഷം **മഹാനീതിയും മഹാഭരണാധികാരിയുമായ ഓക്സിജന്റെ മഹാനീതി നിർവ്വഹണ ശാല.** കാറ്റ്, കൊടുങ്കാറ്റ്, ജലപ്രവാഹം തുടങ്ങിയവ ജീവികളുടെ സ്വത്വമായ ആത്മാക്കളെ കൂട്ടത്തോടെ നാടും ദേശങ്ങളും കടത്താനുള്ള മഹാശാസ്ത്ര സംവിധാനം കൂടിയാണ്. | 189-192 - |
| **ഇന്ത്യ, കേരളം.. പ്രത്യേകത** : പേജ് 295.. | 194- |
| **ഭൂമീദേവിയെ നിന്ദിച്ച ഇന്ത്യയിലെ പ്രധാനമന്ത്രിക്ക് അയച്ച കത്ത്** | 200-214 |
| മൂലകങ്ങളിലെ ന്യൂനശക്തികൾ ധർമ്മശാസ്ത്ര ബന്ധനം ചെയ്യുന്നുണ്ട്. | 216-239 |
| **ഭൂമിയുടെ മൂലകങ്ങളിലെ പൗരത്വ നിയമം പാലിക്കാതെ പറ്റില്ല.** | 240- |
| **ദൈവീകമായും ലളിതമായും ജനസേവകരെ തെരഞ്ഞെടുക്കാം.** | 244-279 |
| **പോലീസ് സേനയ്ക്ക് ബാധകമാകുന്ന അധിക അംഗവൈകല്യം** | 266-272 |
| **പേറ്റന്റ് നിയമം പാടില്ല. യാതൊരു നികുതികളും പാടില്ല.** | 273-279 |
| **ഏകദൈവമായ ഭൂമി** | 273-279 |
| 4 മതങ്ങളുടെ സത്യാവസ്ഥ : ക്രിസ്തു.., ഇസ്ലാം, ബുദ്ധ.. & ഹിന്ദു മതം | 282-316 |
| **ഭക്തി കൊണ്ട് ദൈവം പ്രീതിപ്പെടില്ല; കൂട്ടിയാൽ ശിക്ഷ ഉറപ്പാണ്.** | 290-316 |
| **ഓംകാരം ഇപ്പോഴത്തെ രണ്ടാമത്തെ മഹാകാല ചക്രം മുതൽ..** | 317 |
| **ഏതാനും മുജ്ജന്മ പാപികൾ** | 318-330 |
| **വിവാഹവും ശവമടക്കലും ..** | 336-353 |

ഈ ദിവ്യമായ മഹാവേദഗ്രന്ഥം എഴുതി എഡിറ്റു ചെയ്ത മൊബൈൽ ഫോണും സോഫ്റ്റ്‌വെയറും ഇടയ്ക്കെല്ലാം പേജ് നമ്പർ ഉൾപ്പെടെയുള്ള എഡിറ്റിംഗിൽ തകരാറുകൾ കാട്ടിയിട്ടുണ്ട്. **ഓം നമഃ ശിവായ = മഹാശിവയെ നമിക്കുന്നു.**


| | | |
|---|---|---|
| | **ഭാഗം 2 ആയിട്ട് മുമ്പ് പ്രസിദ്ധീകരിച്ചതായ** www.omsathyam.com/GodlyRevolution/Aanandham.pdf **എന്ന ദിവ്യമഹാഗ്രന്ഥത്തെ കൂട്ടിച്ചേർത്തിരിക്കുന്നു.** ***ഉള്ളടക്കം*** | 354-1057 |
| 1 | **മൂലകങ്ങൾ =ഭൂമി=** 'കാമം ഒഴികെയുള്ള' ആനന്ദങ്ങൾ പേജ് : | 356-600 |
| 2 | **കാമ ആനന്ദം 'ചർമ്മത്തിലൂടെ'** ജീവാത്മാക്കൾ തമ്മിൽ മാത്രം | 505-564 |
| 3 | **ഭക്ഷണം** :ആനന്ദം മൊത്തം 40 അളവ്; ഒരുസമയം 5 അളവ് | 366-367 |
| 4 | **തൊഴിൽ** :ആനന്ദം മൊത്തം 20 അളവ്; ഒരുസമയം 5 അളവ് | 370-373 |
| 5 | **ദാനം (ത്യാഗം)** : ആനന്ദം 5 അളവ് | 374-378 |
| 6 | **പ്രിയം (ഭക്തി, ആദരം, ആരാധന)** : ആനന്ദം 5 അളവ് | 379-410 |
| 7 | **ദാസ്യം** 5, **വാത്സല്യം** 5, **പ്രേമം** 5, **പ്രേമ സാക്ഷാത്കാരം** 5 : **ആനന്ദം കാമം** : ജീവികളുടെ പരമാനന്ദം 25 **പേജ്** 151-210 | 395-564 |
| 8 | **ദൈവ ആനന്ദം : മഹാദാസ്യം** 30 **മഹാവാത്സല്ല്യം** 35 | 565-600 |
| 9 | **ഓംകാര നീതിശാസ്ത്രം** പേജ് 591-679 (ദേശം : പേജ് 620 - 637) **ഓം** 795-860 **ഓംകാരം** 861-881 **ബ്രഹ്മം** 680-717 **ഭൂമി** 718-740 **മഹാഭദ്രകാളി** 741-747 **പശു** 748-760 **മഹാദേവി** 761-769-791 **ഓം നമഃ ശിവായ** 792-804 | 601-679 741-747 761-791 792-804 |
| 10 | **സത്യം ശിവം സുന്ദരം** 805-874 + **മന്ത്രങ്ങൾ** 875-885 + **മഹാവേദം** 886-890 സൗജന്യം: PDF Files | 805-874 875-885 |
| 11 | ദൈവ വിപ്ലവം + **സംഹാരം @ മോക്ഷം** 791-794.. -882-1057 | 791-794 |
| 12 | **മഹാദേവി അവതരിച്ചുകഴിഞ്ഞു.** 771-791,891-894,980-1057 **പരമശിവ ക്ഷിപ്രകോപം** പേജ് 1004-1020 + **മായാശക്തി** + **അധികാരം** 1011- **അടിയന്തരാവസ്ഥ** 1020- **മായ** 1047-1057 | 771-1057 1004-1057 |

# 1 വിശേഷ ബുദ്ധിയും മനുഷ്യരും

**മത്സ്യം, സസ്യം, പക്ഷി, മൃഗം, എന്നീ ജീവികൾക്ക് 'വിശേഷ ബുദ്ധി' ലഭിച്ചിട്ടില്ലാത്തത് അവയുടെ കുറ്റങ്ങൾ കൊണ്ടോ, മനുഷ്യന് ലഭിച്ചിട്ടുള്ളത് മനുഷ്യരുടെ നേട്ടങ്ങൾ കൊണ്ടോ അല്ല. എല്ലാ ജീവികൾക്കും ബുദ്ധിയും 'വിശേഷ ബുദ്ധിയും' ലഭിക്കുകയാണ്; നിശ്ചയിക്കുന്നത് ജീവികളല്ല. അങ്ങനെയിരിക്കെ, മനുഷ്യന്റെ സ്വത്വമായ ജീവാത്മാവിന് 'വിശേഷ ബുദ്ധിയും അതിനു യോജിച്ച ശക്തികളും' പ്രത്യക്ഷമായി നൽകുന്ന ശരീരത്തിന്റെയും ഭൂമിയിലെ മറ്റെല്ലാ വസ്തുക്കളുടെയും മൂലമായ മൂലകങ്ങളെയും മൊത്തമായ ഭൂമിയെയും മനസ്സിലാക്കാൻ വിശേഷബുദ്ധി ഉചിതമായി ഉപയോഗിക്കേണ്ടത് മനുഷ്യന്റെ ബാദ്ധ്യതയാണ്.**

പ്രപഞ്ചത്തിലെ വസ്തുക്കളുടെ മഹാസൂക്ഷ്മവും സ്ഥൂലവുമായ ഏതൊരു ഘടകങ്ങളിലും, ലയിച്ചും ലയിപ്പിച്ചും പ്രവർത്തിക്കുന്ന ശക്തികളെയും അവയുടെ പ്രവർത്തന നിയമങ്ങളായ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രത്തെയും മനസ്സിലാക്കാൻ കഴിയുന്നതും, സൃഷ്ടികളിൽ മനുഷ്യനു മാത്രം ലഭിക്കുന്നുവെന്ന് മനുഷ്യർ കരുതുന്നതുമായ ബുദ്ധിശക്തിയെ 'വിശേഷ ബുദ്ധി' എന്ന് കാലാനുസൃതമായി നിർവ്വചിക്കാം. വസ്തുക്കളുടെ മൂലമായ മൂലകങ്ങളുടെ സൂക്ഷ്മരൂപമായ ആറ്റങ്ങളിലെ അതിസൂക്ഷ്മമായ പ്രോട്ടോൺ ഇലക്ട്രോൺ മഹാസൂക്ഷ്മ-ശബ്ദം ന്യൂട്രോൺ ക്വാർക്കുകൾ തുടങ്ങിയ ഘടകങ്ങളുടെ പ്രവർത്തന നിയമങ്ങളും കാലാനുസൃതമായി വിശേഷ ബുദ്ധിയുടെ ഭാഗമാകുന്നുണ്ട്. [മനുഷ്യരിൽ നിന്നും പദവി-കയറ്റം ലഭിച്ച ദേവതകൾക്കും മറ്റും വിശേഷബുദ്ധി ലഭിച്ചിരുന്നു !] പ്രപഞ്ചത്തിന്റെ ഉത്ഭവത്തെ ഗ്രഹിക്കാൻ കഴിയുന്നില്ലെങ്കിലും, ഭൂമി, ചന്ദ്രൻ, സൂര്യൻ, നക്ഷത്രങ്ങൾ തുടങ്ങിയവയുടെ ഘടനകളും പ്രവർത്തനങ്ങളും വ്യവസ്ഥാപിത നിയമങ്ങൾ പ്രകാരമാണ് സംഭവിച്ചു പോരുന്നത് എന്ന് ഗ്രഹിക്കാനുള്ള 'വിശേഷബുദ്ധിയെ' മനുഷ്യന്റെ ആത്മാവിന് 'ജീവികളുടെ ശരീരത്തിലേത് ഉൾപ്പെട്ട ഭൂമിയുടെ അംശങ്ങളായ മൂലകങ്ങൾ' ക്രമേണ നൽകുന്നുണ്ട്.

**പ്രപഞ്ചത്തിൽ മൊത്തത്തിലും, അംശമായ മൂലകങ്ങളിലും, ലയിച്ചിരിക്കുന്ന പരസ്പര ബന്ധിതമായ മഹാശാസ്ത്ര നിയമങ്ങളെ കണ്ടെത്താൻ പരിശ്രമിക്കാനും, കണ്ടെത്തുന്ന നിയമങ്ങളെയും മൂലകങ്ങളെയും കൊണ്ട് അനന്തമായ ആനന്ദങ്ങളെ ഭൂമിയിൽ നിന്നും നേടാനാവും എന്ന് ഗ്രഹിക്കാനും, നേടാനും, അനുഭവിക്കാനും 'വിശേഷ ബുദ്ധി' കൊണ്ടാണ് അടിസ്ഥാന പരമായി മനുഷ്യനു കഴിയുന്നത്.**

**മണ്ണായ ഭൂമിയിൽ നിന്നും നേരിട്ടും അല്ലാതെയും ലഭിക്കുന്ന വിഭവങ്ങളായ മൂലകങ്ങളെ, അവയിൽ ലയിച്ചിരിക്കുന്ന ഭൗതിക ശാസ്ത്ര നിയമങ്ങൾ പ്രകാരം ബഹുവിധ ഭക്ഷണ സാധനങ്ങളും, വസ്ത്രങ്ങളും, ആഭരണങ്ങളും, ഭവനങ്ങളും, വാഹനങ്ങളും, ... മൊബൈൽ ഫോണുകളും മറ്റുമായി പരിണമിപ്പിച്ച് ആനന്ദങ്ങളെ വർദ്ധിപ്പിച്ച് ജീവിക്കുകയാണ് ഭൂമിയിൽ എവിടെയും ജീവിക്കുന്ന മനുഷ്യർ എക്കാലവും ചെയ്തു പോരുന്നത്. എല്ലാ മനുഷ്യരുടെയും മറ്റുള്ള ജീവികളുടെയും ശരീരം ഉൾപ്പെടെ ഭൂമിയിലെ എല്ലാ വസ്തുക്കളും ഉണ്ടായിട്ടുള്ളത് മൂലകങ്ങൾ കൊണ്ടാണെന്നും അവയും സർവ്വതും മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ഭൗതിക (ധർമ്മ നീതി) ശാസ്ത്രങ്ങൾ പ്രകാരമാണ് പ്രവർത്തിക്കുന്നത് എന്നും വിശേഷ ബുദ്ധിയുള്ള മനുഷ്യർക്ക് ഇന്നറിയാം !.**

**വിശേഷ ബുദ്ധി കൊണ്ട് മനുഷ്യന് കണ്ടെത്താനും നേടാനും കഴിയുന്ന ആനന്ദങ്ങളെ ഉപയോഗിക്കാനും ആസ്വദിക്കാനും ധാർമ്മിക യോഗ്യത കൂടി നേടണം. മൂലകങ്ങളിൽ ഭൗതിക-ശാസ്ത്രത്തിന്റെ ഒപ്പം ലയിച്ചിരിക്കുന്ന 'ധർമ്മ നീതി ശാസ്ത്രങ്ങളെയും' പാലിച്ചിരിക്കണം എന്നത് സാമാന്യ മര്യാദയാണ് എന്നതിനപ്പുറം അവശ്യം ആവശ്യമാണ്. എന്തുകൊണ്ടെന്നാൽ; മൂലകങ്ങളുടെയും, പരിവർത്തിത രൂപമായ ശരീരങ്ങളുടെയും നിറവും മണവും രുചിയും ഉൾപ്പെടെയുള്ള ശക്തികളും അവയുടെ വ്യവസ്ഥാപിത പ്രവർത്തന നിയമങ്ങളായ ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങളും മൂലകങ്ങളുടെയും അവയുടെ മൊത്തമായ ഭൂമിയുടെയും സ്വന്തം അവകാശങ്ങളും അധികാരങ്ങളുമാണ്.**

എല്ലാ ജീവികളുടെയും സ്വത്വമായ ആത്മാക്കൾക്ക് എല്ലാ ജ്ഞാനവും ശക്തിയും ശരണവും ലഭിക്കുന്നത് ഭൂമിയുടെ അംശമായ മൂലകങ്ങളുടെ രൂപാന്തരമായ ശരീരം നൽകുമ്പോൾ മാത്രമാണ്. ഏകമഹാശരണമായ ഭൂമിയെ, ജീവികളെല്ലാം ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര കർത്താവും ഏകമഹാശക്തിയുമായി മനസ്സിലാക്കാൻ കഴിഞ്ഞാൽ ഭൂമിയുടെ അവകാശം ആർക്കാണെന്ന് അനേകം മനുഷ്യർക്കും ( പല ദേവതകൾക്കും) ഉണ്ടാകുന്ന എന്ന ചിന്ത തന്നെ വളരെ വലിയ ഭോഷത്തമാണെന്ന് സുവ്യക്തമാണ്.

ഒരു ഓരോ ജീവിയുടെയും ശരാശരി/പരമാവധി ആയുസ്സും അവയുടെ ശരീരത്തിന്റെ വളർച്ചയും, മഹാപൊരുത്തങ്ങളോടെ ആവിഷ്ക്കരിച്ചിരിക്കുകയാണ്. യുവാവോ യുവതിയോ ആയിരിക്കുന്ന ഒരു വ്യക്തി ഏതാനും വർഷം മുമ്പ് കുഞ്ഞായും കുട്ടിയായും കഴിഞ്ഞ അവസരത്തിലെ സ്വന്തം ഫോട്ടോകളെ മറിച്ചു നോക്കുക; ശേഷം തത്സമയം വരെ സംഭവിച്ചിരിക്കുന്ന ശാരീരിക വളർച്ചയെ വിശകലനം ചെയ്യുക. തനിക്കും ഉറ്റവർക്കും മറ്റുള്ളവർക്കും മറ്റുള്ള ജീവികൾക്കുമെല്ലാം വയസ്സായി മരിക്കും വരെയുള്ള ശാരീരിക വളർച്ചയെപ്പറ്റി ജീവികളുടെ സ്വത്വമായ ആത്മാക്കൾ യാതൊന്നും നിശ്ചയിക്കുകയോ അറിയുകയോ ചെയ്യുന്നില്ല എന്നും ശരീരത്തിന്റെ അകത്തും പുറത്തുമുള്ള (ഭൂമിയുടെ അംശമായ) മൂലകങ്ങൾ നിശ്ചയിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതിന് അനുസരിച്ച് ഭ്രൂണമായി ജനിക്കുകയും, ശേഷം കുഞ്ഞും കുട്ടിയും ചെറുപ്പക്കാരും വൃദ്ധരുമായി ആത്മാവിന് മാറ്റമുണ്ടാകുന്നതും മൂലകങ്ങൾ നിശ്ചയിക്കുന്നതു പോലെ ശരീരത്തിൽ നിന്നും പുറത്താക്കപ്പെട്ട് ഒരു ജന്മ ജീവിതം മരണം എന്ന പേരിൽ അവസാനിക്കുന്നതും ബോദ്ധ്യമാകുന്നതാണ്. മനുഷ്യർ ഉൾപ്പെടെ എല്ലാ ജീവികളുടെയും ശാരീരിക വളർച്ച ഒന്നുതന്നെയാണ്. മനുഷ്യരുടെ കാര്യത്തിൽ വിശേഷ ബുദ്ധിയുമായി ബന്ധപ്പെട്ട് ആത്മാവിന്റെ @ മനസ്സിന്റെ വളർച്ചയും അനുഭവ ജ്ഞാനവും ആനന്ദങ്ങളും വ്യത്യാസപ്പെട്ടിരിക്കുന്നു എന്നേയുള്ളൂ. ചുരുക്കത്തിൽ, ലഭ്യമായ വിശേഷ ബുദ്ധിയെ മനുഷ്യർ ഉചിതമായി ഉപയോഗിക്കണം.

| 2 | ഭൂമി, മഹാശക്തിയായ ദൈവമാണെന്ന് മഹാശാസ്ത്രപരമായി തെളിയിക്കുന്നു. |
|---|---|

**മൂലകങ്ങൾക്കും (ശരീരങ്ങൾക്കും) അവയുടെ മൊത്തമായ ഭൂമിക്കും 'ജീവനും സ്വത്വവും' ഉണ്ട്. അത് മനസ്സിലാക്കാൻ കഴിയുന്ന വിശേഷ ബുദ്ധി ലഭിച്ചെങ്കിലും മനുഷ്യർ വേണ്ടത്ര പ്രയോജനപ്പെടുത്തിയില്ല; മനുഷ്യർ ഉചിതമായി ശ്രദ്ധിച്ചില്ല. സൃഷ്ടിപരമായ വിധി, സ്ഥിതി പരമായ വിധി, മനുഷ്യരുടെ ധാർമ്മികമായ യോഗ്യത, തുടങ്ങിയവ ശാസ്ത്രപാഠ അവതരണത്തെ ബാധിക്കുകയും ചെയ്തു.**

**മൂലകങ്ങൾക്ക് ജീവൻ ഉണ്ടെന്നു മനസ്സിലാക്കാൻ ആധുനിക കാലഘട്ടത്തിൽ വളരെ എളുപ്പമാണ് :**

ജീവികളുടെയല്ലാം ശരീരവും ശവശരീരവും, കല്ലും മണ്ണും ഭക്ഷണവും മരുന്നുകളും, ഉൾപ്പെടെ ഭൂമിയിലുള്ള എല്ലാ വസ്തുക്കളും 'അനന്തമാക്കാൻ കഴിയുന്നതും ഏറെക്കുറെ 100-120 എണ്ണമെന്ന് പരിമിതപ്പെടുത്തിയിട്ടുമുള്ള മൂലകങ്ങൾ' ചേർന്ന് ഉണ്ടായിട്ടുള്ളതാണ്. മൂലകങ്ങളുടെ സൂക്ഷ്മ രൂപം ആറ്റം ആണ്. ആറ്റങ്ങളുടെ ഉള്ളിലെ അതിസൂക്ഷ്മമായ പ്രോട്ടോൺ ഇലക്ട്രോൺ ന്യൂട്രോൺ ക്വാർക്കുകൾ തുടങ്ങിയ ഘടകങ്ങളുടെ എണ്ണത്തിലും അടുക്കിലും വിന്യാസത്തിലുമുള്ള വ്യത്യാസങ്ങളാണ് നിറം മണം രുചി പ്രവർത്തനം തുടങ്ങിയ ശക്തികളുടെ രൂപാന്തരങ്ങളായ അനവധി മൂലകങ്ങളായി മാറിയിട്ടുള്ളത്. **ഭൂമിയിലെ എല്ലാ മൂലകങ്ങളും അവ ചേർന്ന വസ്തുക്കളും അനന്തമായ ആനന്ദങ്ങളെ നൽകുന്ന ഉല്പന്നങ്ങളും, മൂലകങ്ങളുടെ അളവും എണ്ണവും മറ്റും വ്യത്യാസപ്പെടുത്തി ക്കൊണ്ട് വ്യത്യസ്ത ധർമ്മ വ്യവസ്ഥകളോടെ ഉണ്ടായിട്ടുള്ള എല്ലാ ജീവികളുടെയും ശരീരങ്ങളും ആറ്റങ്ങളാണ്. ആറ്റങ്ങളിലെ പ്രോട്ടോണുകളെ ഇലക്ട്രോണുകൾ സദാ ചുറ്റുന്ന ശക്തി-പ്രവർത്തനത്തിൽ നിന്ന് ആറ്റത്തിനുള്ളിൽ 'എപ്പോഴും ജീവൻ അഥവാ ശക്തി' ഉണ്ടെന്നു തെളിയുന്നു. ശക്തി എപ്പോഴും അടിസ്ഥാന പരമായി സ്വയംഭൂവാണ്.**

ഭൂമിയുടെ അംശമായ മൂലകങ്ങളുടെ സൂക്ഷ്മ ഘടകമായ ആറ്റങ്ങളിൽ പ്രോട്ടോണുകളെ ഇലക്ട്രോണുകൾ സദാ ചുറ്റുന്ന ശക്തി പ്രവർത്തനം നടന്നു കൊണ്ടിരിക്കുന്നു എന്ന് ആധുനിക കാലത്തെ മനുഷ്യർക്ക് കുറെയൊക്കെ അറിയാം; വിശദമായി അറിയുകയുമില്ല. സ്ഥൂലരൂപമായ മൂലകങ്ങളുടെ ശക്തികളെ പ്പറ്റി ഇന്നും തുച്ഛമായ അറിവാണ് ഉള്ളത്. മൂലകങ്ങളുടെ സ്ഥൂല രൂപങ്ങളായ മണ്ണും മണലും കല്ലും മരവും ഒക്കെ നിർജ്ജീവമാണെന്നു കരുതുന്ന അനേകം ജനങ്ങൾ, ആസിഡുകൾ, പൊട്ടാസ്യം, സോഡിയം, ഫോസ്ഫറസ് തുടങ്ങിയ ചില മൂലകങ്ങളും സംയുക്തങ്ങളും രാസപ്രവർത്തനം നടത്തുന്നതാണ് എന്നും അല്പസ്വല്പം അറിയുന്നുണ്ട്. സ്ഥൂല രൂപത്തിലുള്ള മൂലകങ്ങൾ സ്വന്തം ഇഷ്ടപ്രകാരം മനുഷ്യർ ഉൾപ്പെടെയുള്ള ജീവികളുടെയെല്ലാം ശരീര-അവയവങ്ങളായി ചിട്ടകളോടെ രൂപാന്തരപ്പെടുകയാണ് എന്നതിനെക്കുറിച്ച് വിശേഷ ബുദ്ധി ലഭിച്ചിട്ടുള്ള മനുഷ്യർ തീർച്ചയായും വിശകലനം ചെയ്യണം. വാതക രൂപത്തിലുള്ള മൂലകങ്ങൾ ഭൂമിയുടെ അന്തരീക്ഷമായി പ്രവർത്തിക്കുന്നതും, എല്ലാ ജീവികൾക്കും ജീവൻ നൽകിയും ഭരിച്ചും കൊണ്ട് ഓക്സിജൻ അന്തരീക്ഷം മുഴുവൻ പ്രവർത്തിക്കുന്നതും, ഓക്സിജൻ അന്തരീക്ഷത്തിൽ നിന്നും പിൻവാങ്ങിയാലുമുള്ള അവസ്ഥയെ വിശകലനം ചെയ്യണം. ഓക്സിജനും ഹൈഡ്രജനും ചേർന്ന് സ്വന്തം ഇഷ്ടപ്രകാരം ജലമായി തോട്, പുഴ, കായൽ, കുളം, നദി, കടൽ-സമുദ്രം, മഞ്ഞുമലകൾ, നീരാവി, മഴ, കിണർ എന്നിവയെ ഒരുക്കി ഇല്ലായിരുന്നെങ്കിൽ ! മണ്ണിൽ സസ്യങ്ങൾ ഉണ്ടായില്ലെങ്കിൽ ! മൂലകങ്ങളുടെ സ്ഥൂല രൂപമായ ഭൂമി എല്ലാ ജീവികളെയും എന്തും എങ്ങനെയും ചുമന്നു കൊണ്ട് സർവ്വത്തിനും എല്ലായ്പ്പോഴും ശരണം നൽകുന്നത് മഹാ-ശക്തിപ്രവർത്തനം അല്ലേ? നിർജ്ജീവം പോലെ തോന്നുന്ന മഹാസ്ഥൂല രൂപമായ ഭൂമി ഗുരുത്വാകർഷണ ശക്തികളെ (gravitation) പ്രത്യക്ഷമായി ത്തന്നെ സൃഷ്ടിക്കുന്നതു കൊണ്ടാണ് മനുഷ്യർ ഉൾപ്പെടെയുള്ള ജീവികൾക്ക് ഭൂമിയിൽ ജീവിക്കാൻ കഴിയുന്നത് എന്ന് തിരിച്ചറിയാൻ വിഷമം എന്താണ്? മണിക്കൂറിൽ ഏറെക്കുറെ 1600 കിലോമീറ്റർ വേഗതയിൽ സ്വയം ചുറ്റി ദിവസത്തെയും; 1,07,000 കിലോമീറ്റർ വേഗതയിൽ സൂര്യനെ ചുറ്റി വർഷത്തെയും സൃഷ്ടിക്കുമ്പോൾ കാലവും ഭൂമി തന്നെ !

സൃഷ്ടിയും ഭൂമിയുടെ കുഞ്ഞുമായ ഓരോ ആത്മാവിനും ഓരോ ദൈവം എന്ന പോലെ, ജീവിയെന്ന ഭൗതിക അസ്തിത്വത്തെയും ശക്തികളെയും ജ്ഞാനത്തെയും ആനന്ദങ്ങളെയും അനന്തമായി നൽകുന്നത് ഭൂമിയായ ദൈവത്തിന്റെ അംശമായ ശരീരമാണ്. വേദനകൾ ഉൾപ്പെടെ എല്ലാ ആനന്ദങ്ങളെയും അനന്തമായി ആത്മാവിനു ലഭ്യമാക്കുമ്പോൾ തന്നെ ആനന്ദങ്ങൾക്കെല്ലാം അതീതമാണ് ആനന്ദങ്ങളെ സൃഷ്ടിക്കുന്ന ഭൂമിയായ ദൈവം എന്നും തെളിയിക്കുന്നു. വൈവിധ്യമാർന്ന മാമ്പഴങ്ങളും അനന്തമായ രുചികളും മണങ്ങളും നാവിൽ രുചിമുകുളങ്ങളും നൽകി ആത്മാക്കളെ അനന്തമായി ആനന്ദിപ്പിക്കാൻ ശ്രദ്ധിക്കുന്ന ശരീരവും ഭൂമിയും ഉദാഹരണമാണ്. ആനന്ദങ്ങളും ശക്തികളും കൂടാതെ; ആത്മാവിനു നൽകിയിരിക്കുന്ന സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തിൽ ഇടപെടാതെ ശ്രദ്ധിക്കുകയും, ഒപ്പം മഹാനീതിശാസ്ത്ര പ്രകാരം ഓരോ ആത്മാവിന്റെയും മേൽ നേരിട്ട് മഹാവാത്സല്ല്യത്തോടെ മഹാനീതി നടപ്പാക്കുകയും ചെയ്യുന്നു.

മണ്ണും കല്ലും മറ്റും ശക്തികളാണെന്നു ബോദ്ധ്യപ്പെടുത്താൻ സ്വയം മായാപരമായി അവ ചലിച്ചു കൊണ്ടിരുന്നാൽ മനുഷ്യർക്ക് ആനന്ദത്തോടെയും സ്വാതന്ത്ര്യത്തോടെയും ജീവിക്കാൻ കഴിയുന്നതല്ല. മൂലകങ്ങളുടെയും അവയുടെ രൂപാന്തരമായ ശരീരങ്ങളുടെയും മൊത്തമായ ഭൂമി ദൈവമാണെന്ന് സദാ ഓർമ്മിപ്പിച്ചു കൊണ്ടിരുന്നാൽ മനുഷ്യർക്ക് സ്വതന്ത്ര്യത്തോടെ ആനന്ദിച്ചു ജീവിക്കാൻ കഴിയില്ല. എല്ലാ മൂലകങ്ങളുടെയും മൂലമായും ഭൂമിയുടെ സ്വത്വമായും 1+1 = 2 മൂലകങ്ങൾ ഉണ്ടെന്ന് ചുവടെ മഹാശാസ്ത്രപരമായി തെളിയിച്ചിട്ടുള്ളതു കൂടാതെ, എല്ലാ മൂലകങ്ങളുടെയും ആറ്റങ്ങളിൽ, പ്രപഞ്ചത്തിന് അതീതമായ ബ്രഹ്മം മഹാശബ്ദം കൂടിയായ **ഓം** ആയും ലയിച്ചിട്ടുണ്ട്. ശബ്ദബ്രഹ്മത്തിന്റെ ഒരു സവിശേഷത, ജീവികളെയും ഏതൊരു മൂലകത്തെയും ഗ്രഹങ്ങളെത്തന്നെയും സൃഷ്ടിക്കാനും പരിപാലിക്കാനും സംഹരിക്കാനും പ്രത്യക്ഷമാക്കാനും അപ്രത്യക്ഷമാക്കാനും ഉൾപ്പെടെ എന്തും മഹാശക്തി കൂടിയായ ശബ്ദബ്രഹ്മത്തിന് ഒരു നിമിഷ നേരത്തിനുള്ളിൽ തന്നെ കഴിയും. മായാ അനുഭവങ്ങൾ ഉണ്ടായിട്ടുള്ളവർക്ക് കുറെ അറിയാം !

സർവ്വവും ഉണ്ടായിട്ടുള്ളത് 'മഹാശക്തിയായ ദൈവം, **മായ** എന്നു പേരു വച്ചിട്ടുള്ള ശക്തിയിൽ നിന്നുമാണ് '. **മഹാശക്തി** എന്നും '**മായ**'ക്ക് അർത്ഥമുണ്ട്. മായാശക്തികളെ പ്രത്യക്ഷമായി പ്രകടിപ്പിച്ചു കൊണ്ടിരുന്നാൽ മനുഷ്യരുടെ ജീവിതത്തിലെ താളം തെറ്റുന്നതും മായാശക്തികളെ ലഭിക്കാനായും മറ്റും മനുഷ്യർ പ്രപഞ്ചത്തെ മുഴുവനായോ ഭാഗികമായോ അവഗണിക്കുന്നതും ആണ്. അങ്ങനെ സംഭവിച്ചു കൂടാ. അതേസമയം, മായാ-ശക്തികളെ മഹാശാസ്ത്ര നിയമങ്ങളോടെ പ്രവർത്തിപ്പിച്ചാണ് സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ദൈവം നിർവ്വഹിക്കുന്നത്. ദൈവത്തിന്റെ ആദിയും അന്തവും ഇല്ലാത്ത മഹാശക്തികളെയും മഹാജ്ഞാനത്തെയും ലയിപ്പിച്ച് ദൈവം ഭൂമിയെന്ന മഹാരൂപത്തെ സ്വീകരിച്ചു കൊണ്ട് കുഞ്ഞുങ്ങളായ ആത്മാക്കൾക്ക് അനന്തമായ ആനന്ദങ്ങളെ നൽകുകയും, വർദ്ധിപ്പിക്കുകയും ചെയ്യുമ്പോൾ കുഞ്ഞുങ്ങൾ വഴിതെറ്റി ജീവിച്ചു കൂടാ. കുഞ്ഞുങ്ങളായ ആത്മാക്കൾക്ക് വഴിതെറ്റുമ്പോൾ തിരുത്താനായി ന്യൂനശക്തികളെയും മൂലകങ്ങളിൽ ലയിപ്പിച്ചിട്ടുണ്ട്. ന്യൂനശക്തികളെ വിവരിക്കുന്ന അദ്ധ്യായങ്ങളിൽ മഹാശാസ്ത്ര പരമായ വിശദീകരണം ലഭ്യമാണ്. **ഭൗതിക അസ്തിത്വം ഇല്ലാത്ത കോപ്രായങ്ങളെ മൂലകങ്ങളിലെ ന്യൂനശക്തികൾ ചെറുതും വലുതുമായ നടപടികളിലൂടെ തിരുത്തുമ്പോൾ, അന്ധവിശ്വാസങ്ങളും അനാചാരങ്ങളും താൽക്കാലികമായോ സ്ഥിരമായോ ഒഴിവാക്കിയും മാറ്റിവെച്ചും കൊണ്ട് മനുഷ്യരായി അണിനിരക്കാനും മഹാശാസ്ത്ര സാങ്കേതിക വിദ്യകളെ ആശ്രയിക്കാനും മഹാശാസ്ത്രം പ്രകാരം മാത്രം (ജീവിക്കാനും) പ്രവർത്തിക്കാനും തയ്യാറാകുന്നത് സാധാരണമാണ്.** പെരുമഴ, പ്രളയം, കൊടുംചൂട്, കാട്ടുതീ, കൊടുങ്കാറ്റ്, ഭൂചലനം, സുനാമി, പുതിയ രോഗങ്ങൾ തുടങ്ങിയവ ഉദാഹരണങ്ങളാണ്. **ഭൂമിയിലെ എല്ലാ ആത്മീയ-രാഷ്ട്രീയ കോപ്രായങ്ങളെയും പിഴുതെറിഞ്ഞു കൊണ്ട് ഉടനെയുള്ള ദൈവ വിപ്ലവത്തിന്റെ മുന്നോടിയായി ഭൂമിയിലെ എല്ലാ ജനസമൂഹങ്ങളിലും വ്യാപിച്ച വൈറസ് രോഗങ്ങളും ഉദാഹരണം തന്നെയാണ് ! ചുവടെ ദൈവകാര്യത്തിൽ വിശദീകരിച്ചിട്ടുണ്ട്**

## മൂലകങ്ങൾക്കും, അവ കൊണ്ട് ഉണ്ടാക്കിയിട്ടുള്ള ജീവികളുടെ ശരീരങ്ങൾക്കും, മൊത്തമായ ഭൂമിക്കും ജീവൻ അഥവാ ശക്തി ഉണ്ടെന്നതു കൂടാതെ, 'മഹാ-സ്വത്വം' ഉണ്ടെന്നു മനസ്സിലാക്കാനും വളരെ എളുപ്പമാണ് :

**സാധാരണവും ലളിതവുമായ 3 വസ്തുതകളെ കുറിക്കാം :**
(1) മനുഷ്യൻ ഉൾപ്പെടെ ജീവികളുടെയെല്ലാം ജനനം മുതൽ മരണം വരെയുള്ള ജീവിതത്തിൽ ഏറ്റവും കൂടുതൽ ലഭിക്കുകയും അനുഭവിക്കുകയും ആനന്ദിക്കുകയും ചെയ്യുന്ന ഭക്ഷണ-ആനന്ദത്തെ വിശകലനം ചെയ്യുക :- മനുഷ്യന്റെ 'സ്വത്വവും ഞാൻ-ബോധവുമായ ആത്മാവ് ' വിശപ്പിനെ അനുഭവിക്കുകയും; മൂലകങ്ങളാകുന്ന ശരീരം (സ്വയം) വിശപ്പിനെ ഉണ്ടാക്കുകയുമാണ്.

പാൽ, ഫലങ്ങൾ, ധാന്യങ്ങൾ, മുട്ട, മത്സ്യം, മാംസം, പച്ചക്കറികൾ, തുടങ്ങിയ ഭക്ഷണ സാധനങ്ങൾ മറ്റുള്ള ജീവികളുടെ ശരീരത്തിലെ ഉല്പന്നങ്ങളും ഭാഗങ്ങളുമാണെന്നും അടിസ്ഥാന പരമായി ഭൂമിയിലെ മൂലകങ്ങൾ ആണെന്നും വിശേഷ ബുദ്ധി ലഭിച്ചിട്ടുള്ള മനുഷ്യന് ഇന്നറിയാം. മനുഷ്യന്റെ സ്വത്വമായ ആത്മാവ് സ്വയമേവയോ നിർബ്ബന്ധിക്കപ്പെട്ടോ, അറിഞ്ഞും അറിയാതെയും കഴിക്കുന്ന അനന്തമായ ഭക്ഷണ പാനീയങ്ങൾ, ഇഞ്ചക്ഷൻ ഉൾപ്പെടെയുള്ള മരുന്നുകൾ, മദ്യം, മയക്കുമരുന്നുകൾ, വിഷം, തുടങ്ങിയവയുടെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള രുചി, മണം, സംതൃപ്തി വേദനകൾ മരണം, തുടങ്ങിയ ആനന്ദങ്ങളെയും ശക്തികളെയും 'ശരീരമായി പരിവർത്തനം സംഭവിച്ച മൂലകങ്ങളും, ശരീരത്തിലേക്ക് പ്രവേശിക്കുന്ന മൂലകങ്ങളും' സ്വത്വമായ ആത്മാവിനു നൽകുന്നത് ആത്മാവ് അനുഭവിക്കുന്നതും അറിയുന്നതുമായ സത്യമാണ്. മറ്റുള്ള ജീവികൾക്കും ആത്മാവ് ഉണ്ടാവുമെന്ന് ചിന്തിക്കാനാവുന്ന മനുഷ്യൻ അതെല്ലാം മറന്നും മറച്ചും മറ്റുള്ള ജീവികളെ പ്പോലെ, ശരീരമാകുന്ന മൂലകങ്ങൾ ഉണ്ടാക്കുന്ന വിശപ്പ് മാറ്റാനും, ഭക്ഷണമാകുന്ന മൂലകങ്ങളിൽ നിന്നും ശരീരമാകുന്ന മൂലകങ്ങൾ വേർതിരിച്ചു നൽകുന്ന ആനന്ദങ്ങളെയും ശക്തികളെയും നേടാനുമായി ശരീരമായ മൂലകങ്ങൾ നൽകുന്ന ശക്തികളും ജ്ഞാനവും കൊണ്ട് 'മറ്റു ജീവികളുടെ ശരീരഭാഗവും മൂലകങ്ങളും ആകുന്ന ഭക്ഷണം' നേടിയും ഭക്ഷിച്ചുമാണ് ജീവിക്കുന്നത്.

ഭക്ഷണപദാർത്ഥങ്ങൾ, മരുന്നുകൾ തുടങ്ങിയ മൂലകങ്ങളിൽ നിന്നും ലഭിക്കുന്ന ബഹുവിധ ശക്തികളായ ഘടകങ്ങളെ അനന്തമായ ശരീര കോശങ്ങളുടെ നിർമ്മാണം, വിസർജ്ജനം, രോഗങ്ങൾ, രോഗപ്രതിരോധം, ശരീരത്തിൽ സംഭവിക്കുന്ന മുറിവുകളെ ഉണക്കൽ, അവയവ വളർച്ച, പ്രത്യുല്പാദനം, ചുളിവുകളും നിറവും നരയും ക്ഷതങ്ങളും കൊണ്ടുള്ള ശരീര രൂപമാറ്റം, തുടങ്ങിയ അനന്തമായ കാര്യങ്ങൾക്ക്, ആത്മാവിന്റെ അറിവോ സമ്മതമോ വിഷയം പോലുമാക്കാതെ ശരീരത്തിന്റെ ഭാഗമായ മൂലകങ്ങളും, ശരീരത്തിലേക്ക് പ്രവേശിക്കുന്ന മൂലകങ്ങളും സ്വയം നിശ്ചയിക്കുകയും നിർവ്വഹിക്കുകയുമാണ്. മൂലകങ്ങൾ ദൈവാംശമാണെന്നും, മൂലകങ്ങളുടെ മൊത്തമായ ഭൂമി ദൈവമാണെന്നും അത് ഗൂഢമായി വെളിപ്പെടുത്തുന്നുണ്ട്.

**പാമ്പിന്റെ വിഷം,** പൊട്ടാസ്യം സയനൈഡ് തുടങ്ങിയ മൂലകങ്ങളും സംയുക്തങ്ങളും അറിഞ്ഞും അറിയാതെയും മനുഷ്യൻ ഉൾപ്പെട്ട ജീവികളുടെ ശരീരത്തിൽ പ്രവേശിച്ചാൽ, **അവയും ശരീരത്തിലെ മൂലകങ്ങളും, അവയിലെല്ലാം ലയിച്ചിരിക്കുന്ന ശക്തികളും നിയമങ്ങളും പ്രകാരം പ്രവർത്തിക്കുകയും** സ്വത്വമായ ആത്മാവിന് എന്തെങ്കിലും ആഗ്രഹിക്കാനുള്ള അവസരം പോലും നിഷേധിച്ച് ആത്മാവിനെ പുറത്താക്കി, **ജീവിക്ക്** ബോധക്ഷയമോ **മരണമോ** നൽകിയെന്നു വരും. മൂലകങ്ങൾ നിശ്ചയിക്കുന്ന ഹൃദയ -സ്തംഭനവും, രക്തം വാർന്നുള്ള മരണവും മറ്റ് ഉദാഹരണങ്ങളാണ്.

ശരീരത്തിന്റെ ഭാഗമായ മൂലകങ്ങളും, ശരീരത്തിലേക്ക് പ്രവേശിക്കുന്ന മൂലകങ്ങളും സ്വയം നിശ്ചയിക്കുകയും നിർവ്വഹിക്കുകയുമാണ് എവിടെയും സംഭവിക്കുന്നത്.

**സ്വന്തമെന്ന് കരുതുന്ന 'ശരീരത്തിൽ' പ്രത്യക്ഷമായി സംഭവിക്കുന്ന മേല്പടി പ്രവർത്തനങ്ങളെ ചെയ്യുന്നത് ജീവികളുടെ സ്വത്വമായ ആത്മാക്കളല്ലാ; മറിച്ച് ശരീരം സ്വയം ചെയ്യുകയാണ്** എന്നതിൽ നിന്ന്, മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളുടെ സ്വത്വമായ ആത്മാവ് 'അറിയാത്തതും ഗൂഢവുമായ ഒരു ഭൗതിക സ്വത്വം' കൂടി മൂലകങ്ങൾക്കും ശരീരത്തിനും അവയുടെ മൊത്തമായ ഭൂമിക്കും, വേറിട്ടുണ്ടെന്ന് സുവ്യക്തമാണ്.

(2) സസ്യങ്ങളുടെ വേര്/കിഴങ്ങ്, തണ്ട്/തടി, ഇല, പൂവ്, കായ്, ഫലം/പഴം എന്നിവ ഉൾപ്പെടെ ജീവികളുടെയെല്ലാം ശരീരങ്ങളെ അന്യോന്യം ഭക്ഷണ സാധനങ്ങളായും വേറിട്ട രുചികളും ഗുണങ്ങളും മണങ്ങളും ഉള്ളവയായും നിശ്ചയിച്ചിട്ടുള്ളത് ജീവികളുടെ സ്വത്വമായ ആത്മാവല്ല. മനുഷ്യ ശരീരത്തിലെ അവയവങ്ങളും പ്രവർത്തനങ്ങളും, സ്ത്രീ പുരുഷൻ നിറം മുഖഛായ അഭിരുചി തുടങ്ങിയ ജന്മഗുണങ്ങൾ എന്നിവയെ നിശ്ചയിച്ചത് മനുഷ്യൻ/വ്യക്തി അല്ലാ എന്നതുപോലെ മറ്റുള്ള ജീവികളുടെ സ്വത്വത്തിനും ശരീരത്തിന്റെ പ്രവർത്തനങ്ങളെ അടിസ്ഥാന പരമായി അറിയില്ല; വിശേഷ ബുദ്ധി ലഭിച്ചിട്ടില്ലാ എന്നതുകൊണ്ട് ആവക ബോധവും ഇല്ല; അവയുടെ ജീവിതത്തിന് വിശേഷ ബുദ്ധിയുടെ ആവശ്യവുമില്ല. ഉദാഹരണത്തിന് മിന്നാമിനുങ്ങുകളെ മിന്നിക്കുന്നതും ഓന്തിന്റെ നിറം മാറ്റുന്നതും അവയുടെ ശരീരം സ്വയമാണ്; സ്വത്വമായ ആത്മാവല്ല.

**വിശേഷ ബുദ്ധി ലഭിച്ചിട്ടുള്ള മനുഷ്യന്, അവയവ മാറ്റം, മൂലകങ്ങളെ ഉപയോഗിച്ച് കണ്ണിലെ തിമിരത്തിന് ലെൻസ്, എല്ലൊടിയുമ്പോൾ സ്റ്റീൽകമ്പി എന്നിങ്ങനെ മൂലകങ്ങളായ കൃത്രിമ അവയവങ്ങളെ വച്ചുപിടിപ്പിക്കൽ, ശരീരത്തെയും ആത്മാവിനെയും ഉത്തേജിപ്പിക്കുന്ന മയക്കുമരുന്നുകളും മരുന്നുകളും, തുടങ്ങിയവ കൊണ്ട് കഴിയുന്നുണ്ട്. അതായത്, മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ശക്തികളെയും അവയുടെ പ്രവർത്തന നിയമങ്ങളെയും ഉപയോഗപ്പെടുത്താൻ, മൂലകങ്ങളും അവയുടെ മൊത്തമായ ഭൂമിയും മനുഷ്യരെ അനുഗ്രഹിച്ച് അനുവദിക്കുകയാണെന്ന് മൂലകങ്ങൾ തന്നെ നൽകുന്ന 'വിശേഷ ബുദ്ധി കൊണ്ട് മനസ്സിലാക്കാൻ കഴിയും.' ജീവികളുടെ ശരീരം, അവയവങ്ങൾ എന്നിവയുടെ ഘടനകളെയും പ്രവർത്തനങ്ങളെയും പ്രവർത്തന നിയമങ്ങളെയും, ഭൂമിയും അംശങ്ങളായ മൂലകങ്ങളും, ശരീരമായി പരിണമിച്ചിട്ടുള്ള മൂലകങ്ങളും സ്വതന്ത്രമായും സംയുക്തമായും, 'ഏകമഹാശക്തിയും അംശങ്ങളുമായി' നിശ്ചയിക്കുകയും നിർമ്മിക്കുകയുമാണ്.** ശരീരത്തിന്റെ ഉടമയെന്ന് കരുതുന്ന ആത്മാവിന് യഥാർത്ഥത്തിൽ പങ്കില്ല!

**(3) ലാബോറട്ടറികളിലും മറ്റും ആസിഡുകൾ, ആൽക്കലികൾ, സോഡിയം, പൊട്ടാസ്യം, ഫോസ്ഫറസ്, ബോംബ് തുടങ്ങിയ മൂലകങ്ങളും സംയുക്തങ്ങളും പ്രത്യക്ഷമായി തന്നെ ശബ്ദം, സ്ഫോടനം, പുക തുടങ്ങിയ അകമ്പടിയോടെ പ്രവർത്തിക്കുന്നത് അവയിലെ ശക്തികളും ശാസ്ത്രനിയമങ്ങളും പ്രകാരം സ്വയമാണ്.**

ആത്മാവിന് ശരീരത്തിന്റെ ആന്തരികമോ ബാഹ്യമോ ആയ അവയവങ്ങളെ/ മൂലകങ്ങളെ പ്രവർത്തിപ്പിക്കാൻ കഴിയുന്നത് മൂലകങ്ങൾ നൽകുന്ന ശക്തികളും ജ്ഞാനവും ചലന-സ്വാതന്ത്ര്യവും കൊണ്ടു മാത്രമാണ്. മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ശക്തികളും ശാസ്ത്രങ്ങളും പ്രകാരം സ്വയം പ്രവർത്തിക്കുന്നവയായ മൂലകങ്ങളെല്ലാം അടിസ്ഥാന പരമായി ആത്മാവിന്റെ ആഗ്രഹങ്ങളെ പൂർത്തീകരിക്കുകയാണ്.

മൂലകങ്ങളെ കൊണ്ട് ഉണ്ടായിട്ടുള്ളവയാണ് ജീവികളുടെയെല്ലാം ശരീര കോശങ്ങളും അവയവങ്ങളും, ഭക്ഷണ സാധനങ്ങളും മരുന്നും മദ്യവും വിഷവും, ഉൾപ്പെടെ ഭൂമിയിലെ എല്ലാ വസ്തുക്കളും. **ജീവിയുടെ സ്വത്വമായ ആത്മാവ് ഉറങ്ങുമ്പോഴും, ബോധക്ഷയം സംഭവിക്കുമ്പോഴും; ശരീരം എല്ലായ്പ്പോഴും സ്വയം ചെയ്യുന്ന ശ്വസനം, കോശങ്ങളുടെ നിർമ്മാണം, ശരീര വളർച്ച, ദഹനം, വിസർജ്ജനം, ശരീരത്തിൽ സംഭവിക്കുന്ന പഴുപ്പ്, മുറിവുണങ്ങൽ, രോഗങ്ങളും, രോഗമുക്തിയും, ശവശരീരങ്ങളുടെ ചീയൽ തുടങ്ങിയ എല്ലാ പ്രവർത്തനങ്ങളും മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ആനന്ദങ്ങളും സ്വാതന്ത്ര്യവും ചേർന്ന ശക്തി, ശാസ്ത്ര നിയമങ്ങൾ (ജ്ഞാനം) എന്നിവയെ അടിസ്ഥാനമാക്കി മൂലകങ്ങളുടെ സ്വത്വം ബോധത്തോടെ സ്വയം ചെയ്യുകയാണ്. ഭക്ഷണം, മരുന്നുകൾ, ആധുനിക കാലത്തെ സങ്കീർണ്ണമായ സർജറികൾ, തുടങ്ങിയവയും മൂലകങ്ങളുടെ ശക്തികളെയും പ്രവർത്തനങ്ങളെയും ആശ്രയിച്ചിരിക്കുന്നു. വിശേഷ ബുദ്ധി കൊണ്ട് മനുഷ്യരിലെ എല്ലാ വിഭാഗം ജനങ്ങൾക്കും കാലക്രമേണ ആവക അറിവ് ലഭിക്കുന്നുമുണ്ട്.**

നിർജ്ജീവമെന്നും ജീവാത്മാവിന്റെ സ്വന്തമെന്നും തെറ്റിദ്ധരിച്ചു പോരുന്ന ശരീരത്തിന്റെ അകത്തും പുറത്തുമുള്ള മൂലകങ്ങളും ശരീരങ്ങളും അവയുടെ മൊത്തമായ ഭൂമിയും സ്വയം നിർവ്വഹിക്കുന്ന മേല്പടി പ്രവർത്തനങ്ങളിൽ ജീവിയുടെ സ്വത്വമായ ആത്മാവിന് യാതൊരു പങ്കുമില്ലെന്നത് അതീവ ഗുരുതരമാണ്.

**ജീവികളുടെ സ്വത്വമായി ആത്മാക്കൾ ഉണ്ടെന്നതിനും ഉപരിയായി 'ജീവികളുടെ ശരീരങ്ങൾക്ക് അകത്തും പുറത്തുമുള്ള മൂലകങ്ങൾക്കും മൊത്തമായ ഭൂമിക്കും' വേറിട്ട ഗൂഢമായ സ്വത്വം ഉണ്ടെന്നാണ് അതിന്നർത്ഥം.**

**ഭൂമിയിലുള്ള എല്ലാ മനുഷ്യരുടെയും മറ്റുള്ള ജീവികളുടെയും ജീവിതമെന്നത് അവയുടെ സ്വത്വമായ ആത്മാക്കളുടെ മാത്രം ജീവിതമാണ്. ആത്മാക്കളുടെ ജീവിതം, ഭൂമിയുടെ അംശമായ മൂലകങ്ങളെയും ശരീരത്തെയും അവയിലെ ശക്തികളെയും മഹാശാസ്ത്ര നിയമങ്ങളെയും ആശ്രയിച്ചിരിക്കുന്നു എന്നും അവ ആത്മാവിനെ ഭരിക്കുന്നുണ്ട് എന്നും, അങ്ങനെ പ്രവർത്തിക്കുന്നത് ആത്മാക്കൾക്കു വേണ്ടി മാത്രമാണെന്നും സുവ്യക്തമാകുന്നു.**

സമ്പൂർണ്ണമായ സ്വാതന്ത്ര്യവും സ്വാഭിമാനവും അവകാശങ്ങളും അധികാരങ്ങളും കുഞ്ഞുങ്ങളായ ആത്മാക്കൾക്ക് നൽകാനായി **'മഹാശക്തിയായ ഭൂമിയും, അംശമായ മൂലകങ്ങളും മൂലകങ്ങളുടെ രൂപാന്തരമായ ശരീരങ്ങളും' മഹാദാസ്യ സേവനങ്ങളെ മഹാവാത്സല്ല്യത്തോടെ പ്രത്യക്ഷമായി ചെയ്യുകയും ഭാഗികമായ ഗൂഢത സ്വീകരിക്കുകയുമാണ്.** മഹാശക്തിയും ഭൂമിയുമായ ദൈവവും, അംശമായ മൂലകങ്ങളും ശരീരങ്ങളും പ്രത്യക്ഷമാണെങ്കിലും കൂടുതൽ വിശേഷ ബുദ്ധി ലഭിച്ചെങ്കിൽ മാത്രമേ ആത്മാവിന് മനസ്സിലാവൂ. അതേസമയം, **അസ്തിത്വം പോലും സ്വന്തമല്ലാത്തതും നിർജ്ജീവവുമായ ആത്മാവിനെ കാണാൻ 'ശരീരമായ ദൈവാംശം' കനിയണം. ശരീരം നിശ്ചയിച്ചു നൽകുന്ന 'നിറം സൗന്ദര്യം മുഖചരായ' തുടങ്ങിയ ജന്മഗുണങ്ങളെ ചർമ്മത്തിലൂടെ വ്യാപരിപ്പിച്ച് ആത്മാവിനെയും ശരീരം ഫലത്തിൽ പ്രത്യക്ഷമാക്കുന്നുണ്ട്.**

**കുറച്ചു കൂടി ഗൗരവമായി ഭൂമിയെയും അംശമായ മൂലകങ്ങളെയും ഇനി വിശകലനം ചെയ്യാം :-**

ഭൂമിയിലുള്ള എല്ലാ വസ്തുക്കളും ഏറെക്കുറെ 100 ~~120~~ മൂലകങ്ങൾ ചേർന്ന് ഉണ്ടായിരിക്കുകയാണ്. അതേസമയം ~~100~~ 120 എണ്ണമെന്ന് കഷ്ടിച്ചു മാത്രമാണ് പറയാൻ കഴിയുക. മൂലകങ്ങളുടെ ആറ്റങ്ങളിലെ ഘടനയും ഘടകങ്ങളുടെ എണ്ണവും വിന്യാസവും പ്രവർത്തനവും അവ പ്രകാരം അനന്തമായി മൂലകങ്ങളെ സൃഷ്ടിക്കാൻ കഴിയുമെന്ന് മൂലകങ്ങളെ ഉപയോഗിച്ചും, മൂലകങ്ങൾ നൽകുന്ന ശക്തികളും ജ്ഞാനവും കൊണ്ടും മനുഷ്യരുടെ ആത്മാക്കളെ ക്കൊണ്ട് മൂലകങ്ങൾ നിർമ്മിപ്പിച്ച ഏതാനും കൃത്രിമ മൂലകങ്ങൾ ബോദ്ധ്യപ്പെടുത്തുന്നുണ്ട്.

**ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയും, പ്രപഞ്ചം ഉൾപ്പെടെ സർവ്വത്തിനും അതീതവുമായ ദൈവം, സൃഷ്ടിക്കാൻ ഉദ്ദേശിച്ച പ്രപഞ്ചത്തിലെ ജീവികൾക്ക് ജീവിക്കാൻ ആവശ്യമായ ശക്തികളും ജ്ഞാനവും ആനന്ദവും ചേർന്നുള്ള അനന്തമായ ദൈവഭാഗത്തെ വ്യത്യസ്ത സ്വഭാവങ്ങളോടെ വിഭജിക്കുവാനുള്ള മഹാപദ്ധതി മാത്രമാണ് മൂലകങ്ങൾ. ഓരോ മൂലകവും** (element) **മഹാശക്തിയായ ഭൂമിയുടെ അംശങ്ങളാണ് എന്നതിനൊപ്പം വ്യക്തമായ പദ്ധതികളോടെ രൂപപ്പെട്ടവയുമാണ്. മൂലകങ്ങളുടെ സൂക്ഷ്മമായ ആറ്റങ്ങളിലെ മഹാശക്തി മൂലകങ്ങൾ വെളിപ്പെടുത്തിക്കഴിഞ്ഞ വസ്തുതയാണ്. മഹാശക്തിയായ ദൈവത്തിന്റെ അംശങ്ങളും മഹാശക്തികൾ തന്നെയാണ് എന്നതിനാൽ ദൈവത്തിന്റെ അംശങ്ങളായി ജീവികളെ അഥവാ ആത്മാക്കളെ സൃഷ്ടിക്കാൻ കഴിയില്ല എന്ന് ഗ്രന്ഥത്തിലെ ബ്രഹ്മപാഠത്തിൽ വിശദീകരിച്ചിട്ടുണ്ട്. ശരീരമായി രൂപാന്തരപ്പെട്ട മൂലകങ്ങൾ ദാനമായി നൽകുന്ന ശക്തികളും ജ്ഞാനവും മാത്രമാണ് ആത്മാക്കൾക്ക് സ്വന്തം. സ്വത്വം പോലും സ്വന്തമല്ലാത്ത ആത്മാക്കൾ മഹാശക്തിയായ ദൈവത്തിന്റെ അംശങ്ങളല്ലെന്ന് ലഭ്യമായ വിശേഷ ബുദ്ധി ഉപയോഗിച്ചാൽ ലളിതമായി മനസ്സിലാക്കാൻ കഴിയുന്നതാണ്.**

ധർമ്മ ശാസ്ത്രപരമായ യോഗ്യത നേടുന്ന മുറയ്ക്കും ഉചിതമായ സമയത്തും മൂലകങ്ങളെയും രൂപാന്തരമായ ജീവി-ശരീരങ്ങളെയും മൊത്തമായ ഭൂമിയെയും സംബന്ധിച്ച ദൈവകാര്യങ്ങളെ ഇതേപോലെ ദൈവീകമായി ഭൂമി തന്നെ വെളിപ്പെടുത്തുന്നുണ്ട്.

ആത്മാക്കളെ ജീവികളാക്കി മാറ്റുമ്പോൾ, അവയ്ക്ക് ശക്തിയും ജ്ഞാനവും ഭക്ഷണ ആനന്ദങ്ങളും അസ്തിത്വവും രൂപവും നൽകുന്നതിനു വേണ്ടി മഹാനീതി ശാസ്ത്ര പ്രകാരം ഓരോ ജീവി വർഗ്ഗത്തിനുമായി പൊതുവായി നിശ്ചയിച്ചിട്ടുള്ള മൂലകങ്ങൾ ജീവികളുടെ ശരീരങ്ങളായി രൂപാന്തരം പ്രാപിക്കുന്നു. ആത്മാവിന് പ്രത്യേകം പ്രത്യേകമായി ബാധകമായ സൗന്ദര്യം, അംഗവൈകല്യം തുടങ്ങിയ ജന്മഗുണങ്ങളെയും ശരീരത്തിലെ പ്രവർത്തനങ്ങളെയും മൂലകങ്ങളും ഭൂമിയും അക്കൂടെ വേറിട്ട് നിശ്ചയിക്കുന്നുമുണ്ട്. ഭൂമിയായ മൂലകങ്ങളുടെ മഹാനീതിശാസ്ത്ര പ്രകാരം മൂലകങ്ങളായ ശരീരം ലഭിച്ച് ജീവിയായി മാറുന്ന ആത്മാവിന് മൂലകങ്ങളിലൂടെ സൗന്ദര്യവും ആരോഗ്യവും അന്ധത-ബധിരത-തുടങ്ങിയ അംഗവൈകല്യങ്ങൾ ഉൾപ്പെട്ട ജന്മഗുണങ്ങളും, അപകടങ്ങൾ കൊണ്ടുള്ള മുറിവുകളും മറ്റും നടപ്പാക്കുന്നതു കൊണ്ടു മാത്രമാണ് സർജറി, മരുന്നുകൾ തുടങ്ങിയ പരിഹാരങ്ങളും മൂലകങ്ങളെ ഉപയോഗിച്ചു തന്നെ സാദ്ധ്യമാകുന്നത്. എല്ലാ ജീവികളുടെയും ശരീര അവയവങ്ങളായി രൂപാന്തരം പ്രാപിച്ചിരിക്കുന്നതും മൂലകങ്ങൾ തന്നെയാണ്. ഭക്ഷണം, ദഹനം, വിസർജ്ജനം, പ്രത്യുല്പാദനം തുടങ്ങിയ വ്യവസ്ഥകളെയും അവയുടെ ഉപ-വ്യവസ്ഥകളെയും വ്യത്യസ്തമായ മൂലകങ്ങളിലൂടെ വ്യത്യാസപ്പെടുത്തി ക്കൊണ്ട് മഹാസംവിധാനം ചെയ്തിരിക്കുന്നതും സർവ്വം സമ്മാനിക്കുന്നതും നിശ്ചയിക്കുന്നതും എല്ലാം എല്ലാം മൂലകങ്ങളും ശരീരവും ഭൂമിയും തന്നെയാണ്. വ്യത്യസ്തവും അനന്തവുമായ ശക്തികളും ജ്ഞാനവും ചേർന്ന ഏറെക്കുറെ 100 മൂലകങ്ങളായി വിഭജിച്ച് ഭൂമിയായ ദൈവം മഹാരൂപം സ്വീകരിച്ച് അവതരിച്ചിരിക്കുകയാണ്; ആധുനിക കാലത്ത് അത് ലളിതമായി മനസ്സിലാക്കാൻ കഴിയും. ആത്മാക്കളെ പുറത്താക്കി ക്കൊണ്ട്, മഹാനീതി ശാസ്ത്ര പ്രകാരം ജീവികളെ മരിപ്പിക്കുമ്പോൾ, മൂലകങ്ങൾ വീണ്ടും ഭൂമിയുടെ ഭാഗമായി മാറുന്നു.

**മൂലകങ്ങളുടെ ആറ്റങ്ങളിലെ ഇലക്ട്രോൺ പ്രോട്ടോൺ ന്യൂട്രോൺ തുടങ്ങിയ ഘടകങ്ങളുടെ എണ്ണവും വിന്യാസവും പ്രവർത്തനവും വ്യത്യാസപ്പെടുത്തി അനന്തമായി മൂലകങ്ങളെ സൃഷ്ടിക്കാൻ കഴിയുമെന്നതിന്, ഒന്നോ രണ്ടോ മൂലകങ്ങളെ ആധാരമാക്കി അനന്തമായി മൂലകങ്ങളെ സൃഷ്ടിക്കാൻ കഴിയുമെന്നും അർത്ഥമുണ്ട്. ബ്രഹ്മപാഠത്തിൽ, ബ്രഹ്മം ആദ്യമായി നിർജ്ജീവമായ പരമാത്മാവും പ്രപഞ്ചപിതാവുമായ ശിവചക്രത്തെയും, പിന്നീട് ശിവചക്രത്തെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഭൂമിയായ ശക്തിചക്രത്തെയും സൃഷ്ടിച്ച് ശക്തിചക്രമായ ഭൂമിയിലേക്ക് ഓം എന്ന ശബ്ദബ്രഹ്മമായി പ്രവേശിച്ചു കൊണ്ട് ഭൂമിയെ ദൈവത്തിന്റെ മഹാരൂപമായി രൂപാന്തരപ്പെടുത്തുന്നതിനെ വിശദീകരിച്ചിട്ടുണ്ട്. ഈ മഹാഗ്രന്ഥത്തിന്റെ രണ്ടാം ഭാഗത്തിൽ പാഠം ലഭ്യമാണ്.**

ആറ്റത്തിന്റെ ഉള്ളിൽ ഇലക്ട്രോൺ, പ്രോട്ടോൺ എന്നിവയായും മൂലകങ്ങളുടെ (ആദ്യ) മൂലങ്ങളായും ശിവ-ശക്തി ചക്രങ്ങൾ അവതരിച്ചിരിക്കുകയാണ്. വ്യത്യസ്തവും അനന്തവുമായ ന്യൂനശക്തികളും മറ്റു ശക്തികളുമായ മൂലകങ്ങളെല്ലാം 'മഹാശക്തിചക്രവും ഏകദൈവവുമായ ഭൂമിയുടെ' അംശങ്ങളാണെന്നും സാരം. നിർജ്ജീവമായ പരമാത്മാവും ആകാശവും പ്രപഞ്ചപിതാവുമായ ശിവചക്രത്തിന്റെ അംശങ്ങളും കുഞ്ഞുങ്ങളുമായി മാത്രം ആത്മാക്കളെ സൃഷ്ടിക്കുകയും, മഹാശക്തിയായ ഭൂമിയുടെ അംശങ്ങളായ മൂലകങ്ങളെ ശരീരമായി രൂപാന്തരം ചെയ്ത് ആത്മാക്കളോടു ചേർത്ത് ജീവികളാക്കുകയും ചെയ്യുമ്പോൾ, ശരീരത്തിലൂടെ നിർജ്ജീവമായ ആത്മാക്കൾക്ക് അനന്തമായ ശക്തികളെയും ജ്ഞാനത്തെയും ആനന്ദങ്ങളെയും ലഭിക്കുകയാണ്. മാത്രമല്ല; ഏകദൈവവും മഹാമാതാവുമായ ഭൂമിയുടെ അംശങ്ങളായ മൂലകങ്ങൾ വ്യത്യസ്തവും അനന്തവുമായ **ശക്തികളെയും ജ്ഞാനത്തെയും ആനന്ദങ്ങളെയും, 'പ്രത്യക്ഷമായ അസ്തിത്വത്തെയും' നൽകി കൊണ്ട് ശരീരമായി ആത്മാവിന്റെ ഒപ്പം കൂടുകയാൽ, 'ഭൂമിയുടെ കുഞ്ഞ് ' എന്ന മഹാപദവി ഓരോ ആത്മാവിനും ലഭിക്കുന്നു.**

ഭൂമിയുടെ അംശവും വ്യത്യസ്ത മൂലകങ്ങളുടെ സംയുക്തവുമായ ശരീരം, ആത്മാവിനെ ഒപ്പം ചേർത്ത് ജീവിയായി ജീവിപ്പിക്കുമ്പോൾ മാത്രമാണ് ഭൂമിയുടെ കുഞ്ഞ് എന്ന പദവിയും അവകാശവും, അനന്തമായ ശക്തികളും ജ്ഞാനവും ആനന്ദവും ആത്മാവിന് ലഭിക്കുന്നത്. ആനന്ദം എന്നതിൽ വേദനകളും സന്തോഷങ്ങളും ജന്മഗുണങ്ങളും ഉൾപ്പെട്ട മഹാനീതി കാര്യങ്ങളും ഉൾപ്പെടുന്നു. 'ശരീരവും മൂലകങ്ങളും അവയുടെ മൊത്തമായ ഭൂമിയും' ചേർന്ന് ആത്മാക്കളായ കുഞ്ഞുങ്ങളുടെ മേൽ മഹാനീതിയെ നിർവ്വഹിക്കുന്നത് മനുഷ്യാവസ്ഥയിൽ സുവ്യക്തമായി അനുഭവിച്ചറിയുന്ന വസ്തുതയാണ്. മഹാനീതിയുടെ ഭാഗമായി ശരീരം, ആത്മാവിനെ പുറത്താക്കി മരിപ്പിക്കുമ്പോൾ, പുതിയ ഒരു ശരീരത്തെ ഭൂമി നൽകും വരെ ആത്മാവ്, നിർജ്ജീവ പരമാത്മാവായ ശിവചക്രത്തിന്റെ മാത്രം കുഞ്ഞുമാണ്.

മരണാനന്തരം ജീവി-ശരീരം ഇല്ലാതെ ഓരോ ആത്മാവിനെയും പരമാവധി ഒരു വർഷക്കാലം നിയന്ത്രണങ്ങളോടെയും പരിമിതമായ ശക്തികളോടെയും ഭൂമിയിൽ വസിക്കാൻ അനുവദിക്കുന്നുണ്ടെന്ന മഹാനീതിയുമായി ബന്ധപ്പെട്ട ദൈവകാര്യത്തെ മാറ്റിവെച്ചാൽ, **ഭൂമിയും ആകാശവും ഉൾപ്പെടെയുള്ള പ്രപഞ്ചം നിലകൊള്ളുന്നത് 'ശരീരമായ ദൈവാംശം' ശക്തിയും ജ്ഞാനവും ആനന്ദവും കുഞ്ഞെന്ന പദവിയും നൽകുന്ന ജീവികൾക്കു വേണ്ടിയാണ്; 'പരമാത്മാവിന്റെ കുഞ്ഞുങ്ങളും അംശവുമായ ആത്മാക്കളുടെ' ശരീരമില്ലാത്ത സ്വതന്ത്ര അവസ്ഥയ്ക്ക് വേണ്ടിയല്ല.**

ധാർമ്മികമായ യോഗ്യത ഇല്ലാത്തതിനാലും, വെളിപ്പെടുത്താനുള്ള സമയം ആയിട്ടില്ലാത്തതിനാലും ഏതെങ്കിലും വിഷയത്തിലെ ഗവേഷണം വഴിമുട്ടുമ്പോൾ, തൽക്കാലം അറിയില്ല എന്നു പറയുന്നത് ന്യായമാണ്. എന്നാൽ വിശപ്പ് ഉണ്ടാക്കുന്നത് കൂടാതെ ഏറെക്കുറെ എല്ലാ ശാരീരിക പ്രവർത്തനങ്ങളെയും സ്വയം നിശ്ചയിക്കുകയും നിർവ്വഹിക്കുകയും ചെയ്യുന്ന ശരീരത്തെയും മൂലകങ്ങളെയും അവയുടെ മൊത്തമായ ഭൂമിയെയും, വിശേഷ ബുദ്ധി ലഭിച്ചിട്ടും മനുഷ്യൻ നിർജ്ജീവമായി കരുതുന്നത് കടുത്ത തെറ്റാണ്; വളരെക്കാലമായി ആ തെറ്റ് ചെയ്യുന്നുണ്ട് !

**എല്ലാ ജീവികളുടെയും ശരീരമായി രൂപാന്തരപ്പെട്ടിരിക്കുന്നത് വ്യത്യസ്ത ശക്തികളോടെയുള്ള മൂലകങ്ങളാണെന്നും, സ്വയം നിശ്ചയിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന അവയാണ് ജീവിയുടെ ആത്മാവിനെ 'മഹാനീതിശാസ്ത്രം പ്രകാരം' ഭരിക്കുന്നത് എന്നും, മൂലകങ്ങളുടെയെല്ലാം മൊത്തമായ ഭൂമി എങ്ങനെയോ ഉണ്ടായതല്ലാ എന്നും തിരിച്ചറിയണം.** ഭൂമിയായ ദൈവം, സർവ്വവും മഹാപദ്ധതികളോടെ മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രം പ്രകാരം നിർവ്വഹിക്കുമ്പോൾ, വിശേഷ ബുദ്ധി ലഭിച്ചിട്ടുള്ള മനുഷ്യർ, ഭൂമിയും മൂലകങ്ങളും നിർജ്ജീവമാണ്; പഞ്ചഭൂതങ്ങളിൽ ഒന്നാണ്; മാങ്ങാത്തൊലിയാണ്; പരമാത്മാവാണ് ദൈവം; എന്നെല്ലാം ദൈവകാര്യങ്ങളെ തെറ്റായി പ്രചരിപ്പിക്കുന്നതും പഠിപ്പിക്കുന്നതും കടുത്ത അപരാധമാണ്. ഉചിതമായ സമയത്ത്, ആത്മീയ കാര്യങ്ങൾ ഉൾപ്പെടെയുള്ള ദൈവ കാര്യങ്ങളെ ദൈവം നേരിട്ട് സ്വന്തം ഭാഗമായ പരമശിവനിലൂടെ പഠിപ്പിക്കും എന്നിരിക്കെ ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരം ആനന്ദിച്ചു ജീവിക്കേണ്ടതിനു പകരം, മഹാശാസ്ത്രപരം അല്ലാത്തതും, ജീവിക്കാൻ ആവശ്യമില്ലാത്തതുമായ കോപ്രായങ്ങൾ പ്രകാരം തമ്മിലടിച്ചും കൊന്നും മറ്റും നാട്ടുവാസിയായ മനുഷ്യർ ജീവിച്ചുകൂടാ.

ഭൂമിയുടെ അംശമായ മൂലകങ്ങളിൽ മനുഷ്യരുടെ ധർമ്മ ശാസ്ത്ര വിരുദ്ധമായ പ്രവൃത്തികളെ തിരുത്താൻ പ്രാപ്തമായ ന്യൂനശക്തികളും ലയിച്ചിട്ടുണ്ട് എന്നതു മനസ്സിലാക്കാനും വിശേഷ ബുദ്ധി ലഭിച്ച മനുഷ്യർക്ക് കഴിഞ്ഞില്ല. മൂലകങ്ങളും അവയുടെ രൂപാന്തരമായ ശരീരവും, മൊത്തമായ ഭൂമിയും, സൃഷ്ടികളായ മനുഷ്യൻ ഉൾപ്പെടെയുള്ള എല്ലാ ജീവികളുടെയും എല്ലാ കാര്യങ്ങളെയും ഭരിക്കുകയും മഹാനീതി നിർവ്വഹിക്കുകയും ചെയ്താൽ മാത്രമേ ദൈവം മഹാനീതി ആവുകയുള്ളൂ എന്ന് സാമാന്യ ബുദ്ധി ഉപയോഗിച്ചാൽ മനസ്സിലാക്കാൻ കഴിയും. അങ്ങനെയിരിക്കെ മഹാശക്തിയും മഹാവാത്സല്ല്യവും മഹാമാതാവുമായ ഭൂമിയുടെ മഹാനീതി കാര്യങ്ങളെ പാടേ വിസ്മരിച്ചും അവഗണിച്ചും കൊണ്ട് ഭൗതിക അസ്തിത്വം ഇല്ലാത്ത നിയമങ്ങളെയും കോപ്രായങ്ങളെയും വിശേഷബുദ്ധി ലഭിച്ച മനുഷ്യർ തട്ടിക്കൂട്ടിയതും പിൻപറ്റിയതും കടുത്ത അപരാധമാണ്.

1000 കോടി വർഷങ്ങൾ നീണ്ട ആദ്യ മഹാകാല ചക്രത്തിൽ ദേവന്മാരായി നിയമിക്കപ്പെട്ടവർ കാട്ടിയ അപരാധങ്ങൾ ന്യൂനശക്തികൾ ഏറെയുള്ള അനവധി മൂലകങ്ങളെ തന്നെ സൃഷ്ടിച്ചിട്ടുണ്ട്. അന്ധവിശ്വാസങ്ങളെ തിരുത്താനുള്ള രോഗ-നടപടികളും ന്യൂനശക്തികൾ സ്വീകരിച്ചെന്നു വരും !

**ശക്തിക്ക് ആദിയും അന്തവും ഇല്ലെന്നതിന്, സ്വത്വം ഉണ്ടെന്ന അർത്ഥമുണ്ട് :** ആത്മാവിന് 'വിശേഷ ബുദ്ധിയും ശക്തികളും' നൽകുന്നത് 'ശരീരങ്ങളുടെയും ഭൂമിയിലെ മറ്റു വസ്തുക്കളുടെയും മൂലമായ മൂലകങ്ങളാവുമ്പോൾ, 'മൂലകങ്ങൾക്കും ശരീരത്തിനും ഭൂമിക്കും സംയുക്തമായ ഒരു സ്വത്വം' ഉണ്ടെന്നു കൂടിയാണ് അർത്ഥം. വ്യത്യസ്ത ശക്തികളായിരിക്കുന്ന മൂലകങ്ങളുടെയും സംയുക്തങ്ങളുടെയും ശരീരങ്ങളുടെയും പ്രവർത്തനങ്ങളെ അവയിലെല്ലാം ലയിച്ചിരിക്കുന്ന മഹാശാസ്ത്രം പ്രകാരവും, ആത്മാക്കളുടെ മേൽ മഹാനീതി നിർവ്വഹിക്കുന്ന മഹാനീതി ശാസ്ത്രം പ്രകാരവും ഏകോപിപ്പിക്കുന്ന **സ്വത്വം**, ഭൗതിക അസ്തിത്വം ഉള്ളതായ **മറ്റൊരു മൂലകം** ആവേണ്ടതുണ്ട്. **ഭൂമിയിലുള്ള എല്ലാ വസ്തുക്കളും ഏറെക്കുറെ 100 മൂലകങ്ങൾ ചേർന്ന് ഉണ്ടായിട്ടുള്ളതിനാൽ, ഭൂമിയുടെ മൊത്തം സ്വത്വമായി പ്രവർത്തിക്കുന്നത് അവയിൽ ഒന്നായ ഒരു മൂലകം ആയിരിക്കും എന്നും തീർച്ചയാണ്. മൂലകങ്ങളായ ഭൂമിയും, ശരീരവും, ജീവാത്മാവിനു വേണ്ടി പ്രവർത്തിക്കുകയാൽ, ഭൂമിയുടെ സ്വത്വത്തെ കണ്ടെത്താൻ ജീവികളെ വിശകലനം ചെയ്താൽ മതിയാകും.**

മൂലകങ്ങളാകുന്ന ശരീരം ലഭിച്ച് ജീവിയായി ആത്മാവ് ജീവിക്കുമ്പോൾ, എല്ലാ ജീവികളുടെയും ആത്മാക്കളുടെ മേൽ മരണം ഉൾപ്പെടെയുള്ള മഹാനീതി നിർവ്വഹിക്കാനും, ആത്മാവിന് സമ്പൂർണ്ണമായ വ്യക്തിസ്വാതന്ത്ര്യത്തെ നൽകാനുമായിട്ട്, **പ്രപഞ്ചത്തിലെ മൂലകങ്ങളെ മുഴുവൻ കൂട്ടിയിണക്കുന്ന 'ഏക മൂല-മൂലകമായിട്ട്' ദൈവമായ ഭൂമി അവതരിക്കുക കൂടിയാണു ചെയ്യുന്നത്. ഭൂമിയിലെ മറ്റു മൂലകങ്ങളാകുന്ന ശക്തികളുടെ മൂലമായും, ദൈവത്തിന്റെ വാതക രൂപമായും, പ്രസ്തുത മൂലകത്തെ വിശേഷിപ്പിക്കാൻ കഴിയും.**

## 2.1 ഭൂമിയായ ദൈവത്തിന്റെ സത്യ സൃഷ്ടി വാതക രൂപവും, ജീവികളുടെ ജീവനുമാണ് 'ഓക്സിജൻ'.

**ഓക്സിജൻ പ്രവർത്തിക്കുന്ന ജീവി-ശരീരം ജീവനുള്ളതും, പ്രവർത്തിക്കാത്തത് ശവശരീരവും ആണ്. അതിൽ നിന്നും ജീവൻ ഓക്സിജൻ ആണെന്ന് ലളിതമായി മനസ്സിലാക്കാൻ കഴിയും. ദൈവമായ ഭൂമിയുടെ സ്വത്വവും വാതക രൂപവും കൂടിയാണ് ജീവികളുടെ ജീവനായിരിക്കുന്ന ഓക്സിജൻ.**

പ്രഥമമായി സത്യമാകുന്ന സൃഷ്ടിയിൽ, ശിവ പ്രോട്ടോണും, ശിവൻ ഇലക്ട്രോണും വാതക അവസ്ഥയ്ക്കു മുമ്പുള്ള സ്വതന്ത്ര അവസ്ഥയിലാണ്. ശബ്ദബ്രഹ്മമായ ഓം ചേർന്ന്, ശിവയും ഭാഗമായ ശിവനും ഒന്നിച്ച് ഹൈഡ്രജൻ എന്ന ആറ്റവും മൂല-മൂലകവും വാതകവുമായിരിക്കുമ്പോൾ പരമാത്മാവായി. ശേഷം ന്യൂട്രോണുകളായ ആത്മാക്കളെയും, ജന്മഗുണങ്ങളായ ക്വാർക്കുകൾ തുടങ്ങിയ ഘടകങ്ങളെയും ഉൾക്കൊള്ളുംവിധവും മറ്റു മൂലകങ്ങളുടെ സൃഷ്ടി സ്ഥിതികളെ ചെയ്യും വിധവും കൂടിച്ചേരുമ്പോൾ, ഭൂമിയുടെ സ്വത്വവും വാതക രൂപവുമായ ഓക്സിജനാണ്. കൂടുതൽ വിശദീകരണങ്ങൾ പിന്നീട്.

വിശേഷബുദ്ധി ലഭിച്ച മനുഷ്യർക്ക് ശരീരം ഉൾപ്പെടെ മൂലകങ്ങളെയും, മഹാരൂപമായ ഭൂമിയെയും വിശകലനം ചെയ്യാൻ എളുപ്പമാണ്. **ഭൂമിയുടെ സ്വത്വമായ ഓക്സിജന്റെ** പ്രവർത്തനം മൂലകങ്ങളുടെ ഉള്ളിലെ ആറ്റങ്ങളിലേക്ക് നീളുന്നതായും മനസ്സിലാക്കാം. എല്ലാ മൂലകങ്ങളുടെയും അനന്തമായ ഉല്പന്നങ്ങളുടെയും ഉള്ളിൽ 'പ്രോട്ടോണുകളെ ഇലക്ട്രോണുകൾ സദാ ചുറ്റുന്നത് ഉൾപ്പെടെയുള്ള അനന്തമായ ശക്തി-പ്രവർത്തനങ്ങൾ സുവ്യക്തമായ പദ്ധതികൾ പ്രകാരം സംഭവിക്കുന്നവയാണെന്ന് വിശേഷ ബുദ്ധി കൊണ്ട് മനസ്സിലാക്കാം. അനന്തമായ ശക്തികളെയും ആനന്ദങ്ങളെയും മഹാശാസ്ത്ര നിയമങ്ങളോടെ മൂലകങ്ങളുടെ സൂക്ഷ്മമായ ആറ്റങ്ങളും, മൊത്തമായ ഭൂമിയും സൃഷ്ടിക്കുകയും പരിപാലിക്കുകയുമാണ്.

മഹാശക്തിയും ഭൂമിയുമായ ദൈവത്തിന്റെ അംശമാണ് ശരീരം എന്ന പ്രഭാവം നിലനിർത്തിയും; ജീവാത്മാവിന്റെ മേൽ മഹാനീതിശാസ്ത്ര പ്രകാരം മഹാനീതി നടത്തിയും; ദൈവമായ ഭൂമി സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തെ ജീവാത്മാവിനു നൽകിയിരിക്കയാൽ, ശ്വസനത്തിലൂടെ ജീവികളുടെ ചിന്തകളെ പ്പോലും മഹാശാസ്ത്രപരമായി അറിയുമ്പോഴും ജീവാത്മാവിന്റെ സ്വകാര്യമായ പ്രവൃത്തികളിൽ അസാധാരണമായ സാഹചര്യത്തിൽ അല്ലാതെ ദൈവാംശമായ ശരീരം ഇടപെടാതെയുമാണ്; ഭൂമിയുടെ സ്വത്വമായ ഓക്സിജൻ എല്ലായ്പ്പോഴും പ്രവർത്തിക്കുന്നത്.

**ഭൂമിയുടെ അംശമായ മൂലകങ്ങളിൽ ഒന്നായ ഓക്സിജനെ ഭൂമിയുടെ സ്വത്വമായ ശക്തിയും സത്യ-വാതക രൂപവും, 'സൃഷ്ടികളും ഭൂമിയുടെ കുഞ്ഞുങ്ങളും പരമാത്മാവിന്റെ അംശങ്ങളുമായ' എല്ലാ ആത്മാക്കളുടെയും 'ജീവനും മഹാഭരണാധികാരിയായും' ഭൂമി നിശ്ചയിച്ചിരിക്കുന്നു. ഓക്സിജൻ മറ്റ് മൂലകങ്ങളെ സൃഷ്ടിക്കുന്നതും ശരിയാണ്.** വ്യത്യസ്തമായ ശരീര അവയവ ഘടനകളും ധർമ്മ വ്യവസ്ഥകളും പ്രകാരം ജീവികളെ സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്നതിനു വേണ്ടി എല്ലാ ജീവികളുടെയും ശരീരങ്ങളിലെ മൂലകങ്ങളെയും അവയുടെ പ്രവർത്തനങ്ങളെയും വ്യത്യാസപ്പെടുത്തുന്നത് ഉൾപ്പെടെ ഭൂമിയിലെ സമസ്ത മൂലകങ്ങളെയും ഏകോപിപ്പിക്കുന്നതും, ജീവാത്മാക്കൾക്ക് ജീവനായ ശക്തി നൽകുന്നതും, ഭൂമിയുടെ സ്വത്വവും വാതക രൂപവുമായ ഓക്സിജനാണ്; പ്രസ്തുത ധർമ്മം നിർവ്വഹിക്കുന്നത് ദ്രാവക രൂപമായ ജലം വഴിയുമാണ്. ഭൂമിയിലെ എല്ലാ മൂലകങ്ങളെയും ഭരിക്കുന്നതു കൂടാതെ, മൂലകങ്ങളെ കൊണ്ട് ഉണ്ടാക്കിയിട്ടുള്ള ശരീരത്തിൽ ശ്വാസോച്ഛ്വാസം എന്ന ശാക്തീകരണ-പ്രതിഭാസത്തെ ഏർപ്പെടുത്തിക്കൊണ്ട് ഭക്ഷണം, മരുന്നുകൾ, വിഷം, തുടങ്ങി എല്ലാ മൂലകങ്ങളെയും ആധാരമാക്കി എല്ലാ ജീവാത്മാക്കൾക്കും മഹാനീതിശാസ്ത്ര പ്രകാരം ശക്തിയും ജ്ഞാനവും ആനന്ദവും നൽകാനും, ആത്മാവിനെ ശരീരത്തിൽ നിന്നും പുറത്താക്കാതെ രോഗങ്ങളും, ഹൃദയ സ്തംഭനവും മറ്റും ഉണ്ടാക്കി മരവിപ്പിക്കാനും മാധ്യമമാകുന്നത് ഓക്സിജനാണ്.

മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്ര പ്രകാരം ആത്മാവിനെ പുറത്താക്കി ജീവിയെ മരിപ്പിക്കുന്നതും, ശരീരം ജീർണ്ണിപ്പിക്കുന്നതും, വീണ്ടും മണ്ണായ ഭൂമിയുടെ അംശങ്ങളായ മൂലകങ്ങളാക്കി പരിവർത്തനം ചെയ്യുന്നതുമെല്ലാം ഭൂമിയായിരിക്കുന്ന മൂലകങ്ങളുടെ മുഴുവൻ സ്വത്വമായ ഓക്സിജനാണ്.

ഈ ദിവ്യ മഹാവേദഗ്രന്ഥത്തിന്റെ രണ്ടാം ഭാഗത്തിലും **ഓം, മഹാവേദം** തുടങ്ങിയ മഹാഗ്രന്ഥങ്ങളിലും ഓക്സിജനെപ്പറ്റി കൂടുതൽ വിശദീകരണങ്ങൾ ലഭ്യമാണ്.

## 2.2 ഭൂമിയായ ദൈവത്തിന്റെ ധർമ്മ സ്ഥിതി ദ്രാവക രൂപവും, ജീവികളുടെ നിലനിൽപ്പുമാണ് 'ജലം'.

മഹാമാതാവും മഹാനീതിയും മഹാഖരരൂപവും മണ്ണും ഭൂമിയും മഹാശക്തിചക്രവുമായ ദൈവത്തിന്റെ സ്വത്വമായ ഓക്സിജൻ, ദൈവത്തിന്റെ തന്നെ നിർജ്ജീവ ഭാഗവും മഹാപിതാവും ശിവചക്രവുമായ പരമാത്മാവിന്റെ സ്വത്വമായ ഹൈഡ്രജനുമായി ചേർന്ന് ധർമ്മ-ദ്രാവക രൂപമായി മാറുന്ന ജലത്തിലൂടെയാണ് കുഞ്ഞുങ്ങളായ ആത്മാക്കൾക്ക് ശക്തിയും ജ്ഞാനവും ആനന്ദങ്ങളും നൽകുന്നത്. ഓക്സിജന്റെ ഭാഗം കൂടിയാണ് ഹൈഡ്രജൻ.

മൂലക അവസ്ഥകളിൽ, ശക്തിയും ഓക്സിജനും മഹാമാതാവുമായ ശിവയും, ഭാഗവും ഹൈഡ്രജനും മഹാപിതാവുമായ ശിവനും സംയോജിച്ച് ഒന്നായ ജലമായി പരിണമിക്കുകയും, മഹാപിതാവായ പരമാത്മാവിനെ കുടി പങ്കെടുപ്പിച്ച് കുഞ്ഞുങ്ങളായ ആത്മാക്കളുടെ വഴികാട്ടിയും വഴിയും മഹാസാന്നിദ്ധ്യവുമായ '-ലൂടെ' ആയി മാറുകയാണ്.

ശരീരത്തിൽ ആന്തരികമായും ബാഹ്യമായും, 'ശിവയുടെയും ശിവന്റെയും' ദ്രാവക രൂപവും 'സാന്നിദ്ധ്യ-ലൂടെ' യുമായ 'ജലം' ഇല്ലാതെ ജീവികളായി ആത്മാക്കൾക്ക് ജീവിക്കാൻ കഴിയില്ല.

**ഓക്സിജനായ ഭൂമിയുടെ സ്വത്വത്തിന്റെ ഒപ്പം തന്നെ, ജീവികളുടെയെല്ലാം നിലനില്പിന് 'ജലം' ആധാരമാണ്.**

മനുഷ്യരുടെയും മൃഗങ്ങളുടെയും പക്ഷികളുടെയും മത്സ്യങ്ങളുടെയും കാര്യത്തിൽ രക്തത്തിന്റെ ഘടകമായിട്ടാണ് ജലത്തെ ഒരുക്കിയിട്ടുള്ളത്. ഭക്ഷണം, ഭക്ഷിക്കൽ, ദഹനം, വിസർജ്ജനം തുടങ്ങിയ കാര്യങ്ങളെല്ലാം ജലവുമായി ഓരോരോ വിധത്തിൽ ബന്ധപ്പെട്ടിരിക്കുന്നു. ശരീരം, വസ്തുക്കൾ, വസ്ത്രം, ഗൃഹം, കൃഷി, വ്യവസായം, തുടങ്ങി മനുഷ്യരുടെ ജീവിതവുമായി ബന്ധപ്പെട്ട ഏതൊരു കാര്യത്തിന്റെയും നിർമ്മാണം, പരിചരണം, ശുചീകരണം, തുടങ്ങിയവ ജലത്തെ ആശ്രയിച്ചിരിക്കുന്നു. ജലത്തിന്റെ ആവശ്യങ്ങളും ഉപയോഗങ്ങളും അനന്തമാണ്. അതുകൊണ്ടുതന്നെ കൂടുതൽ വിശദീകരണങ്ങൾ സാദ്ധ്യമല്ല; ആവശ്യവുമല്ല. വിശേഷ ബുദ്ധി ലഭിച്ചിട്ടുള്ള മനുഷ്യർക്ക് സ്വയം ഗ്രഹിക്കാൻ കഴിയും. എന്നിരുന്നാലും, ഈ ദിവ്യ മഹാവേദ ഗ്രന്ഥത്തിന്റെ രണ്ടാം ഭാഗത്തിലും **ഓം** എന്ന മഹാഗ്രന്ഥത്തിലും ജലത്തെ പ്പറ്റിയുള്ള അടിസ്ഥാന വിശദീകരണങ്ങൾ ലഭ്യമാണ്.

ഭൂമിയുടെ അംശമായ മൂലകങ്ങളിലും അവ കൊണ്ട് ഉണ്ടാക്കിയിട്ടുള്ള ശരീരത്തിലും ലയിച്ചിട്ടുള്ള 'ശക്തികളും, ആനന്ദങ്ങളും, ദൈവത്തിന്റെ മഹാജ്ഞാന ഓഹരിയായ മഹാശാസ്ത്രവും', കുഞ്ഞുങ്ങളായ ആത്മാക്കളിൽ ലയിപ്പിച്ചിരിക്കുന്ന അന്യോന്യ-ആനന്ദങ്ങളും, പ്രകാരമാണ് മനുഷ്യൻ ഉൾപ്പെടെയുള്ള എല്ലാ ജീവികളും ജീവിക്കുന്നത്. ജീവികളുടെ ശരീര നിർമ്മാണത്തിന് ഉപയോഗിക്കാത്ത വസ്തുക്കളുടെ കാര്യത്തിൽ, അവയെല്ലാം, ജീവികളുടെ, പ്രത്യേകിച്ചും മനുഷ്യരുടെ വസ്ത്രം, വീട്, ഉപകരണങ്ങൾ, കാർ ബസ് ലോറി ട്രെയിൻ വള്ളം കപ്പൽ വിമാനം .. വാഹനങ്ങൾ, ടെലിവിഷൻ, കമ്പ്യൂട്ടർ, ഫോൺ തുടങ്ങിയവ കൊണ്ടുള്ള ആനന്ദ ജീവിതത്തിന് അത്യാവശ്യമായവ മാത്രമാണ്. ഭൂമിയെന്ന മഹാരൂപം മൂലകങ്ങളുടെ മഹാകലവറ കൂടിയാണ്; മൂലകങ്ങൾ നൽകുന്ന ശക്തികളും ജ്ഞാനവും കൊണ്ടാണ് ആത്മാക്കൾക്ക് മൂലകങ്ങളെ ഉപയോഗിച്ച് ഉല്പന്നങ്ങളെ നിർമ്മിക്കാൻ കഴിയുന്നത്. ഉല്പന്നങ്ങളുടെ നിർമ്മാണത്തിലും 'ജലവും ഓക്സിജനും' വഴിയും വഴികാട്ടിയുമായി മാറുന്നുമുണ്ട്.

| 2.3 | ദൈവത്തിന്റെ നീതി സംഹാര ഖര രൂപവും, ജീവികളുടെ ഏകശരണവും മഹാവാത്സല്ല്യവുമാണ് 'മണ്ണും, മഹാ-മായാജാലവുമായ ഭൂമി'. |
|---|---|

**പ്രോട്ടോൺ ഇലക്ട്രോൺ ന്യൂട്രോൺ ക്വാർക്കുകൾ തുടങ്ങിയ ഘടകങ്ങളുടെ എണ്ണവും വിന്യാസവും വ്യത്യാസപ്പെടുത്തി അനന്തമായി മൂലകങ്ങളെ സൃഷ്ടിക്കാൻ കഴിയുമെന്ന്, മനുഷ്യർക്ക് നിർമ്മിക്കാൻ സാദ്ധ്യമാക്കിയ ഏതാനും കൃത്രിമ മൂലകങ്ങളിൽ അന്തർഭവിച്ചിട്ടുള്ള ശാസ്ത്ര നിയമങ്ങളായ വിശേഷ ബുദ്ധിയിൽ നിന്നും മനസ്സിലാക്കാം. അതേസമയം ഭൂമിയിൽ ഇന്ന് കാണുന്ന ഏറെക്കുറെ 100 മൂലകങ്ങൾ കൊണ്ടു തന്നെ അനന്തമായ വസ്തുക്കളെ സൃഷ്ടിക്കാനും, അവയിലെ ശക്തികളെയും ശാസ്ത്രങ്ങളെയും ഉപയോഗിച്ച് വിശേഷബുദ്ധി ലഭ്യമാകുന്ന മനുഷ്യൻ ഉൾപ്പെടെ ഏതൊരു സൃഷ്ടിക്കും അനന്തമായ ഉല്പന്നങ്ങളെ നിർമ്മിക്കാൻ കഴിയുമെന്നും മനസ്സിലാക്കാം.**

ഭൂമിയിൽ ജീവിക്കുന്ന അനന്തങ്ങളായ മത്സ്യ-സസ്യ-പക്ഷി-മൃഗ-മനുഷ്യരെല്ലാം ആകാശത്തിൽ നിന്ന് താഴേക്ക് വീണതല്ല എന്നും, അഥവാ ആണെങ്കിൽ പോലും, സർവ്വതിനെയും പരിപാലിക്കുന്ന ഭൂമി സൃഷ്ടിച്ചവയും സൃഷ്ടിക്കുന്നവയും ആണെന്ന് ന്യായമായി വിശ്വസിക്കാൻ കഴിയും. പുതിയ രോഗങ്ങളെ ഉണ്ടാക്കുന്ന പുതിയ വൈറസുകളുടെയും ബാക്ടീരിയകളുടെയും മറ്റും മൂലം 'ഭൂമിയുടെ അംശമായ മൂലകങ്ങളിലെ ന്യൂനശക്തികളാണെന്ന്' മനസ്സിലാക്കാനാവും. അതേപോലെ ബഹുവിധ പുല്ലുകളും ധാന്യച്ചെടികളും പച്ചക്കറികളും പച്ചമരുന്നുകളും പൂച്ചെടികളും ചെറുതും വലുതുമായ മരങ്ങളും ഉൾപ്പെട്ട സസ്യങ്ങളെയും ഇഴജന്തുക്കളെയും മൃഗങ്ങളെയുമെല്ലാം ഭൂമി സദാ സൃഷ്ടിക്കുന്നുണ്ട് (പുനഃസൃഷ്ടിക്കുന്നുണ്ട്) എന്നും ലഭ്യമായ വിശേഷബുദ്ധി കൊണ്ട് മനസ്സിലാക്കാൻ കഴിയുന്നതാണ്.

**ഒരു പുരയിടത്തിലെയോ വയലിലെയോ പ്രദേശത്തെയോ ചെടിച്ചട്ടിയിലെയോ ചാക്കിലെയോ മണ്ണിൽ തൽക്കാലം ഇല്ലാത്ത മൂലകങ്ങൾ, അവിടത്തെ സസ്യങ്ങളുടെ വേര്, തടി, ഇല, പൂവ്, കായ്, എന്നിവയിലെയും അവിടം കൊണ്ടു മാത്രം ജീവിക്കുന്ന ജന്തുക്കളുടെ/ ജീവികളുടെ അവയവങ്ങളിലെയും ഭൗതിക-ധർമ്മ-നീതി വ്യവസ്ഥകൾ പ്രകാരം ഉണ്ടാകുമ്പോൾ, ദൈവമായ 'ഭൂമി', മൂലകങ്ങളെയും വൻമരങ്ങൾ ഉൾപ്പെട്ട ശരീരങ്ങളെയും പുതിയതായി സൃഷ്ടിക്കുകയും പരിപാലിക്കുകയും കൂടി ചെയ്യുന്നുണ്ടെന്നും അവയെല്ലാം ഭൂമിയുടെ അംശങ്ങൾ ആണെന്നും, ഭൂമി അന്തമില്ലാതെ, സ്വയം വളരുന്നുണ്ടെന്നും തെളിയുന്നുണ്ട്. പ്രത്യക്ഷപ്പെടുന്നപോലെ മഴക്കാലത്ത് പറമ്പുകളിലും നീരൊഴുക്കിലും കാണപ്പെടുന്ന സസ്യങ്ങളും അട്ടകളും മത്സ്യങ്ങളും 'ആത്മാവ് ഉൾപ്പെട്ട സൃഷ്ടിക്ക്' ഉദാഹരണമാണ്.**

1989 - **ൽ ഗ്രന്ഥകാരന്റെ കൺമുന്നിലിരുന്ന 'ഗ്ലാസ്സിലെ' വെള്ളം കുടിച്ചു കൊണ്ടിരിക്കെ, 'മഹാശിവയായ മഹാദേവിയുടെ മത്സ്യാവതാരമായി' വളരെ ചെറിയ ഒരു കരിമീൻകുഞ്ഞും**, പക്ഷികളെപ്പോലെ തോന്നിക്കുന്ന കുറെ ചെറു പ്രാണികളും ഗ്ലാസ്സിനുള്ളിൽ പ്രത്യക്ഷപ്പെട്ടത് സ്വന്തം അനുഭവമാണ്. അത്ഭുത അനുഭവങ്ങൾ ഈയുള്ളവന് വേറെയും ഉണ്ട്; www.omsathyam.com/GodlyRevolution/MahaaVedam.pdf എന്ന ദിവ്യ മഹാഗ്രന്ഥത്തിൽ വിവരിച്ചത് ഈ അവസരത്തിൽ ഓർമ്മിപ്പിക്കുന്നത് മഹാശക്തിയായ ഭൂമി തന്നെയാണ്. മായാ-അനുഭവങ്ങൾ മറ്റനേകർക്കും തീർച്ചയായും ഉണ്ട്; ഉണ്ടെന്ന് ഈയുള്ളവന് ചിലരുടെ കാര്യത്തിൽ നേരിട്ടെന്ന പോലെ അറിയാം !

**ജീവനില്ലാത്ത ജാലങ്ങളെന്ന് മനുഷ്യർ തെറ്റിദ്ധരിച്ചിട്ടുള്ള 'ഭൂമിയും അംശമായ മൂലകങ്ങളും മൂലകങ്ങളുടെ രൂപാന്തരമായ ശരീരങ്ങളും', പ്രത്യക്ഷമായി സ്വയം മായാജാലങ്ങളെ മഹാശാസ്ത്ര പ്രകാരം ചെയ്താണ് കുഞ്ഞുങ്ങളായ ആത്മാക്കളെയും അവർക്കു വേണ്ടി സൃഷ്ടിച്ചിട്ടുള്ള പ്രപഞ്ചത്തെയും പരിപാലിക്കുന്നത്.**

## ഗൗരവമായ മറ്റു ചില വസ്തുതകൾ കൂടി കുറിക്കാം :

**ഭൂമിയും മൂലകങ്ങളും ശരീരവും നിർജ്ജീവമല്ല; മറിച്ച് ആത്മാക്കളൊണ് നിർജ്ജീവമായത്. കുഞ്ഞുങ്ങളായ ജീവികളുടെ സ്വത്വമായ ആത്മാക്കൾക്ക് ജീവിക്കാൻ ആവശ്യമായ ശക്തികളെയും ജ്ഞാനത്തെയും ആനന്ദങ്ങളെയും 'ശരീരം ഉൾപ്പെടെയുള്ള മൂലകങ്ങളിലൂടെ അനന്തമായി നൽകുന്ന' മഹാശക്തിയായി ഭൂമിയെ മനസ്സിലാക്കാൻ വിശേഷബുദ്ധി കൊണ്ട് കഴിയുന്നതാണ്. എല്ലാ ജീവികൾക്കും ആനന്ദത്തോടെ ജീവിക്കാൻ ആവശ്യമായ സർവ്വവും ഭൂമിയിൽ അനന്തമായി ഉണ്ട്; അതായത് എല്ലാമെല്ലാം ഭൂമിയായ ദൈവം ലഭ്യമാക്കുന്നത് അനന്തമായിട്ടാണ്. ഭൂമിയിൽ നിന്നും മാത്രമാണ് സർവ്വവും ലഭിക്കുന്നത്; ഏതൊരു ശക്തിയും വസ്തുവും നേടാൻ കഴിയുമെന്നത് മഹാശാസ്ത്ര പരമായി സുവ്യക്തവുമാണ്.**

**അനന്തതയോടെ ഏതൊന്നും നൽകാൻ ആദിയും അന്തവും ഇല്ലാത്ത മഹാശക്തിക്കു മാത്രമേ കഴിയൂ എന്നതിൽ നിന്നും ഭൂമി മഹാശക്തിയാണെന്ന് തെളിയുന്നുണ്ട്. മഹാശക്തി എന്നത് ദൈവത്തിന്റെ മഹാശാസ്ത്ര നാമവും ആണ്.**

**ഭൂമിയുടെ സൂക്ഷ്മ അംശങ്ങളായ ആറ്റങ്ങളും മഹാശക്തി ആണെന്ന് അണുശക്തി പാഠങ്ങൾ വ്യക്തമാക്കുന്നുണ്ട്. മനുഷ്യന്റെ ആത്മാവിന് വിശേഷ ബുദ്ധിയും അനന്തമായ ശക്തികളും ജ്ഞാനവും ആനന്ദങ്ങളുമെല്ലാം ലഭിച്ചിട്ടുള്ളത് ഭൂമിയിൽവച്ചും, ശരീരം ഉൾപ്പെടെയുള്ള ഭൂമിയുടെ അംശമായ മൂലകങ്ങളിൽ നിന്നും മാത്രമാണ്. ഉദാഹരണത്തിന്, ജീവികളുടെയെല്ലാം അടിസ്ഥാന ആവശ്യങ്ങളായ ഓക്സിജനും ജലവും ഭക്ഷണവും ചൂടും തണുപ്പും ഇരുട്ടും വെളിച്ചവും കാറ്റും ഉൾപ്പെടെ സർവ്വവും ജീവിതകാലം മുഴുവൻ നൽകുന്നത് ഭൂമിയാണ്. സൂര്യനിൽ നിന്നുമാണ് ചൂടും വെളിച്ചവും കിട്ടുന്നത് എന്നു കരുതുന്നവർ ആരും തന്നെ സൂര്യനിൽ പോയി കൊണ്ടുവരുന്നില്ല.**

**കുഞ്ഞുങ്ങളായ ജീവികൾക്ക് ഏകമഹാശരണം നൽകുന്ന ഭൂമി, ചൂടും വെളിച്ചവും മറ്റും കുഞ്ഞുങ്ങൾക്ക് ലഭ്യമാക്കാൻ സൂര്യനെയും ചന്ദ്രനെയും സൃഷ്ടിച്ചിരിക്കുന്നതും പരിപാലിക്കുന്നതും വിശേഷബുദ്ധി കൊണ്ട് മനസ്സിലാക്കാം.**

മഹാനീതിശാസ്ത്ര പ്രകാരം കുഞ്ഞുങ്ങളായി ജീവികളെ ജനിപ്പിക്കുകയും പരിപാലിക്കുകയും മരി(പ്പി)ക്കുകയും; മനുഷ്യാവസ്ഥയിൽ 100 ജന്മങ്ങളെ നിശ്ചയിച്ചു കൊണ്ട് പുനർജ്ജനിപ്പിക്കുകയും പരിപാലിക്കുകയും മരി(പ്പി)ക്കുകയും; നൂറാമത്തെ ജന്മത്തിൽ മോക്ഷം നൽകുകയുമാണ്.
**ലഭ്യമായ ചരിത്രം പ്രകാരം, ഭൂമിയിൽ ജീവിച്ചിട്ടുള്ള മനുഷ്യർ ഉൾപ്പെടെ എല്ലാ സൃഷ്ടികൾക്കും ജീവിക്കാൻ ആവശ്യമായതും, ആവശ്യമാണെന്ന് മനുഷ്യർ കരുതുന്നതുമായ എല്ലാമെല്ലാം എക്കാലവും നൽകിയിട്ടുള്ളത് ഏകമഹാശരണമായ ഭൂമി മാത്രമാണ്.**

**'മൂലകങ്ങളും അവയുടെ മൊത്തമായ ഭൂമിയും പ്രപഞ്ചവും' ഉണ്ടായത് എങ്ങനെയെന്നും മറ്റും കൃത്യമായി മനുഷ്യന് അറിയില്ലെന്നതും, സൃഷ്ടികളുടെ ഏകമഹാശരണമായ ഭൂമി ആദ്യമേ ഉണ്ടെന്നതും, ഭൂമിയുടെ ആദിയില്ലാത്ത ദൈവത്വവും; ഭൂമി തുടർച്ചയായി വളരുന്നുണ്ടെന്നത് ഭൂമിയുടെ അന്തമില്ലാത്ത ദൈവത്വവും വെളിപ്പെടുത്തുന്നുണ്ട്.**

**ശക്തി, ജ്ഞാനം, ആനന്ദം തുടങ്ങിയവയുടെ ഭൗതിക അസ്തിത്വങ്ങൾ ആണ് മൂലകങ്ങൾ എന്നും, മൂലകങ്ങളുടെ മഹാഭീമ രൂപമായ ഭൂമിയും, സൂക്ഷ്മ രൂപമായ ആറ്റങ്ങളും 'മഹാശക്തിയും അംശങ്ങളും' ആണെന്നും തെളിയുന്നുണ്ട്. ഈ മഹാഗ്രന്ഥത്തിലെ രണ്ടാം ഭാഗത്തിൽ വിവരിച്ചിട്ടുണ്ട്. ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയാണ് ദൈവം; സൃഷ്ടികൾക്കു വേണ്ടി അനന്തമായ ആനന്ദങ്ങളെ സൃഷ്ടിക്കാനും പരിപാലിക്കാനും മഹാശക്തിയായ ദൈവത്തിനു മാത്രമേ കഴിയൂ; കുഞ്ഞുങ്ങൾക്ക് സമ്പൂർണ്ണ സ്വാതന്ത്ര്യം ലഭിക്കണമെങ്കിൽ ദൈവ സാന്നിധ്യം അല്പം ഗൂഢമാവണം തുടങ്ങിയവ ഭൂമിക്കു മാത്രമേ ചേരുന്നുള്ളൂ.**

**ഇതിനെല്ലാം പുറമേ, ആനന്ദങ്ങൾ ഉൾപ്പെടെ സർവ്വത്തിനും അതീതമാണ് ആനന്ദങ്ങളെയും സൃഷ്ടിക്കുന്ന ദൈവം എന്ന മഹാവിശേഷണവും ഭൂമിക്കു മാത്രമേ ചേരുകയുള്ളൂ എന്നതിനെ ലഭ്യമായ ചരിത്രം സാക്ഷ്യപ്പെടുത്തുന്നുണ്ട്. കുഞ്ഞുങ്ങളായി ജീവികളെ കരുതിയും, കുഞ്ഞുങ്ങൾക്കു വേണ്ടി മഹാദാസ്യത്തെയും മഹാവാത്സല്ല്യത്തെയും സ്വന്തം ദൈവ-ആനന്ദങ്ങളായി സ്വീകരിച്ചും സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുവാൻ മഹാശക്തിയായ ദൈവത്തിനു മാത്രമേ കഴിയൂ; തുടങ്ങിയ ദൈവ കാര്യങ്ങളെ, മനുഷ്യർക്കു ലഭ്യമായ വിശേഷ ബുദ്ധി കൊണ്ട് വിശകലനം ചെയ്യുകയാണെങ്കിൽ എല്ലാ ജീവികൾക്കും ഏകമഹാശരണമായ ഭൂമി മഹാശക്തിയായ ദൈവം തന്നെയാണെന്ന് മനസ്സിലാക്കാൻ കഴിയുന്നതാണ്.**

**ഈ ഗ്രന്ഥത്തിന്റെ ആമുഖത്തിൽ സൂചിപ്പിച്ചതു പോലെ, മഹാശക്തിയായ ദൈവത്തിന് അവശ്യം ഉണ്ടായിരിക്കേണ്ട ശക്തികൾ എന്തൊക്കെയാണന്ന് സ്വയം വിശകലനം ചെയ്യാൻ വിശേഷ ബുദ്ധി നൽകുന്ന ഭൂമിയോടും അംശമായ മൂലകങ്ങളോടും അവ കൊണ്ട് ഉണ്ടായിട്ടുള്ള ശരീരത്തോടും, മനുഷ്യജീവിയുടെ സ്വത്വമായ ആത്മാവിന് ബാദ്ധ്യതയുണ്ട്.** ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയാവണം ദൈവം; ദൈവം സൃഷ്ടിക്കുന്ന പ്രപഞ്ചം ഉൾപ്പെടെ പരിധികളും പരിമിതികളും ഇല്ലാതെ ഏതൊരു രൂപത്തിനും അതീതം ആയിരിക്കുകയും അതോടൊപ്പം സൃഷ്ടിയായ ജീവി, പുരുഷൻ, സ്ത്രീ, കല്ലും കടുകും ഉൾപ്പെടെയുള്ള വസ്തുക്കൾ എന്നിങ്ങനെ ഏതൊരു രൂപത്തെയും സ്വീകരിക്കാനും ദൈവത്തിനു കഴിയണം. അനന്തമായ ശക്തികളെയും ശാസ്ത്രങ്ങളെയും സൃഷ്ടിക്കാനുള്ള കഴിവ് ഉണ്ടായിരിക്കണം; അനന്തമായ ആനന്ദങ്ങളെ സൃഷ്ടിക്കാനും സൃഷ്ടികളായ ജീവികൾക്കു നൽകാനുമുള്ള കഴിവ് ഉണ്ടായിരിക്കുകയും അതോടൊപ്പം ആനന്ദങ്ങൾക്കെല്ലാം അതീതവുമായിരിക്കണം; മഹാശക്തിയായ ദൈവം സൃഷ്ടിക്കുന്ന യാതൊന്നിലും കുറ്റങ്ങളും കുറവുകളും ഉണ്ടാകാൻ പാടില്ലെന്നു മാത്രമല്ല അപ്രകാരം സംരക്ഷിക്കാനും ദൈവത്തിനു കഴിയണം.

**സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തെയും മഹാസമനീതിയെയും എല്ലാ സൃഷ്ടികൾക്കും എക്കാലവും നൽകാനുള്ള കഴിവ് ഉണ്ടായിരിക്കണം, നൽകുകയും വേണം; കാലത്തെ സൃഷ്ടിക്കാനും പരിപാലിക്കാനും കഴിയണം.**

ഈ ദിവ്യമഹാഗ്രന്ഥത്തിന്റെ രണ്ടാം ഭാഗത്തിൽ മഹാശാസ്ത്രപരമായി തെളിയിക്കുകയും വിശദീകരിക്കുകയും ചെയ്തിട്ടുള്ള മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രം വിശകലനം ചെയ്താൽ, മനുഷ്യർ ഉൾപ്പെടെയുള്ള എല്ലാ സൃഷ്ടികൾക്കും സമ്പൂർണ്ണമായ സ്വാതന്ത്ര്യവും സമആനന്ദം എന്ന മഹാസമനീതിയും ഭൂമി ലഭ്യമാക്കുന്നത് മനസ്സിലാക്കാം.

ഭൂമി സ്വയം കറങ്ങി ക്കൊണ്ട് സൂര്യനെയും ചുറ്റുന്നതിലൂടെ 'ദിവസം, വർഷം' എന്നീ കാലഗണനകളെയും അവയുടെ ആദിയും അന്തവും ഇല്ലാത്ത പെരുക്കങ്ങളെയും; കൂടാതെ, ഭൂമിയുടെ ഭാഗമായ ചന്ദ്രനെ ക്കൊണ്ട് ഭൂമിയെ ചുറ്റിച്ച് 'മാസം' എന്ന കാലഘണനയെയും, മഹാപ്രപഞ്ചത്തെ മൊത്തമായി കറക്കി സൃഷ്ടിചക്രം, കാലചക്രം, മഹാകാലചക്രം തുടങ്ങിയവയും ഭൗതികമായ അസ്തിത്വത്തോടെ സൃഷ്ടിക്കുന്നുണ്ട്. വിശദവിവരങ്ങളെ കാലക്രമേണ ഭൂമി വെളിപ്പെടുത്തുന്നതാണ്. ദിവസം, വർഷം, മാസം തുടങ്ങിയ കാലഗണനകളെ വിഭജിച്ചും പെരുക്കിയും വ്യത്യസ്ത പ്രദേശങ്ങളിൽ ഉള്ളതുപോലെ അനവധി കാലഗണനകളെ മനുഷ്യർക്ക് നിർമ്മിക്കാൻ കഴിയുമെങ്കിലും **ആധാരം ഭൂമിയുടെ സ്വന്തമായ കറങ്ങലും കറക്കലുമാണ്**.

വസ്തുക്കൾ പരസ്പരവും ഭൂമിയിലേക്കും ആകർഷിക്കുന്ന പ്രതിഭാസമാണ് ഭൂഗുരുത്വാകർഷണം (Gravitation) എന്നതിനപ്പുറം ഭൂമി അംശങ്ങളായ മൂലകങ്ങളെയും അവ കൊണ്ട് ജീവികൾക്കു നൽകിയ ശരീരങ്ങളെയും ജീവികളുടെ സ്വത്വമായ ആത്മാക്കൾക്കു വേണ്ടി ഭൂമിയിലേക്ക് ശാസ്ത്ര നിയമങ്ങളോടെ സാന്ദ്രത നൽകി ചേർത്തു നിർത്തുന്നതു കൊണ്ടാണ്. ശരീരങ്ങളും മൂലകങ്ങളുമായ അംശങ്ങൾ കൊണ്ട് ജീവികൾക്ക് നിൽക്കാനും ഇരിക്കാനും കിടക്കാനും നടക്കാനും ഓടാനും തുടങ്ങി പ്രവൃത്തി ചെയ്യാൻ കഴിയുന്നത് ഭൂഗുരുത്വാകർഷണം എന്ന മഹാവാത്സല്യം കൊണ്ടാണ്.

**ആദിയിൽ വചനം ഉണ്ടായി; വചനം ദൈവമായിരുന്നു.**
മഹാസത്യവും ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയും സൃഷ്ടിക്ക് അതീതവുമായതിനെ സൂചിപ്പിക്കാനായി 'ബ്രഹ്മം' എന്ന മഹാനാമത്തെ സ്വീകരിച്ചിട്ടുള്ള ദൈവം, ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്നതിനു വേണ്ടിക്കൂടി **ഓം** എന്ന ശബ്ദബ്രഹ്മമായി മാറിയിട്ടുണ്ട്.
**ആദ്യം 'ആകാശവും ഭൂമിയും' ഉണ്ടാക്കിയതും ശരിയാണ്.**
മഹാശൂന്യതയും, സൃഷ്ടി സ്ഥിതി സംഹാര പാത്രവും, നിർജ്ജീവമായ ആത്മാക്കളുടെ മഹാപിതാവും, ജീവമായ ഭൂമി എന്ന മഹാശക്തിയും, ആത്മാക്കളുടെ സൃഷ്ടി കേന്ദ്രമായ സൂര്യനും, ആത്മാക്കളുടെയെല്ലാം മോക്ഷമായ നക്ഷത്രങ്ങളും, ചേർന്നതാണ് ശിവചക്രമായ ആകാശം. സൂര്യൻ എന്ന താവളത്തിൽ വച്ച് പിതൃഘടകമായ ഇലക്ട്രോണുകളും മാതൃഘടകമായ പ്രോട്ടോണുകളും ചേർന്ന് മഹാപിതാവും ശിവചക്രവും ആയ പരമാത്മാവിന്റെ മൂല മൂലകമായ ഹൈഡ്രജനും, മഹാമാതാവായ ഭൂമിയുടെ മൂല മൂലകമായ ഓക്സിജനും ഉണ്ടാകുന്നു. പിതൃമാതൃ (ശിവ-ശക്തി) ബന്ധം ന്യൂട്രോൺ എന്ന നിർജ്ജീവമായ ഘടകത്തെയും ഹീലിയവും സൂര്യനിൽ സൃഷ്ടിക്കുന്നു. നിർജ്ജീവമായ ഘടകങ്ങളെ സൃഷ്ടികളായ ആത്മാക്കളും ജീവികളുമായി പരിണമിപ്പിക്കുമ്പോൾ ആവശ്യമായ ഗുണങ്ങളെയും വസ്തുക്കളെയും ആറ്റത്തിന്റെ വിവിധ ഘടകങ്ങളായി സൃഷ്ടിച്ചു കൊണ്ട് വ്യത്യസ്തമായ ആറ്റങ്ങളെയും മൂലകങ്ങളെയും സൃഷ്ടിച്ച് അവയുടെ മഹാരൂപമായ ഭൂമിയായി ശക്തി ചക്രം മാറുന്നു. ആറ്റത്തിനുള്ളിൽ സദാ സമയവും പ്രോട്ടോണുകളെ (ശക്തിചക്രം) ഇലക്ട്രോണുകൾ (ശിവചക്രം) ചുറ്റുമ്പോൾ ശബ്ദം ഉണ്ടാകും എന്ന പരസ്പര ബന്ധിതമായ ഒരു 'ശബ്ദ-ശക്തി വ്യവസ്ഥ' സൃഷ്ടിച്ചു കൊണ്ട് കുഞ്ഞുങ്ങളായ ആത്മാക്കൾക്ക് അനന്താനന്ദം ഒരുക്കാൻ **ശക്തിശിവൻപ്രണയമന്ത്രമായി ഓം** എന്ന ശബ്ദബ്രഹ്മം ഓരോ ആറ്റത്തിലും, അതിലൂടെ പ്രപഞ്ചത്തിലേക്കും പ്രവേശിക്കുന്നു; അതോടു കൂടി **ഭൂമി ദൈവമായി**. കൂടുതൽ വിവരങ്ങൾ രണ്ടാം ഭാഗത്തിലുണ്ട്; വിട്ടവ വെളിപ്പെടുത്താൻ സമയമായില്ല. പ്രപഞ്ചത്തിന്റെ മഹാസൂക്ഷ്മമായ പതിപ്പ് പോലെയാണ് ഓരോ ആറ്റവും. ആറ്റത്തിന്റെ ഉള്ളിലെ ശൂന്യതയിൽ പ്രോട്ടോണുമായി ചേർന്നിരിക്കുന്ന **ഓം** നൽകുന്ന ശക്തി കൊണ്ട് ഇലക്ട്രോണുകൾ സദാ കറങ്ങുന്നത് ഭൂമിയും ചന്ദ്രനും സൂര്യനുമെല്ലാം കറങ്ങുന്നതിനെ അനുകരിക്കുന്നുണ്ട്.

**ആദിവചനം, ശബ്ദ ബ്രഹ്മം, അക്ഷര ബ്രഹ്മം, സംഹാര കാഹളം, മഹാശാസ്ത്ര മൂലം, സൃഷ്ടി മന്ത്രം, ആറ്റത്തിനുള്ളിൽ മുഴങ്ങുന്ന മഹാസൂക്ഷ്മ ശബ്ദം, ഏകമഹാശബ്ദം, മഹാസംഗീതം, സർവ്വദേശ ഭൂമിഗാനം, ദൈവ വിപ്ലവ ഗാനം, ശക്തിശിവൻ പ്രണയമന്ത്രം, മഹാദാസ്യ-മഹാവാത്സല്ല്യ മന്ത്രം, തുടങ്ങിയ അനവധി മഹാനാമങ്ങൾ ഉള്ളതായ ഓം ദൈവത്തിന്റെ മഹാചിരി കൂടിയാണെന്നും; മഹാപ്രപഞ്ചത്തിന്റെ മഹാശക്തിനിയന്ത്രണ സത്തയായ ഓംകാരം ദൈവത്തിന്റെ 'മഹാഹൃദയം' കൂടിയാണെന്നും ദൈവം വെളിപ്പെടുത്തുന്നത് രണ്ടാമത്തെ മഹാകാല ചക്രത്തിലെ ആദ്യത്തെ സൃഷ്ടി ചക്രമായ ഇപ്പോഴത്തെ മഹാസൃഷ്ടിചക്രം മുതൽ മാത്രമാണ് എന്നും അതെന്തുകൊണ്ടാണെന്നും MahaaVedam.pdf എന്ന മഹാവേദ ഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ട്.**

**മഹാശക്തിയായ ദൈവം ഭൂമി തന്നെയാണെന്നും ഇപ്പോഴത്തെ മഹാസൃഷ്ടിചക്രം മുതൽ ദൈവം തന്നെ സ്ഥാപിക്കുന്നു. മഹാദാസിയും ഭൂമിയുമായ ദൈവത്തെ കാണാനും കേൾക്കാനും, കുഞ്ഞായി മടിയിൽ ചവിട്ടാനും എപ്പോഴും കഴിയുമെന്ന് വിശേഷ ബുദ്ധി കൊണ്ട് അറിയാം. മഹാശക്തി ആയതിനാൽ; ഒരേസമയം മഹാഗോമാതാവ്, ദിവ്യമനുഷ്യസ്ത്രീയായ മഹാദേവി തുടങ്ങിയ ജീവികളുടെ രൂപങ്ങളെ സ്വീകരിക്കാനും മഹാശക്തിയായ ഭൂമിക്കു കഴിയും. എല്ലാ സൃഷ്ടി ചക്രങ്ങളുടെയും രണ്ടാമത്തെ പകുതിയിലെ ദൈവ വിപ്ലവത്തിനു മുന്നോടിയായി മത്സ്യാവതാരത്തിലൂടെ വീണ്ടെടുക്കുന്ന വേദങ്ങളിൽ, ബ്രഹ്മം ശക്തിചക്രമായ ഭൂമിയോട് ചേരുമ്പോൾ 'മഹാശക്തിചക്രമായ ദൈവമായി ഭൂമി മാറുന്നതായി ബ്രഹ്മപാഠങ്ങളിൽ' പറയുന്നുണ്ടെങ്കിലും, മനുഷ്യരുടെയും ദേവതകളുടെയും അലംഭാവം നിമിത്തം മഹാശക്തിയായ ദൈവമാണ് ഭൂമി എന്ന മഹാപാഠം നാളിതുവരെ സ്ഥാപിക്കപ്പെട്ടിട്ടില്ല.**

**ഇപ്പോഴത്തെ മഹാസൃഷ്ടിചക്രം മുതൽ സ്ഥാപിക്കുന്ന മഹാ-സംവിധാനം പ്രകാരം മഹാപ്രപഞ്ചത്തിലെ സമസ്ത സൃഷ്ടികളുടെയും സൃഷ്ടി സ്ഥിതി സംഹാര കർത്താവും, ഏകമഹാശക്തിയും ഭൂമിയുമായ ഏകദൈവം മഹാഭരണാധികാരിയും മഹാനീതിയും മഹാവാത്സല്യവും മഹാമാതാവുമായ മഹാദേവിയായി മഹാപദവി ഏറ്റെടുത്തു കഴിഞ്ഞിരിക്കുകയാണ്.**

ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയും ഭൂമിയുമായ ഏകദൈവം, സൃഷ്ടികളും കുഞ്ഞുങ്ങളുമായ ആത്മാക്കൾക്ക് മനുഷ്യാവസ്ഥയിൽ വച്ച് മോക്ഷവും ആത്മീയ സാക്ഷാത്കാരവുമായ നക്ഷത്ര പദവിയെ മഹാഅനുഗ്രഹിച്ചു നൽകുന്നുണ്ട്. ഓരോ സൃഷ്ടിചക്രത്തിന്റെയും രണ്ടാമത്തെ പകുതിയിൽ ദൈവം മനുഷ്യരൂപത്തെ ക്കൂടി സ്വീകരിച്ചു കൊണ്ടാണ് സൃഷ്ടി ചക്രത്തിന്റെ സംഹാരം കൂടിയായ മോക്ഷകാര്യങ്ങളെ മഹാമംഗളമായും പ്രത്യക്ഷമായും നിർവ്വഹിക്കുക.

ഭൂമിയായ ഏകദൈവം മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മഹാഭദ്രമാക്കിയിരിക്കുകയാണ്. സൃഷ്ടികളെ കുഞ്ഞുങ്ങളായി കരുതിക്കൊണ്ട് മഹാപ്രപഞ്ചത്തെ പ്രസവിച്ചു എന്ന വ്യഖ്യാനത്തിൽ ദൈവമായ ഭൂമി മഹാമാതാവുമാണ്. സർവ്വവും മഹാഭദ്രമാക്കിയിട്ടുള്ളതിനാലും, മഹാമാതാവിൽ സർവ്വവും മഹാഭദ്രം ആയതിനാലും, മനുഷ്യാവസ്ഥയിലെ മോക്ഷത്തിന് പശു-ബന്ധം കൂടി ഉള്ളതിനാലും, ഭൂമിയുടെ ജീവി രൂപത്തിന് മഹാഭദ്രകാളി, മഹാദേവി, മഹാശിവ തുടങ്ങിയ മഹാനാമങ്ങളും; മഹാദേവിയുടെ ഭാഗവും മഹാപിതാവും ശിവചക്രവുമായ മഹാദാസന് പരമശിവൻ, മഹാദേവൻ, മഹാനീതിപതി തുടങ്ങിയ മഹാനാമങ്ങളുമുണ്ട്; ഈ ദിവ്യമായ മഹാഗ്രന്ഥത്തിന്റെ രണ്ടാം ഭാഗത്തിൽ വിശദീകരിച്ചിട്ടുമുണ്ട്.

# ശരീരവും ആത്മാവും

**കുഞ്ഞുങ്ങളായി ആത്മാക്കളെ സൃഷ്ടിക്കുമ്പോൾ, നിർജ്ജീവമായ അവയ്ക്ക് ശക്തികളും ജ്ഞാനവും ആനന്ദങ്ങളും നൽകാനായി ദൈവമോ ദൈവത്തിന്റെ അംശമോ സദാ ഒപ്പം കൂടേണ്ടതുണ്ട്. ദൈവത്തിന്റെ ആദിയും അന്തവും ഇല്ലാത്ത ശക്തികളും ജ്ഞാനവും അവയുടെ ഭാഗമായ ആനന്ദങ്ങളും ഭൂമിയും അംശമായ മൂലകങ്ങളുമായി രൂപമെടുത്തു കഴിഞ്ഞിരിക്കെ, മൂലകങ്ങളെ ഉചിതമായി ആത്മാക്കളോട് ചേർക്കണം.**

**മഹാനീതിയും മഹാഖരരൂപവും മണ്ണും ഭൂമിയുമായ ദൈവത്തിന്റെ സ്വത്വവും വാതക രൂപവുമായ ഓക്സിജൻ, ധർമ്മ-ദ്രാവക രൂപമായ ജലത്തെ മാധ്യമമാക്കി, ശക്തിയും ജ്ഞാനവും ആനന്ദങ്ങളും ലയിച്ചിരിക്കുന്ന ഭൂമിയിലെ മൂലകങ്ങളോട് ഓരോരോ ആത്മാവിനും 'മഹാനീതി ശാസ്ത്ര പ്രകാരം ഒരുക്കുന്ന ജന്മഗുണങ്ങളെ ശരീര-അവയവങ്ങളുടെ ആന്തരികവും ബാഹ്യവുമായ ചർമ്മത്തിൽ സംയോജിപ്പിച്ച് ഉണ്ടാക്കുകയും ആത്മാവിന് നൽകാതെ നൽകുകയും ചെയ്യുന്ന ഭൂമിയായ ദൈവത്തിന്റെ അംശമാണ് ശരീരം. ആത്മാവിന് ലഭിക്കുന്ന ശരീരത്തെ ഭരിക്കുന്നത് ശരീരം സ്വയമാകയാൽ നൽകാതെ നൽകുന്നു എന്നതാണ് സത്യം; ഭൂമിയുടെ സ്വത്വമായ ഓക്സിജൻ ഭരിക്കുന്നതായും പറയാം.**
ഭൂമിയുടെ അംശമായ മൂലകങ്ങൾ ഓരോ ആത്മാവിനും വേണ്ടി ശരീരമായി രൂപാന്തരം പ്രാപിച്ചിരിക്കുകയാണ്. പൊന്നോമന കുഞ്ഞായി കരുതുന്ന ഓരോ ആത്മാവിനും മഹാനീതി ശാസ്ത്ര പ്രകാരം ശക്തികളും ജ്ഞാനവും വേദന ഉൾപ്പെട്ട ആനന്ദങ്ങളും ലഭ്യമാക്കാനായി, മഹാശക്തിയായ ഭൂമി സ്വന്തം അംശങ്ങളായ മൂലകങ്ങളെ ശരീരമായി പരിവർത്തനം ചെയ്ത് (ജീവിയെ മരിപ്പിക്കും വരെ) ദാനമായി നൽകിയിരിക്കുകയാണ്. മഹാനീതിയുടെ ഭാഗമായ തജ്ജന്മ മരണശേഷം, ശരീരത്തെ ഭൂമിയിലേക്ക് തിരിച്ചു ചേർക്കുന്നു.

**കുഞ്ഞുങ്ങളായ ജീവികൾക്കെല്ലാം നൽകുന്ന പ്രധാന ആനന്ദമായ ഭക്ഷണ ആനന്ദത്തെയും ശക്തികളെയും ശാസ്ത്രങ്ങളെയും മഹാശരണത്തെയും ജീവികളുടെ ശരീരവുമായും മണ്ണുമായും നേരിട്ട് ബന്ധിപ്പിച്ചിരിക്കുന്നു. അതേസമയം വാത്സല്യം ദാസ്യം ഭക്തി ദാനം സ്നേഹം പ്രണയം കാമം തുടങ്ങിയ ആനന്ദങ്ങളെ ചർമ്മത്തിലൂടെ വ്യാപരിക്കുന്ന ആത്മാവിന്റെ പ്രകട ജന്മഗുണങ്ങളായ നിറം മുഖഛായ സൗന്ദര്യം ഗന്ധം എന്നിവയിലൂടെ ആത്മാക്കൾ തമ്മിലാക്കി വ്യവസ്ഥപ്പെടുത്തിയിരിക്കുകയാണ്.**

**ഭൂമിയുടെ അംശമായ മൂലകങ്ങൾ കൊണ്ട് ഉണ്ടാക്കിയതാണ് മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളുടെയെല്ലാം ശരീരങ്ങളെങ്കിലും, ജീവിയുടെ സ്വത്വമായ ആത്മാവിന്റെ പകുതിക്കു വേണ്ടി മാത്രമാണ് ഓരോ ശരീരവും ദാസ്യ-വൃത്തി ചെയ്യുന്നത്. പകുതിക്കു വേണ്ടി എന്നത് ഗൗരവമായ വിഷയമാണ്. സൃഷ്ടിയുടെ ആരംഭത്തിൽ ഓരോ ആത്മാവിനെയും സ്ത്രീ, പുരുഷൻ എന്നിങ്ങനെ രണ്ടായി വിഭജിക്കുകയും മോക്ഷത്തിനു മുമ്പ് മഹാനീതിശാസ്ത്ര പ്രകാരം ഒന്നിപ്പിക്കുകയും ചെയ്യുന്നുണ്ട്.**

**കുഞ്ഞുങ്ങളായ ആത്മാക്കളുടെ ജന്മഗുണങ്ങളിൽ ആദ്യത്തേത് മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ എന്നീ ജീവികളിൽ ഏത് എന്നതാണെങ്കിൽ; രണ്ടാമത്തേത് സ്ത്രീയും പുരുഷനും എന്ന പരമ ഗൗരവമായ വിഭജനമാണ്.**

**വിശേഷ ബുദ്ധി ലഭിക്കുന്ന മനുഷ്യരുടെ ഇടയിൽ പോലും സ്ത്രീ പുരുഷൻ എന്നിങ്ങനെ ഫലത്തിൽ ആത്മാവിനെ വിഭജിക്കുന്നതും നിശ്ചയിക്കുന്നതും ശരീരവും മൂലകങ്ങളും അവയുടെ മൊത്തമായ ഭൂമിയും ആണെന്നത് മഹാഗൗരവമാണ്.**

**ഏതു ജീവിയായി ജനിക്കണം എന്നു നിശ്ചയിക്കുന്നതും ജനിപ്പിക്കുന്നതും ആത്മാവല്ലാ എന്നതു പോലെ തന്നെ സ്ത്രീയാക്കണോ പുരുഷനാക്കണോ എന്നു നിശ്ചയിക്കുന്നതും ആത്മാവല്ലാ; ശരീരമാണ്.**

**മഹാശാസ്ത്രത്തെ ഗ്രഹിക്കാനും, മഹാശാസ്ത്രം പ്രകാരം ജീവിക്കാനുമുള്ള വിശേഷബുദ്ധി സ്ത്രീക്കും പുരുഷനും ലഭിക്കുന്നുണ്ടെങ്കിലും, സ്ത്രീയുടെയും പുരുഷന്റെയും ശരീരത്തിലെ അവയവങ്ങൾ വളരെയധികം വ്യത്യാസങ്ങൾ ഉള്ളവയും ഒപ്പം പരസ്പര പൂരകങ്ങളുമാണ്. ശരീരം അഥവാ മൂലകങ്ങളായ ഭൂമി സ്വയം നിശ്ചയിച്ചും നിർമ്മിച്ചും ആത്മാവിന്റെ ആവശ്യങ്ങളും ആഗ്രഹങ്ങളും നിറവേറ്റാനായി നിയന്ത്രിതമായ ചലന സ്വാതന്ത്ര്യത്തോടെ നൽകുന്ന അവയവങ്ങളുടെയും ഓരോ അവയവങ്ങൾക്കും നിശ്ചയിച്ചിട്ടുള്ള ധർമ്മങ്ങളുടെയും, വ്യത്യസ്തമായ സ്വഭാവ സവിശേഷതകളുടെയും അടിസ്ഥാനത്തിൽ മാത്രം സ്ത്രീ പുരുഷന്മാരായിരിക്കുന്ന ആത്മാക്കൾ ഓരോരോ ജന്മഗുണങ്ങളുടെയും പ്രാധാന്യത്തെ വിശകലനം ചെയ്യണം. സ്ത്രീക്ക് ഗർഭം, ഗർഭപാത്രം, യോനി, അണ്ഡം, മാസമുറ, മുല, മുലപ്പാൽ, കുഞ്ഞുങ്ങൾക്ക് മുലയൂട്ടൽ, പാലിലെ പോഷകങ്ങൾ, പുരുഷന് ലിംഗം, ശുക്ലം, ബീജങ്ങളുടെ എണ്ണവും ശക്തികളും തുടങ്ങിയവയെ വ്യവസ്ഥ ചെയ്യുന്നത് ഭൂമി/ശരീരം സ്വയമാണ്. വിശേഷ ബുദ്ധി ലഭിക്കുന്ന മനുഷ്യരിലെ എല്ലാവർക്കും ആവക അറിവുകൾ ജീവിക്കാൻ ആവശ്യമില്ല.** അതുകൊണ്ടു തന്നെ ആവക ജ്ഞാനത്തെ ഗ്രഹിക്കാനുള്ള കഴിവ് നൽകിയിട്ടുമില്ല. മനുഷ്യൻ ഉൾപ്പെടെയുള്ള എല്ലാ ജീവികളുടെയും പരമാനന്ദമായി ഭൂമിയും അംശമായ ശരീരവും നിശ്ചയിച്ചിട്ടുള്ള കാമ-ആനന്ദത്തിൽ ഏർപ്പെടുന്ന സ്ത്രീയും പുരുഷനും ഇണയെ ഒഴികെ, സ്വയം ഉൾപ്പെടെ സർവ്വവും മറക്കുമെന്ന് ശരീരം വ്യവസ്ഥ ചെയ്തിരിക്കെ **അണ്ഡം, ബീജം തുടങ്ങിയവയുടെ നിർമാണത്തിൽ യാതൊരു പങ്കുമില്ലാത്ത** സ്ത്രീപുരുഷന്മാരായ **ആത്മാക്കൾക്ക്** കുഞ്ഞുങ്ങളുടെ **സൃഷ്ടിയിൽ അവകാശം ഇല്ലാതിരിക്കെ അവകാശം പറയാൻ 'ഭൂമിയും ശരീരവുമായ സ്രഷ്ടാവ്' അനുവദിക്കുന്നില്ല എന്നതിന് സാക്ഷ്യമാണ് എല്ലില്ലാത്ത പുരുഷലിംഗം. കാമം ഉണ്ടായാൽ മാത്രമേ ലിംഗം നിവരുകയുള്ളൂ എന്നിരിക്കെ കുഞ്ഞുങ്ങളെ ജനിപ്പിക്കാനായി സ്ത്രീയുമായി ശയിച്ചു എന്ന് ദുർവ്വാദിക്കാനുള്ള പുരുഷന്റെ യാതൊരു ശ്രമവും വിജയിക്കില്ല; തുടങ്ങിയ കാര്യങ്ങൾ ആത്മാവിന്റെ നിസ്സാരതയെ തെളിയിക്കുന്നുണ്ട്.**

**മനുഷ്യൻ എന്ന പദം ബഹുവചനമാണ്; സ്ത്രീയും പുരുഷനും ചേർന്നാൽ മാത്രമേ മനുഷ്യൻ എന്ന ജീവി ഉണ്ടാകുന്നുള്ളൂ എന്നതിന്, ഓരോ ആത്മാവിനും മറ്റൊരു പകുതി കൂടി ഉണ്ടെന്നും, രണ്ടാമത് ഒരു പകുതി കൂടി മാത്രമേ ഉള്ളെന്നും, അതുകൊണ്ടുതന്നെ ബഹുഭാര്യത്വം, ബഹുഭർത്തൃത്വം എന്നിവ തെറ്റാണെന്നും പാടില്ലെന്നും സുവ്യക്തമായി തെളിയുന്നുണ്ട്.**

ജീവി-സൃഷ്ടിക്കു മുമ്പു തന്നെ ആത്മാവിനെ സ്ത്രീ, പുരുഷൻ എന്നിങ്ങനെ രണ്ടായി വിഭജിക്കുകയും, സ്ത്രീയെന്ന പകുതിയെ ജീവിയുടെ മനുഷ്യാവസ്ഥയിൽ പുരുഷൻ മോക്ഷത്തോട് അടുക്കുന്ന ജന്മങ്ങളിൽ മാത്രം ഇണയായി ലഭ്യമാക്കുകയും, അല്ലാത്തപ്പോൾ പുരുഷനായ പകുതിക്കു മാത്രം സ്ത്രീപുരുഷന്മാരായി പുനർജ്ജന്മങ്ങളെ നൽകി ക്കൊണ്ട് പുരുഷന്റെ രണ്ടാമത്തെ പകുതിയെ ശ്രേഷ്ഠമായി ആറ്റങ്ങളിലെ ന്യൂട്രോണുകളായി സംരക്ഷിക്കുകയാണെന്ന് അറിയുന്നു. ശരീരം അഥവാ ഭൂമി, കുഞ്ഞുങ്ങളായ ആത്മാക്കളുടെ നല്ലതിനു വേണ്ടി മാത്രം ഗൂഢമാക്കിയിരിക്കുന്ന കാര്യങ്ങളെ ഉചിതമായ സമയത്ത് തീർച്ചയായും സുവ്യക്തമായി തന്നെ വെളിപ്പെടുത്തുന്നതാണ്.

ആത്മീയ സാക്ഷാത്കാരം, മോക്ഷം, സംഹാരം എന്നെല്ലാം പറയുന്ന നക്ഷത്ര പദവിയിലും കുഞ്ഞുങ്ങളായ സൃഷ്ടികളുടെ പരമാനന്ദം കാമം തന്നെയാണ്. ഓരോ ജന്മത്തിലും ഒപ്പമുള്ള ഇണ സ്വന്തം പകുതി ആണെങ്കിലും അല്ലെങ്കിലും സ്വന്തം പകുതിയോടെന്ന പോലെ ഓരോ ജന്മത്തിലും വിശുദ്ധിയോടെ ജീവിച്ചാൽ പുനർജ്ജന്മ-ചക്രത്തിലൂടെ സ്ത്രീപുരുഷന്മാരായി കറങ്ങിക്കൊണ്ടിരിക്കുന്ന ആത്മാക്കൾക്ക് ഭൂമിയിൽ ജീവിക്കുമ്പോഴും അനന്തമായ ആനന്ദങ്ങളെ ലഭിക്കുന്നതാണ്. ധാർമ്മിക അധഃപതനം പുരുഷാത്മാവിന് വർദ്ധിച്ചാൽ സ്വന്തം പകുതിക്ക് കഷ്ട-ക്ലേശ ജന്മങ്ങളെ **അളവോടെ** സ്വീകരിക്കേണ്ടതായി വരും.
**സ്വന്തം പകുതിയോട് ഒന്നിച്ചു മാത്രമേ മോക്ഷം നേടാൻ കഴിയൂ എന്ന മഹാനീതിവ്യവസ്ഥ ആത്മാവിന് സ്വന്തം ആവശ്യമായിട്ട് സ്വയം ശുദ്ധീകരിക്കാൻ പ്രേരണ ഉണ്ടാക്കുന്നതാണ്. മാത്രമല്ല; മാതാപിതാക്കളിലൂടെ ജനിക്കുകയും അവരുടെ ലാളനയോടെയും കരുതലോടെയും വളരുന്നവർ ദാമ്പത്യ ജീവിതത്തെ നിരാകരിച്ചു കൊണ്ട് ബ്രഹ്മചര്യം, സന്യാസം, മാങ്ങാത്തൊലി തുടങ്ങിയ കോപ്രായങ്ങളിൽ ഏർപ്പെട്ടാൽ ശിക്ഷിച്ചു തിരുത്താനുമാണ്.**

പ്രത്യുല്പാദനം എന്ന സൃഷ്ടി വിഷയത്തിൽ എല്ലാ ജീവികളുടെയും അവസ്ഥ സമാനമാണ്. മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികൾക്കെല്ലാം പരമാനന്ദമായി ഭൂമി നിശ്ചയിച്ചിട്ടുള്ള കാമ-ആനന്ദത്തിൽ ജീവികൾ ഏർപ്പെടുന്നു; ദൈവമായ ഭൂമി സൃഷ്ടി (പുനർസൃഷ്ടി) നടത്തുന്നു. ജീവികളുടെയെല്ലാം ശരീരമാകുന്ന അവയവങ്ങളും ഭൂമിയിലെ മറ്റു മൂലകങ്ങളും നൽകുന്ന ശക്തികളും ജ്ഞാനവും സ്വാതന്ത്ര്യങ്ങളുമാണ് ജീവികളുടെ സ്വത്വമായ ആത്മാക്കളുടെ ജീവിത കാര്യങ്ങളെ അടിസ്ഥാന പരമായി നിശ്ചയിക്കുന്നത്. ഉദാഹരണത്തിന് പശു, ആട്, ആന, പൂച്ച തുടങ്ങിയവയുടെ കുഞ്ഞുങ്ങൾ പാൽ കുടിക്കുന്നത് ശ്രദ്ധിച്ചാൽ അവയവങ്ങളുടെ രൂപവും ഘടനയും സ്വഭാവവും ഉയരവും വണ്ണവും ഒക്കെ അന്യോന്യം എത്ര പൊരുത്തമായിരിക്കുന്നു എന്ന് മനസ്സിലാക്കാൻ സാധിക്കും. മറ്റുള്ള ജീവികളിലെ കുഞ്ഞുങ്ങളെ തള്ളമാരും തന്തമാരും വളർത്തുന്നതും കരുതുന്നതും ഒക്കെ വളരെ വലിയ പാഠങ്ങളാണ്; പ്രസ്തുത പാഠങ്ങളെല്ലാം ജീവികളുടെയെല്ലാം ശരീര-അവയവങ്ങളും ഭൂമിയിലെ മറ്റു മൂലകങ്ങളും നൽകുന്ന ശക്തികളെയും ജ്ഞാനത്തെയും സ്വാതന്ത്ര്യങ്ങളെയും ആശ്രയിച്ചിരിക്കുകയുമാണ്.

ഭൂമിയും മൂലകങ്ങളും ശരീരവും, ദൈവവും ദൈവത്തിന്റെ അംശങ്ങളുമാണെന്ന് മനസ്സിലാക്കാൻ മനുഷ്യർക്ക് കഴിഞ്ഞില്ല. അഹംഭാവം, അഹങ്കാരം, പൊങ്ങച്ചം, കാപട്യം, അസത്യം, അധർമ്മം, അനീതി, അവിവേകം, ദുഷ്ക്കാമം, ദുശ്ശീലങ്ങൾ, ദുസ്വാർത്ഥം തുടങ്ങിയവ മനുഷ്യരിൽ വർദ്ധിച്ചതു കൊണ്ടുകൂടിയാണ് ഭൂമി വെളിപ്പെടുത്താഞ്ഞത്. സ്വന്തം നിസ്സാരത തിരിച്ചറിയണം. മനുഷ്യന്റെ ആത്മാവിന്റെ നിസ്സാരതയെ മനസ്സിലാക്കാൻ മനുഷ്യക്കുഞ്ഞിന്റെ വളർച്ചയും മനോവികാസവും ശാസ്ത്ര സാങ്കേതിക സൗകര്യങ്ങളെ ആസ്വദിച്ചു കൊണ്ടുള്ള ജീവിതവും ഒരല്പം വിശകലനം ചെയ്താൽ മതി. പശുവിന്റെ കുഞ്ഞുങ്ങൾ പ്രസവിച്ച ഉടനെ എണീറ്റു നിന്നു പാൽ കുടിക്കുന്നതും തുള്ളി ഓടി കളിക്കുന്നതും ഏതാനും മാസങ്ങൾ കൊണ്ടു വളർന്ന് അടുത്ത തലമുറയ്ക്ക് നിമിത്തമാവുന്നതും മനുഷ്യക്കുഞ്ഞിന്റെ വളർച്ചയുമായി താരതമ്യം ചെയ്യുമ്പോൾ മനുഷ്യന് നൽകുന്ന വിശേഷ ബുദ്ധിക്ക് മുമ്പ് വിശദീകരിച്ച മോക്ഷവുമായി ബന്ധപ്പെട്ട ഉദ്ദേശങ്ങളും ലക്ഷ്യങ്ങളും ഉണ്ടെന്ന് തെളിയുന്നുണ്ട്. SupremeJusticeGOD എന്ന മഹാ-ഗ്രന്ഥത്തിലും മറ്റും കൂടുതൽ വിശദീകരിച്ചിട്ടുണ്ട്; ആവർത്തിക്കുന്നില്ല.

ശരീരത്തിലെ നാവ്, കീഴ്ത്താടി, കൺപോളകൾ, കൈകാലുകൾ, വിരലുകൾ എന്നിങ്ങനെ ഏതാനും അവയവങ്ങളെ ഭാഗികമായി ചലിപ്പിക്കാനുള്ള സ്വാതന്ത്ര്യത്തെ ആത്മാവിന് ശരീരം നൽകുകയും അവ കൊണ്ടു തന്നെ ശരീരത്തെ മൊത്തം ഭരിക്കുന്ന പ്രതീതി നൽകിക്കൊണ്ട് ശരീരത്തെ ആത്മാവിന് നൽകാതെ നൽകുകയും, മഹാനീതി ശാസ്ത്ര പ്രകാരം, കാലാകാലങ്ങളിൽ ഏതാനും അവയവങ്ങൾക്ക് നൽകിയിട്ടുള്ള ശക്തികളെയും ചലന സ്വാതന്ത്ര്യത്തെയും നിയന്ത്രിക്കുകയും പിൻവലിക്കുകയും ഒക്കെ ശരീരം 'ആത്മാവിനു വേണ്ടി' മഹാനീതി ശാസ്ത്ര പ്രകാരം സ്വയം ചെയ്യുന്ന കാര്യങ്ങളാണ്. ഉദാഹരണത്തിന്, കുഞ്ഞിന്റെ ശരീരത്തിലെ, വായിൽ ക്രമേണ പല്ലുകളെ മുളപ്പിക്കുന്ന ശരീരം, വൃദ്ധാവസ്ഥയിൽ പല്ലുകളിലെ ശക്തിയും ബന്ധവും പിൻവലിച്ച് വീണ്ടും കുഞ്ഞിന്റെ അവസ്ഥയിൽ ആത്മാവിനെ എത്തിക്കുന്നു. വൃദ്ധരാവുമ്പോൾ കാഴ്ച്ച ശക്തി, കേൾവി ശക്തി, ഓർമ്മ ശക്തി തുടങ്ങിയവ കുറയുന്നതും നഷ്ടപ്പെടുന്നതും മറ്റ് ഉദാഹരണങ്ങളാണ്. അധികാര പ്രമത്തതയും ഗർവ്വും ദുസ്വാർത്ഥങ്ങളും കാട്ടിയവർ രോഗം, അപകടം തുടങ്ങിയ വീഴ്ച്ചകൾ സംഭവിക്കുമ്പോഴും, വൃദ്ധരായി മാറുമ്പോഴും, കുഞ്ഞുങ്ങളെ പ്പോലെ വിസർജ്ജനം നടത്തുന്നതും, ഭക്ഷണ ആനന്ദം മാത്രം പ്രധാനമാകുന്നതും ശരീരമായ ഭൂമിയുടെ അംശം നിർവ്വഹിക്കുന്ന 'ജാലത്തിന്റെ' ഭാഗമാണ്. കുറച്ചു കൂടി വിശദമാക്കിയാൽ, ശരീരവും ഓക്സിജനും ജലവും ചേർന്ന് എല്ലാ ആത്മാക്കളെയും സമ്പൂർണ്ണമായി ഭരിക്കുന്നത് സദാ അനുഭവിച്ചു കൊണ്ടിരിക്കുന്ന യാഥാർത്ഥ്യമാണ്. സ്വയം വിശകലനം ചെയ്ത് ആത്മാവിന് മനസ്സിലാക്കാൻ കഴിയുന്ന വസ്തുതകൾ മാത്രവുമാണ്. അതിനുള്ള ബുദ്ധിയും ശക്തിയും കുഞ്ഞായ ആത്മാവിനു നൽകുവാൻ ആത്മാവിന് മനുഷ്യാവസ്ഥയിൽ ലഭിക്കുന്ന ശരീരത്തിൽ വ്യവസ്ഥയുണ്ട്.

മഹാശാസ്ത്ര ജ്ഞാനവുമായി ബന്ധപ്പെട്ട വിശേഷ ബുദ്ധികളെ മറ്റുള്ള ജീവികളുടെ സ്വത്വമായ ജീവാത്മാക്കൾക്ക് ലഭിക്കുന്നില്ല എന്നു പറയുമ്പോൾ, അത് നൽകാൻ പ്രാപ്തിയുള്ള ശരീരത്തെ അവയ്ക്ക് ലഭ്യമാക്കിയിട്ടില്ല എന്നും, മനുഷ്യാവസ്ഥയിൽ ആവശ്യമാക്കിയിട്ടുണ്ട് എന്നും കൂടിയാണ് അർത്ഥം. ഓരോ ആത്മാവിനും ഓരോ ദൈവം എന്ന് തോന്നുംവിധം ആത്മാവിന്റെ ഒപ്പമുള്ള ശരീരവും ദൈവത്തിന്റെ മഹാരൂപമായ ഭൂമിയുടെ അംശമായ മൂലകങ്ങൾ തന്നെയാണ് !

വിശപ്പ്, ദാഹം, ഭക്ഷണം കഴിക്കൽ, രുചിയും മണവും ഉൾപ്പെടെയുള്ള ആനന്ദങ്ങൾ, വിസർജ്ജനം, മദ്യപാനം, പുകവലി, വേദന, രോഗവും മുക്തിയും, ഉറക്കം, ബോധക്ഷയം, ജനനം, മരണം, തുടങ്ങിയവ ഭാഗികമായി ഓരോ ജീവിയുടെയും സ്വത്വമായ ആത്മാവിന്റെ സ്വകാര്യമാണ്. ഭക്ഷിക്കുക, നടക്കുക, കൈകാലുകൾ പ്രവർത്തിപ്പിച്ച് ചില തൊഴിലുകൾ ചെയ്യുക തുടങ്ങി ശരീരത്തിലെ അവയവങ്ങളെ ഉപയോഗിച്ച് ചില ക്രിയകളെ ചെയ്യാൻ ആത്മാവിനെ ശരീരവും സ്വത്വമായ ഓക്സിജനും അനുവദിക്കുകയും, ജനനം മരണം ബോധക്ഷയം ഉറക്കം തുടങ്ങിയ ഏതാനും ക്രിയകളെ സമ്പൂർണ്ണമായി, ഭൂമിയുടെ അംശമായ ശരീരവും, ദ്രാവക രൂപമായ ജലവും, വാതക രൂപമായ ഓക്സിജനും ചേർന്ന് നിശ്ചയിക്കുകയാണ്. കുഞ്ഞുങ്ങളും കുട്ടികളും യുവജനങ്ങളും വൃദ്ധരുമായ ഏതൊരു മനുഷ്യന്റെയും മറ്റുള്ള ജീവികളുടെയും സ്വത്വമായ ആത്മാക്കൾക്ക് ആനന്ദങ്ങളും, വേദനകളും, ആരോഗ്യവും, രോഗങ്ങളും, രോഗ-മുക്തിയും, ജനനവും മരണവും ഉൾപ്പെട്ട ജീവിതം നൽകുന്നതും; 'ജീവി നിർണ്ണയം, സ്ത്രീ പുരുഷ വ്യത്യാസം, നിറം, സൗന്ദര്യം, മുഖഛായ, ആയുസ്സ്, ബുദ്ധിശക്തി, തൊഴിൽ -അഭിരുചി, വിനോദ-അഭിരുചി തുടങ്ങിയ ജന്മഗുണങ്ങളെ നൽകുന്നതും' മൂലകങ്ങൾ മാത്രമായ ശരീരമാണ്. ജീവികളുടെ ശരീരമായ മാംസവും ഫലങ്ങളും ഉൾപ്പെട്ട എല്ലാ അവയവങ്ങളും മറ്റുള്ള ജീവികളുടെ ഭക്ഷണം ആയിരിക്കുമ്പോൾ തന്നെ അവയും മരുന്നുകളും വിഷങ്ങളും ഉൾപ്പെട്ട സകലമാന വസ്തുക്കളും 'ഭൂമിയുടെ അംശം മാത്രമായ മൂലകങ്ങൾ ആണെന്നതും', അവയിൽ സ്വയം ലയി(പ്പി)ച്ചിരിക്കുന്ന നിയമങ്ങളും ശക്തികളും പ്രകാരം, അവയുടെ അഥവാ ഭൂമിയുടെ സ്വത്വമായ ഓക്സിജന്റെ നിയന്ത്രണത്തിൽ സ്വയം പ്രവർത്തിച്ചാണ് ആത്മാക്കൾക്ക് ജ്ഞാനവും ശക്തിയും 'വേദന ഉൾപ്പെടെയുള്ള ആനന്ദങ്ങളും', തജ്ജന്മത്തിലെ മരണവും ലഭിക്കുന്നത് എന്നതും ആത്മാക്കൾ കണ്ടും കേട്ടും അനുഭവിച്ചും അറിയുന്ന വസ്തുതകളാണ്. ആത്മാവിന് ജീവിയായി ജീവിക്കാൻ കഴിയുന്നത് 'ശരീരമായി ഒപ്പം കൂടിയിട്ടുള്ള മൂലകങ്ങളും ജലവും സർവ്വം കൂട്ടിയിണക്കുന്ന ഓക്സിജനും നിമിത്തം മാത്രമാണ് '. ഭൂമിയും ശരീരവുമായ ദൈവത്തിന്റെ കുഞ്ഞുങ്ങളായ ആത്മാക്കളുടെ ഒപ്പം ശരീരമായി കൂടിക്കൊണ്ട് മഹാനീതിശാസ്ത്ര പ്രകാരം മഹാവാത്സല്ല്യത്തോടെ മഹാദാസ്യ വേലകളെ ചെയ്യുന്ന ദൈവത്തെ മനസ്സിലാക്കാൻ ഭൂരിപക്ഷം കുഞ്ഞുങ്ങൾക്കും കഴിഞ്ഞിട്ടില്ല.

**ആത്മാവിന് അഥവാ വ്യക്തിക്ക് ശരീരമാണ് പ്രധാനം എന്ന മഹാപാഠം കൂടിയാണ് മുകളിൽ വെളിപ്പെടുത്തിയത്. അതേസമയം ഭൂമിയുടെ അംശമായ മൂലകങ്ങളെ കൊണ്ട് ഉണ്ടാക്കിയ ശരീരം, ഭൂമിയായ ദൈവത്തിന്റെ അംശമാകയാൽ, ആത്മാവിന് ദൈവമാണ് പ്രധാനം എന്ന് വ്യാഖ്യാനിക്കാം. പക്ഷേ, ദൈവം ഭൂമിയായ മഹാരൂപം സ്വീകരിച്ചു കൊണ്ട്, ഭൂമിയിൽ ജീവിപ്പിക്കുകയും, ഓരോ ജന്മത്തിലും മഹാനീതിശാസ്ത്രത്തെയും മോക്ഷത്തെയും ബന്ധപ്പെടുത്തി ശരീരം തന്നെയാണ് പ്രധാനം എന്ന് സ്ഥാപിച്ചിരിക്കെയും ഭൂമിയുടെ അംശമായ ശരീരം ഉൾപ്പെടെയുള്ള മൂലകങ്ങളെയും അവയിലെ നിയമങ്ങളെയും ഉൾക്കൊണ്ടു ജീവിക്കാൻ മനുഷ്യർ ബാദ്ധ്യസ്ഥരാണ്. കുറഞ്ഞ ബുദ്ധിശക്തി ലഭിച്ച മറ്റു ജീവികൾ ജീവിക്കുന്ന മാതൃകകളായി മനുഷ്യരോടൊപ്പവുമുണ്ട്.** മനുഷ്യർ ഉൾപ്പെടെ എല്ലാ ജീവികളുടെയും, അവയവങ്ങളും അവയുടെ രൂപങ്ങളും ഘടനകളും ഉൾപ്പെട്ട ശരീരത്തിന്റെ മൊത്തം രൂപത്തെയും അവയുടെ പ്രവർത്തനങ്ങളെയും നിശ്ചയിക്കുകയും നിർമ്മിക്കുകയും ചെയ്യുന്നത് സ്വത്വമായ വ്യക്തിയോ (ആത്മാവോ), അവരുടെ മാതാപിതാക്കളോ അല്ലെന്നത് സുപ്രധാനമാണ്. ഉദാഹരണത്തിന്, നാവ്, നാവിലെ രുചി ഘടകങ്ങൾ, പല്ലുകളും അവയുടെ പ്രവർത്തനങ്ങളും, വിരലുകളും നഖങ്ങളും കൈകാലുകളും അവയുടെ പ്രവർത്തനങ്ങളും, കാമം ഉൾപ്പെടെയുള്ള ആനന്ദങ്ങളുടെ ഒരുക്കൽ, പ്രത്യുല്പാദന അവയവങ്ങളും അവയുടെ പ്രവർത്തനങ്ങളും, ദഹനം, വിസർജ്ജനം, തുടങ്ങി ശരീരം സ്വയം നിർവ്വഹിക്കുകയോ ഒരുക്കുകയോ ചെയ്യുന്ന ഏതാനും സംവിധാനങ്ങളുടെയും അവയവങ്ങളുടെയും പ്രവർത്തനങ്ങളെ വിശകലനം ചെയ്താൽ തന്നെ ദൈവമായ ഭൂമിയുടെയും അംശങ്ങളായ മൂലകങ്ങളുടെയും മഹത്വവും സാന്നിധ്യവും മനസ്സിലാക്കാൻ കഴിയും. അതിനാവശ്യമായ ബുദ്ധിശക്തിയും അവസരങ്ങളും 'മനുഷ്യാവസ്ഥയിൽ' ജീവിയുടെ ആത്മാവിനു ലഭിക്കുന്നുണ്ട്. മറ്റുള്ള ജീവികൾക്ക് മഹാശാസ്ത്ര ജ്ഞാനവുമായി ബന്ധപ്പെട്ട വിശേഷ ബുദ്ധി ലഭിക്കുന്നില്ല; അതുകൊണ്ടു തന്നെ പൊതുവായി പറയുമ്പോൾ, ശരീരം കൊണ്ട് നേടാൻ കഴിയുന്ന ആനന്ദങ്ങളെ അനുഭവിച്ചു ജീവിക്കുന്ന മറ്റുള്ള ജീവികൾക്ക് ഭാവികാല ജീവിതവും മോക്ഷവും വിഷയമാകുന്നില്ല.

**മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രത്തെ ഉൾക്കൊള്ളാനും പകർന്നു നൽകാനും പ്രാപ്തിയുള്ള ശരീരത്തെയാണ് മനുഷ്യാവസ്ഥയിൽ ആത്മാവിനു ലഭിക്കുന്നത്.**

ശരീരവും ഭൂമിയും 'സൃഷ്ടി സ്ഥിതി സംഹാര കർത്താവുമായ ദൈവം' പ്രവർത്തിക്കുന്നത് കുഞ്ഞുങ്ങളും സൃഷ്ടികളുമായ ജീവികൾക്കു വേണ്ടിയാണെങ്കിലും, ജീവികളുടെ ഇഷ്ടങ്ങളെ മുഴുവൻ പെട്ടെന്ന് സാധിച്ചു കൊടുക്കുകയല്ല; മറിച്ച് ഇഷ്ടങ്ങളെയും ആവശ്യങ്ങളെയും ക്ഷമതയോടെ സ്വയം നിശ്ചയിക്കാനും തിരിച്ചറിയാനും ദൈവത്തിന്റെ മഹാനീതി ശാസ്ത്ര പ്രകാരം പ്രാപ്തരാക്കുകയും, 'കുഞ്ഞുങ്ങളായ ആത്മാക്കൾ ഇഷ്ടങ്ങളെ നേടുന്ന മനോഭാവം സൃഷ്ടിച്ചുകൊണ്ട് ' കുഞ്ഞുങ്ങളുടെ ഇഷ്ടങ്ങളെ മുഴുവൻ സ്വയം സാധിക്കാനുള്ള ശക്തികളെ മോക്ഷം എന്ന പേരോടെ, ദൈവമായ ഭൂമി ക്രമേണ സമ്പൂർണ്ണമായി നൽകുകയുമാണ്. ഭൂമിയുടെ അംശമായ മൂലകങ്ങളും അവകൊണ്ട് ഉണ്ടാക്കിയിട്ടുള്ള ശരീരവുമാണ് അതു ചെയ്യുന്നത് എന്നതിൽ നിന്ന് ദൈവത്തിന്റെ മഹാരൂപമാണ് ഭൂമിയെന്നും, മൂലകങ്ങളും ശരീരവും ഉൾപ്പെട്ട എല്ലാ വസ്തുക്കളും ദൈവത്തിന്റെ അംശങ്ങളാണെന്നും തെളിയുന്നുണ്ട്. ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയുടെ അംശങ്ങളും മഹാശക്തി തന്നെ ആയിരിക്കും എന്നതുകൊണ്ടാണ് ഭൂമിയുടെ അംശം മാത്രമായ മൂലകങ്ങളുടെ ആറ്റങ്ങളിലും അനന്തമായ ശക്തികളും ശാസ്ത്രങ്ങളും ആനന്ദങ്ങളും ലയിച്ചിട്ടുള്ളത്. ആവക സത്യങ്ങളെയും മനുഷ്യന്റെ സ്വത്വമായ ആത്മാവിന് മനസ്സിലാക്കാൻ കഴിയുന്ന ബുദ്ധിയും ശക്തിയും അവസരങ്ങളും 'മൂലകങ്ങൾ മാത്രമായ ഭക്ഷണം, മരുന്നുകൾ, ജലം, ശരീരം' എന്നിവയിലൂടെ ശരീരം സ്വയം നൽകുന്നുമുണ്ട്.

ദൈവമായ ഭൂമിയുടെ സ്വത്വമായ ഓക്സിജൻ മഹാനീതി ശാസ്ത്ര പ്രകാരം ശരീരം ഉൾപ്പെടെയുള്ള മൂലകങ്ങളിലൂടെ ശക്തികളെയും ജ്ഞാനത്തെയും ആനന്ദങ്ങളെയും പൊന്നോമന കുഞ്ഞുങ്ങളായ ആത്മാക്കൾക്ക് പകർന്നു നൽകുകയാണ്. വിശകലനം ചെയ്താൽ ലളിതമായി മനസ്സിലാക്കാൻ കഴിയുന്നതാണ്.

**പുരുഷനും സ്ത്രീയും പ്രണയിക്കുന്നു എന്നതിന്റെ അർത്ഥം അവരുടെ സ്വത്വമായ ആത്മാക്കൾ പ്രണയിക്കുന്നു എന്നാണ്.** ആത്മാക്കൾ തമ്മിലുള്ള പ്രണയം, കാമം തുടങ്ങിയ ആനന്ദങ്ങളെ 'മൂലകങ്ങളായ ശരീരവുമായിട്ടല്ലാ' ബന്ധിപ്പിച്ചിട്ടുള്ളത് എന്നും; **ശരീര അവയവങ്ങളുടെ ബാഹ്യവും ആന്തരികവുമായ ആവരണമായിരിക്കുന്ന ചർമ്മത്തിലൂടെ പ്രകട ജന്മ ഗുണങ്ങളായ ജീവി നിർണ്ണയം, ലിംഗ വ്യത്യാസം, നിറം, മണം, സൗന്ദര്യം, മുഖഛായ തുടങ്ങിയവ നിശ്ചയിച്ചും നൽകിയും ആത്മാവിനെ വ്യാപരിപ്പിച്ചിരിക്കുകയാണ് എന്നും അറിയണം. ആത്മാക്കൾ തമ്മിലുള്ള വാത്സല്യം, സ്നേഹം, പ്രണയം, കാമം തുടങ്ങിയവ എല്ലാ ജീവികളുടെയും ചർമ്മത്തിലൂടെ വ്യവസ്ഥപ്പെടുത്തിയിരിക്കുകയാണ്. ചർമ്മത്തിനു മേൽ സംഭവിക്കുന്ന മാലിന്യങ്ങൾ ഏറെയും ഒരു കുളി കൊണ്ട് മാറുന്നവയാണെന്നും അറിയണം. 'ആത്മാക്കളുടെ' വാത്സല്ല്യ സ്നേഹ പ്രണയ കാമ കോപ നീച പ്രവൃത്തികളും മറ്റും ആനന്ദങ്ങൾക്ക് അതീതവും ഭൂമിയുമായ ദൈവത്തെയും അംശമായ ശരീരത്തെയും മൂലകങ്ങളെയും ബാധിക്കുന്നില്ല. മാത്രമല്ല; മഹാവാത്സല്ല്യത്തെയും മഹാദാസ്യത്തെയും മാത്രം കുഞ്ഞുങ്ങളുടെ സൃഷ്ടിക്കു പിന്നിലെ ദൈവത്തിന്റെ ആനന്ദങ്ങളായി നിശ്ചയിച്ചു കൊണ്ട് സൃഷ്ടി ആരംഭിക്കുകയാലും ഭൂമിക്കും അംശംമായ മൂലകങ്ങൾക്കും ശരീരത്തിനും 'ആത്മാക്കളുടെ' വാത്സല്ല്യ സ്നേഹ പ്രണയ കാമ കോപ നീച പ്രവൃത്തികളിലും മറ്റും പങ്കില്ല. എന്നാൽ ഭൂമിയുടെ വാതക രൂപമായ ഓക്സിജൻ ആത്മാവിന്റെ മേൽ ഏർപ്പെടുത്തിയിട്ടുള്ള ശ്വസനം വഴി ആത്മാക്കളുടെ ചിന്തകളെ പ്പോലും മഹാശാസ്ത്രപരമായി അറിയുന്നുണ്ട്; മഹാനീതി ശാസ്ത്ര പ്രകാരം ആത്മാവിന്റെ മേൽ ഓക്സിജൻ മഹാനീതി നടപ്പാക്കുന്നുമുണ്ട്.**

സ്വന്തമെന്നു കരുതുന്ന ശരീരത്തെയും പ്രവർത്തനങ്ങളെയും ഒരല്പം **വിശകലനം ചെയ്താൽ 'കർത്താവായ ദൈവത്തിന്റെ അംശമാണ് ശരീരമായി ഒപ്പമുള്ളതെന്നു കണ്ടെത്താൻ കഴിയുന്ന ബുദ്ധിശക്തി ആത്മാവിന് ശരീരം നൽകുന്നുണ്ട്.'**

**അലസത, മടി, ദുസ്വാർത്ഥം തുടങ്ങിയവ കൊണ്ട് കർത്താവായ ഭൂമിയുടെ 'ശരീരം ഉൾപ്പെട്ട മൂലകങ്ങളെ' വിശകലനം ചെയ്ത് വസ്തുതകളെ അറിയാൻ മനുഷ്യർ തയ്യാറായില്ല. മാത്രമല്ല; ശരീരത്തിന്റെയും ഭൂമിയിലെ മറ്റു മൂലകങ്ങളുടെയും ശാസ്ത്രങ്ങളും ശക്തികളും 'ദൈവാംശം എന്ന സ്ഥാനവും പ്രാധാന്യവും' കാലക്രമേണ വെളിപ്പെടുത്തുന്നതു പോലെ ഉചിതമായ സമയത്ത്** മൂലകങ്ങളുടെ ആകെത്തുക കൂടിയായ ഭൂമിയുടെ മുഴുവൻ സ്വത്വമായ ദൈവത്തിന്റെ രഹസ്യവും സൃഷ്ടികൾക്കു വേണ്ടിയുള്ള മോക്ഷം ഉൾപ്പെടെയുള്ള മഹാപദ്ധതികളും സുവ്യക്തമായി വെളിപ്പെടുത്തുമെന്ന് ഉറപ്പിക്കാൻ കഴിയുമായിരുന്നു. **മനുഷ്യർ ഉൾപ്പെടെയുള്ള ജീവികളുടെ 'ആനന്ദങ്ങളും സ്വാതന്ത്ര്യങ്ങളുമായ നല്ലതിനു വേണ്ടി' ദൈവമായ ഭൂമി ഗൂഢമായിരിക്കുന്നുവെന്ന് തോന്നുമ്പോഴും ഭൂമിയുടെ അംശമായ ശരീരവും മൂലകങ്ങളും പ്രത്യക്ഷമായി തന്നെയാണ് എല്ലായ്പ്പോഴും പ്രവർത്തിക്കുന്നത്. ദൈവത്തിന്റെ മഹാരൂപമാണ് ഭൂമി എന്ന് തെളിയുമ്പോൾ, ദൈവമായ ഭൂമി എല്ലായ്പ്പോഴും പ്രത്യക്ഷവുമാണ്.**

**നിർജ്ജീവമായ ആത്മാവിനെ ഗൂഢമാക്കിയിട്ടുള്ളതും മഹാവാത്സല്ല്യം നൽകി ക്കൊണ്ടു തന്നെയാണ് ! നിർജ്ജീവമായ ആത്മാവാണ് ഗൂഢമായിരിക്കുന്നതെന്നും പ്രത്യക്ഷ ദൈവരൂപമായ ഭൂമി, അംശമായ ശരീരത്തിലൂടെ നൽകിപ്പോരുന്ന മഹാവാത്സല്ല്യം കൊണ്ട് ജീവിയായി പ്രത്യക്ഷമാകാൻ ആത്മാവിനെ അനുഗ്രഹിച്ചിരിക്കുന്നു എന്നും മഹാശാസ്ത്ര പരമായി തെളിയുന്നു.** മുമ്പ് വ്യക്തമാക്കിയതു പോലെ ശരീരം സ്വയം ചെയ്യുന്ന പ്രവൃത്തികളെല്ലാം ആത്മാവിനു വേണ്ടി മാത്രമാണ്. ഭക്ഷണ രുചി ഉൾപ്പെട്ട ആനന്ദങ്ങളെയെല്ലാം ആത്മാവിനു നൽകി ക്കൊണ്ട് മഹാവാത്സല്ല്യത്തോടെ മഹാദാസ്യ സേവനങ്ങളെ ശരീരം സദാ ചെയ്യുകയാണ്. ശരീരം സേവനങ്ങളെ ആരംഭിക്കുമ്പോൾ ആത്മാവ് ജീവിയായി ജനിക്കുകയും അവസാനിപ്പിക്കുമ്പോൾ ആത്മാവ് പുറത്താക്കപ്പെട്ട് ജീവി മരിക്കുകയും ചെയ്യുന്നു.

**വസ്തുതകളെ ലളിതമായി മനസ്സിലാക്കി ജീവിക്കാൻ കഴിയും. ശരീരം, ജീവൻ, പരമാത്മാവ്, ജീവിയുടെ സ്വത്വമായ ആത്മാവ്, എന്നിവ വേറിട്ട ഘടകങ്ങളാണെന്ന തിരിച്ചറിവ് മനുഷ്യാവസ്ഥയിൽ വച്ച് അനേകർക്ക് ലഭിക്കുന്നുണ്ട്.** മഹാനീതിശാസ്ത്ര പ്രകാരം, തജ്ജന്മത്തിൽ ബുദ്ധിശക്തി കൂടുതൽ ലഭിച്ചിട്ടുള്ള മനുഷ്യർ ധർമ്മ ശാസ്ത്ര പരമായി ജീവിച്ചു കൊണ്ട് തനിക്ക് അസ്തിത്വം നൽകുന്ന ശരീരത്തെയും മൂലകങ്ങളെയും വിശകലനം ചെയ്താൽ, മൂലകങ്ങളാകുന്ന ദൈവാംശങ്ങൾ മഹാനീതിശാസ്ത്ര പ്രകാരം കാലാനുസൃതമായ അറിവുകളെ സ്വന്തം കുഞ്ഞുങ്ങളായ ആത്മാക്കൾക്ക് മഹാവാത്സല്ല്യത്തോടെ നൽകുന്നതാണ്. 'ഭൂമിയുടെ' അംശങ്ങളായ ഭക്ഷണവും മരുന്നും ശരീരവും ഉൾപ്പെട്ട എല്ലാ മൂലകങ്ങളിൽ നിന്നും ശക്തിയും ജ്ഞാനവും ആനന്ദങ്ങളും സ്വീകരിക്കുന്ന ആത്മാവിന് അവയെ സ്വന്തമായി നേടുകയും ആനന്ദിക്കുകയും ചെയ്യുന്ന പ്രതീതി സൃഷ്ടിക്കാൻ മൂലകങ്ങൾ ശ്രദ്ധിക്കുന്നതു കൊണ്ട് മൂലകങ്ങളുടെ ഗൂഢമായ ഭൗതിക പ്രവർത്തനങ്ങളെ ആത്മാവ് അറിയുന്നുമില്ല.

**ഭൂമിയുടെ അംശമായ മൂലകങ്ങൾ ശരീരമായി സ്വയം രൂപമാറ്റം ചെയ്യുന്നതിന്റെ മുഖ്യ ഉദ്ദേശ്യം ആത്മാവിനെ ജീവിയാക്കുകയും ഭൂമിയിലെ അനന്തമായ ആനന്ദങ്ങളെ അനുഭവിപ്പിക്കുകയും മോക്ഷത്തിൽ ലഭ്യമാക്കുകയുമാണ്. മൂലകങ്ങളുടെ മൊത്തമായ ഭൂമിയെന്ന മഹാരൂപത്തെ ദൈവം സ്വീകരിച്ചിരിക്കുന്നത്, കുഞ്ഞുങ്ങളായി സൃഷ്ടിക്കുന്ന ആത്മാക്കൾക്ക് അനന്തമായ ആനന്ദങ്ങളെ സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തോടെ അനന്ത കാലമോ ഇഷ്ടം പോലെയോ നൽകാനാണെന്ന് സാരം.**

**ഭൂമിയിലെ അനന്തമായ ആനന്ദങ്ങളെ സമ്പൂർണ്ണമായ വ്യക്തിസ്വാതന്ത്ര്യത്തോടെയും അഭിമാനത്തോടെയും അനുഭവിക്കാൻ ആത്മാക്കളെ പ്രാപ്തരാക്കാനായി സൃഷ്ടി ചക്രത്തിന്റെ ആദ്യ പകുതിയിൽ ദൈവമായ ഭൂമി സ്വന്തം സാന്നിധ്യത്തെ മഹാവാത്സല്ല്യത്തോടെ ഏറെക്കുറെ സമ്പൂർണ്ണമായി സ്വയം ഗൂഢമാക്കുന്നു.**

എല്ലാ ജീവികൾക്കും മനുഷ്യാവസ്ഥയിലെ മോക്ഷം വരെയുള്ള ജനന-മരണ-പുനർജ്ജന്മങ്ങളിൽ; ഏകശരണമായ ഭൂമി സദാ പ്രത്യക്ഷവും, ഭൂമിയുടെ അംശമായ മൂലകങ്ങൾ ശരീരമായി ഒപ്പവും ഉണ്ടെങ്കിലും ഭൂമി ദൈവമാണെന്ന് കുഞ്ഞുങ്ങൾ തിരിച്ചറിയുന്നില്ല. സൃഷ്ടി ചക്രത്തിന്റെ രണ്ടാമത്തെ പകുതിയിൽ 'മായ' പ്രത്യക്ഷമാകുമ്പോൾ, ഭൂമി ദൈവമാണെന്നും, ശരീരവും മൂലകങ്ങളും ദൈവാംശങ്ങൾ ആണെന്നും തെളിയുന്നുണ്ട്. എന്നാൽ മഹാദാസ്യത്തെയും മഹാവാത്സല്ല്യത്തെയും മാത്രം സ്വന്തം ആനന്ദങ്ങളായി നിശ്ചയിച്ചിട്ടുള്ള ഭൂമി, കുഞ്ഞുങ്ങൾ ധർമ്മശാസ്ത്ര പ്രകാരം സ്വന്തം ആനന്ദങ്ങളിൽ ശ്രദ്ധിക്കുവാൻ ബാദ്ധ്യസ്ഥരാക്കുന്നു.

വ്യത്യസ്തമായ അളവുകളോടെ വ്യത്യസ്ത മൂലകങ്ങളും അവകൊണ്ട് നിർമ്മിക്കുന്ന അവയവങ്ങളുടെ ഘടനകളും പ്രവർത്തനങ്ങളും ജീവികളുടെ രൂപത്തെയും ധർമ്മ വ്യവസ്ഥകളെയും അനന്തമായി വ്യത്യാസപ്പെടുത്തുന്നു. അതേസമയം അവയവങ്ങളുടെ സമ്മിശ്രമായ ഓരോ ശരീരവും ജീവിയുടെ സ്വത്വമായ ഓരോ ആത്മാവിനും വേണ്ടി മാത്രം പ്രവർത്തിക്കുന്നവയാണെന്ന് സ്വന്തം അനുഭവത്തിൽ നിന്നും വിശേഷബുദ്ധി ലഭിച്ചിട്ടുള്ള മനുഷ്യന് അറിയാം. ഓരോ ശരീരവും ഓരോ ആത്മാവിനു വേണ്ടി മാത്രം സൃഷ്ടിക്കപ്പെട്ടതാണ് എന്നു കൂടിയാണ് അതിന്റെ അർത്ഥം. മൂലകങ്ങളെ ഉപയോഗിച്ച് മനുഷ്യർ ഉണ്ടാക്കുന്ന റോബോട്ടുകളിൽ നിന്നും വ്യത്യസ്തമായി ഓരോ ശരീരവും സ്വയം പ്രവർത്തിക്കുകയും, വളരുക എന്ന രൂപമാറ്റത്തെ തുടർച്ചയായി ചെയ്യുകയും, ചെയ്യുന്ന കർമ്മങ്ങളെല്ലാം മഹാനീതിശാസ്ത്ര പ്രകാരം ആത്മാവിന് ശക്തികളും ജ്ഞാനവും സമ്പൂർണ്ണമായ സ്വാതന്ത്ര്യവും അവകാശങ്ങളും അധികാരങ്ങളും മഹാനീതിയും നൽകുന്നതിനുമാണ്.

**എല്ലാ ജീവികളുടെയും ശരീരത്തിന്റെ പ്രവർത്തനങ്ങൾ അടിസ്ഥാനപരമായി ഒന്നുതന്നെയാണ്; ശവശരീരം മൂലകങ്ങളായി മണ്ണായ ഭൂമിയിൽ വീണ്ടും ലയിക്കുന്നതും ഒരുപോലെ. സ്വയം വിശകലനം ചെയ്ത് ബോദ്ധ്യപ്പെടാൻ ആത്മാക്കൾക്ക് മനുഷ്യാവസ്ഥയിൽ കഴിയുന്നതാണ്.**

**ആത്മാവിനെ പ്പറ്റി അല്പംകൂടി കുറിച്ച ശേഷം തുടരാം :**

ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയായ ദൈവത്തിന്റെ അംശങ്ങളും 'ആദിയും അന്തവും ഇല്ലാത്ത മഹാശക്തികൾ തന്നെയാണ് എന്നതിനാൽ സ്വന്തം അംശങ്ങളെ ജീവികളായി സൃഷ്ടിക്കാൻ കഴിയുന്നതല്ലാ എന്ന് ഈ ദിവ്യ മഹാഗ്രന്ഥത്തിലെ രണ്ടാം ഭാഗത്തിൽ മഹാശാസ്ത്ര പരമായി വിശദമാക്കിയിട്ടുണ്ട്. മഹാശക്തിയായ ദൈവത്തിന്റെ അംശമാക്കാതെ സംരക്ഷിക്കാൻ, സൃഷ്ടി സ്ഥിതി സംഹാര പാത്രവും മഹാശൂന്യതയുമായി ആദ്യം സൃഷ്ടിക്കുന്ന ആകാശത്തിന്റെ ഭാഗവും നിർജ്ജീവവും അന്തമില്ലാത്തതുമായ ശിവചക്രം എന്ന പരമാത്മാവിന്റെ മാത്രം അംശമായിട്ടാണ് ആത്മാവിനെ ആകാശത്തിലെ സൂര്യനിൽ വച്ച് ഹൈഡ്രജൻ- ഹീലിയം പ്രതിഭാസത്തിലൂടെ സൃഷ്ടിക്കുന്നത്.

**നിർജ്ജീവമായ പരമാത്മാവിന്റെ അംശങ്ങളും, അസ്തിത്വം പോലും സ്വന്തമല്ലാത്തതും നിർജ്ജീവവുമായ 'ആത്മാവ് ' എന്ന പേരുള്ള കുഞ്ഞുങ്ങൾക്ക് ശക്തികളും ജ്ഞാനവും സമ്പൂർണ്ണമായ സ്വാതന്ത്ര്യവും അവകാശങ്ങളും അധികാരങ്ങളും മഹാനീതിശാസ്ത്രം പ്രകാരം നൽകുന്നതിനു വേണ്ടി മഹാശക്തിയായ ഭൂമിയുടെ അംശമായ മൂലകങ്ങൾ, ആറ്റമിക് ഘടന കൊണ്ട് അടിസ്ഥാന പരമായി ആദിയും അന്തവും ഇല്ലാത്തതുമായ ശക്തികളെയും ജ്ഞാനത്തെയും ആനന്ദങ്ങളെയും മറ്റും ശരീരം എന്ന പേരിൽ പരിവർത്തനം ചെയ്ത് ആത്മാവിനു നൽകുകയാണ്; അതോടെ ആത്മാക്കളായ കുഞ്ഞുങ്ങൾ ജീവികളായി മാറുന്നു. ശരീരം ലഭിച്ച് ജീവിയാകുമ്പോൾ 'ആത്മാവ് ' എന്ന പേരുപോലും അപ്രസക്തമാകുന്നു.**

**ജീവികളുടെ ശരീര ഘടന, അവയവങ്ങളും പ്രവർത്തനങ്ങളും, ശരീരത്തിലെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ശക്തികളും ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങളും, എന്നിവ പ്രകാരമാണ് ആത്മാക്കളുടെ ധർമ്മങ്ങളെ വ്യവസ്ഥ ചെയ്തിരിക്കുന്നത്. അതിനാൽ 'ഭൂമിയുടെ അംശമായ ദേശങ്ങളും മൂലകങ്ങളും ശരീരവും' മനുഷ്യാത്മാവിനു നൽകുന്ന ശരണവും വിശേഷബുദ്ധി ഉൾപ്പെട്ട ദാനങ്ങളും ആത്മാവിന്റെ കഴിവല്ല.**

# 3.

# പൊതുകാര്യം,

## സ്വകാര്യം,

# ദൈവകാര്യം

## 3 പൊതുകാര്യം, സ്വകാര്യം, ദൈവകാര്യം

മനുഷ്യരുടെയും മറ്റുള്ള ജീവികളുടെയും സ്വത്വമായ ആത്മാക്കൾ അന്യോന്യം കാണുന്നതും കേൾക്കുന്നതും അറിയുന്നതും ഇടപെടുന്നതും ഭക്ഷിക്കുന്നതും ആനന്ദിക്കുന്നതുമെല്ലാം ശരീരത്തെ ആസ്പദമാക്കിയാണ്. മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ എന്നീ 5 ജീവി ജന്മങ്ങളിൽ മനുഷ്യനായി ജീവിക്കുമ്പോൾ മറ്റുള്ള ജീവികളേക്കാൾ ജ്ഞാനവും സ്വാതന്ത്ര്യവും ആനന്ദങ്ങളും ആത്മാവിന് കൂടുതൽ ലഭിക്കുന്നു. 'വിശേഷ ബുദ്ധി' എന്ന് വിശേഷിപ്പിക്കപ്പെടുന്ന 'കൂടുതൽ ജ്ഞാനം' യഥാർത്ഥത്തിൽ മഹാശക്തിയും ഭൂമിയുമായ ദൈവത്തിന്റെ മഹാജ്ഞാനമായ 'മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം' ആണ്. ഭൂമി, പരമാത്മാവ്, ആത്മാവ്, ജീവൻ, മോക്ഷം, സാമൂഹിക ആവശ്യങ്ങൾ തുടങ്ങിയവ മനുഷ്യന് ഗൗരവമായ വിഷയങ്ങളായി ഭവിക്കുന്നു.

പ്രപഞ്ചത്തിന്റെയും ആത്മാക്കളുടെയും സൃഷ്ടി, സ്ഥിതി, സംഹാരം ഉൾപ്പെട്ട മഹാനീതി, എന്നിവ മൊത്തത്തിൽ ദൈവ കാര്യമാണ്. **ദൈവ കാര്യങ്ങളെ മഹാഉചിതമായ ജന്മത്തിലും സമയത്തും കുഞ്ഞുങ്ങളായ ഓരോ ആത്മാവിനെയും നേരിട്ട് പ്രത്യേകം അറിയിക്കാൻ മഹാനീതിയും മഹാവാത്സല്ല്യവുമായ ദൈവത്തിന് ബാദ്ധ്യത ഉണ്ട്; ചെയ്യുന്നുമുണ്ട്.**

**സമൂഹ ജീവിയായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നതിനാൽ പൊതുകാര്യം, ഓരോ വ്യക്തിയും വേറിട്ടാകയാൽ സ്വകാര്യം, മനുഷ്യർക്ക് ഇടപെടാൻ അവകാശവും അധികാരവും ഇല്ലാത്തതായ ദൈവകാര്യം, എന്നിങ്ങനെ മനുഷ്യരുടെ കാര്യങ്ങൾ അടിസ്ഥാന പരമായി മൂന്നാണ്. മനുഷ്യരുടെ എല്ലാ തൊഴിലുകളെയും; പൊതു കാര്യങ്ങളെയും, സ്വകാര്യങ്ങളെയും മഹാശാസ്ത്രപരമായി ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നിങ്ങനെ നാലായി തിരിക്കാം എന്നത് ബ്രഹ്മം കൂടിയായ ദൈവത്തിന്റെ കാര്യത്തിന് ബാധകമല്ല.**

**പൊതുകാര്യം, സ്വകാര്യം, ദൈവകാര്യം എന്നിവയ്ക്ക് ആത്മാവിന്റെ മനുഷ്യാവസ്ഥയിൽ സ്ഥാനം ഉണ്ടാകുവാനും, പ്രാധാന്യം വർദ്ധിക്കുവാനും കാരണമാകുന്നത് വിശേഷ ബുദ്ധിയുടെ പര്യായം കൂടിയായ മഹാശാസ്ത്ര ജ്ഞാനമാണ്.**

**ഭൂമിയുടെ അംശമായ മൂലകങ്ങളെ കൊണ്ട് ഉണ്ടാക്കിയ ശരീരം ഇടം കൊടുക്കുമ്പോഴാണ് ആത്മാവിന് ജീവിയാകാൻ കഴിയുന്നതെങ്കിൽ മനുഷ്യ-ശരീരത്തിലൂടെ മനുഷ്യനായി ജീവിക്കുമ്പോഴാണ് മേല്പടി വിശകലനങ്ങൾ സാദ്ധ്യമാകുന്നത്.** അതിനാൽ ശരീരത്തിനും ഭൂമിക്കും പ്രഥമവും പ്രധാനവുമായ സ്ഥാനം ഉണ്ടെന്ന് വ്യക്തമാകുന്നു. 'എന്റെ' എന്ന് മനുഷ്യന്റെ സ്വത്വമായ ആത്മാവ് അവകാശപ്പെടുന്ന ശരീരത്തിന്റെ രൂപവും കോശങ്ങളും, ... പല്ലുകളും നാവും മൂക്കും ചെവികളും കണ്ണുകളും ഹൃദയവും കരളും തലയും കൈകാലുകളും വിരലുകളും മുടികളും രോമങ്ങളും ഉൾപ്പെടെയുള്ള അവയവങ്ങളും അവയുടെ രൂപവും എണ്ണവും നിറവും മണവും സ്ഥാനങ്ങളും ആവശ്യങ്ങളും പ്രവർത്തനങ്ങളും, മുഖഛായയും നിറവും സൗന്ദര്യവും വിരലളയാടങ്ങളും ആരോഗ്യവുമെല്ലാം നിശ്ചയിക്കുന്നതും നിർമ്മിക്കുന്നതും ശരീരവും മൂലകങ്ങളുമായ ഭൂമി സ്വയമാണ്; ആത്മാവോ മാതാപിതാക്കളോ ഉറ്റവരോ മറ്റുള്ളവരോ അല്ല.

'എന്റെ രോമത്തിന്റെ...' എന്നെല്ലാം ആത്മാവ് അവകാശം പറയുന്ന **ശരീരത്തിൽ എത്ര രോമവും മുടിയും ഉണ്ടെന്ന് ആത്മാവിന് അറിയില്ലെന്നത് ആത്മാവിനെ നിസ്സാരമാക്കുന്നുണ്ട്.** ജീവിയുടെ സ്വകാര്യത്തിൽ ആത്മാവ് അറിയുക പോലും ചെയ്യാത്ത പങ്കും അധികാരവും ശരീരത്തിന് ഉണ്ടെന്ന് സുവ്യക്തമാകുന്നു. **സ്വന്തം പോലുള്ള അവകാശവും അധികാരവും ആത്മാവിന് സദാഅ കൊടുത്തുകൊണ്ട് ആത്മാവിനുവേണ്ടി മാത്രമായി മഹാദാസ്യ സേവനങ്ങളെ ശരീരം മഹാവാത്സല്യത്തോടെ ചെയ്യുകയാണ്. വിശേഷബുദ്ധി കൊണ്ട് മനുഷ്യാവസ്ഥയിൽ ആദ്യമായി വിഷയമാകുന്നത് പൊതുകാര്യമാണ്; സ്വകാര്യമല്ല. മനുഷ്യൻ എന്ന പദം പോലും ബഹുവചനം ആണ്; മനുഷ്യന് സമൂഹ ജീവിതത്തെ വ്യവസ്ഥ ചെയ്തിരിക്കുകയുമാണ്.**

**ജീവികൾക്ക് ആദ്യമായി വിഷയമാകുന്നത് പൊതുകാര്യം ആണെന്ന് വിശേഷ ബുദ്ധി ലഭിക്കുന്ന മനുഷ്യാവസ്ഥയിൽ ബോദ്ധ്യമാകുമ്പോഴും പൊതുകാര്യവും സ്വകാര്യവും വ്യക്തികളുടെ വിഷയങ്ങൾ തന്നെ ആകയാൽ, നല്ലതെന്നു കണ്ട് ചുവടെ ഒന്നിച്ചാണ് വിശദീകരിച്ചിരിക്കുന്നത്.**

ചില കാര്യങ്ങളിൽ സ്വകാര്യത്തെയും പൊതുകാര്യത്തെയും പ്രത്യേകമായി വിശകലനം ചെയ്യുന്നത് കഠിനവുമാണ്. അതിന് മുഖ്യകാരണം മഹാനീതി എപ്പോഴും ഓരോ വ്യക്തിയുമായും പ്രത്യേകം പ്രത്യേകം ബന്ധപ്പെട്ടിരിക്കുന്നു എന്നതാണ്. ഓരോ വ്യക്തിയുടെയും മനോഭാവം, സംഭാഷണം, പ്രവൃത്തികൾ എന്നിവയുടെയും ജന്മഗുണങ്ങളോടെയും അടിസ്ഥാനത്തിൽ **ഓരോ വ്യക്തിക്കുമാണ് മഹാനീതിയെ ഭൂമി നൽകുന്നത്.** മഹാനീതി ലഭിക്കേണ്ടത് വ്യക്തികൾക്ക് ആണെന്നതും, ഭരണകൂടം ഉൾപ്പെടെയുള്ള പ്രസ്ഥാനങ്ങൾ ജീവികളല്ലാ എന്നതും, യഥാർത്ഥത്തിൽ ഭൗതികമായ അസ്തിത്വം ഇല്ലാത്ത ഭരണകൂടം ഉൾപ്പെടെയുള്ള താൽക്കാലികമായ പ്രസ്ഥാനങ്ങളിലൂടെ ഇടപെടുന്നത് **വ്യക്തികൾ** ആണെന്നതും കൂട്ടിച്ചേർത്തു നോക്കിയാൽ എളുപ്പത്തിൽ മനസ്സിലാക്കാനാവും.

കുറ്റങ്ങളും കുറവുകളും ഇല്ലാതെ പൂർവ്വ ജന്മങ്ങളെയും വരും ജന്മങ്ങളെയും ജന്മഗുണങ്ങളെയും കണക്കാക്കി മഹാനീതി നിർവ്വഹിക്കുവാൻ ദൈവത്തിനു മാത്രമേ കഴിയുകയുള്ളൂ ; ജന്മഗുണങ്ങൾ ഉൾപ്പെടെയുള്ള മഹാനീതി കാര്യങ്ങളെ നിർവ്വഹിക്കാൻ സൃഷ്ടിക്ക് കഴിയുന്നതല്ലാ; ആകയാൽ സൃഷ്ടിയായ **ഓരോ ആത്മാവിനോടും** സൃഷ്ടി-സ്ഥിതി-സംഹാര കർത്താവിനുള്ള ബാദ്ധ്യതയായി മഹാവാത്സല്ല്യത്തോടെ ഭൂമിയും അംശമായ മൂലകങ്ങളും ശരീരവും മഹാനീതിയെ സദാ നിർവ്വഹിച്ചു പോരുകയുമാണ്. അതേസമയം, **പൊതുവായി മഹാനീതി** കാര്യങ്ങളെയും ഭരണഘടനകളെയും ഉണ്ടാക്കാൻ മനുഷ്യർക്ക് കഴിയില്ലെങ്കിലും അതാത് ജന്മങ്ങളിൽ മനുഷ്യർക്കെല്ലാം പൊതുവായും ഉചിതമായും പാലിക്കാൻ കഴിയുന്ന **ധർമ്മശാസ്ത്ര പദ്ധതി** സാദ്ധ്യമാണ്; അത് മണ്ണിൽ/മൂലകങ്ങളിൽ ലഭ്യവുമാണ്.

## 3.1 പൊതുകാര്യം + സ്വകാര്യം

ഭൂമിയുടെ അംശമായ മൂലകങ്ങളും, അവ കൊണ്ട് നിർമ്മിച്ചിട്ടുള്ള ശരീരവും ആത്മാക്കൾക്ക് ഏർപ്പെടുത്തുന്നതും നൽകുന്നതുമായ വിശേഷ ബുദ്ധി ഉൾപ്പെടെയുള്ള ദാനങ്ങൾ മനുഷ്യാവസ്ഥയിലേ മോക്ഷവുമായി ബന്ധപ്പെട്ട മഹാനീതിശാസ്ത്ര പദ്ധതികളുടെ ഭാഗം മാത്രമാണ്. മറ്റുള്ള ജീവികളായിരിക്കുമ്പോൾ മഹാശാസ്ത്ര ജ്ഞാനവും അനന്തമായ ആനന്ദങ്ങളും ലഭിക്കുന്നില്ല. മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ എന്നീ ജീവിചക്രത്തിലൂടെ കുഞ്ഞുങ്ങളെയെല്ലാം പരിണമിപ്പിക്കുകയും അഞ്ചാമത്തെ മനുഷ്യാവസ്ഥയിൽ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രത്തെ നൽകുകയും അനന്തമായ ആനന്ദങ്ങളെ അനുഭവിപ്പിക്കുകയും ചെയ്യുന്നു. ശേഷം മാനുഷികമായ ബന്ധങ്ങളിൽ നിന്നും, ഭൂമിയായ ദൈവത്തിൽ നിന്നും മോചിപ്പിച്ച്, 'അനന്തമായ ആനന്ദങ്ങളുടെ പര്യായമായ മോക്ഷത്തെ' മഹാഅനുഗ്രഹിച്ചു നൽകുന്നു. 100 മനുഷ്യ ജന്മങ്ങളിലൂടെ ഭൂമിയിലെ അനന്തമായ ആനന്ദങ്ങളെയെല്ലാം, സമആനന്ദമെന്ന മഹാസമനീതിയോടെ ഓരോ മനുഷ്യനും മഹാഅനുഗ്രഹിച്ചു നൽകുന്നത് ലിംഗ വ്യത്യാസം, നിറം, മണം, സൗന്ദര്യം, മുഖഛായ, തൊഴിൽ അഭിരുചി, ജനന സ്ഥലം തുടങ്ങിയ ജന്മഗുണങ്ങളെ സൃഷ്ടിച്ചുകൊണ്ടുമാണ്.

മനുഷ്യ ജീവിതത്തിൽ സ്ത്രീക്കും പുരുഷനും വിശേഷബുദ്ധി ലഭിക്കുന്നത് അവർ മനുഷ്യൻ എന്ന ഒരൊറ്റ ജീവിയുടെ രണ്ടു ഭാഗങ്ങൾ മാത്രം ആയതുകൊണ്ടാണ്. വിശേഷ ബുദ്ധി കൊണ്ട് ആദ്യമായി തിരിച്ചറിയുന്ന പൊതുകാര്യവും അതു തന്നെയാണ്. സ്ത്രീക്കും പുരുഷനും വ്യത്യസ്തമായ ധർമ്മങ്ങളെ ശരീരമായ ദൈവാംശം വ്യവസ്ഥ ചെയ്തിരിക്കുന്നതിനെ ഉചിതമായി മനസ്സിലാക്കാൻ കഴിയണം. കഴിയാതെ വരികയും വിശേഷ ബുദ്ധിയെ ദുരുപയോഗം ചെയ്ത് സമത്വവാദം എന്ന പേരിൽ ഭോഷത്തങ്ങളെ പിൻപറ്റുകയും ചെയ്താൽ കുടുംബ ജീവിതവും അതിലൂടെ സാമൂഹിക ജീവിതവും തകരാറിലാകും. ഇന്നത്തെ ഭൂമിയിൽ ഏറ്റക്കുറച്ചിലുകളോടെ അത് സംഭവിച്ചിട്ടുണ്ട്.

അനുഭവിച്ച് അറിയുന്നതു പോലെ അനന്തമായ ആനന്ദങ്ങളെ നേടാൻ മഹാശാസ്ത്ര ജ്ഞാനമായ വിശേഷ ബുദ്ധിയെ പ്രയോജനപ്പെടുത്തി ശാസ്ത്രസാങ്കേതിക സൗകര്യങ്ങളോടെ ജീവിക്കണം. അതിന് സമനീതി എന്ന സമ-ആനന്ദത്തെ ലക്ഷ്യം വെച്ചുള്ള കുടുംബ ജീവിതവും സമൂഹ ജീവിതവും ഉണ്ടാകണം. മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രത്തെ ഗ്രഹിക്കാനുള്ള വിശേഷ ബുദ്ധി മറ്റുള്ള ജീവികൾക്കു ലഭിച്ചിട്ടില്ലാത്തത് അവയുടെ കുറ്റം കൊണ്ടോ, മനുഷ്യർക്കു ലഭിച്ചിട്ടുള്ളത് മനുഷ്യരുടെ/ആത്മാക്കളുടെ നേട്ടം കൊണ്ടോ അല്ലെന്നത് ഒരു നിമിഷം സ്മരിക്കുക.

**ബന്ധങ്ങൾ വിഷയമല്ലാതെ മറ്റുള്ള ജീവികൾ കാമ-ആനന്ദത്തിൽ ഏർപ്പെടുന്നത് മനുഷ്യരിൽ ഉണ്ടായാൽ കുടുംബ ജീവിതവും, സമൂഹ ജീവിതവും, സാദ്ധ്യമല്ല. അതിനാൽ കുടുംബ ജീവിതവും സമൂഹ ജീവിതവും സ്ഥാപിക്കാനും മഹാശാസ്ത്രപരമായി അനന്തമായ ആനന്ദങ്ങളെ നേടാനും പ്രഥമ നിബന്ധനയായി മറ്റു ജീവികളിൽ നിന്നും വ്യത്യസ്തമായ കാമവ്യവസ്ഥ വേണം.** വൈവിധ്യമാർന്നതും അനന്തവുമായ ആനന്ദങ്ങളെ സാദ്ധ്യമാക്കുന്ന മഹാശാസ്ത്രപരമായ ജീവിതം ലക്ഷ്യം വെച്ച് മറ്റുള്ള ജീവികളിൽ നിന്നും വ്യത്യസ്തമായ കാമവ്യവസ്ഥ മനുഷ്യർക്ക് ഉണ്ടാക്കുന്നത് മനുഷ്യരെ കുഞ്ഞിൽ നിന്നും കൗമാരം യൗവനം വാർദ്ധക്യം എന്നിവയിലേക്ക് ശരീര-മാനസിക (ജ്ഞാന) വളർച്ചയിലൂടെ പരിണമിപ്പിക്കുമ്പോൾ അവയവം പോലെ വസ്ത്രം ചേർത്താണ്.

**പൊതുകാര്യം 1 - വസ്ത്രം : അവയവങ്ങൾ അല്ലാത്തവ ജീവിക്കാൻ അത്യാവശ്യമല്ലാ എങ്കിലും, മറ്റുള്ള ജീവികളിൽ നിന്നും വ്യത്യസ്തമായ കാമവ്യവസ്ഥകളോടെയും മഹാശാസ്ത്രപരമായ ആനന്ദങ്ങളെ അനുഭവിച്ചും നാട്ടിൽ ജീവിക്കുന്ന മനുഷ്യർക്ക് അവയവം പോലെ വസ്ത്രധാരണം നിർബ്ബന്ധമായ പൊതുകാര്യമായി മാറുന്നത് അങ്ങനെയാണ്; പൊതുസഭയിലും, സമൂഹത്തിലും വസ്ത്രധാരണം പൊതുകാര്യമാണ്. വസ്ത്രധാരണം അടിസ്ഥാനപരമായി സ്വകാര്യമല്ല.**

**വസ്ത്രധാരണത്തിന്റെ ധർമ്മശാസ്ത്ര നിയമങ്ങളും ഭൂമിയുടെ അംശമായ ശരീരത്തിൽ ശാസ്ത്രപരമായി ലയിച്ചിട്ടുണ്ട്. വസ്ത്ര മുറ തെറ്റിക്കലിനും, വസ്ത്രാക്ഷേപത്തിനും കടുത്ത ശിക്ഷയുണ്ട്.**

വസ്ത്രധാരണം ചെയ്യാതെ കുഞ്ഞായിരിക്കുന്ന ഏതാനും വർഷങ്ങളിലെ ജീവിത കാര്യങ്ങൾ വ്യക്തിയെയും ഉറ്റവരെയും മറ്റും ശരീരമായ ദൈവാംശം ഉചിതമായി മറപ്പിക്കുന്നതുമാണ്. കാമാസക്തിയെ ഉണ്ടാക്കാനും ഇല്ലാതാക്കാനും വസ്ത്രം ഉൾപ്പെടെയുള്ള മൂലകങ്ങൾക്കും ശരീരത്തിനും കഴിയും, കഴിയണം എന്നത് ദൈവത്തിന്റെ ശക്തികളുടെ പ്രഭാവത്തെ സൂചിപ്പിക്കുന്നു.

**കുടുംബ/സാമൂഹിക ജീവിതത്തിന്റെ ആവശ്യകതയെ സ്വന്തം ആവശ്യമായി മനസ്സിലാക്കാനും ഉൾക്കൊണ്ടു ജീവിക്കാനും വിശേഷ ബുദ്ധി ലഭിക്കുന്ന മനുഷ്യരുടെ ആത്മാക്കൾക്ക് കഴിയണം. അന്യർ വസ്ത്രം ധരിച്ചില്ലെങ്കിലും, പരമാനന്ദമായ കാമത്തെ ഉന്നതമായി ഗ്രഹിച്ച് കാമത്തിന് അടിമയാവാതെ പെരുമാറേണ്ടത് പ്രഥമമായി സ്വന്തം ആവശ്യമാണ്. അന്യർക്ക് കാമാസക്തി ഉണ്ടാക്കുമെന്ന് വിശേഷബുദ്ധി കൊണ്ട് മനസ്സിലാക്കാൻ കഴിയുന്ന സ്വന്തം അവയവങ്ങളെ ഉചിതമായ വസ്ത്രധാരണം കൊണ്ട് ആവുമ്പോലെ മറയ്ക്കേണ്ടത് നാട്ടിൽ ജീവിക്കുന്ന വ്യക്തികളുടെ/ആത്മാക്കളുടെ അത്യാവശ്യമാവണം. യാതൊരാളും ധർമ്മശാസ്ത്ര വിരുദ്ധമായി മറ്റുള്ളവരുടെ നഗ്നമായ ശരീരങ്ങളെ മനപ്പൂർവ്വം കാണാനോ സ്പർശിക്കാനോ പാടില്ല. കാമം നിയന്ത്രിക്കാൻ ശരീരം സ്വയംഭോഗം അനുവദിച്ചിട്ടുണ്ട്.**

**അന്യോന്യം തിരിച്ചറിയാൻ കഴിയാത്ത രീതിയിൽ വസ്ത്രം, ഹെൽമെറ്റ് തുടങ്ങിയവ കൊണ്ട് മുഖം മറയ്ക്കുന്നത് കടുത്ത അപരാധമാണ്. ശാസ്ത്രവിരുദ്ധമായി നിർബ്ബന്ധിക്കുന്നവർക്കും, ദുർവ്വാദം ചെയ്ത് മുഖം മറയ്ക്കുന്നവർക്കും മഹാശാസ്ത്ര പരമായ ആനന്ദങ്ങളെ അനുഭവിച്ച് നാട്ടിൽ ജീവിക്കാൻ അവകാശമില്ല; മറ്റുള്ള ജന്തുക്കളെപ്പോലെ കാട്ടിൽ ജീവിക്കാം. കരിങ്കുരങ്ങ് എന്ന ജന്തു-ജന്മശിക്ഷയെ മഹാനീതിശാസ്ത്രം വിധിക്കുന്നുമുണ്ട്.**

**നാട്ടിലെ മനുഷ്യർക്ക് കാട്ടിലേക്ക് പ്രവേശിക്കാനും, തിരിച്ചും, പാലിക്കേണ്ടതായ മഹാശാസ്ത്ര നിയമങ്ങളെ സദാ ശരണം നൽകിപ്പോരുന്ന ഭൂമിയുടെ മൂലകങ്ങളിൽ ലഭ്യമാണ്.**

വിശേഷബുദ്ധി ഇല്ലാതെ കാട്ടിൽ ജീവിക്കുന്ന കാട്ടുവാസികളെയും മറ്റുള്ള ജീവികളെയും കാണാനും കേൾക്കാനും 'അവകാശം ഇല്ലാത്ത ഭരണത്തിനും' മറ്റും പോകുന്നവർ നാടു കടന്ന് കാട്ടിലേക്ക് പ്രവേശിക്കാൻ തയ്യാറാകുന്നത് 'മഹാശാസ്ത്ര പരമായ ആയുധങ്ങളെയും മറ്റെല്ലാ ശാസ്ത്ര സാങ്കേതിക സൗകര്യങ്ങളെയും ഉപേക്ഷിച്ചു കൊണ്ട് മാത്രമാവണം.' അതുപോലെ കാട്ടിൽ നിന്നും നാട്ടിലേക്ക് പ്രവേശിക്കുന്നവർ 'വസ്ത്രധാരണവും പെരുമാറ്റ മര്യാദകളും ഉൾപ്പെടെയുള്ള ധർമ്മശാസ്ത്രത്തെ' പാലിക്കണം. അസാധാരണ സാഹചര്യങ്ങളിൽ അല്ലാതെ മുഖം മറച്ചു കൂടാ. ആത്മാക്കളുടെ മനോഭാവം ഓക്സിജൻ സദാ അറിയുന്നുണ്ട്. ഭൂമിയിലെ ജീവികളെയെല്ലാം സൃഷ്ടിച്ചിട്ടുള്ളതും സൃഷ്ടിക്കുന്നതും ശരണം നൽകുന്നതും ഭൂമി മാത്രമാണെന്നും, മനുഷ്യാവസ്ഥയിൽ വച്ച് സമനീതി എന്ന സമ-ആനന്ദത്തെ അനന്തമായി അനുഭവിപ്പിച്ച ശേഷമാണ് മോക്ഷം നൽകുന്നത് എന്നും അറിയണം. ഭൂമിയുടെ പൊന്നോമന കുഞ്ഞുങ്ങളാണ് ഓരോ മനുഷ്യനും. എല്ലാവരും സമ്പൂർണ്ണമായ സ്വാതന്ത്ര്യമുള്ള അവരവരുടെ രാജാക്കന്മാരുമാണ്. യാതൊരാൾക്കും മൂലകങ്ങളിലെ ധർമ്മശാസ്ത്രത്തിന് വിരുദ്ധമായി ഭൂമിയുടെ മറ്റു കുഞ്ഞുങ്ങളെ ഭരിക്കാൻ യാതൊരു അവകാശവും അധികാരവുമില്ല. അതായത്, കാട്ടിൽ ജീവിക്കുന്ന മനുഷ്യർ ഉൾപ്പെടെ യാതൊരു ജീവികളും അന്യരല്ല. അവരും, 'ഏകദൈവവും ഭൂമിയും മഹാമാതാവുമായ മഹാദേവിയുടെയും ഭാഗവും മഹാപിതാവുമായ മഹാദേവന്റെയും' പൊന്നോമന കുഞ്ഞുങ്ങളാണ്. മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ എന്നതാണ് ജീവി ചക്രം. 100 മനഷ്യജന്മങ്ങൾ പിന്നിടുമ്പോൾ ഭൂമിയിൽ അനുഭവിച്ചറിഞ്ഞ അനന്തമായ ആനന്ദങ്ങളെ സ്വന്തം ഇഷ്ടപ്രകാരം അനുഭവിക്കാവുന്ന മോക്ഷം ലഭിക്കുമ്പോൾ 100 മൃഗജന്മങ്ങൾ പിന്നിടുന്ന അടുത്ത ജന്മത്തിൽ മനുഷ്യനാണ്. ഓരോ അവസ്ഥയിലും പ്രത്യേക ധർമ്മങ്ങളുണ്ട്. അതേസമയം എല്ലാ കുഞ്ഞുങ്ങളെയും സംരക്ഷിക്കുക എന്ന മഹാധർമ്മം ഏകദൈവമായ ഭൂമിക്ക് എല്ലായ്പ്പോഴും ഉണ്ട്; ചെയ്യുന്നുമുണ്ട്.

**സ്വകാര്യം 1 - വസ്ത്രം : വസ്ത്രം ധരിക്കേണ്ടത് ശാസ്ത്ര സൗകര്യങ്ങളോടെ നാട്ടിൽ ജീവിക്കുന്ന ജനങ്ങളുടെ പൊതുവായ ആവശ്യമാണെന്ന് വ്യക്തമാക്കിയെങ്കിലും, വസ്ത്രങ്ങളെ നിശ്ചയിക്കുകയും സ്വകാര്യ ധനം കൊടുത്തു വാങ്ങുകയും ധരിക്കുകയും ചെയ്യാൻ സമ്പൂർണ്ണമായ വ്യക്തിസ്വാതന്ത്ര്യത്തെ ഭൂമി നൽകിയിരിക്കുകയാണ്. ഭൂരിഭാഗം ജനങ്ങൾക്കും യൂണിഫോം ആവശ്യമില്ലെങ്കിലും; ആശുപത്രി, പോലീസ് തുടങ്ങിയ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് യൂണിഫോം നല്ലതാണെന്ന് തൊഴിലാളികളും പൊതു ജനങ്ങളും തിരിച്ചറിയുന്നതും സ്വീകരിക്കുന്നതും മണ്ണ് നൽകുന്ന വിശേഷബുദ്ധി കൊണ്ടുതന്നെയാണ്.**

വിശേഷ ബുദ്ധി പ്രകാരം ഉചിതമായ രീതിയിൽ വസ്ത്രം ധരിക്കുവാൻ നാട്ടിൽ ജീവിക്കുന്ന മനുഷ്യർക്ക് സ്വയം ബാദ്ധ്യതയുണ്ട്. പകരം നാമമാത്രമായും അധികമായും അനാവശ്യമായും വസ്ത്രം ധരിക്കുന്നതും, വസ്ത്രം പൂർണ്ണമായി ഉപേക്ഷിച്ചു ജീവിക്കുന്നതും മറ്റുള്ള ജീവികളെ പ്പോലെ കാട്ടിൽ ജീവിക്കാനുള്ള യോഗ്യത നൽകുന്നു. അത്തരക്കാർ നാടും മഹാശാസ്ത്ര സൗകര്യങ്ങളും ഉപേക്ഷിച്ച്, ഉടുതുണിയോടെ മാത്രം കാട്ടിലേക്ക് പോകാൻ സ്വയവും ഭരണശാസ്ത്ര പരമായും ബാദ്ധ്യസ്ഥരാണ്.

വസ്ത്ര മുറ Supreme Justice GOD എന്ന മഹാവേദ ഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്. ശരീര ശാസ്ത്രം കൊണ്ട് ഉചിതമായ ആഭരണങ്ങൾ എന്തെല്ലാമാണെന്ന് മനസ്സിലാക്കാൻ കഴിയും. ആദ്യ മഹാകാല ചക്രത്തിലെ ദേവതകൾ ധരിച്ചിരുന്ന വസ്ത്രങ്ങളെയും ആഭരണങ്ങളെയും ആയുധങ്ങളെയും ഇഷ്ടങ്ങളെയും മറ്റും അല്പ സത്യങ്ങളായ പുരാണങ്ങൾ പ്രകാരം അനുകരിക്കാൻ ശ്രമിക്കുന്ന ജനങ്ങൾ വിശേഷബുദ്ധി കൊണ്ട് പിന്തിരിയാൻ ബാദ്ധ്യസ്ഥരാണ്. ദൈവ കാര്യങ്ങളിൽ തലയിടാൻ സൃഷ്ടികൾക്ക് അവകാശമില്ല.

**പൊതുകാര്യം 2 - ജലം** : നാട്ടുകാർക്ക് ആവശ്യമായ ജലം സൗജന്യമായി വിതരണം ചെയ്യാനും, സത്രം ഒരുക്കി യാത്രികർക്ക് ഒരു നേരത്തെ/ദിവസത്തെ ഭക്ഷണവും താമസ സൗകര്യവും സൗജന്യമായി നൽകാനും ജനങ്ങളുടെ സേവകരായ ഭരണാധികാരികൾക്കു കഴിയണം. പൊതു കിണറുകളും കുളങ്ങളും തോടുകളും കുഴിച്ച് ശുചിയായി സൂക്ഷിക്കണം.

അന്നദാനത്തെ സ്വീകരിക്കുന്ന ഏതൊരു ജീവിക്കും/ മനുഷ്യർക്കും വയർ നിറഞ്ഞാൽ പിന്നീട് ഭക്ഷിക്കാൻ കഴിയാതെ വരും; ഭക്ഷണം കഴിക്കുന്നവർ മതി മതി എന്നു പറയുന്നതു കേട്ട് ഭക്ഷണം കൊടുക്കുന്നവർക്കും സന്തോഷിക്കാൻ കഴിയും. ധാന്യങ്ങളും ധനവും മണ്ണും മറ്റും കൊടുത്താൽ 'മതി മതി' എന്ന് പറയുന്നവർ വളരെ കുറയും. 'അന്നദാനം മഹാദാനം' എന്നു പറയാൻ ഒരു മുഖ്യകാരണം അതാണ്. അന്നദാനം ചെയ്യാനുള്ള സാമ്പത്തികം, സമയം, സൗകര്യം, അവസരം, തുടങ്ങിയ ശക്തികൾ എല്ലായ്പ്പോഴും ലഭിക്കില്ല. മാത്രമല്ല; അലസരെയും മടിയന്മാരെയും ഭിക്ഷക്കാരെയും വർദ്ധിപ്പിക്കാൻ കാരണക്കാരായിക്കൂടാ. അത്യാവശ്യങ്ങൾക്ക് മാത്രം ദാനം ചെയ്യാൻ കഴിയണം.

ഭക്ഷണത്തിനും മേലെയുമാണ് ജലത്തിന്റെ കാര്യം. മഹാശിവയും മഹാമാതാവും കൂടിയായ ഓക്സിജനും, ശിവനും മഹാപിതാവും കൂടിയായ ഹൈഡ്രജനും ചേർന്ന്, കുഞ്ഞുങ്ങളുടെ എല്ലാ ജീവിത ആവശ്യങ്ങൾക്കും മാധ്യമമായ ജലമായി അവതരിച്ചിരിക്കുകയാണ്. ആ നിലയ്ക്ക് ജലം ദൈവകാര്യം കൂടിയാണ്; ദൈവ സാന്നിധ്യം ഗൂഢമായിരിക്കയാൽ സ്വകാര്യമായും പൊതുകാര്യമായും കണ്ടാൽ മതിയാകും. ഭൂമിയുടെ എല്ലാ കുഞ്ഞുങ്ങൾക്കുമായിട്ട്; മഴയായും നീരാവിയായും ഭൂമിക്കു മുകളിലും, കുളം തോടുകൾ പുഴ നദി കായൽ സമുദ്രം മഞ്ഞുമലകൾ എന്നിവയായി ഭൂമിയുടെ ഉപരിതലത്തിലും, കിണർ പോലെ കുഴിച്ച് നേടാൻ ഭൂമിയ്ക്കുള്ളിലും ജലത്തെ കരുതുകയാണ്. രക്തത്തിലെ ജലത്തിലൂടെയാണ് ശരീരം മനുഷ്യാത്മാക്കൾക്ക് ശക്തി നൽകുന്നത്. ജലത്തെ ധാർമ്മികമായി മാത്രം അനുഭവിക്കണം. പാഴാക്കാൻ യഥാർത്ഥത്തിൽ കഴിയില്ല!

2020 ഫെബ്രുവരി 19-ാം തീയതി ബുധനാഴ്ച ദിവസം ഗ്രന്ഥകാരന്റെ ഭവനത്തിലേക്ക് 'ജല അതോറിറ്റി' നൽകിയ കണക്ഷൻ ഉദ്യോഗസ്ഥർ വന്ന് വിച്ഛേദിച്ചു. സാമ്പത്തിക ഞെരുക്കം, അതിനുപരി ദൈവശാസ്ത്ര ബന്ധനം, എന്നീ രണ്ടു കാരണങ്ങൾ കൊണ്ട് രണ്ടുവർഷമായെന്നു തോന്നുന്നു പണമടച്ചില്ല; കുടിശ്ശിക 2500 രൂപയായി; അതിന്റെ ഭാഗമായി കണക്ഷൻ വിച്ഛേദിച്ചതാണ്.

ഈയുള്ളവന്റെ ഭവനത്തിൽ കിണർ വെള്ളമാണ് മുഖ്യമായും ഉപയോഗിക്കുന്നത്; ഭൂമിയുടെ മഹാഅനുഗ്രഹത്താൽ വെള്ളത്തിന് ക്ഷാമവും ഇല്ല. നാട്ടിലെ എല്ലാ ജനങ്ങൾക്കും / കുടുംബങ്ങൾക്കും, അവർ, കൂടുതൽ ഉപയോഗിച്ചാലും ഇല്ലെങ്കിലും സൗജന്യമായി ജലം നൽകാൻ ഭരണകൂടം ബാദ്ധ്യസ്ഥമാണ് എന്ന് ശക്തിക്കൊത്ത് ഈയുള്ളവൻ മുമ്പ് അറിയിച്ചിരുന്നു.

ഗ്യാസ് സബ്സിഡി, കെട്ടിട നികുതി തുടങ്ങിയ വിഷയങ്ങളിലും മുമ്പ് പ്രതിഷേധിച്ചിരുന്നു. ജനങ്ങൾക്ക് സബ്സിഡി നൽകാൻ ജനങ്ങളുടെ ചിലവിൽ ജീവിക്കുന്ന കേന്ദ്ര സംസ്ഥാന സർക്കാരുകളായ അടിമകൾക്ക് യാതൊരു യോഗ്യതയും ഇല്ല എന്നറിയിച്ചു കൊണ്ട് രണ്ടു വർഷത്തിലധികം കാലം ഗ്യാസ് സബ്സിഡി ഉപേക്ഷിച്ചിരുന്നു. എന്നാൽ ഈയുള്ളവന്റെ അനുമതി ഇല്ലാതെ, ഗ്യാസ് സിലിണ്ടർ ഡെലിവറിയും അക്കൗണ്ടിംഗ് സൗകര്യവും കണക്കിലെടുത്താണെന്നു തോന്നുന്നു കഴിഞ്ഞ രണ്ടോ മൂന്നോ മാസമായി വീണ്ടും സബ്സിഡി സ്വമേധയാ ഇൻഡേൻ ഏർപ്പെടുത്തിയിരിക്കുകയാണ്. സബ്സിഡി വീണ്ടും കട്ട് ചെയ്താൽ മുറയ്ക്ക് ഗ്യാസ് കിട്ടില്ല; മുമ്പ് അനവധി തവണ ബൈക്കിൽ ഗോഡൗണിലെത്തി ഗ്യാസെടുത്തിട്ടുണ്ടെങ്കിലും ഇപ്പോൾ ആരോഗ്യം പോരാ. ദൈവശാസ്ത്ര വിരുദ്ധമായ കെട്ടിട നികുതി അടയ്ക്കാഞ്ഞതിന്റെ പേരിൽ പഞ്ചായത്തുമായി പലതവണ ഏറ്റുമുട്ടിയിട്ടുണ്ട്. ഒരു തവണ അവർ കോടതി നടപടികളിലേക്ക് നീങ്ങിയപ്പോൾ; ശക്തിയില്ലായ്മ, അതിനേക്കാൾ അത്യാവശ്യമായ മറ്റു കാര്യങ്ങൾ എന്നിവ കൊണ്ട് മനസ്സില്ലാമനസ്സോടെ തോറ്റു കൊടുത്തിട്ടുണ്ട്. അടുത്ത കാലത്ത് ബാങ്ക് ലോണിന് അപേക്ഷിക്കാൻ നികുതി അടച്ച രസീത് വേണ്ടി വന്നു. ബാങ്കുകാരും, പാപം+ശിക്ഷകൾ പിടിച്ചുവാങ്ങുകയാണ് !

**സ്വകാര്യം 2 - ജലം : പൊതുവായ ജലശേഖരണവും വിതരണവും സൗജന്യമായി ചെയ്യണമെന്ന് സമൂഹ ജീവിതം ഭരണകൂടങ്ങളെ ബാദ്ധ്യസ്ഥമാക്കുന്നതായി വ്യക്തമാക്കിയെങ്കിലും മറ്റുള്ള വിശേഷ ബുദ്ധി കുറവുള്ള ജീവികൾ അവർക്ക് ആവശ്യമായ ജലം കണ്ടെത്തുകയും ശേഖരിക്കുകയും ചെയ്യുമ്പോൾ, വിശേഷ ബുദ്ധി ലഭിച്ചിട്ടുള്ള മനുഷ്യർ മടിയരും കഴിവുകെട്ടവരുമായി മാറിക്കൂടാ.**

**വളർത്തു മൃഗങ്ങളും കൃഷികാര്യങ്ങളും ഉൾപ്പെടെയുള്ള സ്വന്തം കുടുംബത്തിനും, ദാഹജലം ചോദിക്കുന്നവർക്ക് സൗജന്യമായി നൽകാനും ആവശ്യമായ ജലം, കിണറുകൾ, കുളങ്ങൾ എന്നിവ കുഴിച്ചും മറ്റും ഒരുക്കേണ്ടത് കുടുംബത്തിലെ പുരുഷന്മാരുടെ കടമകളിലും ഉത്തരവാദിത്വങ്ങളിലും പെടുന്നു. സ്വന്തമായ കൃഷിയിലൂടെ കുടുംബത്തിന് അത്യാവശ്യമായ ഭക്ഷണ സാധനങ്ങളെയും, അമൂല്ല്യമായ ജലത്തെയും, നേടാനും പരിരക്ഷിക്കാനും പ്രയത്നിക്കേണ്ടത് ജനങ്ങളുടെ സ്വന്തം ആവശ്യമാണ്. മറ്റുള്ള ജീവികളെ അനുകരിച്ച് അവരവർക്ക് ആവശ്യമുള്ളത് ഭൂമിയിൽ നിന്നും നേടണം; അതേസമയം വിശേഷ ബുദ്ധി ലഭിച്ചിട്ടുള്ളതിനാൽ ദുസ്വാർത്ഥം അരുത്; മറ്റ് മനുഷ്യർക്കും ജീവികൾക്കും കൂടി മഹാമാതാവായ ഭൂമി കരുതുന്നവയെ തനിച്ച് ആസ്വദിക്കാൻ ആഗ്രഹിക്കുക പോലും പാടില്ല.**

ദാഹജലം ചോദിച്ചു വരുന്നവർക്കും, വിശപ്പ് കാരണം ഒരു നേരത്തെ ഭക്ഷണം ചോദിച്ചു വരുന്നവർക്കും, ജലത്തെയും ഭക്ഷണത്തെയും യഥാക്രമം നൽകാൻ കഴിഞ്ഞാൽ കുടുംബങ്ങളിൽ സൗകര്യം ഉണ്ടായാൽ വളരെയധികം ശ്രേഷ്ഠമാണ്. അവിചാരിതമായി കടന്നുവരുന്ന ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും മറ്റും വേണ്ടി കരുതുന്നതായി കണക്കാക്കിയാൽ മതിയാകും.

ഏകദൈവവും മഹാമാതാവും ഭൂമിയുമായ മഹാദേവിയും, ഭാഗവും പരമാത്മാവും മഹാപിതാവുമായ മഹാദേവനും കുഞ്ഞുങ്ങളുടെ ഭവനത്തിൽ മനുഷ്യരായി എത്തിക്കൊണ്ട് ഭക്ഷണപാനീയങ്ങൾ സ്വീകരിച്ചാൽ, **അതിഥി ദേവോ ഭവഃ** സത്യവചനമാകും.

## പൊതുകാര്യം 3 - വൃദ്ധജന സംരക്ഷണത്തിനുള്ള മഹാശാസ്ത്ര പ്രതിവിധി 'പെൻഷനുകൾ' അല്ല.

പ്രായമായവരെയും പ്രിയപ്പെട്ടവരെയും പരിപാലിക്കുകയെന്നത് എല്ലാ ആളുകളുടെയും പ്രാഥമിക കടമയാണെങ്കിലും, എല്ലാ വൃദ്ധജനങ്ങളെയും അവരുടെ മക്കളും ഉറ്റവരും ശരിയായി പരിപാലിക്കുന്നുണ്ടെന്ന് സ്ഥിരീകരിക്കേണ്ടത് എല്ലാ സമൂഹ ഭരണകൂടങ്ങളുടെയും പ്രഥമ കടമയാണ്. പിന്നെന്തുകൊണ്ട് പൊതുകാര്യം 3 ആയി ? 1-വസ്ത്രം പൊതുകാര്യമാണെങ്കിലും വ്യക്തികൾ സ്വന്തം ഇഷ്ടപ്രകാരം വാങ്ങുകയും ധരിക്കുകയുമാണ്. 2-ജല ദൗർലഭ്യം ഉണ്ടാകാതെ ഭൂമി പൊതുവെ കരുതുകയും, ജനം സ്വകാര്യമായി ശ്രദ്ധിക്കുകയും ചെയ്യുമ്പോൾ ഭരണകൂടത്തിന് വലിയ ജോലിഭാരവും സാമ്പത്തിക ഭാരവും ഉണ്ടാകുന്നില്ല.

വൃദ്ധജന സംരക്ഷണത്തെ സംബന്ധിക്കുന്ന ഗൗരവമായ ഒരു ദൈവീകമായ അറിയിപ്പ് (Godly Notice), 2019 ഒക്ടോബർ 25ന് ഗ്രന്ഥകാരൻ ഇന്ത്യയിലെ പ്രസിഡന്റ്, പ്രധാനമന്ത്രി എന്നിവർ ഉൾപ്പെട്ട ഭരണകൂടത്തിനും മറ്റ് അനേകർക്കും ഇംഗ്ലീഷ് ഭാഷയിലുള്ള ഒരു PDF ഫയലായി ഇമെയിൽ വഴിയും വാട്സാപ്പ് വഴിയും മറ്റും അയച്ചു കൊടുത്തിരുന്നു. മറുപടി ലഭിച്ചില്ല. 2004-ൽ അന്നത്തെ പ്രസിഡന്റ് ആഫീസിൽ നിന്ന് ഒരു മറുപടി ലഭിച്ചിരുന്നു. www.omsathyam.com/GodlyRevolution/GodlyNotice.pdf എന്ന ലിങ്കിൽ നിന്നും മേല്പടി അറിയിപ്പ് ഡൗൺലോഡ് ചെയ്യാനാകും. മാത്രമല്ല; നാളിതുവരെ 'മത്സ്യാവതാരം + ഓം' പ്രകാരം പ്രസിദ്ധീകരിച്ച ദിവ്യമായ മഹാവേദ ഗ്രന്ഥങ്ങളെയെല്ലാം സൗജന്യ PDF ഇ- ഫയലുകളായി https://drive.google.com/folderview?id=1JXQ--TLJhE6dQdN8DA16KNEPIHKI-usJ എന്ന ലിങ്കിൽ നിന്നും ഡൗൺലോഡ് ചെയ്യാൻ കഴിയുന്നതാണ്.

വൃദ്ധജനങ്ങളെ അവരുടെ മക്കളും ഉറ്റവരും ശരിയായി പരിപാലിക്കുന്നത് ഉറപ്പാക്കേണ്ടത് എല്ലാ ഭരണകൂടങ്ങളുടെയും പ്രഥമ കടമ ആവുമ്പോൾ, വൃദ്ധജന സംരക്ഷണം പൊതുകാര്യം കൂടിയാണ്; അതിന്റെ അർത്ഥം സമൂഹഭരണകൂടം സാമ്പത്തിക ഭാരം ഏറ്റെടുക്കണമെന്നോ പെൻഷൻ കൊടുക്കണമെന്നോ അല്ല.

വിശേഷ ബുദ്ധി ലഭിച്ചിട്ടുള്ള മനുഷ്യർക്ക്, ചുറ്റുമുള്ള മനുഷ്യരെ ക്കൂടാതെ, പക്ഷികളും മൃഗങ്ങളും അവയുടെ കുഞ്ഞുങ്ങളെ ലാളിക്കുന്നതും പാൽ കൊടുത്തും മറ്റു ഭക്ഷണം കൊടുത്തും വളർത്തുന്നതും മുട്ടകൾക്ക് അടയിരിക്കുന്നതും, മറ്റു ജീവികളുടെ ആക്രമണത്തിൽ നിന്നും മറ്റും കുഞ്ഞുങ്ങളെ സംരക്ഷിക്കാൻ ജാഗ്രത പുലർത്തുന്നതും ഒക്കെ കണ്ടും കേട്ടും അനുഭവിച്ചും പഠിക്കാനും മനസ്സിലാക്കാനും കഴിയുന്നതാണ്. വിശേഷ ബുദ്ധി ലഭിച്ചിട്ടില്ലാത്ത മറ്റുള്ള ജീവികളുടെ സ്വത്വമായ ആത്മാക്കൾക്കും കുഞ്ഞുങ്ങളെ കരുതാനുള്ള അറിവും ശക്തിയും ലഭിച്ചിരിക്കുന്നു. ആര് നൽകുന്നു; എവിടെ നിന്ന് ലഭിക്കുന്നു എന്നീ ചോദ്യങ്ങളെ മനുഷ്യർ ഗൗരവമായി എടുത്തിട്ടില്ല. മനുഷ്യരുടെ കാര്യത്തിലും ഗൗരവമായി എടുക്കുന്നില്ല; നിസ്സംഗത പാലിക്കുകയും ആകാശങ്ങളിലും മറ്റുമുള്ള അമാനുഷിക ശക്തികളിലേക്ക് വിരൽ ചൂണ്ടുന്നവരുണ്ട്. ഭക്ഷണവും മരുന്നുകളും ശരീരവുമായ മൂലകങ്ങൾ പ്രവർത്തിച്ചാണ് മനുഷ്യന്റെ ആത്മാവിന് വിശപ്പും ശക്തിയും ജ്ഞാനവും മറ്റും നൽകുന്നത് എന്ന പോലെ മനുഷ്യർക്കും മറ്റുള്ള ജീവികൾക്കും വാത്സല്ല്യത്തെ സൃഷ്ടിക്കുന്നത് ശരീരമാകുന്ന ദൈവാംശമാണെന്ന് വിശകലനം കൊണ്ട് ലളിതമായി മനസ്സിലാക്കാൻ കഴിയും. മനുഷ്യൻ ഉൾപ്പെടെ ഓരോ ജീവിയും ഭൂമിയിൽ അനേകം കോടികൾ ഉണ്ടെന്നതും അവയെ മുഴുവൻ മൂലകങ്ങളുടെ മൊത്തമായ ഭൂമി കരുതുന്നു എന്നും മഹാനീതി നിർവ്വഹിക്കുന്നുണ്ട് എന്നും അറിയണം.

ആത്മാവിന് മനുഷ്യക്കുഞ്ഞായി ജന്മം ലഭിക്കുമ്പോൾ, മറ്റുള്ള ജീവികളുടെ അവസ്ഥകളിൽ നിന്നും വ്യത്യസ്തമായി, മരണം വരെയുള്ള ജീവിതകാലം മുഴുവൻ ഉറ്റവരാൽ കരുതപ്പെടുകയും ഉറ്റവരെ കരുതുകയും ചെയ്യുന്ന സവിശേഷതയുണ്ട്. സ്നേഹ ബന്ധങ്ങൾക്ക് ദൈർഘ്യവും ആഴവും കൂടുന്നു. യഥാർത്ഥത്തിൽ വിശേഷ ബുദ്ധി എന്ന് വിശേഷിപ്പിക്കപ്പെടുന്ന മഹാശാസ്ത്ര ജ്ഞാനത്തെ മനുഷ്യന് ലഭിക്കുന്നതിന് അനുസൃതമായി, ഭൂമിയായ ദൈവം എല്ലാ ആത്മാക്കളെയും മഹാനീതിശാസ്ത്ര പ്രകാരം എല്ലാ ജന്മങ്ങളിലും ജീവികളായി ജനിപ്പിക്കുന്നതു മുതൽ മരിപ്പിക്കുന്നതു വരെയും കരുതുന്നതിന്റെ ചെറിയ പതിപ്പ് മാത്രമാണവ.

പത്തുമാസം ചുമന്ന്, ജന്മം കൊടുത്ത്, ഊട്ടി വളർത്തി, ലാളിച്ച്, കളിപ്പിച്ചും, കുളിപ്പിച്ചും, കൊഞ്ചിച്ചും, ചിരിപ്പിച്ചും, അലങ്കരിച്ചു വസ്ത്രം ധരിപ്പിച്ചും, സ്നേഹവും സംരക്ഷണവും കൊടുത്ത്, സംസാരിക്കാനും ഉറ്റവരോടും മറ്റുള്ളവരോടും വളർത്തു മൃഗങ്ങളോടും ഒക്കെയുള്ള പെരുമാറ്റ രീതികളും പഠിപ്പിച്ച്, വളർത്തി വലുതാക്കുന്ന മാതാവിനെയും, പിന്നെ പിതാവിനെയും, ഉറ്റവരെയും തിരിച്ചു സ്നേഹിക്കുകയും അവരുടെ ആവശ്യങ്ങളെ നിറവേറ്റാൻ ശ്രദ്ധിക്കുകയും ചെയ്യണം; അങ്ങനെ ചെയ്യുന്നത് അവർ ആവശ്യപ്പെടാതെ സ്വയം കണ്ടും കേട്ടും മനസ്സിലാക്കി ആവണം.

പ്രായാധിക്യം, രോഗങ്ങൾ, അപകടങ്ങൾ, അംഗവൈകല്യം, തുടങ്ങിയവ കൊണ്ട് ആരോഗ്യം ക്ഷയിക്കുകയും കിടക്കയിൽ തളയ്ക്കപ്പെടുകയും ചെയ്യുന്നത് അനേകർ ഏറ്റക്കുറച്ചിലുകളോടെ അനുഭവിക്കുമ്പോൾ; വിശേഷ ബുദ്ധിയോടെ ജീവിക്കുന്ന മനുഷ്യ-ആത്മാക്കളെ സംബന്ധിച്ചിടത്തോളം സ്നേഹത്തോടെയുള്ള പരിചരണം ആവശ്യമാണ്. വീണ്ടുവിചാരം, പശ്ചാത്താപം, ശാരീരിക മാനസിക വേദനകൾ തുടങ്ങിയവയോടെ ജീവിക്കുന്നവർക്ക് ആശ്വാസം ലഭിക്കണം. ശരീര അവയവങ്ങളുടെ ബാഹ്യമായ ചർമ്മത്തിലൂടെ പ്രകട-ജന്മഗുണങ്ങളോടെയും ആന്തരികമായ ചർമ്മത്തിലൂടെ മറ്റ് ജന്മഗുണങ്ങളോടെയും വ്യാപരിക്കുന്ന ആത്മാവിന് അടിസ്ഥാന പരമായി യാതൊരു പങ്കുമില്ലാത്തതും 'ശരീരവും മൂലകങ്ങളും ജലവും ഓക്സിജനും ഭൂമിയും' സംയുക്തമായി നിശ്ചയിച്ച് ആത്മാവിന് നൽകുന്നതുമായ വിശപ്പ്, ദാഹം, വേദനകൾ, ശരീര വളർച്ച, പ്രത്യുല്പാദനം, രോഗങ്ങൾ, രോഗമുക്തി, നര ഉൾപ്പെടെയുള്ള വൃദ്ധാവസ്ഥ തുടങ്ങിയവ മേല്പടി അവസ്ഥയ്ക്ക് ആധാരമാണ്. സ്വന്തമെന്ന് തെറ്റിദ്ധരിച്ചിട്ടുള്ള ശരീരം ഭൗതികമായ അസ്തിത്വത്തോടെ ചെയ്യുന്ന കാര്യങ്ങളെ വിശേഷ ബുദ്ധി കൊണ്ട് വിശകലനം ചെയ്താൽ മാനസികമായ ആരോഗ്യം നേടാനും വീണ്ടെടുക്കാനും കഴിയുമെങ്കിലും, ഭൗതിക അസ്തിത്വം ഇല്ലാത്ത ആത്മീയ-രാഷ്ട്രീയ-ദേശീയ അന്ധവിശ്വാസങ്ങളെ പുലർത്തിപ്പോന്ന കുഞ്ഞുങ്ങൾക്ക് അത് കഴിയാതെ വരുന്നു. ആശ്വാസം നൽകാൻ ഉറ്റവർക്കു കഴിഞ്ഞില്ലെങ്കിൽ തലമുറകൾ പിന്നിടുമ്പോൾ സ്ഥിതി കൂടുതൽ കൂടുതൽ വഷളാകുന്നതാണ്.

**വൃദ്ധജനങ്ങളുടെ സംരക്ഷണം അടിസ്ഥാന പരമായി സ്വകാര്യ ആവശ്യമാണ്. സ്വന്തം സംരക്ഷണത്തിന് പൊതു ഖജനാവിൽ നിന്നും പെൻഷനുകൾ എന്ന പേരിലും മറ്റും അന്യരുടെ പണം കൊടുത്ത് അവരെയും മഹാമാതാവ് കൂടിയായ ഭൂമിയെയും ലജ്ജിപ്പിക്കരുത്.**

ഭൂമിയിലെങ്ങും വർദ്ധിച്ചു കൊണ്ടിരിക്കുന്ന വൃദ്ധസദനങ്ങളും അനാഥ മന്ദിരങ്ങളും വിശേഷ ബുദ്ധി ലഭിക്കുന്ന മനുഷ്യജീവിക്ക് യോജിക്കുന്നില്ല. ഭൂമിയുടെ മൂലകങ്ങളിലൂടെ ഭൗതിക അസ്തിത്വം ഇല്ലാത്ത നിയമങ്ങൾ പ്രകാരം വ്യത്യസ്തമായ പെൻഷനുകളെയും ചികിത്സാ പദ്ധതികളെയും വ്യക്തികൾ മുമ്പ് ചെയ്ത തൊഴിലുകളുടെയും മറ്റും അടിസ്ഥാനത്തിൽ തട്ടിക്കൂട്ടിയും മറ്റും വൃദ്ധർക്ക് മറ്റു ജനങ്ങളുടെ പണം കൊണ്ട് സാമ്പത്തിക സഹായം നൽകിയാൽ വൃദ്ധജന സംരക്ഷണം സാധിക്കുമെന്ന് വളരെയധികം ജനങ്ങളും സർക്കാരുമൊക്ക കരുതി പ്പോരുന്നതും ചെയ്യുന്നതും വലിയ തെറ്റാണ്. സമൂഹത്തിൽ ധാർമ്മികമായ അധഃപതനം വർദ്ധിക്കുവാൻ അതും ഒരു കാരണമാണ്. ദൈവമായ ഭൂമിയുടെ **മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന സാമ്പത്തിക ശാസ്ത്രം** ഉൾപ്പെട്ട ധർമ്മ ശാസ്ത്രങ്ങളെ പിൻപറ്റുക മാത്രമാണ് ഏകമാർഗ്ഗം.

**പൊതുജനങ്ങളിൽ നിന്നും സ്വരൂപിക്കുന്ന പൊതുവായ ധനം പെൻഷൻ, സബ്സിഡി, സൗജന്യ പദ്ധതി, കായിക പ്രതിഭാ-പ്രോത്സാഹനം തുടങ്ങി ചിലരുടെ സ്വകാര്യ ആവശ്യങ്ങൾക്ക് ചെലവഴിക്കാൻ 'മൂലകങ്ങളിൽ നിയമമില്ല'. ആകയാൽ വിവരദോഷികളായ സേവകർ പൊതുജനങ്ങളിൽ നിന്നും പിടിച്ചുപറിച്ചു തരുന്ന ധനം കൊണ്ട് ജീവിച്ചുകൂടാ. വിശേഷബുദ്ധി നൽകി അനുഗ്രഹിച്ച ഭൂമിയായ ദൈവത്തെ അറിഞ്ഞും അറിയാതെയും നിന്ദിച്ചു കൊണ്ട് ഉറ്റവർ ഉൾപ്പെടെയുള്ള മറ്റുള്ളവരുടെ ഔദാര്യത്തിൽ ജീവിക്കുവാൻ ആഗ്രഹിക്കുന്നത് വളരെ ഹീനവും ലജ്ജയില്ലായ്മയും ആണ്. പെൻഷൻ വാങ്ങുന്ന ഏറെപ്പേർക്കും സ്വയം സമ്പാദിച്ച ഭൂസ്വത്ത്, സ്വർണ്ണം, പണം തുടങ്ങിയ സമ്പാദ്യങ്ങൾ കൊണ്ട് വയസ്സാം കാലത്തും മറ്റും സുഖമായി ജീവിക്കാൻ കഴിയും !**
കൃഷിയെ മാർഗ്ഗവും ആനന്ദവുമാക്കാൻ അനേകർക്ക് സാധിക്കും !

**അടിസ്ഥാന പരമായി, വ്യക്തികൾക്ക് ജീവിതകാലത്ത് സമ്പാദിക്കുന്നവ മാത്രമേ അനുഭവിക്കാൻ അവകാശവും അധികാരവും ഉള്ളൂ എന്ന സാമാന്യ നിയമത്തെ ചുറ്റും ജീവിക്കുന്ന മറ്റുള്ള ജന്തുക്കളിൽ നിന്നും ലളിതമായി പഠിച്ചാൽ വിഷയ പരിഹാരത്തിനുള്ള ആദ്യ പാഠമായി.**

ആകാശത്തിലെ പറവകളെ നോക്കുക; അവ വിതയ്ക്കുന്നില്ല; കൊയ്യുന്നില്ല എന്നതുകൊണ്ട് മനുഷ്യരുടെ കാര്യത്തിൽ ഉദ്ദേശിക്കുന്നത് ഭാവിയെ കുറിച്ച് ഒരു പരിധിയിൽ കൂടുതൽ വേവലാതി പാടില്ല എന്നാണ്. ഏകദൈവവും മഹാനീതിയും മഹാമാതാവുമായ ഭൂമി എല്ലായ്പ്പോഴും കുഞ്ഞുങ്ങൾക്കു നൽകുന്ന മഹാവാത്സല്ല്യത്തെ ഉറച്ചുതന്നെ വിശ്വസിക്കണം. ഭാവിയെ കരുതി ഒരല്പം സമ്പാദിക്കണം എന്നതിന് ഉപരിയായി **മക്കളും കൊച്ചുമക്കളും മറ്റും വളർന്നു വരുമ്പോൾ അവരുടെ ഉപയോഗം, ആവശ്യം എന്നിവയെ കണക്കാക്കി അവർക്കു വേണ്ടി സമ്പാദിക്കരുത്. മണ്ണിൽ ലയിച്ചിട്ടുള്ള സാമ്പത്തിക ശാസ്ത്രം പ്രകാരം മക്കളും കൊച്ചുമക്കളും ഉറ്റവരുമെല്ലാം സ്വന്തമായി അദ്ധ്വാനിച്ചു തന്നെ ജീവിത ആവശ്യങ്ങളെ നേടുകയും അനുഭവിക്കുകയും വേണം. അവർക്ക് മാർഗ്ഗദർശനം നൽകുക മാത്രമേ പാടുള്ളൂ.**

**ഭൂമിയിലെ മൂലകങ്ങൾ തന്നെയായ വസ്തുക്കളെയും വീട്, കട, വ്യവസായം, ബൈക്ക്-കാർ ഉൾപ്പെട്ട വാഹനങ്ങൾ തുടങ്ങിയവയും അനുഭവിക്കാൻ അവയെ അദ്ധ്വാനിച്ചു നേടിയവർക്കു മാത്രമാണ് അവകാശമുള്ളത് എന്ന പാഠം ഉൾക്കൊണ്ട് ജീവിക്കാൻ സർവ്വരും ബാദ്ധ്യസ്ഥരാണ്.** അദ്ധ്വാനത്തിന്റെ ആവശ്യകതയെ ഓരോ വ്യക്തിക്കും അതിലൂടെ കുടുംബത്തിനും സമൂഹത്തിനും ബോദ്ധ്യമാവുകയും മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ധർമ്മശാസ്ത്ര പ്രകാരം അദ്ധ്വാനിച്ചു നേടുന്നവയെ മാത്രം അനുഭവിക്കാനും തയ്യാറാകുമ്പോൾ, കുടുംബ ജീവിതത്തിൽ സ്നേഹവാത്സല്യങ്ങൾക്കും കടമകൾക്കും ചിട്ടയുണ്ടാകുന്നതാണ്; വാഹനം ഉൾപ്പെടെ എല്ലാ ജീവിത മേഖലകളിലും അപകടങ്ങൾ കുറയും; ശ്രേഷ്ഠമായ കൂട്ടുകുടുംബങ്ങൾ വീണ്ടും ആരംഭിക്കും; അനാവശ്യ കെട്ടിടനിർമ്മാണവും മദ്യപാനവും മറ്റും അവസാനിക്കും.

ജനസേവകരായ ഭരണാധികാരികളും മറ്റും 'പ്രായത്തിന്റെ അടിസ്ഥാനത്തിൽ' ജനങ്ങളെ വൃദ്ധരും അവശരുമായി വേർതിരിക്കുന്ന അധമമായ വ്യാഖ്യാനം അവസാനിക്കുന്നതാണ്. ആത്മാവിന് ശക്തികളും ജ്ഞാനവും ആനന്ദവും നൽകാനും നേടിക്കൊടുക്കാനും ഒപ്പമുള്ള ശരീരം മഹാനീതിശാസ്ത്ര പ്രകാരം സ്വയം നിശ്ചയിക്കുന്നവയാണ് ആരോഗ്യവും അവശതയുമെല്ലാം. **ശരീരമാകുന്ന ദൈവാംശം നൽകുന്ന ശക്തികൾക്കും ആനന്ദങ്ങൾക്കും അനുസരിച്ച് ഓരോ ആത്മാവും നിശ്ചയിക്കുന്ന കാര്യമാണ് തൊഴിലിൽ നിന്നും ഭാഗികമായോ പൂർണമായോ വിരമിക്കുക എന്നുള്ളത്. ആവുമ്പോലെ ഇഷ്ടമുള്ള തൊഴിൽ ചെയ്ത് ആനന്ദിച്ചു ജീവിക്കവെ, അവിചാരിതമായി മരണവും സംഭവിച്ചെന്നിരിക്കും! പകരം വ്യക്തിയെ മരണത്തിനു വിട്ടുകൊടുത്തിരിക്കുന്ന വിധം തൊഴിൽ വിരമിക്കലിനെ സമൂഹം നിശ്ചയിക്കുന്നത് ധർമ്മശാസ്ത്ര വിരുദ്ധമാണ്. ഇത്തരം സന്ദർഭങ്ങളിലാണ് ശാരീരികമായി അവശതകൾ വർദ്ധിച്ചു വരുന്ന വൃദ്ധജനങ്ങൾക്ക് ധർമ്മശാസ്ത്ര പരമായ സംരക്ഷണം നൽകാൻ നാളെയുടെ വൃദ്ധർ കൂടിയായ ജനസേവകർ തയ്യാറാവേണ്ടത്.**

കുട്ടികൾ മുതിർന്ന് വിവാഹം കഴിച്ച് മക്കളും മരുമക്കളും കൊച്ചുമക്കളും ഉണ്ടാകുമ്പോൾ, മരണം എത്തിയിട്ടില്ലാത്ത മുത്തശ്ശനും മുത്തശ്ശിയും, ഒരു പക്ഷെ അവരുടെ മാതാപിതാക്കളും സ്വന്തം മുറിയടക്കം വീട് മക്കൾക്ക് നൽകിക്കൊണ്ടും, ചിലപ്പോൾ പിടിച്ചെടുക്കപ്പെട്ടും തിണ്ണയിലും ചായ്പിലും വൃദ്ധസദനങ്ങളിലും അഭയം തേടേണ്ടി വരുന്നുണ്ട്. പ്രായം കൂടുന്തോറും മനുഷ്യരുടെയും മറ്റുള്ള ജീവികളുടെയും മുഖ്യ ആനന്ദം കുഞ്ഞുങ്ങളുടേതു പോലെ ഭക്ഷണ-ആനന്ദം മാത്രമായി ചുരുങ്ങുന്നുണ്ട്. അങ്ങനെയിരിക്കെ, നല്ല ഭക്ഷണവും താമസ സൗകര്യവും സ്നേഹവാത്സല്യങ്ങളും മക്കൾ, കൊച്ചു മക്കൾ തുടങ്ങിയ ഉറ്റവരിൽ നിന്നും ലഭിക്കാത്ത പക്ഷം അവരുടെ ഹൃദയം വല്ലാതെ വേദനിക്കുന്നതാണ്. ഇണയുടെ വേർപാട് കൂടിയായാൽ, മനോവേദന വർദ്ധിക്കും. അത്തരം വേദനകളെ സങ്കല്പിക്കാൻ യുവജനങ്ങൾക്ക് കഴിയണം.

വിദ്യാഭ്യാസം കൊണ്ട് കുഞ്ഞ് മുതൽ വൃദ്ധജനങ്ങൾ വരെയുള്ള ഓരോ ഘട്ടത്തിലെയും അവസ്ഥകളെപറ്റി വ്യക്തമായ ധാരണയും അറിവും യുവജനങ്ങൾക്ക് ഉണ്ടാകണം എന്നത് സാമൂഹ്യ ആവശ്യമാണ്. കണ്ടും കേട്ടും അനുഭവിച്ചും അറിയാനും പഠിക്കാനുമുള്ള അവസരങ്ങളെ മാതാപിതാക്കളുടെ അമിത വാത്സല്യവും, വേഷംകെട്ടുകളുടെയും മത്സരങ്ങളുടെയും ദുശ്ശീലങ്ങളുടെയും കളിയരങ്ങായ ഇന്നത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളും സമ്പ്രദായവും, പിന്നെ ജനങ്ങളുടെ പൊതുവായ ആവശ്യങ്ങൾ എന്തെല്ലാമാണെന്ന് തിരിച്ചറിയാൻ പോലും കഴിവില്ലാത്ത കൊള്ളസംഘങ്ങളായ ഭരണാധികാരികളും കൂടി ചേർന്ന് നശിപ്പിച്ചിട്ടുണ്ട്. ദുസ്വാർത്ഥം വർദ്ധിച്ചിരിക്കുന്നു.

**കുഞ്ഞുങ്ങളും കുട്ടികളും ഉൾപ്പെടെ എല്ലാവരുടെയും സുരക്ഷയ്ക്ക് കൂട്ടുകുടുംബത്തിലേക്ക് മടങ്ങണം.**

ബന്ധുക്കളോ അല്ലാത്തവരോ ആയ ഒന്നിലധികം ദമ്പതികളും ഉറ്റവരും കൂട്ടമായ വലിയ കുടുംബമായി ഒരു ഗൃഹത്തിൽ താമസിക്കുന്നതാണ് കൂട്ടുകുടുംബം. കുഞ്ഞുങ്ങളെയും കുട്ടികളെയും ശ്രദ്ധിക്കാനും സംരക്ഷണം നൽകാനും അവർക്ക് കൂട്ടുകൂടാനും യുവജനങ്ങളും വൃദ്ധരും ഉൾപ്പെടെ അനേകർ എപ്പോഴും കൂട്ടുകുടുംബത്തിൽ ഉണ്ടാകും എന്നുള്ളതു കൊണ്ട് കുഞ്ഞുങ്ങളെ തട്ടിക്കൊണ്ടുപോയി; കുഞ്ഞുങ്ങൾ അപകടത്തിൽ പെട്ടു തുടങ്ങിയ തീരാവേദനകൾ സാധാരണ ഗതിയിൽ കൂട്ടുകുടുംബത്തിൽ ഒട്ടും തന്നെ ഉണ്ടാകുന്നതല്ല. അവിടെ രോഗം വന്നാലും ആഘോഷം വന്നാലും പരിചാരകരുടെ ആവശ്യം ഉണ്ടാകുന്നതല്ല. കൂട്ടുകുടുംബത്തിൽ ആവശ്യമായ വൈദ്യുതി, പാചകവാതകം, അദ്ധ്വാനം തുടങ്ങിയവ, ഏറെക്കുറെ അതേ അളവിൽ തന്നെ കൂട്ടുകുടുംബത്തെ പലതായി വിഭജിച്ചാൽ ഉണ്ടാകുന്ന ഓരോ അണുകുടുംബത്തിനും ആവശ്യമാകുന്നതായി കാണാം. ഭക്ഷണ സാധനങ്ങൾ ഉൾപ്പെടെയുള്ളവ പാഴാക്കാതെ ശ്രദ്ധിക്കുകയും ചെയ്യും. സ്വന്തം കുഞ്ഞുങ്ങളായി ഉറ്റവരുടെയും മറ്റുള്ളവരുടെയും കുഞ്ഞുങ്ങളെ സ്നേഹിക്കാനും ശ്രദ്ധിക്കാനും, സ്വന്തം ജീവനെ കളഞ്ഞ് രക്ഷിക്കാനും വൃദ്ധർ തയ്യാറാകുന്നത് പോലെ സാധാരണ ഗതിയിൽ പരിചാരകർക്ക് കഴിയുന്നതല്ല.

ഭൂമിയായ ദൈവം ഓരോ ആത്മാവിനെയും സ്ത്രീയും പുരുഷനുമായി വിഭജിച്ച് രണ്ടായി സൃഷ്ടിക്കുകയും, അവരുടെ പ്രവൃത്തികളിൽ മഹാനീതിശാസ്ത്ര പ്രകാരം മഹാസമനീതിയെ നിർവ്വഹിക്കുകയുമാണു ചെയ്യുന്നത്. മനുഷ്യൻ എന്ന ജീവിക്കു മാത്രം ജനനം മുതൽ മരണം വരെ, 'കുടുംബ ജീവിതവും, സമൂഹജീവിതവും' ദൈവം മഹാ-വ്യവസ്ഥപ്പെടുത്തിയിട്ടുള്ളതിനെ കണക്കാക്കിയാൽ, മനുഷ്യൻ കുടുംബാംഗവും, സമൂഹ ജീവിയുമാണ്. അതിനാൽ, കുടുംബം, കുടുംബാംഗങ്ങൾ എന്നിവയുടെ ധർമ്മശാസ്ത്ര പരമായ പ്രാധാന്യത്തെ ഉൾക്കൊണ്ട് ജീവിക്കുവാൻ സ്ത്രീ പുരുഷന്മാരായ ഓരോ വ്യക്തിയും ബാദ്ധ്യസ്ഥരാണ്.

ഭാര്യാഭർത്താക്കന്മാരും (മാതാപിതാക്കളും) മക്കളും മരുമക്കളും അവരുടെ കുട്ടികളും ഉൾപ്പെടുന്ന കൂട്ടായ്മയെ ഒരുകൂട്ടർ കുടുംബമെന്ന് കരുതുമ്പോൾ; അതിനോട് ഭാര്യാഭർത്താക്കന്മാരുടെ സഹോദരങ്ങളും അമ്മാവന്മാരും അപ്പച്ചിമാരും ഒക്കെ ചേരുന്ന ഉറ്റ ബന്ധുക്കളുടെയും, ദൂര ബന്ധുക്കളുടെയും വലിയ കൂട്ടായ്മയെ അനേകർ കുടുംബമെന്ന് വിശേഷിപ്പിക്കുന്നു. കുടുംബത്തിലെ അംഗങ്ങൾക്ക്, അഥവാ മനുഷ്യർക്ക് വീടിന് അകത്തും പുറത്തും തെരുവിലും കാട്ടിലും ഒക്കെ ജീവിക്കാനാവും എന്നു പറയുമ്പോൾ, മറ്റുള്ള ജീവികളെപ്പോലെ ഭൂമി എന്ന മഹാഭവനത്തിന്റെ ഭാഗമായി ജീവിക്കാൻ മനുഷ്യർക്കും കഴിയുന്നതാണ്.

ഭവനം എന്നാൽ വീട്. കുടിലും കൊട്ടാരവുമെല്ലാം മനുഷ്യർക്ക് താമസിക്കാൻ പണിയുന്ന വീടുകളാണ്. യാതൊരു മനുഷ്യരും താമസിച്ചില്ലെങ്കിലും, ഒരാൾ മാത്രം താമസിച്ചാലും, കുടിലും കൊട്ടാരവും വീടായി തുടരുന്നതാണ്; എന്നാൽ വീട് കുടുംബമാവണമെങ്കിൽ, മാതാപിതാക്കളും കുട്ടികളും മറ്റും ചേർന്ന് മനുഷ്യർ കൂട്ടമായി താമസിക്കണം; കുടുംബത്തിന് വീട് നിർബ്ബന്ധവുമല്ല. പക്ഷികളും തേനീച്ചകളും ഒക്കെ വീടായ കൂടിന്റെ അത്യാവശ്യകതയെ അറിയിക്കുമ്പോൾ, ചെടികളും മരങ്ങളും തങ്ങളുടെ ജീവിതത്തിന് വീട് ശരിയാവില്ല എന്നറിയിച്ചു കൊണ്ട്, മനുഷ്യൻ ഉൾപ്പെടെ എല്ലാ ജീവികളുടെയും വീടും, വീട്ടുപയോഗ സാധനങ്ങളുമായി മാറുന്നു.

ജീവത്യാഗ സന്നദ്ധത കഴിഞ്ഞാൽ, കുടുംബാംഗങ്ങൾ ശ്രദ്ധിക്കേണ്ടത് സാമ്പത്തിക സഹായ സഹകരണങ്ങളാണ്. അതിന്റെ വിപുലമായ അവസ്ഥയാണ് രാഷ്ട്രങ്ങളിലെ ജനങ്ങളുടെ ഇടയിൽ ഉണ്ടാവേണ്ടത്. 'ജനന-ജീവിതങ്ങളുടെ അർത്ഥവും വ്യാപ്തിയും' അറിയാത്തവരോടും, 'ബുദ്ധിശക്തിയും അവസരങ്ങളും ഉണ്ടായിട്ടും പഠിക്കാൻ തയ്യാറാവാത്തവരോടും', ദൈവാനുഗ്രഹം കുറയുന്നവരോടും, സാമ്പത്തിക സഹായ സഹകരണങ്ങളെ പ്പറ്റി പറഞ്ഞിട്ട് കാര്യമില്ല. സ്വരുക്കൂട്ടി വയ്ക്കുന്ന സമ്പത്തു മുഴുവൻ കൊണ്ട്, തന്റെയും ഏറ്റവും പ്രിയപ്പെട്ടവരുടെയും ആയുസ്സോ ആരോഗ്യമോ വീണ്ടെടുക്കാൻ കഴിയില്ല എന്ന് തിരിച്ചറിയാൻ കഴിയുന്ന അവസ്ഥ ഉണ്ടാകാതെ സ്വയം തിരുത്താത്ത വിവരദോഷികൾ ഏറെയാണ്. ഭൂമിയിലെ മുഴുവൻ സമ്പത്തിനേക്കാൾ പ്രധാനമാണ് ഉറ്റവരുടെ ജീവനും ആനന്ദ ജീവിതവും എന്ന മനോനിലയിലേക്ക് ഓരോ വ്യക്തിയും ഉയരണം.

ഇണയും മക്കളും ഒഴികെയുള്ളവരുടെ കടമാപരമായ അത്യാവശ്യങ്ങളെ പ്പോലും ശ്രദ്ധിക്കുവാൻ ബാദ്ധ്യതയില്ലെന്നു കരുതുന്ന ചെറുപ്പക്കാർ ഭൂമിയിലെങ്ങും കൂടുന്നുണ്ട്. അതായത്, മാതാപിതാക്കളുടെയും ഉറ്റവരുടേയും ജീവൻ, സാന്നിധ്യം, സ്നേഹം എന്നിവയേക്കാൾ പണത്തിന് പ്രാധാന്യം കൊടുക്കുന്ന ചെറുപ്പക്കാരും മുതിർന്നവരും വർദ്ധിച്ചിരിക്കുന്നു. പുറമെ, അമ്മേ, അച്ഛാ എന്നെല്ലാം തേനൊഴുക്കി വിളിക്കുമെങ്കിലും, അവരുടെ 'മാനസിക കുടുംബത്തിൽ മാതാപിതാക്കളും ഉൾപ്പെടെയുള്ള ബന്ധുക്കളും യഥാർത്ഥത്തിൽ ഇല്ല.' ഉണ്ടെന്ന് ഭാവിക്കാൻ അവർ മിടുക്കരാണ്. (അവർ പണിയുന്ന പുതിയ വീട്ടിൽ അമ്മയ്ക്കും അച്ഛനും യഥാർത്ഥത്തിൽ മുറി ഉണ്ടാവില്ല / ഉദ്ദേശിച്ചിട്ടുണ്ടാവില്ല. ഭാര്യയും ഭർത്താവും തങ്ങളുണ്ടാക്കുന്ന പുതിയ വീട്ടിൽ മക്കൾക്ക് മുറികളെ ഭാവന ചെയ്യുമ്പോൾ, മക്കൾ വളർന്ന് അവരുണ്ടാക്കുന്ന വീട്ടിൽ മാതാപിതാക്കൾക്ക് മുറി/ഇടം ഇല്ലെന്ന് ചുരുക്കം).

ചെറുപ്പത്തിൽ അത്യാവശ്യമായിരുന്ന മാതാപിതാക്കളെയും മറ്റ് ഉറ്റവരെയും മരിപ്പിക്കുന്നതിൽ ദൈവം അമാന്തം കാണിക്കുന്നതായി കണക്കാക്കുന്നവർ വർദ്ധിച്ചു വരികയാണ്. വൃദ്ധസദനങ്ങൾ വർദ്ധിക്കാൻ ഒരു പ്രധാന കാരണവും അതുതന്നെ.

അത്തരം ചെറുപ്പക്കാർക്കും മുതിർന്നവർക്കും കുടുംബാംഗങ്ങൾ പുലർത്തേണ്ടുന്ന മര്യാദകളെപ്പറ്റി സംസാരിക്കാൻ യാതൊരു യോഗ്യതകളുമില്ല. അവരോടുള്ള സ്നേഹം ഉള്ളിലേക്കു വലിച്ച് പ്രവർത്തിക്കേണ്ടുന്ന കടമ പിതാവിനും മാതാവിനും മറ്റ് ഉറ്റവർക്കും ഉണ്ടായെന്നു വരാം. അമ്പ് എയ്യുന്നതായി ചില കുട്ടികൾക്ക് തോന്നിയെന്നു വരും; അത് വിഷയമായി കൂടാ. ഭാവിയിൽ നീചർക്ക് തിരിച്ചറിവ് ലഭിച്ച് ശുദ്ധരാകുന്നതോടെ, സത്യം ശിവം സുന്ദരം. കുട്ടികളുടെ ദാസരായി കുട്ടിക്കാലത്ത് മാതാപിതാക്കളും ഉറ്റവരും, പ്രവർത്തിക്കുന്നതു പോലെ, കുട്ടികൾ മുതിർന്നവരാവുമ്പോൾ മാതാപിതാക്കളുടെയും ഉറ്റവരുടേയും ധർമ്മ ശാസ്ത്രപരമായ ആവശ്യങ്ങളെയും ആഗ്രഹങ്ങളെയും അവർ 'പറയാതെയും അറിയിക്കാതെയും' മനസ്സിലാക്കാനും പരിഹാരമുണ്ടാക്കാനും ഭാഗ്യമുണ്ടാകുന്ന അവസ്ഥയിൽ കുട്ടികൾ എത്തണം. അവഗണിക്കുന്ന നീചരുടെ ദുർവ്വാദങ്ങളെയും ദുസ്വാർത്ഥങ്ങളെയും ദൈവം അംഗീകരിക്കില്ല തന്നെ. അനേകം ചെറുപ്പക്കാർക്ക് മാതാപിതാക്കൾ ഉൾപ്പെടെയുള്ള ഉറ്റവരെ ഉചിതമായി പരിചരിക്കാനും കടമകളെ പൂർത്തിയാക്കാനും കഴിയാതെ പോയതിന് വളർന്നു വന്ന നാട്ടിൽ നിന്നും തൊഴിൽ സ്ഥലം അകലുകയും മറ്റു സംസ്ഥാനങ്ങളിലും വിദേശങ്ങളിലും സൈന്യത്തിലും ഒക്കെയായി വളരെക്കാലം തനിച്ചും, ഇണയോടും കുട്ടികളോടും ഒപ്പം പരിമിതിപ്പെട്ടതും കാരണമാണ്. ജന്മഗുണവുമായി ബന്ധപ്പെട്ട മഹാനീതി കാര്യം സ്ഥിതി പരമായ വിധി പ്രകാരം മാറിമറിഞ്ഞതിന് സമൂഹത്തിലെ ആത്മീയ - രാഷ്ട്രീയ- ദേശീയ- സാമ്പത്തിക മേഖലകളിൽ സംഭവിച്ച ധാർമ്മികമായ അധഃപതനം പ്രധാന കാരണമാണ്. ആവക കാര്യങ്ങളെ **ദൈവ കാര്യം** എന്ന അദ്ധ്യായത്തിൽ വിശദീകരിക്കുന്നുണ്ട്. ചുരുക്കത്തിൽ മാതാപിതാക്കളെ പരിചരിക്കുന്നതിൽ ചെറുപ്പക്കാർക്ക് സംഭവിച്ച വീഴ്ചകൾക്ക് അവരെ മാത്രം കുറ്റപ്പെടുത്താൻ കഴിയില്ല.

ജീവത്യാഗ സന്നദ്ധതയും, സാമ്പത്തിക സഹായ സഹകരണവും കഴിഞ്ഞാൽ, 'ധർമ്മശാസ്ത്ര പരമായ പിന്തുണയാണ് ' അടുത്തത്.

ധർമ്മശാസ്ത്രത്തെ അനുസരിച്ചു മാത്രം കുടുംബാംഗങ്ങൾ ഉൾപ്പെടെ സർവ്വരെയും പിന്തുണയ്ക്കണം എന്നതാവണം കുടുംബത്തിലെയും സമൂഹത്തിലെയും 'മുഖ്യ ജീവിത-സഹകരണ മന്ത്രം'. അധാർമ്മിക പിന്തുണ അരുത്. ഉദാഹരണത്തിന്, മറ്റുള്ളവരുമായി ശണ്ഠ കൂടുന്ന കുടുംബാംഗത്തെ സഹായിക്കാനും രക്ഷിക്കാനും പ്രവർത്തിക്കേണ്ടുന്നത് ധർമ്മശാസ്ത്രത്തെ അനുസരിച്ചു തന്നെയാവണം. അതായത് ധർമ്മശാസ്ത്ര വിരുദ്ധമായ വിഷയത്തെയും പ്രവൃത്തികളെയും എതിർത്തു കൊണ്ടു മാത്രം കുടുംബത്തിലെ അംഗത്തെ ഉൾപ്പെടെ ഏതൊരാളെയും സ്നേഹിച്ചു തിരുത്തണം. മാതാപിതാക്കൾ കുഞ്ഞുങ്ങളെ ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്നത് സ്നേഹിക്കുന്നതു കൊണ്ടാണ്; തിരുത്താനാണ്; ഉയർത്താനാണ്; എന്നതിനെ ഉൾക്കൊണ്ട് ധർമ്മശാസ്ത്ര വിരുദ്ധമായിട്ട് മറ്റുള്ളവരുമായി ശണ്ഠ കൂടുന്ന കുടുംബാംഗത്തെ ആവശ്യമെങ്കിൽ ശിക്ഷിക്കുവാനും മറ്റ് കുടുംബാംഗങ്ങൾ തയ്യാറാവണം.

മുതിർന്നവർ ഉൾപ്പെടെയുള്ള എല്ലാ ജീവികളുടെയും 'യഥാർത്ഥ മഹാ-മാതാപിതാക്കളായ ദൈവവും' കുഞ്ഞുങ്ങളുടെ മഹാദാസിയും മഹാദാസനുമായി സദാ പ്രവർത്തിക്കുന്നുണ്ട്. കുട്ടികളുടെയും മുതിർന്നവരുടെയും അബദ്ധങ്ങളെ ദൈവം വ്യക്തികളുടെ ഉപദേശങ്ങളിലൂടെയും, രോഗങ്ങളിലൂടെയും, അപകടങ്ങളിലൂടെയും, ഉറ്റവരുടെ മരണങ്ങളിലൂടെയും, ഒക്കെ ചൂണ്ടിക്കാട്ടി തരുന്നതാണ്. വീണ്ടുവിചാരം ഉണ്ടാവാനും തിരുത്താനും കൂടുതൽ ശുദ്ധരാവാനും ലഭിക്കുന്ന അവസരങ്ങളായി കാണണം; ശ്രദ്ധിക്കണം. നമ്മുടെ മനോഭാവം എന്താണെന്നും നടപടി എന്താണെന്നും 'ദൈവത്തിന്റെ വാതകരൂപമായ ഓക്സിജൻ' സദാ അറിയുന്നുണ്ട്. സത്യസന്ധരായി ജീവിക്കാൻ ശ്രദ്ധിക്കണം; സാധിക്കണം.

മുതിർന്നവർ രംഗം/കളം വിടുമ്പോൾ, ഒരു പക്ഷെ, അവരേക്കാൾ നന്നായിട്ട്, 'കാലഘട്ടത്തിന്റെ ആവശ്യം അനുസരിച്ച് ', പുതിയ തലമുറയിലെ ചെറുപ്പക്കാർ പ്രവർത്തിക്കുന്നതിന് ദൈവം കളമൊരുക്കുന്നുണ്ട്. അതിനായി ജ്ഞാനം വർദ്ധിപ്പിക്കാനും വ്യക്തി ചെയ്യേണ്ടുന്ന പകുതി പൂർത്തിയാക്കുവാനും തയ്യാറാവണം.

## Reverse Mortgage Loan

ഇന്നത്തെ വൃദ്ധരോ അവശരോ ആയവർ സാമ്പത്തികമായ വിഷയങ്ങളെ അനുഭവിക്കുന്നുണ്ട് എന്ന പക്ഷം, അവർ ആവശ്യപ്പെടാതെ തന്നെ അവരുടെ വിഷമങ്ങളെയും വിഷയങ്ങളെയും അന്വേഷിക്കാനും അറിയാനും പരിഹാരം ഉണ്ടാക്കാനും ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന പൊതുജന സേവകർക്ക് കഴിയണം. ഇന്നത്തെ വൃദ്ധരും അവശരുമായ ജനങ്ങൾ ഇന്നലെകളിൽ സമ്പാദിച്ച വസ്തു, കെട്ടിടം, തുടങ്ങിയ സമ്പത്തുകളെ പലിശ രഹിതമായ ഈടായി സ്വീകരിച്ചു കൊണ്ട് അന്ത്യകാലം വരെ അവർക്ക് പെൻഷൻ പോലെ സാമ്പത്തിക സഹായവും ആൾബലവും നൽകാൻ പൊതുജന സേവന കേന്ദ്രമായ ഭരണകൂടത്തിന് കഴിയണം. Reverse Mortgage Loan ബാങ്കുകളല്ല; ഭരണകൂടമാണ് ചെയ്യേണ്ടത്.

ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റേണ്ടതും, അതിൽ പ്രഥമമായ വൃദ്ധജന സംരക്ഷണം ഉറപ്പാക്കേണ്ടതും ഭരണകൂടത്തിന്റെ ചുമതലയാണ്; അടിസ്ഥാന പരമായി അധമ സംവിധാനവും കൂടുതൽ വഴിപിഴച്ചു കൊണ്ടിരിക്കുന്നതുമായ ബാങ്കുകളുടെ ചുമതലയല്ല.

വൃദ്ധരായ ദമ്പതികളുടെ കാലശേഷം, മക്കളുടെ/ഉറ്റവരുടെ ധാർമ്മികമായ യോഗ്യത വിലയിരുത്തി ക്കൊണ്ട് ധർമ്മ ശാസ്ത്ര പ്രകാരം മക്കൾക്ക്/ ഉറ്റവർക്ക് വസ്തുവകളെ വിലകുറച്ചോ കുറയ്ക്കാതെയോ വിൽക്കുക എന്നത് ഭരണകൂടത്തിന്റെ ചുമതലയാണ്. വസ്തു നികുതി, രജിസ്ട്രേഷൻ, തുടങ്ങിയ അസംബന്ധങ്ങൾ അവസാനിപ്പിച്ച് ഭൂസ്വത്തിന്റെ ക്രയവിക്രയത്തെ ധർമ്മശാസ്ത്ര പരമാക്കുകയാണ് ഫലത്തിൽ ചെയ്യുന്നത്.

ഏകദൈവമായ ഭൂമിയുടെ കുഞ്ഞുങ്ങൾ അന്യോന്യം സഹകരിച്ചും സഹായിച്ചും ജീവിക്കുകയും മോക്ഷത്തെ നേടുകയും ചെയ്യേണ്ടത് സഹോദരങ്ങൾ തമ്മിൽ പലിശ കൊടുത്തും വാങ്ങിയും ആവരുത്.

സഹോദരങ്ങളായ കുഞ്ഞുങ്ങൾക്ക് സഹകരിക്കാനും സഹായിക്കാനും ബാങ്കുകൾ എന്ന പേരിൽ ഒരു ഇടനിലക്കാരൻ ഉണ്ടാവുകയും, ഇടനിലക്കാരനും സഹോദരൻ മാത്രമാണെന്നത് പാടേ വിസ്മരിച്ചു കൊണ്ടും അറിയാൻ ശ്രമിക്കാതെയും, **മൂലകങ്ങളിലൂടെ ഭൗതിക അസ്തിത്വം ഇല്ലാത്ത നിയമങ്ങൾ തട്ടിക്കൂട്ടിക്കൊണ്ട് ഇടനിലക്കാർ പലിശ വ്യാപാരവും മറ്റും നടത്തി വീർക്കുന്നു! കടംവാങ്ങിയ സഹോദരങ്ങളെ പീഡിപ്പിക്കുന്നതും, പീഡനം സഹിക്കവയ്യാതെ അനേകം സഹോദരങ്ങൾ ആത്മഹത്യ ചെയ്യുന്നതും ഇന്ത്യയിലും മറ്റും സാധാരണ സംഭവമായിട്ടുണ്ട്. മാനുഷിക കുടുംബത്തിലെ സഹോദരങ്ങൾ തമ്മിൽ പലിശ കൊടുത്തും വാങ്ങിയും ജീവിച്ചാൽ അവരുടെ മാതാപിതാക്കൾ ഇഷ്ടപ്പെടില്ല എന്നത് സ്വയം മാതാപിതാക്കളുടെ സ്ഥാനത്ത് നിന്നുകൊണ്ട് വിശകലനം ചെയ്ത് ലളിതമായി മനസ്സിലാക്കാൻ കഴിയും.** ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ തിരിച്ചറിയാൻ പോലും കഴിവില്ലാത്ത കൊള്ളക്കാരായ ഭരണാധികാരികൾക്കും, ബാങ്ക് പ്രവർത്തകർക്കും മറ്റും മഹാനീതിശാസ്ത്രം നടപ്പാക്കുന്ന ഭൂമിയുടെ അംശമായ **സ്വ-ശരീരത്തെ വേഗം പഠിക്കാൻ കഴിയട്ടെ !**

Reverse Mortgage Loan **ഈയുള്ളവന് ആവശ്യമാക്കി ക്കൊണ്ട് മഹാദേവിയായ ഭൂമി ഉദാഹരണം സൃഷ്ടിച്ചിട്ടുണ്ട്.** 2019 **ഒക്ടോബർ മാസമാദ്യം ആരംഭിച്ച ലോൺ വിഷയം** 2020 **മാർച്ച്** 5-ാം **തീയതി തീർപ്പാക്കിയത് തീർത്തും ധർമ്മ ശാസ്ത്ര വിരുദ്ധമായിട്ടാണ്. ലോണിന്റെ സത്തയെ മാത്രം ചുവടെ വിശകലനം ചെയ്യുന്നു / വിശദീകരിക്കുന്നു :-**

ഈയുള്ളവന്റെ ഏതാനും പണ-ബാധ്യതകളും ആവശ്യങ്ങളും പരിഹരിക്കാനായി ഏഴര ലക്ഷം രൂപ ആദ്യം തരണമെന്നും, ശേഷം മാസം പതിനായിരം രൂപ വീതം, ഭാര്യാ പദവിയിലുള്ള സലീനായ്ക്ക് നൽകണമെന്നും അടൂരിലെ സ്റ്റേറ്റ് ബാങ്കിൽ Reverse Mortgage Loan അപേക്ഷ നൽകി. **രണ്ടു ലക്ഷം+പന്തീരായിരം രൂപ അനുവദിച്ച് അതിൽനിന്ന്** 45300 **രൂപാ ബാങ്ക് ചെലവ് കഴിച്ച് ഒരു ലക്ഷം + അറുപത്തേഴായിരം രൂപ മാത്രം നൽകാൻ തീർപ്പാക്കിയിട്ട്** 30 **ലക്ഷത്തിന്റെ ലോണെന്ന് ബാങ്ക് കള്ള-എഗ്രിമെന്റ് ഉണ്ടാക്കി.**

ബാങ്കിൽ നിന്നും 26.02.2020, 12.32 pm-ന് SMS ലഭിച്ചു. Quote : **Your PL proposal OF Rs. 3000000 has been sanctioned on 26-FEB-20 officer concerned will contact you for the formalities shortly. Thanks, SBI** Unquote **: ബാങ്ക് ഒരു ലക്ഷം അറുപത്തേഴായിരം രൂപാ മാത്രം തന്നുകൊണ്ട്, 20 വർഷം കഴിഞ്ഞ് 30 ലക്ഷം രൂപ അടിച്ചെടുക്കാനുള്ള ബാങ്കിന്റെയോ ഭരണകൂടത്തിന്റെയോ വൃദ്ധജന സംരക്ഷണ പദ്ധതി, വൃദ്ധരോടും ജനങ്ങളോടുമുള്ള മറ്റൊരു കടുത്ത അധർമ്മം ആണെന്ന് തെളിഞ്ഞിരിക്കുന്നു.**

അത്യാവശ്യം കൊണ്ട് ലോൺ വാങ്ങിയെങ്കിലും, **വാങ്ങും മുമ്പ് ബാങ്കിലേക്ക് വാട്സാപ്പ് + ഇമെയിൽ വഴി അയച്ച കത്തിന്റെ സത്ത ചുവടെ ചേർക്കുന്നു:-**

To The Chief Manager, SBI, Adoor WhatsApp Mobile Number 80--------25 Email : sbi.04363@sbi.co.in And SBI Regional Office (Loan Matters), PTA, Email : sbi.61044@sbi.co.in & contactcentre@sbi.co.in WhatsApp No. 91--------86 ...
**Subject: 'Sanctioned Reverse Mortgage Loan': Clarifications requested before availing the Loan.**

It's a Truth that all people on Earth including those working in the State Bank of India are Children of GOD, hence I am to request those in the Bank connected with my 'Reverse Mortgage Loan' Application should treat my requested Clarifications are to know / clarify the Bank's laws in the matter. I only love all people. // I only want to know whether the Bank ( State Bank of India) has any objection if me, my Wife Mrs. Saleena Badsha, and our legal heirs the Children, or anyone set by GOD, remit the Availed loan amount with interest during the tenure of the loan; close the Loan account, and release the Land Deeds and attached Documents and Certificates from the Bank. Since I have not availed the Loan until now, i.e. as of this message dated 05 March 2020, 08.00 a.m., this Clarification is very important to me. If the Bank has any objection, I don't want the Loan, and as said before, neither like to hurt the feelings of the people working in the Bank. // I understand that the Bank is going to give me only a lump sum Loan Amount of Rs.2,10,516 (Rupees Two Lakhs Ten Thousand Five Hundred Sixteen Only) which will be credited to our SB account 57067741519, whereas the Bank Documentation Charges till now, totalling Rs. 31,218 (+3540×3+2360) make the Loan amount expected to reach my hands as Rs.~~1,79,218~~ Rs 1,66,000 only. (Details of Rs 31218 = Rs. 17,700 + Rs.1300 + Rs 118 + Rs 3000 Stamp Paper + payments made by me to 2 advocates by Bank Rs 3100 + Documentation to Bank me Rs 5000 and my 3 times Traveling Expenses to Pathanamthitta Rs. 3000 and many times to Adoor branch Rs. 1000. Except the Rs. 17,700 to SBI, all other expenses are already paid by this old man with many illnesses. The Bank put this Heart patient in terrible financial difficulties. Hence those working in the Bank connected with my loan shall attend my matters on humanitarian grounds. Though the Bank is expected to give me only a lump sum Loan Amount of Rs.~~1,79,218~~ Rs 1,66,000; I understand that, as per the Bank laws the disbursed amount as well as the Availed Loan will be Rs.2,10,516 as said in the Loan Arrangement Letter received yesterday, 04.03.2020. // The clarification is simple. As said above, If me, my Wife Mrs. Saleena Badsha, and our legal heirs the Children, or anyone set by GOD, remit the Availed loan amount, of Rs.2,10,516 with interest during the tenure of the loan; the Bank should close the Loan account, and release the Land Deeds and attached Documents and Certificates from the Bank. If there is any objection, I can't avail the said Loan. // The above Clarification was in fact necessitated by the Bank, because, during the Signing of Documents yesterday 04.03.2020 at Bank's Pathanamthitta office, I was told that I will be provided with a copy of the Agreement. After signing, I wasn't given a copy. Asked for a Photostat copy, it was also denied. I was then told that the Bank doesn't provide Agreement Copy, and gave me a 'Loan Arrangement Letter', said to be an Abstract of the Agreement. // Since the Bank is giving me Only a lump sum loan amount, of Rs.2,10,516 payable with interest, the Bank telling of having sanctioned and created Overdraft Account in my name Rs. 3000000 (30 lakhs) or many Crores of Rupees, is in fact not connected to me; and I am not interested in such matters. // Hence on humanitarian grounds, those Children of GOD, involved in my above mentioned Loan matters shall kindly clarify, make the matters good and the arrange completion of the rest of the formalities, and disburse the Loan Amount by Lump sum, at the earliest, if possible, today. // Yours faithfully,.. (Instead of Rs.2,10,516, Bank deposited Rs. 2,12,517 in our SB a/c & deductions done).

The Bank Loan charges totalling Rs. 31,218 (+3540×3+2360)as detailed above, making the Loan amount expected to reach my hands as Rs.~~1,79,218~~ Rs 1,66,000 only is set aside, and I accept the Loan Amount as Rs.2,10,516. // All Banks are represented by staff @ people @ human beings. Even a common man can understand that a husband and wife and/or the survivor cannot live by a lump sum Loan Amount of Rs.1,79,218 or by a pension amount of Rs. 2000 per month. In my case, selling one cent out of the 16 cents of land can easily get me 2 times more than the Bank's loan Rs.~~1,79,218~~ Rs 1,66,000, and I approach the Bank for Right Help. The Bank should not use the situation to humiliate the old. The staff, on humanitarian grounds, are obliged to change and/or try to change the Mentality of their Top Management in Loan Matters, especially when deal with that of Old People. It's a serious public issue, and a defect will add big sin and Godly Punishment, hence all people are to be more vigilant. May GOD bless you and all people with Truth, Duties and Virtues. With Godly love BADSHA @ MahaaDaasan ParamaShivan c/o www.omsathyam.com കൈപ്പറ്റിയ ലോൺ തുകയും പലിശയും തിരിച്ചടച്ചാലുടൻ ആധാരങ്ങൾ തിരികെ നൽകുമെന്ന് അടൂരിലെ ചീഫ് മാനേജർ മാന്യമായി അറിയിച്ചതിനെ തുടർന്ന്, **05.03.2020** ന് ദൈവീകപദ്ധതി കൂടിയായ ലോൺ സ്വീകരിച്ചു. പരമാവധി ബാങ്ക് ഫീസ് 10000 എന്ന് Loan ARRANGEMENT LETTER-ൽ അറിയിച്ച സ്റ്റേറ്റ് ബാങ്ക് മുൻകൂട്ടി അറിയിക്കാതെയും, മേല്പടി കത്തിന് മറുപടി തരാതെയും, ലോൺ അനുവദിച്ചത് ഞാൻ സ്വീകരിച്ചപ്പോൾ; വീണ്ടും വക്കീലന്മാരുടെ+ പേരിൽ 3540+3540+3540+2360 രൂപ തട്ടിയെടുത്തു; 1,66,000 രൂപ ലഭിച്ച ലോണിന് 46000 രൂപ ബാങ്ക്-രേഖകൾക്കും ഫീസിനും ചെലവ്! ഇനിയും വരുമത്രേ! 20 വർഷം /വൃദ്ധരുടെ കാലശേഷം 30 ലക്ഷം രൂപ തിരിച്ചടവും! **എനിക്ക് ലഭിക്കാത്ത** 46000 **രൂപയ്ക്കും കൂടി ചേർത്ത്** മാസം തോറും ബാങ്ക് **കൂട്ടുപലിശ** വാങ്ങാൻ ആരംഭിച്ചിട്ടുമുണ്ട്.

**മഹാധർമ്മ ശാസ്ത്ര പ്രകാരം ജനസേവകരായ ഭരണകൂടം പൊതുവായി ചെയ്യേണ്ടത് എന്തെന്ന് ഇനി കുറിക്കുന്നു :-**

വൃദ്ധജനങ്ങളെ ഓരോരുത്തരെയും ഇടയ്ക്കിടെ നേരിൽക്കണ്ട് അവരുടെ സ്ഥാനത്ത് സ്വയം സങ്കല്പിച്ച് പ്രശ്നങ്ങളെയും താല്പര്യങ്ങളെയും അറിഞ്ഞ്, ധർമ്മശാസ്ത്ര പ്രകാരം പരിഹരിക്കണം. സാമ്പത്തിക ക്ഷീണങ്ങളുള്ള എല്ലാ വൃദ്ധ ദമ്പതികൾക്കും, ഈയുള്ളവൻ ഭാര്യാ പദവിയിലുള്ള സലീനായ്ക്ക് നൽകണമെന്ന് അപേക്ഷിച്ചതായ പതിനായിരം രൂപയുടെ മാസ വിഹിതത്തെ രണ്ടു പേരുടെയും മരണം വരെയും, പരമാവധിയായി ഭരണകൂടം നൽകണം; സൗജന്യമായ ചികിത്സ വേറെയും. Reverse Mortgage Loan **വഴിയും മറ്റും സർക്കാരിന്റെ അധീനതയിൽ വരുന്ന വസ്തുവകകളെ ഉറ്റവരുണ്ടെങ്കിൽ മുൻഗണന** നൽകിയോ അല്ലാതെയോ **ധർമ്മശാസ്ത്രപ്രകാരം വിറ്റ് മുതലും ലാഭവും പൊതുഖജനാവിൽ ചേർക്കണം.** ഉദാഹരണത്തിന് ഇന്ത്യയിലെ പ്രധാനമന്ത്രിയെപ്പോലെ, അനേകം മുജ്ജന്മങ്ങളിൽ ചരിത്ര പരമായി അതി-പ്രശസ്തനും എന്നാൽ ഓംകാര നീതിശാസ്ത്രം പ്രകാരം കൊടുംപാപിയുമായ, ഇജ്ജന്മ മകന് 26-30 ലക്ഷം രൂപ (!) നൽകാനുള്ളതിനുപകരം മകൻ ബാങ്ക് കടം വീട്ടി; മകൾടെ മകൾക്ക് മിനിമം പത്തു ലക്ഷം രൂപ നൽകിയ ശേഷം; അമ്മയോടുള്ള കടമകൾ ചെയ്താൽ ഈയുള്ളവന്റെ പേരിലുള്ള വസ്തുവകകൾ മകനു നൽകുക.

**ഭൂമിയിലും, ആനന്ദങ്ങൾ കൂടിയായ സമ്പത്തുകളിലും, ഭൂമിയായ ദൈവം അവകാശം നൽകുന്നത് ശരിയായി പഠിക്കാനും കുട്ടികളെ പഠിപ്പിക്കാനും മാതാപിതാക്കൾക്കും അധ്യാപകർക്കും മുതിർന്നവർക്കും കഴിയണം :-**

**മണ്ണും ഭൂമിയുമായ ദൈവം, ജീവികൾക്കെല്ലാം (ദൈവമായ) മണ്ണിലും സമ്പത്തിലും അവകാശം നൽകിയിട്ടുള്ളതു കൊണ്ടാണ് മണ്ണായ ഭൂമിയിൽ ജീവിക്കാൻ ജീവികൾക്കെല്ലാം സാധിക്കുന്നത്.**

**മണ്ണിന്റെ / മണ്ണിലെ മഹാഭീമമായ ഭൗതിക ശാസ്ത്ര നിയമങ്ങളെ അഥവാ മഹാശാസ്ത്രത്തെ മനുഷ്യൻ എന്ന ജീവിക്ക് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ളതിൽ നിന്ന് മനുഷ്യ-ജീവിക്ക് കൂടുതൽ അവകാശങ്ങളും അധികാരങ്ങളും നൽകിയിരിക്കുന്നു എന്ന് സുവ്യക്തമാണ്. അതുകൊണ്ടുതന്നെ കടമകളും ചുമതലകളും കൂടുതൽ ഉണ്ടെന്നും തിരിച്ചറിയണം; അവയും മണ്ണിൽ ലയി(പ്പി)ച്ചിട്ടുണ്ട്. ജീവാത്മാവ് എന്ന സ്ഥിരമായ അസ്തിത്വവും, ജീവിയായി ജീവിക്കുമ്പോഴെല്ലാം ശക്തിയും ജ്ഞാനവും ആനന്ദവും നൽകാനായി ഒപ്പം ലയിച്ചെന്ന പോലെ പ്രവർത്തിക്കുന്ന ശരീരവും ഭൂമിയുടെ ദാനം മാത്രമാണ്.**

**ഭൂമിയായ ദൈവം, മനുഷ്യരെ സാമൂഹ്യ ജീവിയായി സൃഷ്ടിച്ചിരിക്കുകയാൽ, ശാസ്ത്ര സാങ്കേതിക വികസനങ്ങളിലൂടെ ഭൂമിയിൽ നിന്നും ലഭിക്കുന്ന/ ഭൂമി നൽകുന്ന ആനന്ദങ്ങളും വിജ്ഞാനവും, ഭൂമിയുടെ കുഞ്ഞുങ്ങളായ നാട്ടിൽ ജീവിക്കുന്ന എല്ലാ മനുഷ്യർക്കും പങ്കുവെക്കാൻ വ്യക്തിക്കും (ഭരണാധികാരിക്കും) ദൈവീകമായ സ്വയം ബാദ്ധ്യതയുണ്ട്. ഭൂമിയുടെ കുഞ്ഞുങ്ങൾ എന്ന പരമ-സത്യം ഉൾക്കൊണ്ട് വിശാലമായി വിജ്ഞാനവും ആനന്ദങ്ങളും പങ്കിട്ടാൽ, പകയും യുദ്ധങ്ങളും ഇല്ലാതെ ഭൂമിയുടെ കുഞ്ഞുങ്ങൾക്ക് ഭൂമിയിൽ ജീവിക്കാൻ കഴിയും. (ഒരു ദേശത്തിലെ ശാസ്ത്ര സമൂഹത്തിന് വെളിപ്പെട്ടു കിട്ടിയ ശാസ്ത്ര പാഠം ലഭിക്കാൻ മറ്റു ദേശങ്ങളിൽ ഗവേഷണങ്ങളും ബന്ധപ്പെട്ട ബഹുവിധ കഷ്ടനഷ്ടങ്ങളും ഒഴിവാക്കാം.!)**

**തങ്ങളുടെ ആനന്ദത്തെ വർദ്ധിപ്പിച്ചുകൊണ്ടു ജീവിക്കാനാണ് ഓരോ മനുഷ്യനും പ്രവർത്തിച്ചുപോരുന്നത്. ഭൂമിയിലെ വസ്തുക്കളുടെ മൂലകങ്ങളിൽ ആനന്ദങ്ങളെ വർദ്ധിപ്പിക്കുന്നതായ ശക്തികളെ ഭൂമിയായ ദൈവം മഹാലയി(പ്പി)ച്ചിട്ടുണ്ട്.**

**മഹാപ്രപഞ്ചത്തിലെ വസ്തുക്കളുടെ ഭൗതിക ശാസ്ത്രമെന്നത്, ഭൂമിയുടെ അംശങ്ങളായ വസ്തുക്കളിൽ / മൂലകങ്ങളിൽ ഭൂമി ഉള്ളടക്കം ചെയ്തിരിക്കുന്ന ശക്തികളെ പ്രവർത്തിപ്പിക്കാനുള്ളതാണ്. മനുഷ്യന് ക്രമാനുഗതമായി ഭൗതിക ശാസ്ത്രപാഠങ്ങളെ വെളിപ്പെടുത്തിക്കൊണ്ട് അവ പ്രകാരം വസ്തുക്കളിലെ ശക്തികളെ പ്രവർത്തിപ്പിക്കാനും, അവ ലഭ്യമാക്കുന്ന സുഖങ്ങളെ ആസ്വദിക്കുവാനും ഭൂമി മഹാ-അനുവദിച്ചിരിക്കുകയാണ്.**

**മറ്റുള്ള ജീവികളിൽ നിന്നും വ്യത്യസ്തമായിട്ട് മനുഷ്യരുടെ ആനന്ദങ്ങളെല്ലാം കുടുംബവുമായും സമൂഹവുമായും ബന്ധപ്പെട്ടതാകയാൽ, കാലമാറ്റത്തിനും ശാസ്ത്ര സാങ്കേതിക വികസനങ്ങൾക്കും അനുസരിച്ച് അഗ്നി ഉപയോഗിച്ചുള്ള പാചകം, വീട്, കൃഷി, കച്ചവടം, നെയ്ത്ത്, തയ്യൽ, മേശിരിപ്പണി, വൈദ്യം, വിമാനം-കപ്പൽ-ട്രെയിൻ ഉൾപ്പെടെയുള്ള ബഹുവിധ ഗതാഗത സൗകര്യങ്ങൾ, വാർത്താ വിനിമയം, റേഡിയോ, ടെലിവിഷൻ, കമ്പ്യൂട്ടർ, മൊബൈൽ ഫോൺ, തുടങ്ങിയവയ്ക്ക് മനുഷ്യരുടെ ജീവിതത്തിൽ സ്ഥാനങ്ങളുണ്ടാകുന്നു.**

**ഭൂമിയിലെ വസ്തുക്കളുടെ മൂലകങ്ങളിൽ മഹാലയി(പ്പി)ച്ചിട്ടുള്ള ഭൗതിക ശാസ്ത്ര നിയമങ്ങൾ, ശക്തികൾ, ആനന്ദങ്ങൾ, എന്നിവയെ മനുഷ്യരുടെ അദ്ധ്വാനവുമായിട്ട് ബന്ധിപ്പിച്ചിരിക്കുകയാണ്. മഹാഭീമമായ ഭൗതികശാസ്ത്രത്തിലെ പാഠങ്ങളെ വെളിപ്പെട്ടു കിട്ടാൻ ഒരു കൂട്ടം മനുഷ്യർ ഗവേഷകർ, ശാസ്ത്രജ്ഞർ തുടങ്ങിയ പേരുകളിൽ തൊഴിൽ ചെയ്യേണ്ടതുണ്ട്. ശാസ്ത്ര പാഠങ്ങൾ പ്രകാരം ശാസ്ത്ര സൗകര്യങ്ങളെ കണ്ടെത്താനും, അവയെ ഏതൊരാൾക്കും പൊതുജനങ്ങൾക്കും ലഭ്യമാക്കുവാനും വീണ്ടും കർമ്മം ചെയ്യേണ്ടതുണ്ട്.**

മനുഷ്യന്റെ എല്ലാ ജീവിത മേഖലകളെയും എല്ലാ ശാസ്ത്ര ശാഖകളുമായും ബന്ധിപ്പിച്ചിരിക്കുകയാൽ, എല്ലാ മേഖലകളിലും ശാസ്ത്ര സാങ്കേതിക വികസനങ്ങളും അവ പ്രകാരമുള്ള അനന്തമായ വ്യവസായങ്ങളും, പുതിയ പുതിയ തൊഴിലുകളും തൊഴിലാളികളും ഉണ്ടാകുന്നു. അതായത് ഭൂമിയായ ദൈവത്തിന്റെ മഹാജ്ഞാനമാകുന്ന മഹാശാസ്ത്രത്തെയും അവ പ്രകാരമുള്ള ശക്തികളെയും കണ്ടെത്താനും സുഖ സൗകര്യങ്ങളെ ഒന്നൊന്നായി മനസ്സിലാക്കി അനുഭവിക്കാനും മനുഷ്യരെ പ്രാപ്തരാക്കുന്നത് അവരെ കർമ്മം ചെയ്യിച്ചു കൊണ്ടാണ്, അഥവാ അദ്ധ്വാനിപ്പിച്ചുകൊണ്ടാണ്.

ശാസ്ത്ര പാഠങ്ങളും സൗകര്യങ്ങളും കണ്ടെത്താനുള്ള ശക്തി മനുഷ്യർക്കു നൽകുന്നതും വെളിപ്പെടുത്തുന്നതും ഭൂമി/ദൈവം തന്നെയാണെങ്കിലും, മനുഷ്യരെ സംബന്ധിച്ച് അവർ അദ്ധ്വാനിച്ചതായി വരുന്നു. അവരെ അദ്ധ്വാനിപ്പിച്ചതാണെന്ന് അവർ അറിയാതെ പോകുന്നു. ദൈവം മനുഷ്യരെ അദ്ധ്വാനിപ്പിച്ചു എന്നതുപോലെ, മനുഷ്യർ അദ്ധ്വാനിച്ചു എന്നതും സത്യം തന്നെയാണ്...മഹാവാത്സല്യവും ഭൂമിയുമായ ദൈവത്തിന്റെ മഹാആവിഷ്ക്കാരമാണത്.

മനുഷ്യർക്ക് ഭൂമിയിലെ വസ്തുക്കളിൽ അവകാശം ഉന്നയിക്കാനുള്ള അധികാരത്തെ ഭൂമിയായ ദൈവം തന്നെ മനുഷ്യർക്കു നൽകുകയാണ്.

എന്തിനാണ് ഈ ചുറ്റിക്കളി എന്നു ചോദിച്ചാൽ, ദൈവത്തിന്റെ അടിമകളാവാതെ അദ്ധ്വാനിച്ചു ജീവിക്കുന്നവരായും വ്യക്തിസ്വാതന്ത്ര്യത്തെ അനുഭവിക്കുന്നവരായും മനുഷ്യരെ രൂപപ്പെടുത്താനുള്ള മഹാആവിഷ്ക്കാരമാണത്.

**മറ്റൊരു വിധത്തിൽ പറഞ്ഞാൽ, കുഞ്ഞുങ്ങളായ ജീവികളോടുള്ള മഹാവാത്സല്യം കാരണം, മണ്ണും ഭൂമിയുമായ ദൈവം എല്ലാ ആനന്ദങ്ങളെയും സ്വന്തം മഹാരൂപമായ ഭൂമിയിൽ സൃഷ്ടിക്കുകയും, കുഞ്ഞുങ്ങൾക്കു നൽകുകയും ചെയ്യുന്നു. കുഞ്ഞുങ്ങളായ മനുഷ്യരെ മടിയന്മാരും അലസന്മാരുമാകാതെ മഹാസംരക്ഷിക്കുവാനായിട്ട് മഹാസംവിധാനങ്ങളെയും മഹാഒരുക്കിയിരിക്കുന്നു.**

ഭൂമിയിൽ വച്ച്, ഭൂമിയുടെ അംശമായ മൂലകങ്ങളെ കൊണ്ട് സൃഷ്ടിച്ചിട്ടുള്ളതായ ജീവി-ശരീരങ്ങൾ കൊണ്ട് അറിയുകയും അനുഭവിക്കുകയും ചെയ്ത ആനന്ദങ്ങളെ അനന്തമായിട്ട് ആസ്വദിക്കുന്ന മഹാഅവസ്ഥയാണ് 'മോക്ഷം' എന്നും; ഭൂമിയിലെ ആനന്ദങ്ങളെയെല്ലാം ഭൂമിയിലെ വസ്തുക്കളിലും ജീവികളിലുമായിട്ട് മഹാലയിപ്പിച്ചിരിക്കുകയാണെന്നും, ആനന്ദങ്ങളും ആനന്ദങ്ങളെ നേടാനുള്ള ഉപാധികളുമാണ് സമ്പത്തെന്നും തിരിച്ചറിയുമ്പോൾ, സമ്പത്തുകളെ നേടാൻ ധർമ്മശാസ്ത്രപരമായിട്ട് പ്രയത്നിക്കേണ്ടതുണ്ട്. മോക്ഷത്തെ വിഷയമാക്കാതെ ജീവിക്കുമ്പോഴും, തങ്ങളുടെ ആനന്ദങ്ങളും ആനന്ദങ്ങളെ നേടാനുള്ള ഉപാധികളുമായ സമ്പത്തുകളെ വർദ്ധിപ്പിക്കാനാണ് ഓരോ മനുഷ്യനും പ്രയത്നിക്കുന്നത്. വളർത്തു മൃഗങ്ങൾ ഉൾപ്പെടെയുള്ള ജീവികൾ, മനുഷ്യരുടെ സ്വത്തല്ല/സ്വന്തമല്ല. ദൈവമായ ഭൂമി നൽകിയാൽ മാത്രമേ മറ്റുള്ള ജീവികളെ ഉപയോഗിക്കാൻ മനുഷ്യർക്ക് അവകാശവും അധികാരവുമുള്ളൂ. മറ്റുള്ള ജീവികൾക്കും മഹാസമനീതിയെ മഹാഅനുഗ്രഹിച്ചു നൽകുമ്പോൾ മാത്രമാണ് ദൈവം മഹാനീതിയാവുകയുള്ളൂ. അതിൻ പ്രകാരമുള്ള നിയമങ്ങളും മണ്ണിൽ ലയിപ്പിച്ചിട്ടുണ്ടാവും എന്നു ചിന്തിക്കുവാൻ വിശേഷ ബുദ്ധിശക്തി നൽകിയിട്ടുണ്ട്. മണ്ണിന്റെ നിയമങ്ങളെ കണ്ടെത്താനും മനസ്സിലാക്കാനും ഉൾക്കൊണ്ടു പ്രവർത്തിക്കാനും തയ്യാറായാൽ അവകാശങ്ങളും അധികാരങ്ങളും വെളിവാകുന്നതാണ്.

**സൃഷ്ടികളെ അദ്ധ്വാനശീലരാക്കാനും സമ്പൂർണ്ണമായ വ്യക്തിസ്വാതന്ത്ര്യത്തെ ലഭ്യമാക്കാനും, 'ദൈവമായ ഭൂമി സ്വീകരിച്ചിട്ടുള്ള മഹാദാസ്യ പദവി' രാഷ്ട്രങ്ങളിലെ ജനസേവകർക്ക് പാഠമാവണം. രണ്ടാം ഭാഗത്തിലെ ദാസ്യം എന്ന അദ്ധ്യായത്തിൽ MahaaVedam എന്ന മഹാഗ്രന്ഥത്തിന്റെ അല്പ ഭാഗം ചേർത്തിട്ടുണ്ട്. നാട്ടിലെ സാധാരണ ജനങ്ങൾ അനുഭവിക്കുന്നതിൽ കുറവായ ജീവിത സൗകര്യങ്ങളെ അനുഭവിച്ചു കൊണ്ട് ജീവിക്കാൻ, ജനങ്ങളുടെ അടിമകൾ മാത്രമായ ഭരണാധികാരികൾക്ക് സ്വയം ബാദ്ധ്യത ഉണ്ട്.**

**ഭൂമിയിലെ മൂലകങ്ങളിൽ ധർമ്മ ശാസ്ത്രങ്ങളോടൊപ്പം അവയുടെ സംരക്ഷണത്തിനായി ലയിച്ചിരിക്കുന്ന ന്യൂനശക്തികൾ, 'ഭരണകൂടങ്ങളും രാഷ്ട്രീയ-ആത്മീയ തട്ടിപ്പു സംഘങ്ങളും മറ്റും തട്ടിക്കൂട്ടുന്ന ഭൗതികമായ അസ്തിത്വം ഇല്ലാത്ത കോപ്രായങ്ങളെ' തിരുത്തുന്നതു വരെ ധാർമ്മികമായ അധഃപതനം വർദ്ധിക്കുകയോ തുടരുകയോ ചെയ്യുന്നതാണ്. പ്രതികളുടെ കുറ്റങ്ങളും പാപങ്ങളും കുറവാണെങ്കിൽ, തജ്ജന്മത്തിൽ തന്നെ ശരീരവും മൂലകങ്ങളും സംയുക്തമായി ശിക്ഷിക്കുന്നതാണ്; വർദ്ധിച്ചാൽ ഓംകാര നീതിശാസ്ത്രത്തിന്റെ കാതലായ മഹാപുനർജ്ജന്മ സിദ്ധാന്തം പ്രകാരം ജന്തുജന്മ ശിക്ഷകൾ പോലും അനുഭവിക്കേണ്ടിവരും.**

**വ്യക്തികൾ അദ്ധ്വാനിച്ചു നേടിയതല്ലാത്ത സമ്പത്തുകൾ വ്യക്തികളുടെ പക്കലുള്ളത്, പൊതുഖജനാവിൽ ചേർക്കണം; ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാനായി ഉപയോഗിക്കണം. അടിസ്ഥാന പരമായി വളരെ ലളിതമായ വസ്തുതകളാണവ.**

**ഭാവിയെ കരുതിയും മറ്റും ധനം സൂക്ഷിക്കുന്നത് വ്യക്തികളുടെ സ്വകാര്യമാണ്. എല്ലാ പ്രജകൾക്കും സമമായ പെൻഷൻ തുക നൽകാൻ പൊതുകൂടമായ ഭരണകൂടത്തിന് സാധിക്കുന്നില്ല എന്നതിൽ നിന്നു തന്നെ പെൻഷനുകൾ ധർമ്മശാസ്ത്ര വിരുദ്ധമാണെന്ന് തെളിയുന്നുണ്ട്.**

**ദൈവീക സാമ്പത്തികശാസ്ത്രം പിൻപറ്റുംവരെ 'പുകവലി മുറുക്കാൻ മദ്യപാനം തുടങ്ങിയ ദുശ്ശീലങ്ങൾ ഇല്ലാത്ത കൃഷിക്കാർ ഉൾപ്പെട്ട പാവങ്ങൾക്ക്' പ്രതിമാസം അസാധാരണ സാഹചര്യത്തിൽ മാനദണ്ഡമില്ലാതെ നൽകാവുന്ന 5000 രൂപ സഹായം നൽകാം എന്നല്ലാതെ സ്വകാര്യങ്ങൾക്ക് അന്യരുടെ ധനത്തെ നൽകുന്നതും മറ്റുള്ള ചിലർ അനുഭവിക്കുന്നതുമായ പെൻഷൻ സമ്പ്രദായം ലജ്ജയില്ലായ്മയും ധർമ്മ-ശാസ്ത്രവിരുദ്ധവും, ദൈവശിക്ഷാർഹവുമാണ്.**

**ധർമ്മശാസ്ത്രവും, ജന്മഗുണമായ തൊഴിൽ അഭിരുചിയും പ്രകാരം തൊഴിൽ ചെയ്യുന്നത് സ്വകാര്യമാണെന്നതു പോലും തിരിച്ചറിയാത്ത 'ജനങ്ങളും അവരുടെ ചിലവിൽ ജീവിക്കുന്ന ഭരണാധികാരികളും' സബ്സിഡിയും സമ്മാനങ്ങളും നൽകേണ്ടത് സ്വന്തം സമ്പാദ്യത്തിൽ നിന്നാവണം.**

മഹാനീതിശാസ്ത്രം പ്രകാരം ആവശ്യമായ സാമ്പത്തിക ക്ഷീണം ഈയുള്ളവന് ഉണ്ടെങ്കിലും, ധർമ്മശാസ്ത്ര വിരുദ്ധമായ പെൻഷന് അപേക്ഷിച്ചിട്ടില്ല. വ്യക്തി സ്വാതന്ത്ര്യം പ്രകാരം അപേക്ഷിച്ച് 2020 മാർച്ച് മുതൽ പെൻഷൻ വാങ്ങിത്തുടങ്ങിയ 'ഈ ജന്മത്തിൽ ബാദ്ഷായുടെ ഭാര്യയും', ശിവൻ ഉൾപ്പെടെ സമസ്ത സൃഷ്ടികളുടെയും മഹാപിതാവായ പരമശിവന്റെ മകളുമായ സലീനയ്ക്ക് ഉന്നതമായ മുജ്ജന്മങ്ങൾ ഉണ്ട്. ആദ്യ മഹാകാലചക്രത്തിലെ അന്നപൂർണ്ണേശ്വരിയും, പ്രഥമശ്രേഷ്ഠനായ ശിവന്റെ പകുതി കൂടിയായ പാർവ്വതിയാണ്. പ്രഥമ ദേവതയായ ശിവൻ കേരളത്തിൽ തന്നെ മുജ്ജന്മ പാപങ്ങൾക്കുള്ള ശിക്ഷകളെ അനുഭവിച്ച് ജീവിക്കുന്നുണ്ട്. മഹാനീതിശാസ്ത്രം പ്രകാരമുള്ള ആനന്ദം ശിഷ്ട കാലത്ത് / ശിഷ്ട ജന്മങ്ങളിൽ തീർച്ചയായും മുൻ-പാർവ്വതിക്കും ശിവനും ലഭിക്കുന്നതാണ്. മഹാദേവിയുടെ മഹാഉപകരണവുമായ പരമശിവന്, സാധ്വിയായ സലീനയെ പരിചരിക്കുന്നതിൽ ഓംകാര നീതിശാസ്ത്ര പ്രകാരമുള്ള പരിമിതികളുമുണ്ട് !

**ദൈവ വിപ്ലവത്തോടെ, ദൈവീക സാമ്പത്തിക ശാസ്ത്രവും, മഹാനീതിശാസ്ത്രത്തിലെ മഹാപുനർജ്ജന്മ സിദ്ധാന്തവും സദാചാര ശാസ്ത്രനിയമങ്ങളും പഠിക്കുന്നതോടെ തന്നെ വൃദ്ധജന സംരക്ഷണത്തിനായി പ്രവർത്തിക്കുന്ന ഇന്നത്തെ വൃദ്ധസദനങ്ങൾ അവസാനിക്കുന്നതാണ്.**

## പൊതുകാര്യം 4 - സേവനവും സമവേതനവും

ജീവികളെല്ലാം ജീവിക്കുന്നത് ആനന്ദിക്കാനാണെങ്കിലും ആനന്ദങ്ങളെ നേടാൻ ഭൂമിയുടെ അംശമായ ശരീരം നൽകുന്ന ശക്തിയും ജ്ഞാനവും (ആനന്ദവും) കൊണ്ട് തൊഴിൽ ചെയ്യണം എന്ന് ഭൂമി വ്യവസ്ഥ ചെയ്തിട്ടുണ്ട്. തൊഴിലുകളിൽ നിന്ന് പ്രതിഫലം ലഭിക്കുന്നതു കൂടാതെ, **ചെയ്യുന്ന തൊഴിലുകൾ തന്നെ** വ്യക്തിക്ക് ആനന്ദം നൽകുന്നതാണ്. ധർമ്മശാസ്ത്ര ശാഖയായ **തൊഴിൽ ശാസ്ത്രം പ്രകാരം, ഭൂമിയിലെ എല്ലാ തൊഴിലുകളെയും ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നിങ്ങനെ നാലായി വിഭജിക്കാൻ കഴിയും.** കാലാന്തരത്തിൽ അവ ജീർണ്ണിച്ചതാണ് ഇന്ത്യയിലെ ചാതുർവർണ്യം. ഓരോ വിഭാഗത്തിലെയും തൊഴിലുകൾക്ക് 5 അളവിലുള്ള ആനന്ദത്തെ ഭൂമി നിശ്ചയിച്ചിട്ടുണ്ട്. പല തൊഴിലുകളെ ചെയ്യുന്നവർക്കും ഒരു സമയം ലഭിക്കുന്ന പരമാവധി ആനന്ദം 5 അളവ് മാത്രമായിരിക്കും. www.omsathyam.com/GodlyRevolution/Supreme JusticeGOD.pdf , .. /MahaaVedam.pdf എന്നീ ദിവ്യ മഹാവേദ ഗ്രന്ഥങ്ങളിൽ തൊഴിൽ ശാസ്ത്രത്തെയും തൊഴിലുകളെയും വിശദീകരിച്ചിട്ടുണ്ട്.

**ഭൂമി (യുടെ) മൂലകങ്ങളിലും രൂപാന്തരമായ ഭക്ഷണത്തിലും ശരീരത്തിലും ഭൗതിക അസ്തിത്വത്തോടെ ലയിപ്പിച്ചിട്ടുള്ള അനന്ത ആനന്ദങ്ങളെ നേടാനായി മനുഷ്യർ ചെയ്യേണ്ടുന്ന ധർമ്മശാസ്ത്ര പരമായ പ്രവർത്തനമാണ് തൊഴിലുകൾ.** കൃഷി, നെയ്ത്ത്, കൊല്ലൻ-ആശാരി-മേശിരി- പോലെ ഭൂമിയുടെ മൂലകങ്ങളുമായി നേരിട്ടുള്ള ധർമ്മശാസ്ത്രപരമായ പ്രവൃത്തികളെ തൊഴിൽ എന്ന് വ്യാഖ്യാനിക്കാൻ കഴിയും. ആത്മാവിന് സാത്വികമായ ആനന്ദവും പുണ്യവും തൊഴിൽ നൽകും. 'തൊഴിലിൽ നിന്നും ലഭിക്കുന്ന ഫലത്തിന്റെ ശുദ്ധിയിൽ' വ്യക്തിക്ക് സംശയം ഉണ്ടായാൽതന്നെ തൊഴിലല്ല; ധർമ്മശാസ്ത്ര വിരുദ്ധമായ പ്രവൃത്തിയാണ് ചെയ്യുന്നതെന്ന് ഉറപ്പിക്കാം. **മോഷണം, കൊള്ള, പിടിച്ചുപറി, നികുതി-പിരിവ് തുടങ്ങിയവ ധർമ്മശാസ്ത്ര വിരുദ്ധമായ പ്രവൃത്തികൾ മാത്രമാണ്; തൊഴിൽ അല്ല.**

സാത്വികമായ ആനന്ദത്തിനും പുണ്യത്തിനും പകരം, മഹാനീതിശാസ്ത്ര പ്രകാരം പാപങ്ങളും ദൈവശിക്ഷകളും ആത്മാക്കൾക്ക് ലഭിക്കാൻ നീച പ്രവൃത്തികൾ കാരണമാകും. നികുതികളും പിരിവുകളുമെല്ലാം പൈശാചികമാണെന്ന് ചുവടെ ദൈവകാര്യം -1 എന്ന അദ്ധ്യായത്തിൽ തെളിയിച്ചിട്ടുണ്ട്.

തൊഴിൽ ചെയ്യുമ്പോൾ മനോഭാവം വളരെയധികം പ്രധാനമാണ്. ആദ്യമായി കുടുംബത്തിലെ കടമകളെപ്പറ്റി സൂചിപ്പിക്കേണ്ടതുണ്ട്. കുഞ്ഞുങ്ങൾ ജനിക്കുന്ന ആദ്യമാസങ്ങളിൽ തൂറിവാരി കിടക്കാതെ അവരെ ശുചിയാക്കി അവർക്ക് ആവശ്യമുള്ളവ സ്വയമറിഞ്ഞു ചെയ്ത അമ്മ, അച്ഛൻ, അമ്മൂമ്മ, അപ്പൂപ്പൻ, തുടങ്ങിയ ഉറ്റവരുടെ ആവശ്യങ്ങളെ പിന്നീട് കുഞ്ഞുങ്ങൾ വളർന്നു നിറവേറ്റുമ്പോൾ വലിയ പ്രാധാന്യമുണ്ട്. എങ്ങനെയെന്നാൽ മാതാപിതാക്കളുടെയും ഉറ്റവരുടെയും ആവശ്യങ്ങളെ അവർ ആവശ്യപ്പെടാതെ സ്വയം അറിഞ്ഞും മനസ്സിലാക്കിയും മക്കളും അവരുടെ ഇണകളും കൊച്ചുമക്കളും ഒക്കെ ചെയ്യുമ്പോഴാണ് തങ്ങൾ കുഞ്ഞും കുട്ടിയും ആയിരിക്കെ സ്വീകരിച്ച സ്നേഹവാത്സല്ല്യങ്ങൾ കുടിയായ അനന്തമായ കടങ്ങളെ ഭാഗികമായിട്ടെങ്കിലും വീട്ടാനാവുക. **മറ്റുള്ളവർക്കു വേണ്ടി ചെയ്യുന്നു എന്നു കരുതി ഒരാൾ സേവനം/ തൊഴിൽ ചെയ്യുമ്പോൾ, പിഴവ് സംഭവിച്ചതായി അറിയണം. സേവനം ചെയ്യാൻ മറ്റുള്ളവരോ, അവരിലൂടെ ദൈവമോ അവസരം നൽകുന്നതായും, തനിക്കു വേണ്ടി ചെയ്യുന്നതായും തിരിച്ചറിഞ്ഞാൽ, വ്യക്തിയുടെ നന്മയും പുണ്യവും വർദ്ധിച്ചു തുടങ്ങിയതായി കണക്കാക്കാം.** ജീവി നിർണ്ണയം, സ്ത്രീ പുരുഷൻ, സൗന്ദര്യം, ആയുസ്സ്, ആരോഗ്യം, തുടങ്ങിയ ജന്മഗുണങ്ങളുടെ ഭാഗമാണ് തൊഴിലുകളും തൊഴിൽ അഭിരുചികളും എന്ന് തിരിച്ചറിയണം. കൃഷിക്കാർ, നെയ്ത്തുകാർ, തയ്യൽക്കാർ, കൊല്ലൻ, ആശാരി, മേശിരി, മൈക്കാട്, തുടങ്ങി എല്ലാ പണികളും ചെയ്യാൻ സമൂഹത്തിൽ ആളുകൾ ഉണ്ടാവണം. തൊഴിൽ, തൊഴിൽ അഭിരുചി എന്നിവ ഉൾപ്പെടെ എല്ലാ ജന്മഗുണങ്ങളെയും ഭൂമി മഹാനീതിശാസ്ത്ര പ്രകാരം നിർവ്വഹിക്കുന്നതിനെ മനുഷ്യർക്ക് യഥാർത്ഥത്തിൽ അറിയില്ല. ഈ ദിവ്യമഹാവേദ ഗ്രന്ഥത്തിന്റെ രണ്ടാം ഭാഗത്തിൽ വിശദീകരിച്ചിട്ടുണ്ട്.

തൊഴിൽ അഭിരുചി, വിനോദ അഭിരുചി എന്നിങ്ങനെ ഏതാനും ജന്മഗുണങ്ങൾക്ക് ബുദ്ധിശക്തി, ഓർമ്മശക്തി എന്നീ രണ്ടു ജന്മ ഗുണങ്ങളുമായി ഗാഢമായ ബന്ധമുണ്ട്. തൊഴിലുകളെയും വിനോദങ്ങളെയും മൂലകങ്ങളും ശരീരവും ആത്മാവിനു നൽകുന്ന ബുദ്ധിശക്തി, ഓർമ്മശക്തി എന്നീ രണ്ടു ജന്മഗുണങ്ങളും സ്വാധീനിക്കുന്നുണ്ട്. ശരീരത്തെ ഉപയോഗപ്പെടുത്തി ആത്മാവ് ചെയ്യുന്ന പ്രവൃത്തികളിലെ ധാർമ്മികമായ ശുദ്ധിയുമായി ബന്ധപ്പെട്ട് താൻ പാതി ദൈവം പാതി എന്ന മഹാസമവാക്യം പ്രസക്തമാകുന്നതാണ്. അതായത് വ്യക്തിസ്വാതന്ത്ര്യം കൊണ്ടുള്ള പ്രവൃത്തികൾ, സ്ഥിതിപരമായ വിധിയെ സൃഷ്ടിക്കുകയും, വ്യക്തിക്ക് ശക്തികളെ (ഓക്സിജൻ) നൽകുന്നതിന് അനുസരിച്ച്, വ്യക്തിയുടെ ബുദ്ധിശക്തി എന്ന ജന്മഗുണം കൂടുന്നതും കുറയുന്നതുമാണ്. ഭക്ഷണം നൽകുന്ന ശക്തിയും, മദ്യപാന ശേഷം വാഹനം ഓടിച്ചാലുള്ള പിഴവും ഉദാഹരണമാണ്. എല്ലാ തൊഴിലുകളെയും, തൊഴിൽ അഭിരുചികളെയും മനുഷ്യരുടെ ആനന്ദകരമായ കുടുംബ-സമൂഹ ജീവിതത്തിനു വേണ്ടി ഭൂമി വ്യവസ്ഥ ചെയ്തിരിക്കുകയാണ്. ആകയാൽ അവയവങ്ങൾ, സൗന്ദര്യം, ബുദ്ധിശക്തി, **തൊഴിൽ അഭിരുചി** എന്നിങ്ങനെ മഹാനീതിയുമായി ബന്ധപ്പെട്ട ജന്മഗുണങ്ങളെ മാനുഷികമായി വിലയിരുത്തി ക്കൊണ്ടുള്ള കേമത്തം, പൊങ്ങച്ചം, മത്സരം തുടങ്ങിയവ അധമമാണ്; പാടില്ല. മാത്രമല്ല, അഭിരുചി പ്രകാരം ഭൂമിയിൽ തൊഴിൽ കണ്ടെത്താനും തൊഴിൽ ചെയ്യാനും സ്വന്തം പകുതി പ്രവർത്തിക്കണം. **തൊഴിലില്ലായ്മ ഉണ്ടാകുന്നത് വ്യക്തി സ്വന്തം പകുതി ചെയ്യാത്തതു കൊണ്ടാണെന്നും അത് പരിഹരിക്കേണ്ടത് ജനങ്ങളുടെ പൊതുവായ ആവശ്യമല്ല എന്നും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, PSC തുടങ്ങിയവ പിരിച്ചു വിടണമെന്നും സാരം. മനുഷ്യരായി ജീവിക്കുന്ന എല്ലാ ആത്മാക്കളും ഭൂമിയുടെ പൊന്നോമന കുഞ്ഞുങ്ങളാണ് എന്നും, പുനർജ്ജന്മങ്ങളിലൂടെ 'തൊഴിൽ അഭിരുചി' ഉൾപ്പെട്ട ജന്മഗുണങ്ങളെ മാറ്റിയും മറിച്ചുമാണ് മഹാനീതിയായ സമ-ആനന്ദത്തെ ഭൂമി നിർവ്വഹിക്കുന്നത് എന്നുമുള്ള തിരിച്ചറിവ് ആഴത്തിൽ ഉറയ്ക്കണം. മഹാനീതി കാര്യങ്ങളെ മഹാഗൗരവത്തോടെ തന്നെ മനസ്സിലാക്കണം.**

**അതോടെ, എല്ലാ തൊഴിലുകളും തുല്ല്യമാണ് എന്ന തിരിച്ചറിവും പരസ്പരമുള്ള സ്നേഹ ബഹുമാനങ്ങളും സഹോദരങ്ങൾ മാത്രമായ എല്ലാ മനുഷ്യർക്കും ഉണ്ടാകുന്നതും വർദ്ധിക്കുന്നതുമാണ്. സത്യം മാത്രമായ അത്തരം വസ്തുതകളെ ഉൾക്കൊണ്ടു ജീവിക്കണം.**

ഭൂമിയിലെ എല്ലാ മനുഷ്യരും സഹോദരങ്ങൾ ആകുന്നതിനെയും, വിവാഹ ബന്ധത്തിന് പ്രസ്തുത സഹോദരബന്ധം തടസ്സമുണ്ടാക്കാത്തതിനെയും മറ്റും ഈ ദിവ്യമഹാവേദ ഗ്രന്ഥത്തിന്റെ രണ്ടാം ഭാഗത്തിൽ മഹാശാസ്ത്ര പരമായും ലളിതമായും വിശദീകരിച്ചിട്ടുണ്ട്.

**എല്ലാ തൊഴിലുകളും തുല്ല്യമാണ് എന്ന ബോധത്തോടെ ജീവിക്കാൻ തജ്ജന്മത്തിൽ ഉൾപ്പെടെ എല്ലാ ജന്മങ്ങളിലും കഴിയുമെന്നത് സുപ്രധാനമായ വസ്തുതയാണ്. തൊഴിൽ അഭിരുചി ജന്മഗുണമായതുകൊണ്ട് വേതനം തുല്ല്യമാക്കാൻ വിശേഷ ബുദ്ധി ലഭിച്ച മനുഷ്യ-ജീവിക്ക് ബാദ്ധ്യതയുണ്ട്.**
എല്ലാ തൊഴിലുകളും തുല്ല്യമാകുമ്പോൾ **എല്ലാ തൊഴിലാളികൾക്കും ലഭിക്കുന്ന വേതനവും, തൊഴിൽ ചെയ്യുന്ന സമയവും തുല്ല്യമായിരിക്കണം** എന്നത് ലളിതമായ മറ്റൊരു വസ്തുതയാണ്.

എല്ലാ മനുഷ്യർക്കും സമ-ആനന്ദം എന്ന മഹാനീതി നിർവ്വഹിക്കാൻ **മഹാപുനർജ്ജന്മ സിദ്ധാന്തം പ്രകാരം മാത്രമേ സാധ്യമാകൂ** എന്ന് സ്വയം വിശകലനം ചെയ്ത് ബോദ്ധ്യപ്പെട്ടു കൊണ്ട് തജ്ജന്മത്തിൽ സമവേതനം മാത്രം എല്ലാ തൊഴിലുകൾക്കും ഭൂമി മൂലകങ്ങളിലൂടെ വ്യവസ്ഥ ചെയ്തിട്ടുള്ളതിൽ ആനന്ദിച്ചു മാത്രം ജീവിക്കാൻ സാധിക്കണം. ഈ ദിവ്യമഹാവേദ ഗ്രന്ഥത്തിൽ ലഭ്യമായ മഹാനീതിശാസ്ത്രവും മഹാപുനർജ്ജന്മ സിദ്ധാന്തവും ലളിതമായി പഠിക്കാൻ കഴിയുന്നതാണ്.

എല്ലാ തൊഴിലാളികൾക്കും / എല്ലാ തൊഴിലുകൾക്കും സമവേതനം നൽകണമെന്ന് ഭൂമി മൂലകങ്ങളിലൂടെ വ്യവസ്ഥ ചെയ്തിട്ടുള്ളത് വിശദീകരിക്കുകയാണ് അടുത്ത ഘട്ടം.

**തൊഴിലും സേവനവും ധർമ്മശാസ്ത്ര പ്രകാരമാവണം; ലഭിക്കുന്ന വേതനം വ്യക്തിയുടെ കുടുംബ ജീവിതത്തിലെ ധർമ്മശാസ്ത്രപരമായ എല്ലാ ആവശ്യങ്ങൾക്കും / ചെലവുകൾക്കും തികയണം; ക്രമേണ എല്ലാ ആനന്ദങ്ങളെയും നേടാൻ എല്ലാവർക്കും കഴിയണം. അതാണ് തൊഴിൽ-സേവന-വേതനങ്ങളിലെ ആധാര തത്വം.**
കൃഷി, നെയ്ത്ത്, കൊല്ലൻ-ആശാരി-മേശിരി-പോലെ മണ്ണായ ഭൂമിയുടെ അംശമായ മൂലകങ്ങളുമായി നേരിട്ടുള്ള ധർമ്മശാസ്ത്രപരമായ പ്രവൃത്തികളെ **തൊഴിൽ** / **തൊഴിലാളി** എന്നും; തൊഴിലാളികളെ സഹായിക്കുന്ന പ്രവൃത്തികളെ **സേവനം** എന്നും; രാജാവും പ്രധാന മന്ത്രിയും ഉൾപ്പെടെയുള്ളവരെ **സേവകരെന്നും** പറയുന്നു. ചുവടെ വേറിട്ട് വിശദീകരിച്ചിട്ടുണ്ട്. സമവേതനം ലഭിക്കണം എന്നു പറയുമ്പോൾ, ഒരു തൊഴിലിനെ / തൊഴിലാളിയെ മാതൃകയായി നിശ്ചയിക്കേണ്ടതുണ്ട്. തൊഴിലുകൾക്കെല്ലാം സമപദവിയാണ് ഉള്ളതെങ്കിലും **തുല്ല്യങ്ങളിൽ ഒന്നാമതായ ഒരു തൊഴിൽ ഉണ്ട്; കൃഷി.** കൃഷിയിൽ ആദ്യം പശുവിനെ വളർത്തലും! പിന്നെ കൃഷിചെയ്യാതെ ജലം നൽകുന്ന മീൻപിടിത്തവും: മുക്കുവൻ.

രാജാവും മന്ത്രിമാരും പോലീസും അനന്തമായ മറ്റ് തൊഴിലാളികളും; മോഷണം, പിടിച്ചുപറി, നികുതി പിരിവ്, ആത്മീയ പ്രവർത്തനമെന്ന ഭാവിക്കലുകൾ തുടങ്ങി ധർമ്മശാസ്ത്ര വിരുദ്ധമായ അനവധി പ്രവൃത്തികളെ തൊഴിൽ എന്ന കള്ളപ്പേരിൽ ചെയ്യുന്നവരും; **ഭക്ഷണം മുട്ടിയാൽ ദൈവത്തെ വരെ വേണ്ടെന്നു വെച്ച്, കൃഷിക്കാരന്റെ പിന്നാലെ ഓടിച്ചാടും വിധമാണ്, ഭക്ഷണവുമായി ബന്ധിച്ചിരിക്കുന്ന കൃഷിയെ ഉയർത്തിക്കൊണ്ട് ദൈവമായ ഭൂമി മഹാശാസ്ത്രവും മനുഷ്യരുടെ ജീവിതവും ആവിഷ്ക്കരിച്ചിട്ടുള്ളത്. കേമരാണെന്നും ഉന്നതരാണെന്നും ധരിക്കുന്നവരുടെ അഹങ്കാരങ്ങളും അജ്ഞാനങ്ങളും അകലുവാൻ നാട്ടിലും സമൂഹത്തിലും ഭക്ഷണത്തിന് മുട്ടുണ്ടായാൽ മതിയാകും. ഭക്ഷണകാര്യത്തിൽ സമ്പന്നമല്ലാത്ത യാതൊരു സമൂഹവും മറ്റെന്തുണ്ടായാലും സമ്പന്നമേ അല്ലാ എന്നതാണ് സത്യം.**

ഭക്ഷണ സാധനങ്ങളിൽ സ്വയം പര്യാപ്തത ഇല്ലാത്ത പ്രദേശത്തെ സംസ്ഥാനമോ രാഷ്ട്രമോ ആയി കണക്കാക്കുന്നത് തെറ്റാണ്. ദൈവ വിപ്ലവത്തെ തുടർന്ന് ഭക്ഷണ സാധനങ്ങളിൽ സ്വയം പര്യാപ്തത നേടും വരെ കേരളത്തെ തമിഴ്നാടിന്റെ ഭാഗമായി ഉയർത്തുന്നതാണ്. തമിഴ്നാട്, കർണ്ണാടകം, ആന്ധ്രാപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങൾ ഭക്ഷ്യ സാധനങ്ങൾ നൽകാതിരിക്കുക, അതിർത്തി അടയ്ക്കുക എന്നിവ ചെയ്താൽ കേരളത്തിലെ ജനങ്ങളും സേവകരായ ഭരണാധികാരികളും ഭക്ഷണമില്ലാതെ ചാകേണ്ടിവരും! കേരളത്തിലേക്ക് ഭക്ഷ്യസാധനങ്ങൾ നൽകാഞ്ഞ സംഭവങ്ങൾ ഏതാനും ദിവസങ്ങളിലേക്ക് മുമ്പ് ഉണ്ടായിട്ടുണ്ട്; കേരളത്തിലെ ജനങ്ങളും സേവകരും ഭയന്നിട്ടുമുണ്ട്. അടുത്ത കാലത്തെ വൈറസുമായി ബന്ധപ്പെട്ട ഉദാഹരണം കൂടി കുറിക്കാം : **2020 മാർച്ച് 28-ാം തീയതി കേരളത്തിലെ മുഖ്യമന്ത്രി നടത്തിയ വാർത്താ സമ്മേളനത്തിൽ 'കർണ്ണാടക സർക്കാർ** റോഡ് അതിർത്തി അടച്ചെന്നും, ഭക്ഷ്യസാധനങ്ങൾ കൊണ്ടുവരാൻ പോയ ലോറികളും ആളുകളും അതിർത്തിയിൽ കുടുങ്ങിയതിനെ പരിഹരിക്കാൻ കർണ്ണാടക സംസ്ഥാനത്തിലെ മുഖ്യമന്ത്രിയോട് ഫോണിൽ സംസാരിക്കാൻ പലവട്ടം ശ്രമിച്ചിട്ട് കിട്ടിയില്ലെന്നും അറിയിച്ചതിലെ രാഷ്ട്രീയ മുൻവൈരാഗ്യം മാറ്റിവെച്ചു പഠിച്ചാൽ, 'ഭക്ഷണ കാര്യത്തിലും മറ്റും സ്വയംപര്യാപ്തത നേടിയ സമൂഹങ്ങൾ' കേരളത്തിലെ ഭരണകൂടത്തെയും ജനങ്ങളെയും ഭിക്ഷക്കാരായും വിവരദോഷികളായും കണക്കാക്കുന്നുണ്ട്. വാർത്താ സമ്മേളനം ആവശ്യമായതു തന്നെ ഭക്ഷണം, ആശുപത്രി സൗകര്യങ്ങൾ തുടങ്ങിയവയിലെ ന്യൂനത കൊണ്ടാണ്. വൈറസ് തീവ്രത കണക്കാക്കി കേരളത്തിലെ പ്രദേശങ്ങളെ വേർതിരിക്കുന്നവർ, അയൽ സംസ്ഥാനങ്ങളിലെ ഭരണകൂടങ്ങൾ അവിടങ്ങളിലെ ജനങ്ങളുടെ ഹിതം നോക്കുന്നതിനെ തെറ്റായി കാണാമോ ? അതിർത്തിയെന്നു പേരിട്ടും മറ്റും പ്രദേശങ്ങളെ വേർതിരിക്കാൻ ഭരണകൂടം ഉൾപ്പെടെ യാതൊരാൾക്കും അവകാശമില്ല എന്നത് വേറെ വിഷയമാണ്; **ദൈവകാര്യം** എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്. കൃഷിക്കാരുടെ അദ്ധ്വാനത്തിൽ ജീവിച്ചുകൊണ്ട്, വലിയ വേതനം വാങ്ങുന്ന ഭോഷന്മാർ ഭൂമിയിലെ എല്ലാ ജീവിത മേഖലകളിലും ഉണ്ടായിട്ടുള്ളത് തിരുത്തുകയാണ് ഇവിടെ ആവശ്യം.

**'ദൈവവും ഭൂമിയുമായ മണ്ണിൽ' വേല ചെയ്യുന്നവരും 'തുല്ല്യരായ തൊഴിലാളികളിൽ ഒന്നാമരുമായ' കൃഷിക്കാരാണ് ഭൂമിയിലെ സമസ്ത ജനങ്ങളെയും തീറ്റിപ്പോറ്റുന്നത്. ആകയാൽ, ഒരു കൃഷിക്കാരന് '3-4 അംഗങ്ങളുള്ള പശു കുടുംബം' ഉൾപ്പെടെ 10 അംഗങ്ങളുള്ള ഒരു ചെറിയ കൂട്ടുകുടുംബത്തെ പോറ്റാൻ ആവശ്യമായ ധനത്തെ എല്ലാ തൊഴിലാളികളുടെയും വേതനമായി നിശ്ചയിക്കണം.** (ഭൂമിയിൽ ചവിട്ടി നിൽക്കുന്ന കാലുകളുടെ 10 വിരലുകളെ മാത്രം തൽക്കാലം എണ്ണിയിരിക്കുന്നു). യഥാർത്ഥത്തിൽ ഭൂമിയായ ദൈവം നേരിട്ട് തന്നെ കൃഷിയിലെ വിളവെടുപ്പ് വഴി കൃഷിക്കാർക്ക് വേതനം നൽകുകയാണ്. വിളവുകളെ വിൽക്കുന്ന കൃഷിക്കാർക്ക് ഉചിതമായ പ്രതിഫലം ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടത് 'ജനസേവകരും അടിമകളുമായ ഭരണാധികാരികളുടെ' മുഖ്യമായ ധർമ്മങ്ങളിൽ പെടുന്നു. വൃദ്ധജന സംരക്ഷണം കഴിഞ്ഞാൽ ഭരണകൂടം അവശ്യം ശ്രദ്ധിക്കേണ്ടത് കൃഷിക്കാരുടെ ക്ഷേമമാണ്. രാഷ്ട്രങ്ങളിലെ മറ്റെല്ലാ തൊഴിലാളികൾക്കും, ഭരണാധികാരികൾ ഉൾപ്പെട്ട എല്ലാ സേവകർക്കും ലഭിക്കുന്ന വേതനം **കൃഷിപ്പണി ചെയ്യുന്നവർക്ക് ലഭിക്കുന്ന വേതനത്തിൽ നിന്ന് ഒരു പണം കുറയുക അല്ലാതെ കൂടാതിരിക്കാൻ ശ്രദ്ധിക്കേണ്ടത് കൃഷിക്കാർ കൃഷി ചെയ്തുണ്ടാക്കിയ വിഭവങ്ങൾ കഴിച്ച് നിലനിൽക്കുന്ന ഓരോ വ്യക്തിയുടെയും ചുമതലയാണ്.** തൊഴിലുകൾ - **ആവശ്യം** വിഭാഗത്തിൽ ചുവടെ വിശദീകരിച്ചിട്ടുണ്ട്.

കൃഷിയേക്കാൾ ശ്രേഷ്ഠമാണ് തങ്ങൾ ചെയ്യുന്ന തൊഴിലുകളെന്നും, കൃഷിക്കാരേക്കാൾ ശ്രേഷ്ഠരാണ് തങ്ങളെന്നും, കൃഷിക്കാരനു ലഭിക്കുന്നതിനേക്കാൾ വരുമാനം ലഭിക്കണമെന്നും കരുതുന്ന മറ്റു തൊഴിലാളികളും, സേവകരായ ഭരണാധികാരികളും ഉണ്ടെങ്കിൽ, **അവർ ഭക്ഷിക്കുന്ന സസ്യ-മാംസ ഭക്ഷണ സാധനങ്ങളെ മുഴുവൻ സ്വയം കൃഷി ചെയ്ത് ഉണ്ടാക്കാൻ കൂടി അവർ തയ്യാറാവണം. എന്തുകൊണ്ടെന്നാൽ കൃഷിയിലൂടെയും കൃഷിക്കാരിലൂടെയും എല്ലാ ജനങ്ങളുടെയും നിലനില്പിനെ ഭൂമിയായ ദൈവം സംവിധാനം ചെയ്തിരിക്കുന്നതിനെ തെറ്റാണെന്നു കരുതുന്നവർ ജീവിച്ചു തെളിയിക്കണം.**

**എല്ലാ തൊഴിലുകൾക്കും / തൊഴിലാളികൾക്കും സമവേതനം ലഭിക്കണം എന്ന ധർമ്മ ശാസ്ത്ര നിയമത്തിന്റെ ഉള്ളിൽ മഹാനീതിശാസ്ത്രവുമായി ബന്ധപ്പെട്ട രണ്ട് പ്രധാന കാര്യങ്ങളുള്ളത് വിശേഷ ബുദ്ധി കൂടുതൽ ലഭിച്ചവർ നിർബന്ധമായും അറിഞ്ഞിരിക്കണം.**

(1) **ഉയർന്ന വേതനത്തിന് തങ്ങൾ അർഹരാണ് എന്നു ചിന്തിക്കുന്ന ശാസ്ത്രജ്ഞർ, ഡോക്ടർമാർ, ഭരണാധികാരികൾ തുടങ്ങിയവർക്ക് കൂടുതൽ ബുദ്ധി ശക്തി, അവസരങ്ങൾ, ആരോഗ്യം, തുടങ്ങിയ ജന്മഗുണങ്ങളെ നൽകിയതും, അവർ മന്ദബുദ്ധികളായി കണക്കാക്കുന്ന കൂലിവേലക്കാർക്ക് ബുദ്ധിശക്തി കുറച്ചതും മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രം പ്രകാരം മഹാശക്തിയായ ഭൂമി തന്നെയാണ് എന്നതിനാൽ ജന്മഗുണങ്ങളെ വ്യത്യാസപ്പെടുത്തി മഹാനീതി നിർവ്വഹിക്കുന്ന ഭൂമിയുടെ മഹത്വത്തെ മനസ്സിലാക്കി സന്തോഷിക്കാൻ കഴിയണം. പകരം അഹംഭാവം, അധർമ്മം, ധൂർത്ത് തുടങ്ങിയ ദുശ്ശീലങ്ങൾക്ക് അടിമപ്പെടാതെ ശ്രദ്ധിക്കണം.** (2) **തജ്ജന്മത്തിൽ ലഭിച്ച ഉന്നതമായ ബുദ്ധി ശക്തി കൊണ്ട് സാധാരണക്കാരായ അനേകരെ സഹായിച്ച്, മുജ്ജന്മ പാപങ്ങൾക്കുള്ള ശിക്ഷകളെ കുറയ്ക്കാനും, പുണ്യം നേടാനും, ഭൂമി ഓംകാര നീതിശാസ്ത്രം പ്രകാരം അവസരം നൽകിയിരിക്കുകയാവാം എന്നു ചിന്തിക്കുകയും ഉൾക്കൊണ്ട് പ്രവർത്തിക്കുകയും ചെയ്യുന്നവർക്ക് സമൂഹത്തെ ഉയർത്താനും കൂടുതൽ ആനന്ദത്തോടെ സാത്വികമായി ജീവിക്കാനും കഴിയുന്നതാണ്.**

എല്ലാ രാജ്യങ്ങളിലും ഏറെക്കുറെ സമ-മൂല്ല്യമുള്ളതും, ജലവും സോപ്പും കൊണ്ട് കഴുകി ശുദ്ധി ചെയ്യാൻ കഴിയുന്നതുമായ **സ്വർണ്ണം, വെള്ളി, ചെമ്പ് നാണയങ്ങളെ സാമ്പത്തിക മാധ്യമം ആയ പണമായി നിശ്ചയിക്കണം എന്നതാണ് അടുത്ത ഘട്ടം.** ചുവടെ **തൊഴിലുകൾ- ആവശ്യം വിഭാഗം** എന്ന അദ്ധ്യായത്തിൽ വിശദീകരിക്കുന്നുണ്ട്.

**തൊഴിലില്ലായ്മ പൊതുകാര്യമല്ലെന്ന് മുമ്പ് വിവരിച്ചതാണ്.**

**തൊഴിൽ വേതനം - ഉദാഹരണം.**

5 ഗ്രാം തൂക്കമുള്ള 4 വെള്ളി നാണയങ്ങളെ അഥവാ **500 രൂപാ** ഒരു കർഷകന്റെ ഒരു ദിവസത്തെ വേതനമെന്ന് ഉദാഹരണമായി നിശ്ചയിച്ചാൽ, രാജാവും പ്രധാന മന്ത്രിയും, സംസ്ഥാന മന്ത്രിമാരും ഉൾപ്പെടെ രാജ്യങ്ങളിലെ എല്ലാ ജനസേവകരുടെയും ദിവസവേതനം, മഹാ-ധർമ്മശാസ്ത്രം പ്രകാരം മേല്പടി 4 വെള്ളി നാണയങ്ങളോ @ 500 രൂപയോ കുറവോ ആയിരിക്കണം. ജനങ്ങളുടെ പണത്തിൽ നിന്ന് കർഷകരേക്കാൾ വേതനവും മറ്റ് ആനുകൂല്യങ്ങളും സർക്കാർ-അർദ്ധ സർക്കാർ ജീവനക്കാർക്കും മറ്റും നൽകാൻ ജനങ്ങളുടെ സേവകരായ ഭരണാധികാരികൾക്ക് അധികാരമില്ല. ആശാരിക്കും മേശിരിക്കും കൂലിപ്പണിക്കാർക്കും മറ്റും തൊഴിൽ ചെയ്യുന്ന ദിവസം മാത്രം കൂലി കൊടുക്കുന്നത് എല്ലാ തൊഴിലാളികൾക്കും ബാധകമാണ്. മാസ ശമ്പളം വാങ്ങുന്നവർക്ക്, ജോലി ചെയ്ത ദിവസങ്ങൾ കണക്കാക്കി മാത്രം കൂലി നൽകണം.

**തൊഴിൽ സമയം** : തൊഴിൽ സമയം നിശ്ചയിക്കുന്നത് സൃഷ്ടി, സ്ഥിതി, സംഹാരം 3, സത്യം, ധർമ്മം, നീതി 3, തുടങ്ങി **ഓം** എന്ന ശബ്ദ ബ്രഹ്മത്തിന്റെ മൂലമായ 3 കൊണ്ട് ദിവസത്തിന്റെ മൊത്തം സമയമായ 24 മണിക്കൂർ വിഭജിച്ചാണ്. അപ്പോൾ 8 മണിക്കൂർ. എന്നാൽ മനുഷ്യരുടെ എല്ലാ തൊഴിലുകളെയും വിഷയങ്ങളെയും ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നിങ്ങനെ 4 ആയിട്ട് മഹാശാസ്ത്ര പരമായി വിഭജിക്കാൻ കഴിയും : ശാസ്ത്ര സാങ്കേതിക വികസനം വർദ്ധിച്ചിട്ടുള്ള സമൂഹത്തിൽ കൂടുതൽ ആനന്ദത്തോടെ ജീവിക്കുന്ന എല്ലാ ജനങ്ങളും ദിവസത്തിന്റെ മൊത്തം 24 മണിക്കൂർ സമയത്തെ 4 കൊണ്ട് വിഭജിച്ച് ലഭിക്കുന്ന 6 മണിക്കൂർ നേരം തൊഴിൽ ചെയ്യേണ്ടതായ ആവശ്യമേ ഉള്ളൂ.

താല്പര്യവും ആരോഗ്യവുമുള്ളവർക്ക് കൂടുതൽ സമയം (ഓവർടൈം) തൊഴിൽ/ സേവനങ്ങൾ ചെയ്ത് കൂടുതൽ ധനവും ആനന്ദവും (പുണ്യവും) നേടാനുള്ള സ്വാതന്ത്ര്യവും അവകാശവും അധികാരവും ഉണ്ട്; ഭൂമിയും ശരീരവും മഹാകനിഞ്ഞു നൽകിയിട്ടുണ്ട്.

പൊതുജന-സേവനങ്ങളുടെ കാര്യത്തിൽ, അധിക സേവന നിരക്കുകളെയും കൃഷിക്കാരന്റെ വേതനവുമായി താരതമ്യം ചെയ്തു കൊണ്ട് നിശ്ചയിക്കാൻ ഭരണകൂടങ്ങൾ ബാദ്ധ്യസ്ഥമാണ്. മഹാനീതി കൂടിയാണ് ഭൂമി എന്നതിനാൽ, തജ്ജന്മത്തിലും (വരും ജന്മങ്ങളിലും) കൂടുതൽ ആനന്ദം ലഭിക്കുവാൻ ധനവും പുണ്യവും ശേഖരിക്കുന്നതു കൊണ്ടും ഉചിതമായി ചെലവു ചെയ്യുന്നതു കൊണ്ടും തീർച്ചയായും സാധിക്കുന്നതാണ്.

ആരോഗ്യം, സ്വാതന്ത്ര്യം/താല്പര്യം എന്നിവ പ്രകാരം വിരമിക്കൽ സ്വയം തീരുമാനിക്കാനും, തീരുമാനം മാറ്റി വീണ്ടും തൊഴിൽ ചെയ്യാനും, ശരീരവും മൂലകങ്ങളുമായ ദൈവാംശം മനുഷ്യരുടെ സ്വത്വമായ ആത്മാക്കൾക്ക് അവകാശവും അധികാരവും നൽകിയിട്ടുണ്ട്. വിരമിക്കൽ പ്രായം നിശ്ചയിക്കാൻ ഭരണകൂടം ഉൾപ്പെടെ മറ്റുള്ളവർക്ക് അവകാശമില്ല.

**സ്ഥിരജോലി എന്നൊന്നില്ല :** ആവശ്യങ്ങൾക്ക് നിയമിക്കുക എന്നല്ലാതെ ആവശ്യം കഴിഞ്ഞും പൊതുജന സേവന കേന്ദ്രങ്ങളിൽ തൊഴിലാളികളെ നിലനിർത്തുന്നതും തോന്നുംപോലെ വേതനവും മറ്റും നിശ്ചയിക്കുന്നതും മണ്ണിന്റെ നിയമങ്ങൾ അനുവദിക്കുന്നില്ല. വീടുപണിക്ക് വിളിക്കുന്ന ആശാരിക്കും മേശിരിക്കും മറ്റും സ്ഥിരജോലി നൽകുവാൻ വീട്ടുകാർക്ക് കഴിയുന്നതല്ല, ആവശ്യംകഴിഞ്ഞ് ശാസ്ത്ര ശുദ്ധിയോടെ തൊഴിലാളി പിരിയണം. ജനന-ജീവിത-മരണങ്ങളിൽ പരക്കെയുള്ള ലളിതമായ ഈ ശാസ്ത്രതത്വത്തെ വഴിപിഴപ്പിച്ച് കൃഷിക്കാർ ഉൾപ്പെടെയുള്ള തൊഴിലാളികളുടെ അദ്ധ്വാനം കൊണ്ട് അധർമ്മികളെ സംരക്ഷിക്കുകയാണ് തൊഴിലാളി-യൂണിയനുകളും ഭരണകൂടവുമൊക്കെ ചെയ്തിട്ടുള്ളത്. സർക്കാർ ആഫീസുകളിലെ തൊഴിൽ സ്ഥിരത തൊഴിലാളികളുടെ അവകാശമായിക്കൂടാ. സർക്കാർ ജോലിക്കാർ തങ്ങളുടെ വ്യക്തിപരമായ /കുടുംബകാര്യങ്ങളിൽ എങ്ങനെ തങ്ങളുടെ ആവശ്യം കഴിഞ്ഞോ അല്ലാതെയോ വ്യക്തിസ്വാതന്ത്ര്യ പ്രകാരം ആശാരിയെയും മേശിരിയെയും ഒക്കെ തിരികെ അയക്കുന്നുവോ അതേപ്രകാരം സമൂഹഭരണം കൈയ്യാളുന്ന പഞ്ചായത്തുകൾക്ക്@ ചെറു-രാജാവിന് സമൂഹത്തിൽ ആവശ്യമില്ലാത്ത (സർക്കാർ) തൊഴിലാളിയെ ഒരു നിമിഷം കൊണ്ട് തിരികെ അയക്കുവാനും, വീണ്ടും ആവശ്യം വന്നാൽ ഒരു നിമിഷം കൊണ്ട് പുതിയതോ പഴയതോ ആയ തൊഴിലാളിയെ നിയമിക്കാനും കഴിയണം.

പഞ്ചായത്ത് ഓഫീസ് ഉൾപ്പെടെയുള്ള പൊതു കാര്യാലയങ്ങൾ ആഴ്ച്ചയിലും മാസത്തിലും ഒക്കെ എത്രദിവസം പ്രവർത്തിക്കണം, ഉദാഹരണത്തിന് എല്ലാ ദിവസവും വേണമോ, ആഴ്ച്ചയിൽ ഒരു ദിവസം മതിയോ എന്നൊക്കെ നിശ്ചയിക്കേണ്ടത് ആവശ്യം അനുസരിച്ച് മാത്രമാവണം. വേതനം നൽകുന്നതും സേവനം ചെയ്ത ദിവസങ്ങൾ കണക്കാക്കി മാത്രമാവണം. പെൻഷൻ എന്ന പേരിലും മറ്റും ഇല്ലാത്ത സേവനത്തിന് വേതനം നൽകുന്നത് തെറ്റാണെന്ന് മുമ്പ് വിശദീകരിച്ചതാണ്. സ്വകാര്യങ്ങൾക്ക് പൊതുഖജനാവ് ദുരുപയോഗം ചെയ്യാൻ ഭരണകൂടത്തിന് അധികാരമില്ല. സ്വകാര്യ സഹായം ചെയ്യാൻ സ്വകാര്യ വ്യക്തികൾക്ക് തീർച്ചയായും സ്വാതന്ത്ര്യവുമുണ്ട്. ഭൗതികമായ അസ്തിത്വം ഇല്ലാത്ത ആത്മീയ-രാഷ്ട്രീയ-ദേശീയ കോപ്രായങ്ങൾ ദൈവീകമല്ലെന്നതിന്റെ ഒപ്പം, ഇന്ത്യയെ പ്പോലെയുള്ള രാജ്യങ്ങളിൽ നിലനിന്നിരുന്ന സാമുദായിക-പ്രാദേശിക-ദേശീയ റിസർവ്വേഷൻ അധമവും അശാസ്ത്രീയവും ആണെന്നുകൂടി തെളിയുന്നു.

**ജനങ്ങൾക്കും, അവരുടെ അടിമകളായ രാജാവും മന്ത്രിമാരും ഉദ്യോഗസ്ഥരും ഉൾപ്പെടെയുള്ള സൃഷ്ടികൾക്കും ഭൗതിക അസ്തിത്വമുള്ള നിയമങ്ങളെ ഉണ്ടാക്കാൻ കഴിവില്ല.**

ഭൗതിക അസ്തിത്വം ഇല്ലാത്ത കോപ്രായങ്ങൾക്ക് നിയമങ്ങൾ എന്ന കള്ളപ്പേരിട്ട് ജനങ്ങളെ ഭരിക്കാനുള്ള അവകാശമോ അധികാരമോ യാതൊരാൾക്കും ഇല്ല. ജനങ്ങളെ എന്നല്ല; മറ്റുള്ള ജീവികളെയും ഭരിക്കാനോ ആക്രമിക്കാനോ അവകാശമില്ല; പ്രതിരോധം ആവാം. നിയമസഭകളും കോടതികളും നികുതി കാര്യാലയങ്ങളും സൈന്യവും മറ്റനേകം അധമ സംവിധാനങ്ങളും ദൈവ വിപ്ലവത്തോടെ സ്വയം പിരിഞ്ഞു പോകുന്നതാണ് !

ദൈവീകമായ ഗുരുകുല വിദ്യാഭ്യാസ സമ്പ്രദായത്തിൽ കുട്ടികൾ കൃഷി ഉൾപ്പെടെയുള്ള പണികൾ ചെയ്യുന്നതും തൊഴിലുകളുടെ ഔന്നത്യം അനുഭവിച്ച് മനസ്സിലാക്കുന്നതുമാണ്. ബാല വേല, മാങ്ങാത്തൊലി തുടങ്ങിയ പേരുകളിൽ അടിമകളായ ഭരണാധികാരികൾ ഓരോരോ വിഷയങ്ങളിൽ തലയിടുന്നത് ധർമ്മശാസ്ത്ര പ്രകാരം മാത്രമാവണം. മണ്ണിന്റെ മൂലകങ്ങളിലെ ഭൗതിക അസ്തിത്വമുള്ള നിയമങ്ങളെ മാത്രം സ്വീകരിച്ചു ജീവിച്ചു കൊള്ളണം എന്നു സാരം.

# സ്വകാര്യ തൊഴിൽ

അത്യാവശ്യ തൊഴിലുകളായ കൃഷി, കൊല്ലൻ, ആശാരി, മേശിരി, മൈക്കാട്, മുക്കുവൻ എന്നിവ അടിസ്ഥാന പരമായി വ്യക്തികൾക്ക് സമ്പൂർണ്ണമായ സ്വാതന്ത്ര്യം നൽകുന്ന സ്വകാര്യ തൊഴിലുകളാണ്. സ്വകാര്യമായ വ്യാപാരവും വ്യവസായവും സമ്പൂർണ്ണമായ സ്വാതന്ത്ര്യം നൽകുമെങ്കിലും, വ്യാപാര വ്യവസായ സ്ഥാപനങ്ങൾ വലുതാകുമ്പോൾ, വ്യാപാരി/വ്യവസായി ആഗ്രഹിക്കുന്ന വേതനത്തിനും സമയത്തിനും പണിയെടുക്കുന്ന തൊഴിലാളികൾ ആവശ്യമാകുന്നു; ധർമ്മശാസ്ത്ര പ്രകാരം തൊഴിൽ ചെയ്യുവാനും ചെയ്യിക്കുവാനും ഏവർക്കും ഭൂമിയോട് ബാദ്ധ്യതയും ഉണ്ട്. വ്യാപാരവും വ്യവസായവും ആരംഭിച്ച വ്യക്തിയുടെയും ഇണയുടെയും മരണത്തോടെ ദൈവീകമായ 'സാമ്പത്തിക ശാസ്ത്രം പ്രകാരം' വ്യാപാര -വ്യവസായ സ്ഥാപനങ്ങളെ ഭരണകൂടം ഏറ്റെടുക്കുകയും മക്കൾ പോലെയുള്ള ഉറ്റവർ ആഗ്രഹിക്കുന്ന പക്ഷം ദൈവീകമായ സാമ്പത്തിക ശാസ്ത്രം പ്രകാരം അവർക്കു വിൽക്കുകയോ; അല്ലാത്ത പക്ഷം മറ്റുള്ളവർക്ക് കൈമാറുകയോ നിർത്തുകയോ ആവാം. ഓഹരി പങ്കാളിത്തം അനുവദിച്ചിട്ടുള്ള പരമാവധിയായ 100 ആളുകൾ ആരംഭിച്ച വ്യവസായം ആണെങ്കിൽ, മരണപ്പെടുന്ന ഓരോ വ്യക്തിയുടെയും ഓഹരി, പൊതുവായ ഭരണകൂടത്തിൽ എല്ലാ വിധത്തിലും ലയിച്ചു ചേരുന്നതാണ്.

നടന്മാരും നടിമാരും ഉൾപ്പെടെയുള്ള കലാകാരന്മാർക്കും ശാസ്ത്രജ്ഞന്മാർക്കും ഏതൊരാൾക്കും സ്രഷ്ടാവായ ഭൂമി അനുവദിച്ചിരിക്കുന്ന സമ്പൂർണ്ണമായ വ്യക്തിസ്വാതന്ത്ര്യം പ്രകാരം കൂടുതൽ വേതനം ആവശ്യപ്പെടാനും, വാങ്ങാനും, നൽകാനും, അവകാശവും അധികാരവും ഉണ്ട്. അതേസമയം, ഭൂമിയിൽ ലയിച്ചിരിക്കുന്ന സാമ്പത്തിക ശാസ്ത്രം പ്രകാരം സമ്പത്തുകളെ ധർമ്മശാസ്ത്ര വിരുദ്ധമായി മക്കൾക്കും മറ്റും കൈമാറ്റം ചെയ്യാൻ യാതൊരാൾക്കും അവകാശം ഇല്ല; വ്യക്തി മരിക്കുമ്പോൾ, ധർമ്മശാസ്ത്ര വിരുദ്ധമായി സമ്പാദിച്ച സമ്പത്തുകളെ കഴിയുമെങ്കിൽ കൂടെ കൊണ്ടുപോകാം. അല്ലാത്ത സമ്പത്തുകളെ പൊതുഖജനാവിൽ ചേർക്കുന്നതാണ് / ചേർത്തിരിക്കണം. ദൈവീക സാമ്പത്തിക ശാസ്ത്രത്തിൽ വിശദീകരണം ലഭ്യമാണ്.

# തൊഴിൽ സ്ഥലവും ദൂര-വിദേശ വാസവും

'തൊഴിൽ സ്ഥല'ത്തിന് വ്യക്തിയുടെ ജന്മഗുണങ്ങളിൽ ഒന്നായ 'ജനന- വളർച്ചാ സ്ഥലവുമായി' പ്രത്യേക ബന്ധമുണ്ട്. എല്ലാ ആത്മാക്കളും ജീവികളായി ജനിക്കുകയും പുനർജ്ജനിക്കുകയും ചെയ്യുന്നത് സ്ത്രീജീവികളുടെ ഗർഭപാത്രത്തിൽ വെച്ചാണെന്നു പറയുമ്പോൾ, ആയത് ആദിയും അന്തവും ഇല്ലാത്ത മഹാശൂന്യതയും ശിവലിംഗവുമായ ആകാശത്തിന്റെ അതിസൂക്ഷ്മമായ അംശം ജീവികളിലേക്ക് പ്രവേശിച്ചതാണെന്നും, ശൂന്യത ജീവികളുടെ അവയവം അല്ലെന്നും ഈ മഹാഗ്രന്ഥത്തിന്റെ രണ്ടാം ഭാഗത്തിൽ വിശദീകരിച്ചിട്ടുണ്ട്. ശരീര അവയവങ്ങൾ തന്നെ യഥാർത്ഥത്തിൽ ഭൂമിയായ ദൈവത്തിന്റെ അംശങ്ങളാണെന്ന് മുമ്പ് വിവരിച്ചതാണ്.

ഈ മഹാഗ്രന്ഥത്തിന്റെ രണ്ടാം ഭാഗത്തിൽ വിശദീകരിച്ചിട്ടുള്ള സഹോദര ബന്ധത്തിൽ എല്ലാ ജീവികളും യഥാർത്ഥത്തിൽ ഭൂമിയായ ദൈവത്തിന്റെ കുഞ്ഞുങ്ങളാകയാൽ, സഹോദരീ-സഹോദരന്മാരാണ് വിവാഹം കഴിച്ചു ജീവിക്കുന്നത് എന്നും, **സമൂഹത്തിലെ കൂട്ടായ്മക്കും, കൂട്ടായ പ്രവർത്തനത്തിനും, സമസ്ത ജീവിത മേഖലകളിലെ വികസനത്തിനും, തദ്വാരാ ആനന്ദ വർദ്ധനവിനും കുടുംബത്തിലെ സഹോദരീ-സഹോദരന്മാർ വിവാഹം കഴിച്ചു തുടങ്ങിയാൽ പ്രതികൂലമായി ബാധിക്കുമെന്നും വിശദീകരിച്ചിട്ടുണ്ട്.** അതേപോലെ ജനങ്ങൾ വളർന്നു വന്ന പ്രദേശങ്ങളിലും രാജ്യങ്ങളിലും മാത്രം ഒതുങ്ങി ജീവിച്ചാൽ ഭൂമിയും, ഭൂമിയിലെ കൂട്ടായ്മയും ശാസ്ത്ര സാങ്കേതിക വികസനവും ആനന്ദ വർദ്ധനവും വിഷയമാവാതെയും ശോഷിച്ചും ഭവിക്കും. അതിനുള്ള പോംവഴി സമൂഹത്തിലെ കുറേ മനുഷ്യർ ദൂര പ്രദേശങ്ങളിലും രാജ്യങ്ങളിലും പോയി തൊഴിൽ / വ്യാപാരം ചെയ്യണം. എന്നാൽ **മനുഷ്യരുടെ ശരാശരി ആയുഷ്ക്കാലവുമായി ബന്ധപ്പെട്ട് ഒരു കൈയ്യ്-വിരലെണ്ണമായ 5 വർഷത്തിനുള്ളിൽ നാട്ടിൽ മടങ്ങി മാതാപിതാക്കൾ, ഇണ, കുട്ടികൾ, സുഹൃത്തുക്കൾ തുടങ്ങിയ ഉറ്റവരോടൊത്ത് ജീവിതം പുനരാരംഭിക്കാൻ പ്രവാസികൾക്കെല്ലാം പൊതുവായി സാധിക്കണം.**

പ്രവാസ ജീവിതം നീണ്ടു പോയാൽ വ്യക്തിയുടെയും നാട്ടിലെ കുടുംബത്തിന്റെയും ജീവിതത്തിന്റെ ആനന്ദം സമ്പൂർണ്ണമായി തന്നെ നഷ്ടപ്പെട്ടെന്ന് വരാം. പുനർജ്ജന്മങ്ങളിലൂടെ ദൈവം പരിഹരിക്കുമെങ്കിലും **തജ്ജന്മത്തിലെ നീതി നടത്തിപ്പിന്** അത് തടസ്സമുണ്ടാക്കുന്നുണ്ട്. ജീവിക്കാൻ പണം വേണം; പണം ലഭിക്കാൻ തൊഴിൽ ചെയ്യണം. എന്നാൽ പണത്തിനു വേണ്ടിയോ തൊഴിൽ ചെയ്യാൻ വേണ്ടിയോ അല്ല ജീവിക്കുന്നത്. ആനന്ദിക്കാൻ വേണ്ടിയാണ്. ആനന്ദിക്കുന്നത് എന്തിനു വേണ്ടിയാണെന്ന് തിരിച്ചു ചോദിച്ചാൽ; ജീവിക്കാൻ വേണ്ടിയാണ്. പണഭ്രാന്ത്, ധന ആർത്തി എന്നിവ പിടിപെട്ടാൽ കുടുംബത്തിന്റെയും അതിലൂടെ സമൂഹത്തിന്റെയും ധാർമ്മിക സദാചാര മൂല്യങ്ങൾക്ക് ശോഷണം കൂടി സംഭവിക്കും. ദൂരെ ദേശത്തും പൈശാചികമായ സൈന്യത്തിലും പെട്ടു പോകുന്നവർ മദ്യം, മയക്കുമരുന്ന്, ബ്ലൂഫിലിം, തുടങ്ങിയവയിൽ മുങ്ങി നശിക്കുന്നതും നാട്ടിലെ ഉറ്റവരോടുള്ള കടമകൾ നിറവേറ്റാൻ കഴിയാതെ വരുന്നതും, നാട്ടിലെ ഉറ്റവർക്ക് ധർമ്മനിഷ്ഠ തെറ്റുന്നതും വ്യത്യസ്തമായ പ്രതിഫലനങ്ങളാണ്.

ജന്മഗുണവുമായി ബന്ധപ്പെട്ട 'തൊഴിൽ സ്ഥലം' സ്ഥിതി പരമായ വിധി പ്രകാരം മാറിമറിയുന്നതിന് സമൂഹത്തിലെ ആത്മീയ - രാഷ്ട്രീയ- ദേശീയ- സാമ്പത്തിക മേഖലകളിൽ സംഭവിക്കുന്ന ധാർമ്മികമായ അധഃപതനം ഒരു പ്രധാന കാരണമാണ്. മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ധർമ്മ ശാസ്ത്രം ഭരണഘടനയായി വ്യക്തികളിലും, കൂട്ടായ്മയായ സമൂഹ ഭരണകൂടത്തിലും ഉറയ്ക്കുകയും എല്ലാ ജനങ്ങളും ധർമ്മ ശാസ്ത്ര പ്രകാരം മാത്രം ജീവിക്കുകയുമാണ് പരിഹാരം. ഉദാഹരണത്തിന്, 2020 മാർച്ച് മാസത്തിൽ വൈറസ് ബാധയുമായി ബന്ധപ്പെട്ട് കേരളവും ഇന്ത്യയും വിദേശങ്ങളും ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ ലോക്ഡൗൺ (lock down) പ്രഖ്യാപിക്കുമ്പോൾ അന്യസംസ്ഥാന/ ദേശ തൊഴിലാളികൾക്ക് അടിയന്തിരമായി സ്വന്തം നാടുകളിലെ വീടുകളിലുള്ള ഉറ്റവരുടെ അടുത്തേക്ക് മടങ്ങിപ്പോകാൻ കേന്ദ്ര- സംസ്ഥാന ഭരണകൂടങ്ങൾ അടിയന്തിരമായി സൗകര്യം ഒരുക്കണമായിരുന്നു; പക്ഷേ ചെയ്തില്ല. **ദൈവ കാര്യം** എന്ന അദ്ധ്യായത്തിൽ കൂടുതൽ വിശദീകരിക്കുന്നതാണ് !

## ഏറ്റവുമധികം ആനന്ദം ലഭിക്കുന്ന തൊഴിൽ

**വീടിനു പുറത്ത് ഏറ്റവുമധികം ആനന്ദിക്കുന്നത് അദ്ധ്വാനിച്ചു നേടിയ മണ്ണിൽ, സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തോടെ ജോലി ചെയ്യുന്ന കൃഷിക്കാരാണ്. ഭൂമി, വിശേഷ ബുദ്ധി കുറച്ചു മാത്രം നൽകിക്കൊണ്ട് കൃഷിക്കാരുടെ വിനയം വർദ്ധിപ്പിച്ചിരിക്കുന്നു. മണ്ണിനെ സ്നേഹിക്കുന്ന അവർക്ക് ചെരുപ്പ് വേണ്ട. മണ്ണും ഭൂമിയുമായ ദൈവം കൃഷിക്കാരെ ആനന്ദിപ്പിക്കാൻ ശ്രദ്ധിക്കുന്നത് അനന്തമായ വിധങ്ങളിലാണ്. മണ്ണായ ദൈവം ബഹുവിധങ്ങളിൽ ആനന്ദിപ്പിക്കുന്നത് അനുഭവിച്ചു തന്നെ അറിയണം. അനുഭവങ്ങൾ ഏറെയുള്ള അനേകർ അവരുടെ ഇടയിലും സമൂഹത്തിലുമുണ്ട്. ഉദാഹരണത്തിന് 2018-ൽ ആണെന്നു തോന്നുന്നു: ഒരു തെങ്ങിൻതൈ നടുമ്പോൾ ഈയുള്ളവൻ മൂന്നു തവണ കുഴിയിൽ വീണ്ടും വീണ്ടും വീണപ്പോൾ വളരെയധികം ആനന്ദിച്ചു; കാരണം മണ്ണ് ഈയുള്ളവനുമായി കളിച്ച് വിനോദിക്കുവാൻ പോകുന്നു എന്ന വെളിപാട് ആദ്യമേ കിട്ടിയിരുന്നു. കുഴിക്കു പുറത്ത് നിൽക്കുന്നവർക്ക്, ഹൃദ്രോഗിയായ വയസ്സൻ വേണ്ടാത്ത പണിക്കു പോകുന്നതായി തോന്നും !**

**ഇപ്പോഴത്തെ മഹാസൃഷ്ടിചക്രത്തിൽ ദൈവ വിപ്ലവത്തോടെ ഭൂമിയായ ദൈവം 'മഹാദേവിയും, ഭാഗമായ മഹാദേവനുമായി' അവതരിച്ചു കൊണ്ട് മഹാഭരണം ആരംഭിക്കുമ്പോൾ, സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും പോറ്റാൻ അടിസ്ഥാന പരമായി ഹേതുവാക്കിയിട്ടുള്ള കൃഷിക്കാരെ എല്ലായ്പ്പോഴും ഉയർത്തുന്ന സംഭവങ്ങൾ നിരന്തരം ഉണ്ടാകുന്നതാണ്.**

# തൊഴിൽ ആനന്ദം

നല്ലതും ചീത്തയുമായ ഏതൊരു ക്രിയ / പ്രവൃത്തി ചെയ്യാനും, ആത്മാവിന് ശരീരത്തിന്റെ അകത്തും പുറത്തുമുള്ള മൂലകങ്ങൾ നൽകുന്ന ശക്തിയും ജ്ഞാനവും കൊണ്ട് മാത്രമേ സാധ്യമാകൂ.

ദൈവമായ ഭൂമിയുടെ ഭാവം 'സത്യ ധർമ്മ നീതികൾ' ആയതുകൊണ്ടാണ് പ്രപഞ്ചം നിലനിൽക്കുന്നത്. ആകയാൽ ദൈവാംശമായ മൂലകങ്ങളോട് 'സത്യ ധർമ്മങ്ങളെ പുലർത്താൻ' ആത്മാവിന് സ്വയം ബാദ്ധ്യത ഉണ്ട്. മാത്രമല്ലാ; ചെയ്യുന്ന ഏതൊരു തൊഴിലിൽ നിന്നും ആത്മാവിന് ധർമ്മ ശാസ്ത്രപരമായ ആനന്ദം ലഭിക്കാനും അതാവശ്യമാണ്. ധർമ്മശാസ്ത്ര വിരുദ്ധമായ പ്രവൃത്തികൾ തൊഴിലുകളുടെ പട്ടികയിൽ പെടുന്നില്ല എന്നും അവ അധമ പ്രവൃത്തികൾ മാത്രമാണെന്നും പറയുമ്പോൾ, അധമ പ്രവൃത്തികളെ ചെയ്യുന്നവർക്കും ആനന്ദം ലഭിക്കുന്നുണ്ട്. അതായത് ദൈവാംശമായ മൂലകങ്ങളോട് 'സത്യ ധർമ്മങ്ങളെ പുലർത്താത്ത' ആത്മാക്കൾക്കും ആനന്ദം ലഭിക്കണമെന്നത് നിർബ്ബന്ധമാണ്. രണ്ടാമത്തെ വേദമായ 'ധർമ്മ ശാസ്ത്രം' പ്രകാരം 'നികുതികളും നികുതി പിരിവും ലോട്ടറികളും, നിയമസഭകളും കോടതികളുമെല്ലാം തൊഴിലുകളിൽ പെടുന്നില്ല' എന്നും അവ അധമങ്ങളായ പ്രവൃത്തികൾ മാത്രമാണെന്നും തെളിയുന്നുണ്ട്. അടുത്ത അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്.

അധമ പ്രവൃത്തികളെ സമൂഹം തൊഴിലുകളായി കണക്കാക്കുന്നുണ്ടെങ്കിലും അവയ്ക്ക് ധർമ്മശാസ്ത്ര പരമായ ആനന്ദത്തെ നൽകാൻ കഴിയുന്നതല്ല. ആകയാൽ തൊഴിലുകൾ എന്ന കള്ളപ്പേരിലുള്ള അധമ പ്രവൃത്തികളിൽ കൈക്കൂലി, അഴിമതി, മായങ്ങൾ തുടങ്ങിയ അധമങ്ങളെ കലർത്തി ക്കൊണ്ട് അവർ ആനന്ദത്തെ നേടുന്നു. അധമ പ്രവൃത്തികളെ അവസാനിപ്പിക്കുന്നതു വരെ മൂലകങ്ങളിലുള്ള ന്യൂനശക്തികൾ തിരുത്തൽ ശക്തിയും വിപരീത ശക്തിയുമായി പ്രവർത്തിക്കുമെന്ന് ന്യൂനശക്തികളെ വിവരിക്കുന്ന ഏതാനും അദ്ധ്യായങ്ങളിൽ ഉണ്ട്. ഈ ദിവ്യമഹാവേദ ഗ്രന്ഥത്തിന്റെ രണ്ടാം ഭാഗത്തിൽ അല്പഭാഗം ചേർത്തിട്ടുണ്ട്.

# എല്ലാ തൊഴിലുകളും പ്രവൃത്തികളും ഭംഗിയായി നിർവ്വഹിക്കാൻ ജീവികൾക്ക് ആദ്യത്തെ ആവശ്യം ശുദ്ധമായ (ഓക്സിജനും) ജലവും ഭക്ഷണവുമാണ്.

ദൈവമായ ഭൂമിയുടെ കുഞ്ഞുങ്ങളായ ആത്മാക്കൾക്ക് മനുഷ്യാവസ്ഥയിൽ ജീവിക്കാൻ ആവശ്യമായ ശക്തികളെയും ജ്ഞാനത്തെയും ശരീരത്തിന് അകത്തും പുറത്തുമുള്ള മൂലകങ്ങൾ ലഭ്യമാക്കുന്നത് ജലത്തെ മാധ്യമം ആക്കി ക്കൊണ്ട് ഭക്ഷണ സാധനങ്ങളായിരിക്കുന്ന മൂലകങ്ങളിലൂടെ ആകയാൽ, **ജലത്തിലും ഭക്ഷണ സാധനങ്ങളിലും ഉൾപ്പെടെ യാതൊന്നിലും, പരമ പ്രധാനമായി 'മായം ചേർക്കാൻ പാടില്ല'.** ഭക്ഷണമാകുന്ന ദൈവാംശത്തിൽ ശക്തികളെയും ജ്ഞാനത്തെയും കൂടാതെ അനന്തമായ ആനന്ദങ്ങളെയും ഉൾപ്പെടുത്തിരിക്കുന്നു എന്ന സവിശേഷതയും ഉണ്ട്. ഭക്ഷണ സാധനങ്ങളിൽ 40 അളവ് ആനന്ദത്തെ ഉൾപ്പെടുത്തി ക്കൊണ്ട് ഭൂമിയിൽ ഏറ്റവുമധികം ആനന്ദത്തെ നൽകുന്ന ഘടകമായി ദൈവാംശമായ ഭക്ഷണ സാധനങ്ങളെ ഭൂമി വ്യവസ്ഥ ചെയ്തിരിക്കുകയാണ്. അതിനാൽ **കുഞ്ഞുങ്ങൾക്ക് ശക്തിയും ജ്ഞാനവും ആനന്ദവും നൽകാനായി മഹാമാതാവായ ഭൂമി ഒരുക്കിയിട്ടുള്ള ഭക്ഷണ സാധനങ്ങളായ മൂലകങ്ങളിൽ അഥവാ ഭക്ഷണമായി അവതരിക്കുന്ന ദൈവാംശങ്ങളെ സംശുദ്ധമായി എല്ലാ കുഞ്ഞുങ്ങൾക്കും ലഭിക്കുകയും ഭക്ഷിക്കുകയും വേണം. ദൈവാംശമായ ഭക്ഷണത്തിലും, മാധ്യമമായ ജലത്തിലും 'മായങ്ങളും വിഷങ്ങളും മറ്റും ചേർക്കുന്നത് കടുത്ത അപരാധമാണ്. ഭൂമി നൽകുന്ന ശിക്ഷയും തീർച്ചയായും കടുത്തതാണ്.**

**മനുഷ്യ മാതാവ്, കുഞ്ഞിന് നൽകുന്ന മുലപ്പാൽ ഉൾപ്പെടെയുള്ള ഭക്ഷണത്തിൽ മായം / വിഷം ചേർക്കുന്നില്ല. പാലിൽ വെള്ളവും മറ്റ് മായങ്ങളും ചേർക്കുകയോ, മായങ്ങൾ കൊണ്ടു തന്നെ പാൽ ഉണ്ടാക്കുകയോ ചെയ്യുന്നവർ, അവർ വാങ്ങുന്ന സാധനങ്ങളിൽ മായം ഉണ്ടാകുന്നതിൽ സന്തോഷിക്കുന്നതല്ല!**

**പാൽ, ഫലങ്ങൾ, പച്ചക്കറി, മത്സ്യം, തുടങ്ങി യാതൊന്നിലും കെമിക്കൽ വിഷങ്ങൾ ഉൾപ്പെടെയുള്ള മായം ചേർക്കാൻ പാടില്ല. പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളും ആത്മാക്കളും സത്യങ്ങൾ മാത്രമാണ്. സത്യം; ധർമ്മവും നീതിയും കൂടിയാണ്. സത്യസന്ധരായി ജീവിക്കാൻ എല്ലാ മനുഷ്യരും ബാദ്ധ്യസ്ഥരാണ്. വിപരീതമായി പ്രവർത്തിക്കുന്നവർ കടുത്ത പാപങ്ങളും ശിക്ഷകളും പിടിച്ചുവാങ്ങുകയാണ്.**

ഭൂമിയിലെ ഭക്ഷണ സാധനങ്ങൾ മൊത്തം 40 അളവ് ആനന്ദത്തെ നൽകുമെങ്കിലും, ഒരു സമയം നൽകുന്ന പരമാവധി ആനന്ദം 5 അളവ് മാത്രമാണ്. ആനന്ദ കാര്യങ്ങളെ ഈ ദിവ്യമഹാവേദ ഗ്രന്ഥത്തിൽ ചേർത്തിട്ടുള്ള രണ്ടാം ഭാഗത്തിൽ ലഭ്യമാണ്.

കൃഷിക്കാർക്ക് അഹംഭാവം വർദ്ധിക്കാതിരിക്കാൻ, താൻ പാതി ദൈവം പാതി എന്നതിലെ രണ്ടാം പകുതിയെ ഭൂമി ശ്രദ്ധിക്കുന്നുണ്ട്. കൂടാതെ, കൊല്ലനും പിന്നെ ആശാരിയും പണിഞ്ഞു തരുന്ന ആയുധങ്ങൾ കൊണ്ടാണ് ഭൂമിയിൽ കൃഷി ചെയ്യുന്നത് എന്ന അടിസ്ഥാന വസ്തുതയെ ഭൂമി ഓർമ്മിപ്പിക്കുന്നുണ്ട്.

രാസ വസ്തുക്കളും രാസവളങ്ങളും ദൈവമായ ഭൂമിയുടെ അംശമായ മൂലകങ്ങളും സംയുക്തങ്ങളും തന്നെയാണെങ്കിലും ഒപ്പം ഉപയോഗിക്കുന്ന ആധുനിക കാലത്തെ കടുത്ത വിഷങ്ങളായ കീടനാശിനികൾ കാർഷിക വിളകളെ ഭക്ഷിക്കുന്ന മനുഷ്യർ ഉൾപ്പെടെയുള്ള ജീവികളുടെ സ്വത്വമായ ആത്മാക്കൾക്കെല്ലാം ദോഷം ചെയ്യുന്നവയാണ്. രാസവളങ്ങളെ കുറച്ചു കൊണ്ടും ജൈവ വളങ്ങളെ കൂട്ടിക്കൊണ്ടും കടുത്ത വിഷങ്ങളായ കീടനാശിനികളെ ഉപേക്ഷിച്ചു കൊണ്ടും ധർമ്മശാസ്ത്രത്തെ കൂടി പാലിക്കണം. ഉദാഹരണത്തിന്, വലിയ സർജറി നടത്തുന്നതിന് മുമ്പ് 'മനുഷ്യന്റെ ആത്മാവിനെ ഉറക്കാനും ശരീരത്തെ മരവിപ്പിക്കാനുമായി മയക്കുമരുന്ന്' കുത്തിവെയ്ക്കുമ്പോൾ മയക്കുമരുന്നിലെയും മറ്റ് മരുന്നുകളിലെയും ഭക്ഷണങ്ങളിലെയും ശരീരത്തിലെയും 'മൂലകങ്ങളും സംയുക്തങ്ങളും അവയിൽ ലയിച്ചിട്ടുള്ള ശക്തികളും അവയിലെ ശാസ്ത്രനിയമങ്ങൾ പ്രകാരം' സ്വയം നിശ്ചയിക്കുകയും പ്രവർത്തിക്കുകയുമാണ് എന്ന് ലളിതമായി മനസ്സിലാക്കാം.

വിഷങ്ങളായ കീടനാശിനികൾ അടങ്ങിയ ഭക്ഷണങ്ങൾ നിമിത്തം ശരീരത്തിന്റെ പ്രവർത്തനം ആത്മാവിന് ദോഷം ചെയ്യുന്ന പക്ഷം മാനുഷികമായ തലത്തിൽ അതിന് കാരണക്കാരായ എല്ലാവരും അവരവരുടെ പങ്കിന് അനുസരിച്ച് അളവുകളോടെ കുറ്റക്കാരാണ്; മഹാനീതിശാസ്ത്ര പ്രകാരം കുറ്റങ്ങൾക്ക് അളവുകളോടെ ശിക്ഷകളും ഉണ്ട്. ഭക്ഷണ കാര്യത്തിൽ കൂടുതൽ പിഴവുകൾ കാട്ടുന്നവരെ ദൈവീക ശിക്ഷയിൽ പരാമർശിക്കുന്നുണ്ട്.

## ധർമ്മശാസ്ത്ര വിരുദ്ധമായ പ്രവൃത്തികൾ തൊഴിലുകളുടെ പട്ടികയിൽ പെടുന്നില്ല.

**ധർമ്മശാസ്ത്ര വിരുദ്ധമായ പ്രവൃത്തികൾ തൊഴിലുകളുടെ പട്ടികയിൽ പെടുന്നില്ല എന്നും അധമ പ്രവൃത്തികളെ അവസാനിപ്പിക്കുന്നതു വരെ മൂലകങ്ങളിലുള്ള ന്യൂനശക്തികൾ തിരുത്തൽ ശക്തിയായും വിപരീത ശക്തികളായും പ്രവർത്തിക്കുന്നതാണ് എന്നും; ഭീകരവാദത്തിനും ഭീകര പ്രവർത്തനങ്ങൾക്കും ന്യൂനശക്തികൾ കാരണമായേക്കാം എന്നും മുമ്പ് സൂചിപ്പിച്ചിരുന്നു. ആകയാൽ തൊഴിലുകൾ എന്ന കള്ളപ്പേരിൽ സമൂഹത്തിൽ സ്ഥാനം നേടുകയോ നിലയുറപ്പിക്കുകയോ ചെയ്തിട്ടുള്ള ധർമ്മ ശാസ്ത്ര വിരുദ്ധമായ പ്രവൃത്തികൾ ഏതൊക്കെയെന്ന് ഏകദേശമായിട്ടെങ്കിലും വിശദീകരിക്കേണ്ടതുണ്ട്.**

**ധർമ്മശാസ്ത്ര ശാഖയായ തൊഴിൽ ശാസ്ത്രം പ്രകാരം, ഭൂമിയിലെ അനന്തമായ എല്ലാ തൊഴിലുകളെയും സദാ ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നിങ്ങനെ നാലായി വിഭജിക്കാനാവും എന്നതിനെയോ, വസ്തുതകളുടെ ഭൗതികമായ അസ്തിത്വത്തെയോ ആധാരമാക്കിയാൽ 'തൊഴിലുകളിൽ' കടന്നു കൂടുന്ന / കൂടിയിട്ടുള്ള 'തൊഴിലുകൾ അല്ലാത്ത നീചപ്രവൃത്തികളെ' നിസ്സാരമായി തിരിച്ചറിയാൻ കഴിയും.**

# ദൈവ വിപ്ലവവുമായി ബന്ധപ്പെട്ട് ഉടനെ നടപ്പിലാവുന്ന ദൈവീകമായ 4 തൊഴിൽ വിഭജനങ്ങളെ

www.omsathyam.com/GodlyRevolution/SupremeJusticeGOD.pdf എന്ന മഹാഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ട്. ഒരല്പം ചുവടെ ചേർക്കുന്നു: **ശുചിത്വം എന്ന ആദ്യത്തെ തൊഴിൽ ശാസ്ത്ര വിഭജനത്തിൽ;** സംഗീതം; മാലിന്യങ്ങളെ കൈകാലുകൾ, ചൂൽ തുടങ്ങിയവകൊണ്ട് നീക്കം ചെയ്യൽ; അദ്ധ്യാപനം; മഹാശാസ്ത്ര ഗവേഷണം എന്നിവ ഉൾപ്പെടുന്നു. ശുചിത്വത്തെ പ്രഥമമായി ഭൂമി ഉയർത്തുമ്പോഴും ഭക്തിഭ്രാന്ത് പോലെ അധഃപതിക്കാൻ പാടില്ല; തനിച്ചും കൂട്ടായും ചെയ്യാവുന്നതാണ് ശുചിത്വങ്ങൾ; ജീവിക്കാൻ അത്യാവശ്യവുമല്ല. ശുചിത്വം വിഭാഗത്തിലെ ആദ്യത്തെ ഇനമായ **സംഗീതം 'ദൈവ സിദ്ധി'** ആണെന്ന് പ്രത്യക്ഷമെന്നോണം തെളിയുന്നതിനാൽ ഗായകർ മനുഷ്യരുടെ പക്കൽ നിന്നും പ്രതിഫലം വാങ്ങാൻ പാടില്ല. ദൈവീകമായി താഴേക്ക് ഇറങ്ങി വന്ന് മനുഷ്യരെ ഒന്നിപ്പിക്കാനും സന്തോഷിപ്പിക്കാനും പരിശ്രമിക്കണം. **ദേവാലയങ്ങളിൽ അർത്ഥവത്തായ ഭക്തിഗാനങ്ങളും മറ്റും പാടി ഭിക്ഷ യാചിക്കാനുള്ള അവകാശം ഗായകർക്കു മാത്രമാണ് ഭൂമിയായ ദൈവം കനിഞ്ഞു നൽകുന്നത്.** തൊഴിൽ ശാസ്ത്രത്തിലും, ചുവടെ വേറിട്ടും വിശദീകരിച്ചിട്ടുണ്ട്.

തങ്ങളുടെ ഗൃഹത്തിലും പരിസരത്തും ആഫീസുകളിലും പൊതു സ്ഥലങ്ങളിലുമുള്ള **മാലിന്യങ്ങളെ** വേതനത്തിന് ആൾക്കാരെ വയ്ക്കാതെ ജനങ്ങൾ സ്വന്തമായി നീക്കം ചെയ്യണം. കൊച്ചുകുട്ടി മുതൽ രാഷ്ട്രഭരണാധികാരിയായ ജനങ്ങളുടെ മുഖ്യ സേവകൻ വരെ ഏതൊരാൾക്കും കൈകൾ കൊണ്ടു തന്നെ ഗൃഹത്തിലും, ആഫീസുകളിലും, പൊതു സ്ഥലങ്ങളിലുമുള്ള സാധാരണ മാലിന്യങ്ങളെ നീക്കം ചെയ്യാൻ സാധിക്കും; പ്രത്യേക വിദ്യാഭ്യാസം അതിന് ആവശ്യമില്ല. അറിഞ്ഞും കേട്ടും കണ്ടും വായിച്ചും അനുഭവിച്ചും മറ്റും പഠിച്ച പാഠങ്ങളെ ഏറെക്കുറെ 50 മുതൽ പ്രായമായവർ കുട്ടികളെയും മറ്റും പഠിപ്പിക്കുന്നത് ശ്രേഷ്ഠമാണ്. **വൈദ്യ ശാസ്ത്രം ഉൾപ്പെടെയുള്ളവ പഠിപ്പിക്കാനും പഠിക്കാനും ഏതൊരാൾക്കും ഏതൊരു കുട്ടിക്കും ദൈവമായ ഭൂമി സ്വാതന്ത്ര്യത്തെ നൽകുന്നുണ്ട്.**

അദ്ധ്യാപകരും വിദ്യാർത്ഥികളും രക്ഷിതാക്കളും സ്വയം ഫീസ് നിശ്ചയിക്കുന്നതാണ്; സൗജന്യമായി പഠിപ്പിക്കാനും ഗുരുദക്ഷിണ ഉചിതമായ സമയത്ത് വാങ്ങാനും സ്വാതന്ത്ര്യം ഉണ്ട്. സമൂഹത്തിലെ ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാനായി ജനങ്ങളുടെ ചിലവിൽ ജീവിക്കുന്ന സേവകർക്ക് അദ്ധ്യാപനം പോലെയുള്ള സ്വകാര്യ വിഷയങ്ങളിൽ ഇടപെടാൻ അവകാശമില്ല. ആധുനിക സമൂഹത്തിൽ, വൈദ്യന്മാർക്ക് (ഡോക്ടർമാർക്ക്) സംയുക്തമായി മെഡിക്കൽ കോളേജുകൾ തന്നെ തങ്ങൾക്കും സമൂഹത്തിനും വേണ്ടി നടത്താനാകും. അങ്ങനെ ചെയ്യുമ്പോൾ, ഡോക്ടർമാർ വിരമിക്കുന്നതിന് അനുസരിച്ച് സമൂഹത്തിന്റെ പൊതുവായ ആരോഗ്യ ആവശ്യങ്ങളെ കണക്കാക്കി, ഭരണകൂടത്തിന് പുതിയ ഡോക്ടർമാരെ താൽക്കാലികമായി നിയമിക്കുകയും നിയന്ത്രിക്കുകയും ആവാം.

**സ്രഷ്ടാവ് നൽകുന്ന തൊഴിൽ അഭിരുചികൾക്കൊത്ത് വിദ്യാഭ്യാസം ചെയ്യുവാൻ, അധമ സമ്പ്രദായങ്ങളിലൂടെ സമൂഹത്തിൽ സ്ഥാനം പിടിക്കുന്ന അനേകം വിദ്യാഭ്യാസ സ്ഥാപനങ്ങളും ഭരണരീതികളും തടസ്സമുണ്ടാക്കുമ്പോൾ, അത്തരം അധമ രീതികൾക്ക് മഹാശക്തിയുടെ മഹാശാസ്ത്രത്തെ അട്ടിമറിക്കാൻ കഴിയുന്നു എന്ന് ഒട്ടും തന്നെ ധരിച്ചുപോവരുത്. സൃഷ്ടിപരമായ വിധിയെ അശാസ്ത്രീയതയിലൂടെ ഭരണകൂടം ഉൾപ്പെടെയുള്ള സമൂഹം മലിനപ്പെടുത്തുകയും വ്യക്തിസ്വാതന്ത്ര്യത്തെ ഹനിക്കുകയും ചെയ്യുന്നത് കടുത്ത കുറ്റവും അനീതിയും ആണെങ്കിലും അവയിലൂടെ രൂപപ്പെടുന്ന സ്ഥിതി അഥവാ സ്ഥിതിപരമായ വിധി സംശുദ്ധപ്പെടുത്തുവാൻ മഹാനീതിയായ ദൈവത്തിന്റെ മഹാനീതി ശാസ്ത്രത്തിൽ കുറ്റങ്ങളും കുറവുകളുമില്ലാത്ത മഹാപദ്ധതികളുണ്ട്. മൂലകങ്ങളിൽ മഹാലയിച്ചിരിക്കുന്ന ന്യൂനശക്തികളെ സംബന്ധിച്ച പാഠങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്. ശുചിത്വം പാലിച്ച് അത്യാവശ്യം വിഭാഗത്തിലെ തൊഴിലുകൾ ചെയ്തു ജീവിക്കുമ്പോൾ, മനുഷ്യർക്ക് പരസഹായം യഥാർത്ഥത്തിൽ ആവശ്യമില്ല. 2020-ലെ വൈറസ് രോഗം ഉദാഹരണമാണ്.**

**അത്യാവശ്യം എന്ന രണ്ടാമത്തെ തൊഴിൽ ശാസ്ത്ര വിഭജനത്തിൽ**; കൃഷി, വസ്ത്രം നെയ്ത്ത്, കൊല്ലൻ, ആശാരി, മേശിരി, മൈക്കാട് എന്നിവ ഉൾപ്പെടുന്നു. **മനുഷ്യാവസ്ഥയിൽ ജീവിക്കാൻ യഥാർത്ഥത്തിൽ അത്യാവശ്യമായ ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നിവയെ തനിച്ചും ഇണയുടെ മാത്രം സഹായത്തോടെയും ചെയ്യാനും നേടാനും അനുഭവിക്കാനും കഴിയുന്നതാണ്**.

ശാസ്ത്ര വികസനങ്ങളും ജനപ്പെരുപ്പവും കാലമാറ്റവും പ്രകാരം ഇന്നലെകളിലെ വിനോദ കാര്യങ്ങളും, ആവശ്യങ്ങളും ആഗ്രഹങ്ങളും ഇന്നത്തെ അത്യാവശ്യങ്ങളായി പരിണമിക്കുന്നു. സൈക്കിൾ-കാളവണ്ടി-ചാർ-ബസ്-ട്രെയിൻ-വള്ളം-കപ്പൽ-വിമാനം തുടങ്ങിയ വാഹനങ്ങൾ, റേഡിയോ, ടെലിവിഷൻ, കംപ്യൂട്ടർ, മൊബൈൽ ഫോൺ ഉൾപ്പെടെയുള്ള വാർത്താവിനിമയ സംവിധാനങ്ങൾ, വൈദ്യശാസ്ത്രവുമായി ബന്ധപ്പെട്ട സർജറി തുടങ്ങിയവ കാലഘട്ടത്തിന്റെ ആവശ്യത്തിന് അനുസരിച്ച് രൂപപ്പെടുന്ന പുതിയ പുതിയ അത്യാവശ്യങ്ങളാണ്.

താൽക്കാലികമായി അത്യാവശ്യങ്ങളും ആവശ്യങ്ങളും വിനോദങ്ങളും മാറുന്നതിന് അനുസരിച്ച് അവയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്കും മാറ്റം ഉണ്ടാകുന്നുണ്ട്. ഉദാഹരണത്തിന്, ഒരു കാലത്ത് ഇല്ലാഞ്ഞതായ ബസ്, കപ്പൽ, വിമാനം തുടങ്ങിയവ സത്യമാവുകയും ജീവിതത്തിന്റെ ഭാഗമാവുകയും ചെയ്തപ്പോൾ, ഡ്രൈവർ, കണ്ടക്ടർ, കപ്പിത്താൻ, പൈലറ്റ്, തുടങ്ങിയ അനേകം തൊഴിലുകളും തൊഴിലാളികളും ഉണ്ടാവുകയും പരിണമിക്കുകയും ചെയ്യുന്നു.

**ഏകാന്തത, തടങ്കൽ, രോഗ/അപകട ദീർഘകാലം കിടപ്പ്, സംഹാരവുമായി ബന്ധപ്പെട്ട് ശാസ്ത്ര സൗകര്യങ്ങളെ പിൻവലിക്കൽ തുടങ്ങിയ അവസ്ഥയിൽ ജീവിക്കാൻ ഏറ്റവും അത്യാവശ്യമായവ ഭക്ഷണം വസ്ത്രം പാർപ്പിടം എന്നിവ മാത്രമാണെന്ന് ബോദ്ധ്യമാകും. 2020-ൽ ഭൂമിയിൽ പരക്കെ വ്യാപിച്ച വൈറസ് മനുഷ്യരുടെ അത്യാവശ്യങ്ങൾ ഭക്ഷണവും വസ്ത്രവും പാർപ്പിടവും മാത്രമാണെന്ന് തെളിയിക്കുന്നുണ്ട് !**

**ജീവിക്കാൻ അത്യാവശ്യമായ ഭക്ഷണ സാധനങ്ങളെ കൃഷി ചെയ്യാനും; പാലും ഉല്പന്നങ്ങളും, ചാണക-മൂത്രവളങ്ങൾ എന്നിവയ്ക്കും മറ്റുമായി പശു-പശുപതിമാരെയും (കാളി-കാളന്മാരെയും) പരിപാലിക്കാൻ കഴിഞ്ഞാൽ ശ്രേഷ്ഠമാണ്.**

**ഭൂമിയിൽ അനന്തമായുള്ള എല്ലാ തൊഴിലുകൾക്കും സമപദവിയാണ് ഉള്ളതെങ്കിലും തുല്ല്യങ്ങളിൽ ഒന്നാമതായി കൃഷി ശോഭിക്കുന്നതിനെയും, കൃഷിയെ ഉയർത്തിക്കൊണ്ട് എല്ലാ തൊഴിലുകൾക്കും/ തൊഴിലാളികൾക്കും സമവേതനം സ്ഥാപിക്കുന്നതിനെക്കുറിച്ചും മുകളിൽ സൂചിപ്പിച്ചിരുന്നു.**

**എല്ലാ തൊഴിലാളികൾക്കും സമവേതനം ലഭിക്കുമ്പോൾ, ഭക്ഷണ സാധനങ്ങൾ, വസ്ത്രം, സ്വർണ്ണം, തുടങ്ങി എല്ലാ വസ്തുക്കൾക്കും ക്രമേണ വില സ്ഥിരത ഉണ്ടാകുന്നതാണ്.** ക്ഷാമകാലത്ത് മാത്രമാവും ഭക്ഷണ സാധനങ്ങൾക്ക് വില വർദ്ധിക്കുക. ധർമ്മശാസ്ത്ര വിരുദ്ധമായ വില വർദ്ധനവ് പൊതുവായി അവസാനിക്കുന്നതാണ്. ദൈവ വിപ്ലവത്തെ തുടർന്ന് ജീവിതത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ ബോദ്ധ്യമാവുകയാൽ ജനങ്ങൾ തമ്മിൽ പരസ്പര സ്നേഹവും ബഹുമാനവും സഹായ സഹകരണങ്ങളും കാരുണ്യവും വർദ്ധിക്കുകയാൽ വ്യാപാരികൾ പോലും അമിതമായ ലാഭങ്ങൾ ആഗ്രഹിക്കാതെ വരുന്നു. സത്യ ധർമ്മ നീതികൾ സമൂഹത്തിൽ വർദ്ധിക്കുന്നു. മദ്യപാനം ഉൾപ്പെടെയുള്ള ദുശ്ശീലങ്ങൾ പൂർണമായും അപ്രത്യക്ഷമാകുന്നതാണ്.

സംഹാരം പുരോഗമിക്കുമ്പോൾ, ജനങ്ങൾ കുറയുകയും, സമൂഹത്തിൽ സന്താന ലബ്ദി വിഷയമാവുകയും ചെയ്യും. കൂടാതെ ഭൂമി ഏറ്റെടുക്കാൻ ആളില്ലാതെ വരികയും പൊതുവായ സാമ്പത്തിക ആവശ്യങ്ങളെ നിറവേറ്റാൻ ഭരണകൂടത്തിന്റെ പക്കൽ വന്നു ചേരുന്ന വസ്തുക്കൾ കൊണ്ട് കഴിയാതെയും വരും. സ്ഥിതി പരമായ വിധി പ്രകാരം കർഷകർ കൃഷി വിഭവങ്ങളുടെ ഒരു പങ്കും, മറ്റു തൊഴിലാളികൾ അദ്ധ്വാനത്തിന്റെ പങ്കും പൊതു ആവശ്യങ്ങളെ നിറവേറ്റാൻ ഭരണകൂടത്തിന് നൽകേണ്ടിയും വന്നേക്കാം.

സംഹാര കാലത്ത്, ഭരണകൂടത്തിന്റെ ഒരു മുഖ്യ പ്രവർത്തനം ഭക്ഷണ സംഭരണ ശാലകളെ നിർമ്മിക്കുകയും, കാർഷിക ഉല്പന്നങ്ങളെയും ഉപകരണങ്ങളെയും കേടു കൂടാതെ സൂക്ഷിക്കുകയും വിതരണം ചെയ്യുകയുമാണ്. ഭക്ഷണ സംഭരണം ക്ഷാമ കാലത്ത് വളരെയധികം പ്രയോജനപ്പെടുന്നതാണ്.

വീടുകളോടു ചേർന്നുള്ള പുരയിടങ്ങളിൽ മനുഷ്യരുടെയും വളർത്തുമൃഗങ്ങളുടെയും ഭക്ഷണത്തിന് ഉതകുന്ന / ഉപയോഗിക്കാവുന്ന കൃഷികൾ മാത്രമേ പാടുള്ളൂ എന്നതും, റബ്ബർ പോലെയുള്ളവ ഒട്ടും പാടില്ലാ എന്നതും മനസ്സിലാക്കി ജീവിക്കാൻ, ലഭ്യമായ വിശേഷ ൺബുദ്ധി കൊണ്ട് കഴിയണം. ചെയ്യാത്ത ജനങ്ങളും ഭരണാധികാരികളും തിരുത്തണം.

ഭക്ഷണ കാര്യത്തിൽ സ്വയം പര്യാപ്തത നേടിയിട്ടില്ലാത്ത ജനസമൂഹങ്ങൾ അവർ താമസിക്കുന്ന പ്രദേശങ്ങൾക്ക് സംസ്ഥാനം, രാജ്യം എന്നിങ്ങനെയുള്ള സ്വയംഭരണ പദവികളെ ചേർക്കാൻ പാടില്ല. ജീവിതത്തിന്റെ നിലനില്പിന് ആവശ്യമായ ഭക്ഷണത്തിന് പോക്കില്ലാത്ത സമൂഹങ്ങളെയും പ്രദേശങ്ങളെയും സ്വയം പര്യാപ്തത നേടിയ സംസ്ഥാനങ്ങളിലെ / രാജ്യങ്ങളിലെ ജനസമൂഹങ്ങൾ തങ്ങളുടെ ഭാഗമായി സ്വീകരിക്കുകയും മെച്ചപ്പെടുത്തുകയും ശേഷം സംസ്ഥാന/രാജ്യ പദവി മടക്കി നൽകുകയും വേണം. ഭൂമിയുടെ കുഞ്ഞുങ്ങൾക്ക് അത്തരം പ്രവൃത്തികളിലൂടെ സഹകരണവും പുണ്യവും വർദ്ധിപ്പിക്കാൻ കഴിയുന്നതാണ്. ദൈവ വിപ്ലവത്തെ തുടർന്ന് ഭക്ഷണ സാധനങ്ങളിൽ സ്വയം പര്യാപ്തത നേടും വരെ കേരളത്തെ തമിഴ്നാടിന്റെ ഭാഗമായി ഉയർത്തുന്നതും ശേഷം മഹാനീതി ശാസ്ത്രം പ്രകാരം 'കന്യാകുമാരിയും' ചേർത്ത് മടക്കുന്നതുമാണ്.

ദൈവമായ ഭൂമിയുടെ സ്വത്വവും വാതക രൂപവും ജീവികളുടെ ജീവനുമായ ഓക്സിജനും, ഭൂമിയുടെ ദ്രാവക രൂപവും ജീവികളുടെ നിലനില്പിന് ആധാരമായ ജലവും, സ്രഷ്ടാവായ ഭൂമിയുടെ മഹാനീതി-ഭാഗമായി സൃഷ്ടികളെ മഹാഭരിക്കുന്ന മഹാകാര്യങ്ങളാണ്; അവ അത്യാവശ്യങ്ങൾക്കും മേലെയാണ്.

**ആവശ്യം എന്ന മൂന്നാമത്തെ തൊഴിൽ ശാസ്ത്ര വിഭജനത്തിൽ**; (1) ഗതാഗതം : റോഡുകൾ, ജലപാതകൾ, ആകാശ പാതകൾ, ബന്ധപ്പെട്ട വാഹനങ്ങൾ; (2) ജല-താപ-അണു-...വൈദ്യുതി നിലയങ്ങൾ; (3) പെട്രോളിയം ഉല്പന്നങ്ങൾ; (4) വാർത്താവിനിമയം; (5) ഭൗതിക-ധർമ്മ-നീതി ശാസ്ത്ര ഗവേഷണം; (6) സമൂഹ/ സംസ്ഥാന-രാഷ്ട്ര ഭരണകൂടവും പോലീസ് ഉൾപ്പെട്ട അനുബന്ധ ഘടകങ്ങളും, തുടങ്ങിയവ ഉൾപ്പെടുന്നു. **ഭരണകൂടങ്ങൾ ഉൾപ്പെടെ ആവശ്യം വിഭാഗത്തിലെ യാതൊരു തൊഴിലുകളും മനുഷ്യന് ജീവിക്കാൻ അത്യാവശ്യമല്ലെന്ന് 2020-ലെ വൈറസ് രോഗം സാക്ഷ്യമാണ്.**

**മനുഷ്യാവസ്ഥയിൽ ആനന്ദങ്ങളെ വർദ്ധിപ്പിച്ചു ജീവിക്കാൻ ആവശ്യമായ ശാസ്ത്ര സാങ്കേതിക സൗകര്യങ്ങളെ വ്യത്യസ്ത വ്യവസായ/വ്യാപാര ശാലകളിലും പണിയെടുക്കുന്ന അനേകം തൊഴിലാളികളുടെ വ്യത്യസ്തങ്ങളായ കൂട്ടായ്മകളിലൂടെ മാത്രമാണ് സാധാരണ ഗതിയിൽ സാദ്ധ്യമാവുക.** ഉദാഹരണത്തിന്, പെട്രോളിയം ഉൽപ്പന്നങ്ങളുടെ ജനനവും ശുദ്ധീകരണവും ലഭ്യതയും വാഹനങ്ങൾക്ക് ആവശ്യമാകുമ്പോൾ, വാഹനങ്ങളെയും വ്യവസായ ശാലകളുടെ കെട്ടിടങ്ങളെയും നിർമ്മിക്കുന്ന അനുബന്ധ സംവിധാനങ്ങളും അവയിൽ പലതരത്തിലുള്ള തൊഴിലാളികളും വേണം. ആധുനിക കാലത്തെ മൊബൈൽ ഫോണുകളെ പ്പറ്റി പറയുമ്പോൾ അവയുടെ ക്യാമറ, ഓപ്പറേറ്റിംഗ് സിസ്റ്റം തുടങ്ങിയ അനേകം അനുബന്ധ ഘടകങ്ങളും ഭൂമിയിലെ എല്ലാ പ്രദേശങ്ങളിലും അവയ്ക്ക് ആവശ്യമായ ടവറുകളെയും, ഫോണിന് വേണ്ടതായ ബാറ്ററികളെയും, ചാർജ്ജ് ചെയ്യാൻ വൈദ്യുതി സംവിധാനങ്ങളും ഒക്കെ ആവശ്യങ്ങളാണ്. വ്യത്യസ്ത ശാസ്ത്ര സാങ്കേതിക സൗകര്യങ്ങളായ കമ്പ്യൂട്ടർ, സ്കാൻ, ടെലിവിഷൻ, സിനിമ തുടങ്ങിയ ഓരോരോ ആനന്ദങ്ങളെയും ഒരുക്കാൻ പല കൂട്ടം ജനങ്ങളുടെ നീണ്ടകാലത്തെ കൂട്ടായ പ്രവർത്തനങ്ങൾ ആവശ്യമാണ്. കടകളിൽ നിന്നും ഫോണുകളും വാഹനങ്ങളും മറ്റും വാങ്ങി ആനന്ദങ്ങളെ വർദ്ധിപ്പിച്ചു ജീവിക്കുന്നവരിൽ ഭൂരിപക്ഷവും ആനന്ദങ്ങളുടെ പിന്നിലെ അദ്ധ്വാനങ്ങളെ അറിയാൻ പോലും ശ്രമിക്കുന്നില്ല.

**മൂലകങ്ങളും രൂപാന്തരമായ ശരീരവുമാണ് വ്യക്തിക്ക്/ ആത്മാവിന് ശക്തിയും ജ്ഞാനവും ആനന്ദങ്ങളും നൽകുന്നതെങ്കിലും, ആവശ്യം വിഭാഗത്തിലെ ആനന്ദങ്ങളെ വ്യക്തിക്ക് തനിച്ചു നിർമ്മിക്കാനും പരിപാലിക്കാനും സാധാരണ ഗതിയിൽ കഴിയില്ലെന്ന് സുവ്യക്തമാണ്. മുകളിൽ വിശദീകരിച്ചതു പോലെ പലകൂട്ടം ജനങ്ങളുടെ (നീണ്ടകാലത്തെ) കൂട്ടായ പ്രവർത്തനങ്ങൾ ആവശ്യമാണ്.**

ജീവിക്കുന്നത് ആനന്ദിക്കാനാണ്; ആനന്ദങ്ങളെ വർദ്ധിപ്പിച്ചു ജീവിക്കാനാണ് ഓരോരുത്തരും ആഗ്രഹിക്കുന്നത്/ പ്രവർത്തിക്കുന്നത് എന്നു പറയുമ്പോൾ, മൂലകങ്ങളാകുന്ന ദൈവാംശം കൊണ്ട് ഫാൻ, ഫോൺ, വാഹനങ്ങൾ തുടങ്ങിയ ഉല്പന്നങ്ങളാകുന്ന ആനന്ദങ്ങളെയാണ് ഇവിടെ പരാമർശിക്കുന്നത്. (വാത്സല്യം, സ്നേഹം, പ്രേമം, കാമം, എന്നിങ്ങനെ ആത്മാക്കൾ അന്യോന്യം പകരുന്ന ആനന്ദങ്ങളെയല്ല.). കാലക്രമേണ ഫാൻ, ഫോൺ, വാഹനങ്ങൾ, റഫ്രിജറേറ്റർ, എയർ കണ്ടീഷൻ തുടങ്ങിയ ആനന്ദങ്ങൾ ജീവിതത്തിൽ ആവശ്യവും അത്യാവശ്യവും ആണെന്ന് തോന്നുമ്പോൾ, പ്രസ്തുത ഉല്പന്നങ്ങളെ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന തൊഴിലാളികൾ മാത്രമാണ് യഥാർത്ഥത്തിൽ സമൂഹത്തിന് അത്യാവശ്യമായത്. ഉദാഹരണത്തിന്, ഗുണമേന്മ കൊണ്ടാണ് വാഹനം, ഫാൻ, ഭക്ഷണം തുടങ്ങി ഏതൊരു വസ്തുവും ഉപഭോക്താക്കൾ അടിസ്ഥാന പരമായി ഇഷ്ടപ്പെടുന്നത്; സെയിൽസ് മാൻ, ഗുമസ്തൻ, മാനേജർ തുടങ്ങിയ തൊഴിലാളികളുടെ മധുര ഭാഷണം കൊണ്ടല്ല. വാങ്ങിക്കഴിഞ്ഞാൽ, നല്ല മെക്കാനിക്കിനാണ് മുഖ്യ സ്ഥാനം.

**ആവശ്യം വിഭാഗത്തിൽ ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ ജനങ്ങൾ കൂടിയാലോചിച്ചും, ധർമ്മ ശാസ്ത്ര പരമായി വിശകലനം ചെയ്തും നേരിട്ടു നിശ്ചയിക്കുകയും, അവർ നിയമിക്കുന്നവരും അവരുടെ ചിലവിൽ ജീവിക്കുന്നവരുമായ (ജനങ്ങളുടെ) സേവകരെ കൊണ്ട് പരിഹരിക്കുകയും ചെയ്യുമ്പോൾ മാത്രമാണ് ഉചിതമാവുക.**

| |
|---|
| **ജനങ്ങളുടെ സേവകർ എന്ന സ്ഥാനവും പദവിയും മറന്ന പോലെ, ജനങ്ങളുടെ സേവകരും അടിമകളുമായി പ്രവർത്തിക്കാൻ ബാദ്ധ്യസ്ഥരായ അവർ യജമാനരാണെന്ന് അറിഞ്ഞും അറിയാതെയും തെറ്റിദ്ധരിക്കുകയും, മറ്റുള്ളവരെ ക്കൊണ്ട് അപ്രകാരം തോന്നിപ്പിക്കുകയും, ഏറെക്കുറെ ധർമ്മ ശാസ്ത്ര വിരുദ്ധമായി മാത്രം പ്രവർത്തിക്കുകയും, പാപങ്ങളെയും ദൈവ ശിക്ഷകളെയും വാരിക്കൂട്ടുകയും ചെയ്യുന്ന, അതിദാരുണമായ അവസ്ഥയാണ് ഭൂമിയിലെ എല്ലാ രാജ്യങ്ങളിലും ഇന്നുള്ളത്.** |
| **ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ ജനങ്ങളുടെ സേവകർ നിശ്ചയിക്കുകയും; നിയമങ്ങൾക്ക് മൂലകങ്ങളിലൂടെ ഭൗതിക അസ്തിത്വം ഉണ്ടാവണമെന്നത് വിഷയമാക്കാതെ, ജനസേവകർക്ക് ശരിയെന്നു തോന്നുന്നതായ നിയമങ്ങളെ തട്ടിക്കൂട്ടി ക്കൊണ്ട് യജമാനരായ ജനങ്ങളെ ഭരിക്കുകയും, പീഡിപ്പിക്കുകയും ചെയ്യുന്ന അതിനീചമായ അവസ്ഥയിലേക്ക് ജനസേവകർ കൂപ്പുകുത്തുകയും ഭരണാധികാരികളാണെന്ന് വിഡ്ഢിക്കൂട്ടങ്ങൾ തെറ്റിദ്ധരിക്കുകയും ചെയ്തു. യഥാർത്ഥത്തിൽ സ്വന്തമല്ലാത്ത ശരീരത്തിൽ 'മുഖക്കുരു, നര, രോഗങ്ങൾ' തുടങ്ങിയ 'മഹാനീതി കാര്യങ്ങളെ' സൃഷ്ടിക്കുന്നതുപോലും മൂലകങ്ങളും രൂപാന്തരമായ ശരീരവും ആണെന്നതും തങ്ങളുടെ മുഖഛായ നിശ്ചയിച്ചതു പോലും ശരീരമാണ്;' ആത്മാവല്ല എന്നതും ഉൾക്കൊണ്ടു ജീവിക്കാൻ സേവകർ ഉൾപ്പെടെ ഭൂമിയിലെ എല്ലാ ജനങ്ങളും തയ്യാറായിക്കൊള്ളണം. ജാഗ്രത. ജാഗ്രത. ജാഗ്രത.** |

**പൊതുകാര്യം 5 : തൊഴിലുകൾ എന്ന കള്ളപ്പേരിൽ സ്വകാര്യങ്ങളായും പൊതുകാര്യങ്ങളായും മനുഷ്യ ജീവിതത്തിൽ കാലാകാലങ്ങളിലായി കടന്നു കൂടുകയും സമൂഹത്തിൽ സ്ഥാനം നേടുകയോ നിലയുറപ്പിക്കുകയോ ചെയ്തിട്ടുള്ള ധർമ്മ ശാസ്ത്ര വിരുദ്ധമായ പ്രവൃത്തികൾ ആവശ്യം എന്ന വിഭാഗത്തിലാണ് ഏറ്റവുമധികമുള്ളത്. യഥാർത്ഥത്തിൽ അനാവശ്യമായ പ്രവൃത്തികൾക്ക് മൂലകങ്ങളിലൂടെ ഭൗതിക അസ്തിത്വം ഇല്ല; നീചമായ പ്രവൃത്തികൾ തൊഴിലുകളുമല്ല. മൂലകങ്ങളുടെ ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരം യഥാർത്ഥത്തിൽ ജനങ്ങളുടെ പൊതുവായ ആവശ്യങ്ങൾ അല്ലാത്തതും, അജ്ഞാനികളായ സേവകർ പൊതുവായ ആവശ്യങ്ങളെന്ന് തോന്നും പോലെ നിശ്ചയിച്ച് പൊതു ജനസേവനങ്ങളിൽ പെടുത്തിയതുമായ ഏതാനും കാര്യങ്ങളെ മഹാശാസ്ത്രപരമായി ചുവടെ വിശകലനം ചെയ്തിട്ടുള്ളതിൽ നിന്നും വസ്തുതകൾ വെളിപ്പെടുന്നുണ്ട്.**

**ഭൂമിയുടെ അംശമായ മൂലകങ്ങളിൽ മഹാലയിച്ചിരിക്കുന്ന ധർമ്മ ശാസ്ത്രത്തെ മനസ്സിലാക്കാനും ഉൾക്കൊണ്ടു ജീവിക്കാനും, മനുഷ്യർ തങ്ങൾക്ക് മഹാദാനമായി ലഭിച്ച വിശേഷ ബുദ്ധികളെയും ശക്തികളെയും ഉപയോഗിക്കാഞ്ഞതാണ് മൂല കാരണം. നീതി നടത്തിപ്പ് എന്ന പേരിൽ മനുഷ്യർ ഒരു ജന്മത്തിൽ കാട്ടിക്കൂട്ടുന്ന അനീതി നടത്തിപ്പു കൊണ്ട് ന്യായാധിപൻ ഉൾപ്പെടെ യാതൊരു വ്യക്തിയുടെയും മേലുള്ള മഹാനീതി പൂർത്തിയാകുന്നതല്ല; മഹാനീതി നിർവ്വഹണം ഭൂമിയായ ദൈവത്തിന്റെ മഹത്വം തുളുമ്പുന്ന മഹാകർമ്മമാണ്. ഈ ദിവ്യ മഹാഗ്രന്ഥത്തിന്റെ രണ്ടാം ഭാഗത്തിൽ മഹാനീതി ശാസ്ത്രമായ ഓംകാര നീതിശാസ്ത്രത്തെ വിശദീകരിച്ചിട്ടുള്ളത് മഹാശാസ്ത്രപരമായി വിശകലനം ചെയ്ത് പഠിക്കാൻ ഭാഗ്യമുണ്ടാകുന്ന സേവകർ ഭയന്നു കൊണ്ട് പ്രവർത്തനങ്ങളെ തിരുത്തുന്നതാണ്.**

# ഗ്രാമപഞ്ചായത്ത്

**കുഞ്ഞുങ്ങളായ മനുഷ്യർക്ക് മഹാസമനീതി എന്ന സമ-ആനന്ദത്തെ ലഭ്യമാക്കുന്ന മഹാശാസ്ത്ര പദ്ധതികളെ മഹാശക്തിയായ ഭൂമി, സ്വന്തം അംശമായ മൂലകങ്ങളിൽ ലയിപ്പിച്ചിട്ടുണ്ട്; അവ പ്രകാരം മനുഷ്യരുടെ സമൂഹ ശാസ്ത്ര ഭരണ സംവിധാനമായ ഗ്രാമപഞ്ചായത്തുകളിലൂടെ സൃഷ്ടികളെ നിയന്ത്രിച്ച് സർവ്വം മഹാഭദ്രപ്പെടുത്തുന്നതാണ്.**

**പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് എന്നെല്ലാം പറയുന്നവ സമ്പൂർണ്ണമായ സ്വതന്ത്ര സ്വയംഭരണ സ്ഥാപനങ്ങളാണ്; ആവണം. പഞ്ചായത്തുകളായ മനുഷ്യസമൂഹങ്ങളുടെ വിശാലമായ ആവശ്യങ്ങൾക്ക് സംസ്ഥാനം, ദേശം തുടങ്ങിയ കേന്ദ്രീകൃത സംവിധാനങ്ങൾ ആവശ്യമാണെങ്കിൽ മാത്രം പഞ്ചായത്തുകൾ ഭരിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന അവയെ തീറ്റുകയും പോറ്റുകയും / സംരക്ഷിക്കുകയും ചെയ്യണം.**

പഞ്ചായത്തിലെ ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നീ 4 തൊഴിൽ ശാസ്ത്ര വിഭജനം പ്രകാരം പഞ്ചായത്തുകൾ നിറവേറ്റുന്നതാണ്. ശുചിത്വം, അത്യാവശ്യം എന്നിവ സാധാരണ ഗതിയിൽ പഞ്ചായത്തുകളായ മധ്യസ്ഥരില്ലാതെ ജനങ്ങൾ നേരിട്ടു ചെയ്യുന്ന പ്രവൃത്തികളാണ്. **സേവകരായ പോലീസ് സേന, മന്ത്രിമാർ, നാട്ടുരാജാവ്, ഉൾപ്പെടെയുള്ളവരെ ആവശ്യം അനുസരിച്ച് നിയമിക്കുന്നതും, വേതനം നൽകുന്നതും, പിരിച്ചു വിടുന്നതും പഞ്ചായത്ത് തന്നെ ആവുമ്പോൾ, ജനങ്ങളുടെ ഭാഗമായി മാത്രം പോലീസ് സേനയും മന്ത്രിമാരും ഉൾപ്പെട്ട ജനസേവകർ പ്രവർത്തിക്കുന്നതാണ്.**

കടമകൾ പോലും അറിയാതെ ജനങ്ങളെ കഷ്ടപ്പെടുത്തുന്നവരായി ഇന്ന് പഞ്ചായത്തുകളും അവയ്ക്കു മേലെയെന്ന് തെറ്റിദ്ധരിച്ചിട്ടുള്ള സംസ്ഥാന കേന്ദ്ര സർക്കാരുകളും പരക്കെ അധഃപതിച്ചിട്ടുണ്ട്.

ഈ ദിവ്യ മഹാഗ്രന്ഥത്തിന്റെ തുടക്കത്തിലും രണ്ടാം ഭാഗത്തിലും വിശദീകരിച്ചിട്ടുള്ളതു പോലെ ആത്മാക്കളുടെ മേൽ ശരീരമാകുന്ന ദൈവാംശം മഹാനീതി നടപ്പാക്കുന്നുണ്ട്. ആത്മാവിനു ലഭിക്കുന്ന ശരീരത്തിന്റെ സ്ത്രീ പുരുഷൻ, സൗന്ദര്യം നിറം മുഖഛായ, ആയുസ്സ്, ആരോഗ്യം, വികലാംഗത്വം, ബുദ്ധി ശക്തി, തൊഴിൽ അഭിരുചി വിനോദ അഭിരുചി, ജനന-ജീവിത-സ്ഥലങ്ങൾ, മാതാപിതാക്കളും ഉറ്റവരും ഉൾപ്പെടെ മറ്റുള്ളവരിലൂടെ ജ്ഞാനവും സമ്പത്തുകളും കുട്ടിക്കാലത്ത് ലഭിക്കുന്നതിന്റെ അളവുകൾ, തുടങ്ങിയ **ജന്മഗുണങ്ങളെ നിശ്ചയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നത് ഭൂമി സ്വന്തം അംശമായ മൂലകങ്ങളിലൂടെയും അവയുടെ രൂപാന്തരമായ ശരീരങ്ങളിലൂടെയുമാണ്**. മനുഷ്യരുടെ അഥവാ ആത്മാക്കളുടെ മുജ്ജന്മ തജ്ജന്മ പിജ്ജന്മ കാര്യങ്ങളെ ബന്ധിപ്പിച്ചു കൊണ്ട് അംശമായ മൂലകങ്ങളിലൂടെയും ജീവി-ശരീരങ്ങളിലൂടെയും മഹാവാത്സല്യത്തോടെ മഹാജാലമായി ഭൂമി ജന്മഗുണങ്ങളിലൂടെ നിർവ്വഹിക്കുന്ന മഹാനീതി കാര്യങ്ങളെ ചെയ്യുവാനോ ജന്മഗുണങ്ങളിൽ ഇടപെടുവാനോ സമൂഹത്തിലെ രാജാവും മന്ത്രിമാരും ഉൾപ്പെടെ വ്യക്തികൾക്ക് കഴിയുന്നതല്ല. മനുഷ്യാവസ്ഥയിലെ മഹാനീതിയെ 100 മനുഷ്യ ജന്മങ്ങൾ കൊണ്ടാണ് മഹാനീതിയായ ഭൂമി മഹാഭദ്രപ്പെടുത്തിയിട്ടുള്ളത് എന്നിരിക്കെ, തജ്ജന്മത്തിലെ ജന്മഗുണങ്ങളെ വ്യത്യാസപ്പെടുത്തി മഹാസമനീതി നിർവ്വഹിക്കാൻ യാതൊരു സൃഷ്ടികൾക്കും കഴിയില്ലെന്ന് രണ്ടാം ഭാഗത്തിലെ മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രത്തിൽ മഹാശാസ്ത്രപരമായി വിശദീകരിച്ചിട്ടുണ്ട്. **ഭൂമി, ഓരോ വ്യക്തിക്കും നൽകുന്ന ജന്മഗുണങ്ങൾ തുല്ല്യമാകാൻ മുഖഛായ, നിറം, സൗന്ദര്യം ഉൾപ്പെടെ സർവ്വം സമമാകണം; എന്നു വെച്ചാൽ എല്ലാവരും ഒരേ പോലെ ആവണം; സ്ത്രീ പുരുഷ വ്യത്യാസം പോലും സാദ്ധ്യമല്ല. സർവ്വത്തിലും സമനീതി ചെയ്യാൻ വ്യക്തിക്കും സമൂഹ ഭരണകൂടത്തിനും കഴിയില്ല എന്നതിനെ ഉൾക്കൊണ്ട് ധർമ്മശാസ്ത്ര പ്രകാരം മാത്രം ജീവിക്കാൻ ഭൂമി നൽകുന്ന വിശേഷബുദ്ധി കൊണ്ട് രാജാവും മന്ത്രിമാരും പോലീസും മറ്റും ചേർന്ന സമൂഹം സ്വയം തയ്യാറാവണം. യാതൊന്നിനും സൃഷ്ടികളെ സ്രഷ്ടാവായ ഭൂമി നിർബ്ബന്ധിക്കുന്നതല്ല.**

**തൊഴിൽ അഭിരുചി, ബുദ്ധി ശക്തി എന്നിവ ജന്മഗുണങ്ങൾ ആയതിനാൽ തൊഴിലുകൾക്കെല്ലാം സമപദവിയാണെന്നും, ആകയാൽ സമവേതനം ആയിരിക്കണം എന്നും മുമ്പ് വിശദമാക്കിയതു പോലെ, ജന്മഗുണങ്ങൾ വിഷയമാകുമ്പോൾ സമൂഹത്തിലെ ഗ്രാമപഞ്ചായത്തുകളും വ്യക്തികളും ദൈവീക-മഹാനീതി കാര്യങ്ങൾ എന്ന തിരിച്ചറിവോടെ ഒഴിഞ്ഞു മാറാൻ ബാദ്ധ്യസ്ഥരാണ്.**

**മൂലകങ്ങളുടെ ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരം പൊതുകാര്യങ്ങളല്ലാത്ത തൊഴിലുകളെയും; തൊഴിലുകൾ എന്ന കള്ളപ്പേരിൽ നിലകൊള്ളുന്ന അധമ പ്രവൃത്തികളെയും മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ന്യൂനശക്തികൾ മഹാനീതി ശാസ്ത്ര പ്രകാരം ശുദ്ധീകരണത്തിന് പ്രേരിപ്പിക്കുന്നതാണ്. ഉപദേശം, ശാസനം, ശിക്ഷിച്ചു കൊണ്ട് തിരിച്ചറിവ് ഉണ്ടാക്കലും നിർബ്ബന്ധിക്കപ്പെട്ട് സ്വയം തിരുത്താൻ തയ്യാറാക്കലും തുടങ്ങിയ മാർഗ്ഗങ്ങളെ ന്യൂനശക്തികൾ ചെയ്തെന്നോ ഇടപെട്ട് പ്രേരിപ്പിച്ചെന്നോ വരാം. മത-ജാതി-വർഗ്ഗ-രാഷ്ട്രീയ-ദേശീയ ജീവികളായി ഭൂമിയുടെ പൊന്നോമന കുഞ്ഞുങ്ങളും വിശേഷ ബുദ്ധി ലഭിച്ചവരുമായ മനുഷ്യർ അധഃപതിക്കുകയും, കുറച്ചു കുഞ്ഞുങ്ങൾ അധമ പ്രവൃത്തികളെ കൊണ്ട് 2020-ൽ വൈറസ് രോഗത്തെ മെനയുകയും ചെയ്തപ്പോൾ, ന്യൂനശക്തികളിലൂടെ ശുചിത്വം / ശുദ്ധീകരണം ആരംഭിച്ചത് ഉദാഹരണമാണ്.**

**ഭൂമി പ്രത്യക്ഷമായി എല്ലാ ജീവികൾക്കും എക്കാലവും ഏകശരണം നൽകിപ്പോരുന്ന മഹാജാലം കൂടിയായ മഹാശക്തി ആണെന്നും മഹാനീതിശാസ്ത്ര പ്രകാരം മഹാസമനീതി നിർവ്വഹിക്കുന്നുണ്ടെന്നും ഭൂമി നൽകുന്ന വിശേഷബുദ്ധി കൊണ്ട് ശാസ്ത്ര പരമായി തന്നെ മനസ്സിലാക്കാൻ കഴിയുന്നതാണ്. സ്വയം വിശകലനം ചെയ്ത് ബോദ്ധ്യപ്പെടേണ്ടത് രാജാവും മന്ത്രിമാരും പോലീസും ഉൾപ്പെടെ സമൂഹത്തിലെ ഓരോ വ്യക്തിയുടെയും സ്വന്തം ആവശ്യമാണ്.**

**പ്രദേശങ്ങളിലെ ജനങ്ങൾക്ക് മഹാശാസ്ത്ര പ്രകാരം കൂട്ടുകുടുംബങ്ങളായി ആനന്ദിച്ചു ജീവിക്കുമ്പോൾ അവരുടെ പൊതുവായ ആവശ്യങ്ങളെ പരിഹരിക്കാൻ നല്ലവരായ ഏതാനും വ്യക്തികളെ 'പഞ്ചായത്ത് അഥവാ നാട്ടുരാജസഭ' എന്ന പേരിൽ പരസ്യമായി തെരഞ്ഞെടുക്കാൻ കഴിയും. ദൈവകാര്യം എന്ന അദ്ധ്യായത്തിൽ വിശദീകരിക്കുന്നുണ്ട്.** മൂലകങ്ങളിൽ ഇല്ലാത്ത കെട്ടിട നികുതി ഉൾപ്പെടെ നികുതികൾ, കോടതി-പി.എസ്.സി.- ലേബർ ആഫീസ് -ലോട്ടറി-എക്സൈസ്-ഇൻഷ്വറൻസ് തുടങ്ങിയ അധമ സംവിധാനങ്ങൾ ജനങ്ങൾക്ക് കഷ്ടപ്പാടുകളെ ഉണ്ടാക്കുന്നത് ധർമ്മശാസ്ത്ര വിരുദ്ധമായ സംസ്ഥാന കേന്ദ്ര സർക്കാരുകളെ ഇടയിൽ വെച്ചതുകൊണ്ടാണ്.

**ദൈവമായ ഭൂമിയുടെ അംശമായ മൂലകങ്ങൾ ശക്തികളെയും, മഹാജ്ഞാനമാകുന്ന മഹാശാസ്ത്ര നിയമങ്ങളെയും, ആനന്ദങ്ങളെയും പൊതുജനങ്ങളാകുന്ന കുഞ്ഞുങ്ങൾക്ക് നേരിട്ട് നൽകുമ്പോൾ, ജനസേവകർ ഉൾപ്പെട്ട ഇടനിലക്കാർക്ക് പൊതുജനങ്ങളിൽ നിന്നുമാണവ ലഭിക്കുന്നത്. കടപ്പാട് പരിഹരിക്കാൻ പൊതുജനങ്ങൾക്ക് ആവശ്യമായ സേവനങ്ങളെ ധർമ്മശാസ്ത്രപരമായി (മാത്രം) നിർവ്വഹിക്കാൻ എല്ലാ ജനസേവകരും ബാദ്ധ്യസ്ഥരാണ്.** ധർമ്മശാസ്ത്ര വിരുദ്ധമായി ഇടനിലക്കാരെ നിയമിച്ചാൽ അവരെയെല്ലാം തീറ്റിപ്പോറ്റേണ്ടതായ അവസ്ഥ കൃഷിക്കാർ ഉൾപ്പെടെയുള്ള അത്യാവശ്യ-വിഭാഗം തൊഴിലാളികൾക്ക് ഉണ്ടാകും. സമൂഹത്തിൽ ധാർമ്മിക അധഃപതനം ഉണ്ടാകാനും വർദ്ധിക്കാനും അത് കാരണവുമാകും; ഭൂമിയിലെങ്ങും അത് സംഭവിച്ചു കഴിഞ്ഞു.

പ്രദേശത്തെ ജനങ്ങൾക്ക് നേരിട്ട് ഇടപെടാനും നിയന്ത്രിക്കാനും കഴിയുന്ന പഞ്ചായത്തുകൾക്ക് ജനങ്ങളുടെ പൊതുവായ ഏറെക്കുറെ എല്ലാ ആവശ്യങ്ങളെയും പരിഹരിക്കാൻ സാധിക്കുന്നതാണ്. റെയിൽവേ, കപ്പൽ, വിമാനം, പെട്രോളിയം ഉൽപ്പന്നങ്ങളുടെ ഇറക്കുമതിയും കയറ്റുമതിയും, ചില വൻ വ്യവസായങ്ങൾ, വിദേശ സന്ദർശനം തുടങ്ങിയ ഏതാനും കാര്യങ്ങളിൽ സഹകരിച്ചു പ്രവർത്തിക്കാൻ പഞ്ചായത്തുകളുടെ കൂട്ടായ്മക്ക് തീർച്ചയായും കഴിയുന്നതാണ്.

പ്രദേശത്തെ ജനങ്ങളെല്ലാം അറിയുന്നതും, ജനങ്ങളെ അറിയുന്നതുമായ ധാർമ്മിക ശുദ്ധിയുള്ള മനുഷ്യരുടെ സേവനത്തെ, തെരഞ്ഞെടുപ്പ് സമ്പ്രദായങ്ങൾ **ഇല്ലാതെ** ഉപയോഗപ്പെടുത്തുന്നത് ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ ജനങ്ങളുടെ നേരിട്ടുള്ള സഹകരണത്തോടെ സുന്ദരമായി പരിഹരിക്കുന്നതാണ്.

**നാട്ടുരാജാവായ പഞ്ചായത്ത് പ്രസിഡന്റ്, മന്ത്രിമാർ, സംസ്ഥാന-കേന്ദ്ര ജനസേവകരായ മന്ത്രിമാർ എന്നിവരെ തെരഞ്ഞെടുക്കാൻ ലളിതമായ ഒരു ദൈവീക മാർഗ്ഗമുണ്ട്. ദൈവകാര്യം എന്ന അദ്ധ്യായത്തിൽ വിശദീകരിക്കുന്നതാണ്.** മരത്തിന്റെ ഉൾപ്പെടെ ചുവട്ടിൽ/അടിയിൽ നിന്നും മുകളിലേക്ക് കയറണം എന്ന സാമാന്യമായ പ്രപഞ്ച നിയമം തന്നെ ഗ്രാമപഞ്ചായത്തുകളെ സുപ്രധാനമാക്കി ഉയർത്തുന്നുണ്ട്. അത്യാവശ്യമോ ആവശ്യമോ ആണെങ്കിൽ മാത്രവും; ആവശ്യമായ കാര്യങ്ങളെ പരിഹരിക്കാൻ മാത്രവും, സംസ്ഥാന കേന്ദ്ര ജനസേവന സംവിധാനങ്ങളെ പഞ്ചായത്തുകളുടെ കൂട്ടായ്മയിലൂടെ നിയമിക്കുകയും, ആവശ്യം കഴിഞ്ഞാൽ, വീടുപണി കഴിഞ്ഞ് പണിക്കാരെ പിരിച്ചു വിടുന്നപോലെ, ചെയ്യുക എന്നതാണ് അടിസ്ഥാന പരമായ മഹാശാസ്ത്ര-നിയമം.

**സംസ്ഥാന കേന്ദ്ര മന്ത്രിമാർ, മുഖ്യമന്ത്രി, പ്രധാന മന്ത്രി, പ്രസിഡന്റ്, മറ്റ് ഭരണാധികാരികൾ തുടങ്ങിയ പേരുകളിൽ പ്രവർത്തിക്കുന്നവർ ജനങ്ങളുടെയെല്ലാം സേവകരാണെന്ന് നിലവിൽ പറയുന്നത് അർത്ഥമില്ലാത്ത വചനങ്ങൾ മാത്രമാണ്; എന്തെന്നാൽ അവരെ ഊട്ടുന്ന അനേകം കോടി ജനങ്ങളെ അവർ അറിയുന്നതു പോലും ഇല്ല. വ്യക്തികളുടെ പരസ്പര സ്നേഹവും ബഹുമാനവും ഭരണവുമെല്ലാം സമ്പൂർണ്ണമായും അർത്ഥപുഷ്ടമായിരിക്കണം.** മഹാരാജ്യമായ ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങളിലെ പ്രധാനമന്ത്രി, മുഖ്യമന്ത്രി, മറ്റു മന്ത്രിമാർ തുടങ്ങിയവർക്ക് ജനങ്ങളെ എല്ലാവരെയും അറിയാനും പരിചയപ്പെടാനും കഴിയുന്നതല്ല എന്നതിൽ നിന്ന് മൂലകങ്ങളിൽ മഹാലയിച്ചിരിക്കുന്ന ധർമ്മശാസ്ത്രത്തിന് വിരുദ്ധമായ സംവിധാനങ്ങളാണ് ഭൂമിയിലെ എല്ലാ പ്രദേശങ്ങളിലും/ രാജ്യങ്ങളിലും ഇന്നുള്ളത് എന്നു തെളിയുന്നു.

ജനങ്ങളുടെ സമ്പത്തുകളെ കൊള്ളസംഘങ്ങളെപ്പോലെ തട്ടിയെടുക്കുന്ന ഇന്നത്തെ സംസ്ഥാന കേന്ദ്ര ഭരണകൂടങ്ങളെയും അവരുണ്ടാക്കിയ അനേകം സംവിധാനങ്ങളെയും സമ്പൂർണ്ണമായി അഴിച്ചുപണിയണം എന്നും സാരം. ജനനം മുതൽ മരണം വരെയും ഭൂമി പ്രത്യക്ഷമായി ശരണം നൽകുന്ന ഭൂമിയുടെ കുഞ്ഞുങ്ങളായ മനുഷ്യരെ ഭിന്നിപ്പിച്ചത് ആത്മീയ തട്ടിപ്പുകാരും രാഷ്ട്രീയക്കാരും മറ്റും അനാവശ്യമായി ദൈവകാര്യങ്ങളിൽ തലയിട്ടതു കൊണ്ടും, ഭൂമിയുടെ അംശമാം മൂലകങ്ങളും രൂപാന്തരമായ ശരീരവും നൽകുന്ന വിശേഷ ബുദ്ധികളെ ഉചിതമായി ഉപയോഗിക്കാഞ്ഞതു കൊണ്ടുമാണ്. **ദൈവകാര്യങ്ങൾ** എന്ന അദ്ധ്യായത്തിൽ വിശദീകരിക്കുന്നുണ്ട്.

ഭൂമിയുടെ മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ശാസ്ത്ര നിയമങ്ങൾ പ്രകാരം വ്യക്തികളുടെ പൊതുവായ ആവശ്യങ്ങളെ പരിഹരിക്കാൻ മാത്രം ബാദ്ധ്യസ്ഥരായ ജനസേവകർ സ്വകാര്യങ്ങളിലേക്ക് കൈകടത്തി ക്കൊണ്ട് യജമാനരായ ജനങ്ങളോട് കടുത്ത അപരാധം ചെയ്യുന്നുണ്ട്. ഭൂമിയായ ദൈവം മഹാജാലത്തോടെ നിർവ്വഹിക്കുന്ന മഹാനീതി കാര്യങ്ങളുടെ ആഴങ്ങളും മഹത്വവും അറിയാതെ പാപങ്ങളും ദൈവശിക്ഷകളും വാങ്ങുകയും ശേഖരിക്കുകയും ഒക്കെ ചെയ്യുന്നുമുണ്ട്.

മൂലകങ്ങളുടെ മൊത്തവും ഭൂമിയുമായ ദൈവത്തിന്റെ സാമ്പത്തിക ശാസ്ത്രം പ്രകാരം വ്യക്തികൾക്ക് അദ്ധ്വാനിച്ചു നേടിയ സമ്പത്തുകളെ ധർമ്മ ശാസ്ത്രപരമായി അനുഭവിക്കാം എന്നല്ലാതെ ഭൂമിയുടെ അംശമായ മൂലകങ്ങളാകുന്ന സമ്പത്തുകളെ ഉറ്റവർക്ക് കൈമാറ്റം ചെയ്യാൻ ഭൂമി അവകാശവും അധികാരവും നൽകുന്നില്ല എന്ന് മുമ്പ് വിശദമാക്കിയിരുന്നു. അതോടൊപ്പം, ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ പരിഹരിക്കാൻ വേണ്ടിവരുന്ന ധനത്തെ വ്യക്തികൾക്ക് ദൈവീകമായ സ്വാതന്ത്ര്യം പ്രകാരം തനിച്ചും കൂട്ടായും ഒക്കെ ചെലവു ചെയ്യാവുന്നതാണ്. ധർമ്മശാസ്ത്രപ്രകാരം വ്യക്തി അദ്ധ്വാനിച്ചു നേടിയവയെ പിടിച്ചു വാങ്ങുന്നതും, ജീവിയായിരിക്കുന്ന കാലത്ത് അവരെ വേദനിപ്പിക്കുന്നതും അവരുടെ മഹാമാതാവായ ഭൂമി ഇഷ്ടപ്പെടുന്നില്ല. അതാത് അവസരത്തിലെ അറിവുകൾക്ക് അനുസരിച്ച് ശരിയെന്നു തോന്നുന്നവ ചെയ്യാൻ ഭൂമി കുഞ്ഞുങ്ങളെ അനുവദിച്ചിരിക്കുകയാണ്. അന്യോന്യം പരിഹസിക്കാനും പാടില്ല.

## സമൂഹത്തിന്റെ പൊതുവായ ആവശ്യങ്ങളെ പരിഹരിക്കാൻ ജനങ്ങൾ നിയമിക്കുന്ന ജനസേവകരായ പഞ്ചായത്തുകൾ, മഹാമാതാവായ ഭൂമിയുടെ ആനന്ദമായ മഹാവാത്സല്യത്തിന് കളങ്കമുണ്ടാകാതെ ധർമ്മ ശാസ്ത്ര നിയമങ്ങളെ പരിപാലിക്കണം എന്നു കൂടിയാണ് വ്യക്തമാക്കിയത്.

കാലാകാലങ്ങളിൽ സമൂഹത്തിൽ ആവശ്യമാകുന്ന എല്ലാവിധ തൊഴിലുകളും ചെയ്യാൻ ആളുണ്ടെങ്കിൽ മാത്രമേ സമൂഹത്തിലെ അംഗങ്ങൾക്ക് ആനന്ദങ്ങളെയെല്ലാം യഥോചിതം അനുഭവിക്കാൻ കഴിയുകയുള്ളൂ എന്നതിന്റെ കൂടി അടിസ്ഥാനത്തിൽ തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ബുദ്ധി ശക്തി, ആരോഗ്യം തുടങ്ങിയവയെ മനുഷ്യരുടെ ജന്മഗുണങ്ങളായി ഭൂമി നിശ്ചയിക്കുകയും മഹാദാനങ്ങളായി നൽകുകയുമാണ്. ആകയാൽ, ജന്മഗുണങ്ങളുടെ പേരിൽ അഹംഭാവം, പൊങ്ങച്ചം, കാപട്യം, അവിവേകം തുടങ്ങിയവ വ്യക്തി പുലർത്തിക്കൂടാ. തൊഴിൽ അഭിരുചി ജന്മഗുണം ആകയാൽ, തൊഴിലുകൾക്കെല്ലാം സമപദവിയാണെന്ന് മുകളിൽ വിശദീകരിച്ചിരുന്നു. അതിനാൽ സമൂഹത്തിലെ ജനങ്ങൾക്ക് / അംഗങ്ങൾക്ക് ആനന്ദങ്ങളെയെല്ലാം ഏറെക്കുറെ സമമായി അനുഭവിക്കാൻ സമൂഹത്തിലെ ഭരണകൂടത്തിനും വ്യക്തികൾക്കും ചെയ്യാൻ കഴിയുന്ന സമവേതനം പൊതുജനസേവന കാര്യാലയങ്ങളിൽ നടപ്പിലാക്കാൻ ഗ്രാമപഞ്ചായത്തുകൾ ബാദ്ധ്യസ്ഥമാണ്. രാജാവും മന്ത്രിമാരും പോലീസും, ഗുമസ്തനുമെല്ലാം ഉൾപ്പെടെയുള്ളവർ സമവേതനം വാങ്ങുന്നവരാകണമെന്നും ആയത് കൃഷിക്കാരന് ലഭിക്കുന്ന വേതനത്തേക്കാൾ അധികമാകാൻ പാടില്ലെന്നും അറിയണം. സമവേതനത്തെ നടപ്പിലാക്കേണ്ടത് ഗ്രാമപഞ്ചായത്തുകളുടെ ധർമ്മം മാത്രമാണ്; സമനീതിയെന്ന സമ-ആനന്ദത്തെ ഭൂമി നൽകുന്നത് ആയുസ്സ്, ആരോഗ്യം തുടങ്ങിയ ജന്മഗുണങ്ങളെ ബന്ധിപ്പിച്ചു കൊണ്ടുള്ള ഓംകാര നീതിശാസ്ത്രം പ്രകാരം മാത്രവുമാണ്; അത് മനുഷ്യരുടെ വിഷയമല്ല. വ്യക്തികളുടെ / ആത്മാക്കളുടെ ധർമ്മം അതാത് അവസരത്തിലെ ശക്തികൾക്ക് അനുസരിച്ച് ധർമ്മശാസ്ത്രപ്രകാരം പ്രവൃത്തികൾ ചെയ്ത് ആനന്ദിച്ചു ജീവിക്കുകയാണ്.

എല്ലാ തൊഴിലാളികൾക്കും സമവേതനം നടപ്പാകുന്നതിനും, പെൻഷൻ, സബ്സിഡി തുടങ്ങിയവ അവസാനിക്കുന്നതിനും, തലമുറകളിലൂടെയുള്ള സാമ്പത്തിക കൈമാറ്റത്തിനു പകരം കുറ്റങ്ങളും കുറവുകളും ഇല്ലാത്ത ദൈവീകമായ സാമ്പത്തിക ശാസ്ത്രം സംസ്ഥാപിക്കപ്പെടുന്നതിനും, അനുസരിച്ച് എല്ലാ രാജ്യങ്ങളിലും സമൂലമായ സാമ്പത്തിക സാമൂഹിക സാംസ്കാരിക രാഷ്ട്രീയ പരിവർത്തനങ്ങൾ ഉണ്ടാകുന്നതാണ്. ദൈവ വിപ്ലവം ഉടൻ ആരംഭിക്കുന്നതോടെ എല്ലാ രാജ്യങ്ങളിലെയും സൈന്യങ്ങളെയും ആയുധ സന്നാഹങ്ങളെയും പിരിച്ചു വിടുകയും അവസാനിപ്പിക്കുകയും ചെയ്യുമ്പോൾ തന്നെ അവിടങ്ങളിലെ പൊതുഖജനാവ് സമ്പന്നമാകുന്നതാണ്. വിദ്യാഭ്യാസം ഉൾപ്പെടെ അനേകം മേഖലകളെയും അവിടെയുള്ള അദ്ധ്യാപകർ ഉൾപ്പെട്ട തൊഴിലാളികളെയും പൊതുവായ ആവശ്യങ്ങളിൽ നിന്നും സ്വകാര്യങ്ങളായി പരിണമിക്കുന്നതോടെയും, ഇലക്ഷൻ കമ്മീഷൻ, നിയമസഭകൾ, കോടതികൾ, ലോട്ടറി തുടങ്ങിയവ അവസാനിക്കുന്നതോടെയും വലിയ മാറ്റങ്ങൾ സമൂഹത്തിൽ ഉണ്ടാകുന്നതാണ്. ഗ്രാമപഞ്ചായത്തുകളുടെ കൂട്ടായ്മയിലൂടെ പെട്രോളിയം ഉൽപ്പന്നങ്ങളെ ഇറക്കുമതി ചെയ്യുകയും കുറഞ്ഞ വേതനത്തിലും ചെലവിലും എണ്ണ ശുദ്ധീകരണം നടത്തുകയും, ബഹുവിധ നികുതികളായ അധമത്തങ്ങളെ അവസാനിപ്പിക്കുകയും ചെയ്യുമ്പോൾ പെട്രോൾ, ഡീസൽ തുടങ്ങിയവയ്ക്ക് ലിറ്ററിന് ഏറെക്കുറെ 10 രൂപയായി വില മാറുന്നതാണ്. ഒരു രൂപ കൊണ്ട് ഹ്രസ്വ ദൂരം ബസ്സിൽ യാത്ര ചെയ്ത് മടങ്ങാൻ കഴിയുന്നതാണ്. **രാജാവും മന്ത്രിമാരും ഉദ്യോഗസ്ഥരും ഉൾപ്പെടെയുള്ള തൊഴിലാളികൾക്ക് ദിവസം 800 എന്ന് തൽക്കാലവും 500-400-300-200- എന്നിങ്ങനെ താഴ്ന്ന് എല്ലാവർക്കും 100 രൂപ ദിവസ വേതനമായി ഉറയ്ക്കുന്നതോടെ സമൂഹത്തിൽ വളരെവലിയ നല്ല മാറ്റം ഉണ്ടാകുന്നതാണ്.**

'ജീവികളുടെ മുഴുവൻ നിലനില്പ്' ഭൂമിയുടെ അംശമായ മൂലകങ്ങളിലും അവയുടെ രൂപാന്തരമായ ശരീരങ്ങളിലും ലയിച്ചിരിക്കുന്നതായ 'മഹാശക്തികളും മഹാശാസ്ത്രങ്ങളും ആനന്ദങ്ങളും' പ്രകാരമാണെന്ന് സുവ്യക്തമായി അറിയണം.

**വിപുലവും മഹാശാസ്ത്ര പരവുമായ അഴിച്ചുപണി ജനസേവനകേന്ദ്രമായ പഞ്ചായത്തിൽ ആവശ്യമാണ്.**

**ആരോഗ്യം കുറഞ്ഞ വൃദ്ധാവസ്ഥയിലും മറ്റും സമൂഹത്തിലെ മാതാപിതാക്കൾക്ക് ധർമ്മശാസ്ത്ര പ്രകാരമുള്ള പരിചരണം ലഭിക്കുന്നുവെന്ന് ഉറപ്പാക്കുകയാണ് സമൂഹത്തിലെ ഭരണകൂടത്തിന്റെ/ പഞ്ചായത്തുകളുടെ പ്രഥമവും പ്രധാനവുമായ കർത്തവ്യം എന്നും, സമൂഹത്തിന് സാമ്പത്തിക ബാധ്യത ഉണ്ടാകാതെ അത് നിർവ്വഹിക്കുന്നത് എങ്ങനെയാണെന്നും മുമ്പ് വിശദമാക്കിയിരുന്നു.**

**അവകാശമില്ലാത്തതും മറ്റുള്ളവരുടെ അദ്ധ്വാനവുമായ ധനം അനുഭവിക്കുന്നതിൽ അപമാന ബോധവും, ലജ്ജയും, രാജാവും മന്ത്രിമാരും പോലീസും നാട്ടുകാരും ഉൾപ്പെടെ ഓരോ വ്യക്തിക്കും ഉണ്ടാകണം.**

മുമ്പ് അറിയിച്ചതു പോലെ, അന്യരുടെ പണത്തെ, ഒരു പൈസ പോലും, അവരുടെ അനുവാദം ഇല്ലാതെ കൈവശപ്പെടുത്താനും അനുഭവിക്കാനും ജനസേവകർ ഉൾപ്പെടെയുള്ള യാതൊരാൾക്കും അവകാശമില്ല. പെൻഷൻ, സബ്സിഡി, കളിക്കാർക്കും കലാകാരന്മാർക്കും സമ്മാനം നൽകൽ, ധർമ്മശാസ്ത്ര വിരുദ്ധമായ സ്വകാര്യങ്ങൾ, തുടങ്ങിയവ സ്വന്തം അദ്ധ്വാനത്തിൽ നിന്നും ചെലവു ചെയ്യാൻ രാജ്യങ്ങളിലെ രാജാവ്, പ്രധാന മന്ത്രി, പ്രസിഡന്റ്, കേന്ദ്രമന്ത്രിമാർ, സംസ്ഥാന മുഖ്യമന്ത്രി, മന്ത്രിമാർ തുടങ്ങിയവർക്ക് വ്യക്തിസ്വാതന്ത്ര്യം ഉണ്ടെങ്കിലും, ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ പരിഹരിക്കാൻ, ജനങ്ങളുടെ ചെലവിൽ, ജനങ്ങളുടെ സേവകരായി പണിയെടുക്കുന്ന അവർക്ക്, പൊതുഖജനാവിലെ ധനം സ്വകാര്യങ്ങൾക്ക് ചെലവഴിക്കാൻ അവകാശം ഇല്ല. പൊതുകാര്യങ്ങളെന്ന് ജനസേവകരും മറ്റും കരുതുന്ന അനേകം വസ്തുതകൾ യഥാർത്ഥത്തിൽ പൊതുകാര്യങ്ങൾ അല്ലെന്നും, അനേകം അധമ പ്രവൃത്തികളെ തൊഴിലുകളായി കണക്കാക്കി ജനസേവകരും മറ്റും പാപവും ശിക്ഷകളും വാങ്ങുന്നുണ്ടെന്നും മൂലകങ്ങളിലെ ശാസ്ത്രങ്ങളെ വിശകലനം ചെയ്ത് ചുവടെ വേറിട്ട് തെളിയിക്കുന്നുണ്ട്.

വ്യക്തികളുടെ സമ്പത്തുകളെ പൊതു ഖജനാവ് എന്ന പേരിൽ പഞ്ചായത്തുകൾ സൂക്ഷിക്കുമ്പോൾ, ഖജനാവിലെ ധനത്തെ തന്നിഷ്ടം പോലെ ചെലവഴിക്കാൻ പഞ്ചായത്തുകളായ രാജാവിനും മന്ത്രിമാർക്കും മറ്റും അവകാശവും അധികാരവും ഇല്ലെന്നറിയണം; തൊടാൻ പോലും പാടില്ല.

**എല്ലാവിധ തൊഴിലാളികൾക്കും സമവേതനം നടപ്പിലായിട്ടുള്ള പഞ്ചായത്തുകളിൽ തൊഴിൽ അഭിരുചികളും (സ്വന്തം ഇഷ്ടങ്ങളും പ്രകാരം) തൊഴിലുകൾ ചെയ്യുന്ന വ്യക്തികൾക്ക് ജീവിതത്തിൽ മഹാനീതി ശാസ്ത്ര പ്രകാരം ഉണ്ടാകുന്ന വേദനകളും കഷ്ടപ്പാടുകളും ഉൾപ്പെട്ട ആനന്ദങ്ങളെ പരിഹരിക്കാൻ പഞ്ചായത്തുകൾ അഥവാ മന്ത്രിമാരല്ലാ പ്രവർത്തിക്കേണ്ടത്. കഷ്ടപ്പെടുന്നവരെ ധനം കൊണ്ടും അദ്ധ്വാനം കൊണ്ടും മറ്റുള്ള ജനങ്ങൾ നേരിട്ടു തന്നെ സഹായിക്കുകയും ശുശ്രൂഷിക്കുകയും പരിചരിക്കുകയും ചെയ്ത് പുണ്യം വർദ്ധിപ്പിക്കട്ടെ. ജനങ്ങൾ ചെയ്യുന്നപോലെ സ്വന്തം ധനം കൊണ്ട് മന്ത്രിമാർക്കും പുണ്യം നേടാം. പഞ്ചായത്തുകളുടെ ഭാഗമായ പോലീസ് സേന ധർമ്മശാസ്ത്ര പ്രകാരം നേതൃത്വം വഹിക്കുന്നതുമാണ്. ധർമ്മശാസ്ത്രപ്രകാരം പ്രവർത്തിക്കുന്ന എല്ലാവരും ഒരേ പോലെ സേവകരും രാജാക്കന്മാരുമാണ്. ആരും ആരെയും ഭരിക്കുന്നില്ല; സ്നേഹിക്കുക മാത്രമാണ്.**

**ഏതൊരാളും ധർമ്മശാസ്ത്രപ്രകാരം പ്രവർത്തിക്കണം എന്നിരിക്കെ, ജനങ്ങളുടെ സേവകരും അടിമകളുമായ രാജാവും മന്ത്രിമാരും ജനങ്ങളുടെ പണം ധൂർത്തടിച്ച് കഷ്ടപ്പെടണ്ട. കഷ്ടപ്പെടുന്നവരെ 'ജനങ്ങളുടെ പണമായ പൊതുഖജനാവു കൊണ്ട് സേവിക്കുന്നത് ജനസേവനമല്ല.'** ഉദാഹരണത്തിന് കടലിൽ മീൻ പിടിച്ചും മറ്റും ജീവിക്കുന്നവർക്ക്, കഷ്ടകാലങ്ങളിൽ ജീവിക്കാൻ ധനം കരുതേണ്ടത് അവരുടെ ആവശ്യമാണ്. സബ്സിഡികളും സൗജന്യങ്ങളും നൽകുകയല്ല; മറിച്ച് അവരുടെ ആവശ്യങ്ങളെ സ്വയം നിറവേറ്റാൻ പ്രാപ്തരാക്കുകയാണ് സഹോദരങ്ങളും ഭൂമിയുടെ കുഞ്ഞുങ്ങളുമായ മറ്റുള്ളവർ ചെയ്യേണ്ടത്.

വെള്ളപ്പൊക്കം, ഭൂചലനം, സുനാമി, അഗ്നിപർവ്വതം തുടങ്ങിയവയും ബന്ധപ്പെട്ട കഷ്ടപ്പാടുകളും വെറുതെ ഉണ്ടാകുന്നതല്ല എന്നും മഹാനീതി കാര്യങ്ങൾ കൂടിയാണെന്നും വിശേഷ ബുദ്ധി കൊണ്ട് മനസ്സിലാക്കണം; അധികം ശേഖരിച്ച ധനത്തെ ചെലവു ചെയ്യാൻ പാപികളായ ധനികർക്ക് അവസരം നൽകുന്നതും ആവാം !

നാട്ടുകാരും മറ്റ് പഞ്ചായത്തുകളും ഒക്കെ സാമ്പത്തികം ഉൾപ്പെടെ സഹായങ്ങൾ നൽകുന്നത് ധർമ്മ ശാസ്ത്ര പ്രകാരം മാത്രമാകണം. മറ്റുള്ളവരുടെ അദ്ധ്വാനത്തിന്റെ പങ്കു പറ്റാനും ഔദാര്യത്തിൽ ജീവിക്കുവാനും ആഗ്രഹിക്കുന്നത് ഏറ്റവും നികൃഷ്ടമാണ്. **ഗാന്ധിജിയെ അനുകരിച്ച് സ്വയം വസ്ത്രം നെയ്തു ധരിക്കുന്ന നിലയിലേക്ക് ഉയരുക കഠിനമാണ്; എന്നാൽ** ജനങ്ങളുടെ പണം കൊണ്ട് ലക്ഷങ്ങളുടെ വസ്ത്രങ്ങളും, കോടികളുടെ വാഹനങ്ങളും ഗൃഹങ്ങളും വാങ്ങിയും അനാവശ്യമായ വിദേശ യാത്രകൾക്കും സെക്യൂരിറ്റികൾക്കുമായി ഇന്നത്തെ ജനസേവകർ ധൂർത്തടിക്കുന്നത് ഏറ്റവും ഹീനമായ ലജ്ജയില്ലായ്മയാണ്. ഘോരമായ അത്തരം ദുർന്നടപടികളിലൂടെ കടുത്ത ദൈവ ശിക്ഷകളെ പിടിച്ചു വാങ്ങുകയുമാണ്.

ആവർത്തിക്കുന്നു :- ചെറുതും വലുതുമായ ഓരോ പ്രദേശത്തെയും ജനങ്ങളുടെ അദ്ധ്വാനത്തെയും സമ്പത്തുകളെയും അവരുടെ സമ്മതത്തോടെയും, സേവനപരമായ അനുവാദത്തോടെയും അവകാശത്തോടെയും മാത്രമേ മറ്റുള്ളവർ അനുഭവിക്കാൻ പാടുള്ളൂ എന്ന മൂലകങ്ങളിലുള്ള ലളിതമായ ധർമ്മ ശാസ്ത്ര വസ്തുത എവിടെയും പാലിക്കപ്പെടണം. മാതാപിതാക്കളുടെ സമ്പത്തുകളെ മക്കളും ജന്മംകൊണ്ട് ഉറ്റവരും ഉൾപ്പെടെ ഏതൊരാൾക്കും ഭാഗികമായി കൈമാറ്റം ചെയ്യുന്നതിനു പോലും ധർമ്മശാസ്ത്ര പരമായ വിശദീകരണം ആവശ്യമാണ്. വിശേഷ ബുദ്ധി കൊണ്ട് ഭൂമിയിലെ എല്ലാ മനുഷ്യരെയും സഹോദരങ്ങളായി മനസ്സിലാക്കാനും, അതിന്റെ അടിസ്ഥാനത്തിൽ ജന്മംകൊണ്ട് ഉറ്റവരായവർ ഒഴികെ, ഭൂമിയിലെ ഏതൊരു വ്യക്തിയെയും പഞ്ചായത്തിനെയും ധർമ്മശാസ്ത്ര പ്രകാരം നേരിട്ടു തന്നെ സഹായിക്കാനും പരിചരിക്കാനും വ്യക്തിക്ക് സമ്പൂർണ്ണമായ സ്വാതന്ത്ര്യം എല്ലായ്പ്പോഴും ഉണ്ട്.

ധർമ്മശാസ്ത്രപ്രകാരം ജനങ്ങളുടെ സേവകരും, ഭാഗികമായി ജനങ്ങളുടെ അടിമകളും കൂടിയായ രാജാവും മന്ത്രിമാരും ഒക്കെ സമൂഹത്തിലെ ജനങ്ങളുടെ സ്വകാര്യമായ സമ്പത്തുകളെ, മൂലകങ്ങളിലൂടെ ഭൗതിക അസ്തിത്വം ഇല്ലാത്തതും, ധർമ്മശാസ്ത്ര വിരുദ്ധമായ നിയമങ്ങളിലൂടെയും പ്രവൃത്തികളിലൂടെയും പിടിച്ചു പറിക്കുകയും ചെലവഴിക്കുകയും ചെയ്യുന്നതിനിടയിൽ അതിന്റെ ഓഹരികൾ മന്ത്രിമാർക്കും ഉദ്യോഗസ്ഥർക്കും മറ്റും അധിക-കൊള്ള -വേതനങ്ങളും പെൻഷനുകളുമായും, ഏതാനും പാവങ്ങൾക്ക് നാമമാത്ര- പെൻഷനുകളായും, ചിലർക്ക് സബ്സിഡികളായും മറ്റും നൽകി കടുത്ത കുറ്റങ്ങളും പാപങ്ങളും ചെയ്യുമ്പോൾ, പാവങ്ങൾ ഉൾപ്പെട്ട ജനങ്ങളെ കൊള്ളയടിച്ച/ തട്ടിപ്പറിച്ച മുതലിന്റെ ഓഹരി അനുഭവിക്കുന്നവരായി യജമാനരായ ജനങ്ങൾ അധഃപതിക്കുന്നു. മഹാവാത്സല്ല്യത്തോടെ ഭൂമിയും ശരീരവും നൽകിപ്പോരുന്ന വിശേഷ ബുദ്ധികളെ ഉചിതമായി ഉപയോഗിക്കുകയും, മണ്ണായ ഭൂമിയിൽ അദ്ധ്വാനിച്ചു നേടുന്ന സമ്പത്തു കൊണ്ട് ഓരോരുത്തരും അവരവരുടെ രാജാവായും അഭിമാനികളായും ജീവിക്കുന്നതാണ് അവരുടെ മഹാമാതാവും ഭൂമിയുമായ ദൈവത്തിനിഷ്ടം.

**മനുഷ്യർക്ക് ലഭിക്കുന്ന സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തെ, ഇന്ന് മന്ത്രിമാരും ഉദ്യോഗസ്ഥരും മറ്റും ചെയ്യുന്നതു പോലെ സാധാരണക്കാരും പാവപ്പെട്ടവരും വ്യാപാരികളും വ്യവസായികളും ഉൾപ്പെട്ട മറ്റുള്ളവരുടെ സമ്പത്തുകളെ തട്ടിപ്പറിച്ചു ജീവിക്കാനും തങ്ങൾക്കും ഉറ്റവർക്കും ധർമ്മ ശാസ്ത്ര വിരുദ്ധമായി വസ്തുവകകളെ ശേഖരിക്കാനും കൈമാറ്റം ചെയ്യാനും മറ്റുമായി ദുരുപയോഗം ചെയ്തു കൂടാ.** അദ്ധ്വാനിച്ചു നേടിയ സമ്പത്തുകളെ വിശാലമായ അർത്ഥത്തിൽ വിതരണം ചെയ്യാൻ വ്യക്തിക്ക് സമ്പൂർണ്ണമായ സ്വാതന്ത്ര്യം ഉണ്ടെന്നു പറയുമ്പോൾ, സമൂഹത്തിന്റെ ഭാഗമായ വ്യക്തി നാട്ടിൽ ജീവിക്കുമ്പോൾ ധർമ്മശാസ്ത്രപരമായി അദ്ധ്വാനിച്ചു നേടാനും, ചെലവുചെയ്യാനും, ഭൂമിയുടെ കുഞ്ഞുങ്ങളെല്ലാം ബാദ്ധ്യസ്ഥരാണ്. മദ്യപാനം, ആത്മീയ തട്ടിപ്പുകളെ പ്രചരിപ്പിക്കൽ, തുടങ്ങിയ അധമ പ്രവൃത്തികൾക്ക് ധനം ചെലവഴിക്കാൻ നാട്ടുവാസിക്ക് അവകാശവും അധികാരവും ഇല്ലെന്നും അറിയണം.

കഠിനമായി പരിശ്രമിച്ചു പഠിച്ചും മറ്റുമാണ് ഉന്നത പദവിയെന്നു കരുതുന്ന തൊഴിലുകളെ നേടുന്നതെന്നും, അതുകൊണ്ടുതന്നെ ഉയർന്ന പദവികൾക്കും വേതനത്തിനും തങ്ങൾ അർഹരാണ് എന്നും, സമവേതന വിചാരം തെറ്റാണെന്നും കരുതുന്ന അനേകർ തീർച്ചയായും സമൂഹത്തിലുണ്ടാവും. ക്ഷമയോടെ പഠിക്കുക :- മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രത്തെ ഗ്രഹിക്കാനുള്ള വിശേഷ ബുദ്ധി മറ്റുള്ള ജീവികൾക്കു ലഭിച്ചിട്ടില്ലാത്തത് അവയുടെ കുറ്റം കൊണ്ടോ, മനുഷ്യർക്കു ലഭിച്ചിട്ടുള്ളത് മനുഷ്യരുടെ/ആത്മാക്കളുടെ നേട്ടം കൊണ്ടോ അല്ലെന്നത് മുമ്പ് വ്യക്തമാക്കിയതാണ്. അതേപോലെ മനുഷ്യരിലെ അനേകർക്ക് വിശേഷ ബുദ്ധി കൂടുതൽ ലഭിക്കുന്നത് അടിസ്ഥാന പരമായി അവരുടെ നേട്ടം കൊണ്ടോ; മറ്റനേകർക്ക് കുറച്ചു മാത്രം ലഭിക്കുന്നത് അവരുടെ കുറ്റം കൊണ്ടോ അല്ല. സമൂഹത്തിലെ ആനന്ദകരമായ ജീവിതത്തിന് എല്ലാ തൊഴിലുകളും ചെയ്യാൻ ആളുണ്ടാകണം; സമമായ ബുദ്ധി ശക്തി എല്ലാവർക്കും നൽകിയാൽ അത് സാധിക്കുന്നതല്ല. ജന്മഗുണമായി ബുദ്ധിശക്തിയെ നിശ്ചയിക്കുകയും മനുഷ്യാവസ്ഥയിൽ ഓരോ മനുഷ്യനും വ്യവസ്ഥ ചെയ്തിട്ടുള്ള 100 ജന്മങ്ങളിലായി വ്യത്യാസപ്പെടുത്തുകയും ചെയ്യുമ്പോൾ ബുദ്ധിശക്തിയുടെ കാര്യത്തിൽ സമനീതി നടപ്പാകുന്നതാണ്. ബുദ്ധിശക്തിയെ സംബന്ധിച്ച വിശദീകരണത്തിൽ നിന്ന് അധികമായി ബുദ്ധിശക്തി ലഭിക്കുന്നവർക്ക് തജ്ജന്മത്തിൽ കൂടുതൽ കടമകളും ഉത്തരവാദിത്വങ്ങളും/ ചുമതലകളും സമൂഹത്തോട് ഉണ്ടെന്ന് തെളിയുന്നു. വ്യക്തിക്ക് / ആത്മാവിന് കൂടുതൽ ബുദ്ധിശക്തി നൽകിയിട്ടുള്ളത് സമൂഹത്തിനു വേണ്ടിയോ മറ്റുള്ളവർക്കു വേണ്ടിയോ ആണെന്ന് തെറ്റിദ്ധരിക്കരുത്. ചുറ്റുമുള്ള (സഹോദരങ്ങൾ കൂടിയായ) മനുഷ്യരെ സഹായിക്കാനും പരിചരിക്കാനും കഴിയുന്നതിലൂടെ വ്യക്തിക്ക് കൂടുതൽ പുണ്യം നേടാൻ കഴിയുന്നതാണ്. മുജ്ജന്മങ്ങളിൽ ചെയ്തു കൂട്ടിയ പാപങ്ങളിൽ നിന്നും ദൈവശിക്ഷകളിൽ നിന്നും മുക്തിയും, ഭാഗ്യമുണ്ടെങ്കിൽ വരും ജന്മങ്ങളിലേക്ക് വർദ്ധിച്ച ആനന്ദങ്ങളെ ശേഖരിക്കാനുള്ള പുണ്യവും നേടാൻ കഴിയുന്നതാണ്. മാത്രമല്ല; തജ്ജന്മത്തിൽ കൂടുതൽ ആനന്ദിച്ചു ജീവിക്കാനും കഴിയും!

**സാമ്പത്തിക ശാസ്ത്രം ഉൾപ്പെടെ മഹാശാസ്ത്ര നിയമങ്ങളിൽ നിന്ന് വ്യക്തികൾ വ്യതിചലിച്ചാൽ, ശ്വസനം വഴി സർവ്വവും മഹാശാസ്ത്രം പ്രകാരം അറിയുന്ന 'ഭൂമിയുടെ വാതക രൂപം കൂടിയായ ഓക്സിജൻ' ഓംകാര നീതിശാസ്ത്രം പ്രകാരം വ്യക്തികളെ തജ്ജന്മത്തിലും, പുനർജ്ജന്മങ്ങളിലുമായി ശിക്ഷിച്ചു തിരുത്തിയും സമനീതി എന്ന സമ-ആനന്ദത്തെ എല്ലാ മനുഷ്യർക്കും (മറ്റുള്ള ജീവികൾക്കും) ഉറപ്പാക്കുന്നതാണ്.**

വ്യക്തി എന്ന് വിശേഷിപ്പിക്കുന്ന ആത്മാവ് വിശാലമായ അർത്ഥത്തിൽ മറ്റുള്ളവരെ സഹായിക്കുമ്പോഴും, ധർമ്മശാസ്ത്രപരമായി സമൂഹത്തിൽ ജീവിക്കുമ്പോഴും, വ്യക്തിക്ക് അഹംഭാവം, പൊങ്ങച്ചം, തുടങ്ങിയവ ഉണ്ടാവാൻ പാടില്ല. പാടില്ല എന്നു പറയുമ്പോൾ മുഖ്യമായും മൂന്നു വിധത്തിൽ വ്യക്തിക്ക് അവകാശമില്ല. (1) മഹാവേദം എന്ന മഹാഗ്രന്ഥത്തിൽ വിവരിച്ചിരിക്കുന്ന ദൈവീകമായ സാമ്പത്തിക ശാസ്ത്രം പ്രകാരം, ദൈവമായ ഭൂമി, അംശമായ ശരീരം ഉൾപ്പെടെയുള്ള മൂലകങ്ങളിലൂടെ ആത്മാവിന് നൽകിപ്പോരുന്ന ശക്തികൾ, ജ്ഞാനം, ആനന്ദങ്ങൾ തുടങ്ങിയവയ്ക്ക് വ്യക്തിയുടെ സമ്പത്തുകളുടെ ഏറെക്കുറെ നാലിൽ മൂന്ന് ഭാഗവും വേതനമായി ഭൂമിക്ക് നൽകാൻ വ്യക്തി ബാദ്ധ്യസ്ഥമാണ്. ഭൂമി പിടിച്ചു വാങ്ങുന്നില്ല എന്നതു കൊണ്ട് ഭൂമിയുടെ അവകാശം ഇല്ലാതെ വരുന്നില്ല. വിശേഷ ബുദ്ധി ലഭിച്ച മനുഷ്യർ അറിഞ്ഞു നൽകണം. സർവ്വത്തിനും അതീതവും മഹാശക്തിയുമായ ഭൂമിക്ക് കുഞ്ഞുങ്ങളിൽ നിന്നും ധനം വേണ്ടെങ്കിലും, ഭൂമിയുടെ മറ്റ് കുഞ്ഞുങ്ങൾക്കു വേണ്ടി ക്കൂടി ഭൂമി സൃഷ്ടിച്ചിട്ടുള്ളതും ഒരുക്കിയിട്ടുള്ളതുമായ സമ്പത്തുകളെ വിശാലമായ അർത്ഥത്തിൽ ധർമ്മശാസ്ത്രപരമായി വിതരണം ചെയ്തു കൊണ്ടു മാത്രം അനുഭവിക്കാനും ആസ്വദിക്കാനും വ്യക്തി/ആത്മാവ് തയ്യാറാവണം. (2) സാമ്പത്തിക ശാസ്ത്രം ഉൾപ്പെടെയുള്ള ധർമ്മശാസ്ത്ര ശാഖകളിൽ കുഞ്ഞുങ്ങൾക്ക് വീഴ്ച്ച സംഭവിക്കുന്നതു കൊണ്ടാണ് സമൂഹത്തിൽ സാമ്പത്തികമായ ഏറ്റക്കുറച്ചിലുകൾ പൊതുവെ അധികരിക്കുന്നത്.

(3) ഈ ദിവ്യ മഹാഗ്രന്ഥത്തിന്റെ രണ്ടാം ഭാഗത്തിൽ വിശദീകരിച്ചിട്ടുള്ള മഹാനീതി ശാസ്ത്രമായ ഓംകാര നീതിശാസ്ത്രം പഠിക്കാൻ കഴിയുന്നവർക്ക്, മുജ്ജന്മ-തജ്ജന്മ പാപങ്ങൾക്കുള്ള ശിക്ഷാ ബന്ധനമായിട്ട് സാമ്പത്തിക ഏറ്റക്കുറച്ചിലുകളെ ജന്മഗുണമായിട്ടും ഭൂമി നിർവ്വഹിക്കുന്നത് മനസ്സിലാക്കാം.

സവിശേഷമായ ഒരു പ്രധാന കാര്യം സാമ്പത്തിക ഏറ്റക്കുറച്ചിലുകൾക്കു പിന്നിൽ മാതാപിതാക്കൾ, ഇണ, മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ, സുഹൃത്തുക്കൾ എന്നിങ്ങനെ ഉറ്റവരായി ജീവിച്ചിരുന്ന മനുഷ്യർക്ക് പിജ്ജന്മങ്ങളിലും സ്നേഹബന്ധം പുലർന്നു കാണാൻ കൊതിച്ച അനേകരുണ്ട്. തജ്ജന്മത്തിലെ ഉറ്റവർ ഉൾപ്പെടെ ചിലരെയെങ്കിലും ഇനിയൊരു ജന്മം ഉണ്ടെങ്കിൽ ഉറ്റവരായി ലഭിക്കണമെന്ന് ആഗ്രഹിക്കുന്നവർ സമൂഹത്തിൽ വളരെയധികം ഉണ്ട്. തജ്ജന്മത്തിലെ അനേകം (ഉറ്റ)ബന്ധങ്ങളിൽ മുജ്ജന്മങ്ങളുടെ തുടർച്ച ഉണ്ടാവും! മഹാശക്തിയും മഹാനീതിയും മഹാവാത്സല്യവും മഹാമാതാവുമായ ഭൂമി, തന്റെ പൊന്നോമന കുഞ്ഞുങ്ങളുടെ ജന്മ-തുടർച്ചയെ അനുവദിച്ചതിന്റെ ഫലമായി സാമ്പത്തിക സഹകരണവും സഹായവും ചെയ്തും സ്വീകരിച്ചും ബന്ധ-തുടർച്ചയോടെ ജീവിക്കാനുള്ള അവസരങ്ങൾ അനേകർക്ക് ലഭിക്കുന്നുണ്ട്. ദൈവീകമായ സ്നേഹ വാത്സല്യങ്ങളോടെ കൊടുത്തും വാങ്ങിയും ഉറ്റവരായി കൂടുതൽ ആനന്ദത്തോടെ ജീവിക്കാനുള്ള ചുറ്റുപാടുകളെ ഭൂമി ഉണ്ടാക്കുകയാണ്. കുഞ്ഞുങ്ങളുടെ ജന്മബന്ധ-തുടർച്ചയെ ഭൂമി അനുവദിക്കുമ്പോൾ, അഹംഭാവം, പൊങ്ങച്ചം, അവിവേകം, ദുഷ്കീർത്തി, ദുസ്വാർത്ഥം തുടങ്ങിയവ കൊണ്ട് അവസരങ്ങളെ അനവധി കുഞ്ഞുങ്ങൾ നഷ്ടപ്പെടുത്തുന്നത് അസുന്ദരമായിട്ടുണ്ട്.

മനുഷ്യരുടെ ഏതാനും അവയവങ്ങൾക്ക് ലഭിച്ചിട്ടുള്ള ഭാഗികമായ ചലന സ്വാതന്ത്ര്യം കൊണ്ടു തന്നെ സമ്പൂർണ്ണമായ സ്വാതന്ത്ര്യം അനുഭവിക്കുന്ന പ്രതീതി മനുഷ്യരുടെ സ്വത്വമായ ആത്മാക്കൾക്ക് ലഭിക്കുന്നുണ്ട്. ശരീര അവയവങ്ങളെ കൊണ്ട് ആത്മാക്കൾക്കെല്ലാം സമാനമായി ആനന്ദങ്ങളെ നേടാനും അനുഭവിക്കാനും കഴിയണമെങ്കിൽ, മൂലകങ്ങളിലുള്ള ധർമ്മശാസ്ത്രത്തെ ഉൾക്കൊണ്ടു ജീവിക്കാൻ തയ്യാറാവണം.


**ജനങ്ങളുടെ പൊതു സമ്പത്തായ പൊതുഖജനാവിനെ സംരക്ഷിക്കാൻ കടമപ്പെട്ടവരായ ജനങ്ങളുടെ സേവകരും അടിമകളുമായ ഭരണാധികാരികൾ അവകാശമില്ലാത്ത ധനം അനുഭവിക്കുകയും ധൂർത്തടിക്കുകയും ചെയ്താൽ, അടിമകൾക്ക് അട്ട, കുരങ്ങ്, അണ്ണാൻ തുടങ്ങിയ ജന്തുശിക്ഷാ ജന്മങ്ങളെ സ്വീകരിക്കേണ്ടതായി വരുന്നതാണ്. അട്ടയായി ശിക്ഷിക്കപ്പെട്ടാൽ അട്ടക്കാലുകളുടെ (ആറ്റുകാൽ) എണ്ണം തവണ അട്ടയായി പുനർജ്ജനിക്കേണ്ടി വരുന്നതാണ്.**

**മൂലകങ്ങൾ അനുശാസിക്കുന്ന സാമ്പത്തിക ശാസ്ത്രത്തെ അവമതിക്കുന്ന എല്ലാ ജനങ്ങളും ദാരിദ്ര്യ-ശിക്ഷാകേന്ദ്രമായി ഭൂമിയായ ദൈവം നിശ്ചയിച്ചിട്ടുള്ള ആഫ്രിക്കൻ പ്രദേശങ്ങളിൽ ഒന്നിലധികം തവണ സ്ഥിതിപരമായ വിധി പ്രകാരം പുനർജ്ജനിക്കേണ്ടി വരുന്നതാണ്.**

## പഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾക്ക് ഏതാനും മാർഗ്ഗ രേഖകളെ ഉദാഹരണങ്ങളോടെ ചുവടെ ചേർക്കുന്നു :-

(1) ജീവിക്കുന്നത് പഠിക്കാനും തൊഴിൽ ചെയ്യാനും മറ്റുമല്ല; മറിച്ച് ആനന്ദിക്കാനാണ് എന്നതാണ് വാസ്തവമെങ്കിലും ആനന്ദങ്ങളെ അവകാശത്തോടെ നേടാനും അനുഭവിക്കാനും വർദ്ധിപ്പിക്കാനും ഭൂമിയുടെ അംശങ്ങളായ മൂലകങ്ങളുടെ രൂപാന്തരമായ ശരീരം കൊണ്ട് തൊഴിൽ ചെയ്യാൻ ഭൂമി കുഞ്ഞുങ്ങളെ വ്യവസ്ഥപ്പെടുത്തി അനുവദിച്ചിരിക്കുകയാണ്. മുമ്പ് വിവരിച്ചതാണ്. സമൂഹത്തിന്റെ ഭാഗമായി ജീവിക്കുന്ന മനുഷ്യന് തങ്ങൾ അദ്ധ്വാനിച്ചു നേടുന്ന സമ്പത്തുകളെ ഉചിതമായി സൂക്ഷിക്കാനും ചെലവഴിക്കാനും ക്രയവിക്രയ മാധ്യമം ആവശ്യമാകുന്നത് ആവിധമാണ്. അദ്ധ്വാനിച്ചു നേടുന്ന സമ്പത്തുകളെ ധനം, പണം തുടങ്ങിയ പേരുകളിൽ പഴയ കാലത്ത് സ്വർണ്ണം, വെള്ളി, ചെമ്പ് നാണയങ്ങളും രത്നങ്ങളുമായി സൂക്ഷിക്കുകയും കൈമാറുകയും ചെയ്തിരുന്നു. പ്രസ്തുത സമ്പത്തുകളുടെ വലിയ ഒരു ഭാഗത്തെ റിസർവ് ബാങ്ക് തുടങ്ങിയ സംവിധാനങ്ങളിൽ സൂക്ഷിച്ചും കബളിപ്പിച്ചും, പകരം പേപ്പർ കറൻസി അച്ചടിച്ച് **പണമായി** പ്രചരിപ്പിക്കുന്ന സമ്പ്രദായത്തെ ആധുനിക കാലത്ത് ഏറെക്കുറെ എല്ലാ രാജ്യങ്ങളിലെയും ഭരണകൂടങ്ങൾ സ്വീകരിച്ചിരിക്കുന്നു. അത് തെറ്റും കുറ്റവുമാണ്. **പേപ്പർ കറൻസി ധർമ്മശാസ്ത്രപരമല്ല (ദൈവീകമല്ല). സാമ്പത്തിക ക്രയ-വിക്രയ ഉപാധിയായി നിശ്ചയിക്കുന്ന ഒരു വസ്തുവിന് ഭൗതിക-ധർമ്മ-നീതിശാസ്ത്രങ്ങൾ പ്രകാരമുള്ള യോഗ്യതകൾ ഉണ്ടാവണം. ഭൂമിയുടെ അംശമായ മൂലകങ്ങൾ അവതരിച്ചിട്ടുള്ളത് സുവ്യക്തമായ മഹാപദ്ധതികളോടെ മാത്രമാണെന്ന്, വിശേഷബുദ്ധി കൊണ്ട് മനസ്സിലാക്കാനാവും. ദൈവമായ ഭൂമി തടഞ്ഞില്ലെങ്കിൽ, മൂലകങ്ങളുടെ ധർമ്മം ഗ്രഹിക്കാൻ ഉചിതമായി ശ്രമിക്കാതെ മനുഷ്യരുണ്ടാക്കിയ 'പേപ്പർ കറൻസി'യുടെ ഭൂമിയിലെങ്ങുമുള്ള വ്യാപകമായ കൈമാറ്റം 'ഭീകര രോഗാണുക്കളെയും ചെറുതും വലുതുമായ രോഗങ്ങളെയും' നിരന്തരം പകർന്നു നൽകുന്നവയാണ്.** 2020-**ലെ വൈറസ് രോഗം വിഷയ ഗൗരവം അറിയിച്ചു കഴിഞ്ഞു. മഹാശാസ്ത്രപരമായി ഉടൻ പരിഹരിച്ചില്ലെങ്കിൽ അപകടം**!

തീകത്തുന്നവയും, വെള്ളത്തിൽ വീണാൽ കുതിർന്നു നശിക്കുന്നവയും, ചിതലു തിന്നുന്നവയും, ദ്രവിക്കുന്നവയും, അഴുക്കുപിടിക്കുന്നവയും, പുരളുന്ന അഴുക്കുകളെ നിസ്സാരമായി കഴുകി വൃത്തിയാക്കാൻ കഴിയാത്തവയും, തുടർച്ചയായിട്ട് ഉപയോഗിച്ചാൽ പെട്ടെന്ന് നശിക്കുന്നവയും, നിർമ്മാണത്തിന് ആവശ്യമാകുന്ന അദ്ധ്വാനത്തെയും യന്ത്ര സാമഗ്രികളെയും പാഴാക്കുകയും, മറ്റും ചെയ്യുന്ന കടലാസ് കറൻസി യഥാർത്ഥത്തിൽ കള്ളനോട്ടാണ്; പൈശാചികമാണ്. കള്ളനോട്ടിനെ പണം എന്ന കള്ളപ്പേരിൽ നിർമ്മിക്കുന്ന, യഥാർത്ഥത്തിൽ (അടിമകളായ) ഭരണാധികാരികളും, ഏതൊരാളും കള്ളന്മാരാണ്. 'വലിയ കള്ളന്മാരായ ഭരണാധികാരികളുടെ കെടുകാര്യസ്ഥത കൊണ്ടാണ് ' ചെറിയ കള്ളന്മാർ കള്ളനോട്ടുകളെ നിർമ്മിക്കുന്നത് എന്നതു സത്യമാണെങ്കിലും രണ്ടുകൂട്ടരും ചെയ്യുന്നത് അധർമ്മമാണ്. വലിയ കള്ളന്മാരുടെ അധമത്തങ്ങൾ കൊണ്ടുകൂടിയാണ് ചെറിയ കള്ളന്മാർ രൂപപ്പെട്ടത് എന്നതിനാൽ ദൈവശിക്ഷകളിൽ വലുതെല്ലാം വലിയ കള്ളന്മാർക്കാണ് ലഭിക്കുക. കള്ളക്കൂട്ടങ്ങൾ ജനങ്ങളെ ഭാരപ്പെടുത്താനും കഷ്ടപ്പെടുത്താനും കബളിപ്പിക്കാനും എത്ര നീചമായി തയ്യാറാകുന്നു എന്നതിന് മറ്റൊരു ഉദാഹരണമാണ് വലതു വശത്ത് കാണുന്ന 'ബാങ്കിന്റെ അറിയിപ്പ് '.



State Bank of India
THE BANKER TO EVERY INDIAN

As per RBI and Govt. notification No. 563F/MC/RBI/NSK/2016 dated 9/11/2016 Any new 2000 and 500 notes will be invalid if any kind of writing (by pen/marker/sketch pen) found on it. No Bank will accept notes having writing or stapled.

*Note : Please inform every one. Do not write on notes and do not accept such notes. Use pencil (when needed).*

അല്പം അഴുക്ക് പിടിച്ച നോട്ട് ശ്രദ്ധിക്കാതെ വാങ്ങിച്ചു പോയാലും ജനങ്ങൾ കഷ്ടപ്പെടുന്നതാണ്.

**ജനങ്ങളുടെ സമ്പത്തിനെ തട്ടിയെടുക്കാനുള്ള കള്ളന്മാരുടെ ഉപാധി കൂടിയാണ് കടലാസ് കറൻസി. ഭരണാധികാരികൾ നിശ്ചയിക്കുന്ന ഏതൊരു സമയത്തും കടലാസ് കറൻസി പണമല്ലാതായി മാറുന്നത് കടലാസിന്റെ തകരാറല്ല; പണമായിട്ട് ഉപയോഗിക്കാനുള്ള യോഗ്യതകൾ, കടലാസിന് യഥാർത്ഥത്തിൽ ഇല്ലാത്തതുകൊണ്ടാണ്.**

**ജീവികൾക്കെല്ലാം ജീവിക്കുന്നതിന് ആവശ്യമായ സർവ്വതും സൃഷ്ടിച്ചിട്ടുള്ള ദൈവം, മനുഷ്യരുടെ സാമ്പത്തിക ക്രയവിക്രയ മാധ്യമമായ "പണമായിട്ട്" മഹാഉചിതമായ വസ്തുക്കളെയും സൃഷ്ടിച്ചിട്ടുണ്ടാവും എന്നു തിരിച്ചറിഞ്ഞ് ഉപയോഗിക്കുമ്പോൾ കള്ളനോട്ട് അവസാനിക്കുന്നതാണ്. അദ്ധ്വാനമൂല്യമുള്ളതും കാലാതീതവും സ്വയം സമ്പത്തുമായ** സ്വർണ്ണം വെള്ളി ചെമ്പ് നാണയങ്ങളെ പണമായിട്ട് ഉപയോഗിക്കാം; ഉചിതമായ ശക്തികൾ ഉള്ള ഏതൊരാൾക്കും നിർമ്മിക്കുകയും ചെയ്യാം; കള്ളത്തരമായി നിർമ്മിക്കുന്നതുകൊണ്ട് യാതൊരാൾക്കും സാമ്പത്തിക നേട്ടങ്ങളെ ലഭിക്കുന്നതല്ല. എന്നാൽ ഭരണാധികാരികൾ സ്വർണ്ണം, വെള്ളി, ചെമ്പ് നാണയങ്ങളെ നിർമ്മിക്കുന്നത് ഉൾപ്പെടെയുള്ള ഏതൊരു കാര്യവും ചെയ്യുന്നത് യജമാനന്മാരായ ജനങ്ങളുടെ സമ്മതത്തോടെയും ബോദ്ധ്യപ്പെടുത്തിയും ആവണം. ദൈവ-വിപ്ലവം ഉടൻ ആരംഭിക്കുന്നതോടെ, ഭൂമിയിലെങ്ങുമുള്ള ജനങ്ങൾ സ്വയവും, ജനങ്ങളുടെ അടിമകളായ ഭരണാധികാരികളെ യഥാർത്ഥമായ അടിമകളാക്കിയും, "സ്വർണ്ണം, വെള്ളി, ചെമ്പ് നാണയങ്ങളെ 'പണമായിട്ട് ' (സ്വയം) നിർമ്മിക്കുന്നതും ഉപയോഗിക്കുന്നതും" സ്വയമോ പൊതുഖജനാവിലോ സൂക്ഷിക്കുന്നതുമാണ്. പൊതുവായ ഉപയോഗം, വിശ്വാസ്യത ഉറപ്പാക്കൽ എന്നിവ കൊണ്ടു മാത്രമാണ് ഭരണകൂടത്തിനെ നാണയ നിർമ്മാണം ഏല്പിക്കുന്നത്. കൂടുതൽ വിനയായി അത് മേലിൽ മാറരുത്. പൊതുവായ ആവശ്യമാണ് മാധ്യമമായ 'പണം' എന്നിരിക്കെ ജനങ്ങളുടെ അടിമകളായ ഭരണാധികാരികൾ പണത്തിന്റെ പേരിൽ ആവേശപ്പെടുന്നതും ജനങ്ങളെ പീഢിപ്പിക്കുന്നതും കടുത്ത അപരാധമാണ്.

വാങ്ങാനും നൽകാനും സൂക്ഷിക്കാനും ചെലവഴിക്കാനും കൊണ്ടുനടക്കാനും, സോപ്പും വെള്ളവും ഉപയോഗിച്ച് കഴുകി വൃത്തിയാക്കാനുമെല്ലാം കഴിയുന്ന സ്വർണ്ണം, വെള്ളി, ചെമ്പ് നാണയങ്ങളെയും, അപൂർവ്വമായ രത്നങ്ങളെയും വളരെയധികം ചുമന്നാൽ ഭാരമാണ്; സൂക്ഷിക്കുന്നവർക്ക് കള്ളന്മാരെയും മറ്റും ഭയന്ന് ശരിക്ക് ഉറങ്ങാൻ പോലും കഴിയില്ല. അയാൾ വിഷമിക്കുക തന്നെ വേണം. എന്തെന്നാൽ കൂടുതൽ ധനം പാടില്ല.

ധർമ്മ ശാസ്ത്രത്തിന്റെ ശാഖയായ സാമ്പത്തിക ശാസ്ത്രം പ്രകാരം ദൈവമായ ഭൂമിയുടെ അംശമായ മൂലകങ്ങൾ മാത്രമാണ് ധനം. മഹാജാലം കൂടിയായ ഭൂമിയുടെ മാത്രം സ്വന്തമായ 'ശരീരം ഉൾപ്പെടെയുള്ള മൂലകങ്ങളെല്ലാം' ധനം കൂടിയാണ്. ശരീരം ആത്മാവിനെ പുറത്താക്കുകയും, ജീവനായ ഓക്സിജൻ ശരീരത്തെ മൂലകങ്ങളായും സംയുക്തങ്ങളായും വിഘടിച്ച് വീണ്ടും മണ്ണിന്റെ ഭാഗമാക്കാനായി പ്രവർത്തിച്ചു തുടങ്ങുന്നതിനെയുമാണ് മരണം കൊണ്ട് ഉദ്ദേശിക്കുന്നത്. മരണത്തിൽ ധനവും ശരീരവും ആത്മാവിനെ പുറത്താക്കുകയാണ്. അങ്ങനെയിരിക്കെ, യാതൊരു ആത്മാവിനും ധനത്തെ മാത്രമല്ല; ശരീരത്തെയും മരണത്തിൽ കൂടെ കൂട്ടാൻ കഴിയില്ല. ഓരോ മനുഷ്യനും 100 മനുഷ്യ ജന്മങ്ങൾ ഉണ്ടെന്ന് ഓംകാര നീതിശാസ്ത്രം തെളിയിക്കുമ്പോൾ; പുണ്യപാപങ്ങളെ കൂടെക്കൊണ്ടു പോയാൽ മാത്രമാണ് മഹാനീതിയും, ആധാരമായ ജന്മഗുണങ്ങളെയും നിശ്ചയിക്കാൻ കഴിയുക. ഭൂമിയിലെ ആനന്ദങ്ങളെ നേടാനുള്ള മാധ്യമമായ ധനത്തെ ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരം സമ്പാദിക്കാനും ചെലവഴിക്കാനും വ്യക്തിക്ക് സാധിച്ചെങ്കിൽ മാത്രമാണ് തജ്ജന്മത്തിലെ ജീവിതം സാർത്ഥകമാവുക. അതായത് വ്യക്തികളെ സംബന്ധിച്ച് പണത്തിന് പ്രത്യേക പ്രാധാന്യങ്ങളുണ്ട്. പണം സമ്പാദിക്കുന്നതും ചെലവു ചെയ്യുന്നതും ധർമ്മശാസ്ത്ര പ്രകാരം മാത്രമായാൽ, ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട രണ്ടു കാര്യങ്ങളിൽ ആദ്യത്തേതിൽ വ്യക്തി വിജയിച്ചു. അനവധി ആനന്ദങ്ങളെ നേടാനുള്ള കനകമായി വിശേഷിപ്പിക്കുന്ന സമ്പത്തുകളുടെ മേൽ ആത്മാവ് സ്വയം നിയന്ത്രണം നേടണം.

രണ്ടാമത്തേത് ജീവികളുടെയെല്ലാം പരമാനന്ദമായി ഭൂമി നിശ്ചയിച്ചിട്ടുള്ള കാമ-ആനന്ദത്തെ പൂർത്തിയാക്കുന്ന സ്വന്തം പകുതിയായ ഇണയാണ്. ഈ മഹാഗ്രന്ഥത്തിന്റെ രണ്ടാം ഭാഗത്തിൽ വിശദീകരിച്ചിട്ടുണ്ട്. പണത്തിന്റെ കാര്യം തുടരാം.

ആനന്ദങ്ങൾക്കെല്ലാം അതീതവും ഭൂമിയുമായ മഹാദേവി, സൃഷ്ടികളായ ജീവികളെ കുഞ്ഞുങ്ങളായി നിശ്ചയിക്കുകയും കുഞ്ഞുങ്ങളുടെ ആനന്ദത്തെ കണക്കാക്കി മഹാദാസ്യം മഹാവാത്സല്ല്യം എന്നീ 2 ആനന്ദങ്ങളെ സ്വീകരിച്ചിട്ടുണ്ട്.

ഭൂമിയുടെ ആനന്ദങ്ങളായ മഹാദാസ്യം, മഹാവാത്സല്ല്യം എന്നിവയുടെ അടിസ്ഥാനത്തിൽ കൂടുതൽ ബുദ്ധിശക്തിയും, ജ്ഞാനവും, സമ്പത്ത് ഉൾപ്പെടെയുള്ള ശക്തികളും ജന്മഗുണങ്ങളായി ലഭിച്ചവരും, അദ്ധ്വാനിച്ചു നേടിയവരുമായ മനുഷ്യർ, മണ്ണിൽ ലയിച്ചിട്ടുള്ള സാമ്പത്തിക ശാസ്ത്രം ഉൾപ്പെട്ട ധർമ്മശാസ്ത്ര പ്രകാരം, ഭൂമിയായ ദൈവത്തിന്റെ മറ്റു കുഞ്ഞുങ്ങളെ സഹായിക്കാനും പരിചരിക്കാനും ലഭിക്കുന്ന അവസരങ്ങളെ ഉപയോഗിക്കണം. 'ദൈവ-പ്രീതിയും, പുണ്യവും വർദ്ധിപ്പിക്കാൻ ഭൂമിയിൽ മറ്റു വഴികളില്ല; പരിശ്രമിക്കേണ്ടത് വ്യക്തിയുടെ ആവശ്യവുമാണ്; മഹാനീതി ശാസ്ത്രം തെളിയിക്കുന്നുണ്ട്.' അതിൻ പ്രകാരം ഭൂമിയിൽ ഒക്കെയുമുള്ള മനുഷ്യർ അറിയാനും അതാത് അവസ്ഥകളിലെ ശക്തികൾക്കും ജ്ഞാനത്തിനും അനുസരിച്ച് അന്യോന്യം പരിചയപ്പെടാനും സഹായിക്കാനും പരിചരിക്കാനും പരിശ്രമിക്കേണ്ടുന്നത് വ്യക്തികളുടെ പൊതുവായ സ്വകാര്യ ആവശ്യമാണ്. വ്യക്തികൾ അത്തരം ദൈവീകമായ പുണ്യകർമ്മങ്ങളെ ചെയ്യേണ്ടത് കഴിയുന്നത്ര നേരിട്ടും ഉറ്റവരിലൂടെയും ആവണം. അദ്ധ്വാനിച്ചു നേടുന്ന/ നേടിയ സമ്പത്തുകളെ മറ്റ് സഹോദരങ്ങളെ സഹായിക്കാനായി ഉപയോഗിക്കുമ്പോൾ, പ്രധാന മന്ത്രിയുടെ ദുരിതാശ്വാസ ഫണ്ട്, മുഖ്യമന്ത്രി യുടെ ദുരിതാശ്വാസ ഫണ്ട്, പാർട്ടി ഫണ്ട്, തുടങ്ങിയ ഇടനിലക്കാരെ വയ്ക്കുമ്പോൾ, അവർ ധർമ്മശാസ്ത്ര വിരുദ്ധമായി, വകമാറ്റി, തെമ്മാടിത്തരങ്ങൾക്കു ചെലവു ചെയ്താൽ പുണ്യശേഖരണത്തിനു പകരം പാപികളെ കൂടുതൽ പാപികളാക്കാൻ പ്രവർത്തിച്ചതു പോലെയാകും. കടുത്ത പാപങ്ങളെ മുജ്ജന്മങ്ങളിൽ ചെയ്തു കൂട്ടിയവർക്കുള്ള ദൈവ ശിക്ഷകളെ കുറയ്ക്കാൻ മഹാനീതി ശാസ്ത്ര പ്രകാരം ഭൂമി നൽകുന്ന അവസരമാണ് ജനസേവനം എന്നതിനെ ഗ്രഹിച്ചാൽ മുജ്ജന്മ പാപികളാണെന്ന് അറിയാതെ ജീവിക്കുന്ന ജനസേവകരെ മാത്രം കുറ്റം പറയാൻ പറ്റില്ലെന്ന് ബോദ്ധ്യമാകും. അതേസമയം വ്യക്തികൾ നേരിട്ട് മറ്റുള്ളവരെ സഹായിക്കുന്നത് ശ്രേഷ്ഠമാണ് എന്നു പ്രസ്താവിച്ചതിന്റെ മറവിൽ ഉറ്റവരെ സഹായിക്കാനായി ജനങ്ങൾ കുതന്ത്രങ്ങൾ മെനയാതിരിക്കാൻ ജനസേവകരായ പഞ്ചായത്തുകൾ ശ്രദ്ധിക്കുകയും വേണം.

സാമ്പത്തിക ശാസ്ത്രവുമായി ബന്ധപ്പെട്ട അതിപ്രധാനമായ ഒരു സാമൂഹിക ആവശ്യമാണ് പൊതുഖജനാവ്. വ്യക്തികളുടെ ഇഷ്ട പ്രകാരം സമ്പത്തുകളെ ഗ്രാമപഞ്ചായത്തിന്റെ പൊതു ഖജനാവിൽ സൂക്ഷിക്കാൻ കഴിയും. അങ്ങനെ ചെയ്യുമ്പോൾ ഖജനാവിൽ നിന്നും പലിശയില്ലാതെ വായ്പ നൽകി പഞ്ചായത്തിലെ വ്യക്തികളെ ധർമ്മശാസ്ത്ര പ്രകാരമുള്ള വ്യവസായങ്ങളും വ്യാപാരവും ആരംഭിക്കാൻ സഹായിച്ച് അതിലൂടെ വ്യക്തികൾക്ക് അഭിവൃദ്ധി ഉണ്ടാക്കാൻ ജനസേവകർക്ക് കഴിയും. വായ്പ നൽകുന്നത് തിരിച്ചടപ്പിക്കാനായി വ്യക്തികളെ കൊല്ലാക്കൊല ചെയ്യുകയും ബാങ്കുകാരുടെ പീഡനം സഹിക്കവയ്യാതെ അവർ ആത്മഹത്യ ചെയ്യുന്നതുമായ ഇന്നത്തെ അധമ സമ്പ്രദായം മാറണം. Reverse Mortgage Loan ന് അപേക്ഷിച്ച ഗ്രന്ഥകാരനെ ഇന്ത്യയിലെ സ്റ്റേറ്റ് ബാങ്ക് പീഡിപ്പിച്ച ചരിത്രം ഒരു മുൻ അദ്ധ്യായത്തിൽ ചേർത്തത് പഠന സൗകര്യത്തിനു കൂടിയാണ്. മാനുഷിക കുടുംബത്തിലെ സഹോദരങ്ങൾ തമ്മിൽ പലിശ കൊടുത്തും വാങ്ങിയും ജീവിച്ചാൽ അവരുടെ മാതാപിതാക്കൾ ഇഷ്ടപ്പെടില്ല എന്നത് വിശകലനം ചെയ്താൽ പലിശ പാടില്ലെന്നും, ധർമ്മ ശാസ്ത്രപരമായ ഭരണകൂടം അത്തരം ഹീന സമ്പ്രദായങ്ങൾക്ക് കൂട്ടുനിൽക്കരുതെന്നും ലളിതമായി മനസ്സിലാക്കാൻ കഴിയും. ബാങ്കുകളിലെ വൈവിധ്യമാർന്ന ജോലികൾ അധമത്തങ്ങൾ കാലക്രമേണ പെരുകി ഉണ്ടായവ മാത്രമാണ്; അത്യാവശ്യങ്ങളല്ല. **ബാങ്ക് അധികാരികൾക്കും ജോലിക്കാർക്കും മറ്റും മഹാനീതിശാസ്ത്രം നടപ്പാക്കുന്ന 'മഹാനീതിയായ ഭൂമിയുടെ' അംശമായ സ്വ-ശരീരത്തെ പഠിക്കാനും അധമമായ ബാങ്ക് ജോലികളെ ഉപേക്ഷിക്കാനും വേഗം കഴിയട്ടെ ! ഭൂമിയിൽ അദ്ധ്വാനിക്കുമ്പോൾ ഭൂമി സാത്വികമായ ധനത്തെയും ആനന്ദങ്ങളെയും ഏതൊരാൾക്കും നൽകുന്നതാണ്.**

ജനസേവകരെ തങ്ങളുടെ സമ്പത്ത് ഏല്പിക്കാമെന്ന വിശ്വാസം ജനങ്ങൾക്ക് ഉണ്ടാകണം. ജനങ്ങൾക്ക് സാമ്പത്തിക അഭിവൃദ്ധിയും നന്മയും വർദ്ധിപ്പിക്കുന്ന പ്രവൃത്തികളെ ചെയ്തു കൂടിയാണ് ജനസേവകർ പുണ്യം നേടേണ്ടത്. ജനസേവകർ ആവുമ്പോലെ ജീവിക്കുന്ന മാതൃകകളാവണം.

(2) ബസ്, ട്രെയിൻ, കപ്പൽ, വിമാനം, തുടങ്ങിയ പൊതു ഗതാഗത വാഹനങ്ങളും, റോഡുകളും, വാർത്താവിനിമയ സംവിധാനങ്ങളും നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യേണ്ടത് സമൂഹ ഭരണകൂടങ്ങളായ പഞ്ചായത്തുകളുടെ കൂട്ടായ്മ ആയിരിക്കണം. ജനങ്ങൾക്ക് ഏറ്റവും കൂടുതൽ സൗകര്യങ്ങളെ ഏറ്റവും കുറഞ്ഞ ചെലവിൽ ഒരുക്കി നൽകുകയാവണം പൊതുവായ സമീപനം. പകരം സ്വകാര്യ സംരംഭകർക്ക് വാർത്താവിനിമയം പോലെ ഗൗരവമായ കാര്യങ്ങളിൽ ഇടപെട്ട് കൊള്ളലാഭം ഉണ്ടാക്കാനും, ഭൂമിയുടെ കുഞ്ഞുങ്ങൾ കൂടിയായ സ്വകാര്യ വ്യക്തികൾ ധാർമ്മികമായി അധഃപതിക്കാനും സമൂഹ ഭരണകൂടം കാരണമായിക്കൂടാ. വാഹനങ്ങളുടെയും മറ്റും സീറ്റുകൾ എണ്ണി നികുതി പിരിവ് നടത്തുമ്പോൾ, ധർമ്മ ശാസ്ത്ര വിരുദ്ധമായ സംവിധാനങ്ങളും തൊഴിലുകളും സൃഷ്ടിക്കുകയായിരുന്നു അധമരും കൊള്ളക്കാരുമായ ഭരണാധികാരികൾ ചെയ്തത്.

വീട്ടുകാർ ആവശ്യാനുസരണം ടിവിയും മറ്റും വാങ്ങുന്നതുപോലെ, **റെയിൽവേ ഉൾപ്പെടെയുള്ള 'ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ' പഞ്ചായത്തുകൾ സമ്പത്ത് സ്വരുപിച്ചും, മറ്റ് പഞ്ചായത്തുകളുമായി സഹകരിച്ചും സ്വയം ചെയ്യണം.** ഉദാഹരണത്തിന്, മണ്ണടി, അടൂർ, കായംകുളം, പുനലൂർ, പത്തനംതിട്ട, കൊട്ടാരക്കര, തിരുവനന്തപുരം തുടങ്ങിയ പ്രദേശങ്ങളെ ബന്ധിപ്പിച്ചു കൊണ്ട് റെയിൽവേ ഗതാഗതം വേണമെന്ന് ഏറെക്കുറെ അര-നൂറ്റാണ്ടായിട്ട് മരണപ്പെട്ടവരും ജീവിച്ചിരിക്കുന്നവരുമായ പ്രദേശവാസികളും, ഈയുള്ളവനും, ഭരണകൂടങ്ങളോട് അപേക്ഷിച്ചിട്ട് പ്രയോജനം ഉണ്ടായില്ല. ഭരണകൂടത്തിന്റെ ഭാഗമായ ജനപ്രതിനിധികൾ എന്ന കള്ളപ്പേരുള്ള അതാതു കാലത്തെ എംഎൽഎ-എംപി-മാരും, സംസ്ഥാന സർക്കാരുകളും, കേന്ദ്ര സർക്കാരുകൾ എന്ന കള്ളപ്പേരുള്ള **കൊള്ളസംഘ-കേന്ദ്രത്തോട് തെണ്ടികളെപ്പോലെ കെഞ്ചി അപേക്ഷിച്ചിട്ടും നാളിതുവരെ ഫലമില്ല. കള്ളക്കൂട്ടങ്ങളുടെ ഔദാര്യത്തിൽ കഴിയേണ്ടതായ ആവശ്യം ജനങ്ങൾക്കും, യഥാർത്ഥ കൂട്ടായ്മയായ പഞ്ചായത്തുകൾക്കും ഇല്ല.**

(3) പെട്രോളിയം ഉല്പന്നങ്ങളെ പഞ്ചായത്തുകളുടെ കൂട്ടായ്മ ഒരുക്കുന്ന വിദേശ വ്യാപാര സംവിധാനത്തിന് നിർവ്വഹിക്കാനാവും; നികുതികളും ഓയിൽ ശുദ്ധീകരണ ശാലകളിലെ ജീവനക്കാരുടെ അധമ വേതനങ്ങളും ഒഴിവാക്കുമ്പോൾ തന്നെ പെട്രോൾ ലിറ്ററിന് ഏറെക്കുറെ 10 രൂപ മാത്രമായി ചുരുങ്ങുന്നതാണ്. വ്യാപാരത്തിൽ പുലർത്തേണ്ടതായ സാമാന്യ മര്യാദ പോലും മറന്നും മറച്ചുമാണ് പെട്രോളിയം ഉൽപ്പന്നങ്ങളുടെ ഇറക്കുമതിയിലൂടെയും ശുദ്ധീകരണം ഉൾപ്പെട്ട വില്പനയിലൂടെയും ലോകത്തിലെ ഏറ്റവും വലിയൊരു കൊള്ള സംഘമായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അവതരിച്ചത്. കൃഷിക്കാരുടെ വേതനവുമായി താരതമ്യം ചെയ്ത് സമൂഹത്തിൽ സമവേതനം നടപ്പാക്കുമ്പോൾ തന്നെ മഹാശാസ്ത്ര പരമായ ആനന്ദ ജീവിതം പരക്കെ പെട്ടെന്ന് സാദ്ധ്യമാകുന്നതാണ്. ഇന്ത്യ പോലുള്ള ദേശങ്ങളിൽ ഒരു പൈസയ്ക്ക് വീണ്ടും സ്ഥാനവും വിലയും ഉണ്ടാകുന്നതാണ്. ഇടനിലക്കാർ വർദ്ധിക്കുന്നതിന് അനുസരിച്ച് ചെലവുകളും അധർമ്മങ്ങളും (തട്ടിപ്പുകളും അഴിമതിയും) വർദ്ധിക്കുന്നതാണ്. ഉദാഹരണത്തിന്, കൃഷിക്കാരൻ നേരിട്ട് കപ്പയും കാച്ചിലും ചേനയും പച്ചക്കറികളും ഉപഭോക്താക്കൾക്ക് വിൽക്കുമ്പോൾ, രണ്ടു കൂട്ടർക്കും സാധനങ്ങളുടെ ഗുണനിലവാരവും അറിയാം, സാമ്പത്തിക നേട്ടങ്ങളും ഉണ്ടാകും; എന്നാൽ വ്യാപാരികളായ ഇടനിലക്കാരുടെ എണ്ണം വർദ്ധിക്കുന്നതിനും, ധന-ലാഭ-ആർത്തി-വ്യത്യാസങ്ങൾ അനുസരിച്ചും സാധനങ്ങൾക്ക് വില വർദ്ധിച്ചു കൊണ്ടേയിരിക്കും; മായങ്ങളും കൃത്രിമങ്ങളും ചേർക്കപ്പെടുകയും ചെയ്യും. മണ്ണിൽ അദ്ധ്വാനിച്ചു ജീവിക്കുന്നതിനു പകരം, ഇടനിലക്കാരായി പ്രവർത്തിക്കുമ്പോൾ അസത്യവും അധർമ്മവും ചേർക്കപ്പെടുന്നത് മനസ്സിലാക്കാൻ, തങ്ങൾ വാങ്ങിയതിലും വില കുറച്ച് സാധനങ്ങളെയും മറ്റും വിൽക്കുന്നതായി അവകാശപ്പെടുന്ന വ്യാപാരികളുടെ വാക്പയറ്റുകളെ അല്പനേരം ശ്രദ്ധിക്കുകയോ, അവരുടെ സാമ്പത്തിക നേട്ടങ്ങളെ വിലയിരുത്തുകയോ ചെയ്താൽ മതിയാകും. വ്യാപാരികൾ സമൂഹത്തിലെ ആവശ്യമാകുന്നത് കൃഷിക്കാരും വ്യവസായികളുമായ ഉല്പാദകരുടെ സമയവും ഊർജ്ജവും വ്യാപാരത്തിന് കൂടുതൽ ചിലവാക്കാതെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനുമാണ്.

വ്യാപാരികൾ മൂലകങ്ങളായ വസ്തുക്കളുമായും; ജനസേവകർ 'മൂലകങ്ങളുടെ രൂപാന്തരമായ ശരീരവും, സ്വത്വമായ ആത്മാവും ചേർന്ന ജനങ്ങളുമായാണ്' ബന്ധപ്പെട്ടിരിക്കുന്നത് എന്നതിന്റെ സത്ത ഇവിടെ വിഷയമാണ് : ദൈവാംശമായ മൂലകങ്ങളുടെ ആനന്ദം, കുഞ്ഞുങ്ങളായ ആത്മാക്കളോടുള്ള മഹാദാസ്യവും മഹാവാത്സല്ല്യവും പ്രകാരം മൂലകങ്ങളിലുള്ള ശക്തികളെയും, ജ്ഞാനമാകുന്ന മഹാശാസ്ത്ര നിയമങ്ങളെയും, ആനന്ദങ്ങളെയും കുഞ്ഞുങ്ങൾക്ക് നൽകുക എന്നതാണെങ്കിൽ, ആത്മാക്കളുടെ ആനന്ദം മൂലകങ്ങളുടെ ഉടമസ്ഥാവകാശം നേടിക്കൊണ്ടോ അല്ലാതെയോ ശക്തികളെയും, മഹാശാസ്ത്ര നിയമങ്ങളെയും, ഒരു പക്ഷെ മറ്റ് ആത്മാക്കളെ ത്തന്നെയും ആനന്ദങ്ങളെ നേടാനും അനുഭവിക്കാനുമായി ഉപയോഗിക്കുകയാണ്. ആത്മാക്കളുടെ/ വ്യക്തികളുടെ/ സൃഷ്ടികളുടെ പ്രവൃത്തികൾ ധർമ്മശാസ്ത്ര വിരുദ്ധമായാൽ, നിലനില്പിനെ ദോഷകരമായി ബാധിക്കുന്നതാണ്.

കുഞ്ഞുങ്ങളായ മനുഷ്യർ 'ആനന്ദങ്ങളെ നേടാനുള്ള ഉപാധികളായ മൂലകങ്ങളെ /ഭൂമിയെ' നിർജ്ജീവങ്ങളായി കണക്കാക്കുന്നതിൽ മൂലകങ്ങൾക്കും അവയുടെ മൊത്തവും ഭൂമിയുമായ ദൈവത്തിനും പരാതികളും ആക്ഷേപങ്ങളും ഇല്ല; എന്തെന്നാൽ കുഞ്ഞുങ്ങളുടെ ആനന്ദത്തെ കണക്കാക്കി <u>മഹാദാസ്യം, മഹാവാത്സല്ല്യം</u> എന്നീ 2 ആനന്ദങ്ങളെ ഭൂമിയായ ദൈവം സ്വീകരിച്ചിട്ടുള്ളതിൽ <u>നിർജ്ജീവ പ്രതീതി</u> ഉൾപ്പെടുന്നുണ്ട്. അതേസമയം, കുഞ്ഞുങ്ങൾ മത്സരിച്ചും അന്യോന്യം ചൂഷണം ചെയ്തും ആനന്ദങ്ങളെ നേടാനുള്ള ഉപാധികളായി അന്യോന്യം കണക്കാക്കുന്നത് ശരിയല്ല; മഹാമാതാവും മഹാനീതിയുമായ ഭൂമി ഓംകാര നീതിശാസ്ത്രം പ്രകാരം തിരുത്തൽ നടപടികൾ സ്വീകരിക്കുന്നതാണ്.

(4) പഞ്ചായത്തുകളായ പൊതുജന സേവനത്തിൽ നിന്നും സബ്സിഡി പോലെയുള്ള അസംബന്ധങ്ങളെ ഒഴിവാക്കുകയും, മന്ത്രിമാർ ഉൾപ്പെടെയുള്ള തൊഴിലാളികൾക്കെല്ലാം സമവേതനം നടപ്പാക്കുകയും ചെയ്യുമ്പോൾ, **വൈദ്യുതിയും** മറ്റും വില കുറച്ചും, അനവധി താരിഫ് ഇല്ലാതെ ഒരൊറ്റ വിലയിൽ (എല്ലാ ജനങ്ങൾക്കും) വിതരണം ചെയ്യാനും, അതുമായി ബന്ധപ്പെട്ട അനേകം അധമ പ്രവൃത്തികളെ അവസാനിപ്പിക്കാനും കഴിയും.

(5) കൊള്ളസംഘങ്ങളായ സംസ്ഥാന കേന്ദ്ര സർക്കാർ സംവിധാനങ്ങൾ വഴി നേരിട്ടും, ധർമ്മ ശാസ്ത്ര വിരുദ്ധമായ ഇന്നത്തെ പഞ്ചായത്തുകളിലൂടെയും നടപ്പാക്കുന്ന അനേകം തെമ്മാടിത്തങ്ങൾ കൂടി ഭൂമിയിൽ അവസാനിപ്പിക്കാനുണ്ട്. ഉദാഹരണത്തിന്, 1) ഭൂമിയും മൂലകങ്ങളും നൽകുന്ന ജ്ഞാനവും ശക്തിയും തൊഴിൽ അഭിരുചികളും മറ്റും പ്രകാരം, വ്യക്തികൾ ജീവിക്കാനായി വ്യാപാരവും, വ്യവസായവും തുടങ്ങുമ്പോൾ, **മൂലകങ്ങളിൽ ഇല്ലാത്തതും അതുകൊണ്ടുതന്നെ ജീവിക്കാൻ ആവശ്യമില്ലാത്തതും, ധർമ്മശാസ്ത്ര വിരുദ്ധവുമായ ലൈസൻസുകളുടെയും, രജിസ്ട്രേഷനുകളുടെയും മറ്റും പേരിൽ ഭരണ സംവിധാനങ്ങൾ, അവരുടെ യജമാനരായ ജനങ്ങളെ കഷ്ടപ്പെടുത്തുന്നത് വളരെ വലിയ കുറ്റമാണ്.**

നികുതികൾ ഉൾപ്പെടെ മറ്റനേകം തെമ്മാടിത്തങ്ങൾ പാടില്ലെന്ന് **ദൈവകാര്യം** എന്ന അദ്ധ്യായത്തിൽ മഹാശാസ്ത്രപരമായി വിശദീകരിക്കുന്നുണ്ട്.

വ്യാപാര-വ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് ആവശ്യമാകുന്നത് സ്ഥാപനങ്ങളുടെ പ്രവർത്തനം കൊണ്ട് സമൂഹത്തിന് ദോഷം ഉണ്ടാകുമെന്ന് മഹാശാസ്ത്ര പരമായി ബോദ്ധ്യപ്പെട്ടാൽ, തിരുത്താൻ മാത്രമാവണം. സമൂഹത്തിന്റെ പൊതുവായ ആവശ്യങ്ങളെ സംരക്ഷിക്കാനായി വ്യക്തികളുടെ ചിലവിൽ സ്ഥാപിച്ചിട്ടുള്ള പഞ്ചായത്തിലെ ജനസേവകർ ഓരോ വ്യക്തിയെയും യജമാനരായി കണക്കാക്കി ധർമ്മ ശാസ്ത്ര പ്രകാരം സഹായിച്ചുകൊള്ളണം; വിഷമിപ്പിക്കാൻ പാടില്ല.

മാലിന്യ സംസ്കരണം പോലെയുള്ള വിഷയങ്ങൾ ആവശ്യമായ സ്ഥാപനങ്ങൾക്ക് ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരമുള്ള നിയന്ത്രണങ്ങളെ പഞ്ചായത്തുകൾ ഏർപ്പെടുത്തണം; പുകശല്ല്യം ഉണ്ടാക്കുന്ന വാഹനങ്ങൾക്കു മാത്രം പുകപരിശോധന നടത്തണം; എന്നിവയ്ക്കു പകരം വ്യാപാരികളെയും വ്യവസായികളെയും മറ്റു ജനങ്ങളെയും സാമ്പത്തികമായി ചൂഷണം ചെയ്തും മറ്റും കഷ്ടപ്പെടുത്തുന്നത് വളരെ വലിയ തെറ്റും കുറ്റവുമാണ്.

(6) **ടെലികമ്മ്യൂണിക്കേഷൻ** : ദൈവീകമായ സാമ്പത്തിക ശാസ്ത്രം ബാധകമായിരിക്കെ, സമൂഹത്തിലെ ഓരോ വ്യക്തിക്കും കുടുംബവുമായും തൊഴിലുമായും ബന്ധപ്പെട്ട് കാലഘട്ടത്തിന്റെ ആവശ്യത്തിനൊത്ത് ആജീവനാന്തം സൗജന്യമായി ഇൻകമിംഗ് കാളുകൾ ലഭിക്കുന്ന ഒന്നോ രണ്ടോ ഫോൺ നമ്പർ ലഭ്യമാക്കാൻ ഭരണകൂടം ശ്രദ്ധിക്കുമായിരുന്നു. ജനങ്ങൾക്ക് ഇപ്പോൾ ഏറ്റവും കൂടുതൽ പ്രയോജനം ചെയ്യുന്ന ഒരു ടെലികമ്മ്യൂണിക്കേഷൻ സംവിധാനത്തെ മാത്രം പഞ്ചായത്തുകളുടെ കൂട്ടായ്മ ചുമതലപ്പെടുത്തന്ന കേന്ദ്ര സംവിധാനത്തിലൂടെ ധർമ്മ ശാസ്ത്ര പ്രകാരം, ഏറ്റെടുക്കുകയും, സമൂഹത്തിൽ നിലനിർത്തുകയും, പരിപാലിക്കുകയും സാർവത്രികമാക്കുകയും വേണം. ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നീ ക്രമത്തിൽ വാർത്തകളും വിശേഷങ്ങളും സത്യസന്ധമായി അവതരിപ്പിക്കുന്ന വാർത്താ മാധ്യമങ്ങളുടെ പ്രവർത്തനത്തെ 'മഹാവേദം' എന്ന ദിവ്യ മഹാവേദഗ്രന്ഥത്തിൽ ഹ്രസ്വമായി പ്രതിപാദിച്ചിട്ടുണ്ട്.

(7) **വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും വാഹനങ്ങൾക്കും ഉൾപ്പെടെ യാതൊന്നിനും ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നത് ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരം പാടില്ല; ദൈവീകമല്ല.** വാഹനങ്ങളെ ഓടിക്കുന്നവരും മറ്റും അപകട മരണങ്ങളും ദീർഘകാല ചികിത്സകളും ചിലവുകളും ഉണ്ടാക്കുമ്പോൾ, ഇൻഷ്വറൻസ് സംവിധാനങ്ങളും, കൂട്ടുനിൽക്കുന്ന ഭരണകൂടങ്ങളും ചില സാമ്പത്തിക നഷ്ടങ്ങളെ പരിഹരിക്കുന്നത് സാധാരണമാണ്. **ഡ്രൈവർമാരും മറ്റുമായ വ്യക്തികളുടെ അശ്രദ്ധയും അവിവേകവും വർദ്ധിപ്പിക്കുവാൻ ഇൻഷ്വറൻസ് സംവിധാനങ്ങൾ കാരണമാകുന്നതിനെ മാറ്റിവെച്ച് വിഷയത്തിലെ നീതിയും പുണ്യവും പാപവും ദൈവ-ശിക്ഷകളും കൂടി വിശകലനം ചെയ്യാൻ തയ്യാറാവണം. ഇൻഷ്വറൻസ് ജോലിക്കാരും ഭരണാധികാരികളും മറ്റും ഉത്തരവാദിത്വങ്ങളിൽ നിന്നും അപകടമുണ്ടാക്കിയ വ്യക്തികളെ വിടുവിക്കുമ്പോൾ, പാപങ്ങളുടെയും ദൈവശിക്ഷകളുടെയും വലിയൊരു പങ്ക് അവർ കൂടി ഏറ്റെടുക്കേണ്ടി വരുന്നതാണ്.**

**ഭൂമിയായ മണ്ണിൽ അദ്ധ്വാനിച്ചു ജീവിക്കുന്നതിനു പകരം ലോട്ടറി പോലെ മറ്റുള്ളവരുടെ പണം കൊണ്ട് ജീവിക്കുന്ന ഇൻഷ്വറൻസ് സ്ഥാപനങ്ങൾ എന്ന പേരിൽ അനാവശ്യവും അധമവുമായ പ്രവൃത്തികളെ തൊഴിലെന്ന കള്ളപ്പേരിൽ തട്ടിക്കൂട്ടുമ്പോൾ ആവിധ തൊഴിലാളികളെയും** പോറ്റേണ്ടത് സമൂഹത്തിലെ അത്യാവശ്യമായ കൃഷിക്കാരും മറ്റുമാണ്. പാവങ്ങളായ കൃഷിക്കാരുടെയും മറ്റുള്ളവരുടെയും അദ്ധ്വാനത്തിൽ ബുദ്ധിശക്തി കൂടുതൽ ലഭിച്ചവർ വലിയ വേതനങ്ങളോടെ ധർമ്മശാസ്ത്ര വിരുദ്ധമായ ആഢംബര-ആനന്ദങ്ങളോടെ ജീവിക്കുകയാണ്. പാവങ്ങളായ കൃഷിക്കാർക്കും മറ്റും മുന്തിയതും അർഹിക്കുന്നതുമായ ജീവിത സൗകര്യങ്ങളെ ആസ്വദിക്കാൻ കഴിയാത്തതിനും കുറയുന്നതിനും അതുമൊരു കാരണമാണ്. ആത്മീയ ശാസ്ത്രത്തിന്റെ കേന്ദ്രമായി ഭൂമി നിശ്ചയിച്ചിട്ടുള്ള ഇന്ത്യയിൽ പോലും ദൈവീകമായ നീതി വിഷയമാകാഞ്ഞത് ആത്മീയ-ഭരണ ശാസ്ത്രങ്ങളിൽ ഉണ്ടായ അധഃപതനം ഭീകരമാണെന്ന് വെളിപ്പെടുത്തുന്നുണ്ട്.

സാമ്പത്തിക ശാസ്ത്ര പ്രകാരം മക്കൾക്ക് മാതാപിതാക്കളുടെ വാഹനങ്ങൾ ഉൾപ്പെടെ സമ്പത്തിൽ അവകാശമില്ല! അതിനാൽ സ്വന്തമായി അദ്ധ്വാനിച്ച് ബൈക്ക്, കാർ തുടങ്ങിയ വാഹനങ്ങളെ വാങ്ങുകയും സൂക്ഷിക്കുകയും ഓടിക്കുകയും ഒക്കെ ചെയ്യുമ്പോൾ ശ്രദ്ധയും ഉത്തരവാദിത്വവും ഉണ്ടാകുന്നതും വർദ്ധിക്കുന്നതുമാണ്. ദൈവമായ ഭൂമിക്ക് മദ്ധ്യസ്ഥരെ ആവശ്യമില്ല; നിയമിക്കുന്നുമില്ല; സൃഷ്ടി സ്ഥിതി സംഹാരങ്ങളുടെ ഉത്തരവാദിത്വമായ മഹാനീതിയെ ഭൂമി നിർവ്വഹിക്കുന്നുണ്ട്. ഭൂമിയുടെ അംശമായ മൂലകങ്ങളിലൂടെയും ശരീരത്തിലൂടെയും ലഭിക്കുന്ന ശക്തികളും വിശേഷ ബുദ്ധിയും സമ്പൂർണ്ണമായ സ്വാതന്ത്ര്യവും കൊണ്ട് സ്വന്തം ഇഷ്ടപ്രകാരം ചെയ്യുന്ന കാര്യങ്ങളെ ഉത്തരവാദിത്വത്തോടെ നിർവ്വഹിക്കാൻ ഭൂമിയുടെ കുഞ്ഞുങ്ങളായ മനുഷ്യർക്കും കഴിയണം. ഇൻഷ്വറൻസുകാരും ഭരണാധികാരികളും മറ്റും മധ്യസ്ഥരായി വിഷയങ്ങളിൽ ഇടപെടുന്നത് നീതികാര്യങ്ങളെ ബാധിക്കുന്നതാണ്. തൊഴിൽ എന്ന കള്ളപ്പേരിൽ നീചപ്രവൃത്തികളെ ചെയ്യുന്നവർക്ക് കുറ്റവും ദൈവീക ശിക്ഷയും ആനുപാതികമായി കൂടുന്നതാണ്.

അവിവേകം കാട്ടി അപകടങ്ങൾ ഉണ്ടാക്കുന്ന വാഹന ഉടമകളെയും ഡ്രൈവർമാരെയും പറ്റി പറയുമ്പോൾ, വാദിയും ഉറ്റവരും ആവശ്യപ്പെടുന്നതും, ധർമ്മ ശാസ്ത്രം പ്രകാരം ഗ്രാമപഞ്ചായത്ത് ഉൾപ്പെടെ ഏതൊരാൾക്കും ഏകദേശമായി നിശ്ചയിക്കാൻ കഴിയുന്നതുമായ നഷ്ടപരിഹാരത്തെ പ്രതികൾ/ കുറ്റവാളികൾ നൽകണം; ജീവിതകാലം മുഴുവൻ വാദികളുടെയോ-ഉറ്റവരുടെയോ അടിമകളായി ജീവിക്കേണ്ടിയും വന്നേക്കാം !

ആത്മാവ്, ശരീരം, മൂലകങ്ങൾ, എന്നീ ജീവിത ഘടകങ്ങൾ **അപരാധികൾക്ക് ഭൗതികമായ ഉത്തരവാദിത്വം സൃഷ്ടിക്കുമ്പോൾ അപകടങ്ങൾ സമൂഹത്തിൽ ഇല്ലാതെയാകും; കുറയും :** (8) **ഡ്രൈവിംഗ് ലൈസൻസ് സമ്പ്രദായവും ബന്ധപ്പെട്ട തൊഴിലുകളും കൂടി അതോടെ തൊഴിലുകളുടെ പട്ടികയിൽ നിന്നും അനാവശ്യമായ പ്രവൃത്തികളുടെ ഭാഗമാകുന്നതാണ്.**

(9) **മറ്റുള്ളവരുടെ അദ്ധ്വാനത്തെ ചൂഷണം ചെയ്ത് ജീവിക്കുന്ന ലോട്ടറികൾ, ചുതുകളി, തുടങ്ങിയവയും, മറ്റുള്ള ജീവികളെ പീഡിപ്പിക്കുന്ന കുതിര പ്പന്തയം, ആനപ്പുറത്ത് കയറൽ, ആന എഴുന്നള്ളിപ്പ്, കാളയടി മത്സരം, സർക്കസ്, തുടങ്ങിയവയും, ബന്ധപ്പെട്ട പ്രവൃത്തികളും, പിടിച്ചുപറി, മോഷണം, കൊള്ള എന്നിവ പോലെയും അതിന്നുപരിയും നീചമാണ്; അവ തൊഴിൽ, തൊഴിലാളികൾ എന്നീ പട്ടികയിൽ പെടുന്നില്ല.**

**വിഷയ സംബന്ധമായി 'മഹാവേദം' എന്ന മഹാഗ്രന്ഥത്തിൽ വിശദീകരിക്കുന്നുണ്ട്. മാത്രമല്ല; ഈ ദിവ്യമഹാഗ്രന്ഥം പഠിക്കാനും മനസ്സിലാക്കാനും കഴിയുന്നവർക്ക് തീർച്ചയായും മുകളിൽ പറഞ്ഞ വസ്തുതകളെ സ്വയം വിശകലനം ചെയ്ത് മഹാശാസ്ത്രപരമായി വിശദീകരിക്കാൻ കഴിയുന്നതാണ്.**
(10) **വികലാംഗർ** : ലോട്ടറി പോലെയുള്ള നീച പ്രവൃത്തികളെ തൊഴിലെന്നു കരുതുന്ന വികലാംഗർക്ക് ജീവിതം വഴിമുട്ടുന്നതല്ല. **ഉചിതവും ലളിതവുമായ തൊഴിലിനെ ഭൂമി ഒരുക്കിയിട്ടുണ്ട്; ദൈവകാര്യം എന്ന അദ്ധ്യായത്തിൽ വിശദീകരിക്കുന്നുണ്ട്.**

**(11) തൊഴിലില്ലായ്മ : മഹാനീതിശാസ്ത്രമായ ഓംകാര നീതി ശാസ്ത്രം പ്രകാരം ഓരോ പ്രദേശങ്ങളിലും രാജ്യങ്ങളിലും ഭൂമിയിലും ജീവികളെ ജനിപ്പിക്കുകയും, അവയ്ക്കെല്ലാം ജീവിക്കാൻ ആവശ്യമായ സർവ്വവും മൂലകങ്ങളെ കൊണ്ട് ഒരുക്കുകയും, തൊഴിൽ അഭിരുചി ഉൾപ്പെടെയുള്ള ജന്മഗുണങ്ങളെ മഹാശക്തിയായ ഭൂമി മഹാആവിഷ്ക്കരിച്ചിരിക്കെ തൊഴിലില്ലായ്മ എന്നൊന്ന് മനുഷ്യരുടെ ഇടയിൽ യഥാർത്ഥത്തിൽ ഉണ്ടാകുന്നതല്ല.**

മുമ്പ് വ്യക്തമാക്കിയതു പോലെ, അവയവങ്ങൾ, സൗന്ദര്യം, ബുദ്ധിശക്തി, തൊഴിൽ അഭിരുചി എന്നിങ്ങനെ മഹാനീതിയുമായി ബന്ധപ്പെട്ട ജന്മഗുണങ്ങളെ മാനുഷികമായി വിലയിരുത്തി ക്കൊണ്ടുള്ള കേമത്തം, പൊങ്ങച്ചം, മത്സരം തുടങ്ങിയ അധമത്തങ്ങളെ ഒഴിവാക്കി ക്കൊണ്ട് തൊഴിൽ-അഭിരുചി പ്രകാരം ഭൂമിയിൽ തൊഴിൽ കണ്ടെത്താനും തൊഴിൽ ചെയ്യാനും സ്വന്തം പകുതി പ്രവർത്തിക്കുമ്പോൾ തൊഴിലില്ലായ്മ അവസാനിക്കും. തൊഴിലില്ലായ്മ ഉണ്ടാകുന്നത് വ്യക്തി സ്വന്തം പകുതി ചെയ്യാത്തതു കൊണ്ടാണെന്നും അത് പരിഹരിക്കേണ്ടത് ജനങ്ങളുടെ പൊതുവായ ആവശ്യമല്ല എന്നും സാരം.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, PSC തുടങ്ങിയവ പിരിച്ചു വിടണമെന്നും അനാവശ്യമായ പ്രവൃത്തികളെയാണ് തൊഴിലുകൾ എന്ന കള്ളപ്പേരിൽ വിവരദോഷികൾ അഥവാ വിശേഷ ബുദ്ധി ഉപയോഗിക്കാത്ത അജ്ഞാനികൾ ചെയ്തു പോരുന്നത് എന്നും, തൊഴിലില്ലായ്മാ വേതനം എന്ന പേരിൽ ജനങ്ങളുടെ പണം ചെലവഴിക്കുന്നവർ വിവരദോഷികളായ പാപികളും, വാങ്ങുന്നവർ ലജ്ജയില്ലാത്ത പാപികളുമാണെന്നും സാരം. വാങ്ങുന്നവരുടെ പാപത്തിനുള്ള ശിക്ഷ കൂടി, അളവുകളോടെ, ജനങ്ങളുടെ പണം നൽകുന്ന മന്ത്രിമാർ തുടങ്ങിയവർക്ക് ലഭിക്കുന്നതാണ്.

തൊഴിൽ ചെയ്യാനും ചെയ്യിക്കാനും ആവശ്യമില്ലാത്തതായ PSC യുടെ ചോദ്യങ്ങൾ, PSC യിലെ ഉന്നത ഉദ്യോഗസ്ഥരുടെയും സമൂഹ-ഭരണാധികാരികളുടെയും വങ്കത്തം പരസ്യപ്പെടുത്തുന്നുണ്ട്. പരീക്ഷകളും മത്സരങ്ങളും ധർമ്മശാസ്ത്രപരമല്ല.

ഉദ്യോഗാർത്ഥിയെ ക്കൊണ്ട് ഏതാനും മിനുട്ടുകളോ മണിക്കൂറുകളോ ഒരു പണി ചെയ്യിച്ചാൽ തൊഴിലിലെ വൈദഗ്ദ്ധ്യം ബോദ്ധ്യമാകുന്നതാണ്; എല്ലാ തൊഴിലാളികൾക്കും സമപദവിയും സമവേതനവും ഉറപ്പിക്കുന്നതോടെ സർക്കാർ ജോലിയോടുള്ള ആസക്തിയും, ധന ആർത്തിയും അവസാനിക്കുന്നതാണ്.

(12) **സൈന്യം** : ഭൂമിയുടെ കുഞ്ഞുങ്ങളാണ് എല്ലാ മനുഷ്യരും എന്നിരിക്കെ ഭൂമിയുടെ അംശങ്ങളും അവയവങ്ങളും മാത്രമായ പ്രദേശങ്ങളുടെയും ദേശങ്ങളുടെയും പേരിൽ കുഞ്ഞുങ്ങൾ കലഹിക്കുന്നതും ചൂഷണം ചെയ്യുന്നതും വധിക്കുന്നതും, ഓംകാര നീതിശാസ്ത്രം പ്രകാരം കുഞ്ഞുങ്ങൾക്കു തന്നെ ദോഷം ചെയ്യുന്നതാണ്; മഹാമാതാവായ ഭൂമിയെ വേദനിപ്പിക്കുന്ന വസ്തുതകളാണ്. 'സൈന്യം പാടില്ലെന്ന്' ജന്മഗുണങ്ങൾ എന്ന അദ്ധ്യായത്തിലും, 'ദൈവീകമായ പോലീസ് സേന'യെ പ്രത്യേകമായും, രണ്ടാം ഭാഗത്തിൽ വിശദീകരിച്ചിട്ടുണ്ട്.

ഭൂമിയിൽ ഉടനെ ആരംഭിക്കുന്ന ദൈവ വിപ്ലവത്തോടെ, രാഷ്ട്രങ്ങൾ വലിയ സാമ്പത്തിക ച്ചെലവുകളും ധൂർത്തും കൊണ്ട് നിലനിർത്തി പ്പോരുന്ന സൈന്യങ്ങളും, സന്നാഹങ്ങളും തീർത്തും പൈശാചികമായിരുന്നു എന്നു തെളിയുന്നുണ്ട്. രാജ്യങ്ങളെല്ലാം ഭൂമിയുടെ അംശങ്ങൾ മാത്രമാണെന്ന് നിസ്സാരമായി തിരിച്ചറിഞ്ഞിട്ടും സൈന്യങ്ങളെ അവസാനിപ്പിക്കാൻ കാര്യമായിട്ട് യാതൊന്നും ചെയ്യാൻ ശ്രദ്ധിക്കാഞ്ഞതിന്റെയും, ജവാന്മാരുടെ ജീവനും സ്വത്തും നഷ്ടപ്പെടുത്തിയതിന്റെ പേരിലും, മുൻഗാമികൾ ഉൾപ്പെടെ അനേകർ ദൈവ ശിക്ഷകൾ വാങ്ങുന്നുണ്ട്. മഹാശക്തിയായ ഭൂമിയുടെ അംശങ്ങളും അവയവങ്ങളും മാത്രമായ പ്രദേശങ്ങളും രാജ്യങ്ങളും സൃഷ്ടികളായ മനുഷ്യർ ഉൾപ്പെട്ട ജീവികളെയാണ് സംരക്ഷിക്കുന്നതെന്നും, സർവ്വത്തിനും അതീതമായ രാജ്യത്തിനു വേണ്ടി യാതൊന്നും ചെയ്യാൻ സൃഷ്ടിക്ക് കഴിയില്ലെന്നും ദൈവ വിപ്ലവത്തോടെ തെളിയുന്നുണ്ട്.

ദൈവ വിപ്ലവത്തിന്റെ മുന്നോടിയായി എത്തിയ വൈറസ് രോഗം ബുദ്ധി ശക്തി ഏറെ ലഭിക്കുന്ന മനുഷ്യരുടെ നിസ്സാരതയും നിസ്സഹായതയും ചൂണ്ടിക്കാട്ടുന്നുമുണ്ട്.

(13) ലാബോറട്ടറികളിലും മറ്റും മരുന്നുകളും അതുപോലെയുള്ള സർജറി സംബന്ധമായ പല ആവശ്യങ്ങൾക്കും മറ്റും അല്ലാതെ **മദ്യം, മയക്കുമരുന്ന്,** കഞ്ചാവ്, പുകയില, പാൻ പരാഗുകൾ, അടയ്ക്ക, വെറ്റില, തുടങ്ങിയവ നിർമ്മിക്കുവാനോ ഉപയോഗിക്കുവാനോ വ്യക്തികളോ, സമൂഹത്തിലെ ഭരണകൂടങ്ങളായ പഞ്ചായത്തുകളോ, സംസ്ഥാന കേന്ദ്ര സംവിധാനങ്ങളോ പാടില്ല. മരുന്നുകൾ പോലെയുള്ള സ്വന്തം ആവശ്യത്തിന് ഏതൊന്നും ഉപയോഗിക്കാൻ, അവരെയും മരുന്നുകളെയും സൃഷ്ടിക്കുന്ന ഭൂമിയായ ദൈവം അനുവദിച്ചിട്ടുണ്ട്. ഉദാഹരണത്തിന്, ചന്ദനമരം, തേക്ക് തുടങ്ങിയ സസ്യങ്ങൾ കൃഷി ചെയ്യുമ്പോൾ മറ്റുള്ള കൃഷിക്കാർക്ക് ഉപദ്രവം ഉണ്ടാകുന്നില്ലെന്ന് ഉറപ്പാക്കുക മാത്രമാണ് വേണ്ടത്. മദ്യവും മയക്കുമരുന്നും മറ്റും ലഹരിക്കായി ഉപയോഗിക്കുന്നവർക്ക്, ശാസ്ത്ര സാങ്കേതിക സൗകര്യങ്ങളായ വസ്ത്രം, വാഹനങ്ങൾ, ഫോൺ, ടെലിവിഷൻ തുടങ്ങിയവ ഉപയോഗിച്ചു കൊണ്ട് നാട്ടിൽ ജീവിക്കാൻ അവകാശമില്ല. എന്നാൽ ലഹരി വസ്തുക്കൾ ഉപയോഗിക്കാൻ പ്രേരിപ്പിക്കുന്ന വ്യക്തികളെയും ഭരണാധികാരികളെയും ശിക്ഷിച്ചിട്ടുമാത്രം മദ്യപാനികളെയും മറ്റും ശിക്ഷിക്കേണ്ടതുണ്ട്. മദ്യപാനവും പുകവലിയും മറ്റ് തെമ്മാടിത്തങ്ങളും അവസാനിപ്പിച്ചു മിടുക്കരാവാൻ ജനങ്ങളെ സഹായിക്കേണ്ടവരായ രാജാവും മന്ത്രിമാരും പോലീസും മറ്റുമായ പഞ്ചായത്തുകൾ നാട്ടിൽ മദ്യനിർമ്മാണവും മദ്യപാനവും മറ്റും സ്ഥാപിക്കുന്നവരായി അധഃപതിക്കുകയാണ് ! ലഹരിയ്ക്കായി വ്യക്തികളോ പഞ്ചായത്തുകളോ മദ്യം, മയക്കുമരുന്ന്, കഞ്ചാവ്, പുകയില, പാൻ പരാഗുകൾ, അടയ്ക്ക, വെറ്റില, തുടങ്ങിയവ നിർമ്മിക്കുവാനോ ഉപയോഗിക്കുവാനോ വ്യാപാരം ചെയ്യാനോ പാടില്ല. ജനങ്ങൾക്ക് മദ്യം വിറ്റ് ലാഭം ഉണ്ടാക്കുകയും ശ്രമിക്കുകയും ചെയ്യുന്ന മന്ത്രിമാരും ജഡ്ജിമാരും ഉദ്യോഗസ്ഥരും ഒക്കെയായ കൊടും പാപികൾക്ക് മഹാനീതിശാസ്ത്ര പ്രകാരം കടുത്ത ശിക്ഷകളുണ്ട്. പാപികളുടെ സമ്പത്തുകളെ കണ്ടുകെട്ടി പൊതു ഖജനാവിൽ ചേർക്കുകയും ഉടുവസ്ത്രത്തോടെ നാട്ടിൽനിന്നും കാട്ടിലേക്ക് കടത്തുകയും വേണം. മദ്യപാനികൾക്കും മറ്റും ശിക്ഷ പിന്നീടാകാം.

ദൈവത്തെയും ദൈവീക നീതിയെയും പറ്റി പറയുമ്പോൾ, മഹാശാസ്ത്ര സൗകര്യങ്ങളെ ഉപയോഗിച്ചു കൊണ്ട് ചുമന്നു പോരുന്ന മഹാശാസ്ത്ര പരമല്ലാത്ത ആത്മീയ വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും മറ്റു കോപ്രായങ്ങളും തെറ്റാണെന്ന് **ദൈവ കാര്യങ്ങൾ** എന്ന അദ്ധ്യായത്തിൽ വിശദീകരിക്കുന്നുണ്ട്.

കുടുംബത്തിലെ കടമകളും ചുമതലകളും ധർമ്മ ശാസ്ത്ര പ്രകാരം നിർവ്വഹിക്കുന്ന വ്യക്തികൾക്കു മാത്രം, മറ്റുള്ളവർക്ക് അസൗകര്യം ഉണ്ടാക്കാതെ തെങ്ങിൻ കള്ള് മിതമായി നിർമ്മിക്കുകയും കുടിക്കുകയും ചെയ്യാം; കച്ചവടം പാടില്ല. വ്യക്തികളുടെ കള്ളുകുടി കൂടിയാൽ പഞ്ചായത്ത് ഇടപെടുകയും നിയന്ത്രിക്കുകയും വേണം. മദ്യവ്യാപാരികളും കൂട്ടുനിൽക്കുന്നവരുമായ മന്ത്രിമാരും മറ്റും പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യേണ്ടുന്ന ചുമതലകൾ **ദൈവകാര്യം** എന്ന അദ്ധ്യായത്തിൽ വിശദീകരിക്കുന്നുണ്ട്. അല്പം മാത്രം ചുവടെ കൊടുക്കുന്നു :-

ഭൂമിയിൽ നിന്ന് ലഭിക്കുന്ന ലോഹങ്ങൾ, തടി ഉൾപ്പെടെയുള്ള മൂലകങ്ങളും സംയുക്തങ്ങളും കൊണ്ട് ശാസ്ത്ര സാങ്കേതിക ഗവേഷണങ്ങളിലൂടെ ഇന്ന് അറിയുകയും അനുഭവിക്കുകയും ചെയ്യുന്ന ആനന്ദ കാര്യങ്ങളായ ഉല്പന്നങ്ങളെ നിർമ്മിക്കുകയും പരിപാലിക്കുകയും വിതരണം ചെയ്യുകയുമാണ് സമൂഹത്തിലെ ഭരണകൂടത്തിന്റെ ഒരു പ്രധാന കർത്തവ്യം. സമൂഹത്തിലെ പൊതുവായ വിഷയങ്ങൾ സംബന്ധമായി തല്പരരായ ജനങ്ങളുടെ പങ്കാളിത്തത്തോടെയും സഹായത്തോടെയും വാഹനങ്ങളും റോഡുകളും പാലങ്ങളും കെട്ടിടങ്ങളും വൈദ്യുതി ഉത്പാദനം-വിതരണം, ടെലിവിഷൻ, മൊബൈൽ ഫോൺ, പോലുള്ള പദ്ധതികളെയും വസ്തുക്കളെയും ആവിഷ്ക്കരിക്കുകയും നിർമ്മിക്കുകയും പരിപാലിക്കുകയും സാർവത്രികമാക്കുകയും ചെയ്യുക എന്നത് മൊത്തമായ സമീപനം ആയിരിക്കണം. കണക്കുകൾ കുറിക്കുന്ന ഗുമസ്ത ജോലികൾക്ക് മാത്രമായി ജോലിക്കാരെ വെച്ചും കൂടാ; മേൽനോട്ടം മാത്രം വഹിക്കുന്ന ജോലികൾ തഴക്കവും പഴക്കവുമുള്ള മുതിർന്നവർ ചെയ്യുക.

ജീവിത കാര്യങ്ങളിലെ മാനുഷികമായ നീതി നടത്തിപ്പും സ്വകാര്യ-പൊതുകാര്യ ലാഭങ്ങളും കണക്കാക്കി സംസ്ഥാന-കേന്ദ്ര നിയമസഭകൾ തുടങ്ങിയ അധമ സ്ഥാപനങ്ങളിൽ മാനുഷികമായി നിയമങ്ങളെ തട്ടിക്കൂട്ടാൻ പാടില്ല. ആത്മാക്കളുടെ ആനന്ദം മൂലകങ്ങളുടെ ഉടമസ്ഥാവകാശം നേടിക്കൊണ്ടോ അല്ലാതെയോ മൂലകങ്ങളിലുള്ള ശക്തികളെയും, മഹാശാസ്ത്രങ്ങളെയും, ആനന്ദങ്ങളെയും ഉപയോഗിക്കുകയാണ്. മൂലകങ്ങളെ ധർമ്മശാസ്ത്ര പരമായി ഉപയോഗിക്കുമ്പോഴാണ് കടമയും കടപ്പാടും പൂർത്തിയാകുന്നത്. കടപ്പാട് പ്രകാരം പൊതുജനങ്ങൾക്ക് ധർമ്മശാസ്ത്രപരമായി മാത്രം സേവനങ്ങൾ ചെയ്യേണ്ടവരായ സേവകർ പിഴവുകൾ കാട്ടിയാൽ മൂലകങ്ങളിലുള്ള ന്യൂനശക്തികൾ അവരെ മറ്റുള്ളവരിലൂടെ ഉപദേശിച്ചും (ശരീരത്തിലൂടെ) ശിക്ഷിച്ചും തിരുത്തുന്നതാണ്.

(14) ആധാർകാർഡ് പോലെ ശാസ്ത്ര സാങ്കേതിക വികസനത്തിലൂടെ പുതിയ സൗകര്യങ്ങൾ ഉണ്ടാകുമ്പോൾ, ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ മാത്രം ജനകീയമാക്കാനും പ്രചരിപ്പിക്കാനും ശ്രദ്ധിക്കണം. ഉദാഹരണത്തിന്, 1) ദൈവ വിപ്ലവത്തിനു മുമ്പുള്ള കാലത്ത്, കുട്ടികളെ തട്ടിക്കൊണ്ടു പോകുന്ന നീചരുള്ള നാട്ടിലെ കുട്ടികളുടെയും, നീചസ്വഭാവം ഉള്ളവരുടെയും ആധാർ കാർഡ് രഹസ്യമായും നിർബന്ധമായും തയ്യാറാക്കണം. 2) വളരെയധികം പുകശല്ല്യം സൃഷ്ടിക്കുന്ന വാഹനങ്ങൾക്കു മാത്രം 'പുക പരിശോധന' നിർബ്ബന്ധമാക്കണം. 3) ജനസേവകരായ മദ്ധ്യവർത്തികൾ വർദ്ധിക്കുന്നതിന് അനുസരിച്ച് ചെലവുകളും അധർമ്മങ്ങളും (തട്ടിപ്പുകളും അഴിമതിയും) വർദ്ധിക്കുന്നതാണ്. പഞ്ചായത്തുകളിലൂടെ ജനങ്ങൾ ഏറെക്കുറെ നേരിട്ട് ചെയ്യേണ്ടതായ കാര്യങ്ങളെ ബ്ലോക്ക്, ജില്ലാ, സംസ്ഥാന, കേന്ദ്ര ഭരണ കൂടങ്ങളെ /സംവിധാനങ്ങളെ തട്ടിക്കൂട്ടിയും, അവ ഉണ്ടാക്കുന്ന ബോർഡ്, കോർപ്പറേഷൻ, കമ്മീഷനുകൾ തുടങ്ങിയവയിലൂടെയും വലുതാക്കുമ്പോൾ, പുതിയ പുതിയ തസ്തികകളും, അതനുസരിച്ച് ചെലവുകളും അധർമ്മങ്ങളും (അഴിമതിയും) കൂടി വർദ്ധിക്കുന്നതാണ്; സാധാരണ ജനങ്ങളുടെ ചുമലിലെ ഭാരം വർദ്ധിക്കുന്നതുമാണ് !

(15) **കോടതികൾ /നീതിന്യായ ശാസ്ത്രം :** മണ്ണായ ഭൂമിയിൽ ജീവിക്കുന്ന ജീവികൾ എങ്ങനെയാണ് ജീവിക്കേണ്ടതെന്ന് അവയ്ക്കു നൽകിയിട്ടുള്ള ശരീര അവയവങ്ങളിൽ അടിസ്ഥാന പരമായി ലയിപ്പിച്ചിരിക്കുന്ന ശക്തികളും ജ്ഞാനവും പ്രകാരം ഭൂമി നിശ്ചയിച്ചിട്ടുണ്ട്. അവയവങ്ങൾക്കു ലഭിക്കുന്നത് ഭാഗികമായ സ്വാതന്ത്ര്യം മാത്രമാണെങ്കിലും സമ്പൂർണ്ണമായ സ്വാതന്ത്ര്യം അനുഭവിക്കുന്ന പ്രതീതിയും ശക്തിയും സ്വത്വമായ ആത്മാവിന് ലഭിക്കുന്നുണ്ട്. വിശേഷ ബുദ്ധി ലഭിച്ച മനുഷ്യർ ശക്തികളെയും ജ്ഞാനത്തെയും ഉപയോഗിക്കുന്നതിന്റെ നന്മതിന്മകൾ അനുസരിച്ച് സ്ഥിതിപരമായ വിധി നിർണയിക്കാനും നിർവ്വഹിക്കാനും ഭൂമിക്ക് കടമയുണ്ട്; ഭൂമി ചെയ്യുന്നുമുണ്ട്.

**തജ്ജന്മത്തിൽ ജനനം മുതൽ തത്സമയം വരെയുള്ള കാലയളവിലെ അനന്തമായ വസ്തുതകളെ കണക്കാക്കാൻ സ്വന്തം കാര്യത്തിൽപോലും മനുഷ്യർക്ക് കഴിയില്ലെന്നിരിക്കെ മറ്റുള്ളവരുടെ കാര്യം ഒട്ടും കഴിയില്ല. അതുകൊണ്ടുതന്നെ നീതി നടപ്പാക്കാൻ മനുഷ്യർക്ക് കഴിയുന്നതല്ല. ആത്മാവിന്റെ മത്സ്യാവസ്ഥയിലെ ജനനം മുതലുള്ള മഹാനീതിയെ മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രം പ്രകാരം കണക്കാക്കാനും, അളവുകളോടെ പുണ്യവും പാപവും നിശ്ചയിക്കാനും നടപ്പാക്കാനും മഹാനീതിയും ഭൂമിയുമായ മഹാദേവിക്കേ കഴിയൂ; ചെയ്യുന്നുമുണ്ട്! നീതിന്യായ ശാസ്ത്രം എല്ലാ ശാസ്ത്ര ശാഖകളുടെയും മേലെയും പരമമായി നീതി നടപ്പാക്കുന്നത് ഭൂമിയും ആയിരിക്കുമ്പോഴും എല്ലാ മനുഷ്യർക്കും നീതിന്യായം പറയാനും വിശകലനം ചെയ്യാനും കഴിയണം. എന്നാൽ മാത്രമേ മനുഷ്യർ സമ്പൂർണ്ണ സ്വാതന്ത്ര്യം അനുഭവിക്കുന്ന വിശേഷബുദ്ധിയുള്ള ജീവിയാകുകയുള്ളൂ.**

ചരിത്രത്തിൽ രാജഭരണകാലം ഏറെയുണ്ട്. മണ്ണിന്റെ നിയമങ്ങൾ പ്രകാരം ജീവിക്കാൻ നിയമസഭകളും, കോടതികളും വേണ്ടെന്ന് ചരിത്രം സാക്ഷ്യമാണ്. ഒരു പ്രധാന കാരണം : വിശേഷ ബുദ്ധി കൂടുതലുള്ള മനുഷ്യരെല്ലാം 'വേതന രഹിത ന്യായാധിപന്മാരാണ് '.

ജനങ്ങളുടെ തജ്ജന്മത്തിലെ എല്ലാ പൊതുവായ ആവശ്യങ്ങളെയും നിറവേറ്റാനും, ക്രമ പ്രശ്നങ്ങളെ പരിഹരിക്കാനും, ധർമ്മശാസ്ത്ര പരമായ പിഴവുകൾ കാട്ടുന്ന രാജാവ് ഉൾപ്പെടെ ഏതൊരാളെയും തിരുത്താനും ആവശ്യമെങ്കിൽ പദവിയിൽ നിന്നും നീക്കം ചെയ്യാനും സാധാരണക്കാർക്കു പോലും കഴിയുമെന്ന് **ദൈവകാര്യങ്ങൾ** എന്ന അദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട്. സൃഷ്ടി ചക്ര മാറ്റം, ഗ്രാമ പഞ്ചായത്തുകളുടെ അഭാവം, സേനകളുടെയും ആദ്യ മഹാകാല-ചക്രത്തിലെ ദേവതകളുടെയും ധാർമ്മിക പിഴവുകൾ തുടങ്ങിയവ കൊണ്ടാണ് രാജഭരണകാലത്ത് ധാർമ്മികമായ വീഴ്ച്ച സംഭവിച്ചത്.

ജനങ്ങളാകുന്ന ന്യായാധിപന്മാർക്ക് വേതനം പാടില്ലാത്തത്, സംഗീതജ്ഞരുടെ കാര്യത്തിൽ എന്ന പോലെ, ന്യായാധിപന്മാർക്ക് ലഭ്യമായ വിശേഷ ബുദ്ധി ദൈവസിദ്ധിയാണെന്ന് പ്രകടമാകുന്നതു കൊണ്ടാണ്. അതേസമയം ശ്രേഷ്ഠരായ അത്തരക്കാരെ ഭരണകാര്യങ്ങൾക്ക് ആവശ്യമെങ്കിൽ വേതനം നൽകി മന്ത്രിമാരാക്കാനും, ശ്രേഷ്ഠരായ അവർ തയ്യാറല്ലെങ്കിൽ വേതനം സ്വന്തം ഇഷ്ടപ്രകാരം വേതനം വാങ്ങാതിരിക്കുകയോ വാങ്ങുകയോ ചെയ്യുന്ന രാജഗുരുവായി രാജാവിനെയും ജനങ്ങളെയും ഉപദേശിച്ചും ശാസിച്ചുമൊക്കെ ജനസേവനം ചെയ്യാൻ അപേക്ഷിക്കാവുന്നതാണ്. ലഭ്യമായ വിശേഷബുദ്ധിയെ ഉപയോഗിച്ച് ധർമ്മ-നീതി ശാസ്ത്ര വിശകലനം ചെയ്യുന്ന അവരുടെ അദ്ധ്വാനത്തിനാണ് വേതനം നൽകേണ്ടത്. വേതന കാര്യം പരാമർശിക്കുമ്പോൾ, 2020 വൈറസ് രോഗ കാലത്ത്, ജനങ്ങളുടെ പണത്തെ ധൂർത്തടിക്കുന്ന വിവരദോഷികളായ കേരളത്തിലെ ഭരണകൂടത്തോട്, കോടതികൾക്ക് 'അവകാശപ്പെട്ട വേതനമെന്ന് തെറ്റിദ്ധരിച്ചു കൊണ്ട്,' വേതനം കുറയ്ക്കാൻ പാടില്ലെന്നു വാദിക്കുകയോ ഉത്തരവിറക്കുകയോ ഒക്കെ ചെയ്യുന്ന കൂടുതൽ വിവരദോഷികളായ കോടതികൾ വേദന ഉണ്ടാക്കുന്നുണ്ട്. ബുദ്ധിശക്തി, തൊഴിൽ അഭിരുചി എന്നിവയും ജന്മഗുണങ്ങൾ മാത്രമാകയാൽ, മന്ത്രിമാരും കൂലിവേലക്കാരും ഉൾപ്പെടെ എല്ലാ മനുഷ്യർക്കും സമവേതനം ആവണമെന്നും, സേവനം / തൊഴിൽ ചെയ്യാതെ വേതനം പാടില്ലെന്നും, പ്രതിദിനം ഏറെക്കുറെ 800 രൂപ മാത്രമാവണമെന്നും വാദിച്ചിരുന്നെങ്കിൽ ശ്രേഷ്ഠമായേനെ!

ധർമ്മ ശാസ്ത്ര വിരുദ്ധമായ പ്രവൃത്തികളെ തൊഴിലെന്ന കള്ളപ്പേരിൽ ചെയ്തു കൊണ്ട്, കൃഷിക്കാരേക്കാൾ കൂടുതൽ വേതനം വാങ്ങുന്നതായ അതീവ ഗുരുതരമായ കുറ്റം അവരും അനേകരും ചെയ്യുന്നുണ്ട്. കൂടാതെ, മരട് ഫ്ലാറ്റ് പോലെ അവകാശവും അധികാരവും ഇല്ലാത്ത വിഷയങ്ങളിൽ ഇടപെട്ട് കൊടുംപാപങ്ങൾ തന്നെ വർദ്ധിപ്പിക്കുകയാണ്. വ്യക്തിയും ഭൂമിയായ ദൈവവും തമ്മിലുള്ളതും, മറ്റുള്ളവരെ നേരിട്ട് ബാധിക്കാത്തതു കൊണ്ട് പൊതുകാര്യമല്ലാത്തതും, കൈക്കൂലി വാങ്ങിയതുമായ വിഷയത്തിൽ, വ്യക്തികളുടെ ധനവും അദ്ധ്വാനവും ചെലവഴിച്ച് നിർമ്മിച്ച ഭവനങ്ങളെ ഇടിച്ചു പൊളിച്ചു നശിപ്പിക്കാൻ പ്രവർത്തിച്ച എല്ലാ തെമ്മാടികൾക്കും = എമ്പോക്കികൾക്കും കടുത്ത ശിക്ഷകളുണ്ട്. കേരളത്തിലെ പ്പോലെ സമാനമായ ഉദാഹരണങ്ങൾ എല്ലാ ദേശത്തും ഉണ്ട്.

**വ്യക്തികളെയും ഇണകളെയും കുട്ടികളെയും മറ്റ് ഉറ്റവരെയും, മനുഷ്യാവതാരമെടുക്കുന്ന ദൈവത്തെയും, അറിഞ്ഞും അറിയാതെയും, സ്വകാര്യങ്ങളായ ഹെൽമെറ്റുകളും മാസ്കും ധരിക്കുവാനും മറ്റും നിർബ്ബന്ധിക്കുന്ന 'ജനസേവകരും കോടതികളും' മറ്റും ജന്തുശിക്ഷാ ജന്മങ്ങളെ പിടിച്ചു വാങ്ങുകയാണ്.**

ഭൂമിയായ ദൈവം, കോടതികളിലെ ഉൾപ്പെടെയുള്ള വിവരദോഷികൾക്ക് അധികമായി ജന്തുജന്മങ്ങളായ അട്ട, കുരങ്ങ് എന്നിവ കൂടി നൽകി ശിക്ഷിക്കുന്നതാണ്. പീഡിപ്പിക്കപ്പെട്ട എല്ലാ ജനങ്ങളോടും നേരിട്ടു മാപ്പു പറഞ്ഞു കൊണ്ട് പ്രതികൾ സ്വന്തം ചെലവിൽ കെട്ടിടം പണിഞ്ഞു കൊടുത്താൽ ശിക്ഷകളിൽ അളവുകളോടെ ഇളവുകൾ ലഭിക്കുന്നതാണ്. ഭവനം ഇടിച്ചു പൊളിക്കപ്പെട്ടതും മാനസികമായും ശാരീരികമായും സാമ്പത്തികമായും പീഡിപ്പിക്കപ്പെട്ടത് തങ്ങളുടെ പാപങ്ങൾ കൊണ്ടു കൂടിയാവണം എന്ന രീതിയിൽ ഇരകളായ ജനങ്ങൾ ചിന്തിക്കുന്നതും ശാന്തരാകുന്നതും, ഭൂമിയും മഹാവാത്സല്ല്യവുമായ ദൈവം മഹാനീതി നൽകുമെന്ന് വിശ്വസിക്കുന്നതും ശ്രേഷ്ഠമാണ്.

മൂലകങ്ങളിലെ ധർമ്മശാസ്ത്രത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്ന ജനസേവകർ ഉൾപ്പെട്ട നീച-ആത്മാക്കളുടെ ഓരോ ജന്മത്തിലും ശരീരമായി ഒപ്പം കൂടുന്ന മൂലകങ്ങളിലെ ന്യൂനശക്തികൾ ജന്മഗുണങ്ങളിലൂടെയും മറ്റും മഹാനീതിശാസ്ത്ര പ്രകാരം ശിക്ഷിച്ചു തന്നെ തിരുത്തുന്നതാണ്.

മണ്ണും ഭൂമിയുമായ ദൈവം വിശേഷബുദ്ധികളെ കൂടുതലായി നൽകി ക്കൊണ്ട് മനുഷ്യരാക്കിയിട്ടുള്ള ജീവികളിൽ തന്നെ, മണ്ണിൽ ലയിച്ചിട്ടുള്ള ഭൗതിക-ധർമ്മ-നീതി ശാസ്ത്ര നിയമങ്ങളെ വിശകലനം ചെയ്യാൻ മണ്ണായ ഭൂമി അനുഗ്രഹിച്ചിട്ടുള്ളവരെല്ലാം വേതനരഹിത ന്യായാധിപന്മാരാണ്.

**ജന്മഗുണമായി ലഭിക്കുന്ന ബുദ്ധിശക്തികളെ ഉപയോഗിക്കാതെ അലസരും മടിയരുമായി ജീവിക്കുമ്പോൾ സ്ഥിതി പരമായ വിധി പ്രകാരം ദൈവമായ ഭൂമി തിരുത്തൽ നടപടികൾ സ്വീകരിക്കുന്നതാണ്.** Laws of the Land = **മണ്ണിന്റെ നിയമങ്ങളെ സൃഷ്ടിച്ചിട്ടുള്ളത് മണ്ണാണ്.** 1000 **കോടിയിലേറെ വർഷങ്ങളായി നിലനിൽക്കുന്ന മണ്ണായ ഭൂമിയുടെ നിയമങ്ങളെ സൃഷ്ടിച്ചിട്ടുള്ളത് അല്പായുസ്സുകളായി ജനിച്ചു ജീവിച്ചു മരിച്ച മനുഷ്യരാണെന്നും,** കരുതുന്നതും പ്രചരിപ്പിക്കുന്നതും ഏറ്റവും വലിയ ദൈവനിന്ദയാണ്. '

മണ്ണിൽ ലയിച്ചിട്ടുള്ള ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങളെ ഭാരതത്തിന്റെ ഉൾപ്പെടെ എല്ലാ രാജ്യങ്ങളുടെയും ഭരണഘടനയായി സ്വീകരിച്ചു കൊണ്ട് അതിൻ പ്രകാരം ജനസേവനം ചെയ്യുമ്പോൾ മാത്രമാണ് Government of എന്ന് പറയാൻ കഴിയുക. അല്ലെങ്കിൽ Government in India, Kerala എന്നെല്ലാം പറഞ്ഞു കൊള്ളണം. അതുപോലെ Supreme Court ഉം Supreme Justice ഉം ദൈവമാണ്. കോടതികൾ തന്നെ ദൈവീകമല്ലാ എന്നിരിക്കെ Supreme Court of India തുടങ്ങിയ പേരുകളും, സ്ഥാപനങ്ങളും ഉപയോഗിക്കുന്നവർക്കും, അവയിൽ പ്രവർത്തിക്കുന്നവർക്കും പാപങ്ങളും ദൈവശിക്ഷകളും ഉണ്ട്. **ദൈവകാര്യം എന്ന അദ്ധ്യായത്തിൽ 'ഭാരത് മാതാ കീ ജയ്' വിശദീകരിക്കുന്നുണ്ട്.**

# വിനോദം എന്ന നാലാമത്തെ തൊഴിൽ ശാസ്ത്ര വിഭജനത്തിൽ; സംഗീതം, കലാകായിക കാര്യങ്ങൾ എന്നിവ ഉൾപ്പെടുന്നു.

**ജീവിക്കുന്നവരാണ് ജീവികൾ; ജീവികളെല്ലാം ജീവിക്കുകയാണു ചെയ്യുന്നത്; ജനിക്കുന്നത് ജീവിക്കാനാണ്; ജീവിക്കുന്നത് ആനന്ദിച്ചാവണം. ജീവിക്കുവാൻ വിനോദവും വേണം, എന്നല്ലാതെ വിനോദത്തിനായി ജീവിക്കരുത്. ഭൂമിയിലെ ജീവിതത്തിന്റെ 'മോക്ഷം' ഉൾപ്പെട്ട ഉദ്ദേശത്തെ ഉൾക്കൊണ്ടു ജീവിക്കണം.**

തൊഴിൽ അഭിരുചിയും വിനോദ അഭിരുചിയും മഹാനീതിശാസ്ത്രപ്രകാരം മനുഷ്യന് ലഭിക്കുന്ന ജന്മഗുണങ്ങളാണ്. തൊഴിൽ അഭിരുചി എന്നതിലെ അഭിരുചിയിൽ വിനോദം ഉൾപ്പെട്ടിട്ടുണ്ട്. അതായത് തൊഴിൽ ചെയ്യുമ്പോൾ വിനോദിക്കുക കൂടി ചെയ്യുന്നുണ്ട്; ചെയ്യണം. തൊഴിലുകളിൽ ധാർമ്മികച്യുതി ഉണ്ടാവുമ്പോൾ വിനോദം നഷ്ടമാകുന്നതിനെപ്പറ്റി ആവശ്യം എന്ന തൊഴിൽ വിഭാഗത്തിൽ സൂചിപ്പിച്ചിരുന്നു.

വിനോദം അഥവാ വിനോദ കാര്യങ്ങൾ തൊഴിലായി സ്വീകരിക്കുന്നവർ ഏറ്റവുമധികം ശ്രദ്ധിക്കേണ്ടതുണ്ട്. ധാർമ്മിക അധഃപതനം സമൂഹത്തിലുണ്ടാവുമ്പോൾ, വിനോദ കലകളിലും സാഹിത്യകാര്യങ്ങളിലും മറ്റും പ്രവർത്തിക്കുന്നവർക്ക് വിനോദകാര്യങ്ങളെ മാറ്റിവയ്ക്കുവാനോ അവയെ സാമൂഹ്യ ഉയർച്ചയെ മുൻനിർത്തി ശുചിത്വ വിഭാഗമായി പ്രവർത്തിപ്പിക്കുവാനോ ബാധ്യതയുണ്ട്. സ്വയം ബാധ്യതയെന്ന പേരിലുള്ള ദൈവീകമായ അഥവാ ധർമ്മ ശാസ്ത്രപരമായ ഉത്തരവാദിത്വമാണത്. ഇന്നത്തേതുപോലെയുള്ള കാലഘട്ടത്തിൽ എല്ലാ രാഷ്ട്രങ്ങളിലെയും സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും വിനോദകാര്യങ്ങളെ ശുചിത്വ വിഭാഗങ്ങളിലേക്ക് നയിക്കുവാൻ ബാധ്യതയുണ്ട്.

വിനോദങ്ങൾ എല്ലാവിധത്തിലും ധാർമ്മികമാവണം. ഒരു വീട്ടിലെ ഒരു മുറിയിൽ അമ്മയോ അച്ഛനോ രോഗാവസ്ഥയിൽ വേദനകൊണ്ട് കരയുകയും പരസഹായം തേടുകയും ചെയ്യുമ്പോൾ അതു ശ്രദ്ധിക്കാതെ അടുത്ത മുറിയിൽ മക്കളും കൊച്ചുമക്കളും ടെലിവിഷനിലെ മിമിക്രി കണ്ട് പൊട്ടിച്ചിരിക്കുകയോ ക്രിക്കറ്റ് കളി ആസ്വദിക്കുകയോ ചെയ്താൽ അത് ശരിയല്ല എന്നതും, തൊട്ടടുത്ത വീട്ടിൽ മരണം നടന്ന് ശവസംസ്ക്കാരം നടത്തിക്കൊണ്ടിരിക്കെ തന്റെ വീട്ടിന്റെ മുറ്റത്ത് കൈകൊട്ടിക്കളി നടത്തുന്നത് ശരിയല്ല എന്നതും അതുപോലെയുള്ള കാര്യങ്ങളും ഉൾക്കൊള്ളാൻ മനുഷ്യനു കഴിയണം. പലേടങ്ങളിലും ഇന്ന് മറിച്ചുള്ള അവസ്ഥ ഉണ്ടായിരിക്കുന്നു !

ശുചിത്വകാര്യങ്ങളും അത്യാവശ്യകാര്യങ്ങളും തകരാറിലായിരിക്കുന്ന ഒരു സമൂഹത്തിൽ വിനോദങ്ങളെന്ന പേരിൽ അധമകാര്യങ്ങൾ നടത്തുന്നതും ജനങ്ങളുടെ അടിമകളായ ഭരണാധികാരികൾ കൂട്ടുനിൽക്കുന്നതും അതിന് പൊതുഖജനാവ് ദുരുപയോഗപ്പെടുത്തുന്നതും കടുത്ത തെറ്റാണ്. സമൂഹത്തെ പ്രദേശം, ജില്ല, സംസ്ഥാനം, ദേശം, അന്തർദ്ദേശീയം എന്നിങ്ങനെ വിലയിരുത്തുമ്പോൾ, പ്രസ്തുത ധാർമ്മിക മാനദണ്ഡം പാലിക്കുവാൻ ഓരോ ഭരണാധികാരിക്കും കഴിയണം. പ്രാദേശിക തലത്തിൽ പോലും കലാമേളകൾ നടത്താൻ ധാർമ്മികമായി യോഗ്യതയില്ലാത്തവർ ഇന്ന് ജില്ലാ - സംസ്ഥാന - ദേശീയ - അന്തർദേശീയ തലത്തിലും മറ്റും കായിക- കലാമേളകളെ നടത്തുന്നത് കടുത്ത പൈശാചികത്വമാണ്. ഉദാഹരണമായി ആഫ്രിക്കയിലും ഏഷ്യയിലും ലാറ്റിനമേരിക്കയിലും മറ്റുമായി ഭൂമിയിലെ 50-ലധികം രാജ്യങ്ങളിലെ ജനങ്ങൾ ഭക്ഷണ ദാരിദ്ര്യത്തിൽ കഴിയുമ്പോൾ, അതിൽ തന്നെ 30-ലധികം രാജ്യങ്ങളിൽ കടുത്ത ഭക്ഷണ ദാരിദ്ര്യം ബാധിച്ചിരിക്കുമ്പോൾ, ഒളിമ്പിക്സ് പോലെയുള്ള അന്താരാഷ്ട്ര വിനോദങ്ങളും മറ്റും നടത്തുന്നത് കടുത്ത പൈശാചികത്വമാണ്.

ഭരണാധികാരികളും ബഹുവിധ നേതാക്കന്മാരും ഉൾപ്പെടെ ബുദ്ധിശക്തികളെ അധികമായി ലഭിച്ചിട്ടുള്ളവർ തങ്ങളെ ഈ പ്രപഞ്ചത്തിന്റെ മാതാവായി ഒന്നു ഭാവന ചെയ്യുക :

തന്റെ വളരെയധികം മക്കൾ ഭക്ഷണം ഉൾപ്പെടെയുള്ള ദാരിദ്ര്യത്തിൽ പെട്ടിരിക്കുമ്പോൾ, വിഷമാവസ്ഥയിലുള്ള സഹോദരങ്ങളെ രക്ഷിക്കുക എന്ന ആദ്യ ഉത്തരവാദിത്വം മറന്നുകൊണ്ട് കുറേ മക്കൾ സ്വാർത്ഥ സുഖങ്ങൾക്കും അധമ വിനോദങ്ങൾക്കുമായി പായുന്നതു ശരിയല്ല എന്ന തിരിച്ചറിവ് ഉണ്ടാകുന്നതാണ്.

ധാർമ്മികമായി ജീവിച്ചുകൊണ്ട് ദൈവം നൽകിയ ശക്തിക്കൊത്ത് അന്യരായി കഴിയുന്ന സഹോദരങ്ങൾക്കു വേണ്ടി പ്രവർത്തിക്കുകയാണ് അത്യാവശ്യം. തനിക്കും കുടുംബത്തിലെ അംഗങ്ങൾക്കും വേണ്ടി പ്രവർത്തിച്ചു കൊണ്ട്, സമൂഹ കാര്യങ്ങളിലേക്ക് കടക്കുകയാണ് അത്യാവശ്യം. സമൂഹത്തിലെ പാപികളെ കുറ്റം പറയാൻ നടക്കാതെ, സ്വയം തിരുത്തിയ ശേഷം അവരെ തിരുത്തുവാനും ശാസ്ത്രപരമായി മാത്രം ശിക്ഷിച്ചു-സ്നേഹിക്കുവാനും ശക്തിക്കൊത്ത് പ്രവർത്തിക്കുകയുമാണ് അത്യാവശ്യം. വ്യക്തിസ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്തു കൊണ്ട് ഏതാനും വ്യക്തികൾ സമൂഹത്തിൽ അധാർമ്മിക വിനോദങ്ങളുമായി മുന്നോട്ടു പോകുമ്പോൾ, അധമരായ അവരെ പിന്തുണയ്ക്കുന്നവരായി ഭരണാധികാരികളും മറ്റും അധഃപതിക്കരുത്. തെറ്റുകൾക്ക് തീർച്ചയായും പാപവും ശിക്ഷയും മഹാഭരണാധികാരിയായ ദൈവത്തിൽ നിന്നും ലഭിക്കുമെന്നറിയണം. ഉദാഹരണമായി, ദീപശിഖ എന്ന പേരിൽ കുറെ കളിക്കാരും ഭരണാധികാരികളും പന്തവും കൊളുത്തി ഓടുന്നതും അതിന് ഭരണാധികാരികൾ കൊടിവീശുന്നതും പോലീസ് സേനയുടെ വർദ്ധിച്ച സംരക്ഷണം കൊടുക്കുന്നതും അവയ്ക്കെല്ലാം പൊതുഖജനാവിൽ നിന്ന് ചെലവു ചെയ്യുന്നതും കൊടിയ പൈശാചികതയാണ്.

നാട്ടിൽ വലിയ ഗൗരവമായ പ്രശ്നങ്ങളുള്ളപ്പോൾ മെഡലുകൾ എന്ന അധമ സൂത്രങ്ങളുടെ എണ്ണം കൂട്ടാൻ ആഗ്രഹിക്കുന്ന ഭരണാധികാരികൾ ഉൾപ്പെടെയുള്ളവർ പാപം സമ്പാദിക്കുകയാണ്. കുഞ്ഞുങ്ങളേ, ഇത്ര അധമരാകുവാൻ എങ്ങനെ കഴിയുന്നു ?

ധർമ്മ ശാസ്ത്രപരമായി, പ്രാദേശിക തലത്തിന് അപ്പുറമായി വിനോദങ്ങൾക്ക്, യാതൊരു വികസനങ്ങളും അത്യാവശ്യമോ ആവശ്യമോ അല്ല. ഓരോരോ പ്രദേശങ്ങളിലെയും ജനങ്ങൾ കുറേ വിനോദിക്കുക എന്നതിനപ്പുറം വിനോദത്തിനു വേണ്ടി ജീവിക്കുന്ന അധമാവസ്ഥ ഉണ്ടാവാൻ പാടില്ല. മനുഷ്യൻ എന്ന വ്യക്തിയാണ് ജീവിക്കുന്നത്. സമൂഹത്തിന്റെ മൊത്തത്തിലുള്ള ധാർമ്മിക നിലവാരമെന്നത് വ്യക്തിയല്ല. വ്യക്തി എന്തു നേടുന്നു, മഹാനീതി ശാസ്ത്രപ്രകാരം മാത്രം വിനോദിക്കുന്നുവോ എന്നതാണ് പ്രധാനം.

**വിനോദത്തെ തൊഴിലായി സ്വീകരിക്കുന്ന വ്യക്തിയെ സന്തോഷിപ്പിക്കുവാൻ സമൂഹഭരണകൂടം തയ്യാറാവുന്നതിന് ധർമ്മശാസ്ത്ര നിബന്ധനകളുണ്ട്.**

**വിനോദത്തെ തൊഴിലാക്കുന്ന വ്യക്തിക്ക് സമൂഹത്തിലെ ഒന്നൊഴിയാതെ എല്ലാ ജനങ്ങളെയും സന്തോഷിപ്പിക്കുവാൻ /വിനോദിപ്പിക്കുവാൻ കഴിയുമ്പോൾ മാത്രമേ പൊതുഖജനാവ് വിനോദ ആവശ്യങ്ങൾക്കു ചിലവിടുവാൻ ഭരണകൂടത്തിന് അവകാശമുള്ളൂ. അതായത് 130 കോടി ജനങ്ങൾ ഉണ്ടെങ്കിൽ, അവരെ ഒന്നൊഴിയാതെ എല്ലാവരെയും വിനോദിപ്പിക്കുന്ന കാര്യങ്ങൾക്കു മാത്രമേ പൊതുഖജനാവ് ഉപയോഗിക്കാൻ പാടുള്ളൂ. ഫലത്തിൽ, അത് നടക്കില്ല; പൊതു ഖജനാവിൽ നിന്ന് വിനോദ കാര്യങ്ങൾക്ക് ധനം ചിലവഴിക്കാൻ പാടില്ല എന്നർത്ഥം.**

**വ്യക്തികളുടെ അഥവാ ജനങ്ങളുടെ സ്പോർട്സ് മികവുകളും കലാ മികവുകളുമൊക്കെ രാജാവിനെയോ മന്ത്രിയെയോ പൗരന്മാരെയോ ഒക്കെ സന്തോഷിപ്പിക്കുന്നുവെങ്കിൽ, തങ്ങളുടെ സന്തോഷം പ്രകടിപ്പിക്കുവാൻ സ്വന്തം സമ്പാദ്യങ്ങളിൽ നിന്ന് ധനവും സമ്മാനങ്ങളും നൽകാൻ അവർക്ക് വ്യക്തിസ്വാതന്ത്ര്യമുണ്ട് എന്നല്ലാതെ പൊതു-ഖജനാവിൽ നിന്ന് അത്തരം സമ്മാനങ്ങൾ പാടില്ല.**

**പൗരന്മാരുടെ അഥവാ വ്യക്തികളുടെ ജയങ്ങളെയും പരാജയങ്ങളെയും മറ്റും അടിസ്ഥാനപ്പെടുത്തി നാടിനെ / രാജ്യത്തെ അവമതിക്കുന്ന ഇന്നത്തെ രീതി വലിയ തെറ്റാണ്. ഉദാഹരണമായി, ഇന്ത്യ ജയിച്ചു, ഇന്ത്യ തോറ്റു, കേരളം തോറ്റു എന്നിങ്ങനെയുള്ള ഭാഷാപ്രയോഗങ്ങൾ കടുത്ത ദൈവനിന്ദയാണ്.**

**മണ്ണ് അഥവാ നാട് മഹാശക്തിയായ ദൈവത്തിന്റെ നീതി-രൂപമാണ്. ദൈവം ഒരിക്കലും എവിടെയും തോൽക്കുന്നില്ല. യഥാർത്ഥത്തിൽ ഭൂമിയിലെ സമസ്ത ജീവികളും മഹാലിംഗത്തിന്റെ അകത്താണ് ജനിച്ചിട്ടുള്ളത് എന്നതറിയാതെ, ഇന്ത്യയിൽ അഥവാ പ്രത്യേക ദേശത്തിൽ ജനിക്കുകയും / ജീവിക്കുകയും ചെയ്യുന്നവരായി കണക്കാക്കുകയും, ചില വ്യക്തികൾ കലാകായിക- സാഹിത്യ -മത്സരങ്ങൾ എന്ന അധമ പരിപാടികളിൽ തോറ്റു, ജയിച്ചു എന്നിവയെ ഇന്ത്യ / ദേശം തോറ്റതായോ ജയിച്ചതായോ പ്രസ്താവിക്കുന്ന രീതികൾ പാടേ അവസാനിക്കണം.**

**അതുപോലെ മരിച്ച/വധിക്കപ്പെട്ട /ജീവിച്ചിരിക്കുന്ന സൈനികനെ ആദരിക്കുന്നതിന്റെ ഭാഗമായി രാജാവിനും മന്ത്രിമാർക്കുമൊക്കെ സൈനികന്റെ മൃതശരീരത്തെയോ ബന്ധുജനങ്ങളെയോ ഒക്കെ ആദരിക്കുകയോ അനാദരിക്കുകയോ ചെയ്യാനുള്ള വ്യക്തിസ്വാതന്ത്ര്യം ഉണ്ട്, അതിനെ രാഷ്ട്രം സൈനികനെ നമിക്കുന്നു എന്നിങ്ങനെ പ്രസ്താവിച്ച് ദൈവത്തെ അവമതിക്കരുത്.**

**രാഷ്ട്രത്തെ മനുഷ്യർ നമിക്കുക എന്നതാവണം രീതി. ദൈവത്തെ ബഹുമാനിക്കാൻ ദൈവം ആവശ്യപ്പെടുന്നില്ല. അപമാനിക്കാതിരുന്നു കൂടേ ? മഹാമാതാവായ ഭൂമിയെ നിന്ദിക്കുന്ന പാപത്തിന് കടുത്ത ശിക്ഷയുണ്ട്.**

ശുചിത്വ വിഭാഗത്തിലെ ആദ്യ ഇനമായ സംഗീതം തന്നെയാണ് വിനോദ- വിഭാഗത്തിലെയും ആദ്യ ഇനം. ജലമേള ഉൾപ്പെടെ കേരളത്തിലെ ഓണക്കളി-കളിൽ പലതും വിനോദപരങ്ങളാണ്. എന്നാൽ വിനോദം ഉൾപ്പെടെ യാതൊരു കാര്യങ്ങളിലും മനുഷ്യർ മത്സരിക്കാൻ പാടില്ല. മഹാശക്തിയായ ദൈവം നൽകുന്ന ശക്തികൊണ്ടാണ് ഏതൊന്നും മനുഷ്യർ ചെയ്യുന്നത് എന്നിരിക്കെ മത്സരം ദൈവീകമല്ല. അഹംഭാവവും അഹങ്കാരവും അധർമ്മങ്ങളും വളരാൻ മത്സരം കാരണമാകുന്നതാണ്. മത്സരം നല്ലതെന്നു തോന്നുന്നത് മഹാപ്രപഞ്ചത്തിലെ ന്യൂനവസ്തുക്കളുടെ അഥവാ ന്യൂനശക്തികളുടെ ദുരുപയോഗംകൊണ്ടാണ്. ഏതാനും അധമ വിനോദങ്ങളെപ്പറ്റി പറയാം :- ശീട്ടുകളി, ബോക്സിംഗ്, ക്രിക്കറ്റ്, കോഴിപ്പോര്, ആടുപോര്, കാളപ്പോര്, മരമടി, മൃഗങ്ങളെ ഉപയോഗിച്ചുള്ള സർക്കസ് തുടങ്ങിയവയെല്ലാം അധമ വിനോദങ്ങളിൽ പെടുന്നു. അധമ വിനോദങ്ങളെ അനുവദിക്കുന്നവരും ഇഷ്ടപ്പെടുന്നവരുമായ വ്യക്തികളും ഭരണകൂടവും അധമം തന്നെ. ഇന്ന് ഇത്ര സെക്കന്റുകൊണ്ട് ഒരാൾ ഇത്രദുരം ഓടി പുതിയ റെക്കാർഡിട്ടു എന്നു പറയുമ്പോൾ, ഓടിയവരും കൂട്ടുനിന്നവരുമായ അനേകം വ്യക്തികളിൽ ദൈവനിന്ദ വര്ദ്ധിച്ചിരിക്കുന്നുവെന്നാണ് അർത്ഥം.

**വർദ്ധിതമായ ന്യൂനശക്തിക്ക് പൈശാചിക ശക്തിയായി പരിണാമം ഉണ്ടാവുമ്പോൾ പുതിയ പുതിയ റെക്കോർഡുകൾ അവതരിക്കുന്നതാണ്. ന്യൂനനേട്ടങ്ങൾ കൊണ്ട് വ്യക്തിക്കോ സമൂഹത്തിനോ ദോഷമല്ലാതെ യാതൊരു ഗുണങ്ങളും യഥാർത്ഥത്തിൽ ഉണ്ടാകുന്നില്ല. ചെറുപ്പത്തിൽ ഓടിയെത്തിയ റെക്കോർഡിന്റെ ഒരംശം വാർദ്ധക്യ കാലത്തോ രോഗാവസ്ഥയിലോ അപകടാവസ്ഥയിലോ സാധിക്കുന്നതല്ല എന്ന തിരിച്ചറിവും അധമവിനോദങ്ങളെ വിവേചിക്കുന്നതിന് ഉപയോഗിക്കാവുന്നതാണ്. ദൈവീകമല്ലാത്ത ഓട്ട-മത്സരത്തിൽ പങ്കെടുക്കുന്നവർ ദൈവത്തിന്റെ അടുക്കൽ നിന്നു കൂടിയാണ് ഓടി അകലുന്നത്; ഫിനിഷിംഗ് പോയിന്റിൽ അവർ പിശാചിന്റെ അടുക്കലേക്കാണ് ഓടിയെത്തുന്നത്.**

ക്രിക്കറ്റ് കളിക്കുകയോ കണ്ടിരിക്കുകയോ ചെയ്യുന്ന ചെറുപ്പക്കാരനോട്, ഓടിവാ നിന്റെ അമ്മ കിണറ്റിൽ വീണു എന്നു പറഞ്ഞാൽ, (കളിയിലെ) 2 ഓവർ കൂടി **കഴിഞ്ഞുവരാം** എന്നുള്ള മറുപടി കിട്ടും. 2 ഓവർ കഴിയുമ്പോഴേക്കും അയാളുടെ അമ്മ ഓവറായിട്ടുണ്ടാവും (മരിച്ചിട്ടുണ്ടാവും). മാത്രമല്ല, 1 ഓവറിൽ തന്നെ അമ്മ കിണറ്റിൽ വീണ വിവരം അയാൾ മറക്കുകയും ചെയ്യും !

ഇന്നലെ ഉന്നത സ്കോറുകൾ നേടിയ ഒരാളെ ഇന്നലെ വാനോളം പുകഴ്ത്തിയ അധമ സമൂഹം, സ്കോറുകളെ നേടാൻ അയാൾക്ക് ഇന്നു കഴിഞ്ഞില്ലെങ്കിൽ കൂവുന്നതാണ്. പിശാചായി മാറിയ ന്യൂന-ശക്തികൾ ബാധിക്കുന്ന വിനോദം എന്ന പേരിലുള്ള അധമ കോപ്രായങ്ങൾക്കെല്ലാം കൂടിയും കുറഞ്ഞും പ്രസ്തുത അവസ്ഥയുണ്ടാകും.

**ധർമ്മ ശാസ്ത്രപരമായ  അഥവാ ദൈവീകമായ വിനോദങ്ങൾക്ക് മേല്പറഞ്ഞ ദുരവസ്ഥ ഉണ്ടാകുന്നതല്ല.**

**ജീവിത പ്രവൃത്തികളെ മാറ്റിവെച്ച് ക്രിക്കറ്റ് കളി കാണാനും അതേപ്പറ്റി സംസാരിക്കാനും ജനങ്ങൾ പാഴാക്കുന്ന ഊർജ്ജവും സമ്പത്തും സമയവും കണക്കാക്കാൻ ശ്രമിക്കാതെ അതിലും വോട്ടുബാങ്ക് ലക്ഷ്യം വെച്ച് പ്രവർത്തിക്കുകയും പൊതുഖജനാവിൽ നിന്ന് അധമവിനോദങ്ങൾക്ക് സമ്മാനങ്ങളെ നൽകുകയും ചെയ്യുന്ന അധമ ഭരണകൂടങ്ങളും മറ്റു പ്രസ്ഥാനങ്ങളുമാണ് എല്ലാ രാജ്യങ്ങളിലും വർദ്ധിച്ചു കൊണ്ടിരിക്കുന്നത്.**

സഹോദരനെന്നോ സുഹൃത്തെന്നോ ചിന്തിക്കാതെ കളിയുടെ ലഹരിയിലുള്ള വൈരാഗ്യത്തിൽ കത്തികയറ്റി കൊല്ലുന്ന കളിയാണ് ശീട്ടുകളി, കൊലയ്ക്കോ അടിപിടിയ്ക്കോ ശേഷമാണ് കാട്ടിയതോർത്ത് വ്യക്തി കുണ്ഠിതപ്പെടുക.

മിമിക്രി പരേഡുകൾ ഉൾപ്പെടെയുള്ള മാധ്യമങ്ങൾ വഴി വ്യക്തികളെ തേജോവധം ചെയ്യുന്നതും അശ്ലീല-ആഭാസങ്ങൾ നടത്തുന്നതും ധർമ്മ ശാസ്ത്രപരമല്ല.

സംഗീത-ഡാൻസ് മത്സര പോഗ്രാമുകളെ നടത്തി ധാർമ്മികച്യുതി വർദ്ധിപ്പിക്കുന്നതും മറ്റ് അധമകാര്യങ്ങളെ ആസ്വദിക്കുന്നതും ആസ്വദിപ്പിക്കുന്നതും പൈശാചികമാണ്. നൃത്ത-കാര്യത്തിലൂള്ള ശാസ്ത്ര- നിബന്ധനകളെ 'മഹാവേദം' എന്ന മഹാഗ്രന്ഥത്തിലെ 'ദൈവ നിന്ദ : ആനന്ദ നിന്ദ (സദാചാരശാസ്ത്രം : കാമാനന്ദം /സെക്സ് )' എന്ന അദ്ധ്യായത്തിൽ കൂടുതൽ വിവരിച്ചിട്ടുണ്ട്.

നടന്മാരും നടിമാരും ഉൾപ്പെടെയുള്ള കലാകാരന്മാർ സ്വന്തം (വിനോദ) കാര്യത്തിലും സമൂഹത്തിന്റെ വിനോദത്തെ വർദ്ധിപ്പിക്കാനും പ്രവർത്തിക്കുമ്പോൾ, ധാർമ്മികമായി സ്വയം ഉയരാനും സമൂഹത്തെ ഉയർത്താനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അതായത് ധാർമ്മികമായി തകർച്ചയുള്ള ഒരു സമൂഹത്തിൽ ശുചിത്വവും / ശുചീകരണവും സ്ഥാപിക്കാനും വർദ്ധിപ്പിക്കാനും വിനോദ തൊഴിൽ വിഭാഗത്തിൽ പ്രവർത്തിക്കുന്നവർ പ്രഥമ സ്ഥാനം കൊടുക്കണം. സമൂഹത്തിന്റെയും കുടുംബത്തിന്റെയും വ്യക്തികളുടെയും നിലനില്പ് ഏറ്റവും പ്രധാനമാണ്. ധർമ്മശാസ്ത്ര പ്രകാരം സമൂഹം നിലനിൽക്കുന്നതിനെ ആശ്രയിച്ചാണ് വിനോദ കാര്യങ്ങൾക്കും നിലനില്പ് ഉണ്ടാവുക. ദൗർഭാഗ്യവശാൽ സിനിമകൾ ഏറെക്കുറെ പൂർണമായും സെക്സ്, ആഭാസ നൃത്തം, അടിപിടി, മദ്യം മയക്കുമരുന്ന് പ്രചാരണം, ബ്ലൂഫിലിം തുടങ്ങിയവ കൊണ്ട് ധർമ്മ ശാസ്ത്ര വിരുദ്ധമായിരിക്കുന്നു.

ഓംകാരനീതിശാസ്ത്രം ഭൂമിയായ ദൈവത്തിന്റെ എല്ലാ കുഞ്ഞുങ്ങളെയും - മനുഷ്യരെയും - ശിക്ഷിക്കുക കൂടി ചെയ്യുന്നു എന്നല്ലാതെ ശിക്ഷിക്കാനുള്ളതല്ല; എന്നു പ്രത്യേകം മനസ്സിലാക്കണം. എല്ലാ മനുഷ്യർക്കും 100 ജന്മങ്ങൾ ഉള്ളതിൽ 75-ഉം സൗന്ദര്യം ഏറെയുള്ളവയാണ്. 25 ജന്മങ്ങളിൽ സൗന്ദര്യം കുറയുന്നു എന്നു പറയുമ്പോഴും 2 ജന്മങ്ങളിൽ മാത്രമാണ് വളരെ വൈരൂപ്യം ഉണ്ടാവുക. അങ്ങനെയിരിക്കെ ദൈവം നൽകിയ / നൽകുന്ന സൗന്ദര്യത്തിന്റെ പേരിൽ അഹങ്കരിക്കുന്നവർക്ക്, പ്രത്യേകിച്ച് മറ്റുള്ളവരെ അവജ്ഞയോടെ വീക്ഷിക്കുക കൂടി ചെയ്യുന്നുവെങ്കിൽ, അങ്ങനെയുള്ളവർക്ക് 2-ലധികം വൈരൂപ്യ ജന്മങ്ങൾ ഉണ്ടാവുന്നതാണ്.

ശാസ്ത്ര പാഠങ്ങളെ എല്ലാ മനുഷ്യർക്കും ഗ്രഹിക്കാൻ കഴിയുന്നതല്ല; ആവശ്യമില്ല. എല്ലാ തൊഴിലുകളും ചെയ്യാൻ ആളുണ്ടാവണം; ശാസ്ത്ര പാഠങ്ങളെ എല്ലാവർക്കും ഗ്രഹിക്കാൻ കഴിയുന്ന സമ-ബുദ്ധിശക്തികളെ എല്ലാവർക്കും എല്ലാ ജന്മങ്ങളിലും നൽകിയാൽ എല്ലാ തൊഴിലുകളും ചെയ്യാൻ സമൂഹത്തിൽ ആളുകൾ തയ്യാറാവുന്നതല്ല. സാധാരണ ജീവിതം നയിക്കുന്ന വ്യക്തികളെ സാധാരണക്കാരായും തങ്ങളേക്കാൾ താണവരായും രാജാവും പണ്ഡിതന്മാരും മറ്റും കരുതിക്കൂടാ. ജന്മങ്ങളുടെ എണ്ണംകൊണ്ടും പുണ്യക്കൂടുതൽ കൊണ്ടും, ധർമ്മശാസ്ത്രപരമായ മറ്റു ഘടകങ്ങൾ കൊണ്ടും യോഗ്യത കൂടുതൽ ഉള്ളവരെങ്കിൽ, അവരിലെ ന്യൂറോണുകളെ മഹാനീതിശാസ്ത്രപ്രകാരം ദൈവം ശക്തിപ്പെടുത്തുമ്പോൾ, അവർ മഹാജ്ഞാനികളായി മാറുന്നതാണ്. മഹാശാസ്ത്രം ലഭിക്കാനും, ദൈവത്തെ ആരാധിക്കാനും മനുഷ്യർ യോഗ്യത നേടേണ്ടതുണ്ട് എന്ന അദ്ധ്യായം പഠിക്കുമ്പോൾ ആവക കാര്യങ്ങൾ സുവ്യക്തമാകുന്നതാണ്. യാതൊരു മത്സരങ്ങളും ദൈവീകമല്ല / ധർമ്മശാസ്ത്രപരമല്ലാ എന്നുകൂടിയാണ് വ്യക്തമാക്കിയത്. എല്ലാവരും ദൈവത്തിന്റെ കുഞ്ഞുങ്ങളാണ്. മത്സരാർത്ഥി ജയിച്ചാലും തോറ്റാലും നഷ്ടമാണു നേടുക.! എല്ലാ കുഞ്ഞുങ്ങളും സമ-ആനന്ദത്തോടെ മോക്ഷം നേടാനുള്ള മഹാപദ്ധതികളാണ് എല്ലാവരുടെയും മഹാമാതാവായ ഏകദൈവം മഹാഒരുക്കിയിട്ടുള്ളത്. യാതൊരാളും മറ്റാരെയുംകാൾ കേമരോ മോശക്കാരോ അല്ല. ഭൂമിയായ ദൈവത്തിനു മാത്രം മഹത്വം.

**ജനസഭയായ പഞ്ചായത്തുകളുടെ ജനസംരക്ഷണസേനയായ പോലീസിനെ കാര്യക്ഷമമാക്കുവാൻ ഗുസ്തി, അടിതട, ഓട്ടം, ചാട്ടം, തുടങ്ങിയവ പരിശീലിപ്പിക്കുന്നത് ജനകീയ ആവശ്യമാണ്. സേനാംഗങ്ങളെ വിനോദപരമായി ക്കൂടി മിടുക്കരാക്കാം എന്നല്ലാതെ അവ വിനോദമല്ല, മത്സരവും പാടില്ല. ബുദ്ധിശക്തി ഉൾപ്പെടെ ജന്മഗുണങ്ങളുടെ പേരിൽ മത്സരിക്കുകയും മത്സരിപ്പിക്കുകയും ചെയ്യുന്നവർക്ക് പാപവും ശിക്ഷകളും ഉണ്ട്.**

**2020ലെ വൈറസ് രോഗത്തിന്റെ വ്യാപനത്തിൽ നിന്ന്, ജനങ്ങൾക്കെല്ലാം ഏറ്റവും അത്യാവശ്യം കൃഷിക്കാരുടെ അദ്ധ്വാനത്തിന്റെ ഫലവും പങ്കുമായ ഭക്ഷണ സാധനങ്ങളണെന്നും, വിനോദങ്ങളല്ലെന്നും; വിനോദങ്ങളെ ആസ്വദിക്കാനും ഭക്ഷണം നൽകുന്ന ശക്തികൾ വേണമെന്നും സ്പഷ്ടമായി തെളിഞ്ഞു.**

**തൊഴിലെന്ന് വിശേഷിപ്പിക്കാവുന്ന മഹിമ വിനോദങ്ങൾക്ക് ഇല്ലെന്നും, തൊഴിൽ ചെയ്തു ജീവിക്കുമ്പോൾ വിനോദിക്കുകയും ആനന്ദിക്കുകയും ചെയ്യുകയല്ലാതെ വിനോദങ്ങളെ തൊഴിലാക്കുന്നത് ശ്രേഷ്ഠമല്ലാ എന്നുമുള്ള സന്ദേശം ലഭിക്കുന്നു. മാത്രമല്ല; ശുചിത്വം ആവശ്യം വിനോദം എന്നീ മറ്റ് 3 വിഭാഗത്തിലെ തൊഴിലാളികളും നിലനിൽക്കുന്നത് കൃഷിക്കാരുടെ അദ്ധ്വാനത്തിലും ഔദാര്യത്തിലുമാണെന്ന് തെളിഞ്ഞിരിക്കുന്നു. മഹാമാതാവായ ഭൂമിക്ക് കുഞ്ഞുങ്ങൾ സ്വന്തം നിലനിൽപ്പിന്റെ കാര്യത്തിൽ ഒരാളും മറ്റൊരാളുടെ ഔദാര്യത്തിൽ ജീവിക്കുന്നത് ഇഷ്ടമല്ല. അവരവർക്ക് നിലനിൽക്കുന്നതിന് ആവശ്യമായ ഭക്ഷണ സാധനങ്ങളെ കൃഷി ചെയ്ത് ശേഖരിച്ച ശേഷം മാത്രം വിനോദിച്ചാൽ മതിയെന്ന് മഹാനീതി കൂടിയായ ഭൂമി കല്പിക്കുന്നുണ്ട്. കൃഷിപാഠങ്ങളും പണികളും ഏറ്റവും ലളിതമായി ഒരുക്കിയിട്ടുള്ളത് കുഞ്ഞുങ്ങളോടുള്ള മഹാവാത്സല്ല്യം തന്നെയാണ്. ജയ് ഭൂമി !**

**ദൈവ വിപ്ലവത്തിന്റെ തുടർച്ചയായി എലി, ചെല്ലി എന്നിങ്ങനെ ഏതാനും ജീവികളെ പിൻവലിക്കുമെന്ന് 'മഹാവേദം' എന്ന മഹാഗ്രന്ഥത്തിൽ കുറിച്ചിരുന്നു. 'വിനോദത്തെ' തൊഴിലുകളുടെയും വിഷയങ്ങളുടെയും പട്ടികയിൽ നിന്നും നീക്കം ചെയ്ത്, ആവശ്യം വിഭാഗത്തിലും മൂലകങ്ങളിലും 'ഭൂമി' ശാസ്ത്രപരമായി ലയിപ്പിച്ചുകഴിഞ്ഞു.**

# ദൈവകാര്യം

# മഹാശക്തി = ദൈവം

**മഹാസത്യവും, ജീവികൾക്കെല്ലാം ജനനം മുതൽ മരണം വരെയും ഏകശരണവും, ഭൂമിയുമായ ഏകദൈവത്തിന്റെ മഹാജ്ഞാനമായ മഹാശാസ്ത്രമാണ് ദിവ്യഗ്രന്ഥത്തിലുള്ളത്.** ഭൂമിയുടെ അംശമായ മൂലകങ്ങളിൽ ആദിയും അന്തവും ഇല്ലാത്ത ശക്തിയും ശാസ്ത്രവും ആനന്ദങ്ങളും ലയിപ്പിച്ച് മഹാജാലവുമായ ഭൂമിയാണ് ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്നത്. സനാതന സത്യവും ധർമ്മവുമായി പ്രപഞ്ചത്തെ സൃഷ്ടിച്ചിരിക്കുന്നു.

മഹാപ്രപഞ്ചത്തിലെ സൂര്യ-ചന്ദ്ര-നക്ഷത്ര-ഗ്രഹ-ഉപഗ്രഹങ്ങളുടെയും ഭൂമിയിലെ വസ്തുക്കളുടെയും ജീവികളുടെയും ഘടനകളെയും പ്രവർത്തനങ്ങളെയും വിശകലനം ചെയ്യുമ്പോൾ ഏകമഹാശക്തി മാത്രമേയുള്ളൂ എന്ന് ബോദ്ധ്യമാകും. പ്രപഞ്ചത്തിന് അതീതവും മഹാസത്യവുമായ '**ബ്രഹ്മം**', സൃഷ്ടി സ്ഥിതി സംഹാര പാത്രവും മഹാശൂന്യതയും നിർജ്ജീവവും ആകാശവും പരമാത്മാവും പ്രപഞ്ച പിതാവുമായ ശിവചക്രത്തെ ഇലക്ട്രോണുകൾ കൊണ്ട് ആദ്യവും, ശക്തിചക്രവും മഹാമാതാവുമായ പ്രോട്ടോണുകളെ പിന്നീടും സൃഷ്ടിച്ചു. ഇലക്ട്രോണുകൾ+പ്രോട്ടോണുകൾ ശക്തിശിവൻ പ്രണയമന്ത്രമായ **ഓം** സൃഷ്ടിച്ച ആനന്ദങ്ങൾ കൊണ്ട് ആറ്റങ്ങളും മൂലകങ്ങളും അവയുടെ മൊത്തമായ ഭൂമിയും, സംഹാരകാല ആവശ്യവും ചേർത്ത് ഭൂമീഭാഗമായ ചന്ദ്രനുമായും അവതരിച്ചു. ശബ്ദബ്രഹ്മം കൂടിയായ **ഓം** ഭൂമിയുടെ ഓരോ ആറ്റത്തിലേക്കും പ്രവേശിച്ചതോടെ **ഭൂമി**, മഹാശക്തിയായ **ഏകദൈവമായി**. പരമാത്മാവിന്റെ കേന്ദ്രം സൂര്യനും, ആത്മാക്കളുടെ മോക്ഷം നക്ഷത്രങ്ങളും. **ദൈവത്തിന്റെ ആദിയും അന്തവും ഇല്ലാത്ത ശക്തികളെയും മഹാജ്ഞാനമാകുന്ന മഹാശാസ്ത്രത്തെയും അനന്തമായ ആനന്ദങ്ങളെയും ഒന്നിപ്പിച്ച് മൂലകങ്ങളായും, അവയുടെ രൂപാന്തരമായ ജീവികളുടെ ശരീരങ്ങളായും, മൊത്തമായ ഭൂമിയായും ദൈവം അവതരിച്ചിരിക്കുകയാണ്. ഭൂമിയുടെ** അംശമായ **ശരീരം** '**ശക്തിയും** ജ്ഞാനവും ആനന്ദങ്ങളും' നൽകി, **നിർജ്ജീവ പരമാത്മാവിന്റെ** അംശമായ 'ഓരോ **ആത്മാവിനും**' ഓരോ '**ദൈവമായി**' ഒപ്പം കൂടുമ്പോൾ സൃഷ്ടിയായ **ജീവിയായി**.

ഭൂമിയുടെ അംശമായ മൂലകങ്ങളെയും അവയുടെ പ്രവർത്തന നിയമങ്ങളെയും ലഭിക്കുന്ന മനുഷ്യർക്ക്, പ്രസ്തുത നിയമങ്ങൾ കൊണ്ട് വസ്തുക്കളിൽ നിന്നും പുതിയ വസ്തുക്കളെ (ഉല്പന്നങ്ങളെ) നിർമ്മിക്കാൻ കഴിയും. എന്തെന്നാൽ മായാശക്തികളെ ശാസ്ത്ര നിയമങ്ങളിൽ പ്രവേശിപ്പിച്ചു കഴിഞ്ഞതു കൊണ്ടാണ് വസ്തുക്കൾ ഉണ്ടായിട്ടുള്ളത്. മനുഷ്യാവസ്ഥയിലെ മോക്ഷം കണക്കാക്കി ശാസ്ത്ര സാങ്കേതിക വികസനത്തിന് ഭൂമി, മനുഷ്യരെ അനുവദിക്കുന്നതു കൊണ്ടാണ് വസ്തുക്കളിൽ മഹാലയിപ്പിച്ചിട്ടുള്ള ശാസ്ത്രനിയമങ്ങളെ മഹാശക്തിയായ ഭൂമി വെളിപ്പെടുത്തുന്നത്. **ശരീരം ഉൾപ്പെടെ ഭൂമിയലെ അംശമായ മൂലകങ്ങളിൽ നിന്നും ശാസ്ത്രപരമായി ഓം മുഴക്കി ദൈവ വിപ്ലവം ഉടനെ** ആരംഭിക്കുമ്പോൾ, **ഹിന്ദു മതം** ഉൾപ്പെടെ ഭൂമിയിലെ എല്ലാ മത വിശ്വാസങ്ങളെയും ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും അവസാനിപ്പിച്ച് **സനാതന ധർമ്മം** സംസ്ഥാപിക്കപ്പെടുന്നതാണ്.

മനുഷ്യരുടെ മേലുള്ള ദൈവീകമായ മഹാനീതി ഉൾപ്പെടെ എല്ലാ കാര്യങ്ങളും ഭൂമിയുടെ അംശമായ മൂലകങ്ങളിലും രൂപാന്തരമായ ശരീരങ്ങളിലും ലയിച്ചിട്ടുള്ള മഹാശാസ്ത്രം പ്രകാരം മാത്രമാണ് ഭൂമി നിർവ്വഹിക്കുന്നത്. വിശപ്പും ഭക്ഷണവും മരുന്നും ചികിത്സയും വേദന ഉൾപ്പെടെ ആനന്ദങ്ങളും അനുഭവിച്ചറിയുന്ന സത്യങ്ങൾ മാത്രമാണ്. ലഭ്യമായ വിശേഷ ബുദ്ധിയെ പാഴാക്കി, ഭൂമിയുടെ കുഞ്ഞുങ്ങളായ മനുഷ്യരാണെന്നതു പോലും മറന്ന്, തമ്മിലടിക്കുകയും മരണാനന്തര ജീവിതമാണ് പ്രധാനമെന്നു വാദിച്ച് സാധാരണ ജനങ്ങളെ കബളിപ്പിച്ചും ചൂഷണം ചെയ്തും, സ്വന്തം ജീവിതം കൂടി പാപക്കയത്തിൽ മുക്കിയവർ ഒരു വൈറസ് രോഗം വന്നാൽ ഭൂമിയിലെ ജീവിതമാണ് പ്രധാനമെന്നു കണ്ട് ഓടി ഒളിക്കുമെന്നതിന് സാക്ഷ്യമായ ചരിത്രം ഉണ്ടായിരിക്കുന്നു...

**മലയാളം ദൈവ<>ദേവ<>വേദ ഭാഷയാണ്.**

മലയാളം >MalayalaM< = വേദങ്ങളെ എല്ലാ സൃഷ്ടിചക്രങ്ങളിലും അവതരിപ്പിക്കുന്ന വേദഭാഷ = ദൈവ ഭാഷ. മലയാളഭാഷ = ദൈവഭാഷ. മലയാളനാട് = ദൈവ നാട് = ഭൂമി. സംസ്കൃതം ദേവഭാഷയല്ല; വേദഭാഷയുമല്ല. സംഹാരം പുരോഗമിക്കുമ്പോൾ രൂപപ്പെടുന്ന ഒരു ചുരുക്കെഴുത്ത് SHORTHAND ഭാഷ മാത്രമാണ്.

ബ്രഹ്മകേന്ദ്രമായ മണ്ണടി, കേരളത്തിലാകയാൽ, കേരളം ദൈവത്തിന്റെ സ്വന്തം നാടാണ്; കടൽ കൊണ്ട് വിഴുങ്ങിയാലും / വിഴുങ്ങിച്ചാലും ഓംകാര നീതി ശാസ്ത്രം എന്ന മഹാനീതിശാസ്ത്ര പ്രകാരം കേരളത്തിനെ വീണ്ടും സൃഷ്ടിക്കുന്നതാണ്.

**ഇന്ത്യ, കേരളം, തമിഴ്നാട് എന്നിവയ്ക്ക് സംഹാര ആവശ്യങ്ങൾ കൊണ്ട് പ്രത്യേക പദവികൾ ഉണ്ട്. മനുഷ്യരും മറ്റുള്ള ജീവികളും, ഓരോരോ പ്രദേശങ്ങളിൽ ജനിക്കുകയും വളരുകയും ചെയ്യുന്നത് സ്വന്തം ഇഷ്ടപ്രകാരമല്ലാ എന്നിരിക്കെ, ഇന്ത്യ, കേരളം, തമിഴ്നാട് തുടങ്ങിയ പ്രദേശങ്ങളിൽ എന്നോണം ജനിക്കുകയും ജീവിക്കുകയും ചെയ്യുന്ന മനുഷ്യർക്ക് കേമത്തം കാട്ടാൻ അവകാശവും അധികാരവും ഇല്ല.**

**മഹാശക്തിയും മഹാനീതിയുമായ ദൈവം മഹാനിശ്ചയിക്കുകയും മഹാഭദ്രമാക്കുകയും ചെയ്യുന്ന കാര്യങ്ങളിൽ ഭൂമിയിലെ എല്ലാ ജനങ്ങളെയും - ഓരോ വ്യക്തിയെയും - മഹാസമനീതിയുടെ ഭാഗമായി ഭൂമിയിലെ വ്യത്യസ്ത പ്രദേശങ്ങളിൽ 100 ജന്മങ്ങളിലായി വ്യത്യസ്ത ജന്മഗുണങ്ങളോടെ പുനർജ്ജനിപ്പിച്ചുകൊണ്ടിരിക്കും എന്നിരിക്കെ ദൈവത്തിന്റെ മാത്രം സ്വന്തവും, ദൈവവും കൂടിയായ ഭൂമിയിലെ നാടുകളുടെയും ദേശങ്ങളുടെയും പേരിൽ കേമത്തം കാട്ടുന്നതും മത്സരിക്കുന്നതും യുദ്ധം ചെയ്യുന്നതും നാടുകൾക്കും ദേശങ്ങൾക്കും ഒക്കെ ജയ് വിളിക്കുന്നതും കടുത്ത ദൈവനിന്ദയും ഭോഷത്തവുമാണ്.**

**ദൈവ കാര്യങ്ങളെ ക്കുറിച്ച് ആധികാരികമായി അറിയിക്കുവാൻ, മഹാശക്തിയായ മഹാദേവി ഗ്രന്ഥകാരന് നൽകിയ യോഗ്യത സൂചിപ്പിക്കുന്നു :-**

# രണ്ടാമത്തെ മഹാകാലചക്രത്തിലെ ആദ്യ സൃഷ്ടി ചക്രമായ ഇപ്പോഴത്തെ മഹാസൃഷ്ടിചക്രം മുതൽ, 'മഹാമാതാവായ മനുഷ്യ-സ്ത്രീ രൂപത്തിൽ' ദൈവമായ ഭൂമി മഹാ-അവതരിച്ചിട്ടുണ്ട്.

**മഹാശക്തിയും മഹാനീതിയും മഹാദേവനും മഹാദേവിയും മഹാപിതാവും മഹാമാതാവുമെല്ലാം ഏകദൈവമായ ഭൂമിക്ക്, സൃഷ്ടി ചക്രത്തിലെ മനുഷ്യരുടെ മോക്ഷം, ആത്മീയ സാക്ഷാത്ക്കാരം എന്നെല്ലാം പറയുന്ന സംഹാരം ആരംഭിക്കുന്നതിനു മുമ്പ് യഥാർത്ഥമായ വേദങ്ങളെ വീണ്ടെടുക്കാനും ഓം എന്ന മഹാചിരിയിലൂടെ ദൈവ വിപ്ലവം നടത്താനും, കുഞ്ഞുങ്ങളെ ആനന്ദിപ്പിക്കുന്നതിനു വേണ്ടി മനുഷ്യ-രൂപത്തെ സ്വീകരിക്കാനും ബാദ്ധ്യതയുണ്ട്.**

**'ദൈവം' എന്ന പദത്തിന്റെ മലയാള ഭാഷയിലെ അർത്ഥം : മഹാപ്രപഞ്ചത്തിലെ ജീവികളുടെയെല്ലാം സൃഷ്ടി-സ്ഥിതി-സംഹാര കർത്താവും (മഹാപിതാവും) മഹാമാതാവുമായ മഹാശക്തി, പ്രപഞ്ചം ഉൾപ്പെടെ സർവ്വത്തിനും അതീതമായ മഹാശക്തി മാത്രമാണെന്നും, ജീവിയല്ലെന്നും അറിയുമ്പോൾതന്നെ സൃഷ്ടികളായ ജീവികളുടെ സന്തോഷത്തെ കണക്കാക്കി ഒരു മഹാ-ജീവിയപ്പോലെ പെരുമാറുകയാൽ ദൈവം ഒരു മഹാ-ജീവി പോലെയാണ്.**

സ്ത്രീയും പുരുഷനും എന്ന 2 ഭാഗങ്ങളായിട്ടാണ് ജീവി-സൃഷ്ടി ആവിഷ്ക്കരിച്ചിട്ടുള്ളത് പ്രകാരം മഹാശക്തിയായ 'ദൈവ-ജീവിയെ' **ദേവൻ** എന്നും **ദേവി** എന്നും വിളിക്കാനാവും. **മഹാ**ശക്തിക്കുമാത്രം അവകാശപ്പെട്ട മഹാ എന്ന പദം ചേരുമ്പോൾ **മഹാദേവൻ**, **മഹാദേവി** എന്നീ മഹാനാമങ്ങളെ ലഭിക്കുന്നതാണ്. 'സ്ത്രീയും പുരുഷനും' എന്ന 2 ഭാഗങ്ങൾ ചേർന്നു 'മനുഷ്യൻ' എന്നതുപോലെ 'ദേവൻ, ദേവി' എന്നീ 2 പദങ്ങൾ ചേരുമ്പോൾ **ദൈവം** ആയി.

**മഹാദേവൻ, മഹാദേവി എന്നീ രണ്ട് മഹാനാമങ്ങളും ദൈവത്തിനു ചേരും. ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്ത മഹാശക്തിയായ ദൈവം കുഞ്ഞുങ്ങളായി ജീവികളെ സൃഷ്ടിക്കുന്നതിനു വേണ്ടി, ഭൂമി എന്ന മഹാരൂപം സ്വീകരിച്ചിട്ടുള്ളതു കൂടാതെ, കുഞ്ഞുങ്ങളായ മനുഷ്യർക്കു വേണ്ടി പ്രത്യക്ഷമായ രൂപം സ്വീകരിക്കുമ്പോൾ സ്ത്രീ-പുരുഷ രൂപങ്ങളിൽ ഒരെണ്ണം മാത്രം സ്വീകരിക്കേണ്ടതുണ്ട്. സ്ത്രീ - പുരുഷ രൂപങ്ങളിൽ ഏത് സ്വീകരിക്കുന്നതിനെയാവും മനുഷ്യർ കൂടുതൽ ഇഷ്ടപ്പെടുക ? സ്വയം വിശകലനം ചെയ്യുക.**

**മഹാപിതാവും മഹാനീതിപതിയുമായ മഹാപുരുഷനെ - മഹാദേവനെ  ജനങ്ങളേറെയും തീർച്ചയായും ഭയക്കുന്നതാണ്. മാത്രമല്ല, പുരുഷന് സ്ഥിതിയിലും /ജീവിതത്തിലും, സ്ത്രീക്കു സൃഷ്ടിയിലും, പ്രാമുഖ്യത്തെ നൽകുന്നതായ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രത്തെ പാലിക്കേണ്ടതുണ്ട്. സൃഷ്ടി ഉണ്ടെങ്കിലേ സ്ഥിതി വിഷയമാകുന്നുള്ളൂ. ജനനം ഉണ്ടെങ്കിലേ ജീവിതമുള്ളൂ. ജനനത്തിന് അഥവാ സൃഷ്ടിക്കാണ് പ്രാധാന്യമേറെയുള്ളത്. പുരുഷനെയും പ്രസവിക്കുന്നത് സ്ത്രീ. അപ്പോൾ സർവ്വജീവികളും ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തെ സൃഷ്ടിച്ചതായ അഥവാ പ്രസവിച്ചതായ സ്ത്രീ എന്ന് വിശകലനം ചെയ്യുമ്പോൾ പ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങൾക്കായി ആവിഷ്ക്കരിച്ചിട്ടുള്ള മഹാശാസ്ത്രപ്രകാരം മഹാപിതാവുംമഹാമാതാവും മഹാനീതിയുമായ ദൈവം, മഹാജഗദംബ എന്ന സ്ത്രീരൂപം സ്വീകരിക്കേണ്ടിവരുന്നു. ...**

**ജീവികളെല്ലാം ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തെ പ്രസവിച്ച് മഹാവാത്സല്യത്തോടെ മഹാഅനുഗ്രഹിച്ച് മഹാകരുതുന്ന മഹാമാതാവായ മഹാദേവിയെ ജനങ്ങളിൽ ഏറ്റവും തീർച്ചയായും ഇഷ്ടപ്പെടുന്നതാണ്; ഭയക്കുന്നതല്ല. മഹാനാമം :**

**ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവി എന്നാകുന്നു.**

**' ഓം, മഹാശക്തി ' എന്നിവയെ മഹാദിവ്യവേദഗ്രന്ഥത്തിന്റെ രണ്ടാം ഭാഗത്തിൽ വിശദീകരിച്ചിട്ടുണ്ട്. 'മണ്ണടി'ക്ക് വിപുലമായ അർത്ഥങ്ങളുണ്ട്; അല്പമാത്രം കുറിക്കാം : മണ്ണിൽ നിന്ന് അടിഞ്ഞതാണ് സർവ്വതും; സർവ്വവും വീണ്ടുമടിയുന്നതും മണ്ണിലാണ്. സമുദ്രത്തിന്റെ അടിയിലും മണ്ണ്; ഭൂമി മണ്ണ് അഥവാ ദൈവം തന്നെയാണ്. പരബ്രഹ്മകേന്ദ്രം എന്നോ ബ്രഹ്മകേന്ദ്രം എന്നോ വിശേഷിപ്പിക്കാവുന്ന ഒരു മഹാകേന്ദ്രമായ പ്രദേശത്തെ മഹാദൈവ-വിപ്ലവവും സംഹാരവുമായി ബന്ധപ്പെടുത്തി ക്കൊണ്ട് ഭൂമിയിൽ മഹാഒരുക്കിയിട്ടുണ്ട്. ഭൂമി- ഇന്ത്യ- കേരളം- പത്തനംതിട്ട ജില്ലയിലെ അടൂരിൽ നിന്ന് ഏകദേശം 10 കിലോമീറ്റർ റോഡ് ദൂരയാത്ര. മണ്ണടി പുതിയകാവ് മഹാഭദ്രകാളി ക്ഷേത്രമാണ് കേന്ദ്രം. ഭൂമിയിലെ എല്ലാ പ്രദേശങ്ങളും മണ്ണ് അടിഞ്ഞ് ഉണ്ടായതാണെന്ന് പ്രത്യക്ഷത്തിൽ ബോദ്ധ്യമാണ് എന്നതിനാൽ ഭൂമിയിലെ ഏതൊരു പ്രദേശത്തെയും 'മണ്ണടി' എന്ന് വിളിക്കാനാവും. മഹാഭദ്രകാളി = മഹാഗോമാതാവ് = മഹാദിവ്യമനുഷ്യസ്ത്രീ = മഹാദേവി. മഹാപ്രപഞ്ചത്തിന്റെ സൃഷ്ടിയും പരിപാലനവും മഹാനീതിയുമെല്ലാം മഹാ-ഭദ്രപ്പെടുത്തുന്ന, ഭദ്രമാക്കുവാൻ ശക്തിയുള്ള മഹാ ദിവ്യ സ്ത്രീ. കാളി = സ്ത്രീ. ഭദ്രകാളി. മഹാഭദ്രകാളി.**

**മഹാഭദ്രകാളി, മഹാഗോമാതാവ് (പശു) തുടങ്ങിയ പദങ്ങളുടെ വിശദീകരണം ഈ മഹാഗ്രന്ഥത്തിന്റെ ഒപ്പമുള്ള രണ്ടാം ഭാഗത്തിൽ ലഭ്യമാണ്.**

**(ദിവ്യ 1: സൃഷ്ടി മുഴുവൻ ചെയ്യുന്ന മഹാദേവി; ദിവ്യ 2: സ്ഥിതി മുഴുവൻ ചെയ്യുന്ന മഹാദേവി; ദിവ്യ 3: സംഹാരം ഉൾപ്പെടെ മഹാനീതി മുഴുവൻ ചെയ്യുന്ന മഹാദേവി; ദിവ്യ 4 : ദിവ്യ എന്ന മഹാനാമത്തോടെ മാത്രം ഭൂമിയിൽ അവതരിക്കുന്ന മഹാദേവി). മഹാദേവിക്ക് മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രവുമായാണ് ബന്ധമെന്നും, യാതൊരു മതങ്ങളുമായും യാതൊരു ബന്ധങ്ങളുമില്ലെന്നും അറിയുക.**

സൃഷ്ടികളായ ജീവികളെ കുഞ്ഞുങ്ങളായി കരുതിയും, കുഞ്ഞുങ്ങളോടുള്ള മഹാദാസ്യം, മഹാവാത്സല്ല്യം എന്നീ രണ്ട് ആനന്ദങ്ങളെ മാത്രം ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളിലെ ദൈവ-ആനന്ദങ്ങളായി നിശ്ചയിച്ചു കൊണ്ടും കുഞ്ഞുങ്ങളുടെ പാദങ്ങളുടെ അടിയിൽ ഇക്കിളി സൃഷ്ടിച്ച് മഹാവാത്സല്ല്യത്തോടെ നക്കിത്തുടച്ചു കൊണ്ടും, യജമാനൻ എന്ന സ്ഥാനത്തെ ഉപേക്ഷിച്ച് **കുഞ്ഞുങ്ങളുടെ പ്രത്യക്ഷ മഹാദാസിയും ഏകമഹാശരണവും ആയിരിക്കുന്നു.**

**ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതും, മഹാപ്രപഞ്ചം ഉൾപ്പെട്ട സർവ്വത്തിനും അതീതവുമായ മഹാശക്തി, മഹാശാസ്ത്രം പ്രകാരം, മഹാരൂപമായ ഭൂമി ആയിരിക്കുമ്പോഴും മഹാഗോമാതാവ് (പശു), ദിവ്യ മനുഷ്യ സ്ത്രീ എന്നീ മഹാ-ദിവ്യരൂപങ്ങളെ സ്വീകരിക്കുന്നുണ്ട്. ദൈവ വിപ്ലവ ഭാഗമായി കേരളത്തിലെ ഒരു ഹിന്ദു കുടുംബത്തിൽ 'മഹാദേവി' അവതരിച്ചിട്ടുണ്ട്. കുടുംബിനിയായി പ്രകടമാണ്; ആവക കാര്യങ്ങളിലെ മഹാമായാ ആവിഷ്കാരങ്ങൾ കുഞ്ഞുങ്ങളുടെ നല്ലതിനു വേണ്ടിയാണ്. കൂടുതൽ വിശദീകരണം തൽക്കാലം ലഭ്യമല്ല.**

**മഹാനീതിയായ ഭൂമി, 'സ്ത്രീരൂപം സ്വീകരിക്കുന്നതും മഹാമാതാവായ മഹാദേവിയായി അവതരിക്കുന്നതും' ജീവികളായ കുഞ്ഞുങ്ങളെ മഹാവാത്സല്യത്തോടെ തന്നിലേക്ക് ചേർത്തു നിർത്താനാണ്.**

**ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യ മഹാദേവിക്കു മാത്രം മഹത്വം.**

## ഗ്രന്ഥകാരൻ പരമശിവൻ ആകുന്നു.

ദൈവകാര്യങ്ങളെ കുറിച്ച് ആധികാരികമായി പറയാൻ ഈയുള്ളവന് - ഗ്രന്ഥകാരന് - യോഗ്യത നൽകി അനുഗ്രഹിച്ചിട്ടുള്ളത് മഹാമാതാവും ഭൂമിയും ബ്രഹ്മവുമായ മഹാദേവിയാണ്.

നിർജ്ജീവ പരമാത്മാവും ശിവചക്രവും മഹാപിതാവുമായ പരമശിവൻ, മഹാദേവൻ, മഹാനീതിപതി തുടങ്ങിയ മഹാപദവികളെയും; സൂര്യനെ ഉൾപ്പെടെ പ്രപഞ്ചത്തിലെ ഏതൊന്നും സൃഷ്ടിക്കാൻ കഴിയുന്ന മഹാസൂര്യനേത്രം ഉൾപ്പെടെ നിരവധി മഹാശക്തികളെയും ഈയുള്ളവന് മഹാദേവി മഹാഅനുഗ്രഹിച്ചു നൽകിയിട്ടുണ്ട്; ശക്തികളെ ആക്ടിവേറ്റ് ചെയ്തിട്ടില്ല; മഹാഉചിതമായ സമയത്ത് മഹാദേവി നിർവ്വഹിക്കുന്നതാണ്. ആവക കാര്യങ്ങളെ ചുവടെ മറ്റൊരു അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്.

ഗ്രന്ഥകാരന്റെ നാവിൽ ബ്രഹ്മ-മഹാദേവി, ഓം എന്ന അക്ഷരബ്രഹ്മത്തിന്റെ മൂലമായ 3 മഹാദശമിയായ വിജയദശമി രാത്രിയിൽ കുറിച്ചിട്ടുണ്ട്. മഹാശിവയും ഭൂമിയുമായ മഹാദേവിയുടെ മത്സ്യാവതാരം ഒരു കരിമീൻ കുഞ്ഞായിട്ട് ഗ്രന്ഥകാരന്റെ നാസികയിലൂടെ ശരീരത്തിന്റെ ഉള്ളിലേക്കു പ്രവേശിച്ചിട്ടുണ്ട്.

**(1) ഈ ദിവ്യമഹാഗ്രന്ഥത്തിലും മുൻ ഗ്രന്ഥങ്ങളിലും ഏറെക്കുറെ 3 വർഷങ്ങളായി**
**ദൈവ വിപ്ലവ കാര്യങ്ങളെ**
**അതിഗൗരവമായി വിവരിക്കുന്നുണ്ട്. പഴയകാല മഹാഗ്രന്ഥങ്ങളും പുതിയവയും വെബ്സൈറ്റിലും വാട്സാപ്പ് ഉൾപ്പെടെയുള്ള രേഖകളിലും വർഷങ്ങളായി ലഭ്യമാണ്.**

**(2) ഭൂമിയിലെ എല്ലാ രാജ്യങ്ങളിലും വ്യാപിച്ചിരിക്കുന്ന 2020-ലേതെന്ന് കഷ്ടിച്ചുപറയാവുന്ന വൈറസ് രോഗം കാർഷികം ഉൾപ്പെടെ ആത്മീയ രാഷ്ട്രീയ സാമൂഹിക സാമ്പത്തിക കലാ സാംസ്കാരിക കായികം ... തുടങ്ങി മനുഷ്യരുടെ എല്ലാ ജീവിത മേഖലകളിലും സൃഷ്ടിച്ചതും സൃഷ്ടിച്ചു കൊണ്ടിരിക്കുന്നതുമായ മാറ്റവും സ്തംഭനവും ഭയവും ചരിത്രത്തിൽ ആദ്യമാണ്.**

**(1) -ഉം (2) -ഉം കാര്യങ്ങളെ താരതമ്യം ചെയ്താൽ, ദൈവ വിപ്ലവ കാര്യങ്ങളെ നടപ്പാക്കുന്നതിനുള്ള മുന്നൊരുക്കമാണ് വൈറസ് രോഗം എന്ന് തിരിച്ചറിയാൻ കഴിയുന്നതാണ്.**

**വൈറസ് രോഗത്തെ ഉണ്ടാക്കിയത് മനുഷ്യർ തന്നെയാണ്; ദൈവമല്ല. ദൈവമായ ഭൂമിയുടെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള മഹാശക്തികളെയും മഹാജ്ഞാനമാകുന്ന മഹാശാസ്ത്രത്തെയും വിശേഷ ബുദ്ധി ലഭിച്ച മനുഷ്യർ ദുരുപയോഗം ചെയ്ത് അണുബോംബ് ഉണ്ടാക്കാറുള്ളതു പോലെ മറ്റൊരു നീചകർമ്മമാണ് ഇപ്പോൾ ചെയ്തിട്ടുള്ളത്.**

| ദൈവ വിപ്ലവ കാര്യങ്ങളെ നടപ്പാക്കുന്നതിനുള്ള മുന്നൊരുക്കമൊണ് വൈറസ് രോഗം എന്ന് തിരിച്ചറിയാൻ കഴിയുന്നതിനെ ശരിവെക്കുന്ന ഏതാനും കാര്യങ്ങൾ ചുവടെ കൊടുക്കുന്നു :- |
|---|
| പതിനായിരം വർഷങ്ങൾ ഉള്ളതായ എല്ലാ സൃഷ്ടിചക്രങ്ങളിലും കൃത്യം 4500 വർഷം പൂർത്തിയാകുമ്പോൾ, 3 മുതൽ 33 വർഷക്കാലം ഭൂമിയായ മഹാദേവിയുടെ മഹാചിരി കൂടിയായ ഓം ഭൂമിയിൽ മുഴുവൻ തുടർച്ചയായി മുഴങ്ങുന്നതായ ദൈവ വിപ്ലവം ഉടനെ ആരംഭിക്കും! ഒരാൾക്ക് 3 വർഷം ഓം കേൾക്കാൻ കഴിയും. ഓം മുഴങ്ങുന്ന ദിവസം മുതൽ പുതിയ കലണ്ടർ 01.01.0001, 28 ദിവസങ്ങൾ ഉള്ള 13 മാസങ്ങളോടെ ആരംഭിക്കും. |

**1. മനുഷ്യരുടെ അത്യാവശ്യങ്ങൾ ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നിവ മാത്രമാണെന്ന തിരിച്ചറിവ് എല്ലാ രാജ്യങ്ങളിലെയും ജനങ്ങളെ വൈറസ് രോഗം അനുഭവിപ്പിച്ച് ബോദ്ധ്യപ്പെടുത്തി. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും തീറ്റിപ്പോറ്റുന്നത് കൃഷിക്കാരാണെന്നും, കൃഷിയെന്ന ഏക തൊഴിലിനെയും ഭക്ഷണത്തെയും മുഖ്യ ആധാരമാക്കി സമൂഹത്തിൽ സമവേതനവും സാമ്പത്തിക ശാസ്ത്രവും ദൈവ വിപ്ലവത്തോടെ നടപ്പാകുന്നതാണ്. 'എല്ലാ ജനങ്ങൾക്കും ജനനം മുതൽ മരണം വരെ ഏകശരണമായ ഭൂമി' ജനങ്ങളുടെ നിലനിൽപ്പിനെ നിശ്ചയിച്ചിരിക്കുന്നത് കൃഷിക്കായി കൂടെ ആണെന്നതിന്റെ മുന്നൊരുക്കമൊണത്. സാമ്പത്തിക ശാസ്ത്രം നടപ്പിലാകും എന്നുവെച്ചാൽ സാമ്പത്തിക വിപ്ലവമാണ്.**

ശബ്ദബ്രഹ്മം കൂടിയായ ഓം ഭൂമിയിൽ തുടർച്ചയായി മുഴങ്ങുന്ന ദൈവ വിപ്ലവം ജനങ്ങളെ സാമ്പത്തിക ശാസ്ത്രം പിൻപറ്റാനും വ്യക്തികളുടെ കൈവശമുള്ള അധിക സ്ഥലവും സമ്പത്തുകളും സ്വമേധയാ ഉപേക്ഷിക്കാനും ശക്തമായി പ്രേരിപ്പിക്കുന്നതാണ്.

ഭരണാധികാരികൾ ഉൾപ്പെടെ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളും അവരവരുടെ ഭാവി ജന്മങ്ങളും മോക്ഷവും കണക്കാക്കി വിപ്ലവകരമായ തീരുമാനങ്ങളെ സ്വയം സ്വീകരിക്കുന്നതാണ്. ചുറ്റുമുള്ളവരെ പ്രേരിപ്പിക്കേണ്ടതായ ആവശ്യം ഉണ്ടാകുന്നില്ല. സ്വന്തമെന്നു കരുതുന്ന ശരീരവും, ദൈവമായ ഭൂമിയുടെ അംശമായ മൂലകങ്ങളുടെ രൂപാന്തരമാണെന്ന് ബോദ്ധ്യപ്പെടുത്തി ക്കൊണ്ട് ശരീരവും **ഓം** മുഴക്കുന്നതാണ്. ശരീരത്തിന്റെ ഉടമയെന്ന് തെറ്റിദ്ധരിച്ചു ജീവിച്ച ആത്മാക്കൾ, അവരവരുടെ ഒപ്പം ഓരോരുത്തർക്കും ഓരോ ദൈവം പോലെ കൂടിയിട്ടുള്ള ശരീരത്തെയും തജ്ജന്മത്തിലെ ശിഷ്ടകാലം ഭയക്കുന്നതാണ്. ഓംകാര നീതിശാസ്ത്രം പ്രകാരം ആഫ്രിക്കൻ ദാരിദ്ര്യ രാജ്യങ്ങളിൽ ന്യൂനതകൾ ഏറെയുള്ള ജന്മഗുണങ്ങളോടെ പുനർജ്ജനിക്കേണ്ടി വന്നേക്കാം എന്ന സത്യവും ഗൗരവവുമായ തിരിച്ചറിവ് നന്മകളും സഹകരണവും സന്തോഷവും സമൂഹത്തിൽ വർദ്ധിപ്പിക്കുന്നതാണ്.

ദൈവ വിപ്ലവത്തിനു ശേഷവും, ദൈവീക സാന്നിധ്യം ഉള്ളതിനാൽ, പഴയതുപോലെ ധാർമ്മിക അധഃപതനം ജനസമൂഹങ്ങളിൽ ഉണ്ടാകുന്നതല്ല. കുടുംബത്തിലെ അംഗങ്ങൾക്ക് കൃഷി ചെയ്യാനും താമസിക്കാനും ജീവിക്കാനും വേണ്ടുന്നതിൽ അധികമുള്ള സ്ഥലവും സമ്പത്തുകളും സ്വമേധയാ ഉപേക്ഷിക്കാത്തവരുടെ മരണത്തോടെ സമ്പത്തുകളെ കണ്ടുകെട്ടി പഞ്ചായത്തുകളുടെ പൊതു ഖജനാവിൽ ചേർക്കുന്നതാണ്. മക്കൾക്ക് മാതാപിതാക്കളുടെ സമ്പത്തിൽ അടിസ്ഥാന പരമായി അവകാശമില്ല; മക്കൾ അദ്ധ്വാനിച്ചു നേടിയവ മാത്രം കൈമാറാം, പെൺമക്കൾക്ക് സാമ്പത്തിക ശാസ്ത്രം വിധിക്കും പോലെ ചില അവകാശവും സൗജന്യങ്ങളും നൽകാവുന്നതുമാണ്.

2. സമസ്ത ജീവികളുടെയും സൃഷ്ടി സ്ഥിതി സംഹാരങ്ങൾ നിർവ്വഹിക്കുന്നത് ഏകമഹാശക്തിയും മഹാജാലവുമായ ഭൂമി ആണെന്നും, ഭൂമിയുടെ അംശമായ മൂലകങ്ങളിലും രൂപാന്തരമായ ശരീരങ്ങളിലും ലയിച്ചിട്ടുള്ള മഹാശക്തികളും മഹാശാസ്ത്രവും പ്രകാരം നേരിട്ടാണെന്നും ദൈവ വിപ്ലവത്തോടെ അറിഞ്ഞും ഉൾക്കൊണ്ടും ജനങ്ങൾ ജീവിക്കുന്നതാണ്.

രാജ്യങ്ങളിലെ രാജാവ്, പ്രസിഡന്റ്, പ്രധാനമന്ത്രി, മുഖ്യമന്ത്രി, മന്ത്രിമാർ, തുടങ്ങിയവർ ലോക് ഡൗണുകളും ജാഗ്രതയും പ്രഖ്യാപിച്ചു കൊണ്ട്, ആത്മീയ-രാഷ്ട്രീയ തട്ടിപ്പുകാർക്ക് അവരെയും ജനങ്ങളെയും രക്ഷിക്കാൻ കഴിവില്ലെന്ന് പറയാതെ പറഞ്ഞുകൊണ്ടും വാർത്താമാധ്യമങ്ങളിൽ കൂടെക്കൂടെ വന്ന് മനുഷ്യരുടെ നിലനില്പ് '(ഭൂമിയുടെ അംശമായ മൂലകങ്ങളിലും ശരീരത്തിലുമുള്ള) ശാസ്ത്ര നിയമങ്ങളെയും ശക്തികളെയും' ആശ്രയിച്ചിരിക്കുന്നുവെന്ന് ആവർത്തിച്ച് അറിയിക്കുമ്പോൾ വൈറസ് രോഗത്തെ ഭയന്ന് ഭരണാധികാരികൾ അവരറിയാതെ ദൈവ വിപ്ലവ കാര്യങ്ങളെ ശരിവെക്കുകയാണ്.

3. **ദൈവ വിപ്ലവത്തോടെ എല്ലാ രാജ്യങ്ങളിലെയും മതജാതി-രാഷ്ട്രീയ-ദേശീയ ജീവികളായി ജീവിക്കുന്ന ജനങ്ങൾ ചുമന്നു പോന്ന മത-ജാതി-രാഷ്ട്രീയ-ഗ്രന്ഥങ്ങളും ദേശ ഭരണഘടനകളും അടിസ്ഥാന പരമായി പൈശാചികമായവ മാത്രമാണെന്ന് തിരിച്ചറിയുകയും ബന്ധപ്പെട്ട മതഗ്രന്ഥങ്ങളെയും മറ്റും അവരവർ തന്നെ തീയിലിടുമെന്നും പ്രസ്താവിച്ചിരുന്നു. മരണാനന്തര പരലോക ജീവിതമാണ് പ്രധാനമെന്ന് പഠിപ്പിച്ച് മനുഷ്യരെ അനേകം നൂറ്റാണ്ടുകളായി കബളിപ്പിച്ചു പോരുന്ന ജനങ്ങളുടെ പിൻഗാമികളായ വ്യത്യസ്ത മത-ജാതി-പുരോഹിതന്മാരെല്ലാം 'വൈറസ് രോഗം' വിതയ്ക്കുന്ന മരണത്തെ ഭയന്ന് ഭരണകൂടങ്ങളെ അപ്പാടെ അനുസരിച്ച് മത-ദേവാലയങ്ങളെയും കൂട്ടപ്രാർത്ഥനകളെയും ബഹുവിധ ആരാധനകളെയും വഴിപാടുകളെയും 'താൽക്കാലികമായിട്ട് ആണെങ്കിൽ പോലും' ഉപേക്ഷിച്ച് ഒളിച്ചു ജീവിക്കുകയാണ്.** ലോകത്തുള്ള ഭൂരിപക്ഷം ആൾ ദൈവങ്ങളും മൗനം പാലിക്കുന്നു! **വൈവിധ്യമാർന്ന അന്ധവിശ്വാസങ്ങളെ തെറിപ്പിക്കാൻ സൂക്ഷ്മമായ വൈറസിലൂടെയും 'നിസ്സാരമായി -ഭൂമിക്കു-കഴിയുമെന്ന്' ഭൂമിയും ശരീരവും നൽകുന്ന വിശേഷ ബുദ്ധി കൊണ്ട് തിരിച്ചറിയാൻ കഴിയും. ദൈവ വിപ്ലവത്തോടെ മതഗ്രന്ഥങ്ങളെ മതപുരോഹിതർ തന്നെ ചുട്ടെരിക്കുമെന്ന് ഇപ്പോഴേ അവർ അറിയിച്ചു കഴിഞ്ഞതു പോലെ ആയിട്ടുണ്ട് !**

**ജീവികളുടെ രോഗങ്ങളും പ്രതിവിധികളും ഉൾപ്പെട്ട ജീവിത കാര്യങ്ങളെ അടിസ്ഥാനപരമായി നിശ്ചയിക്കുന്നതും നിർവ്വഹിക്കുന്നതും ശരീരത്തിന്റെ അകത്തും പുറത്തുമുള്ള മൂലകങ്ങളാണെന്ന് ലഭ്യമായ വിശേഷ ബുദ്ധികളെ കൊണ്ട് മനുഷ്യന് തിരിച്ചറിയാൻ കഴിയുന്നതാണ്. ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയും മഹാജാലവുമാണ് ഭൂമിയും അംശമായ മൂലകങ്ങളും, രൂപാന്തരമായ (ജീവികളുടെ) ശരീരങ്ങളും എന്ന് മനസ്സിലാക്കാൻ കഴിഞ്ഞാൽ എളുപ്പമായി.**

ഉദാഹരണത്തിന് മാസ്കും സോപ്പും വെള്ളവും ഉപയോഗിക്കുകയും ദൂരം പാലിക്കുകയും ചെയ്താൽ ഇപ്പോഴത്തെ വൈറസിൽ നിന്നും രക്ഷപ്പെടാൻ കഴിയുമെന്ന ദൈവ നിന്ദാപരമായ നിലവാരമാണ് ഇന്ത്യ ഉൾപ്പെടെ അനേകം രാഷ്ട്രങ്ങളിലെ ഭരണാധികാരികൾക്കു പോലും ഇന്നുമുള്ളത് ! കൂടുതൽ കരുത്തരായ വൈറസ് വന്നാലോ ?

**സൃഷ്ടി സ്ഥിതി സംഹാരങ്ങളെ നിർവ്വഹിക്കുന്ന ദൈവം ഉണ്ടെന്നും മഹാനീതി നിർവ്വഹിക്കുന്നത് ദൈവമാണെന്നും** മറ്റും യഥാർത്ഥമായി വിശ്വസിക്കുന്നവർ, ദൈവത്തിന് മനുഷ്യരുടെ രോഗങ്ങളിലും മരണങ്ങളിലും ജീവിതത്തിലും യാതൊരു പങ്കുമില്ല എന്ന് നിശ്ചയിച്ചതുപോലെ **കടുത്ത ദൈവനിന്ദ** ചെയ്യില്ലായിരുന്നു!

വായു, ഓക്സിജൻ, രോഗം, മഹാനീതി തുടങ്ങിയവയെ കൂടുതൽ വിശാലമായും ശാസ്ത്രപരമായും ഉപയോഗിക്കാൻ ആത്മാവിന്റെ ഒപ്പമുള്ള **ദൈവാംശമായ ശരീരം നൽകുന്ന** വിശേഷബുദ്ധികളെ ജനസേവകരായ രാജാക്കന്മാരും പ്രധാന മന്ത്രിമാരും മറ്റും ഇനിയെങ്കിലും ഉപയോഗിക്കണം. ശരീരം ഉൾപ്പെട്ട മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങളിൽ, ഭൗതിക ശാസ്ത്ര സാങ്കേതിക സൗകര്യങ്ങളായ പാചകം ചെയ്ത ഭക്ഷണം, വസ്ത്രം, പാർപ്പിടം, വാഹനങ്ങൾ, ടെലിവിഷൻ, മൊബൈൽ ഫോൺ തുടങ്ങിയവ ഉപയോഗിച്ച് ആനന്ദങ്ങളെ വർദ്ധിപ്പിച്ചു ജീവിച്ചുകൊണ്ട് മൂലകങ്ങളിലെ **ധർമ്മ-നീതി ശാസ്ത്രനിയമങ്ങളെ** അവഗണിച്ചും നിന്ദിച്ചും തങ്ങൾക്ക് ശരിയെന്നു തോന്നുന്ന മത-ജാതി-രാഷ്ട്രീയ-ദേശീയ കോനാംപീച്ചകളുമായി ജീവിച്ചതു കൊണ്ട് സംഭവിച്ച തകരാറുകളാണെല്ലാം.

ഭൗതിക ശാസ്ത്രജ്ഞന്മാർക്ക് മഹാശക്തിയായ ദൈവമാണ് ഭൂമിയെന്നു മനസ്സിലാക്കാൻ കഴിയാഞ്ഞതിന് സമൂഹത്തിൽ സംഭവിക്കുന്ന ധാർമ്മികമായ അധഃപതനം ഒരു കാരണമാണ്.

## മഹാനീതിയും മഹാഭരണാധികാരിയുമായ ഓക്സിജന്റെ നീതി-നിർവ്വഹണ ശാലയാണ് ഭൂമിയുടെ ഉപരിതലത്തിലെ അന്തരീക്ഷം.

**മാസ്ക് കൊണ്ട് തടയാൻ കഴിയുമെന്നു കരുതുന്നത് യഥാർത്ഥത്തിൽ ആരെയാണെന്നു പോലും മനുഷ്യർ അറിയുന്നില്ല. അറിയാൻ, ശരീരം ദാനമായി നൽകിയ വിശേഷ ബുദ്ധികളെ ഉപയോഗിച്ചാൽ മാത്രം മതിയാകും..**

**ദൈവമായ ഭൂമിയുടെ സ്വത്വമാണ് ഓക്സിജൻ.**
ഭൂമിയുടെ ഉപരിതലത്തിൽ നിറഞ്ഞിരിക്കുന്ന വായുവിലെ നൈട്രജൻ (78%), ഓക്സിജൻ (21%), ആർഗോൺ (1%), കാർബൺ ഡൈ ഓക്സൈഡ് (0.03%), നീരാവി, തുടങ്ങിയവ ഭൂമിയുടെ മഹാസംവിധാനത്തിന്റെ ഭാഗമാണെന്ന് തെളിയും!

മനുഷ്യർ + മറ്റുള്ള **ജീവികൾ ഉറങ്ങുമ്പോഴും** ബോധം കെട്ടിരിക്കുമ്പോഴും **ശ്വസനം നടക്കുന്നതിൽ നിന്ന്** ജീവികൾ **ശ്വസിക്കുകയല്ല; ഓക്സിജൻ ശ്വസിപ്പിക്കുകയാണെന്നു** വ്യക്തമാണ്. ഓക്സിജൻ ശരീരത്തിൽ പ്രവർത്തിക്കുമ്പോൾ ജീവിക്ക് ജീവനുണ്ടാവുകയും, ഓക്സിജൻ പ്രവർത്തനം നിർത്തുമ്പോൾ ജീവി മരിക്കുകയും ചെയ്യുന്നതിൽ നിന്ന് ജീവികളുടെയെല്ലാം ജീവൻ ഓക്സിജനാണെന്ന് മഹാശാസ്ത്ര പ്രകാരം തെളിയുന്നുണ്ട്. മനുഷ്യരുടെയും മറ്റുള്ള ജീവികളുടെയും ഇഷ്ടാനിഷ്ടങ്ങളെ വിഷയമാക്കാതെ ഓക്സിജനു പ്രവർത്തിക്കാനുള്ള ശ്വാസകോശവും ഹൃദയവും നാഡീവ്യൂഹവും ഒക്കെ ഓക്സിജൻ ജീവികളുടെ ശരീരത്തിൽ സൃഷ്ടിക്കുന്നതിന്റെ തുടർച്ചയായി ജീവികളുടെയെല്ലാം ജീവനും കൂടിയായ ഓക്സിജൻ ഓരോ ജീവിക്കും വേണ്ടി തനിച്ചും, ജീവികൾക്കെല്ലാം വേണ്ടി പൊതുവായും മഹാവാത്സല്ല്യത്തോടെയും മഹാദാസ്യത്തോടെയും എല്ലായ്പ്പോഴും സ്വയം പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണ്.

**ഭൂമിയുടെ സ്വത്വമാകുമ്പോൾ, ഭൂമിയുടെ അംശമായ സമസ്ത മൂലകങ്ങളെയും അവയുടെ രൂപാന്തരമായ (ജീവികളുടെ) ശരീരങ്ങളെയും, ആറ്റങ്ങളെയും കോശങ്ങളെയുമെല്ലാം സൃഷ്ടിച്ച് ശരീര വളർച്ചയെയും വിശപ്പും ഭക്ഷണവും ദഹനവും വിസർജ്ജനവും രോഗങ്ങളും മരുന്നുകളും രോഗമുക്തിയും അപകട-നിയന്ത്രണങ്ങളുമെല്ലാം രക്തത്തിലെ ജലവുമായി ചേർന്ന് ഓംകാര നീതിശാസ്ത്രം പ്രകാരം പ്രകടമായി ചെയ്യുന്നത് മഹാഭരണാധികാരിയും മഹാനീതിയുമായ ഓക്സിജനാണ്. അതായത് മൂലകങ്ങളുടെ മൊത്തമായ ഭൂമിയുടെ ഭാവമായ സത്യ ധർമ്മ നീതികളെ പരിപാലിച്ചു കൊണ്ട് സൃഷ്ടി സ്ഥിതി സംഹാരങ്ങളെ നിർവ്വഹിക്കുന്നത് ഓക്സിജൻ തന്നെയാണെന്ന് തെളിയുന്നുണ്ട്. ഭൂമിയുടെ സ്വത്വമെന്നും, ദൈവത്തിന്റെ വാതക രൂപമെന്നും, സംക്ഷിപ്തമായി ദൈവമെന്നും ഓക്സിജനെ കരുതാൻ കഴിയുന്നതാണ്.** ഓക്സിജൻ ആറ്റത്തിന്റെ ഉള്ളിലെ ഘടകങ്ങളെ ശക്തി ശിവ ചക്രങ്ങളായ പ്രോട്ടോൺ ഇലക്ട്രോൺ, ന്യൂട്രോൺ, ക്വാർക്കുകൾ ... തുടങ്ങിയവയായി മനസ്സിലാക്കുമ്പോൾ, അവയുടെ സ്ഥാനവും പ്രവർത്തനവും ഗൗരവമാണ്; ഭൂമി ഉടൻ വെളിപ്പെടുത്തുന്നതുമാണ് ! മനുഷ്യർക്ക് ശ്വാസോച്ഛ്വാസം വേണം എന്നും അത് ഒരു മിനുട്ടിൽ ഏറെക്കുറെ 18 തവണയെന്നും നിശ്ചയിച്ചത് 'മനുഷ്യന്റെ സ്വത്വമായ ആത്മാവ് അല്ലായെന്നും', (ഓംകാര നീതിശാസ്ത്രം എന്ന) സ്വന്തം ഇഷ്ടപ്രകാരം **'ഓക്സിജനാണ് '** **ശക്തി**, **ജ്ഞാനം**, **ആനന്ദം**, **ജനനം**, **ജീവിതം**, മയക്കം, **ഉറക്കം**, ഹൃദയ സ്തംഭനം, **മരണം** തുടങ്ങിയവയും സമ്മാനിക്കുന്നതെന്ന് മനസ്സിലാക്കാൻ കഴിയും. ഉറങ്ങുമ്പോൾ പോലും ശരീരത്തിന്റെ വളർച്ച, വിശപ്പ്, ദാഹം, വിസർജ്ജനം, രോഗങ്ങൾ, രോഗമുക്തി, മുറിവ് ഉണക്കാൻ, രോമ-നഖ വളർച്ച, നര തുടങ്ങിയവ സ്വന്തം ഇഷ്ടപ്രകാരം രക്തത്തിലെ ജലം, മൂലകങ്ങൾ എന്നിവയോടു ചേർന്ന് ആത്മാവായ **കുഞ്ഞിനു** വേണ്ടി **ഓക്സിജൻ** ചെയ്യുകയാണ്. ജീവിത കാലം മുഴുവൻ **അനുഭവിച്ചു പോരുന്ന സത്യങ്ങളെ വിശേഷ ബുദ്ധി ലഭിച്ച** മനുഷ്യാവസ്ഥയിൽ ആത്മാവ് അറിയുന്നു. മനുഷ്യാവസ്ഥയിൽ വിശേഷ ബുദ്ധിയെ ദാനമായി നൽകുന്നതും ഓക്സിജൻ തന്നെ.

ഓക്സിജൻ ശ്വസിപ്പിക്കുകയാണെന്ന **ബോധം** വ്യക്തിക്ക് നൽകി ശ്വസനത്തിൽ ഭാഗികമായി ഇടപെടാൻ അനുവദിക്കുന്നതിൽ മായാജാലമുണ്ട്. വ്യക്തിക്ക് സ്വയമോ മറ്റുള്ളവരാലോ ശ്വാസംമുട്ടൽ ഉണ്ടാക്കാനോ, ആത്മഹത്യ ചെയ്യാനോ, ശ്വാസം മുട്ടിച്ചു കൊല്ലാനോ കഴിയുമെന്ന ഒരു മഹാശാസ്ത്ര നിയമത്തെ ഏർപ്പെടുത്തുകയാണ്. പ്രസ്തുത ഭൗതിക ശാസ്ത്ര നിയമത്തെയും അതിൻപ്രകാരമുള്ള സംവിധാനത്തെയും ഓക്സിജൻ ഒരുക്കിയിട്ടുള്ളത് വ്യക്തിക്ക് സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തെ അനുവദിക്കാൻ കൂടിയാണ്. ശ്വാസോച്ഛ്വാസ കാര്യത്തിൽ ഭാഗികമായി ഇടപെടാൻ വ്യക്തിയെ അനുവദിക്കുമ്പോൾ, ശ്വാസോച്ഛ്വാസത്തിൽ, ഓക്സിജന്റെ ഇഷ്ടം പോലെ വിമ്മിഷ്ടം, ആസ്ത്മ, ശ്വാസ നാള തടസ്സം, ഹൃദയ സ്തംഭനം തുടങ്ങിയ അവസ്ഥകളെയും രോഗങ്ങളെയും ഉണ്ടാക്കാനും വ്യക്തിയുടെ മേൽ ഉൽക്കൃഷ്ടമായ വിധം മഹാനീതി നിർവ്വഹിക്കാനും ഓക്സിജനായ ദൈവം വഴിയൊരുക്കുകയുമാണ്.

ശ്വാസോച്ഛ്വാസത്തിലെ മറ്റൊരു മായാജാലം മനുഷ്യരുടെ ചിന്തകൾ, ആഗ്രഹങ്ങൾ, പ്രാർത്ഥന, തുടങ്ങിയവ പോലും മഹാശാസ്ത്ര പരമായി മാത്രം അറിയാനാണ് ദൈവമായ ഭൂമിയുടെ സ്വത്വമായ ഓക്സിജൻ തയ്യാറായിട്ടുള്ളത്. പ്രാർത്ഥിക്കാതെ തന്നെ സർവ്വവും ദൈവമായ ഓക്സിജൻ അറിയുന്നു. മനുഷ്യരുടെ ദൈവ വിശ്വാസമോ സ്തുതികളോ ദൈവത്തിന്റെ ആനന്ദത്തിൽ പെടുന്നില്ല; എന്നതു പോലെ ദൈവാംശമായി ഒപ്പം കൂടിയിട്ടുള്ള ശരീരവും മൂലകങ്ങളും കൊണ്ട് ആഗ്രഹങ്ങളെ സാധിക്കാനായി പ്രവർത്തിക്കുന്നതും ആഗ്രഹങ്ങളെ ഉപേക്ഷിക്കുന്നതും മാറ്റുന്നതും വീണ്ടും പ്രവർത്തിക്കുന്നതുമെല്ലാം വ്യക്തികളുടെ സ്വകാര്യങ്ങളാണ്. ശരീരം നൽകുന്ന ശക്തികളും ജ്ഞാനവും കൊണ്ട് നേടുന്നതിനു പകരം മടിയരായി ജീവിച്ച് പ്രാർത്ഥന കൊണ്ട് ആഗ്രഹങ്ങളെ നേടാൻ ശ്രമിക്കുന്നത് ദൈവീകമല്ല. ശ്വസനം വഴി വ്യക്തികളുടെ ചെയ്തികളെയും മഹാശാസ്ത്ര പരമായി ദൈവമായ ഓക്സിജൻ അറിയുന്നുണ്ടെങ്കിലും, വ്യക്തിക്ക് സമ്മാനിച്ചിട്ടുള്ള സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തിന് ഭംഗം വരാതിരിക്കാൻ, അസാധാരണമായ സാഹചര്യത്തിൽ അല്ലാതെ, എതിരായി പ്രവർത്തിക്കുന്നതല്ല. എന്നാൽ ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരം മഹാനീതി ഉറപ്പാണ്.

**അനന്തമായ രൂപങ്ങളും ഭാവങ്ങളുമുള്ള ജീവികളുടെ എണ്ണം അനന്ത കോടികളാകയാൽ, ഓംകാര നീതിശാസ്ത്രത്തിന്റെ കാതലായ മഹാപുനർജ്ജന്മ സിദ്ധാന്തം പ്രകാരം മരണത്തിനും പുനർജ്ജന്മത്തിനും ഇടയിലെ അനന്ത കോടി ആത്മാക്കൾ എപ്പോഴും ഭൂമിയുടെ അന്തരീക്ഷത്തിൽ ഉണ്ട്.** (ശക്തിചക്രമായ പ്രോട്ടോണും, ശിവചക്രമായ ഇലക്ട്രോണും ഒരെണ്ണം വീതം ചേർന്ന ഹൈഡ്രജൻ പരമാത്മാവിന്റെ വാതക രൂപവും സ്വത്വവും ആണെന്നും, പരമാത്മാവിന്റെ അംശവും കുഞ്ഞുമായി ന്യൂട്രോണായ ആത്മാവ് സൂര്യൻ എന്ന താവളത്തിൽ ജനിക്കുകയും ഹൈഡ്രജനോട് ചേർന്ന് ഹീലിയം എന്ന മൂലകമായി മാറുന്ന പ്രവർത്തനം ഉണ്ടെന്ന സൂചനയുണ്ട്. വസ്തുതാപരമായ പിഴവുകളെ കാലക്രമേണ ഭൂമി തിരുത്തുന്നതാണ്.)

അനന്ത കോടി ജീവികൾ ഓരോ സെക്കന്റ് സമയത്തും മരണപ്പെടുമ്പോൾ സ്വതന്ത്രമാകുന്ന അവയുടെ അനന്ത കോടി ആത്മാക്കൾ പുനർജ്ജനിക്കുന്നതിനു മുമ്പ് എപ്പോഴും ഭൂമിയുടെ അന്തരീക്ഷത്തിൽ ഉണ്ടായിരിക്കും എന്നു പറയുമ്പോൾ, ജീവിതരം സ്ത്രീ-പുരുഷൻ നിറം മുഖഛായ സൗന്ദര്യം ആയുസ്സ് ആരോഗ്യം ബുദ്ധിശക്തി തൊഴിൽ-അഭിരുചി വിനോദ-അഭിരുചി ജനനസ്ഥലം തുടങ്ങിയ ജന്മഗുണങ്ങളെ മഹാപുനർജ്ജന്മ സിദ്ധാന്തം പ്രകാരം ഭൂമിയുടെ സ്വത്വമായ ഓക്സിജൻ വ്യത്യാസപ്പെടുത്തുകയാൽ, വാതക രൂപത്തിലുള്ള അനന്തകോടി ആത്മാക്കളെ ഓക്സിജൻ സദാ പ്രാദേശികമായും വിപുലമായും സഞ്ചരിപ്പിക്കുന്നതാണ്. **കാറ്റ്, കൊടുങ്കാറ്റ്, ജലപ്രവാഹം തുടങ്ങിയവ ജീവികളുടെ സ്വത്വമായ ആത്മാക്കളെ കൂട്ടത്തോടെ നാടും ദേശങ്ങളും കടത്താനുള്ള മഹാശാസ്ത്ര സംവിധാനം കൂടിയാണെന്നും യാതൊന്നും വെറുതെ ഉണ്ടാകുന്നില്ലെന്നുമാണ് തെളിയുന്നത്.** കാറ്റു കൊണ്ട് ചൂട് കുറയ്ക്കുന്നതും മഴ പെയ്യിക്കുന്നതും ഒക്കെ മഹാശക്തിയായ ഭൂമിയുടെ മഹാവാത്സല്യമാണ് ! ദൈവസ്വത്വമായ ഓക്സിജൻ ആത്മാക്കളെ വഹിക്കുന്ന ശരീരങ്ങളുടെ ഉള്ളിലേക്കും പുറത്തേക്കും നിരന്തരം കയറി ഇറങ്ങുമ്പോൾ അന്തരീക്ഷത്തിലെ **മരുന്നുകളും രോഗാണുക്കളും ജീവികളുടെ മുഴുവൻ അപാനവായുവും ആത്മാക്കളും ഒപ്പമുണ്ടാവാം !**

**എന്തെല്ലാം ഒപ്പം കൂട്ടണ്ടെന്നും കൂട്ടണമെന്നും, ആർക്കെല്ലാം സമ്മാനിക്കണമെന്നും, ആരെയെല്ലാം ശിക്ഷിച്ചു തിരുത്തണമെന്നും ഒക്കെ നിശ്ചയിക്കുന്നത് ദൈവത്തിന്റെ സ്വത്വമായ ഓക്സിജൻ സ്വയമാണെന്ന് തിരിച്ചറിഞ്ഞാൽ; മാസ്ക്, ഹെൽമെറ്റ് തുടങ്ങിയ മുഖം മൂടികളെ ഉപയോഗിച്ച് മുഖം മറയ്ക്കുന്ന കൊടിയ ദൈവനിന്ദ ചെയ്യാൻ ധാർമ്മികമായി ജീവിക്കുന്ന മനുഷ്യർ തയ്യാറാവില്ല. വായുവിനെ പകർച്ചവ്യാധികളുടെ സമ്മേളനമായി കണ്ട വിഡ്ഢികൾക്ക് വായു എന്താണെന്ന് അറിയില്ല; ഇല്ലാതെ ജീവിക്കാനും കഴിയില്ല. എക്കാലവും മഹാവാത്സല്ല്യത്തോടെ സംരക്ഷിക്കുന്ന വായുവിനെ നിന്ദിച്ചത് ശരിയായില്ല.**

ജനസേവകർ ഉൾപ്പെടെയുള്ള ഏതൊരാൾക്കും ഭൂമി നൽകുന്ന വ്യക്തി സ്വാതന്ത്ര്യം പ്രകാരം സ്വന്തം കാര്യത്തിൽ മാസ്ക്, ഹെൽമെറ്റ് തുടങ്ങിയവ ഉപയോഗിക്കുകയോ ഉപയോഗിക്കാതിരിക്കുകയോ ചെയ്യാം. അയാളുടെ നടപടികൾ ചുറ്റുമുള്ളവർക്ക് സൃഷ്ടിക്കുന്ന ദോഷങ്ങളുടെ അടിസ്ഥാനത്തിൽ പാപവും ശിക്ഷകളും ഉണ്ട്. എന്നാൽ അടിസ്ഥാന പരമായി സ്വകാര്യമായ കുറ്റങ്ങൾക്ക് ശിക്ഷ കുറയും. എന്നാൽ, ധർമ്മശാസ്ത്ര വിരുദ്ധമായ വസ്തുക്കളെ ഉപയോഗിക്കാൻ മറ്റുള്ളവരെ, പ്രത്യേകിച്ചും സംസ്ഥാനങ്ങളിലെയോ രാജ്യത്തെയോ അനേകം കോടി ജനങ്ങളെ നിർബന്ധിക്കുന്ന ഭരണാധികാരികൾക്കും, ധർമ്മ ശാസ്ത്ര വിരുദ്ധമായ ആശയങ്ങളെ നടപ്പാക്കാനെന്ന പേരിൽ ജനങ്ങളെ ഉപദ്രവിക്കുന്ന പാപികൾക്കും മറ്റും അളവുകളോടെ കടുത്ത പാപവും ദൈവശിക്ഷകളും തീർച്ചയാണ്. ദൈവീകമായ പോലീസ് സേന, തുടങ്ങിയ അദ്ധ്യായങ്ങളിൽ വിശദീകരിക്കുന്നുണ്ട്.

**കൊടുംപാപികളായ മന്ത്രിമാരുടെയും മറ്റും തന്ത്രങ്ങളുടെ അടിമകളായി അധഃപതിക്കാതെ ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരം ജീവിച്ചാൽ അവരവർക്കു നല്ലത്. പോലീസ്, ആരോഗ്യ പ്രവർത്തകർ തുടങ്ങിയവർ ജനങ്ങൾക്കു വേണ്ടിയാണ് പ്രവർത്തിക്കുന്നത് എന്ന് തെറ്റിദ്ധരിക്കരുത്. സേവനങ്ങൾക്ക് വേതനം വാങ്ങിച്ചു പ്രവർത്തിക്കുന്നത് അടിസ്ഥാന പരമായി അവരവർക്കു വേണ്ടിയാണ്.**

**സൃഷ്ടി സ്ഥിതി സംഹാര കർത്താവും, ജീവികൾക്കെല്ലാം ഏകശരണവുമായ ഭൂമി, സ്വന്തം അംശമായ മൂലകങ്ങളെ രൂപാന്തരപ്പെടുത്തി കുഞ്ഞുങ്ങൾക്ക്, നൽകുന്ന ശരീര-അവയവങ്ങൾ പ്രകാരമുള്ള ശക്തികളും ജ്ഞാനവും ആനന്ദങ്ങളും ആസ്വദിച്ചു കൊണ്ട് അനുഭവിക്കണമെങ്കിൽ**

## സമ്പൂർണ്ണമായ സ്വാതന്ത്ര്യം ലഭിക്കണം. വിശേഷ ബുദ്ധി ലഭിച്ച മനുഷ്യരുടെ കാര്യത്തിൽ ഏറ്റവും നിർബ്ബന്ധമാണ്.

**സ്വാതന്ത്ര്യം ഇല്ലാത്ത ജീവിതത്തേക്കാൾ നല്ലത് മരണമാണെന്ന് പഠിപ്പിക്കുകയും, ഇന്ത്യയിലെ ജനങ്ങളുടെ സ്വാതന്ത്ര്യത്തെ തടഞ്ഞ് ചൂഷണം ചെയ്ത വിദേശീയരെ തുരത്താനായി ധർമ്മശാസ്ത്ര പ്രകാരം പൊരുതുകയും ചെയ്ത അനേകരുടെ വിപ്ലവ ചരിത്രം സാക്ഷ്യമാണ്.**

**വിദേശീയരുടെ ഭരണം അവസാനി(പ്പി)ച്ചതു കൊണ്ട് ഇന്ത്യയിലെ ജനങ്ങൾക്ക് സമ്പൂർണ്ണമായ സ്വാതന്ത്ര്യം ലഭിക്കേണ്ടതിന്റെ ഒരു ഭാഗം പൂരിപ്പിച്ചതേയുള്ളൂ.**

**(ഇന്ത്യ, ഉൾപ്പെടെയുള്ള രാജ്യങ്ങളെ നിർജ്ജീവമെന്നു തെറ്റിദ്ധരിച്ചു കൊണ്ട്, ജനങ്ങളുടെ നേട്ടങ്ങളെയും കോട്ടങ്ങളെയും ലക്ഷ്യങ്ങളെയും ഒക്കെ രാജ്യത്തിന്റേതെന്നു വിശേഷിപ്പിക്കുന്ന അജ്ഞാനികൾ ആദ്യം തിരുത്തുക :**

മഹാശക്തിയായ ദൈവമാണ് ഭൂമി. രാജ്യങ്ങൾ ദൈവാംശമാണ്. ഭൂമിയുടെ ഭാഗമായ രാജ്യങ്ങളിലെ സൂക്ഷ്മമായ മൂലകങ്ങളിലും അതിസൂക്ഷ്മമായ ഓരോ ആറ്റത്തിലും ആദിയും അന്തവും ഇല്ലാത്ത മഹാശക്തികളും മഹാജ്ഞാനവും ഉണ്ട്.

ഭൂമിയുടെ ഭാഗമായ രാജ്യങ്ങളുടെ അംശമായ മൂലകങ്ങൾ, കുഞ്ഞുങ്ങളായ ജീവികൾക്ക് ശക്തികളും ജ്ഞാനവും കൊണ്ട് ആനന്ദങ്ങളെയും, ആനന്ദങ്ങളെ അനുഭവിക്കുന്നതിനു വേണ്ടി ശരീര-അവയവങ്ങൾ പ്രകാരമുള്ള സ്വാതന്ത്ര്യവും നൽകുകയാണ്. എല്ലാ മനുഷ്യർക്കും സമ-ആനന്ദമെന്ന മഹാനീതിയെ ലഭിക്കുന്നതിനു വേണ്ടി ധർമ്മ ശാസ്ത്ര പ്രകാരം മനുഷ്യർ ജീവിക്കണമെന്ന ബന്ധനം സൃഷ്ടിച്ചിട്ടുള്ളത് ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങളുടെ മൊത്തമായ ഭൂമിയാണ്. ജീവികൾക്ക് ധർമ്മ ശാസ്ത്ര ബന്ധനം ഉറപ്പാക്കാനായി മഹാദാസ്യത്തെയും മഹാവാത്സല്യത്തെയും സ്വന്തം ആനന്ദങ്ങളായി നിശ്ചയിച്ചു കൊണ്ട് ഭൂമി  മഹാഭരണാധികാരിയായും മഹാനീതിയായും 'മഹാപദവികളും' ഏറ്റെടുത്തു.)

**ഇന്ത്യയിലെയും മറ്റും ജനങ്ങളുടെ സ്വാതന്ത്ര്യത്തെ പ്പറ്റി തുടരാം : വിദേശീയരെന്നു കരുതുന്ന ഭൂമിയുടെ ഒരു വിഭാഗം കുഞ്ഞുങ്ങൾ ഏർപ്പെടുത്തിയ 'ഉപ്പ് ' നികുതിക്കെതിരെ ചരിത്രത്തിലെ ഏറ്റവും വലിയ ഒരു വിപ്ലവം നയിച്ചവരുടെ പിൻതലമുറക്കാർ 'ഉപ്പ് ' ഉൾപ്പെടെ ഭൂമിയുടെ അംശമായ എല്ലാ മൂലകങ്ങളുടെയും സംയുക്തങ്ങളുടെയും മേൽ നികുതികളും, നികുതികൾക്കു മേൽ നികുതികളും ചുമത്തി ക്കൊണ്ടും മറ്റും ജനങ്ങളുടെ സ്വാതന്ത്ര്യങ്ങൾ ഒന്നൊന്നായും കൂട്ടായും കവർന്നിരിക്കുകയാണ്. ജനങ്ങളുടെ ചിലവിൽ ജീവിക്കുന്ന ജനങ്ങളുടെ അടിമകൾ, ജനങ്ങളെ അടിമകളാക്കിയിരിക്കുകയാണ്. ഇന്ത്യ ഉൾപ്പെടെ എല്ലാ രാജ്യങ്ങളിലും ധാർമ്മിക അധഃപതനം ഏറ്റക്കുറച്ചിലുകളോടെ ഏറ്റവും വർദ്ധിച്ചിരിക്കുകയാണ്.**

**മത-ജാതി-വർഗ്ഗ-രാഷ്ട്രീയ-ദേശീയ ജീവികളായി അധഃപതിച്ചു കൊണ്ട് മനുഷ്യരല്ലെന്ന പോലെയാണ് ജനങ്ങൾ ജീവിച്ചു കൊണ്ടിരിക്കുന്നത്.**

**അടുത്തൊരു അദ്ധ്യായത്തിൽ പറയുന്ന ന്യൂനശക്തികൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞതു തടയാൻ ധർമ്മ ശാസ്ത്ര പ്രകാരം ജീവിക്കുക മാത്രമാണ് പ്രതിവിധി.**

മനുഷ്യർക്ക് ഉണ്ടായിരിക്കേണ്ട സ്വഭാവ ഗുണങ്ങളോടെ മനുഷ്യരായിട്ടാണോ ജീവിക്കുന്നതെന്ന് രാഷ്ട്രങ്ങളിലെ ഭരണാധികാരികളാണെന്ന് തെറ്റിദ്ധരിച്ചു ജീവിക്കുന്നവർ ആത്മപരിശോധന നടത്തണം. ബോദ്ധ്യപ്പെടാൻ സ്വന്തം ജീവിത ചര്യകളെ മഹാശാസ്ത്രംപ്രകാരം വിശകലനം ചെയ്താൽ മതി. **ഭരണാധികാരികളെ ഒരു പൈസ പോലും ചിലവാക്കാതെ നിസ്സാരമായി തെരഞ്ഞെടുക്കുന്നത് പഠിച്ചാലും മതിയാകും !**

മാസ്ക്, സോപ്പ്, ഹെൽമെറ്റ്, അകലം പാലിക്കൽ തുടങ്ങിയ ശാസ്ത്ര കാര്യങ്ങളെ പറയുന്നവർക്ക് ജീവിതത്തിലെ എല്ലാ കാര്യങ്ങളിലും ശാസ്ത്ര സാങ്കേതികം പിൻപറ്റാൻ കഴിയണം. **മത വിശ്വാസങ്ങളും ദേവാലയങ്ങൾക്കും വൈറസ് രോഗത്തെ ഭയന്ന് പുതിയ നിയമങ്ങളെ ഉണ്ടാക്കിയവർ സർവ്വവും ശാസ്ത്ര പരമായി വ്യവസ്ഥപ്പെടുത്തി കൊണ്ട് മാത്രമേ മേലിലെങ്കിലും ജീവിക്കാൻ പിടുള്ളൂ. അധർമ്മങ്ങളിൽ നിന്നും അകലാൻ ആദ്യം കഴിയണം.**

**ജനിച്ചാൽ ഒരിക്കൽ മരിക്കും / മരിക്കണം. രോഗങ്ങളെയും മറ്റും ശരീരത്തിൽ പ്രവേശിപ്പിച്ചും അല്ലാതെയും മഹാനീതിശാസ്ത്ര പ്രകാരം ശരീരം + ന്യൂനശക്തികൽ ആത്മാവിനെ പുറത്താക്കി ഒരുദിവസം തീർച്ചയായും മരണം സമ്മാനിക്കുന്നതാണ്.**

**ജന്മഗുണങ്ങളെയും മഹാനീതിയെയും നിശ്ചയിക്കുന്ന സ്വന്തം ശരീരത്തിന്റെ ഇഷ്ടം പോലെ, മഹാനീതിശാസ്ത്രമായ ഓംകാര നീതി ശാസ്ത്രം പ്രകാരം സർവ്വം സംഭവിക്കട്ടെ, എന്ന് നിശ്ചയിച്ചു കൊണ്ട് ശരീരം ഉൾപ്പെട്ട ഭൂമിയുടെ ധർമ്മ ശാസ്ത്ര പ്രകാരം ജീവിക്കാൻ ഭരണാധികാരികൾ തയ്യാറാവുന്നതും, ജനങ്ങളെ മഹാശാസ്ത്ര കാര്യങ്ങളെ വിശദീകരിച്ചുകൊണ്ട് പ്രേരിപ്പിക്കുന്നതുമാണ് വിപ്ലവം.**

**സ്രഷ്ടാവായ ഭൂമി, പൊന്നോമന കുഞ്ഞുങ്ങളായ മനുഷ്യർക്ക് നൽകുന്ന അവകാശവും അധികാരവും തടയാൻ മറ്റു കുഞ്ഞുങ്ങൾക്ക് അധികാരമില്ല. ഭൂമിയുടെ ഓരോ മനുഷ്യനും സ്വന്തം രാജാവാണ്. ജാഗ്രത.**

**മാസ്ക്, ഹെൽമെറ്റ് തുടങ്ങിയവ ഉപയോഗിക്കാൻ നിർബ്ബന്ധിക്കുകയും ജനങ്ങളുടെ സഞ്ചാരസ്വാതന്ത്ര്യം വിലക്കുകയും, ജനങ്ങളെ മർദ്ദിച്ചും ഭയപ്പെടുത്തിയും വേദനിപ്പിക്കുകയും മറ്റും ചെയ്യുന്ന കുറ്റങ്ങൾക്ക് ജനസേവകരെന്ന കള്ളപ്പേരോടെ ജനങ്ങളുടെ ചിലവിൽ ജീവിക്കുന്ന ജനദ്രോഹികൾക്ക് കടുത്ത ശിക്ഷകളുണ്ട്.**

**മാസ്ക്, ഹെൽമെറ്റ് തുടങ്ങിയവ ധരിക്കാൻ നിർബ്ബന്ധിച്ചവർക്ക് ശിക്ഷ ഒഴിവാക്കണമെങ്കിൽ, സ്വന്തം ചിലവിൽ നാട്ടിൽ ജീവിക്കുന്ന സഹജീവികളായ എറുമ്പ്, ഈച്ച, പൂച്ച, പട്ടി, പശു, ആന, കാക്ക, കോഴി തുടങ്ങി നാട്ടിൽ ജീവിക്കുന്ന എല്ലാ ജീവികളുടെയും പിറകെ നടന്ന് വിശേഷ ബുദ്ധി കൂടിയ ഭരണാധികാരികൾ അവയെ മാസ്കിന്റെയും ഹെൽമെറ്റിന്റെയും ആവശ്യകത ബോദ്ധ്യപ്പെടുത്തി സ്വന്തം ചിലവിൽ നിർമ്മിച്ച് ധരിപ്പിക്കേണ്ടി വരും. തീർന്നില്ല; സസ്യങ്ങളെയും മത്സ്യങ്ങളെയും വൈറസ് രോഗത്തിൽ നിന്നും രക്ഷിക്കാനും പരിപാലകന്മാർ പ്രവർത്തിക്കണം!**

കുഞ്ഞുങ്ങളെ, തെറ്റുകളെ എത്രയും വേഗം തിരുത്തുക. മഹാശക്തിയായ ഭൂമി മഹാവാത്സല്ല്യത്തോടെ ശിക്ഷകളെ കുറയ്ക്കാൻ ഭാഗ്യം ഉണ്ടാകട്ടെ !

(1) മനുഷ്യർ ഭക്ഷണം കഴിക്കുന്നതും പോലും മാസ്ക് ഉപയോഗിച്ചു വേണമെന്ന് നിർബ്ബന്ധിക്കുന്ന വൈറസുകളെ അധമ ജനങ്ങൾ തട്ടിക്കൂട്ടിയാൽ എന്താണ് ചെയ്യേണ്ടത് ? (2) പുരുഷന്മാർ എല്ലായ്പ്പോഴും വസ്ത്രം കൊണ്ട് മുഖം ഉൾപ്പെടെയും പാദങ്ങൾ ഒഴികെയും മൂടണമെന്നും, ശൗച്യം ചെയ്യുമ്പോളല്ലാതെ വസ്ത്രം മാറ്റരുതെന്നും നിർബ്ബന്ധിക്കുന്ന വൈറസുകൾ ഉണ്ടായാൽ എന്താണ് ചെയ്യേണ്ടത് ? (3) പുരുഷന്മാർ യാതൊരു വസ്ത്രങ്ങളും മൂടികളും ശരീരത്തിൽ ഉപയോഗിക്കാൻ പാടില്ല എന്ന് നിർബ്ബന്ധിക്കുന്ന വൈറസുകൾ ഉണ്ടായാൽ എന്താണ് ചെയ്യേണ്ടത് ? തുടങ്ങിയവ ആവശ്യമായാൽ ഭൂമി സൃഷ്ടിക്കുന്ന ജനങ്ങളുടെ രക്ഷകരായി ഭാവിക്കുന്ന ഏഭ്യന്മാർ എന്തെല്ലാമാണ് ചെയ്യുക. (3)-ാമത്തേതിൽ ഏഭ്യന്മാർ ആദ്യം സ്വന്തം വസ്ത്രം ഉപേക്ഷിക്കും!..

**ഇന്ത്യാ ഗവൺമെന്റ് എന്ന കള്ളപ്പേരിൽ ഇന്ത്യയിലെ ഒരു ഏടാകുടം ജനങ്ങളുടെ സഞ്ചാരസ്വാതന്ത്ര്യം വിലക്കിയതും, സംസ്ഥാനങ്ങളിലെ ഭോഷന്മാർ അതിനെ ശരിവെച്ചതും മറ്റൊരു വലിയ തെറ്റും കുറ്റവും ദൈവനിന്ദയുമാണ്.**

**അടുത്തൊരു അദ്ധ്യായത്തിൽ ന്യൂനശക്തികളെ ഭാഗികമായും മഹാശാസ്ത്ര പരമായും വിശദീകരിക്കുന്നുണ്ട്. വൈറസ് രോഗത്തെ ഭൂമി തടയാഞ്ഞതും ന്യൂനശക്തികൾ ഏറ്റെടുത്തതും മത-ജാതി-രാഷ്ട്രീയ-ദേശീയ ജീവികളായി നേതാക്കളും പ്രവർത്തകരും ജനങ്ങളിൽ വലിയൊരു വിഭാഗവും അധഃപതിച്ചതു കൊണ്ടാണ്. പരിഹാരം കൂടിയായി ഉടനെ ആരംഭിക്കുന്ന ദൈവ വിപ്ലവത്തിന്റെ മുന്നൊരുക്കമായി വൈറസ് രോഗം പരിണമിച്ചിരിക്കുന്നു!**

**രാജാവ്, പ്രധാന മന്ത്രി, മുഖ്യമന്ത്രി, മന്ത്രിമാർ, പോലീസ്, തുടങ്ങിയ പേരുകളോടും പദവികളോടും രാജ്യങ്ങളിലെ ഭരണാധികാരികളായി ഇന്ന് ഭാവിക്കുന്ന യാതൊരാളെയും അവർ ഭരിക്കുന്ന (യഥാർത്ഥത്തിൽ അവരുടെ യജമാനരായ) ജനങ്ങളോ, ഭൂമിയായ ദൈവമോ, ധർമ്മശാസ്ത്രപ്രകാരം തെരഞ്ഞെടുത്തതല്ല. എന്നുവെച്ചാൽ 'ധർമ്മശാസ്ത്ര വിരുദ്ധമായ തെരഞ്ഞെടുപ്പുകളിലൂടെയും ദുഷ്പ്രവൃത്തികളിലൂടെയും ഭരണാധികാരികളായ തെമ്മാടികളാണ് ഭൂമിയിൽ ഏറ്റവുമധികമുള്ളത്.'**

**അടുത്തൊരു അദ്ധ്യായത്തിൽ ഒരു പൈസ ചിലവോ, മത്സരം, കലഹം, വധം, തുടങ്ങിയ അധർമ്മങ്ങൾ ഇല്ലാതെയും; ലളിതമായും, ധർമ്മശാസ്ത്ര പ്രകാരം**

## അഥവാ ദൈവീകമായി

**ഗ്രാമപഞ്ചായത്തുകളിലെയും സംസ്ഥാനങ്ങളിലെയും വിവിധ കേന്ദ്രഭരണ സംവിധാനങ്ങളിലെയും**

## രാജാവ്, പ്രധാന മന്ത്രി, മുഖ്യമന്ത്രി, മന്ത്രിമാർ,

**എന്നിങ്ങനെയുള്ള ജനസേവകരെ തെരഞ്ഞെടുക്കുന്നത് എങ്ങനെയാണെന്ന് വിശദീകരിക്കുന്നുണ്ട്.**

ജനസേവകർ ഉൾപ്പെടെ സൃഷ്ടികളായ ആത്മാക്കൾക്കും, അവരുടെ മഹാപിതാവും പരമാത്മാവുമായ ശിവചക്രത്തിന്റെ മനുഷ്യാവതാരമായ പരമശിവനു പോലും സ്വന്തമായി ഒരല്പം ശൂന്യതയോ ഒരു തരി മണ്ണോ ഒരു എറുമ്പിനെപ്പോലുമോ സൃഷ്ടിക്കാൻ കഴിവില്ലെന്നിരിക്കെ, ദൈവമായ ഭൂമി സ്വന്തം അംശമായ മൂലകങ്ങളെ രൂപാന്തരപ്പെടുത്തി കുഞ്ഞുങ്ങൾക്ക്, നൽകുന്ന ശരീര -അവയവങ്ങൾ പ്രകാരമുള്ള ശക്തികളും ജ്ഞാനവും ആനന്ദങ്ങളും സ്വാതന്ത്ര്യവും തടയാൻ മറ്റു കുഞ്ഞുങ്ങൾക്ക് അവകാശവും അധികാരവും ഇല്ല.

'ജനങ്ങളും, അവരുടെ ചെലവിൽ ജീവിക്കുന്ന ജനസേവകരും, അവരുടെയെല്ലാം മുൻ-പിൻ തലമുറകളും' ചേർന്ന സമസ്ത ജനങ്ങളെയും എക്കാലവും സൃഷ്ടിക്കുന്നത് ഭൂമി ആണെന്നിരിക്കെ, സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ഭൂമിക്കു മാത്രമുള്ള അവകാശത്തെയും അധികാരത്തെയും സൃഷ്ടികളായ കുഞ്ഞുങ്ങൾ മറ്റു കുഞ്ഞുങ്ങളുടെ മേൽ ചെലുത്തുന്നത് കൊടും കുറ്റമാണ്. സ്വന്തമെന്നു പറയുന്ന മക്കളുടെ ജീവിത-സഞ്ചാര സ്വാതന്ത്ര്യങ്ങളെ തടയാൻ പോലും അവകാശവും അധികാരവും ഇല്ലാത്തവരാണ് രാജാവും മന്ത്രിമാരും ഉൾപ്പെടെയുള്ള ജനസേവകർ. അങ്ങനെയിരിക്കെ, ഭൂമിയുടെ പൊന്നോമന കുഞ്ഞുങ്ങളായ മനുഷ്യർക്ക്, ധർമ്മശാസ്ത്ര പ്രകാരം (മാത്രം) ഭൂമിയിൽ ജീവിക്കാനും സഞ്ചരിക്കാനും ദൈവവും മഹാമാതാവുമായ ഭൂമി നൽകുന്ന സ്വാതന്ത്ര്യത്തെയും അവകാശങ്ങളെയും വിലക്കുന്നത് കടുത്ത ദൈവ നിന്ദയാണ്.

മലമ്പനി, കുഷ്ഠം, വസൂരി ... തുടങ്ങിയ രോഗങ്ങൾ മുൻകാലങ്ങളിൽ അനേകരെ ബാധിച്ചിട്ടുണ്ട്. മറ്റുള്ള ജീവികൾക്കും രോഗങ്ങളുണ്ട്. ... രോഗങ്ങളും, രോഗ-മുക്തിയും മരണവുമെല്ലാം ജീവിതത്തിന്റെ ഭാഗമാണ്.

രോഗങ്ങളും പ്രതിവിധികളും മരണവും ഉൾപ്പെടെ സർവ്വത്തിന്റെയും മഹാനീതി ഈ ദിവ്യ മഹാഗ്രന്ഥത്തിന്റെ രണ്ടാം ഭാഗത്തിലുണ്ട്.

**ഉറ്റവരോടൊത്ത് സന്തോഷമായി ജീവിക്കാനാണ് മനുഷ്യൻ ഉൾപ്പെടെ എല്ലാ ജീവികളും ആഗ്രഹിക്കുന്നത്. ഉറ്റവർക്ക് ചെറുതോ വലുതോ ആയ രോഗങ്ങളും അപകടങ്ങളും ഉണ്ടാകുമ്പോൾ അവരുടെ അടുത്തിരുന്നും കണ്ടും പരിചരിക്കുകയും സഹായിക്കുകയും ഒക്കെ ചെയ്യുന്നത് മനുഷ്യരുടെ ആനന്ദമാണ്. രോഗിയുടെയും ഉറ്റവരുടെയും കൂട്ടു കൊണ്ട് രോഗം പെട്ടെന്ന് മാറിയെന്നും വരാം. കടുത്ത രോഗം വരുമ്പോൾ നഴ്സ് പരിചരിക്കേണ്ടുന്ന രീതികളെ ഡോക്ടർക്കും മറ്റും രോഗിയുടെ ഉറ്റവരെ ഉപദേശിക്കാം. രോഗം പകരുകയോ ഉറ്റവർ മരിക്കുകയോ ചെയ്താൽ സ്നേഹിക്കാനറിയാത്ത നീചരുടെ സഹായമില്ലാതെ മണ്ണായ ശരീരത്തെ മണ്ണിൽ ചേർക്കാനുള്ള വഴികൾ മണ്ണിലുണ്ട്. രോഗിയും ഉറ്റവരും അന്യോന്യം ഉറ്റവർ തന്നെയാണെങ്കിൽ കണ്ടും കേട്ടും പരിചരിച്ചും മരിക്കുന്നതും ആനന്ദമാണ്.**

**ആത്മാക്കളുടെ മനുഷ്യാവസ്ഥയിലെ മോക്ഷവുമായി ബന്ധപ്പെട്ട് വിശേഷബുദ്ധി നൽകി അനുഗ്രഹിച്ചിട്ടുള്ള ഭൂമിയുടെ പൊന്നോമന കുഞ്ഞുങ്ങളുടെ സഞ്ചാരസ്വാതന്ത്ര്യം തടയാൻ ജനങ്ങളുടെ ചിലവിൽ ജീവിക്കുന്നവർ കാട്ടുന്ന ധിക്കാരത്തിന് കടുത്ത ശിക്ഷയുണ്ട്.**

**വൈറസ് രോഗം പോലെ അപകട സമയത്ത് ദൂരത്തായിരിക്കുന്ന കുടുംബാംഗങ്ങളെ എത്രയും വേഗം ഒന്നിപ്പിക്കാനാണ് ജനസേവകരായ പഞ്ചായത്തും, രാജാവും പ്രധാനമന്ത്രിയും മുഖ്യമന്ത്രിയും മന്ത്രിമാരും പോലീസും ഒക്കെ പരിശ്രമിക്കേണ്ടത്.**

**വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത്, ബഹുവിധ പ്രശ്നങ്ങൾക്കിടയിലും ഇന്ത്യയിലെ പ്രധാനമന്ത്രിക്കും, പ്രസിഡന്റിനും ഗ്രന്ഥകാരൻ ചുവടെ ചേർത്തിരിക്കുന്ന സന്ദേശത്തെ അടിയന്തിരമായി ഇമെയിലിൽ അയച്ചിരുന്നു.**
മറുപടിയെന്നോണം ലഭിച്ചത് കുറെ വൈറസ് വാർത്തകളാണ് !

# Quote :


Sent
omsathyam@gmail.com

URGENT : Please save Holiness, AVOID ACCRUING SINS, etc.

**From:** MahaaDaasan PARAMASHIVAN MahaaDevan omsathyam@gmail.com

Sunday, 5 April 2020, 5:22 am

**To:** presidentofindia@rb.nic.in • 1234@gmail.com • connect@mygov.nic.in

# OM

- Dear Babies /Children of the EARTH @ GOD @ MAHAADEVI,

- May MAHAADEVI bless you to peruse and act by this GODLY INFORMATION/ NOTICE.

- Since ' OM ' written in the beginning of this message also mean 'In the name of GOD' , please be advised of the Godly Protocol :

- To Rulers / Kings/ Ministers, etc. who avoid the People who use the words "In the name of GOD" : GOD blesses All People to overcome Punishments by doing Good, vide Protective Fate. The Kings/ Presidents / Prime Ministers / Ministers/ Rulers, etc should stop all their activities and listen to the words of People who use the words "In the name of GOD".

It is to be understood that the People who genuinely use the words "In the name of GOD" has (had) had Blessings and advices/ instructions/orders from GOD intended to be carried out mainly by the Political Rulers/ Judges, etc which are to be considered as if it is from GOD for the benefit of the people involved /concerned. A King/ Minister, etc who live on Public Bread is obliged to respect a Common Man as his Master and obey the Divine Request and/or Order carried to him by his Master(public) from the Supreme Justice(GOD). Thus the King / Ministers / Judges etc who rule a society /nation are obliged to obey the Genuine Requests and/or Orders from those People using the words "In the name of GOD". Their disregard is sure to bring big losses to the People in the Country. Hence the Sin acquiring for disrespect of the Godly words will be very big. The Punishments too. The People who use the words "In the name of GOD" may/shall be asked for Scientific Proofs and/or Divine (Maaya-related) Proofs in accordance with their Demand/ Request/Order.

- The Judges, Rulers, etc. who do not listen to the People who use the words "In the name of GOD", are doing very great Sins, and sure to take one or many births both as Monkeys and Donkeys with Tortures. The Judges / Kings / Ministers, etc. should always remember that a very common man living in a village-corner as a Butcher or Barber may rank more than a King in line with his past (many) births. Please remember : All People on Earth receive Equal Justice from the Real Supreme Justice. Nobody is bigger than a beggar and NOT smaller than a King/Emperor.

- To People who abuse / misuse the words "According to DaivaShastram / Theology", In the name of GOD, etc. :- GOD blesses All People to overcome Punishments by doing Good, vide Protective Fate. The people who cannot clarify/explain topics scientifically should not use the words "According to DaivaShastram /Theology". Theology (Daiva Shastram = Supreme Science) is the Mother-Science of all branches of Science. It is from GOD. People should not abuse / misuse Daiva Shastram. It will be Sin. Those abuse the Supreme Science will be given added punishments in the re-births as Monkey and/or Donkey many times, etc. Human Governments /Judiciary may better pardon those people and/or with light punishments.

y y 1. The EARTH is TRULY the embodiment of the Single GOD @ MAHAADEVI, who is the Supreme Creator cum Protector of the Supreme Universe @ the Supreme Justice cum Supreme Mother of the Universe. That's, considering Earth as MAHAADEVI is not an imagination.

Since Bharat @ INDIA forms Only a (Chief) Organ of the EARTH @ Supreme Justice cum Supreme Mother MAHAADEVI, Remembering, Considering and Praying to One Organ is inappropriate and sinful. At the same time, as INDIA forms the HEART of MAHAADEVI, it can't be considered as totally inappropriate. The topic is severely Godly and people like Kings and/or Prime Ministers in Countries should NOT intervene unless authorized by MAHAADEVI through ParamaShivan, who is a portion of the Supreme Mother MAHAADEVI.

y 2. The Prayers are fully personal matters. One may pray or not. A King and/or the Prime Minister should NOT ask the people in any country to pray to GOD. At the same time, he/they/anyone may pray to GOD and/or Devil privately or publicly. y GOD @ Earth @ MAHAADEVI does the Supreme Justice not upon Prayers, by upon Intentions and Activities of People including Speech. Prayers are mainly intended for people to become bold and strong in the Science of Duties and Virtues @ Dharma Shaasthram.

y 3. The EARTH @ the Supreme Mother supplies to the human beings with the Supreme Knowledge of the Supreme Mother @ Supreme Science of the Universe @ the True Vedas as Moksham is awarded at the end of the 100 human births, next to the Conversion from Fish-Plant-Bird-Animal, after being originated from Fish. y To start with the Supreme Creation and Protection of the Supreme Universe, the EARTH @ the Supreme Mother MAHAADEVI had to establish firstly the Supreme Pleasure of GOD; and the Supreme Pleasures of MAHAADEVI have been established as Supreme Parental Love and Supreme Servant.

Hence to please MAHAADEVI, the only way is that all Children of GOD @ Earth shall love and help each other so that all people equally avail the scientific enjoyments in Earth. The Kings and Ministers in the various countries in Earth shall work for it. Their failure in scientifically uniting people and splitting them instead with the evilly religions and political nonsense, form part of Corona Viruses, before the Godly Revolution expected soon, by the Supreme Laugh cum Supreme Sounding of OM through out the Universe, including from the Body of all human and other beings, continuously from 3 to 33 years, each person hearing for 3 years, details of which are available in www.omsathyam.com/GodlyRevolution/Aanandham.pdf y Being awarded with the Supreme Science of the Universe, human beings are obliged to live scientifically as per the genuine second Vedam 'Dharma Shaasthram' @ the Science of Duties and Virtues. As such every duty / activity must be meaningful / scientific. Here matters the Public Request of the Prime Minister of the Government in India, to all people in India, developed as a Mini-Order to light up at 9 pm for 9 minutes. Since the Supreme Pleasures of MAHAADEVI have been established as Supreme Parental Love and Supreme Servant; the lighting preferred by the Prime Minister and associates will develop as a national waste of time and energy combined with evilly beliefs, accruing large amount of Sin. 50% and/or more of the Sin of Wrong + Ignorant people obeying /doing the Lamping will be credited to the Prime Minister and associates. With Godly love, me, the Supreme Servant of MAHAADEVI, blessed with Godly experiences, kindly request the Prime Minister to immediately cancel the Lighting/Lamping planned for 05 April 2020; and go ahead with scientific measures alone in the eradication of Covid 19.

y 4. May I bring into the kind attention of the Prime Minister and associates, of another serious error occurred in connection with handling Covid-19.

Your previous command of urging all people to stay at where they are 'wrong', intervening into the Godly freedom of people to join their dears and nears during troubles. A true ruler should have arranged immediate transport for the people in other states/ nations joining hands with the heads in the different States and Nations. It's a pity that the Chief Ministers of the different States in India and their associates etc developed as Donkeys by just obeying the PM; not trying for corrective measures. Better late than never. Please do the needful today itself, so that Sins do not increase further.

y 5. Me, MAHAADEVI's MahaaDaasan, suggest that the Prime Minister shall seek for the Services of a RaajaGuru with Godly experiences. Me, old and customised with Services to MAHAADEVI is about to complete present human birth task. However, if you prefer, sooner or later, I hope/ know MAHAADEVI blesses one person with tremendous Godly experiences, to work as RaajaGuru to assist you, who was a Devata in the 1st MahaaKaala Chakram, and mistaken as a Hindu God in the present Srushti Chakram. He is a Keralite, aged 62 but look as 40-45, borne as Christian, mentally left religious ties, disciple through me, of MAHAADEVI with many direct blessings, etc.

y y After scientifically studying the above, the Prime Minister of the Government in India, shall personally take up the Emergency measures for Him and the People. All people need to do only for them. As the Elements, Body, Earth, Water, and Oxygen which are basically One and the same GOD doesn't need any assistance from Creatures, and do correct everything perfectly with the Omkaara NeethiShaasthram @ the Supreme Science of Justice.

y With Godly Parental Love,

Supreme Servant of MAHAADEVI, MahaaDaasan ParamaShivan.

y Glory only to GOD @ EARTH @ MAHAADEVI.

Unquote :

ഭൂമിയിലെ മൂലകങ്ങളിലും രൂപാന്തരമായ ശരീരങ്ങളിലും ലയിച്ചിട്ടുള്ള ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരം മാത്രം എവിടെയും ജീവിക്കാനും സഞ്ചരിക്കാനും ഭൂമി ഓരോ മനുഷ്യനും പ്രത്യേകം പ്രത്യേകം നൽകുന്ന അവകാശത്തിലും അധികാരത്തിലും സ്വാതന്ത്ര്യത്തിലും കൈകടത്തിയത് കടുത്ത അപരാധമാണെന്നും ഉടൻ തിരുത്തണമെന്നുമാണ്; ദൈവശാസ്ത്ര കാര്യങ്ങളിൽ പാലിക്കേണ്ടതായ പെരുമാറ്റ മാർഗ്ഗരേഖകൾ അറിയിച്ചു കൊണ്ട് ഇന്ത്യയിലെ - തൽക്കാല - പ്രസിഡന്റിനോടും പ്രധാനമന്ത്രിയോടും ദൈവനാമത്തിൽ ഈയുള്ളവൻ ആവശ്യപ്പെട്ടത്.

'ഭാരത് മാതാ കീ ജയ്' വിളിക്കുന്നവർ ലഭ്യമായ വിശേഷബുദ്ധികളെ ഉചിതമായി ഉപയോഗിക്കണം. ഭൂമിയെന്ന മഹാരൂപത്തെ സ്വീകരിച്ചിരിക്കുന്ന മഹാമാതാവായ മഹാദേവിയുടെ ഒരു അവയവം മാത്രമായി ഇന്ത്യയെ മനസ്സിലാക്കണം. ഭൂമിയും മഹാമാതാവുമായ മഹാദേവിക്കു പകരം ഒരു അവയവത്തെ ഓർക്കുന്നതും പ്രാർത്ഥിക്കുന്നതും ഉചിതമല്ല; പാപവുമാണ്. അതേസമയം ഇന്ത്യയെ ഭൂമിയായ മഹാദേവിയുടെ മഹാഹൃദയം ആയിട്ട് ഒരുക്കിയിട്ടുള്ളതിനാൽ കഷ്ടിച്ച് മഹാമാതാവായ മഹാദേവിയായി വിശേഷിപ്പിക്കാൻ കഴിയും. മഹാദേവി നൽകുന്ന മഹാജ്ഞാനത്തിന്റെ ഭാഗം മാത്രമാണത്. ഭൂമിയുടെ മഹാഹൃദയം മാത്രമല്ല; ബ്രഹ്മകേന്ദ്രമായി നിശ്ചയിച്ചിട്ടുള്ള മണ്ണടി കേരളത്തിലാണ്. അതിനാൽ മഹാലിംഗവും മണ്ണടിയിലാണ്. ഇന്ത്യയിൽ തന്നെയാണ്. ഭൂമിയായ മഹാദേവിയുടെ മഹാഹൃദയവും മഹാലിംഗവും ബ്രഹ്മകേന്ദ്രവും ഇന്ത്യയിൽ ആകയാൽ ഭൂമിയിലെ എല്ലാ രാജ്യങ്ങളിലെയും ജനങ്ങളെ സംഹാര കാലത്തെ മോക്ഷ കാര്യങ്ങളെ അറിയിക്കുകയും മഹാശാസ്ത്രം പഠിപ്പിക്കുകയും ചെയ്യുന്ന മഹാഭാരം ഇന്ത്യയിലെ മണ്ണിൽ ഒരുക്കിയിരിക്കുന്നു എന്ന് തെളിയുന്നു. ഭൂമിയുടെ **മഹാഭാര**ങ്ങളെ **താ**ങ്ങുന്ന ഭൂപ്രദേശത്തിന് **മഹാഭാരതം** എന്ന പേരിട്ടിരിക്കുന്നു. ഭൂമിയായ മണ്ണിൽ നിന്നും അടിഞ്ഞതാണ് സർവ്വതും; വീണ്ടും ശരീരം മണ്ണിൽ അടിയുന്നതാണ്. **എല്ലാ ശക്തികളും ശാസ്ത്രങ്ങളും/വേദങ്ങളും ആനന്ദങ്ങളും ദൈവവും മണ്ണുമായ ഭൂമിയിൽ അടിഞ്ഞിട്ടുണ്ട്. സർവ്വംമണ്ണടി.** ഭൂമിയിലെ എല്ലാ പ്രദേശങ്ങളെയും **മണ്ണടി** എന്നു വിളിക്കാനാവും.

മണ്ണായ ഭൂമി വിശേഷ ബുദ്ധി നൽകിയ മനുഷ്യന് ലോക ഭാഷയായ ഇംഗ്ലീഷിൽ മൺ (Man) എന്ന പേരും വച്ചിട്ടുണ്ട്. മൺ എന്ന പേരിനെ മൻ എന്നു വിളിച്ചാൽ മനസ്സ് ആയി. വിശകലനം ചെയ്യുമ്പോൾ മനസ്സും ആത്മാവും ഒന്നു തന്നെയാണെന്ന് തെളിയുന്നതാണ്. മൺ, മൻ എന്നീ നാമങ്ങളെ മാൻ എന്നും വിളിക്കാം. മഹാഭാരതത്തിലെ മണ്ണാണ് മനുഷ്യന്റെ മൂലമെന്ന ചരിത്രം വിസ്തരിച്ചെന്നു മാത്രം.

**മഹാഭാരതത്തിലെ മണ്ണിൽ ജീവിക്കാൻ ഓംകാര നീതിശാസ്ത്രത്തിന്റെ കാതലായ മഹാപുനർജ്ജന്മ സിദ്ധാന്തം പ്രകാരം ഭൂമിയുടെ പൊന്നോമന കുഞ്ഞുങ്ങളായ എല്ലാ മനുഷ്യർക്കും അവസരം ലഭിക്കുന്നതാണ്. മഹാനിശ്ചയിക്കുന്നത് മണ്ണാണ്; മണ്ണിന്റെ സ്വത്വമായ ഓക്സിജനാണ്. അതുകൊണ്ടുതന്നെ മണ്ണിന്റെയും ദേശങ്ങളുടെയും പേരിൽ അഹംഭാവം കാട്ടാനും അഹങ്കരിക്കാനും മണ്ണിൽ ജീവിക്കുന്ന മനുഷ്യർക്ക് അവകാശമില്ല. അതേസമയം മണ്ണിൽ ലയിച്ചിരിക്കുന്ന സാമ്പത്തിക ശാസ്ത്രം ഉൾപ്പെടെയുള്ള ധർമ്മശാസ്ത്രം പ്രകാരം ജീവിക്കുന്ന കുഞ്ഞുങ്ങൾക്ക് മനുഷ്യാവസ്ഥയിലെ 100 ജന്മങ്ങളിൽ പരമാവധി 50 എണ്ണം മഹാഭാരതത്തിൽ ജനിക്കാനും ജീവിക്കാനും കഴിയുന്നതാണ്. ദൈവത്തിന്റെ സ്വന്തം നാട് എന്ന് വിശേഷിപ്പിക്കാവുന്ന കേരളത്തിൽ പരമാവധി 5 തവണയാണ് പുനർജ്ജനനം സാദ്ധ്യമാവുക.**

**ദൈവ കാര്യങ്ങൾ മഹാശാസ്ത്രപരം മാത്രമാണ്. എന്നുവെച്ചാൽ ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങളെയും അവ പ്രകാരമുള്ള ദൈവീക വസ്തുതകളും മാത്രമാണവ. മഹാഭാരതം എന്ന എക്കാലവും ദിവ്യമായ മഹാനാമത്തെ** സൃഷ്ടികളുമായി ബന്ധിപ്പിച്ചു കൊണ്ടുള്ള കഥകൾ ശരിയല്ലെന്നും അസത്യമാണെന്നും തെളിയുന്നു.

അസത്യങ്ങളെ തിരിച്ചറിയാനും ജനങ്ങളെ അറിയിക്കാനും, സംയുക്തമായി തള്ളിക്കളയാനും ജനസേവകർക്ക് ബാദ്ധ്യതയുണ്ട്. മഹാഭാരതത്തിലെ മണ്ണിൽ ജീവിക്കാനും ജനസേവകരാവാനും ഭാഗ്യം ലഭിച്ചവർ മഹാശാസ്ത്രപരമായി തന്നെ പ്രവർത്തിക്കണം.

ജീവിക്ക് തല, മുഖം, കൈകാലുകൾ, ഹൃദയം, ലിംഗം എന്നിവ പോലെ ഭൂമിയുടെ അംശം മാത്രമായ ഇന്ത്യാ മഹാരാജ്യത്തിന് മൊത്തത്തിലും, **കേരളം, തമിഴ്നാട്**, ഹിമാലയൻ **കൈലാസം** എന്നിവയ്ക്ക് പ്രത്യേകവും മാഹാത്മ്യം നൽകിയിട്ടുള്ളത് ഭൂമി സ്വയമാണ്; അക്കാരണം കൊണ്ട് ഓരോ സൃഷ്ടിചക്രത്തിന്റെയും സംഹാരത്തിനു ശേഷം പുതിയ സൃഷ്ടി ചക്രം ആരംഭിക്കുമ്പോൾ ഇന്ത്യയെ അന്വേഷിച്ച് ആഫ്രിക്ക, അമേരിക്ക, തുടങ്ങിയ വിദൂര രാജ്യങ്ങളിൽ നിന്ന് കര, കടൽ മാർഗ്ഗങ്ങളിലൂടെ ജനങ്ങൾ സാഹസികമായ യാത്രകൾ തന്നെ നടത്തുന്നതാണ്. ഇപ്പോഴത്തെ സൃഷ്ടി ചക്രത്തിലും അതിന് ചരിത്ര സാക്ഷ്യമുണ്ട്. തുച്ഛമായ ആയുസ്സോടെ ഇന്ത്യയിലും മറ്റും ജീവിച്ചു മരിക്കുന്ന മനുഷ്യർ ഉൾപ്പെടെയുള്ള സൃഷ്ടികൾക്ക് അതിൽ കാര്യമില്ല. ഭൂമിയുടെ അംശം മാത്രമായ ഓരോ ദേശവും ഓരോ ഗ്രഹം ആണെന്ന പോലെ ദേശീയതയെ പ്പറ്റി വാചാലരാകുകയും തമ്മിലടിക്കുകയും ചെയ്യുന്ന ഭോഷന്മാർ വിശേഷ ബുദ്ധി ലഭിക്കാത്ത മറ്റുള്ള ജീവികളേക്കാൾ തരംതാണിരിക്കുന്നു. മഹാനീതി കാര്യങ്ങളെയും മഹാശാസ്ത്ര പ്രകാരം നിർവ്വഹിച്ചാണ് ഭൂമിയായ ദൈവം മഹാനീതി ആകുന്നത്. ഉടനെ ആരംഭിക്കുന്ന ദൈവ വിപ്ലവത്തിൽ, മഹാശാസ്ത്രവുമായി ഏറ്റവുമധികം അടുപ്പമുള്ള ഇന്ത്യയിലെ ആത്മീയ രാഷ്ട്രീയ സംവിധാനങ്ങൾക്ക് ആദ്യമായി യഥാർത്ഥ വേദമായ മഹാശാസ്ത്രത്തിൽ ലയിച്ചു കൊണ്ട് സ്വയം ഇല്ലാതാവാൻ കഴിയുന്നതും ഭൂമിയായ ദൈവം ഒരുക്കിയിട്ടുള്ള മഹാപദ്ധതിയുടെ ഭാഗം മാത്രമാണ്. ആവക കാര്യങ്ങളിൽ അഹംഭാവം, അഹങ്കാരം തുടങ്ങിയവ പുലർത്താതെ ചുമന്നു പോന്നതായ വലിയ ഭോഷത്തങ്ങളെ ഉപേക്ഷിക്കുകയും സ്വയം തിരുത്തിക്കൊണ്ട് ധർമ്മശാസ്ത്ര പരമായി ജീവിക്കുകയുമാണ് ഇന്ത്യയിലെയും ഭൂമിയിലെയും ഓരോ വ്യക്തിയും ചെയ്യേണ്ടത്

**ഭൂമിയെ തൊഴാനും, സാഷ്ടാംഗം നമസ്ക്കരിക്കാനും മറ്റും ഭൂമിയിലെ നിയമങ്ങൾ ആവശ്യപ്പെടുന്നില്ല. ഭൂമിയുടെ ആനന്ദങ്ങൾ കുഞ്ഞുങ്ങളായ ജീവികളോടുള്ള മഹാദാസ്യവും മഹാവാത്സല്ല്യവും മാത്രമാണെന്ന് അറിയിച്ചിരിക്കെ, ഭക്തികോപ്രായങ്ങളും മറ്റും പാടില്ല.**

മഹാശക്തിയും മഹാമാതാവുമായ മഹാദേവി മഹാരൂപമായി സ്വീകരിച്ചിരിക്കുന്ന ഭൂമിയായ മണ്ണിന്റെ അംശമായ മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന മഹാവേദവും മഹാശാസ്ത്രവുമായ ഭൗതിക-ധർമ്മ -നീതി ശാസ്ത്ര നിയമങ്ങൾ പ്രകാരമാണ് ഓരോ മനുഷ്യന്റെയും ചുറ്റുമുള്ള മനുഷ്യരുടെയും മറ്റുള്ള ജീവികളുടെയും ജനനം മുതൽ മരണം വരെയുള്ള ജീവിത കാര്യങ്ങൾ എക്കാലവും സംഭവിച്ചുകൊണ്ടിരിക്കുന്നത്. അനുഭവിച്ചു തന്നെ അറിയുന്ന സത്യങ്ങളായ ശാസ്ത്രങ്ങൾ പ്രകാരമല്ലാത്ത കാര്യങ്ങളെ തള്ളിക്കളയാനും, സംശയമുള്ളവയിൽ ശാസ്ത്ര വിശദീകരണം നേടാനും ജനസേവകർക്ക് കഴിയണം; ബാദ്ധ്യതയുണ്ട്.

ആഗോളമായി അനേകം മത വിശ്വാസങ്ങളും അവയിലെ ആചാരങ്ങളും അനുഷ്ഠാനങ്ങളും മറ്റും ഭൂമിയുടെ പൊന്നോമന കുഞ്ഞുങ്ങളായ മനുഷ്യരെ മത-ജാതി-രാഷ്ട്രീയ-ദേശീയ ജീവികൾ എന്ന പോലെ അധഃപതിപ്പിച്ചപ്പോൾ, ഭൂമിയുടെ അംശമായ മൂലകങ്ങളും അവയുടെ രൂപാന്തരമായ ശരീരവും സമസ്ത ജനങ്ങളിൽ പ്രവർത്തിക്കുന്നതും അവരറിയാതെ എന്നോണം പ്രകടമായി ത്തന്നെ അവരെ ഭരിക്കുന്നതും മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന മഹാശാസ്ത്ര നിയമങ്ങൾ പ്രകാരം മാത്രമാണെന്നത് ഉൾക്കൊണ്ടും മറ്റു രാജ്യങ്ങളിലെ ജനങ്ങൾക്ക് ചൂണ്ടിക്കാട്ടിയും പ്രവർത്തിക്കുവാൻ മുൻകൈ എടുക്കേണ്ടത് മഹാഭാരതത്തിലെ ജനങ്ങളും ജനസേവകരുമാണ്.

**ഇന്നത്തെ ലോകത്ത് ശാസ്ത്ര സാങ്കേതിക മുന്നേറ്റത്തിലൂടെ ജീവിത ആനന്ദങ്ങൾ അനന്തമായി വർദ്ധിക്കുമ്പോഴും ആത്മപരിശോധന ചെയ്തു കൊണ്ട് സ്വന്തം തെറ്റുകളെ തിരിച്ചറിയാനും ഉചിതമായി തിരുത്താനും കഴിയണം. പക്വത കാട്ടി മാതൃകയാകേണ്ടവർ, നല്ലതെന്നു തോന്നുന്ന എന്തെങ്കിലും ചില കാര്യങ്ങൾ ചെയ്തതു കൊണ്ടായില്ല.** ഉദാഹരണത്തിന് (1) വൈറസ് രോഗത്തെ പ്രതിരോധിക്കാൻ, ലക്ഷത്തിലധികം രൂപ മാസവേതനമായും പെൻഷനായും വാങ്ങുന്നവർ ഒരു മാസത്തെ വരുമാനം ദാനം ചെയ്യുന്നതായി ഭാവിക്കാതെ, ജനങ്ങളെ ചൂഷണം ചെയ്ത് വാരിക്കൂട്ടിയ സമ്പത്തുകളെ മടക്കി നൽകുകയാണ് ആദ്യം വേണ്ടത്.

കൃഷിക്കാർക്ക് ലഭിക്കുന്ന ദിവസ വേതനമായ ഏറെക്കുറെ 800 രൂപ മാത്രം വേതനമായി വാങ്ങിക്കൊണ്ടു ജീവിക്കാൻ ഇന്ത്യയിലെ പ്രസിഡന്റ്, പ്രധാന മന്ത്രി, കേന്ദ്ര മന്ത്രിമാർ, സംസ്ഥാന മുഖ്യമന്ത്രിമാർ, സംസ്ഥാന മന്ത്രിമാർ, ഉദ്യോഗസ്ഥർ തുടങ്ങിയവർക്ക് കഴിയണം; തയ്യാറാകണം. കൈവശമുള്ള അധിക സമ്പത്തുകളെ ധർമ്മശാസ്ത്ര പ്രകാരം നേരിട്ടോ ഉത്തമമായ പഞ്ചായത്തുകൾ വഴിയോ പാവങ്ങൾക്കു നൽകണം. മാത്രമല്ല; ഇന്നത്തെ സർക്കാർ ജീവനക്കാരിൽ ഏറെക്കുറെ 99% ൽ അധികവും ധർമ്മശാസ്ത്ര വിരുദ്ധമായ പ്രവൃത്തികളെ ചെയ്യാനായി നിയമിക്കപ്പെട്ടവരാണെന്നും ഉടനെ തന്നെ പിരിച്ചു വിടണമെന്നും കാണാം. ദൈവീകമായ തൊഴിൽ അഭിരുചി പ്രകാരം അവർ സ്വയം തൊഴിൽ കണ്ടെത്തി ജീവിച്ചു കൊള്ളും. കൃഷിക്കാരുടെയും മറ്റുള്ളവരുടെയും അദ്ധ്വാനത്തിൽ ജീവിക്കുന്ന പൈശാചിക സംവിധാനം അവസാനിക്കട്ടെ. ഉടനെ ആരംഭിക്കുന്ന ദൈവ വിപ്ലവത്തോടെ, എല്ലാ രാജ്യങ്ങളിലെയും സൈന്യങ്ങൾ സ്വയം പിരിയുന്നതും, പിരിച്ചു വിടുന്നതും ഉൾപ്പെടെയുള്ള തൊഴിൽ ശുദ്ധീകരണം സ്വപ്നങ്ങൾ പോലെ സംഭവിക്കുന്നത് അനുഭവിക്കാം.

(2) വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തിവന്ന മത്സര പരീക്ഷകളും പഴയ സമ്പ്രദായങ്ങളും, വൈറസ് രോഗം കഴിഞ്ഞ് തുടരുന്നതിനെ പ്പറ്റി ചിന്തിക്കുന്നവർ, എല്ലാ മേഖലകളിലുമുള്ള മത്സരങ്ങൾ ധർമ്മ ശാസ്ത്ര വിരുദ്ധമാണെന്നും, സമൂഹത്തിലെ ധാർമ്മിക അധഃപതനങ്ങൾക്കും രോഗങ്ങൾക്കും അവയും കാരണമാണെന്ന് തിരിച്ചറിയണം. ഈ ദിവ്യ മഹാഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുള്ളതു പ്രകാരം ദൈവ വിപ്ലവത്തോടെ സ്വയം തിരുത്തുന്നതാണ്.

**ഭൂമിയിലെ എല്ലാ രാജ്യങ്ങളിലും എല്ലാ മേഖലകളിലും എല്ലാ കാര്യങ്ങളിലും സംഭവിച്ചിരിക്കുന്ന ധർമ്മികമായ അധഃപതനത്തെ തിരുത്തേണ്ടത് മഹാശാസ്ത്രം പ്രകാരം മാത്രമാവണം. ഭൂമിയുടെ കുഞ്ഞുങ്ങൾക്ക് വേണ്ടി ഭൂമി തയ്യാറാക്കി മണ്ണിൽ ലയിപ്പിച്ചു സൂക്ഷിക്കുന്ന മഹാഭരണഘടനയാണ് മഹാശാസ്ത്രം = മഹാവേദം = യഥാർത്ഥമായ മൂന്നു വേദങ്ങൾ.**

**മഹാനീതി കാര്യങ്ങളെ ദൈവമായ ഭൂമിയാണ് നിർവ്വഹിക്കുന്നത് എന്നതിനാൽ, മനുഷ്യർ പാലിക്കേണ്ടത് ലളിതമായ ധർമ്മ ശാസ്ത്ര നിയമങ്ങൾ മാത്രമാണ്. ജീവിത ആനന്ദ വികസന കാര്യങ്ങളെ കുറിച്ചുള്ള ഭൗതിക ശാസ്ത്രം മാറ്റിവെച്ചാൽ, മണ്ണായ ഭൂമിയിലെ മൂലകങ്ങളിൽ ലയിച്ചിരിക്കുന്നതും, ലളിതവുമായ ധർമ്മ ശാസ്ത്രം മാത്രമാണ് ഭൂമിയിലെ മനുഷ്യരെല്ലാം പിൻപറ്റേണ്ടുന്നതായ ഭരണഘടന.**

ശരീരം, ദൈവം, ആത്മാവ്, ജീവൻ, മോക്ഷം തുടങ്ങിയ വിഷയങ്ങളിൽ തോന്നുംപടി ആശയങ്ങൾ തട്ടിക്കൂട്ടിയ യാതൊരു ആചാര്യന്മാർക്കും അനുയായികൾക്കും മരണ ശേഷം പഴയ ശരീരത്തോടെ മടങ്ങി വന്ന്, മഹാശാസ്ത്രത്തിനു വിരുദ്ധമായി പ്രവർത്തിക്കാൻ കഴിഞ്ഞിട്ടില്ല എന്നതിന് ചരിത്രം സാക്ഷ്യമാണ്.

എല്ലാ സൃഷ്ടി ചക്രങ്ങളുടെയും രണ്ടാമത്തെ പകുതിയിൽ, സംഹാരമായ മോക്ഷത്തെ നേരിട്ട് നൽകാനായി ദൈവം / 'മായ' പ്രത്യക്ഷമാകുമ്പോൾ, മനുഷ്യർ ഉണ്ടാക്കിയ ദോഷത്തങ്ങളെ ഉന്മൂലനം ചെയ്യുകയും ഭൂമിയിൽ ലയിച്ചിരിക്കുന്ന മഹാശാസ്ത്ര നിയമങ്ങളെ യഥാർത്ഥ വേദങ്ങളായി പുനഃസ്ഥാപിക്കുകയും ചെയ്യുന്നതു കൊണ്ടാണ് ഇന്നത്തെ പ്പോലെയുള്ള ആത്മീയ-രാഷ്ട്രീയ കോപ്രായങ്ങൾക്ക് ഏതാനും ആയിരം വർഷങ്ങളുടെ മാത്രം ചരിത്രമുള്ളത് എന്നും തിരിച്ചറിയണം. സ്വന്തം അംശമായ മനുഷ്യ'ശരീരത്തിലൂടെ' വിശേഷ ബുദ്ധിയും അനന്താനന്ദങ്ങളും നൽകുന്ന ഭൂമിയെ നിന്ദിക്കുന്നത് ശിക്ഷ പിടിച്ചുവാങ്ങലാണ്.

ഭൂമിയുടെ അംശവും മൂലകങ്ങളുമായ ശരീരവും, ജലവും, ഓക്സിജനും, അവയിൽ ലയിച്ചിരിക്കുന്ന 'മഹാശക്തികളും, മഹാജ്ഞാനവും മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രവുമായ ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങളും, അവകാശങ്ങളും അധികാരങ്ങളും പ്രകാരം' ജീവാത്മാക്കളെ ഭരിക്കുന്നതും മഹാനീതി നിർവ്വഹിക്കുന്നതും ഈ ദിവ്യ മഹാഗ്രന്ഥത്തിൽ തെളിയിച്ചിട്ടുണ്ട്.

**നികുതികൾ, ഹെൽമെറ്റ്, കോടതി, പൗരത്വം, ഭരണഘടനകൾ തുടങ്ങി മൂലകങ്ങളിലൂടെ 'ഭൗതിക അസ്തിത്വം ഇല്ലാത്ത കോപ്രായങ്ങളെ' തട്ടിക്കൂട്ടാൻ ഒരല്പം ശൂന്യതയോ, ഒരു എറുമ്പിനെ പ്പോലുമോ സൃഷ്ടിക്കാൻ കഴിവില്ലാത്ത' സൃഷ്ടി മാത്രമായ മനുഷ്യന് അവകാശം ഇല്ല.** മൂലകങ്ങളിലൂടെ ഭൂമി നൽകിയ വിശേഷ ബുദ്ധിയെ ഉപയോഗിക്കാതെ മൂലകങ്ങളായ ശരീരത്തോടെ ജീവിക്കുന്ന അവിവേകികൾക്കും, ഭോഷരായ അനുയായികൾക്കും കടുത്ത ശിക്ഷ നൽകി ക്കൊണ്ട്, അംശമായ മൂലകങ്ങളിലൂടെയും രൂപാന്തരമായ ശരീരങ്ങളിലൂടെയും തന്നെ ഭൂമി തിരുത്തുന്നതാണ്.

**മനുഷ്യർ ഉൾപ്പെടെ സൃഷ്ടികൾ മാത്രമായ ജീവികൾ എന്തെല്ലാം കോപ്രായങ്ങൾ കാട്ടിക്കൂട്ടിയാലും എല്ലാക്കാലത്തും മഹാനീതി എന്ന സമ-ആനന്ദത്തെ ഭൂമി നിർവ്വഹിക്കുന്നത് ചുവടെ രണ്ടാം ഭാഗത്തിലെ 'ഓംകാര നീതിശാസ്ത്രം' എന്ന മഹാ-അദ്ധ്യായത്തിൽ തെളിയിച്ചിട്ടുണ്ട്. ബോംബുകളെ ഉണ്ടാക്കാനും വർഷിക്കാനും മനുഷ്യർ തയ്യാറായാൽ, തടയാൻ മഹാജാലമായ ഭൂമിക്ക് ഏതു ഘട്ടത്തിലും കഴിയുമെന്നും; അഥവാ ഭൂമി തടഞ്ഞില്ലെങ്കിൽ പോലും, എണ്ണത്തിൽ കോടി ക്കോടികൾ വരുന്ന എല്ലാ ജീവികളുടെയും ആത്മാക്കളെ ഉചിതമായ ശിക്ഷകളും, ഭൂമിയുടെ അംശമായ മൂലകങ്ങളുടെ രൂപാന്തരമായ ശരീരവും നൽകി വീണ്ടും ജീവികളായി ജനിപ്പിക്കാൻ ഭൂമിക്ക് നിസ്സാരമായി കഴിയുമെന്ന് 'ഓംകാര നീതിശാസ്ത്രം' എന്ന മഹാ-അദ്ധ്യായത്തിൽ നിന്നും ബോദ്ധ്യപ്പെടുന്നതാണ്. വൈറസ് രോഗം പോലെ മനുഷ്യ ജീവിതത്തെ ബഹുവിധങ്ങളിൽ ഉലയ്ക്കുന്ന തകരാറുകൾ സംഭവിക്കുവാൻ ഒരു പ്രധാന കാരണം മനുഷ്യരാണെന്നതു പോലും മറന്നു ജീവിക്കുന്ന ഭരണാധികാരികൾ ഉൾപ്പെടെയുള്ള മത-ജാതി-രാഷ്ട്രീയ-ദേശീയ ജീവികളാണെന്ന് ആദ്യം തിരിച്ചറിയണം. ശേഷം, കാട്ടിക്കൂട്ടി പ്പോരുന്ന കടുത്ത പിഴവുകളെയും അപരാധങ്ങളെയും മഹാശാസ്ത്ര പരമായി വിശകലനം ചെയ്ത് പരിഹരിക്കണം.**

**ഭൂമിയുടെ അംശമായ മൂലകങ്ങളും രൂപാന്തരമായ ശരീരവും മഹാജാലമായിരുന്ന് ദൈവവും ദൈവാംശങ്ങളും ആണെന്നു പ്രകടമാക്കാത്തത് മുഖ്യമായും കുഞ്ഞുങ്ങളായ  മനുഷ്യരുടെ ജീവിതത്തിലെ ആനന്ദം കുറയാതിരിക്കാനാണ്.**

**മനുഷ്യരും ദേവതകളും ഒക്കെ അനേകരെ ദൈവങ്ങളായിട്ടു കരുതുകയും അവരോട് പ്രാർത്ഥിക്കുകയും അവരെ ആരാധിക്കുകയും ഒക്കെ ചെയ്യുമ്പോൾ, ഏകദൈവവും മഹാജാലവും മഹാശക്തിയും ഏകശക്തിയുമായ ഭൂമി തടയാഞ്ഞത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കുന്നു.**

സർവ്വത്തിനും അതീതവും മഹാശക്തിയും മഹാസത്യവുമായ ഭൂമി ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ആരംഭിക്കുന്നതിനു മുമ്പ് ഭൂമിയുടെ സ്വാർത്ഥമായ ആനന്ദത്തെ നിശ്ചയിക്കാൻ സ്വയം ബാദ്ധ്യസ്ഥമാണ് / ആയിരുന്നു. മഹാപ്രപഞ്ചത്തിൽ എക്കാലവും സൃഷ്ടിക്കുന്ന മുഴുവൻ ജീവികളെയും കുഞ്ഞുങ്ങളായി കരുതി ക്കൊണ്ടും അവയോടുള്ള **മഹാദാസ്യം, മഹാവാത്സല്ല്യം എന്നീ രണ്ട് ആനന്ദങ്ങളെ** സൃഷ്ടി സ്ഥിതി സംഹാരങ്ങളിൽ നിന്നും ഭൂമിക്ക് ലഭിക്കുന്ന സ്വാർത്ഥമായി നിശ്ചയിച്ചുകൊണ്ടാണ് സൃഷ്ടി ആരംഭിച്ചത്.

**കുഞ്ഞുങ്ങളെ ശിക്ഷിക്കുന്നത് മഹാമാതാവും ഭൂമിയുമായ മഹാദേവിയുടെയും, ഭാഗവും മഹാപിതാവുമായ മഹാദേവന്റെയും ആനന്ദങ്ങളല്ല; മഹാവാത്സല്ല്യത്തിന് ഭാഗികമായി എതിരുമാണ്..**

മഹാശക്തിയും മഹാനീതിയുമായ ഭൂമിയുടെ മഹാആവിഷ്ക്കാരത്തിൽ കുഞ്ഞുങ്ങളുടെ തെറ്റുകളും കുറ്റങ്ങളും അവർ തന്നെ തിരിച്ചറിഞ്ഞ് തിരുത്താനുള്ള മഹാപദ്ധതി ഒരുക്കിയിട്ടുണ്ട്. സൃഷ്ടി പരിപാലനത്തിന് മൂലകങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള ന്യൂനശക്തികൾ തിരുത്തൽ ശക്തികളായി പ്രവർത്തിക്കുന്നതാണ്. അടുത്തൊരു അദ്ധ്യായത്തിൽ ന്യൂനശക്തികളെ ഭാഗികമായി വിശദീകരിച്ചിട്ടുള്ളത് പഠിക്കുമ്പോൾ സുവ്യക്തമാകും. സൃഷ്ടികളായ മനുഷ്യർ ഉൾപ്പെടെയുള്ള **ജീവികൾ ഭൂമിക്ക് പൊന്നോമന കുഞ്ഞുങ്ങളാണ്**. അങ്ങനെയിരിക്കെ, ഭൂമി നൽകുന്ന വിശേഷ ബുദ്ധികളെ ഉപയോഗിക്കാതെയും സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തെ ദുരുപയോഗിച്ചും കുഞ്ഞുങ്ങൾ കോപ്രായങ്ങൾ കാട്ടിയാൽ **മഹാവാത്സല്ല്യമായി തിരുത്താനാണ് ഭൂമി തയ്യാറാവുക**.

അടിസ്ഥാന പരമായി നിർജ്ജീവവും കുഞ്ഞുങ്ങളുമായ ആത്മാക്കൾക്ക് ശക്തി, ശാസ്ത്രം, ആനന്ദങ്ങൾ എന്നിവയെ നൽകാൻ ശരീരമായി ഒപ്പം കൂടിയിട്ടുള്ള (ദൈവമായ ഭൂമിയുടെ അംശമായ) മൂലകങ്ങളിലുള്ള ന്യൂനശക്തികൾ സംയമനം പാലിക്കുന്നു. മനുഷ്യ കുഞ്ഞുങ്ങൾക്കും അവരിൽ നിന്നും തെരഞ്ഞെടുത്ത ആദ്യ മഹാകാലചക്രത്തിലെ ദേവതകൾക്കും നൽകിയ സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തെയും ശക്തികളെയും ജ്ഞാനത്തെയും കുറയ്ക്കാനും മഹാവാത്സല്ല്യവും മഹാമാതാവും ഭൂമിയുമായ മഹാദേവി തയ്യാറാകുന്നില്ല; എന്നാൽ സംഹാര കാലത്ത് ഭാഗമായ മഹാദേവനെ അനുവദിക്കുന്നുമുണ്ട്.

**ഭൂമിയുടെ ദാനങ്ങൾ മാത്രമായ ശക്തികളും ജ്ഞാനവും സ്വാതന്ത്ര്യവും കൊണ്ട് കുഞ്ഞുങ്ങൾ കാട്ടിക്കൂട്ടുന്ന കോപ്രായങ്ങൾക്ക് അടിസ്ഥാന പരമായി യാതൊരു അർത്ഥവും ഇല്ലാ. ജനന മരണങ്ങളോടെ ജീവിക്കുന്ന കുഞ്ഞുങ്ങളുടെ കോപ്രായങ്ങൾ താൽക്കാലികവുമാണ്. വിശേഷ ബുദ്ധി ലഭിച്ച കുഞ്ഞുങ്ങൾ സ്വയം തിരുത്തണം.**

**കുഞ്ഞുങ്ങൾ തജ്ജന്മത്തിൽ തിരുത്തിയാലും ഇല്ലെങ്കിലും ഓാംകാര നീതിശാസ്ത്രം പ്രകാരം കുഞ്ഞുങ്ങൾക്കെല്ലാം സമ-ആനന്ദമെന്ന മഹാനീതിയെ ഭൂമി നൽകുന്നതാണ്.**

സ്വന്തം നിസ്സാരതയും ഓംകാര നീതിശാസ്ത്രത്തിന്റെ കാതലായ മഹാപുനർജ്ജന്മ സിദ്ധാന്തത്തിന്റെ മഹാഭീമത്വവും അറിഞ്ഞ് കുഞ്ഞുങ്ങൾക്ക് പേടിയും വേദനകളും വർദ്ധിക്കാതെയും, മഹാമാതാവായ ഭൂമിയുടെ മഹാവാത്സല്ല്യത്തെ അനുഭവിച്ച് ബോദ്ധ്യപ്പെടാനും കൂടുതൽ ആനന്ദിച്ചു ജീവിക്കാനുമാണ്, **ആയിരം കോടി വർഷങ്ങൾ നീണ്ട ആദ്യത്തെ മഹാകാലചക്രം മുഴുവൻ 'ഭൂമി' മനുഷ്യരൂപം സ്വീകരിക്കാതെ പശുവും പശുപതിയുമായി കുഞ്ഞുങ്ങളുടെ മഹാദാസരായി മഹാസേവനം ചെയ്തതും ദേവതകളെ നിയമിച്ചതും.**

മുഖവും മുഖച്ഛായയും ശരീര അവയവങ്ങളും കൊണ്ട് ഓരോ വ്യക്തിയും സ്വയവും അന്യോന്യവും തിരിച്ചറിയുമ്പോൾ, ശരീരമായ ദൈവാംശം നൽകുന്ന ദാനം മാത്രമാണ് സ്വന്തം അസ്തിത്വവും ജ്ഞാനവും ശക്തിയും ധൈര്യവുമെല്ലാം എന്ന് സ്വത്വവും വ്യക്തിയുമായ ആത്മാവ് തിരിച്ചറിയണം.

പ്രത്യുല്പാദന പ്രക്രിയയിൽ ബീജങ്ങളുടെയും അണ്ഡങ്ങളുടെയും നിർമ്മാണവും എണ്ണവും എല്ലാമെല്ലാം പ്രത്യക്ഷമെന്നോണം നിശ്ചയിക്കുന്നതും നിർമ്മിക്കുന്നതും ദൈവമായ ഭൂമിയുടെ അംശമായ മൂലകങ്ങളും രൂപാന്തരമായ ശരീരവും മാത്രമാണ്; ആത്മാക്കളല്ലാ എന്നത്, മാതാപിതാക്കളും മക്കളുമായി ജീവിക്കുന്ന ആത്മാക്കളുടെ നിസ്സാരതയെ മനസ്സിലാക്കാൻ ഉപകരിക്കുന്ന അനന്തമായ ഘടകങ്ങളിൽ ഒന്നു മാത്രമാണ്. കുഞ്ഞുങ്ങളുടെ സന്തോഷം വർദ്ധിപ്പിക്കാനായി മഹാജാലമായ ശരീരവും മൂലകങ്ങളും കുഞ്ഞുങ്ങളുടെ നിസ്സാരതയെ മറപ്പിച്ചു കൊണ്ട് (സമ-)ആനന്ദത്തെ ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരം ആസ്വദിക്കാൻ സദാ പ്രേരിപ്പിക്കുന്നതാണ്.

ചുറ്റുമുള്ള മനുഷ്യരും മറ്റുള്ള ജീവികളും ഭൂമിയുടെ കുഞ്ഞുങ്ങളാണ് എന്നും ഭൂമിയിലെ എല്ലാ രാജ്യങ്ങളിലെയും എല്ലാ കാര്യങ്ങളും ഭൂമിയുടെ മൂലകങ്ങളിലും രൂപാന്തരമായ ശരീരങ്ങളിലും ലയിച്ചിരിക്കുന്നതായ ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങളായ മഹാശാസ്ത്രം പ്രകാരം മാത്രമാണ് നിർവ്വഹിക്കപ്പെടുന്നത് എന്നും ലഭ്യമായ വിശേഷ ബുദ്ധികൊണ്ട് ലളിതമായി മനസ്സിലാക്കാനാവും.

**അനുഭവിച്ചറിയുന്ന സത്യങ്ങളെ അവഗണിച്ചു കൊണ്ട് ഭൗതികമായ അസ്തിത്വം ഇല്ലാത്തതും ജീവിക്കാൻ ആവശ്യമില്ലാത്തതുമായ മത-ജാതി-രാഷ്ട്രീയ-ദേശീയ കോപ്രായങ്ങളെ പിൻപറ്റുന്നത്, തിരുത്താതെ ജീവിതം തുടർന്നാൽ മൂലകങ്ങളിലെ ന്യൂനശക്തികൾ ശിക്ഷിച്ചു തിരുത്തുന്നതാണ്. വിശദാംശങ്ങളിൽ ഭീകര വാദവും, വൈറസ് രോഗങ്ങളും, സുനാമിയുമെല്ലാം വരും.**

**ഒരു വൈറസ് രോഗത്തെ അല്പം തീവ്രമാക്കാൻ ന്യൂനശക്തികൾ കൂട്ടുനിന്നപ്പോൾ ഭൂമിയിലെ എല്ലാ രാജ്യങ്ങളിലെയും ജന സമൂഹങ്ങളിൽ ഉണ്ടായ ദോഷങ്ങളും ഗുണങ്ങളും വ്യത്യസ്തമായ തലങ്ങളിലും മഹാശാസ്ത്രപരമായും സ്വയം വിലയിരുത്താൻ വിശേഷ ബുദ്ധിയുള്ള ആർക്കും സാധിക്കുന്നതാണ്.**

**ദോഷങ്ങൾ ഏറെയുണ്ടെങ്കിലും ധാർമ്മികമായ ഒരു ശുദ്ധീകരണം ഉണ്ടാകുന്നു എന്നത് വാസ്തവമാണ്.** ശുദ്ധീകരണത്തെ കളങ്കപ്പെടുത്തിയത് ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങളിലെ കൊടുംപാപികളായ ഭരണാധികാരികളും മറ്റും **രോഗങ്ങളും** പ്രതിവിധികളും ഉൾപ്പെട്ട **നീതികാര്യങ്ങളിൽ ദൈവത്തിനു കാര്യമില്ലെന്നു സ്വയം നിശ്ചയിച്ചുകൊണ്ട് ജനങ്ങളുടെ സഞ്ചാരം ഉൾപ്പെട്ട സ്വാതന്ത്ര്യങ്ങളിൽ ധർമ്മശാസ്ത്ര വിരുദ്ധമായി പ്രവർത്തിച്ചതിനാലാണ്.**

നീചമായ പ്രവൃത്തികൾ സമൂഹത്തിൽ സാധാരണമായിട്ടുണ്ട്. ഉദാഹരണത്തിന് : മറ്റുള്ളവരുടെ അദ്ധ്വാനത്തെ ചൂഷണം ചെയ്ത് ജീവിക്കുന്ന ലോട്ടറികൾ, ചുതുകളി, കുതിര പ്പന്തയം, തുടങ്ങിയവ പിടിച്ചുപറി, മോഷണം, കൊള്ള എന്നിവ പോലെ അതിനീചമായ **പ്രവൃത്തികൾ മാത്രമാണ്; തൊഴിലുകളിൽ പെടുന്നില്ല**. എങ്കിലും, ഭൂമിയുടെ കുഞ്ഞുങ്ങളായ മനുഷ്യർ ലോട്ടറി ടിക്കറ്റ് വില്പന പോലെ നീചകർമ്മങ്ങളെ ചെയ്യുമ്പോൾ, പാവങ്ങളായ അനേകർക്ക് ലോട്ടറി സമ്മാനത്തിലൂടെയും ആശ്വാസം നൽകാൻ മഹാശക്തിയായ ഭൂമി ശ്രദ്ധിക്കുന്നുണ്ട്. അതുപോലെയാണ് വൈറസ് രോഗത്തിലുള്ള ദൈവ വിപ്ലവ തയ്യാറെടുപ്പുകൾ.

ബോംബുകളും യുദ്ധങ്ങളും രോഗങ്ങളുമൊക്കെ കൊണ്ട് മഹാശക്തിയും ഭൂമിയുമായ മഹാദേവിയുടെ കുഞ്ഞുങ്ങളെ കൊല്ലുന്ന നീചരായ മനുഷ്യർ അറിയേണ്ടുന്ന വസ്തുതയുണ്ട്: **അണുബോംബുകളും വൈറസ് രോഗങ്ങളുമൊക്കെ ഭൂമിയിലെ മുഴുവൻ ജനങ്ങളെ കൊന്നാൽ പോലും,** ആത്മാക്കളെയെല്ലാം ശരീരം നൽകി പുനർജ്ജനിപ്പിക്കാൻ ഭൂമിക്ക് കഴിയുമെന്നും, മഹാനീതി നിർവ്വഹിക്കാൻ ബാദ്ധ്യതയുള്ള ഭൂമി, കുഞ്ഞുങ്ങളെ പുനർജ്ജനിപ്പിക്കുമെന്നും അറിയണം. മാത്രമല്ല; **നീചവും നിന്ദ്യവുമായ പ്രവൃത്തികളെ ചെയ്തു കൂട്ടിയ മനുഷ്യർ, പാപങ്ങൾക്കുള്ള ദൈവശിക്ഷ അളവോടെ തീർച്ചയായും അനുഭവിക്കേണ്ടി വരുന്നതാണ്**.

**അണുബോംബ്, വൈറസ് രോഗം, തുടങ്ങിയവ തടയാൻ എന്തുകൊണ്ട് ഭൂമി തയ്യാറാകുന്നില്ല; ന്യൂനശക്തികളെ ഭൂമിയുടെ അംശമായ മൂലകങ്ങളിൽ ഉൾപ്പെടുത്തി ക്കൊണ്ട് ഭൂമിയല്ലേ മനുഷ്യരുടെ അപരാധങ്ങൾക്കെല്ലാം മൂലകാരണം എന്നിങ്ങനെയുള്ള ചോദ്യങ്ങളുണ്ട്**.

**ന്യൂനശക്തികളെ പറ്റി** Supreme Justice GOD **തുടങ്ങിയ മഹാവേദ ഗ്രന്ഥങ്ങളിൽ കൂടുതൽ വിശദീകരിച്ചിട്ടുണ്ട്. ന്യൂനശക്തികളെ പറ്റി അല്പം മാത്രം കുറിക്കുന്നു:**

**വ്യത്യസ്തങ്ങളായ മധുരങ്ങളെ മാത്രം ദൈവം സൃഷ്ടിക്കുകയാണെങ്കിൽ, കൈയ്പിനെ പ്പറ്റി അറിയാതെ പോകും. കൈയ്പും വേദനകളും ഇല്ലെങ്കിൽ ജീവികളുടെയും ജീവിതത്തിന്റെയും ആനന്ദം സുന്ദരമാവില്ല. ഏതാനും ഉദാഹരണങ്ങൾ:**

മാസങ്ങളായി പുരോഗമിക്കുന്ന ഉദര വീർപ്പും, പ്രസവ വേദന ഉൾപ്പെടെയുള്ള ബഹുവിധ വേദനകളും ഇല്ലെങ്കിൽ സമൂഹത്തിൽ കാമകാര്യങ്ങളിലെ സദാചാരം സുന്ദരമാകില്ല. ഗർഭകാലത്ത് ചുമന്നതും വേദനകളെ അനുഭവിച്ച് വളർത്തിയതിന്റെയും കണക്കുകൾ ധർമ്മശാസ്ത്ര പരമായി അവതരിപ്പിക്കാനും ആവശ്യമാണ് !

അശ്രദ്ധമായി നടന്ന്, കല്ലിൽ കാല് തട്ടുമ്പോൾ വേദന ഉണ്ടായില്ലെങ്കിൽ, അശ്രദ്ധ വർദ്ധിക്കുന്നതാണ്.

മരുന്നുകളെല്ലാം വ്യത്യസ്ത മധുര ക്കൂട്ടുകളായാൽ, ഭക്ഷണസാധനങ്ങളും പലഹാരങ്ങളുമായി മരുന്നുകളെ കുട്ടികളും മുതിർന്നവരും, ആവശ്യമോ അളവുകളോ വിഷയമാക്കാതെ ഭക്ഷിക്കുന്നതാണ്.

**മലം : മനുഷ്യരുടെയും മറ്റുള്ള ജീവികളുടെയും വിസർജ്യങ്ങൾക്ക് വിവിധതരം ബിരിയാണി, പലഹാരങ്ങൾ, .. എന്നിവയുടെ മണവും രുചിയും ഉണ്ടാവുകയാണെങ്കിൽ, വിസർജ്യങ്ങളെ നേടാനും ഭക്ഷിക്കാനുമായി അടിപിടി കൂടുന്ന മനുഷ്യരെ എവിടെയും കാണുന്നതാണ്; കുടുംബങ്ങളിൽ പാചകം ഉപേക്ഷിച്ചെന്നും വരും !**

ചന്ദനത്തൈലത്തിന്റെ സുഗന്ധം ഉണ്ടായിരുന്നുവെങ്കിൽ ശരീരത്തിലും വസ്ത്രത്തിലും മലം പുരട്ടി നടക്കുമായിരുന്നു!

എല്ലാ വസ്തുക്കളുടെയും മണം, രുചി, നിറം, തുടങ്ങിയ ഗുണങ്ങളെ ഭൗതികമായി വ്യത്യാസപ്പെടുത്തിയിരിക്കുന്നത് അഥവാ ന്യൂനശക്തികളെ സ്ഥാപിച്ചിട്ടുള്ളത് ജീവികളുടെ ആനന്ദത്തിനു വേണ്ടിത്തന്നെയാണ്.

അടിക്കും ഇടിക്കും മറ്റും വേദന ഇല്ലാതെ വന്നാൽ, പോലീസും രാഷ്ട്രീയക്കാരും മറ്റും മാത്രമല്ല, കുട്ടികളെ ശാസിക്കാനും ശിക്ഷിക്കാനും കഴിയാതെ മാതാപിതാക്കളും ഉറ്റവരും വിഷമിക്കും. വേദനകൾ ഇല്ലാതെ വന്നാൽ, വന്യമൃഗങ്ങളെയും ഭയമില്ലാതെ വരും.

**കൈയ്പുകളും വേദനകളും ഭയവും ഇല്ലെങ്കിൽ ജീവിതത്തിന്റെ ആനന്ദങ്ങളും സൗന്ദര്യവും നഷ്ടപ്പെടുമെന്ന് കൂടുതൽ ഉദാഹരണങ്ങളെ ചേർത്ത് സ്വയം വിശകലനം ചെയ്താൽ മതിയാകും. മണ്ണും ഭൂമിയുമായ ദൈവം, ജീവികളുടെ ജീവിതം സുന്ദരമാക്കാൻ മുകളിൽ സൂചിപ്പിച്ചതുപോലെ അനന്തമായ വിഷയങ്ങളിൽ നിയന്ത്രണം നടത്തുന്നത് ഭൂമിയിലെ മൂലകങ്ങളിൽ ലയിപ്പിച്ചിട്ടുള്ള ന്യൂനശക്തികളിലൂടെയാണ്.**

**ആനന്ദം എന്ന നീതി**, ജീവിതത്തിൽ വിഷയമാകുവാൻ എല്ലാ വസ്തുക്കൾക്കും ഗുണങ്ങളും ദോഷങ്ങളും സൃഷ്ടിക്കപ്പെടേണ്ടതുണ്ട് എന്നു കണ്ടു. കൃഷിചെയ്യുമ്പോഴും, വസ്ത്രം നെയ്യുമ്പോഴും, മീൻ പിടിക്കുമ്പോഴും, കുട്ടികളെ പഠിപ്പിക്കുമ്പോഴും, പഠിക്കുമ്പോഴും, രതിലീല ഉൾപ്പെടെയുള്ള ആനന്ദകാര്യങ്ങളിൽ ഏർപ്പെടുമ്പോഴും, കുഞ്ഞുങ്ങളെ പുന്നരിക്കുമ്പോഴുമൊക്കെ **ക്ഷീണം** എന്ന ഒരവസ്ഥ കൂടി സൃഷ്ടിക്കപ്പെടുന്നില്ലായെങ്കിൽ, ആരംഭിക്കുന്ന പ്രവൃത്തി നിർത്തില്ലാതെ തുടർന്നെന്നിരിക്കും !

**അമിത മധുരം, അമിത ഉപ്പ്, അമിത സന്തോഷം, അമിത വാത്സല്യം തുടങ്ങിയവ : സന്തോഷം അഥവാ ആനന്ദം നല്കുന്ന കാര്യങ്ങളും അധികമായാൽ ആനന്ദം നല്കാതെയും പകരം ദോഷം ചെയ്തുമുള്ള അവസ്ഥ മഹാനീതിയായ ഭൂമി സൃഷ്ടിച്ചിട്ടുണ്ട്. നീതി നിശ്ചിതമായിരിക്കണം, ധർമ്മ ശാസ്ത്ര പ്രകാരവുമായിരിക്കണം. നീതിക്ക് നിശ്ചിത അളവില്ലെന്നു വന്നാൽ ധർമ്മവും, അതിലൂടെ സ്ഥിതിയും, സൃഷ്ടിയും, സത്യവും പിഴയ്ക്കുന്നതാണ്; അങ്ങനെ സംഭവിച്ചുകൂടാ.**

ഉദാഹരണമായി ഗ്രന്ഥത്തിലെ ദൈവീകമായ സാമ്പത്തിക ശാസ്ത്രം പഠിക്കുമ്പോൾ, സമ്പത്ത് കുട്ടികൾക്ക് കൈമാറുവാൻ ദൈവം അനുവദിക്കുന്നില്ല എന്നു കാണാം. മാതാപിതാക്കളും കുട്ടികളും അവരുടെ കുട്ടികളും എല്ലാം ദൈവത്തിന്റേതാണ്, ദൈവത്തിന്റെ കുഞ്ഞുങ്ങളാണ്.

**മാതാപിതാക്കളുടെ അമിതവാത്സല്യം കുട്ടികളെ ധർമ്മശാസ്ത്രം തെറ്റിയുള്ള ജീവിതത്തിന് വഴിയൊരുക്കിയാൽ, കുട്ടികൾ പാപം ചെയ്യുന്നതിന് മാതാപിതാക്കളും കാരണക്കാരാവുകയാണ്. കുട്ടികളും അവരെ വഴിതെറ്റിക്കുവാൻ പ്രേരകമായതിന് മാതാപിതാക്കളും (ബന്ധുജനങ്ങളുമൊക്കെ) പാപങ്ങൾക്കുള്ള ശിക്ഷ സ്വീകരിക്കേണ്ടതായും വരും.**

**കുട്ടികളുടെ നല്ലത് കരുതുവാൻ, കുട്ടികളെയും അവരുടെ മാതാപിതാക്കളെയും സർവ്വരെയും പൊന്നോമന കുഞ്ഞുങ്ങളായി മഹാവാത്സല്ല്യത്തോടെ കരുതുന്ന മഹാമാതാവും ദൈവവുമായ ഭൂമിയുണ്ട്.**

# ദൈവം, മനുഷ്യന് സമ്പൂർണ്ണമായ സ്വാതന്ത്ര്യം മഹാഅനുഗ്രഹിച്ചു നൽകിയിട്ടുണ്ട്.

ദൈവം സൃഷ്ടികളെ കുഞ്ഞുങ്ങളായി കരുതുമ്പോൾ തന്നെ കുഞ്ഞുങ്ങൾക്ക് ആവശ്യമായ ബുദ്ധി ശക്തി ഉൾപ്പെടെയുള്ള ശക്തികളെ നൽകി കൊണ്ട് ആനന്ദങ്ങളെയെല്ലാം നേടാനും അനുഭവിക്കാനും ആസ്വദിക്കാനുമുള്ള മഹാപദ്ധതികളാണ് ഒരുക്കിയിട്ടുള്ളത്. കുഞ്ഞുങ്ങൾ ഭിക്ഷക്കാരെപ്പോലെ ദൈവത്തോട് യാചിക്കുകയോ / പ്രാർത്ഥിക്കുകയോ ചെയ്യാതെ ദൈവം ഓരോ മനുഷ്യനും/ ജീവിക്കും നൽകിയിട്ടുള്ള ദൈവാംശമായ ശരീരം കൊണ്ട് അനന്തമായ ആനന്ദങ്ങളെ സ്വയമെന്നോണം നേടണം. സൃഷ്ടിചക്രങ്ങളുടെ ആദ്യ പകുതിയിൽ ദൈവം പ്രത്യക്ഷമാകാതെ ഗൂഢമായിരിക്കുന്നത് തന്നെ കുഞ്ഞുങ്ങൾ അലസരും മടിയരും പൊങ്ങച്ചക്കാരും മറ്റുമായി അധഃപതിക്കാതെ ജീവിക്കാനാണ്.

മനുഷ്യന് സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യം നൽകുന്നതിന്നായി മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ന്യൂനശക്തികളെ ഒരല്പം വ്യത്യാസപ്പെടുത്തുവാൻ മനുഷ്യരെ അനുവദിച്ചിട്ടുണ്ട്. വളരെ ഗൗരവമുള്ള കാര്യമാണത്. വിശദമാക്കാം :-

മഹാശാസ്ത്രത്തിന്റെ ഭൗതികരൂപം കൂടിയാണ് മഹാപ്രപഞ്ചം എന്നതുകൊണ്ട്, മഹാശാസ്ത്രത്തിൽ ന്യൂനശക്തികളെ ഉൾക്കൊള്ളുന്ന ശാസ്ത്രം ഉൾപ്പെട്ടിരിക്കുന്നു. ജീവികളുടെ ശരീരം ഉൾപ്പെടെയുള്ള ഭൗതിക വസ്തുക്കളിലെല്ലാം ഭൗതികശാസ്ത്രപ്രകാരം കൈയ്പ്-മധുരം, ദുഃഖം-സുഖം, കരച്ചിൽ-ചിരി, തുടങ്ങിയ ന്യൂനാവസ്ഥയും അധികാവസ്ഥയും ദൈവം സൃഷ്ടിച്ചിട്ടുണ്ട്.

ന്യൂനാവസ്ഥയെ സത്യമാക്കുന്ന യുക്തിശാസ്ത്രവും ഗണിതശാസ്ത്രവും ഫിസിക്സും രസതന്ത്രവും വൈദ്യശാസ്ത്രവുമൊക്കെ ദൈവം മഹാആവിഷ്ക്കരിച്ചിട്ടുണ്ട് ; കൂടാതെ പ്രസ്തുത ശാസ്ത്രങ്ങൾ പ്രകാരമുള്ള ഭൗതിക വസ്തുക്കളെ സൃഷ്ടിച്ചിട്ടുമുണ്ട്. ഭൗതികപ്രപഞ്ചത്തിലെ എല്ലാ കാര്യങ്ങളും ഭൗതികശാസ്ത്രപരമായാണ് ദൈവം മഹാനിർവ്വഹിക്കുന്നത്.

100-ല് 50 ന്യൂനം എന്നത് ഗണിതശാസ്ത്രപരമായി ശരിയാണെങ്കിലും മഹാകാരുണ്യമായ ദൈവം 14.29% മുതൽ 17.43% / 19.44% വരെ മാത്രം ന്യൂനവസ്തുക്കളെ സൃഷ്ടിച്ചുകൊണ്ട് ജീവികളെ സ്നേഹിക്കുകയും, അർദ്ധ ന്യൂനഭാവം പ്രപഞ്ചത്തിന്റെ ഗണിതശാസ്ത്രത്തിൽ മാത്രമായി പരിമിതപ്പെടുത്തുകയും ചെയ്തിരിക്കയാണ്. 14.29% മുതല് 17.43% / 19.44% വരെയുള്ള ന്യൂനവസ്തുക്കളിലെ വ്യത്യാസമായ 3.14% / 5.19% വ്യക്തിസ്വാതന്ത്ര്യ ഉപയോഗങ്ങളുടെ തോത് നിശ്ചയിക്കുന്നു.

മഹാപ്രപഞ്ച സൃഷ്ടിയ്ക്ക് 100 എന്ന മഹാ-അളവ് നൽകുകയും, 7 എന്ന ആഴ്ച-ക്കാലത്തെ 100-മായി കൂട്ടിയിണക്കിക്കൊണ്ട് 100-നെ 7-കൊണ്ട് ഭാഗിച്ചാണ് 14.29 മഹാനിശ്ചയിച്ചിട്ടുള്ളത്. 14.29%-ത്തോട് പൈ-യുടെ മൂല്ല്യമായ 3.14 ചേർക്കുമ്പോഴാണ് 17.43 കിട്ടുന്നത്. (ശതമാനക്കണക്കുകളിലെ വെളിപാട് ഇനിയും പൂര്ണ്ണമായിട്ടില്ല എന്നുകൂടി അറിയിക്കുന്നു, എന്നാൽ വസ്തുക്കളുടെയും വസ്തുതകളുടെയും പ്രവര്ത്തനം ബോദ്ധ്യമാകുന്നതിന് ന്യൂനശക്തികളെ സംബന്ധിച്ച വെളിപ്പെടുത്തലുകൾ ഉപയോഗപ്പെടുന്നു എന്നതും, കൃത്യമായ ശതമാനക്കണക്കുകൾ തൽക്കാലം അത്യാവശ്യമല്ല എന്നതും അറിയണം. ന്യൂനവസ്തുക്കളുടെ വർദ്ധിച്ച അളവിനെ 17.43% / 19.44% എന്നു കാണിക്കുവാൻ കാരണം ഒന്നാം മഹാകാലചക്രത്തിലെ പ്രത്യേക ഭരണാധികാരികളുടെ ദുർന്നടപടികളാണ്. ന്യൂനശക്തികളുടെ തുടർച്ച എന്ന പേരിൽ മഹാവേദ ഗ്രന്ഥത്തിൽ ആവക കാര്യങ്ങളുടെ വിശദീകരണം ലഭ്യമാണ്.).

**ന്യൂനാവസ്ഥയ്ക്കു ശേഷം മാത്രമാണ് അധികാവസ്ഥയ്ക്ക് സ്ഥാനമുള്ളത്. ആയത് ലളിതമായി മനസ്സിലാക്കുവാൻ -അനന്തത, -.., -100, -99, ..-, -10, -9, ..-, -1, 0, +1, ..+, +9, +10, ..+, +99, +100, ..+, +അനന്തത എന്നിങ്ങനെയുള്ള ഗണിതശാസ്ത്ര പാഠം ശ്രദ്ധിച്ചാൽ മതിയാകും.**

## ന്യൂനശക്തികളും ധർമ്മ ശാസ്ത്രബന്ധനവും

ഗൗരവമായി വിശകലനം ചെയ്യുമ്പോൾ, ന്യൂനശക്തികളുടെ സൃഷ്ടിയും ധർമ്മവും എത്ര മഹത്തരമാണെന്നും തങ്ങൾക്ക് ഇഷ്ടപ്പെട്ടവയെ നല്ലതെന്നും ഇഷ്ടപ്പെടാത്തതിനെ ചീത്തയെന്നും പേരിടാൻ മനുഷ്യന് അവകാശമില്ല എന്നും സുവ്യക്തമാകുന്നു.

**മഹാപ്രപഞ്ചത്തിലെ എല്ലാ കാര്യങ്ങളും ഓരോരോ വിധങ്ങളിൽ നല്ലതാണ്. നല്ലതല്ലാത്തത് യാതൊന്നും ദൈവം സൃഷ്ടിച്ചിട്ടില്ല എന്നർത്ഥം.**

ഓരോരോ ജീവി- ഇനങ്ങൾക്കും ഓരോരോ ജീവിതരീതി ദൈവം സൃഷ്ടിച്ചിട്ടുണ്ട്. ഭക്ഷണം, ഭക്ഷണ സമ്പാദനം, കാഴ്ച, രാത്രിക്കാഴ്ച, പാർപ്പിട രീതി, ഇണചേരൽ, ഇണയെ ആകർഷിക്കുന്ന രീതി, ഭയപ്പാടുകളിലെ പ്രത്യേകത, ആക്രമണ രീതികളിലെ പ്രത്യേകത, പെരുമാറ്റം, തുടങ്ങിയ അനേകം കാര്യങ്ങൾ ചേർന്നതാണ് ഓരോ ജീവിയുടെയും ജീവിതരീതി. മനുഷ്യരുടേതും അങ്ങനെ തന്നെ.

മറ്റുള്ള ജീവികളെ തങ്ങളുടെ ജീവിതാവശ്യങ്ങൾക്ക് ഏറെ പ്രയോജനപ്പെടുത്തുകയും ഏറ്റവുമധികം ഉപദ്രവിക്കുന്നതും മനുഷ്യർ തന്നെയാണ്. മറ്റുള്ള ജീവികൾ മനുഷ്യരെ ഏറ്റവും കുറച്ചുമാത്രമാണ് ഉപദ്രവിക്കുന്നതെന്നതും വസ്തുതയാണ്.

നല്ലതു മാത്രമേ ദൈവം സൃഷ്ടിച്ചിട്ടുള്ളൂ എങ്കിൽ, ഭൂമിയിലൊക്കെയുമുള്ള കലാപങ്ങളും പീഢനങ്ങളും അഴിമതികളും ഭീകരവാദങ്ങളും നല്ലതാണോ, അവയെ സൃഷ്ടിച്ചത് ദൈവം തന്നെയല്ലേ എന്നിങ്ങനെയുള്ള ചോദ്യങ്ങൾ പെട്ടെന്ന് അനേകരിൽ ഉണ്ടാകുന്നതാണ്.

ചുവടെ ന്യൂനശക്തികളുടെ വിശദീകരണത്തിലേക്കു കടക്കുമ്പോൾ ജീവികൾക്ക്, പ്രത്യേകിച്ചു മനുഷ്യന് വ്യക്തിസ്വാതന്ത്ര്യം നൽകാനായി ഒരു നിശ്ചിത ശതമാനം ശക്തികളെ മാറ്റിവച്ചിട്ടുണ്ട് എന്നു കാണാം.

**വ്യക്തിസ്വാതന്ത്ര്യം നല്കിയില്ലെങ്കിൽ മനുഷ്യരെ ദൈവം അടിമകളാക്കുന്നതായി വരും. വ്യക്തികൾ സ്വയം നല്ലതും കെട്ടതും തിരിച്ചറിഞ്ഞു ജീവിക്കുവാനുള്ള സംവിധാനം ഒരുക്കിയിരിക്കുകയാണ്.**

**മനുഷ്യരും, ഒന്നാം മഹാകാലചക്രത്തിലെ ഭരണത്തിനായി സൃഷ്ടിച്ചതായ മാലാഖമാരും/മലക്കുകളും/ദേവതകളും തങ്ങൾക്കു ലഭിച്ച വ്യക്തിസ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്തതു കൊണ്ടും, അതിലൂടെ ന്യൂനശക്തികളുടെ അളവ് വർദ്ധിച്ചതു കൊണ്ടുമാണ് ഭൂമിയിലാകെ കലാപങ്ങളും പീഢനങ്ങളും അഴിമതികളും ഭീകരവാദങ്ങളും ഒക്കെ ഉണ്ടായിരിക്കുന്നത്. വൈകാതെ / ഉടനെ മായ പ്രത്യക്ഷമാകുന്നതോടെ, മഹാശക്തിയായ മഹാജഗദംബ മഹാപ്രപഞ്ചത്തിന്റെ മഹാഭരണം സമ്പൂർണ്ണമായി ഏറ്റെടുക്കുന്നതോടെ, മനുഷ്യരുടെ ജീവിതകാര്യങ്ങൾ ഉൾപ്പെടെ എല്ലാ കാര്യങ്ങളും മഹാമംഗളമാകുന്നതാണ്.**

## ന്യൂനശക്തികളെപ്പറ്റി തുടരാം :

സദാചാരം എങ്ങനെ ശാസ്ത്രമാകും, ഭൗതിക ശാസ്ത്ര നിയമങ്ങളുമായി എങ്ങനെ പൊരുത്തപ്പെടും, നല്ലതും നല്ലതല്ലാത്തതും വേര്തിരിക്കുന്നതിന്റെ അളവുകോലെന്ത്, ദൈവം നല്ലത് മാത്രം സൃഷ്ടിക്കാതെ നല്ലതല്ലാത്തും സൃഷ്ടിച്ചതെന്തിന്, നല്ലതല്ലാത്തത് സൃഷ്ടിക്കുന്ന ദൈവത്തിന്റെ ഭാവം സത്യ - ധര്മ്മ - നീതികളാണെന്ന് എങ്ങനെ പറയാനാവും, തുടങ്ങിയ ചോദ്യങ്ങളെല്ലാം നിഷ്പ്രഭമാകുന്നതും നിരര്ത്ഥകമാകുന്നതും എങ്ങനെയെന്ന് ന്യൂനശക്തികളുടെ സൃഷ്ടിയും സ്ഥിതിയും സംബന്ധിച്ച കാര്യങ്ങൾ ശാസ്ത്രപരമായി വിശദമാക്കുന്നുണ്ട്.

ജീവികളുടെ ആനന്ദം സ്രഷ്ടാവിന് പരമപ്രധാനമാണ്. മഹാപ്രപഞ്ചത്തിന്റെ മഹാമാതാവു കൂടിയായ ദൈവത്തിന് തന്റെ കുഞ്ഞുങ്ങളോടുള്ള മഹാവാത്സല്ല്യമാണത്. സൃഷ്ടികളെ കുഞ്ഞുങ്ങളായും, മഹാവാത്സല്ല്യത്തെ ഏകമഹാആനന്ദമായും നിശ്ചയിച്ചു കൊണ്ട് പ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ദൈവമായ ഭൂമി മഹാഭദ്രപ്പെടുത്തുന്നത് ജീവികളുടെ മഹാഭാഗ്യം ; അല്ലായിരുന്നെങ്കിലോ.... എന്നു ചിന്തിച്ചാൽ, തന്റെ മഹാശക്തികളെ കൊണ്ട് സൃഷ്ടിക്കുന്ന ജീവികൾക്ക് നരകയാതനകളെ നൽകി കഷ്ടപ്പെടുത്തുകയും അവയുടെ കഷ്ടതകളെ കണ്ട് വിനോദിക്കുകയും ചെയ്യുന്ന സ്രഷ്ടാവ് ആയിരുന്നെങ്കിലോ എന്നു ചിന്തിച്ചാൽ, മനുഷ്യരുടെ എത്രയോ ചോദ്യങ്ങളും സംശയങ്ങളും വിവേകശൂന്യങ്ങളാണെന്ന് ബോദ്ധ്യമാകും.

കാർബൺ (കരി) ഉൾപ്പെടെയുള്ള ഏതാനും മൂലകങ്ങളുമായും കറുപ്പുനിറം, ഇരുട്ട്, രാത്രി തുടങ്ങിയവയുമായും ബന്ധപ്പെട്ടാണ് ന്യൂനശക്തികൾ പ്രവർത്തിക്കുന്നത്. കരിക്കട്ടയും, കറുത്ത മഷിയുമൊക്കെ എഴുതാനും അച്ചടികാര്യങ്ങൾക്കും പ്രയോജനപ്പെടുന്നതും, ജീവികളിലെ ഊർജ്ജ കാര്യങ്ങളിൽ ഉൾപ്പെടെ അനന്തമായ മഹാപ്രപഞ്ച കാര്യങ്ങളിൽ കാർബൺ ഉന്നത സ്ഥാനം വഹിക്കുന്നതും ദൈവം കാർബണെ ഉന്നതപ്പെടുത്തിയിട്ടുള്ളതു കൊണ്ടുതന്നെയാണ്.

ഭൂമിയിലെ എല്ലാ വസ്തുക്കളിലും ദൈവം സ്ഥാപിച്ചിട്ടുള്ള ശാസ്ത്രനിയമങ്ങൾ പ്രകാരമാണ് എല്ലാ വസ്തുക്കളും പ്രവർത്തിക്കുന്നത്. വസ്തുക്കളും ജീവികളും ഉൾപ്പെടെ മഹാപ്രപഞ്ചത്തിലെ ഏതൊന്നിന്റെ മേലും മനുഷ്യർക്ക് പ്രവർത്തിക്കാനാകുന്നത് മേല്പടി ശാസ്ത്ര നിയമങ്ങൾ പ്രകാരം മാത്രമാണ്.

// മഹാപ്രപഞ്ചത്തിലുള്ള ന്യൂനവസ്തുക്കൾ 14.29% മുതല് 19.44% വരെ മാത്രമാണെന്നും, കാലാനുസൃതം ശാസ്ത്രവികസനത്തിനും ജനപ്പെരുപ്പത്തിനും ഒപ്പം 14.29% മാത്രം ന്യൂനവസ്തുക്കൾ സ്ഥിരമായി ഉണ്ടായാൽ മാത്രമേ ജീവിതം സമ്പൂർണ്ണമായും ആനന്ദകരമാവുകയുള്ളൂ എന്നും വിശദീകരിക്കുകയുണ്ടായി. ന്യൂനവസ്തുക്കളുടെ ഏറ്റവും കുറഞ്ഞ അളവ് ധർമ്മ ശാസ്ത്രപ്രകാരം ആണെന്നും അത് മഹാശക്തിയായ ദൈവത്തിന്റെ ഇഷ്ടപ്രകാരമുള്ള ജീവിതക്രമമാണെന്നും കൂടിയാണ് അർത്ഥം. ദൈവത്തിന്റെ ഇഷ്ടപ്രകാരമുള്ള ന്യൂനവസ്തുക്കളുടെ അളവ് ധർമ്മ ശാസ്ത്രപ്രകാരം വ്യക്തിയുടെ സ്വാതന്ത്ര്യത്തെ ബന്ധിക്കുന്നുണ്ട്.

അതേ സമയം പ്രസ്തുത മഹാ ധർമ്മ ശാസ്ത്ര ബന്ധനം എല്ലാ ജീവികളുടെയും മംഗളത്തിനായുള്ള മഹാ പദ്ധതിയാണ്.

മഹാധർമ്മ ശാസ്ത്ര ബന്ധനത്തെ അഥവാ ന്യൂനവസ്തുക്കളുടെ ഏറ്റവും കുറഞ്ഞ അളവിനെ അഥവാ ദൈവത്തിന്റെ ഇഷ്ടപ്രകാരമുള്ള ന്യൂനവസ്തുക്കളുടെ അളവിനെ അവഗണിച്ചു കൊണ്ട് വ്യക്തി(കൾ) ജീവിക്കുമ്പോൾ, ന്യൂനവസ്തുക്കളുടെ അളവ് വർദ്ധിക്കുന്നു. പുതിയ വസ്തുക്കൾ ഉണ്ടാക്കാനാവുന്നതും ഒരു എനർജിയെ മറ്റൊരു എനർജിയായി മാറ്റാമെന്നുമുള്ള വസ്തുക്കളിൽ ഉള്ളടക്കം ചെയ്തിട്ടുള്ള ശാസ്ത്രനിയമങ്ങൾ പ്രകാരമാണ് ഇത് സംഭവിക്കുന്നത്. ദൈവത്തിന്റെ ഇഷ്ടപ്രകാരം അല്ലാത്ത സ്വാതന്ത്ര്യം വ്യക്തി ഉപയോഗിക്കുന്നതു കൊണ്ട് സംഭവിക്കുന്നതാണത്. **പ്രസ്തുത അവസ്ഥ ഭൂമിയായ ദൈവം അനുവദിച്ചില്ലെങ്കിൽ ദൈവം സൃഷ്ടികളെ അടിമയാക്കുന്നു എന്ന വസ്തുതയും ആരോപണവും ഉണ്ടാകുന്നതാണ്.**

മഹാപ്രപഞ്ചത്തില് 14.29% മുതൽ 17.43% /19.44% വരെ അളവിലെ വ്യത്യാസമായ 3.14% / 5.15% അളവ് മാത്രം ന്യൂനവസ്തുക്കളെക്കൊണ്ട്, വ്യക്തിക്ക് സമ്പൂര്ണ്ണ വ്യക്തിസ്വാതന്ത്ര്യം അനുഭവിക്കുന്ന അവസ്ഥ ഉണ്ടാവുന്നതാണ്. വ്യക്തിക്ക് സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യം അനുവദിക്കുന്ന മഹാമനസ്ക്കത ദൈവം കാണിക്കുമ്പോഴും, മഹാനീതി കൂടിയാണ് ദൈവമെന്നും; വ്യക്തിയുടെ ആരോഗ്യം, ആയുസ്സ് തുടങ്ങിയ ഘടകങ്ങൾ ദൈവത്തിന്റെ നിയന്ത്രണത്തിലാണെന്നും വ്യക്തി ഓർക്കേണ്ടതും, ദൈവം അനുവദിച്ചിട്ടുള്ള വ്യക്തിസ്വാതന്ത്ര്യം ദുരുപയോഗം ചെയ്യാതെ, എല്ലാ ജീവികളുടെയും ആനന്ദ-ജീവിതത്തിനായി ദൈവത്തിന്റെ ഇഷ്ടപ്രകാരം അഥവാ ധർമ്മ ശാസ്ത്രപ്രകാരം ജീവിക്കാൻ പരിശ്രമിക്കേണ്ടതുമാണ്.

മഹാപ്രപഞ്ചത്തിലെ നക്ഷത്ര കോടികൾ ആത്മീയ സാക്ഷാത്ക്കാരവുമായി ബന്ധപ്പെട്ടിരിക്കയാൽ ന്യൂന വസ്തുക്കൾ അവയെ ബാധിക്കുന്നില്ല. സൗരയൂഥത്തിലെ മറ്റു ഗ്രഹങ്ങളും അവയുടെ ചന്ദ്രന്മാരും താല്ക്കാലിക സൃഷ്ടിയാണെന്നും വൈകാതെ പിൻവലിക്കപ്പെടുമെന്നും മുമ്പ് വിസ്തരിച്ചിരുന്നു. അപ്പോൾ പിന്നെ ഭൂമിയെയും ചന്ദ്രനെയും മാത്രമാണ് ന്യൂനവസ്തുക്കൾ ബാധിക്കുക.

**ദൈവത്തിന്റെ ഇഷ്ടപ്രകാരം മാത്രം ജീവിക്കുവാൻ ആഗ്രഹിക്കുകയും, അതിന്നായി പരിശ്രമിക്കുകയും ചെയ്യുമ്പോൾ, സുഖദുഃഖങ്ങളെ സമനിലയിൽ ആസ്വദിച്ചുകൊണ്ട് ജീവിക്കുവാൻ വ്യക്തിക്ക് സാധിക്കുന്നതാണ്. വ്യക്തിയുടെ ജീവിതക്രമങ്ങളെ ആവിഷ്ക്കരിക്കുന്നത് ദൈവത്തിന്റെ ഇഷ്ടം പോലെ, അഥവാ ധർമ്മ ശാസ്ത്ര പ്രകാരമായി മാറുന്നു. വ്യക്തി ധർമ്മ ശാസ്ത്രപരമായി ജീവിച്ചാൽ മാത്രം മതിയാകും. വ്യക്തിക്ക് സമ്പൂർണ്ണ സ്വാതന്ത്ര്യം അനുഭവിക്കുന്നത് ബോദ്ധ്യപ്പെടുന്നതും സമ്പൂർണ്ണമായ മനസ്സുഖം എല്ലായ്പ്പോഴും ലഭിക്കുന്നതുമാണ്.**

**ജീവിതകാര്യങ്ങളെല്ലാം അനായാസമായും ഒഴുക്കോടെയും നടക്കുന്നതാണ്. അഹംഭാവം ഇല്ലാതെ വ്യക്തിക്ക് ആനന്ദത്തോടെ ജീവിക്കാനും കഴിയും.** **എന്നാൽ വ്യക്തിയുടെ ഇഷ്ടങ്ങൾ അഥവാ സ്വാതന്ത്ര്യങ്ങൾ പ്രകാരം ജീവിക്കുവാൻ ആഗ്രഹിക്കുമ്പോൾ, ജീവിതക്രമം കൂടി വ്യക്തി ആവിഷ്ക്കരിക്കുകയാണ്. ധർമ്മ ശാസ്ത്ര പ്രകാരമല്ലാത്ത ജീവിതമാണത്. കുട്ടികൾക്കു വേണ്ടി സമ്പത്തുകളെ വ്യക്തി കരുതുന്നതും അവർക്കു വേണ്ടി കെട്ടിടം വെയ്ക്കുന്നതും ഒക്കെ ധർമ്മ ശാസ്ത്ര വിരുദ്ധമാണ്. ഭൂമിയായ ദൈവത്തെയും ദൈവീകമായ സാമ്പത്തിക ശാസ്ത്രത്തെയും അവഗണിച്ചുകൊണ്ടുള്ള പ്രവൃത്തികളാണ്.**

**സമ്പൂർണ്ണമായും ദൈവത്തിന്റെ ഇഷ്ടപ്രകാരം മാത്രം ജീവിക്കുമ്പോൾ, കുട്ടികളും മുതിർന്നവരുമെല്ലാം അതാതു പ്രായത്തിലും അവസ്ഥകളിലും ഉണ്ടാവേണ്ടതായ ധർമ്മങ്ങളെ കൃത്യമായി പുലർത്തുന്നവരായി മാറുന്നതാണ്.** **പ്രസ്തുത അവസ്ഥ കൊണ്ട് കള്ളങ്ങളും ചതിയും കൊള്ളയും മത്സരങ്ങളും പോലെയുള്ള കാര്യങ്ങൾ സമൂഹത്തിൽ ഇല്ലാതെ വരികയും, ഒരു ശാസന പോലും യാതൊരാൾക്കും ആവശ്യമില്ലാത്ത അവസ്ഥ ഉണ്ടാകും.** **കുറേക്കാലം ഈ നില തുടർന്നാൽ ചെറിയ വിരസത സമൂഹകാര്യങ്ങളിൽ ഉണ്ടാകുന്നതാണ്. വിരസത അകറ്റാനും സമൂഹം ഊർജ്ജസ്വലമാകാനും പൈശാചിക ന്യൂനശക്തികളുടെ ചെറിയ സാന്നിദ്ധ്യം നല്ലതെന്നു തോന്നുന്നതാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ അല്പം വ്യക്തിസ്വാതന്ത്ര്യം നല്ലതായിരിക്കുന്ന അവസ്ഥയാണത്.** **അല്പം നല്ലതെന്നു തോന്നുന്നത് പ്രായേണ വളർന്ന് മദ്യവും മദിരാക്ഷിയും ഭീകരവാദവുമൊക്കെ ആയാൽ വളരെക്കാലമായി ഭൂമിയിലൊക്കെയും സംഭവിച്ചിട്ടുള്ളതു പോലെ കാര്യങ്ങൾ പിടിവിട്ടു പോകുന്നതാണ്.**

പ്രസ്തുത അവസ്ഥയ്ക്ക് പരിഹാരമായി ദൈവം ഒരു 'വൃത്ത-പരിധി-സംരക്ഷണം' സ്ഥാപിച്ചിട്ടുണ്ട്. മനുഷ്യന് ലഭ്യമാകുന്ന ശാസ്ത്രജ്ഞാനത്തിനും സമ്പത്തിനും മറ്റു ശക്തികൾക്കും അനുസരിച്ച് മനുഷ്യന്റെ പ്രവർത്തന മേഖല ഒരു വൃത്തംപോലെ ചെറുതും വലുതുമൊക്കെയായി മാറുമ്പോൾ, വൃത്തത്തിനുള്ളിലെ ഏറ്റവും വലിയ രേഖയായ വ്യാസവും വൃത്തപരിധിയും തമ്മിൽ നിശ്ചിതബന്ധം ഉണ്ടാക്കിയിരിക്കുന്നു. വൃത്തപരിധി ÷ വ്യാസം = π = 3.14...

ഒരു കേന്ദ്രത്തിൽ നിന്നും ശക്തിയും, ശിവനും ചേർന്നതായ ഒരു കാലിന് അഥവാ ആരത്തിന് (റേഡിയസ്) സഞ്ചരിക്കാവുന്ന പരമാവധി അളവ് വൃത്തവും ഗോളവും ആണ്. വ്യക്തികൾ ഉപയോഗപ്പെടുത്തുന്ന വ്യക്തിസ്വാതന്ത്ര്യം പൈ ( π ) എന്ന നിശ്ചിതസംഖ്യയുടെ അളവായ 3.14.. % ൽ താഴെയായിരുന്നാൽ വ്യക്തികൾക്ക് അഥവാ സമൂഹത്തിലെ ഭരണകൂടത്തിന് പ്രശ്ന പരിഹാരം സാദ്ധ്യമാകുന്നതാണ്. 0% മുതൽ പരമാവധി പൈ% വരെയുള്ള വ്യക്തിസ്വാതന്ത്ര്യം അപകടകാരിയല്ല എന്നർത്ഥം.

മദിര (മദ്യം), മദിരാക്ഷി (ദുഷ്ക്കാമം) എന്നിവയിലേക്ക് സമൂഹത്തിലെ ഭരണകൂടം പ്രവേശിച്ചാൽ പൈ%-നു മുകളിൽ വ്യക്തിസ്വാതന്ത്ര്യം പ്രവേശിച്ചിരിക്കുന്നു എന്നു കണക്കാക്കണം. ദൈവത്തിന്റെ പ്രത്യേകമായ ഇടപെടൽ കൊണ്ടു മാത്രമേ പൈ%-നു മുകളിലുള്ള പ്രശ്നങ്ങളെ പരിഹരിക്കാൻ കഴിയുകയുള്ളൂ.

**ഭൂമിയിലെങ്ങും ഇന്നുള്ള സങ്കീർണ്ണമായ പ്രശ്നങ്ങളെ പരിഹരിക്കാൻ ദൈവം പ്രത്യേകമായി ഇടപെടേണ്ടതുണ്ടെന്നും അർത്ഥം ഉണ്ടാകുന്നു. എന്നാൽ, മുഖ്യമായും ആദ്യമഹാകാലചക്രത്തിലെ പ്രത്യേക ഭരണാധികാരികളുടെ വീഴ്ച നിമിത്തമാണ് പൈ%-നു മുകളിൽ വ്യക്തിസ്വാതന്ത്ര്യം വർദ്ധിക്കാനും സമൂഹജീവിതം കൊടിയ ദുരന്തങ്ങളിൽ പെടാനും കാരണമായത്. അതേ സമയം,**

**മഹാനീതിശാസ്ത്രം എന്ന അദ്ധ്യായം പഠിക്കുമ്പോൾ, എല്ലാവിധ പ്രശ്നങ്ങളും ഇപ്പോഴും എപ്പോഴും കുറ്റങ്ങളും കുറവുകളുമില്ലാതെ പരിഹരിക്കപ്പെടുന്നുണ്ടെന്നും, എല്ലാവർക്കും സമ-നീതി ലഭിക്കുന്നുണ്ടെന്നും ബോദ്ധ്യമാകുന്നതാണ്. വൈകാതെ മായ പ്രത്യക്ഷമാകുന്നതോടെ, ഒരു ചിലർ കാട്ടിക്കൂട്ടിയ അധമത്തങ്ങളും ദുഷ്ക്കീർത്തികളും നിസ്സാരമായി പരിഹരിക്കുന്നതുമാണ്. ന്യൂനശക്തികൾ .... തുടർച്ച എന്ന മഹാവേദ ഗ്രന്ഥത്തിലെ അദ്ധ്യായത്തിൽ കൂടുതൽ വിശദീകരണമുണ്ട്.**

**(മനുഷ്യർ ഒഴികെയുള്ള ജീവികളിൽ വ്യക്തിസ്വാതന്ത്ര്യം 1%-ൽ താഴെ മാത്രമാണ് പ്രവർത്തിക്കുന്നത് എന്നറിയുന്നു.)**

22/7 = π എന്ന ദ്യഢസംഖ്യ ഭൗതികശാസ്ത്രത്തിന്റെ അനവധി ശാഖകളിൽ വിവിധ സംവിധാനങ്ങളുടെ ഭാഗമായി ഉൾപ്പെടുന്നതാണ്. ന്യൂനശക്തികൾ മഹാപ്രപഞ്ചത്തിന്റെ ഭൗതിക സൃഷ്ടിയുമായി ബന്ധപ്പെട്ടിരിക്കുന്നതു കൊണ്ടാണത്. ..

# ന്യൂനശക്തികൾ തിരുത്തൽ ശക്തികളായി പ്രവർത്തിക്കുന്നു.

മഹാവേദം എന്ന ഗ്രന്ഥത്തിലെ 'ഭീകരവാദവും, രാഷ്ട്രീയ/മത അസംതൃപ്തിയും, ന്യൂനശക്തികളും' എന്ന അദ്ധ്യായത്തിൽ ന്യൂനശക്തികൾ തിരുത്തൽ ശക്തികളായി പ്രവര്ത്തിക്കുന്നതിനെപ്പറ്റി വിസ്തരിച്ചിരുന്നു. ദൈവത്തിന്റെ ഭാവമായ സത്യ-ധർമ്മ-നീതികളെ അഥവാ മഹാശാസ്ത്രത്തെ പിൻപറ്റാതെ സമൂഹജീവിതം മുന്നോട്ടുപോയാൽ അവയെ തിരുത്താനായി തിരുത്തൽ ശക്തികളായും, പിന്നീട് വിരുദ്ധശക്തികളായും മേല്പടി ന്യൂനശക്തികൾ രൂപം പ്രാപിക്കുന്നതാണ്.

ന്യൂനശക്തികൾ നിശ്ചിതമായ ചെറിയ അളവിൽ വർത്തിക്കുമ്പോൾ സമൂഹജീവിതം മഹാആനന്ദകരമാണ്. **എന്നാൽ വ്യക്തികൾ ധർമ്മ ശാസ്ത്ര വിരുദ്ധമായി ജീവിക്കുമ്പോൾ, അഥവാ വ്യക്തിസ്വാതന്ത്ര്യത്തെ ദുരുപയോഗിക്കുമ്പോൾ, ന്യൂനശക്തികളുടെ അളവ് വർദ്ധിക്കുന്നതും, അക്കാരണത്താൽ ഭീകര പ്രവർത്തനങ്ങൾ ഉണ്ടാകുന്നതും വർദ്ധിക്കുന്നതുമാണ്. ഭീകരവാദങ്ങളും ഭീകരപ്രവർത്തനങ്ങളും സമൂഹത്തിൽ വ്യാപിക്കുമ്പോൾ, തിരുത്തൽ ശക്തികൾ എന്നതിന്റെ പരിധിവിട്ട് വിരുദ്ധശക്തികളായി ന്യൂനശക്തികൾ രൂപം പ്രാപിച്ചിരിക്കുന്നു എന്നു മനസ്സിലാക്കാൻ കഴിയും. ആനന്ദകരമായവയെ പ്രശ്നകാരികളാക്കുന്നത് മനുഷ്യരാണെന്നും കൂടിയാണ് അതിന്നർത്ഥം. ഭീകരവാദങ്ങൾ മാനുഷികം മാത്രമല്ല. അവയ്ക്ക് ആദ്യമഹാകാലചക്രത്തിലെ പ്രത്യേക ഭരണാധികാരികളുടെ വീഴ്ചകളും കാരണമായിട്ടുണ്ട്.**

ധർമ്മ ശാസ്ത്ര വിരുദ്ധമായ വ്യക്തിസ്വാതന്ത്ര്യങ്ങളെ സമൂഹം അഥവാ വ്യക്തികൾ പുലർത്തുമ്പോൾ, മഹാപ്രപഞ്ചത്തിലുള്ള ന്യൂനവസ്തുക്കളുടെ അളവ്/പ്രവർത്തനം 14.29% -ൽ നിന്ന് ക്രമാനുഗതം ഉയരുകയും ധാർമ്മിക അധഃപതനം ഉണ്ടാവുകയും ചെയ്യുന്നു. ധർമ്മ ശാസ്ത്ര വിരുദ്ധമായ വ്യക്തിസ്വാതന്ത്ര്യങ്ങൾ അഹിംസയുടേതല്ല. അവ ഹിംസ ഉൾപ്പെടെയുള്ള അധമ കാര്യങ്ങളെ സൃഷ്ടിക്കുന്നതാണ്. മാംസ ഭോജികളായ അനേകം ജീവികളെ ദൈവം സൃഷ്ടിക്കുവാൻ കാരണം മനുഷ്യരാണെന്നത് ഭക്ഷണശാസ്ത്രം എന്ന അദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട്.

**നിലവിലുള്ള വർദ്ധിതമായ 19.44%-നോട് അടുക്കുമ്പോൾ ഇന്ന് കാണുകയും കേൾക്കുകയും  അനുഭവിക്കുകയും ചെയ്യുന്ന അധർമ്മങ്ങൾ ഭൂമിയിലൊക്കെയും പരക്കുന്നു. ന്യൂനവസ്തുക്കളിലൂടെ അഥവാ ന്യൂന ശക്തികളിലൂടെ സമൂഹത്തെ അഥവാ വ്യക്തികളെ ധർമ്മ ശാസ്ത്ര വിരുദ്ധമായി വേദനിപ്പിക്കുന്ന/പീഢിപ്പിക്കുന്ന പൈശാചിക ശക്തികൾ രൂപം കൊള്ളുന്നു. മേല്പടി ന്യൂനവസ്തുക്കൾ അഥവാ വിരുദ്ധശക്തികൾ അഥവാ പിശാച് മദ്യം, മയക്കുമരുന്ന്, വ്യഭിചാരം, അധിക സ്നേഹം, അധിക വാത്സല്യം, പണഭ്രാന്ത്, കീർത്തി ഭ്രാന്ത്, അധമമായ കളികൾ (സ്പോര്ട്സ്), അധാർമ്മികമായ മത-രാഷ്ട്രീയ-സാമ്പത്തിക വ്യവസ്ഥിതികൾ തുടങ്ങിയവയിലൂടെ സമ്മേളിക്കുമ്പോൾ സമൂഹത്തിന് അധാർമ്മിക ഭാവ-രൂപങ്ങൾ ഉണ്ടാകുന്നതാണ്.**

**അതേസമയം ന്യൂനവസ്തുക്കളിലെ 14.29% ജീവിതാവശ്യമാണെന്നതും, അതിനു മുകളിൽ 3.14% വരെ മാത്രമാണ് പ്രശ്നകാരിയാവുന്നതെന്നും, 5.19%  മാത്രമാണ് ഇന്നുള്ളതുപോലെ കടുത്ത പ്രശ്നകാരിയാവുന്നതെന്നും മനസ്സിലാക്കണം.**

മഹാനീതിശാസ്ത്ര പ്രകാരമുള്ള മഹാനീതി-നിർവ്വഹണത്തിന്റെ ഒരു ഭാഗമായിട്ട് കൊടുംപാപികളിലൂടെ പാപികളെ തിരുത്തുന്ന പദ്ധതികൂടി ഉണ്ടെന്ന് ഭീകരവാദത്തെ വിസ്തരിക്കുന്ന അദ്ധ്യായത്തിൽ വ്യക്തമാക്കിയിരുന്നു. ആത്മാവിനെ ബന്ധപ്പെടുത്തിയുള്ള ഒരു നീതിവശം കൂടി ഉണ്ട്. മനുഷ്യന്റെ ശരാശരി ആയുസ്സായി നിശ്ചയിച്ചിട്ടുള്ളതിൽ ഒരു വർഷം ശരീരം വിട്ടുള്ള ആത്മാവിന്റെ പ്രവർത്തനം സംബന്ധിച്ചുള്ളതാണ്. താൻ ഉറ്റവരായി കരുതിയിരുന്നവരെ ശ്രദ്ധിക്കാനും ജീവിതകാര്യങ്ങളെ കുറേക്കൂടി മനസ്സിലാക്കാനും, ചിലരെ സഹായിക്കാനും, മറ്റു ചിലരെ ഉപദ്രവിക്കാനും ഭൗതിക ശരീരമില്ലാത്ത ജീവാത്മാവിന് പരിധികളോടെ പ്രവർത്തിക്കാൻ സൗകര്യമൊരുക്കുന്ന ഒരു പദ്ധതിയാണത്. വാതക രൂപത്തോടെ ജീവാത്മാവ് പ്രവർത്തിക്കുന്ന കാലഘട്ടത്തെ സ്ഥിതിപരമായ വിധി പ്രകാരം ഒരു വർഷത്തിൽ കുറയ്ക്കാനും കൂടുതലാക്കാനും പദ്ധതികളുണ്ട്. നല്ല ആത്മാക്കൾ, പിശാചുക്കൾ എന്നിങ്ങനെ വേർതിരിവും ഉണ്ടാകുന്നുണ്ട്. കൊടുംപാപികളായി ജീവിച്ചവർക്ക് പാപം കുറയ്ക്കാനായിട്ട് ഒരു സന്ദർഭം ഒരുക്കുന്നുണ്ട്.

ഭീകരവാദം പോലെയുള്ളവ ചെയ്യുന്ന ഒരു ചില മനുഷ്യരിലേക്ക് തിരുത്തൽ ശക്തികളായി പ്രവേശിക്കുവാനും, അവരുടെ ശരീരത്തിന്റെ ഭാഗമായിരുന്നുകൊണ്ട്, പീഢന-ശിക്ഷകളെ അനുഭവിക്കുവാനും, ആവിധത്തിൽ മുമ്പ് സമ്പാദിച്ച ശിക്ഷകളുടെ അളവു കുറയാനും സൗകര്യം ഒരുക്കുന്നുണ്ട്.

സ്വന്തമായി ശരീരമില്ലാതെയും, വാതകരൂപത്തോടെയുമുള്ള ആത്മാവിനെ, വാതകമായി മാത്രം ധരിച്ച് ഭൗതികശാസ്ത്ര പരീക്ഷണങ്ങൾക്ക് ശാസ്ത്രജ്ഞന്മാർ വിധേയമാക്കുമ്പോഴും, ശിക്ഷകളെ നേടാനും പാപം കുറയാനുമുള്ള സന്ദർഭങ്ങൾ ജീവാത്മാവിന് ലഭിക്കുന്നുണ്ട്. വെളിപാട് പൂര്ണ്ണമായിട്ടില്ല... ആദ്യ മഹാകാലചക്രത്തിൽ മഹാപ്രപഞ്ചത്തിന്റെ ഭരണകാര്യങ്ങൾ കൈകാര്യം ചെയ്ത മാലാഖമാർ/ മലക്കുകൾ /ദേവതമാർ, വർജ്ജ്യമായ മന്ത്രശാസ്ത്രത്തെ ന്യൂനശക്തികളുടെ പ്രവർത്തനത്തിൽ ഇടപെടുത്തിയിട്ടുണ്ട്.

വർജ്യമായ മന്ത്രശാസ്ത്രപ്രകാരം യക്ഷി, ഗന്ധർവ്വൻ, ഭൂതം, മാടൻ, മറുത, കുട്ടിച്ചാത്തൻ, ജിന്ന്, തുടങ്ങിയ ബഹുവിധ പേരുകളിൽ മരണശേഷമുള്ള ജീവാത്മാക്കൾക്ക് അപ്രകാരം താൽക്കാലിക പരിണാമം ഉണ്ടായി. 14.29%-ൽ കൂടുതലായുള്ള ന്യൂനവസ്തുക്കളുടെ അധികാരികളായി രൂപംകൊണ്ട മേല്പടി പിശാചുക്കളിൽ ഭൂരിപക്ഷവും പിൻവലിക്കപ്പെട്ടു കഴിഞ്ഞു എങ്കിലും ന്യൂനശക്തികൾ/ന്യൂന വസ്തുക്കൾ നിലനിൽക്കുകയാണ്.

....

**ഭൂമിയിൽ മായ പ്രത്യക്ഷമാകുന്നതോടെ, മതസ്ഥരും ജാതിസ്ഥരും രാഷ്ട്രീയ ഇസക്കാരുമായവർ, മനുഷ്യരായി പരിണമിക്കുന്നതോടെയും, ധർമ്മ ശാസ്ത്രപരമായ ജീവിതം ആരംഭിക്കുന്നതോടെയും, വ്യക്തിസ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്തതു നിമിത്തം ഭൗതികമായി സൃഷ്ടിക്കപ്പെട്ട മേല്പടി പൈശാചിക-ന്യൂനശക്തികൾ ഒരു അത്യുഗ്ര വിഷമായി കടലിൽ രൂപപ്പെടുന്നതാണ്.**

**സംഹാരം അന്ത്യത്തോടടുത്ത്, പുതിയ സൃഷ്ടിചക്രം ആരംഭിക്കുന്നതിനു മുമ്പായി, പ്രസ്തുത അത്യുഗ്ര വിഷത്തെ പാനം ചെയ്യുവാനും വിഷം, കണ്ഠത്തിൽ ഉറയ്ക്കുവാനും മഹാപിതാവായ പരമശിവനെ മഹാശക്തിയായ മഹാദേവി അനുഗ്രഹിക്കുന്നതും, വിഷപാനം ചെയ്യുന്ന പരമശിവൻ നീലകണ്ഠനായി മാറുന്നതുമാണ്.**

17.43%നു മുകളിൽ 19.44% വരെയുള്ള ന്യൂനശക്തികളെ മനുഷ്യരുടെയും ആദ്യമഹാകാലചക്രത്തിലെ പ്രത്യേക ഭരണാധികാരികളുടെയും ധർമ്മ ശാസ്ത്ര വിരുദ്ധമായ കടുത്ത ദുഃസ്വാതന്ത്ര്യങ്ങൾ സൃഷ്ടിച്ച പൈശാചികശക്തികൾ അഥവാ പിശാച് എന്നും വിളിക്കേണ്ടതുണ്ട്. പൈശാചികശക്തികളുടെ അധികാരികളായ അനേകരെയും പൈശാചിക ശക്തികളായി പരിണമിച്ച അനേകരെയും ദൈവങ്ങളായി കണക്കാക്കി പൂജകളും ആരാധനകളും നടത്തുന്ന അവസ്ഥ മതങ്ങളിൽ നിലനില്ക്കുന്നുണ്ട്.

.....

**സമൂഹത്തിൽ പിശാചുക്കൾ / പൈശാചിക ശക്തികൾ ആരെയെല്ലാമാണ് മുഖ്യമായും പിടികൂടിയിട്ടുള്ളതെന്നും പിടികൂടുന്നതെന്നും കുറച്ചുകൂടി വിസ്തരിക്കാം.**
**ഭീകരവാദത്തെ വിവരിക്കുന്ന അദ്ധ്യായങ്ങളിൽ മതപുരോഹിതരും, മതനേതൃത്വങ്ങളും, രാഷ്ട്ര ഭരണാധികാരികളും ജഡ്ജിമാരുമൊക്കെയാണ് സമൂഹത്തിലെ കൊടും ഭീകരർ എന്നും അതെന്തുകൊണ്ടാണെന്നും വിശദീകരിച്ചിരുന്നു.**

**ദൈവം നൽകിയിട്ടുള്ള വ്യക്തിസ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്യുന്നവരിലാണ് പൈശാചിക ശക്തികൾ കൂടുതലായും പ്രവർത്തിക്കുന്നത്.**
**അതിൽ ഒന്നാമത് മത-ജാതി നേതൃത്വങ്ങളും രാഷ്ട്രീയനേതൃത്വങ്ങളും തന്നെയാണ്. അനാവശ്യമായി ദൈവത്തെപ്പറ്റി അന്വേഷിച്ചവർ തങ്ങളുടെ അന്വേഷണങ്ങൾക്കും കണ്ടെത്തിയ തെറ്റുകളും കുറ്റങ്ങളും ഏറെയുള്ള കാര്യങ്ങൾക്ക് ദൈവത്തിന്റെ ശാസ്ത്രം, ദൈവ ശാസ്ത്രം,സമ്പൂർണ്ണദൈവശാസ്ത്രം എന്നെല്ലാം കള്ളപ്പേരിട്ടു.**
**ഭൂമി നൽകിയ വിശേഷ ബുദ്ധി ഉപയോഗിക്കാതെ മനുഷ്യർ മത-ജാതി-രാഷ്ട്രീയ-ദേശീയ ജീവികളായി തരംതാണു.**

**ബ്രഹ്മ-പാഠങ്ങളിൽ വിശദീകരിച്ചിട്ടുള്ള ദിവ്യമഹാശാസ്ത്ര പ്രകാരം ദൈവം, രണ്ടാവാതെ, രണ്ടായി ക്കൊണ്ട് പ്രപഞ്ച മഹാമാതാവായ മഹാദേവിയും, ~ഭാഗവും പ്രപഞ്ച പിതാവുമായ മഹാദേവനായും നിന്ന്, എല്ലാ മനുഷ്യരും ഉൾപ്പെട്ട എല്ലാ ജീവികളെയും മഹാദേവിയുടെയും മഹാദേവന്റെയും പൊന്നോമന കുഞ്ഞുങ്ങളായി കരുതുകയും, ഉയർത്തുകയുമാണ്. ദൈവം കുഞ്ഞുങ്ങളെ സൃഷ്ടിക്കുന്നതും പരിപാലിക്കുന്നതും അവരവരുടെ രാജാവും യജമാനരും കൂടിയാക്കാനാണ്; ദാസരാക്കാനല്ല.**

ദൈവത്തിന്റെ പേരിലും മറ്റും തങ്ങൾക്ക് തോന്നുമ്പോലെയുള്ള ആചാരങ്ങളും അനുഷ്ഠാനങ്ങളും നിയമങ്ങളും തട്ടിക്കൂട്ടുന്നത് പൈശാചികമായ പ്രവൃത്തികളാണ്. ദൈവം നേരിട്ട് ചുമതലപ്പെടുത്താതെ ദൈവത്തിന്റെ പേരിൽ മതനേതൃത്വങ്ങളും രാഷ്ട്രീയനേതൃത്വങ്ങളും ഭരണാധികാരികളും ജഡ്ജിമാരും ഒക്കെ കാട്ടിക്കൂട്ടുന്ന കോപ്രായങ്ങൾ കടുത്ത ദൈവനിന്ദയാണ്. മനുഷ്യർ നടത്തിപ്പോരുന്ന ദൈവനിന്ദയെപ്പറ്റിയുള്ള മഹാവേദത്തിലെ അദ്ധ്യായങ്ങളിൽ ആവക കാര്യങ്ങളെ വിശദീകരിച്ചിട്ടുണ്ട്.

മഹാനീതിശാസ്ത്ര പ്രകാരം ചില കാലങ്ങളിൽ ചില പ്രദേശങ്ങളിൽ വളരെയധികം പാപങ്ങളെ ചെയ്തവരെ മാത്രമായി പുനർജ്ജനിപ്പിക്കുന്നതും അവർക്കായി ശിക്ഷാപദ്ധതികളെ ഒരുക്കുകയും ചെയ്യുന്നുണ്ട്. പുണ്യം കൂടുതൽ ചെയ്തവർക്കു വേണ്ടിയുള്ള മേഖല, അഹംഭാവം കൂടുതലുള്ളവർക്കു വേണ്ടിയുള്ള മേഖല എന്നിങ്ങനെയുള്ള തിരിവുകൾ ചില പ്രദേശങ്ങളിൽ സ്ഥിരമായും ചിലേടങ്ങളിൽ താല്ക്കാലികമായും മഹാനീതി ശാസ്ത്രമായ 'ഓംകാര നീതിശാസ്ത്ര പ്രകാരം' ഒരുക്കുന്നുണ്ട്.

മനുഷ്യരെ അന്യോന്യം കൂടുതൽ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നവർക്കായി നിശ്ചയിച്ചിട്ടുള്ള മേഖലയാണ് തമിഴ്നാട്. അവിടെയുള്ളവരെല്ലാം ഏറ്റവും യോഗ്യരെന്നോ നല്ലവരെന്നോ അല്ല അതിന്നർത്ഥം. ജന്മങ്ങളുടെ എണ്ണവും പുണ്യവും പ്രകാരം ദൈവം ഏറ്റവും കൂടുതൽ സ്നേഹിക്കുന്നവരുടെയും, ഏറ്റവും കൂടുതൽ അഹംഭാവം ഉള്ളവരുടെയും, പാപികളുടെയും സങ്കേതമാണ് കേരളം. ....

പൈശാചിക ന്യൂനവസ്തുക്കൾ ഏതൊക്കെയെന്നു തിരിച്ചറിച്ചറിയാനാവുമോ എന്നും തിരിച്ചറിഞ്ഞ് നശിപ്പിച്ചാൽ സമൂഹം ശുദ്ധമാവുമോ എന്നും നോക്കാം. ജീവാത്മാവിന്റെ പ്രവർത്തനവുമായി അഥവാ നന്മതിന്മകളുമായി അഥവാ വ്യക്തിസ്വാതന്ത്ര്യ ദുരുപയോഗവുമായി ബന്ധപ്പെട്ട് സൃഷ്ടിക്കപ്പെടുന്നവയാണ് പൈശാചിക ന്യൂന വസ്തുക്കൾ എന്നതുകൊണ്ട് ജീവാത്മാവിനുമേൽ നടപ്പാക്കേണ്ടതായ മഹാനീതിശാസ്ത്രവുമായിക്കൂടി ബന്ധപ്പെട്ടിരിക്കുന്നു.

ആകയാൽ മാനുഷിക നിയന്ത്രണ പരിധിയിൽ വരുന്നില്ല. നിഗൂഢമല്ലാത്ത ഓക്സിജന്റെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുവാൻ മനുഷ്യനു കഴിയില്ല എന്നതുപോലെയാണ് പൈശാചിക ന്യൂന വസ്തുക്കളെയും സൃഷ്ടിപരമായ വിധിയെയും ജന്മഗുണങ്ങളെയും ജീവാത്മാവിനെയും ബന്ധപ്പെടുത്തിക്കൊണ്ടുള്ള മഹാനീതിശാസ്ത്ര പ്രവർത്തനങ്ങൾ. കാർബണുമായും, അന്തരീക്ഷത്തിലെ അപൂർവ്വ വാതകങ്ങളുമായും ഒക്കെ അതിനു ബന്ധമുണ്ട്. മാത്രമല്ല; ന്യൂനശക്തികൾക്ക് പ്രാധാന്യം നൽകുന്ന മൂലകങ്ങളുടെ ആറ്റങ്ങളിലെ മുഖ്യ-ഘടകങ്ങളായും സർവ്വത്തിനും സാക്ഷികളായും മഹാമാതാവിന്റെ അംശമായ പ്രോട്ടോണുകളും, മഹാപിതാവിന്റെ അംശമായ ഇലക്ട്രോണുകളും ഉണ്ട്.

ഓംകാര നീതി ശാസ്ത്രം പഠിക്കുമ്പോൾ, ദൈവം എല്ലാ കുഞ്ഞുങ്ങളെയും മിടുക്കരും യജമാനരുമാക്കാനും കൂടിയാണു പ്രവർത്തിക്കുന്നതെന്നും ബോദ്ധ്യമാകുന്നതാണ്. ഭൂമിയായ ദൈവം നൽകിയാൽ മാത്രം എന്തിനും ഏതിനും ശക്തി ലഭിക്കുന്ന തന്റെ കുഞ്ഞുങ്ങളോട് ഭൂമിയും മഹാശക്തിയും മഹാമാതാവും കൂടിയായ മഹാദേവിക്ക് ശക്തിപ്രകടനം കാട്ടേണ്ട കാര്യമില്ല. മഹാദേവിയുടെ ഭാഗവും പ്രപഞ്ചപിതാവുമായ പരമശിവന്റെ കൂടി കുഞ്ഞുങ്ങളായ ജീവികളോട് പരമശിവനും ശക്തിപ്രകടനം കാട്ടേണ്ട കാര്യമില്ല.

ഉദാഹരണത്തിന്, **ഗാന്ധിയുടെ കൈയ്യിൽ ഭൂമിയിലൊക്കെയുമുള്ള അണുബോംബുകളും മാരകായുധങ്ങളും ലഭിച്ചാൽ യാതൊരാൾക്കും യാതൊരു അപകടവും ഉണ്ടാക്കാതെ അണുബോംബുകളെയും മാരകായുധങ്ങളെയും എങ്ങനെ നിർവ്വീര്യമാക്കാം / നശിപ്പിക്കാം എന്നായിരിക്കും ചിന്തിക്കുക.**

**ദൈവത്തിന്റെ കുഞ്ഞുങ്ങളായ ജീവികൾ മായാശക്തികളെ ദുരുപയോഗം ചെയ്യാതിരിക്കാൻ കൂടിയാണ് മായാ-ശക്തികളെ മഹാശാസ്ത്ര നിയമങ്ങളാക്കുകയും അവയുടെ ഭൗതികരൂപമായി മഹാപ്രപഞ്ചത്തെ സൃഷ്ടിച്ചിട്ടുള്ളതും. .... രാജാവോ മന്ത്രിയോ പൈലറ്റോ ആകുന്നതിലൊന്നും അടിസ്ഥാനപരമായി യാതൊരു കാര്യവുമില്ല.**

മഹാപ്രപഞ്ചത്തിലെ അനന്തമായ ഭൗതിക ആനന്ദങ്ങളെയും സുഖങ്ങളെയും അറിയാനും അനുഭവിക്കാനുമുള്ളതാണ് ജീവിതം. എല്ലാ കുഞ്ഞുങ്ങൾക്കും സമമായി ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്തുവാൻ ധർമ്മ ശാസ്ത്രപരമായ നിബന്ധന വേണ്ടിവരുന്നു. ആത്മീയ സാക്ഷാത്ക്കാരത്തിൽ, അറിഞ്ഞതും അനുഭവിച്ചതുമായ ആനന്ദങ്ങളെ അനന്തമായി അനുഭവിക്കുവാൻ മഹാശക്തിയും മഹാമാതാവുമായ ദൈവം അനുഗ്രഹിക്കുന്നു. ആകയാൽ പദവികളുടെയും ദുഷ്ക്കീർത്തികളുടെയും പിറകേ പായുന്നത് അവിവേകമാണ്, അഹംഭാവമാണ്, അജ്ഞാനമാണ്.

**// മഹാപ്രപഞ്ചത്തിലുള്ള ന്യൂനവസ്തുക്കളുടെ അളവ് സംബന്ധിച്ച കണക്കുകൾ വർഷങ്ങൾക്കു മുമ്പ് കുറെ ലഭിച്ചതാണ്. മറന്നു/'ദൈവം മറച്ചു' എന്നു പറയുമ്പോൾ 'കൃത്യമായി വെളിപ്പെടുത്താൻ സമയമായിട്ടില്ല' എന്നും, 'ഇപ്പോൾ വിഷയ സൂചന മതിയെന്നും,' തൽക്കാല ജീവിത കാര്യങ്ങൾക്ക് വിശദാംശങ്ങൾ ഒട്ടും ആവശ്യമില്ലെന്നും മറ്റുമാണ് അർത്ഥം. //**

**ഗ്രന്ഥകാരനെ കൊടിയ പിശാചുക്കൾ ആക്രമിച്ചു പോന്നതിനെ മഹാവേദ ഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്.**
ആയിരം കോടി വർഷങ്ങൾ നീണ്ട ആദ്യ മഹാകാല ചക്രത്തിലെ ഭരണത്തെ സ്വന്തം ഭാഗമായ പരമശിവനിലൂടെ മഹാദേവി ഏല്പിച്ചത്, മനുഷ്യാവസ്ഥയിൽ നിന്നും മോക്ഷം നേടിയ ചിലരെ ദേവതകളായി നിയമിച്ചാണ്. കാലക്രമേണ അവർ ദുർദ്ദേവതകളായി പരിണമിച്ചു. ഈയുള്ളവന്റെ ജനനം മുതൽ അവർ വധ ശ്രമം നടത്തിയിരുന്നു; ബഹുവിധ പീഢനങ്ങളും. ഈയുള്ളവനെ ബന്ധിപ്പിച്ചു കൊണ്ട് 1989 -ൽ മഹാശിവയുടെ മത്സ്യാവതാരം നടന്നു. ദുർദ്ദേവതകളുടെ ആക്രമണം വർദ്ധിച്ചു. 1991-ലെ മഹാദശമി / വിജയദശമി രാത്രിയിൽ 'ബ്രഹ്മ മഹാദേവി' ഗ്രന്ഥകാരന്റെ നാവിൽ ഓം കുറിച്ചു. ആയിരം കോടി വർഷക്കാലത്തിൽ ദുർദ്ദേവതകളായി അധഃപതിച്ചവരുടെ ആക്രമണത്തെ ഇടക്കാലത്ത് പ്രത്യക്ഷമായും പരോക്ഷമായും ഗ്രന്ഥകാരൻ നേരിട്ടു.

ദുർദ്ദേവതകളിൽ പ്രമുഖരായ പലരും മനുഷ്യരായി പുനർജ്ജനിച്ചിട്ടുമുണ്ട്. മനുഷ്യനായി പിറന്ന മുഖ്യ ദുർ-ദ്ദേവത വർദ്ധിച്ച മായാ-അനുഭവങ്ങളോടെ ഏറെക്കുറെ രണ്ടു പതിറ്റാണ്ടുകളായി ഈയുള്ളവനുമായി ബന്ധപ്പെട്ടും പശ്ചാത്തപിച്ചും പാവത്താനായും കേരളത്തിൽ തന്നെ ജീവിക്കുന്നുണ്ട്. ദുർദ്ദേവതകളെ കൂടാതെ, ഇപ്പോഴത്തെ സൃഷ്ടി ചക്രത്തിൽ വഴിപിഴച്ച മനുഷ്യർ ഉണ്ടാക്കിയ ന്യൂനശക്തികളും ഈയുള്ളവനെ തകർക്കാൻ പരിശ്രമിച്ചിട്ടുണ്ട്.

മഹാശക്തിയായ മഹാദേവിയുടെ ശക്തികളെ മഹാസമുദ്രം എന്ന് ഉപമിച്ചാൽ, അതിലെ **ഒരു തുള്ളി ശക്തി കൊണ്ട്** പ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്നതായി കാണണം; **പ്രസ്തുത ഒരു തുള്ളി കൊണ്ടു തന്നെ പ്രപഞ്ചത്തിലെ വിവിധങ്ങളായ എല്ലാ വിഷയങ്ങളെയും പ്രശ്നങ്ങളെയും മഹാദേവി പരിഹരിക്കുന്നതാണ്. മഹാദേവി സ്വയം സ്വീകരിച്ചിട്ടുള്ള പ്രസ്തുത മഹാവാത്സല്ല്യത്തെ ചൂഷണം ചെയ്യാനാണ് പൈശാചിക ശക്തികൾ ശ്രമിച്ചു പോന്നത്.**

## ഏറ്റവും വലിയ സമ്പത്ത്

എല്ലാ ജീവികൾക്കും അവയുടെ ആനന്ദത്തിനു കാരണമാകുന്നവയെല്ലാം അവയെ സംബന്ധിച്ച് സമ്പത്തുകളാണ്. ..... ഒരാൾക്ക് ഏറ്റവും വലിയ ആനന്ദം നൽകുന്നത് എന്താണോ, അതാണ് അയാളുടെ ഏറ്റവും വലിയ സമ്പത്ത്. അതായത് സമ്പത്ത് ആനന്ദവുമായി ബന്ധപ്പെട്ടിരിക്കുകയാണ്.

**മനുഷ്യർക്ക് കാമാനന്ദത്തെയാണ് പരമാനന്ദമായി ദൈവം വ്യവസ്ഥ ചെയ്തിട്ടുള്ളത്. മനുഷ്യന്റെ ആദ്യഭാഗമായ പുരുഷനും രണ്ടാം ഭാഗമായ സ്ത്രീയും, ഇണയെ ഒഴികെ, തങ്ങളും ദൈവവും ഉൾപ്പെടെ സർവ്വരെയും മറന്ന് പരമാനന്ദത്തിൽ മുഴുകുമ്പോൾ, പുരുഷന് സ്ത്രീയും, സ്ത്രീയ്ക്ക് പുരുഷനുമാണ് ഏറ്റവും വലിയ സമ്പത്തെന്നു തെളിയുന്നു.**

**പ്രപഞ്ചപിതാവായ പരമശിവന് മഹാദേവിയോടുള്ള മഹാദാസ്യത്തെയാണ് മഹാആനന്ദമായി വ്യവസ്ഥ ചെയ്തിട്ടുള്ളത്. അതായത് മഹാദേവി തന്നെയാണ് പരമശിവന്റെ മഹാസമ്പത്ത്. മഹാമാതാവായ മഹാദേവിക്ക് മഹാപ്രപഞ്ചത്തിലുള്ള എല്ലാ ജീവികളോടുമുള്ള മഹാവാത്സല്യമാണ് മഹാആനന്ദമായി മഹാദേവി (സ്വയം) മഹാനിശ്ചയിച്ചിട്ടുള്ളത്. അതായത് എല്ലാ ജീവികളും ഉൾപ്പെടെയുള്ള സനാതന ധർമ്മം കൂടിയായ മഹാപ്രപഞ്ചമാണ് മഹാദേവിയുടെ സമ്പത്ത്. ദൈവീകമായ സാമ്പത്തിക ശാസ്ത്രം മഹാവേദ ഗ്രന്ഥത്തിൽ ശാസ്ത്രപരമായി വിശദീകരിച്ചിട്ടുണ്ട്.**

**മഹാനീതിശാസ്ത്രം പ്രകാരം 100 ജന്മങ്ങളിലൂടെ ലിംഗം, സൗന്ദര്യം, നിറം, ആയുസ്സ്, ആരോഗ്യം, ഭാഷ, ദേശം, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, തുടങ്ങിയവയെ ജന്മഗുണങ്ങളായി നിശ്ചയിച്ചുകൊണ്ട് സൃഷ്ടിപരമായ വിധിയിലൂടെയും സ്ഥിതിപരമായ വിധിയിലൂടെയും നിയന്ത്രിക്കുന്നു. എല്ലാവർക്കും സമആനന്ദം എന്ന മഹാസമനീതി നൽകുന്നു. എല്ലാവർക്കും എല്ലാ തൊഴിലുകളും ചെയ്യാനും, ഭൂമിയിലെ ആനന്ദങ്ങളെയെല്ലാം മഹാസമമായി ആസ്വദിക്കാനുള്ള അവസരവും അതിൽപെടുന്നു.**

**ഈ ദിവ്യ മഹാഗ്രന്ഥത്തിന്റെ രണ്ടാം ഭാഗത്തിൽ ആനന്ദ ശാസ്ത്രം തന്നെയാണ് മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രമെന്ന് തെളിയിക്കുകയും വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്.**

**ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കു മാത്രം മഹത്വം.**

# പൗരത്വ നിയമം : അവകാശവും അധികാരവും

ജീവിക്കാനുള്ള ശക്തികളും ജ്ഞാനവും ആനന്ദങ്ങളും ശരണവും നൽകുന്ന ദൈവമായ ഭൂമിക്കും സംവിധാനങ്ങൾക്കും മാത്രമാണ് ജീവികളുടെ മേൽ അവകാശവും അധികാരവും ഉള്ളത്; സർവ്വവും ഭൂമിയുടെ അംശമായ മൂലകങ്ങളിൽ ഭൗതികമായി ലയിപ്പിച്ചിട്ടുമുണ്ട്.

മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ എന്നീ പ്രധാന അവസ്ഥകളിൽ ജീവിക്കുന്ന ജീവികളുടെ സ്വത്വവും നിർജ്ജീവവുമായ ആത്മാക്കൾക്ക് ശക്തികളും ജ്ഞാനവും ശരണവും ആനന്ദങ്ങളുടെ പകുതിയും ദാനമായി ലഭിക്കുന്നവയാണ്. മൂലകങ്ങളും സംയുക്തങ്ങളുമായ വായുവും ജലവും മണ്ണും ഉൾപ്പെടെയുള്ള വസ്തുക്കളും, അവയുടെ മൊത്തമായ സമസ്ത നാടുകളും ദേശങ്ങളും ചേർന്ന ഭൂമിയും, മൂലകങ്ങളുടെ രൂപാന്തരമായ 'ജീവികളുടെയെല്ലാം ശരീരങ്ങളുമാണ് ' ദാനം നൽകുന്നത്; മാതാപിതാക്കൾ, സഹോദരങ്ങൾ, ബന്ധുക്കൾ, ഇണ, മക്കൾ തുടങ്ങിയ ഉറ്റവർ 'ലൂടെ' എന്നു വിശേഷിപ്പിക്കാവുന്ന സംവിധാനങ്ങളാണ്. ജീവിക്ക് മോക്ഷവുമായി ബന്ധപ്പെട്ടാണ് മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്ര ജ്ഞാനമെന്ന വിശേഷ ബുദ്ധിയെ നൽകാൻ പ്രാപ്തമായ മനുഷ്യശരീരം ലഭിക്കുന്നത്. മനുഷ്യരായി ജീവിക്കുമ്പോൾ ശാസ്ത്ര നിയമങ്ങളെ ഉപയോഗിച്ച് ആനന്ദങ്ങളെ വർദ്ധിപ്പിച്ചു ജീവിക്കാൻ കുടുംബ-സമൂഹ ജീവിതം ആവശ്യമാകുന്നതും, മനുഷ്യരുടെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാൻ രാജാവ്, പ്രധാനമന്ത്രി, മന്ത്രിമാർ തുടങ്ങിയ സേവകരെ ജനങ്ങളുടെ ചിലവിൽ നിയമിക്കുന്നതും മുമ്പ് വിശദീകരിച്ചതാണ്.

ഭൂമിയിലെ സർവ്വത്തിന്റെയും അവകാശിയും അധികാരിയും മഹാജാലവും മഹാശക്തിയുമായ ഭൂമി മാത്രമാണ്. വിശേഷ ബുദ്ധി ഉപയോഗിച്ച് മൂലകങ്ങളിലും അവയുടെ മൊത്തമായ ഭൂമിയിലും ലയിച്ചിരിക്കുന്ന ധർമ്മ ശാസ്ത്രം മനസ്സിലാക്കുകയും, അതിൻ പ്രകാരം ജീവിക്കുകയുമാണ് മനുഷ്യർ ചെയ്യേണ്ടുന്നത്.

**മാതാപിതാക്കൾ, ഇണ, കുട്ടികൾ, സുഹൃത്തുക്കൾ, തുടങ്ങി ഉറ്റവരോടുകൂടെ ജീവിക്കുമ്പോൾ തജ്ജന്മത്തിലെ സ്നേഹ ബന്ധങ്ങളിലെ കടമകളെ പൂർത്തീകരിച്ചുകൊണ്ട് ജനങ്ങൾക്ക് പൊതുവെ കൂടുതൽ ആനന്ദിച്ചു ജീവിക്കാൻ കഴിയുന്നതാണ്. ജന്മസ്ഥലത്ത് ജീവിക്കാൻ മനുഷ്യനെ ബാദ്ധ്യസ്ഥനാക്കാനായിട്ട് ജന്മഗുണങ്ങളിൽ ഒന്നായി 'ജന്മസ്ഥലം' നിശ്ചയിച്ചു കൊണ്ട് ഭൂമിയിലെ വ്യത്യസ്ത രാജ്യങ്ങളിലെ പ്രത്യേകം പ്രദേശങ്ങളിൽ മനുഷ്യൻ ഉൾപ്പെട്ട ജീവികളെ ജനിപ്പിക്കുന്നത് ഭൂമി ആണ്;** അസാധാരണമായ സാഹചര്യങ്ങൾ ഇല്ലാത്തപക്ഷം പാലിച്ചിരിക്കണം.

ഭൂമിയുടെ കുഞ്ഞുങ്ങളും സഹോദരങ്ങളുമായ മനഷ്യരുടെ വിവാഹം അന്യ കുടുംബങ്ങളെ ബന്ധിപ്പിച്ച് മഹാശാസ്ത്രപരമായി നടത്തുന്നതിന് സമാനമായി **കരകളെ** ഭൂമി കൂട്ടിയിണക്കുന്നുണ്ട്.

വിശേഷ ബുദ്ധി ലഭിച്ച മനുഷ്യരെ സംബന്ധിച്ചിടത്തോളം ഭൂമിയുടെ രൂപം- വലിപ്പം, കരകൾ, സമുദ്രങ്ങൾ, നദികൾ, പർവ്വതങ്ങൾ, വനങ്ങൾ, പ്രകൃതി ഭംഗി, അനന്തവും വൈവിധ്യവുമാർന്ന ജീവികൾ, വ്യത്യസ്ത കരകളിലെ (രാജ്യങ്ങളിലെ) ജനങ്ങളുടെയും മറ്റുള്ള ജീവികളുടെയും ശാരീരിക മാനസിക പ്രത്യേകതകൾ, മനുഷ്യരുടെ സാമ്പത്തിക സാമൂഹിക സാംസ്കാരിക രാഷ്ട്രീയ പരിവർത്തനം, തുടങ്ങിയ കാര്യങ്ങളെല്ലാം പൊതുവായി അറിയേണ്ടത് മനുഷ്യരുടെ ആവശ്യമാണ്; ഉടനെയുള്ള ദൈവ വിപ്ലവം, തുടർന്ന് ഭൂമിയിൽ നടപ്പാകുന്ന മഹാശാസ്ത്ര ജീവിതമായ ദൈവരാജ്യം, ശേഷമുള്ള സൃഷ്ടിചക്രത്തിന്റെ സംഹാരം എന്നിവ അത്യാവശ്യവുമാക്കുന്നു. **ഓംകാര നീതിശാസ്ത്രത്തിന്റെ കാതലായ മഹാപുനർജ്ജന്മ സിദ്ധാന്തം പ്രകാരം ഭൂമിയുടെ പൊന്നോമന കുഞ്ഞുങ്ങളായ മനുഷ്യരെയെല്ലാം ആകെയുള്ള 100 ജന്മങ്ങളെ കൊണ്ട് ഭൂമിയിലെ വ്യത്യസ്ത വിശേഷങ്ങളുള്ള 200-ലധികം രാജ്യങ്ങളിലും ജീവിപ്പിക്കാനും, സമആനന്ദമായ മഹാനീതി നൽകാനും; മുജ്ജന്മങ്ങളിൽ ഉറ്റവരായി ജീവിച്ചവരെ അക്കാലത്ത് അവർ പ്രകടിപ്പിച്ച ആഗ്രഹത്തെ അനുവദിച്ച് ബന്ധിപ്പിക്കുന്നതിനുമുള്ള മഹാപദ്ധതികളും മനുഷ്യരുടെ വിദേശ വാസത്തിൽ ഉണ്ട്. മഹാനീതി കാര്യങ്ങളാണവ.** അസാധാരണ സാഹചര്യത്തിൽ മനുഷ്യർ ഉൾപ്പെടെ എല്ലാ ജീവികൾക്കും ജന്മസ്ഥലത്തിനു വെളിയിൽ ജീവിക്കാനുള്ള അവകാശത്തെയും ദൈവമായ ഭൂമി നൽകുന്നുണ്ട്. അതുകൊണ്ടാണ് ഒരു നാട്ടിൽ ജനിക്കുകയും ജീവിക്കുകയും ചെയ്യുന്ന മനുഷ്യനും മറ്റുള്ള ജീവികൾക്കും മറ്റൊരു നാട്ടിൽ പോയി ജീവിക്കാൻ സാധിക്കുന്നത്; ഭക്ഷണം, ജലം, വായു, ജീവികൾ തുടങ്ങിയവ യോജിക്കുന്നത്. അതായത്, ഭൂമിയിൽ എവിടെയും ജീവിക്കാൻ എല്ലാ ജീവികൾക്കും ശരീരവും ശരണവും നൽകുന്ന 'ദൈവമായ ഭൂമി' അവകാശം നൽകുന്നുണ്ട്. സൃഷ്ടി മാത്രമായ മനുഷ്യർക്ക് ദൈവ കാര്യങ്ങളിൽ കൈകടത്താൻ അവകാശമില്ല.

**അസാധാരണമായ സാഹചര്യത്തിൽ സ്വീകരിക്കുന്ന വിദേശ ജോലി ഉൾപ്പെടെയുള്ള വിദേശ വാസത്തെ പരമാവധി 5 വർഷങ്ങളിൽ കൂടുതലാവാതെ മനുഷ്യരെല്ലാം ശ്രദ്ധിക്കണം.** ഒരു കൈ വിരലുകൾ 5 എന്ന അളവ് നീതി ശാസ്ത്രവുമായി ബന്ധപ്പെട്ടതാകയാൽ ക്ലിപ്തപ്പെടുത്തില്ല. മാതാപിതാക്കൾ ഉൾപ്പെടെയുള്ള ഉറ്റവരെ ഉചിതമായി നേരിട്ട് പരിചരിക്കാനും ശുശ്രൂഷിക്കാനുമുള്ള അവസരങ്ങളെ നഷ്ടപ്പെടുത്താതെ ശ്രദ്ധിക്കേണ്ടത് വ്യക്തിയുടെ ആവശ്യമാണ്. പണപ്പേയ് പിടിച്ചും ധർമ്മ ശാസ്ത്ര വിരുദ്ധമായ ആനന്ദങ്ങളിൽ ഭ്രമിച്ചും അനേകർ കടമകളെ മറന്ന പോലെ ദുസ്വാർത്ഥരായി. വൃദ്ധസദനങ്ങളും അനാഥാലയങ്ങളും വർദ്ധിച്ചു. സ്നേഹവും വാത്സല്യവും ശുദ്ധ-പ്രണയവും സൗഹൃദവും ക്ഷയിക്കുകയും കാമവും മദ്യപാനവും പുകവലിയും മയക്കുമരുന്നുകളും ഇടം പിടിക്കുകയും ചെയ്തു.

സത്യങ്ങൾ അന്വേഷിക്കാൻ പോലും തയ്യാറാവാതെ, പുനർജ്ജന്മത്തിൽ തങ്ങൾക്കും ഉറ്റവർക്കും എതിരായേക്കാവുന്ന യുദ്ധങ്ങൾക്കായി സമ്പത്തുകളെ പാഴാക്കുന്ന കൊടും പാപികളായി രാജ്യങ്ങളിലെ ജനസേവകരും വളരെയധികം ജനങ്ങളും അധഃപതിച്ചിരിക്കുന്നു ! (ശരീരം സ്വയം നിശ്ചയിക്കുകയും നിർമ്മിക്കുകയും ചെയ്യുന്ന അണ്ഡം, ബീജം, ഭ്രൂണ സൃഷ്ടി, കോശങ്ങൾ എന്നിവയുടെയും; വായ്, കൈകാലുകൾ, വിരലുകൾ, കണ്ണ്, ഹൃദയം, തുടങ്ങിയ അവയവങ്ങളുടെ സൃഷ്ടി, വളർച്ച, പ്രവർത്തനം, എന്നിവയുടെയും; സ്ത്രീ പുരുഷൻ സൗന്ദര്യം നിറം മുഖഛായ ആയുസ്സ് തുടങ്ങിയ ജന്മഗുണങ്ങളുടെയും കാര്യത്തിൽ ജീവികളുടെയെല്ലാം സ്വത്വമായ ജീവാത്മാക്കൾക്ക് യാതൊരു പങ്കുമില്ലെന്ന് ലഭ്യമായ വിശേഷ ബുദ്ധി കൊണ്ട് സ്വയം വിശകലനം ചെയ്ത് മനസ്സിലാക്കാം. മനുഷ്യസ്ത്രീ ഉൾപ്പെട്ട ജീവികൾ ആമ, ഓന്ത്, പൂച്ച തുടങ്ങിയ ഏതു ജീവികളെ പ്രസവിച്ചാലും മുട്ടയിട്ടാലും മാതാപിതാക്കളായ ജീവാത്മാക്കൾ സാക്ഷികൾ മാത്രമാണെന്നതിനെ മഹാശാസ്ത്ര പരമായി വിശകലനം ചെയ്താൽ മാത്രം, സമസ്ത ജീവികളുടെയും സൃഷ്ടി സ്ഥിതി സംഹാര കർത്താവ് ഭൂമിയാണെന്ന് മനസ്സിലാക്കാം.).

ആത്മാവിന് ജീവിക്കാൻ ശരീരവും മൂലകങ്ങളും പ്രദേശങ്ങളുമായി സദാ സേവനങ്ങൾ ചെയ്യുന്ന ഭൂമിയെ നിന്ദിക്കാതിരിക്കാനും, ഭൂമി മഹാദാസ്യത്തെയും മഹാവാത്സല്യത്തെയും മാത്രം ആനന്ദങ്ങളായി സ്വീകരിച്ചിട്ടുള്ളത് ആത്മാക്കൾക്കു വേണ്ടിയാണെന്ന് ഉൾക്കൊണ്ട്, **ഭൂമിയുടെ അവകാശങ്ങളും അധികാരവും മാനിച്ചാൽ നല്ലത്.** തെമ്മാടിത്ത നിയമങ്ങളും സംവിധാനങ്ങളും നിലനിർത്താൻ അല്പായുസ്സുകളായി ഓരോരോ ദേശങ്ങളിൽ മഹാപുനർജ്ജന്മ സിദ്ധാന്തം പ്രകാരം ജീവിക്കുന്ന മനുഷ്യർക്ക് സാധിക്കുന്നതല്ല; സാധിച്ചിട്ട് കാര്യവുമില്ല.

പാമ്പിനും പല്ലിക്കും പുലിക്കും മത്സ്യങ്ങൾക്കും സസ്യങ്ങൾക്കും പക്ഷികൾക്കും ഇല്ലാത്ത പൗരത്വ നിയമങ്ങളെ 'ഭൂമി' വിശേഷ ബുദ്ധി നൽകിയ മനുഷ്യനു മാത്രം വിഷയമായത്, വിശേഷ ബുദ്ധി ലഭിച്ചിട്ടില്ലാത്ത മറ്റുള്ള ജീവികളേക്കാൾ തരം താണ് മാനസികമായി മത-ജാതി-രാഷ്ട്രീയ-ദേശീയ ജീവികളായി അധഃപതിച്ചതിനാലാണ്. ഭൂമി സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന മനുഷ്യർ മഹാശാസ്ത്ര സാങ്കേതിക സൗകര്യങ്ങളെ ഉപയോഗിച്ചു കൊണ്ട് ഭൗതികമായ അസ്തിത്വം ഇല്ലാത്തവയും അസത്യങ്ങളുമായ മത-ജാതി-രാഷ്ട്രീയ-ദേശീയ കോനാംപീച്ചകളെ ജീവിത കാര്യങ്ങളിൽ പിൻപറ്റിയതും, തിരുത്താതെ ആവർത്തിക്കുന്നതും ഘോരമായ അപരാധമാണ്. അളവുകളോടെ മഹാനീതിയായ ഭൂമി ഓംകാര നീതി ശാസ്ത്രം പ്രകാരം ശിക്ഷിച്ചു തിരുത്തുന്നതാണ്.

ദൈവ വിപ്ലവം ആരംഭിക്കുമ്പോൾ ജന്മസ്ഥലത്തും ദേശത്തും മറ്റുമുള്ള ഉറ്റവരോടു കൂടെ ജീവിക്കാൻ മനുഷ്യർ ആഗ്രഹിക്കുന്നതാണ്. ജന്മസ്ഥലങ്ങളിലേക്ക് മടങ്ങാനുള്ള മുന്നൊരുക്കമായി ക്കൂടി വൈറസ് രോഗത്തെ ന്യൂനശക്തികൾ പരിവർത്തനം ചെയ്തിട്ടുണ്ട്. എല്ലാ രോഗങ്ങൾക്കുമുള്ള മുഖ്യ പ്രതിവിധി ധർമ്മശാസ്ത്ര പരമായ ജീവിതമാണ്. കേരളത്തിലെ പ്പോലെ ചിലയിടങ്ങളിൽ മദ്യക്കച്ചവടത്തെ പരിഹാരമാക്കുന്നുണ്ട്. വൈറസിന്റെ വകഭേദങ്ങളും മുല്ലപ്പെരിയാർ അണക്കെട്ട് ദുരന്തവും ഗൗനിക്കാതെ അവർ ന്യൂനശക്തികളെ പ്രകോപിപ്പിച്ചിട്ടുമുണ്ട് ! **സർവ്വ ജീവികൾക്കും എക്കാലവും ഏകശരണമായിരിക്കുന്ന ഭൂമിയിലെ മനുഷ്യരുടെ ജീവിത കാര്യങ്ങളെ മഹാശാസ്ത്ര പ്രകാരം മാത്രം വിശകലനം ചെയ്യാനും പാലിക്കാനും ഗ്രാമപഞ്ചായത്ത് മുതൽ രാജ്യങ്ങളിലെ രാജാവും പ്രധാനമന്ത്രിയും വരെയുള്ള ജനസേവകർ തയ്യാറായാൽ, പൗരത്വ നിയമങ്ങളെ ഉണ്ടാക്കുന്നതിനു പകരം മത-ജാതി-രാഷ്ട്രീയ-ദേശീയ കോനാംപീച്ചകളെ അവസാനിപ്പിക്കാനും തട്ടിപ്പുകാരുടെ സമ്പത്തുകളെ കണ്ടുകെട്ടി പൊതു ഖജനാവിൽ ചേർത്തു കൊണ്ട്, തട്ടിപ്പുകാരെ ഉടുവസ്ത്രത്തോടെ കാട്ടിലേക്ക് അയക്കുകയോ; 2020-ലെ വൈറസ് രോഗ സമയത്ത് തട്ടിപ്പുകളെ താൽക്കാലികമായി നിരോധിച്ചത് സ്ഥിരപ്പെടുത്തുകയോ ചെയ്യുമായിരുന്നു.**

# ജനസേവകരായ ഭരണാധികാരികളെ ലളിതമായും, പണച്ചിലവില്ലാതെയും തെരഞ്ഞെടുക്കാനാവും.

ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിർവ്വഹിക്കാനായി, ജനങ്ങളുടെ ചിലവിൽ സേവനം ചെയ്യുന്നവരായ രാജാവും പ്രധാനമന്ത്രിയും മുഖ്യമന്ത്രിയും മന്ത്രിമാരും ഉൾപ്പെടെയുള്ള ജനസേവകരെ നിയമിക്കുന്നത് അടിസ്ഥാന പരമായി പൊതുകാര്യമാണ്. എന്നാൽ മാനുഷികമായ തെരഞ്ഞെടുപ്പ് നടത്തിയാൽ ധന -ഊർജ്ജ -മാന -സമാധാന -ആരോഗ്യ -സമയ -ആൾ-നഷ്ടങ്ങളും, സാർവത്രികമായ ബഹുവിധ കൃത്രിമങ്ങളും കള്ളത്തരങ്ങളും മൂലം വിഷയ-നഷ്ടവും സാധാരണമാണ്.

മൂലകങ്ങളിൽ ഭൗതികമായി ലയിച്ചിരിക്കുന്ന ധർമ്മ ശാസ്ത്രത്തിന്റെ ഒരു ശാഖയാണ് ജനസേവന ശാസ്ത്രം എന്നതിനാൽ, ജനസേവകരായ ഭരണാധികാരികളെ തെരഞ്ഞെടുക്കാൻ കുറ്റങ്ങളും കുറവുകളും ഇല്ലാത്തതും ലളിതവുമായ ഒരു പദ്ധതി കൂടി തീർച്ചയായും ഉണ്ടാകും. ദൈവീകമായ പദ്ധതി ആവുമ്പോൾ, ദൈവീക നീതിയും വിഷയത്തിൽ കലരുന്നതാണ്. മനുഷ്യരുടെ ഇടയിൽ ആവശ്യമാകുന്ന ജനസേവകരെ തെരഞ്ഞെടുക്കലെന്ന പൊതുകാര്യത്തിൽ ദൈവീക നീതി കലരുന്നതു കൊണ്ട് ദൈവകാര്യം കൂടിയായി തെരഞ്ഞെടുപ്പ് പരിണമിക്കുന്നു.

മാതാപിതാക്കൾക്കും ഉറ്റവർക്കും മറ്റും ദൈവ കാര്യങ്ങൾ ഉൾപ്പെടെയുള്ള ആത്മീയശാസ്ത്ര നിയമങ്ങളെ പകർന്നു നൽകാനോ, സ്വീകരിക്കാനോ അവകാശമോ അധികാരമോ ഉണ്ടാവണമെങ്കിൽ മണ്ണിന്റെ മഹാശാസ്ത്ര നിയമങ്ങളിൽ നിന്ന് ചൂണ്ടിക്കാട്ടാൻ കഴിയണം; അല്ലെങ്കിൽ ദൈവം നേരിട്ട് ഓരോ വ്യക്തിയെയും ചുമതലപ്പെടുത്തണമെന്ന പാഠം പ്രസക്തമാണ്. ഏതൊരു പ്രവൃത്തിയും ധർമ്മശാസ്ത്രപരമാവണം. സൃഷ്ടികളെ ദാസരായിട്ടു കരുതാതെ, പൊന്നോമന-കുഞ്ഞുങ്ങളായിട്ട് മഹാഅനുഗ്രഹിക്കുകയും, കുഞ്ഞുങ്ങളുടെയെല്ലാം മഹാമാതാവും മഹാനീതിയും ആയിക്കൊണ്ട്, കുഞ്ഞുങ്ങളെ ഭാരപ്പെടുത്താതെ മഹാകരുതുകയുമാണ് ദൈവമായ ഭൂമി ചെയ്യുന്നത്.

ഭൂമിയിലെ അനന്തമായ ആനന്ദങ്ങളെ കുഞ്ഞുങ്ങളായ ജീവികൾക്കെല്ലാം മഹാസമമായിട്ട് നൽകുന്നതിന്നായിട്ട് മഹാഅനുഗ്രഹിച്ചു സൃഷ്ടിച്ചിട്ടുള്ള ജന്മഗുണങ്ങളുടെയും മറ്റ് ജീവിതകാര്യങ്ങളുടെയും പേരിൽ മനുഷ്യർ മത്സരിക്കുന്നത് അതിനീചമാണ്; കടുത്ത ദൈവനിന്ദയാണ്; ദൈവശിക്ഷകളുമുണ്ട്.

ബഹുഭൂരിപക്ഷം ജനങ്ങളുടെയും ആയുസ്സ് 100 വയസ്സിൽ താഴെയാണ് എന്നു പറയുമ്പോൾ, 1000 കോടി വർഷങ്ങൾക്ക് മേൽ പ്രായമുള്ള ഭൂമിയും ദേശങ്ങളും, ഇന്നത്തെ വ്യക്തി ജനിക്കുന്നതിന് എത്രയോ മുമ്പ് ഉണ്ടെന്നും, നാളെ ആത്മാവിനെ പുറത്താക്കിയ ശേഷവും ശരീരം വീണ്ടും മണ്ണായ ഭൂമിയിൽ ലയിച്ചു ചേരുകയും, ഭൂമിയുടെയും ദേശങ്ങളുടെയും അംശമായ മൂലകങ്ങളായി നിലനിൽക്കുമെന്നും സുവ്യക്തമാണ്. തുച്ഛമായ ആയുസ്സോടെ 'ജനിച്ചു ജീവിച്ചു മരിക്കുന്ന വ്യക്തി', 1000 കോടി വർഷങ്ങൾക്ക് മേൽ പ്രായമുള്ള ഭൂമിയെയും ദേശങ്ങളെയും 'എന്റെ ദേശമെന്നോ എന്റെ ഭൂമിയെന്നോ' പറയുന്നത് മറ്റൊരു ഭോഷത്തമായി മാറുന്നു; കൂടുതൽ നിസ്സാരനാവുകയും ചെയ്യുന്നു. അതേസമയം, 1000 കോടിയിലധികം വർഷങ്ങൾ പ്രായമുള്ള മഹാമാതാവും മണ്ണുമായ ഭൂമിയെയും, അംശങ്ങളും അവയവങ്ങളുമായ ദേശങ്ങളെയും സംബന്ധിച്ചിടത്തോളം, മുമ്പ് സൃഷ്ടിച്ചു പരിപാലിച്ചതും മരിപ്പിച്ചതും മോക്ഷം നൽകിയതും, ഇപ്പോൾ പരിപാലിക്കുന്നതുമായ കുഞ്ഞുങ്ങളെല്ലാം തന്നെ 'ഭൂമിക്ക് സമ്പൂർണ്ണമായ അവകാശവും അധികാരവും ഉള്ളതായ ഭൂമിയുടെ സ്വന്തം കുഞ്ഞുങ്ങൾ തന്നെയാണ് '. പ്രസ്തുത ജ്ഞാനവും ആത്മാവിന് സ്വന്തം നിസ്സാരത കൂടുതൽ ബോദ്ധ്യമാവാൻ സഹായിക്കുന്നതാണ്.

ഇന്നലെകളിൽ ജനിച്ച്, ഇന്നുകളിൽ ജീവിച്ച്, നാളെകളിൽ ശരീരത്തിൽ നിന്നും 'ദൈവാംശമായ ശരീരത്തിന്റെ ഇഷ്ട പ്രകാരം' പുറത്താക്കപ്പെടുകയും (മരിക്കപ്പെടുകയും) ചെയ്യുന്ന ആത്മാവിന് ഒരു തരി മണ്ണു പോലും സ്വന്തമായി സൃഷ്ടിക്കാനോ, മരിക്കുമ്പോൾ കൂടെ കൊണ്ടു പോകാനോ കഴിവില്ല എന്നത് എത്രമാത്രം ശരിയാണെന്ന് ബോധ്യപ്പെടുന്ന മുറയ്ക്ക് ആത്മാവ് കൂടുതൽ കൂടുതൽ നിസ്സാരനാകുന്നതാണ്.

"എന്റെ ദേശം, എന്റെ രാജ്യം, എന്റെ ഭൂമി" എന്നെല്ലാം ആത്മാവ് പുലമ്പിയാൽ, അജ്ഞാനത്തിന്റെ കൊടുമുടിയിൽ കയറിയെന്ന് പുച്ഛിക്കേണ്ടതായി വരും. പ്രസ്തുത ജ്ഞാനവും ആത്മാവിന് സ്വന്തം നിസ്സാരത കൂടുതൽ ബോദ്ധ്യമാവാൻ സഹായിക്കുന്നതാണ്.

മനുഷ്യന്റെ ശരീരത്തെയും ആത്മാവിനെയും സൃഷ്ടിച്ച മഹാശക്തിക്കു മാത്രമാണ് മനുഷ്യന്റെ മേൽ അവകാശവും അധികാരവും ഉള്ളത് എന്നിരിക്കെ, അസ്തിത്വം പോലും സ്വന്തമല്ലാത്ത മനുഷ്യന് മറ്റെന്തെങ്കിലും "സ്വന്തമാണെന്ന്" അവകാശപ്പെടാനാവില്ല. "എന്റെ" എന്ന പദം ഉപയോഗിക്കാൻ പോലും അവകാശവും അധികാരവും ഇല്ലാതെ വരുന്നു.

മണ്ണിൽ നിന്നും ലഭിക്കുന്ന വിഭവങ്ങൾ ഉപയോഗിച്ച് ബഹുവിധ ഭക്ഷണ സാധനങ്ങളും, വസ്ത്രങ്ങളും, ആഭരണങ്ങളും, ഭവനങ്ങളും, വാഹനങ്ങളും, ... മൊബൈൽ ഫോണുകളും മറ്റും ഉണ്ടാക്കി ആനന്ദങ്ങളെ വർദ്ധിപ്പിച്ച് ജീവിക്കുമ്പോൾ, മണ്ണിലെ മൂലകങ്ങളെയും, 'അവയെ സൃഷ്ടിച്ച മഹാശക്തി' അവയിൽ ലയിപ്പിച്ചിട്ടുള്ള ശക്തികളെയും നിയമങ്ങളെയും, മണ്ണായ ശരീരം നൽകിയ ശക്തികളെ കൊണ്ട് ആത്മാവ് ഉപയോഗപ്പെടുത്തി എന്നല്ലാതെ യാതൊരു നിയമങ്ങളെയും ശക്തികളെയും അവ പ്രകാരമുള്ള മൂലകങ്ങളെയും സ്വന്തമായി സൃഷ്ടിക്കാൻ മനുഷ്യന് അഥവാ ആത്മാവിന് കഴിയില്ല; കഴിവില്ല എന്നത് ആത്മാവിനെ കൂടുതൽ കൂടുതൽ നിസ്സാരനാക്കുന്നതാണ്.

ജീവിതത്തിൽ ധർമ്മ ശാസ്ത്ര പ്രകാരമുള്ള അദ്ധ്വാനം കൊണ്ട് നേടിയ ഒന്നിനെ സ്വന്തം എന്ന് വിശേഷിപ്പിക്കാൻ ദൈവം അനുവദിക്കുന്നുണ്ട്. മുമ്പ് വിവരിച്ചതാണ്. തൊഴിലുകൾ, സമ്പത്ത്, ആനന്ദങ്ങൾ, തുടങ്ങിയവയെ 'ഭൗതിക അസ്തിത്വത്തോടെ' ഭൂമിയുമായി ബന്ധിച്ചിരിക്കുന്നത് അടിസ്ഥാനപരമായി കൃഷിയിലൂടെയാണ്. കൃഷിക്കാർ അദ്ധ്വാനിച്ച് ഉണ്ടാക്കുന്നതായ ഭക്ഷണ സാധനങ്ങൾ കഴിച്ചും മറ്റു തൊഴിലാളികൾ നിർമ്മിക്കുന്ന ഗൃഹം വാഹനം ഫാൻ ടിവി മൊബൈൽ ഫോൺ തുടങ്ങിയവ ആസ്വദിച്ച്, മതവും ജാതിയും രാഷ്ട്രീയപാർട്ടിയും നടത്തുന്നത് അദ്ധ്വാനമോ, ദൈവ കാര്യങ്ങളോ ആത്മീയ ശാസ്ത്രമോ അല്ല.

# ഭൂമി മഹാജാലമാണെന്ന് അറിയുകയാണ് ദൈവകാര്യത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു വസ്തുത.

രാജാവ്, പ്രധാനമന്ത്രി, മന്ത്രിമാർ, അനുയായികൾ, ആത്മീയ തട്ടിപ്പുകാർ തുടങ്ങിയവർക്ക് മനസ്സിലാക്കാൻ കഴിയാഞ്ഞ വളരെ വലിയ ഒരു വസ്തുത മഹാശാസ്ത്ര ശാഖകളുടെ പരസ്പര പൂരണമാണ്. എല്ലാ രാജ്യങ്ങളിലെയും ഭരണകൂടങ്ങളും ആത്മീയ തട്ടിപ്പുകാരും മറ്റും ധർമ്മ-നീതി ശാസ്ത്രങ്ങളിൽ കടുത്ത വീഴ്ച്ച വരുത്തിയതു കൊണ്ടാണ് ഒരു വിഭാഗം ജനങ്ങൾ കാരണമായി രൂപപ്പെട്ട വൈറസ് രോഗവുമായി മൂലകങ്ങളിലെ ന്യൂനശക്തികൾ കൂട്ടുചേർന്ന് ജനങ്ങൾക്ക് നാശം വിതച്ചതും വർദ്ധിപ്പിച്ചതുമെന്ന് മുമ്പ് വിവരിച്ചതാണ്. ഗ്രന്ഥകാരൻ ഇന്ത്യയിലെ പ്രധാനമന്ത്രിക്കും പ്രസിഡണ്ടിനും അയച്ച ദൈവീക സന്ദേശത്തെ അവരോ ബന്ധപ്പെട്ടവരോ ഉചിതമായി പരിഗണിച്ചിരുന്നുവെങ്കിൽ, അവരുടെ കുറ്റവും പാപവും ദൈവശിക്ഷയും കുറയാനും, അവർക്ക് നേട്ടം ഉണ്ടാക്കുവാനും കഴിയുമായിരുന്നു. എങ്ങനെയെന്നാൽ, ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ താമസിക്കുന്ന അന്യ സംസ്ഥാന / ദേശ തൊഴിലാളികൾക്ക് അവരുടെ ഉറ്റവർ താമസിക്കുന്ന പ്രദേശങ്ങളിലേക്ക് തിരിച്ചു പോകാനുള്ള സൗകര്യം ഒരുക്കണമായിരുന്നു. ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരം പ്രവർത്തിക്കുമ്പോൾ, അതിന് ആനുപാതികമായി മൂലകങ്ങളിലുള്ള ന്യൂനശക്തികൾ ഭൗതിക ശാസ്ത്ര പരമായി വൈറസ് കാര്യത്തിൽ ഇടപെട്ട് ഭൂമിയിലെങ്ങും രോഗത്തെ ശമിപ്പിക്കുമായിരുന്നു. നിരീശ്വര പാർട്ടിക്കാർക്ക് ദൈവ വിശ്വാസം ഇല്ലാത്തതു കൊണ്ട് വീഴ്ച്ച പറ്റിയെന്ന് പറയാം. എന്നാൽ മതവിശ്വാസവും മതദൈവങ്ങളും ആൾദൈവങ്ങളും പോലുള്ള കോപ്രായങ്ങളെ വിശ്വസിക്കുകയും, പ്രചരിപ്പിക്കുകയും ചെയ്യുന്ന 'ജനസേവകരുടെ വേഷം കെട്ടുന്ന ജനദ്രോഹികൾക്ക് ' അത്തരം കോപ്രായങ്ങൾ കൊണ്ട് രോഗങ്ങൾ പ്രളയം സുനാമി ഭൂചലനം തുടങ്ങിയവയോ അവ ഉണ്ടാക്കുന്ന ദുരന്തങ്ങളെയോ ഒഴിവാക്കാൻ കഴിയണമായിരുന്നു !

**ബന്ധുക്കളും സുഹൃത്തുക്കളും ഉൾപ്പെടെ ഉറ്റവരായ ഏതാനും വ്യക്തികൾക്കു വേണ്ടിയല്ലാതെ, സമൂഹത്തിലെ അനേകർക്ക് നന്മകളെ ചെയ്ത്, പാപികൾക്ക് പുണ്യം വർദ്ധിപ്പിച്ചു കൊണ്ട് മുജ്ജന്മ പാപങ്ങളിൽ നിന്നും മുക്തി നേടാനുള്ള പ്രധാന മാർഗ്ഗമായി ജനസേവനത്തെ ഓംകാര നീതിശാസ്ത്രം മഹാആവിഷ്ക്കരിച്ചിരിക്കുന്നു എന്ന വസ്തുത ജനസേവന (ശാസ്ത്ര)ത്തിൽ വന്നുചേരുന്നു.**

**എല്ലാവരും മൂലകങ്ങളിൽ മഹാലയിച്ചിരിക്കുന്ന ധർമ്മശാസ്ത്ര പ്രകാരം മാത്രം എല്ലായ്പ്പോഴും പ്രവർത്തിക്കുന്നതിലൂടെ, ഭൂമിയായ ദൈവത്തിന്റെ കുറ്റങ്ങളും കുറവുകളും ഇല്ലാത്ത മഹാശാസ്ത്രത്തിലെ ധർമ്മശാസ്ത്ര നിയമങ്ങളെ അനുസരിച്ച് ജീവിക്കുന്നതു കൂടാതെ എല്ലാവരും എല്ലാവരെയും അനുസരിക്കുന്ന മഹാഅവസ്ഥയും ഉണ്ടാകുന്നതാണ്.**

(മൂലകങ്ങളുടെ ആറ്റങ്ങളിൽ ശക്തിയും, ശിവനും ചേർന്ന ദൈവം, ആനന്ദങ്ങളെയും, മഹാജ്ഞാനമായ മഹാശാസ്ത്രത്തെയും മൂലകങ്ങളിൽ നിന്ന് കുഞ്ഞുങ്ങളായ ആത്മാക്കൾക്ക് സദാ സൃഷ്ടിച്ചു നൽകുകയാണ്. ജനിക്കുന്ന ഓരോ കുഞ്ഞിന്റെയും മുഖച്ഛായ, വിരലടയാളങ്ങൾ തുടങ്ങിയവയിലെ വ്യത്യാസങ്ങളിൽ നിന്ന് ലളിതമായി മനസ്സിലാക്കാനാവും. ജീവികളുടെ കാര്യത്തിൽ മഹാശക്തിയുടെയും ശിവന്റെയും ആനന്ദം മഹാദാസ്യവും മഹാവാത്സല്ല്യവും മാത്രമാകയാൽ കുഞ്ഞുങ്ങളുടെ ആനന്ദത്തെ സൃഷ്ടിച്ച് നൽകുന്ന മഹാശക്തിയായ ഭൂമി, ശിവനെയും ഉൾപ്പെടുത്തി സ്വയം സൃഷ്ടിച്ചു നൽകുന്ന ആനന്ദങ്ങൾക്ക് അതീതമാണെന്ന് സുവ്യക്തമാണ്. മുമ്പ് വ്യക്തമാക്കിയതു പോലെ, ഓക്സിജനായ ശക്തിയും ഹൈഡ്രജനായ ശിവനും ഒന്നിച്ച് ദൈവമായ ഭൂമിയുടെ ദ്രാവകരൂപമായ ജലമായിക്കൊണ്ട് ശരീരത്തിലൂടെ ധർമ്മം ചെയ്ത് ജീവികളുടെയെല്ലാം ജീവിതത്തെ സുന്ദരമാക്കുകയാണ്.

ഏകദൈവം രണ്ടാവാതെ രണ്ടായി നിന്നു കൊണ്ട്, കുഞ്ഞുങ്ങളായ ജീവികളുടെ മഹാമാതാവും മഹാപിതാവുമായി ക്കൊണ്ട്, സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ഒന്നായിരുന്ന് സദാ നിർവ്വഹിക്കുന്നത് ധർമ്മ -നീതി ശാസ്ത്രങ്ങൾ പ്രകാരമാണ്; കുഞ്ഞുങ്ങൾക്കു വേണ്ടിയാണ്. ആനന്ദങ്ങൾക്കെല്ലാം അതീതവും മഹാശക്തിയുമായ ദൈവത്തിന് യാതൊന്നും നേടാനില്ല. മഹാദാസ്യത്തെയും മഹാവാത്സല്ല്യത്തെയും ആനന്ദങ്ങളായി നിശ്ചയിച്ചിരിക്കുന്നതും കുഞ്ഞുങ്ങൾക്കു വേണ്ടിയാണ്. ദൈവത്തിന്റെ കാര്യമാണത്.)

**ജനസേവനം ചെയ്യാൻ തയ്യാറാകുന്ന മനുഷ്യരുടെ ആനന്ദം ജനസേവനം തന്നെയാവണം. അങ്ങനെ ചെയ്യുമ്പോൾ, അവർ ഭൂമിയുടെ പൊന്നോമന കുഞ്ഞുങ്ങളായ മറ്റുള്ളവരെ ആനന്ദിപ്പിക്കാനായി പരിശ്രമിക്കുകയാണ്. മണ്ണിന്റെ ധർമ്മ ശാസ്ത്രപ്രകാരം പ്രവർത്തിക്കുമ്പോൾ ജനസേവനംചെയ്യുന്ന വ്യക്തികൾക്കോ; അവരുടെ അനുയായികളും പിൻഗാമികളും ആയവർക്കോ ലക്ഷ്യം നേടാൻ കഴിയും. ആരോഗ്യമുള്ള ജീവിത കാലത്ത് മണ്ണിന്റെ ധർമ്മ ശാസ്ത്ര പ്രകാരം പ്രവർത്തിക്കുന്നതിന് മണ്ണും ഭൂമിയുമായ ദൈവം വേതനം നൽകുന്നതാണ്. വേതനം ആഗ്രഹിച്ചു ചെയ്താലും ഇല്ലെങ്കിലും ധർമ്മ ശാസ്ത്ര പ്രകാരമാണോ സേവനങ്ങളെ ചെയ്തത് എന്നതാണ് പ്രധാനം. വ്യക്തികളുടെ മനോഭാവത്തെ ശ്വസനത്തിലൂടെ ഓക്സിജൻ അറിയുന്നുമുണ്ട്. ശരീരം നൽകുന്ന ശക്തികളും ജ്ഞാനവും കൊണ്ടാണ് ജനസേവനത്തെ ചെയ്യുന്നത് എന്നതിനാൽ ജനസേവനം ചെയ്യുമ്പോൾ അഹംഭാവം അരുത്. മഹാശാസ്ത്ര പരമായിട്ട് സ്വയം വിശകലനം ചെയ്ത് ധർമ്മശാസ്ത്ര പ്രകാരം പ്രവർത്തിക്കുമ്പോൾ മാത്രമാണ് ഏതൊരാൾക്കും പുരുഷന്മാരും മനുഷ്യരും ജനസേവകരും ജനങ്ങളുടെ ഭാഗവുമായിട്ട് മാറാനാവുക. ദൈവീകമായ പോലീസ് സേനയാണ് മുഖ്യ ജനസേവകർ. അധമരും 'അടിമകളുമായ ഭരണാധികാരികളുടെ' അടിമകളായി കഴിയാതെ മൂലകങ്ങളിലെ ധർമ്മ ശാസ്ത്രത്തെ മാത്രം അനുസരിച്ച് പ്രവർത്തിക്കാനും ജീവിക്കാനും അവർക്കും ഏവർക്കും കഴിയണം.**

എല്ലാ തൊഴിലുകളും തുല്ല്യമാണ് എന്ന തിരിച്ചറിവും പരസ്പരമുള്ള സ്നേഹ ബഹുമാനങ്ങളും സഹോദരങ്ങൾ മാത്രമായ എല്ലാ മനുഷ്യർക്കും ഉണ്ടാകുന്നതും വർദ്ധിക്കുന്നതുമാണ്. മന്ത്രിമാരും പോലീസും ഉൾപ്പെടെ എല്ലാ തൊഴിലാളികൾക്കും തുല്ല്യമായ വേതനം ആവുമ്പോൾ, വർഗ്ഗ സംഘടനകളും സമരങ്ങളും അവസാനിക്കുന്നതാണ്. മൂലകങ്ങൾ നൽകുന്ന ശക്തികളും ജ്ഞാനവും കൊണ്ട് കൂടുതൽ ആനന്ദത്തോടെ ജീവിക്കുക എന്നല്ലാതെ കുഞ്ഞുങ്ങൾ അന്യോന്യം മത്സരിച്ച് ധർമ്മ ശാസ്ത്ര വിരുദ്ധമായി ആനന്ദിച്ചു കൂടാ. വിദ്യാഭ്യാസം, തൊഴിൽ, വിനോദം, സാമൂഹ്യ സേവനം തുടങ്ങി യാതൊന്നിലും മത്സരങ്ങൾ പാടില്ല. **സാമൂഹ്യസേവനം തുടങ്ങി യാതൊന്നിലും മത്സരങ്ങൾ പാടില്ലെന്ന് പറയുമ്പോൾ, ഇന്ത്യയിലും മറ്റു ദേശങ്ങളിലുമുള്ള പൊതുതെരഞ്ഞെടുപ്പും ധർമ്മശാസ്ത്ര വിരുദ്ധമാണ് അഥവാ പൈശാചികമാണ് എന്നുതന്നെയാണ് അർത്ഥം.** സ്ഥാനാർത്ഥിയുടെ വിദ്യാഭ്യാസത്തെയും സദ്ഗുണങ്ങളെയും മാനദണ്ഡമാക്കുന്ന തെരഞ്ഞെടുപ്പ് സമ്പ്രദായം പോലും ധർമ്മ ശാസ്ത്ര വിരുദ്ധമാണെന്നിരിക്കെ, സദ്ഗുണങ്ങൾ പോലും വിഷയമല്ലാത്ത തെരഞ്ഞെടുപ്പ് സമ്പ്രദായത്തെയും, കമ്മീഷനെയും ഉദ്യോഗസ്ഥരെയും അനുബന്ധ സംവിധാനങ്ങളെയും ഇന്ത്യയെ പ്പോലെയുള്ള രാജ്യങ്ങളിൽ ജനങ്ങളുടെ ചിലവിൽ നിലനിർത്തുന്നത് കടുത്ത അപരാധമാണ്.

ഗ്രാമപഞ്ചായത്തുകളുടെ വിശദീകരണത്തിൽ നിന്ന് ജനങ്ങളും, സേവകരായ ഗ്രാമപഞ്ചായത്തുകളും അവരുടെ കേന്ദ്രീയ സംവിധാനങ്ങളും, നേരിട്ട് ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെയെല്ലാം നിറവേറ്റാൻ പ്രാപ്തമാണെന്നു കണ്ടു. സംസ്ഥാന കേന്ദ്ര സർക്കാരുകൾ എന്ന പേരിൽ, അജ്ഞാനികളും ചൂഷകരുമായ ഇടനിലക്കാർ ആവശ്യമില്ലെന്ന് വ്യക്തമാക്കിയിരുന്നു. ജനങ്ങളുടെ ഇടയിൽ മത്സരങ്ങൾ ഉണ്ടാകുന്നത് ധർമ്മശാസ്ത്ര വിരുദ്ധമാണെന്നും പാടില്ലെന്നും, അതുകൊണ്ടുതന്നെ ഇന്ത്യയിലെയും മറ്റും തെരഞ്ഞെടുപ്പ് സമ്പ്രദായങ്ങൾ അസംബന്ധമാണെന്നും തുടർന്ന് പ്രസ്താവിക്കുമ്പോൾ വിഷയ ഗൗരവം കണക്കിലെടുത്ത് വിശകലനം ചെയ്യണം :

കുഞ്ഞുങ്ങൾ അന്യോന്യം മത്സരിക്കുകയും മത്സരിപ്പിക്കുകയും ചെയ്യുന്നതും, കുറച്ചോ കൂടുതലോ കുഞ്ഞുങ്ങൾ മത്സരം നിമിത്തം കലഹിക്കുകയും പീഡിപ്പിക്കുകയും കൊല്ലുകയും ഒക്കെ ചെയ്യുന്നത് അവരുടെ മാതാപിതാക്കളെ തീർച്ചയായും വേദനിപ്പിക്കുന്നതാണ്. മാനുഷിക അവസ്ഥ അങ്ങനെയിരിക്കെ, മത്സ്യമായിട്ട് സൃഷ്ടിക്കുന്നതു മുതൽ ഓരോ ആത്മാവിനെയും പൊന്നോമന കുഞ്ഞായിട്ടു കരുതുകയും മനുഷ്യാവസ്ഥയിലെ 100ാം ജന്മത്തിൽ പരമ-സമപദവിയായ മോക്ഷം നൽകുകയും ചെയ്യുന്ന മഹാമാതാവായ ഭൂമി മത്സരത്തെ അംഗീകരിക്കുന്നതല്ല. ആത്മാക്കൾക്ക് സ്വന്തമായി യാതൊരു ശക്തിയും ഇല്ലെന്നതും; ഭൂമിയായ ദൈവത്തിന്റെ അംശമായ ശരീരത്തിലും മൂലകങ്ങളിലും ലയിച്ചിട്ടുള്ള ശക്തികളെ ദുരുപയോഗം ചെയ്ത് മത്സരിക്കുന്നത് തെറ്റാണെന്ന് ശരീരം സ്വയം സ്വീകരിക്കുന്ന ഭ്രൂണം, കുഞ്ഞ്, കുട്ടി, കുമാരി/കുമാരൻ, യുവതി/യുവാവ്, മദ്ധ്യവയസ്ക/മദ്ധ്യവയസ്കൻ, വൃദ്ധ/വൃദ്ധൻ എന്നീ ശരീര രൂപങ്ങൾ പരക്കെ തെളിയിക്കുമ്പോൾ, ആവിധ ജ്ഞാനത്തെ ഉൾക്കൊണ്ട് വിനീതരാവുകയാണു വേണ്ടത്. വാർദ്ധക്യത്തിൽ ജരാനരകളോടെയും, ശുഷ്ക്കിച്ച ചർമ്മത്തോടെയും, പല രോഗങ്ങളോടെയും അവശതകളോടെയും, കൊച്ചു കുഞ്ഞുങ്ങളെ പ്പോലെ ഭക്ഷണ സാധനങ്ങളിലെ ആനന്ദത്തിൽ മാത്രം ഒതുങ്ങി ജീവിക്കുന്നവർക്ക് പലപ്പോഴും മത്സരം എന്നാൽ എന്താണെന്നു പോലും മനസ്സിലാകില്ല !

**ഭൂമിയിലെ മനുഷ്യർ ഉൾപ്പെടെ എല്ലാ ജീവികൾക്കും എക്കാലവും ബാധകമായ ധർമ്മശാസ്ത്രവും, ഭൂമി നടപ്പാക്കുന്ന മഹാനീതി ശാസ്ത്രവും ഭൂമിയുടെ അംശമായ മൂലകങ്ങളിലും അവയുടെ രൂപാന്തരമായ ശരീരങ്ങളിലും ലയിച്ചിട്ടുള്ളതാണ്. ആകയാൽ എല്ലാ രാജ്യങ്ങളുടെയും പൊതുവായ ഭരണഘടന, ദൈവവും ഭൂമിയുമായ മണ്ണിന്റെ നിയമങ്ങൾ (Laws of the Land @ Earth) മാത്രമാണ്. ഭൗതിക അസ്തിത്വമുള്ള മണ്ണിന്റെ (സ്വന്തമായ) നിയമങ്ങളെ മണ്ണിലെ മൂലകങ്ങളും അവയുടെ രൂപാന്തരമായ ശരീരവും നൽകുന്ന വിശേഷ ബുദ്ധി കൊണ്ട് മനസ്സിലാക്കുകയും അവ പ്രകാരം ആനന്ദിച്ചു ജീവിക്കുകയും മാത്രമാണ് മനുഷ്യർ ചെയ്യേണ്ടത്.**

മഹാജാലവും, മഹാശക്തിയായ ദൈവവും, ഭൂമിയുമായ മണ്ണ് സൃഷ്ടിച്ചിട്ടുള്ളവയാണ് എക്കാലവും മണ്ണിന്റെ നിയമങ്ങൾ. ഭൗതിക അസ്തിത്വമുള്ള മണ്ണായ ഭൂമിയുടെ അംശമായ മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ഭൗതിക ശാസ്ത്രം പ്രകാരമുള്ള ശക്തികൾ കൊണ്ടു മാത്രമാണ് മൂലകങ്ങളും അവയുടെ രൂപാന്തരമായ ശരീരവും കൊണ്ട് മനുഷ്യന്/ ആത്മാവിന് ഏതൊരു പ്രവൃത്തിയും ചെയ്യാൻ കഴിയുക. അതുകൊണ്ടുതന്നെ മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ധർമ്മശാസ്ത്രത്തെ മനുഷ്യർ ഭൗതികമായി പിൻപറ്റുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രം മണ്ണിന്റെ മൂലകങ്ങളും ശരീരവും അവയുടെ മൊത്തമായ ഭൂമിയും എല്ലായ്പ്പോഴും മഹാനീതി നടപ്പാക്കുക. ശരീരം നൽകുന്ന വേദനകൾ ഉൾപ്പെടെയുള്ള ആനന്ദങ്ങളിലൂടെ മനുഷ്യർ എക്കാലവും അനുഭവിച്ചറിഞ്ഞാണ് ജീവിക്കുന്നത്. അങ്ങനെയിരിക്കെ, 'മണ്ണിന്റെ നിയമങ്ങൾ, രാഷ്ട്ര ഭരണഘടന' തുടങ്ങിയ കള്ളപ്പേരിട്ട് ഭോഷത്തങ്ങളെ തട്ടിക്കൂട്ടുന്ന സംവിധാനങ്ങൾ പാടില്ല. സംസ്ഥാനങ്ങളിലും, കേന്ദ്രത്തിലുമുള്ള നിയമസഭ, പാർലമെന്റ്, കോടതി എന്നിവ ധർമ്മശാസ്ത്ര വിരുദ്ധമാണെന്നും, MLA, MP, ന്യായാധിപൻ, തുടങ്ങിയ നീച പ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കുന്നവർ പിരിഞ്ഞു പോവുകയോ, മടിച്ചാൽ വിവരദോഷികളെ പിരിച്ചു വിടുകയോ ആണ് വേണ്ടത്.

ഭൂമി, 100 മനുഷ്യ ജന്മങ്ങളെ ഓരോ മനുഷ്യനും നൽകുമ്പോൾ, ഓരോ ജന്മത്തിലെയും പ്രവൃത്തികളുടെ മേലുള്ള മഹാനീതി നടപ്പാക്കുന്നതിനെ പെട്ടെന്ന് അംഗീകരിക്കാൻ മടിച്ചാലും; മേൽപ്പറഞ്ഞ വിവരദോഷികൾക്ക് മരണം വിധിക്കുന്നതും നൽകുന്നതും മണ്ണായ ഭൂമിയുടെ അംശമായ മൂലകങ്ങളും അവയുടെ രൂപാന്തരമായ ശരീരവുമാണ് എന്നതും, തജ്ജന്മത്തിൽ ചെയ്തു പോന്ന പ്രവൃത്തികളിൽ നിന്നും ആത്മാവിനെ പിരിച്ചു വിടുകയും പുറത്താക്കുകയും കൂടിയാണ് ഒപ്പമുള്ള ദൈവാംശമായ ശരീരം ചെയ്യുന്നത് എന്ന സത്യത്തെയും നിഷേധിക്കാൻ അവർക്ക് കഴിയുന്നതല്ല.

**മനുഷ്യന്റെ സ്വത്വമായ ആത്മാവിന് ആത്മഹത്യ ചെയ്യാൻ പോലും ശ്രമിക്കാമെന്നല്ലാതെ നിശ്ചയിക്കുകയും നിയന്ത്രിക്കുകയും അനുവദിക്കുകയും ചെയ്യുന്നത് മഹാജാലമായ ദൈവവും മണ്ണുമായ ഭൂമിയുടെ അംശമായ മൂലകങ്ങളും അവയുടെ രൂപാന്തരമായ ശരീരവുമാണെന്ന് വിശകലനം ചെയ്ത് മനസ്സിലാക്കാൻ കഴിയും.**

വിവരദോഷികൾ തുടങ്ങിയ ശാസനകളുടെ പേരിൽ മന്ത്രിമാരും ന്യായാധിപന്മാരും ഉൾപ്പെടെയുള്ള ജനസേവകർക്ക് പരിഭവമോ ദേഷ്യമോ പ്രതിഷേധമോ പ്രതികാരമോ വേണ്ടതില്ല. ഗ്രന്ഥകാരൻ, ഭൂമിയിലെ എല്ലാ മനുഷ്യരെയും മറ്റുള്ള ജീവികളെയും പൊന്നോമന കുഞ്ഞുങ്ങളായി സൃഷ്ടിക്കുകയും മഹാവാത്സല്ല്യത്തോടെ മാത്രം എക്കാലവും പരിപാലിക്കുകയും ചെയ്യുന്ന മഹാമാതാവും ഭൂമിയുമായ മഹാദേവിയുടെ ഭാഗവും പരമാത്മാവും പ്രപഞ്ചപിതാവുമായ മഹാദേവനാണ്; ഓരോ മനുഷ്യന്റെയും മേൽ അവകാശവും അധികാരവും ഉണ്ട്; ശാസിപ്പിച്ചും ശിക്ഷിപ്പിച്ചുമെല്ലാം മഹാമാതാവ് പ്രവർത്തിക്കുന്നത് എക്കാലവും കുഞ്ഞുങ്ങളുടെ നല്ലതിനു വേണ്ടി മാത്രവുമാണ് !

മനുഷ്യർക്ക് ജന്മഗുണങ്ങളെല്ലാം ആവശ്യവും അത്യാവശ്യവും ആണെന്ന് രണ്ടാം ഭാഗത്തിൽ വിശദീകരിച്ചിട്ടുള്ളത് മാനുഷിക ഭരണകൂടങ്ങൾ വിശകലനം ചെയ്ത് മനസ്സിലാക്കണം. **ജന്മഗുണങ്ങളായ സ്ത്രീ പുരുഷൻ സൗന്ദര്യം നിറം മുഖഛായ ആയുസ്സ് ആരോഗ്യം ബുദ്ധി ശക്തി തൊഴിൽ അഭിരുചി ജന്മസ്ഥലം തുടങ്ങിയവ വ്യത്യാസപ്പെട്ടിരിക്കെ മാനുഷികമായ ഭരണകൂടങ്ങൾക്ക് തജ്ജന്മത്തിൽ പോലും നീതി നടത്താൻ യഥാർത്ഥത്തിൽ കഴിയില്ല എന്ന് ഗ്രഹിക്കണം. കണ്ണാടിയിൽ നോക്കി സ്വയം കാണുന്നതും, ഉറ്റവർ ഉൾപ്പെടെയുള്ള മറ്റുള്ളവരും ആത്മാവായ വ്യക്തിയെ തിരിച്ചറിയുന്നത് ചർമ്മത്തിലൂടെ പ്രകട ജന്മഗുണമായി ശരീരമാകുന്ന ദൈവാംശം ദാനമായി നൽകിയ മുഖഛായ കൊണ്ടാണ് എന്നതും, സ്വന്തമല്ലാത്ത മുഖഛായയെ മുഖ്യ ആധാരമാക്കി ജീവിക്കുന്നവരാണ് എന്നതും, ഓർക്കാൻ കഴിയട്ടെ !**

മനുഷ്യ ജന്മത്തിൽ മാത്രം 100 ജന്മങ്ങൾ ഉണ്ടെന്നിരിക്കെ, ഒരു ജന്മത്തിൽ നീതി നടപ്പാക്കാൻ മനുഷ്യന് കഴിയില്ല. മാത്രമല്ല; സ്രഷ്ടാവായ ദൈവത്തിന്റെ ഉത്തരവാദിത്വം മാത്രമാണത്. ഭൂമിയുടെ ധർമ്മശാസ്ത്രം കുഞ്ഞുങ്ങൾക്ക് സമ്പൂർണ്ണമായ സ്വാതന്ത്ര്യം നൽകുന്നുണ്ടെന്നത് അവഗണിക്കാനുള്ളതല്ല. **ധർമ്മശാസ്ത്ര പ്രകാരം മാത്രം എല്ലാ കുഞ്ഞുങ്ങളും ജീവിക്കണമെന്ന് മൂലകങ്ങൾ ആവശ്യപ്പെടുന്നത് ബന്ധനമല്ല; എല്ലാ കുഞ്ഞുങ്ങൾക്കും @ ജനങ്ങൾക്കും സമ-ആനന്ദമെന്ന മഹാനീതിയെ നൽകുന്നതിനു വേണ്ടിയാണ്; മഹാനീതിയും മഹാമാതാവും ഭൂമിയുമായ ദൈവത്തിന്റെ ചുമതലയാണത്.**

**സ്വഭാവ ശുദ്ധി ഏറിയ ഗ്രാമപ്പഞ്ചായത്ത് അംഗങ്ങളെ തെരഞ്ഞെടുപ്പു കമ്മീഷനുകൾ ഇല്ലാതെ നാട്ടുകാർക്ക് തെരഞ്ഞെടുക്കാനും, ധർമ്മശാസ്ത്ര നിയമങ്ങളെ അവർ ലംഘിച്ചാൽ പിരിച്ചു വിടാനും കഴിയുന്നതാണ്. പഞ്ചായത്തുകളിൽ നിന്നും സംസ്ഥാന മന്ത്രിമാരെയും രാജാവിനെയും നിസ്സാരമായി തെരഞ്ഞെടുക്കാനും ദൈവീക മാർഗ്ഗങ്ങളുണ്ട്. അധികാരവും സമ്പത്തും എപ്പോഴും പഞ്ചായത്തുകളിൽ അധിഷ്ഠിതമാണ്.**

എങ്ങനെയെന്ന് വിശദീകരിക്കാം :-

**ധർമ്മശാസ്ത്ര നിയമങ്ങളെ സമൂഹത്തിൽ എല്ലാവരും പാലിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടവരായ പോലീസ് സേനയെ നിയമിക്കുകയും ഊട്ടുകയും നിയന്ത്രിക്കുകയും ചെയ്യുന്നത് എല്ലായ്പ്പോഴും പഞ്ചായത്തുകൾ മാത്രമാവണം.** ധർമ്മശാസ്ത്ര നിയമങ്ങളെ രാജാവും മന്ത്രിമാരും സ്വയം പോലീസ് തന്നെയും ലംഘിച്ചാൽ, ശാസിക്കാനും പോലീസിനെ കൊണ്ട് ശിക്ഷിക്കാനും, നാട്ടിൽ നിന്നും കാട്ടിലേക്ക് കടത്താനുമൊക്കെയുള്ള അധികാരവും സമ്പത്തും എപ്പോഴും പഞ്ചായത്തുകളിൽ നിക്ഷിപ്തമാണ്.

**'നാട്ടിലെ രാജാവ്' എന്നു വിശേഷിപ്പിക്കാവുന്ന പഞ്ചായത്തിലും, 'സംസ്ഥാന രാജാവ്' എന്നു വിശേഷിപ്പിക്കാവുന്ന സംസ്ഥാനത്തിലും, കേന്ദ്രത്തിലും ഒക്കെ രാജാവ് കൂടാതെ 'ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം' എന്നിങ്ങനെ എല്ലാ ജീവിത വിഷയങ്ങളെയും നിർവ്വഹിക്കാൻ നാല് മന്ത്രിമാരെയും, അത്യാവശ്യമെങ്കിൽ** 4 **പേരുടെയും സേവകനായി ഒരു പ്രധാന മന്ത്രിയെയും മതിയാകും. രാജാവും മന്ത്രിമാരും നീതിന്യായം ഉൾപ്പെടെ ജനങ്ങളുടെ തജ്ജന്മത്തിലെ എല്ലാ പൊതുവായ ആവശ്യങ്ങളുടെയും ചുക്കാൻ പിടിച്ച് ധർമ്മ ശാസ്ത്രങ്ങൾ പ്രകാരം ജനങ്ങളെ സേവിക്കുന്നതാണ്.**

ജനങ്ങളുടെ പൊതുഖജനാവിനെ ധൂർത്തടിക്കുന്നവരായി ആധുനിക കാലത്തെ ഭൂരിപക്ഷം മന്ത്രിമാരും ഉദ്യോഗസ്ഥരും പോലീസും ഉൾപ്പെടെയുള്ള എല്ലാ ജനസേവകരും അധഃപതിച്ചിട്ടുണ്ട്. വൈറസ് രോഗം കൊണ്ട് ജനങ്ങൾ വിഷമിക്കുമ്പോഴും സൈനിക പരേഡുകൾക്കും അഭ്യാസങ്ങൾക്കും പണവും ഊർജ്ജവും ജീവനും സമയവുമെല്ലാം ഇന്ത്യയിലും അമേരിക്കയിലും പാഴാക്കുന്നതിനെ ഉദാഹരണമായി ചൂണ്ടിക്കാട്ടാം. **മനുഷ്യർക്ക് ലഭിക്കുന്ന ജന്മഗുണങ്ങളിൽ ഒന്നായ ബുദ്ധിശക്തിയും, പിന്നെ വിദ്യാഭ്യാസവും സ്വഭാവശുദ്ധിയും അത്യാവശ്യമില്ലാതെ**

# വിചിത്രമായി

**രാജാവും പ്രധാനമന്ത്രിയും മുഖ്യമന്ത്രിയും മന്ത്രിമാരും മറ്റുമായ ഭരണാധികാരികളായി അനേകം പേർ മിക്ക രാഷ്ട്രങ്ങളിലും സംസ്ഥാനങ്ങളിലും ഉരുത്തിരിയുന്നതിലെ മഹാനീതിയെ, ഈ ഘട്ടത്തിൽ വിശകലനം ചെയ്യേണ്ടതാണ്.**

**സാമൂഹിക സാംസ്കാരിക രാഷ്ട്രീയ ഭരണ രംഗങ്ങളിൽ പ്രവർത്തിക്കുന്നവരും മുൻപരിചയങ്ങൾ ഉള്ളവരുമായ അനേകർ നാട്ടിലുള്ളപ്പോൾ, ജനസേവകർ/ ഭരണാധികാരികൾ മരിക്കുമ്പോൾ, ഭരണകാര്യങ്ങളിൽ യാതൊരു മുൻപരിചയങ്ങളും ഇല്ലാത്ത മകനും മകളും ഭാര്യയും, സിനിമാ നടന്മാരും നടിമാരും ഒക്കെ മന്ത്രിമാരും മുഖ്യമന്ത്രിമാരും പ്രധാനമന്ത്രിമാരുമായി നിയമിക്കപ്പെടുന്നതിൽ നിന്ന് ഭാഗ്യം, യാദൃശ്ചികം എന്നെല്ലാം വിശേഷിപ്പിക്കുന്ന ദൈവാനുഗ്രഹം എന്ന ഏക യോഗ്യത കൊണ്ട് ജനങ്ങളുടെ മുഖ്യ/പ്രധാന സേവകനാകാൻ കഴിയുമെന്ന് ഇന്ത്യയിലെ തന്നെ ചരിത്രം സാക്ഷ്യമാണ്.**

**തീർന്നില്ല, ഗൃഹസ്ഥരായി കഴിഞ്ഞവർക്കും മറ്റും ഏതാനും ദിവസങ്ങളോ ആഴ്ചകളോ മാത്രം കൊണ്ട്, നീണ്ടകാലത്തെ രാഷ്ട്രീയ പ്രവർത്തന പരിചയവും മറ്റുമുള്ളവരെയും, പോലീസ് അധികാരികളെയും ജില്ലാ കളക്ടർമാരെയും, ഭരിക്കുന്ന മിടുക്കരായ മുഖ്യമന്ത്രിയെന്നും, പ്രധാനമന്ത്രിയെന്നും, മന്ത്രിയെന്നുമുള്ള**

# പ്രതീതി സൃഷ്ടിക്കാനും

**കഴിഞ്ഞിട്ടുള്ളത് വിശകലനം ചെയ്യണം.**

**മനുഷ്യരുടെ ജന്മഗുണങ്ങളിൽ പെടാത്തതായ ജനസേവനത്തെ ദൈവം മഹാജാലം കൊണ്ട് വ്യക്തിക്കു നൽകുമ്പോൾ, നീതി സംബന്ധിച്ച നടപടികളുടെ ഭാഗമാണ് എന്നും ദൈവീകമായ ഉദ്ദേശം ഉണ്ടെന്നും ഉറപ്പാണ്. ജനങ്ങൾക്കെല്ലാം സമനീതി നൽകുന്ന മഹാശക്തിയും മഹാനീതിയുമായ ഭൂമി, തൊഴിൽ അഭിരുചി പോലെ ജന്മഗുണമോ തൊഴിലോ അല്ലാത്തതും, തൊഴിലാളികളായ ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ പരിഹരിക്കാൻ പ്രവർത്തിക്കുന്നതുമായ ദാസ്യവേലയെ കുഞ്ഞുങ്ങളിൽ ചിലർക്ക് ഭാഗ്യം എന്ന പേരിൽ അനുഗ്രഹമായി നൽകുന്നതിലെ ദൈവീക നീതി വെളിപ്പെടുത്താൻ ദൈവത്തിനു ബാദ്ധ്യതയുണ്ട്.**

ഉന്നതമായ ധാർമ്മിക സദാചാര മര്യാദകളോടെ മറ്റുള്ളവർക്ക് മാതൃകയായി തന്നെ ജീവിച്ചിരുന്ന ചില മനുഷ്യർക്കും (ആദ്യ മഹാകാലചക്രത്തിലെ ദേവതകൾക്കും) മറ്റും കടുത്ത ധാർമ്മിക വീഴ്ച്ച ഒന്നോ അതിലധികമോ ജന്മങ്ങളിൽ സംഭവിക്കുമ്പോൾ, ഉറ്റവർക്ക് വേദന ഉണ്ടാകുന്നതാണ്. അതേപോലെ മഹാമാതാവായ ഭൂമിക്കും വേദന ഉണ്ടാകുന്നതാണ്. എന്നാൽ മഹാനീതി കൂടിയായ ഭൂമിക്ക് അളവുകളോടെ ശിക്ഷിക്കാൻ ബാദ്ധ്യതയുമുണ്ട്. ഭൂമി, കുഞ്ഞുങ്ങളെ ശിക്ഷിച്ചു തിരുത്തുവാൻ മഹാവാത്സല്ല്യത്തോടെ ഭൂമിയുടെ/ദൈവീക ആനന്ദങ്ങളായ മഹാദാസ്യം, മഹാവാത്സല്ല്യം എന്നിവയിലെ മഹാദാസ്യത്തിൽ നിന്ന് 5 അളവിലുള്ള ദാസ്യത്തെ ധാർമ്മികമായ വീഴ്ച്ച പറ്റിയ വ്യക്തിയിലേക്ക് പ്രവേശിപ്പിക്കുന്നു. ദാസ്യമാകുന്ന ആനന്ദം പ്രവേശിക്കുന്ന വ്യക്തിക്ക് ജനസേവന മനോഭാവം ഉണ്ടാകുന്നതാണ്. സ്വന്തം ആനന്ദങ്ങളെ മാറ്റിവെച്ച്, ചുറ്റുമുള്ളവരുടെ/മറ്റുള്ളവരുടെ ആനന്ദങ്ങളെ വർദ്ധിപ്പിക്കാനായി പ്രവർത്തിക്കുന്നത് സ്വന്തം ആനന്ദമാകുമ്പോൾ, വ്യക്തിക്ക് പ്രതിഫലമായി പുണ്യത്തെ നൽകാൻ ദൈവം ബാദ്ധ്യസ്ഥമാണ്. വ്യക്തിക്ക് ഭാഗികമായി ഉണ്ടായിരിക്കുന്ന ദൈവ ഭാവം ജനസേവനത്തിലൂടെ വർദ്ധിക്കുന്നതിന് ആനുപാതികമായി പുണ്യവും വർദ്ധിക്കുന്നു. മുജ്ജന്മങ്ങളിൽ ചെയ്തു കൂട്ടിയ പാപങ്ങൾക്കുള്ള ദൈവശിക്ഷ അളവോടെ കുറയുന്നു.

ഭാഗ്യമുണ്ടെങ്കിൽ, പഴയകാല പാപങ്ങളും ദൈവശിക്ഷകളും സമ്പൂർണ്ണമായി ഒഴിവാകാനും, അസാധാരണമായ സാഹചര്യത്തിൽ ജനങ്ങൾക്ക് അത്യധികം സേവനങ്ങൾ ചെയ്തു കൊണ്ട് പുണ്യത്തെ അധികമായി നേടി ക്കൊണ്ട്, വരും ജന്മങ്ങളിലേക്ക് കരുതാനും/ ശേഖരിക്കാനും കഴിയുന്നതാണ്.

**സാധാരണ ഗതിയിൽ, ജനസേവനം കൂടുന്നതനുസരിച്ച് വ്യക്തിക്ക് അളവോടെ കൂടുതൽ പുണ്യം നേടാൻ കഴിയുന്നു. ജനസേവനം ചെയ്യാൻ സേവന മനോഭാവം ഉണ്ടാവുകയും ഉറയ്ക്കുകയും ചെയ്താൽ മതി. വലിയ വിദ്യാഭ്യാസ യോഗ്യത വേണ്ട. ഭരണകാര്യങ്ങളിൽ യാതൊരു മുൻപരിചയങ്ങളും ഇല്ലാത്തവർക്കും ദൈവാനുഗ്രഹം എന്ന ഏക യോഗ്യത കൊണ്ട് ജനങ്ങളുടെ മുഖ്യ/പ്രധാന സേവകനാകാൻ കഴിയുന്നതാണ്. ചരിത്രം സാക്ഷ്യമാണ്.**

**കൊടും പാപികൾക്ക് പുണ്യം നേടാനുള്ള അവസരങ്ങളെ മഹാനീതിയായ ഭൂമി @ മഹാദേവി മഹാആവിഷ്ക്കരിച്ചതാണ് എന്ന രീതിയിൽ ജനസേവനത്തെ വിശകലനം ചെയ്യുമ്പോൾ, മഹാനീതിയും മഹാജാലവുമായ ഭൂമി സൃഷ്ടികളായ മനുഷ്യർക്ക് മഹാവാത്സല്ല്യത്തോടെ മഹാനീതി ലഭ്യമാക്കുന്നു എന്നല്ലാതെ കുഞ്ഞുങ്ങളുടെ വിഷമങ്ങളും സന്തോഷങ്ങളും സർവ്വത്തിനും അതീതമായ ദൈവത്തെ ബാധിക്കുന്നില്ല എന്ന് മനസ്സിലാക്കാനും കഴിയും.**

**ജനസേവന മനോഭാവം** ലഭിക്കുന്ന വ്യക്തിയിലേക്ക്, **ധനമോഹം**, **അഹംഭാവം**, പൊങ്ങച്ചം, കാപട്യം, അസത്യം, **ദുഷ്ക്കാമം**, ദുർഭാഷണം, ദുഷ്ക്കീർത്തി, തുടങ്ങിയ ദുസ്വാർത്ഥങ്ങൾ പ്രവേശിക്കാതെ ശ്രദ്ധിക്കേണ്ടത് അടിസ്ഥാന പരമായി പാപികളായ വ്യക്തികളുടെ സ്വകാര്യ അത്യാവശ്യങ്ങളാണ്. ഭൂമി നൽകുന്ന അവസരങ്ങളെ നഷ്ടപ്പെടുത്തിയാൽ പലർക്കും നികൃഷ്ട ജന്മമായി **ഒരുക്കിയിട്ടുള്ള പെരുമാളട്ടയായി, അവയുടെ കാലുകളുടെ എണ്ണം തവണ പുനർജ്ജനിക്കേണ്ടി വരുന്നതാണ്.**

**ഭൂമിയുടെ പൊന്നോമന കുഞ്ഞുങ്ങൾ തന്നെയാണ്**
കൊടിയതോ ചെറുതോ ആയ പാപികളും എന്നതിനാൽ, പാപികളാൽ വേദന അനുഭവിക്കുന്നവരുടെ സഹോദരങ്ങൾ കൂടിയായവർ, പാപികളെ പരിഹസിക്കുന്നതും, കുഞ്ഞുങ്ങൾ അന്യോന്യം വഴക്കിടുന്നതും ശിക്ഷിക്കുന്നതും അവരുടെയെല്ലാം മഹാമാതാവും ഭൂമിയുമായ മഹാദേവി ഇഷ്ടപ്പെടുന്നില്ല. സ്ഥിതി പരമായ വിധി പ്രകാരവും സൃഷ്ടിപരമായ ജന്മഗുണങ്ങളെ കൊണ്ടും മഹാനീതിയായ ഭൂമി അളവുകളോടെ പാപികളായ കുഞ്ഞുങ്ങളെ ശിക്ഷിച്ചു തിരുത്തുന്നതാണ്. മകനെ വധിച്ച കേസിലെ കേരളീയനായ പ്രതി കൊച്ചുകൊച്ചു മകനായി പുനർജ്ജനിക്കുമ്പോൾ മറ്റുള്ളവരുടെ പണം ചൂഷണം ചെയ്ത കാരണവരും മകനും അനുയായികളും മഹാനീതിശാസ്ത്ര പ്രകാരം ആഫ്രിക്കൻ പ്രദേശങ്ങളിൽ കൊടിയ ദാരിദ്ര്യത്തിൽ പുനർജ്ജനിച്ചിട്ടുണ്ടാവും! കുഞ്ഞുങ്ങളെ അന്യോന്യം അകറ്റുകയല്ല; അടുപ്പിക്കുകയാണ് ദൈവീകമായ രീതിയെന്നും ദൈവത്തിന്റെ കുഞ്ഞുങ്ങളെ സ്ത്രീ പുരുഷൻ എന്നിങ്ങനെ രണ്ടായി വിഭജിച്ചിട്ടുള്ളതിലെ പകുതി ഒഴികെയുള്ളവർ വ്യക്തിയെ സംബന്ധിച്ചിടത്തോളം അടിസ്ഥാനപരമായി തുല്ല്യരാണെന്നും അന്യരാണെന്നും; എന്നാൽ ഭൂമിയുടെ കുഞ്ഞുങ്ങൾ തന്നെയാണ് എന്നതിനാൽ സഹോദരങ്ങളുമാണ്. ആത്മീയ രാഷ്ട്രീയ ദേശീയ ഭോഷത്ത ചിന്തകളുടെ അടിസ്ഥാനത്തിൽ വഴക്കിട്ടും ശത്രുക്കളായും കഴിയുന്നവർ പലപ്പോഴും ഒരേ കുടുംബത്തിലെ അംഗങ്ങളായി പുനർജ്ജനിച്ച് ഒത്തൊരുമിച്ചു കഴിഞ്ഞ വിവരങ്ങൾ അറിയുന്നത് മോക്ഷവുമായി അടുത്ത ജന്മങ്ങളിൽ മാത്രമാണ്!

**ഇന്ത്യയിലെയും മറ്റും ചരിത്ര കഥകളിൽ ദൈവത്തിന്റെ അവതാരങ്ങളായി അറിയപ്പെടുന്നവരും യഥാർത്ഥത്തിൽ പാപികളാണ്; പാപികളുടെ നാമം ജപിച്ചും മറ്റും കാലവും അവസരവും പാഴാക്കുന്ന പാപികൾക്ക് അറിയില്ലന്നേയുള്ളൂ. മഹാവാത്സല്ല്യവും സൃഷ്ടി സ്ഥിതി സംഹാര കർത്താവുമായ ഭൂമി, മറ്റുള്ള കുഞ്ഞുങ്ങളെ ആവക കാര്യങ്ങൾ കൂടുതലായി അറിയിക്കുന്നത് ആവശ്യാനുസരണവും ഓംകാര നീതിശാസ്ത്ര പ്രകാരവും മാത്രമായിരിക്കും.**

## പഞ്ചായത്തുകളുടെ ഭരണാധികാരികളായ നാട്ടുരാജാവിനെയും, പഞ്ചായത്തുകളുടെ കൂട്ടായ്മകളിലൂടെ നിയമിക്കുന്ന കേന്ദ്രീയ സംവിധാനങ്ങളുടെ സംസ്ഥാന -കേന്ദ്ര -രാജാക്കന്മാരെയും, പ്രധാനമന്ത്രി, മുഖ്യമന്ത്രി, മന്ത്രിമാർ, തുടങ്ങിയവരെയും മഹാശാസ്ത്രപരമായി അഥവാ ദൈവീകമായി നിയമിക്കുന്നത് എങ്ങനെയാണെന്ന് വിശദീകരിക്കുന്നു.

**ശരീരമാണ് ആത്മാവിന് അസ്തിത്വം തന്നെ നൽകി ജീവിയാക്കുന്നത് എന്നതിനാൽ ജീവിയായിരിക്കുന്നവർ ശരീരത്തിന്റെ പ്രാധാന്യത്തെ ഉൾക്കൊണ്ടു ജീവിക്കണം.** ശരീരം ഇല്ലെങ്കിൽ ജീവി ഇല്ല. ആകാശവും ഭൂമിയുമായി അവതരിച്ചിരിക്കുന്ന മഹാശക്തിയാണ് മഹാജ്ഞാനമായ മഹാശാസ്ത്രം പ്രകാരം മഹാപ്രപഞ്ചം ഉൾപ്പെടെയുള്ള ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ നിർവ്വഹിക്കുന്നത്. **മഹാശാസ്ത്രപരമായി വിശദീകരിക്കാൻ കഴിയാത്ത വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും ദൈവീകമല്ല; വിശേഷ ബുദ്ധി ലഭിച്ച മനുഷ്യർ പിൻപറ്റാനും പാടില്ല. ലഭ്യമായ വിശേഷ ബുദ്ധികളെ ഉപയോഗിക്കാതെ ജനങ്ങൾ അലസരായാലും, ജനസേവകരായ പഞ്ചായത്ത് ഭരണാധികാരികൾ ജാഗ്രത പുലർത്തണം. ഭൂമിയുടെ മഹാജ്ഞാനമായ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം പ്രകാരം ജനങ്ങളെ സേവിക്കാൻ, ഭൂമിയുടെ അംശമായ ശരീരം നൽകുന്ന ശക്തികളും ജ്ഞാനവും ആനന്ദങ്ങളും കൊണ്ടു ജീവിക്കുന്ന ജനസേവകർക്കു കഴിയണം.**

**ശരീരമാകുന്ന ദൈവാംശത്തിന്റെ മഹത്വത്തെ മനുഷ്യർക്ക് ശരിയാംവണ്ണം മനസ്സിലാകണമെങ്കിൽ അംഗവൈകല്യം സംഭവിക്കുകയും അനുഭവിക്കുകയും വേണം. അതിനു വേണ്ടി ക്കൂടിയായി മഹാവാത്സല്ല്യമായ ഭൂമി, മനുഷ്യ-അവസ്ഥയിൽ ആത്മാക്കൾക്ക് നിശ്ചയിച്ചിട്ടുള്ള 100 മനുഷ്യ ജന്മങ്ങളിൽ ഒരു ജന്മം അംഗവൈകല്യം ഉണ്ടാക്കുന്നുണ്ട്.**

അടിസ്ഥാന പരമായി ഒരു ജന്മത്തിൽ മാത്രം സംഭവിക്കുന്ന ജന്മഗുണമായി അംഗവൈകല്യം മാറുന്നു. അന്ധത, ബധിരത, മൂകത, കൈകാലുകൾക്ക് ഭാഗികമായോ പൂർണ്ണമായോ സംഭവിക്കുന്ന ഇല്ലായ്മ, ശോഷണം, അധിക അവയവം, തുടങ്ങിയവ മനുഷ്യരുടെ അംഗവൈകല്യത്തിൽ പെടുന്നു. **എല്ലാ മനുഷ്യർക്കും ഒരു ജന്മത്തിൽ ശാരീരികമായ വൈകല്ല്യം ഉറപ്പാണെന്നു വരുമ്പോൾ, അംഗവൈകല്യമുള്ള വ്യക്തിയെ കണ്ടാൽ, അംഗവൈകല്യം ജന്മഗുണമായി ലഭിച്ചതാണോ, മുജ്ജന്മ പാപങ്ങൾക്കുള്ള ശിക്ഷ അനുഭവിക്കുകയാണോ, എന്ന് തിരിച്ചറിയാൻ കഴിയില്ല.** അതുകൊണ്ടുതന്നെ, അംഗവൈകല്യം ഉള്ളവരെ കളിയാക്കാനും ആക്ഷേപിക്കാനും ജനങ്ങൾ പൊതുവെ തയ്യാറാകുന്നതല്ല.

**ഭരണാധികാരികൾ മരിക്കുമ്പോഴും വിരമിക്കുമ്പോഴും, കേസിൽ പെടുമ്പോഴുമൊക്കെ, ഭരണകാര്യങ്ങളിൽ യാതൊരു മുൻപരിചയങ്ങളും ഇല്ലാത്ത മകനും മകളും ഭാര്യയും, ഒക്കെ മന്ത്രിമാരും പ്രധാനമന്ത്രിമാരുമായി നിയമിക്കപ്പെടുന്നതിൽ നിന്ന് ഭാഗ്യം, യാദൃശ്ചികം എന്നെല്ലാം വിശേഷിപ്പിക്കുന്ന ദൈവാനുഗ്രഹം എന്ന ഏക യോഗ്യത കൊണ്ട് ജനങ്ങളുടെ മുഖ്യ/പ്രധാന സേവകനാകാൻ കഴിയുമെന്ന് ഈ അദ്ധ്യായത്തിൽ തന്നെ സൂചിപ്പിച്ചതാണ്. എന്നുവെച്ചാൽ അംഗവൈകല്യമുള്ള വ്യക്തികൾക്കും നിസ്സാരമായി ഗ്രാമപഞ്ചായത്ത്, പഞ്ചായത്തുകളുടെ കൂട്ടായ്മ വഴിയുള്ള സംസ്ഥാന-കേന്ദ്ര ജനസേവന സംവിധാനങ്ങൾ, എന്നിവയെ നയിക്കാൻ കഴിയുന്നതാണ്.**

ദൈവവിപ്ലവ മുന്നോടിയായി 2020ൽ തീവ്രമായ വൈറസ് രോഗത്തിൽ ദേവാലയങ്ങളും ധ്യാനകേന്ദ്രങ്ങളും അടപ്പിച്ച് കപട വേഷക്കാരായ ആത്മീയ തട്ടിപ്പുകാരെ നിശ്ശബ്ദരാക്കിയപ്പോൾ; **രാഷ്ട്രങ്ങളിലെ പ്രധാന ജനസേവകരായ രാജാവും പ്രധാനമന്ത്രിയും, മുഖ്യമന്ത്രിയും, മന്ത്രിമാരും കൂടെക്കൂടെ ടെലിവിഷൻ ഉൾപ്പെട്ട വാർത്താ സമ്മേളനങ്ങളിൽ നടത്തി വരുന്ന സവിശേഷമായ പ്രസ്താവന ശ്രദ്ധേയമാണ് :**

'ജീവികളുടെ നിലനില്പ്' ഭൂമിയുടെ അംശമായ മൂലകങ്ങളിലും അവയുടെ രൂപാന്തരമായ ശരീരങ്ങളിലും ലയി<u>ച്ചിരിക്കുന്നതായ</u> 'മഹാശക്തികളും മഹാശാസ്ത്ര-നിയമങ്ങളും ആനന്ദങ്ങളും' പ്രകാരമാണ്. വൈറസ് രോഗങ്ങൾ ഉൾപ്പെടെ ഭൂമിയിലെ എല്ലാ പ്രശ്നങ്ങളെയും പരിഹരിക്കാൻ മഹാശാസ്ത്ര നിയമങ്ങൾ കൊണ്ടു മാത്രമേ കഴിയുകയുള്ളൂ. രാജ്യങ്ങളിലെ രാജാവ്, പ്രസിഡന്റ്, പ്രധാനമന്ത്രി, മുഖ്യമന്ത്രി, മന്ത്രിമാർ, തുടങ്ങിയവർ **ലോക് ഡൗണുകളും ജാഗ്രതയും പ്രഖ്യാപിച്ചു കൊണ്ടും; ആത്മീയ-രാഷ്ട്രീയ തട്ടിപ്പുകാർക്ക് അവരെയും ജനങ്ങളെയും രക്ഷിക്കാൻ കഴിവില്ലെന്ന് പറയാതെ പറഞ്ഞുകൊണ്ടും മനുഷ്യരുടെ നിലനില്പ് 'ഭൂമിയുടെ അംശമായ മൂലകങ്ങളിലും ശരീരത്തിലുമുള്ള ശാസ്ത്ര നിയമങ്ങളെയും ശക്തികളെയും' ആശ്രയി<u>ച്ചിരിക്കുന്നു</u>വെന്ന് ആവർത്തിച്ച് അറിയിക്കുകയാണ്. രാഷ്ട്രങ്ങളിലെ പ്രധാന മന്ത്രിമാർ പ്രസിണ്ടുമാർ, തുടങ്ങിയ പ്രമുഖരെന്നു കരുതപ്പെടുന്നവരോ അല്ലാത്തവരോ ആയ വ്യക്തികളെ ആശ്രയിച്ചല്ല ജീവികളുടെ നിലനില്പെന്ന് സാധാരണമായി അനുഭവിച്ചറിയുന്ന വസ്തുതയാണ്. മാത്രമല്ല; മറിച്ച് രാജ്യങ്ങളിലെ പ്രധാനമന്ത്രിമാർ ഉൾപ്പെടെയുള്ളവർ സൂക്ഷ്മമായ വൈറസിനെയും രോഗങ്ങളെയും മരണത്തെയും ഭയന്നു വിറയ്ക്കുന്ന കാഴ്ച്ചകളും ഉണ്ട്! സംസ്ഥാന-കേന്ദ്ര-ഭരണാധികാരികളുടെ അംഗവൈകല്യം ജനസേവന കാര്യങ്ങൾക്ക് ഒട്ടും തടസ്സമല്ലെന്നും തെളിയുന്നു. ഇന്ത്യയിലെയും കേരളത്തിലെയും മറ്റും പ്രധാന സേവകർ അവരുടെ അനുയായികളുമായി ചേർന്ന് കീർത്തിയേറിയ മുൻഗാമികളെ കുതന്ത്ര വഞ്ചനകളിലൂടെ കാലുവാരിയാണ് ജനസേവന പദവികളിൽ കയറിക്കൂടിയതെന്ന വസ്തുത വിശകലനം ചെയ്യുമ്പോൾ അവർക്ക് നഷ്ടബോധവും വേണ്ട. അതുകൂടാതെ, ജനങ്ങളുടെ പണം ധൂർത്തടിക്കാൻ ശാരീരിക അംഗവൈകല്യം കൊണ്ട് സാധിച്ചെന്നു വരില്ല. മാത്രമല്ല; മറ്റുള്ളവർ ധൂർത്ത് ചെയ്യാതെ ശ്രദ്ധിക്കാൻ പ്രയോജനപ്പെടുന്നതുമാണ്.**

**ശാരീരിക അംഗവൈകല്യമുള്ളവരെ ജനസേവകരായി നിയമിക്കുമ്പോൾ, തെരഞ്ഞെടുപ്പ് സമ്പ്രദായങ്ങൾ വഴിയുള്ള ധന - ഊർജ്ജ - സമയ - ജീവ..... നഷ്ടങ്ങൾ ഒഴിവാകും. സമൂഹത്തിലെ ശാന്തിയും സമാധാനവും സന്തോഷവും വർദ്ധിക്കുന്നതാണ്.**

**അംഗവൈകല്യങ്ങളോടെ ജനിക്കുന്ന കുട്ടികൾക്കും അവരുടെ രക്ഷിതാക്കൾക്കും കുട്ടികളുടെ ഭാവിയെ പറ്റി ചെറുപ്പത്തിൽ ത്തന്നെ ധാരണ ഉണ്ടാകുന്നതാണ്. അംഗവൈകല്യമുള്ള കുട്ടികൾക്ക് ഭൗതിക-ധർമ്മശാസ്ത്രങ്ങളിൽ ഉചിതമായ ശിക്ഷണം കൊടുക്കാനും അവരെ കൂടുതൽ സ്നേഹിക്കാനും പഞ്ചായത്തിലെ ജനങ്ങൾ ഒന്നടങ്കം ശ്രദ്ധിക്കുന്നതാണ്.**

**അംഗവൈകല്യമുള്ള ഒരു ജന്മം എല്ലാ മനുഷ്യർക്കും ഉറപ്പായിട്ടുള്ളതിനെ ഭയക്കാതിരിക്കാനും, അവശർക്ക് ദൈവീകമായ കരുതൽ മഹനീയമായി നൽകപ്പെടുന്നത് മനസ്സിലാക്കാനും കഴിയുന്നതാണ്.** മറ്റൊരു ഭാഗത്ത് മുജ്ജന്മ പാപങ്ങൾ കൊണ്ടും അംഗവൈകല്യം വരാം എന്നതിനാൽ ജനസേവനം ചെയ്തു കൊണ്ട് പുണ്യത്തെ നേടാനും പാപങ്ങൾക്കും ദൈവ ശിക്ഷകൾക്കു പരിഹാരം തേടാനും നേടാനും അംഗ-വൈകല്ല്യമുള്ള വ്യക്തികൾക്ക് അവസരം ലഭിക്കുന്നു. **സമൂഹത്തിലെ പൊതുവായ ആവശ്യങ്ങളെ പരിഹരിക്കാനുള്ള സംവിധാനം ലളിതമായും ഏറ്റവും ശ്രേഷ്ഠമായും തെരഞ്ഞെടുക്കാൻ കഴിയുന്നു !**

ജനസേവകരും ഭരണാധികാരികളുമായ ഇന്നത്തെ വ്യക്തികൾക്കും ഏവർക്കും തജ്ജന്മത്തിൽ ചെയ്തു കൂട്ടിയ പാപങ്ങളെയും തെറ്റുകളെയും സ്വയം വിശകലനം ചെയ്ത് ബോദ്ധ്യപ്പെടാനും തിരുത്താനും അംഗവൈകല്യം വേണ്ടല്ലോ.

ജനങ്ങളുടെ സ്വത്തും ജീവനും സംരക്ഷിക്കുകയെന്നത് ജനങ്ങളും അവരുടെ കർത്താവായ ഭൂമിയും ഇടപെടുന്ന കാര്യങ്ങളാണ്. **സർക്കാരുകളുടെ ധർമ്മമാണ് ജനങ്ങളുടെ ജീവനും സ്വത്തും കാക്കലെന്ന് (കക്കലെന്ന് !) പല മന്ത്രിമാരും പോലീസും മറ്റും പ്രസ്താവിക്കുന്നത് കടുത്ത ദൈവ നിന്ദയാണ് (അല്ല !). സർക്കാരായ സേവകരുടെ ധർമ്മം ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റുകയാണ്. രോഗങ്ങളും അപകടങ്ങളും മരണങ്ങളും മറ്റും ഉറപ്പാണെന്നിരിക്കെ സ്വന്തം ജീവൻ പോലും രക്ഷിക്കാൻ കഴിവില്ലാത്ത രാജാവും മന്ത്രിമാരും മറ്റും ജനങ്ങളുടെ ജീവൻ രക്ഷിക്കുമെന്ന് വെറുതെ പോലും പറഞ്ഞു കൂടാ.**

പൊതു ഖജനാവിന് ശോഷണം ഉണ്ടാകാതെ സമൂഹത്തിലെ വൃദ്ധർക്ക് സംരക്ഷണം ഉറപ്പാക്കുകയാണ് പഞ്ചായത്തിന്റെ പ്രഥമ കർത്തവ്യമെന്നും അതെന്തുകൊണ്ടാണെന്നും മുമ്പ് വിവരിച്ചതാണ്. **ജനങ്ങളുടെ സ്വത്തുക്കളെ ജനങ്ങൾ സ്വയം സംരക്ഷിച്ചു കൊള്ളും. പൊതുജന സേവന കേന്ദ്രങ്ങളായ പഞ്ചായത്തുകളെ 'സൂക്ഷിക്കാനും, പൊതുവായ ആവശ്യങ്ങൾക്ക് ചെലവഴിക്കാനും ഏല്പിക്കുന്ന സ്വത്തുക്കളെ ഒരു പൈസ പോലും ദുർവ്യയം ചെയ്യാതെ' പഞ്ചായത്തുകളായ രാജാവും മന്ത്രിമാരും പോലീസും ഒക്കെ ശ്രദ്ധിച്ചു കൊള്ളണം. ഉദാഹരണത്തിന്, മഹാശാസ്ത്ര പരമായി പ്രവർത്തിക്കുന്ന ഭൂമിയിൽ ജീവിച്ചു കൊണ്ട് മഹാശാസ്ത്ര വിരുദ്ധമായ ആത്മീയ വിശ്വാസങ്ങളെയും ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും പ്രചരിപ്പിക്കുന്ന പാപികളെ ശാസ്ത്ര സാങ്കേതിക സൗകര്യങ്ങളെ അനുഭവിച്ചു കൊണ്ട് നാട്ടിൽ ജീവിക്കാൻ അനുവദിച്ചുകൂടാ. മാത്രമല്ല; കേരളത്തിലെയും മറ്റും അധമരായ ഭരണാധികാരികൾ പൊതുഖജനാവിലെ പണം കൊണ്ട് ആത്മീയ തട്ടിപ്പുകളെ പഠിപ്പിക്കാനും പഠിക്കാനും നടക്കുന്ന തെമ്മാടികൾക്കും കലാകാരന്മാർക്കും കളിക്കാർക്കും മറ്റും വേതനവും പെൻഷനുകളും തൊഴിലുകളും ഉണ്ടാക്കാൻ തയ്യാറാവുന്നത് കടുത്ത അപരാധമാണ്; ശിക്ഷകളെ വാരിക്കൂട്ടുകയാണ്.**

**മതപുരോഹിതർ, മതപണ്ഡിതന്മാർ, കുട്ടിദൈവങ്ങളും സൂപ്പർ ദൈവങ്ങളുമായി ഭാവിക്കുന്നവർ, മന്ത്രവാദികൾ തുടങ്ങിയവർ ജനങ്ങളെ കബളിപ്പിച്ച് ലക്ഷങ്ങളും കോടികളും സമ്പാദിക്കുമ്പോൾ, അവരെ വണങ്ങിയും കെട്ടിപ്പിടിച്ചും കൊണ്ട് അവർ നൽകുന്ന ചില്ലിക്കാശുകളെ പുകഴ്ത്തുന്ന എച്ചിൽ തിന്നികളായി ജനങ്ങളുടെ സേവകരായ അനേകം ഭരണാധികാരികൾ തരംതാണിട്ടുണ്ട്.**

**ഭൂമിയായ മഹാദേവിയെയും, മഹാദേവിയുടെ മഹാജ്ഞാനമായ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രത്തെയും നിന്ദിച്ചും ജനങ്ങളെ കബളിപ്പിച്ചും ജീവിക്കുന്ന കൊടുംപാപികളെ പുകഴ്ത്താൻ അംഗവൈകല്യമുള്ള ഭരണാധികാരികൾ സാധാരണ ഗതിയിൽ തയ്യാറാവുകയില്ല.**

**മണ്ണും ഭൂമിയുമായ മഹാദേവി ഉടൻ മായാശക്തികളെ പ്രകടിപ്പിച്ചു കൊണ്ട് പ്രത്യക്ഷമാകുന്നതോടെ, എല്ലാ തട്ടിപ്പുകാരും പശ്ചാത്തപിച്ചു കൊണ്ട് സ്വയം തിരുത്തുന്നതാണ്.**

## പോലീസ് സേന അധികമായി അംഗവൈകല്യ ജന്മങ്ങളും ജനസേവനവും പിടിച്ചു വാങ്ങുന്നുണ്ട്.

**ഭൂമിയുടെ കുഞ്ഞുങ്ങളായ മനുഷ്യരെയെല്ലാം സഹോദരങ്ങളായി കണക്കാക്കാതെ അവരെ മർദ്ദിക്കുകയും വേദനിപ്പിക്കുകയും കൊല്ലുകയും മാനസികമായി തളർത്തുകയും ശരീര അവയവങ്ങളെ ദുർബ്ബലപ്പെടുത്തുകയും തകർക്കുകയും ഒക്കെ ചെയ്യുന്ന പോലീസ്, സൈനികർ, തീവ്രവാദികൾ, കൊള്ളക്കാർ, ഗുണ്ടകൾ, പിന്നണി പ്രവർത്തകർ, തുടങ്ങിയ അതിനീചർക്ക്** മഹാനീതിയായ ഭൂമി മഹാനീതിശാസ്ത്ര പ്രകാരം ഒരു ജന്മത്തിനു പകരം ആകെയുള്ള 100 മനുഷ്യജന്മങ്ങളിൽ 5 ജന്മങ്ങളിൽ വരെയും അത്യപൂർവമായി അതിനുമേലെയും ജന്മങ്ങളിൽ അംഗവൈകല്യങ്ങളെ നൽകി നീണ്ട ശിക്ഷ നൽകുന്നുണ്ട്. **അതേസമയം ശിക്ഷിക്കപ്പെടുന്ന കുഞ്ഞുങ്ങൾ പരിഹസിക്കപ്പെടാതിരിക്കാൻ ശിക്ഷ അനുഭവിക്കുകയാണോ, 'ജന്മഗുണ ഭാഗമായ ഒരു അംഗവൈകല്ല്യ ജന്മമാണോ' എന്ന് അനുഭവിക്കുന്നവർക്കും ചുറ്റും ജീവിക്കുന്ന കാണികൾക്കും അറിയാനും പറയാനും കഴിയാത്ത മഹാ-ആവിഷ്ക്കാരമായി അംഗവൈകല്ല്യം പരിണമിക്കുന്നു.**

**സ്വന്തം മാതാപിതാക്കളെയും ബന്ധുക്കളെയും ഇണയെയും കുട്ടികളെയും മറ്റ് ഉറ്റവരെയും പോലീസുകാരും സൈനികരും ഒക്കെ മർദ്ദിക്കുകയും വെടിവെയ്ക്കുകയും ഒക്കെ ചെയ്യുമോ? മറ്റുള്ളവരെ ശാരീരികമായി ഉപദ്രവിക്കാൻ പോലീസിനും നാട്ടുകാർക്കും ആരാണ് അവകാശവും അധികാരവും കൊടുത്തത്? ഭൂമിയുടെ അംശമായ മൂലകങ്ങൾ വിശേഷ ബുദ്ധി നൽകി നിർമ്മിക്കുന്ന മനുഷ്യ ശരീരങ്ങളെ ആദരിക്കുന്നതിനു പകരം ഉപദ്രവിക്കുന്ന പാപികൾക്ക് ശിക്ഷ ലഭിക്കുന്നതാണ്.**

ജനങ്ങളുടെ ചെലവിൽ ജീവിച്ചു കൊണ്ട്, ജനങ്ങളുടെ ചെലവിൽ തന്നെ ജീവിക്കുന്നവരും ജനസേവകരായി വേഷംകെട്ടുന്നവരുമായ മന്ത്രിമാരും മറ്റും 'ജനങ്ങളെ കബളിപ്പിച്ചും ചൂഷണം ചെയ്തും നൽകുന്ന അധിക-കൊള്ള-വേതനങ്ങളെ' അനുഭവിച്ചു കൊണ്ട് ജനങ്ങളെ ശാരീരികമായി ഉപദ്രവിക്കുന്ന പാപികൾക്ക് അസാധാരണമായ സാഹചര്യത്തിൽ ആകെയുള്ള 100 മനുഷ്യ ജന്മങ്ങളിൽ 5 ൽ കൂടുതൽ ജന്മങ്ങളിൽ അംഗവൈകല്യങ്ങളെ നൽകിയെന്നും വരാം... മഹാനീതി ശാസ്ത്രം അനുസരിക്കാതെ ഒളിക്കാൻ ആർക്കും കഴിയുന്നതല്ല. തീറ്റിപ്പോറ്റുന്ന ജനങ്ങളെ ഭയപ്പെടുത്തുകയും മർദ്ദിക്കുകയും വേദനിപ്പിക്കുകയും കൊല്ലുകയും ഒക്കെ ചെയ്യുന്നത് മന്ത്രിമാർക്കു വേണ്ടിയാണ് എന്നു വാദിച്ചാൽ അവർക്കും ശിക്ഷയുണ്ട് എന്നേയുള്ളൂ; മന്ത്രിമാരായ വിവരദോഷികളെ ശിക്ഷിച്ചും ധർമ്മശാസ്ത്ര പ്രകാരം മാത്രം ജീവിക്കേണ്ടതിനു പകരം മന്ത്രിമാരുടെയും മറ്റും അടിമകളായത് ആർക്കു വേണ്ടിയാണ് ? രോഗ സമയത്തും മറ്റും ജനങ്ങൾക്കു വേണ്ടിയാണ് പോലീസ് നിരത്തുകളിലും, ആരോഗ്യ പ്രവർത്തകർ ആശുപത്രികളിലും കഷ്ടപ്പെട്ടു പണിയെടുത്തത് എന്ന് മന്ത്രിമാരെ അനുകരിച്ച് വാദിച്ചാൽ, കുഞ്ഞുങ്ങളെ, സ്വന്തമായി വിശകലനം ചെയ്താൽ തെറ്റാണെന്ന് കാണാം. ഓരോരുത്തരും ജീവിക്കുന്നത് അവരവർക്കു വേണ്ടിയാണ്. വേതനം ലഭിക്കുന്നതു കൊണ്ട് മന്ത്രിമാരും ഉദ്യോഗസ്ഥരും മറ്റും തട്ടിക്കൂട്ടിയ അധമ നിയമങ്ങൾ പ്രകാരം അധമ പ്രവൃത്തികളെ ചെയ്യുന്നു എന്നല്ലാതെ പോലീസ് ചെയ്യുന്ന ദുഷ്പ്രവൃത്തികൾ തൊഴിലുകളിൽ പെടുന്നില്ല. ജനങ്ങളെ കൊള്ളയടിച്ചും മറ്റും അധിക-കൊള്ള-വേതനങ്ങളെ നൽകുന്നത് തുടരാൻ സർക്കാരിന് കഴിഞ്ഞില്ലെങ്കിൽ പോലീസും സൈന്യവും മറ്റും ചെയ്തുപോന്ന അധമ പ്രവൃത്തികളെ സൗജന്യമായി ചെയ്യില്ല!

**എല്ലാവരെയും ഊട്ടുന്ന കൃഷിക്കാർ ഉൾപ്പെട്ട ജനങ്ങളോടും, ജോലിയിൽ നിന്നും വിരമിച്ച പോലീസുകാരോടും അവർക്ക് പോലീസിനെയാണോ പേപ്പട്ടിയെ ആണോ പേടിയെന്ന്, ചോദിച്ചാൽ ലഭിക്കുന്ന ഉത്തരത്തിൽ നിന്ന് പോലീസിന് ജനങ്ങളുടെ ഹൃദയങ്ങളിൽ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുള്ളത് വളരെ മോശമായ പ്രതിച്ഛായ ആണെന്ന് ബോദ്ധ്യമാകും.**

ഭൂമിയിൽ ലയിച്ചിരിക്കുന്ന ധർമ്മശാസ്ത്ര പ്രകാരം മാത്രം ജീവിക്കാനും, അധമരായ 'മന്ത്രിമാരുടെയും ഉന്നതതല ഉദ്യോഗസ്ഥരുടെയും' ധർമ്മശാസ്ത്ര വിരുദ്ധമായ നിയമങ്ങളെ തള്ളിക്കളയാനും അവരെ പിടിച്ചു കെട്ടി പൊതുജന മദ്ധ്യത്തിൽ വച്ച് ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരം വിചാരണ ചെയ്യാനും, ആവശ്യമെങ്കിൽ ഉടുതുണിയോടെ നാട്ടിൽ നിന്നും കാട്ടിലേക്ക് കടത്താനും, നാട്ടിലെ സമ്പത്തുകളെ കണ്ടുകെട്ടി പൊതു ഖജനാവിൽ ചേർക്കാനും തയ്യാറാവേണ്ടവരാണ് പോലീസ്. പോലീസുകാർ ജനങ്ങളുടെ ഭാഗമാവണമെങ്കിൽ അവരെ നിയമിക്കുന്നതും വേതനം നൽകുന്നതും പിരിച്ചു വിടുന്നതും പഞ്ചായത്തുകൾ ആവണം. കേന്ദ്രീകൃത സേന പാടില്ല.

ദൈവീകമായ പോലീസ് സേന, ചെറിയ സമൂഹത്തിൽ നാട്ടുരാജാവിനു പകരമാണ്. സമൂഹത്തിലെ ജനങ്ങളുടെ എണ്ണം കൂടിയാലും കുറഞ്ഞാലും, പോലീസ് സേനയെ നിയമിക്കുന്നതും, വേതനം നൽകി നാട്ടുകാരുടെ ഭാഗമായി സദാ ചേർത്തു നിർത്തുന്നതും, ആവശ്യമില്ലെങ്കിൽ വേണ്ടെന്നു വെയ്ക്കുന്നതും, ഗ്രാമപഞ്ചായത്ത് ആവണം.

ജനങ്ങളുടെ സേവകരായ സമൂഹത്തിലെ ഭരണാധികാരികളെയും ഉന്നത പദവിയെന്നു കരുതുന്ന ഉദ്യോഗസ്ഥരെയും, സല്യൂട്ടടിക്കാനും അനുസരിക്കാനും സന്തോഷിപ്പിക്കാനുമായി ജനങ്ങളുടെ തന്നെ സേവകരെന്ന് വെറുതെ പറയുന്ന പോലീസ് സേന, 'യഥാർത്ഥ യജമാനർ ധർമ്മശാസ്ത്രവും ജനങ്ങളുമാണെന്നത് തിരിച്ചറിയാതെ' ചില്ലറ സേവനങ്ങളെ ജനങ്ങൾക്കു ചെയ്തു കൊണ്ട് യജമാനരായ ജനങ്ങളെ മർദ്ദിച്ചും, ശാരീരികമായും മാനസികമായും വേദനിപ്പിച്ചും, പിഴകൾ അടപ്പിച്ചും, വെടിവെച്ചു കൊന്നും ഒക്കെ പ്രവർത്തിക്കുന്ന ഏറ്റവും ദാരുണവു ഹീനവുമായ അവസ്ഥകളാണ് ഇന്നുള്ളത്.

ദൈവീകമായി അഥവാ ധർമ്മശാസ്ത്ര പ്രകാരം മാത്രം എപ്പോഴും പ്രവർത്തിക്കേണ്ടത് പ്രഥമമായി പോലീസ് ഉൾപ്പെടെ ഏതൊരാളുടെയും സ്വന്തം ആവശ്യമാണ്; സമൂഹത്തിന്റെ ആവശ്യമാകുന്നത് പിന്നീടു മാത്രമാണ്.

ഭൂമിയിൽ ലയിച്ചിരിക്കുന്ന ധർമ്മ ശാസ്ത്രങ്ങൾ പ്രകാരമുള്ള സാമൂഹിക ആവശ്യങ്ങളെ ശുചിത്വം അത്യാവശ്യം ആവശ്യം (വിനോദം) എന്നീ ക്രമത്തിൽ സ്വയം മനസ്സിലാക്കിയും വിശകലനം ചെയ്തും ചെയ്യണം. ഉദാഹരണത്തിന്, (1) മനുഷ്യൻ ഉൾപ്പെടെ യാതൊരു ജീവികളുടെയും ഭക്ഷണം, വിസർജ്ജനം, ഉറക്കം, രോഗങ്ങൾ തുടങ്ങിയ ജീവിത കാര്യങ്ങളെ മാറ്റിവയ്ക്കാൻ സാധാരണ ഗതിയിൽ കഴിയില്ലെന്നും പാടില്ലെന്നുമിരിക്കെ, ജനങ്ങളിൽ ചിലരുടെ ജനനത്തീയതി, മരണത്തീയതി എന്നിവയ്ക്കും മറ്റും ധർമ്മ-നീതി ശാസ്ത്ര വിരുദ്ധമായി പൊതുവായ അവധി നൽകുന്ന രീതികളെ അവസാനിപ്പിക്കാൻ പഞ്ചായത്തുകളും പോലീസും നാട്ടുകാരും തയ്യാറാകണം. പണി ചെയ്യിക്കാതെ കൂലിവേലക്കാരനും ആശാരിക്കും വേതനം കൊടുക്കേണ്ടതില്ല എന്ന പോലെ പൊതു അവധി ദിവസങ്ങളിൽ മന്ത്രിമാർ ഉൾപ്പെടെ യാതൊരു ഉദ്യോഗസ്ഥർക്കും വേതനം പാടില്ലെന്ന് ലളിതമായി മനസ്സിലാക്കാൻ കഴിയും. പ്രതിദിന സേവനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാവണം വേതനം. ചെയ്യുന്ന പ്രതിദിന സേവനത്തിന്റെ വേതനം ലഭിച്ചില്ലെങ്കിൽ, പണി ചെയ്യാതിരിക്കാൻ കഴിയുന്നതുമാണ്.

ജോലി ചെയ്യാത്തവർക്ക് ശമ്പളം നൽകാനും, ഇല്ലാത്ത ജോലിക്ക് നൽകുന്ന ശമ്പളത്തിൽ നിന്നും ഭരണാധികാരികൾ പിടിച്ചുപറിക്കാനും, ചെയ്യാത്ത ജോലിക്ക് വാങ്ങുന്ന ശമ്പളത്തിൽ കട്ട് പാടില്ലെന്നു വിധിക്കാനും, ജനങ്ങളുടെ ചെലവിൽ ജീവിക്കുന്ന ഭരണാധികാരികൾ ഉൾപ്പെടെയുള്ള സേവകർ തമ്മിൽ കടിപിടി കൂടുമ്പോൾ, രാഷ്ട്രീയ തീവ്രവാദം ഉണ്ടാകുന്നതാണ്.
**മൂലകങ്ങളിലെ ന്യൂനശക്തികൾ ധർമ്മശാസ്ത്ര വിരുദ്ധമായ ചെയ്തികൾക്കും സംവിധാനങ്ങൾക്കും എതിരെ പ്രവർത്തിക്കുമെന്ന് പഞ്ചായത്തുകളും പോലീസും തിരിച്ചറിയണം. തെറ്റുകളും കുറ്റങ്ങളും കുറവുകളും പാപങ്ങളായി രൂപാന്തരപ്പെട്ടാൽ, പാപങ്ങൾക്ക് അളവുകളോടെ ദൈവമായ ഭൂമി ഓംകാര നീതി ശാസ്ത്രം പ്രകാരം ശിക്ഷിച്ചു തിരുത്തുന്നതാണ്.**

പഞ്ചായത്തുകൾ, രാജാവ്, പ്രധാന മന്ത്രി, മുഖ്യമന്ത്രി, മന്ത്രിമാർ, പോലീസിനെ നിയമിച്ച പഞ്ചായത്ത് അധികാരികൾ, തുടങ്ങി സമൂഹത്തിലെ ഏതൊരാളും ആവശ്യപ്പെടുന്ന കാര്യങ്ങൾ ധർമ്മ-നീതി ശാസ്ത്രങ്ങളുമായി പൊരുത്തപ്പെടുകയാണെങ്കിൽ മാത്രം പാലിക്കുകയും, ധർമ്മ ശാസ്ത്ര വിരുദ്ധമായ ആവശ്യങ്ങളെ നിരാകരിക്കുകയും, ആവശ്യമെങ്കിൽ ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്യാൻ പോലീസ് സേന ഉൾപ്പെടെ കൂടുതൽ വിശേഷ ബുദ്ധി ലഭിച്ചവരെല്ലാം ശക്തിക്കൊത്ത് ബാദ്ധ്യസ്ഥരാണ്. പോലീസും ഏതൊരാളും പാലിക്കേണ്ടത് എല്ലായ്പ്പോഴും ധർമ്മശാസ്ത്രങ്ങളെ മാത്രമാണ്.

ജനങ്ങളും അവരുടെ മുഖ്യ അടിമയായ രാജാവ്, മന്ത്രി തുടങ്ങിയ പദവികളെ വഹിക്കുന്നവരും പിഴയ്ക്കാതെ, അവരെ ശുദ്ധീകരിക്കാനും ജനങ്ങളോടും അവരവരോടും ദൈവത്തോടുമുള്ള ഉത്തരവാദിത്വം നിറവേറ്റാനും പോലീസ് ഉൾപ്പെടെ എല്ലാവർക്കും കഴിയണം; അപ്പോഴാണ് ജനങ്ങളുടെ ഭാഗവും ദൈവീകവുമായി പോലീസ് സേന ഉയരുക. ദൈവ-വിപ്ലവം ആരംഭിക്കുന്നതോടെ, പോലീസും സൈനികരും ഉൾപ്പെടെ എല്ലാ ജനങ്ങളും, ധാർമ്മികമായിട്ട്  ഉയരുന്നതാണ്. മന്ത്രിമാരും മറ്റും തട്ടിക്കൂട്ടിയിരുന്ന അധമ നിയമങ്ങളെയും ആജ്ഞകളെയും നിർദ്ദേശങ്ങളെയും അനുസരിക്കുന്ന ഏറാൻമൂളിത്തവും അടിമത്തവും അവസാനിക്കുന്നതാണ്.

അനേകം നൂറ്റാണ്ടുകളായി സമൂഹത്തിൽ സംഭവിച്ചു പോരുന്ന അപചയങ്ങൾക്ക് ഇന്നലെകളിലോ ഇന്നോ പോലീസും പട്ടാളക്കാരുമായിട്ട് തൊഴിൽ നേടിയവരെ കുറ്റപ്പെടുത്തുന്നത് തെറ്റാണ്. സൗജന്യമായിട്ട് മദ്യവും ദുഃസ്വാതന്ത്ര്യങ്ങളും നൽകി സൈനികരുടെ ചേതനകളെ മരിപ്പിക്കാനും മരവിപ്പിക്കാനും ഏറെക്കുറെ എല്ലാ രാജ്യങ്ങളിലെയും ഭരണാധികാരികൾ ആചാരം പോലെ ശ്രദ്ധിച്ചു പോന്നു.

**ദൈവീകമായ പോലീസ് സേന എന്ന അദ്ധ്യായത്തിൽ കൂടുതലായി വിശദീകരിക്കുന്നുണ്ട്.**

**ഭൂമിയുടെ കുഞ്ഞുങ്ങളായ എല്ലാ ജീവികളുടെയും സ്വത്വമായ ആത്മാക്കൾക്ക് ജീവിക്കാൻ അത്യാവശ്യമായ ശക്തികളും ഉപകരണങ്ങളുമായി ദൈവമായ ഭൂമി തന്നെ ശരീരവും അവയവങ്ങളുമായി രൂപമെടുത്ത് മഹാനീതിശാസ്ത്ര പരമായി ജന്മഗുണങ്ങളെയും സൃഷ്ടിച്ചു കൊണ്ട് ഒപ്പം കൂടിയിരിക്കുകയാണ്. കാട്ടിൽ ജീവിക്കുന്ന മനുഷ്യർക്ക് വസ്ത്രം പോലും അത്യാവശ്യമല്ലെന്ന് തെളിയിച്ചിരിക്കെ, നാട്ടിൽ ജീവിക്കുന്ന ഭൂമിയുടെ കുഞ്ഞുങ്ങളായ മനുഷ്യർക്ക് മാസ്ക്, ഹെൽമെറ്റ്, പർദ്ദ, യൂണിഫോം, ആധാർ, മാങ്ങാത്തൊലി തുടങ്ങിയവ നിർബ്ബന്ധമാക്കാൻ ശ്രമിക്കുന്നത് കടുത്ത അപരാധമാണ്.**

**ഇരുചക്രവാഹനങ്ങൾ ഓടിക്കുമ്പോൾ ഹെൽമെറ്റ്, മാസ്ക് തുടങ്ങിയവ നിർബ്ബന്ധിക്കുന്നവർക്കും, അതിനെ ശ്രേഷ്ഠമെന്ന് ദുർവ്വാദിക്കുന്നവർക്കും കടുത്ത പാപങ്ങളും ശിക്ഷകളും ഉണ്ടെന്നു പറയുമ്പോൾ, ഭൂമിയും ശരീരവും കുഞ്ഞുങ്ങളായ ആത്മാക്കൾക്ക് അനുവദിച്ചിരിക്കുന്ന സമ്പൂർണ്ണമായ വ്യക്തിസ്വാതന്ത്ര്യത്തിലും, പിന്നെ മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രിലുമാണ് വിവരദോഷികളായ കോമാളികൾ ഇടപെട്ടിരിക്കുന്നത്. ചെറിയ അട്ട മുതൽ വലിയ പെരുമാളട്ട വരെയും + കുരങ്ങ് + കഴുത എന്നിവയായി ജന്തുജന്മശിക്ഷയിൽ പെട്ട് പുനർജ്ജനിക്കേണ്ടി വരും; ഇടയ്ക്കിടെ മുജ്ജന്മ ഓർമ്മകളെ നൽകി ശിക്ഷയുടെ അളവുകളെ ക്രമീകരിക്കുകയും ചെയ്യും.**

ജീവിനിർണ്ണയം, സ്ത്രീ പുരുഷ ലിംഗ വ്യത്യാസം, ആയുസ്സ്, ആരോഗ്യം, നിറം, മണം, സൗന്ദര്യം, മുഖഛായ, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, മാതാപിതാക്കൾ, സാമ്പത്തിക ഭദ്രത, ജനന സ്ഥലം, തുടങ്ങിയ നിരവധി ജന്മഗുണങ്ങളിൽ മഹാസമനീതി നിർവ്വഹിക്കുന്ന ഓംകാര നീതിശാസ്ത്രത്തിന്റെ ബാലപാഠങ്ങൾ പോലും അറിയാത്തവരും, ഒരല്പം ശൂന്യതയോ ഒരെറുമ്പിനെ പ്പോലുമോ സൃഷ്ടിക്കാൻ കഴിവില്ലാത്തവരും, അസ്തിത്വം പോലും സ്വന്തമല്ലാത്തവരുമായ ജഡ്ജിമാരും മന്ത്രിമാരും ആത്മീയമൂഢരും പോലീസും മറ്റു കോമാളികളും ശിക്ഷകളെ ഇരന്നു വാങ്ങുകയാണ്.

കേമന്മാരെന്നു കരുതുന്ന മേല്പടിയാന്മാർ മുജ്ജന്മങ്ങളിൽ ചെയ്തു കൂട്ടിയ ബഹുവിധ പാപങ്ങൾക്കുള്ള ദൈവശിക്ഷകളിൽ നിന്നും മുക്തി നേടാനുള്ള അവസരങ്ങളെ കളഞ്ഞും നഷ്ടപ്പെടുത്തിയും കൂടുതൽ പാപികളായി മാറുകയാണ്. സ്വന്തമെന്ന് കരുതുന്ന ശരീരം ഓരോ ജന്മത്തിലും ഒപ്പം കൂടി മഹാനീതി ശാസ്ത്ര പ്രകാരം ശിക്ഷിച്ചു തന്നെയാണ് തിരുത്തുക എന്നത് മനസ്സിലാക്കേണ്ടത് അവരുടെ ആവശ്യമാണ്. ജനങ്ങളുടെ ചിലവിൽ ജീവിച്ചു കൊണ്ട്, ജനങ്ങളുടെ അടിമകളാണ് എന്ന തിരിച്ചറിവോടെ, ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ ധർമ്മശാസ്ത്ര പ്രകാരം മാത്രം നിറവേറ്റാനായി ശ്രമിക്കണം. ഭൂമിയുടെ കുഞ്ഞുങ്ങൾ ശരീരത്തിലും മൂലകങ്ങളിലും ലയിച്ചിരിക്കുന്നതും ഭൂമിയിൽ മുഴുവൻ ബാധകമായതും ഏകഭരണഘടനയുമായ ധർമ്മശാസ്ത്രം പ്രകാരം ജീവിക്കാൻ സ്വയം ബാദ്ധ്യസ്ഥരാണ്.

ഭൂമിയുടെ അംശമായ മൂലകങ്ങളുടെ ഓരോ ആറ്റത്തിലും ശിവ-ശക്തിചക്രങ്ങളായ ദൈവം ഉണ്ടെന്നും കുഞ്ഞുങ്ങൾ മാത്രമായ ജീവികൾ മഹാമാതാവിനെയും മഹാപിതാവിനെയും ചവിട്ടുന്നതിൽ ആനന്ദിക്കുന്നുണ്ടെന്നും അറിയണം. മഹാദാസ്യത്തെയും മഹാവാത്സല്ല്യത്തെയും ആനന്ദങ്ങളായി നിശ്ചയിച്ചിരിക്കുന്നതു കൊണ്ടാണത്. ആനന്ദത്തെ പൂർണ്ണമായി ആസ്വദിക്കണമെങ്കിൽ, മറ്റുള്ള ജീവികളെപ്പോലെ ചെരുപ്പുകൾ ഇല്ലാതെ ചവിട്ടണം. എന്നുവച്ച് വളരെ ശക്തമായി ചവിട്ടി കുഞ്ഞുങ്ങളുടെ കാലുകൾ വേദനിക്കാൻ ഇടയുണ്ടാവരുത്.

# പേറ്റന്റുകൾ പാടില്ല.

പേറ്റന്റുകൾക്ക് ദൈവമായ ഭൂമിയുമായും തൊഴിലുമായും വലിയ ബന്ധമുണ്ട്. ഭൂമിയുടെ അംശമായ ജീവികളുടെ ശരീരങ്ങളിലും മൂലകങ്ങളിലും ലയി(പ്പി)ച്ചിട്ടുള്ളതും എക്കാലവും ഭൂമിയുടെ മാത്രം സ്വന്തവുമായ ശക്തികളെയും ശാസ്ത്രങ്ങളെയും ആനന്ദങ്ങളെയും ആത്മാക്കൾക്ക് ഭൂമി വെളിവാക്കുകയും നൽകുകയും മാത്രമാണ് സംഭവിക്കുന്നത്. നാളെ വെളിപ്പെടുന്ന ശാസ്ത്ര പാഠങ്ങളും അവ പ്രകാരമുള്ള ശക്തികളും ഇന്നും ഇന്നലെകളിലും മൂലകങ്ങളിൽ ലയിച്ചിരുന്നു. കാലാനുസൃതമായി ഭൂമി വെളിപ്പെടുത്തുന്ന വസ്തുതകളെ മനുഷ്യർക്ക് പ്രയോജനപ്പെടുത്താം എന്നല്ലാതെ ഏതുസമയത്തും മൂലകങ്ങൾ ആത്മാവിനെ പുറത്താക്കി മരണം നൽകുമെന്നിരിക്കെ ആത്മാവിന് മരണത്തിൽ കൂടെക്കൊണ്ടു പോകാൻ കഴിയാത്ത യാതൊന്നും ആത്മാവിന്റെ സ്വന്തമല്ല. ഭൂമിയുടെ 'ആദിയും അന്തവും ഇല്ലാത്ത മഹാശക്തികളും മഹാജ്ഞാനമായ മഹാശാസ്ത്രവും' ഭൂമിയുടെ അംശമായ മൂലകങ്ങളിലും അവയെ രൂപാന്തരപ്പെടുത്തി ആത്മാക്കൾക്ക് നൽകിയിരിക്കുന്ന ശരീരങ്ങളിലുമായി ലയിച്ചിരിക്കുകയാണ്. ആത്മാക്കളായ എല്ലാ കുഞ്ഞുങ്ങൾക്കും വേണ്ടിയാണ് ഭൂമിയായി അവതരിച്ചിട്ടുള്ളത് എന്നതും, ശാസ്ത്ര പാഠങ്ങളെ ലഭിക്കുന്ന വ്യക്തികൾ മരിച്ച ശേഷവും ശാസ്ത്ര പാഠങ്ങളും അവ പ്രകാരമുള്ള ഉല്പന്നങ്ങളും നിലനിൽക്കുന്നു എന്നതും എല്ലാ കുഞ്ഞുങ്ങൾക്കും വേണ്ടിയാണ് ശക്തികളെ ശാസ്ത്ര നിയമങ്ങളോടെ മൂലകങ്ങളായി വിഭജിച്ച് സൃഷ്ടിച്ചിട്ടുള്ളത് എന്നു തെളിയിക്കുന്നുണ്ട്. ഭൂമിക്കു മാത്രം എക്കാലവും അവകാശമുള്ളതും മൂലകങ്ങളിൽ സദാ ഭദ്രവുമായിരിക്കുന്ന ശക്തികൾക്കും ശാസ്ത്ര പാഠങ്ങൾക്കും ഭൗതിക അസ്തിത്വം ഇല്ലാത്ത മാനുഷിക പേറ്റന്റ് നിയമം തട്ടിക്കൂട്ടിയതും ശരിവെച്ചതുമായ വിവരദോഷികളെ ഓംകാര നീതിശാസ്ത്ര പ്രകാരം ഭൂമി ശിക്ഷിക്കുകയും തിരുത്തുകയും ചെയ്യുന്നുണ്ട്. ശാസ്ത്ര പാഠങ്ങളെ കണ്ടെത്താൻ ഗവേഷണം നടത്തുന്നതും ലഭിക്കുന്നതുമായ വ്യക്തികൾക്ക് അവർ ആവശ്യപ്പെടുന്ന സാമ്പത്തിക സഹായവും മറ്റും ധർമ്മ ശാസ്ത്ര പ്രകാരം ചെയ്യാൻ സമൂഹവും ഭരണകൂടവും ബാദ്ധ്യസ്ഥമാണ്.

ധർമ്മശാസ്ത്ര വിരുദ്ധമായ പ്രതിഫലം വാങ്ങുന്ന വ്യക്തികൾക്കും ധർമ്മശാസ്ത്രപരമായി മാത്രമേ ചെലവഴിക്കാനാകൂ. ധർമ്മശാസ്ത്ര വിരുദ്ധമായി നാട്ടിലെ സമൂഹത്തിൽ ജീവിക്കാൻ അവകാശമില്ല എന്നതും ദൈവീകമായ സാമ്പത്തിക ശാസ്ത്രവും പ്രതിഫലത്തിൽ ഉണ്ടാകുന്ന അപാകതകളെ ശുദ്ധിയാക്കുന്നുണ്ട്. പുതിയ ശാസ്ത്ര പാഠങ്ങളെ ലഭിക്കുന്ന ഗവേഷകർക്ക് അവയെ സദുപയോഗം ചെയ്താൽ അനന്തം പോലെയുള്ള പുണ്യത്തെ ശേഖരിക്കാൻ കഴിയുന്നതാണ്. തജ്ജന്മത്തിൽ ഉചിതമായ പ്രതിഫലം ശാസ്ത്രജ്ഞർക്ക് കിട്ടിയില്ല എന്നും മറ്റുമുള്ള പരാതികൾ വേണ്ടാ. ശ്വസനത്തിലൂടെ എല്ലാ ജീവികളുടെയും ചിന്തകളെ പ്പോലും ഓക്സിജൻ അറിയുന്നുണ്ട്; അളവുകളോടെ മഹാനീതിശാസ്ത്രം പ്രകാരം പ്രതിഫലം നൽകുന്നുമുണ്ട്. (പേറ്റന്റ് നിയമങ്ങൾ പോലെ പൈശാചികമായ സംവിധാനങ്ങളെ പിൻപറ്റണമെങ്കിൽ ശൂന്യതയും, പ്രസ്തുത ശൂന്യതയിൽ നിന്നും എന്തെങ്കിലുമോ സൃഷ്ടിച്ചു കൊണ്ട് അവയിൽ മാത്രം അവകാശം സ്ഥാപിക്കാനാണ് ശ്രമിക്കേണ്ടത്. അസ്തിത്വം പോലും സ്വന്തം അല്ലാത്തവരും, അറിയാത്തവരും ജാഗ്രത പാലിക്കണം!). മഹാശാസ്ത്ര സാങ്കേതിക വികസനത്തിലൂടെ അനന്തമായ ആനന്ദങ്ങളെ കണ്ടെത്താൻ കാലാകാലങ്ങളിൽ മനുഷ്യർക്ക് കഴിഞ്ഞിട്ടുണ്ട്. വിശകലനം ചെയ്താൽ, ഒട്ടുമിക്ക രാജ്യങ്ങളിലെയും ഗവേഷകർക്ക് മൂലകങ്ങൾ പ്രത്യേകമായി ഒരേ ശാസ്ത്ര പാഠങ്ങളെ വീണ്ടും വീണ്ടും നൽകേണ്ടി വന്നു എന്നും ഒരേ പാഠങ്ങളാണ് സമാനമായ ഉല്പന്നങ്ങളെയും ആനന്ദങ്ങളെയും നൽകിയതെന്നും കാണാം. ഇത്രവലിയ അധഃപതനം ഭൂമിയിൽ എങ്ങനെ സംഭവിച്ചു/ സംഭവിക്കുന്നു എന്നതിന്റെ ഉത്തരം ലളിതമാണ്. ചുവടെ ദൈവകാര്യം എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്. 'മൂലകങ്ങളുടെ മൊത്തരൂപമായ ഭൂമി എന്ന പേരിൽ അവതരിച്ചിട്ടുള്ള ദൈവം' വെളിപ്പെടുത്തുന്ന മൂലകങ്ങളിലെ ശാസ്ത്ര നിയമങ്ങളെ വിശേഷ ബുദ്ധി ലഭിച്ചിട്ടുള്ള ഭൂമിയിലെ മനുഷ്യർ ഒറ്റക്കെട്ടായി നിന്ന് ഗവേഷണങ്ങളും പഠനങ്ങളും പരീക്ഷണങ്ങളും നിരീക്ഷണങ്ങളും മഹാശാസ്ത്ര സാങ്കേതിക വികസനങ്ങളും നടത്തിയിരുന്നെങ്കിൽ വളരെ വലിയ നേട്ടങ്ങളും ആനന്ദങ്ങളും സമ്പാദിക്കാൻ കഴിയുമായിരുന്നു.

ശരീരം ഉൾപ്പെടെ ഭൂമിയിലെ മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ഭൗതികശാസ്ത്ര പാഠങ്ങൾ വെളിപ്പെടുമ്പോൾ, ഒപ്പം തന്നെ സമ്പൂർണ്ണമായ ധർമ്മ ശാസ്ത്ര പാഠങ്ങളും, നീതി ശാസ്ത്ര പാഠങ്ങളിൽ മനുഷ്യർക്ക് ആവശ്യമായവയും വെളിപ്പെടുന്നുണ്ട്. ഭൂമിയിലെ സർവ്വ മൂലകങ്ങളും ജീവികളും ഭൂമിയുടെ സ്വന്തമാണ്; ഭൂമിക്ക് അവകാശപ്പെട്ടതാണ്. അതായത് മനുഷ്യരുടെ സ്വത്വമായ ആത്മാക്കളുടെ ഉടമസ്ഥാവകാശം പോലും യഥാർത്ഥത്തിൽ ഭൂമിക്കാണ്.

ഭൂമിയുടെ ഔദാര്യത്തിൽ ജീവിക്കുന്ന സൃഷ്ടികളെ കുഞ്ഞുങ്ങളായി കരുതിക്കൊണ്ട് മഹാവാത്സല്ല്യത്തോടെ കുഞ്ഞുങ്ങളെ ഭൂമി ഉയർത്തുമ്പോൾ, കുഞ്ഞുങ്ങൾ തന്നെത്താൻ മറന്ന് അഹങ്കരിച്ചു കൂടാ. മൂലകങ്ങളെയും അവയുടെ പ്രവർത്തന നിയമങ്ങളായ ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങളെയും സൃഷ്ടിച്ചത് സൃഷ്ടികളായ ആത്മാക്കളല്ലാ എന്ന് സുവ്യക്തമാണ്. അതുകൊണ്ടുതന്നെ ഭൂമിയുടെ ഏതൊരു പ്രദേശത്തെയും ജീവികളിൽ ശരീരങ്ങളുടെ ഭാഗമായോ ബാഹ്യമായോ ഉള്ള മൂലകങ്ങളെ സംബന്ധിച്ച് ഭൂമി വ്യക്തിക്കു വെളിപ്പെടുത്തുന്ന മഹാശാസ്ത്ര പാഠങ്ങളെ ഭൂമിയുടെ കുഞ്ഞുങ്ങൾക്കു മുഴുവൻ ധർമ്മശാസ്ത്രപരമായി അനുഭവിക്കാൻ വേണ്ടിയാണ്. വ്യക്തികളും രാഷ്ട്രങ്ങളിലെ ഭരണകൂടങ്ങളും ഒരു പോലെ വഴിപിഴച്ച് പേറ്റന്റ് പോലെയുള്ള അധമ നിയമങ്ങളെ തട്ടിക്കൂട്ടിയാലും, കാലത്തെയും ജീവിതത്തെയും മരണത്തെയും എല്ലാം എല്ലാം മഹാഭരിക്കുന്ന ഭൂമി ശാസ്ത്ര സാങ്കേതിക വികസനത്തിലൂടെ ലഭ്യമാക്കുന്ന ആനന്ദങ്ങൾ ഭൂമിയിലെ എല്ലാ രാജ്യങ്ങളിലും എത്തിപ്പെട്ടിരിക്കുന്നതായി കാണാം; മാത്രമല്ല; പേറ്റന്റുകൾ ഉണ്ടാക്കി പാപികളായവരെ ആഫ്രിക്ക പോലുള്ള ശിക്ഷാ സങ്കേതങ്ങളിൽ പുനർജ്ജനിപ്പിച്ച് മഹാനീതിശാസ്ത്ര പ്രകാരം ഭൂമി ശിക്ഷിക്കുകയും ചെയ്യുന്നുണ്ട്. ഈ ദിവ്യ മഹാവേദഗ്രന്ഥത്തിന്റെ രണ്ടാം ഭാഗമായി ചേർത്തിട്ടുള്ളത്, മുമ്പ് 'ആനന്ദം' എന്ന പേരിൽ പ്രസിദ്ധീകരിച്ച മഹാവേദ ഗ്രന്ഥമാണ്. അതിൽ മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രത്തെ മഹാശാസ്ത്രപരമായി വിശദീകരിച്ചിട്ടുണ്ട്.

# യാതൊരു നികുതികളും പാടില്ല.

ഈ ദിവ്യ മഹാഗ്രന്ഥത്തിന്റെ തുടക്കത്തിലും, രണ്ടാം ഭാഗത്തിലെ ബ്രഹ്മപാഠങ്ങളിലും മഹാസത്യവും ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയുമായ ദൈവം ഭൂമി എന്ന മഹാരൂപത്തെ സ്വീകരിച്ചിരിക്കുകയാണെന്ന് മഹാശാസ്ത്ര പരമായി വിശദീകരിച്ചിട്ടുണ്ട്. കുഞ്ഞുങ്ങളായി ജീവികളെ സൃഷ്ടിക്കാനും പരിപാലിക്കാനുമായിട്ടാണ് ഭൂമിയായി അവതരിച്ചിട്ടുള്ളത്. ഭൂമിയിലെ കരപ്രദേശങ്ങൾ മണ്ണാണ്. മണ്ണായിരിക്കുന്നത് നൂറിലധികം മൂലകങ്ങളും അവയുടെ സംയുക്തങ്ങളുമാണ്.

ദൈവം മണ്ണായ ഭൂമിയും അംശമായ മൂലകങ്ങളുമായി അവതരിച്ചിട്ടുള്ളത് കുഞ്ഞുങ്ങളായ ജീവികൾക്കു വേണ്ടിയാണ് എന്നു കണ്ടു. എല്ലായ്പ്പോഴും എല്ലാ ജീവികൾക്കും വേണ്ടി മൂലകങ്ങൾ മഹാദാസരായി മഹാവാത്സല്ല്യത്തോടെ അനന്തമായ സേവനങ്ങളെ ചെയ്തു കൊണ്ടിരിക്കുകയാണ്. സമ്പൂർണ്ണമായും സൗജന്യമായിട്ടാണ് എല്ലാ സേവനങ്ങളെയും ഭൂമി ചെയ്യുന്നത്. ഭൂമിയും അംശമായ മൂലകങ്ങളും ശരീരവുമാണ് ചെയ്യുന്നതെന്ന് തോന്നാത്ത രീതിയിൽ സ്വത്വം പോലും പ്രകടമാക്കുന്നില്ല.

ഭൂമി ചെയ്യുന്ന അനന്തമായ സേവനങ്ങൾക്ക് വേതനമോ പകരം എന്തെങ്കിലുമോ നേരിട്ടു കൊടുക്കാൻ യാതൊരു മാർഗ്ഗവും മനുഷ്യരുടെ പക്കലില്ല. കൊടുക്കാൻ ഉദ്ദേശിക്കുന്ന വസ്തുക്കളും ഭൂമിയുടെ അംശമായ മൂലകങ്ങൾ തന്നെയാവുമ്പോൾ ശ്രമങ്ങൾ പാളിപ്പോകുന്നു.

കുഞ്ഞുങ്ങളായ മനുഷ്യർ ഉൾപ്പെടെയുള്ള ജീവികൾക്ക് ദൈവമായ ഭൂമി ചെയ്യുന്ന സേവനങ്ങൾക്ക് വേതനം കൊടുക്കണമെന്ന് 'വിശേഷ ബുദ്ധി ലഭിക്കാത്തവരായ മറ്റുള്ള ജീവികൾ' ആവശ്യപ്പെടുന്നില്ല; വിശേഷ ബുദ്ധി ലഭിച്ച മനുഷ്യർ ആവശ്യപ്പെടുകയും, കൊടുത്തില്ലെങ്കിൽ മൂലകങ്ങളുടെ ശാസ്ത്ര നിയമങ്ങളിൽ ഇല്ലാത്ത വേതനങ്ങളെ നികുതികളെന്ന പേരിൽ ജനങ്ങളിൽ നിന്നും പിടിച്ചു വാങ്ങുകയും ചെയ്യുന്നു.

പഴയ ഒരു ഗ്രന്ഥത്തിൽ നിന്നും അല്പം ഉദ്ധരിക്കുന്നു. Quote :

അഭ്യസ്തവിദ്യരെന്ന വിചാരത്തോടെ ജീവിക്കുന്ന വിവരദോഷികൾ നികുതി കാര്യാലയങ്ങളിലെ ഉദ്യോഗസ്ഥർ എന്ന കള്ളപ്പേരോടെ ജനങ്ങളെ കൊള്ളയടിച്ച് "കൊള്ളസംഘങ്ങൾക്കു" നൽകുന്നു. കൊള്ളയടിച്ച സമ്പത്തിൽ നിന്ന് "കൊള്ളസംഘങ്ങൾ" നൽകുന്ന ഉയർന്ന വേതനങ്ങളെയും ജീവിത സൗകര്യങ്ങളെയും നക്കാപ്പിച്ചകളെയും കൈപ്പറ്റിക്കൊണ്ട് അവരും കുടുംബങ്ങളും ജീവിക്കുന്നു. മണ്ണിന്റെ നിയമങ്ങളെ അവഗണിച്ചു കൊണ്ടുള്ള ദൈവീകമല്ലാത്ത ജീവിതം! മണ്ണിന്റെ നിയമങ്ങളുമായി ബന്ധമില്ലാത്ത കാര്യങ്ങളാകയാൽ നികുതികളെ 1%, 10%, 100%, 1000%, .....% എന്നിങ്ങനെ എത്രയെത്ര കൂട്ടിയും കുറച്ചും നിശ്ചയിക്കാൻ വിവരദോഷികളും കൊടും കൊള്ളക്കാരുമായ ഭരണാധികാരികൾക്കു കഴിയുന്നതാണ്. അതിനതിന് നികുതികളെ ക്കൊണ്ടും നികുതി ക്കണക്കുകളെ സൂക്ഷിക്കുക എന്ന അധമ പ്രവൃത്തികൾ കൊണ്ടും, ഉദ്യോഗസ്ഥർ എന്ന് തെറ്റിദ്ധരിച്ചു ജീവിക്കുന്ന നികുതി കാര്യാലയങ്ങളിലെ അധമരെക്കൊണ്ടും പൊറുതിമുട്ടുന്ന ജനങ്ങളെല്ലാം മനോരോഗങ്ങൾ കൊണ്ട് അരിശത്തിലാവുന്നത് സ്വാഭാവികം മാത്രം.

ജനങ്ങളെ ഭിന്നിപ്പിച്ചു ഭരിക്കുക (Divide and Rule) എന്ന കുടില തന്ത്രത്തിനു സമാനമായി ജനങ്ങളുടെ പൊതു ആവശ്യങ്ങളായ വസ്തുക്കളെയും സേവനങ്ങളെയും ഭിന്നിച്ച് ഭിന്നങ്ങളായ നികുതികളെ ഏർപ്പെടുത്തുകയും അവയെ ത്തന്നെ വീണ്ടും ഭിന്നിക്കുകയും 'സ്ഥിരതയില്ലാതെ' നികുതികളെ തുടരെത്തുടരെ വർദ്ധിപ്പിക്കുകയുമാണ് 'കൊടിയ കൊള്ളക്കാരായ ഭരണാധികാരികൾ' ചെയ്തു പോരുന്നത്. സമൂഹത്തിന്റെ പൊതുവായ ആവശ്യങ്ങളെ മാത്രം ശ്രദ്ധിക്കുവാൻ ബാദ്ധ്യസ്ഥരായ സേവകരുടെ സാമ്പത്തിക ആവശ്യങ്ങളെ മണ്ണിൽ മഹാലയിച്ചിട്ടുള്ള സാമ്പത്തിക ശാസ്ത്ര പ്രകാരം മഹാമംഗളമായി പരിഹരിക്കാൻ കഴിയുന്നതാണ്... ഇന്ത്യയെ പോലുള്ള രാജ്യങ്ങളിൽ, നികുതികൾ ചുമത്താതിരുന്നാൽ സർവ്വ സാധനങ്ങളും സേവനങ്ങളും വളരെ ചെറിയ ചെലവിൽ ജനങ്ങൾക്കു ലഭിക്കുന്നതാണ്. Unquote:

ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാൻ പണം വേണം. പൊതുവായ ആവശ്യങ്ങളെ നിശ്ചയിക്കുന്നത് ജനങ്ങളാവണം; മൂലകങ്ങളിലെ ശാസ്ത്ര നിയമങ്ങൾ പ്രകാരവും ആവണം. ധർമ്മശാസ്ത്ര വിരുദ്ധമായ പ്രവൃത്തികളിലൂടെ ജനസേവകരായി മാറിയവർ പൊതുവായ ആവശ്യങ്ങളെന്ന പേരിൽ തട്ടിക്കൂട്ടുന്നവ ഏറെയും പൊതുവായ ആവശ്യങ്ങളല്ലാ എന്ന് മുകളിൽ തൊഴിലുകളെ 'ശുചിത്വം, അത്യാവശ്യം, ആവശ്യം- വിനോദം' എന്നിങ്ങനെ വിശകലനം ചെയ്ത് വിശദീകരിച്ചതാണ്. മൂലകങ്ങളിലൂടെ ഭൗതികമായ അസ്തിത്വം ഇല്ലാത്തതായ പ്രവൃത്തികൾ തൊഴിൽ അല്ലെന്നു വിശദീകരിച്ചു കൊണ്ട് സമൂഹത്തിൽ ഇന്നുള്ള അനേകം സംവിധാനങ്ങളെയും, അവ തട്ടിക്കൂട്ടിയ നിയമസഭകളെ തന്നെയും പിരിച്ചു വിടണമെന്നും, എങ്ങനെയാണ് അത് സാദ്ധ്യമാവുകയെന്നും മഹാശാസ്ത്ര പരമായി വിശകലനം ചെയ്ത് വിശദീകരിച്ചതാണ്.

ജീവിക്കുന്നത് വ്യക്തികളായ ആത്മാക്കളാണ്; ആനന്ദം ലഭിക്കുന്നത് ഓരോ വ്യക്തിക്കുമാണ്. ആനന്ദങ്ങളെ നൽകുന്നത് മറ്റുള്ള ജീവികളുടെയും മനുഷ്യരുടെയും ആത്മാക്കളാണ്; പിന്നെ മഹാദാസരായ മൂലകങ്ങളും ആണ്. മാധ്യമം ആയി പ്രവർത്തിക്കുന്നത് മൂലകങ്ങളും അവയുടെ രൂപാന്തരമായ ശരീരവും മാത്രമാണ്. അതുകൊണ്ടുതന്നെ മാധ്യമം ആയ 'മൂലകങ്ങളും ശരീരവും ജലവും ഓക്സിജനും ചേർന്ന ഭൂമി' ആത്മാവിനെ ശരീരത്തിൽ നിന്നും പുറത്താക്കി മനുഷ്യരുടെ തജ്ജന്മത്തിലെ ജീവിതം അവസാനിപ്പിക്കുമ്പോൾ, പുതിയ ഒരു ശരീരത്തെ, ഓംകാര നീതി ശാസ്ത്രം പ്രകാരം, ഭൂമി നൽകുന്നതു വരെ ആത്മാവിന്റെ ആനന്ദങ്ങളും മരവിക്കുന്നു. മുമ്പ് ജീവിയായിരുന്നപ്പോൾ ഭാഗമായിരുന്ന സ്ഥാപനങ്ങൾ അപ്പോഴും മറ്റുള്ളവർ പ്രവർത്തിപ്പിക്കുന്നുണ്ടാവും. എന്നാൽ ശരീരമായ ഭൂമി പുറത്താക്കിയ ആത്മാവിന്റെ മേലുള്ള മഹാനീതിയുണ്ട്. ജീവി മനുഷ്യാവസ്ഥയിലെ 100-ാംജന്മത്തിൽ നേടണമെന്ന് ഭൂമി നിശ്ചയിച്ചിട്ടുള്ള മോക്ഷത്തിൽ ആത്മാവിനെ സമ്പൂർണ്ണമായി സ്വതന്ത്രമാക്കുന്നുണ്ട്. മഹാനീതിയുടെ ഭാഗമായി അപരാധങ്ങളെ ശിക്ഷിച്ചു തിരുത്തിയ ശേഷം മാത്രമേ മോക്ഷം നൽകുകയുള്ളൂ.

**വ്യത്യസ്തങ്ങളായ എല്ലാ ആത്മീയ തട്ടിപ്പുകാരും പ്രചരിപ്പിച്ചിട്ടുള്ളതുപോലെ നാമജപങ്ങളും, സ്തുതികളും, ആചാരങ്ങളും, അനുഷ്ഠാനങ്ങളും, ദേവാലയങ്ങളിലെ വഴിപാടുകളും പൂജകളും മറ്റും കൊണ്ട്, ഭൂമിയായ ഏകദൈവത്തെ പ്രസാദിപ്പിക്കാൻ കഴിയുന്നതല്ല. സർവ്വത്തിനും അതീതവും ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയുമായ ഭൂമിയെ കൈക്കൂലി പോലെയുള്ള അസംബന്ധങ്ങളെ കൊണ്ട് അറിഞ്ഞും അറിയാതെയും നിന്ദിക്കുന്ന കുറ്റത്തിന് പുതിയ ദൈവ ശിക്ഷകൾകൂടി ലഭിക്കുകയാവും ഫലത്തിൽ സംഭവിക്കുക.**

ഭൂമി യാതൊരു സൃഷ്ടികളെയും ദൈവകാര്യങ്ങൾ ഏല്പിക്കുന്നില്ല. ഭൂമിയുടെ അംശമായ മൂലകങ്ങളിലൂടെയും രൂപാന്തരമായ ശരീരത്തിലൂടെയും ഭൂമി നൽകിയാൽ മാത്രമേ ഏതൊരു വ്യക്തിക്കും/ ആത്മാവിനും എന്തെങ്കിലും ചെയ്യാനുള്ള ശക്തിയും ജ്ഞാനവും ലഭിക്കുകയുള്ളൂ എന്നിരിക്കെ, സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ഭൂമിക്ക് സൃഷ്ടികളായ മനുഷ്യരുടെയോ, മറ്റുള്ള ജീവികളുടെയോ, ദേവതകളുടെയോ സഹായം യാതൊന്നിനും ആവശ്യമില്ല. ദൈവകാര്യങ്ങളുടെ പേരിൽ വ്യാജവാർത്തകളും ആശയങ്ങളും വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും തട്ടിക്കൂട്ടാനും സാധാരണ ജനങ്ങളെ കബളിപ്പിച്ച് ജീവിക്കാനും പരിശ്രമിക്കുന്ന തട്ടിപ്പുകാരെ അമർച്ച ചെയ്യാൻ ശരീരത്തിന്റെ പ്രാധാന്യം എടുത്തു കാട്ടുന്നവർ സമൂഹത്തിലെ ഗ്രാമപഞ്ചായത്തുകളെയും സംസ്ഥാനങ്ങളെയും കേന്ദ്ര കൂട്ടായ്മയെയും നയിക്കണം.


ആത്മീയ ശാസ്ത്രമെന്നും, ദൈവശാസ്ത്രമെന്നും അവകാശപ്പെടുന്ന ഗ്രന്ഥങ്ങളെയും വിശ്വാസങ്ങളെയും അപേക്ഷിച്ച് സത്യങ്ങളെ കൂടുതൽ ഗ്രഹിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നത് ഭൂമിയിലെങ്ങുമുള്ള നിരീശ്വരവാദികളും യുക്തിവാദികളും സോഷ്യലിസ്റ്റുകളുമാണ്. വളരെ വലിയ തെറ്റ് അവർക്കും സംഭവിച്ചിട്ടുള്ളത് മഹാശാസ്ത്ര പരമായി ഈ ദിവ്യ മഹാഗ്രന്ഥത്തിൽ തെളിയിച്ചിട്ടുണ്ട്.

# ഏകദൈവമായ

# ഭൂമി





**ആദ്യ മഹാകാലചക്രത്തിൽ പശുവും പശുപതിയുമായിക്കൂടി കുഞ്ഞുങ്ങളായ : മനുഷ്യരെയും, മറ്റുള്ള ജീവികളെയും, മനുഷ്യരിൽ നിന്നും ദേവതകളായി നിയമിച്ചവരെയും, മഹാവാത്സല്ല്യത്തോടെ മഹാദാസരായി സേവിച്ചു.**

**1000കോടി+4500 വർഷങ്ങൾക്കു ശേഷം മനുഷ്യരൂപത്തിൽ**

## ദിവ്യമഹാദേവിയും മഹാദേവനുമായി,

**കുഞ്ഞുങ്ങളായ ജീവികളുടെ മഹാദാസരായി വീണ്ടും..**

**ജലം എന്ന സത്യത്തിന്റെ ഗുണങ്ങളാണ് ജലത്തിന്റെ ധർമ്മം. ജലത്തിന്റെ സൃഷ്ടിക്കായി ആവിഷ്ക്കരിച്ച ഗുണങ്ങളായ ധർമ്മത്തെ ഒന്നിപ്പിച്ചപ്പോൾ ജലം എന്ന സത്യം ഉണ്ടായി. ജലത്തെയും ഗുണങ്ങളെയും വേർപിരിച്ചാൽ പിന്നെ അവിടെ ജലം എന്ന സത്യം ഇല്ല.**
'മായാശക്തി' കൊണ്ട് സത്യത്തെയും ധർമ്മത്തെയും ഒന്നിപ്പിച്ചിരിക്കുകയാണ്. ഭൗതികശാസ്ത്രം, ധർമ്മശാസ്ത്രം എന്നിവയെ ഒന്നിപ്പിച്ചാണ് മൂലകങ്ങളും അവയുടെ മൊത്തമായ ഭൂമിയും അവതരിച്ചിട്ടുള്ളത് എന്നതുപോലെ.

**സത്യം = ധർമ്മം എന്നും, 1000 കോടിയിലേറെ വർഷങ്ങളായി നിലനിൽക്കുന്ന മഹാസത്യമായ പ്രപഞ്ചം = സനാതന ധർമ്മം എന്നും ലളിതമായി മനസ്സിലാക്കാനാവും.**

**ഈ ദിവ്യ മഹാവേദ ഗ്രന്ഥത്തിന്റെ രണ്ടാം ഭാഗത്തിലെ ബ്രഹ്മപാഠങ്ങളിൽ ശിവ ചക്രം, ശക്തി ചക്രം, ശബ്ദബ്രഹ്മം കൂടിയായ ഓം, ഓംകാരം, ഓംകാര നീതിശാസ്ത്രം തുടങ്ങിയവയെ ലളിതമായും മഹാശാസ്ത്ര പരമായും വിശദീകരിച്ചിട്ടുണ്ട്.**

**മണ്ണായ ഭൂമിയിലെയും, ഭൂമിയിലെ മൂലകങ്ങൾ കൊണ്ട് നിർമ്മിച്ചിട്ടുള്ള ശരീരത്തിലെയും നിയമങ്ങളെ സ്വയം വിശകലനം ചെയ്യാനും ഉത്തരങ്ങളെ കണ്ടെത്താനുമുള്ള ബുദ്ധിശക്തികളെ ഭൂമി ഏറെപ്പേർക്കും നൽകിയിട്ടുണ്ട്. വ്യക്തിക്ക് ആനന്ദത്തെ നൽകുന്നതായ വിഷയങ്ങളെയും വസ്തുതകളെയും വ്യക്തി കൂടി അദ്ധ്വാനിച്ചു നേടുമ്പോൾ കൂടുതൽ ആനന്ദിക്കാനാവും എന്ന അർത്ഥത്തിൽ മേൽവാചകത്തെ ഉൾക്കൊള്ളാൻ കഴിയട്ടെ.**

# ഉടനെ ആരംഭിക്കുന്ന ദൈവ വിപ്ലവത്തിനു മുന്നൊരുക്കമായി

# ദൈവകാര്യങ്ങളെ

## മഹാശാസ്ത്ര പരമായി വിവരിക്കുമ്പോൾ,

**മതങ്ങളെന്ന പേരിൽ ഭൂമിയിലുള്ള ആത്മീയ ആശയങ്ങളുടെയും തട്ടിപ്പുകളുടെയും സത്യാവസ്ഥയെ സൂചിപ്പിക്കേണ്ടത് മതവിശ്വാസികളായി ഭാവിക്കുന്ന കുഞ്ഞുങ്ങളോടള്ള മഹാവാത്സല്ല്യ ബാദ്ധ്യതയാണ്.**

**വിശ്വാസികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ 1, 2, 3, 4 എന്ന ക്രമത്തിൽ ചില സത്യങ്ങൾ കൂടി ലയിച്ചിട്ടുള്ളതായ നാല് പ്രമുഖ മതങ്ങളുടെ സത്യാവസ്ഥ അറിയിക്കുന്നു.**

### ക്രിസ്തു മതം

ക്രൈസ്റ്റ് സത്യമാണ്; മതം സത്യമല്ല. ക്രൈസ്റ്റിനെ അയച്ചത് പ്രധാനമായും പിശാചുക്കളുടെ രാജാവെന്നോണം അധഃപതിച്ച ഒരു ദേവതയെ അവസാനിപ്പിക്കാൻ വേണ്ടിയായിരുന്നു എന്ന് 'മഹാവേദം' എന്ന മഹാഗ്രന്ഥത്തിൽ വിശദീകരിക്കുന്നുണ്ട്. ദൈവത്തിന്റെ ഏകപുത്രൻ, മഹാപിതാവ്, പ്രതിനിധി, തുടങ്ങിയ വിശേഷണങ്ങൾ ക്രൈസ്റ്റിനു യോജിക്കുന്നത് എങ്ങനെയാണെന്നും, പരമാത്മാവ് കൂടിയായ **പരമശിവനെയാണ് ക്രൈസ്റ്റായിട്ട് അയച്ചതെന്നും** മേല്പടി മഹാഗ്രന്ഥത്തിൽ വിശദീകരിക്കുന്നുണ്ട്. പ്രാർത്ഥന അടിസ്ഥാന പരമായി സ്വകാര്യമാണ്. ഓരോ വ്യക്തിക്കും ദൈവത്തോടുള്ള പ്രാർത്ഥനയാകുന്ന ആവശ്യവും അപേക്ഷയും അവരവർ നിശ്ചയിക്കുന്നതാണ്. നോയമ്പ് വ്രതം, കൂട്ടപ്രാർത്ഥന, തുടങ്ങി ക്രിസ്തുമതം മുന്നോട്ടു വെക്കുന്ന അനവധി വിശ്വാസ കാര്യങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും അടിസ്ഥാന പരമായി മഹാശാസ്ത്ര വിരുദ്ധവും പൈശാചികവുമാണ്. ദൈവത്തിനും മനുഷ്യനും ഇടയിൽ മദ്ധ്യസ്ഥർ വേണ്ടെന്ന ക്രൈസ്റ്റിന്റെ ഉപദേശത്തെ തള്ളിയവർ ഒരു മതം കൂടി തട്ടിക്കൂട്ടിയത് ക്രൈസ്റ്റിന്റെ കുറ്റമല്ല.

## ഇസ്ലാം മതം

ദൈവത്തിന്റെ വിശേഷണങ്ങളിൽ 'ആദിയും അന്തവും ഇല്ലായ്മ' ഉൾപ്പെടും എന്നതിന് അപ്രകാരമുള്ള അസ്തിത്വം ഇല്ലെന്ന അർത്ഥമുണ്ട്. അതായത് അല്ലാഹു എന്നൊരു അസ്തിത്വമില്ല; ഏകദൈവമേയുള്ളൂ എന്നത് സത്യവുമാണ്. ഇസ്ലാമിക ചിഹ്നമായി വിശേഷിപ്പിക്കുന്ന 'ചന്ദ്രക്കലയും നക്ഷത്രവും' വലിയ ഒരു സത്യത്തെയും സംവിധാനത്തെയും കുറിക്കുന്നുവെന്ന് ഇസ്ലാം മത വിശ്വാസികൾക്കു പോലും അറിയില്ല. ഏകദൈവവും ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതും മഹാശാസ്ത്രപരം മാത്രവുമായ 'ഭൂമി', പൊന്നോമന കുഞ്ഞുങ്ങളായ മനുഷ്യരുടെ മോക്ഷകാര്യങ്ങളെ മംഗളമാക്കാനായി ഏകദൈവമായ മഹാദേവിയും, ഭാഗമായ മഹാദേവനുമായി അവതരിക്കുമ്പോൾ, മഹാദേവിയുടെ പ്രതിനിധി കൂടിയായ പരമശിവന്റെ ശിരസ്സിലെ ഇടതു നെറ്റിയിൽ ചിത്രണം ചെയ്തിട്ടുള്ള ചന്ദ്രക്കലയും നക്ഷത്രവും തലമുടിക്കെട്ടിൽ പ്രത്യക്ഷമാകുന്നതാണ്. ചന്ദ്രക്കല വിശദമായ ചന്ദ്രധർമ്മവും, നക്ഷത്രം സംഹാര കാലത്ത് പരമശിവനിലൂടെ നിർവ്വഹിക്കുന്ന മനുഷ്യരുടെ മോക്ഷത്തെയും അറിയിക്കുന്നു.

പഴയ ഒരു സൃഷ്ടിചക്രത്തിൽ, കേരളത്തിലെ പാലക്കാടിനടുത്ത്, കാട്ടുകുളം പരിയാനമ്പറ്റയിലെ ഒരു ദേവാലയത്തെ കേന്ദ്രമാക്കി ധർമ്മാംബിക എന്ന ഒരു ദേവത/ മാലാഖ / മലക്ക് 16 കൈകളോടെ വാണിരുന്നു. പ്രായേണ മഹാപുരുഷഭാവം ഉണ്ടാവുകയും സ്വന്തം പേര് തന്നെ മറക്കുകയും ചെയ്ത അതിശക്തിശാലിയായ ദേവത അല്ലാഹു എന്ന നാമത്തിൽ അറിയപ്പെട്ടതും പിന്നീട് പിൻവലിക്കപ്പെട്ടതും 'മഹാവേദം' എന്ന മഹാഗ്രന്ഥത്തിലുണ്ട്. നോയമ്പ് വ്രതം, കൂട്ടപ്രാർത്ഥന, കുളിച്ചു കഴിഞ്ഞും വുളു, തുടങ്ങി ഇസ്ലാം മതത്തിലെ വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളുമെല്ലാം മഹാശാസ്ത്ര വിരുദ്ധവും പൈശാചികവുമാണ്. ദൈവമായ ഭൂമിയുടെ അംശമായ ശരീരവും മൂലകങ്ങളും വിശപ്പ് ഉണ്ടാക്കുന്നതും ദഹനം, വിസർജ്ജനം, തുടങ്ങിയവ ചെയ്യുന്നതും കുഞ്ഞുങ്ങൾക്കു വേണ്ടിയാണ്. വിശക്കുമ്പോൾ ഭക്ഷണം കഴിക്കാത്തവർ വിസർജ്ജനം മുട്ടുമ്പോൾ വിസർജ്ജിക്കാതെയും ദൈവ നിന്ദ പരിശീലിക്കാഞ്ഞത് കാര്യമായി. ലിംഗാഗ്ര ചർമ്മം മുറിച്ചു കളഞ്ഞ കേമന്മാരായ മതപുരോഹിതന്മാരുടെ ഇഷ്ടങ്ങളെ വിഷയമാക്കാതെ അവരുടെ കുഞ്ഞുങ്ങൾ ലിംഗാഗ്ര ചർമ്മത്തോടെ ജനിക്കുമ്പോൾ, വിശേഷബുദ്ധി ഉപയോഗിക്കാതെ ദൈവ കാര്യങ്ങളിൽ ഇടപെടുന്നതിനെതിരെ ദൈവമായ ഭൂമി താക്കീത് നൽകുന്നുണ്ട്. ഉടനെ ആരംഭിക്കുന്ന ദൈവ വിപ്ലവത്തോടെ എല്ലാ ദേവാലയങ്ങളിലും ശിവലിംഗം മാത്രം പ്രതിഷ്ഠിക്കപ്പെടുന്നതാണ്.

## ബുദ്ധ മതം

പ്രപഞ്ചത്തിന്റെ സത്യങ്ങളെ തേടിയ ഒരു രാജകുമാരൻ, ബോധം ലഭിച്ച് നിനക്ക് നീ തന്നെ ദീപമായിരിക്കുക, അഹിംസ, സത്യം, ധർമ്മം, തുടങ്ങിയവയ്ക്ക് ഊന്നൽ നൽകി ജീവിക്കാൻ ചുറ്റുമുള്ള ജനങ്ങളെ ഉപദേശിച്ചു ജീവിച്ചു എന്നാണ് മനസ്സിലാക്കുന്നത്; കൃത്യമായി അറിയില്ല. പരമശിവനെയാണ് ബുദ്ധൻ, ക്രൈസ്റ്റ്, കാളിദാസൻ, ഗാന്ധിജി തുടങ്ങിയവരായി അയച്ചതെന്ന് വെളിപാടുകൾ ലഭിച്ചിട്ടുണ്ട്.

ക്രൈസ്റ്റിന്റെ കാര്യത്തിൽ ഗ്രന്ഥകാരനെ ഞെട്ടിച്ചു കൊണ്ട് ഹൃദയത്തിന്റെ ഉള്ളറകളിൽ നിന്നും സുവ്യക്തമായി മലയാള ഭാഷയിൽ സംസാരിച്ചു കൊണ്ട് മഹാദേവി അറിയിക്കുകയായിരുന്നു. ഓം സത്യം.

## ഹിന്ദു മതം

ഭൂമിയും മഹാമാതാവുമായ 'മഹാദേവി' കേരളത്തിലെ ഒരു ഹിന്ദു കുടുംബത്തിൽ അവതരിച്ചു കഴിഞ്ഞത് 2008-ലെ ഒരു സുപ്രഭാതത്തിലാണ് തികച്ചും അവിചാരിതമായി 'ബ്രഹ്മമായ മഹാദേവി' ഈയുള്ളവനെ അറിയിച്ചത്. ഈയുള്ളവന്റെ ഈജന്മ മകളേക്കാൾ പ്രായം കുറഞ്ഞ, അറിയുന്ന കുട്ടിയാണ്. മഹാദേവിയായ കുട്ടിയെ അന്നേദിവസം വീട്ടിൽ പോയി കണ്ടപ്പോൾ, കുട്ടിയുടെ 18-ാമത് ജന്മദിനമാണെന്ന വിശേഷവും കേട്ടു. ഈയുള്ളവൻ അറിയുന്ന കുടുംബത്തിൽ വിവാഹം കഴിഞ്ഞ് ഇപ്പോൾ രണ്ടു കുട്ടികളുമായി മഹാദേവി പ്രകടമാണ്. ബ്രഹ്മം കുട്ടിയോട് ചേർന്നു കഴിഞ്ഞു എന്നാണ് ഈയുള്ളവൻ മനസ്സിലാക്കുന്നത്. കൃത്യമായി അറിയില്ല.

വലം കൈയ്യിലെ കുഞ്ഞാണി വിരലിൽ ഒരു കൊച്ചു പമ്പരം പോലെ മഹാപ്രപഞ്ചത്തെ വട്ടം തിരിക്കുന്ന മഹാശക്തിയും ഭൂമിയും ഏകദൈവവും മഹാമാതാവുമായ മഹാദേവിയുടെ മഹാജാലങ്ങളും മായാശക്തികളും മഹാകരുണ കൊണ്ടു മാത്രം വളരെയധികം അനുഭവിച്ചറിയുന്ന മഹാദാസനായ ഈയുള്ളവന് മഹാദേവി മഹാദാനമായി നൽകുമ്പോൾ മാത്രമാണ് ജ്ഞാനവും ശക്തിയും ലഭിക്കുന്നത്.

ശേഷം കാര്യങ്ങൾ എങ്ങനെയാണെന്ന് മഹാദേവിക്കു മാത്രമേ അറിയൂ; മഹാദാസനായ ഈയുള്ളവന് അറിയില്ല.

മഹാദേവി 'മായ' പ്രത്യക്ഷമാക്കുകയും മഹാചിരി കൂടിയായ **ഓം** ഭൂമിയിലെങ്ങും മുഴക്കി ക്കൊണ്ട് ദൈവ വിപ്ലവം ആരംഭിക്കുകയും ചെയ്യുമ്പോൾ ഈയുള്ളവനെ സിംഹമായി മഹാഅനുഗ്രഹിക്കുമെന്നും, സിംഹത്തെ ആസനമാക്കി ക്കൊണ്ട് മഹാനീതിയും മഹാഭരണാധികാരിയുമായ മഹാദേവി അനേകർക്ക് മഹാദർശനം നൽകുമെന്നും ഒക്കെ ഈയുള്ളവൻ കരുതുന്നുണ്ട്.

**സിംഹമാകുന്ന ആസനമാണ് സിംഹാസനം; സിംഹാസനത്തിൽ ഇരിക്കുന്നത് മഹാദേവി മാത്രവും.**

## ദൈവ വിപ്ലവം ഉടൻ !

**ദൈവ വിപ്ലവം ഉടൻ ആരംഭിക്കുമ്പോൾ ദൈവ കാര്യങ്ങളെ ഉയർത്താനായി നിശ്ചയിച്ചിരിക്കുന്ന മഹാഭാരതത്തിലെ ദൈവകാര്യത്തിൽ ഭൂമിയും മഹാമാതാവും ഏകദൈവവുമായ മഹാദേവിയും, ഭാഗവും മഹാദാസനും മഹാദേവനുമായ പരമശിവനും മാത്രമാണ് ഉണ്ടാവുക എന്നാണ് വ്യക്തമാക്കിയത്.**

**വളരെയധികം ദൈവങ്ങളും ദേവന്മാരും ദേവതകളും യക്ഷിയും ഗന്ധർവ്വനും നാഗദൈവങ്ങളും ... ഒക്കെ ഹിന്ദുമതത്തിൽ ഉണ്ടെന്നിരിക്കെ, അവരുടെ കാര്യങ്ങളെ എന്തുകൊണ്ടാണ് പരാമർശിക്കാത്തത് ... അവരുടെ സ്ഥാനമെന്ത് ... തുടങ്ങിയ സംശയങ്ങളും ചോദ്യങ്ങളുമുണ്ട്; ഈ അദ്ധ്യായത്തിൽ തന്നെ പിന്നീട് വിശദമാക്കുന്നുണ്ട്.**

ഒരു വൈറസ് രോഗം വന്നതിനാൽ അനേകർക്ക് ദേവാലയങ്ങളിൽ പോകാൻ സാധിക്കുന്നില്ല; ശരി തന്നെ; എന്നുവച്ച് മനസ്സിൽ നിന്നും ദേവതകൾ ഇറങ്ങിപ്പോകില്ല.. പോകില്ലേ ? ഇന്നലെകളിലെ മുതിർന്നവരും മതഗ്രന്ഥങ്ങളും ചേർന്ന് അവർ **മാനുഷികമായി** കേട്ടതും പഠിച്ചതും വായിച്ചതുമായ മതകാര്യങ്ങളെ ഇന്നുകളിലെ ചെറുപ്പക്കാരിലും കുട്ടികളിലും പകർന്നു നൽകി. **മായാപരമായിട്ട് എന്തെങ്കിലും കാണാനും കേൾക്കാനും അനുഭവിക്കാനും കഴിഞ്ഞിട്ടുള്ളവർ അത്യപൂർവ്വം മാത്രം. അതുകൊണ്ടു തന്നെയാണ് ഒരു വൈറസ് രോഗം വന്നപ്പോൾ മരണാനന്തര ജീവിതവും മാങ്ങാത്തൊലിയുമല്ല; തജ്ജന്മത്തിലെ ജീവിതമാണ് പ്രധാനമെന്ന ബോധം കൊണ്ട് ദേവാലയങ്ങളിൽ നിന്നും അകന്നു നിന്നത്.**

എല്ലാ മതക്കാരിലും ഏറെക്കുറെ സമാനമായിട്ടാണ് സംഭവിക്കുന്നത്..... മായാപരമായിട്ട് മഹാത്ഭുതങ്ങളെ കാണാനും കേൾക്കാനും സാധിക്കുമ്പോൾ എന്താണ് സംഭവിക്കുന്നത് ? ഞെട്ടലും പരിഭ്രമവും ഭയവും ഭക്തിയും സന്തോഷവും ആവേശവും ഒക്കെ ഉണ്ടാകും. അത്ഭുതങ്ങളുടെ ഉറവിടവും ശാസ്ത്രവും, വ്യക്തികൾ പുലർത്തിയിരുന്ന ധാരണകൾക്ക് വിരുദ്ധമാണ് എന്നറിയുമ്പോൾ, പഴയത് കളയാനും പശ്ചാത്തപിക്കാനും സത്യങ്ങളായ പുതിയവ സ്വീകരിക്കാനുമാണ് വെമ്പുക.

**ഭൂമിയുടെ അംശമായ മൂലകങ്ങളിൽ നിന്നും അവയുടെ രൂപാന്തരമായ (സ്വന്തം ഉൾപ്പെടെ ജീവികളുടെ) ശരീരങ്ങളിൽ നിന്നും തുടർച്ചയായി ഒരാൾക്ക് 3 വർഷം കേൾക്കാൻ കഴിയും വിധം 33 വർഷക്കാലം ഭൂമിയിൽ മുഴുവനും ഓം ധ്വനിക്കുന്നതിന്റെ കാര്യകാരണങ്ങളെ അന്വേഷിക്കാൻ ഭൂമിയിലെ ആരോഗ്യമുള്ള ഏറെക്കുറെ മുഴുവൻ മുതിർന്നവരും കുട്ടികളും തയ്യാറാകുന്നതാണ്. ദൈവ കാര്യങ്ങളിലെ സത്യങ്ങളെ മറയ്ക്കാൻ യാതൊരാളും ശ്രമിക്കുന്നതല്ല; ശ്രമിക്കാനും മറയ്ക്കാനും യാതൊരാൾക്കും കഴിയുന്നതുമല്ല.**

ഭൂമിയിലെ എല്ലാ രാജ്യങ്ങളിലെയും എല്ലാ മതങ്ങളും ജാതികളും വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും ആരാധനകളും മന്ത്രങ്ങളും പൂജകളും ഹോമങ്ങളും വഴിപാടുകളും യജ്ഞങ്ങളും യാഗങ്ങളും തപസ്സുകളും ... എല്ലാം ധർമ്മശാസ്ത്ര വിരുദ്ധമാണ്. എന്നുവെച്ചാൽ ദൈവീകമല്ല; ഭാഗികമായോ പൂർണമായോ പൈശാചികവുമാണ്. ചുമന്നു പോന്ന ഗ്രന്ഥങ്ങളെ മുഴുവൻ അവരവർ തന്നെ ചുട്ടെരിക്കുന്നതാണ്.

മഹാശാസ്ത്ര പരമായി നിർമ്മിച്ച ഒരു ദേവാലയം പോലും ഭൂമിയിൽ ഇല്ലെന്നിരിക്കെ, ഭൂമിയിലെ എല്ലാ ദേവാലയങ്ങളെയും ഭാഗികമായോ പൂർണമായോ തച്ചുടച്ചു കൊണ്ട് ഭൂമിയിലെ ദേവാലയങ്ങളിൽ മുഴുവൻ മഹാശിവലിംഗത്തെ മാത്രം സ്ഥാപിക്കുന്നതാണ്. മഹാശാസ്ത്ര പരമായി ദേവാലയം നിർമ്മിക്കുന്നത് എങ്ങനെയാണെന്ന് Devaalayam.pdf എന്ന മലയാളം ഭാഷയിലെ ഗ്രന്ഥത്തിൽ വിശദീകരിക്കുന്നുണ്ട്.

**ദൈവ കാര്യങ്ങളിലെ സത്യങ്ങളെ അറിയാൻ കഴിയുന്നതിന്റെ ഒപ്പം ദൈവീകമായ സാമ്പത്തിക ശാസ്ത്രം ഉൾപ്പെടെ ജനങ്ങളുടെ പൊതുവായ കാര്യങ്ങളെയും സ്വകാര്യങ്ങളെയും ഭരണശാസ്ത്രത്തെയുമെല്ലാം മഹാശാസ്ത്ര പരമായി മനസ്സിലാക്കാൻ കഴിയുന്നതോടെ ഭൂമിയിലെ എല്ലാ രാജ്യങ്ങളിലും അഹിംസയിൽ ഉറച്ചു നിന്നു കൊണ്ട് സമ്പൂർണ്ണമായ വിപ്ലവം ജീവിതത്തിലെ എല്ലാ മേഖലകളിലും ഉണ്ടാകുന്നതാണ്.**

ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളിൽ മഹാദാസ്യം, മഹാവാത്സല്ല്യം എന്നിവയെ മാത്രം 2 ദൈവ-ആനന്ദങ്ങളായി ആവിഷ്ക്കരിച്ചുകൊണ്ട് അനന്തമായ ആനന്ദങ്ങളെ ജീവികൾക്ക് സൃഷ്ടിച്ചു നൽകുന്ന സർവ്വത്തിനും അതീതമായ ഭൂമിക്ക് മനുഷ്യർ ഉൾപ്പെടെ യാതൊരു സൃഷ്ടികളിൽ നിന്നും യാതൊന്നും വേണ്ടാ. പ്രീതി, നീതിക്ക് തടസ്സവുമാണ്. എല്ലാ ജീവികളും ഭൂമിയുടെ കുഞ്ഞുങ്ങൾ ആണെന്നത് ഉൾക്കൊണ്ട്, ജീവികളുടെ ശരീരത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ധർമ്മശാസ്ത്രപ്രകാരം അവരവർക്കു വേണ്ടി ആനന്ദിച്ചു ജീവിച്ചാൽ മാത്രം മതിയാകും. മറ്റ് കുഞ്ഞുങ്ങളുടെ ആനന്ദങ്ങളെ തട്ടിത്തെറിപ്പിക്കുകയും തട്ടിപ്പറിക്കുകയും പോലുള്ള അധർമ്മങ്ങളും ചൂഷണങ്ങളും അരുത്.

**ഭൂമിയിലുള്ള എല്ലാ ജീവികളും, എല്ലാ മനുഷ്യരും മഹാമാതാവായ ഭൂമിയുടെയും മഹാപിതാവായ പരമശിവന്റെയും കുഞ്ഞുങ്ങളാണെന്നു തിരിച്ചറിഞ്ഞ്, ധർമ്മശാസ്ത്ര പ്രകാരം കുഞ്ഞുങ്ങൾ അന്യോന്യം സ്നേഹിക്കുകയും സഹായിക്കുകയും സഹകരിക്കുകയും ചെയ്യുക; ഭൂമിയായ ഏകദൈവത്തെ പ്രീതിപ്പെടുത്താൻ മറ്റു മാർഗ്ഗങ്ങൾ യാതൊന്നുമില്ല. അപ്രകാരം ചെയ്യുന്ന കുഞ്ഞുങ്ങളുടെ പാദങ്ങളുടെ അടിയിൽ ഇക്കിളി സൃഷ്ടിച്ച് 'മഹാനീതിയും മഹാദാസിയുമായ ഭൂമി മഹാവാത്സല്ല്യത്തെ' തീർച്ചയായും സുവ്യക്തമായി പ്രകടിപ്പിക്കുന്നതുമാണ്.**

**ആത്മാവിനും ഭൗതികമായ അസ്തിത്വം ഉണ്ടെന്നു വരുമ്പോൾ, മഹാനീതിശാസ്ത്ര പ്രകാരം പല ജീവികളുടെയും രൂപം സ്വീകരിക്കേണ്ടി വരുന്ന ആത്മാവിന് അടിസ്ഥാന പരമായി ജീവികളുടെ രൂപമല്ലാത്ത ഒരു രൂപവും ഭാവവും ഘടനയും ഉണ്ടെന്നാണ് അർത്ഥം. വിശേഷ ബുദ്ധി ലഭിക്കുന്ന മനുഷ്യാവസ്ഥയിൽ ആത്മാവിന് മോക്ഷം എന്ന ജീവി-രൂപത്തിന് അതീതമായ നക്ഷത്ര പദവി ലഭിക്കുന്നതിനെ മഹാശാസ്ത്ര പരമായി മനസ്സിലാക്കാൻ കഴിയുന്നതോടെ, ഭൂമിയെ മഹാശക്തിയായ ദൈവമായി തിരിച്ചറിയുന്നതാണ്.**

**എല്ലാ സൃഷ്ടി ചക്രങ്ങളുടെയും രണ്ടാമത്തെ പകുതിയിലെ ദൈവ വിപ്ലവത്തിനു മുന്നോടിയായി മത്സ്യാവതാരത്തിലൂടെ വീണ്ടെടുക്കുന്ന വേദങ്ങളിൽ, 'ബ്രഹ്മം' ശക്തിചക്രമായ ഭൂമിയോട് ചേരുമ്പോൾ 'മഹാശക്തിചക്രമായ ദൈവമായി ഭൂമി മാറുന്നതായി ബ്രഹ്മപാഠങ്ങളിൽ' പറയുന്നുണ്ടെങ്കിലും, മനുഷ്യരുടെയും ദേവതകളുടെയും അലംഭാവം നിമിത്തം മഹാശക്തിയായ ദൈവമാണ് ഭൂമി എന്ന മഹാപാഠം നാളിതുവരെ സ്ഥാപിക്കപ്പെട്ടിട്ടില്ല.**

**'ദൈവങ്ങളാകാനും ദൈവത്തിന് ആരാധനകളും ആചാരങ്ങളും വഴിപാടുകളും പോലെ ഭോഷത്തങ്ങളായ ആനന്ദങ്ങളെ നിശ്ചയിക്കാനും' ഏറെക്കുറെ ആയിരം കോടി വർഷങ്ങളായി മനുഷ്യരും ദേവതകളും നടത്തി വരുന്ന കോപ്രായങ്ങളെ ഇപ്പോഴത്തെ മഹാസൃഷ്ടിചക്രം മുതൽ സ്ഥാപിക്കുന്ന മഹാ-സംവിധാനം പ്രകാരം ഏകമഹാശക്തിയും ഭൂമിയുമായ ഏകദൈവം എന്നന്നേക്കുമായി അവസാനിപ്പിക്കുകയാണ്.**

## ഭക്തി കൊണ്ട് ദൈവത്തെ പ്രീതിപ്പെടുത്താൻ കഴിയില്ല; ശ്രമിച്ചാൽ പാപവും ശിക്ഷയും ഉണ്ട്.

എല്ലാ ജീവികൾക്കും ആനന്ദത്തോടെ ജീവിക്കാൻ ആവശ്യമായ സർവ്വവും ഭൂമിയിൽ അനന്തമായി ഉണ്ട്; അതായത് എല്ലാമെല്ലാം ഭൂമിയായ ദൈവം ലഭ്യമാക്കുന്നത് അനന്തമായിട്ടാണ്. മഹാനീതി ശാസ്ത്ര പ്രകാരം കുഞ്ഞുങ്ങളെ ജനിപ്പിക്കുകയും, ജീവി(പ്പി)ക്കുകയും മരി(പ്പി)ക്കുകയും മോക്ഷം നൽകുകയുമാണ്. ലഭ്യമായ ചരിത്രം പ്രകാരം, ഭൂമിയിൽ ജീവിച്ചിട്ടുള്ള മനുഷ്യർ ഉൾപ്പെടെ എല്ലാ സൃഷ്ടികൾക്കും ജീവിക്കാൻ ആവശ്യമാണെന്ന് അവർ കരുതുന്ന എല്ലാമെല്ലാം എക്കാലവും നൽകിയിട്ടുള്ളത് ഏകമഹാശരണമായ ഭൂമി മാത്രമാണ്. നിർജ്ജീവമായും ജീവമായും ഭൂമിയെ കരുതുന്ന കുഞ്ഞുങ്ങൾ അവരിൽ പെട്ടവർക്കും, അവർക്ക് തോന്നുംപോലെ അന്യർക്കും ശരണം വിളിക്കുന്നതും, ദൈവങ്ങളായും ദേവതകളായും മറ്റുള്ളവരെയും തങ്ങളെ ത്തന്നെയും കരുതുന്നതും, ഭൂമി സൃഷ്ടിച്ചിട്ടുള്ളതായ എല്ലാ ആനന്ദങ്ങളും ഉൾപ്പെടെ സർവ്വത്തിനും അതീതമായ ഭൂമിയെ ബാധിക്കുന്നതല്ല; ധർമ്മശാസ്ത്ര വിരുദ്ധമായി ദേവതകളും മനുഷ്യരും മറ്റും പ്രവർത്തിച്ചത് കടുത്ത അപരാധവുമാണ്.

**മഹാദാസ്യം, മഹാവാത്സല്ല്യം എന്നീ രണ്ട് ആനന്ദങ്ങളെ മാത്രം സ്വീകരിച്ചുകൊണ്ട് ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്തു പോരുന്ന ഭൂമിക്ക് മനുഷ്യരുടെയും, ആദ്യ മഹാകാല ചക്രത്തിലെ ദേവതകളുടെയും ഭക്തിയുടെ പേരിലും മറ്റുമുള്ള കോപ്രായങ്ങൾ ആനന്ദ-വിഷയങ്ങളല്ല.** അനന്തമായി നൽകിയിട്ടുള്ള വിശേഷ ബുദ്ധിയും ശക്തികളും ജ്ഞാനവും ആനന്ദങ്ങളുമെല്ലാം ഉചിതമായി ഉപയോഗിച്ച് ആനന്ദിച്ചു ജീവിക്കേണ്ടത് സൃഷ്ടിയായ മനുഷ്യന്റെ ആവശ്യമാണ്. **കോപ്രായങ്ങളുടെ പേരിൽ സന്തോഷിക്കുന്നതും ശണ്ഠ കൂടുന്നതും കൊല്ലുന്നതും മനുഷ്യരുടെ സ്വകാര്യ വിഷയങ്ങൾ ആണെങ്കിലും മഹാപ്രപഞ്ചത്തിലെ സർവ്വത്തിന്റെയും മേൽ മഹാനീതി നിർവ്വഹിക്കേണ്ടത് മഹാശക്തിയും, സൃഷ്ടി സ്ഥിതി സംഹാര കർത്താവും, മഹാനീതിയുമായ ഭൂമിയുടെ മാത്രം ചുമതലയാണ്.**

**ഭക്തി സ്തുതികൾ, ആരാധന, വഴിപാടുകൾ, വ്രതങ്ങൾ, തുടങ്ങിയവ കൊണ്ട് ആനന്ദിക്കുകയും പ്രീതിപ്പെടുകയും ചെയ്യുന്നവർ ഒരിക്കലും മഹാശക്തിയായ ദൈവമോ മഹാസമനീതി നിർവ്വഹിക്കുന്ന ദൈവമോ ആവില്ലെന്ന് ലഭ്യമായ വിശേഷ ബുദ്ധി കൊണ്ട് നിസ്സാരമായി മനസ്സിലാക്കാൻ സാധിക്കും.**

**സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്ന ദൈവത്തിന്റെ സ്വാർത്ഥം അഥവാ ആനന്ദം എന്താണെന്ന് കണ്ടെത്താൻ കഴിയുന്ന ബുദ്ധിശക്തികളെ ഭൂമി നൽകിയിട്ടുമുണ്ട്.**

ഭൂമി, സ്വന്തം അംശമായ മൂലകങ്ങളിലൂടെയും ശരീരത്തിലൂടെയും നൽകിയിട്ടുള്ള 'വിശേഷ ബുദ്ധി' കൊണ്ട് മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ഭൗതിക ശാസ്ത്ര സാങ്കേതിക സൗകര്യങ്ങളും ആനന്ദങ്ങളും മനസ്സിലാക്കാനും വർദ്ധിപ്പിക്കാനും കഴിഞ്ഞ മനുഷ്യർ, സ്വന്തമെന്നു കരുതുന്ന ശരീരം ഉൾപ്പെട്ട മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ധർമ്മ-നീതി ശാസ്ത്രങ്ങളെയും കൂടി തിരിച്ചറിഞ്ഞ് സ്വയം തട്ടിക്കൂട്ടിയ കോപ്രായങ്ങളെ തിരുത്തണം; അവസാനിപ്പിക്കണം. ഭൂമിയായ ദൈവം ശക്തികളും ശാസ്ത്രങ്ങളും (ജ്ഞാനവും) ശരീരത്തിലൂടെ നൽകിയാൽ മാത്രമാണ് ആത്മാവിന് എന്തെങ്കിലും പ്രവർത്തിക്കാൻ കഴിയുക. അക്കാരണത്താൽ പ്രസക്തമാകുന്ന 'താൻ പാതി ദൈവം പാതി' പ്രകാരം ശക്തികളും ജ്ഞാനവും ആനന്ദങ്ങളും അവസരങ്ങളും ദൈവം നൽകുന്നതിനെ മനുഷ്യർ ഉപയോഗപ്പെടുത്തണം. സ്വയം ചെയ്തില്ലെങ്കിൽ, വ്യക്തിസ്വാതന്ത്ര്യത്തെ ഉപയോഗിക്കാത്ത അടിമകളായി ദൈവത്തിന്റെ 'വിശേഷ ബുദ്ധി ലഭിച്ച കുഞ്ഞുങ്ങൾ' അധഃപതിക്കുന്നതാണ്. അങ്ങനെ സംഭവിച്ചു കൂടാ.

**ഭൗതികശാസ്ത്രം കൂടാതെ മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ധർമ്മ-നീതി ശാസ്ത്രങ്ങളെ കുഞ്ഞുങ്ങൾക്ക് അശ്രദ്ധ മൂലം, അറിയാനും പാലിക്കാനും കഴിയാതെ വരുമ്പോൾ, മൂലകങ്ങളിലും തദ്വാരാ ജീവികളുടെ ശരീരങ്ങളിലും ലയി(പ്പി)ച്ചിരിക്കുന്ന ന്യൂനശക്തികൾ, മുമ്പ് വിശദമാക്കിയതു പോലെ, ക്രമേണ വിപരീതമായി പ്രവർത്തിക്കുന്നതാണ്.**

**കുഞ്ഞുങ്ങളെ മഹാവാത്സല്ല്യത്തോടെ പുന്നരിച്ചും ഉപദേശിച്ചും ശാസിച്ചും ശിക്ഷിച്ചുമെല്ലാം തിരുത്താൻ പ്രാപ്തമായ ന്യൂനശക്തികൾ എപ്പോഴും പ്രവർത്തിക്കുന്നത് മഹാനീതിശാസ്ത്രം പ്രകാരം മാത്രമാണ് എന്നതിനാൽ മാനുഷികമായ കൈക്കൂലി, അഴിമതി, സ്തുതി തുടങ്ങിയ പ്രീതിപ്പെടുത്തൽ സാദ്ധ്യമല്ല.**

ന്യൂനശക്തികളെയും അവയുടെ പ്രവർത്തനങ്ങളെയും www.omsathyam.com/GodlyRevolution/SupremeJusticeGOD.pdf എന്ന ദിവ്യമഹാവേദ ഗ്രന്ഥത്തിൽ കൂടുതൽ വിവരിക്കുന്നുണ്ട്. ഭൂമി/ മൂലകങ്ങൾ നൽകുന്ന ശക്തി കൊണ്ട് ഗായകരായവരും മറ്റും സ്തുതി ഗീതങ്ങൾ കൊണ്ട് ദൈവത്തെ പ്രീതിപ്പെടുത്താൻ ശ്രമിച്ചാൽ ശിക്ഷ ലഭിക്കുമെന്ന് വിശേഷബുദ്ധി കൊണ്ടറിയണം.

അതാത് അവസരത്തിലെ അറിവിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഓരോ വ്യക്തിക്കും അഭിപ്രായങ്ങളെ അറിയിക്കാൻ കഴിയൂ. 'വ്യക്തിയെ അഥവാ മനുഷ്യന്റെ സ്വത്വമായ ആത്മാവിനെ' സംബന്ധിച്ചിടത്തോളം 'അതാത് അവസ്ഥകളിലെ അറിവ്, അതാത് അവസ്ഥകളിൽ ശരി തന്നെയാണ്.' മറ്റൊരു വിധത്തിൽ പറഞ്ഞാൽ, മൂലകങ്ങളുടെയും അവയുടെ മൊത്തമായ ഭൂമിയുടെയും ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങളെ ഗ്രഹിക്കാനും സ്വീകരിക്കാനും ഭാഗ്യമുണ്ടാകും വരെ, അതാത് അവസരത്തിലെ അറിവ് താൽക്കാലികമായ ശരി മാത്രമാണ്.

**ശരീര അവയവങ്ങളും മൂലകങ്ങളും പോലെ സത്യമായ വസ്തുക്കൾക്കും വസ്തുതകൾക്കും ഭൗതികമായ അസ്തിത്വം ഉണ്ടായിരിക്കും; സത്യങ്ങളെ സത്യങ്ങളായ മറ്റ് ശാസ്ത്രനിയമങ്ങൾ കൊണ്ടു മാത്രമേ മാറ്റാനും പരിഷ്ക്കരിക്കാനും കഴിയൂ. ജനങ്ങളിൽ പലരും സ്വയമേവയും അല്ലാതെയും രാഷ്ട്രീയ പാർട്ടികളും മതങ്ങളും ഒക്കെ മാറുന്നത് അവയെല്ലാം അടിസ്ഥാന പരമായി ഭൗതികമായ അസ്തിത്വം ഇല്ലാത്ത കള്ളങ്ങളും കള്ളത്തരങ്ങളും ആയതു കൊണ്ടാണ്.**

## മഹാശക്തിയായ ദൈവത്തെ ആരാധിക്കേണ്ടേ ?

**ആനന്ദങ്ങൾ ഉൾപ്പെടെ സർവ്വത്തിനും അതീതവും ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയും ഭൂമിയുമായ ദൈവത്തിന്, അംശമായ മൂലകങ്ങളിലൂടെയും രൂപാന്തരമായ ശരീരത്തിലൂടെയും ഭൂമി നൽകുന്ന ശക്തികളും ജ്ഞാനവും കൊണ്ട് ആരാധന എന്ന പേരിൽ കുഞ്ഞുങ്ങൾ നടത്തുന്ന അഭ്യാസങ്ങൾ കൊണ്ട് എന്തെങ്കിലും നേടാനാവുമോ, നേടേണ്ടതുണ്ടോ എന്നെല്ലാം ആത്മാവിന്റെ മനുഷ്യാവസ്ഥയിൽ ഭൂമി നൽകുന്ന വിശേഷ ബുദ്ധി കൊണ്ട് വിശകലനം ചെയ്താൽ ഉത്തരം ലഭിക്കുന്നതാണ്.**

**എന്നിരുന്നാലും കുഞ്ഞുങ്ങളുടെ സന്തോഷം കണക്കാക്കി, അഥവാ മനുഷ്യരുടെ ആനന്ദം വർദ്ധിപ്പിക്കാനായി - മനുഷ്യർക്കു വേണ്ടി 100 മനുഷ്യജന്മങ്ങളിലെ 90 മുതൽ 95 വരെയുള്ള ഒരു പുരുഷ ജന്മത്തിൽ മാത്രം ദൈവത്തെ ആരാധിക്കാൻ അനുവദിക്കുന്നുണ്ട്. പ്രസ്തുത വിശേഷങ്ങൾ ഈ ദിവ്യ മഹാവേദ ഗ്രന്ഥത്തിന്റെ രണ്ടാം ഭാഗത്തിൽ വിശദീകരിച്ചിട്ടുണ്ട്.**

**പ്രപഞ്ചത്തിന്റെ നിലനിൽപ്പിന് പിന്നിൽ മഹാശക്തിയുണ്ടെന്ന് മനസ്സിലാക്കാൻ മനുഷ്യനു നൽകിയ വിശേഷ ബുദ്ധിയെന്ന മഹാശാസ്ത്രം കൊണ്ട് സാധിക്കുമെന്നതിനെ സമ്പൂർണ്ണമായി മറയ്ക്കാൻ ഭൂമി തയ്യാറായിക്കൂടാ. ആകയാൽ ദൈവമുണ്ടെന്ന് മനസ്സിലാക്കാൻ കഴിയുമെന്നിരിക്കെ ആരാധനയ്ക്ക് അനുവദിച്ചിരിക്കുന്ന ഒരു ജന്മം കിഴിച്ചുള്ള 99 ജന്മങ്ങൾ വീണ്ടും വിഷയമാണ്. ജനങ്ങളുടെ സന്തോഷം കണക്കാക്കി ലഘുവും ലളിതവുമായ ഒരു മാർഗ്ഗം കൂടി ആവിഷ്ക്കരിച്ചിട്ടുണ്ട്.**

**കുഞ്ഞ്, കുഞ്ഞുങ്ങളുടെ ജനനം എന്നിവയെ ഒരല്പം പരാമർശിച്ച ശേഷം തുടരാം.**

മുതിർന്ന ജനങ്ങളും സന്തതി പരമ്പരകളും മറ്റുള്ള ജീവികളും ഭൂമിയായ മഹാമാതാവിനും, ഭാഗമായ മഹാപിതാവിനും എക്കാലവും കുഞ്ഞുങ്ങൾ മാത്രമാണ്. കുഞ്ഞുങ്ങളായി ഭൂമിയായ മഹാമാതാവും, ഭാഗമായ മഹാപിതാവും എക്കാലവും ജീവികളെ കരുതുന്നത് ജീവികളുടെ മഹാഭാഗ്യമാണെന്ന് വേറിട്ട് വിശദീകരിക്കുന്നുണ്ട്. ഓരോ ജന്മത്തിലും കുഞ്ഞായി ജനിക്കുകയും, പ്രായേണ ശരീര വളർച്ചയോടൊപ്പം ജീവിയുടെ മനുഷ്യാവസ്ഥയിൽ മാത്രം മഹാശാസ്ത്രത്തെ ഗ്രഹിക്കാൻ കഴിയുന്ന വിശേഷ ബുദ്ധി ലഭിക്കുന്നതിനെ വിശകലനം ചെയ്യുമ്പോൾ 'കുഞ്ഞിന്റെ' ഭൗതിക ശാസ്ത്ര നിർമ്മാണ സൂചന മാത്രമാണ് ലഭിക്കുന്നത്. ഇവിടത്തെ വിശദീകരണത്തിന് അതുമതി.

ജീവിക്കുന്നത് ആനന്ദിക്കാനാണ് എന്നിരിക്കെ, സ്തുതികളും ആരാധനകളും വേണ്ടെന്ന് ഭൂമിയായ ദൈവം അറിയിക്കുമ്പോൾ, കുഞ്ഞുങ്ങൾക്ക് ഊർജ്ജം, ധനം, സമയം, അവസരങ്ങൾ തുടങ്ങിയവ കൂടുതൽ ആനന്ദിച്ചു ജീവിക്കാനായി ഉപയോഗിക്കാൻ കഴിയും. ഭൂമിയുടെ ഇഷ്ടം കുഞ്ഞുങ്ങളുടെ ഇഷ്ടമായി ധർമ്മ ശാസ്ത്ര പ്രകാരം മാറുകയുമാണ്. ധർമ്മ ശാസ്ത്ര വിരുദ്ധമായാൽ മറ്റു കുഞ്ഞുങ്ങൾക്കും ആനന്ദങ്ങളിൽ സമമായി അവകാശമുണ്ട് എന്നതു മറന്നു ജീവിക്കും. സമൂഹത്തിൽ അസമത്വം ഉണ്ടാകും! കുഞ്ഞുങ്ങളുടെ പൊതുവായ സന്തോഷത്തെ കണക്കാക്കി ദൈവത്തെ സ്മരിക്കാനും ലഘുവായി മാത്രം സ്തുതിച്ചു കൊണ്ട് സ്വന്തം ആനന്ദത്തെ വർദ്ധിപ്പിക്കാനും ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരമുള്ളതും സ്വകാര്യവും സാമൂഹികവുമായി ഒരുപോലെ ശോഭിക്കുന്നതും ലഘുവും ലളിതവുമായ ഒരു മാർഗ്ഗം 'ഭൂമിയായ ദൈവം' പ്രതിനിധി കൂടിയായ പരമശിവനിലൂടെ അറിയിച്ചിട്ടുണ്ട്.

ദൈവീകവും സൂക്ഷ്മവുമായ വിശകലനത്തിൽ മണ്ണിലും വിണ്ണിലും ഉൾപ്പെടെ സർവ്വത്തിലും ശാസ്ത്ര നിയമങ്ങളിലും ഉണ്ടെന്നു തെളിയിക്കാൻ കഴിയുന്നതും ലഘുവും ലളിതവുമായ **ശിവലിംഗവും ശിവസ്തുതിയുമാണത്** :

**ഓം നമഃ ശിവായ = മഹാശിവയെ നമിക്കുന്നു = മഹാദേവിയെ നമിക്കുന്നു.**

ജീവികളുടെ മോക്ഷത്തെ മത്സ്യം സസ്യം പക്ഷി മൃഗം എന്നീ അവസ്ഥകൾ കടന്ന് മനുഷ്യാവസ്ഥയിലെത്തുന്ന 100 ജന്മങ്ങൾ കൊണ്ടെന്ന് ഭൂമിയായ ദൈവം നിശ്ചയിച്ചിരിക്കുകയാൽ, 100 മനുഷ്യ ജന്മങ്ങളിൽ, ശക്തി(ശിവ)ശാസ്ത്രം പ്രകാരമുള്ള 70 ജന്മങ്ങൾ പിന്നിടുമ്പോഴേക്കും മനുഷ്യരിലെ നന്മ വളരെ വർദ്ധിക്കുകയും, ധർമ്മ ശാസ്ത്രപരമായി ജീവിക്കാൻ കൂടുതൽ ശ്രദ്ധിക്കുകയും, ദൈവത്തെ ശാസ്ത്രപരമായി അറിയാനും സ്തുതിക്കാനും ആഗ്രഹിക്കുകയും ചെയ്യും. അത്യാവശ്യക്കാരായ കുഞ്ഞുങ്ങളെ ആനന്ദിപ്പിക്കാനായി, ഭൂമിയായി- മണ്ണായി -മണ്ണിൽ അടിഞ്ഞിരിക്കുന്ന- മഹാശക്തിയായ ഏകദൈവവും മഹാനീതിയും

**മഹാമാതാവുമായ മഹാദേവിയായി മാത്രം**

മഹാശാസ്ത്രപരമായി **ഒരല്പം സ്തുതിക്കാൻ** അനുവദിച്ചിട്ടുണ്ട്.

**ഓം നമഃ ശിവായ = മഹാശിവയെ നമിക്കുന്നു = മഹാദേവിയെ നമിക്കുന്നു.**

**ദൈവത്തെ ഓർക്കാതെയും സ്തുതിക്കാതെയും ജീവിക്കാൻ വിഷമിക്കുന്ന മനുഷ്യരുടെ ആനന്ദത്തെ വർദ്ധിപ്പിക്കാനായി, ഭൂമിയായ മഹാദേവി, മഹാശാസ്ത്ര കാര്യങ്ങളെ അഥവാ ദൈവകാര്യങ്ങളെ സംരക്ഷിക്കാനായി നിശ്ചയിച്ചിട്ടുള്ള**

**മഹാഭാരത പ്രദേശങ്ങളിൽ മാത്രം**

**മഹാദേവി 'മായ' പ്രത്യക്ഷമാക്കാത്ത സൃഷ്ടി ചക്രത്തിന്റെ ആദ്യപകുതിയിലും അനുവദിച്ചിരിക്കുന്ന സ്തുതിയാണത്.**

**മണ്ണിലും വിണ്ണിലും ഉൾപ്പെടെ സർവ്വത്തിലും ശാസ്ത്ര നിയമങ്ങളിലും ഉണ്ടെന്നു തെളിയിക്കാൻ കഴിയുന്നതും ലഘുവും ലളിതവുമായ ശിവലിംഗം, മഹാശാസ്ത്രപരമായ ദേവാലയ നിർമ്മാണം തുടങ്ങിയ വിഷയങ്ങളെയും വസ്തുതാപരമായി** Devaalayam.pdf **എന്ന മഹാഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.**

**ഹിന്ദുമതങ്ങൾ പ്രകാരം ദൈവങ്ങളും ദേവന്മാരും ദേവതകളും യക്ഷിയും ഗന്ധർവ്വനും നാഗദൈവങ്ങളും ഒക്കെയായി ആരാധിക്കപ്പെടുന്നവർ ഏറെയും ഓംകാര നീതി ശാസ്ത്രം പ്രകാരം ശിക്ഷിക്കപ്പെട്ട് മനുഷ്യരായും ചിലർ ജന്തുശിക്ഷാ ജന്മങ്ങളിൽ പെട്ടും ഒക്കെ ഇന്ന് ജീവിക്കുന്നുണ്ട്.**

SupremeJusticeGOD.pdf എന്ന മഹാഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്. അല്പം മാത്രം ചുവടെ ചേർക്കുന്നു.

ദൈവ വിപ്ലവം ആരംഭിക്കുമ്പോൾ, 'ദൈവ ശാസ്ത്രമായ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം' പഠിക്കാനും ഉൾക്കൊണ്ടു ജീവിക്കാനും ജനങ്ങൾ ആവേശപ്പെടുന്നതാണ്. ദൈവ വിപ്ലവം വളരെയധികം അടുത്തു കഴിഞ്ഞു. അതുകൊണ്ടുതന്നെ, മൂലകങ്ങളും ശരീരവും നൽകുന്ന വിശേഷ ബുദ്ധികളെ ഒട്ടും ഉപയോഗിക്കാതെ മന്ദബുദ്ധികളെ പ്പോലെ മത-ജാതി-രാഷ്ട്രീയ-ദേശീയ ജീവികളായി ഇന്ന് തരം താണു ജീവിക്കുന്ന ഭൂരിപക്ഷത്തെ വസ്തുതകളെ ആവർത്തിച്ചും വിവരിച്ചും വേദനിപ്പിക്കുവാൻ മഹാവാത്സല്ല്യമായ മഹാദേവി തയ്യാറാകില്ല.

കള്ളനെയും കൊള്ളക്കാരനെയും പീഡനക്കാരനെയും മറ്റും അവരുടെ മാനുഷിക മാതാപിതാക്കൾക്കും മറ്റ് ഉറ്റവർക്കും കൈയ്യൊഴിയാൻ കഴിഞ്ഞെന്നു വരും. എന്നാൽ സ്വന്തം അംശമായ ശരീരത്തിലൂടെ ശക്തിയും ജ്ഞാനവും നൽകുന്ന ഭൂമിയായ മഹാമാതാവിനും; മഹാമാതാവിന്റെ മഹാസംവിധാനം പ്രകാരം, സ്വന്തം അംശവും നിർജ്ജീവവുമായ ജീവാത്മാവിനെ നൽകിയിട്ടുള്ള പരമാത്മാവായ മഹാപിതാവിനും, യാതൊരു കുഞ്ഞുങ്ങളെയും കൈയ്യൊഴിയാൻ കഴിയുന്നതല്ല. എത്ര വലിയ പാപികൾക്കും ആശ്രയം കൊടുത്തേ മതിയാകൂ. ശിക്ഷിച്ചായാലും തിരുത്തി നല്ല കുട്ടിയാക്കിക്കൊണ്ട് കൂട്ടത്തിൽ ചേർക്കണം. ഈ ദിവ്യ മഹാഗ്രന്ഥത്തിന്റെ രണ്ടാം ഭാഗത്തിലെ ഓംകാര നീതിശാസ്ത്രം പഠിക്കാൻ ഭാഗ്യമുണ്ടാകുമ്പോൾ എല്ലാ കുഞ്ഞുങ്ങളെയും കുറ്റങ്ങളും കുറവുകളും ഇല്ലാതെ മഹാവാത്സല്ല്യം നൽകി തിരുത്തുന്നത് കാണാം.

**ദൈവം അനുവദിച്ചാൽ, ദൈവത്തെ മാത്രം ആരാധിക്കുക; ദൈവത്തിന്റെ ചില ശക്തികളെ നൽകി ചില കാര്യങ്ങൾക്കായി നിയമിക്കപ്പെട്ടവരെ ആദരിക്കുക എന്നത് അവഗണിക്കപ്പെട്ടു!**

മാതാപിതാക്കൾ ഉൾപ്പെടെയുള്ള മുതിർന്നവർക്കു പോലും മനസ്സിലാക്കാൻ കഴിയാത്ത അനേകം ദൈവങ്ങളുടെയും ദേവതകളുടെയും കഥകളെ കുഞ്ഞുങ്ങൾ വളരുമ്പോൾ പറഞ്ഞു പഠിപ്പിക്കാനും, അവരെയെല്ലാം ആരാധിക്കണമെന്നു നിർബ്ബന്ധിക്കാനും മറ്റും ആവശ്യപ്പെട്ടത് മുതിർന്നവർ മനുഷ്യർ മാത്രമല്ല; അനേകരെ ദേവതകൾ നിർബ്ബന്ധിച്ചതും കാരണമാണ്.

അത്ഭുത കഥകളിലും മറ്റുമുള്ള മായാശക്തികളെ ലഭിച്ചിട്ടില്ലാത്തവരും, വിശേഷ ബുദ്ധി മാത്രം ലഭിച്ചവരുമായ മനുഷ്യരുടെ അഹംഭാവങ്ങളും അഹങ്കാര പ്രവൃത്തികളും വളരെയധികമാണെന്ന് അനേകം നൂറ്റാണ്ടുകളിലെ ചരിത്രം സാക്ഷ്യമാണ്. അങ്ങനെയിരിക്കെ, ആദ്യത്തെ **മഹാകാലചക്രത്തിൽ മായാശക്തികളെ ലഭിച്ച ദേവന്മാരും മറ്റും അഹംഭാവം, ദുഷ്ക്കാമം, ദുശ്ശീലങ്ങൾ, ദുഷ്ക്കീർത്തി, തുടങ്ങിയവ ക്രമേണയായി വർദ്ധിച്ച് ധാർമ്മികമായ വീഴ്ച ഉണ്ടാക്കി. ഓംകാര നീതി ശാസ്ത്രം സർവ്വം മഹാഭദ്രമാക്കാൻ പ്രാപ്തമാണ്; മഹാനീതിക്ക് കളങ്കമുണ്ടാകാതെ പരിഹരിച്ചു. എന്നാൽ പ്രത്യക്ഷത്തിൽ പ്രപഞ്ച ജിവിതത്തിന്റെ സൗന്ദര്യത്തിന് കോട്ടം തട്ടി. ഇന്നത്തെ ഭൂമിയിലെ കലഹങ്ങൾ, തീവ്രവാദം, യുദ്ധങ്ങൾ, സമൂഹത്തിലെ പീഢനങ്ങൾ, അപകടങ്ങൾ തുടങ്ങിയവ ജീവിത സൗന്ദര്യം കുറയ്ക്കുന്നതുമായി ഉപമിക്കാം.**

**ദേവതകളുടെ സൃഷ്ടിയുമായി ബന്ധപ്പെട്ട കാരണങ്ങൾ കൊണ്ട് മഹാജാലമായ 'ഭൂമി' കുഞ്ഞുങ്ങൾ കൂടിയായ ദേവതകളെ അധികമായി തടഞ്ഞില്ല.**

ആദ്യ മഹാകാലചക്രത്തിൽ സൃഷ്ടിക്കപ്പെട്ട ദേവതകൾ ആര്, ആരെല്ലാം, എന്തിനു സൃഷ്ടിച്ചു തുടങ്ങിയ കാര്യങ്ങളെ SupremeJusticeGOD.pdf എന്ന മഹാഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്. അല്പം മാത്രം ചുവടെ ചേർക്കുന്നു.

മഹാപ്രപഞ്ചത്തെയും, കുഞ്ഞുങ്ങളായിട്ട് ജീവികളെയും, സൃഷ്ടിച്ചതു കൂടാതെ കുഞ്ഞുങ്ങളുടെ സന്തോഷത്തെ കണക്കാക്കി മഹാവാത്സല്യത്തെ തന്റെ മഹാആനന്ദമായിട്ട് മഹാമാതാവായ മഹാദേവി മഹാനിശ്ചയിച്ചിട്ടുണ്ട്. എന്നാൽ മഹാനീതി കൂടിയായ മഹാദേവി മഹാസമനീതിയെ ജീവികൾക്കെല്ലാം മഹാഅനുഗ്രഹിച്ചു നൽകുന്നതു കൊണ്ട് മഹാനീതിശാസ്ത്ര പ്രകാരം മാത്രമേ പ്രവർത്തിക്കുകയുള്ളൂ. മഹാനീതിശാസ്ത്രത്തിന്റെ വിശദാംശങ്ങളെ അറിയുമ്പോൾ ജനങ്ങൾ ദൈവത്തെ ഭയക്കുന്നതാണ്. പൊന്നോമന കുഞ്ഞുങ്ങൾ മഹാമാതാവായ മഹാദേവിയെ ഭയക്കുന്നത് മഹാദേവി യാതൊരിക്കലും ഇഷ്ടപ്പെടുന്നില്ല. തന്റെ കുഞ്ഞുങ്ങളുടെ ഭയം മാറ്റാനും, ദൈവം മഹാവാത്സല്യമാണെന്ന് കുഞ്ഞുങ്ങളെ സമ്പൂർണ്ണമായും ബോദ്ധ്യപ്പെടുത്താനുമായിട്ട്, 1000 കോടി വർഷങ്ങളുള്ള ആദ്യ മഹാകാലചക്രം മുഴുവൻ, ദൈവം (മഹാദേവി) മഹാദാസിയും മഹാദാസനുമായിട്ട് പ്രവർത്തിച്ചിരുന്നു. മഹാപ്രപഞ്ചത്തിന്റെ ഭരണകാര്യങ്ങളെ, മനുഷ്യരിൽ നിന്ന് ആത്മീയ സാക്ഷാത്ക്കാരം നേടിയ ഏതാനും വിശിഷ്ട വ്യക്തികളെ ഏൽപ്പിക്കുകയും ചെയ്തു; ദേവതകൾ എന്ന പേരോടെ. മഹാദാസനും പ്രപഞ്ചപിതാവും പശുപതിയുമായ പരമശിവനിലൂടെയാണ് ദേവതകളെ നിയമിച്ചതും ആവശ്യമായ മായാശക്തികളെ നൽകിയതും. മൊത്തഭരണ ഏകോപനം, സൂര്യൻ, ചന്ദ്രൻ, വായു, അഗ്നി, നദികൾ, സമുദ്രം, കുന്നുകളും മലകളും, വലിയ പർവ്വതങ്ങൾ, വനം, വിദ്യ, സ്നേഹം, കാമം, മരണം, സംഹാരം എന്ന മോക്ഷം, ചരിത്രമെഴുത്ത് (ചരിത്ര നിർമ്മാണം), എന്നിങ്ങനെ ഏതാനും കാര്യങ്ങളുടെ ഭരണമാണ് ദേവതകളെ ഏല്പിച്ചത്. ദൈവത്തിന്റെയും, ദൈവഭാഗമായ ഏകദാസന്റെയും പ്രതിനിധികളായി പ്രവർത്തിച്ചവരിൽ ഒരാൾക്ക് മഹാപ്രപഞ്ചത്തിന്റെ ശക്തി- നിയന്ത്രണ സത്തയും മഹാദേവിയുടെ മഹാഹൃദയവും കൂടിയായ ഓംകാരത്തെ നൽകുകയും, പ്രവൃത്തികളിൽ വീഴ്ച വരുത്തിയാൽ രണ്ടാമതൊരു ദേവതയെ ഏല്പിക്കുമെന്നും വ്യവസ്ഥ ചെയ്തു.

**മഹാദേവിയുടെ മഹാഹൃദയവും കൂടിയാണ് ഓംകാരം എന്നത് ആദ്യമഹാകാലചക്രത്തിൽ ഗൂഢമാക്കി. ഓംകാരത്തെ, മഹാദേവിയുടെ സൃഷ്ടികൾ മാത്രമായ ദേവതകൾ അനാദരിക്കാൻ ഇടവന്നാൽ, മഹാഹൃദയത്തോട് അപരാധം ചെയ്തതായിട്ടു വേണ്ടാ; ശക്തി-നിയന്ത്രണ സത്തയോടു ചെയ്തെന്നായിക്കോട്ടെ; മഹാവാത്സല്യമായ ഓംകാരം കുഞ്ഞുങ്ങളായ ജീവികളോടു കാട്ടിയ മറ്റൊരു മഹാകാരുണ്യമായിരുന്നു അത് !**

**മനുഷ്യ ഭരണാധികാരികളെ ലജ്ജിപ്പിക്കും വിധം, വളരെയധികം തെറ്റുകളും അപരാധങ്ങളുമാണ് ദേവതകൾ ചെയ്തു കൂട്ടിയത്. അവരിൽ 2 പേർ ദൈവമാകാനും ശ്രമിച്ചു.** ഏതാനും മായാശക്തികളെ ലഭിച്ചപ്പോൾ, മനുഷ്യരിൽ നിന്ന് ദേവതകളായിട്ട് സ്ഥാനക്കയറ്റം ലഭിച്ചവർ കാട്ടിയ നീചത്തങ്ങളും ഭൂമിയിലെ ധാർമ്മിക അധഃപതനങ്ങൾക്ക് കാരണമായിട്ടുണ്ട്. **ഏകദൈവമായ മഹാദേവി ഓരോരോ കാര്യങ്ങൾക്ക് ചുമതലപ്പെടുത്തിയ ദേവതകളെ ആദരിക്കുന്നതിനു പകരം ആരാധിക്കുന്നത് ദൈവനിന്ദയാണ്. ഏകദൈവമായ മഹാദേവി നൽകിയില്ലെങ്കിൽ യാതൊരു ശക്തികളുമില്ലാത്ത ദേവതകൾ, മനുഷ്യരുടെ ആരാധനകളെ ആസ്വദിച്ചതും കടുത്ത ദൈവനിന്ദയായി. സൃഷ്ടികൾക്കെല്ലാം ശക്തി കൊടുക്കുന്ന ഏക മഹാശക്തിയും ഏകദൈവവുമായ മഹാദേവിക്കു മാത്രമാണ് ആരാധനകളെ സ്വീകരിക്കാൻ യോഗ്യത ഉള്ളത്. ഏക മഹാശക്തിയും ഏകദൈവവുമായ മഹാദേവിക്ക് ആരാധനകളെ ആവശ്യവുമില്ല.**

**ആരാധനയുടെ അർത്ഥം പോലുമറിയാത്ത, മറ്റുള്ള ജീവികളെയും, മനുഷ്യരിലെ കളിക്കാരെയും, നടന്മാരെയും, നടികളെയും, രാഷ്ട്രീയക്കാരെയും, മതപുരോഹിതന്മാരെയും, കള്ളന്മാരെയും, കൊള്ളക്കാരെയും, പീഢനക്കാരെയും, തീവ്രവാദികളെയുമൊക്കെ ആരാധിക്കാൻ നടക്കുന്ന വിവരദോഷികൾ ഉൾപ്പെടെ എല്ലാ ജനങ്ങളും അറിയുക :**

**ആരാധനയിലെ ഒന്നാം കക്ഷി ജനങ്ങളാവാം; എന്നാൽ രണ്ടാം കക്ഷിയും ആരാധനയെ സ്വീകരിക്കേണ്ടതുമായ മഹാദേവിയോ, ഏക പ്രതിനിധിയായ ഏകദാസനോ, നേരിട്ട് അനുവാദം നൽകാതെ ദൈവാരാധന എന്ന കള്ളപ്പേരിൽ കോപ്രായങ്ങൾ നടത്തുന്നവർക്കെല്ലാം മഹാനീതിശാസ്ത്ര പരമായ ദൈവശിക്ഷ തീർച്ചയായും ഉണ്ട്.**

**ദേവതകളുടെ യാഥാർത്ഥ്യം മനസ്സിലാക്കാൻ ധർമ്മ ശാസ്ത്രം പ്രകാരം സ്വയം ജീവിച്ചു കൊണ്ട് ലഭ്യമായ വിശേഷബുദ്ധികളെ വിനിയോഗിച്ചാൽ മതിയാകും.**

**ഉദാഹരണത്തിന്,**

**ഈ ദിവ്യ മഹാവേദഗ്രന്ഥത്തിൽ മഹാശാസ്ത്ര പരമായി ഓം എന്ന ശബ്ദബ്രഹ്മത്തെ വിശദീകരിച്ചിട്ടുള്ളതിനെ ശാസ്ത്ര പ്രകാരം ഖണ്ഡിക്കാൻ കഴിയുമോ എന്ന് നോക്കിയാൽ യാതൊരു മനുഷ്യർക്കും സാധിക്കില്ലെന്ന് കാണാം. ഓം എന്ന ശബ്ദബ്രഹ്മത്തിന്റെ വിശദീകരണം ഒരല്പമെങ്കിലും ഹിന്ദു മതഗ്രന്ഥങ്ങളായി കരുതപ്പെടുന്ന ഋക്, യജുസ്, സാമം, അഥർവ്വം എന്നൊക്കെ പേരുള്ള വേദങ്ങൾ, ഉപനിഷത്തുകൾ, ഇതിഹാസങ്ങൾ, തുടങ്ങിയവയിൽ ലഭ്യമാണോ എന്നു പരിശോധിച്ചാൽ അതും ഇല്ലെന്നു കാണാം.**

**ഭൂമിയിലെ എല്ലാ ജനങ്ങളുടെയും മറ്റുള്ള ജീവികളുടെയും ആനന്ദത്തിനായി 'ഭൂമിയും പശുവും', പശുപതിയും പ്രവർത്തിക്കുമ്പോൾ, ദേവതകളെല്ലാം പ്രായേണ സാധാരണ ജനങ്ങളുടെ സ്വഭാവമാണ് കാണിച്ചത്.**

**'ഗീത' യിൽ നിർജ്ജീവമായ പരമാത്മാവിനെ ദൈവമായി തെറ്റിദ്ധരിച്ചു. അഹം ബ്രഹ്മാസ്മി, തത്ത്വമസി തുടങ്ങിയവ തെറ്റാണെന്ന് മനസ്സിലാക്കാൻ ഭൂമി പാഠം പഠിക്കാൻ കഴിഞ്ഞാൽ മാത്രം മതിയാകും.**

**മുകളിൽ ഗ്രാമപഞ്ചായത്തുകളും മറ്റും ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിർവ്വഹിക്കുന്നതിന്റെ വിശദീകരണം, ധർമ്മ ശാസ്ത്രം, സാമ്പത്തിക ശാസ്ത്രം, തുടങ്ങിയ ദൈവ കാര്യങ്ങളും മതഗ്രന്ഥങ്ങളിൽ ഇല്ല. പാപികളായ മനുഷ്യർക്കും ദേവന്മാർക്കും പുണ്യം നേടാനുള്ള അവസരങ്ങളെ നഷ്ടപ്പെടുത്തിയവർ പുനർജ്ജനിച്ച് ശിക്ഷകളെ വാങ്ങുമ്പോൾ അനേകർ പാപ നാമങ്ങൾ ജപിച്ച് മറ്റും മതക്കാരെപ്പോലെ പാപം വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നു. ഇതിഹാസങ്ങളും പുരാണങ്ങളും മറ്റും അവതാരങ്ങൾ രാജ്യം ഭരിക്കുന്നതും, ഹിംസ വിഷയമല്ലാതെ യുദ്ധങ്ങൾ ചെയ്ത് രാജ്യങ്ങളിലെ ഭരണം നേടി രാജാവാകുന്നതും, ഇഷ്ട ജനങ്ങളെ രാജാക്കന്മാരാക്കാൻ പ്രവർത്തിക്കുന്നതും, എന്നിങ്ങനെ അവതാരങ്ങളുടെ പരാജയ ചരിത്രങ്ങളാണ്.**

**ബ്രഹ്മത്തെ അറിയാൻ കഴിയുന്നതിൽ പോലും പരാജയപ്പെട്ട, പിശാചുക്കളുടെ** രാജാവെന്നോണം അധഃപതിച്ച **നീചദേവത, മനുഷ്യരുടെ** മോക്ഷത്തിനും സന്തോഷത്തിനും **ധർമ്മ ശാസ്ത്ര വിരുദ്ധമായ ഭക്തിമാർഗ്ഗം** പ്രകാരം അയാളെ **സ്തുതിക്കാൻ ഉപദേശിച്ചു; ലഭ്യമായ വിശേഷബുദ്ധി ഉപയോഗിക്കാതെ അലസരായി മാറിയ മത-ജാതി-രാഷ്ട്രീയ-ദേശീയ ജീവികൾ, മനുഷ്യരാണെന്നതും മറന്ന്, ധാർമ്മികമായി അധഃപതിച്ച നീച ദേവതകളെ സ്തുതിച്ച് പാപം വർദ്ധിപ്പിച്ചു ജീവിക്കുന്നു !**

**ഭൂമിയായ മഹാദേവി, 'മഹാഭാരതമായി' ഉന്നതപ്പെടുത്തിയ പ്രദേശങ്ങൾക്ക് 'മഹാ ശ്രേഷ്ഠത' എന്നുമുണ്ട്. ജനങ്ങൾക്ക് സംഭവിക്കുന്ന ധാർമ്മികമായ അധഃപതനം നിമിത്തം മഹാഭാരതത്തിൽ പുനർജ്ജനിക്കുന്നവരുടെ ശ്രേഷ്ഠത ആനുപാതികമായി കുറയുന്നതാണ്. ദൈവ വിപ്ലവത്തോടെ, മഹാഭാരതത്തിൽ, മഹാശാസ്ത്ര ജീവിതം ഉറയ്ക്കുന്നതാണ്.**

ദേവതകളെപ്പറ്റിയും സമസ്ത പ്രപഞ്ചകാര്യങ്ങളെയും ദൈവകാര്യങ്ങളെയും Supreme Justice GOD.pdf എന്ന മഹാഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുള്ളതിൽ നിന്നും അല്പംകൂടി ചുവടെ ചേർക്കുന്നു :

## ..ഗജപാതി/ഗണപതി എന്ന വിഘ്നേശ്വരനെപ്പറ്റി .. :-

ഗജത്തിന്റെ അഥവാ ആനയുടെ പകുതിയും മനുഷ്യന്റെ പകുതിയും ചേർന്ന വിചിത്രജീവി-രൂപം ശാസ്ത്രപരമായ ഒരു സംവിധാനമാണ്. വികലവും വികൃതവുമായ കഥകളുമായി ഗജപാതിയുടെ സൃഷ്ടിയെ ഇന്ന് പരാമർശിച്ചിട്ടുള്ളത് ശരിയല്ല. ഗജപാതി എന്ന ദേവതയെ സൃഷ്ടിച്ചതിന്റെ യഥാർത്ഥ കാരണങ്ങൾ ഉന്നതമാണ് :-

എല്ലാ സൃഷ്ടിചക്രങ്ങളുടെയും രണ്ടാമത്തെ പകുതിയിൽ 'മായ' അഥവാ ദൈവം പ്രത്യക്ഷമാകും മുമ്പ്, ഭൂമിയിലെങ്ങുമുള്ള മനുഷ്യരിൽ ദുസ്വാർത്ഥങ്ങൾ നിമിത്തം ക്രമേണയായി അഹംഭാവം, ദുഷ്ക്കാമം, ദുശ്ശീലങ്ങൾ, ദുഷ്ക്കീർത്തി-മോഹം തുടങ്ങിയവ വളരെയധികം അധികരിക്കുന്നതാണ്. ഇപ്പോഴത്തെ മഹാസൃഷ്ടിചക്രത്തിലും മനുഷ്യർ അറിയുന്നതും അനുഭവിക്കുന്നതുമായ കാര്യമാണത്. മനുഷ്യർ ഗുരുവിനെ അഥവാ അദ്ധ്യാപകനെ ആദരിക്കാത്ത അവസ്ഥയിലും, അദ്ധ്യാപകവൃത്തി എന്നാലെന്താണെന്ന് അദ്ധ്യാപകർക്കു പോലും അറിയാത്ത കാലത്തിലുമാണ് 'മായ' പ്രത്യക്ഷമാകുന്നത്. അഹംഭാവം, അജ്ഞാനം, ദുസ്വാർത്ഥം, ദുഷ്ക്കീർത്തി-മോഹം, തുടങ്ങിയവ നിമിത്തം മനുഷ്യഗുരുവിനെ യഥോചിതം അംഗീകരിക്കാത്ത ആധുനിക കാലത്താണ് 'ഗണപതി' എന്നറിയപ്പെടുന്ന ഗജപാതിയുടെ പ്രസക്തി. ടെലിവിഷനിലും സിനിമകളിലും മറ്റും കാർട്ടൂൺ മനുഷ്യരും, പൂച്ചയും, എലിയും, മാനും, സിംഹവുമൊക്കെ സംസാരിക്കുന്നതും, അവ ധർമ്മകാര്യങ്ങൾ ഉപദേശിക്കുന്നതും, കാണികളായ മനുഷ്യർ ശ്രദ്ധിച്ചിരിക്കുന്നതും ആസ്വദിക്കുന്നതും കണ്ടിട്ടുള്ളവരും അനുഭവിച്ചവരും ഉണ്ടാകും. മനുഷ്യരേക്കാൾ താണ അവസ്ഥയിലുള്ള മൃഗങ്ങളിലൂടെയും മറ്റും ധർമ്മകാര്യങ്ങളെ ഉപദേശിക്കുമ്പോൾ കേമന്മാരെന്നു സ്വയം കരുതുന്നവർ ഉൾപ്പെട്ട ജനങ്ങൾ അതംഗീകരിക്കുന്നു ; പ്രസ്തുത മനശ്ശാസ്ത്ര പ്രകാരമുള്ള സൃഷ്ടിയാണ് ഗജപാതിയുടേത്. മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ എന്നീ ജീവിചക്രത്തിൽ മൃഗാവസ്ഥയിൽ പകുതി ജന്മങ്ങൾ പിന്നിട്ട ശ്രേഷ്ഠനായ ഒരു ആനയെ മനുഷ്യരൂപവുമായി ബന്ധിപ്പിക്കുന്നു, മനുഷ്യരുടെ ഗുരുവാക്കുന്നു. മനുഷ്യഗുരുക്കന്മാരുടെ അധിപനാക്കുന്നു. (മഹാഗുരു എപ്പോഴും മഹാശക്തിയായ മഹാദേവി തന്നെയാണ്.). ആനത്തലയും മനുഷ്യ ഉടലും ചേർന്ന വിചിത്ര രൂപത്തോടെയുള്ള ഗുരുവിനെ മനുഷ്യർ ആസ്വദിക്കുന്നു, അംഗീകരിക്കുന്നു, അനുസരിക്കുന്നു, ലേശം ഭയക്കുകയും ചെയ്യുന്നു. മനുഷ്യഗുരുക്കന്മാരുടെ സംശയനിവൃത്തിയും ഗജപാതി ചെയ്യുന്നു.

സൃഷ്ടിചക്രത്തിലെ മനുഷ്യരുടെ സംഹാരം എന്ന മോക്ഷം പുരോഗമിക്കെ, ഗജപാതിക്ക് പൂർണ്ണമനുഷ്യനായി ശാസ്ത്രപ്രകാരം പരിണാമം ഉണ്ടാകുന്നതാണ്. നാരദൻ എന്ന മനുഷ്യഗുരുവായി ഗജപാതി ആദ്യം പരിണമിക്കുന്നതും പിന്നീട് മറ്റു മനുഷ്യജന്മങ്ങൾ എടുക്കുന്നതുമാണ്. ഗജപാതിയെ നാരദനായി ഉയർത്തുമ്പോൾ, പുതിയൊരു ഗജപാതിയെ സൃഷ്ടിക്കുന്നുമുണ്ട്.

വിഘ്നേശ്വരൻ എന്നൊരു നിയോഗം കൂടി ഗജപാതിക്കുണ്ട്. വിഘ്നം അഥവാ തടസ്സം ഉണ്ടാക്കുന്ന ഈശ്വരൻ അഥവാ ദാസൻ എന്നാണ് വിഘ്നേശ്വരൻ എന്നതിന്റെ അർത്ഥം. ദൈവീകമല്ലാത്ത അഥവാ ശാസ്ത്രപരമല്ലാത്ത പ്രാർത്ഥനകളും ആരാധനാസമ്പ്രദായങ്ങളും പാടില്ല. അതിനാൽ ധര്മ്മശാസ്ത്രപരമല്ലാത്ത പൂജകളെയും പ്രാർത്ഥനകളെയും ആരാധനകളെയും തടസ്സപ്പെടുത്തുക എന്ന നിയോഗം ഗജപാതിക്ക് ശിവ-പ്രതിനിധിയിലൂടെ നൽകി. അങ്ങനെയാണ് ഗജപാതി വിഘ്നേശ്വരനായത്.

ഭൂമിയിലെങ്ങുമുള്ള മനുഷ്യരുടെ കാര്യങ്ങളെയാണ് മഹാശാസ്ത്രപരമായി വിശദീകരിക്കുന്നത്. മഹാദേവിയോ, മഹാദേവി സൃഷ്ടിച്ചിട്ടുള്ളതായ ദേവതകളോ മനുഷ്യരോ മറ്റുള്ള ജീവികളോ, യാതൊരു മതങ്ങളുടെയും ഭാഗമല്ല. (ഇന്ത്യയിലും കേരളത്തിലും തമിഴ്നാട്ടിലും മറ്റും ശൈവം, ശാക്തേയം, അദ്വൈതം തുടങ്ങിയ ഹിന്ദുമതങ്ങളിലൂടെ ശാസ്ത്ര സത്യങ്ങളെ ഭാഗികമായെങ്കിലും മഹാസംരക്ഷിച്ചു പോരുന്നത് മഹാദേവി തന്നെയാണ്. ജനനസ്ഥലം, ജന്മദേശം തുടങ്ങിയ ജന്മഗുണങ്ങളെ ദുരുപയോഗിച്ച് ശാസ്ത്ര സത്യങ്ങളെ വികലമാക്കുന്നതിലാണ് ഇന്ത്യയിൽ ഉൾപ്പെടെ ഭൂമിയിലെങ്ങും ഓരോരോ കാലങ്ങളിലും ജീവിച്ചവർ ഭൂരിപക്ഷവും വിജയിച്ചു പോരുന്നത്.)

വ്യത്യസ്ത മതങ്ങളെ ബന്ധപ്പെടുത്തി ചെയ്തു പോരുന്ന 'മതഗ്രന്ഥ-പുരാണ-പാരായണങ്ങളും' ഹോമങ്ങളും യജ്ഞങ്ങളും പൂജകളും വഴിപാടുകളും നോയമ്പുകളും ഉൾപ്പെടെയുള്ള എല്ലാ ആരാധനാ സമ്പ്രദായങ്ങളും അനുഷ്ഠാനങ്ങളും അശാസ്ത്രീയമാണെന്ന് സ്വയം വിശകലനം ചെയ്ത് ഏതൊരാൾക്കും ബോദ്ധ്യപ്പെടാവുന്നതാണ്. ഉദാഹരണത്തിന് 'മണ്ണും ഭൂമിയും ദൈവവുമായ മഹാദേവിയും', 'ദൈവഭാഗവും ദൈവദാസനുമായ പരമശിവനും', ജീവികളുടെ ആനന്ദങ്ങൾക്കെല്ലാം അതീതമാണ്.

സർവ്വവും സൃഷ്ടിക്കുന്നത് മണ്ണും ഭൂമിയുമായ ദൈവമാണെന്നും, ജീവികളുടെ ആനന്ദത്തിനാണ് പാലും പഴവും ശർക്കരയും നെയ്യും തേനും തേങ്ങയും ചന്ദനവും (പട്ടു)വസ്ത്രങ്ങളും സ്വർണ്ണവും വെള്ളിയും ആഭരണങ്ങളും പൂക്കളുമെല്ലാം സൃഷ്ടിച്ചിട്ടുള്ളത് എന്നതിനെ മറന്നും മറച്ചും അറിയാതെയും അവഗണിച്ചു.

ദൈവത്തിനു കൊടുക്കുന്നു എന്ന പേരിൽ പാലും നെയ്യും മറ്റും വിഗ്രഹങ്ങളിൽ ഒഴിക്കുന്നതും ഒഴുക്കുന്നതും ചാർത്തുന്നതും പാഴാക്കുന്നതും മന്ത്രക്കസർത്തുകൾ നടത്തുന്നതും മനുഷ്യരുടെ ധന-ഊർജ്ജ-സമയങ്ങളെ നഷ്ടപ്പെടുത്തുന്നതും കടുത്ത ദൈവനിന്ദയും കടുത്ത പാപങ്ങളുമാണ്; കടുത്ത ദൈവശിക്ഷകളും തീർച്ചയായും ഉണ്ട്. അതേസമയം 'സൃഷ്ടികളായ ദേവതകളുടെ' ആനന്ദങ്ങളെല്ലാം മനുഷ്യരുടേതു തന്നെയാണ്. മനുഷ്യർക്ക് ചെയ്യുന്ന സേവനത്തിന് കൂലിയെന്നോണം മേല്പടി ആനന്ദ-വർദ്ധക വസ്തുക്കളെ സ്വീകരിക്കുവാൻ ദേവതകളെ മഹാഅനുവദിച്ചിരുന്നു; 'മായ' പ്രത്യക്ഷമായ സംഹാര കാലത്തെ നേരിട്ടുള്ള സംവിധാനമായിരുന്നു അത്; വിഗ്രഹത്തിൽ ചാർത്തലായിരുന്നില്ല. 'ഏകദൈവത്തിന്റെ ഏക പ്രതിനിധി കൂടിയായ പരമശിവൻ' കാലങ്ങൾക്കെല്ലാം അതീതമായ മൃഗത്തോലിനെ ഉടുവസ്ത്രമാക്കുമ്പോൾ, പട്ടു വസ്ത്രങ്ങളും ആഭരണങ്ങളും സൗരഭ്യങ്ങളും കുശാല ഭോജനങ്ങളുമായി (മനുഷ്യരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട വിശിഷ്ട വ്യക്തികളായ) ദേവതകൾ ആനന്ദജീവിതം നയിച്ചത് അവർ ദൈവത്തിന്റെ സൃഷ്ടികളും കുഞ്ഞുങ്ങളും ആയതുകൊണ്ടാണ്. എന്നാൽ ധർമ്മഭ്രംശം പാടില്ല. ആധുനിക കാലത്തെ അധർമ്മികളായ മനുഷ്യരേക്കാൾ മടിയരും ധൂർത്തരും അഹംഭാവികളും, കാമവെറിയരും ഒക്കെയായി അനേകം ദേവതകൾ അധഃപതിച്ചു; ചിലർക്ക് സൂചകമായി ദേഹം മുഴുവൻ വിഷ-നീലനിറവും വീണു ... പ്രായേണ ദേവതകൾക്ക് ദുർദ്ദേവത, രാക്ഷസൻ, പിശാച് ഇത്യാദി പരിണാമവും ഉണ്ടായി.

അശാസ്ത്രീയമായ ആരാധനാ സമ്പ്രദായങ്ങളും ബന്ധപ്പെട്ട അധർമ്മങ്ങളും ഉണ്ടാവാതിരിപ്പാൻ നിയോഗിക്കപ്പെട്ടയാളാണ് വിഘ്നേശ്വരൻ അഥവാ ഗജപാതി. പിന്നെയും എന്തുകൊണ്ട് അശാസ്ത്രീയമായ അഥവാ വർജ്ജ്യമായ ആരാധനാസമ്പ്രദായങ്ങൾ ഉണ്ടായി/തുടരുന്നു എന്ന ചോദ്യമുണ്ട്. ഉത്തരത്തിന്റെ ആദ്യഭാഗമെന്നത്, മുകളിൽ വ്യക്തമാക്കിയതു പോലെ ഹിന്ദുമതങ്ങൾ ഉൾപ്പെടെ ഏതെങ്കിലും മതവുമായല്ല ഗജപാതിക്കു ബന്ധം എന്നതാണ്. എല്ലാ മനുഷ്യരുമായും, ശാസ്ത്രവുമായാണ് ബന്ധം. ഭൂമിയിൽ അനേകം മതങ്ങളുണ്ടാവാനും, അനേകം ആരാധനാ സമ്പ്രദായങ്ങൾ ഉണ്ടാവാനും ഒരു മുഖ്യകാരണം ഗജപാതി തന്റെ വിഘ്നേശ്വര-നിയോഗത്തിൽ വീഴ്ച്ച വരുത്തി എന്നതാണ്. ദൈവമാകാൻ പരിശ്രമിച്ച കൊടിയ 2 ദേവതകളെ, പ്രധാനമായും രണ്ടാമനെ സ്വന്തം ദുസ്വാർത്ഥങ്ങൾക്കു വേണ്ടി പിന്തുണച്ചത് ഗജപാതിക്കു വിനയായി.

'ദുരാത്മാക്കളായി മാറിയ ദേവതകളെ ദൈവമായിക്കരുതി പൂജിക്കുന്നതിനും ആരാധിക്കുന്നതിനും മറ്റും' വിഘ്നേശ്വരൻ തടസ്സമുണ്ടാക്കാതിരിക്കാനായി അധമ-നീച ആരാധനകളുടെ മുന്നോടിയായി വിഘ്നേശ്വരന് ഇഷ്ടമുള്ളതായ പഴം, ശർക്കര, തേങ്ങ, ഉണ്ണിയപ്പം, തുടങ്ങിയവയെല്ലാം സ്തുതിച്ചു കൊണ്ട് നൽകിയിട്ട് ആദ്യം വിഘ്നേശ്വരനെ പ്രസാദിപ്പിക്കുക എന്ന അഴിമതി-രീതി സ്ഥാപിക്കപ്പെട്ടു. ഗണപതിപൂജയും ഗണപതിഹോമവും ഗണപതിയെ പ്രകീർത്തിച്ചുള്ള ആഘോഷങ്ങളും മറ്റും അങ്ങനെയാണ് ആരംഭിച്ചത്. **ധർമ്മശാസ്ത്രപരമല്ലാത്ത ആരാധനകളെ വിഘ്നപ്പെടുത്തുവാന് നിയോഗിക്കപ്പെട്ട വിഘ്നേശ്വരൻ**, അധമങ്ങളായ പൂജകളെയും ആരാധനകളെയും വവിഘ്നങ്ങളിൽ നിന്ന് രക്ഷിക്കാനുള്ള ഈശ്വരനായി മാറി. **ധർമ്മശാസ്ത്രപരമല്ലാത്ത ആരാധനാ സമ്പ്രദായങ്ങൾ ഭൂമിയിലെങ്ങും വ്യാപകമാവാൻ വിഘ്നേശ്വൻ ഒരു മുഖ്യ കാരണമായി.**

ആദ്യമഹാകാലചക്രത്തിലെ ഓരോ സൃഷ്ടിചക്രത്തിലും 2 പേർ വച്ച് അനവധി വിഘ്നേശ്വരന്മാർ ഉണ്ടായിരുന്നു എന്നു മനസ്സിലാകുമല്ലോ. അതിൽ ഏതാനും പേർ പ്പോഴത്തെ മഹാസൃഷ്ടിചക്രത്തിൽ മനുഷ്യജന്മത്തിലുണ്ട്. ആദ്യ ഗജപാതിയുടെ മകളായിട്ടാണ് മഹാശക്തിയായ മഹാജഗദംബ ഭൂമിയിൽ മഹാഅവതരിച്ചിട്ടുള്ളത്.

(ബ്രഹ്മം പ്രവേശിച്ച് മഹാദേവിയുടെ മനുഷ്യാവതാരം സമ്പൂർണ്ണമാകുന്നത് എപ്പോഴെന്നും പ്രവേശിച്ചു കഴിഞ്ഞോ എന്നും തൽക്കാലം ഈയുള്ളവന് അറിയില്ല. മഹാദേവി മഹാഇഷ്ടപ്രകാരം അറിയിക്കുന്നതാണ്.). .. വളരെക്കാലം (അധമ) ഗുരുവായി ജീവിച്ച ഏറ്റവും അവസാനത്തെ ഗജപാതി ധർമ്മശാസ്ത്രപരമല്ലാത്ത അനവധി കാര്യങ്ങൾ ചെയ്തു. 2007-ൽ അദ്ദേഹം ശിക്ഷിക്കപ്പെട്ടു. കേരളത്തിലെ കൊല്ലം ജില്ലയിലെ കൊട്ടാരക്കരയാണ് ഗജപാതിയുടെ കേന്ദ്രസങ്കേതം.

ഗജപാതിയുടെ വാഹനമല്ല എലി, മറിച്ച് ഗജപാതിയെ ശിക്ഷിക്കാനുള്ള സംവിധാനം മാത്രമാണ് കുഞ്ഞെലി. (സ്മാർട്ട്ഫോൺ, വാട്സ്ആപ്പ് തുടങ്ങിയവ ഉപയോഗിക്കുന്ന 21-ാം നൂറ്റാണ്ടിലെ ജനങ്ങൾ, എലിയുടെ പുറത്തുകയറി ആനയും ഗണപതിയും സഞ്ചരിക്കുമെന്നു വിശ്വസിക്കുന്ന മാനസിക അവസ്ഥയിലാണ് ഉള്ളതെങ്കിൽ, തീർച്ചയായും സഹതാപം അർഹിക്കുന്നു. കാറും ബൈക്കും ബസ്സുമെല്ലാം ഉപേക്ഷിച്ച് ഗണപതിയെ അനുകരിക്കാൻ പരിശ്രമിക്കുന്നത് മണ്ണിന്റെ നിയമങ്ങളെ അവഗണിച്ചു നേടുന്ന പാപങ്ങളെ കുറച്ചേക്കാം!.). ഗജപാതിയെന്ന വിഘ്നേശ്വരന്റെ കടുത്ത അപരാധങ്ങൾക്ക്, തുമ്പിക്കൈ തറയിൽ മുട്ടും വിധം കിഴുക്കാംതൂക്കായി വാലിൽ (മായാശക്തികൾ കൊണ്ട്) കെട്ടിയിടുന്നതാണ്. തുമ്പിക്കൈയുടെ അറ്റത്ത് എലി കരളുന്നു. ഇതാണ് ശിക്ഷ. 2008 ഫെബ്രുവരിയിൽ ശിക്ഷയിൽ ഇളവുണ്ടായി. ഗജപാതിയുടെ മേലുള്ള മഹാനീതി കാര്യങ്ങളെപ്പറ്റി അറിഞ്ഞവ ഇത്രമാത്രമാണ്, മഹാനിശ്ചയപ്രകാരം ആവശ്യമെങ്കിൽ കൂടുതൽ അറിയിക്കും എന്നിരിക്കെ, കൂടുതൽ അറിയുവാൻ ഈയുള്ളവൻ ആഗ്രഹിച്ചുകൂടാ.

**മനുഷ്യരിൽ നിന്ന് തെരഞ്ഞെടുത്ത ശ്രേഷ്ഠ വ്യക്തികൾ മാത്രമാണ് ദേവതകൾ എന്ന് വിസ്തരിച്ചുവല്ലോ. ഹിന്ദുമതലേബൽ വിശ്വാസികളിലും മറ്റും ദൈവങ്ങളായിട്ട് സ്ഥാനം നേടിയ ദൈവമാകാൻ പരിശ്രമിച്ച ഒരു പാവം ദേവത, ഒരു കൊടിയ കുതന്ത്ര ദേവത, അയാളുടെ നിഷ്ഠൂരമായ അവതാരം, എന്നിവരെ കുറിച്ച് ഇനി വിശദീകരിക്കാം.**

**(ഭൂമിയിലെ മൊത്തം ജനസംഖ്യ 2017-ൽ ഏറെക്കുറെ 750 കോടി ആണെങ്കിൽ, ഹിന്ദുക്കൾ അല്ലാത്തവർ 640 കോടിയും ഹിന്ദു-മത ലേബൽ ഉള്ളവർ 110 കോടിയും മാത്രമാണ് എന്നതും, അവരിലെ മതവിശ്വാസികളുടെ എണ്ണം 10 കോടിയിൽ താഴെ മാത്രമാണ് എന്നത് ചുവടെ വ്യക്തമാക്കുന്നുണ്ട്. പ്രസ്തുത 10 കോടിയിലെ 3 കോടിയിൽ താഴെ ജനങ്ങൾ മാത്രമാണ് യഥാർത്ഥമായും (ദുർ)ദ്ദേവത ഭ്രാന്ത് ഉള്ളവർ. അതായത് ഭൂമിയിലെ ഇന്നത്തെ മൊത്തം ജനസംഖ്യയായ 750 കോടിയിലെ 3 കോടിയിൽ താഴെ ജനങ്ങൾ മാത്രമാണ് യഥാർത്ഥമായും (ദുർ)ദ്ദേവത ഭ്രാന്ത് ഉള്ളവർ!).**

**മഹാജഗദംബയായ മഹാദേവിയാണ് താനെന്ന് അനേകം സൃഷ്ടിചക്രങ്ങളിൽ ജനങ്ങളെ തെറ്റിദ്ധരിപ്പിച്ച ദുർഗ്ഗയാണ് ദൈവമാകാൻ പരിശ്രമിച്ച ഒരു ദേവത. വളരെയധികം മായാശക്തികളെ നീണ്ട കാലം കൊണ്ടു നേടിയ ദുർഗ്ഗ അടിസ്ഥാനപരമായി നല്ല കുട്ടി ആയിരുന്നു. ദുഷ്ക്കീർത്തി ആഗ്രഹിച്ച് ചില അപരാധങ്ങൾ ചെയ്ത ദുർഗ്ഗയെ അതികൗശലത്തോടെ വലിയ അപരാധങ്ങളിലേക്ക് നയിച്ചത് ദൈവമാകാൻ പരിശ്രമിച്ച രണ്ടാമത്തെ ദേവതയാണ്.**

**ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യ മഹാദേവി എന്ന ഏകമഹാശക്തിയായ ഏകദൈവം, ഈയുള്ളവനിലൂടെ 2005-2006 ൽ വാതക-ആത്മീയ രൂപത്തിലുള്ള ദുർഗ്ഗയ്ക്ക് നക്ഷത്രം എന്ന മോക്ഷത്തെ മഹാഅനുഗ്രഹിച്ചു നൽകുകയും, ദുഷ്ക്കീർത്തിയെന്ന തെറ്റായ ചിന്തയിൽ ജഗത്തിൽ നിന്ന് സമ്പൂർണ്ണ തിരോധാനം ആഗ്രഹിച്ച ദുർഗ്ഗയ്ക്ക് അതനുവദിക്കുകയും പുതിയൊരു മത്സ്യമായിട്ട് സൃഷ്ടിക്കുകയും ചെയ്തു. ആവക കാര്യങ്ങളെല്ലാം വളരെയധികം ദുർഗ്ഗമായ ദുർഗ്ഗം കൂടിയായിരുന്നു. സമ്പൂർണ്ണമായും അവസാനിച്ച ചരിത്രമാണ്; മഹാവേദ ഗ്രന്ഥത്തിലും, വെബ്സൈറ്റിലും വിശദീകരണം ലഭ്യമാണ്.**

## ദൈവമാകാൻ പരിശ്രമിച്ച രണ്ടാമത്തെ ദേവതയാണ് നാരായണൻ. നാരായം കൊണ്ട് ചരിത്രം എഴുതുവാൻ നിയോഗിക്കപ്പെട്ട ദേവത. പ്രത്യേക അവസരത്തിൽ 'പ്രപഞ്ചനിയന്ത്രണ സത്ത കൂടിയായ ഓംകാരത്തെ' ലഭിച്ചപ്പോൾ, കൊടുംവഞ്ചനകളും കൊടുംക്രൂരതകളും കാട്ടുകയും ഓംകാരത്തെ ദുരുപയോഗിച്ച് ദൈവമാകാൻ വളരെയധികം പരിശ്രമിക്കുകയും ചെയ്തു. കൊടിയ നീചനാണ് അദ്ദേഹം.

ഏകദൈവവും മഹാവാത്സല്യവുമായ മഹാദേവി, തന്റെ ഏകദാസനായ പരമശിവനെ ക്രൈസ്റ്റായിട്ട് അയച്ചതും, മഹാദേവിയുടെ മഹാഅനുഗ്രഹത്തോടെ ക്രൈസ്റ്റ് അതിഘോരവും അതിദയനീയവുമായ വേദനകളെ സ്വീകരിച്ചതും, യഥാർത്ഥത്തിൽ 'പിശാചുക്കളുടെ രാജാവെന്നോണം' അധഃപതിച്ച 'നാരായണനെ' ശുദ്ധീകരിക്കാനാണ്. മഹാദേവിയുടെ സമ്മതത്തോടെ, പ്രപഞ്ചപിതാവായ പരമശിവൻ എന്ന ക്രൈസ്റ്റ്, മേല്പടി കൊടിയ പിശാചുമായിട്ട് ഒരു കരാറിൽ ഏർപ്പെട്ട്, ഓംകാരം കൊണ്ട് അയാൾ സൃഷ്ടിക്കുകയും ഒരു ശംഖിൽ സൂക്ഷിക്കുകയും ചെയ്ത അപാര മായാശക്തികളുള്ള നാഗമാണിക്യത്തെ ഭാഗികമായി നിർവീര്യമാക്കുകയും ചെയ്തു. 'ദൈവമാകാൻ പരിശ്രമിക്കുന്ന കൊടിയതും അതിവിചിത്രവുമായ കരാർ' സാദ്ധ്യമാക്കാൻ അയാൾ അനവധി സൃഷ്ടിചക്രങ്ങളിൽ കടുത്ത അപരാധങ്ങൾ ചെയ്തുപോന്നു. കുതന്ത്രങ്ങളിലൂടെ ചരിത്രത്തെ അട്ടിമറിക്കേണ്ടതും ജനങ്ങളെ തെറ്റിദ്ധരിപ്പിക്കേണ്ടതും അയാളുടെ ആവശ്യമായി. സ്വന്തം ദുസ്വാർത്ഥങ്ങൾക്കു വേണ്ടിയും ശിക്ഷകളുടെ ഭാഗമായും എടുത്ത അവതാരങ്ങളെ 'ജനങ്ങൾക്കു വേണ്ടി ചെയ്ത ദൈവകാര്യങ്ങളായിട്ട് ' ചരിത്രമാക്കി.

രാമാവതാരത്തിൽ പാപം വർദ്ധിക്കുകയാണ് യഥാർത്ഥത്തിൽ സംഭവിച്ചത്. രാമനേക്കാൾ ശ്രേഷ്ഠനായ ഹനുമാനെ ദാസനാക്കിയതും, ഒളിയമ്പിലൂടെ ബാലിയെ വധിച്ചതും, ബഹുശ്രേഷ്ഠയായ സീതയോട് കൊടിയ അപരാധങ്ങൾ ചെയ്തതും, മനുഷ്യസമൂഹത്തിനും മണ്ണിന്റെ നിയമങ്ങൾക്കും വേണ്ടി നിലകൊള്ളുക എന്നതിനു പകരം രാജവംശത്തിന്റെ പഴയകാല അധമ ആചാരങ്ങൾക്കും അധമ-പാരമ്പര്യ സമ്പ്രദായങ്ങൾക്കും വേണ്ടി നിലകൊണ്ടതും, സ്വന്തം അധമ ആവശ്യങ്ങളെ നിറവേറ്റാൻ ലക്ഷ്മണനെ നിർബ്ബന്ധിച്ചതും, വനവാസക്കാലത്ത് രാമന്റെ മെതിയടികളെ രാജസിംഹാസനത്തിൽ പ്രതിഷ്ഠിക്കാനും പൂജിക്കാനും ഭരതനെ അനുവദിച്ചതും, മരിച്ചുപോയ പിതൃക്കൾക്കു വേണ്ടി ബലി കർമ്മങ്ങൾ അനുഷ്ഠിച്ചതും വിഗ്രഹ-പൂജ നടത്തിയതുമൊക്കെ കൊടിയ പാപങ്ങളാണ്. പാപജന്മമായി പരിണമിച്ച രാമാവതാരം മരണത്തോടെ മൂലദേവതയിലേക്കു മടങ്ങി. പിന്നെ രാമനില്ല. രാമക്ഷേത്രങ്ങളുടെയും രാമപൂജകളുടെയും പേരിൽ മുഖ്യമായ ശിക്ഷകളെ ഏറ്റുവാങ്ങിയത് 'രാമനെന്നും വിളിക്കാവുന്ന രാമന്റെ മൂലനായ ദേവത തന്നെയാണ്.

## മത്സ്യാവതാരം :

**ശൈവമതം പരിശോധിച്ചാൽ, ശിവൻ മത്സ്യാവതാരത്തെ എടുത്തിട്ടുള്ളതായി കാണാം. 'മഹാശിവനും മഹാശിവയുമായ മഹാദേവിയുടെ' സൃഷ്ടി-അംശം മത്സ്യാവതാരമെടുത്ത് നിയുക്ത പരമശിവന്റെ മനുഷ്യരൂപത്തിലുള്ള ശരീരത്തിലേക്ക് ദൈവ-വിപ്ലവത്തിനു മുമ്പ് മഹാപ്രവേശിക്കുന്നുണ്ട്. മഹാദേവി, മത്സ്യാവതാരത്തിനു ശേഷമാണ് പരമശിവൻ എന്ന മഹാപദവിയെ മഹാഅനുഗ്രഹിച്ചു നൽകുന്നതും, പരമശിവന്റെ നാവിൽ 'അക്ഷരബ്രഹ്മവും അക്ഷരബ്രഹ്മത്തിന്റെ മൂലരൂപവുമായ 3' മഹാകുറിക്കുന്നതും, യഥാർത്ഥ 3 വേദങ്ങളായ ഭൗതിക-ധർമ്മ-ആത്മീയ-മന്ത്രശാസ്ത്രങ്ങളെ പരമശിവനിലൂടെ ശാസ്ത്രപരമായി വീണ്ടെടുക്കുന്നതും. ഏകമഹാശക്തിയും ഏകദൈവവുമായ ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവി, ഈയുള്ളവനിലൂടെ പ്രത്യക്ഷമായി നിർവ്വഹിച്ച കാര്യങ്ങളാണവ.**

**ശാസ്ത്രപരമായ മത്സ്യാവതാരത്തെ വളച്ചൊടിച്ച്, തന്നോടു ബന്ധിപ്പിക്കാൻ ദൈവമാകാൻ പരിശ്രമിച്ച രണ്ടാമത്തെ ദേവത ശ്രമിച്ചു. ഓംസത്യം ഡോട് കോം എന്ന വെബ്സൈറ്റിൽ വിശദീകരിച്ചിട്ടുള്ളതായ അയാളുടെ കൊടുംകൊടിയ അധമ തന്ത്രങ്ങളെ പരിശോധിച്ചാൽ, ഉറപ്പായും ദൈവമാകാൻ കഴിയുമെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നതായി മനസ്സിലാക്കാം. കൃഷ്ണാവതാരത്തിൽ പാപം വർദ്ധിച്ചതിനു പുറമെ, മൂലദേവതയിലേക്ക് മടങ്ങാൻ കഴിയാതെയും വന്നു. ഫലത്തിൽ രണ്ടാളായി; 4 കൈകളുമായി. ദൈവ-പരിവേഷം ഉണ്ടാക്കി-യെടുക്കാൻ വിഷ്ണു ആവിഷ്ക്കരിച്ച 'വിഷു' വിനെ രണ്ടാമൻ തട്ടിയെടുത്തു. മൂല-ദേവതയുടെ മിച്ചമുള്ള അനേകമനേകം മായാശക്തികൾ രണ്ടാമന്റെ പക്കലാണെങ്കിലും, ദൈവമാകാനായി ന്യൂനശക്തികളെ കൊണ്ട് അതിഘോരമായും കൊടിയ കൗശലത്തോടെയും ഒരുക്കിയ വൻസംവിധാനങ്ങളെല്ലാം മൂലന്റെ വരുതിയിൽ. കാര്യകാരണങ്ങൾ, ആദ്യമഹാവേദത്തിൽ ലഭ്യമാണ്. ഇപ്പോൾ 2 പേരും വീണ്ടും മനുഷ്യജന്മം നേടിയിരിക്കുന്നു.**

**മൂലനായ വിഷ്ണു, ക്രൈസ്തവ കുടുംബത്തിലെ സാധാരണക്കാരനായിട്ടാണ് ജനിച്ചിട്ടുള്ളതെങ്കിലും, സ്വന്തം കൊടിയ അപരാധങ്ങളെക്കുറിച്ച് പൂർണ്ണമായും ബോധവാനാണ്. പ്രത്യക്ഷമായ മായാഅനുഭവങ്ങൾ ഈയുള്ളവന് ഉണ്ടായിട്ടുള്ളതിലും അനേകം അനേകം മടങ്ങ് അദ്ദേഹത്തിന് ഈ ജന്മത്ത് ഉണ്ടായിട്ടുണ്ട്; മുമ്പ് സൂചിപ്പിച്ച ക്രൈസ്റ്റ്-വിഷ്ണു കരാറും അനന്തര ഫലങ്ങളുമാണ് കാരണം. പഴയകാല ചെയ്തികളിൽ പശ്ചാത്തപിക്കുന്ന അവസ്ഥയിലാണ് അദ്ദേഹമെങ്കിലും, ദൈവമാകാനായി ന്യൂനശക്തികളെ കൊണ്ട് അതിഘോരമായും കൊടിയ കൗശലത്തോടെയും ഒരുക്കിയ വൻസംവിധാനങ്ങളെല്ലാം ഈ ജന്മത്തിൽ അദ്ദേഹത്തെ പിടികൂടിയിട്ടുണ്ട്. മഹാവാത്സല്യമായ മഹാദേവി, മുമ്പ് സൂചിപ്പിച്ച കരാറിനെ ആദരിച്ചു കൊണ്ട് മേല്പറഞ്ഞ ന്യൂനശക്തികളെയും പൈശാചിക ശക്തികളെയും ഒറ്റയായും കൂട്ടമായും അയാളിൽ നിന്നും മോചിപ്പിച്ചു വരികയാണ്; 'ലൂടെ' ആയിട്ട് പലപ്പോഴും ഈയുള്ളവനെ പങ്കെടുപ്പിക്കുന്നുമുണ്ട്. അദ്ദേഹത്തിന്റെ മേലുള്ള ശുദ്ധീകരണ പ്രക്രിയ 2016-ൽ ഏറെക്കുറെ പൂർത്തിയായിട്ടുണ്ട്. ഉടൻ ദൈവ-വിപ്ലവം മഹാആരംഭിക്കുന്നതോടെ വസ്തുതകളെ സുവ്യക്തമായി വിശദീകരിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞേക്കും. വഴിതെറ്റിയ മേല്പടി കുഞ്ഞാടിനാവും, ഇപ്പോഴത്തെ മഹാസൃഷ്ടിചക്രത്തിൽ സംഹാരം ആരംഭിക്കുമ്പോൾ ആദ്യം മോക്ഷം നൽകുക; ഭിക്ഷയായിട്ടു വാങ്ങാതെ ഉന്നതമായ സദ്പ്രവൃത്തികൾ കൊണ്ട് മോക്ഷത്തെ നേടാൻ അദ്ദേഹത്തിന് കഴിയുമാറാവട്ടെ!**

**കൃഷ്ണൻ കുത്സിത ശ്രമങ്ങളെ കൊണ്ട് മനുഷ്യജന്മം നേടിയിരിക്കുന്നത് ബ്രാഹ്മണ കുടുംബത്തിൽ അതിസുന്ദരനായ ഡോക്ടർ ആയിട്ടാണ്. അനേകമനേകം മായാശക്തികളോടെ കൊടിയ പിശാചായ മായാകൃഷ്ണൻ സ്ഥിതിപരമായ ഖര-ശരീരമില്ലാതെ വാതക-രൂപത്തിൽ വെളിയിലുണ്ട്. പ്രധാന താവളങ്ങൾ: ഗുരുവായൂർ, അമ്പലപ്പുഴ, ആറന്മുള. മേൽ സൂചിപ്പിച്ച സുന്ദരനിൽ പ്രവേശിച്ചു കൊണ്ട് മൂലദേവതയുടെ മനുഷ്യജന്മത്തെ അട്ടിമറിച്ച് ദൈവമാകാനായിരുന്നു കൊടിയ പിശാചായ മായാകൃഷ്ണന്റെ ശ്രമം. വളരെയധികം ജീവാത്മാക്കളെ കഷ്ടപ്പെടുത്തിക്കൊണ്ടാണ് മൂലനായ വിഷ്ണു അനേകം പഴയകാല സൃഷ്ടിചക്രങ്ങളിൽ പ്രവർത്തിച്ചതെങ്കിൽ, അതിലും അധികം പേരെ കഷ്ടപ്പെടുത്തിക്കൊണ്ടാണ് മായാകൃഷ്ണൻ അടുത്തകാലങ്ങളിൽ പ്രവർത്തിച്ചത്.**

**ഈയുള്ളവന്റെ (ഇപ്പോഴത്തെ) മനുഷ്യജന്മത്തിൽ അനുഭവിച്ച വലിയ പീഡനങ്ങൾക്ക് മുമ്പ് സൂചിപ്പിച്ച കരാറും, പൈശാചിക ശക്തികളുടെ പ്രവർത്തനങ്ങളും കാരണങ്ങളായിട്ടുണ്ട്.**

ദൈവമാകാനുള്ള ശ്രമത്തിൽ, 'കൃഷ്ണനും മായാകൃഷ്ണനും അടിസ്ഥാന പരമായി പരാജയപ്പെട്ടു കഴിഞ്ഞു'. വിശദീകരണങ്ങൾ അത്യാവശ്യം അല്ലെങ്കിലും വൈകാതെ ലഭിച്ചേക്കാം.

**(ഒരു കോടി അളവുകൾ മാത്രമായിട്ട് ആദിയും അന്തവുമില്ലാത്ത മഹാശക്തിയായ ദൈവത്തിന്റെ ശക്തികളെ സങ്കല്പിച്ചാൽ, അതിൽനിന്ന് 1 (ഒരു അളവ്) എടുത്താൽ, മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാനിർവ്വഹിക്കുന്നതിന് 1 (ഒരു അളവ്) അധികമാണ്. അങ്ങനെയിരിക്കെ 'മണ്ണും ഭൂമിയുമായ മഹാരൂപത്തെ മഹാസ്വീകരിച്ചിട്ടുള്ളതായ ദൈവത്തിന്റെ ' എതിരാളികളോ മത്സരാർത്ഥികളോ ആവാനുള്ള യോഗ്യത 'സൃഷ്ടികൾക്ക് ' ഇല്ല; വിഷ്ണുവും കിഷ്ണുവും ഉൾപ്പെടെ യാതൊരാൾക്കും ഇല്ല. മണ്ണും ഭൂമിയുമായ ദൈവം ശക്തികളെ നൽകിയാൽ മാത്രമേ ഏതൊന്നും ചെയ്യാൻ സൃഷ്ടികൾക്കു കഴിയൂ.**

**'മഹാശക്തിയായ മണ്ണും ഭൂമിയുമായ ദൈവം' മഹാശാസ്ത്ര പ്രകാരം മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാനിർവ്വഹിക്കുന്നതിൽ നിന്ന് 'വാക്കുകളും കരാറുകളും പാലിക്കുമെന്ന വിശ്വാസം കൊണ്ടാണ്' വിഷ്ണുവും അയാളുടെ കിഷ്ണ അവതാരവും കൊടിയ പൈശാചിക പദ്ധതിയിൽ വിജയിക്കുമെന്ന് ഉറപ്പിച്ചത്.**

**'മണ്ണും ഭൂമിയുമായ ദൈവത്തെ അടിമയാക്കിക്കൊണ്ട് സ്വയം ദൈവമാകാമെന്ന് അവർ വ്യാമോഹിച്ചു! വ്യക്തിസ്വാതന്ത്ര്യം നിഷേധിച്ചു കൊണ്ട് എല്ലാ മനുഷ്യരെയും അടിമകളാക്കുമായിരുന്നു! എല്ലാ മനുഷ്യർക്കും 50 സ്ത്രീ ജന്മങ്ങൾ, 50 പുരുഷ ജന്മങ്ങൾ എന്നിങ്ങനെ മൊത്തം 100 ജന്മങ്ങൾ ഉള്ളതിൽ ഒരു സ്ത്രീ ജന്മം അതിസുന്ദരിയാണ്; പ്രസ്തുത 'സുന്ദരീ-ജന്മങ്ങളെ' മുഴുവൻ 'പെണ്ണു-പിടിയന്മാരായ അവർ' കാമപരമായി കീഴ്പ്പെടുത്തുമായിരുന്നു!**

**ലോകത്തെവിടെയും അവരുടെ ഇഷ്ടം പോലെ അവരെ മാത്രം ആരാധിക്കുകയും കുമ്പിടുകയും അവരെ ഭയന്നു-ജീവിക്കുകയും ചെയ്യുമായിരുന്നു! അവർക്ക് തോന്നും പോലെയെല്ലാം മനുഷ്യരെയും മറ്റുള്ള ജീവികളെയും ശിക്ഷിക്കുമായിരുന്നു ! ജീവികൾക്ക് പിന്നെ മുക്തി ഇല്ല. അവരുടെ കാലടിയിലെ ചവിട്ടും തുപ്പും തുപ്പും മാത്രം ശരണം ആകുമായിരുന്നു ! ..).**

**കൃഷ്ണനെയും നാരായണനെയും വല്ലാതെ സ്നേഹിക്കുകയും, 16008 യാദവ സ്ത്രീകളുമൊത്ത് കൃഷ്ണൻ പ്രേമലീലകൾ നടത്തിയതിനെ ന്യായീകരിക്കാൻ പരിശ്രമിക്കുന്ന യുവാക്കളും മദ്ധ്യവയസ്കരും ഒക്കെ അവനവന്റെ കാമുകി, ഭാര്യ, പെങ്ങൾ, അമ്മ, ഉറ്റവരായ മറ്റു യുവതികൾ എന്നിവരെ കൃഷ്ണനോ മറ്റു ദേവതകളോ, ദൈവീകമെന്ന് നിങ്ങൾ വിശേഷിപ്പിക്കുന്ന പ്രേമലീലകൾക്കായി കടത്തിക്കൊണ്ടു പോയാൽ ശരിവെക്കുകയും ഇഷ്ടപ്പെടുകയും ചെയ്യുമോ ? എല്ലാ ജനങ്ങളും അത്തരം ലീലകളെ ഇഷ്ടപ്പെടണമെന്നാണോ ? സ്ത്രീകളും പുരുഷന്മാരും കുട്ടികളും മുതിർന്നവരും പ്രേമ-കാമ കാര്യങ്ങളിൽ അഴിഞ്ഞാടട്ടെ എന്നാണോ? കൂത്താട്ടങ്ങളെ ശരിവെയ്ക്കാത്ത പെൺകുട്ടികളും യുവതികളും വീട്ടമ്മമാരും സഹിച്ചു കൊള്ളണം എന്നാണോ ? വ്യക്തിസ്വാതന്ത്ര്യം ആർക്കും വേണ്ടേ ?**

**ദൈവീകം ഇങ്ങനെയല്ല കുഞ്ഞുങ്ങളെ !**

**വിസ്തരിക്കുന്നില്ല. സ്വയം വിശകലനം ചെയ്യാനുള്ള ബുദ്ധിശക്തിയും ഓർമ്മശക്തിയും മനുഷ്യർക്ക് മഹാമാതാവായ മഹാദേവി മഹാഅനുഗ്രഹിച്ചു നൽകിയിട്ടുണ്ട്.**

**മറ്റു ദേവതകളെയെല്ലാം വരുതിയിൽ വരുത്തുവാനും ദൈവമാകാനും പ്രവർത്തിച്ച ദുർഗ്ഗയ്ക്കും, വിഷ്ണുവിനും അയാളുടെ കൃഷ്ണാവതാരത്തിനും, മറ്റു ദേവതകൾക്കും 'മനുഷ്യരുടെ ആരാധനകളെയും പ്രാർത്ഥനകളെയും ധർമ്മശാസ്ത്ര വിരുദ്ധമാക്കേണ്ടത്' അവരുടെ ആവശ്യമായിരുന്നു. ഭൂമിയിലെ മുഴുവൻ ജനങ്ങൾക്കും ആരാധനാ സംബന്ധമായ കാര്യങ്ങളിൽ പാപം കുറയാനും, ഇല്ലാതിരിക്കാനും ദുർദ്ദേവതകൾ ഉപകരിച്ചിട്ടുണ്ട് ! വ്യത്യസ്ത മതങ്ങൾ പ്രകാരവും മറ്റും അധർമ്മം വളരാനും, അസമാധാനവും അസന്തോഷവും വ്യാപകമാവാനും ദുർദ്ദേവതകൾ കാരണമായിട്ടുണ്ട്; ജനങ്ങളുടെ പാപം കുറയാനും! പിശാചിനെ സ്തുതിക്കുന്നവർക്ക് പിശാചിന്റെ ഗുണങ്ങൾ കിട്ടുമെന്നതുപോലെ, അനേകരിൽ അഹംഭാവവും അഹങ്കാരവും കള്ളങ്ങളും കാപട്യങ്ങളും വർദ്ധിക്കാൻ ദുർദ്ദേവതകളെ പൂജിച്ചത് കാരണമായിട്ടുണ്ട്. അയ്യപ്പൻ, മുരുകൻ തുടങ്ങിയ അനേകം ദേവതകളെ അടിസ്ഥാനപരമായിട്ട് വളരെ മുമ്പേ പിൻവലിച്ചുകഴിഞ്ഞു. ആവക കാര്യങ്ങളെല്ലാം മഹാവേദഗ്രന്ഥത്തിൽ ലഭ്യമാണ്.**

**"ഞാൻ ആരാണ് ? " അഥവാ "ജീവാത്മാവ് ആരാണ് ?" എന്ന ചോദ്യത്തിന്റെ ഉത്തരവും, ആത്മാവല്ലാ, ശരീരമാണ് ദൈവാംശം ; പരമാത്മാവും ദൈവവും ഒന്നല്ല, രണ്ടാണ് ; ജീവാത്മാവും ജീവനും ഒന്നല്ല, രണ്ടാണ് ; പരമാത്മാവിന്റെ അംശം മാത്രമാണ് ജീവാത്മാവ് എന്നും മേലെ മഹാശാസ്ത്രപരമായി തെളിയിച്ചതോടെ, മറ്റുള്ള മതഗ്രന്ഥങ്ങളെ അപേക്ഷിച്ച് ശ്രേഷ്ഠമെന്ന് അനേകർ കരുതുന്ന ഗീതയും തെറ്റാണെന്ന് തെളിഞ്ഞു കഴിഞ്ഞു.**

**നാരായം കൊണ്ട് ചരിത്രം എഴുതാൻ നിയോഗിക്കപ്പെട്ട ദേവത പിശാചുക്കളുടെ രാജാവെന്നോണം അധഃപതിച്ചു എങ്കിലും, ക്രൈസ്തവ കുടുംബത്തിൽ പുനർജ്ജനിച്ച് പ്രത്യക്ഷമായ മായാഅനുഭവങ്ങൾ ജീവിക്കുന്ന അയാൾ സ്വന്തം കൊടിയ അപരാധങ്ങളെ ക്കുറിച്ച് പൂർണ്ണമായും ഇന്ന് ബോധവാനാണ്; മഹാദേവിയോട് അനേകം തവണ താണു വീണ് മാപ്പിരന്നു കഴിഞ്ഞു.**

**ജ്ഞാനം ലഭിക്കുന്ന മുറയ്ക്ക് മഹാദേവിയോട് കുമ്പസരിക്കുന്നുമുണ്ട്. മഹാദേവിയുടെയും മഹാദേവന്റെയും** പൊന്നോമന കുഞ്ഞുങ്ങളാണ് സമസ്ത ജീവികളും എന്നിരിക്കെ നാരായണനും വിഷാണുവുമായ വഴിതെറ്റിയ കുഞ്ഞാടിനെ മഹാവാത്സല്യത്തോടെ ഉപദേശിച്ചും ശിക്ഷിച്ചും ആശ്വസിപ്പിച്ചും തിരുത്തുകയും ഉയർത്തുകയും ചെയ്തു പോരുന്നു. മറ്റു കുഞ്ഞുങ്ങളുടെ മുന്നിൽ അപകീർത്തിപ്പെടുത്തുന്ന മാനുഷിക രീതിയല്ല അത്. **മഹാശിവയെ നമിക്കുന്നു= ഓം നമഃ ശിവായ = അമ്മേ ശിവ** ജപിച്ചു ജീവിക്കുന്ന നാരായണനോട് മനുഷ്യരും ക്ഷമിക്കണം.

വിഷാണുവായ **നാരായണന് 10 അവതാരങ്ങൾ** ഉണ്ടെന്ന് **വാഴ്ത്തുന്ന** മത ജാതി ജീവികൾ വിഷ്ണുവിന് നാരായണന്റെ ഒരു അവതാരം മാത്രമായ കൃഷ്ണനെ കണികാണാൻ എന്ന പേരിൽ അതിസുന്ദരമായ പുരുഷ വിഗ്രഹത്തെ, പ്രത്യേകിച്ചും സ്ത്രീകൾ ആവേശം കാണിക്കുന്നതിലെ യുക്തിയെ പ്പറ്റി എന്താണ് ചിന്തിക്കാഞ്ഞത് ?! വാമനൻ പരശുരാമൻ ശ്രീരാമൻ ബലരാമൻ കൂർമ്മം നരസിംഹം എന്നിങ്ങനെ അവതാരങ്ങൾ ഏറെയുണ്ട്; ബാലി പുനർജ്ജനിച്ച വേടന്റെ അമ്പേറ്റ് മരിച്ച കൃഷ്ണന്റെ വിഗ്രഹത്തെ കണികാണണമെന്ന് എന്താണ് നിർബ്ബന്ധം ? മരണം ഇല്ലെന്ന് തെറ്റിദ്ധരിച്ചിട്ടുള്ള മൂലനായ വിഷാണു എന്ന നാരായണന്റെ വിഗ്രഹത്തെ കാണുകയല്ലേ മെച്ചം ?!

ഹിന്ദുമതത്തിൽ തന്നെ **മഹാദേവി**, സംഹാരദേവി,മഹാദേവൻ, കൂടാതെ, ഗണപതി, സുബ്രഹ്മണ്യൻ, തുടങ്ങിയ ദൈവങ്ങളും ദേവതകളും ഉണ്ടെന്നിരിക്കെ, ദൈവവും ദേവതയുമായി കരുതുന്ന വിഷാണുവിനെയും തള്ളിമാറ്റി **വിഷാണുവിന്റെ ഒരു അവതാരം മാത്രമായ ജനിച്ചു ജീവിച്ചു മരിച്ച കൃഷ്ണന്റെ** വിഗ്രഹത്തെ കണികാണണമെന്ന് **മൂലനെയും** തള്ളി വരുത്തി തീർത്തതാണ്.

ഒരാളുടെ / നിങ്ങളുടെ മാതാവിന്റെയോ ഭാര്യയുടെയോ (ഭർത്താവിന്റെയോ) മകളുടെയോ സഹോദരിയുടെയോ ഉറ്റവരായ മറ്റു സ്ത്രീകളുടെയോ പുരുഷന്മാരുടെയോ പ്രതിമകളെ / വിഗ്രഹങ്ങളെ മറ്റുള്ളവർ നിർമ്മിക്കുന്നതും, 'പ്രതിമയുടെ-ശരീര അവയവങ്ങളിലും, സൗന്ദര്യത്തിലും' നയന-മനോലയനത്തിൽ ഏർപ്പെടുന്നതും, അവർ പ്രതിമയുടെ ശരീരത്തിലെ വിവിധ അവയവങ്ങളിൽ 'തഴുകുന്നതും', അവയവങ്ങളെ വർണ്ണിക്കുന്നതും, നിങ്ങൾ ഇഷ്ടപ്പെടുമോ എന്ന് സ്വയം ചോദിക്കുമ്പോൾ തിരിച്ചറിവ് ഉണ്ടാകുന്നതാണ് എന്നു വിശദീകരിച്ചു കൊണ്ട് **'വിഗ്രഹ ആരാധന പാടില്ല' എന്ന് മഹാശാസ്ത്രം ആവശ്യപ്പെടുന്നത് തള്ളിക്കളയുന്നത് കടുത്ത ദൈവനിന്ദ ആണ്; ശിക്ഷകളും തീർച്ചയാണ്.**

**ഏകദൈവമായ മഹാദേവി, പശുപതിയായ പരമശിവനിലൂടെ നാരായണൻ എന്ന ഒരു ദേവതയെ ശിക്ഷിച്ചതിന്റെ അനുബന്ധ ചരിത്രമാണ് വിഷു.**

**ദൈവം ആകാനായി കൊടിയ പാപങ്ങൾ കൊണ്ട് പരിശ്രമിച്ച നാരായണൻ എന്ന ദേവതയെ വിഷാണു ആയിട്ട് ശിക്ഷിച്ചപ്പോൾ, വിഷ്ണു എന്ന പേര് നേടുകയും, ദൈവ-പരിവേഷം ഉണ്ടാക്കാൻ 'വിഷു' എന്ന പൈശാചിക ആഘോഷത്തെ വിഷ്ണു ആവിഷ്ക്കരിച്ചു. മുമ്പ് സൂചിപ്പിച്ചതുപോലെ കൃഷ്ണാവതാരത്തിൽ പാപം വർദ്ധിച്ചതിനുപുറമെ, മൂലദേവതയായ നാരായണനിലേക്ക് മടങ്ങാൻ കഴിയാതെ വന്നു. ഫലത്തിൽ രണ്ടാളായി; ദൈവ-പരിവേഷം ഉണ്ടാക്കിയെടുക്കാൻ വിഷാണു തട്ടിക്കൂട്ടിയ 'വിഷു' വിനെ കൃഷ്ണൻ എന്ന കിഷാണു അടിച്ചുമാറ്റി.**

## ആത്മാവല്ലാ, ശരീരമാണ് ദൈവാംശം ; പരമാത്മാവും ദൈവവും ഒന്നല്ല, രണ്ടാണ്

എന്ന് മുകളിൽ **മഹാശാസ്ത്രപരമായി തെളിയിച്ചതോടെ, പരമാത്മാവും ദൈവവും ഒന്നാണെന്നും അത് കൃഷ്ണനാണെന്നും സ്ഥാപിക്കാനുള്ള കൊടുംപാപിയുടെ ശ്രമങ്ങൾ ശാസ്ത്ര പ്രകാരം പരാജയപ്പെട്ടു കഴിഞ്ഞു.**

മുമ്പ് സൂചിപ്പിച്ചതുപോലെ ദൈവത്തിന്റെ പൊന്നോമന കുഞ്ഞുങ്ങളായ എല്ലാ മനുഷ്യരുടെയും മറ്റുള്ള ജീവികളുടെയും വ്യക്തിസ്വാതന്ത്ര്യം നിഷേധിച്ചു കൊണ്ട് എല്ലാ മനുഷ്യരെയും **കൃഷ്ണനും വിഷ്ണുവും അടിമകളാക്കുന്നതിൽ നിന്ന് മഹാദേവി രക്ഷിച്ച മഹാസത്യത്തെ അവിവേകികളായ ജനങ്ങൾ ദൈവ വിപ്ലവത്തോടെ തിരിച്ചറിയുന്നതാണ് !**

**എല്ലാ മനുഷ്യരുടെയും 'സുന്ദരീ-ജന്മങ്ങളെ' മുഴുവൻ 'പെണ്ണുപിടിയന്മാരായ അവർ' കാമപരമായി കീഴ്പ്പെടുത്തുമായിരുന്നു! ലോകത്തെവിടെയും അവരുടെ ഇഷ്ടം പോലെ അവരെ മാത്രം ആരാധിക്കുകയും കുമ്പിടുകയും അവരെ ഭയന്നു-ജീവിക്കുകയും ചെയ്യുമായിരുന്നു!**

അവർക്ക് തോന്നും പോലെയെല്ലാം മനുഷ്യക്കോലം മാത്രമുള്ള ഇന്നത്തെ മതജാതി ജീവികൾ ഉൾപ്പെടെയുള്ള എല്ലാ ജീവികളെയും അവർ തോന്നും പോലെയെല്ലാം ശിക്ഷിക്കുമായിരുന്നു ! ജീവികൾക്ക് പിന്നെ മോക്ഷം എന്ന മുക്തി ഉണ്ടാവില്ല !

പരമ പ്രധാനമായി സ്വയം ദൈവമാകാമെന്ന് വ്യാമോഹിച്ച വിഷ്ണുവും (കൃഷ്ണനും), വ്യക്തിസ്വാതന്ത്ര്യം നിഷേധിച്ചു കൊണ്ട് എല്ലാ മനുഷ്യരെയും അടിമകളാക്കുമായിരുന്നു!

മഹാദേവി പൊന്നോമന കുഞ്ഞുങ്ങളായ എല്ലാ മനുഷ്യരെയും മറ്റുള്ള ജീവികളെയും രക്ഷിച്ച മഹാസത്യത്തെ വിഡ്ഢികളായ ജനങ്ങൾ ദൈവ വിപ്ലവത്തോടെ തിരിച്ചറിയുന്നതാണ് !

ക്രൈസ്തവ കുടുംബത്തിൽ പുനർജ്ജനിച്ച് 2018 ജൂലൈ മാസത്തിൽ 60 വയസ്സ് പ്രായമുള്ള നാരായണന്, ഈ ജന്മത്തിൽ തന്നെ മായാകൃഷ്ണന്റെ അപരാധങ്ങളെ പ്രത്യക്ഷമായ മായാ-ബന്ധത്തോടെ അനുഭവിക്കാനും അറിയാനും അനേകം തവണ ഇടയായിട്ടുണ്ട്. മഹാശിവയെ നമിക്കുന്നു= ഓം നമഃ ശിവായ = അമ്മേ ശിവ ജപിച്ചു ജീവിക്കുന്ന നാരായണനെ അപകടപ്പെടുത്താൻ ദുർബ്ബലൻ കൂടിയായ മായാകൃഷ്ണന് കഴിയില്ല തന്നെ.

ഓം നമഃ ശിവായ, ഓം ശിവായ നമഃ, അമ്മേ ശിവ! ദേവീ ശരണം എന്നീ 4 ദൈവീക സ്തുതികളിൽ ഇഷ്ടമായതിനെ സ്വീകരിച്ച് (ഭക്തിഭ്രാന്ത് ഇല്ലാതെ മാത്രം) ജീവിക്കാൻ മഹാദേവി മനഷ്യരെ അനുവദിച്ചിട്ടുണ്ട്.

മഹാശക്തിയായ ദൈവം, ഏകദാസനിലൂടെ ഏതാനും ദേവതകളെ മഹാപ്രപഞ്ചത്തിലെ ഭൂമി, സൂര്യൻ, ചന്ദ്രൻ, അഗ്നി, വായു, സമുദ്രം, നദി, മല, മരണം, ചരിത്രമെഴുത്ത്, തുടങ്ങിയവയുടെ ഭരണകാര്യങ്ങൾക്ക് ചുമതലപ്പെടുത്തിയെങ്കിലും, 1000 കോടി വർഷങ്ങളുള്ള ആദ്യ മഹാകാലചക്രത്തിലെ മഹാഭരണാധികാരിയും മഹാനീതിയും യഥാർത്ഥത്തിൽ മഹാശക്തിയായ ദൈവം തന്നെ ആയിരുന്നു.

അതെങ്ങനെയെന്നാൽ, മഹാശക്തിയായ ദൈവം മഹാപ്രപഞ്ചത്തിലെ മൂലകങ്ങളിലും സംയുക്തങ്ങളിലും സൃഷ്ടിച്ചിട്ടുള്ളതായ ശാസ്ത്രനിയമങ്ങളെ അനുസരിച്ച് മാത്രമേ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ അടിസ്ഥാനപരമായിട്ട് നിർവ്വഹിക്കുവാൻ എപ്പോഴും ഏതൊരാൾക്കും കഴിയുകയുള്ളൂ.

ദേവതകൾക്കും മനുഷ്യർക്കുമെല്ലാം ലഭ്യമാക്കിയിട്ടുള്ള വ്യക്തിസ്വാതന്ത്ര്യത്തെ സദുപയോഗം ചെയ്താലും ദുരുപയോഗം ചെയ്താലും, വസ്തുക്കളിൽ മഹാലയിപ്പിച്ചിട്ടുള്ള ന്യൂനശക്തികൾ ഉപയോഗിച്ച് 'പൈ (3.1416..)' അളവിനകത്തുള്ള ധാർമ്മിക വ്യതിയാനങ്ങളാണ് സാധാരണ രീതിയിൽ സാദ്ധ്യമാവുക എന്ന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. അതേസമയം, അസാധാരണമായിട്ട് ഓംകാരത്തെ ലഭിച്ച വിഷ്ണു, ധാർമ്മിക വ്യതിയാനത്തെ (ഓംകാരത്തെ ഉപയോഗിച്ച്) ' പൈ (3.1416..)' അളവിൽനിന്ന് അല്പം ഉയർത്തുകയും ചെയ്തു. അത് അപകടമുണ്ടാക്കി; ഭൂമിയിലെങ്ങും ധാർമ്മിക അധഃപതനം മൂർച്ഛിക്കാൻ കാരണമായി.

ജ്യോതിഷം, മന്ത്രവാദം തുടങ്ങിയവയും വർജ്ജ്യമാണ്. ജ്യോതിഷത്തില് ശരിയുണ്ട്, എന്നാൽ വർജ്ജ്യമായതിനെ പിൻപറ്റിക്കൂടാ. വിവാഹപ്പൊരുത്തങ്ങള് പോലെയുള്ള അധമ കാര്യങ്ങളെല്ലാം ജ്യോതിഷികൾക്ക് കടുത്ത പാപവും ശിക്ഷയും നൽകുന്നുണ്ട്. മഹാമാതാവും മഹാനീതിയുമായ ദൈവം ചെയ്യുന്നതെല്ലാം മനുഷ്യരുടെ നല്ലതിനു വേണ്ടതെല്ലാം മാത്രമാണ്. മായ കൊണ്ട് മറച്ചിട്ടുള്ളതായ നാളെയിലെ കാര്യങ്ങളെ ഇന്നറിയാൻ ആഗ്രഹിക്കുന്നതും സൃഷ്ടിപരവും സ്ഥിതിപരവുമായ വിധികളെ മാറ്റാൻ പ്രയത്നിക്കുന്നതും പാപമാണ്. ജ്യോതിഷം പോലെയുള്ളവയും മന്ത്രവാദങ്ങളും യജ്ഞങ്ങളും പിന്പറ്റുന്നവര്ക്കും മഹാനീതിശാസ്ത്രപ്രകാരം ശിക്ഷയുണ്ട് എന്നറിയുക. ദൈവീകമല്ലാത്ത ആരാധനകളുടെയും പ്രാർത്ഥനകളുടെയും വളരെനീണ്ട നിരയാണ് മിക്ക മതങ്ങളിലുമുള്ളത്. പ്രാർത്ഥനകളും ആരാധനകളും മഹാശാസ്ത്രപരമായി നിർവ്വഹിക്കണം.

ആദ്യ മഹാകാല ചക്രത്തിലെ വർജ്ജ്യമായ മന്ത്രശാസ്ത്രവും, ദേവതകളും ഭൂരിഭാഗവും ഇതിനോടകം പിൻവലിക്കപ്പെട്ടുകഴിഞ്ഞു; മായ/ദൈവം ഉടൻ ഭൂമിയിൽ പ്രത്യക്ഷമാകുന്നതോടെ, ബാക്കിയുള്ളവയും. എന്നന്നേയ്ക്കുമായി പിൻവലിക്കപ്പെടുന്നതാണ്.

# ഓംകാരം രണ്ടാമത്തെ മഹാകാലചക്രം മുതൽ പ്രവർത്തിക്കുന്നത് ആരിലൂടെയാണെന്നും എങ്ങനെയാണെന്നും വിവരിക്കുന്നു.

**രണ്ടാം മഹാകാലചക്രത്തിൽ ഏകമഹാശക്തിയായ മഹാദേവി, മഹാപ്രപഞ്ചത്തിന്റെ മഹാനീതിയും മഹാഭരണാധികാരിയുമായി മഹാഭരണം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി പരമശിവനിലൂടെ യഥാർത്ഥ വേദങ്ങളെ അവതരിപ്പിക്കുമ്പോൾ മാത്രമാണ് ഓംകാരം മഹാദേവിയുടെ മഹാഹൃദയമാണെന്നും ഓം എന്ന ശബ്ദബ്രഹ്മം മഹാദേവിയുടെ മഹാചിരി കൂടിയാണെന്നും അറിയിക്കുന്നത്. അക്കാര്യങ്ങളെ, മഹാദേവി മഹാപ്രപഞ്ചം സൃഷ്ടിച്ചശേഷം 1000 കോടി വർഷങ്ങൾ കഴിഞ്ഞിട്ടും മഹാരഹസ്യങ്ങളായി നിലനിർത്തി എന്നു പറയുമ്പോൾ, ഓരോരോ കാര്യങ്ങൾക്കും മഹാഉചിതമായ സമയം കൂടി മഹാദേവി മഹാ-നിശ്ചയിച്ചിട്ടുണ്ട് എന്നുകൂടി സുവ്യക്തമാവുകയാണ്.**

**മഹാദേവിയുടെ മഹാഹൃദയമായ ഓംകാരത്തെ സൃഷ്ടിച്ചിട്ടുള്ളത് മുഖ്യമായും ഇപ്പോഴത്തെ സൃഷ്ടിചക്രമായ മഹാസൃഷ്ടിചക്രത്തിൽ മഹാദേവി മായ പ്രത്യക്ഷമാക്കുന്നതു മുതൽ സദാ പരമശിവനിലൂടെ പ്രവർത്തിപ്പിക്കാനാണ്. മഹാദേവിയുടെ മഹാദാസനായ പരമശിവനിലൂടെ മഹാഹൃദയമാണ് ഓംകാരം എന്ന തിരിച്ചറിവ് പരമശിവനും മനുഷ്യജീവികൾക്കും നൽകി ഓംകാരം പ്രവർത്തിക്കുമ്പോൾ, പരമശിവനെ അത്യുന്നത സ്ഥാനത്താണ് മഹാദേവി മഹാപ്രതിഷ്ഠിച്ചിട്ടുള്ളത് എന്നു സുവ്യക്തമാക്കുന്നു.**

മഹാശക്തിയായ മഹാദേവിയുടെ മഹാഹൃദയമായ **ഓംകാരം** പരമശിവനിലൂടെ പ്രവർത്തിക്കുമ്പോൾ, മഹാഹൃദയം പരമശിവന്റെ ഹൃദയത്തോട് ചേർന്നു പ്രവർത്തിക്കുകയാണു ചെയ്യുക. പരമശിവൻ പ്രവർത്തിക്കുമ്പോലെ തോന്നും, എന്നാൽ ബന്ധപ്പെട്ട സർവ്വതും പ്രവർത്തിക്കുന്നതും പ്രവർത്തിപ്പിക്കുന്നതും മഹാശക്തിയായ മഹാദേവിയാണ്. തനിച്ചു ചെയ്യുന്ന ഏതാനും ചില അവസരങ്ങളിൽ / കാര്യങ്ങളിൽ പരമശിവന് വ്യക്തിസ്വാതന്ത്ര്യം നൽകുന്ന വിഷയങ്ങൾ ഉണ്ടാവുന്നതാണ്, എന്നാൽ അപ്പോഴും എപ്പോഴും മഹാദേവിയുടെ മഹാഇഷ്ടത്തെ മാത്രം നടക്കണമേ എന്നു പ്രാർത്ഥിക്കുന്ന മഹാ-വിനീത അവസ്ഥകളിലേക്ക് ഉയരുവാൻ മഹാദേവിയുടെ മഹാഅനുഗ്രഹത്താൽ ദേവീ-ഭാഗമായ പരമശിവനു മാത്രം സദാ കഴിയുന്നതാണ്. മഹാഹൃദയമായ ഓംകാരം പരമശിവനിൽ പ്രവർത്തിക്കുമ്പോൾ, മഹാദേവി തന്റെ മഹാവാത്സല്യം പരമശിവനിലൂടെയും ജീവികൾക്കെല്ലാം മഹാഅനുഗ്രഹിച്ചു നൽകുന്നതാണ്.

**മഹാദേവി തന്റെ പ്രതിനിധിയും മഹാദാസനുമായ പരമശിവന്റെ പ്രതിനിധികളായിട്ട് മഹാനിശ്ചയിച്ചതായ ആദ്യമഹാകാല ചക്രത്തിലെ ദേവതകൾക്ക് /മാലാഖമാർക്ക്/ മലക്കുകൾക്ക് ജീവികളോട് വാത്സല്യം ഉണ്ടായിരുന്നു എന്നല്ലാതെ മഹാവാത്സല്യം ഉണ്ടാവാഞ്ഞത് അവർ കുഞ്ഞുങ്ങളായ ജീവികളുടെ യഥാർത്ഥ മഹാ-മാതാപിതാക്കളായ സ്രഷ്ടാവ് അല്ലാഞ്ഞതുകൊണ്ടാണ്.**

**മഹാശക്തിയും സൃഷ്ടി സ്ഥിതി സംഹാര കർത്താവും മഹാമാതാവുമായ മഹാദേവിക്കും, മഹാദാസനും പ്രപഞ്ചപിതാവുമായ പരമശിവനും മാത്രം നൽകാൻ കഴിയുന്ന മഹാവാത്സല്യത്തെ മറ്റു യാതൊരാൾക്കും നൽകാൻ കഴിയുന്നതല്ല.**

**ഭൂമിയിൽ മുഴുവൻ സംഹാര കാഹളം കൂടിയായ ഓം തുടർച്ചയായി 3 മുതൽ 33 വർഷം മുഴക്കിയുള്ള ദൈവ വിപ്ലവം ഉടൻ ആരംഭിക്കുമ്പോൾ, അസംബന്ധങ്ങളായ വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും പരാക്രമങ്ങളും അവസാനിക്കുന്നതാണ്.**

# സൃഷ്ടികൾക്കെല്ലാം ബാധകമായ മഹാപുനർജ്ജന്മ സിദ്ധാന്തം, സൃഷ്ടികളായ ദേവതകൾക്കും ബാധകമാണ്; അവരെല്ലാം മനുഷ്യരായി ഭൂമിയിൽ ജീവിക്കുന്നുമുണ്ട്.

www.omsathyam.com/GodlyRevolution/Universe.pdf **എന്ന മഹാവേദ ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.**

**പുനർജ്ജനിച്ചു ജീവിക്കുന്ന ഏതാനും പഴയ കാല ദേവതകളുടെയും, ഇപ്പോഴത്തെ സൃഷ്ടിചക്രത്തിലെ ചില പ്രമുഖരുടെയും കാര്യങ്ങളെ അല്പം കുറിക്കുന്നു :-**

**ജനസേവകരായ അടിമകളെ ഭരണാധികാരികളെന്നു തെറ്റിദ്ധരിക്കുകയും പുകഴ്ത്തുകയും ചെയ്യുന്നത് വ്യക്തികളുടെ സ്വകാര്യമാണ്. അടിമകളുടെ മുജ്ജന്മങ്ങളെപ്പറ്റി യാതൊന്നും അറിയാതെ കാട്ടുന്ന കോനാംപീച്ചകൾ അവസാനിക്കാൻ പ്രധാന മന്ത്രിയുടെയും മറ്റും ഒരു പൈശാചിക മുജ്ജന്മത്തെ തെളിയിച്ചാലോ, 'ദൈവം അറിയിച്ചാലോ', പാപികളെ ക്കൊണ്ടു തന്നെ ചെയ്യിച്ചാലോ മതിയാകും; അതിന് സാദ്ധ്യത കൂടുതലാണ്.**

**'മഹാശക്തിയായ മഹാദേവിയും, ~ഭാഗവും മഹാദാസനും മഹാദേവനുമായ പരമശിവനും'**

# ഏക ദൈവം

**ആണെന്നും, യഥാർത്ഥത്തിൽ ജീവികളോ സ്ത്രീകളോ പുരുഷന്മാരോ അല്ലാത്ത അവരെ പുണ്യങ്ങളും പാപങ്ങളും ബാധിക്കുന്നതല്ല എന്നും, ജീവികളുടെ ആനന്ദങ്ങൾക്കെല്ലാം അതീതമായ അവർ മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളുടെ ആനന്ദത്തെ കരുതി മഹാവാത്സല്ല്യം, മഹാദാസ്യം എന്നീ ദൈവീക-ആനന്ദങ്ങളെ സ്വീകരിച്ചിരിക്കുകയാണ് എന്നും തിരിച്ചറിയണം.**

**'സത്യധർമ്മനീതികളായ ധർമ്മ ശാസ്ത്രത്തെ' സ്വന്തം ഭാവമായി നിശ്ചയിച്ചു കൊണ്ടാണ് മണ്ണടി മഹാഭദ്രകാളിയായ മഹാദേവി സൃഷ്ടി സ്ഥിതി സംഹാരങ്ങളെ എല്ലായ്പ്പോഴും മഹാഭദ്രമാക്കിയിട്ടുള്ളത്. മാനുഷിക അവതാരത്തിലെ പിഴവുകൾ എന്ന് തോന്നിക്കുന്നവ കുഞ്ഞുങ്ങൾക്ക് വേണ്ടിയുള്ള മഹാവിളയാടലുകളും, കുഞ്ഞുങ്ങൾ നേടിയ വരങ്ങളെയും കരാറുകളെയും കുഞ്ഞുങ്ങളുടെ ആഗ്രഹങ്ങളെയും മറ്റും പൂർത്തിയാക്കലുമാണ്.**

അനേകം ഗജപാതിമാർ (ഗണപതി) കേരളത്തിൽ തന്നെ പുനർജ്ജനിച്ചു ജീവിക്കുന്നുണ്ട്. ഹിന്ദു മതത്തിൽ പെട്ട് ജീവിക്കുന്ന, ഭൂമിയിലെ ഏറ്റവും ശ്രേഷ്ഠപുരുഷനും കൂടിയായ പ്രഥമ ഗജപാതിയുടെ മകളായിട്ടാണ് മഹാശക്തിയായ മഹാദേവി അവതരിച്ചിട്ടുള്ളത്. മുഖ്യ-മഹാവേദഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്. പരമശിവനായ ഗ്രന്ഥകാരനെ നേരത്തെ അയച്ചു; ജന്മം കൊണ്ട് ലഭിച്ച മതത്തെ 1991 -ൽ പരസ്യമായി കളയിച്ച്, മഹാശാസ്ത്രപരമായി പ്രവർത്തിപ്പിക്കുന്നു. ഗൗതമ ബുദ്ധൻ, ചാണക്യൻ, ക്രൈസ്റ്റ്, കാളിദാസൻ, ഷേക്സ്പിയർ, ഗാന്ധിജി.... എന്നിവരായി അയച്ചത് പശുപതിയായ പരമശിവനെയാണ് എന്ന് മഹാദേവി അറിയിച്ചിട്ടുണ്ട്. രാഷ്ട്രപിതാവ് എന്ന് സൃഷ്ടിയായ മനുഷ്യനെ പറയുന്നതിൽ അപാകതയുണ്ടെങ്കിലും പ്രപഞ്ചപിതാവായ പരമശിവന്റെ അവതാരമാകയാൽ ഗാന്ധിജിയുടെ കാര്യത്തിൽ തടസ്സം ഒഴിവാകുന്നു.

പരമശിവനെ മാനുഷിക അവതാരങ്ങളായി അയച്ചതിൽ ബുദ്ധൻ, ക്രൈസ്റ്റ്, ഗാന്ധിജി, ഗ്രന്ഥകാരൻ ... എന്നിവരിൽ ഏറെക്കുറെ സമാനമായി സത്യം, ധർമ്മം, അഹിംസ, തുടങ്ങിയ ഗുണങ്ങൾ കാണാം. ദൈവീകമായി മാത്രം സിദ്ധിക്കുന്ന വിഷയ ഗവേഷണങ്ങളും, ധർമ്മ ശാസ്ത്ര കണ്ടെത്തലുകളും, അവയെ കർശനമായി പാലിച്ചുള്ള പ്രവർത്തനങ്ങളും അവരെ ഒന്നായി ദർശിപ്പിക്കുന്നുണ്ട്. വിശ്വമാനവികത, കാരുണ്യം, സ്നേഹം, ദാസ്യം, വാത്സല്യം തുടങ്ങിയവ എല്ലാവരിലും ജ്വലിക്കുന്നുണ്ട്. മഹാദേവി നേരിട്ട് അറിയിച്ചവ ഉൾപ്പെടെയുള്ള ഈയുള്ളവന്റെ ചരിത്രം മഹാവേദ ഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്.

**മുജ്ജന്മ പാപികൾക്ക് മന്ത്രി, മുഖ്യ/പ്രധാന-മന്ത്രി, രാജാവ് എന്നിങ്ങനെ ജനസേവനം ചെയ്ത് പരിഹാരം + ദൈവ ശിക്ഷകളിൽ നിന്ന് മുക്തി + പുണ്യം നേടാൻ അവസരം. ജനങ്ങളുടെ ചിലവിൽ ജീവിക്കുന്ന അടിമകൾ/ഭരണകൂടം ജാഗ്രത ! മനുഷ്യന് നീതി വിധിക്കാൻ യോഗ്യത ഇല്ല അവകാശവും അധികാരവും ഇല്ല.**

**ആദ്യ മഹാകാലചക്രത്തിൽ കടുത്ത പിഴവുകൾക്ക് ശിക്ഷിക്കപ്പെട്ട 'ഈശ്വരൻ, ശിവൻ എന്നെല്ലാം പേരുകളുള്ള പ്രധാന ദേവത', പുനർജ്ജനിച്ച് ആദിശങ്കരൻ, വിവേകാനന്ദൻ തുടങ്ങിയ ഉന്നത ജന്മങ്ങൾ കടന്ന് ഇപ്പോൾ ഒരു ഇസ്ലാമിക കുടുംബത്തിൽ ജനിച്ച്, ഹൈന്ദവത്തോട് കൂടുതൽ ആഭിമുഖ്യം പുലർത്തി ജീവിക്കുന്നുണ്ട്. ആദിശങ്കരൻ ആയിരിക്കെ ബ്രഹ്മ പാഠങ്ങളെ ഭാഗികമായി ലഭിച്ചപ്പോൾ, വിഭ്രാന്തിയും ആവേശവും കൊണ്ട് 'ജഗത്തിനെ മിഥ്യയായി' ഉദ്ഘോഷിച്ചതും, വിവേകാനന്ദൻ ആയിരിക്കെയും തിരുത്താൻ കഴിയാഞ്ഞതും കടുത്ത അപരാധം ആയി.**

**ഭൂമിയിൽ ഇന്നുള്ള ഏറെക്കുറെ 800 കോടി മനുഷ്യരെ, ഏറ്റവും വലിയ നീചനെ ഏറ്റവും മുന്നിൽ 1, രണ്ടാമത്തെ നീചനെ 2, മൂന്നാമത്തെ നീചനെ 3 എന്ന ക്രമത്തിൽ ഒരു വരിയിൽ നിർത്തിയാൽ, No. 9 എന്ന ഒമ്പതാമത്തെ ഏറ്റവും വലിയ നീചനായിരുന്നു; എന്നാൽ നീചന്മാരുടെ പട്ടികയിൽ നിന്നും സ്ഥിതി പരമായ വിധി പ്രകാരം അദ്ദേഹത്തിന് മോചനം ഉണ്ടായിട്ടുണ്ട്; വിശദീകരണം ലഭ്യമായിട്ടില്ല.**

**ആദ്യത്തെ 15×1000 (?!) നീചർക്ക് ഒന്നോ അതിലധികമോ ജന്മങ്ങളിൽ പെരുമാളട്ട തുടങ്ങിയ നികൃഷ്ടമായ ജന്മങ്ങളെ ശിക്ഷയായിട്ടു സ്വീകരിച്ച്, മണ്ണിൽ ഇഴഞ്ഞു-നടന്ന് മര്യാദക്കാരാകേണ്ടി വരും !**

**അതികഠിനമായ സദ് പ്രവൃത്തികളിലൂടെ, സ്ഥിതി പരമായ വിധി പ്രകാരം ഏതൊരു കൊടിയ പാപിക്കും ശിക്ഷകളിൽ നിന്നും ഇളവ് നേടാൻ കഴിയും ! ഭൂമിയും മഹാനീതിയും മഹാമാതാവും മഹാവാത്സല്ല്യവുമായ മഹാദേവി, ഈ കുറിപ്പിൽ അതും ലക്ഷ്യമാക്കിയിട്ടുണ്ട്.**

**ഭൂമിയിലെ ഏറ്റവും കൊടിയ പിശാചായി അധഃപതിച്ച 'നാരായം കൊണ്ട് ചരിത്രം എഴുതാൻ നിയോഗിക്കപ്പെട്ട നാരായണൻ എന്ന ദേവത' അനേകം ജന്മങ്ങൾ കൊണ്ട് വളരെയധികം പുണ്യം നേടിയിട്ടുണ്ട്. മഹാദേവി, മഹാദേവൻ എന്നിവരെ തിരിച്ചറിയാനും അനേകം തവണ ദർശിക്കാനുള്ള മഹാഭാഗ്യത്തെ, കേരളത്തിലെ ഒരു ക്രൈസ്തവ കുടുംബത്തിൽ ജനിച്ച് ഹൈന്ദവത്തോട് കൂടുതൽ ആഭിമുഖ്യം പുലർത്തുകയും ഇപ്പോൾ ശാസ്ത്ര പരമായി ജീവിക്കുകയും ചെയ്യുന്ന നാരായണന് ലഭിച്ചിട്ടുണ്ട്.**

**മുൻകാലങ്ങളിൽ ശിക്ഷിക്കപ്പെട്ട അനേകായിരം പൈശാചിക ശക്തികളെ നേരിൽ കാണാനും ചിലരുമായി സംഭാഷണം നടത്താനും അടുത്ത് ഇടപഴകാനും പുനർജ്ജനിച്ച നാരായണന് ഈ ജന്മത്ത് കഴിഞ്ഞിട്ടുണ്ട്. ഉചിതമായ സമയത്ത് അനുഭവങ്ങളെ അദ്ദേഹത്തെ ക്കൊണ്ട്, ഒരു പക്ഷെ, നേരിട്ട് അറിയിക്കുന്നതാണ്.**

**അയാൾ ഏറ്റവും വലിയ നീചൻ No. 1.**

**ധർമ്മശാസ്ത്രപരമായ ജീവിതം കൊണ്ട് അടുത്ത കാലത്ത് പാപങ്ങളിൽ നിന്നും അദ്ദേഹം വളരെയധികം മുക്തി നേടിയിട്ടുണ്ട്. രാമനായിരിക്കെ കാട്ടിയ കൊടിയ അപരാധത്തിന് സീതയോടു തന്നെ മാപ്പു തേടാൻ 2019 ജൂലൈയിലും ഹനുമാനോട് ആഗസ്റ്റിലും കഴിഞ്ഞു. വാക്കുകൾ കൊണ്ടുള്ള ക്ഷമചോദിക്കൽ ഒരു ഭാഗം മാത്രമാണ്. ഭൗതിക അസ്തിത്വത്തെ ബന്ധപ്പെടുത്തി ഓംകാര നീതി ശാസ്ത്ര പ്രകാരം അളവുകളോടെ ശിക്ഷയും മുക്തിയും ഉണ്ട്. സീത, ബാലി, ലക്ഷ്മി, ഹനുമാൻ, ദുർഗ്ഗ, പ്രഥമ ഗജപാതി (ഗണപതി) തുടങ്ങിയവരുടെ ദർശനങ്ങൾ കൂടാതെ അനേകം മുൻകാല ദേവതകളുടെ പുനർജ്ജന്മങ്ങളെ വിശ്വാസ- യോഗ്യമായി കാണുന്നത് ഉൾപ്പെടെയുള്ള അനവധി അത്ഭുതങ്ങളും ആനന്ദങ്ങളും അനുഭവിച്ചും ജ്ഞാനം ലഭിച്ചും പശ്ചാത്തപിച്ചും ജീവിച്ചു പോരുന്നു. ഇപ്പോഴത്തെ മഹാസൃഷ്ടിചക്രത്തിൽ ആദ്യം മോക്ഷം നേടാൻ അദ്ദേഹത്തിനു കഴിഞ്ഞേക്കും ! ഓംകാര നീതിശാസ്ത്രത്തിന് ഭംഗം വരാതെ, മഹാദേവി, ക്രൈസ്റ്റായി അയച്ച പരമശിവനിലൂടെ നാരായണന്റെ കൊടിയ വിഷക്കരാറിനെ അനുവദിച്ചതു കൊണ്ടാണ് ആദ്യമോക്ഷം വിഷയമായത്. മഹാദേവിക്കും പരമശിവനും ഉണ്ടായ വേദനകൾക്കും, പരമശിവനുണ്ടായ എല്ലാ പിഴവുകൾക്കും മുഖ്യഅപരാധി നാരായണനാണ്.**

**മുൻ സൃഷ്ടിചക്രങ്ങളിൽ വൻപിഴവുകൾ ചെയ്ത മുരുകൻ @ സുബ്രഹ്മണ്യൻ എന്ന ദേവത ഇപ്പോഴത്തെ സൃഷ്ടി ചക്രത്തിൽ അശോക ചക്രവർത്തി, ഐസക് ന്യൂട്ടൺ, സുഭാഷ് ചന്ദ്രബോസ്, ഗ്രന്ഥകാരന്റെ മകൻ, എന്നീ ശ്രേഷ്ഠ ജന്മങ്ങളിലും പിഴച്ചു. മാതാപിതാക്കളോട് കൊടിയ പാപങ്ങൾ കാട്ടിയും മറ്റും ഏറ്റവും വലിയ നീചൻ No. 4 അവസ്ഥയിലായിരുന്നു. എന്നാൽ തജ്ജന്മത്തിൽ മാതാപിതാക്കളോടുള്ള സമീപനത്തിൽ പുരോഗതി ഉണ്ടായപ്പോൾ, ശ്രേഷ്ഠന്മാരുടെ പട്ടികയിൽ (താൽക്കാലികമായി ?) സ്ഥാനംനേടാൻ അദ്ദേഹത്തിന് കഴിഞ്ഞതായും; ഇന്ത്യയിലെ ഏറ്റവും വലിയ അടിമയായി, രാജാവ് (= പ്രധാന മന്ത്രി) ആയിട്ട് 130 കോടിയിലധികം ജനങ്ങൾക്കും മറ്റുള്ള ജീവികൾക്കും നന്മ ചെയ്ത് പുണ്യം വർദ്ധിപ്പിക്കാനുള്ള ഒരു അവസരത്തെ മഹാദേവി അദ്ദേഹത്തിനു നൽകുന്നതാണ് എന്ന മുൻ പദ്ധതി സ്ഥിതി പരമായ വിധി പ്രകാരം മാറിയെന്നും സൂചനയുണ്ട് ! ഘോരമായ പാപങ്ങളെ ചെയ്തിട്ടുള്ള നീചർക്ക് വേണ്ടി സംവരണം ചെയ്തിട്ടുള്ള സ്ഥാനങ്ങളെ മാറ്റിമറിക്കാറില്ല. കാത്തിരുന്നു തന്നെ കാണേണ്ടതായ കാര്യങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിൽ വളരെയധികം ഉണ്ടാകുമെന്ന് അറിയുന്നു.**

**ഒരു ദേവത ധാർമ്മികമായി അധഃപതിച്ച് രാവണൻ എന്ന രാക്ഷസ രാജാവായി. ഇപ്പോഴത്തെ സൃഷ്ടിചക്രത്തിൽ പുനർജ്ജന്മങ്ങളിലൂടെ കഴിഞ്ഞ ജന്മത്ത് വല്ലഭായി പട്ടേലായി വന്നപ്പോൾ, ഗാന്ധിജിയുടെ കൂടെ നിൽക്കാനുള്ള അവസരങ്ങളെ മഹാവാത്സല്യത്തോട മഹാദേവി ഒരുക്കി. വളരെയധികം പുണ്യം നേടാൻ അദ്ദേഹത്തിന് പ്രസ്തുത ജന്മത്തിൽ കഴിഞ്ഞുവെങ്കിലും, പഴയ കാല ഘോര പാപങ്ങൾ ഇനിയും ഏറെയുണ്ട്. കേരളത്തിലെ ഒരു മുസ്ലിം ഭവനത്തിൽ പുനർജ്ജനിച്ച് 60 കടന്ന പട്ടേൽ ഒരല്പം ഹിന്ദു വിരോധിയാണ്, ഭൂമിയിലെ 800 കോടി ജനങ്ങളിൽ ഏറ്റവും വലിയ നീചൻ No. 6 എന്ന് ദൈവ വിപ്ലവത്തോടെ തെളിയുമ്പോൾ പ്രതിമ-ഭ്രാന്തർക്കും മറ്റും പലവിധ ദൈവ-ശിക്ഷകളുണ്ട് എന്നറിയണം ! പുനർജ്ജനിച്ച് മറ്റ് അവസ്ഥകളിൽ വ്യക്തി ഉണ്ടാകുമെന്ന് ചിന്തിക്കാൻ പോലും തയ്യാറാവാത്ത മൂഢരും അവിവേകികളും താന്തോന്നികളും കൂട്ടുനിൽക്കുന്നവരും ശിക്ഷകളെ വാരിക്കൂട്ടുന്നതാണ്. ചരിത്രം പ്രകാരം 182 മീറ്റർ (597 അടി) ഉയരമുള്ള ഒരു മനുഷ്യൻ അഥവാ രാക്ഷസൻ ഇന്ത്യയിലെ ഗുജറാത്തിൽ ജീവിച്ചതിനു തെളിവുകൾ ലഭിച്ചെന്ന വർത്തമാനം ഭാവിയിൽ ഉണ്ടാവാൻ ആധുനിക കാലത്തെ വിവരദോഷികൾ വഴിയൊരുക്കുന്നത് അവർ അറിയുന്നില്ല !**

പ്രതിമ കൊണ്ട് പട്ടേലിന് യാതൊരു നേട്ടങ്ങളും ലഭിക്കുന്നില്ല; വിവരദോഷികൾക്ക് കോട്ടങ്ങൾ ഏറെ ഉണ്ടാകുന്നതുമാണ്. മണ്ണും ഭൂമിയുമായ ദൈവം, മണ്ണിന്റെ അംശമായ ശരീരത്തിലൂടെ നൽകുന്ന ശക്തി കൊണ്ട് ധർമ്മ ശാസ്ത്രപരമായി മണ്ണിൽ അദ്ധ്വാനിച്ച് ആനന്ദങ്ങളെ നേടുകയും, പങ്കിടുകയും, ആസ്വദിച്ച് ആനന്ദിക്കുകയും വേണം. പകരം തെമ്മാടികൾ = എമ്പോക്കികൾ, ജനങ്ങളിലെ ഭൂരിപക്ഷത്തിന്റെ അത്യാവശ്യങ്ങളെ മറന്നു കൊണ്ടും മറച്ചു കൊണ്ടും മറ്റും ടൂറിസം വികസനം എന്ന അധാർമ്മികമായ 'ധന സമ്പാദനം' ഉദ്ഘോഷിക്കുമ്പോൾ 'ധർമ്മ ശാസ്ത്ര വിരുദ്ധമായി പ്രവർത്തിച്ചവർക്കെല്ലാം ശിക്ഷകളുണ്ട്. 'പാപ-പ്രതിമയെ' ഉണ്ടാക്കിച്ചവരും ഉണ്ടാക്കിയവരും, ബഹുവധങ്ങളിൽ കൂട്ടുനിന്നവരും സ്വന്തം കീശകളിൽ നിന്ന് 'സാമ്പത്തിക നഷ്ടം' നികത്തുമ്പോഴും, പാപ-പ്രതിമയെ പരിണമിപ്പിക്കുമ്പോഴും, ഭാഗികമായ പരിഹാരം മാത്രമാണവ. കുഞ്ഞുങ്ങളെ, ഓംകാര നീതി ശാസ്ത്രം മഹാവാത്സല്ല്യമാണ് എന്നതിന് കൊടിയ തെമ്മാടിത്തങ്ങളെ ലാഘവത്തോടെ ക്ഷമിക്കുമെന്ന് ധരിച്ചു പോകരുത്. ആനന്ദങ്ങൾക്ക് അളവുകൾ ഉണ്ടെന്ന് ഗ്രന്ഥത്തിൽ വിശദീകരിച്ചതു പോലെ, ശരീരത്തിലെ അവയവങ്ങൾ, പ്രവൃത്തികൾ, ഊർജ്ജം, സമയം, സമ്പത്ത് ഉൾപ്പെടെ സർവ്വത്തിനും അളവുകൾ ഉണ്ട്; മനസ്സിലാക്കാൻ കഴിയുന്ന ബുദ്ധിശക്തി ലഭ്യമാക്കിയിട്ടുണ്ട്. പാപങ്ങൾക്കും ശിക്ഷകൾക്കും അളവുകളുണ്ട്. മഹാവാത്സല്ല്യത്തോടെ ശിക്ഷിച്ചു തിരുത്തേണ്ടത് മഹാനീതി നടത്തിപ്പിന് ആവശ്യം ആണ്; സമനീതി ലഭിക്കുന്നതുമാണ്. സ്തുതികൾ, വഴിപാട് തുടങ്ങിയ ഹീനമായ മാർഗ്ഗങ്ങളിലൂടെ മഹാനീതിയായ മഹാദേവിയെ പ്രീതിപ്പെടുത്താൻ ശ്രമിച്ചാൽ, മഹാനീതി-പതിയായ പരമശിവനിലൂടെ ശിക്ഷകളെ വർദ്ധിപ്പിച്ചെന്നും വരും. ദൈവത്തിന്റെ കുഞ്ഞുങ്ങളാണ് ഭൂമിയിലെ എല്ലാവരും എന്നതിനാൽ കുഞ്ഞുങ്ങൾ ദുസ്വാർത്ഥങ്ങൾ ഇല്ലാതെ, ധർമ്മശാസ്ത്ര പ്രകാരം അന്യോന്യം സ്നേഹിക്കുകയും സഹായിക്കുകയും ചെയ്താൽ, അപ്രകാരം ചെയ്യുന്ന കുഞ്ഞുങ്ങളോട് ദൈവത്തിന് മഹാവാത്സല്യം ഉറപ്പായും വർദ്ധിക്കുന്നതാണ്. ദൈവത്തിന്റെ പ്രീതി നേടാൻ ഭൂമിയിൽ മറ്റു മാർഗ്ഗങ്ങൾ ഇല്ലെന്ന് സമസ്ത മനുഷ്യരും അറിഞ്ഞു കൊള്ളുക.

മലകളുടെ നിയന്ത്രണവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച ഒരു ദേവത ധാർമ്മികമായി അധഃപതിച്ച് ദുർദ്ദേവതയായി, ഇപ്പോഴത്തെ സൃഷ്ടിചക്രത്തിൽ പുനർജ്ജന്മങ്ങളിലൂടെ കേരളത്തിലെ ഒരു മുസ്ലിം ഭവനത്തിൽ ജീവിക്കുന്നു. സുമാർ 60 വയസ്സായ ഒരു മതഭ്രാന്തനാണ്, ഭൂമിയിലെ 800 കോടി ജനങ്ങളിൽ ഏറ്റവും വലിയ നീചൻ No. 7.

**മഹാശക്തി എന്ന മഹാശാസ്ത്ര ദൈവ നാമത്തിലെ 'തി' ബന്ധമുള്ള, യഥാർത്ഥ സർവ്വ പ്രധാനിയായ 'അഗ്നിദേവൻ' എന്ന തെറ്റായ നാമത്തിൽ അറിയപ്പെടുന്ന 'ദേവത' കേരളത്തിലെ ഒരു ക്രൈസ്തവ കുടുംബത്തിൽ ജനിച്ച് കുറെയേറെ സാധുവായ ഒരു ചെറുപ്പക്കാരനായി ജീവിക്കുന്നുണ്ട്. ഭൂമിയിലെ 800 കോടി ജനങ്ങളിൽ ഏറ്റവും വലിയ നീചൻ No. 10.**

ഓംകാര നീതി ശാസ്ത്രം അടിസ്ഥാന പരമായി മഹാവാത്സല്ല്യമാണെന്ന് കുഞ്ഞുങ്ങളെ ബോദ്ധ്യപ്പെടുത്താൻ കുഞ്ഞുങ്ങൾക്കു വേണ്ടി സൃഷ്ടിച്ച ദേവതകൾ / മലക്കുകൾ / മാലാഖമാർ ധർമ്മ ശാസ്ത്ര വിരുദ്ധമായി പ്രവർത്തിച്ച കാര്യങ്ങളെ മേല്പടി മഹാവേദ ഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്. നീതികാര്യങ്ങളുമായി ബന്ധപ്പെട്ട അവയ്ക്ക് ഭൗതികമായ അസ്തിത്വം ഉണ്ടെങ്കിലും, കുറിച്ചവ സത്യമാണെന്ന് ബോദ്ധ്യമാകുന്നത് ഉടനെയുള്ള ദൈവ വിപ്ലവത്തോടെയാണ്.

**ഇപ്പോഴത്തെ സൃഷ്ടി ചക്രത്തിലെ ചില മനുഷ്യരുടെ കാര്യം :-**

**ഭൂമിയിലെ മൊത്തം ജനങ്ങളിൽ ജന്മങ്ങളുടെ എണ്ണം കൊണ്ട് ശ്രേഷ്ഠതയും പുണ്യവും ഏറെ നേടിയവരെയും, കടുത്ത അഹംഭാവികളെയും കൂടുതലായി പുനർജ്ജനിപ്പിക്കുന്ന ഒരു പ്രദേശം കൂടിയാണ് കേരളം. ലെനിൻ, ഇന്ദിരാഗാന്ധി, ഖലീഫ ഉമർ, അബൂബക്കർ, നാരായണ ഗുരു, മാവേലി തുടങ്ങിയവർ കേരളത്തിൽ പുനർജ്ജനിച്ചു ജീവിക്കുന്നുണ്ട്; ചിലർ മുൻകാല ദേവതകളാണ്. ജവഹർലാൽ നെഹ്രു ഒരു അറബിയാണ്. പോപ്പ് ജോൺ പോൾ 2 -ആയി വന്ന മുഹമ്മദ്, ഭൗതിക അസ്തിത്വം ഇല്ലാത്തതായ കുറെ നിയമങ്ങളെ വീണ്ടും തട്ടിക്കൂട്ടി, ഇപ്പോൾ ഒരു മുസ്ലീം കുടുംബത്തിൽ പുനർജ്ജനിച്ചിട്ടുണ്ട്. ദൈവ വിപ്ലവത്തോടെ, ബോദ്ധ്യപ്പെടും.**

# ഏറ്റവും വലിയ നീചർ Nos. 2 & No. 3.

ഭൂമിയിലെ ഏറ്റവും വലിയ 2-ഉം 3-ഉം പാപികൾക്ക് (2019) ഇന്ത്യയിലെ പ്രധാനമന്ത്രിയും കേരളത്തിലെ മുഖ്യമന്ത്രിയും ആകാൻ സാധിച്ചെങ്കിൽ, മുജ്ജന്മ കൊടുംപാപങ്ങളെ ധർമ്മ ശാസ്ത്രപരമായ പ്രവൃത്തികളെകൊണ്ട് പുണ്യം വർദ്ധിപ്പിച്ച്, ദൈവ ശിക്ഷകളെ കുറയ്ക്കാൻ മഹാമാതാവായ ഭൂമി മഹാവാത്സല്ല്യത്തോടെ അവസരം നൽകിയതാണ്. ദൈവ വിശ്വാസ കാര്യങ്ങൾ, ദേവാലയ നിർമ്മാണം തുടങ്ങിയവയെ മഹാശാസ്ത്ര പരമായി ശുദ്ധിചെയ്യാൻ പ്രവർത്തിക്കുന്നത് ജനസേവകരുടെ ഒരു കടമയാണ്. പകരം പ്രധാനമന്ത്രി മഹാഭാരതത്തിലും വിദേശത്തുമെല്ലാം മതപ്പിശാചുക്കൾക്ക് ദേവാലയങ്ങളും ധർമ്മശാസ്ത്ര വിരുദ്ധമായ വിഗ്രഹ നിർമ്മാണങ്ങൾക്കും മറ്റും നേതൃത്വം വഹിച്ച് പാപവും ദൈവശിക്ഷകളും വർദ്ധിപ്പിച്ചിട്ടുണ്ട്. വൈറസ് രോഗം പടർന്നപ്പോൾ മഹാശാസ്ത്രപരമായ പ്രതിവിധി എന്ന് ഉദ്ഘോഷിച്ചുകൊണ്ട് മണിയടിച്ചും വിളക്കുകത്തിച്ചുമെല്ലാം കോമാളിയായി; **സൃഷ്ടികൾക്ക് ഭൂമി നൽകുന്ന സഞ്ചാരം ഉൾപ്പെട്ട സ്വാതന്ത്ര്യങ്ങളെ വിലക്കിക്കൊണ്ട് കൊടുംപാപിയായി. മഹാശക്തിയും, എല്ലാ സൃഷ്ടികൾക്കും ഏകശരണവുമായ ഭൂമീദേവിയെ ഭാരതാംബയെന്നു വിളിച്ചു നിന്ദിക്കുന്ന വിഡ്ഢികളിൽ ഒരാളായി.** ഇന്ത്യയിലെ എല്ലാ ദേവാലയങ്ങളിലും കെട്ടിക്കിടക്കുന്ന സമ്പത്തുകളെ ജനനന്മയ്ക്കായി ഉപയോഗപ്പെടുത്താനും, വ്യക്തി അദ്ധ്വാനിച്ചു സമ്പാദിക്കാതെ മുൻഗാമികളിൽ നിന്നും ലഭിച്ച സമ്പത്തുകളെ പൊതു ഖജനാവിലേക്ക് ചേർക്കുന്നതു പോലെയുള്ള സാമ്പത്തിക വിപ്ലവം നടത്താനോ കർഷകർ മാത്രമാണ് 'സർ' സംബോധനയ്ക്ക് അർഹരെന്ന് തിരിച്ചറിയാനോ മഹാശാസ്ത്ര വിരുദ്ധമായവ തടയാനോ കഴിഞ്ഞില്ല. ധർമ്മശാസ്ത്ര വിരുദ്ധമായിട്ട് ഒരു വ്യക്തിയുടെ സമ്പത്തിനെപ്പോലും -അല്പനേരം പോലും- തടയാൻ അടിമയ്ക്ക്/ ഭരണാധികാരിക്ക് അധികാരമില്ല. **നോട്ട് നിരോധനത്തിലൂടെ ഇന്ത്യയിൽ 130 കോടിയിലേറെ ജനങ്ങളെയും അതുപോലെ മറ്റു രാജ്യങ്ങളിലും ജനങ്ങളെ കഷ്ടപ്പെടുത്തിയതും അനേകർ വധിക്കപ്പെടാൻ കാരണമായതും രണ്ടാമന്റെയും അനുയായികളുടെയും ഈ ജന്മ പാപങ്ങളെ ഏറ്റവുമധികം ഉയർത്തി! നികുതികളെ അവസാനിപ്പിക്കാനും, ദൈവീക സാമ്പത്തിക ശാസ്ത്രത്തെ നടപ്പാക്കാനും സ്വന്തം + സൈനിക ധൂർത്തുകളെയും മറ്റും ഒഴിവാക്കാൻ പരിശ്രമിക്കാമായിരുന്നു. ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്ന തൊഴിൽ/വിഷയ വിഭജനം തെറ്റിച്ച് ജീവിക്കുന്നു. അടിമകൾ ജീവിക്കുന്നത് ഉടമകൾക്കു വേണ്ടിയാവണം; വാക്കുകൾ കൊണ്ട് വേഷം കെട്ടിയാൽ ജനങ്ങളെ കബളിപ്പിക്കാൻ അല്പം കഴിഞ്ഞേക്കും; ഭൂമിയായ ദൈവത്തെയും, ദൈവത്തിന്റെ അംശമായി ഒപ്പം കൂടിയിട്ടുള്ള ശരീരത്തെയും പറ്റിക്കാനാവില്ല. ഈ ദിവ്യ മഹാഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുള്ള 'പൗരത്വ നിയമം' പഠിക്കുമ്പോൾ മറ്റൊരു പാപത്തിന്റെ ആഴം ബോദ്ധ്യമാകുന്നതാണ്.**

**രണ്ടാമനേക്കാൾ ഈ ജന്മത്തിൽ അധഃപതിച്ച മൂന്നാമത്തെ നീചൻ ധാർഷ്ട്യത്തിന്റെ പര്യായമായി.** ഏറ്റവുംവലിയ രണ്ടാമത്തെ നീചനെ കടത്തി വെട്ടും വിധം, മൂന്നാമന്റെ പാപങ്ങളും ശിക്ഷാ ശേഖരണവും കുതിച്ച് ഉയർന്നു കൊണ്ടിരിക്കുന്നു. ജനങ്ങളുടെ ചിലവിൽ ജീവിക്കാനും 'അടിമയായ' ഭരണാധികാരി ആവാനും പുണ്യം നേടി മുജ്ജന്മ പാപങ്ങളെ അതിജീവിക്കാനും ലഭിച്ച അവസരങ്ങൾ അനവധിയാണ്. അവസരങ്ങളെ മെച്ചമായി ഉപയോഗിക്കാൻ ദൈവത്തിന്റെ പൊന്നോമന കുഞ്ഞുങ്ങളിൽ ഒരാളായ മൂന്നാമന് ഇനിയെങ്കിലും കഴിയട്ടെ! അല്പമാത്രം കുറിക്കുന്നു: ജനങ്ങൾ മദ്യപിച്ച്, അവരുടെ കുടുംബവും ജീവിതവും നശിക്കുന്നതിൽ സന്തോഷിക്കുന്നപോലെ കൊടുംനീചരായി മൂന്നാമനും അനുയായികളും കോടതികളും മറ്റും അധഃപതിച്ചിട്ടുണ്ട്. വൈറസ് രോഗം പടർന്നത് മദ്യവ്യാപാരത്തെ നിർത്തിച്ചപ്പോൾ അനേകം പാവപ്പെട്ട കുടുംബങ്ങൾക്ക് ആശ്വാസമായതിൽ നീചർ വേദനിക്കുന്നതു പോലെ ആയിരിക്കുന്നു. ഉടൻ മദ്യ നിരോധനം ഏർപ്പെടുത്തുന്നത് പൊതു ആവശ്യമാണ്. മദ്യ നിർമ്മാണവും മദ്യപാനവും കാട്ടിലാവാം; ശാസ്ത്ര സൗകര്യം ആസ്വദിച്ചു നാട്ടിൽ ജീവിക്കുന്നവർക്കു പാടില്ല; മുമ്പ് വിശദീകരിച്ചതാണ്. 2020 വൈറസ് രോഗത്തെ ഒരു ആരോഗ്യ പ്രവർത്തകന് കാര്യക്ഷമമായി വിശദീകരിക്കാൻ കഴിയുമെന്നിരിക്കെ മുഖ്യമന്ത്രിയും മന്ത്രിമാരും ഉദ്യോഗസ്ഥരും കാട്ടുന്ന പരസ്യ ക്കോലാഹലങ്ങളിൽ നിന്ന് ജനങ്ങളുടെ പണം ധൂർത്തടിക്കുന്നതും ആനുപാതികമായി പാപം വാരിക്കൂട്ടുന്നതും വളരെയധിക മാണെന്ന് തെളിയുന്നുണ്ട്. സ്വയം വിശകലനം ചെയ്ത് ജനങ്ങളോട് മാപ്പു പറയാനും ആവുമ്പോലെ നഷ്ട പരിഹാരങ്ങളെ ചെയ്യാനും മന്ത്രിമാർക്കും അനുയായികൾക്കും മറ്റും കഴിയട്ടെ ! 2018 ആഗസ്റ്റിലെ വെള്ളപ്പൊക്കം കൈകാര്യം ചെയ്തതിലും കടുത്ത വീഴ്ചകൾ സംഭവിച്ചു. തെരഞ്ഞെടുപ്പില്ലാതെ തന്നെ വീണ്ടും 5 വർഷം കൂടി ജനസേവനം ചെയ്യാനും പാപം കുറയ്ക്കാനും അദ്ദേഹത്തിനും മറ്റും കഴിഞ്ഞേക്കും. കടുത്ത അഹംഭാവികളെ പുനർജ്ജനിപ്പിക്കാനുള്ള മേഖല കൂടിയാണ് കേരളം എന്ന് വേറിട്ട് വിശദീകരിച്ചിട്ടുണ്ട്. ഭൂമിയിലെ യാതൊരു ദേവാലയങ്ങളും മഹാശാസ്ത്രപരമല്ല എന്നിരിക്കെ, ശബരിമല തീർത്ഥാടനം പോലെ അധമ വിഷയങ്ങളിൽ ഇടപെടാൻ ന്യൂനശക്തികളുടെ ചട്ടുകമായി മൂന്നാമത്തെ വലിയ നീചനും, പൂച്ചാണ്ടിക്കോടതികളിലെ ജഡ്ജിമാരും അധഃപതിച്ചു; ധാർമ്മിക സദാചാരനിയമങ്ങളെ കശക്കി ഞെരിച്ചത് കാരണമായിട്ടുണ്ട്. ശരിക്കും പൊതുവായ ആവശ്യങ്ങളെ വിസ്മരിച്ചതു പോലെ ആയിരിക്കുന്നു ! മുല്ലപ്പെരിയാർ അണക്കെട്ട് വിഷയം രൂക്ഷമാകും എന്ന സൂചനയുണ്ട്. കുഞ്ഞുങ്ങളും യജമാനരുമായ ജനങ്ങൾ പാർപ്പിടം ഇല്ലാതെ വിഷമിക്കുമ്പോൾ, ജനങ്ങളുടെ പണം കൊണ്ട് ഉണ്ടാക്കിയ സുഖ-മന്ദിരങ്ങളിൽ അടിമകൾ മാത്രമായ മന്ത്രിമാരും ജഡ്ജിമാരും ഉദ്യോഗസ്ഥരും, 'ഭരണാധികാരികൾ' എന്ന കള്ളപ്പേരോടെ വസിക്കുന്നത് കടുത്ത അപരാധമാണ്. സ്വന്തം പണമാണെങ്കിൽ പോലും സാധാരണ ജനങ്ങൾക്ക് ലഭിക്കുന്നതിൽ അധികം ചികിത്സ സ്വീകരിക്കുന്നതിനു മുമ്പ് അടിമകൾ പദവി ഒഴിയണം എന്നതു പോലെ ധർമ്മ ശാസ്ത്ര വിചാരം വർദ്ധിക്കണം. മറ്റ് ജനങ്ങളെയും ദൈവത്തിന്റെ കുഞ്ഞുങ്ങളായി അറിയണം; പെരുമാറ്റ മര്യാദകളും വളരെയധികം വർദ്ധിക്കേണ്ടതുണ്ട്. ആദ്യത്തെ 4 ഏറ്റവും വലിയ നീചർ അവർ അറിയാതെ സ്ഥാനങ്ങൾക്കു വേണ്ടി മത്സരിക്കുന്നതു പോലെ ആയിട്ടുണ്ട്. കുഞ്ഞുങ്ങളെ ധാർമ്മികമായി ഉയർത്താനും, ഓംകാര നീതി ശാസ്ത്രം പ്രകാരമുള്ള ശിക്ഷകളിൽ നിന്ന് ഒഴിവാക്കാനുമായി മഹാ-അവസരങ്ങളെ നൽകുന്ന മഹാമാതാവിന്റെ മഹാവാത്സല്യത്തെ തിരിച്ചറിഞ്ഞ് ധർമ്മശാസ്ത്ര വിരുദ്ധമായ നടപടികളെ അവർക്കു വേണ്ടി അവസാനിപ്പിക്കണം. ഓംകാര നീതി ശാസ്ത്രം കുറെയെങ്കിലും പഠിക്കാൻ ഭാഗ്യം ലഭിച്ചാൽ, തിരുത്തൽ എളുപ്പമാകും.

**ധർമ്മ ശാസ്ത്ര പരമായി മാത്രമേ പ്രവർത്തിക്കൂ എന്ന് തൽക്കാലം നീചരായി അധഃപതിച്ച ഭൂമിയുടെ കുഞ്ഞുങ്ങൾ ഉൾപ്പെടെ എല്ലാവരും ഉടനെ ദൃഢ നിശ്ചയം ചെയ്യണം ! താൻ പാതി ദൈവം പാതി എന്നതിൽ സ്വന്തം പകുതി ശുദ്ധമാക്കുക; രണ്ടാം പകുതി മഹാശക്തിയും ഭൂമിയുമായ മഹാദേവി സത്യം ശിവം സുന്ദരമാക്കുന്നതാണ്.**

**എല്ലാ ജനങ്ങളും ഭൂമിയുടെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ഭൗതിക അസ്തിത്വം ഉള്ളതായ ധർമ്മ ശാസ്ത്രം പ്രകാരമുള്ള ജീവിതം നയിക്കണം; അതിന് പരമാവധി പരിശ്രമിക്കണം.**

'ഇന്ന് ജീവിക്കുകയും, അടുത്ത ഒരു നാൾ മരിക്കുകയും ചെയ്യുന്ന മനുഷ്യ ക്കുഞ്ഞുങ്ങളുടെ ചരിത്രം' മഹാവേദ ഭാഗമായ ഈ ഗ്രന്ഥത്തിൽ, ചേർക്കണമായിരുന്നോ ? ദൈവവിപ്ലവത്തോടെ മഹാവേദത്തെ ചിട്ടപ്പെടുത്തുമ്പോൾ സൃഷ്ടികളുടെ നാമങ്ങളും ചരിത്രങ്ങളും ഉണ്ടാവില്ല. ഇപ്പോൾ കുഞ്ഞുങ്ങളെ തിരുത്താനും, ഭൂമിയിലെങ്ങും മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ-വ്യത്യാസങ്ങളുടെ പേരിൽ നിലനിൽക്കുന്ന വ്യക്തി-വിദ്വേഷം അവസാനിക്കാനും, പരസ്പരം സ്നേഹിച്ചും സഹകരിച്ചും സഹായിച്ചും ജീവിക്കാൻ ഉദാഹരണങ്ങൾ ഉപകരിക്കും എന്നാണ് ഉദ്ദേശം. പാപികളെ കൂടുതൽ വെറുക്കുന്നവർക്ക് പാപികളെ കൂടുതൽ ശുദ്ധി വരുത്താൻ ശ്രമിക്കുന്നതിലൂടെ സ്വന്തം പാപങ്ങളെ കുറയ്ക്കാനും, പുണ്യത്തെ വർദ്ധിപ്പിക്കാനും കഴിയുന്നതാണ്. കൂടുതൽ ആനന്ദത്തെയും നേടാം. അപ്പോഴും എപ്പോഴും അറിയുക : പാപികളെന്നു നിങ്ങൾ കരുതുന്ന മനുഷ്യരേക്കാൾ പാപി ഒരു പക്ഷേ നിങ്ങളാവും ! മഹാനീതി ശാസ്ത്രമായ ഓംകാര നീതി ശാസ്ത്രത്തെ മഹാവേദ ഗ്രന്ഥത്തിൽ ചേർത്തിട്ടുള്ളത് പഠിക്കാൻ കഴിയുന്നവർക്ക് ബോദ്ധ്യമാകുന്നതാണ്. ഒരു ജന്മം കൊണ്ട് തീരാത്തതും 100 ജന്മങ്ങൾ കൊണ്ടു മാത്രം തീരുന്നതുമായ നീണ്ട മനുഷ്യ ജീവിതത്തിന്റെ തജ്ജന്മത്തിലെ ഏതാനും കാര്യങ്ങളെ അടിസ്ഥാനമാക്കി അന്യോന്യം മാർക്കിടരുത്. നീതി വിധിക്കാൻ മനുഷ്യന് കഴിയില്ല; കഴിവില്ല എന്നതിനൊപ്പം നീതി വിധിക്കാൻ മനുഷ്യന് കഴിയാത്തതാണ് നല്ലത് എന്നു കൂടി ബോദ്ധ്യമാകും. കുഞ്ഞുങ്ങൾക്ക് നല്ലതായ കാര്യങ്ങളെ മാത്രമേ മണ്ണും ഭൂമിയുമായ മഹാദേവി ചെയ്യുന്നുള്ളൂ.

വിശകലനം ചെയ്തും ബോദ്ധ്യം വന്നും ഏറ്റവുമധികം നല്ലത് ചെയ്യാനും പുണ്യം വർദ്ധിപ്പിക്കാനും അടിമകൾക്കും യജമാനർക്കും കഴിയട്ടെ ! ഏറ്റവും കൊടിയ പിശാചുക്കളും, ദൈവത്തിന്റെ പൊന്നോമന കുഞ്ഞുങ്ങളാണ്. താൽക്കാലികമായി വഴിതെറ്റിയ അവരെ തിരുത്തുവാൻ അവരുടെ മഹാമാതാവും മഹാനീതിയും ഏകദൈവവുമായ മഹാദേവിയും, മഹാപിതാവും മഹാനീതിപതിയുമായ മഹാദേവനും ഉണ്ട്. സ്വന്തം മുജ്ജന്മങ്ങളെയും പാപങ്ങളെയും പറ്റി യാതൊന്നും അറിയാത്തവർ, സഹോദരങ്ങളായ പാപികളെ സഹായിക്കുക എന്നല്ലാതെ അധർമ്മികളോട് വിരോധം അരുത്; അധർമ്മത്തെ ശക്തമായി എതിർക്കുകയും വേണം.

ആദ്യ മഹാകാലചക്രത്തിൽ, മനുഷ്യാവസ്ഥയിൽ മോക്ഷം നേടവേ ദേവതകൾ/ മാലാഖമാർ /മലക്കുകളായി പ്രത്യേക പദവി ലഭിച്ചവർ, കൊടിയ ദുർദ്ദേവതകളും പിശാചുക്കളുമായി അധഃപതിച്ച് കാട്ടിക്കൂട്ടിയ അപരാധങ്ങളെ കണക്കാക്കിയാൽ, മനുഷ്യരുടെ തെറ്റുകളും കുറ്റങ്ങളും ഗൗരവമാണെങ്കിലും, നിസ്സാരമായി തോന്നും.

ദൈവ വിപ്ലവത്തിനുള്ള ഒരുക്കമായ ന്യൂനശക്തികളുടെ തിരുത്തൽ പ്രവർത്തന - ഭാഗമായി ദേവാലയങ്ങളിലെ കാര്യങ്ങളെ ഗ്രഹിച്ചാൽ ശ്രേഷ്ഠമാണ് ! ഭൂമിയിലെ എല്ലാ ദേവാലയങ്ങളിലും ശിവലിംഗം മാത്രം പ്രതിഷ്ഠിക്കാനുള്ള ദൈവീക നടപടികൾക്ക് കേരളത്തിൽ ആക്കം കൂടുന്നതാണ് !

# സമൂഹ നിയമങ്ങൾക്ക് വ്യക്തിയുടെ മേൽ നീതി നടത്താൻ കഴിയില്ലെന്നും, ജനസേവകരായ ഭരണകൂടം ജനങ്ങളുടെ അടിമകൾ മാത്രമാണെന്നും, ജനസേവകർ ഉൾപ്പെടെയുള്ള സൃഷ്ടികൾക്ക് ഭൗതിക അസ്തിത്വം ഉള്ളതായ നിയമങ്ങളെ ഉണ്ടാക്കാനുള്ള കഴിവും അവകാശവും ഇല്ലെന്നും മുകളിൽ വിശദീകരിച്ചു.

വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് മുഖ്യ ഘടകങ്ങളെ മാത്രം ചുവടെ ആവർത്തിച്ചിരിക്കുന്നു; ചില പുതിയവ ചേർത്തിരിക്കുന്നു :-

(1). മനുഷ്യർ ഉൾപ്പെടെ എല്ലാ ജീവികളുടെയും ജീവാത്മാക്കൾക്ക് മഹാസമനീതി നൽകുന്നതും, യഥാർത്ഥത്തിൽ ഓരോ വ്യക്തിയെയും നേരിട്ട് സദാ ഭരിക്കുന്നതും, ദൈവമായ ഭൂമിയും, അംശമായ ശരീരങ്ങളുമാണെന്ന് തെളിയിച്ചു.

(2). മനുഷ്യന്റെയും മറ്റുള്ള ജീവികളുടെയും സ്വത്വമായ ജീവാത്മാക്കൾക്ക് വിഭജിക്കാനോ വേർപെടുത്താനോ കഴിയാത്ത വിധം 'ഓരോ ജീവാത്മാവിനും ഓരോ ദൈവം' എന്ന പോലെ ഭൂമിയായ 'ദൈവത്തിന്റെ അംശമാണ് ശരീരം എന്ന പേരിൽ ഒപ്പം കൂടിയിട്ടുള്ളത് എന്ന് വിശദീകരിച്ചു.

(3). ജനനം മുതൽ മരണം വരെ ജീവാത്മാവിന് ഭൗതിക-അസ്തിത്വവും അനന്തമായ ആനന്ദങ്ങളും മഹാശരണവും നൽകുവാൻ മാത്രമായി ജീവാത്മാവിന്റെ കൂടെ ഗൂഢമായി കൂടിയിട്ടുള്ള 'ശരീരമാണ്' ഭക്ഷണത്തിലെയും മരുന്നുകളിലെയും മറ്റും മൂലകങ്ങളെ സ്വീകരിച്ചുള്ള ദഹനം, വിസർജ്ജനം, ശരീര വളർച്ച, രോഗം, രോഗ ശമനം തുടങ്ങിയ എല്ലാ കാര്യങ്ങളെയും ജീവാത്മാവിനു വേണ്ടി മാത്രം ചെയ്യുന്നത്.

ഭൂമിയിലെ 'മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങൾ' എന്ന സ്വന്തം ഇഷ്ടപ്രകാരമാണ് ശരീരം പ്രവർത്തിക്കുന്നതെങ്കിലും ജീവാത്മാവിനും ഉറ്റവർക്കും മറ്റുള്ളവർക്കും അങ്ങനെ തോന്നാത്ത വിധവും, ശരീരത്തിന് വേറിട്ടൊരു സ്വത്വത്തെ സ്വീകരിക്കാതെയും, സേവനങ്ങൾക്ക് വേതനം വാങ്ങാതെയും, സമ്പൂർണ്ണമായ നിസ്വാർത്ഥതയോടെയും, ഒരു നിമിഷം പോലും വിശ്രമിക്കാതെയും, മഹാദാസനും മഹാദാസിയും എന്നോണവും, ജീവാത്മാവിന് അനന്തമായ ആനന്ദങ്ങളെ നൽകിക്കൊണ്ട് കൂടുതൽ കൂടുതൽ ആനന്ദങ്ങളെ നേടി ക്കൊടുക്കാനായി മാത്രം, മഹാവാത്സല്ല്യത്തോടെ (ശരീരം) പണിയെടുക്കുകയാണ് എന്നും വിശദീകരിച്ചു.

(4). ജീവാത്മാവ് സ്വന്തമായി സൃഷ്ടിക്കാത്തതിനെ സ്വന്തമെന്ന് അവകാശപ്പെടുന്നത് തെറ്റാണെന്നും യോഗ്യത ഇല്ലെന്നും, **മഹാശാസ്ത്രപരമായ 'അവകാശം' ഉണ്ടെങ്കിൽ മാത്രമാണ് അധികാരമുള്ളത്** എന്നും വിശദീകരിച്ചു.

ഭൂമിയിലെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള നിയമങ്ങളെ ഉപയോഗിച്ച് ഭൂമിയിലെ വസ്തുക്കളെ പരിണമിപ്പിക്കാനുള്ള ശക്തിയും ജ്ഞാനവും, ശരീരം മനുഷ്യരുടെ സ്വത്വമായ ജീവാത്മാക്കൾക്കു നൽകുന്നുണ്ട്. വസ്ത്രം, വീട്, കാർ, ഫോൺ, തുടങ്ങിയവയെ നിർമ്മിക്കുന്നത് ഭൂമിയുടെ മൂലകങ്ങളെ പരിണമിപ്പിച്ചു കൊണ്ടാണ്. പരിണമിപ്പിക്കുക എന്ന അദ്ധ്വാനം ചെയ്തതിന്റെ പ്രതിഫലമായി പരിണമിപ്പിച്ചു നേടിയ ഉല്പന്നങ്ങളെ ഉപയോഗിക്കാനുള്ള യോഗ്യത ഉണ്ട്. 'ഭൂമിയുടെ അംശമായ മൂലകങ്ങൾ ശരീരം എന്ന പേരിൽ' ഒപ്പം കൂടിയിട്ടുള്ളതിനെ 'മരണം, ജീവികളുടെ ഭക്ഷണം' തുടങ്ങിയവയുടെ ഭാഗമായി മടക്കി വാങ്ങുന്നുണ്ട്. 'ഭൂമിയിലെ വസ്തുക്കളും ജീവികളുമെല്ലാം ഭൂമിയായ ദൈവത്തിന്റേതാണ്; ഭൂമിക്കു മാത്രം അവകാശപ്പെട്ടതാണ് എന്ന് തെളിയിച്ചു. മാത്രമല്ല; സനാതന ധർമ്മം എന്ന മഹാപ്രപഞ്ചത്തിലെ സർവ്വവും ഭൂമിയായ ദൈവത്തിന്റെ സ്വന്തമാണെന്നും തെളിയിച്ചു.

(5). ഭൂമിയായ ദൈവം, സൃഷ്ടികളെ ദാസരായിട്ടു കണക്കാക്കാതെ, പൊന്നോമന-കുഞ്ഞുങ്ങളായിട്ട് മഹാഅനുഗ്രഹിക്കുന്നു; സ്വയം മഹാദാസരായി ക്കൊണ്ട് കുഞ്ഞുങ്ങൾക്കെല്ലാം അനന്തമായ ആനന്ദങ്ങളെ നൽകാനായി ശരീരം എന്ന പേരോടെ ഗൂഢമായി കൂടെ കൂടിയിരിക്കുന്നു; (മഹാപിതാവും) മഹാമാതാവുമായി ക്കൊണ്ട് കുഞ്ഞുങ്ങൾക്കെല്ലാം മഹാവാത്സല്ല്യത്തെ മഹാഅനുഗ്രഹിച്ചു നൽകി മഹാ-കരുതുന്നു; ഇതെല്ലാം സൃഷ്ടികളായ ജീവികളുടെ മഹാസൗഭാഗ്യമാണെന്ന് വിശദീകരിച്ചു.

(6). സർവ്വം മണ്ണടി. ഭൂമിയിൽ വച്ച് അറിഞ്ഞതും അനുഭവിച്ചതുമായ അനന്ത-ആനന്ദങ്ങളെ ജനന-മരണങ്ങളില്ലാതെ ജീവികൾക്ക് അനന്തമായി ആസ്വദിക്കാൻ കഴിയുന്ന മോക്ഷത്തെ നേടാൻ ഭൂമി നിശ്ചയിച്ചിരിക്കുന്നതും അനുവദിച്ചിരിക്കുന്നതും മനുഷ്യാവസ്ഥയെ ആകയാൽ മഹാപ്രപഞ്ചത്തെപ്പറ്റിയും ദൈവമായ ഭൂമിയെപ്പറ്റിയുമുള്ള മഹാശാസ്ത്ര നിയമങ്ങളെയും അനന്തമായ സമ-ആനന്ദങ്ങളെയും 100 മനുഷ്യജന്മങ്ങളിലൂടെ ജീവാത്മാവിനു ലഭിക്കുകയാണ്; നേടുകയാണ്; ശരീരവും ഭൂമിയുമായ ദൈവം മഹാനീതിശാസ്ത്ര പ്രകാരം മഹാവാത്സല്ല്യത്തോടെ മഹാഅനുഗ്രഹിച്ചു നൽകുകയാണ്.. എന്നിവ വിശദീകരിച്ചു.

(7). **മനുഷ്യന് സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യം നൽകുന്നതിന്നായി മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ന്യൂനശക്തികളെ ഒരല്പം വ്യത്യാസപ്പെടുത്തുവാൻ മനുഷ്യരെ അനുവദിച്ചിട്ടുണ്ട്.** വളരെ ഗൗരവമുള്ള കാര്യമാണത്. ജീവികളുടെ ശരീരം ഉൾപ്പെടെയുള്ള ഭൗതിക വസ്തുക്കളിലെല്ലാം ഭൗതികശാസ്ത്ര പ്രകാരം കൈയ്പ്-മധുരം, ദുഃഖം-സുഖം, കരച്ചിൽ-ചിരി, തുടങ്ങിയ ന്യൂനാവസ്ഥയും അധികാവസ്ഥയും ദൈവം സൃഷ്ടിച്ചിട്ടുണ്ട്. ന്യൂനശക്തികളെ വ്യത്യാസപ്പെടുത്തി ക്കൊണ്ട് വ്യക്തിസ്വാതന്ത്ര്യത്തെ വർദ്ധിപ്പിക്കുകയാൽ ഓരോ സൃഷ്ടിചക്രത്തിലും അധികമായി ഭൂമിയിൽ സൃഷ്ടിച്ച ന്യൂനശക്തികളെ വിഷമായി പാനം ചെയ്ത് അടുത്ത സൃഷ്ടിചക്രത്തെ ഒരുക്കാനായി സംഹാരകാലത്ത് പരമശിവനെ ഭൂമിയും ബ്രഹ്മവുമായ മഹാദേവി പ്രാപ്തനാക്കുന്നുണ്ട്.

ന്യൂനശക്തികൾ സമസ്ത ജീവികൾക്കും ഏർപ്പെടുത്തുന്ന ധർമ്മ ശാസ്ത്ര ബന്ധനം ഉൾപ്പെടെയുള്ള ന്യൂനശക്തികളുടെ ബഹുവിധങ്ങളായ പ്രവർത്തനങ്ങളെ **www.omsathyam.com/GodlyRevolution/OM.pdf** എന്ന മഹാദിവ്യവേദഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുള്ളത് പഠിക്കാൻ ജനസേവകരായി വേഷംകെട്ടുന്ന ഇന്നത്തെ മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ഭാഷാ-ദേശീയ നേതാക്കൾക്കും അനുയായികൾക്കും കഴിഞ്ഞാൽ അവർ ഞെട്ടി വിറയ്ക്കുന്നതും തങ്ങളുടെ തെറ്റുകളെ സ്വയം തിരുത്താൻ ഉടൻ തയ്യാറാകുന്നതുമാണ്. ജനങ്ങളുടെ അടിമകളാണ് ജനസേവകർ എന്ന് മേല്പടി മഹാദിവ്യവേദഗ്രന്ഥത്തിൽ ശാസ്ത്രപരമായി തെളിയിച്ചിട്ടുണ്ട്.

**ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ പരിഹരിക്കാനായി പ്രവർത്തിക്കുക എന്ന ജനസേവനത്തിൽ നിയമങ്ങളെ ഉണ്ടാക്കുക എന്നത് പെടുന്നില്ല എന്ന മഹാപാഠത്തെ ജനസേവകരും മറ്റും ഉൾക്കൊള്ളുന്നതോടെ നിയമസഭകളും കോടതികളും ബന്ധപ്പെട്ട അനേകം സംവിധാനങ്ങളും അവസാനിക്കുന്നതാണ്.**

മഹാനീതിയായ ഭൂമിയുടെ കുഞ്ഞായ ഓരോ മനുഷ്യനും / ജീവിയും, സമ്പൂർണ്ണ സ്വാതന്ത്ര്യം അനുഭവിക്കുന്ന അവരവരുടെ രാജാവാണ്. ജനസേവകർ ഒഴികെ യാതൊരാളും മറ്റുള്ളവരുടെ അടിമകളല്ല. ജനങ്ങൾക്ക് അവരുടെ ചിലവിൽ ജീവിക്കുന്ന അടിമകളായ രാജാവും മന്ത്രിമാരും ഉൾപ്പെട്ട ജനസേവകരെ ശിക്ഷിക്കാനും മഹാശാസ്ത്രപരമായ അവകാശവും അധികാരവും ഉണ്ട്. അടിമകൾക്ക് തിരിച്ചില്ല എന്നും വിശദീകരിച്ചു.

ഭൂമിയിൽ മുഴുവൻ 3 മുതൽ 33 വർഷം വരെ മഹാശബ്ദമായ ഓാം മുഴങ്ങുന്ന ദൈവ വിപ്ലവം ഉടനെയുണ്ടെന്ന് www.omsathyam.com/GodlyRevolution/OM.pdf എന്ന മഹാദിവ്യവേദഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.

(8). ഓരോ മനുഷ്യനും അതാത് ജന്മങ്ങളിൽ ലഭിക്കുന്ന ജന്മഗുണങ്ങൾ പ്രകാരം തൊഴിൽ ചെയ്ത് ജീവിക്കുകയേ വേണ്ടൂ. ലഭ്യമായ ആരോഗ്യം (ശക്തി), ബുദ്ധിശക്തി, തൊഴിൽ അഭിരുചി, വിനോദ അഭിരുചി എന്നിവയെ ഭാഗികമായി വ്യത്യാസപ്പെടുത്താൻ സ്ഥിതിപരമായ വിധി എല്ലാ മനുഷ്യരെയും അനുവദിച്ചിട്ടുള്ളത് പ്രയോജനപ്പെടുത്താൻ തീർച്ചയായും കഴിയും. അതേസമയം മുമ്പ് വിശദീകരിച്ചിരുന്നതു പോലെ ചുറ്റുമുള്ളവരെ ഉപദ്രവിക്കാനോ അവരുടെ ആനന്ദങ്ങളെ തട്ടിപ്പറിക്കാനോ ചൂഷണം ചെയ്യാനോ പാടില്ല. ധർമ്മ ശാസ്ത്രപരമായി മാത്രം ആനന്ദിച്ചു ജീവിക്കുക.

**ഭൂമിയിലെ എല്ലാ തൊഴിലുകളെയും ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നിങ്ങനെ നാലായി വിഭജിക്കാം. യഥാർത്ഥമായ തൊഴിൽ വിഭജനം അവയാണ്. അവയ്ക്ക് കാലാനുസൃതമായി സംഭവിച്ച ജീർണ്ണതയെന്ന് ഇന്ത്യയിലെ ചാതുർവർണ്യത്തെ വിശേഷിപ്പിക്കാം. വിശദീകരണം മഹാദിവ്യവേദ ഗ്രന്ഥങ്ങളിൽ ലഭ്യമാണ്.**

**തൊഴിൽ ശാസ്ത്രം, യുക്തിശാസ്ത്രം, സദാചാര ശാസ്ത്രം, സാമ്പത്തിക ശാസ്ത്രം, തൊഴിൽ ശാസ്ത്രം, ജനസേവന ശാസ്ത്രം (ഭരണ ശാസ്ത്രം), നീതിന്യായ ശാസ്ത്രം, തുടങ്ങിയ ശാഖകളും ഉപ-ഉപ ശാഖകളും രണ്ടാമത്തെ വേദമായ ധർമ്മ ശാസ്ത്രത്തിന് ഉണ്ടെന്നും, അവയെല്ലാം മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ഭൗതിക ശാസ്ത്ര നിയമങ്ങളോടൊപ്പം, ദൈവം വെളിപ്പെടുത്തുന്നുണ്ട് എന്നും** www.omsathyam.com/GodlyRevolution/OM.pdf **എന്ന മഹാദിവ്യവേദഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.**

**(9). വിവാഹം, ശവമടക്കൽ : ഏതൊരു കാര്യവും ധർമ്മശാസ്ത്രപരമായി ശുദ്ധി ചെയ്യുവാൻ യഥാർത്ഥത്തിൽ എളുപ്പമാണ്.**

**വിവാഹം, ശവമടക്കൽ എന്നീ രണ്ട് പൊതു ആവശ്യങ്ങളെ ദൈവത്തോടു ബന്ധിപ്പിക്കുന്നതായി ഭാവിച്ച് കള്ളക്കൊള്ളക്കൂട്ടങ്ങളായ മതങ്ങളുമായി കൂട്ടിപ്പിടിപ്പിച്ച് ദൈവത്തിന്റെ സൃഷ്ടികളും കുഞ്ഞുങ്ങളുമായ മനുഷ്യരെ മതജാതി ജീവികളായി മാറ്റിയിട്ടുള്ളത് തിരുത്താൻ വിവാഹം, ശവമടക്കൽ എന്നീ രണ്ട് പൊതു ആവശ്യങ്ങളെ ധർമ്മശാസ്ത്ര പരമായി ശുദ്ധി ചെയ്താൽ മതിയാകും.**

**വിവാഹം : സ്ത്രീയും പുരുഷനും ചേർന്ന മനുഷ്യൻ എന്ന ജീവിയുടെ ജീവിതത്തിലെ ധർമ്മശാസ്ത്രപരമായ ഏക ചടങ്ങ് വിവാഹമാണ്.**

ആണും പെണ്ണും എന്ന 2 പേരുടെ വിവാഹത്തിന്, ഉറ്റവരും പൊതുജന സേവകരായ പഞ്ചായത്തിലെ ഒരംഗവും ഉൾപ്പെടെ 4 സാക്ഷികളും കൂട്ടി, 2 അക്കമുള്ള ഏറ്റവും വലിയ സംഖ്യയായ 99 പേരാണ് പരമാവധി പങ്കെടുക്കുന്നതെങ്കിൽ, 'മഹാദേവി+മഹാദേവൻ' പങ്കെടുത്ത് 100 തികയ്ക്കുമെന്നാണ് മഹാശാസ്ത്രം. സാക്ഷികളുടെയും (സമൂഹത്തിന്റെയും) സാന്നിധ്യത്തിൽ, വധുവിന്റെ കൈയ്യെടുത്ത് വരന്റെ കൈയ്യോട്, വധുവിന്റെ രക്ഷകർത്താവായ പുരുഷൻ ചേർത്താൽ വിവാഹമായി. ദൈവ നാമം ഉരുവിടാൻ ആഗ്രഹിക്കുന്നവർ ദൈവം ശരണം, ദേവീ ശരണം, ഭൂമി ശരണം എന്നിവയിൽ ഒന്ന് ഉരുവിടുക.

മണ്ണിലെ മൂലകങ്ങൾ കൊണ്ട് മഹാശാസ്ത്ര പ്രകാരം സൃഷ്ടിക്കപ്പെട്ട മനുഷ്യരുടെ വിവാഹത്തിന് വ്യത്യസ്ത കള്ളക്കൊള്ളക്കൂട്ടങ്ങളായ മതങ്ങളുമായി ബന്ധമുണ്ടാക്കുന്ന മതജാതി-ജീവികളുടെ കോപ്രായങ്ങൾ തെറ്റാണ്. ദൈവ വിപ്ലവം ഉടൻ ഭൂമിയിലെങ്ങും ആരംഭിക്കുന്നതോടെ മതങ്ങളെല്ലാം അവസാനിച്ച് ദൈവം സൃഷ്ടിച്ച മനുഷ്യ ജീവികൾ ഭൂമിയിൽ മുഴുവൻ സ്നേഹിച്ചും സഹകരിച്ചും സഹായിച്ചും ആനന്ദിച്ചു ജീവിക്കുന്നത് കാണാൻ കഴിയും. **വിവാഹ ധൂർത്തുകളും** ദൈവ-വിപ്ലവത്തോടെ അവസാനിക്കുന്നതാണ്.

## മരണവും ശവമടക്കലും :

**ജനനമരണങ്ങളെ ചടങ്ങുകളാക്കാൻ ഉൾപ്പെട്ട വ്യക്തിക്കു കഴിയുന്നതല്ല എന്നതിൽ നിന്നും അവയെ ചടങ്ങുകളാക്കിക്കൂടാ എന്ന മണ്ണിന്റെ നിയമം സുവ്യക്തമാണ്.** മരണാനന്തര കാര്യങ്ങളെ പറഞ്ഞുകൊണ്ട് വ്യക്തികളെ ഭയപ്പെടുത്തി ജീവിക്കുന്ന മത-ജാതി ജീവികൾക്കും പുരോഹിതർക്കുമുള്ള താക്കീതും അതിലുണ്ട്. മത-തട്ടിപ്പ് ബോദ്ധ്യമാക്കുന്ന ഒരു ഉദാഹരണം കുറിക്കുന്നു :- ജീവികളുടെ പരമാനന്ദമായി ദൈവം നിശ്ചയിച്ചിട്ടുള്ള കാമ-ആനന്ദത്തിൽ സ്ത്രീപുരുഷന്മാർ മുഴുകുമ്പോൾ, ഇണയെ ഒഴികെ, തന്നെത്തന്നെയും ദൈവത്തെയും ഉൾപ്പെടെ സർവ്വത്തെയും മറക്കുന്നതാണ്. അതായത് ദൈവത്തിന്റെ മഹാവര-രൂപമായ 'ഭൂമിയിലെ മൂലകങ്ങൾ കൊണ്ട് സൃഷ്ടിക്കപ്പെട്ട ശരീരത്തിൽ' മഹാ-ലയിച്ചിട്ടുള്ള ശാസ്ത്രനിയമങ്ങൾക്കും ശക്തികൾക്കും വിധേയമായി സ്ത്രീപുരുഷന്മാർ മനുഷ്യ-ജീവികളായാണ് ആനന്ദത്തിൽ ഏർപ്പെടുന്നത്; മതനേതാക്കൾക്കു പോലും 'മത-ജാതി-രാഷ്ട്രീയ-സാമ്പത്തിക ഘടകങ്ങൾ' വിഷയമാവുന്നില്ലെന്ന് അറിഞ്ഞും അനുഭവിച്ചും കഴിയുന്നവരാണ്.

## ശവശരീരത്തെ എന്തു ചെയ്യണം ?

**മരി(പ്പി)ച്ചു കഴിഞ്ഞാൽ, ശേഷക്രിയ തീരും വരെ വ്യക്തിയുടെ പേരുപോലും മിക്കപ്പോഴും മറ്റുള്ളവർ പറയില്ല; പേര്** ശവം / **"ബോഡി" എന്നായി മാറുന്നു; "ബോഡി കൊണ്ടുവന്നോ, ബോഡി എപ്പഴാ എടുക്കുന്നത് ....."** എന്നിങ്ങനെ പറയുവാൻ പ്രേരിപ്പിക്കുന്നത് ദൈവാംശമായ ശരീരമാണെന്നത് പലപ്പോഴും വ്യക്തി അറിയുന്നില്ല. ദൈവാംശമായ ശരീരം അഥവാ ബോഡി, വഹിച്ചു കൊണ്ടിരുന്ന ആത്മാവിനെ പുറത്താക്കി കഴിഞ്ഞതിനാൽ, **ദൈവാംശമായ ശരീരം മാത്രമാണ് ബാക്കിയുള്ളത്.**

കൊന്നതോ ചത്തതോ ആയ ആട്, പോത്ത്, കോഴി, മത്സ്യം തുടങ്ങിയ ജീവികളെ മനുഷ്യരും മറ്റുള്ള ജീവികളും ഭക്ഷിക്കുന്നു എന്നു പറയുമ്പോൾ ആത്മാവിനെ പുറത്താക്കിയ ശേഷം ബാക്കിയായ ശരീരത്തെ 'മാംസ ഭക്ഷണമായി' ഭക്ഷിക്കുകയാണു ചെയ്യുന്നത്. മേൽ വിവരിച്ച പോലെ മണ്ണായ 'ഭൂമിയിലെ മൂലകങ്ങൾ കൊണ്ട് സൃഷ്ടിക്കപ്പെട്ടതും ദൈവാംശവുമായ ശരീരത്തെ' ജീവികൾ ഭക്ഷിക്കുന്നു. **ഭക്ഷിച്ചാലും ഇല്ലെങ്കിലും, ജീവികളുടെയെല്ലാം ശരീരങ്ങളും മണ്ണുമായ ദൈവാംശം,** പുതിയ ജീവികളുടെ 'ശരീരവും', **'മണ്ണുമായി', വീണ്ടും വീണ്ടും ചക്രത്തിൽ എന്നപോലെ ചുറ്റിക്കൊണ്ടിരിക്കും.**

'സമസ്ത ജീവികളുടെയും ശരീരം' മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശമാണെന്നിരിക്കെ, ജീവാത്മാവിനെ പുറത്താക്കുമ്പോൾ ബാക്കിയാവുന്ന 'മനുഷ്യൻ എന്ന ജീവിയുടെ' ദൈവാംശമായ ശരീരത്തെ മാത്രം വ്യത്യസ്ത മതജാതിപ്പുരോഹിത പ്പിശാചുക്കളും അവരുടെ വാലാട്ടികളും കുഴിച്ചിടുകയും, ദഹിപ്പിക്കുകയും, കല്ലറ കെട്ടുകയും, പിരമിഡുകൾ പണിയുകയും, സർക്കാരിന്റെ കണക്കിന് ആകാശത്തേക്ക് വെടിവെക്കുകയും, ഒക്കെ, ചെയ്യുന്നതും, രാഷ്ട്രീയ പിശാചുക്കൾ തട്ടിക്കൂട്ടുന്ന നിയമങ്ങൾ പ്രകാരം പോസ്റ്റുമോർട്ടം ചെയ്യുന്നതും ഒക്കെ കടുത്ത ദൈവ നിന്ദയാണ്. വല്ലാത്ത അധഃപതനമാണ് സംഭവിച്ചിട്ടുള്ളത്.

എല്ലാ ജീവികൾക്കും കല്ലറകളും പിരമിഡുകളും മറ്റു സ്മാരകങ്ങളും പണിയണമെന്ന് മേല്പടി പിശാചുക്കൾ തീരുമാനിക്കാഞ്ഞത് കാര്യമായെന്ന് പറയാനാവില്ല. അത്രമേൽ ദുഷിച്ചിരുന്നെങ്കിൽ പിശാചുക്കളെയും അവർ ചുമന്നു പോരുന്ന ഗ്രന്ഥങ്ങളെയും വാലാട്ടികൾ എന്നേ ശേഷക്രിയ ചെയ്യുമായിരുന്നു.

വണ്ടിയിടിച്ച് ചാവുന്ന പട്ടിയുടെ (ആത്മാവിനെ വഹിച്ചു കൊണ്ടിരുന്ന) ശരീരത്തെ പോസ്റ്റുമോർട്ടം ചെയ്യേണ്ടാ എന്നും, മനുഷ്യന്റെ (ആത്മാവിനെ വഹിച്ചു കൊണ്ടിരുന്ന) ശരീരത്തെ പോസ്റ്റുമോർട്ടം ചെയ്യണമെന്നും രാഷ്ട്രീയ പിശാചുക്കൾ തട്ടിക്കൂട്ടുന്ന നിയമങ്ങളെ മതജാതിപ്പുരോഹിത പ്പിശാചുക്കളും അവരുടെ വാലാട്ടികളും ശരിവെക്കുന്നത് മാനുഷികമായിട്ട് മറ്റുള്ള ജീവികളെ മനുഷ്യരേക്കാൾ ഉയർത്തുന്നുണ്ട് !

ശരീരത്തിൽ നിന്നും ആത്മാവിനെ പുറത്താക്കുമ്പോൾ, അഥവാ മരിക്കുമ്പോൾ, ജീവാത്മാവിന് സ്വന്തമെന്ന് തെറ്റിദ്ധരിച്ചതായ ശരീരം ഉൾപ്പെടെ യാതൊന്നും ആത്മാവിനു സ്വന്തമായി ഇല്ലായെന്ന് വീണ്ടും സുവ്യക്തമാണ്. 'മനുഷ്യൻ ആറടി മണ്ണിന്റെ ജന്മിയാണെന്ന്' അനേകർ പ്രസ്താവിക്കുന്നത് വളരെ വലിയൊരു ഭോഷത്തമാണ്. **ശരീരം ആത്മാവിനെ പുറത്താക്കി കഴിഞ്ഞാൽ പിന്നെ, ഏതൊരു ജീവിയുടെയും ശരീരം മണ്ണായ ഭൂമിയുടെ ഭാഗമാണ്; മണ്ണിൽനിന്നും അടിഞ്ഞിട്ടുള്ളതായ ശരീരം വീണ്ടും മണ്ണിൽ അടിയുന്നതുമാണ്. സർവ്വം മണ്ണടി.**

**മരിച്ചയാളിന്റെ ഉറ്റവരും മറ്റുള്ളവരും ഉൾപ്പെടെയുള്ളവർ ദൈവാംശമായ ശവശരീരത്തെ മണ്ണിൽ കുഴിച്ചിടുക, കത്തിക്കുക, മറ്റുള്ള ജീവികൾക്ക് ഭക്ഷണമായി നൽകുക, കടലിൽ എറിയുക തുടങ്ങിയ കലാപരിപാടികൾ ചെയ്താലും ഇല്ലെങ്കിലും, ദൈവാംശമായ ശവശരീരം സ്വയം ചീഞ്ഞ് മണ്ണിൽ അടിഞ്ഞു കൊള്ളും.**

**മരിച്ചയാളിന്റെ ഉറ്റവർക്കും മറ്റും അവസാനമായി സ്നേഹ ഓർമ്മകൾ സൂക്ഷിക്കുവാൻ പാകത്തിൽ ഏറെക്കുറെ 'ഒരു ദിവസം' ദൈവാംശമായ ശവശരീരം ദുർഗന്ധത്തെ സൃഷ്ടിക്കില്ലാ എങ്കിലും, ആത്മാവിനെ പുറത്താക്കി കഴിഞ്ഞാൽ ഉടൻ ശരീരം വീണ്ടും 'ദൈവത്തിന്റെ മഹാരൂപവും മണ്ണുമായ ഭൂമിയിൽ അടിയാനുള്ള / ലയിക്കാനുള്ള പ്രവർത്തനം ആരംഭിക്കുന്നു. 'സൃഷ്ടി മാത്രമായ ആത്മാവിന്റെ സാന്നിധ്യത്തെ' മഹാനീതി ശാസ്ത്രപരമായ ഗൗരവ കാര്യങ്ങളിൽ, 'അസാധാരണമായ സാഹചര്യത്തിൽ ഒഴികെ' സ്രഷ്ടാവ് വിഷയമാക്കുന്നതല്ല. ശവശരീരം, കല്ല്, മണ്ണ് തുടങ്ങി പ്രപഞ്ചത്തിലെ സകല വസ്തുക്കളുടെയും ആറ്റങ്ങളിൽ പ്രോട്ടോണുകളെ ഇലക്ട്രോണുകൾ സദാ ചുറ്റിക്കൊണ്ടിരിക്കുന്നു : ശവം ഉൾപ്പെടെ സർവ്വത്തിനും ജീവനുണ്ട് എന്നാണതിന്നർത്ഥം.**

**ശവം ചീയുന്നത് ഏറെക്കുറെ ഒരു ദിവസം എന്നതിനെ ഒരു മണിക്കൂറായും മറ്റും കുറയ്ക്കാനും ദൈവാംശമായ ശരീരത്തിനു കഴിയും എന്നിരിക്കെ അങ്ങനെ ചെയ്യാത്തത് കുഞ്ഞുങ്ങളോടുള്ള മഹാവാത്സല്ല്യത്തെ കണക്കാക്കിയാണ്. അതിന്റെ വ്യാപ്തി അറിയണമെങ്കിൽ, ഒരു മണിക്കൂർ നേരം കൊണ്ട് ശവശരീരം ചീഞ്ഞ് ദുർഗന്ധം വമിക്കുന്നതിനെ ഭാവനയിൽ കാണുക!**

ജീവാത്മാവിനെ പുറത്താക്കുകയും മണ്ണും ഭൂമിയുമായ ദൈവത്തോടു ചേരുവാൻ സ്വയം പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതുമായ (ദൈവാംശം മാത്രമായ) ശവ-ശരീരത്തെ മണ്ണിൽ കുഴിച്ചിടുകയോ കത്തിക്കുകയോ ഭക്ഷിക്കുകയോ പിരമിഡ് പണിയുകയോ ഒക്കെ ചെയ്യുന്നത് ജീവാത്മാവിന്റെയോ, ദൈവത്തിന്റെയോ ആവശ്യമാണെന്ന് വിവരദോഷികളായ മതാചാര്യന്മാരും മതപുരോഹിതന്മാരും ധരിച്ചിട്ടുള്ളത് തിരുത്തേണ്ടതും അവരുടെ ആവശ്യമാണ്. സുവ്യക്തമായ ഒരു ഉദാഹരണം ചുവടെ കുറിക്കുന്നതിനെ ഉൾക്കൊണ്ട് ദൈവീകമായി പ്രവർത്തിക്കുന്നത് നല്ലത്.

പ്രായം, രോഗം, അപകടം തുടങ്ങിയവയെ കാരണമാക്കി ദൈവാംശമായ ശരീരം; പശു, പൂച്ച, പട്ടി തുടങ്ങിയ മൃഗങ്ങളുടെ ജീവാത്മാക്കളെ പുറത്താക്കുമ്പോൾ ബാക്കിയാവുന്ന ദൈവാംശം മാത്രമായ ശവശരീരത്തെ മണ്ണിൽ കുഴിച്ചിടുക, കത്തിക്കുക, മറ്റുള്ള ജീവികൾക്ക് ഭക്ഷണമായി നൽകുക, കടലിൽ എറിയുക തുടങ്ങിയവ ചെയ്താലും ഇല്ലെങ്കിലും, ദൈവാംശമായ ശവശരീരം സ്വയം ചീഞ്ഞ് മണ്ണിൽ അടിഞ്ഞു കൊള്ളുമെങ്കിലും, ജീവിച്ചിരിക്കുന്നവർക്ക് അസഹ്യമായ ദുർഗന്ധമോ സാന്നിദ്ധ്യമോ ഒഴിവാക്കണമെങ്കിൽ ആവശ്യക്കാർ ഉചിതമെന്ന് തോന്നുന്ന നടപടികൾ സ്വീകരിക്കണം. അവർ എന്തുതന്നെ ചെയ്താലും, ശവശരീരം ചുറ്റിത്തിരിഞ്ഞ് മണ്ണായ ഭൂമിയിൽ മഹാലയിച്ച് സർവ്വം മണ്ണടി എന്ന് തെളിയിക്കുന്നതാണ്.

**ദൈവത്തിന്റെ മഹാാകര-രൂപമായ ഭൂമിയും, ഭൂമിയുടെ അംശമായ ശരീരവും സ്രഷ്ടാവാണ്; സ്രഷ്ടാവിന് സൃഷ്ടികളുമായി സംവാദം നടത്തേണ്ടതായ യാതൊരു ആവശ്യവും ഇല്ല.**

**സ്വന്തം ഇഷ്ടപ്രകാരം ജീവിയെ ജനിപ്പിക്കുകയും അവയവങ്ങളുടെ ഘടനയും പ്രവർത്തനവും വളർച്ചയും; ജീവി-വ്യവസ്ഥ, രോഗങ്ങൾ രോഗ മുക്തി, നരയും ചുളിവുകളും ഉൾപ്പെടുന്ന വാർദ്ധക്യം, തുടങ്ങിയവ നിശ്ചയിക്കുകയും, മരിപ്പിക്കുകയും ചെയ്യുന്നതായ 'ഭൂമിയുടെ അംശമായ ശരീരം സദാ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. മണ്ണിൽ ജീവിക്കുന്നവർക്ക് മണ്ണിൽ അടിഞ്ഞിട്ടുള്ള ഭൗതിക അസ്തിത്വം ഉള്ളതായ നിയമങ്ങൾ മാത്രമേ ചേരുകയുള്ളൂ എന്ന് ലളിതമായി മനസ്സിലാക്കാം. അതിനെ അവഗണിച്ച്, വ്യത്യസ്ത മത-ജാതി-രാഷ്ട്രീയങ്ങൾ പ്രകാരമുള്ള കോനാംപീച്ചകൾ നടത്തുന്നവരെ മഹാനീതിശാസ്ത്ര പ്രകാരമുള്ള ജനന മരണങ്ങളിലൂടെ മണ്ണായ ശരീരം ശുദ്ധി ചെയ്യുന്നതാണ്. സൂചിത മഹാഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.**

മരിച്ചു ചെല്ലുന്ന ആത്മാവിന്റെ ശവക്കുഴി/ കല്ലറ / ഖബർ വിശാലമാക്കി കൊടുക്കണമേ എന്ന് പ്രാർത്ഥിച്ച് ജനങ്ങളുടെ കാശടിച്ചു മാറ്റുന്ന പുരോഹിതർ ഉദ്ദേശിക്കുന്നത് ഭൂമിയിലെ ശവക്കുഴികളെല്ലാം രാജകൊട്ടാരങ്ങളാക്കി മാറ്റണം എന്നാണെങ്കിൽ, അവരുടെ പ്രാർത്ഥനയിലെ വങ്കത്തം ബോദ്ധ്യമാവാൻ 'ദേവാലയങ്ങളുടെ ഭാഗമായ ശവപ്പറമ്പുകളെ തോണ്ടി ഒരു രാജകൊട്ടാരമെങ്കിലും കണ്ടെത്താൻ ശ്രമിച്ചാൽ മതിയാകും; തോണ്ടിക്കുമ്പോൾ പുരോഹിതരെയും ഉൾപ്പെടുത്താൻ ശ്രദ്ധിക്കണം.' ശവത്തിന്റെ വായിൽ അരിയും പൂവും എള്ളുമൊക്കെ കുത്തിനിറച്ച് ബഹുവിധ അധമ കലാപരിപാടികൾ നടത്തുന്നവരും അറിയേണ്ടത് ജീവാത്മാവിനെ പുറത്താക്കുമ്പോൾ ബാക്കിയാവുന്ന ദൈവാംശം മാത്രമായ ശവ-ശരീരത്തെ അറിഞ്ഞും അറിയാതെയും അപമാനിക്കുന്നതിലൂടെ ദൈവം നൽകിയിട്ടുള്ള ബുദ്ധിശക്തി ഉൾപ്പെടെയുള്ള ശക്തികളെയും, സമ്പത്ത്, സമയം തുടങ്ങിയവ പാഴാക്കി ക്കൊണ്ട്, കടുത്ത ദൈവ നിന്ദയാണ് ചെയ്യുന്നതെന്ന സത്യത്തെയാണ്. നാടൻ ഭാഷയിൽ പറഞ്ഞാൽ വ്യത്യസ്ത മതങ്ങളിലെ പുരോഹിതന്മാരായി കള്ളഭക്ഷണം കഴിക്കുന്ന വിവരദോഷികളും അവരുടെ വാലാട്ടികളും ലജ്ജിക്കാൻ പരിശീലിക്കുന്നത് നല്ലതാണ്.

മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശമായ ശരീരം സ്രഷ്ടാവായി ക്കൊണ്ട്, ശരീരത്തിലേക്ക് ആത്മാവിനെ പ്രവേശിപ്പിച്ച്, ജീവിയെ അഥവാ മനുഷ്യക്കുഞ്ഞിനെ സൃഷ്ടിക്കുമ്പോൾ, ജീവിത കാലം മുഴുവൻ ആത്മാവിനെ വഹിക്കുന്ന രക്ഷാധികാരിയായി (ശരീരം) മാറുന്നുണ്ട്. മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികൾ അന്യോന്യം അറിയുന്നതും ആനന്ദങ്ങളെ അനുഭവിക്കുന്നതും ശരീരത്തെ അടിസ്ഥാന പ്പെടുത്തിയാണ് എന്നു പറയുമ്പോൾ വിശദീകരണം ആവശ്യമാകുന്നുണ്ട്. ആത്മാവിന് ആനന്ദങ്ങളെ ധർമ്മശാസ്ത്രപരമായിട്ട് നൽകാൻ പ്രവർത്തിക്കുന്ന 'സ്രഷ്ടാവായ ശരീരം' ആനന്ദങ്ങൾക്കെല്ലാം അതീതമാണ്; ആനന്ദിക്കുന്നുമില്ല. ആനന്ദങ്ങളെ കൈമാറുന്ന ഉപാധിയായി മാറുന്നു എന്നേയുള്ളൂ.

അതായത് ശരീരത്തിലെ സുഗന്ധത്തെയും രുചികളെയും മറ്റും ഏതൊരു ആത്മാവ് ആസ്വദിക്കുമ്പോഴും, മറ്റൊരു ആത്മാവിനെ വഹിക്കുന്ന ശരീരമായോ, ഇഷ്ടപ്പെടുന്ന വസ്തുക്കളായോ ആണ് കണക്കാക്കുക. മാത്രമല്ലാ, ദൈവത്തിന്റെ ഖരരൂപമായ മണ്ണ്, ദ്രാവക രൂപമായ ജലം, വാതക രൂപമായ ഓക്സിജൻ എന്നിവയ്ക്ക് പ്രത്യേകമായ ധർമ്മങ്ങൾ കൂടിയുണ്ട്. അറിവില്ലായ്മ കൊണ്ട് ഉണ്ടാകുന്ന ഭ്രമങ്ങൾ ഒഴിവാക്കാൻ അറിവ് നേടുകയാണ് വേണ്ടത്. മണ്ണിൽ അടിഞ്ഞിട്ടുള്ള ഭൗതിക അസ്തിത്വം ഉള്ളതായ നിയമങ്ങൾ പഠിക്കുക. മഹാമാതാവായ **ഭൂമിയുടെ അംശവും കുഞ്ഞുമായിട്ടു കൂടി ഓരോ ജീവിയുടെയും ശരീരത്തെ അറിയണം. ഓരോ ജീവിയും നിലനിൽക്കുന്നതും ജീവിക്കുന്നതും (പ്രവർത്തിക്കുന്നതും), മഹാമാതാവും മഹാസ്രഷ്ടാവുമായ ഭൂമിയെ ആധാരമാക്കി ആണെന്നതും, തനിപ്പെട്ട നിലനില്പ് ശരീരത്തിനോ ജീവിക്കോ ഇല്ലായെന്നതും വിശകലനം ചെയ്താൽ ബോദ്ധ്യമാകുന്നതാണ്.**

ജനിക്കാനും ജനിപ്പിക്കാനും എന്ന പോലെ മരിക്കാനും മരിപ്പിക്കാനും ജീവാത്മാവിന്/ വ്യക്തിക്ക് കഴിവില്ല ! 'ദൈവാംശമായ ശരീരം' ജീവാത്മാവിനെ ശരീരത്തിലേക്ക് പ്രവേശിപ്പിക്കുമ്പോൾ ജീവി ജനിക്കുന്നു; ബോധം നൽകുമ്പോൾ ജീവി അറിയുന്നു; ജീവാത്മാവിനെ ശരീരത്തിൽ നിന്നും 'ദൈവാംശമായ ശരീരം' സ്വയം പുറത്താക്കുമ്പോൾ ജീവിയുടെ ഒരു ജന്മ ജീവിതം അവസാനിക്കുന്നു / മരിക്കുന്നു. (ആത്മഹത്യക്ക് ശ്രമിക്കാം എന്നല്ലാതെ, 'ദൈവാംശമായ ശരീരം' അനുവദിച്ചില്ലെങ്കിൽ ശ്രമം നടക്കില്ല. ഭൗതിക ശാസ്ത്രം അനുവദിക്കുമെങ്കിലും നീതി ശാസ്ത്രം അനുവദിക്കാത്തതുകൊണ്ട്, ശ്രമിക്കുന്നത് പാപമാണ്. ഭൂമിയിൽ' മഹാലയിച്ചിട്ടുള്ള 'മഹാജ്ഞാനം കൂടിയായ മഹാശാസ്ത്ര' സാങ്കേതിക സംവിധാനങ്ങളെ ഉപയോഗിച്ച് വധിക്കാൻ ശ്രമിക്കുമ്പോഴും ശാസ്ത്ര പരമായി തന്നെ തടയാൻ 'ദൈവാംശമായ ശരീരത്തിനു പോലും' ഒരു പക്ഷാഘാതം കൊണ്ടോ ഹൃദയ സ്തംഭനം കൊണ്ടോ തുമ്മൽ കൊണ്ടോ ഒക്കെ കഴിയും; ജീവികൾക്ക് അനുവദിച്ചിട്ടുള്ള വ്യക്തിസ്വാതന്ത്ര്യം പ്രകാരം അത്യപൂർവ്വമായല്ലാതെ ഇടപെടില്ല എന്നേയുള്ളൂ.)

**മരിക്കുന്നതും ശവമടക്കലും പുനർജ്ജനിക്കലും വ്യക്തിയുടെ വിഷയമല്ലെന്ന പാഠം മണ്ണ് തരുന്നുണ്ട്.** മതപുരോഹിതന്റേത് ഉൾപ്പെടെയുള്ള (ശവ)ശരീരങ്ങളെ സ്വയം മടക്കി വാങ്ങാൻ മണ്ണിനു കഴിയും. ശവശരീരത്തെ വ്യത്യസ്ത മതങ്ങളിലെ ആചാരങ്ങളും അനുഷ്ഠാനങ്ങളും പ്രകാരം അമ്മാനമാടുന്നത് അധമമായ കളിയാണ്. ശവശരീരത്തെ ഉപയോഗിച്ചും ജനങ്ങളെ കളിപ്പിക്കുകയാണ്; കബളിപ്പിക്കുകയാണ്; വിശ്വാസ വഞ്ചനയിലൂടെ സാമ്പത്തിക ചൂഷണത്തെ എളുപ്പമാക്കുകയാണ്. മഹാശാസ്ത്ര നിയമങ്ങളും സംവിധാനങ്ങളും പ്രകാരം ആനന്ദങ്ങളെ വർദ്ധിപ്പിച്ചു ജീവിച്ചുകൊണ്ട്, അധമങ്ങളും അബദ്ധങ്ങളുമായ മതവിചാരങ്ങളെ വസ്തുതകളാണെന്നും അത്യാവശ്യങ്ങളാണെന്നും തെറ്റിദ്ധരിച്ചും പ്രചരിപ്പിച്ചും മതങ്ങളുടെയും മതദൈവങ്ങളുടെയും നാമത്തിൽ, മതങ്ങൾ ഉൾപ്പെടെ സർവ്വത്തിനുംഅതീതവും സത്യവും മഹാശാസ്ത്രപരവുമായ ദൈവത്തെ നിന്ദിക്കുകയാണ്.

**ശവശരീരം ഏതെങ്കിലും മതങ്ങളിലെ ഏറ്റവുമധികം ഉയർന്ന ആചാര്യന്റേതാണോ, മതപുരോഹിതന്റേതാണോ, പ്രധാനമന്ത്രിയുടേതാണോ, മത-ജാതി പ്രസ്ഥാനങ്ങൾക്ക് വഴിപ്പെടാത്തവരുടേതാണോ, നിരീശ്വരവാദിയുടേതാണോ, തെമ്മാടിയുടേതാണോ, മറ്റുള്ള ജീവികളുടേതാണോ എന്നത് വിഷയമാക്കാതെ മണ്ണ്, മണ്ണിന്റെ നിയമങ്ങൾ പ്രകാരം മണ്ണുകൊണ്ട് സൃഷ്ടിക്കുകയും, ജീവിതകാലത്ത് മണ്ണിന്റെ നിയമങ്ങൾ പ്രകാരം മഹാഭരിക്കുകയും, മണ്ണിന്റെ നിയമങ്ങൾ പ്രകാരം ജീവാത്മാവിനെ പുറത്താക്കി ക്കൊണ്ട് ബാക്കിയാക്കുകയും ചെയ്ത മണ്ണിന്റെ അംശമായ ശവശരീരത്തെ വീണ്ടും മണ്ണിൽ ലയിപ്പിക്കുന്നു.** മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ജീവാത്മാവിനെ പുറത്താക്കുന്ന ദൈവാംശമായ ശരീരം, ശരീരത്തിൽ മഹാ-ലയിച്ചിട്ടുള്ള ശാസ്ത്ര നിയമങ്ങളും ശക്തികളും പ്രകാരം ശവശരീരത്തെ സ്വയം വീണ്ടും മണ്ണിൽ ലയിപ്പിക്കുന്നു. **മണ്ണിന് മടക്കി നല്കിയില്ലെങ്കിൽ, മണ്ണായ ശരീരത്തിന്റെ (മൂലകങ്ങളിലുള്ള) നിയമങ്ങൾ പ്രകാരം ശവശരീരം ചീഞ്ഞു നാറുന്നതാണ്.**

**മണ്ണിന്റെയും അംശമായ ശരീരത്തിന്റെയും നിയമങ്ങളെ തടയാൻ മതപുരോഹിതന്മാരുടെ കുശുകുശു മന്ത്രങ്ങൾക്കു കഴിയുന്നതല്ല.** മത്സ്യവും ഭക്ഷണവും മറ്റും കേടാവാതെയും ചീഞ്ഞു നാറാതെയും ഐസ്പെട്ടിയിൽ അഥവാ **ശീതീകരിച്ച്** സൂക്ഷിക്കുമ്പോലെ **ശവശരീരത്തെ സൂക്ഷിക്കാനാവുമെന്നു** പറയുമ്പോൾ, **മണ്ണിന്റെയും** ശരീരത്തിന്റെയും **നിയമങ്ങളും** അവ **പ്രകാരമുള്ള ശക്തികളും തന്നെയാണ് പ്രവർത്തിക്കുന്നത്.**

ശവശരീരത്തെ ഭൂമിയിൽ അഥവാ മണ്ണിൽ കുഴിച്ചിടുന്നത് നല്ലത്. പുരയിടങ്ങളിൽ കുഴിച്ചിട്ടാൽ ഉറ്റവർക്ക് 4 തേങ്ങ കൂടുതൽ തിന്നാൻ കഴിഞ്ഞേക്കും ! ശ്മശാനം എന്ന പേരിൽ പ്രദേശ-അംശത്തെ കല്ലറകളും സ്മാരകങ്ങളുമായി ദുരുപയോഗം ചെയ്യുന്നത് തടയാനും പലപ്പോഴും സാധിക്കുന്നതാണ്. ഓരോ കുടുംബത്തിന്റെയും പ്രശ്നങ്ങളും ആവശ്യങ്ങളും സൗകര്യങ്ങളും വ്യത്യസ്തമാകയാൽ ഏറ്റവുമധികം ഉചിതമായ രീതിയിൽ ശവമടക്കണം. ശവശരീരത്തിന്റെ ഉയരം, വണ്ണം എന്നിവയും, ശവമടക്കുന്ന ഭൂമിയുടെ പ്രകൃതത്തെ കണക്കാക്കിയും കുഴിയെടുക്കുക. ശവത്തെ കുഴിയിൽ ഇറക്കി വയ്ക്കുക. മണ്ണിട്ട് കുഴി മൂടുക. ശവമടക്കുമ്പോൾ ഒരു തവണയോ മൂന്നു തവണയോ **ഭൂമി ശരണം എന്നോ ദൈവം ശരണം എന്നോ ദേവീ ശരണം എന്നോ, ഉറ്റവർക്ക് ആനന്ദം കിട്ടുമെങ്കിൽ പറഞ്ഞു കൊള്ളുക, ദൈവത്തിന്റെ ആവശ്യമല്ലായെന്ന് അറിഞ്ഞുകൊള്ളണം.** **<u>ശവമടക്കൽ കഴിഞ്ഞു</u>.** മതദേവാലയങ്ങളുമായി ബന്ധപ്പെട്ട പറമ്പുകളിലും കല്ലറകളിലും മാത്രമേ ശവശരീരത്തെ മറവു ചെയ്യാവൂ എന്ന് ശഠിച്ചാൽ പാപമുണ്ടാകുന്നതാണ്. (ഭൂമിയെ സൃഷ്ടിച്ചിട്ടുള്ള) ദൈവത്തിനു മാത്രം അവകാശവും അധികാരവുമുള്ള ഭൂമിയിൽ, കല്ലറകളും സ്മാരകങ്ങളും ഉണ്ടാക്കാനും, ഭൂമിയും ധനവും ഊർജ്ജവും സമയങ്ങളും മനുഷ്യ ജീവിതങ്ങളുമെല്ലാം ദുരുപയോഗം ചെയ്യാനും, യാതൊരു മനുഷ്യർക്കും യാതൊരു അവകാശങ്ങളും അധികാരങ്ങളും ഇല്ലെന്ന് സുവ്യക്തമായി അറിഞ്ഞുകൊള്ളണം. മണ്ണിന്റെ പുതുസന്താനങ്ങൾക്ക് ജീവിക്കാൻ ആവശ്യമായ മണ്ണിനോട് അനാദരവ് പാടില്ല.

ശവമടക്കുമ്പോൾ ശരീരത്തെ **കുളിപ്പിക്കുക** പോലും പാടില്ല; ആവശ്യമില്ല. ജീവിച്ചിരുന്നപ്പോൾ വ്യക്തിയുടെ ശരീരത്തെ അഥവാ നഗ്നതയെ അവകാശത്തോടെ കണ്ടിട്ടുള്ളവർക്ക്, അത്യാവശ്യമെങ്കിൽ മാത്രം ശവശരീരത്തിൽ അല്പം വെള്ളമൊഴിച്ച് തുടയ്ക്കാം. പുതിയ വസ്ത്രങ്ങളെ ധരിപ്പിക്കേണ്ടതില്ല. **ശവശരീരത്തിൽ സുഗന്ധ തൈലങ്ങളെ പുരട്ടുന്നവർ, ആർക്കാണ് സുഗന്ധം ആവശ്യമായിരിക്കുന്നത് എന്നതറിയണം.** ശവശരീരത്തിന് ചുറ്റും നിൽക്കുന്നവരാണ് (സു)ഗന്ധത്തെ ആസ്വദിക്കുന്നത്. അങ്ങനെ ഒരു ആസ്വാദനത്തെ ആവശ്യമില്ലെങ്കിൽ ഒഴിവാക്കുക. ശവശരീരത്തിന് **നാറ്റ**മുണ്ടെങ്കിൽ ചുറ്റും നിൽക്കുന്നവർക്ക് ആവശ്യമായത്ര സുഗന്ധ തൈലങ്ങളെ ഉപയോഗിക്കുക. അധമന്മാർ, പള്ളികളിലെ കല്ലറകൾ തുറന്ന് ശവശരീരത്തിൽ അധമ ആനന്ദത്തെ ആസ്വദിച്ച സംഭവങ്ങൾ നിരവധിയാണ്; അനാവശ്യമായിട്ട് സുഗന്ധ തൈലങ്ങളെ ഉപയോഗിക്കാൻ പ്രേരിപ്പിക്കുകയോ സാക്ഷിയാവുകയോ ചെയ്ത മതപുരോഹിതന്മാരും മറ്റും പ്രതികളാണ്.

മോർച്ചറി പ്രവർത്തിക്കുന്നതും മണ്ണിന്റെ നിയമങ്ങളെ അനുസരിച്ചാണെന്നു മനസ്സിലാക്കാനും അത്യാവശ്യം അല്ലെങ്കിൽ ശവശരീരത്തെ ആശുപത്രികളിലെ മോർച്ചറികളിൽ സൂക്ഷിക്കാതെയും ശ്രദ്ധിക്കുക. **അസാധാരണ സാഹചര്യങ്ങൾ ഇല്ലെങ്കിൽ, ഒരു ദിവസത്തിനകം ശവശരീരത്തെ മണ്ണിൽ മറവു ചെയ്യണമെന്ന് മണ്ണിന്റെ നിയമങ്ങളിലുള്ള ശവശരീര-ചീയൽ നിയമം ആവശ്യപ്പെടുന്നതിനെ അനുസരിക്കുക.**

**മതപുരോഹിതന്മാരുടെയും ഉറ്റവരുടെയും മതഗ്രന്ഥ പാരായണവും കുശുകുശു മന്ത്രങ്ങളും ദൈവാംശമായ ശവശരീരത്തിനോ ശരീരത്തെ ഉപേക്ഷിച്ച ജീവാത്മാവിനോ, ദൈവത്തിനോ ആവശ്യമില്ല. ശബ്ദശല്യം മാത്രമല്ല; ശവശരീരത്തെ മറവു ചെയ്യുന്നതിനിടയിലും മതങ്ങൾ പ്രകാരമുള്ള ആചാരങ്ങളും അനുഷ്ഠാനങ്ങളും കൊണ്ട് സാമ്പത്തിക ചൂഷണവും ബഹുവിധ തട്ടിപ്പുകളുമുണ്ട്.**

**അറിയുക: മേല്പടി തട്ടിപ്പുകാരും വേഷംകെട്ടലുകളോടെ-** സ്നേഹം പ്രകടിപ്പിക്കുന്നവരും മറ്റും ചെയ്യുന്നത് ദൈവനിന്ദയാണ്; മഹാനീതിശാസ്ത്ര പ്രകാരം ദൈവശിക്ഷകളും ഉണ്ട്. മരിച്ച വ്യക്തിക്കു പുണ്യം ലഭിക്കുന്നതിന് മരിക്കുന്നതിനു മുമ്പ് അഥവാ ജീവിതകാലത്ത് കഴിയുന്നത്ര ധർമ്മശാസ്ത്രപരമായിട്ട് ജീവിച്ചുകൊള്ളുക. അതായത്, ജീവിതകാലത്ത്, മണ്ണായ ശരീരം കൊണ്ട് മണ്ണിൽ ജീവിക്കുന്നവരെല്ലാം മണ്ണിൽ മഹാലയിപ്പിച്ചിട്ടുള്ള ധർമ്മ ശാസ്ത്ര നിയമങ്ങൾ പ്രകാരം ജീവിക്കുക. ശവശരീരത്തെ **മണ്ണിൽ മറവു ചെയ്യുന്നതാണ് ശരിയെന്നും അഗ്നിയിൽ ദഹിപ്പിക്കുന്നതും മറ്റും തെറ്റാണെന്നും ധരിക്കരുത്**. ദൈവ-വിപ്ലവത്തെ തുടർന്ന് സ്വർഗ്ഗ രാജ്യവും, ശേഷം സംഹാരവും ആരംഭിക്കുന്നതോടെ, ക്രമേണ ശവശരീരങ്ങളും മറ്റും മണ്ണിൽ ലയിച്ചു ചേരാത്ത അവസ്ഥ ഉണ്ടാവുന്നതാണ്. പ്രസ്തുത അവസ്ഥയിൽ ശവശരീരത്തെ അഗ്നിയിൽ ദഹിപ്പിക്കുന്നതാണു നല്ലത്. സംഹാരം വീണ്ടും പുരോഗമിക്കുമ്പോൾ സസ്യങ്ങൾ വളരെ കുറയുകയും വിറകിന് ക്ഷാമമുണ്ടാവുകയും ശവശരീരങ്ങളെ മലകളിലും കുന്നുകളിലും താഴ്വരകളിലും മറ്റും ഉപേക്ഷിച്ച് കഴുകനെ പോലെയുള്ള പക്ഷികൾക്കും വന്യമൃഗങ്ങൾക്കും ആഹാരമായി നൽകും. ഓരോരോ കാലഘട്ടത്തിലെ അവസ്ഥക്കും ആവശ്യങ്ങൾക്കും അനുസരിച്ചാണ് അഥവാ മണ്ണിന്റെ നിയമങ്ങളെ അനുസരിച്ചാണ് മനുഷ്യർ പ്രവർത്തിക്കേണ്ടത്. ശവമടക്കലിനു ശേഷവും, മരിച്ച വ്യക്തിക്കു വേണ്ടി പ്രാർത്ഥനകളും ആചാരങ്ങളും അനുഷ്ഠാനങ്ങളും വഴിപാടുകളും പാടില്ല. **ജീവിച്ചിരിക്കുമ്പോൾ സ്നേഹിക്കുക എന്നല്ലാതെ മരണശേഷം സ്നേഹിക്കാൻ നടക്കരുത്, പാടില്ല, ഫലിക്കുകയുമില്ല**. ഉറ്റവർ ജീവിച്ചിരിക്കെ അവരെ ഉചിതമായി സ്നേഹിക്കാഞ്ഞവർക്ക് ഉറ്റവർ പുനർജ്ജനിച്ച് ആചാരമായല്ലാതെ ചോറൂട്ടുംവരെ ശിക്ഷയായി കാക്കജന്മം ഉണ്ട്. ബലിയും കാക്കയൂട്ടും അതുമായി ബന്ധപ്പെട്ട ഒരു ദുരാചാരം മാത്രമാണ്. ഭർത്താവിന്റെ ചിതയിൽ ഭാര്യയെ ജീവനോടെ കത്തിച്ചും, കുഴിച്ചിട്ടും കൊടുംക്രൂരത കാട്ടിയ/കാട്ടുന്ന കൊടുംപാപികൾക്കും കനത്ത ശിക്ഷകളുണ്ട്.

ഇന്നത്തെ സർക്കാർ ആഫീസുകളിലും മറ്റുമുള്ള ശുപാർശകളും അഴിമതികളും മഹാനീതിയും ഭൂമിയുമായ ദൈവത്തോടും ആവാമെന്നു തോന്നുന്നതു തന്നെ കടുത്ത ദൈവനിന്ദയാണ്.

ശവമടക്കലുമായി ബന്ധപ്പെടുത്തി ക്കൊണ്ട് വ്യത്യസ്ത മതങ്ങളിലെ ആചാരങ്ങളും അനുഷ്ഠാനങ്ങളും സദ്യകളും അനേകം കുടുംബങ്ങളെയും വ്യക്തികളെയും സാമ്പത്തികമായിട്ടു തകർക്കുന്നുണ്ട്. ജീവിച്ചിരിക്കുന്നവരെ പെട്ടെന്ന് മരിപ്പിക്കാനും കൊല്ലാനും മതപുരോഹിത-പ്പരിശകളും മറ്റു തട്ടിപ്പുകാരും കാരണമാകുന്നുണ്ട്. പുരോഹിതന്മാരും മറ്റും ദൈവീക ശിക്ഷകളെ വാരിക്കൂട്ടുകയാണ് !

കുട്ടികളുടെ വിവാഹ കാര്യത്തിലും മതപരമായിട്ടല്ലാ ഈയുള്ളവൻ പ്രവർത്തിച്ചിട്ടുള്ളത് എന്നപോലെ, ഈയുള്ളവൻ മരിക്കുകയോ വധിക്കപ്പെടുകയോ ചെയ്യുകയാണെങ്കിൽ; ശവശരീരത്തെ പുരയിടത്തിൽ കുഴിച്ചിടുക എന്ന് കുറിക്കുന്നു എന്നല്ലാതെ, ശവശരീരത്തെ എന്തു ചെയ്താലും, അത് തൽക്കാലം ഈയുള്ളവന്റെ വിഷയമല്ല. (മനുഷ്യർ അപകടത്തിൽ പെട്ടും അല്ലാതെയും മരിക്കുമ്പോൾ, അവയവ ദാനം ചെയ്യുന്നതിനെ മുമ്പ് നല്ലതെന്ന് ഈയുള്ളവനും തോന്നിയിരുന്നു; എങ്കിലും ഇപ്പോൾ അഭിപ്രായം മാറിയിട്ടുണ്ട്. അവയവ മാറ്റൽ ശസ്ത്രക്രിയ നടത്താനായി കുട്ടികൾ ഉൾപ്പെടെയുള്ളവരെ തട്ടിയെടുക്കാനും കൊല്ലാനും, മരിക്കാത്തവരെയും അപകടത്തിൽ പെടുന്നവരെയും കൂടി, ആശുപത്രിയിലെ ഡോക്ടർമാരുടെയും മറ്റും ഒത്താശയോടെ കൊന്ന് അവയവങ്ങളെ മോഷ്ടിക്കുന്ന അവസ്ഥയിലേക്ക് ആരോഗ്യമേഖല ഭാഗികമായി തരംതാണി ട്ടുള്ളത് അവസാനിക്കണമെങ്കിൽ അസാധാരണമായ സാഹചര്യത്തിൽ ഒഴികെ അവയവ മാറ്റൽ ശസ്ത്രക്രിയ അനുവദിച്ചു കൂടാ.).

മോക്ഷം എന്താണെന്നും എങ്ങനെയെല്ലാമെന്നും ഉൾപ്പെടെ മഹാപ്രപഞ്ചത്തിലെ സമസ്ത വിഷയങ്ങളെയും മഹാശാസ്ത്രപരമായി സൂചിത മഹാഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്. ഭൂമിയിലെ മത-ജാതി -രാഷ്ട്രീയ ജീവികൾക്കെല്ലാം പുതിയ മതങ്ങളെ തട്ടിക്കൂട്ടാനും, സാധാരണക്കാരായ ജനങ്ങളെ കബളിപ്പിക്കാനും,

ബഹുവിധങ്ങളായ ചൂഷണങ്ങളെ ചെയ്യാനും, ദൈവ-വിപ്ലവം ആരംഭിക്കുന്നതിനു മുമ്പുവരെ മാത്രമാണ് സാധിക്കുക !

വ്യത്യസ്ത മതഗ്രന്ഥങ്ങൾക്കോ പോപ്പന്മാർ ഉൾപ്പെടെയുള്ള മത പുരോഹിതന്മാർക്കോ അവരെയും മതവിശ്വാസികളെന്ന് അവകാശപ്പെടുന്ന മത-ജാതി ജീവികളെയും, ജീവിച്ചിരിക്കുമ്പോഴോ മരണശേഷമോ സ്വർഗ്ഗത്തിലേക്ക് കയറ്റി വിടാനാവില്ല തന്നെ.

ജന്മങ്ങളുടെയും നന്മ-തിന്മകൾ ഉൾപ്പെടെ എല്ലാ കാര്യങ്ങളുടെയും അടിസ്ഥാനത്തിൽ വ്യക്തികളുടെ ജീവിതകാര്യങ്ങളെയും മരണാനന്തര കാര്യങ്ങളെയും മഹാനിശ്ചയിക്കുന്നതും മഹാഭരിക്കുന്നതും മഹാശക്തിയും മഹാനീതിയുമായ മണ്ണും ഭൂമിയുമായ ദൈവം മാത്രമാണ്. ദൈവം നിശ്ചയിക്കുന്ന കാര്യങ്ങളിൽ ഇടപെടുവാൻ മനുഷ്യന് അവകാശവും അധികാരവും ഇല്ല എന്ന തിരിച്ചറിവ് പോലും ഇല്ലാത്തവരാണ് മരിച്ചവരെ വാഴ്ത്തുകയും വിശുദ്ധരാക്കുകയും ചെയ്യുന്നത് !

ദൈവ-വിപ്ലവത്തോടെ, ഭൗതിക അസ്തിത്വമുള്ളതായ മണ്ണിന്റെ നിയമങ്ങളെ, ഭൂമിയിലെങ്ങുമുള്ള ജനങ്ങൾ സ്വീകരിക്കുന്നതും അനുസരിച്ചു ജീവിക്കുന്നതുമാണ്. മതങ്ങളും രാഷ്ട്രീയങ്ങളും രാഷ്ട്ര ഭരണഘടനകളും ഉൾപ്പെടെയുള്ള മാനുഷിക നിയമങ്ങൾക്ക് ഭൗതിക അസ്തിത്വം ഇല്ലാത്തതിനാൽ മണ്ണിൽ ജീവിക്കുന്നവർക്ക് ചേരില്ലായെന്ന തിരിച്ചറിവ് ജനങ്ങൾക്ക് ഉണ്ടാവുന്നതും ചുമന്നുനടന്നവർ തന്നെ അവയെ ചുട്ടെരിക്കുന്നതുമാണ്. ഭൂമിയിലെ എല്ലാ രാജ്യങ്ങളിലെയും എല്ലാ അധർമ്മങ്ങളും അനീതികളും അവസാനിക്കുന്നതാണ്. ഭൂമിയിലെ മുഴുവൻ ജനങ്ങളെയും സംബന്ധിക്കുന്ന കാര്യങ്ങളാണവ. പ്രത്യേക രാഷ്ട്രങ്ങളുമായോ സംസ്ഥാനങ്ങളുമായോ മാത്രം ബന്ധപ്പെട്ടതല്ലാ എന്ന് സുവ്യക്തമായി അറിഞ്ഞുകൊള്ളണം. ധർമ്മശാസ്ത്രത്തെ അനുസരിച്ചു മാത്രം കുടുംബാംഗങ്ങൾ ഉൾപ്പെടെ സർവ്വരെയും എല്ലായ്പ്പോഴും പിന്തുണയ്ക്കണം എന്നതാവണം ഓരോ വ്യക്തിയുടെയും സമൂഹത്തിന്റെയും മറ്റും 'മുഖ്യ ജീവിത-സഹകരണ മന്ത്രം'. അധാർമ്മിക പിന്തുണ അരുത്.

മുതിർന്നവർ ഉൾപ്പെടെയുള്ള എല്ലാ ജീവികളുടെയും 'യഥാർത്ഥ മഹാ-മാതാപിതാക്കളായ ദൈവം' എല്ലായ്പ്പോഴും കുഞ്ഞുങ്ങളുടെ മഹാദാസിയും മഹാദാസനുമായി പ്രവർത്തിക്കുന്നുണ്ട്. ദൈവം പ്രത്യക്ഷമല്ലാത്തതായ സൃഷ്ടിചക്രത്തിന്റെ ആദ്യ പകുതിയിൽ ഭൂമി മാത്രമായും, ദൈവം പ്രത്യക്ഷമാകുന്ന സൃഷ്ടിചക്രത്തിന്റെ രണ്ടാമത്തെ പകുതിയിൽ, 'ഭൂമി രൂപം' കൂടാതെ 'മഹാദേവിയും മഹാദേവനുമായും അവതരിക്കുന്നു. ഭൂമിയിലെ മുഴുവൻ ജനങ്ങളും ഒരേയൊരു ദൈവത്തിന്റെ കുഞ്ഞുങ്ങളായ സഹോദരങ്ങളും ഒരു കുടുംബത്തിലെ അംഗങ്ങളുമാണ് എന്ന തിരിച്ചറിവ് നേടണം. കുട്ടികളുടെയും മുതിർന്നവരുടെയും അബദ്ധങ്ങളെ ദൈവം വ്യക്തികളുടെ ഉപദേശങ്ങൾ, രോഗം, അപകടം, ഉറ്റവരുടെ മരണം എന്നിവയിലൂടെയും, ഒക്കെ ചൂണ്ടിക്കാട്ടി തരുന്നതാണ്. അവയെ വീണ്ടുവിചാരം ഉണ്ടാവാനും തിരുത്താനും കൂടുതൽ ശുദ്ധരാവാനും ലഭിക്കുന്ന അവസരങ്ങളായി കാണണം; ശ്രദ്ധിക്കണം. വ്യക്തിയുടെ മനോഭാവം എന്താണെന്നും നടപടി എന്താണെന്നും 'ദൈവത്തിന്റെ വാതകരൂപമായ ഓക്സിജൻ' സദാ അറിയുന്നുണ്ട്. സത്യസന്ധരായി ജീവിക്കാൻ ശ്രദ്ധിക്കണം; സാധിക്കണം. മുതിർന്നവർ രംഗം/കളം വിടുമ്പോൾ, ഒരു പക്ഷെ, അവരേക്കാൾ നന്നായിട്ട്, 'കാലഘട്ടത്തിന്റെ ആവശ്യം അനുസരിച്ച് ', പുതിയ തലമുറയിലെ ചെറുപ്പക്കാർ പ്രവർത്തിക്കുന്നതിന് ദൈവം കളമൊരുക്കുന്നുണ്ട്. അതിനായി ജ്ഞാനം വർദ്ധിപ്പിക്കാനും വ്യക്തി ചെയ്യേണ്ടുന്ന പകുതി പൂർത്തിയാക്കുവാനും തയ്യാറാവണം.

**ദൈവം സൃഷ്ടിക്കുന്നത് മനുഷ്യരെ ആണെങ്കിലും അങ്ങനെയൊരു ജീവി ഭൂമിയിൽ ഇല്ലാത്തതു പോലെയാക്കി.**

മത-ജാതി-ഉപജാതി -രാഷ്ട്ര - രാഷ്ട്രീയ -വർഗ്ഗ -വർണ്ണ- നിരീശ്വര ജീവികളാണ് ഭൂമിയിലുള്ളത്. ദൈവം നേരിട്ട് ചുമതലപ്പെടുത്തിയിട്ടില്ലാത്ത കാര്യങ്ങളെ ദൈവനാമത്തിൽ ചെയ്യുന്ന മതപുരോഹിതന്മാർ ഉൾപ്പെടെ ഏതൊരാൾക്കും പാപവും ദൈവശിക്ഷകളും ഉണ്ടാകുന്നതാണ്. ഭൂമിയിലെങ്ങും വ്യത്യസ്ത മതങ്ങൾ പ്രകാരമുള്ള യാതൊരു ആരാധനകളും ആചാരങ്ങളും അനുഷ്ഠാനങ്ങളും വഴിപാടുകളും ബലികളും പ്രസാദ-വിതരണങ്ങളും ധർമ്മ ശാസ്ത്രപരമല്ല; അഥവാ ദൈവീകമല്ല.

(10).

**ആഘോഷങ്ങളെയും മറ്റും ആശംസിക്കുമ്പോൾ, 'അളവോടെയുള്ള പുണ്യ ശോഷണം വ്യക്തിക്ക് ഉണ്ടാവാതെ' സ്വീകരിക്കുന്നയാൾക്ക് ലഭിക്കുന്നതല്ല എന്നു തിരിച്ചറിഞ്ഞ് വേഷംകെട്ടലുകളും മറ്റും അവസാനിപ്പിക്കണം. ധർമ്മശാസ്ത്രപരമല്ലാത്ത അഥവാ ദൈവീകമല്ലാത്ത ആശംസകൾക്ക് ദൈവ ശിക്ഷകളും കൂടുതലാണ്.**

ജന്മദിന ആശംസകളെ ശുദ്ധീകരിക്കാനായി ഈയുള്ളവനിലൂടെ (ദൈവം), വാട്സാപ്പ് ഗ്രൂപ്പിൽ പ്രസിദ്ധീകരിച്ച ദൈവ വചനങ്ങളെ ചുവടെ ചേർക്കുന്നു :-

**ജനിച്ചിട്ടില്ലാത്തവർക്ക് ജന്മദിന ആശംസകൾ നേരുന്നവർ !**

എന്തെങ്കിലും പ്രത്യേകമായതോ വിശിഷ്ടമായതോ ചെയ്യുന്ന/ നേടുന്ന വ്യക്തിയെ ധർമ്മശാസ്ത്രപരമായിട്ട് പ്രശംസിക്കാവുന്നതാണ്.

**വ്യക്തി / ജീവാത്മാവ് ചെയ്യുന്നതോ നേടുന്നതോ നിശ്ചയിക്കുന്നതോ ആയ കാര്യങ്ങളല്ലാ ജനനവും മരണവും. വ്യക്തി ശ്വസിക്കുന്നില്ല, 'ദൈവത്തിന്റെ വാതക രൂപമായ ഓക്സിജൻ' ശ്വസിപ്പിക്കുകയാണ് എന്നതുപോലെ മനുഷ്യൻ ജനിക്കുന്നില്ല; ദൈവം ജനിപ്പിക്കുകയാണ്. ജനനവും മരണവും സംഭവിപ്പിച്ചു കഴിഞ്ഞ്, ഓക്സിജൻ ബോധശക്തിയെ നൽകുമ്പോൾ മാത്രമാണ് ജീവാത്മാവ് അറിയുക. സ്വന്തം ജനനത്തെപ്പറ്റിയും; സ്വന്തം ഉൾപ്പെടെ ഉറ്റവരുടെ ജന്മദിനങ്ങളെ ദൈവം മറപ്പിക്കാറുണ്ട്; എന്നിവയും ഒരല്പം വിശകലനം ചെയ്താൽ ബോദ്ധ്യമാകും.**

ജനിക്കാനും ജനിപ്പിക്കാനും സൃഷ്ടികൾക്ക് കഴിവില്ല. സമസ്ത ജീവികളുടെയും പരമാനന്ദമായി ദൈവം മഹാ-നിശ്ചയിച്ചിട്ടുള്ളതും, ദൈവത്തെയും തങ്ങളെത്തന്നെയും മറന്ന് 'ഇണ മാത്രം വിഷയമാകുന്ന' കാമാനന്ദത്തിൽ സ്ത്രീപുരുഷന്മാർ ഏർപ്പെടുമ്പോൾ, അവർ പോലും അറിയാതെ, 'ദൈവത്തിന്റെ ഖരരൂപമായ ഭൂമിയുടെ അംശമായ ശരീരം' സൃഷ്ടി നടത്തുന്നു. സ്ത്രീപുരുഷന്മാരിലെ അണ്ഡബീജങ്ങളെ സൃഷ്ടിക്കുന്നത് ജീവാത്മാവ് അല്ലാ, എന്നതുപോലെ, ആമക്കുഞ്ഞിനെയോ ഓന്തിനെയോ മറ്റുള്ള ജീവികളെയോ മനുഷ്യസ്ത്രീ പ്രസവിക്കുകയോ ഛർദ്ദിക്കുകയോ ചെയ്താലും വായ്പൊളിച്ച് അമ്പരക്കാമെന്നല്ലാതെ നിയന്ത്രിക്കാൻ മനുഷ്യസ്ത്രീക്ക് / ജീവാത്മാവിനു കഴിയില്ല. കാമവികാരം ഉണ്ടാകാതെ, എല്ലില്ലാത്ത പുരുഷലിംഗം നിവരില്ല എന്നതിനെ വിശകലനം ചെയ്യുമ്പോൾ, കുഞ്ഞിനെ സൃഷ്ടിക്കാൻ വേണ്ടി പ്രയത്നിച്ചെന്ന് വാദിക്കാൻ പുരുഷനെയും സ്ത്രീയെയും ദൈവം അനുവദിക്കുന്നില്ല എന്നുകൂടി മനസ്സിലാക്കണം. ദൈവം നൽകുന്ന ബുദ്ധിശക്തി ഉൾപ്പെടെയുള്ള ശക്തികളെ അന്യോന്യം കുറ്റപ്പെടുത്താനോ പരിഹസിക്കാനോ കേമത്തം കാട്ടാനോ, മറ്റ് ദുസ്വാർത്ഥങ്ങൾക്കോ ഉപയോഗിച്ചു കൂടാ.

ദൈവം നൽകാതെ, യാതൊരാൾക്കും സ്വന്തമായി യാതൊരു ശക്തിയും ഇല്ലെന്നിരിക്കെ യാതൊരാളും (സ്വയമോ മാതാപിതാക്കളുടെ പ്രയത്നം കൊണ്ടോ) ജനിച്ചിട്ടില്ല. 'ജനിച്ചിട്ടില്ലാത്തവർ' ജന്മദിനാശംസകൾ എന്ന ഭോഷത്വം ചെയ്യുന്നത് ദൈവനിന്ദയാണ്. ആരെങ്കിലുമൊക്കെ തുടങ്ങി വയ്ക്കുന്ന ഭൗതികമായ അസ്തിത്വം ഇല്ലാത്തതായ വസ്തുതകളെ, ശരിയാണോ എന്ന് സ്വയം വിശകലനം ചെയ്യാതെ തെറ്റുകളും കുറ്റങ്ങളും ഏറെയുള്ള വിശ്വാസങ്ങളെയും ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും ചെയ്തും പ്രചരിപ്പിച്ചും ജീവിക്കയാൽ; നൂറ്റാണ്ടുകളായി ഭൂമിയിൽ മനുഷ്യൻ എന്ന ജീവി തന്നെ ഇല്ലാതെ വന്നിരിക്കുന്നു.

പശുവിന് പശുക്കുട്ടിയും, പട്ടിക്ക് പട്ടിക്കുട്ടിയും ജനിക്കുമ്പോൾ, വ്യത്യസ്ത മത-ജാതി-വർഗ്ഗരാഷ്ട്രീയ-ദേശീയ-ക്കുട്ടികളും നിരീശ്വരവാദിക്കുട്ടികളുമായി മനുഷ്യർ തരംതാണിട്ടുള്ളതിനെ വിശകലനം ചെയ്താൽ, 'ബുദ്ധിശക്തി കുറവായ മറ്റു ജീവികൾ' വളരെ കാര്യങ്ങളിൽ ശ്രേഷ്ഠരാണെന്ന് തെളിയും.

ഭൗതിക അസ്തിത്വം ഇല്ലാത്തവയും, അടിസ്ഥാനപരമായി അന്ധവും അധമവുമായ വിശ്വാസങ്ങൾ മാത്രമാണ് മതങ്ങളും ജാതികളും രാഷ്ട്രീയങ്ങളും എന്നതുകൊണ്ടാണ് **മതംമാറ്റം, രാഷ്ട്രീയമാറ്റം എന്നിവ സാദ്ധ്യമാകുന്നത്.** വലിയ കാര്യം മറ്റൊന്നാണ് : മഹാനീതിശാസ്ത്രം പ്രകാരം ദൈവശിക്ഷ വാങ്ങുന്നത് ഓരോ വ്യക്തിയുമാണ്; ഭൗതിക അസ്തിത്വം ഇല്ലാത്തതായ മതമോ പാർട്ടിയോ പ്രസ്ഥാനങ്ങളോ അല്ല.

മഹാശക്തിയായ മഹാദേവി, സൃഷ്ടികളായ മനുഷ്യർക്കെല്ലാം നൽകുന്ന ജ്ഞാനവും സമ്പത്തും ഊർജ്ജവും സമയവും അവസരങ്ങളും ഉൾപ്പെട്ട ശക്തികളെ ധർമ്മ ശാസ്ത്ര പരമായി ആനന്ദിക്കാനും അതിലൂടെ പുണ്യം വർദ്ധിപ്പിക്കാനും മാത്രം പ്രയോജനപ്പെടുത്താൻ കഴിയട്ടെ ! പ്രപഞ്ചമഹാമാതാവായ മഹാദേവിയുടെയും പ്രപഞ്ചപിതാവായ മഹാദേവന്റെയും പൊന്നോമന കുഞ്ഞുങ്ങളാണ് മഹാപ്രപഞ്ചത്തിലുള്ള സമസ്ത ജീവികളും. ജീവികൾ എന്നതിൽ മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ എന്നിവ മാത്രമല്ല; അവരുടെ മോക്ഷ-പരിണാമങ്ങളും സൃഷ്ടികളും മാത്രമായ ആദ്യ മഹാകാല ചക്രത്തിലെ പ്രത്യേക ആവിഷ്ക്കാരത്തിന്റെ ഭാഗമായ സമസ്ത ദേവതകളും പിന്നീട് ദുർദ്ദേവതകളായി പരിണമിച്ചവരുമായ ഗണപതി, ദുർഗ്ഗ, നാരായണൻ-രാമൻ, കൃഷ്ണൻ, ഇന്ദ്രൻ, തുടങ്ങിയവരും പെടുന്നു. ജീവികളെയെല്ലാം ജനിപ്പിക്കുന്ന മണ്ണും ശരീരവും ഭൂമിയുമായ ദൈവത്തിനു മാത്രമാണ് മഹത്വം എന്ന് മനസ്സിലാക്കാൻ കഴിയാത്തവർ വേണ്ടാത്ത വേലകളെങ്കിലും ചെയ്യാതിരുന്നാൽ നന്ന്. മഹാദേവിയോ മഹാദേവനോ അനുഗ്രഹിച്ച് അനുവദിച്ചാൽ മാത്രം ഏകദൈവമായ മഹാദേവിയെ ആരാധിക്കാം എന്നിരിക്കെ ദുർദ്ദേവതകളായി അധഃപതിച്ച ദേവതകളെ ആരാധിക്കാൻ അവർ തന്നെ ഉപദേശിക്കുന്നതും, ദൈവങ്ങളെന്നു തെറ്റിദ്ധരിച്ച് അവരെ ജനങ്ങൾ പൂജിക്കുന്നതും ആരാധിക്കുന്നതും അവരുടെ ജന്മദിന ഭാവനകളെ ആഘോഷിക്കുന്നതും, ദൈവ വിപ്ലവത്തോടെ അവസാനിക്കുന്നതാണ്. മണ്ണായ ഭൂമിയുടെ ധർമ്മ ശാസ്ത്ര നിയമങ്ങളെയും, അവയുടെ പരിപാലനത്തെയും ശ്രദ്ധിക്കേണ്ടതിനു പകരം രാജവംശത്തിന്റെ പാരമ്പര്യ ശ്രേഷ്ഠത വിളമ്പുകയും, ഭാര്യയോടുള്ള കടമ മറന്ന് ജനങ്ങളെ സന്തോഷിപ്പിക്കാൻ ഭാര്യയെ അപമാനിക്കുകയും, ഒളിയമ്പും, പോലെയുള്ള നീചത്തങ്ങളെയും ചെയ്ത്, ഭൂമി നൽകിയ ജീവിതവും അവസരങ്ങളും പാഴാക്കുകയും, ഓംകാര നീതിശാസ്ത്ര പ്രകാരം ഇന്നും ശിക്ഷകളെ അനുഭവിക്കുകയും ചെയ്യുന്ന രാമനെ പുരുഷോത്തമനായി കരുതുന്ന അജ്ഞാനികളും അവിവേകികളും ഏറെയുള്ള നാടാണ് ഇന്ത്യ. അടിസ്ഥാന പരമായി പിൻവലിച്ചു കഴിഞ്ഞ യാതൊരു ദേവതകളും പരിണാമങ്ങളായ യാതൊരു ദുർദ്ദേവതകളും മേലിൽ ഭൂമിയിലും പ്രപഞ്ചത്തിലും ഇല്ല. 'ഭൂമിയും ഏകദൈവവും മഹാശരണവുമായ മഹാദേവിയും, മഹാദാസനും മഹാദേവനുമായ പരമശിവനും' മാത്രം.

# ഈ ദിവ്യ മഹാവേദഗ്രന്ഥത്തിന്റെ രണ്ടാം ഭാഗമായിട്ട്, 2019 ഒക്ടോബർ മാസത്തിൽ പ്രസിദ്ധീകരിച്ചതായ

# ആനന്ദ ശാസ്ത്രം എന്ന

## മഹാഗ്രന്ഥത്തെ ചുവടെ കൂട്ടിചേർത്തിരിക്കുന്നു.

www.omsathyam.com/GodlyRevolution/Aanandham.pdf

**ആദിയും അന്തവും ഇല്ലാത്ത ഏകമഹാശക്തിയും ഭൂമിയുമായ മഹാദേവിയുടെ മഹാജ്ഞാനവും ദിവ്യമഹാവേദവുമായ മഹാശാസ്ത്രം, കുറ്റങ്ങളും കുറവുകളും ഇല്ലാതെ, മഹാപൂർണ്ണമായി മണ്ണായ ഭൂമിയുടെ അംശമായ മൂലകങ്ങളിൽ മഹാലയിച്ചിരിക്കുന്നു.**

ഗ്രന്ഥകാരൻ ഉൾപ്പെടെ ആരിലൂടെയും അവതരിക്കുന്ന ഗ്രന്ഥങ്ങളെയും വിഷയങ്ങളെയും തിരുത്തേണ്ടത് ഭൂമിയുടെ നിയമങ്ങളെ ആധാരമാക്കിയാവണം.

ഓംശക്തിശിവൻ പ്രണയമന്ത്രം
സർവ്വദേശ ഭൂമി ഗാനം
മഹാസംഗീതം
ശബ്ദ ബ്രഹ്മം
അക്ഷരബ്രഹ്മം
ആദി വചനം
സൃഷ്ടി മന്ത്രം
സംഹാര കാഹളം
മഹാശാസ്ത്ര മൂലം
ഏക മഹാശബ്ദം
മഹാസൂക്ഷ്മ ശബ്ദം
ദൈവ വിപ്ലവ ഗാനം
മഹാദേവിയുടെ മഹാചിരി
ഓം OM

ദൈവം
മനുഷ്യരൂപത്തിൽ,
മഹാപ്രപഞ്ചത്തിന്റെ
മഹാമാതാവായ
മഹാദേവിയായി
മഹാഎഴുന്നള്ളിക്കഴിഞ്ഞു.

GOD
has Arrived.
= MAHAASHAKTHI = BRAHMAM =
SUPREME MOTHER
of the Universe
has Arrived.
08 ഒക്ടോബർ 2019, ചൊവ്വാഴ്ച.

OmShakthiShivan LoveMantram
International Earth Song
Supreme Music
Sound Brahmam
Script Brahmam
First Sound
Creational Mantram
Destruction Notice for Creation Cycles
Supreme ScienceRoot
Supreme Single Sound
Supreme Minute Sound
Godly Revolution Song
MahaaDevi's Supreme Laugh
ഓം OM

ShivaLingham @ Sky @
MahaaLingham @
Shakthi Lingham

പരമശിവൻ
ശിവചക്രം പരമാത്മാവ്
പ്രപഞ്ച പിതാവ്
ഏകദാസൻ മഹാദാസൻ
പശുപതി ശാസ്ത്രായുധൻ
ഏക ദൈവ-പ്രതിനിധി
നീലകണ്ഠൻ
സംഹാരനാഥൻ
മഹാനീതിപതി
മഹാദേവൻ
PARAMASHIVAN
ShivaChakram SupremeSoul
FATHER of the Universe
Supreme Ox cum Servant
GOD's Single Representative
Supreme Scientist
Supreme Justice
MAHAADEVAN

# ആനന്ദ ശാസ്ത്രം = മഹാശാസ്ത്രം

| | | |
|---|---|---|
| 1 | **മൂലകങ്ങൾ =ഭൂമി=** 'കാമം ഒഴികെയുള്ള' ആനന്ദങ്ങൾ പേജ് : | 356-600 |
| 2 | **കാമ ആനന്ദം 'ചർമ്മത്തിലൂടെ'** ജീവാത്മാക്കൾ തമ്മിൽ മാത്രം | 505-564 |
| 3 | **ഭക്ഷണം** :ആനന്ദം മൊത്തം 40 അളവ്; ഒരുസമയം 5 അളവ് | 366-367 |
| 4 | **തൊഴിൽ** :ആനന്ദം മൊത്തം 20 അളവ്; ഒരുസമയം 5 അളവ് | 370-373 |
| 5 | **ദാനം (ത്യാഗം)** : ആനന്ദം 5 അളവ് | 374-378 |
| 6 | **പ്രിയം (ഭക്തി, ആദരം, ആരാധന)** : ആനന്ദം 5 അളവ് | 379-410 |
| 7 | **ദാസ്യം** 5, **വാത്സല്യം** 5, **പ്രേമം** 5, **പ്രേമ സാക്ഷാത്കാരം** 5 :<br>ആനന്ദം **കാമം** : ജീവികളുടെ **പരമാനന്ദം** 25 പേജ് 151-210 | 395-564 |
| 8 | **ദൈവ ആനന്ദം : മഹാദാസ്യം** 30 **മഹാവാത്സല്ല്യം** 35 | 565-600 |
| 9 | **ഓംകാര നീതിശാസ്ത്രം ഓം ഓംകാരം ബ്രഹ്മം ഭൂമി**<br>പേജ് 591-679 (ദേശം : പേജ് 620 - 637) 795-860 861-881 680-717 718-740<br>**മഹാഭദ്രകാളി പശു മഹാദേവി ഓം നമഃ ശിവായ**<br>741-747 748-760 761-769-791 792-804 | 601-679<br>741-747<br>761-791<br>792-804 |
| 10 | **സത്യം ശിവം സുന്ദരം +മന്ത്രങ്ങൾ +മഹാവേദം** സൗജന്യം: PDF Files<br>805-874 875-885 886-890 | 805-874<br>875-885 |
| 11 | **ദൈവ വിപ്ലവം + സംഹാരം @ മോക്ഷം** 791-794.. -882-1057 | 791-794 |
| 12 | **മഹാദേവി അവതരിച്ചുകഴിഞ്ഞു.** 771-791,891-894,980-1057<br>**പരമശിവ ക്ഷിപ്രകോപം** പേജ് 1004-1020 + **മായാശക്തി**<br>+ **അധികാരം** 1011- **അടിയന്തരാവസ്ഥ** 1020- **മായ** 1047-1057 | 771-1057<br>1004-<br>1057 |

## 1 മൂലകങ്ങൾ = ഭൂമി = 'കാമം ഒഴികെയുള്ള' ആനന്ദങ്ങൾ

ജീവികൾ ഏറെയും പ്രയത്നിക്കുന്നത് കൂടുതൽ കൂടുതൽ ആനന്ദങ്ങളെ നേടുവാനും അനുഭവിച്ചു ജീവിക്കാനുമാണ്. വ്യത്യസ്തങ്ങളായ ആനന്ദങ്ങൾ അനന്തമെന്നോണമുള്ള അളവിൽ ഭൂമിയിലുണ്ട്. ഭക്ഷണ സാധനങ്ങളും മരുന്നുകളും ഉൾപ്പെടെ എല്ലാ വസ്തുക്കളിലും അംശമായ മൂലകങ്ങളിലുമുള്ള 'ആനന്ദം, ശക്തി, ശാസ്ത്രം' എന്നിവയെ വേർതിരിച്ച് ജീവാത്മാവിനു നൽകുന്നത് 'മൊത്തം മൂലകങ്ങളും ചേർന്ന ഭൂമിയുടെ സ്വത്വവും വാതക രൂപവും ജീവികളുടെയെല്ലാം ജീവനുമായ ഓക്സിജനും', ദ്രാവക രൂപമായ ജലവും, ഖര രൂപമായ മൂലകങ്ങളും ശരീരവും സ്വയമാണ്. **ജീവികളുടെ സ്വത്വമായ ജീവാത്മാവ് ആനന്ദങ്ങളെ സ്വീകരിക്കുകയും, ഭൂമിയുടെ അംശവും മൂലകങ്ങളുമായ ശരീരം ആനന്ദങ്ങളെ സദാ ജീവാത്മാവിനു നൽകുകയുമാണ്.** **നിറം,** സൗന്ദര്യം, ഗന്ധം, മുഖഛായ എന്നീ ജീവാത്മാവിന്റെ **പ്രകട ജന്മ**ഗുണങ്ങളെ ജീവാത്മാവ് വ്യാപരിക്കുന്ന ശരീര-**ചർമ്മവുമായി** ബന്ധിപ്പിച്ച് **വാത്സല്ല്യം, ദാസ്യം, പ്രിയം, പ്രേമം, കാമം** എന്നീ ആനന്ദങ്ങളെ ജീവാത്മാക്കൾ അന്യോന്യം കൈമാറാൻ ഭൂമി മഹാനീതിശാസ്ത്ര പ്രകാരം ആവിഷ്ക്കരിച്ചിരിക്കുകയാണ്.

പാലും പഴങ്ങളും പച്ചക്കറികളും മാംസവും എല്ലും വിസർജ്ജ്യവും മരത്തടികളും പൂക്കളും ഇലകളുമെല്ലാം ജീവികളുടെ ശരീരഭാഗം മാത്രമല്ല; 'ശക്തി, ശാസ്ത്രം, ആനന്ദം' എന്നിവ ചേർന്ന 'ഭൂമിയിലെ മൂലകങ്ങളുമാണ്.' മൂലകങ്ങളുടെ സൂക്ഷ്മങ്ങളായ ആറ്റങ്ങളിലെ പ്രോട്ടോണുകളെ സദാ ഇലക്ട്രോണുകൾ ചുറ്റുന്നതും; ന്യൂട്രോൺ, ക്വാർക്കുകൾ തുടങ്ങിയവയുടെ എണ്ണവും, സംയോജന രീതിയും വ്യത്യാസപ്പെട്ട് നൂറോളം മൂലകങ്ങൾ ഭൂമിയിലുള്ളതും വെറുതെയല്ല. മൂലകങ്ങളുടെ ചേരുവകളെയും, അളവുകളെയും; മഹാനീതി ശാസ്ത്ര പ്രകാരം വ്യത്യാസപ്പെടുത്തിയാണ് ജീവാത്മാവിന് 'ശക്തി, ശാസ്ത്രം, ആനന്ദങ്ങൾ' എന്നിവയായ ശരീരത്തെയും അനന്തമായ വസ്തുക്കളെയും മഹാവാത്സല്ല്യത്തോടെ ഭൂമി ലഭ്യമാക്കിയിട്ടുള്ളത്.

ഭൂമിയും, അംശമായ മൂലകങ്ങളും നിശ്ചയിക്കുന്ന ശരീര ഘടന, ശരീര അവയവങ്ങൾ, അവയവ ചലനങ്ങൾ, ഭക്ഷണ-ദഹന-വിസർജ്ജന-ശ്വസന-നാഡീ-പ്രത്യുല്പാദന-കാമ വ്യവസ്ഥകൾ, തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ ഓരോരോ മനുഷ്യന്റെയും മറ്റുള്ള ജീവികളുടെയും സ്വത്വമായ ജീവാത്മാവിനു ലഭിക്കുന്ന ആനന്ദങ്ങളും ജന്മഗുണങ്ങളുമായ ലിംഗം, നിറം, സൗന്ദര്യം, ആയുസ്സ്, ആരോഗ്യം, ബുദ്ധി, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ജന്മസ്ഥലം തുടങ്ങിയവയ്ക്ക് വ്യത്യാസമുണ്ടാകുന്നു.

**ഭൂമിയുടെ അംശമായ 'മൂലകങ്ങൾ അഥവാ വസ്തുക്കൾ' നൽകുന്നതും അവയിൽ ലയിച്ചിരിക്കുന്നതുമായ ജ്ഞാനവും / ശാസ്ത്രവും ശക്തിയും ആനന്ദവും കൊണ്ട്, വസ്തുക്കളെ വ്യത്യസ്ത ഉല്പന്നങ്ങളാക്കി പരിണമിപ്പിക്കുകയാണ് ആനന്ദങ്ങളെ വർദ്ധിപ്പിക്കാനായി വ്യാവസായിക തലത്തിൽ മനുഷ്യരുടെ സ്വത്വമായ ജീവാത്മാക്കൾ ചെയ്യുന്നത്.** വൈവിധ്യമാർന്ന > ഭക്ഷണം, വസ്ത്രം, വീട്, ആഭരണങ്ങൾ, ഉപകരണങ്ങൾ, യന്ത്രങ്ങൾ, വാഹനങ്ങൾ- സൈക്കിൾ, ബൈക്ക്, കാർ, ബസ്, ട്രെയിൻ, കപ്പൽ, വിമാനം; ടെലിവിഷൻ, കമ്പ്യൂട്ടർ, മൊബൈൽ ഫോൺ, മരുന്നുകൾ, തുടങ്ങിയവ നിർമ്മിക്കാനും ആസ്വദിക്കാനും 'ജീവാത്മാവിനു' സാധിക്കുന്നത് അങ്ങനെയാണ്. **ഭൂമിയും, ഭൂമിയുടെ അംശമായ മൂലകങ്ങളും അവയുടെ സ്ഥൂലരൂപമായ വസ്തുക്കളും, ജീവികളുടെ ശരീരവും, അവയിലെ ശാസ്ത്രങ്ങൾ പ്രകാരം സ്വയം പ്രവർത്തിക്കുന്നവ ആയതുകൊണ്ടാണ് ഉല്പന്നങ്ങളായ ആനന്ദങ്ങളെ നിർമ്മിക്കാൻ, ശരീരമായ മൂലകങ്ങൾ നൽകുന്ന ശക്തിയും ജ്ഞാനവും കൊണ്ട് സ്വത്വമായ ജീവാത്മാവിന് കഴിയുന്നത്. സ്വയം പ്രവർത്തിക്കുന്നവയും, 'ആനന്ദം, ശക്തി, ജ്ഞാനം' എന്നിവയുടെ ഭൗതിക അസ്തിത്വവുമായ 'മൂലകങ്ങളെയും', മൂലകങ്ങളെ ഉപയോഗിച്ച് അവയുടെ സ്വത്വമായ ഓക്സിജൻ ഉണ്ടാക്കിയ 'ശരീരത്തെയും', 'ദൈവത്തിന്റെ അംശമായും', 'ഭൂമിയെ ദൈവത്തിന്റെ മഹാരൂപമായും, ഓക്സിജനെ ഭൂമിയുടെ സ്വത്വമായും' വിശകലനം ചെയ്ത് മനസ്സിലാക്കാൻ കഴിയും.** (Ref.www.omsathyam.com/GodlyRevolution/Universe.pdf)

**ദൈവീക തലത്തിൽ സ്വകാര്യമായ, 'ഭൂമിയായ മഹാദേവിയുടെ മത്സ്യാവതാരത്തെ', ഗ്രന്ഥകാരനിൽ പ്രവേശിപ്പിച്ചത് 1989 ജനുവരി മാസം 21-ാം തീയതി രാത്രിയാണ്. 30 വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു ! മഹാദേവി ഗ്രന്ഥകാരന്റെ നാവിൽ അക്ഷര ബ്രഹ്മമായ ഓം കുറിച്ചത് 1991 ഒക്ടോബർ മാസത്തിലെ മഹാദശമിയായ വിജയദശമി ദിവസം രാത്രിയിലാണ്. 2019 ഒക്ടോബർ 8 ചൊവ്വാഴ്ചയായ ഇന്ന് മഹാദശമി രാത്രിയിൽ 28 വർഷങ്ങൾ പൂർത്തിയാകുന്നതാണ്. മഹാദേവിയുടെ മഹാഅനുഗ്രഹത്താൽ പൂർത്തിയായ 'ആനന്ദം Aanandham.pdf ' എന്ന ഈ ദിവ്യ മഹാഗ്രന്ഥം ഇന്നേദിവസം അതിരാവിലെ പ്രസിദ്ധീകരിച്ചിരിക്കുന്നു.** (2019 ഒക്ടോബർ 5 വൈകിട്ട് പൂജവെയ്പ് സമയത്ത് ഗ്രന്ഥം പൂർത്തിയായെന്ന് ഗ്രന്ഥകാരന് തോന്നി; പൂജവയ്പ് ശരിയെന്നു കരുതി ഇന്റർനെറ്റിലൂടെ പൂജ വെച്ചതായി അറിയിച്ച് പ്രസിദ്ധീകരിച്ചു. ഈ ഗ്രന്ഥത്തിൽ ശാസ്ത്രപരമായി വിശദീകരിച്ച പോലെ മഹാദശമി (വിജയദശമി) ദൈവീകമാണെങ്കിലും **പുസ്തക പൂജ, ആയുധ പൂജ തുടങ്ങിയവയും ദൈവനിന്ദയാണെന്ന വെളിപാട്** **മഹാദേവി** മഹാഅനുഗ്രഹിച്ചു നൽകി. ആകയാൽ ഈ ദിവ്യമഹാവേദ ഗ്രന്ഥത്തെ പരിഷ്ക്കരിച്ച് പ്രസിദ്ധീകരിച്ചിരിക്കുകയാണ്.) **മനുഷ്യരുടെ ആനന്ദത്തിനുവേണ്ടി മായ ബന്ധിച്ചിരിക്കുന്ന കാര്യങ്ങളെ മുൻകൂട്ടി അറിയാൻ മനുഷ്യർ ആഗ്രഹിച്ചു കൂടാ.**

**മഹാദേവി ഓം എന്ന് മഹാചിരിച്ച് ദൈവവിപ്ലവം ആരംഭിക്കുമ്പോൾ ആനന്ദശാസ്ത്രത്തെ ശരിവെച്ച് മോക്ഷ നൃത്തം കൂടിയായ ആനന്ദ സംഹാര താണ്ഡവം ഉണ്ടാകും ! മഹാവാത്സല്ല്യവും മഹാദാസ്യവും കൊണ്ട്, കുഞ്ഞുങ്ങളായ ജീവികളുടെ മഹാമാതാവിന്റെയും മഹാപിതാവിന്റെയും കടമകളെയാണ് 'മഹാമാതാവും ഏകദൈവവും ഭൂമിയുമായ മഹാദേവിയും, ~ഭാഗവും മഹാദേവനും മഹാനീതിപതിയുമായ പരമശിവനും' എല്ലായ്പ്പോഴും നിർവ്വഹിക്കുക.**

**മൂലകങ്ങളിലെ ആനന്ദങ്ങളെ പറ്റി തുടരാം :-**

ദൈവമായ ഭൂമിയുടെ സ്വത്വമായ ഓക്സിജൻ, കുഞ്ഞുങ്ങളായ ജീവാത്മാക്കൾക്ക് ശരീര-അവയവങ്ങളെയും ജ്ഞാനം, ശക്തി, ആനന്ദം എന്നിവയും, അനുബന്ധ ഘടകങ്ങളായ കാഴ്ച്ച, കേൾവി, സ്പർശം, ഗന്ധം, രുചി, ഭാവന, ആരോഗ്യം, വളർച്ച, തുടങ്ങിയവയും 'നൽകുന്നതും ബന്ധിപ്പിക്കുന്നതും' മൂലകങ്ങളുടെ തരവും, അളവും, മറ്റും വ്യവസ്ഥ ചെയ്തുകൊണ്ടാണ്. ശരീരത്തിലെ മൂലകങ്ങൾ ആദ്യം സ്വത്വമായ ജീവാത്മാവിനെയും, പിന്നെ മറ്റ് ജീവികളെയും, ഭൂമിയിലെ എല്ലാ മൂലകങ്ങളെയും ബന്ധിപ്പിക്കുന്ന ശാസ്ത്രവും ശക്തികളും ആനന്ദങ്ങളും ചേർന്ന സ്വയം പ്രവർത്തിക്കുന്ന ഭൗതിക അസ്തിത്വമാണ്. നിർജ്ജീവമായ ജീവാത്മാവിന് തുടർച്ചയായി (മരണം വരെയും) ജ്ഞാനവും ശക്തിയും ആനന്ദവും ലഭിച്ചു കൊണ്ടിരിക്കണം എന്നാണ് ഭക്ഷണം, ദഹനം, വിസർജ്ജനം, വളർച്ച, പ്രത്യുല്പാദനം, ആരോഗ്യം, കാമം തുടങ്ങിയ വ്യവസ്ഥകളിലൂടെയും, സൃഷ്ടിപരമായ വിധി - സ്ഥിതിപരമായ വിധി എന്നിവ പ്രകാരവും ശരീരത്തിലെ മൂലകങ്ങൾ നിശ്ചയിച്ചിരിക്കുന്നതും നിശ്ചയിക്കുന്നതും. ഉദാഹരണത്തിന് ഭക്ഷണം, മരുന്നുകൾ, ഇൻജക്ഷൻ, മദ്യം, മയക്കുമരുന്ന് തുടങ്ങിയ അന്യ മൂലകങ്ങളും സംയുക്തങ്ങളും ജീവാത്മാവിന്റെ അറിവോടെയോ, ഉറക്കത്തിലും മയക്കത്തിലും മറ്റും അറിയാതെയോ ശരീരത്തിൽ പ്രവേശിച്ച് ശരീരത്തിലെ മൂലകങ്ങളുമായി പ്രവർത്തിക്കുമ്പോൾ ഭക്ഷണ-രുചികൾ, ആരോഗ്യ വർദ്ധനവ്, വേദന കുറയ്ക്കൽ, കാമ വർദ്ധനവ്- ക്ഷയം, ബോധക്കേട്, തുടങ്ങിയ നല്ലതും ചീത്തയുമായ പുതിയ ആനന്ദങ്ങൾ ശരീരത്തിൽ സൃഷ്ടിക്കപ്പെടുന്നു. 'ദൈവമായ ഭൂമി(യും മൂലകങ്ങളും)' ആനന്ദങ്ങൾ ഉൾപ്പെടെ സർവ്വത്തിനും അതീതമാകയാലും, ജീവാത്മാവിന്റെ ഇഷ്ടങ്ങളെ സാധിച്ചു കൊടുക്കുന്ന 'മഹാവാത്സല്ല്യ-മഹാദാസ്യ പ്രവൃത്തികളെ' സ്വയം ഏറ്റെടുക്കുകയാലും, കാഴ്ച്ചയും ഭംഗിയും, രുചിയും, സ്പർശവും, മണവും, (വിഷം കൊണ്ടും മറ്റും മരണവും), വേദനയും ഉൾപ്പെട്ട ആനന്ദങ്ങളെ ജീവാത്മാവിന് നൽകുന്നു. മദ്യം, മയക്കുമരുന്ന് തുടങ്ങിയവ മരുന്ന് ആയിട്ടല്ലാതെ ഉപയോഗിച്ച് ശരീര-ഭാഗമായ മൂലകങ്ങൾക്ക് രോഗങ്ങളായ ശക്തിപരിണാമത്തെ ഉണ്ടാക്കിയാൽ പ്രസ്തുത ആനന്ദവും ശരീരം **ജീവാത്മാവിന്** നൽകുന്നതാണ്.

**മുകളിൽ കുറിച്ചവ ജീവാത്മാക്കൾ നിത്യേന അനുഭവിക്കുന്ന സത്യങ്ങളാണ്. ശരീരത്തിലെ മൂലകങ്ങൾ നൽകുന്ന ശക്തി, ജ്ഞാനം, ആനന്ദം എന്നിവ കൊണ്ട് ഭക്ഷണം, ഐസ്ക്രീം, കേക്ക്, മരുന്നുകൾ, മദ്യം, തുടങ്ങിയവ കഴിക്കുമ്പോൾ, ശരീരത്തിന്റെ ഭാഗമായ മൂലകങ്ങളും, ശരീരത്തിൽ പുതുതായി എത്തിയതുമായ മൂലകങ്ങൾ സൃഷ്ടിച്ചു നൽകുന്ന വേറിട്ട ജ്ഞാനവും ശക്തിയും ആനന്ദവും ജീവാത്മാവിന് ലഭിക്കുന്നു എന്നല്ലാതെ യാതൊന്നും സൃഷ്ടിക്കാനുള്ള കഴിവ് യാതൊരു ജീവാത്മാവിനും ഇല്ല; അവ അടിസ്ഥാന പരമായി നിർജ്ജീവമാണ്.**

മേല്പടി നിർജ്ജീവതയുടെ കാര്യത്തിൽ, കുഞ്ഞായ ജീവാത്മാവിന്, വേദന ഉണ്ടാവാതിരിക്കാൻ ദൈവമായ ഭൂമിയുടെ അംശമായ ശരീരവും മൂലകങ്ങളും ചെയ്യുന്ന മഹാവാത്സല്ല്യ- മഹാദാസ്യ സേവനങ്ങളെ  മഹാനീതിശാസ്ത്ര നിയമങ്ങൾ കൊണ്ട് ഭൂമി ഗൂഢമാക്കിയിരിക്കുകയാണ്. എങ്ങനെയെന്നാൽ, ശരീരത്തിലെ മൂലകങ്ങൾ സ്വയം ഉണ്ടാക്കിയിട്ടുള്ള (ശരീരത്തിലെ) കഴുത്ത്, കൈകാലുകൾ, വിരലുകൾ, കീഴ്ത്താടി കൊണ്ട് വായ്, നാവ്, ചുണ്ട്, കവിളുകൾ, കൺപോളകൾ എന്നിങ്ങനെ ഏതാനും അവയവങ്ങളെ ഭാഗികമായി ചലിപ്പിക്കുവാനുള്ള സ്വാതന്ത്ര്യത്തെ മാത്രമേ മനുഷ്യന്റെ സ്വത്വബോധം എന്ന ജീവാത്മാവിന്, 'ശരീരം' യഥാർത്ഥത്തിൽ നൽകുന്നുള്ളൂ എങ്കിലും പ്രസ്തുത ഭാഗികമായ ചലനങ്ങളെ കൊണ്ടു തന്നെ **ശരീരത്തെ മൊത്തം ഭരിക്കുന്ന പ്രതീതിയെ ജീവാത്മാവിനു നൽകി ആനന്ദിപ്പിക്കുന്നുണ്ട്.** ജീവാത്മാവിന്റെ **നിർജ്ജീവതയെ ഗൂഢമാക്കുന്നതും മറ്റൊരു മഹാവാത്സല്ല്യമാണ്**. ജീവി, മനുഷ്യൻ എന്നെല്ലാം പറയാതെ പലപ്പോഴും, ശരീരത്തെയും ജീവാത്മാവിനെയും വേറിട്ട് വിശേഷിപ്പിക്കുന്നത് യഥാർത്ഥത്തിൽ ജീവാത്മാവിന് യാതൊരു ശക്തിയും ഇല്ലെന്നതും, ശരീരം ഉൾപ്പെടെയുള്ള മൂലകങ്ങൾ നൽകുന്ന ശക്തി, ജ്ഞാനം, ആനന്ദം സ്വാതന്ത്ര്യം എന്നിവ കൊണ്ട് പ്രവർത്തിക്കാൻ കഴിയുകയാണ് എന്നതും - വിട്ടുപോകാതെ - ശ്രദ്ധയിൽ പെടുത്താനാണ്.

**നിർജ്ജീവമായ പരമാത്മാവിന്റെ അംശങ്ങൾ മാത്രമായ ജീവാത്മാക്കൾക്ക് ക്രിയ / പ്രവൃത്തി ചെയ്യാൻ കഴിവില്ല. 'മഹാശക്തിയായ ഭൂമിയും ജലവും ഓക്സിജനും' ഒന്നിച്ച 'ഭൂമിയുടെ' അംശമായ മൂലകങ്ങളെ കൊണ്ട് ഉണ്ടാക്കിയ ശരീരം @ 'ഭൂമി' നൽകുന്ന ശക്തികളും ജ്ഞാനവും ആനന്ദങ്ങളും കൊണ്ടു മാത്രമാണ് 'മനുഷ്യൻ ഉൾപ്പെട്ട ജീവികളുടെ സ്വത്വമായ ജീവാത്മാക്കൾ ' ജീവിക്കുന്നത്.**
ഉദാഹരണത്തിന്, തിന്നാനും കുടിക്കാനും വിസർജ്ജിക്കാനും കളിക്കാനും കുളിക്കാനും... ഉൾപ്പെടെ ക്രിയകൾ ചെയ്യാൻ ജീവാത്മാവിന് ശരീരത്തിൽ നിന്നും അഥവാ മൂലകങ്ങളിൽ നിന്നും ശക്തി ലഭിക്കണം. ജനിക്കുക, ഉറങ്ങുക, ഉണരുക, കൺപോളകൾ തുറക്കുക, ശ്വസിക്കുക, മരിക്കുക എന്നീ ക്രിയകളും; കാഴ്ച്ച കേൾവി രുചി സ്പർശം മണം എന്നീ 'ഇന്ദ്രിയ ശക്തികളും' ശരീരം മാത്രം നിശ്ചയിക്കുന്നവയാണ്. ക്രിയ ചെയ്യാൻ ശ്രമിക്കാൻ മാത്രമല്ല; ആഗ്രഹിക്കാൻ പോലും 'ശരീരവും ഭാഗമായ ഓക്സിജനും ജലവും' ശക്തി നൽകണം എന്നതാണ് സത്യം. ആഗ്രഹിക്കാൻ പോലും ജീവാത്മാക്കൾക്കു കഴിയില്ല; കഴിവുമില്ല; എന്നതു മനസ്സിലാക്കാൻ മന്ദബുദ്ധികളായി സൃഷ്ടിക്കപ്പെട്ടു ജീവിക്കുന്ന മനുഷ്യരെ ഒരല്പം ശ്രദ്ധിച്ചാൽ മതിയാകും.

**ഭൂമിയായ ദൈവം 'അംശങ്ങളായ മൂലകങ്ങൾ, ജീവി-ശരീര ഭാഗമായ ഭക്ഷണം, മരുന്നുകൾ' എന്നിവയിലൂടെ ശക്തി നൽകിയാൽ മാത്രമാണ് ജീവാത്മാവിന് ഏതൊരു ക്രിയയും ചെയ്യാൻ കഴിയുക. അതായത് ഭൂമി 'സൃഷ്ടിയായ ജീവാത്മാവിന് അനുവദിച്ചിരിക്കുന്ന സമ്പൂർണ്ണമായ വ്യക്തിസ്വാതന്ത്ര്യത്തിൽ' ഇടപെടാതെ, ഭൂമിയിലെ മൂലകങ്ങളിൽ (ഭൂമി) ലയി(പ്പി)ച്ചിരിക്കുന്ന ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരമാണ് 'ശക്തികളെയും ജ്ഞാനത്തെയും ആനന്ദങ്ങളെയും' നൽകുന്നതെന്നും, ധർമ്മ ശാസ്ത്ര പ്രകാരമോ വിരുദ്ധമായോ സ്വാതന്ത്ര്യം ഉപയോഗപ്പെടുത്തി നന്മയും തിന്മയും നേടുന്നത് ജീവാത്മാവാണെന്നും അറിയണം.**

പ്രപഞ്ചം എന്ന പദത്തിന് ആനന്ദം, സനാതന ധർമ്മം എന്നീ അർത്ഥങ്ങൾ ഉണ്ടെന്നും, അവ മൂന്നിന്റെയും 'സൃഷ്ടി സ്ഥിതി സംഹാരങ്ങൾ' ഒന്നുതന്നെയാണെന്നും കൂടി തെളിയുന്നുണ്ട്. ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയും, ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതും സർവ്വത്തിനും അതീതവുമായ ദൈവത്തിന്റെ 'മഹാജ്ഞാനം, മഹാശക്തി' എന്നിവയുടെ ഓഹരിയോട് ശബ്ദ ബ്രഹ്മം കൂടിയായ **ഓം** ചേർന്ന് ഉണ്ടായിട്ടുള്ള മൂലകങ്ങളും, അവയുടെ സംയുക്തങ്ങളും, മിശ്രിതങ്ങളും, അവയുടെയെല്ലാം മൊത്തവും, ദൈവത്തിന്റെ മഹാരൂപവുമായ ഭൂമിയും, മൂലകങ്ങളെ കൊണ്ട് ഉണ്ടാക്കിയ ജീവികളുടെ ശരീരങ്ങളും, ജീവികളുടെ സ്വത്വമായ ജീവാത്മാക്കൾക്ക് വ്യത്യസ്തങ്ങളും അനന്തവുമായ ആനന്ദങ്ങളെ ഒരുക്കുകയാണ്; നൽകുകയാണ്. പ്രപഞ്ചസൃഷ്ടിയുടെ ഉദ്ദേശം അതുതന്നെയാണ്.. **മഹാനീതിശാസ്ത്രത്തെയും മഹാശാസ്ത്രത്തെയും** കുഞ്ഞുങ്ങളായ ജീവികൾക്കു വേണ്ടിയുള്ള **ആനന്ദ ശാസ്ത്രം** എന്നും പേരിടാൻ കഴിയും! ദൈവമായ ഭൂമിയും, ഭാഗമായ ആകാശവും, ജീവാത്മാക്കളെ കുഞ്ഞുങ്ങളായി സൃഷ്ടിച്ചുകൊണ്ട് അവയ്ക്ക് അസ്തിത്വം ഉൾപ്പെട്ട ആനന്ദങ്ങളെ നൽകാനായി ശരീരം ഉൾപ്പെടെയുള്ള ബഹുവിധ വസ്തുക്കളായി / മൂലകങ്ങളായി സ്വയം മഹാവാത്സല്ല്യത്തോടെ പരിണമിച്ചിരിക്കുകയാണ്. ഭൂമിക്ക് സൃഷ്ടികളായ കുഞ്ഞുങ്ങളോടുള്ള ഭാവം സദാ മഹാവാത്സല്ല്യവും, ഭാഗമായ മഹാദാസ്യവും മാത്രമാണ് എന്നതിനാൽ, ജീവാത്മാവ് സ്വയം മറന്ന് ആസ്വദിക്കുന്ന ജീവികളുടെ പരമാനന്ദമായ കാമത്തെ ഭൂമിയുമായല്ല ബന്ധിപ്പിച്ചിരിക്കുന്നത്; **കാമആനന്ദത്തെ അന്യോന്യം ജീവാത്മാക്കളുമായി തന്നെയാണ് ബന്ധിപ്പിച്ചിരിക്കുന്നത്**. ജീവാത്മാക്കളുടെ പ്രകട ജന്മഗുണങ്ങളായി ഭൂമി ആവിഷ്ക്കരിച്ചിരിക്കുന്ന 'നിറം, സൗന്ദര്യം, മുഖഛായ, ഗന്ധം എന്നിവയെ' ജീവികളുടേതെന്ന് വിശേഷിപ്പിക്കാവുന്നതും യഥാർത്ഥത്തിൽ ദൈവാംശവുമായ ശരീരത്തെ മൊത്തത്തിൽ ആവരണം ചെയ്തിട്ടുള്ള **ചർമ്മത്തിൽ** ബന്ധിപ്പിച്ച് പ്രേമം / പ്രണയം, കാമം, ദാസ്യം, വാത്സല്യം, തുടങ്ങിയവയുടെ ആസ്വാദനത്തെ ജീവാത്മാക്കൾ മുഖ്യമായും വ്യാപരിക്കുന്ന ചർമ്മത്തിലൂടെ വ്യവസ്ഥ ചെയ്തിരിക്കുകയാണ്.

ശരീരത്തിന്റെ **ബാഹ്യാവരണം മാത്രമല്ല ചർമ്മം:** അന്നനാളം, ആമാശയം, കുടൽ, ഗർഭപാത്രം, കരൾ, ശ്വാസകോശം, കിഡ്നി, അസ്ഥികൾ, പല്ലുകൾ, കണ്ണുകൾ, ചെവികൾ, ഹൃദയം തുടങ്ങിയ **എല്ലാ (ആന്തരിക) അവയവങ്ങൾക്കും ചർമ്മം ഉണ്ട്**. ചർമ്മത്തിലെ രക്തത്തിലുള്ള ജലത്തിലൂടെ ജീവാത്മാവ് വ്യാപരിച്ച് വേദന ഉൾപ്പെട്ട ആനന്ദങ്ങളെ അനുഭവിച്ചു തന്നെ അറിയുന്നുമുണ്ട്.

മനുഷ്യന്റെയും മറ്റുള്ള ജീവികളുടെയും ആനന്ദങ്ങളെ ജ്ഞാനം, ശക്തി എന്നിവയുമായി ഇണക്കി ഭൂമി വ്യത്യാസപ്പെടുത്തുമ്പോൾ, ജീവികളുടെ പരമാനന്ദമായി ആവിഷ്ക്കരിച്ചിരിക്കുന്ന കാമത്തിന് മാറ്റം ഉണ്ടാകുന്നതല്ല: കുഞ്ഞുങ്ങളായ ജീവാത്മാക്കൾ മുഴുവൻ 'ദൈവത്തെയും, തന്നെത്തന്നെയും മറന്നും, ഇണയെ മാത്രം ഓർത്തും അനുഭവിച്ചും ആസ്വദിക്കുന്ന കാമത്തെ തന്നെയാണ് ' മനുഷ്യൻ ഉൾപ്പെട്ട 'ജീവികളുടെ പരമാനന്ദമായി' ഭൂമി വ്യവസ്ഥ ചെയ്തിരിക്കുന്നത്. ജീവാത്മാക്കളെ തമ്മിൽ ബന്ധിപ്പിക്കുന്ന പ്രിയം, വാത്സല്യം, ദാനം, പ്രേമം, കാമാനന്ദം, തുടങ്ങിയ ആനന്ദങ്ങളെയും, അവയുടെ ഭൗതിക അസ്തിത്വത്തെയും, മാനുഷിക വ്യത്യാസങ്ങളെയും പിന്നീട് വിശദീകരിക്കുന്നുണ്ട്.

ഭക്ഷണം, സംഗീതം, വിനോദ കളികൾ, ദാസ്യം, വാത്സല്യം, ഭക്തി, ദാനം, തൊഴിൽ, പ്രേമം/ പ്രണയം, പ്രേമ സാക്ഷാത്കാരം (കാമ പൂർത്തീകരണം), ഭൂമിയിലെ വ്യത്യസ്തങ്ങളും അനന്തവുമായ ജീവികളെയും വസ്തുക്കളും നാടുകളും നദികളും പുഴകളും തോടുകളും കുളങ്ങളും കിണറുകളും കായലുകളും കടലുകളും തീരങ്ങളും, കാടുകളും മലകളും കുന്നുകളും താഴ്വരകളും പർവ്വതങ്ങളും പാറക്കെട്ടുകളും മരുഭൂമികളും .. അനന്തമായ പ്രകൃതി സൗന്ദര്യവും ... അനന്തമായ വിഷയങ്ങളും എന്നിങ്ങനെ മനുഷ്യന് ലഭിക്കുന്ന വസ്തുതാപരമായ ആനന്ദങ്ങൾ അനന്തമാണ്. ദൈവത്തിന്റെ പൊതു സ്വഭാവമായ ആദിയും അന്തവും ഇല്ലാത്ത അവസ്ഥ (അനന്തത) മനുഷ്യർക്ക് ലഭിക്കുന്ന ആനന്ദങ്ങളിൽ പൊതുവായും തനിച്ചും പ്രകടമാണ്; ഉൾപ്പെട്ടിട്ടുണ്ട്. ശാസ്ത്ര സാങ്കേതിക വ്യാവസായിക വികസനത്തിന് അനുസരിച്ച് പുതിയ ഉല്പന്നങ്ങൾ ഉണ്ടാകുമ്പോൾ അവയും ആനന്ദങ്ങളാണ്. പുതിയവ നേടാൻ ജനങ്ങൾ സദാ പരിശ്രമിച്ചു കൊണ്ടുമിരിക്കും.

ഭൂമിയിലെ എല്ലാ തൊഴിലുകളെയും വിഷയങ്ങളെയും ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നിങ്ങനെ നാലായി വിഭജിക്കാൻ കഴിയുമെന്നത് വസ്തുക്കൾക്കും ഉല്പന്നങ്ങൾക്കും മേല്പടി വസ്തുതാ-പരമായ ആനന്ദങ്ങൾക്കും ചേരുമെങ്കിലും അതിഭീമമായ ആനന്ദ ശാസ്ത്രത്തെ ഭൂമി/ദൈവം/മൂലകങ്ങൾ കൂടുതൽ ലളിതമാക്കിയിട്ടുണ്ട്.

(മനുഷ്യരുടെ ആനന്ദങ്ങൾ സമ്പൂർണ്ണമായി അനന്തമാണെങ്കിലും; 'ഭക്ഷണം, സംഗീതം, വിനോദ കളികൾ, കാമം, വാത്സല്ല്യം' എന്നിങ്ങനെ ഏതാനും വസ്തുതകളായി മറ്റുള്ള ജീവികളുടെ ആനന്ദങ്ങൾക്ക് 'അനന്തമാണെങ്കിലും അനന്തമല്ലാത്ത പോലെയുള്ള പരിമിതികൾ' ഉണ്ട്. 'മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രത്തെ' ഭൂമിയുടെ അംശം തന്നെയായ മറ്റുള്ള ജീവികളുടെ ശരീരം അവയുടെ സ്വത്വമായ ജീവാത്മാക്കൾക്ക് നൽകാത്തതു കൊണ്ട് അവയുടെ വസ്തുതാപരമായ ആനന്ദങ്ങളെ 'ശുചിത്വം ഒഴികെയുള്ള' അത്യാവശ്യം, ആവശ്യം, വിനോദം എന്നിങ്ങനെ മൂന്നായി മാത്രമേ വിഭജിക്കാനും കഴിയൂ.)

ആനന്ദങ്ങളുടെ ഭൗതികമായ അസ്തിത്വം കൂടിയാണ് വസ്തുക്കളും ഉല്പന്നങ്ങളായ വാഹനങ്ങളും വസ്ത്രങ്ങളും ആഭരണങ്ങളും കെട്ടിടങ്ങളും മറ്റും എന്നും, ഭൂമിയിലെ മൂലകങ്ങളെ, അവയിൽ തന്നെ ലയിച്ചിരിക്കുന്ന ഭൗതിക ധർമ്മ നീതി ശാസ്ത്രങ്ങൾ പ്രകാരം പരിണമിപ്പിച്ചവ മാത്രമാണ് മനുഷ്യൻ നിർമ്മിക്കുന്ന ഉല്പന്നങ്ങൾ എന്നും സുവ്യക്തമാണ്. ഭൂമിയായ ദൈവത്തിന്റെ അംശമായ മൂലകങ്ങളെ കൊണ്ട് 'ഭൂമിയുടെ സ്വത്വവും വാതക രൂപവുമായ ഓക്സിജൻ', 'ദ്രാവക രൂപമായ ജലവും' ചേർത്ത് നിർമ്മിക്കുന്ന ശരീരങ്ങളുടെയും; 'മൂലകങ്ങളെയും ജീവികളുടെ ശരീരത്തെയും അവയിൽ ഭൂമി ലയിപ്പിച്ചിരിക്കുന്ന നിയമങ്ങൾ പ്രകാരം മനുഷ്യർ നിർമ്മിക്കുന്ന ഉല്പന്നങ്ങളുടെയും' ഭൗതികമായ അസ്തിത്വങ്ങൾ 'മനുഷ്യരുടെയും മറ്റുള്ള ജീവികളുടെയും ആനന്ദങ്ങളായി ' ഭൂമി ആവിഷ്ക്കരിച്ചിരിക്കുകയാണ്.

ദൈവം കുഞ്ഞുങ്ങളായി ജീവികളെ ജനിപ്പിക്കുന്നത് ജീവികൾ ആനന്ദിച്ചു ജീവിക്കാനാണ്; ജീവികളെ ഭരിക്കാനും ശിക്ഷിക്കാനും അല്ല. ജീവികൾ ശിക്ഷകളെയും വേദനകളെയും അനുഭവിക്കാനല്ല. ഏകസൃഷ്ടി-സ്ഥിതി-സംഹാര കർത്താവും മഹാമാതാവും മഹാനീതിയും ഭൂമിയുമായ ദൈവം, കുഞ്ഞുങ്ങളായ മനുഷ്യർ ഉൾപ്പെടെയുള്ള സൃഷ്ടികൾക്കെല്ലാം മഹാസമനീതിയെ നൽകുന്നത് സമആനന്ദങ്ങളെ മഹാഅനുഗ്രഹിച്ചു നൽകിയാണ്. 100 മനുഷ്യ ജന്മങ്ങളിലൂടെ സമആനന്ദങ്ങളെ ഓരോ മനുഷ്യനും നൽകുന്നതിനെ **ഓംകാര നീതിശാസ്ത്രം** എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്.

## ഭൂമിയിലെ ആനന്ദങ്ങൾക്കെല്ലാം അളവുകളുണ്ട്.

മൊത്തം 100 അളവ് : ഭക്ഷണ സാധനങ്ങൾക്ക് ആകെ 40 അളവ്, എന്നാൽ ഏറ്റവുമധികം രുചികരമായ ഭക്ഷണത്തിൽ നിന്ന് ഒരു സമയം ലഭിക്കുന്ന പരമാവധി ആനന്ദം 5 അളവാണ്. ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നിങ്ങനെ 4 വിഭാഗങ്ങളായ തൊഴിലുകൾക്കെല്ലാം കൂടി 20, വാത്സല്യം 5+5, ദാസ്യം 5+5, ദാനം/ത്യാഗം 5, ഭക്തി/പ്രിയം/ആദരം 5, പ്രേമം 5, പ്രേമ സാക്ഷാത്ക്കാരം 5, എന്നിങ്ങനെ 100 അളവുകൾ.

കാമത്തെയാണ് മനുഷ്യർ ഉൾപ്പെട്ട സൃഷ്ടികളുടെ പരമാനന്ദമായിട്ട് (ദൈവം)മഹാനിശ്ചയിച്ചിട്ടുള്ളത്. തന്നെത്തന്നെ മറക്കുകയും ഇണയെ മാത്രം ഓർക്കുകയും ചെയ്ത് കാമലീല പൂർത്തിയാക്കുന്ന വ്യക്തിക്ക് മനുഷ്യരുടെ പരമാനന്ദമായിട്ട് ദൈവം മഹാനിശ്ചയിച്ചിട്ടുള്ള 25 അളവ് കാമാനന്ദം ലഭിക്കുന്നു. വാത്സല്യം 5, ദാസ്യം 5, ഭക്തി/പ്രിയം/ആദരം 5, പ്രേമം 5, പ്രേമ സാക്ഷാത്ക്കാരം 5 എന്നിവ ചേർന്നാണ് കാമം 25 ഉണ്ടാകുന്നത്. മനുഷ്യർ തങ്ങളെത്തന്നെ മറന്ന് കാമാനന്ദത്തിൽ മുഴുകുമ്പോൾ, അവരിലൂടെ ദൈവം കുഞ്ഞുങ്ങളെ സൃഷ്ടിക്കുന്നു.

മനുഷ്യരുടെ ആനന്ദങ്ങളിൽ ഭക്ഷണം, തൊഴിൽ, ദാനം/ത്യാഗം, ഭക്തി/പ്രിയം/ആദരം, ദാസ്യം, വാത്സല്യം, പ്രേമം, പ്രേമ സാക്ഷാത്കാരം, കാമം എന്നിവയെ ചുവടെ ഹ്രസ്വമായി വിശദീകരിക്കുന്നുണ്ട്. 'ഭക്തി, പ്രിയം, ആദരം' എന്ന ആനന്ദത്തിൽ 'മാതാപിതാക്കൾ, ഇണ ഉൾപ്പെട്ട ഉറ്റവർ, എറുമ്പും മറ്റുള്ള ജീവികളും മൂലകങ്ങളും ഉൾപ്പെടെയുള്ള ഗുരുക്കന്മാർ' എന്നിവരോടും ദൈവത്തോടുമുള്ള 'പ്രിയവും ആദരവുമായ ഭക്തിയെ' വിശദീകരിച്ചിരിക്കുകയാണ്.

# ഭക്ഷണം : ആനന്ദം അളവ് 40

**ജീവികൾക്കെല്ലാം എന്തിനും ഏതിനും ആവശ്യമായ ശക്തി നൽകുന്ന ഭക്ഷണവും ഭക്ഷണ-ആനന്ദവുമാണ് ആനന്ദങ്ങളിൽ ഒന്നാമത്തേത്. ഭൂമിയിലെ മൂലകങ്ങളിൽ ഭൗതികമായ അസ്തിത്വത്തോടെ ആനന്ദങ്ങളുടെ 40% ഭക്ഷണ-ആനന്ദമായി ഭൂമി വ്യവസ്ഥ ചെയ്തിട്ടുണ്ട്. 'ഭൂമിയുടെ അംശമായ ശരീരം' സൃഷ്ടിക്കുന്ന വിശപ്പും ദാഹവും കൊണ്ട് ജീവാത്മാവിന് ഭക്ഷണം കഴിക്കാൻ ആഗ്രഹം ഉണ്ടാകുന്നു. ശരീരം അനുവദിച്ചിരിക്കുന്ന അവയവ ചലന-സ്വാതന്ത്ര്യം കൊണ്ട് ജീവാത്മാവ് ഭക്ഷണം നേടുകയും കഴിക്കുകയും വേണം. അനുസരണയ്ക്ക് പ്രതിഫലമായി ഭക്ഷണമായ മൂലകങ്ങളിൽ ലയിപ്പിച്ചിരിക്കുന്ന രുചി-ഗന്ധ-ആനന്ദങ്ങളെ ജീവാത്മാവിന് ശരീരമായ പ്രത്യക്ഷ ദൈവം നൽകുന്നു. ഭൂമിയിലെ മൊത്തം മൂലകങ്ങളിലുമായി ഉൾപ്പെടുത്തിയിട്ടുള്ള മൊത്തം ഭക്ഷണ ആനന്ദം 40% ആണെങ്കിലും മുന്തിയ ഭക്ഷണത്തിൽ നിന്നും ജീവാത്മാവിന് ലഭിക്കുന്ന പരമാവധി ഭക്ഷണ ആനന്ദം 5% മാത്രമായിരിക്കും. കാമം ഒഴികെയുള്ള എല്ലാ ആനന്ദങ്ങളിൽ നിന്നും ഒരു തവണ ലഭിക്കുന്ന പരമാവധി ആനന്ദം 5% മാത്രമെന്ന് ശരീരം, ജലം, ഓക്സിജൻ എന്നിവയിലൂടെ ഭൂമി വ്യവസ്ഥ ചെയ്തിട്ടുണ്ട്.**

സൃഷ്ടികളായ കുഞ്ഞുങ്ങളുടെ ആനന്ദ ജീവിതത്തെ മാത്രം ഇഷ്ടപ്പെടുന്ന ഭൂമിയായ ദൈവം, കുഞ്ഞുങ്ങൾക്കായി ഭൂമിയിലെ മൂലകങ്ങളിൽ ഭൗതികമായ അസ്തിത്വത്തോടെ ലയിപ്പിച്ചിരിക്കുന്ന ഭക്ഷണ ആനന്ദം ഉൾപ്പെടെയുള്ള ആനന്ദങ്ങളെ കുഞ്ഞുങ്ങൾ ആസ്വദിച്ച് അനുഭവിക്കണം. അതായത് ഒരു ആനന്ദത്തെ അനുഭവിക്കുകയും ആസ്വദിക്കുകയും ചെയ്യുമ്പോൾ, മറ്റ് വിഷയങ്ങളോ വസ്തുതകളോ കുറുകെയോ കൂടിച്ചേർന്നോ വന്നാൽ, പ്രസ്തുത വസ്തുതകൾ ആനന്ദത്തിന്റെ അളവിനെ കുറയ്ക്കുന്നതാണ്. എങ്ങനെയെന്നാൽ പുതിയ വിഷയങ്ങളും വസ്തുതകളും കൂടി ആനന്ദമാകുന്നു.

ഒരവസരത്തിൽ പരമാവധി ലഭിക്കുന്ന ആനന്ദം 5 അളവ് മാത്രമാണ് എന്നതിനാൽ പ്രസ്തുത ആനന്ദത്തിൽ കുറവ് ഉണ്ടാക്കി മാത്രമേ മറ്റൊരു ആനന്ദത്തിന് പ്രവേശിക്കാൻ കഴിയുകയുള്ളൂ. ഭക്ഷണം കഴിക്കുമ്പോൾ സംഭാഷണം അരുത്, കുറയ്ക്കണം എന്നിങ്ങനെയുള്ള പ്രസ്താവനകൾക്ക് അതാണ് കാരണം. വായ്, നാവ്, പല്ലുകൾ, രുചി, ദഹന വ്യവസ്ഥ എന്നിവയുമായി ബന്ധപ്പെട്ട് ഭക്ഷണ ആനന്ദം വലിയ വിഷയമാണ്. ആദ്യ മഹാവേദ ഗ്രന്ഥത്തിൽ അല്പം വിവരിച്ചിട്ടുണ്ട്. ജീവാത്മാക്കൾക്കെല്ലാം ശക്തി നൽകുന്നത് ശരീരത്തിലൂടെ **അന്നം = ഭക്ഷണം** കൊണ്ട് ആകയാലും, ശക്തി നൽകാൻ ദൈവത്തിനു മാത്രമാണ് കഴിയുക എന്നതിനാലും, ദൈവത്തിന്റെ മഹാരൂപവും ജീവികളുടെ ഏകശരണവുമായ ഭൂമിയുടെ അംശമായ മൂലകങ്ങൾ കൊണ്ട് ഉണ്ടാക്കിയ ശരീരവും അന്നം തന്നെയാണ് എന്നതിനാലും '**അന്നം പരബ്രഹ്മം**' എന്നത് **പരമ സത്യ**മാണ്.

**സസ്യങ്ങളുടെയും മറ്റു ജീവികളുടെയും ശരീരം ഉൾപ്പെടെയുള്ള മൂലകങ്ങളിൽ ന്യൂനശക്തികളെയും ഉൾപ്പെടുത്തിയിട്ടുള്ളത് വേദനകളെയും ആനന്ദത്തെയും രോഗങ്ങളെയും അവയുടെ മരുന്നുകളെയും സൃഷ്ടിക്കാൻ കൂടിയാണ്. ടാബ്ലെറ്റ്, ഇൻജെക്ഷൻ, ഇൻഹേലിംഗ്, തൈലം, കുഴമ്പ്, ലേഹ്യം, ലേപനങ്ങൾ തുടങ്ങിയ മരുന്നുകളുടെ രൂപത്തിൽ മൂലകങ്ങളായ ശരീരത്തിലേക്ക് പുതിയ മൂലകങ്ങൾ പ്രവേശിക്കുകയും സ്വയം പ്രവർത്തിക്കുകയും, എല്ലാ ആനന്ദങ്ങളെയും ജീവാത്മാവിന് നൽകുകയുമാണ്.**

ശരീരം ലഭ്യമാക്കിയിട്ടുള്ള ബുദ്ധിയും ശക്തിയും യുക്തിയും കൊണ്ട് ഭൂമിയിലെ മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ഭൗതിക ധർമ്മ നീതി ശാസ്ത്രങ്ങളെ മനസ്സിലാക്കാൻ സാധിക്കുന്നതാണ്. മരുന്നുകളും ഭക്ഷണവും കൊണ്ട് രോഗം മാറ്റാൻ ശ്രമിക്കുന്ന ഡോക്ടർക്കു പോലും മരുന്നുകളായ മൂലകങ്ങൾ മഹാവൈദ്യനും ഭൂമിയുമായ ദൈവാംശമാണെന്ന് അറിയില്ല. മനുഷ്യാവസ്ഥയിൽ എത്തിയ ജീവാത്മാക്കൾക്ക് ജ്ഞാനവും ശക്തിയും കൂടുതൽ ലഭിച്ചിട്ടുണ്ട് എന്നു പറയുമ്പോൾ ഭൂമിയും ശരീരവും നൽകിയിരിക്കുകയാണ്. ഭൂമിയിലെ മറ്റുള്ള മനുഷ്യർക്കും ജീവികൾക്കും കൂടിയായി ഭൂമി നൽകിയിട്ടുള്ള ആനന്ദങ്ങളെ തട്ടിയെടുക്കാതെ അഥവാ ചൂഷണം ചെയ്യാതെ ജീവിക്കാൻ മനുഷ്യർക്ക് ബാദ്ധ്യത ഉണ്ടാകുന്നുണ്ട്.

# തൊഴിൽ : ആനന്ദം അളവ് 5×4=20

ജീവികളെല്ലാം ജീവിക്കുന്നത് ആനന്ദിക്കാനാണെങ്കിലും ആനന്ദങ്ങളെ നേടാൻ ഭൂമിയുടെ അംശമായ ശരീരം നൽകുന്ന ശക്തിയും ജ്ഞാനവും (ആനന്ദവും) കൊണ്ട് തൊഴിൽ ചെയ്യണം എന്ന് ഭൂമി വ്യവസ്ഥ ചെയ്തിട്ടുണ്ട്. തൊഴിലുകൾ ചെയ്തു കൊണ്ടിരിക്കുമ്പോൾ ഫലപ്രാപ്തി കൂടാതെ, ചെയ്യുന്ന തൊഴിലുകൾ തന്നെ വ്യക്തിക്ക് ആനന്ദത്തെ നൽകുന്നതാണ്. ധർമ്മ ശാസ്ത്ര ശാഖയായ തൊഴിൽ ശാസ്ത്രം പ്രകാരം, ഭൂമിയിലെ തൊഴിലുകളെ എക്കാലവും ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നിങ്ങനെ നാലായി വിഭജിക്കാൻ കഴിയും. www.omsathyam.com/GodlyRevolution/Supreme JusticeGOD.pdf , .. /MahaaVedam.pdf എന്നീ ദിവ്യ മഹാവേദ ഗ്രന്ഥങ്ങളിൽ തൊഴിൽ ശാസ്ത്രത്തെയും തൊഴിലുകളെയും വിശദീകരിച്ചിട്ടുണ്ട്.

ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നിങ്ങനെ ഓരോ വിഭാഗത്തിലെയും തൊഴിലുകൾക്ക് 5 അളവിലുള്ള ആനന്ദത്തെ ഭൂമി നിശ്ചയിച്ചിരിക്കുകയാണ്. സംഗീതത്തെ തൊഴിലിൽ നിന്നും ഭാഗികമായി മാറ്റുന്നുണ്ട്. പല തൊഴിലുകളെ ചെയ്യുന്നവർക്കും ഒരു സമയം ലഭിക്കുന്ന പരമാവധി ആനന്ദം 5 അളവ് മാത്രമായിരിക്കും.

ജനങ്ങൾക്കും, അവരുടെ അടിമകളായ രാജാവും മന്ത്രിമാരും ഉദ്യോഗസ്ഥരും ഉൾപ്പെടെയുള്ള സൃഷ്ടികൾക്കും നിയമങ്ങളെ ഉണ്ടാക്കാനുള്ള കഴിവില്ല. ഭൗതിക അസ്തിത്വം ഇല്ലാത്ത കോപ്രായങ്ങൾക്ക് നിയമങ്ങൾ എന്ന കള്ളപ്പേരിട്ട് ജനങ്ങളെ ഭരിക്കാനുള്ള അവകാശമോ അധികാരമോ ആർക്കും ഇല്ല. ജനങ്ങളെ എന്നല്ല; മറ്റുള്ള ജീവികളെയും ഭരിക്കാനോ ആക്രമിക്കാനോ അവകാശമില്ല; പ്രതിരോധം ആവാം. സൃഷ്ടികൾക്ക് സമ്പൂർണ്ണമായ വ്യക്തിസ്വാതന്ത്ര്യത്തെ ലഭ്യമാക്കാൻ ദൈവം @ ഭൂമി കൈക്കൊണ്ട മഹാദാസ്യ ആവിഷ്ക്കാരം ജനസേവകർക്ക് പാഠമാവണം. ദാസ്യം എന്ന അദ്ധ്യായത്തിൽ മഹാവേദ ഗ്രന്ഥത്തിൽ നിന്നും അല്പം ചേർത്തിട്ടുണ്ട്.

**മണ്ണും ഭൂമിയുമായ ദൈവം, ജീവികൾക്കെല്ലാം (ദൈവമായ) മണ്ണിലും സമ്പത്തിലും അവകാശം നൽകിയിട്ടുള്ളതു കൊണ്ടാണ് മണ്ണായ ഭൂമിയിൽ ജീവിക്കാൻ ജീവികൾക്കെല്ലാം സാധിക്കുന്നത്.**

**മണ്ണിന്റെ / മണ്ണിലെ മഹാഭീമമായ ഭൗതിക ശാസ്ത്ര നിയമങ്ങളെ അഥവാ മഹാശാസ്ത്രത്തെ മനുഷ്യൻ എന്ന ജീവിക്ക് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ളതിൽ നിന്ന് മനുഷ്യ-ജീവിക്ക് കൂടുതൽ അവകാശങ്ങളും അധികാരങ്ങളും നൽകിയിരിക്കുന്നു എന്ന് സുവ്യക്തമാണ്. അതുകൊണ്ടുതന്നെ കടമകളും ചുമതലകളും കൂടുതൽ ഉണ്ടെന്നും തിരിച്ചറിയണം; അവയും മണ്ണിൽ ലയി(പ്പി)ച്ചിട്ടുണ്ട്. ജീവാത്മാവ് എന്ന സ്ഥിരമായ അസ്തിത്വവും, ജീവിയായി ജീവിക്കുമ്പോഴെല്ലാം ശക്തിയും ജ്ഞാനവും ആനന്ദവും നൽകാനായി ഒപ്പം ലയിച്ചെന്ന പോലെ പ്രവർത്തിക്കുന്ന ശരീരവും ഭൂമിയുടെ ദാനം മാത്രമാണ്.**

**ഭൂമിയായ ദൈവം, മനുഷ്യരെ സാമൂഹ്യ ജീവിയായി സൃഷ്ടിച്ചിരിക്കുകയാൽ, ശാസ്ത്ര സാങ്കേതിക വികസനങ്ങളിലൂടെ ഭൂമിയിൽ നിന്നും ലഭിക്കുന്ന/ ഭൂമി നൽകുന്ന ആനന്ദങ്ങളും വിജ്ഞാനവും, ഭൂമിയുടെ കുഞ്ഞുങ്ങളായ എല്ലാ മനുഷ്യർക്കും പങ്കുവെക്കാൻ വ്യക്തിക്കും (ഭരണാധികാരിക്കും) ദൈവീകമായ സ്വയം ബാദ്ധ്യതയുണ്ട്. ഭൂമിയുടെ കുഞ്ഞുങ്ങൾ എന്ന പരമ-സത്യം ഉൾക്കൊണ്ട് വിശാലമായി വിജ്ഞാനവും ആനന്ദങ്ങളും പങ്കിട്ടാൽ, പകയും യുദ്ധങ്ങളും ഇല്ലാതെ ഭൂമിയുടെ കുഞ്ഞുങ്ങൾക്ക് ഭൂമിയിൽ ജീവിക്കാൻ കഴിയും. (ഒരു ദേശത്തിലെ ശാസ്ത്ര സമൂഹത്തിന് വെളിപ്പെട്ടു കിട്ടിയ ശാസ്ത്ര പാഠം ലഭിക്കാൻ മറ്റു ദേശങ്ങളിൽ ഗവേഷണങ്ങളും ബന്ധപ്പെട്ട ബഹുവിധ കഷ്ടനഷ്ടങ്ങളും ഒഴിവാക്കാം.!)**

**തങ്ങളുടെ ആനന്ദത്തെ വർദ്ധിപ്പിച്ചുകൊണ്ടു ജീവിക്കാനാണ് ഓരോ മനുഷ്യനും പ്രവർത്തിച്ചുപോരുന്നത്. ഭൂമിയിലെ വസ്തുക്കളുടെ മൂലകങ്ങളിൽ ആനന്ദങ്ങളെ വർദ്ധിപ്പിക്കുന്നതായ ശക്തികളെ ഭൂമിയായ ദൈവം മഹാലയി(പ്പി)ച്ചിട്ടുണ്ട്. മഹാപ്രപഞ്ചത്തിലെ വസ്തുക്കളുടെ ഭൗതിക ശാസ്ത്രമെന്നത്, ഭൂമിയുടെ അംശങ്ങളായ വസ്തുക്കളിൽ / മൂലകങ്ങളിൽ ഭൂമി ഉള്ളടക്കം ചെയ്തിരിക്കുന്ന ശക്തികളെ പ്രവർത്തിപ്പിക്കാനുള്ളതാണ്. മനുഷ്യന് ക്രമാനുഗതമായി ഭൗതിക ശാസ്ത്രപാഠങ്ങളെ വെളിപ്പെടുത്തിക്കൊണ്ട് അവ പ്രകാരം വസ്തുക്കളിലെ ശക്തികളെ പ്രവർത്തിപ്പിക്കാനും, അവ ലഭ്യമാക്കുന്ന സുഖങ്ങളെ ആസ്വദിക്കുവാനും ഭൂമി മഹാ-അനുവദിച്ചിരിക്കുകയാണ്.**

**മറ്റുള്ള ജീവികളിൽ നിന്നും വ്യത്യസ്തമായിട്ട് മനുഷ്യരുടെ ആനന്ദങ്ങളെല്ലാം കുടുംബവുമായും സമൂഹവുമായും ബന്ധപ്പെട്ടതാകയാൽ, കാലമാറ്റത്തിനും ശാസ്ത്ര സാങ്കേതിക വികസനങ്ങൾക്കും അനുസരിച്ച് അഗ്നി ഉപയോഗിച്ചുള്ള പാചകം, വീട്, കൃഷി, കച്ചവടം, നെയ്ത്ത്, തയ്യൽ, മേശിരിപ്പണി, വൈദ്യം, വിമാനം-കപ്പൽ-ട്രെയിൻ ഉൾപ്പെടെയുള്ള ബഹുവിധ ഗതാഗത സൗകര്യങ്ങൾ, വാർത്താ വിനിമയം, റേഡിയോ, ടെലിവിഷൻ, കമ്പ്യൂട്ടർ, മൊബൈൽ ഫോൺ, തുടങ്ങിയവയ്ക്ക് മനുഷ്യരുടെ ജീവിതത്തിൽ സ്ഥാനങ്ങളുണ്ടാകുന്നു.**

**ഭൂമിയിലെ വസ്തുക്കളുടെ മൂലകങ്ങളിൽ മഹാലയി(പ്പി)ച്ചിട്ടുള്ള ഭൗതിക ശാസ്ത്ര നിയമങ്ങൾ, ശക്തികൾ, ആനന്ദങ്ങൾ, എന്നിവയെ മനുഷ്യരുടെ അദ്ധ്വാനവുമായിട്ട് ബന്ധിപ്പിച്ചിരിക്കുകയാണ്.** മഹാഭീമമായ ഭൗതികശാസ്ത്രത്തിലെ പാഠങ്ങളെ വെളിപ്പെട്ടു കിട്ടാൻ ഒരു കൂട്ടം മനുഷ്യർ ഗവേഷകർ, ശാസ്ത്രജ്ഞർ തുടങ്ങിയ പേരുകളിൽ തൊഴിൽ ചെയ്യേണ്ടതുണ്ട്. ശാസ്ത്ര പാഠങ്ങൾ പ്രകാരം ശാസ്ത്ര സൗകര്യങ്ങളെ കണ്ടെത്താനും, അവയെ ഏതൊരാൾക്കും പൊതുജനങ്ങൾക്കും ലഭ്യമാക്കുവാനും വീണ്ടും കർമ്മം ചെയ്യേണ്ടതുണ്ട്.

**മനുഷ്യന്റെ എല്ലാ ജീവിത മേഖലകളെയും എല്ലാ ശാസ്ത്ര ശാഖകളുമായും ബന്ധിപ്പിച്ചിരിക്കുകയാൽ, എല്ലാ മേഖലകളിലും ശാസ്ത്ര സാങ്കേതിക വികസനങ്ങളും അവ പ്രകാരമുള്ള അനന്തമായ വ്യവസായങ്ങളും, പുതിയ പുതിയ തൊഴിലുകളും തൊഴിലാളികളും ഉണ്ടാകുന്നു. അതായത് ഭൂമിയായ ദൈവത്തിന്റെ മഹാജ്ഞാനമാകുന്ന മഹാശാസ്ത്രത്തെയും അവ പ്രകാരമുള്ള ശക്തികളെയും കണ്ടെത്താനും സുഖ സൗകര്യങ്ങളെ ഒന്നൊന്നായി മനസ്സിലാക്കി അനുഭവിക്കാനും മനുഷ്യരെ പ്രാപ്തരാക്കുന്നത് അവരെ കർമ്മം ചെയ്യിച്ചു കൊണ്ടാണ്, അഥവാ അദ്ധ്വാനിപ്പിച്ചുകൊണ്ടാണ്.**

**ശാസ്ത്ര പാഠങ്ങളും സൗകര്യങ്ങളും കണ്ടെത്താനുള്ള ശക്തി മനുഷ്യർക്കു നൽകുന്നതും വെളിപ്പെടുത്തുന്നതും ഭൂമി/ദൈവം തന്നെയാണെങ്കിലും, മനുഷ്യരെ സംബന്ധിച്ച് അവർ അദ്ധ്വാനിച്ചതായി വരുന്നു. അവരെ അദ്ധ്വാനിപ്പിച്ചതാണെന്ന് അവർ അറിയാതെ പോകുന്നു. ദൈവം മനുഷ്യരെ അദ്ധ്വാനിപ്പിച്ചു എന്നതുപോലെ, മനുഷ്യർ അദ്ധ്വാനിച്ചു എന്നതും സത്യം തന്നെയാണ്...മഹാവാത്സല്യവും ഭൂമിയുമായ ദൈവത്തിന്റെ മഹാആവിഷ്ക്കാരമാണത്. മനുഷ്യർക്ക് ഭൂമിയിലെ വസ്തുക്കളിൽ അവകാശം ഉന്നയിക്കാനുള്ള അധികാരത്തെ ഭൂമിയായ ദൈവം തന്നെ മനുഷ്യർക്കു നൽകുകയാണ്.**

**എന്തിനാണ് ഈ ചുറ്റിക്കളി എന്നു ചോദിച്ചാൽ, ദൈവത്തിന്റെ അടിമകളാവാതെ അദ്ധ്വാനിച്ചു ജീവിക്കുന്നവരായും വ്യക്തിസ്വാതന്ത്ര്യത്തെ അനുഭവിക്കുന്നവരായും മനുഷ്യരെ രൂപപ്പെടുത്താനുള്ള മഹാആവിഷ്ക്കാരമാണത്.**

**മറ്റൊരു വിധത്തിൽ പറഞ്ഞാൽ, കുഞ്ഞുങ്ങളായ ജീവികളോടുള്ള മഹാവാത്സല്യം കാരണം, മണ്ണും ഭൂമിയുമായ ദൈവം എല്ലാ ആനന്ദങ്ങളെയും സ്വന്തം മഹാരൂപമായ ഭൂമിയിൽ സൃഷ്ടിക്കുകയും, കുഞ്ഞുങ്ങൾക്കു നൽകുകയും ചെയ്യുന്നു. കുഞ്ഞുങ്ങളായ മനുഷ്യരെ മടിയന്മാരും അലസന്മാരുമാകാതെ മഹാസംരക്ഷിക്കുവാനായിട്ട് മഹാസംവിധാനങ്ങളെയും മഹാഒരുക്കിയിരിക്കുന്നു.**

ഭൂമിയിൽ വച്ച് ജീവി-ശരീരങ്ങൾ കൊണ്ട് അറിയുകയും അനുഭവിക്കുകയും ചെയ്ത ആനന്ദങ്ങളെ അനന്തമായിട്ട് ആസ്വദിക്കുന്ന മഹാഅവസ്ഥയാണ് 'മോക്ഷം' എന്നും; ഭൂമിയിലെ ആനന്ദങ്ങളെയെല്ലാം ഭൂമിയിലെ വസ്തുക്കളിലും ജീവികളിലുമായിട്ട് മഹാലയിപ്പിച്ചിരിക്കുകയാണെന്നും, ആനന്ദങ്ങളും ആനന്ദങ്ങളെ നേടാനുള്ള ഉപാധികളുമാണ് സമ്പത്തെന്നും തിരിച്ചറിയുമ്പോൾ, സമ്പത്തുകളെ നേടാനായിട്ട് ധർമ്മശാസ്ത്രപരമായിട്ട് പ്രയത്നിക്കേണ്ടതുണ്ട്. മോക്ഷത്തെ വിഷയമാക്കാതെ ജീവിക്കുമ്പോഴും, തങ്ങളുടെ ആനന്ദങ്ങളും ആനന്ദങ്ങളെ നേടാനുള്ള ഉപാധികളുമായ സമ്പത്തുകളെ വർദ്ധിപ്പിക്കാനാണ് ഓരോ മനുഷ്യനും പ്രയത്നിക്കുന്നത്. വളർത്തു മൃഗങ്ങൾ ഉൾപ്പെടെയുള്ള ജീവികൾ, മനുഷ്യരുടെ സ്വത്തല്ല/സ്വന്തമല്ല. ദൈവം നൽകിയാൽ മാത്രമേ മറ്റുള്ള ജീവികളെ ഉപയോഗിക്കാൻ മനുഷ്യർക്ക് അവകാശവും അധികാരവുമുള്ളൂ. മറ്റുള്ള ജീവികൾക്കും മഹാസമനീതിയെ മഹാഅനുഗ്രഹിച്ചു നൽകുമ്പോൾ മാത്രമാണ് ദൈവം മഹാനീതിയാവുകയുള്ളൂ. അതിൻ പ്രകാരമുള്ള നിയമങ്ങളെയും മണ്ണിൽ മഹാലയിപ്പിച്ചിട്ടുണ്ടാവും എന്നു ചിന്തിക്കുവാൻ ഉയർന്ന ബുദ്ധിശക്തികളെ നൽകിയിട്ടുണ്ട്. മണ്ണിന്റെ നിയമങ്ങളെ കണ്ടെത്താനും മനസ്സിലാക്കാനും ഉൾക്കൊണ്ടു പ്രവർത്തിക്കാനും തയ്യാറായാൽ അവകാശങ്ങളും അധികാരങ്ങളും വെളിവാകുന്നതാണ്.

തൊഴിൽ ശാസ്ത്രം പ്രകാരം തൊഴിലുകളെ വിഭജിച്ച് ആനന്ദങ്ങളെ വിശദീകരിക്കാൻ തീർച്ചയായും കഴിയും. എന്നാൽ അത്തരം കാര്യങ്ങൾ തൽക്കാലം അത്യാവശ്യമോ ആവശ്യമോ അല്ല.

ഓരോരുത്തരും മണ്ണായ ഭൂമിയിലും, അംശമായ ശരീരത്തിലും മഹാലയിച്ചിട്ടുള്ള ഭൗതിക-അസ്തിത്വം ഉള്ളതായ ധർമ്മശാസ്ത്ര പ്രകാരം തൊഴിൽ ചെയ്താൽ മാത്രമേ സാത്വികമായ ആനന്ദത്തെ അനുഭവിക്കാൻ കഴിയൂ. 'തൊഴിലിൽ നിന്നും ലഭിക്കുന്ന ഫലത്തിന്റെ ശുദ്ധിയിൽ' വ്യക്തിക്ക് സംശയം ഉണ്ടായാൽതന്നെ ധർമ്മശാസ്ത്ര വിരുദ്ധമായ തൊഴിലാണ് ചെയ്യുന്നതെന്ന് ഉറപ്പിക്കാം. ഭൗതിക അസ്തിത്വം ഇല്ലാത്തതും ധർമ്മശാസ്ത്ര വിരുദ്ധവുമായ തൊഴിൽ സാത്വികമായ ആനന്ദത്തെയോ പുണ്യത്തെയോ നൽകുന്നതല്ല. ആനന്ദം ഒട്ടും നൽകിയില്ലെന്നും വരാം; ആനന്ദിക്കാനാണ് ജീവിക്കുന്നത് എന്നതിനാൽ കൈക്കൂലി എന്ന അധമ ആനന്ദത്തെ അനേകർ ആശ്രയിക്കുന്നത് അതുകൊണ്ടു കൂടിയാണ്.

മറ്റുള്ളവർക്കു വേണ്ടി ചെയ്യുന്നു എന്നു കരുതി ഒരാൾ തൊഴിൽ ചെയ്യുമ്പോൾ, പിഴവ് സംഭവിച്ചതായി അറിയണം. സേവനം ചെയ്യാൻ/തൊഴിൽ ചെയ്യാൻ മറ്റുള്ളവരോ, അവരിലൂടെ ദൈവമോ ഒരു അവസരം നൽകുന്നതായി തിരിച്ചറിഞ്ഞാൽ, വ്യക്തിയുടെ നന്മയും പുണ്യവും വർദ്ധിച്ചു തുടങ്ങിയതായി കണക്കാക്കാം.

വീടിനു പുറത്ത് ഏറ്റവുമധികം ആനന്ദിക്കുന്നത് മണ്ണിൽ ജോലി ചെയ്യുന്ന കൃഷിക്കാരനാണ്. മണ്ണായ ദൈവം ബഹുവിധങ്ങളിൽ ആനന്ദിപ്പിക്കുന്നത് അനുഭവിച്ച് അറിയണം. ഉദാഹരണത്തിന് 2018-ൽ ആണെന്നു തോന്നുന്നു: ഒരു തെങ്ങിൻതൈ നടുമ്പോൾ ഈയുള്ളവൻ മൂന്നു തവണ കുഴിയിൽ വീണ്ടും വീണ്ടും വീണപ്പോൾ വളരെയധികം ആനന്ദിച്ചു; കാരണം മണ്ണ് ഈയുള്ളവനുമായി കളിച്ച് വിനോദിക്കുവാൻ പോകുന്നു എന്ന വെളിപാട് ആദ്യമേ കിട്ടിയിരുന്നു. കുഴിക്കു പുറത്ത് നിൽക്കുന്നവർക്ക്, ഹൃദ്രോഗിയായ വയസ്സൻ വേണ്ടാത്ത പണിക്കു പോകുന്നതായി തോന്നും !

# ദാനം (ത്യാഗം) : ആനന്ദം അളവ് 5

ദാനമോ ത്യാഗമോ ചെയ്യണമെങ്കിൽ, ഭൗതികമായ അസ്തിത്വം ഉള്ളതായ എന്തെങ്കിലും ജീവാത്മാവിന് സ്വന്തമായി ഉണ്ടാവണം. അതായത് മഹാശാസ്ത്രപരമായ അവകാശം ഉണ്ടെങ്കിൽ മാത്രമേ ദാനമോ ത്യാഗമോ ചെയ്യാൻ കഴിയൂ. ഒരല്പം ശൂന്യതയോ എറുമ്പിനെ പ്പോലുമോ സൃഷ്ടിക്കാനും ഒരു പുൽക്കൊടി ഉയർത്താനോ, സ്വന്തം അസ്തിത്വത്തെ അറിയാനോ ജനിക്കാനോ വളരാനോ ഉറങ്ങാനോ അടഞ്ഞിരിക്കുന്ന കൺപോളകളെ തുറക്കാനോ ഉണരാനോ പോലും ശക്തി ഇല്ലാത്തതും, ഭൂമിയുടെ അംശമായ ശരീരം ശക്തി നൽകാതെ യാതൊരു ക്രിയയും ചെയ്യാൻ കഴിവില്ലാത്തതും, സ്വന്തമെന്ന് കരുതുന്നതും പറയുന്നതുമായ ശരീരവും, 'ജീവാത്മാവ് എന്ന അസ്തിത്വം പോലും സ്വന്തമല്ലാത്തതും ദൈവത്തിന്റെ ദാനവുമായ ജീവാത്മാവിന്റെ' പക്കൽ ദാനം / ത്യാഗം ചെയ്യാൻ എന്തെങ്കിലും ഉണ്ടോ ? !

ഉണ്ട്.

ചർമ്മത്തിലൂടെ വ്യാപരിക്കുന്ന ജീവാത്മാവിന് മനുഷ്യാവസ്ഥയിൽ പുഞ്ചിരിക്കാനും ചിരിക്കാനും ആവിധം ദൈവത്തിന്റെ മറ്റു കുഞ്ഞുങ്ങളായ ജീവാത്മാക്കൾക്ക് അവർക്കു ചെറുതോ വലുതോ ആയി അനുഭവപ്പെടുന്ന ആനന്ദത്തെ നൽകാൻ കഴിയുന്നതാണ് ! രോഗിയായി കിടക്കുമ്പോഴും ജീവാത്മാക്കൾക്ക് സാധാരണയായി ചെയ്യാൻ കഴിയുന്ന പ്രസ്തുത ദാനം, വേദന അനുഭവിക്കുന്ന നേരത്തും മറ്റുള്ളവർക്കു വേണ്ടി ചെയ്യുന്ന ത്യാഗമായും മാറുന്നു.

ധർമ്മ ശാസ്ത്രപ്രകാരം ജീവിക്കുന്നുവെന്ന് കരുതുന്ന വ്യക്തികളുടെ പക്കൽ അധികമായി ധനം വീണ്ടും വീണ്ടും വന്നുചേരുന്നുണ്ടെങ്കിൽ, അറിയുക, ജീവിതത്തിൽ ധാർമ്മികമായ അധഃപതനം സംഭവിച്ചിരിക്കുന്നു; അല്ലെങ്കിൽ ദാനം ചെയ്യാനുള്ള അവസരവും അവകാശവും നൽകി ഭൂമി അനുഗ്രഹിച്ചിരിക്കുന്നു!

ചുറ്റുമുള്ള ഭൂമിയുടെ മറ്റ് കുഞ്ഞുങ്ങളെ ധർമ്മ ശാസ്ത്ര പ്രകാരം സഹായിക്കാനും സഹകരിക്കാനും ശുശ്രൂഷിക്കാനും ഭൂമി നൽകുന്ന അവസരങ്ങളെ പ്രയോജനപ്പെടുത്തുന്നവർക്ക് കൂടുതൽ മെച്ചമായ ജന്മഗുണങ്ങളോടെ പുനർജ്ജനിക്കാനുള്ള ഭാഗ്യം ഉണ്ടാകുന്നതാണ്. അവസരങ്ങളെ കളഞ്ഞു കുളിച്ചവർ ആഫ്രിക്കൻ രാജ്യങ്ങളിലും മറ്റും പുനർജ്ജനിച്ച് ജീവിച്ചു കൊണ്ടിരിക്കുന്നത് എക്കാലവുമുള്ള ഭൂമിയുടെ മഹാനീതിശാസ്ത്ര നിർവ്വഹണം മാത്രമാണ്.

ദൈവമായ ഭൂമിയുടെ മൂലകങ്ങളിൽ ഭൂമിയിൽ ജീവിക്കുന്ന മനുഷ്യൻ സ്വീകരിക്കേണ്ടുന്ന (ദൈവീകമായ) സാമ്പത്തിക ശാസ്ത്ര നിയമങ്ങളെ ലയിപ്പിച്ചിട്ടുണ്ട്. സ്വന്തം ആവശ്യമായി ഭൂമിയുടെ മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന സാമ്പത്തിക ശാസ്ത്ര നിയമങ്ങളെ പാലിച്ചു ജീവിക്കണം. അവരവർക്ക് വേണ്ടി മാത്രം 'മണ്ണിന്റെ സാമ്പത്തിക ശാസ്ത്രം' പാലിച്ചു ജീവിക്കുക. ആദ്യമേ സുവ്യക്തമാക്കിയതു പോലെ ദാനവും ത്യാഗവും ചെയ്യാനുള്ള കഴിവും യോഗ്യതയും മനുഷ്യൻ ഉൾപ്പെടെയുള്ള യാതൊരു സൃഷ്ടികൾക്കും ഇല്ല. മനുഷ്യരുടെയും മറ്റുള്ള ജീവികളുടെയും മഹാദാസരായിക്കൊണ്ട് മഹാവാത്സല്യത്തോടെ അനന്തമായ ജ്ഞാനവും ശക്തിയും ആനന്ദങ്ങളും ചേർന്ന സർവ്വം നൽകുന്ന മഹാമാതാവായ ഭൂമിയും മഹാപിതാവായ ആകാശവും മാത്രമാണ് യഥാർത്ഥത്തിൽ ദാനവും ത്യാഗവും ചെയ്തു കൊണ്ടിരിക്കുന്നത്. അനന്തമായ ആനന്ദങ്ങളെ ലഭിക്കുന്ന മനുഷ്യർ ദുസ്വാർത്ഥം കൊണ്ട് ഭൂമിയുടെ മറ്റ് കുഞ്ഞുങ്ങൾക്ക് ലഭിക്കേണ്ടതായ ആനന്ദങ്ങളെ തട്ടിയെടുക്കുകയും ചൂഷണം ചെയ്യുകയും ചെയ്യുന്നത് ധാർമ്മികമായ അധഃപതനം ഉണ്ടാകുവാനും വർദ്ധിക്കുവാനും ഒരു പ്രധാന കാരണമാണ്.

www.omsathyam.com/GodlyRevolution/MahaaVedam.pdf
www.omsathyam.com/GodlyRevolution/SupremeJusticeGOD.pdf
തുടങ്ങിയ ദിവ്യമഹാവേദ ഗ്രന്ഥങ്ങളിൽ 'ദൈവീകമായ സാമ്പത്തിക ശാസ്ത്രം' വിശദീകരിച്ചിട്ടുണ്ട്. ഏതാനും വാക്യങ്ങളെ മാത്രം ചുവടെ ചേർക്കുന്നു :-

**സമ്പത്ത് പ്രത്യക്ഷമായും പരോക്ഷമായും ആനന്ദങ്ങളെ വ്യക്തിക്കു നൽകുന്ന ഉപാധിയാണ്. സമ്പത്ത് മുഖ്യമായും രണ്ടു വിധമാണ്. മാതാപിതാക്കൾ, ഇണ, കുട്ടികൾ, ഉറ്റവർ എന്നിങ്ങനെ മനുഷ്യർ ഉൾപ്പെടെയുള്ള ജീവികൾ സമ്പത്താണ്. രണ്ടാമത് ഭൂമിയും ഭൂമിയിലെ വസ്തുക്കളും, വസ്തുക്കളെയും അവയിലെ നിയമങ്ങളെയും ഉപയോഗിച്ച് മനുഷ്യർ ഉണ്ടാക്കിയിട്ടുള്ള ഉല്പന്നങ്ങളും സമ്പത്താണ്.**

**മാതാപിതാക്കൾ, ഇണ, കുട്ടികൾ, ഉറ്റവർ എന്നിങ്ങനെയുള്ള മനുഷ്യ-സമ്പത്തിൽ മഹാനീതിശാസ്ത്ര പ്രകാരം ഭൂമി പ്രവർത്തിക്കുന്നതിനാൽ വ്യക്തിക്ക് തിരഞ്ഞെടുക്കാനും സമ്പാദിക്കാനും സാധിക്കുന്നതല്ല; അതേസമയം ഇണയുടെ കാര്യത്തിൽ തനിച്ച് കഴിയില്ലെങ്കിലും 'അനുവദിക്കാതെ അനുവദിക്കുന്ന' ദിവ്യമായ വിദ്യ ഉൾപ്പെടുത്തിയിട്ടുണ്ട്.**

ഭൂമിയും ഭൂമിയിലെ വസ്തുക്കളും, വസ്തുക്കളെയും അവയിലെ നിയമങ്ങളെയും ഉപയോഗിച്ച് മനുഷ്യർ ഉണ്ടാക്കിയിട്ടുള്ള ഉല്പന്നങ്ങളും ഉപയോഗിക്കാൻ ഓരോ വ്യക്തിയും യോഗ്യത നേടണം. ഉല്പന്നങ്ങളുടെ നിർമ്മാണവും, ധർമ്മ ശാസ്ത്ര ബന്ധനവും വളരെയധികം പ്രധാനമാണ്. അല്പം ആവർത്തിക്കുന്നു :-

വ്യാപാര സ്ഥാപനങ്ങളിൽ നിന്നും വാഹനങ്ങൾ, ടെലിവിഷൻ, കമ്പ്യൂട്ടർ, .. മൊബൈൽ ഫോൺ ... ജീവിത സൗകര്യങ്ങൾ തുടങ്ങിയവ അദ്ധ്വാനിച്ചു നേടിയതും അല്ലാത്തതുമായ പണം കൊണ്ട് വില കൊടുത്തു വാങ്ങി ഉപയോഗിക്കുന്നവരിൽ ഏറെയും അനന്തമായ ആനന്ദങ്ങളെ നേടാൻ സാധിക്കുന്നത് എങ്ങനെയാണെന്ന് അറിയാത്ത മൂഢാവസ്ഥയിലാണ്. നെല്ലരി എന്നാൽ ഇത്ര പണം കൊടുത്ത് കടയിൽ നിന്നും വാങ്ങാൻ കിട്ടുന്ന ഭക്ഷണ ധാന്യം എന്നതിനപ്പുറം നെൽകൃഷിയുടെ വിവിധ ഘട്ടങ്ങളും വിഷമതകളും സങ്കീർണ്ണതകളും അറിയാത്ത മൂഢാവസ്ഥ !

**ഭൂമിയിലെ വസ്തുക്കളുടെ മൂലകങ്ങളിൽ മഹാലയി(പ്പി)ച്ചിട്ടുള്ള ഭൗതിക ശാസ്ത്ര നിയമങ്ങൾ, ഒപ്പമുള്ള ധർമ്മ ശാസ്ത്ര നിയമങ്ങൾ, എന്നിവയെ മനുഷ്യരുടെ അദ്ധ്വാനവുമായിട്ടും അനന്തമായ ആനന്ദങ്ങളുമായിട്ടും, ബന്ധിപ്പിച്ചിരിക്കുകയാണ് എന്ന് വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള ജനങ്ങൾ ഉചിതമായി അറിയണം; അദ്ധ്വാനിച്ച് അറിയണം.** മുമ്പ് വിശദീകരിച്ചതു പോലെ, മഹാഭീമമായ ഭൗതിക ശാസ്ത്രത്തിലെ പാഠങ്ങളെ വെളിപ്പെട്ടുകിട്ടാൻ ഒരു കൂട്ടം മനുഷ്യർ ഗവേഷകർ, ശാസ്ത്രജ്ഞന്മാർ തുടങ്ങിയ പേരുകളിൽ തൊഴിൽ ചെയ്യേണ്ടതുണ്ട്. ശാസ്ത്ര പാഠങ്ങൾ പ്രകാരം ശാസ്ത്ര സൗകര്യങ്ങളെ കണ്ടെത്താനും, അവയെ ഏതൊരാൾക്കും പൊതുജനങ്ങൾക്കും ലഭ്യമാക്കുവാനും വീണ്ടും കർമ്മം ചെയ്യേണ്ടതുണ്ട്. അതെല്ലാം അറിയണം. അതായത് മഹാശക്തിയായ ദൈവത്തിന്റെ മഹാജ്ഞാനമാകുന്ന മഹാശാസ്ത്രത്തെയും അവ പ്രകാരമുള്ള ശക്തികളെയും കണ്ടെത്താനും സുഖ സൗകര്യങ്ങളെ ഒന്നൊന്നായി മനസ്സിലാക്കി അനുഭവിക്കാനും മനുഷ്യരെ പ്രാപ്തരാക്കുന്നത് ഭൗതിക ശാസ്ത്ര ഗവേഷണത്തിൽ തുടങ്ങുന്ന ബഹുവിധ കർമ്മങ്ങൾ ചെയ്യിച്ചു കൊണ്ടാണ്, അഥവാ അദ്ധ്വാനിപ്പിച്ചുകൊണ്ടാണ്.

മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ഭദ്രപ്പെടുത്തുന്ന ഭൗതിക-ധർമ്മ-ആത്മീയ ശാസ്ത്രങ്ങൾ മണ്ണിലെ മൂലകങ്ങളിൽ ലയിച്ചും ഒത്തൊരുമിച്ചും പ്രവർത്തിക്കുകയാൽ, **മുഖ്യജീവിയായ മനുഷ്യർ ധർമ്മ ശാസ്ത്ര വിരുദ്ധമായി പ്രവർത്തിച്ചാൽ, അവസ്ഥകൾക്ക് അനുസരിച്ച് ഭൂമിയുടെ മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ന്യൂനശക്തികൾ തിരുത്തൽ ശക്തികളായും പൈശാചിക ശക്തികളായും പ്രവർത്തിക്കുന്നതാണ്. നൂറ്റാണ്ടുകളായി സംഭവിച്ചുപോരുന്നതു പോലെ, ഭൂമിയിൽ ബഹുവിധ ദുരന്തങ്ങളും ദുരിതങ്ങളും അക്രമങ്ങളും ഭീകര പ്രവർത്തനങ്ങളും യുദ്ധങ്ങളും ഉൾപ്പെട്ട സങ്കീർണ്ണമായ പ്രതിഭാസങ്ങൾക്ക് കാരണമാകുന്നതാണ്.**

**അദ്ധ്വാനിച്ചു നേടുന്ന സാമ്പത്തിക ആനന്ദങ്ങളെ മാതാപിതാക്കൾക്ക് ധർമ്മ ശാസ്ത്ര പരമായ വ്യക്തി സ്വാതന്ത്ര്യത്തോടെ സ്വന്തമായി ഉപയോഗിക്കാം എന്നല്ലാതെ മുതിർന്ന ആൺമക്കൾക്കും ഉറ്റവർക്കും അവയെ കൈമാറ്റം ചെയ്യാൻ അവകാശമില്ല തന്നെ. ഉറ്റവർ വാങ്ങി കൊടുക്കുന്ന ഭൂമിയും കെട്ടിടങ്ങളും വാഹനങ്ങളും .... മൊബൈൽ ഫോണുകളും മറ്റും ഉപയോഗിക്കാൻ ആൺമക്കൾക്കും മറ്റുള്ളവർക്കും അനുവാദം ഇല്ല; കർശനമായ നിയന്ത്രണങ്ങളോടെ പെൺകുട്ടികളെയും വികലാംഗരെയും മറ്റും ഭാഗികമായി മാത്രം അനുവദിച്ചിട്ടുമുണ്ട്. യോഗ്യത നിർബ്ബന്ധമാണ്; 'സാമ്പത്തിക ശാസ്ത്രത്തിൽ' വിശദീകരിച്ചിട്ടുണ്ട്. ദൈവം കുഞ്ഞുങ്ങളെ സൃഷ്ടിക്കുമ്പോൾ മനുഷ്യ-മാതാപിതാക്കൾ '-ലൂടെ' മാത്രമാണെന്നും, 'എന്റെ' എന്ന ജീവാത്മാവിന്റെ നിസ്സാരതയും 'വാത്സല്ല്യം ആനന്ദം' എന്ന അദ്ധ്യായത്തിൽ മഹാശാസ്ത്ര പ്രകാരം തെളിയിച്ചിട്ടുണ്ട്.**

**ആനന്ദങ്ങളെ അനുഭവിക്കാൻ കുട്ടികൾക്കും മറ്റും സാമ്പത്തിക ശാസ്ത്ര പ്രകാരമുള്ള യോഗ്യത വേണം. വ്യക്തി ഉണ്ടാക്കിയ സമ്പത്തും സംഘടനകളും മറ്റും സാധിക്കുമെങ്കിൽ മരിക്കുമ്പോൾ കൂടെക്കൊണ്ടു പോയിക്കൊള്ളുക. ദൈവാംശമായ ശരീരവും മൂലകങ്ങളും ശക്തി നൽകിയില്ലെങ്കിൽ ഒരു പുൽക്കൊടി ഉയർത്താൻ പോലും ശക്തിയില്ലാത്ത മനുഷ്യകീടങ്ങൾ ഭൂമി പോലെ എന്തെങ്കിലും സ്വന്തമായി സൃഷ്ടിച്ച് തങ്ങളുടെ സമ്പത്തും സംഘടനകളും മറ്റും സംരക്ഷിച്ചു കൊള്ളുക എന്നല്ലാതെ മഹാപ്രപഞ്ചത്തിൽ മഹാശാസ്ത്രം പ്രകാരമുള്ള കാര്യങ്ങളെ മാത്രമേ ഭൂമിയായ ദൈവം അനുവദിച്ചിട്ടുള്ളൂ; നിലനിൽക്കുകയുള്ളൂ. മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രത്തെ അവിവേകികൾ തീർച്ചയായും ഭയക്കുന്നതാണ്.**

# പ്രിയം (ഭക്തി, ആദരം, ആരാധന) : ആനന്ദം അളവ് 5

ജനിക്കുന്ന കുഞ്ഞിന് ചുറ്റുമുള്ള ആളുകളോട് ഉണ്ടാകുന്നതും ക്രമേണ വർദ്ധിക്കുന്നതുമായ മനോഭാവം 'പ്രിയം' ആണ്. അമ്മയും അമ്മൂമ്മ-മാരും അച്ഛനും ഏറ്റവും ഉറ്റവരും ഒക്കെ തങ്ങളെ ത്തന്നെ കുഞ്ഞിനെ കൂടുതൽ കാണിക്കാൻ ശ്രദ്ധിക്കുന്നത് കുഞ്ഞിനെ പരിപാലിക്കുന്നതിന്റെ ഭാഗമാണ്; കരുതാനാണ്. കുഞ്ഞിന് കൂടുതൽ കാണാനും കേൾക്കാനും വാത്സല്യം ഉൾപ്പെടെയുള്ള പരിചരണം അനുഭവിക്കാനും ആരിൽനിന്നും സാധിക്കുന്നുവോ അവർ കുഞ്ഞിന്റെ പ്രിയപ്പെട്ടവരായും മാറുന്നു. അമ്മയും അച്ഛനും അമ്മൂമ്മ-മാരും അപ്പൂപ്പൻ-മാരും സഹോദരങ്ങളും ബന്ധുക്കളും അവരുടെയെല്ലാം സുഹൃത്തുക്കളും ആയ ഉറ്റവർ കുഞ്ഞിന് പ്രിയപ്പെട്ടവരും, കുഞ്ഞ് വളരുന്നതിന് അനുസരിച്ച് ആദരണീയരും ആയിത്തീരുന്നു. ഭക്തിയോട് പ്രിയം, പ്രിയപ്പെട്ട, ബഹുമാനപ്പെട്ട, ആദരം, ആദരണീയനായ, എന്നിങ്ങനെയുള്ള അർത്ഥങ്ങളാണ് ആദ്യം ചേരുന്നത്. മാതാപിതാക്കൾ ഉൾപ്പെട്ട ഉറ്റവരോട് കുഞ്ഞിന് ഉണ്ടാകുന്ന പ്രിയം **ഭക്തി** കൂടിയാണ്. സാധാരണമായി പറയുമ്പോൾ കുഞ്ഞിന്റെ 'സ്രഷ്ടാക്കൾ **പോലെ**' അവതരിച്ചിട്ടുള്ളത് മാതാപിതാക്കളാണ്; ആദിയും അന്തവും ഉള്ളവരും കുഞ്ഞിന്റെ സ്ത്രീ പുരുഷ ലിംഗം, നിറം, സൗന്ദര്യം, മുഖഛായ, വായ്, കൈകാലുകൾ കണ്ണ് ചെവി മൂക്ക് നാക്ക് ചർമ്മം തുടങ്ങിയ ശരീര അവയവങ്ങളും രൂപങ്ങളും ഘടനയും പ്രവർത്തനവും, ബുദ്ധിശക്തി, ഓർമ്മശക്തി, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, എന്നിങ്ങനെയുള്ള ജന്മഗുണങ്ങളെ നിശ്ചയിച്ചത് മാതാപിതാക്കളും ഉറ്റവരും മറ്റു ജീവികളും അല്ലാ എന്ന് തെളിയുമ്പോൾ, മാതാപിതാക്കൾ കുഞ്ഞിന്റെ സ്രഷ്ടാക്കൾ **അല്ലെന്ന്** സുവ്യക്തമായി തെളിയുന്നുണ്ട്. അതുകൊണ്ടുതന്നെ ഉറ്റവരോട് കുഞ്ഞിന് ഉണ്ടാകുന്ന **ഭക്തി**, പ്രിയവും ആദരവുമാണ്.

കുഞ്ഞ് വളർന്ന് ബാല്യം കൗമാരം യൗവ്വനം വാർദ്ധക്യം തുടങ്ങിയ ഘട്ടങ്ങളിലൂടെ കടന്നുപോകുമ്പോൾ മാതാപിതാക്കൾ, ഉറ്റ ബന്ധുക്കൾ, സുഹൃത്തുക്കൾ, മനുഷ്യരും എറുമ്പുകളും മറ്റുള്ള ജീവികളും വസ്തുക്കളും ഗ്രന്ഥങ്ങളും പ്രകൃതിയും ഉൾപ്പെട്ട അനേകം ഗുരുക്കന്മാരിലൂടെ സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ദൈവത്തെയും അനേകം ദൈവങ്ങളെ പ്പറ്റിയും അവ്യക്തവും ഏറെക്കുറെ അസംബന്ധങ്ങളുമായ ധാരണകൾ നേടുകയും ഭക്തിയും ആരാധനകളും വിശ്വാസവും ആചാരങ്ങളും അനുഷ്ഠാനങ്ങളും മനുഷ്യരുടെയും ദൈവത്തിന്റെയും ആവശ്യമാണെന്ന് ഏകപക്ഷീയമായി നിശ്ചയിക്കുകയും ചെയ്യുന്നു. ഓരോ വ്യക്തിയെയും വെവ്വേറെ സൃഷ്ടിക്കുന്ന മഹാപിതാവും മഹാമാതാവുമായ ദൈവം ഓരോ വ്യക്തിയെയും നേരിട്ട് ദൈവകാര്യങ്ങൾ അറിയിക്കട്ടെ എന്നു ചിന്തിക്കുക പോലും ചെയ്യാതെ ദൈവത്തെ ഒഴിവാക്കിയതു കൊണ്ടാണ് 'ഏകപക്ഷീയമായി' എന്നു പ്രസ്താവിച്ചത്. പണ്ടു കാലത്ത് ജീവിച്ചിരുന്ന ആൾക്കാരുടെ അഥവാ മറ്റുള്ളവരുടെ വിശ്വാസങ്ങളെ ശരിവെച്ച് ജീവിക്കുവാൻ ദൈവം അറിയിക്കുന്നില്ല; മൂലകങ്ങളിലെ ശാസ്ത്ര നിയമങ്ങളിലും ഇല്ല. മൂലകങ്ങളിലെ ശാസ്ത്രം കൊണ്ട് ബഹുവിധ ഉല്പന്നങ്ങളായ ആനന്ദങ്ങളെ വർദ്ധിപ്പിച്ച് ജീവിക്കുന്നവർ, ദൈവകാര്യങ്ങളിൽ ശാസ്ത്രത്തെ അവഗണിക്കുന്നതും, ശാസ്ത്രീയമായി പ്രവർത്തിക്കുന്ന പ്രപഞ്ചത്തെ ദൈവം സൃഷ്ടിച്ചു എന്ന് പറയുന്നതും വിരോധാഭാസവും ദൈവനിന്ദയുമാണ്.

**ഓരോ വ്യക്തിയെയും വെവ്വേറെ സൃഷ്ടിക്കുന്ന ദൈവം നേരിട്ട് അറിയിക്കുകയോ മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ശാസ്ത്ര നിയമങ്ങൾ പ്രകാരം ബോദ്ധ്യപ്പെടുത്തുകയോ ചെയ്യുംവരെ ദൈവകാര്യങ്ങളിൽ ആവേശം കാണിക്കുന്നത് ഒഴിവാക്കാൻ മനുഷ്യർ ബാദ്ധ്യസ്ഥരാണ്. ദൈവ കാര്യങ്ങളിലുള്ള അശാസ്ത്രീയമായ ഭക്തിയും വിശ്വാസവും മറ്റും മാറ്റിവെച്ചു കൊണ്ട് ആനന്ദിച്ചു ജീവിക്കാനായി ദൈവം തന്നിട്ടുള്ള വസ്തുക്കളോടും മനുഷ്യരോടും മറ്റുള്ള ജീവികളോടും പുലർത്തേണ്ടുന്ന <u>ഭക്തിയെ</u> ധർമ്മശാസ്ത്ര പ്രകാരം പരിശോധിക്കുകയും ശുദ്ധി ചെയ്യുകയും വേണം.**

(ആരാധന എന്ന പദം മഹാശക്തിയും പ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര കർത്താവും ഭൂമിയുമായ ദൈവവുമായി ബന്ധപ്പെട്ട അതിഗൗരവമായ വിഷയമാണ്. ദൈവം @ ഭൂമി, കുഞ്ഞുങ്ങളായ ജീവാത്മാക്കൾക്ക്, ഭൂമിയുടെ അംശമായ ശരീരത്തിലൂടെയും മൂലകങ്ങളിലൂടെയും മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള ശക്തിയും ജ്ഞാനവും ആനന്ദങ്ങളും സ്വാതന്ത്ര്യവും ദുരുപയോഗം ചെയ്ത് ദൈവം അനുവദിക്കാത്ത കാര്യങ്ങളെ ചെയ്താൽ ദൈവ നിന്ദയാകും; കുറ്റം പാപം എന്നിവയ്ക്ക് ശിക്ഷയും തീർച്ചയാണ്. ആരാധനയുടെ വിശകലനം പിന്നീട്.)

ഭൂമിയുടെ അന്തരീക്ഷത്തിലെ പൊടിപടലങ്ങളും കാറ്റും ഉള്ളതു കൊണ്ട് മേശ, കമ്പ്യൂട്ടർ, ടെലിവിഷൻ, വാഹനങ്ങൾ, തുടങ്ങിയ ഉല്പന്നങ്ങളിലും വസ്ത്രങ്ങളിലും ഒക്കെ അഴുക്കും പൊടിയും പിടിക്കുന്നത് ചെറിയ കാര്യമല്ല. തുടയ്ക്കുക, കഴുകുക, ഉണക്കുക, വൃത്തിയാക്കുക തുടങ്ങിയ പദങ്ങളും ബന്ധപ്പെട്ട തൊഴിലുകളും ഉണ്ടാകുവാൻ മാലിന്യങ്ങൾ ആവശ്യമാണ്. വീട്ടിലായാലും വെളിയിലായാലും മാലിന്യങ്ങൾ ഇല്ലെങ്കിൽ മനുഷ്യരുടെ അലസത വർദ്ധിക്കുന്നതാണ്. സ്വന്ത കാര്യത്തിൽ കുളിച്ചെന്നും വസ്ത്രങ്ങൾ മാറ്റിയെന്നും വരില്ല എന്നു മാത്രമല്ല; കുഞ്ഞുങ്ങളെ കുളിപ്പിക്കാനും വസ്ത്രങ്ങളെ മാറ്റിയെന്നും പുതിയവ വാങ്ങിയെന്നും വരില്ല.

ഉപയോഗിക്കുന്ന മേശ, കസേര, കാർ, മുറ്റം, തുടങ്ങിവയെ സ്നേഹിക്കുന്നവർ അവയെ ശുചിയായും ഭംഗിയായും സൂക്ഷിക്കാൻ ശ്രദ്ധിക്കുന്നതാണ്. വ്യക്തിയുടെ ആനന്ദങ്ങളും വിഷയവുമായി അവ തുടരാനും അവയെ സ്നേഹിക്കുവാനും അന്തരീക്ഷത്തിലെ ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ചേരണം എന്നത് ആവശ്യമാണ്. അന്തരീക്ഷത്തിലെ മാലിന്യങ്ങൾ ന്യൂനശക്തികളുടെ ഒരു കൂട്ടായ്മ കൂടിയാണ്; അവയുടെ ആവശ്യം ശ്രേഷ്ഠവുമാണ്. മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളുടെ ശരീരത്തിൽ, വിസർജ്ജനം കൂടാതെ അവയ്ക്കു സ്ഥാനമുണ്ട്. (മനുഷ്യന്റെ തലയിൽ ഉച്ചിയിൽ ഇടതു ഭാഗത്ത് കൈയ്യിലെ അഴുക്ക് സ്വയം അറിയാതെ തുടയ്ക്കുന്നത് ന്യൂനശക്തികളുടെ സങ്കേതം ആയതുകൊണ്ടാണ്. തൽക്കാലം അറിയുന്നില്ലെന്നു മാത്രം.)

<u>പൊടിപടലങ്ങളും ദൈവാംശങ്ങളുമായ (ന്യൂന)ശക്തികൾ മഹാവാത്സല്ല്യത്തോടെ അറിയിക്കുന്ന സന്ദേശത്തെ തിരിച്ചറിയണം.</u>
ജീവാത്മാക്കൾക്ക് ആനന്ദങ്ങളെ നൽകാനായി സൃഷ്ടിച്ചിരിക്കുന്ന വസ്തുക്കളെയും, അവയിലുള്ള നിയമങ്ങളെയും ഉപയോഗിച്ച് മനുഷ്യൻ നിർമ്മിക്കുന്ന ഉല്പന്നങ്ങളെ ശുചിയായി സൂക്ഷിക്കാനും യാതൊന്നും പാഴാക്കാതെയും ലഭ്യമായ ജ്ഞാനം, ശക്തി, ആനന്ദം എന്നിവയ്ക്കനുസരിച്ച് ശ്രദ്ധിക്കണം. കാർ, മുറ്റം, കുളം, കിണർ, വെള്ളം, തുടങ്ങിയവയുടെ കാര്യത്തിൽ മാത്രം ശ്രദ്ധ ഒതുങ്ങരുത്. ഉറ്റവരോടും ചുറ്റുമുള്ളവരോടും ഏതൊരാളോടും പുലർത്തേണ്ടുന്ന പെരുമാറ്റ മര്യാദകൾ ഉണ്ട്. മനുഷ്യരുടെ നിറം സൗന്ദര്യം മുഖഛായ തുടങ്ങിയവ ചർമ്മത്തിലൂടെ വ്യാപരിക്കുന്ന ജീവാത്മാവിന്റെ പ്രകട ജന്മഗുണങ്ങൾ മാത്രമാണ്. ജന്മങ്ങളിലൂടെ നേടിയ പുണ്യവും ആനന്ദങ്ങളും പാപവും ശിക്ഷകളും ഓരോരോ ജീവാത്മാവിന്റെയും പ്രകടമല്ലാത്തതും ഗൂഢവുമായ ഗുണങ്ങളാണ്. മഹാനീതിശാസ്ത്ര കാര്യങ്ങളെ വിശദമായി അറിഞ്ഞിട്ട് വ്യക്തിക്ക് സാധാരണ നിലയിൽ കാര്യമില്ലെങ്കിലും, മറ്റുള്ള മനുഷ്യരും ഭൂമിയുടെ കുഞ്ഞുങ്ങളാണ് എന്ന പരിഗണനയിൽ, അന്യോന്യം ചിലവില്ലാതെ നൽകാൻ കഴിയുന്ന പുഞ്ചിരി നൽകണം. മത്സ്യം സസ്യം പക്ഷി മൃഗം തുടങ്ങിയ ജീവികളുടെ കാര്യത്തിൽ, ഭൂമി മനുഷ്യന് നൽകിയിട്ടുള്ള ജ്ഞാനത്തെ അനുസരിച്ച് അവയുടെ ജീവിതത്തിന്റെ ധർമ്മ വ്യവസ്ഥകളെ മനസ്സിലാക്കാൻ കഴിയും. സ്നേഹം, ആദരം, എന്നിവ അടുത്തു നിന്നു കൊണ്ട് വേണമോ ആന, സിംഹം, പിഴുതു വീഴാൻ ഇടയുള്ള വൃക്ഷം എന്നിവയോടും മറ്റും ദൂരെ നിന്നു വേണമോ, ഭക്ഷണമാക്കി വേണമോ എന്നിവ നിശ്ചയിക്കാൻ കഴിയുന്ന ജ്ഞാനവും ശക്തിയും ഭൂമി നൽകിയിട്ടുണ്ട്. മനുഷ്യരെയും മറ്റുള്ള ജീവികളെയും ഉചിതമായി ആദരിക്കുക എന്നതിന് പൂജിക്കുക, ആരാധിക്കുക തുടങ്ങിയവ ചെയ്താൽ കടുത്ത അപരാധമാണ്; ദൈവ നിന്ദയാണ്. ദൈവമായ ഭൂമിയെ പൂജിക്കുന്നതും ആരാധിക്കുന്നതും കടുത്ത അപരാധമായി ഭൂമിയിൽ ലയിച്ചിരിക്കുന്ന ശാസ്ത്ര നിയമങ്ങൾ പ്രകാരം ഭൂമി വ്യവസ്ഥ ചെയ്തിരിക്കെ, ഭക്തിക്ക് പ്രിയം, ആദരം, എന്നീ അർത്ഥങ്ങൾ മാത്രമാണുള്ളത്. ആരാധന വേണ്ട !

ഭൗതികമായ അസ്തിത്വം ഭൂമിക്കും അംശമായ മൂലകങ്ങൾക്കും ഉണ്ടെന്നും, അവയെല്ലാം മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളുടെ മുഴുവൻ ആനന്ദങ്ങളാണെന്നും ബോദ്ധ്യപ്പെടുത്തുമ്പോൾ തന്നെ വസ്തുതാപരമായ മറ്റ് ആനന്ദങ്ങളായ ജീവികളോടും വസ്തുക്കളോടും/ ദൈവത്തോടും മറ്റുമുള്ള ഭക്തി, സംഗീതം, സ്നേഹം, വാത്സല്യം, കോപം തുടങ്ങിയവയ്ക്ക് ഭൗതികമായ അസ്തിത്വം ഉണ്ടോ എന്ന സംശയം ഉണ്ടാകും. സൂക്ഷ്മം, അതിസൂക്ഷ്മം, .. എന്നിങ്ങനെ വസ്തുതാപരമായി വിശകലനം ചെയ്യാൻ ജീവാത്മാവിന്, ശരീരമായ ഭൂമിയുടെ അംശം, 'ഭൂമിയുടെ മുഴുവൻ സ്വത്വമായ ഓക്സിജൻ' വഴി കഴിവും ഭാഗ്യവും (അനുഗ്രഹവും) നൽകിയാൽ മനസ്സിലാക്കാൻ എളുപ്പമാണ്. **മൂലകങ്ങളിലെ ആറ്റങ്ങളിലുള്ള സൂക്ഷ്മങ്ങളായ പ്രോട്ടോണുകളെ ഇലക്ട്രോണുകൾ സദാ ചുറ്റുന്നതിൽ നിന്ന് ആറ്റങ്ങളും മൂലകങ്ങളും അവയുടെ മഹാരൂപമായ ഭൂമിയും ജീവമാണെന്ന് സുവ്യക്തമാണ്. സൂക്ഷ്മമായ ന്യൂട്രോണുകളും, അതിസൂക്ഷ്മ ഭൗതിക ഘടകങ്ങളായ ക്വാർക്കുകളും മറ്റും ആറ്റത്തിൽ ഉള്ളത് ചുമതലകളെ ചെയ്യാനാണെന്നും സദാ ചെയ്യുന്നുണ്ടെന്നും ഗ്രഹിക്കണം.** അതിനെല്ലാം പുറമേ, യന്ത്രങ്ങളും ഫാനും പോലെ സ്ഥൂലങ്ങളായ വസ്തുക്കൾ ചുറ്റുമ്പോൾ ശബ്ദം ഉണ്ടാകുന്നത് അനുഭവിച്ചു തന്നെ അറിയാവുന്ന മനുഷ്യർക്ക്, **ആറ്റങ്ങളിലുള്ള സൂക്ഷ്മങ്ങളായ പ്രോട്ടോണുകളെ ഇലക്ട്രോണുകൾ സദാ ചുറ്റുമ്പോൾ ശബ്ദം ഉണ്ടാകുന്നുണ്ടെന്ന് നിസ്സാരമായും ലളിതമായും മനസ്സിലാക്കാൻ യുക്തിപരമായി തന്നെ കഴിയും !** ഏതൊന്നും ചുറ്റുമ്പോൾ ശബ്ദം ഉണ്ടാകും എന്ന ഒരു ശാസ്ത്ര നിയമത്തെ സൃഷ്ടിച്ചുകൊണ്ട് 'മഹാപ്രപഞ്ചം ഉൾപ്പെട്ട സർവ്വത്തിനും അതീതമായ ബ്രഹ്മം' ആകുന്ന ദൈവം, ഓം എന്ന ശബ്ദ-ബ്രഹ്മം കൂടി ആയിക്കൊണ്ട് ഓരോ ആറ്റത്തിലൂടെയും മഹാപ്രപഞ്ചത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണെന്ന് മുമ്പ് ഗ്രന്ഥകാരനിലൂടെ വീണ്ടെടുത്ത മഹാദിവ്യവേദഗ്രന്ഥങ്ങളിൽ സൂചിപ്പിക്കുകയും വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്. ഉദാ:-

**www.omsathyam.com/GodlyRevolution/OM.pdf**

**മൂലകങ്ങളുടെ സൂക്ഷ്മരൂപമായ ആറ്റങ്ങളിലെ ജീവമായ ഘടകങ്ങൾ തന്നെയാണ് ഭൂമിയുടെ കുഞ്ഞുങ്ങൾക്ക് 'ആനന്ദ ശാസ്ത്രവും കൂടിയായ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രത്തെയും അനന്തമായ ആനന്ദങ്ങളെയും സ്ഥിതിപരമായ ആവശ്യങ്ങൾ പ്രകാരം ഒരുക്കി പോരുന്നത്. സംഗീതത്തെ** ഉദാഹരണമാക്കുമ്പോൾ, **ടെലിവിഷൻ, റേഡിയോ, മൊബൈൽ ഫോൺ, ഇന്റർനെറ്റ് തുടങ്ങിയ മാധ്യമങ്ങൾ വഴി ആസ്വദിക്കുന്ന ആധുനിക കാലത്തെ മനുഷ്യർക്ക്, സംഗീതവും ദൃശ്യങ്ങളും മറ്റും ഭൂമിയുടെ അന്തരീക്ഷത്തിലൂടെ സൂക്ഷ്മമായ ഭൗതിക അസ്തിത്വത്തോടെ വ്യാപരിക്കുന്നതു കൊണ്ടാണ്** കേൾക്കാനും കാണാനും, അപ്‌ലോഡ് -ഡൗൺലോഡ് ചെയ്യാനും സാധിക്കുന്നതെന്നു ഗ്രഹിക്കാൻ ഒരല്പമെങ്കിലും കഴിയും. ഭൂമിയുടെ അന്തരീക്ഷത്തിലൂടെ വ്യാപരിക്കുന്ന സൂക്ഷ്മമായ ഭൗതിക ഘടകങ്ങളും പൊടികളും മേഘങ്ങളും ഭൂമിയുടെ ഭാഗം തന്നെയാണ്. ദൈവമായ ഭൂമിയുടെ മഹാആവരണമായിരിക്കുന്ന അന്തരീക്ഷത്തെ, ജീവികളുടെ സ്വത്വമായ ജീവാത്മാവ് വ്യാപരിക്കുന്ന ശരീര-ചർമ്മവുമായി സാമ്യപ്പെടുത്താനാവും.

ജീവനില്ലാത്തവയെന്ന് മനുഷ്യർ തെറ്റിദ്ധരിച്ചിട്ടുള്ള 'ഭൂമിയായ ദൈവവും, അംശമായ മൂലകങ്ങളുമാണ് ശരീരം ആയിരിക്കുന്നത് ' എന്നും, അവയാണ് ജീവാത്മാവിന് ഭൗതികമായ അസ്തിത്വം നൽകി മനുഷ്യനാക്കുന്നതെന്നും, അവ തന്നെയാണ് മഹാനീതി-ശാസ്ത്രമായ ഓംകാര നീതിശാസ്ത്രം പ്രകാരം കുഞ്ഞുങ്ങളായ മനുഷ്യരെ ഗായകരാക്കുന്നതെന്നും തിരിച്ചറിയണം. ദൈവാംശമായ മൂലകങ്ങൾ ശക്തിയും ജ്ഞാനവും ജീവാത്മാവിന് പ്രത്യേകമായി നൽകുമ്പോൾ, ദൈവീക സിദ്ധിയാണ് സംഗീതം എന്ന് മൂലകങ്ങൾ പരസ്യമായി അറിയിക്കുന്നുണ്ട്. അക്കാരണത്താൽ സംഗീതത്തെ സിദ്ധിക്കുന്നവർക്ക് പരസ്യമായ ദൈവീക ചുമതലകളും ഉണ്ട്. ഭിക്ഷാടനം നടത്തി ജീവിക്കാനും ദൈവത്തെ ഒരല്പം പരസ്യമായി സ്തുതിക്കാനും ജനങ്ങളെ സംഗീതം കൊണ്ട് ആനന്ദിപ്പിക്കാനും ഒന്നിപ്പിക്കാനും ഗായകരെ ഗായകരാക്കിയ മൂലകങ്ങൾ അവയിൽ 'ലയിച്ചിരിക്കുന്ന തൊഴിൽശാസ്ത്രം പ്രകാരം' ജോലി നൽകിയിട്ടുണ്ട്. ജീർണ്ണത ഗായകരെയും ബാധിച്ചിട്ടുണ്ട്; തിരുത്തുക; ശ്രദ്ധിക്കുക.

**'ജീവജാലങ്ങൾ' എന്ന വാചകത്തിൽ, 'ജീവനില്ലാത്തവയെന്ന് മനുഷ്യർ കരുതുന്ന വസ്തുക്കളെ' കുറിക്കുന്ന 'ജാലങ്ങൾക്കു മാത്രമാണ് യഥാർത്ഥത്തിൽ ജീവനുള്ളതെന്നും,'** ജാലങ്ങൾ ഭൂമിയും ദൈവവും ആണെന്നു തെളിഞ്ഞിരിക്കുകയുമാണ്. സ്വയം ജീവനുണ്ടെന്നും മറ്റും തെറ്റിദ്ധരിച്ചിട്ടുള്ള 'ജീവാത്മാക്കൾക്ക് ' യഥാർത്ഥത്തിൽ 'ജാലങ്ങളായ' ഭൂമിയുടെ അംശങ്ങളാണ് ജീവൻ നൽകുന്നത്. ജീവാത്മാവിന് മനസ്സിലാകാനും ജാലങ്ങൾ കനിയണം.

**ചുവടെ കൊടുക്കുന്ന കാര്യങ്ങളെ സ്വയം വിശകലനം ചെയ്യാനും, നന്നായി ബോദ്ധ്യപ്പെടാനും ജാലങ്ങൾ കനിയട്ടെ :-**
(1) ഭൂമിയിലെ മൂലകങ്ങളും സംയുക്തങ്ങളുമായ വസ്തുക്കളാണ് വ്യത്യസ്തമായ ധർമ്മ വ്യവസ്ഥകളോടെ ജീവിക്കുന്ന ജീവികളുടെ ശക്തികളും ജ്ഞാനവും, അവയവങ്ങളും ശരീരങ്ങളും, ഭക്ഷണവും വിസർജ്ജ്യങ്ങളും 'കാമം ഒഴികെയുള്ള ആനന്ദങ്ങളും' മറ്റും ആയിരിക്കുന്നത്. (കാമം ജീവാത്മാക്കൾ സ്വയവും തമ്മിലുമാണ്.).
(2) ഭക്ഷണ വ്യവസ്ഥ ഉൾപ്പെടെ ആനന്ദം, ദഹനം, വിസർജ്ജനം, വിശ്രമം, വളർച്ച, പ്രത്യുല്പാദനം, നാഡികൾ തുടങ്ങി ശരീരത്തിലെ എല്ലാ വ്യവസ്ഥകളെയും നിർവ്വഹിക്കുന്നത് യഥാർത്ഥത്തിൽ ശരീരം സ്വയമാണ് അഥവാ ശരീരത്തിന്റെ ഘടകങ്ങളായിരിക്കുന്ന ഭൂമിയിലെ മൂലകങ്ങൾ സ്വയമാണ്; ജീവികളുടെ സ്വത്വമായ ജീവാത്മാക്കൾ അല്ല. ജീവികളുടെ ശരീര ഘടന, പ്രവർത്തനം, വേദന ഉൾപ്പെട്ട ആനന്ദങ്ങൾ എന്നിവയെ ഭക്ഷണം, മരുന്നുകൾ തുടങ്ങിയ മൂലകങ്ങൾ/ വസ്തുക്കൾ ഒരുക്കുന്നത് ജീവാത്മാവ് പ്രത്യക്ഷമായി അനുഭവിച്ചറിയുന്ന കാര്യമാണ്. മനുഷ്യർ ഗഹനമായി ചിന്തിക്കുന്നില്ല എന്നു പറയുമ്പോൾ; ആവിധ ചിന്തകൾ ജീവാത്മാവിന് ഉണ്ടാവുന്നത് ജീവാത്മാവിന്റെ ആനന്ദങ്ങളെ കുറയ്ക്കുമെന്ന് കണക്കാക്കി മൂലകങ്ങളാകുന്ന ശരീരം ജീവാത്മാവിനെ ഭാഗികമായി തടഞ്ഞിരിക്കുന്നു എന്നും വ്യാഖ്യാനിക്കാം. കുഞ്ഞുങ്ങളായി ജീവാത്മാക്കളെ സൃഷ്ടിച്ച് കുഞ്ഞുങ്ങളുടെ ആനന്ദത്തെ വർദ്ധിപ്പിക്കാനുള്ള കാര്യങ്ങളെ മാത്രം ചെയ്തു കൊണ്ട് മഹാവാത്സല്ല്യത്തോടെ ഭൂമി സദാ പരിപാലിക്കുന്നത് ഗ്രഹിക്കുവാൻ കഴിയുന്ന ബുദ്ധിശക്തികളെ ജീവാത്മാക്കൾക്ക് മൂലകങ്ങൾ @ ശരീരം @ ഭൂമി നൽകിയിട്ടുണ്ട്.

(3) **ജീവാത്മാക്കൾക്ക് ആനന്ദിച്ചു ജീവിക്കാൻ ആവശ്യമായ ശക്തികളും, ജ്ഞാനവും, ആനന്ദങ്ങളും, കൂടാതെ ജീവാത്മാവിനു മേൽ ധർമ്മശാസ്ത്ര ബന്ധനം നടത്താൻ ആവശ്യമായ ന്യൂനശക്തികളുമാണ് ഏറ്റക്കുറച്ചിലുകളോടെ മൂലകങ്ങളും സംയുക്തങ്ങളും മിശ്രിതങ്ങളും ഒക്കെയായ വസ്തുക്കളായി ഭൂമിയിലും ആകാശത്തും പരക്കെ ഉള്ളത്.**

(4) ഭൂമി, ഭൂമിയുടെ അംശമായ മൂലകങ്ങൾ, ആകാശം, സൂര്യൻ, ചന്ദ്രൻ എന്നിവയ്ക്ക് ദൈവീകമായ പ്രതീതി സ്ഥാപിക്കപ്പെട്ടാൽ ശാസ്ത്ര സാങ്കേതിക വികസന പ്രവർത്തനങ്ങൾ സ്തംഭിക്കുന്നതും ഭൂമിയിലെ വസ്തുക്കളെ അവയിലെ ശാസ്ത്ര നിയമങ്ങൾ കൊണ്ട് പരിവർത്തനം ചെയ്തു കൊണ്ട് ആനന്ദങ്ങളെ വർദ്ധിപ്പിക്കാനും, സ്വയം എന്നോണം നേടി കൂടുതൽ ആനന്ദത്തോടെ ജീവിക്കാനും മനുഷ്യർക്ക് വിഷമവും അലസതയും ഉണ്ടാകുന്നതാണ്. **മൂലകങ്ങളിലൂടെ ഭൗതിക അസ്തിത്വത്തോടെ ഭൂമി സ്ഥാപിച്ചിരിക്കുന്ന ആനന്ദ ശാസ്ത്രം കൂടിയായ ഭൗതിക ധർമ്മ നീതിശാസ്ത്രങ്ങൾ മാത്രമേ ജീവികൾക്കു ചേരുകയുള്ളൂ. 'ആകാശവും, ഭൂമിയും' അംശങ്ങളായ മൂലകങ്ങളും 'ദൈവത്വവും മായാശക്തികളും' പ്രത്യക്ഷമായി പ്രകടിപ്പിക്കാതെ ജീവികളെ കുഞ്ഞുങ്ങളാക്കി സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്നത് മഹാവാത്സല്ല്യത്തിന്റെ മഹോന്നത ഭാവവും രൂപവും സ്വീകരിച്ചാണ്. ഭൂമിയും അംശമായ മൂലകങ്ങളും ജീവനില്ലാത്ത ജാലങ്ങളായി ഭാവിച്ചിരിക്കുകയാണ്. മഹാവാത്സല്ല്യം പ്രകാരം ദൈവമായ ഭൂമിയെയോ ആകാശം സൂര്യൻ ചന്ദ്രൻ എന്നിവയെയോ മാത്രമല്ല; ശരീരം, ഭക്ഷണം, വിസർജ്ജ്യം, തടി, കല്ല്, ഉപകരണങ്ങൾ തുടങ്ങിയ ഭൂമിയുടെ അംശമായ മൂലകങ്ങളെയും, ആദ്യമഹാകാല ചക്രത്തിലെ ദേവതകളെയും ഉൾപ്പെടെ യാതൊന്നിനെയും പൂജിച്ചും സ്തുതിച്ചും ആരാധിച്ചും മറ്റും മനുഷ്യർക്ക് നിശ്ചയിച്ചിരിക്കുന്ന ആനന്ദങ്ങളെ വഴിതെറ്റിക്കാൻ പാടില്ല. പൂജ, സ്തുതി, ആരാധന തുടങ്ങിയ കോപ്രായങ്ങളെ മണ്ണിൽ ലയിച്ചിരിക്കുന്ന ശാസ്ത്ര നിയമങ്ങൾ വിലക്കുന്നുണ്ട്.**

കുഞ്ഞുങ്ങളായ ജീവികൾക്ക് അനന്തമായ ആനന്ദങ്ങളെ നൽകാനും മഹാസമനീതി എന്ന സമ-ആനന്ദം നൽകാനുമായി ജലാശയം, മല, കാട്, പർവ്വതം, മരുഭൂമി തുടങ്ങിയവ കൊണ്ട് നാടുകളും അവയ്ക്ക് അതിർത്തികളും നിശ്ചയിച്ചിരിക്കുന്നത് ഭൂമി തന്നെയാണ്. ആറ്റത്തിനുള്ളിൽ സദാ പ്രോട്ടോണുകളെ ഇലക്ട്രോണുകൾ ചുറ്റുന്ന സൂക്ഷ്മ പ്രതിഭാസം മുതൽ, കാറ്റ്, കൊടുങ്കാറ്റ്, മഴ, പ്രളയം, സുനാമി, ഭൂചലനം, അഗ്നിപർവ്വതം, സമുദ്ര ജലപ്രവാഹം, വേലിയേറ്റം- ഇറക്കം, ഗ്രഹണങ്ങൾ, തുടങ്ങിയ ദൃശ്യമായ പ്രതിഭാസങ്ങൾ വെറുതെ ഉണ്ടാകുന്നവയല്ല. ജാലങ്ങൾ കൊണ്ട് ജാലങ്ങളായ വസ്തുക്കളിലൂടെ അതിർത്തികളെ മാറ്റിമറിക്കാനും, വൻമരങ്ങൾ ഉൾപ്പെട്ട സസ്യങ്ങളുടെയും മറ്റുള്ള ജീവികളുടെയും ശരീരങ്ങളെ മണ്ണിന് ശോഷണം ഉണ്ടാകാതെ മണ്ണിൽ നിന്നും സൃഷ്ടിക്കാനും മണ്ണും മഹാജാലവുമായ ഭൂമിക്ക് കഴിയും; മഹാനീതിശാസ്ത്ര പ്രകാരം ചെയ്തു പോരുന്നുമുണ്ട്; സാക്ഷികളും മറ്റുമായി മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികൾ ഭയന്നും, അമ്പരന്നും, അറിയാതെയും ജീവിക്കുന്നുമുണ്ട്. 'പഴയ കാലത്തെ ദേവതകളും, ആധുനിക കാലത്ത് സൂപ്പർ ദൈവങ്ങളായി വേഷം കെട്ടുന്നവരും മറ്റും ഉപയോഗിച്ചതുകൊണ്ട് ' വസ്തുക്കൾക്ക് ദിവ്യത്വം ഉണ്ടാകുന്നതായി ചിലർ കരുതുമ്പോൾ, യഥാർത്ഥത്തിൽ ജീവികൾ ഉപയോഗിച്ചാലും ഇല്ലെങ്കിലും മണ്ണും വിസർജ്ജ്യങ്ങളും ഉൾപ്പെടെയുള്ള വസ്തുക്കൾ ജാലങ്ങളായ ദൈവാംശങ്ങളാണ്.

ജീവികളെ സൃഷ്ടിക്കുന്നതിനു മുമ്പും ശേഷവുമുള്ള ഭൂമിയുടെ ഘടകങ്ങളും അംശങ്ങളും അവയവങ്ങളും മാത്രമാണ് ഭൂമിയിലെ വാതകങ്ങളും ദ്രാവകങ്ങളും ഖരങ്ങളുമായ വസ്തുക്കളും മൂലകങ്ങളും, അവ ചേർന്ന ചെറുതും വലുതുമായ നാടുകളും ദേശങ്ങളും എന്നത് വസ്തുതയാണ്. ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്ത ഏകമഹാശക്തിയായ ഏകഭൂമിയുടെ മേല്പടി ചെറുതും വലുതും സൂക്ഷ്മവുമായ അംശങ്ങളിൽ മഹാശക്തികളും മഹാജ്ഞാനവും ആനന്ദങ്ങളും നിറഞ്ഞിരിക്കുന്നു. ഭൂമിയിലെ മൂലകങ്ങളുടെ അതിസൂക്ഷ്മ അംശങ്ങളായ ആറ്റങ്ങളിലെ മഹാശക്തിയെയും മറ്റും ഭൂരിപക്ഷം ജനങ്ങൾക്കും കേട്ടറിവുമുണ്ട്.

സൃഷ്ടികളായ ജീവാത്മാക്കൾക്ക് ഭൗതികമായ അസ്തിത്വവും ജ്ഞാനവും ശക്തിയും ആനന്ദങ്ങളും നൽകുന്നതിനു വേണ്ടി 'ദൈവമായ ഭൂമിയുടെ' മൂലകങ്ങൾ 'ശരീരം' എന്ന പേരിൽ ജീവാത്മാക്കളോടു ചേർന്ന് അവയെ 'ശരീരം കൊണ്ടു ജീവിക്കുന്ന' ജീവികളാക്കിയിരിക്കുകയാണ്.

**ഭൂമിയിലെ മൂലകങ്ങളെയും അവ കൊണ്ട് രൂപം കൊണ്ടിട്ടുള്ള ചെറുതും വലുതുമായ നാടുകളെയും ദേശങ്ങളെയും ജീവികളുടെ ശരീരങ്ങളെയും സ്വയം പ്രവർത്തിക്കുന്ന ദൈവാംശങ്ങളായി കരുതുമ്പോൾ, മൂലകങ്ങളുടെ പ്രവർത്തനത്തെ ഏകോപിപ്പിക്കുന്ന മഹാസ്വത്വം തീർച്ചയായും മനുഷ്യന് വിഷയമാണ്.**

ദൈവാംശങ്ങൾ സ്വയം മഹാശക്തികൾ തന്നെ ആണെങ്കിലും, മഹാനീതി-ശാസ്ത്രമായ ഓംകാര നീതിശാസ്ത്രം പ്രകാരം ഓരോ ജീവിക്കും മഹാസമനീതി ലഭ്യമാക്കാനായി ഭൂമിയിലെ എല്ലാ അംശങ്ങളെയും ഭൗതികമായി ബന്ധിപ്പിച്ചു കൊണ്ടുള്ള ഏകോപനം ആവശ്യമാണ്. ഭൂമിയുടെ വാതക രൂപമായ ഓക്സിജനും, ദ്രാവക രൂപമായ ജലവും, മഹാഖരരൂപമായ മണ്ണും (മൂലകങ്ങളും) ഒന്നിച്ചും തനിച്ചും മഹാഏകോപനം നിർവ്വഹിക്കുന്നു. എല്ലാ അംശങ്ങളെയും/ മൂലകങ്ങളെയും ഓക്സിജൻ മഹാഭരിക്കുന്നത് മനസ്സിലാക്കാൻ ഓരോ മനുഷ്യ-ശരീരത്തെയും ജീവാത്മാവിനെയും ഓക്സിജൻ മഹാഭരിക്കുന്നത് വിശകലനം ചെയ്താൽ മതിയാകും : മഹാശക്തിയായ ഭൂമിയുടെ വാതക രൂപമായ ഓക്സിജൻ ഓരോ മനുഷ്യനിലും പ്രവേശിക്കുന്നതും പ്രവർത്തിക്കുന്നതും ഓക്സിജന്റെ അഥവാ ഭൂമിയുടെ മാത്രം ഇഷ്ട പ്രകാരം അഥവാ ഓംകാര നീതിശാസ്ത്രം പ്രകാരം മാത്രമാണെന്ന് ഗ്രഹിക്കാൻ കഴിഞ്ഞാൽ എളുപ്പമായി. ഓക്സിജന് പ്രവർത്തിക്കാനായി ശ്വാസകോശം, ഹൃദയം തുടങ്ങിയ അവയവങ്ങളെ നിർമ്മിച്ചിരിക്കുന്നതും, ശ്വാസോച്ഛ്വാസം ചെയ്യുന്നതും മറ്റും ഓക്സിജൻ തന്നെയാണ്; അവയവങ്ങളെയും അവയുടെ ഘടനകളെയും പ്രവർത്തന നിയമങ്ങളെയും ജന്മഗുണങ്ങളെയും നിശ്ചയിച്ചിരിക്കുന്നത് അടിസ്ഥാനപരമായി ജീവികളുടെ സ്വത്വമായ ജീവാത്മാക്കളല്ല !

ഭൂമിയുടെ കുഞ്ഞുങ്ങളായ എല്ലാ ജീവികളുടെയും സ്വത്വങ്ങളായ ജീവാത്മാക്കൾക്കു വേണ്ടി, ശരീരം ഉൾപ്പെടെയുള്ള വസ്തുക്കളും, വസ്തുക്കളുടെ മൊത്തമായ ഭൂമിയുടെ ഏകസ്വത്വവും വാതക രൂപവുമായ ഓക്സിജനും, ദ്രാവക രൂപമായ ജലവും സദാ പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണ്. ദൈവത്തിന്റെ 'മഹാജ്ഞാന ഓഹരി' മാത്രമായ ഭൂമിയിലെ മൂലകങ്ങളിലും അവ കൊണ്ട് ഉണ്ടാക്കിയ ശരീരത്തിലും ലയിച്ചിട്ടുള്ള 'ശാസ്ത്രങ്ങളും' ബന്ധപ്പെട്ട 'ശക്തികളും ആനന്ദങ്ങളും' പ്രകാരം മനുഷ്യൻ ഉൾപ്പെടെയുള്ള എല്ലാ ജീവികളുടെയും സ്വത്വങ്ങളായ ജീവാത്മാക്കൾക്കു വേണ്ടി ശരീരം സ്വന്തം ഇഷ്ടപ്രകാരം സ്വയം പ്രവർത്തിക്കുന്നതു കൊണ്ടാണ് ജീവാത്മാക്കൾക്ക് ജീവിക്കാനും അനന്തമായ ആനന്ദങ്ങളെ അനുഭവിക്കാനും സാധിക്കുന്നത്.

ശരീരം ഉണ്ടാക്കാനുള്ള മൂലകങ്ങളും ഭൂമിയുമായി മഹാരൂപം സ്വീകരിച്ച ശേഷമാണ് ഭൂമി, ജീവാത്മാക്കളെ സൃഷ്ടിച്ചിരിക്കുന്നത്. ജീവാത്മാക്കളുടെ ശരീര നിർമ്മാണത്തിന് ഉപയോഗിക്കാത്ത വസ്തുക്കളുടെ കാര്യത്തിൽ, അവയെല്ലാം, ജീവികളുടെ, പ്രത്യേകിച്ചും മനുഷ്യരുടെ വസ്ത്രം, വീട്, ഉപകരണങ്ങൾ, കാർ ബസ് ലോറി ട്രെയിൻ വള്ളം കപ്പൽ വിമാനം തുടങ്ങിയ വാഹനങ്ങൾ, ടെലിവിഷൻ, കമ്പ്യൂട്ടർ, ഫോൺ തുടങ്ങിയവ കൊണ്ടുള്ള ആനന്ദ ജീവിതത്തിന് അത്യാവശ്യമായവ മാത്രമാണെന്നും, പ്രസ്തുത വസ്തുക്കളെല്ലാം സൃഷ്ടിക്കപ്പെട്ടത് ജീവാത്മാക്കളെ/ ജീവികളെ സൃഷ്ടിക്കുന്നതിനു മുമ്പാണെന്നും തെളിയുന്നുണ്ട്.

സൃഷ്ടികൾക്കു വേണ്ടി ഭൂമിയിൽ ഒരുക്കിയിരിക്കുന്ന വസ്തുക്കളും ജീവികളുടെ ശരീരങ്ങളും ഉൾപ്പെട്ട മഹാസംവിധാനത്തിലുള്ള ശാസ്ത്ര സാങ്കേതിക വിദ്യയിൽ നിന്നാണ് മനുഷ്യൻ അനന്തമായ ആനന്ദങ്ങളെ കണ്ടെത്തുന്നതും ആസ്വദിക്കുന്നതും എന്നും; ശരീരം ഉൾപ്പെട്ട ഭൂമിയിലെ വസ്തുക്കളെയെല്ലാം മഹാപദ്ധതികളോടെ ഭൂമി ഒരുക്കിയിരിക്കുകയാണ് എന്നും യഥാർത്ഥത്തിൽ സുവ്യക്തമാണ്. സ്വയം വിശകലനം ചെയ്ത് ബോദ്ധ്യപ്പെടാവുന്നതാണ്.

വ്യത്യസ്ത ജീവികളെ പ്രത്യേകം പ്രത്യേകമായി പഠിക്കുമ്പോൾ, യഥാർത്ഥത്തിൽ മനുഷ്യൻ ഉൾപ്പെടെ ഓരോ ജീവിയും അവരവർക്കു വേണ്ടിയാണ് ജീവിക്കുന്നതെന്ന് മനസ്സിലാക്കാനും കഴിയും. മാത്രമല്ല, ഓരോ ജീവിക്കും ലഭിച്ചിട്ടുള്ള വ്യത്യസ്തവും വൈവിധ്യവുമാർന്ന ശരീര ഘടന, അവയവങ്ങൾ, വാർദ്ധക്യം ഉൾപ്പെട്ട ശരീര വളർച്ചാ വ്യവസ്ഥ, ഭക്ഷണ വ്യവസ്ഥ, ദഹന വ്യവസ്ഥ, വിസർജ്ജന വ്യവസ്ഥ, പ്രത്യുല്പാദന വ്യവസ്ഥ, ആരോഗ്യ വ്യവസ്ഥ, ബുദ്ധിശക്തി, തുടങ്ങിയവയുടെ സങ്കലനമായ ശരീരമാണ് @ ശരീരത്തെ നിർമ്മിച്ച ഭൂമിയിലെ മൂലകങ്ങളാണ് @ ഭൂമിയാണ് ജീവാത്മാക്കളുടെ ആനന്ദങ്ങളെയും ജീവിതത്തെയും സ്വാതന്ത്ര്യം നൽകി ഒരുക്കിയിട്ടുള്ളതെന്നു വിശേഷിപ്പിക്കാൻ കഴിയുന്നതാണ്.

**ജീവികളുടെ ജീവിത-ധർമ്മ വ്യവസ്ഥകളെ 'ശരീരം ഉൾപ്പെടെയുള്ള ഭൂമിയിലെ വസ്തുക്കളെയും അവയിലെ മൂലകങ്ങളെയും സൃഷ്ടിച്ച ശാസ്ത്ര നിയമങ്ങളും ബന്ധപ്പെട്ട ശക്തികളുമായി' ബന്ധിപ്പിച്ചിരിക്കുകയാണ്**. ജീവികളുടെ ശരീരങ്ങളിലെ നിറവും മണവും രുചിയും ഗുണങ്ങളുമെല്ലാം വ്യത്യാസപ്പെടാൻ അതിനെയും കാരണമാക്കിയിട്ടുണ്ട്. ജീവികളുടെ ഭക്ഷണം, ഭക്ഷണ പൊരുത്തങ്ങൾ; ഭക്ഷണ സാധനങ്ങളിലെ പോഷകങ്ങളുടെ പൊരുത്തം; മരുന്ന്, മദ്യം, വിഷം തുടങ്ങിയവയും ബന്ധപ്പെട്ട മൂലകങ്ങളും ജീവികളുടെ ശരീരങ്ങളിൽ ഏറെക്കുറെ സമാനമായി ഉണ്ടാക്കുന്ന പ്രവർത്തനങ്ങൾ, എന്നിവ വിശകലനം ചെയ്താൽ സമ്പൂർണ്ണവും കുറ്റങ്ങളും കുറവുകളും ഇല്ലാത്തതുമായ മഹാപദ്ധതികളോടെയാണ് ഭൂമിയിലെ എല്ലാ വസ്തുക്കളെയും സൃഷ്ടിച്ചിട്ടുള്ളത് എന്ന് ഗ്രഹിക്കാം. ശരീരങ്ങളുടെ നിറം, സൗന്ദര്യം, മണം, രുചി, പോഷകം തുടങ്ങിയ ഗുണങ്ങളെ പറ്റി പറയുമ്പോൾ, ജീവാത്മാവിന്റെ ജന്മഗുണങ്ങളായ നിറം, സൗന്ദര്യം, മണം, തുടങ്ങിയവ ചർമ്മത്തിലൂടെ പ്രത്യക്ഷമായി പ്രസരിക്കുന്നതും ബന്ധിപ്പിച്ചിട്ടുള്ളതും വേറിട്ടാണെന്നും അറിയണം. അനന്തമായ ശരീരരൂപ ഘടനകളോടെ അനന്തമായി ജീവികളെ സൃഷ്ടിക്കുകയും അനന്തമായ ആനന്ദങ്ങളെ മഹാസമനീതിയോടെ ഓരോ ജീവാത്മാവിനും നൽകി സംരക്ഷിക്കുകയുമാണ് ശരീരങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളും ഭൂമിയും ചെയ്തു പോരുന്നത്.

**മഹാപ്രപഞ്ചത്തിലെ വസ്തുക്കളിലും (ശരീരങ്ങളിലും) ലയിച്ചിട്ടുള്ള എല്ലാ ശാസ്ത്രങ്ങളെയും ഭൗതിക ശാസ്ത്രം @ സൃഷ്ടി ശാസ്ത്രം, ധർമ്മശാസ്ത്രം @ സ്ഥിതി ശാസ്ത്രം, മഹാനീതി ശാസ്ത്രം @ ഓംകാര നീതിശാസ്ത്രം എന്നിങ്ങനെ വിഭജിക്കാം. മഹാശാസ്ത്രം, ഓംകാര ശാസ്ത്രം, മഹാവേദം, 3 വേദങ്ങൾ, ആനന്ദ ശാസ്ത്രം എന്നെല്ലാം പറയാനുമാവും.**

സൃഷ്ടി ശാസ്ത്രം, സത്യ ശാസ്ത്രം എന്നെല്ലാം വിശേഷിപ്പിക്കാവുന്ന ഒന്നാമത്തെ വേദമായ ഭൗതിക **ശാസ്ത്രത്തിന്** ഭൗതിക തന്ത്രം Physics, രസതന്ത്രം Chemistry, സസ്യ ശാസ്ത്രം Botany, ജന്തു ശാസ്ത്രം Zoology, വൈദ്യ ശാസ്ത്രം Medical Science, ജ്യോതി ശാസ്ത്രം Astronomy, ഗണിത ശാസ്ത്രം Mathematics, തുടങ്ങിയ ശാഖകളും അവയ്ക്കെല്ലാം അനന്തമായ ഉപശാഖകളും ഉണ്ട്.

സ്ഥിതി ശാസ്ത്രം എന്ന് വിശേഷിപ്പിക്കാവുന്ന രണ്ടാമത്തെ വേദമായ ധർമ്മ **ശാസ്ത്രത്തിന്** സദാചാര ശാസ്ത്രം Moral Science, സാമ്പത്തിക ശാസ്ത്രം Economic Science, തൊഴിൽ ശാസ്ത്രം Job Science, ജനസേവന ശാസ്ത്രം Political Science, നീതിന്യായ ശാസ്ത്രം Science of Justice തുടങ്ങിയ ശാഖകളും അവയ്ക്കെല്ലാം അനന്തമായ ഉപശാഖകളും ഉണ്ട്.

മൂലകങ്ങളുടെ ഘടനയും ഗുണങ്ങളും പ്രവർത്തനങ്ങളുമാണ് ഒന്നും രണ്ടും വേദങ്ങളായ ഭൗതിക-ധർമ്മ ശാസ്ത്രങ്ങൾ.

മനുഷ്യരുടെ ജീവിതത്തിൽ പഠിക്കാനും പഠിപ്പിക്കാനും ഉൾക്കൊണ്ട് ജീവിക്കാനും ആവശ്യമായത് മേൽ സൂചിപ്പിച്ച ഒന്നും രണ്ടും വേദങ്ങളെ മാത്രമാണ്.

മനുഷ്യർക്ക് മറ്റുള്ള ജീവികളെ പ്പോലെ സാധാരണമായി ജീവിച്ചു കൊണ്ട്, കൂടുതലായി ലഭിക്കുന്ന ബുദ്ധിയും ശക്തിയും കൊണ്ട് ഭൗതിക ശാസ്ത്രവും ധർമ്മ ശാസ്ത്രവും ഭൂമിയിലെ വസ്തുക്കളിൽ നിന്നും ഗ്രഹിക്കാനും അനന്തമായ ആനന്ദങ്ങളെ അനുഭവിച്ചു ജീവിക്കാനും സാധിക്കുന്നതാണ്. **വസ്തുക്കളിൽ ഇല്ലാത്തതായ നികുതികളും നിയമങ്ങളും മറ്റും തട്ടിക്കൂട്ടാൻ അധികാരമില്ല !**

**മഹാനീതി ശാസ്ത്രം, ആത്മീയ ശാസ്ത്രം, ദൈവ വേദം, മാതൃശാസ്ത്രം എന്നെല്ലാം വിശേഷിപ്പിക്കാവുന്ന മുഖ്യവും മൂന്നാമത്തേതുമായ ഓംകാര നീതിശാസ്ത്രത്തിന് ജീവൻ, ശരീരം, ജീവാത്മാവ്, ജന്മഗുണങ്ങൾ, ജനനം, ജീവിതം, മരണം, ആനന്ദം, നീതി, ശിക്ഷ, പുനർജ്ജനനം, പുനർജ്ജീവിതം, പുനർമരണം, .., മോക്ഷം, ... തുടങ്ങിയ ശാഖകളും അവയ്ക്കെല്ലാം അനന്തമായ ഉപശാഖകളും ഉണ്ട്. സ്രഷ്ടാവിന്റെ സ്വത്വകാര്യങ്ങളും ദൈവ വേദത്തിൽ പെടുന്നു.**

**മൂന്നാമത്തെ വേദത്തെ ദൈവ വേദം എന്ന് വിശേഷിപ്പിക്കുമ്പോൾ തന്നെ മനുഷ്യൻ ഉൾപ്പെടെയുള്ള സൃഷ്ടികൾക്ക്, സ്രഷ്ടാവായ ദൈവത്തിന്റെ മഹാനീതി കാര്യങ്ങളിൽ ഇടപെടാൻ കഴിയുന്നതല്ല എന്നും ഇടപെടേണ്ട കാര്യമില്ല എന്നും വ്യക്തമാണ്. മഹാഉചിതമായ സമയത്ത് സ്രഷ്ടാവായ ദൈവം നേരിട്ട് ദൈവ കാര്യങ്ങളെ പഠിപ്പിക്കുന്നതാണ്.**

1000 കോടിയിലധികം വർഷങ്ങളായി പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളെയും ജീവികളെയും സൃഷ്ടിച്ചു പോരുന്നതും മഹാപരിപാലിച്ചു പോരുന്നതും അവയിൽ മഹാലയിച്ചിട്ടുള്ള എല്ലാ ശാസ്ത്രങ്ങളും ശക്തികളും പ്രകാരം ആണെന്ന് വ്യക്തമാകുമ്പോൾ, സനാതന ധർമ്മവും പ്രപഞ്ചവും ഒന്നാണെന്ന് അറിയാത്തതും ഏതാനും ആയിരമോ നൂറ്റാണ്ടുകളോ മാത്രം പഴക്കമുള്ളതും ഭൗതിക അസ്തിത്വം ഇല്ലാത്തതുമായ മതങ്ങളുടെ ഭാഗമായും മറ്റും സനാതന ധർമ്മത്തെ വിശേഷിപ്പിക്കുന്നത് ദൈവനിന്ദയാണ്.

ഉടനെയുള്ള ദൈവ വിപ്ലവത്തോടെ, മതങ്ങൾ രാഷ്ട്രീയ പാർട്ടികൾ തുടങ്ങിയ ഭൗതിക അസ്തിത്വം ഇല്ലാത്ത ഭോഷത്ത ചിന്തകളും ആശയങ്ങളും അവസാനിക്കുന്നതാണ്. അടിസ്ഥാന പരമായി അധമങ്ങളും അസത്യങ്ങളും മാത്രമായ മത-രാഷ്ട്രീയ..ഗ്രന്ഥങ്ങളെ മുഴുവൻ ചുമന്നു നടന്നവർ തന്നെ ചുട്ടെരിക്കുന്നതാണ്.

ഭൂമിയിലെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ളതും ഭൗതികമായ അസ്തിത്വം ഉള്ളതും, ഭൂമിയുടെ മഹാജ്ഞാനവുമായ ഭൗതിക-ധർമ്മ-ആത്മീയ ശാസ്ത്രങ്ങൾ മാത്രമേ ഭൂമിയിൽ നിലനിൽക്കുകയുള്ളൂ; അവ മാത്രമേ, ഭൂമിയുടെ അംശങ്ങളായ മൂലകങ്ങൾ കൊണ്ട് ഉണ്ടായ ശരീരം കൊണ്ട് ജീവിക്കുന്ന മനുഷ്യർക്കും മറ്റുള്ള ജീവികൾക്കും ചേരുകയുള്ളൂ. സൃഷ്ടി സ്ഥിതി സംഹാരങ്ങൾക്ക് സൃഷ്ടികളുടെ സഹായം ദൈവമായ ഭൂമിക്ക് വേണ്ട ! സർവ്വത്തിനും അതീതവും ഭൂമിയുമായ ദൈവത്തിന് ആചാരങ്ങളും അനുഷ്ഠാനങ്ങളും മറ്റ് ഭോഷത്തങ്ങളും കെട്ടിവെയ്ക്കാൻ ഓരോ ജന്മങ്ങളിലും അല്പായുസ്സുകളായി ജീവിച്ചു മരിക്കുന്ന വിവരദോഷികൾക്ക് കഴിയില്ല. പ്രപഞ്ചത്തെയും ദൈവത്തെയും സംബന്ധിച്ച് അടിസ്ഥാന പരമായി അവർക്ക് യാതൊന്നും അറിയില്ല.

വളരെ നിസ്സാരമായ ഏറെക്കുറെ 10000 വർഷങ്ങൾ മാത്രമാണ് ജീവന്റെയും ചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും ആയുസ്സെന്നു കരുതുന്നവരുടെ ഇടയിലെ വിശ്വാസ പ്രമാണങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളുമെല്ലാം അടിസ്ഥാന പരമായി കള്ളവും കള്ളത്തരങ്ങളും അജ്ഞാനവുമാണെന്ന് സുവ്യക്തമാണ്.

ആയിരം കോടിയിലേറെ വർഷങ്ങളായി മഹാസത്യമായി നിലനിന്നു പോരുന്ന ഭൂമിയിലെ എല്ലാ വസ്തുക്കളും വസ്തുതകളും എക്കാലവും പ്രവർത്തിക്കുന്നത് ഭൂമിയുടെ അംശങ്ങളായ വസ്തുക്കളിലും, വസ്തുക്കളെ കൊണ്ട് ഉണ്ടാക്കിയ ജീവികളുടെ ശരീരങ്ങളിലും മഹാ-ലയിച്ചിട്ടുള്ള 'യഥാർത്ഥ സനാതന ധർമ്മം' ആയിട്ടുള്ള 'മഹാജ്ഞാനമായ മഹാശാസ്ത്രത്തിന്റെ ശാഖകളായ 'ഭൗതിക-ധർമ്മ-ആത്മീയ ശാസ്ത്രങ്ങളും, ബന്ധപ്പെട്ട ശക്തികളും' പ്രകാരം മാത്രമാണ്.

**യഥാർത്ഥമായ വേദങ്ങൾ അക്ഷരബ്രഹ്മം സുവ്യക്തമാക്കുന്ന മേല്പടി 3 എണ്ണം മാത്രമാണ്. ഇപ്പോഴത്തെ മഹാസൃഷ്ടിചക്രത്തിൽ ദൈവഭാഗമായ പരമശിവനിലൂടെ യഥാർത്ഥമായ വേദങ്ങൾ വീണ്ടെടുത്തു കഴിഞ്ഞു. ദൈവ വിപ്ലവത്തോടെ സർവ്വരും അംഗീകരിച്ചു സ്വീകരിക്കുന്നതുമാണ്.**

**ദൈവ വിപ്ലവത്തിനു മുമ്പ്, ഇന്ത്യ ഉൾപ്പെടെയുള്ള പലേടത്തും നാല് (4) വേദങ്ങൾ എന്ന് തെറ്റായി പ്രചരിക്കുവാൻ ഇടയായിട്ടുണ്ട്. മുഖ്യ കാരണം മനുഷ്യർ തട്ടിക്കൂട്ടിയ അധമ-മന്ത്രങ്ങളും ആദ്യ മഹാകാല ചക്രത്തിലെ ദേവതകളും, അവർ അധഃപതിച്ച് രൂപപ്പെട്ട ദുർദ്ദേവതകളുമാണ്. ദേവതകളെ നിയമിച്ചപ്പോഴും മണ്ണിലെ മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ശാസ്ത്രങ്ങളും ശക്തികളും ആനന്ദങ്ങളും പ്രകാരം മാത്രം സർവ്വം നടക്കുന്നതാണ് സത്യം. സൃഷ്ടി സ്ഥിതി സംഹാരങ്ങൾക്ക് ആധാരമായിരിക്കുന്നത് ദൈവത്തിന്റെ 'മായ' എന്ന പേരുള്ള മഹാശക്തികളാണ്. മായാശക്തികളെ ലഭിക്കാനായി നിർബ്ബന്ധം പിടിച്ച മനുഷ്യ കുഞ്ഞുങ്ങളെയും ആദ്യ മഹാകാല ചക്രത്തിലെ ഭരണാധികാരികളായ ദേവതകളെയും തൃപ്തിപ്പെടുത്താനായി ദൈവം കുറച്ചു വഴങ്ങുകയും മായാശക്തികളെ ഭാഗികമായി അനുവദിക്കുകയും ചെയ്തു. വർജ്ജ്യമായ മന്ത്രശാസ്ത്രം എന്ന നാലാമത്തെ വേദത്തിന്റെ ഉത്ഭവം അങ്ങനെയൊക്കെയാണ്.**

**മഹാനീതി നിർവ്വഹിക്കാനായി ഭൂമി ചെയ്യുന്ന ആയുസ്സിന്റെ കാര്യത്തിലും മറ്റും മനുഷ്യരും ദേവതകളും മന്ത്രങ്ങളെയും മരുന്നുകളെയും ബന്ധിപ്പിച്ചു കൊണ്ട് ഇടപെടുകയാൽ ആയുർവേദം എന്ന വൈദ്യ ശാസ്ത്ര ശാഖ ദുഷിച്ച് വർജ്ജ്യമായ മന്ത്രശാസ്ത്രത്തിന്റെ ഒരു ശാഖയായി മാറി. മന്ത്രങ്ങൾ എന്ന പേരിൽ മനുഷ്യർ തട്ടിക്കൂട്ടിയിട്ടുള്ള അപശബ്ദങ്ങൾ പ്രമുഖ മതങ്ങളിൽ ധാരാളമായുണ്ട്. അവയ്ക്ക് ഭൂമിയിലെ വസ്തുക്കളിൽ മഹാലയിച്ചിട്ടുള്ള മഹാശാസ്ത്ര നിയമങ്ങളുമായി യാതൊരു ബന്ധവുമില്ല. എളുപ്പത്തിൽ അധമ മാർഗ്ഗങ്ങളിലൂടെ ദൈവത്തിന്റെ മായാശക്തികൾ നേടാനും അവയെ ദുരുപയോഗിച്ച് ജീവികളെയും വസ്തുക്കളെയും സൃഷ്ടിക്കാനും ഭരിക്കാനും ദുർവൃത്തരായ മനുഷ്യർ തയ്യാറാവുന്നതിന്റെ പരിണാമം കൂടിയാണവ.**

മേൽകൊടുത്ത വിശദീകരണങ്ങളിൽ നിന്ന് തത്ത്വമസി ഉൾപ്പെട്ട എല്ലാ മത വിശ്വാസങ്ങളും തെറ്റാണെന്നു തെളിയുന്നുണ്ട്. ആത്മീയ താവളമായി ഭൂമി നിശ്ചയിച്ചിരിക്കുന്ന ഇന്ത്യയിലെ അനേകരും മറ്റും ആദ്യ മഹാകാല ചക്രത്തിൽ പൈശാചികമായി അധഃപതിച്ച ചില ദേവതകളെ ദൈവങ്ങളായിട്ട്, തെറ്റിദ്ധരിച്ചിട്ടുണ്ട്. ഇന്ത്യ, കേരളം, തമിഴ്നാട് എന്നിവിടങ്ങളിലെ ദൈവീകമായ പ്രത്യേകതകളെയും www.omsathyam.com/GodlyRevolution/OM.pdf എന്ന ദിവ്യമഹാവേദ ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്. **എല്ലാ ദേവതകളെയും എന്നന്നേക്കുമായി പിൻവലിച്ചും കഴിഞ്ഞു.** നാരായം കൊണ്ട് ചരിത്രം എഴുതാൻ നിയോഗിക്കപ്പെട്ട ദേവത, സാന്ദർഭികമായി 'മഹാപ്രപഞ്ചത്തിന്റെ ശക്തിനിയന്ത്രണ സത്തയായ ഓംകാരം' ലഭിച്ചപ്പോൾ, കൊടിയ കുതന്ത്രങ്ങളോടെ ദൈവമാകാൻ ശ്രമിച്ചതും, ഇപ്പോൾ മനുഷ്യനായി പുനർജ്ജനിച്ച്, പശ്ചാത്തപിച്ചു കൊണ്ട് 'നല്ല കുഞ്ഞായി ജീവിക്കുന്നതും' മേല്പടി ദിവ്യമഹാവേദ ഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്. നാരായണനിൽ നിന്ന് വഴിപിരിയുകയും കൂടുതൽ വില്ലനായി മാറിക്കൊണ്ട് 'ദൈവ പരി-വേഷം' കെട്ടിയ അതിസുന്ദര-നായ മായാകൃഷ്ണനും അനുയായികളും കുത്സിത ശ്രമങ്ങളിൽ പരാജയപ്പെട്ട്, ഖേദിക്കുകയും 2019 സെപ്തംബറിൽ നാരായണനെ വന്നുകണ്ട് 5 ദിവസം കൂടെക്കൂടുകയും ചെയ്തു; ശേഷം പെരുമാളട്ട എന്ന ദീർഘകാല ശിക്ഷാജന്മത്തിലേക്ക് ഭൂമി പ്രവേശിപ്പിച്ചു.

1000 കോടി വർഷങ്ങൾ നീണ്ട ആദ്യത്തെ മഹാകാല ചക്രം കഴിഞ്ഞു. ഇപ്പോഴുള്ളത് രണ്ടാമത്തെ മഹാകാല ചക്രത്തിന്റെ ആദ്യത്തെ സൃഷ്ടി ചക്രമാണ്. മഹാശക്തിയും ഭൂമിയുമായ മഹാദേവി മഹാപ്രപഞ്ചത്തിന്റെ മഹാഭരണാധികാരിയും മഹാനീതിപതിയുമായി അവതരിച്ചു കഴിഞ്ഞു; ഭാഗവും മഹാദാസനും മഹാദേവനുമായി പരമശിവനെ കൂട്ടിയിട്ടുമുണ്ട്. ഗ്രന്ഥത്തിൽ ആവക കാര്യങ്ങളെ വേറിട്ട് വിശദീകരിച്ചിട്ടുണ്ട്.

ദൈവ വിപ്ലവത്തോടെ മന്ത്രശാസ്ത്രം ഇല്ലാതാകുന്നതാണ്. ദേവതകൾ, ദുർദ്ദേവതകൾ, മന്ത്ര ശാസ്ത്രം തുടങ്ങിയവ www.omsathyam.com/GodlyRevolution/SupremeJusticeGOD.pdf - മഹാഗ്രന്ഥത്തിലും മറ്റും വിശദീകരിച്ചിട്ടുണ്ട്. ആവർത്തിക്കുന്നില്ല.

## ഭക്തിയും ആരാധനകളും : ആനന്ദം അളവ് 0 പൂജ്യം

ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയായ ദൈവം അനുവദിച്ചാൽ മാത്രമേ ദൈവത്തെയും ആരാധിക്കാൻ പാടുള്ളൂ. അങ്ങനെയിരിക്കെ, ദൈവം നൽകുന്ന ശക്തി കൊണ്ട് ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന സൃഷ്ടികൾ അന്യോന്യം ആദരിക്കുക എന്നല്ലാതെ അസ്തിത്വം പോലും സ്വന്തമല്ലാത്തവരും സ്വന്തമായി ശക്തിയില്ലാത്തവരുമായ സൃഷ്ടികളെ മറ്റുള്ള സൃഷ്ടികൾ ആരാധിക്കാൻ പാടില്ല

## ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ഭൂമി നിർവ്വഹിക്കുന്നത് ലളിതമായി തെളിയിക്കുന്നു.

**ഭൂമിയുടെ മൂലകങ്ങളെ കൊണ്ട് ഭൂമി ഉണ്ടാക്കിയ 'ശരീരത്തെ ശരീരം നൽകുന്ന ശക്തിയും ജ്ഞാനവും കൊണ്ട് മനുഷ്യന്റെ സ്വത്വമായ ജീവാത്മാവ് വിശകലനം ചെയ്താൽ, ദൈവം ഉണ്ടെന്ന് ലളിതമായും മഹാശാസ്ത്രപരമായും സ്വയം തെളിയിക്കാൻ കഴിയും.** (വായ്, പല്ലുകൾ, കൈവിരലുകൾ എന്നീ അവയവങ്ങളുടെ പ്രവർത്തനത്തിൽ നിന്നു പോലും ദൈവം ഉണ്ടെന്ന് മനസ്സിലാക്കാൻ കഴിയും. എങ്കിലും ശരീരത്തെ മൊത്തത്തിൽ വിശകലനം ചെയ്യുന്ന മഹാ-ശ്രേഷ്ഠമായ രീതിയെ അവലംബിച്ചിരിക്കുകയാണ്.).

'ശരീരത്തിന്റെ രൂപവും ഘടനയും ജന്മഗുണങ്ങളും ബഹുവിധ-പ്രവർത്തനങ്ങളും' നിശ്ചയിക്കുന്നത് ദൈവമായ ഭൂമിയുടെ അംശമായ മൂലകങ്ങളെ കൊണ്ട് ഉണ്ടാക്കിയ ശരീരം സ്വയമാണ്; 'ജീവിയുടെ സ്വത്വബോധം എന്ന ആത്മാവ് ' അല്ല. 'ജീവാത്മാവ് ' ഉണർന്നിരിക്കുമ്പോഴും ഉറങ്ങുമ്പോഴും ശ്വാസോച്ഛ്വാസം ചെയ്യുന്നതും, പിറന്നു വീഴുന്നതു മുതൽ മരിക്കും വരെ ജീവിക്ക് വിശപ്പും ദാഹവും ദഹനവും വിസർജ്ജന ആവശ്യങ്ങളും ഉണ്ടാക്കുന്നതും / ചെയ്യുന്നതും; അവയവങ്ങളുടെ ഘടനയും പ്രവർത്തനവും വളർച്ചയും; ലിംഗ ബീജ-അണ്ഡ നിർമ്മാണവും, രോഗങ്ങളും രോഗ മുക്തിയും, നരയും ചുളിവുകളും തുടങ്ങി ജനനവും മരണവും നിശ്ചയിക്കുന്നതും ചെയ്യുന്നതുമെല്ലാം ശരീരം / മൂലകങ്ങൾ / ഭൂമി തന്നെയാണ്; 'സ്വത്വം/ആത്മാവ് ' അല്ല.

മേല്പടി പ്രവർത്തനങ്ങളെ ജീവിയുടെ സ്വത്വബോധം എന്ന ജീവാത്മാവിനു വേണ്ടി, ശരീരത്തിന്റെ ഇഷ്ടപ്രകാരം, ശരീരം ചെയ്യുന്ന പ്രവൃത്തികൾ ആണ് എന്നതിൽ നിന്നും ജീവിയുടെ ശരീരവും, സ്വത്വം എന്ന ജീവാത്മാവും അടിസ്ഥാന പരമായി വ്യത്യസ്തമാണെന്ന് സ്വയം വിശകലനം ചെയ്ത് 'സ്വത്വമായ ജീവാത്മാവിന് ' ബോദ്ധ്യപ്പെടാൻ കഴിയുന്നതാണ്.

**മൂലകങ്ങൾ കൊണ്ട് ഉണ്ടായിട്ടുള്ള ശരീരം സ്വയം പ്രവർത്തിക്കുകയാണ് എന്നതിന്റെ അർത്ഥം സമസ്ത ജീവികളുടെയും ശരീരങ്ങൾക്കും, മൂലകങ്ങൾക്കും ആധാരമായ ഭൂമി സ്വയം പ്രവർത്തിക്കുന്നു എന്നാണ്. ഭൂമിയുടെ അംശങ്ങളായ മൂലകങ്ങൾ ഓരോരോ ശരീരമായി ക്കൊണ്ട് ഓരോരോ ജീവാത്മാവിനും വേണ്ടി പ്രവർത്തിക്കുന്നു എന്നതിനെ വ്യാഖ്യാനിക്കുമ്പോൾ, ഭൂമിയിലെ മൊത്തം മൂലകങ്ങളും ചേർന്ന ഭൂമി, എല്ലാ ജീവജാലങ്ങളുടെയും സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്നു എന്നാണ്. മഹാശക്തിയായ ദൈവം = ഭൂമി എന്നാണ് അതിന്റെ അർത്ഥം. സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മഹാശാസ്ത്രപരമായി വേറിട്ട് തെളിയിച്ചിട്ടുമുണ്ട്.**

(ദൈവ ശാസ്ത്രം എന്ന മഹാശാസ്ത്രം പ്രകാരം ദൈവത്തിന്റെ ഖര - നീതി രൂപം മാത്രമാണ് ഭൂമി. വാതക - സൃഷ്ടി - സത്യ- രൂപമായ ഓക്സിജൻ, ദ്രാവക -സ്ഥിതി - ധർമ്മ- രൂപമായ ജലം, പ്രപഞ്ചത്തിന് അതീതമായ ബ്രഹ്മം എന്ന അനിർവ്വചനീയ മഹാസത്യ അവസ്ഥ, ഗോമാതാവും മഹാ-ദിവ്യ മനുഷ്യ സ്ത്രീയും എന്ന അവതാര കാര്യങ്ങൾ; ഭാഗമല്ലാത്ത ഭാഗമായ പരമശിവൻ, തുടങ്ങിയവ **www.omsathyam.com/GodlyRevolution/OM.pdf** എന്ന ദിവ്യമഹാവേദ ഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്. ഭൂമി കാര്യങ്ങളെ തുടരുന്നു. മണ്ണും ഭൂമിയുമായ ദൈവത്തിനു മാത്രം മഹത്വം.)

# സർവ്വം മണ്ണും, മണ്ണായ ഭൂമിയും, മണ്ണും ഭൂമിയുമായ ദൈവവും ആകുമ്പോൾ, ഭൂമിയെ ആരാധിക്കാത്തതും, ഭൂമിയുടെ അംശമായ ശരീരം, കല്ല്, തടി, വിസർജ്ജ്യങ്ങൾ തുടങ്ങിയ എല്ലാ വസ്തുക്കളെയും ആരാധിക്കാത്തതും അപരാധം ആവില്ലേ ? വിശദീകരിക്കുന്നു.

## ' ഭൂമി നമഃ ' എവിടെയും വേണ്ടേ ?

## മഹാശാസ്ത്ര പരമായി വിശദീകരിക്കുന്നു :-

ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയായ ദൈവം, സർവ്വത്തിനും അതീതമാണ്. ദൈവത്തിന്റെ മഹാരൂപമായി ദൈവം സൃഷ്ടിച്ചവ മാത്രമാണ് ഭൂമിയും ഭൂമിയിലുള്ള എല്ലാ ആനന്ദങ്ങളും എന്നിരിക്കെ, കുഞ്ഞുങ്ങളായി സൃഷ്ടിച്ച ജീവികൾക്കു വേണ്ടി ഒരുക്കിയ ആനന്ദങ്ങളിൽ ദൈവം ഭ്രമിക്കില്ല എന്നു മനസ്സിലാക്കാൻ ആവശ്യമായ ബുദ്ധിശക്തികളെ ദൈവം മനുഷ്യന് നൽകിയിട്ടുള്ളത് ഉപയോഗിക്കണം. പകരം ദൈവം സൃഷ്ടിച്ച ആനന്ദങ്ങളിൽ ഭ്രമിക്കുന്ന ഒരു വിചിത്ര ജീവിയായും കോമാളിയായും ദൈവത്തെ കണക്കാക്കിയാൽ, ലഭ്യമായ ബുദ്ധിശക്തിയെകൂടി അപമാനിക്കുന്ന അപരാധമാണ്; ദൈവനിന്ദയാണ്.

**ദൈവം ജീവികളെ സൃഷ്ടിക്കാനും സംരക്ഷിക്കാനും തയ്യാറാകുമ്പോൾ, ആദ്യം തന്നെ സൃഷ്ടികളായ ജീവാത്മാക്കളുടെയും, സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ദൈവത്തിന്റെയും ആനന്ദങ്ങളെ നിശ്ചയിക്കുന്നുണ്ട്. ദൈവത്തെ ആരാധിക്കുക എന്നുള്ളത് ദൈവത്തിന്റെ ആനന്ദങ്ങളിൽ പെടുന്നില്ല; മാത്രമല്ല; ദൈവത്തിന്റെ അനുവാദം കൂടാതെ, മണ്ണിന്റെ ശാസ്ത്ര നിയമങ്ങളുടെ ഭാഗമല്ലാത്ത ആരാധന പോലെയുള്ള അസംബന്ധങ്ങളെ ചെയ്യുന്നവർക്ക് കുറ്റവും ശിക്ഷയും കൂടിയുണ്ട്.**

**പ്രപഞ്ച ഉല്പത്തി + കുഞ്ഞുങ്ങളായ ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ 'ഭൂമിയായ ദൈവം' നിർവ്വഹിക്കുന്നത് കുഞ്ഞുങ്ങൾക്ക് അനന്തമായ ആനന്ദങ്ങളെ നൽകാൻ മാത്രമാണ്.**

ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതും ഏകമഹാസത്യവും ഏകമഹാശക്തിയുമായ ദൈവം 'സൃഷ്ടിക്കുന്നതിനു മുമ്പ് ഇല്ലാത്തതായ ഒന്നിന് ' രൂപവും ഭാവവും നൽകി സത്യമാക്കുന്നതിനു മുമ്പ് ദൈവത്തിന് 'സൃഷ്ടിയോടുള്ള മനോഭാവത്തെയും, സൃഷ്ടിക്കുന്നതിന്റെ ഉദ്ദേശത്തെയും അഥവാ ധർമ്മത്തെയും' നിശ്ചയിക്കണം. സൃഷ്ടി എന്താണ് ചെയ്യേണ്ടത്; എങ്ങനെയാണ് ചെയ്യേണ്ടത്; സൃഷ്ടിക്ക് എന്തെല്ലാം പ്രതിഫലം എങ്ങനെയെല്ലാം ലഭിക്കണം തുടങ്ങിയ കാര്യങ്ങളിൽ തീർപ്പ് ഉണ്ടാകണം. സർവ്വത്തിനും അതീതമായ ദൈവം, സൃഷ്ടിക്കുന്ന ആനന്ദങ്ങൾ ഉൾപ്പെടെ സർവ്വത്തിനും അതീതമാകയാൽ സൃഷ്ടിക്ക് ആനന്ദങ്ങളെ നൽകുക എന്നല്ലാതെ ദൈവം തന്നെ സൃഷ്ടിച്ചാൽ മാത്രം സത്യമാകുന്ന ആനന്ദങ്ങളെയോ പ്രതിഫലമോ ദൈവത്തിന്റെ പ്രവൃത്തികളുടെ പേരിൽ സ്വീകരിക്കാൻ കഴിയില്ല; ദൈവത്തിന് ആവശ്യവുമില്ല.

**മനോഭാവത്തെ നിശ്ചയിക്കാൻ സൃഷ്ടിക്ക് ആനന്ദങ്ങളെ നൽകുന്നതിന്റെ ഭാഗമായി, സൃഷ്ടി എങ്ങനെ ജീവിക്കുന്നതാണ് ദൈവത്തിന്റെ ഇഷ്ടം എന്ന് നിശ്ചയിക്കണമെങ്കിൽ ദൈവത്തിനും ആനന്ദങ്ങളെ നിശ്ചയിക്കാൻ ദൈവം ബാദ്ധ്യസ്ഥമാകുന്നു. കുഞ്ഞ്, വളർച്ച, ജീവിതം, തുടങ്ങിയ ഘട്ടങ്ങളെയും ബന്ധങ്ങളെയും ജീവികൾക്കിടയിൽ സൃഷ്ടിക്കാനും, മഹാപിതാവ്, മഹാമാതാവ് എന്നീ സ്ഥാനങ്ങൾ വഹിച്ചു കൊണ്ട് സൃഷ്ടികളെ അന്യരാക്കാതെ കുഞ്ഞുങ്ങളായി നിശ്ചയിക്കാനും കുഞ്ഞുങ്ങളോടുള്ള മഹാവാത്സല്ല്യം, മഹാദാസ്യം എന്നീ രണ്ട് ആനന്ദങ്ങളെ സ്വയം സ്വീകരിക്കാനും ദൈവം തയ്യാറാവുന്നു. ഓരോ കുഞ്ഞിനും സമആനന്ദം എന്ന സമനീതി ലഭിക്കേണ്ടത് മഹാപിതാവും മഹാമാതാവുമായ ദൈവത്തിന്റെ ആവശ്യമായും തീരുന്നു. ലഭ്യമാകുന്ന ജ്ഞാനം, ശക്തി എന്നിവ പ്രകാരം അന്യോന്യം സ്നേഹിക്കാനും ആനന്ദങ്ങളെ സമമായി വീതിക്കാനുമുള്ള സ്വയം ബാദ്ധ്യത കുഞ്ഞുങ്ങൾക്കും ഉണ്ടാകുന്നുണ്ട് !**

കുഞ്ഞുങ്ങളായി ജീവികളെ സൃഷ്ടിക്കുന്നതിനു മുമ്പ് ജീവികൾക്ക് ജീവിക്കാൻ ആവശ്യമായ ആനന്ദങ്ങളെയും അവയുടെ ധർമ്മ വ്യവസ്ഥകളെയും നിശ്ചയിക്കുകയും സൃഷ്ടിക്കുകയും വേണം; ശേഷം ജീവികളെ സൃഷ്ടിക്കണം; ധർമ്മ വ്യവസ്ഥകൾ പ്രകാരം ജീവിക്കാനുള്ള ശക്തിയും ജ്ഞാനവും നൽകണം. സൃഷ്ടിക്കുന്ന ജീവികളും ആനന്ദത്തിന്റെ ഭാഗമാകുമ്പോൾ ആനന്ദത്തിന് മറ്റൊരു പ്രധാന വിഭാഗം കൂടി ഉണ്ടാകുന്നു. 'ശക്തിയും ജ്ഞാനവും നൽകുക എന്നുവെച്ചാൽ' ദൈവത്തിന്റെ അംശത്തെ തന്നെ നൽകുക എന്നാണർത്ഥം. ആനന്ദങ്ങളെ ഭാഗികമായി ദൈവത്തിന്റെ അംശമായ 'ജ്ഞാനം+ശക്തി'-യിൽ ലയിപ്പിച്ചാൽ, ജീവികൾക്ക് ജീവിക്കാൻ ആവശ്യമായ 'ആനന്ദം, ശക്തി, ജ്ഞാനം' എന്നിവ ചേർന്ന ദൈവീക ഉല്പന്നമാകും. 'ആനന്ദം, ശക്തി, ജ്ഞാനം' എന്നിവ ചേർത്ത് ദൈവം നേരിട്ട് ഉണ്ടാക്കുന്ന / ഉണ്ടാക്കിയ ദൈവാംശം മാത്രമായ വിവിധ ഉല്പന്നങ്ങളാണ് മൂലകങ്ങൾ elements.

മഹാപ്രപഞ്ചത്തിലെ മൂലകങ്ങളിൽ മഹാലയിച്ചിരിക്കുന്ന മഹാശാസ്ത്രത്തെ ദൈവത്തിന്റെ മഹാജ്ഞാനമാണെന്ന് മനസ്സിലാക്കാൻ കഴിയുന്ന ബുദ്ധിശക്തികളെയും ശക്തികളെയും ദൈവം/ഭൂമി യഥാകാലം യഥോചിതമായി മനുഷ്യന് നൽകുന്നുണ്ട്. ജീവികൾക്കെല്ലാം ആനന്ദിച്ചു ജീവിക്കാനുള്ള ശരീരം ഉൾപ്പെടെയുള്ള വസ്തുക്കളെയും വസ്തുതകളെയും ഭൂമിയായ ദൈവം, സ്വന്തം അംശമായ മൂലകങ്ങളിലൂടെ കുഞ്ഞുങ്ങളായ ജീവാത്മാക്കൾക്ക് നൽകുന്നുണ്ട്; അവർക്ക് ലഭിച്ചിട്ടുമുണ്ട്. ശരീരത്തെ സൃഷ്ടിക്കാനും ആദ്യം മൂലകങ്ങൾ ഉണ്ടാവണം. ഭൂമിയിലെ മൂലകങ്ങൾ കൊണ്ട് ഉണ്ടാക്കിയതാണ് ജീവികളുടെ ശരീരം എന്നതിനാലും, ജീവികൾക്ക് താവളവും ശരണവും ഭൂമി മാത്രമാണ് എന്നതിനാലും, ഭൂമിക്കു ശേഷം മാത്രമാണ് ജീവികൾ ഉണ്ടായതെന്നും സൃഷ്ടിച്ചു പോരുന്നതെന്നും സുവ്യക്തമാണ്.

മൂലകങ്ങളെയും, അവയിലെ നിയമങ്ങൾ പ്രകാരം പരസ്പരം പ്രവർത്തിപ്പിച്ച് ഉണ്ടാക്കുന്ന സംയുക്തങ്ങളെയും, അവയുടെയെല്ലാം മഹാഭീമ രൂപമെന്ന് വിശേഷിപ്പിക്കാവുന്ന ഭൂമിയെയും സൃഷ്ടിക്കുന്നതിനു മുമ്പ് മറ്റു ചില പ്രാഥമിക കാര്യങ്ങളെ ചെയ്യേണ്ടതും ദൈവത്തിന്റെ ആവശ്യമാകുന്നു.

ആകാശം എന്നു പറയുന്ന മഹാശൂന്യതയെ ആദ്യം സൃഷ്ടിച്ചാൽ മാത്രമേ ഭൂമിക്ക് സ്ഥിതി ചെയ്യാൻ കഴിയൂ എന്നതിനാൽ ഭൂമിക്കുംമുമ്പ് ആകാശത്തെയാണ് സൃഷ്ടിച്ചത്. മഹാശൂന്യത എന്നു പറയുമ്പോൾ മഹാസൂക്ഷ്മമായ ഘടകങ്ങളും ചേർന്ന ഒരു അപ്രത്യക്ഷവും പ്രകടമല്ലാത്തതുമായ ഭൗതിക അസ്തിത്വം തീർച്ചയായും ഉണ്ട്. സൃഷ്ടിക്കുന്ന കുഞ്ഞുങ്ങളായ ജീവികളുടെ പ്രഭവകേന്ദ്രം, മഹാപിതാവ്, ശിവചക്രം, ശിവലിംഗം, മഹാലിംഗം, പരമാത്മാവ് എന്നെല്ലാം കൂടി ആകാശത്തെ വിളിക്കാം. സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്ന കുഞ്ഞുങ്ങൾ യഥാർത്ഥത്തിൽ യാതൊരു അസ്തിത്വങ്ങളും ഇല്ലാത്തവരും ഒന്നുമില്ലാത്തവരുമായ ശൂന്യത പോലെയും ആവുമ്പോൾ, മഹാശൂന്യത എന്ന പരമാത്മാവിന്റെ അംശങ്ങളെന്ന അസ്തിത്വം ഉചിതമാണ്.

**സർവ്വത്തിനും അതീതമായ ദൈവം, മഹാശൂന്യതയും പരമാത്മാവും ശിവലിംഗവും കൂടിയായ ആകാശത്തെ ആദ്യവും, ആകാശത്തെ കൂടി ഉൾപ്പെടുത്തിയ ഭൂമിയെ രണ്ടാമതും, സൃഷ്ടിച്ച ശേഷം മാത്രമാണ് പരമാത്മാവിന്റെ അംശങ്ങളെ കൊണ്ട് ജീവികളുടെ സ്വത്വങ്ങളായ ജീവാത്മാക്കളെ സൃഷ്ടിക്കുന്നത്.**

ആകാശം എന്ന മഹാശൂന്യത ആദ്യം ഉണ്ടായെങ്കിൽ മാത്രമേ ഭൂമിയും സൂര്യനും ചന്ദ്രനും മറ്റും സ്ഥിതി ചെയ്യാൻ കഴിയൂ എന്നതിനാൽ ആദ്യം ആകാശം ഉണ്ടായി എന്ന് മനസ്സിലാക്കാം. ഓംകാര നീതിശാസ്ത്രം പ്രകാരം ഇലക്ട്രോൺ, പ്രോട്ടോൺ, ന്യൂട്രോൺ, ക്വാർക്കുകൾ, തുടങ്ങിയ മഹാസൂക്ഷ്മ ഘടകങ്ങൾ തനിച്ചും, ഇലക്ട്രോണുകൾ പ്രോട്ടോണുകളെ ചുറ്റുമ്പോഴുള്ള മഹാസൂക്ഷ്മം കൂടിയായ ശബ്ദം ചേർന്ന് ആറ്റങ്ങൾ എന്ന സൂക്ഷ്മ ഘടകങ്ങളും, ആറ്റങ്ങളിലെ ഘടകങ്ങളുടെ എണ്ണത്തിലും ഘടനയിലും ശബ്ദത്തിലും വ്യത്യാസം ചേർന്ന് ഏറെക്കുറെ 100 മൂലകങ്ങളും, തന്മാത്രകളും, അവയുടെ വലിയ കൂട്ടം ചേർന്ന് വസ്തുക്കളും, ചെറുതും വലുതും മഹാഭീമവുമായ വസ്തുക്കൾ ചേർന്ന് ഭൂമിയും, ചന്ദ്രനും ഒക്കെ ഉണ്ടായത് മനസ്സിലാക്കാൻ ഉന്നതമായ ബുദ്ധിശക്തികൾ ലഭിക്കണം !

**മഹാശക്തിയായ ദൈവത്തിന്റെ അംശങ്ങളായി ജീവികളെ/ ആത്മാക്കളെ സൃഷ്ടിക്കാത്തത് എന്തുകൊണ്ട് എന്ന ചോദ്യമുണ്ട്. ദൈവത്തിന്റെ അംശങ്ങൾ, ദൈവത്തെപ്പോലെ ആദിയും അന്തവും ഇല്ലാത്ത മഹാശക്തികളും മഹാജ്ഞാനികളുമാകും; ഭിന്നമാവില്ല. അതിനാൽ സൃഷ്ടികളെ ദൈവത്തിന്റെ അംശമാക്കാൻ കഴിയുന്നതല്ല.**

ദൈവത്തിന്റെ ഇഷ്ടങ്ങളെന്നു വിശേഷിപ്പിക്കാവുന്ന മഹാശാസ്ത്ര നിയമങ്ങൾ പ്രകാരം ശക്തിയോടെയും ശക്തിയില്ലാതെയും പ്രവർത്തിക്കുന്നതും അന്തമില്ലാത്തതുമായ ഒരു പരമാത്മാവിന്റെ അംശങ്ങളായി കുഞ്ഞുങ്ങളുടെ സ്വത്വങ്ങളെ സൃഷ്ടിക്കാനാവും !

**ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതും, പ്രപഞ്ച-സൃഷ്ടിക്കും മുമ്പുള്ള ഏകമഹാസത്യവും, ഏകമഹാശക്തിയുമായ ദൈവത്തിന് പ്രപഞ്ച-ബന്ധമില്ലാത്ത ബ്രഹ്മം എന്ന പേര് ദൈവം തന്നെ നിശ്ചയിച്ചിട്ടുണ്ട്. ശൂന്യത, ജീവ-നിർജ്ജീവത എന്നിവ ബാധകമാകുന്ന പരമാത്മാവ്, പ്രപഞ്ച പിതാവ്, ശിവഗോളം, ശിവചക്രം, ശിവലിംഗം, 'സൃഷ്ടി സ്ഥിതി സംഹാര പാത്രമായ ആകാശം' എന്നെല്ലാം പേരിട്ടിരിക്കുന്ന മഹാപ്രതിഭാസത്തെയാണ് 'സർവ്വത്തിനും അതീതമായ ബ്രഹ്മം' ആദ്യമായി സൃഷ്ടിച്ചത്. ആദിയും അന്തവും ഇല്ലാത്ത ആകാശം എന്ന മഹാശൂന്യതയുടെ ഉള്ളിലാണ് മഹാപ്രപഞ്ചം മുഴുവൻ എന്നതിനാൽ, വിശദീകരിക്കാൻ കഴിയാത്ത ബ്രഹ്മത്തിന്റെ ശ്രേഷ്ഠമായ അഥവാ പരമായ അവസ്ഥയാണ് പരബ്രഹ്മം. ശിവം എന്നും പ്രപഞ്ചത്തെ വിശേഷിപ്പിക്കാം. 'ശൂന്യത, ജീവം, നിർജ്ജീവം എന്നിവ ബാധകമാകുന്ന പരമാത്മാവിന്റെ' അംശങ്ങളെ സ്വത്വങ്ങളായി സൃഷ്ടിക്കുന്നതിനു മുമ്പ് അവയ്ക്കു നൽകാനായി ജീവി എന്ന അസ്തിത്വത്തെയും, അനന്തമായ ആനന്ദങ്ങളെയും; ജ്ഞാന-പദ്ധതിയെയും, അനുഭവിക്കാനുള്ള ശക്തികളെയും, സ്വത്വങ്ങൾക്കെല്ലാം മഹാസമനീതി എന്ന മഹാസമ-ആനന്ദത്തെ നൽകാനുള്ള നീതിശാസ്ത്ര വ്യവസ്ഥകളെയും ഒരുക്കണം.**

ആകാശത്തെ സൃഷ്ടിച്ച ശേഷം, ഭൗതിക ധർമ്മ നീതി ശാസ്ത്രങ്ങളോടെ, ആകാശത്തെയും ഉൾപ്പെടുത്തി, 'ആനന്ദങ്ങൾ, ശക്തികൾ, ജ്ഞാനം' എന്നിവയെ സംയോജിപ്പിച്ച് മൂലകങ്ങളെയും, അവ കൊണ്ട് സംയുക്തങ്ങളെയും അവയുടെയെല്ലാം മഹാഭീമ മൊത്തമായ ഭൂമിയെയും സൃഷ്ടിച്ചത് അങ്ങനെയാണ്.

**പരമാത്മാവിനെയും, പരമാത്മാവിന്റെ അംശങ്ങളായ ജീവാത്മാക്കൾ എന്ന് വിളിക്കുന്ന സ്വത്വങ്ങളെയും അന്തമില്ലാതെ അഥവാ സനാതനമായി നിലനിർത്താനാണ് ഉദ്ദേശമെങ്കിൽ മാത്രമേ അവയ്ക്കു വേണ്ടി അനന്തമായ ആനന്ദങ്ങളെ ഉൾക്കൊള്ളുന്ന ഭൂമിയെയും ശിഷ്ട പ്രപഞ്ചത്തെയും സൃഷ്ടിക്കേണ്ടതുള്ളൂ. ആയിരം കോടിയിലേറെ വർഷങ്ങളായി നിലനിൽക്കുകയാണ് പ്രപഞ്ചമെന്നതും ജീവാത്മാക്കളുടെ മോക്ഷം എന്ന് വിവക്ഷിക്കുന്ന നക്ഷത്രങ്ങൾ ഇപ്പോഴും സൃഷ്ടിക്കപ്പെട്ടു കൊണ്ടിരിക്കുന്നു എന്നതും പ്രപഞ്ച-സൃഷ്ടിയുടെ ഉദ്ദേശങ്ങളിൽ സനാതനം ഉൾപ്പെടുമെന്ന് സാക്ഷ്യപ്പെടുത്തുന്നു. പരമാത്മാവും ഭൂമിയും ഉൾപ്പെടെയുള്ള പ്രപഞ്ചം സനാതനമാണ്. മാത്രമല്ല; ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയായ ദൈവത്തിന്റെ രണ്ടു ഭാഗങ്ങളായിട്ട് അഥവാ മഹാപിതാവും മഹാമാതാവുമായി അവതരിച്ചിരിക്കുന്ന പരമാത്മാവിന്റെയും ഭൂമിയുടെയും അസ്തിത്വവും പ്രവർത്തനങ്ങളും അന്തമില്ലാതെ തുടരുകയുമാണ്. ദൈവത്തിന്റെ മഹാരൂപവും മണ്ണുമായ ഭൂമിയിൽ നിന്നും ചാക്രികമായി അംശങ്ങളും മൂലകങ്ങളുമായ ജീവികളുടെ ശരീരങ്ങളും അവയ്ക്ക് ജീവിക്കാൻ ആവശ്യമായ ഭക്ഷണം ഉൾപ്പെടെയുള്ള വസ്തുക്കളും ഉണ്ടാവുകയും, ശരീരങ്ങൾ വീണ്ടും വീണ്ടും മണ്ണടിയുകയും ശരീരങ്ങളും ഭക്ഷണങ്ങളും മറ്റു വസ്തുക്കളുമായി പരിണമിക്കുകയും ചെയ്യുന്ന മഹാത്ഭുത പ്രതിഭാസം സനാതനമായി സൃഷ്ടിച്ചിരിക്കുന്നു.**

ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതും, ഏകമഹാശക്തിയും ഭൂമിയും മഹാമാതാവുമായ മഹാദേവിയുടെ മത്സ്യാവതാരം + ഓം പ്രകാരം, പ്രപഞ്ചപിതാവും മഹാദാസനുമായ മഹാദേവനിലൂടെ, www.omsathyam.com/GodlyRevolution/OM.pdf , www.omsathyam.com/GodlyRevolution/MahaaVedam.pdf എന്നീ മഹാ-ദിവ്യവേദഗ്രന്ഥങ്ങളിലും മറ്റും വിശദമാക്കിയിട്ടുള്ള ബ്രഹ്മ പാഠങ്ങളിൽ പ്രപഞ്ചത്തിന് അതീതമായ ദൈവത്തെ കുറിക്കുന്ന ബ്രഹ്മം സൃഷ്ടിക്കുന്നത് നിർജ്ജീവം കൂടിയായ ശിവചക്രം എന്ന ആകാശത്തെയും; ഭൂമി എന്ന ശക്തിചക്രത്തെയും മാത്രമാണെന്നും; ഭൂമി ഉണ്ടായിട്ടുള്ളത് ശിവചക്രത്തെയും ശബ്ദ ബ്രഹ്മത്തെയും ചേർത്ത് വസ്തുക്കൾ/ മൂലകങ്ങൾ രൂപപ്പെട്ടാണെന്നും ആകയാൽ ഭൂമിയെന്നത് മഹാശക്തിചക്രമായ ദൈവം ആണെന്നും അംശങ്ങളായ 'വസ്തുക്കൾ @ മൂലകങ്ങൾ' സ്വയം ശക്തികളും ദൈവത്തിന്റെ അംശങ്ങളുമാണെന്നും വ്യക്തമാക്കിയിരുന്നു.

<u>ജീവികളെ സംബന്ധിച്ച് അവയ്ക്കു മുമ്പേ ഉണ്ടായതായ ശിവചക്രവും ശക്തിചക്രവും ആദിയില്ലാത്തവയാണ്.</u> ജീവികൾക്ക് മുമ്പും ശേഷവും, 1000 കോടിയിലേറെ വർഷങ്ങളായി നിലനിൽക്കുന്ന അവ സനാതനവുമാണ്; ഒരിക്കലും മിഥ്യകളല്ല. ശിവചക്രമായ ആകാശം മഹാപിതാവായും, ശക്തിചക്രമായ ഭൂമി മഹാമാതാവായ ഏകദൈവമായും പ്രവർത്തിക്കുന്നത് മേല്പടി ബ്രഹ്മ പാഠങ്ങളിൽ വിശദീകരിക്കുന്നുണ്ട്. ദൈവമായ ഭൂമിയുടെ ഇഷ്ടം പോലെ ജീവമായും നിർജ്ജീവമായും പ്രവർത്തിക്കുന്ന ശിവചക്രം എന്ന പരമാത്മാവിന്റെ അംശമായ ജീവാത്മാക്കളെയും, ഭൂമിയുടെ അംശങ്ങളായ മൂലകങ്ങളെ കൊണ്ടുള്ള ശരീരങ്ങളെയും, സംയോജിപ്പിച്ച് ഭൂമിയായ ദൈവം ജീവികളെ സൃഷ്ടിക്കുന്നതും ശാസ്ത്ര പരമായി വിവരിക്കുന്നുണ്ട്.

ബ്രഹ്മമായ ദൈവം '**ഓം**' എന്ന 'ശബ്ദ ബ്രഹ്മം' കൂടി ആയിക്കൊണ്ട് ഭൂമിയിലെ മൂലകങ്ങളുടെ ഓരോ ആറ്റത്തിലേക്കും പ്രവേശി<u>ച്ചിരിക്കുകയാണ്</u>. അതോടെയാണ് മഹാശക്തിചക്രമായ അന്തമില്ലാത്ത ദൈവമായി ഭൂമി പരിണമിച്ചത്.

ഭൂമിയിലെ മൂലകങ്ങളിലേക്കും, അതുവഴി ഭൂമിയിൽ മൊത്തവും പ്രവേശിച്ചിരിക്കുന്ന ബ്രഹ്മത്തിന് ആദി കൂടി ഇല്ലാത്തതിനാൽ, ഭൂമിക്കും ഭാഗികമായി ബാധകമാണ്. 'ബ്രഹ്മം' ആദ്യമായി സൃഷ്ടിച്ച പരമാത്മാവ് എന്ന ശിവചക്രം ഉണ്ടായതും, ജീവാത്മാക്കൾ അറിയുന്നത് ദൈവം അറിയിക്കുമ്പോൾ മാത്രമാണ്. ജീവികളെ സംബന്ധിച്ച് പരമാത്മാവും ശിവചക്രവുമായ മഹാപിതാവിനും, ഭൂമിയെന്ന മഹാമാതാവിനും ആദിയും അന്തവും ഇല്ല തന്നെ.

സർവ്വത്തിനും അതീതമായ ദൈവത്തെ ആര് സൃഷ്ടിച്ചു എന്ന ചോദ്യം ശാസ്ത്രപരമെന്നോണം ഉദിക്കുന്നുണ്ട്. ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയാണ് ദൈവം എന്ന നിർവ്വചനം തന്നെ ഉത്തരം നൽകുന്നുമുണ്ട്. സ്രഷ്ടാവായ ദൈവം ഉണ്ടാക്കുന്ന സൃഷ്ടി മാത്രമാണ് ഉണ്ടാകുന്നത്. സ്രഷ്ടാവായ ദൈവം ഉണ്ടാകുന്നില്ല; സദാ ഉണ്ട്. ഭൂമി ഉൾപ്പെട്ട പ്രപഞ്ചത്തെ സൃഷ്ടിച്ചാലും ഇല്ലെങ്കിലും, പ്രപഞ്ചം ഉൾപ്പെടെ സർവ്വത്തിനും അതീതമായ 'ബ്രഹ്മം' എന്ന 'മഹാസത്യമായ ദൈവം' എല്ലായ്പ്പോഴും ഉണ്ട്. പ്രപഞ്ചത്തിന്റെ ശാസ്ത്രം കൊണ്ട് പ്രപഞ്ചത്തിന് അതീതമായ ബ്രഹ്മത്തെ വിശദീകരിക്കാനാവില്ല. മായാശക്തികളുടെ പ്രഭാവം എല്ലാ സൃഷ്ടി ചക്രങ്ങളുടെയും രണ്ടാമത്തെ പകുതിയിൽ അനുഭവിക്കുന്ന അവസ്ഥ ഉണ്ടെന്നിരിക്കെ വിഷയ-ചർച്ചകളും അനാവശ്യമാണ്.

മനുഷ്യർക്ക് അറിയാത്ത മറ്റ് മഹാശാസ്ത്രങ്ങളെയും മറ്റ് മഹാപ്രപഞ്ചങ്ങളെയും കൂടി അനന്തമായി സൃഷ്ടിക്കാനും സംരക്ഷിക്കാനും സർവ്വത്തിനും അതീതമായ 'ബ്രഹ്മത്തിന്' കഴിയും. ബ്രഹ്മം അതിനു തയ്യാറായാൽ, ഞങ്ങളുടെ / നമ്മുടെ ദൈവം, എന്നെല്ലാം മനുഷ്യർക്ക് പറയാനാവില്ല. അസുരക്ഷിതാവസ്ഥയും അരക്ഷിതാവസ്ഥയും ഒരേപോലെ ഭൂമിയിലെ മനുഷ്യർക്ക് ഉണ്ടാകുന്നതാണ്. മാത്രമല്ല; മറ്റ് മഹാപ്രപഞ്ചങ്ങളെ സൃഷ്ടിക്കാനും സംരക്ഷിക്കാനും ഇഷ്ടം പോലെ സംഹരിക്കാനും ഒക്കെ സർവ്വത്തിനും അതീതമായ 'ബ്രഹ്മം' തയ്യാറായാൽ, സത്യ ധർമ്മ നീതികൾ @ സനാതന ധർമ്മം എന്ന ദൈവത്തിന്റെ ഭാവത്തെ പ്പറ്റി യാതൊന്നും അറിയാത്തവരായി മനുഷ്യർ മാറുന്നതാണ്. അത് മറ്റൊരു തരം അസുരക്ഷിതാവസ്ഥയെ ഭൂമിയിലെ മനുഷ്യർക്കും അവരുടെ മോക്ഷമായ നക്ഷത്രങ്ങൾക്കും ഉണ്ടാക്കുന്നതാണ്.

ദൈവം മറ്റ് പ്രപഞ്ചങ്ങളെ സൃഷ്ടിക്കാനും സംരക്ഷിക്കാനും തയ്യാറാകുന്നില്ല എന്നും ചെയ്യുന്നില്ല എന്നും മനുഷ്യർക്ക് ആനന്ദത്തോടെ ഉറപ്പിക്കാൻ കഴിയുന്നത് മഹാവാത്സല്യത്തെയും മഹാദാസ്യത്തെയും ആനന്ദങ്ങളായി ദൈവം സ്വീകരിച്ചിരിക്കുന്നു എന്നതുകൊണ്ടാണ്. മനുഷ്യർ അറിയുന്ന മഹാപ്രപഞ്ചത്തിലൂടെ തന്നെ ആദിയും അന്തവുമില്ലായ്മ പ്രകടിപ്പിക്കാൻ ദൈവത്തിനു കഴിയും; പ്രകടിപ്പിക്കുന്നുമുണ്ട് !

ആകാശത്ത് കാണുന്ന അനന്തമെന്നോണമുള്ള കോടിക്കണക്കിന് നക്ഷത്രങ്ങൾ ഉണ്ടായിട്ടുള്ളതും, ഇപ്പോഴും നക്ഷത്രങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതും ഭൂമിയിൽ സൃഷ്ടിക്കപ്പെടുന്ന ജീവികൾക്ക് മനുഷ്യാവസ്ഥയിൽ ലഭിക്കുന്ന മോക്ഷമാണെന്ന് ദൈവ വിപ്ലവത്തോടെ തെളിയുമ്പോൾ, പ്രപഞ്ച-സൃഷ്ടിയുടെ ആരംഭത്തിൽ നക്ഷത്രങ്ങൾ ഇല്ലായിരുന്നു എന്നു കൂടി വ്യക്തമാണ്. ഭൂമിയിൽ വച്ച് അറിഞ്ഞതും അനുഭവിച്ചതുമായ അനന്തമായ ആനന്ദങ്ങളെ സ്വന്തം ഇഷ്ടപ്രകാരം അനന്തമായി ആസ്വദിക്കാൻ മോക്ഷാവസ്ഥയിൽ കഴിയുന്നു. വീണ്ടും ഭൂമിയിലേക്ക് തിരിച്ചു വരാനും ജീവി രൂപം സ്വീകരിച്ചു കൊണ്ട് ഭൂമിയിൽ ജീവിക്കാനും അനുവാദമുണ്ട് എന്നറിയുമ്പോൾ നക്ഷത്രങ്ങളിൽ ചിലവ ഇല്ലാതാകുന്നതിന്റെ കാരണവും വ്യക്തമാകുന്നു.

ഭൂമിയുടെ ഉപഗ്രഹമായി ഇന്ന് അനേകർ കരുതുന്ന ചന്ദ്രനെയും സൃഷ്ടിച്ചിരിക്കുന്നത് വ്യക്തവും സമ്പൂർണ്ണവുമായ വ്യവസ്ഥകളോടെയാണ് എന്ന് മുകളിലത്തെ പാഠങ്ങളിൽ നിന്നും നിസ്സാരമായി മനസ്സിലാക്കാം. എല്ലാ സൃഷ്ടിചക്രങ്ങളിലും ഭൂമിയിൽ സംഹാരം ആരംഭിക്കുമ്പോൾ, മനുഷ്യർ ഒഴികെയുള്ള ജീവികളിൽ ഒരു വിഭാഗത്തെ മഹാനീതി ശാസ്ത്ര പ്രകാരം ചന്ദ്രനിലേക്ക് മാറ്റുന്നുണ്ട്. വാതകാവസ്ഥയിലുള്ള ആത്മാക്കളെ മാത്രമാണ് മാറ്റുക; വാഹനങ്ങളെ ഉപയോഗിച്ചല്ല. ചന്ദ്രനിലെ മൂലകങ്ങളെയും സംയുക്തങ്ങളെയും വെറുതെ സൃഷ്ടിച്ചിരിക്കുകയല്ല. ഉചിതമായ സമയത്ത് ചന്ദ്രനിലെ സംയുക്തങ്ങളിൽ നിന്നും ദൈവത്തിന്റെ വാതക രൂപവും ജീവികളുടെ ജീവനുമായ ഓക്സിജൻ പുറത്തുവരും; ധർമ്മത്തെ ചെയ്യാൻ പരമാത്മാവായ ഹൈഡ്രജനുമായി ചേർന്ന് ജലവും സൃഷ്ടിക്കും !

ചന്ദ്രനെ മാത്രമല്ല; സൂര്യനെയും സൃഷ്ടിക്കുന്നത് / സൃഷ്ടിച്ചത് ദൈവത്തിന്റെ മഹാരൂപമായ ഭൂമി തന്നെയാണ്. സൃഷ്ടി സ്ഥിതി സംഹാര പാത്രം കൂടിയാണ് ആകാശം എന്നു പറയുമ്പോൾ, പരമാത്മാവ്, അംശങ്ങളായി ജനിപ്പിക്കുന്ന ജീവാത്മാവ്, മോക്ഷമായ നക്ഷത്രങ്ങൾ, ദൈവത്തിന്റെ വാതക രൂപമായ ഓക്സിജൻ, ജീവാത്മാക്കൾക്ക് ജന്മഗുണങ്ങളെ നൽകാനായി അവയുടെ ഭൗതിക-ധർമ്മ അസ്തിത്വങ്ങളായ അന്തരീക്ഷത്തിലെ അപൂർവ്വ വാതകങ്ങൾ, തുടങ്ങിയവയ്ക്കെല്ലാം സ്ഥിതി ചെയ്യാനുള്ള അഥവാ ധർമ്മത്തെ നിർവ്വഹിക്കാനുള്ള മഹാപാത്രം കൂടിയാണ് ആകാശം. പരമാത്മാവും നിർജ്ജീവവുമായ ശിവചക്രത്തിന് സൃഷ്ടി കാര്യങ്ങളിൽ പങ്കെടുപ്പിക്കാനുള്ള ശക്തിയെ ഭൂമി നൽകുന്നത് 'വെളിച്ചം' കൊണ്ടാണ്. വെളിച്ചം ഉണ്ടാകട്ടെ എന്നു ഭൂമിയിലെ മൂലകങ്ങളിൽ മഹാലയിച്ചിരിക്കുന്ന ശബ്ദ ബ്രഹ്മം കൂടിയായ ഓം കല്പിക്കുന്നു. പരമാത്മാവിനു ലഭിക്കുന്ന വെളിച്ചത്തെ സൂക്ഷിക്കുന്ന ചെറിയ ഒരു പാത്രം മാത്രമാണ് സൂര്യൻ. ഒരു പ്രോട്ടോണും ഒരു ഇലക്ട്രോണും മാത്രം ചേർന്ന് ഉണ്ടായിട്ടുള്ള ഹൈഡ്രജൻ എന്ന പരമാത്മാവിന് പ്രോട്ടോണിന്റെ മഹാസൂക്ഷ്മചിരി കൂടിയായ ഓം സൃഷ്ടിക്കുന്ന ന്യൂട്രോൺ ഘടകം ഹീലിയമായി പരിണമിക്കുകയും, ശക്തിയിലെ 'തീ' വെളിച്ചവും ചൂടുമായി വെളിയിൽ വരികയും ചെയ്യുന്നു. സൂര്യനിൽ നിന്നും ചൂടും വെളിച്ചവും കിട്ടുന്നത് അങ്ങനെയാണ്. ശാസ്ത്ര ഗവേഷണങ്ങൾ കാലാന്തരത്തിൽ തെളിയിക്കുമ്പോൾ സംശയങ്ങൾ അവസാനിക്കുന്നതാണ്. ദൈവ വിപ്ലവം ആരംഭിക്കുന്നതിനു മുമ്പ് വെളിച്ചത്തിന്റെ സത്തയെ / മൂലത്തെ സൂര്യനിൽ നിന്നും മാറ്റി പരമശിവനായി മാറുന്ന ശിവചക്രത്തിലേക്ക് ഭൂമിയായ മഹാദേവി പ്രവേശിപ്പിക്കുന്നുണ്ട്. ഭൂമിയായ മഹാദേവിയുടെ മഹാദാസനും മഹാദേവനും പരമശിവനുമായി മഹാദേവി മഹാനിശ്ചയിച്ചിരിക്കുന്ന ഗ്രന്ഥകാരനിലേക്ക് മഹാസൂര്യനേത്രത്തെ പ്രവേശിപ്പിച്ചു കഴിഞ്ഞതായി വിനീതമായി അറിയിക്കുന്നു. ജീവാത്മാവ് ചെറിയ പ്രകാശമായി ശരീരത്തിൽ പ്രവേശിക്കുന്നതും ശരീരത്തിൽ നിന്നും പുറത്തു പോകുന്നതും ദർശിക്കാൻ മനുഷ്യരിലെ ചിലർക്ക് ഭാഗ്യം ഉണ്ടാകുന്നതാണ്.

ബുധൻ, ശുക്രൻ, വ്യാഴം, ശനി തുടങ്ങിയ ഗ്രഹങ്ങൾ ഉണ്ടായത് ആദ്യമഹാകാല ചക്രത്തിലെ മനുഷ്യരിൽ നിന്നും ദേവതകളായി നിശ്ചയിച്ചവരിൽ ഒരാൾ വഴിപിഴച്ചപ്പോഴാണ്. ദൈവ വിപ്ലവത്തിനു ശേഷം സംഹാരം ആരംഭിക്കുമ്പോൾ പരമശിവനിലൂടെ ഭൂമിയും ചന്ദ്രനും സൂര്യനും ഒഴികെയുള്ള ഗ്രഹങ്ങളെ സംഹരിക്കുന്നതാണ്. ആവക കാര്യങ്ങളെ www.omsathyam.com/GodlyRevolution/SupremeJusticeGOD.pdf എന്ന മഹാദിവ്യവേദഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.

മഹാശൂന്യത കൂടിയായ ആകാശത്തിൽ ഭൂമിയും ചന്ദ്രനും സൂര്യനും നക്ഷത്രങ്ങളും മറ്റും ഭൂഗുരുത്വാകർഷണം എന്നു പേരിട്ടിരിക്കുന്ന ബ്രഹ്മശക്തി കൊണ്ടാണ് ശാസ്ത്രനിയമങ്ങളോടെ കറങ്ങുന്നത്.

വീണ്ടും ഭൂമിയിലെ കാര്യങ്ങളെ കുറിക്കാം.

ജീവികളുടെ സ്വത്വമായ ജീവാത്മാക്കളെ സൃഷ്ടിക്കുന്നതിനു മുമ്പ്, അവയ്ക്ക് അനന്തമായ ആനന്ദങ്ങളെ നൽകാൻ കഴിയുന്ന വസ്തുക്കൾ, ഇണ, മറ്റു ജീവികൾ, അനന്തമായ പാർപ്പിടം, ശരണം തുടങ്ങിയവയും ദൈവം സ്വീകരിക്കുന്ന ഭൂമി എന്ന മഹാരൂപത്തിൽ ഒരുക്കണം. ശക്തി, ശാസ്ത്രം, ആനന്ദം, മഹാനീതി എന്നിവയുടെ മഹാകലവറ ആവണം ഭൂമി; വസ്തുക്കളിൽ പ്രസ്തുത ഘടകങ്ങൾ ഉണ്ടാവണം; ജീവികൾക്ക് ലഭ്യമാക്കണം. ശരീരം ഉൾപ്പെടെയുള്ള വസ്തുക്കളിലൂടെ അവയെല്ലാം സമ്പൂർണ്ണമായി ഭൂമി ചെയ്യുന്നുണ്ട്.

ശക്തിയും ശരണവും ശരീരവും വസ്തുക്കളും ഭൂമിയുമായി മാറുന്നത് ഭൂമിയിലെ മൂലകങ്ങൾ ആണെന്ന് പറയുമ്പോൾ, ജീവികളെ സൃഷ്ടിക്കുന്നതിനു വേണ്ടിയും, അവയ്ക്ക് ശക്തിയും ശരണവും നൽകുന്നതിനു വേണ്ടിയും, ഭൂമിയായി ദൈവം തന്നെ മഹാരൂപമെടുത്തിരിക്കുകയാണെന്ന് മേല്പടി ബ്രഹ്മ പാഠങ്ങളിൽ വിശദീകരിക്കുന്നതിനെ അനുഭവിച്ചറിയുന്നവരാണ് മനുഷ്യർ.

ദൈവത്തിന്റെ അനുഗ്രഹത്തെ ശാസ്ത്ര ജ്ഞാനമായി ലഭിച്ചിട്ടുള്ള മനുഷ്യർക്ക് ഈവക കാര്യങ്ങളെ സ്വയം വിശകലനം ചെയ്ത് ബോദ്ധ്യപ്പെടാനും ചുറ്റുമുള്ളവരിൽ 'ദൈവാനുഗ്രഹം ഉള്ളവരെ' ബോദ്ധ്യപ്പെടുത്താനും കഴിയുന്നതാണ്.

**ആരാധനയെ അപരാധമായി ദൈവം നിശ്ചയിച്ചിരിക്കുന്നു.**

**കുഞ്ഞുങ്ങൾക്കു വേണ്ടി ദൈവമായ ഭൂമി സ്വീകരിക്കുന്നതും, കുഞ്ഞുങ്ങൾക്കു തന്നെ നൽകുന്നതുമായ ദൈവത്തിന്റെ ആനന്ദങ്ങൾ, കുഞ്ഞുങ്ങളോടുള്ള മഹാവാത്സല്ല്യവും മഹാദാസ്യവും മാത്രമാണെന്ന് മഹാനിശ്ചയിച്ചിരിക്കെയും, അവയെ ഭൂമിയുടെ മൂലകങ്ങളിൽ ലയിപ്പിച്ചിരിക്കെയും, മൂലകങ്ങളിൽ ഇല്ലാത്തതായ അഥവാ ഭൗതികമായ അസ്തിത്വം ഇല്ലാത്തതായ 'ആരാധിക്കുക' എന്ന അസംബന്ധത്തെ മനുഷ്യൻ പിൻപറ്റുന്നത് തെറ്റാണ്; കുറ്റമാണ്; കുറ്റത്തിന്റെ അളവുകളുടെ അടിസ്ഥാനത്തിൽ ദൈവശിക്ഷയും അളവുകളോടെ അനുഭവിക്കേണ്ടി വരും! എല്ലാ കുഞ്ഞുങ്ങൾക്കും ആനന്ദിച്ചു ജീവിക്കാനായി ദൈവം സൃഷ്ടിച്ചിട്ടുള്ളതും ദൈവാംശവുമായ വസ്തുക്കളെ 'ദൈവാരാധന' എന്ന പേരിൽ ദുരുപയോഗം ചെയ്യുന്നത് കടുത്ത അപരാധമാണ്. ആഫ്രിക്കൻ രാജ്യങ്ങളിലും മറ്റും കടുത്ത സാമ്പത്തിക ദാരിദ്ര്യത്തിലും, ശാസ്ത്ര ജീവിത സൗകര്യങ്ങൾ ഇല്ലാതെയും, അപരാധികൾ പുനർജ്ജനിച്ചു ജീവിച്ചുകൊണ്ടിരിക്കുന്നു; തുടരുന്നതുമാണ് !!**

മാതാപിതാക്കളും കുഞ്ഞുങ്ങളും തമ്മിൽ വാത്സല്ല്യമാണ് മണ്ണും ഭൂമിയുമായ ദൈവം വ്യവസ്ഥ ചെയ്തിട്ടുള്ളത്.

മാതാപിതാക്കളുടെയും കുഞ്ഞുങ്ങളുടെയും ഹൃദയത്തിൽ നിന്ന് മുഖവും കൈകളും കാലുകളും ഉൾപ്പെടെ ശരീരം മുഴുവൻ ദാസ്യ-വാത്സല്ല്യങ്ങൾ സദാ പ്രകാശിക്കുന്നതാണ്. മാതാപിതാക്കൾക്ക് കുഞ്ഞുങ്ങളോടുള്ള ദാസ്യ-വാത്സല്യത്തിന്റെ കൃത്യം 100 മടങ്ങാണ് സൃഷ്ടി സ്ഥിതി സംഹാര കർത്താവ് കൂടിയായ മഹാമാതാവും മഹാപിതാവുമായ ദൈവത്തിന് എല്ലാ സൃഷ്ടികളോടുമുള്ള മഹാവാത്സല്ല്യവും മഹാദാസ്യവും.

മനുഷ്യ-മാതാപിതാക്കൾ കുഞ്ഞുങ്ങളുടെയും കുട്ടികളുടെയും രോഗികളുടെയും ഒക്കെ മല-മൂത്ര-ഛർദ്ദി-വിസർജ്ജ്യങ്ങളെ ശുചീകരിച്ചു തള്ളുന്നതിനെയും മഹാമാതാവായ ഭൂമി എല്ലായ്പ്പോഴും സ്വീകരിക്കുകയാണു ചെയ്യുന്നത്.

മഹാമാതാവായ ഭൂമി മഹാദാസ്യത്തെയും മഹാവാത്സല്യത്തെയും സ്വന്തം ആനന്ദങ്ങളായി സ്വീകരിച്ചിരിക്കെ, അതിനു തടസ്സമുണ്ടാക്കി ക്കൊണ്ട് മാനുഷികമായ ആനന്ദങ്ങളെയും ഭൗതികമായ അസ്തിത്വം ഇല്ലാത്തതായ കോപ്രായങ്ങളെയും ഏകമഹാശക്തിയായ ഭൂമിയുടെ ആനന്ദങ്ങളായി പ്രചരിപ്പിക്കാൻ സൃഷ്ടികളായ മനുഷ്യർ പരിശ്രമിക്കുന്നത് അപരാധമാണ്. വ്യത്യസ്തമായ ഒരു ഉദാഹരണം ചൂണ്ടിക്കാട്ടാം :- മനുഷ്യരുടെ മലം തിന്നുന്ന നായകളും കാക്കകളും 'ഭക്ഷണം കഴിക്കുകയാണ്.' മനുഷ്യർക്ക് അരോചകമായ മലത്തിന്റെ ദുർഗന്ധത്തെ ബിരിയാണിയുടെ മണവും രുചിയുമായി ഭൂമിയായ ദൈവം പരിണമിപ്പിച്ചാൽ മനുഷ്യ-മലത്തിനായി മനുഷ്യർ അടിപിടി കൂടും .. മലം നേടാനും ഭക്ഷിക്കാനുമായി മനുഷ്യരെ വധിച്ചെന്നും വരും..

മനുഷ്യ-മലം സംബന്ധിച്ച മറ്റൊരു വസ്തുത കൂടി കുറിക്കാം.

മലത്തിന്റെ ദുർഗന്ധത്തെ മാറ്റിയാൽ തന്നെ മനുഷ്യരിലെ അരോചകത വളരെയധികം മാറുന്നതാണ്. ഭൂമിയുടെ സ്വത്വവും ജീവികളുടെ ജീവനുമായ ഓക്സിജൻ, മനുഷ്യരുടെ മലം, കീഴ് വായു എന്നിവയുടെ ദുർഗന്ധത്തനു പിന്നിലെ ഭൗതിക ഘടകങ്ങളെ ഉപയോഗിച്ചും പ്രവേശിപ്പിച്ചുമാണ് ചന്ദനമരം ഉണ്ടാക്കുന്നത്; മണം മാറ്റിയെങ്കിലും നിറം +..മാറ്റിയിട്ടില്ല ! മനുഷ്യ-മൂത്രത്തെ നാരങ്ങാ-നീരും, ഗോമൂത്രം ഓറഞ്ചും, ചാണകം ആപ്പിളുമാക്കുന്നു! ഇവയെ ഭൂമി ചെയ്യുന്നത് കുഞ്ഞുങ്ങളായ ജീവികൾക്കു വേണ്ടിയാണ്. അറിവും ബുദ്ധിയും കുറച്ചു ലഭിച്ച ജീവികൾ അവരവരുടെ ശരീരം നൽകുന്ന ധർമ്മ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ കൂടുതൽ ആനന്ദത്തെ നേടുന്നതിൽ ശ്രദ്ധിച്ചും, ദൈവ കാര്യങ്ങൾ അറിയാതെയും തലയിടാതെയും ജീവിക്കുന്നു. ഒരല്പം ശൂന്യതയോ, ഒരു എറുമ്പിനെ പ്പോലുമോ സൃഷ്ടിക്കാനോ, ദൈവം ശക്തി നൽകാതെ ഒരു പുൽക്കൊടി പോലും ഉയർത്താനോ ശക്തിയില്ലാത്ത മനുഷ്യൻ 'ദൈവ കാര്യങ്ങൾ കൂടുതൽ അറിഞ്ഞിട്ട് എന്തു ചെയ്യാനാണ് ?' ആനന്ദിച്ച് സ്വയം ജീവിക്കാനും, മറ്റുള്ളവർക്ക് ആനന്ദിച്ചു ജീവിക്കാൻ ദൈവമായ ഭൂമി നൽകുന്ന ശക്തികൾക്കും അവസരങ്ങൾക്കും ഭംഗമുണ്ടാക്കാതെ ശ്രദ്ധിക്കണം. അപ്രകാരം ജീവിക്കുന്ന മറ്റുള്ള (ബുദ്ധി കുറഞ്ഞ) ജീവികളെ പാഠവുമാക്കാം.

ദൈവമായ ഭൂമി നൽകുന്ന ശക്തികളെയും അവസരങ്ങളെയും ദുരുപയോഗം ചെയ്യുന്നതും, ദൈവത്തിന്റെ ആനന്ദങ്ങളായ ജീവികളോടുള്ള മഹാദാസ്യവും മഹാവാത്സല്ല്യവും അല്ലാത്ത മനുഷ്യരുടെ സ്തുതികളും കീർത്തനങ്ങളും പാരായണങ്ങളും മറ്റു കോനാംപീച്ചകളും കൊണ്ട് ഭൂമിയെ നിന്ദിക്കുന്നവർക്കെല്ലാം മുമ്പ് കുറിച്ചതു പോലെ ഓംകാര നീതിശാസ്ത്രം പ്രകാരം ശിക്ഷകളുണ്ട്.

ഭൂമിയുടെ സ്വത്വവും ജീവികളുടെ മുഴുവൻ ജീവനുമായ ഓക്സിജൻ ജീവികൾക്കെല്ലാം വേണ്ടി മഹാവാത്സല്ല്യത്തോടെ എല്ലായ്പ്പോഴും പണിയെടുക്കുന്നത് ഭൂമിയുടെ/ഓക്സിജന്റെ ആനന്ദമാണ് എന്ന് മനസ്സിലാക്കണം. ഭൂമിയുടെ അംശമായ മൂലകങ്ങളെ കൊണ്ട് ഉണ്ടാക്കിയ ശരീരത്തിലൂടെ ഭൂമി നൽകുന്ന ശക്തിയും, ജ്ഞാനവും ആനന്ദവും കൊണ്ട് മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ശാസ്ത്ര നിയമങ്ങൾ പ്രകാരം ഭൂമിയിൽ അദ്ധ്വാനിച്ച് കൂടുതൽ കൂടുതൽ ആനന്ദിച്ചു ജീവിക്കാൻ ശ്രദ്ധിക്കണം. അപ്പോഴാണ് ഭൂമിയുടെ സ്വത്വമായ ഓക്സിജൻ സന്തോഷിക്കുക. ഭൂമിയെ തൊഴാനും, സാഷ്ടാംഗം നമസ്ക്കരിക്കാനും മറ്റും ഭൂമിയിലെ നിയമങ്ങൾ ആവശ്യപ്പെടുന്നില്ല. ഭൂമിയുടെ ആനന്ദങ്ങൾ കുഞ്ഞുങ്ങളായ ജീവികളോടുള്ള മഹാദാസ്യവും മഹാവാത്സല്ല്യവും മാത്രമാണെന്ന് അറിയിച്ചിരിക്കെ, ഭക്തിയുടെ പേരിലും മറ്റും കോപ്രായങ്ങൾ വേണ്ടാ. ആവർത്തിക്കുന്നു : കൂടുതൽ ബുദ്ധിശക്തികളെ ലഭിച്ചിട്ടും ഉപയോഗിക്കാത്ത മനുഷ്യരൂപികളായ ജീവികൾക്ക് മറ്റുള്ള (ബുദ്ധി കുറഞ്ഞ) ജീവികളെ പാഠമാക്കാവുന്നതാണ്.

ഒരു കൂട്ടം മനുഷ്യരൂപികളായ ജീവികൾക്കും, സാധുക്കൾക്കും ദൈവത്തെയും ഭൂമിയെയും മറ്റും സ്തുതിക്കാതെയും ആരാധിക്കാതെയും ആനന്ദിച്ചു ജീവിക്കാൻ കഴിയാത്ത അവസ്ഥ അപ്പോഴും ഉണ്ടാകും. ജീവികളുടെ ആനന്ദ വർദ്ധനയ്ക്കു വേണ്ടി ശരീരത്തിന്റെ മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ദാസ്യം, വാത്സല്യം, തൊഴിൽ എന്നിവയിലുള്ള ആനന്ദങ്ങൾ സൃഷ്ടിക്കുന്ന ഒരു അവസ്ഥ കൂടിയാണത്. ശാസ്ത്രജ്ഞാനം നേടുന്നതിലെ പരാജയം, സമൂഹ ഭയം, ദുസ്വാർത്ഥം തുടങ്ങിയ കാരണങ്ങളും അതിലുണ്ട്.

സൃഷ്ടികളായ മനുഷ്യർക്ക് എല്ലാം (?) തരുന്ന സ്രഷ്ടാവായ ദൈവത്തോടുള്ള / ഭൂമിയോടുള്ള നന്ദി പ്രകാശിപ്പിക്കാൻ / പ്രകടിപ്പിക്കാൻ ബാദ്ധ്യത ഉണ്ടെന്നു കരുതുന്ന പ്രകടനക്കാരുണ്ട്. ദൈവം ജീവികളെ സൃഷ്ടിച്ചു പോരുന്നത് 'സ്വന്തം പൊന്നോമന കുഞ്ഞുങ്ങളായിട്ടാണ്; (വെറും) സൃഷ്ടികളായിട്ടല്ല' എന്ന് ആദ്യം മനസ്സിലാക്കണം. ആവർത്തിക്കുന്നു :- മാതാപിതാക്കളും കുഞ്ഞുങ്ങളും തമ്മിൽ വാത്സല്ല്യമാണ് മണ്ണും ഭൂമിയുമായ ദൈവം വ്യവസ്ഥ ചെയ്തിട്ടുള്ളത്.. മാതാപിതാക്കൾക്ക് കുഞ്ഞുങ്ങളോടുള്ള ദാസ്യ-സ്നേഹ-വാത്സല്യത്തിന്റെ കൃത്യം 100 മടങ്ങാണ് സൃഷ്ടി സ്ഥിതി സംഹാര കർത്താവ് കൂടിയായ മഹാമാതാവും മഹാപിതാവുമായ ദൈവത്തിന്, എല്ലാ സൃഷ്ടികളോടുമുള്ള മഹാവാത്സല്ല്യം (+ മഹാദാസ്യം). മാതാപിതാക്കളുടെയും കുഞ്ഞുങ്ങളുടെയും ഹൃദയത്തിൽ/ഇടയിൽ അന്യോന്യം 'നന്ദി പ്രകടനം' ഇല്ല; പാടില്ല. ശ്രോതാക്കളായി ഭാവിക്കുന്നവരുടെ ശരീരം പ്രഭാഷകന്റെ മുമ്പിലും, മനസ്സ് മറ്റേതെങ്കിലും സ്ഥലത്ത് മറ്റു വിഷയത്തിൽ മുഴുകിയിരിക്കുന്ന പോലെ സ്നേഹ വാത്സല്യങ്ങൾ പ്രകടനമാക്കിയാൽ ജീവിതം തന്നെ നഷ്ടമാകും. അമ്മ കുഞ്ഞിനെ മുലയൂട്ടുമ്പോൾ അന്യോന്യം നന്ദി പ്രകടനം ഇല്ലെന്നത് ലളിതവും സർവ്വ സാധാരണമായി എല്ലാ ജീവികളിലുമുള്ള ഉദാഹരണമാണ്. മറ്റൊരു കാര്യം : നന്ദിയെ പ്രകാശിപ്പിക്കാൻ കഴിയില്ല; അത് കടപ്പാട്, പ്രകടനം, അഹം, പൊങ്ങച്ചം തുടങ്ങിയവയാൽ ബന്ധിതമാണ്. മനുഷ്യരെയും മറ്റുള്ള ജീവികളെയും വെറും സൃഷ്ടികളായി കണക്കാക്കി ദൈവം നൽകുന്ന ആനന്ദങ്ങൾക്കുള്ള 'നന്ദി പ്രകടനം' എന്ന വ്യാഖ്യാനം ധർമ്മശാസ്ത്ര വിരുദ്ധമാണ്. മണ്ണിന്റെ മൂലകങ്ങളിൽ ഇല്ലാത്തതിനാൽ ഭൗതികമായ അസ്തിത്വം ഇല്ലാത്തതും, അതുകൊണ്ട് ദൈവീകമല്ലാത്തതുമായ പ്രാർത്ഥന, സ്തുതികൾ, ആരാധന, തുടങ്ങിയ വ്യക്തിപരമായ ആനന്ദങ്ങളെ മതാചാര്യന്മാരും മറ്റും 'സമൂഹത്തിലെ ജനങ്ങളുടെ ആവശ്യമായി' ദൈവത്തിന്റെ പേരിൽ പ്രഖ്യാപിക്കുകയും അവിവേകികളും വിഡ്ഢികളും ദുസ്വാർത്ഥരും മറ്റുമായ അനുയായികൾ മണ്ണിന്റെ നിയമങ്ങൾ പ്രകാരമുള്ള ശാസ്ത്ര പരിശോധനകൾ നടത്താതെ പിൻപറ്റുകയും ചെയ്തതാണ് മുഖ്യമായും അപകടം ഉണ്ടാക്കിയത്.

ദൈവം, മനുഷ്യർക്കും മറ്റുള്ള ജീവികൾക്കും നൽകി വരുന്ന അനന്തമായ ആനന്ദങ്ങളുടെ വലിപ്പവും ദൈവ മഹത്വവും അറിയണമെങ്കിൽ പോലും ദൈവത്തിന്റെ മഹാജ്ഞാന ഓഹരിയായ 'പ്രപഞ്ചത്തിന്റെ മഹാശാസ്ത്രത്തെ' ദൈവം മഹാഅനുഗ്രഹിച്ചു നൽകണം. അങ്ങനെയിരിക്കെ, മനുഷ്യർക്ക് ദൈവത്തോട് നന്ദി പ്രകടിപ്പിക്കണമെങ്കിൽ, ദൈവം മഹാജ്ഞാനം നൽകണം. മഹാമാതാവായ ദൈവം, കുഞ്ഞുങ്ങളോടുള്ള മഹാവാത്സല്യം നിമിത്തം മഹാജ്ഞാനം നൽകാൻ തയ്യാറായാൽ പോലും പരക്കെ എല്ലാവർക്കും ഒരേസമയം നൽകി ക്കൂടാ; എന്തെന്നാൽ മഹാനീതിശാസ്ത്ര പ്രകാരം കുഞ്ഞുങ്ങൾ യോഗ്യത നേടുന്ന മുറയ്ക്ക് നൽകിയാൽ മാത്രമേ ദൈവം മഹാനീതി-പതി ആവുകയുള്ളൂ. ധർമ്മ ശാസ്ത്ര വിരുദ്ധമായി ജീവിക്കുന്നവർ മഹാജ്ഞാനം ആവശ്യമില്ലെന്നും, ധർമ്മ ശാസ്ത്ര വിരുദ്ധമായവ നൽകണമെന്ന് ആവശ്യപ്പെടുന്നതിനെ ഭാവനയിൽ കാണുമ്പോൾ പ്രാർത്ഥന, സ്തുതി, ആരാധന, സമരം, ഹർത്താൽ തുടങ്ങിയ വ്യക്തിപരമായ വിഷയങ്ങളെ സമൂഹ വിഷയങ്ങളാക്കുന്ന ആചാര്യന്മാരും അനുയായികളും നേതാക്കളും വാങ്ങിച്ചു പോരുന്ന പാപങ്ങളുടെയും പുനർജന്മങ്ങളിലൂടെ അനുഭവിക്കുന്ന ദൈവ-ശിക്ഷകളുടെയും വലിപ്പത്തെ കുറിച്ച് ധാരണ ലഭിക്കുന്നതാണ്.

ദൈവത്തിന്റെ മഹാരൂപമായ ഭൂമിയിൽനിന്നു മാത്രമാണ് എല്ലാ ആനന്ദങ്ങളും ഉൾപ്പെടെ എല്ലാ ശരണവും എക്കാലവും ലഭിക്കുക; **എല്ലാ ജന്മങ്ങളിലും ശരീരത്തിലൂടെ മാത്രമാണ് ലഭിക്കുക** എന്നതിൽ നിന്ന് ദൈവമായ ഭൂമിയുടെ അംശമായ മൂലകങ്ങളെ കൊണ്ട് ഉണ്ടാക്കിയ **ശരീരം തന്നെയാണ് ജീവാത്മാവിന് പ്രധാനം.** ഭൂമിയുടെ മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ഭൗതിക ധർമ്മ നീതി ശാസ്ത്രങ്ങൾ പ്രകാരം ജീവിക്കുക. ശാസ്ത്രനിയമങ്ങൾ മുഖേനയോ നേരിട്ടോ ദൈവം ഓരോ വ്യക്തിയെയും വെവ്വേറെ അറിയിക്കാതെ മഹാശക്തിയായ ദൈവത്തിന്റെ @ ഭൂമിയുടെ കാര്യങ്ങളിൽ ഇടപെടാൻ ശ്രമിക്കരുത്. ആവർത്തിക്കുന്നു :- മറ്റുള്ള ജീവികളെ പാഠമാക്കിയും ധർമ്മ ശാസ്ത്രപരമായും മനുഷ്യർ ആനന്ദിച്ചു ജീവിക്കുകയേ വേണ്ടൂ.

ദൈവാംശമാണ് ശരീരം എന്നത് ശരിയാണെങ്കിലും മറ്റുള്ള ജീവാത്മാക്കളെ വഹിക്കുന്ന ശരീരത്തെ യഥാർത്ഥത്തിൽ തൊടുവാൻ പോലും വ്യക്തികൾക്ക് /ജീവാത്മാക്കൾക്ക് അവകാശം ഇല്ല; കഴിവുമില്ല. പ്രധാനമായും മൂന്നു കാരണങ്ങളാണ് ഉള്ളത് :- (1) ഭൂമിയായ ദൈവം, അംശമായ ഓരോ ശരീരത്തെയും ഓരോരോ ജീവാത്മാവിന് 'നൽകാതെ നൽകിയിരിക്കുകയാണ്.' ആകയാൽ ശരീരത്തെ തൊടുവാൻ പോലും ജീവാത്മാവിന്റെ ധർമ്മ ശാസ്ത്രപരമായ അന്യോന്യ അനുവാദം/അവകാശം വേണം. (2) കൂടുതൽ ജ്ഞാനവും ബുദ്ധിശക്തിയും ലഭിച്ചിരിക്കയാൽ, മനുഷ്യർ അന്യോന്യവും, മറ്റുള്ള ജീവികളോടും, ഭൂമിയോടും പുലർത്തേണ്ടുന്ന പെരുമാറ്റ മര്യാദകളുണ്ട്. അസാധാരണമായ സാഹചര്യങ്ങളിൽ ഒഴികെ, അനുവാദം ഇല്ലാതെ അന്യോന്യം തൊടാൻ പോലും പാടില്ല. മാതാപിതാക്കളിലൂടെ സൃഷ്ടിക്കുകയാൽ, കുഞ്ഞുങ്ങൾക്ക് പേരിടുന്നത് ഉൾപ്പെടെയുള്ള തൊടാനും തടവാനും തല്ലാനും കൊല്ലാനുമുള്ള അവകാശവും അധികാരവും, കടമകളെ നിറവേറ്റിയ മാതാപിതാക്കൾക്ക് ഉണ്ട്. (3) എല്ലാ ജീവികളുടെയും ശരീരത്തിന്റെ ഉപരിതലത്തിലെ ചർമ്മത്തിൽ ജീവാത്മാവിന്റെ പ്രകട ജന്മഗുണങ്ങളായ നിറം, സൗന്ദര്യം, മുഖഛായ, മണം തുടങ്ങിയവയെ ഭൂമിയായ ദൈവം ബന്ധിപ്പിച്ചിരിക്കുകയാണ്. ആകയാൽ ശരീരത്തെ കൊണ്ട്, അന്യോന്യം സ്പർശിക്കുന്നതും മണക്കുന്നതും നക്കുന്നതും ഒക്കെ ഉപരിതലത്തിലെ ചർമ്മത്തിലൂടെ വ്യാപരിക്കുന്ന ജീവാത്മാക്കൾ തമ്മിലാണ്. ജീവാത്മാക്കൾ വേദന സഹിച്ചോ മരവിപ്പിച്ചോ ചർമ്മം നീക്കിയാൽ, ജീവാത്മാവിന് വ്യാപരിക്കാൻ കഴിയാത്ത മാംസ-ങ്ങൾ തൊടുന്നു എന്നല്ലാതെ ദൈവാംശത്തെ തൊടാൻ കഴിയുന്നതല്ല. ചർമ്മത്തെ നീക്കാത്ത ശരീര ഭാഗം കൊണ്ട് ചർമ്മം നീക്കിയ ശരീര ഭാഗങ്ങളെ തൊടുമ്പോൾ വേദനിപ്പിക്കൽ, വ്യക്തി സ്വാതന്ത്ര്യത്തിനു മേലുള്ള അതിക്രമം എന്നിവ ബന്ധപ്പെട്ട ജീവാത്മാവിന് ഉണ്ടായാൽ ദൈവാംശത്തെ തൊടാൻ കഴിഞ്ഞില്ല എന്നാണർത്ഥം. കാരണം, ദൈവമായ ഭൂമിയുടെ അംശങ്ങളായ മൂലകങ്ങൾ ജീവികളുടെ ശരീര ഭാഗമായാലും ഇല്ലെങ്കിലും വേദന ഉൾപ്പെടെ ജീവികൾക്കു നിശ്ചയിച്ചിരിക്കുന്ന ആനന്ദങ്ങൾ ദൈവാംശത്തെ ബാധിക്കുന്നതല്ല.

ജീവികളുടെ ശരീരത്തിലെ മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ഭൗതിക ധർമ്മശാസ്ത്ര നിയമങ്ങളിൽ ഭൂമി ദൈവമാണെന്ന മഹാസത്യത്തെ 'ബുദ്ധിശക്തികളെ ദൈവം കൂടുതൽ നൽകിയിട്ടുള്ള മനുഷ്യർക്ക് വെളിപ്പെടുത്തി ക്കഴിഞ്ഞാലും' ശ്രദ്ധ മാറ്റി ഗൂഢമെന്ന പോലെ **നിലനിർത്തുന്നതാണ്. ദൈവമായ ഭൂമിക്കും, അംശമായ** ശരീരത്തിനും പ്രധാനമായത് പൊന്നോമന കുഞ്ഞുങ്ങളായ ജീവാത്മാക്കളാണ്; ജീവാത്മാക്കളുടെ ആനന്ദ ജീവിതമാണ്. പ്രപഞ്ച സൃഷ്ടി തന്നെ അതിനാണ്; ദൈവത്തിന്റെ മഹത്വം വിളമ്പാനല്ല. അതുകൊണ്ടു തന്നെ, സൃഷ്ടിചക്രത്തിന്റെ രണ്ടാമത്തെ പകുതിയിൽ, ദൈവ വിപ്ലവവും, തുടർന്ന് 500 വർഷം നീണ്ടു നിൽക്കുന്ന ദൈവ രാജ്യവും, ശേഷം 5000 വർഷത്തെ തനത് സൃഷ്ടിചക്ര സംഹാരവും ഭൂമിയിൽ നടക്കുമ്പോഴും, ഭൂമിയെയും ആകാശത്തെയും സൂര്യനെയും ചന്ദ്രനെയും നക്ഷത്രങ്ങളെയും മറ്റും പൂജിക്കാനോ ആരാധിക്കാനോ പാടില്ല; മണ്ണിന്റെ നിയമങ്ങൾ അനുവദിക്കുന്നില്ല. വിപരീതമായി പ്രവർത്തിക്കുന്ന ഏതൊരാളും യാതൊരു കാര്യവുമില്ലാതെ ശിക്ഷ വാങ്ങിക്കൂട്ടുന്നതാണ്.

എന്നിരിക്കിലും, ജീവികളുടെ മോക്ഷത്തെ മത്സ്യം സസ്യം പക്ഷി മൃഗം എന്നീ അവസ്ഥകൾ കടന്ന് **മനുഷ്യാവസ്ഥയിലെത്തുന്ന** 100 ജന്മങ്ങൾ കൊണ്ടെന്ന് ഭൂമിയായ ദൈവം നിശ്ചയിച്ചിരിക്കുകയാൽ, **100 മനുഷ്യ ജന്മങ്ങളിൽ, ശക്തി(ശിവ)ശാസ്ത്രം പ്രകാരമുള്ള 70 ജന്മങ്ങൾ പിന്നിടുമ്പോഴേക്കും മനുഷ്യരിലെ നന്മ വളരെ വർദ്ധിക്കുകയും, ധർമ്മ ശാസ്ത്രപരമായി ജീവിക്കാൻ കൂടുതൽ ശ്രദ്ധിക്കുകയും, ദൈവത്തെ ശാസ്ത്രപരമായി അറിയാനും സ്തുതിക്കാനും ആഗ്രഹിക്കുകയും ചെയ്യും. അത്യാവശ്യക്കാരായ കുഞ്ഞുങ്ങളെ ആനന്ദിപ്പിക്കാനായി, ഭൂമിയായി- മണ്ണായി -മണ്ണിൽ അടിഞ്ഞിരിക്കുന്ന- മഹാശക്തിയായ ഏകദൈവവും മഹാനീതിയും മഹാമാതാവുമായ മഹാദേവിയായി മാത്രം** മഹാശാസ്ത്രപരമായി **ഒരല്പം സ്തുതിക്കാൻ അനുവദിച്ചിട്ടുണ്ട്. ഓം നമഃ ശിവായ = മഹാശിവയെ നമിക്കുന്നു = മഹാദേവിയെ നമിക്കുന്നു.**

**ഭൂമിയുടെ മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ഭൗതിക ധർമ്മ ശാസ്ത്ര നിയമങ്ങളിൽ മാതാപിതാക്കളോടും ഉറ്റവരോടും മറ്റും പുലർത്തേണ്ടുന്ന ഭക്തിക്ക് 5 അളവിലുള്ള ആനന്ദത്തെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഭൂമിയും ആകാശവുമായ ദൈവം, കുഞ്ഞുങ്ങളുടെ / ജീവികളുടെ മഹാമാതാവും മഹാപിതാവും കൂടിയാണ്. ആകയാൽ ലളിതമായ ഒരല്പം സ്തുതിക്ക് ഭൂമിയിലെ മൂലകങ്ങളിൽ ഭൗതികമായ അസ്തിത്വം ഉണ്ട് !**

**ജീവികൾക്ക്/ജീവാത്മാക്കൾക്ക് ആത്മീയ സാക്ഷാത്കാരം എന്ന മോക്ഷം നൽകുന്നതിനു മുമ്പ് അവർക്ക് മഹാജ്ഞാനം നേരിട്ട് നൽകാനും ദർശനം നൽകാനും, അവരെ സൃഷ്ടിച്ച ഭൂമിയായ ദൈവത്തിന് ധർമ്മ ശാസ്ത്രപരമായ കടമയുണ്ട്. 1000 കോടി വർഷങ്ങളുള്ള ആദ്യ മഹാകാലചക്രത്തിലെ സൃഷ്ടിചക്രങ്ങളിൽ, മനുഷ്യാവസ്ഥയിൽ വച്ച് മോക്ഷം നേടവേ തെരഞ്ഞെടുത്ത് ദേവതകളായി ഉയർത്തിയ പ്രതിനിധികൾ വഴിയും, ഇപ്പോഴത്തെ മഹാസൃഷ്ടിചക്രം മുതൽ കടമയെ ഏകദൈവമായ മഹാദേവിയും, ഭാഗവും മഹാദാസനുമായ മഹാദേവനുമായി ഭൂമി ചെയ്യുന്നുണ്ട്.**

**ഭൂമിയായ ദൈവം, കുഞ്ഞുങ്ങളായ മനുഷ്യർക്ക് ദർശനം നൽകുവാൻ മഹാശാസ്ത്രപരമായി മനുഷ്യസ്ത്രീയുടെ രൂപം സ്വീകരിക്കുന്നതിനെയും, അക്കൂടെ ജീവികളുടെയെല്ലാം മഹാപിതാവും മഹാദേവനും അർദ്ധമഹാദേവിയും പരമാത്മാവുമായി പരമശിവനെ ഒരുക്കിയിരിക്കുന്നതും അടുത്ത ഒരു അദ്ധ്യായത്തിൽ വിശദീകരിക്കുന്നുണ്ട്. ജീവാത്മാവിന് 100 മനുഷ്യ ജന്മങ്ങളെ നിശ്ചയിച്ചിട്ടുള്ളതിൽ 90 മുതൽ 95 വരെയുള്ളതും ഏറെക്കുറെ 50 വയസ്സുമുള്ള ഒരു പുരുഷ ജന്മത്തിൽ, അർദ്ധമഹാദേവിയും മഹാപിതാവുമായ പരമശിവനായി, പ്രത്യേകം പ്രത്യേകമായി മഹാദർശനം നൽകുകയും ഓരോ കുഞ്ഞിന്റെയും നാവിൽ, 'ശിവരാത്രി'യിൽ അക്ഷര ബ്രഹ്മം കൂടിയായ ഓം കുറിച്ച്, മഹാശാസ്ത്രത്തെ മഹാഅനുഗ്രഹിച്ചു നൽകുന്നതാണ്.**

**മഹാശാസ്ത്രം ലഭിച്ച്, ഭൂമിയായ മണ്ണിൽ അടിഞ്ഞിരിക്കുന്ന മഹാശക്തിയായ ഏകദൈവവും മഹാനീതിയും മഹാമാതാവുമായ മഹാദേവിയുടെ മഹത്വം അറിഞ്ഞും, മഹാദേവിയ്ക്കു മാത്രമാണ് മഹത്വം എന്നറിഞ്ഞും മനുഷ്യൻ വിതുമ്പിക്കരയുന്ന ഏകജന്മത്തിൽ ദൈവവും ഭൂമിയുമായ മഹാദേവിയെ (മാത്രം) ആരാധിക്കാനും, ഭൂമിയിൽ എവിടെയും, പ്രത്യേകിച്ച് ബ്രഹ്മകേന്ദ്രമായി നിശ്ചയിച്ചിരിക്കുന്ന കേരളത്തിലെ മണ്ണടി എന്ന പ്രദേശത്തെ പുതിയകാവ് ദേവീക്ഷേത്രത്തിലും, സാഷ്ടാംഗം നമസ്കരിക്കാൻ മനുഷ്യനെ അനുവദിച്ചിരിക്കുകയാണ്.**

**ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കു മാത്രം മഹത്വം** എന്നതാണ് **ഓം കുറിച്ച ജന്മത്തിലെ** ആരാധനാ വാചകം. **മണ്ണടി ശരണം ദേവീ ശരണം മണ്ണടിദേവിമാത്രം ശരണം എന്നതാണ് ശരണമന്ത്രം. മഹാശാസ്ത്രത്തെ നേരിട്ട് ലഭിക്കുന്ന അവർക്ക് ഓം ശിവ, സർവ്വം ശിവ, സർവ്വം മഹാശിവ, സർവ്വം മണ്ണടി മഹാശിവ, ഓം ഭൂമൈ്യ നമഃ തുടങ്ങിയ ഉചിതമായ പ്രാർത്ഥന + സ്തുതി സ്വന്തം ഹൃദയത്തിൽ നിന്നും ലഭിക്കുന്നതാണ്. ശിവരാത്രി-യിലും പുരുഷ ജന്മത്തിലുമാണ് ഓം കുറിക്കുക** എന്നതിനാൽ ദൈവ വിപ്ലവം ആരംഭിച്ചതിനു ശേഷം **മണ്ണടി ബ്രഹ്മക്ഷേത്രത്തിൽ ശിവരാത്രി ദിവസം** സ്ത്രീജനങ്ങൾ ഒഴിവായാൽ നല്ലത്. ശബരിമലയിലെ സ്ത്രീ വിരുദ്ധ വികാരത്തിന്റെയും, മക്ക ഹജ്ജ് തീർത്ഥാടനത്തിന്റെയും മറ്റും മൂലകാരണം മേല്പടി **മണ്ണടി ശരണം ആണെന്ന് ദൈവ വിപ്ലവത്തോടെ ബോദ്ധ്യമാകുന്നതാണ് !**

'ശിവചക്രം കൂടിയായ ആകാശവും, ശിവചക്രവും ശക്തിചക്രവും ചേർന്ന ഭൂമിയും' അംശങ്ങളായ മൂലകങ്ങളും 'ദൈവത്വം അഥവാ മായാശക്തികളെ' പ്രത്യക്ഷമായി പ്രകടിപ്പിക്കാതെ ജീവികളെ കുഞ്ഞുങ്ങളാക്കി സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്നത് മഹാവാത്സല്യത്തിന്റെ മഹോന്നത ഭാവവും രൂപവും സ്വീകരിച്ചു കൊണ്ടാണ്. പ്രസ്തുത മഹാവാത്സല്യം പ്രകാരം ഭൂമി, ആകാശം, തുടങ്ങിയ യാതൊന്നിനെയും പൂജിക്കാനോ ആരാധിക്കാനോ പാടില്ല; ആവക കാര്യങ്ങളിൽ മറ്റുള്ള ജീവികളെ അനുകരിക്കാൻ മനുഷ്യർ ബാദ്ധ്യസ്ഥരാണ്. ഭൂമിയായ ദൈവത്തെ സാഷ്ടാംഗം നമസ്കരിക്കാൻ വ്യക്തിയെ ഭൂമി അനുവദിക്കുന്നത്, സൃഷ്ടിചക്രങ്ങളുടെ രണ്ടാമത്തെ പകുതിയിൽ ദൈവ വിപ്ലവം ആരംഭിച്ച ശേഷം, ജീവാത്മാവ് സ്വീകരിക്കേണ്ടുന്ന 100 മനുഷ്യ ജന്മങ്ങളിൽ 90 മുതൽ 95 വരെയുള്ള ജന്മങ്ങളിലെ ഏറെക്കുറെ 50 വയസ്സുള്ള ഒരു പുരുഷ ജന്മത്തിൽ വ്യക്തിയുടെ നാവിൽ, ജീവികളുടെ മഹാപിതാവും ഭൂമിയുടെ പതിയും അർദ്ധ-മഹാദേവിയും കൂടിയായ പരമശിവനിലൂടെ ഏക ദൈവബിരുദവും അക്ഷര ബ്രഹ്മവും കൂടിയായ 'ഓം കുറിച്ച് മഹാശാസ്ത്രത്തെ മഹാഅനുഗ്രഹിച്ചു നൽകിയ ശേഷവും, ശേഷമുള്ള കാലവും മാത്രമാണ്. പ്രസ്തുത ജന്മത്തിൽ എല്ലാ വ്യക്തികൾക്കും പ്രപഞ്ച ശാസ്ത്ര കാര്യങ്ങളെയും ദൈവ കാര്യങ്ങളെയും വിശകലനം ചെയ്ത് വിദ്യാർത്ഥികളെയും അധ്യാപകരെയും ജനങ്ങളെയും, ജനസേവകരും അടിമകളുമായ ഭരണാധികാരികളെയും മറ്റും സഹായിക്കാൻ കഴിയുന്നതാണ്. മഹാദേവി ഈയുള്ളവനിലൂടെ വീണ്ടെടുത്ത മഹാവേദത്തിലെ എഡിറ്റിംഗിൽ ഉൾപ്പെടെ ഉചിതമായ തിരുത്തലുകളും പരിഷ്ക്കാരങ്ങളും ചേർക്കാൻ അവർക്ക് കഴിയും; ചെയ്യുന്നതാണ്. ദേവാലയം ഉൾപ്പെടെ ഭൂമിയിൽ എവിടെയും അവർ സാഷ്ടാംഗം നമസ്കരിച്ചെന്നു വരും. സാഷ്ടാംഗം നമസ്കരിക്കാൻ പ്രസ്തുത ഏക ജന്മത്തിൽ മാത്രമാണ് ഏവരും യോഗ്യത നേടുന്നത് എന്നതു കൂടാതെ അക്കാലത്തെ 'മഹാജ്ഞാന' ത്തിൽ നിന്നും അവരെ തിരിച്ചറിയാൻ കഴിയും. ദൈവവിപ്ലവത്തോടെ ദൈവം പ്രത്യക്ഷമാകുന്നത് സംഹാരം പൂർത്തിയാകും വരെ സൃഷ്ടിചക്രത്തിൽ തുടരുന്നതാണ്.

ദൈവ സാന്നിധ്യം / 'മായ' പ്രത്യക്ഷമാകയാൽ; കള്ളം, വഞ്ചന, മോഷണം തുടങ്ങിയവ ചെയ്യാൻ പൊതുവെ ജനങ്ങൾ തയ്യാറാകില്ല.

ശിവരാത്രി, 'വിജയദശമി എന്നറിയപ്പെടുന്ന മഹാദശമി' എന്നിവയെ പ്പറ്റി www.omsathyam.com/GodlyRevolution/Devaalayam.pdf ഗ്രന്ഥത്തിലും മറ്റും സൂചിപ്പിച്ചിട്ടുണ്ട്. ഉചിതമായി പിന്നീട് കൂടുതൽ വിശദീകരിക്കുന്നതാണ്.

**90 മുതൽ 95 വരെയുള്ള ജന്മങ്ങളിലൊന്നിലെ പുരുഷ ജന്മത്തിൽ മനുഷ്യർക്ക് അർദ്ധമഹാദേവീ രൂപത്തിൽ മഹാപിതാവായ പരമശിവന്റെ ദർശനം, ദൈവീക ബിരുദം കൂടിയായ ഓം, മഹാശാസ്ത്ര ജ്ഞാനം/ വിജ്ഞാനം എന്നിവ ലഭിക്കുമ്പോൾ, തൊട്ടടുത്ത ജന്മത്തിൽ സ്ത്രീജന്മം ലഭിക്കുകയും ഏകദൈവവും മഹാമാതാവുമായ ഭൂമിയെ സ്ത്രീരൂപത്തിൽ മഹാദേവിയായി ദർശിക്കാനുള്ള ദിവ്യ മഹാഭാഗ്യം ലഭിക്കുന്നതാണ്.** ധർമ്മ ശാസ്ത്ര പരമായി ഉന്നത നിലവാരമുള്ള അവർക്ക് തുടർന്ന് 100 വരെയുള്ള മനുഷ്യ ജന്മങ്ങളിലും മഹാദേവിയുടെയും മഹാദേവന്റെയും ദർശനങ്ങളും പരിചരണങ്ങളും ലഭിക്കുന്നതാണ്. സ്ത്രീ ജന്മങ്ങളിൽ മഹാമാതാവായ മഹാദേവിയുടെ മടിയിൽ കിടക്കാനും ലാളന അനുഭവിക്കാനുമുള്ള ദിവ്യമഹാഭാഗ്യം ഉണ്ടാകുന്നതാണ്.

ഭൂമിയിലെ വലുതും ചെറുതുമായ എല്ലാ ദേശങ്ങളും നാടുകളും മണ്ണാണ്, മണ്ണടിഞ്ഞതാണ്, മണ്ണ് ഉണ്ടാക്കിയ ശരീരങ്ങളെല്ലാം വീണ്ടും വീണ്ടും വീണ്ടും മണ്ണടിയുന്നതാണ്. എല്ലാ ദേശങ്ങളെയും നാടുകളെയും മണ്ണടി എന്ന് വിളിക്കാനും കഴിയും. ഭൂമിയിലെ എല്ലാ പ്രദേശങ്ങളിലും ശിവചക്രവും പരമാത്മാവും കൂടിയായ ആകാശ-രൂപത്തിൽ അർദ്ധ-ഗോളാകൃതിയിലുള്ള ശിവലിംഗം, മണ്ണായ കല്ലു കൊണ്ടും മറ്റും നിർമ്മിക്കുന്നതാണ്; **ആകാശവും ഭൂമിയും (ശിവനുംശിവയും)** ചേർന്ന **ശിവലിംഗത്തിൽ ശിവയും ശിവനും** ഉചിതമായി പ്രത്യക്ഷമാകും! ദേവാലയ നിർമ്മാണം, പ്രതിഷ്ഠ, പ്രാർത്ഥന എന്നിവ മേൽ സൂചിപ്പിച്ച ഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ട്. **ഭൂമിയിലെ എല്ലാ ദേവാലയങ്ങളിലും മണ്ണടി ദേവി മാത്രം.**
**സർവ്വം ശിവ.സർവ്വം മഹാശിവ. സർവ്വം മണ്ണടി.**

# ദാസ്യം : ആനന്ദം അളവ് 5

സൃഷ്ടികളെ കുഞ്ഞുങ്ങളാക്കുകയും അവർക്ക് അനന്തമായ ആനന്ദങ്ങളെ നൽകപ്പെടുന്നതിനു വേണ്ടി മഹാവാത്സല്യത്തോടെ, ദൈവമായ ഭൂമിയുടെ അംശമായ മൂലകങ്ങളെ കൊണ്ട് ഉണ്ടാക്കിയ ശരീരം, കുഞ്ഞുങ്ങളുടെ മഹാദാസരായി അവരുടെ മഹാമാതാവും മഹാപിതാവുമായ ഭൂമി പണിയെടുക്കുന്നത് ജീവാത്മാവിന് അനുഭവിച്ച് അറിയാവുന്ന വസ്തുതയാണ്.

സ്വന്തം കുഞ്ഞുങ്ങൾ മറ്റുള്ളവരുടെ ദാസരായി ജോലി ചെയ്യുന്നത് മനുഷ്യ-മാതാപിതാക്കൾ പൊതുവെ ഇഷ്ടപ്പെടുകയില്ല. എന്നാൽ ജനിച്ചു കുറെ ദിവസങ്ങളിൽ തിരിഞ്ഞു കിടക്കാൻ പോലും കഴിവില്ലാത്ത കുഞ്ഞിന്റെ ദാസരായി മാതാപിതാക്കളും ഉറ്റവരും കഷ്ടപ്പെടുന്നതാണ്. പ്രസ്തുത കഷ്ടപ്പാടിനെ കഷ്ടപ്പാടായി കാണാതെ ആനന്ദങ്ങളുടെ ഭാഗമായി മാത്രം കാണുന്ന മാതാപിതാക്കളാണ് ഒരു പക്ഷെ ഭൂമിയിൽ ഏറെയുള്ളത്. ഭാര്യാഭർത്താക്കന്മാർ കൂടിയായ മാതാപിതാക്കൾ അന്യോന്യം ദാസരായി പ്രവർത്തിക്കേണ്ടതും, കുട്ടികൾ മാതാപിതാക്കൾ ഉൾപ്പെടെയുള്ള ഉറ്റവരുടെ ദാസരായി പ്രവർത്തിക്കേണ്ടതും ജീവിതത്തിൽ ആവശ്യവും അത്യാവശ്യവുമായി വരുന്നതാണ്. എന്നാൽ പ്രസ്തുത ദാസ്യ വൃത്തികൾക്ക് ആധാരമാവേണ്ടത് ധർമ്മ ശാസ്ത്രം പ്രകാരമുള്ള സ്നേഹം, പ്രേമം, വാത്സല്യം, കടമ തുടങ്ങിയവ മാത്രമാവണം; ദുസ്വാർത്ഥം ആവരുത്. ദാസ്യ വൃത്തി ചെയ്യുന്നവർക്കും ചെയ്യിക്കുന്നവർക്കും ഒരാൾ മറ്റൊരാളുടെ ദാസനാണ്, ദാസിയാണ് എന്ന ഭാവം കുടുംബത്തിൽ സാധാരണ ഗതിയിൽ ഉണ്ടാകുന്നില്ല; ഉണ്ടാകരുത്. ആരും ആരുടെയും ദാസരല്ല; എല്ലാവരും എല്ലാവരുടെയും ദാസരാണ് അന്യോന്യം എന്ന ഭാവവും അതിനു ചേരുന്ന ജീവിത രീതികളും കുടുംബത്തിലും, സമൂഹത്തിലും, ദേശങ്ങളിലും, ഭൂമിയിൽ മുഴുവനും ഉണ്ടാകണം. ദൈവ വിപ്ലവത്തെ തുടർന്ന് ഭൂമിയിലുണ്ടാകുന്ന 500 വർഷത്തെ ദൈവരാജ്യം ഉദാഹരണമായി ഭവിക്കുന്നതാണ്.

ദാനം വാങ്ങുന്നവർ ദാസരാണ് എന്ന അർത്ഥത്തിൽ, ജീവാത്മാവിന് പ്രസ്തുത സ്വത്വവും, സ്വത്വത്തിന് അസ്തിത്വം നൽകുന്ന ശരീരം ഉൾപ്പെടെ ഭൂമിയിൽ നിന്നും ആകാശത്തിൽ നിന്നും ലഭിക്കുന്ന സർവ്വവും ദാനങ്ങളായിരിക്കെ യാതൊരാൾക്കും ദാനം ചെയ്യാനുള്ള യോഗ്യത അടിസ്ഥാന പരമായി ഇല്ല. തൊഴിൽ ആനന്ദം എന്ന അദ്ധ്യായത്തിൽ, മഹാവാത്സല്ല്യം പ്രകാരമുള്ള ഒരു ചുറ്റിക്കളി കൊണ്ട് ഭൂമിയിലെ വസ്തുക്കളുടെ മേൽ മഹാശാസ്ത്ര പരവും നിയന്ത്രിതവുമായ അവകാശവും അധികാരവും ഭൂമി തന്നെ മനുഷ്യൻ ഉൾപ്പെടെയുള്ള എല്ലാ ജീവികൾക്കും നൽകുന്നത് വിവരിച്ചിട്ടുണ്ട്. സ്വന്തമായി അദ്ധ്വാനിച്ച് നേടിയവയിൽ മാത്രം വ്യക്തിക്ക് ലഭിക്കുന്ന പ്രസ്തുത അവകാശത്തെ മക്കൾ ഉൾപ്പെടെയുള്ള ഏതൊരാൾക്കും ദാനം ചെയ്യുന്നത് മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ധർമ്മ ശാസ്ത്രം പ്രകാരമാവണം.

സ്വത്വവും അസ്തിത്വവും ജ്ഞാനവും ശക്തിയും ആനന്ദങ്ങളും നൽകി സൃഷ്ടിക്കുന്ന ജീവികളെ ദാസരാക്കാതെ, കുഞ്ഞുങ്ങളായി മഹാവാത്സല്ല്യത്തെ നൽകുകയും, കുഞ്ഞുങ്ങളുടെ മഹാദാസരായി പണിയെടുക്കുന്നതിനെ മാത്രം ആനന്ദമായി സ്വീകരിക്കുന്ന ദൈവത്തെ അനുകരിച്ചാൽ, ദാനം ചെയ്യുന്നവരെ ദാസരായി കണക്കാക്കാൻ കഴിയും. മറ്റുള്ളവർക്ക് പുഞ്ചിരിയെങ്കിലും ദാനം ചെയ്ത് അത്രയെങ്കിലും ദാസരാവുന്നതും ദൈവത്തെ അനുകരിക്കലാണ്; നല്ലതാണ്.

ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയായ ദൈവത്തിന് സഹായികളെയും ദാസരെയും വേണ്ടാ. ദൈവം ജ്ഞാനവും ശക്തിയും നൽകാതെ സൃഷ്ടികൾക്ക് പ്രവർത്തിക്കാൻ കഴിയില്ല എന്നു മനസ്സിലാക്കുമ്പോൾ തന്നെ ദൈവ സഹായി, ദൈവ ദാസൻ, ദൈവ ദൂതൻ, പ്രവാചകൻ തുടങ്ങിയവ തട്ടിപ്പാണെന്നു തെളിയുന്നു. കുട്ടിദൈവങ്ങളും സൂപ്പർ ദൈവങ്ങളുമായി വേഷം കെട്ടുന്നവരും തട്ടിപ്പുകാർ, ചൂഷകർ, മനോരോഗികൾ തുടങ്ങിയ വിഭാഗത്തിലാണ്. പഴയകാലത്തെ തട്ടിപ്പുകാർ പുനർജ്ജനിച്ച് ശിക്ഷകളെ ഏറ്റുവാങ്ങി ജീവിക്കുന്നത് ജനങ്ങൾ അറിയുന്നില്ല എന്നേയുള്ളൂ. ദൈവ വിപ്ലവത്തോടെ തട്ടിപ്പുകാർ സ്വയം തിരുത്തി ശുദ്ധരാകുന്നതാണ്.

**സൃഷ്ടി സ്ഥിതി സംഹാര കർത്താവും ഭൂമിയുമായ മഹാദേവി, മഹാമാതാവ് എന്ന നിലയിൽ മഹാദാസിയായിരിക്കുന്നതും, ഭാഗവും പരമാത്മാവും പരമശിവനുമായ മഹാദേവൻ മഹാപിതാവ് എന്ന നിലയിൽ മഹാദാസനായിരിക്കുന്നതും കുഞ്ഞുങ്ങളായ ജീവികളുടെ മഹാസൗഭാഗ്യം മാത്രമാണ്. ഏകദൈവമായ മഹാദേവി, ~ഭാഗമായി കൂട്ടുന്ന ശിവചക്രത്തിന് പരമശിവൻ, മഹാദേവൻ, മഹാനീതി-പതി തുടങ്ങിയ മഹാപദവികളെയും ബന്ധപ്പെട്ട 'ശക്തികളെയും ജ്ഞാനത്തെയും ആനന്ദങ്ങളെയും' മഹാഅനുഗ്രഹിച്ചു നൽകുന്നു എന്നല്ലാതെ മഹാദാസൻ എന്ന പേരിൽ നിയമനം നടത്തുന്നില്ല. മഹാദേവി മഹാഅനുഗ്രഹിച്ചു നൽകുന്ന 'ജ്ഞാനം ശക്തി ആനന്ദം' എന്നിവ പ്രകാരം മഹാആനന്ദത്തോടെ മനസ്സിലാക്കുന്ന മഹാപദവിയാണ് മഹാദാസൻ. മഹാദേവിയുടെ മഹാദാസൻ, ധർമ്മ ശാസ്ത്ര പ്രകാരം ജീവിക്കുന്ന കുഞ്ഞുങ്ങൾക്കും എല്ലായ്പ്പോഴും മഹാദാസൻ തന്നെ ആയിരിക്കും. മഹാനീതിയായ മഹാദേവി നയിക്കുന്നതിന് അനുസരിച്ച് കുഞ്ഞുങ്ങളോട് മഹാപിതാവായ പരമശിവൻ മഹാവാത്സല്ല്യം കാട്ടുന്നതാണ്.**

**കുഞ്ഞുങ്ങളോട് മനുഷ്യ-മാതാപിതാക്കളേക്കാൾ കൃത്യം** 100 **മടങ്ങ് മഹാ-വാത്സല്യമുള്ള മഹാമാതാവും ഭൂമിയുമായ മഹാദേവിയും, ~ഭാഗവും മഹാപിതാവും പരമാത്മാവുമായ മഹാദേവനും കുഞ്ഞുങ്ങൾ അന്യോന്യം ധർമ്മ ശാസ്ത്രപരമായി സ്നേഹിച്ചും സഹകരിച്ചും സഹായിച്ചും ജീവിക്കാനല്ലാതെ ഒരാളോ അനേകരോ മറ്റൊരാളുടെയൊ മറ്റനേകരുടെയോ ദാസനായി/ദാസരായി മാറുന്നത് അനുവദിക്കുന്നില്ല. എന്നുവെച്ചാൽ ഭൂമിയുടെ മൂലകങ്ങളിലെ നിയമങ്ങളിൽ ഭരണ-ദാസ്യം ഇല്ല; ദാസ്യവും വാത്സല്യവും തൊഴിലുമെല്ലാം ഉൾപ്പെട്ട മഹാനീതിശാസ്ത്രം കുഞ്ഞുങ്ങൾ തമ്മിലുള്ള ദാസ്യത്തെ അന്യോന്യം ഭരിക്കുന്ന നിലയിലേക്ക് തരം താഴാൻ ഒട്ടും തന്നെ അനുവദിക്കുന്നില്ല.**

**കുടുംബത്തിനുള്ളിലെ ദാസ്യ വൃത്തികളിലെ സ്നേഹ വാത്സല്യങ്ങളും കടമകളും തൊഴിൽ ശാസ്ത്രത്തിലും പ്രതിഫലിക്കുന്നതാണ്. എന്തെന്നാൽ അവയ്ക്കെല്ലാം ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരമുള്ള ഭൗതിക-അസ്തിത്വം ഉണ്ട്.**

**ഭൗതിക അസ്തിത്വം ഇല്ലാത്തതായ നിയമങ്ങളെ ജീവിതത്തിൽ അനാവശ്യമായി മനുഷ്യൻ തട്ടിക്കൂട്ടുന്നതാണ് സമൂഹത്തിൽ ധാർമ്മികമായ അധഃപതനത്തിന് അടിസ്ഥാന കാരണം.**

**മുജ്ജന്മങ്ങളിലെ പുണ്യം കൊണ്ട് ബഹുശ്രേഷ്ഠരായവർക്കും; പിന്നെ പാപങ്ങളും ദൈവശിക്ഷകളും കൊണ്ട് അതിനീചരായി മാറിയവർക്കും യഥാക്രമവും പൊതുവെയും സാമൂഹ്യമായും, രാഷ്ട്രീയമായും ജനങ്ങളുടെ ദാസരായി പ്രവർത്തിക്കാനുള്ള അവസരത്തെ ഭൂമി നൽകുന്നുണ്ട്. ഏറ്റവും വലിയ നീചരെപ്പറ്റി ധാരണ ലഭിക്കാനും** www.omsathyam.com/GodlyRevolution/OM.pdf **ഗ്രന്ഥം മതിയാകും.**

**ബഹുശ്രേഷ്ഠർക്ക് ദൈവത്തിന്റെ ആനന്ദമായ മഹാദാസ്യത്തെ അനുകരിച്ച് ചുറ്റുമുള്ള ജനങ്ങളെ ദാസ്യ മനോഭാവത്തോടെ സഹായിക്കുന്നതും ശുശ്രൂഷിക്കുന്നതും അവരുടെ ആനന്ദമായി ഭവിക്കുന്നു. പ്രതിഫലമായി മറ്റു ജന്മങ്ങളിൽ ഉയർന്ന ശാരീരിക ഗുണങ്ങളെയും ആനന്ദങ്ങളെയും ഭൂമി / ദൈവം നൽകുന്നതാണ്.**

**ഏറ്റവും വലിയ നീചർക്ക് അവരുടെ മുജ്ജന്മ പാപങ്ങളിൽ നിന്നും കുറവോ മോചനമോ നേടാനും അത്യപൂർവ്വമായി പുണ്യ ശേഖരണത്തിനും ജനങ്ങളുടെ ദാസരും അടിമകളുമായി ജനങ്ങൾക്കു സേവനം ചെയ്യാൻ, മഹാനീതിയും മഹാമാതാവുമായ ഭൂമി മഹാവാത്സല്ല്യം ചേർത്ത് അവസരങ്ങളെ മഹാഅനുഗ്രഹിച്ചു നൽകുകയാണ്. പ്രയോജനപ്പെടുത്താൻ കഴിയാത്ത ജീവാത്മാക്കളെ ഓരോരോ ജന്മങ്ങളിലും ശരീരമായി ഒപ്പം കൂടുന്ന 'ദൈവമായ ഭൂമിയുടെ അംശം', മഹാനീതിശാസ്ത്രം പ്രകാരം ശിക്ഷിച്ചു തിരുത്തുന്നതാണ്. പശ്ചാത്താപം വാക്കുകൾ കൊണ്ടുള്ള പ്രായശ്ചിത്തവും ഒരു ഭാഗവും മാത്രമാണ്.**

**ജനനം മുതൽ മരണം വരെ ജീവാത്മാവിന് ഭൗതിക-അസ്തിത്വവും അനന്തമായ ആനന്ദങ്ങളും മഹാശരണവും നൽകുവാൻ മാത്രമായി ജീവാത്മാവിന്റെ കൂടെ ഗൂഢമായി കൂടിയിട്ടുള്ള 'ശരീരമാണ് ' ഭക്ഷണത്തിലെയും മരുന്നുകളിലെയും മറ്റും മൂലകങ്ങളെ സ്വീകരിച്ചുള്ള ദഹനം, വിസർജ്ജനം, ശരീര വളർച്ച, രോഗം, രോഗ ശമനം തുടങ്ങിയ എല്ലാ കാര്യങ്ങളെയും ജീവാത്മാവിനു വേണ്ടി മാത്രം എല്ലായ്പ്പോഴും ചെയ്യുന്നത്.**

**ഭൂമിയിലെ 'മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങൾ' എന്ന സ്വന്തം ഇഷ്ടപ്രകാരമാണ് ശരീരം പ്രവർത്തിക്കുന്നതെങ്കിലും ജീവാത്മാവിനും ഉറ്റവർക്കും മറ്റുള്ളവർക്കും അങ്ങനെ തോന്നാത്ത വിധവും, ശരീരത്തിന് വേറിട്ടൊരു സ്വത്വത്തെ സ്വീകരിക്കാതെയും, സേവനങ്ങൾക്ക് വേതനം വാങ്ങാതെയും, സമ്പൂർണ്ണമായ നിസ്വാർത്ഥതയോടെയും, ഒരു നിമിഷം പോലും വിശ്രമിക്കാതെയും, മഹാദാസനും മഹാദാസിയും എന്നോണവും, ജീവാത്മാവിന് അനന്തമായ ആനന്ദങ്ങളെ നൽകി കൊണ്ട് കൂടുതൽ കൂടുതൽ ആനന്ദങ്ങളെ നേടി കൊടുക്കാനായി മാത്രം, മഹാവാത്സല്ല്യത്തോടെ (ശരീരം) പണിയെടുക്കുകയാണ്.**

ജനങ്ങളുടെ ചിലവിൽ ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ പരിഹരിക്കാനായി പ്രവർത്തിക്കുക എന്ന ജനസേവനം ചെയ്യേണ്ടത് ശരീരം ഉൾപ്പെട്ട ഭൂമിയുടെ മൂലകങ്ങളിലുള്ള ഭൗതിക ധർമ്മ നീതി ശാസ്ത്ര നിയമങ്ങൾ പ്രകാരം മാത്രമാകണം. സമൂഹത്തിലെ / പ്രദേശങ്ങളിലെ / രാജ്യങ്ങളിലെ ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ പരിഹരിക്കാനായി പ്രവർത്തിക്കുകയാണ് ജനസേവനം. സാമൂഹ്യ നിയമങ്ങളെ തട്ടിക്കൂട്ടുക എന്നത് ജനസേവനത്തിൽ പെടുന്നില്ല; ചെയ്യാൻ പാടില്ല. സാമൂഹ്യനിയമങ്ങൾക്ക് വ്യക്തിയുടെ മേൽ നീതി നടത്താൻ കഴിയില്ല.

നിയമങ്ങൾ, രാഷ്ട്ര ഭരണഘടന തുടങ്ങിയ പേരോടെ ഭൗതിക അസ്തിത്വം ഇല്ലാത്ത കോപ്രായങ്ങളെ തട്ടിക്കൂട്ടുന്നതും അവ പ്രകാരം പ്രവർത്തിക്കുന്നതും ജനസേവനം അല്ല. ഊട്ടുന്ന ജനങ്ങൾക്ക് പിഴ ചുമത്താൻ പിഴച്ചവർക്കേ കഴിയൂ. അതേസമയം, ജനങ്ങളുടെ അടിമകളായ ജനസേവകരും മറ്റും അവരവർക്കു വേണ്ടി മണ്ണിന്റെ നിയമങ്ങളെ പഠിച്ചു പാലിച്ചാൽ മതിയാകും. എന്തെന്നാൽ ആരെന്തു കോപ്രായങ്ങൾ കാട്ടിയാലും ശിക്ഷിച്ചു തിരുത്താൻ ശരീരവും മൂലകങ്ങളുമായ ഭൂമിയിൽ വ്യവസ്ഥയുണ്ട്; ചെയ്യുന്നുമുണ്ട്.

മഹാനീതിയായ ഭൂമിയുടെ കുഞ്ഞായ ഓരോ മനുഷ്യനും / ജീവിയും, സമ്പൂർണ്ണ സ്വാതന്ത്ര്യം അനുഭവിക്കുന്ന അവരവരുടെ രാജാവാണ്. ജനസേവകർ ഒഴികെ യാതൊരാളും മറ്റുള്ളവരുടെ അടിമകളല്ല. ജനങ്ങൾക്ക് അവരുടെ ചിലവിൽ ജീവിക്കുന്ന അടിമകളായ രാജാവും മന്ത്രിമാരും പോലീസ് സേനയും ഉൾപ്പെട്ട എല്ലാ ജനസേവകരെയും ശിക്ഷിക്കാൻ മഹാശാസ്ത്രപരമായ അവകാശവും അധികാരവും ഉണ്ട്; അടിമകൾക്ക് തിരിച്ചില്ല.

**ഓരോ മനുഷ്യനും അതാത് ജന്മങ്ങളിൽ ലഭിക്കുന്ന ജന്മഗുണങ്ങൾ പ്രകാരം തൊഴിൽ ചെയ്ത് ജീവിക്കുകയേ വേണ്ടൂ. ലഭ്യമായ ആരോഗ്യം (ശക്തി), ബുദ്ധിശക്തി, തൊഴിൽ അഭിരുചി, വിനോദ അഭിരുചി എന്നിവയെ ഭാഗികമായി വ്യത്യാസപ്പെടുത്താൻ സ്ഥിതിപരമായ വിധി എല്ലാ മനുഷ്യരെയും അനുവദിച്ചിട്ടുള്ളത് പ്രയോജനപ്പെടുത്താൻ തീർച്ചയായും കഴിയും. അതേസമയം ചുറ്റുമുള്ളവരെ ഉപദ്രവിക്കാനോ അവരുടെ ആനന്ദങ്ങളെ തട്ടിപ്പറിക്കാനോ ചൂഷണം ചെയ്യാനോ പാടില്ല. ധർമ്മ ശാസ്ത്രപരമായി മാത്രം ആനന്ദിച്ചു ജീവിക്കുക.**

**ഭൂമിയിലെ എല്ലാ തൊഴിലുകളെയും ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നിങ്ങനെ നാലായി വിഭജിക്കാം. യഥാർത്ഥമായ തൊഴിൽ വിഭജനം അവയാണ്. അവയ്ക്ക് കാലാനുസൃതമായി സംഭവിച്ച ജീർണ്ണതയെന്ന് ഇന്ത്യയിലെ ചാതുർവർണ്യത്തെ വിശേഷിപ്പിക്കാം. വിശദീകരണം മഹാദിവ്യവേദ ഗ്രന്ഥങ്ങളിൽ ലഭ്യമാണ്.**

തൊഴിൽ ശാസ്ത്രം, യുക്തിശാസ്ത്രം, സദാചാര ശാസ്ത്രം, സാമ്പത്തിക ശാസ്ത്രം, തൊഴിൽ ശാസ്ത്രം, ജനസേവന ശാസ്ത്രം (ഭരണ ശാസ്ത്രം), നീതിന്യായ ശാസ്ത്രം, തുടങ്ങിയ ശാഖകളും ഉപ-ഉപ ശാഖകളും രണ്ടാമത്തെ വേദമായ ധർമ്മ ശാസ്ത്രത്തിന് ഉണ്ടെന്നും, അവയെല്ലാം മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ഭൗതിക ശാസ്ത്ര നിയമങ്ങളോടൊപ്പം, ദൈവം വെളിപ്പെടുത്തുന്നുണ്ട് എന്നും www.omsathyam.com/GodlyRevolution/OM.pdf എന്ന മഹാദിവ്യവേദഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.

...

## ഭൗതിക ശാസ്ത്ര സാങ്കേതിക വികസനത്തിലൂടെ ലഭ്യമാകുന്ന ആനന്ദങ്ങളെ ഉപയോഗിക്കാനുള്ള / അനുഭവിക്കാനുള്ള

# യോഗ്യത

## ഓരോ വ്യക്തിയും നേടണം.

**ധർമ്മ ശാസ്ത്ര പരമായ യോഗ്യത ഇല്ലാത്തവർ ഭൗതിക ശാസ്ത്ര വികസനത്തിലൂടെ ലഭിക്കുന്ന ആനന്ദങ്ങളെ ഉപയോഗിക്കാനോ അനുഭവിക്കാനോ പാടില്ല. പാചകം ചെയ്ത ഭക്ഷണ സാധനങ്ങൾ, വസ്ത്രങ്ങൾ, ആധുനിക വീടുകൾ, കെട്ടിടങ്ങൾ, ചികിത്സാ സൗകര്യങ്ങൾ, കടകൾ, ആഭരണങ്ങൾ, ഉപകരണങ്ങൾ, കറിക്കത്തി മുതലുള്ള ആയുധങ്ങൾ, യന്ത്രങ്ങൾ, വാഹനങ്ങൾ, ടെലിവിഷൻ, മൊബൈൽ ഫോൺ, എല്ലാം അതിൽ പെടും.**

**ഭൂമിയിലെ വസ്തുക്കളിൽ ലയിച്ചിട്ടുള്ള ഭൗതിക ശാസ്ത്ര നിയമങ്ങളെ ഉപയോഗിച്ച് മനുഷ്യൻ ഉല്പന്നങ്ങളെ നിർമ്മിക്കുമ്പോൾ, പ്രസ്തുത ഉല്പന്നങ്ങളുടെ ധർമ്മ ശാസ്ത്രത്തെ പാലിക്കുവാൻ അവയെ ഉപയോഗിക്കുന്നവർ ബാദ്ധ്യസ്ഥരാണ്. ഉദാഹരണത്തിന് ഭൗതിക ശാസ്ത്ര നിയമങ്ങൾപ്രകാരം സാദ്ധ്യമാകുന്ന മദ്യത്തെ മരുന്നിനല്ലാതെ നിർമ്മിക്കുകയും കുടിക്കുകയും ചെയ്യുമ്പോൾ, ദൈവമായ ഭൂമി ചിട്ടപ്പെടുത്തിയിട്ടുള്ള നാഡീവ്യൂഹത്തിന്റെ പ്രവർത്തനങ്ങളെ മദ്യം താളം തെറ്റിക്കുന്നു എന്ന് വ്യക്തമാണ്. മദ്യപാനവും പുകവലിയും കഞ്ചാവും മയക്കുമരുന്നും പാടില്ല. പൊതുവായ ആവശ്യങ്ങളെ പരിഹരിക്കാൻ ജനങ്ങൾ ചെല്ലും ചെലവും കൊടുത്ത് നിയമിച്ച ജനസേവകർ തന്നെ മദ്യ നിർമ്മാണവും വ്യാപാരവും മദ്യപാനവും ചെയ്തു കൊണ്ട് മദ്യം കഴിച്ച് വാഹനം ഓടിക്കാൻ പാടില്ല എന്ന് നിയമവും തെറ്റിക്കുന്നവർക്ക് പിഴകളും (കൈക്കൂലിയും), അതിനായി ജനങ്ങളുടെ ചിലവിൽ തന്നെ പോലീസിനെയും മറ്റും ഏർപ്പെടുത്തുന്നത് മണ്ണിന്റെ നിയമങ്ങൾക്ക് വിരുദ്ധമായ അപരാധങ്ങളാണ്.**

**നാട്ടിലെ ജനങ്ങളുടെ കുടുംബ ജീവിത സദാചാര ബോധം, സമൂഹ ജീവിതത്തിന് യോജിച്ചതാവണം. ഉദാഹരണത്തിന്, കുടുംബ ജീവിതം ഭംഗിയാകണം എന്നുണ്ടെങ്കിൽ ഏക-പത്നി / ഏക പുരുഷ സംവിധാനം ആവശ്യമാണ്; സ്ത്രീ പുരുഷ സെക്സ് സ്വകാര്യമാണ് എന്നതിനാൽ സെക്സ് സംബന്ധമായ സിനിമ, പരസ്യം, തുടങ്ങിയവ പാടില്ല.**

**ഭൂമി, വാഹനം, മൊബൈൽ ഫോൺ തുടങ്ങിയ ഭൗതികമായ ഓരോ ആനന്ദത്തെയും സമമായി അനുഭവിക്കാൻ എല്ലാവർക്കും കഴിയണമെങ്കിൽ മണ്ണിന്റെ നിയമങ്ങളിൽ ലയിച്ചിട്ടുള്ള സാമ്പത്തിക ശാസ്ത്രത്തെ പാലിക്കണം.**

ഇനി, മതദൈവങ്ങളുടെയും മതങ്ങളുടെയും പേരിൽ, മതപ്പരിഷകൾ, നൂറ്റാണ്ടുകളായി ഭൗതിക ശാസ്ത്ര ഗവേഷണത്തെ തടഞ്ഞും ദ്രോഹിച്ചും, അനേകം ഭൗതിക ശാസ്ത്രജ്ഞന്മാരെ കൊന്നും കൊല്ലാക്കൊല ചെയ്തും കൊണ്ട്, അവരുണ്ടാക്കിയ ഭൗതിക ശാസ്ത്ര സൗകര്യങ്ങളെ യാതൊരു മടിയുമില്ലാതെ ഉപയോഗിക്കുന്നതിനെ പ്പറ്റി വിശകലനം ചെയ്യുക. ദേവാലയങ്ങളെ അത്യാധുനിക സൗകര്യങ്ങളോടെ നിർമ്മിക്കുകയും, ഏറ്റവും മുന്തിയ വാഹനങ്ങളും പാർപ്പിടം ഉൾപ്പെടെയുള്ള ജീവിത ആനന്ദങ്ങളും / സൗകര്യങ്ങളും ജനങ്ങളുടെ ചിലവിൽ ആസ്വദിച്ചു കൊണ്ട് ആത്മീയ തെമ്മാടിത്തം വിളമ്പുകയും, വിഡ്ഢിക്കൂട്ടങ്ങളെ കുമ്പസരിപ്പിച്ചും മറ്റും വിനോദിക്കുകയും ചെയ്യുന്നത് മതപുരോഹിതന്മാരുടെ അവകാശം പോലെ ആയിട്ടുണ്ട്. വൈദ്യുതി ഉപയോഗിക്കുന്ന ബൾബ്, ട്യൂബ്, തുടങ്ങിയവ കാലഘട്ടത്തിന് അനുസരിച്ച് ദൈവം നൽകിയവ അഥവാ ദൈവീകം മാത്രമാണവ എന്നതു ഗ്രഹിക്കാൻ ശ്രമിക്കുക പോലും ചെയ്യാതെ മെഴുകുതിരി, എണ്ണവിളക്ക്, നിലവിളക്ക് തുടങ്ങിയവ മാത്രമാണ് ദൈവീകമെന്ന് കരുതുന്ന മൂഢരെ പട്ടിക്കാട്ടിൽ തന്നെ പുനർജ്ജനിപ്പിക്കുന്നതാണ്. മണ്ണിലെ ന്യൂനശക്തികൾ പ്രതിപ്രവർത്തനം എല്ലായ്പ്പോഴും നടത്തുന്നുണ്ട് :-

മഹാനീതി ശാസ്ത്ര പ്രകാരം എല്ലാ മനുഷ്യരുടെയും ആത്മാക്കളെ 100 ജന്മങ്ങളിലൂടെ പുനർജ്ജനിപ്പിക്കുമ്പോൾ ജന്മഗുണങ്ങളെ നിയന്ത്രിച്ച് സമൂഹ ദ്രോഹം ചെയ്തവരും വഴിതെറ്റിയവരുമായ കുഞ്ഞുങ്ങളെ ശിക്ഷിച്ചു തിരുത്താനും നേർവഴിക്ക് നടത്താനും ന്യൂനശക്തികൾ എല്ലായ്പ്പോഴും പ്രതിപ്രവർത്തനം നടത്തുന്നുണ്ട്.

**മണ്ണായ ഭൂമിയിൽ ജീവിക്കുന്ന മനുഷ്യർ, ജീവിത കാര്യങ്ങളിൽ സ്വീകരിക്കുന്ന നടപടികൾക്ക് ആധാരമായി 'മണ്ണിലെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ഭൗതിക അസ്തിത്വം ഉള്ള ഭൗതിക ശാസ്ത്ര നിയമങ്ങളെയും അളവുകളെയും ഹാജരാക്കാൻ ബാദ്ധ്യസ്ഥരാണ്.**

ദൈവത്തിന്റെ മഹാജ്ഞാനമായ മഹാശാസ്ത്രത്തിന്റെ മൂലം കൂടിയായ 'ഓം' കുറിക്കാതെ ദൈവ കാര്യങ്ങളിൽ ഇടപെടാൻ കഴിയില്ലെന്നതു പോലും അറിയാത്ത 'കള്ളക്കൂട്ടങ്ങളെ ഗുരുക്കന്മാരെന്നും പുരോഹിതന്മാരെന്നും കരുതുകയും, അവരെ അനുസരിച്ചും മറ്റും തോന്നും പോലെ ജീവിക്കുവാൻ തയ്യാറായാൽ, ഇന്ന് അനുഭവിക്കുന്ന പോലെ, ദൈവത്തിന്റെ പൊന്നോമന കുഞ്ഞുങ്ങൾക്ക് നൂറ്റാണ്ടുകളായി തുടരുന്നതു പോലെ 'മതജാതിപ്പരിഷകളായി അധഃപതിച്ച് അന്യോന്യം ശണ്ഠ കൂടിയും കൊന്നും, ദൈവം നൽകിയ ജീവിതവും ആനന്ദങ്ങളും നഷ്ടപ്പെടുത്താം.'

'മതങ്ങളിൽ വിശ്വസിക്കുന്നവർ മതവിശ്വാസികളും,' മതങ്ങൾക്കും 'സർവ്വത്തിനും അതീതമായ ദൈവത്തിൽ വിശ്വസിക്കുന്നവർ ദൈവ വിശ്വാസികളും ആണെന്ന ശാസ്ത്ര സത്യം' പ്രകാരം ഭൂമിയിലെ ദൈവ വിശ്വാസികളെ വിരലിൽ എണ്ണാനാവും!

**ദൈവം പ്രത്യക്ഷമാകുന്ന 'സൃഷ്ടി ചക്രത്തിന്റെ രണ്ടാമത്തെ പകുതി' ആരംഭിക്കുന്നതോടെ ഏകദൈവമായ മഹാദേവിയെയും, ~ഭാഗമായ മഹാദേവനെയും എല്ലാവർക്കും സ്വന്തം കണ്ണുകളെ കൊണ്ട് ഉചിതമായി നേരിൽ കാണാൻ കഴിയുന്നതാണ്. മഹാശാസ്ത്ര പ്രകാരമുള്ള നടപടികൾ മാത്രമാണവ. മണ്ണായ ഭൂമിയിലെ മൂലകങ്ങളിലുള്ള എല്ലാ ആറ്റങ്ങളിലും ഇലക്ട്രോണുകളും പ്രോട്ടോണുകളുമായി ഏകദൈവത്തിന്റെ രണ്ടു ഭാഗങ്ങൾ മാത്രമായ ശിവനും ശിവയും ഉണ്ട്; മാത്രമല്ല; ശക്തി പകർന്നു കൊണ്ടും സദാ മഹാചിരിച്ചു കൊണ്ടും 'ബ്രഹ്മകണം' കൂടിയായ 'ഓം' ലയിച്ചെന്ന പോലെ പ്രവർത്തിക്കുന്നുമുണ്ട്. ഓരോ ആറ്റവും അറിയിക്കുന്ന ബ്രഹ്മ പാഠം കൂടിയാണത്. ദൈവത്തെ ഉടൻ നേരിൽ കാണാൻ എല്ലാ മനുഷ്യർക്കും കഴിയുന്നതാണ്.**

## ധർമ്മശാസ്ത്രപരമായ യോഗ്യത ഇല്ലാത്തവർക്കും ദൈവം വ്യക്തിസ്വാതന്ത്ര്യം അനുവദിക്കണം ! അതിനുള്ള വഴി :

**സദാചാരശാസ്ത്രപ്രകാരം, നാട്ടുവാസത്തിന് ചേരാത്ത മദ്യം പോലെയുള്ളവ ഉപയോഗിക്കുന്നവരെയും, മറ്റുള്ള ജീവികളുടേതു പോലെയുള്ള സെക്സ് ആഗ്രഹിക്കുന്നവരെയും, നിശ്ചിത കാലങ്ങളിലേയ്ക്ക് കാട്ടിലേക്ക് അയക്കുന്നതാണ്. കള്ളം പറഞ്ഞും, അധർമ്മം ചെയ്തും, ധർമ്മശാസ്ത്രത്തെ തെറ്റിക്കുന്നവരെയും കാട്ടിലയച്ചെന്നുവരാം. ആവശ്യമെന്നാൽ അധർമ്മികളെ ഭൗതിക ശാസ്ത്ര സൗകര്യങ്ങൾ ഇല്ലാത്ത ദ്വീപുകളിലേക്ക് താല്ക്കാലികമായോ സ്ഥിരമായോ കടത്താനും ധർമ്മശാസ്ത്രം വിധിക്കുന്നുണ്ട്.**

**ശിക്ഷയെന്നതിന് ഉപരിയായി, ധർമ്മ ശാസ്ത്രപരമായ നിയന്ത്രണങ്ങൾ ഇല്ലാതെയുള്ള വ്യക്തിസ്വാതന്ത്ര്യത്തോടെ ജീവിക്കാൻ ആഗ്രഹിക്കുന്നവർക്ക് അതിനുള്ള സൗകര്യം നൽകാൻ, ധർമ്മ ശാസ്ത്രത്തെ പിൻപറ്റുന്നവർ വിശാലമനസ്സും സ്നേഹവും, ദൈവം മഹാവാത്സല്ല്യവും കാട്ടുന്നതായി കണക്കാക്കണം. അതായത് അവരെ സ്നേഹിക്കുന്നതു കൊണ്ട്, അവർക്ക് ആവശ്യമുള്ള സ്വാതന്ത്ര്യം അനുവദിക്കുന്ന അവസ്ഥകളിലേക്ക് അവരെ അയക്കുന്നു.**

**മതങ്ങളും ജാതികളും രാഷ്ട്രീയ പാർട്ടികളും മറ്റും അവതരിപ്പിക്കുന്ന ദൈവങ്ങളും ദേവതകളും മതഗ്രന്ഥങ്ങളും ആശയങ്ങളും വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും വിഗ്രഹങ്ങളും ചിത്രങ്ങളും വീഡിയോകളും സാമ്പത്തിക പദ്ധതികളും പരിപാടികളും മണ്ണായ ഭൂമിയിലെ മൂലകങ്ങിൽ ഇല്ല. അതിനാൽ അവയ്ക്ക് ഭൗതികമായ അസ്തിത്വവും ഇല്ല; മതം മാറ്റം, രാഷ്ട്രീയ മാറ്റം എന്നിവ സാദ്ധ്യമാകുന്നതും അതുകൊണ്ടാണ്. ദൈവം നൽകിയ ബുദ്ധിശക്തി ഉൾപ്പെടെയുള്ള ശക്തികളെ ദുരുപയോഗം ചെയ്യുന്ന അവയുടെ നേതാക്കന്മാർക്കും പ്രവർത്തകർക്കും നാട്ടിൽ ജീവിക്കാനുള്ള യോഗ്യത ഇല്ല; മൃഗ സമാനരായി അവർ കാട്ടിൽ ജീവിക്കട്ടെ ! ഇഷ്ടമുള്ള മത വിശ്വാസങ്ങളെയും ആചാരങ്ങളെയും കോലങ്ങളെയും കോപ്രായങ്ങളെയും പൂജിക്കുകയോ തുള്ളിക്കളിക്കുകയോ ഒക്കെ ചെയ്തു കൊള്ളട്ടെ !**

**നാട്ടിൽ നിന്നും യാത്രയാക്കപ്പെടുന്ന ജനങ്ങളുടേതെന്ന് കരുതപ്പെടുന്ന സ്വത്തുക്കൾ താൽക്കാലികമായോ സ്ഥിരമായോ പൊതു-ഖജനാവിൽ ചേർക്കാനും ധർമ്മശാസ്ത്രം വിധിക്കുന്നു ; മഹാപ്രപഞ്ചത്തിലെ എല്ലാ സമ്പത്തുകളും മഹാശക്തിയായ ദൈവത്തിന്റേതാണ്, മനുഷ്യന് അവയിൽ ശാസ്ത്രപരമായി എത്രത്തോളം അവകാശം ദൈവം നല്കിയിരിക്കുന്നു തുടങ്ങിയ കാര്യങ്ങൾ സാമ്പത്തികശാസ്ത്രം എന്ന അദ്ധ്യായത്തിലും, മുകളിൽ ഭാഗികമായും ലഭ്യമാണ്.**

**അധമകാര്യങ്ങളെ നിയന്ത്രിക്കുവാനും തടയുവാനും കൂടി ചുമതലയുള്ള ജനസേവകർ (അടിമകൾ) മദ്യനിർമ്മാതാക്കളായും, കച്ചവടക്കാരായും, സെക്സ് ഉൾപ്പെടുത്തിയുള്ള പരസ്യങ്ങളെ ചെയ്യുന്നവരായും തടയാത്തവരായും, മറ്റും ഇന്ന് അധഃപതിച്ചിരിക്കുകയാണ്. ഭൂമിയിൽ ഉടൻ മായ പ്രത്യക്ഷമാകുന്നതോടെ ദൈവീകനിയമങ്ങൾ സ്ഥാപിക്കപ്പെടുന്നതാണ്.**

**കാട് കയ്യേറുവാനോ കാട് ഭരിക്കുവാനോ നാട്ടുവാസികൾക്ക്  അവകാശം ഉണ്ടായിരിക്കുന്നതല്ല. നാട്ടിൽ, സസ്യങ്ങളും വൃക്ഷങ്ങളും ചിട്ടകളോടെ കൃഷി ചെയ്യുന്നു; കാട്ടിൽ (അത്തരം) കൃഷി പൊതുവെ ഇല്ല ; സസ്യങ്ങളും വൃക്ഷങ്ങളും ചിട്ടയില്ലാതെ ഇടതൂർന്ന് വളരുന്നു, കാടിന്റെ സൃഷ്ടി അങ്ങനെയാണ് ; ജീവിത കാര്യങ്ങളിൽ ചിട്ടകൾ അഥവാ ശാസ്ത്രം ഇല്ലാതെ ജീവിക്കുന്ന ജന്തുക്കൾക്കൊപ്പം ജീവിക്കുവാൻ നാട്ടിലെ ചിട്ടകൾ (ശാസ്ത്രം) തെറ്റിച്ചു ജീവിക്കുന്നവരെ കാട്ടിലയക്കുകയാണ് ചെയ്യുന്നത്. ധർമ്മ ശാസ്ത്രം തെറ്റിച്ചു ജീവിക്കുന്നവർക്ക് ഭൗതികശാസ്ത്ര സൗകര്യങ്ങൾ യാതൊന്നും കാട്ടിലേക്ക് കൂടെ കൊണ്ടു പോകാൻ അനുവദിച്ചും കൂടാ. ഉടുവസ്ത്രത്തോടെ മാത്രമാണ് കാട്ടിലേക്ക് യാത്ര അയക്കേണ്ടത്. അധമനായ രാജാവിനോടും മന്ത്രിമാരോടുമെല്ലാം അങ്ങനെ തന്നെ.**

**ദശാബ്ദങ്ങളോ ശതാബ്ദങ്ങളോ കൊണ്ട് ദുഷിച്ചുകൊണ്ടിരിക്കുന്ന വ്യവസ്ഥിതികളുടെ ഭാഗമായിരിക്കയാലും, മഹാപ്രപഞ്ചത്തിലെ മഹാസത്യങ്ങളെ അറിയാതെ അജ്ഞാനം നിമിത്തം സംഭവിച്ച പിഴവുകളാകയാലും, ഭീകരവാദവും മതങ്ങളും എന്ന അദ്ധ്യായത്തിൽ വിവരിച്ചതായ ദുർദ്ദേവതകളും കാരണക്കാരാവുകയാലും, മായ പ്രത്യക്ഷമാകുന്നതോടെ പെട്ടെന്ന് മാനസിക പരിവർത്തനം ഉണ്ടാകും എന്നതിനാലും, ഇന്നത്തെ നാട്ടുവാസികളെ കാട്ടിൽ അയക്കേണ്ടിവരില്ല.**

**ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാനായി ജനസേവകൻ എന്ന അടിമയായി, സമൂഹത്തിൽ സ്ഥാനം ഏറ്റെടുക്കുമ്പോൾ മണ്ണിലെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ധർമ്മ ശാസ്ത്ര പ്രകാരം പ്രവർത്തിച്ചാൽ മതിയാകും.**

**ധർമ്മ ശാസ്ത്രത്തെ മുറുകെ പിടിക്കുന്ന അടിമകളെ രാജാവ്, മന്ത്രി തുടങ്ങിയ നാമം നൽകി ജനങ്ങൾ ആദരിക്കുന്നു!**

**ആധുനിക കാലത്തെ ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയിലെ സമസ്ത ഉദ്യോഗസ്ഥരും ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാനുള്ള അടിമകളാണ്.**

**പോലീസ് സേന, ജില്ലാ കളക്ടർ, ഉദ്യോഗസ്ഥർ, രാജാവ്, മന്ത്രിമാർ, തുടങ്ങിയവരും അടിമകൾ തന്നെ. അടിമകൾ അന്യോന്യം അകമ്പടി സേവിക്കാനോ സല്യൂട്ട് ചെയ്യാനോ പാടില്ല. ജനങ്ങളും അടിമകളും എല്ലാം അനുസരിക്കേണ്ടത് ധർമ്മ ശാസ്ത്രത്തെ മാത്രമാവണം. അടിമകൾ നീതി വിധിക്കേണ്ട; യജമാനർ ചെയ്തു കൊള്ളും. ധർമ്മ ശാസ്ത്ര പ്രകാരം ജീവിക്കാത്തവരെ യജമാനർ കാട്ടിലേക്കോ, 'ശാസ്ത്ര സൗകര്യങ്ങൾ' ഇല്ലാത്ത ദ്വീപിലേക്കോ അയക്കുക. സാമൂഹിക-ശിക്ഷകൾ കാടുകളുമായും ദ്വീപുകളുമായും ബന്ധിക്കപ്പെടുന്നതും, ഇന്നത്തെ ജയിലുകളും ശിക്ഷകളും അവസാനിക്കുന്നതുമാണ്.**

**കാട്ടിലെ ജീവികൾ അന്യരല്ല. അവരും ദൈവത്തിന്റെ - മഹാദേവിയുടെയും മഹാദേവന്റെയും പൊന്നോമന കുഞ്ഞുങ്ങളാണ്. മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ എന്നതാണ് ജീവി ചക്രം. 100 മൃഗജന്മങ്ങൾ പിന്നിടുന്ന മൃഗം അടുത്ത ജന്മത്തിൽ മനുഷ്യനാണ്.**

**മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ എന്നിങ്ങനെ ഓരോ അവസ്ഥയിലും ജീവികൾക്ക് പ്രത്യേക ധർമ്മങ്ങളുണ്ട്. അതേസമയം എല്ലാ കുഞ്ഞുങ്ങളെയും സംരക്ഷിക്കുക എന്ന മഹാധർമ്മം എല്ലായ്പ്പോഴും ഏകദൈവമായ മഹാദേവിക്ക് ഉണ്ട്. ചെയ്യുന്നുമുണ്ട്.**

# ഓരോ സൃഷ്ടിചക്രത്തിന്റെയും ആരംഭത്തിൽ കാട്ടുവാസി, ആദിവാസി എന്നിങ്ങനെ ഏതാനും ആൾക്കാർ മാത്രമാണ് ഭൂമിയിൽ ഉണ്ടാവുക.

ആദിവാസി എന്ന പദം ഓരോ സൃഷ്ടി ചക്രത്തിന്റെയും ആരംഭത്തിലെ മനുഷ്യനെ കുറിക്കുന്നു. ലഭ്യമായ ചരിത്രം സാക്ഷ്യവുമാണ്. ആദിവാസി കാട്ടുവാസി കൂടിയാകയാൽ, നാണം വിഷയമാകുന്നവർ മരങ്ങൾ, മൃഗങ്ങൾ എന്നിവയുടെ തോലും, ഇലകളും കൊണ്ട് വസ്ത്രങ്ങൾ ധരിക്കുന്നതാണ്.

മൃഗവേട്ട, ഫലങ്ങൾ എന്നിവയിൽ നിന്നും കൃഷിയിലേക്ക് ക്രമേണ ജീവിത മാറ്റമുണ്ടാകുന്നു. മണ്ണായ ഭൂമിയിൽ മഹാലയി(പ്പി)ച്ചിട്ടുള്ള ഭൗതിക ശാസ്ത്ര നിയമങ്ങളെ ഉപയോഗിച്ച് സാങ്കേതിക വികസനങ്ങൾ കാലാനുസൃതമായി നേടുന്നു. ഭക്ഷണം, വസ്ത്രം, പാർപ്പിടം തുടങ്ങിയ ജീവിത ഘടകങ്ങൾ ആദ്യ അത്യാവശ്യങ്ങളാവുന്നു. ക്രമേണ അനേകം നൂറ്റാണ്ടുകളിലൂടെ ബഹുവിധ ഭക്ഷണം, കാറ്, ബൈക്ക്, കപ്പൽ, വിമാനം, ഹെലികോപ്റ്റർ, റേഡിയോ, ടെലിവിഷൻ, കമ്പ്യൂട്ടർ, മൊബൈൽ ഫോൺ എന്നിങ്ങനെ ആനന്ദങ്ങളെ അനന്തമായി നൽകുന്ന വസ്തുക്കളുടെയും മറ്റും പട്ടിക നീളുന്നു. ആദിവാസിയും കാട്ടുവാസിയും ആയിരുന്ന മനുഷ്യന് നാട്ടുവാസിയായി പരിവർത്തനം ഉണ്ടാകുന്നതിന് (ദൈവം) ആധാരമാക്കിയിട്ടുള്ളത് മുഖ്യമായും ഭൗതിക ശാസ്ത്ര സാങ്കേതിക വികസനങ്ങളെയാണ്.

...

**എല്ലാ സൃഷ്ടി ചക്രങ്ങളുടെയും ആരംഭത്തിലെ ആദിവാസികളാണ് / കാട്ടുവാസികളാണ് 100 മനുഷ്യജന്മങ്ങളിലെ 80-90 പുനർജന്മങ്ങളിലൂടെ 'മായ' പ്രത്യക്ഷമാകുന്ന കാലത്ത് നാട്ടിലുണ്ടാവുക എന്നത് കണക്കാക്കിയാൽ കാട്ടുവാസികളെ തരം താണവരായി കാണില്ല. മായ /ദൈവം ഉടൻ ഭൂമിയിലെങ്ങും പ്രത്യക്ഷമാകുന്നതോടെ സംശയങ്ങൾ അവസാനിക്കുന്നതാണ്.**

**ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതും, ഏകമഹാശക്തിയും മഹാനീതിയും മഹാമാതാവുമായ മഹാദേവി എല്ലാ സൃഷ്ടി ചക്രങ്ങളിലെയും ജനങ്ങൾക്ക് മോക്ഷത്തെ മഹാഅനുഗ്രഹിച്ചു നൽകുന്നത്, ~ഭാഗവും പ്രപഞ്ചപിതാവുമായ പരമശിവനിലൂടെയാണെന്ന് പ്രസ്താവിക്കുമ്പോൾ പരമശിവന്റെ വസ്ത്രം മൃഗത്തോലായത് കാരണം ഉണ്ടായിട്ടാണ്.**

**സർവ്വത്തിനും അതീതമായ ദൈവവും, പ്രതിനിധി കൂടിയായ പരമശിവനും, കാലാതീതരാണെന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ, സൃഷ്ടിചക്രം ആരംഭിക്കുമ്പോഴും ലഭ്യമായ 'കാലാതീതമായ മൃഗത്തോലിനെ' വസ്ത്രമായി 'പ്രതിനിധിക്ക്' മഹാദേവി അനുഗ്രഹിച്ചു നൽകുന്നു.**
പ്രപഞ്ചപിതാവ് മഫനും കഴമ്പുകെട്ടവനും മറ്റുമാണെന്നും കരുതാം; **മഹാദേവി ശക്തി നൽകിയാൽ മാത്രമാണ്** ഒരു പുൽക്കൊടി ഉയർത്താൻപോലും പരമശിവന് കഴിയുക.

**ഭൂമിയിലെങ്ങും മഹാശാസ്ത്രമൂലവും, ആദിവചനവും സൃഷ്ടി മന്ത്രവും, ശബ്ദ ബ്രഹ്മവും, അക്ഷര ബ്രഹ്മവും, ഏകമഹാശബ്ദവും, മഹാസംഗീതവും, സംഹാര കാഹളവും, സർവ്വ ദേശ ഭൂമിഗാനവും, മഹാദേവിയുടെ മഹാചിരിയുമായ ഓം മുഴക്കി ക്കൊണ്ട് മായ/ദൈവം പ്രത്യക്ഷമാകുമ്പോൾ, 01.01.0001 എന്ന പുതിയ കലണ്ടറോടെ 33 വർഷം ദൈവ വിപ്ലവം, 500 വർഷം ദൈവ രാജ്യം, 5000 വർഷത്തെ സൃഷ്ടിചക്ര സംഹാരം എന്നിവയാണ് എല്ലാ സൃഷ്ടി ചക്രങ്ങളിലും തുടരുക.**

**ഭൗതിക ശാസ്ത്ര സാങ്കേതിക വികസനങ്ങളിലൂടെ നേടിയവ ഒന്നൊന്നായി അവസാനിക്കുന്നതും, സംഹാരം പൂർത്തിയായിട്ട് അടുത്ത സൃഷ്ടി ചക്രങ്ങളിലെ 33 വർഷങ്ങളിൽ മരത്തോൽ, മൃഗത്തോൽ, ഇലകൾ എന്നിവ മാത്രമായി വസ്ത്രങ്ങൾ ചുരുങ്ങുന്നതും, ക്രമേണ അന്നത്തെ ആദിവാസികളുടെ ചര്യകൾക്ക് പരിവർത്തനം ഉണ്ടാകുന്നതുമാണ്.**

**വേദങ്ങൾ = ഭൗതിക + ധർമ്മ + ആത്മീയ ശാസ്ത്രങ്ങൾ = മഹാശാസ്ത്രം = ആനന്ദ ശാസ്ത്രം സനാതനമായി ദൈവത്തിന്റെ ഖരരൂപവും മണ്ണുമായ ഭൂമിയിൽ മഹാലയിച്ചിരിക്കുന്നതുമാണ്.**

**ജനങ്ങളുടെ സ്വകാര്യമായ ആവശ്യങ്ങളിലും പ്രശ്നങ്ങളിലും ധർമ്മ ശാസ്ത്രപരമായി പ്രവർത്തിക്കുന്നതോടൊപ്പം ജന്തുക്കൾ ചെയ്യുന്ന പോലെ പ്രതിരോധ നീതിയെ നടപ്പാക്കാൻ ജനങ്ങൾക്ക് അവകാശവും ദൈവീകമായ പോലീസ് അധികാരവും ഉണ്ട്; അസാധാരണമായ സാഹചര്യങ്ങളിൽ ആക്രമിക്കുകയും ചെയ്യാം.**

**മനുഷ്യരുമായി താരതമ്യം ചെയ്യുമ്പോൾ, മറ്റുള്ള ജീവികൾക്കെല്ലാം ബുദ്ധിശക്തി ഏറെ കുറവാണ്.**

**മറ്റുള്ള ജീവികളെയോ, അവർക്ക് പ്രിയപ്പെട്ടവരെയോ ആരെങ്കിലും ഉപദ്രവിക്കാനോ ആക്രമിക്കാനോ വന്നാൽ, അവർക്ക് പോലീസില്ല; ആരെയും കാത്തിരിക്കണ്ട. ശക്തിക്കൊത്ത് പൊരുതുകയും, ചിലപ്പോൾ വധിക്കുകയും, വധിക്കപ്പെടുകയും ഒക്കെ ചെയ്യും. വാദികളെയും പ്രതികളെയും പോലീസ് വന്നു പിടിക്കുകയോ, പോലീസ് മർദ്ദിക്കുകയോ, കൈക്കൂലി കൊടുക്കേണ്ടതായി വരികയോ, ഓച്ഛാനിച്ചും ഭയന്നും മാനംകെട്ടും ജീവിക്കേണ്ടി വരികയോ, കള്ള രേഖകൾ ഹാജരാക്കി വക്കീലന്മാർ വാദിക്കുകയോ, അവർക്കും അവർ നിർദ്ദേശിക്കുന്ന കോടതി ഉദ്യോഗസ്ഥർക്കും പോലീസുകാർക്കും പണവും പാരിതോഷികങ്ങളും നൽകുകയോ, ജാമ്യം എടുക്കേണ്ടി വരികയോ ജയിലിൽ പോകേണ്ടി വരികയോ, അവിടെയും പീഡനം അനുഭവിക്കേണ്ടി വരികയോ .. വേണ്ട; മന്ത്രിയും ഇല്ല.**

**മറ്റുള്ള ജീവികൾക്ക് മതാചാര്യന്മാരുടെയും മതപുരോഹിതന്മാരുടെയും ദുസ്വാതന്ത്ര്യങ്ങളെയും കൊള്ളകളെയും സഹിക്കേണ്ടി വരുന്നുണ്ടോ ? പേരിടാനും മാമോദീസാ മുക്കാനും ചുക്രിയുടെ ചർമ്മാഗ്രം ഛേദിക്കാനും വിവാഹം കഴിപ്പിക്കാനും ശവമടക്കാനും വ്യത്യസ്ത മതപുരോഹിതർ ഉണ്ടോ ? രാഷ്ട്രീയക്കാരുടെ കൊള്ളകളും നികുതികളും നികുതി വർദ്ധനവും ഉണ്ടോ ? അതും ഇല്ല. ഹർത്താലുകളും ബന്ദുകളും ? ഇല്ല.**

**മറ്റുള്ള ജീവികൾ ഭാഗ്യവാന്മാർ ! മനുഷ്യർക്ക് ദുരവസ്ഥ എങ്ങനെ വന്നു ? ദുരവസ്ഥയ്ക്കുള്ള പരിഹാരം 'ദൈവീക പോലീസ് സേന' എന്ന അടുത്ത അദ്ധ്യായത്തിലുണ്ട്.**

**ഭൗതികമായ അസ്തിത്വം ഇല്ലാത്തതും, അധമർ തട്ടിക്കൂട്ടിയതുമായ ആശയങ്ങളെ നിയമങ്ങളായും, കോപ്രായങ്ങളെ നീതിന്യായ നടപടികളായും, മണ്ണിൽ ഇല്ലാത്തതും ദൈവം നേരിട്ട് പഠിപ്പിക്കാത്തതുമായ അന്ധവിശ്വാസങ്ങളെ ദൈവ കാര്യങ്ങളായും, സ്വീകരിക്കാൻ സൃഷ്ടി സ്ഥിതി സംഹാര കർത്താവും, മനുഷ്യരുടെ എല്ലാ കാര്യങ്ങളിലും അവകാശവും അധികാരവും ഉള്ളതുമായ ദൈവം നേരിട്ട് പറഞ്ഞിട്ടില്ല. മണ്ണായ ഭൂമിയിലെ മൂലകങ്ങളിൽ ലയിപ്പിച്ചിട്ടുള്ളതായ ഭൗതിക ധർമ്മ ആത്മീയ ശാസ്ത്രങ്ങൾ വഴി ഏക അധികാരിയായ ദൈവം ആവശ്യപ്പെടുകയോ ചെയ്തിട്ടില്ല. സഹായികളെ ആവശ്യമില്ലാത്ത മഹാശക്തിയായ ദൈവത്തിന് മദ്ധ്യസ്ഥരെയും വേണ്ട. പിന്നെന്താണ് ? ഭരണാധികാരികളും ഉദ്യോഗസ്ഥരും ഒക്കെ എവിടെ നിന്ന് എങ്ങനെ എപ്പോൾ എന്തിന് വന്നു ?**

പുരുഷനും സ്ത്രീയും എന്ന രണ്ട് വ്യക്തികളെ ചേർത്ത് മനുഷ്യൻ എന്ന ജീവിയെ സൃഷ്ടിച്ചിരിക്കുകയാണ്. മനുഷ്യൻ എന്ന പദം ബഹുവചനം ആണ്; സമൂഹമാണ്. സമൂഹ ജീവികളുടെ കൂട്ടത്തിൽ ബുദ്ധിശക്തി, കായിക ശക്തി, ആരോഗ്യം, എന്നിവയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകേണ്ടത് ആവശ്യമാണ്. എല്ലാ തൊഴിലുകളും ചെയ്യാൻ ആളുണ്ടാവണമല്ലോ. ഉപദേശങ്ങളും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും വിഷയങ്ങളിൽ ആവശ്യമാകും. ഉപദേശിക്കാനും അഭിപ്രായ വ്യത്യാസങ്ങളെ നിയന്ത്രിക്കാനും സഹായിക്കുന്നവർക്ക് സമൂഹത്തിൽ ക്രമേണ മേൽക്കോയ്മ ഉണ്ടാകുന്നു. അനേകം ഘടകങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

പ്രദേശങ്ങളിലെ കാലാവസ്ഥ, കടൽ, നദികൾ, പർവ്വതം, മലകൾ, വനങ്ങൾ തുടങ്ങി ബഹുവിധ ഘടകങ്ങളും, വ്യത്യസ്തങ്ങളായ ജനസമൂഹങ്ങളെ രൂപപ്പെടുത്തുന്നു. ജനപ്പെരുപ്പം, ചിലയിടങ്ങളിൽ രൂപം കൊള്ളുന്ന മതങ്ങൾ, മുതലാളിത്തം ഫ്യൂഡലിസം കമ്മ്യൂണിസം തുടങ്ങിയ വ്യവസ്ഥിതികൾ, അതിർത്തി തർക്കങ്ങൾ, പ്രാദേശികവും ദേശീയവുമായ വളർച്ച, സാമ്പത്തിക ചൂഷണങ്ങൾ, യുദ്ധങ്ങൾ, ശാസ്ത്ര സാങ്കേതിക വളർച്ചയും ജീവിത സൗകര്യങ്ങളുടെ വർദ്ധനവും തുടങ്ങിയവ നൂറ്റാണ്ടുകൾ കൊണ്ട് ഗ്രാമം, നഗരം, ജില്ല, സംസ്ഥാനം, ദേശം, കോമൺവെൽത്ത്- യൂറോപ്യൻ യൂണിയൻ- ഒപ്പെക് - എന്നിങ്ങനെ കൂട്ടായ്മകളെയും ചേരിതിരിവുകളെയും, തദടിസ്ഥാനങ്ങളിൽ ഭരണകൂടങ്ങളെയും സൃഷ്ടിച്ചിരിക്കുകയാണ്.

**മണ്ണായ ഭൂമിയിലെ മൂലകങ്ങളിൽ ലയി(പ്പി)ച്ചിട്ടുള്ളതായ ഭൗതിക ശാസ്ത്ര നിയമങ്ങൾക്കൊപ്പം ധർമ്മ ശാസ്ത്രം ലഭ്യമാണെന്നത് ശ്രദ്ധിക്കാൻ പോലും ആളുണ്ടായില്ല.**

തോന്നും പോലെ ഭരണകൂടം പ്രവർത്തിച്ചു. നൂറ്റാണ്ടുകൾക്കു മുമ്പ് സൗജന്യമായി പൊതുജന സേവനം ചെയ്തു തുടങ്ങിയത്, കാലക്രമത്തിൽ പ്രതിഫലം മോഹമായും, ആവശ്യമായും, ജനങ്ങളെ കബളിപ്പിച്ചും കൊള്ളയടിച്ചും ആനന്ദങ്ങളെ നേടാനുള്ള മാർഗ്ഗമായി വളർന്നു.

**ജനസമൂഹങ്ങൾ പ്രദേശ വാസികൾ, ദേശ വാസികൾ എന്നിങ്ങനെ വളർന്നപ്പോൾ, ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാൻ ഭരണാധികാരികൾ എന്ന പേരിൽ ജനവിഭാഗം ആവശ്യമായി, ഭരണാധികാരികൾക്ക് ജനങ്ങളെ കബളിപ്പിച്ചും, കൊള്ളയടിച്ചും, ഭരിച്ചും, കൊണ്ട് ജനങ്ങളുടെ ചിലവിൽ തന്നെ ബഹുവിധങ്ങളായ ആനന്ദങ്ങളെ നേടാനുള്ള മാർഗ്ഗമായി ഏറ്റക്കുറച്ചിലുകളോടെ എല്ലാ രാജ്യങ്ങളിലെയും സമൂഹങ്ങളിൽ വളർന്നു, എന്നിവ വിശകലനം ചെയ്താൽ, ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിശ്ചയിക്കുന്നത് ആര് എന്നതും, ആര് ആർക്കു വേണ്ടി പ്രവർത്തിക്കുന്നു എന്നതും, എങ്ങനെ പ്രവർത്തിക്കുന്നു എന്നതും, തുടങ്ങിയ കാര്യങ്ങൾ ആധാര ഘടകങ്ങളാണ്. അടിമകൾ ജീവിക്കേണ്ടത് യജമാനരുടെ ആവശ്യങ്ങളെ നിർവ്വഹിക്കാനാവണം.**

**പകരം, യജമാനരായ ജനങ്ങളെ അടിമകളാക്കി കൊണ്ട്, യഥാർത്ഥ അടിമകൾ 'ഭരണാധികാരികൾ' എന്ന കള്ളപ്പേരിൽ, 'പോലീസ്, പട്ടാളം, ഉദ്യോഗസ്ഥർ തുടങ്ങിയ അടിമകളെ' സമർത്ഥമായി ദുർവ്വിനിയോഗിച്ച്, യജമാനരായ ജനങ്ങളെ പീഡിപ്പിച്ചു ജീവിക്കുന്ന കൊടിയ പൈശാചിക അവസ്ഥയാണ് എല്ലാ രാജ്യങ്ങളിലും പരക്കെ ഉണ്ടായിട്ടുള്ളത്.**

**അടിമകൾക്കും കൂട്ടാളികൾക്കും അറിയാത്തതും വിട്ടുപോയതും അവഗണിച്ചതുമായ മുഖ്യ വസ്തുത മഹാനീതിയെ സദാ ദൈവം നിർവ്വഹിക്കുന്നു എന്നതാണ്. സൃഷ്ടി ചക്രത്തിന്റെ ആദ്യ പകുതിയിൽ ദൈവം പ്രത്യക്ഷമല്ല എന്നതു കൊണ്ട് നീതി കാര്യങ്ങളെ പ്രകടമായി അറിയാൻ കഴിയുന്നില്ല എന്നേയുള്ളൂ.**

**സൃഷ്ടി ചക്രത്തിന്റെ രണ്ടാമത്തെ പകുതിയിൽ ദൈവം പ്രത്യക്ഷമാകുന്നതോടെ തകർന്നടിയുന്ന ചീട്ടുകൊട്ടാരങ്ങളാണ് എല്ലാ രാജ്യങ്ങളിലെയും ഭരണ കാര്യാലയങ്ങളിലും മതകേന്ദ്രങ്ങളിലും ഏറെക്കുറെ പൂർണ്ണമായും / പരക്കെ ഉണ്ടായിരിക്കുന്നത്. ഭരണാധികാരികളും ഉദ്യോഗസ്ഥരും രാഷ്ട്രീയ പാർട്ടികളുടെയും മതങ്ങളുടെയും ജാതികളുടെയും മറ്റും നേതാക്കളായി വിലസുന്നവരും തൽക്കാലം അറിയുന്നില്ല എന്നതാണ് വസ്തുത.**

ദൈവ കാര്യങ്ങളെന്ന പേരിൽ എല്ലാ രാജ്യങ്ങളിലും ഏറ്റക്കുറച്ചിലുകളോടെ സ്ഥാനം ഉറപ്പിച്ച മതങ്ങളിലെ വിശ്വാസങ്ങളുടെയും ആചാരങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും പേരിൽ ദൈവം നൽകിയ ശക്തി, സമ്പത്ത്, ജീവൻ, ആരോഗ്യം, സമയം എന്നിവ പാഴാക്കി ക്കൊണ്ട് വാചക കസർത്തുകളും ജാഥകളും നയിക്കുകയും മറ്റുള്ളവർക്ക് ദൈവം നൽകിയിട്ടുള്ള സഞ്ചാര സ്വാതന്ത്ര്യം ഉൾപ്പെടെയുള്ള ആവശ്യങ്ങളെയും ആനന്ദങ്ങളെയും ഹനിക്കുന്നവർ കടുത്ത ദൈവ നിന്ദയും പാപങ്ങളുമാണ് ചെയ്തു പോരുന്നത്. മത-ദൈവങ്ങളുടെ പേരിൽ കോപ്രായങ്ങൾ കാട്ടുന്ന അവർ ചെയ്യുന്നതെന്തെന്ന് അവർ (തൽക്കാലം) അറിയുന്നില്ല.

## മനുഷ്യനും മറ്റുള്ള ജീവികളും ജീവിക്കുന്നതും തൊഴിൽ ചെയ്യുന്നതും ആർക്കു വേണ്ടി / എന്തിനു വേണ്ടി ?

## ആനന്ദത്തെ വർദ്ധിപ്പിച്ചു ജീവിക്കാനാണ് മനുഷ്യൻ ഉൾപ്പെടെയുള്ള ഓരോ ജീവിയും പരിശ്രമിച്ചു കൊണ്ടിരിക്കുന്നത്.

സമസ്ത ജനങ്ങളും ജീവിക്കുന്നത് അവരവർക്കു വേണ്ടിയാണ്. ഭാര്യക്കും മക്കൾക്കും വേണ്ടി ജീവിക്കുന്നു/തൊഴിൽ ചെയ്യുന്നു എന്ന് കരുതുന്ന ഭർത്താവും, ഭർത്താവിനും മക്കൾക്കും വേണ്ടി ജീവിക്കുന്നു എന്ന് കരുതുന്ന ഭാര്യയും, മറ്റു കുടുംബാംഗങ്ങളും, യഥാർത്ഥത്തിൽ ജീവിക്കുന്നത് അവരവർക്കു വേണ്ടിയാണ്.

മറ്റുള്ളവർക്കു വേണ്ടി ജീവിക്കുന്നു/തൊഴിൽ ചെയ്യുന്നു എന്ന് കരുതുന്നവർ വിശകലനം ചെയ്താൽ തെറ്റിദ്ധാരണ മാറും. ആർക്കു വേണ്ടിയാണ് ജീവിക്കുന്നത് / പ്രവർത്തിക്കുന്നത് എന്നു കരുതുന്നത്, അവർക്ക് ലഭിക്കുന്ന സാത്വികമോ അധമമോ ആയ ആനന്ദത്തിൽ, വ്യക്തി ആനന്ദിക്കുന്നു എന്നതാണ് പ്രഥമവും പ്രധാനവുമായ വസ്തുത.

പ്രപഞ്ചത്തിലെ ഏറ്റവും കഠിനമായ ജോലി കുഞ്ഞുങ്ങളെ പരിചരിക്കലും സംരക്ഷിക്കലുമാണെന്നു പറയുമ്പോൾ, ഏറ്റവും നീണ്ട ആനന്ദമായ വാത്സല്യവും സ്നേഹവും സന്തോഷവും അതിലുണ്ട്. അതിന്റെ തുടർച്ചയായി വൃദ്ധരും അവശരുമായ മാതാപിതാക്കളെയും ഉറ്റവരെയും മക്കൾ പരിചരിക്കാനും ശുശ്രൂഷിക്കാനും സന്തോഷിപ്പിക്കാനും ശ്രദ്ധിക്കേണ്ടത് മക്കളുടെ കടമ ആണ്. പിഴവ് സംഭവിച്ചാൽ പാപവും ദൈവശിക്ഷകളും വാരിക്കൂട്ടുന്നതുമാണ്.

ദൈവം കുഞ്ഞുങ്ങളെ ജനിപ്പിക്കുമ്പോൾ അഥവാ മഹാപ്രപഞ്ചത്തെ സൃഷ്ടിക്കുമ്പോൾ, ദൈവത്തിനും സ്വാർത്ഥം ഉണ്ടാകുന്നുണ്ട്; എന്നാൽ എല്ലാ കുഞ്ഞുങ്ങളോടുമുള്ള മഹാവാത്സല്ല്യത്തെ മഹാആനന്ദമായി മഹാനിശ്ചയിച്ച് ആനന്ദങ്ങൾക്കെല്ലാം അതീതമായും നിസ്വാർത്ഥമായും ദൈവം മഹാശോഭിക്കുന്നു.

**സർവ്വത്തിനും അതീതമായ ദൈവത്തിനോ, ദൈവത്തിന്റെ മഹാഖര രൂപമായ ഭൂമിക്കു വേണ്ടിയോ, ഭൂമിയുടെ അംശങ്ങളും അവയവങ്ങളുമായ ദേശങ്ങൾക്കും നാടുകൾക്കും സ്വന്തമെന്ന് തെറ്റിദ്ധരിച്ചു പോരുന്ന മണ്ണിലെ മൂലകങ്ങൾ കൊണ്ട് ഉണ്ടാക്കിയ ശരീരത്തിനു വേണ്ടിയോ മനുഷ്യൻ യാതൊന്നും ചെയ്യണ്ട. ദൈവാംശമായ ശരീരം നൽകുന്ന ശക്തി കൊണ്ട് ധർമ്മ ശാസ്ത്രപരമായി ആനന്ദിച്ചു ജീവിക്കുകയേ വേണ്ടൂ.**

രാഷ്ട്രീയ പാർട്ടികളുടെയോ, മതപുരോഹിതരുടെയോ വാക്കുകളെ, സ്വന്തം ശരീരത്തിലോ മണ്ണിന്റെ മൂലകങ്ങളിലോ ഉള്ള ഭൗതിക-ധർമ്മശാസ്ത്ര നിയമങ്ങളിൽ ഉണ്ടോ എന്ന് ഉറപ്പു വരുത്താൻ ഓരോ മനുഷ്യനും, പ്രത്യേകിച്ച് ബുദ്ധിശക്തി കൂടുതൽ ലഭിച്ചിട്ടുള്ളവർ സ്വയവും ദൈവത്തോടും ബാദ്ധ്യസ്ഥരാണ്. മണ്ണിന്റെ നിയമങ്ങളിൽ ഇല്ലെങ്കിൽ, രണ്ട് മാർഗ്ഗങ്ങളെയാണ് മണ്ണിൽ ജീവിക്കുന്നവർക്ക് മണ്ണും ഭൂമിയുമായ ദൈവം, മഹാവാത്സല്ല്യത്തോടെ, മണ്ണിന്റെ നിയമങ്ങൾ പ്രകാരം നിർദ്ദേശിക്കുന്നത്.

**(1) മണ്ണിലെ നിയമങ്ങളിൽ ഇല്ലാത്ത കാര്യങ്ങളിൽ സഹകരിക്കാതിരിക്കുക. ദൈവീകമായ ഗാന്ധിയൻ നിസ്സഹകരണം ആണത്.**

**(2) ദൈവം നൽകിയ വ്യക്തി സ്വാതന്ത്ര്യത്തെ ദുരുപയോഗിച്ച് തങ്ങൾക്ക് തോന്നും പോലെ വിഷയങ്ങളിൽ പ്രവർത്തിക്കുക. തോന്നും പോലെ പ്രവർത്തിക്കുമ്പോൾ, പാപങ്ങളും ദൈവ ശിക്ഷകളും ഉണ്ടാവാതിരിക്കാൻ, ദൈവീകമായ ഒരു മാർഗ്ഗം കൂടി മണ്ണിന്റെ നിയമങ്ങൾ കർശനമായി അറിയിക്കുന്നുണ്ട്.**

**നാട്ടുവാസി, കാട്ടുവാസി എന്ന ദൈവീകമായ മനുഷ്യ-വിഭജനത്തെ പാലിക്കണം. അതായത്, 'ഭൗതിക - ധർമ്മ ശാസ്ത്രങ്ങളെ' പാലിക്കാൻ മത-ജാതി-രാഷ്ട്രീയ പ്രവർത്തകർക്ക് ശരിക്ക് കഴിയുന്നതല്ല; അത്തരക്കാർക്ക് 'ഭൗതിക ശാസ്ത്ര പ്രകാരമുള്ള' ആനന്ദങ്ങളെ അനുഭവിക്കാനുള്ള ദൈവീക യോഗ്യത ഇല്ല : പാകം ചെയ്ത ഭക്ഷണം, വസ്ത്രം, ആധുനിക വീട് / ആശുപത്രി, വാഹനം, കമ്പ്യൂട്ടർ, മൊബൈൽ ഫോൺ തുടങ്ങിയവ ഉപയോഗിക്കാതെ മൃഗ-സമാനരായി അവർ (കാട്ടിൽ) ജീവിക്കണം. ദൈവീക മാർഗ്ഗത്തെ സ്വീകരിക്കാതെ, പകരം സമരങ്ങൾക്കും മറ്റും ഇറങ്ങി പുറപ്പെട്ടാൽ പാപം ശേഖരിക്കാനും ദൈവ ശിക്ഷകൾ വർദ്ധിക്കാനും കാരണമായി തീരും.**

**പാർട്ടികളുടെ നേതാക്കളും പ്രവർത്തകരും മതപുരോഹിതരും മറ്റും, പാവം ജനങ്ങളെ വഴിതെറ്റിക്കുന്നതിന് തീർച്ചയായും കടുത്ത ശിക്ഷാ നടപടികളെ സ്വീകരിക്കേണ്ടതുണ്ട്.**

...

# ദൈവീകമായ പോലീസ് സേന

**ജനങ്ങളുടെ സ്വകാര്യമോ പൊതുവായതോ ആയ ഏതൊരു വിഷയത്തിലും ധർമ്മ ശാസ്ത്രപരമായി വ്യക്തിയെയും സമൂഹത്തെയും സഹായിക്കാൻ തയ്യാറാകുന്ന ജനസേവകരാണ് പോലീസ് സേന.**

**ഗ്രാമ പഞ്ചായത്തുകളിലൂടെ ജനങ്ങൾ നിയമിച്ച് ജനങ്ങളുടെ ചിലവിൽ പ്രവർത്തിക്കുന്ന ജനവിഭാഗം ആകയാൽ ജനങ്ങളുടെ അടിമകളുമാണ്. അവർക്ക് ജനങ്ങളുമായും ധർമ്മശാസ്ത്രങ്ങളുമായാണ് ബന്ധം. ഏറ്റവും കൂടുതൽ പുണ്യം നേടാൻ കഴിയുന്ന അവസരം അവർക്ക് ലഭിക്കുന്നു. മുഖ്യ അടിമയായ രാജാവ്/മന്ത്രി തുടങ്ങിയ പദവികളെ വഹിക്കുന്നവർ പിഴയ്ക്കാതെ, അവരെ ശുദ്ധീകരിക്കാനും ജനങ്ങളോടുള്ള ഉത്തരവാദിത്വം നിറവേറ്റാനും പോലീസിന് കഴിയണം. അപ്പോഴാണ് അവർ ജനങ്ങളുടെ ഭാഗവും, ദൈവീകവുമായി ഉയരുക.**

ദൈവ-വിപ്ലവം ആരംഭിക്കുന്നതോടെ, പോലീസും സൈനികരും ഉൾപ്പെടെ എല്ലാ ജനങ്ങളും, ധാർമ്മികമായിട്ട് ഉയരുന്നതാണ്. മന്ത്രിമാരും മറ്റും തട്ടിക്കൂട്ടുന്ന അധമ നിയമങ്ങളെയും ആജ്ഞകളെയും നിർദ്ദേശങ്ങളെയും അനുസരിക്കുന്ന ഏറാൻമൂളിത്തവും അടിമത്തവും അവസാനിക്കുന്നതാണ്. **എല്ലാ വിഷയങ്ങളെയും ശാസ്ത്രപരമായിട്ട് സ്വയം വിശകലനം ചെയ്ത് ധർമ്മശാസ്ത്രപരമായിട്ട് പ്രവർത്തിക്കുമ്പോൾ മാത്രമാണ് അവർക്ക് പുരുഷന്മാരും മനുഷ്യരും ജനങ്ങളുടെ ഭാഗവുമായിട്ട് പരിവർത്തനം ഉണ്ടാവുക. അധമ-നീച കോപ്രായങ്ങളെ തൊഴിലുകളായി തെറ്റിദ്ധരിച്ച് അധമരും 'യഥാർത്ഥത്തിൽ അടിമകളുമായ ഭരണാധികാരികളുടെ' അടിമകളായിട്ടാണ് കഴിഞ്ഞു പോന്നത് എന്നത് പോലീസ് സേനയും നിരവധി സർക്കാർ-ജീവനക്കാരും ദൈവ വിപ്ലവത്തോടെ തിരിച്ചറിയുന്നതാണ്; തിരുത്തുന്നതുമാണ്.**

അനേകം നൂറ്റാണ്ടുകളായി സമൂഹത്തിൽ സംഭവിച്ചു പോരുന്ന അപചയങ്ങൾക്ക് ഇന്നലെയോ ഇന്നോ പട്ടാളക്കാരും പോലീസുമായിട്ട് തൊഴിൽ നേടിയവരെ (മാത്രം) കുറ്റപ്പെടുത്തുന്നത് തെറ്റാണ്. സൗജന്യമായിട്ട് മദ്യവും ദുഃസ്വാതന്ത്ര്യങ്ങളും നൽകി സൈനികരുടെ ചേതനകളെ മരിപ്പിക്കാനും മരവിപ്പിക്കാനും എല്ലാ രാജ്യങ്ങളിലെയും ഭരണാധികാരികൾ ആചാരം പോലെ ശ്രദ്ധിക്കുന്നുണ്ട്. പ്രസ്തുത അപരാധവും, കടുത്ത ദൈവനിന്ദയും ചെയ്ത് **പോലീസിനെയും സൈന്യത്തെയും ധർമ്മ ശാസ്ത്ര പ്രകാരം വിഷയ-വിശകലനത്തെ കടമയാക്കാത്തവരും,'ജനങ്ങളുടെ അടിമകളായ ഭരണാധികാരികളുടെ' അടിമകളുമാക്കി.**

ഭൂമിയിലെ എല്ലാ രാജ്യങ്ങളിലുമുള്ളത് ദൈവത്തിന്റെ കുഞ്ഞുങ്ങളാണെന്ന തിരിച്ചറിവ് ഉണ്ടാകാതെ വന്നു. വ്യത്യസ്ത രാജ്യങ്ങളിലെ പട്ടാളക്കാരും ജനങ്ങളും അന്യോന്യം ആക്രമിക്കുന്നതും വധിക്കുന്നതും വധിക്കപ്പെടുന്നതും അധമ ആനന്ദങ്ങളെ നേടാനുള്ള ഉപാധികളായി.

**ജനങ്ങളുടെ സേവകരും അടിമകളുമാണ് മന്ത്രിമാരും പോലീസും സൈന്യവും എന്നത് മറച്ചും മറന്നും ജീവിക്കുന്നു. ഉദാഹരണത്തിന്, 2018 ഒക്ടോബർ 18, 19 തീയതികളിൽ ജനങ്ങളുടെ ചിലവിൽ ജീവിക്കുന്ന 'ജനസേവകർ, മന്ത്രിമാർ എന്നീ അടിമകളെ' അനുസരിച്ച്, ചില സ്ത്രീകളുടെ വകതിരിവില്ലായ്മ സാധിച്ചു കൊടുക്കാൻ 'ജനങ്ങളുടെ ചിലവിൽ ജീവിക്കുന്ന ഐജി ഉൾപ്പെടെയുള്ള പോലീസ് സേന' ശബരിമല അകമ്പടിപോയതും, നാണംകെട്ടതും ധർമ്മശാസ്ത്ര വിരുദ്ധമാണ്. ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ പരിഹരിക്കാൻ നിയോഗിച്ച മന്ത്രിമാർ ഉൾപ്പെട്ട ജനസേവകർ എമ്പോക്കികളായി തരംതാണപ്പോൾ അടിച്ചും അവരെ തിരുത്തുന്നതിനുപകരം, ദൈവീകമായ പൊലീസ് സേന, യജമാനരായ ജനങ്ങളെ മർദ്ദിച്ചു പോരുന്നത് കടുത്ത അപരാധമാണ്.**

'ദൈവം നേരിട്ട് ഏല്പിക്കാത്ത ദൈവവേല ചെയ്ത് ദൈവത്തെ രക്ഷിക്കാൻ നടക്കുന്ന അജ്ഞാനികളുമായി പോര് കൂടിയതും, കൂടുന്നതും, ജീവനും സമ്പത്തും ശാന്തിയും മറ്റും നഷ്ടപ്പെടാൻ ഇടയാക്കുന്നതും ശരിയല്ല.

'ദൈവ കാര്യങ്ങൾ ഉൾപ്പെടെ ജീവിതവിഷയങ്ങളിൽ ശാസ്ത്രജ്ഞാനം നേടാനും, ഊട്ടുന്ന ജനങ്ങൾക്ക് വിജ്ഞാനം പകരാനും ശ്രദ്ധിക്കാതെ ജീവിക്കുന്ന' അടിമകളായ ജനസേവകരും, അടിമകളുടെ അടിമകളായി മാറിയ പോലീസും മർദ്ദിക്കുന്നത് യജമാനരായ ജനങ്ങളെയാണ്.

ജനങ്ങളുടെ ദൈവീക- സേവകരായ പോലീസ് സേന, അടിമകളായ മന്ത്രിമാരുടെ അടിമ അല്ലെന്ന് തിരിച്ചറിയണം. അടിമകൾ ഉണ്ടാക്കിയ പദവികൾ ധർമ്മ ശാസ്ത്ര വിരുദ്ധമാണ്. ജന്മഗുണങ്ങൾ പ്രകാരം ബുദ്ധിശക്തി, തൊഴിൽ അഭിരുചി എന്നിവയെ ദൈവം വ്യത്യാസപ്പെടുത്തുന്നത് എല്ലാ തൊഴിലുകളും ചെയ്യാൻ നാട്ടിൽ ആളുകൾ ഉണ്ടാവണം എന്നതിനാണ്.

യാതൊരാളും രാജാവിനേക്കാൾ ചെറുതും ഭിക്ഷക്കാരനേക്കാൾ വലുതുമല്ല.

രാജാവ്, മന്ത്രിമാർ, തൂപ്പുകാർ തുടങ്ങി ഭൂമിയിലെ എല്ലാ തൊഴിലുകളെയും ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നിങ്ങനെ നാലായി തൊഴിൽ ശാസ്ത്രം വിഭജിക്കുമ്പോൾ തുല്ല്യങ്ങളിൽ ഒന്നാമത് കൃഷിയാണ്. ഭൂമിയിലെ വസ്തുക്കളിൽ ലയിച്ചിട്ടുള്ള 'ഏകസിവിൽ കോഡ്' കൂടിയായ 'ധർമ്മശാസ്ത്രം' ഉടനെയുള്ള ദൈവ വിപ്ലവത്തോടെ എല്ലാ രാജ്യങ്ങളുടെയും ഭരണഘടന ആവും; സമവേതനവും നടപ്പാകുന്നതാണ് ! 'യജമാനരും അവശരുമായ' ജനങ്ങൾക്ക് പോലീസ് എസ്കോർട്ട് ആവാം; രാജാവിനും പ്രധാനമന്ത്രിക്കും മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും മറ്റും പാടില്ല; ധർമ്മശാസ്ത്രപരമല്ല/ദൈവീകമല്ല.

**(മഹാപിതാവും) മഹാമാതാവുമായ ദൈവത്തിന്റെ കുഞ്ഞുങ്ങളാണ് എല്ലാ രാജ്യങ്ങളിലെയും പട്ടാളക്കാരും പോലീസും ജനങ്ങളുമെല്ലാം എന്നത് മനസ്സിലാക്കണം.** 'രാജ്യ രക്ഷയെന്നും പ്രതിരോധമെന്നുമുള്ള' കള്ളപ്പേരോടെ ദൈവത്തിന്റെ പൊന്നോമന - കുഞ്ഞുങ്ങളെ വധിക്കുന്നതും പീഢിപ്പിക്കുന്നതും കടുത്ത ദൈവനിന്ദയും അപരാധവും ദൈവ ശിക്ഷകളെ വാരിക്കൂട്ടുന്നതുമാണെന്ന് അറിയണം. **വധിക്കാൻ കാരണക്കാരായ രാഷ്ട്ര ഭരണാധികാരികൾക്ക്, വധിച്ചവരേക്കാൾ പാപവും ദൈവ ശിക്ഷകളും ഉണ്ടെന്നറിയണം.**

ഭൂമിയിലെങ്ങും വ്യത്യസ്ത മതങ്ങൾ പ്രകാരമുള്ള വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും ഉണ്ടെങ്കിലും, ഭൂമിയിലെ എല്ലാ രാജ്യങ്ങളിലുമുള്ള എല്ലാ ജനങ്ങളെയും സൃഷ്ടിച്ചിട്ടുള്ളത് ഒരു ദൈവമാണെന്നു പറഞ്ഞു നടക്കുന്ന മതഭരണാധികാരികളും മതപുരോഹിത-പ്പരിശകളും ദൈവത്തിന്റെ കുഞ്ഞുങ്ങൾ യുദ്ധം ചെയ്യുന്നതും വധിക്കപ്പെടുന്നതും ഉചിതമായി തടഞ്ഞില്ല. ആയുധങ്ങളെയും പട്ടാളക്കാരെയും മറ്റും ഒരുക്കുന്നത് അറിഞ്ഞിട്ടും തടയാൻ ശ്രമിക്കാഞ്ഞതിനും കടുത്ത ദൈവശിക്ഷകളെ അനുഭവിക്കേണ്ടതുണ്ട്. മറക്കുകയോ, മറയ്ക്കുകയോ, അറിയാതെ പോവുകയോ ചെയ്തതാണെങ്കിൽ; **സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മുഴുവൻ തനിച്ചു ചെയ്യുന്ന മഹാശക്തിയായ ദൈവം എന്നു പ്രസംഗിച്ചുകൊണ്ട്, ദൈവം നേരിട്ട് ഏല്പിക്കാത്തതും ഭൂമിയിലെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള നിയമങ്ങളിൽ ഇല്ലാത്തതുമായ പണികളെ ചെയ്ത് ദൈവത്തെ കബളിപ്പിക്കാൻ ശ്രമിച്ചതിന് ദൈവശിക്ഷകളുണ്ട്. തീർന്നില്ല; ദൈവത്തിന്റെ പേരിൽ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും അധമ-നീച അനുഷ്ഠാനങ്ങളും അധമ നിയമങ്ങളും അധമ സംവിധാനങ്ങളും കൊണ്ട് ജനങ്ങളെ ചൂഷണം ചെയ്ത് ജീവിച്ചതിനും, ജീവിക്കുന്നതിനും കടുത്ത ശിക്ഷകളുണ്ട്.**

**ദൈവത്തിന്റെ പാവം കുഞ്ഞുങ്ങൾ കൂടിയായ ഇന്നത്തെ പട്ടാളക്കാരും പോലീസുകാരും 'അടിമകളായ ഭരണാധികാരികളുടെ' അടിമകളല്ലെന്നും, മറിച്ച് പുരുഷന്മാരും മനുഷ്യരും ജനങ്ങളുടെ ഭാഗവും, ജനങ്ങളുടെ മാത്രം അടിമകളാണെന്നും തിരിച്ചറിയണം. ധർമ്മ ശാസ്ത്രപ്രകാരം പോലീസിൽ സ്ത്രീകൾ അരുത്.**

'പോലീസുകാരും, സൈന്യവും', ജനങ്ങളുടെയും രാജ്യങ്ങളുടെയും പൊൻകിരീടമാണെന്നും മാങ്ങാക്കുലയാണെന്നും മറ്റും പറഞ്ഞു പറ്റിക്കാൻ, ദൈവത്തിന്റെ തന്നെ കുഞ്ഞുങ്ങളായ അധമ - ഭരണാധികാരികളും മറ്റും ശ്രദ്ധിച്ചിരുന്നു.

**നീചത്തങ്ങളെ ശരിവയ്ക്കുന്ന എല്ലാ രാജ്യങ്ങളിലെയും പ്രസിഡന്റുമാരും / രാജാക്കന്മാരും പ്രധാനമന്ത്രിമാരും മുഖ്യമന്ത്രിമാരും മന്ത്രിമാരും ന്യായാധിപന്മാരും തോക്കുകളും മറ്റ് ആയുധങ്ങളുമായിട്ട് അതിർത്തികളെ സംരക്ഷിക്കട്ടെ.** അവരുടെ പൊൻകിരീടവും 'രക്തസാക്ഷികളും ബലിമൃഗങ്ങളുമായ' പട്ടാളക്കാർ കുടുംബാംഗങ്ങളെയും ഉറ്റവരെയും സ്നേഹിക്കുകയും പരിചരിക്കുകയും സഹായിക്കുകയും ശുശ്രൂഷിക്കുകയും ചെയ്തും സ്നേഹ-പരിചരണങ്ങളെ മടക്കി വാങ്ങിയും പട്ടാള ജോലിക്കാലത്ത് ദൈവത്തിന്റെ കുഞ്ഞുങ്ങളായ ഭൂമിയിലെ ഏതെങ്കിലും പട്ടാളക്കാരെയോ ജനങ്ങളെയോ വധിക്കുകയോ വേദനിപ്പിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ഉചിതമായിട്ട് പശ്ചാത്തപിച്ചും, പാപങ്ങളുടെ ബാക്കിപത്രമായ കീർത്തിമുദ്രകളെയും മദ്യപാനത്തെയും ഉപേക്ഷിച്ച് സംശുദ്ധരാവാൻ പരിശ്രമിക്കണം; സംശുദ്ധരാവണം.

**ഉടൻ ഭൂമിയിലെങ്ങും ദൈവ-വിപ്ലവം ആരംഭിക്കുന്നതോടെ, 'ഭൂമിയിലെ എല്ലാ രാജ്യങ്ങളിലെയും പോലീസും സൈന്യവും സ്വീകരിക്കേണ്ടതായ നടപടികളെയാണ് ' അറിയിച്ചത്.**

**ഭൂമിയിലെങ്ങുമുള്ള എല്ലാ മനുഷ്യരും ധർമ്മശാസ്ത്രപരമായിട്ട് സ്വാതന്ത്ര്യങ്ങളുള്ള രാജാക്കന്മാരാണന്നും, യാതൊരാളും മറ്റുള്ളവരുടെ അടിമകളല്ലെന്നും, യാതൊരു മനുഷ്യനും രാജ്യങ്ങളിലെ രാജാക്കന്മാരെക്കാൾ ചെറിയവരല്ലെന്നും ഭിക്ഷക്കാരനേക്കാൾ വലിയവരല്ലെന്നും സുവ്യക്തമായി അറിഞ്ഞുകൊള്ളണം.**

**ദൈവ-വിപ്ലവം ആരംഭിക്കുന്നതോടെ, എല്ലാ രാജ്യങ്ങളിലുമുള്ള എല്ലാ മത-ജാതി-ഉപജാതി -രാഷ്ട്രീയ പ്രസ്ഥാനങ്ങളും സ്വയമെന്നോണം ഇല്ലാതാവുന്നതാണ്. പ്രസ്ഥാനങ്ങളിൽ പ്രവർത്തിക്കാൻ ഒരാൾ പോലും മുന്നോട്ടു വരുന്നതല്ല. ദൈവത്തിന്റെ സൃഷ്ടിയിൽപെട്ട ഒരു ജീവിയല്ലാ ' പ്രസ്ഥാനം' എന്നും, 'പ്രസ്ഥാനം' എന്ന ഒരു ജീവിയെയോ, ഒരു എറുമ്പിനെപ്പോലുമോ സൃഷ്ടിക്കാനോ രക്ഷിക്കാനോ ഇന്നത്തെ പ്രസ്ഥാനങ്ങളിലെ മുഴുവൻ ആൾക്കാർ ശ്രമിച്ചാലും നടക്കുന്നതല്ലാ എന്നും 'പ്രസ്ഥാനമല്ലാ വ്യക്തിയാണ് വലുതെന്നും' ഓരോ വ്യക്തിയെയും പ്രത്യേകമായി സൃഷ്ടിക്കുകയും രക്ഷിക്കുകയുമാണ് ദൈവം ചെയ്യുന്നതെന്നും, ദൈവം മഹാനീതിശാസ്ത്ര പ്രകാരം മഹാസമനീതിയെ മഹാനിർവ്വഹിക്കുന്നത് ഓരോരോ വ്യക്തിയോടുമാണെന്നും, ദൈവീക ശിക്ഷകളെ വാരിക്കൂട്ടുന്നതും വ്യക്തികളാണെന്നും (യഥാർത്ഥത്തിൽ അസ്തിത്വമില്ലാത്തതായ പ്രസ്ഥാനങ്ങളിലാണ് ഭ്രമിച്ചുപോന്നതെന്നും) തിരിച്ചറിയുന്നതാണ്.**

ദൈവമായ ഭൂമിയിലെ മൂലകങ്ങളിലും ശരീരത്തിലും ലയിച്ചിരിക്കുന്ന ലഘുവും ലളിതവുമായ ധർമ്മശാസ്ത്ര നിയമങ്ങൾ പ്രകാരം ജീവിക്കാനും നീതി നടപ്പാക്കാനും ജന്തുക്കൾക്കു മാത്രമല്ല; മനുഷ്യർക്കും സ്വയം കഴിയും. ജനസമൂഹത്തിന്റെ പൊതുവായ ആവശ്യങ്ങളെ മൂലകങ്ങളിലെ ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരം ജനങ്ങളുടെ ചിലവിൽ ഭംഗിയായി നിർവ്വഹിക്കാനാണ് സേവകരെ വയ്ക്കുന്നത്. സേവകർ, രാജാവ്, പ്രധാനമന്ത്രി, മുഖ്യമന്ത്രി, മന്ത്രിമാർ തുടങ്ങി ഭരണാധികാരി ചമഞ്ഞ് അവരുടെ യജമാനരായ ജനങ്ങളെ ഭരിക്കുന്നതും ചൂഷണം ചെയ്യുന്നതും, മണ്ണിലെ മൂലകങ്ങളിലെ നിയമങ്ങൾക്ക് പകരം ഭൗതിക അസ്തിത്വം ഇല്ലാത്ത കോപ്രായങ്ങളെ നടപ്പാക്കുന്നതും അധർമ്മം ആണ്. നിയമസഭകളും കോടതി സംവിധാനങ്ങളും മണ്ണിലെ നിയമങ്ങളിൽ ഇല്ല. മറ്റുള്ള ജീവികൾക്കെന്ന പൊലെ ജീവിക്കാൻ ആവശ്യവുമില്ല. ജനകോടികൾക്കും മറ്റും നന്മ ചെയ്താൽ സേവകർക്ക് ലഭിക്കുന്ന പുണ്യ-അളവ് കൂടുതലായിരിക്കും; അതിനാൽ മഹാവാത്സല്ല്യമായ മഹാനീതി ശാസ്ത്രം പ്രകാരം, സമൂഹനന്മ ചെയ്ത് പാപം അകറ്റാൻ **ഭൂമി,** മുജ്ജന്മ നീചർക്ക് ജനസേവനത്തെ നിശ്ചയിച്ചിരിക്കുന്നു. ജനങ്ങളുടെ അടിമകളായും സേവനം ചെയ്ത് മുജ്ജന്മ-തജ്ജന്മ-പാപങ്ങളിൽ നിന്നും മോചനം നേടാൻ ലഭിക്കുന്ന അവസരങ്ങളെ ഭൂമിയുടെ അനുഗ്രഹമായി അറിഞ്ഞു പ്രവർത്തിക്കേണ്ടത് സേവകരുടെ ആവശ്യമാണ്. അവസരങ്ങളെ ദുരുപയോഗിച്ച് സേവകർ മന്ത്രിമാരും മറ്റുമായി വേഷം കെട്ടി സ്വയമോ, 'ധർമ്മശാസ്ത്ര വിരുദ്ധമായ ഇന്നത്തെ കോടതി സംവിധാനം' വഴിയും മറ്റുമോ, യജമാനരായ ജനങ്ങളെ ദ്രോഹിച്ചാൽ ജനങ്ങൾക്കൊപ്പം നിന്ന് നീചരായ മുഖ്യ-അടിമകൾ ഉൾപ്പെടെ ഏതൊരാളെയും ഉചിതമായി തിരുത്തിയും ശിക്ഷിച്ചും, ജനങ്ങളെ സംരക്ഷിക്കുകയാണ് പോലീസ് സേനയുടെ പ്രധാന ചുമതല. ഭുമി നൽകിയിട്ടുള്ള ധർമ്മശാസ്ത്രപരമായ വ്യക്തിസ്വാതന്ത്ര്യ പ്രകാരം കടമകളും കടപ്പാടുകളും നിറവേറ്റണം. അപ്പോഴാണ് പോലീസ് സേന, ജനങ്ങളുടെ ഭാഗവും സഹായിയും ദൈവീകവുമായി മാറുക.

**മുഖ്യഅടിമകളുടെയും മറ്റും അധർമ്മങ്ങൾക്കു കൂട്ടുനിന്ന് പോലീസും യാതൊരാളും ദൈവശിക്ഷ പിടിച്ചുവാങ്ങരുത്.**

കേരളത്തിലെ ഏറ്റവും പുതിയ ഉദാഹരണങ്ങളിൽ ഒന്നാണ് മരട് ഫ്ലാറ്റ് വിഷയം. ഫ്ലാറ്റുകളിലെ താമസക്കാരായ ഭൂമിയുടെ കുഞ്ഞുങ്ങൾക്ക് മഹാവാത്സല്ല്യ-നീതിശാസ്ത്ര പ്രകാരമുള്ള 'രക്ഷയും'; കഷ്ടപ്പെടുത്തിയ ജഡ്ജിമാർ ഉൾപ്പെട്ട പിഴച്ച കുഞ്ഞുങ്ങൾക്ക് 'ശിക്ഷയും രക്ഷയും' **ഭൂമി** നൽകുന്നതാണ്.

ധർമ്മ ശാസ്ത്ര പ്രകാരം, പോലീസ് സേന ഗ്രാമപഞ്ചായത്തുകളുടെ ഭാഗമായി വേണം പ്രവർത്തിക്കേണ്ടത്. സംശുദ്ധമായിട്ട് പ്രവർത്തിക്കാനും ജനങ്ങൾക്കെല്ലാം ആവശ്യമായ സഹായങ്ങൾ ചെയ്തു കൊണ്ട് പുണ്യം വാരിക്കൂട്ടാനും പോലീസ് സേനയ്ക്ക് കഴിയുന്നതാണ്. ഭരണാധികാരികളെയും ഉദ്യോഗസ്ഥ മേധാവികൾ ഉൾപ്പെടെയുള്ളവരെയും അനുസരിക്കാൻ പോലീസ് സേനയ്ക്കും യാതൊരാൾക്കും ബാദ്ധ്യതയില്ല. ദൈവം, തൊഴിലുകൾക്കെല്ലാം തുല്ല്യപദവിയാണ് മഹാശാസ്ത്ര പ്രകാരം മഹാനിശ്ചയിച്ചിട്ടുള്ളത് എന്നതും തുല്യങ്ങളിൽ ഒന്നാമത്തേതായിട്ട് കൃഷിയെയും കൃഷിക്കാരെയും മഹാഉയർത്തുന്നു എന്നതും ഉൽക്കൃഷ്ടമാണ്.

**ആധുനിക കാലത്ത്, "ആവശ്യം" വിഭാഗത്തിലെ മന്ത്രിമാരെയും ന്യായാധിപന്മാരെയും മറ്റും "അത്യാവശ്യം" വിഭാഗമാക്കാനും, സമൂഹത്തിലെ പ്രധാനികളാക്കാനും ശ്രമങ്ങളുണ്ട്. അധമ സംവിധാനങ്ങളെ ഉപയോഗിച്ചും, ജനങ്ങളുടെ പണത്തെ പിടിച്ചുപറിച്ചും മറ്റും ഭരണാധികാരികൾ കാട്ടിക്കൂട്ടുന്ന ശ്രമങ്ങൾക്ക് മണ്ണിൽ അഥവാ ഭൂമിയിൽ സ്ഥാനം പിടിക്കാൻ കഴിയുന്നതല്ല. ഏതു കാലത്തും, എവിടെയും കൃഷിക്കാർ പണിമുടക്കിയാൽ സമൂഹത്തിൽ ഭക്ഷണത്തിനു വേണ്ടിയുള്ള പരാക്രമങ്ങൾ ഉണ്ടാകുന്നതാണ്. രാജാവും മന്ത്രിമാരും ന്യായാധിപന്മാരും സർക്കാർ-ജീവനക്കാരും പോലീസുകാരും പട്ടാളക്കാരും ഉൾപ്പെടെയുള്ള ജനങ്ങളെല്ലാം സർവ്വതും ഉപേക്ഷിച്ചുകൊണ്ട് ഭക്ഷണത്തിനു വേണ്ടി പായുന്നതാണ്. ഭൂമിയിലെങ്ങുമുള്ള എല്ലാ ജനങ്ങളെയും (ദൈവം) തീറ്റിപ്പോറ്റുന്നത് കൃഷിക്കാരിലൂടെയാണ്.**

**അനേകം അധമ കാര്യാലയങ്ങളും അധമ പ്രവൃത്തികൾ ചെയ്യുന്നവരും ഭൂമിയിലെങ്ങും ധാരാളമാണ്. മറ്റുള്ളവരുടെ അദ്ധ്വാനത്തെ ചൂഷണംചെയ്ത് അഥവാ അധമ പ്രവൃത്തികൾ ചെയ്തു ജീവിക്കുന്നവരാണ് ബാങ്കുകൾ, ഇൻഷ്വറൻസ് സ്ഥാപനങ്ങൾ, പബ്ലിക് സർവീസ് കമീഷൻ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, ലോട്ടറി, കോടതി, സംസ്ഥാന-കേന്ദ്രനിയമസഭകൾ, തുടങ്ങിയവ. ദൈവ-വിപ്ലവത്തോടെ അധമ സ്ഥാപനങ്ങളെല്ലാം അവസാനിക്കുന്നതാണ്.**

**കൊള്ളസംഘങ്ങളെ നയിക്കുന്ന രാഷ്ട്രീയക്കാരും മത-ജാതി നേതാക്കളും മറ്റും ധാർമ്മികമായിട്ട് അധഃപതിക്കുവാനുള്ള മുഖ്യ കാരണം മതപണ്ഡിതന്മാർക്കു പോലും ദൈവം എന്താണെന്നും ദൈവീകമായ നീതി നിർവ്വഹണം എങ്ങനെയാണെന്നും അറിയാതെ പോയതാണ്. ദൈവഭയം ഇല്ലാതെ വന്നു. വ്യത്യസ്ത മതങ്ങളിലെ പരസ്പര വിരുദ്ധങ്ങളും അശാസ്ത്രീയങ്ങളുമായ വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളുമെല്ലാം ചേര്ന്ന്, ദൈവത്തെയും ദൈവീക നീതിയെയും അറിയാതെയും വിഷയമാക്കാതെയും തങ്ങൾക്ക് തോന്നുമ്പോലെയെല്ലാം ജീവിക്കുന്ന മത-ജാതി-ഉപജാതി-രാഷ്ട്രീയ ജീവികളായിട്ട് മനുഷ്യരെ പരിവർത്തനപ്പെടുത്തി.**

...

# പദവികൾ ?

**ഭൂമിയിലെ എല്ലാ തൊഴിലുകളെയും ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നിങ്ങനെ നാലായി വിഭജിക്കാൻ കഴിയുമെന്ന് ഓം എന്ന ദിവ്യമഹാവേദ ഗ്രന്ഥത്തിലെ ധർമ്മ ശാസ്ത്ര ശാഖയായ 'തൊഴിൽ ശാസ്ത്രം' എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്. മണ്ണിലെ മൂലകങ്ങളിൽ ഭൗതികമായ അസ്തിത്വത്തോടെ തൊഴിലുകൾ ഉണ്ട് എന്നു കൂടിയാണ് അതിന്നർത്ഥം.**

മഹാനീതി ശാസ്ത്രമായ ഓംകാര നീതിശാസ്ത്ര പ്രകാരം ലഭിച്ച ജന്മഗുണങ്ങളോടെ, ധർമ്മ ശാസ്ത്ര പ്രകാരം ആനന്ദിച്ചു ജീവിക്കുന്നതിനു വേണ്ടി ഓരോ മനുഷ്യനും തൊഴിൽ ചെയ്യണം. മണ്ണായ ഭൂമിയിൽ നിന്നും അനന്തമായ ആനന്ദങ്ങളെ നേരിട്ടും, വ്യവസായ ഉല്പന്നങ്ങൾ വഴിയും ലഭിക്കുന്നു. എല്ലാ തൊഴിലുകളും ചെയ്യാൻ ആളുകൾ ഉണ്ടാവണം എന്നത് കണക്കാക്കി തൊഴിൽ അഭിരുചിയെ ജന്മഗുണമാക്കി മഹാനീതിയായ ദൈവം തന്നെ മഹാപരിപാലിക്കുന്നുണ്ട്.

**ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിർവ്വഹിക്കാനായി ജനങ്ങൾ വേതനം കൊടുത്ത് തൊഴിലാളികളെ നിയമിക്കുമ്പോൾ, ജനങ്ങൾ യജമാനരും, ജനങ്ങളുടെ ചിലവിൽ കഴിയുന്ന തൊഴിലാളികൾ സേവകരും, ഏല്പിച്ച പണി ധർമ്മ ശാസ്ത്രപരമായി ചെയ്തില്ലെങ്കിൽ 'സേവകർ അടി വാങ്ങേണ്ടുന്ന അടിമകളുമാണ്.' രാഷ്ട്രങ്ങളിലെ രാജാവ്, പ്രസിഡന്റ്, പ്രധാനമന്ത്രി, കേന്ദ്രമന്ത്രി, സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരും മന്ത്രിമാരും, പൂച്ചാണ്ടി ക്കോടതികളിലെ ന്യായാധിപന്മാർ, ഭരണ-കാര്യാലയങ്ങളിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ ജനങ്ങളുടെ അടിമകളാണ്.**

**യജമാനരായ ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ പരിഹരിക്കാൻ നിയോഗിച്ച അടിമകൾ, മണ്ണിലെ മൂലകങ്ങളിൽ ഇല്ലാത്തതും ഭൗതികമായ അസ്തിത്വം ഇല്ലാത്തതുമായ ബഹുവിധ പദവികളെ അടിമകളുടെ ഇടയിൽ സ്വയം തട്ടിക്കൂട്ടി ക്കൊണ്ട് യജമാനരെ കബളിപ്പിക്കാനും, യജമാനരുടെ പൊതുവായ ആവശ്യങ്ങളെന്ന പേരിൽ അടിമകൾക്ക് ശരിയെന്നു തോന്നുന്നതും ഇഷ്ടപ്പെടുന്നതുമായ കാര്യങ്ങളെ നിശ്ചയിക്കാനും, യജമാനരുടെ ധനം ബഹുവിധങ്ങളിൽ കൊള്ളയടിക്കാനും, യജമാനരായ ജനങ്ങൾക്ക് സ്രഷ്ടാവ് നൽകിയ വ്യക്തി സ്വാതന്ത്ര്യത്തെ കവരാനും ഹനിക്കാനുമുള്ള പദ്ധതികളും പരിപാടികളും ആസൂത്രണം ചെയ്തു. യജമാനർ അറിയാതെ എന്നോണം അടിമകൾ യജമാനരായി. പൊതു മേഖലയെ അനുകരിച്ച് സ്വകാര്യമേഖലയിലും അടിമകൾ പദവികൾ ഉണ്ടാക്കി !**

**'തൊഴിലുകൾ' അന്യോന്യം ഭരിക്കാനുള്ള 'പദവികളായി' മാറിയാൽ 'ധർമ്മ ശാസ്ത്ര വിരുദ്ധമാണ്'.**

**തൊഴിലാളികളും അടിമകളും ഉൾപ്പെടെ എല്ലാ ജനങ്ങളും പാലിക്കേണ്ടതും അനുസരിക്കേണ്ടതും 'മനുഷ്യരുടെ ജീവിതമായ സ്ഥിതിയെ' നയിക്കുന്നതും, ലളിതവുമായ 'ധർമ്മശാസ്ത്രം' മാത്രമാണ്.**

**ദൈവ വിപ്ലവത്തോടെ, മണ്ണിൽ മഹാലയിച്ചിട്ടുള്ള 'സദാചാര ശാസ്ത്രം, നീതി ന്യായ ശാസ്ത്രം, സാമ്പത്തിക ശാസ്ത്രം, തൊഴിൽ ശാസ്ത്രം, തുടങ്ങിയ ശാഖകൾ ഉള്ളതായ ധർമ്മശാസ്ത്രത്തെ' എല്ലാ ദേശങ്ങളിലെയും ഭരണഘടനയായി പുനഃസ്ഥാപിക്കുന്നതാണ്. എല്ലാ സൃഷ്ടി ചക്രങ്ങളിലും സമാനമായി സംഭവിക്കുന്നതാണ്.**

www.omsathyam.com/GodlyRevolution/SupremeJusticeGOD.pdf
**മഹാവേദ ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുള്ളതു പോലെ,**

**'ഭൗതിക ധർമ്മ ശാസ്ത്രങ്ങളെ' പാലിക്കാൻ മത-ജാതി-രാഷ്ട്രീയ പ്രവർത്തകർക്ക് കഴിയുന്നതല്ല. യാതൊന്നും സ്വന്തമായി ഇല്ലാത്ത ജീവാത്മാവിന്, ദൈവത്തിന്റെ ഖര രൂപമായ ഭൂമിയിലെ മൂലകങ്ങൾ കൊണ്ട് ഉണ്ടാക്കിയ ശരീരത്തിലൂടെ അനന്തമായ ആനന്ദങ്ങളെ ഭൂമി നൽകുമ്പോൾ, മൂലകങ്ങളിൽ ലയി (പ്പി)ച്ചിട്ടുള്ള 'ശാസ്ത്രങ്ങൾ പ്രകാരം നൽകിയിട്ടുള്ള ബുദ്ധിശക്തികളെ ഉപയോഗിക്കാതെ, ശാസ്ത്ര പരമല്ലാത്ത വിശ്വാസങ്ങളെയും ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും ശരിവയ്ക്കാൻ നടക്കുന്ന കീടങ്ങൾക്ക് 'ശാസ്ത്രജ്ഞരെ കൊല്ലാക്കൊല ചെയ്തുപോന്ന മതപ്പരിഷകളെ അതിജീവിച്ച് അനേകം നൂറ്റാണ്ടുകളിലെ ശാസ്ത്ര സാങ്കേതിക പ്രവർത്തനങ്ങൾ കൊണ്ട് ശാസ്ത്ര സമൂഹം നേടിയ സ്മാർട്ട് ഫോണും ഇന്റർനെറ്റും വാട്സാപ്പും വാഹനങ്ങളും, തീ ഉപയോഗിച്ചു പാചകം ചെയ്ത ഭക്ഷണം പോലും, ആസ്വദിച്ചു ജീവിക്കാൻ ധർമ്മ ശാസ്ത്രപ്രകാരം യോഗ്യത ഇല്ല.' അവർ മൃഗസമാനരായി കാട്ടിൽ ജീവിക്കണം.**

# വാത്സല്ല്യം : ആനന്ദം അളവ് 5

ജീവികൾ, മുഖ്യമായും മാതാവ്, കുഞ്ഞ് ഗർഭത്തിൽ ആയിരിക്കുമ്പോഴും, മുട്ടയായി വെളിയിൽ ആയിരിക്കുമ്പോഴും, പ്രസവിച്ചു കഴിയുമ്പോഴും, മുട്ട വിരിയുമ്പോഴും, ശേഷവും കുഞ്ഞിനെ പരിപാലിക്കുന്നതും ശ്രദ്ധിക്കുന്നതും കാവലിരിക്കുന്നതും, കണ്ടും കേട്ടും അനുഭവിച്ചും വായിച്ചും എഴുതിയും ഒക്കെ മനുഷ്യർക്ക് വളരെയധികം അറിയാം. പശു, പൂച്ച, കോഴി, തുടങ്ങിയവ കുഞ്ഞുങ്ങളോടും, മുട്ടയോടും, ഒക്കെ കാട്ടുന്ന കരുതലും, ഒരു നിമിഷം ഓർക്കുകയും ആവാം. കരുതൽ എന്നു പറയുമ്പോൾ, മനുഷ്യൻ ഉൾപ്പെടെയുള്ള മറ്റുള്ളവർ അറിഞ്ഞോ അറിയാതെയോ കുഞ്ഞിന്റെ അടുത്തു ചെന്നാൽ കുഞ്ഞിന്റെ സുരക്ഷയെ മാത്രം കരുതി ശരീര വലിപ്പവും ശക്തിയും സ്വന്തം സുരക്ഷയും വിഷയമാക്കാതെ മനുഷ്യനെയും ആക്രമിക്കാനും കോഴിയും പൂച്ചയും പശുവും ഒക്കെ തയ്യാറാകും.

മനുഷ്യ-മാതാവും ഒട്ടും പിന്നിലല്ല. കുഞ്ഞിനെ സ്നേഹിക്കുന്നവരും ഉറ്റവരുമാണ് കുഞ്ഞിന്റെ അടുത്തിരിക്കുന്നത് എങ്കിൽ പോലും കുഞ്ഞിന്റെ പരിപാലനവും സുരക്ഷയും ശ്രദ്ധിച്ചു കൊണ്ടിരിക്കും. വാത്സല്ല്യമാണത്. വാത്സല്ല്യം ആനന്ദമാണ്. കുട്ടികളുടെ ജനനം, വളർച്ച എന്നിവയെല്ലാം ഏറ്റവും കൂടുതൽ ബന്ധിച്ചിരിക്കുന്ന അമ്മയ്ക്കാണ് ഏറ്റവും കൂടുതൽ വാത്സല്ല്യം ഉണ്ടാവുക. മഹാമാതാവായ ഭൂമിയുടെ മഹാആവിഷ്ക്കാരമാണത്.

കുഞ്ഞിനെ ഗർഭപാത്രത്തിൽ വഹിക്കാനും, പ്രസവിക്കാനും, മുലപ്പാൽ കൊടുക്കാനും, വിസർജ്ജ്യങ്ങളെ ശുചിയാക്കാനും, മടിയിൽ കിടത്തി -വിസർജ്ജിപ്പിക്കാനും കുളിപ്പിക്കാനും, ഒരുക്കാനും, വിശ്രമം ഇല്ലാതെയെന്നോണം എടുത്തു കൊണ്ട് നടക്കാനും, ഉറങ്ങാതെ കാവലിരിക്കാനും ..... അച്ഛന് കഴിയില്ല. കുഞ്ഞിന്റെ അമ്മയ്ക്ക്, ഏറ്റവും വലിയ ചുമതലയും ആനന്ദവും സർവ്വരുടെയും മഹാമാതാവായ ഭൂമി ഏല്പിച്ചിരിക്കുകയാണ്.

പച്ചക്കറി കൃഷി, പശുവിനെയും ആടുകളെയും കോഴികളെയും വളർത്തൽ, തുടങ്ങിയവയിലൂടെ കുഞ്ഞുങ്ങളുടെയും കുടുംബത്തിന്റെയും ആരോഗ്യത്തിനും വളർച്ചയ്ക്കും ആവശ്യമായ ഭക്ഷണ സാധനങ്ങളെ ശുദ്ധമായി തയ്യാറാക്കാനും, കുഞ്ഞുങ്ങളെ പ്രകൃതിയോട് ഇണക്കാനും പരിശീലനം നൽകാനുമുള്ള പ്രധാന കുടുംബ ചുമതലകളും അവകാശങ്ങളും അധികാരങ്ങളും കൂടി അമ്മയ്ക്കാണ്. അതുകൊണ്ടുതന്നെ സ്ത്രീ ജന്മത്തിൽ, കുടുംബ ചുമതലകളുടെ കൂടെ നിയന്ത്രിതമായ അദ്ധ്യാപനവും വൈദ്യവും തയ്യലും മാത്രമാണ് സാധാരണ നിലയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. **പശുവിന്റെ പാലും തൈരും മോരും ചാണകവും ഒക്കെ ഉപയോഗിക്കാനുള്ള യോഗ്യത വ്യക്തി നേടേണ്ടത് അവയെ വളർത്തുകയും ഉചിതമായി പരിചരിച്ചും വേണം.** കൃഷികൾക്ക് വളമായി ചാണകവും ചാരവും ഇലകളും വിസർജ്ജ്യങ്ങളും മാത്രം മതിയാകും. വേപ്പിൻ പിണ്ണാക്ക്, മരോട്ടി പിണ്ണാക്ക്, വെള്ളയ്ക്ക, പുകയില എന്നിങ്ങനെ അവസ്ഥക്ക് അനുസൃതമായ കീടനാശിനികളും ഉണ്ട്. ഇവിടെ വിശദീകരിക്കേണ്ട ആവശ്യമില്ല. സ്ത്രീകൾ പച്ചക്കറികളും പഴവർഗങ്ങളും ഇലക്കറികളും കൃഷി ചെയ്യാനും പശുവിനെ വളർത്താനും തയ്യാറായാൽ, പാൽ തരുന്നവർ പാലിൽ വെള്ളവും മായവും ചേർത്തെന്നും, പച്ചക്കറികളിൽ വിഷമടിച്ചെന്നും; ഭയക്കാതെയും പരാതി ഇല്ലാതെയും കൂടുതൽ ആരോഗ്യത്തോടെയും ആനന്ദത്തോടെയും ജീവിക്കാൻ സാധിക്കുന്നതാണ്. ആശുപത്രികളിലെ അന്യായങ്ങളും തിരക്കുകളും കുറയും. കുട്ടികളുടെ വളർച്ചയും വിദ്യാഭ്യാസവും ശീലങ്ങളും സംസ്കാരവും തരംതാഴാനും കൂടുതൽ കൂടുതൽ പിഴയ്ക്കാനും മുഖ്യ കാരണം അമ്മമാർ @ സ്ത്രീകൾ ധർമ്മ ശാസ്ത്ര വിരുദ്ധമായി തൊഴിൽ മേഖലകളിൽ പ്രവേശിച്ചതാണ്.

പുരുഷന് പ്രസവിക്കാനും പാലൂട്ടാനും മറ്റും കഴിയാത്തതിൽ നിന്നു തന്നെ സ്ത്രീ പുരുഷ സമത്വവാദം ഭോഷത്തമാണെന്ന് തെളിയുന്നുണ്ട്. സൃഷ്ടി ഇല്ലെങ്കിൽ സ്ഥിതി ഇല്ല. പുരുഷനെയും പ്രസവിക്കുന്ന സ്ത്രീയുടെ ദാസനെന്നോണം പുരുഷൻ കുടുംബത്തിൽ പെരുമാറേണ്ടതുണ്ട്.

കടമകളെ നിറവേറ്റിയില്ലെങ്കിലും ഗർഭംപേറുകയും പ്രസവിക്കുകയും ചെയ്താൽ അമ്മയായി സ്ത്രീ മാറുന്നതാണ്. അതേസമയം കുഞ്ഞിന്റെ അച്ഛനെ സ്ത്രീയായ അമ്മ ചൂണ്ടിക്കാട്ടിയാലും ഡിഎൻഎ പോലെയുള്ള പരിശോധനയിലൂടെ തെളിയിച്ചാലും അച്ഛനാവില്ല. ഡിഎൻഎ പോലെയുള്ള പരിശോധനയിലൂടെ തെളിയിക്കുന്നത് ദൈവമായ ഭൂമിയുടെ അംശമായ ശരീരവും മൂലകങ്ങളും സ്ഥാപിച്ചിരിക്കുന്ന വ്യവസ്ഥകളെയും അവ പ്രകാരമുള്ള ഭൗതിക അസ്തിത്വത്തെയും മാത്രമാണ്. ആവക കാര്യങ്ങളെ ശരീരം ചെയ്യുന്നത് വ്യക്തിയുടെ ജീവാത്മാവ് അറിയുന്നതു പോലുമില്ല. ധർമ്മ ശാസ്ത്ര പരമായോ വിരുദ്ധമായോ സ്ത്രീയുമായി ലൈംഗിക ബന്ധത്തിൽ ഏർപ്പെട്ട ജീവാത്മാവിനെ കണ്ടെത്താൻ ശരീരമായ ദൈവാംശം നൽകുന്ന ശാസ്ത്ര പരമായ ഒരു മാർഗ്ഗം മാത്രമാണ് ഡിഎൻഎ പോലെയുള്ള പരിശോധനകൾ. വ്യക്തിക്ക് ഇണയെന്ന പദവി ഇണയായ ഭാര്യയിൽ നിന്നും, അച്ഛൻ പദവി കുട്ടിയിൽ നിന്നുമാണ് ലഭിക്കേണ്ടത്. രണ്ടു പേരോടും മണ്ണിലെ മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ധർമ്മ ശാസ്ത്രം പ്രകാരമുള്ള കടമകളെ നിറവേറ്റിയാൽ മാത്രമാണ് അവർക്ക് യഥാക്രമം ഭർത്താവ്, അച്ഛൻ എന്നീ പദവികൾ (സ്ഥാനങ്ങൾ) നൽകാൻ കഴിയുക. വ്യക്തി ഏതൊരാളോടും പുലർത്തുന്ന സമീപനം എന്നതിന് ഉപരിയായി വ്യക്തിയോട് മറ്റുള്ളവരുടെ കാഴ്ച്ചപ്പാടാണ് അവർക്ക് പ്രധാനം. അതുകൊണ്ടുതന്നെ ഏതൊരു കാര്യത്തിലും മണ്ണിലെ മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ധർമ്മ ശാസ്ത്രം പ്രകാരം മാത്രം പ്രവർത്തിക്കുകയാവണം ഏതൊരു വ്യക്തിയും ചെയ്യേണ്ടത്.

ജനങ്ങളുടെ ചിലവിൽ ജീവിക്കുന്നവരും ജനങ്ങളുടെ അടിമകളുമായ മന്ത്രിമാരും മറ്റും ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളിൽ ഇടപെടുമ്പോൾ, ജനങ്ങളോടുള്ള ദാസ്യത്തോടൊപ്പം വാത്സല്ല്യത്തെ പ്രകടിപ്പിക്കുന്ന തലത്തിലേക്ക് ഉയർന്നാൽ അവരുടെ മുജ്ജന്മ പാപങ്ങൾ കുറയുന്നതിന് ആക്കം വർദ്ധിക്കുമെന്ന് മൂലകങ്ങളിലെ ശാസ്ത്രത്തെ വിശകലനം ചെയ്താൽ ബോദ്ധ്യമാകും.

ഗ്രന്ഥകാരനിലൂടെ പ്രസിദ്ധീകരിച്ച ഒരു സന്ദേശം ചേർക്കുന്നു :-

ദൈവത്തിന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

# 'കുടുംബജീവിതം ദൈവനിശ്ചയമാണ്.'

**(1) കുടുംബത്തിന്റെ അർത്ഥം പോലും അറിയാതെ 'കുടുംബാംഗമെന്ന് ' സ്വയം വിശേഷിപ്പിച്ചു കൊണ്ട് വളർത്തി വലുതാക്കിയ മാതാപിതാക്കളോടും ഉറ്റവരോടും പോലും കൊടിയ ക്രൂരത കാട്ടുന്ന നീചരെയും;**

**(2) വളർത്തി വലുതാക്കിയ മാതാപിതാക്കളോടും ഉറ്റവരോടുമുള്ള കടമകളെ മറന്നും അവഗണിച്ചും, ഭൗതികമായ അസ്തിത്വം ഇല്ലാത്തതായ മത-ജാതി-വർഗ്ഗ-രാഷ്ട്രീയ-പ്രസ്ഥാനങ്ങൾക്കു വേണ്ടി അടിപിടി ഉണ്ടാക്കുകയും, ഒരേ ദൈവത്തിന്റെ തന്നെ കുഞ്ഞുങ്ങളായ മറ്റുള്ളവരെ കൊല്ലുകയും, രക്തസാക്ഷിയായി മാറുകയും,.. മാതാപിതാക്കളെയും ഉറ്റവരെയും നിത്യ ദുഃഖത്തിൽ പെടുത്തുന്നവരെയും എല്ലാമെല്ലാം;**

**'മഹാനീതിപതിയും (മഹാപിതാവും) മഹാമാതാവുമായ ദൈവം' മഹാവാത്സല്ല്യത്തോടെ ശിക്ഷിച്ച് ശുദ്ധരാക്കുന്നതാണ്.**

**ദൈവം ഓരോ വ്യക്തിയെയും പ്രത്യേകം സൃഷ്ടിക്കുകയും, വ്യക്തിയുടെ പ്രവൃത്തികളുടെ മേൽ മഹാനീതിശാസ്ത്ര പ്രകാരം മഹാസമനീതിയെ നിർവ്വഹിക്കുകയുമാണു ചെയ്യുന്നത്.**

മനുഷ്യൻ എന്ന ജീവിക്കു മാത്രം ജനനം മുതൽ മരണം വരെ, 'കുടുംബ ജീവിതവും, സമൂഹജീവിതവും' ദൈവം മഹാ-വ്യവസ്ഥപ്പെടുത്തിയിട്ടുള്ളതിനെ കണക്കാക്കിയാൽ, മനുഷ്യൻ കുടുംബാംഗവും, സമൂഹ ജീവിയുമാണ്. അതിനാൽ, കുടുംബം, കുടുംബാംഗങ്ങൾ എന്നിവയുടെ ധർമ്മശാസ്ത്ര പരമായ പ്രാധാന്യത്തെ ഉൾക്കൊണ്ട് ജീവിക്കുവാൻ ഓരോ വ്യക്തിയും ബാദ്ധ്യസ്ഥനുമാണ്.

ഭാര്യാഭർത്താക്കന്മാരും (മാതാപിതാക്കളും) മക്കളും മരുമക്കളും അവരുടെ കുട്ടികളും ഉൾപ്പെടുന്ന കൂട്ടായ്മയെ ഒരുകൂട്ടർ കുടുംബമെന്ന് കരുതുമ്പോൾ;

അതിനോട് ഭാര്യാഭർത്താക്കന്മാരുടെ സഹോദരങ്ങളും അമ്മാവന്മാരും അപ്പച്ചിമാരും ഒക്കെ ചേരുന്ന ഉറ്റ ബന്ധുക്കളുടെയും, ദൂര ബന്ധുക്കളുടെയും വലിയ കൂട്ടായ്മയെ അനേകർ കുടുംബമെന്ന് വിശേഷിപ്പിക്കുന്നു.

കുടുംബത്തിലെ അംഗങ്ങൾക്ക്, അഥവാ മനുഷ്യർക്ക് വീടിന് അകത്തും പുറത്തും തെരുവിലും കാട്ടിലും ഒക്കെ ജീവിക്കാനാവും എന്നു പറയുമ്പോൾ, മറ്റുള്ള ജീവികളെപ്പോലെ ഭൂമി എന്ന മഹാഭവനത്തിന്റെ ഭാഗമായി ജീവിക്കാൻ മനുഷ്യർക്കും കഴിയുന്നതാണ്.

ഭവനം എന്നാൽ വീട്. കുടിലും കൊട്ടാരവുമെല്ലാം മനുഷ്യർക്ക് താമസിക്കാൻ പണിയുന്ന വീടുകളാണ്. യാതൊരു മനുഷ്യരും താമസിച്ചില്ലെങ്കിലും, ഒരാൾ മാത്രം താമസിച്ചാലും, കുടിലും കൊട്ടാരവും വീടായി തുടരുന്നതാണ്; എന്നാൽ വീട് കുടുംബമാവണമെങ്കിൽ, മാതാപിതാക്കളും കുട്ടികളും മറ്റും ചേർന്ന് മനുഷ്യർ കൂട്ടമായി താമസിക്കണം; കുടുംബത്തിന് വീട് നിർബ്ബന്ധവുമല്ല.

പക്ഷികളും തേനീച്ചകളും ഒക്കെ വീടായ കൂടിന്റെ അത്യാവശ്യകതയെ അറിയിക്കുമ്പോൾ, ചെടികളും മരങ്ങളും തങ്ങളുടെ ജീവിതത്തിന് വീട് ശരിയാവില്ല എന്നറിയിച്ചു കൊണ്ട്, മനുഷ്യൻ ഉൾപ്പെടെ എല്ലാ ജീവികളുടെയും വീടും, വീട്ടുപയോഗ സാധനങ്ങളുമായി മാറുന്നു.

**ധർമ്മശാസ്ത്ര പ്രകാരം, 'കുടുംബാംഗങ്ങൾക്ക്' (family members) ഉന്നതമായ കടമകളുണ്ട്. പ്രഥമ പ്രധാനമായി, ജീവത്യാഗ സന്നദ്ധതയാണ്. അതായത് സാധാരണ ഗതിയിൽ ഭാര്യ, ഭർത്താവ്, കുട്ടികൾ, മാതാപിതാക്കൾ, കൊച്ചുമക്കൾ, സഹോദരങ്ങൾ, സഹോദര മക്കൾ, അമ്മാവന്മാർ തുടങ്ങിയ കുടുംബത്തിലെ അംഗങ്ങൾ 'അന്യോന്യം ജീവൻ രക്ഷിക്കാൻ' സ്വയം ജീവത്യാഗം ചെയ്യാനും ധർമ്മശാസ്ത്ര പരമായി തയ്യാറാകുന്നതാണ്.**

**ഉദാഹരണത്തിന്, (1) മക്കളോടൊപ്പമോ, കൊച്ചു മക്കളോടൊപ്പമോ തോണിയിൽ സഞ്ചരിക്കുമ്പോൾ തോണി മറിഞ്ഞാൽ, താൻ മരിച്ചാലും സാരമില്ല; മക്കളും കൊച്ചു മക്കളും രക്ഷപ്പെടണം എന്ന ആഗ്രഹത്തോടെ, അച്ഛനും അമ്മയും അമ്മാവനും ഒക്കെ നീന്തൽ അറിയില്ലെങ്കിൽ പോലും നദിയിൽ ഭ്രാന്തമായി ചാടുന്നതാണ്.**

(2) രക്തദാനം വളരെയധികം വിശാലമായിട്ടുണ്ടെങ്കിലും, കിഡ്നി, കരൾ തുടങ്ങിയ അവയവങ്ങളെ രോഗികൾക്ക് ദാനം ചെയ്തും രക്ഷിക്കാൻ ശ്രമിക്കുന്നത് മുഖ്യമായും ഉറ്റവരാണ്. ഉറ്റവർ പണം വാങ്ങി, ദുസ്വാർത്ഥം നേടാനായി വിൽക്കുകയില്ല.

(3) ധാർമ്മിക ഉയർച്ചയുടെ അടിസ്ഥാനത്തിൽ സ്വന്തം ജീവനും ജീവിതവും വിഷയമാക്കാതെ മറ്റുള്ളവരെ ആപത്തുകളിൽ നിന്നും രക്ഷിക്കാനും സഹായിക്കാനും പ്രവർത്തിക്കുന്നവരുണ്ട്. മഹാനീതിശാസ്ത്ര പരമായി ബഹുവിധ കാരണങ്ങളും അതിനുണ്ട്. സമൂഹത്തിലെ ചിലരുടെ മാനസിക നിലയും വിലയും അനുസരിച്ച്, 'രക്ഷകന് ' സമ്മാനങ്ങളെ നൽകിയേക്കാമെന്നത് വേറെ വിഷയമാണ്.

**ജീവത്യാഗ സന്നദ്ധത കഴിഞ്ഞാൽ, കുടുംബാംഗങ്ങൾ ശ്രദ്ധിക്കേണ്ടത് സാമ്പത്തിക സഹായ സഹകരണങ്ങളാണ്.**

അതിന്റെ വിപുലമായ അവസ്ഥയാണ് രാഷ്ട്രങ്ങളിലെ ജനങ്ങളുടെ ഇടയിൽ ഉണ്ടാവേണ്ടത്. എന്നാൽ, അനവധി വർഷങ്ങൾ തന്നെ ഒരു പായിൽ കിടന്നുറങ്ങിയ സഹോദരങ്ങൾ പോലും, യൗവ്വനത്തിലെ സാമ്പത്തിക നേട്ടങ്ങൾക്ക് ചോർച്ച ഉണ്ടാവാതിരിക്കാൻ സ്വന്തം സഹോദരങ്ങളിൽ നിന്നും അകന്നു ജീവിക്കുന്നതാണ് ആധുനിക കാലഘട്ടം. മത-ജാതി-രാഷ്ട്രീയ-ദേശീയ പ്രസ്ഥാനങ്ങൾക്ക് സഹോദരങ്ങളെ പ്പോലും അടുപ്പിക്കാൻ കഴിഞ്ഞില്ല എന്നും, അകറ്റാൻ ഏറെ കഴിഞ്ഞു എന്നും സ്വയം വിശകലനം ചെയ്താൽ ബോദ്ധ്യമാകുന്നതാണ്.

**'ജനന-ജീവിതങ്ങളുടെ അർത്ഥവും വ്യാപ്തിയും' അറിയാത്തവരോടും, 'ബുദ്ധിശക്തിയും അവസരങ്ങളും ഉണ്ടായിട്ടും പഠിക്കാൻ തയ്യാറാവാത്തവരോടും', ദൈവാനുഗ്രഹം കുറയുന്നവരോടും, സാമ്പത്തിക സഹായ സഹകരണങ്ങളെ പ്പറ്റി പറഞ്ഞിട്ട് കാര്യമില്ല.**

**സ്വരുക്കൂട്ടി വയ്ക്കുന്ന സമ്പത്തു മുഴുവൻ കൊണ്ട്, തന്റെയും ഏറ്റവും പ്രിയപ്പെട്ടവരുടെയും ആയുസ്സോ ആരോഗ്യമോ വീണ്ടെടുക്കാൻ കഴിയില്ല എന്ന് തിരിച്ചറിയാൻ കഴിയുന്ന അവസ്ഥ ഉണ്ടാകാതെ സ്വയം തിരുത്താത്ത വിവരദോഷികൾ ഏറെയാണ്.**

ഭൂമിയിലെ മുഴുവൻ സമ്പത്തിനേക്കാൾ പ്രധാനമാണ് ഉറ്റവരുടെ ജീവനും ആനന്ദ ജീവിതവും എന്ന നിലയിലേക്ക് ഓരോ വ്യക്തിയും ഉയരണം.

**ഇണയും മക്കളും ഒഴികെയുള്ളവരുടെ കടമാപരമായ അത്യാവശ്യങ്ങളെ പ്പോലും ശ്രദ്ധിക്കുവാൻ ബാദ്ധ്യതയില്ലെന്നു കരുതുന്ന ചെറുപ്പക്കാർ ഭൂമിയിലെങ്ങും കൂടുന്നുണ്ട്. അതായത്, മാതാപിതാക്കളുടെയും ഉറ്റവരുടേയും ജീവൻ, സാന്നിധ്യം, സ്നേഹം എന്നിവയേക്കാൾ പണത്തിന് പ്രാധാന്യം കൊടുക്കുന്ന ചെറുപ്പക്കാരും മുതിർന്നവരും വർദ്ധിച്ചിരിക്കുന്നു.** പുറമെ, അമ്മേ, അച്ഛാ എന്നെല്ലാം തേനൊഴുക്കി വിളിക്കുമെങ്കിലും, അവരുടെ 'മാനസിക കുടുംബത്തിൽ മാതാപിതാക്കളും ഉറ്റവരും ഉൾപ്പെടെയുള്ള ബന്ധുക്കളും യഥാർത്ഥത്തിൽ ഇല്ല.' ഉണ്ടെന്ന് ഭാവിക്കാൻ അവർ മിടുക്കരാണ്.

(അവർ പണിയുന്ന പുതിയ വീട്ടിൽ അമ്മയ്ക്കും അച്ഛനും യഥാർത്ഥത്തിൽ മുറി ഉണ്ടാവില്ല / ഉദ്ദേശിച്ചിട്ടുണ്ടാവില്ല. ഭാര്യയും ഭർത്താവും തങ്ങളുണ്ടാക്കുന്ന പുതിയ വീട്ടിൽ മക്കൾക്ക് മുറികളെ ഭാവന ചെയ്യുമ്പോൾ, മക്കൾ വളർന്ന് അവരുണ്ടാക്കുന്ന വീട്ടിൽ മാതാപിതാക്കൾക്ക് മുറി/ഇടം ഇല്ലെന്ന് ചുരുക്കം).

**ചെറുപ്പത്തിൽ അത്യാവശ്യമായിരുന്ന മാതാപിതാക്കളെയും മറ്റ് ഉറ്റവരെയും മരിപ്പിക്കുന്നതിൽ ദൈവം അമാന്തം കാണിക്കുന്നതായി കണക്കാക്കുന്നവർ വർദ്ധിച്ചു വരികയാണ്. വൃദ്ധസദനങ്ങൾ വർദ്ധിക്കാൻ ഒരു പ്രധാന കാരണവും അതുതന്നെ.**

**അത്തരം ചെറുപ്പക്കാർക്കും മുതിർന്നവർക്കും കുടുംബാംഗങ്ങൾ പുലർത്തേണ്ടുന്ന മര്യാദകളെപ്പറ്റി സംസാരിക്കാൻ യാതൊരു യോഗ്യതകളുമില്ല.** അവരോടുള്ള സ്നേഹം ഉള്ളിലേക്കു വലിച്ച് പ്രവർത്തിക്കേണ്ടുന്ന കടമ പിതാവിനും മാതാവിനും മറ്റ് ഉറ്റവർക്കും ഉണ്ടായെന്നു വരാം. അമ്പ് എയ്യുന്നതായി ചില കുട്ടികൾക്ക് തോന്നിയെന്നു വരും; അത് വിഷയമായി കൂടാ. ഭാവിയിൽ നീചർക്ക് തിരിച്ചറിവ് ലഭിച്ച് ശുദ്ധരാകുന്നതോടെ, സത്യം ശിവം സുന്ദരം.

**കുട്ടികളുടെ ദാസരായി കുട്ടിക്കാലത്ത് മാതാപിതാക്കളും ഉറ്റവരും, പ്രവർത്തിക്കുന്നതു പോലെ, കുട്ടികൾ മുതിർന്നവരാവുമ്പോൾ മാതാപിതാക്കളുടെയും ഉറ്റവരുടേയും ധർമ്മ ശാസ്ത്രപരമായ ആവശ്യങ്ങളെയും ആഗ്രഹങ്ങളെയും അവർ 'പറയാതെയും അറിയിക്കാതെയും' മനസ്സിലാക്കാനും പരിഹാരമുണ്ടാക്കാനും ഭാഗ്യമുണ്ടാകുന്ന അവസ്ഥയിൽ കുട്ടികൾ എത്തണം.**

അവഗണിക്കുന്ന നീചരുടെ ദുർവ്വാദങ്ങളെയും ദുസ്വാർത്ഥങ്ങളെയും ദൈവം അംഗീകരിക്കുമെന്ന് ധരിച്ചു പോകരുത്.

**ഭാര്യ, കുട്ടികൾ, കൊച്ചുമക്കൾ തുടങ്ങിയവരെ എങ്കിലും ജീവത്യാഗ മനോഭാവത്തോടെ സ്നേഹിക്കുവാൻ ചെറുപ്പക്കാർക്ക് കഴിയുമാറാകട്ടെ !**

**ജീവത്യാഗ സന്നദ്ധതയും, സാമ്പത്തിക സഹായ സഹകരണവും കഴിഞ്ഞാൽ, 'കുടുംബാംഗങ്ങൾ പുലർത്തേണ്ടുന്ന ധർമ്മശാസ്ത്ര പ്രകാരമുള്ള പിന്തുണയാണ് ' അടുത്ത ഗുണം.**

**ധർമ്മശാസ്ത്രത്തെ അനുസരിച്ചു മാത്രം കുടുംബാംഗങ്ങൾ ഉൾപ്പെടെ സർവ്വരെയും എല്ലായ്പ്പോഴും പിന്തുണയ്ക്കണം എന്നതാവണം കുടുംബത്തിലെയും സമൂഹത്തിലെയും 'മുഖ്യ ജീവിത-സഹകരണ മന്ത്രം'. അധാർമ്മിക പിന്തുണ അരുത്.** ഉദാഹരണത്തിന്, മറ്റുള്ളവരുമായി ശണ്ഠ കൂടുന്ന കുടുംബാംഗത്തെ സഹായിക്കാനും രക്ഷിക്കാനും പ്രവർത്തിക്കേണ്ടുന്നത് ധർമ്മശാസ്ത്രത്തെ അനുസരിച്ചു തന്നെയാവണം. അതായത് ധർമ്മശാസ്ത്ര വിരുദ്ധമായ വിഷയത്തെയും പ്രവൃത്തികളെയും എതിർത്തു കൊണ്ടു മാത്രം കുടുംബത്തിലെ അംഗത്തെ ഉൾപ്പെടെ ഏതൊരാളെയും സ്നേഹിച്ചു തിരുത്തണം. **മാതാപിതാക്കൾ കുഞ്ഞുങ്ങളെ ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്നത് സ്നേഹിക്കുന്നതു കൊണ്ടാണ്; തിരുത്താനാണ്; ഉയർത്താനാണ്; എന്നതിനെ ഉൾക്കൊണ്ട് ധർമ്മശാസ്ത്ര വിരുദ്ധമായിട്ട് മറ്റുള്ളവരുമായി ശണ്ഠ കൂടുന്ന കുടുംബാംഗത്തെ ആവശ്യമെങ്കിൽ ശിക്ഷിക്കുവാനും മറ്റ് കുടുംബാംഗങ്ങൾ തയ്യാറാവണം.**

മുതിർന്നവർ ഉൾപ്പെടെയുള്ള എല്ലാ ജീവികളുടെയും 'യഥാർത്ഥ മഹാ-മാതാപിതാക്കളായ ദൈവവും' എല്ലായ്പ്പോഴും കുഞ്ഞുങ്ങളുടെ മഹാദാസിയും മഹാദാസനുമായി പ്രവർത്തിക്കുന്നുണ്ട്.

**കുട്ടികളുടെയും മുതിർന്നവരുടെയും അബദ്ധങ്ങളെ ദൈവം വ്യക്തികളുടെ ഉപദേശങ്ങളിലൂടെയും, രോഗങ്ങളിലൂടെയും, അപകടങ്ങളിലൂടെയും, ഉറ്റവരുടെ മരണങ്ങളിലൂടെയും, ഒക്കെ ചൂണ്ടിക്കാട്ടി തരുന്നതാണ്. വീണ്ടുവിചാരം ഉണ്ടാവാനും തിരുത്താനും കൂടുതൽ ശുദ്ധരാവാനും ലഭിക്കുന്ന അവസരങ്ങളായി കാണണം; ശ്രദ്ധിക്കണം. നമ്മുടെ മനോഭാവം എന്താണെന്നും നടപടി എന്താണെന്നും 'ഭൂമിയായ ദൈവത്തിന്റെ സ്വത്വവും വാതകരൂപവുമായ ഓക്സിജൻ' സദാ അറിയുന്നുണ്ട്. സത്യസന്ധരായി ജീവിക്കാൻ ശ്രദ്ധിക്കണം; സാധിക്കണം.**

മുതിർന്നവർ രംഗം/കളം വിടുമ്പോൾ, ഒരു പക്ഷെ, അവരേക്കാൾ നന്നായിട്ട്, 'കാലഘട്ടത്തിന്റെ ആവശ്യം അനുസരിച്ച് ', പുതിയ തലമുറയിലെ ചെറുപ്പക്കാർ പ്രവർത്തിക്കുന്നതിന് ദൈവം കളമൊരുക്കുന്നുണ്ട്. അതിനായി ജ്ഞാനം വർദ്ധിപ്പിക്കാനും വ്യക്തി ചെയ്യേണ്ടുന്ന പകുതി പൂർത്തിയാക്കുവാനും തയ്യാറാവണം.

## വിഷയ താല്പര്യമുള്ളവർ, മരണം വരെയും പുതിയ പാഠങ്ങൾ പഠിക്കുന്നതാണ്.

ഇന്നലത്തെ അറിവിന്റെ അടിസ്ഥാനത്തിൽ ഒരു വിഷയത്തിൽ രേഖപ്പെടുത്തി കഴിഞ്ഞ അഭിപ്രായത്തെ, ഇന്നത്തെ അറിവിന്റെ അടിസ്ഥാനത്തിൽ മാറ്റിയേക്കാം. നാളത്തെ അറിവിന്റെ അടിസ്ഥാനത്തിൽ നാളെ വീണ്ടും അഭിപ്രായം മാറ്റിയേക്കാം.

**തദവസരത്തിലെ അറിവിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഓരോ വ്യക്തിക്കും അഭിപ്രായങ്ങളെ അറിയിക്കാൻ കഴിയൂ. അതാത് അവസ്ഥകളിലെ അറിവ്, അതാത് അവസ്ഥകളിൽ ശരി തന്നെയാണ്.**

'കുട്ടികൾക്കും മുതിർന്നവർക്കും യാതൊരു തെറ്റുകളും കുറ്റങ്ങളും കുറവുകളും ഉണ്ടാവരുത് ' എന്ന് ആഗ്രഹിക്കുന്ന പിതാവും മാതാവും ഉറ്റവരും, അദ്ധ്യാപകരും, കുട്ടികളുടെയും മുതിർന്നവരുടെയും ചെറിയ ചെറിയ തെറ്റുകളെപ്പോലും ചൂണ്ടിക്കാട്ടുകയും തിരുത്താനായി ഉപദേശിക്കുകയും ശാസിക്കുകയും, ഭക്ഷണം വൈകിച്ചും തല്ലിയും മറ്റും ശിക്ഷിക്കുകയും ചെയ്യും; ചെയ്യണം. വലിയ തെറ്റുകൾ സംഭവിക്കാതെ സംരക്ഷിക്കാൻ അത് ഉപകരിക്കും.

ചെറിയ തെറ്റുകളെന്നോ, തെറ്റുകളല്ലെന്നോ കുട്ടികളും മുതിർന്നവരും ചിന്തിക്കുന്ന കാര്യങ്ങളെ, പിതാവും മാതാവും ഉറ്റവരും, അദ്ധ്യാപകരും ശ്രദ്ധിക്കുകയോ, തെറ്റുകൾ കണ്ടാൽ ചൂണ്ടിക്കാട്ടുകയോ ചെയ്യുവാൻ പാടില്ല എന്ന് വാദിക്കുന്നത് പ്രായേണ കുട്ടികളെയും സമൂഹത്തെയും സംസ്കാരത്തെയും വഴിതെറ്റിക്കുന്നതാണ്. ഉപദേശിക്കുന്നവരുടെ ഉദ്ദേശ ശുദ്ധിയെ മനസ്സിലാക്കാൻ ശ്രമിക്കേണ്ടത് അത്യാവശ്യമാവണം.

ചെറുതായി പ്പോലും വഴിതെറ്റുന്നതിനെ തിരുത്തിയില്ലെങ്കിൽ പ്രായേണ വലിയ തെറ്റുകൾ ഉണ്ടാകുമ്പോൾ, തിരുത്താൻ പ്രയാസമാകും. ഭൂരിപക്ഷമോ വളരെയധികമോ മാതാപിതാക്കൾ പ്രസ്തുത തെറ്റുകളുടെ പേരിൽ പിൽക്കാലത്ത് പശ്ചാത്തപിക്കുന്നുമുണ്ട്. ബന്ധുക്കളുടെ പഴിചാരലുകൾ കേൾക്കുന്നുമുണ്ടാവും.

**കുമ്പസാരം എന്ന ഉന്നതമായ തിരുത്തൽ നടപടിയെപ്പറ്റി ഈ ഘട്ടത്തിൽ അല്പം കുറിക്കുന്നു :-**

**മതപുരോഹിതനോട് രഹസ്യമായി നടത്തുന്ന 'കുറ്റം ഏറ്റുപറച്ചിലല്ല കുമ്പസാരം'**. ഏതെങ്കിലും വിഷയ സംബന്ധമായി കുറ്റബോധം ഉണ്ടാവുകയും, തെറ്റിനെയോ കുറ്റത്തെയോ ഭാഗികമായോ പൂർണമായോ തിരുത്താൻ കഴിയുമെങ്കിലോ, അല്ലാത്തവയുടെ പേരിൽ പശ്ചാത്തപിക്കാനോ ശിക്ഷ വാങ്ങാനോ വ്യക്തി ആഗ്രഹിക്കുമ്പോൾ; ഇരയോടോ ഇരയുടെ ഉറ്റവരോടോ ഗ്രാമപഞ്ചായത്ത് ഉൾപ്പെടെയുള്ള സാമൂഹ്യ അധികാരികളോടോ സ്വകാര്യമായോ പരസ്യമായോ കുറ്റം ഏറ്റുപറഞ്ഞ് ശിക്ഷയും പാപമോചന മാർഗ്ഗവും തേടുന്നതിനെയും, ദൈവത്തിന്റെ ഇഷ്ടം പോലെ 'അപൂർവ്വമായി ദൈവത്തോടു തന്നെ നേരിട്ട് ' പശ്ചാത്തപിക്കുന്നതിനെയുമാണ് **കുമ്പസാരം** എന്നു പറയുന്നത്. **സൃഷ്ടിയായ മനുഷ്യന്റെയും, മഹാപിതാവും മഹാമാതാവും സ്രഷ്ടാവുമായ ദൈവത്തിന്റെയും ഇടയിൽ മദ്ധ്യസ്ഥൻ പാടില്ല** എന്ന് സുവ്യക്തമാണ് എന്നിരിക്കെ **കള്ളഭക്ഷണം കഴിക്കുന്ന മതപുരോഹിതൻ എന്ന കള്ളന്റെ അടുത്ത് കുമ്പസരിച്ചാൽ പാപം വർദ്ധിക്കാനും ബഹുവിധ ചൂഷണങ്ങൾക്ക് ഇരയാവാനും സാദ്ധ്യതയുണ്ട്**. പീഢനം ഏറ്റുവാങ്ങിയ പാവങ്ങളുടെ കഥകളും എണ്ണവും പത്രങ്ങളിലൂടെയും ചാനലുകളിലൂടെയും മറ്റും അറിയുന്നതിന്റെ അനേകം മടങ്ങാണെന്ന് സ്വയം വിശകലനം ചെയ്താൽ ബോദ്ധ്യമാകുന്നതാണ്.

**ഈയുള്ളവൻ പ്രസിദ്ധീകരിച്ചിട്ടുള്ള സന്ദേശങ്ങളെ സൂചിത മഹാവേദഗ്രന്ഥത്തിൽ മഹാദേവിയുടെ മഹാഇഷ്ടം പോലെ മഹാഉചിതമായി ചേർക്കേണ്ടതാണ്.** അവയുടെ ഉള്ളടക്കം പലപ്പോഴും **വ്യക്തികളെ ആത്മപരിശോധന ചെയ്യുവാൻ നിർബ്ബന്ധിക്കുന്നതാണ്.** അത്തരം സന്ദർഭങ്ങളിൽ കപട വേഷം കെട്ടാതെ ആത്മപരിശോധനക്ക് തയ്യാറാവുമ്പോൾ **കുമ്പസാരം** ആവശ്യമാകുന്നതാണ്. **എങ്ങനെയെന്നാൽ, കടയിലിരുന്നു ചായ കുടിച്ചു കൊണ്ടിരിക്കുന്ന കള്ളൻ, ദൂരെ നിന്നു വരുന്ന പോലീസുകാരനെ കാണുമ്പോൾ; തന്നെ പിടിക്കാനുള്ള വരവാണോ എന്ന് ഭയക്കുന്നതാണ്; ഒളിക്കുകയും ചെയ്തേക്കാം.**

**അതേപോലെ, മാതാപിതാക്കളോടും ഉറ്റവരോടും മറ്റുള്ളവരോടുമെല്ലാം ധർമ്മ ശാസ്ത്ര വിരുദ്ധമായോ, വീഴ്ച്ചകളോടെയോ പെരുമാറുന്നവർ, കടമകളെ വിവരിക്കുമ്പോൾ, അവരെയാണോ ഉദ്ദേശിക്കുന്നതെന്ന് സംശയിക്കുകയും മാനഹാനി ഉണ്ടാവുമോയെന്ന് ഭയന്ന് ഇടം മാറുകയും ചെയ്തേക്കാം. (ദൈവത്തിന്റെ) പ്രിയപ്പെട്ട കുഞ്ഞുങ്ങളാണ് ഭൂമിയിലെ എല്ലാ ജനങ്ങളും. ചില കുട്ടികളിലൂടെ (ദൈവം) ഈയുള്ളവന് ധർമ്മ ശാസ്ത്ര ലേഖനങ്ങളിലെയും മറ്റും വിഷയങ്ങളെ നൽകാറുണ്ട്.** ലേഖനങ്ങളിൽ പ്രസ്തുത വിഷയം പരാമർശിക്കുമ്പോൾ, കുട്ടികളോട് ഈയുള്ളവനോ ദൈവത്തിനോ കോപമോ പകയോ ഉണ്ടെന്നു ധരിച്ചു പോവരുത്. **സ്നേഹ വാത്സല്യങ്ങൾ മാത്രമാണ് മഹാദേവിക്കും ഈയുള്ളവനും എല്ലാ കുഞ്ഞുങ്ങളോടുമുള്ളത്...**

**ആരെങ്കിലും എന്തെങ്കിലും പറഞ്ഞാൽ ഇടിഞ്ഞു പോകുന്ന അഭിമാനങ്ങൾ മാത്രമാണ് വ്യക്തിക്ക് ഉള്ളതെങ്കിൽ അത്തരം അഭിമാനങ്ങൾ ഇടിഞ്ഞു പോകുന്നതാണ് നല്ലത്. ദൈവം നൽകുന്ന അഭിമാനങ്ങൾക്കും മാനങ്ങൾക്കും മാത്രമാണ് അർത്ഥവും വ്യാപ്തിയും പ്രയോജനവും ഉള്ളത്.**

**ദൈവത്തിന്റെ മഹാഅനുഗ്രഹത്താൽ, മഹാത്മാഗാന്ധി എഴുതിയ 'എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ' എന്ന 'സ്വന്തം ജീവിതചരിത്രം' പഠിച്ചാൽ, 'അബദ്ധങ്ങളായ അഭിമാന സങ്കല്പങ്ങളെ' താലോലിച്ചു ജീവിക്കുന്ന ജനങ്ങൾക്കെല്ലാം ഏറെ ശുദ്ധരാവാൻ കഴിയുന്നതാണ്.**

**'കമ്മ്യൂണിസം' പിഴയ്ക്കാൻ കാരണം മാർഗ്ഗത്തെ അഥവാ മാർഗ്ഗത്തിന്റെ ശുദ്ധിയെ വിഷയമാക്കാതെ ലക്ഷ്യത്തെ പ്രധാനമായി കണ്ടതാണ്.**

**യാതൊരു കാരണവശാലും യാതൊരു വ്യക്തിക്കും ലക്ഷ്യം മുഖ്യമാവരുത്. മാർഗ്ഗം അഥവാ ധർമ്മ ശാസ്ത്ര പ്രകാരമുള്ള പ്രവർത്തനം/ജീവിതം മുഖ്യമാവണം. ദൈവാംശമായ ശരീരം, വ്യക്തിയുടെ സ്വത്വമായ ജീവാത്മാവിനെ ഏതു നിമിഷവും പുറത്താക്കി മരണം സമ്മാനിച്ചേക്കാം എന്നിരിക്കെയും വ്യക്തി ലക്ഷ്യത്തെ നേടുന്നതിനെ മുഖ്യമായി ഒട്ടും കാണരുത്. സ്വയം വിശകലനം ചെയ്താൽ ബോദ്ധ്യമാകുന്നതാണ്. ലക്ഷ്യം മഹാനീതിയുടെ ഭാഗമാണ്; 'മഹാഉചിതമായിട്ട് ദൈവം മഹാനിശ്ചയിക്കുന്നതും മഹാ-നിർവ്വഹിക്കുന്നതുമാണ്.'**

**ദൈവത്തിന്റെ മഹാനീതി കാര്യങ്ങളിൽ മനുഷ്യർ ഇടപെടാൻ പാടില്ലെന്നത് സദാ ശ്രദ്ധിക്കണം; ധർമ്മ ശാസ്ത്ര വിരുദ്ധമായി ജീവിച്ചു കൊണ്ടും, സ്ഥിതി പരമായ വിധി പ്രകാരവും ഇടപെടുമ്പോൾ കുഞ്ഞുങ്ങളായ വ്യക്തികളെയും, മഹാനീതി കൂടിയായ ദൈവത്തിന്റെ മഹാനീതിശാസ്ത്രത്തെയും അഥവാ ദൈവത്തെയും നിന്ദിക്കുന്ന നീചാവസ്ഥ ഉണ്ടാവരുത് എന്ന് സാരം.**

**രാജ്യങ്ങളിലെ പ്രസിഡന്റ്, പ്രധാനമന്ത്രി, മുഖ്യമന്ത്രി തുടങ്ങിയവരെക്കാൾ അത്യധികം പുണ്യം നേടിയിട്ടുള്ള കോടിയിലധികം കൃഷിക്കാർ ഭൂമിയിൽ ഉണ്ടെന്ന് അറിയണം. ദൈവം നൽകുന്ന ബുദ്ധിശക്തി ഉൾപ്പെടെയുള്ള ശക്തികളെ അനുചിതമായി ഉപയോഗിക്കാതിരിക്കാനും, 'ഉചിതമായി മാത്രം ഉപയോഗിക്കാനും ശ്രദ്ധിക്കണം.'**

(സാമ്പത്തിക കാര്യങ്ങളെയും മറ്റും യോഗ്യത ഇല്ലാത്തവർ എഴുതിക്കൂടാ എന്നതിന്റെ അടിസ്ഥാനത്തിൽ അല്പം സ്വകാര്യം കുറിക്കുന്നു. ലേഖകന്റെ കൗമാര- 'യൗവ്വന'കാലത്ത്, മാതാവും സഹോദരങ്ങളും, മക്കളും, സഹോദര -മക്കളും, ഉറ്റ ബന്ധുക്കളും, സുഹൃത്തുക്കളും ഉൾപ്പെടെ അനേകർക്കു വേണ്ടി പ്രവർത്തിച്ചിട്ടുണ്ട്; ചിലപ്പോഴൊക്കെ ജീവത്യാഗത്തിന് സമാനമായ കാര്യങ്ങളും ചെയ്തിട്ടുണ്ട്. 13-ാം വയസ്സു മുതൽ ചീത്ത വാക്കുകളെ ഉച്ചരിച്ചിട്ടില്ല എന്നാണോർമ്മ. വയസ്സും രോഗങ്ങളും വർദ്ധിച്ചപ്പോഴും, അവയെ ദൈവത്തിന്റെ അനുഗ്രഹങ്ങളായി കണ്ട്, ശക്തിക്കൊത്ത് പ്രവർത്തിക്കുന്നുണ്ട്. 2018 മാർച്ച് 23-ന് വാട്സാപ്പ് വഴി പ്രസിദ്ധീകരിക്കുന്ന ഈ സന്ദേശം ഉദാഹരണമാണ്.

ജീവ-സാമ്പത്തിക ത്യാഗങ്ങൾ ചെയ്യാൻ തയ്യാറാണെന്ന് ദൈവാനുഗ്രഹത്താൽ ഈയുള്ളവന് എഴുതാൻ കഴിഞ്ഞ സൂചിത മഹാവേദഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്; സത്യപ്രതിജ്ഞയും ചെയ്തിട്ടുണ്ട്. വിഷയവുമായി ബന്ധപ്പെട്ട് കൊടിയ ദുരിതങ്ങളെ അനുഭവിച്ചിട്ടുമുണ്ട്. വധിക്കപ്പെടുവാൻ തയ്യാറായാണ് 'ഏറെക്കുറെ മൂന്ന് പതിറ്റാണ്ടുകളായി' ദൈവ ശാസ്ത്ര പ്രവർത്തനങ്ങൾ ചെയ്തു പോരുന്നത് എന്നത് അനേകർക്ക് അറിയാവുന്നതും, സുവ്യക്തവുമായ കാര്യമാണ്.)

സൂചിത മഹാഗ്രന്ഥത്തിൽ, മേല്പടി സന്ദേശം ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തിലെ സമസ്ത വിഷയങ്ങളെയും മഹാശാസ്ത്രപരമായി വിശദീകരിച്ചിട്ടുണ്ട്. ദൈവീകമായ വ്യക്തിസ്വാതന്ത്ര്യത്തെ (ദു)രുപയോഗിച്ച് സന്ദേശത്തെ ഖണ്ഡിക്കാൻ ആഗ്രഹിക്കുന്നവർ, മഹാശാസ്ത്ര പരമായി മാത്രം പരിശ്രമിക്കുന്നത് നന്നായിരിക്കും. മണ്ണായ ഭൂമിയിൽ ജീവിക്കുന്ന മനുഷ്യർ ഉൾപ്പെടെയുള്ള സമസ്ത ജീവികൾക്കും മണ്ണിൽ മഹാലയിച്ചിട്ടുള്ള/ അടിഞ്ഞിട്ടുള്ള നിയമങ്ങൾ മാത്രമേ ചേരുകയുള്ളൂ എന്ന് മണ്ണും ദൈവാംശവുമായ ശരീരം, ജീവാത്മാവിനെ അറിയിക്കുന്നുണ്ട്. സർവ്വം മണ്ണടി. ...

**മാതാ-പിതാ-ഗുരു-ദൈവം എന്നാൽ മാതാവ്, പിതാവ്, എറുമ്പ് ഉൾപ്പെടെയുള്ള ഗുരുക്കന്മാർ എന്നിവരിലൂടെ 'ദൈവത്തെ' അറിയുകയും, ശേഷം ദൈവത്തെയും ദൈവത്തിന്റെ മഹാജ്ഞാനമായ മഹാശാസ്ത്രം പ്രകാരവും ജീവിക്കണം/ ജീവിക്കും എന്നാണ്. മൂലകങ്ങളിലെ ധർമ്മ ശാസ്ത്രത്തെ മനുഷ്യർ തിരിച്ചറിഞ്ഞില്ലെങ്കിലും ഭൗതിക ശാസ്ത്രത്തെ ഉപയോഗപ്പെടുത്തി തന്നെയാണ് ജീവിക്കുന്നത്. 'പദവിരോഗം' ബാധിച്ച മനുഷ്യർ മാതാവും പിതാവും ഗുരുവും കഴിഞ്ഞു മാത്രമേ ദൈവത്തിനു സ്ഥാനമുള്ളൂ എന്ന തെറ്റായ വ്യാഖ്യാനം ഉണ്ടാക്കിയതിനെ സ്വയം വിശകലനം ചെയ്താൽ തന്നെ തെറ്റാണെന്നും അതുകൊണ്ടുതന്നെയാണ് ഏറെപ്പേരും തള്ളിക്കളഞ്ഞതെന്നും മനസ്സിലാകും.**

ചുവടെ '-ലൂടെ' മാത്രമാണ് മാതാപിതാക്കൾ എന്നു തെളിയിക്കുന്നത് ജീവാത്മാക്കളെ ജ്ഞാനം കൊണ്ട് ഉയർത്താൻ മാത്രമാണ്. ദൈവത്തിന്റെ ആനന്ദമായ മഹാവാത്സല്ല്യത്തിൽ ചേർക്കാതെ 'വാത്സല്ല്യ' ഭാഗമാക്കുന്നു.

# ദൈവം കുഞ്ഞുങ്ങളെ സൃഷ്ടിക്കുമ്പോൾ മനുഷ്യ-മാതാപിതാക്കൾ '-ലൂടെ' മാത്രമാണ്. തെളിയിക്കുന്നു.

മുഖഛായ ഉൾപ്പെടെയുള്ള ശരീരത്തിന്റെ രൂപത്തെ നിശ്ചയിക്കുകയും നിർമ്മിക്കുകയും ചെയ്യുന്നത് ശരീരം മാത്രമാണ്. ജീവാത്മാവിനു വേണ്ടി ശരീരം നിർമ്മിക്കുന്ന രൂപത്തെ സ്വന്തം രൂപമായി ജീവാത്മാവ് സദാ കരുതുകയും വിശേഷിപ്പിക്കുകയും ചെയ്യുന്നു. ജീവാത്മാവിന്റെ ഫോട്ടോ / ചിത്രം എന്നത് ശരീരത്തിന്റെ ചിത്രമാണ്; ആനന്ദിക്കുന്നതും അഭിമാനിക്കുന്നതും ജീവാത്മാവ് മാത്രവുമാണ്. വിഷയത്തെ പ്രകട ജന്മഗുണങ്ങളുടെ ഭാഗമാക്കി ജീവാത്മാവിനെ ആനന്ദിപ്പിക്കുന്നതും കാണാം. മാതാപിതാക്കൾക്ക് കുട്ടികളുടെ മുഖഛായ ഉൾപ്പെടെയുള്ള ശരീര രൂപത്തെ നിർണ്ണയിക്കുന്നതിൽ പങ്കുണ്ടെന്ന് 'മുഖഛായ, ഡിഎൻഎ (DNA) പോലെയുള്ള ഘടകങ്ങൾ' തോന്നിപ്പിക്കുന്നതിലെ വാസ്തവത്തെ വിശകലനം ചെയ്താൽ, മാതാപിതാക്കളുടെ സ്വത്വമായ ജീവാത്മാക്കൾക്കല്ലാ പങ്കെന്നും, ദൈവാംശം മാത്രമായ ശരീരത്തിനാണ് പങ്കെന്നുമാണ് തെളിയുന്നത്. പ്രകട ജന്മഗുണങ്ങളുടെ ഭാഗമാക്കി ജീവാത്മാവിനെ, 'ദൈവമായ ഭൂമിയുടെ അംശമായ ശരീരം' ആനന്ദിപ്പിക്കുന്നത് കാണാം.

മാതാപിതാക്കളെ കുട്ടികളുമായി ബന്ധിപ്പിക്കാനും, മാതാപിതാക്കളുടെയും കുട്ടികളുടെയും ആനന്ദത്തെ കടമാപരമായി ത്തന്നെ വർദ്ധിപ്പിക്കാനും, ശരീരം സ്വയം മഹാശാസ്ത്രപരമായി പ്രവർത്തിക്കുകയാണ്. മനുഷ്യസ്ത്രീ ഉൾപ്പെട്ട ജീവികൾ ആമ, ഓന്ത്, പൂച്ച തുടങ്ങിയ ഏതു ജീവികളെ പ്രസവിച്ചാലും മുട്ടയിട്ടാലും മാതാപിതാക്കളായ ജീവാത്മാക്കൾക്ക് സാക്ഷികളെപ്പോലെ അനുഭവിക്കാൻ മാത്രമേ കഴിയൂ എന്നതിനെ ഗ്രഹിച്ചാൽ സംശയങ്ങൾ മാറുന്നതാണ്.

ശരീരം സ്വയം നിർമ്മിക്കുന്ന അണ്ഡം, ബീജം എന്നിവയുടെയും, അനന്തര നടപടികളായ ഭ്രൂണ സൃഷ്ടി, കോശങ്ങളുടെയും അവയവങ്ങളുടെയും സൃഷ്ടി, വളർച്ച എന്നിവയുടെയും കാര്യത്തിൽ നോക്കുകുത്തിയെന്നോണം ജീവിക്കുന്ന ജീവാത്മാക്കൾക്ക് യാതൊരു പങ്കുമില്ലെന്ന് സ്വയം അറിയാൻ കഴിയുന്ന കാര്യങ്ങളാണ്.

അമ്മയും അച്ഛനും ചേർന്നുള്ള കുടുംബ ബന്ധമാണ് ജീവികളെ നിലനിർത്തുന്നതും ജീവിതചക്രത്തെ മുന്നോട്ട് നയിക്കുന്നതും എന്നതിൽ നിന്ന് സ്ത്രീയോ പുരുഷനോ തനിച്ച് പൂർണ്ണരല്ലാ എന്നും തനിച്ചു ജീവിച്ചാൽ കുഞ്ഞുങ്ങൾ ഉണ്ടാവാതെ ജീവികളെല്ലാം ഉടൻ അവസാനിക്കുമെന്നും തെളിയുന്നുണ്ട്. ഇനി, ദൈവമായ ഭൂമിയുടെ സൃഷ്ടിയിലെ മറ്റു ചില സത്യങ്ങൾ അറിയണം. വ്യത്യസ്തങ്ങളായ ജീവിതധർമ്മങ്ങളും ഉത്തരവാദിത്തങ്ങളും ഉള്ള സ്ത്രീയും പുരുഷനും എന്ന രണ്ടു വ്യക്തികൾ ചേരുന്നതാണ് മനുഷ്യൻ എന്ന ജീവി. രണ്ടു വ്യക്തികളാകയാൽ മനുഷ്യൻ എന്ന പദം ബഹുവചനവുമാണ്. ആൺപെൺ-കുഞ്ഞുങ്ങളെ രണ്ടിനെയും പ്രസവിക്കുന്നതും പാലൂട്ടുന്നതും പരിചരിക്കുന്നതും സ്ത്രീ ആകയാൽ 'സൃഷ്ടിയിൽ സ്ത്രീക്കാണ് പ്രാധാന്യം.' സ്ത്രീകളും കുട്ടികളും ഉൾപ്പെടെ കുടുംബത്തെയും സമൂഹത്തെയും സംരക്ഷിക്കുന്നത് പുരുഷൻ ആകയാൽ 'സ്ഥിതിയിൽ പുരുഷനാണ് പ്രാധാന്യം.' 'മരണം എന്ന ഭാഗികമായ സംഹാരത്തിൽ' സ്ത്രീയും പുരുഷനും തുല്ല്യർ. മനുഷ്യൻ എന്ന ജീവിയുടെ ഓരോ പകുതി മാത്രമാണ് തങ്ങളെന്ന് സ്ത്രീയും പുരുഷനും മനസ്സിലാക്കുകയും, സ്നേഹം, സഹകരണം, പരസ്പര വിശ്വാസം, ധർമ്മം, എന്നിവയെ അടിസ്ഥാനമാക്കി ഒത്തൊരുമിച്ചു ജീവിക്കുകയും വേണം.

**മകനെ / മകളെ / മക്കളെ പ്രസവിച്ചതും വളർത്തിയതും ഞങ്ങളാണെന്ന് പ്രസ്താവിക്കുന്ന അമ്മയുടെയും അച്ഛന്റെയും ഒക്കെ അവകാശവും അധികാരവും അഭിമാനവും സത്യമാണ്; എന്നാൽ ദൈവമായ ഭൂമിയും അംശമായ ശരീരവും പ്രസവിപ്പിക്കുകയും വളർത്തുകയും ചെയ്തു എന്ന മഹാ-സത്യമുണ്ട്. മാത്രമല്ല, മകന്റെ അഥവാ മകളുടെ പകുതിഭാഗത്തെ മാത്രമേ (അവർ) പ്രസവിക്കുകയും വളർത്തുകയും ചെയ്തിട്ടുള്ളൂ എന്ന വേറിട്ട സത്യവുമുണ്ട്. മകന്റെ / മകളുടെ രണ്ടാമത്തെ പകുതിയായ മരുമകളെ / മരുമകനെ മറ്റൊരു മാതാപിതാക്കൾ പ്രസവിക്കുകയും വളർത്തുകയും ചെയ്തിട്ടുണ്ട്; പ്രസ്തുത പകുതിഭാഗത്തെ മകനോട് / മകളോട് ചേർക്കുമ്പോൾ മാത്രമേ തങ്ങൾ പ്രസവിച്ചതും വളർത്തിയതുമായ മകൻ / മകൾ പൂർണ്ണജീവിയായ മനുഷ്യൻ ആവുകയുള്ളൂ. തീർന്നില്ല; മനുഷ്യ ജീവിതത്തിലെ ഏക ചടങ്ങായ വിവാഹത്തിൽ സ്ത്രീയും പുരുഷനും 'ഭാര്യാഭർത്താക്കന്മാർ' എന്ന പവിത്രമായ കൂട്ടുകൂടലിലൂടെ ഒന്നിക്കുമ്പോൾ മുതലാണ് മകന്റെ / മകളുടെ രണ്ടാമത്തെ പകുതിയായ മരുമകളെ / മരുമകനെ മാതാപിതാക്കൾക്കു ലഭിക്കുന്നത്. മകനെ / മകളെ 'പൂർണ്ണജീവിയായ മനുഷ്യൻ' ആക്കുന്ന മരുമകളോട് / മരുമകനോട് നന്ദി പ്രകാശനം വേണ്ടതില്ല; വിവാഹത്തോടെ മകന്റെ/മകളുടെ രണ്ടാമത്തെ പകുതിക്ക് സ്നേഹ വാത്സല്യങ്ങളെ പകർന്നു നൽകാൻ സാധിച്ചുതുടങ്ങിയതിനെ സുന്ദരമാക്കിയാൽ മതിയാകും.**

മകന്റെ / മകളുടെ രണ്ടാമത്തെ പകുതി ആകയാൽ, മകളെന്ന് മരുമകളെയും മകനെന്ന് മരുമകനെയും വിളിക്കുന്നതും, പെരുമാറുന്നതുമാണ് ഏറ്റവും ഉചിതം; മൂന്നാമനോട് പരാമർശിക്കുമ്പോൾ 'മരു' ചേർക്കാം (Reported Speech). മരുമകൾക്ക് അഥവാ സ്ത്രീക്ക് തന്റെ രണ്ടാമത്തെ പകുതിയായ ഭർത്താവിനെ ലഭിക്കുമ്പോൾ, ഭർത്താവിന്റെ മാതാപിതാക്കൾ തന്റെയും മാതാപിതാക്കളായി മാറുന്നു. മകൾക്ക് ലഭിക്കുന്ന ഭർത്താവിന്റെ കാര്യത്തിലും സമാന അവസ്ഥയാണ്.

**മനുഷ്യൻ എന്ന ജീവി, 'സ്ത്രീയും പുരുഷനും' ചേർന്ന ബഹുവചനം ആവുമ്പോൾ, ഓരോ സ്ത്രീക്കും ഓരോ പുരുഷനും ഈരണ്ട് മാതാപിതാക്കൾ ഉണ്ടെന്ന പരമ-യാഥാർത്ഥ്യം കൂടിയാണ് വെളിവാകുന്നത്.**

വിവാഹ ബന്ധത്തിലൂടെ തങ്ങളുടെ രണ്ടാമത്തെ മാതാപിതാക്കളെ കണ്ടെത്തുന്ന ദമ്പതികൾ, മുമ്പ് കൊടുക്കാൻ സാധിക്കാഞ്ഞ സ്നേഹ വാത്സല്യങ്ങളെ പുതിയ മാതാപിതാക്കൾക്കു നൽകാൻ ഉത്സാഹം കാണിക്കണം. മാതാപിതാക്കൾ തിരിച്ചും ശ്രദ്ധിക്കണം. (മരു) മകൾ ഒരു കുഞ്ഞിനെ പ്രസവിക്കുന്നതോടെ 'അമ്മ' ആയും ..... കാലക്രമേണ 'അമ്മായിയമ്മ' ആയും മുത്തശ്ശി ആയും മാറുമ്പോൾ മേൽ വിവരിച്ച കാര്യങ്ങൾ ആനന്ദങ്ങളെ വർദ്ധിപ്പിക്കുന്നതാണ്. കുഞ്ഞിനെ പ്രസവിച്ചപ്പോൾ, മാതാപിതാക്കൾക്കും ഉറ്റവർക്കും ലഭിച്ച ഭാഗ്യം, കുഞ്ഞ് വളർന്ന് വിവാഹം കഴിക്കുമ്പോൾ, ഇരട്ട ഭാഗ്യമായി മാറുവാൻ കുട്ടികൾക്കും മാതാപിതാക്കൾക്കും ഉറ്റവർക്കും പരമഭാഗ്യം ഉണ്ടാവട്ടെ! മാതാപിതാക്കൾക്ക് ദൈവം കല്പിച്ചു നൽകിയിട്ടുള്ള ശ്രേഷ്ഠത വേറിട്ട് വിശദീകരിച്ചിട്ടുണ്ട്.

## 'എന്റെ' എന്ന പദത്തിന്റെ അർത്ഥം വിശദമാക്കുന്നു.

"എന്റെ" എന്ന പദത്തിന്റെ സത്യവും വിപുലവുമായ അർത്ഥങ്ങളെ പഠിക്കാൻ കഴിഞ്ഞാൽ, ജീവാത്മാവിന് സ്വന്തം നിസ്സാരതയും, ശരീരം നൽകുന്ന ശ്രേഷ്ഠതയും ശരിയാംവണ്ണം ബോദ്ധ്യമാകുന്നതാണ്. ജീവാത്മാവിനെ അഥവാ വ്യക്തിയെ കുഞ്ഞായിട്ട് ജനിപ്പിക്കുമ്പോൾ മുതൽ മാതാപിതാക്കളിലൂടെയും ഉറ്റവരിലൂടെയും സ്നേഹ വാത്സല്യങ്ങളെ ദൈവം ലഭ്യമാക്കുന്നതു കൊണ്ടു കൂടിയാണ് ശരീരത്തിന്റെ പ്രാധാന്യത്തെ ജീവാത്മാവ് അറിയാതെ പോകുന്നത്. "എന്റെ" എന്ന പദത്തിന്റെ അർത്ഥം ചുവടെ ചേർത്തിരിക്കുന്നത് 'അറിയാമോ' എന്ന് ഓരോ വ്യക്തിയും സ്വയം പരിശോധിക്കുന്നത് നന്നായിരിക്കും.

**"എന്റെ" എന്ന പദം അവകാശത്തെയും തദ്വാരാ അധികാരത്തെയും സൂചിപ്പിക്കുന്നതാണ്. വാസ്തവത്തിൽ, ഏതൊന്നും സൃഷ്ടിക്കുന്ന ശക്തിക്കു മാത്രമേ സ്വന്തം സൃഷ്ടിയുടെ മേൽ അവകാശവും അധികാരവും പ്രാപ്തമാകുകയുള്ളൂ.**

**മനുഷ്യന്റെ സ്വത്വമായ ജീവാത്മാവിനെയോ, സ്വന്തം എന്ന് കരുതുന്ന ശരീരത്തെയോ സ്വയം സൃഷ്ടിച്ചതല്ലാ, എന്നും അഥവാ സ്രഷ്ടാവ് സ്വയം വ്യക്തി തന്നെയല്ലാ എന്നും ഓരോ വ്യക്തിക്കും അറിയാം. ആത്മാവിനെ വിഷയമാക്കാതെ പറയുമ്പോഴും, വ്യക്തി സ്വയം ആവിഷ്ക്കരിക്കുകയോ സൃഷ്ടിക്കുകയോ ചെയ്യാത്തതായ സ്വന്തം അസ്തിത്വത്തിന്റെ മേൽ അവകാശവും അധികാരവും ഇല്ല.!**

മനുഷ്യൻ ഉൾപ്പെടെ യാതൊരു ജീവിയും സ്വയം ഉണ്ടായതല്ലാ എന്നും, ജീവിയുടെ പ്രധാന ഭാഗങ്ങളായ ശരീരം, ജീവാത്മാവ് എന്നിവയുടെ സൃഷ്ടി, എപ്പോൾ എങ്ങനെ സംഭവിച്ചു എന്നു പോലും ജീവാത്മാവ് എന്ന വ്യക്തിക്ക് അറിയില്ല എന്നു ബോദ്ധ്യപ്പെടുമ്പോൾ, 'താൻ' ആരാണ് എന്നു പോലും അറിയാത്ത, അഥവാ 'സ്വന്തം അസ്തിത്വം പോലും അറിയാത്ത' മനുഷ്യൻ നിസ്സാരനാണെന്ന് സ്വയം അറിയുന്നു.!

**മാതാപിതാക്കളിലൂടെ സൃഷ്ടിക്കപ്പെട്ടതുകൊണ്ട്, ജീവിയുടെ സ്വത്വമായ ജീവാത്മാവിന്റെയോ, വഹിക്കുന്ന ശരീരത്തിന്റെയോ സൃഷ്ടികർത്താവ് മാതാപിതാക്കൾ അല്ല. എന്തുകൊണ്ടെന്നാൽ :**

പ്രസവിക്കുക, മുട്ടയിടുക, ആമ-ഓന്ത്-എലി-മനുഷ്യക്കുഞ്ഞ് എന്നിങ്ങനെ ഏതിനെ പ്രസവിക്കണം, സ്ത്രീ-പുരുഷന്മാരിലെ അണ്ഡ-ബീജ നിർമ്മാണം, ജനിക്കുന്ന കുഞ്ഞിന്റെ ആൺ-പെൺ വ്യത്യാസം, രൂപം സൗന്ദര്യം അവയവങ്ങൾ ഘടന വളർച്ച പ്രവർത്തനം തുടങ്ങിയവ നിശ്ചയിക്കുന്നതും ചെയ്യുന്നതും മാതാപിതാക്കൾ അല്ലെന്നും, കാമാനന്ദത്തിൽ ഏർപ്പെടുന്ന മാതാപിതാക്കൾ പോലും അറിയാതെ, ദൈവം എന്ന അനിർവ്വചനീയം കൂടിയായ മഹാശക്തി; ജീവാത്മാവിനെയും ശരീരത്തെയും വെവ്വേറെ സൃഷ്ടിക്കുകയും, ശേഷം ചേർത്ത് മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളെയും സൃഷ്ടിക്കുകയാണ് എന്നും അറിയുമ്പോൾ, സൃഷ്ടിയായ മനുഷ്യൻ/ വ്യക്തി വീണ്ടും നിസ്സാരനായി മാറുന്നു. സൃഷ്ടി-സ്ഥിതി-സംഹാര പാത്രവും, ആകാശവുമായ ശിവലിംഗത്തിലാണ് സമസ്ത ജീവികളും ജനിക്കുന്നത്. 'ശിവലിംഗം' എന്ന ഗ്രന്ഥത്തിൽ തെളിയിച്ചത് ഈ ഗ്രന്ഥത്തിൽ ഹ്രസ്വമായി ചേർത്തിട്ടുണ്ട്.

**അമ്മ, ഭൂമി എന്നീ പദങ്ങളെ അല്പം വിശകലനം ചെയ്ത ശേഷം "എന്റെ" എന്ന വിഷയം തുടരാം.**

**പ്രസവിച്ച അമ്മയെ "എന്റെ അമ്മ" എന്ന് കുഞ്ഞുങ്ങൾ വളരുമ്പോൾ വിളിക്കുമെങ്കിലും, അമ്മയ്ക്ക് ഒന്നിലധികമോ അനേകമോ മക്കളുണ്ടെങ്കിൽ, "എന്റെ മാത്രം അമ്മയല്ല." അമ്മ, അച്ഛൻ തുടങ്ങിയ വാക്കുകളും അർത്ഥങ്ങളും പോലും അമ്മയിൽ നിന്നോ മറ്റുള്ളവരിൽ നിന്നോ പഠിക്കുന്നതാണ്.**

**അമ്മൂമ്മ, അപ്പൂപ്പൻ എന്നിവരിലൂടെ 'അമ്മയെ' സൃഷ്ടിച്ചത് ദൈവം ആണെന്നിരിക്കെ, അമ്മയുടെ മകനെന്നും മകളെന്നും സ്വയം കരുതുന്ന വ്യക്തിക്ക് അഥവാ ജീവാത്മാവിന് യഥാർത്ഥത്തിൽ അമ്മയും സ്വന്തമല്ല. എന്തുകൊണ്ടെന്നാൽ, അമ്മ ജനിച്ചതും വളർന്നതും പഠിച്ചതും വിവാഹം കഴിച്ചതും പ്രസവിച്ചതും, .. മരിക്കുന്നതും മറ്റും 'മകനെന്നും മകളെന്നും' കരുതുന്ന ജീവാത്മാവ് സ്വന്തം പ്രവൃത്തികളെ കൊണ്ട് ചെയ്തതോ നേടിയതോ ആയ വസ്തുതകളല്ല; ജീവാത്മാവ് അറിയുന്നു പോലുമില്ല; പിന്നെ എന്ത് അവകാശമാണ് അമ്മയുടെ മേൽ മകനും മകൾക്കും ഉള്ളത് ? ഗർഭത്തിൽ ചുമന്നതും, മുലപ്പാൽ ഊട്ടിയതും, മലവിസർജ്ജനങ്ങളെ ശുദ്ധി ചെയ്തതും വളർത്തി സംരക്ഷിച്ചതുമെല്ലാം അമ്മയും അച്ഛനും മറ്റ് ഉറ്റവരും കാട്ടിയ ഔദാര്യം ആണെന്നിരിക്കെ, "എന്റെ അമ്മ" എന്ന് അവകാശപ്പെടാൻ മക്കൾക്ക് യഥാർത്ഥത്തിൽ യാതൊരു അവകാശവും ഇല്ല തന്നെ. ഇനി അമ്മയെ സംബന്ധിച്ചു പറയുമ്പോൾ, എത്ര മക്കൾ ഉണ്ടെങ്കിലും, അത് അമ്മയുടെ മാത്രം മക്കളാണ്.**

കാമവികാരം ഉണ്ടാകാതെ എല്ലില്ലാത്ത പുരുഷ ലിംഗം നിവരില്ലെന്നതു കൊണ്ടും, 'ജീവാത്മാവ് സ്വയം നിശ്ചയിച്ചു ചെയ്യുന്ന പ്രവൃത്തിയല്ലാ ബീജ /അണ്ഡ സൃഷ്ടി' എന്നതു കൊണ്ടും, കുഞ്ഞിനെ വളർത്തുന്നതിലും സംരക്ഷിക്കുന്നതിലും പുലർത്തുന്ന ധർമ്മ ശാസ്ത്രപരമായ കടമകളുടെ പൂർത്തീകരണം കൊണ്ടു മാത്രമേ കുഞ്ഞുങ്ങളുടെ മേൽ പിതാവായ പുരുഷനും (ഭാഗികമായി മാതാവിനും) അവകാശവും അധികാരവും പ്രാപ്തമാകുകയുള്ളൂ എന്നത് വേറിട്ട വിഷയമാണ്.

ജ്ഞാനം വർദ്ധിക്കുന്ന മുറയ്ക്ക് ജീവാത്മാവിന് സ്വന്തം ചിന്തകളും പ്രവൃത്തികളും നിസ്സാരമായി അനുഭവപ്പെടുന്നതാണ്.

ഇനി, ജനിച്ച കുഞ്ഞ് വളർന്നു ജീവിക്കുന്നതിന് ആധാരമായിരിക്കുന്ന മണ്ണായ ഭൂമിയെ പ്പറ്റി പറയുമ്പോൾ, കുഞ്ഞ് വളരുന്തോറും മണ്ണായ ദേശത്തെയും ഭൂമിയെയും കുറെയൊക്കെ അറിയുന്നു എന്നല്ലാതെ, ഭൂമിയിലെ മൂലകങ്ങളിൽ പെട്ട ഓക്സിജൻ, കാർബൺ, ഇരുമ്പ്, കാത്സ്യം, മഗ്നീഷ്യം, ഫോസ്ഫറസ്, സോഡിയം, പൊട്ടാസ്യം, സൾഫർ, തുടങ്ങിയവ കൊണ്ട് സൃഷ്ടിച്ചിട്ടുള്ളതും അതിലൂടെ ഭൂമിയുടെ അംശമാണ് ശരീരം എന്നും ശരിയാംവണ്ണം അറിയുന്നില്ല. സ്വന്തമെന്നു കരുതുന്നതായ ശരീരത്തെ പ്പോലും ശരിയാംവണ്ണം അറിയാതെ ജീവിക്കുന്നു എന്നതാണ് വാസ്തവം.

**ദൈവവും മണ്ണുമായ ഭൂമിയുടെ അംശമായ മൂലകങ്ങൾ കൊണ്ട് ഉണ്ടാക്കിയ 'പ്രത്യക്ഷ ദൈവമായ ശരീരം' ജീവാത്മാവിനെ ശരീരത്തിൽ പ്രവേശിപ്പിക്കുകയും (ജനിപ്പിക്കുകയും) പുറത്താക്കുകയും (മരിപ്പിക്കുകയും) ചെയ്യുന്നു എന്നല്ലാതെ 'ശരീരം സ്വയം ചെയ്യുന്ന ശ്വസനം, കോശങ്ങളുടെ സൃഷ്ടി, ദഹനം, വിസർജ്ജനം, ഉറക്കം, രോഗങ്ങൾ, രോഗ മുക്തി, അണ്ഡ-ബീജ സൃഷ്ടി, ശരീര വളർച്ച, മരണം, തുടങ്ങിയ ബഹുവിധ പ്രവർത്തനങ്ങളിൽ ജീവാത്മാവിന് യാതൊരു പങ്കുമില്ലാതിരിക്കുകയോ നിസ്സാരമായ പങ്ക് മാത്രം ഉണ്ടായിരിക്കുകയോ ചെയ്യുന്നത്,' ജീവാത്മാവിനെ കൂടുതൽ നിസ്സാരനാക്കുന്നു.**

ജീവാത്മാവിനെ വഹിക്കുന്ന ശരീരത്തിന്റെ നിർമ്മിതിയും പ്രവർത്തനങ്ങളും, ഉദാഹരണത്തിന് തലമുടി, തലച്ചോർ, നെറ്റി, കണ്ണ്, കൺപോളകൾ, കൺപീലികൾ, ചെവി, മൂക്ക്, വായ, ചുണ്ട്, നാക്ക്, പല്ല്, കൈകാലുകൾ, വിരലുകൾ, ബഹുവിധങ്ങളായ അസ്ഥികൾ, രക്തക്കുഴലുകൾ, നെഞ്ച്, ശ്വാസകോശം, ഹൃദയം, കരൾ, ആമാശയം, ചെറുകുടൽ, വൻകുടൽ, കിഡ്നി, മൂത്രാശയം, ലിംഗം, ഗർഭാശയം, ത്വക്ക്, തുടങ്ങിയ അവയവങ്ങളെയും അവയുടെ സ്ഥാനങ്ങളെയും ഘടനകളെയും രൂപങ്ങളെയും നിറങ്ങളെയും പ്രവർത്തനങ്ങളെയും ഒക്കെ നിശ്ചയിച്ചിട്ടുള്ളതും നിശ്ചയിക്കുന്നതും ശരീരം തനിച്ചാണെന്നതും സ്വത്വമായ ജീവാത്മാവിനോ മാതാപിതാക്കൾക്കോ യാതൊരു പങ്കുമില്ല എന്ന തിരിച്ചറിവ് ജീവാത്മാവിനെ ഏറ്റവും നിസ്സാരനാക്കുന്നു.

വേദനയില്ലാതെ വെട്ടിയൊതുക്കാൻ ജീവാത്മാവിനെ ശരീരം അനുവദിച്ചിട്ടുള്ള തലമുടി, നഖം, എന്നിവയുടെ വളർച്ചകൾക്ക് സാക്ഷിയാവുകയും അവയെ വെട്ടിയൊതുക്കുകയും ചെയ്യുന്ന ജീവാത്മാവിന് അവയുടെ വളർച്ച, ചുരുളൽ, നിറം തുടങ്ങിയവ പോലും സാധാരണ ഗതിയിൽ അറിയാനോ നിയന്ത്രിക്കാനോ കഴിവില്ലെന്നത് ചിന്തിച്ചാൽ ജീവാത്മാവിന് സ്വന്തം നിസ്സാരത കൂടുതൽ ബോദ്ധ്യപ്പെടുന്നതാണ്.

50 - 60 വയസ്സെത്തിക്കൊണ്ട് അറിവും അനുഭവങ്ങളും ഏറെ നേടിയ മനുഷ്യർക്ക് സ്വന്തം എന്ന് പറയുന്ന ശരീരത്തിന്റെ വളർച്ച, മുടി കൊഴിച്ചിൽ, കഷണ്ടി, നര, ..... മരണം തുടങ്ങിയ ബഹുവിധ കാര്യങ്ങളെ നിശ്ചയിക്കാനോ മുൻകൂട്ടി അറിയാൻ പോലുമോ കഴിവില്ലെന്നതും, ഒരു മുഴയോ മുഖക്കുരുവോ ശരീരത്തിൽ ഉണ്ടാകുന്നതു പോലും ശരീരത്തിന്റെ ഇഷ്ടം അനുസരിച്ചു മാത്രമാണെന്നതും, ജീവാത്മാവിനെ സ്വന്തം നിസ്സാരത ബോദ്ധ്യപ്പെടുത്തുന്നതാണ്.

**ജീവാത്മാവിനെ വഹിക്കുന്ന ശരീരം പോലും ജീവാത്മാവിന്റെയോ മാതാപിതാക്കളുടെയോ സ്വന്തമല്ലാ എന്നതിനു പുറമേ, മണ്ണായ ഭൂമിയിലെ മൂലകങ്ങൾ കൊണ്ട് സൃഷ്ടിക്കപ്പെട്ട ശരീരം പ്രവർത്തിക്കുന്നത് ഭൂമിയുടെ (അംശങ്ങളായ) മൂലകങ്ങളിലെ നിയമങ്ങളും ശക്തികളും പ്രകാരമാണെന്ന് സുവ്യക്തമാകുന്നു. ജീവാത്മാവിന് സ്വന്തം നിസ്സാരത കൂടുതൽ ബോദ്ധ്യപ്പെടുന്നതാണ്.**

ബഹുഭൂരിപക്ഷം ജനങ്ങളുടെയും ആയുസ്സ് 100 വയസ്സിൽ താഴെയാണ് എന്നു പറയുമ്പോൾ, 1000 കോടി വർഷങ്ങൾക്ക് മേൽ പ്രായമുള്ള ഭൂമിയും ദേശങ്ങളും, ഇന്നത്തെ വ്യക്തി ജനിക്കുന്നതിന് എത്രയോ മുമ്പ് ഉണ്ടെന്നും, നാളെ വ്യക്തിയെ ശരീരം മരിപ്പിച്ച ശേഷവും ശരീരം വീണ്ടും മണ്ണായ ഭൂമിയിൽ ലയിച്ചു ചേരുകയും, ഭൂമിയും ദേശങ്ങളും നിലനിൽക്കുമെന്നും സുവ്യക്തമാണ്. **തുച്ഛമായ ആയുസ്സോടെ 'ജനിച്ചു ജീവിച്ചു മരിക്കുന്ന വ്യക്തി'**, 1000 **കോടി വർഷങ്ങൾക്ക് മേൽ പ്രായമുള്ള ഭൂമിയെയും ദേശങ്ങളെയും 'എന്റെ ദേശമെന്നോ എന്റെ ഭൂമിയെന്നോ' പറയുന്നത് മറ്റൊരു ഭോഷത്തമായി മാറുന്നു; കൂടുതൽ നിസ്സാരനാവുകയും ചെയ്യുന്നു.** അതേസമയം, 1000 കോടിയിലധികം വർഷങ്ങൾ പ്രായമുള്ള മഹാമാതാവും മണ്ണുമായ ഭൂമിയെയും, അംശങ്ങളും അവയവങ്ങളുമായ ദേശങ്ങളെയും സംബന്ധിച്ചിടത്തോളം, എക്കാലവും സൃഷ്ടിച്ചു പരിപാലിച്ചതും മരിപ്പിച്ചതും മോക്ഷം നൽകിയതും, ഇപ്പോൾ പരിപാലിക്കുന്നതുമായ കുഞ്ഞുങ്ങൾ എല്ലാവരും തന്നെ 'ഭൂമിക്ക് സമ്പൂർണ്ണമായ അവകാശവും അധികാരവും ഉള്ള സ്വന്തം കുഞ്ഞുങ്ങൾ തന്നെയാണ് '. പ്രസ്തുത ജ്ഞാനവും ജീവാത്മാവിന് സ്വന്തം നിസ്സാരത കൂടുതൽ ബോദ്ധ്യമാവാൻ സഹായിക്കുന്നതാണ്.

ഇന്നലെകളിൽ ജനിച്ച്, ഇന്നുകളിൽ ജീവിച്ച്, നാളെകളിൽ ശരീരത്തിൽ നിന്നും 'ദൈവാംശമായ ശരീരത്തിന്റെ ഇഷ്ട പ്രകാരം' പുറത്താക്കപ്പെടുകയും (മരിക്കപ്പെടുകയും) ചെയ്യുന്ന ജീവാത്മാവിന് ആകാശം പോലെയുള്ള മഹാശൂന്യത്തിന്റെ വളരെ ചെറിയ അംശത്തെയോ, ഒരു തരി മണ്ണു പോലുമോ സ്വന്തമായി സൃഷ്ടിക്കാനോ, മരിക്കുമ്പോൾ കൂടെ കൊണ്ടു പോകാനോ കഴിവില്ല.

**അത് എത്രമാത്രം ശരിയാണെന്ന് ബോധ്യപ്പെടുന്ന മുറയ്ക്ക് ജീവാത്മാവ് കൂടുതൽ കൂടുതൽ നിസ്സാരനാകുന്നതാണ്. "എന്റെ ദേശം, എന്റെ രാജ്യം, എന്റെ ഭൂമി" എന്നെല്ലാം ജീവാത്മാവ് പുലമ്പിയാൽ, അജ്ഞാനത്തിന്റെ കൊടുമുടിയിൽ കയറിയെന്ന് പുച്ഛിക്കേണ്ടതായി വരും. പ്രസ്തുത ജ്ഞാനവും ജീവാത്മാവിന് സ്വന്തം നിസ്സാരത കൂടുതൽ ബോദ്ധ്യമാവാൻ സഹായിക്കുന്നതാണ്.**

**മനുഷ്യന്റെ ശരീരത്തെയും ആത്മാവിനെയും സൃഷ്ടിച്ച ശക്തിക്കു മാത്രമാണ് മനുഷ്യന്റെ മേൽ അവകാശവും അധികാരവും ഉള്ളത് എന്നിരിക്കെ, അസ്തിത്വം പോലും സ്വന്തമല്ലാത്ത മനുഷ്യന് മറ്റെന്തെങ്കിലും "സ്വന്തമാണെന്ന്" അവകാശപ്പെടാനാവില്ല. "എന്റെ" എന്ന പദം ഉപയോഗിക്കാൻ പോലും അവകാശവും അധികാരവും ഇല്ലാതെ വരുന്നു.**

**മണ്ണിൽ നിന്നും ലഭിക്കുന്ന വിഭവങ്ങൾ ഉപയോഗിച്ച് ബഹുവിധ ഭക്ഷണ സാധനങ്ങളും, വസ്ത്രങ്ങളും, ആഭരണങ്ങളും, ഭവനങ്ങളും, വാഹനങ്ങളും, ... മൊബൈൽ ഫോണുകളും മറ്റും ഉണ്ടാക്കി ആനന്ദങ്ങളെ വർദ്ധിപ്പിച്ച് ജീവിക്കുമ്പോൾ, മണ്ണിലെ മൂലകങ്ങളെയും, അവയിൽ ലയി(പ്പി)ച്ചിട്ടുള്ള ശക്തികളെയും നിയമങ്ങളെയും, ശരീരം നൽകിയ ശക്തികളെ കൊണ്ട് ജീവാത്മാവ് ഉപയോഗപ്പെടുത്തി എന്നല്ലാതെ യാതൊരു നിയമങ്ങളെയും ശക്തികളെയും അവ പ്രകാരമുള്ള മൂലകങ്ങളെയും സ്വന്തമായി സൃഷ്ടിക്കാൻ മനുഷ്യന് / ജീവാത്മാവിന് കഴിയില്ല; കഴിവില്ല എന്നത് ജീവാത്മാവിനെ കൂടുതൽ കൂടുതൽ നിസ്സാരനാക്കുന്നതാണ്.**

**ഒരു കസേരയോ മേശയോ കട്ടിലോ ഉണ്ടാക്കാൻ പോലും വിജ്ഞാനവും, തടി സാമാനങ്ങളും, ഉപകരണങ്ങളും, ഊർജ്ജം എന്ന ശക്തിയും, സമയവും, ക്ഷമയും, മറ്റും അത്യാവശ്യമാണെന്ന് അറിഞ്ഞും അനുഭവിച്ചും ജീവിക്കുന്ന മനുഷ്യർ; മഹാത്ഭുതം കൂടിയായ മനുഷ്യന്റെ ആത്മാവിനെയും ശരീരത്തെയും ശരീരത്തിന്റെ പ്രവർത്തനങ്ങളെയും മറ്റുള്ള ജീവികളെയും മഹാപ്രപഞ്ചത്തെയും ലാഘവത്തോടെ തനിയെ ഉണ്ടാകുന്നതായി കണക്കാക്കുന്നത്, ലഭിച്ച ഉന്നതമായ ജ്ഞാനത്തെയും അവസരങ്ങളെയും ഉചിതമായി ഉപയോഗിക്കാത്ത മനുഷ്യനെ മൂഢനും നിസ്സാരനുമാക്കി മാറ്റുന്നുണ്ട്.**

**(യാതൊന്നും തനിയെ ഉണ്ടാകുന്നതല്ല എന്നത് ദൈവത്തിന്റെ കാര്യത്തിലോ എന്ന് ചോദിച്ചാൽ, ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയായ ദൈവം ഉണ്ടായിട്ടില്ല എന്നും, ആദിയുള്ളത് ദൈവം അല്ലെന്നും അറിയുക. പ്രപഞ്ചത്തിനും അതീതമായ ദൈവം സദാ ഉണ്ടെന്നു ഗ്രഹിക്കാൻ മഹാവേദ ഗ്രന്ഥത്തിലെ 'ബ്രഹ്മ പാഠങ്ങൾ' ധാരാളമാണ്; മാത്രമല്ല, സാക്ഷ്യപ്പെടുത്തിക്കൊണ്ട് മഹാപ്രപഞ്ചത്തിലെ സർവ്വതിന്റെയും ഓരോ അണുവിലും** (atom) **ശബ്ദ ബ്രഹ്മമായി കുടികൊള്ളുന്നുമുണ്ട്; എല്ലാ സൃഷ്ടി ചക്രങ്ങളിലും** 3 **മുതൽ** 33 **വർഷം ശബ്ദ ബ്രഹ്മം കൂടിയായ ഓം ഭൂമിയിൽ മുഴുവൻ മഹാശാസ്ത്ര പരമായി (ഉടൻ) മുഴങ്ങുന്നതോടെ സംശയങ്ങളും അഭിപ്രായങ്ങളും ചോദ്യങ്ങളും അവസാനിക്കുന്നതുമാണ്.)**

**സ്വന്തം എന്നു കരുതുന്ന ശരീരമോ, മാതാപിതാക്കളോ, മണ്ണോ, ദേശമോ, ഭൂമിയോ, സ്വന്തമല്ലെന്നും, യാതൊന്നിലും യാതൊരു അവകാശവും അധികാരവും ഇല്ലെന്നും, സ്വന്തം അസ്തിത്വമായ ജീവാത്മാവും ശരീരവും ഉൾപ്പെടെ സർവ്വവും ഭൂമി നൽകിയ ഔദാര്യങ്ങൾ മാത്രമാണെന്നു തിരിച്ചറിയുന്നത് സമസ്ത അഹംഭാവങ്ങളെയും അവസാനിപ്പിച്ചേക്കാം! ഭൂമിയുടെ ഔദാര്യങ്ങൾ/ ദാനങ്ങൾ മാത്രം കൊണ്ട് ജീവിയാകുന്ന ജീവാത്മാക്കളുടെ മേൽ, ജീവിത കാലത്തും മരണാനന്തരവും മഹാനീതി നടപ്പാക്കുവാൻ ഭൂമിക്കും, അംശമായ ശരീരത്തിനും മാത്രമാണ് അവകാശവും അധികാരവും ഉള്ളത്. അതാണ് ശരിയെന്നും, അങ്ങനെ മാത്രമാണ് സംഭവിക്കുന്നത് എന്നും തിരിച്ചറിവ് ലഭിക്കുന്നവർ ഭാഗ്യവാന്മാരാണ്. ....**

**സർവ്വത്തിനും അതീതമായ സ്രഷ്ടാവും രക്ഷിതാവും ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയുമായ ഭൂമിയ്ക്ക് യാതൊന്നും ആവശ്യമില്ല. ഭൂമി 'സ്വന്തം അംശമായ ശരീരത്തിലൂടെ' ശക്തികളെ നൽകാതെ യാതൊന്നും ചെയ്യാൻ ജീവാത്മാവിന് കഴിയുന്നതല്ല.**

**ഭൂമി നൽകുന്ന ഔദാര്യങ്ങൾ കൊണ്ട് ഭൂമിയിൽ ജീവിക്കുന്ന മനുഷ്യർക്ക് ഭൂമിക്കും അംശമായ നാടിനും വേണ്ടി യാതൊന്നും ചെയ്യാൻ കഴിവുമില്ല, കഴിയുകയുമില്ല; എന്നെല്ലാമുള്ള ജ്ഞാനം ജീവാത്മാവിന് സ്വന്തം നിസ്സാരത കൂടുതൽ ബോദ്ധ്യപ്പെടാൻ സഹായിക്കുന്നതാണ്. ഇനി, വ്യക്തിയുടെ / ജീവാത്മാവിന്റെ ജീവിതത്തെ അല്പസ്വല്പം പരിശോധിക്കാം.**

ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതും, മഹാശാസ്ത്രപരം മാത്രവും, സർവ്വ ജീവികളും ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര കർത്താവും, മഹാനീതിയും, മഹാമാതാവും ഏകമഹാശക്തിയും, മണ്ണും ഭൂമിയുമായ ഏകദൈവത്തിന് സ്വന്തം കുഞ്ഞായ ജീവാത്മാവിന് തന്റെ നിസ്സാരത ബോദ്ധ്യമാകുന്നതോ ദുഃഖിക്കുന്നതോ ഇഷ്ടമല്ല. നിശ്ചിത ജന്മങ്ങളിൽ മാത്രം അസ്തിത്വം സംബന്ധിച്ച ജ്ഞാനം നൽകി കൂടുതൽ ജ്ഞാനിയാക്കുന്നു എന്നല്ലാതെ ജീവാത്മാവിനെ വേദനിപ്പിക്കാൻ ഇടവരുത്താതെ ഭൂമിയും, ഭൂമിയുടെ അംശമായ ശരീരവും മഹാ-കരുതുന്നുണ്ട്.

മാതാപിതാക്കൾ തുടങ്ങിയ ഉറ്റവരിലൂടെ നൽകുന്ന സ്നേഹ വാത്സല്യങ്ങൾ, ഉറ്റവരോടുള്ള കടമകളും കടപ്പാടുകളും, കുട്ടികളുടെ പരിചരണം, കാഴ്ച്ച ശക്തി കേൾവി ശക്തി സ്പർശം തുടങ്ങിയ പഞ്ചേന്ദ്രിയങ്ങൾ, വിനോദം, വിശപ്പ് - ഭക്ഷണ ഗന്ധം, അനന്തമായ രുചി, ദഹനം, വിസർജ്ജന ആവശ്യങ്ങൾ, വേദന, ഇണയെ ഒഴികെ സർവ്വം മറക്കുന്ന പരമാനന്ദമായ കാമാനന്ദം ഉൾപ്പെടെയുള്ള ആനന്ദങ്ങൾ, എന്നിവയിലൂടെ വിഷയ സംബന്ധമായി ജീവാത്മാവിന്റെ ചിന്തകൾ വർദ്ധിക്കാതെ, ഭൂമിയും, ഭൂമിയുടെ അംശമായ ശരീരവും മഹാനീതിശാസ്ത്ര പ്രകാരം കരുതുന്നുണ്ട്.

**ജീവാത്മാവിന്റെ നിസ്സാരതയും, ഭൂമിയിൽ ലഭ്യമായ ആനന്ദങ്ങളെയും വിശകലനം ചെയ്ത്, പൊന്നോമന കുഞ്ഞുങ്ങളായി ഓരോ ജീവാത്മാവിനെയും ഭൂമി മഹാകരുതുന്നത് സ്വയം ബോദ്ധ്യപ്പെടാൻ കഴിയും.**

**മഹാവാത്സല്ല്യത്തോടെ പൊന്നോമന കുഞ്ഞുങ്ങളെ സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന മഹാമാതാവായ ഭൂമി, കുഞ്ഞുങ്ങൾക്കു വേണ്ടി അനന്തമായ ആനന്ദങ്ങളെ ഭൂമിയിലെ മൂലകങ്ങളിൽ / വസ്തുക്കളിൽ മഹാഭദ്രപ്പെടുത്തുകയും അവയുടെ താക്കോലുകളാകുന്ന മഹാശാസ്ത്ര നിയമങ്ങളെ കാലഘട്ടത്തിനും ജനപ്പെരുപ്പത്തിനും മഹാനീതിശാസ്ത്രത്തിനും അനുസൃതമായി വെളിപ്പെടുത്തുമ്പോൾ, "എന്റെ" എന്ന ലളിതവും ലഘുവുമായ പദം ഉചിതമായി ഉപയോഗിക്കുവാനുള്ള അവകാശവും അധികാരവും നൽകുക കൂടിയാണ്.**

**മഹാവാത്സല്ല്യം ഒന്നു കൊണ്ടു മാത്രമാണ് കുഞ്ഞുങ്ങളിൽ നിന്ന് "എന്റെ" എന്ന പദത്തിന്റെ അർത്ഥം മറയ്ക്കുന്നതും മറപ്പിക്കുന്നതും. മനുഷ്യൻ ഉൾപ്പെടെ എല്ലാ ജീവികളുടെയും ശരീരം ഉണ്ടാക്കിയിട്ടുള്ളത് മണ്ണായ ഭൂമിയിലെ മൂലകങ്ങൾ കൊണ്ട്.. എല്ലാ മനുഷ്യരും എല്ലാ ജീവികളും ശ്വസിക്കുന്നത് ഒരു വായു തന്നെ. രക്തത്തിലൂടെയും തത്തുല്ല്യമായ ദ്രാവകങ്ങളിലൂടെയും എല്ലാ ജീവികളുടെയും ശരീരത്തിൽ മുഴുവൻ സഞ്ചരിക്കുന്നതും, ജീവൻ നിലനിർത്താനായി കുടിക്കുന്നതും ഒരേ ഭൂമിയിലെ ജലം തന്നെയാണ്.**

**'എല്ലാ ജീവികൾക്കും ഭൂമിയിൽ ജീവിക്കാനുള്ള അവകാശവും അധികാരവും ഭൂമി നേരിട്ട് നൽകിയിരിക്കുകയാണ്. '..**

**ജീവിയെ സംബന്ധിച്ച് മുഖ്യ ഘടകങ്ങളായ ശരീരം, ജീവാത്മാവ് എന്നിവയിൽ 'ജീവാത്മാവിന്റെ ജന്മഗുണങ്ങൾ അല്ലാത്ത' എല്ലാ ആനന്ദങ്ങളെയും നൽകാനുള്ള ഘടകങ്ങളും, ഏതൊരു ആനന്ദത്തെയും ജീവാത്മാവിന് നേടി കൊടുക്കാനുള്ള ഘടകങ്ങളും ശരീരത്തിനുണ്ട്. 'ജീവാത്മാവിന്റെ ജന്മഗുണങ്ങൾ ഉൾപ്പെടെയുള്ള' എല്ലാ ആനന്ദങ്ങളെയും സ്വീകരിക്കാനുള്ള ഘടകങ്ങൾ ജീവാത്മാവിനും ഉണ്ട്; ശരീരം നൽകുന്നുണ്ട്. മനുഷ്യർ അനുഭവിച്ചറിയുന്നതും, വിശകലനം ചെയ്ത് ബോദ്ധ്യപ്പെടാൻ കഴിയുന്നതുമായ വസ്തുതകളാണവ. ജീവാത്മാവിന് സ്വന്തമായതും ചർമ്മത്തിലൂടെ പ്രകടവുമായ ജന്മഗുണങ്ങളെ അറിയാതെയും വിശകലനം ചെയ്യാതെയും ആനന്ദിച്ചു ജീവിക്കാനാണ് ശരീരം ജീവാത്മാവിനെ പ്രേരിപ്പിക്കുന്നത്. അതേസമയം ശരീരവും ആത്മാവും ആരാണെന്നും മറ്റും ഇതേപോലെ ശാസ്ത്ര പരമായി വിശദീകരിക്കുമ്പോൾ, സ്വയം വിശകലനം ചെയ്ത് ബോദ്ധ്യപ്പെടാവുന്ന കാര്യങ്ങളുമാണ്.**

# ബുദ്ധിശക്തി, ഓർമ്മശക്തി

**കൃഷിക്കാരനും ചിത്രകാരനും തങ്ങളുടെ തൊഴിൽ മംഗളമായി ചെയ്യുന്നതിന് അണുശാസ്ത്രജ്ഞന്റെയോ ജ്യോതിശ്ശാസ്ത്രജ്ഞന്റെയോ കണക്കപ്പിള്ളയുടെയോ ബുദ്ധിശക്തികൾ ആവശ്യമില്ല. ആവശ്യമില്ലെന്നു മാത്രമല്ല, അവരുടെ ആനന്ദം കുറയാനും നഷ്ടപ്പെടാനും അവർക്കാവശ്യമില്ലാത്ത ബുദ്ധിശക്തികൾ കാരണമാകുന്നതാണ്. അത്തരം അടിസ്ഥാന കാര്യങ്ങളെ മനുഷ്യർ വ്യക്തമായി ഉൾക്കൊള്ളേണ്ടതുണ്ട്. ബുദ്ധിശക്തികളിലും ഓർമ്മശക്തികളിലും അഹങ്കരിച്ചുകൂടാ. ബുദ്ധി, ഓർമ്മ എന്നിവയോടുകൂടി ശക്തി അഥവാ ദൈവത്തിന്റെ വാതക രൂപമായ ഓക്സിജൻ പ്രവർത്തിക്കുന്നതിന് അനുസരിച്ചുമാത്രമേ ഏതൊരാളും മന്ദബുദ്ധിയും, ബുദ്ധിശാലിയും, ബുദ്ധിജീവിയുമൊക്കെയാകുള്ളൂ എന്ന പരമസത്യം അറിയണം. കൊച്ചുകുട്ടികൾ പോലും മുതിർന്നവരായ ബുദ്ധിശാലികളെ പലപ്പോഴും ഉത്തരം മുട്ടിക്കുമ്പോഴും, തങ്ങൾക്ക് അറിയാവുന്ന വസ്തുത കൃത്യസമയത്ത് പറഞ്ഞ് മറ്റൊരാളെ വാക്കുകൊണ്ട് പരാജയപ്പെടുത്താൻ കഴിയാഞ്ഞതിലും, മറ്റൊരാൾ ജയിക്കുമ്പോഴും, മനസ്സിലാക്കേണ്ടത് ശക്തിയുടെ അഥവാ ഓക്സിജന്റെ മഹാനീതിശാസ്ത്രപരമായ മഹാപ്രവർത്തനമാണ് കാര്യങ്ങളെ മഹാനിശ്ചയിക്കുന്നത് എന്നാണ്.**

**തൊഴിൽ അഭിരുചി, വിനോദ അഭിരുചി എന്നിങ്ങനെ ഏതാനും ജന്മഗുണങ്ങൾക്ക് ബുദ്ധിശക്തി, ഓർമ്മ ശക്തി എന്നീ രണ്ടു ജന്മ ഗുണങ്ങളുമായി ഗാഢമായ ബന്ധമുണ്ടെന്ന് മുമ്പ് വ്യക്തമാക്കിയത് ഗ്രാഹ്യ-സൗകര്യം കണക്കാക്കി ആവർത്തിക്കുന്നു :- തൊഴിലുകളെയും വിനോദങ്ങളെയും വ്യക്തിക്ക് ലഭ്യമാവുന്ന ബുദ്ധിശക്തി, ഓർമ്മശക്തി എന്നീ രണ്ടു ജന്മഗുണങ്ങളും സ്വാധീനിക്കുന്നുണ്ട്.**

**അതേസമയം ബുദ്ധി ശക്തിയും, ഓർമ്മ ശക്തിയും സ്ഥിതി പരമായ വിധി പ്രകാരം കൂടുകയും കുറയുകയും ചെയ്യുമ്പോൾ, തൊഴിൽ അഭിരുചിയെയും തൊഴിലിനെയും ബാധിക്കുന്നതാണ്. കാരണം ബുദ്ധിശക്തി, ഓർമ്മശക്തി എന്നിവ വ്യക്തിയുടെ ധർമ്മശാസ്ത്ര പരമായ പ്രവൃത്തികളുമായി ബന്ധപ്പെട്ട് താൻ പാതി ദൈവം പാതി എന്ന മഹാസമവാക്യത്തെ സദാ പ്രസക്തമാക്കുന്നത് ഇവിടെ വിഷയമാണ്. അതായത് വ്യക്തിസ്വാതന്ത്ര്യം കൊണ്ടുള്ള പ്രവൃത്തികൾ, സ്ഥിതിപരമായ വിധിയെ സൃഷ്ടിക്കുകയും, അതിൻപ്രകാരം, ബുദ്ധിക്ക് ശക്തികളെ (ശക്തിയായ ഓക്സിജൻ എന്ന ദൈവത്തിന്റെ വാതക രൂപം) നൽകുന്നതിന് അനുസരിച്ച്, വ്യക്തിയുടെ ബുദ്ധിശക്തി എന്ന ജന്മഗുണം കൂടുന്നതും കുറയുന്നതുമാണ്.**

സാധാരണ മനുഷ്യജീവിതം നയിക്കുന്ന വ്യക്തിയെ സാധാരണക്കാരായും തങ്ങളേക്കാൾ താണവരായും രാജാവും പണ്ഡിതന്മാരും മറ്റും കരുതിക്കൂടാ. ജന്മങ്ങളുടെ എണ്ണംകൊണ്ടും പുണ്യക്കൂടുതൽ കൊണ്ടും, ധർമ്മശാസ്ത്രപരമായ മറ്റു ഘടകങ്ങൾ കൊണ്ടും യോഗ്യത കൂടുതൽ ഉള്ളവരെങ്കിൽ, അവരിലെ ന്യൂറോണുകളെ മഹാനീതിശാസ്ത്രപ്രകാരം ദൈവം ശക്തിപ്പെടുത്തുമ്പോൾ, അവർ മഹാജ്ഞാനികളായി മാറുന്നതാണ്. മഹാശാസ്ത്രം ലഭിക്കാനും, ദൈവത്തെ ആരാധിക്കാനും മനുഷ്യർ യോഗ്യത നേടേണ്ടതുണ്ട് എന്ന പാഠം പഠിക്കുമ്പോൾ ആവക കാര്യങ്ങൾ സുവ്യക്തമാകുന്നതാണ്.

**യാതൊരു മത്സരങ്ങളും ദൈവീകമല്ല / ധർമ്മശാസ്ത്രപരമല്ലാ എന്നുകൂടിയാണ് വ്യക്തമാക്കിയത്. എല്ലാവരും ദൈവത്തിന്റെ കുഞ്ഞുങ്ങളാണ്.**

**മത്സരാർത്ഥി ജയിച്ചാലും തോറ്റാലും നഷ്ടമാണു നേടുക.! എല്ലാ കുഞ്ഞുങ്ങളും സമ-ആനന്ദത്തോടെ മോക്ഷം നേടാനുള്ള മഹാപദ്ധതികളാണ് എല്ലാവരുടെയും മഹാപിതാവും മഹാമാതാവുമായ ഏകദൈവം മഹാഒരുക്കിയിട്ടുള്ളത്.**

**യാതൊരാളും മറ്റാരെയുംകാൾ കേമരോ മോശക്കാരോ അല്ല. യാതൊരാളും ഭൂമിയിലെ ഏറ്റവും കേമനായ രാജാവിനേക്കാൾ ചെറിയവനുമല്ല; ഭിക്ഷക്കാരേക്കാൾ വലിയവനുമല്ല. ദൈവത്തിനു മാത്രം മഹത്വം.**

**മഹാപ്രപഞ്ചത്തിന് അതീതമായ ബ്രഹ്മമായിരിക്കുന്ന മഹാദേവിക്ക് ആദിയില്ലെങ്കിലും, മഹാദേവി സൃഷ്ടിക്കുന്നതായ മഹാപ്രപഞ്ചത്തിന് ആദിയുണ്ട്. അതേസമയം, ദൈവത്തിന്റെ മഹാരൂപമായി സൃഷ്ടിച്ചിരിക്കുകയാൽ മഹാപ്രപഞ്ചത്തിന്റെ ആദി അറിയാൻ സൃഷ്ടിക്ക് കഴിവില്ല.**

അന്തമില്ലായ്മയും നിശ്ചലത്വവും ഉൾപ്പെടെ മഹാപ്രപഞ്ചത്തിന്റെ ഗുണങ്ങളെ എന്തും ഏകദൈവമായ മഹാദേവി മാത്രമാണ് എപ്പോഴും മഹാനിശ്ചയിക്കുന്നത്.

പ്രകൃതിയെയും പ്രകൃതിയിലെ ആകർഷണങ്ങളെയും മഹാ-സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്തു പോരുന്ന ദൈവമായ ഭൂമി ഓരോരോ വിഷയത്തിലും നിശ്ചയിച്ചിട്ടുള്ള നീതിയെന്തെന്ന് അറിയാൻ മനുഷ്യർ ശ്രമിക്കണം. ദൈവീകനിയമങ്ങൾ കണ്ടെത്തുവാൻ ദൈവീകശുദ്ധിയോടെ പരിശ്രമിക്കണം. പകരം തങ്ങൾക്കു തോന്നുമ്പോലെയെല്ലാം നിയമങ്ങളുണ്ടാക്കാനും പരിഷ്ക്കാരങ്ങൾ നിർദ്ദേശിക്കാനും മനുഷ്യർ തയ്യാറാവരുത്. ഭൂമിയിലെങ്ങും ധാർമ്മിക അധഃപതനത്തിന് അത് മുഖ്യ കാരണമാവും; നിലവിൽ വളരെയധികം സംഭവിച്ചു കഴിഞ്ഞു.

**ഭൗതികഅസ്തിത്വം ഇല്ലാത്തവ ശാസ്ത്രനിയമങ്ങളല്ല. മഹാശാസ്ത്രം @ ദൈവശാസ്ത്രം @ മഹാവേദം @ ആനന്ദ ശാസ്ത്രം അനന്തമാണ്; 'ശാസ്ത്ര നിയമങ്ങൾ' മാത്രമാണ്; മഹാലളിതവുമാണ്.**

**മഹാശക്തിയും മഹാനീതിയും ഭൂമിയുമായ ദൈവം, ധർമ്മ ശാസ്ത്ര പരിമിതികളോടെ, മനുഷ്യർക്കെല്ലാം സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെയും നൽകുന്നുണ്ട്.**

**മഹാശക്തിയായ ഭൂമിക്ക് യാതൊരു സൃഷ്ടികളുടെയും സഹായം യാതൊരു കാര്യങ്ങൾക്കും ആവശ്യമില്ല.**

മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-കർത്താവായ ദൈവം മഹാശാസ്ത്രത്തെ മുഴുവൻ ദൈവത്തിന്റെ മഹാരൂപവും മണ്ണുമായ ഭൂമിയിൽ മഹാലയിപ്പിച്ചിട്ടുണ്ട്. കൂടാതെ മഹാഉചിതമായ സമയത്ത് ദൈവം,~ ഭാഗവും പ്രതിനിധിയും ഏകദാസനും പ്രപഞ്ചപിതാവുമായ പരമശിവനിലൂടെ ദൈവശാസ്ത്ര കാര്യങ്ങളെ, കുഞ്ഞുങ്ങളായ ജീവികൾക്കെല്ലാം നേരിട്ട് മഹാഅനുഗ്രഹിച്ചു നൽകുന്നുണ്ട്.

**ദൈവശാസ്ത്രം @ മഹാശാസ്ത്രം 'ശാസ്ത്ര നിയമങ്ങൾ' മാത്രമാണ്. മഹാശക്തിയായ ദൈവത്തിന്റെ മഹാഇഷ്ടംപോലെ, ഓംസത്യം ഡോട്ട്കോം www.omsathyam.com എന്ന വെബ്സൈറ്റിലൂടെയും, മൊബൈൽ ഫോണിലൂടെയും ഒക്കെ വളരെ നീണ്ട ഒരു കാലഘട്ടം ദിവ്യമഹാവേദ ഗ്രന്ഥങ്ങൾ പ്രചരിക്കുന്നതാണ്. മഹാഗ്രന്ഥങ്ങളെ അച്ചടിക്കേണ്ടതായ ആവശ്യം തൽക്കാലം ഇല്ലെന്നാണ് വിഷയ വിശകലനം വ്യക്തമാക്കുന്നത്. സ്ഥിതിപരമായ വിധി പ്രകാരമോ മഹാനീതിശാസ്ത്ര പ്രകാരമോ സംഭവിക്കട്ടെ !**

**ദൈവത്തിന്റെ ആദിയും അന്തവുമില്ലാത്ത മഹാജ്ഞാനമാണ് മഹാശാസ്ത്രം എന്നതിനാൽ, മഹാശാസ്ത്രത്തെ വിശദീകരിക്കുന്ന ഗ്രന്ഥങ്ങൾ, ഇ-ബുക്ക്, ഇത് കുറിക്കുന്ന മൊബൈൽ ഫോൺ ആപ്ലിക്കേഷൻ, PDF ഫയലുകൾ, വെബ് സൈറ്റ്, തുടങ്ങിയവയ്ക്കെല്ലാം അടിസ്ഥാനപരമായിട്ട് ദൈവത്തിന്റെ ആദിയും അന്തവുമില്ലായ്മ ഉണ്ടെന്നും, പേപ്പറുകളിലോ എഴുത്തോലകളിലോ മഹാശാസ്ത്രത്തെ പരിമിതപ്പെടുത്താൻ ഒട്ടും സാധിക്കില്ലെന്നും അറിയണം. ഭൂമിയിലെങ്ങും 'മായ' പ്രത്യക്ഷമാക്കി ദൈവവിപ്ലവം ആരംഭിക്കുമ്പോൾ ഭൗതിക ശാസ്ത്രം, ധർമ്മ ശാസ്ത്രം, ആത്മീയ ശാസ്ത്രം, എന്നിങ്ങനെ 3 വേദങ്ങളായിട്ട് മഹാവേദം എന്ന പേരിൽ മഹാശാസ്ത്രത്തെ അവതരിപ്പിച്ചേക്കാം. അപ്പോഴും ലിഖിത പ്രമാണങ്ങൾക്ക് പ്രസക്തിയില്ല.**

മതങ്ങളും രാഷ്ട്രീയ പ്രസ്ഥാനങ്ങളും വിസ്മൃതിയിൽ ആവുന്നതോടെ മത-രാഷ്ട്രീയ വിമർശനങ്ങളും അവസാനിക്കും. **നീണ്ട ഒരു കാലഘട്ടത്തിനു ശേഷം മഹാശാസ്ത്ര ഗ്രന്ഥങ്ങളും പ്രായേണ മഹാ-സംഹരിക്കപ്പെടുന്നതാണ്. മഹാവേദം @ മഹാശാസ്ത്രം @ ആനന്ദ ശാസ്ത്രം @ മൂന്നു വേദങ്ങളും എല്ലായ്പ്പോഴും മണ്ണിലടിഞ്ഞ് മഹാഭദ്രമാണ്. സർവ്വം മണ്ണടി.**

# പ്രേമം : ആനന്ദം അളവ് 5

എല്ലാ ജീവികളുടെയും ഊർജ്ജസ്വലമായ യൗവ്വന കാലത്ത് പ്രധാന ആനന്ദം പ്രേമം / പ്രണയം ആണ്.

മനുഷ്യരുടെ ജീവിതത്തിൽ കുടുംബ ബന്ധങ്ങൾ ജനനം മുതൽ മരണം വരെയും നീണ്ടു നിൽക്കുന്ന സംവിധാനം ആകയാൽ, ഇന്നലത്തെ ചെറുപ്പക്കാരും ഇന്നത്തെ വൃദ്ധരുമായ മാതാപിതാക്കൾ മക്കളായ ചെറുപ്പക്കാരുടെ ആനന്ദങ്ങളെ ധർമ്മ ശാസ്ത്ര പ്രകാരം നോക്കി കാണുകയും അനാവശ്യമായി അവർക്ക് മനോവിഷമം ഉണ്ടാക്കാതെ ശ്രദ്ധിക്കുകയും വേണം.

മനുഷ്യരുടെ ജീവിതത്തിലെ നല്ലൊരു കാലം പ്രേമ കാര്യങ്ങളിലും പ്രേമ ബന്ധങ്ങളിലും ചിലവഴിക്കുന്നു. വായന, ഭാവന, സംഭാഷണം, കഥകൾ, കവിതകൾ, എന്നിവയിലൂടെ വ്യക്തിക്ക് ലഭിക്കുന്ന ആനന്ദത്തിന്റെ പരമാവധിയാണ് 5 അളവ്. പ്രസ്തുത പ്രേമ-ആനന്ദത്തിന് ജീവാത്മാവിന്റെ ഭൗതിക അസ്തിത്വവും ജന്മഗുണങ്ങളുമായാണ് ബന്ധമുള്ളത്. ശരീരത്തിന്റെ ആവരണമായ ചർമ്മത്തിലൂടെ ജീവാത്മാവിനെ വ്യാപരിപ്പിക്കുന്നുണ്ട്. നിറം സൗന്ദര്യം മുഖശ്രീ എന്നിവ ജീവാത്മാവിന്റെ പ്രകടമായ ജന്മഗുണങ്ങളാണ്. വ്യക്തികൾ അന്യോന്യം കാണുന്നതും അറിയുന്നതും സ്പർശിക്കുന്നതും ഇഷ്ടപ്പെടുന്നതും ശാരീരികമായി പ്രേമിക്കുന്നതും മേല്പടി പ്രകടമായ ജന്മഗുണങ്ങൾ പ്രകാരമാണ്. ദൈവ വിപ്ലവത്തിന്റെ തുടർച്ചയായി ജീവാത്മാവിന്റെ ന്യൂട്രോൺ ബന്ധം, ന്യൂട്രോൺ ശൃംഖല എന്നിവയെ വിശദീകരിക്കുന്നതാണ്.

കുട്ടികൾക്കും മുതിർന്നവർക്കുമെല്ലാം കുടുംബ ബന്ധങ്ങളുടെയും ജീവിതത്തിന്റെയും പവിത്രതയും ശ്രേഷ്ഠതയും ബോദ്ധ്യമാകുവാൻ കുടുംബത്തിലെ കാരണവന്മാരുടെയും മാതാപിതാക്കളുടെയും ഉറ്റവരുടെയും പെരുമാറ്റ മര്യാദകൾ ഉയരുന്നത് നല്ലതാണ്. മാതാവ് ധർമ്മ ശാസ്ത്ര പരമായ തൊഴിലുകൾ ചെയ്ത് വീട്ടിൽ ഉണ്ടാകണം. പിതാവും പുരുഷന്മാരുമായ ഉറ്റവരിലൂടെയും ഏതൊരു വ്യക്തിയിലൂടെയും കൃഷി ഉൾപ്പെടെയുള്ള തൊഴിലുകളുടെ ശ്രേഷ്ഠതയും പവിത്രതയും അറിയുകയും ചെയ്യുകയും അനുഭവിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന ചെറുപ്പക്കാർക്ക് പ്രേമകാര്യങ്ങളെ കാര്യഗൗരവത്തോടെ സമീപിക്കാനും മനോവിഷമം ഇല്ലാതെ ആസ്വദിക്കാനും കഴിയുന്നതാണ്.

പ്രേമ ആനന്ദം ചെറുപ്പക്കാരിൽ ഒതുങ്ങുന്നില്ല. വൃദ്ധാവസ്ഥയിലും പ്രേമ ആനന്ദം അനുഭവിച്ചു ജീവിക്കുന്ന അനേകർ ഭൂമിയിലുണ്ട്. മറ്റുള്ള ജീവികളും ഏറിയും കുറഞ്ഞും പ്രേമ ആനന്ദം അനുഭവിച്ചു ജീവിക്കുന്നവയാണ്.

ഇപ്പോഴത്തെ സൃഷ്ടിചക്രത്തിൽ മഹാദാസനായ പരമശിവനെയാണ് ഗാന്ധിജി, ക്രൈസ്റ്റ്, ചാണക്യൻ, ശ്രീബുദ്ധൻ, എന്നിവരായും **കാളിദാസൻ, വില്ല്യം ഷേക്സ്പിയർ** എന്നീ **പ്രേമകാവ്യ-ശ്രേഷ്ഠരായും** അയച്ചത് എന്നറിയുന്നു. പ്രസിദ്ധമായ അവരുടെ കൃതികൾ പ്രേമ ആനന്ദത്തെയും പഠിപ്പിക്കുന്നവയാണ്.

# പ്രേമസാക്ഷാത്ക്കാരം : ആനന്ദം അളവ് 5

പ്രേമ സാക്ഷാത്കാരം പ്രധാനമായും മറ്റുള്ള ജീവികളെ അഥവാ 'മനുഷ്യൻ ഒഴികെയുള്ള ജീവികളെ' സംബന്ധിച്ചുള്ളതാണ്. പ്രേമവും ബന്ധപ്പെട്ട കാര്യങ്ങളും മറ്റുള്ള ജീവികൾക്ക് വലിയ വിഷയം അല്ല. ആഗ്രഹിക്കുന്നതോ ലഭിക്കുന്നതോ ആയ ഇണയുമായി പെട്ടെന്ന് നടത്തുന്ന വേഴ്ച്ചയിൽ നിന്നും 5 അളവ് ആനന്ദം ലഭിക്കുന്നതാണ്.

**സാക്ഷാത്കാരം എന്നത് ഏറെ ഗൗരവമായ വിഷയമാണ്.** ആദ്യമായി പ്രേമ സാക്ഷാത്കാരത്തെ അല്പം വിശദീകരിക്കാം :- മനുഷ്യരുടെ കാര്യത്തിൽ പ്രധാനമായും നാലു വിധത്തിൽ പ്രേമ സാക്ഷാത്കാരം സാധിക്കുന്നതാണ്. (1) ഭാവനയും, ഉയർന്ന ജ്ഞാനവും 5 അളവിലുള്ള പ്രേമ സാക്ഷാത്കാരമായ ആനന്ദത്തെ നൽകാൻ പ്രാപ്തമാണ്. (2) ലഹരി വസ്തുക്കൾ കൊണ്ട് ഉരുവാകുന്ന ധർമ്മ ശാസ്ത്ര വിരുദ്ധമായ അവസ്ഥ പരമാവധി 5 അളവിലുള്ള ആനന്ദത്തെ നൽകുന്നതാണ്. കാഴ്ച്ചക്കാരും മറ്റും മനോരോഗം എന്നു പറയുന്നത് ആനന്ദത്തിൽ മുഴുകുന്ന വ്യക്തിക്ക് വിഷയമാകുന്നില്ല. (3) മറ്റുള്ള ജീവികൾക്ക് എന്നപോലെ പെട്ടെന്ന് നടത്തുന്ന വേഴ്ച്ച. (4) ദൈവമായ ഭൂമിയുടെ അനുഗ്രഹം കൊണ്ട് മനുഷ്യന്റെ സ്വത്വമായ ജീവാത്മാവിന് തന്റെ രണ്ടാമത്തെ പകുതിയുടെ സാമീപ്യവും നിയന്ത്രിതമായ ആനന്ദവും ലഭിച്ചെന്നു വരാം. പഴയകാലത്ത് വർജ്ജിതമായ മന്ത്രശാസ്ത്രത്തെ ഉപയോഗിച്ച് സമ്പൂർണ്ണമായ കാമ ആനന്ദത്തെ പിടിച്ചു വാങ്ങിയ അധമരും ജീവിച്ചിരുന്നു.

**ജീവാത്മാവിന്റെ രണ്ടാമത്തെ പകുതിയെ പ്പറ്റി മുമ്പ് സൂചിപ്പിച്ചതാണ്. സ്വയം വിശകലനം ചെയ്താൽ തന്നെ 'ജീവിയുടെ പകുതി' മാത്രമാണ് ഓരോ വ്യക്തിയുമെന്ന് ലളിതമായി മനസ്സിലാക്കാം. മനുഷ്യൻ എന്ന ജീവിയുടെ രണ്ടു ഭാഗങ്ങളാണ് സ്ത്രീയും പുരുഷനും; എന്നുവെച്ചാൽ, ഓരോ വ്യക്തിയും ജീവിയുടെ പകുതി മാത്രമാണ്.**

**ശരീരത്തെ രണ്ടായും സമ്പൂർണ്ണമായും വ്യത്യാസപ്പെടുത്തി സൃഷ്ടിച്ചിട്ടുള്ളത് ജീവാത്മാവോ, തജ്ജന്മത്തിലെ (ഗൂഢമായ)** ജനനത്തിന് മാധ്യമമായി ഉപയോഗിക്കപ്പെട്ട മാതാപിതാക്കളോ അല്ല. (**ജനനത്തിലെ ഗൂഢതയുടെ ആവശ്യത്തെ മഹാനീതിശാസ്ത്രം സമ്പൂർണ്ണമായി സാധൂകരിക്കുന്നുണ്ട്.**)

ഭൂമിയും, ഭൂമിയുടെ അംശമായ മൂലകങ്ങളെ കൊണ്ട് ഉണ്ടാക്കിയ ശരീരമോ സ്വയം നിശ്ചയിച്ച് സ്ത്രീ, പുരുഷൻ എന്നിങ്ങനെ മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളുടെ ശരീര ഘടനയും ഘടകങ്ങളായ അവയവങ്ങളും അവയുടെ പ്രവർത്തനവും രണ്ടായി വിഭജിച്ചിരിക്കുകയാണ്. സ്ത്രീ പുരുഷ ശരീരങ്ങളിലെ വ്യത്യാസങ്ങളുടെ അടിസ്ഥാനത്തിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും രണ്ടാമത്തെ പകുതിയോട് സ്വയം മറക്കുന്ന ആകർഷണത്തെ (ഭൂമി/ശരീരം) സൃഷ്ടിച്ചിരിക്കുകയാണ്. പ്രണയം, പ്രേമം എന്നെല്ലാം പ്രസ്തുത പരസ്പര ആകർഷണത്തിനും ആനന്ദത്തിനും പേര് വെച്ചിരിക്കുന്നു. ജീവാത്മാക്കളുടെ പ്രേമം, ശരീര ഘടനയുടെയും ഘടകങ്ങളായ അവയവങ്ങളുടെയും വ്യത്യാസത്തെ കൂടി അടിസ്ഥാനമാക്കിയാണ് എന്നതിനെ കൂടുതൽ വിശകലനം ചെയ്താൽ **ചർമ്മത്തിലൂടെ വ്യാപരിപ്പിച്ചിരിക്കുന്ന ജീവാത്മാവിന്റെ പ്രകട ജന്മഗുണങ്ങളായ നിറം സൗന്ദര്യം മുഖഛായ ഗന്ധം ഉയരം വണ്ണം (+ശബ്ദം) തുടങ്ങിയവയാണ് ആധാരം എന്ന് മനസ്സിലാക്കാൻ കഴിയും.**

ജന്മഗുണങ്ങൾ എല്ലാവിധത്തിലും അഥവാ സമ്പൂർണ്ണമായും അന്യോന്യം ചേരുകയും പൊരുത്തപ്പെടുകയും ചെയ്യണമെങ്കിൽ, അവ ഒന്നിനെ രണ്ടായി വിഭജിച്ചതാവണം. തേങ്ങ, മാങ്ങ, കമ്പ്, തുടങ്ങയവ വാൾ കൊണ്ട് രണ്ടായി പിളർന്നാൽ കൃത്യമായി ഒട്ടിക്കാൻ പിളർന്നു മാറിയ രണ്ടു കഷണങ്ങൾ വേണമെന്നതിനെ കഷ്ടിച്ച് ഉപമിക്കാം. ഓരോ ജീവാത്മാവിനെയും രണ്ടായി വിഭജിച്ചാണ് സൃഷ്ടിച്ചിരിക്കുന്നത്. മനുഷ്യാവസ്ഥയിലെ 100 ജന്മങ്ങളിലൂടെ മോക്ഷം നേടുമ്പോൾ, അവസാനത്തെ 10 ജന്മങ്ങളിൽ അവരെ ദമ്പതികളായി ഒന്നിപ്പിക്കുന്നുമുണ്ട്. **ഓം** എന്ന ദിവ്യമഹാവേദ ഗ്രന്ഥത്തിലും മറ്റും വിശദീകരിച്ചിട്ടുണ്ട്.

**സാക്ഷാത്ക്കാരം എന്നത് മംഗളകരമായ പൂർത്തീകരണം ആണ്. ഭക്ഷണം, തൊഴിൽ, പ്രിയം (ഭക്തി), ദാസ്യം, വാത്സല്യം, പ്രേമം എന്നിങ്ങനെ എല്ലാ ആനന്ദങ്ങൾക്കും ഭൗതികമായ അസ്തിത്വം ഉള്ളതുകൊണ്ട് അവയുടെ അനന്തതക്ക് നിയന്ത്രിതമായ സാക്ഷാത്ക്കാരം ആവശ്യമാണ്.**

വയറ് നിറയെ ഭക്ഷണം കഴിച്ചും കഴിക്കാതെയും തൃപ്തിയും ആനന്ദവും ലഭിക്കുമ്പോൾ ഭക്ഷണ ആനന്ദത്തിൽ സാക്ഷാത്കാരം ഉണ്ടാകുന്നു. മനുഷ്യന് ലഭ്യമാക്കിയിട്ടുള്ള ശാസ്ത്ര ജ്ഞാനത്തിന് ആനുപാതികമായി 40 അളവിലെ ഭക്ഷണ ആനന്ദത്തെയും, 20 അളവിലെ തൊഴിൽ ആനന്ദത്തെയും മറ്റുള്ള ജീവികൾക്ക് - അവയുടെ ധർമ്മവ്യവസ്ഥയ്ക്ക് - ആവശ്യമില്ല; നൽകുന്നുമില്ല.

**പ്രിയം (ഭക്തി), ദാസ്യം, വാത്സല്യം, പ്രേമം എന്നീ 4 ആനന്ദങ്ങൾ അടിസ്ഥാന പരമായി ജീവാത്മാവിന്റെ ജന്മഗുണങ്ങളുമായും, ജീവാത്മാക്കൾ തമ്മിലുമായി ബന്ധപ്പിച്ചിരിക്കുകയാണ്. ജീവാത്മാക്കളും, മഹാനീതി ശാസ്ത്ര പ്രകാരം അവർക്ക് സമ്മാനിക്കുന്ന ജന്മഗുണങ്ങളും, ഭൂമി, സ്വന്തം ഇഷ്ടപ്രകാരം ആരംഭിക്കുകയാൽ, ജീവാത്മാക്കൾക്ക് മഹാവാത്സല്ല്യത്തോടെ നൽകിയിട്ടുള്ള സമ്പൂർണ്ണമായ വ്യക്തിസ്വാതന്ത്ര്യം പ്രകാരം, അവർക്ക് നൽകുന്ന ആനന്ദങ്ങളിൽ, ഭൂമിയുടെ ഇഷ്ടപ്രകാരമുള്ള പൂർണ്ണത സൃഷ്ടിക്കുവാൻ ഭൂമി തയ്യാറായി കൂടാ. അതേസമയം ജീവാത്മാവിന് സ്വന്തം പകുതിയെന്ന ഇണയോട് ചേരുമ്പോൾ കാമമായ പരമാനന്ദം ലഭിക്കുകയും ജീവാത്മാവ് എന്ന അസ്തിത്വം സമ്പൂർണ്ണമായി അഥവാ ഒന്നായി നിൽക്കുമ്പോൾ തന്നെത്താൻ ഉൾപ്പെടെ സർവ്വം മറന്ന് ഇണയിൽ രമിക്കുന്ന കാമം-പരമാനന്ദം എന്ന ഭൗതിക അസ്തിത്വമായി സ്വത്വത്തെ അറിയാൻ ഭൂമി വ്യവസ്ഥ ചെയ്തിരിക്കുകയാണ്.**

# കാമം : ആനന്ദം അളവ് 25

മനുഷ്യരുടെ കാര്യത്തിൽ പ്രേമ സാക്ഷാത്കാരത്തെ കാമവുമായി ബന്ധിപ്പിച്ചിരിക്കുന്നത് വിപുലമായിട്ടാണ്. (1) പ്രിയം /ആദരം/ഭക്തി (2) ദാസ്യം (3) വാത്സല്ല്യം (4) പ്രേമം എന്നിങ്ങനെ ജീവാത്മാക്കൾ തമ്മിലുള്ള ആനന്ദത്തിൽ പൂർണ്ണത അഥവാ സാക്ഷാത്കാരം ഉണ്ടാകുന്നത് അവ (5)-ാമതായ പ്രേമ സാക്ഷാത്കാരത്തിന്റെ വിപുല രൂപഭാവവും പരമാനന്ദവും കൂടിയായ കാമത്തിലാണ്.

ജീവാത്മാക്കൾ തമ്മിലുള്ള സ്നേഹബന്ധത്തിൽ അവകാശം വിഷയമാണ്. അതായത് ഓരോ ജീവാത്മാവിനെയും സ്ത്രീ, പുരുഷൻ എന്നിങ്ങനെ രണ്ടായി വിഭജിച്ച് സൃഷ്ടി ആരംഭിച്ചിരിക്കുകയാൽ, ഓരോ പകുതിക്കും അവകാശവും അധികാരവും ഉള്ളത് രണ്ടാമത്തെ പകുതിയോടു മാത്രമാണ്. രണ്ടാമത്തെ പകുതി എവിടെ ഏതു നിലയിൽ ജീവിക്കുന്നു എന്നത് ഗൂഢമാക്കിയിട്ടുള്ളത് മഹാനീതി ശാസ്ത്ര പ്രകാരമാണ്. സ്വന്തം പകുതി കൂടിയാവാം ഒപ്പമുള്ളതോ ഒപ്പം ഉണ്ടായിരുന്നതോ, ഉണ്ടായേക്കാവുന്നതോ ആയ ഇണ എന്നതും വസ്തുതയാണ്. ഇണ അഥവാ ഒരു പകുതിയോടു മാത്രമാണ് ജീവാത്മാവിന് അവകാശമുള്ളതെന്നും ഭൂമിയുടെ കുഞ്ഞുങ്ങളായ മറ്റുള്ളവർ അടിസ്ഥാന പരമായി ജീവാത്മാവിന്റെ ആരുമല്ലെന്നും തെളിയുന്നു. 'എന്റെ' എന്ന പദത്തിന്റെ വിപുലമായ അർത്ഥം; ജീവാത്മാവിന്റെ നിസ്സാരത; മാതാപിതാക്കൾ പോലും 'ലൂടെ' മാത്രമാണ് തുടങ്ങിയ കാര്യങ്ങളെ മുകളിൽ 'വാത്സല്യം : ആനന്ദം' എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്. ജനനം, വളർച്ച, കൗമാരം, യൗവ്വനം, വാർദ്ധക്യം, എന്നിങ്ങനെ ജീവിതത്തിലെ വിവിധ ഘട്ടങ്ങളിൽ ജീവാത്മാക്കൾ തമ്മിൽ ഉണ്ടാകുന്ന ബന്ധങ്ങളിൽ ഇണയോടു മാത്രം കാമത്തെ പരിമിതപ്പെടുത്താനും, മറ്റു ബന്ധങ്ങളിൽ കാമം ഉണ്ടാകാതെ കർശനമായി ശ്രദ്ധിക്കാനും പരസ്പര ബഹുമാനം കാത്തുസൂക്ഷിക്കാനും ജീവാത്മാവ് സ്വയം ബാദ്ധ്യസ്ഥമാകുന്നു.

മനുഷ്യരുടെ പരമാനന്ദമായി **കാമത്തെ** നിശ്ചയിച്ചിരിക്കുന്നതിലെ
**പരമ-ഗൗരവമായ വസ്തുത കുറിക്കാം** :-

സ്ത്രീ പുരുഷൻ എന്നിങ്ങനെ രണ്ടായി നിൽക്കുന്ന ജീവാത്മാവ് ഒന്നായിരിക്കുമ്പോൾ പരമാനന്ദ സ്വരൂപമാണ്; അങ്ങനെയാണ് ഭൂമിയായ ദൈവം ജീവാത്മാവിനെ സൃഷ്ടിച്ചിരിക്കുന്നത്. രണ്ടായിരിക്കുമ്പോൾ പരമാനന്ദം അനുഭവിക്കണമെങ്കിൽ കാമ-ഭാവനകളിലൂടെയും ബന്ധങ്ങളിലൂടെയും ഇണയെ ഒഴികെയുള്ള സർവ്വതും മറന്ന് രമിക്കുന്ന അവസ്ഥ ഉണ്ടാകണം. മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ എന്നീ ജീവികളുടെ ശരീരത്തിലൂടെ സ്ത്രീ പുരുഷന്മാരായി കഴിയുമ്പോൾ പരമാനന്ദം അനുഭവിക്കാനും ആത്മാവിന്റെ ബോധാവസ്ഥയിലെത്താനും കാമ-ആനന്ദം ആവശ്യമായി വരുന്നു. ഭക്ഷണം, സംഗീതം ഉൾപ്പെടെയുള്ള തൊഴിൽ എന്നിവ നൽകുന്ന ആനന്ദത്തെ സ്വീകരിക്കുമ്പോൾ ജീവാത്മാവ് ഭൂമിയെയും ആകാശത്തെയും ആശ്രയിക്കുന്നുണ്ട്. എന്നാൽ, മോക്ഷത്തിൽ വച്ച് സ്വന്തം പകുതിയോടു ചേർന്ന് പരമാനന്ദം അനുഭവിക്കാനും നിർജ്ജീവമെന്ന പോലെ കഴിയാനും വ്യക്തി സ്വാതന്ത്ര്യം ഉണ്ട്. പ്രപഞ്ചത്തിനും ആനന്ദങ്ങൾക്കും അതീതമായ ബ്രഹ്മത്തിന്റെ ആനന്ദത്തെ നിശ്ചയിക്കാൻ കഴിയില്ല എന്നതുമായി മോക്ഷാവസ്ഥയിലെ ജീവാത്മാവിന് സാമ്യം ഉണ്ട്; അതിനാൽ ബ്രഹ്മാനന്ദം ലഭിക്കുന്നതായി കണക്കാക്കാൻ കഴിയും.

ഭൂമിയിൽ വച്ച് ആസ്വദിച്ച കാമം ഉൾപ്പെടെയുള്ള അനന്തമായ ആനന്ദങ്ങളെ മോക്ഷത്തിൽ അനുഭവിക്കാൻ കഴിയും. എന്നാൽ ബ്രഹ്മം പോലെ ജീവാത്മാവ് ഏകം കൂടിയാണ്. ഭൂമിയിൽ വന്ന് മറ്റു ജീവികളോടു ചേർന്ന് വീണ്ടും ജീവി-ജീവിതം ആസ്വദിക്കാനും, അസ്തിത്വം ഉപേക്ഷിക്കാനും, സൃഷ്ടിചക്രങ്ങൾ വിഷയമാവാതെ നക്ഷത്രമായി വീണ്ടും മടങ്ങാനും (ഭൂമി) സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. നക്ഷത്രങ്ങൾ, ഭൂമിയിലെ ജീവികൾ, പുരുഷബീജം എന്നിവയുടെ അനന്തമെന്നോണമുള്ള എണ്ണം, ദൈവ വിപ്ലവത്തിനു മുമ്പും നക്ഷത്രങ്ങളും പശുവും കാളയും ഉണ്ടാകുവാനുള്ള കാരണം, എന്നിവ ജഗത്തിന്റെ സംവിധാനങ്ങളെയും സ്വാതന്ത്ര്യത്തെയും മഹാശ്രേഷ്ഠമെന്ന് എക്കാലവും ശരിവയ്ക്കുന്നുണ്ട്.

പ്രത്യുല്പാദനത്തിന് ആവശ്യമായ ബീജങ്ങളെയോ അണ്ഡങ്ങളെയോ നിർമ്മിക്കുന്നത് ജീവികളുടെ സ്വത്വങ്ങളായ ജീവാത്മാക്കൾ അല്ലെന്നും, അവർ യഥാർത്ഥത്തിൽ അറിയുന്നതു പോലുമില്ല എന്നും പറയുമ്പോൾ, ശരീരം നിശ്ചയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന പുരുഷ ബീജങ്ങളുടെ എണ്ണം സാധാരണ ഒരു മില്ലി ലിറ്റർ ശുക്ലത്തിൽ അനേകം ദശലക്ഷങ്ങളാണ്. ചലനശേഷി നൽകപ്പെട്ടിട്ടുള്ള അവയെല്ലാം പകുതിയും അണ്ഡവുമായ ഇണയെ അന്വേഷിക്കുകയോ മത്സരിക്കുകയോ ആവില്ല. ബീജങ്ങളും അണ്ഡങ്ങളുമായ ജീവാത്മാക്കളെ ശരീരത്തിന്റെ ഭാഗമായി സംരക്ഷിക്കാനും അവയെയും ബന്ധപ്പെടുത്തി കാമ ആനന്ദത്തെ വിളമ്പാനുള്ള മഹാപദ്ധതി ആവും. കൂടുതൽ ശാസ്ത്ര വിശദീകരണങ്ങളെ ഉചിതമായി ഭൂമി (യും മൂലകങ്ങളും സ്വത്വമായ ഓക്സിജനും) വെളിപ്പെടുത്തും! ബീജങ്ങളെ എന്തുകൊണ്ട് സൂക്ഷ്മമാക്കിയിരിക്കുന്നു എന്നു ചോദിച്ചാൽ, സ്ഥൂലമാക്കിയാൽ ജ്ഞാനം കൂടുതൽ ലഭിച്ചിട്ടുള്ള മനുഷ്യാവസ്ഥയിൽ ജീവിതത്തിന്റെ ആനന്ദം കുറയാനും നഷ്ടപ്പെടാനും അത് കാരണമാകും. അതേസമയം ഭൂമി യാതൊന്നും മറച്ചു വെയ്ക്കുന്നുമില്ല. ഉചിതമായ സമയത്ത് സൂക്ഷ്മവും അതിസൂക്ഷ്മവും മഹാസൂക്ഷ്മവുമായ കാര്യങ്ങളെയും വെളിപ്പെടുത്തുന്നുണ്ട്.

അതേസമയം ബീജങ്ങളെയും, അണ്ഡത്തെയും, ബന്ധിപ്പിച്ചു കൊണ്ട് കാമ ആനന്ദം അനുഭവിക്കുന്നത് ശരീരത്തെ മുഴുവൻ ആവരണം ചെയ്തിരിക്കുന്ന ചർമ്മത്തിലൂടെ പ്രകട ജന്മഗുണങ്ങളായ (നിറം സൗന്ദര്യം മുഖച്ഛായ) ഗന്ധം എന്നിവയിലൂടെ വ്യാപരിക്കുന്ന ജീവാത്മാക്കൾ മാത്രമാണ്. **ഭക്ഷണവും പാനീയങ്ങളും മരുന്നുകളും മറ്റുമായ പുതിയ മൂലകങ്ങളായ ദൈവാംശങ്ങളെ, ശരീരത്തിലെ മൂലകങ്ങൾ നൽകുന്ന ശക്തി കൊണ്ട് ജീവാത്മാവ് ശരീരത്തിലേക്ക് പ്രവേശിപ്പിക്കുമ്പോൾ, ഉള്ളിൽ നിന്നും പുറത്തുനിന്നുമുള്ള മൂലകങ്ങളും, (ഭൂമിയുടെ മൊത്തം സ്വത്വമായ) ഓക്സിജനും, ജലവും, ജീവാത്മാവിന് ശക്തിയും ജ്ഞാനവും ആനന്ദവും നൽകുന്ന ഘടകങ്ങളായി പ്രവർത്തിക്കുന്നു.**

## കാമ ആനന്ദ - ഘടകങ്ങളുടെ പ്രവർത്തനം.

**ഭൂമിയുടെ കുഞ്ഞായ ജീവിയായിരിക്കുമ്പോൾ ജീവാത്മാക്കൾ തമ്മിലുള്ള (1) പ്രിയം /ആദരം/ഭക്തി (2) ദാസ്യം (3) വാത്സല്ല്യം (4) പ്രേമം (5) പ്രേമ സാക്ഷാത്കാരം എന്നീ 5 ആനന്ദങ്ങളിൽ, സാക്ഷാത്കാരത്തിലും, മിശ്രിതമായ കാമത്തിലും മാത്രമാണ് തൃപ്തിയും പൂർണ്ണതയും അനുഭവപ്പെടുക; മറ്റ് 4 ആനന്ദങ്ങളിലും പൂർണ്ണതയില്ല. ഏതെങ്കിലും സാഹചര്യത്തിൽ (1) പ്രിയം /ആദരം/ഭക്തി (2) ദാസ്യം (3) വാത്സല്ല്യം (4) പ്രേമം എന്നിങ്ങനെ ജീവാത്മാക്കൾ തമ്മിലുള്ള ആനന്ദം 5 അളവിന് മുകളിലേക്ക് കടന്നാൽ വ്യക്തി (ജീവാത്മാവ്) അറിയാതെ എന്നോണം കാമത്തിലേക്ക് പ്രവേശിക്കുന്നതാണ്. ഒരു തവണ ധർമ്മ ശാസ്ത്ര വിരുദ്ധമായ കാമ-ബന്ധം ഉണ്ടായാൽ ആവർത്തന ആകർഷണം വിഷയമാകും.**

**പെൺമക്കളോടും കുട്ടികളോടും മുതിർന്നവരോടും മറ്റും പുരുഷന്മാർ പുലർത്തുന്ന വാത്സല്ല്യം, ദാസ്യം, പ്രിയം/ആദരം എന്നിവയ്ക്ക് നിയന്ത്രണം സ്വയം പാലിക്കണം. തിരിച്ചും. ജീവാത്മാവിന്റെ സ്വന്തം പകുതിയെന്ന ഭാവത്തിൽ ഇണയോട് മാത്രം കാമത്തെ പരിമിതപ്പെടുത്താനും, ജീവാത്മാവിന് അടിസ്ഥാന പരമായി അന്യരും ഭൂമിയുടെ കുഞ്ഞുങ്ങൾ മാത്രവുമായ മറ്റുള്ള ജീവാത്മാക്കളോട് അപരാധം ചെയ്യാതെ ബന്ധങ്ങളിലെ പവിത്രതയും പരിശുദ്ധിയും ജീവാത്മാക്കൾ സമ്പൂർണ്ണമായ വ്യക്തിസ്വാതന്ത്ര്യം പ്രകാരം സ്വയം ശ്രദ്ധിക്കണം.**

**ഇണ ഒപ്പം ഇല്ലാത്തപ്പോഴും മറ്റും വ്യക്തിയുടെ കാമപരമായ ആവശ്യത്തെ പരിഹരിക്കാനാണ് സ്വയംഭോഗത്തെ ഭൂമിയായ ദൈവം ആവിഷ്ക്കരിച്ചിരിക്കുന്നത്. നിസ്സാരമായി മനസ്സിലാക്കാൻ കഴിയുന്ന വസ്തുതയെ ഉചിതമായി ഉപയോഗിക്കാൻ വ്യക്തി സ്വാതന്ത്ര്യവും ഉണ്ട്.**

**ഇണയോട് (ചേരുമ്പോൾ) മാത്രം ജീവാത്മാവിന് (1) പ്രിയം /ആദരം/ഭക്തി (2) ദാസ്യം (3) വാത്സല്യം എന്നീ മൂന്ന് ആനന്ദങ്ങളും വർദ്ധിക്കുന്നതും, (4) പ്രേമം, (5) പ്രേമ സാക്ഷാത്കാരം എന്നിവയിലേക്ക് കടക്കുന്നതും, അവ 5-ഉം ചേർന്നതായ മൊത്തം 25 അളവിലുള്ള കാമ -ആനന്ദം ഉണ്ടാകുന്നതുമാണ്. ജീവാത്മാവിന് സ്വന്തം പകുതിയോടു മാത്രമുള്ള അവകാശത്തെയും അധികാരത്തെയും ഉറപ്പിക്കുക കൂടിയാണ്. മാത്രമല്ല, കുടുംബ ജീവിതത്തിലെ ആനന്ദത്തെ വളരെയധികം വർദ്ധിപ്പിക്കുന്നതുമാണ്.**

**ജീവാത്മാവ് കാമ-ആനന്ദം നുകരുമ്പോൾ ഭൂമിയായ ദൈവത്തെയും തന്നെത്തന്നെയും മറക്കും വിധമാണ് ഭൂമി മഹാആവിഷ്ക്കരിച്ചിരിക്കുന്നത്. ഭൂമി മഹാചിരിച്ച് കുഞ്ഞുങ്ങളെ ഓം കേൾപ്പിക്കുന്നില്ല.**

**കാമ-ആനന്ദത്തിൽ ഏർപ്പെടുന്ന ജീവാത്മാക്കൾ തിരിച്ചും ദൈവ ഭക്തി ശ്രമവും അരുത്.**

**മോക്ഷമായ നക്ഷത്ര-അവസ്ഥയിൽ അനന്തമായി പരമാനന്ദവും, സർവ്വാതീതമായ ബ്രഹ്മാനന്ദവും അനുഭവിക്കാം; കുഞ്ഞിന്റെ ഇഷ്ടംപോലെ അസ്തിത്വം ഉപേക്ഷിക്കാനും, വീണ്ടും ഭൂമിയിൽ വന്ന് ജീവിക്കാനും ഭൂമിയുടെ മഹാഅനുഗ്രഹവും ഉണ്ട് !**

**മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം മനുഷ്യനു മാത്രം ദൈവം വെളിവാക്കുന്നതും മനുഷ്യന് കൂടുതൽ ആനന്ദം നല്കുന്നതും വ്യക്തമായ ഉദ്ദേശത്തോടെയാണ്. ആനന്ദത്തിന്റെ അനന്തമായ കലവറകൾ മനുഷ്യന് മനസ്സിലാക്കിക്കൊടുക്കുവാനും 'മോക്ഷ'ത്തിൽ എല്ലാ ആനന്ദങ്ങളും അനന്തങ്ങളായി അനുഭവിക്കാനുള്ള സാഹചര്യം ഒരുക്കാനുമാണത്.**

**മഹാശാസ്ത്രകാര്യങ്ങളെ അറിയിക്കണമെങ്കിൽ, മനുഷ്യർക്ക് മറ്റുള്ള ജീവികളുടെ ജീവിത രീതിയിൽ നിന്നും വ്യത്യസ്തമായ കാമവ്യവസ്ഥയോടെ പുതിയൊരു ജീവിതരീതിയിലേക്ക് കൊണ്ടുവരേണ്ടതുണ്ട്. വ്യക്തികളുടെ കൂട്ടമായ കുടുംബവും, ജനസമൂഹവും, നാടുകളും, രാഷ്ട്രങ്ങളും സ്ഥാപിക്കപ്പെട്ടുകൊണ്ട് ഭൂമിയിലൊക്കെയുമുള്ള മനുഷ്യരെ മഹാശാസ്ത്രപരമായി ബന്ധിപ്പിക്കുന്ന ജീവിതപദ്ധതിയാണത്.**

**മഹാപ്രപഞ്ചത്തിൽ ലഭ്യമാക്കിയിട്ടുള്ള അനന്തങ്ങളും വ്യത്യസ്തങ്ങളുമായ ആനന്ദകാര്യങ്ങളും, ആനന്ദ കാര്യങ്ങളെ ബന്ധിപ്പിക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യുന്ന ശാസ്ത്രവികസനവും, മനുഷ്യരും മറ്റുള്ള ജീവികളിലും തമ്മിലുള്ള മുഖ്യവ്യത്യാസങ്ങളും, സൃഷ്ടിയിൽ സ്ത്രീയ്ക്കു മാത്രമുള്ള അധികാരവും, ദൈവം മനുഷ്യനു നല്കുന്ന മോക്ഷവും ബന്ധിപ്പിച്ചുകൊണ്ടുള്ള മഹാശാസ്ത്രപരമായ ജീവിതപദ്ധതിയാണത്.**

**ഏറ്റവും ചുരുക്കി കുറിക്കുന്നു:- മനുഷ്യരുടെ ചുറ്റുമുള്ള പശു, ആട്, പൂച്ച, മുയൽ, പട്ടി, എരുമ, പുലി, സിംഹം തുടങ്ങിയ ജീവികളെല്ലാം മാതാപിതാക്കൾ, മക്കൾ, സഹോദരങ്ങൾ തുടങ്ങിയ രക്തബന്ധങ്ങൾ വിഷയമല്ലാതെ കാമബന്ധങ്ങളിൽ ഏർപ്പെടുമ്പോലെ മനുഷ്യജീവിയും ഏർപ്പെടുകയാണെങ്കിൽ കുടുംബം, സമൂഹം എന്നിങ്ങനെയുള്ള വ്യവസ്ഥിതികൾ സാധ്യമല്ലാതെ വരും.**

**അതിനാൽ മഹാശക്തിയും ഭൂമിയുമായ ദൈവം മനുഷ്യരുടെ ജനന- ജീവിത- മരണങ്ങളിലെ എല്ലാ അവസ്ഥകളും മറ്റുള്ള ജീവികളുടേതിൽ നിന്നും വിഭിന്നമായി മഹാസംവിധാനം ചെയ്തിരിക്കയാണ്.**

**മഹാപ്രപഞ്ചത്തിന്റെ ശാസ്ത്രകാര്യങ്ങളെ ഉൾക്കൊള്ളാനാവുന്ന ബുദ്ധിശക്തികളും ഓർമ്മശക്തികളും മനുഷ്യൻ എന്ന ഒരു ജീവിക്കു നൽകിയതും, മറ്റുള്ള ജീവികൾക്ക് അത് നൽകാതെ മനുഷ്യനു മാത്രമായി പരിമിതപ്പെടുത്തിയതും മനുഷ്യൻ എന്ന ജീവിയല്ല, സ്രഷ്ടാവും ഭൂമിയുമായ ദൈവമാണെന്നതും മറ്റുള്ള ജീവികൾക്കെല്ലാം പ്രസ്തുത  ശാസ്ത്രബുദ്ധികളെ ലഭിച്ചിരുന്നുവെങ്കിൽ പ്രപഞ്ചഗതി മാറ്റപ്പെടുമായിരുന്നല്ലോ എന്നതുംകൂടി ഏതാനും നിമിഷം ചിന്തിച്ചശേഷം തുടരുക.**

മഹാശാസ്ത്രത്തിന്റെ അനന്തമായ ഉപശാഖകളിൽ വികസനം നടക്കണമെങ്കിൽ അഥവാ മനുഷ്യരുടെ അന്വേഷണവും ഗവേഷണവും സാദ്ധ്യമാകണമെങ്കിൽ ആദ്യം സ്ഥാപിതമാവേണ്ടത് മറ്റുള്ള ജീവികളിൽ നിന്നും വ്യത്യസ്തമായ സദാചാര ശാസ്ത്രമാണ്. മറ്റുള്ള ജീവികളുടേതിൽ നിന്നും വ്യത്യസ്തമായ സദാചാര ശാസ്ത്രത്തിലൂടെ മാത്രമേ മനുഷ്യൻ എന്ന ജീവിയെ കുടുംബം, സമൂഹം എന്നിങ്ങനെയുള്ള വ്യവസ്ഥിതികളുടെ ഭാഗമാക്കാനാവൂ.

രണ്ട് ഉദാഹരണങ്ങൾ പറയാം :- 1) ഒരു ആട് 2-3 കുട്ടികളെ പ്രസവിക്കുമ്പോൾ ഏതാനും മിനുട്ടുകൾ കൊണ്ടുതന്നെ ആട്ടിൻകുട്ടികൾ എണീറ്റ് ചാടുകയും ഓടുകയും ചെയ്യുന്നു, ആടിന്റെ പാൽ ഉൾപ്പെടെയുള്ള പരിചരണം ആട്ടിൻകുട്ടികൾക്ക് കുറഞ്ഞ നാളുകളിലേക്ക് മതിയാകുന്നു, ഏതാനും ആഴ്ചകൾകൊണ്ട് ആട്ടിൻകുട്ടികളും പൂച്ചക്കുഞ്ഞുങ്ങളും മറ്റും പ്രായപൂർത്തിയാകുന്നു. അവയുടെ ഇണകളായി സഹോദരങ്ങളും മാതാവും പിതാവുമൊക്കെ പരിണമിക്കുന്നുണ്ട്; എന്നാൽ മനുഷ്യരുടേതു പോലെയുള്ള രക്തബന്ധ രതിനിയന്ത്രണബോധം മറ്റുള്ള ജീവികൾക്ക് വേണമെന്ന് മതനേതൃത്വങ്ങൾ ഉൾപ്പെടെയുള്ള മനുഷ്യർ പറയില്ല, മനുഷ്യർക്ക് നിയന്ത്രിക്കാനാവുന്ന കാര്യങ്ങളുമല്ല അവ. നിയന്ത്രിക്കേണ്ടതായ ആവശ്യവും ഉണ്ടാകുന്നില്ല. അതേസമയം, അവയുടെ സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ഭൂമി അത്തരം കാമബന്ധങ്ങളെ മറ്റുള്ള ജീവികൾക്ക് അനുവദിച്ചിരിക്കുന്നു എന്ന് പ്രകടമായും വെളിപ്പെടുന്നുണ്ട്.

**2) മനുഷ്യക്കുഞ്ഞിനെ പ്രസവിക്കുമ്പോൾ കുഞ്ഞിന് ചരിഞ്ഞുകിടക്കുവാൻ പോലും പരസഹായം ആവശ്യമാക്കിക്കൊണ്ട് പരസ്പര സഹകരണം എന്ന അടിസ്ഥാനഘടകം സൃഷ്ടിക്കപ്പെട്ടിരിക്കുന്നു, കുഞ്ഞ് കുട്ടിയാവാനും കുട്ടി കുമാരനോ കുമാരിയോ ആവാനും യുവാവോ യുവതിയോ ആവാനും വൃദ്ധനോ വൃദ്ധയോ ആവാനും .... നീണ്ട വർഷങ്ങൾതന്നെ ആവശ്യമാക്കിയിരിക്കുന്നു, പ്രായേണ ശാസ്ത്രജ്ഞാനം ഉണ്ടാകുംവിധം ശാരീരിക വളർച്ച ഉൾപ്പെടെയുള്ള കാര്യങ്ങൾ ചിട്ടപ്പെടുത്തിയിരിക്കുന്നു; അങ്ങനെയല്ലാതെ മനുഷ്യക്കുഞ്ഞുങ്ങൾ ഒരുവർഷക്കാലം കൊണ്ട് യുവാവോ യുവതിയോ ഒക്കെയായി വളർന്നിരുന്നെങ്കിൽ മനുഷ്യരുടെ ജീവിതം മറ്റുള്ള ജീവികളുടേതുപോലെ തന്നെ ആകുമായിരുന്നു എന്ന് അല്പം ചിന്തിച്ചാൽ മനസ്സിലാകുന്നതാണ്.**

**മറ്റുള്ള ജീവികളിലെ കാമബന്ധങ്ങളെപ്പറ്റി അനേകർ മുമ്പ് ചിന്തിച്ചിട്ടുണ്ടാവില്ല. ദൈവം അരുതാത്തത് എന്തോ ചെയ്യുന്നുവെന്ന തോന്നൽ ഉണ്ടാകുന്നുവെങ്കിൽ അത് സൃഷ്ടിയെപ്പറ്റിയുള്ള അജ്ഞാനം കൊണ്ടാണ്. സൃഷ്ടിഹേതുവായ ഇത്ര അണ്ഡം താൻ സൃഷ്ടിച്ചുവെന്ന് സ്ത്രീയ്ക്കോ, ഇത്ര ബീജങ്ങൾ സൃഷ്ടിച്ചുവെന്ന് പുരുഷനോ അവകാശപ്പെടാനാവില്ല എന്നതുപോലെ, ഏതുവിധത്തിൽ ജീവിയെ അഥവാ കുഞ്ഞിനെ സൃഷ്ടിക്കുന്നുവെന്ന കാര്യവും കാമബന്ധത്തിൽ ഏർപ്പെടുന്നവർക്ക് അജ്ഞാതമാണ്. എല്ലാ ജീവികൾക്കും കുഞ്ഞുങ്ങളെ ജനിപ്പിക്കുന്നത് ഭൂമിയും മഹാനീതിയുമായ ദൈവത്തിന്റെ മഹാസൃഷ്ടി സംവിധാനമാണ്. ജീവികൾ കാമാനന്ദത്തിൽ ഏർപ്പെടുന്നു; ദൈവം സൃഷ്ടി നടത്തുന്നു.**

ഭ്രൂണത്തിന് ഹേതുവാകുന്ന യാതൊരു കാര്യങ്ങളും തങ്ങളിലെ 'ഞാൻ ബോധം' അഥവാ ജീവാത്മാവ് സൃഷ്ടിച്ചുവെന്ന് സ്ത്രീയ്ക്കും പുരുഷനും അവകാശപ്പെടാനാവില്ല. ഭ്രൂണത്തിന്റെ അവയവങ്ങൾ സൃഷ്ടിക്കപ്പെടുന്നതും വളരുന്നതും ഉൾപ്പെടെയുള്ള കാര്യങ്ങളെ നിശ്ചയിക്കുന്നതും മാതാപിതാക്കളല്ല; മനുഷ്യസ്ത്രീ ഓന്തിനെ പ്രസവിച്ചാലും മുയലിനെയോ മാങ്ങയെയോ പ്രസവിച്ചാലും വായ്പിളർന്ന് നോക്കിനിൽക്കാൻ മാത്രമേ മനുഷ്യർക്കു കഴിയൂ.

**കുഞ്ഞുങ്ങളുടെ ശരീരകാര്യത്തിൽ മാത്രമല്ല, കുഞ്ഞുങ്ങളിലെ സ്വത്വബോധമായും കൂടി കണക്കാക്കപ്പെടുന്ന ആത്മാവിനെ ശരീരത്തിൽ പ്രവേശിപ്പിച്ചിട്ടുള്ളതും മനുഷ്യ-മാതാപിതാക്കളുടെ അറിവുകൾക്കും നിയന്ത്രണങ്ങൾക്കും അതീതമായാണ്. മാതാപിതാക്കളല്ല സൃഷ്ടി നടത്തുന്നത്, ഭൂമിയുടെ അംശവും മൂലകങ്ങളുമായ ശരീരം, ഭൂമിയുടെ സ്വത്വമായ ഓക്സിജന്റെ ഇഷ്ടമെന്ന മഹാനീതിശാസ്ത്ര പ്രകാരമാണെന്നു ചുരുക്കം.**

**മേൽ ഖണ്ഡികയിലെ വിശദീകരണങ്ങളിൽ നിന്ന് കുഞ്ഞുങ്ങളും മാതാപിതാക്കളും, മുത്തച്ഛന്മാരും മുത്തശ്ശിമാരും, അങ്ങനെ സമസ്ത ജീവികളും യഥാർത്ഥത്തിൽ ദൈവത്തിന്റെ കുഞ്ഞുങ്ങളാണെന്നും വ്യക്തമാകുന്നുണ്ട്. ഒരു ജീവിയും മറ്റു ജീവികളുടെ ആരുമല്ല, എല്ലാവരും ദൈവത്തിന്റെ കുഞ്ഞുങ്ങൾ മാത്രം എന്ന മഹാസത്യമാണ് വെളിപ്പെടുന്നത്. മാത്രമല്ല, ഭൂമിയായ മഹാദേവിയും, ~ഭാഗവും മഹാദാസനുമായ പരമശിവനും മനുഷ്യക്കുഞ്ഞുങ്ങളായി ജനിച്ചു വളർന്ന് മനുഷ്യാവതാരം എടുക്കുമ്പോൾ അവരുടെ മാതാപിതാക്കളായി തോന്നുന്ന മനുഷ്യർ യഥാർത്ഥത്തിൽ മഹാദേവിയുടെയോ, മഹാദേവൻ കൂടിയായ പരമശിവന്റെയോ മാതാപിതാക്കൾ ആകുന്നില്ലെന്നും, മനുഷ്യ-ദമ്പതികളുടെ കുഞ്ഞുങ്ങളായി മഹാദേവിയും മഹാദേവനും അവതരിക്കുമ്പോൾ, കുഞ്ഞിന് മാതാപിതാക്കളുടെ മാതാവും പിതാവും സ്രഷ്ടാവും ആകാനാവുമെന്നും തെളിയിക്കപ്പെടുന്നുണ്ട്.**

മനുഷ്യരെ കാമാനന്ദത്തിൽ നിന്നും അകറ്റുകയല്ല; മറിച്ച് ശാസ്ത്രീയമായി ഉയർത്തുകയാണ് യഥാർത്ഥത്തിൽ ചെയ്യുന്നത്; സംഭവിക്കുന്നത്. അല്പം വിശദീകരിക്കാം: മനുഷ്യർ ഉൾപ്പെടെയുള്ള എല്ലാ ജീവികളുടെയും ജീവിതത്തെ തലമുറകളിലൂടെ മുന്നോട്ടു നയിക്കുന്ന പരമാനന്ദമായി ദൈവം മഹാനിശ്ചയിച്ചിട്ടുള്ളത് കാമാനന്ദത്തെയാണ്. പ്രായം, ആരോഗ്യം, തൊഴിൽ തുടങ്ങിയവയിലെ വ്യത്യാസങ്ങൾക്കൊത്ത് മനുഷ്യരുടെ ആനന്ദകാര്യങ്ങൾ വ്യത്യസ്തമായിരിക്കുമ്പോഴും, ഊർജ്ജസ്വലമായ യൗവ്വനകാലത്തിൽ പ്രേമവും കാമവും തന്നെയാണ് പരമാനന്ദം. ഒരു പ്രത്യേക മാനം കൂടി മനുഷ്യരുടെ കാര്യത്തിൽ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട് : മറ്റുള്ള ജീവികളിൽ നിന്നും വളരെ വ്യത്യസ്തമായി, നഖവും തലമുടിയും ഉൾപ്പെടെയുള്ള ബാഹ്യ ശരീരഭാഗങ്ങളിലെല്ലാം കാമാനന്ദം ഉണ്ടാകും വിധം ശരീരവും മനസ്സും ക്രമീകരിക്കപ്പെട്ടിരിക്കുകയാണ്. ആകയാൽ മനുഷ്യജീവികൾക്കു മാത്രം സ്വന്തമായിരിക്കുന്ന ശാസ്ത്ര വികസനത്തിലൂടെ മനുഷ്യരുടെ ആനന്ദകാര്യങ്ങൾ വർദ്ധിക്കുമ്പോഴും കാമാനന്ദം പിന്നിലാവുന്നില്ല. മാത്രമല്ല കാമാനന്ദം വർദ്ധിതമായി ലഭിക്കാനുള്ള ശാസ്ത്ര സൗകര്യങ്ങളും ലഭ്യമാകുന്നു. അതുപോലെ, ശാസ്ത്രവികസനത്തിലൂടെ ആനന്ദകാര്യങ്ങൾ വർദ്ധിക്കുമ്പോഴും മനുഷ്യർ ഉൾപ്പെടെയുള്ള ജീവി-വർഗ്ഗത്തിന്റെ അടിസ്ഥാന ആനന്ദം ജീവികൾ തമ്മിലുള്ള വാത്സല്യം, ദാസ്യം, സ്നേഹം, പ്രേമം, കാമം, തുടങ്ങിയവയിലാണ്. കാരണം ജീവികളുടെ 'നിർമ്മാണം അവയെ അടിസ്ഥാനപ്പെടുത്തിയാണ്. ഓരോരോ ജീവി-വർഗ്ഗത്തെയും ഓരോ ജീവാത്മാവിനെയും സ്ത്രീയും പുരുഷനും എന്ന രണ്ടുജാതികളാക്കുകയും ശാസ്ത്രപരമായി കൂട്ടിയിണക്കുകയും ചെയ്തിരിക്കുകയാണ്.

ജീവികളുടെ ആനന്ദമാണ് പ്രധാനമെന്നും എല്ലാ ജീവികളുടെയും യഥാർത്ഥ മാതാവും-പിതാവും ദൈവമാണെന്നും, ജീവിബന്ധങ്ങൾക്ക് കാമകാര്യങ്ങളിൽ സ്ഥാനമില്ലെന്നും വ്യക്തമാക്കപ്പെടുന്നുവെങ്കിലും,

മറ്റുള്ള ജീവികളിലെ കാമാവസ്ഥ മനുഷ്യരുടെ കാര്യത്തിൽ സ്രഷ്ടാവ് വ്യത്യാസപ്പെടുത്തിയിട്ടുണ്ട്.

മനുഷ്യരോടുള്ള പ്രത്യേക സ്നേഹവാത്സല്യങ്ങളെയും ശാസ്ത്ര വികസനത്തെയും മോക്ഷത്തെയും മുൻനിർത്തി മനുഷ്യർക്കായി പുതിയൊരു കാമവ്യവസ്ഥ ദൈവം മഹാആവിഷ്ക്കരിച്ചിരിക്കുകയാണ്.

ഭ്രൂണത്തെ പോഷണം നല്കി കുഞ്ഞാക്കുവാനും, മഹാശാസ്ത്ര പ്രകാരമുള്ള അവയവ വളർച്ച പൂർത്തിയാക്കി ക്കൊണ്ട് കുഞ്ഞാകും വരെ തന്റെ ശരീരത്തിൽ വഹിക്കുവാനും പ്രസവിക്കുവാനും, പാലൂട്ടാനും, കരുതി വളർത്താനുമൊക്കെ ചുമതലപ്പെടുത്തിയിട്ടുള്ള അമ്മയെ /സ്ത്രീയെ ഭൂമിയായ ദൈവം പ്രത്യേക അധികാരം നൽകി ഉയർത്തുന്നുമുണ്ട്. സ്ത്രീയുടെ ദാസനായി പുരുഷനെ ശാസ്ത്രപരമായി പരിമിതിപ്പെടുത്തുന്ന കാര്യങ്ങൾ അറിയുമ്പോൾ പുരുഷന്റെ എല്ലാ അഹംഭാവങ്ങളും അഹങ്കാരങ്ങളും അനീതികളും അസ്തമിക്കുന്നതാണ്, കുടുംബം ആനന്ദകരമാവുന്നതാണ്. ..

## മനുഷ്യർക്കായി ദൈവം മഹാആവിഷ്ക്കരിച്ചിട്ടുള്ള പ്രത്യേകമായ കാമവ്യവസ്ഥ : മുഖ്യമായും 4 കാര്യങ്ങളിൽ അധിഷ്ഠിതമാണ് :

**1) ഏറ്റവും പ്രധാനവും ആദ്യത്തേതും കാമലീലകൾ സ്വകാര്യമാവണം, പരസ്യമാവരുത് എന്നതാണ്.**

**കാമലീലകളിൽ സ്ത്രീയും പുരുഷനും ഏർപ്പെടുന്നത് മറ്റുള്ളവരെ കാണിച്ചാവരുത് എന്ന് ശാസ്ത്രം വിധിക്കുന്നു. സ്വകാര്യത പാടില്ലെന്നു കരുതുന്നവർ തങ്ങളുടെ കുട്ടികളും സഹോദരങ്ങളും മാതാപിതാക്കളും അയൽവാസികളും സമൂഹത്തിലെ ഏതൊരാളും കാൺകെ എവിടെവച്ചും തങ്ങൾക്കും അവർക്കും കാമകാര്യങ്ങൾ ആവാം എന്ന് സമ്മതിക്കേണ്ടി വരും. മാത്രമല്ല, സ്ത്രീപുരുഷന്മാർക്ക് യാതൊരു ബന്ധങ്ങളും വിഷയമല്ലാതെ എവിടെവച്ചും പരസ്യമായും കൂട്ടമായും കാമലീലകൾ ആവാമെന്നത് സമൂഹത്തിൽ വസ്ത്രത്തിന്റെ ആവശ്യം ഇല്ലാതാക്കുന്നതാണ്; അനേകം ഇണകളെ ആഗ്രഹിക്കുന്ന കാമവൈവിധ്യം സാർവ്വത്രികമാകുന്നതും സമൂഹം മൊത്തത്തിൽ കലഹങ്ങളിലും നാശത്തിലും പതിക്കുന്നതുമാണ്.**

ദമ്പതികളുടെ സ്വകാര്യമായിരിക്കേണ്ടതായ കാമകാര്യങ്ങളെ പരസ്യമാക്കുന്ന വിഷച്ചെടികൾ ഭൂമിയിലെങ്ങും വളർന്നുകൊണ്ടിരിക്കുന്നുണ്ട്. ബ്ലൂഫിലിമുകൾ, സെക്സ് ഡാൻസുകൾ, അവിശുദ്ധ ചുംബനങ്ങൾ, മറ്റ് സെക്സ് കോപ്രായങ്ങൾ, വസ്ത്രമുറയില്ലായ്മ, തുടങ്ങിയവ ഉദാഹരണങ്ങളാണ്. സിനിമ, ടെലിവിഷൻ, ഇന്റർനെറ്റ്, മൊബൈൽ ഫോൺ തുടങ്ങിയവയെ വഴിപിഴപ്പിച്ച് കാട്ടിക്കൂട്ടുന്ന പരസ്യമായ കാമലീലകളിലൂടെയും മേല്പടി വിഷച്ചെടികളാണ് വളർന്നു കൊണ്ടിരിക്കുന്നത്. സ്വകാര്യമായിരിക്കേണ്ടതിനെ പരസ്യമാക്കുന്നതിലൂടെ സമൂഹത്തിന്റെ ധാർമ്മിക അധഃപതനവും നാശവും വർദ്ധിച്ചിരിക്കുകയാണ്.

**2) സ്വകാര്യതയെ ശ്രേഷ്ഠപ്പെടുത്തിക്കൊണ്ട് ഒരു ഇണയെ മാത്രം കാമപരമായി സമീപിക്കുവാനും മറ്റുള്ളവരെ കാമവിഷയത്തിൽ അന്യരുടെ മാത്രം സ്വത്തായി മനസ്സിലാക്കാൻ ഉതകുന്ന ഏക പതി അഥവാ ഏക ഭർത്തൃബന്ധം എന്നത് മനുഷ്യനു നിർബ്ബന്ധമാണ്; അസാധാരണ സാഹചര്യങ്ങളിൽ അല്ലാതെ ഒന്നിലധികം ബന്ധം പാടില്ല.**

**3) മാനുഷിക ബന്ധങ്ങളെ ശ്രേഷ്ഠപ്പെടുത്തിക്കൊണ്ട് മാതാപിതാക്കൾ, മാതാപിതാക്കളുടെ സ്ഥാനത്തുള്ളവർ, സഹോദരങ്ങൾ, സഹോദരങ്ങളുടെ സ്ഥാനത്തുള്ളവർ, മക്കൾ, മക്കളുടെ സ്ഥാനത്തുള്ളവർ എന്നിവരുമായി കാമബന്ധങ്ങളും വിവാഹബന്ധങ്ങളും പാടില്ലായെന്ന് ശാസ്ത്രം വിധിക്കുമ്പോൾ കുടുംബങ്ങൾ തമ്മിൽ വിവാഹബന്ധങ്ങളിലൂടെ സഹകരിച്ചും സന്തോഷിച്ചും ജീവിക്കാനുള്ള പദ്ധതിക്ക് സമൂഹത്തിൽ അടിത്തറയുണ്ടാകുന്നു.**

**ശാസ്ത്രം വിധിക്കുമ്പോൾ എന്ന് പ്രസ്താവിച്ചതിനെ ശാസ്ത്രപരമായി വിശദീകരിക്കേണ്ടത് ശാസ്ത്ര പരമായ ആവശ്യമാണ്.**

**ഭൗതിക ശാസ്ത്രം, ധർമ്മ ശാസ്ത്രം, ആത്മീയ ശാസ്ത്രം ഓംകാര നീതി ശാസ്ത്രം / മഹാനീതി ശാസ്ത്രം) എന്നിവയിൽ രണ്ടാമത്തേതായ ധർമ്മശാസ്ത്രമാണ് മുഖ്യമായും വിധിക്കുന്നത്.**

**മുകളിൽ വ്യക്തമാക്കിയ (2)-ഉം (3)-ഉം കാര്യങ്ങളെ കൂടുതൽ വിശകലനം ചെയ്യുകയാണ് :- //**

# സഹോദര ബന്ധത്തിന്റെ അതിവിശാലവും അതിവിശിഷ്ടവുമായ മഹാഉന്നതിയെ വിശദീകരിക്കുന്നു :-

**സമസ്ത ജീവികളും യഥാർത്ഥത്തിൽ ഭൂമിയായ ദൈവത്തിന്റെ കുഞ്ഞുങ്ങളാണ്; അതോടൊപ്പം ഒരു ജീവിയും മറ്റു ജീവികളുടെ ആരുമല്ല; വിഷയത്തിലെ മഹാസത്യം എന്തെന്നാൽ എല്ലാവരും ദൈവത്തിന്റെ കുഞ്ഞുങ്ങൾ മാത്രമാണ്. സഹോദര ബന്ധത്തിന്റെ മഹാവിശിഷ്ടത ഇവിടെ വിഷയമാകുന്നു.**

**ഏകപത്നി, ഏകഭർത്താവ്, മാനുഷിക ബന്ധങ്ങളിലെ കാമനിയന്ത്രണം എന്നിവ യഥാർത്ഥത്തിൽ സഹോദര ബന്ധം ഒഴികെയുള്ള മാനുഷിക ബന്ധങ്ങളിൽ മാത്രമാണ് പ്രസക്തമാകുന്നത് എന്നു കാണാം.**

**(1) സമസ്ത ജനങ്ങളും ദൈവത്തിന്റെ കുഞ്ഞുങ്ങളാണ്;**

**(2) മണ്ണും ഭൂമിയുമായ ദൈവത്തിന്റെ കുഞ്ഞുങ്ങളാണ്;**

**(3) ഇന്ത്യ, ചൈന, പാകിസ്ഥാൻ, റഷ്യ, എന്നിങ്ങനെ ഓരോ ദേശത്തിന്റെയും കുഞ്ഞുങ്ങളാണ്;**

**(4) ... ഇന്ത്യക്കാരെല്ലാം സഹോദരീ-സഹോദരന്മാരാണ്... എന്നിങ്ങനെ മനുഷ്യർ തന്നെ പാടിയും പ്രസംഗിച്ചും മിടുക്കരാവുന്നുണ്ട്.**

**വാചകങ്ങളിൽ സത്യസന്ധത പുലർത്തുന്നില്ല എങ്കിൽ  ജനങ്ങൾ .. ഒരു പക്ഷെ ഭൂമിയിലെ സർവ്വ ജനങ്ങളും കള്ളക്കൂട്ടങ്ങളായി മാറുന്നതാണ്.**

**ഉദാഹരണത്തിന് ഇന്ത്യക്കാരെല്ലാം സഹോദരീ-സഹോദരന്മാരാണ് എന്ന് പ്രസംഗിക്കുന്നവർ വിവാഹം കഴിക്കുന്നത് സഹോദരീ-സഹോദരന്മാരെയാണ് എന്നാണ് അർത്ഥം.**

**ഭൂമിയിലെ സർവ്വ ജനങ്ങളും (ഭൂമിയായ) ദൈവത്തിന്റെ കുഞ്ഞുങ്ങളാണ് എന്ന മഹാസത്യം മനസ്സിലാക്കുമ്പോൾ, വിവാഹ ബന്ധവും കാമബന്ധവും സഹോദരീ-സഹോദരന്മാർ തമ്മിലാണെന്ന് സുവ്യക്തമാണ്. കൂടുതൽ ശ്രദ്ധിക്കേണ്ടത് സഹോദരീ-സഹോദരന്മാർ വിവാഹം കഴിച്ചിട്ടു മാത്രം കാമബന്ധത്തിൽ ഏർപ്പെടണം എന്നതാണ്; അല്ലെങ്കിൽ മുമ്പ് വ്യക്തമാക്കിയ ഏകപത്നി, ഏകഭർത്താവ്, സമൂഹത്തിൽ ആവശ്യമായ കാമാനന്ദ-സദാചാരം എന്നിവ പിഴയ്ക്കുന്നതാണ്.**

**സഹോദരീ-സഹോദരന്മാർക്ക് വിവാഹം കഴിക്കാമെന്നാണോ; കഴിക്കണമെന്നാണോ തുടങ്ങിയ ചോദ്യങ്ങൾ ഉണ്ടാകുന്നതാണ്.**

ഭൂമിയിൽ ജനങ്ങൾ വർദ്ധിക്കുകയും ഒത്തൊരുമിച്ച് പ്രവർത്തിക്കുന്നത് സമൂഹത്തിലെ കൂട്ടായ്മക്കും, കൂട്ടായ പ്രവർത്തനത്തിനും, സമൂഹത്തിലെ ജനങ്ങളുടെ വളർച്ചയ്ക്കും, സമസ്ത ജീവിത മേഖലകളിലെ വികസനത്തിനും, തദ്വാരാ ആനന്ദ വർദ്ധനവിനും ആവശ്യമാണെന്നതിനെ കുടുംബത്തിലെ സഹോദരീ-സഹോദരന്മാർ വിവാഹം കഴിച്ചു തുടങ്ങിയാൽ പ്രതികൂലമായി ബാധിക്കുന്നതാണ്. അതായത് ധർമ്മശാസ്ത്ര ശാഖയായ സദാചാര ശാസ്ത്രത്തിന് വിരുദ്ധമല്ലെങ്കിലും ഭൗതിക ശാസ്ത്ര വികസനത്തിന് തടസ്സമാകുന്നതാണ്.

ഭൗതിക ശാസ്ത്രം ഉൾപ്പെടെ ഏതൊരു ശാസ്ത്ര വികസനത്തിനും, പരിപാലനത്തിനും തടസ്സമുണ്ടാക്കുന്ന കാര്യങ്ങളെ തടയാൻ വസ്തുക്കളിൽ മഹാലയിച്ചിട്ടുള്ള ന്യൂനശക്തികൾ പ്രവർത്തിക്കുന്നതാണ്. ഉദാഹരണത്തിന് സഹോദരീ-സഹോദരന്മാർ തമ്മിലുള്ള വിവാഹം അസാധാരണമായ സാഹചര്യത്തിൽ അല്ലാതെ വ്യാപകമായാൽ, സമൂഹത്തിൽ (പുതിയ) ആരോഗ്യ-രോഗ പ്രശ്നങ്ങൾ ഉണ്ടാകുന്നതും, കാരണം തേടിപ്പോകുമ്പോൾ, സഹോദര വിവാഹവുമായി ബന്ധപ്പെട്ട ഒരു വൈദ്യശാസ്ത്ര കാരണം വെളിപ്പെട്ടെന്നും വരാം. കാരണം തേടി പോയില്ലെങ്കിൽ, യുക്തിയും ചരിത്രവും വിശ്വാസവും വിഷയത്തെ മാന്തിയെടുത്തെന്നു വരാം.

വസ്തുക്കളുടെയെല്ലാം ആറ്റങ്ങളിൽ മഹാഗൂഢമായി ഓം എന്ന് അപ്പോഴും എപ്പോഴും മഹാചിരിക്കുന്നത് ജനങ്ങൾ കേൾക്കുന്നുമില്ല; കാണുന്നുമില്ല !

**കുടുംബത്തിനു വെളിയിൽ സമൂഹത്തിലെ വ്യക്തികൾ തമ്മിലുള്ള സ്നേഹബന്ധങ്ങളെ കൂട്ടിച്ചേർക്കാനും വർദ്ധിപ്പിക്കാനും, അതായത് ജനപ്പെരുപ്പം ഉൾപ്പെടെ സമൂഹം വളരുമ്പോൾ, വ്യത്യസ്ത കുടുംബങ്ങളിലെ ആൺകുട്ടിയും പെൺകുട്ടിയും വിവാഹം കഴിക്കുകയാണ് മാർഗ്ഗമെന്ന് മണ്ണിൽ ജീവിക്കുന്ന മണ്ണും ഭൂമിയുമായ ദൈവത്തിന്റെ കുഞ്ഞുങ്ങളെ മണ്ണിൽ മഹാലയി(പ്പി)ച്ചിട്ടുള്ള ധർമ്മശാസ്ത്രം അറിയിക്കുന്നതായി മനസ്സിലാക്കണം. മാത്രമല്ല; അസാധാരണമായ സാഹചര്യത്തിൽ സഹോദരീ-സഹോദരന്മാർ വിവാഹം കഴിക്കേണ്ടതായ ആവശ്യം ഉണ്ടാവുകയാണെങ്കിൽ അതും ശരിയാണ്; തെറ്റല്ല എന്നറിയണം. ഒരു ദൈവത്തിന്റെ കഞ്ഞുങ്ങളായ സഹോദരീ-സഹോദരന്മാർ കുടുംബത്തിനു വെളിയിൽ നിന്ന് വിവാഹം കഴിച്ചിരുന്നത് കുടുംബത്തിന് അകത്തായി എന്നേയുള്ളൂ. ആട്, പൂച്ച, മുയൽ എന്നിങ്ങനെ മറ്റുള്ള ജീവികൾക്ക് വിവാഹ ബന്ധം ഇല്ലെങ്കിലും അവയിലെ സഹോദരീ-സഹോദരന്മാർ കാമബന്ധത്തിൽ ഏർപ്പെടുന്നത് ശരിവെക്കപ്പെടുന്നതായും കാണാം.**

**ജനപ്പെരുപ്പം വർദ്ധിച്ച ആധുനിക സമൂഹത്തിൽ മനുഷ്യരിലെ സഹോദരീ-സഹോദരന്മാർ വിവാഹം കഴിക്കേണ്ടി വരുന്നത് മുമ്പ് വ്യക്തമാക്കിയതു പോലെ അസാധാരണമായ സാഹചര്യത്തിൽ മാത്രമാണ്.**

ദൈവ വിപ്ലവത്തിന്റെ തുടർച്ചയായി സംഹാരം ആരംഭിച്ചു പുരോഗമിക്കുമ്പോൾ മോക്ഷം നേടുന്നതിന് അനുസരിച്ച് ജനസംഖ്യ കുറയുന്നതാണ്. ഒരു ദൈവത്തിന്റെ കുഞ്ഞുങ്ങളായ സഹോദരീ-സഹോദരന്മാർ സമൂഹത്തിൽ ഇന്ന് വിവാഹം കഴിക്കുന്നത് അന്ന് കുടുംബത്തിലേക്ക് അല്പസ്വല്പമായി വ്യവസ്ഥിതിയുടെ ഭാഗമാകുന്നതാണ്.

**സൃഷ്ടി ചക്രത്തിന്റെ ആരംഭത്തിൽ ഒരു പുരുഷൻ, ഒരു സ്ത്രീ എന്നിങ്ങനെ സൃഷ്ടിച്ചപ്പോൾ, ആണും പെണ്ണുമായി ജനിച്ച കുട്ടികൾ സഹോദരനും സഹോദരിയും ആയിരുന്നു; അവർ വിവാഹബന്ധത്തിൽ ഏർപ്പെട്ടാണ് സമൂഹത്തിൽ ക്രമേണ ആയിരക്കണക്കിന് വർഷങ്ങൾ കൊണ്ട് ഇന്ന് ഏറെക്കുറെ 800 കോടി ജനങ്ങളായിട്ട് ഓംകാരനീതിശാസ്ത്ര പ്രകാരം പെരുകിയിട്ടുള്ളത് എന്ന് ലളിതമായി മനസ്സിലാക്കാൻ കഴിയും.**

**ഉന്നതമായ ധർമ്മശാസ്ത്ര വ്യാഖ്യാനങ്ങളെ ദുരുപയോഗം ചെയ്തും അല്ലാതെയും പവിത്രമായ കാമാനന്ദത്തെ പലപ്പോഴും പീഢനങ്ങളായി പരിണമിപ്പിക്കുന്ന മദ്യപാനികളെയും മറ്റും എന്തു ചെയ്യണം എന്ന ചോദ്യമുണ്ട്. ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാനായി നിയമിക്കപ്പെട്ട ജനസേവകർ ധർമ്മം തെറ്റിച്ച് മദ്യനിർമ്മാണം, മദ്യക്കച്ചവടം, മദ്യപാനം എന്നിവയിൽ ഏർപ്പെട്ട് തെമ്മാടികൾ = എമ്പോക്കികൾ ആയി പരിണമിക്കയാൽ, മൂലകാരണം അവരാകയാൽ, എമ്പോക്കികളെ ശിക്ഷിച്ചു തിരുത്തുകയാണ് ആദ്യം വേണ്ടത്.**

**അമ്മായിയമ്മപ്പോര്, നാത്തൂൻ പോര്, സ്ത്രീധനപ്പോരും അരുംകൊലകളും, വിവാഹധൂർത്ത്, സ്വർണ്ണ ഭ്രാന്ത്, തുടങ്ങിയ അനവധി പൈശാചിക സംവിധാനങ്ങൾ അവസാനിക്കുവാനും കുടുംബത്തിൽ സ്നേഹവായ്പുകൾ വർദ്ധിക്കാനും ഒരു മാതാവിന്റെയും ഒരു പിതാവിന്റെയും മക്കളും, സഹോദരീ-സഹോദരന്മാരായ സ്ത്രീയും പുരുഷനും തമ്മിലുള്ള വിവാഹം കൊണ്ട് സാധിക്കും എന്ന വാദം അനേകർക്ക് തീർച്ചയായും ഉണ്ടാകും. എന്നാൽ ഹൃദയ വിശാലത കൊണ്ടും ദൈവത്തിന്റെ മഹാഅനുഗ്രഹം കൊണ്ടും പരിഹരിക്കാവുന്നതും താരതമ്യേന നിസ്സാരങ്ങളുമായ കാര്യങ്ങൾ മാത്രമാണവ.**

**അതേസമയം ഒരു ദൈവത്തിന്റെ കുഞ്ഞുങ്ങളായ സഹോദരീ-സഹോദരന്മാർ ഒരു കുടുംബത്തിൽ, ഒരു മാതാവിന്റെയും ഒരു പിതാവിന്റെയും മക്കളായി ജനിച്ചു വളരുമ്പോൾ, പരസ്പരം അറിയുന്നതും, മാതാപിതാക്കളെ പോലും അറിയുന്നതും, മനസ്സിലാക്കുന്നതും, ജനിച്ച് അനവധി വർഷങ്ങൾക്കു ശേഷമാണ്. ജീവാത്മാവിന് ലഭ്യമായ ശരീരത്തിന്റെയും സ്ത്രീ പുരുഷ ലിംഗവ്യത്യാസം, മുഖഛായ, സൗന്ദര്യം, നിറം, ഉയരം, ആരോഗ്യം തുടങ്ങിയ ജന്മഗുണങ്ങളുടെയും കാര്യത്തിൽ അടിസ്ഥാന പരമായി ജീവാത്മാവിനും മാതാപിതാക്കൾക്കും, സഹോദരങ്ങൾക്കും, ബന്ധുക്കൾക്കും എന്നിങ്ങനെ യാതൊരാൾക്കും യാതൊരു സ്ഥാനവുമില്ല എന്ന് അറിയണം. ലഘുവായ സ്ഥാനങ്ങളെ നൽകി മാതാപിതാക്കളെയും മറ്റും മഹാപിതാവും മഹാമാതാവും മണ്ണും ഭൂമിയുമായ ദൈവം ആനന്ദിപ്പിക്കുകയാണു ചെയ്യുന്നതെന്നും മിന്നായം പോലെയെങ്കിലും അറിയണം. ഭൂമിയുടെ കുഞ്ഞുങ്ങൾ മാത്രമായ മനുഷ്യർ ബന്ധങ്ങൾക്കും, ബന്ധങ്ങളിലെ വ്യക്തികളുടെ പെരുമാറ്റ വ്യവസ്ഥിതികൾക്കും മണ്ണും ഭൂമിയുമായ ദൈവം നൽകാത്ത നിർവ്വചനങ്ങളും നിയമങ്ങളും മനുഷ്യർ തട്ടിക്കൂട്ടുന്നത് അപകടമുണ്ടാക്കുമെന്നും സമൂഹത്തിലെ സമാധാനവും സന്തോഷവും കെടുത്തുമെന്നും അറിയണം. അത്തരം കാര്യങ്ങളെ അറിയുന്ന ഭരണാധികാരികൾക്ക് തങ്ങൾ എല്ലാ അർത്ഥത്തിലും ജനങ്ങളുടെ ദാസന്മാർ മാത്രമാണെന്ന തിരിച്ചറിവ് ഉണ്ടാകുന്നതാണ്; മദ്യപാനത്തിനായുള്ള മദ്യനിർമ്മാണവും മദ്യവ്യാപാരവും മദ്യപാനവും അവസാനിപ്പിക്കുന്നതാണ്; രാജ്യത്തിലെ എല്ലാ നികുതികളും അവസാനിപ്പിക്കുന്നതും, നാളതുവരെ നികുതികൾ പിരിച്ചതിന് മാപ്പ് പറയുന്നതും, കഴിയുമെങ്കിൽ പിരിച്ചെടുത്ത പണം തിരിച്ചു നൽകുന്നതുമാണ്; മണ്ണിൽ മഹാലയിച്ചിട്ടുള്ള ധർമ്മ ശാസ്ത്രത്തെ നാട്ടിലെ ഭരണഘടനയായി പുനഃസ്ഥാപിക്കുന്നതാണ്; ധർമ്മശാസ്ത്ര പ്രകാരം മാത്രം ജനങ്ങളെ സേവിക്കുന്നതാണ്.**

**ഏകദൈവമായ മഹാശക്തിചക്രം+ശിവ ചക്രം തമ്മിലുള്ള മഹാപ്രപഞ്ചത്തിന് അതീതമായ മഹാ-ദൈവബന്ധത്തെ മാനുഷിക രീതിയിലും മറ്റും കാണരുത്. വ്യാഖ്യാനിക്കാൻ ആഗ്രഹിക്കുന്ന ബുദ്ധിശാലികൾ, ഓം എന്ന ദിവ്യ മഹാവേദ ഗ്രന്ഥത്തിലെ ബ്രഹ്മ പാഠങ്ങളിൽ, മഹാപ്രപഞ്ചം ഉൾപ്പെടെയുള്ള സർവ്വത്തിനും അതീതമായ ബ്രഹ്മമായ ദൈവം നിർവ്വഹിക്കുന്ന സൃഷ്ടി കാര്യങ്ങളെ പഠിച്ചശേഷം മാത്രമേ അരുതാത്തത് ആഗ്രഹിക്കാവൂ.**

**<u>ഏകമായ ബ്രഹ്മമാണ്</u> ശിവ-ശക്തി ചക്രങ്ങളെ സൃഷ്ടിച്ചിട്ടുള്ളത്; മാതാപിതാക്കളല്ല; അതിനാൽ തന്നെ ശിവ-ശക്തി ചക്രങ്ങളും, അവയുടെ മാനുഷിക അവതാരങ്ങളായ ഏകദൈവമായ മഹാദേവിയും, ~ഭാഗവും മഹാദേവനുമായ പരമശിവനും സഹോദരങ്ങളല്ല.**

**മഹാവാത്സല്ല്യവും മഹാമാതാവുമായ മഹാദേവിയെയും, മഹാപിതാവായ മഹാദേവനെയും നിന്ദിച്ച് പാപം വാങ്ങിക്കൂട്ടരുത്.**

**<u>അസാധാരണമോ അത്യപൂർവമോ ആയ സാഹചര്യത്തിൽ, പൊതുവെ അല്ലാതെ ചിലരുടെ മാത്രം കാര്യത്തിൽ,</u> സ്ഥിതി പരമായ വിധി പ്രകാരം, സദാചാര ശാസ്ത്ര നിയമങ്ങളിൽ മാറ്റം ആവശ്യമാകുമ്പോൾ, അതിനെയും ധർമ്മശാസ്ത്ര ഭാഗമായി അറിയണം. മാത്രമല്ല, സഹോദരങ്ങൾ എന്ന് ജനങ്ങൾ വിളിക്കുന്നവർ മാത്രമല്ല സഹോദരങ്ങൾ. കുഞ്ഞും കുട്ടികളും യുവജനങ്ങളും മാതാപിതാക്കളും മുതിർന്നവരും വൃദ്ധരും ഉൾപ്പെടെ ഭൂമിയിലെ സമസ്ത ജനങ്ങളും മഹാപിതാവും മഹാമാതാവും മഹാവാത്സല്യവുമായ ദൈവത്തിന്റെ കുഞ്ഞുങ്ങളാണ് എന്നതിനാൽ അവരെല്ലാം സഹോദരങ്ങൾ കൂടിയാണ് !**

**പ്രപഞ്ചപിതാവായ ശിവചക്രവും, മഹാമാതാവായ മഹാശക്തിചക്രവും സൃഷ്ടിച്ച സമസ്ത ജനങ്ങളെയും കുഞ്ഞുങ്ങളായി കണക്കാക്കുന്നതിനെയും മഹാവാത്സല്ല്യത്തോടെ മഹാദാസനും മഹാദാസിയും കൂടിയായി സേവനങ്ങൾ ചെയ്യുന്നതിനെ അനുകരിച്ച്, തങ്ങളിലൂടെ (ഭൂമി) സൃഷ്ടിച്ചവരെ കുഞ്ഞുങ്ങളായി വളർത്താനും വാത്സല്യം നൽകാനും ഓരോ വ്യക്തിയും ബാദ്ധ്യസ്ഥരാണ്; മറ്റുള്ള ജനങ്ങളുമായി ഇടപെടുമ്പോൾ, അനുക്രമം അനുസരിച്ച് ഉന്നതമായ പെരുമാറ്റ രീതികൾ ഉൾപ്പെട്ട സദാചാര ശാസ്ത്രത്തെ പാലിക്കുവാനും ബാദ്ധ്യസ്ഥരാണ്.**

**സ്വന്തമെന്ന് കരുതുന്ന ശരീരം മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശമാകയാൽ, ജീവികളുടെയെല്ലാം ശരീരത്തിൽ കുഞ്ഞുങ്ങളോടുള്ള വാത്സല്യം ലയിച്ചിട്ടുണ്ട്; അത് ബോദ്ധ്യമാവാൻ മനുഷ്യ മാതാവും പശുവും ആടും കോഴിയും പുലിയും ആനയും പക്ഷികളും ഒക്കെ ആരും പഠിപ്പിക്കാതെ കുഞ്ഞുങ്ങളോടു പ്രകടിപ്പിക്കുന്ന സ്നേഹ-വാത്സല്ല്യങ്ങളെ ശ്രദ്ധിച്ചാൽ മതിയാകും.**

4) സ്ത്രീ, പുരുഷൻ എന്നിങ്ങനെ രണ്ടു ജാതികളിലായി ജീവികളെ സൃഷ്ടിച്ചിട്ടുള്ളത് ദൈവത്തിന്റെ മഹാആവിഷ്ക്കാരമാണെന്നും, മനുഷ്യാവസ്ഥയിൽ പരമാനന്ദം നല്കി മഹാഅനുഗ്രഹിച്ചിരിക്കുകയാണെന്നും, ആത്മീയസാക്ഷാത്ക്കാരത്തിലും കാമാനന്ദം തന്നെയാണ് പരമാനന്ദമെന്നും, ആനന്ദങ്ങളും ശാസ്ത്രങ്ങളും അറിയാനും അനുഭവിക്കാനുമുള്ള മഹാപദ്ധതിയാണ് മനുഷ്യർക്കായുള്ള പ്രത്യേക കാമവ്യവസ്ഥയെന്നും, സ്ത്രീയും പുരുഷനുമെന്നത് മനുഷ്യൻ എന്ന ഒരേ ജീവിയുടെ രണ്ട് ഭാഗങ്ങൾ മാത്രമാണെന്ന് തിരിച്ചറിയണമെന്നും, മഹാശക്തിയും ഭൂമിയുമായ ദൈവത്തെപ്പറ്റി ശാസ്ത്രപരമായി അറിയാനും മഹാവാത്സല്യങ്ങളെ നുകരാനും മനുഷ്യർക്കായുള്ള പ്രത്യേക -കാമവ്യവസ്ഥ പാലിക്കേണ്ടതുണ്ടെന്നും സുവ്യക്തമാവുന്നു. സ്ത്രീയും പുരുഷനുമായി രണ്ടായിട്ട് കഴിയുന്ന ഒരേ ജീവി ആത്മീയ സാക്ഷാത്ക്കാരത്തിൽ വീണ്ടും ഒന്നിക്കുന്നതിനെപ്പറ്റി 'സനാതന ധർമ്മം', 'ഓം' തുടങ്ങിയ ദിവ്യമഹാവേദഗ്രന്ഥങ്ങളിൽ വിശദീകരിച്ചിട്ടുള്ളത് അതീവ തീവ്രമാണെന്നും കാണാം.

മണ്ണിലെ ശാസ്ത്രങ്ങളിലും പദ്ധതികളിലും കുറ്റങ്ങളും കുറവുകളും ഉണ്ടാവില്ല എന്ന് ബോദ്ധ്യപ്പെടുത്തിക്കൊണ്ട് വിഷയം തുടരേണ്ടതുണ്ട്. അതിനായി മനുഷ്യരുടെ ഓരോരോ ശരീര അവയവങ്ങളുടെയും പ്രവർത്തനം അല്പമൊന്നു വിലയിരുത്തിയാൽ മതിയാകും. കണ്ണും കാതും മൂക്കും വായും പല്ലും നെറ്റിയും തലമുടിയും ഒക്കെ എങ്ങനെ നിർമ്മിച്ചിരിക്കുന്നു എന്നതും, ശിരസ്സിൽ ഭംഗിയായും ശാസ്ത്രപ്രകാരവും അവയെല്ലാം ക്രമീകരിക്കപ്പെട്ടിരിക്കുന്നു എന്നതും പ്രവർത്തിക്കുന്നു എന്നതും അല്പമൊന്നു ചിന്തിക്കുക.

**ശരീര അവയവങ്ങളുടെ നിർമ്മിതിയിലും പ്രവർത്തനത്തിലും ക്രമസംവിധാനത്തിലും യാതൊരു താല്പര്യങ്ങളും അധികാരങ്ങളും ചെലുത്താൻ കഴിവില്ലാത്ത ജീവാത്മാക്കളൊണ് ഓരോ വ്യക്തിയും എന്നതോർത്തുകൊണ്ട് തങ്ങളുടേതെന്ന് കരുതുന്ന കണ്ണുകളും കാതുകളും നെഞ്ചിലോ വയറ്റിലോ കാലിലോ പാദത്തിലോ ആണ് മുളച്ചിരുന്നതെങ്കിലുള്ള മനുഷ്യരുടെ അവസ്ഥ ചിന്തിക്കുക. കൈകളിലെ സന്ധികളും വിരലുകളും എത്രയെല്ലാം തന്മയത്വമായി പ്രവർത്തിക്കുന്നു എന്നതും, ഭ്രൂണാവസ്ഥ മുതലുള്ള അവയുടെയെല്ലാം വളർച്ചാ-ഘട്ടങ്ങളിലെ മഹിമയും അല്പമൊന്നു ചിന്തിക്കുക. വിരലുകൾ മടക്കാൻ കഴിയുമായിരുന്നില്ലെങ്കിൽ..... എന്നിങ്ങനെയെല്ലാം ചിന്തിക്കുക. കടുകിനേക്കാൾ വലിപ്പം കുറഞ്ഞ ഭ്രൂണമാണ് മനുഷ്യസ്ത്രീയിലും കോഴിമുട്ടയിലും താറാമുട്ടയിലും ആഞ്ഞിലിക്കുരുവിലും ഒക്കെ ഉള്ളതെന്നും, നിശ്ചിത അളവിലുള്ള ചൂട് സ്വീകരിച്ച് നിശ്ചിത സമയംകൊണ്ട് മനുഷ്യഭ്രൂണം മനുഷ്യക്കുഞ്ഞായും കോഴിമുട്ട കോഴിക്കുഞ്ഞായും താറാവുമുട്ട താറാവു കുഞ്ഞായും വിരിയുമ്പോൾ, അവയുടെ ഓരോരോ ശരീര അവയവങ്ങളും അവയുടെ വളർച്ചാ ഘട്ടങ്ങളും നിറവും ജീവിതക്രമവും ലിംഗവ്യത്യാസങ്ങളും പ്രജനനക്രമവുമെല്ലാം മുമ്പറഞ്ഞ കടുകിനേക്കാൾ ചെറുതായ ഭ്രൂണത്തിൽ, സൃഷ്ടി പരമായ വിധി പ്രകാരം പ്രോഗ്രാം ചെയ്യുകയും സ്ഥിതി പരമായ വിധി പ്രകാരം മാറ്റം അനുവദിക്കുകയും ചെയ്യുന്ന ഭൂമിയുടെ മഹാജ്ഞാനമായ മഹാശാസ്ത്ര-ത്തിൽ പിഴവുണ്ടാകില്ലെന്ന് മനസ്സിലാക്കണം.**

**ഇന്ന് കാണുന്ന ആഞ്ഞിലിക്കുരുവിൽ നാളത്തെ മഹാവൃക്ഷമായ ആഞ്ഞിലിമരവും വേര്, തടി, ഇലകൾ, ശാഖകൾ, അവയുടെയെല്ലാം കാലാകാലങ്ങളിലുള്ള നിറങ്ങളും ഘടനകളും വളർച്ചകളും വംശവർദ്ധനവും തുടങ്ങി മറ്റുള്ള ജീവികൾക്ക് ആഞ്ഞിലിവൃക്ഷം എങ്ങനെയെല്ലാം ഉപകാരപ്പെടുന്നു തുടങ്ങി ഓരോരോ ജീവികളുടെയും ജീവിതക്രമങ്ങൾ പ്രോഗ്രാം ചെയ്തിരിക്കുന്ന മഹാശക്തിയും ഭൂമിയുമായ ദൈവത്തെപ്പറ്റി മനുഷ്യർക്ക് വളരെക്കുറച്ചു മാത്രമേ അറിയുകയുള്ളൂ. അപൂർണ്ണവും അബദ്ധങ്ങൾ ഏറെയുള്ളതുമായ ഇന്നത്തെ (മനുഷ്യർ അറിയുന്ന) ശാസ്ത്രം ആദ്യ ജനുസ്സിനെ തേടുമ്പോൾ ആഞ്ഞിലിക്കുരുവും കോഴിമുട്ടയും ഉൾപ്പെടെ സർവ്വജീവികളുടെയും വസ്തുക്കളുടെയും പ്രോഗ്രാമും പ്രോഗ്രാമറുമായ മഹാശക്തിയായ ദൈവം അവയുടെയെല്ലാം ഓരോ ആറ്റത്തിലും ഭൗതികരൂപത്തോടെയും, മഹാചിരിയായും മഹാശാസ്ത്രമായും ശാസ്ത്രത്തിനതീതമായ മഹാശക്തിയായും കുടികൊള്ളുന്നുണ്ട്; ആയവ ഓം എന്ന പാഠത്തിൽ മഹാശാസ്ത്രപരമായി വിശദീകരിച്ചിട്ടുണ്ട്.**

**ഇനി മറ്റുള്ള ജീവികളുമായി മനുഷ്യശരീരത്തെ അല്പം താരതമ്യം ചെയ്യണം. മനുഷ്യജീവിക്ക് മാത്രമായി ദൈവം നൽകുന്ന മഹാശാസ്ത്രജ്ഞാനം ഒഴികെയുള്ള കാര്യങ്ങളിലും മനുഷ്യശരീരത്തിന്റെ പ്രവർത്തനങ്ങൾ മറ്റുള്ള ജീവികളുടേതിൽ നിന്ന് അത്യത്ഭുതകരമായി വ്യത്യാസപ്പെടുത്തിയിരിക്കുന്നു വെന്നും മനുഷ്യനെ മാത്രം പ്രത്യേകമായി സൃഷ്ടി - സ്ഥിതി - സംഹാര കർത്താവായ ഭൂമി/ ദൈവം ഉയർത്തിയിരിക്കുന്നുവെന്നും കാണാം.** വിസ്തരിക്കുവാൻ പോയാൽ അതിനു മാത്രം ഗ്രന്ഥങ്ങൾ വേണ്ടി വന്നേക്കും. കൈവിരലുകളുടെ പ്രവർത്തനത്തെ മാത്രം അല്പമൊന്നു വിലയിരുത്തിയാൽ അത് ബോദ്ധ്യമാകുന്നതാണ്.

**മനുഷ്യൻ അനായാസമായി കൈവിരലുകൾ കൊണ്ട് ഭക്ഷണത്തെ വായിലേക്ക് പ്രവേശിപ്പിക്കുന്നതിനെയും, കൈക്കുമ്പിളിലും പാത്രത്തിലുമൊക്കെ പകർന്ന് വെള്ളം കുടിക്കുന്നതും മാത്രം മറ്റുള്ള ഏതാനും ജീവികളുമായി താരതമ്യംചെയ്യുമ്പോൾ മനുഷ്യരോടുള്ള ദൈവത്തിന്റെ പ്രത്യേക സ്നേഹവും കരുതലും മനസ്സിലാകുന്നതാണ്. മറ്റുള്ള ജീവികളിൽ നിന്നും വ്യത്യസ്തമായി മനുഷ്യനെ സൃഷ്ടിച്ചിട്ടുള്ളതിന്റെ ഉദ്ദേശം അറിയുവാനും അതനുസരിച്ച് പ്രവർത്തിക്കുവാനും മനുഷ്യന്, അഥവാ വ്യക്തിക്ക് ബാദ്ധ്യതയുണ്ട്.**

**സമൂഹം എന്നത് വ്യക്തികളുടെ കൂട്ടമാണ്. മറ്റുള്ള ജീവികളെയും മനുഷ്യരെയും വ്യത്യാസപ്പെടുത്തുന്ന കാമപരമായ സദാചാര ശാസ്ത്രത്തിൽ നിന്നും വ്യതിചലിച്ച് മറ്റുള്ള ജീവികളുടെ കാമരീതി മനുഷ്യർ പിൻപറ്റുകയാണെങ്കിൽ വ്യക്തികൾക്ക് കുടുംബം, സമൂഹം, രാഷ്ട്രം എന്നിങ്ങനെ ഒന്നിക്കാനും ശാസ്ത്രഗവേഷണവും വികസനവും നടത്താനും കഴിയാതെ വരും. സമൂഹത്തിലെ ഓരോ വ്യക്തിയും ധർമ്മ ശാസ്ത്രപരമായി ജീവിക്കേണ്ടതുണ്ട്. മറ്റുള്ള ജീവികളുടെ കാമരീതി ആഗ്രഹിക്കുന്ന മനുഷ്യർ ദൈവീക സംവിധാനത്തെ പാലിക്കാത്തവരാണ്, ശാസ്ത്രവികസനം നേടിത്തരുന്ന സുഖങ്ങളെ അനുഭവിച്ചുകൊണ്ട് ജീവിക്കുവാൻ അവർക്ക് യോഗ്യതയില്ല; പശ്ചാത്തപിച്ച് തിരുത്തും വരെയും നാട്ടിലെ ജനസേവകർ അഥവാ രാജാവ് അഥവാ ഭരണകൂടം ധർമ്മശാസ്ത്ര പ്രകാരം തിരുത്തലുകളെ അംഗീകരിക്കും വരെയും യാതൊരു ശാസ്ത്രവികസന -സുഖങ്ങളും ഇല്ലാതെ അവർ കാട്ടിൽ ജീവിക്കണം.**

**ഒരു തീപ്പെട്ടിയോ, ഉടുത്തിരിക്കുന്നതല്ലാതെ രണ്ടാമതൊരു വസ്ത്രംപോലുമോ ഇല്ലാതെ കാട്ടിലേക്ക് തുരത്തപ്പെട്ടു ജീവിക്കുകയെന്നത് കടുത്ത ശിക്ഷതന്നെയാണ്.**

**മറ്റുള്ള ജീവികളുടേതിൽ നിന്നും വ്യത്യസ്തമായ സദാചാര ശാസ്ത്രത്തിലൂടെ മനുഷ്യനെ കുടുംബം, സമൂഹം എന്നിങ്ങനെയുള്ള വ്യവസ്ഥിതികളുടെ ഭാഗമാക്കുകയും, അതിലൂടെ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം മനുഷ്യനു മാത്രം വെളിവാക്കിക്കൊടുക്കുകയും, അതിലൂടെ ആനന്ദത്തിന്റെ അനന്തമായ കലവറകൾ മനുഷ്യന് നൽകുകയും, 100 മനുഷ്യജന്മങ്ങളിലൂടെ ആനന്ദങ്ങളെയെല്ലാം അനുഭവിപ്പിക്കുകയും, ആത്മീയ സാക്ഷാത്ക്കാരത്തിൽ എല്ലാ ആനന്ദങ്ങളും അനന്തമായി അനുഭവിക്കാൻ മഹാഅനുഗ്രഹിക്കുകയുമാണ് ഭൂമിയും മഹാശക്തിയും മഹാനീതിയും മഹാമാതാവുമായ മഹാദേവി ചെയ്യുന്നത്.**

**മഹാശക്തിയായ ദൈവത്തിന് തന്റെ കുഞ്ഞുങ്ങളായ എല്ലാ ജീവികളോടുള്ള മഹാവാത്സല്യമാണ് ഫലത്തിൽ വെളിപ്പെടുന്നത്.**

# ആനന്ദ നിന്ദ

## (സദാചാരശാസ്ത്രം: കാമാനന്ദം/ സെക്സ് )

മനുഷ്യജീവി കുടുംബം, ബന്ധം, സമൂഹജീവിതം, ശാസ്ത്രവികസനം, ശാസ്ത്രസൗകര്യ ആസ്വാദനം എന്നിങ്ങനെ നാട്ടുവാസി മാത്രമാകുന്നത് കാമസദാചാരം നിർബ്ബന്ധമാവുമ്പോൾ മാത്രമാണ്. മറ്റുള്ള ജീവികളിൽ നിന്ന് വ്യത്യസ്തമായി സ്ത്രീയും പുരുഷനും കുടുംബ ബന്ധത്തിനുള്ളിൽ ലഭ്യമായ ശാസ്ത്രസൗകര്യങ്ങളോടെ സ്വകാര്യമായിട്ട് ആസ്വദിക്കേണ്ടതായ അത്യുന്നതമായ ആനന്ദമായാണ് സെക്സിനെ ധർമ്മശാസ്ത്രം അഥവാ ദൈവം വിധിച്ചിട്ടുള്ളത്.

ധർമ്മശാസ്ത്ര വിധി പഠിക്കാനോ ഉൾക്കൊള്ളാനോ ശ്രമിക്കാതെ സിനിമ, ടെലിവിഷൻ, മോഡലിംഗ്, റേഡിയോ, പത്രപ്പരസ്യം, പോസ്റ്റർപരസ്യം, ഉല്പന്നപരസ്യം, വാർത്ത, കമ്പ്യൂട്ടർ, ഇന്റർനെറ്റ്, പുസ്തകം, ചിത്രകല, ശില്പകല, മദ്യം, മയക്കുമരുന്ന് തുടങ്ങിയവയിലൂടെയും ധർമ്മശാസ്ത്ര പ്രകാരമല്ലാത്ത മറ്റ് വ്യവസ്ഥിതികളിലൂടെയും ദൈവീകമായ സെക്സിനെ വ്യക്തികൾ ഇന്ന് വഴിപിഴപ്പിച്ചിരിക്കുകയാണ്. സ്വകാര്യമായതിനെ പരസ്യമാക്കി ക്കൊണ്ട് ജന്തുജീവിതത്തെക്കാൾ അധമമാക്കിയിരിക്കുന്നു. വ്യക്തികളെ ഭരിക്കുന്ന അധമ സംവിധാനം മാത്രമായ കോടതി ഉൾപ്പെടെയുള്ള ഭരണകൂടവും രാഷ്ട്രീയപാർട്ടികളും മതവ്യവസ്ഥിതികളും അതുതന്നെചെയ്യുന്നു. തങ്ങളുടെ അമ്മയുടെയും ഭാര്യയുടെയും സഹോദരിയുടെയും മകളുടെയും നഗ്നത കുട്ടികളും മറ്റുള്ളവരും ഉൾപ്പെടെയുള്ള സമൂഹം മേല്പറഞ്ഞ മാധ്യമങ്ങളിലൂടെ ആസ്വദിക്കുന്നതിനെ അംഗീകരിക്കാത്ത പുരുഷന്മാർ പരസ്ത്രീകളുടെ നഗ്നത കാണാൻ ആഗ്രഹിച്ചുപോലും കൂടാ. സ്ത്രീകൾ തിരിച്ചും.

**ഇന്നത്തെ സമൂഹത്തെ ഞെട്ടിക്കുന്നതു പോലെയുള്ള ഒരു ഉദാഹരണം കുറിക്കാം : നൃത്തം അഥവാ ഡാൻസിന്റെ അധിപനായി ദൈവം മഹാനിശ്ചയിച്ചിരിക്കുന്നത് നടരാജനെയാണ്, ശിവനെയാണ്, ശിവപത്നിയെയല്ല; നൃത്തശാലകളിലും മറ്റും നടരാജവിഗ്രഹം കണ്ടിരിക്കുമല്ലോ; സ്ത്രീ തന്റെ ഭർത്താവിന്റെ മുമ്പിലും ഭർത്താവിനോടൊത്തും മാത്രം സ്വകാര്യമായി നൃത്തംചെയ്യുക, ആനന്ദിക്കുക എന്നതിനുപരി കുട്ടികൾ ഉൾപ്പെടെയുള്ള സമൂഹത്തെ കാമപരമായി ദുഷിപ്പിക്കുന്ന ഇന്നത്തെ നൃത്തസമ്പ്രദായങ്ങൾ ധർമ്മശാസ്ത്രം അഥവാ ദൈവമായ ഭൂമി അനുവദിക്കുന്നില്ല. ഇന്ന് സമൂഹത്തിൽ വ്യാപകമായിരിക്കുന്ന സംഗീത - നൃത്ത - ആഭാസങ്ങൾ പ്രദർശനമായിട്ടായാലും മത്സരമായിട്ടായാലും ധർമ്മശാസ്ത്രപരമല്ല. ധർമ്മശാസ്ത്രപരമല്ല എന്നതിന് ദൈവീകമല്ലാ എന്നാണർത്ഥം.**

**വ്യക്തി അഥവാ ഏതാനും വ്യക്തികൾ ചിലവ നേടുമ്പോൾ സമൂഹത്തെ അഥവാ സമൂഹജീവിതത്തെ ധർമ്മശാസ്ത്രപരമായി വളരെയധികം ദുഷിപ്പിക്കുന്നുണ്ട്. വ്യക്തിയുടെ പ്രവർത്തനങ്ങൾ സമൂഹത്തിന് നല്ല സന്ദേശങ്ങളെ നൽകുന്നവ അല്ലെങ്കിൽ, അത്തരം പ്രവർത്തനങ്ങളെ സമൂഹത്തിൽ അഥവാ പൊതുസഭകളിൽ അവതരിപ്പിച്ചുകൂടാ. വ്യക്തിയുടെ സ്വകാര്യ ആനന്ദങ്ങളായി പരിണമിക്കേണ്ടവ പരസ്യമാക്കിക്കൂടാ.**

**നൃത്തം കാണുന്ന കുട്ടികൾ /കുമാരന്മാർ ഉൾപ്പെടെയുള്ള പുരുഷന്മാരുടെ/സ്ത്രീകളുടെ കണ്ണുകൾ നർത്തകിയുടെ/ നർത്തകന്റെ ശരീരഭാഗങ്ങൾ ഉഴിയുമ്പോൾ മിക്കപ്പോഴും കണ്ണുകൾ കൊണ്ടുള്ള ബലാത്സംഗം ആയി നർത്തകിയുടെ / നർത്തകന്റെ നൃത്ത-ശരീര-രൂപം പരിണമിക്കുന്നുണ്ട്.**

**ബഹുഭൂരിപക്ഷം സിനിമാനടികളെയും, അറിയുന്നതും കണ്ടിട്ടുള്ളതുമായ അനേകം സ്ത്രീകളെയും പെൺകുട്ടികളെയും മറ്റും സങ്കല്പിച്ച് രതിക്രീഡ നടത്താത്ത കുമാരന്മാരും യുവാക്കളും വിവാഹിതരായ മുതിർന്നവരും സമൂഹത്തിൽ വളരെ കുറവായിരിക്കും. മതങ്ങളുടെയും രാഷ്ട്രീയ-ഇസങ്ങളുടെയും ഭാഗമായിക്കൊണ്ട് ജീവിക്കുന്നവരിൽ ഭൂരിപക്ഷവും അത്തരം കാമകാര്യങ്ങൾ ചെയ്യുമ്പോൾ, മതവിശ്വാസികളായും രാഷ്ട്രീയക്കാരായും ജീവിക്കുന്നത് എത്ര നീചമായിരിക്കുന്നു ! മേല്പടി ശരീരസങ്കല്പങ്ങളിലൂടെ കാമനിവൃത്തി നേടുന്ന പുരുഷന്മാരെ ഏകപക്ഷീയമായി കുറ്റപ്പെടുത്താനാവില്ല. ശരീരഭാഗങ്ങളെ വളരെയധികം പരിധിവിട്ട് പ്രദർശിപ്പിച്ചുകൊണ്ടും സ്വകാര്യമായ സെക്സിനെ പരസ്യമാക്കി ക്കൊണ്ടുമുള്ള കടുത്ത അധാർമ്മിക പ്രവൃത്തികളും പ്രവർത്തനങ്ങളുമാണ് നടന്നുകൊണ്ടിരിക്കുന്നത്. സെക്സിനെ പവിത്രമായി സംരക്ഷിക്കാത്ത നടികളും മറ്റുമായ യുവതികളും സ്ത്രീകളും അവരുടെ ബന്ധുജനങ്ങളും ഫിലിം വ്യവസായികളും പരസ്യക്കാരും ഭരണാധികാരികളും ജഡ്ജിമാരും ഒക്കെ മേല്പടി അധമ അവസ്ഥയ്ക്ക് കാരണക്കാരാണ്. ഭരണാധികാരികളും ജഡ്ജിമാരും വരെ സ്വകാര്യമായോ രഹസ്യമായോ സാത്വികമല്ലാത്ത കാമജ്വരത്തിൽ പെട്ടിരിക്കുന്നവരാണ്.**

**തങ്ങളുടെ ഭാര്യ/ഭർത്താവ്, സഹോദരൻ/സഹോദരി, അമ്മ/അച്ഛൻ തുടങ്ങിയവർ മറ്റുള്ളവരുടെ കാമസങ്കല്പങ്ങളായി പരിണമിക്കുന്നത് തങ്ങൾ ഇഷ്ടപ്പെടുന്നില്ലെങ്കിൽ അന്യരെ കാമസങ്കല്പങ്ങളിൽ പെടുത്താൻ തങ്ങൾക്ക് യുക്തിപരമായിപ്പോലും അവകാശമില്ല എന്നത് വ്യക്തികൾ മറന്നിരിക്കുന്നു!**

**മുമ്പ് വ്യക്തമാക്കിയതുപോലെ, സമൂഹത്തിന്റെ മൊത്തത്തിലുള്ള ആനന്ദകരമായ ജീവിതത്തിന് വിരുദ്ധമായതിനെ നാട്ടിൽ അനുവദിച്ചുകൂടാ എന്നാണ് സദാചാരശാസ്ത്രം അനുശാസിക്കുന്നത്. സദാചാരശാസ്ത്ര പ്രകാരം ജീവിക്കുന്നവർക്കു മാത്രമേ നാട്ടിൽ താമസിക്കുവാനും ശാസ്ത്രവികസനം നേടിത്തരുന്ന സുഖസൗകര്യങ്ങളെ ആസ്വദിക്കുവാനും അവകാശമുള്ളൂ. ജന്തുക്കൾക്ക് മഹാഅനുവദിച്ചിരിക്കുന്ന വ്യക്തിസ്വാതന്ത്ര്യം ആഗ്രഹിക്കുന്നവർക്ക് കാട്ടിൽ ജീവിക്കാനാണ് ശാസ്ത്രവിധി. ഇന്നത്തെ ഭൂമിയിലെ വലിയൊരു വിഭാഗം ജനങ്ങളെ ഉടുതുണി മാത്രം നൽകി കാട്ടിലയക്കേണ്ടതായ അവസ്ഥയാണുള്ളത്. കാമകാര്യങ്ങളിലെ സദാചാരം അധഃപതിക്കുവാൻ ദുർദ്ദേവതകളായി പരിണമിച്ച ദേവതകളും ഒരു മുഖ്യകാരണമാണ്. ദൈവത്തിന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങളേ, ഉടൻ തിരുത്തുവിൻ.**

**സെക്സ്-പരമായ കാര്യങ്ങളെ കൂടുതലായി വിശകലനം ചെയ്യുമ്പോൾ, സ്ത്രീയുടെയോ പുരുഷന്റെയോ രണ്ടുപേരുടെയുമോ നഗ്നത പ്രദർശിപ്പിക്കാത്ത പരസ്യങ്ങൾ ഇന്ന് വളരെ കുറവായിരിക്കുന്നു. ചിലർ കുട്ടികളെയും പരസ്യത്തിൽ പെടുത്തുന്നുണ്ട്. ഇന്നത്തെ ഡാൻസുകളും മോഡലിങ്ങുകളും പരസ്യങ്ങളും അധമങ്ങളാണ്. അതുപോലെ പ്രശസ്തരായ നടന്മാരും നടികളുമൊക്കെ ഉല്പന്നങ്ങളുടെ പരസ്യങ്ങളുമായി നടക്കുമ്പോൾ അവരും ഉല്പന്ന വ്യവസായികളും കച്ചവടക്കാരും ഭരണാധികാരികളും ഒക്കെ പാപം സമ്പാദിക്കുന്നുണ്ട്. വ്യക്തി തൊഴിൽ ധർമ്മങ്ങളെയും (ശാസ്ത്രത്തെയും) പിൻപറ്റേണ്ടതുണ്ട്. പരസ്യങ്ങൾക്ക് ശാസ്ത്രപരമായ ശോഭ നൽകുമ്പോൾ, ഇന്നത്തെ ഉല്പന്ന പരസ്യങ്ങളിൽ ഏറെക്കുറെ 100 ശതമാനവും അധമങ്ങളും ആവശ്യമില്ലാത്തവയുമാണ്. ആവക വിവരങ്ങൾ ഇവിടെ വിസ്തരിക്കുന്നില്ല. ജീവിക്കുവാൻ ധനവും വേണം എന്നല്ലാതെ ധനത്തിനുവേണ്ടി ജീവിക്കുന്ന അവസ്ഥ ഉണ്ടായിക്കൂടാ.**

**ഉന്നതമായ സെക്സിനെ ഏറ്റവും മോശമായി അധഃപതിപ്പിച്ചു കൊണ്ടിരിക്കുന്നതിന്റെ സാമൂഹിക ഉത്തരവാദിത്തം മുഖ്യമായും ഭരണാധികാരികൾക്കും മത-ജാതി-രാഷ്ട്രീയ-നേതൃത്വങ്ങൾക്കും കോടതികൾക്കുമാണ്. സെക്സ് വിഷയങ്ങളെ ശുദ്ധിപ്പെടുത്തുവാൻ അവർ ഒന്നും ചെയ്തില്ല, കൂടുതൽ വഷളാക്കുവാൻ വളരെയധികം ചെയ്തു; ചെയ്യുന്നുമുണ്ട്. മൊബൈൽ ഫോണുകളിലൂടെയും ഇന്റർനെറ്റിലൂടെയും മറ്റും സ്വകാര്യമായ സെക്സിനെ പരസ്യമാക്കുന്നതും, മോർഫിങ്ങിലൂടെയും അധമ രീതികളിലൂടെയും വ്യക്തികളെ അപമാനിക്കുന്നതും വഞ്ചിക്കുന്നതും സാമ്പത്തിക ചൂഷണങ്ങൾ ചെയ്യുന്നതും സാർവ്വത്രികമായിരിക്കുമ്പോൾ, അവയെ നിയന്ത്രിക്കാൻ ഭരണകൂടത്തിന് കഴിയുന്നില്ലെന്നു മാത്രമല്ല, പൊതുജനങ്ങളെ വിവരസാങ്കേതികവിദ്യയിൽ സംഭവിച്ച അപചയങ്ങളെ അറിയിക്കുന്നതിലും ബോദ്ധ്യപ്പെടുത്തുന്നതിലും പോലും വേണ്ടത്ര ശ്രദ്ധയില്ലാത്തവർ ആയിരിക്കുകയാണ്. ശാസ്ത്രപരമായി ഭരിക്കാൻ കഴിവില്ലാത്തവർ വേറെ പണി നോക്കെടോ, ഞങ്ങളെ ഒന്നു ഭരിച്ചു രക്ഷിക്കണേ എന്നു ജനങ്ങൾ ആവശ്യപ്പെട്ടില്ലല്ലോ ..... എന്നെല്ലാം പറയാൻ ജനങ്ങൾ ആഗ്രഹിച്ചാലും, കുറ്റങ്ങളും കുറവുകളുമില്ലാത്ത ഭരണം ആഗ്രഹിച്ചാലും തൽക്കാലം സാധിക്കില്ല. ബഹുവിധ രാഷ്ട്രീയപ്പാർട്ടികളുടെയും മത-ജാതികളുടെയും മറ്റും നീരാളിപ്പിടുത്തങ്ങളിൽ പെട്ടു കിടക്കുന്ന മനുഷ്യരല്ലാത്ത മത-രാഷ്ട്രീയ ഇരു ജീവികളുടെ നിസ്സഹായ അവസ്ഥ അങ്ങനെയെല്ലാമാണ്.**

**ഭൂരിപക്ഷം ജനങ്ങളും മത-ജാതി-രാഷ്ട്രീയ വ്യവസ്ഥിതികളുടെ ഭാഗമായിരിക്കെ, തെറ്റുകൾ ചെയ്യുന്നത് അവരിൽ പെട്ടവരാണ്, അവരാണ്. ശാസ്ത്രം അറിയാത്തവരുടെയും പഠിക്കാത്തവരുടെയും ധർമ്മശാസ്ത്രപരമായി ഭരിക്കാൻ തയ്യാറാകാത്ത വരുടെയും ലോകം ഉരുത്തിരിഞ്ഞിരിക്കുകയാണ്.**

**സത്യം പറയാനോ, ധർമ്മം പ്രവർത്തിക്കാനോ നീതി നടപ്പാക്കാനോ ഉള്ളതല്ല, മറിച്ച് അവയെല്ലാം വേഷംകെട്ടലുകളായി പുലർത്തിയാൽ മതിയാകും എന്നായിരിക്കുന്നു. കാമകാര്യങ്ങൾ ഉൾപ്പെടെ യാതൊരു കാര്യങ്ങളിലും വേഷംകെട്ടലുകൾ ദൈവത്തോടു വേണ്ട. മനുഷ്യൻ ചിന്തിക്കുന്നതുപോലും ദൈവത്തിന്റെ വാതക രൂപമായ ഓക്സിജൻ അറിയുന്നുണ്ട്. അതേസമയം തെറ്റുകളുടെയും കുറ്റങ്ങളുടെയും കാര്യത്തിൽ വിഷമിച്ചു കൊണ്ടിരിക്കേണ്ടതില്ല. പശ്ചാത്തപിച്ചു കൊണ്ടും ദൈവത്തോടു മാപ്പിരന്നുകൊണ്ടും തിരുത്തലുകൾ നടത്തുക. വ്യക്തികളുടെ അധഃപതനം സമൂഹത്തെ വഴിതെറ്റിക്കുന്നതു മനസ്സിലാക്കി സാത്വികമായ തിരുത്തലുകൾക്ക് തയ്യാറാവുക. പെൺകുട്ടികൾ ശരീര വളർച്ചയെ മാനദണ്ഡമാക്കി സുമാർ 10 വയസ്സുവരെ മാത്രമേ പരസ്യമായി നൃത്തംചെയ്യാൻ പാടുള്ളൂ. വസ്ത്രധാരണത്തിൽ, അടിസ്ഥാനപരമായി പാലിക്കേണ്ടതായ കാര്യം മാത്രം പറയാം. തല ഒഴികെയുള്ള ശരീരഭാഗങ്ങളെ പ്രദർശിപ്പിക്കുന്നതിന് സ്ത്രീകൾക്ക് ധർമ്മ ശാസ്ത്രപരമായി കൂടുതൽ നിയന്ത്രണങ്ങളുണ്ട്. കണ്ഠാഭരണത്തോട് അഥവാ മാലയോടുചേർന്നും ഏറെക്കുറെ കൈമുട്ടുകളോളം നീണ്ടും, വയർ പ്രദർശിപ്പിക്കാത്തതുമായ രണ്ടാംവസ്ത്രവും (ബ്ലൗസ്), ശരീര വളർച്ചയ്ക്കൊത്ത് സാരി പോലെയുള്ള മേൽ വസ്ത്രവും, പൊക്കിൾക്കൊടിയും കാൽവണ്ണയും മറയ്ക്കുന്ന ഒന്നാം വ്സത്രവും സ്ത്രീയ്ക്ക് സദാചാരശാസ്ത്രം നിർബ്ബന്ധമായി നിർദ്ദേശിക്കുന്നു.**

മണ്ണുമായി കൂടുതൽ ബന്ധപ്പെട്ട തൊഴിലുകൾ ചെയ്യുന്ന

പുരുഷന്മാർക്ക് ഷർട്ട് നിർബ്ബന്ധമല്ല, എന്നാൽ കാൽമുട്ടും പൊക്കിൾകൊടിയും മറയുന്ന ഒന്നാംവസ്ത്രം ഏതുതൊഴിൽ ചെയ്യുമ്പോഴും പുരുഷന് നിർബ്ബന്ധമാണ്.

വസ്ത്രത്തെ കുറച്ചും ശരീരത്തെ പ്രദർശന വസ്തുവാക്കിയും ജീവിക്കുന്നവരും, ആഢ്യത്വം അഭിനയിക്കുന്നവരുമായ പെൺകുട്ടികളും സ്ത്രീകളും വർദ്ധിച്ചിരിക്കുന്നു, അവരുടെ ഇടയിൽ നിന്ന് രസിക്കുന്ന പുരുഷന്മാരും നേതാക്കന്മാരും വർദ്ധിച്ചിരിക്കുന്നു. വ്യക്തിയുടെ ഏതു പ്രവൃത്തിയും ധർമ്മശാസ്ത്ര പരമായിരിക്കുവാൻ ശ്രദ്ധിക്കേണ്ടത് വ്യക്തിയുടെ ആവശ്യമാണ്. വ്യക്തി വസ്ത്രമില്ലാതെയോ ഉപേക്ഷിച്ചോ, പരസ്യമായിട്ട് ഭാഗികമായോ മുഴുവനായോ നഗ്നമായിരിക്കുമ്പോൾ, വ്യക്തിയുടെ മനോഭാവത്തിലാണ് ദൈവീകനീതി നടപ്പാവുന്നത്.

വസ്ത്രമുറ പരസ്യമായി തെറ്റിച്ച് നാട്ടിൽ ജീവിക്കാൻ അവകാശമില്ല. വസ്ത്രമുറ പരസ്യമായി തെറ്റിച്ചും, വസ്ത്രം പൂർണ്ണമായി ഉപേക്ഷിച്ചും, (വസ്ത്രമില്ലാതെയും) മറ്റുള്ള ജീവികളെപ്പോലെ ജീവിക്കാൻ കാടുള്ളപ്പോൾ, നാട്ടിൽത്തന്നെ വസ്ത്രമുറ തെറ്റിച്ചു ജീവിക്കണമെന്ന് ആഗ്രഹിക്കുന്നത് തെറ്റുതന്നെയാണ്. ഓക്സിജനെപ്പറ്റിയുള്ള അദ്ധ്യായം പഠിക്കുമ്പോൾ മറ്റുള്ളവരുടെ നഗ്നതയോട് ഓരോരുത്തരും പുലർത്തുന്ന മനോഭാവങ്ങളും പ്രവൃത്തികളുമെല്ലാം ഉൾപ്പെടെ മനുഷ്യരുടെ ചിന്തകളെപ്പോലും ദൈവം ഭൗതിക ശാസ്ത്രപരമായിട്ടു തന്നെ അറിയുന്നുണ്ട് എന്നും അവരുടെമേൽ മഹാനീതി നടപ്പാവുന്നുമുണ്ട് എന്നുമറിയണം.

ഓരോ വ്യക്തിയും സദാചാരങ്ങൾ അഥവാ സദാചാരശാസ്ത്രം പിൻപറ്റേണ്ടതുണ്ട്. സ്ത്രീ പീഢനങ്ങളും സ്ത്രീധനങ്ങളും മദ്യവും അഴിമതികളും ഒക്കെ ഒക്കെ അവസാനിക്കുവാനും ഓരോരോ വ്യക്തികളുടെയും ജീവിതം സംശുദ്ധമാവാനും, അങ്ങനെ സമൂഹം മൊത്തത്തിൽ സംശുദ്ധമാവാനും ധർമ്മശാസ്ത്രങ്ങൾ പ്രകാരം തന്നെ ജീവിക്കേണ്ടതുണ്ട്. സമൂഹത്തിലെ അധമ വൃത്തികളെല്ലാം ഒന്നിനൊന്നോട് ബന്ധപ്പെട്ടിരിക്കുന്നവയാണ്.

**എല്ലാ ശാസ്ത്രങ്ങളും എല്ലാ വസ്തുക്കളും മൂലകങ്ങളും പരസ്പര ബന്ധങ്ങളോടെയാണ് ഭൂമി ഒരുക്കിയിട്ടുള്ളത്. ആകയാൽ സൂത്രപ്പണി കൊണ്ട് പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകുന്നതല്ല.**

സ്വകാര്യവും ദൈവീകവുമായ സെക്സിനെ ഏറ്റവും അധമമായി വഴിപിഴപ്പിക്കുവാൻ രാഷ്ട്രീയ വ്യവസ്ഥിതികൾ കൂട്ടുനിൽക്കുന്നതിനാൽ കുടുംബജീവിതവും സമൂഹജീവിതവും കെട്ടുറപ്പില്ലാതെ ഇന്ന് ആടിയുലയുകയാണ്. മഹാജ്ഞാനം കൂടിയായ മഹാശാസ്ത്ര പ്രകാരം മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി - സ്ഥിതി - സംഹാരങ്ങളെ മഹാനിർവ്വഹിക്കുന്ന ഭൂമിയായ ദൈവത്തെയും ധർമ്മശാസ്ത്രങ്ങളെയും മറന്നും അവഗണിച്ചും സുഖലോലുപതയുടെ അധമ മാനങ്ങളിലേക്ക് കുതിക്കുന്ന ഒന്നായി ടൂറിസത്തെ കയറൂരി വിട്ടിരിക്കുകയാണ് ഏറെക്കുറെ എല്ലാ രാജ്യങ്ങളിലും. സ്വന്തം അമ്മയ്ക്കും ഭാര്യക്കും സഹോദരിക്കും മകൾക്കുമൊക്കെ ലൈംഗികതൊഴിലും ചൂഷണവും അപമാനവും ഉണ്ടാകുവാനും അവരുടെ ജീവിതം താറുമാറാകാനും, പുരുഷന്മാരും ഇന്നത്തെ വ്യവസ്ഥിതികളും കാരണമാകുന്നത് ഭാവന ചെയ്യാനെങ്കിലും വ്യക്തികൾക്കു കഴിയണം.

കാമകാര്യങ്ങളിൽ മനുഷ്യർ ദിവസം തോറും കൂടുതൽ കൂടുതൽ അധഃപതിച്ചു കൊണ്ടിരിക്കുകയാണ്. കാമപരമായ അധമത്തങ്ങളെ സ്വന്ത കാര്യത്തിൽ ആസ്വദിക്കുവാനും, മറ്റുള്ളവർ കാട്ടുന്നത് സമൂഹജീവിതത്തിന് ദോഷം ചെയ്യുമെന്നും പറയുന്നവരും കരുതുന്നവരുമായ ഒരു വലിയ ജനത തന്നെ ഉണ്ടായിരിക്കുകയാണ്. നൂറ്റാണ്ടുകളായി മതങ്ങളും രാഷ്ട്രീയ-ഇസങ്ങളുമൊക്കെ പ്രവർത്തിച്ചുകൂട്ടിയ പദ്ധതികളുടെ വലിയ നേട്ടമെന്നത് / കോട്ടമെന്നത് അനുദിനം വർദ്ധിക്കുന്നതും, അവരെക്കൊണ്ട് നിയന്ത്രിക്കാൻ കഴിയാതെ സമൂഹത്തിൽ വർദ്ധിക്കുന്നതുമായ കാമവെറികളാണ്. രോഗ കാരണം മനസ്സിലാക്കി ചികിത്സിക്കുവാൻ യോഗ്യനായ ഡോക്ടർക്കേ കഴിയൂ.

രോഗലക്ഷണങ്ങൾക്കു ചികിത്സിക്കുന്ന മുറിവൈദ്യന്മാർ മാത്രമാണ് മതങ്ങളിലും രാഷ്ട്രീയങ്ങളിലുമൊക്കെ ഉള്ളത്. രോഗം അതീവ അപകടാവസ്ഥയിലേക്കു നീങ്ങുകയാണ്. ഓരോ രോഗിയും ജീവിച്ചിരിക്കുമ്പോഴും മരിക്കുമ്പോഴും അനേകർക്ക് രോഗം പകർന്നു നൽകുകയാൽ രോഗികളുടെ എണ്ണം മാനുഷിക നിയന്ത്രണങ്ങളെ എന്നേ കടന്നിരിക്കുന്നു.

വാഹന അപകടങ്ങൾ കൂടിയിരിക്കുന്നു എന്ന് മനുഷ്യർ വിലയിരുത്തുമ്പോൾ, മനുഷ്യ-ഡ്രൈവറന്മാരെ സഹായിക്കാൻ ദൈവം കൂടി വാഹനം ഓടിക്കുന്നതുകൊണ്ടാണ് എത്രയോ മടങ്ങായി വർദ്ധിക്കുമായിരുന്ന വാഹന അപകടങ്ങൾ കുറഞ്ഞിരിക്കുന്നത് എന്നതാണ് വസ്തുത. അതുപോലെ, **കാമവെറികൾ കൂടിയിരിക്കുന്നു എന്ന് മനുഷ്യർ വിലയിരുത്തുമ്പോൾ, ദൈവം വളരെ വളരെ വളരെ വളരെ വളരെ ഇടപെടുന്നതു കൊണ്ടുമാത്രമാണ് എത്രയോ മടങ്ങായി വര്ദ്ധിക്കുമായിരുന്ന കാമവെറികൾ കുറഞ്ഞിട്ടുള്ളതെന്ന് ബുദ്ധിജീവികളായി തങ്ങളെ കണക്കാക്കുന്നവർ പോലും മനസ്സിലാക്കുന്നില്ല.** ദൈവീകത കുറഞ്ഞിരിക്കുന്നതു കൊണ്ടാണ് സത്യങ്ങൾ മനസ്സിലാക്കാൻ കഴിയാത്തത്. ധർമ്മശാസ്ത്രത്തിന്റെ ഉപശാഖയായ സദാചാര ശാസ്ത്ര പ്രകാരം കാമകാര്യങ്ങളിൽ നിയന്ത്രണങ്ങൾ പാലിച്ചില്ലെങ്കിൽ, ദൈവം ഇടപെട്ടില്ലെങ്കിൽ, ഭൂമിയിലെ മനുഷ്യജീവിതം കുടുതൽ അധഃപതിച്ച് എങ്ങനെ ആയിത്തീരുമെന്ന് ബുദ്ധിശക്തികളെ അധികമായി ലഭിച്ചവർ ചിന്തിക്കണം. മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന സാമ്പത്തിക ശാസ്ത്രം ഉൾപ്പെടെയുള്ള ധർമ്മ ശാസ്ത്രം പ്രകാരം ചിന്തിക്കണം. മനുഷ്യർ നടത്തിപ്പോരുന്ന ആനന്ദനിന്ദയും ദൈവനിന്ദയും അവസാനിപ്പിക്കാനായി ധർമ്മശാസ്ത്ര നിയമങ്ങളെ സമ്പൂർണ്ണമായി അനുസരിച്ചു ജീവിക്കണം.

**ഇന്നു നടത്തിപ്പോരുന്ന മത്സരങ്ങളിൽ ഏറ്റവും അധമം ഏതെന്നുകൂടി നോക്കാം. സ്ത്രീകൾ വസ്ത്രം ഏറെക്കുറെ മുഴുവനായും ഉപേക്ഷിച്ചുകൊണ്ടു നടത്തുന്ന സൗന്ദര്യ മത്സരങ്ങളാണ് ഭൂമിയിലെ ഏറ്റവും അധമമായ മത്സരം. ദൈവമായ ഭൂമിയുടെ അംശങ്ങളായ മൂലകങ്ങളാണ് ഏതൊരാൾക്കും അടിസ്ഥാനപരമായ സൗന്ദര്യം നൽകുന്നത് എന്നതു മനസ്സിലാക്കാൻ പ്രത്യേക പാഠങ്ങളൊന്നും വേണ്ടതില്ല. അത്ര ലളിതമാണ്. അങ്ങനെയിരിക്കെ പരസ്യമായിട്ട് വസ്ത്രത്തോടെയോ, വസ്ത്രമില്ലാതെയോ, വസ്ത്രമുടുത്തതായി തോന്നിപ്പിച്ചോ നടത്തുന്ന ഏതൊരു സൗന്ദര്യമത്സരവും ഏറ്റവും അധമമാണ്. തങ്ങളുടെ പെൺമക്കൾ തുണിയുടുക്കാതെയോ ഉടുത്തോ ശരീരപ്രദർശനം നടത്തുന്നതും മത്സരിച്ച് സമ്മാനങ്ങളും എന്തോ ചില (ദുഷ്)ക്കീർത്തികളും നേടുന്നതും അഭിമാനകരമായിട്ട്, മാതാപിതാക്കളും, ഇന്ത്യ ഉൾപ്പെടെയുള്ള അനേകം രാജ്യങ്ങളിലെ വലിയൊരു വിഭാഗം ജനങ്ങളും കൂടി കണക്കാക്കുമ്പോൾ, പൈശാചിക ശക്തികൾ ഏറ്റവും അധമ-പരിധികളോടെ വലുതായി മാറിയിരിക്കുന്നു എന്നുകൂടിയാണ് അർത്ഥം. സാമൂഹ്യ അധഃപതനം മൂർച്ഛിക്കുമ്പോൾ, ധർമ്മ സംസ്ഥാപനത്തിനായി ദൈവീക നടപടികൾ ഉടനുണ്ടാകും എന്നൊരു സൂചനയും അതു നൽകുന്നുണ്ട്. അജ്ഞാനികളായ സ്ത്രീകളെയും മറ്റും അധമ കാര്യങ്ങളിലേക്ക് നയിച്ചവരായ ഭരണാധികാരികളും കുടുംബാംഗങ്ങളും ഉൾപ്പെടെയുള്ളവർ തീർച്ചയായും മത്സരിച്ച സ്ത്രീകളേക്കാൾ വളരെക്കൂടുതൽ പാപം നേടിയെന്നു വരാം.**

**സെക്സിലെ സ്വകാര്യതയും, ശാസ്ത്ര വികസനത്തിന് മനുഷ്യരിലെ പ്രത്യേകമായ കാമവ്യവസ്ഥിതിയുടെ നിർബ്ബന്ധവും, മനുഷ്യരിലെയും മറ്റുള്ള ജീവികളിലെയും കാമകാര്യങ്ങളിലെ വ്യത്യാസങ്ങളും മുമ്പ് വിശദീകരിച്ചിരുന്നു.**

**സൗന്ദര്യം കുറച്ചുമാത്രവും ശരാശരി ബുദ്ധിശക്തികളുമുള്ള സ്ത്രീകൾ മേല്പടി കാര്യങ്ങളോട് പെട്ടെന്നു യോജിക്കുന്നതാണ്. മഹാനീതിശാസ്ത്ര പ്രകാരം എല്ലാ മനുഷ്യർക്കും 50 പുരുഷജന്മങ്ങൾ, 50 സ്ത്രീ ജന്മങ്ങൾ എന്നിവയുണ്ടെന്നും, സ്ത്രീജന്മങ്ങളിൽ സൗന്ദര്യമില്ലാത്ത ജന്മവും എല്ലാവർക്കും ഉണ്ടെന്നതും, ജീവിതത്തിന്റെ അർത്ഥങ്ങളും, മനസ്സിലാക്കിയാൽ മത്സരങ്ങളെ ഒഴിവാക്കണമെന്നു വാദിക്കുന്നതാണ്.**

**സുഖ-ഉപകരണം നേടുന്ന ലാഘവത്തോടെ സ്ത്രീയെ മത്സര-സമ്മാനമായി മതഗ്രന്ഥങ്ങളിലും മറ്റും അവതരിപ്പിച്ചിട്ടുള്ളതിനെ ശരിയെന്ന് കരുതിപ്പോകരുത്. ദൈവീകമല്ലാത്ത നടപടി ആണവ.**

## സ്ത്രീ-പുരുഷ സമത്വം.

**സ്ത്രീയ്ക്ക് സമസ്വാതന്ത്ര്യം എന്നു വാദിക്കുന്നവർ, ദൈവത്തെ മറന്നിരിക്കുന്നു, ദൈവീകനീതി എന്തെന്ന് അറിയാൻ ആഗ്രഹിക്കാത്തവരോ അന്വേഷിക്കാത്തവരോ ആയിരിക്കുന്നു.**

**സ്ത്രീയെ പുരുഷന്റെ യജമാനയായിട്ടാണ് ദൈവം മഹാഉയർത്തിയിട്ടുള്ളത്, സമമായിട്ടോ താഴെയായിട്ടോ അല്ല. ദൈവ-വിപ്ലവത്തോടെ ഉടൻ ഭൂമിയിലെങ്ങും ജീവിതത്തിൽ സ്ത്രീയുടെ ദാസനായി പുരുഷൻ മാറുന്ന മഹാഅവസ്ഥ ഉണ്ടാകുന്നതുമാണ്. അങ്ങനെയിരിക്കെ സ്ത്രീ-പുരുഷ സമത്വ വാദങ്ങൾ, ശാസ്ത്രങ്ങളറിയാതെ പുലമ്പുന്ന വാഗ്ധോരണികളും ഭോഷത്തങ്ങളും മാത്രമാണ്. മുമ്പ് വിശദമാക്കിയിരുന്നു. അല്പം ആവർത്തിക്കുന്നു :**

**മാനുഷിക-ജന്മഗുണങ്ങളിൽ ആദ്യത്തേതാണ് സ്ത്രീ-പുരുഷ വ്യത്യാസമെന്നും, അവയിൽ നീതി നടപ്പാക്കാൻ മാനുഷിക ഭരണസമ്പ്രദായങ്ങൾക്ക് കഴിയില്ല/കഴിവില്ല എന്നുമറിയണം.**

**മനുഷ്യരുടെ കാര്യത്തിൽ, സ്ത്രീയ്ക്ക് സൃഷ്ടിയിൽ ദൈവം ചില പ്രത്യേക അവകാശങ്ങൾ നൽകിയിരിക്കുന്നതിനെ പ്പറ്റി ഇനി കുറിക്കാം. മഹാശക്തിയായ ദൈവം സ്ത്രീയെ സൃഷ്ടിയുടെ സമ്പൂർണ്ണ അധികാരിയാക്കിരിക്കുകയാണ്.**

**സ്ത്രീയ്ക്ക് 100%. പുരുഷന് 0 %. ... ശാസ്ത്ര വികസനത്തോടെ, പുരുഷബീജമില്ലാതെയും ഭ്രൂണം സൃഷ്ടിക്കപ്പെടുമെന്ന് വ്യക്തമാകുമ്പോഴും, ഗർഭവും പ്രസവവും സ്ത്രീയുടെ സ്വന്തമാണ്. തന്റെ ശരീരം സ്വീകരിക്കുന്ന ഭക്ഷണത്തിന്റെ ഓഹരി സ്ത്രീയുടെ ശരീരാവയവങ്ങളിലൂടെ കുഞ്ഞിന് നൽകപ്പെടുകയാണ്. പുരുഷന് അപ്പോഴും സ്ഥാനമില്ല. പ്രസവിച്ചു കഴിയുമ്പോൾ മുലയൂട്ടുന്നതും സ്ത്രീയാണ്. പുരുഷന് അപ്പോഴും സ്ഥാനമില്ല. കുഞ്ഞിനെ പരിചരിക്കുന്നതിലും മുഖ്യപങ്ക് സ്ത്രീയ്ക്കാണ്. പുരുഷന് ഒരു കുട്ടിയുടെ മേൽ അവകാശമുണ്ടാകുന്നത് പുരുഷൻ സ്ത്രീയോടും കുട്ടിയോടും ധർമ്മശാസ്ത്ര പരമായിട്ട് പ്രവർത്തിക്കുമ്പോഴാണ്, അവരെ യഥോചിതം പരിചരിക്കുമ്പോൾ മാത്രമാണ്. ഭാവി തലമുറയെക്കൂടി സംരക്ഷിക്കുന്ന സ്ത്രീയുടെ ദാസനായിട്ട് പുരുഷൻ വർത്തിക്കേണ്ടതുണ്ട്. ഏറ്റവും നന്നായി സ്ത്രീയെ പരിചരിക്കുന്ന പുരുഷന് കുട്ടിയുടെ മേൽ 30% മാത്രമാണ് ശക്തിശാസ്ത്രമനുസരിച്ച് അവകാശമുണ്ടാവുക. ..പുരുഷന്മാർക്ക് യാതൊരു അവകാശങ്ങളും സൃഷ്ടികാര്യത്തിൽ ദൈവം നൽകുന്നില്ലായെന്നത് വ്യക്തമായ ഉദ്ദേശത്തോടെയാണ്. <u>തന്റെ ശുദ്ധവൃത്തി കൊണ്ട് പുരുഷൻ കുട്ടികളുടെ മേൽ അവകാശം സമ്പാദിക്കണമെന്നാണ് ധർമ്മശാസ്ത്രം.</u>**

**ഭാര്യയിൽ മാത്രം കാമാനന്ദം ആഗ്രഹിക്കുന്ന അവസ്ഥയിലേക്ക് പുരുഷനെ നയിക്കുക കൂടിയാണത്. സമൂഹത്തിലെ വ്യക്തികളുടെ ജീവിതം മംഗളമാകുവാൻ അതാവശ്യമാണ്. പകരം പരസ്ത്രീകളെയും പരപുരുഷന്മാരെയും ആഗ്രഹിക്കുകയും പ്രാപിക്കുകയുമൊക്കെ ചെയ്യുന്ന അവസ്ഥ വ്യക്തികൾക്ക് ഉണ്ടായാൽ മറ്റുള്ള ജീവികളുടേതിൽ നിന്നും വ്യത്യസ്തമായ സദാചാര ശാസ്ത്രത്തെ ദൈവം മഹാആവിഷ്ക്കരിച്ചതിന്റെയും മനുഷ്യന്റെ സൃഷ്ടിയെ വ്യത്യാസപ്പെടുത്തിയതിന്റെയും ഉദ്ദേശം പാളിപ്പോകുന്നതാണ്. (ഇന്നത്തെ സമൂഹത്തിൽ വളരെയധികം പാളിച്ച സംഭവിച്ചുകഴിഞ്ഞു.).**

**സ്ത്രീയുടെ സമ്മതമില്ലാതെ പുരുഷൻ സ്ത്രീയെ പ്രാപിച്ചാലും സ്ത്രീ ഗർഭവതിയായെന്നു വരും; ലൈംഗികബന്ധമില്ലാതെ പുരുഷബീജങ്ങളെ പ്രവേശിപ്പിച്ചും, കൂടാതെ ക്ലോണിങ്ങിലൂടെയും മറ്റും സ്ത്രീയ്ക്ക് ഗർഭവതിയാവാനും പ്രസവിക്കാനും കഴിഞ്ഞെന്നു വരും; എന്നതെല്ലാം സ്രഷ്ടാവ് ദൈവമാണെന്ന് സ്ത്രീയെയും സമൂഹത്തെയും ഓർമ്മിപ്പിക്കുന്നുണ്ട്. മുമ്പ് വ്യക്തമാക്കിയതു പോലെ ഭ്രൂണത്തിന് കാരണമാകുന്ന അണ്ഡത്തെ സ്ത്രീയിൽ സൃഷ്ടിക്കുന്നത് സ്ത്രീയല്ല എന്നതും, സ്ത്രീയുടെ ശരീരത്തിൽ ഭ്രൂണം സൃഷ്ടിക്കപ്പെടുമ്പോഴും വളരുമ്പോഴുമുള്ള പ്രവർത്തനങ്ങളും സ്ത്രീയുടെ നിയന്ത്രണത്തിലല്ല എന്നതും സ്രഷ്ടാവ് ദൈവമാണെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ കുഞ്ഞിനെ പ്രസവിക്കുന്നത് അഥവാ സൃഷ്ടി നടത്തുന്നത് സ്ത്രീയിലൂടെ ആകയാൽ ദൈവം സ്ത്രീയെ ആശ്രയിക്കുന്നതു പോലെയുള്ള ഒരവസ്ഥ ഉണ്ടാക്കപ്പെടുന്നുണ്ട് ; സ്ത്രീയെ ഉയർത്തുവാൻ ദൈവം തന്നെ മഹാആവിഷ്ക്കരിച്ചിട്ടുള്ള മഹാപദ്ധതിയാണത്; മഹാശാസ്ത്രത്തെ ആവിധത്തിൽ മഹാആവിഷ്ക്കരിച്ചിട്ടുള്ളത് ദൈവം തന്നെയാണ്. ദൈവത്തിന് /ഭൂമിക്ക് ആശ്രയം വേണ്ടതന്നെ.**

**ദൈവമായ ഭൂമിയും ശരീരവും മൂലകങ്ങളും കനിഞ്ഞില്ലെങ്കിൽ സ്ത്രീയ്ക്ക് ഗർഭം ധരിക്കുക, പ്രസവിക്കുക തുടങ്ങി യാതൊരു ക്രിയയും ചെയ്യാൻ കഴിയില്ല എന്നിരിക്കെ, സൃഷ്ടിയുടെ മഹാഅധികാരി സദാ ഭൂമി മാത്രമാണെങ്കിലും സ്ത്രീയോട് പ്രത്യേക വാത്സല്യം കാട്ടിക്കൊണ്ട് സ്ത്രീയെ അധികാരിയാക്കിയിരിക്കുകയാണ്. സൃഷ്ടിയുമായി ബന്ധപ്പെട്ട മേല്പടി അധികാരം സ്ത്രീയ്ക്ക് ദൈവം നൽകിയില്ലെങ്കിൽ സ്ത്രീയുടെ സ്ഥാനവും പുരുഷനെപ്പോലെ മറ്റൊരു പൂജ്യമാകുന്നതാണ്.**

**സ്ത്രീയെയും കുഞ്ഞിനെയും പുരുഷൻ പരിചരിച്ചില്ലെങ്കിൽ ഗർഭം ഉപേക്ഷിക്കുവാനും, അതേപോലെ കഷ്ടങ്ങളും നഷ്ടങ്ങളും സഹിച്ച് തന്റെ ഗർഭം നിലനിർത്തുവാനും ദൈവം സ്ത്രീയ്ക്ക് സമ്പൂർണ്ണ അധികാരം നൽകിയിട്ടുണ്ട്. പുരുഷനോ സമൂഹ ഭരണകൂടത്തിനോ അത്തരം വ്യക്തിസ്വാതന്ത്ര്യ- കാര്യങ്ങളിൽ കൈകടത്താൻ അവകാശമില്ല. നിരാലംബയായ സ്ത്രീയ്ക്ക് ഏതു മാർഗ്ഗത്തിലൂടെയും ഗർഭം നിലനിർത്തുവാനും കുഞ്ഞിനെ വളർത്തുവാനും അധികാരമുണ്ടെന്നു പറയുമ്പോൾ കാമാനന്ദം ആഗ്രഹിക്കുന്ന പുരുഷന്മാരോട് മുൻകൂട്ടി വേതനം അറിയിച്ചും വാങ്ങിക്കൊണ്ടും ചെയ്യുന്ന കാമസേവനം എന്ന വേശ്യാവൃത്തിയും ഉൾപ്പെടുന്നതാണ്. സ്ത്രീയ്ക്ക് തന്റെ ശരീരഭാഗങ്ങളെ കാമപരമായി പ്രദർശിപ്പിക്കാതെയും, പരസ്യമായല്ലാതെയും, കാമസേവനം സ്വകാര്യതയോടെ നടത്തുവാനും കാട്ടിൽ പോകാതെ നാട്ടിൽതന്നെ ജീവിക്കുവാനും ധർമ്മശാസ്ത്രം അനുവദിക്കുന്നു എന്നാണർത്ഥം. നിരാലംബയായ സ്ത്രീയെ സംരക്ഷിക്കുന്നതിൽ സമൂഹവും ഭരണകൂടവും പരാജയപ്പെടുമ്പോൾ മാത്രമാണ് മേല്പറഞ്ഞ കാമസേവന-വൃത്തി സ്ത്രീ ചെയ്യേണ്ടി വരുന്നത് എന്നത് സമൂഹത്തിലെ വ്യക്തികളെയും ഭരണകൂടത്തെയുമാണ് ലജ്ജിപ്പിക്കേണ്ടത്.**

നിരാലംബരായ സ്ത്രീകൾ കാമസേവനത്തിന് തയ്യാറാവുന്ന നാട്ടിൽ ഭരണാധികാരികൾ/ന്യായാധിപന്മാർ ഉണ്ടെന്നു പറയുന്നത് ദൈവീകമല്ല. അവരെ ഭരണാധികാരി എന്നു വിളിച്ചുകൂടാ. ഭരണാധികാരികളുടെ ഭരണപരമായ വീഴ്ചകൊണ്ട് സ്ത്രീയ്ക്ക് നീചമാർഗ്ഗം സ്വീകരിക്കേണ്ടി വന്നതിനാൽ ഭരണാധികാരിയെ കൂട്ടിക്കൊടുപ്പുകാരൻ എന്നുതന്നെയാണ് വിളിക്കേണ്ടത്. ഭൂമിയിൽ ഇന്നുള്ള ജഡ്ജിമാർ ഉൾപ്പെടെയുള്ള ഭരണാധികാരികളെല്ലാം പ്രസ്തുത അപരനാമത്തിന് അർഹരാണ്.
നിരാലംബരായ സ്ത്രീകൾ മറ്റുള്ളവർക്ക് വലിയ ശല്ല്യമുണ്ടാക്കാതെ കാമകാര്യങ്ങളിലെ സ്വകാര്യത സൂക്ഷിച്ച് കാമസേവനം നടത്തി ജീവിക്കുമ്പോൾ, അവരെയും ഇടപാടുകാരെയും പീഢിപ്പിക്കുവാൻ ഭരണകൂടങ്ങൾ തയ്യാറാവുന്നത് ധർമ്മശാസ്ത്രപരമല്ല എന്നുമർത്ഥം. സിനിമകളും ടെലിവിഷനും ഇന്റർനെറ്റും മറ്റ് മാധ്യമങ്ങളുമൊക്കെയാണ് യഥാർത്ഥത്തിൽ കടുത്ത-അധമങ്ങളായിരിക്കുന്നത്. അവയിലെ പ്രവർത്തകരും അവയെ അനുവദിച്ചിരിക്കുന്ന ഭരണകൂടവുമാണ് ഏറ്റവും വലിയ കാമപരമായ-അധമർ. ധർമ്മശാസ്ത്ര പരമായിട്ട് മുഖ്യമായി ഭരിക്കേണ്ടതും തിരുത്തേണ്ടതും ഭരണകൂടത്തിൽ പ്രവർത്തിക്കുന്നവർ ഉൾപ്പെടെയുള്ള മേല്പടി അധമരെയാണ്. സ്ത്രീ കാമാനന്ദത്തിനായി കാമസേവനത്തിന് തയ്യാറാവുമ്പോൾ അതിന്റെ ഭാഷ്യം മാറുന്നതാണ്, അങ്ങനെ വരുമ്പോൾ, തെറ്റു തിരുത്തുവാൻ സ്ത്രീ സ്വമേധയാ തയ്യാറാവുകയോ, അല്ലാത്തപക്ഷം, സ്വമേധയാ കാട്ടിലേക്കു പോവുകയോ വേണം. ജന്തു-കാമവ്യവസ്ഥിതി കാട്ടിലാകാം, നാട്ടിൽ പാടില്ല. അതേസമയം, സ്ത്രീ സ്വമേധയാ കാട്ടിൽ പോകാൻ തയ്യാറായില്ലെങ്കിൽ മഹാഉചിതമായി മഹാഭരണാധികാരിയായ ദൈവം ഇടപെടുന്നതാണ് എന്നല്ലാതെ നാട്ടിലെ മനുഷ്യ-ഭരണകൂടമോ, നാട്ടുകാരോ തങ്ങൾക്കു തോന്നുമ്പോലെ നീതി നടത്താൻ പാടില്ല.

**പരസ്ത്രീ-പുരുഷ ഗമനങ്ങൾ അസാദ്ധ്യമാകുന്നതോടെയും, വ്യക്തികൾ സ്വയം ദുരാചാരങ്ങളെ വെറുക്കുന്നതോടെയും, സെക്സ്-കോപ്രായങ്ങളും അസ്തമിക്കുന്നതാണ്.**

**ദൈവദത്തമായ സൗന്ദര്യത്തിൽ സ്ത്രീകൾ മത്സരിക്കുന്നത് ഉൾപ്പെടെയുള്ള മത്സരകോപ്രായങ്ങളും അശാസ്ത്രീയമായ സൗന്ദര്യ വർദ്ധന സമ്പ്രദായങ്ങളും അവസാനിക്കുന്നതാണ്. ജീവാത്മാവ് വ്യാപരിക്കുന്ന ചർമ്മത്തിൽ സോപ്പും പൗഡറും ലിപ്സ്റ്റിക്കും മറ്റും തേച്ചു പിടിപ്പിക്കുമ്പോൾ ഒരു നിമിഷം മറ്റ് ജീവികളെ ഓർക്കുക. ഭർത്താവ് ഒഴികെയുള്ളവർക്ക് തങ്ങൾ അമ്മയെപ്പോലെയാവണം എന്ന രീതിയിൽ വസ്ത്രധാരണം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ശ്രദ്ധിക്കുവാനും ശരീരത്തെ പ്രദർശന വസ്തുവാക്കാതെ സൂക്ഷിക്കുവാനും സ്ത്രീയ്ക്ക് ഉത്തരവാദിത്തമുണ്ട്. എന്നാൽ ശരീരത്തിന്റെ സ്വകാര്യത കാക്കാതെ ധർമ്മശാസ്ത്രം തെറ്റിച്ചു ജീവിക്കുന്ന സ്ത്രീകളെ ശിക്ഷിക്കുവാൻ ഭർത്താവ് ഉൾപ്പെടെ യാതൊരു വ്യക്തികളെയും സമൂഹത്തെയും/ഭരണകൂടത്തെയും ധർമ്മശാസ്ത്രം അനുവദിക്കുന്നില്ല. യഥാർത്ഥമായും തെറ്റുചെയ്തവർക്ക് കനത്ത ശിക്ഷ മഹാനീതിശാസ്ത്രപ്രകാരം ദൈവം നേരിട്ടു നൽകുന്നതാണ്. പുരുഷന്മാർ കല്ലെറിയാൻ നടക്കേണ്ടെന്നും സാരം. ഇന്നത്തെ പുരുഷൻ നാളത്തെ/അടുത്ത ജന്മത്തിലെ സ്ത്രീയാവാം എന്നതും ഓർക്കാവുന്നതാണ്. ദാമ്പത്യ ജീവിതത്തിൽ ധർമ്മശാസ്ത്രം തെറ്റിച്ചു ജീവിക്കുന്ന പുരുഷനോട് എങ്ങനെ പെരുമാറണമെന്നതും സ്ത്രീ നിശ്ചയിക്കുക, സ്ത്രീയും കുട്ടികളും കൂടി നിശ്ചയിക്കുക, സ്ത്രീയ്ക്ക് ഉപദേശമോ സഹായമോ ആവശ്യമുണ്ടെങ്കിൽ ഭരണകൂടം സഹായിക്കുക എന്നിങ്ങനെയാണ് ധർമ്മശാസ്ത്രം. സ്ത്രീയെ ലൈംഗികമായി പീഢിപ്പിക്കുന്ന പുരുഷന്റെ/ പുരുഷന്മാരുടെ മേൽ നീതി ന്യായം വിധിക്കുവാൻ കോടതികൾക്കും ഭരണകൂടത്തിനുമല്ല അവകാശവും അധികാരവും, മറിച്ച് (എപ്പോഴും) പീഢിപ്പിക്കപ്പെട്ട സ്ത്രീയ്ക്കു തന്നെയാണ്.**

പീഢിപ്പിച്ച പുരുഷനെ/പുരുഷന്മാരെ വധിക്കുവാൻ പോലുമുള്ള തീരുമാനം പീഢിപ്പിക്കപ്പെട്ട സ്ത്രീ തനിച്ചോ ബന്ധുജനങ്ങളുടെ ഉപദേശങ്ങളോടെയോ സ്വീകരിക്കുന്നതാണ്. സ്ത്രീയ്ക്ക് ശാസ്ത്രീയമായ ഉപദേശം ആവശ്യമുണ്ടെങ്കിൽ നൽകുക, കുറ്റവാളിയെ പിടിച്ചുകെട്ടി സ്ത്രീയുടെ മുന്നിൽ ഹാജരാക്കുക, ശിക്ഷ വിധിക്കാനും നടപ്പാക്കാനും സ്ത്രീയെ ധർമ്മശാസ്ത്രപരമായി സഹായിക്കുക, സ്ത്രീയ്ക്ക് മാനസികമായോ ശാരീരികമായോ ആരോഗ്യമില്ലെങ്കിൽ ധർമ്മശാസ്ത്രങ്ങൾ അറിയാവുന്നവരും ദൈവാനുഭവങ്ങൾ ഉള്ളവരുമായ വ്യക്തികളെക്കൊണ്ട് ന്യായവിധി നടത്തിക്കുക, പീഢിപ്പിക്കപ്പെട്ട സ്ത്രീ വധിക്കപ്പെടുകയാണെങ്കിൽ കുറ്റവാളിയെ ഒറ്റപ്പെട്ട ദ്വീപിലേക്ക് 10-15 വർഷം എന്നിങ്ങനെ നിശ്ചിതമായ കാലത്തേക്ക് നാടുകടത്തുക തുടങ്ങിയവ മാത്രമാണ് ഭരണകൂടത്തിന്റെ കടമ.

ആധുനിക കാലത്ത് മൊബൈൽ ഫോണുകളിലൂടെയും, ഇന്റർനെറ്റിലൂടെയും, ടെലിവിഷൻ പത്രം മാഗസിനുകൾ തുടങ്ങിയ മാധ്യമങ്ങളിലൂടെയും, സ്ത്രീയുടെ സ്വകാര്യ ശരീരത്തെ, (സ്ത്രീയുടെ സമ്മതമില്ലാതെയും സമ്മതത്തോടെയും) അശ്ലീലപരമായി പ്രദർശിപ്പിക്കുന്നതും പ്രസിദ്ധീകരിക്കുന്നതും പ്രചരിപ്പിക്കുന്നതുമെല്ലാം സ്ത്രീപീഢനത്തിൽ പെടുന്നു. ആവിധത്തിൽ പീഢിപ്പിക്കുന്നവരെയും സ്ത്രീയുടെ ഇച്ഛപോലെ ശിക്ഷിക്കുവാൻ മേല്പറഞ്ഞതുപോലെ ഭരണകൂടം ഇടപെടേണ്ടതുണ്ട്. സ്ത്രീ സമ്മതിച്ചാൽ പോലും സ്ത്രീ ശരീരത്തെ അശ്ലീലപരമായി പൊതുസമൂഹത്തിൽ പ്രദർശിപ്പിക്കുവാനും, ചിത്രങ്ങളും ശില്പങ്ങളും വരയ്ക്കുവാനും/നിർമ്മിക്കുവാനും പ്രസിദ്ധീകരിക്കുവാനും/പ്രദർശിപ്പിക്കുവാനും പ്രചരിപ്പിക്കുവാനും യാതൊരാൾക്കും അവകാശമില്ല.

**അധമമായ വ്യക്തിസ്വാതന്ത്ര്യങ്ങൾ അഥവാ ധർമ്മശാസ്ത്ര വിരുദ്ധമായ ആനന്ദങ്ങൾ പുലർത്തുവാൻ വ്യക്തികൾക്ക് നാട് ഉപേക്ഷിച്ച് കാട്ടിലെ ജീവിതം സ്വീകരിക്കുവാനുള്ള സ്വാതന്ത്ര്യമുണ്ട്. ആദ്യ മഹാകാലചക്രത്തിലെ കാമപരം ഉൾപ്പെടെയുള്ള പിഴവുകൾക്ക് വിഷ്ണു എന്ന നാരായണന്റെയും മായകൃഷ്ണന്റെയും മറ്റ് അനവധി ദേവതകളുടെയും അധമത്തം കൂടി കാരണമായിട്ടുണ്ട്.**

**മഹാശാസ്ത്രം പ്രകാരം ദൈവമായ ഭൂമി, ജീവികളാകുന്ന കുഞ്ഞുങ്ങളുടെ സൃഷ്ടിയിലൂടെ സ്ത്രീയെ സൃഷ്ടിയുടെ അധികാരിയാക്കുമ്പോഴും, സ്ത്രീയ്ക്ക് പ്രത്യേക സ്നേഹവാത്സല്യങ്ങളും അധികാരങ്ങളും നൽകുമ്പോഴും, സ്ത്രീയ്ക്ക് കുഞ്ഞുങ്ങളുടെ കാര്യത്തിൽ വർദ്ധിച്ച ഉത്തരവാദിത്തങ്ങൾ ഉണ്ട്. സമൂഹത്തിൽ ധാർമ്മികശുദ്ധി പൂർത്തിയാവുന്നത് സ്ത്രീകൾ കുടുംബകാര്യങ്ങളിൽ ശ്രേഷ്ഠമാവുമ്പോഴാണ്; ഗൃഹജോലികൾ ഉൾപ്പെട്ട കുടുംബഭരണം സ്ത്രീയെ ഏല്പിച്ചുകൊണ്ട് കുടുംബത്തിന്റെ യജമാനയായി ഭൂമി സ്ത്രീയെ ഉയർത്തിയിരിക്കയാണ്. ഭാവി തലമുറയുടെ സൃഷ്ടിയും ധാർമ്മിക ശുദ്ധിയോടെയുള്ള വളർച്ചയും ശ്രദ്ധിക്കേണ്ടതും സ്ത്രീ തന്നെ. (നൂറ്റാണ്ടുകളായി ഇക്കാര്യത്തിൽ സംഭവിച്ച പിഴവുകൾ സമൂഹത്തിൽ ഇന്നുള്ള ധാർമ്മിക അധഃപതനത്തിന് ഒരു മുഖ്യ കാരണമാണ്.). കൂടാതെ സ്ത്രീകൾക്കായുള്ള വൈദ്യം, അദ്ധ്യാപനം, വസ്ത്രം തുന്നൽ തുടങ്ങിയ ഏതാനും തൊഴിലുകളും സ്ത്രീകൾക്കായുണ്ട്. പശുക്കളെ വളർത്തുക എന്നുള്ളതും സ്ത്രീയുടെ മുഖ്യമായ ഗൃഹജോലികളിൽ പെടുന്നുണ്ട്. സ്ത്രീയെ പശുപാലനത്തിൽ പുരുഷൻ സഹായിക്കേണ്ടതുണ്ട്.**

**ശക്തി-ശാസ്ത്രപ്രകാരം സ്ത്രീയ്ക്ക് കുടുംബത്തിൽ 70 ശതമാനം അധികാരവും പുരുഷന് 30 ശതമാനം മാത്രം അധികാരവുമാണ് ഭൂമി വിധിച്ചിട്ടുള്ളത്. സ്ത്രീയുടെയും കുടുംബത്തിന്റെയും ആനന്ദത്തിനു വേണ്ടി പുരുഷനെ കുടുംബത്തിന്റെ നായകനാക്കേണ്ടതും നായകസ്ഥാനം പിൻവലിക്കണമോ എന്നു നിശ്ചയിക്കേണ്ടതും സ്ത്രീയാണ്. ആനന്ദകരമായ പ്രസ്തുത അധികാരങ്ങൾ 'മായ' പ്രത്യക്ഷമാകുന്നതോടെ സ്ത്രീയ്ക്ക് സമ്പൂർണ്ണമായും ലഭിക്കുന്നതുമാണ്. സ്ത്രീയുടെ ദാസനായി പുരുഷൻ മാറുന്നതാണ്; അത്യാനന്ദകരമായ ദാസ്യമാണ് ഉരുത്തിരിയുന്നത്, അഹംപരമല്ല. സദാചാരശാസ്ത്രത്തിന്റെ മികവ് വിശകലനം ചെയ്യുമ്പോൾ ആയത് ഏവർക്കും ബോധ്യമാകുന്നതാണ്. ഗൃഹത്തെയും കുടുംബത്തെയും ഭാവിതലമുറയെയും മംഗളമായി സംരക്ഷിക്കുവാനുള്ള ഉന്നത കടമകളെ നിവർത്തിക്കേണ്ട സ്ത്രീ ആഫീസുകളിലും വയൽ പാടങ്ങളിലും മറ്റുമല്ല ജോലിചെയ്യേണ്ടത്.**

**// അച്ഛന് പ്രാധാന്യം കൊടുക്കുന്ന സാമൂഹ്യരീതി തെറ്റാണെന്നും മുകളിലെ വിശദീകരണങ്ങളിൽ നിന്നും സുവ്യക്തമാണ്. മാത്രമല്ല, അമ്മയ്ക്ക് ഏതൊരു കുട്ടിയെയും കാമസേവനം ചെയ്തുപോലും വളർത്താൻ ധർമ്മശാസ്ത്രം അഥവാ ദൈവം മഹാഅനുവദിച്ചിരിക്കുകയാണ്. വളർന്നുവരുമ്പോഴും വളർന്നശേഷവും അമ്മമാരുടെ സ്വഭാവശുദ്ധിയെ ചോദ്യംചെയ്യുന്ന ചില കുട്ടികളുടെ രീതി തെറ്റാണ്. തള്ളക്കിളി ചുണ്ടിൽ ഭക്ഷണവുമായി വരുന്നത് പലപ്പോഴും അനവധി പ്രയാസങ്ങൾ തരണംചെയ്താണ്, എന്നാൽ വായ് പിളർന്ന് ഭക്ഷണത്തിനായി ആർത്തിയോടെ കാത്തിരിക്കുന്ന കുഞ്ഞുകിളികൾ, തള്ളക്കിളി കൊണ്ടുവരുന്ന ഭക്ഷണം വെട്ടിവിഴുങ്ങുന്നതല്ലാതെ അതെങ്ങനെ കിട്ടി, തള്ളക്കിളി ഭക്ഷിച്ചോ എന്നതൊന്നും ഒട്ടുംതന്നെ വിഷയമാക്കുന്നില്ല.**

ഹേയ് മനുഷ്യക്കുഞ്ഞുങ്ങളെ, കുഞ്ഞായിരിക്കെ ഭക്ഷണത്തിന് ആർത്തി കാണിച്ചതല്ലാതെ അമ്മയെങ്ങനെ ഭക്ഷണം നൽകിയെന്നതോ, അമ്മ ഭക്ഷിച്ചോ എന്നതും നിങ്ങൾക്കും വിഷയമല്ലായിരുന്നു. നിങ്ങളുടെ അമ്മ / വളർത്തമ്മ വഴിവിട്ട് സഞ്ചരിച്ചുവെങ്കിൽ അതിനു കാരണം അമ്മയല്ല, സമൂഹ-ഭരണകൂടമാണ്. അവർ ലജ്ജിക്കട്ടെ. കുഞ്ഞിനെ വളർത്തുവാൻ ത്യാഗങ്ങൾ സഹിച്ച അമ്മയുടെ /വളർത്തമ്മയുടെ പേരിൽ അഭിമാനിക്കുന്നവരായി മാത്രം തല ഉയർത്തുവിൻ. കാമസേവന വൃത്തി ചെയ്ത് മക്കളെ പരിപാലിക്കുന്ന ഒരമ്മയുടെ ശ്രേഷ്ഠത, ഇന്നത്തെ ഭരണ കാര്യാലയങ്ങളിൽ പ്രവർത്തിക്കുന്ന സ്ത്രീകൾക്കില്ല എന്നു തന്നെയാണ് വ്യക്തമാക്കിയത്. ജീവിതകാര്യങ്ങളിൽ പ്രയാസമുണ്ടാകുമ്പോൾ കാമസേവന-വൃത്തിയെ കുറുക്കുവഴിയായിട്ടു സ്വീകരിക്കുന്ന സ്ത്രീയ്ക്ക് തീർച്ചയായും ശിക്ഷയുണ്ട് എന്നതും അറിഞ്ഞു കൊള്ളണം. അമ്മയെ കൂടുതൽ സ്നേഹിക്കണം എന്നു പറയുമ്പോൾ, ധർമ്മശാസ്ത്ര പരമായിട്ട് തങ്ങളുടെ ധർമ്മങ്ങൾ നിവർത്തിക്കുന്ന അച്ഛനെയും തീർച്ചയായും സ്നേഹിക്കണം. //

മനുഷ്യന് 50 സ്ത്രീജന്മങ്ങൾ, 50 പുരുഷജന്മങ്ങൾ, എന്നിവ ചേർന്ന 100 ജന്മങ്ങൾ ഉള്ളത് ശാസ്ത്രപരമായി ബോധ്യപ്പെടുന്നതോടെ സ്ത്രീപുരുഷ സമത്വം എന്ന അധമ-വാദം അസ്തമിക്കുന്നതാണ്. സൃഷ്ടിയിൽ സ്ത്രീയ്ക്ക് പ്രാമുഖ്യം, സ്ഥിതിയിൽ പുരുഷന് പ്രാമുഖ്യം, സംഹാരത്തിൽ ഇരുവരും തുല്യർ എന്നിങ്ങനെ സ്ത്രീയ്ക്കും പുരുഷനും സമത്വം നല്കുന്ന ദൈവത്തിന്റെ മഹാനീതി ശാസ്ത്രം പഠിക്കാൻ ഭാഗ്യമുണ്ടാകുന്നവർക്ക് പെട്ടെന്നു മനസ്സിലാകുന്നതാണ്. 90 മുതലുള്ള ഒരു പുരുഷ ജന്മത്തിൽ അർദ്ധമഹാദേവിയായ പരമശിവനിലൂടെ ഭൂമി മഹാശാസ്ത്രത്തെ മഹാഅനുഗ്രഹിച്ചു നൽകുകയും ദൈവാരാധനയ്ക്ക് യോഗ്യനാക്കുകയും ചെയ്യുമ്പോൾ തന്റെ ഭാര്യയായി വർത്തിക്കുന്ന സ്ത്രീ, തന്നെക്കാൾ ശ്രേഷ്ഠയാണെന്നും, കൂടാതെ തന്റെ ഭാര്യയുടെ ഒരു ഭാഗമാണ് താനെന്നുകൂടി ജീവാത്മാവ് തിരിച്ചറിയുന്നതാണ്.

ഒരു സ്ത്രീയ്ക്ക് പുരുഷനായി ജനിക്കാനും ജീവിക്കാനും കഴിയുകയും, പുരുഷന് സ്ത്രീയായി ജനിക്കാനും ജീവിക്കാനും കഴിയുമ്പോൾ മാത്രമേ ഭൗതികശരീരരൂപം കൊണ്ടു പോലും സമത്വം സാദ്ധ്യമാകൂ എന്നിരിക്കെ, സ്രഷ്ടാവ് മഹാനിശ്ചയിക്കുകയും മഹാനിർവ്വഹിക്കുകയും ചെയ്യുന്ന സമത്വം എന്തെന്ന് ധർമ്മശാസ്ത്രപരമായി അന്വേഷിക്കാൻ പരിശ്രമിക്കാതെ സമത്വത്തിന്റെ പേരിൽ കോപ്രായങ്ങൾ കാട്ടുന്നത് ധർമ്മശാസ്ത്രപരമല്ല, അഥവാ ദൈവീകമല്ല. അജ്ഞാനം കൊണ്ടും അവിവേകം കൊണ്ടുമുള്ള ദൈവനിന്ദയാണ്.

**പുരുഷജന്മത്തിൽ ദൈവത്തിന്റെ പ്രതിനിധിയും പ്രപഞ്ചപിതാവുമായ പരമശിവനിലൂടെ മഹാശാസ്ത്രം ലഭിക്കാനും, ദൈവത്തെ ആരാധിക്കാനുമുള്ള യോഗ്യത നേടുകയും മഹാദേവിയെ ആരാധിക്കുകയും ചെയ്യുന്നു. എന്നാൽ തന്റെ സ്ത്രീജന്മത്തിലാണ് വ്യക്തിക്ക് ദൈവത്തെ മഹാജഗദംബയായി ദർശിക്കാൻ കഴിയുന്നതും, മഹാദേവിയുടെ മടിയിൽ തലവെച്ചുകിടന്ന് സ്നേഹവാത്സല്യങ്ങൾ നുകരാൻ കഴിയുന്നതും. സ്ത്രീജന്മത്തിൽ അതുണ്ടാവുമ്പോൾ കാമകാര്യങ്ങളിലെ മഹാ-ഔന്നത്യം പാലിക്കപ്പെടുക കൂടിയാണ്. കാമപരമായ പവിത്രത സംരക്ഷിക്കപ്പെടണമെന്ന് മനുഷ്യരെയെല്ലാം ഉദ്ബോധിപ്പിക്കുന്ന ചൂണ്ടുപലകയാണത്. ദൈവം പോലും സ്ത്രീരൂപമെടുക്കുമ്പോൾ, വാത്സല്യ പ്രകടനത്തിന് താൻ മനുഷ്യർക്കായി മഹാനിശ്ചയിച്ചിട്ടുള്ള സദാചാരശാസ്ത്ര കാര്യങ്ങളെ ഉന്നതപ്പെടുത്തുന്നതായും, മനുഷ്യരും അത് പിൻപറ്റണമെന്നും മനസ്സിലാക്കണം. മഹാമാതാവ് നേരിട്ട് കുഞ്ഞുങ്ങളെ പ്രസവിക്കുന്നില്ലാ എന്നതും മനുഷ്യമാതാവിനെ അക്കാര്യത്തിൽ ഉയർത്തിയിരിക്കുകയാണ് എന്നതും മനുഷ്യമാതാവിന് ദൈവം മഹാ അനുഗ്രഹിച്ചു നൽകുന്ന പ്രത്യേക ബഹുമതിയാണ്.**

**മനുഷ്യമാതാവ് ഉൾപ്പെടെയുള്ള എല്ലാ ജീവികളുടെയും എല്ലാ കോശങ്ങളെയും അവയവങ്ങളെയും അവയുടെയെല്ലാം പ്രവർത്തനങ്ങളെയും സൃഷ്ടിക്കുന്നതും രക്ഷിക്കുന്നതും 'മഹാപിതാവായ പരമശിവനും ചേർന്ന് മഹാമാതാവായ മഹാദേവിയാണെന്നു' കൂടി മനുഷ്യർ തിരിച്ചറിയേണ്ടതുണ്ട്. (മറ്റൊരു രീതിയിൽ പറയുകയാണെങ്കിൽ, ഭൂമിയിലെ മൂലകങ്ങളുടെ ആറ്റങ്ങളിൽ ഇലക്ട്രോൺ, പ്രോട്ടോൺ എന്നിവയായി മഹാപിതാവായ മഹാദേവനും, ഏകദൈവവും മഹാമാതാവുമായ മഹാദേവിയും കുഞ്ഞുങ്ങളായ ജീവാത്മാക്കൾക്ക് കൂടുതൽ കൂടുതൽ ആനന്ദങ്ങളെ നൽകുന്നതിനു വേണ്ടി മഹാദാസരായി സദാ പണിയെടുക്കുകയാണ് / പ്രവർത്തിക്കുകയാണ്.**

**മനുഷ്യൻ, വ്യക്തി എന്നീ സമീപനത്തെ മാറ്റിനിർത്തിക്കൊണ്ട്, സ്ത്രീയെ സംബന്ധിച്ച് മാത്രം പറയുമ്പോൾ, മഹാദേവിയുടെ മടിയിൽ കിടക്കാൻ കഴിയുന്നതും മഹാവാത്സല്യങ്ങളെ നുകരാൻ കഴിയുന്നതും സ്ത്രീയ്ക്കു ലഭിക്കുന്ന അഥവാ സ്ത്രീജന്മത്തിൽ മാത്രം ഓരോ വ്യക്തിക്കും ലഭിക്കുന്ന മഹാ-ബഹുമതിയാണ്, മഹാഭാഗ്യമാണ്, മഹാആനന്ദമാണ്. പുരുഷന് ലഭിക്കാത്ത മഹാ ബഹുമതിയാണത് എന്ന വ്യാഖ്യാനത്തിൽ സ്ത്രീ-പുരുഷ സമത്വമില്ല എന്നു വാദിക്കുന്നത് എത്ര മൗഢ്യമാണെന്ന് പുരുഷന് മഹാശാസ്ത്രം ലഭിക്കുമ്പോഴും, സ്ത്രീജന്മമെടുക്കുമ്പോഴും തെളിയുന്നു. ദൈവം മഹാ-സമത്വത്തെ മഹാനിർവ്വഹിക്കുന്നു ! മഹാനീതിയാണ് ദൈവം. ദൈവത്തിനു മാത്രം മഹത്വം...**

# കാമപരമായ വിദ്യാഭ്യാസം

മനുഷ്യനും മറ്റുള്ള ജീവികളും തമ്മിലുള്ള വ്യത്യാസങ്ങളിൽ ശീലങ്ങളും സംഗീതവും ഉൾപ്പെടെയുള്ള വിദ്യാഭ്യാസവും ഉൾപ്പെടുന്നുണ്ട്. മനുഷ്യാവസ്ഥയിൽ എല്ലാ വിഷയങ്ങളെയും പഠിപ്പിക്കുകയും പഠിക്കുകയും ചെയ്യുന്ന സംവിധാനമാണ് പൊതുവെ ഉള്ളത്. മറ്റുള്ള ജീവികൾക്ക് ഇല്ലാത്തതായ ഗുരു ശിഷ്യ വിദ്യാഭ്യാസ സമ്പ്രദായം, ബുദ്ധി ശക്തി കൂടുതൽ ലഭ്യമായ മനുഷ്യന് ആവശ്യമാകുന്നതിനെ വിരോധാഭാസമായി കാണേണ്ടതില്ല. അതേസമയം വിദ്യാഭ്യാസം ചെയ്യാൻ മനുഷ്യൻ തട്ടിക്കൂട്ടിയിട്ടുള്ള സ്ഥാപനങ്ങളും, നിയമങ്ങളും ചട്ടങ്ങളും യൂണിഫോമും എല്ലാം 'വിദ്യാഭ്യാസം എന്ന ഉദ്ദേശത്തിൽ' നിന്നും, അതുപോലെ 'മണ്ണിന്റെ നിയമങ്ങളിൽ' നിന്നും വഴിതെറ്റിയിട്ടുണ്ട്. ദൈവ-വിപ്ലവം ആരംഭിക്കുമ്പോൾ മാറ്റം ഉണ്ടാകുന്നതാണ്. അടിസ്ഥാന പരമായി അറിയേണ്ടത് വിദ്യാഭ്യാസം വ്യക്തിയുടെ സ്വകാര്യമാണ്. മണ്ണിന്റെ നിയമങ്ങളിൽ പൊതു വിദ്യാഭ്യാസം എന്നൊന്നില്ല. അതുകൊണ്ടു പൊതുവായ പാതയ്ക്ക് /റോഡിന് പൊതുഖജനാവിൽ നിന്ന് ധനം ചെലവഴിക്കാമെന്നത് വിദ്യാഭ്യാസം പോല സ്വകാര്യങ്ങൾക്ക് പാടില്ല. വിജ്ഞാനം നേടിയ മുതിർന്നവർക്കും മറ്റും കുട്ടികളെ പഠിപ്പിക്കാം. പഠിപ്പിക്കുക, പഠിക്കുക, മാതൃഭാഷ കൂടാതെ മറ്റു ഭാഷകൾ പഠിക്കുക, ചുമട് എടുക്കുക, വിമാനം പറത്തുക, ഡോക്ടർ ആവുക, തുടങ്ങി ഏതൊരു പ്രവൃത്തിയും ചെയ്യാനും ചെയ്യാതിരിക്കാനും, വേതനം വാങ്ങാനും വാങ്ങാതിരിക്കാനും, ഹെൽമെറ്റും മാങ്ങാത്തൊലിയും ഉൾപ്പെടെ ഏതൊരു സാധനവും ഉപയോഗിക്കാനും ഉപയോഗിക്കാതിരിക്കാനും, ജീവാത്മാവിന് മഹാമാതാപിതാക്കളായ ഭൂമിയും ആകാശവും സമ്പൂർണ്ണമായ വ്യക്തിസ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. എല്ലാ ജീവികളും മണ്ണായ ഭൂമിയുടെ കുഞ്ഞുങ്ങൾ ആകയാൽ, എല്ലാ കുഞ്ഞുങ്ങളും ശരീരം ഉൾപ്പെട്ട മൂലകങ്ങളിലെ ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരം, വ്യക്തിസ്വാതന്ത്ര്യത്തെ ഉപയോഗിക്കണം എന്ന നിബന്ധന മാത്രമേയുള്ളൂ. വിശദീകരണം മൂലകങ്ങളിൽ ഉണ്ട്.

മൂലകങ്ങൾ ഭൂമിയായ ദൈവത്തിന്റെ അംശങ്ങളാണെന്നും ഭൗതിക അസ്തിത്വങ്ങളായ അവയിലെ ശാസ്ത്ര നിയമങ്ങളെ മാറ്റിനിർത്തിക്കൊണ്ട് മനുഷ്യന് തട്ടിക്കൂട്ടാൻ കഴിയുന്നത് ഭൗതികമായ അസ്തിത്വം ഇല്ലാത്ത കോപ്രായങ്ങളെ മാത്രമാണെന്നും 'ദാസ്യം' എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചതാണ്. മൂലകങ്ങളിലെ നിയമങ്ങൾ മാത്രമേ മൂലകങ്ങളെ കൊണ്ട് ഉണ്ടാക്കിയ ശരീരവുമായി ജീവിക്കുന്ന ജീവികൾക്ക് ചേരുകയുള്ളൂ. വിദ്യാഭ്യാസം ഉൾപ്പെടെ ഏതൊന്നിലും മനുഷ്യർ തട്ടിക്കൂട്ടുന്ന അസംബന്ധങ്ങളായ കോപ്രായങ്ങളെ മൂലകങ്ങളിലെ ന്യൂനശക്തികൾ എതിർക്കുന്നതും, മനുഷ്യർ അവയെ തിരുത്തുന്നതുവരെ ഭീകര വാദങ്ങളെയും പ്രവർത്തനങ്ങളെയും മനുഷ്യരിലൂടെ തന്നെ സൃഷ്ടിക്കുന്നതുമാണ്.

**കാമപരങ്ങളായ കാര്യങ്ങളെ ധർമ്മശാസ്ത്രപരമായി വിശദീകരിക്കുന്ന ഗുരുവായി ഒരു പുരുഷന് / പിതാവിന് പെരുമാറാൻ കഴിയുന്നത് പുരുഷ-വിദ്യാർത്ഥികളോടു മാത്രമാണ്. ആവക കാര്യങ്ങളെ പുരുഷനായ ഗുരു, സ്ത്രീകളെ/പെൺകുട്ടികളെ പഠിപ്പിക്കുന്നതും, അതുപോലെ പുരുഷ-വിദ്യാർത്ഥികളെ ഒരു സ്ത്രീ അഥവാ മാതാവ് പഠിപ്പിക്കുന്നതും സദാചാര ശാസ്ത്രപ്രകാരം സഭ്യമല്ല. പെൺകുട്ടികൾക്കു വേണ്ടി സ്ത്രീകൾ നടത്തുന്ന സ്ത്രീസഭ എന്ന ലളിതമായ പാഠശാല ദേവാലയത്തോടു ചേർന്ന് ഉണ്ടാവുന്നതാണ്.**

**മഹാപ്രപഞ്ചത്തിലെ വസ്തുക്കളിലുള്ള ന്യൂനാവസ്ഥ അത്യാനന്ദകരമാണെന്നും ജീവിതത്തിൽ അത്യാനന്ദം സൃഷ്ടിക്കുന്നുവെന്നും, വസ്തുവിന്റെ ഗുണദോഷങ്ങൾ ധർമ്മശാസ്ത്രം കൂടിയാണെന്നും ബോദ്ധ്യമാക്കുന്ന ഏതാനും ഉദാഹരണങ്ങൾ ചുവടെ കാണുക :-**

(1) കുഞ്ഞുങ്ങളുടെ സൃഷ്ടിയുമായി ബന്ധപ്പെടുത്തിയുള്ള സ്ത്രീയുടെ **പ്രസവം** : സ്ത്രീയ്ക്ക് യാതൊരു വേദനകളും ഇല്ലാതെയും, അടിവയർ വീർക്കുന്നതുപോലുള്ള പ്രത്യേകതകൾ ഇല്ലാതെയും കുഞ്ഞ് വളരുകയും, ഒരു നിമിഷംകൊണ്ട് വേദനകളില്ലാതെ ചെയ്യാവുന്ന ഒരു കർമ്മമായി പ്രസവത്തെ ആവിഷ്ക്കരിച്ചിരുന്നുവെങ്കിൽ പെൺകുട്ടികളും ആൺകുട്ടികളും കാമകാര്യങ്ങളിൽ വഴിപിഴയ്ക്കുന്നത് സർവ്വ സാധാരണം ആകുമായിരുന്നു. യൗവ്വനത്തിലുള്ള സ്ത്രീകളും പുരുഷന്മാരും മാത്രമല്ല, മുതിർന്നവരും ഇക്കാര്യത്തിന്റെ വിവിധ തലങ്ങളെ അല്പനേരം ചിന്തിക്കണം.

**വേദനകൾ ഉണ്ടായിട്ടും വ്യത്യസ്ത അളവുകളിൽ ഭൂമിയിലെങ്ങും സെക്സ് ഏറ്റവുമധികം വഴിപിഴച്ചിട്ടുള്ളതിനെ വിശകലനം ചെയ്യണം.** കുട്ടികൾ മുതിരുമ്പോൾ പോലും അവരുടെ അമ്മയ്ക്ക് കുട്ടികളുടെ മേൽ പുലർത്താനാകുന്ന പ്രത്യേക അധികാരം കുട്ടികളെ ഉദരത്തിൽ വഹിച്ചതും പ്രസവവേദന ഉൾപ്പെടെയുള്ള വേദനകളെ അനുഭവിച്ചതും പാലൂട്ടിയും തൂറിവാരിയും വളർത്തിയതുമൊക്കെ മുൻനിർത്തിയാണ് എന്നിരിക്കെ പ്രസ്തുത അധികാരവും അവകാശവും ഇല്ലാതെ വരാൻ വേദനയില്ലാത്ത പ്രസവം വഴിവെയ്ക്കുന്നതാണ്. കൂടുതൽ വിസ്തരിക്കുന്നില്ല.

**ഭൂമിയിൽ മറ്റുള്ള ജീവികൾക്കും അവകാശമുണ്ട്.**

ദൈവം ഭൂമി സൃഷ്ടിച്ചിട്ടുള്ളത് എല്ലാ ജീവികൾക്കും വേണ്ടി ആയതുകൊണ്ടാണ് എല്ലാ ജീവികളും ഭൂമിയിൽ ജീവിക്കുന്നത്. മത്സ്യങ്ങളും, സസ്യങ്ങളും, പക്ഷികളും, മൃഗങ്ങളും ഈ ഭൂമിയിൽ ഇല്ലായിരുന്നെങ്കിൽ മനുഷ്യന്റെ അവസ്ഥ വളരെ ശോച്യമാകുമായിരുന്നു. വായു, വെള്ളം, മണ്ണ് ഇവ കഴിഞ്ഞാൽ ഭക്ഷണകാര്യമാണ് മനുഷ്യന് ഏറ്റവും പ്രധാനം എന്നതുകൊണ്ടു മാത്രമല്ല, മത്സ്യങ്ങളും, സസ്യങ്ങളും, പക്ഷികളും, മൃഗങ്ങളും ഈ ഭൂമിയിൽ ഇല്ലായിരുന്നെങ്കിൽ ഭൂമി അസുന്ദരമാകുമായിരുന്നു.

മനുഷ്യരിലെയും മറ്റുള്ള ജീവികളിലെയും കാമകാര്യങ്ങളിലെ വ്യത്യാസങ്ങൾ എന്ന അദ്ധ്യായത്തിലെ ഏതാനും വാക്യങ്ങൾ കൂടി:-

മനുഷ്യൻ എന്ന ഒരേ ഒരു ജീവിക്കുമാത്രം ഭൂമി, ശാസ്ത്രജ്ഞാനം നൽകുകയും അതിൻ പ്രകാരം പ്രപഞ്ചത്തിന്റെ ഭരണകാര്യങ്ങളെ കുറെ ഏല്പിക്കുകയും ചെയ്തപ്പോൾ, ഉത്തരവാദിത്തത്തോടെ പെരുമാറേണ്ടത് മനുഷ്യരുടെ സ്വയം ബാദ്ധ്യതയാണ്. മറ്റുള്ള ജീവികളെ ക്കൊണ്ട് പ്രപഞ്ചത്തെ മഹാസുന്ദരമാക്കിയതു കൂടാതെ അവയെ അല്പം ഭരിക്കുവാനും മനുഷ്യനെ ശാസ്ത്രജ്ഞാനം പ്രകാരം അനുവദിച്ചിട്ടുള്ളത് അവയെ പീഢിപ്പിക്കുവാനല്ല, മറിച്ച് അവയോടെല്ലാമൊത്ത് വളരെയധികം ആനന്ദിച്ചു ജീവിക്കാനാണ് എന്നറിയണം. സ്വാർത്ഥ സുഖത്തിനായല്ലാതെ മറ്റുള്ള ജീവികളെ കരുതുവാൻ മനുഷ്യനു കഴിയുന്നുണ്ടോ എന്നു ചിന്തിക്കണം.

മറ്റുള്ള ജീവികൾ പൊതുവെ മനുഷ്യനെ ഉപദ്രവിക്കുന്നില്ല എന്നതാണ് വാസ്തവം. ശാസ്ത്രജ്ഞാനവും അധികാരവും കൂടുതൽ ലഭിച്ച മനുഷ്യർ മറ്റുള്ള ജീവികളെ പീഢിപ്പിക്കുന്നുണ്ട്. മറ്റുള്ള ജീവികളെ പീഢിപ്പിക്കുന്നവർ തീർച്ചയായും അവ തങ്ങളെ പീഢിപ്പിച്ചിരുന്നുവെങ്കിൽ എന്നത് ചിന്തിക്കണം. മനുഷ്യാവസ്ഥയിൽ മോക്ഷം നൽകുന്നതിനു മുമ്പ് മനുഷ്യന് പശുവും പശു-പതിയായ കാളയായും ജന്മം നല്കുന്നതിന്റെ ഒരു കാരണവും ജീവികളെ പീഢിപ്പിക്കുന്നതിൽ നിന്ന് മനുഷ്യൻ പിന്തിരിയാനാണ്.

ഭൂമിയെ അഥവാ മണ്ണിനെ സ്വന്തമാക്കാൻ മനുഷ്യന് സാധിക്കുമോ, അവകാശമുണ്ടോ എന്നെല്ലാം ചിന്തിക്കണം. മണ്ണ് അഥവാ സ്ഥലം സ്വന്തമാക്കാനായി മനുഷ്യൻ തത്രപ്പെടുമ്പോൾ, മറ്റുള്ള ജീവികളെ കരുതുവാൻ കഴിയുന്നുണ്ടോ എന്നു ചിന്തിക്കണം. ഭൂമിയിൽ അഥവാ മണ്ണിൽ ജീവിക്കാനും മറ്റുള്ള ജീവികളെ ഭാഗീകമായി ഭരിച്ചു ജീവിക്കാനും, അവസരം കിട്ടിയവർ, ഭൂമിയിൽ ജീവിക്കാൻ അവസരം കിട്ടിയിട്ടുള്ള മറ്റുള്ള ജീവികളെ കരുതുവാൻ ബാദ്ധ്യസ്ഥരാണ്. അവയോട് എങ്ങനെ പെരുമാറണം എന്നതിനെപ്പറ്റി ധർമ്മ ശാസ്ത്രപരമായി ചിന്തിക്കാനും പ്രവർത്തിക്കാനും ബാദ്ധ്യസ്ഥരാണ്.

**മനുഷ്യരുടെ വീട്ടിലും പുരയിടത്തിലും ഒക്കെ ജീവിക്കുന്ന എറുമ്പുകളും ചിലന്തികളും പൂച്ചകളും പാമ്പുകളും പക്ഷികളുമൊക്കെ മനുഷ്യരുണ്ടാക്കിയിട്ടുള്ള ഭൂമി-ആധാരങ്ങളെയും കെട്ടിട-ഉടമസ്ഥതകളെയും വിലയില്ലാത്തവയെന്ന് തെളിയിക്കുന്നുണ്ട്.**

മനുഷ്യന് ബുദ്ധിശക്തികളെ കൂടുതൽ ലഭിച്ചിരിക്കെ, മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രജ്ഞാനം ലഭിക്കുന്നതനുസരിച്ച് അവയെ ഉൾക്കൊണ്ട് ജീവിക്കേണ്ടതുണ്ട്.

**ഭൂമിയും അതിലെ വസ്തുക്കളും മറ്റുള്ള ജീവികളും സൃഷ്ടിച്ചിട്ടുള്ളത് മനുഷ്യരല്ല, മറ്റുള്ള ജീവികളെപ്പോലെ മനുഷ്യരും ഭൂമിയിൽ ജനിക്കുന്നു, ജീവിക്കുന്നു, മരിക്കുന്നു എന്നല്ലാതെ ഞാൻ ഞാൻ എന്നവകാശപ്പെടുന്ന ശരീരത്തെപ്പോലും മരണത്തിൽ ഉപേക്ഷിക്കേണ്ടവരാണ് എന്ന ബോധം ഉൾക്കൊണ്ട് ജീവിക്കേണ്ടതുണ്ട്.** ഭൂമിയും ഭൂമിയിലെ വസ്തുക്കളും മറ്റുള്ള ജീവികളും ഏതാനും മനുഷ്യരുടെയോ മുഴുവൻ മനുഷ്യരുടെയോ മാത്രം ഉപയോഗത്തിനുള്ളതല്ല എന്നറിയാമെങ്കിലും, അതു മറന്നുകൊണ്ടു തന്നെയാണ് പൊതുവെ മനുഷ്യർ ജീവിക്കുന്നത്.

**കർത്താവായ ദൈവം കൂടുതൽ ബുദ്ധിശക്തികളെ മനുഷ്യർക്കു നൽകിയിരിക്കെ, ഭൂമിയിൽ എന്തെല്ലാം അവകാശങ്ങളും അധികാരങ്ങളും മനുഷ്യർക്കു കൂടുതലായുണ്ടെന്നും, അവയുടെ ഉദ്ദേശമെന്തെന്നും അഥവാ മനുഷ്യന്റെ ധർമ്മങ്ങൾ എന്തെല്ലാം എന്നും ശാസ്ത്രപ്രകാരം വിശകലനം ചെയ്യുവാൻ മനുഷ്യന് ബാദ്ധ്യതയുണ്ട്.**

**ജീവി-സൃഷ്ടിയിലെ അഞ്ചാമത്തേതും അവസാനത്തേതുമായ അവസ്ഥയാണ് മനുഷ്യാവസ്ഥയെന്നും, മനുഷ്യാവസ്ഥയിൽ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം ലഭ്യമാവുകയും മഹാശക്തിയായ ദൈവത്തെ അറിയുകയും മഹാപ്രപഞ്ചത്തിലുള്ള അനന്തമായ ആനന്ദങ്ങളെ അറിയുകയും അനുഭവിക്കുകയും ചെയ്യുന്നുവെന്നും വ്യക്തമാക്കി; കൂടാതെ, മഹാശാസ്ത്രം ലഭ്യമാകുവാൻ ധർമ്മ ശാസ്ത്രപ്രകാരമുള്ള കുടുംബജീവിതം ആവശ്യമാകുന്നുവെന്നും സമൂഹത്തിലെ വ്യക്തികളെല്ലാം കുടുംബജീവിതത്തെ ശ്രേഷ്ഠപ്പെടുത്തണമെന്നും വ്യക്തമാക്കി.**

**കുടുംബജീവിതം നയിക്കണമെങ്കിൽ വ്യക്തികൾക്ക് തങ്ങളുടെ സ്വകാര്യ ഉടമസ്ഥതയിലെന്ന പോലെയോ പൊതു ഉടമസ്ഥതയിലെന്നപോലെയോ സ്ഥലവും വീടും കെട്ടിടങ്ങളും വാഹനങ്ങളും ഒക്കെ ആവശ്യമുണ്ട്.**

**ദൈവം മനുഷ്യന് ശാസ്ത്രജ്ഞാനം നൽകുന്നു; മനുഷ്യരിലൂടെ ശാസ്ത്രവികസനം നടത്തുന്നു എന്നതിനെ മനുഷ്യന് ദൈവം ഉദ്ദേശിച്ചിട്ടുള്ള ധർമ്മങ്ങളുമായി കൂട്ടിവായിക്കുമ്പോൾ സ്ഥലവും വീടും കെട്ടിടങ്ങളും വാഹനങ്ങളും ഒക്കെ ദൈവം അനുവദിക്കുന്നു, അനുഗ്രഹിച്ചിരിക്കുന്നു എന്നാണ് അർത്ഥം. അതേസമയം ശാസ്ത്ര വികസനത്തിലൂടെ മഹാപ്രപഞ്ചത്തിലെ അനന്തമായ ആനന്ദങ്ങളെ അറിയുവാനും അനുഭവിക്കുവാനും ഭാഗ്യം ലഭിക്കുന്ന മനുഷ്യർ, മറ്റുള്ള ജീവികളെ പീഢിപ്പിക്കാതിരിക്കുവാനും പകരം അവയുടെ സന്തോഷത്തെ കരുതുവാനും കൂടി ശ്രദ്ധിക്കണമെന്ന് ധർമ്മ ശാസ്ത്രം സുവ്യക്തമാക്കുന്നു.**

ഭൂമിയിലെ കരപ്രദേശങ്ങളെ നാടും കാടുമായി രണ്ടായി തിരിച്ചാൽ മുഖ്യമായും നാട് മനുഷ്യർക്കായും, കാട് മറ്റുള്ള ജീവികൾക്കായും കണക്കാക്കണം. കാടുകളായിരുന്ന കുന്നുകളെയും മലകളെയും മനുഷ്യർ വെട്ടിത്തെളിച്ച് കൃഷി ചെയ്യുമ്പോഴും, അവയുടെ പ്രകൃതി തന്നെ അവ കാടുകൾ ആയിരിക്കേണ്ടവയാണെന്ന് വ്യക്തമാക്കുന്നു. അതുപോലെ ഓരോ പ്രദേശങ്ങളിലുമുള്ള കന്നുകാലികൾക്ക് മേഞ്ഞു നടക്കുവാൻ പച്ചപ്പുല്ല് സമൃദ്ധമായ താഴ്‌വരകളും കുന്നുകളോടു ചേർന്നുണ്ട്.

കാട് മറ്റുള്ള ജീവികൾക്കു മാത്രമുള്ളതല്ല. കര-പ്രദേശങ്ങളെ കുന്നുകളും മലകളും പർവ്വതങ്ങളും തോടുകളും നദികളും കായലുകളും കടലും കൊണ്ട് ദൈവം വേർതിരിച്ചിട്ടുള്ളതും, കടലിൽ ചെറുതും വലുതുമായ ദ്വീപുകളെ സൃഷ്ടിച്ചിട്ടുള്ളതും വ്യക്തമായ ഉദ്ദേശത്തോടെയാണ്, അഥവാ ധർമ്മ ശാസ്ത്രപ്രകാരമാണെന്ന് തിരിച്ചറിയണം. പുരയിടങ്ങളുടെ ഇടയിൽ കാവുകൾ എന്ന പേരിൽ ചെറിയ കാടുകൾ ഉണ്ടാവുന്നതിനെ മറ്റ് അത്യാവശ്യം ഇല്ലെങ്കിൽ മനുഷ്യർ തടയരുത്. മറ്റുള്ള ജീവികളെ കരുതുന്നതിന് തങ്ങൾക്കു ലഭിച്ച അധിക ബുദ്ധിശക്തികളെ പ്രയോജനപ്പെടുത്തിയെന്ന് അഭിമാനിക്കാൻ മനുഷ്യനു കഴിയണം.

ജീവികൾക്ക് ജീവിക്കണമെങ്കിൽ ശുദ്ധമായ വായുവും, വെള്ളവും, മണ്ണും / ഭക്ഷണവും ലഭിക്കണം. മറ്റു ജീവികൾക്കും മനുഷ്യർക്കും വേണ്ടി നല്ലത് മാത്രമേ ദൈവമായ ഭൂമി സൃഷ്ടിച്ചിട്ടുള്ളൂ. **മറ്റുള്ള ജീവികൾക്ക് മനുഷ്യൻ ഭക്ഷണം കരുതണ്ട. എന്നാൽ ഭൂമി അവയ്ക്ക് കരുതിയിട്ടുള്ള വായുവും, വെള്ളവും, മണ്ണും / ഭക്ഷണവും തട്ടിയെടുക്കുകയും ചൂഷണം ചെയ്യുകയുമരുത്.**

മനുഷ്യർ വ്യക്തിസ്വാതന്ത്ര്യത്തെ ദുരുപയോഗിച്ച് വായുവും ജലവും മണ്ണും അശുദ്ധമാക്കി ക്കൊണ്ടിരിക്കുന്നു. ഫലത്തിൽ, മറ്റുള്ള ജീവികളുടെ ഓഹരിയിൽ മനുഷ്യർ ചൂഷണം ഉൾപ്പെട്ട അധർമ്മവും അനീതിയും കാട്ടുന്നു. മഹാശാസ്ത്ര പ്രകാരം മഴയിലൂടെയും തീയിലൂടെയും ഒക്കെ ഭൂമി പ്രകൃതിയെ ശുദ്ധിപ്പെടുത്തുമ്പോഴും മനുഷ്യർ മൂലം സൃഷ്ടിക്കപ്പെടുന്ന പൈശാചിക ന്യൂനശക്തികൾ കാരണം പ്രകൃതി വളരെയധികം അശുദ്ധമാകുന്നുണ്ട്.

ഭൂമിയായ ദൈവത്തിന്റെ ധർമ്മ - ദ്രാവകരൂപമായ ജലത്തോട് മാലിന്യങ്ങളെ ചേർക്കാൻ പാടില്ല. തോടുകളിലും നദികളിലും മറ്റ് ജലാശയങ്ങളിലുമല്ലാതെ കുളിക്കുന്ന ജലം അഥവാ കുളിമുറിയിൽ ശരീരം ശുചിചെയ്യുന്ന ജലം പോലും അധികമായുണ്ടെങ്കിൽ ഭൂമി കുഴിച്ച്-മണ്ണിലേക്ക് പ്രവേശിപ്പിക്കുക എന്നല്ലാതെ ഓടകളിലേക്കും തോടുകളിലേക്കും നദികളിലേക്കും കായലുകളിലേക്കും കടലിലേക്കും തള്ളാൻ പാടില്ല.

മനുഷ്യർ ഒഴികെയുള്ള ജീവികളെ ശ്രദ്ധിച്ചാൽ, അവയൊന്നും ചെയ്യാത്ത പാതകമാണ് മനുഷ്യർ ചെയ്യുന്നതെന്ന് മനസ്സിലാക്കാം. മറ്റു മനുഷ്യർക്കും, അന്യജീവികൾക്കും കുടിവെള്ളമായി ഉപകരിക്കുന്ന ജലത്തെ മലിനപ്പെടുത്താൻ പാടില്ല. പ്രകൃതിക്ക് ദോഷമുണ്ടാക്കാത്ത ചില മാലിന്യങ്ങളെ കത്തിച്ചുകളയാവുന്നതാണ്.

മാലിന്യങ്ങളുടെ മേലും നീതി നിർവ്വഹിക്കേണ്ടത് ദൈവത്തിന്റെ നീതിരൂപവും ഖരരൂപവുമായ മണ്ണിലൂടെയാവണം. ശവശരീരങ്ങളെ മണ്ണിൽ കുഴിച്ചിടുമ്പോലെ മാലിന്യങ്ങളെയും മണ്ണിൽ കുഴിച്ചുമൂടുക. മനുഷ്യന്റെ ഭക്ഷണ അവശിഷ്ടം കാക്ക, പന്നി തുടങ്ങിയ ജീവികൾക്ക് ഭക്ഷണമാകുമ്പോൾ, മനുഷ്യന് മാലിന്യമായി തോന്നിയതുകൊണ്ട് യാതൊന്നും മാലിന്യം ആകുന്നില്ല എന്ന അർത്ഥം ഉണ്ടാകുന്നുണ്ട്. മഹാപ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളുടെയും ധർമ്മങ്ങളെ കോർത്തിണക്കുന്ന ധർമ്മ ശാസ്ത്രവും നീതിശാസ്ത്രവും ഉണ്ട്.

ശാസ്ത്ര ജ്ഞാനം വളരെ നൽകിയിട്ടും, ധർമ്മ ശാസ്ത്രപരമായി പ്രവർത്തിക്കാതെ, പകരം തങ്ങളുടെയും ചുറ്റുമുള്ളവരുടെയും ശുചിത്വ ജീവിതത്തിന് വിനയാകും വണ്ണം മാലിന്യങ്ങളെ മനുഷ്യൻ തോടുകളിലും നദികളിലും കായലുകളിലും കടലിലും തള്ളരുത് എന്നും **ഭൂമി നൽകുന്ന ആനന്ദങ്ങളെ** ദുരുപയോഗമോ ദുഷിപ്പിക്കുകയോ ചെയ്യരുത് എന്നുമാണ് വ്യക്തമാക്കിയത്.

**ഭൂമിയിലെ 100 അളവ് ആനന്ദങ്ങളിൽ നിന്നും മനുഷ്യന്റെ പകുതിയായ സ്ത്രീക്കും പുരുഷനും മൊത്തം 115 + 65 = 180 അളവ് വീതവും, ഒരു മുഴു ആത്മാവിന് 360 അളവും ആനന്ദം ലഭിക്കുന്നുണ്ട്.**

ഭക്ഷണം 40, തൊഴിൽ 20, ദാനം / ത്യാഗം 5, ഭക്തി /പ്രിയം/ആദരം 5, ദാസ്യം 5, വാത്സല്യം 5, പ്രേമം 5, പ്രേമ സാക്ഷാത്കാരം 5 എന്നിവ ചേർത്താൽ 90 അളവ് ആകുന്നതാണ്. അവയിലെ ഭക്തി /പ്രിയം/ആദരം 5, ദാസ്യം 5, വാത്സല്യം 5, പ്രേമം 5, പ്രേമ സാക്ഷാത്കാരം 5 എന്നിവ ചേർത്തുണ്ടാക്കുന്ന കാമം 25 കൂടി കൂട്ടിയാൽ 115 അളവായി. ചുവടെ വിവരിക്കുന്ന മഹാദാസ്യം 30 + മഹാവാത്സല്ല്യം 35 = 65 അളവുകളിലുള്ള ദൈവത്തിന്റെ ആനന്ദങ്ങളും യഥാർത്ഥത്തിൽ കുഞ്ഞുങ്ങളായ ജീവികൾക്കു നൽകുന്നവയാണ്. അപ്പോൾ 115 + 65 = 180 അളവായി. മനുഷ്യന്റെ ഒരു പകുതിക്ക് ലഭിക്കുന്ന ആനന്ദമാണത്. രണ്ടു പകുതികളും ചേർന്ന ഒരു ആത്മാവിന് 360 അളവ് ആനന്ദം ലഭിക്കുന്നതാണ്. ആനന്ദങ്ങളുടെ അളവുകളെ ബന്ധപ്പെടുത്തി മനുഷ്യരുടെ ജീവിത കാര്യങ്ങളെ മൊത്തത്തിൽ ക്രമീകരിച്ചിട്ടുണ്ട്.

## മേല്പടി ആനന്ദങ്ങളിൽ 5 അളവിലുള്ള പ്രേമ സാക്ഷാത്കാരം മാത്രമാണ് യഥാർത്ഥത്തിൽ ജീവാത്മാവിന്റെ ഭൗതിക അസ്തിത്വവുമായി ബന്ധപ്പെട്ടിരിക്കുന്നത്. അതും പ്രപഞ്ചത്തിലെ ആനന്ദങ്ങളുടെ ഭാഗം തന്നെയാണ്.

**മാനുഷിക ആനന്ദങ്ങളും അളവുകളും**

ഭക്ഷണസാധനങ്ങൾ 40, ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നിങ്ങനെ ഭൂമിയിലെ യഥാർത്ഥമായ 4 വിഭാഗ-തൊഴിലുകൾക്കും 20, ദാനം (ത്യാഗം) 5, ഭക്തി (പ്രിയം, ആദരം, ആരാധന) 5, ദാസ്യം 5, വാത്സല്യം 5, പ്രേമം 5, പ്രേമ-സാക്ഷാത്ക്കാരം 5

**മനുഷ്യരുടെ പരമാനന്ദമായ കാമം 25**

സൃഷ്ടിച്ചിട്ടുള്ളത് ഭക്തി (പ്രിയം, ആദരം) 5, ദാസ്യം 5, വാത്സല്യം 5, പ്രേമം 5, പ്രേമ-സാക്ഷാത്ക്കാരം 5 എന്നിവയെ സംയോജിപ്പിച്ചാണ്.

**മഹാപ്രപഞ്ചത്തിലെ മൊത്തം ആനന്ദം 100 അളവ്**

**ദൈവ-ആനന്ദങ്ങളും അളവുകളും**

**1. മഹാദാസ്യം 30**

മനുഷ്യരുടെ പരമാനന്ദമായ കാമം 25 -നോട് വീണ്ടും ദാസ്യം 5 ചേർത്താണ് **മഹാദാസ്യം 30** സൃഷ്ടിച്ചിട്ടുള്ളത്.

**2. മഹാവാത്സല്യം 35**

മഹാദാസ്യം 30 -നോട് വീണ്ടും വാത്സല്യം 5 ചേർത്താണ് **മഹാവാത്സല്യം 35** സൃഷ്ടിച്ചിട്ടുള്ളത്.

## മാനുഷിക ആനന്ദങ്ങളും, ദൈവ ആനന്ദങ്ങളും സംക്ഷിപ്തമായി വിവരിക്കുന്ന മേല്പടി പട്ടിക പല ഗ്രന്ഥങ്ങളിലും ചേർത്തിട്ടുണ്ട്. എന്നാൽ വർഷങ്ങൾക്കു മുമ്പ് തയ്യാറാക്കിയ സമയത്ത് ലഭിക്കാഞ്ഞ അനേകം പുതിയ അറിവുകൾ 2019 സെപ്തംബർ മാസത്തിൽ മഹാഅനുഗ്രഹിച്ചു നൽകിക്കൊണ്ട് മഹാദേവി ഈയുള്ളവനിലൂടെ ആനന്ദശാസ്ത്രത്തെ വിശദീകരിച്ചിരിക്കുകയാണ്.

## ആനന്ദ കാര്യങ്ങളെ ദൈവ വിപ്ലവം ആരംഭിച്ച ശേഷം കൂടുതൽ വിശദീകരിച്ചും യഥോചിതവും ഭൂമിയായ മഹാദേവി വെളിപ്പെടുത്തുന്നതാണ് !

**ഭക്തിക്കൂത്തുകൾ ഉപേക്ഷിച്ചു കൊണ്ട് ഓരോ ജീവാത്മാവിന്റെയും പ്രത്യക്ഷ ദൈവമായ ശരീരം മഹാവാത്സല്ല്യത്തോടെ അറിയിക്കുകയും നിർവ്വഹിക്കുകയും ചെയ്യുന്ന കാര്യങ്ങളിൽ ശ്രദ്ധിച്ചാൽ കൂടുതൽ ആനന്ദത്തോടെ ജീവിക്കാൻ കഴിയും.**

ഓരോ ജീവാത്മാവിന്റെയും പ്രത്യക്ഷ ദൈവമാണ് സ്വന്തമെന്ന് കരുതുന്ന ശരീരം എന്ന് 'ദാസ്യം' എന്ന അദ്ധ്യായത്തിലും, മറ്റും വിശദമായി തെളിയിച്ചിരുന്നു. ഭൂമിയിലെ മുഴുവൻ മനുഷ്യരുടെയും കൈവിരൽ അടയാളങ്ങൾ വ്യത്യാസപ്പെട്ടിരിക്കുന്നത് അനുഭവിച്ചു ജീവിക്കുന്നവർ, വ്യത്യസ്തമായ അസ്തിത്വങ്ങളെ അവ തിരിച്ചറിയുമ്പോൾ ജീവാത്മാവിന്റെ പ്രകടമായ ചില ജന്മഗുണങ്ങളെയാണ് പ്രതിഫലിപ്പിക്കുന്നതെന്നും അറിയണം. അതേപോലെ മറ്റ് ജന്മഗുണങ്ങളെ ഓരോ ശരീരത്തിലും രേഖപ്പെടുത്തിയിട്ടുണ്ട് എന്നും തൽക്കാലം മനുഷ്യർക്ക് ആവിധ ജ്ഞാനം ലഭിച്ചിട്ടില്ല എന്നേയുള്ളൂ എന്നും അറിയണം. ഹസ്ത രേഖകൾ ഭാവിയും ഭൂതവും വർത്തമാനവും പറയാനുള്ളവയല്ല എന്ന വിപലവും ശാസ്ത്ര പരവുമായ അർത്ഥത്തോടെ കാണണം. റേഷൻ കടകളിൽ വിരൽ പതിപ്പിച്ച് വ്യക്തിയെ തിരിച്ചറിയുന്നത് ഒരു നിമിഷം ഓർക്കുക. മനുഷ്യരുടെ ജീവിത ആവശ്യങ്ങളെ ലളിതമായി പരിഹരിക്കാൻ കഴിയുന്ന മഹാശാസ്ത്ര സംവിധാനത്തെ കൈവിരൽ അടയാളങ്ങൾ, ശരീരത്തിലെ മറ്റ് അടയാളങ്ങൾ എന്നിവ വഴി രേഖപ്പെടുത്തിയിരിക്കുന്നു എന്നത് വിഷയത്തിന്റെ ഒരു വശം മാത്രമാണ്. ആഞ്ഞിലിക്കുരുവിൽ വൻമരത്തെ പ്രോഗ്രാം ചെയ്തിട്ടുള്ളതും ചിന്തയിൽ വരണം. ആരോഗ്യം, രോഗങ്ങൾ, സൃഷ്ടിപരവും സ്ഥിതിപരവുമായ വിധികൾ തുടങ്ങിയവ നിർവ്വഹിക്കുന്ന ജാലങ്ങളെ ഒരുക്കി, ദൈവവും മഹാജാലവുമായ ശരീരം മഹാവാത്സല്ല്യത്തോടെ ജീവാത്മാവിന്റെ ആനന്ദങ്ങളെ വർദ്ധിപ്പിക്കുകയാവും !

# ദൈവത്തിന്റെ ആനന്ദങ്ങൾ

ജീവികളുടെയെല്ലാം മഹാമാതാവും മഹാനീതിയുമായ ഏകദൈവം, താൻ സൃഷ്ടിച്ചിട്ടുള്ള ആനന്ദങ്ങൾക്കെല്ലാം അതീതമാണെങ്കിലും, ഒരു മഹാജീവിയെ പോലെ മഹാപ്രപഞ്ചത്തിലെ കാര്യങ്ങളിൽ ഇടപെട്ട് പ്രവർത്തിക്കുന്നതിനാൽ, കുഞ്ഞുങ്ങളുടെയെല്ലാം സന്തോഷത്തെ കണക്കാക്കി കുഞ്ഞുങ്ങളായ ജീവികളോടുള്ള മഹാവാത്സല്യത്തെ മഹാമാതാവായ മഹാദേവിയുടെ മഹാആനന്ദമായും, മഹാദേവിയോടുള്ള മഹാദാസ്യത്തെ തന്റെ ഭാഗവും ഭർത്താവും ഏകദാസനും പ്രപഞ്ചപിതാവും മഹാനീതി-പതിയും മഹാദേവനുമായ പരമശിവന്റെ മഹാആനന്ദമായും മഹാനിശ്ചയിച്ചിട്ടുണ്ട്.

മനുഷ്യന്റെ പരമാനന്ദ അളവായ 25 -നോട്, 5 അളവോടെയുള്ള ദാസ്യത്തെ ഒരിക്കൽകൂടി കൂട്ടുമ്പോൾ 30 അളവുകളുള്ള മഹാദാസ്യവും, മഹാദാസ്യം 30 നോട് 5 അളവോടെയുള്ള വാത്സല്യത്തെ ഒരിക്കൽകൂടി കൂട്ടുമ്പോൾ 35 അളവുകളുള്ള മഹാവാത്സല്യവുമായി.

**മഹാദാസ്യവും മഹാവാത്സല്യവും ദൈവത്തിന്റെ ആനന്ദങ്ങളായും, മറ്റുള്ളവയെ ജീവികളുടെ ആനന്ദങ്ങളായും മഹാഅനുഗ്രഹിച്ചിട്ടുള്ളത് മഹാശക്തിയും മഹാനീതിയുമായ മഹാദേവിയാണ്.**

സൃഷ്ടികളും കുഞ്ഞുങ്ങളുമായ മനുഷ്യർക്ക് ചിന്തിക്കാൻ പോലും വിഷമം ഉള്ളവയാണ് ദൈവീക ആനന്ദങ്ങളുടെ ഭൗതിക അസ്തിത്വം. എങ്ങനെയെന്നാൽ, ഭൂമിയിലെ വസ്തുക്കളിലും ശരീരങ്ങളിലും എല്ലാ ആറ്റങ്ങളിലും യഥാക്രമം ശിവ പ്രോട്ടോണായും ശിവൻ ഇലകട്രോണായും ഓംകാര നീതിശാസ്ത്രം പ്രകാരം ചേർന്ന് അഥവാ **ഓം** പ്രകാരം പ്രണയിച്ച് ഏകദൈവത്തിന്റെ മഹാആനന്ദങ്ങളായി മഹാവാത്സല്ല്യത്തെയും മഹാദാസ്യത്തെയും സൃഷ്ടിച്ചിരിക്കുകയാണ്. അഥവാ ഭൂമി, അംശമായ വസ്തുക്കളിലൂടെയും ശരീരങ്ങളിലൂടെയും മഹാവാത്സല്ല്യവും മഹാദാസ്യവും സൃഷ്ടികളും കുഞ്ഞുങ്ങളുമായ ജീവാത്മാക്കൾക്കു വേണ്ടി ഒരുക്കുകയും അവ പ്രകാരം ജീവാത്മാക്കളെ സേവിക്കുകയുമാണ്.

**ദിവ്യമായ മഹാനീതി കാര്യങ്ങളാണ് അവ.**

ശിവയും ശിവനും വസ്തുക്കളുടെ ആറ്റങ്ങളിലെ പ്രോട്ടോണും ഇലക്ട്രോണും ആയി 'ഓം ശിവശിവൻ പ്രണയമന്ത്രം' കൊണ്ട് മഹാവാത്സല്ല്യത്തെ മഹാആനന്ദമായി, സ്വീകരിച്ചിട്ടുള്ളതു കൊണ്ടു മാത്രമാണ് ജീവാത്മാക്കളുടെ മഹാദാസരാവാൻ ശിവയ്ക്കും, ശിവയുടെ ഭാഗമായ ശിവനും സാധിക്കുന്നത്.

**ഏറെക്കുറെ 100 മൂലകങ്ങളും അവയുടെ സംയുക്തങ്ങളും മിശ്രിതങ്ങളുമായി മണ്ണും ദൈവവുമായ ഭൂമിയിലെ വസ്തുക്കളും ശരീരങ്ങളും മഹാവാത്സല്ല്യത്തോടെ സൃഷ്ടികളായ ജീവാത്മാക്കളുടെ ദാസ്യവേല ചെയ്യുകയാണ്.**

പ്രപഞ്ച ഉല്പത്തിയും കുഞ്ഞുങ്ങളായ ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളും 'ഭൂമിയായ ഏകദൈവം' നിർവ്വഹിക്കുന്നത് വിവരിക്കുമ്പോൾ, ദൈവത്തിന്റെ ആനന്ദങ്ങൾ 'മഹാവാത്സല്ല്യവും മഹാദാസ്യവും' മാത്രമാണെന്നു തെളിയുന്നതാണ്. ഈ ഗ്രന്ഥത്തിലെ 'സത്യം ശിവം സുന്ദരം' എന്ന അദ്ധ്യായത്തിൽ കൂടുതലായും, മുകളിൽ 'ആരാധന' യിൽ ഒരല്പവും വിശദീകരിച്ചിട്ടുണ്ട്. അല്പം മാത്രം ആവർത്തിക്കുന്നു :

ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതും ഏകമഹാസത്യവും ഏകമഹാശക്തിയുമായ ദൈവം 'സൃഷ്ടിക്കുന്നതിനു മുമ്പ് ഇല്ലാത്തതായ ഒന്നിന് ' രൂപവും ഭാവവും നൽകി സത്യമാക്കുന്നതിനു മുമ്പ് ദൈവത്തിന് 'സൃഷ്ടിയോടുള്ള മനോഭാവത്തെയും, സൃഷ്ടിക്കുന്നതിന്റെ ഉദ്ദേശത്തെയും അഥവാ ധർമ്മത്തെയും' നിശ്ചയിക്കണം.

**സൃഷ്ടി എന്താണ് ചെയ്യേണ്ടത്; എങ്ങനെയാണ് ചെയ്യേണ്ടത്; സൃഷ്ടിക്ക് എന്തെല്ലാം പ്രതിഫലം എങ്ങനെയെല്ലാം ലഭിക്കണം തുടങ്ങിയ കാര്യങ്ങളിൽ തീർപ്പ് ഉണ്ടാകണം. സർവ്വത്തിനും അതീതമായ ദൈവം, സൃഷ്ടിക്കുന്ന ആനന്ദങ്ങൾ ഉൾപ്പെടെ സർവ്വത്തിനും അതീതമാകയാൽ സൃഷ്ടിക്ക് ആനന്ദങ്ങളെ നൽകുക എന്നല്ലാതെ ദൈവം തന്നെ സൃഷ്ടിച്ചാൽ മാത്രം സത്യമാകുന്ന ആനന്ദങ്ങളെയോ പ്രതിഫലമോ ദൈവത്തിന്റെ പ്രവൃത്തികളുടെ പേരിൽ സ്വീകരിക്കാൻ കഴിയില്ല; ദൈവത്തിന് ആവശ്യവുമില്ല.**

മനോഭാവത്തെ നിശ്ചയിക്കാൻ സൃഷ്ടിക്ക് ആനന്ദങ്ങളെ നൽകുന്നതിന്റെ ഭാഗമായി, സൃഷ്ടി എങ്ങനെ ജീവിക്കുന്നതാണ് **ദൈവത്തിന്റെ ഇഷ്ടം എന്ന് നിശ്ചയിക്കണമെങ്കിൽ ദൈവത്തിനും ആനന്ദങ്ങളെ നിശ്ചയിക്കാൻ ദൈവം ബാദ്ധ്യസ്ഥമാകുന്നു. കുഞ്ഞ്, വളർച്ച, ജീവിതം, തുടങ്ങിയ ഘട്ടങ്ങളെയും ബന്ധങ്ങളെയും ജീവികൾക്കിടയിൽ സൃഷ്ടിക്കാനും, മഹാപിതാവ്, മഹാമാതാവ് എന്നീ സ്ഥാനങ്ങൾ വഹിച്ചു കൊണ്ട് സൃഷ്ടികളെ അന്യരാക്കാതെ കുഞ്ഞുങ്ങളായി നിശ്ചയിക്കാനും കുഞ്ഞുങ്ങളോടുള്ള മഹാവാത്സല്ല്യം, മഹാദാസ്യം എന്നീ രണ്ട് ആനന്ദങ്ങളെ സ്വയം സ്വീകരിക്കാനും ദൈവം തയ്യാറാവുന്നു. ഓരോ കുഞ്ഞിനും സമആനന്ദം എന്ന സമനീതി ലഭിക്കേണ്ടത് മഹാപിതാവും മഹാമാതാവുമായ ദൈവത്തിന്റെ ആവശ്യമായും തീരുന്നു.**

**ലഭ്യമാകുന്ന ജ്ഞാനം, ശക്തി എന്നിവ പ്രകാരം അന്യോന്യം സ്നേഹിക്കാനും ആനന്ദങ്ങളെ സമമായി വീതിക്കാനുമുള്ള സ്വയം ബാദ്ധ്യത കുഞ്ഞുങ്ങൾക്കും ഉണ്ടാകുന്നുണ്ട് ! ജീവികൾക്ക് ജീവിക്കാൻ ആവശ്യമായ 'ആനന്ദം, ശക്തി, ജ്ഞാനം' എന്നിവയായ ദൈവത്തിന്റെ ഭൗതികമായ അസ്തിത്വമാണ് ഭൂമിയും, അംശങ്ങളായ മൂലകങ്ങളും അവ കൊണ്ടുള്ള ശരീരങ്ങളും.**

**മനുഷ്യരുടെയും മറ്റുള്ള സൃഷ്ടികളുടെയും**

**സ്വത്വമായ ജീവാത്മാക്കളുടെ ആഗ്രഹങ്ങളും ആവശ്യങ്ങളും സാധിച്ചു കൊടുക്കാൻ ദൈവാംശങ്ങളായ ശരീരവും മൂലകങ്ങളും / വസ്തുക്കളും അവയിൽ സ്വയം ലയിപ്പിച്ചിട്ടുള്ള ശാസ്ത്ര നിയമങ്ങൾ പ്രകാരം മഹാദാസരായി തയ്യാറാകുന്നതു കൊണ്ടു മാത്രമാണ് ജീവികൾക്ക് തൊഴിൽ ചെയ്യാനും, ഭക്ഷണം വസ്ത്രം പാർപ്പിടം ആഭരണങ്ങൾ വാഹനങ്ങൾ ഉപകരണങ്ങൾ തുടങ്ങിയവ ഉണ്ടാക്കാനും ഉപയോഗിക്കാനും ആസ്വദിക്കാനും... ജീവിക്കാനും കഴിയുന്നത്.**

**ജീവികൾക്ക് ഭക്ഷണം, സംഗീതം, ഭക്തി, ദാനം, തൊഴിൽ, പ്രേമം, കാമം, വാത്സല്യം, തുടങ്ങിയ ആനന്ദങ്ങളെ അനന്തമായി സൃഷ്ടിച്ച് ജീവികളുടെ ശരീരത്തിലൂടെയും ചർമ്മത്തിലൂടെയും നൽകുന്ന ദൈവം, ദൈവത്തിന്റെ ആനന്ദങ്ങളായി മറ്റുള്ളവർക്ക് നൽകുന്നവ മാത്രമായ മഹാദാസ്യത്തെയും മഹാവാത്സല്ല്യത്തെയും നിശ്ചയിച്ചതിലൂടെ ആനന്ദങ്ങൾക്കെല്ലാം അതീതമാണ് ദൈവം എന്ന് സുവ്യക്തമായി സ്ഥാപിച്ചിരിക്കുകയാണ്. മഹാദാസ്യം, മഹാവാത്സല്ല്യം എന്നിവയെ കുഞ്ഞുങ്ങൾക്ക് നൽകുന്ന ആനന്ദങ്ങളായി നിശ്ചയിക്കുമ്പോഴും അവയെ നൽകുന്ന ദൈവത്തിന് ആനന്ദം ലഭിക്കുന്നതായി കരുതാൻ കഴിയും. കുഞ്ഞുങ്ങളെ പരിചരിച്ച് ദൈവം ആനന്ദിക്കുന്നതായും, നൽകുന്നതിനു പകരം സ്വീകരിക്കുന്നതായും കരുതാനാവും.**

**സർവ്വത്തിനും അതീതമായ ദൈവത്തിന്റെ ആനന്ദങ്ങളിൽ 'ആരാധന' പെടുന്നില്ല. അതിനാൽ ദൈവത്തെ ആരാധിക്കാൻ ഇറങ്ങിത്തിരിക്കുന്ന വിഡ്ഢികളായ കുഞ്ഞുങ്ങൾ പിന്തിരിയണം.**

(ജീവികളുടെ പരമാനന്ദമായി ദൈവം നിശ്ചയിച്ചിട്ടുള്ള 'കാമത്തെ' മഹാമാതാവായ ഭൂമിയുടെ അംശമായ ശരീരത്തിലൂടെ അല്ലാതെ നൽകുന്ന അത്ഭുത വിദ്യയുണ്ട് : ജീവികളുടെ ശരീര നിറം, സൗന്ദര്യം, മണം, തുടങ്ങിയവയെ **ജീവാത്മാവിന്റെ പ്രകട ജന്മഗുണങ്ങളായി 'ചർമ്മത്തിൽ'** ബന്ധിപ്പിച്ചിരിക്കുകയാൽ പ്രണയം, കാമം, വാത്സല്യം ഇത്യാദി ആനന്ദങ്ങളെ ജീവാത്മാക്കൾ തമ്മിലാണ് അനുഭവിക്കുന്നത്; അതിൽ ദൈവവും മഹാമാതാവുമായ ഭൂമിക്ക് പങ്കാളിത്തമില്ല.)

ശരീരം ഉൾപ്പെട്ട വസ്തുക്കളുടെ സത്തയും നിയന്ത്രണവും നിർവ്വഹിക്കുന്ന സൃഷ്ടി സ്ഥിതി സംഹാര കർത്താവ് കൂടിയായ ശിവയ്ക്കും ഭാഗവും പരമാത്മാവുമായ ശിവനും, അവർ മഹാവാത്സല്ല്യത്തോടെ സൃഷ്ടിച്ച ശരീരവും ആത്മാവും ചേർത്ത ജീവികളായ യുവജനങ്ങളും വൃദ്ധരുമായ സൃഷ്ടികൾ പോലും കുഞ്ഞുങ്ങൾ ആയിരിക്കും എന്നല്ലാതെ, കുഞ്ഞുങ്ങളോട് കാമചിന്തകളും കാമചെയ്തികളും ഉണ്ടാകുന്നതല്ല.

**മഹാശക്തിയും ഏകദൈവവുമായ മഹാശിവയും, ഭാഗമായ ശിവനും ഇണകളായി മഹാശാസ്ത്ര പ്രകാരം പരസ്പരം പ്രണയിക്കുകയും 'ശിവശിവ പ്രണയമന്ത്രമായി' ഓം അവതരിക്കുകയും, ഖര-ദ്രാവക-വാതക ഭൂമിയായി മഹാശിവയായ മഹാദേവി മഹാരൂപം സ്വീകരിക്കുകയും ചെയ്യുമ്പോൾ ശിവ-ശിവ (ൻ) പ്രണയം വസ്തുക്കളുടെ / മൂലകങ്ങളുടെ ഉള്ളിലെ ആറ്റങ്ങളിലാണ്. പരമാത്മാവായ ശിവന്റെ കുഞ്ഞുങ്ങളായ ജീവാത്മാക്കളോട് ഭൂമി, ~അംശവും 'ശക്തി, ജ്ഞാനം, ആനന്ദം എന്നിവയുടെ ഭൗതിക രൂപവുമായ മൂലകങ്ങൾ കൊണ്ട് ഉണ്ടാക്കിയ ശരീരത്തെ' ചേർക്കുമ്പോൾ മഹാദാസ്യ സേവനം ആരംഭിക്കുകയും, ശരീരം നൽകുന്ന ശക്തികളെ കൊണ്ടു മാത്രം ജീവികളുടെ സ്വത്വമായ ജീവാത്മാക്കൾ എല്ലാ ആനന്ദങ്ങളെയും നേടുകയും ജീവിക്കുകയുമാണ്. മഹാമാതാപിതാക്കളുടെ പ്രണയം, കുഞ്ഞുങ്ങൾക്ക് ആനന്ദം നൽകുന്ന മഹാവാത്സല്ല്യത്തെ ഒരുക്കാനാണ് !**

**മഹാദേവിയായ ഭൂമിയെപ്പോലെ മഹാദാസ്യ സേവനം ചെയ്യാൻ സൃഷ്ടികൾക്ക് കഴിയണമെങ്കിൽ അവരുടെ ആനന്ദം മഹാവാത്സല്ല്യവും മഹാദാസ്യവും ആവണം. സൃഷ്ടികളുടെ ഇടയിൽ മഹാദാസ്യവും മഹാവാത്സല്ല്യവും ആവശ്യമില്ല. അതേസമയം സൃഷ്ടികളുടെ പിഴവുകൾ കൊണ്ട് സമൂഹത്തിൽ ധാർമ്മിക അധഃപതനം ഉണ്ടാവുകയാണെങ്കിൽ, അടിസ്ഥാന പരമായി മുജ്ജന്മങ്ങളിലും മറ്റും കാരണക്കാരായ അതിനീചരെ കൊണ്ടു തന്നെ തിരുത്തിയില്ലെങ്കിൽ, പ്രസ്തുത നീചർ ഓംകാര നീതിശാസ്ത്ര പ്രകാരം കടുത്ത ദൈവ ശിക്ഷകളെ സ്വീകരിക്കേണ്ടതായി വരും. അക്കാരണം കൊണ്ട് ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ പരിഹരിക്കാൻ ജനങ്ങളുടെ ചിലവിൽ ജീവിക്കുന്ന ജനസേവകരെ നിയമിക്കുമ്പോൾ, അവർ ജനങ്ങളുടെ അടിമകളായി ജനങ്ങളെ സേവിച്ച് പാപങ്ങളെയും ദൈവശിക്ഷകളെയും കുറയ്ക്കാൻ അവസരം ലഭിച്ച മുൻകാല നീചരാവുമെന്നു മനസ്സിലാക്കി പ്രവർത്തിക്കേണ്ടതുണ്ട്. പകരം കേമരെന്നും ജനങ്ങളുടെ ഭരണാധികാരികളാണ് എന്നും ധരിച്ചു പ്രവർത്തിച്ചാൽ അസാധാരണ ശിക്ഷകളുണ്ടാകും. അനുയായികൾ ആവാൻ ഇറങ്ങി പുറപ്പെടുന്ന ഭോഷർ ഒരു കാര്യവും ഇല്ലാതെ ഭൂമിയിലെങ്ങും ശിക്ഷകളെ പിടിച്ചുവാങ്ങുന്നുണ്ട്.**

**ഭൗതികമായ അസ്തിത്വം ഉള്ളതായ കുറ്റവും പാപവും ശിക്ഷയും പശ്ചാത്താപം കൊണ്ട് ഒഴിവാകുന്നതല്ല. വ്യക്തികളോടുള്ള ക്ഷമാപണം ഒരു ഭാഗം മാത്രമാണ്. സാമ്പത്തിക നഷ്ടപരിഹാരത്തിനും, വിഷയ-സംബന്ധ പരിഹാരത്തിനും ശ്രമിക്കാം എന്നല്ലാതെ നടക്കണമെന്നില്ല. വ്യത്യസ്ത ജന്മങ്ങളിലെ ജന്മഗുണങ്ങളിലൂടെ കുറ്റവും ശിക്ഷകളും 'ഭൂമിയും ശരീരവും' ക്രമീകരിക്കുന്നതാണ്.**

ഏറ്റവും നീചമായ കാര്യങ്ങളിൽ ഒന്നായ ബോംബ് നിർമ്മാണവും സ്ഫോടനങ്ങളും അരുംകൊലകളും നടത്തുന്നതിനായി വസ്തുക്കളെയും ശരീരത്തെയും ഒരു ചില വ്യക്തികൾ അഥവാ ജീവാത്മാക്കൾ ദുരുപയോഗം ചെയ്യുമ്പോൾ, ജീവികളുടെ നല്ലതിന് ഉപയോഗിക്കാൻ കഴിയുന്ന ദൈവാംശങ്ങൾ തന്നെയായ ഭൂമിയിലെ ന്യൂനശക്തികളെ ദാസരാക്കുകയാണു ചെയ്യുന്നത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ മഹാദാസ്യത്തെയും മഹാവാത്സല്ല്യത്തെയും ദൈവത്തിന്റെ മഹാആനന്ദമായി നിശ്ചയിച്ചിട്ടുള്ളതിനെ ജീവാത്മാക്കൾ ദുരുപയോഗം ചെയ്യുകയാണ്.

**മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ-വ്യത്യാസങ്ങളും സാമ്പത്തിക കാര്യങ്ങളുമാണ് ഭൂമിയിലെ ധാർമ്മിക അധഃപതനങ്ങൾക്ക് കാരണമെന്നും, അവയെ പരിഹരിക്കുന്നത് കഠിനമാണെന്നും ഒരു പക്ഷെ ഭൂരിപക്ഷം ജനങ്ങളും കരുതുന്നുണ്ടാവാം. എന്നാൽ സത്യം അതല്ല. ദൈവ വിപ്ലവത്തോടെ സത്യമായ ജ്ഞാനത്തെ ലഭിക്കുമ്പോൾ ഉടൻ അവസാനിക്കുന്ന വിഷയങ്ങൾ മാത്രമാണവ.**

**എക്കാലവും ജനങ്ങളുടെ മുന്നിലെ ഏറ്റവും വലിയ വിഷയം ജീവികളുടെയെല്ലാം പരമാനന്ദമായി ഭൂമി നിശ്ചയിച്ചിട്ടുള്ള കാമാനന്ദമാണ്. അതുകൊണ്ടുതന്നെ, പ്രണയകാര്യങ്ങൾ മുഴുവൻ ഇണയോട് മാത്രം പുലർത്താൻ ജീവാത്മാക്കൾക്ക് സ്വയം ബാദ്ധ്യതയുണ്ട്.**

# സൃഷ്ടികളുടെ ജീവിതത്തിലെ മഹാനീതി-കാര്യങ്ങളെയും

# ആനന്ദങ്ങളെയും

## അളവുകളെയും മഹാഉചിതമായും മഹാശാസ്ത്രപരമായും, 'ഭൂമിയും ശിവയും മഹാശക്തിയും ഏകദൈവവുമായ മഹാദേവി' മഹാനിശ്ചയിച്ചിട്ടുള്ളതിനെ നിർവ്വഹിക്കാനോ മാറ്റിമറിക്കാനോ സൃഷ്ടികൾക്കു കഴിയുന്നതല്ല.

ആദിയും അന്തവും ഇല്ലാത്ത ഏകമഹാസത്യവും ഏകമഹാശക്തിയുമായ ദൈവത്തിന്റെ 'മായ' എന്ന മഹാപ്രഭാവം കൊണ്ട് ശക്തിയും അഥവാ ഊർജ്ജവും, ജ്ഞാനവും ആനന്ദങ്ങളും ചേർത്ത് മഹാപ്രപഞ്ചം എന്ന അന്തമില്ലാത്തതും സനാതനവുമായ ഒരു ധർമ്മത്തെ സൃഷ്ടിച്ചിരിക്കുന്നു; സ്വീകരിച്ചിരിക്കുന്നു. 'മഹാപ്രപഞ്ചം എന്ന സനാതന ധർമ്മത്തിന്റെ ഭാഗമായി' സൃഷ്ടികളായ ജീവികളുടെ 'സൃഷ്ടി, സ്ഥിതി (ജീവിതം), സംഹാരം എന്ന മോക്ഷം' എന്നിവ സനാതനമായി ദൈവം തന്നെ നിർവ്വഹിക്കുകയുമാണ്. 'ലഭ്യമാകുന്ന ജ്ഞാനവും ശക്തിയും പ്രകാരം ആനന്ദിച്ചു ജീവിക്കുക' എന്നതിനപ്പുറം ഒരു ധർമ്മവും ജീവികൾക്ക് ഇല്ല. ഭൂമിയിലെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ഭൗതിക-ധർമ്മ ശാസ്ത്ര നിയമങ്ങളെ മനുഷ്യന് ലഭ്യമാക്കുകയാൽ പാലിച്ചു ജീവിക്കാൻ ബാദ്ധ്യസ്ഥനാണ്.

**മന്ദബുദ്ധികൾ എന്ന് സാധാരണ മനുഷ്യരിലെ ചിലർ വിശേഷിപ്പിക്കുന്നവരും, ബഹുവിധങ്ങളിൽ ശരീര-അവയവ വൈകല്ല്യങ്ങൾ ഉള്ളവരും (വികലാംഗരും), അൽഷിമേഴ്സ് പോലുള്ള മറവിരോഗം ബാധിച്ചവരും, കടുത്ത ഭക്ഷണ-ജല ദാരിദ്ര്യത്തിൽ കഴിയുന്നവരും, ബുദ്ധിശക്തി കുറഞ്ഞവയെന്ന് മനുഷ്യർ വിശേഷിപ്പിക്കുന്ന മറ്റുള്ള ജീവികളും, മറ്റും അതാത് അവസ്ഥകളിൽ ഭൂമിയിലെ വിവിധ ഭാഗങ്ങളിൽ / രാജ്യങ്ങളിൽ / പ്രദേശങ്ങളിൽ / മേഖലകളിൽ ജനിച്ചത് @ ഉണ്ടാകുന്നത് സ്വന്തം ഇഷ്ടപ്രകാരമല്ല എന്നതും; വളർച്ച, ജീവിതം തുടങ്ങിയ ഘട്ടങ്ങളെ സ്വന്തമായി മാത്രം നിശ്ചയിക്കാൻ കഴിയില്ല എന്നതും വിശകലനം ചെയ്യണം. മനുഷ്യരുടെ ജന്മഗുണങ്ങളായ സ്ത്രീ പുരുഷ ലിംഗം, നിറം, സൗന്ദര്യം, മുഖഛായ, ആയുസ്സ്, ആരോഗ്യം, ബുദ്ധിശക്തി, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ജനന സ്ഥലം, ജന്മ ദിനം, മരണം തുടങ്ങിയവയെ നിശ്ചയിക്കാൻ മനുഷ്യർക്കു കഴിയില്ല എന്നതും മറ്റ് അനേകം ഘടകങ്ങളും വിശകലനം ചെയ്താൽ, മനുഷ്യർക്ക് സ്വന്തം നിസ്സാരതയും നിസ്സഹായതയും സുവ്യക്തമായി സ്വയം ബോദ്ധ്യപ്പെടുന്നതാണ്.**

## ജീവി - വിശകലനം

## ശരീരം ദൈവാംശമാണെന്നും, ജീവാത്മാവിനെ മഹാവാത്സല്ല്യത്തോടെ കരുതുന്നുവെന്നും മഹാശാസ്ത്ര പരമായി തെളിയിക്കുന്നു.

**ഗൂഢമായ അസ്തിത്വമുള്ള ജീവാത്മാവിനെ വഹിച്ചു കൊണ്ട്, ജീവിക്ക് ആനന്ദങ്ങളെയെല്ലാം നൽകുന്ന രണ്ടാമത്തെ ഘടകമായ 'ശരീരം' ഒട്ടും ഗൂഢമല്ല. ശരീരം കൂടി ഗൂഢമായാൽ ജീവികൾക്ക് സ്വയമോ അന്യോന്യമോ കാണാൻ പോലും കഴിയുന്നതല്ല.**

**ശരീരത്തിൽ ആത്മാവ് ലയിച്ചെന്ന പോലെ പ്രവർത്തിക്കുന്നതിനാൽ, ആത്മാവിന് 'പ്രത്യക്ഷമായി' ശരീരത്തിൽ നിന്നും വേറിട്ട അസ്തിത്വം ഇല്ല. ഉണ്ടായാൽ, അഥവാ ജീവാത്മാവിന്റെ അതിഗൂഢമായ അസ്തിത്വം വെളിപ്പെട്ടാൽ, മുമ്പ് വ്യക്തമാക്കിയതു പോലെ ജീവികളുടെ ആനന്ദം നശിക്കുന്നതും എല്ലാ മനുഷ്യരും (മറ്റുള്ള ജീവികളും) ഭയന്നു വിരളുന്നതുമാണ്.**

**ജീവാത്മാവ് സ്വയവും അന്യോന്യവും അറിയുന്നതു പോലും ശരീരം കൊണ്ടാണ് എന്നതും, ജനനം മുതൽ മരണം വരെയുള്ള കാലയളവിൽ സമസ്ത ആനന്ദങ്ങളെയും അനുഭവിക്കുന്നതും ശരീരം കൊണ്ടാണ് എന്നതും ശരീരത്തിന്റെ മഹാ-പ്രാധാന്യം സുവ്യക്തമാക്കുന്നുണ്ട്. ജീവാത്മാവ് എന്ന ജീവിയുടെ സ്വത്വത്തിന് സമസ്ത ആനന്ദങ്ങളെയും നേടാനുള്ള ഉപാധി ആവുകയാണ് ശരീരം.**

**ദൈവത്തിന്റെ അംശമായ ശരീരം സദാ ജീവമായിരിക്കെ, ജീവാത്മാവിനെ ഒപ്പം കൂട്ടിയാൽ ജീവാത്മാവിന് നിർജ്ജീവമായ അവസ്ഥയെ ക്കൂടി ബാധകമാക്കാൻ വഴി ഒരുക്കേണ്ടതുണ്ട്. അതിനായും, ജീവാത്മാവിനെ മഹാനീതിശാസ്ത്ര പ്രകാരം നിയന്ത്രിക്കാനായും, ശരീരത്തിലെ മുഖ്യഭാഗമായ ദൈവാംശം സ്വയം 3 അവസ്ഥകളിൽ വേർതിരിഞ്ഞാണു പ്രവർത്തിക്കുന്നത് : (1) ദൈവത്തിന്റെ 'നിശ്ചിത-നീതി-ഖരരൂപമായ ശരീരം', (2) ദൈവത്തിന്റെ 'ധർമ്മ-സ്ഥിതി-ദ്രാവകരൂപമായ ജലം'. (3) ശരീരത്തിനു വെളിയിൽ നിന്നും വന്ന് ശരീരത്തിന്റെ ഭാഗമായും ജീവനായും പ്രവർത്തിക്കുന്ന ദൈവത്തിന്റെ 'സത്യ-ശക്തി-സൃഷ്ടി-വാതകരൂപമായ ഓക്സിജൻ', അവ മൂന്നും പ്രവർത്തിക്കുന്നത് ഒരേ ശരീരമായും, ഒരേ ഇഷ്ടത്തെ ആധാരമാക്കിയും, ഏറെക്കുറെ പ്രത്യക്ഷവുമായാണ്.**

**'മണ്ണും ഭൂമിയും നാടുകളും ശരീരങ്ങളുമായ ദൈവത്തിന്റെ' വാതക രൂപമായ ഓക്സിജനാണ് ജീവികളുടെയെല്ലാം ജീവനായി പ്രവർത്തിക്കുന്നത്. ഓക്സിജൻ = ജീവൻ = ശക്തി. സമസ്ത ജീവജാലങ്ങളെയും പ്രകൃതിയെയും (ഭൂമിയെയും) പ്രപഞ്ചത്തെയും കൂട്ടിയിണക്കുന്നതും മഹാശക്തി കൂടിയായ ഓക്സിജനാണ്. പുറമേ നിന്ന് ജീവികളുടെ ശരീരത്തിൽ വന്ന് പ്രവർത്തിക്കുന്നതിനാൽ, ജീവനും ശക്തിയുമായ ഓക്സിജൻ ശരീരത്തിൽ വന്ന് പ്രവർത്തിക്കുവാൻ തയ്യാറായില്ലെങ്കിൽ, ദൈവാംശമായ ശരീരം ഒരുക്കിയിട്ടുള്ള നാസിക, ശ്വാസകോശം തുടങ്ങിയ അവയവങ്ങൾ മാത്രമല്ല, ജീവി മൊത്തത്തിൽ ശക്തി ഇല്ലാത്ത അവസ്ഥയിലാകും; മരിക്കുകയും ശരീരം ജീർണ്ണിച്ചു തുടങ്ങുകയും ചെയ്യും. മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളുടെയെല്ലാം ചിന്തകളെപ്പോലും ഭൗതിക-അസ്തിത്വം ഉള്ളതായ ഓക്സിജനിലൂടെ മഹാശാസ്ത്രപരമായി ദൈവം അറിയുന്നത് എങ്ങനെയാണെന്നും സുവ്യക്തമാകുന്നുണ്ട്.**

**ജീവിയുടെ 'ശരീരവും ഓക്സിജനും, രക്തത്തിലെ ജലവും ഒന്നിച്ച ശരീരത്തിന്റെ' ഇഷ്ട പ്രകാരം മാത്രമാണ് ശരീരത്തിലെ പൊതുവായ ആന്തരിക പ്രവർത്തനങ്ങളെങ്കിലും; കൈകാലുകൾ, കൺപോളകൾ, താടിയെല്ലുകൾ എന്നിങ്ങനെ ഏതാനും അവയവങ്ങളെ പ്രത്യേകമായും, ശരീരത്തെ മൊത്തമായും ചലിപ്പിക്കുവാൻ ജീവാത്മാവിന് ഭാഗികമായ സ്വാതന്ത്ര്യത്തെ ശരീരം നൽകുന്നുണ്ട്. ജീവാത്മാവിന് ശരീരം അനുവദിച്ചിട്ടുള്ള പ്രസ്തുത നാമമാത്രമായ സ്വാതന്ത്ര്യം കൊണ്ട് ജീവാത്മാവിന്റെ സ്വന്തമെന്നോണം ശരീരത്തെ മുഴുവൻ ഭരിക്കുന്ന പ്രതീതിയെ കൂടി ജീവാത്മാവിന് ലഭ്യമാക്കുന്നുണ്ട്; കൂടാതെ, എല്ലാ ആനന്ദങ്ങളെയും നേടാനും അനുഭവിക്കാനുമുള്ള ശക്തികളെയും.**

**ജീവാത്മാവ് എന്ന സ്വത്വത്തിന്റെ ഇഷ്ടാനിഷ്ടങ്ങളെ പ്രകടമായി പരിഗണിക്കാതെ സ്വന്തം ഇഷ്ടപ്രകാരം മാത്രമാണ് ശരീരം പ്രവർത്തിക്കുന്നതെങ്കിലും, മഹാനീതി ശാസ്ത്ര പ്രകാരം ജീവാത്മാവിനു വേണ്ടതെല്ലാം മാത്രമാണ് ശരീരം ചെയ്യുന്നത്.**

**ശരീരം ചെയ്യുന്നതെല്ലാം ജീവാത്മാവിനു വേണ്ടി മാത്രമായിരിക്കുന്നതിന്റെ കാരണങ്ങളെയോ, ശരീരത്തിന്റെ ഇമ്മാതിരി പ്രവർത്തനങ്ങളുടെ കാര്യകാരണങ്ങളെയോ, ശരീരം യഥാർത്ഥത്തിൽ ആരാണെന്നു പോലുമോ ജീവാത്മാവിന് അറിയില്ല. ആനന്ദങ്ങളെ വർദ്ധിപ്പിക്കാൻ ശ്രമിക്കവെ ആവിധ കാര്യങ്ങളെ ജീവാത്മാവ് /വ്യക്തി വിഷയമാക്കുന്നുമില്ല.**

**ശരീരം ആരാണെന്നും എന്താണെന്നും മനസ്സിലാക്കാൻ യഥാർത്ഥത്തിൽ എളുപ്പമാണ്. മനുഷ്യർ കൂടുതൽ കൂടുതൽ ആനന്ദങ്ങളെ നേടാനും ആസ്വദിക്കാനുമുള്ള തിരക്കുകളിൽ പെട്ടിരിക്കുന്നതിനാൽ സ്വന്തമെന്നു കരുതുന്ന ശരീരത്തെ അറിയുന്നില്ല എന്നേയുള്ളൂ.**

**സ്ത്രീയും പുരുഷനും ഒരു ജീവിയുടെ രണ്ടു ഭാഗങ്ങളും ഇണകളുമാണെന്ന് ശരീര പ്രകൃതം, പരസ്പര പൂരകത, എന്നിവ കൊണ്ട് സുവ്യക്തമാക്കി ക്കൊണ്ട് സാമൂഹ്യ ജീവിയായിട്ടാണ് മനുഷ്യൻ ഉൾപ്പെടെ ഏറെക്കുറെ എല്ലാ ജീവികളെയും സൃഷ്ടിച്ചിട്ടുള്ളത്.**

**കോശങ്ങളെ സൂക്ഷ്മദർശിനിയിലൂടെ (Microscope) മാത്രമാണ് കാണാൻ കഴിയുക എന്നിരിക്കെ കോശങ്ങളിലെ ആന്തരിക പ്രവർത്തനങ്ങളെല്ലാം അതിസൂക്ഷ്മങ്ങളാണ്. സ്വന്തമെന്നു കരുതുന്ന ശരീരത്തിൽ സംഭവിച്ചു കൊണ്ടിരിക്കുന്നതും ശരീരം സ്വയം ചെയ്യുന്നതുമായ അതിസൂക്ഷ്മങ്ങളും അതിസങ്കീർണ്ണങ്ങളുമായ പ്രവർത്തനങ്ങളെയും കാര്യങ്ങളെയും പറ്റി ഒരു ശതമാനം ജനങ്ങൾ പോലും അറിയുന്നില്ല. കോശങ്ങൾ എന്താണെന്നു പോലും സാധാരണ ജനങ്ങൾക്ക് അറിയില്ല. ശരീരത്തിന്റെ പ്രവർത്തന കാര്യങ്ങൾ, ജീവാത്മാവിനെ സംബന്ധിച്ച്, ജീവിക്കാൻ ആവശ്യമില്ലാത്ത അറിവ് പോലെയാണ് !**

**കോശങ്ങളുടെയും, അവയുടെ സ്ഥൂല രൂപമായ ശരീരത്തിന്റെയും ദ്രവ്യ ഘടകങ്ങൾ എന്തെല്ലാമാണ് ?**

ശരീരം ഉണ്ടായിരിക്കുന്നത് എങ്ങനെയാണെന്ന് എളുപ്പത്തിൽ മനസ്സിലാക്കാൻ ഇന്ന് കഴിയും. മണ്ണായ ഭൂമിയിലെ ഓക്സിജൻ, കാർബൺ, ഹൈഡ്രജൻ, നൈട്രജൻ, കാൽസ്യം, ഫോസ്ഫറസ് എന്നിവയാണ് മനുഷ്യശരീരത്തിലെ ഏതാണ്ട് 99% ആയ ആറ് മൂലകങ്ങൾ. അതിൽ തന്നെ ഓക്സിജനാണ് ശരീരത്തിൽ ഏറ്റവുമധികം. ശരീരഭാരത്തിന്റെ ഏറെക്കുറെ 65% ഓക്സിജൻ അടങ്ങിയിരിക്കുന്നു. ഓക്സിജൻ വാതകം സുതാര്യമാണെങ്കിലും, ദ്രാവക ഓക്സിജൻ നീലയാണ്. ജലം, മറ്റ് സംയുക്തങ്ങൾ എന്നിവയിൽ ഓക്സിജന്റെ സാന്നിദ്ധ്യമുണ്ട്. ശ്വാസകോശങ്ങളിൽ ശ്വസനത്തിന് ആവശ്യമായ ഓക്സിജൻ ഉണ്ട്. ശ്വസിക്കുന്ന വായുവിലെ 20% ഓക്സിജൻ ആണ്.

പൊട്ടാസ്യം, സൾഫർ, സോഡിയം, ക്ലോറിൻ, മഗ്നീഷ്യം എന്നീ ഘടകങ്ങൾ ഏകദേശം 0.85% മാത്രമേ അടങ്ങിയിട്ടുള്ളൂ. എന്നാലും ജീവിക്കാൻ ആവശ്യമാണ്. ബാക്കിയുള്ള മൂലകങ്ങൾ അമൂല്യ ഘടകങ്ങളാണ്. ലാഞ്ഛന മാത്രമായുള്ള മൂലകങ്ങളുടെ എല്ലാ പിണ്ഡവും ഒന്നിച്ചു ചേർക്കുമ്പോൾ, ഒരു മനുഷ്യശരീരത്തിൽ 10 ഗ്രാമിനേക്കാൾ കുറവ്.

മണ്ണായ ഭൂമിക്കും, ഭൂമിയിലെ മൂലകങ്ങൾക്കും ജീവനുണ്ടെന്നും, മഹാശക്തിയായ ദൈവത്തിന്റെ രൂപവും അംശങ്ങളുമാണെന്നും, മഹാപദ്ധതികളോടെ, പ്രവർത്തിക്കുകയാണെന്നും, ആറ്റത്തിൽ പ്രോട്ടോണുകളെ ഇലക്ട്രോണുകൾ ചുറ്റുന്നതിൽ നിന്നു തന്നെ മനസ്സിലാക്കാൻ കഴിയുന്നതാണ്.

## മണ്ണായ ഭൂമിയിലെ മൂലകങ്ങളെ വ്യത്യസ്തങ്ങളായ അളവുകളിൽ സംയോജിപ്പിച്ച് മനുഷ്യർ ഉൾപ്പെടെയുള്ള ജീവികളുടെ വ്യത്യസ്ത ഗുണങ്ങളോടെയുള്ള ശരീരങ്ങളായി സൃഷ്ടിക്കുന്നത് ആരാണെന്ന് ഇനി പരിശോധിക്കാം :-

**ശരീരത്തിന്റെ പൊതുവായ രൂപം, ഘടന, ഓരോരോ അവയവങ്ങളുടെയും രൂപം, എണ്ണം, നിർമ്മാണം, പ്രവർത്തനം, വളർച്ച, കോശങ്ങളുടെ നിർമ്മാണവും പ്രവർത്തനവും തുടങ്ങിയവ നിശ്ചയിക്കുന്നതും ചെയ്യുന്നതും ജീവിയുടെ സ്വത്വം, വ്യക്തി ബോധം, എന്നെല്ലാം അറിയപ്പെടുന്ന ജീവാത്മാവല്ല. പുറമെ നിന്ന് യാതൊരാളും പ്രത്യക്ഷമായി വന്ന് ശരീരത്തിൽ പ്രവർത്തിക്കുന്നില്ല. വേറിട്ട സ്വത്വത്തെ സ്വീകരിക്കാതെ, ശരീരം സ്വയം ജീവാത്മാവിനു വേണ്ടി യാതൊരു സ്വാർത്ഥങ്ങളും ഇല്ലാതെ മഹാവാത്സല്ല്യത്തോടെ പ്രവർത്തിക്കുന്ന മഹാഅത്ഭുതമാണ് സംഭവിക്കുന്നത്.**

**യാതൊന്നും സ്വന്തമായി ഇല്ലാത്ത ജീവാത്മാവിന് എല്ലാ ആനന്ദങ്ങളെയും നേടാനും അനുഭവിക്കാനുമായി ശരീരം സ്വയം ജീവാത്മാവിനു വേണ്ടി പ്രവർത്തിക്കുകയാണ്. ഉദാഹരണത്തിന്, ശരീരം വിശപ്പിനെ ഉണ്ടാക്കുമ്പോൾ, ശരീരത്തിലെ അവയവങ്ങൾ കൊണ്ട് ഭക്ഷണം കഴിക്കുന്നത് ജീവാത്മാവ് ആണെങ്കിൽ, പകരം ജീവാത്മാവിന് ബഹുവിധ രുചിയും മണവും ഗുണവും തൃപ്തിയും ചേർന്ന ഭക്ഷണ ആനന്ദത്തെ ശരീരം നൽകുകയും, ഒപ്പം അവയവ വളർച്ച, രോഗ മുക്തി, നര തുടങ്ങിയ അനേകം പ്രവൃത്തികളെ (ജീവാത്മാവിനു വേണ്ടി) ശരീരത്തിൽ സ്വയം ചെയ്യുന്നു. ജീവാത്മാവിന് ഭക്ഷണ ആനന്ദത്തെ കൂടാതെ, സംഗീതം ഉൾപ്പെടെയുള്ള വിനോദങ്ങളിൽ നിന്നും, തൊഴിലിൽ നിന്നും; ഭക്തി, വാത്സല്യം, സ്നേഹം, പ്രേമം, കാമം തുടങ്ങിയവയിൽ നിന്നും 'ആനന്ദങ്ങളെ' ലഭ്യമാക്കുന്നതും ശരീരമാണ്.**

**സ്വയം പ്രവർത്തിക്കുവാൻ മഹാശക്തിയായ ദൈവത്തിനും ദൈവാംശങ്ങൾക്കും മാത്രമേ കഴിയൂ. അനേകം കോടി ജീവാത്മാക്കൾ സൃഷ്ടിക്കപ്പെടുന്നു; ഭൂമിയായ ദൈവം ഒന്നു മാത്രവും; അപ്പോൾ ഓരോ ശരീരവും ദൈവാംശം മാത്രമാണെന്നു തെളിയുന്നു.**

**മുമ്പ് വ്യക്തമാക്കിയതു പോലെ സ്രഷ്ടാവും സൃഷ്ടിയും രണ്ടായിരിക്കുമ്പോൾ; യാതൊന്നും സ്വന്തമായി ഇല്ലാത്ത സൃഷ്ടിയായ ജീവാത്മാവിന് പ്രത്യക്ഷമായ അസ്തിത്വവും, ജീവിക്കാൻ ആവശ്യമായ ശക്തികളും, ആനന്ദങ്ങളും ഉൾപ്പെടെ സർവ്വവും നൽകേണ്ടതായ ഉത്തരവാദിത്വം സ്രഷ്ടാവിനുണ്ട്. ആനന്ദങ്ങളെയെല്ലാം ദൈവം പ്രത്യക്ഷമായി ജീവികൾക്കു നൽകിക്കൊണ്ടിരുന്നാൽ, സ്രഷ്ടാവ് കാരണമായി ജീവികളെല്ലാം യാതൊന്നും ചെയ്യാൻ ഇല്ലാത്തവരും, സൃഷ്ടി അർത്ഥശൂന്യവുമായി മാറും. അത് ഒഴിവാക്കണമെങ്കിൽ, സ്രഷ്ടാവായ ദൈവത്തിന്റെയും, സൃഷ്ടിയായ ജീവികളുടെയും അസ്തിത്വം, സാന്നിദ്ധ്യം എന്നിവയിൽ ഭാഗികമായി ഗൂഢത കൂടി ഉണ്ടാവണം. അതിനായി ദൈവത്തിന്റെ അംശം ശരീരമായി ജീവാത്മാവിന്റെ ഒപ്പം കൂടിയിരിക്കുകയാണ്.**

**മഹാപ്രപഞ്ചത്തെ സൃഷ്ടിച്ചിട്ടുള്ളത്, ഏകദൈവത്തിന്റെ രണ്ടു ഭാഗങ്ങളാണ് : 'ദൈവത്തിന്റെ ഇഷ്ടം പോലെ അഥവാ മഹാനീതിശാസ്ത്ര പ്രകാരം ജീവവും നിർജ്ജീവവുമായി പ്രവർത്തിക്കുന്ന പരമാത്മാവ് എന്ന ആദ്യ ഭാഗം പ്രപഞ്ചപിതാവായും', 'ജീവവും രണ്ടാം ഭാഗവുമായ ദൈവം പ്രപഞ്ചമഹാമാതാവായും' പ്രവർത്തിക്കുന്നു. ഭൂമി ഉൾപ്പെട്ട മഹാപ്രപഞ്ചത്തിന്റെ ഓരോ ആറ്റത്തിലും ജീവവും നിർജ്ജീവവുമായി പ്രവർത്തിക്കുന്ന പരമാത്മാവും, ജീവമായ ദൈവവും, ഇലക്ട്രോൺ, പ്രോട്ടോൺ എന്നീ താല്ക്കാലിക പേരുകളോടെ ഉണ്ട്.**

പ്രപഞ്ചത്തിലെ എല്ലാ പ്രവർത്തനങ്ങളെയും പ്രവൃത്തികളെയും ശബ്ദവുമായി ബന്ധിപ്പി ച്ചിരിക്കുന്നു എന്ന മഹാപാഠവും, ഉദാഹരണത്തിന്, ആറ്റത്തിലെ പ്രോട്ടോണുകളെ ഇലക്ട്രോണുകൾ ചുറ്റുമ്പോൾ ശബ്ദം ഉണ്ടാകുന്നതാണ് എന്ന ഒരു ശാസ്ത്ര നിയമത്തെ സൃഷ്ടിച്ചു കൊണ്ട് ഓരോ ആറ്റത്തിലും 'ശക്തിശിവൻ പ്രണയമന്ത്രവും', ആദിവചനവും, സൃഷ്ടി മന്ത്രവും, സംഹാര കാഹളവും, മഹാശാസ്ത്ര മൂലവും, ഏകമഹാശബ്ദവും, ശബ്ദബ്രഹ്മവും, അക്ഷര ബ്രഹ്മവും, മഹാസംഗീതവും, ദൈവത്തിന്റെ മഹാചിരിയുമായ **ഓം** പ്രവേശി ച്ചിരിക്കുകയാണ് എന്നതും, **ഓം** മഹാശാസ്ത്രപരം മാത്രമാണെന്നതും, സൂചിത മഹാവേദഗ്രന്ഥത്തിൽ നിന്നും ഗ്രഹിക്കുന്നതോടെ സംശയങ്ങൾ അവസാനിക്കുന്നതാണ്.

'ഭ്രൂണ സൃഷ്ടി' എന്ന പാഠത്തിൽ വിശദീകരിച്ചിട്ടുള്ളതു പോലെ മണ്ണായ ഭൂമിയിലെ മൂലകങ്ങൾ കൊണ്ട് 'സ്വയംഭൂ' എന്നപോലെ, അണ്ഡത്തിലൂടെ സൃഷ്ടിക്കപ്പെടുന്ന ശരീരം, ജീവിയുടെ മുഖ്യഘടകം ആവുകയും, കുഞ്ഞുങ്ങളായ ജീവികൾക്കു വേണ്ടി നിസ്വാർത്ഥമായി പ്രവർത്തിച്ച് 'ദൈവ ഗുണം' കാട്ടുകയും ചെയ്യുന്നു. അതിൽ നിന്ന് ശരീരം ദൈവാംശം ആണെന്നും, ദൈവത്തിന്റെ മഹാവര രൂപമാണ് 'മണ്ണായ ഭൂമി' എന്നും തെളിയുന്നുണ്ട്.

സർവ്വത്തിനും അതീതമായ അടിസ്ഥാന സ്വഭാവങ്ങളെ ഓരോരോ ജീവികൾക്കും വേണ്ടി സ്വയം പരമിതപ്പെടുത്തി ദൈവാംശങ്ങളും വ്യത്യസ്ത ജന്മഗുണങ്ങൾ ഉള്ളതുമായ ശരീരങ്ങളായി ദൈവമായ ഭൂമി രൂപമെടുക്കുകയാണ്. ഓരോ ജീവിയുടെയും സ്വത്വമായ ജീവാത്മാവിനെ സംബന്ധിച്ച് പ്രത്യക്ഷ ദൈവമായ ശരീരമാണ് ഒപ്പമുള്ളത്. ആനന്ദങ്ങൾ ഉൾപ്പെടെ സർവ്വത്തിനും അതീതവും 'ദൈവാംശവുമായ ശരീരം', ജീവാത്മാവിനു വേണ്ടി മഹാനീതി ശാസ്ത്ര പ്രകാരം മഹാവാത്സല്ല്യത്തോടെ പ്രവർത്തിക്കുകയാണ്.

**മണ്ണായ ഭൂമിയുടെ പ്രവർത്തനങ്ങളെ ജീവാത്മാവിന് / ജീവിക്ക് / മനുഷ്യന് മനസ്സിലാക്കാൻ കഴിയുന്നില്ല. അറിയാൻ വേണ്ടതു പോലെ ശ്രമിക്കുന്നുമില്ല എന്നതാണ് വാസ്തവം. ഉദാഹരണത്തിന് തെങ്ങ്, പ്ലാവ്, മാവ് എന്നിങ്ങനെ എല്ലാ വൃക്ഷങ്ങളിൽ നിന്നും അവയുടെ കായ്കൾ, ഫലങ്ങൾ, ഇലകൾ, ശിഖരങ്ങൾ, തുടങ്ങിയവ താഴേക്കു വീഴുന്നതിനെ ഭൂഗുരുത്വാകർഷണം എന്നതിനപ്പുറം, മണ്ണും ഭൂമിയുമായ ദൈവം മഹാവാത്സല്ല്യത്തോടെ കുഞ്ഞുങ്ങൾക്ക് വേണ്ടി മഹാശാസ്ത്രപരമായി പ്രവർത്തിക്കുകയാണെന്ന് മനസ്സിലാക്കാൻ, ബുദ്ധി ശക്തി ഏറെ ലഭിച്ചിട്ടും, അനേകർ ശ്രമിക്കുന്നില്ല. ഭൂമിയും, മൂലകങ്ങളും ജീവമാണെന്നും ദൈവത്തിന്റെ ഖരരൂപമാണെന്നും തിരിച്ചറിയണം.**

**സ്വയം വിശകലനം കൊണ്ടു തന്നെ ജീവാത്മാക്കളും സൃഷ്ടികളുമായ കുഞ്ഞുങ്ങൾക്കു വേണ്ടി മഹാ-നിസ്വാർത്ഥമായും മഹാവാത്സല്ല്യത്തോടെയും പ്രവർത്തിക്കുന്ന ശരീരം തീർച്ചയായും ദൈവാംശം മാത്രമാണെന്ന് സുവ്യക്തമാണ്.**

ദൈവത്തിന്റെ ഖര-രൂപമായ ശരീരത്തിന്റെ പ്രവർത്തനങ്ങളെ നയിക്കുന്നത് മുമ്പ് സൂചിപ്പിച്ചതുപോലെ ഓക്സിജനും, ജലവും ആണ്. ജീവിയിൽ വന്നു പ്രവർത്തിക്കുകയും, ജീവിക്ക് ജീവൻ നൽകുകയും ചെയ്യുന്ന ഓക്സിജനെ ജീവിയുടെ ഭാഗമായി കണക്കാക്കുന്നത് ഭാഗികമായ ശരിയാണ്. ദൈവമായ ഭൂമിയുടെ വാതക രൂപമായ ഓക്സിജനെപ്പറ്റിയും ദ്രാവക രൂപമായ ജലത്തെപ്പറ്റിയും സൂചിത മഹാവേദ ഗ്രന്ഥത്തിൽ മഹാശാസ്ത്ര പരമായി വിശദീകരിച്ചിട്ടുണ്ട്.

## ജീവാത്മാക്കൾക്ക് ലഭ്യമാക്കിയിട്ടുള്ള ശരീരത്തിന്റെ പ്രാധാന്യത്തെ അല്പം കൂടി വിശദീകരിക്കാം :-

ജീവികളെയെല്ലാം സൃഷ്ടിച്ചിട്ടുള്ളത് ഏറെക്കുറെ പൂർണ്ണമായും ഖര രൂപം എന്നു വിശേഷിപ്പിക്കാവുന്ന ശരീരത്തോടെയാണ്. മനുഷ്യൻ ഉൾപ്പെടെയുള്ള എല്ലാ ജീവികളും സ്വയം അറിയുന്നതും, അന്യോന്യം അറിയുന്നതും, പ്രപഞ്ച-വസ്തുക്കളെയും ജീവികളെയും മറ്റും അറിയുന്നതും, അനുഭവിക്കുന്നതും, ആനന്ദിക്കുന്നതും എല്ലാം ഭൗതിക അസ്തിത്വമുള്ള ശരീരത്തിലൂടെയാണ്. ജീവിക്കാൻ ശരീരമുണ്ടെങ്കിലേ കഴിയൂ; ശരീരത്തിന് ശക്തി എന്ന ആരോഗ്യവും. ഉദാഹരണത്തിന് അമ്മ, അച്ഛൻ, സഹോദരി, സഹോദരൻ, കമിതാക്കൾ, ഭാര്യ-ഭർത്താവ്, മക്കൾ, കൊച്ചുമക്കൾ, ഉറ്റ ബന്ധുക്കൾ, ഉറ്റ സുഹൃത്തുക്കൾ, നാട്ടുകാർ തുടങ്ങിയവരെയും; കൂടാതെ ദൈവത്തെയും കാണാനും കേൾക്കാനും ഇടപഴകാനും മനുഷ്യർ ആഗ്രഹിക്കുന്നത് ശരീര-രൂപത്തെ ആസ്പദമാക്കിയാണ്.

**<u>ഏതാനും അവയവങ്ങളെയും, ശരീരത്തെ മൊത്തമായും ചലിപ്പിക്കുവാൻ ജീവാത്മാവിന് ഭാഗികമായ സ്വാതന്ത്ര്യത്തെ ശരീരം നൽകുവാനും</u> പ്രസ്തുത നാമമാത്രമായ സ്വാതന്ത്ര്യം കൊണ്ട് ശരീരത്തെ മൊത്തം ഭരിക്കും പോലെയുള്ള തോന്നലും സന്തോഷവും ജീവാത്മാവിന് നൽകുവാനും ശരീരം ശ്രദ്ധിക്കുന്നു എന്നു പറയുമ്പോൾ, മഹാനീതി ശാസ്ത്ര പ്രകാരം ശരീരത്തിൽ രോഗങ്ങളെ പ്രവേശിപ്പിക്കാനും, ജീവാത്മാവിന് ശരീരത്തെ ഒട്ടും ചലിപ്പിക്കാൻ കഴിയാത്ത പൂർണ്ണ തളർച്ചയെ സൃഷ്ടിക്കുവാനും ജീവാത്മാവിനെ ഫലത്തിൽ ഭാഗികമായോ പൂർണമായോ ബന്ദിയാക്കാനും ശരീരത്തിനു കഴിയും.**

**ജീവാത്മാവിനെ ശരീരത്തിലേക്ക് പ്രവേശിപ്പിക്കുന്നതും ശരീരത്തിൽ നിന്നും പുറത്താക്കുന്നതും, നിശ്ചയിക്കുന്നതും, ശരീരമാണെന്ന് പ്രത്യക്ഷമായി മറ്റുള്ള ജനങ്ങൾക്കും ജീവികൾക്കും സംഭവിക്കുന്ന ജനന-മരണങ്ങളിൽ നിന്നും മറ്റും സ്പഷ്ടമാണ്; ജനങ്ങൾ അല്പം മനസ്സിലാക്കുന്നുമുണ്ട്. മനുഷ്യൻ ഉൾപ്പെടെ എല്ലാ ജീവികളിലും ശരീരവും, ആത്മാവും വേറിട്ട പ്രവർത്തനങ്ങൾ നടത്തുന്നുണ്ട് എന്നു തെളിയുമ്പോൾ, യഥാർത്ഥത്തിൽ ജീവാത്മാവ് ശരീരത്തെയല്ലാ, മറിച്ച് 'ദൈവാംശമായ ശരീരം' ജീവാത്മാവിനെയാണു ഭരിക്കുന്നത് എന്നതും, ആത്മാവിനെ ഭരിക്കുന്ന ശരീരം പ്രവർത്തിക്കുന്നത് ആത്മാവിനു വേണ്ടി മാത്രമാണെന്നും, ആത്മാവിന് 'ജീവിയെന്ന അസ്തിത്വം നൽകിക്കൊണ്ട് ' ആത്മാവിന്റെ സ്വന്തമെന്നോണം പ്രവർത്തിക്കുകയാണു ചെയ്യുന്നത് എന്നും വ്യക്തമാണ്. 'സ്വയം അറിയാനും, ഉറ്റവരായ മറ്റു ജീവാത്മാക്കളെ അറിയുവാൻ പോലും അത്യാവശ്യമായ ശരീരം തന്നെയാണ് എല്ലാ ജീവാത്മാക്കൾക്കും പ്രധാനം. വിശകലനം ചെയ്താൽ, ശരീരം എന്താണെന്നു പോലും അറിയാതെയാണ് 'ബുദ്ധിശക്തി കൂടുതൽ ലഭിച്ച മനുഷ്യന്റെ ജീവാത്മാവ് ' ശരീരത്തിലൂടെ ജീവിക്കുന്നതെന്ന് വ്യക്തമാണ് !**

**ജീവിയെ സംബന്ധിച്ച് മുഖ്യ ഘടകങ്ങളായ ശരീരം, ജീവാത്മാവ് എന്നിവയിൽ ഗുണങ്ങളും ദോഷങ്ങളുമായ എല്ലാ ആനന്ദങ്ങളെയും നൽകാനുള്ള ഘടകങ്ങൾ ശരീരത്തിനും, സ്വീകരിക്കാനുള്ള ഘടകങ്ങൾ ജീവാത്മാവിനും ഉണ്ടെന്നത് അനുഭവിച്ചറിയുന്ന വസ്തുതകളാണ്. എന്നാൽ അറിയാതെയും വിശകലനം ചെയ്യാതെയും ആനന്ദിച്ചു ജീവിക്കാനാണ് ശരീരം ജീവാത്മാവിനെ പ്രേരിപ്പിക്കുന്നത്. അതേസമയം ശരീരവും ആത്മാവും ആരാണെന്നും മറ്റും ഇതേപോലെ ശാസ്ത്ര പരമായി വിശദീകരിക്കുമ്പോൾ, സ്വയം വിശകലനം ചെയ്ത് ബോദ്ധ്യപ്പെടാവുന്ന കാര്യങ്ങളുമാണ്.**

**ജീവിയുടെ സ്വത്വം ജീവാത്മാവ് ആണെന്നറിഞ്ഞിട്ടും മനുഷ്യർ തനിച്ചും, സാമൂഹ്യ നീതിന്യായ സംവിധാനങ്ങൾ വഴിയും ശരീരത്തെ ശിക്ഷിക്കുന്നത് ജീവാത്മാവിന് സമസ്ത ആനന്ദങ്ങളെയും നൽകുന്ന ശരീരത്തിലൂടെ മാത്രമേ ജീവാത്മാവിനെ ശിക്ഷിക്കാൻ കഴിയൂ എന്നതു കൊണ്ടാണ്. ശരീരമാണ് പ്രധാനം എന്നാണ് അതും തെളിയിക്കുന്നത്. മറ്റുള്ള ജീവികളും ശരീരത്തെ ആധാരമാക്കി ജീവിക്കുന്നവയാണ്.**

**ശരീരം ദൈവാംശം ആയിരിക്കെ, ശരീരത്തെ ശിക്ഷിക്കുമ്പോൾ ദൈവത്തെ ശിക്ഷിക്കുന്നതായി വരില്ലേ എന്ന ചോദ്യമുണ്ട്. പ്രത്യക്ഷ ദൈവവും, ദൈവാംശവുമായ ശരീരം, ജീവാത്മാവിന് ഭാഗികമായ സ്വാതന്ത്ര്യം അനുവദിച്ച് ശരീരത്തെ നൽകാതെ നൽകുകയാണ്. ശരീരത്തെ, ജീവാത്മാവായ വ്യക്തിയുടെ ഇഷ്ട പ്രകാരം ഉപയോഗിക്കുമ്പോൾ വ്യക്തിക്കു ലഭിക്കുന്ന ആനന്ദങ്ങളും വേദനകളുമെല്ലാം വ്യക്തിക്കു മാത്രം അവകാശപ്പെട്ടതാണ്.**

**ഭക്ഷണ-ആനന്ദം ഉൾപ്പെടെയുള്ള എല്ലാ ആനന്ദങ്ങളെയും അതുപോലെ ശിക്ഷകളിലൂടെയും രോഗങ്ങളിലൂടെയും മറ്റുമുള്ള സമസ്ത വേദനകളെയും ജീവാത്മാവിനു മാത്രം ലഭിക്കുന്ന വിധമാണ് ജീവാത്മാവിന് ന്യൂട്രോണുകളിലൂടെ ഭൗതികമായ അസ്തിത്വം നൽകിയിട്ടുള്ളത്. ശരീരത്തെ ശിക്ഷിക്കുമ്പോൾ, ജീവാത്മാവിനാണ് വേദന എന്ന് അറിഞ്ഞും അനുഭവിച്ചും ജീവിക്കുന്നവരാണ് ജീവികൾ. ജീവിയുടെ സ്വത്വമായ ജീവാത്മാവിനു വേണ്ടി പണിയെടുക്കുന്നത് ശരീരമാണെങ്കിലും ശരീരം വേറിട്ട സ്വത്വത്തെ സ്വീകരിക്കുന്നില്ല എന്നതും ഭൂമിയിലെ എല്ലാ ജീവികളുടെയും ശരീരങ്ങൾക്കും എല്ലാ വസ്തുക്കൾക്കും മൊത്തത്തിൽ ശക്തി നൽകുന്നത് ഓക്സിജൻ എന്ന ഒരൊറ്റ സ്വത്വം മാത്രമാണെന്നതും ഗ്രഹിക്കുകയേ വേണ്ടൂ.**

**ദൈവത്തിന്റെ മഹാഖരരൂപവും മണ്ണുമായ ഭൂമിയിലെ മൂലകങ്ങൾ കൊണ്ട് മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളുടെ ശരീരത്തിൽ വ്യത്യസ്ത അവയവങ്ങൾ ഉണ്ടാകുന്നതും, പ്രവർത്തിക്കുന്നതും സ്വയം വിശകലനം ചെയ്ത് ഗ്രഹിക്കാൻ കഴിയും; മഹാദിവ്യവേദ ഗ്രന്ഥങ്ങളിൽ ചേർത്തിട്ടുമുണ്ട്.**

**ജീവാത്മാവാണ് പ്രധാനമെന്ന് പുലമ്പുകയും എഴുതുകയും മറ്റും ചെയ്യുന്ന എല്ലാവർക്കും ശരീരം കൊണ്ടു മാത്രമേ എന്തും ചെയ്യാൻ കഴിയുകയുള്ളൂ.**

**മരണാനന്തര ജീവിതം പ്രധാനമാണ്; എന്നാൽ സർവ്വപ്രധാനം ഭൂമിയിലെ ജീവിതമാണ്. എന്തുകൊണ്ടെന്നാൽ മരണാനന്തര ജീവിതത്തിൽ ആനന്ദങ്ങളെ ലഭിക്കുന്നതിന് ഭൂമിയിലെ ജീവിതത്തിലുള്ള നന്മതിന്മകളാണ് ആധാരം. യഥാർത്ഥവും ലളിതവുമായ അർത്ഥം :**

**ഭൗതിക രൂപത്തിലുള്ള ഭൂമിയോ, ഭൂമിയിലെ ജീവിതമോ ജീവികൾക്ക് ഇല്ലെങ്കിൽ, മരണാനന്തര ലോകങ്ങൾക്കും, മരണാനന്തര ജീവിതങ്ങൾക്കും പ്രസക്തി ഇല്ല; അതിനാൽ ജീവികൾക്കെല്ലാം ഭൂമിയും ഭൂമിയിലെ ജീവിതവും മാത്രമാണ് പ്രധാനം. 'ദൈവം കൂടിയായ ഭൂമിയിൽ' ജീവിക്കുന്ന മനുഷ്യർ ഭൂമിയും ഭൂമിയിലെ ജീവിതവും പ്രധാനമല്ലെന്നു പ്രസ്താവിക്കുന്ന പ്രഭാഷണങ്ങളും ഗ്രന്ഥങ്ങളും മറ്റും ചുമന്നു പോരുന്നത് കടുത്ത ദൈവനിന്ദയാണെന്നു തെളിയുന്നു. മഹാഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.**

**മരണാനന്തര ജീവിതത്തെയും മോക്ഷത്തെയും മഹാഅനുഗ്രഹിച്ചു നൽകുന്നത് ദൈവമാണ്; ദൈവത്തിന്റെ വിഷയമാണത്; മനുഷ്യരുടെ വിഷയമല്ല. മണ്ണായ ഭൂമിയിൽ ജീവിക്കുന്ന മനുഷ്യർ 'മണ്ണിൽ' മഹാലയിച്ചിട്ടുള്ള ധർമ്മ ശാസ്ത്ര പ്രകാരം ജീവിക്കുന്നതിൽ മാത്രമേ ശ്രദ്ധിക്കാൻ പാടുള്ളൂ.**

**ഓരോ മനുഷ്യനെയും പ്രത്യേകമായി സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന (ദൈവം), മഹാഉചിതമായ സമയത്ത് മരണാനന്തര ജീവിതത്തെയും മോക്ഷത്തെയും ഉൾപ്പെടെയുള്ള കാര്യങ്ങളെ ഓരോ മനുഷ്യനെയും നേരിട്ട് അറിയിക്കുന്നതാണ്. സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ദൈവത്തിനും, സൃഷ്ടിയായ മനുഷ്യർക്കും ഇടയിൽ മദ്ധ്യസ്ഥന്റെ ആവശ്യം ദൈവത്തിന് ഇല്ല. എല്ലാ സൃഷ്ടി ചക്രങ്ങളിലും 'മായ /ദൈവം' പ്രത്യക്ഷമായി ക്കൊണ്ട് ദൈവ-വിപ്ലവം ആരംഭിക്കുന്നതിനു മുമ്പ് ദൈവത്തിന്റെ ഭാഗവും പ്രതിനിധിയും ഏകദാസനും പ്രപഞ്ചപിതാവുമായ പരമശിവനിലൂടെ 'ഭൗതിക ശാസ്ത്രം, ധർമ്മ ശാസ്ത്രം, ആത്മീയ ശാസ്ത്രം, എന്നീ യഥാർത്ഥമായ** 3 **വേദങ്ങളെയും 'മണ്ണിൽ നിന്നും' വീണ്ടെടുക്കുന്നതാണ്. സൃഷ്ടി മന്ത്രം, മഹാശാസ്ത്രമൂലം, സംഹാര കാഹളം, ശബ്ദ ബ്രഹ്മം, അക്ഷര ബ്രഹ്മം, മഹാസംഗീതം, ദൈവത്തിന്റെ മഹാചിരി എന്നിങ്ങനെയെല്ലാം മഹാ വിശേഷണങ്ങൾ ഉള്ള ഓം എന്ന മഹാശബ്ദം മഹാശാസ്ത്ര പരമായിട്ട് ഭൂമിയിലെങ്ങും** 3 **മുതൽ** 33 **വർഷക്കാലം തുടർച്ചയായിട്ട് മുഴങ്ങുകയും ദൈവവിപ്ലവം ആരംഭിക്കുകയും ചെയ്യുന്നതോടെ യഥാർത്ഥമായ** 3 **വേദങ്ങളെ ഭൂമിയിലെങ്ങും ബോദ്ധ്യപ്പെടുന്നതാണ്. ശേഷം മഹാ ഉചിതമായ സമയത്ത് മഹാവാത്സല്യമായ ദൈവം മനുഷ്യാവസ്ഥയിലെത്തിയ കുഞ്ഞുങ്ങൾക്കെല്ലാം, ജന്മങ്ങളുടെ എണ്ണവും നേടിയ പുണ്യങ്ങളും പ്രകാരമുള്ള ധർമ്മ ശാസ്ത്രപരമായ യോഗ്യതകൾക്ക് അനുസരിച്ച്** 90 **മുതൽ** 95 **വരെയുള്ള ജന്മങ്ങളിലൊന്നിൽ പ്രത്യേകമായി മഹാദർശനവും മഹാജ്ഞാനമായ മഹാശാസ്ത്രത്തെയും,** 100-ാം **ജന്മത്തിൽ നക്ഷത്രപദവിയായ മോക്ഷത്തെയും** ō **മഹാഅനുഗ്രഹിച്ചു നൽകുന്നതാണ്.**

....

# കുഞ്ഞുങ്ങളായ ജീവികൾക്കു വേണ്ടി ഏകദൈവം പ്രപഞ്ചത്തിന്റെ മഹാമാതാവും മഹാപിതാവുമായി സ്വയം രണ്ടായി വിഭജിച്ച് ഒന്നായി പ്രവർത്തിക്കുന്നു.

സ്ത്രീ, പുരുഷൻ എന്നീ 2 ഭാഗങ്ങളെ ജീവികൾക്ക് മഹാഅനുഗ്രഹിച്ചു നൽകിക്കൊണ്ട് ജീവികളുടെ ആനന്ദങ്ങളെയും മഹാനീതിയെയും മഹാമംഗളമാക്കുമ്പോൾ മഹാമാതാവും മഹാനീതിയുമായ ദൈവം, ഒന്നാണെങ്കിലും രണ്ടായി വർത്തിക്കേണ്ടുന്ന ആവശ്യമുണ്ട്. അതിനാൽ ഭൂമിയെന്ന മഹാരൂപത്തെ ദൈവം സ്വീകരിക്കുമ്പോൾ, വസ്തുക്കളുടെ മൂലരൂപമായ ആറ്റങ്ങളിലെല്ലാം ഇലക്ട്രോൺ, പ്രോട്ടോൺ എന്നീ പേരുകളോടെ അതിസൂക്ഷ്മമായ രൂപങ്ങളിൽ ഏകദൈവം സ്വയം രണ്ടായി വിഭജിച്ച് വർത്തിക്കുന്നു. രണ്ടായി വിഭജിക്കുമ്പോഴും ദൈവം ഒന്നേയുള്ളൂ എന്ന് സുവ്യക്തമാക്കുന്ന അത്ഭുത പ്രതിഭാസത്തെ മുമ്പ് വിശദീകരിച്ചിരുന്നു.

**ദൈവം പ്രത്യക്ഷമല്ലാത്തതായ സൃഷ്ടിചക്രത്തിന്റെ ആദ്യ പകുതിയിലും, ദൈവം പ്രത്യക്ഷമായ രണ്ടാമത്തെ പകുതിയിലും, ഭൂമിയിലെ ജീവികളുടെ ആനന്ദങ്ങളെയും മഹാനീതിയെയും മഹാമംഗളമാക്കാനായിട്ട് ഒന്നായ ദൈവം രണ്ടെന്ന പോലെ കുഞ്ഞുങ്ങളായ സമസ്ത ജീവികൾക്കും വേണ്ടി നിസ്വാർത്ഥമായി പ്രവർത്തിക്കുന്നു. പരമാത്മാവായ രണ്ടാം ഭാഗത്തെയും, പരമാത്മാവിന്റെ അംശങ്ങളായ ജീവാത്മാക്കളെയും ശക്തിപ്പെടുത്താനും നിർജ്ജീവമാക്കാനും ജീവിയാക്കാനും മഹാനീതിശാസ്ത്ര പ്രകാരമുള്ള മഹാപദ്ധതികളെ മണ്ണും ഭൂമിയുമായ ഏകദൈവം മഹാആവിഷ്ക്കരിച്ചിട്ടുമുണ്ട്.**

**മനുഷ്യൻ ഉൾപ്പെടെയുള്ള ഓരോ ജീവിയുടെയും ജനനം മുതൽ മരണം വരെയുള്ള എല്ലാ ആഗ്രഹങ്ങളെയും ആവശ്യങ്ങളെയും ആനന്ദങ്ങളെയും ദൈവവും മണ്ണുമായ ഭൂമിയിലെ മൂലകങ്ങൾ കൊണ്ട് നിർമ്മിച്ച 'പ്രത്യക്ഷ ദൈവമായ ശരീരത്തിലൂടെ' ജീവിക്കു സാധിച്ചു കിട്ടുന്നു.**

**മണ്ണായ ഭൂമിയെ ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതും, മഹാശാസ്ത്രപരം മാത്രവും, സർവ്വ ജീവികളും ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര കർത്താവും, മഹാനീതിയും, ഏകമഹാശക്തിയും ഏകദൈവവും മഹാമാതാവുമായ മഹാദേവിയായും; ജീവാത്മാക്കളുടെയെല്ലാം മഹാപിതാവും പരമാത്മാവും, പ്രപഞ്ച പിതാവും മഹാദാസനും മഹാദേവനുമായ പരമശിവനെ മഹാദേവിയുടെ ~ഭാഗമായും തിരിച്ചറിയണം.**

ഏകദൈവവും മഹാമാതാവുമായ മഹാദേവിയുടെ നീതി-ഖര-രൂപമായ ഭൂമി, ഭൂമിയുടെ അംശവും കുഞ്ഞുമായ ശരീരത്തെ, പ്രപഞ്ചപിതാവായ പരമാത്മാവിന്റെ അംശവും കുഞ്ഞുമായ ജീവാത്മാവിന് നൽകുകയും, മഹാദേവിയുടെ ശക്തി-സത്യ-സൃഷ്ടി- വാതക രൂപവും, ജീവികളുടെയെല്ലാം ജീവനുമായി പ്രവർത്തിക്കുന്ന ഓക്സിജൻ, മേല്പടി ജീവി-രൂപത്തിൽ പ്രവേശിക്കുകയും, മഹാദേവിയുടെയും മഹാദേവന്റെയും സ്ഥിതി -ധർമ്മ- ദ്രാവക രൂപമായ (ജീവിശരീരത്തിലെ / രക്തത്തിലെ) ജലത്തിലൂടെ ശക്തിയും ജ്ഞാനവും നൽകുകയും ചെയ്യുമ്പോൾ, സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തോടെ ജീവാത്മാവ് ജീവിക്കുകയായി.

**ഏകദൈവവും മഹാശക്തിചക്രവും ഭൂമിയുമായ മഹാദേവി, പരമാത്മാവും പ്രപഞ്ചപിതാവുമായ മഹാദേവൻ @ പരമശിവൻ എന്ന ശിവചക്രത്തെ മഹാനീതി ശാസ്ത്ര പ്രകാരം ജീവമായും നിർജ്ജീവമായും പ്രവർത്തിപ്പിക്കുന്നതാണ്; ഫലത്തിൽ ഏകദൈവമായ മഹാദേവി മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ തനിച്ച് നിർവ്വഹിക്കുന്നു എന്നതാണ് വാസ്തവം.**

**ഭൂമിയും ബ്രഹ്മവുമായ മഹാദേവിയും, ~ഭാഗവും മഹാദാസനും മഹാദേവനുമായ പരമശിവനും തമ്മിലുള്ള ബന്ധങ്ങളിൽ അഹംഭാവം, ശക്തി, പൊങ്ങച്ചം, അസൂയ തുടങ്ങിയ വിഷയങ്ങൾ ഇല്ല തന്നെ. ആവക കാര്യങ്ങളെ വിശകലനം ചെയ്ത് സൃഷ്ടികൾ സമയവും ഊർജ്ജവും നഷ്ടപ്പെടുത്തരുത്. ഒന്നിന്റെ രണ്ടു പകുതികൾ കൂടിയായ ശിവയുടെയും ശിവന്റെയും ആനന്ദങ്ങളിൽ മനുഷ്യരുടെ സ്തുതികളും ആരാധനകളും പെടുന്നില്ല.**

**മഹാദേവി, ~ ഭാഗമായ പരമശിവൻ എന്നിവയുടെ വിശദീകരണം ബ്രഹ്മ-പാഠങ്ങളിൽ ലഭ്യമാണ്.**

**സർവ്വത്തിനും ബ്രഹ്മം ആണ് മൂലം. ബ്രഹ്മമോ മഹാപ്രപഞ്ചം ഉൾപ്പെട്ട സർവ്വത്തിനും അതീതം.**

**മഹാദേവി, സ്വന്തം ഭാഗമായ പരമശിവനെ അനുഗ്രഹിച്ച് ക്ഷിപ്രകോപവും മഹാശക്തികളും നൽകിയിട്ടുള്ളതുപോലും കുഞ്ഞുങ്ങളായ മനുഷ്യരോടുള്ള മഹാവാത്സല്ല്യം കൊണ്ടാണ്; മനുഷ്യരുടെ ആനന്ദം വർദ്ധിപ്പിക്കാനാണ്.**

**മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികൾ; ദേവതകൾ, മാലാഖമാർ, മലക്കുകൾ, ദുർദ്ദേവതകൾ, പിശാചുക്കൾ തുടങ്ങിയ സമസ്ത സൃഷ്ടികളും ഏകദൈവവും മഹാശക്തിയും മഹാമാതാവുമായ മഹാദേവിയുടെയും, ~ ഭാഗവും പ്രപഞ്ചപിതാവും മഹാദാസനും മഹാദേവനുമായ പരമശിവന്റെയും 'പൊന്നോമന കുഞ്ഞുങ്ങളാണ്.'**

**ദൈവം ഒന്നേയുള്ളൂ എന്നും ജീവിയോ സ്ത്രീയോ പുരുഷനോ അല്ലെന്നും മഹാപ്രപഞ്ചത്തിന്റെ ഘടനയും പ്രവർത്തനവും സുവ്യക്തമാക്കുന്നുണ്ട്; സൂചിത മഹാവേദ ഗ്രന്ഥത്തിൽ തെളിയിച്ചിട്ടുമുണ്ട്.**

**സൃഷ്ടികൾക്ക് കുറ്റങ്ങളും കുറവുകളും ഇല്ലാത്ത അനന്തമായ ആനന്ദങ്ങളെ മഹാവാത്സല്ല്യത്തോടെ നൽകാനായി പൊന്നോമന കുഞ്ഞുങ്ങളാക്കിയും, സ്ത്രീ പുരുഷൻ എന്നിങ്ങനെ ഇണകളും സാമൂഹ്യ ജീവിയായിട്ടും സൃഷ്ടിച്ചിട്ടുള്ളതിനെ സത്യം ശിവം സുന്ദരമാക്കാൻ ഒന്നായ ദൈവം മഹാമാതാവും പ്രപഞ്ചപിതാവുമായിട്ട് രണ്ടാവാതെ രണ്ടായുള്ള മഹാ-അത്ഭുത പ്രതിഭാസത്തെ ഒരുക്കിയാണ് പ്രവർത്തിക്കുന്നത്. മേല്പടി മഹാവേദ ഗ്രന്ഥത്തിലെ ബ്രഹ്മ പാഠങ്ങളിൽ മഹാശാസ്ത്രപരമായി വിശദീകരിച്ചിട്ടുണ്ട്.**

**ലളിതമായി പറയുമ്പോൾ, മഹാപ്രപഞ്ചത്തിലുള്ള സമസ്ത ജീവികളും മഹാദേവിയുടെയും മഹാദേവന്റെയും പൊന്നോമന കുഞ്ഞുങ്ങളാണ്. ജീവികൾ എന്നതിൽ മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ എന്നിവ മാത്രമല്ല; അവരുടെ മോക്ഷ-പരിണാമങ്ങൾ മാത്രമായ സമസ്ത ദേവതകളും മഹാദേവിയുടെയും മഹാദേവന്റെയും പൊന്നോമന കുഞ്ഞുങ്ങളാണ്. ആദ്യ മഹാകാല ചക്രത്തിലെ പ്രത്യേക ആവിഷ്ക്കാരത്തിന്റെ ഭാഗമായിട്ടാണ് ദേവതകളെ സൃഷ്ടിച്ചത്. ഉദാഹരണത്തിന് മനുഷ്യരുടെ ധർമ്മശാസ്ത്ര വിരുദ്ധമായ ഭക്തിഭ്രാന്തുകൾക്ക് വിഘ്നം (തടസ്സം) ഉണ്ടാക്കാനും ശാസ്ത്ര ജ്ഞാനത്തെ ഉപദേശിക്കുവാനും പശുപതിയായ പരമശിവനിലൂടെ നിയമിച്ച ദേവതയാണ് വിഘ്നേശ്വരൻ എന്ന ഗജപാതി. നാരായം കൊണ്ട് ചരിത്രം എഴുതാൻ നിയോഗിച്ച ദേവതയാണ് നാരായണൻ. മനുഷ്യരെയും മറ്റുള്ള ജീവികളെയും പോലെ മഹാദേവിയുടെയും മഹാദേവന്റെയും പൊന്നോമന കുഞ്ഞുങ്ങളാണ് സൃഷ്ടികൾ മാത്രമായ ദേവതകളും, അവരിലെ ചിലർ ധർമ്മശാസ്ത്ര വിരുദ്ധമായി പ്രവർത്തിച്ച് ഉണ്ടായ ദുർദ്ദേവതകളും. (ബുദ്ധൻ, ക്രൈസ്റ്റ്, ഗാന്ധിജി തുടങ്ങിയ ഏതാനും പേരായി അയച്ചത് ബ്രഹ്മത്തിന്റെ കുഞ്ഞും പ്രപഞ്ചപിതാവും കൂടിയായ പരമശിവനെ ആണെന്ന് സൂചിത മഹാദിവ്യവേദ ഗ്രന്ഥങ്ങളിൽ വിവരിക്കുന്നുണ്ട്.).**

ഓം എന്ന ശബ്ദബ്രഹ്മത്തെപ്പറ്റിയും മറ്റും www.omsathyam.com/GodlyRevolution/OM.pdf എന്ന മഹാദിവ്യവേദ ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്. 2 കാര്യങ്ങളെ മാത്രം ചുവടെ ചേർക്കുന്നു. (1) ഏക മഹാശബ്ദം കൂടിയായ ഓം.

പ്രപഞ്ചം ഉൾപ്പെടെ സർവ്വത്തിനും അതീതമായ ബ്രഹ്മവും സൃഷ്ടി സ്ഥിതി സംഹാര കർത്താവുമായ മഹാദേവിയെയും (മഹാമായയെയും), സൃഷ്ടിയായ മഹാപ്രപഞ്ചത്തെയും ബന്ധിപ്പിക്കുവാൻ കൂടിയാണ് **ഓം** എന്ന മഹാശബ്ദത്തെ മഹാനിശ്ചയിച്ചിരിക്കുന്നത്.

**ശബ്ദത്തെ എന്തുകൊണ്ടു തിരഞ്ഞെടുത്തു, മറ്റെന്തെങ്കിലും എന്തുകൊണ്ടു തിരഞ്ഞെടുത്തില്ല എന്നീ ചോദ്യങ്ങളുണ്ട്.**

**ശബ്ദത്തിന്റെ ഔന്നത്യത്തെ അല്പം ചിന്തിക്കുക.** മഹാപ്രപഞ്ചത്തിൽ ശബ്ദം എന്നൊന്ന് ഇല്ലെന്നു വന്നാൽ മനുഷ്യർ ഉൾപ്പെടെയുള്ള എല്ലാ ജീവികളുടെയും ജീവിതം തീർത്തും അരോചകവും അർത്ഥശൂന്യവും ആകുന്നതാണ്. ശബ്ദത്തെ അത്ര മഹാപദവിയിലാണ് മഹാദേവി ഉയർത്തിയിട്ടുള്ളത്. ശബ്ദത്തിന്റെ മഹാ-ഔന്നത്യം തിരിച്ചറിയുമ്പോൾ, ശബ്ദമല്ലാതെ മറ്റൊന്നും ചേരില്ല എന്നും, ശബ്ദം സമ്പൂർണ്ണമായും ചേരും എന്നും സുവ്യക്തമാകുന്നതാണ്.

മഹാദേവിയുടെ മഹാചിരി കൂടിയായ ഓം മനുഷ്യർ കേൾക്കുന്നില്ല, മഹാദേവി കേൾപ്പിക്കുന്നില്ല. ഓരോ പരമാണുവിലും സദാ മുഴങ്ങുന്നതായ മഹാദേവിയുടെ മഹാചിരിയും ശബ്ദബ്രഹ്മവുമായ ഓം ഭൂമിയിലെങ്ങും മനുഷ്യർ കേൾക്കുംവിധം മുഴങ്ങിക്കൊണ്ടിരുന്നാൽ മനുഷ്യജീവിതം സ്തംഭിക്കുന്നതാണ്. മഹാദേവി മനുഷ്യർക്ക് അനുഗ്രഹിച്ചു നൽകിയ വ്യക്തിസ്വാതന്ത്ര്യം മഹാദേവി തന്നെ കവർന്നെടുക്കുമ്പോലെയാകുമത്.

**മഹാദേവിയുടെ മഹാമനസ്സിന്റെ മഹാസംതൃപ്തിയെന്ന മഹാഭാവത്തെ** പ്രകടിപ്പിക്കാൻ **മഹാസൂക്ഷ്മ ശബ്ദം** കൂടിയായി **മഹാനിശ്ചയിച്ചിരിക്കുന്ന മഹാചിരിയെ** കുഞ്ഞുങ്ങൾക്ക് യാതൊരു അസ്വാസ്ഥ്യവും ഉണ്ടാകാതെ എല്ലാ സൃഷ്ടി ചക്രങ്ങളിലും ഓരോ വ്യക്തിയെയും ദൈവ വിപ്ലവ കാലത്ത് 3 വർഷം മാത്രം കേൾപ്പിക്കുന്നു. **മഹാസംഗീതമായി** 'അനന്തമായ രാഗങ്ങളിൽ' **ഓം** ധ്വനിക്കുന്നതാണ്. നീണ്ട 33 വർഷക്കാലവും അനന്തമായ ഉച്ചത്തിലും തുടർച്ചയായി ഭൂമിയിൽ മുഴുവൻ മുഴങ്ങുന്ന **ഏകമഹാശബ്ദവുമാണ്**.

മറ്റുള്ളവർക്ക് ശബ്ദശല്ല്യം ഉണ്ടാക്കുന്നത് തെറ്റാണെന്ന് ലളിതമായി ബോദ്ധ്യപ്പെടുത്തുക, മഹാശാസ്ത്ര / മഹാവേദ കാര്യങ്ങളെ വീണ്ടെടുത്തു നൽകുക, തുടങ്ങിയ ആശയങ്ങളെ വിനിമയം ചെയ്യാനും മഹാശക്തിയായ മഹാദേവിയുടെ മഹാചിരി കൂടിയായ ഓം ഉപയോഗിക്കുന്നതായി മനസ്സിലാക്കാം.

ജീവികളുടെ ശരീരം ഉൾപ്പെടെയുള്ള വസ്തുക്കളിലെ പരമാണുക്കളുടെ സൃഷ്ടി ഓം-ലൂടെയാണെന്ന് ബ്രഹ്മ പാഠങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. മഹാദേവി നിശ്ചയിക്കുമ്പോൾ സൃഷ്ടിമന്ത്രം കൂടിയായ ഓം, എല്ലാ ജീവികളുടെയും ശരീരത്തിൽ നിന്നും, എല്ലാ വസ്തുക്കളിൽ നിന്നും ഉച്ചത്തിൽ മുഴങ്ങുന്നതാണ്.

**ജീവാത്മാവിനെ സൃഷ്ടിക്കുന്നത് ശിവചക്രവും ശിവലിംഗവുമായ ആകാശത്തിലാണ്; ഭൂമിയിലല്ല.**

ആദ്യമായി ഒരു ശൂന്യതയെയും, പിന്നീട് ശൂന്യതയും ചേർത്ത് ശൂന്യതയിൽ എന്തെങ്കിലുമൊക്കെ പ്രത്യക്ഷമായോ പരോക്ഷമായോ പ്രകടമാക്കുന്ന പ്രവൃത്തിയെന്ന് സൃഷ്ടിക്കുക എന്ന പദത്തെ നിർവ്വചിക്കാം. സൃഷ്ടിക്കപ്പെട്ടത് 'സൃഷ്ടി'. ദൈവത്തിന്റെ മഹാജ്ഞാനമായ 'മഹാശാസ്ത്രം' പ്രകാരം 'ആദിയും അന്തവുമില്ലാത്ത ആകാശം' എന്ന 'സൃഷ്ടി-സ്ഥിതി-സംഹാര പാത്രത്തിന്റെ' ഉള്ളിലാണ് 'സമസ്ത സൃഷ്ടിയും' മഹാഭദ്രമാക്കിയിട്ടുള്ളത്. ആദി സൃഷ്ടി മാത്രമല്ലാ; ദൈവത്തിന്റെ പൊന്നോമന കുഞ്ഞുങ്ങളായ ജീവികളെ അവരുടെ മാതാപിതാക്കളിലൂടെ പുനർസൃഷ്ടി നടത്തുന്നതും യഥാർത്ഥത്തിൽ 'ആകാശത്തിന്റെ' ഉള്ളിൽ തന്നെയാണ്. എങ്ങനെയെന്നാൽ 'ആകാശം' എന്ന 'മഹാശൂന്യതയുടെ മഹാസൂക്ഷ്മമായ അംശങ്ങളാണ് ' മനുഷ്യൻ ഉൾപ്പെടെയുള്ള സ്ത്രീ-ജീവികളിലെ (ദൈവാംശമായ ശരീരത്തിന്റെ ഭാഗമായ) 'ഗർഭപാത്രം' എന്ന 'ശൂന്യത-യിലേക്കുള്ള ശൂന്യവീഥി'. ശൂന്യത യഥാർത്ഥത്തിൽ ജീവികളുടെ അവയവം അല്ല. മഹാശൂന്യതയായ ആകാശത്തിന് മഹാശാസ്ത്ര പ്രകാരം 'മഹാലിംഗം, മഹാശക്തി ലിംഗം, ശക്തിലിംഗം, മഹാശിവലിംഗം, ശിവലിംഗം, ശിവ ചക്രം ' എന്നിങ്ങനെ മഹാനാമങ്ങൾ ഉണ്ട്.

എല്ലാ ജീവികളെയും എല്ലായ്പ്പോഴും ജനിപ്പിക്കുന്നത് മഹാശിവ കൂടിയായ ദൈവത്തിന്റെ മഹാലിംഗമായ ആകാശത്തിന്റെ അകത്ത് മാത്രമാണെന്നും, ഭൂമിയുടെ അംശങ്ങളും അവയവങ്ങളുമായ പ്രദേശങ്ങളുടെ ഭാഗമാക്കുന്നില്ല എന്നും; ഏതെങ്കിലും ദേശക്കാരെന്ന് അവകാശപ്പെടാൻ യാതൊരു ജീവികൾക്കും യാതൊരു അവകാശവും ഇല്ലെന്നും തെളിയുന്നു. അക്കൂടെ, ദൈവത്തിന്റെ കുഞ്ഞാണെന്ന് മഹാശാസ്ത്രപരമായി അവകാശപ്പെടാൻ ദൈവം മഹാവാത്സല്യത്തോടെ ഓരോ വ്യക്തിയെയും പ്രത്യേകം അനുഗ്രഹിക്കുകയുമാണ്.

## എന്തു കാരണം കൊണ്ടാണ് ദൈവത്തിന്റെ അംശമാക്കാതെയും, അടിസ്ഥാനപരമായി നിർജ്ജീവമായും, ജീവാത്മാക്കളെ സൃഷ്ടിക്കുന്നത് ?

ദൈവവും, ദൈവത്തിന്റെ അംശങ്ങളും, ആദിയും അന്തവും ഇല്ലാത്ത മഹാശക്തികളും ആനന്ദങ്ങൾ ഉൾപ്പെടെ സർവ്വത്തിനും അതീതവും ആകയാൽ, സ്രഷ്ടാവ് സ്രഷ്ടാക്കളെ ത്തന്നെ സൃഷ്ടിക്കുന്നതു പോലെ നിരർത്ഥകമാണ്. അതായത്, സദാ ജീവവും സർവ്വത്തിനും അതീതവുമായ ദൈവാംശങ്ങൾ സൃഷ്ടി ആകുന്നതല്ല.

ദോഷങ്ങൾ ഉൾപ്പെടെയുള്ള ഗുണങ്ങളെയും, സ്വാതന്ത്ര്യങ്ങളെയും, ആനന്ദങ്ങളെയും, മഹാസമമായി, മഹാനീതിശാസ്ത്ര പ്രകാരം എല്ലാ സൃഷ്ടികൾക്കും നൽകണമെങ്കിൽ, നിർജ്ജീവമായ അവസ്ഥ കൂടി ബാധകമായ ഒന്നിന്റെ അംശങ്ങളായി സൃഷ്ടികളെ/ജീവികളെ സൃഷ്ടിക്കേണ്ടതുണ്ട്. അതിന് സ്രഷ്ടാവും സൃഷ്ടിയും രണ്ടായിരിക്കണം; ദൈവാംശങ്ങളായി ജീവികളെ സൃഷ്ടിച്ചു കൂടാ. മേൽകൊടുത്ത വിശദീകരണങ്ങളിൽ നിന്ന് തത്ത്വമസി, അഹം ബ്രഹ്മാസ്മി, തുടങ്ങി എല്ലാ മതങ്ങളും അടിസ്ഥാന പരമായി ത്തന്നെ തെറ്റാണെന്നു തെളിയുന്നുണ്ട്. ആദ്യ മഹാകാല ചക്രത്തിൽ പൈശാചികമായി അധഃപതിച്ച ചില ദേവതകളെ ദൈവങ്ങളായി അനേകർ തെറ്റിദ്ധരിച്ചിട്ടുമുണ്ട്. www.omsathyam.com/GodlyRevolution/OM.pdf എന്ന ദിവ്യമഹാവേദ ഗ്രന്ഥത്തിൽ തെളിയിച്ചിട്ടുണ്ട്. എല്ലാ ദേവതകളെയും എന്നന്നേക്കുമായി പിൻവലിച്ചും കഴിഞ്ഞു.

ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയായ ഏകദൈവം, 'നിർജ്ജീവമായ അവസ്ഥ കൂടി ബാധകമായ ഒരു പരമാത്മാവിനെ' പങ്കെടുപ്പിച്ചു കൊണ്ട് അഥവാ 'ഒന്നായ ദൈവം രണ്ടായിക്കൊണ്ട് ', ജീവികളെല്ലാം ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ നിർവ്വഹിക്കുവാൻ തയ്യാറായത് അങ്ങനെയാണ്.

**ഭൂമിയായ ഏകദൈവവും, ശിവചക്രമായ പരമാത്മാവും രണ്ടാണെന്നും, ജീവിയുടെ സ്വത്വമായ ജീവാത്മാവ് ഭൂമിയായ ദൈവത്തിന്റെ അംശമല്ലെന്നും, മറിച്ച് ഭൂമിയുടെ ഇഷ്ടം പോലെ അഥവാ ധർമ്മ ശാസ്ത്ര പ്രകാരം ജീവമായും നിർജ്ജീവമായും പ്രവർത്തിക്കുന്ന പരമാത്മാവിന്റെ അംശം മാത്രമാണെന്നും വ്യക്തമാക്കിയതിനെ വീണ്ടും വിശകലനം ചെയ്യണം. പരമാത്മാവിന്റെ അംശങ്ങളായ ആത്മാക്കൾ മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ എന്നീ ക്രമത്തിൽ ജീവികളുടെ ശരീരങ്ങളെ മഹാനീതിശാസ്ത്രം പ്രകാരം സ്വീകരിക്കുകയും, മനുഷ്യാവസ്ഥയിലെ 100-ാം ജന്മത്തിൽ നക്ഷത്രമായ മോക്ഷാവസ്ഥയെ നേടുകയും, അനന്തമായ ആനന്ദങ്ങളെ അനുഭവിച്ചു കൊണ്ട് ഇഷ്ട പ്രകാരം ജീവിക്കുകയും ചെയ്യുന്നതായി മേല്പടി മഹാദിവ്യഗ്രന്ഥത്തിൽ വിശദീകരിക്കുന്നത് കാണാം. പഠനത്തിൽ ശരിയെന്നു കാണാം. ദൈവ വിപ്ലവത്തോടെ ബോദ്ധ്യവുമാകും. തനിപ്പെട്ട അംശങ്ങളായി ജനിപ്പിക്കുന്ന ജീവാത്മാക്കളെ പ്രത്യേകം കരുതുന്നതും, അവർ മോക്ഷം നേടുമ്പോൾ, പരബ്രഹ്മവും സനാതന ധർമ്മവുമായ പ്രപഞ്ചത്തിന്റെ ഭാഗമാകുക മാത്രമാണ്. എല്ലാ ജീവാത്മാക്കളും മോക്ഷം നേടുമ്പോൾ 'സ്ഥിരവും സമവുമായ നക്ഷത്രം എന്ന ജീവിരൂപം' ലഭിക്കുകയാണ്. സമ്പൂർണ്ണമായ ഒരു അസ്തിത്വത്തെ ലഭിക്കുകയും നേടുകയുമാണ്. മോക്ഷത്തിൽ സ്വത്വം നഷ്ടപ്പെട്ട് പരമാത്മാവിൽ ലയിക്കുന്നതായി വിവരിക്കുന്ന മൂഢവിശ്വാസങ്ങളും, ആത്മാക്കളെല്ലാം പരമാത്മാവിന്റെ അംശങ്ങളായ കുഞ്ഞുങ്ങളാണ് എന്നതിനെ അവർ ഒന്നാണെന്ന് വിവരിക്കുന്ന മുരട്ടുവാദങ്ങളും കൂടി അവസാനിക്കുന്നു. കൂടാതെ അനന്തമായ ആകാശവും ശിവചക്രവും പ്രപഞ്ച പിതാവും കൂടിയായ പരമാത്മാവിന്റെ മഹാസൂക്ഷ്മമായ ഒരംശം മാത്രമാണ് ആത്മാവെന്നും, ഒരു തുള്ളി ജലത്തെ മഹാസമുദ്രമായി കണക്കാക്കാൻ പാടില്ല എന്ന പോലെ ആത്മാവിനെയും പിതാവായ പരമാത്മാവിനെയും ഒന്നെന്നും തുല്ല്യമെന്നും വിശേഷിപ്പിക്കുന്നത് തെറ്റും അപരാധവുമാണ്.**

## എന്തിനാണ് ജീവാത്മാക്കളെ ഗൂഢമാക്കിയിരിക്കുന്നത്?

**സ്രഷ്ടാവും സൃഷ്ടിയും രണ്ടായിരിക്കുമ്പോൾ; സൃഷ്ടിയായ ജീവികൾക്ക് പ്രത്യക്ഷമായ അസ്തിത്വവും, ജീവിക്കാൻ ആവശ്യമായ ശക്തികളും, ആനന്ദങ്ങളും ഉൾപ്പെടെ സർവ്വവും എല്ലായ്പ്പോഴും നൽകേണ്ടതായ ഭാരിച്ച ഉത്തരവാദിത്വം സ്രഷ്ടാവായ ദൈവത്തിന് ഉണ്ടാകുന്നുണ്ട്. ആനന്ദങ്ങളെയെല്ലാം ദൈവം പ്രത്യക്ഷമായി ജീവികൾക്കു നൽകിക്കൊണ്ടിരുന്നാൽ, സ്രഷ്ടാവ് കാരണമായി ജീവികളെല്ലാം യാതൊന്നും ചെയ്യാൻ ഇല്ലാത്തവരും, സൃഷ്ടി അർത്ഥശൂന്യവുമായി മാറും. അത് ഒഴിവാക്കണമെങ്കിൽ, സ്രഷ്ടാവായ ദൈവത്തിന്റെയും, സൃഷ്ടിയായ ജീവികളുടെയും അസ്തിത്വം, സാന്നിദ്ധ്യം എന്നിവയിൽ ഭാഗികമായി ഗൂഢത കൂടി ഉണ്ടാവണം. മാത്രമല്ല; മനുഷ്യർ ഉൾപ്പെടെയുള്ള എല്ലാ ജീവികൾക്കും ജീവിക്കാൻ ആവശ്യമായ പ്രപഞ്ച-ഘടകങ്ങളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മുഴുവൻ യാതൊരു കുറവും കുറ്റങ്ങളും ഇല്ലാത്തതും, സമ്പൂർണ്ണ സുന്ദരവുമായ മഹാപദ്ധതികളോടെ നിർവ്വഹിക്കുവാൻ കഴിയണം. ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയായ ദൈവത്തിന്റെ മഹാപ്രഭാവങ്ങളും മഹാ-മഹത്വവും മഹാസത്യമാണെന്ന് സ്ഥാപിക്കുവാനും അതാവശ്യമാണ്.**

**ജീവികളുടെ ജീവിതം ആനന്ദകരമാക്കാനായി കാലത്തെയും സൃഷ്ടിചക്രങ്ങളെയും, സൃഷ്ടിചക്രത്തിന് 'ദൈവം പ്രത്യക്ഷമല്ലാത്ത ആദ്യ പകുതിയെയും, ദൈവം പ്രത്യക്ഷമായ രണ്ടാമത്തെ പകുതിയെയും,' മഹാആവിഷ്ക്കരിച്ചിരിക്കുകയാണ്. ഓരോ ജീവിക്കും ഗൂഢവും ശുദ്ധവുമായ ഇണയെയും, ഓരോ വ്യക്തിക്കും 'നിർജ്ജീവമായ അവസ്ഥ കൂടി ബാധകമായ ഒരു ജീവാത്മാവിനെയും', ജീവാത്മാവിന് ജീവിക്കാൻ ആവശ്യമായ സർവ്വവും നൽകുന്നതായ ദൈവാംശമായ ശരീരത്തെയും മഹാവാത്സല്ല്യത്തോടെ നൽകിയിരിക്കുകയാണ്.**

**ജീവികളുടെയെല്ലാം ജീവിതം ആനന്ദകരമാവാൻ ജീവാത്മാക്കളെ ഗൂഢമാക്കേണ്ടതുണ്ട് എന്ന് സൂചിപ്പിച്ചുവല്ലോ. ഉദാഹരണത്തിന്, മരണത്തോടെയും മറ്റും ശരീരത്തിൽ നിന്നും പുറത്താക്കപ്പെടുന്ന ആത്മാക്കളെ കാണാനും കേൾക്കാനും സാധാരണമായി സാധിച്ചാൽ കുട്ടികളും ഗർഭിണികളും മുതിർന്നവരും ഉൾപ്പെടെ എല്ലാ മനുഷ്യരും (മറ്റുള്ള ജീവികളും) ഭയന്നു വിരളുന്നതാണ്. അതായത്, എല്ലാ ജീവികളുടെയും ജീവിതം താറുമാറാകാതെ എല്ലാ ആനന്ദങ്ങളെയും സംരക്ഷിക്കുവാനും ആസ്വദിക്കുവാനും ജീവാത്മാക്കളെ ഗൂഢമാക്കേണ്ടതുണ്ട്. ഗൂഢമാവാൻ പരമാത്മാവിനും അംശമായ ജീവാത്മാവിനും വാതക രൂപം കൂടി നൽകേണ്ടതും അത്യാവശ്യമാണ്. ജീവാത്മാവ് ഉണ്ടെന്ന് സുവ്യക്തമായി ബോദ്ധ്യമാണെങ്കിലും, ജീവിയുടെ ഭാഗമായിരിക്കുമ്പോഴും, മരണത്തോടെ ശരീരത്തിൽ നിന്ന് പുറത്തായിരിക്കുമ്പോഴും ജീവാത്മാവ് ഗൂഢമാണെന്ന് ചുറ്റുമുള്ള ജീവികളുടെ ജീവിതത്തിൽ നിന്നും അനുഭവിച്ചറിയുന്ന വസ്തുതയുമാണ്.**

**മണ്ണും ഭൂമിയുമായ ദൈവത്തിനു മാത്രം മഹത്വം.**

# ഓംകാര നീതിശാസ്ത്രം

| 2 | ( മഹാനീതിശാസ്ത്രം ) |
|---|---|

ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതും, ഏകമഹാസത്യവും, ഏകമഹാശക്തിയും, ഏകദൈവവും, **സൃഷ്ടി സ്ഥിതി സംഹാര കർത്താവും, മണ്ണും ഭൂമിയുമായ മഹാദേവിയുടെ മഹാഹൃദയമായ ഓംകാരത്തിൽ താൻ സൃഷ്ടിച്ചുപോരുന്ന എല്ലാ** കുഞ്ഞുങ്ങളോടുമുള്ള **മഹാവാത്സല്യം** നിറഞ്ഞിരിക്കുന്നു. മഹാവാത്സല്യത്തെ മഹാസ്നേഹമെന്നും പേരിടാനാവും. മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി ആരംഭിക്കും മുമ്പ്, സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്ന എല്ലാ കുഞ്ഞുങ്ങൾക്കും അനന്തങ്ങളായ ആനന്ദങ്ങളെ ലഭ്യമാക്കുവാനുള്ള മഹാപദ്ധതിയും, എല്ലാ കുഞ്ഞുങ്ങൾക്കും തുല്ല്യമായ ആനന്ദം ലഭ്യമാക്കുവാനായി മഹാനീതിശാസ്ത്രവും, മഹാദേവിയുടെ മഹാഹൃദയമായ ഓംകാരം മഹാവാത്സല്യത്തോടെ മഹാആവിഷ്ക്കരിക്കുന്നു. സൃഷ്ടി സ്ഥിതി സംഹാരങ്ങളെ യാതൊരിക്കലും യാതൊരു കുറ്റങ്ങളും കുറവുകളും ഇല്ലാത്തതായി മഹാസംരക്ഷിക്കാനാണത്.

## മഹാഹൃദയത്തിന്റെ മഹാനാമം ഓംകാരം എന്നായതിനാൽ ഓംകാര നീതിശാസ്ത്രം എന്നാണ് മഹാനീതിശാസ്ത്രത്തിന്റെ മഹാശാസ്ത്ര-നാമം.

ആത്മീയ ശാസ്ത്രത്തെയും,
മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രത്തെയും,
ഓംകാര ശാസ്ത്രം, ഓംകാര നീതി ശാസ്ത്രം
എന്നെല്ലാം വിളിക്കുന്നതും മഹാഉചിതമാണ്.
എന്തുകൊണ്ടെന്നാൽ മഹാദേവിയുടെ
മഹാഹൃദയമായ ഓംകാരത്തിലെ
മഹാജ്ഞാനത്തെയും മഹാവാത്സല്യത്തെയും
തന്നെയാണ് മഹാശാസ്ത്രം, ഓംകാര നീതി
ശാസ്ത്രം എന്നെല്ലാം പേരിട്ടിരിക്കുന്നത്.

സൃഷ്ടി ചക്രത്തിന്റെ രണ്ടാമത്തെ
പകുതിയിൽ മഹാദേവി, ഓം എന്നു
മഹാചിരിച്ച്, 'മായ' പ്രത്യക്ഷമാക്കുന്നതോടെ,
ആത്മീയ ശാസ്ത്രം കൂടിയായ

**ഓംകാരനീതിശാസ്ത്രം**

ഒന്നാമത്തെ വേദവും, ഏകമഹാവേദവുമായി
പരിണമിക്കുന്നുണ്ട്.

ഓംകാര നീതിശാസ്ത്ര പ്രകാരം, ഓംകാരത്തിൽ നിന്ന് ജീവികൾക്കെല്ലാം അനന്തങ്ങളായ ആനന്ദങ്ങളെ നൽകാനുള്ള മഹാപദ്ധതിയായ മഹാശാസ്ത്രവും, മഹാശാസ്ത്രത്തിന്റെ ഭൗതികരൂപമായ മഹാപ്രപഞ്ചവും സൃഷ്ടിയ്ക്കപ്പെടുന്നു. (ഓം എന്ന ദിവ്യമഹാവേദ ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്).

മഹാജ്ഞാനത്തിന്റെ ഒരു ഭാഗം മാത്രമാണ് മഹാശാസ്ത്രം എന്നും സുവ്യക്തമാണ്. ഓംകാരനീതിശാസ്ത്രം മഹാശാസ്ത്രത്തെയും മഹാ-പ്രപഞ്ചത്തെയും ഉൾക്കൊള്ളുന്നുവെന്നും, മഹാ-ശാസ്ത്രവും മഹാപ്രപഞ്ചവും ഓംകാരത്തിന്നുള്ളിൽ മാത്രമാണ് പ്രവർത്തിക്കുന്നത് എന്നും വെളിവാകുന്നു.

**ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിയുടെ മഹാഹൃദയമായ ഓംകാരത്തിന്റെ അകത്ത് മഹാപ്രപഞ്ചം മഹാഭദ്രമായിരിക്കുന്നു. മഹാജഗദംബയായ മഹാദേവി ഒരു കൊച്ചു കുഞ്ഞായിട്ട് മഹാഅവതരിക്കുമ്പോഴും, മഹാപ്രപഞ്ചം മുഴുവൻ കുഞ്ഞായിരിക്കുന്ന മഹാദേവിയുടെ മഹാഹൃദയമായ ഓംകാരത്തിനകത്ത് മഹാമായകൊണ്ട് മഹാഭദ്രമാണ്.**

എല്ലാ ശാസ്ത്രങ്ങളുടെയും മാതൃശാസ്ത്രം ഓംകാര നീതിശാസ്ത്രം (ദൈവ ശാസ്ത്രം) ആണെന്ന് സുവ്യക്തമാണ്. ഏകമഹാശക്തിയായ മഹാദേവിയുടെ ഏകമഹാവേദമാണ് ഓംകാര നീതിശാസ്ത്രം എന്നിരിക്കെ മൂന്ന് വേദങ്ങളായി വിഭജിക്കുന്നത് എന്തിനാണ് ?

സൃഷ്ടി ചക്രത്തെ 'മായ / ദൈവം പ്രത്യക്ഷമല്ലാത്ത കാലഘട്ടം', 'മായ പ്രത്യക്ഷമായ കാലഘട്ടം' എന്നിങ്ങനെ രണ്ടായി വേർതിരിച്ചിട്ടുണ്ട്. രണ്ടു കാലഘട്ടങ്ങളിലും അഥവാ എക്കാലവും മനുഷ്യർ ജീവിക്കേണ്ടത് മണ്ണിൽ മഹാലയിച്ചിട്ടുള്ള ധർമ്മശാസ്ത്ര പ്രകാരമാണ്. എങ്ങനെ ജീവിക്കണം എന്നതിന്റെ ഉത്തരമാണത്; അതിന് മാറ്റവും ഉണ്ടാകുന്നില്ല. എന്നാൽ

'മായ / ദൈവം പ്രത്യക്ഷമല്ലാത്ത കാലഘട്ടം' എന്നു പറയുമ്പോൾ 'ദൈവം ഉണ്ടോ ഇല്ലയോ' എന്നതു പോലും സൂക്ഷ്മമായി വിശകലനം ചെയ്യുന്നവർക്കും ധാർമ്മിക ശുദ്ധി കൂടുതൽ ഉള്ളവർക്കും മാത്രമാണ് ബോദ്ധ്യമാവുക.

**ജനങ്ങൾ അലസരും മടിയരും ആവാതെ മണ്ണായ ഭൂമിയിലെ വസ്തുക്കളിൽ മഹാലയിച്ചിട്ടുള്ള ഭൗതിക ശാസ്ത്ര നിയമങ്ങളെ കണ്ടെത്തുകയും, അവയുടെ അടിസ്ഥാനത്തിൽ ശാസ്ത്ര സാങ്കേതിക വികസന പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും വേണം. ഇന്നത്തെ ഭൂമിയിൽ വ്യാപകമായിട്ടുള്ള ബഹുവിധങ്ങളായ ആനന്ദങ്ങളെ സ്വയമെന്നോണം കണ്ടെത്തുകയും ധർമ്മശാസ്ത്ര പരമായി ആസ്വദിച്ചു ജീവിക്കുകയും വേണം. ദൈവത്തിന്റെ പ്രത്യക്ഷ സാന്നിദ്ധ്യം ഉണ്ടായാൽ അതുണ്ടാവില്ല.**

**വൈവിധ്യമാർന്ന കൃഷി വിഭവങ്ങൾ; കാർ, തീവണ്ടി, വിമാനം, കപ്പൽ, തുടങ്ങിയ വാഹനങ്ങൾ; കെട്ടിടങ്ങൾ, ആശുപത്രി, ടെലിവിഷൻ, റേഡിയോ, ഫോട്ടോ, ഫോൺ, മൊബൈൽ ഫോൺ, കറന്റ് : ലൈറ്റുകൾ, എയർ കണ്ടീഷണർ, ഫാൻ, റഫ്രിജറേറ്റർ, ഫ്രീസർ, പമ്പ്, പ്ലംബിംഗ് .... തുടങ്ങിയവ ഇല്ലാത്ത ലോകത്തെപ്പറ്റി ഇന്നത്തെ മനുഷ്യർക്ക് ആലോചിക്കാൻ പോലും താല്പര്യം ഉണ്ടാവില്ല. കുഞ്ഞുങ്ങൾ ആനന്ദിച്ചു ജീവിക്കണമെന്നാണ് ഓംകാര നീതി ശാസ്ത്രം!**

**'മായ / ദൈവം പ്രത്യക്ഷമല്ലാത്ത കാലഘട്ടത്തിൽ' ഒന്നാമത്തെ വേദമായും മനുഷ്യർ കണ്ടെത്തുന്നവയായും 'ഭൗതിക ശാസ്ത്രത്തെ' മഹാആവിഷ്ക്കരിച്ചിരിക്കുകയാണ്. ദൈവം, മനുഷ്യർക്ക് വേണ്ടി ഭൗതിക ശാസ്ത്ര നിയമങ്ങളെ ഗൂഢമാക്കിയിരിക്കുന്നു.**

**മഹാഉചിതമായും ക്രമേണയും ചെയ്യുന്ന വെളിപ്പെടുത്തലുകളെ ഒന്നിച്ചായാൽ ജീവിതത്തിന്റെ ക്രമങ്ങളും ആനന്ദങ്ങളും നഷ്ടപ്പെടുന്നതാണ്.**

**മായ / ദൈവം പ്രത്യക്ഷമല്ലാത്ത കാലഘട്ടത്തിൽ ദൈവത്തെ അന്വേഷിക്കുന്ന മൂഢ ജനങ്ങളോടും മറ്റും ദൈവം കൂടുതൽ കരുണ കാട്ടിയാൽ, അഥവാ ദൈവീക സാന്നിധ്യം വെളിപ്പെടുത്തിയാൽ, മേൽ സൂചിപ്പിച്ച ഭൗതിക ശാസ്ത്ര വികസനം മുന്നോട്ട് പോവില്ല.**

**സൃഷ്ടി ചക്രത്തിന്റെ രണ്ടാമത്തെ പകുതിയിൽ, ദൈവം, മായ പ്രത്യക്ഷമാക്കി ക്കൊണ്ട് - ഓം എന്ന് മഹിചിരിച്ച് - ദൈവ വിപ്ലവം നടത്തുന്നു.**

**മഹാദേവി, മഹാദാസനായ പരമശിവനിലൂടെ വീണ്ടെടുക്കുന്ന മൂന്നാമത്തെ വേദം മഹാപ്രസക്തി നേടുന്നു; ഒന്നാമത്തെ വേദമായും പ്രായേണ ഏകമഹാവേദമായും ദൈവശാസ്ത്രമായും ഒക്കെ പരിണമിക്കുന്നു. ദൈവം, ദൈവ കാര്യങ്ങൾ, മനുഷ്യരുടെ മോക്ഷം, മോക്ഷത്തിന് മനുഷ്യരെ ഒരുക്കൽ, ധർമ്മശാസ്ത്ര പരമായി ആനന്ദിച്ച് ജീവിക്കുവാൻ അപ്പോഴും എപ്പോഴും ശ്രദ്ധിക്കേണ്ടതിന്റെ ആവശ്യകത, തുടങ്ങിയ ആത്മീയ ശാസ്ത്ര കാര്യങ്ങളെ ദൈവീകമായിട്ട് വീണ്ടെടുക്കുമ്പോൾ, ശാസ്ത്ര വികസനം ഏറെക്കുറെ പൂർത്തിയായ ഒന്നാമത്തെ വേദമായ ഭൗതിക ശാസ്ത്രം താരതമ്യേന അപ്രസക്തമാവുന്നു.**

**സൃഷ്ടി ചക്രത്തിന്റെ സംഹാരം എന്ന ജനങ്ങളുടെ മോക്ഷം പൂർണ്ണമാവുമ്പോൾ, വേദ ഗ്രന്ഥങ്ങളും സംഹരിക്കപ്പെടും; മഹാശാസ്ത്രം / വേദങ്ങൾ, മണ്ണായ ഭൂമിയിൽ മഹാലയിച്ച് എപ്പോഴുമുണ്ട് !**

**മേല്പടി വിശദീകരണത്തിൽ നിന്ന് ഒന്നായ വേദം മൂന്നായി പിരിയുന്നതായി മനസ്സിലാക്കാനാവും.**

മഹാപ്രപഞ്ചത്തെ മുഴുവൻ ശബ്ദബ്രഹ്മം കൂടിയായ **ഓം** ഉൾക്കൊള്ളുന്നത് എങ്ങനെയെന്ന് വിശദീകരിച്ചിരുന്നു. ശബ്ദബ്രഹ്മം കൂടിയായ ഓം -ന്റെ കാരം അഥവാ ശക്തി അഥവാ ആകാരം അഥവാ രൂപം എന്ന അർത്ഥത്തിലാണ് മഹാഹൃദയത്തിന് ഓംകാരം എന്നു പേരുവച്ചിട്ടുള്ളത് എന്ന് തൽക്കാലം അറിയുക. ഓം -ന്റെ ശക്തി എന്നു പറയുമ്പോൾ, ഓം -ന് ശക്തി ലഭിക്കുകയാണ്. എന്റെ ശക്തി, മറ്റൊരാളുടെ ശക്തി എന്നെല്ലാം മനുഷ്യർ പറയുമ്പോൾ, യാതൊരാൾക്കും ശക്തി ഇല്ലായെന്നും, മഹാശക്തിയായ ദൈവം ഓരോരുത്തർക്കും നൽകുന്ന ശക്തികളെയാണ് എന്റെ ശക്തി, മറ്റൊരാളുടെ ശക്തി എന്നെല്ലാം മനുഷ്യർ പറയുന്നതെന്നും, അറിയണം.

എപ്പോഴും ഓംകാരത്തിൽ നിന്നും ഉത്ഭവിച്ചുകൊണ്ട്, മഹാദേവിയുടെ മഹാവായിലൂടെ മഹാചിരിയായി മഹാപ്രപഞ്ചത്തിലേക്കു ചേരുകയാൽ, ഓം-ന്റെ മഹാശക്തിയെയും ഓംകാരം നൽകുന്ന ശക്തിയെയും വേറിട്ടു കണക്കാക്കാൻ കഴിയാത്ത മഹാഅവസ്ഥയുമുണ്ട്; മഹാദേവിയുടെ ഭാഗമായ പരമശിവനെ മഹാദേവിയുടെ ഒരു അവയവമായി കണക്കാക്കിയാൽ പരമശിവനിലൂടെ പ്രവർത്തിക്കുന്ന കാര്യങ്ങളെ മഹാദേവി ചെയ്യുന്നതായി മനസ്സിലാവും. ഓംകാരത്തിൽ നിന്നു തന്നെയാണ് ഓം -ന് ശക്തി ലഭിക്കുന്നത് എന്നും, മഹാദേവിയുടെ മഹാചിരി കൂടിയായ ഓം ഉത്ഭവിച്ചു തുടങ്ങുന്നത് മഹാഹൃദയമായ ഓംകാരത്തിലാണെന്നും വ്യക്തമാകുന്നു. ഓംകാരത്തിൽ നിന്നും ഉത്ഭവിക്കുന്ന ഓം- നെ മഹാ-ഉപാധിയാക്കിയാണ് പ്രപഞ്ചത്തെ സൃഷ്ടിക്കുന്നതും മഹാപരിപാലിക്കുന്നതും.

**മഹാദേവിയുടെ മഹാഹൃദയത്തിന്റെ മഹാപ്രവർത്തനങ്ങളുടെ വളരെച്ചെറിയ പതിപ്പ് അഥവാ അനുകരണം മാത്രമാണ് ജീവികളുടെയെല്ലാം ഹൃദയ-പ്രവർത്തനം. ജീവികൾക്ക് ജീവൻ നൽകുന്നതായ ഓക്സിജൻ എന്ന ശക്തിയെ ഓം/ഓംകാരം സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു. ജീവനും ജീവാത്മാവും ശരീരവും ന്യൂറോണുകളുമെല്ലാം ജീവിയിൽ എങ്ങനെയെല്ലാം പ്രവർത്തിക്കുന്നുവെന്ന് 'മഹാപ്രപഞ്ചം സത്യമാണ്, മായ ആണ് എന്നാൽ മിഥ്യയല്ല; ശരീരമാണ് പ്രധാനം, ആത്മാവല്ല' എന്ന മഹാവേദ ഗ്രന്ഥത്തിലെ അദ്ധ്യായത്തിൽ വിസ്തരിച്ചിട്ടുണ്ട്.**

**മനുഷ്യരുടെ എല്ലാ പ്രവർത്തനങ്ങളും ഹൃദയത്തിലൂടെയാണ് എന്നതുപോലെ, മനുഷ്യർ ചിരിക്കുന്നതും, ചിരിക്കാൻ കഴിയുന്നതും, ഹൃദയത്തിലൂടെ ലഭ്യമാകുന്ന ശക്തികൊണ്ടു തന്നെയാണ് എന്നറിയുമ്പോൾ, ശബ്ദത്തിന്റെ ഉത്ഭവം തൊണ്ടയോ നാവോ അല്ല, മറിച്ച് ഹൃദയത്തിൽ നിന്നാണെന്നും തെളിയുന്നു.**

**ഓംകാരത്തിന്റെയും ഓംകാരനീതിശാസ്ത്രത്തിന്റെയും മഹാധർമ്മത്തെയാണ് മുകളിൽ ഏറ്റവും ഹ്രസ്വമായി വിശദീകരിച്ചത്. ഓംകാര നീതിശാസ്ത്രത്തിലെ കുറെ ഭാഗം മാത്രം ചുവടെ ചേർക്കുന്നു.**

**മഹാശക്തിയായ മഹാദേവി, ഓംകാരനീതിശാസ്ത്ര പ്രകാരം മഹാപ്രപഞ്ചത്തിലെ ജീവികൾക്കെല്ലാം സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യം അനുവദിച്ചു കൊണ്ടു തന്നെ; ജീവികൾ കാട്ടിക്കൂട്ടുന്ന ഏത് അക്രമങ്ങളെയും അനീതികളെയും കുറ്റങ്ങളും കുറവുകളുമില്ലാതെ പരിഹരിക്കുന്നതാണ് ; ഓംകാരത്തിൽ നിന്നും ഉത്ഭവിക്കുന്നതായ ഓംകാരനീതിശാസ്ത്രത്തിന്റെ മഹാസവിശേഷതയാണത്.**

സമനീതി കൊണ്ട് യഥാർത്ഥത്തിൽ ഉദ്ദേശിക്കുന്നത് എല്ലാ കുഞ്ഞുങ്ങൾക്കും സമമായ ആനന്ദം ലഭ്യമാക്കുകയാണ്. കുഞ്ഞുങ്ങളെല്ലാം പരമാനന്ദത്തോടെ ജീവിക്കുന്നതിലേക്കായി ദൈവം അനന്തങ്ങളായ ആനന്ദങ്ങളെ മഹാഒരുക്കിയിരിക്കുന്നു. സ്രഷ്ടാവായ ദൈവം കുഞ്ഞുങ്ങൾക്ക് സമ്പൂർണ്ണ വ്യക്തി സ്വാതന്ത്ര്യവും നൽകിയിരിക്കുന്നു.

മഹാനീതിശാസ്ത്രം ദൈവത്തിന്റെ സൃഷ്ടികളായ കുഞ്ഞുങ്ങൾക്കെല്ലാം ആനന്ദങ്ങളെ സമമായി നൽകാനാണെന്നു കണ്ടു. കുഞ്ഞുങ്ങൾ വ്യക്തിസ്വാതന്ത്ര്യം ദുരുപയോഗം ചെയ്തുകൊണ്ട് ദൈവത്തിന്റെ മറ്റു കുഞ്ഞുങ്ങളുടെ ആനന്ദങ്ങളെ തട്ടിയെടുക്കുമ്പോഴും തട്ടിത്തെറിപ്പിക്കുമ്പോഴും അതിന് സമ്പൂർണ്ണമായ പരിഹാരം ഉണ്ടാക്കണം. അവിവേകം കാട്ടുന്ന കുഞ്ഞിനെ തിരുത്തണം. ശുദ്ധിപ്പെടുത്താനായി ശിക്ഷ നൽകണം.

**എല്ലാ കുഞ്ഞുങ്ങൾക്കും സമപദവി തന്നെ ലഭ്യമാക്കണം. എല്ലാ കുഞ്ഞുങ്ങൾക്കും ഭൂമിയിൽ സമ-കാല ജീവിതം ഉറപ്പാക്കേണ്ടത് സമനീതിയുടെ ഭാഗമാകയാൽ കാലഘട്ടത്തെ / സമയത്തെ ചിട്ടപ്പെടുത്തി സമനീതിയെ മഹാ-ആവിഷ്ക്കരിക്കണം.**

**ഏതാനും ചില മേഖലകളിലെ ഭരണം മനുഷ്യരെത്തന്നെ ഏല്പിച്ചു കൊണ്ടാണ് മഹാനീതിയായ ദൈവം മഹാഭരിക്കുന്നത്.**

ഏതാനും ചില മേഖലകളിലെ ഭരണം മനുഷ്യരെത്തന്നെ ഏല്പിക്കുന്നത് എന്തുകൊണ്ടാണെന്ന ചോദ്യമുണ്ട്. മുമ്പു വ്യക്തമാക്കിയതു പോലെ, മനുഷ്യർക്ക് സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യം നൽകി ആനന്ദിപ്പിക്കാനാണ്, അടിമകളല്ലാതെയാക്കാനാണ്. ഏതാനും ചില മേഖലകളിലെ ഭരണം മാത്രം ഏല്പിച്ചാൽ സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യം നൽകാനാകുമോ എന്ന ചോദ്യമുണ്ട്. ദൈവീകതലത്തിൽ ഭൂമിയിലെ മനുഷ്യരെ അടിമകളാക്കിയിട്ടില്ലാ എന്നതുകൊണ്ട് എക്കാലത്തും സമ്പൂർണ്ണ വ്യക്തി-സ്വാതന്ത്ര്യം അനുഭവിക്കുന്നവരായി മനുഷ്യർ കരുതുന്നത് പ്രത്യക്ഷ തെളിവാണ്. ഏതാനും മേഖലകളിലൂടെ സർവ്വ മേഖലകളിലും സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യം അനുഭവിക്കുന്ന പ്രതീതി മനുഷ്യർക്ക് ഉണ്ടാകുന്നുണ്ട്. ജന്മഗുണങ്ങളിലൂടെയും സ്ഥിതി പരമായും മഹാഭരണം മഹാദേവി നിർവ്വഹിക്കുന്നതു കൊണ്ടാണ് പ്രതീതി എന്ന് കുറിച്ചത്. മഹാദേവിയുടെ ആവിഷ്ക്കാര മഹത്വമാണത്.

**ഏതാനും മേഖലകളിലെ ഭരണം മനുഷ്യരാണ് നടത്തുന്നതെങ്കിലും, പ്രസ്തുത മേഖലകളെ മാറ്റാതെ മാറ്റിനിർത്തിക്കൊണ്ട് ദൈവം ഭരണം നടത്തുകയാൽ, ദൈവം മഹാഭരണാധികാരി ആകുന്നത് എങ്ങനെയെന്ന ചോദ്യമുണ്ട്.**

**മനുഷ്യരുടെ ഭരണത്തിനായി മാറ്റിനിർത്തിയ ഏതാനും മേഖലകളിലൂടെ സർവ്വ മേഖലകളെയും ഭരിക്കുന്ന അവസ്ഥ മനുഷ്യർക്ക് നൽകുന്നതോടൊപ്പം, ഏതു മേഖലകളിലും മനുഷ്യരുടെ ഭരണം സൃഷ്ടിക്കുന്ന ഗുണങ്ങളെയും പിഴവുകളെയും മഹാ-ഉൾക്കൊള്ളുന്ന മഹാനീതിശാസ്ത്രം ദൈവം മഹാആവിഷ്ക്കരിച്ചിട്ടുണ്ട് എന്നതും, അതു പ്രകാരം ദൈവം മഹാനീതി നടപ്പാക്കി ക്കൊണ്ട് മഹാനീതി(പതി) ആകുന്നുണ്ട് എന്നതും, ഭരണശാസ്ത്രത്തിനു മുകളിൽ നീതിശാസ്ത്രത്തെ പ്രതിഷ്ഠിച്ചിരിക്കുകയാൽ ദൈവം, മഹാഭരണാധികാരി കൂടിയാവുന്നു എന്നതുമാണ് കുറ്റങ്ങളും കുറവുകളുമില്ലാത്ത മഹാ-ഉത്തരം. അതായത്, ഓംകാര നീതിശാസ്ത്രം എന്ന മഹാനീതിശാസ്ത്രം കൊണ്ടു മാത്രം മഹാപ്രപഞ്ചത്തിലെ എല്ലാ ജീവിത മേഖലകളിലെയും കുറ്റങ്ങളെയും കുറവുകളെയും എല്ലാ കാലങ്ങളിലും ദൈവം മഹാപരിഹരിക്കുന്നുണ്ട് എന്നതാണ് സത്യം.**

**ആവർത്തിക്കുന്നു :**

**മഹാപ്രപഞ്ചത്തിലെ ജീവികൾക്കെല്ലാം സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യം അനുവദിച്ചുകൊണ്ടുതന്നെ ജീവികൾ മുഴുവൻ കാട്ടക്കൂട്ടുന്ന ഏത് അക്രമങ്ങളെയും അനീതികളെയും കുറ്റങ്ങളും കുറവുകളുമില്ലാതെ ഓംകാര നീതിശാസ്ത്രപ്രകാരം ഏകമഹാശക്തിയും മഹാമാതാവും മഹാനീതിയുമായ മഹാദേവി എല്ലായ്പ്പോഴും പരിഹരിക്കുന്നുണ്ട്. എല്ലാ സൃഷ്ടിചക്രങ്ങളുടെയും ആദ്യ പകുതിയിൽ മായ അഥവാ ദൈവസാന്നിദ്ധ്യം പ്രത്യക്ഷമല്ലാത്തതിനാൽ ജനങ്ങൾ തിരിച്ചറിയുന്നില്ലാ എന്നേയുള്ളൂ.**

**എല്ലാ സൃഷ്ടിചക്രങ്ങളുടെയും രണ്ടാമത്തെ പകുതിയിൽ മായ പ്രത്യക്ഷമാകുന്നതോടെ, ജനങ്ങൾ മഹാസത്യങ്ങളെ തിരിച്ചറിഞ്ഞ് ധർമ്മശാസ്ത്രപ്രകാരം ജീവിക്കാൻ തയ്യാറെടുക്കുന്നതുമാണ്. ദൈവ വിപ്ലവത്തിന്റെ തുടർച്ചയായി ഭൂമിയിലെങ്ങും സ്വർഗ്ഗരാജ്യം സ്ഥാപിക്കപ്പെടാൻ അത് കാരണവുമാകും.**

**ജീവിതത്തിന്റെ എല്ലാ മേഖലകളെയും തങ്ങൾ ഭരിക്കുന്നതായി അനേകം/ ഭൂരിപക്ഷം മാനുഷിക-ഭരണാധികാരികൾ കരുതുന്നുണ്ട്. ഭരണാധികാരി എന്നു പറയുമ്പോൾ, ജനങ്ങൾക്കെല്ലാം സമനീതി ലഭ്യമാക്കുന്നയാൾ ആയിരിക്കണം. രാഷ്ട്ര ഭരണഘടന എന്ന പേരിലുള്ള ഒന്നിന്റെ പേരിൽ മന്ത്രിമാരും മറ്റും സത്യപ്രതിജ്ഞ ചെയ്യുന്നത് ജനങ്ങൾക്കെല്ലാം സമനീതി ലഭ്യമാക്കുമെന്ന് വാഗ്ദാനം നൽകിയുമാണ്. യഥാർത്ഥത്തിൽ രാഷ്ട്രങ്ങളിലെ ഭരണഘടനകൾ എന്ന പേരിലുള്ളവ അസംബന്ധമാണ്, അവ പ്രകാരം സത്യപ്രതിജ്ഞ ചെയ്യുന്നവർ സമനീതി നൽകുന്നുമില്ല, യാതൊരിക്കലും അവർക്ക് കഴിയുന്നതുമല്ല. എന്തുകൊണ്ടെന്നാൽ ജന്മഗുണങ്ങൾ എന്ന പേരിൽ വലിയൊരു വിഭാഗം കാര്യങ്ങളെ അഥവാ ജീവിതത്തിലെ ഏറ്റവും മുഖ്യമായ ഘടകങ്ങളെ മഹാനീതിയായ ദൈവമാണ് മഹാ-ഭരിക്കുന്നത്. ദൈവം അന്യായം കാട്ടുന്നെന്നോ, ജന്മഗുണങ്ങളെന്നു പറയുന്നവയെ നിയന്ത്രിക്കാനുള്ള / ഭരിക്കാനുള്ള ശക്തികൂടി മനുഷ്യർക്കു നൽകണമെന്ന് ആഗ്രഹിച്ചാൽ, ദൈവം തയ്യാറായാൽ ജന്മഗുണങ്ങളിലൂടെ മഹാനീതിയായ ദൈവം നടപ്പാക്കുന്ന കാര്യങ്ങളുടെ മഹാ-ഭീമത്വം കണ്ട് മനുഷ്യർ ഞെട്ടിത്തെറിക്കുന്നതും, ജന്മഗുണങ്ങളിലെ മഹാഭരണം ദൈവംതന്നെ നടത്തേണമേ എന്ന് മനുഷ്യർ ഏറ്റവും വിനീതമായി കരഞ്ഞ് അപേക്ഷിക്കുന്നതുമാണ്.**

## ജന്മഗുണങ്ങൾ

**സ്ത്രീപുരുഷ വ്യത്യാസം (ലിംഗം), ആയുസ്സ്, ആരോഗ്യം, സൗന്ദര്യം, ദേശം, ഭാഷ, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, മാതാപിതാക്കളുടെയും മറ്റ് ഉറ്റവരുടെയും ജന്മ ഗുണങ്ങൾ (ആയുസ്സ്, ആരോഗ്യം, സൗന്ദര്യം, നിറം, ദേശം, ഭാഷ, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, സാമ്പത്തിക ഭദ്രത, മനപ്പൊരുത്തം), ജീവി-തരം-ഉപതരം തുടങ്ങിയവയാണ് ജന്മഗുണങ്ങൾ.**

ഭൂമിയിൽ ഉടനെ മായ പ്രത്യക്ഷമാകുന്നതോടെ, മേല്പടി ഘടകങ്ങൾ ജന്മഗുണങ്ങളാണെന്നും, അവ വെറുതെ രൂപപ്പെടുന്നതല്ല എന്നും, അവയുടെ സൃഷ്ടിയുടെയും രക്ഷയുടെയും കാര്യവും കാരണവുമായി ദൈവമുണ്ട് എന്നും സുവ്യക്തമായി തെളിയുന്നതാണ്. സ്രഷ്ടാവായ ദൈവം സൃഷ്ടിപരമായ വിധിയെ മുൻനിർത്തി എല്ലാ കുഞ്ഞുങ്ങളിലും സ്ഥാപിച്ചിട്ടുള്ള ജന്മഗുണങ്ങളെ തമാശ പോലെ കണ്ട് കൂടുതൽ വിഡ്ഢികളാവരുത്. ബുദ്ധിജീവികളെന്നു കരുതുന്നവരും നിരീശ്വരവാദികളും മതപുരോഹിതന്മാരും ഉൾപ്പെടെയുള്ള കുഞ്ഞുങ്ങൾ വിവാദങ്ങൾക്കായി സമയം കളഞ്ഞിട്ട് കാര്യമില്ല; ജന്മഗുണങ്ങളെ ഓരോന്നായി വിശകലനം ചെയ്തിരിക്കുന്നത് ജാഗ്രതയോടെ ശ്രദ്ധിക്കുക :-

## (1) സ്ത്രീപുരുഷ വ്യത്യാസം (ലിംഗം).

**മനുഷ്യരിലെയും മറ്റുള്ള ജീവികളിലെയും സ്ത്രീ-പുരുഷ വ്യത്യാസങ്ങളെ സ്രഷ്ടാവും രക്ഷകയുമായ ദൈവം ക്രമപ്പെടുത്തുന്നുണ്ട്.**

**പ്രസ്തുത ചുമതല മനുഷ്യരെ ഏല്പിക്കാവുന്നതാണോ എന്നും, ഏല്പിക്കേണ്ടത് വ്യക്തികളെയാണോ ഭരണകൂടത്തെയാണോ, എങ്ങനെ വേണം എന്നൊക്കെയും, കാര്യക്ഷമമായി ലിംഗവ്യത്യാസങ്ങളെ നിയന്ത്രിക്കാനും മനുഷ്യർക്കു കഴിയുമോ എന്നും ചിന്തിക്കുക. ഭൂമിയിലെ ജീവിതം ആകെ മുഴുവൻ തകരാറിലാകുന്നതാണ് എന്നും, മനുഷ്യകരങ്ങൾക്ക് ലിംഗവ്യത്യാസങ്ങളെ ഉചിതമായി ഭരിക്കാനാവില്ല എന്നും തെളിയുന്നതാണ്.**

**ശാസ്ത്ര വികസനത്തിനൊത്ത് ഒരു/ചില മരുന്നു കൊണ്ട് ലിംഗവ്യത്യാസങ്ങളെ ക്രമപ്പെടുത്താൻ കഴിയുന്നതിനെ പ്പറ്റി ചിന്തിച്ചാൽ, മണ്ണായ ഭൂമിയിലെ മൂലകങ്ങളിൽ അഥവാ ഭൂമിയിൽ ഭൂമിയായ ദൈവം സ്വയം മഹാലയിപ്പിച്ചിട്ടുള്ള ശാസ്ത്ര നിയമങ്ങളെ ഉപയോഗിച്ചു തന്നെയാണ് എന്നും, ദുരുപയോഗം ചെയ്യുന്നത് ഭൂമിയിലെ ജീവിതം ആകെ തകരാറിലാക്കുമെന്നും കാണാം.**

**(2) ആയുസ്സ്**. ഒരേ ആയുസ്സ് എല്ലാവർക്കും ലഭ്യമാക്കുവാൻ കഴിയുമോ എന്നതിനെപ്പറ്റി ചിന്തിക്കുക. രണ്ടാം വയസ്സിൽ പോളിയോ വന്ന് ശരീരം ആകെ തളർന്നാലും മരിക്കാതിരിക്കുക, വണ്ടി ഇടിച്ചോ അല്ലാതെയോ തലയറ്റുപോയാലും മരിക്കാതിരിക്കുക, ക്യാൻസർ, എയിഡ്സ് തുടങ്ങിയ മാരക രോഗങ്ങൾ പിടിപെട്ടാലും കിടന്നു നരകിക്കുകയല്ലാതെ മരിക്കാതിരിക്കുക, പാമ്പു കടിച്ചാലും പാറക്കൂട്ടത്തിൽ നിന്നു താഴെ വീണ് ശരീരം ഛന്നംപിന്നമായാലും മരിക്കാതിരിക്കുക, ഒരാളെ ആന കൊമ്പിൽ കോർത്ത് താഴെ ഇട്ട് ചവിട്ടി ശരീരത്തെ ചമ്മന്തിപോലെ ചതച്ചാലും കഷണങ്ങളായി മാറ്റിയാലും മരിക്കാതിരിക്കുക, ഒരാളെ സിംഹം ഭക്ഷിച്ചു കഴിഞ്ഞാലും അയാൾ മരിക്കാതിരിക്കുക, തുടങ്ങിയ ബഹുവിധ കാര്യങ്ങളെ ക്രമപ്പെടുത്തിയാൽ മാത്രമേ തുല്ല്യമായ ആയുസ്സ് ലഭ്യമാക്കാൻ സാധിക്കൂ. അങ്ങനെയിരിക്കെ, വേദനകൊണ്ട് വിഷമിക്കുന്നവരെയും മറ്റും മരിക്കാൻ അനുവദിക്കാതെ, ഒരു നിശ്ചിത ആയുസ്സിൽ മാത്രം എല്ലാവരും മരിക്കുന്നതാണു നല്ലതെന്ന് വ്യക്തികളും ഭരണകൂടവും സമ്മതിക്കുമോ ? ഇല്ലേയില്ല.

ശാസ്ത്ര വികസനത്തിനൊത്ത് ഒരു/ചില മരുന്നു കൊണ്ട് ആയുസ്സിലെ വ്യത്യാസങ്ങളെ ക്രമപ്പെടുത്താൻ കഴിയും എന്നതിനെപ്പറ്റി ചിന്തിച്ചാൽ, അപ്പോഴും, ഭൂമിയിലെ ജീവിതം ആകെ തകരാറിലാകുമെന്നു കാണാം.

(3) **ആരോഗ്യം**. ഭൂമിയിലുള്ള എല്ലാ മനുഷ്യർക്കും ഒരേ ആരോഗ്യം ലഭ്യമാക്കുവാൻ കഴിയുമോ എന്നതിനെപ്പറ്റി ചിന്തിക്കുക. രോഗങ്ങളും അപകടങ്ങളും വേണ്ടാ എന്നോ ഇല്ലാതാക്കുവാനോ കഴിയേണ്ടിവരും. രോഗങ്ങളുടെ കാര്യം മാറ്റിവച്ച്, അപകടങ്ങളുടെ കാര്യം എടുക്കുക. അപകടത്തിൽ കൈയ്യോ കാലോ നഷ്ടപ്പെട്ടാലും, ഒടിവുണ്ടായാലും, അങ്ങനെ സംഭവിക്കാത്തവരുടെ ആരോഗ്യം ഉണ്ടാകണമെന്നു ആഗ്രഹിക്കാമോ ? ഭൗതികശാസ്ത്രം അനുസരിച്ച് അപകടത്തിൽ പരിക്കുകളും, അംഗഭംഗങ്ങളും, മരണവുമൊക്കെ സംഭവിക്കാമെന്നും, സംഭവിക്കണമെന്നുമിരിക്കെ, അതു പാടില്ലായെന്ന് ആഗ്രഹിക്കുമോ ? ഇല്ലേയില്ല.

ആരോഗ്യകാര്യങ്ങൾ വൈദ്യശാസ്ത്രത്തിന്റെ ഭാഗമാകയാൽ മറ്റു ശാസ്ത്ര ശാഖകളിലെ വികസനത്തിനൊത്ത് ഒരു/ചില മരുന്നു കൊണ്ട് ആരോഗ്യവ്യത്യാസങ്ങളെ ക്രമപ്പെടുത്താൻ കഴിയുന്നതിനെപ്പറ്റി ചിന്തിക്കുന്നത് ഭോഷ്ക്കാണ്.

(4) **സൗന്ദര്യം. ഭൂമിയിലുള്ള എല്ലാ മനുഷ്യർക്കും തുല്ല്യ സൗന്ദര്യം നൽകുക എന്നു പറഞ്ഞാൽ, ശരീര വളർച്ചയുടെ എല്ലാ ഘട്ടങ്ങളിലും, എല്ലാവരുടെയും എല്ലാ ശരീര അവയവങ്ങളും, മുഖഛായയും, നിറവുമെല്ലാം ഒരുപോലെ ആകണം എന്നാണ് അർത്ഥം. ഭൂമിയിൽ ഇന്നുള്ള ഏറെക്കുറെ 800 കോടി മനുഷ്യർക്ക് ഒരേ മുഖഛായ ആയാൽ യാതൊരാൾക്കും യാതൊരാളെയും തിരിച്ചറിയാൻ കഴിയുന്നതല്ല. ശരീര അവയവങ്ങൾക്ക് സമ-സൗന്ദര്യം നൽകുന്നതായാൽ സ്ത്രീ-പുരുഷ വ്യത്യാസം പോലും സാധിക്കുന്നതല്ല !**

മനുഷ്യ ഭരണാധികാരിക്ക് എല്ലാ മനുഷ്യരുടെയും മുഖഛായ ഒന്നാക്കാനുള്ള ദിവ്യത്വം അഥവാ വിദ്യ നൽകിയാൽ, മനുഷ്യ ഭരണാധികാരിക്ക് അതുപ്രകാരം ഭരണം നടത്താനാവുമോ ? മനുഷ്യരിൽ ഒരേ മുഖഛായയും ഒരേ ശരീരഘടനയുമുള്ള ഇരട്ട സഹോദരങ്ങളെ തിരിച്ചറിയാൻ മാതാപിതാക്കൾ പോലും വിഷമിക്കുമ്പോൾ, ഒരേ മുഖഛായയും ശരീര ഘടനയുമുള്ള 800 കോടി ജനങ്ങൾ ഭൂമിയിൽ ജീവിക്കുന്നതിനെപ്പറ്റി ചിന്തിക്കുക. അയ്യോ ദൈവമേ, കുഴയ്ക്കല്ലേ, അവിടുന്ന് മുഖഛായയിലും ശരീര രൂപ ഘടനയിലും ഒക്കെ ചെയ്തു പോരുന്ന വ്യത്യാസങ്ങളെ നിലനിർത്തേണമേ എന്ന് ഭൂരിപക്ഷം മനുഷ്യരും കരഞ്ഞ് അപേക്ഷിക്കുന്നതാണ്.

മരുന്ന്, (തൽക്കാലം) ചില രാജ്യങ്ങളിൽ മാത്രം ലഭിക്കുന്ന മരുന്നുകൾ), ലേപനങ്ങൾ, എണ്ണകൾ, ശസ്ത്രക്രിയ, തുടങ്ങിയവ കൊണ്ട് സൗന്ദര്യത്തെ വർദ്ധിപ്പിക്കാനും വ്യത്യാസപ്പെടുത്താനും മനുഷ്യർക്കു കഴിയും എന്ന് വാദിക്കുന്ന ചിലരുണ്ടാവും. ഭൂമി ഒന്നാണെന്നും, ഭൂമിയുടെ അംശങ്ങളും അവയവങ്ങളും മാത്രമാണ് ദേശങ്ങളെന്നും, അതിസൂക്ഷ്മ അംശങ്ങളാണ് മൂലകങ്ങളും സംയുക്തങ്ങളും അവ കൊണ്ട് ഉണ്ടാക്കിയ ജീവികളുടെ ശരീരങ്ങളും എന്ന് ആദ്യം അറിയണം. അതുകൊണ്ടാണ് ഭൂമിയിലെ വസ്തുക്കളും ഭക്ഷണവും വെള്ളവും വായുവും എല്ലാ മനുഷ്യർക്കും മറ്റുള്ള ജീവികൾക്കും ഉപയോഗിക്കാൻ കഴിയുന്നതെന്നും രണ്ടാമത് അറിയണം. ഭൂമിയും നാടുകളും വസ്തുക്കളും ശരീരങ്ങളുമായിരിക്കുന്ന മൂലകങ്ങളെയും അവയുടെ സംയുക്തങ്ങളെയും പ്രവർത്തിപ്പിക്കുന്നത് അവയുടെയെല്ലാം ഏകസ്വത്വവും, ഭൂമിയായ ദൈവത്തിന്റെ വാതക രൂപവുമായ ഓക്സിജൻ ആണെന്നും, മനുഷ്യരുടെ സ്വത്വമായ ജീവാത്മാക്കൾ അല്ലെന്നും കൂടി അറിയണം.

## (5) ഒരു ഭൂമി / ദേശം / നാട്, ഒരു ജലം, ഒരു വായു.

മഹാസൂക്ഷ്മമായ ഒരു ബിന്ദു ചുറ്റോടു-ചുറ്റുമുള്ള എല്ലാ വശങ്ങളിലേക്കും വളർന്നാൽ 'ഗോളം' എന്ന രൂപം ഉണ്ടാകും. മഹാസൂക്ഷ്മതയും അനന്തതയും കൊണ്ട് ദൈവത്തിന്റെ ആദിയും അന്തവും ഇല്ലായ്മ പ്രകടിപ്പിക്കാൻ മഹാസൂക്ഷ്മ ബിന്ദുവിന്റെ സമ-വളർച്ചയായ ഗോളത്തിന് കഴിയും.

ദൈവം, മൂലകങ്ങളെയും സംയുക്തങ്ങളെയും അവയുടെ ഉള്ളിൽ തന്മാത്ര, ആറ്റം, ആറ്റത്തിനുള്ളിൽ പ്രോട്ടോൺ, ഇലക്ട്രോൺ, ന്യൂട്രോൺ, ക്വാർക്കുകൾ, ശബ്ദ ബ്രഹ്മം കൂടിയായ ഓം എന്നിവയും ചേർത്ത് ഗോളമെന്ന് വിശേഷിപ്പിക്കാവുന്ന മഹാരൂപത്തെ സ്വീകരിച്ച് ഭൂമി എന്ന് പേരിട്ടിരിക്കുകയാണ്.

സൃഷ്ടികളായ ജീവികളെ സൃഷ്ടിക്കുന്നതിനു മുമ്പും ശേഷവുമുള്ള ഭൂമിയുടെ ഘടകങ്ങളും അംശങ്ങളും അവയവങ്ങളും മാത്രമാണ് ഭൂമിയിലെ ദേശങ്ങളും ചെറുതും വലുതുമായ നാടുകളും ജലാശയങ്ങളും വാതകങ്ങളും ദ്രാവകങ്ങളും ഖരങ്ങളുമായ വസ്തുക്കളും മൂലകങ്ങളുമെല്ലാം എന്നത് വസ്തുതയാണ്. ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്ത ഏകമഹാശക്തിയായ ഏകഭൂമിയുടെ മേല്പടി ചെറുതും വലുതും സൂക്ഷ്മവുമായ അംശങ്ങളിലെല്ലാം മഹാശക്തികളും മഹാജ്ഞാനവും നിറഞ്ഞിരിക്കുന്നു. ഭൂമിയിലെ മൂലകങ്ങളുടെ അതിസൂക്ഷ്മ അംശങ്ങളായ ആറ്റങ്ങളിലെ മഹാശക്തിയെ ഭൂരിപക്ഷം ജനങ്ങൾക്കും കേട്ടറിവുണ്ട്. സൃഷ്ടികളായ ജീവാത്മാക്കൾക്ക് ഭൗതികമായ അസ്തിത്വവും ജ്ഞാനവും ശക്തിയും ആനന്ദങ്ങളും നൽകുന്നതിനു വേണ്ടി ഭൂമിയുടെ മൂലകങ്ങൾ 'ശരീരം' എന്ന പേരിൽ ജീവാത്മാക്കളോടു ചേർന്ന് അവയെ ജീവികളാക്കിയിരിക്കുകയാണ്.

ജീവിയുടെ സ്വത്വമായ ജീവാത്മാവിനു വേണ്ടി മാത്രമാണ് ശരീരം പണിയെടുക്കുന്നത്. ശരീരം വേറിട്ട സ്വത്വത്തെ സ്വീകരിക്കുന്നില്ല എന്നതും, ഭൂമിയുടെ കുഞ്ഞുങ്ങളായ എല്ലാ ജീവികളുടെയും സ്വത്വങ്ങളായ ജീവാത്മാക്കൾക്ക്, ഭൂമിയുടെ അംശങ്ങളായ വസ്തുക്കൾ-ശരീരം എന്നിവയിലൂടെ ജീവൻ എന്ന ശക്തി നൽകി ക്കൊണ്ട് വസ്തുക്കളുടെ മൊത്തമായ ഭൂമിയുടെ ഏകസ്വത്വവും ശക്തി-സത്തയും വാതക രൂപവുമായ ഓക്സിജൻ, സദാ പ്രവർത്തിക്കുന്നതും തീർച്ചയായും ശ്രദ്ധയിൽ വേണം.

**ദൈവമായ ഭൂമിക്ക് ഗാനം കൂടിയായി ഓം എന്ന ശബ്ദ ബ്രഹ്മത്തെ ഭൂമി നിശ്ചയിച്ചിട്ടുണ്ട്. ജീവികൾക്ക് ശബ്ദ ശല്ല്യം ഉണ്ടാക്കാതെ ഭൂമിയിലെ മൂലകങ്ങളിൽ സദാ സൂക്ഷ്മമായി മുഴങ്ങുന്ന ഓം എന്ന മഹാശബ്ദത്തെ എല്ലാ സൃഷ്ടി ചക്രങ്ങളിലെയും ദൈവ വിപ്ലവ കാലത്ത് ശരീരത്തിന്റെ ഉൾപ്പെടെ മൂലകങ്ങളിൽ തുടർച്ചയായി 3 മുതൽ 33 വർഷം വരെ കുഞ്ഞുങ്ങളായ ജീവികളെ ഭൂമി കേൾപ്പിക്കുന്നതാണ്.** സൃഷ്ടികൾക്ക് തോന്നും പോലെ ദൈവമായ ഭൂമിയുടെ അംശമായ ദേശങ്ങൾക്ക് ഗാനങ്ങളെയും പതാകകളെയും മറ്റും നിശ്ചയിക്കാൻ സൃഷ്ടികൾക്ക് അവകാശമില്ല. ദേശങ്ങൾക്കെല്ലാം മൊത്തമായി **ഓം** എന്ന **ഏകഗാനവും**, **ഏകപതാകയും ഭൂമി** നിശ്ചയിച്ചിട്ടുണ്ട്; പ്രപഞ്ചപിതാവിലൂടെ ഉചിതമായ സമയത്ത് അറിയിക്കുന്നുമുണ്ട്.

ഭൂമിയുടെ കുഞ്ഞുങ്ങളായ ജീവികൾക്ക് അനന്തമായ ആനന്ദങ്ങളെ നൽകാനും മഹാസമനീതി എന്ന സമ-ആനന്ദം നൽകാനുമായി ജലാശയം, മല, കാട്, പർവ്വതം, മരുഭൂമി തുടങ്ങിയവ കൊണ്ട് നാടുകളും അവയ്ക്ക് അതിർത്തികളും നിശ്ചയിച്ചിരിക്കുന്നത് ഭൂമി തന്നെയാണ്. ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, ചുഴലിക്കാറ്റ്, കാട്ടുതീ, അഗ്നിപർവ്വതം, പേമാരി, പ്രളയം, സമുദ്ര ജലപ്രവാഹം, വേലിയേറ്റം, -ഇറക്കം, ഗ്രഹണങ്ങൾ, തുടങ്ങിയവ കൊണ്ട് അതിർത്തികളെ മാറ്റിമറിക്കാനും ഭൂമിക്ക് മഹാശാസ്ത്രപരമായി കഴിയും; ചെയ്തു പോരുന്നുണ്ട്; അത്തരം സന്ദർഭങ്ങളിൽ നോക്കുകുത്തികളും സാക്ഷികളും മറ്റുമായി മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികൾ വായ് പൊളിച്ചും, ഭയന്നും, അമ്പരന്നും നിൽക്കാറുണ്ട്; ചാവാറുമുണ്ട്.

ദൈവമായ ഭൂമിയുടെ അംശങ്ങളായ നാടുകളും ദേശങ്ങളും വസ്തുക്കളും ശരീരങ്ങളും ഭക്ഷണങ്ങളും മരുന്നുകളും ഒക്കെ മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളെ സദാ സംരക്ഷിക്കുന്നതു കൊണ്ടാണ് ജീവികൾക്ക് ജീവിക്കാൻ കഴിയുന്നത്. ദൈവാംശമായ ദേശങ്ങൾക്കും അതിർത്തികൾക്കും സംരക്ഷണം ആവശ്യമില്ല; സംരക്ഷിക്കാൻ സൃഷ്ടി മാത്രമായ മനുഷ്യന് കഴിയുന്നതുമല്ല. **സംരക്ഷിക്കുന്നു എന്ന് കരുതുന്ന വ്യക്തികൾ/മനുഷ്യർ/ സൈനികർ / ജനസേവകർ ഉൾപ്പെടെ എല്ലാ ജനങ്ങളും മരിച്ചുകൊണ്ടും മറ്റു ദേശങ്ങളിൽ പുനർജ്ജനിച്ചു കൊണ്ടുമിരിക്കും.** വിഡ്ഢികൾ അവകാശവാദം പറയുമെങ്കിലും നാടുകളും ഭൂമിയും മാറ്റമില്ലാതെ തുടരുന്നതാണ്. **അതിർത്തിയിൽ വെടിവെപ്പ് നടത്തി കൂടുതൽ പ്രദേശങ്ങളെ നേടിയെന്ന് കരുതുന്ന കോമാളികൾക്ക് മണ്ണും പ്രദേശങ്ങളും ദേശങ്ങളും - ഭൂമിയും - ചുമന്നു മാറ്റാൻ കഴിയില്ല...**

നാടിനു വേണ്ടി മരിച്ചെന്ന് കരുതുന്ന സൈനികരുടെയും മറ്റും ഉറ്റവർക്ക് വീരചക്രങ്ങൾ എന്ന വിഡ്ഢിത്തം നൽകുമ്പോൾ, മണ്ണും ഭൂമിയുമായ ദൈവത്തിന്റെ മഹാപുനർജ്ജന്മ സിദ്ധാന്തം പ്രകാരം, കൊല്ലപ്പെട്ട സൈനികരും ജനസേവകരും കൊന്നവരുടെ ഉറ്റവരായി പുനർജ്ജനിച്ച് അവരുടെ മടിയിൽ കിടന്നു കളിക്കുന്നുണ്ടാവും !

നാടുകളും ദേശങ്ങളും, ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയും മണ്ണുമായ ഭൂമിയുടെ മൂലകങ്ങളെ കൊണ്ട് ഉണ്ടാക്കിയ ശരീരം നൽകുന്ന ശക്തികളെയും ജ്ഞാനത്തെയും സംരക്ഷണത്തെയും ദുരുപയോഗം ചെയ്ത് ജീവിക്കുന്നവർ നാടിനെ സംരക്ഷിക്കുന്നു, നാടിനു വേണ്ടി പൊരുതുന്നു, മരിക്കുന്നു, എന്നെല്ലാം പറയുന്നത് കടുത്ത ദൈവനിന്ദയാണ്.

ജീവിക്കാൻ നാലു കാശ് കൂടുതൽ ഉണ്ടാക്കാനും, വേറെ തൊഴിൽ തരപ്പെടാഞ്ഞുമൊക്കെ സൈന്യത്തിൽ ചേർന്നവർ ഉൾപ്പെടെ എല്ലാവരും ജീവിക്കുന്നത് അവരവർക്കു വേണ്ടിയാണ്. നാട് എന്നാൽ എന്താണെന്നു പോലും അറിയാത്ത ഭോഷന്മാർ നാടിനു വേണ്ടി ജീവിക്കാൻ മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശങ്ങളും അവയവങ്ങളുമായ നാടുകൾ യാതൊരാളോടും ആവശ്യപ്പെടുന്നില്ല.

**മണ്ണിന്റെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങൾ പ്രകാരം സൈന്യം, ആയുധ നിർമ്മാണം, യുദ്ധം തുടങ്ങിയവ പൈശാചികമാണെന്ന് സുവ്യക്തമാണ്.**

അങ്ങനെയിരിക്കെ, പൈശാചികമായി പ്രവർത്തിക്കുകയും ജീവിക്കുകയും ചെയ്തിട്ട് ദൈവത്തിനു വേണ്ടി എന്ന് അവകാശപ്പെട്ടാൽ പാപവും ശിക്ഷകളും കൂടും. നാടിനു വേണ്ടി സൈനിക ജീവിതം നയിക്കുന്നു എന്ന് യഥാർത്ഥമായി വിശ്വസിക്കുന്നവർ ഉണ്ടാവാനിടയില്ല. അഥവാ ഉണ്ടെങ്കിൽ, അവർ മനോരോഗികളാണെന്ന് തിരിച്ചറിഞ്ഞ് ചികിത്സിക്കുകയാണ് യഥാർത്ഥ ജനസേവകരും, ഉറ്റവരായ ജനങ്ങളും ചെയ്യേണ്ടത്.

ശക്തിയും ജ്ഞാനവും കൂടുതൽ ലഭിക്കുമ്പോൾ മനുഷ്യന് സ്വന്തം അതിരുകളെ നിർണ്ണയിക്കാനാണ് കഴിയേണ്ടത്; ജീവാത്മാവിന് ഭൂമിയിലുള്ള അവകാശവും അധികാരവും കടമകളും ബാധ്യതകളും തിരിച്ചറിയണം. പകരം ദൈവാംശമായ നാടുകളുടെ അതിരുകളെ നിർണ്ണയിക്കാനായി ജീവിതത്തെയും വസ്തുക്കളെയും ദുരുപയോഗം ചെയ്ത് പാപങ്ങളും ശിക്ഷകളും വാരിക്കൂട്ടണ്ട.

സൈനിക നടപടികൾ പോലെ കൂട്ടമായോ തനിക്കോ പങ്കെടുത്ത് പ്രവർത്തിക്കുന്നതിന്റെ ഇടയിൽ ഒരു വ്യക്തിയോ അനേകരോ മരിക്കുകയും മറ്റ് അനേകർ ശരിയോ തെറ്റോ ആയ പ്രവർത്തനം തുടരുകയും വിജയിക്കുകയും പരാജയപ്പെടുകയും ഒക്കെ ചെയ്താൽ, പ്രവർത്തിച്ചവരോ മരിച്ചവരോ ആയ വ്യക്തികൾ യഥാർത്ഥത്തിൽ പുണ്യമാണോ പാപമാണോ നേടിയതെന്ന് മൂലകങ്ങളിലെ ഭൗതിക-ധർമ്മ-നീതി ശാസ്ത്രങ്ങളെ വിശകലനം ചെയ്താൽ ഏതൊരാൾക്കും മനസ്സിലാക്കാൻ കഴിയുന്നതാണ്.

**വ്യക്തികൾ ജീവിത കാലത്ത് ചെയ്യുന്ന നന്മയും തിന്മയുമെല്ലാം അതാത് കാലത്ത് ദൈവത്തിന്റെ വാതക രൂപമായ ഓക്സിജൻ അറിയുകയും മഹാനീതി നടപ്പാക്കുകയും ചെയ്യുന്നുണ്ട്. ജനസേവകർ ഉൾപ്പെടെയുള്ള സൃഷ്ടികൾക്ക് മരിച്ച വ്യക്തിയുടെ തജ്ജന്മത്തിലെയോ പിജ്ജന്മത്തിലെയോ കാര്യങ്ങളിൽ മാത്രമല്ല, സ്വന്തം കാര്യത്തിലും യാതൊരു നീതിയും നടത്താൻ കഴിയുന്നതല്ല.**

**മണ്ണും മൂലകങ്ങളും ശരീരവും നാടുകളും ഭൂമിയുമായ ദൈവം മാത്രമാണ് എല്ലായ്പ്പോഴും നീതി നിർവ്വഹിക്കുന്നത്.**
മനുഷ്യരുടെ സ്വത്വമായ ജീവാത്മാവിന് ശരീരമായ ദൈവാംശം നൽകുന്ന ശക്തിയും ജ്ഞാനവും ഉപയോഗിക്കാനും പ്രവർത്തിക്കാനും മാത്രമാണ് കഴിയുക. ധർമ്മ ശാസ്ത്രം പ്രകാരം പ്രവർത്തിച്ച് പുണ്യവും, വിരുദ്ധമായി പ്രവർത്തിച്ച് പാപവും ദൈവശിക്ഷകളും നേടാൻ വ്യക്തിസ്വാതന്ത്ര്യം ഉണ്ട്. വ്യക്തിയുടെ പ്രവർത്തനങ്ങളിലെ നന്മയും തിന്മയും അനുസരിച്ച് ഓരോ വ്യക്തിക്കും പ്രത്യേകം പ്രത്യേകമായി നീതി ലഭിക്കുകയാണ്. സൈന്യം, സംഘടനകൾ തുടങ്ങിയ പ്രസ്ഥാനങ്ങൾ ജീവികളല്ലാ എന്നും ഭൗതിക-ധർമ്മ-നീതി ശാസ്ത്ര പരമായി ഭൗതിക അസ്തിത്വം പോലും ഇല്ലാത്ത അവയ്ക്ക് നീതി നൽകാനാവില്ല എന്നും അറിയണം. ദൈവത്തിന്റെ മറ്റു കുഞ്ഞുങ്ങളെ പീഡിപ്പിക്കുകയും വധിക്കുകയും ഒക്കെ ചെയ്യുന്ന ഭൂമിയിലുള്ള എല്ലാ വ്യക്തികളും / സൈനികരും ഒക്കെ എക്കാലവും മഹാനീതിശാസ്ത്രത്തിലെ മഹാപുനർജ്ജന്മ സിദ്ധാന്തം പ്രകാരം ദൈവ ശിക്ഷകളെ അനുഭവിച്ചു പോരുന്നുണ്ട്.

മേല്പടി കാരണങ്ങൾ കൊണ്ടാണ് മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശീയ സംഘടനകളെയും മറ്റും തട്ടിക്കൂട്ടിയ സ്ഥാപക നേതാക്കൾക്ക് ഭൂമി നൽകുന്ന വ്യക്തിസ്വാതന്ത്ര്യം ഉപയോഗിച്ച് ജീവിത കാലത്ത് ധർമ്മ ശാസ്ത്ര പ്രകാരം സമൂഹ കാര്യങ്ങളിൽ പ്രവർത്തിക്കാൻ അവകാശം ഉണ്ടെങ്കിലും, മരണത്തോടെ, അവർ തട്ടിക്കൂട്ടിയ പ്രസ്ഥാനത്തിന്റെ ആവശ്യം ഉണ്ടെങ്കിലും ഇല്ലെങ്കിലും സാമൂഹ്യ ഭരണസംവിധാനത്തിൽ ലയിപ്പിക്കണമെന്ന് ധർമ്മ ശാസ്ത്രം ആവശ്യപ്പെടുന്നത്. 'വ്യക്തിയാണ് വലുത്, പ്രസ്ഥാനം അല്ല' എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്.

ദൈവത്തിന്റെ മഹാരൂപമായ ഭൂമിക്ക് അതിരുകളും വേലികളും കെട്ടാൻ നടക്കുന്ന വിഡ്ഢി ജനങ്ങൾ 1000 കോടിയിലേറെ വർഷങ്ങളായി ഭൂമി നിലനിൽക്കുകയാണ് എന്നതും മനുഷ്യരുടെ ആയുസ്സും, ലഭ്യമായ ചരിത്രവും കൂട്ടിവായിക്കേണ്ടിയിരുന്നു.

**മണ്ണായ ഭൂമിയുടെ അംശങ്ങൾ മാത്രമാണ് രാജ്യവും പ്രദേശങ്ങളും 'ജീവികളുടെ ശരീരങ്ങളും.' ശരീരത്തെ ദേശീയമാക്കാനോ, പ്രാദേശികമാക്കാനോ, മതപരമാക്കാനോ, ജീവാത്മാവിന് കഴിയുന്നതല്ല.**

ഏതു പ്രദേശത്തു ജനിച്ചാലും ജീവിച്ചാലും അതാതു പ്രദേശത്തെ മണ്ണ് സൃഷ്ടിക്കുന്നതും നൽകുന്നതുമായ ശരീര കോശങ്ങളെയാണ് ജീവാത്മാവ് "എന്റെ ശരീരം" എന്നു പറയുന്നത്. ശരീരത്തിലെ കോശങ്ങളെ ശരീരം സ്വയം നവീകരിച്ചു കൊണ്ടിരിക്കുന്നതു കൊണ്ടാണ് ജീവികളുടെയെല്ലാം ശരീര വളർച്ച, രോഗ ആഗമനം, രോഗ പ്രതിരോധം, ശുശ്രൂഷ, മുറിവ് ഉണങ്ങൽ, തുടങ്ങിയവയെല്ലാം നടക്കുന്നത്. ഭക്ഷണ സാധനങ്ങളും മരുന്നുകളും ഒക്കെ ശരീരത്തിനു നൽകാൻ ജീവാത്മാവിനെ അനുവദിക്കുന്നു എന്നല്ലാതെ അവയെ സ്വീകരിക്കുന്നതും കോശങ്ങളെ പുതിയതായി സൃഷ്ടിക്കുന്നതുമെല്ലാം മണ്ണും ശരീരവുമായ ദൈവാംശം സ്വയം മഹാനിശ്ചയിക്കുന്ന കാര്യങ്ങളാണ്. അക്കാരണത്താൽ തിരുവനന്തപുരത്ത് ജനിച്ച ഒരു മനുഷ്യൻ കോട്ടയം, കൊച്ചി, തമിഴ്നാട്, ബോംബെ, കാശ്മീർ, പാകിസ്ഥാൻ, ചൈന, അമേരിക്ക, റഷ്യ, ഗൾഫ് നാടുകൾ തുടങ്ങിയ പ്രദേശങ്ങളിലെ ഒരു പഴം കഴിക്കുകയോ, ജലം കുടിക്കുകയോ, മരുന്നുകൾ കഴിക്കുകയോ ചെയ്താൽ പോലും, അവയിൽ നിന്ന് ശരീരം സദാ പുതിയ കോശങ്ങളെ സൃഷ്ടിക്കുകയാൽ, മനുഷ്യന്റെ ശരീരത്തിനെ ജീവാത്മാവ് അവകാശപ്പെടുന്ന പ്രാദേശിക-മൂഢത്വം ബാധിക്കുന്നതല്ല. ഭരണാധികാരികൾക്കും സൈനികർക്കും സാധാരണ ജനങ്ങൾക്കും മറ്റുള്ള ജീവികൾക്കുമെല്ലാം ബാധകമായ സത്യമാണത്.

**ജീവികൾ മരിക്കുകയോ വധിക്കപ്പെടുകയോ ചെയ്യുമ്പോൾ, 'മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശമായ ശരീരം @ ഭൂമിയുടെ സ്വത്വമായ ഓക്സിജൻ' മഹാശാസ്ത്ര പ്രകാരവും, മഹാനീതിശാസ്ത്ര പ്രകാരവും, സ്വയം വഹിച്ചു കൊണ്ടിരുന്ന ജീവാത്മാവിനെ പുറത്താക്കുകയാണു ചെയ്യുന്നത്.**

മാംസം എന്ന പേരിൽ മറ്റുള്ള ജീവികളുടെ ഭക്ഷണമായിട്ട്

പരിണമിച്ചാലും ഇല്ലെങ്കിലും, (ശവ) ശരീരം എവിടെയുമുള്ള മണ്ണിലടിയുന്നതാണ്. ശരീരത്തിന് ജനിച്ച പ്രദേശമെന്നോ ജീവിക്കുന്ന പ്രദേശങ്ങളെന്നോ വ്യത്യാസമില്ല. മണ്ണും ഭൂമിയും ദൈവ -അംശവുമായ ശരീരം ചുറ്റിത്തിരിഞ്ഞ് വീണ്ടും മണ്ണായി മാറുന്നതാണ് /ലയിക്കുന്നതാണ്. സർവ്വം മണ്ണടി. പ്രത്യക്ഷമായിട്ട്, ശരീരം ജീവാത്മാവിന് അനുവദിക്കുന്നതായ അവയവ-ചലനങ്ങളെക്കൊണ്ട് ഏതൊരു പ്രവൃത്തിയും ചെയ്യാനും ചെയ്യാതിരിക്കുവാനും, ഏതൊരു വസ്തുവും ഉപയോഗിക്കാനും ഉപയോഗിക്കാതിരിക്കാനും ജീവാത്മാവിന് സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെയും ലഭിക്കുന്നുണ്ട്. പ്രസ്തുത സ്വാതന്ത്ര്യത്തെ ഉപയോഗിച്ച് മണ്ണും പ്രദേശവും ഭൂമിയുമായ ദൈവത്തിന്റേയോ, ദൈവാംശമായ ശരീരത്തിന്റേയോ മഹാനീതി ഉൾപ്പെടെയുള്ള പ്രവർത്തന കാര്യങ്ങളിൽ ഇടപെടാൻ ജീവാത്മാവായ സൃഷ്ടിക്കു കഴിയുന്നതല്ല. പ്രാദേശികത്വത്തെ നിർവ്വചിക്കാനോ പ്രാദേശികത്വം അവകാശപ്പെടാനോ കഴിയുന്നവർ ഭൂമിയിൽ ഇല്ല. 'മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശമായ പ്രദേശത്തെ' നിർവ്വചിക്കാൻ ദൈവത്തിനു മാത്രമാണ് കഴിയുക. ദൈവത്തിനു മാത്രം മഹത്വം.

മനുഷ്യർക്ക് 'ലഭ്യമായ ബുദ്ധിശക്തി കൊണ്ട് ' ശരിയല്ലാത്ത കാര്യങ്ങളെന്ന് മനസ്സിലാക്കുന്നവയെ ശരിവെച്ചു കൂടാ. ശരിയായ കാര്യങ്ങളെ ശരിവെക്കുകയും വേണം. കുറച്ചു ചകിരി കൈയ്യിലെടുത്ത് "ഇതാണ് തെങ്ങ്", ഒരു ചക്കക്കുരു കൈയ്യിലെടുത്ത് "ഇതാണ് പ്ലാവ്", വാഴപ്പഴത്തിന്റെ അല്പം തൊലി കൈയ്യിലെടുത്ത് "ഇതാണ് പ്ലാവ്/തെങ്ങ്", മുറിച്ചെടുത്ത അല്പം മുടി കൈയ്യിലെടുത്ത് "ഇതാണ് മനുഷ്യന്റെ തല /മനുഷ്യൻ", എന്നിങ്ങനെയെല്ലാം പറഞ്ഞാൽ ശരിയല്ല.

ഇനി ദൈവത്തിന്റെ മഹാരൂപമായ ഭൂമിയോട് അഥവാ മണ്ണും ഭൂമിയുമായ ദൈവത്തോട് മനുഷ്യർ കാട്ടുന്ന ഏറ്റവും കൊടിയ അപരാധത്തെ മനുഷ്യർക്ക് ലഭ്യമായ ബുദ്ധിശക്തി കൊണ്ട് വിശകലനം ചെയ്ത് ശരിയും തെറ്റും മനസ്സിലാക്കണം.

**ഭൂമിയിലാണ് മനുഷ്യരും മറ്റുള്ള ജീവികളുമെല്ലാം ജീവിക്കുന്നതെന്നും; ഭൂമിയുടെ ഭാഗങ്ങൾ മാത്രമാണ് ഇന്ത്യ, പാകിസ്താൻ, അഫ്ഗാനിസ്ഥാൻ, റഷ്യ, ബംഗ്ലാദേശ്, മ്യാൻമർ/ബർമ്മ, ചൈന, ശ്രീലങ്ക/സിലോൺ, ഫ്രാൻസ്, ഇറ്റലി, അമേരിക്ക, ഇംഗ്ലണ്ട് തുടങ്ങിയ 200-ൽ പരം രാജ്യങ്ങളെന്നും ഒരുവിധപ്പെട്ട ജനങ്ങൾക്കെല്ലാം അറിയാം. കാലാകാലങ്ങളിൽ ഭൂമിയിൽ ജീവിച്ചുപോരുന്ന അനേകം ജീവികളിൽ ഒന്നു മാത്രമായ മനുഷ്യ ജീവികൾ തങ്ങൾക്ക് ദൈവം മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള അധിക ബുദ്ധിശക്തികളെ ദുരുപയോഗം ചെയ്ത് തങ്ങളുടെ ഇഷ്ടംപോലെ ഭൂപ്രദേശങ്ങൾക്ക് അതിർത്തികളെ നിശ്ചയിക്കുകയും, വിവിധ പേരുകൾ നൽകി വ്യത്യസ്ത രാജ്യങ്ങളായിട്ട് പ്രഖ്യാപിച്ചതുകൊണ്ട്, ഭൂപ്രദേശങ്ങൾ വ്യത്യസ്ത രാജ്യങ്ങളായിട്ട് മാറുന്നതല്ല.**

**ഭൂപ്രദേശങ്ങളുടെ ഉടമയും സൃഷ്ടി-സ്ഥിതി-സംഹാര കർത്താവും, ഭൂമി എന്ന മഹാരൂപത്തെ സ്വീകരിക്കുകയും ചെയ്തിട്ടുള്ള ദൈവത്തിനു മാത്രമാണ് ഭൂപ്രദേശങ്ങളുടെ കാര്യങ്ങളെ മഹാനിശ്ചയിക്കുവാൻ അവകാശവും അധികാരവുമുള്ളത്. ഉദാഹരണമായിട്ട്, മനുഷ്യ ജീവികൾക്കു തോന്നുമ്പോലെയെല്ലാം (1) ബർമ്മ / മ്യാൻമർ, സിലോൺ / ശ്രീലങ്ക, മദിരാശി / മദ്രാസ് / ചെന്നൈ, ബോംബെ / മുംബൈ എന്നിങ്ങനെ പേരുകൾ ഇടുന്നതുകൊണ്ടോ, പേരുകൾ മാറ്റുന്നതു കൊണ്ടോ; (2) കന്യാകുമാരിയെ തമിഴ്നാടിന്റെയോ കേരളത്തിന്റെയോ ഭാഗമായിട്ട് കണക്കാക്കുന്നതു കൊണ്ടോ; കാശ്മീരിനെ ഭാഗികമായോ പൂർണ്ണമായോ ഇന്ത്യയുടെ ഭാഗമായിട്ട് കണക്കാക്കുന്നതു കൊണ്ടോ; (3) ഇന്ത്യയെയും പാകിസ്താനെയും ബംഗ്ലാദേശിനെയും മൂന്നായിട്ടോ ഒന്നായിട്ടോ കണക്കാക്കുന്നതു കൊണ്ടോ; ഭൂപ്രദേശങ്ങൾക്ക് മാറ്റമുണ്ടാകുന്നില്ല.**

**അതേസമയം ഭൂകമ്പം, സുനാമി, അഗ്നിബാധ, അഗ്നി പർവ്വതം, കാട്ടുതീ, കൊടുങ്കാറ്റ്, മഞ്ഞ്, വെയിൽ, മഴ, വെള്ളപ്പൊക്കം, തുടങ്ങിയവ കൊണ്ട് മഹാശാസ്ത്രപരമായിട്ടു തന്നെ ഭൂമിയിലെ പ്രദേശങ്ങളുടെ അതിർത്തികളെ മാറ്റിമറിക്കാനും, പഴയ പ്രദേശങ്ങളെ ഭാഗികമായോ പൂർണ്ണമായോ സമുദ്രങ്ങളെ ഉപയോഗിച്ചും മറ്റും പിൻവലിക്കാനും പുതിയ പ്രദേശങ്ങളെ സൃഷ്ടിക്കാനും ഭൂപ്രദേശങ്ങളുടെ ഉടമയും സൃഷ്ടി-സ്ഥിതി-സംഹാര കർത്താവുമായ ദൈവത്തിനു കഴിയുന്നതാണ്. മഹാശക്തിയും മഹാമാതാവും മഹാനീതിയും ഭൂമിയുമായ ദൈവം, വൈവിധ്യങ്ങളായ ഭൂപ്രദേശങ്ങളെ സൃഷ്ടിച്ചിട്ടുള്ളത് സൃഷ്ടികളായ മനുഷ്യർ ഉൾപ്പെടെയുള്ള ജീവികൾക്കെല്ലാം വേണ്ടിയാണ്.**

**<u>സ്വന്തം മഹാആനന്ദമായിട്ട് സൃഷ്ടികളോടുള്ള മഹാവാത്സല്യത്തെ മഹാനിശ്ചയിച്ചും, സൃഷ്ടികളെയെല്ലാം തന്റെ പൊന്നോമന-കുഞ്ഞുങ്ങളായിട്ട് മഹാഅനുഗ്രഹിച്ചും കൊണ്ട് കുഞ്ഞുങ്ങളെയെല്ലാം ദൈവം മഹാകരുതുന്നു.</u> മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ എന്നീ ജീവിചക്രത്തിലൂടെ കുഞ്ഞുങ്ങളെയെല്ലാം പരിണമിപ്പിക്കുകയും അഞ്ചാമത്തെ മനുഷ്യാവസ്ഥയിൽ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രത്തെ നൽകുകയും അനന്തമായ ആനന്ദങ്ങളെ അനുഭവിപ്പിക്കുകയും ചെയ്യുന്നു. ശേഷം മാനുഷികമായ ബന്ധങ്ങളിൽ നിന്നും, ഭൂമിയായ ദൈവത്തിൽ നിന്നും മോചിപ്പിച്ച്, 'അനന്തമായ ആനന്ദങ്ങളുടെ പര്യായമായ മോക്ഷത്തെ' മഹാഅനുഗ്രഹിച്ചു നൽകുന്നു.**

100 **മനുഷ്യ ജന്മങ്ങളിലൂടെ ഭൂമിയിലെ അനന്തങ്ങളായ ആനന്ദങ്ങളെയെല്ലാം, സമആനന്ദമെന്ന മഹാസമനീതിയോടെ ഓരോ മനുഷ്യനും മഹാഅനുഗ്രഹിച്ചു നൽകുന്നത് ജന്മഗുണങ്ങളെ സൃഷ്ടിച്ചുകൊണ്ടാണ്.**

**യാതൊരു വ്യക്തികൾക്കും അവരുടെ മാതാപിതാക്കൾക്കും ജന്മഗുണങ്ങളിൽ പങ്കില്ല. സ്വന്തമായ ഇഷ്ടപ്രകാരം സ്ത്രീ-പുരുഷൻ, ആയുസ്സ്, ആരോഗ്യം, സൗന്ദര്യം, നിറം, ഉയരം, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, മാതാപിതാക്കൾ, സാമ്പത്തിക ഭദ്രത, ജനനസ്ഥലം തുടങ്ങിയവയെ നിശ്ചയിച്ചു കൊണ്ട് ജനിക്കാൻ യാതൊരു മനുഷ്യർക്കും സാധിക്കുന്നതല്ല എന്നതിൽ നിന്നും അവയെല്ലാം ജന്മഗുണങ്ങളാണെന്നു സുവ്യക്തമാണ്.**

മണ്ണും ഭൂമിയുമായ ദൈവം മഹാനീതിശാസ്ത്രമനുസരിച്ച് മഹാനിർവ്വഹിക്കുന്ന ജനനസ്ഥലം ഉൾപ്പെടെയുള്ള ജന്മഗുണങ്ങളുടെ പേരിലും; ദൈവത്തിനു മാത്രം എക്കാലവും സ്വന്തമായ ഭൂപ്രദേശങ്ങളുടെ പേരിലും; കേമത്തം കാട്ടുന്നതും, കലഹിക്കുന്നതും, ഒളിപ്പോരു നടത്തുന്നതും, യുദ്ധം ചെയ്യുന്നതും വലിയ ഭോഷത്തവും നീചത്തവുമാണെന്ന് സ്വയം വിശകലനം ചെയ്താലറിയാം. ദൈവം മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള അധിക ബുദ്ധിശക്തികളെ ദുരുപയോഗം ചെയ്ത്, ഭൂപ്രദേശങ്ങളെ തങ്ങൾക്ക് തോന്നുമ്പോലെയെല്ലാം വേർതിരിച്ച ശേഷം രാജ്യസ്നേഹം, രാജ്യദ്രോഹം, എന്നിങ്ങനെ പറഞ്ഞ് വാക്കേറ്റങ്ങളും അടിപിടിയും യുദ്ധങ്ങളും ഉണ്ടാക്കുന്നത് ഒരുപക്ഷേ ഭൂമിയിലെ ഏറ്റവും വലിയ ഭോഷത്തമാവാം. ജീവികളുടെയെല്ലാം മഹാമാതാവും മഹാനീതിയുമായ ദൈവത്തെ, മനുഷ്യരൂപിയായിട്ടോ ഈ സന്ദേശത്തെ പഠിക്കുന്ന വ്യക്തിയായിട്ടോ മനസ്സിലാക്കാനും സങ്കല്പിക്കാനും കഴിയുന്നവർക്ക്, ദൈവത്തിന്റെ അഥവാ താങ്കളുടെ ശരീരത്തിലെ പാദം, വിരല്, നഖം, രോമം, തലമുടി, കണ്ണ്, മൂക്ക്, ചെവി, നാവ്, കയ്യ്, ആമാശയം, പൃഷ്ഠം, ഹൃദയം, തുടങ്ങിയ അനേക ശതകം/ ലക്ഷം/കോടി അവയവങ്ങളിൽ / കോശങ്ങളിൽ ചിലതായിട്ട് രാജ്യങ്ങളെയും അവയിലെ സംസ്ഥാനങ്ങളെയും ജില്ലകളെയും പഞ്ചായത്തുകളെയും പട്ടണങ്ങളെയും കുന്നുകളെയും മലകളെയും പർവ്വതങ്ങളെയും വനങ്ങളെയും സമുദ്രങ്ങളെയും നദികളെയും തോടുകളെയുമൊക്കെ മനസ്സിലാക്കാൻ കഴിയുന്നതാണ്.

ഒരു മനുഷ്യന്റെ എല്ലാ അവയവങ്ങൾക്കും ആരോഗ്യം ഉണ്ടാകുമ്പോഴും, ജീവാത്മാവിന്റെ ആഗ്രഹങ്ങൾ സാധിക്കുമ്പോഴും വ്യക്തി ആനന്ദിക്കുന്നു. ആഗ്രഹങ്ങൾക്ക് വിപരീത പരിസ്ഥിതി ഉണ്ടാകുമ്പോഴും; അവയവങ്ങൾക്ക് ആരോഗ്യം കുറയുകയും യോജിച്ചു പ്രവർത്തിക്കാൻ കഴിയാതെ വരുമ്പോഴും അവയവങ്ങൾക്കും വ്യക്തിക്കും മഹാനീതി ശാസ്ത്രപരമായ വിനാശം ഉണ്ടാകുന്നതാണ്.

വ്യക്തിയുടെ ശരീര ഭാഗങ്ങളും അവയവങ്ങളുമായ കണ്ണുകൾ, ചെവികൾ, മൂക്ക്, നാക്ക്, തലമുടി, കിഡ്നി, വിരലുകൾ, കൈകാലുകൾ, തുടങ്ങിയവയ്ക്ക് മഹാശാസ്ത്രപരമായിട്ട് ഒത്തൊരുമിച്ചു പ്രവർത്തിക്കുന്നതിന് തടസ്സം ഉണ്ടാവുകയോ, അവയവങ്ങൾ നഷ്ടപ്പെടുകയോ നഷ്ടപ്പെടുത്തുകയോ ചെയ്യുമ്പോൾ വ്യക്തിയുടെ ജീവിത-വേദന വർദ്ധിക്കുന്നതാണ്; ജീവനും ദൈവത്തിന്റെ വാതകരൂപവുമായ ഓക്സിജൻ മഹാഭരിക്കുന്നതു പ്രകാരം സ്വത്വമായ ജീവാത്മാവാണ് വേദനിക്കുന്നത്.

വ്യക്തിയുടെ ശരീരത്തിലെ അവയവങ്ങളിലെല്ലാം നിറഞ്ഞു നിൽക്കുന്നത് ഒരേ ജീവാത്മാവാണ്. അതേപോലെ, ഭൂമിയുടെ എല്ലാ ഭൂപ്രദേശങ്ങളിലും, രാജ്യങ്ങളിലും, സംസ്ഥാനങ്ങളിലും, ജില്ലകളിലും, നഗരങ്ങളിലും, ഗ്രാമങ്ങളിലും, കുന്നുകളിലും, മലകളിലും, പർവ്വതങ്ങളിലും, വനങ്ങളിലും, സമുദ്രങ്ങളിലും, നദികളിലും, തോടുകളിലും ഒക്കെ മഹാലയിച്ച് മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാനിർവ്വഹിക്കുന്നത് മഹാശക്തിയും മണ്ണും ഭൂമിയുമായ ഏകദൈവമാണ്.

ഭൂമിക്കും, ഭൂമിയുടെ അവയവങ്ങളും അംശങ്ങളും മാത്രമായ രാജ്യങ്ങൾക്കും സംസ്ഥാനങ്ങൾക്കും ജില്ലകൾക്കും മറ്റും ജയ് വിളിക്കാൻ ഭൂമിയോ, ഭൂമിയുടെ അംശങ്ങളായ ദേശങ്ങളോ നാട്ടു-പ്രദേശങ്ങളോ യാതൊരാളോടും ആവശ്യപ്പെടുന്നില്ല. ഭൂമിയും മഹാശക്തിയുമായ ദൈവത്തിന് ജയ് വിളിയുടെ ആവശ്യവുമില്ല.

അജ്ഞാനികളും അധമരുമായ (?) ജനങ്ങൾ, ഭൂമിയുടെ അവയവങ്ങൾ മാത്രമായ രാജ്യങ്ങൾക്കും മറ്റും ജയ് വിളിക്കുകയും ദേശീയ ഗാനങ്ങളെന്ന പേരിൽ കോപ്രായങ്ങൾ കാട്ടിക്കൂട്ടുകയും ചെയ്യുമ്പോൾ ശാസ്ത്രീയത ഇല്ലാതാവുന്നു; ദൈവ നിന്ദ ഉണ്ടാകുന്നു. അതോടെ മത്സരം, തമ്മിലടി, കൊലപാതകം, യുദ്ധം തുടങ്ങിയ പൈശാചിക കാര്യങ്ങൾ സംഭവിക്കുന്നു.

നേതാക്കന്മാരും പട്ടാളക്കാരും മറ്റും മരിക്കുമ്പോൾ രാഷ്ട്രം അവരെ നമിക്കുന്നതായിട്ട് മന്ത്രിമാരും മറ്റും പ്രസ്താവിക്കുന്നത് കടുത്ത ദൈവനിന്ദയാണ്. ആരെയും ആദരിക്കാനും ആദരിക്കാതിരിക്കാനും വ്യക്തികളെന്ന നിലയ്ക്ക് ഭരണാധികാരികൾക്ക് വ്യക്തിസ്വാതന്ത്ര്യമുണ്ട്. എന്നാൽ മറ്റുള്ളവരുടെ വ്യക്തിസ്വാതന്ത്ര്യത്തിന്മേൽ കൈകടത്താൻ ജനസേവകർ മാത്രമായ ഭരണാധികാരികൾ ഉൾപ്പെടെ യാതൊരാൾക്കും അവകാശമില്ല, അധികാരവുമില്ല. അങ്ങനെയിരിക്കെ മഹാശക്തിയും, മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര കർത്താവുമായ ദൈവത്തിനു മാത്രം അവകാശവും അധികാരവും ഉള്ളതായ മഹാകാര്യങ്ങളെ 'മത-ജാതി-രാഷ്ട്രീയ- ജീവികളായി അധഃപതിച്ച കുഞ്ഞുങ്ങൾ' അപമാനിക്കുന്നത് കടുത്ത അപരാധമാണ്. മണ്ണും ഭൂമിയുമായ ദൈവം അനുവദിക്കുക കൂടി ചെയ്യുമ്പോഴാണ് ഏതൊരാളും മരിക്കുന്നതെന്നു തിരിച്ചറിയുമ്പോൾ, മഹാമാതാവും മഹാനീതിയും കൂടിയായ ഭൂമി കുഞ്ഞുങ്ങളെ നമിക്കുന്നതായിട്ട് പ്രസ്താവിക്കുന്നതിലെ മൗഢ്യത വെളിവാകുന്നുണ്ട്.

ആയുധങ്ങൾക്കും മറ്റും പാഴാക്കുന്ന ധനവും ഊർജ്ജവും സമയങ്ങളുമെല്ലാം ജനങ്ങളുടെ പൊതുവായ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടണം. ആയുധങ്ങൾക്കും ആയുധവാഹിനികൾക്കും കര-വായു-നാവിക സേനകൾക്കും അവരുടെയെല്ലാം വാഹനങ്ങൾക്കും ബന്ധപ്പെട്ട കാര്യങ്ങൾക്കുമായിട്ട് ഭൂമിയിലെ രാജ്യങ്ങളിലെല്ലാം പാഴാക്കുന്ന ധനവും ഊർജ്ജവും സമയങ്ങളും മനുഷ്യ ജീവിതങ്ങളുമെല്ലാം ലാഭിക്കുമ്പോൾ തന്നെ ഭൂമിയിലെങ്ങും സ്വർഗ്ഗ സുഖങ്ങളെ ഒരുക്കാൻ കഴിയുന്നതാണ്.

**അധമ സംസ്കാരം കൊണ്ട് രൂപപ്പെട്ടതായ രാജ്യരക്ഷ എന്ന കള്ളപ്പേരിൽ അറിയപ്പെടുന്ന നികൃഷ്ട തൊഴിൽ ചെയ്യുന്ന സൈനികരേക്കാൾ അധമരായിട്ടുളളത്, അന്താരാഷ്ട്രപരമായ തിരുത്തൽ നടപടികൾക്ക് പരിശ്രമിക്കാതെ സൈനികരെക്കൊണ്ട് നികൃഷ്ട-പ്രവൃത്തികളെ ചെയ്യിക്കുന്ന ഭരണാധികാരികളാണ്.**

രാജ്യത്തെ തങ്ങൾ രക്ഷിക്കുന്നുവെന്ന് ഭരണാധികാരികളും പട്ടാളക്കാരും മറ്റും ചിന്തിച്ചുപോരുന്നത് കടുത്ത അജ്ഞാനവും അവിവേകവും നിമിത്തമാണ്, ദൈവനിന്ദയുമാണ്.

ദൈവമായ ഭൂമിയും, അവയവങ്ങളും അംശങ്ങളുമായ ദേശങ്ങളും നാടുകളും, വസ്തുക്കളും, എക്കാലവും സ്വതന്ത്രവും ആദിയും അന്തവും ഇല്ലാത്ത മഹാശക്തികളുമാണ്. ദേശത്തിന് സ്വാതന്ത്ര്യം ഇല്ലെന്നും മനുഷ്യർ നേടിയെന്നും കരുതുന്നത് ഭോഷത്തമാണ്. **ഭൗതിക-ധർമ്മ-ശാസ്ത്ര പരമായ അസ്തിത്വം ഇല്ലാത്ത 'മത ജാതി രാഷ്ട്രീയ വർഗ്ഗ വർണ്ണ ഭാഷാ ദേശീയതകളെ' ശാസ്ത്ര പരിശോധന ഇല്ലാതെ ശരിവെച്ച് മതം, കീഴ് ജാതി, മേൽ ജാതി, നാട്ടുകാർ, മറുനാട്ടുകാർ, എന്നിങ്ങനെ വിശ്വാസങ്ങളിലും ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും വ്യത്യാസങ്ങൾ പുലർത്തുന്ന ആശയങ്ങളുടെ അടിമകളായി മറ്റുള്ളവരുടെ പ്രേരണയാലോ നിർബ്ബന്ധത്താലോ സ്വയമോ മനുഷ്യർ മാറുമ്പോൾ, അപ്രകാരം സ്വീകരിച്ച അടിമത്തത്തിന് ദേശത്തിന്റെയും മറ്റും അടിമത്തമെന്ന കള്ളപ്പേരിടുന്നു.** ജീവാത്മാവിന്റെ ധർമ്മശാസ്ത്ര വിരുദ്ധമായ ആശയങ്ങളും ചെയ്തികളും 'ദേശങ്ങളും നാടുകളും ഭൂമിയുമായ ദൈവത്തെ' ബാധിക്കുന്നില്ല എന്നതാണ് സത്യം. ഭൂമിയിൽ മത്സ്യമായിട്ട് ജീവിതം ആരംഭിക്കുന്ന ജീവാത്മാവ്, സസ്യം പക്ഷി മൃഗം മനുഷ്യൻ എന്നീ അവസ്ഥകളിൽ 100 വീതം ജന്മങ്ങളെ പിന്നിട്ട് ഭൂമിയിൽ ലഭ്യമായ അനന്തമായ ആനന്ദങ്ങളെയും ആസ്വദിച്ച് മനുഷ്യാവസ്ഥയിൽ വച്ച് 'സമജീവി രൂപമായ നക്ഷത്രം' എന്ന **'മോക്ഷം' നേടും വരെയും** ദൈവവും ദേശങ്ങളും നാടുകളും ശരീരങ്ങളുമായ **ഭൂമിയാണ് ജീവാത്മാവിനെ സംരക്ഷിക്കുന്നത്. മോക്ഷം നേടും വരെയും കുഞ്ഞുങ്ങളായ ജീവാത്മാക്കളെ**

**മഹാവാത്സല്ല്യത്തോടെ സംരക്ഷിക്കുന്ന 'ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയായ ഭൂമിയെയും അംശമായ നാടുകളെയും ദേശങ്ങളെയും' സംരക്ഷിക്കുന്നതായി ഭാവിക്കുന്നതും ദേശത്തിനും നാടുകൾക്കും ഭൂമിക്കും സ്വാതന്ത്ര്യം ഇല്ലെന്നും കരുതാൻ കാരണം മുമ്പ് വ്യക്തമാക്കിയ അടിമത്തം ജീവാത്മാക്കളിൽ പരക്കെ സൃഷ്ടിച്ചതായ മനോരോഗമാണ്.**

ജീവാത്മാവ് സ്വാതന്ത്ര്യം നേടിയെന്നും ഇല്ലെന്നും ഒക്കെ കരുതുന്നത്, അടിസ്ഥാനപരമായി ലഭിച്ച ബുദ്ധിയും ശക്തിയും അവസരങ്ങളും ഉചിതമായി ഉപയോഗിക്കാൻ കഴിയാത്തതിന്റെ തകരാറാണ്. വസ്തുക്കളിൽ ലയിച്ചിട്ടുള്ള ന്യൂനശക്തികളിലൂടെയും മറ്റും, മഹാനീതിശാസ്ത്ര പരമായും മഹാവാത്സല്ല്യത്തോടെയും, സ്ഥിതിപരമായ വിധി പ്രകാരം ഇണക്കി ഭൂമിയായ നിർവ്വഹിക്കുന്ന തിരുത്തൽ നടപടികളും ശിക്ഷകളും അക്കൂടെയുണ്ട്.

സമ്പത്തും, ലക്ഷക്കണക്കിന് ജനങ്ങളുടെ അദ്ധ്വാനവും, സമയവും, അപൂർവ്വമായി അമൂല്യമായ ജീവനുകളും നശിപ്പിക്കുന്ന പരേഡുകളും, പരിശീലനങ്ങളും, ഇലക്ഷനുകളും, ഉൾപ്പെടെയുള്ള കോപ്രായങ്ങൾ തെറ്റാണ്. യുദ്ധങ്ങളെ ഉപേക്ഷിച്ച്, ആയുധങ്ങളും സന്നാഹങ്ങളും ഉൾപ്പെടെയുള്ള കോടി കോടി-യുദ്ധച്ചിലവുകൾ ഒഴിവാക്കിയാൽ, അളക്കാൻ കഴിയാത്ത വിധം ധന-ഊർജ്ജ-സമയ -ജീവ നഷ്ടങ്ങൾ ഒഴിവാകുന്നതാണ്. സമ്പത്ത്+ സമാധാനം+ ആനന്ദം കൊണ്ട് ഭൂമിയിലെ ജീവികളുടെ ജീവിതം സ്വർഗ്ഗമാക്കാം !

ഭൂമിയായ ദൈവത്തിന്റെ അവയവങ്ങളും അംശങ്ങളും മാത്രമായ ദേശങ്ങൾ യുദ്ധം ചെയ്യുന്നില്ല. വ്യത്യസ്ത ദേശങ്ങളിൽ ജനിക്കുന്നത് സ്വന്തം ഇഷ്ടപ്രകാരമല്ലാ എന്നത് തിരിച്ചറിയാത്ത അജ്ഞാനികളും അവിവേകികളുമായ നേതാക്കൾ വഴിപിഴപ്പിക്കുന്നതും അവരുടെ ഭാഗമല്ലാത്തതും സാധാരണ ജനങ്ങളുടെ ഭാഗവും, ഒരേ ഭൂമിയുടെ പൊന്നോമന കുഞ്ഞുങ്ങൾ മാത്രവുമായ സൈനികരാണ് അന്യോന്യം യുദ്ധം ചെയ്യുന്നതും കൊല്ലുന്നതും അംഗവൈകല്യം ഉണ്ടാക്കുന്നതും മഞ്ഞുമലകളിലും മറ്റും കഷ്ടപ്പെടുന്നതും!

സൈനികരല്ല യുദ്ധം ചെയ്യേണ്ടത്. യുദ്ധങ്ങളെ ഒഴിവാക്കാനും ധർമ്മശാസ്ത്ര പരമായി ഭൂമിയിലെ ജനങ്ങളെ ഒന്നിപ്പിക്കാനുമുള്ള ഭരണ-കടമ മറന്ന്, യുദ്ധം ചെയ്യാൻ മുട്ടിനിൽക്കുന്ന, ജനങ്ങളുടെ ചിലവിൽ കഴിയുന്ന ദേശങ്ങളിലെ 'രാജാക്കന്മാരും, മന്ത്രിമാരും, പ്രധാന മന്ത്രിമാരും, പ്രസിഡണ്ടുമാരും', സ്വന്തം ചെലവിൽ, സ്വയം ദ്വന്ദയുദ്ധം ചെയ്ത് പൈശാചിക വിനോദം ആസ്വദിക്കട്ടെ !

ഒരേ ഭൂമിയുടെ കുഞ്ഞുങ്ങളായ സൈനികരും മറ്റും അന്യോന്യം കൊല്ലുകയും ദ്രോഹിക്കുകയും, ചെയ്യുന്നത് നാടിനുവേണ്ടിയുള്ള വീരമൃത്യുവാണെന്നു കരുതുന്നത് നാടുകളും ദേശങ്ങളും മണ്ണും മഹാമാതാവും ഭൂമിയുമായ ദൈവത്തെ വേദനിപ്പിക്കുകയും നിന്ദിക്കുകയും മാത്രമാണ്. സൃഷ്ടികളുടെ ജീവനും അദ്ധ്വാനവും സമ്പത്തും സമാധാനവും ആനന്ദവും നശിപ്പിക്കുന്ന യുദ്ധം പാടില്ല.

റിപ്പബ്ലിക്/സ്വാതന്ത്ര്യ ദിനങ്ങളിൽ പ്രകടമാക്കുന്ന സൈനിക ശക്തിയും, വിവിധ സംസ്ഥാനങ്ങളിലെ കലകളും ടെലിവിഷനിലും ഉപരി ഓരോ വ്യക്തിയുടെയും ഫോൺ വഴി വീഡിയോ ക്ലിപ്പുകളായി ഇന്ന് പ്രചരിപ്പിക്കുന്നുണ്ട്. നാടിന്റെ അഥവാ രാജ്യത്തിന്റെ ശക്തിയാണ് ജനങ്ങളുടെ സേവകരായ ഭരണാധികാരികളുടെ ചുമതലയിൽ പ്രകടമാക്കുന്നത് എന്ന് തെറ്റിദ്ധരിച്ചു പോവരുത്.

ആദിയും അന്തവും ഇല്ലാത്ത ഏകമഹാശക്തിയായ ദൈവത്തിന്റെ മഹാരൂപമായ ഭൂമിയുടെ അംശങ്ങളും അവയവങ്ങളുമായ രാജ്യത്തിന്റെയും, സൂക്ഷ്മമായ വസ്തുക്കളുടെയും, അതിസൂക്ഷ്മമായ ആറ്റങ്ങളുടെയും, അവയിൽ മഹാലയിച്ചിട്ടുള്ള മഹാസൂക്ഷ്മവും മഹാപ്രപഞ്ചത്തിന് അതീതവുമായ ഓം എന്ന ശബ്ദ ബ്രഹ്മത്തിന്റെയും ആദിയും അന്തവും ഇല്ലാത്ത ശക്തികളെ അളക്കാൻ സൃഷ്ടിയായ മനുഷ്യനു കഴിയുന്നതല്ല.

**ഭൗതിക അസ്തിത്വം ഇല്ലാത്തവയും ഭോഷത്തങ്ങളുമായ അബദ്ധ-കോപ്രായങ്ങളെ ഭരണഘടന, (മത)ദൈവശാസ്ത്രം തുടങ്ങിയ പേരുകളിൽ ചുമന്നു പോരുന്നത് ദൈവ വിപ്ലവത്തോടെ എന്നന്നേക്കുമായി അവസാനിക്കുന്നതാണ്.**

**ഭൂമിയായ ദൈവത്തിന്റെ അംശമായ ശരീരം, പ്രത്യക്ഷമായിട്ട്, നൽകാതെ നൽകുന്നതായ ഏതാനും അവയവങ്ങളുടെ ചലനങ്ങളെക്കൊണ്ട് ഇഷ്ടംപോലെയെല്ലാം സ്വയം ചിന്തിക്കാനും സംസാരിക്കാനും പ്രവർത്തിക്കാനും ജീവാത്മാവിന് സാധിക്കുന്നതാണ് എന്നതിനെ ദുരുപയോഗം ചെയ്ത് രാജ്യത്തിന്റെ ശക്തി എന്ന് പ്രചരിപ്പിക്കുന്നതിലും കടുത്ത ദൈവനിന്ദയുണ്ട്.**

**പൊതു ജനങ്ങളുടെ ശത-സഹസ്രകോടികളായ സമ്പത്തും കോടിക്കണക്കിന് ജനങ്ങളുടെ അദ്ധ്വാനവും സമയവും, പാഴാക്കാതെ ശ്രദ്ധിച്ചാൽ കുടിവെള്ളവും പാചകവാതകവും മറ്റും സൗജന്യമാക്കാൻ രാജ്യങ്ങളിലെ ജനങ്ങളുടെ അടിമകളായ ഭരണാധികാരികൾക്ക് കഴിയുന്നതാണ്; പാപമുക്തിയും, ഒരു പക്ഷെ, പുണ്യവും നേടാം !**

**സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും മറ്റും ഏതെങ്കിലും പ്രദേശത്തെ ജനങ്ങളുടെ മാത്രമോ, ഒരു പ്രദേശത്തിന്റെയോ സ്വന്തമാണ് എന്ന് വാദിച്ചാൽ ഭോഷത്തമാണ്. ഭൂകമ്പം, സുനാമി, അഗ്നിബാധ, അഗ്നി പർവ്വതം, കാട്ടുതീ, കൊടുങ്കാറ്റ്, മഞ്ഞ്, മഴ, വെയിൽ, ചൂട്, കാലാവസ്ഥ, തുടങ്ങിയവയും ദേശങ്ങൾക്ക് അതീതമായാണ് സംഭവിക്കുന്നത് എന്നതും, അവയുടെയും സർവ്വത്തിന്റെയും സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാനീതിശാസ്ത്ര പ്രകാരം എപ്പോഴും മഹാഭരിക്കുന്നത് ഏതെങ്കിലും പ്രദേശത്തെ ജീവികളോ/ജീവാത്മാക്കളോ അല്ലാ എന്നതും, മനുഷ്യരെ ഒരു ഭൂമിയുടെ കുഞ്ഞുങ്ങൾ എന്ന സത്യ-ബോധതലത്തിലേക്ക് ഉയർത്തണം. ദൈവീക ശരികളിലേക്ക് ഉയരട്ടെ !**

**'പഞ്ചായത്തുകളുടെ അധീനതയിൽ പ്രവർത്തിക്കുന്ന പോലീസ് ' ഒഴികെയുള്ള സേനകൾ യാതൊരു നാടുകളിലും പാടില്ല. അതോടെ 'സൈനിക യുദ്ധങ്ങൾ' അവസാനിക്കുന്നതാണ്.**

മത-ജാതി-രാഷ്ട്രീയങ്ങൾക്കും തൊട്ടുതീണ്ടലുകൾക്കും മറ്റും യാതൊരു സ്ഥാനങ്ങളുമില്ലെന്നു സുവ്യക്തമാക്കിക്കൊണ്ട്, ദൈവത്തിന്റെ വാതകരൂപമായ ഓക്സിജൻ ഭൂമിയിലെ എല്ലാ ജീവികളുടെയും നാസികയിലൂടെയും ശ്വാസകോശങ്ങളിലൂടെയും രക്തത്തിലൂടെയും (കയറി ഇറങ്ങി) പ്രവർത്തിച്ച് ജീവികൾക്കെല്ലാം ജീവൻ അഥവാ ശക്തി നൽകുന്നത് തന്റെ കുഞ്ഞുങ്ങളായ ജീവികളോടുള്ള മഹാവാത്സല്യമാണ്.

**എല്ലാ മനുഷ്യരെയും മറ്റുള്ള ജീവികളെയും വസ്തുക്കളെയും സമ്പത്തുകളെയും ആനന്ദങ്ങളെയും സൃഷ്ടിച്ചിട്ടുള്ളത് മണ്ണും ഭൂമിയുമായ ദൈവം ആകയാൽ സർവ്വതിന്റെയും അവകാശവും അധികാരവും എക്കാലവും ഭൂമിക്കു മാത്രമാണ്. മണ്ണും ഭൂമിയുമായ ദൈവത്തിന്റെ സ്വന്തമായ ശരീരത്തെ മണ്ണ് മടക്കി വാങ്ങുന്നതാണ്; മഹാനീതിശാസ്ത്ര പ്രകാരം മഹാഉചിതമായ മറ്റൊരു ഭൂപ്രദേശത്ത് - ഒരു പക്ഷെ ഇന്ന് ശത്രു രാജ്യമായിട്ടു കണക്കാക്കുന്ന പ്രദേശത്ത് - ഇന്നലെകളിൽ ദ്രോഹിച്ചു വധിച്ച് പുനർജ്ജനിച്ചിട്ടുള്ള ഒരു വ്യക്തിയുടെ മകനോ മകളോ ആയി ഇന്നത്തെ പ്രധാനമന്ത്രിയോ പട്ടാളക്കാരനോ പുനർജ്ജനിച്ചേക്കാം...**

ഒരു ജന്മത്ത് ഏറ്റവുമധികം പുണ്യം നേടാൻ കഴിയുന്നത് ഭരണാധികാരിയുടെ അഥവാ രാജാവിന്റെ അഥവാ മന്ത്രിയുടെ ജോലി ചെയ്യുമ്പോഴാണ്, ധാർമ്മികമായിട്ട് അധഃപതിച്ചാൽ ഏറ്റവുമധികം പാപവും. മഹാനീതിശാസ്ത്ര പ്രകാരം 100 മനുഷ്യ ജന്മങ്ങളെ ഓരോ മനുഷ്യനും മഹാഅനുഗ്രഹിച്ചു നൽകുന്നതും, രാജാവ് ഉൾപ്പെടെയുള്ള തൊഴിലുകൾ ചെയ്യാൻ ഭൂമിയിലെ എല്ലാ നീചർക്കും അവസരം ലഭിക്കുന്നതുമാണ്. ജീവികളുടെയെല്ലാം മഹാഭരണാധികാരിയും മഹാനീതിയും മഹാശക്തിയും ഭൂമിയും മഹാമാതാവുമായ ദൈവം എല്ലാ ജീവികളുടെയും മഹാദാസനും മഹാദാസിയുമായിട്ട് പ്രവർത്തിക്കുന്നതിനെ അനുകരിക്കാൻ, ജനങ്ങളുടെ ദാസന്മാരായ മനുഷ്യ -ഭരണാധികാരികൾ പരിശ്രമിക്കണം. യഥാർത്ഥമായും, ജനങ്ങളുടെയെല്ലാം ദാസരാവണം ഭരണാധികാരികൾ....

## ദേശീയതയും പുനർജ്ജന്മ സിദ്ധാന്തവും സംബന്ധിച്ച സാധാരണമായ ചില വ്യാഖ്യാനങ്ങളെ ഇനി കുറിക്കാം :-

ഭൂമിയിലൊട്ടാകെ 200-ലധികം രാഷ്ട്രങ്ങളുണ്ട്. അതിൽ പത്തിൽ താഴെ രാജ്യങ്ങളിലെ ജനങ്ങളെ സമ്പത്തുകൊണ്ടും സംസ്ക്കാരം കൊണ്ടും സൗന്ദര്യം കൊണ്ടും ശ്രേഷ്ഠരായി കണക്കാക്കുകയും, ആ രാജ്യങ്ങളിൽ മാത്രമുള്ളവർക്ക് കുഞ്ഞുങ്ങൾ ജനിച്ചാൽ മതിയാകുമെന്നും ആഗ്രഹിക്കുമോ ? ഇല്ലേയില്ല. ഉദാഹരണത്തിന്, ശ്രേഷ്ഠമെന്ന് തങ്ങൾ കരുതുന്ന ഇന്ത്യയിൽ മാത്രം കുഞ്ഞുങ്ങളെ ജനിപ്പിക്കുന്ന വിദ്യ ഇന്ത്യയിൽ ഒരാൾക്കോ, അനേകം ജനങ്ങൾക്കോ, പ്രധാനമന്ത്രിക്കോ ദൈവം നൽകിയാലോ ?

ഇന്ത്യയിൽ മാത്രം കുഞ്ഞുങ്ങൾ ജനിക്കാനും, മറ്റു രാജ്യങ്ങളിൽ കുഞ്ഞുങ്ങൾ ജനിക്കേണ്ട എന്നും ആഗ്രഹിക്കുമോ ? മറ്റു രാജ്യങ്ങളിലെല്ലാം കൂടി ജനിക്കേണ്ടതായ കുഞ്ഞുങ്ങൾ ഇന്ത്യയിൽ മാത്രം വന്നു ജനിച്ചാൽ ഉണ്ടാകാവുന്ന വർദ്ധിച്ച ഭക്ഷണ -വസ്ത്ര-പാർപ്പിട-ആവശ്യങ്ങളും, തൊഴിൽ പ്രശ്നങ്ങളും, ക്രമസമാധാന പ്രശ്നങ്ങളും ഒക്കെ ഒക്കെ അല്പനേരം ചിന്തിച്ചശേഷം ഉത്തരം നൽകിയാൽ മതിയാകും. ഇല്ലേയില്ല എന്നും വേണ്ടേ വേണ്ട എന്നും ജനങ്ങൾ പറയുന്നതാണ്.

ജനിക്കാൻപോകുന്ന കുഞ്ഞുങ്ങളുടെ ആത്മാക്കൾക്ക് ദേശം തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം കൊടുക്കാമെന്നുവച്ചാൽ, അവയും പ്രത്യേക ദേശത്തിൽ അഥവാ മേല്പടി 10-ൽ താഴെ ദേശങ്ങളിൽ മാത്രം ജനിക്കണമെന്ന് ആഗ്രഹിച്ചാൽ, അതനുവദിച്ചാൽ, അപ്പോഴും ജീവിതം തകരാറിലാവുന്നതാണ്.

'മഹാലിംഗം' എന്ന പാഠത്തിൽ യാതൊരു മനുഷ്യരും യാതൊരു രാജ്യത്തും ഭൂമിയിലും ജനിക്കുന്നില്ല എന്നും 'സൃഷ്ടി-സ്ഥിതിസംഹാരപാത്രവും മഹാശൂന്യതയുമായ ആകാശത്തിന്റെ മഹാസൂക്ഷ്മ അംശത്തിലാണ് ' ജനിക്കുന്നതെന്നും മഹാശാസ്ത്ര പരമായി തെളിയിച്ചിട്ടുള്ളത് അത്യധികം ഗൗരവമുള്ളതാണ്.

(6) **ഭാഷ.** ഭൂമിയിലൊക്കെയും ഒരു ഭാഷ മാത്രമായാൽ ജീവിതം എങ്ങനെയൊക്കെയാവും എന്നു ചിന്തിക്കുക. സൃഷ്ടിയിൽ വൈവിധ്യമാണ് ആനന്ദം. ഭൂമിയിൽ ഒരു പുഷ്പവും ഒരു മണവും മാത്രം മതിയാകും എന്നു ചിന്തിച്ചാൽ ജീവിതം ഒട്ടും ആനന്ദകരമാവില്ല എന്നു കാണാം. എല്ലാ ഭക്ഷണ സാധനങ്ങൾക്കും ഒരേ രുചിയും ഒരേ മണവുമായാലോ ഒരു തരം ഭക്ഷണം മാത്രമായാലോ ജീവിതം ഒട്ടും ആനന്ദകരമാവില്ല.

**അതേസമയം, മാതൃഭാഷ കൂടാതെ മറ്റു ഭാഷകൾ പഠിക്കുന്നതും പഠിക്കാത്തതും വ്യക്തിയുടെ സ്വകാര്യമാണ്.**

ഭാഷകൾക്കും അതീതമായ ദൈവത്തെ അനുകരിച്ച് ഏറ്റവും ശ്രേഷ്ഠമായ ഭാഷാപദങ്ങളെയും സ്വീകരിച്ച്, ദൈവീക തലത്തിലേക്ക് ഉയരാൻ, വ്യക്തികൾക്ക് കഴിയുന്നില്ലെങ്കിൽ അതിന്റെ അർത്ഥം അവർ തൽക്കാലം മൂഢരോ മനോരോഗികളോ ശരീര രോഗികളോ ആണ്. വൈരം ഉണ്ടാവാതെ, ജ്ഞാനവും മരുന്നും കൊണ്ട് പ്രസ്തുത കുഞ്ഞുങ്ങളെ ചികിത്സിക്കാൻ ശക്തിക്കൊത്ത് പരിശ്രമിക്കണം. ശ്രേഷ്ഠ ഭാഷ സ്വന്തമാക്കാൻ സ്വന്തം പകുതി പരിശ്രമിക്കണം; ബാക്കി പകുതി ദൈവത്തിന്റെ അനുഗ്രഹമായി ലഭിക്കുന്നതാണ്. ചീത്തയായ പദങ്ങൾ ഉച്ചരിക്കാൻ വലിയ മിടുക്ക് വേണ്ടാ. മനുഷ്യാവസ്ഥയിൽ ജീവിക്കുന്നവർ മൃഗാവസ്ഥയിലെ അജ്ഞാന പ്രകൃതം കാട്ടുമ്പോൾ, അതേപടി 'ജ്ഞാനത്തെ ലഭിച്ചവർ' തിരിച്ചു പ്രതികരിച്ചാൽ, ജ്ഞാനത്തെ കളങ്കപ്പെടുത്തിയ കുറ്റത്തിന് ശിക്ഷയുണ്ട്. ആരോടും കേമത്തം കാട്ടരുതെന്നും, ദൈവീകമായ സ്നേഹ വാത്സല്യങ്ങൾ നൽകണമെന്നും ധർമ്മശാസ്ത്രം അനുശാസിക്കുന്നുണ്ട്. ധർമ്മ ശാസ്ത്ര പരമായി ജീവിക്കുന്ന വ്യക്തികൾക്ക്, അഹംഭാവം കാട്ടാതെ ദൈവീക തലത്തിൽ ഏറ്റവുമധികം ആനന്ദിച്ചു ജീവിക്കാൻ കഴിയും. മറ്റുള്ളവർക്ക് ഇടിച്ചും ഭർത്സിച്ചും കളയാൻ കഴിയുന്ന മാനങ്ങളാണ് വ്യക്തിക്ക് ഉള്ളതെങ്കിൽ, അങ്ങനെയുള്ള മാനം ഇടിഞ്ഞു പോകട്ടെ എന്ന മനോഭാവം ഉണ്ടാകണം. മഹാസമനീതിയെ മഹാപുനർജ്ജന്മ സിദ്ധാന്തം പ്രകാരം

ജന്മങ്ങളിലൂടെ ഭൂമി/ ദൈവം ക്രമപ്പെടുത്തുന്നതാണ് എന്നു വിശ്വസിക്കുന്ന വ്യക്തിയെ മാനം, ഭയം, പീഡനം, വധം തുടങ്ങിയവ അലട്ടുന്നതല്ല. തന്നോട് അപരാധം കാട്ടുന്ന ദൈവത്തിന്റെ മറ്റു കുഞ്ഞുങ്ങളെ എങ്ങനെ ശുദ്ധീകരിക്കാനും ഉയർത്താനും കഴിയും എന്നതിലാണ് അയാൾ ശ്രദ്ധിക്കുക.

(( സൃഷ്ടിയിൽ വൈവിധ്യമാണ് ആനന്ദം എന്നു പറയുമ്പോൾ, കാമകാര്യങ്ങളുമായി അതിനെ കൂട്ടിക്കുഴയ്ക്കേണ്ട. ശാസ്ത്രവികസനത്തിന് കാമ കാര്യങ്ങളിലെ സദാചാരം നിർബ്ബന്ധമാകുന്നത് എങ്ങനെയെല്ലാമെന്ന് ദൈവ നിന്ദ : ആനന്ദ നിന്ദ (സദാചാരശാസ്ത്രം : കാമാനന്ദം / സെക്സ്) എന്ന അദ്ധ്യായത്തിൽ വിസ്തരിച്ചിട്ടുണ്ട്. നിറം, സൗന്ദര്യം, മുഖഛായ എന്നിവ പ്രകടമായ ജന്മഗുണങ്ങളിൽ പെടുന്നവയാണ്; പുനർജ്ജന്മങ്ങളിലൂടെ ക്രമീകരിക്കപ്പെടുന്നുണ്ട്. മനുഷ്യന്റെ സ്ത്രീ പുരുഷ വിഭജനം ദൈവീകമാണ്; ആകയാൽ ലഭ്യമാകുന്ന ബന്ധങ്ങളെ ദൈവീകമായി കരുതി സദാചാര ശാസ്ത്ര പ്രകാരം ജീവിക്കുന്നതാണ് ശ്രേഷ്ഠം. കാമപരമായ സൗന്ദര്യ-ഭ്രാന്തർക്കും മറ്റും ശരീര ശുദ്ധിയോടും ശാസ്ത്രപരമായ സുഗന്ധതൈലങ്ങൾ ഉപയോഗിച്ചും മറ്റും ഇരുട്ടിൽ കാമലീലകളിൽ ഏർപ്പെടുമ്പോൾ സ്ത്രീയ്ക്കും പുരുഷനും മുഖഛായയോ ശരീര-സൗന്ദര്യമോ വിഷയമാകില്ല എന്നതും, പരമാനന്ദം ആസ്വദിക്കുവാൻ കഴിയും എന്നതും ഗൗരവമാണ്. ഇരുട്ടും രാത്രിയുമായി മനുഷ്യരിലെ കാമകാര്യങ്ങളെ കൂടുതൽ ബന്ധിപ്പിച്ചിട്ടുള്ളത് വിഷയ-സാധൂകരണവും നൽകുന്നുണ്ട്. വൈവിധ്യത്തെ കാമകാര്യങ്ങളുമായി ബന്ധപ്പെടുത്തുന്നതിൽ നിന്ന് അധമരും മൂഢരും പിൻവാങ്ങണമെന്നു സാരം.. ശരീരത്തിന്റെ ആരോഗ്യത്തിന് / ശക്തിക്ക് നിറം, സൗന്ദര്യം തുടങ്ങിയ ഗുണങ്ങളേക്കാൾ അത്യധികം ഉയർന്ന സ്ഥാനമുണ്ട്. നിത്യ ജീവിതത്തിൽ പ്രവൃത്തികൾ ചെയ്യാനും ആനന്ദങ്ങൾ നേടാനും ശരീരത്തിന്റെ ആരോഗ്യം തന്നെയാണ് പരമ പ്രധാനം. കാമപരമായ വൈവിധ്യം നിറവേറ്റപ്പെടുന്നതിനെയും ചുവടെ മഹാപുനർജ്ജന്മ സിദ്ധാന്തത്തിൽ നിന്ന് മനസ്സിലാക്കാം.))

(7) **തൊഴിൽ അഭിരുചി.** ഭൂമിയിലൊക്കെയും ഇന്നുള്ള ഏറെക്കുറെ 800 കോടി ജനങ്ങളും അമേരിക്കയിലെ പ്രസിഡന്റോ, ഇന്ത്യയിലെ പ്രധാനമന്ത്രിയോ മാത്രമാവാൻ ആഗ്രഹിക്കുന്നതിനെപ്പറ്റി അല്പം ചിന്തിക്കുക. സമ്പൂർണ്ണ സാച്ചരത (സാക്ഷരത) ഉണ്ടായാൽ ജനാധിപത്യ- ഭരണസമ്പ്രദായം മംഗളമാകും എന്നു വാദിക്കുന്ന രാഷ്ട്രീയക്കാരും മറ്റു വിവരദോഷികളും കൂടുതലായി ചിന്തിക്കുക.

**എല്ലാവരും കൃഷിക്കാരായാലോ, എല്ലാവരും നെയ്ത്തുകാരായാലോ, എല്ലാവരും തയ്യൽക്കാരായാലോ, എല്ലാവരും ആശാരിമാരായാലോ, എല്ലാവരും സംഗീതജ്ഞന്മാരായാലോ, എല്ലാവരും ശാസ്ത്ര ഗവേഷകന്മാരായാലോ, എല്ലാവരും വിമാന-പൈലറ്റന്മാരായാലോ എന്നിങ്ങനെ ചിന്തിക്കുക. എല്ലാവരും നെയ്ത്തുകാരായാൽ ഭൂമിയിലെ മറ്റു തൊഴിലുകളെടുക്കാൻ ആളില്ലാതെ വരും. ഭക്ഷണവും പാർപ്പിടവും വേണ്ടേ ? നെയ്ത തുണി തയ്ക്കാൻ ആളുവേണ്ടേ ? എല്ലാവരും തയ്യൽക്കാരായാൽ ഭൂമിയിലെ മറ്റു തൊഴിലുകളെടുക്കാൻ ആളില്ലാതെ വരും. എല്ലാവരും കൃഷിക്കാരായാൽ ഭൂമിയിലെ മറ്റു തൊഴിലുകളെടുക്കാൻ ആളില്ലാതെ വരും....**

**തുല്ല്യങ്ങളായ തൊഴിലുകളിൽ ഒന്നാമത്തേതായി കൃഷിയെ, ദൈവം ഉയർത്തിയിട്ടുമുണ്ട്. മറ്റുള്ള ജീവികളെപ്പോലെ തിന്നും കുടിച്ചും ജീവിക്കാൻ നിർബ്ബന്ധമായും കൃഷി വേണം.**

**തൊഴിൽ അഭിരുചി സൃഷ്ടിക്കുന്ന വിദ്യ, ഭൂമിയിലെ ജനങ്ങൾക്കോ, ഭരണാധികാരികൾക്കോ നൽകാൻ ദൈവം തയ്യാറായാൽ, തങ്ങളുടെയോ മറ്റുള്ളവരുടെയോ കുട്ടികളിലോ കുഞ്ഞുങ്ങളിലോ മുതിർന്നവരിലോ തൊഴിൽ അഭിരുചിയെ യഥോചിതം സ്ഥാപിക്കുവാൻ ജനങ്ങൾക്കും ജനസേവകരായ ഭരണാധികാരികൾക്കും കഴിയുമോ എന്നു ചിന്തിക്കുക.**

ദൈവാംശമായ മണ്ണു കൊണ്ട് മനുഷ്യ- രൂപമുണ്ടാക്കുകയും, ജീവാത്മാവിനെ പ്രവേശിപ്പിക്കുകയും, ദൈവത്തിന്റെ ശ്വാസവും ശക്തിയുമായ ഓക്സിജനെ ഊതി, ജീവാത്മാവിന് ശക്തിയും ജ്ഞാനവും നൽകുന്നു !

കേരളത്തെപ്പോലെ അഹംഭാവം, ബുദ്ധിശക്തി, കൂടുതൽ മനുഷ്യജന്മങ്ങൾ എന്നിവ വിഷയമായ ഒരു നാട്ടിൽ എല്ലാവരും അഥവാ കൂടുതൽ പേരും തങ്ങളുടെ കുട്ടികളെ ഡോക്ടർ ആക്കിക്കളയും എന്നു വരുമ്പോൾ, കേരളത്തിലെ 3 കോടിയിലധികം ജനങ്ങൾ മുഴുവൻ ഡോക്ടർമാർ മാത്രമായി മാറുന്നതാണ്. ഡോക്ടർമാർ മറ്റെല്ലാ തൊഴിലുകളും ചെയ്യാൻ പോകേണ്ടി വരും !

മുതിർന്നവർക്ക്, കുട്ടികളുടെ മേൽ തൊഴിൽ അഭിരുചി സൃഷ്ടിക്കാനുള്ള വിദ്യ നൽകുന്നതിനെപ്പറ്റി മുകളിൽ പറഞ്ഞു. അതേപോലെ, കുട്ടികൾക്ക്, തങ്ങളുടെ മാതാപിതാക്കളുടെ തൊഴിൽ അഭിരുചി മാറ്റാൻ കഴിയുമെന്നു വന്നാലോ ? തീർന്നില്ല, കുട്ടികളും മുതിർന്നവരും, തൊഴിൽ അഭിരുചികളെ മാറ്റി മാറ്റിക്കൊണ്ടിരുന്നാലോ ? അത്യാവശ്യ പണിക്ക് ആശാരിയെ വിളിക്കാൻ പോയപ്പോൾ, ആശാരി കണ്ണു ഡോക്ടറായി മാറിയാലത്തെ അവസ്ഥ പോലെ !

കൂടുതൽ വിസ്തരിക്കുന്നില്ല.

**തൊഴിൽ അഭിരുചി, വിനോദ അഭിരുചി എന്നിങ്ങനെ ഏതാനും ജന്മഗുണങ്ങൾക്ക് ബുദ്ധിശക്തി, ഓർമ്മശക്തി എന്നീ രണ്ടു ജന്മ ഗുണങ്ങളുമായി ഗാഢമായ ബന്ധമുണ്ട്.**

**തൊഴിലുകളെയും വിനോദങ്ങളെയും വ്യക്തിക്ക് ലഭ്യമാവുന്ന ബുദ്ധിശക്തി, ഓർമ്മശക്തി എന്നീ രണ്ടു ജന്മഗുണങ്ങളും സ്വാധീനിക്കുന്നുണ്ട്.**

**അതേസമയം ബുദ്ധി ശക്തിയും, ഓർമ്മ ശക്തിയും സ്ഥിതി പരമായ വിധി പ്രകാരം കൂടുകയും കുറയുകയും ചെയ്യുമ്പോൾ, തൊഴിൽ അഭിരുചിയെയും തൊഴിലിനെയും ബാധിക്കുന്നതാണ്. കാരണം : ബുദ്ധിശക്തി, ഓർമ്മശക്തി എന്നിവ വ്യക്തിയുടെ ധർമ്മശാസ്ത്ര പരമായ പ്രവൃത്തികളുമായി ബന്ധപ്പെട്ട് താൻ പാതി ദൈവം പാതി എന്ന മഹാസമവാക്യത്തെ സദാ പ്രസക്തമാക്കുന്നത് ഇവിടെ വിഷയമാണ്. അതായത് വ്യക്തിസ്വാതന്ത്ര്യം കൊണ്ടുള്ള പ്രവൃത്തികൾ, സ്ഥിതിപരമായ വിധി പ്രകാരം, ബുദ്ധിക്ക് ശക്തികളെ (ശക്തിയായ ഓക്സിജൻ എന്ന ദൈവത്തിന്റെ വാതക രൂപം) നൽകുന്നതിന് അനുസരിച്ച്, വ്യക്തിയുടെ ബുദ്ധിശക്തി എന്ന ജന്മഗുണം വർദ്ധിക്കുന്നതും കുറയുന്നതുമാണ്.**

(8) **വിനോദ അഭിരുചി.** എല്ലാവർക്കും സംഗീതം മാത്രമാണ് വിനോദമെങ്കിൽ മറ്റു വിനോദങ്ങൾ ഇല്ലായെന്നും പാടില്ലായെന്നും വരും. ഭാഷയുടെ കാര്യം പറഞ്ഞപ്പോൾ സൃഷ്ടിയിൽ വൈവിധ്യമാണ് ആനന്ദം എന്നു വിശദീകരിച്ചത് കൂട്ടിവായിക്കുക. മുകളിൽ (7)- തൊഴിൽ അഭിരുചി -യിൽ വിശദീകരിച്ചതു പോലെ, തൊഴിൽ അഭിരുചി, **വിനോദ അഭിരുചി** എന്നിങ്ങനെ ഏതാനും ജന്മഗുണങ്ങൾക്ക് ബുദ്ധിശക്തി, ഓർമ്മ ശക്തി എന്നീ രണ്ടു ജന്മ ഗുണങ്ങളുമായി ഗാഢമായ ബന്ധമുണ്ട്.

(9) **മാതാപിതാക്കളുടെയും** സഹോദരങ്ങളുടെയും ഉറ്റവരുടെയും **ജന്മ ഗുണങ്ങൾ** (ആയുസ്സ്, ആരോഗ്യം, സൗന്ദര്യം, ദേശം, ഭാഷ, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, സാമ്പത്തിക ഭദ്രത, മനപ്പൊരുത്തം) തുടങ്ങിയവ ഓരോ കുട്ടിയെയും ബാധിക്കുന്ന ഘടകങ്ങളാണ്.

**തങ്ങളുടെ മാതാപിതാക്കളുടെ ആയുസ്സ്, ആരോഗ്യം, സൗന്ദര്യം, ദേശം, ഭാഷ, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, സാമ്പത്തിക ഭദ്രത, മനപ്പൊരുത്തം, ബന്ധുജനങ്ങൾ, തുടങ്ങിയവയെ തിരഞ്ഞെടുക്കാൻ കുട്ടികളെ അനുവദിക്കുന്ന വിദ്യ; ജനിക്കും മുമ്പ് കുട്ടിയുടെ ആത്മാവിനോ, സമൂഹത്തിലെ ജനങ്ങൾക്കോ ഭരണാധികാരികൾക്കോ നൽകാൻ കഴിയുമെന്നു വന്നാൽ ജീവിതകാര്യങ്ങൾ ആകെ തകരാറിലാകും. നല്ല മാതാപിതാക്കളായി മനസ്സിലാക്കാവുന്നവരുടെ മകനോ മകളോ ആയി ജനിക്കാൻ കോടിക്കണക്കിനു കുഞ്ഞുങ്ങൾ തയ്യാറായാൽ എന്താകും എന്ന് ചിന്തിക്കുക.**

ഏറ്റവും മോശമെന്നു കരുതുന്നവരുടെ കുടുംബങ്ങളിൽ കുഞ്ഞുങ്ങൾ ജനിക്കാൻ തയ്യാറാകാതെ വന്നാൽ, ഇന്നത്തെ നല്ലവർ നാളെ മോശമായാൽ, ഇന്നു മോശമായിരിക്കുന്നവർ നാളെ തിരുത്തി നല്ലവരായാൽ, എന്നിങ്ങനെയെല്ലാം അല്പനേരം ചിന്തിക്കുക. ഇന്നത്തെ **ലോകത്തിലെ കുഞ്ഞുങ്ങൾ** ഏറെയും **സമ്പന്നരായ മാതാപിതാക്കളുടെ കുഞ്ഞായി മാത്രം ജനിക്കാൻ ഇഷ്ടപ്പെടുന്നതാണ് എന്ന അതിവിചിത്ര സംഗതിയുണ്ട്**. ഇന്ത്യയിലെ സമ്പന്നരായ ഒരു ദമ്പതികളുടെ കുഞ്ഞുങ്ങളായി ജനിക്കാൻ കോടിക്കണക്കിന് കുഞ്ഞുങ്ങൾ തയ്യാറാവുന്നതിനെപ്പറ്റി ചിന്തിക്കുക. നല്ല ഗുണങ്ങളെക്കൊണ്ട് ദൈവത്തിനു വളരെ പ്രിയപ്പെട്ടവരായ ഒരു ദമ്പതികൾ, സാമ്പത്തിക ദാരിദ്ര്യത്തിലാണെന്നതിന്റെ അടിസ്ഥാനത്തിൽ അവരുടെ കുഞ്ഞായി ജനിക്കാൻ യാതൊരു കുഞ്ഞുങ്ങളും തയ്യാറാവാത്തിനെപ്പറ്റി ചിന്തിക്കുക.

**മഹാനീതിയായ ദൈവം, ജന്മഗുണങ്ങൾ എന്നറിയപ്പെടുന്ന മേല്പടി ഘടകങ്ങളെയെല്ലാം ഓംകാര നീതിശാസ്ത്രപ്രകാരം കൂട്ടിയിണക്കിയാണ് കുഞ്ഞുങ്ങളുടെ ജനനകാര്യങ്ങളെ നിശ്ചയിക്കുന്നത് എന്നതിനെ പ്പറ്റിയും, ജനനകാര്യങ്ങൾ യാദൃച്ഛികമല്ല എന്നതിനെ പ്പറ്റിയും അല്പം ചിന്തിക്കുക. സൃഷ്ടിപരമായ വിധി, സ്ഥിതിപരമായ വിധി എന്നിവയെ വിവരിക്കുന്ന പ്രത്യേക അദ്ധ്യായത്തെ മുൻനിർത്തിക്കൊണ്ട്, പഠിക്കുമ്പോൾ ഓംകാരനീതിശാസ്ത്രത്തിലൂടെ എല്ലാ കുഞ്ഞുങ്ങളെയും ഭൂമിയായ മഹാദേവി മഹാപരിപാലിക്കുന്നത് ബോദ്ധ്യമാകുന്നതാണ്.**

(10) **ജീവിതപങ്കാളിയുടെയും കുഞ്ഞുങ്ങളുടെയും ജന്മഗുണങ്ങൾ** (ആയുസ്സ്, ആരോഗ്യം, സൗന്ദര്യം, ദേശം, ഭാഷ, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, സാമ്പത്തിക ഭദ്രത, മനപ്പൊരുത്തം) നിശ്ചയിക്കുവാൻ വ്യക്തികൾക്ക് കഴിയുമെന്നു വന്നാൽ ജീവിതം എത്ര അരോചകമായിരിക്കും എന്നതിനെപ്പറ്റി ചിന്തിക്കുക. ഭാര്യയെപ്പറ്റി ഭർത്താവിനുണ്ടാവുന്ന ജന്മഗുണ നിയന്ത്രണം, ഭാര്യക്കും ലഭ്യമാവുമ്പോൾ മാത്രമേ വ്യക്തിസ്വാതന്ത്ര്യം ഉണ്ടാകുന്നുള്ളൂ. കുഞ്ഞുങ്ങളുടെ വ്യക്തിസ്വാതന്ത്ര്യത്തെ മാതാപിതാക്കളോ, മാതാപിതാക്കളുടെ വ്യക്തി-സ്വാതന്ത്ര്യത്തെ കുഞ്ഞുങ്ങളോ തട്ടിത്തെറിപ്പിക്കുകയോ തട്ടിപ്പറിക്കുകയോ ചെയ്യുന്ന അവസ്ഥ ഏറ്റവും ഹീനമാണ്. **മഹാപ്രപഞ്ചത്തിൽ താൻ സൃഷ്ടിക്കുന്ന തന്റെ കുഞ്ഞുങ്ങളായ ജീവികൾക്കെല്ലാം സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യം നൽകി അനുഗ്രഹിക്കുന്ന മഹാമാതാവായ ദൈവത്തിന്റെ മഹാരീതികളുമായി താരതമ്യം ചെയ്യാൻ ശ്രമിച്ചാൽ വിഷയങ്ങളെല്ലാം സുവ്യക്തമാകുന്നതാണ്, മനുഷ്യരിലെ അധമത്തം വെളിവാകുന്നതും, സദ്ചിന്ത ഉദിക്കുന്നതുമാണ്.**

# മഹാനീതിയായ ദൈവം മഹാനീതി മഹാനിർവ്വഹിക്കുന്നത് ശരീരത്തിലൂടെ.

മഹാശക്തിയും മഹാനീതിയും ഭൂമിയുമായ ദൈവം തന്റെ കുഞ്ഞുങ്ങൾക്കെല്ലാം മഹാനീതിയെ മഹാഅനുഗ്രഹിച്ചു നൽകുന്നത് ഓരോരോ കാലങ്ങളിലും അവർക്ക് ലഭ്യമാക്കുന്ന (ദൈവാംശമായ) ശരീരത്തിലൂടെയാണ്, ശരീരത്തിന്റെ ഘടകങ്ങളായി മഹാആവിഷ്ക്കരിച്ചിട്ടുള്ള മുമ്പു വിവരിച്ച ജന്മഗുണങ്ങളിലൂടെയാണ്. ജീവാത്മാവ് അപ്പോഴും എപ്പോഴും ഏറെക്കുറെ അപ്രധാനം തന്നെയാണ്. ശരീരത്തിന്റെ അപ്രധാന ഭാഗമായിരുന്നു കൊണ്ട് ജീവാത്മാവ് മഹാപ്രപഞ്ചത്തിലെ അനന്തമായ ആനന്ദങ്ങളെ അനുഭവിക്കുകയാണു ചെയ്യുന്നത്; മറിച്ചല്ല. അതായത് ജീവാത്മാവിന്റെ ഭാഗമായിട്ട് ശരീരം മഹാപ്രപഞ്ചത്തിലെ അനന്തമായ ആനന്ദങ്ങളെ അനുഭവിക്കുകയല്ല ചെയ്യുന്നത്.

ജീവിയെ സൃഷ്ടിക്കുന്നതിന് അർത്ഥമുണ്ടാകണം, സമ്പൂർണ്ണമായ / കുറ്റങ്ങളും കുറവുകളുമില്ലാത്ത അർത്ഥങ്ങളോടെയാണ് ദൈവം ജീവിയെ/ വ്യക്തിയെ സൃഷ്ടിച്ചിട്ടുള്ളതും സൃഷ്ടിക്കുന്നതും. പ്രകടമായ ശരീരത്തോട്, പ്രകടമല്ലാത്ത ആത്മാവിനെ ചേർത്ത് തമ്മിൽ പിരിക്കാൻ സാധിക്കാത്തതു പോലെയാണ് ജീവികളെ സൃഷ്ടിച്ചിട്ടുള്ളത്.

ജീവിയെ സൃഷ്ടിക്കുന്നത് ജീവിപ്പിക്കാനും ആനന്ദിപ്പിക്കാനുമാണ്.

**ഓരോരോ ജന്മങ്ങളിലും ജീവിക്ക് അഥവാ ജീവാത്മാവിന് പുതിയ പുതിയ ശരീരങ്ങളെ നൽകുമ്പോഴും ജീവാത്മാവിന് അസ്തിത്വം ഉണ്ടാകുന്നതും ജീവിക്കുന്നതും ശരീരത്തിലൂടെയാണ്, അപ്പോഴും എപ്പോഴും വ്യക്തിക്ക് / ജീവാത്മാവിന് ശരീരം തന്നെയാണ് പ്രധാനം എന്നു സാരം.**

**വ്യക്തി മറ്റുള്ളവരെ/ ജീവാത്മാവിനെ (കാണുകയും) കേൾക്കുകയും അറിയുകയും അനുഭവിക്കുകയും ഒക്കെ ചെയ്യുന്നത് ശരീരത്തിലൂടെയാണ്.**

**ദൈവത്തെ ഉൾപ്പെടെ ഏതൊരാളെയും വ്യക്തികൾ കാണുവാൻ ആഗ്രഹിക്കുമ്പോഴും അത് ദൈവ-ശരീരത്തെയാണ്, ശരീരരൂപത്തെയാണ്; സ്വന്ത-മെന്നോണമുള്ള ശരീരത്തിലെ കണ്ണുകൾ ഉൾപ്പെട്ട അവയവങ്ങൾ / ഇന്ദ്രിയങ്ങൾ കൊണ്ടാണ്.**

**പ്രത്യക്ഷ ദൈവമാണ് ശരീരം. ദൈവമായ ഭൂമിക്കും അംശമായ ശരീരങ്ങൾക്കും പ്രധാനം ജീവാത്മാക്കളാണെങ്കിൽ; ജീവാത്മാക്കൾക്ക് പ്രഥമ പ്രധാനം ലഭ്യമാകുന്ന ശരീരം ആണ്.**

**കൂടുതൽ വിശദീകരണങ്ങൾ**

www.omsathyam.com/GodlyRevolution/OM.pdf ,
www.omsathyam.com/GodlyRevolution/Universe.pdf

**എന്നീ ദിവ്യമഹാവേദ ഗ്രന്ഥങ്ങളിൽ ലഭ്യമാണ്.**

....

# മഹാനീതിയായ ദൈവം/ഭൂമി ജന്മഗുണങ്ങളെ മഹാഭരിക്കുന്നത് മനുഷ്യരുടെ നല്ലതിനാണ്.

യാതൊരു മനുഷ്യർക്കും ഭരിക്കാനാവാത്ത വിധത്തിൽ മഹാ-സങ്കീർണ്ണങ്ങളാണ് ജന്മഗുണങ്ങളെന്ന് സുവ്യക്തമായിരിക്കുമല്ലോ. അപ്പോൾ മഹാശക്തിയും ഭൂമിയും മഹാനീതിയുമായ ദൈവം ജന്മഗുണങ്ങളെ മഹാ-ഭരിക്കുമ്പോൾ, മനുഷ്യർക്ക് ആശ്വസിക്കാനാകുന്നു, മനുഷ്യർ അറിയാതെയെ-ന്നോണം പ്രത്യക്ഷ ദൈവമായ സ്വന്തമെന്നോണമുള്ള ശരീരം നിർവ്വഹിക്കുന്ന മഹാ-പ്രതിഭാസമാകയാൽ അനേകർക്ക് ആനന്ദിക്കാൻ കഴിയുന്നില്ല എന്നേയുള്ളൂ. മുമ്പ് വ്യക്തമാക്കിയതുപോലെ, ജന്മഗുണങ്ങളിൽ വ്യത്യാസങ്ങളിരിക്കെ, മനുഷ്യ-ഭരണാധികാരികൾക്ക് യാതൊരിക്കലും സമനീതി നൽകുവാൻ സാധിക്കുന്നതല്ല എന്നു കൂടി വെളിപ്പെടുന്നു. സമനീതി-നൽകുമെന്നുള്ള സത്യ-പ്രതിജ്ഞകളെ മനുഷ്യ-ഭരണാധികാരികൾ നടത്താതിരിക്കുകയോ, രാഷ്ട്ര-ഭരണഘടനകൾ എന്ന അശാസ്ത്രീയ/അധമ പ്രമാണങ്ങളെ ചുട്ടുകരിക്കുകയോ, ഭൂമിയിലെ മൂലകങ്ങളിൽ ലയിച്ചിരിക്കുന്ന ധർമ്മ ശാസ്ത്രത്തെ സ്വീകരിക്കേണ്ടതായോ വരുന്നു. മഹാനീതിയായ ദൈവത്തെ ഉചിതമായി പരാമർശിക്കാതെയും ബഹുമാനിക്കാതെയും പദങ്ങളെ ഉപയോഗിക്കുമ്പോൾ ദൈവനിന്ദ കടന്നുകൂടുന്നു.

വാക്കുകളെ കൊണ്ടുള്ള വ്യായാമത്തെ മാറ്റിനിർത്തി, (പ്രത്യക്ഷ ദൈവമായ) ശരീരം, കുഞ്ഞുങ്ങളുടെ മഹാ-ആനന്ദകരമായ ജീവിതത്തിനായി ജന്മഗുണങ്ങളെ സ്വയം നിർവ്വഹിക്കുന്നു എന്നു കരുതുമ്പോൾ സത്യം മാത്രമായ ദൈവീക തലത്തെ വിഷയത്തിൽ അറിയുകയായി.

**ദൈവം, ഗൂഢമെന്ന പോലെ ജന്മഗുണങ്ങളെ മഹാ-ഭരിക്കുമ്പോൾ, ജന്മഗുണങ്ങളെ മറന്നും അവഗണിച്ചും, തങ്ങൾക്കും തങ്ങളുടെ ചുറ്റിലുമുള്ള ഭൗതികാവസ്ഥകളുമായി പൊരുത്തപ്പെടുന്ന ജീവിതരീതി മനുഷ്യരിൽ ഉണ്ടാവുന്നു. മുമ്പു വിവരിച്ചതായ ഓരോ ജന്മഗുണത്തോടും അടിസ്ഥാനപരമായി താദാത്മ്യം പ്രാപിക്കുന്ന ഒരവസ്ഥ ഓരോ മനുഷ്യനിലും ഉണ്ടാകുന്നു. ഉദാഹരണം പറഞ്ഞാൽ (1) സൗന്ദര്യം കൂടിയതായാലും, കുറഞ്ഞതായാലും താൻ ചെറുപ്പം മുതൽ കണ്ടും അറിഞ്ഞും മനസ്സിലാക്കുന്ന തന്റെ മുഖഛായയെ സ്നേഹിക്കുകയും ഇഷ്ടപ്പെടുകയും ചെയ്യുന്ന രീതിയിലേക്ക് ഭൂരിപക്ഷം ജനങ്ങളും ഉയരുന്നു. (2) തന്റെ മാതാപിതാക്കളെ കൂടുതലായി സ്നേഹിക്കുന്ന രീതിയിലേക്ക് ഭൂരിപക്ഷം കുട്ടികളും ഉയരുന്നു. (3) താൻ സ്വയമെന്നോണം തിരഞ്ഞെടുത്തതും താൻ ചെയ്യുന്നതുമായ ജോലിയിൽ ഭൂരിപക്ഷം ജനങ്ങളും സന്തോഷിക്കുന്നു. എന്തുകൊണ്ട് 'ഭൂരിപക്ഷം ജനങ്ങളും' എന്ന പദങ്ങൾ ഉപയോഗിച്ചു എന്നതും, എന്തുകൊണ്ട് എല്ലാ ജനങ്ങൾക്കും സന്തോഷിക്കാനാകുന്നില്ല എന്ന ചോദ്യവും പ്രസക്തമാണ്. ജന്മഗുണങ്ങളിലൂടെ, മഹാനീതിയായ ദൈവം, മഹാനീതിശാസ്ത്രവുമായി ബന്ധപ്പെട്ട അനേകം മഹാകാര്യങ്ങളെ നിർവ്വഹിക്കുന്നുണ്ട്. ചുവടെ വിവരിക്കുന്നുണ്ട്. ആവക മഹാകാര്യങ്ങളെ പഠിക്കുന്നതോടെ മനുഷ്യന് ദൈവീക തലത്തിൽ കൂടുതൽ സന്തോഷിക്കാൻ കഴിയുന്നതാണ്.**

# ജന്മഗുണങ്ങളും മഹാനീതിശാസ്ത്രവും

മഹാനീതിയായ ദൈവം എല്ലാ മനുഷ്യർക്കും ജീവിതകാര്യങ്ങളിൽ തുല്ല്യത ലഭ്യമാക്കുവാൻ ജന്മഗുണങ്ങളെ ഉപയോഗപ്പെടുത്തുന്നുണ്ട്. ഉദാ :-

(1) **സ്ത്രീ-പുരുഷ സമത്വം.** സ്ത്രീയ്ക്കും പുരുഷനും എല്ലാ അർത്ഥത്തിലും സമത്വം ഉണ്ടാവണമെങ്കിൽ സ്ത്രീയ്ക്ക് പുരുഷനായും, പുരുഷന് സ്ത്രീയായും ജനിക്കാനും ജീവിക്കാനും സാധിക്കണമെന്നല്ലാതെ മറ്റു വഴികളില്ല. അങ്ങനെയിരിക്കെ സ്ത്രീ-പുരുഷ സമത്വത്തിന്റെ പേരിൽ മനുഷ്യർ കാട്ടിക്കൂട്ടുന്നത് ശാസ്ത്രപര മല്ലാത്ത കോപ്രായങ്ങൾ മാത്രമാണ്. മഹാനീതിയായ ദൈവം സ്ത്രീ-പുരുഷ സമത്വം നിർവ്വഹിക്കുന്നതെങ്ങനെയെന്ന് ദൈവ നിന്ദ : വ്യക്തിസ്വാതന്ത്ര്യവും സ്ത്രീ-പുരുഷ സമത്വവും എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്. ചുവടെ വിവരിക്കുന്നുണ്ട്.

(2) എല്ലാ മനുഷ്യർക്കും തുല്ല്യമായ ആയുസ്സ്, ആരോഗ്യം, സൗന്ദര്യം തുടങ്ങിയവ ലഭ്യമാക്കാനുള്ള മഹാപദ്ധതി മഹാനീതിശാസ്ത്രത്തിലുണ്ട്, ജന്മഗുണങ്ങളുടെ മഹാഭരണത്തിലൂടെ ദൈവം നടപ്പാക്കുന്നുണ്ട്.

(3) എല്ലാ ജനങ്ങൾക്കും എല്ലാ തൊഴിലുകളും ധർമ്മശാസ്ത്രപരമായി ചെയ്യാനും സമമായ ആനന്ദം നേടാനുമുള്ള മഹാപദ്ധതി ജന്മഗുണങ്ങളുടെ മഹാഭരണത്തിലൂടെ ദൈവം നടപ്പാക്കുന്നുണ്ട്.

**ജന്മഗുണങ്ങളെ വ്യത്യാസപ്പെടുത്തിക്കൊണ്ട് മഹാശക്തിയായ ദൈവം, മഹാനീതി നടത്തുന്നുവെന്നും, അങ്ങനെ മഹാനീതിയായ ദൈവം കൂടി ആയിത്തീരുന്നുവെന്നുമാണ് മുകളിലെ 3 ഖണ്ഡികകളുടെ ഉള്ളടക്കം. അതെങ്ങനെയെന്ന് മഹാശാസ്ത്രപരമായി വിശദീകരിക്കുകയാണ് അടുത്ത ഘട്ടം.**

((ജന്മഗുണങ്ങളായും അല്ലാതെയും വർത്തിക്കുന്ന ഘടകങ്ങളുണ്ട്. ഉദാ:- വ്യക്തികളുടെ ജനനം, ശൈശവം, ബാല്യം, കൗമാരം, യൗവ്വനം, വാർദ്ധക്യം, ശരീരവളർച്ച, അംഗവൈകല്യം, മുഖക്കുരു, മീശ, കഷണ്ടി, നര, ചുളിവ്, പാണ്ട്, ദഹനം, വിസർജ്ജനം, പ്രത്യുല്പാദനം, ഉറ്റവരുടെ വിയോഗം/മരണം, സ്വന്തം മരണം, ശ്വസനം, രോഗങ്ങളും രോഗ/അപകട മുക്തികളും. അവകളെയും വെയിൽ, മഴ, ഭൂകമ്പം, ഉരുൾ പൊട്ടൽ, അഗ്നിപർവ്വതം, വെള്ളപ്പൊക്കം, കാറ്റ്, കൊടുങ്കാറ്റ്, കാട്ടുതീ, ഭൂഗുരുത്വാകർഷണം, വേലിയേറ്റം, വേലിയിറിക്കം, തുടങ്ങിയ പ്രധാന കാര്യങ്ങളെയും എല്ലായ്പ്പോഴും മഹാഭരിക്കുന്നത് മഹാനീതിയായ ദൈവമാണ്.))

# മഹാപുനർജ്ജന്മ സിദ്ധാന്തം

| വേദം 1 | ഓംകാര നീതിശാസ്ത്രം (ആത്മീയ ശാസ്ത്രം) |
|---|---|

**ദൈവത്തിന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങളേ, ഭൂമിയിലെ എല്ലാ മനുഷ്യരും (എല്ലാ ജീവികളും), മഹാപുനർജ്ജന്മ സിദ്ധാന്തം പ്രകാരം മാത്രമാണ് ജീവിക്കുന്നത്; മഹാനീതിയിലെ മഹാഗൂഢത ഉൾപ്പെടെയുള്ള കാര്യങ്ങളെ ചുവടെ മഹാശാസ്ത്രപരമായി വിശദീകരിക്കുന്നുണ്ട്.**

**ദൈവം, സമസ്ത ജനങ്ങളെയും മഹാപുനർജ്ജന്മസിദ്ധാന്ത പ്രകാരം, മഹാവാത്സല്യത്തോടെ തിരുത്തുകയും, സന്തോഷിപ്പിക്കുകയും, ഒക്കെ ചെയ്യുന്നതാണ്. മഹാശ്രേഷ്ഠമാണ് മഹാപുനർജ്ജന്മസിദ്ധാന്തം.**

**ഭൂമിയിൽ മായ പ്രത്യക്ഷമാകുമ്പോൾ, സമസ്ത ജനങ്ങളും മഹാപുനർജ്ജന്മ സിദ്ധാന്തത്തെ അറിയാനും ഉൾക്കൊണ്ടു ജീവിക്കാനും ശ്രദ്ധിക്കുന്നതാണ്. ജനങ്ങൾക്ക് മറ്റു വഴികളില്ല.**

**സൃഷ്ടിയുടെ ഉദ്ദേശം സ്ഥിതിയാണ്. ഏവരും ജനി(പ്പി)ക്കുന്നത് ജീവിക്കാനാണ്. ജീവിക്കുകയാണ് എല്ലാവരും ചെയ്യുന്നതും. മരണമെന്നത്, ജനനത്തിന്റെയോ ജീവിതത്തിന്റെയോ അവസാനമല്ല; മറിച്ച് മഹാനീതിയുമായി ബന്ധപ്പെട്ട ഒരു താൽക്കാലിക പ്രതിഭാസം മാത്രമാണ്.**

**മഹാപ്രപഞ്ചത്തിൽ മഹാശക്തിയായ മഹാദേവി @ ഭൂമി സൃഷ്ടിക്കുന്നതെന്തും മഹാ-അർത്ഥപുഷ്ടമാണ്. കുറ്റങ്ങളും കുറവുകളുമില്ല. അങ്ങനെയിരിക്കെ മരണവും പുനർജ്ജന്മങ്ങളുമുണ്ടാവുന്നത് പാപങ്ങൾ കൊണ്ടാണെന്നും പുനർജ്ജന്മങ്ങൾ ഉണ്ടാവാതിരിപ്പാനായി 'സന്യാസിമാരും മറ്റും ശരിയെന്നു കരുതുന്നതായ ആത്മീയ കാര്യങ്ങളിലേക്കും (അ)ധർമ്മകാര്യങ്ങളിലേക്കും ശ്രദ്ധപതിപ്പിക്കണമെന്നും' ഏറെ സന്യാസിമാരും മതപുരോഹിതന്മാരും മറ്റും ജനങ്ങളെ ഉപദേശിച്ചത് അജ്ഞാനം കൊണ്ടുള്ള ദൈവനിന്ദയാണ്. അവരുടെ മനോരോഗങ്ങളെ തിരിച്ചറിയാൻ ശ്രമിക്കാതെയും കഴിയാതെയും ജനങ്ങൾ സ്വീകരിച്ചപ്പോഴാണ് പിഴവ് സംഭവിച്ചത്..**

**സ്ത്രീപുരുഷ വ്യത്യാസം (ലിംഗം), ആയുസ്സ്, ആരോഗ്യം, സൗന്ദര്യം, നിറം, ..... തുടങ്ങിയ ജന്മഗുണങ്ങളിൽ ശാസ്ത്രീയ വ്യത്യാസങ്ങൾ വരുത്തിക്കൊണ്ട് മഹാപ്രപഞ്ചത്തിലുള്ള എല്ലാ കുഞ്ഞുങ്ങൾക്കും മഹാസമത്വം നൽകാനുള്ള ഭൂമിയും മഹാനീതിയുമായ ഏകദൈവത്തിന്റെ മഹാ-പദ്ധതിയാണ് മഹാപുനർജ്ജന്മസിദ്ധാന്തം.**

**എല്ലാ കുഞ്ഞുങ്ങൾക്കും എല്ലാ ആനന്ദങ്ങളെയും മഹാ-സമമായി ആസ്വദിക്കുവാൻ അവസരം നൽകുന്ന മഹാ-പദ്ധതി കൂടിയാണ് മഹാപുനർജ്ജന്മസിദ്ധാന്തം.**

**എല്ലാ മനുഷ്യർക്കും 100 മനുഷ്യജന്മങ്ങളെ ദൈവമായ ഭൂമി നിശ്ചയിച്ചിരിക്കുന്നു എന്നതും ഒരു സൃഷ്ടിചക്രമായ 10000 വർഷങ്ങളിലായിട്ട് 100 ജന്മങ്ങളെ പൂർത്തിയാക്കണമെന്നതും മഹാപുനർജ്ജന്മസിദ്ധാന്തം പ്രകാരമുള്ള മഹാപദ്ധതിയാണ്. കൃഷിക്കാരനായും, നെയ്ത്തുകാരനായും, വിമാന-പൈലറ്റായും, ഭരണാധികാരിയായും ഒക്കെ എല്ലാ ജോലികളിലും പ്രവർത്തിക്കാനും എല്ലാ ജോലികളെയും ആസ്വദിക്കുവാനും എല്ലാ ജനങ്ങൾക്കും അവസരം നല്കുന്ന മഹാ-പദ്ധതി കൂടിയാണ് മഹാപുനർജ്ജന്മസിദ്ധാന്തം.**

**ഭൂമിയിലൊക്കെയുമുള്ള വ്യത്യസ്ത രാജ്യങ്ങളിൽ ജനിക്കാനും, വ്യത്യസ്ത സൗന്ദര്യങ്ങളോടെയും വ്യത്യസ്ത സംസ്ക്കാരങ്ങളോടെയും, വ്യത്യസ്ത ഭാഷകളോടെയും, വ്യത്യസ്തങ്ങളായ കാലാവസ്ഥകളിൽ ജീവിക്കാനുള്ള മഹാ-പദ്ധതി കൂടിയാണ് മഹാപുനർജ്ജന്മസിദ്ധാന്തം.**

**50 സ്ത്രീ ജന്മം, 50 പുരുഷ ജന്മം എന്നിങ്ങനെ ഓരോ മനുഷ്യനും 100 ജന്മങ്ങളിലൂടെ സ്ത്രീ-പുരുഷ സമത്വവും നേടുന്നു എന്ന് ശാസ്ത്രപരമായി തെളിയിക്കുമ്പോൾ, സ്ത്രീ-പുരുഷ സമത്വങ്ങളെ മംഗളപ്പെടുത്തുന്ന മഹാനീതിവ്യവസ്ഥിതിയാണ് മഹാപുനർജ്ജന്മസിദ്ധാന്തം. സമത്വങ്ങളുടെ പേരിൽ മനുഷ്യർ നടത്തുന്ന കോപ്രായങ്ങൾക്ക് അതോടെ അവസാനമുണ്ടാകുന്നതുമാണ്.**

**.. തീർന്നില്ല, മനുഷ്യരുടെ ഭരണത്തിന് അനുവദിച്ചിട്ടുള്ളതായ ഭൗതികശാസ്ത്രം, ധർമ്മശാസ്ത്രം, നീതിശാസ്ത്രം എന്നിവയുടെ ഘടകങ്ങളിൽ മനുഷ്യർ പിഴവുകളെ വരുത്തുമ്പോൾ, അവയെ പരിഹരിക്കുവാനും, മനുഷ്യർക്ക് തെറ്റുകളെ തിരുത്തുവാൻ അവസരങ്ങൾ നൽകുന്നതിനും, സമനീതി നടപ്പാക്കുന്നതിനുമുള്ള മഹാ-പദ്ധതിയാണ് മഹാപുനർജ്ജന്മസിദ്ധാന്തം.**

ഉദാഹരണത്തിന് ജീവിതത്തിന്റെ അവസാന വേളകളിൽ, തങ്ങൾ മുമ്പ് ചെയ്തുകൂട്ടിയ തെറ്റുകളെ തിരിച്ചറിയുകയും, അവയുടെ പേരിൽ പശ്ചാത്തപിക്കുകയും ചെയ്യുന്നവർക്ക് തെറ്റുകളെ തിരുത്തിക്കൊണ്ട് പുതിയ ജന്മത്തിൽ പുതിയ ശരീരത്തോടെ ജീവിക്കുവാൻ അവസരം നൽകുന്ന മഹാ-പദ്ധതി കൂടിയാണ് മഹാപുനർജ്ജന്മസിദ്ധാന്തം.

**മഹാനീതിശാസ്ത്രം പ്രകാരം സമസ്ത ജീവികളെയും ശിക്ഷിക്കുവാനും തിരുത്തുവാനും, സമസ്ത ജീവികൾക്കും സമആനന്ദങ്ങളെയും അനന്തമായ മഹാ-ആനന്ദങ്ങളെയും മഹാഅനുഗ്രഹിച്ചു നൽകാനുള്ള മഹാപദ്ധതിയാണ് മഹാപുനർജ്ജന്മസിദ്ധാന്തം.**

**100 ജന്മങ്ങളിലൂടെ ഓരോ മനുഷ്യനും കടന്നു പോകുമ്പോൾ, ഭൂമിയിലുള്ള അനന്തമായ ജീവിതാനന്ദങ്ങളെ അറിയാനും അനുഭവിക്കാനും ആസ്വദിക്കാനും മനുഷ്യന് അവസരമുണ്ടാകുന്നു. ആത്മീയ സാക്ഷാത്ക്കാരം / മോക്ഷം എന്ന അദ്ധ്യായത്തിലും മറ്റും വിസ്തരിച്ചതുപോലെ, 100 ജന്മങ്ങൾക്കു ശേഷം ആത്മീയസാക്ഷാത്ക്കാരം നേടുമ്പോൾ, മനുഷ്യന് താൻ ഭൂമിയിൽ വച്ച് അനുഭവിച്ച അനന്തമായ ആനന്ദങ്ങളെ വീണ്ടും അനന്തമായി അനുഭവിച്ചു കൊണ്ടിരിക്കുവാൻ ഭൂമിയും മഹാവാത്സല്യവും മഹാമാതാവുമായ മഹാദേവി (എല്ലാ കുഞ്ഞുങ്ങളെയും) മഹാഅനുഗ്രഹിക്കുന്നു.**

**ജീവന്റെയും ജീവാത്മാവിന്റെയും വാതക-ഭൗതിക അസ്തിത്വവും, അവയുടെ പ്രവർത്തനങ്ങളും ഗൂഢമാക്കിയിരിക്കുന്നത് ജീവികളുടെ ആനന്ദത്തെ വർദ്ധിപ്പിക്കാനാണ്.**

**മഹാപുനർജ്ജന്മസിദ്ധാന്തം പ്രകാരമുള്ള പ്രവർത്തനങ്ങളെ മനസ്സിലാക്കുമ്പോൾ, മുജ്ജന്മ കാര്യങ്ങളെ വെളിപ്പെടുത്തരുതേ എന്ന് ഏറെ ജനങ്ങളും ദൈവത്തോട് കേഴുന്നതാണ്.**

**ആവക കാര്യങ്ങളെപ്പറ്റി ഹ്രസ്വമായി സൂചിപ്പിച്ചശേഷം മഹാപുനർജ്ജന്മസിദ്ധാന്തത്തെപ്പറ്റി തുടരാം :**

(1) ഈ ജന്മത്തിൽ ഇന്ത്യയിൽ ജീവിക്കുന്ന മത-തീവ്രവാദി, കഴിഞ്ഞ ജന്മത്തിൽ മറ്റൊരു രാജ്യത്തിലെ മറ്റൊരു മതം പ്രകാരമുള്ള തീവ്രവാദി ആയിരുന്നുവെങ്കിൽ ... എന്നതിനെപ്പറ്റി ചിന്തിക്കുക. ഹിന്ദുമതത്തിൽ പുനർജ്ജന്മ സിദ്ധാന്തത്തെ വളരെയധികം സ്വീകരിച്ചിരിക്കെ, അങ്ങനെയൊരു സാദ്ധ്യതയെ തള്ളിക്കളയുവാൻ ഹിന്ദുമത പണ്ഡിതനു കഴിയുമോ ? പ്രസ്തുത പണ്ഡിതന്റെ വ്യക്തിഗത കാര്യത്തിൽ അത്തരം വിശേഷമുള്ളതിനെ തെളിയിച്ചാൽ ... ചിന്തിക്കുക.

മാനുഷിക നിഗമനങ്ങളെ അനുസരിച്ചല്ല മഹാശക്തിയായ ദൈവം പുനർജ്ജന്മങ്ങളെ നിർവ്വഹിക്കുന്നതെന്നു തിരിച്ചറിയുമ്പോൾ, മത-ജാതി-ദേശ-വർണ്ണ-ഭാഷാ.. തുടങ്ങിയ ജന്മഗുണ വ്യത്യാസങ്ങളുടെ പേരിൽ കലഹിക്കുന്നവരും ബഹുവിധ തീവ്രവാദത്തിൽ ഏർപ്പെടുന്നവരും കാട്ടിക്കൂട്ടുന്ന കോപ്രായങ്ങളും ഭോഷ്ക്കുകളും വളരെയധികം ഭീകരമാണ് എന്നും, ദൈവ ശിക്ഷകളെ പിടിച്ചു വാങ്ങുന്നവയും മാത്രമാണെന്നു തെളിയുന്നതാണ്.

(2) ഈ ജന്മത്തിൽ ഇന്ത്യയിൽ ജീവിക്കുന്ന മത-തീവ്രവാദി, അടുത്ത ജന്മത്തിൽ മറ്റൊരു രാജ്യത്തിലെ മറ്റൊരു മതം പ്രകാരമുള്ള തീവ്രവാദി ആയാൽ ... എന്നതിനെപ്പറ്റി ചിന്തിക്കുക.

(3) ഈ ജന്മത്തിൽ പാലസ്തീനിൽ ജീവിക്കുന്ന മുസ്ലീം-തീവ്രവാദി, കഴിഞ്ഞ ജന്മത്തിൽ മറ്റൊരു രാജ്യത്തിലെ ക്രിസ്ത്യൻ തീവ്രവാദി ആയിരുന്നുവെങ്കിൽ ... എന്നതിനെപ്പറ്റി ചിന്തിക്കുക. തെളിയിച്ചാൽ ... ചിന്തിക്കുക.

(4) ഈ ജന്മത്തിൽ പാലസ്തീനിൽ ജീവിക്കുന്ന മുസ്ലീം-തീവ്രവാദി, അടുത്ത ജന്മത്തിൽ മറ്റൊരു രാജ്യത്തിലെ ക്രിസ്ത്യൻ തീവ്രവാദി ആയാൽ .... എന്നതിനെപ്പറ്റി ചിന്തിക്കുക.

(5) ഇന്നത്തെ മത തീവ്രവാദി, ഇന്നലെകളിൽ ജീവിച്ച മറ്റൊരു മതത്തിലെ തീവ്രവാദിയെ ഭർത്സിക്കുകയും അയാളെ മോശമാക്കിയുള്ള പ്രഭാഷണങ്ങളെ നടത്തുകയും ചെയ്യുമ്പോൾ, ഇന്നലെയിലെ തീവ്രവാദിയുടെ പുനർജ്ജനനമാണ് താനെന്ന് തെളിയിക്കപ്പെട്ടാൽ ..... ചിന്തിക്കുക.

(6) ഇന്നലെകളിലെ അനേകമനേകം പണ്ഡിതന്മാരും നേതാക്കളുമൊക്കെ ഇന്ന് മറ്റു ദേശങ്ങളിലും മറ്റു മതങ്ങളിലും മറ്റു തൊഴിൽ മേഖലകളിലും, എതിർ ലിംഗത്തിലും പെട്ടു ജീവിക്കുന്നതായി ........ ..... ചിന്തിക്കുക.

(7) മായ പ്രത്യക്ഷമാക്കിയ ശേഷം, ദൈവത്തെപ്പറ്റിയും മഹാപ്രപഞ്ചത്തിലെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെയും മഹാശാസ്ത്ര പ്രകാരം സുവ്യക്തമാക്കിയ ശേഷം മാത്രമേ സംഹാരം അഥവാ ആത്മീയസാക്ഷാത്ക്കാരം ആരംഭിക്കൂ എന്നിരിക്കെ, ഇന്നലെകളിൽ ജീവിച്ചു മരിച്ച പ്രഗത്ഭർ സ്വർഗ്ഗത്തിൽ പോയെന്നും ബ്രഹ്മത്തിൽ ലയിച്ചെന്നുമൊക്കെ കഥകളുണ്ടാക്കിയിട്ടുള്ളത് കടുത്ത അപരാധവും കടുത്ത ദൈവനിന്ദയും ദൈവ ശിക്ഷകളെ പിടിച്ചു വാങ്ങുന്ന കാര്യവും ആണ്.

(8) തങ്ങളുടെയോ, എതിരാളിയായി കരുതുന്നവരുടെയോ, മുജ്ജന്മ പ്രതിമകൾക്ക് മാലയിട്ടു നടക്കുന്ന നികൃഷ്ട ജീവിതമാണ് ഇന്നത്തെ അനേകർ നയിക്കുന്നത് എന്നതിനെ പ്പറ്റി ചിന്തിക്കുക.

(9) ഇന്നലെകളിൽ ഉന്നത ജാതിക്കാരനായി ജീവിച്ചയാൾ, ദുർബ്ബലരോട് കാട്ടിയ തെറ്റുകളുടെ അടിസ്ഥാനത്തിൽ ഇന്ന് ഹീന-ജാതിയെന്ന് വിശേഷിപ്പിക്കുന്ന ജാതികളിൽ പുനർജ്ജനിക്കുന്നതിനെപ്പറ്റി ചിന്തിക്കുക. 20 വയസ്സുള്ള ഇന്നത്തെ താഴ്ന്ന ജാതിക്കാരൻ നൂറ്റാണ്ടുകളായി നാട്ടിൽ താഴ്ന്ന ജാതിക്കാർ ബഹുവിധ കഷ്ടപ്പാടുകളെ അനുഭവിക്കുന്നു എന്ന് അരിശത്തോടെയും അമർശത്തോടെയും പറയുമ്പോൾ, മേല്പടി 20 വയസ്സിനു മുമ്പ് ഉന്നത ജാതിക്കാരനായി ജീവിച്ച അയാളും അനേകരും താഴ്ന്ന ജാതിക്കാരെ ദ്രോഹിക്കുകയായിരുന്നു എന്നതറിയുന്നില്ല. ....... തെളിയിച്ചാൽ .... ചിന്തിക്കുക.

**(10) ഇന്നലെകളിൽ ഇന്ത്യയിലും അമേരിക്കയിലും ജീവിച്ച അനേകം ധനവാന്മാർ, ഇന്ന് കടുത്ത ദാരിദ്ര്യത്തിൽ പെട്ട് ആഫ്രിക്കൻ രാജ്യങ്ങളിൽ ജീവിക്കുന്നതായി ചിന്തിക്കുക .... തെളിയിച്ചാൽ ..... ചിന്തിക്കുക.**

**(ദൈവത്തിന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങളേ, മേൽ കൊടുത്തവ എല്ലായ്പ്പോഴും ഭൂമിയിൽ സംഭവിച്ചുപോരുന്ന സത്യങ്ങൾ മാത്രമാണ്.)**

മേൽ വിവരിച്ചതു കൂടാതെയുള്ള **മറ്റു ചില ഉദാഹരണങ്ങൾ ഇനി പറയാം :-**

(11) ഒരു കുടുംബത്തിലെ യുവതിയ്ക്ക്, തന്റെ മുജ്ജന്മത്തിലെ സ്നേഹസമ്പന്നയായ മാതാവ് അടുത്ത വീട്ടിലെ ചെറുപ്പക്കാരനായി ജന്മം എടുത്തിരിക്കുന്നത് തിരിച്ചറിയാൻ കഴിഞ്ഞാൽ .... ചിന്തിക്കുക.

(12) ഏതാനും വർഷം മുമ്പ് അപകടത്തിൽ മരിച്ച തന്റെ നല്ല ഭർത്താവ്, തന്റെ ബന്ധുവീട്ടിലോ, അടുത്ത വീട്ടിലോ, അയൽ നാട്ടിലോ കുഞ്ഞായി ജനിച്ചിരിക്കുന്നു എന്നു തിരിച്ചറിയാൻ കഴിഞ്ഞാൽ ..... ചിന്തിക്കുക.

(13) തന്റെ മുജ്ജന്മത്തിലെ (നല്ല) ഭർത്താവിന്റെയും (ഭാര്യയുടെയും) നല്ല കുട്ടികളുടെയും ഓർമ്മകളെ ലഭിക്കുന്ന വ്യക്തി, അവർ ജീവിച്ചിരിക്കുന്നത് / പുനർജ്ജനിച്ചിരിക്കുന്നത്  എവിടെ എന്നും മറ്റും കണ്ടുപിടിക്കാനും അവരോടൊത്തു ജീവിക്കാനുമായി ഇറങ്ങിപ്പുറപ്പെടുകയും ചെയ്താൽ ...... ചിന്തിക്കുക.

(14) മുജ്ജന്മത്തിലെ ഭാര്യയെ അടുത്ത സുഹൃത്തിന്റെ/ മറ്റൊരാളുടെ ഭാര്യയായി തിരിച്ചറിയുകയും, സുഹൃത്തിനും /മറ്റൊരാൾക്കും ബന്ധുക്കൾക്കും മറ്റും അക്കാര്യത്തെപ്പറ്റിയുള്ള മുജ്ജന്മ ഓർമ്മകളെ ലഭിക്കാതിരിക്കുകയോ ലഭിക്കുകയോ ചെയ്താൽ ..... ചിന്തിക്കുക.

(15) തന്റെ മുജ്ജന്മത്തിലെ വലിയ സമ്പത്തിന്റെ കാര്യങ്ങൾ ഓർമ്മവരുമ്പോൾ, പ്രസ്തുത വലിയ സമ്പത്ത് തിരിച്ചു പിടിക്കാനായി ശ്രമിച്ചാൽ .... ചിന്തിക്കുക.

(16) തന്റെ ശത്രുക്കളായിരുന്നവർ ഉറ്റവരായും, മറിച്ചും പുനർജ്ജനിച്ചിരിക്കുന്നത് തിരിച്ചറിയാൻ മുജ്ജന്മ ഓർമ്മകളെ മുഴുവൻ ലഭിക്കുന്നതിലൂടെ ഭൂമിയിലെ ഒരു ചിലർക്കോ എല്ലാവർക്കുമോ സാധിച്ചാൽ ........ ചിന്തിക്കുക.

(17) കുടുംബനാഥനോ, നാഥയോ, കുട്ടിയോ, മാതാവോ, മുജ്ജന്മത്തിൽ കള്ളനോ, വേശ്യയോ, കൊലപാതകിയോ, ആഭാസനോ ആയി ജീവിച്ച ചരിത്രങ്ങളുടെ ഓർമ്മകളെ കുടുംബത്തിലെ ഒരംഗത്തിനോ, എല്ലാ അംഗങ്ങൾക്കുമോ, സമൂഹത്തിലെ അനേകർക്കുമോ ലഭിച്ചാൽ ..... ചിന്തിക്കുക.

**(18) എല്ലാവരുടെയും മുജ്ജന്മങ്ങളെ എല്ലാവരെയും അറിയിച്ചാൽ ഭൂമിയിൽ മനുഷ്യർക്ക് ജീവിക്കാനാകുമോ എന്നു കുറേനേരം ചിന്തിക്കുക....**

(19) തന്റെ അടുത്ത ജന്മത്തിന്റെയും ഇനിയുള്ള ജന്മങ്ങളുടെയും സൃഷ്ടിപരമായ വിധി പ്രകാരമുള്ള കണക്കുകളെ മുജ്ജന്മ-ഓർമ്മകളിലൂടെ മനസ്സിലാക്കാൻ / അനുമാനിക്കാൻ കഴിയുമ്പോൾ, ജീവിതം ആനന്ദിച്ച് ആസ്വദിക്കുക എന്നതിനു പകരം ജന്മങ്ങളുടെ കണക്കുകളുമായിട്ട് കാലം തള്ളുന്നവരായി മനുഷ്യർ അധഃപതിക്കുന്നതാണ്.

**(20) ഇന്ന് മത-ദൈവ-കേമത്തങ്ങളെപ്പറ്റിയും മതാചാരങ്ങളെ പ്പറ്റിയും വാതോരാതെ സംസാരിക്കുന്നവർ മുജ്ജന്മത്തിൽ അതേ മത-ദൈവത്തെപ്പറ്റി ദൂഷണമോ, ദുഷ്ക്കർമ്മങ്ങളോ മാത്രം ചെയ്തു ജീവിച്ചതിന്റെ ഓർമ്മകളെ സമൂഹത്തിലെ എല്ലാവർക്കും ലഭിച്ചാൽ .... ചിന്തിക്കുക.**

**മഹാപുനർജ്ജന്മ സിദ്ധാന്തത്തെ ശാസ്ത്രപരമായി തെളിയിക്കുക എന്നു പറഞ്ഞാൽ മുജ്ജന്മ ഓർമ്മകളെ ഓരോരുത്തർക്കും സുവ്യക്തമായി നൽകുക, എന്നും ജീവിതകാര്യങ്ങളുമായി ഒത്തുനോക്കി ബോദ്ധ്യപ്പെടുക എന്നുമാണ് മുഖ്യ അർത്ഥം.**

**മേൽ വിവരിച്ച അതിസങ്കീർണ്ണമായ ജീവിത-പ്രശ്നങ്ങൾ എങ്ങും നിലനിൽക്കെ, ഇനി പറയൂ .... മുജ്ജന്മഓർമ്മകളെ മനുഷ്യർക്കു നൽകേണമോ ?** വളരെ ചെറിയ നീതിബോധമെങ്കിലും ഉള്ളവർ വേണ്ടേ വേണ്ടാ എന്നും, മുജ്ജന്മ ഓർമ്മകളെ നൽകല്ലേ എന്നു ദൈവത്തോടു കെഞ്ചുന്നതുമാണ്.

**മായ പ്രത്യക്ഷമാകുന്നതോടെ മഹാപുനർജ്ജന്മ സിദ്ധാന്തത്തെ എല്ലാവരും വിശ്വസിക്കുന്നതാണ്. ദുശ്ശാഠ്യക്കാരായ ചില കുഞ്ഞുങ്ങൾക്കുവേണ്ടി മുജ്ജന്മ ഓർമ്മകളെ എല്ലാവർക്കും നൽകുവാനും, കുഞ്ഞുങ്ങളുടെ സന്തോഷം ഇല്ലാതാക്കാനും ഭൂമിയും മഹാമാതാവും മഹാവാത്സല്യവുമായ മഹാദേവി ഇഷ്ടപ്പെടുന്നില്ല. എന്നിരിക്കിലും, ഭൂമിയിലുള്ള ഒരു ചിലർക്ക് കാട്ടിയ കൊടുംകുറ്റങ്ങളെ ഏറ്റുപറയാനായും പരസ്യമായി ജനങ്ങളോട് ക്ഷമ ചോദിക്കാനായും, മുജ്ജന്മ ഓർമ്മകളെ നൽകുന്നുണ്ട്.**

# ഓംകാരനീതിശാസ്ത്രം മഹാശക്തിയാണ്, മഹാനീതിയാണ് ...

ഓംകാരനീതിശാസ്ത്രം ജന്മഗുണങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ട് മഹാപുനർജ്ജന്മ സിദ്ധാന്തത്തിലൂടെയാണ് പ്രവർത്തിക്കുന്നതെന്ന് സുവ്യക്തമാക്കിക്കഴിഞ്ഞു. മഹാഹൃദയമായ ഓംകാരത്തിന് ഒരേയൊരു നീതിശാസ്ത്രം മാത്രം, മഹാശക്തിയായ ദൈവം ഒന്നെന്നപോലെ. മഹാപുനർജ്ജന്മസിദ്ധാന്തത്തിലൂടെ അഥവാ ഓംകാരനീതിശാസ്ത്രത്തിലൂടെ പ്രപഞ്ചത്തിലെ എല്ലാ ജീവി-കാര്യങ്ങളെയും ഏകമഹാശക്തിയും ഭൂമിയുമായ മഹാദേവി മഹാഭദ്രപ്പെടുത്തുന്നു.

മഹാഹൃദയമായ ഓംകാരത്തിൽ മനുഷ്യന്റെ ഭാവനകൾക്ക് അതീതമായ മഹാശക്തി ഉള്ളതുകൊണ്ടാണ് മഹാകാര്യങ്ങൾ മഹാ മംഗളകരമായി നിർവ്വഹിക്കപ്പെടുന്നതെന്ന് നിസ്സാരമായി മനസ്സിലാക്കാനാവുന്നു.

ഭൂമിയിലെങ്ങുമുള്ള മനുഷ്യരുടെ ചിന്തകളും സംഭാഷണങ്ങളും പ്രവൃത്തികളും മാത്രമല്ല, മറ്റു ജീവികളുടെ കാര്യങ്ങളെയും ഓംകാര നീതി ശാസ്ത്രം മഹാഭദ്രപ്പെടുത്തുന്നുണ്ട്. സംഹാരം ആരംഭിക്കുമ്പോൾ മറ്റുള്ള ജീവികളിൽ പശു, കാള എന്നിവ ഒഴികെയുള്ളവയ്ക്ക് ചന്ദ്രവാസം ഉണ്ടാകുന്നുണ്ട്. അവയുടെ കാര്യവും ഓംകാര നീതിശാസ്ത്രം തന്നെയാണ് ക്രമപ്പെടുത്തുന്നത്. മഹാപ്രപഞ്ചം മുഴുവനും ഓംകാരത്തിനകത്താണ് എന്ന് ഓംകാരം എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്.

**പ്രത്യക്ഷ ദൈവവും മണ്ണും ഭൂമിയുമായ ശരീരത്തിലെ ശാസ്ത്രനിയമങ്ങൾ പ്രകാരമുള്ള ശരീര-അവയവങ്ങളും, അവയവ പ്രവർത്തനങ്ങളും മാത്രമാണ് മനുഷ്യൻ ഉൾപ്പെടെയുള്ള എല്ലാ ജീവികൾക്കും ലഭിക്കുക / സാദ്ധ്യമാവുക.**

**മനുഷ്യരുടെ 'ഭൗതിക അസ്തിത്വം ഇല്ലാത്ത മത-ജാതി-രാഷ്ട്രീയ-ദേശീയ വിശ്വാസ കോപ്രായങ്ങൾ' പ്രകാരം ശരീര-അവയവങ്ങളോ, അവയവങ്ങളുടെ പ്രവർത്തനങ്ങളോ കൂടുന്നുമില്ല; കുറയുന്നുമില്ല; മാറ്റങ്ങൾ ഉണ്ടാകുന്നുമില്ല.**

പശു, കാള, എരുമ, പോത്ത്, ആട്, പട്ടി, ആന, കുരങ്ങ്, സിംഹം, പക്ഷികൾ, തുടങ്ങിയ ജീവികളെ അപേക്ഷിച്ച് വളരെയധികം ബുദ്ധിശക്തിയും ഓർമ്മശക്തിയും മറ്റും ലഭിച്ചിട്ടുള്ള ജീവിയാണ് 'സ്ത്രീയും പുരുഷനു'മായുള്ള മനുഷ്യൻ. എന്നാൽ ലഭ്യമായ ബുദ്ധിശക്തികളെ മനുഷ്യർ ദുരുപയോഗം ചെയ്ത് മത-ജാതി-രാഷ്ട്രീയ-ദേശ ജീവികളായി അധഃപതിക്കുമ്പോൾ അതെല്ലാം തെറ്റാണെന്ന് ബോധ്യപ്പെടാൻ ലളിതമായ വഴിയുണ്ട്. മത-ജാതി-രാഷ്ട്രീയ-ദേശ വിശ്വാസങ്ങളെ എത്രതവണ മാറ്റിയാലും, കണ്ടും കേട്ടും അനുഭവിച്ചും അറിയുന്നപോലെ, മനുഷ്യൻ എന്ന ജീവിക്ക് അടിസ്ഥാന പരമായി ലഭ്യമായ അവയവ ഘടനയ്ക്കും അവയവ-പ്രവർത്തനങ്ങൾക്കും യാതൊരു മാറ്റവുമുണ്ടാകുന്നില്ല. മണ്ണും ഭൂമിയും ശരീരവുമായ ദൈവാംശം, മനുഷ്യരുടെ ശരീരത്തിൽ സൃഷ്ടിക്കുന്ന അവയവങ്ങളും കറുത്ത പാടുകളും മറ്റും അല്ലാതെ മത-ജാതി-രാഷ്ട്രീയ-ദേശ ചിഹ്നങ്ങൾ ശരീരത്തിൽ സൃഷ്ടിക്കപ്പെടുന്നുമില്ല. അതായത് മണ്ണും ഭൂമിയും ശരീരവുമായ ദൈവവും മണ്ണിലെ (ദൈവ) നിയമങ്ങളും ഒട്ടും അംഗീകരിക്കാത്ത / തള്ളിയ വിശ്വാസങ്ങളെയും കോപ്രായങ്ങളെയുമാണ് ബുദ്ധി ശക്തിയും ഓർമ്മ ശക്തിയും ശരീര-അവയവ ശക്തികളും വളരെയധികം ലഭിച്ചിട്ടുള്ള ഏകജീവിയായ മനുഷ്യൻ ചുമന്നു പോരുന്നത്.

# ഓംകാരനീതിശാസ്ത്രം മഹാനീതിയാണ്; മഹാനീതിയിൽ ശിക്ഷകളുമുണ്ട് !

ദൈവത്തിന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങളായ മനുഷ്യർ തങ്ങൾക്കു ദൈവം നൽകിയ സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്തു കൊണ്ട് ദൈവത്തിന്റെ മറ്റു കുഞ്ഞുങ്ങളുടെ ആനന്ദങ്ങളെ തട്ടിത്തെറിപ്പിക്കുമ്പോഴും തട്ടിയെടുക്കുമ്പോഴും അതിന് സമ്പൂർണ്ണമായ പരിഹാരം ഉണ്ടാക്കേണ്ടതുണ്ട് എന്നു മുമ്പും സൂചിപ്പിച്ചിരുന്നു. അവിവേകം കാട്ടുന്ന കുഞ്ഞിനെ തിരുത്തേണ്ടതുണ്ട്, കൂടാതെ, പ്രിയപ്പെട്ട മറ്റു കുഞ്ഞുങ്ങൾക്കു ലഭിക്കുന്ന സമപദവി തന്നെ ലഭ്യമാക്കേണ്ടതുണ്ട്; ശുദ്ധിപ്പെടുത്താൻ ഉചിതമായ ശിക്ഷ നൽകേണ്ടതുമുണ്ട്. ഓംകാര നീതിശാസ്ത്രത്തിന്റെ ഭാഗമായ മഹാപുനർജ്ജന്മ സിദ്ധാന്തത്തിലൂടെ മനുഷ്യർക്ക് ബഹുവിധ ശിക്ഷകളും നൽകുന്നുണ്ട്. മുമ്പ് (9), (10) എന്നീ ഉദാഹരണങ്ങളിൽ വിവരിച്ച കാര്യങ്ങൾ ആവർത്തിക്കുന്നു :

(9) ഇന്നലെകളിൽ ഉന്നത ജാതിക്കാരനായി ജീവിച്ചയാൾ, ദുർബ്ബലരോട് കാട്ടിയ തെറ്റുകളുടെ അടിസ്ഥാനത്തിൽ ഇന്ന് ഹീന-ജാതിയെന്ന് വിശേഷിപ്പിക്കുന്ന ജാതികളിൽ പുനർജ്ജനിക്കുന്നതിനെപ്പറ്റി ചിന്തിക്കുക. 20 വയസ്സുള്ള ഇന്നത്തെ താഴ്ന്ന ജാതിക്കാരൻ നൂറ്റാണ്ടുകളായി നാട്ടിൽ താഴ്ന്ന ജാതിക്കാർ ബഹുവിധ കഷ്ടപ്പാടുകളെ അനുഭവിക്കുന്നു എന്ന് അരിശത്തോടെയും അമർശത്തോടെയും പറയുമ്പോൾ, മേല്പടി 20 വയസ്സിനു മുമ്പ് ഉന്നത ജാതിക്കാരനായി ജീവിച്ച അയാളും അനേകരും താഴ്ന്ന ജാതിക്കാരെ ദ്രോഹിച്ചിരുന്നു എന്നതറിയുന്നില്ല. ....... തെളിയിച്ചാൽ .... ചിന്തിക്കുക.

(10) ഇന്നലെകളിൽ ഇന്ത്യയിലും അമേരിക്കയിലും ജീവിച്ച അനേകം ധനികർ, ഇന്ന് കടുത്ത ദാരിദ്ര്യത്തിൽ പെട്ട് ആഫ്രിക്കൻ രാജ്യങ്ങളിൽ ജീവിക്കുന്നതായി ചിന്തിക്കുക .... തെളിയിച്ചാൽ ..... ചിന്തിക്കുക.

**ഓംകാരനീതിശാസ്ത്രം ദൈവത്തിന്റെ എല്ലാ കുഞ്ഞുങ്ങളെയും - മനുഷ്യരെയും - ശിക്ഷിക്കുക കൂടി ചെയ്യുന്നു എന്നല്ലാതെ ശിക്ഷിക്കാനുള്ളതല്ല;** എന്നു പ്രത്യേകം മനസ്സിലാക്കണം. എല്ലാ മനുഷ്യർക്കും 100 ജന്മങ്ങൾ ഉള്ളതിൽ 75-ഉം സൗന്ദര്യം ഏറെയുള്ളവയാണ്. 25 ജന്മങ്ങളിൽ സൗന്ദര്യം കുറയുന്നു എന്നു പറയുമ്പോഴും 2 ജന്മങ്ങളിൽ മാത്രമാണ് വളരെ വൈരൂപ്യം ഉണ്ടാവുക. അങ്ങനെയിരിക്കെ ദൈവം നൽകിയ / നൽകുന്ന സൗന്ദര്യത്തിന്റെ പേരിൽ അഹങ്കരിക്കുന്നവർക്ക്, പ്രത്യേകിച്ച് മറ്റുള്ളവരെ അവജ്ഞയോടെ വീക്ഷിക്കുക കൂടി ചെയ്യുന്നുവെങ്കിൽ, അങ്ങനെയുള്ളവർക്ക് 2-ലധികം വൈരൂപ്യ ജന്മങ്ങൾ ഉണ്ടാവുന്നതാണ്.

മനുഷ്യജന്മത്തിൽ, എല്ലാ ജീവികളും ആത്മീയ സാക്ഷാത്ക്കാരം നേടുന്നുവെന്നും, പശു, കാള എന്നീ ജീവികളെ മനുഷ്യാവസ്ഥയുടെ ഭാഗമായി ചേർത്തിരിക്കുന്നുവെന്നും 'ആത്മീയ സാക്ഷാത്ക്കാരം,' 'ഓക്സിജന് ഓക്സും (കാളയും) പശുവുമായി പ്രത്യേക ബന്ധമുണ്ട്,' എന്നീ രണ്ട് അദ്ധ്യായങ്ങളിലായി വിശദീകരിച്ചിരുന്നു. **മനുഷ്യർ ചെയ്തു കൂട്ടുന്ന അധമങ്ങളായ കാര്യങ്ങൾക്ക് മഹാപുനർജ്ജന്മ സിദ്ധാന്തത്തിലൂടെ ശിക്ഷിക്കുമ്പോൾ കൂടുതലും മനുഷ്യ-ജീവിയായിട്ടു തന്നെയാണ് ശിക്ഷകളെ ഏറ്റുവാങ്ങുക.**

എന്നാൽ, **അപൂർവ്വമായി** മറ്റു ചില ജീവി-ജന്മങ്ങളിലേക്കും ശിക്ഷ നീളുന്നതാണ്. മനുഷ്യർ ചെയ്തുകൂട്ടുന്ന വ്യത്യസ്ത തെറ്റുകളുടെയും കുറ്റങ്ങളുടെയും വ്യാപ്തി അനുസരിച്ചാണ് അത്തരം കാര്യങ്ങളെ നിശ്ചയിക്കുന്നത്. 2 ഉദാഹരണങ്ങൾ മാത്രം പറയാം :- (1) **ദൈവം** എന്ന പദത്തെ തിരിച്ചിട്ട് ശുദ്ധപ്പെടുത്തിയ പദമാണ് **വൈദ്യം**. ദൈവത്തിനു പകരമെന്നോണം ജനങ്ങളുടെ ആരോഗ്യ രക്ഷ ചെയ്യേണ്ടയാളാണ് **വൈദ്യൻ** / **ഡോക്ടർ**. കടുത്ത അധമത്തങ്ങൾ  കാട്ടിയാൽ ജന്തു-ജീവിത ശിക്ഷകൂടി ഡോക്ടർക്കുണ്ട്. ഏതു ജന്തുവായിട്ടാണ് എന്നുള്ളത് ഡോക്ടർ എന്ന പദത്തിന്റെ ഉച്ചാരണത്തിൽ ഗൂഢമായി ഒളിപ്പിച്ചിട്ടുണ്ട്. ദൈവം എന്ന പദത്തെ തിരിച്ചിട്ട് ശുദ്ധപ്പെടുത്തിയ ഉന്നതമായ പദമാണ് വൈദ്യം എന്നതുപോലെ ഗോഡ് **GOD** എന്ന ഇംഗ്ലീഷ് പദത്തെ തിരിച്ചിടുമ്പോൾ പിശാചുമായിക്കൂടി ബന്ധമുള്ള ജന്തുവിന്റെ പേര് കിട്ടുന്നു. ഡോഗ്. ഡോക്ടർ എന്ന പദത്തിൽ ഡോഗ് എന്ന പദത്തെ ഒളിപ്പിച്ചിട്ടുണ്ട്. പ്രസ്തുത വസ്തുതയെ ഉയർത്തി ഡോക്ടറെ അവമതിക്കാൻ ശ്രമിക്കുന്നവർക്കും അതേ ജന്തു-ശിക്ഷ ദൈവം നൽകിയേക്കും എന്നതറിഞ്ഞ് യാതൊരാളും മറ്റൊരാളെയും പരിഹസിക്കാതെ ശ്രദ്ധിക്കണം.

പൈശാചിക ബന്ധം കൂടിയുള്ള ജന്തുവാണ് പട്ടി. വളർത്തു മൃഗം ആയിരിക്കാൻ യോഗ്യതയില്ലാത്ത ഒന്നിനെ മനുഷ്യർ വളർത്തുന്നതിൽ ചില നീതിശാസ്ത്ര കാര്യങ്ങളുമുണ്ട്. പട്ടി-ജന്മത്തിലും, ദൈവീകമായ പശു/കാള-ജന്മത്തിലും ഇടയ്ക്ക് മുജ്ജന്മ ഓർമ്മകളെ നൽകുന്ന പദ്ധതിയുണ്ട്.

ശിക്ഷയുടെ ഭാഗമായി പട്ടി-ജന്മം സ്വീകരിക്കേണ്ടി വരുന്നയാൾ തന്റെ ഉറ്റ മനുഷ്യബന്ധുവിന്റെയോ ശത്രുവിന്റെയോ അടുത്ത് എത്തിപ്പെടുമ്പോഴാണ് പലപ്പോഴും മുജ്ജന്മ ഓർമ്മകൾ നൽകുക. പട്ടിയെ അടിക്കുമ്പോഴും, അത് തിരിഞ്ഞുകടിക്കാതെ വാലാട്ടിക്കൊണ്ട് സ്നേഹം പ്രകടിപ്പിക്കുന്നതു കാണുമ്പോൾ, നായ നന്ദിയുള്ള മൃഗമാണെന്ന് മനുഷ്യർ അഭിപ്രായം അറിയിക്കും. തന്റെ മകനോടും മകളോടും കൊച്ചുമകനോടും വാത്സല്യം കാട്ടുകയാവും നായയെന്ന് മനുഷ്യർ തിരിച്ചറിയുന്നില്ല ! നായയോട് കൂടുതൽ വാത്സല്യം കാട്ടുന്നത് തടഞ്ഞുകൊണ്ട് പേയ്-വിഷ ബാധ എന്ന പൈശാചിക രോഗത്തെ തന്നെ നായയുമായി ബന്ധിപ്പിച്ചിരിക്കുകയുമാണ്. ഇപ്പറഞ്ഞതിന്റെ അർത്ഥം നായയെ കൂടുതൽ വെറുക്കണമെന്നോ കൂടുതൽ സ്നേഹിക്കണമെന്നോ അല്ല. മനുഷ്യരുടെ ശവശരീരത്തിന് റീത്തുകളും പോലീസ് വെടി ആചാരങ്ങളും പോലെയുള്ള കോപ്രായങ്ങൾ കാട്ടുന്നതും, മറ്റു ജനങ്ങളും പോലീസ് നായയും ആനയും പൂച്ചയും മറ്റും ചാകുമ്പോൾ അവയുടെ ശവത്തെ വച്ചും കോപ്രായങ്ങൾ കാട്ടുന്നതും അവസാനിപ്പിക്കണം. മനുഷ്യനും നായയും ഉൾപ്പെടെയുള്ള ഏതു ജീവിയോടും ധർമ്മശാസ്ത്രപരം മാത്രമായ കരുണ കാട്ടുവാൻ മനുഷ്യനു ബാദ്ധ്യതയുണ്ട്.

ദൈവത്തിന്റെ പ്രിയപ്പെട്ട മനുഷ്യ- കുഞ്ഞുങ്ങളേ അറിയുക : എല്ലാ കുഞ്ഞുങ്ങൾക്കും മഹാസമമായി സ്നേഹ-വാത്സല്ല്യങ്ങളെ നൽകുന്നതു കൊണ്ടാണ് ചിലർക്ക് ജന്തു-ശിക്ഷ നൽകുന്നത്. കടുത്ത ശിക്ഷ നൽകിക്കൊണ്ട്, വലിയ അപരാധിയെ പെട്ടെന്നു തിരുത്തുകയും, മഹാവാത്സല്യം നൽകി തന്നോട് ചേർത്തുനിർത്തുകയും, സകലർക്കും സമനീതി എന്ന അനന്തമായ ആനന്ദങ്ങളുടെ മഹാകലവറ തുറന്നുകൊടുക്കുകയുമാണ് ദൈവം.

(2) **ഭരണാധികാരികൾ, ന്യായാധിപന്മാർ** എന്നിവ സമൂഹത്തിലെ മൊത്തം കാര്യങ്ങളെ ബാധിക്കുന്ന **കീ-പദവികളാണ്.** (താക്കോലുകൾ). അവർക്കുള്ള ജന്തുശിക്ഷയിൽ **കീ**- 'key' എന്ന ഇംഗ്ലീഷ് പദം വരുന്ന മങ്കിയും (mon'key') ഡോങ്കിയും (don'key') ഉൾപ്പെടുന്നു. സമൂഹത്തിൽ **ആവശ്യമില്ലാതെ ചാടിക്കളിച്ചവർക്ക് തുടർന്നും ചാടിക്കളിക്കുവാൻ മങ്കിയിലൂടെയും, മറ്റുള്ളവരെ / ബുദ്ധിശക്തികളെ നിർദ്ദയം പരിഹസിച്ചവർക്ക് ഡോങ്കിയിലൂടെയും ശിക്ഷ നൽകുന്നു. ചെയ്ത പാപത്തിന്റെ തോതനുസരിച്ച് മറ്റ് ജന്തു-ജന്മങ്ങളും ഉണ്ടാവാം** ! വിസ്തരിക്കുന്നില്ല.

**ദൈവത്തിന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,**
**വ്യത്യസ്ത തെറ്റുകൾക്കും കുറ്റങ്ങൾക്കുമുള്ള ശിക്ഷകളെ അനവധി വർഷങ്ങൾക്കു മുമ്പ് ഇംഗ്ലീഷ് ഭാഷയിൽ തയ്യാറാക്കിയത്** www.omsathyam.com/GodlyRevolution/OM.pdf **ഉൾപ്പെടെ മഹാദിവ്യവേദഗ്രന്ഥങ്ങളിൽ ലഭ്യമാണ്.**

# ഓംകാരനീതിശാസ്ത്രം മഹാവാത്സല്യമാണ്.

മഹാദേവിയുടെ മഹാഹൃദയമായ ഓംകാരത്തിൽ മഹാശക്തിയും മഹാനീതിയും മഹാവാത്സല്യവുമാണ് ഉള്ളതെന്ന് ഓംകാരം എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിരുന്നു. ദൈവത്തിന്റെ കുഞ്ഞുങ്ങളായ മനുഷ്യർക്കെല്ലാം അനന്തമായ ആനന്ദങ്ങളെ സമമായി ഉറപ്പാക്കുകയാണ് ഓംകാരനീതിശാസ്ത്രം അടിസ്ഥാനപരമായി ചെയ്യുന്നതെന്നു പറയുമ്പോൾ മഹാവാത്സല്യമാണ് തെളിഞ്ഞു നിൽക്കുന്നത്. മഹാനീതിയുടെ ഭാഗമായിട്ട് കുഞ്ഞുങ്ങളെ ശിക്ഷിക്കുമ്പോഴും മഹാവാത്സല്യം പ്രകടമാണ്.

മഹാശാസ്ത്രത്തിന്റെ ശാഖകളായ ഭൗതികശാസ്ത്രത്തെയും ധർമ്മശാസ്ത്രത്തെയും ആത്മീയശാസ്ത്രത്തെയും ഒരേപോലെ ബഹുമതിക്കുന്ന 2 ഉദാഹരണങ്ങൾ പറയാം :-

(1.1) ബസ്, കാർ, ബൈക്ക്, ട്രെയിൻ തുടങ്ങിയ വാഹന അപകടങ്ങളിൽ പെട്ടും മറ്റും കൈയ്യ്, കാല് തുടങ്ങിയ അവയവങ്ങളെ നഷ്ടപ്പെടുന്നതിനെപ്പറ്റി അറിയാമല്ലോ. അപകടത്തിൽ പെട്ട് ഒരാളുടെ ഒരു കൈയ്യ് നഷ്ടപ്പെടുമ്പോഴും ജനനത്തോടെ പോളിയോ ബാധിച്ചോ മറ്റോ ഒരു കൈയ്യ് തളരുന്നതായി കണക്കാക്കുമ്പോഴും, ഭൗതികശാസ്ത്രപരമായി സംഭവിച്ച ഒരവസ്ഥയാണ്.

(1.2) സൃഷ്ടി-സ്ഥിതി-സംഹാര കർത്താവായ മഹാദേവി, മനുഷ്യന് 100 ജന്മങ്ങളെ മഹാനിശ്ചയിച്ചിട്ടുള്ളതിൽ ഒരു ജന്മത്തിൽ ജനനത്തോടെയോ പിന്നീടോ വികലാംഗത്വം ഉണ്ടാകുന്നതാണ്. ദൈവം നൽകിയ ശരീരത്തിന്റെയും ഓരോ ശരീര-അവയവങ്ങളുടെയും ഔന്നത്യം മനുഷ്യർ മനസ്സിലാക്കുവാനും, തന്റെയും മറ്റുള്ളവരുടെയും ശരീരത്തോട് അക്രമമോ ബഹുമാനമില്ലായ്മയോ കാട്ടാതിരിക്കാനും, ദൈവീക നീതിയെയും മഹാവാത്സല്യത്തെയും മഹത്വത്തെയും ശ്രദ്ധിക്കാനുള്ള വലിയ പദ്ധതി കൂടിയാണത്.

(1.3) മുജ്ജന്മത്തിൽ പോലീസായിരിക്കെ ഒരാളുടെ കൈയ്യ് തല്ലിയൊടിച്ചതിന് ആത്മീയ ശാസ്ത്രപരമായി അഥവാ മഹാനീതിശാസ്ത്രപരമായി ദൈവം കൊടുത്ത ശിക്ഷയായി കണക്കാക്കുമ്പോൾ, നീതിശാസ്ത്രപരമായി സംഭവിച്ച ഒരവസ്ഥയാണ്. ദൈവശിക്ഷയുടെ ഭാഗമായിട്ട് ഒന്നിലധികം ജന്മങ്ങളിൽ വികലാംഗത്വം ഉണ്ടാകുന്നതാണ്, ശിക്ഷയുടെ അളവനുസരിച്ച് 5 വരെയാകാം. കൊടുംപാപം ചെയ്തവർക്ക് ജന്തുശിക്ഷകൂടി ഉൾപ്പെടുത്തുന്നതാണ്. മനുഷ്യർ കാല് തല്ലിയൊടിച്ച പട്ടി മുജ്ജന്മത്തിലെ അതിക്രൂരനായ ഗുണ്ടയോ പോലീസോ ആകാം !

**ജനനത്തോടെയോ, അപകടത്തിൽ പെട്ടോ, ഒരാളുടെ കൈയ്യ് / അവയവം നഷ്ടപ്പെടുമ്പോൾ, മേല്പടി (1.1) പ്രകാരം, ഭൗതികശാസ്ത്രപരമായ ഒരവസ്ഥയാണ് ; (1.2) പ്രകാരം, 100 ജന്മങ്ങളിൽ എല്ലാവർക്കും ബാധകമായ വികലാംഗത്വ ജന്മം ആവാം ; (1.3) പ്രകാരം, ദൈവീക മഹാനീതി നടത്തിപ്പിന്റെ ഭാഗമായുള്ള ശിക്ഷയാവാം.**

എന്നാൽ ദൈവശിക്ഷയുടെ ഭാഗമാണെന്ന് ദൈവം അറിയിക്കാതെയോ, മുജ്ജന്മ-ഓർമ്മകളെ നൽകാതെയോ, യാതൊരാളും അറിയുന്നില്ല എന്നതുകൊണ്ട് ശിക്ഷയുടെ ഭാഗമായി അധിക-വികലാംഗ ജന്മങ്ങളെ അനുഭവിക്കുന്നവർ സമൂഹത്തിൽ അപഹസിക്കപ്പെടാതെ ദൈവം സംരക്ഷിക്കുന്നു. അപഹസിക്കപ്പെടുന്നില്ല എന്നതിനെ മാറ്റി നിർത്തിയാൽ **മഹാനീതിശാസ്ത്രം പ്രകാരം ദൈവം നൽകുന്ന ശിക്ഷയിലൂടെ ലഭിക്കുന്ന ശാരീരിക വേദനകളും മാനസിക വേദനകളും ഏതൊരാളും സഹിക്കുക തന്നെ വേണം.**

അതായത് ഓംകാരനീതിശാസ്ത്രം മഹാവാത്സല്യമാണ്. സമൂഹത്തിൽ ബഹുവിധ തെറ്റുകളും കുറ്റങ്ങളും ചെയ്യുന്നവരെ തിരുത്തുന്നതിന്റെ ഭാഗമായി ശിക്ഷിക്കേണ്ടേ ? സമൂഹത്തിന്റെ ധർമ്മശാസ്ത്രപരമായ പൊതുആവശ്യങ്ങളെ മാത്രം ശ്രദ്ധിക്കേണ്ടവരായ - ജനങ്ങളുടെ ദാസന്മാരായ - ഭരണാധികാരികൾ മദ്യ നിർമ്മാണം, മദ്യ വ്യാപാരം തുടങ്ങിയ അധമകാര്യങ്ങളെ നടത്തുന്നതു നിമിത്തം അനേകം കുടുംബങ്ങളിലെ ജീവിതം അലങ്കോലമായിരിക്കുന്നതിന് ഭരണാധികാരികളെയും ജഡ്ജിമാരെയും ഒക്കെ ശിക്ഷിക്കേണ്ടേ ?

**മദ്യപാനിയായ മകന്റെയോ, അച്ഛന്റെയോ ഉപദ്രവങ്ങൾ അതികഠിനങ്ങളാകുമ്പോൾ, മറ്റു കുടുംബാംഗങ്ങൾ ഒറ്റയ്ക്കോ കൂട്ടുചേർന്നോ മദ്യപാനിയും ഉപദ്രവകാരിയും തങ്ങളുടെ പ്രിയപ്പെട്ടവനായിരുന്ന കുടുംബാംഗത്തെ നഷ്ടപ്പെടാനും കൊലപ്പെടുത്താനും തയ്യാറാകുന്ന സംഭവങ്ങൾ വളരെയുണ്ട്. തങ്ങളുടെ പ്രിയപ്പെട്ടവനായിരുന്ന കുടുംബാംഗത്തെ കടുത്ത മനോവിഷമങ്ങളോടെ വധിക്കുന്നതിനു കാരണക്കാരായ യഥാർത്ഥ പ്രതികൾ പോലീസുകാരും ഭരണാധികാരികളും ജഡ്ജിമാരും മദ്യവ്യാപാരികളും, മദ്യനിർമ്മാതാക്കളും ഒക്കെ ആണെന്നിരിക്കെ, അവർക്കെല്ലാം കടുത്ത ശിക്ഷ കൊടുക്കേണ്ടതിനു പകരം കടുത്ത മനോവിഷമങ്ങളെ അനുഭവിക്കുന്ന കുടുംബാംഗങ്ങളെ വിചാരണചെയ്തും ജയിലിലടച്ചും കൊടുംഭീകരത്വം കാട്ടുന്ന ഭരണാധികാരികളെയും ജഡ്ജിമാരെയും ഒക്കെ കടുത്ത രീതികളിൽ ദൈവം ശിക്ഷിക്കേണ്ടേ ? ഓംകാരനീതിശാസ്ത്രം അതിനു കൂടിയുള്ളതാണ്.**

**മഹാശക്തിയും ഭൂമിയുമായ മഹാദേവി, മഹാശക്തി, മഹാജ്ഞാനം, മഹാനീതി, മഹാവാത്സല്യം എന്നിവ കൊണ്ട് മഹാഭദ്രമാക്കിയിട്ടുള്ളതാണ് മഹാഹൃദയമായ ഓംകാരത്തിൽ നിന്നും ഉത്ഭവിച്ചിട്ടുള്ള ഓംകാരനീതിശാസ്ത്രം @ മഹാനീതിശാസ്ത്രം.**

**മഹാപ്രപഞ്ചത്തിലെ വസ്തുക്കളിലും ജീവികളുടെ ശരീര-കോശങ്ങളിലും മഹാസ്ഥാപിച്ചിട്ടുള്ള മഹാനീതിശാസ്ത്ര-നിയമങ്ങൾ പ്രകാരം, പ്രത്യക്ഷമല്ലാതെ എന്നോണവും സ്വാഭാവികമെന്നോണവും ജീവികൾ ശിക്ഷിക്കപ്പെടുന്നു.**

**ദൈവം 'മായ' പ്രത്യക്ഷമാക്കുമ്പോൾ, ശക്തിശാസ്ത്രവും ബാധകമാകുന്നതാണ്. മായ പ്രത്യക്ഷമായിരിക്കുന്ന കാലത്ത് മഹാശക്തിയായ മഹാദേവി 70% മാത്രം ശക്തികളെ സ്വയം സ്വീകരിച്ചുകൊണ്ട് തന്റെ മഹാദാസനും പ്രപഞ്ചപിതാവുമായ പരമശിവന് 30% ശക്തികളെ മഹാഅനുഗ്രഹിച്ചു നൽകുന്ന മഹാസംവിധാനമാണ് ശക്തി-വിതരണ ശാസ്ത്രം അഥവാ ശക്തിശാസ്ത്രം. മഹാ-അനുഗ്രഹത്തോടെ മറ്റൊരിക്കൽ വിസ്തരിക്കാം. കുഞ്ഞുങ്ങളെ ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്യുമ്പോൾ മഹാമാതാവായ മഹാദേവി, പരമശിവനെക്കൊണ്ടു മാത്രം ശിക്ഷിക്കുകയും, സ്വയം മഹാവാത്സല്യം മാത്രമായി മഹാഒതുങ്ങുന്നതുമാണ്.**

**ഓംകാര നീതിശാസ്ത്രത്തിന്റെ മഹാ-ഭീമത്വം സാധാരണജനങ്ങളെ സന്തോഷിപ്പിക്കുക തന്നെയാണ് ചെയ്യുക. വ്യക്തിസ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്യുന്നവർ, തീർച്ചയായും കടുത്ത ശിക്ഷകളെ ഏറ്റുവാങ്ങേണ്ടതുമുണ്ട്.**

മഹാശക്തിയും ഭൂമിയും മഹാനീതിയുമായ ഏകദൈവത്തിന് യാതൊരു സഹായികളുടെയും ആവശ്യമില്ല, സ്രഷ്ടാവിന്റെയും മനുഷ്യരുടെയും ഇടയിൽ സൃഷ്ടികളായ മധ്യസ്ഥരുടെ ആവശ്യമില്ല; ദൈവം സൃഷ്ടികളിൽ നിന്നും മധ്യസ്ഥരെ നിയമിച്ചിട്ടുമില്ല; നിയമിക്കുകയുമില്ല. മഹാസമനീതിയെ കളങ്കപ്പെടുത്തുന്നതാണ് പ്രവാചക സങ്കല്പങ്ങളെന്ന് നിസ്സാരമായിട്ട് മനസ്സിലാക്കാനാവും.

കുഞ്ഞുങ്ങളുടെ അജ്ഞാനം കൊണ്ടും ദുസ്വാർത്ഥം കൊണ്ടും ആണെങ്കിൽ പോലും തന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങൾ തന്നെ ഭയക്കുന്നത് കർത്താവായ ദൈവം ഒട്ടും ഇഷ്ടപ്പെടുന്നില്ല. 1000 കോടി വർഷങ്ങളടങ്ങിയ ആദ്യ മഹാകാലചക്രത്തിൽ കുഞ്ഞുങ്ങളുടെയെല്ലാം മഹാദാസിയായി കഴിയുകയും, മഹാപ്രപഞ്ചത്തിന്റെ ഭരണത്തെ മാലാഖമാരെന്നും മലക്കുകളെന്നും ദേവതകളെന്നുമൊക്കെ വ്യത്യസ്ത മതങ്ങൾ പ്രകാരം അറിയപ്പെടുന്നവരെ ഏല്പിച്ചുകൊടുത്തത് തന്റെ കുഞ്ഞുങ്ങളെ മഹാശക്തി കൊണ്ടല്ലാതെ മഹാവാത്സല്യം കൊണ്ടു മാത്രം ജയിക്കാനും, മഹാവാത്സല്യമാണ് താനെന്ന് എല്ലാ അർത്ഥത്തിലും ബോദ്ധ്യമാക്കാനുമാണ്.

**മഹാനീതിയായ ദൈവം, 'സ്ത്രീരൂപം സ്വീകരിക്കുന്നതും മഹാമാതാവായി മാത്രം അവതരിക്കുന്നതും' സമസ്ത ജീവികളുമായ തന്റെ കുഞ്ഞുങ്ങളെ മഹാവാത്സല്യത്തോടെ തന്നിലേക്ക് ചേർത്തു നിർത്താനാണ്.**

**ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കു മാത്രം മഹത്വം.**

**ഭൂമിയിൽ മുഴുവൻ സംഹാര കാഹളം കൂടിയായ ഓം തുടർച്ചയായി 3 മുതൽ 33 വർഷം മുഴക്കിയുള്ള ദൈവ വിപ്ലവം ഉടൻ ആരംഭിക്കുമ്പോൾ, അസംബന്ധങ്ങളായ വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും പരാക്രമങ്ങളും അവസാനിക്കുന്നതാണ്.**

# സൃഷ്ടികൾക്കെല്ലാം ബാധകമായ മഹാപുനർജ്ജന്മ സിദ്ധാന്തം, സൃഷ്ടികളായ ദേവതകൾക്കും ബാധകമാണ്; അവരിൽ ഏറെയും മനുഷ്യരായും മറ്റുള്ള ജീവികളായും ഇന്ന് ഭൂമിയിൽ ജീവിക്കുന്നുമുണ്ട്; ഏതാനും ചിലർ പ്രത്യേക ആത്മീയശിക്ഷയിലുമാണ്.

www.omsathyam.com/GodlyRevolution/SupremeJusticeGOD.pdf
www.omsathyam.com/GodlyRevolution/OM.pdf ,
www.omsathyam.com/GodlyRevolution/Universe.pdf

എന്നീ ദിവ്യമഹാവേദ ഗ്രന്ഥങ്ങളിൽ **വിശദീകരിച്ചിട്ടുണ്ട്.**

...

| നമ്പർ | സർവ്വം മണ്ണടി | | |
|---|---|---|---|
| 1 | മഹാശക്തി | ബ്രഹ്മം | ഭൂമി |
| | പേജ് 269-280 | പേജ് 281-306 | 307-329 |

# ദൈവവും ദൈവരൂപവും

## മഹാശക്തി = ദൈവം.

'മഹാ' എന്ന പദത്തിന് 'ഏറ്റവും വലിയ', ആദിയും അന്തവും ഇല്ലാത്ത' എന്നീ അർത്ഥങ്ങളാണുള്ളത്. മ, ഹ, എന്നീ അക്ഷരങ്ങൾ ഉണ്ടാകുന്നതിനെ 'ഓം' എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്.

'ശക്തി' എന്ന പദത്തെയും ശക്തിയുടെ ഓരോ അക്ഷരത്തെയും 'മഹാ' മഹത്വപ്പെടുത്തുന്നു. ശക്തി, ശിവൻ, ശിവം, ശരീരം, ശവം എന്നീ പദങ്ങളുടെ ആദ്യ അക്ഷരമാണ് 'ശ'. ലയനം, മായ-യിൽ ആവശ്യമായ ഗൂഢത എന്നിവയും 'ശ' യിൽ ഉണ്ട്. കാളി (പശു), കാള, കൃഷി എന്നിവയെ ദൈവം ഉയർത്തിയിട്ടുള്ളത് വേറെ വിവരിച്ചിട്ടുണ്ട്. ആദ്യത്തെ വ്യഞ്ജന അക്ഷരമായി 'ക് ' യെ നിശ്ചയിക്കാൻ അവയും കാരണമാണ്. 'തി' തീ ഓക്സിജനാണ്. വിശദീകരണം പിന്നീട് തുടരും...

# മഹാശക്തി = ദൈവം.

## MAHAASHAKTHI

M13 A1 H8 A1 A1 S19 H8 A1 K11 T20 H8 I9 = 100

**മഹാ + ശക്തി = മഹാശക്തി.**

**ലളിതമായ നാമം. മഹാശക്തിയാണ് ദൈവം.**

**മനുഷ്യൻ കാണുന്നതും കാണാത്തതും, അറിയുന്നതും അറിയാത്തതുമായ മഹാപ്രപഞ്ചത്തെ സൃഷ്ടിക്കാനും പരിപാലിക്കാനും, ആദിയും അന്തവുമില്ലാത്ത ഒരു മഹാശക്തിക്കു മാത്രമേ സാധിക്കൂ. ദൈവത്തിന്റെ മഹാശാസ്ത്രപരമായ നാമം മഹാശക്തി ആവുന്നത് അങ്ങനെയാണ്. മഹാശക്തി ഒന്നേയുള്ളൂ. മഹാപ്രപഞ്ചത്തിലെ ജീവികൾ, വസ്തുക്കൾ തുടങ്ങിയ സർവ്വവും സൃഷ്ടിച്ചിട്ടുള്ളത് അടിസ്ഥാന പരമായി അണു-ക്കൂട്ടവും (Atom) ഘടകങ്ങളും കൊണ്ടാണെന്നത് തെളിവാണ്.**

## സർവ്വം ആറ്റം / അണു - ഘടകങ്ങൾ.

**എല്ലാ മൂലകങ്ങളുടെയും ആറ്റങ്ങളിൽ 'ആദിയും അന്തവുമില്ലാത്ത ശക്തിയും, ജ്ഞാനവും ആനന്ദവും' ലയിച്ചിരിക്കുന്നതിനെ ശാസ്ത്രജ്ഞന്മാരും ജനങ്ങളും വളരെയധികം അറിഞ്ഞു കഴിഞ്ഞ കാലഘട്ടമാണിത്.**

**പ്രപഞ്ചത്തിലെ വലിയ ദ്രവ്യങ്ങളായ സൂര്യ-നക്ഷത്ര-ഗ്രഹ-ഉപഗ്രഹങ്ങളുടെയും ഭൂമിയിലെ സമസ്ത വസ്തുക്കളുടെയും ജീവികളുടെയും ഘടനകളെയും പ്രവർത്തനങ്ങളെയും വിശകലനം ചെയ്യുമ്പോൾ ഏക ദൈവം @ ഏകമഹാശക്തി മാത്രമേയുള്ളൂ എന്ന് ബോദ്ധ്യമാകുന്നതാണ്. ആദിയും അന്തവുമില്ലാത്ത ഒരു മഹാശക്തിക്ക് / ദൈവത്തിന് രണ്ടാമനോ സഹായിയോ ആവശ്യമില്ല.**

**ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയായ ദൈവത്തിന്റെ മഹാശക്തികളെ 'ശക്തി, മായ, മഹാമായ, മായാശക്തികൾ, മായാമഹാശക്തി' എന്നിങ്ങനെ സാമ്യമുള്ള വ്യത്യസ്ത പേരുകളിൽ പരാമർശിക്കേണ്ടുന്ന സന്ദർഭങ്ങൾ വേദങ്ങളിലുണ്ട്.**

**മഹാപ്രപഞ്ചത്തിന്റെ സൃഷ്ടിസ്ഥിതിസംഹാരങ്ങളെയും മഹാശാസ്ത്രത്തെയും വിശകലനം ചെയ്താൽ മഹാശക്തിയായ ദൈവത്തിന് ആദിയും അന്തവുമില്ലാത്ത മഹാജ്ഞാനമാണ് ഉള്ളതെന്നും സുവ്യക്തമാണ്.**

**മഹാശക്തിയായ ദൈവത്തിന്റെ മഹാജ്ഞാനത്തിന്റെ ഒരു ഓഹരിയെ 'മഹാശാസ്ത്രം' എന്ന പേരിൽ മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങൾക്ക് ആധാരമാക്കിയിരിക്കുകയാണ്.**

## അല്പം വിശദീകരിക്കാം :

മഹാശക്തിയായ ദൈവം, മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങൾക്കായി മഹാജ്ഞാനത്തിന്റെ ഒരു ഓഹരിയെ മഹാശാസ്ത്രമായി ആവിഷ്ക്കരിച്ചിരിക്കുന്നു. മഹാശാസ്ത്രത്തിന്റെ ഭൗതികരൂപമാണ് മഹാപ്രപഞ്ചം.

മഹാശാസ്ത്ര നിയമങ്ങളെല്ലാം മഹാപ്രപഞ്ചത്തെ പ്രവർത്തിപ്പിക്കാനുള്ള ബഹുവിധ ശക്തികളാണെന്നും, അവയെ ഉപയോഗപ്പെടുത്തിയാണ് മനുഷ്യൻ ശാസ്ത്രവികസനവും അതിലൂടെ സുഖസൗകര്യങ്ങളും വർദ്ധിപ്പിച്ചിരിക്കുന്നതെന്നും, അവയെല്ലാം മഹാശക്തിയായ ദൈവത്തിന്റെ മഹാആവിഷ്ക്കാരം തന്നെയാണെന്നും സുവ്യക്തമാണ്. മനുഷ്യർ അറിഞ്ഞും അറിയാതെയും അനുഭവിച്ചു കഴിയുന്ന കാര്യങ്ങളാണവ.

**മഹാശക്തിയായ ദൈവത്തിന്റെ മഹാജ്ഞാനം മഹാപ്രപഞ്ചത്തിന് അതീതമാണ്. മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രമാകുന്ന മഹാജ്ഞാന-ഓഹരി മനുഷ്യർക്ക് അത് പ്രകടമല്ല.** മഹാശക്തിയായ ദൈവം, തന്റെ മായാശക്തികളെ കൊണ്ട് മഹാശാസ്ത്രവും മഹാപ്രപഞ്ചവും സൃഷ്ടിക്കുന്നതായി കണക്കാക്കുമ്പോൾ, മഹാശാസ്ത്രത്തിനും മഹാപ്രപഞ്ചത്തിനും അതീതമാണ് മായ-യും മഹാശക്തിയായ ദൈവവും എന്നു സുവ്യക്തമാണ്. (മണ്ണും ഭൂമിയും എന്ന മഹാഖരരൂപത്തെ ദൈവം സ്വീകരിക്കുന്നത് പ്രത്യക്ഷമായി പ്രകടമല്ലാ എങ്കിലും മണ്ണ് വെളിപ്പെടുത്തുന്നത് ആദിയും അന്തവും ഇല്ലാത്ത ശാസ്ത്ര നിയമങ്ങളെയാണ് !)

ദൈവം മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ **മഹാനീതിശാസ്ത്ര** പ്രകാരവും **മഹാശാസ്ത്ര** പ്രകാരവും മഹാനിർവ്വഹിക്കുകയാണ് എന്നറിയുമ്പോൾ ദൈവത്തിന്റെ മായാശക്തികളെ ഭാഗികമായി മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രമായി/ വേദങ്ങളായി പരിണമിപ്പിക്കുന്നു എന്നും വളരെ വ്യക്തമാവുന്നു.

**മഹാശാസ്ത്രത്തിനും മഹാപ്രപഞ്ചത്തിനും അതീതമായ മഹാശക്തിയായ ദൈവത്തിന്റെ മായയെ മഹാശാസ്ത്രത്തിലും മഹാപ്രപഞ്ചത്തിലും പ്രവേശിപ്പിച്ചാൽ മാത്രമേ മഹാപ്രപഞ്ചത്തിന് പ്രവർത്തിക്കാൻ കഴിയൂ എന്നുകൂടി വ്യക്തമാണ്. അങ്ങനെയാകുമ്പോൾ, സ്രഷ്ടാവും മഹാരക്ഷകയു(നു)മായ മഹാശക്തിയെയും സൃഷ്ടിയായ മഹാപ്രപഞ്ചത്തെയും മഹാശാസ്ത്രത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു മാധ്യമം ഉണ്ടാവേണ്ടതുണ്ട്. അതായത് ദൈവത്തിന്റെ മഹാമായയെ അഥവാ ദൈവത്തെ മഹാപ്രപഞ്ചവുമായി ഭൗതികശാസ്ത്ര പരമായിക്കൂടി ബന്ധിപ്പിക്കണം. ശബ്ദ ബ്രഹ്മവും അക്ഷരബ്രഹ്മവും ആദിവചനവും സംഹാര കാഹളവും മഹാശാസ്ത്രമൂലവും മഹാചിരിയും മഹാസംഗീതവും 'മഹാശക്തി-ശിവൻ പ്രണയ മന്ത്രവും' ഒക്കെയായ ഓം സൃഷ്ടിക്കപ്പെടുന്നത് അങ്ങനെ കൂടിയാണ്.**

മഹാശക്തിയായ ദൈവം മഹാനിശ്ചയിക്കുമ്പോലെ, മഹായുക്തി എന്നു വിശേഷിപ്പിക്കാവുന്ന മഹാജ്ഞാനത്തിൽ നിന്ന് ശാസ്ത്രനിയമങ്ങളും അവയെ പ്രതിനിധീകരിക്കുന്ന വസ്തുക്കളും ഉണ്ടാകുന്നു. അതായത് ശാസ്ത്ര നിയമങ്ങളും വസ്തുക്കളിലെ നിയമങ്ങളും ഒന്നു തന്നെയാണ്. മായാശക്തി ഉപയോഗിച്ച് നിയമങ്ങളെ വസ്തുക്കളായി പരിവർത്തനം ചെയ്യാൻ കഴിയും എന്നാണ് അതിന്റെ അർത്ഥം.

മഹാശക്തിയായ ദൈവത്തിന്റെ മാത്രം സ്വന്തമായ മായാശക്തികളെ ഉപയോഗിച്ച് ദൈവത്തിന്റെ മഹാജ്ഞാനമായ നിയമങ്ങളെ വസ്തുക്കളായും അവയുടെ അംശമായ മൂലകങ്ങളായും ദൈവം പരിവർത്തനം ചെയ്തു കഴിഞ്ഞു. മഹാപ്രപഞ്ചവും ജീവികളുമെല്ലാം അങ്ങനെ ഉണ്ടായതാണ്.

ജീവികളുടെ ശരീരം ഉൾപ്പെട്ട വസ്തുക്കളിൽ അവയുടെ സൃഷ്ടി സ്ഥിതി നിയമങ്ങളെ മഹാലയി(പ്പി)ച്ചിട്ടുമുണ്ട്. സ്ഥിതി നിയമങ്ങളെ 'പ്രവർത്തന നിയമങ്ങൾ @ ധർമ്മ ശാസ്ത്രം' എന്നും പറയാം. മണ്ണും ഭൂമിയുമായ ദൈവത്തിന്റെ മഹാഖരരൂപത്തിന്റെ അംശങ്ങളാണ് വസ്തുക്കളെല്ലാം എന്നാവുമ്പോൾ സമ്പൂർണ്ണമായ യോജിപ്പും ഉണ്ടാകുന്നു.

**വസ്തുക്കളെയും അവയുടെ പ്രവർത്തന നിയമങ്ങളെയും ലഭിച്ച /ലഭിക്കുന്ന മനുഷ്യർക്ക്, പ്രസ്തുത നിയമങ്ങളെ ഉപയോഗിച്ച് വസ്തുക്കളിൽ നിന്നും പുതിയ വസ്തുക്കളെ നിർമ്മിക്കാൻ കഴിയും. എന്തെന്നാൽ മായാശക്തികളെ ശാസ്ത്രനിയമങ്ങളിൽ പ്രവേശിപ്പിച്ചു കഴിഞ്ഞതു കൊണ്ടാണ് വസ്തുക്കൾ ഉണ്ടായിട്ടുള്ളത്. ശാസ്ത്ര സാങ്കേതിക വികസനത്തിന് ദൈവം, മനുഷ്യരെ അനുവദിക്കുന്നതു കൊണ്ടാണ് വസ്തുക്കളിൽ മഹാലയിപ്പിച്ചിട്ടുള്ള ശാസ്ത്രനിയമങ്ങളെ മഹാശക്തിയായ ദൈവം വെളിപ്പെടുത്തുന്നത്.**

**ഭദ്രമാക്കുക എന്ന പദത്തിന് സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാമംഗളമായി നിർവ്വഹിക്കുക എന്ന അർത്ഥമുണ്ട്. ദൈവത്തിന്റെ നേരിട്ടുള്ള പ്രവൃത്തികളെ 'മഹാ' ചേർത്ത് പറയുകയും എഴുതുകയും ചെയ്യുന്നത് കുഞ്ഞുങ്ങളുടെ - മനുഷ്യരുടെ - ഗ്രാഹ്യശക്തിയെ കൂടുതൽ ഉയർത്താനാണ്; ദൈവത്തിനു വേണ്ടിയല്ല. മഹാ-യുടെ ആവർത്തനം കൊണ്ട് പഠന മാധുര്യം കുറയുന്നതല്ലാ എന്ന് ബോദ്ധ്യപ്പെടുവാൻ മഹാ ഒഴിവാക്കിയ പദങ്ങളിൽ മഹാ ചേർത്ത് പഠിച്ചു നോക്കുക.**

# മലയാളം ദൈവ<>ദേവ<>വേദ ഭാഷയാണ്.

**മലയാളം >MalayalaM< = വേദങ്ങളെ എല്ലാ സൃഷ്ടിചക്രങ്ങളിലും അവതരിപ്പിക്കുന്ന വേദഭാഷ = ദൈവ ഭാഷ. മലയാളഭാഷ = ദൈവഭാഷ. മലയാളനാട് = ദൈവ നാട് = ഭൂമി.**

സംസ്കൃതം ദേവഭാഷയല്ല; വേദഭാഷയുമല്ല. സംഹാരം പുരോഗമിക്കുമ്പോൾ ചുരുക്കെഴുത്ത് SHORTHAND ഭാഷ എന്ന ഒരു ചെറിയ ലേബൽ ലഭിക്കുന്നുണ്ട്.

മണ്ണും ഭൂമിയുമായ ദൈവം സൃഷ്ടിച്ച സമസ്ത നാടുകളും ദൈവമാണ്; ദൈവത്തിന്റേതുമാണ്. ഭൂമിയിലെ സർവ്വവും - നാടുകളും, വസ്തുക്കളും, ജീവികളും, ഭാഷകളും - സർവ്വവും ഭൂമിയുടേതാണ്; എല്ലാ ജീവികൾക്കും വേണ്ടി ഭൂമി നൽകിയത് എല്ലാവരുടേതുമാണ്; അതുകൊണ്ടുതന്നെയാണ് ഒരു നാട്ടിൽ ജനിക്കുകയും ജീവിക്കുകയും ചെയ്യുന്ന മനുഷ്യനും മറ്റുള്ള ജീവികൾക്കും മറ്റൊരു നാട്ടിൽ പോയി ജീവിക്കാൻ സാധിക്കുന്നത്; ഭക്ഷണം, ജലം, വായു, ജീവികൾ തുടങ്ങിയവ യോജിക്കുന്നത്.

**ബ്രഹ്മകേന്ദ്രമായ മണ്ണടി, കേരളത്തിലാകയാൽ, കേരളം ദൈവത്തിന്റെ സ്വന്തം നാടാണ്; കടൽ കൊണ്ട് വിഴുങ്ങിയാലും / വിഴുങ്ങിച്ചാലും ഓംകാര നീതി ശാസ്ത്രം എന്ന മഹാനീതിശാസ്ത്ര പ്രകാരം കേരളത്തിനെ വീണ്ടും സൃഷ്ടിക്കുന്നതാണ്. ദൈവ കാര്യങ്ങൾ മാത്രമായ അവ അടിസ്ഥാന പരമായി മനുഷ്യരുടെ കാര്യമല്ല.**

**ഇന്ത്യ, കേരളം, തമിഴ്നാട് തുടങ്ങിയ പ്രദേശങ്ങൾക്ക് സംഹാര ആവശ്യങ്ങളെ മുൻനിർത്തി പ്രത്യേകമായ പദവികൾ ഉണ്ട്.** മനുഷ്യരും മറ്റുള്ള ജീവികളും, ഓരോരോ പ്രദേശങ്ങളിൽ ജനിക്കുകയും വളരുകയും ചെയ്യുന്നത് സ്വന്തം ഇഷ്ടപ്രകാരമല്ലാ എന്നിരിക്കെ, **ഇന്ത്യ, കേരളം, തമിഴ്നാട് തുടങ്ങിയ** പ്രദേശ**ങ്ങളിൽ എന്നോണം ജനിക്കുകയും ജീവിക്കുകയും ചെയ്യുന്ന മനുഷ്യർക്ക് കേമത്തം കാട്ടാൻ അവകാശവും അധികാരവും ഇല്ല.**

**മഹാശക്തിയും മഹാനീതിയുമായ ദൈവം മഹാനിശ്ചയിക്കുകയും മഹാഭദ്രമാക്കുകയും ചെയ്യുന്ന കാര്യങ്ങളിൽ എല്ലാ ജനങ്ങളെയും - ഓരോ വ്യക്തിയെയും - മഹാസമനീതിയുടെ ഭാഗമായി ഭൂമിയിലെ വ്യത്യസ്ത പ്രദേശങ്ങളിൽ 100 ജന്മങ്ങളിലായി വ്യത്യസ്ത ജന്മഗുണങ്ങളോടെ പുനർജ്ജനിപ്പിച്ചുകൊണ്ടിരിക്കും എന്നിരിക്കെ ദൈവത്തിന്റെ മാത്രം സ്വന്തവും, ദൈവവും കൂടിയായ ഭൂമിയിലെ നാടുകളുടെയും ദേശങ്ങളുടെയും പേരിൽ കേമത്തം കാട്ടുന്നതും മത്സരിക്കുന്നതും യുദ്ധം ചെയ്യുന്നതും നാടുകൾക്കും ദേശങ്ങൾക്കും ഒക്കെ ജയ് വിളിക്കുന്നതും കടുത്ത ദൈവനിന്ദയും ഭോഷത്തവുമാണ്.**

## ഏതാനും ദൈവ നാമങ്ങളുടെ വിശകലനം :

**മഹാശക്തിയാണ് ദൈവം എന്ന നിർവ്വചനത്തിൽ മഹാപ്രപഞ്ചം ഉൾപ്പെടണമെന്നില്ല.**

**മഹാജ്ഞാനത്തെയും, ജീവികളുടെ ഘടനകളെയും മറ്റും കണക്കാക്കുമ്പോൾ, ആദിയും അന്തവുമില്ലാത്ത ഏക മഹാശക്തിയായും, ഒരു മഹാജീവി പോലെയും, ദൈവത്തെ കണക്കാക്കണം. ജീവികളുടെയെല്ലാം മഹാമാതാവും മഹാപിതാവും മഹാനീതിയുമെല്ലാം ഏകദൈവം തന്നെയാകുമ്പോൾ, സ്ത്രീ പുരുഷ രൂപങ്ങളെ കുറിക്കുന്ന ലിംഗഭേദം പറയാനാവില്ല.**

**വിവേചനശക്തികളെ കുറിക്കുന്ന മഹാശാസ്ത്ര ജ്ഞാനം മനുഷ്യൻ എന്ന ജീവിക്ക് മാത്രം നൽകിയിരിക്കയാൽ മനുഷ്യനുമായി ഒരു സാമ്യം ഉണ്ട്. മനുഷ്യന് ഉപരിയായ അവസ്ഥയെ 'ദേവനും ദേവിയും' കുറിക്കുമ്പോൾ, 'ദേവനും ദേവിയും' ചേർന്നതായ 'ദൈവം' ആണും പെണ്ണും ചേർന്ന രൂപമുള്ളതെന്നോ, ആണും പെണ്ണും അല്ലാത്ത മഹാഅവസ്ഥയുള്ളതെന്നോ ഒക്കെ പറയണം. ദേവൻ + ദേവി = ദൈവം എന്ന പദത്തിൽ ജീവിബന്ധം ഉള്ളതിനാൽ പ്രപഞ്ച-ജീവിക്ക് ചേരും.**

**പരിശുദ്ധമായ ആത്മാവ് = പരിശുദ്ധാത്മാവ് എന്ന പേരിന് പ്രപഞ്ചബന്ധമുണ്ട്. മാത്രമല്ല; ദൈവത്തിന്റെ രണ്ടാം ഭാഗമായ ശിവ ചക്രവുമായാണ് ബന്ധം.**

മനുഷ്യാവസ്ഥയിൽ കുടുംബ-സമൂഹ ഭരണകാര്യങ്ങളെ പുരുഷൻ ഭരിക്കുകയാൽ, ആദിയും അന്തവുമില്ലാത്ത മഹാശക്തിക്ക് **അല്ലാഹു** എന്ന നാമം ഭാഗികമായി ചേരും; എന്നാൽ ക്രമേണ **പുല്ലിംഗം** വികസിക്കുന്നതും '**അവൻ**, He' എന്നിവ ഉറച്ച് **ദൈവം** '**പുരുഷൻ**' ആണെന്നും '**ജീവി**' അഥവാ '**മഹാജീവി**' ആണെന്നുള്ള **പ്രതീതി** ഉണ്ടാകുന്നതാണ്. അതു പാടില്ല; കടുത്ത ദൈവനിന്ദയാണ്. **അല്ലെന്നാൽ, ജീവി രൂപവും പുരുഷ രൂപവും ദൈവം സ്വീകരിക്കണം. ഏതൊരു ജീവിരൂപം സ്വീകരിച്ചും (സ്വീകരിക്കാതെയും) മഹാപ്രപഞ്ചത്തിന്റെ സൃഷ്ടിയും രക്ഷയും ചെയ്യുവാൻ ആദിയും അന്തവും ഇല്ലാത്ത ഏകമഹാശക്തിയായ ദൈവത്തിനു ശക്തിയുണ്ട്; ഉണ്ടായാൽ മാത്രമാണ് മഹാശക്തി ആവുക.**

**കാളി = സ്ത്രീ. മഹാപ്രപഞ്ചതെ പ്രസവിച്ച /സൃഷ്ടിച്ച സ്ത്രീ = മഹാമാതാവ് = മഹാജഗദംബ = മഹാഭദ്രകാളി എന്ന നാമം പ്രകാരം മഹാജീവിയും മഹാ-സ്ത്രീയുമാണ്. ഭദ്രമാക്കുവാൻ ശക്തിയുള്ള സ്ത്രീ = ഭദ്രകാളി.**

**മുകളിൽ കുറിച്ചതുപോലെ ഏതൊരു ജീവിരൂപം സ്വീകരിച്ചും മഹാപ്രപഞ്ചത്തിന്റെ സൃഷ്ടിയും മഹാപരിപാലനവും ചെയ്യുവാൻ ശക്തിയുള്ള ഏകദൈവം സ്വന്തം ഇഷ്ടം പോലെ ഒരു രൂപത്തെ സ്വീകരിക്കുമ്പോൾ, യുക്തിഭദ്രമാവണം.**

**GOD എന്ന പദം അന്തർദ്ദേശീയ ഭാഷയായ ഇംഗ്ലീഷിൽ ദൈവം എന്ന അർത്ഥത്തിൽ ഉപയോഗിച്ചുവരുന്നു. GOOD = ' നല്ലത് ' എന്ന പദത്തിൽ നിന്ന് ഉത്ഭവിച്ചതാണ്; ആകയാൽ രണ്ടാമത്തെ വേദമായ ധർമ്മ ശാസ്ത്ര പ്രകാരം ഉചിതവും ലളിതവുമാണ്. എന്നാൽ, ഭൗതിക ശാസ്ത്ര പ്രകാരം ആവശ്യമായ ഭൗതിക-അസ്തിത്വം ഇല്ല. ഓംകാര നീതിശാസ്ത്ര പ്രകാരം ആവശ്യമായ വിശദീകരണവും ഇല്ല.**

**പ്രപഞ്ചം ഉൾപ്പെടെ സർവ്വത്തിനും അതീതമായ ദൈവം, പ്രപഞ്ചത്തിലെ എല്ലാ ഭാഷകൾക്കും അതീതമാണ്. അക്കാരണം കൊണ്ടു തന്നെ ഭാഷയും പദങ്ങളും വാചകങ്ങളും നൽകിയ ദൈവത്തെ, പദങ്ങൾ കൊണ്ട് ആദരിക്കുക, അനാദരിക്കുക, ആരാധിക്കുക, സ്തുതിക്കുക തുടങ്ങിയവ മനുഷ്യരുടെ ആനന്ദത്തിനു വേണ്ടി മനുഷ്യർ ചെയ്യുന്ന കാര്യങ്ങൾ മാത്രമാണ്.**

**മഹാശക്തിയായ ദൈവം, ഏതൊരു രൂപവും സ്വീകരിക്കുന്നത്, മുഖ്യമായും ബ്രഹ്മം, ഭൂമി, മഹാഭദ്രകാളി എന്നീ 3 മഹാഅവസ്ഥകളെ ആധാരമാക്കിയാണ്.**

| ദൈവവും ദൈവരൂപവും | |
|---|---|
| 1 | ബ്രഹ്മം |
| വേദം 1 | ഓംകാര നീതിശാസ്ത്രം (ആത്മീയ ശാസ്ത്രം) |

**മഹാശക്തിയായ ദൈവത്തെപ്പറ്റി മനുഷ്യൻ ചിന്തിക്കുന്നതും പറയുന്നതും ഭൂമിയിൽ / മഹാപ്രപഞ്ചത്തിൽ ജീവിച്ചുകൊണ്ടാണ്. മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി - സ്ഥിതി - സംഹാരങ്ങൾക്കായി ദൈവം സൃഷ്ടിച്ചിരിക്കുന്നതും, ദൈവത്തിന്റെ മഹാജ്ഞാനവും കൂടിയായ മഹാശാസ്ത്രത്തിന്റെ ഏതാനും ശാഖകളിലെ അല്പം അറിവ്, ദൈവം തന്നെ മനുഷ്യൻ എന്ന ജീവിയ്ക്ക് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ളതു കൊണ്ടുമാണ്.**

**മനുഷ്യൻ എന്ന ജീവി മാത്രം ഇല്ലാത്തതും, യാതൊരു ജീവികളുമില്ലാത്തതും, ഇന്നലെ ജീവിക്കുകയും ഇന്നു മരിക്കുകയും ചെയ്ത വ്യക്തി ഇല്ലാത്തതും എന്നിങ്ങനെയെല്ലാം, മനുഷ്യൻ അറിയുന്ന ശാസ്ത്രങ്ങൾ അനുസരിച്ച് മഹാപ്രപഞ്ചത്തെ സങ്കല്പിക്കാൻ കഴിയുന്നതാണ്.**

**മഹാപ്രപഞ്ചത്തെ സൃഷ്ടിച്ചത് ദൈവമാണെന്നു വിശ്വസിക്കുമ്പോൾ, ജീവികളെ സൃഷ്ടിക്കുന്നില്ല എങ്കിൽ മഹാപ്രപഞ്ചവും ദൈവവും മാത്രം !**

ഇനി മഹാപ്രപഞ്ചം എന്നൊന്നില്ല എന്നതിനെപ്പറ്റി സങ്കല്പിക്കുവാൻ ശ്രമിക്കുക. മഹാപ്രപഞ്ചം ഇല്ലെങ്കിൽ മനുഷ്യർ അറിയുന്ന ശാസ്ത്രങ്ങൾ പ്രകാരം ഒരു ശൂന്യതയാണ് ഉണ്ടാവുക. മനുഷ്യന്റെ ചിന്തകളും ഭാവനകളും സ്വപ്നങ്ങളും പോലും മഹാപ്രപഞ്ചത്തിലെ വസ്തുക്കളുമായും ജീവികളുമായും മഹാശാസ്ത്രവുമായും ബന്ധപ്പെട്ടിരിക്കുകയാൽ മഹാപ്രപഞ്ചം ഇല്ലാത്ത അവസ്ഥയെപ്പറ്റി ഭാവന ചെയ്യാൻ കഴിയുന്നതല്ല. മഹാപ്രപഞ്ചത്തെ സൃഷ്ടിക്കാൻ ശക്തിയുള്ളതോ ശക്തിയില്ലാത്തതോ, ശക്തി ഉണ്ടെങ്കിലും തയ്യാറാവാത്തതോ ആയ എന്തോ ഒന്നായ ദൈവത്തെയാണ് മനുഷ്യർ അറിയുന്ന ശാസ്ത്രങ്ങൾ അനുസരിച്ച് സങ്കല്പിക്കാൻ കഴിയുക.

**ശാസ്ത്രകാര്യങ്ങളെ ഉൾക്കൊള്ളാൻ മറ്റുള്ള ജീവികളെപ്പോലെ, മനുഷ്യൻ എന്ന ജീവിക്കും കഴിവില്ലാത്ത അവസ്ഥയാണെങ്കിലോ, മഹാശാസ്ത്രം എന്നൊന്ന് ഇല്ലെങ്കിലോ, ചിന്തകളും ഭാവനകളുമെല്ലാം ഏറ്റവും ചുരുങ്ങുകയോ ഇല്ലാതെ വരുകയോ ചെയ്യുന്നു.**

മഹാപ്രപഞ്ചം ഇല്ലാത്തപ്പോഴും മനുഷ്യർ അറിയുന്ന മഹാപ്രപഞ്ചത്തെ സൃഷ്ടിക്കാൻ കഴിയുന്ന ഒരു മഹാശക്തി ഉണ്ടെന്നു സങ്കല്പിക്കുമ്പോഴും, മഹാപ്രപഞ്ചത്തെ സൃഷ്ടിക്കണമോ വേണ്ടയോ, എപ്പോൾ വേണം ; സൃഷ്ടിച്ചശേഷം സംഹരിക്കുക, ശേഷം മഹാപ്രപഞ്ചം എന്നൊന്നില്ലാതെ തനിച്ചു കഴിയുക, ശേഷം ഇഷ്ടപ്രകാരം എപ്പോഴെങ്കിലും മനുഷ്യനു സങ്കല്പിക്കാൻ കഴിയാത്ത മറ്റ് മഹാശാസ്ത്രങ്ങളെ ആവിഷ്ക്കരിച്ചുകൊണ്ട് അവ പ്രകാരമുള്ള മറ്റു മഹാപ്രപഞ്ചങ്ങളെ സൃഷ്ടിക്കുക, തുടങ്ങിയവ മഹാശക്തിയുടെ ഇഷ്ടത്തിൽ മാത്രം ഒതുങ്ങുന്നതാണ്.

ഈ വരികളെ വായിക്കുന്ന വ്യക്തി ഇല്ലെങ്കിലും മറ്റു വ്യക്തികൾ ഉണ്ടെന്നതുപോലെ, മനുഷ്യർ അറിയുന്ന ജീവികൾ ഉൾപ്പെടെയുള്ള മഹാപ്രപഞ്ചം ഇല്ലെങ്കിലും മറ്റു മഹാപ്രപഞ്ചങ്ങളും അവയെ സൃഷ്ടിക്കുന്ന മഹാശക്തിയും ഉണ്ടാവാം എന്നു ചിന്തിക്കുവാൻ മനുഷ്യർ അറിയുന്ന ശാസ്ത്രങ്ങൾ പ്രകാരം സാധിക്കുന്നതാണ്.

ഇനി, മഹാപ്രപഞ്ചത്തിലെ വസ്തുക്കളെയും ജീവികളെയുമെല്ലാം സൃഷ്ടിക്കുകയും രക്ഷിക്കുകയും ചെയ്യുന്ന മഹാശക്തിയായ ദൈവത്തെപ്പറ്റി പറയുമ്പോൾ, മഹാപ്രപഞ്ചത്തിലെ ജീവികളുമായി ബന്ധപ്പെടുത്തിയും ഇന്ദ്രിയങ്ങളുമായി ബന്ധപ്പെടുത്തിയും ഒരു മഹാജീവിയെ പ്പോലെയുള്ള ദൈവത്തെയും, അതേപോലെ മഹാപ്രപഞ്ചത്തിൽ നിന്നും ഭിന്നമായ എന്തോ ഒരു മഹാശക്തി വിശേഷമായും ദൈവത്തെ സങ്കല്പിക്കാൻ കഴിയുന്നതാണ്.

**മഹാപ്രപഞ്ചം ഇല്ലെങ്കിലും, യാതൊന്നുമില്ലെങ്കിലും ഏതൊന്നുണ്ടോ, അതാണ് ദൈവം എന്നു പറയുമ്പോൾ, ആയത് മനുഷ്യന്റെ ഭാവനകൾക്ക് അതീതമാണ്. സ്രഷ്ടാവ്, രക്ഷിതാവ്, മഹായജമാനൻ, മഹാദേവൻ, മഹാദേവി, മഹാപിതാവ്, മഹാമാതാവ്, മഹാശക്തി തുടങ്ങിയ പേരുകളൊന്നും പ്രസ്തുത എന്തോ ഒന്നിനു ചേരില്ല. മഹാസത്യം എന്ന് കഷ്ടിച്ച് പറയാനാവുന്ന എന്തോ ഒന്ന് സ്ഥിതിചെയ്യുന്നതായി മനുഷ്യർ അറിയുന്ന ശാസ്ത്രങ്ങൾ പ്രകാരം സങ്കല്പിക്കാൻ സാധിക്കുന്നതാണ്. മഹാസത്യം എന്ന പദം മഹാപ്രപഞ്ചവുമായി ബന്ധപ്പെട്ടിരിക്കുന്നതാണല്ലോ എന്നു ചിന്തിക്കുമ്പോൾ മഹാസത്യം എന്നുപോലും പേരിടാൻ കഴിയാനാവാത്ത അവസ്ഥയുണ്ടാകുന്നു. അതായത്, അത്തരമൊരു ശക്തിവിശേഷത്തിനു പേരിടാൻ മനുഷ്യനു കഴിയില്ല. മഹാപ്രപഞ്ചം ഉൾപ്പെടെ യാതൊന്നുമില്ലെങ്കിലും ഏതൊന്നുണ്ടോ എന്ന മഹാ-അവസ്ഥയ്ക്ക് മഹാശക്തിയായ ദൈവം മഹാകല്പിച്ചു നൽകിയിരിക്കുന്ന പേരാണ് ബ്രഹ്മം.**

**മഹാശാസ്ത്രത്തിനും മഹാപ്രപഞ്ചത്തിനും അതീതമായ മഹാസത്യമാണ് ബ്രഹ്മം.**

**മഹാശക്തിയായ ദൈവത്തെപ്പറ്റി പഠിക്കുമ്പോൾ ബ്രഹ്മം എന്ന മഹാ-അവസ്ഥയെ ഒഴിവാക്കിയാൽ ആദിയും അന്തവുമില്ലാത്ത മഹാശക്തിയെന്ന മഹാവിശേഷണം സാദ്ധ്യമല്ലാതെ വരുന്നതാണ്.**

**ബ്രഹ്മം എന്താണെന്ന് വ്യക്തമാകുമ്പോഴും, ബ്രഹ്മം അനിർവ്വചനീയമാണ് എന്നുകൂടി സമ്മതിക്കേണ്ടി വരുന്നു !**

**ദൈവം മഹാആവിഷ്ക്കരിച്ചതായ എല്ലാ ശാസ്ത്രശാഖകളിലും മഹാപ്രപഞ്ചത്തിലും ദൈവത്തിന്റെ ആദിയും അന്തവുമില്ലായ്മ സുവ്യക്തമാക്കുന്നതോടൊപ്പം ഓം എന്ന ശബ്ദബ്രഹ്മത്തെയും ദൈവം മഹാലയിപ്പിച്ചിട്ടുണ്ട് ; വസ്തുക്കളുടെയും ജീവികളുടെയും ഓരോ ആറ്റത്തിലും മഹാലയിപ്പിച്ചിട്ടുണ്ട്. അതോടുകൂടി മഹാപ്രപഞ്ചമെന്നത് മഹാശക്തിയുടെ മഹാരൂപമായും മാറുന്നുണ്ട്. ഓം എന്ന പ്രത്യേകം അദ്ധ്യായത്തിൽ വിശദീകരണമുണ്ട്.**

**മുകളിൽ കൊടുത്ത കാര്യങ്ങളെ അല്പം കൂടി ലളിതമായ മറ്റൊരു രീതിയിൽ കൂടി വിശദീകരിക്കേണ്ടതുണ്ട് :-**

**മനുഷ്യർക്ക് ഒട്ടും അറിയാത്ത പ്രപഞ്ചങ്ങളുണ്ടെങ്കിൽ പോലും അവയും ദൈവ-നിർവ്വചനത്തിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. മനുഷ്യന് സങ്കല്പിക്കാൻ കൂടി കഴിയാത്ത മറ്റു ശാസ്ത്രങ്ങളും മറ്റു പ്രപഞ്ചങ്ങളും സൃഷ്ടിക്കാനാവുന്ന 'മഹാശക്തി' മനുഷ്യ-സങ്കല്പങ്ങൾക്ക് അതീതമാണ്.**

**പ്രപഞ്ചത്തെ മാത്രം ആധാരമാക്കിക്കൊണ്ട് ഏക-മഹാശക്തിയായ ദൈവത്തെ മനസ്സിലാക്കുന്നതിൽ വലിയ പിഴവുണ്ട്.**

**എന്തെന്നാൽ മനുഷ്യർ ഉൾപ്പെടെയുള്ള പ്രപഞ്ചത്തെ സൃഷ്ടിക്കാതെയും മഹാശക്തിയായ ദൈവത്തിനു കഴിയാം. മഹാശക്തി മാത്രം. മഹാ..ശക്തി എന്ന വാക്കിന് പ്രപഞ്ചവുമായി ബന്ധമുണ്ട്. ആകയാൽ മഹാസത്യം എന്ന പദം താരതമ്യേന കൂടുതൽ ചേരും. മഹാസത്യം എന്ന പദവും മഹാപ്രപഞ്ചവുമായി ബന്ധപ്പെട്ടതാകയാൽ സമ്പൂർണ്ണമല്ല !**

**മനുഷ്യർ അറിയുന്ന പ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതികൾ ചെയ്യുന്ന മഹാശക്തിയെ പ്രപഞ്ചത്തിന് അതീതമായ മഹാശക്തിയെന്നു തിരിച്ചറിഞ്ഞ് മഹാസത്യം എന്ന് കഷ്ടിച്ചു പേരിടാമെന്നല്ലാതെ, മഹാപ്രപഞ്ചത്തിന്റെ ഭാഗമായ മനുഷ്യന്, മഹാപ്രപഞ്ചത്തിന് അതീതമായ പദം / പേര് ഉപയോഗിക്കാൻ കഴിവില്ല ! അതേസമയം മഹാപ്രപഞ്ചത്തിനും മനുഷ്യന്റെ ഭാവനയ്ക്കും അതീതമായ ദൈവത്തിന്റെ അവസ്ഥയെപ്പറ്റി മനുഷ്യന് ബോധമുണ്ടാവുകയും വേണം. അതിന്നായിട്ട് ദൈവത്തിന്റെ ഭാഗമായ ഏകദാസനിലൂടെ 1000 കോടി വർഷങ്ങൾക്കു മുമ്പ്, ആദ്യ മഹാകാലചക്രത്തിലെ, ആദ്യ സൃഷ്ടിചക്രങ്ങളിൽ, ദൈവം അറിയിച്ചിട്ടുള്ള മഹാനാമമാണ് ബ്രഹ്മം.**

**ബ്രഹ്മം എന്താണെന്നു സുവ്യക്തമാക്കിയത്, വീണ്ടും പരിശോധിച്ചാൽ, ബ്രഹ്മം എന്താണെന്നു വിശദമാക്കാൻ കഴിയില്ല എന്ന് ബോദ്ധ്യമാകും.**

**അതേസമയം രൂപത്തിനും സർവ്വത്തിനും അതീതമായ ബ്രഹ്മത്തെ ഉപമിക്കാൻ ഒരു രൂപം ഉണ്ട്. ബ്രഹ്മത്തിന്റെ മഹാവിദ്യയാണത് :**

**ആദിയും അന്തവും ഇല്ലാത്ത മഹാശൂന്യം പോലെയുള്ള ആകാശത്തെ പരിചയിക്കുകയാൽ, മഹാപ്രപഞ്ചം ഇല്ലാത്ത മഹാഅവസ്ഥയിൽ ആകാശത്തിന്റെ ഭാവന ഉണ്ടാകുന്നതാണ്. ആകാശവും ബ്രഹ്മം പോലെ ശൂന്യം അല്ലാത്ത മഹാശൂന്യമാണെന്ന പ്രതീതി ഉണ്ടാകുന്നുണ്ട്.**

ആദിയും അന്തവും ഇല്ലാത്ത മഹാലിംഗമാണ് ആകാശം എന്നറിയുമ്പോൾ, മഹാലിംഗത്തിന്റെ അകത്താണ് മഹാപ്രപഞ്ചത്തെ മഹാഭദ്രപ്പെടുത്തിയിട്ടുള്ളത് എന്നും തെളിയുന്നു.



ShivaLingham @ Sky @ MahaaLingham @ Shakthi Lingham

**പ്രപഞ്ചം ഇല്ലെങ്കിലും 'ബ്രഹ്മവും ആദിയും അന്തവും ഇല്ലാത്ത ദൈവം ഉണ്ട്' എന്നു മനസ്സിലാക്കാമെന്നതു പോലെ, ആകാശം എന്ന മഹാലിംഗത്തിന് ആദിയും അന്തവും ഇല്ലെന്ന് നഗ്ന നേത്രങ്ങൾ കൊണ്ട് കാണാനും അറിയാനും കഴിയുന്നതാണ് : ഭൂമി എന്ന അദ്ധ്യായത്തിൽ ശിവലിംഗം വിശദീകരിക്കുന്നുണ്ട്.**

| ദൈവവും ദൈവരൂപവും |
| --- |
| ബ്രഹ്മം സ്വയം **ഓം** എന്ന ശബ്ദബ്രഹ്മം ആയിക്കൊണ്ട് മഹാസമ്പൂർണ്ണതയോടെ ബ്രഹ്മത്തിന്റെ 'പരമായ' അഥവാ ശ്രേഷ്ഠമായ അവസ്ഥയായിട്ട് പരബ്രഹ്മം എന്ന മഹാപ്രപഞ്ചം എന്ന ജഗത്തിനെ സൃഷ്ടിക്കാതെ- സൃഷ്ടിച്ചിരിക്കുന്നു.<br><br>**പരബ്രഹ്മം = മഹാപ്രപഞ്ചം**<br><br>(ഓം എന്താണെന്ന് വേറിട്ട് വിശദീകരിക്കുന്നുണ്ട്.) |
| മഹാപ്രപഞ്ചം എന്ന ജഗത്തിനെ സൃഷ്ടിക്കാതെ- സൃഷ്ടിച്ചിരിക്കുന്നത് എങ്ങനെയെന്നു വിശദമാക്കാം. |
| മഹാപ്രപഞ്ചത്തെ സൃഷ്ടിച്ചത് ബ്രഹ്മം ആണോ എന്ന് ചോദിച്ചാൽ അല്ലാ എന്ന് ഉത്തരം പറയേണ്ടതായി വരും. മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര കർത്താവ് ഏകദൈവമായ '(മഹാ)ശക്തിചക്രം+ശിവചക്രം' ആണെന്ന് പ്രസ്താവിച്ചാൽ ആശയ വിശദീകരണം ആവശ്യമാണ്. |
| ചുവടെ കൊടുക്കുന്ന കാര്യങ്ങളെ ശ്രദ്ധിക്കാനും പഠിക്കാനും മനസ്സിലാക്കാനും ദൈവം പ്രത്യേകം കനിയേണ്ടതുണ്ട്. ആവക കാര്യങ്ങളെ സമ്പൂർണ്ണമായി ഗ്രഹിക്കാൻ കഴിയുന്ന ഒരു ജന്മം ഓരോ മനുഷ്യനും തീർച്ചയായും ലഭിക്കുന്നതാണ്. ഓംസത്യം. |

## സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ദൈവത്തെ അല്പം വിശദീകരിക്കാം :-

സർവ്വത്തിനും - മഹാപ്രപഞ്ചത്തിനും - അതീതമായ ബ്രഹ്മം, സൃഷ്ടിക്കുന്നത് മഹാപ്രപഞ്ചത്തിനും അതീതമായ ശിവ ഗോളം, ശക്തി ഗോളം എന്ന രണ്ട് മഹാവിചിത്ര പ്രതിഭാസങ്ങളെയാണ്.

പ്രപഞ്ചത്തിലെ ആദ്യ ജീവിസൃഷ്ടിയായി മത്സ്യത്തെ സൃഷ്ടിച്ച ശേഷം ജനനം, ജീവിതം, മരണം, എന്നിവയിലൂടെ സർവ്വ ജീവികൾക്കും മഹാസമനീതി ലഭ്യമാക്കുന്നത് പുനർജ്ജന്മങ്ങളിലൂടെ, സൃഷ്ടികളെ തന്നെ സ്രഷ്ടാവ് പോലെ മാതാപിതാക്കളായി സൃഷ്ടിച്ചു കൊണ്ടാണ്. മുൻകൂട്ടി നിശ്ചയിച്ചു കൊണ്ട് മഹാപിതാവും മഹാമാതാവുമായിട്ട് ഒന്നായ ദൈവം രണ്ടാവാതെ രണ്ടാവുന്ന ഒരു ദിവ്യ മഹാവിദ്യയുടെ ആരംഭം കൂടിയാണത്.

ശിവ ഗോളം, ശക്തി ഗോളം എന്നിവയെ 'ശിവചക്രം, ശക്തിചക്രം' എന്നിങ്ങനെ ചുരുക്കിയും ക്രമത്തിലും പറയുമ്പോൾ ആദ്യം ശിവ ചക്രത്തെയും, രണ്ടാമത് ശക്തി ചക്രത്തെയും സൃഷ്ടിച്ചു. ശേഷം ശക്തി ചക്രത്തിലേക്കു മാത്രമായി, ഓം എന്ന ഏകമഹാശബ്ദമായി ബ്രഹ്മം പ്രവേശിക്കുകയും, അതോടെ മഹാശക്തിചക്രമായി ശക്തിചക്രം

**പരിണമിക്കുകയും ചെയ്തു എന്നത് മഹാപ്രപഞ്ചത്തിന് അതീതമായ വസ്തുതകളുടെ സത്യമായ ഒരു വ്യാഖ്യാനം മാത്രമാണ്.**

**ബ്രഹ്മം, ശിവ-ശക്തി ചക്രങ്ങളെ സൃഷ്ടിച്ചിട്ടുള്ളത് മഹാപ്രപഞ്ചത്തിനു മുമ്പും അതീതവുമാകയാൽ, ശിവചക്രത്തിനും ശക്തിചക്രത്തിനും ആദിയില്ലെന്ന് കണക്കാക്കേണ്ടതുണ്ട്. ആദിയില്ലാത്തവയെ (മറ്റൊന്ന്) സൃഷ്ടിച്ചതായി കണക്കാക്കാൻ കഴിയില്ല; സൃഷ്ടിയായും കണക്കാക്കാൻ കഴിയില്ല. ബ്രഹ്മത്തിനു മാത്രം സാധിക്കുന്ന മഹാപ്രഭാവമാണത്.**

**അത്തരം ദൈവകാര്യങ്ങളെ ദൈവത്തിന്റെ 'ശിവ-ശക്തി ഭാഗങ്ങൾ' അറിയിക്കാതെ മനുഷ്യർ ഉൾപ്പെടെയുള്ള സൃഷ്ടികൾക്ക് അറിയാൻ കഴിയുന്നതുമല്ല.**

**സമസ്ത ജീവികളും ഉൾപ്പെടെയുള്ള <u>മഹാപ്രപഞ്ചത്തെ സൃഷ്ടിച്ചത്, ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയായ ശിവചക്രം+മഹാശക്തിചക്രം എന്ന പ്രപഞ്ചപിതാവും മഹാമാതാവുമാണ്</u> എന്ന് സുസ്ഥാപിതമാക്കുകയാണ് ബ്രഹ്മം.**

**ആദിയില്ലാത്ത ദൈവം = ശിവചക്രം+മഹാശക്തിചക്രം പ്രപഞ്ചത്തെ സൃഷ്ടിച്ചു എന്നത് സത്യമായും ഭവിക്കുന്നു.**

**മഹാശക്തിചക്രം മഹാനിശ്ചയിക്കുമ്പോലെ ശിവചക്രത്തെ ജീവമായും നിർജ്ജീവമായും പങ്കെടുപ്പിച്ച് മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മഹാനിർവ്വഹിക്കുന്നു. മഹാശക്തിചക്രം മാത്രമാണ് ഏകദൈവം എന്നും സുവ്യക്തമാക്കുന്ന മഹാവിദ്യ കൂടിയാണത്.**

**ബ്രഹ്മം എന്ന വിശദമാക്കാൻ കഴിയാത്ത ഏകമഹാസത്യം സൃഷ്ടിച്ച രണ്ടു കുഞ്ഞുങ്ങളായി ശിവ ചക്രത്തെയും, ശക്തി ചക്രത്തെയും മ**നസ്സിലാക്കാൻ കഴിയും. **അതേസമയം രണ്ടു വ്യക്തികളായ (ഒരു) പിതാവിലൂടെയും (ഒരു) മാതാവിലൂടെയും സൃഷ്ടിക്കപ്പെട്ട കുഞ്ഞുങ്ങൾ അല്ലാ എന്നതിനാൽ സഹോദരങ്ങൾ അല്ല.**

മനുഷ്യരിലും മറ്റുള്ള ജീവികളിലും സഹോദര വ്യവസ്ഥയും, കാമബന്ധ വ്യവസ്ഥയും ശാസ്ത്ര നിയമങ്ങളും വ്യത്യാസപ്പെടുന്നത് എങ്ങനെയെല്ലാം എന്നും, എന്തുകൊണ്ടാണെന്നും, www.omsathyam.com/ GodlyRevolution/MahaaVedam.pdf എന്ന മഹാവേദ ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്. ശക്തിചക്രത്തിൽ ബ്രഹ്മം ചേർന്ന് മഹാശക്തിചക്രം ആകുന്നതോടെ ശിവചക്രം+മഹാശക്തിചക്രം മാത്രമാണ് ഏകമഹാസത്യം. മഹാപ്രപഞ്ചത്തിനും അതീതമായ, ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയും സൃഷ്ടി സ്ഥിതി സംഹാര കർത്താവുമായ ശിവചക്രം+മഹാശക്തിചക്രം മഹാഭദ്രമാക്കുന്ന മഹാകാര്യങ്ങളെ ശാസ്ത്ര പരമായല്ലാതെ, സൃഷ്ടി മാത്രമായ മനുഷ്യരുടെ മനോഭാവങ്ങൾ പോലെ, വിശകലനം ചെയ്യുന്നത്, അജ്ഞാനവും അനാവശ്യവും, അവിവേകവുമാണ്.

മഹാപ്രപഞ്ചത്തിന് അതീതമായ ഭാവനകൾ പോലും മനുഷ്യർക്ക് സാദ്ധ്യമല്ല എന്നിരിക്കെ, ഭൗതിക-വസ്തുപരമായ ആധാരം ഇല്ലാതെ മഹായുക്തിപരമായി ശിവചക്രം+മഹാശക്തിചക്രം എന്ന് പ്രസ്താവിച്ചതിനെയും ബന്ധപ്പെട്ട ദൈവകാര്യങ്ങളെയും ഉൾക്കൊള്ളാൻ സൃഷ്ടികൾക്ക് / മനുഷ്യർക്ക് കഴിയുന്നതല്ല.

**മഹാശക്തി-ശിവ ചക്രങ്ങളുടെ കൂട്ടായ്മയാണ് മഹാപ്രപഞ്ചം; മഹാഭദ്രമാക്കുന്നത് ഏകദൈവമായ മഹാശക്തിചക്രം മാത്രവും.**
**മഹാശക്തി ലിംഗം, മഹാലിംഗം, ശക്തി ലിംഗം, മഹാശിവ ലിംഗം, ശിവ ലിംഗം എന്നെല്ലാം വിശേഷിപ്പിക്കാൻ കഴിയുന്ന മഹാശൂന്യതയായ ആകാശത്തിന് ദൈവത്തിന്റെ ബ്രഹ്മ അവസ്ഥയുമായുള്ള സാദൃശ്യത്തെ മുമ്പ് സൂചിപ്പിച്ചിരുന്നു. സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മുഴുവൻ ഭദ്രപ്പെടുത്തിയിട്ടുള്ള മഹാ-സൃഷ്ടിപാത്രം ആയിട്ട് ആകാശം എന്ന മഹാശിവയുടെ ലിംഗം @ ശിവ ലിംഗം പ്രവർത്തിക്കുന്നു. ബ്രഹ്മത്തിന്റെ രണ്ടു കുഞ്ഞുങ്ങളായ ശിവനും ശിവയും (ശക്തിയും) ഭർത്താവും ഭാര്യയുമായി പ്രണയ ബന്ധങ്ങളിൽ ഏർപ്പെട്ടിരുന്നു .. ഓം എന്നത് ആദ്യ വ്യാഖ്യാനം പ്രകാരം ശിവയും ശിവനും (ശക്തിയും) സൃഷ്ടിക്കുന്ന ദൈവീക പ്രണയ മന്ത്രമാണ്. ആനന്ദ ശാസ്ത്രം എന്ന അദ്ധ്യായത്തിൽ ദൈവത്തിന്റെ ആനന്ദങ്ങൾ മഹാവാത്സല്ല്യവും മഹാദാസ്യവും ആണെന്നും അവയ്ക്ക് സൃഷ്ടികളായ ജീവികളുടെ ആനന്ദങ്ങളുമായി ബന്ധമില്ലെന്നും, അതീതമാണ് എന്നും സുവ്യക്തമാക്കിയിട്ടുണ്ട്.**

പ്രപഞ്ചത്തിന് അതീതമായ 'ശിവയുടെയും ശിവന്റെയും' പ്രണയത്തിൽ ഓം പ്രവർത്തിച്ച് 'മഹാവാത്സല്ല്യം + മഹാദാസ്യം' എന്നീ ദൈവ-ആനന്ദങ്ങളെയും വസ്തുക്കളെയും ആദിയിൽ സൃഷ്ടിച്ചിരിക്കുകയാണ്. 'കുഞ്ഞുങ്ങളും സൃഷ്ടികളുമായി ജീവികളെയും അവയ്ക്കുള്ള താവളമായി മഹാപ്രപഞ്ചത്തെയും സൃഷ്ടിക്കാനുള്ള മഹാശാസ്ത്രപരമായ ദിവ്യമഹാപദ്ധതിയാണ് ' അടിസ്ഥാന പരമായി 'ശിവയുടെയും ശിവന്റെയും പ്രണയവും പ്രണയ മന്ത്രവും' എന്നതാണ് വിഷയത്തിലെ സൂത്രവാക്യം. അവയെല്ലാം മഹാപ്രപഞ്ചത്തിന് അതീതമാണ്. മഹാപ്രപഞ്ചത്തിന് അതീതമായ കാര്യങ്ങളെ മഹാപ്രപഞ്ചത്തിലെ വസ്തുക്കൾ കൊണ്ടും, നിയമങ്ങൾ കൊണ്ടും, വിശദീകരിക്കാൻ കഴിയില്ല. മാത്രമല്ല; ദൈവത്തിന്റെ മായാശക്തികളുമായി ബന്ധപ്പെട്ട അത്തരം കാര്യങ്ങൾ സൃഷ്ടികളുടെ / കുഞ്ഞുങ്ങളുടെ വിഷയവുമല്ല.

ഭൂമിയിലെ സമസ്ത വസ്തുക്കളുടെയും ജീവികളുടെയും സൃഷ്ടി സ്ഥിതി സംഹാരങ്ങൾക്ക് ആധാരം മഹാശക്തി-ശിവ ചക്രങ്ങളുടെ കൂട്ടായ്മയാണ്. ജീവികളല്ലാത്ത മഹാസത്യത്തെ സ്ത്രീ, പുരുഷൻ എന്നിങ്ങനെ വേർതിരിക്കാൻ കഴിയില്ല. എങ്കിലും, മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മുൻനിർത്തി മഹാശക്തി-ശിവ ചക്രങ്ങൾ രൂപപ്പെടുകയാൽ അവർ ഭാര്യാഭർത്താക്കന്മാർ ആണെന്നും, മനുഷ്യർ ഉൾപ്പെട്ട സമസ്ത ജീവികളുടെയും മഹാമാതാവും മഹാപിതാവുമാണെന്നും, വിശേഷ ബുദ്ധി നൽകിയ മനുഷ്യരെ (സൃഷ്ടികളെ) അറിയിക്കുക കൂടിയാണ്.

പ്രപഞ്ചപിതാവായി ശിവചക്രം പ്രവർത്തിക്കുമ്പോൾ, മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യാനായി സ്വന്തം ഭാഗമായ ശിവചക്രത്തെ, ജീവമായും നിർജ്ജീവമായും ആവശ്യാനുസരണം മഹാശക്തിചക്രം മഹാപ്രവർത്തിപ്പിക്കുകയാണ്. ഏകമഹാശക്തിയായ മഹാശക്തിചക്രം, സ്വന്തം ഭാഗവും ഭർത്താവുമായ ശിവചക്രത്തിന് മഹാപിതാവ് , പ്രപഞ്ച പിതാവ്, മഹാദേവൻ, പരമശിവൻ തുടങ്ങിയ മഹാപദവികളെ മഹാഅനുഗ്രഹിച്ച് സമ്മാനിക്കുകയാണു ചെയ്യുന്നത്.

**ബന്ധപ്പെട്ട പാഠം, 'ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവി' എന്ന അദ്ധ്യായത്തിലുണ്ട്.**

**ഓം എന്ന 'ശബ്ദബ്രഹ്മം' മഹാപ്രപഞ്ചത്തിന് വിധേയമായിരിക്കുമ്പോഴും മഹാപ്രപഞ്ചത്തിന് അതീതമാണെന്ന് ഓം എന്ന അദ്ധ്യായത്തിൽ വേറിട്ട് വിശദീകരിക്കുന്നുണ്ട്.**

**മഹാശക്തി-ശിവചക്ര ബന്ധങ്ങളിലൂടെ മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മഹാഭദ്രപ്പെടുത്തുന്ന ബ്രഹ്മം, മഹാപ്രപഞ്ചം എന്ന സർവ്വത്തിന് സദാ അതീതമാണെന്നും തെളിയുന്നു.**

മഹാശക്തിയായ ദൈവത്തിന്റെ ബ്രഹ്മാവസ്ഥയുമായി ബന്ധപ്പെട്ടുള്ള ഒരു വിശിഷ്ട പാഠം ജീവാത്മാവിന്റെ ഉറക്കം, ബോധക്ഷയം എന്നിവയിലുണ്ട്. മനുഷ്യന്റെ സ്വത്വബോധം, ഞാൻ-ബോധം, മനസ്സ്, എന്നെല്ലാംകൂടി അറിയപ്പെടുന്ന ജീവാത്മാവ് താൽക്കാലികമായി ബോധം നഷ്ടപ്പെട്ട് ഉറങ്ങുമ്പോൾ, ജീവാത്മാവും, ജീവാത്മാവിനെ വഹിക്കുന്ന (ദൈവാംശമായ) ശരീരവും അവിടെയുണ്ട്. സ്വന്തമെന്നു കരുതുന്നതും, യഥാർത്ഥത്തിൽ വ്യക്തിക്ക് 'ഭാഗികമായി മാത്രം അവകാശം ഉള്ളതുമായ ശരീരം' എവിടെയാണ് എന്നതുപോലും ഉറക്കത്തിൽ യാതൊരു വ്യക്തിയും/ജീവാത്മാവും അറിയുന്നില്ല. ഉറക്കത്തിനു ശേഷം മാത്രമാണ് ശരീര ബോധവും ഉണ്ടാകുന്നത്. ജീവാത്മാവിന്റെ ഉറക്ക-പാഠത്തിൽ നിന്ന്, പ്രപഞ്ചം ഇല്ലെങ്കിലും പ്രപഞ്ചത്തിന് അതീതമായ ബ്രഹ്മം നിലനിൽക്കുമെന്ന് ലളിതമായി സുവ്യക്തമാക്കപ്പെടുന്നുണ്ട്.

**പ്രപഞ്ചത്തിലെ ആനന്ദങ്ങൾ, വസ്തുക്കൾ, ജീവികൾ, ശാസ്ത്ര നിയമങ്ങൾ തുടങ്ങിയവയെ ആധാരമാക്കി ബ്രഹ്മാവസ്ഥയിൽ ആനന്ദമില്ല, ആനന്ദമുണ്ട്, മഹാശൂന്യത ആണ്, ശൂന്യത അല്ല, എന്തെങ്കിലും ഉണ്ട്, യാതൊന്നും ഇല്ല, എന്നിങ്ങനെ യാതൊന്നും പറയാനാവില്ല. എല്ലാ ആനന്ദങ്ങളെയും സൃഷ്ടിക്കുന്ന ദൈവം, എല്ലാ ആനന്ദങ്ങൾക്കും അതീതമാണ്. അതായത്,**

**ബ്രഹ്മം സ്വയം മഹാശക്തിയായി മാറിയോ, മാറാതെയോ, മഹാ-പ്രപഞ്ചത്തെ സൃഷ്ടിക്കുന്നതിനു മുമ്പോ പിമ്പോ എന്തെങ്കിലും ചെയ്തുവോ, ചെയ്യുന്നുവോ, ചെയ്യാതിരിക്കുന്നുവോ, ആനന്ദിച്ചുവോ, ആനന്ദിക്കുന്നുവോ എന്നിവ യാതൊരിക്കലും മനുഷ്യൻ ഉൾപ്പെട്ട സൃഷ്ടികളെ സംബന്ധിച്ച വിഷയമല്ലാതെ വരുന്നു.**

ബ്രഹ്മത്തിന്റെ ശ്രേഷ്ഠമായ ഭാവ-രൂപങ്ങളാണ് മഹാപ്രപഞ്ചമായ പരബ്രഹ്മം. പരബ്രഹ്മമായ ദൈവത്തിന്റെ കുഞ്ഞുങ്ങളായി മനുഷ്യരെ / ജീവികളെ സൃഷ്ടിച്ചിരിക്കുകയാണ്. ബ്രഹ്മത്തിന്റെ അഥവാ ദൈവത്തിന്റെ അംശങ്ങളാകുന്നില്ല സൃഷ്ടികൾ എന്നും സുവ്യക്തമാക്കി. മനുഷ്യർ ഉൾപ്പെടെയുള്ള സൃഷ്ടികളുടെയും മഹാപ്രപഞ്ചത്തിന്റെയും മഹാപിതാവായിട്ട് ബ്രഹ്മമായ ദൈവം ഒരുക്കിയിട്ടുള്ള പരമശിവൻ പോലും ബ്രഹ്മത്തിന്റെ ഭാഗമല്ല. ബ്രഹ്മം ഏകമാണ്.

പ്രപഞ്ചത്തെ സംബന്ധിച്ചവ മാത്രമാണ് കാലവും, കാലഗണനയായ പഞ്ചാംഗവും എന്നതിനാൽ, ബ്രഹ്മം കാലത്തിനും അതീതമാണ്.

ബ്രഹ്മം മഹാപ്രപഞ്ചത്തിന് അതീതമാകയാലും എല്ലാ കുഞ്ഞുങ്ങളും / മനുഷ്യരും മറ്റുള്ള ജീവികളും മഹാപ്രപഞ്ചത്തിലെ അംഗങ്ങളാകയാലും, അവയെല്ലാം മഹാപ്രപഞ്ചത്തിന്റെ ഭാഗമായി മാത്രം എക്കാലവും ജീവിക്കുകയാലും, യാതൊരു സൃഷ്ടികളും ബ്രഹ്മ-കാര്യങ്ങളെ കൂടുതൽ അറിയാൻ ആഗ്രഹിച്ചുകൂടാ. മഹാപ്രപഞ്ചത്തിന് അതീതമായ കാര്യങ്ങളെ ഉൾക്കൊള്ളാൻ മഹാപ്രപഞ്ചത്തിന്റെ ഭാഗമായ മനുഷ്യനു സാധിക്കില്ല; ശക്തി നൽകിയിട്ടില്ല; മനുഷ്യന് ആവശ്യമില്ല. വിപരീതമായി പ്രവർത്തിച്ചാൽ, ബുദ്ധിഭ്രമം ഉണ്ടാകുന്നതാണ്.

**മഹാപ്രപഞ്ചത്തിൽ വർത്തിക്കുന്ന മഹാശക്തിയായ ദൈവത്തെ, ദൈവ വിപ്ലവത്തിനു മുമ്പ് അറിഞ്ഞും അറിയാതെയും പരിഹസിക്കുകയും നിന്ദിക്കുകയും ചെയ്യുന്നവരാണ് മതനേതാക്കന്മാരും രാഷ്ട്രീയ നേതാക്കന്മാരും ഉൾപ്പെടെയുള്ള ബഹുഭൂരിപക്ഷം ജനങ്ങളും. മനുഷ്യരുടെ പ്രസ്തുത ഹീന പ്രവൃത്തികളെ മഹാമാതാവായ ദൈവം മഹാശാസ്ത്ര പ്രകാരം തിരുത്തുകയും കുഞ്ഞുങ്ങൾക്ക് മഹാവാത്സല്യം നൽകുന്നതുമാണ്.**

**എന്നാൽ,**

**ബ്രഹ്മത്തെ പരിഹസിക്കേണ്ട കാര്യം മനുഷ്യനില്ല. ബ്രഹ്മം മനുഷ്യനുമായോ മഹാപ്രപഞ്ചവുമായോ ബന്ധപ്പെട്ടിരിക്കുന്നില്ല. അങ്ങനെയിരിക്കെ ഒരു കാര്യവുമില്ലാതെ മഹാപ്രപഞ്ചത്തിന് അതീതമായ കാര്യങ്ങളിൽ മനുഷ്യർ തലയിടുകയും പരിഹാസ രീതികൾ പുലർത്തുകയും ചെയ്താൽ, കുഞ്ഞുങ്ങളേ, ബ്രഹ്മമായിരിക്കുന്ന മഹാശക്തി ക്ഷമിച്ചെന്നു വരില്ല, ക്ഷമിക്കില്ല എന്ന രീതിയിൽ പ്രസ്തുത കടുത്ത പാപം നേടാതെ കുഞ്ഞുങ്ങൾ ശ്രദ്ധിക്കണം എന്ന് വാത്സല്യത്തോടെയും സ്നേഹത്തോടെയും ഉപദേശിക്കുന്നു, അഭ്യർത്ഥിക്കുന്നു, താക്കീതു ചെയ്യുന്നു.**

**ബ്രഹ്മത്തെ അറിയാൻ കഴിയുന്നതല്ല എന്നു സുവ്യക്തമായി വിശദീകരിച്ചുകഴിഞ്ഞു. ആകയാൽ, മഹാപ്രപഞ്ചത്തിലെ ജീവികൾ മാത്രമായ മനുഷ്യർ, മഹാപ്രപഞ്ചവുമായിട്ട് ബന്ധമില്ലാത്തതായ ബ്രഹ്മം എന്ന മഹാനാമത്തെ തങ്ങളുടെ പ്രാർത്ഥനകളിൽ ഉൾപ്പെടുത്തുന്നതും, മഹാപ്രപഞ്ചത്തിന് അതീതമായ ബ്രഹ്മത്തെ ആരാധിക്കുന്നതും അർത്ഥശൂന്യതയാണ്; അനുവാദവും ഇല്ല; തീർച്ചയായും ദൈവ ശിക്ഷകളെ പിടിച്ചു വാങ്ങുന്ന കാര്യമാണ്.**

**ബ്രഹ്മത്തോട് പ്രാർത്ഥിക്കാൻ പാടില്ല.**

ഇതുമായി ബന്ധപ്പെട്ടു കൂടിയാണ് ത്രിമൂർത്തികൾ എന്ന സങ്കല്പത്തിലെ സൃഷ്ടികർത്താവായ ബ്രഹ്മാവ് എന്ന ദേവനെ ആരാധിക്കാൻ പാടില്ല എന്ന വ്യവസ്ഥ ഉണ്ടായിട്ടുള്ളത്. സൃഷ്ടി സ്ഥിതി സംഹാരം എന്നതിൽ സൃഷ്ടിയെ ആധാരമാക്കിയാണ് സ്ഥിതിയും സംഹാരവും എന്നിരിക്കെ സൃഷ്ടികർത്താവെന്ന് പറയുന്ന ബ്രഹ്മാവിനെ തരംതാഴ്ത്തിയത് എന്തുകൊണ്ടാണ് - **ത്രിമൂർത്തികൾ എന്നത് ശരിയല്ലെന്നും, അത് വെറും സങ്കല്പം മാത്രമാണെന്നും അറിയുക.**

**ഭൂമിയായ ഏകദൈവമാണ് സൃഷ്ടി സ്ഥിതി സംഹാരം എന്നിവ മൂന്നും ചെയ്യുന്നത്. സൃഷ്ടി ചക്രങ്ങളിൽ ദൈവം @ മായ പ്രത്യക്ഷമാകുന്ന രണ്ടാമത്തെ പകുതിയിൽ ബ്രഹ്മം സൃഷ്ടിച്ചിട്ടുള്ള ഏക ദേവനും ബ്രഹ്മദേവനുമായ പരമശിവൻ അവതരിക്കുമ്പോൾ ശക്തിചക്രമായ മഹാശിവ മത്സ്യാവതാരം എടുക്കുന്നു. ആദ്യജീവിസൃഷ്ടിയായ മത്സ്യത്തിന്റെ ആദ്യ-ജന്മ-സൃഷ്ടി നിലയ്ക്കുന്നു.**

**മത്സ്യങ്ങളിൽ പുനർജ്ജന്മങ്ങൾ മാത്രമാണ് പിന്നീട് തുടരുക. ആവിധ കാര്യങ്ങളെ പിൻപറ്റിയാണ് ശിവൻ ബ്രഹ്മാവിന്റെ ഒരു ശിരസ്സ് ഛേദിച്ചു, ബ്രഹ്മാവിനെ ആരാധിക്കാൻ പാടില്ല തുടങ്ങിയ അബദ്ധ കഥകൾ ഉണ്ടായത്. മുൻ സൃഷ്ടി ചക്രങ്ങളിൽ നിന്ന് പകർന്ന അബദ്ധ കഥകൾക്ക് ആദ്യ മഹാകാല ചക്രത്തിലെ ഭരണ സംവിധാനത്തിൽ സൃഷ്ടികൾക്ക് ലഭിച്ച അധിക ശക്തികളും സ്വാതന്ത്ര്യങ്ങളും, അവർ കാട്ടിയ കൊടിയ പിഴവുകളും പാപങ്ങളും കൂടി വിഷയങ്ങളാണ്.**

**ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളോട് നേരിട്ടു ബന്ധമില്ലാത്ത ബ്രഹ്മത്തോട് പ്രാർത്ഥിക്കാൻ പാടില്ല എന്നതായിരുന്നു വിഷയം. <u>പ്രാർത്ഥന അത്യാവശ്യമോ ആവശ്യമോ അല്ലെങ്കിലും, പ്രാർത്ഥിക്കാതെ വയ്യാ എന്നുള്ള സാധാരണ ജനങ്ങൾക്കും, 'പ്രാർത്ഥനാ വേഷം കെട്ടുന്നവർ' ഉൾപ്പെടെയുള്ള ഏതൊരാൾക്കും അടുത്തൊരു</u> അദ്ധ്യായത്തിൽ വ്യക്തമാക്കിയ ബ്രഹ്മത്തെ അഥവാ ബ്രഹ്മശക്തിയെ ഉൾക്കൊണ്ട് മനുഷ്യരൂപത്തിൽ വർത്തിക്കുന്ന മഹാജഗദംബയായ ഓംമഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിയോടു പ്രാർത്ഥിക്കാവുന്നതാണ്.**

**ബ്രഹ്മവും പരബ്രഹ്മവും മഹാശക്തിയായ മഹാദേവി അഥവാ ഓം മഹാശക്തിയായ മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിയാണെന്ന് മനസ്സിലാക്കുമ്പോൾ പാഠം ലളിതമാകുന്നു. ദേവി, മഹാദേവി, മണ്ണടി ദേവി, മഹാശിവ, ശിവ, ഭൂമീ ദേവി, ഭൂമി, എന്നിങ്ങനെയും ഇഷ്ടം പോലെയും സൗകര്യം പോലെയും മഹാജഗദംബയോട്, (മഹാശാസ്ത്രം ലഭിക്കാത്തവരായ മഹാഭൂരിപക്ഷം ജനങ്ങൾ) പ്രാർത്ഥിച്ചു കൊള്ളുക.**

**അറിയുക: ഭക്തിഭ്രാന്ത് പാടില്ല.**

**ബ്രഹ്മശ്രീ, ബ്രഹ്മ വിദ്വാൻ തുടങ്ങി ബ്രഹ്മം എന്ന പദത്തെ ചേർത്തുകൊണ്ടുള്ള യാതൊരു പേരുകളും മനുഷ്യർ ഉപയോഗിച്ചു കൂടാ. ഉപയോഗിച്ചു വരുന്ന അജ്ഞാനികളും അവിവേകികളുമായ മൂഢജനങ്ങൾ മഹദേവിയോടു മാപ്പു പറഞ്ഞ് ദൈവീകമല്ലാത്ത അഥവാ ധർമ്മശാസ്ത്ര വിരുദ്ധമായ പേരുകളെ ഉപേക്ഷിച്ച് ധർമ്മ ശാസ്ത്ര പ്രകാരം ആനന്ദിച്ചു ജീവിക്കുക.**

**ഓം എന്ന 'ശബ്ദബ്രഹ്മത്തിന്റെയും അക്ഷരബ്രഹ്മത്തിന്റെയും' മഹാശാസ്ത്ര വിശദീകരണങ്ങളിലേക്കു കടക്കുമ്പോൾ, നിശ്ചിത ഭാവവും രൂപവും ഉണ്ടെന്നും ഉള്ളതായും തോന്നിപ്പോകുന്ന മഹാപ്രപഞ്ചത്തെയും മഹാശാസ്ത്രത്തെയും മനുഷ്യർ അറിയുകയും അനുഭവിക്കുകയും ചെയ്യുന്ന അവസ്ഥകളിൽ നിന്നും ഭിന്നമായി പ്രവർത്തിപ്പിക്കാനും അതീതമാക്കാനും ദൈവത്തിനു കഴിയുമെന്നു സുവ്യക്തമായി ബോദ്ധ്യമാകുന്നതാണ്. മഹാശക്തിയായ ദൈവത്തിന്റെ മഹത്വത്തിൽ മനുഷ്യർ മഹാശ്ചര്യം അനുഭവിക്കുന്നതുമാണ്.**

**ബ്രഹ്മത്തിൽ നിന്ന് സമ്പൂർണ്ണമായും ഭിന്നമാണ് പരബ്രഹ്മമായ മഹാപ്രപഞ്ചം അഥവാ ജഗത്ത് എന്നും, ബ്രഹ്മത്തിനും പരബ്രഹ്മമായ ജഗത്തിനും തമ്മിൽ യാതൊരു ബന്ധങ്ങളുമില്ല എന്നും സുവ്യക്തമാകുമ്പോൾ തന്നെ, ബ്രഹ്മം പരബ്രഹ്മത്തെയും, പരബ്രഹ്മം ബ്രഹ്മത്തെയും ഉൾക്കൊള്ളുന്ന മഹാആവിഷ്ക്കാരം അറിഞ്ഞ് മനുഷ്യർ മഹാശ്ചര്യം അനുഭവിക്കുന്നതാണ്.**

**ഓം എന്താണെന്നു ഗ്രഹിക്കാൻ ഭാഗ്യമുണ്ടാകുന്നവർക്ക് മേല്പടി മഹാശ്ചര്യം അനുഭവിക്കാൻ കഴിയുന്നതാണ്. അതേസമയം ഓം എന്ന ശബ്ദബ്രഹ്മത്തെ സൃഷ്ടിച്ചുകൊണ്ട് മഹാപ്രപഞ്ചത്തെ ദൈവം മഹാശ്ചര്യമാക്കുന്ന മഹാപാഠങ്ങളെ പഠിക്കുമ്പോഴും പഠിപ്പിക്കുമ്പോഴും, ജീവികൾക്കും / മനുഷ്യർക്കും അവരുടെ മഹാപിതാവായ പരമശിവനും അഹംഭാവം ഒട്ടും ഉണ്ടാവാൻ പാടില്ല. ജീവികൾ ഇല്ലെങ്കിലും, മഹാപ്രപഞ്ചം ഇല്ലെങ്കിലും, ജീവികളുടെയും മഹാപ്രപഞ്ചത്തിന്റെയും മഹാപിതാവായ പരമശിവൻ ഇല്ലെങ്കിലും, മഹാശക്തിയായ ദൈവമുണ്ട്.**

**ശിവനില്ലെങ്കിലും ശക്തി ഉണ്ട്.**

**പ്രപഞ്ചജീവിയായ മനുഷ്യരെ സംബന്ധിച്ച് അവരുടെ മഹാപിതാവായ പരമശിവനും പ്രപഞ്ചവും എപ്പോഴും ഉണ്ടുതാനും...**

**ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.**

| ദൈവവും ദൈവരൂപവും | |
|---|---|
| 2 | മഹാഖര രൂപമായ ഭൂമി |
| വേദം 1 | ഓംകാര നീതിശാസ്ത്രം (ആത്മീയ ശാസ്ത്രം) |

**ആദിയും അന്തവുമില്ലാത്ത മഹാശക്തിയാണ് ദൈവം എന്നതിനാൽ, ദൈവത്തിന്റെ മഹാശക്തികളിലെ ഒരല്പം ശക്തിയും, ആദിയും അന്തവുമില്ലാത്ത മഹാജ്ഞാനത്തിലെ ഒരല്പം ജ്ഞാനവും കൊണ്ടു മാത്രം മഹാപ്രപഞ്ചത്തെ മഹാഭദ്രപ്പെടുത്താൻ അഥവാ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാനിർവ്വഹിക്കുവാൻ ദൈവത്തിനു കഴിയും. അങ്ങനെയും കൂടിയാണ് മഹാപ്രപഞ്ചത്തെ മഹാഭദ്രപ്പെടുത്തിയിട്ടുള്ളത്. ആകയാൽ മഹാപ്രപഞ്ചത്തിന് അതീതമായ ദൈവം മഹാ-മഹാ-മഹാഭീമമാണെന്നും സുവ്യക്തമാണ്. ബ്രഹ്മ പാഠങ്ങളിലെ ശിവശക്തിചക്രങ്ങൾ ആദ്യത്തെ യാഥാർത്ഥ്യമാവണം.**

ബ്രഹ്മ പാഠങ്ങളിൽ ശിവചക്രം, ശക്തിചക്രം എന്നിവ ചേർന്ന് ആകാശവും ഭൂമിയും ഉൾപ്പെടെയുള്ള മഹാപ്രപഞ്ചം ഉണ്ടാകുന്നു എന്ന് പറയുമ്പോൾ വസ്തുതാപരമായ വിശദീകരണം വേണം. ശിവശക്തി ചക്രങ്ങൾക്ക് രൂപമെടുക്കാനും പ്രവർത്തിച്ചു തുടങ്ങാനുമുള്ള ശിവചക്രവും മഹാലിംഗവും / ശിവലിംഗവും, മഹാസൃഷ്ടി-സ്ഥിതി-സംഹാര പാത്രവും ഒക്കെയായ ആകാശം ആദ്യം ഉണ്ടാകുന്നു; ഒപ്പം ആകാശവും ചേർന്ന് ഭൂമിയും.

ബ്രഹ്മത്തിന്റെ പരമായ @ ശ്രേഷ്ഠമായ ആകാശവും ഭൂമിയും ഉൾപ്പെട്ട പരബ്രഹ്മം എന്തിന് ഉണ്ടാകുന്നു എന്ന് ചോദിച്ചാൽ കുഞ്ഞുങ്ങളായി ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ നിർവ്വഹിക്കാൻ എന്ന ഏകഉത്തരമാണ് ലഭിക്കുക.

**(1-2) മഹാലിംഗം, ശിവലിംഗം, ശിവചക്രം തുടങ്ങിയ പേരുകൾ ഉള്ള ആകാശത്തിന്റെയും, മഹാശക്തിചക്രമായ ഭൂമിയുടെയും സൃഷ്ടി, (3) മഹാനീതിയും ആനന്ദ ശാസ്ത്രവും, (4) ജീവികളുടെ ശരീരം, (5) ജീവികളുടെ ആത്മാവ്, മോക്ഷം (6) സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും എന്നിങ്ങനെ അനവധി മഹാകാര്യങ്ങളെ ഒന്നിച്ചു കൂട്ടിയിണക്കി കൊണ്ടാണ് ഭൂമിയായ ദൈവം വസ്തുക്കളെയും, അവ കൊണ്ട് ഉണ്ടാക്കിയ ശരീരം മഹാഭരിക്കുന്ന 'ശിവചക്ര-അംശങ്ങളായ ജീവാത്മാക്കളെയും' സൃഷ്ടിക്കുകയും മഹാപരിപാലിക്കുകയും ചെയ്തു പോരുന്നത് :-**

## (1-2) മഹാലിംഗം, ശിവലിംഗം, ശിവചക്രം തുടങ്ങിയ പേരുകൾ ഉള്ള ആകാശത്തിന്റെയും, മഹാശക്തിചക്രമായ ഭൂമിയുടെയും സൃഷ്ടി



ഓംശക്തിശിവൻ പ്രണയമന്ത്രം

സർവ്വദേശ ഭൂമി ഗാനം

മഹാസംഗീതം

ശബ്ദ ബ്രഹ്മം

അക്ഷരബ്രഹ്മം

ആദി വചനം

സൃഷ്ടി മന്ത്രം

സംഹാര കാഹളം

മഹാശാസ്ത്ര മൂലം

ഏക മഹാശബ്ദം

മഹാസൂക്ഷ്മ ശബ്ദം

ദൈവ വിപ്ലവ ഗാനം

മഹാദേവിയുടെ മഹാചിരി

ഓം OM

| സൃഷ്ടി സ്ഥിതി സംഹാരങ്ങളുടെ ആരംഭം : Beginning of the Creation, Protection & Destruction (of Creation Cycles). | |
|---|---|
| മനുഷ്യർക്ക് പ്രധാനമായ പ്രപഞ്ചത്തിൽ ആദിയും അന്തവും ഇല്ലാത്ത മഹാശൂന്യതയായ ആകാശവും, അതിൽ ഭൂമിയും, ഭൂമിയിലെ വസ്തുക്കളും ജീവികളും, എല്ലാ ജീവികളുടെയും ജീവിതത്തെ സ്വാധീനിക്കുന്ന സൂര്യനും ചന്ദ്രനുമാണുള്ളത്. ഗ്രഹങ്ങളും ഉപഗ്രഹങ്ങളും നക്ഷത്ര സമൂഹങ്ങളും ഉണ്ടെങ്കിലും, മോക്ഷവുമായും മറ്റും ബന്ധപ്പെട്ട അവ ഭൂമിയിലെ ജീവികളുടെ ജീവിതത്തെ പ്രത്യക്ഷമായി ബാധിക്കുന്നില്ല ! | The Universe important to human race consist only of the Earth, the materials / elements and the Creatures in/on Earth, the Infinite Sky, the Sun and the Moon. Though the planets, moons, and galaxies exist, they are connected with Salvation (Moksham), etc and do not directly affect the life of the creatures on Earth ! |
| മഹാസൃഷ്ടി-സ്ഥിതി-സംഹാര പാത്രം = മഹാശൂന്യത=ആകാശം | Supreme Vessel for Creation, Protection and Salvation = Supreme Vacuum = Sky |
| ആദ്യമായി ഒരു ശൂന്യതയെയും, പിന്നീടോ ഒപ്പമോ ശൂന്യതയിൽ എന്തെങ്കിലും പ്രകടമാക്കുന്ന പ്രവൃത്തിയെന്ന് 'സൃഷ്ടി', 'സൃഷ്ടിക്കുക' എന്നീ പദങ്ങളെ നിർവ്വചിക്കാം. | The terms "Creation" and "Create" are defined as the Activity of Establishing a 'Vacuum' & showing anything / something in the Vacuum. |
| മണ്ണ്, ജലം, വായു, സമുദ്രം, വസ്തുക്കൾ, ഭൂമി, സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, ജീവികൾ തുടങ്ങിയവയിൽ സ്രഷ്ടാവ് ഉൾപ്പെടാത്ത, | All 'Things and Creatures' such as Soil, Water, Air, Ocean, Materials, Earth, Sun, Moon, Stars, living creatures, |

| | |
|---|---|
| വസ്തുക്കളെയും ജീവികളെയും കൂടി 'സൃഷ്ടി' എന്നു പറയും.<br><br>ദൈവത്തിന്റെ മഹാജ്ഞാനമായ 'മഹാശാസ്ത്രം' പ്രകാരം 'ആദിയും അന്തവുമില്ലാത്ത ആകാശം' എന്ന 'സൃഷ്ടി-പാത്രത്തിന്റെ' ഉള്ളിലാണ് 'സമസ്ത സൃഷ്ടിയും' മഹാഭദ്രമാക്കിയിട്ടുള്ളത്.<br><br>ആദി സൃഷ്ടി മാത്രമല്ലാ; ദൈവത്തിന്റെ പൊന്നോമന കുഞ്ഞുങ്ങളായ ജീവികളെ അവരുടെ മാതാപിതാക്കളിലൂടെ പുനർസൃഷ്ടി നടത്തുന്നതും യഥാർത്ഥത്തിൽ 'ആകാശത്തിന്റെ' ഉള്ളിൽ തന്നെയാണ്. | etc that are all Created by (the Creator) is also called 'Creation', if none of them is / are the Creator.<br><br>According to GOD's 'Supreme Knowledge' the Whole Creation / Creatures are Supremely Protected in the Infinite Vacuum cum Creation Vessel / Womb @ SKY. Not only the First Creatures; but also the reincarnation of GOD's beloved Children / young ones thru their parents are actually created / reincarnated in the 'sky.' |
| എങ്ങനെയെന്നാൽ 'ആകാശം' എന്ന 'മഹാശൂന്യതയുടെ മഹാസൂക്ഷ്മമായ അംശങ്ങളാണ് ' മനുഷ്യൻ ഉൾപ്പെടെയുള്ള സ്ത്രീ- | For the Supremely Infinite Vacuum @ Sky @ GOD's Creation Vessel enters into the Womb in the Body of all Female Creatures including human beings, to facilitate the |

| | |
|---|---|
| ജീവികളിലെ (ദൈവത്തിന്റെ ഖരരൂപമായ ഭൂമിയിലെ മൂലകങ്ങൾ കൊണ്ടുള്ള ശരീരത്തിന്റെ ഭാഗമായ) 'ഗർഭപാത്രം' എന്ന 'ശൂന്യത-യിലേക്കുള്ള ശൂന്യവീഥി'. ശൂന്യത യഥാർത്ഥത്തിൽ ജീവികളുടെ അവയവമല്ല. സൃഷ്ടിയും പുനർസൃഷ്ടിയും ചെയ്യുന്ന മഹാശൂന്യതയായ ആകാശത്തിന്റെ മഹാശാസ്ത്ര പ്രകാരമുള്ള മഹാനാമങ്ങൾ മാത്രമാണ് 'മഹാലിംഗം, മഹാശക്തി ലിംഗം, ശക്തിലിംഗം, ശിവലിംഗം, മഹാശിവലിംഗം, ശക്തി ശിവ ലിംഗം ' തുടങ്ങിയവ. | Creation in Creatures, whereas Body of all Creatures are in fact Portion of GOD @ Earth made up of Elements in Earth.<br><br>The Womb as well as the Vaginal Tract in Female Creatures are to be understood as Vacuum which is Portion from the Sky @ GOD's Creation Vessel. Vacuum can never be considered as an Organ of any Body. MahaLingham, MahaaShakthi Lingham, Shakthi Lingham, MahaaShiva Lingham, Shiva Lingham, Shakthi Shiva Lingham, etc are the Supreme Names of the 'Supreme Vacuum SKY ' as per the Supreme Science, doing All Creations. |

| | |
|---|---|
| എല്ലാ ജീവികളെയും എപ്പോഴും ജനിപ്പിക്കുന്നത് മഹാശിവ കൂടിയായ ദൈവത്തിന്റെ മഹാലിംഗമായ ആകാശത്തിന്റെ അകത്ത് മാത്രമാണെന്നും, ഭൂമിയുടെ അംശങ്ങളും അവയവങ്ങളുമായ പ്രദേശങ്ങളുടെ ഭാഗമാക്കുന്നില്ല എന്നും; ഏതെങ്കിലും ദേശക്കാരെന്ന് അവകാശപ്പെടാൻ യാതൊരു ജീവികൾക്കും യാതൊരു അവകാശവും ഇല്ലെന്നും തെളിയുന്നു. അക്കൂടെ, ജീവിയുടെ ജനനം മുതൽ മരണം വരെയുള്ള എല്ലാ കാര്യങ്ങളെയും മഹാഭദ്രമായി ചെയ്യുന്ന ഭൂമിയെ ദൈവമാണെന്നു തിരിച്ചറിയുന്നവർക്ക് ഭൂമിയുടെ കുഞ്ഞാണെന്ന് മഹാശാസ്ത്രപരമായി അവകാശപ്പെടാനും മണ്ണും ഭൂമിയുമായ ദൈവം മഹാവാത്സല്ല്യത്തോടെ ഓരോ വ്യക്തിയെയും അനുഗ്രഹിക്കുകയുമാണ്. | It is proved above that All Creatures are born/ created in the Supreme Godly Womb/ Vessel @ Sky @ MahaaLingham of MahaaShiva @ MahaaDevi. That's, No Creatures including the Human beings are made as Parts and/or organs of Earth namely Places/ Nations. It is thus evident that No Creature can claim to be the Native of any Nation. In addition, all those Creatures who recognize the Earth which provide everything including all the infinite pleasures to all Creatures on/in Earth from Birth till Death as GOD, bless them to claim as a Beloved Child of Earth as per Supreme Science. |

| | |
|---|---|
| **മഹാശാസ്ത്രപരവും, മതങ്ങളുമായി ബന്ധമില്ലാത്തതുമായ ശക്തി ലിംഗവും, ശിവ ലിംഗവും ആകാശവും ഒക്കെയായ മഹാലിംഗത്തിന് ആദിയും അന്തവും ഇല്ലെന്ന് നഗ്ന നേത്രങ്ങൾ കൊണ്ട് കാണാൻ കഴിയും.** മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ദൈവത്തിന്റെ ആദിയും അന്തവും ഇല്ലാത്ത മഹാരൂപത്തിന്റെ അംശമായ മഹാപ്രപഞ്ചത്തെ മനുഷ്യന് സ്വന്തം കണ്ണുകൾ കൊണ്ട് കാണാൻ കഴിയുന്നതാണ്.<br><br>**ഭൂമിയിൽ എവിടെ നിന്നും ശിവലിംഗമായ ആകാശത്തേക്കു നോക്കിയാലും ഒരു കുട പോലെ അർദ്ധ-ഗോളാകൃതിയിലാണ് ആകാശത്തെ കാണുക. പ്രസ്തുത അർദ്ധ-ഗോളത്തിനകത്താണ് സൂര്യനും ചന്ദ്രനും ഗ്രഹങ്ങളും നക്ഷത്ര-സമൂഹങ്ങളും ഉൾപ്പെടെയുള്ള മഹാപ്രപഞ്ചമുള്ളത്. കുട പോലെയുള്ള അർദ്ധ-ഗോളത്തിന് യഥാർത്ഥത്തിൽ അന്തമില്ല. മഹാപ്രപഞ്ചത്തിൽ** | People can see with naked eyes and understand that ShivaLingam @ Shakthi Lingham @ Sky is without Beginning and Ending (infinite) besides having no connection with any religions. In other words, man can see the Supreme Universe, which is a part of the Supreme Universal figure of GOD, with one's own naked eyes.<br><br>Look at the Sky @ ShivaLingam from anywhere on Earth. The Sky will be seen semi-spherical like an umbrella. The semi-globe contain the Sun, the Moon, the stars and galaxies. The semi-globe like the umbrella actually does not end; it's an infinite vacuum.<br><br>The infinite Sky @ |

| | |
|---|---|
| **പുതുതായി ഉണ്ടായിക്കൊണ്ടിരിക്കുന്ന നക്ഷത്ര കോടികൾക്കു സ്ഥിതിചെയ്യാനും (പ്രവർത്തിക്കാനും) ഇടംകൊടുക്കുന്നതും, മനുഷ്യ ബുദ്ധികൊണ്ട് അളക്കാൻ കഴിയാത്തതും, അന്തം ഇല്ലാത്തതുമായ മഹാലിംഗത്തിന്റെ വൃത്ത-കോണായ വശങ്ങളിലേക്കും മുകൾഭാഗത്തേയ്ക്കും ആണ് യഥാർത്ഥത്തിൽ നോക്കിയതെന്ന് സ്വയം വിശകലനം ചെയ്താൽ ബോദ്ധ്യമാകുന്നതാണ്.** | ShivaLingham will also contain the newly-created billions of stars too. Further it can be understood that actually people look at the infinite top and sides of the ShivaLingham @ Sky. It is immeasurable by human wisdom and totally infinite. |
| **സൃഷ്ടിസ്ഥിതിസംഹാര-പാത്രവും ആകാശവുമായ ശിവലിംഗത്തിന്റെ ചുവട് കണ്ടെത്താനാവുമോ എന്ന് കണ്ണുകൾ കൊണ്ടും, നേടാനായ അറിവുകൊണ്ടും പരിശ്രമിക്കുക. ഭൂമിക്കും താഴേക്ക് ആദി കണ്ടെത്താനാവാത്ത അവസ്ഥയിൽ ശിവലിംഗത്തെ മനസ്സിലാക്കുമ്പോഴും, ഭൂമി ഉൾപ്പെടെയുള്ള പ്രപഞ്ചം മേല്പടി അർദ്ധ-ഗോളമായ കുടയ്ക്ക് ഉള്ളിലാണ്.** | Then try with the eyes and the knowledge whether the Bottom of ShivaLingham @ the Supreme/Godly Vessel for Creation, Protection, and Salvation/ Destruction of Creation Cycles @ Sky can be seen. The Earth is not visible to the bottom from the ground, but it is evident that the ShivaLingham @ Sky is infinite. It is possible to understand that the Sky @ ShivaLingham go to the bottom through the Earth and the semi-spherical ShivaLingham contain the Earth; it's infinite without Ending. |

| | |
|---|---|
| **ആദിയും അന്തവും ഇല്ലാത്ത ആകാശത്തിന്റെ കുട പോലെയുള്ള അർദ്ധ-ഗോളാകൃതി ഒരു പ്രതീതി മാത്രമാണെന്നു വ്യക്തമാണ്. ബ്രഹ്മം ആദ്യം സൃഷ്ടിച്ചതാണ് മഹാശൂന്യത @ മഹാസൃഷ്ടി-സ്ഥിതി-സംഹാര പാത്രം @ ആകാശം @ മഹാലിംഗം @ ശിവ ലിംഗം @ ശിവശക്തി ലിംഗം @ മഹാശക്തി ലിംഗം എന്നത് സത്യമാണെങ്കിലും, പിന്നീട് ഭൂമിക്കും ശേഷം സൃഷ്ടിക്കപ്പെടുന്ന ജീവികളെ സംബന്ധിച്ച്, ആകാശത്തിന്റെ ഉള്ളിൽ ആണെന്നല്ലാതെ ഭൂമിക്കോ ആകാശത്തിനോ സ്രഷ്ടാവ് ഉണ്ടോ എന്ന് ജീവികൾ അറിയുന്നില്ല.** ഉദാ:- ആകാശത്തിലെ ശിവചക്രത്തിന്റെ അംശങ്ങളാണ് ജീവികളുടെ സ്വത്വമായ ജീവാത്മാക്കൾ; ഭൂമിയുടെ (മൂലകങ്ങളുടെ) അംശമാണ് ജീവികളുടെ ശരീരം എന്നാവുമ്പോൾ, ജീവികളുടെ സ്രഷ്ടാവ് ആകാശവും, ഭൂമിയും മാത്രമാണ്. ആകാശം, ഭൂമി എന്നിവയുടെ പിന്നിലുള്ള ബ്രഹ്മം വിഷയമല്ല തന്നെ. | In fact, Sky's umbrella like semi-sphere is Not Real. It's true that Brahmam firstly created the Supreme Vacuum @ Supreme Vessel for Creation, Protection & Salvation @ Sky @ MahaaLingham @ ShivaLingham @ ShivaShakthi Lingham @ MahaaShakthi Lingham. As for the Creatures which are all created even after the Creation of Earth; they don't know whether there are any Creators for Earth as well as Sky. For example, the Souls of the Creatures are portions of Sky @ ShivaChakram, and Bodies are Portions of the Elements @ the Earth; thus the Creator of the Creatures are the Sky & the Earth. The Brahmam behind the Sky & Earth doesn't matter. |

| | |
|---|---|
| ബ്രഹ്മ പാഠങ്ങളിൽ ആദ്യം ശിവചക്രത്തെയും പിന്നീട് ശക്തിചക്രത്തെയും സൃഷ്ടിക്കുന്നതിനെ വിശകലനം ചെയ്താൽ, ആദ്യം സൃഷ്ടിക്കപ്പെട്ട ശിവലിംഗമായ ആകാശം അടിസ്ഥാനപരമായി ശിവചക്രമാണ്. **അതായത് പ്രപഞ്ച സൃഷ്ടികളുടെയെല്ലാം പിതാവും പരമാത്മാവും ആയ ശിവചക്രത്തിന്റെ ഗൂഢമായ താവളം കൂടിയാണ് ആകാശം.** | As per the Lessons of Brahmam, Shiva Chakram was created First; which would mean that Shiva Lingham @ Sky is basically 'Shiva Chakram'. It means, Sky is also the Secret Abode of Shiva Chakram which is the Supreme Soul @ Father of all Souls. |
| 'സൃഷ്ടി-സ്ഥിതി-സംഹാര പാത്രവും ശിവലിംഗവുമായ ആകാശത്തിന്റെ' ഒപ്പം സൃഷ്ടിക്കപ്പെട്ട ഭൂമി ഉൾപ്പെടെ, ഗൂഢമല്ലാതെ കാണപ്പെടുന്ന ചന്ദ്രൻ, സൂര്യൻ, ഗ്രഹങ്ങളും അവയുടെ ഉപഗ്രഹങ്ങളും പഴയതും പുതിയതായി സൃഷ്ടിക്കപ്പെടുന്ന അനന്തം പോലെ നക്ഷത്രങ്ങളും, പിന്നീട് സൃഷ്ടിക്കപ്പെട്ട് ആകാശത്തിൽ ഇടം നേടിയവയാണ്. | The Moon, Sun, planets and their sub-planets as well as the infinite like crores of Stars which are all visible, secured places @ positions in the Sky, are all created after the Earth, next and together with the Sky @ the Supreme Vessel for Creation, Protection & Salvation. |

| | |
|---|---|
| ബ്രഹ്മ പാഠങ്ങൾ പ്രകാരം ശിവചക്രവും പരമാത്മാവുമായ ആകാശത്തിന്റെ ഒപ്പവും രണ്ടാമതായും സൃഷ്ടിക്കപ്പെട്ട ഭൂമി 'ശക്തിചക്രമാണ്.' പരമാത്മാവായ ശിവചക്രം ആദ്യം ഉണ്ടാവുകയാൽ, പരമാത്മാവിന്റെ അംശങ്ങളായ ജീവാത്മാക്കൾ ശക്തിചക്രമായ ഭൂമിയുടെ അംശങ്ങളല്ല എന്നും തെളിയുന്നുണ്ട്. | As per the Lessons of Brahmam, the Earth which was Created Next to and together with Sky is the 'Shakthi Chakram'. Since the 'Supreme Soul Shiva Chakram' was Created First, it is evident that the Souls of Creatures formed out of the Supreme Soul are Not Portions of the 'Shakthi Chakram Earth'. |
| ജീവികളെ @ജീവാത്മാക്കളെ സൃഷ്ടിക്കുന്നതിനു മുമ്പ് മൂലകങ്ങളുടെ മൊത്തം ദ്രവ്യമായ ഭൂമി സൃഷ്ടിച്ചിരിക്കുകയാൽ, ഭൂമിക്ക് മുമ്പും ഒപ്പവും ഉണ്ടായ ആകാശം എന്ന ശിവചക്രവും ചേർന്നാണ് ഭൂമി ഉണ്ടായിട്ടുള്ളതെന്ന വ്യാഖ്യാനവും ശരിയാണ്. ശക്തിചക്ര ഭാഗമായ പ്രോട്ടാണുകളും, ശിവചക്ര ഭാഗമായ ഇലക്ട്രോണുകളും ഓം മുഖേന ചേർന്ന് 'ആറ്റങ്ങളും മൂലകങ്ങളും ഭൂമിയും' ഉണ്ടായിരിക്കുന്നു. | As the Earth which is the Sum and Total of the whole Elements was Created before the Creation of Souls @ the Creatures, the interpretation that Earth was Created by the Joining of Shakthi Chakram & Shiva Chakram @ Sky. The Protons and Electrons which are portions of Shakthi Chakram and Shiva Chakram respectively, joined to form the Earth by OM. |

| | |
|---|---|
| ശക്തി-ശിവ ചക്രങ്ങളുടെ പ്രണയമന്ത്രമായി ഓം ഭവിച്ച് മഹാശക്തി-ചക്രമായ ഭൂമി ഉണ്ടായി എന്ന് ലളിതമായി പറയാം.<br><br>ഭൂമി എന്ന മഹാശക്തിചക്രത്തിന്റെ മൂലം അഥവാ ആദ്യ മൂലകം ഓക്സിജൻ ആണ്. സൃഷ്ടി സ്ഥിതികളെ മൊത്തം ചിട്ടയോടെ നയിക്കുവാൻ ഒരു മഹാസംവിധാനം ആവശ്യമാകുന്നതു കൊണ്ടാണത്. അതായത് ജീവിസൃഷ്ടിയെ മഹാമംഗളം ആക്കാനായി ഓക്സിജൻ എന്ന സത്യ-സൃഷ്ടി-വാതകം ആദ്യം ഉണ്ടായി. ശേഷം ഓക്സിജന്റെ ഇഷ്ടം എന്ന പോലെ മറ്റ് മൂലകങ്ങൾ സൃഷ്ടിക്കപ്പെട്ടു.<br><br>നിർജ്ജീവ പരമാത്മാവായ ശിവചക്രത്തിന്റെ അംശങ്ങളായ ജീവാത്മാക്കൾക്കു വേണ്ടി പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടു എന്നതിനെ വ്യാഖ്യാനിച്ചാൽ, ശിവനായ പ്രപഞ്ചത്തിനു വേണ്ടി ശക്തി @ ശിവ പ്രവർത്തിക്കുകയാണ്. | It can be simply said that the Supreme Shakthi Chakram @ Earth formed out of the 'Supreme Love Sound OM' in between Shakthi Chakram and Shiva Chakram.<br><br>The Oxygen is the Base @ Basic Element of the Supreme Shakthi Chakram Earth. It's because the Creation & Protection need a Supreme Project to lead and control. That's, the Oxygen 'the Truth-Creation-Gas Element' formed First to beautify the Creation and Protection of Creatures. The rest of the Elements were created as if they were created by the Will of Oxygen.<br><br>If it is interpreted that the Universe is Created for the Portions of the Inactive Supreme Soul ShivaChakram, it can be understood that Shakthi @ Shiva do/act everything for Shivan @ the Supreme Universe. |

| | |
|---|---|
| നിർജ്ജീവമായ ശിവനെ ജീവമാക്കുവാൻ ഓം എന്ന ശക്തി-ശിവൻ പ്രണയമന്ത്രം പ്രവർത്തിക്കുന്നതു പോലെ ജീവിയെ @ ജീവാത്മാവിനെ ജീവമാക്കുവാനും നിർജ്ജീവമാക്കുവാനും, ഭൂമിയുടെ വാതക രൂപമായ ഓക്സിജൻ പ്രവർത്തിക്കുന്നു. ശക്തി-ശിവ ചക്രങ്ങളുടെ ദൈവീക പ്രണയം ജീവികളുടെ സൃഷ്ടി-സ്ഥിതികളെ ഉദ്ദേശിച്ചിട്ടുള്ള മഹാപദ്ധതി ആകയാലും, ദൈവീകമായ ആനന്ദങ്ങൾ മഹാവാത്സല്ല്യവും മഹാദാസ്യവും ആകയാലും, ജീവികളുടെ പ്രണയവുമായി താരതമ്യം ചെയ്യാൻ കഴിയില്ല. ജീവികളുടെ പ്രണയത്തിൽ ഇണയെ ഒഴികെ തന്നെത്തന്നെയും മറന്നുള്ള കാമ-ആനന്ദമാണ് അവ നുകരുക. മാത്രമല്ല; സ്ത്രീ പുരുഷ ജീവികളുടെ പ്രണയം, ലൈംഗിക അവയവ പൊരുത്തം, ലിംഗ ബന്ധം, മുലയൂട്ടൽ ഉൾപ്പെട്ട പ്രത്യുല്പാദന പ്രവർത്തനം, എന്നിവയിൽ നിന്നും മാത്രം ദൈവമുണ്ടെന്ന് തെളിയുന്നു. | Whereas the Shakthi Shivan Love Manthram OM activate the Inactive Shivan; the Oxygen which is also the Gaseous form of the Earth, activate the Inactive Souls of the Creatures. Since the Supreme Godly Love is aimed for the Creation & Protection of Creatures and that the Godly Pleasures are established as Supreme Parental Love and Supreme Slaver, it can't be compared with the Romantic/sexual love in Creatures. The Sexual Love in Creatures is established such that the Creatures remember only the Partner and forget even Self during Sexual Pleasures. Further, the Romance, the matching of sexual organs of Male & Female, the Intercourse, the Reproductive Systems, and the Feeding of Embryo & Baby including the Supreme Milk System in Women alone prove that there is GOD. |

'The Supreme Heart Omkaaram' of the 'Supreme Power GOD @ the Earth', first established the Supreme Science of Justice @ Omkaara Science of Justice which serves Supreme Justice @ Infinite Equal Pleasures to all the intended Creatures/Creation, Perfect with No defects. It means the Supreme Justice stood / stands first for GOD in the the Creation, Protection, and Salvation / Destruction of the Creation Cycles. The GOD @ Earth has accepted serving Supreme Justice with Supreme Parental Love as the Obligation of the Creator cum Protector.

As per the Lessons about BRAHMAM which is beyond everything including the Universe created ShivaChakram first means the Sky.The Supreme Power GOD who is Neither Creature, Nor Female, Nor Male, split into two, the 1st Supreme Father Shivan @ Sky @ Supreme Soul who supplies Souls to All Creatures, and the 2nd Supreme Mother Shiva @ Single GOD @ Earth who supplies Bodies to All Creatures with the Elements of the Earth. Shiva does everything joining with Shivan. Hence the Supreme Vessel for Creation, Protection and Salvation of all Creatures / Babies @ the 'Infinite Sky' without Beginning & End is the ShivaLingham 'of both Shiva & Shivan' for doing the Creation, Protection, and Salvation of all Creatures. The semi-spherical umbrella like Sky is created with some resemblance to Lingham / sexual organ of Creatures. In fact, the Semi-spherical figure is Supremely established such that 'it stands as the 'Supreme Shield' for the Creatures and the Universe at all times. The 'Single GOD Earth' does the whole Creation, Protection, and Salvation within the Sky is like the Supreme Heart Omkaaram joined to ParamaShivan's Heart do when ShivaChakram avails human figure as ParamaShivan during Samhaaram. The places & positions have been arranged by the Earth, to accommodate the Earth, the Supreme Soul, the Moon, the Sun, the Stars, etc. within the Sky @ ShivaChakram. It's a Truth that the MahaaLingham @ Sky always exhibit the Infinite Forms & Qualities of the Godly Sexual Organs of the Single GOD Female Shiva & her part the Male Shivan.

**ദൈവം, മഹാപ്രപഞ്ചത്തെയും ജീവികളെയും സൃഷ്ടിക്കുന്നതിനു മുമ്പ്, 'മഹാ-സമആനന്ദം എന്ന മഹാ-സമനീതിയെ' സൃഷ്ടിയായ ജീവികൾക്കെല്ലാം ഉറപ്പായി നൽകുന്നതും, കുറ്റങ്ങളും കുറവുകളും ഇല്ലാത്തതും സമ്പൂർണ്ണവുമായ 'സംഹാരം ഉൾപ്പെട്ട ഓംകാര നീതി ശാസ്ത്രം' എന്ന മഹാനീതി ശാസ്ത്രത്തെ ആവിഷ്ക്കരിക്കുന്നു. അതായത് 'ദൈവീകമായി പ്രഥമം മഹാനീതി' ആണ്. 'സ്ഥിതി, സൃഷ്ടി' എന്നിവ പിന്നീടുമാണ്. സൃഷ്ടി സ്ഥിതി സംഹാര കർത്താവും ഭൂമിയുമായ ദൈവം തന്നെ മഹാനീതിയെ നിർവ്വഹിക്കേണ്ടത് സൃഷ്ടികളോടുള്ള ചുമതലയായി മഹാവാത്സല്ല്യത്തോടെ സ്വീകരിച്ചിരിക്കുകയാണ്.**

**'പ്രപഞ്ചം ഉൾപ്പെടെ സർവ്വത്തിനും അതീതമായ ബ്രഹ്മം ആദ്യം സൃഷ്ടിച്ചത് ശിവചക്രമാണെന്ന' ബ്രഹ്മപാഠങ്ങൾ പ്രകാരം, ആകാശം ശിവചക്രമാണ്.**

**ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതും, ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയുമായ ഏകദൈവം, സൃഷ്ടികളും കുഞ്ഞുങ്ങളുമായ ജീവികൾക്ക് ആത്മാവിനെ നൽകുന്ന പരമാത്മാവും ആകാശവും മഹാപിതാവുമായ ശിവനും, ശരീരത്തെ മൂലകങ്ങളായി നൽകുന്ന 'ഏകദൈവവും ഭൂമിയും മഹാമാതാവുമായ ശിവയും', ആയി രണ്ടായിട്ട് അവതരിച്ച് ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മുഴുവൻ ഒന്നിച്ചു ചെയ്യുകയാൽ ജീവികളുടെയെല്ലാം 'സൃഷ്ടി-സ്ഥിതി-സംഹാര പാത്രമായ' ആകാശം 'ശിവയുടെയും ശിവന്റെയും സൃഷ്ടി ലിംഗം കൂടിയാണ്.' അതിനാൽ ആകാശം = ശിവലിംഗം എന്നതും ശരിയാണ്. ഏകദൈവമായ ശിവയുടെ സ്ത്രീലിംഗവും, ശിവയുടെ ഭാഗമായ ശിവന്റെ പുരുഷ ലിംഗവും ആദിയും അന്തവും ഇല്ലാത്ത രൂപങ്ങളിലും ഭാവങ്ങളിലും ഒന്നായി ശിവലിംഗം @ മഹാലിംഗം @ ആകാശം എന്ന പേരിൽ സദാ പ്രത്യക്ഷമാണെന്നത് ഒരു മഹാസത്യവുമാണ്.**

**കുടപോലെ അർദ്ധ-ഗോളമായ ആകാശത്തിന് ജീവികളുടെ ലിംഗവുമായി ചെറിയ 'സാദൃശ്യമുണ്ട്' എന്നതിന് ഉപരി സമസ്ത സൃഷ്ടി-സ്ഥിതി-സംഹാരങ്ങളുടെയും മഹാപ്രപഞ്ചത്തിന്റെയും മഹാസംരക്ഷണ കവചത്തിന്റെ ആകൃതിയാണ് നിശ്ചയിച്ചിട്ടുള്ളത്. ജീവികളുടെയെല്ലാം സൃഷ്ടിയും സ്ഥിതിയും സംഹാരം ഉൾപ്പെട്ട മഹാനീതിയും കൂടി ആകാശത്തിന്റെ ഉള്ളിലിരുന്ന് 'ഏകദൈവമായ ഭൂമി' ചെയ്യുകയാണ്; സംഹാരകാലത്ത് മനുഷ്യാവതാരമായ പരമശിവന്റെ ഹൃദയത്തോടു ചേർന്ന് മഹാദേവിയുടെ മഹാഹൃദയമായ ഓംകാരം സർവ്വം ചെയ്യുന്ന പോലെ. പരമാത്മാവ്, ഭൂമി, ചന്ദ്രൻ, സൂര്യൻ, നക്ഷത്രങ്ങൾ, മുതലായവക്ക് ശിവചക്രമായ ആകാശത്തിൽ പ്രത്യേകം താവളങ്ങളെ 'ഭൂമി' ഒരുക്കിയിട്ടുമുണ്ട്.**

| | |
|---|---|
| **മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളുടെ ലൈംഗിക അവയവങ്ങൾക്ക് 'ശിവലിംഗവുമായി' അടിസ്ഥാന പരമായ ബന്ധം ഇല്ലെന്നും സുവ്യക്തമാണ്.** | It is also clear that the sexual organs of creatures including that of the human beings have NO relation with ShivaLingham. |
| **ജീവാത്മാക്കളെ സൃഷ്ടിക്കുന്നതും, സ്ഥിതിയിൽ പുനർജന്മം നൽകുന്നതും മോക്ഷത്തിൽ നക്ഷത്ര പദവി നൽകുന്നതും ആകാശത്തിലാണ്.**<br><br>**ജനിച്ചതും ലയിക്കുന്നതും പരമാത്മാവും ശിവചക്രവും** | The Creation of all Souls, their Rebirths, and Final Salvation as Star are all arranged / established in the Sky. The Birth and Salvation of the Soul is thus in the Sky; the Souls are thus emerged from Sky and finally merging |

| | |
|---|---|
| ശിവലിംഗവും കൂടിയായ ആകാശത്തിലാണ് ! മഹാശക്തിചക്രമായ ഭൂമിയാണ് സർവ്വവും മഹാനിശ്ചയിക്കുന്നത്. | in the Sky @ ShivaLingham ! MahaaShakthi Chakram @ the Earth decide all Activities. |
| ശിവചക്രവും ശിവലിംഗവും മഹാസൃഷ്ടി-സ്ഥിതി-സംഹാര പാത്രവും കൂടിയായ ആകാശത്തിന്റെ ഒപ്പം ആകാശത്തിൽ തന്നെ ഉണ്ടായ ശക്തിചക്രമായ ഭൂമിയാണ് മഹാപ്രപഞ്ചത്തിന്റെ മഹാമാതാവും, ജീവികളുടെ മുഴുവൻ ഏകശരണമായ ഏകദൈവവും. | MahaaShakthi Chakram @ the Earth which (was) Originated Next and together with Shiva Chakram @ ShivaLingham @ the Supreme Vessel for Creation, Protection & Salvation, is the Supreme Mother of the Universe as well as the One & Only Protector @ GOD. |

| | |
|---|---|
| ചന്ദ്രൻ, സൂര്യൻ, എന്നിവ ജീവിസൃഷ്ടിക്കു മുമ്പ് ജീവികളുടെ സൃഷ്ടി-സ്ഥിതികളെ കണക്കാക്കി സൃഷ്ടിക്കപ്പെട്ടവയാണെന്ന് യുക്തി ഭദ്രമായി മനസ്സിലാക്കാൻ കഴിയും.<br><br>മഹാപ്രപഞ്ചത്തിലെ സൃഷ്ടി സ്ഥിതി സംഹാരങ്ങൾ മുഴുവൻ ശിവലിംഗമായ ആകാശത്തിൽ ഒതുങ്ങുന്നു. | It can be easily understood rationally that the Moon, and Sun are created before Creatures and for the Creation and Protection of the Creatures.<br><br>The Creation, Protection & Destruction (of Creation Cycles) are all within the Sky @ ShivaLingham. |

**ദൈവ വിപ്ലവത്തോടെ ഭൂമിയിലെ എല്ലാ ദേവാലയങ്ങളിലും ശിവലിംഗം മാത്രമാകും!**

**സൃഷ്ടി-സ്ഥിതി-സംഹാര പാത്രമായ ആകാശത്തിന്റെ പ്രതീകമായ ശിവലിംഗം വിഗ്രഹം /പ്രതിമ അല്ല.**

www.omsathyam.com/GodlyRevolution/Devaalayam.pdf **എന്ന ഗ്രന്ഥത്തിൽ ഭൂമിയിലെ എല്ലാ ദേവാലയങ്ങളിലെയും ഇന്നത്തെ വിശ്വാസങ്ങളുടെയും ആചാരങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും 'തെറ്റുകളും ശരികളും' അടിസ്ഥാന പരമായും മഹാശാസ്ത്ര പ്രകാരവും വിശദീകരിച്ചിട്ടുണ്ട്. കൂടാതെ,** **മഹാശാസ്ത്ര പ്രകാരം ദേവാലയവും, ശിവ ലിംഗവും നിർമ്മിക്കുന്നത് എങ്ങനെയാണെന്നും ദേവാലയ സംബന്ധമായ കാര്യങ്ങളെല്ലാം ഭംഗിയായും ശരിയായും നിർവ്വഹിക്കുന്നത് എങ്ങനെയാണെന്നും മഹാശാസ്ത്രപരമായി വിശദീകരിക്കുന്നുണ്ട്.**

Beginning from Godly Revolution, all Worship Centres on Earth will only have ShivaLingham. The Symbolic Vessel for Creation, Protection & Salvation for Sky @ ShivaLingham is Not an Idol /Statue.

The 'Unscientific and Unrighteous Beliefs, Customs and Practices' wrongly followed everywhere in Earth today are basically and scientifically detailed in the Godly E-book : www.omsathyam.com/GodlyRevolution/Devaalayam.pdf

Further, it's detailed in the said E-book Scientifically how the Worship Centers @ Devaalayams, and the ShivaLingham to be built and all matters related with Devaalayams done properly and beautifully.

**പ്രതിമകൾ / വിഗ്രഹങ്ങൾ നിർമ്മിക്കാൻ പാടില്ല.**

ഒരാളുടെ / നിങ്ങളുടെ മാതാവിന്റെയോ ഭാര്യയുടെയോ (ഭർത്താവിന്റെയോ) മകളുടെയോ സഹോദരിയുടെയോ ഉറ്റവരായ മറ്റു സ്ത്രീകളുടെയോ പുരുഷന്മാരുടെയോ പ്രതിമകളെ മറ്റുള്ളവർ നിർമ്മിക്കുന്നതും, 'പ്രതിമയുടെ-ശരീര അവയവങ്ങളിലും, സൗന്ദര്യത്തിലും' നയന-മനോലയനത്തിൽ ഏർപ്പെടുന്നതും, അവർ പ്രതിമയുടെ ശരീരത്തിലെ വിവിധ അവയവങ്ങളിൽ 'തഴുകുന്നതും', അവയവങ്ങളെ വർണ്ണിക്കുന്നതും, നിങ്ങൾ ഇഷ്ടപ്പെടുമോ എന്ന് സ്വയം ചോദിക്കുമ്പോൾ തിരിച്ചറിവ് ഉണ്ടാകുന്നതാണ് എന്നു വിശദീകരിച്ചു കൊണ്ട് 'വിഗ്രഹ ആരാധന പാടില്ല' എന്ന് മഹാജ്ഞാനമായ മഹാശാസ്ത്രം വഴി ദൈവം അറിയിക്കുന്നുണ്ട്. ദൈവ വിപ്ലവം ഉടൻ ആരംഭിക്കുന്നതോടെ, വിഗ്രഹങ്ങളെയും അനവധി ദേവാലയങ്ങളെയും മതഗ്രന്ഥങ്ങളെയും നശിപ്പിച്ചു കളയേണ്ടത് ധർമ്മ ശാസ്ത്ര പരമായ ആവശ്യമാകുന്നതാണ്. പൊതു ഖജനാവ് പാഴാക്കിയവരെല്ലാം കടുത്ത ശിക്ഷകളെ സ്വീകരിക്കേണ്ടി വരും/ വരുന്നുണ്ട് എന്നതും തീർച്ചയാണ്.

**Statues/Idols should Not be made.**

All people can realise self when others make statues / idols of women or men close to anyone, for example, your mother, wife, husband, daughter, sister, etc and engage in 'enjoying the 'beauty' by watching, and also by touching in the different organs (of the body) of the idol and their eyes & mind merging with the beauty and organs of the idol. The Supreme Science @ GOD informs thus that idol worship should not be done. When the Godly Revolution begin (soon), as per Dharma Shaasthram, it would become necessary to destroy all idols, many religious centers and all religious books. All people who wasted public treasure/ funds will have to avail severe punishments.



മഹാലിംഗമായ ആകാശം എന്തിനെയും ഉൾക്കൊള്ളുന്ന ആദിയും അന്തവും ഇല്ലാത്ത മഹാശൂന്യത കൂടിയാണെന്നത് പ്രത്യക്ഷ സത്യമാണ്.

ആകാശത്തിന്റെ ഒപ്പം സൃഷ്ടിക്കപ്പെട്ട ഭൂമി എന്നത് എന്താണെന്ന് കണ്ടും കേട്ടും അറിഞ്ഞും അനുഭവിച്ചും ധാരണ ഏറെയുള്ളവരാണ് മനുഷ്യർ. പുലർത്തുന്ന ധാരണകളെ മെച്ചപ്പെടുത്താനും തിരുത്താനും ഉപകരിക്കുന്ന ഏതാനും പാഠങ്ങളെ കുറിക്കുന്നു.

മഹാശക്തിചക്രമായ ഏകദൈവം, മഹാഇഷ്ടം പോലെ ജീവമായും നിർജ്ജീവമായും പ്രവർത്തിപ്പിക്കുന്ന ശിവചക്രവുമായി, വ്യത്യസ്തങ്ങളും അനന്തവുമായ രീതികളിൽ സമ്മേളിച്ചുണ്ടായ മഹാദിവ്യ രൂപമാണ് ഭൂമി; ശക്തി ശിവ ചക്രങ്ങളുടെ ആദിയും അന്തവും ഇല്ലാത്ത പോലെയുള്ള കൂടിച്ചേരലുകളുടെ മഹാദിവ്യമായ ഒരു മഹാപ്രകടനമാണ് ഭൂമി; നിയമങ്ങൾ പ്രകാരം ഭൗതിക-അസ്തിത്വം സ്വീകരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന വ്യത്യസ്തങ്ങളും അനന്തവുമായ ഭൗതിക വസ്തുക്കളുടെ മൊത്തം തുകയാണ് ഭൂമി; എന്നീ വ്യാഖ്യാനങ്ങളെല്ലാം പലവിധ ശരികളാണ്.

**മഹാശൂന്യതയും ശിവചക്രവും മഹാലിംഗവും/ ശിവലിംഗവും ഒക്കെയായ ആകാശത്തിന്റെ ഉള്ളിൽ, സദാ ജീവമായ (മഹാ)ശക്തി ചക്രത്തിന്റെ കണങ്ങളും, അവയുടെ ഇഷ്ടംപോലെ ജീവമായും നിർജ്ജീവമായും പ്രവർത്തിക്കുന്ന 'ശിവചക്രത്തിന്റെ കണങ്ങളും', 'ഓം' എന്ന 'പ്രണയമന്ത്രം' വഴി സ്വീകരിച്ച /സൃഷ്ടിച്ചിട്ടുള്ള ഖര-ദ്രാവക-വാതക വസ്തുക്കളായ ഭൗതിക-അസ്തിത്വങ്ങളുടെ മൊത്തം ദ്രവ്യമാണ് ഭൂമി.**

**ശക്തി ശിവ ചക്രങ്ങൾ, 'ഭൂമി' എന്ന മഹാരൂപവും, പ്രോട്ടോൺ ഇലക്ട്രോൺ ന്യൂട്രോൺ, ക്വാർക്കുകൾ തുടങ്ങിയ മഹാസൂക്ഷ്മ രൂപങ്ങളും, ആറ്റങ്ങൾ, തന്മാത്രകൾ തുടങ്ങിയ സൂക്ഷ്മ രൂപങ്ങളും, മൂലകങ്ങൾ, സംയുക്തങ്ങൾ, ഖര-ദ്രാവക-വാതക വസ്തുക്കൾ, എന്നീ സൂക്ഷ്മ+സ്ഥൂല രൂപങ്ങളും സ്വീകരിക്കുകയും; അവയ്ക്കെല്ലാം വ്യത്യസ്തങ്ങളായ ഘടനകളും സ്വഭാവങ്ങളും ഗുണങ്ങളും പ്രവർത്തനങ്ങളും നിശ്ചയിച്ചിരിക്കുകയാണ്. സർവ്വവും സുവ്യക്തമായ പദ്ധതികളോടെ ആസൂത്രണം ചെയ്തിരിക്കുകയാണ് എന്നും അറിയണം. ശക്തിശിവ ചക്രങ്ങളുടെ ഉദ്ദേശമാണ് പ്രധാനം. കുഞ്ഞുങ്ങളായി ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ആരംഭിക്കാനും നിർവ്വഹിക്കാനും ഉള്ള മഹാപദ്ധതികളുടെ ഭാഗം മാത്രമാണവ. പ്രസ്തുത മഹാപദ്ധതികളെ മഹാശാസ്ത്ര നിയമങ്ങളായി വസ്തുക്കളിൽ തന്നെ മഹാലയിപ്പിച്ചിരിക്കുകയുമാണ്.**

**ഭൂമി ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തിന് അതീതമായ ശക്തി-ശിവ ചക്രങ്ങളുടെ പ്രണയ മഹാസാക്ഷാത്കാരമാണ് മഹാശക്തിചക്രവും ഏകദൈവവുമായ ഭൂമി എന്നത് കുഞ്ഞുങ്ങളായി ജീവികളെ സൃഷ്ടിക്കാനും മഹാസംരക്ഷിക്കാനുമുള്ള ദിവ്യമായ മഹാപദ്ധതി മാത്രമാണെന്ന് മഹാവാത്സല്ല്യം, മഹാദാസ്യം എന്നീ ദൈവ-ആനന്ദങ്ങൾ തെളിയിക്കുന്നു; മനുഷ്യാവസ്ഥയിൽ വർദ്ധിച്ച ജ്ഞാനം ലഭിക്കുമ്പോൾ സ്വയം വിശകലനം ചെയ്ത് മനസ്സിലാക്കാനാവും.**

**അനന്തമായ രൂപ ഘടനകളോടെ ജീവികളെ സൃഷ്ടിക്കുകയും അനന്തമായ ആനന്ദങ്ങളെ നൽകി സംരക്ഷിക്കുകയും, മഹാസമനീതി എന്ന 'മഹാസമ ആനന്ദങ്ങളെ' നൽകുകയുമാണ് ദൈവം ചെയ്യുന്നത്. ദൈവം പ്രത്യക്ഷമായി ക്കൊണ്ടും പ്രകടമായി ക്കൊണ്ടും സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്താൽ, വ്യക്തിസ്വാതന്ത്ര്യം ഇല്ലാത്ത അടിമകളും അലസരും ഒക്കെയായി ജീവികൾ അധഃപതിക്കുന്നതാണ്. ആകയാൽ ദൈവം പ്രത്യക്ഷമായി സ്വീകരിക്കുന്ന വേറിട്ട് പ്രകടമല്ലാത്ത മഹാരൂപം കൂടിയാണ് ഭൂമി. ജീവികളുടെ സ്വത്വമായ ജീവാത്മാവിനെ സൃഷ്ടിക്കുന്നതിനു മുമ്പ്, അവയ്ക്ക് അനന്തമായ ആനന്ദങ്ങളെ നൽകാൻ കഴിയുന്ന വസ്തുക്കൾ, ഇണ, മറ്റു ജീവികൾ, അനന്തമായ പാർപ്പിടം @ ശരണാലയം തുടങ്ങിയവയും ദൈവം സ്വീകരിക്കുന്ന ഭൂമി എന്ന മഹാരൂപത്തിൽ ഒരുക്കണം. ശക്തി, ശാസ്ത്രം, ആനന്ദം, മഹാനീതി എന്നിവയുടെ മഹാകലവറ ആവണം ഭൂമി; ഭൂമിയിലെ വസ്തുക്കളിൽ പ്രസ്തുത ഘടകങ്ങൾ ഉണ്ടാവണം; ജീവികൾക്ക് ലഭ്യമാക്കണം. ഭൂമി അംശമായ ശരീരത്തിലൂടെയും അത് ചെയ്യുന്നുണ്ട്.**

# മഹാഭദ്രകാളി

# ദൈവത്തിന്റെ ദിവ്യമഹാജീവി-രൂപങ്ങൾ

**ദൈവത്തിനു ശരീരമുണ്ടെങ്കിൽ, രൂപവുമുണ്ട്; രൂപമുണ്ടെങ്കിൽ ശരീരവും. ദൈവത്തിനു ശരീരം ആവശ്യമുണ്ടെങ്കിൽ മാത്രമേ ദൈവം ഒരു ശരീരത്തെ സ്വീകരിക്കേണ്ടൂ.**

## ദൈവത്തിനു ശരീരം ആവശ്യമില്ല.

**കുഞ്ഞുങ്ങളായ മനുഷ്യർക്ക് സൃഷ്ടി-സ്ഥിതി- സംഹാര കർത്താവും (മഹാപിതാവും) മഹാമാതാവും മഹാനീതിയുമായ ദൈവത്തെ കാണുവാനും സ്നേഹവാത്സല്യങ്ങളെ നേരിട്ട് അനുഭവിക്കാനും കഴിയണം. കുഞ്ഞുങ്ങളായ സൃഷ്ടികളുടെ ന്യായമായ /ധർമ്മ ശാസ്ത്രപരമായ എല്ലാ ആഗ്രഹങ്ങളെയും സാധിച്ചുകൊടുക്കേണ്ടത് ദൈവത്തിന്റെ ചുമതലയാണ്. അതായത് കുഞ്ഞുങ്ങളുടെ ആനന്ദത്തെ കണക്കാക്കി ദൈവം രൂപം സ്വീകരിക്കണം. കുഞ്ഞുങ്ങൾ ഇഷ്ടപ്പെടുന്ന രൂപം സ്വീകരിക്കണം. കുഞ്ഞുങ്ങളുടെ ഇഷ്ടത്തെ കരുതുമ്പോഴും, അർത്ഥപുഷ്ടമായ രൂപത്തെ മാത്രം ദൈവം സ്വീകരിക്കണം.**

## മഹാശക്തിയായ ദൈവം

# സ്വീകരിക്കുന്ന രൂപം

**മഹാപ്രപഞ്ചത്തിനും ജീവികളുടെ രൂപങ്ങൾക്കും ഇഷ്ടങ്ങൾക്കും മഹാഉചിതമായി ഇണങ്ങണം. മഹാശാസ്ത്ര പ്രകാരമുള്ള രൂപത്തെ ദൈവം സ്വീകരിക്കുന്നത് മഹാഉചിതമാണ്.**

## ദൈവ രൂപത്തെ വിശദീകരിക്കുന്നതിനു മുമ്പ്, സൃഷ്ടികളായ ജീവികളുടെ ശരീര പ്രാധാന്യത്തെ അല്പംകൂടി ഓർമ്മിപ്പിക്കണം :-

**ജീവികളെയെല്ലാം സൃഷ്ടിച്ചിട്ടുള്ളത് രൂപത്തോടെയാണ്; ശരീരത്തോടെയാണ്. മുമ്പ് വ്യക്തമാക്കിയതു പോലെ മനുഷ്യൻ ഉൾപ്പെടെയുള്ള എല്ലാ ജീവികളും സ്വയം അറിയുന്നതും, അന്യോന്യം അറിയുന്നതും, പ്രപഞ്ച-വസ്തുക്കളെയും പ്രപഞ്ച കാര്യങ്ങളെയും അറിയുന്നതും, അനുഭവിക്കുന്നതും, ആസ്വദിക്കുന്നതും, ആനന്ദിക്കുന്നതും എല്ലാം ഭൗതിക അസ്തിത്വമുള്ള ശരീരത്തിലൂടെയാണ്. ജീവിക്കാൻ ശരീരമുണ്ടെങ്കിലേ കഴിയൂ; ശരീരത്തിന് ശക്തി എന്ന ആരോഗ്യവും. ഉദാഹരണത്തിന് അമ്മ, അച്ഛൻ, സഹോദരി, സഹോദരൻ, കമിതാക്കൾ, ഭാര്യ-ഭർത്താവ്, മക്കൾ, കൊച്ചുമക്കൾ, ഉറ്റ ബന്ധുക്കൾ, ഉറ്റ സുഹൃത്തുക്കൾ, നാട്ടുകാർ തുടങ്ങിയവരെ കാണാനും കേൾക്കാനും ഇടപഴകാനും ആഗ്രഹിക്കുന്നത് സദാ ശരീരത്തെ ആസ്പദമാക്കിയാണ്. ദൈവ- ദേവതാ - രൂപ സങ്കല്പങ്ങളും ശരീരത്തെ ആസ്പദമാക്കിയാണ്. ദൈവത്തെ കാണാനും കേൾക്കാനും മനുഷ്യർ ആഗ്രഹിക്കുന്നതും ശരീര-രൂപത്തെ ആസ്പദമാക്കിയാണ്.**

**അസംബന്ധങ്ങൾ പ്രചരിപ്പിച്ച് സാധാരണ ജനങ്ങളെ ചൂഷണം ചെയ്യാതെ മണ്ണിൽ അദ്ധ്വാനിച്ച് ആനന്ദത്തോടെയും ധർമ്മ ശാസ്ത്രപരമായും ജീവിക്കുന്ന അവസ്ഥ ദൈവ വിപ്ലവത്തോടെ യാഥാർത്ഥ്യമാകുന്നതാണ്.**

**ജീവികൾ ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാര കർത്താവായ ദൈവം, ആദിയും അന്തവുമില്ലാത്ത മഹാശക്തിയും, മഹാപ്രപഞ്ചത്തിന് അതീതമായ ബ്രഹ്മവും ആണെങ്കിലും, യാതൊന്നിലും ഒതുങ്ങാത്തതായ രൂപത്തെ രൂപമില്ലാത്ത ദൈവം, പരിശുദ്ധാത്മാവ്, അല്ലാഹു, മഹാസത്യം എന്നിങ്ങനെ വിശേഷിപ്പിക്കാമെങ്കിലും, മുമ്പ് വ്യക്തമാക്കിയതു പോലെ അങ്ങനെയുള്ള വിശേഷണം ഭാഗികമായ ശരി മാത്രമാണ്.**

**യാതൊരു രൂപങ്ങളിലും ഒതുങ്ങില്ലായെന്നതുപോലെ, ഒരു കല്ലിലോ കടുകിലോ എന്തിലുമോ (ജീവിയിലുമോ) പ്രവേശിച്ചുകൊണ്ടോ, ഒരു കല്ലോ, കടുകോ, കാറ്റോ, മൃഗമോ, മനുഷ്യനോ മറ്റും ആയിക്കൊണ്ടോ മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാനിർവ്വഹിക്കുവാൻ മഹാശക്തിയായ ദൈവത്തിനു കഴിയും എന്നതും സുവ്യക്തമാണ്.**

**എന്തും ചെയ്യാൻ ശക്തിയുള്ള, മഹാശക്തിയായ ദൈവത്തിന് ഒരു കടുകിലോ വിഗ്രഹത്തിലോ ജീവിയിലുമോ പ്രവേശിച്ചു കൊണ്ടോ ആയിക്കൊണ്ടോ മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി -സ്ഥിതി-സംഹാരങ്ങളെ നിർവ്വഹിക്കുവാൻ ശക്തിയില്ലെന്ന് വിശ്വസിക്കുന്നവർ ഉണ്ടെങ്കിൽ അവർ കടുത്ത ദൈവനിന്ദയാണ് ചെയ്യുന്നത്.**

**വിഗ്രഹത്തിൽ പ്രവേശിച്ചുകൊണ്ട് എന്തും ചെയ്യാൻ മഹാശക്തിയായ ദൈവത്തിനു കഴിയും എന്നതിന്, വിഗ്രഹ ആരാധന ശരിയാണെന്നു ധരിച്ചുപോവരുത്.**

**വിഗ്രഹത്തിൽ നിന്ന് അഥവാ എന്തിലും നിന്ന് ഒരു രൂപത്തോടെ ദൈവം പ്രത്യക്ഷമാവുകയും, ദൈവം മഹാ-അനുവദിക്കുകയും ചെയ്യുകയാണെങ്കിൽ, പ്രത്യക്ഷമാവുന്ന ദൈവത്തെ ആരാധിക്കുകയോ നമസ്ക്കരിക്കുകയോ ചെയ്യുക എന്നല്ലാതെ വിഗ്രഹത്തെ ആരാധിക്കാൻ പാടില്ല. മാത്രമല്ല; പാൽ, പഴം, നെയ്യ്, എണ്ണ, ചന്ദനം തുടങ്ങിയ യാതൊരു സാധനങ്ങളെയും വിഗ്രഹം ഭക്ഷിക്കുന്നില്ലാ എന്നിരിക്കെ, അവയെ വിഗ്രഹത്തിൽ ഒഴുക്കുന്നതും കുശുകുശു മന്ത്രങ്ങൾ ജപിക്കുന്നതുമെല്ലാം കടുത്ത ദൈവനിന്ദയും കൊടുംകൊള്ളയുമാണ്. അല്ലെന്നാൽ, ഓരോ മനുഷ്യനെയും പ്രത്യേകമായി സൃഷ്ടിച്ചിട്ടുള്ള ദൈവം ഓരോ മനുഷ്യനെയും നേരിട്ട് പ്രത്യക്ഷപ്പെട്ട് പ്രത്യേകം പ്രത്യേകമായിട്ട് അനുവദിക്കണം. വിഗ്രഹത്തിൽ ആട-ആഭരണങ്ങളെ ചാർത്തുന്നതും ആവശ്യത്തിലധികം വിളക്കുകളും കർപ്പൂരവും മറ്റും കത്തിക്കുന്നതും വലിയ അപരാധമാണ്. വെളിച്ചത്തെ സൃഷ്ടിക്കുന്ന ദൈവത്തിന് ഒരു വിളക്കും വേണ്ടാ. ഇരുട്ടിൽ കണ്ണുകാണാത്ത സൃഷ്ടിയും ജീവിയുമായ മനുഷ്യനാണ് വിളക്കുകൾ വേണ്ടത്; അവയെ ആവശ്യത്തിനു മാത്രം ഉപയോഗിക്കുകയും വേണം; യാതൊന്നും പാഴാക്കരുത്. മഹാശാസ്ത്രപരമായിട്ട് ദേവാലയം നിർമ്മിക്കുന്നത് എങ്ങനെയെന്ന്** www.omsathyam.com/GodlyRevolution/Devaalayam.pdf **എന്ന മഹാഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.**

**ഭൂമിയായ ദൈവത്തിന്റെ അംശം മാത്രമാണ് എല്ലാ മൂലകങ്ങളും എന്നതിനാൽ, കല്ലും വിഗ്രഹവും പാലും വിസർജ്ജ്യവുമെല്ലാം ദൈവീക തലത്തിൽ ഒന്നാണ് !**

## 'ദൈവം' എന്ന പദം മലയാള ഭാഷയിൽ ഉപയോഗിക്കുന്നത് എന്തുകൊണ്ടാണ് ?

**മഹാപ്രപഞ്ചത്തിലെ ജീവികളുടെയെല്ലാം ഏക-മഹാ-സൃഷ്ടി-സ്ഥിതി-സംഹാര കർത്താവും (മഹാപിതാവും) മഹാമാതാവും മഹാനീതിയുമായ മഹാശക്തി, പ്രപഞ്ചം ഉൾപ്പെടെ സർവ്വത്തിനും അതീതമായ മഹാശക്തി മാത്രമാണെന്നും, ജീവിയല്ലെന്നും അറിയുമ്പോൾതന്നെ സൃഷ്ടികളായ ജീവികളുടെ സന്തോഷത്തെ കണക്കാക്കി ഒരു മഹാ-ജീവിയപ്പോലെ പെരുമാറുകയാൽ ദൈവം ഒരു മഹാ-ജീവി പോലെയാണ്.**

**സ്ത്രീയും പുരുഷനും എന്ന 2 ഭാഗങ്ങളായിട്ടാണ് മനുഷ്യൻ അഥവാ ജീവി എന്നതു പ്രകാരം മഹാശക്തിയായ 'ദൈവ-ജീവിയെ' ദേവൻ എന്നും ദേവി എന്നും വിളിക്കാനാവും. മഹാശക്തിക്കു മാത്രം അവകാശപ്പെട്ട മഹാ എന്ന പദം ചേരുമ്പോൾ മഹാദേവൻ, മഹാദേവി എന്നീ മഹാനാമങ്ങളെ ലഭിക്കുന്നതാണ്. സ്ത്രീയും പുരുഷനും എന്ന 2 ഭാഗങ്ങൾ ചേർന്നു മനുഷ്യൻ എന്നതുപോലെ ദേവൻ, ദേവി എന്നീ 2 പദങ്ങൾ ചേരുമ്പോൾ ദൈവം എന്ന പദമായി.**

**ദൈവ രൂപ കാര്യങ്ങൾ തുടരാം : മഹാദേവൻ, മഹാദേവി എന്നിവ രണ്ടും ദൈവത്തിനു ചേരുമെങ്കിലും; സ്ത്രീ, പുരുഷൻ ഇവയിലെ ഒരു രൂപവും ഒരു പേരും മാത്രം സ്വീകരിക്കേണ്ടതുണ്ട്. അതേസമയം മഹാശക്തിയായ ദൈവത്തിന്, മഹാശാസ്ത്ര പ്രകാരം തന്നെ ഏതൊരു രൂപവും സ്വീകരിക്കാൻ കഴിയുന്നതുമാണ്. എന്നാൽ, ദൈവം മുഖ്യമായും 2 ജീവികളുടെ രൂപത്തെയാണ് മഹാസ്വീകരിക്കുന്നത്. സൃഷ്ടി ഉണ്ടെങ്കിലേ സ്ഥിതി വിഷയമാകുന്നുള്ളൂ. ജനനം ഉണ്ടെങ്കിലേ ജീവിതമുള്ളൂ. ജനനത്തിന് അഥവാ സൃഷ്ടിക്കാണു പ്രാധാന്യമേറെയുള്ളത്. പുരുഷനെയും പ്രസവിക്കുന്നത് സ്ത്രീ. അപ്പോൾ സർവ്വജീവികളും ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തെ സൃഷ്ടിച്ചതായ അഥവാ പ്രസവിച്ചതായ സ്ത്രീ എന്ന് വിശകലനം ചെയ്യുമ്പോൾ പ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങൾക്കായി ആവിഷ്ക്കരിച്ചിട്ടുള്ള മഹാശാസ്ത്രപ്രകാരം മഹാപിതാവുംമഹാമാതാവും മഹാനീതിയുമായ ദൈവം, മഹാജഗദംബ എന്ന സ്ത്രീരൂപം സ്വീകരിക്കേണ്ടിവരുന്നു.**

**മഹാമാതാവിന് ശാസ്ത്രപരമായ പേര് വേണം. പ്രപഞ്ചത്തിന്റെ സൃഷ്ടിയും പരിപാലനവും മഹാനീതിയുമെല്ലാം മഹാ-ഭദ്രപ്പെടുത്തുന്ന, ഭദ്രമാക്കുവാൻ ശക്തിയുള്ള സ്ത്രീ. കാളി = സ്ത്രീ. ഭദ്രകാളി. മഹാഭദ്രകാളി. മനുഷ്യസ്ത്രീയ്ക്കു മേൽ ഔന്നത്യമുള്ള ജീവിയെ സൃഷ്ടിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത ജീവിയുടെ രൂപവും നിർബ്ബന്ധം.**

# പശു : പാഠം 1

| ദൈവവും ദൈവരൂപവും | |
|---|---|
| മഹാഭദ്രകാളി | മഹാഗോമാതാവ് / പശു (കാളി) + പശുപതി (കാള) |
| 1 | |

**സമസ്ത ജീവികളുടെയും നിലനില്പിനെ പശുവുമായി മഹാ-ബന്ധിപ്പിച്ചിരിക്കുന്നു എന്ന് പ്രസ്താവിച്ചാൽ വിശ്വസിക്കാൻ പ്രയാസമുണ്ട്. എന്നാൽ സത്യമതാണ്.**

**മണ്ണും ഭൂമിയുമായ ദൈവം, മണ്ണിൽ സദാ സൃഷ്ടിക്കുന്ന പുല്ലും (സസ്യങ്ങളും) ഭക്ഷിക്കുന്ന പശുവും പശുപതിയും (കാളയും) നൽകുന്ന ചാണകവും മൂത്രവും കൊണ്ടാണ് മണ്ണ് പുഷ്ടമാകുന്നതും മറ്റുള്ള സസ്യങ്ങൾക്ക് മണ്ണിൽ വളരാൻ കഴിയുന്നതും.**

**മത്സ്യത്തെ ആദ്യ ജീവിയായി സൃഷ്ടിച്ച ശേഷം, ദൈവം പശുവും പശുപതിയുമായി അവതരിച്ച് സമസ്ത ജീവികളെയും മഹാസംരക്ഷിച്ചുപോന്നു. മണ്ണും, വെള്ളവും, വളവും, സസ്യം ഉൾപ്പെടെയുള്ള ജീവികളുടെ ശരീരങ്ങളും, പ്രതിപ്രവർത്തനം നടത്തുന്നതിലെ 'മായ' ഗൂഢമാക്കിയാണത്.**

**സസ്യഭുക്കുകളും മാംസഭുക്കുകളും മിശ്രഭുക്കുകളുമായ സമസ്ത ജീവികളുടെയും നിലനില്പിന് ആധാരം സസ്യങ്ങളാണ്. കരയിലെ ജീവികളുടെ കാര്യത്തിൽ മാത്രം വിഷയം ഒതുങ്ങുന്നില്ല. സമുദ്രത്തിലെ വെള്ളത്തിന്റെ അടിയിൽ 'കര' തന്നെയാണ് എന്നതും, കരയിൽ നിന്നും കടലിലേക്ക് ഭക്ഷണം എത്തുന്നുണ്ട് എന്നതും പശു-പശുപതി ഔന്നത്യത്തെ സ്പഷ്ടമാക്കുന്ന ദൈവത്തിന്റെ മഹാആവിഷ്ക്കാരമാണ്.**

**മനുഷ്യ മാതാവ്, തന്റെ കുഞ്ഞിന് 2 - 3 വയസ്സുവരെ മാത്രം പാൽ കൊടുക്കുമ്പോൾ, ഗോമാതാവ് അഥവാ പശു, മനുഷ്യർക്കെല്ലാം (കുഞ്ഞിനും, കുട്ടിക്കും, യുവാവിനും യുവതിക്കും, അമ്മയ്ക്കും അച്ഛനും, അമ്മൂമ്മയ്ക്കും അപ്പൂപ്പനും എന്നിങ്ങനെ ആബാല വൃദ്ധം ജനങ്ങൾക്കും പാൽ കൊടുക്കുന്നു. പശുവിന്റെ പാലും, പാലിൽ നിന്നുള്ള വിഭവങ്ങളായ തൈര്, മോര്, വെണ്ണ, നെയ്യ് തുടങ്ങിയവ ഇല്ലാതെ മനുഷ്യനു ജീവിക്കാൻ കഴിയുമോ എന്നും, മനുഷ്യരുടെ ഭക്ഷണ കാര്യങ്ങൾക്ക് അത്യാവശ്യമായ സസ്യങ്ങളെ കൃഷി ചെയ്യുന്നതിനും മറ്റും ചാണകം, മൂത്രം എന്നിവ ഇല്ലാതെ പറ്റുമോ എന്നും ചിന്തിക്കണം. പശു / ഗോമാതാവ് ഇല്ലായിരുന്നെങ്കിൽ മനുഷ്യ ജീവിതം ഇത്ര ആനന്ദകരമാവില്ല എന്ന് അപ്പോൾ മനസ്സിലാവും.**

**പശുവിന്റെ മറ്റൊരു പേരാണ് ഭദ്രകാളി. കാളിയുടെ പുല്ലിംഗമാണ് കാള. കാളയുടെ സ്ത്രീ ലിംഗമാണ് കാളി = പശു. ജീവികളുടെയെല്ലാം ജീവിതം ഭദ്രമാക്കുന്ന പശുവും, പശുവിന്റെ പതിയായ കാളയും.**

**ജീവികളെല്ലാം ഉൾപ്പെട്ട മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ ഭദ്രമാക്കിയിട്ടുള്ളത് മഹാഭദ്രകാളിയാണ്. മഹാഗോമാതാവ് @ പശു+പശുപതി (കാള) ആണ് മഹാഭദ്രകാളി.**

## സർവ്വം മഹാഭദ്രപ്പെടുത്താൻ കഴിവുള്ളത് മഹാഭദ്രകാളിക്കാണ്; മഹാഭദ്രകാളിയിൽ സമസ്ത മഹാപ്രപഞ്ചവും മഹാഭദ്രമാണ്.

അനേകം കൈകളും, ഒരു കൈയ്യിൽ രക്തമൊലിക്കുന്ന വെട്ടിയെടുത്ത തലയും, കഴുത്തിൽ ശിരസ്സുകളോ തലയോട്ടികളോ കോർത്തിണക്കുന്ന മാലയുമണിഞ്ഞ് പരമശിവന്റെ പ്രതിനിധിയായ ശിവനെ ചവിട്ടി നിൽക്കുന്ന ഒരു ഭീകര രൗദ്ര-രൂപത്തെ ഭദ്രകാളിയെന്ന് അനേകർ മുമ്പ് തെറ്റിദ്ധരിച്ചിട്ടുണ്ട്. ആദ്യ മഹാകാലചക്രത്തിൽ ദുർദ്ദേവതകളായി മാറിയ അനേകരെ തിരുത്താനും സംഹരിക്കാനുമായിട്ട് മഹാശക്തിയായ ദൈവം, മഹാവിശിഷ്ടമായി സൃഷ്ടിച്ച മഹാ-സംഹാര ദേവിയാണത്.

## മഹാഭദ്രകാളി മഹാഗോമാതാവാണ്, പശു.

**മഹാശക്തിയായ ദൈവം പശുവായി മാറുന്നുണ്ടെങ്കിൽ, അത് ദൈവത്തിന്റെ അഥവാ പശുവിന്റെ കാര്യമാണ്. പശു, കാള എന്നിവകളുടെ കാര്യത്തിൽ മാത്രമല്ല; മനുഷ്യർ ഉൾപ്പെടെയുള്ള എല്ലാ ജീവികളുടെയും എല്ലാ കാര്യങ്ങളിലും എപ്പോഴും സമ്പൂർണ്ണ അവകാശവും അധികാരവുമുള്ളത് അവരെയെല്ലാം സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന ഏകമഹാശക്തിയായ ദൈവത്തിനു മാത്രമാണ്.**

**മനുഷ്യർ ഉൾപ്പെടെയുള്ള ജീവികളെല്ലാം അന്യോന്യം എപ്പോഴും എങ്ങനെയെല്ലാം പെരുമാറണമെന്ന് 'മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശമായ ശരീരത്തിൽ' മഹാലയിച്ചിട്ടുള്ള 'ജീവി-ഗുണ ധർമ്മ ശാസ്ത്ര നിയമങ്ങൾ' പ്രകാരം ജീവാത്മാവ് അറിയുന്നുണ്ട്; അഥവാ 'പ്രത്യക്ഷ ദൈവമായ ശരീരം' ജീവാത്മാവിനെ മഹാഅറിയിക്കുന്നുണ്ട്.**

**ഫലങ്ങളും ധാന്യങ്ങളും മറ്റും ഭക്ഷിക്കാൻ തോന്നുന്നതും ചില ജീവികളെ സ്നേഹിക്കാൻ തോന്നുന്നതും, മറ്റു ചിലവയെ ഭയക്കുന്നതും ഒക്കെ മേല്പടി 'ജീവി-ഗുണ ധർമ്മ ശാസ്ത്ര നിയമങ്ങളുടെ' പ്രഭാവം കൊണ്ടാണ്. അതിനെല്ലാം പുറമേ, മഹാപ്രപഞ്ചത്തിലെ എല്ലാ ജീവികൾക്കും എപ്പോഴും മഹാസമനീതിയും മോക്ഷവും ഉറപ്പാക്കാനും, അവയെ ധർമ്മശാസ്ത്രപരമായിട്ട് ജീവിപ്പിക്കുവാനും, ഓംകാര നീതിശാസ്ത്രം എന്ന മഹാനീതിശാസ്ത്രവുമുണ്ട്.**

## പശുവും പശുപതിയും (കാളിയും കാളയും) പരമശ്രേഷ്ഠജീവി

**സ്ത്രീയും പുരുഷനും ചേർന്നതാണ് മനുഷ്യൻ; പശു, കാള എന്നിവ ചേർന്നതാണ് ഭദ്രകാളി, ഗോമാതാവായ മഹാഭദ്രകാളി. 1000 കോടി വർഷങ്ങളുള്ള ആദ്യമഹാകാലചക്രത്തിൽ ദൈവം മനുഷ്യരൂപം സ്വീകരിച്ചിട്ടില്ല; ഗോമാതാവിന്റെ രൂപം സ്വീകരിച്ചിട്ടുമുണ്ട്. ഏകദൈവദാസനായ പരമശിവനും ആദ്യമഹാകാലചക്രത്തിൽ മനുഷ്യരൂപം സ്വീകരിച്ചിട്ടില്ല; പശുപതിയുടെ (കാളയുടെ) രൂപം സ്വീകരിച്ചിട്ടുമുണ്ട്.**

**ആദ്യമഹാകാലചക്രത്തിലെ ഭരണം മനുഷ്യരിൽ നിന്ന് ആത്മീയ സാക്ഷാത്ക്കാരം നേടിയ ഉന്നതർക്കു നൽകുകയും ദേവതകൾ / മലക്കുകൾ /മാലാഖമാർ എന്നീ പേരുകളോടെ അവർ ഭൂമിയിലെ കാര്യങ്ങളെ ഭരിക്കുകയുംചെയ്തു. അവരെല്ലാം കൂടി കൊടുംനീചത്തങ്ങളെ കാട്ടുകയും ചെയ്തു. മഹാവേദ ഗ്രന്ഥത്തിൽ കാര്യകാരണങ്ങളെ വിശദീകരിച്ചിട്ടുണ്ട്.**

# പശു : സൃഷ്ടി ശ്രേഷ്ഠത

പശു, കാള എന്നിവയ്ക്ക് മഹാശാസ്ത്രത്തിൽ പ്രത്യേക സ്ഥാനമുണ്ട്. മനുഷ്യമാതാവ് ഏതാനും മാസങ്ങളോ സാധാരണഗതിയിൽ 5-ൽ താഴെ വർഷങ്ങളോ മാത്രവും, മനുഷ്യക്കുഞ്ഞിനു മാത്രവും പാൽ നൽകുമ്പോൾ, ഗോമാതാവ് (പശു) തന്റെ കുഞ്ഞുങ്ങളെക്കൂടാതെ, മനുഷ്യരിലെ കുഞ്ഞുങ്ങൾ മുതൽ വൃദ്ധർ വരെയുള്ളവർക്ക് പാൽ നൽകുന്നു. പാലും പാലിൽ നിന്നു ലഭിക്കുന്ന വിഭവങ്ങളും /ഉല്പന്നങ്ങളും കൂടാതെയുള്ള ഒരു ജീവിതം മനുഷ്യനു കഴിയുമോ എന്നു ചിന്തിക്കുമ്പോൾ പശുവിന്റെ ഔന്നത്യം ബോദ്ധ്യമാകുന്നതാണ്. ചാണകം എന്ന ഏറ്റവും നല്ല വളം കൃഷിക്ക് നൽകുന്നു എന്നു പറയുമ്പോൾ സസ്യലോകത്തെ പുലർത്തുന്നതിൽ പശുവിനുള്ള ഔന്നത്യവും വെളിവാകുന്നുണ്ട്. പശുവിന്റെ/ കാളിയുടെ പതിയായ കാള, കൃഷിക്കാരനെയും കച്ചവടക്കാരനെയും ഒക്കെ സഹായിക്കുന്നത് വലിയ കാര്യമാണ്.

**മോക്ഷത്തിനു മുമ്പ് പശു, കാള എന്നിങ്ങനെ ഒന്ന് അഥവാ രണ്ടു ജന്മങ്ങൾ കൂടി മനുഷ്യ-അവസ്ഥയിലുണ്ട്. അതിന്റെ അർത്ഥം പശു, കാള ജന്മങ്ങൾ അഥവാ <u>പശുവും പശുപതിയായ കാളയും മൃഗങ്ങളുടെ പട്ടികയിൽ പെടുന്നില്ല എന്നാണ്.</u> മാത്രമല്ല; <u>മനുഷ്യരുടെ ഏറ്റവും ഉയർന്ന അവസ്ഥയാണ്. 'മായ'</u> പ്രത്യക്ഷമാകുന്നതിനു മുമ്പ്, പശുവിനും, പശുപതിയായ കാളയ്ക്കും, മനുഷ്യരുമായുള്ള ഉന്നത ബന്ധം പൂർണ്ണമായി അറിയില്ലെങ്കിൽ പോലും, പശുവും പശുപതിയായ കാളയും ശ്രേഷ്ഠ ജീവികളാണെന്ന് മനസ്സിലാക്കി അവയോട് / അവരോട് ഉചിതമായി പെരുമാറാൻ മനുഷ്യർക്ക് സ്വയം സാധിക്കുന്നതാണ്. എന്നിരുന്നാലും, ഓരോ സൃഷ്ടി ചക്രത്തിന്റെയും അവസാനത്തിൽ, പുതിയ സൃഷ്ടി ചക്രത്തിലെ മനുഷ്യരിലേക്ക് ശാസ്ത്ര അറിവുകൾ പകർന്നു നൽകാൻ മഹാദേവി മഹാ-ഒരുക്കിയിട്ടുള്ള 33 വർഷക്കാലത്ത് 'ദേവാലയ ഉത്സവങ്ങളുമായി ബന്ധപ്പെടുത്തി മനുഷ്യർ കാളകെട്ട് കാഴ്ചകൾ' വഴി പരിശ്രമിക്കുന്നുണ്ട്.**

ജീവി, മനുഷ്യാവസ്ഥയിൽ എത്തുമ്പോൾ, അടുത്തത് ആത്മീയ സാക്ഷാത്ക്കാരം ആണെന്നറിയുമ്പോൾ, താൻ വന്ന വഴി മറന്നുകൊണ്ടോ അല്ലാതെയോ **മറ്റുള്ള ജീവികളെ നിർദ്ദാക്ഷിണ്യം വധിക്കുവാനും പീഢിപ്പിക്കുവാനും തയ്യാറായിക്കൂടാ. മറ്റുള്ള ജീവികളോട് മനുഷ്യർ കരുണ കാട്ടുവാനും, തങ്ങളുടെ മാതാപിതാക്കളെ ശുശ്രൂഷിക്കണം എന്നതിന്റെ അത്യാവശ്യകത തുടങ്ങി ബഹുവിധ കാര്യങ്ങളിൽ മനുഷ്യരെ മിടുക്കരാക്കാനുമുള്ള ഒരു മഹാസംവിധാനമാണ് പശു, കാള ജന്മങ്ങൾ.**

ഉപയോഗം കഴിഞ്ഞ, അവശരായ, പ്രായമായ എന്നിങ്ങനെയുള്ള പശുക്കളെയും കാളകളെയും വധിച്ചില്ലെങ്കിൽ മനുഷ്യരെന്തു ചെയ്യും, അവയെക്കൊണ്ട് ഭൂമി നിറയില്ലേ എന്നിങ്ങനെയെല്ലാമുള്ള ചോദ്യങ്ങളുമായി മാംസഭുക്കുകളും മറ്റു ബുദ്ധിശാലികളും വാചക കസർത്ത് നടത്തുമ്പോൾ ലളിതമായ ഉത്തരം എപ്പോഴും ഉണ്ട്. **പശുക്കളെ സൃഷ്ടിച്ചിട്ടുള്ളത് ദൈവമാണ്. അവയ്ക്ക് ജീവിക്കാനുള്ള ഭക്ഷണകാര്യങ്ങൾ ഭൂമിയിൽ സൃഷ്ടിച്ചിട്ടുള്ളതും ദൈവമാണ്. അവ മനുഷ്യരെ (പൊതുവെ) ഉപദ്രവിക്കുന്നില്ല. അങ്ങനെയിരിക്കെ, അവയെ വളർത്താനും ചൂഷണം ചെയ്യാനും അവയുടെ സ്രഷ്ടാവും ഉടമയുമായ ദൈവത്തിൽ നിന്ന് അധികാരം ലഭിക്കണം. പശുക്കൾ ഉൾപ്പെടെയുള്ള ജീവികളെയും, ജീവികൾ ഉൾപ്പെട്ട മഹാപ്രപഞ്ചത്തെയും സൃഷ്ടിച്ചിട്ടുള്ളത് ദൈവമാണ്; മനുഷ്യരല്ല; യാതൊന്നും സൃഷ്ടിക്കാൻ മനുഷ്യർക്ക് കഴിവുമില്ല; അങ്ങനെയിരിക്കെ പശുക്കളെയും കാളകളെയും ഒക്കെ വളർത്താൻ മനുഷ്യന് എന്ത് അധികാരം തുടങ്ങിയ ചോദ്യങ്ങളിലൂടെ ദൈവം മനുഷ്യരെ ഒട്ടും തന്നെ വേദനിപ്പിക്കുന്നില്ലാ എന്നതിനെ ദൈവത്തിന്റെ മഹാസ്നേഹത്തിന്റെയും മഹാവാത്സല്യത്തിന്റെയും ഭാഗമായി കാണണം.**

**പുലിക്കും സിംഹത്തിനുമൊക്കെ പാൽ ഉണ്ടെന്നിരിക്കെ, അവയെ വളർത്താൻ തയ്യാറാവാതെ സാധുവായ പശുവിനെ വളർത്തുകയും ആവശ്യങ്ങളെയെല്ലാം നേടിയശേഷം അധമന്യായം പറയുകയും ചെയ്യുന്നത് ധർമ്മശാസ്ത്രപരമല്ല.**

**പശുവിനെയും കാളയെയും ശാസ്ത്രങ്ങൾ പ്രകാരം സംരക്ഷിച്ചുകൊണ്ട് അവ നൽകുന്ന ഉല്പന്നങ്ങളെ ആസ്വദിക്കുവാൻ മനുഷ്യരെ ധർമ്മശാസ്ത്രം/ ദൈവം അനുവദിക്കുന്നുണ്ട്. സംരക്ഷിക്കുക എന്നത് അല്പം ഭക്ഷണം കൊടുക്കുന്നതിലും, എന്തെങ്കിലും ചില പാർപ്പിടം കൊടുക്കുന്നതിലും ഒതുങ്ങരുത്.**

പശുവിനെ കറന്ന് പാൽ എടുക്കുന്നത് പുരുഷനായിക്കൂടാ. സ്ത്രീകൾ തന്നെ ചെയ്യണം. (തന്റെ അമ്മയും അച്ഛനും അപ്പച്ചിയും പെങ്ങളും അമ്മൂമ്മയും അപ്പൂപ്പനും താനും ഒക്കെ മരിച്ച് പശുവായും കാളയായും പുനർജ്ജനിച്ചുവരുന്ന കാലമുണ്ട് എന്നതും പ്രസ്തുത ജന്മത്തിൽ ഇടയ്ക്ക് മുജ്ജന്മ ഓർമ്മകൾ ലഭിക്കുമെന്നതും മനുഷ്യർ ഭാവന ചെയ്യുമ്പോൾ അനവധി കാര്യങ്ങളെ പറയാതെ സ്വയം ബോദ്ധ്യപ്പെടുന്നതാണ്.).

## പശു : സ്ഥിതി ശ്രേഷ്ഠത

മനുഷ്യസ്ത്രീയുടെ പാൽ കറന്നെടുക്കുവാൻ യന്ത്രം ഉപയോഗിക്കുന്നുവെങ്കിൽ മാത്രം, അങ്ങനെ യന്ത്രം ഉപയോഗിക്കുന്ന ദിവസങ്ങളിൽ, പശുവിന്റെ പാൽ കറന്നെടുക്കുവാനും യന്ത്രം ഉപയോഗിക്കാം. അതുപോലെ, ബുദ്ധിശക്തിയും കർമ്മശേഷിയും ഒക്കെ വർദ്ധിച്ചുള്ള കുഞ്ഞുങ്ങളെ ലഭിക്കുവാൻ അന്യപുരുഷന്മാരുടെ ബീജം ഭാര്യയിൽ നിക്ഷേപിച്ച് കുഞ്ഞിനെ സൃഷ്ടിക്കാൻ തയ്യാറാവുന്ന പുരുഷനും, അതുശരിവെയ്ക്കുന്ന സ്ത്രീയും, ലൈംഗികബന്ധങ്ങളിൽ ഏർപ്പെടാതിരിക്കുക കൂടി ചെയ്യുന്നുവെങ്കിൽ, പ്രസ്തുത മനുഷ്യദമ്പതികൾക്കു മാത്രം, പശുവും കാളയും ഇണചേരുന്ന പ്രകൃതി (ദൈവ) നിയമത്തെ ധിക്കരിക്കണമെന്നും കാളയുടെ ബീജം കൃത്രിമമായി പശുവിൽ ചേർക്കണമെന്നും വാദിക്കാനുള്ള അവകാശമുണ്ട്; തീരുമാനിക്കാനുള്ള അവകാശം അവയെ സൃഷ്ടിച്ച ദൈവത്തിനു മാത്രമാണ് എപ്പോഴും ഉള്ളത്.

**പശുവിനെയും കാളയെയും സംരക്ഷിക്കാത്തവർക്ക് അവയിൽ നിന്നുള്ള ഉല്പന്നങ്ങളെ ആസ്വദിക്കുവാൻ യോഗ്യതയില്ല; എല്ലാ ജീവികളുടെയും യഥാർത്ഥ ഉടമയായ ഭൂമിയുടെ പ്രസ്തുത കല്പനയും മണ്ണിലുണ്ട്; വിശകലനം ചെയ്താൽ ബോദ്ധ്യപ്പെടുന്നതാണ്. പശുവിനെയും കാളയെയും വിൽക്കാനോ വാങ്ങാനോ പാടില്ല; ദാനമായി നൽകുകയും ദാനമായി സ്വീകരിക്കുകയും ചെയ്യാം തുടങ്ങിയ കാര്യങ്ങളുമുണ്ട്.**

മുൻ സൃഷ്ടിചക്രങ്ങളുമായി ബന്ധമുള്ള ശക്തി-ശിവ-പുരാണങ്ങളിൽ ഗോമാതാവ്, പശുപതി എന്നിങ്ങനെ പേരുകളുള്ളതും, ശിവ-ഭൂതഗണങ്ങൾക്ക് തലയിൽ കാള-ക്കൊമ്പ് ഉള്ളതും ശിവ-വാഹനമായി കാളയെ പരാമർശിക്കുന്നതും അതിഗൗരവമായതും ആത്മീയ/നീതി ശാസ്ത്രപരവുമായ കാരണങ്ങളാലാണ്.
പശുവിനെപ്പറ്റിയുള്ള (പശു = പശു + കാള), ശാസ്ത്ര വിശദീകരണങ്ങൾ മനുഷ്യരെ ഞെട്ടിക്കുന്നതാണ് :

ആദ്യ മഹാകാലചക്രത്തിൽ, 1000 കോടി വർഷക്കാലം, ഗോമാതാവായി (പശുവായി) മനുഷ്യരെ സേവിച്ച ശേഷമാണ് മഹാശക്തിയായ ദൈവം/ മഹാദേവി, രണ്ടാമത്തെ മഹാകാലചക്രത്തിൽ മനുഷ്യരൂപത്തെ മഹാസ്വീകരിച്ചിരിക്കുന്നത് എന്നതും, മഹാദാസനായ പരമശിവനെ പശുപതി (പശുവിന്റെ പതി = കാള) ആയി മനുഷ്യരെ സേവിക്കുവാൻ മഹാഅനുഗ്രഹിച്ചശേഷമാണ് മനുഷ്യരൂപം നൽകിയിട്ടുള്ളത് എന്നതും ശ്രദ്ധേയമാണ്.

പശുവിനെയും കാളയെയും മനുഷ്യരേക്കാൾ ഉന്നതമായ അവസ്ഥയായിട്ടാണ് ദൈവം / ഭൂമി മഹാനിശ്ചിയിച്ചിട്ടുള്ളത് എന്നറിയിക്കുന്നു. പശുവിന്റെ ചാണകത്തിൽ നിന്നാണ് മനുഷ്യൻ ഉൾപ്പെടെയുള്ള അനേകം ജീവികൾക്കു പ്രിയപ്പെട്ട പഴമായ **ആപ്പിൾ** സൃഷ്ടിച്ചിട്ടുള്ളത്; ഗോമൂത്രത്തിൽ നിന്ന് **ഓറഞ്ചും**. (മനുഷ്യരുടെ മലത്തിൽ നിന്നാണ് ബഹുവിധ വേഷംകെട്ടിനും മനുഷ്യർ ഉപയോഗിക്കുന്ന ചന്ദനത്തെ സൃഷ്ടിക്കുന്നത്; മൂത്രത്തിൽ നിന്ന് നാരങ്ങാ നീരും.).

മനുഷ്യർ സ്വീകരിക്കേണ്ടതായുള്ള പശുജന്മത്തെ മനുഷ്യർ ഇഷ്ടപ്പെടുന്നതിന്നായും, ഏകദൈവമായ മഹാദേവി സ്വയം ഗോമാതാവായിട്ട് മഹാസേവനം ചെയ്യുന്നതിനെ അറിയിക്കാനായും, പശുവിന്റെ ഔന്നത്യം മനുഷ്യരെ സുവ്യക്തമായി ബോദ്ധ്യപ്പെടുത്താനായും, മഹാശക്തിയായ മഹാദേവി, മഹാപ്രപഞ്ചത്തിന്റെ മഹാമാതാവായിട്ട് മനുഷ്യരൂപം സ്വീകരിക്കുമ്പോൾ, തനിക്ക് മഹാനിശ്ചയിച്ചിട്ടുള്ള നാമത്തിൽ പശു എന്ന പദത്തെ ചേർത്തിട്ടുണ്ട്. കാളി എന്ന പദത്തിന്റെ പ്രഥമവും പ്രധാനവുമായ അർത്ഥം പശു എന്നാണ്. സ്ത്രീ എന്ന അർത്ഥം രണ്ടാമത്തേതു മാത്രമാണ്. കാളി എന്ന പദത്തിൽ നിന്നാണ് കാള എന്ന പദം (പുല്ലിംഗം) രൂപപ്പെടുന്നത്. മഹാപ്രപഞ്ചത്തിന്റെ മഹാമാതാവായ മഹാദേവി മഹാസ്വീകരിച്ചിട്ടുള്ള പേര് ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവി എന്നാണ്. ദൈവത്തിന്റെ മഹാനാമത്തിലെ മുഖ്യഭാഗമെന്നു തന്നെ വിശേഷിപ്പിക്കാവുന്ന ഭദ്രകാളി -യിലാണ് പശു എന്ന അർത്ഥമുള്ള മഹാശബ്ദമായ കാളി ചേർത്തിട്ടുള്ളത്. അതായത് മഹാപ്രപഞ്ചത്തെ അഥവാ സർവ്വത്തെയും മഹാഭദ്രപ്പെടുത്തിയിക്കുന്ന സ്ത്രീ (കാളി) എന്ന അർത്ഥത്തോടൊപ്പം, മഹാപ്രപഞ്ചത്തെ മഹാഭദ്രപ്പെടുത്തിയിരിക്കുന്ന മഹാ-ഗോമാതാവ് അഥവാ പശു എന്ന മഹാ-അർത്ഥവും, ഭദ്രകാളി എന്ന മഹാശബ്ദത്തിനുണ്ട്.

**മഹാഭദ്രകാളിയായ മഹാഗോമാതാവിന്റെ പക്കൽ ആദ്യ മഹാകാലചക്രത്തിൽ മഹാപ്രപഞ്ചം മഹാഭദ്രമായിരുന്നു; മഹാപ്രപഞ്ചത്തെ എപ്പോഴും ഭദ്രമാക്കുവാൻ കഴിവുള്ളത് മഹാഭദ്രകാളിക്കു മാത്രമാണ്. രണ്ടാമത്തെ മഹാകാലചക്രം മുതൽ മഹാഗോമാതാവ് എന്ന ദിവ്യ രൂപത്തിനു പുറമെ, മഹാദിവ്യമനുഷ്യസ്ത്രീരൂപം കൂടി സ്വീകരിച്ച് കുഞ്ഞുങ്ങളെ കൂടുതൽ സന്തോഷിപ്പിക്കാൻ മഹാഭദ്രകാളിയായ മഹാദേവി ശ്രദ്ധിക്കുന്നു. അപ്പോഴും എപ്പോഴും മഹാപ്രപഞ്ചം മഹാഭദ്രകാളിയുടെ പക്കൽ മഹാഭദ്രം.**

**പശുപതിയായ പരമശിവന്റെ എല്ലാമെല്ലാം പശുവായ മഹാശക്തിയാണ്. ഓക്സിന്റെ എല്ലാം എല്ലാം, ഓക്സിന്റെയും (ox) ജീവൻ/ ശക്തി എന്നിങ്ങനെയുള്ള മഹാ-വിശേഷണങ്ങൾ കൊണ്ടാണ് ദൈവത്തിന്റെ വാതകരൂപത്തിന് ഓക്സിജൻ എന്ന പേര് ദൈവമിട്ടത്. മനുഷ്യർ ഏതൊന്നിനു പേരിടുമ്പോഴും ഓക്സിജൻ നിയന്ത്രിക്കുന്നുണ്ട്. 'പേരുകൾ ഇടുന്നത് എങ്ങനെ, ആര് ?' എന്ന അദ്ധ്യായത്തിൽ വിശദീകരണമുണ്ട്. O എന്ന ഇംഗ്ലീഷ് അക്ഷരത്തിൽ നിന്ന് OM (ഓം) എന്ന അക്ഷര-ബ്രഹ്മം ഉണ്ടാകുന്നത് എങ്ങനെയെന്ന് സൂചിത മഹാവേദ ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.**

പശുവിനെയും കാളയെയും നിയന്ത്രിക്കുവാൻ, ബ്രഹ്മവൃക്ഷമെന്നു വിശേഷണമുള്ള തെങ്ങിലെ തേങ്ങയുടെ ചകിരി പിരിച്ചുണ്ടാക്കിയ കയർ മനുഷ്യർ ഉപയോഗിക്കുന്നു. പശുവിന്റെയും കാളയുടെയും സ്വാതന്ത്ര്യത്തിനു മേൽ മനുഷ്യൻ ചില കടിഞ്ഞാണുകൾ /കയർ ഇടുന്നത് അവയെ സംരക്ഷിക്കാൻ കൂടിയാണ്. ഉടമയുടെ ഇഷ്ടങ്ങൾക്കൊത്തും വളരെ ചിട്ടയോടെയും കഴിയുന്ന പശുവിനോ കാളയ്ക്കോ കയറിടുന്നത് നല്ല ഉടമയ്ക്ക് ഇഷ്ടമല്ല; ആവശ്യവുമല്ല. ധർമ്മശാസ്ത്രപരമായി മാത്രം അഥവാ ദൈവത്തിന്റെ ഇഷ്ടങ്ങൾക്കൊത്തു മാത്രം ജീവിക്കുന്ന മനുഷ്യരുടെ മേൽ ദൈവം നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ട ആവശ്യമില്ല, ഏർപ്പെടുത്തുന്നില്ല. പശുവിനും കാളയ്ക്കും നീ കയറിടുന്നതുപോലെ, ആത്മീയ സാക്ഷാത്ക്കാരത്തിനു മുമ്പായിട്ട് നീ പശു/കാള-ജന്മങ്ങൾ എടുക്കുമ്പോൾ, "മനുഷ്യാ നിന്റെ കഴുത്തിലും കയർ വീഴും" എന്നത് മനുഷ്യരെ ബോദ്ധ്യപ്പെടുത്താനുള്ള മഹാശാസ്ത്രസംവിധാനമാണ് 'പൂണൂൽ' എന്നറിയപ്പെടുന്ന ചൂണ്ടുപലക. ഇന്ത്യയിൽ അർത്ഥമറിയാതെ 'വിഡ്ഢിനൂലായി' ഇന്ന് അനേകർ ഉപയോഗിക്കുന്നുവെങ്കിലും മനുഷ്യന്റെ പശു/കാള ജന്മങ്ങളെപ്പറ്റിയുള്ള ഗൗരവമായ സൂചനയാണത്. അതോർമ്മിപ്പിക്കുവാൻ ദൈവാരാധന ചെയ്യുമ്പോഴും ആത്മീയശാസ്ത്ര വിഷയങ്ങളെ പഠിപ്പിക്കുമ്പോഴും, പഠിക്കുമ്പോഴും, ദൈവ-ആരാധനയ്ക്ക് ദൈവത്തിൽ നിന്ന് നേരിട്ട് യോഗ്യത നേടിയ ശേഷവും, 'പൂണൂൽ' ധരിക്കുന്നതു നല്ലതാണ്.

ദൈവം 'മായ' പ്രത്യക്ഷമാക്കിയ ശേഷം, പ്രപഞ്ചപിതാവ് കൂടിയായ പരമശിവനിലൂടെ, ഓരോ മനുഷ്യനും 100 ജന്മങ്ങളിലെ 90 മുതൽ 95 വരെയുള്ള ഒരു പുരുഷജന്മത്തിൽ, 50 വയസ്സോടടുത്ത്, മഹാശാസ്ത്രം ലഭ്യമാക്കിയ ശേഷം മാത്രമേ, ദൈവാരാധന ചെയ്യാൻ മനുഷ്യർ യോഗ്യത നേടുകയുള്ളൂ. മാത്രമല്ല; 'പൂണൂൽ' സ്ഥിരമായി ധരിക്കാനുള്ള ദൈവീക-അവകാശവും അധികാരവും ലഭിക്കുന്നത് അപ്പോഴാണ്. പ്രസ്തുത ജന്മത്തിലെ ശിഷ്ടകാലത്തും, ശേഷമുള്ള ജന്മങ്ങളിൽ ദൈവ ദർശനം ലഭിക്കുമ്പോൾ മുതലുമാണ് ദൈവം അനുഗ്രഹിക്കട്ടെ തുടങ്ങിയ ആശംസകൾ നേരാൻ അവകാശവും അധികാരവും ഓരോ മനുഷ്യനും ലഭ്യമാവുന്നത്. ഭരണാധികാരികൾ ഉൾപ്പെടെ ഭൂമിയിലെങ്ങുമുള്ള യാതൊരാൾക്കും നിലവിൽ 'ആശംസകളെ നേരാൻ യോഗ്യതയില്ല'. ആശംസകളെ ലഭിക്കുന്ന വ്യക്തിക്ക് പ്രയോജനം ഉണ്ടായാൽ മാത്രമേ ആശംസയ്ക്ക് എന്തെങ്കിലും അർത്ഥമുള്ളൂ. അധമമായ രീതികളെ പിൻപറ്റി ആശംസകൾ നടത്തുന്നവർ അജ്ഞാനം കൊണ്ടായാലും, അഹംഭാവം, ദുർവ്യയം എന്നിവ ചേരുകയാൽ, വ്യത്യസ്ത അളവിൽ പാപം സമ്പാദിക്കുന്നുണ്ട്.

ആത്മാർത്ഥമായി ആശംസിക്കുന്നവർക്ക് ദീർഘകാലം കൊണ്ടും അനേകം ജന്മങ്ങൾകൊണ്ടും നേടിയ പുണ്യത്തിൽ ശോഷണം ഉണ്ടാകുന്നതാണ്. പുണ്യം (ഉചിതമായത്) നൽകാൻ എല്ലാവരുടെയും സൃഷ്ടി സ്ഥിതി സംഹാര കർത്താവും മഹാനീതിയും മഹാശക്തിയുമായ ദൈവം ഉണ്ട്. അദ്ധ്വാനിച്ചു മാത്രം നേടുന്ന പുണ്യത്തെ, അറിഞ്ഞും അറിയാതെയും അർഹിക്കാത്തവർ ഉൾപ്പെട്ട ജനങ്ങൾക്ക് ആശംസകളിലൂടെ നഷ്ടപ്പെടുത്തുന്നവർ ആവശ്യമില്ലാത്ത അബദ്ധമാണ് ചെയ്യുന്നത്. വേഷംകെട്ടലുകൾ നാടകത്തിൽ മതി, ജീവിതത്തിൽ വേണ്ട; ശാസ്ത്രത്തിൽ വേണ്ട; ദൈവത്തോടു വേണ്ട.

**ദുർദ്ദേവതകളായി അധഃപതിച്ച ദേവതകളുടെ സങ്കല്പ-ചിത്രങ്ങളും വീഡിയോ ക്ലിപ്പുകളും പ്രതിമകളും 'തെറ്റുകൾ ഏറെയുള്ള  സന്ദേശങ്ങളും' പ്രചരിപ്പിക്കുവാൻ മതജാതിരാഷ്ട്രീയ ജീവികളായ അവിവേകികൾ പ്രവർത്തിക്കുന്നത്, മേല്പടി (ദുർ)ദേവതകളെ സദാ കാണുകയും അറിയുകയും ചെയ്യുന്ന സുഹൃത്തുക്കളെ പ്പോലെയാണ്. ദൈവശിക്ഷ പിടിച്ചുവാങ്ങാതിരിക്കുന്നത് നല്ലതാണ്.**

ആട്, കോഴി തുടങ്ങിയ ജീവികളെപ്പറ്റി പറയുമ്പോൾ, വീടുകളിൽ വളർത്തുന്നവയ്ക്ക് തങ്ങളുടെ കുട്ടികൾക്ക് നൽകുമ്പോലെ സ്നേഹപരിലാളനങ്ങൾ നൽകണം, സ്നേഹിച്ച് ജീവികളെ വളർത്തുന്നത് കൊല്ലാനും തിന്നാനും ആകാമോ, പാടില്ല. കുന്നുകളിലും മലകളിലും കാടുകളിലും വളരേണ്ടവയ്ക്ക് ആവിധ സൗകര്യങ്ങൾ നൽകാതെ അവയെ വീടുകളിൽ മാത്രമായി വളർത്തിക്കൂടാ. അവയുടെ ആദിസൃഷ്ടിക്ക് പൈശാചിക-ന്യൂനശക്തികളുടെ പ്രവർത്തനവുമായി ബന്ധമുണ്ട്. ദൈവം 'മായ' പ്രത്യക്ഷമാക്കിയശേഷം അനേകം ജീവികളെ പിൻവലിക്കുന്നതാണ്. ജലത്തിലെ ഓക്സിജൻ ആണ് മത്സ്യത്തെ ഭരിക്കുന്നത്, ആകയാൽ മത്സ്യത്തെ കരയിലേയ്ക്ക് മനുഷ്യൻ പ്രവേശിപ്പിക്കുമ്പോൾ അവ വേദനയില്ലാതെ മരിക്കുന്നതാണ്. മനുഷ്യൻ കൊന്നതായി പറയാനാവില്ല. മത്സ്യ ഭക്ഷണം, സസ്യഭക്ഷണത്തേക്കാൾ ശ്രേഷ്ഠമാണ്.

# പശു : സംഹാര ശ്രേഷ്ഠത

ഓരോ മനഷ്യനും 100 ജന്മങ്ങളെയും, അവസാന ജന്മത്തിലോ ശേഷമോ ഒരു പശു / കാള ജന്മത്തെയും അനുഗ്രഹിച്ചു നൽകുന്നത് എല്ലാ കുഞ്ഞുങ്ങൾക്കും സമആനന്ദങ്ങളെയും സമനീതിയെയും ലഭിക്കുന്നത് ഉറപ്പാക്കാനാണ്. അവസാന ജന്മത്തിൽ ഉന്നതരും ഒരുപക്ഷേ ഉറ്റവരുമായിരുന്നവരുടെ തൊഴുത്തിൽ പശുവായോ കാളയായോ എത്തിപ്പെടാനും വളരെ നല്ല പരിചരണങ്ങളെ ആസ്വദിക്കുവാനും കഴിയുന്നതാണ്. മാത്രമല്ല, മുജ്ജന്മ ഓർമ്മകളോടെ ചുറ്റുമുള്ള മനുഷ്യരുടെ ജീവിതകാര്യങ്ങളെ കാണാനും വിശകലനം ചെയ്യാനും കഴിയുന്നതും കൂടുതൽ ക്ഷമാശീലരാകാനും സാധിക്കുന്നു. പ്രസ്തുത അവസ്ഥയിൽ 'മോക്ഷം' എന്ന ആത്മീയസാക്ഷാത്ക്കാരം നേടുന്നതും വലിയ സൗഭാഗ്യമാണ്. പരമാനന്ദകരമായ അനുഭവങ്ങളാണ് ഉണ്ടാവുക. എന്നാൽ **ഓരോ മനുഷ്യനും പശു-കാള ജന്മങ്ങൾ തീർച്ചയാണെന്നറിയുമ്പോൾ ജനങ്ങളെല്ലാം ഏതാനും ജന്മങ്ങളിൽ ഭയക്കുന്നതാണ്; ശുദ്ധീകരണത്തിന് ഭയം നല്ലതാണ്; ഏതാനും ജന്മങ്ങളിലെ ശുദ്ധീകരണം കൊണ്ട് വിഷയസംബന്ധമായ ഭയം ഓരോരുത്തർക്കും ഇല്ലാതെവരുന്നു. അതായത് വിഷയത്തിലെ ഭയവും, ജന്മങ്ങളിലെ ശുദ്ധീകരണം കൊണ്ട് നേടുന്ന ഭയമില്ലായ്മയും ജനസമൂഹത്തെ ശുദ്ധിചെയ്യുന്നതാണ്.**

**രക്ഷിക്കുക എന്നതിന്റെ അർത്ഥം അറിയാതെ, പശുവിനെ രക്ഷിക്കാനെന്ന പേരിൽ ചുറ്റുമുള്ള മനുഷ്യരെ ശിക്ഷിക്കാനും കൊല്ലാനും നടക്കുന്ന സമൂഹ-ഭരണാധികാരികൾ ഉൾപ്പെടെയുള്ള പാപികൾ വളരെ ശ്രദ്ധിക്കുക. മഹാനീതിയായ ദൈവം എല്ലാ മനുഷ്യർക്കും നൂറാമത്തെ ജന്മമായിട്ട് പശുവായി അഥവാ കാളയായി ജനിക്കാനുള്ള അവസരത്തെ മഹാഅനുഗ്രഹിച്ചു നൽകിക്കൊണ്ട് വിഷയ ശുദ്ധീകരണം നടത്തുന്നുണ്ട്.**

(ഏതെങ്കിലും പ്രദേശത്തെ ജനങ്ങൾ സംഘടിച്ച് കൂട്ടത്തോടെ ഗോവധം ചെയ്ത് സ്ഥിതിപരമായ വിധിയെ അട്ടിമറിക്കാൻ തുനിഞ്ഞാൽ അവസാന ജന്മത്തിൽ എന്നതിനും ജന്മങ്ങളുടെ എണ്ണത്തിനും ജന്മഗുണമായ ജനനസ്ഥലത്തിൽ വർദ്ധിച്ച മാറ്റങ്ങളെ വരുത്തിയും മഹാ-സമതുന്തിലാവസ്ഥ സ്ഥാപിക്കാൻ മഹാനീതിശാസ്ത്ര പ്രകാരം ഏകമഹാശക്തിയായ ദൈവത്തിനു സാധിക്കുന്നതാണ്.).

**ദൈവം ഭൂമിയിൽ 'മായ' പ്രത്യക്ഷമാക്കുന്നതോടെ, മഹാശാസ്ത്രകാര്യങ്ങൾ സുവ്യക്തമായി സമൂഹത്തിൽ പ്രചരിക്കുന്നതും ജനങ്ങളെല്ലാം സ്വയം ഗോവധത്തിൽ നിന്ന് പിന്മാറുന്നതുമാണ്. ഗോസംരക്ഷകർ ആവാനുള്ള തത്രപ്പാടാണ് പിന്നെക്കാണുക. ഗോവധ നിരോധനം മാനുഷിക നിയമത്തിലൂടെ നടപ്പാക്കേണ്ടതായ ഒന്നല്ല എന്നുമർത്ഥം. ഗോസംരക്ഷണം ഉൾപ്പെടെയുള്ള സർവ്വ നിയമങ്ങളും മണ്ണിലുണ്ട്. ഗോവധ നിരോധനത്തിനായി മാനുഷിക- നിയമങ്ങളെ ഉണ്ടാക്കുന്നവരും, ഗോവധ നിരോധനത്തിനായി എന്തെങ്കിലും അക്രമ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നവരും വലിയ പാപികളുടെ പട്ടികയിൽ പെടുന്നതാണ്. മണ്ണിലുള്ള മഹാശാസ്ത്രം മനസ്സിലാക്കി തങ്ങൾക്കുവേണ്ടി ഓരോ വ്യക്തിയും ജീവിതക്രമങ്ങളെ ചിട്ടപ്പെടുത്തുകയേ വേണ്ടൂ. ഗോസംരക്ഷണം ഉൾപ്പെടെ യാതൊരു വിഷയങ്ങളിലും, ദൈവത്തിന്റെ സൃഷ്ടി മാത്രമായ യാതൊരാളും ദൈവത്തിനു വേണ്ടി യാതൊന്നും യാതൊരിക്കലും പ്രവർത്തിക്കേണ്ടതില്ല.**

മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ തനിച്ചു നിർവ്വഹിക്കുന്ന മഹാശക്തിയായ ദൈവം നൽകിയാൽ മാത്രമേ മനുഷ്യന് അനങ്ങാൻ പോലും ശക്തി ലഭിക്കൂ എന്നിരിക്കെ യാതൊരു മനുഷ്യരുടെയും സഹായങ്ങൾ ദൈവത്തിന് ഒട്ടും ആവശ്യമില്ല തന്നെ. മനുഷ്യർ തട്ടിക്കൂട്ടുന്ന നിയമങ്ങൾ മഹാപ്രപഞ്ചത്തിന് ചേരുന്നതുമല്ല.

**മതങ്ങളിലെയും രാഷ്ട്രീയങ്ങളിലെയും പ്രമാണിമാർക്ക്, ദൈവത്തിന്റെ മഹാദാസനും പ്രപഞ്ച പിതാവും, ഏകപ്രതിനിധിയുമായ പരമശിവനിലൂടെ, ദൈവം നൽകുന്ന താക്കീതായി മേൽവാക്യങ്ങളെ കണക്കാക്കുക. എല്ലാം ദൈവം തനിച്ചു ചെയ്യുന്നു. മഹാശാസ്ത്രകാര്യങ്ങൾ അറിയിക്കാനായും മനുഷ്യരെ സഹായിക്കാനുമായി ദൈവം മഹാദാസനായി തന്റെ തന്നെ ഒരു ഭാഗത്തെയാണ് പരമശിവൻ എന്ന പേരിൽ സൃഷ്ടിച്ചിട്ടുള്ളത്, അപ്പോഴും ഏകമഹാശക്തിയായ ദൈവത്തിന് മനുഷ്യർ ഉൾപ്പെടെ യാതൊരു സൃഷ്ടികളുടെയും സഹായങ്ങൾ യാതൊരു കാര്യത്തിനും ആവശ്യമില്ല എന്ന് സുവ്യക്തമായി അറിഞ്ഞുകൊള്ളുക.**

**ഓരോ സൃഷ്ടിചക്രവും സംഹരിക്കപ്പെടുന്നതോടെ പശു-കാള ജന്മങ്ങൾ അടുത്ത സൃഷ്ടിചക്രത്തിൽ ജീവിക്കുന്നവരെ ഓർമ്മപ്പെടുത്താനായും കൂടി തയ്യാറാക്കപ്പെട്ടതാണ് കാളകെട്ടിന്റെ മൂലരൂപം എന്ന് മുമ്പ് വ്യക്തമാക്കിയിരുന്നു.**

**പശു പാഠം 2-ന്റെ ഭാഗമായി കരുതാവുന്ന ഇംഗ്ലീഷ് ഭാഷയിലുള്ള വിശദീകരണമുണ്ട്. അനവധി വർഷങ്ങൾക്കു മുമ്പ് തയ്യാറാക്കിയതാണ്; എങ്കിലും കൂടുതൽ ആഴമുള്ള വസ്തുതകളെ ലളിതമായി ചേർത്തിട്ടുണ്ട്.**

# What are the Special Features in creating Cow & Ox as per Physical Science & Spiritual Science.

This Portion details the Dignifying Features in the Creation of Cow & Ox, based on Physical Science (Bhouthika Shastram).

MahaaShakthi has taken special care in the creation of the (Divine) Cows & Oxen that they are dependent even to their parents very little. At the delivery time itself the calves get power to walk, run and jump; and eat grass.
This feature is to be compared with the human babies who cannot move their body a little for many weeks; cannot sit for many months; cannot stand and walk for many months; and who need support for many years!

**Cow & Ox are a super stage of Human beings. It is proved herein below as per Logical Science. (Revelation not yet received regarding Buffalo, Camel, etc.).**
A few may have a question based on Non-believing Re-incarnation Theory.
It is proved according to Logical Science which is the Link-Science of all Branches of Science. Further the Scientific Proofs about Oxygen, Hydrogen, Rare Gases, Sound, Love, etc. given in Part 3 of this Web site support the Re-incarnation Theory. To the still non-believers, they will repent and accept because the Opening of Maya will occur soon.

It is scientifically explained in Part 4 how FISH becomes the First Creature. Fish evolves to Plant, then to Bird, then to Animal and then to Man. In the Human stage there are 100 births,
50 as Men and 50 as Women. And all people get equal opportunities to avail Equal Justice in Beauty, Job, Hobby, etc. etc. during the course of those 100 births. The importance of the number 100 in human life is not co-incidental;it is so set by GOD.
Man evolves to the Godly/Supreme Pleasure Status of Brahmanandam at the completion of 100 human-births..
This **Portion details the Dignifying Features in the Creation of Cow & Ox, based on Spiritual Science (Science of Justice).**
It is established and/or proved that the next evolution of Man is the Godly Status of Brahmanandam. GOD needs to take care that the above situation should not be misused by Man to kill and/or destroy other Creatures as he has already passed through those stages. The Energy Law that every Creature is to depend upon other Creatures for Food is to be respected, and such respect should not lose its virtues as to develop into the destruction of any group of Creatures. The Human Beings need to be properly controlled and further given more chances to attain super-maturity lessons.
And it is established by GOD that during his life in human-forms,
**Man has to take one-birth as Cow or Ox; rarely 2 births.**
**Mostly it is the Final Birth, i.e. the 99th and/or 100th birth.**
**However GOD do not fix it to uplift the Vedas.**

**The above situation makes Man fear sufficiently as to refrain from unnecessarily killing and/or torturing other creatures.**
**It can be understood from the separate page detailing 'Scientific Worship', that the situation progresses and people may thirst for both Cow & Ox births to be awarded as their 99th & 100th births respectively. The Free Will as per Protective Fate tends a few people very rarely to avail a 101th birth as part of punishment. The details of Protective Fate are available above.**

Though the Living (Food) Energy Law for all Living Creatures are set by GOD as All Creatures depend on Each Other for Food and Enjoyments, it is established that such dependence are for beautifying this Universe, and it should create only LOVE and Not brutal thoughts/words/deeds. The knowledge of **1** or **2** Births as **Cow** and/or **Ox** during his **100 Human Births** settles the issue.

The Next Chapter is the continuation of the Dignifying Features in the Creation of Cow & Ox according to the Science of Duties & Virtues (Dharma Shastram).

# What are the Special Features in creating Cow & Ox as per the Science of Duties & Virtues (Dharma Shastram) ?

This Portion details the Dignifying Features in the Creation of Cow & Ox, based on the Science of Duties & Virtues (Dharma Shastram). Cow & Ox are a Super stage of Human beings. It is proved herein below as per the Science of Duties & Virtues which contains Logical Science too. The Supreme Justice, the Supreme Mother of the Universe awards Status or Position to any/all Creature in the Universe. Man is only a blessed pleasure-eater as well as witness-cum-victim like other Creatures. Human beings are at free to assume self that they are Superior to all Creatures. But it is of no use and/or substance before Truth. The Truth is known only to the Creator. The Creator explains all Truths scientifically. Those Truths are same as the MahaaVedam (the Supreme Science).

## There are mainly 3 Super-Maturity Lessons.

## The First lesson is connected with Srushti (Creation).

It is the Creational Excellence of GOD that Every Creature is basically living for itself. The human beings live (also) for themselves. As was explained about Brahmam, GOD alone lives for the Universe including the Creatures, created by GOD. GOD is Not a Creature, but apparently lives for Creatures, it is the GODLY Loving Style. As was detailed before, the Cow and Ox live for themselves, **but more for human beings.** This is an adaptation of Godly Loving style which is possible to a Creature, Superior to Man. A close look will make man find this true. Many people say that COW see or get information about climatic changes, the smell of divine or devil souls, etc. Since cow/bull is a super-stage of Man during the Course of his 100-human births, it is more divine and knows more. At times, it gets past -memories of (its) human births too. This would make them more silent, obedient & adjustable to human behaviors even when they are tortured brutally. The periodical recollections (of their human memories) of their own torturing animals during their human-births make them more good / reasonable. It is the animal which lives mainly on grass, not (needed to be) cultivated by man. It exhibits the Supreme Qualities of GOD, Truth, Duties & Virtues, and Justice, than that of Man. It is a Creature totally Ready for Sacrifice or with no other go except to allow being killed (like the Human forms /Divine Personalities created by GOD). It is another main reason why the Popular Men of Sacrifice, namely Christ, Budha, Gandhiji etc. and Men of Duplicity such as Krishna, knowingly or unknowingly place more divinity (attached) to Cow/Ox. The very silent animal obeys and/or serves Man to the extreme, perhaps more than human beings.

**Think of the life-situation of Human beings if there are no Cows/Oxen.**

## The Second lesson is connected with Sthithi (Preservation).

It makes man who are to evolve to Godly Status of Pleasures, love all creatures. The Cow/Ox is selected/created as the Animal to enlighten Man. Man should learn the lessons /the glory of Sacrifice from COW and OX. He should learn the generally silent life-style of Cow/Ox. He should be qualified for the Final Super Evolution.

**The Third lesson is connected with Samharam (Destruction/Preservation).**

Man should think whether his today's (old) parents and, tomorrow's old he be looked after during their ill-health (old age), or avoided (or killed)!. The Supreme Stage of LOVE is allowed to be examined through Cow. MAN faces many tests here - whether to kill the Cows who can be physically said as lived more for human beings. Those tests are very important as his next stage (of evolution) is Godly, and one reaching the Godly Status must be most compassionate to all Creatures.

# Periodical Decaying of Scientific Facts

The style of living in the two parts of Creation Cycle make differences.

As per the remains of the Past Creation Cycles, a few Hindus try to stop killing Cows and Oxen. To remind the Cow/Ox birth; and to respect the high values, people conducted Cow & Ox -Idol worship during Celebrations in Temples, etc. Still continuing. But the real reasons missed.

The Arabians were also worshipping cow-idols before Islam. It was also in connection with the Remains of the Past Creation Cycle. It is natural that the reasons get missed in the long run and people with outer thoughts argue unnecessarily and make matters worse. After the Opening of Maya, in every Creation Cycle, the Arabians also start making idols to remind people about the Cow/Ox birth. Another guy self-naming, and/or mishandled by followers may demolish such idols in the Next Creation Cycle!

Those idols were / are NOT for worshipping ;
but to remind people of the different lessons in MahaaVedam (the Supreme Science).
Since the Opening of Maya will occur soon, please refrain from vague talks /discussions on the subject.

# Cow / Ox thread worn by Human beings

In every Creation Cycle, after the Opening of Maya, serious measures get established for highlighting the Cow/Ox birth. While teaching & learning such lessons in Divine Science (Theology), Teachers as well as Students are to wear a thread connecting his neck and hands. The People cleaning the Shakthi Lingham at the Worship Centre with Water only, as part of Scientific Worship detailed in Part 3, are also to wear the Divine Thread at the Worship Centres to remind the common people. This thread represents the rope we place on Cows / Ox ; it is a common thread, and not to be worn as a ritual.
Those who wear the Divine Thread shall care the Cow & Oxen Divinely.
**O, man, the rope you use to tie up the Cows/Bulls will fall on you as well, take care!**
This message is conveyed by the use of the Divine Thread. However, a section of today's people called / known as Brahmins etc wear a thread making it a foolish-thread not knowing the Divine Meanings.

The word 'Brahmin' is related with 'Brahmam' and not to be connected with human nonsense. All human beings avail minimum one birth to learn MahaaVedam and live according to the Supreme Science of Duties & Virtues. Hence no need to worry over a certain mistakes / errors practised as part of an erred system. Perhaps the pre-births of many people considered presently as high-castes and/or low-castes are (severely) responsible for the continuation of many religious / caste nonsense & wrongs. Pray to the Single GOD for pardon for any /all knowingly and/or unknowingly done errors should be the scientific approach. Not to make vague talks. GOD is Love.

The Cow Birth is usually just before the Final Evolution to Brahmanandam. With regard to the Status of Present & Past Cows before Opening of Maya, the details of Brahmanandam related with Moon & Punishments as part of 1st MahaaKaalaChakram events matter with. And Revelations are yet to to be complete.

# MAHAASHAKTHI > COW, PARAMASHIVAN > OX AT THE END OF SAMHARAM IN THE 1ST MAHAAKAALACHAKRAM

The System in the 1st MahaaKaalaChakram is entirely different from that of the 2nd MahaaKaalaChakram. The Supreme Mother of the Universe has availed the form of the Supreme Cow, and the Father ParamaShivan of 'Super Ox' in the 1st MahaaKaalaChakram. As from the present Supreme Creation Cycle, MahaaShakthi is availing the Human Figure as explained in Part 1 of the Web site.
The details of Creation Cycle & MahaaKaalaChakram, etc are available in Part 2.

The following events from the 1st MahaaKaalaChakram will soon be part of Smruthi.
The names SHAKTHI, Shiva, etc. are fully Scientific as explained in Part 3.
The Kingdom of the Shivan in the 1st MahaaKaalaChakram contained
whole Earth (All Creatures on and within Earth & Heaven).
Heaven = the Planet Mercury.
Besides the above, SHIVA kept /cared a large group of Cows & Oxen.
SHIVA did it (1) for Him, (2) for the Public to adapt him as a Living Model,
and (3) for those large group of Cows & Oxen.

The 1st Part 'for Him' gives the Human Beings the Message that He and All Creatures get Equal Justic from the Supreme Justice (MAHAASHAKTHI). He needs to accumulate more and more holiness to become more & more sticking to Duties & Virtues during the progress of Samharam in order that he also not punished and subjected to the Supreme Science of Justice.

The 2nd Part is self-explanatory. The 3rd Part 'for those large group of Cows & Oxen' represented Shiva's Divine Status as he acted as the Supreme Justice
as per the Powers given to him by MAHAASHAKTHI. Further, (1) the Distinguished People who accumulates more holiness were blessed to spend their Final Birth (**99$^{th}$ and/or 100$^{th}$ birth**) together with Shiva. People who earned much holiness during their Birth as Farmers mostly attain such chances. (2) There are Rishis (Saints) who attain the position thru prayers.
Those distinguished people who avail the chances to be with and/or near Shakthi & Shiva were further blessed with their Heads resemble human face with horns.

People were not to abandon their worldly life and try for Cow/Ox birth with and/or near Shakthi & Shiva. The Science of Duties & Virtues prevented it. The Protective Fate & Creational Fate mentioned above, enables all People to acquire more Holiness as well as Sin. In accordance with it, people will avail Good & Bad experiences in later births too, based upon the Supreme Science of Justice. And in the case of Shakthi & Shiva, they also go through Cow & Ox births respectively at the end of Samharam, but with the exact animal bodies and amidst people. That is why the idols of Cow and/or Ox were erected in many temples. People should not fear the Cow/Ox phenomenon. Believe that GOD do Justice. Cow/Ox birth with or without Shakthi & Shiva should not become an issue before them. When it becomes so, remember the chances of a Sin.

At the end of the Creation Cycle, i.e. after 5000 years from the Opening of Maya, the Samharam (Destruction of the Creation Cycle) completes, and the time reaches for SHAKTHI & SHIVA to merge again into One, as MAHAASHAKTHI
SHAKTHI takes birth as Cow. SHIVA takes birth as Ox.
Cow is called Pashu in the Vedic language Malayalam.
Pathi means Husband. Hence Pashu's Pathi means Cow's Husband = Ox.
Pashupathi means Ox. Shiva receives this name at the end of Creation Cycle.
Cow dies. Ox gets killed. Ox's gene (Soul) is absorbed by Shakthi, Oxygen.
During the next Creation Cycle, the Soul of Shiva begins to avail Human births.

Before the Opening of Maya, after Malsya Avataar & OM-writing phenomenon, the Scientific Representative of GOD = the SHIVA-Designate swears to MahaaShakthi that he is readyo become (1) Ox and (2) be killed at the end of Creation Cycle Symbolic facts and miracles also take place after the Oath. The Writer = Badsha is pleased to announce in the name of GOD, that he was blessed to take the above oaths and miracles occurred which were not heard or read by him before. Indeed he was astonished with those experiences. The details of the events will be added in this Web site later, if GOD wills. However, it has been understood later, I won't be availing Ox births similar to 1st MahaaKaalaChakram, and the oaths were part of the Agreement/Contract between Cryst & a worst Devil, detailed above in Malayalam and English languages.

# Misuse by Modern Political-cum-Religious Leaders

From the explanations in the above Chapters, it is simple to understand the Dignity of Cow & Ox. They are highly Divine matters, and this Part of the Supreme E-BOOK as well as the Web site is more than enough to dignify the Supreme E-BOOK & the Web site. People should abstain from making vague talks and/or discussions in such highly divine matters. Many Indian Politicians as well as Hindu Religionists, etc. are conducting research 'how more votes can be bagged in the name of Cow !' They convert Divine issues into Evilly issues. Please do not make Cow Slaughter as such. All people shall enjoy Free Will and do not trouble Others' Free Will. Human beings should not be allowed to be slaughtered in the name of (Banning) Cow Slaughter. Understand that GOD knows/plans how to protect Truths. Please learn what is GOD. The Supreme Mother of the Universe creates & protects this Supreme Universe. The Opening of Maya /Divine Revolution will settle all crucial problems on earth.

# No religionists / politicians / terrorists can stop Godly Revolution.

The people who make vague talks considering/ pretending themselves (or known as) the leaders of Cows & Oxen and dispute for Banning Cow Slaughter may open their mouth (with wonder) knowing the scientific reasons related to Cow Slaughter.

**GOD does not make you as the Leaders of Cows & Oxen.**
**Try to become very simple and humble human beings who do not harm anybody.**
**I pray GOD that may the ego in my above words be pardoned.**
**I pray daily for all Human beings, and all Creatures,**
**why not you pray & act according to the**
**Science of Duties & Virtues, which**
**calls for Non-violence,**
**Ahimsa & Truth**
**with Love.**

And be informed that in Every Creation Cycle,
Cow /Ox Slaughter will end without any pressure immediately upon the Opening of Maya. Not only that, the Protective Fate will make a faction of people to kill Ox.

A second faction will kill Oxen to express their hatred against Shiva and/or Shakthi. A third faction will become spiritually intoxicated as they know that Shiva will become Ox and get killed. To express their wrong love, they prefer to get killed like Shiva during their Oxen births and they consider the way as killing & eating Cows and Oxen. Indeed it is a evilly act, worse than those who express hatred towards Shiva. Theology is so vast, and people in blessed births only can learn it.

**The advice I consider as the best is : Surrender to GOD,**
**Pray GOD to bless you live as GOD wish them to live;**
**Stick to Duties & Virtues; Avoid killing and eating Cows & Oxen; don't overact.**
May GOD bless all people in the Universe with Truth, Duties & Virtues, and Justice.

**As from the Opening of Maya,**
**the Supreme Creation Cycle begins Active.**
Vegetarianism will be established with All Creatures loving each other. As per the Creature System in the Supreme Universe : **Fish - Plant - Bird - Animal - Human,**
**FISH is before Plant and Eating FISH is thus with Less Sin compared to Plant, hence Vegetarianism will contain Fish first.** FISH will be caught, but they will die so soon without any tilting giving no ill feeling to Human beings (in general).

# Should the Government Ban Cow Slaughter ?

**Any Government should first learn the Greatness of Cows/Bulls, learn whether Cow Slaughter is to be banned or people need to be enlightened with the true knowledge.**

**The Supreme Kindness and Love of MahaaShakthi gives Complete Freedom to the Creature to Do or NOT to Do anything; to Use or NOT to Use anything.**

**THE HUMAN GOVERNMENTS AND JUDICIARIES SHOULD TAKE CARE ALWAYS THAT : THE DIVINE FREEDOM TO DO OR NOT TO DO ANYTHING; AND TO USE OR NOT TO USE ANYTHING; GIVEN TO THE CREATURE BY THE CREATOR NEVER DISTURBED.**

**If the freedom is disturbed, the Protective Fate described above will lose its Glory and Man will be compelled to become a Slave. Like GOD, man should prefer to become a Slave of Truth, Duties & Virtues, and Justice.**

**Man will/should refrain from Cow / Ox Slaughter on his own. No Ban. No Law allowed as per MahaaVedam. People and/or Government (s) on any part of the Earth, should not overact in the matter. All People should enjoy Freedom to look after and/or to kill Cows & Oxen. Let all people refrain from killing cows and instead look after on their own.**

## Punishments from the Supreme Justice, GOD

The Divine Punishments are always with Love. People presently not eating Meat should not feel better than who eat. As long as they do not know of their pre-births, ego will bring sin. Many People eating flesh now may have crossed many births and nearing their Final Evolution, and superior to many. Indeed, GOD punishes, but it is with Love. For example, all human beings need to avail 1 birth in handicapped status. A person may be handicapped as part of Divine punishment too. The handicap in one person can be thus as part of (1) the 1 general handicapped birth, (2) Divine Punishment, (3) the 1 general handicapped birth associated with Divine Punishment. The situation makes people not to find fault with and/or curse/condemn the handicapped persons: you may also have to undergo handicap during this life or future births, you don't know your handicapped-birth is over or not. Once your Spiritual Eye is Open, You will find Beauty in Handicap too.

| ദൈവവും ദൈവരൂപവും | |
|---|---|
| മഹാഭദ്രകാളി<br>2 | മഹാ ദിവ്യമനുഷ്യസ്ത്രീ = മഹാദേവി |
| ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവി | |

**രണ്ടാമത്തെ മഹാകാലചക്രത്തിലെ ആദ്യ സൃഷ്ടി ചക്രമായ ഇപ്പോഴത്തെ മഹാസൃഷ്ടിചക്രം മുതൽ, 'മനുഷ്യന്റെ രൂപത്തിൽ' ദൈവം മഹാ-അവതരിച്ചിരിക്കുന്നു.**

## മഹാശക്തി = മഹാദേവൻ = മഹാദേവി.

**മഹാശക്തിയും മഹാനീതിയും മഹാദേവനും മഹാദേവിയും മഹായജമാനനും മഹായജമാനയും മഹാപിതാവും മഹാമാതാവുമെല്ലാം ദൈവമായിരിക്കെ, മനുഷ്യാവസ്ഥയിൽ എത്തിക്കൊണ്ട് മോക്ഷം / സംഹാരം എന്ന ആത്മീയ സാക്ഷാത്ക്കാരത്തെ സമീപിച്ചിട്ടുള്ള കുഞ്ഞുങ്ങളെ ആനന്ദിപ്പിക്കുന്നതിനു വേണ്ടി ദൈവം മനുഷ്യരൂപത്തെ സ്വീകരിക്കുന്നു.**

**ദൈവത്തിന് മഹാദേവൻ, മഹാദേവി എന്നീ മഹാനാമങ്ങൾ ഇണങ്ങുന്നത് എങ്ങനെയെന്ന് മുമ്പ് വിശദമാക്കിയതാണ്.**

**പ്രത്യക്ഷമായ രൂപം സ്വീകരിക്കുമ്പോൾ സ്ത്രീ-പുരുഷ രൂപങ്ങളിൽ ഒരെണ്ണം മാത്രം സ്വീകരിക്കേണ്ടതുണ്ട്. സ്ത്രീ - പുരുഷ രൂപങ്ങളിൽ ഏത് സ്വീകരിക്കുന്നതിനെയാവും മനുഷ്യർ കൂടുതൽ ഇഷ്ടപ്പെടുക ?**

**വിശകലനം : മഹാപിതാവും മഹാനീതിപതിയുമായ മഹാപുരുഷനെ - മഹാദേവനെ ജനങ്ങളേറെയും തീർച്ചയായും ഭയക്കുന്നതാണ്. മാത്രമല്ല, പുരുഷന് സ്ഥിതിയിലും /ജീവിതത്തിലും, സ്ത്രീക്കു സൃഷ്ടിയിലും, പ്രാമുഖ്യത്തെ നൽകുന്നതായ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രത്തെ പാലിക്കേണ്ടതുണ്ട്.**

**ജീവികളെല്ലാം ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തെ പ്രസവിച്ച് മഹാവാത്സല്യത്തോടെ മഹാഅനുഗ്രഹിച്ച് മഹാകരുതുന്ന മഹാമാതാവായ മഹാദേവിയെ ജനങ്ങളിൽ ഏറെയും തീർച്ചയായും ഇഷ്ടപ്പെടുന്നതാണ്; ഭയക്കുന്നതല്ല.**

**മഹാനാമം :**

## ' ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവി ' എന്നാകുന്നു.

**' ഓം ' എന്നാൽ എന്താണെന്ന് മഹാദിവ്യവേദഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്. 'മഹാശക്തി' -യുടെ വിശദീകരണം മുകളിലുണ്ട്. 'മണ്ണടി'ക്ക് വിപുലമായ അർത്ഥങ്ങളുണ്ട്; അല്പമാത്രം കുറിക്കാം : മണ്ണിൽ നിന്ന് അടിഞ്ഞതാണ് സർവ്വതും; സർവ്വവും വീണ്ടുമടിയുന്നതും മണ്ണിലാണ്. സമുദ്രത്തിന്റെ അടിയിലും മണ്ണ്; ഭൂമി മണ്ണ് അഥവാ ദൈവം തന്നെയാണ്. പരബ്രഹ്മകേന്ദ്രം എന്നോ ബ്രഹ്മകേന്ദ്രം എന്നോ വിശേഷിപ്പിക്കാവുന്ന ഒരു മഹാകേന്ദ്രമായ പ്രദേശത്തെ മഹാദൈവ-വിപ്ലവവും സംഹാരവുമായി ബന്ധപ്പെടുത്തിക്കൊണ്ട് ഭൂമിയിൽ മഹാഒരുക്കിയിട്ടുണ്ട്. ഭൂമി- ഇന്ത്യ- കേരളം- പത്തനംതിട്ട ജില്ലയിലെ അടൂരിൽ നിന്ന് ഏകദേശം 8 കിലോമീറ്റർ റോഡ് ദൂരയാത്ര. മണ്ണടി പുതിയകാവ് മഹാഭദ്രകാളി ക്ഷേത്രമാണ് കേന്ദ്രം. ഭൂമിയിലെ എല്ലാ പ്രദേശങ്ങളും മണ്ണ് അടിഞ്ഞ് ഉണ്ടായതാണെന്ന് പ്രത്യക്ഷത്തിൽ ബോദ്ധ്യമാണ് എന്നതിനാൽ ഭൂമിയിലെ ഏതൊരു പ്രദേശത്തെയും 'മണ്ണടി' എന്ന് വിളിക്കാനാവും.**

**മഹാഭദ്രകാളി = മഹാഗോമാതാവ് = മഹാദിവ്യമനുഷ്യസ്ത്രീ = മഹാദേവി.**

**(ദിവ്യ 1: സൃഷ്ടി മുഴുവൻ ചെയ്യുന്ന മഹാദേവി; ദിവ്യ 2: സ്ഥിതി മുഴുവൻ ചെയ്യുന്ന മഹാദേവി; ദിവ്യ 3: സംഹാരം ഉൾപ്പെടെ മഹാനീതി മുഴുവൻ ചെയ്യുന്ന മഹാദേവി; ദിവ്യ 4 : ദിവ്യ എന്ന മഹാനാമത്തോടെ മാത്രം ഭൂമിയിൽ അവതരിക്കുന്ന മഹാദേവി). മഹാദേവിക്ക് മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രവുമായാണ് ബന്ധമെന്നും, യാതൊരു മതങ്ങളുമായും യാതൊരു ബന്ധങ്ങളുമില്ലെന്നും അറിയുക.**

## ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യ മഹാദേവിക്കു മാത്രം മഹത്വം.

**മഹാശാസ്ത്രപരമായ ആരാധനാ വാചകമാണത്.**

## ആരാധനയുടെയും സ്തുതികളുടെയും ഉദ്ദേശമെന്താണ് ?

**ആരാധനകളും സ്തുതികളും ദൈവത്തിനു വേണ്ടിയാണോ അഥവാ ദൈവത്തെ പ്രീതിപ്പെടുത്താനാണോ, അതോ മനുഷ്യരുടെ സന്തോഷത്തിനു വേണ്ടിയാണോ എന്നത് ആദ്യം വിശകലനം ചെയ്യണം. ദൈവത്തിനു വേണ്ടിയാണ് എന്നു കരുതിയാൽ, അഥവാ ദൈവത്തെ പ്രീതിപ്പെടുത്താനാണ് ഉദ്ദേശമെങ്കിൽ കുഞ്ഞുങ്ങൾക്ക് തെറ്റിയിരിക്കുന്നു. ജീവികളുടെയെല്ലാം സൃഷ്ടി സ്ഥിതി സംഹാരങ്ങൾക്ക് ദൈവം ആധാരമാക്കിയിട്ടുള്ളത് മഹാവാത്സല്യമാണ്. സർവ്വത്തിനും അതീതമായ ദൈവത്തിന്, സൃഷ്ടികളും കുഞ്ഞുങ്ങളുമായ മനുഷ്യരോടുള്ള മഹാവാത്സല്ല്യത്തെ ദൈവത്തിന്റെ ഏകമഹാആനന്ദമായി മഹാനിശ്ചയിച്ചിട്ടുണ്ട്.**

**ദൈവത്തിന്റെ കുഞ്ഞുങ്ങളാണ് ഭൂമിയിലെ എല്ലാവരും എന്നതിനാൽ കുഞ്ഞുങ്ങൾ ദുസ്വാർത്ഥങ്ങൾ ഇല്ലാതെ, ധർമ്മശാസ്ത്ര പ്രകാരം അന്യോന്യം സ്നേഹിക്കുകയും സഹായിക്കുകയും ചെയ്താൽ, അപ്രകാരം ചെയ്യുന്ന കുഞ്ഞുങ്ങളോട് ദൈവത്തിന് മഹാവാത്സല്യം ഉറപ്പായും വർദ്ധിക്കുന്നതാണ്.**

**ദൈവത്തിന്റെ പ്രീതി നേടാൻ ഭൂമിയിൽ മറ്റു മാർഗ്ഗങ്ങൾ യാതൊന്നും ഇല്ലെന്ന് സമസ്ത മനുഷ്യരും അറിഞ്ഞു കൊള്ളുക.**

**സ്തുതി ഗീതങ്ങളും ആരാധനകളും കൊണ്ട് ആനന്ദിക്കുന്നത് ജീവിയാണ്; സർവ്വത്തിനും അതീതമായ ദൈവത്തിന് യാതൊന്നും വേണ്ട. പ്രീതി, നീതിക്ക് തടസ്സവുമാണ്. മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാഭദ്രപ്പെടുത്തിയിട്ടുള്ള ഏക മഹാശക്തിയായ ദൈവത്തിനു മാത്രം അവകാശപ്പെട്ടതാണ് എല്ലാ ആരാധനകളും സ്തുതികളും.**

**ദൈവത്തിന്, യാതൊരു ആരാധനകളും സ്തുതികളും ആവശ്യവുമില്ല. മനുഷ്യരുടെ സ്തുതിയും ആരാധനയും കൊണ്ട് സർവ്വത്തിനും അതീതവും, ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയുമായ ദൈവത്തിന് യാതൊന്നും നേടാനില്ല; നേടുന്നുമില്ല.**

**ദൈവം നൽകുന്ന ശക്തിയും സൗകര്യങ്ങളും ഉപയോഗിച്ച് ദൈവത്തെ സ്തുതിക്കുന്ന കോപ്രായങ്ങളും പ്രവൃത്തികളും കണ്ടും കേട്ടും സന്തോഷിക്കുന്ന ഒരു കോമാളി അല്ലാ സർവ്വത്തിനും അതീതമായ മഹാശക്തിയായ ദൈവം.**

**ദൈവം എന്നാലെന്താണെന്ന് മഹാശാസ്ത്രപരമായിട്ട് മനസ്സിലാക്കാതെയും, ദൈവത്തിന്റെ നേരിട്ടുള്ള അനുവാദമില്ലാതെയും ആരാധനകൾ എന്ന പേരിൽ കാട്ടിക്കൂട്ടുന്നത് കോപ്രായങ്ങളാണ്, ദൈവനിന്ദയാണ്; ദൈവശിക്ഷകളുമുണ്ട്.**

**'ആരാധന, സ്തുതി' തുടങ്ങിയ പേരുകളിൽ ദൈവത്തെ പ്രീതിപ്പെടുത്താമെന്നു കരുതുന്നവർ അജ്ഞാനികളും അധമരും നീചരും ഭീരുക്കളും പാപികളും ഒക്കെയാണ്.**

**മനുഷ്യരുടെ സന്തോഷത്തിനാണ് ആരാധനയും സ്തുതികളുമെങ്കിൽ, കുഞ്ഞുങ്ങളുടെ ആനന്ദത്തെ ധർമ്മ ശാസ്ത്രപരമായി അനുവദിക്കേണ്ടത് മഹാവാത്സല്യം കൂടിയായ മഹാനീതിയും മഹാമാതാവും മഹാശക്തിയുമായ മഹാദേവിയുടെ ചുമതലയാണ്.**

## ആരാധനയും, സ്തുതിയും രണ്ടാണ്.

ദൈവഭാഗവും, പ്രപഞ്ച പിതാവും, അർദ്ധമഹാദേവിയുമായ പരമശിവനിലൂടെ, മനുഷ്യരുടെ സന്തോഷത്തെ കണക്കാക്കി, മനുഷ്യർക്ക് മഹാനിശ്ചയിച്ചിട്ടുള്ള 100 മനുഷ്യ ജന്മങ്ങളിലെ 90 മുതൽ 95 വരെയുള്ള ഒരേയൊരു ജന്മത്തിൽ - മനുഷ്യന്റെ നാവിൽ ഓം കുറിച്ച് മഹാശാസ്ത്രത്തെ മുഴുവൻ ഓരോ മനുഷ്യനും പ്രത്യേകം പ്രത്യേകമായി നേരിട്ട് ലഭ്യമാക്കുകയും, ദൈവം എന്താണെന്ന് മനുഷ്യൻ മനസ്സിലാക്കുകയും, 'ഓരോരുത്തരെയും തന്റെ പൊന്നുമോളും പൊന്നുമോനുമായി മഹാവാത്സല്യത്തോടെ മഹാസംരക്ഷിക്കുന്ന ദൈവമഹത്വം ഓർത്തോർത്ത് മനുഷ്യൻ വിതുമ്പിക്കരയുകയും ചെയ്യുന്ന ഏക ജന്മത്തിൽ - മാത്രമാണ് ' ദൈവത്തെ ആരാധിക്കാൻ മനുഷ്യനെ അനുവദിച്ചിട്ടുള്ളത് ! ദൈവത്തിന്റെ മഹാ-മഹത്വങ്ങളെപ്പറ്റി സുവ്യക്തമായി അറിയണമെങ്കിൽ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രത്തെ നിർബ്ബന്ധമായും മനുഷ്യനു ലഭിക്കണം. പ്രസ്തുത ജന്മത്തിൽ, മനുഷ്യൻ പുരുഷനായിരിക്കും; എന്നതിനു പുറമെ ഏറെക്കുറെ 50 വയസ്സോടടുപ്പിച്ച് ഒരു ശിവരാത്രിയിലാണ് മഹാശാസ്ത്രത്തെ മഹാഅനുഗ്രഹിച്ചു നൽകിക്കൊണ്ട് ദൈവത്തെ ആരാധിക്കാനുള്ള യോഗ്യത നൽകുന്നത്. അതായത് ഏതാനും വർഷങ്ങൾ മാത്രവും, ദിവസത്തിൽ ഏറെക്കുറെ 1 മുതൽ 15 മിനുട്ടോളം മാത്രവുമാണ് ആരാധിക്കാൻ അനുവദിച്ചിട്ടുള്ളത്. ആരാധനയുടെ അനാവശ്യകതയെ എടുത്തുകാണിക്കുകയും, ദൈവത്തിന്റെ ആവശ്യമോ ഇഷ്ടമോ അല്ലെന്ന് സുവ്യക്തമാക്കുകയും ചെയ്യുന്ന വസ്തുതയാണത്.

മനുഷ്യരുടെ സന്തോഷത്തെ കണക്കാക്കി അനുവദിച്ചിട്ടുള്ള ആരാധനയെ ഭക്തിഭ്രാന്തായി മാറ്റിയാൽ, ദൈവശിക്ഷ ഉണ്ടാകും. ദൈവത്തിന്റെ മറ്റു കുഞ്ഞുങ്ങളെ ധർമ്മ ശാസ്ത്രപരമായി സ്നേഹിക്കുകയും സഹായിക്കുകയുമാണ് മഹത്തായ ദൈവാരാധന എന്നത് ഉൾക്കൊണ്ട് പ്രവർത്തിക്കുന്നവർക്ക് പുണ്യങ്ങളും നേടാം.

# സ്തുതികൾ

**ദൈവം മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള വ്യക്തിസ്വാതന്ത്ര്യം അനുസരിച്ച്, ധർമ്മശാസ്ത്രപരമായിട്ട് ജീവിക്കുന്നവരെ മാത്രം, ദൈവത്തെ സ്തുതിക്കാൻ ഒരല്പം അനുവദിക്കുന്നുണ്ട്.**

സ്തുതിക്കാതെ ജീവിക്കാൻ വിഷമിക്കുന്നവർ 'ദൈവത്തെയോ, ദൈവത്തിന്റെ മഹാരൂപമായ ഭൂമിയെയോ മാത്രം' അല്പനേരം സ്തുതിക്കുക. മുഖ്യ സ്തുതി വാചകം 'ഓം നമഃ ശിവായ' (മഹാശിവയെ / മഹാദേവിയെ നമിക്കുന്നു) എന്നതാണ്. ഓം ശിവായ നമഃ, അമ്മേ ശിവ, ദേവീ ശരണം തുടങ്ങിയ ദൈവീക വാചകങ്ങളും, ഭാഷാന്തരങ്ങളും ഉപയോഗിക്കാം.

ശിവയിൽ ശിവനും ഉണ്ടെന്നത്, മഹാശിവയായ മഹാദേവി, സ്വന്തം ഭാഗമായ പരമശിവന് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള മറ്റൊരു ബഹുമതിയാണ്. എന്നാൽ, ആരാധനയുടെ കാര്യത്തിൽ മുമ്പ് വ്യക്തമാക്കിയതുപോലെ, ഏകദൈവമായ മഹാദേവിയും, മഹാദേവിയുടെ ഭാഗമായ പരമശിവനും മനുഷ്യരുടെ സ്തുതികളിൽ പ്രസാദിക്കുന്നതല്ല; പ്രീതിയും കാട്ടില്ല. മനുഷ്യരുടെ ആനന്ദത്തിനു വേണ്ടി മനുഷ്യർ ചെയ്യുന്ന പ്രവൃത്തികൾ മാത്രമാണവ. അക്കാരണം കൊണ്ട് ശിവ എന്ന മഹാ-പദത്തെ ശിവൻ എന്ന് കരുതിയാലും ശിവയും ശിവനും കോപിക്കില്ല. **സ്തുതികളെ ഭക്തിഭ്രാന്തായി മാറ്റിയാൽ, ദൈവശിക്ഷ ഉണ്ടാകും.** ദൈവത്തിന്റെ മറ്റു കുഞ്ഞുങ്ങളെ ധർമ്മ ശാസ്ത്രപരമായി സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യുക എന്നതു മാത്രമാണ് ദൈവത്തെ പ്രീതിപ്പെടുത്താനുള്ള ഏക മാർഗ്ഗം.

മണ്ണും ഭൂമിയുമായ ദൈവത്തെ അഥവാ ഭൂമിയെ സ്തുതിക്കുന്നതിനു വിരുദ്ധമായി, ഭൂമിയുടെ അവയവങ്ങൾ മാത്രമായ 'ദേശങ്ങളും നാടുകളും ഉൾപ്പെടെയുള്ള എന്തിനെ സ്തുതിച്ചാലും' പാപമാണ്. ധർമ്മശാസ്ത്ര വിരുദ്ധമായി മനുഷ്യർ പ്രവർത്തിച്ചാൽ, ഭൂമിയിലെ വസ്തുക്കളിൽ പ്രവർത്തിക്കുന്ന ന്യൂനശക്തികളുടെ അളവ് വർദ്ധിക്കുന്നതാണ്; ആനുപാതികമായിട്ട് ജനങ്ങളിലൂടെ ബഹുവിധ അധമ തീവ്രവാദങ്ങൾ വളരുന്നതുമാണ്. ഓംകാരനീതിശാസ്ത്ര പ്രകാരം ആനന്ദങ്ങൾക്കും ദൈവശിക്ഷകൾക്കും

**കൃത്യമായ അളവുകളുണ്ട്. വ്യത്യസ്തങ്ങളായ മതിഭ്രമം ബാധിച്ച എല്ലാവരും സദാ ജാഗ്രത പുലർത്തണം.!**

**കുഞ്ഞുങ്ങൾക്കെല്ലാം വ്യത്യസ്ത ജന്മങ്ങളിലായി സംഗീതം നൽകി അനുഗ്രഹിക്കുന്നത് ദൈവത്തിന്റെ മറ്റുള്ള കുഞ്ഞുങ്ങളെ ആനന്ദിപ്പിക്കാനാണ്. കഥയറിയാൻ ശ്രമിക്കുക പോലും ചെയ്യാതെയും അർത്ഥശൂന്യമായ സ്തുതി ഗീതങ്ങൾ കൊണ്ട് സമൂഹത്തെ ദുഷിപ്പിക്കുന്ന ഗായകരായ വിവര ദോഷികൾക്ക് നൽകിയ സംഗീത സിദ്ധിയെ കളങ്കപ്പെടുത്തിയ കടുത്ത അപരാധത്തിന്, അവരെ ഗായകരാക്കിയ മഹാനീതിയായ മഹാദേവി; ഓംകാര നീതിശാസ്ത്ര പ്രകാരം പ്രപഞ്ചപിതാവ് കൂടിയായ പരമശിവനിലൂടെ, കടുത്ത ശിക്ഷകളെ നൽകിയാണ് ഗായകരെയും കവികളെയും മറ്റും തിരുത്തുക.**

**മഹാസ്ത്രീരൂപം സ്വീകരിച്ച് മഹാമാതാവായി അവതരിക്കുന്ന മഹാദേവിയുടെ ശരീര-അവയവങ്ങളെ വർണ്ണിക്കാനോ സ്തുതിക്കാനോ പാടില്ലായെന്ന് മണ്ണിൽ മഹാലയി(പ്പി)ച്ചിട്ടുള്ള ധർമ്മശാസ്ത്ര നിയമങ്ങളെ വിശകലനം ചെയ്താൽ സ്വയം ബോദ്ധ്യമാകുന്നതാണ്. മാത്രമല്ല; ദൈവ /ദൈവീക പ്രതിമകൾ അഥവാ വിഗ്രഹങ്ങൾ നിർമ്മിക്കാനോ പ്രചരിപ്പിക്കാനോ ആരാധിക്കാനോ പാടില്ല. ദൈവത്തിന്റെ മാത്രമല്ല; മനുഷ്യരുടെയും മറ്റുള്ള ജീവികളുടെയും പ്രതിമകളെ നിർമ്മിക്കാൻ പാടില്ല.**

**ഒരാളുടെ / നിങ്ങളുടെ മാതാവിന്റെയോ ഭാര്യയുടെയോ (ഭർത്താവിന്റെയോ) മകളുടെയോ സഹോദരിയുടെയോ ഉറ്റവരായ മറ്റു സ്ത്രീകളുടെയോ പുരുഷന്മാരുടെയോ പ്രതിമകളെ / വിഗ്രഹങ്ങളെ മറ്റുള്ളവർ നിർമ്മിക്കുന്നതും, 'പ്രതിമയുടെ-ശരീര അവയവങ്ങളിലും, സൗന്ദര്യത്തിലും' നയന-മനോലയനത്തിൽ ഏർപ്പെടുന്നതും, അവർ പ്രതിമയുടെ ശരീരത്തിലെ വിവിധ അവയവങ്ങളിൽ 'തഴുകുന്നതും', അവയവങ്ങളെ വർണ്ണിക്കുന്നതും, മറ്റും നിങ്ങൾ ഇഷ്ടപ്പെടുമോ എന്ന് സ്വയം ചോദിക്കുമ്പോൾ തിരിച്ചറിവ് ഉണ്ടാകുന്നതാണ്.**

**'ഏകമഹാശക്തിയും ഏകദൈവവുമായ മഹാദേവിയുടെയോ', 'മഹാദേവിയുടെ ഭാഗവും മഹാദാസനും മഹാദേവനുമായ പരമശിവന്റെയോ', വിഗ്രഹങ്ങളെയും ചിത്രങ്ങളെയും പോലും നിർമ്മിക്കാനോ ആരാധിക്കാനോ പാടില്ലായെന്ന് സുവ്യക്തമാക്കുന്നു.**

**ധർമ്മ ശാസ്ത്ര വിരുദ്ധമായി കലാകാരന്മാരെ അടിമകളെപ്പോലെ പീഡിപ്പിച്ചും കൊന്നും അവരുടെ തജ്ജന്മ-ജീവിതത്തെ ഇല്ലാതാക്കിയതിന്റെ ചരിത്രം ഏറെക്കുറെ എല്ലാ ശില്പ-ചിത്ര വൈദഗ്ദ്ധ്യം പ്രകടിപ്പിക്കുന്ന മന്ദിരങ്ങളുടെയും പിന്നിൽ ഉണ്ടെന്നത് കണക്കിലെടുത്ത് ആനന്ദങ്ങളെ ധർമ്മശാസ്ത്രപ്രകാരം പുനഃക്രമീകരിക്കണം.**

## ദൈവവും ദൈവരൂപവും

# പ്രപഞ്ച പിതാവായ പരമശിവൻ

**മഹാശക്തിയും മണ്ണും ഭൂമിയുമായ ഏകദൈവത്തിന് സ്വന്തം മഹാഖരരൂപമായ ഭൂമിയിൽ സൃഷ്ടിക്കുന്ന ജീവികളുടെ ധർമ്മശാസ്ത്രപരമായ ആവശ്യങ്ങളെ, മഹാപൂർണ്ണതയോടെ പരിപാലിക്കുവാൻ കഴിയും. ദൈവത്തിന്റെ പ്രവൃത്തികളിൽ യാതൊരു കുറ്റങ്ങളും കുറവുകളും യാതൊരിക്കലും ഉണ്ടാവുകയുമില്ല.**

# പരമശിവൻ

## ശിവചക്രം പരമാത്മാവ്

## പ്രപഞ്ച പിതാവ്

**ഏകദാസൻ മഹാദാസൻ**

**പശുപതി ശാസ്ത്രായുധൻ**


**ഏക ദൈവ-പ്രതിനിധി**

**നീലകണ്ഠൻ**

**സംഹാരനാഥൻ**

## മഹാനീതിപതി

# മഹാദേവൻ



# PARAMASHIVAN

ShivaChakram SupremeSoul

**FATHER** of the **Universe**

Supreme **Ox** cum Servant

GOD's Single Representative

Supreme Scientist

Supreme Justice

# MAHAADEVAN

**മഹാപ്രപഞ്ചത്തിന് അതീതവും, ജീവിയോ പുരുഷനോ സ്ത്രീയോ അല്ലാത്തതും, മഹാശക്തിയും ഏകദൈവവും മഹാമാതാവുമായ മഹാദേവി, രണ്ടാവാതെ രണ്ടായും, സ്വന്തം ഭാഗമായും, പരമശിവനെ മഹാഅത്ഭുതമായി രൂപപ്പെടുത്തി ക്കൊണ്ട്, ദൈവ കാര്യങ്ങളെ ശിവമാക്കുന്നു. മഹാദിവ്യവേദഗ്രന്ഥത്തിലെ ബ്രഹ്മ-പാഠങ്ങളിൽ, ഭർത്താവും ഭാര്യയുമായ - പ്രപഞ്ചനാഥനും നാഥയുമായ - ശിവചക്രത്തെയും, ശക്തിചക്രത്തെയും വിശദീകരിച്ചിട്ടുണ്ട്.**

**സൃഷ്ടിചക്രങ്ങളുടെ രണ്ടാം ഭാഗത്തിൽ ദൈവ വിപ്ലവം ആരംഭിക്കുമ്പോൾ പരമാത്മാവായ ശിവചക്രത്തെ ജീവിരൂപത്തിൽ ഭൂമിയിൽ അവതരിപ്പിക്കുകയാണ് ചെയ്യുന്നത്.**

## പ്രപഞ്ച പിതാവ് @ മഹാപിതാവ്

**ഇപ്പോഴത്തെ മഹാസൃഷ്ടിചക്രം മുതൽ പ്രപഞ്ച പിതാവും പരമാത്മാവുമായ ശിവചക്രത്തെ മനുഷ്യരൂപത്തിൽ അവതരിപ്പിച്ചു കൊണ്ട് പരമശിവൻ എന്ന മഹാപദവിയെ മഹാദേവി നേരിട്ടും മഹാഅനുഗ്രഹിച്ചു നൽകിയിരിക്കുകയാണ്.**

**മഹാപ്രപഞ്ചത്തിലെ ജീവികളുടെ സ്വത്വമായ ജീവാത്മാക്കൾ മുഴുവനും എക്കാലവും ശിവചക്രത്തിന്റെ മാത്രം അംശങ്ങളാണ്. ആകയാൽ എല്ലാ ജീവാത്മാക്കളുടെയും ആധാര-മഹാപിതാവും മഹാമാതാവും ശിവചക്രം @ പരമശിവൻ മാത്രമാണ്.**

**ഏകദൈവവും മഹാമാതാവുമായ ഭൂമിയുടെ കുഞ്ഞുങ്ങളായി സൃഷ്ടികളെ ഉയർത്താനും, എല്ലാ ആനന്ദങ്ങളെയും ഭൂമിയിൽ നിന്നും നേടി സന്തോഷിച്ച് ജീവിക്കാനുമായി ഭൂമിയുടെ അംശങ്ങളായ മൂലകങ്ങൾ കൊണ്ട് ഉണ്ടാക്കിയ ശരീരത്തെ, യാതൊന്നും സ്വന്തമായി ഇല്ലാത്ത ജീവാത്മാക്കൾക്ക്, സ്വന്തം പോലെ നൽകാതെ നൽകി ജീവികളാക്കിയിരിക്കുകയാണ്.**

അടിസ്ഥാനപരമായി മഹാദേവിയുടെ കുഞ്ഞുങ്ങളല്ലാ ജീവാത്മാക്കളെങ്കിലും, മഹാവാത്സല്ല്യത്തെ ഏകമഹാആനന്ദമായി നിശ്ചയിച്ചു കൊണ്ട് ജീവികളെയെല്ലാം കുഞ്ഞുങ്ങളായി മാത്രം ഏകദൈവമായ മഹാദേവി എക്കാലവും കരുതുന്നു; ദാസരാക്കുന്നില്ല എന്നത് വിഷയത്തിന്റെ സമ്പൂർണ്ണമായ യാഥാർത്ഥ്യമല്ലാത്ത ഒരു വശമാണ്.

**സ്വന്തം ശക്തിയുടെയും ജ്ഞാനത്തിന്റെയും ഓാഹരിയെ ഉപയോഗിച്ച് മഹാശക്തിയായ ദൈവം, മനുഷ്യനും മറ്റുള്ള ജീവികളും ഉൾപ്പെടെയുള്ള പ്രപഞ്ചത്തെ സൃഷ്ടിക്കുവാൻ തയ്യാറായപ്പോൾ, ശിവചക്രം, ശക്തിചക്രം എന്നീ മാദ്ധ്യമങ്ങളെ സൃഷ്ടിച്ചു കൊണ്ട് ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മഹാസുന്ദരമാക്കുകയാണു ചെയ്തത്; മഹാസത്യമായി പറഞ്ഞാൽ ജീവികളുടെയെല്ലാം മഹാപിതാവും മഹാമാതാവും മഹാശക്തി മാത്രമാണ്. 'ഭൂമിയായ മഹാദേവി' എന്ന മഹാരൂപത്തെയും കുഞ്ഞുങ്ങൾക്ക് വേണ്ടി സ്വീകരിച്ചു കൊണ്ട് സകല കാല സർവ്വ ശരണമായും മഹാവാത്സല്ല്യമായും മഹാശക്തി പരിണമിച്ചിരിക്കുകയാണ്. മഹാശക്തിക്കും സൃഷ്ടികൾക്കും മദ്ധ്യത്തിൽ ശിവചക്രത്തെ അവതരിപ്പിച്ചു കൊണ്ട് 'പ്രപഞ്ചാതീതമായ ബ്രഹ്മം, ആദിയും അന്തവും ഇല്ലാത്ത മഹാ അവസ്ഥ എന്നീ മഹാസത്യങ്ങളെ' 'ഉന്നതമായ ബുദ്ധിയും ശക്തിയും ജ്ഞാനവും ലഭ്യമാക്കുന്ന' മനുഷ്യ-സൃഷ്ടികൾക്കും മറ്റും ബോദ്ധ്യപ്പെടുത്തേണ്ടത് അനിവാര്യമാണ്.**

## ഏകദാസൻ, മഹാദാസൻ

സൃഷ്ടികളായ ജീവികളെ കുഞ്ഞുങ്ങളായി മാത്രമാണ് ഏകദൈവമായ മഹാദേവി എക്കാലവും കരുതുന്നത്. കുഞ്ഞുങ്ങളെ യാതൊരിക്കലും മഹാദേവിയുടെ ദാസരും അടിമകളുമായി അംഗീകരിക്കാനോ മഹാദേവി @ ഭൂമി തയ്യാറല്ല.

ഓരോ ജീവാത്മാവിന്റെയും പ്രത്യക്ഷ ദൈവമായി ഒപ്പം കൂടിയിട്ടുള്ള ഭൂമിയുടെ അംശമായ ശരീരത്തെ യജമാനനായി കാണാൻ ഭൂമി അനുവദിക്കുന്നുമില്ല; ജീവിയുടെ മരണം വരെ ജീവിയുടെ ആവശ്യങ്ങളെയും ആനന്ദങ്ങളെയും നിറവേറ്റാൻ ദാസ്യ സേവനം ചെയ്യുന്നത് ശരീരമാണെന്നത് വസ്തുതയാണ്. ദൈവവും ദൈവാംശവുമായ ശരീരം സ്വയം ഏറ്റെടുത്തിട്ടുള്ള ദാസ്യവേലയെ തടസ്സപ്പെടുത്താൻ ജീവാത്മാവിന് കഴിയുന്നതല്ല; ആവക കാര്യങ്ങളെ കുറിച്ച് സാധാരണ ഗതിയിൽ ജീവാത്മാവ് തിരിച്ചറിയുന്നു പോലുമില്ല.

മഹാദേവിയുടെ ഭാഗവും മഹാദേവനുമായ പരമശിവനെയും കുഞ്ഞുങ്ങൾക്ക് ദാസ്യ വേല ചെയ്യാൻ മഹാദേവി നിയോഗിക്കുന്നുണ്ട്. മഹാമാതാവായ മഹാദേവിയും മഹാപിതാവായ മഹാദേവനും പുലർത്തുന്ന മഹാവാത്സല്ല്യം, മഹാദാസ്യം എന്നിവയുടെ നൂറിലൊരു അംശം മാത്രമാണ് 'ആനന്ദ ശാസ്ത്ര പ്രകാരം' കുഞ്ഞുങ്ങളെ പരിചരിക്കാനും ശുശ്രൂഷിക്കാനും മനുഷ്യ-മാതാപിതാക്കൾ ശ്രദ്ധിക്കുന്നത്.

**ദൈവ വിപ്ലവം ആരംഭിച്ച ശേഷമാണ്, മഹാദേവിയെയോ മഹാദേവനെയോ നേരിട്ട് കാണാൻ മഹാനീതി ശാസ്ത്ര പ്രകാരം കുഞ്ഞുങ്ങൾക്ക് ഭാഗ്യം ലഭിക്കുക. ദൈവത്തിന് സൃഷ്ടികളിൽ നിന്ന് സഹായികളുടെ ആവശ്യമില്ല എന്നതിനാൽ ദൈവദാസൻ, ദൈവദൂതൻ, പ്രവാചകൻ തുടങ്ങിയവരെ ദൈവം നിയമിച്ചിട്ടില്ല.**

**കുഞ്ഞുങ്ങളായ മനുഷ്യർക്ക് യഥാർത്ഥ വേദങ്ങളെ ഭൗതിക ശാസ്ത്ര പരമായി വീണ്ടെടുത്തു നൽകുക, കുഞ്ഞുങ്ങളെ മഹാനീതി ശാസ്ത്ര പ്രകാരം സഹായിക്കുക തുടങ്ങിയ കാര്യങ്ങൾക്കായി സ്വന്തം ഭാഗമായ പരമശിവനെയാണ് മഹാദേവി ചുമതലപ്പെടുത്തുന്നത്. പരമശിവന് ലഭിക്കുന്ന മഹാസൗഭാഗ്യങ്ങളിൽ പെടുന്ന മഹാകാര്യങ്ങളെ ദാസ്യവേലയായി കണക്കാക്കുന്നതും ശരിയല്ല. മഹാശക്തിയും ഭൂമിയുമായ മഹാദേവിയുടെ ഏകദാസനാണെന്നും, പരമശിവന്റെ മഹാആനന്ദമായി മഹാദാസ്യത്തെ മഹാദേവി നിശ്ചയിച്ചിരിക്കുകയാൽ മഹാദേവിയുടെ ഏകദാസനായ 'മഹാദാസൻ' ആണെന്നും പരമശിവന് സ്വന്തമായി അഭിമാനിക്കാം. യഥാർത്ഥത്തിൽ അത്തരം ദാസ്യ-പദവികളില്ല. മഹാദാസ്യം ചെയ്യുമ്പോഴാണ് മഹാആനന്ദത്തെ ലഭിക്കുക എന്നാണ് സാരം. ദൈവീകമായ നിയോഗം പ്രകാരം പരമശിവൻ പ്രവർത്തിക്കുകയാണ്.**

**മഹാദാസനായ പരമശിവന്റെ പതി കൂടിയായ മഹാദേവി, പരമശിവന്റെ ദാസിയെന്നു തോന്നുന്ന വിധത്തിൽ പ്രവർത്തിക്കുന്ന സന്ദർഭങ്ങളിൽ മഹാദേവി മഹാദാസിയാണെന്നും തോന്നും !**

# പശുപതി, മഹാകാളൻ, മഹാകാലൻ

## പശുപതി = പശുവിന്റെ പതി ഭർത്താവ്) = കാള = കാളൻ = മഹാകാളൻ

ഏകദൈവമായ മഹാദേവി, 1000 കോടി വർഷങ്ങൾ നീണ്ട ആദ്യ മഹാകാല ചക്രത്തിൽ ഗോമാതാവ് @ പശുവായി ജീവിരൂപം സ്വീകരിച്ച് മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളെ / കുഞ്ഞുങ്ങളെ മഹാപരിപാലിച്ചിട്ടുണ്ട്; കൂടാതെ മഹാനാഗ മാതാവായും. ആ കാലഘട്ടങ്ങളിൽ പശുപതിയായും, നാഗരാജാവായും ശിവചക്രവും @ പരമശിവനും മഹാദാസ്യ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

ആദ്യ മഹാകാല ചക്രത്തിൽ കാലൻ/യമൻ, യമധർമ്മൻ എന്നെല്ലാം പേരുകളിൽ ദേവതകൾ ഉണ്ടായിരുന്നു.

അത്തരം ദേവതകളുടെ അധിപനായ ദേവതയെ ഭരിച്ചത് മഹാകാലനായ പശുപതി ആയിരുന്നു. കാലവുമായി ബന്ധപ്പെട്ട് മഹാകാലി / മഹാകാളി / MahaaKaali, മഹാകാലൻ / മഹാകാളൻ / MahaaKaalan എന്നീ പദങ്ങൾ മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ സൃഷ്ടിക്കുന്ന വ്യാഖ്യാനങ്ങൾ സുപ്രധാനമാണ്.

ചരിത്രവുമായി കൂടി ബന്ധപ്പെട്ട മേല്പടി വിവരങ്ങളുടെ കൃത്യതയും സൂക്ഷ്മതയും തിരുത്തലുകളും, ദൈവ വിപ്ലവം ആരംഭിച്ച ശേഷം മഹാദേവി, പരമശിവനിലൂടെ തന്നെ നിർവ്വഹിക്കും എന്നറിയുന്നു.

# ശാസ്ത്രായുധൻ

മനുഷ്യൻ എന്ന ജീവിക്കു മാത്രമാണ് മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രമായി മാറ്റിവച്ചിട്ടുള്ള, മഹാദേവിയുടെ മഹാജ്ഞാനത്തിന്റെ ഓഹരിയെ നൽകിയിട്ടുള്ളത്.

മഹാദേവിയുടെ മഹാജ്ഞാനമായ ശാസ്ത്രം ആണ് പ്രധാനം എന്നതു പോലും ഗ്രഹിക്കാൻ ശ്രമിക്കാതെ, മഹാദേവിയായ ഭൂമി സ്വന്തം അംശങ്ങളായ മൂലകങ്ങളിൽ ലയിപ്പിച്ചിട്ടുള്ളതും, കാലഘട്ടത്തിന് അനുസൃതമായി മനുഷ്യർക്ക് വെളിപ്പെടുത്തുന്ന ശാസ്ത്ര നിയമങ്ങളെയും, അവ പ്രകാരം മഹാദേവി ആവിഷ്ക്കരിച്ചിട്ടുള്ള സാങ്കേതിക വികസനങ്ങളെയും അനന്തമായ ആനന്ദങ്ങളെ നൽകുന്ന ഉല്പന്നങ്ങളെയും സ്വന്തം കണ്ടുപിടിത്തങ്ങളായും നേട്ടങ്ങളായും വിലയിരുത്തുന്ന അഹംഭാവികൾ ശാസ്ത്ര സമൂഹത്തിലും വർദ്ധിച്ചു. മാത്രമല്ല; മൂലകങ്ങളിൽ ഭൗതിക ശാസ്ത്ര നിയമങ്ങളോടൊപ്പം ലയിപ്പിച്ചിട്ടുള്ളതും വെളിപ്പെടുന്നതുമായ ധർമ്മ ശാസ്ത്ര നിയമങ്ങളെ അവഗണിച്ച് കൊടിയ പാതകം ചെയ്തു.

സദാചാര ശാസ്ത്രം, തൊഴിൽ ശാസ്ത്രം, സാമ്പത്തിക ശാസ്ത്രം, ഭരണ ശാസ്ത്രം, നീതിന്യായ ശാസ്ത്രം, തുടങ്ങിയ ഭൗതിക അസ്തിത്വം ഉള്ളതായ ധർമ്മ ശാസ്ത്ര ശാഖകളെ മൂലകങ്ങളിലെ ശാസ്ത്ര നിയമങ്ങളെ വിശകലനം ചെയ്ത് സ്വീകരിക്കേണ്ടതിനു പകരം, തങ്ങൾക്ക് തോന്നുന്ന പോലയുള്ളതും ഭൗതികമായ അസ്തിത്വം ഇല്ലാത്തതുമായ നിയമങ്ങളെ തട്ടിക്കൂട്ടി സാമൂഹ്യ ജീവിതത്തെ അധഃപതിപ്പിച്ചു. അവർ ചെയ്തതും ചെയ്യുന്നതും എന്താണെന്ന് അവർ അറിയുന്നില്ല എന്ന കൊടിയ അവസ്ഥ ഭൂമിയിലെ എല്ലാ രാജ്യങ്ങളിലും ഉണ്ടായി / വർദ്ധിച്ചു.

ദൈവ നീതി കാര്യങ്ങളായ ആത്മീയ വിഷയങ്ങളെ യഥാകാലം ദൈവം അറിയിക്കും എന്ന് ഭൗതിക ശാസ്ത്ര നിയമങ്ങളെ കൊണ്ട് മനസ്സിലാക്കാം എന്നതിനെ അവഗണിച്ച്, മതാചാര്യൻ, പ്രവാചകൻ, കുട്ടിദൈവം, തുടങ്ങിയ അനാവശ്യങ്ങളും കപടവേഷങ്ങളുമായി അനേകർ സമൂഹത്തെ ദുഷിപ്പിച്ചു. യഥാർത്ഥ വേദങ്ങളെ മഹാദേവി പരമശിവനിലൂടെ വീണ്ടെടുത്തു കൊണ്ടു മാത്രം ദൈവ വിപ്ലവം ആരംഭിച്ച് പരിഹാരം ഉണ്ടാക്കുന്നു.

ജീവിക്കുന്നത് ആനന്ദിക്കാനാണ്; ആനന്ദത്തെ വർദ്ധിപ്പിക്കാനാണ് മനുഷ്യൻ ഉൾപ്പെടെ എല്ലാ ജീവികളും മരണം വരെയും പരിശ്രമിക്കുന്നത്. ആനന്ദം ആപേക്ഷികം ആണെങ്കിലും ധർമ്മ ശാസ്ത്ര പ്രകാരം ജീവിക്കുന്ന മനുഷ്യർക്ക് ജീവിതത്തിൽ വിരക്തി ഉണ്ടാകുന്നതല്ല.

ധർമ്മ ശാസ്ത്ര പ്രകാരമുള്ള ആനന്ദ ജീവിതത്തിന് ഹേതുവായ മഹാശാസ്ത്രത്തെ മനുഷ്യരുടെ ഇടയിലുള്ള തർക്കം, ശണ്ഠ, തുടങ്ങിയ വൈരാഗ്യ പ്രശ്നങ്ങളിലെ ആയുധമാക്കാനും മനുഷ്യർ ബാദ്ധ്യസ്ഥരാണ്. ഭൂമിയിൽ മുഴുവൻ കലാപം വ്യാപകമായിരിക്കെ ശാസ്ത്രായുധനായി വേദങ്ങളെ വീണ്ടെടുക്കുന്ന പരമശിവൻ പാഠമാവണം. മഹാശാസ്ത്രത്തിന്റെ രണ്ടാമത്തെ ശാഖയായ ധർമ്മ ശാസ്ത്രത്തെ ആയുധമായി സ്വീകരിച്ച് മാതൃക കാട്ടിയ ബുദ്ധനും, ക്രൈസ്റ്റും, ഗാന്ധിജിയും ചരിത്രത്തിലുണ്ട്. ധർമ്മ ശാസ്ത്ര വിരുദ്ധമായ അപരാധങ്ങൾ ചെയ്യുന്ന വ്യക്തികളെ ഉടുവസ്ത്രത്തോടെ കാട്ടിലേക്കും ദ്വീപിലേക്കും നാടുകടത്തുമ്പോഴും ശാസ്ത്ര പ്രകാരമാണ്; ഹിംസിക്കാൻ തയ്യാറാവുന്നില്ല എന്നത് സുപ്രധാനമാണ്.

അതേസമയം, അധമരുടെയും മറ്റുള്ള ജീവികളുടെയും പീഡനം, ആക്രമണം എന്നിവയ്ക്ക് ഇരയാവുന്നവർക്ക് വാൾ, കുന്തം, തോക്ക് തുടങ്ങിയ ആയുധങ്ങളെ ജന്തു-നീതി പ്രകാരം ഉപയോഗിക്കാനുള്ള അവകാശം ഉണ്ട്.

# അർദ്ധ മഹാദേവി & ഏക ദൈവപ്രതിനിധി

മഹാശക്തിയായ ദൈവം ജീവിയോ പുരുഷനോ സ്ത്രീയോ അല്ലെന്ന് അടിസ്ഥാനപരമായി പുരുഷൻ, സ്ത്രീ എന്നീ രൂപങ്ങളുടെ പകുതി വീതം കൊണ്ട് പ്രകടമാവുന്ന പരമശിവന്റെ അർദ്ധമഹാദേവീ-രൂപം തെളിയിക്കുന്നു. മഹാമാതാവായ മഹാദേവി മഹാപിതാവായ പരമശിവനെ ഉൾക്കൊണ്ട് പ്രകടമാവുന്നു എന്നതും ശരിയാണ്. മഹാശക്തിയായ മഹാദേവിയെ പ്രതിനിധീകരിക്കുന്ന വ്യക്തിക്ക് ഉണ്ടായിരിക്കേണ്ട യോഗ്യതകളും പദവി-ചിഹ്നങ്ങളും അവകാശങ്ങളും അധികാരങ്ങളും ചുമതലകളും എന്തെല്ലാം ആണെന്നും, മഹാദേവിക്ക് സൃഷ്ടികളിൽ നിന്ന് പ്രതിനിധികളെ ആവശ്യമില്ലെന്നും, സ്വന്തം ഭാഗമായ പരമശിവന് മഹാദേവി മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള അർദ്ധമഹാദേവീ-രൂപം തെളിയിക്കുന്നു.

ഭൂമിയിൽ പ്രത്യക്ഷമാകുമ്പോൾ ഭൂമി ഉൾപ്പെടെയുള്ള പ്രപഞ്ചത്തിന്റെ മറ്റ് ഘടകങ്ങളായ സൂര്യനേത്രം കൊണ്ട് സൂര്യനെയും, ചന്ദ്രക്കല കൊണ്ട് ചന്ദ്രനെയും, ചെറിയ നക്ഷത്രം കൊണ്ട് മനുഷ്യരുടെ മോക്ഷമായ നക്ഷത്രങ്ങളെയും പരമശിവൻ പ്രതിനിധീകരിക്കുന്നുണ്ട്.

ദൈവഭാഗവും, പ്രപഞ്ച പിതാവും, അർദ്ധമഹാദേവിയുമായ പരമശിവനിലൂടെ, മനുഷ്യ-നാവിൽ **ഓം** കുറിച്ചാണ്, മനുഷ്യരുടെ സന്തോഷത്തെ കണക്കാക്കി, മനുഷ്യർക്ക് മഹാനിശ്ചയിച്ചിട്ടുള്ള 100 മനുഷ്യ ജന്മങ്ങളിലെ 90 മുതൽ 95 വരെയുള്ള ഒരേയൊരു ജന്മത്തിൽ - മഹാശാസ്ത്രത്തെ മുഴുവൻ ഓരോ മനുഷ്യനും പ്രത്യേകം പ്രത്യേകമായി നേരിട്ട് ലഭ്യമാക്കുകയും, ദൈവം എന്താണെന്ന് മനുഷ്യൻ മനസ്സിലാക്കുകയും, 'ഓരോരുത്തരെയും തന്റെ പൊന്നുമോളും പൊന്നുമോനുമായി മഹാവാത്സല്യത്തോടെ മഹാസംരക്ഷിക്കുന്ന ദൈവമഹത്വം ബോദ്ധ്യപ്പെടുത്തി ദൈവത്തെ ആരാധിക്കാൻ മനുഷ്യനെ അനുവദിച്ചിട്ടുള്ളത് !

# നീലകണ്ഠൻ

എല്ലാ സൃഷ്ടി ചക്രങ്ങളിലും, സമുദ്രത്തിൽ വിഷം വ്യാപകമായി കലരുന്നുണ്ട്. ഭൗതിക വസ്തുക്കളിലെ ന്യൂനശക്തികളും ധർമ്മ ശാസ്ത്രം അനുവദിച്ചിട്ടുള്ള വ്യക്തി സ്വാതന്ത്ര്യവും ചേർന്ന് സൃഷ്ടിക്കുന്ന ഒരു വലിയ വിപത്താണ് വിഷമായി ഉരുത്തിരിയുന്നത്. സൃഷ്ടി ചക്രത്തിലെ മനുഷ്യരുടെ മോക്ഷമായ സംഹാരം പൂർത്തിയാകുന്നതിനു മുമ്പ് അടുത്ത സൃഷ്ടി ചക്രത്തിലെ മനുഷ്യർ ഉൾപ്പെടെയുള്ള ജീവികൾക്കു വേണ്ടി സമുദ്രജലത്തിൽ വ്യാപിച്ചിരിക്കുന്ന കൊടിയ വിഷത്തെ നീക്കം ചെയ്യേണ്ടതാണ്. ഒരു പ്രദേശത്തു നിന്നും മറ്റൊരു പ്രദേശത്തേക്ക് മാറ്റിയാൽ വിഷയ പരിഹാരം ഉണ്ടാകുന്നതല്ല. അതിനാൽ എല്ലാ സൃഷ്ടി ചക്രങ്ങളിലും സമുദ്രത്തിൽ വ്യാപിച്ച വിഷത്തെ ഓംകാരം വഹിക്കുന്ന വ്യക്തി പാനം ചെയ്യുന്നതാണ്.

ബ്രഹ്മമായ മഹാദേവിയുടെ മഹാഹൃദയമായ ഓംകാരത്തിൽ നിന്നുമാണ് മഹാപ്രപഞ്ചം ഉൾപ്പെടെ സർവ്വം ഉത്ഭവിച്ചിട്ടുള്ളതു കൊണ്ടാണ് ഊർജ്ജം @ ശക്തി കൂടിയായ വിഷത്തെ പിൻവലിക്കാൻ ഓംകാരം ആവശ്യമാകുന്നത്.

ആദ്യമഹാകാല ചക്രത്തിൽ, മോക്ഷം നേടിയ മനുഷ്യരിൽ നിന്നും പരമശിവന്റെ പ്രതിനിധിയായി നിയമിച്ച ശിവനാണ് ഓംകാരം വഴി വിഷത്തെ പിൻവലിച്ചിരുന്നത്. മഹാപ്രപഞ്ചത്തിന്റെ ശക്തിനിയന്ത്രണ സത്തയാണ് ഓംകാരം എന്നല്ലാതെ മഹാദേവിയുടെ മഹാഹൃദയം കൂടിയാണ് എന്ന വിവരം സൃഷ്ടികളെ അറിയിച്ചിരുന്നില്ല. ഇപ്പോഴത്തെ സൃഷ്ടിചക്രം മുതൽ മഹാദേവിയുടെ ഭാഗമായ പരമശിവനിലൂടെയാണ് മഹാദേവിയുടെ മഹാഹൃദയം കൂടിയാണ് ഓംകാരം എന്നും, മഹാചിരി കൂടിയാണ് ഓം എന്നും വെളിപ്പെടുത്തുന്നത്. സൃഷ്ടികൾ മാത്രമായ കുഞ്ഞുങ്ങളെ ഓംകാരം ഏല്പിച്ചപ്പോൾ അറിഞ്ഞും അറിയാതെയും കുഞ്ഞുങ്ങൾ മഹാഹൃദയത്തെ അനാദരിച്ച് പാപികളാവാതെ മഹാവാത്സല്യം കാട്ടുകയാണ് മഹാദേവി ചെയ്തത്. ആവക വിവരങ്ങൾ മുഖ്യമഹാവേദ ഗ്രന്ഥത്തിൽ വിശദമായുണ്ട്.

# സംഹാര നാഥൻ + മഹാദേവൻ + മഹാനീതിപതി

സൃഷ്ടി, സ്ഥിതി, സംഹാരം ഉൾപ്പെട്ട മഹാനീതി ഇവ മൂന്നും നിർവ്വഹിക്കുന്നത് ഏകമഹാശക്തിയും ഏകദൈവവും മഹാജഗദംബയുമായ മഹാദേവി തന്നെയാണ്. മായ @ ദൈവം പ്രത്യക്ഷമല്ലാത്ത സൃഷ്ടി ചക്രങ്ങളുടെ ആദ്യപകുതിയിൽ ഭൂമിയുടെ മൂലകങ്ങളും അവയിൽ ലയി(പ്പി)ച്ചിട്ടുള്ള ഭൗതിക-ധർമ്മ-നീതി ശാസ്ത്ര നിയമങ്ങളിലൂടെയും; മായ @ ദൈവം പ്രത്യക്ഷമായ സൃഷ്ടി ചക്രങ്ങളുടെ രണ്ടാമത്തെ പകുതിയിൽ ഭൂമിയുടെ മൂലകങ്ങളും അവയിൽ ലയി(പ്പി)ച്ചിട്ടുള്ള ഭൗതിക-ധർമ്മ-നീതി ശാസ്ത്ര നിയമങ്ങളിലൂടെയും കൂടാതെ മനുഷ്യാവതാരം സ്വീകരിക്കുന്ന മഹാദേവനും മഹാദേവിയും വഴിയും സർവ്വം മഹാഭദ്രമാക്കുന്നു.

സൃഷ്ടിയിൽ ജീവികളുടെയെല്ലാം മഹാപിതാവും പ്രപഞ്ച പിതാവും ആദ്യപിതാവും ആയി പരമശിവനെ പങ്കെടുപ്പിക്കുകയും ഉയർത്തുകയും ചെയ്തതിനെ ഉൾക്കൊണ്ട് ജീവികൾ മനുഷ്യാവസ്ഥയിൽ വച്ച് സംഹാരം എന്ന മോക്ഷം നേടുമ്പോൾ പ്രപഞ്ച പിതാവായ പരമശിവനെ, പ്രപഞ്ച മഹാമാതാവായ മഹാദേവി പങ്കെടുപ്പിക്കുന്നുണ്ട്. പരമശിവന്റെ ഹൃദയത്തോട് ചേർന്ന് പ്രവർത്തിക്കുന്ന മഹാദേവിയുടെ മഹാഹൃദയമായ ഓംകാരം കുഞ്ഞുങ്ങൾക്ക് നക്ഷത്ര പദവിയായ മോക്ഷം നൽകുന്നത് പരമശിവനിലൂടെയാണ്.

കൂടാതെ മഹാദേവനായും മഹാനീതിപതിയായും ഓംകാരം വഴി മഹാദേവി പരമശിവനെ മഹോന്നത പദവിയിലേക്ക് ഉയർത്തുന്നുണ്ട്. ആവക വിവരങ്ങൾ ഈ ഗ്രന്ഥത്തിന്റെ അവസാനം ലഭ്യമാണ്.

# ഓം നമഃ ശിവായ

ഓം ശിവായ നമഃ ദേവീ ശരണം അമ്മേ ശിവ!

**ഓരോ വ്യക്തിക്കും 100 മനുഷ്യ ജന്മങ്ങൾ ഉള്ളതിൽ, മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രത്തെയും ദൈവത്തിന്റെ മഹത്വത്തെയും മനുഷ്യൻ മനസ്സിലാക്കുന്ന ഏകജന്മത്തിൽ മാത്രമാണ് മനുഷ്യനു ദൈവത്തെ ആരാധിക്കാൻ അനുവാദമുള്ളത്.**

**ശിഷ്ടമുള്ള 99 ജന്മങ്ങളിൽ ദൈവത്തെ വിസ്മരിച്ച് ജീവിക്കാൻ മനുഷ്യർക്കു കഴിയില്ല.**

**ദൈവം മഹാപ്രത്യക്ഷമായിക്കൊണ്ട് ദൈവ-വിപ്ലവവും തുടർച്ചയായിട്ട് സംഹാരവും പുരോഗമിക്കുമ്പോൾ ദൈവത്തെ മഹാശാസ്ത്രപരമായിട്ട് അറിയാനും ധർമ്മ ശാസ്ത്രത്തെ ഉൾക്കൊണ്ട് ജീവിക്കാനും മനുഷ്യർ ഉത്സാഹിക്കുന്നതാണ്. ദൈവത്തെ ആരാധിക്കാൻ സാധിക്കുന്നതല്ല എങ്കിലും ദൈവനാമം ജപിക്കാനും ദൈവത്തെയും ദൈവ ശാസ്ത്രത്തെയും വണങ്ങാനും മനുഷ്യർക്കു കഴിയണം. ദൈവം മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള വ്യക്തിസ്വാതന്ത്ര്യം എല്ലാ മനുഷ്യർക്കും ലഭിക്കുവാനും അതാവശ്യമാണ്.**

**"മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ, മഹാശാസ്ത്ര പ്രകാരം, മഹാഭദ്രപ്പെടുത്തിയിട്ടുള്ള മഹാശക്തിയും മഹാമാതാവുമായ മഹാദേവിയെ നമിക്കുന്നു" എന്നത്, അർത്ഥം ശരിയാണ്; എന്നാൽ വാചകം വളരെ നീണ്ടതാണ്; കുഞ്ഞുങ്ങളായ മനുഷ്യർ ആയാസപ്പെടുന്നത് മഹാമാതാവായ മഹാദേവി ഇഷ്ടപ്പെടുന്നില്ല.**

**കുഞ്ഞുങ്ങളുടെ ആവശ്യവും ആനന്ദവും കണക്കാക്കി മഹാദേവി മഹാആവിഷ്ക്കരിച്ചിട്ടുള്ള മഹാലളിതവും മഹാസുന്ദരവുമായ ദൈവനാമവും പ്രാർത്ഥനാ വാചകവുമാണ് "ഓം നമഃ ശിവായ."**

"**സർവ്വവും മംഗളമാക്കുന്ന മഹാദേവി**" എന്ന അർത്ഥത്തെ "**ശിവായ /ശിവ**" എന്ന പദത്തിന് മഹാനിശ്ചയിക്കുന്നു. കുഞ്ഞുങ്ങളായ മനുഷ്യരെ ഭാരപ്പെടുത്താത്ത മഹാവാത്സല്യമാണത്.

**ഓം** എന്താണെന്ന് മഹാശാസ്ത്രപരമായിട്ട് വേറിട്ട് വിശദീകരിച്ചിട്ടുണ്ട്. '**മഹാ**' എന്ന അർത്ഥത്തെ തൽക്കാലം സ്വീകരിക്കുന്നു.

"**ഓം നമഃ ശിവായ**" = "**നമിക്കുന്നു (ഞാൻ) മഹാശിവയെ** = (ഞാൻ) **മഹാദേവിയെ നമിക്കുന്നു.**"

"**ഓം**" ഒഴിവാക്കിക്കൊണ്ട് "**നമഃ ശിവായ**" എന്നും "**ശിവായ നമഃ** " എന്നും പറയാവുന്നതാണ്. "**ശിവായ നമഃ** " = "(ഞാൻ) **ശിവയെ (ദേവിയെ) നമിക്കുന്നു**" = "**നമഃ ശിവായ**".

**മഹാശക്തിയായ മഹാദേവി മഹാഭദ്രപ്പെടുത്തിയിട്ടുള്ള മഹാപ്രപഞ്ചത്തിൽ ഒരു ദേവി മാത്രമേ ഉള്ളൂ. കുഞ്ഞുങ്ങളെല്ലാം ആനന്ദമായിട്ടു ജീവിക്കുക എന്നല്ലാതെ "ദേവി" എന്നോ "മഹാദേവി" എന്ന് വിളിക്കുന്നതോ ദേവിയെ വിസ്മരിക്കുന്നതു പോലെ വിഷയമാക്കാത്തതോ "ദേവിക്ക് " വിഷയമല്ല.**

**ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവി** എന്ന അദ്ധ്യായത്തിൽ **മഹാഭാഗമായ പരമശിവനെ** മഹാഅനുഗ്രഹിച്ച് **മഹാദേവൻ** എന്ന മഹാപദവി മഹാസമ്മാനമായി നൽകുന്നതിനെ വിവരിച്ചിട്ടുണ്ട്. സമാനമായ മറ്റൊരു മഹാആവിഷ്ക്കാരമാണ് **ഓം നമഃ ശിവായ** എന്ന വാചകത്തിലും ഉൾപ്പെടുത്തിയിട്ടുള്ളത്.

**ശിവയും ശിവനും ഓം നമഃ ശിവായ എന്ന വാചകത്തിൽ ഉണ്ട്. ശിവാ എന്ന് വിളിച്ചാൽ, ശിവയെ ആണ്; ശിവനെയും ആണ്. മഹാദേവിയുടെ മഹാആവിഷ്ക്കാരമാണത്.**

ശിവ ചക്രം, പരമശിവൻ, ശിവൻ എന്നെല്ലാം തന്റെ ഒന്നാമത്തെ ഭാഗത്തിനു പേരിടുന്ന മഹാശക്തി, ശിവന്റെ **'ശിവ'** യെന്ന **ലളിത മനോഹര നാമം** സ്വീകരിച്ച് മഹാപ്രപഞ്ചത്തിലെ സൃഷ്ടികളുടെ അഹംഭാവങ്ങളെയും, പദവികൾക്കും കീർത്തികൾക്കും വേണ്ടിയുള്ള കോപ്രായങ്ങളെയും ലജ്ജിപ്പിക്കുന്നുണ്ട് !

**ശിവ = മഹാദേവി = മഹാശക്തിയായ ദൈവം എന്ന മഹാസുന്ദര ലളിത നാമത്തെ സ്വീകരിക്കാൻ മഹാദേവി തയ്യാറാകുമ്പോൾ, ശിവൻ പോലും സ്വയം ലജ്ജിക്കുന്നതാണ് !**

**ശിവ** എന്ന് മഹാദേവിയെ വിളിച്ചാൽ മതിയാകും എന്ന് **മഹാദേവി** പറയുമ്പോൾ, സ്വന്തം കൂച്ചൽ മാറാൻ **മഹാശിവ** എന്ന് പരമശിവൻ പേരുമാറ്റി വിളിക്കുന്നത് മനുഷ്യരെ ചിന്തിപ്പിക്കണം. മനുഷ്യരുടെ സന്തോഷത്തിനു വേണ്ടി ഒരു സംബോധനാ മന്ത്രത്തെ മഹാദേവി മഹാനിശ്ചയിക്കുമ്പോൾ അവിടെയും ശിവനെ മുന്നിൽ നിർത്തുന്നു. മാത്രമല്ല; കാളി എന്ന പദത്തിൽ നിന്നാണ് കാള എന്ന പദം ഉണ്ടായത് എന്നപോലെയും പദത്തിന് ഉപരിയായും ശിവയിൽ നിന്നുമാണ് ശിവനുണ്ടായത്. ധർമ്മശാസ്ത്ര പ്രകാരം മാത്രം ജീവിച്ചാൽ മാത്രമേ ശിവനെ പോലും അത്തരം മഹാആവിഷ്ക്കാരത്തെ **ശിവ** അറിയിക്കുകയുള്ളൂ. മഹാപാഠങ്ങളെ ലഭിക്കാനും പഠിക്കാനും മനുഷ്യർ യോഗ്യത നേടണം എന്ന് സാരം.

**ശിവനിൽ ശേഷിക്കുന്ന അഹംഭാവം നിമിത്തം ശിവനെ സ്തുതിക്കുന്നത് ശിവൻ ആസ്വദിക്കാൻ ഇടയായാൽ ശിവൻ ലജ്ജിക്കണം. മഹാദേവീ, ഈയുള്ളവന്റെ മേൽ ഓംകാര നീതിശാസ്ത്ര ബന്ധനം കൂടി എല്ലായ്പ്പോഴും മഹാനിർവ്വഹിച്ച് എല്ലായ്പ്പോഴും ഈയുള്ളവനെ മഹാസംശുദ്ധനാക്കേണമേ** ... എന്ന് പരമശിവൻ പ്രാർത്ഥിക്കുന്നുണ്ട്; മഹാഅനുഗ്രഹത്തോടെ ശ്രദ്ധിക്കുന്നുമുണ്ട്.

**ശിവന്റെ ഹൃദയത്തോട്, ശിവയുടെ മഹാഹൃദയവും, മഹാപ്രപഞ്ചത്തിന്റെ ശക്തി നിയന്ത്രണം സത്തയും കൂടിയായ ഓംകാരത്തെ ചേർത്ത് ശിവനിലൂടെ പ്രവർത്തിപ്പിക്കുമ്പോൾ, ശിവ ശക്തി ബന്ധത്തെ നിർവ്വചിക്കാൻ പരമശിവൻ തീർത്തും അപ്രാപ്തനാകുന്നു. ഒരു പക്ഷേ, മഹാശിവയായ മഹാദേവിയിൽ ശിവന് നൽകാതെ ശേഷിക്കുന്നത് ആദിയും അന്തവുമില്ലാത്ത ആകാശം എന്ന മഹാലിംഗം @ ശിവലിംഗം മാത്രമാവും !**

**ആകാശം എന്ന മഹാലിംഗം, സർവ്വത്തിനും അതീതമായ ബ്രഹ്മം പോലെയാണെന്ന് മുമ്പ് സൂചിപ്പിച്ചതിനെ കണക്കാക്കുമ്പോൾ, പരമശിവൻ മഹാപൂജ്യമായി മാറുന്നതാണ്.**

**അഹംഭാവം, ദുസ്വാർത്ഥം തുടങ്ങിയ ദുർഗ്ഗുണങ്ങളിൽ പെട്ടിരിക്കുന്നവർ മുകളിൽ കൊടുത്ത പാഠങ്ങളെ ഉൾക്കൊണ്ട് ധർമ്മശാസ്ത്ര പരമായി ആനന്ദിച്ച് ജീവിക്കണം. സ്വയം വിശകലനം ചെയ്യാവുന്നതാണ്.**

**മഹാദേവിയെ ഒരു മഹാസമുദ്രമായി സങ്കല്പിച്ചാൽ, മഹാപ്രപഞ്ചത്തിലെ അനന്തകോടി വസ്തുക്കളെയും അനന്തകോടി ജീവികളെയും സൃഷ്ടിക്കാനും സംരക്ഷിക്കാനും മഹാനീതി നൽകാനും, ഒരു തുള്ളി ജലത്തിന്റെ ശക്തി പോലും മഹാദേവിക്ക് വേണ്ടതില്ല എന്നറിയണം.**

**മഹാദേവി മഹാഅനുഗ്രഹിച്ച് മഹാവാത്സല്ല്യം കൂടിയായ ഓംകാരനീതിശാസ്ത്ര പ്രകാരം നൽകുന്ന ശക്തികളെയും സംഗീതത്തെയും ഒക്കെ ഒക്കെ ദുരുപയോഗം ചെയ്യുന്ന കുഞ്ഞുങ്ങളുടെ പോഴത്തരങ്ങളിൽ / ഭോഷത്തങ്ങളിൽ മഹാശക്തിയായ മഹാദേവി ആനന്ദിക്കണമോ ? സംഗീതം ഉൾപ്പെടെ സർവ്വ ആനന്ദങ്ങളെയും സൃഷ്ടിച്ച ദൈവം സർവ്വ ആനന്ദങ്ങൾക്കും അതീതമാണ്.**

**ജനങ്ങളുടെ സന്തോഷത്തിനായി മഹാദേവി അനുവദിച്ച പ്രാർത്ഥനാ / ആരാധനാ വാചകം മഹാദേവിക്കു വേണ്ടിയാണെന്ന് കരുതരുത്.**

**ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം**

**= ഓം നമഃ ശിവായ**

**എന്ന അർത്ഥത്തിൽ ലഘുവായ സ്തുതി മാത്രം ചെയ്യാൻ ശ്രദ്ധിക്കുക. ഭക്തിക്കും പരമാവധി. 5 അളവ് ആനന്ദത്തെ മഹാഅനുവദിച്ചിട്ടുണ്ട്.**

**ശിവൻ = ശിവ = മംഗളമാക്കുന്നവൻ = മഹാദേവൻ = മഹാദേവി** എന്നിങ്ങനെയും അർത്ഥങ്ങളുണ്ട്; **ശിവയിൽ ശിവനുണ്ട്; ശിവനിൽ ശിവയും. ശിവനെ വേറിട്ട് കണക്കാക്കുമ്പോൾ ശിവനില്ലെങ്കിലും ശിവയുണ്ട്; ശിവ അഥവാ മഹാശക്തിയായ മഹാദേവി എപ്പോഴുമുണ്ട്. എല്ലായ്പ്പോഴും ഉള്ളതായ മഹാശിവയ്ക്കു മാത്രമാണ് സർവ്വം മംഗളമാക്കാൻ കഴിയുക.**

**പരമശിവനെ മഹാഅനുഗ്രഹിച്ച് മഹാശക്തികളെന്നു വിശേഷിപ്പിക്കാവുന്ന ശക്തികളെയും നൽകിക്കൊണ്ട് പരമശിവനിലൂടെ പ്രപഞ്ചകാര്യങ്ങളെ ശിവമാക്കുമ്പോഴും പരമശിവൻ 'ലൂടെ' മാത്രമാണെന്നും ശിവയായ മഹാദേവിയാണ് യഥാർത്ഥത്തിൽ സർവ്വതും മഹാ-ഭദ്രമാക്കുന്നത് എന്നും മനസ്സിലാക്കണം.**

**മഹാദേവിയും, മഹാദാസനായ പരമശിവനും മഹാപ്രത്യക്ഷമായിക്കൊണ്ട് ദൈവ-വിപ്ലവവും തുടർന്ന് സംഹാരവും പുരോഗമിക്കുമ്പോൾ, മഹാദേവിയായ മഹാശിവയാണ് ഏക-മഹാശക്തിയായ ദൈവം എന്നത് ജനങ്ങളെല്ലാം സുവ്യക്തമായി അറിയുന്ന കാര്യങ്ങളാണ്.**

**മഹാദേവിയെ നമിക്കുന്നതോടൊപ്പം, മഹാദേവിയുടെ ഭാഗവും പ്രപഞ്ച പിതാവുമായ പരമശിവനെയും നമിക്കേണ്ടുന്നത് മനുഷ്യരുടെ ആവശ്യമാവുന്നതാണ്. മഹാദേവിയുടെ ഭാഗമായിട്ട് ഏകദാസനായ പരമശിവനെ ഒരുക്കിയിട്ടുള്ളതു പോലെ, "ഓം നമഃ ശിവായ" എന്ന വചനത്തിൽ മഹാശിവയായ മഹാദേവി, ശിവനെയും മഹാഅനുഗ്രഹിച്ച് മഹാഉചിതമായിട്ട് ഉൾപ്പെടുത്തിയിട്ടുണ്ട്.**

**മഹാദേവിയുടെ ഭാഗമായ ഏകദാസനായും, ഏക പ്രതിനിധിയായും, പ്രപഞ്ച പിതാവായും, സംഹാര നാഥനായും, പരമശിവനായും ഒക്കെ ശിവനെ അവതരിപ്പിച്ചിട്ടുള്ളത് ശിവയായ മഹാദേവിയുടെ മഹാകരുണയായും മഹാഭാഗ്യമായും മഹാഅനുഗ്രഹത്താൽ പരമശിവന് സുവ്യക്തമായിട്ട് അറിയാം. തന്റെ തെറ്റുകളെയും കുറ്റങ്ങളെയും കുറവുകളെയും പിഴവുകളെയുമൊക്കെ <u>മഹാശിക്ഷിച്ചു</u> <u>തിരുത്തണമേ</u> എന്ന് പ്രാർത്ഥിക്കുന്നതുമാണ്.**

**ശിവന്റെ എല്ലാമായ - മഹായജമാനയായ മഹാശിവയെ മാത്രം കുഞ്ഞുങ്ങളെല്ലാം സ്തുതിക്കുന്നതും വണങ്ങുന്നതും തന്റെ ഇഷ്ടമാവാനും മഹാശിവയോട് പ്രാർത്ഥിക്കുന്നുണ്ട് പരമശിവൻ. മഹാശിവയായ മഹാദേവിയെ "ഓം നമഃ ശിവായ" എന്ന് പരമശിവൻ പൂജിക്കുകയും ആരാധിക്കുകയും ചെയ്യുന്നുണ്ട്.**

**പൂജിക്കുക എന്നാൽ മഹാദേവിയുടെ ഇഷ്ടങ്ങളെ അറിഞ്ഞ് പൂവ് ചൂടിക്കൊടുക്കുക എന്നാണ്.**

**വിഗ്രഹങ്ങൾ പാടില്ല; വിഗ്രഹങ്ങളിൽ പുഷ്പാർച്ചന പാടില്ല.**

**മഹാദേവനെ അനുകരിച്ച് പുരുഷന്മാർ ഭാര്യ, അമ്മ-മാർ, സഹോദരി, മകൾ എന്നിങ്ങനെ ഉറ്റവർക്കും, സ്ത്രീകൾ അമ്മ-മാർ, സഹോദരി, മകൾ എന്നിങ്ങനെ ഉറ്റവർക്കും ധർമ്മ ശാസ്ത്ര പ്രകാരം പൂവ് ചൂടി-ക്കൊടുക്കാവുന്നതാണ്.**

**മഹാശക്തികളെന്നു വിശേഷിപ്പിക്കാവുന്ന ശക്തികളെയും പരമശിവന് നൽകിയിട്ടുള്ളതോടൊപ്പം, പരമശിവനെ ഓംകാര നീതിശാസ്ത്രത്തിൽ ബന്ധിച്ച് സദാ മഹാസംശുദ്ധനാക്കുന്നതും മഹാശിവയുടെ മഹാകരുണയാണ്. ദൈവ ഭാഗമായ പ്രപഞ്ച പിതാവ് സദാ മഹാസംശുദ്ധനാവേണ്ടതുണ്ട്.**

**സൃഷ്ടിചക്രത്തിലെ മനുഷ്യർക്കെല്ലാം ആത്മീയ സാക്ഷാത്ക്കാരം എന്ന മോക്ഷത്തെ പിതാവായ പരമശിവനി 'ലൂടെ' മഹാദേവി മഹാഅനുഗ്രഹിച്ചു നൽകുന്നതാണ് സംഹാരം. അതിനുശേഷം, പുതിയ സൃഷ്ടിചക്രം ആരംഭിക്കുമ്പോൾ, മഹാമാതാവും മഹാഭരണാധികാരിയും മഹാനീതിയും ഭൂമിയുമായ മഹാദേവി, മഹാഉചിതമായ സമയത്ത് 2 ശിവരൂപങ്ങളെയും പിൻവലിക്കുന്നതാണ്.**

**സ്ത്രീയും പുരുഷനും "തന്നെത്തന്നെ മറക്കുകയും ഇണയെ മാത്രം ഓർക്കുകയും ചെയ്യുന്ന പരമാനന്ദമായ കാമാനന്ദം ധർമ്മശാസ്ത്രപരമായിട്ട് മാത്രം ആസ്വദിക്കേണ്ടതുണ്ട് - അതിനാൽ കാമാനന്ദത്തെ ആസ്വദിച്ചു തുടങ്ങുമ്പോൾ "ഓം നമഃ ശിവായ" ഉൾപ്പെടെയുള്ള ദൈവനാമങ്ങൾ ഉരുവിട്ടുകൂടാ; ദൈവനിന്ദ വേണ്ട.**

**മനുഷ്യർ പരസ്പരം കണ്ടുമുട്ടുമ്പോഴും, യാത്ര പറയുമ്പോഴും ഒക്കെ "ഓം നമഃ ശിവായ" , "ഓം ശിവായ നമഃ ", "അമ്മേ ശിവാ","ദേവീ ശരണം" "നമസ്ക്കാരം, വന്ദനം, അസ്സലാമു അലൈക്കും, ഗുഡ് ബൈ... " എന്നിങ്ങനെയെല്ലാം പറയുന്നത് മനുഷ്യരുടെ സ്വകാര്യമാണ്; വേഷം കെട്ടൽ അല്ലാത്ത ദൈവ - സ്മരണ നല്ലതാണ്.**

**"ഓം നമഃ ശിവായ" , "ഓം ശിവായ നമഃ ", "അമ്മേ ശിവാ","ദേവീ ശരണം" എന്നിവ ജപിക്കുന്നത് ധർമ്മശാസ്ത്രപരമായ ജീവിതത്തിന് ആക്കം കൂട്ടുന്നതാണ്. എന്നാൽ, ദൈവത്തിനു വേണ്ടി ചെയ്യണമെന്ന് ആഹ്വാനം ചെയ്യുകയോ, ആവശ്യപ്പെടുകയോ, നിർബ്ബന്ധിക്കുകയോ അപേക്ഷിക്കുകയോ ചെയ്താൽ ദൈവനിന്ദ ഉണ്ടാകുന്നതാണ്; പാപത്തിന്റെയും ദൈവ ശിക്ഷകളുടെയും അളവ് ക്രമേണ വർദ്ധിക്കുന്നതുമാണ്. "ഓം നമഃ ശിവായ" , "ഓം ശിവായ നമഃ ", "അമ്മേ ശിവാ", "ദേവീ ശരണം" എന്നീ 4 വാചകങ്ങളിൽ വ്യക്തികൾക്ക് ചേരുന്നതും ലളിതമായതും സ്വയം സ്വീകരിച്ചു കൊള്ളുക.**

**സാധാരണ ജനങ്ങൾക്ക് ഏറ്റവും ഉചിതമായത് "അമ്മേ ശിവാ" എന്നതാവും. വേറെയും കാരണങ്ങളുണ്ട്. 'അമ്മ' എന്ന പദം വാത്സല്യത്തെ കനപ്പെടുത്തുന്നതാണ്. മേല്പടി 4 വാചകങ്ങളും പഞ്ചാക്ഷരങ്ങൾ ചേർന്നതാണ്; എന്നാൽ "അമ്മേ ശിവാ" എന്ന വാചകം മാത്രം "മ്മ" എന്ന കൂട്ടക്ഷരം കൊണ്ടാണ് കഷ്ടിച്ച് പഞ്ചാക്ഷരങ്ങൾ ആവുന്നത്. ഒരു അക്ഷരം കുറയുമ്പോലെയും വാത്സല്യത്തെ വർദ്ധിപ്പിക്കുന്ന ആനന്ദം പോലെയും "അമ്മേ ശിവാ" സാധാരണ ജനങ്ങൾക്ക് കൂടുതൽ ഇണങ്ങുന്നതാണ്.**

**"ഓം നമഃ ശിവായ", "ഓം ശിവായ നമഃ ", "അമ്മേ ശിവാ", "ദേവീ ശരണം" എന്നിങ്ങനെയെല്ലാം മനുഷ്യർ ജപിക്കുന്നത് ദൈവത്തെ സന്തോഷിപ്പിക്കാനല്ല; ദൈവത്തിനു വേണ്ടിയുമല്ലാ എന്നറിയുക.**

**ദൈവ സ്മരണയ്ക്ക് സ്വീകരിക്കാവുന്ന മഹാശാസ്ത്ര പരവും ലളിതവുമായ മഹാപദങ്ങളെ അനുഗ്രഹിച്ചു നൽകിയിട്ടുള്ളത് മനുഷ്യരുടെ സന്തോഷത്തെ കണക്കാക്കിയാണ്. ദൈവത്തിന്റെ ആവശ്യമല്ലായെന്ന് സുവ്യക്തമായി അറിയണം. മഹാശക്തിയായ ദൈവം ശക്തികളെ നൽകിയാൽ മാത്രമേ മനുഷ്യൻ ഉൾപ്പെടെ ഏതൊരു ജീവിക്കും ഏതൊരു കാര്യവും ചെയ്യാൻ കഴിയുകയുള്ളൂ എന്നിരിക്കെ, മനുഷ്യരോട് കേമത്തം കാട്ടിയിട്ട് ദൈവത്തിന് യാതൊന്നും നേടാനില്ല.**

## 'ഓം നമഃ ശിവായ' പഞ്ചാക്ഷരങ്ങളാണ്.

"ഓം, om, aum, ओम, ഓം" എന്നിങ്ങനെ വ്യത്യസ്ത ഭാഷകളിലെ അക്ഷരങ്ങളെ ഉപയോഗിച്ച് എഴുതുകയും വായിക്കുകയും അച്ചടിക്കുകയും ചിത്രമാക്കുകയും ശില്പമാക്കുകയും, കമ്പ്യൂട്ടറിലും ടെലിവിഷനിലും മൊബൈൽ ഫോണിലുമൊക്കെ എഴുതുകയും മറ്റും ചെയ്യുമെന്നല്ലാതെ, ഏതെങ്കിലും പ്രത്യേക ഭാഷയിലെ അക്ഷരമല്ലാ "ഓം". (മാത്രമല്ല, ഉച്ചാരണത്തിൽ 2 അക്ഷരങ്ങൾ പ്രകടമായതിനെ "ഒറ്റ അക്ഷരപ്പട്ടിക" -യിൽ പെടുത്താനാവില്ല.). "ഓം" എന്ന് ഉച്ചരിക്കുമ്പോൾ, "ഓം" ശബ്ദബ്രഹ്മവും, എഴുതുമ്പോൾ "ഓം" അക്ഷരബ്രഹ്മവുമാണ്. മഹാശക്തിയായ ദൈവത്തിന്റെ 'മഹാപ്രപഞ്ചത്തിന് അതീതമായ മഹാഅവസ്ഥ'യാണ് ബ്രഹ്മം എന്ന് മുമ്പ് വിശദീകരിച്ചതാണ്.

"ഓം" അക്ഷരബ്രഹ്മം ആണ്; അക്ഷരമല്ല.

അക്ഷരബ്രഹ്മം, ശബ്ദ ബ്രഹ്മം എന്നിങ്ങനെയുള്ള പദസമുച്ചയങ്ങളിൽ "മഹാശക്തിയായ ദൈവം" എന്ന അർത്ഥമുള്ള "ബ്രഹ്മം" എന്ന പദത്തിനാണ് പ്രാധാന്യം. ശബ്ദബ്രഹ്മമായ ' ഓം ' ചേർത്താലും, ഇല്ലെങ്കിലും, നമഃ ശിവായ 5 അക്ഷരങ്ങളാണ് = പഞ്ചാക്ഷരങ്ങൾ.

**അക്ഷരബ്രഹ്മം എന്തെന്നാൽ, 'ബ്രഹ്മ' ത്തെ അക്ഷരം (ലിപി) കൊണ്ടും അവതരിപ്പിക്കാൻ കഴിയുമെന്നും, മഹാശാസ്ത്രപരമായി എഴുതുന്ന അഥവാ മഹാനിശ്ചയിച്ചിട്ടുള്ള അക്ഷരത്തിൽ പ്രവേശിക്കാൻ 'ബ്രഹ്മ'ത്തിനു കഴിയുമെന്നുമാണ്. അതായത് ഓം എന്ന അക്ഷരബ്രഹ്മത്തിന് ഭാഷകൾക്കെല്ലാം അതീതവും, ശാസ്ത്രപരവുമായ അക്ഷരലിപിയുണ്ട്.**

**മഹാലിപി യെന്ന് വിശേഷിപ്പിക്കാവുന്ന അക്ഷരം എഴുതുന്നത് എങ്ങനെയെന്നും, പ്രസ്തുത അക്ഷരത്തിൽ ബ്രഹ്മം പ്രവേശിക്കുന്നത് എങ്ങനെയെന്നും മഹാദിവ്യവേദഗ്രന്ഥത്തിൽ വിശദീകരിക്കുന്നുണ്ട്.**

**ദൈവവിപ്ലവത്തോടെ അധമകാര്യങ്ങൾ ഏറെയും അവസാനിക്കുന്നതാണ്; ലാഭിക്കുന്ന ധനവും ഊർജ്ജവും സമയവും മറ്റും മണ്ണിൽ അദ്ധ്വാനിക്കാനും തങ്ങളുടെയും മറ്റുള്ളവരുടെയും നന്മകൾക്കായി ഉപയോഗിക്കാനും ജനങ്ങൾക്കെല്ലാം കഴിയട്ടെ !**

# ഓം നമഃ ശിവായ

**ഓം ശിവായ നമഃ ദേവീ ശരണം അമ്മേ ശിവ !**

# പ്രപഞ്ചം = സനാതന ധർമ്മം = സത്യം ശിവം സുന്ദരം

**ഓം പ്രഥമമായി ശക്തിശിവൻ പ്രണയമന്ത്രമാണ്; ശക്തി ശിവൻ പ്രണയം സൃഷ്ടിച്ചു പോരുന്നതാണ് പ്രപഞ്ചം; എന്നാൽ ആനന്ദം ഉൾപ്പെടെ സർവ്വത്തിനും അതീതമായ ദൈവം, കുഞ്ഞുങ്ങളായി ജീവികളെ സൃഷ്ടിക്കുന്നതിനു വേണ്ടി മഹാദാസ്യം, മഹാവാത്സല്ല്യം എന്നീ രണ്ട് ആനന്ദങ്ങളെ മാത്രം ദൈവത്തിന്റെ ആനന്ദങ്ങളായി ആവിഷ്ക്കരിച്ചിരിക്കുകയാണെന്നും,** സൃഷ്ടി സ്ഥിതി സംഹാര **കർത്താവായ ദൈവത്തിന്റെയും, സൃഷ്ടികളുടെയും ആനന്ദങ്ങൾ തീർത്തും ഭിന്നമാണെന്നും ആനന്ദശാസ്ത്രം എന്ന അദ്ധ്യായത്തിൽ സുവ്യക്തമായി വിശദീകരിച്ചിട്ടുണ്ട്.**

**ഭൂമിയിലെ മൂലകങ്ങളുടെ ആറ്റങ്ങളിലുള്ള 'പ്രോട്ടോൺ-ഇലക്ട്രോൺ എന്ന ശക്തിശിവൻ പ്രണയവും പ്രണയ മന്ത്രവും' ശക്തിക്കും ശിവനും നൽകുന്ന ആനന്ദം 'ജീവികളോടുള്ള മഹാദാസ്യവും മഹാവാത്സല്ല്യവും മാത്രമാണ്.' ജീവാത്മാക്കളായ സൃഷ്ടികൾക്ക് അനന്തമായ ആനന്ദങ്ങളെ സൃഷ്ടിച്ചു നൽകാനും വർദ്ധിപ്പിക്കാനുമായി ഭൂമിയിൽ ഒരുക്കാൻ ഉദ്ദേശിക്കുന്നതും ഒരുക്കുന്നതുമായ വസ്തുക്കളിൽ മഹാദാസ്യത്തെയും മഹാവാത്സല്ല്യത്തെയും കൂടി ലയിപ്പിക്കുകയാണ്. ജീവാത്മാക്കൾക്ക് മഹാനീതിശാസ്ത്ര പരമായി ആവശ്യമാകുന്ന ജന്മഗുണങ്ങളെയും ഭൗതിക-ധർമ്മ അസ്തിത്വങ്ങളോടെ ലയിപ്പിക്കുന്നു. സൃഷ്ടികളായ ജീവാത്മാക്കൾക്ക് പ്രണയം നൽകുന്ന പ്രേമ-കാമ-ആനന്ദങ്ങൾക്ക് 'ഏകസ്രഷ്ടാവായ ശക്തി-ശിവനിൽ' യാതൊരു സ്ഥാനവും ഇല്ലെന്നു സാരം. ഏകദൈവം രണ്ടാവാതെ തന്നെ ശിവയും ശിവനുമായി രണ്ടായി നിൽക്കുമ്പോൾ ഓം എന്ന പ്രണയ മന്ത്രം എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് വിശദീകരിക്കാം :-**

**മനുഷ്യൻ ഉൾപ്പെടെയുള്ള സൃഷ്ടികൾക്ക് പ്രണയം, പ്രേമം, കാമം, വാത്സല്ല്യം തുടങ്ങിയവ ആനന്ദങ്ങൾ ലഭ്യമാകുന്നത് ഭൂമിയിലെ മൂലകങ്ങളായ വസ്തുക്കളെയും അവ കൊണ്ട് ഉണ്ടാക്കിയ ശരീരങ്ങളെയും, ശരീരങ്ങളുടെ ചർമ്മങ്ങളിലൂടെ വ്യാപരിക്കുന്ന 'നിറം സൗന്ദര്യം മണം തുടങ്ങിയ ജീവാത്മാക്കളുടെ പ്രകടമായ ജന്മഗുണങ്ങളെയും' ആധാരമാക്കിയാണ്. സൃഷ്ടികളുടെ ആനന്ദകാര്യങ്ങൾ യാഥാർത്ഥ്യമാകണമെങ്കിൽ അവയെ മുഴുവൻ പ്രഥമമായി 'മഹാശക്തിയായ ദൈവം' സ്വന്തം ആദിയും അന്തവും ഇല്ലാത്ത മഹാശക്തികളുടെയും മഹാജ്ഞാനത്തിന്റെയും ഓഹരികൾ കൊണ്ട് ആവിഷ്ക്കരിക്കുകയും, ഭൗതിക-ധർമ്മ -നീതി ശാസ്ത്രങ്ങളെ ലയിപ്പിച്ചു കൊണ്ട് ശക്തിക്ക് ഭൗതികമായ അസ്തിത്വത്തെ നൽകി സൃഷ്ടിക്കുകയും ചെയ്യേണ്ടതുണ്ട്. ഭൗതിക അസ്തിത്വങ്ങളായ മൂലകങ്ങൾ സ്വാഭാവികമായും ദൈവമായ ഭൂമിയുടെ അംശങ്ങൾ മാത്രമായിരിക്കും. അതായത് ദൈവം അനന്തമായ ശക്തികളുടെ അംശങ്ങളെ സൃഷ്ടിക്കേണ്ടതായി വരുന്നു. അതിസൂക്ഷ്മമായ ഘടകങ്ങളുള്ള ആറ്റങ്ങളെയും, അവ ചേർന്ന തന്മാത്രകളെയും മൂലകങ്ങളെയും സംയുക്തങ്ങളെയും അവയുടെ മുഴുവൻ മഹാരൂപമായ ഭൂമിയെയും ദൈവം സൃഷ്ടിച്ചതും സ്വീകരിച്ചതും അങ്ങനെ കൂടിയാണ്. അതേസമയം ജീവാത്മാക്കളുടെ ജന്മഗുണങ്ങളായി ചർമ്മത്തിലും ശരീരത്തിലും പ്രവേശിപ്പിച്ചു സൃഷ്ടിക്കേണ്ടുന്ന ഘടകങ്ങളെ ദൈവമായ ഭൂമിയുടെ അംശങ്ങളാവാതെ സൃഷ്ടിക്കേണ്ടതുമുണ്ട്. ചുരുക്കത്തിൽ, ജീവാത്മാക്കളും അവയുടെ ജന്മഗുണങ്ങളും എന്ന സൃഷ്ടികളെ വേറിട്ടു മാറ്റിനിർത്തിയാൽ, ജീവാത്മാക്കൾക്ക് ഭൗതികമായ അസ്തിത്വവും ആനന്ദവും നൽകുന്നതിനു വേണ്ടി ഏകമഹാശക്തിയായ ദൈവത്തിന്റെ അംശങ്ങളെ തന്നെയാണ് ദൈവം സൃഷ്ടിക്കേണ്ടത്; മഹാശക്തികളും മഹാജ്ഞാനവും ചേർന്ന ദൈവത്തിന്റെ മഹാരൂപമായ ഭൂമിയും, അംശമായ വസ്തുക്കളും ശരീരങ്ങളും, അങ്ങനെ കൂടിയാണ് സൃഷ്ടിക്കപ്പെട്ടത്.**

**ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയായ ദൈവത്തിന്റെ മഹാരൂപമായി ഭൂമിയെയും അംശങ്ങളായി ഭൂമിയിലെ വസ്തുക്കളെയും സൃഷ്ടിക്കുമ്പോൾ, സ്വന്തമായി ശക്തില്ലാത്തതും ശക്തികളല്ലാത്തതും, ഭൂമിയായ മഹാശക്തിയോ അംശങ്ങളായ വസ്തുക്കളോ നൽകിയാൽ മാത്രം ശക്തികളും ജ്ഞാനവും ലഭിക്കുന്നവരും അടിസ്ഥാനപരമായി നിർജ്ജീവവുമായ ജീവാത്മാക്കളെ അഥവാ കുഞ്ഞുങ്ങളായ ജീവികളെ സൃഷ്ടിക്കേണ്ടതുണ്ട്.**

**ഭൂമി ഉൾപ്പെടെയുള്ള പ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര പാത്രമായി ഭൂമിക്കും മുമ്പേ സൃഷ്ടിക്കേണ്ടി വരുന്ന (ആദിയും) അന്തവും ഇല്ലാത്ത ആകാശത്തിൽ നിർജ്ജീവമായ കുഞ്ഞുങ്ങളുടെ പ്രഭവകേന്ദ്രം കൂടിയായ (ആദിയും) അന്തവും ഇല്ലാത്ത പരമാത്മാവിനെ ക്കൂടി ഉൾപ്പെടുത്തി ക്കൊണ്ട് ഭൂമിയെ സൃഷ്ടിക്കുമ്പോൾ ഭാഗികമായി വിഷയം പരിഹാരം ഉണ്ടാകുന്നതാണ്.**

**ഭൂമിക്കു വെളിയിൽ, ശിവചക്രമായ ആകാശത്തിൽ സൂര്യൻ എന്ന പാത്രത്തിൽ/രൂപത്തിൽ ജീവാത്മാക്കളുടെ പ്രഭവകേന്ദ്രം എന്ന് വിശേഷിപ്പിക്കാവുന്ന പരമാത്മാവിനെ ഒരുക്കുന്നു. ജീവാത്മാവിനെ ഭൂമിയിൽ എത്തിച്ച് ഭൂമിയിലെ വസ്തുക്കളെ കൊണ്ടുള്ള ശരീരത്തെ മഹാലയിപ്പിച്ച് ജീവിയാക്കുമ്പോൾ മഹാശക്തിയായ ഭൂമിയുടെ അംശമാണ് ഓരോ ജീവാത്മാവിനോടും ഒപ്പം ഉണ്ടാവുക. ശക്തികളെയും ജ്ഞാനത്തെയും നൽകുന്ന ഭൂമിയെയും അംശമായ ശരീരത്തെയും ജീവാത്മാവിന്റെ മഹാമാതാവായി കണക്കാക്കുമ്പോൾ, മഹാപിതാവായ പരമാത്മാവിന് ജീവിയുടെ മേൽ അവകാശവും അധികാരവും നൽകേണ്ടത് അത്യാവശ്യമാണ്. ഭൂമിക്ക് മുമ്പേ സൃഷ്ടിച്ചതും പരമാത്മാവും കൂടിയായ ആകാശത്തെ ഭൂമിയിലെ എല്ലാ മൂലകങ്ങളുടെയും ശരീരങ്ങളുടെയും ആറ്റങ്ങളിൽ ഭൂമിയുടെ ഇഷ്ടം പോലെ നിർജ്ജീവമായും ജീവമായും പ്രവർത്തിക്കുന്ന ഘടകമായി പങ്കെടുപ്പിക്കുന്നതോടെ ശരീരത്തിൽ മഹാപിതാവായ പരമാത്മാവിന്റെ അംശം കൂടി ഉണ്ടാകുന്നു.**

**ഭൂമിയുടെ അവയവങ്ങളും അംശങ്ങളുമെന്ന് വിശേഷിപ്പിക്കാവുന്ന ദേശങ്ങളിലും, നാടുകളിലും, വസ്തുക്കളിലും, മൂലകങ്ങളിലും, ജീവികളുടെ ശരീരങ്ങളിലും ഭൂമിയുടെ സ്വത്വമെന്ന് വിശേഷിപ്പിക്കാവുന്ന മഹാമാതാവായ മഹാദേവിയും** മഹാപിതാവും പരമാത്മാവുമായ **മഹാദേവനും, കുഞ്ഞുങ്ങളും സൃഷ്ടികളുമായ ജീവാത്മാക്കൾക്ക് ജീവികൾ എന്ന അസ്തിത്വവും ആനന്ദങ്ങളും നൽകാനായി എല്ലായ്പ്പോഴും വിശ്രമമില്ലാതെ പണിയെടുക്കുകയാണ്. ദൈവീക ആനന്ദങ്ങൾ മഹാദാസ്യവും മഹാവാത്സല്യവും മാത്രമാണെന്ന് മഹാനിശ്ചയിച്ചിരിക്കെ ഓരോ ആറ്റത്തിനുള്ളിലും മഹാസൂക്ഷ്മമായി മുഴങ്ങുന്ന ഓം എന്ന ശക്തി-ശിവൻ പ്രണയമന്ത്രം സൃഷ്ടിക്കുന്നത് മഹാദാസ്യവും മഹാവാത്സല്യവും മാത്രമാണെന്നും, ജീവികൾക്ക് നൽകാൻ ഉദ്ദേശിച്ചിട്ടുള്ള പ്രസ്തുത ആനന്ദങ്ങൾ വസ്തുക്കളുടെ ഉള്ളിൽ മുഴങ്ങിയും പ്രവർത്തിച്ചും സൃഷ്ടിക്കുന്നത് ജീവികൾക്ക് അസ്തിത്വവും ആനന്ദങ്ങളും നൽകുന്ന ഘടകങ്ങളും ആണെന്ന് സുവ്യക്തമാകുന്നു.**

മനുഷ്യർ അറിയുകയും അനുഭവിക്കുകയും ചെയ്യുന്നതു പോലെ ഒന്നോ അതിലധികമോ വസ്തുക്കൾ പ്രവർത്തിക്കുമ്പോൾ ശബ്ദം ഉണ്ടാകുന്നതാണ് എന്ന ഒരു നിയമത്തെ ആറ്റത്തിനുള്ളിൽ ഓം സൃഷ്ടിച്ചുകൊണ്ട് പ്രോട്ടോണുകളെ ഇലക്ട്രോണുകൾ സദാ ചുറ്റിക്കൊണ്ട് ഭൂമി ഉൾപ്പെടെയുള്ള സർവ്വ പ്രപഞ്ചവും എല്ലായ്പ്പോഴും ജീവനുള്ളതാക്കിയിരിക്കുന്നു.

മൂലകങ്ങളും വസ്തുക്കളും ശരീരങ്ങളും നാടുകളുമെല്ലാം ദൈവത്തിന്റെ മഹാരൂപമായ ഭൂമിയുടെ തന്നെ അംശങ്ങൾ ആവുമ്പോൾ, ഭൂമിക്കും അംശങ്ങൾക്കും ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതായ ഏകമഹാശക്തിയും മഹാസത്യവും എന്ന ഏക സ്വത്വമാണ് ഉണ്ടാവുക; എന്നാൽ ഏകദൈവം രണ്ടാവാതെ രണ്ടായി ക്കൊണ്ട് മഹാമാതാവും പ്രോട്ടോണുമായ മഹാദേവിയും, ഭാഗവും മഹാപിതാവും ഇലക്ട്രോണുമായ മഹാദേവനുമായി ഓരോ അണുവിലും കൂടിയിരിക്കുകയാണ്.

ഭൂമിയുടെ എല്ലാ അംശങ്ങളിലും - ദേശങ്ങളിലും നാടുകളിലും, സമുദ്രം ഉൾപ്പെടെയുള്ള ജലാശയങ്ങളിലും, ഭൂമിയിലെ എല്ലാ വസ്തുക്കളിലും, ജീവികളുടെ ശരീരങ്ങളിലും 'മഹാദേവിയും ഭാഗമായ മഹാദേവനും' രണ്ടാവാതെ രണ്ടായി പ്രവർത്തിക്കുന്ന ഏകദൈവമായി നിറഞ്ഞിരിക്കുന്നു; അഥവാ ഏകദൈവമാണ് ഭൂമി; മഹാശക്തിയായ ദൈവത്തിന്റെ മഹാരൂപമാണ് ജീവികൾക്കല്ലാം ജീവിതകാലം മുഴുവനും ഏകമഹാശരണമായ ഭൂമി.

**മഹാദാസ്യത്തെയും മഹാവാത്സല്ല്യത്തെയും മാത്രം ഭൂമിയുടെ ആനന്ദങ്ങളായി സ്വീകരിച്ചിരിക്കുന്നതിലൂടെ, സൃഷ്ടികൾക്കെല്ലാം അസ്തിത്വവും ശക്തികളും ജ്ഞാനവും ശരണവും ഉൾപ്പെട്ട അനന്തമായ ആനന്ദങ്ങളും നൽകുവാൻ, എല്ലാ ആനന്ദങ്ങളും ഉൾപ്പെടെ സർവ്വത്തിനും അതീതമായ മഹാദേവിക്കും ഭാഗമായ മഹാദേവനും മാത്രമേ കഴിയൂ എന്ന് സുവ്യക്തമാണ്. ഈ വസ്തുതയെ വിശകലനം ചെയ്താൽ, വ്യത്യസ്തങ്ങളായ മതങ്ങളിൽ ദൈവങ്ങളായി വിസ്തരിക്കുന്ന സമസ്ത ദേവതകളും ദുർദ്ദേവതകളും സൃഷ്ടികൾ മാത്രമാണെന്നും, മനുഷ്യരെ പ്പോലെ ഏകദൈവമായ ഭൂമി മഹാവാത്സല്ല്യത്തോടെ നൽകുന്ന അസ്തിത്വവും ശക്തികളും ജ്ഞാനവും ആനന്ദങ്ങളും അനുഭവിച്ചു കൊണ്ടു മാത്രം ജീവിക്കുന്ന ജീവികളും, ഭൂമിയായ മഹാദേവിയുടെയും മഹാദേവന്റെയും കുഞ്ഞുങ്ങൾ മാത്രവുമാണെന്ന് തെളിയുന്നുണ്ട്.**

**ആദ്യ മഹാകാല ചക്രത്തിലെ മനുഷ്യാവസ്ഥയിൽ വച്ച് മോക്ഷം നേടവേ ദേവതകളായി നിയമിക്കപ്പെട്ട മനുഷ്യർ ഉൾപ്പെടെയുള്ള എല്ലാ ജീവികളുടെയും വളർച്ചാ വേളകളിൽ ശരീര അവയവങ്ങളെയും അവയ്ക്ക് വൈവിധ്യമാർന്ന അതിസൗന്ദര്യങ്ങളെയും വൈരൂപ്യത്തെയും ഒക്കെ ഭൂമിയിലെ മൂലകങ്ങളിൽ പണിയെടുക്കുന്ന മഹാദേവിയും ഭാഗമായ മഹാദേവനും ചേർന്ന് സൃഷ്ടിച്ചു നൽകുകയാണ് എന്നും അതും മഹാദാസ്യത്തിന്റെയും മഹാവാത്സല്ല്യത്തിന്റെയും ഭാഗമാണെന്നും ഗൗരവമായി വിശകലനം ചെയ്താൽ ബോദ്ധ്യമാകുന്നതാണ്.**

സ്ത്രീകൾക്കും പുരുഷന്മാർക്കും കുട്ടികൾക്കും ഒക്കെ വെറുതെ ഉണ്ടാകുന്നതല്ലാ സൗന്ദര്യം, നിറം, ആരോഗ്യം, തുടങ്ങിയവ. **കുഞ്ഞുങ്ങളുടെ സന്തോഷത്തെ കണക്കാക്കി ഭൂമിയും മഹാമാതാവുമായ മഹാദേവിയും, മഹാപിതാവായ മഹാദേവനും ചേർന്ന് കുഞ്ഞുങ്ങൾക്ക് ജീവിക്കാൻ ആവശ്യമായ ശരീരം ഉൾപ്പെടെയുള്ള സർവ്വതും ഓംകാര നീതിശാസ്ത്ര പ്രകാരം ഉണ്ടാക്കി നൽകുമ്പോൾ, ശരീരം മഹാദേവിയുടെയും മഹാദേവന്റെയും അംശം ആണെന്നതും, ജീവാത്മാവിനെയും സൗന്ദര്യം ഉൾപ്പെട്ട ജന്മഗുണങ്ങളെയും വ്യാപരിപ്പിക്കുന്നത് ചർമ്മത്തിലൂടെ മാത്രമാണെന്നതും, ചർമ്മത്തെ നീക്കം ചെയ്താൽ ബാക്കിയാകുന്ന ഭക്ഷണവും മാംസവുമായ ശരീരത്തോട് കാമവികാരം ഉണ്ടാകില്ലെന്നതും, ഭൂമിയായ മഹാദേവിയുടെയും മഹാദേവന്റെയും അംശമായ ശരീരത്തിലൂടെയും മറ്റ് വസ്തുക്കളിലൂടയും 'ഏകദൈവവും ഭൂമിയും മഹാമാതാവുമായ മഹാദേവിയും ഭാഗവും മഹാപിതാവുമായ മഹാദേവനും' നൽകുന്ന സേവനങ്ങൾക്ക് ആധാരം കുഞ്ഞുങ്ങളായ ജീവികളോടുള്ള മഹാദാസ്യവും മഹാവാത്സല്ല്യവും മാത്രമാണെന്നതും അറിയണം.**

**ഭൂമി സൃഷ്ടിച്ചു നൽകുന്ന ശരീര-ചർമ്മ-സൗന്ദര്യത്തെ ആസ്വദിക്കാനും അതിന്നായി കുതന്ത്രങ്ങളെ മെനയാനും ബോദ്ധ്യപ്പെടുന്ന മതദേവതകളെ സൃഷ്ടികളായ ജീവികളായി മനസ്സിലാക്കാൻ കഴിയാഞ്ഞത് മനുഷ്യരുടെ പിഴവാണ്. ആദ്യമഹാകാലചക്രത്തിലെ ദേവതകളിൽ പെട്ട പാർവ്വതിയും ശിവനും അതുപോലെ സൃഷ്ടികൾ മാത്രമാണെന്നും, അവർ യഥാർത്ഥത്തിൽ മഹാദേവിയുടെയും മഹാദേവന്റെയും പ്രതിനിധികൾ മാത്രമാണെന്നും** www.omsathyam.com/GodlyRevolution/OM.pdf , www.omsathyam.com/GodlyRevolution/SupremeJusticeGOD.pdf **തുടങ്ങിയ മഹാദിവ്യവേദഗ്രന്ഥങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്.**

**മഹാമാതാവായ മഹാദേവിയും, ഭാഗവും മഹാപിതാവുമായ മഹാദേവനും ചേർന്ന് ഭൂമി എന്ന ഏകദൈവമായി മഹാരൂപം സ്വീകരിച്ചിരിക്കുകയാണ്; എങ്കിലും, ജീവികളുടെ സ്വത്വമായ ജീവാത്മാക്കളെ യാതൊരിക്കലും ഭൂമിയായ ദൈവത്തിന്റെ അംശമോ ഭാഗമോ ആക്കുന്നില്ല; ഭൂമിയിലോ അംശമായ ശരീരം ഉൾപ്പെടെയുള്ള വസ്തുക്കളിലോ തൊടാൻ പോലും അവയെ ഭൂമിയിൽ വെച്ച് അനുവദിക്കുന്നില്ല.**

**ദൈവമായ ഭൂമിയിൽ അവകാശവും അധികാരവും നൽകാത്തത്, മനുഷ്യാവസ്ഥയിൽ മോക്ഷം നേടുമ്പോൾ ഭൂമിയിലെ യാതൊന്നിലും ജീവാത്മാവിന് അവകാശമോ അധികാരമോ ഇല്ലെന്ന് വ്യവസ്ഥ ചെയ്യാൻ കൂടിയാണ്.** അംശമായ ശരീരത്തിലൂടെയും വസ്തുക്കളിലൂടെയും ഭൂമി നൽകുന്ന ശക്തികളും ജ്ഞാനവും (ആനന്ദങ്ങളും) കൊണ്ട് അനന്തമായ ആനന്ദങ്ങളെ ഭൂമിയിൽ വെച്ച് നേടാനും ധർമ്മ ശാസ്ത്രപരമായി ആനന്ദിച്ചു ജീവിക്കാനും മഹാനീതി കൂടിയായ ഭൂമി അനുവദിച്ചിരിക്കുന്നു എന്നല്ലാതെ മരണത്തോടെ ശരീരം പുറത്താക്കുന്ന ജീവാത്മാവിന് ഭൂമിയുടെ അംശമായ ശരീരം ഉൾപ്പെടെയുള്ള യാതൊന്നും കൂടെ കൊണ്ടുപോകാൻ കഴിയില്ല എന്നും, അങ്ങനെയിരിക്കെ സമ്പത്തുകളായ വസ്തുക്കളെ സന്താനങ്ങൾ ഉൾപ്പെടെയുള്ള ഉറ്റവർക്ക് കൈമാറ്റം ചെയ്യാൻ ജീവാത്മാക്കൾക്ക് അവകാശമോ അധികാരമോ ഇല്ലെന്നും ഭൂമിയിൽ ലയിച്ചിട്ടുള്ള സാമ്പത്തിക ശാസ്ത്രം സുവ്യക്തമാക്കുന്നു. ഭൗതിക ധർമ്മ നീതി ശാസ്ത്ര പരമായ അസ്തിത്വങ്ങളോടെ ദൈവത്തിന്റെ മഹാരൂപമായ ഭൂമിയിൽ ലയിച്ചിട്ടുള്ള സാമ്പത്തിക ശാസ്ത്രം ഉൾപ്പെടെയുള്ള ഏതൊരു ശാസ്ത്ര നിയമങ്ങളെയും താൽക്കാലികമായി ഖണ്ഡിക്കാൻ ഭൂമി നൽകുന്ന വ്യക്തി സ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്തുകൊണ്ട് സാധിക്കുമെങ്കിലും, അറിഞ്ഞും അറിയാതെയും ചെയ്യുന്ന അത്തരം പ്രവൃത്തികൾക്ക് ഭൂമിയിൽ വച്ചുതന്നെ മഹാപുനർജ്ജന്മ സിദ്ധാന്തം പ്രകാരം പരിഹാരം ചെയ്യേണ്ടതുണ്ട്. ശേഷം മാത്രമേ മഹാനീതിയും കൂടിയായ ഭൂമി മോക്ഷം നൽകുകയുള്ളൂ. ആവക കാര്യങ്ങളെ ഗ്രന്ഥത്തിലെ മഹാനീതിശാസ്ത്ര പാഠങ്ങൾ സുവ്യക്തമാക്കുന്നുണ്ട്.

**'ശിവചക്രവും പരമശിവനും മഹാദേവനും മഹാനീതിപതിയും ആകാശവും പ്രപഞ്ചപിതാവുമായ പരമാത്മാവിന്റെ' മാത്രം അംശമായ ജീവാത്മാവിനെ സൃഷ്ടിക്കുന്നത് ആകാശത്തിൽ -സൂര്യനിൽ വെച്ചാണ്. ജീവാത്മാവിനെ സ്ത്രീ പുരുഷൻ എന്നിങ്ങനെ രണ്ടായി വിഭജിച്ച് ഭൂമിയിലേക്കു കൊണ്ടുവന്ന്, സ്ത്രീ ഭാഗത്തെ മരവിപ്പിച്ചും അപൂർവ്വമായി പ്രവർത്തിപ്പിച്ചും കൊണ്ട് പുരുഷ ഭാഗത്തെ മാത്രം മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ എന്നീ അവസ്ഥകളിൽ ഓരോന്നിലും 100 ജന്മങ്ങൾ വീതം ജീവിക്കാനും, അനന്തമായ ആനന്ദങ്ങളെ ഭൂമിയിൽ വെച്ച് അറിയാനും അനുഭവിക്കാനും ആസ്വദിക്കാനും, മോക്ഷത്തോട് അടുത്ത മനുഷ്യജന്മങ്ങളിൽ സ്ത്രീ ഭാഗത്തെ ഇണയായി ചേർക്കാനും, ശേഷം മനുഷ്യാവസ്ഥയിൽ വച്ച് മോക്ഷം എന്ന ആത്മീയ സാക്ഷാത്കാരം നേടാനും, നക്ഷത്ര പദവി എന്ന സമരൂപം നേടിക്കൊണ്ട് ഭൂമിയിൽ വെച്ച് നേടിയ അനന്തമായ ആനന്ദങ്ങളെ അനുഭവിച്ചു കൊണ്ട് ആകാശത്തിൽ അനന്തകാലം കഴിയാനും, ഇച്ഛിക്കുന്നുവെങ്കിൽ നക്ഷത്ര രൂപത്തെ ഉപേക്ഷിച്ചു കൊണ്ട് ഭൂമിയിൽ വന്ന് വീണ്ടും (വീണ്ടും) ജീവി ജീവിതം തുടരാനും അനന്തമായി ആനന്ദിക്കാനും ഭൂമിയും ഏകമഹാശക്തിയും ഏകമഹാശരണവുമായ ദൈവം അനുഗ്രഹിച്ചിരിക്കുകയാണ്.**

ആകാശത്തു നിന്നും ഭൂമിയിലേക്ക് വരികയും, മോക്ഷം നേടുമ്പോൾ വീണ്ടും ആകാശത്തേക്ക് നക്ഷത്രമായി മടങ്ങുകയും ചെയ്യുന്ന ജീവാത്മാവിന് സ്വന്തവും ബന്ധവും സ്വന്തം ഭാഗമായ ഇണ മാത്രം. ഒന്നായും വിഭജിച്ചും നിന്ന് ജീവികളുടെ പരമാനന്ദമായി നിശ്ചയിച്ചിരിക്കുന്നതും തന്നെത്തന്നെ മറക്കുകയും ഇണയെ മാത്രം ഓർക്കുകയും ചെയ്യുന്ന കാമ-ആനന്ദത്തെ അനന്തമായി ആസ്വദിക്കാനും നക്ഷത്രാവസ്ഥയിൽ കഴിയുന്നതാണ്.

മഹാവാത്സല്ല്യം മാത്രം നൽകിയ മഹാമാതാവും ഭൂമിയും ഏകദൈവവുമായ മഹാദേവിയോടും, ~ഭാഗവും മഹാപിതാവുമായ മഹാദേവനോടും ഉണ്ടായിരുന്ന എല്ലാ ബന്ധങ്ങളെയും ഓംകാര നീതിശാസ്ത്ര പ്രകാരം അവസാനിപ്പിച്ചുകൊണ്ടു മാത്രം മോക്ഷം നേടാനാണ് ജീവാത്മാവിനെ വ്യവസ്ഥപ്പെടുത്തിയിട്ടുള്ളത് !.

## ജീവാത്മാവിനെ സൃഷ്ടിച്ചത് ആരാണെന്നും എങ്ങനെയാണെന്നും ഇനി വിശദീകരിക്കാം :

മഹാപിതാവായ ശിവചക്രത്തിന് ഇലക്ട്രോണുകൾ എന്ന മഹാസൂക്ഷ്മമായ ഭൗതിക അസ്തിത്വം ഉണ്ട്. മൂലകങ്ങളുടെ ആറ്റങ്ങളിലുള്ള മഹാമാതാവായ പ്രോട്ടോണുകളെ സദാ വട്ടമിട്ട് പ്രണയിച്ചിരിക്കുന്ന ഇലക്ട്രോണുകൾക്ക് വട്ടംചുറ്റാനുള്ള ശക്തി ലഭിക്കുന്നത് മഹാമാതാവായ പ്രോട്ടോൺ എല്ലായ്പ്പോഴും **ഓം** എന്ന് മഹാചിരിക്കുന്നതു കൊണ്ടാണ്. ചുറ്റുമ്പോൾ അഥവാ പ്രവൃത്തി ചെയ്യുമ്പോൾ ശബ്ദം ഉണ്ടാകുന്നതാണ് എന്ന ഒരു ശാസ്ത്ര നിയമത്തെ സൃഷ്ടിമന്ത്രവും, ആദിവചനവും, സംഹാര കാഹളവും, ദൈവ വിപ്ലവ ഗാനവും, ഏകമഹാശബ്ദവും, മഹാസംഗീതവും, ദൈവമായ ഭൂമിയുടെ ഗാനവും, ദൈവത്തിന്റെ മഹാചിരിയും, ശക്തിശിവൻ പ്രണയമന്ത്രവും, ഒക്കയായി സൃഷ്ടിച്ചു കൊണ്ട് 'ശബ്ദ ബ്രഹ്മം, അക്ഷര ബ്രഹ്മം' എന്നിവയായി പ്രപഞ്ചം ഉൾപ്പെടെയുള്ള സർവ്വത്തിനും അതീതമായ ദൈവത്തിന്റെ ബ്രഹ്മം എന്ന മഹാസത്യാവസ്ഥ ഭൂമിയിലേക്ക് പ്രവേശിക്കുന്ന മഹാദിവാത്ഭുതമാണ് യഥാർത്ഥത്തിൽ സംഭവിക്കുന്നത്.

ഒരു പ്രോട്ടോണും ഒരു ഇലകട്രോണും ചേർന്ന് ഹൈഡ്രജൻ എന്ന് പേരിട്ടിരിക്കുന്ന വാതകം ഉണ്ടാകുന്നു. ഹൈഡ്രജൻ പരമാത്മാവാണ്. Hide ഹൈഡ് എന്നാൽ ഒളിക്കുക, ഗൂഢമായിരിക്കുക എന്നാണ്. പരമേത്മാവ് ഗൂഢമായാൽ മാത്രമാണ് അംശമായ ജീവാത്മാവിനെ ഗൂഢമാക്കാൻ കഴിയുക. ജീവാത്മാവിനെ പ്രവർത്തിപ്പിക്കേണ്ടത് ഗൂഢമായി വേണം; ആവശ്യകത മുമ്പ് വിവരിച്ചതാണ്. ഹൈഡ്രജനായ പരമാത്മാവിൽ നിന്നും ജീവാത്മാവിനെ സൃഷ്ടിക്കുന്നത് എങ്ങനെയാണെന്നറിയാൻ സൂര്യനിൽ സദാ സംഭവിക്കുന്ന ഹൈഡ്രജൻ-ഹീലിയം പ്രവർത്തനത്തെ വിശകലനം ചെയ്യണം. ഏക പ്രോട്ടോണും ഏക ഇലക്ട്രോണും കൂടിയ ഹൈഡ്രജനിൽ, ഏക ന്യൂട്രോൺ ചേർന്നാൽ ഹീലിയം ആയി.

**ആദിയും അന്തവും ഇല്ലാത്ത പരമാത്മാവായ ഹൈഡ്രജന്റെ ഉള്ളിലേക്കു കടന്നാൽ പ്രോട്ടോൺ, ഇലക്ട്രോൺ എന്നിവയും, ബ്രഹ്മകണം എന്നു കൂടി വിശേഷിപ്പിക്കാവുന്ന 'ശബ്ദ ബ്രഹ്മം' ആയ സദാ മുഴങ്ങുന്ന ഓം ഉണ്ട്. ഭൂമിയിലെ മൂലകങ്ങളിൽ ശക്തിചക്രവും മഹാമാതാവുമായ പ്രോട്ടോണിനോടൊപ്പം, ശിവചക്രവും മഹാപിതാവുമായ ഇലക്ട്രോൺ ചേർന്ന് പ്രവർത്തിക്കുന്നതു പോലെ തന്നെയാണ് പരമാത്മാവായ ഹൈഡ്രജനിലും. സൂര്യനിലെ ഹൈഡ്രജന്റെ ഉള്ളിൽ പ്രോട്ടോണും ഇലകട്രോണും കൂടാതെ സദാ മഹാചിരിച്ചുകൊണ്ട് ഓം ഉണ്ടെന്നറിയുമ്പോൾ ഓം പ്രഭാവം കൊണ്ട് ഹൈഡ്രജൻ ആറ്റത്തിൽ ഒരു ന്യൂട്രോൺ കൂടി ഉണ്ടായിട്ടാണ് സൂര്യനിൽ ഹീലിയം ഉണ്ടാകുന്നതെന്ന് കരുതാനാവും. ശക്തിചക്രമായ പ്രോട്ടോൺ ഓം എന്ന് മഹാചിരിക്കുകയും പ്രോട്ടോണോടു കൂടിച്ചേർന്ന് മഹാശക്തിചക്രമായ ദൈവമായി മാറുമ്പോഴാണ് ന്യൂട്രോൺ ഉണ്ടാകുന്നത് എന്നതിനാൽ, ആനുപാതികമായി ശിവചക്രവും പരമാത്മാവുമായ ഇലക്ട്രോണിൽ നിന്നും ഉത്ഭവിക്കുന്ന ഘടകമായി ന്യൂട്രോണിനെ കരുതാനാവും.**
ആറ്റത്തിൽ ന്യൂട്രോൺ ഇല്ലാത്ത ഏക മൂലകമാണ് ഒരു പ്രോട്ടോണും ഒരു ഇലക്ട്രോണും (+ ഓം) മാത്രം ആറ്റത്തിലുള്ള ഹൈഡ്രജൻ. അതിനോട് ഒരു ന്യൂട്രോൺ കൂടി ചേർന്നാണ് ഹീലിയം Helium ആറ്റം ഉണ്ടാകുന്നത്. Helium എന്ന വാതകത്തിന്റെ Symbol അഥവാ ചുരുക്കെഴുത്ത് He എന്നാണ്. He യ്ക്ക് അവൻ, അയാൾ, അദ്ദേഹം എന്ന അർത്ഥമുള്ളത് ജീവാത്മാവിനെ കുറിക്കുന്ന മഹാ-ആവിഷ്ക്കാരമാണെന്ന് കരുതാനാവും.

**ഭൂമിയിലെ മറ്റു മൂലകങ്ങളിലെ ആറ്റങ്ങളിലുള്ള ന്യൂട്രോണുകളെപ്പറ്റി ഇനി വിശദീകരിക്കാം :-**

ഏറെക്കുറെ 100 മൂലകങ്ങളെയും അവ കൊണ്ടുള്ള സംയുക്തങ്ങളെയും മഹാആവിഷ്ക്കാരത്തോടെ കോർത്തിണക്കിയാണ് ഭൂമി എന്ന മഹാരൂപത്തെ ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയായ ദൈവം സ്വീകരിച്ചിരിക്കുന്നത്.

**ഭൂമിയായ ദൈവം, കുഞ്ഞുങ്ങളായ ജീവികൾക്കെല്ലാം മഹാഅനുഗ്രഹിച്ച് നൽകാതെ നൽകിയിരിക്കുന്ന (ദൈവാംശമായ) ശരീരങ്ങളുടെയും മറ്റു വസ്തുക്കളുടെയും മൂലകങ്ങളുമായിട്ട്, ജീവാത്മാവായ 'ഹീലിയത്തിലെ ഒരു ന്യൂട്രോണിന് ' ചേർന്ന് പ്രവർത്തിക്കാനുള്ള സൗകര്യത്തെ ഭൂമി ഒരുക്കുന്നുണ്ട്. ആറ്റത്തിനുള്ളിലെ മഹാസൂക്ഷ്മ ഘടകങ്ങൾ ഉൾപ്പെടെ പ്രപഞ്ചത്തിലെ സർവ്വതും മഹാപദ്ധതികളോടെയാണ് ആവിഷ്ക്കരിച്ചിരിക്കുന്നത്.**

**ജീവാത്മാവിന്റെ പ്രകട ജന്മഗുണങ്ങളായി ആവിഷ്ക്കരിച്ചിട്ടുള്ള ചർമ്മത്തിന്റെ നിറം, സൗന്ദര്യം, മണം തുടങ്ങിയവ കൂടാതെ ശരീരത്തിന്റെ ഉള്ളിലെ മറ്റ് അവയവങ്ങളുടെ കോശങ്ങളുമായി ജീവാത്മാവിനെ ന്യൂട്രോൺ ശൃംഖല വഴി ബന്ധിപ്പിക്കുന്നു. ശരീരത്തിന്റെ ഉള്ളിലെ ഭക്ഷണ-ആനന്ദം, വേദന തുടങ്ങിയവ അനുഭവിക്കാനും ആസ്വദിക്കാനും ജീവാത്മാവിന് പ്രസ്തുത ന്യൂട്രോൺ ശൃംഖല വഴി കഴിയുന്നു. അതേസമയം ഹീലിയത്തിലെ ന്യൂട്രോണായി പ്രവേശിപ്പിച്ചിരിക്കുന്ന ജീവാത്മാവിനെ എല്ലായ്പ്പോഴും നെറ്റിയിൽ / നെറുകയിൽ രണ്ട് കണ്ണുകളുടെയും മദ്ധ്യത്തിൽ നിന്നും അല്പം മുകളിലായി, കൃത്യമായി പറഞ്ഞാൽ പരമശിവന്റെ മൂന്നാം കണ്ണിന്റെ സ്ഥാനത്ത് ബന്ധിച്ചിട്ടുണ്ട്.**

**മനുഷ്യൻ ഉൾപ്പെടെ എല്ലാ ജീവികളിലെയും പ്രത്യുല്പാദന പ്രവർത്തനങ്ങളിലും, ജന്മഗുണങ്ങളെ നിശ്ചയിക്കുന്നതിലും, ജീവികളുടെ ശരീരം എന്ന് വിശേഷിപ്പിക്കാവുന്ന മാംസം മുട്ട ഫലവർഗങ്ങൾ ധാന്യങ്ങൾ കിഴങ്ങുകൾ തുടങ്ങിയ ഭക്ഷണങ്ങളെ ഒരുക്കുന്നതിലും, രോഗങ്ങൾ, മരുന്നുകൾ, രോഗ പ്രതിരോധം, ശരീര വളർച്ച, ദഹനം, വിസർജ്ജനം, എന്നിങ്ങനെ ജീവികളുടെ എല്ലാ ജീവിത കാര്യങ്ങളിലും ന്യൂട്രോൺ ശൃംഖലയ്ക്ക് സജീവമായ പങ്കാളിത്തം ഉണ്ട്. അതേസമയം ആവക കാര്യങ്ങളുടെ വിശദാംശങ്ങളെ വെളിപ്പെടുത്താൻ സമയമായിട്ടില്ല.**

മരണത്തോടെയും മറ്റു ചില സന്ദർഭങ്ങളിലും ശരിരത്തിൽ നിന്ന് ജീവാത്മാവിനെ പുറത്താക്കുമ്പോഴും, പുറത്തു പോകാൻ കഴിയുമ്പോഴും, ഭൂമിയിലെ വാതകങ്ങളുടെ ആറ്റങ്ങളിലുള്ള ന്യൂട്രോണുകളുമായി ചേർന്ന്, പിണ്ഡം ഇല്ലാത്ത പോലെയുള്ള മഹാസൂക്ഷ്മമായ രൂപത്തെ സ്വീകരിക്കാൻ ജീവാത്മാവിനെ താൽക്കാലികമായി അനുവദിച്ചെന്നു വരും. മരണാനന്തരം പുറത്തു വരുന്ന ആത്മാവിനെ കല്ലിലും തടിയിലും മറ്റും താൽക്കാലികമായി ബന്ധിക്കാനും ബന്ധിപ്പിക്കാനും ന്യൂട്രോൺ ശൃംഖല വഴി ഓംകാര നീതിശാസ്ത്ര പ്രകാരം കഴിയുന്നതാണ്; പഴയ കാലത്തെ ചില മന്ത്രവാദികളും മറ്റും അത് പ്രയോഗിച്ചിട്ടുണ്ട്. എന്നാൽ ദൈവ വിപ്ലവം ആരംഭിക്കുന്നതോടെ എന്നന്നേക്കുമായി വർജ്യമായ മന്ത്രശാസ്ത്രത്തെ പിൻവലിക്കുമെന്നാണ് അറിഞ്ഞിട്ടുള്ളത്. **ദേവതകളെയും ദുർദ്ദേവതകളെയും പിൻവലിക്കുകയാൽ മന്ത്രവാദം, ജ്യോതിഷം, വഴിപാട്, യജ്ഞം, തപസ്സ്, യാഗം, തുടങ്ങിയ നീചകർമ്മങ്ങളും, അനുബന്ധങ്ങളായ തട്ടിപ്പുകളും മേലിൽ ഉണ്ടായിരിക്കുന്നതല്ല.**

**മഹാദേവനാണെന്നു തെറ്റിദ്ധരിച്ചും മറ്റും സൂര്യനമസ്കാരം ചെയ്തുകൂടാ; പാടില്ല. മുമ്പ് ഒരു ദേവത ആയിരുന്ന സൂര്യൻ തൽക്കാലം ഒരു പാത്രം മാത്രമാണ്. ഇലക്ട്രോണുകളായി നിറഞ്ഞിരിക്കുന്ന ശിവചക്രത്തിന് കേന്ദ്രബിന്ദു ഇല്ല; ആവശ്യമില്ല. ഏകദൈവവും മഹാമാതാവുമായ മഹാദേവിയുടെ മഹാരൂപമായ ഭൂമിയിൽ, മഹാദേവിയോടൊപ്പം ഭാഗമായ മഹാദേവനും ഓരോ ആറ്റത്തിലും നിറഞ്ഞിരിക്കുന്നു. ശിവചക്രമായ ആകാശം ആദിയും അന്തവും ഇല്ലാത്ത മഹാശൂന്യത കൂടി ആകയാൽ, ശൂന്യതയിലും മഹാദേവൻ ഉണ്ട്. മഹാദേവി, ശൂന്യതയും പ്രപഞ്ചവും ഉൾപ്പെട്ട സർവ്വത്തിനും അതീതമായ ബ്രഹ്മം കൂടി ആകയാൽ എന്തിലും ഉണ്ട്; ഒന്നിലും ഇല്ല ! ദൈവത്തെ ആരാധിക്കാൻ യോഗ്യത നേടണം തുടങ്ങിയ കാര്യങ്ങളെ** www.omsathyam.com/GodlyRevolution/OM.pdf **എന്ന മഹാദിവ്യവേദഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.**

സൂര്യൻ എന്ന പാത്രത്തിലാണ് ജീവാത്മാക്കളെ സൃഷ്ടിക്കുന്നത്.

ഹൈഡ്രജൻ-ഹീലിയം പ്രതിപ്രവർത്തനത്തെ നടത്തിക്കൊണ്ട് പുതിയ ജീവാത്മാക്കളായ ന്യൂട്രോണുകളെ സൃഷ്ടിക്കുകയും അവയെ ഓംകാര നീതിശാസ്ത്ര പ്രകാരം ഭൂമിയിലേക്ക് അയക്കുകയും ചെയ്യുന്നു. പ്രവർത്തനത്തിന്റെ ഭാഗമായി ചൂടും വെളിച്ചവും സൃഷ്ടിക്കുന്നതിലും **ഓം** എന്ന ശബ്ദബ്രഹ്മത്തിന് പങ്കുണ്ട്. ഭൂമിയായ ദൈവം സമുദ്രത്തിൽ വച്ച് ജീവാത്മാവിന് മത്സ്യശരീരത്തെ ആദ്യം നൽകുന്നതും, മറ്റ് പരിണാമങ്ങളും ശാസ്ത്ര പരമായി മഹാദിവ്യവേദ ഗ്രന്ഥങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്; ചുവടെ ആവർത്തിക്കുന്നു :-

## സൃഷ്ടിയുടെ ആദ്യ ഘട്ടം

മണ്ണിലെ മൂലകങ്ങളുമായി ചേർന്ന് ഓക്സൈഡ്, സൾഫേറ്റ്, നൈട്രേറ്റ് തുടങ്ങിയ സംയുക്തങ്ങളായിട്ട് ജീവിസൃഷ്ടിയെ നയിക്കേണ്ടുന്ന ഓക്സിജൻ മണ്ണായ ഭൂമിയിലെങ്ങുമുണ്ട്. ഭൂമിയിൽ ജീവിസൃഷ്ടിയെ ചെയ്യണമെങ്കിൽ, ധർമ്മം, സ്ഥിതി എന്നിവയെ നയിക്കേണ്ടുന്ന ജലം ആവശ്യമാണ്. സൃഷ്ടിയുടെ ധർമ്മമായ സ്ഥിതിയെ നിർവ്വഹിക്കാൻ രണ്ടായിട്ടു നിൽക്കുന്ന ഭൂമിയുടെ ശക്തിയും ജീവനുമായ ഓക്സിജൻ, പരമാത്മാവായ ഹൈഡ്രജൻ എന്നീ രണ്ടു സത്യങ്ങളും കൂടിച്ചേരണം എന്നാണ് അതിന്നർത്ഥം. അതിന്നായി മഹാഇഷ്ടം പോലെ അഥവാ മഹാനീതിശാസ്ത്ര പ്രകാരം ഭൂമിയിലെ വസ്തുക്കളിൽ നിന്നും അന്തരീക്ഷ വായുവായിട്ട് ഓക്സിജൻ രൂപം കൊള്ളുന്നു. സൂര്യനിൽ നിന്നും, പ്രപഞ്ചപിതാവും പരമാത്മാവുമായി പ്രവർത്തിക്കുന്ന ഹൈഡ്രജനെ' ഭൂമിയിലേക്ക് എത്തിക്കുന്നു. ദൈവത്തിന്റെ വാതക രൂപവും സത്യവും സൃഷ്ടി-ശക്തിയുമായ ഓക്സിജൻ, ദൈവത്തിന്റെ വേറിട്ട ഭാഗമായി സൃഷ്ടിച്ചിട്ടുള്ള പരമാത്മാവായ ഹൈഡ്രജനുമായി ചേർന്ന് മഹാഉചിതമായ അളവിൽ ജലമായി മാറുന്നു. ജീവനായ ഓക്സിജന്റെയും, പരമാത്മാവായ ഹൈഡ്രജന്റെയും കൂടിച്ചേരലിൽ നിന്ന് ദ്രാവകമായി ജലം ഉണ്ടാകുന്നതു കൊണ്ട് ധർമ്മം പൂർത്തിയാകുന്നില്ല.

**ജീവനും ശക്തിയുമായ ഓക്സിജന്റെയും, പരമാത്മാവായ ഹൈഡ്രജന്റെയും കൂടിച്ചേരൽ കൊണ്ട് ഉണ്ടായ ജലം എന്ന സ്ഥിതിയായ ധർമ്മത്തെ അർത്ഥപുഷ്ടമാക്കുവാൻ, ഏകദൈവത്തിന്റെ കുഞ്ഞായിട്ടും ആദ്യസൃഷ്ടിയായും മത്സ്യത്തെ (ജലത്തിൽ) സൃഷ്ടിക്കുന്നു. സൃഷ്ടിയുടെ ആരംഭം 2 കരിമീൻ കുഞ്ഞുങ്ങളായാണ്.**

**ആദ്യ സൃഷ്ടിയെ സംബന്ധിച്ച് യുക്തിശാസ്ത്ര പരമായി മുകളിൽ വിവരിച്ച കാര്യങ്ങളെ സാക്ഷ്യപ്പെടുത്തുന്ന മഹാശിവയായ ഭൂമിയുടെ മത്സ്യാവതാരം ഗ്രന്ഥകാരനായ പരമശിവന്റെ ഈ ജന്മ ജീവിതത്തിൽ 1989-ൽ പ്രത്യക്ഷമായി സംഭവിച്ച് 'കരിമീൻ കുഞ്ഞായിട്ട്' ശരീരത്തിലേക്ക് പ്രവേശിച്ചത് അനുഭവിച്ചു ബോദ്ധ്യമുണ്ട് എന്ന് ഏറ്റവും വിനീതമായും പരമസത്യസന്ധമായും പ്രസ്താവിച്ചുകൊള്ളുന്നു.**

ദൈവത്തിന്റെ മഹാരൂപമായ ഭൂമിയിൽ 'ജീവികളായും ശരീരമില്ലാതെ നിർജ്ജീവമായും പരിമിതമായ സ്വാതന്ത്ര്യത്തോടെയുമെല്ലാം കഴിയുന്ന സമസ്ത ജീവാത്മാക്കളെയും', ജീവാത്മാക്കളുടെയെല്ലാം അനന്ത ഗുണങ്ങളോടെയും വ്യത്യാസങ്ങളോടെയും ഉള്ള 'മത്സ്യ-സസ്യ-പക്ഷ-മൃഗ-മനുഷ്യാവസ്ഥകളിലെ ശരീരങ്ങളെയും,' മഹാപ്രപഞ്ചത്തിലെ സമസ്ത മൂലകങ്ങളെയും സംയുക്തങ്ങളെയുമെല്ലാം ഭൗതികമായ അസ്തിത്വത്തോടെ മഹാഭരിക്കുന്നതും, ദൈവത്തിന്റെ വാതകരൂപവും, ജീവികൾക്കെല്ലാം ശക്തി നൽകുന്നതും ഓക്സിജൻ അഥവാ പ്രാണൻ അഥവാ ജീവൻ ആണ്. മണ്ണു കൊണ്ട് ഉണ്ടാക്കിയ ശരീരത്തിലെ നാസികയിലൂടെ ദൈവം തന്റെ ശ്വാസത്തെ ഊതിയാണ് മനുഷ്യന് ജീവൻ നൽകിയതെന്ന വചനം സത്യമാകുന്നത് അങ്ങനെയാണ്.

മഹാശക്തി എന്ന പേരിന്റെ അവസാനമുള്ള 'തീ'-യിൽ നിന്നുമാണ് ചൂടും വെളിച്ചവും ഉണ്ടാകുന്നതെന്ന് പറയുമ്പോൾ, ഭൂമിയായ ദൈവത്തിന്റെ വാതക രൂപമായ ഓക്സിജനാണ് തീ ഉണ്ടാക്കാൻ ആവശ്യമായ മുഖ്യ ഘടകമെന്ന് ഭൂമിയിലെ മനുഷ്യർ അനുഭവിച്ച് അറിയുന്ന കാര്യമാണ്.

തീയും ചൂടും വെളിച്ചവും തുടങ്ങിയ അനേകം കാര്യങ്ങളുടെ വിശദീകരണം വൈകാതെ ഭൂമിയായ ദൈവം, സൃഷ്ടികളായ ശാസ്ത്രജ്ഞരിലൂടെ (?) മഹാഉചിതമായി വെളിപ്പെടുത്തുന്നതാണ്.

**1000 കോടിയിലേറെ വർഷങ്ങളായി സത്യവും സനാതനവുമായി പ്രപഞ്ചം നിലനിൽക്കുന്നു. സൃഷ്ടിസ്ഥിതിസംഹാര പാത്രം കൂടിയായ ആകാശത്തിൽ പുതിയ നക്ഷത്രങ്ങൾ സദാ ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നതിനാൽ പ്രപഞ്ചത്തിന് അന്തമില്ലെന്നും തെളിയുന്നു.**

**പ്രപഞ്ചം ഉൾപ്പെടെ സർവ്വത്തിനും അതീതമായ ബ്രഹ്മം എന്ന അനിർവ്വചനീയമായ മഹാസത്യം പ്രപഞ്ച സൃഷ്ടിയെ ചെയ്യാനും എന്നാൽ നേരിട്ടു ചെയ്യാതെ പ്രപഞ്ചത്തിന് അതീതമായ മഹാസത്യമായി തുടരാനും ഉദ്ദേശിക്കുന്നു. ശിവചക്രം, ശക്തിചക്രം എന്നീ രണ്ടു മഹാപ്രതിഭാസങ്ങളെ സൃഷ്ടിക്കുകയും രണ്ടാമത്തേതായ ശക്തിചക്രത്തിലേക്ക് ശബ്ദബ്രഹ്മം കൂടിയായ ഓം മഹാപ്രണയമന്ത്രമായി പ്രവേശിക്കുകയും ചെയ്തിരിക്കുകയാണ്. ഓം എന്ന ശബ്ദബ്രഹ്മം ചേർന്നതോടെ ശക്തിചക്രമായ ഭൂമി ഏകമഹാശക്തിയായ 'ദൈവവും പരബ്രഹ്മവുമായി.'**

**ഈ ഗ്രന്ഥത്തിന്റെ ആദ്യ അദ്ധ്യായങ്ങളിലും ബ്രഹ്മ പാഠങ്ങളിലുമുള്ള വിശദീകരണത്തിൽ നിന്ന് ശക്തി-ശിവ ചക്രങ്ങൾ ഏകദൈവത്തിന്റെ 2 ഭാഗങ്ങൾ മാത്രമാണെന്നും, മൂലകങ്ങളിലെ ശക്തി-ശിവചക്രങ്ങളുടെ പ്രണയം കൊണ്ടാണ് പ്രപഞ്ചം ഉണ്ടാകുന്നത് എന്നും തെളിയുന്നുണ്ട്. പ്രണയം ആനന്ദമാണ്; എന്നാൽ സർവ്വത്തിനും അതീതമായ ദൈവം രണ്ടാവാതെ രണ്ടായി ആറ്റങ്ങളുടെ ഉള്ളിൽ പ്രണയിക്കുന്നത് പ്രപഞ്ചത്തെ സൃഷ്ടിക്കാനാണ്.**

**ജീവികളിലെ സ്ത്രീ പുരുഷ ഭാഗങ്ങൾ അന്യോന്യം പ്രണയിക്കുന്നത് കുഞ്ഞുങ്ങളെ സൃഷ്ടിക്കാനല്ലാ എന്നും കാമകേളികളിൽ മുഴുകുന്ന സ്ത്രീ പുരുഷ ജീവികൾ ഇണയെ ഒഴികെയുള്ള എല്ലാ കാര്യങ്ങളും മറന്ന് ആനന്ദിക്കുന്നതാണ് എന്നതും വിശകലനം ചെയ്താൽ; സൃഷ്ടിയായ ജീവികളുടെയും, സ്രഷ്ടാവായ ദൈവത്തിന്റെയും പ്രണയങ്ങൾ തമ്മിലുള്ള വ്യത്യാസം തിരിച്ചറിയാൻ കഴിയും. ദൈവത്തിന്റെ 2 ഭാഗങ്ങളും തമ്മിലുള്ള പ്രണയം കുഞ്ഞുങ്ങളും സൃഷ്ടികളുമായ ജീവികൾക്കെല്ലാം, അനന്തമായ ആനന്ദങ്ങളെ ഉണ്ടാക്കി നൽകുകയാണ്; സ്വയം ആനന്ദിക്കുകയല്ല. അതേസമയം, കുഞ്ഞുങ്ങളായി ജീവികളെ കരുതുന്നതിനും, അവയ്ക്ക് ആനന്ദങ്ങളെ സൃഷ്ടിച്ചു നൽകുന്നതിനും സത്യവും സുവ്യക്തവുമായ ഒരു കാരണത്തെ നിശ്ചയിക്കേണ്ടതുണ്ട്; അഥവാ ദൈവത്തിനും ആനന്ദത്തെ നിശ്ചയിക്കാൻ ദൈവം ബാദ്ധ്യസ്ഥമാകുന്നു. അങ്ങനെയാണ് കുഞ്ഞുങ്ങളും സൃഷ്ടികളുമായ ജീവികളോടുള്ള മഹാദാസ്യത്തെയും മഹാവാത്സല്ല്യത്തെയും ദൈവത്തിന്റെ ആനന്ദങ്ങളായി നിശ്ചയിക്കുന്നത്. ലളിതമായ വിശകലനം കൊണ്ട് തന്നെ മഹാദാസ്യവും മഹാവാത്സല്ല്യവും മറ്റുള്ളവർക്ക് നൽകുന്നവ മാത്രമാണെന്നും വാങ്ങുന്നവ അല്ലെന്നും സുവ്യക്തമാണ്.**

**ജീവികൾക്ക് ഭക്ഷണം, സംഗീതം, ഭക്തി, ദാനം, തൊഴിൽ, പ്രേമം, കാമം, വാത്സല്യം, തുടങ്ങിയ ആനന്ദങ്ങളെ അനന്തമായി സൃഷ്ടിച്ച് ജീവികളുടെ ശരീരത്തിലൂടെയും ചർമ്മത്തിലൂടെയും നൽകുന്ന ദൈവം, ദൈവത്തിന്റെ ആനന്ദങ്ങളായി മറ്റുള്ളവർക്ക് നൽകുന്നവ മാത്രമായി മഹാദാസ്യത്തെയും മഹാവാത്സല്ല്യത്തെയും നിശ്ചയിച്ചതിലൂടെ ആനന്ദങ്ങൾക്കെല്ലാം അതീതമാണ് ദൈവം എന്ന് സുവ്യക്തമായി സ്ഥാപിച്ചിരിക്കുകയാണ്. മഹാദാസ്യം, മഹാവാത്സല്ല്യം എന്നിവയെ കുഞ്ഞുങ്ങൾക്ക് നൽകുന്ന ആനന്ദങ്ങളായി നിശ്ചയിക്കുമ്പോഴും അവയെ നൽകുന്ന ദൈവത്തിന് ആനന്ദം ലഭിക്കുന്നതായി കരുതാൻ കഴിയും. കുഞ്ഞുങ്ങളെ പരിചരിച്ച് ദൈവം ആനന്ദിക്കുന്നതായും, 'നൽകുന്നതിനു പകരം സ്വീകരിക്കുന്നതായും' കരുതാനാവും.**

**(ഈ അവസരത്തിൽ ജീവികളുടെ പരമാനന്ദമായി ദൈവം നിശ്ചയിച്ചിട്ടുള്ള 'കാമത്തെ' മഹാമാതാവായ ഭൂമിയുടെ അംശമായ ശരീരത്തിലൂടെയല്ലാതെ നൽകുന്ന അത്ഭുത വിദ്യയുണ്ട് : ജീവികളുടെ ശരീര നിറം, സൗന്ദര്യം, മണം, തുടങ്ങിയവയെ ജീവാത്മാവിന്റെ പ്രകട ജന്മഗുണങ്ങളായി ചർമ്മത്തിൽ ബന്ധിപ്പിച്ചിരിക്കുകയാൽ പ്രണയം, കാമം, വാത്സല്യം ഇത്യാദി ആനന്ദങ്ങളെ ജീവാത്മാക്കൾ തമ്മിലാണ് അനുഭവിക്കുന്നത്; അതിൽ ദൈവവും മഹാമാതാവുമായ ഭൂമിക്ക് പങ്കാളിത്തമില്ല.)**

**സ്രഷ്ടാവായ ദൈവം ആനന്ദങ്ങളെ സൃഷ്ടിച്ചും നൽകിയും കുഞ്ഞുങ്ങളെ ആനന്ദിപ്പിക്കുമ്പോഴും, കുഞ്ഞുങ്ങൾക്ക് ദൈവത്തെ ആനന്ദിപ്പിക്കാൻ മാർഗ്ഗമുണ്ടോ എന്ന് അന്വേഷിക്കാൻ ധാർമ്മികമായ ചുമതല മനുഷ്യന് ഉണ്ട്. കൂടുതൽ ബുദ്ധിയും ശക്തിയും ജ്ഞാനവും അവസരങ്ങളും സ്വാതന്ത്ര്യവും അനന്തമായ ആനന്ദങ്ങളും ഒക്കെ ലഭിക്കുന്ന ജീവിക്ക് അത്തരം ചിന്ത ന്യായമായും ഉണ്ടാവണം.**

**എല്ലാ ആനന്ദങ്ങളും ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ നിർവ്വഹിക്കുന്ന ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയായ ദൈവം, എല്ലാ ആനന്ദങ്ങൾക്കും അതീതമാകയാൽ മാർഗ്ഗം ഇല്ലെന്നും, കണ്ടെത്താൻ കഴിയില്ലെന്നും തോന്നിയേക്കാം. മഹാശക്തിയായ ദൈവത്തെ ഭയപ്പെടുന്ന ജനങ്ങൾ, സ്തുതിക്കുകയും ആരാധിക്കുകയും ചെയ്ത് ദൈവത്തെ പ്രീതിപ്പെടുത്താൻ പരിശ്രമിക്കും. മനുഷ്യരുടെ സ്തുതികൾ കൊണ്ട് സന്തോഷിക്കുന്ന വിചിത്ര ജീവിയായും കോമാളിയായും ദൈവത്തെ കണക്കാക്കിയതു കൊണ്ട് യഥാർത്ഥത്തിൽ അവർ ദൈവത്തെ നിന്ദിക്കുകയാണ് ചെയ്യുന്നത്. കുഞ്ഞുങ്ങളുടെ അജ്ഞാനം, വകതിരിവ് ഇല്ലായ്മ എന്നിവയ്ക്ക് ഒരു കാരണം ദൈവത്തോടുള്ള ഭയം ആകയാൽ ദൈവം കൂടുതൽ ക്ഷമ കാണിക്കും; എന്നാൽ സൃഷ്ടികളുടെ സ്തുതികളും ആരാധനകളും കൊണ്ട് ദൈവം യാതൊന്നും നേടുന്നില്ല എന്ന് സുവ്യക്തമാണ്.**

**ലളിതമായ മറ്റൊരു വിശകലനം വഴി ദൈവത്തിന്റെ ആനന്ദവും ഇഷ്ടവും മനസ്സിലാക്കാൻ കഴിയും. എങ്ങനെയെന്നാൽ, ഭൂമിയിലെ എല്ലാ ജീവികളെയും കുഞ്ഞുങ്ങളായി ദൈവം കരുതുകയാൽ, എല്ലാ കുഞ്ഞുങ്ങൾക്കും സമനീതി എന്ന സമ ആനന്ദം ലഭിച്ചെങ്കിൽ മാത്രമേ ജീവികളെ കുഞ്ഞുങ്ങളായി കരുതുന്ന മഹാപിതാവും മഹാമാതാവുമായ ദൈവത്തിന് സന്തോഷം ഉണ്ടാവുകയുള്ളൂ എന്നതാണ്.**

**ഭൂമിയിലുള്ള എല്ലാ കുഞ്ഞുങ്ങൾക്കും സമനീതി എന്ന സമ ആനന്ദം ലഭിക്കണമെങ്കിൽ, ഒരേ ഭൂമിയുടെ കുഞ്ഞുങ്ങളാണ് എന്ന തിരിച്ചറിവോടെ, ഭൂമിയിലെ എല്ലാ വസ്തുക്കളും എല്ലാ ആനന്ദങ്ങളും സമമായി പങ്കിടാനും അനുഭവിക്കാനും ലഭ്യമായ ബുദ്ധിയും ശക്തിയും കൊണ്ട് പരിശ്രമിക്കണം. ആവുമ്പോലെ അന്യോന്യം സഹകരിക്കുകയും, പരിചരിക്കുകയും സഹായിക്കുകയും വേണം.**

**വസ്തുക്കളായ മൂലകങ്ങളെയും സംയുക്തങ്ങളെയും അവയുടെ തന്മാത്രകളെയും ആറ്റങ്ങളെയും സൂക്ഷ്മ ഘടകങ്ങളെയും ഘടനാപരമായി സൃഷ്ടിച്ചിരിക്കുന്നത് ആനന്ദങ്ങളെയും ജ്ഞാനത്തെയും ശക്തികളെയും ജന്മഗുണങ്ങളെയും പ്രവർത്തന പദ്ധതികളെയും മഹാശാസ്ത്ര നിയമങ്ങളോടെ സംയോജിപ്പിച്ചാണ്. ഏകദൈവവും ഭൂമിയുമായ മഹാമാതാവും, ഭാഗവും ശിവചക്രവുമായ മഹാപിതാവും ആനന്ദങ്ങളെ നൽകിയും; സൃഷ്ടികളും കുഞ്ഞുങ്ങളുമായ ജീവികൾ ആനന്ദങ്ങളെ സ്വീകരിച്ച് അനുഭവിച്ചും നിലനിൽക്കുന്ന ഒരു മഹാസംവിധാനമാണ് മഹാപ്രപഞ്ചം. അതായത് ശിവയും മഹാദേവിയുമായ ഭൂമിയും, ശിവനും മഹാദേവനുമായ ആകാശവും, അന്തമില്ലാതെ പുതിയതും പുനർജ്ജന്മങ്ങളായും ജനിക്കുകയും വളരുകയും ജീവിക്കുകയും ചെയ്യുന്ന കുഞ്ഞുങ്ങളായ ജീവികളും ഒന്നിച്ചുള്ള സനാതനമായ ഒരു കൂട്ടുകെട്ടാണ് പ്രപഞ്ചം.**

**ശിവയും ശിവനും കുഞ്ഞുങ്ങളും ചേർന്നുള്ള പ്രസ്തുത കൂട്ടുകെട്ടിന്റെ അഥവാ പ്രപഞ്ചത്തെ ശിവം എന്ന് ചുരുക്കാം. സത്യവും സനാതനവുമായ പ്രപഞ്ചം ശിവം മാത്രമല്ല; മഹാസുന്ദരവുമാണ്.**

**നൂറോളം മൂലകങ്ങളും, അവ കൊണ്ടുള്ള അനന്തമായ വസ്തുക്കളും ശരീരങ്ങളും അവയിൽ ലയിച്ചിട്ടുള്ള ശക്തികളും ശാസ്ത്രങ്ങളും, പ്രവർത്തനങ്ങളും ധർമ്മങ്ങളും, അനന്ത മഹാസുന്ദരമാണ്. സത്യം ശിവം സുന്ദരം എന്ന് ലളിതമായും ലഘുവായും സനാതന ധർമ്മം ആയി നിലനിൽക്കുന്ന പ്രപഞ്ചത്തെ വിശേഷിപ്പിക്കുന്നത് ഉചിതമാണ്.**

**ഓം കൊണ്ട് എന്നും വിശേഷിപ്പിക്കാൻ കഴിയും വിധം ഭൂമിയായ ദൈവം @ മഹാദേവി സൃഷ്ടിച്ച വസ്തുക്കളെല്ലാം ജീവികളുടെ ശരീരങ്ങളും ജീവിത-ആവശ്യങ്ങളുമായി പരിണമിച്ചിരിക്കുകയാണ്. ഭൂമിയുടെ മഹാആവിഷ്ക്കാരം പ്രകാരമാണ് ഭവിച്ചിട്ടുള്ളത്.**

**മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികൾ യഥാർത്ഥത്തിൽ സൃഷ്ടി നടത്തുന്നില്ല. സ്ത്രീ പുരുഷന്മാരായ മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികൾ കാമാനന്ദത്തിൽ ഏർപ്പെട്ട് തന്നെത്തന്നെ മറന്ന് ആനന്ദിക്കുമ്പോൾ, അവർ പോലും അറിയാതെ 'മാതാപിതാക്കളായി' അവരെ ഉയർത്തി ക്കൊണ്ട്, അവരിലൂടെ ഭൂമിയും അംശമായ ശരീരങ്ങളുമാണ് സന്താനങ്ങളെ സൃഷ്ടിക്കുന്നത്. സന്താനങ്ങളുടെ ആൺ പെൺ വ്യത്യാസം, മുഖഛായ, നിറം, സൗന്ദര്യം, അവയവങ്ങൾ, ഘടനയും സ്വഭാവവും പ്രവർത്തനങ്ങളും തുടങ്ങി ജന്മഗുണങ്ങളെയും നിശ്ചയിക്കുന്നതും സൃഷ്ടിക്കുന്നതും ശരീരമാണ്; ജീവാത്മാക്കളല്ല. അതേസമയം, സന്താനങ്ങളുടെ ശരീരം ഉൾപ്പെടെയുള്ളവ നിർമ്മിക്കുന്നത് സ്വയം ശരീരം തന്നെയാണ്; അഥവാ ശരീരത്തിന്റെ സൂക്ഷ്മ ഘടകങ്ങളായ ശിവയും ശിവനും ആണ്; അഥവാ മഹാമാതാവും മഹാപിതാവുമായ ഭൂമി ആണ്.**

## ദേവതകൾ / ദുർദ്ദേവതകൾ

**ആദ്യ മഹാകാല ചക്രത്തിൽ, സൂര്യൻ, അഗ്നി വായു, മല, പർവ്വതം, നദികൾ, നാരായം കൊണ്ട് ചരിത്രം രേഖപ്പെടുത്തൽ, ധർമ്മ ശാസ്ത്ര വിരുദ്ധമായ കാര്യങ്ങൾക്ക് വിഘ്നം ഉണ്ടാക്കൽ, തുടങ്ങിയവയുടെ നായകരായി മനുഷ്യാവസ്ഥയിൽ നിന്നും മോക്ഷം നേടവേ ഏതാനും സൃഷ്ടികളെ ദേവതകളെന്ന പേരിൽ ചുമതലപ്പെടുത്തിയിരുന്നു. എല്ലാവരും പിഴച്ച് ദുർദ്ദേവതകളായി പരിണമിച്ചു. അവരെയെല്ലാം സമ്പൂർണ്ണമായി പിൻവലിച്ചും കഴിഞ്ഞു. ഇപ്പോഴത്തെ മഹാസൃഷ്ടിചക്രത്തിൽ ദൈവവിപ്ലവം ആരംഭിക്കുന്നതു മുതൽ കുഞ്ഞുങ്ങളുടെ സൃഷ്ടി സ്ഥിതി സംഹാര കാര്യങ്ങളിൽ സമ്പൂർണ്ണമായ അവകാശങ്ങളും അധികാരങ്ങളും ഉള്ളവരും, കർത്താവും, ഭൂമിയും, മഹാമാതാവും ഏകദൈവവുമായ മഹാദേവിയും ~ഭാഗവും മഹാപിതാവുമായ മഹാദേവനും നേരിട്ട് മഹാവാത്സല്ല്യത്തെ ഓംകാര നീതിശാസ്ത്ര പ്രകാരം മഹാഅനുഗ്രഹിച്ചു നൽകുന്നതാണ്.**

ആയിരം കോടി വർഷങ്ങൾ ഉള്ളതായ ആദ്യ മഹാകാല ചക്രത്തിൽ, സൃഷ്ടികളുടെ യഥാർത്ഥ മഹാമാതാവായ മഹാദേവിയും, ~ഭാഗവും മഹാപിതാവുമായ മഹാദേവനും മനുഷ്യരൂപം സ്വീകരിക്കാതെ 'ഗോമാതാവ് (പശു), പശുപതി (കാള)' എന്നീ രൂപങ്ങളിൽ മനുഷ്യർക്കും മറ്റുള്ള ജീവികൾക്കും ബഹുവിധ സേവനങ്ങൾ ചെയ്യുകയുണ്ടായി. മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രം അടിസ്ഥാനപരമായി മഹാവാത്സല്ല്യം ആണെങ്കിലും, സമ-ആനന്ദം എന്ന മഹാസമനീതി നിർവ്വഹണത്തിൽ കൃത്യമായ അളവുകളോടെ പ്രവർത്തിക്കുന്ന 'മഹാനീതിയായ മഹാദേവിയെയും, മഹാനീതി-പതിയായ മഹാദേവനെയും മനുഷ്യരും ദേവതകളും ഭയക്കാതിരിക്കാനും, മഹാവാത്സല്ല്യമാണെന്ന് സുവ്യക്തമായി ബോദ്ധ്യപ്പെടുത്താനുമാണ് ആയിരം കോടി വർഷങ്ങൾ മനുഷ്യരൂപം സ്വീകരിക്കാതെ 'ഗോമാതാവ് (പശു), പശുപതി (കാള)' എന്നീ രൂപങ്ങളിൽ സൃഷ്ടികളെ സേവിച്ചത്.

സൃഷ്ടികളുടെ യഥാർത്ഥ മഹാമാതാപിതാക്കളായ മഹാദേവിയും, മഹാദേവനും മനുഷ്യരൂപം സ്വീകരിക്കാത്ത സാഹചര്യത്തിൽ, **'മായ' പ്രത്യക്ഷമായുള്ള സൃഷ്ടി ചക്രത്തിന്റെ രണ്ടാമത്തെ പകുതിയിൽ, ദൈവത്തിന്റെ പ്രതിനിധികൾ പോലെ ജനങ്ങളെ ഉപദേശിക്കാനും മോക്ഷത്തിലേക്ക് നയിക്കാനുമാണ് ദേവതകളുടെ സൃഷ്ടി കൊണ്ട് പ്രധാനമായും ഉദ്ദേശിച്ചത്.**

ഏകസ്ത്രീയും ഏകപുരുഷനും തമ്മിൽ സ്നേഹിച്ചു കൊണ്ട് മംഗള ജീവിതം നയിക്കുന്നതിനെ ദേവതകളിലൂടെ ജനങ്ങൾക്ക് കാണിച്ചു കൊടുക്കാനും ബോദ്ധ്യപ്പെടുത്താനും കൂടി ഉദ്ദേശിച്ചിരുന്നു. ദേവതകൾക്ക് പ്രത്യക്ഷമായി പ്രവർത്തിക്കാൻ സാധിക്കുന്നത് സൃഷ്ടിചക്രങ്ങളുടെ രണ്ടാമത്തെ പകുതിയിൽ 'മായ' പ്രത്യക്ഷമായിരിക്കുമ്പോൾ മാത്രമാണ്. ആദ്യ പകുതിയിൽ ഗൂഢമായി മലകൾ, നദികൾ തുടങ്ങിയവയുടെ കാവൽക്കാരും മറ്റുമായി അവർ കഴിയുന്ന വിധമായിരുന്നു സംവിധാനം.

**ആയിരം കോടി വർഷങ്ങളടങ്ങിയ ആദ്യ മഹാകാല ചക്രത്തിലെ ഏതാനും സൃഷ്ടിചക്രങ്ങൾ കൊണ്ടു തന്നെ ഏറെക്കുറെ എല്ലാ ദേവതകളും പിഴച്ച് ദുർദ്ദേവതകളായി മാറി. സൃഷ്ടികളെ മഹാഭരണം ഏല്പിക്കാൻ പാടില്ലെന്ന് അവർ തന്നെ തെളിയിച്ചു.**

ദേവതകളിൽ രണ്ടു പേർ ഏകദൈവമായ മഹാദേവിയെയും, ഭാഗമായ മഹാദേവനെയും അട്ടിമറിക്കാനും ദൈവമാകാനും വേണ്ടി പരിശ്രമിച്ചു. നാരായം കൊണ്ട് ചരിത്രം എഴുതാൻ നിയോഗിച്ച നാരായണന് പ്രത്യേക സാഹചര്യത്തിൽ 'ഓംകാരം എന്ന പ്രപഞ്ച-ശക്തി നിയന്ത്രണ സത്ത' ലഭിച്ചപ്പോൾ സങ്കല്പിക്കാൻ പോലും വിഷമമേറിയ കൊടിയ അപരാധങ്ങൾ ചെയ്തു കൊണ്ട് പിശാചുക്കളുടെ രാജാവെന്നോണം അധഃപതിച്ചു. ആവക കാര്യങ്ങളും, ദൈവീക ഭരണത്തിൽ നിന്നും ദേവതാ-ദുർദ്ദേവതകളെയെല്ലാം മോചിപ്പിച്ചു പോന്ന കാര്യങ്ങളും മുമ്പ് www.omsathyam.com/GodlyRevolution/SupremeJusticeGOD.pdf എന്ന ദിവ്യ വേദഗ്രന്ഥത്തിലും മറ്റും വിശദീകരിച്ചിരുന്നു.

**സൃഷ്ടി ആരംഭിച്ച് ആയിരം കോടി വർഷങ്ങൾക്കു ശേഷം, മഹാദേവിയും, മഹാദേവനും മനുഷ്യ-സ്ത്രീ പുരുഷ രൂപങ്ങളെ സ്വീകരിച്ചു കൊണ്ട് ഉടനെയുള്ള ദൈവ വിപ്ലവത്തോടെ ദിവ്യ മഹാരൂപത്തിൽ പ്രത്യക്ഷമാകുന്നതാണ്.**

**മഹാശിവ = ശിവ = ഏകദൈവം.**

**ഓം നമഃ ശിവായ = മഹാശിവയായ മഹാദേവിയെ നമിക്കുന്നു.**

**ശിവയിൽ ശിവനും ഉണ്ട്.**

**മഹാമാതാവും മഹാപിതാവുമായ അവർ തന്നെ മഹാഭരണവും മഹാനീതിയും ഓംകാര നീതിശാസ്ത്ര പ്രകാരം നിർവ്വഹിക്കുന്ന സാഹചര്യത്തിൽ, കുഞ്ഞുങ്ങൾക്കു വേണ്ടി, മാതൃക കാട്ടുന്ന മഹാദമ്പതികളായും മഹാമാതാപിതാക്കളായ ഏകദൈവമായും മഹാഅവതരിക്കുന്നതാണ്; സൃഷ്ടികളായ മനുഷ്യൻ ഉൾപ്പെടെയുള്ള കുഞ്ഞുങ്ങൾക്ക്, മഹാദാസ്യത്തെയും മഹാവാത്സല്ല്യത്തെയും മഹാഅനുഗ്രഹിച്ചു നൽകുന്നതാണ്.**

**മഹാദേവിയുടെ ഭാഗമായ പരമശിവനും ആദ്യമഹാകാലചക്രത്തിലെ ശിവനും തമ്മിലുള്ള മുഖ്യവ്യത്യാസങ്ങൾ :**

**ഏകദൈവമായ മഹാദേവിയുടെ ഭാഗമാണ് പരമശിവൻ; സൃഷ്ടികളായ ജീവികളുടെ ഭാഗമാണ് ശിവൻ.**

**പരമശിവന്റെ ശിരസ്സിൽ ചന്ദ്രക്കലയും നക്ഷത്രവും ഉണ്ട്, ദേവീഭാഗമായ ഇടതുവശത്തുമാണ്; ശിവന്റെ ശിരസ്സിൽ ചന്ദ്രക്കല മാത്രവും.**

**മഹാപിതാവും മഹാമാതാവായ ദൈവത്തിന്റെ പ്രതിനിധി കൂടിയായ പരമശിവന്റെ ശിരസ്സിൽ നിന്നും കുഞ്ഞുങ്ങളായ സൃഷ്ടികൾക്ക് നൽകാനായി എല്ലായ്പ്പോഴും പാൽ ഒഴുകുന്നു. സ്ത്രീ ഉൾപ്പെടെ ആരെയും ഒളിപ്പിക്കുന്നുമില്ല. ശിവന്റെ ശിരസ്സിൽ നിന്നും ജലം/ഗംഗ ഒഴുകുന്നു.**

**മഹാദേവിയുടെ സ്വന്തവും ഭാഗവുമായ പരമശിവന് ഓംകാര നാഗബന്ധനം നിർബ്ബന്ധമല്ല; ജീവിയായ ശിവന് ഓംകാര നാഗബന്ധനം നിർബ്ബന്ധമായിരുന്നു.**

**ആദ്യ മഹാകാലചക്രത്തിലെ സൃഷ്ടിയായ ശിവനെ എന്നേ പദവിയിൽ നിന്ന് നീക്കിക്കഴിഞ്ഞു.**

**ഇപ്പോഴത്തെ / രണ്ടാമത്തെ മഹാകാല ചക്രം മുതൽ, ദൈവകാര്യങ്ങളെ മഹാനിർവ്വഹിക്കുവാൻ ദൈവമായ മഹാദേവിയും, ദാസനായ പരമശിവനും മാത്രം. മഹാദേവിയെ മഹാശിവാ, ശിവാ, മഹാദേവി, ദേവി, മണ്ണടി ദേവീ, അമ്മേ ശിവാ എന്നും പരമശിവനെ ശിവാ, ദേവാ, മഹാദേവാ, അമ്മേ ശിവാ എന്നിങ്ങനെയും ലളിതമായി സംബോധന ചെയ്യാം.. പട്ടിയെന്നോ പൂച്ചയെന്നോ അതിലും അപ്പുറമായോ കുഞ്ഞുങ്ങൾ മഹാദേവിയായ ഏകദൈവത്തെയും മഹാദേവീ-ഭാഗമായ പരമശിവനെയും ആക്ഷേപിച്ചാലും യഥാർത്ഥ മാതാപിതാക്കൾ കൂടിയായ അവർ കുഞ്ഞുങ്ങളെ/ മനുഷ്യരെ ശിക്ഷിക്കുന്നതല്ല. ഒരു വ്യവസ്ഥ മാത്രം : പ്രപഞ്ച ബന്ധമില്ലാത്ത ബ്രഹ്മത്തെ ആക്ഷേപിക്കാൻ/നിന്ദിക്കാൻ പാടില്ല.**

**ഓംകാരം എന്നാൽ പ്രഥമമായി മഹാദേവിയുടെ മഹാഹൃദയം ആണെന്നും, മഹാപ്രപഞ്ചത്തിന്റെ ശക്തി നിയന്ത്രണ സത്ത പിന്നീടാണെന്നും, മഹാദേവിയുടെ മഹാചിരി കൂടിയാണ് ഓം എന്നും മഹാദേവി സ്വന്തം ഭാഗമായ പരമശിവനിലൂടെ മഹാഅനുഗ്രഹിച്ചു വെളിപ്പെടുത്തുന്നത് രണ്ടാമത്തെ മഹാകാല ചക്രത്തിൽ മഹാദേവി മഹാപ്രപഞ്ചത്തിന്റെ മഹാഭരണാധികാരി ആവുമ്പോഴാണ്.**

**യാതൊരു പഴയകാല ഗ്രന്ഥങ്ങളിലും മഹാഹൃദയം, മഹാചിരി തുടങ്ങിയ പദങ്ങൾ ഇല്ലാതെ വരാൻ ഒരു കാരണമതാണ്.**

**ഒരു പുൽക്കൊടി ഉയർത്താൻ മഹാപിതാവും പരമാത്മാവുമായ മഹാദേവനു കഴിയണമെങ്കിൽ പോലും ഏകദൈവവും ഭൂമിയുമായ മഹാദേവി 'ശക്തി' നൽകണം. എന്നിരിക്കെ, 'സത്യം ശിവം സുന്ദരവും' സനാതന ധർമ്മവുമായ മഹാപ്രപഞ്ചത്തെയോ സംവിധാനങ്ങളെയോ മാറ്റിമറിക്കാൻ, 'യഥാർത്ഥത്തിൽ മഹനും നിർജ്ജീവവും കൂടിയായ പരമാത്മാവിന്റെ മാത്രം അംശങ്ങളും സൃഷ്ടികളും കുഞ്ഞുങ്ങളുമായ ജീവാത്മാക്കൾക്ക്' കഴിയുന്നതല്ല.**

ഓംശക്തിശിവൻ പ്രണയമന്ത്രം
സർവ്വദേശ ഭൂമി ഗാനം
മഹാസംഗീതം
ശബ്ദ ബ്രഹ്മം
അക്ഷരബ്രഹ്മം
ആദി വചനം
സൃഷ്ടി മന്ത്രം
സംഹാര കാഹളം
മഹാശാസ്ത്ര മൂലം
ഏക മഹാശബ്ദം
മഹാസൂക്ഷ്മ ശബ്ദം
ദൈവ വിപ്ലവ ഗാനം
മഹാദേവിയുടെ മഹാചിരി
ഓം OM

ഭൗതിക-ധർമ്മ-ശാസ്ത്ര പരമായ അസ്തിത്വം ഇല്ലാത്ത 'മത ജാതി രാഷ്ട്രീയ വർഗ്ഗ വർണ്ണ ഭാഷാ ദേശീയതകളെ' ശാസ്ത്ര പരിശോധന ഇല്ലാതെ ശരിവെച്ച് മതം, കീഴ് ജാതി, മേൽ ജാതി, ഇന്നാട്ടുകാർ, മറുനാട്ടുകാർ, എന്നിങ്ങനെ വിശ്വാസങ്ങളിലും ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും വ്യത്യാസങ്ങൾ പുലർത്തുന്ന ആശയങ്ങളുടെ അടിമകളായി സ്വയമോ മറ്റുള്ളവരുടെ പ്രേരണയാലോ മനുഷ്യർ മാറുമ്പോൾ, **ശരീരം കൊണ്ട് ജീവിക്കുന്നവർ ശരീരം ലഭ്യമാക്കുന്ന ബുദ്ധിയും ശക്തിയും ഉപയോഗിക്കാതെ ഭൂമിയെയും അംശമായ ശരീരത്തെയും നിന്ദിക്കുകയാണ്.** മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ഭാഷാ-ദേശീയതാ ജീവികൾ എന്ന മനോഭാവത്തെ ഉണ്ടാക്കാൻ കഴിയും എന്നല്ലാതെ ജീവികളുടെ അവയവ ഘടനയിലും പ്രവർത്തനത്തിലും വ്യത്യാസങ്ങളെ ഉണ്ടാക്കാൻ അടിമകൾക്ക് കഴിയുന്നതല്ല.

മനുഷ്യരുടെ സ്വത്വമായ ജീവാത്മാക്കൾ സ്വയമോ, മറ്റുള്ളവരുടെ പ്രേരണയാലോ നിർബ്ബന്ധത്താലോ സ്വീകരിച്ച അടിമത്തത്തിന് ദേശത്തിന്റെയും മറ്റും അടിമത്തമെന്ന കള്ളപ്പേരിടുന്നു. ജീവാത്മാവിന്റെ ധർമ്മശാസ്ത്ര വിരുദ്ധമായ ആശയങ്ങളും ചെയ്തികളും 'ദേശങ്ങളും നാടുകളും ഭൂമിയുമായ ദൈവത്തെ' ബാധിക്കുന്നില്ല എന്നതാണ് സത്യം. ഭൂമിയിൽ മത്സ്യമായിട്ട് ജീവിതം ആരംഭിക്കുന്ന ജീവാത്മാവ്, സസ്യം പക്ഷി മൃഗം മനുഷ്യൻ എന്നീ അവസ്ഥകളിൽ 100 വീതം ജന്മങ്ങളെ പിന്നിട്ട് ഭൂമിയിൽ ലഭ്യമായ അനന്തമായ ആനന്ദങ്ങളെയും ആസ്വദിച്ച് മനുഷ്യാവസ്ഥയിൽ വച്ച് 'സമജീവി രൂപമായ നക്ഷത്രം' എന്ന 'മോക്ഷം' നേടും വരെയും ദേശങ്ങളും നാടുകളും ശരീരങ്ങളുമായ ഭൂമിയാണ് ജീവാത്മാവിനെ സംരക്ഷിക്കുന്നത്. മോക്ഷം നേടും വരെയും കുഞ്ഞുങ്ങളായ ജീവാത്മാക്കളെ മഹാവാത്സല്ല്യത്തോടെ സംരക്ഷിക്കുന്ന 'ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയായ ഭൂമിയെയും അംശമായ നാടുകളെയും ദേശങ്ങളെയും' സംരക്ഷിക്കുന്നതായി സൃഷ്ടികൾ ഭാവിക്കുന്നതും ദേശത്തിനും നാടുകൾക്കും ഭൂമിക്കും സ്വാതന്ത്ര്യം ഇല്ലെന്നും കരുതാൻ കാരണം മുമ്പ് വ്യക്തമാക്കിയ അടിമത്തം ജീവാത്മാക്കളിൽ പരക്കെ സൃഷ്ടിച്ചതായ മനോരോഗമാണ്. ജീവാത്മാവ് സ്വാതന്ത്ര്യം നേടിയെന്നും ഇല്ലെന്നും ഒക്കെ കരുതുന്നത്, ലഭ്യമായ ബുദ്ധിയും ശക്തിയും അവസരങ്ങളും ധർമ്മ ശാസ്ത്ര പരമായി ഉപയോഗിക്കാൻ കഴിയാത്തതിന്റെ കൂടി തകരാറാണ്. മനോരോഗം മാറ്റാനും സത്യം ശിവം സുന്ദരമാക്കാനും ഭൂമിയുണ്ട്.

മുമ്പും സൂചിപ്പിച്ച മേല്പടി വിഷയത്തിൽ, ദൈവമായ ഭൂമിയുടെ അംശമായ വസ്തുക്കളിൽ ലയിച്ചിട്ടുള്ള ന്യൂനശക്തികളിലൂടെയും മറ്റും, മഹാനീതിശാസ്ത്ര പരമായും മഹാവാത്സല്ല്യത്തോടെയും, ഭൂമി നിർവ്വഹിക്കുന്ന തിരുത്തൽ നടപടികളും ശിക്ഷകളും മനുഷ്യരുടെ ജീവിതത്തിൽ ഉണ്ടാകുന്നതാണ്. സനാതന ധർമ്മമായ പ്രപഞ്ചം സത്യം ശിവം സുന്ദരമായി നിലകൊള്ളാൻ സ്വയം സ്വീകരിക്കുന്ന നടപടികളുടെ ഭാഗം മാത്രമാണവ. അംഗവൈകല്യം, രോഗങ്ങൾ, ഭക്ഷണ സാധനങ്ങളുടെ ദാരിദ്ര്യം തുടങ്ങിയവ സമൂഹത്തിൽ വർദ്ധിക്കുകയും കുറയുകയും ചെയ്യുന്നതും ജനങ്ങളെ ബാധിക്കുന്നതും ഒരുപോലെയല്ല. കാരണം :

**ജന്മഗുണങ്ങളുടെ വ്യത്യാസങ്ങൾ പോലെ ദൈവത്തിന്റെ മഹാനീതി നിർവ്വഹണം ഓരോ വ്യക്തിയോടുമാണ്. ഓംകാര നീതി ശാസ്ത്രം പഠിക്കാൻ കഴിയുമ്പോൾ പ്രപഞ്ചം സദാ സത്യം ശിവം സുന്ദരം തന്നെ എന്ന് ബോദ്ധ്യമാകുന്നതാണ്.**

**മഹാനീതിയായ ഭൂമിയുടെ മഹാനീതി നിർവ്വഹണത്തെ പഠിക്കാൻ ജന്മഗുണങ്ങളുടെ വ്യത്യാസങ്ങളെ സ്വയം വിശകലനം ചെയ്താൽ മാത്രം മതിയാകും എന്നിരിക്കെ, ജനങ്ങളുടെ അടിമകളായ ജനസേവകർ, ഭരണാധികാരികൾ ആണെന്നു തെറ്റിദ്ധരിച്ചു കൊണ്ട് പൊതുവായ വിഷയങ്ങളിൽ മാത്രം ധർമ്മ ശാസ്ത്രപരമായി ഇടപെടുക എന്നത് മറന്നും മറച്ചും അറിയാതെയും പ്രവർത്തിച്ചു വരുന്നതാണ് മറ്റൊരു മുഖ്യ വിനയായത്. ഉദാഹരണത്തിന്, തൊഴിൽ അഭിരുചി, തൊഴിൽ നിശ്ചയിക്കൽ, ജീവിത സായാഹ്നത്തിൽ വ്യക്തിക്ക് ആവശ്യമായ സാമ്പത്തിക വരുമാനം ഉൾപ്പെടെയുള്ള കാര്യങ്ങൾ, വിദ്യാഭ്യാസം, ആരോഗ്യ പരിപാലനം (വൈദ്യ സഹായം), സംഗീതവും കളികളും ഉൾപ്പെടെയുള്ള വിനോദ കാര്യങ്ങൾ, തുടങ്ങിയവ വ്യക്തികളുടെ സ്വകാര്യങ്ങളാണ്. പൊതുവായ ആവശ്യങ്ങളെ നിറവേറ്റാൻ നിയോഗിച്ച അടിമകൾ, അവരുടെ ഉടമകൾക്ക് പെൻഷൻ കൊടുക്കാൻ നടക്കണ്ട. മഹാനീതിയുമായി ബന്ധപ്പെട്ട അംഗവൈകല്യം, രോഗങ്ങൾ എന്നിവ സ്വകാര്യങ്ങളാണ്; അടിമകൾ ഇടപെടേണ്ട.**

200 **രൂപ വിലയുള്ള പാചക വാതകത്തിന്** 650 **രൂപയും,** 20 **രൂപ വിലയുള്ള പെട്രോളിന്** 75 **രൂപയും മറ്റും തോന്നുംപോലെ വില നിശ്ചയിക്കാൻ അടിമകളായ ഭരണകൂടത്തിന് അവകാശവും അധികാരവും ഇല്ല.**

**ജനങ്ങളുടെ ചിലവിൽ ജീവിക്കുന്ന അടിമകൾ, ഉടമകളായ ജനങ്ങൾക്ക് സബ്സിഡി കൊടുക്കാൻ തയ്യാറാകുന്നതും അതിന് മാനദണ്ഡങ്ങളെ നിശ്ചയിക്കുന്നതും ഒക്കെ കടുത്ത ഭോഷത്തങ്ങളും അപരാധങ്ങളും ദൈവീക ശിക്ഷകളെ വാരിക്കൂട്ടുന്നതുമായ വസ്തുതകളാണ്. ശീഘ്രം തിരുത്തുക.**

**സാമ്പത്തിക ശാസ്ത്രം പ്രകാരം, സാമ്പത്തിക ഭദ്രത ഏറെയുള്ള ഭരണകൂടത്തിലെ അംഗങ്ങളുടെ അപരാധം കൊണ്ടാണ് സമൂഹത്തിലെ ഏതെങ്കിലും വ്യക്തികൾ സാമ്പത്തിക ക്ഷീണം അനുഭവിക്കുന്നതെന്ന് ധർമ്മ ശാസ്ത്ര പരമായി ബോദ്ധ്യം ഉണ്ടെങ്കിൽ, വ്യക്തികളെ, അവർ ഇച്ഛിക്കുന്നുവെങ്കിൽ, സാമ്പത്തികമായി സഹായിക്കാം. അപ്രകാരം സഹായം ചെയ്യുമ്പോൾ സ്വന്തം അപരാധത്തെ തിരുത്തുന്നു എന്ന മനോഭാവം ഉണ്ടാകണം. സൗജന്യമോ സൗമനസ്യമോ സഹതാപമോ കാട്ടുന്നതായി കണക്കാക്കിയാൽ ശിക്ഷ വേറെയും ലഭിക്കുന്നതാണ്.**

മനുഷ്യർക്ക് ജീവിക്കാൻ ആവശ്യമില്ലാത്ത പ്രപഞ്ച കാര്യങ്ങളിലും ദൈവ കാര്യങ്ങളിലും തലയിടുകയും, അഹംഭാവം അഹങ്കാരം പൊങ്ങച്ചം കാപട്യം അസത്യം അധർമ്മം അനീതി അവിവേകം ദുഷ്ക്കാമം ദുശ്ശീലങ്ങൾ ദുഷ്ക്കോപം ദുസ്വാർത്ഥങ്ങൾ എന്നിവ തലയ്ക്കു പിടിച്ചും, ഭൂമിയുടെ മഹാനീതിയെ പാടേ അവഗണിച്ച്, ധർമ്മ ശാസ്ത്രപരമായി ഭൗതിക അസ്തിത്വം ഇല്ലാത്തതായ മത-രാഷ്ട്രീയ-ഇസ-വിശ്വാസങ്ങളെയും ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും, സാമൂഹ്യ സാമ്പത്തിക സദാചാര രാഷ്ട്രീയ നിയമങ്ങളെയും മറ്റും തട്ടിക്കൂട്ടാനും, അവയെ സംരക്ഷിക്കാനെന്ന പേരിൽ മറ്റു ജീവികളെയും ശല്ല്യപ്പെടുത്തുന്ന വ്യത്യസ്ത മത-രാഷ്ട്രീയ-ഇസ അധർമ്മികൾക്ക് അളവുകൾ പ്രകാരമുള്ള പാപങ്ങളും ശിക്ഷകളും ഭൂമിയിലെ വസ്തുക്കളിൽ ലയിച്ചിട്ടുണ്ട്; ഭൂമി നടപ്പാക്കുന്നുമുണ്ട്.

**'ദൈവത്തിന്റെ മഹാജ്ഞാനമായ മഹാശാസ്ത്രത്തിനു വിരുദ്ധവും ഭൗതികമായ അസ്തിത്വം ഇല്ലാത്തതുമായ ആശയങ്ങളെ തട്ടിക്കൂട്ടാനും നിലനിർത്താനും പ്രയത്നിക്കുന്നത് തെറ്റാണ്; താൽക്കാലികമായി മാത്രമാണ് നിലനിർത്താനാവുക. ഭൗതിക അസ്തിത്വം ഇല്ലാത്തതും അസത്യങ്ങളുമായ മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ഭാഷാ-ദേശീയ നിയമങ്ങളും ആചാരങ്ങളുമെല്ലാം, ഭൂമിയിലെ മൂലകങ്ങളിൽ മഹാലയിച്ചിട്ടുള്ള ന്യൂനശക്തികളുടെ പ്രവർത്തനം കൊണ്ട്, കാലഹരണപ്പെടുന്നതാണ്.**

**ഉദാഹരണത്തിന്, ജനങ്ങളുടെ ചിലവിൽ ജീവിക്കുന്നവരും, പൊതുവായ ആവശ്യങ്ങളെ നിറവേറ്റാൻ ബാദ്ധ്യസ്ഥരും അടിമകളും മാത്രമായ ജനസേവകർ, ജനങ്ങളുടെ ഭരണാധികാരികളാണെന്നു തെറ്റിദ്ധരിച്ച്, കുറ്റവാളികളായി അവരും മറ്റും കണക്കാക്കുന്നവർക്ക് ഭൗതിക അസ്തിത്വം ഇല്ലാത്ത മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശീയ നിയമങ്ങളുടെ പേരിൽ വധം, അവയവ ഛേദം, ജയിൽവാസം തുടങ്ങിയ കൊടിയ ശിക്ഷകളാണ് ചില രാജ്യങ്ങളിൽ നൽകുന്നത്.**

**ശിക്ഷ വിധിക്കേണ്ടതും നടപ്പാക്കേണ്ടതും വാദികളും ഉറ്റവരുമാവണം എന്ന സാമാന്യ ജന്തുനിയമം പോലും അടിമകളും പാപികളുമായ ജനസേവകർക്ക് /ഭരണകർത്താക്കൾക്ക് അറിയില്ല!**

**'ജനങ്ങളുടെ അടിമകളും പാപികളുമായ ജനസേവകർക്ക് ' മണ്ണിന്റെ മൂലകങ്ങളിൽ മഹാലയിച്ചിട്ടുള്ള ഭൗതിക ധർമ്മ നീതി ശാസ്ത്ര നിയമങ്ങളെ പഠിക്കാനും അവ പ്രകാരമുള്ള സേവനങ്ങളെ അടിമകൾക്കു വേണ്ടി ത്തന്നെ ചെയ്യാനും ആ വിധത്തിൽ മുജ്ജന്മങ്ങളിലെ ഉൾപ്പെടെയുള്ള സ്വന്തം പാപങ്ങൾക്ക് പരിഹാരം തേടാനും നേടാനും കഴിയണം. അങ്ങനെ ചെയ്യുമ്പോൾ, ന്യായാധിപൻ എന്ന താൽക്കാലികമായ വേഷം അവർക്ക് ലഭിക്കുന്നുണ്ട്. ഇന്നത്തെ പൂച്ചാണ്ടി കോടതികളും പൈശാചിക നിയമങ്ങളും ജയിലുകളും പാടില്ല എന്നു കൂടിയാണ് അതിന്റെ അർത്ഥം. കാട്ടുവാസി, നാട്ടുവാസി എന്ന അദ്ധ്യായത്തിൽ കൂടുതൽ വിശദീകരിച്ചിട്ടുണ്ട്.**

**ജനങ്ങൾക്ക് ധർമ്മ ശാസ്ത്രപരമായി ജീവിക്കാൻ ആവശ്യമായ ജലം സൗജന്യമായി ലഭ്യമാക്കാൻ ജനസേവകരായ ഭരണാധികാരികൾക്ക് കഴിയണം എന്നത് ജനസേവന ശാസ്ത്രത്തിൽ പരമ പ്രധാനമാണ്.**

**രാജാവും പ്രധാനമന്ത്രിയും മന്ത്രിമാരും ഉൾപ്പെടെ മണ്ണിൽ ജീവിക്കുന്ന സർവ്വ ജനങ്ങളും, മണ്ണിന്റെ മൂലകങ്ങളിൽ മഹാലയിച്ചിട്ടുള്ള ഭൗതിക ധർമ്മ നീതി ശാസ്ത്രങ്ങൾ പ്രകാരം അവരവർക്കു വേണ്ടി ജീവിക്കുകയും, തൊഴിൽ ശാസ്ത്രം പ്രകാരമുള്ള ധർമ്മം ചെയ്താൽ മതിയാകും.**

**ജനങ്ങൾക്കു വേണ്ടിയോ ദൈവത്തിനു വേണ്ടിയോ യാതൊന്നും - യാതൊരു ജനസേവനവും - യാതൊരുവനും ചെയ്യേണ്ട.**

**ചുറ്റുമുള്ളവരെ ഉപദ്രവിക്കാനോ അവരോട് കേമത്തം കാട്ടാനോ കഴിയുമെന്നു കരുതുന്ന വിഡ്ഢികൾക്ക് ദൈവാംശമായ ശരീരത്തെ ഉപേക്ഷിക്കാൻ കഴിയില്ല. ഭൂമിയുടെ വാതക രൂപമായ ഓക്സിജൻ സദാ മനുഷ്യരുടെ ചിന്തകളെ പോലും അറിയുന്നതിനെ തടയാനും കഴിയുന്നതല്ല. ദൈവമായ ഭൂമിയുടെ അംശമായ ശരീരമാണ് അഥവാ ശരീരത്തിലൂടെയാണ് ജീവാത്മാവിന്റെ എല്ലാ ജന്മങ്ങളിലും മഹാനീതി നടപ്പാക്കുന്നത്. സമ്പൂർണ്ണമായ വ്യക്തിസ്വാതന്ത്ര്യത്തെ ലഭ്യമാക്കുന്ന ഭൂമിക്ക്, ധർമ്മ ശാസ്ത്ര വിരുദ്ധമായി പ്രവർത്തിക്കുന്ന ഏതൊരാളെയും നിസ്സാരമായി തിരുത്താൻ കഴിയുന്നതാണ്.**

**തെമ്മാടിത്തം കാട്ടുന്ന കേമന്മാരെ മഹാപുനർജ്ജന്മ സിദ്ധാന്തം വഴി കഠിനമായി ശിക്ഷിക്കുകയും തിരുത്തുകയും ചെയ്യുന്നതാണ്. എക്കാലവും നടന്നു പോരുന്നുണ്ട്; തൽക്കാലം അജ്ഞാനികൾ അറിയുന്നില്ല എന്നേയുള്ളൂ.**

**നൂറ്റാണ്ടുകളായി നിലനിൽക്കുന്ന വ്യവസ്ഥിതിയുടെ ഭാഗമായി സംഭവിച്ചു പോരുന്ന, സൈന്യം, ആയുധങ്ങൾ, ദേവാലയങ്ങളിലെ കോപ്രായങ്ങൾ തുടങ്ങിയ പിഴവുകളെ തിരുത്താൻ ഇന്നത്തെ സാഹചര്യത്തിൽ എല്ലാവർക്കും (പെട്ടെന്ന്) സാധിച്ചെന്നു വരില്ല. അതേസമയം ലഭ്യമായ ശക്തിക്കൊത്ത് അവർ തിരുത്തൽ നടപടികൾക്ക് ശ്രമിക്കാത്തതും, വിഷയങ്ങളെ കൂടുതൽ വഷളാക്കുന്നതും അപരാധങ്ങൾ തന്നെയാണ്. മാത്രമല്ല, ഇപ്പോഴത്തെ വ്യക്തികളുടെ മുജ്ജന്മങ്ങളിൽ പിഴവുകളെ ആരംഭിച്ചു വച്ചത് ഒരു പക്ഷെ അവർ തന്നെയാവും എന്നും അവയെ തിരുത്താൻ ഭൂമിയായ ദൈവം പുനർജ്ജന്മങ്ങളിലൂടെ അവസരങ്ങളെ നൽകുകയാണ് എന്ന് ജനസേവന മനോഭാവത്തെ ജന്മഗുണമായും സ്ഥിതി പരമായ വിധി പ്രകാരവും ലഭിച്ചവർ വിലയിരുത്തണം.**

**ദേവാലയങ്ങളിലും മറ്റും പുതിയ തട്ടിപ്പുകൾ ആരംഭിക്കുവാൻ ഇന്നത്തെ നായകരും മറ്റും കാരണമാകുന്നതിനെ ഭൗതിക-ധർമ്മ ശാസ്ത്ര പരമായി വിശകലനം ചെയ്താൽ തെറ്റുകളും കുറ്റങ്ങളും കണ്ടുപിടിക്കാനും തിരുത്താനും എളുപ്പമാകും.**

**പ്രപഞ്ചം എന്ന മഹാസംവിധാനം നിലനിൽക്കുകയാണ്. സ്ഥിതിയാണ്. സനാതനമായ ധർമ്മമാണ്. അതായത് അന്തമില്ലാതെ സൃഷ്ടിച്ചു കൊണ്ടിരിക്കുന്നതും സനാതനവുമായ ഒരു മഹാധർമ്മമാണ് മഹാപ്രപഞ്ചം.**

**മഹാനീതിയും സമത്വാനന്ദവും ഓംകാര നീതിശാസ്ത്ര പ്രകാരം എക്കാലവും നിർവ്വഹിക്കപ്പെടുന്നുണ്ട്; എങ്കിലും, മനുഷ്യരുടെ അധമത്തം നിമിത്തം ദൈവ വിപ്ലവത്തിനു മുമ്പ് പ്രകടമല്ല. എന്നാൽ ദൈവ വിപ്ലവത്തെ തുടർന്ന് ദൈവ രാജ്യം വരുമ്പോൾ, പ്രത്യക്ഷമാണ്; പ്രകടമാണ്.**

**ധർമ്മ ശാസ്ത്രത്തിൽ നിന്നും ചില നുറുങ്ങുകളെ ചുവടെ കൊടുക്കുന്നു; ചില ആവർത്തനങ്ങളും ഉണ്ട് :**

**ജീവാത്മാവിന് മനുഷ്യജീവിയായി ജീവിക്കാൻ നിർബ്ബന്ധമായും വേണമെന്ന് സ്രഷ്ടാവും ഭൂമിയുമായ ദൈവം നിശ്ചയിച്ചു നൽകിയ ശരീര അവയവങ്ങൾ കൂടാതെ ധർമ്മ ശാസ്ത്ര പ്രകാരം മൂലകങ്ങളിൽ ഇല്ലാത്തതായ ഹെൽമെറ്റ്, ആധാർ, മദ്യം, മതം, മതം മാറ്റം, രാഷ്ട്രീയം, രാഷ്ട്രീയ മാറ്റം, മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശീയ സംഘടനകൾ, കോടതി, രാഷ്ട്ര ഭരണഘടനകൾ, തെരഞ്ഞെടുപ്പ്, പേപ്പർ കറൻസി, നികുതി, നികുതി വർദ്ധന, തുടങ്ങിയവയെ ശരിവെച്ചും നിർബ്ബന്ധമാക്കിയും ജനങ്ങളെ ദ്രോഹിക്കുന്നത് അതിനീചവും കടുത്ത ദൈവനിന്ദയുമാണ്.**
ലോട്ടറി, ഇൻഷ്വറൻസ്, ലൈസൻസ്, മത്സരങ്ങൾ, പരീക്ഷ, മദ്യപാനം, മോഷണം, പിടിച്ചുപറി, വധം, പീഡനങ്ങൾ, ബലാത്സംഗം, മതദേവാലയങ്ങൾ, മനുഷ്യ ദൈവങ്ങളായി വേഷംകെട്ടൽ, മന്ത്രവാദം, പൂജകളും വഴിപാടുകളും ആരാധനകളും ആചാരങ്ങളും അനുഷ്ഠാനങ്ങളും തുടങ്ങിയ കോപ്രായങ്ങൾ സാദ്ധ്യമാകുന്നതും അവയ്ക്ക് ധർമ്മ ശാസ്ത്രപരമായ ഭൗതിക അസ്തിത്വം മൂലകങ്ങളിൽ ഇല്ലാത്തതു കൊണ്ടാണ്. വിശകലനം ചെയ്താൽ, സാധാരണക്കാർക്കും വിഷയങ്ങളെ ഗ്രഹിക്കാനാവും !

**ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നീ 4 തൊഴിലുകളിൽ പെടാത്തവ ധർമ്മ ശാസ്ത്ര വിരുദ്ധമായ അഥവാ നീചമായ പ്രവർത്തികൾ മാത്രമാണ് ! ഭൂമിയുടെ അംശമായ മൂലകങ്ങൾ ശരിവെയ്ക്കാത്ത ആശയങ്ങളെയും പ്രവൃത്തികളെയും മനുഷ്യർ പിൻപറ്റിയാൽ അവയെ മനുഷ്യരിലൂടെ തന്നെ, മഹാനീതി ശാസ്ത്ര പ്രകാരം പുനർജ്ജന്മങ്ങളിലൂടെയും മറ്റും തിരുത്തുവാൻ ശരീരം ഉൾപ്പെടെയുള്ള ഭൂമിയിലെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ന്യൂനശക്തികൾക്ക് കഴിയും. രാജ്യങ്ങളിലും ഇന്നുള്ള ഭീകരവാദങ്ങളും ഭീകര പ്രവർത്തനങ്ങളും യുദ്ധങ്ങളും അരക്ഷിതാവസ്ഥകളും ഉദാഹരണങ്ങളാണ്.**

## ഏതാനും നൂറ്റാണ്ടുകളായി മനുഷ്യൻ എന്ന ജീവിയുടെയും ഇന്നത്തെ മനുഷ്യർക്ക് തൽക്കാലം വ്യക്തമായി അറിയാത്ത (ദുർ) ദ്ദേവതകളുടെയും അവ്യക്തവും അപൂർണ്ണവുമായ അധമ ചരിത്രത്തിന്റെ പശ്ചാത്തലത്തിൽ, ആയിരം കോടിയിലേറെ വർഷങ്ങളായി നിലനിൽക്കുന്ന മഹാപ്രപഞ്ചത്തെ മിഥ്യയായി വിശേഷിപ്പിക്കുന്നത് അപരാധമാണ്; കൊടിയ ദൈവ നിന്ദയാണ്.

**ജീവാത്മാക്കൾക്കെല്ലാം ശക്തി നൽകുന്നത് ശരീരത്തിലൂടെ അന്നം = ഭക്ഷണം കൊണ്ട് ആകയാലും, ശക്തി നൽകാൻ ദൈവത്തിനു മാത്രമാണ് കഴിയുക എന്നതിനാലും, മഹാശക്തിയായ ദൈവത്തിന്റെ മഹാരൂപവും ജീവികളുടെ ഏകശരണവുമായ ഭൂമിയുടെ അംശമായ മൂലകങ്ങൾ കൊണ്ട് ഉണ്ടാക്കിയ ശരീരവും അന്നം തന്നെയാണ് എന്നതിനാലും 'അന്നം പരബ്രഹ്മം' എന്നത് പരമ സത്യമാണ്.**

**ജീവികളുടെ സ്വത്വമായ ജീവാത്മാക്കളെ സൃഷ്ടിയായും, ജീവികൾക്കെല്ലാം പ്രത്യക്ഷ-ശരണമായി ഭവിക്കുന്ന ഭൂമിയെയും അംശങ്ങളായ ശരീരം ഉൾപ്പെടെയുള്ള ഭൂമിയിലെ വസ്തുക്കളെയും പ്രത്യക്ഷ-സ്രഷ്ടാവായും വ്യാഖ്യാനിക്കാൻ കഴിയും. ദൈവത്തിന്റെ 'മായ' കാര്യങ്ങളെ മാറ്റിവെച്ച് യുക്തിപരമായി സത്യത്തെ കണ്ടെത്തുവാൻ പരിശ്രമിക്കുമ്പോൾ വ്യാഖ്യാനങ്ങളെ ശുദ്ധി ചെയ്ത് പരമസത്യത്തെ മാത്രം എടുത്തു കാട്ടുകയും വേണം. വിശകലനം വഴി പരമസത്യത്തെ കണ്ടെത്തിയെന്ന്, ദൈവത്തിന്റെ മഹാജ്ഞാനമായ ശാസ്ത്ര നിയമങ്ങൾ ശരിവെക്കണം; ശാസ്ത്ര വികസനം ഇല്ലാത്ത കാലത്ത് ദൈവം പ്രത്യക്ഷമായി അറിയിക്കണം.**

സ്രഷ്ടാവായ ദൈവം ജീവികളെ സൃഷ്ടിക്കുന്നു എന്നതിനെ അടിസ്ഥാനമാക്കിയും അംഗീകരിച്ചും പ്രപഞ്ചത്തെ വിശകലനം ചെയ്യുമ്പോൾ, ജീവികൾക്ക് ജീവിക്കാൻ എക്കാലവും ആവശ്യമായ ഭൂമിയും ആകാശവും ചന്ദ്രനും സൂര്യനും മാത്രമാണ് ആദ്യമായി ഉണ്ടായത് എന്ന് മനസ്സിലാക്കാൻ കഴിയും. ഇന്നും പുതിയ നക്ഷത്രങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതും ജീവികളുടെ മോക്ഷ-അവസ്ഥയാണ് നക്ഷത്രങ്ങൾ എന്ന് ആത്മീയ ശാസ്ത്രം വിശദീകരിക്കുന്നതും മേൽപ്പറഞ്ഞ പ്രസ്താവനയെ ശരിവയ്ക്കുന്നു. ജീവികളുടെ ജീവിത കാര്യങ്ങളിൽ മറ്റു ഗ്രഹങ്ങൾക്കും അവയുടെ ഉപഗ്രഹങ്ങൾക്കും നക്ഷത്രങ്ങൾക്കും പ്രസക്തിയില്ല എന്നതാണ് അനുഭവം എന്നിരിക്കെ ആത്മീയ ശാസ്ത്രം വിശദീകരിക്കുന്നതു പോലെ അവയെ പിൻവലിക്കുന്നതോട ചർച്ചകൾ അനാവശ്യമാണ്.

കാലഘട്ടത്തിന്റെ മാറ്റത്തിനൊപ്പം പുതിയ പുതിയ ശാസ്ത്ര സാങ്കേതിക സംവിധാനങ്ങളെയും ആനന്ദങ്ങളെയും ഭൂമി നൽകുകയും അഥവാ ഭൂമിയിൽ നിന്ന് ലഭിക്കുകയും ചെയ്യുമ്പോൾ ജീവിതത്തിന്റെ എല്ലാ മേഖലകളിലും അവയെ പ്രതിഫലിപ്പിക്കാൻ ഉന്നതമായ ബുദ്ധിശക്തി ലഭിച്ച മനുഷ്യന് ബാദ്ധ്യതയുണ്ട്.

ബുദ്ധിശക്തി ഏറെ ലഭിച്ചിട്ടും, രാജ്യവും ഭൂമിയും ചന്ദ്രനും സൂര്യനും പ്രപഞ്ചവും പ്രകൃതിയും ഒക്കെ ഭീഷണി നേരിടുന്നു എന്നും മറ്റും വാചക കസർത്തുകൾ ചെയ്യുന്ന കേമരായ ജനങ്ങൾ കുറെ ജാഗ്രതയും മര്യാദയും കാട്ടണം. വ്യക്തി (കൾ) വിശ്വസിക്കുന്ന മത-ദൈവമോ മത-ദൈവങ്ങളോ പ്രത്യക്ഷമായും യുക്തിഭദ്രമായും നേരിട്ട് വ്യക്തിയോട് ആവശ്യപ്പെടുന്നില്ല എങ്കിൽ, സ്വത്വം ഉൾപ്പെടെ യാതൊന്നും സ്വന്തമായി ഇല്ലാത്ത ജീവാത്മാവിന്, ജനനം മുതൽ മരണം വരെ, ഉറ്റവരും ധനവും ഉൾപ്പെട്ട എല്ലാ സമ്പത്തുകളും ആനന്ദങ്ങളും നേടിത്തരുന്ന 'പ്രത്യക്ഷ ദൈവമായ (ശരീരത്തെയും) ശരീരത്തെ നിർമ്മിച്ചിരിക്കുന്ന ഭൂമിയിലെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ഭൗതിക-ധർമ്മ ശാസ്ത്ര നിയമങ്ങളെ (യും) പാലിച്ചു ജീവിക്കാൻ  ദൈവാംശമായ ശരീരത്തോട് സ്വത്വമായ ജീവാത്മാവിനു കടമയുണ്ട്.'

**പണ്ടുള്ളവർ ചുമന്നു പോരുന്ന ഭൗതിക ശാസ്ത്ര അസ്തിത്വം ഇല്ലാത്ത മതങ്ങളും വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും, രാഷ്ട്രീയ പാർട്ടികളും, മറ്റു മണ്ണാങ്കട്ടകളും നിലനിർത്താൻ പ്രയത്നിക്കുന്ന കീടങ്ങൾ, ഭൗതിക ശാസ്ത്ര അസ്തിത്വം ഉള്ള ശരീരത്തെയും ഭൂമിയിലെ വസ്തുക്കളെയും @ ഭൂമിയെയും ഉപയോഗിക്കാൻ പാടില്ല എന്ന സാമാന്യ മര്യാദ കാട്ടണം.**

ഇന്ത്യ ഉൾപ്പെടെയുള്ള അനേകം രാജ്യങ്ങളിൽ, ശാസ്ത്ര സൗകര്യങ്ങളും ശരീരവും പോലും ഉപയോഗിക്കാൻ യോഗ്യത ഇല്ലാത്തവരായ മനുഷ്യരൂപികൾ, പ്രത്യക്ഷ ദൈവമായ ശരീരം നൽകുന്ന ബുദ്ധിശക്തി ഉൾപ്പെടെയുള്ള ശക്തികളെ ദുരുപയോഗം ചെയ്ത്, 'മതവും രാഷ്ട്രീയവും പോലെ അധമങ്ങളും ഭൗതിക അസ്തിത്വം ഇല്ലാത്തതുമായ വിശ്വാസങ്ങളെയും ആചാരങ്ങളെയും നിയമങ്ങളെയും പ്രചരിപ്പിക്കാനായി ജനങ്ങൾ പ്രവർത്തിക്കുന്നതും,' അതിനെ അവരുടെ ഉപജീവനത്തിനുള്ള തൊഴിലായി കണക്കാക്കുന്നതും സാധാരണമായിട്ടുണ്ട്. 'ഫലത്തിൽ കൃഷിക്കാർ, തൊഴിലാളികൾ തുടങ്ങിയ സാധാരണ ജനങ്ങളുടെ അദ്ധ്വാനത്തെ ചൂഷണം ചെയ്ത് സമൂഹത്തിലെ ചില വിഭാഗം ജനങ്ങൾ ജീവിക്കുകയാണ്.' ഇന്ത്യയിൽ ഇപ്രകാരം ദശലക്ഷങ്ങളാണ് ജീവിക്കുന്നത്. സമൂഹത്തിൽ ധാർമ്മിക അധഃപതനം വളരെയധികം വർദ്ധിക്കുവാൻ അവ കാരണമായിട്ടുണ്ട്.

ഭൂമിയായ ദൈവത്തിന്റെ അംശമായ ശരീരം, ജീവാത്മാവിനെ പുറത്താക്കി മരണം നൽകുമ്പോൾ, ശരീരത്തെയും, അതിലൂടെ ഭൂമിയായ ദൈവത്തെയും നിന്ദിക്കാതെ, മരണത്തിനു ശേഷം കഴിയുമെങ്കിൽ ഏത് ഭോഷത്തവും ചുമന്നു കൊള്ളുക.

മഹാപ്രപഞ്ചത്തിലെ മൂലകങ്ങളിൽ / വസ്തുക്കളിൽ മഹാലയിച്ചിരിക്കുന്ന മഹാശാസ്ത്രത്തെ ദൈവത്തിന്റെ മഹാജ്ഞാനമായി മനസ്സിലാക്കാൻ മതാചാര്യന്മാർക്കും നൂറ്റാണ്ടുകളായി അവരെ തലമുറകളിലൂടെ പിൻപറ്റുന്ന മതപുരോഹിതന്മാർക്കും കഴിഞ്ഞില്ല.

മാത്രമല്ല; മതങ്ങളിലെ പൂച്ചാണ്ടി ക്കഥകളുമായി യോജിക്കാത്തതു കൊണ്ട് ദൈവത്തിന്റെ മഹാജ്ഞാനമായ മഹാശാസ്ത്രത്തെയും ശാസ്ത്രജ്ഞന്മാരെയും ശത്രുക്കളായി കണക്കാക്കുകയും ചെയ്യുന്നു. (ശാസ്ത്ര സാങ്കേതിക വികസനത്തിലൂടെ നേടിയ ജീവിത സൗകര്യങ്ങളും ആനന്ദങ്ങളും അനുഭവിച്ചു കൊണ്ട് ഇന്നും ശാസ്ത്രത്തെയും ശാസ്ത്രജ്ഞരെയും തള്ളിപ്പറയുന്ന മതഭ്രാന്തരും ചൂഷകരും അനുയായികളുമാണ് ഭൂമിയിൽ ഏറെയുള്ളത്.)

**ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയും മഹാജ്ഞാനിയുമായ ദൈവത്തിന് എന്തും സൃഷ്ടിക്കാനും ചെയ്യാനും കഴിയുമെന്നിരിക്കെ യാതൊന്നും ആവശ്യമില്ല. എല്ലാ ആനന്ദങ്ങളെയും സൃഷ്ടിക്കുന്ന ദൈവം എല്ലാ ആനന്ദങ്ങൾക്കും അതീതമാണ് എന്നതിനാൽ യാതൊരു സ്വാർത്ഥവും ഉണ്ടാകുന്നതുമല്ല.**

ദൈവത്തിന്റെ കുഞ്ഞുങ്ങളായി സൃഷ്ടിച്ചു പോരുന്ന മനുഷ്യർ ഉൾപ്പെടെയുള്ള എല്ലാ സൃഷ്ടികളുടെയും സന്തോഷവും കൂടി കണക്കിലെടുത്ത് സൃഷ്ടികളോടുള്ള മഹാവാത്സല്യത്തെയും മഹാദാസ്യത്തെയും ദൈവത്തിന്റെ ആനന്ദങ്ങളായി സ്വയം നിശ്ചയിച്ചിരിക്കുകയാണ് എന്നു മാത്രം. ദൈവം മഹാശാസ്ത്ര പാഠങ്ങളെ സൃഷ്ടികൾക്കു വെളിപ്പെടുത്തി നൽകുന്ന മനുഷ്യ ജന്മത്തിൽ, കുഞ്ഞുങ്ങൾ ദൈവത്തെ ഭയക്കാതെ ധർമ്മ ശാസ്ത്ര പ്രകാരം സന്തോഷിച്ചു ജീവിക്കാൻ വേണ്ടിയുള്ള മഹാആവിഷ്ക്കാരം കൂടിയാണത്. ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതും മഹാശക്തിയുമായ ഏക ദൈവം സൃഷ്ടികളായ കുഞ്ഞുങ്ങൾക്കു വേണ്ടി മഹാമാതാവും മഹാപിതാവുമായി രണ്ടെന്ന പോലെ; ഭൂമിയും ഏകമഹാശക്തിയും മഹാമാതാവുമായ മഹാദേവിയും, ആകാശവും പരമാത്മാവും മഹാദാസനും മഹാപിതാവുമായ മഹാദേവനുമായി പ്രകടമാകുന്നു. ഉടനെ ദൈവ വിപ്ലവത്തോടെ തെളിയുന്നതാണ്.

മക്കളുടെ സന്തോഷവും പരസ്പര സഹകരണവും മനുഷ്യ മാതാപിതാക്കൾ ആഗ്രഹിക്കുന്ന പോലെ, കുഞ്ഞുങ്ങളായി ദൈവം സൃഷ്ടിച്ചിട്ടുള്ള സമസ്ത ജീവികളുടെയും മോക്ഷ-അവസ്ഥയായ മനുഷ്യരുടെ പരസ്പര സ്നേഹവും സഹകരണവും സന്തോഷവും നിറഞ്ഞ ജീവിതം ദൈവത്തിന്റെ ആനന്ദമായ മഹാവാത്സല്യത്തിന്റെ ഭാഗമാകുന്നു. അതിനെ ഉൾക്കൊണ്ട് മനുഷ്യർ പ്രവർത്തിക്കുകയും ജീവിക്കുകയും വേണം. **സർവ്വത്തിനും അതീതമായ ദൈവം താൻ സൃഷ്ടിച്ച പ്രപഞ്ച സംവിധാനങ്ങളിൽ ആനന്ദിക്കുന്നുണ്ടെന്ന പോലെ തെറ്റായ ചിന്തകളും ആശയങ്ങളും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉപദേശങ്ങളും വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും സ്വയവും അന്യോന്യവും പുലർത്തിയും പ്രചരിപ്പിച്ചും ദൈവനിന്ദ ചെയ്യരുത്. പാപങ്ങളും ദൈവ ശിക്ഷകളും പിടിച്ചു വാങ്ങുന്നവരായി കൂടുതൽ ബുദ്ധിശക്തിയും അറിവും നേടിയ മനുഷ്യർ അധഃപതിക്കരുത്.**

**നവോത്ഥാനം പോലെ ആനന്ദം, വേദനകൾ എന്നിവ സമൂഹം അനുഭവിക്കുന്നു, ചെയ്യുന്നു, എന്നെല്ലാം പറയുന്നതും തോന്നുന്നതും മറ്റൊരു അസംബന്ധമാണ്; സമൂഹം എന്ന ഒരു ജീവി ഇല്ല; ഓരോ വ്യക്തിയും പ്രത്യേകമായാണ് അനുഭവിക്കുന്നത്; നീതിയും സമത്വവും ശിക്ഷയുമെല്ലാം ലഭിക്കുന്നത് ഓരോരോ വ്യക്തിക്കുമാണ്.**

**ചുറ്റുമുള്ള മനുഷ്യർ അഥവാ സമൂഹം ഒന്നിച്ചു നേടിയെടുത്ത ഗുണങ്ങളുടെയും ദോഷങ്ങളുടെയും ഫലം, പുണ്യം, പാപം എന്നിവ ഒരു വ്യക്തിക്കു മാത്രം ലഭിക്കുന്നതല്ല. പ്രസ്ഥാനം, സമൂഹം എന്നിവ ജീവികളല്ലാ എന്നും ഭൗതികമായ അസ്തിത്വം ഇല്ലാത്ത അവയ്ക്ക് നീതി, പുണ്യം, ശിക്ഷ എന്നിവ നൽകാനാവില്ല എന്നുമറിയണം.**

ഓരോ വ്യക്തിയുടെയും പ്രവൃത്തികളുടെ/പങ്കിന്റെ അടിസ്ഥാനത്തിൽ, കൃത്യമായ അളവിൽ പുണ്യങ്ങളും പാപങ്ങളും ഓരോ വ്യക്തിക്കും വീതിച്ചു നൽകിയാണ് മഹാനീതിയായ ഭൂമി @ ദൈവം മഹാനീതി നടപ്പാക്കുന്നത്. ഓരോ വ്യക്തിയും മരിക്കുമ്പോൾ സമൂഹത്തിലെ അയാളുടെ പങ്ക് യഥാർത്ഥത്തിൽ തീർന്നു. വ്യത്യസ്തമായ ജന്മഗുണങ്ങളോടെ മറ്റൊരു ദേശത്തിൽ ജനിക്കുകയും വളരുകയും ജീവിക്കുകയും മരിക്കുകയും ചെയ്യുന്ന വ്യക്തി പുതിയ ഫലങ്ങളും പുണ്യങ്ങളും പാപങ്ങളുമാണ് നേടുക.

സമൂഹത്തെ വ്യക്തി പ്രതിനിധീകരിക്കുന്നതായി തോന്നുന്നതും, സമൂഹത്തിലെ വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും സാമ്പത്തിക തൊഴിൽ രാഷ്ട്രീയ നിയമങ്ങളും തനിക്ക് സ്വന്തമാണെന്നു വാദിക്കുന്നതും തജ്ജന്മത്തിലെ അവിവേകങ്ങളും മറ്റും മാത്രമാണ്.

ഭൂമിയായ ദൈവത്തിന്റെ മഹാപുനർജ്ജന്മ സിദ്ധാന്തം പ്രകാരമുള്ള മഹാനീതി കാര്യങ്ങളെയും മുജ്ജന്മങ്ങളെയും മനുഷ്യരുടെ ജീവിതം കൂടുതൽ ആനന്ദകരമാക്കാനായി ദൈവം ഗൂഢമാക്കുകയാൽ, ഓരോ വ്യക്തിയെയും സംബന്ധിച്ച്, സമൂഹത്തിൽ അയാൾ തജ്ജന്മത്തിൽ ചെയ്ത പ്രവർത്തനങ്ങളെ ചൂണ്ടിക്കാട്ടാം എന്നല്ലാതെ ഉറ്റവർ ഉൾപ്പെടെ മറ്റുള്ളവർ മുമ്പോ ഇപ്പോഴോ ചെയ്ത പ്രവർത്തനങ്ങളുടെ പേരിൽ അവകാശങ്ങളും അധികാരങ്ങളും യാതൊരു വ്യക്തികൾക്കും ഇല്ലതന്നെ.

ദൈവ സാന്നിദ്ധ്യത്തെ പ്രത്യക്ഷമാക്കി ക്കൊണ്ട് ദൈവം സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്താൽ, വ്യക്തിസ്വാതന്ത്ര്യത്തെ ഉപയോഗിക്കാത്തവരായ അടിമകളും അലസരുമായി ഭൂമിയിലെ ജീവികളെല്ലാം അധഃപതിക്കുന്നതാണ്. ആകയാൽ ദൈവം പ്രത്യക്ഷമായി സ്വീകരിക്കുന്ന വേറിട്ട് പ്രകടമല്ലാത്ത മഹാരൂപവും ശരീരങ്ങളും കൂടിയാണ് ഭൂമി. ജീവിയുടെ സ്വത്വമായ ജീവാത്മാവിന് ആനന്ദങ്ങളെയെല്ലാം ലഭ്യമാക്കാൻ ഓരോ ജീവാത്മാവിനും ഓരോ ദൈവം എന്ന പോലെ ശരീരം ഒപ്പം കൂടിയിരിക്കുകയാണ്.

**അതേസമയം ജീവികളുടെ സ്വത്വമായി ജീവാത്മാവിനെ മാത്രം നിശ്ചയിക്കുകയും, വേറിട്ട സ്വത്വത്തെ ശരീരം സ്വീകരിക്കാതിരിക്കുകയും ചെയ്യുന്നതിനാൽ ഭൂമിയിലെ എല്ലാ ശരീരങ്ങളുടെയും വസ്തുക്കളുടെയും സ്വത്വം എന്നത് ഏകദൈവമായ ഭൂമിയുടെ സ്വത്വമാണെന്നും അത് ഭൂമിയായ ദൈവത്തിന്റെ വാതക രൂപവും ജീവികളുടെയെല്ലാം ജീവനുമായി പ്രവർത്തിക്കുന്ന ഓക്സിജനുമാണെന്ന് (+ ജലം + മണ്ണ്) സ്വയം വിശകലനം ചെയ്ത് മനസ്സിലാക്കാൻ കഴിയും.**

ഭൂമിയിൽ മുഴുവൻ ഉടനെ **ഓം** ധ്വനിപ്പിച്ച് ദൈവ വിപ്ലവം ആരംഭിക്കുമ്പോൾ, വിവരദോഷികളായ മനുഷ്യ-രൂപികൾ പശ്ചാത്തപിക്കേണ്ടി വരും. മണ്ണിൽ മഹാലയിച്ച് ഭൗതികമായ അസ്തിത്വം ഉറപ്പിച്ച് സനാതനമായ ഭൗതിക-ധർമ്മ-ശാസ്ത്ര നിയമങ്ങളെ മാത്രം 'പരമ സത്യങ്ങളായ ആചാരങ്ങളും അനുഷ്ഠാനങ്ങളും മന്ത്രങ്ങളും സാമൂഹ്യ സാമ്പത്തിക സദാചാര തൊഴിൽ സാംസ്കാരിക രാഷ്ട്രീയ നിയമങ്ങളായി ഭൂമിയിൽ മുഴുവൻ സ്വീകരിക്കുന്നതാണ്.'

മഹാശക്തി-ശിവ ചക്രങ്ങളായ ഭൂമിയുടെയും ആകാശത്തിന്റെയും കുഞ്ഞുങ്ങളായ മനുഷ്യൻ ഉൾപ്പെടെ എല്ലാ ജീവികൾക്കും ജനനം മുതൽ മരണം വരെയുള്ള ജീവിത കാലം മുഴുവൻ ശരണം നൽകുന്നത് മഹാശക്തിചക്രവും മഹാദേവിയും മഹാമാതാവുമായ ഭൂമി മാത്രമാണ്. ഭൂമിയിൽ ജീവിക്കുന്ന കാലം മുഴുവൻ, മരണം വരെയും മനുഷ്യർക്കും ഏതൊരു ജീവികൾക്കും 'ഭൂമിയിൽ നിന്നും + ഭാഗമായ ആകാശത്തിൽ നിന്നും' അല്ലാതെ യാതൊരു ശരണവും യാതൊരിക്കലും ലഭിച്ചിട്ടില്ല; ലഭിക്കുന്നതുമല്ല. മണ്ണും ഭൂമിയുമായ ദൈവത്തിന് സ്തുതികൾ വേണ്ട. ഭൂമിയിൽ ഉടനെ ദൈവ വിപ്ലവം ആരംഭിക്കുമ്പോൾ, ഭൂമിയോട് @ മഹാദേവിയോട് അല്ലാതെ ശരണം പറയുന്ന മനുഷ്യരുടെ അജ്ഞാനം അവസാനിക്കുന്നതാണ്.

ശിവചക്രവും ശിവലിംഗവും പരമാത്മാവിന്റെ താവളവുമായ ആകാശവും, ഒപ്പം ഭൂമിയും ആദ്യമായി സൃഷ്ടിക്കപ്പെട്ടവ ആണെന്നു പറയുമ്പോൾ, സൃഷ്ടിക്കപ്പെട്ട ഭൂമിയെ എങ്ങനെ (ഏക) ദൈവം എന്നു വിശേഷിപ്പിക്കാൻ കഴിയും... എന്നിങ്ങനെയുള്ള ചോദ്യങ്ങൾ പ്രസക്തമാണ്.

മനുഷ്യാവസ്ഥയിൽ വച്ച് ലഭിച്ച ദിവ്യജ്ഞാനത്തെ വിശകലനം ചെയ്യുവാനും യോഗ്യത നേടണം; ധർമ്മ ശാസ്ത്രത്തെ പഠിക്കുകയും പാലിക്കുകയും വേണം.

**ബ്രഹ്മ പാഠങ്ങളിൽ മഹാശാസ്ത്രപരമായി വിശദീകരിച്ചിട്ടുണ്ട്.**

Ref. www.omsathyam.com/GodlyRevolution/OM.pdf

(( ദൈവം, ദിവ്യമായി മനുഷ്യരെ അറിയിച്ചിട്ടുള്ള ബ്രഹ്മ പാഠങ്ങളിൽ ദൈവം പ്രപഞ്ചത്തിന് അതീതമാണെന്നും മനുഷ്യർ അറിയുന്ന പ്രപഞ്ചവുമായി ബന്ധപ്പെടുത്തി മാത്രം ദൈവത്തെ മനസ്സിലാക്കുവാൻ ശ്രമിക്കുന്നത് ശരിയല്ല എന്നും വിശദമാക്കിയിരുന്നു. സർവ്വത്തിനും അതീതമായ ദൈവത്തിന്റെ ഭാഗമായോ അംശങ്ങളായോ സൃഷ്ടികളായ ജീവികൾ തങ്ങളെ തെറ്റിദ്ധരിക്കാതിരിക്കാൻ ആവശ്യമായ നടപടികളെ ദൈവം സ്വീകരിച്ചിട്ടുണ്ട്; കാര്യങ്ങളെ മനസ്സിലാക്കാനുള്ള ബുദ്ധിയും ശക്തിയും ഉചിതമായി നൽകിയിട്ടുമുണ്ട്. സർവ്വത്തിനും അതീതമായ ബ്രഹ്മം എന്ന ദൈവം സൃഷ്ടിച്ച ശിവചക്രം @ പരമാത്മാവ് @ ആകാശം എന്ന നിർജ്ജീവമായ ഘടകത്തിന്റെ അംശങ്ങൾ മാത്രമാണ് ജീവാത്മാക്കൾ @ ജീവികൾ. **ബ്രഹ്മം** ആകാശത്തിന്റെ ഒപ്പവും രണ്ടാമതായും സൃഷ്ടിച്ച ഭൂമി എന്ന ശക്തിചക്രത്തോട് മാത്രമായി ഓം എന്ന ശബ്ദബ്രഹ്മം ആയി ചേർന്ന് ഭൂമിയാണ് ജീവികൾ ഉൾപ്പെട്ട സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്നത്. സൃഷ്ടികളെ 'ദൈവമായ ഭൂമിയുടെ അംശമാക്കുന്നില്ല.'

ഏകദൈവത്തിന്റെ മഹാവരരൂപമായ ഭൂമി എന്ന മഹാശക്തിചക്രം, പരമാത്മാവായ ശിവ ചക്രത്തെ ജീവമായും നിർജ്ജീവമായും പ്രവർത്തിപ്പിച്ച് ജീവികൾക്ക് ജീവിക്കാൻ ആവശ്യമായ വസ്തുക്കളെ സൃഷ്ടിക്കുകയും, ശേഷം, ബ്രഹ്മത്തിന്റെ ഭാഗമല്ലാത്തതും ഏകദൈവമായ ഭൂമിയിൽ നിന്നും വേറിട്ട ഭാഗവും പരമാത്മാവുമായ ശിവ ചക്രത്തിന്റെ മാത്രം അംശങ്ങളായി ദൈവബന്ധം ഇല്ലാത്തവിധം ജീവാത്മാക്കളെ, സൃഷ്ടിക്കുകയും, ഭൂമിയുടെ അംശങ്ങളായ മൂലകങ്ങൾ കൊണ്ട് ഉണ്ടാക്കിയ ശരീരവും, ഭൂമിയായ ദൈവത്തിന്റെ വാതക രൂപമായ ഓക്സിജൻ എന്ന ജീവനെയും @ ശക്തിയെയും നൽകി ജീവികളാക്കുകയും ചെയ്യുന്നു. ശക്തിചക്രമായ ഭൂമിക്ക് മുമ്പ് സൃഷ്ടിക്കപ്പെട്ട ശിവചക്രം എന്ന പരമാത്മാവിന്റെ അംശങ്ങൾ മാത്രമാണ് ജീവാത്മാക്കൾ എന്നു തെളിയുന്നുണ്ട്.

**ശിവ ചക്രവും ആകാശവുമായ പരമാത്മാവും, ശക്തിചക്രമായ ഭൂമിയും സൃഷ്ടിക്കപ്പെട്ടതും, ദൈവീകമായ വിവാഹബന്ധത്തിൽ ഏർപ്പെട്ടതും, വസ്തുക്കളെയും ജീവികളെയും സൃഷ്ടിക്കുന്നതിനു മുമ്പാകയാലും, ശിവചക്രവും ശക്തിചക്രവും അറിയിക്കാതെ ആവക കാര്യങ്ങളെ കുറിച്ച് അറിയാൻ ജീവികൾക്ക് കഴിയില്ല എന്നതും പ്രകാരം, ജീവികളെ സംബന്ധിച്ച്, ശിവചക്രത്തിനും ശക്തിചക്രത്തിനും ആദിയില്ല; സൃഷ്ടിക്കപ്പെട്ടവയുമല്ല. ആദിയില്ലാത്ത അവ അനേകം കോടി വർഷങ്ങളായി, അന്തമില്ലാത്ത പോലെ നിലനിൽക്കുന്നു എന്നത് ഗ്രഹിക്കാൻ വസ്തുക്കളിൽ ലയിച്ചിട്ടുള്ള ശാസ്ത്ര നിയമങ്ങളെ കൊണ്ട് കഴിയും.**

ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ നിർവ്വഹിക്കാൻ വേണ്ടി സർവ്വത്തിനും അതീതമായ ബ്രഹ്മം എന്ന ദൈവം സ്വീകരിച്ചിട്ടുള്ള ഒരു മഹാപ്രകടനമാണ് ശിവ-ശക്തി ചക്രങ്ങളിലൂടെ ഒരുക്കിയിരിക്കുന്ന മഹാപ്രപഞ്ചം എന്നു സാരം. മഹാനീതി കാര്യങ്ങളെ മഹാഭദ്രമാക്കുവാൻ ആവശ്യമായ നടപടികളിൽ ചിലതാണവ.

ആകാശം, ഭൂമി, വായു, വെള്ളം, അഗ്നി, എന്നിവയെല്ലാം മണ്ണുമായി ബന്ധപ്പെട്ടിരിക്കുകയാണ്. ഭൂമി, ചൊവ്വ, വ്യാഴം, ശനി, തുടങ്ങിയ ഗ്രഹങ്ങളെ എങ്ങനെയൊക്കെയോ പ്രപഞ്ചത്തിൽ സംഭവിച്ച സ്ഫോടനങ്ങളുടെ ഭാഗമായി രൂപപ്പെട്ടവയല്ല. മേല്പടി മഹാഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്. ഭൂമി/മണ്ണ് നിശ്ചയിക്കുമ്പോൾ ചന്ദ്രനിലെ വസ്തുക്കളിൽ നിന്ന് വെള്ളവും വായുവും അഗ്നിയും സൃഷ്ടിക്കപ്പെടുമെന്നും മനസ്സിലാവുന്ന മുറയ്ക്ക് ആധുനികശാസ്ത്രം കൂടുതൽ സത്യങ്ങളെ കണ്ടെത്തുന്നതാണ്....))

# മണ്ണും ഭൂമിയുമായ ദൈവം മാത്രം ശരണം.

ഭൂമിയിലെ മൂലകങ്ങളിലും അവ കൊണ്ട് ഉണ്ടാക്കിയ ജീവികളുടെ ശരീരങ്ങളിലും ശക്തികളും ശാസ്ത്രങ്ങളും ലയിച്ചിട്ടുള്ളതിൽ നിന്ന് ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയായ ദൈവത്തിന്റെ 'മഹാശക്തി, മഹാജ്ഞാനം എന്നിവയുടെ ഓഹരി' ചേർന്ന് ഉണ്ടായിട്ടുള്ള ഭൂമി ദൈവത്തിന്റെ മഹാരൂപം ആണെന്ന് തെളിയുന്നുണ്ട്.

ഭൂമിയിലെ മൂലകങ്ങളും അവ കൊണ്ട് ഉണ്ടാക്കിയ ശരീരങ്ങളും, അവയിലെ ശാസ്ത്രങ്ങളും ശക്തികളും കൊണ്ടു മാത്രമാണ് സൃഷ്ടികളായ ജീവികൾക്ക് ജീവിക്കാൻ കഴിയുന്നത്. അതുകൊണ്ടു തന്നെ വസ്തുക്കളിൽ ലയിച്ചിട്ടുള്ള 'ശാസ്ത്രങ്ങൾ' പ്രകാരം തെളിയിക്കാൻ കഴിയുന്ന വസ്തുതകളെ മാത്രം പ്രചരിപ്പിച്ചുകൊണ്ട് ജീവിക്കാൻ, ഭൂമിയും ശരീരവും കൂടുതൽ ബുദ്ധിയും ശക്തിയും നൽകിയ മനുഷ്യന് ബാദ്ധ്യതയുണ്ട്.

തിന്നാനും കുടിക്കാനും വിസർജ്ജനത്തിനും കിടക്കാനും ഇരിക്കാനും നിൽക്കാനും നടക്കാനും ഓടാനും, കുളിക്കാനും .. ഭക്ഷണം, വസ്ത്രം, വീട്, ആഭരണങ്ങൾ, യന്ത്രങ്ങൾ, ഉപകരണങ്ങൾ, വാഹനങ്ങൾ- കാർ, ബസ്, ട്രെയിൻ, കപ്പൽ, വിമാനം; ടെലിവിഷൻ, കമ്പ്യൂട്ടർ, മൊബൈൽ ഫോൺ, മരുന്നുകൾ, വായു, ജലം, ഇണ തുടങ്ങി സർവ്വത്തിനും ഭൂമി വേണം. പ്രകാശവും ചൂടും ഉൾപ്പെടെ സർവ്വവും ജീവികൾക്ക് ഭൂമി ലഭ്യമാക്കുകയാണ്; സൂര്യനിലും മറ്റും പോയി മനുഷ്യർ കൊണ്ടുവരികയല്ല.

**ജീവികളുടെ മരണത്തോടെ, മണ്ണായ ഭൂമിയിലെ മൂലകങ്ങൾ കൊണ്ട് ഉണ്ടാക്കിയ ജീവികളുടെ ശരീരം വീണ്ടും മണ്ണിലടിഞ്ഞ് മണ്ണിന്റെ @ ഭൂമിയുടെ ഭാഗമായി / മൂലകങ്ങളായി മാറുന്നതാണ്. സമുദ്രത്തിലെ ജലത്തെ താങ്ങുന്നതും അടിയിലെ മണ്ണ് തന്നെ. ആത്മാവ് ഒഴികെ സർവ്വവും മണ്ണിൽ നിന്ന് അടിഞ്ഞതാണ്. സർവ്വം മണ്ണടി. ഓരോ ജീവിയുടെയും ജനനം മുതലുള്ള ജീവിത കാലത്തിലെ അനന്തമായ ആനന്ദങ്ങൾ ഉൾപ്പെട്ട എല്ലാ ആവശ്യങ്ങളെയും, ലഭ്യമാക്കുകയും, ജീവികളുടെ ഏകശരണവും ആയിരിക്കുന്ന ഭൂമിയായ ദൈവത്തെ തിരിച്ചറിയാൻ, ബുദ്ധിശക്തി അധികം ലഭിച്ച മനുഷ്യന് നിസ്സാരമായി കഴിയും.**

ഓരോ മനുഷ്യനും @ ജീവിക്കും ഓരോ ദൈവം എന്ന പോലെ ശരീരം പ്രവർത്തിക്കുന്നത് സുവ്യക്തമാണ്. അതേസമയം ശരീരത്തിന് വേറിട്ടൊരു സ്വത്വം ഇല്ലെന്നതും, ജീവിയുടെ സ്വത്വമായി ഓരോ ജീവിയിലെയും 'ഞാൻ' എന്ന ജീവാത്മാവ് മാത്രമാണുള്ളത് എന്നും കൂടി സ്പഷ്ടമാണ്. സമസ്ത ജീവികളുടെയും സമസ്ത ശരീരങ്ങളും അടിസ്ഥാന പരമായി ഒരേ ഭൂമിയുടെ മൂലകങ്ങളെ കൊണ്ട് ഉണ്ടാക്കിയവ മാത്രമാണ് എന്നതും ജീവികളുടെ ശരീരങ്ങളെല്ലാം ജനന-ജീവിത-മരണ ചക്രത്തിലൂടെ മണ്ണായ ഭൂമിയിലെ മൂലകങ്ങളായും ശരീരങ്ങളായും സദാ കറങ്ങി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു എന്നും തെളിയുന്നു.

**പ്രത്യേകമായ ജീവി-ശരീരത്തിനല്ല; ഏകമഹാശരണവും ഭൂമിയുമായ ദൈവത്തിനാണ് സ്വത്വം ഉള്ളതെന്നും മുഴുവൻ ജീവികളെയും മഹാവാത്സല്ല്യവും മഹാനീതിയും നൽകി ഭൂമി സംരക്ഷിക്കുകയാണെന്നും വിശകലനത്തിൽ മനസ്സിലാക്കാം.**

ഉദാഹരണത്തിന്, (1) ഭക്ഷണ സാധനങ്ങൾ കൃഷി ചെയ്യുന്നതും പാചകം ചെയ്യുന്നതും രുചിക്കുന്നതും ഭക്ഷിക്കുന്നതും ശരീരത്തെ ഉപയോഗപ്പെടുത്തി ക്കൊണ്ട് ജീവാത്മാവ് ആണെങ്കിലും, ഭക്ഷണം ദഹിപ്പിക്കുന്നതും വിസർജ്ജിക്കുന്നതുമെല്ലാം സ്വയം ശരീരമാണ്. മാത്രമല്ല; ശരീരം ഉൾപ്പെടെയുള്ള വസ്തുക്കളിലെ ഭൗതിക ധർമ്മ ശാസ്ത്ര നിയമങ്ങൾ പ്രകാരവുമാണ്. വിശക്കുമ്പോഴും മറ്റും ആഹാരം കഴിച്ചാൽ സാധാരണമായി ആത്മാവെന്ന വ്യക്തിക്ക് ആനന്ദവും സംതൃപ്തിയും ലഭിക്കുന്നതാണ്; വിശപ്പിനെ സൃഷ്ടിക്കുന്ന ദൈവാംശമായ ശരീരം, ജീവാത്മാവിനു വേണ്ടി സ്വന്തം ഇഷ്ടപ്രകാരം ഊണിലും ഉറക്കത്തിലും ശരീരത്തിൽ സദാ പ്രവർത്തിക്കുന്നതുമാണ്. കൃഷി ചെയ്യുന്നതും ഭക്ഷണ സാധനങ്ങൾ ഉണ്ടാക്കുന്നതും തരുന്നതും മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ഭാഷ-ദേശീയ- വ്യത്യാസങ്ങളിൽ പെട്ടവരാണോ എന്നത് അവിടെ വിഷയമല്ല; ജീവിക്കാൻ ആവശ്യവും ഇല്ല.

(2) ദാഹിക്കുമ്പോൾ വെള്ളം ലഭിച്ചാൽ മതി. ദാഹിക്കുന്നവരുടെയും വെള്ളം നൽകുന്നവരുടെയും മത-ജാതി-..വ്യത്യാസങ്ങൾ വിഷയമല്ല.

(3) ഡോക്ടർ/ വൈദ്യൻ ചികിത്സിക്കുന്നത് വൈദ്യ ശാസ്ത്രം പ്രകാരമാണ്. ഡോക്ടർമാരുടെ മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ഭാഷ-ദേശീയ- വ്യത്യാസങ്ങൾ അവിടെ വിഷയമല്ല. രോഗികളെ സംബന്ധിച്ച് അസുഖം ഭേദമായാൽ മതി. വേദനകൾക്ക് മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ഭാഷ-ദേശീയ- വ്യത്യാസങ്ങൾ ഇല്ല..... നോവുന്നവർ കരയുന്നതും മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ഭാഷ-ദേശീയ- വ്യത്യാസങ്ങളെ അടിസ്ഥാനമാക്കിയല്ല.

രക്തം, കണ്ണ്, കിഡ്നി, കരൾ, തുടങ്ങിയ ശരീര അവയവങ്ങളെ സ്വീകരിക്കുവാനും നൽകുവാനും മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ഭാഷ-ദേശീയ- വ്യത്യാസങ്ങൾ വിഷയമല്ല.

(4) വിദ്യാഭ്യാസം എന്നത് വിശാലമായ അർത്ഥത്തിൽ പ്രപഞ്ചത്തിലെ വസ്തുക്കളുടെയും ജീവികളുടെയും സൃഷ്ടി സ്ഥിതി സംഹാര നിയമങ്ങളെ മനസ്സിലാക്കലാണ്. വിദ്യ നൽകുന്ന ഗുരു യഥാർത്ഥത്തിൽ ഗുരു തന്നെയാണെങ്കിൽ മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ഭാഷ-ദേശീയ- വ്യത്യാസങ്ങൾ ഗുരുവിനും ശിഷ്യനും ഉണ്ടാകുന്നതല്ല; വിഷയവുമല്ല. ജ്ഞാനം / വിജ്ഞാനം / അറിവ് പകർന്നാൽ മതി. (5) കാമപരമായി വ്യഭിചരിക്കുന്നവർക്ക് പെണ്ണിന്റെയോ ആണിന്റെയോ മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ഭാഷ-ദേശീയ- വ്യത്യാസങ്ങൾ വിഷയമല്ല.

(6) സ്ത്രീ പുരുഷ ലിംഗം, ആയുസ്സ്, ആരോഗ്യം, നിറം, സൗന്ദര്യം, മുഖഛായ, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ബുദ്ധിശക്തി, ഓർമ്മശക്തി, മാതാപിതാക്കളുടെ സാമ്പത്തിക സാംസ്കാരിക നിലവാരം, ജനന സ്ഥലം, എന്നിങ്ങനെ വ്യക്തിക്ക് അഥവാ ജീവാത്മാവിന് സ്വന്തം ഇഷ്ടപ്രകാരം അല്ലാതെ ലഭിക്കുന്നതും ഭൂമി നിശ്ചയിക്കുന്നതുമായ ജന്മഗുണങ്ങൾക്ക് യഥാർത്ഥത്തിൽ മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ഭാഷ-ദേശീയ- വ്യത്യാസങ്ങൾ ഇല്ല; എല്ലാവരും ഒരേ ഭൂമിയുടെ ഓരോരോ പ്രദേശങ്ങളിൽ ജനിക്കുകയും വളരുകയും ജീവിക്കുകയും മാത്രമാണ്. ഭൂമിയെ രക്ഷിക്കുക, ഇന്ത്യയെ ..കേരളത്തെ രക്ഷിക്കുക എന്നിങ്ങനെ സൃഷ്ടികളായ മനുഷ്യർ പുലമ്പുന്നത് കടുത്ത അജ്ഞാനവും അവിവേകവുമാണ്. നാട് ജീവികളെയാണ് രക്ഷിച്ചു പോരുന്നത്. നാടായ ദൈവത്തിന്റെ അംശമായ ശരീരമാണ് ഓരോ ജീവിക്കും പരമമായി രക്ഷയും ശിക്ഷയും വിധിക്കുന്നതും നൽകുന്നതും.

(7) അദ്ധ്യാപകൻ ഉൾപ്പെടെയുള്ളവർ സ്വയം വിശകലനം ചെയ്തും ബോദ്ധ്യപ്പെട്ടും, സ്വയം പാലിച്ചു ജീവിക്കുന്ന നല്ല കാര്യങ്ങളെ മാത്രമേ പ്രചരിപ്പിക്കാൻ പാടുള്ളൂ. ഏതൊരു കാര്യവും പ്രചരിപ്പിക്കാൻ വ്യക്തിക്ക് യോഗ്യത നിർബ്ബന്ധമാണ്. പ്രചരിപ്പിക്കുന്നവ സ്വയം പാലിക്കാതിരിക്കുകയോ, ധർമ്മ ശാസ്ത്ര വിരുദ്ധമായ  കാര്യങ്ങൾക്ക് വേണ്ടി പ്രവർത്തിക്കുകയോ ചെയ്താൽ, മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്ര പ്രകാരമുള്ള പാപങ്ങളും, ദൈവ ശിക്ഷകളും തീർച്ചയാണ്.

കുഞ്ഞുങ്ങളായി ജീവികളെ സൃഷ്ടിക്കുന്നതിനും, എക്കാലവും മഹാസുരക്ഷിതത്വവും മഹാശരണവും നൽകുന്നതിനും വേണ്ടി, സർവ്വത്തിനും അതീതമായ ദൈവം, മഹാവാത്സല്ല്യം എന്ന മഹാആനന്ദത്തെയും, ഭൂമി എന്ന മഹാവര രൂപത്തെയും സ്വീകരിച്ചിരിക്കുകയാണ്. ജീവികളെ ആദ്യം സൃഷ്ടിക്കുമ്പോൾ സമുദ്രത്തിലെ ജലത്തിൽ നേരിട്ടും, പുനർജ്ജന്മങ്ങളെ ആകാശം എന്ന മഹാസൃഷ്ടിപാത്രത്തിന്റെ മഹാസൂക്ഷ്മ അംശമായ സ്ത്രീജീവികളുടെ ഗർഭപാത്രത്തിൽ വച്ചും ചെയ്യുന്നു. (ശൂന്യത ജീവികളുടെ അവയവം അല്ല തന്നെ.)

കുഞ്ഞുങ്ങളായ ജീവികൾക്ക് മഹാശരണമായും, ജ്ഞാനവും ശക്തിയും സൗന്ദര്യവും ആനന്ദങ്ങളും സമാധാനവും നിറഞ്ഞ താവളമായും 'ഭൂമി എന്ന മഹാരൂപത്തെ' മഹാശക്തിചക്രം സ്വീകരിക്കുന്നു. ആകാശത്തിന്റെ ഒപ്പം തന്നെ, ആകാശവും ചേർത്ത് സൃഷ്ടിക്കപ്പെട്ട 'മണ്ണും ഭൂമിയുമായ ദൈവം' തന്നെയാണ് ജീവികൾക്ക് വായു, വെള്ളം, അഗ്നി തുടങ്ങി സർവ്വം നൽകുന്നത്.

ഭൂമിയിലെ ജീവികൾക്ക് ആവശ്യമായ വായുവും ജലവും ഭക്ഷണവും അഗ്നിയും പ്രകാശവും ലഭ്യമാക്കുന്നത് ജീവികൾ സ്വയമല്ല. ശരീരവും മണ്ണും ഭൂമിയുമായ ദൈവം, കുഞ്ഞുങ്ങളായ ജീവികൾക്ക് പ്രകാശവും ചൂടുമൊക്കെ ലഭ്യമാക്കുന്നതിനു വേണ്ടി സൂര്യനെയും ചന്ദ്രനെയും ഒക്കെ സൃഷ്ടിച്ചെന്ന് നിസ്സാരമായി മനസ്സിലാക്കാം.

ഭൂമിയിൽ ജീവിക്കുന്ന മനുഷ്യർ ഉൾപ്പെടെയുള്ള ജീവികൾ അറിഞ്ഞും അനുഭവിച്ചും വിഷമിക്കാതെ മഹാദിവ്യമായി ഭൂമി സ്വയം കറങ്ങുന്നതു കൊണ്ടാണ് പകലും രാത്രിയും ദിവസങ്ങളും ഉണ്ടാകുന്നത്. ഉത്തരായനം, ദക്ഷിണായനം എന്നിവ പ്രകാരം സൂര്യനെ ഭൂമി സ്വയം ചുറ്റിയാണ് കുഞ്ഞുങ്ങളായ ജീവികൾക്ക് കൂടുതൽ ആനന്ദങ്ങളെ സൃഷ്ടിക്കുന്നത്. ഭൂമി ചുറ്റലുകൾ നിർത്തിയാൽ ഭൂമിയിൽ ജീവിക്കുന്ന മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളെ സംബന്ധിച്ച് കാലം മാത്രമല്ല; ജീവിതവും കുഴച്ചിലാവും. ജീവിതത്തിലെ ആനന്ദങ്ങളേറെയും അസ്തമിക്കും.

മണ്ണിലെ മൂലകങ്ങളുമായും സംയുക്തങ്ങളുമായെല്ലാം ചേർന്ന് മണ്ണായ ദൈവത്തിന്റെ വാതകരൂപവും, ജീവികളുടെ മുഴുവൻ ജീവനുമായ ഓക്സിജൻ മഹാഉചിതമായി പ്രവർത്തിക്കുന്നു. സൂര്യനിൽ നിന്നും ഭൂമിയിലെത്തുന്ന ഹൈഡ്രജനുമായിട്ട് ഓക്സിജൻ ചേർന്നാൽ ജലമായി. നീരാവി, മഴ എന്നിവയുടെ പ്രവർത്തനത്തെ ഭൗതികമായ ചില പ്രതിഭാസങ്ങൾ എന്ന് തൽക്കാലം വിലയിരുത്തുന്ന മാനുഷിക രീതികൾ മൂഢത്തമാണ്. ഭൂമിയുടെ അകത്തും പുറത്തുമായിട്ട് ജലാശയങ്ങളായ കിണറുകളും തോടുകളും നദികളും കായലുകളും തടാകങ്ങളും സമുദ്രവും സ്ഥിതിചെയ്യുമ്പോൾ അവയിലെ ജലത്തെയും മഴയെയും മഞ്ഞുകട്ടകളെയുമെല്ലാം സൃഷ്ടിച്ചിട്ടുള്ളതും സംരക്ഷിക്കുന്നതും മണ്ണ് അഥവാ ഭൂമി തന്നെയാണ്. ഭൂഗർഭ ജലം കൊണ്ട് മനുഷ്യരെ പ്രത്യേകമായി കരുതുന്ന ഭൂമിയുടെ മഹാവാത്സല്യത്തെ ഉചിതമായി തിരിച്ചറിയാൻ പോലും ഭൂമിയിൽ ജീവിക്കുന്ന മനുഷ്യർ ശ്രദ്ധിക്കുന്നില്ല എന്നതാണ് സത്യം.

ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയായ ദൈവം, മഹാശക്തിയുടെയും മഹാജ്ഞാനത്തിന്റെയും സൂക്ഷ്മമായ ഓഹരിക്ക് ഭൗതികമായ അസ്തിത്വം നൽകിയാണ് ഭൂമി എന്ന മഹാഖര രൂപം സ്വീകരിച്ചിട്ടുള്ളത്. മഹാജ്ഞാനം എന്ന മഹാശാസ്ത്രത്തിന്റെ ശാഖകളായ ഭൗതിക-ധർമ്മ-ആത്മീയ ശാസ്ത്രങ്ങളുടെ മഹാശക്തി കൊണ്ടുള്ള ഭൗതികമായ അസ്തിത്വവും പ്രകടനവുമായ ഭൂമി, സ്വന്തം അംശമായ മൂലകങ്ങളിൽ ലയിപ്പിച്ചിട്ടുള്ള മഹാശാസ്ത്ര നിയമങ്ങളെ കൊണ്ടാണ് എല്ലാ ജീവികളും എക്കാലവും ജീവിക്കുന്നത്. ഉദാഹരണമായി ചൂടാകുക, ചൂടാക്കുക, തണുക്കുക, തണുപ്പിക്കുക, പരിവർത്തനം ചെയ്യുക, എന്നിങ്ങനെ ഭൗതിക-ധർമ്മ-ശാസ്ത്രങ്ങൾ പ്രകാരമുള്ള ഗുണങ്ങൾ വെള്ളം, ഭക്ഷണ സാധനങ്ങൾ + ജീവികളുടെയെല്ലാം ശരീരം, തടി, ഇരുമ്പ്, സ്വർണ്ണം, പെട്രോളിയം ഉല്പന്നങ്ങൾ, തുടങ്ങി ഭൂമിയുടെ മാത്രം സ്വന്തവും അംശവുമായ വസ്തുക്കൾക്ക് വ്യത്യാസപ്പെടുകയോ ഇല്ലാതെ വരികയോ ചെയ്താൽ ജീവികളുടെ ജീവിതം കുഴച്ചിലാവും; ഉടൻ അവസാനിക്കും.

വസ്തുക്കളിൽ നിന്നും വ്യത്യസ്ത ഉല്പന്നങ്ങൾ ഉണ്ടാക്കുകയും ഉപയോഗിക്കുകയും ചെയ്യുവാനുള്ള ജ്ഞാനം ലഭിച്ചതാണ് മനുഷ്യനെ മറ്റുള്ള ജീവികളിൽ നിന്ന് വ്യത്യസ്തനാക്കുന്നത്. തിന്നാനും കുടിക്കാനും കിടക്കാനും ഇരിക്കാനും നിൽക്കാനും നടക്കാനും ഓടാനും, കുളിക്കാനും .. ഭക്ഷണം, വസ്ത്രം, വീട്, ആഭരണങ്ങൾ, യന്ത്രങ്ങൾ, ഉപകരണങ്ങൾ, വാഹനങ്ങൾ- കാർ, ബസ്, ട്രെയിൻ, കപ്പൽ, വിമാനം; ടെലിവിഷൻ, കമ്പ്യൂട്ടർ, മൊബൈൽ ഫോൺ, മരുന്നുകൾ, വായു, ജലം, തുടങ്ങി സർവ്വത്തിനും ഭൂമി വേണം.

ജീവികളുടെ മരണത്തോടെ, മണ്ണായ ഭൂമിയിലെ മൂലകങ്ങൾ കൊണ്ട് ഉണ്ടാക്കിയ ജീവികളുടെ ശരീരം വീണ്ടും മണ്ണിലടിഞ്ഞ് മണ്ണിന്റെ @ ഭൂമിയുടെ ഭാഗമായി / മൂലകങ്ങളായി മാറുന്നതാണ്. സമുദ്രത്തിലെ ജലത്തെ താങ്ങുന്നതും അടിയിലെ മണ്ണ് തന്നെ. ആത്മാവ് ഒഴികെ സർവ്വവും മണ്ണിൽ നിന്ന് അടിഞ്ഞതാണ്. സർവ്വം മണ്ണടി. ഓരോ ജീവിയുടെയും ജനനം മുതലുള്ള ജീവിതകാലത്തിലെ അനന്തമായ ആനന്ദങ്ങൾ ഉൾപ്പെട്ട എല്ലാ ആവശ്യങ്ങളെയും, ലഭ്യമാക്കുകയും, ജീവികളുടെ ഏകശരണവും ആയിരിക്കുന്ന ഭൂമിയായ ദൈവത്തെ തിരിച്ചറിയാൻ, ബുദ്ധിശക്തി അധികം ലഭിച്ച മനുഷ്യന് നിസ്സാരമായി കഴിയും; പക്ഷേ ശ്രദ്ധിക്കുന്നില്ല!

ഭൂമിയിലെ മൂലകങ്ങളിൽ സദാ ലയിച്ചിട്ടുള്ള ന്യൂനശക്തികൾ ജീവികളുടെ ശരീരത്തിലൂടെയും മറ്റും പ്രവർത്തിച്ച്, ഭീകര വാദങ്ങളും ഭീകര പ്രവർത്തനങ്ങളും മറ്റും സൃഷ്ടിച്ച് മനുഷ്യരിലൂടെ തന്നെ മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ-ജീവികളായി ജീവിക്കുന്ന മനുഷ്യ-രൂപികളുടെ ഇടയിലുള്ള ഭൗതികമായ അസ്തിത്വം ഇല്ലാത്തതായ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ദുരനുഷ്ഠാനങ്ങളും യഥോചിതം പിഴുതെറിയുന്നതാണ്.

ഭൗതികമായ അസ്തിത്വം ഇല്ലാത്തതായ മതങ്ങളും രാഷ്ട്രീയ പാർട്ടികളും മറ്റു തെമ്മാടിത്തങ്ങളും ഉപേക്ഷിച്ച്, അതാത് ഇനത്തിൽപ്പെട്ട ജീവിയായി - മനുഷ്യനായി - ജീവിക്കണം. സ്വന്തം ശക്തി കൊണ്ട് ജനിച്ചു-വളരുകയും, മരണമില്ലാതെ ജീവിക്കാൻ കഴിവുള്ളവരും മാത്രം, ശരിയെന്നു തെറ്റിദ്ധരിച്ചിട്ടുള്ള അന്ധ-വിശ്വാസങ്ങളും അനാചാരങ്ങളും ദുരനുഷ്ഠാനങ്ങളുമായി ഭൂമിക്കും ആകാശത്തിനും വെളിയിൽ പോയി ജീവിച്ച് കേമത്തം കാട്ടണം !

**പതിനായിരം വർഷ കാലഘട്ടത്തിന് ഉള്ളിലെ, ഏതാനും നൂറ്റാണ്ടുകളിലെ .... ആത്മീയ-സാമൂഹ്യ-സാമ്പത്തിക-ശാസ്ത്ര സാങ്കേതിക മേഖലകളിലെ വിശേഷങ്ങളുടെ പേരിലാണ് ഭൂമിയിലെ ഇന്നത്തെ ജനങ്ങൾ തർക്കിക്കുകയും ശണ്ഠ കൂടുകയും ചെയ്യുന്നതെന്ന് തെളിയുന്നു.**

**1000 കോടിയിലധികം വർഷങ്ങളിലെ മഹാ-ശിഷ്ടകാലം ദൈവം യാതൊന്നും ചെയ്തില്ല എന്നു തോന്നിപ്പിച്ച് മതങ്ങളും മതാചാര്യന്മാരും പുരോഹിതന്മാരും പാപം ചെയ്യുന്നുണ്ടെന്ന് വ്യക്തമാണ്. ഇവിടെ വിശദീകരിക്കുന്നില്ല.**

ജീവികളെയെല്ലാം സ്ത്രീ പുരുഷന്മാരാക്കി സമൂഹ ജീവികളായും അന്യോന്യം ആശ്രയിച്ചു ജീവിക്കുന്നവയായും സൃഷ്ടിച്ചിരിക്കുകയാണ്. ജീവികൾ മോക്ഷം നേടുന്നത് മനുഷ്യാവസ്ഥയിൽ ആകയാൽ, ഭൂമിയിലെങ്ങുമുള്ള മനുഷ്യർ തങ്ങൾ ഒരേ ദൈവത്തിന്റെ കുഞ്ഞുങ്ങളാണ് എന്ന് തിരിച്ചറിഞ്ഞ് അന്യോന്യം സഹകരിക്കുകയും സഹായിക്കുകയും വേണം എന്നത് സനാതന ധർമ്മം ആവശ്യമാക്കുന്നുണ്ട്. മോക്ഷം നേടാൻ ഭൂമിയുടെ കുഞ്ഞുങ്ങൾക്ക് ആവശ്യമാകുന്ന അന്യോന്യ സഹകരണവും സഹായവും സനാതന ധർമ്മം ആവശ്യമാക്കുമ്പോൾ, അത് ഭാഗികമായി ദൈവത്തിന്റെ ഇഷ്ടമായി ഭവിക്കുന്നു. അതേസമയം അതിനെ ദൈവത്തിന്റെ ആനന്ദമായി കണക്കാക്കുന്നത് തെറ്റാണ്. എങ്ങനെയെന്നാൽ, സനാതന ധർമ്മത്തെ വിശകലനം ചെയ്താൽ, ദൈവത്തിന്റെ ആനന്ദമെന്നത് സൃഷ്ടികൾ മാത്രമായ ജീവികളോടുള്ള മഹാവാത്സല്യം മാത്രമാണെന്ന് തെളിയുന്നുണ്ട്. മാത്രമല്ല; മഹാവാത്സല്യം എന്നതും കൊടുക്കലാണ്; വാങ്ങലല്ല. സൃഷ്ടികളിൽ നിന്ന് മഹാശക്തിയും സർവ്വത്തിനും അതീതവുമായ ദൈവത്തിന് യാതൊന്നും വേണ്ടാ എന്ന് വിനീതമായും സുദൃഢമായും അറിയിക്കുക കൂടിയാണത്.

മഹാവേദത്തിന്റെ ഭാഗങ്ങളും, 3 വേദങ്ങളുമായ എന്നിവ മണ്ണായ ഭൂമിയിലെ മൂലകങ്ങളിൽ എക്കാലവും ഭൗതിക അസ്തിത്വത്തോടെ മഹാലയി(പ്പി)ച്ചിരിക്കുകയാൽ അവ സനാതനമാണ്; കാലാതീതമാണ്.

സനാതനമായ ധർമ്മത്തെ മാത്രമാണ് ദൈവീകമെന്ന് വിശേഷിപ്പിക്കാൻ കഴിയുക. ദൈവീകമായ യാതൊരു പദ്ധതികളിലും കുറ്റങ്ങളും കുറവുകളും ഉണ്ടാകുന്നതല്ല. മത്സരം ദൈവീകമല്ല; പൈശാചികമാണ് എന്നു പറയുമ്പോൾ, ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാൻ വേണ്ടി ജനങ്ങളുടെ ചിലവിൽ ജീവിക്കുന്ന ജനങ്ങളുടെ അടിമകളായ മന്ത്രിമാരെയും ഉദ്യോഗസ്ഥരെയും അവരുടെയെല്ലാം രാജാവിനെയും തെരഞ്ഞെടുക്കാൻ വേണ്ടി ജനങ്ങളുടെ ധനവും സമയവും സമാധാനവും ശാന്തിയും സന്തോഷവും ജീവനും നഷ്ടപ്പെടുത്തി നടത്തുന്ന തെരഞ്ഞെടുപ്പുകൾ തീർത്തും അധമമാണ് എന്നും മത്സരിക്കുന്നത് നീചരായതു കൊണ്ടുമാണ് എന്ന് ഗ്രഹിക്കണം.

ജനങ്ങളെ സേവിക്കാൻ മുട്ടി നിൽക്കുന്നവർ സർക്കാരിന്റെ ആശുപത്രികളിലെ ശൗചാലയങ്ങളും മറ്റും സ്വന്തം കൈകൾ കൊണ്ട് ശുചിയാക്കിയും മറ്റും പരിശീലിക്കണം. പുണ്യം നേടാൻ അങ്ങനെയാണ് പ്രവർത്തിക്കേണ്ടത്. നീചമായ പ്രവൃത്തികളുടെ ഭാഗമാവുകയോ ഏർപ്പെടുകയോ ചെയ്താൽ പാപങ്ങളും ദൈവ ശിക്ഷകളും ആണ് സമ്പാദിക്കാൻ കഴിയുക എന്ന് നിസ്സാരമായി ഗ്രഹിക്കാൻ കഴിയും.

മത-ജാതി-രാഷ്ട്രീയ വ്യവസ്ഥിതികൾ ഭൗതികമായ അസ്തിത്വം ഇല്ലാത്തവയും മാനുഷികവുമായതിനാൽ, ഭൂമിയുടെ മൂലകങ്ങളിൽ മഹാലയിച്ചിട്ടുള്ള ന്യൂനശക്തികളുടെ പ്രവർത്തനത്താൽ, തകരുന്നതാണ്. അതേസമയം, സനാതന ധർമ്മം ദൈവീകമായതിനാൽ, തകരുന്നതല്ല; ഭൂമിയിലെ എല്ലാ മനുഷ്യരും ഒന്നിച്ചു ശ്രമിച്ചാലും തകർക്കാൻ കഴിയുന്നതുമല്ല; ബുദ്ധിശക്തി ഉൾപ്പെടെയുള്ള ശക്തികളെ മനുഷ്യർക്ക് നൽകുന്നതും ഭൂമിയായ ദൈവം തന്നെ എന്നതും ശ്രദ്ധേയമാണ്.

## സനാതന ധർമ്മം എന്ന് മഹാശാസ്ത്രത്തിനെയും @ മഹാവേദത്തെയും പേര് വെയ്ക്കാൻ കഴിയും :-

(1) ഭൗതിക അസ്തിത്വത്തോടെ 1000 കോടിയിലധികം വർഷങ്ങളായി സൃഷ്ടിക്കപ്പെട്ട പ്രപഞ്ചം നിലനിൽക്കുന്നത് ഭൗതിക ശാസ്ത്രം പ്രകാരമാണ്. അതേസമയം ദൈവം @ മായ പ്രത്യക്ഷമല്ലാത്തതായ സൃഷ്ടി ചക്രത്തിന്റെ ആദ്യ പകുതിയിൽ ഒന്നാമത്തെ വേദമെന്നും സൃഷ്ടി ശാസ്ത്രം എന്നും വിളിക്കുന്ന ഭൗതിക ശാസ്ത്രത്തെ ദൈവം ക്രമേണയായി മനുഷ്യർക്ക് വെളിപ്പെടുത്തുകയും മൂന്നാമത്തെ വേദമായ ആത്മീയ ശാസ്ത്രം @ ഓംകാര നീതി ശാസ്ത്രത്തെ വെളിപ്പെടുത്താതിരിക്കുകയും, 'മായ' പ്രത്യക്ഷമാക്കുന്നതിന് തൊട്ടു മുൻപ് സ്വന്തം ഭാഗമായ പരമശിവനിലൂടെ മാത്രം, 'മത്സ്യാവതാരം, ഓം' എന്നിവ പ്രകാരം സമ്പൂർണ്ണമായി വെളിപ്പെടുത്തുകയും ചെയ്യുന്നു. ദൈവം @ മായ പ്രത്യക്ഷമായിട്ടുള്ള സൃഷ്ടി ചക്രത്തിന്റെ രണ്ടാമത്തെ പകുതിയിലും ഭൗതിക ശാസ്ത്രം പ്രകാരമാണ് ജീവിത കാര്യങ്ങൾ നടക്കുന്നത് എങ്കിലും, മോക്ഷം വിഷയമാകയാൽ, ക്രമേണയായി ഭൗതിക ശാസ്ത്ര നിയമങ്ങളും സൗകര്യങ്ങളും അപ്രസക്തമാവുകയും മനുഷ്യർ ആത്മീയ ശാസ്ത്രം @ മഹാനീതി ശാസ്ത്രം @ ഓംകാര നീതി ശാസ്ത്രത്തിൽ കൂടുതൽ ആകൃഷ്ടരാവുകയും ചെയ്യുന്നു. സൃഷ്ടി ചക്രത്തിന്റെ മേല്പടി രണ്ട് അവസ്ഥകളിലും അഥവാ എല്ലാ സമയത്തും പ്രസക്തമായിട്ടുള്ളത് ധർമ്മ ശാസ്ത്രം മാത്രമാണ് അഥവാ പ്രപഞ്ചത്തിന്റെയും മനുഷ്യർ ഉൾപ്പെടെയുള്ള സമസ്ത ജീവികളുടെയും, സ്രഷ്ടാവായ ദൈവത്തിന്റെയും ധർമ്മം മാത്രമാണ്. (2) സൃഷ്ടിയുടെ ഉദ്ദേശം എപ്പോഴും സ്ഥിതി അഥവാ ധർമ്മം ആണ്. ജനിക്കുന്നത് ജീവിക്കാൻ മാത്രമാണ്; മരിക്കാനല്ല. മരണാനന്തരവും ജീവിതമാണ്. മോക്ഷവും ജീവിതമാണ്. എല്ലാ ജീവിതത്തിലും ധർമ്മം മാത്രമാണ് പ്രധാനം. കള്ളക്കൂട്ടങ്ങളായ മതങ്ങളും പുരോഹിതരും പഠിപ്പിക്കും പോലെ മരിക്കാനല്ല. (3) മഹാശാസ്ത്രമായ 'ഭൗതിക ധർമ്മ നീതി ശാസ്ത്രങ്ങളുടെ' ഭൗതികമായ അസ്തിത്വം മാത്രമാണ് പ്രപഞ്ചം എന്നതിനാൽ മഹാശാസ്ത്രത്തെയും സനാതന ധർമ്മം എന്ന് വിളിക്കാൻ കഴിയും.

ഓരോരുത്തരും ജീവിക്കുന്നത് അടിസ്ഥാന പരമായി അവരവർക്കു വേണ്ടിയാണ്. ഉറ്റവരെയും ബന്ധുക്കളെയും മറ്റുള്ളവരെയും ഒക്കെ പരിചരിക്കുകയും ശുശ്രൂഷിക്കുകയും സഹായിക്കുകയും മറ്റും ചെയ്യുമ്പോഴും വ്യക്തിക്ക് പലവിധത്തിലുള്ള ആനന്ദം ലഭിക്കുന്നതു കൊണ്ടാണ് ചെയ്യുന്നത്. മന്ത്രിമാർ, രാജാവ് തുടങ്ങിയ പൊതുജന സേവകരുടെ കാര്യത്തിൽ വ്യത്യാസമുണ്ട്. ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാൻ വേണ്ടി സേവകരും അടിമകളുമായി മാത്രം ജീവിക്കാനും പൊതു ജനങ്ങൾക്കു വേണ്ടി മരിക്കാനും, കൂലി വാങ്ങി ജോലി ചെയ്യുന്ന അവർ ബാദ്ധ്യസ്ഥരാണ്. മുജ്ജന്മങ്ങളിലും മറ്റും പാപികളായ ജനങ്ങൾക്ക് ദൈവശിക്ഷകളിൽ നിന്നും മോചനം നേടാനായി പൊതു ജന സേവനത്തെ ആനന്ദമായി കരുതുന്ന മനോഭാവത്തെ ദൈവം മഹാവാത്സല്ല്യത്തോടെ അവർക്ക് നൽകിയിരിക്കുകയാണ്. അടിമയുടെ കാര്യങ്ങളെ നിശ്ചയിക്കുന്നത് ഉടമയാണ് എന്നതിനാൽ, ജനസേവനത്തെ തൊഴിൽ എന്ന് വിശേഷിപ്പിക്കാൻ പോലും പരിമിതികളുണ്ട്.

ഒരു മഹാകാല ചക്രം = 100 പരമകാല ചക്രങ്ങൾ; ഒരു പരമകാല ചക്രം = 100 കാല ചക്രങ്ങൾ; ഒരു കാല ചക്രം = 100 സൃഷ്ടി ചക്രങ്ങൾ; ഒരു സൃഷ്ടി ചക്രം = 10000 വർഷങ്ങൾ എന്നതിൻ പ്രകാരം, ആയിരം കോടി വർഷങ്ങളാണ് ഒരു മഹാകാല ചക്രം. ഇപ്പോഴത്തേത് രണ്ടാമത്തെ മഹാകാല ചക്രമാണ്; അതിലെ ആദ്യത്തെ സൃഷ്ടി ചക്രമാണ്; ഏറെക്കുറെ 4500 വർഷം ആവുന്നു; കൃത്യം 4500 വർഷം പൂർത്തിയാകുമ്പോൾ, എല്ലാ സൃഷ്ടി ചക്രങ്ങളിലും 3 മുതൽ 33 വർഷക്കാലം ഭൂമിയിൽ മുഴുവൻ തുടർച്ചയായി ഓം മുഴങ്ങുന്നതാണ്. ഒരാൾക്ക് 3 വർഷം കേൾക്കാൻ കഴിയുന്നതാണ്. ഓം മുഴങ്ങുന്ന ദിവസം മുതൽ പുതിയ കലണ്ടർ 01.01.0001 എന്ന് 28 ദിവസങ്ങൾ ഉള്ള 13 മാസങ്ങളോടെ ആരംഭിക്കും. 28 × 13 = 364 + 1 ദേവീ ആഘോഷ ദിവസം = 365; 4 വർഷത്തിലെ അധിക ദിവസ-രാത്രി = ശിവരാത്രി. 10 മാസം =10×28 = 280 ദിവസം= ഗർഭകാലം ശരിയാകുന്നു.

**മുകളിലുള്ള കാലഗണനയിൽ നിന്നും സനാതന ധർമ്മത്തിന് മഹാപ്രപഞ്ചത്തിന്റെ പ്രായം ഉണ്ടെന്ന് വ്യക്തമാണ്; ആയിരം കോടിയിൽ അധികം വർഷങ്ങൾ. മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രത്തെ മനുഷ്യർ ഭയക്കാതിരിക്കാനും, ദൈവവും ഓംകാര നീതിശാസ്ത്രവും മഹാവാത്സല്ല്യമാണെന്ന് ബോദ്ധ്യപ്പെടുത്താനും കൂടിയാണ് മഹാമാതാവായ മഹാദേവിയും, ~ഭാഗമായ പരമശിവനും, പശു-പശുപതി, നാഗങ്ങൾ എന്നീ രൂപത്തിൽ സൃഷ്ടികളെ സേവിക്കുകയും, സൃഷ്ടികളിൽ നിന്ന് മോക്ഷം നേടിയവരെ ആദ്യ മഹാകാല ചക്രത്തിലെ ഭരണാധികാരികളായ ദേവതകളായി നിയമിച്ചതും, ഇപ്പോൾ ദേവതകളെയെല്ലാം പിൻവലിച്ചിട്ടുള്ളതും <u>സനാതന ധർമ്മത്തെ</u> ഉയർത്താൻ കൂടിയാണ്.**

**മനുഷ്യർക്കും മറ്റുള്ള ജീവികൾക്കും ജനനം മുതൽ മരണം വരെ ഏകശരണമായ ഭൂമിയിലെ മൂലകങ്ങളിലെ ശാസ്ത്ര നിയമങ്ങൾക്ക് വിരുദ്ധവും, ഭൗതികമായ അസ്തിത്വം ഇല്ലാത്തതുമായ മതജാതിരാഷ്ട്രീയ വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും മറ്റും ഭൂമിയിൽ സ്ഥാപിക്കുവാൻ മനുഷ്യർ ഉൾപ്പെടെ യാതൊരു സൃഷ്ടികൾക്കും കഴിയുന്നതല്ല. മണ്ണിലെ മൂലകങ്ങളിൽ മഹാലയിച്ചിട്ടുള്ള ന്യൂനശക്തികൾ ധർമ്മ ശാസ്ത്ര വിരുദ്ധമായ പ്രവൃത്തികളെ പുറന്തള്ളുന്നതാണ്. ധർമ്മശാസ്ത്ര പ്രകാരം മനുഷ്യർ ജീവിക്കും വരെയും തീവ്രവാദ പ്രവർത്തനങ്ങളെ ഉണ്ടാക്കുന്നതുമാണ്.**

മഹാശക്തിയും മണ്ണും ഭൂമിയുമായ ദൈവം ചെയ്യുന്ന സൃഷ്ടി സ്ഥിതി സംഹാരങ്ങൾ എങ്ങനെയെല്ലാം ആണെന്ന് മണ്ണായ ഭൂമിയിലെ ശരീരം ഉൾപ്പെടെയുള്ള വസ്തുക്കളുടെ മൂലകങ്ങളിൽ മഹാശാസ്ത്ര നിയമങ്ങളായി മഹാലയി(പ്പി)ച്ചിട്ടുണ്ട്. ദൈവത്തിന്റെ മഹാജ്ഞാനം കൂടിയായ മഹാശാസ്ത്ര നിയമങ്ങൾ പ്രകാരം മാത്രമേ ശരീരം ഉൾപ്പെടെയുള്ള എല്ലാ വസ്തുക്കളുടെയും മേൽ മനുഷ്യർക്ക് പ്രവർത്തിക്കാൻ കഴിയുകയുള്ളൂ. ശാസ്ത്രജ്ഞരും കൊല്ലനും ആശാരിയും മേശിരിയും കർഷകനും നെയ്ത്തുകാരനും വൈദ്യനും/ഡോക്ടറും പൈലറ്റും പോലീസുമെല്ലാം ഉൾപ്പെടുന്ന എല്ലാ മനുഷ്യരും അറിഞ്ഞും അനുഭവിച്ചും കഴിയുന്ന സത്യങ്ങൾ മാത്രമാണവ. എല്ലാ സൃഷ്ടി ചക്രങ്ങളിലും സദാ സത്യമായിരിക്കുന്ന ശാസ്ത്ര നിയമങ്ങൾക്ക് സനാതന ധർമ്മം എന്ന പേരുള്ളതും അതുകൊണ്ടു തന്നെയാണ്. മണ്ണും ശരീരവും ഉൾപ്പെടെ എല്ലാ വസ്തുക്കളുടെയും ഭൗതിക-ധർമ്മ-നീതി ശാസ്ത്ര നിയമങ്ങൾ മാത്രമായ സനാതന ധർമ്മത്തെ സംരക്ഷിക്കാൻ അവയിൽ തന്നെ ന്യൂനശക്തികളെ അടക്കം ചെയ്തിട്ടുണ്ട്. മഹാശക്തിയായ ദൈവത്തിനും, ദൈവത്തിന്റെ മഹാജ്ഞാനവും സനാതന ധർമ്മവുമായ മഹാശാസ്ത്ര നിയമങ്ങൾക്കും സൃഷ്ടികളായ മനുഷ്യരുടെ സഹായം ആവശ്യമാണ് എന്നു പറയുന്നതും ചിന്തിക്കുന്നതും തന്നെ മൂഢത്തവും ദൈവനിന്ദയുമാണ്.

വസ്തുക്കളുടെ മൂലകങ്ങളിൽ മഹാലയിച്ചിട്ടുള്ള മഹാശാസ്ത്ര നിയമങ്ങൾ മനുഷ്യർ ഉൾപ്പെടെയുള്ള എല്ലാ ജീവികളെയും സംരക്ഷിക്കുകയാണ് എന്നല്ലാതെ അവയ്ക്ക് സംരക്ഷണം ആവശ്യമില്ല; സംരക്ഷിക്കാൻ മനുഷ്യർക്ക് കഴിയുന്നതുമല്ല. എന്നാൽ ഭൂമിയുടെ ഭൗതിക-ധർമ്മ-നീതി ശാസ്ത്ര നിയമങ്ങളെ പാലിച്ചു മാത്രമേ ഭൂമിയിൽ ജീവിക്കാൻ പരമമായി കഴിയുകയുള്ളൂ. മനുഷ്യരുടെ ആനന്ദ ജീവിതത്തിനായി മഹാവാത്സല്യത്തോടെ ഭൂമി നിർബ്ബന്ധമാക്കുന്ന പ്രസ്തുത മഹാശാസ്ത്ര നിയമങ്ങളെ പാലിച്ച് അവരവർക്കു വേണ്ടി ജീവിക്കുന്ന മനുഷ്യർ, മറ്റുള്ളവർക്കും ദൈവത്തിനും വേണ്ടി ഏതാണ്ടെല്ലാം സംരക്ഷിക്കുന്നവരായി ഭാവിക്കുമ്പോൾ പാപങ്ങളും ദൈവശിക്ഷകളും ശേഖരിച്ചു തുടങ്ങുകയായി. ഭൂമിയിലെങ്ങും ഇന്നത് വ്യാപകമായിട്ടുണ്ട്.

മഹാശാസ്ത്രം മാത്രമായ സനാതന ധർമ്മത്തിന്റെ പാലകരായി അറിയപ്പെടാൻ ആഗ്രഹിക്കുന്ന ജനങ്ങൾ ആദ്യം വേണ്ടത്, ശാസ്ത്ര വിരുദ്ധമായ മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ-ജീവികളുടെ വേഷങ്ങളെ ഉപേക്ഷിച്ചു കൊണ്ട് മനുഷ്യരായി മാറുകയാണ്. അതിന് ദൈവത്തിന്റെ മഹാരൂപമായ ഭൂമിയുടെ അംശങ്ങളായ മൂലകങ്ങൾ കൊണ്ട് ഉണ്ടാക്കിയ ശരീരം മഹാവാത്സല്യത്തോടെ തോന്നിപ്പിക്കുന്ന കാര്യങ്ങളെ ധർമ്മശാസ്ത്ര പ്രകാരം ചെയ്താൽ മാത്രം മതിയാകും. ഉദാഹരണത്തിന്, ദൈവാംശം കൂടിയായ ശരീരം, ജീവാത്മാവിനു വേണ്ടി വിശപ്പ് ഉണ്ടാക്കുമ്പോൾ, ശരീര അവയവങ്ങളെ ഉപയോഗിച്ച് ഭക്ഷണമായ ദൈവാംശത്തെ കഴിക്കാൻ ജീവാത്മാവ് തയ്യാറാവണം. ജീവാത്മാവിനു വേണ്ടി ദൈവാംശമായ ശരീരം ചെയ്യുന്ന ബഹുവിധ പ്രവർത്തനങ്ങൾക്ക് ഭക്ഷണത്തിലെ ബഹുവിധ ശക്തികളെ/ഘടകങ്ങളെ ശരീരം ഉപയോഗിക്കുകയും, ജീവാത്മാവിന് രുചി, തൃപ്തി തുടങ്ങിയ ഭക്ഷണ ആനന്ദത്തെയും മറ്റും നൽകുകയും ചെയ്യുന്നു. വിസർജ്ജന ആവശ്യങ്ങൾ മറ്റ് ഉദാഹരണമാണ്. ഭക്ഷണ നോയമ്പ്, ക്രിസ്തുമസ്, ഈദ്, വിഷു, മതങ്ങൾ, രാഷ്ട്രീയ പാർട്ടികൾ, രാഷ്ട്ര ഭരണഘടനകൾ, തുടങ്ങി ശാസ്ത്ര വിരുദ്ധമായ എന്തിനെയും ഭൂമി തള്ളിക്കളയും എന്ന് തിരിച്ചറിയണം. ആകയാൽ സ്വയം വിശകലനം ചെയ്ത് മണ്ണിലെ നിയമങ്ങളുമായി ചേരാത്ത വിശ്വാസങ്ങളെയും ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും തള്ളിക്കളയണം. മഹാശക്തിയായ ദൈവത്തെ സഹായിക്കാൻ സൃഷ്ടി ശ്രമിക്കേണ്ട. ആദ്യ മഹാകാല ചക്രത്തിലെ ദേവതകളുമായി ബന്ധപ്പെട്ട വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും മറ്റും ഇന്നത്തെ മനുഷ്യന്റെ ജീവിതാവശ്യങ്ങളല്ല എന്ന് തിരിച്ചറിയണം. വ്യക്തിയുടെ ഇഷ്ടം പ്രകാരം ദേവാലയത്തെയോ വിഗ്രഹത്തെയോ കണ്ടിട്ട്, ദൈവത്തിന് ഇഷ്ടമായതു ചെയ്തെന്നും, 'ദൈവത്തെ' കണ്ടെന്നും പറയുന്നത് 'കള്ളം' ആണ്. കള്ളങ്ങൾ പറയുന്നതും, 'യേശുവിന്റെ രക്തക്കറ പുരണ്ട വസ്ത്രം, സംസം വെള്ളം, മകര വിളക്ക് ' തുടങ്ങിയ കള്ളത്തരങ്ങൾ കാട്ടുന്നതും മതപുരോഹിതന്മാരുടെയും മത-വിശ്വാസികളുടെയും അവരെല്ലാം കൂടി പ്രചരിപ്പിക്കുന്ന അസത്യങ്ങളായ വിശ്വാസങ്ങളുടെയും, അനാചാരങ്ങളുടെയും, ദുരനുഷ്ഠാനങ്ങളുടെയും പ്രത്യക്ഷ-മുദ്രയാണ്.

ആയിരം കോടിയിലേറെ വർഷങ്ങൾക്കു മുമ്പ് സൃഷ്ടിച്ചതും നിലനിൽക്കുന്നതുമായ വെള്ള, ചുവപ്പ്, മഞ്ഞ, പച്ച, കാവി, തുടങ്ങിയ അനന്തമായ നിറങ്ങളെ ഏതാനും നൂറ്റാണ്ടുകളുടെയോ സഹസ്രാബ്ദങ്ങളുടെയോ മാത്രം പഴക്കമുള്ള മതങ്ങളുമായി ബന്ധപ്പെടുത്തി സ്നേഹിക്കാനും വെറുക്കാനും പഠിപ്പിക്കുന്ന മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ-ജീവികൾ സമൂഹത്തിൽ ഉണ്ടാക്കുന്ന വിപത്തിന്റെ ആഴവും വ്യാപ്തിയും പാപങ്ങളും അവർക്കു തന്നെ നിശ്ചയമില്ല. ഉദാഹരണത്തിന് സസ്യങ്ങളെ കൂടുതൽ കൂടുതൽ സ്നേഹിക്കാനും ആശ്രയിക്കാനും കൃഷി ചെയ്യാനും മരങ്ങൾ വച്ചു പിടിപ്പിക്കാനും സസ്യങ്ങളിൽ വ്യാപകമായ പച്ചനിറം ആഹ്വാനം ചെയ്യുമ്പോൾ, ഇസ്ലാം മതക്കാർ മാംസ ഭക്ഷണത്തോട് കൂടുതൽ താല്പര്യം കാണിക്കുകയും, സസ്യ ഭക്ഷണത്തെ താരതമ്യേന കൂടുതൽ ഇഷ്ടപ്പെടുന്ന ഹിന്ദുക്കൾ സസ്യങ്ങളിൽ വ്യാപകമായ പച്ചനിറത്തെ ഏതാനും നൂറ്റാണ്ടുകൾ മാത്രം പഴക്കമുള്ള ഇസ്ലാം മതവുമായി ബന്ധപ്പെടുത്തി വെറുക്കുകയും ചെയ്യുന്നു!

ദൈവം മനുഷ്യരിലൂടെ ജനിപ്പിച്ച ദൈവത്തിന്റെ കുഞ്ഞുങ്ങൾ പല രാജ്യങ്ങളിലും വിശന്നു വലയുമ്പോൾ, ദേവാലയ രക്ഷ / രാജ്യരക്ഷ എന്നീ പേരുകളിൽ ഭീമമായ ധനം പാഴാക്കുന്നതും, ദൈവത്തിനെന്ന പേരിൽ മൃഗ ബലി നടത്തുന്നതും, പകൽ സമയത്ത് ലക്ഷദീപം തെളിയിച്ച് വിഗ്രഹത്തിൽ പാലും തേനും നെയ്യും ഒഴിച്ച് പാഴാക്കി കളയുന്നതും ഒക്കെ അതിനീചമാണ്. എമ്പോക്കികളെ = തെമ്മാടികളെ മൂലകങ്ങളിൽ മഹാലയിച്ചിട്ടുള്ള 'ന്യൂനശക്തികൾ' വഴിയും മഹാനീതിയും ഭൂമിയുമായ ദൈവം ശിക്ഷിക്കുന്നതാണ്.

ഭക്ഷണം, വസ്ത്രം, ഗൃഹം, ആഭരണങ്ങൾ, വാഹനങ്ങൾ, മൊബൈൽ ഫോൺ, തൊഴിൽ, ദാനം, ഭക്തി, സംഗീതം, ജീവികൾ, പ്രകൃതി തുടങ്ങിയ അനന്തമായ അവസ്ഥകളിൽ ആനന്ദങ്ങളെ മഹാ-ആവിഷ്ക്കരിച്ചിരിക്കുകയാണ്. അവയ്ക്കെല്ലാം ഉപരിയായി ജീവികളുടെ മുഴുവൻ പരമാനന്ദമായി മണ്ണും ശരീരവും ഭൂമിയുമായ ദൈവം നിശ്ചയിച്ചിട്ടുള്ള 'കാമാനന്ദത്തെ' ഇണ ഇല്ലാത്തപ്പോൾ സ്വയംഭോഗം കൊണ്ട് നേടാൻ കഴിയുന്നതിനെ മഹാശാസ്ത്ര പരമായ പരിഹാരമായിട്ട് മനസ്സിലാക്കാൻ നിസ്സാരമായി കഴിയും. അങ്ങനെയിരിക്കെ, 'മതവും ജാതിയും രാഷ്ട്രീയവും വർഗ്ഗവും

ഭാഷയും ദേശവും നേരവും മറ്റും നോക്കാതെ ഭൂമിയിലെ എല്ലാ ദേശങ്ങളിലും നടന്നു പോരുന്ന കാര്യം ഒരു പക്ഷെ കാമപരമായ പീഡനങ്ങൾ ഉൾപ്പെടെയുള്ള കാമപൂർത്തീകരണം മാത്രമാണ്.'

**മണ്ണായ ഭൂമിയിലെ മൂലകങ്ങളിൽ മഹാലയിച്ചിട്ടുള്ള ഭൗതിക-ധർമ്മ-നീതി ശാസ്ത്ര നിയമങ്ങളെ, ഗ്രഹിക്കാനും സാങ്കേതിക വികസനങ്ങൾക്ക് ഉപയോഗപ്പെടുത്താനുള്ള ബുദ്ധിശക്തികളെയും, അവ പ്രകാരമുള്ള അനന്തമായ ആനന്ദങ്ങളെയും ജീവാത്മാവിന് ലഭ്യമാകുന്നത് മനുഷ്യശരീരം ലഭിക്കുമ്പോഴാണ് അഥവാ മനുഷ്യാവസ്ഥയിൽ വച്ചാണ്. ബുദ്ധിശക്തിയിലുള്ള വർദ്ധന, മനുഷ്യ ശരീരത്തിന് മറ്റുള്ള ജീവികളുടെ ശരീരത്തിൽ നിന്നുള്ള വ്യത്യാസങ്ങൾ തുടങ്ങിയവ ഗൗരവമായ ശാസ്ത്ര സാങ്കേതിക ഗവേഷണങ്ങൾക്ക് ഉപയോഗിച്ച് കൂടുതൽ ശ്രേഷ്ഠരായി മാറണം. പകരം അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ശരിവെക്കുന്ന മൂഢരായി അധഃപതിച്ചു കൊണ്ട് 'മനുഷ്യാവസ്ഥയിലെ ധർമ്മങ്ങളെ' പാലിക്കുന്നതിൽ പിഴവ് വരുത്തരുത്. ബുദ്ധിശക്തി കുറച്ചു ലഭിച്ച് പ്രപഞ്ചത്തിന്റെ ശാസ്ത്ര ജ്ഞാനം ഇല്ലാതെ ജീവിക്കുന്ന മറ്റുള്ള ജീവികളെയും മനുഷ്യരൂപികളായ 'മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ-കീടങ്ങൾ' കഷ്ടപ്പെടുത്തുകയാണ്.**

**ഭൂമിയായ ദൈവം, ഭൂമിയുടെ കുഞ്ഞുങ്ങൾ ഭൂമിയിൽ ജീവിക്കേണ്ടത് എങ്ങനെയെന്ന് ഭൂമിയിലെ മൂലകങ്ങളിൽ മഹാലയിച്ചിട്ടുള്ള മഹാശാസ്ത്ര നിയമങ്ങൾ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. അവ മാത്രമേ ഭൂമിയിലെ ജീവികൾക്ക് ചേരുകയുള്ളൂ.**

**ഭൂമിയായ ദൈവം, അംശമായ ശരീരത്തിലൂടെ, സൃഷ്ടികളായ ജീവാത്മാക്കൾക്ക് ശക്തികളും ജ്ഞാനവും നൽകിയാൽ മാത്രമേ കൈകാലുകൾ ചലിപ്പിക്കാൻ പോലും കഴിയൂ എന്നിരിക്കെ, ഭൗതികമായ അസ്തിത്വം ഇല്ലാത്ത നിയമങ്ങളെ തട്ടിക്കൂട്ടുന്നതിൽ നിന്ന് എന്നന്നേക്കുമായി മനുഷ്യരൂപികളായ 'മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശീയതാ ജീവികൾ' പിന്തിരിഞ്ഞു കൊള്ളുക.**

**ഭൂമിയിലെ എല്ലാ ദേശങ്ങളിലും രണ്ടാമത്തെ വേദമായ ധർമ്മ ശാസ്ത്രം മാത്രമാവണം ഏക-രാഷ്ട്ര-ഭരണഘടന.**

**ഓം എന്ന ദിവ്യമഹാവേദ ഗ്രന്ഥത്തിൽ പ്രാർത്ഥന, ദേവാലയ നിർമ്മാണം എന്നിവയെ വിവരിക്കുന്ന പ്രത്യേകം അദ്ധ്യായങ്ങൾ തന്നെ ലഭ്യമാണ്.**
www.omsathyam.com/GodlyRevolution/OM.pdf

പ്രാർത്ഥിക്കുന്നതും പ്രാർത്ഥനയുടെ ഉള്ളടക്കവും വ്യക്തിയുടെ സ്വകാര്യമാണ്. വ്യക്തിക്ക് ദൈവത്തോടുള്ള അഭ്യർത്ഥനയും, ആവശ്യം അറിയിക്കലും കൂടിയാണ് പ്രാർത്ഥന എന്നു പറയുമ്പോൾ പ്രാർത്ഥനയുടെ ഉള്ളടക്കവും / വാക്കുകളും വാചകങ്ങളും, സമയവും എല്ലാം വ്യക്തിയാണ് നിശ്ചയിക്കുന്നതും നിശ്ചയിക്കേണ്ടതും. മറ്റുള്ളവർക്ക് ശരിയെന്നു തോന്നുന്ന പ്രാർത്ഥന അവരവരുടെ അറിവിനും ആവശ്യങ്ങൾക്കും ചേർന്നതാണ്. മതങ്ങൾ/ പുരോഹിതന്മാർ തട്ടിക്കൂട്ടുന്ന കൂട്ടപ്രാർത്ഥനയിൽ പെടുന്ന അനേകർക്ക് മലവിസർജനം മുട്ടുമ്പോൾ, പ്രാർത്ഥന പെട്ടെന്ന് അവസാനിച്ചിരുന്നുവെങ്കിൽ എന്ന് ആഗ്രഹിക്കും. ആഗ്രഹത്തിന്റെ മറ്റൊരു പേരാണ് പ്രാർത്ഥന.

ദൈവം നീതി നൽകുന്നത് വ്യക്തിയുടെ (വാക്കുകളുടെയും) പ്രവൃത്തികളുടെയും നന്മ തിന്മകളെ അഥവാ ധർമ്മ ശാസ്ത്രത്തെ ആധാരമാക്കിയാണ്; പ്രാർത്ഥന, സ്തുതി എന്നിവയുടെ അടിസ്ഥാനത്തിലല്ലാ. ആത്മശുദ്ധീകരണത്തിനും, ആത്മ വിശ്വാസം വർദ്ധിപ്പിക്കാനും ധർമ്മ ശാസ്ത്ര പരമായ പ്രാർത്ഥന നല്ലതാണ്. ഈ ഗ്രന്ഥത്തിന്റെ അവസാന ഭാഗത്ത് ധർമ്മ ശാസ്ത്ര പരമായ രണ്ടു പ്രാർത്ഥനകളെ ചേർത്തിട്ടുണ്ട്.

ദൈവത്തിന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങളേ, പരമശിവനും പ്രാർത്ഥിക്കുന്നുണ്ട്. പ്രാർത്ഥന അടിസ്ഥാന പരമായി പരമശിവന്റെയും സ്വകാര്യമാണ്; മഹാദേവിയുടെ മഹാഇഷ്ടപ്രകാരം പരിഷ്ക്കരിക്കുന്നതുമാണ്.

**പ്രാർത്ഥനകൾ കാലത്തിനും ആവശ്യങ്ങൾക്കും അനുസരിച്ച് മാറണമെന്നത് എല്ലാവർക്കും, ... എല്ലാ മനുഷ്യർക്കും ബാധകമാണ്.**

## മഹാലിംഗ പ്രതിഷ്ഠയെ മുൻനിർത്തിയുള്ള ആരാധന

ഏകമഹാശക്തിയായ ദൈവത്തെ മാത്രമേ ആരാധിക്കാൻ പാടുള്ളൂ. ആരാധിക്കാൻ യോഗ്യത നേടുകയും വേണം. ദൈവത്തിൽ നിന്നും നേരിട്ട് യോഗ്യത നേടിക്കൊണ്ട്, ആരാധനയ്ക്ക് എത്തുന്നവർക്ക്, മഹാദേവിയെ പ്രത്യക്ഷമായി കാണാൻ കഴിയുന്നില്ലെങ്കിൽ പോലും, മഹാലിംഗ പ്രതിഷ്ഠയുടെ മുന്നിൽ വന്ന് ആരാധിക്കുവാനും പ്രാർത്ഥിക്കുവാനും കഴിയുമ്പോൾ പ്രത്യേക മനസ്സുഖം ലഭിക്കുന്നതാണ്.

മഹാലിംഗ പ്രതിഷ്ഠയുടെ മുന്നിൽ മണ്ണിൽ 10 നിമിഷങ്ങളെങ്കിലും കിടന്ന്, ആരോഗ്യത്തിന് അനുസൃതമായി, അവർ സാഷ്ടാംഗം നമസ്ക്കരിക്കണം, എന്നാൽ മഹാശാസ്ത്രം നേടിക്കഴിഞ്ഞ അവരെ അത്തരം കാര്യങ്ങൾ ഉപദേശിക്കേണ്ടതില്ല. അവർക്കറിയാം, എന്തു വേണം, എങ്ങനെ വേണമെന്ന്. പൊതുജനങ്ങളുടെ അറിവിലേക്കായി പറയുമ്പോൾ ശാസ്ത്രീയമായ ആരാധനാ വാചകം, 1 തവണ മുതൽ 3 തവണവരെ ചൊല്ലുകയാണ് അവർ ചെയ്യുന്നത്. ദേവാലയത്തിൽ തിരക്കില്ലെങ്കിൽ സാഷ്ടാംഗം കിടന്നുകൊണ്ട് 3 തവണ ചൊല്ലണം, തിരക്കുണ്ടെങ്കിൽ ഒരു തവണയും. ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം എന്നാണ് ചൊല്ലുക. മഹാശാസ്ത്രം നേടിക്കഴിഞ്ഞ അവർക്ക് മഹാദേവിയുടെ ഭവനം ശുചിയാക്കാനും മഹാലിംഗത്തെ വെള്ളംകൊണ്ട് കഴുകുവാനും അവകാശവും അധികാരവുമുണ്ട്. അവർ സ്വയം ചെയ്യുന്നതുമാണ്. മാത്രമല്ല, ശുചിത്വ പാതയിലും, ആവശ്യ-പാതയിലും നിൽക്കുന്നവരെ കാണുകയും കേൾക്കുകയും ചെയ്ത് പരിഹാരമെടുക്കാൻ അവർ, ജനങ്ങളുടെ അടിമകളായ ഭരണാധികാരികളോട് മഹാശാസ്ത്രപ്രകാരം ആജ്ഞാപിക്കുകയോ ആവശ്യപ്പെടുകയോ ചെയ്യുന്നതാണ്. ദേവാലയത്തിൽ സ്വയം പൂജാരികളോ പുരോഹിതരോ ആവാൻ ശ്രമിക്കില്ലാ എന്നതുപോലെ, പുരോഹിത-രീതികൾ ഉണ്ടാവാതെ കാക്കാൻ അവർ ശ്രദ്ധിക്കുന്നതുമാണ്. ധർമ്മ ശാസ്ത്രപരമായ സ്വയം ബാദ്ധ്യതയാണത്. കൂടുതൽ വിസ്തരിക്കുന്നില്ല.

# മഹാദേവി, മഹാലിംഗ പ്രതിഷ്ഠയിലും എവിടെയും, മഹാഇഷ്ടം പോലെയെല്ലാം മഹാപ്രത്യക്ഷമാകുന്നതാണ് !

മഹാദേവിയുടെ മഹാഇഷ്ടമെന്നത്, വ്യക്തികളുടെ ധർമ്മശാസ്ത്ര പാലനത്തെ ആശ്രയിച്ചിരിക്കുന്നു.

പരമശിവനെ മഹാവാഹനമായ മഹാനരസിംഹമായി മഹാ-അനുഗ്രഹിച്ച്, മഹാനരസിംഹത്തിന്റെ ചുമലിൽ മഹാദേവി മഹാ-പ്രത്യക്ഷമാകുന്നതാണ്.

മഹാദേവി പ്രസ്തുത മഹാഭാഗ്യം എല്ലായ്പ്പോഴും പരമശിവനു മാത്രം മഹാ-അനുഗ്രഹിച്ചു നല്കുന്നതാണ്. മഹാനരസിംഹത്തെപ്പറ്റി പറയുമ്പോൾ, ചിത്രങ്ങളിലും സിനിമയിലും ഒക്കെ കണ്ടിട്ടുള്ളതായ രൂപത്തിന് ഉപരിയായിട്ടുള്ള മഹാരൂപമാണെന്നാണ് അറിഞ്ഞിട്ടുള്ളത്. മഹാദേവി പൂർണ്ണമായും വെളിപ്പെടുത്തിയിട്ടില്ല. കൂടുതൽ വിശദീകരണങ്ങൾ നൽകാൻ തൽക്കാലം കഴിവില്ല.

**നരസിംഹം എന്ന അവതാരത്തെ എടുത്തത് പരമശിവനാണ്! എന്തെന്നാൽ, തൂണിലും തുരുമ്പിലും ഓരോ ആറ്റത്തിലും ഉള്ളത് ഏകമഹാശക്തിയായ മഹാദേവിയും, ഭാഗമായ മഹാദേവനും മാത്രമാണ്.**

**ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.**

# മഹാലിംഗ പ്രതിഷ്ഠയിലും എവിടെയും, പരമശിവനെ പ്രത്യക്ഷമാക്കുന്നതാണ് !

മഹാദേവിയുടെ മഹാഅനുഗ്രഹത്താൽ, മഹാദേവിയുടെ പ്രതിനിധിയും മഹാദാസനും പ്രപഞ്ചപിതാവുമായ പരമശിവനെ, മഹാദേവിയുടെ മഹാ-ഇഷ്ട പ്രകാരം, മഹാലിംഗത്തിലും എവിടെയും പ്രത്യക്ഷമാക്കുന്ന സന്ദർഭങ്ങൾ ഏറെ ഉണ്ടാകുന്നതാണ്. മഹാശക്തിയായ മഹാദേവി, തന്റെ ഭാഗവും മഹാദാസനുമായ പരമശിവന് നൽകുന്ന മറ്റൊരു ബഹുമതിയാണത്. പരമശിവന് 4-ാമത്തെ സ്ഥാനമാണ് മഹാശക്തിചക്രത്തിലുള്ളത്. ആദ്യ 3 സ്ഥാനങ്ങളിലൂടെ മഹാദേവി മഹാപ്രപഞ്ചത്തിന്റെ സ്രഷ്ടാവും, രക്ഷകയും മഹാനീതിയുമായിരിക്കുന്നു. പരമശിവൻ ചേരുമ്പോൾ സത്യം ശിവം സുന്ദരം ആകുന്നതിന് വീട്, മുറി, ഭിത്തി, എന്നിങ്ങനെ പ്രപഞ്ച കാര്യങ്ങളിലെല്ലാം മഹാദേവി 4-നെ ഉയർത്തിയിട്ടുണ്ട്; മഹാനീതിയുടെ വളരെച്ചെറിയ ഒരു ഭാഗത്തെയാണ് പരമശിവനിലൂടെ മഹാദേവി ചെയ്യുന്നതെങ്കിലും.

മനുഷ്യരുടെ ആനന്ദകരമായ ജീവിതത്തിനു വേണ്ടി മഹാദേവി മഹാ-രചനകളെ നാടകങ്ങൾ പോലെ ആവിഷ്ക്കരിക്കുന്നതും, മഹാദേവിയുടെ മഹാ-ഇഷ്ടങ്ങൾ പ്രകാരം, പരമശിവൻ മഹാരചനകളിലെ ഏകനായകനായും, മഹാദേവി മഹാനായികയായും അവതരിക്കുന്നതാണ്. കൂടുതൽ വിസ്തരിക്കുന്നില്ല.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

# ദേവാലയങ്ങൾ എന്ന പേരിൽ ഭൂമിയിലെങ്ങും ഇന്നുള്ളവ ദേവാലയങ്ങളല്ല.

**മഹാശക്തിയായും** ബ്രഹ്മമായും മഹാഭരണാധികാരിയായും മഹാനീതി-പതിയായും മഹാമാതാവായും മഹാപിതാവായും മഹാദേവനായും മഹാദേവിയായും സൃഷ്ടി - സ്ഥിതി - സംഹാര കർത്താവായ ദൈവത്തെ കരുതാനാവുമെന്നും, ശാസ്ത്രീയമായ പ്രാർത്ഥനകളും പ്രാർത്ഥനാ രീതികളും ആരാധനാ കാര്യങ്ങളും എന്തൊക്കെയാണെന്നും എങ്ങനെയൊക്കെ ആണെന്നും മഹാവേദ ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.

മഹാശക്തിയായ മഹാദേവി, ഉടനെ ഭൂമിയിൽ **മായ** പ്രത്യക്ഷമാക്കുമ്പോൾ മഹാശാസ്ത്രപരമായ ദേവാലയങ്ങൾ നിർമ്മിക്കപ്പെടുന്നതാണ്. ഭൂമിയിലെങ്ങും ഇന്നുള്ള യാതൊരു ദേവാലയങ്ങളും ധർമ്മശാസ്ത്രപരമായി നിർമ്മിച്ചവയോ; പ്രവർത്തിക്കുന്നവയോ അല്ല.

ദൈവത്തിന്റെ പേരിലും ദൈവത്തിനെന്ന പേരിലും ധർമ്മ ശാസ്ത്ര വിരുദ്ധമായ വീട്/ആലയം ഉണ്ടാക്കുകയും, മത-മനുഷ്യരുടെ തോന്നിയവാസങ്ങളെ കാട്ടാനുള്ള കേന്ദ്രങ്ങളാക്കി മാറ്റിയിരിക്കുകയുമാണ്. കടുത്ത കടുത്ത കടുത്ത ദൈവനിന്ദയാണ് നടന്നുകൊണ്ടിരിക്കുന്നത്. പൈശാചികത്വം മൂത്ത്, ദൈവത്തിന്റെ മറ്റു കുഞ്ഞുങ്ങളെ കൊല്ലാനുള്ള ബോംബുകളും മറ്റ് ആയുധങ്ങളും സൂക്ഷിക്കാനും പരിശീലിപ്പിക്കാനുമുള്ള കേന്ദ്രങ്ങളാക്കി അനേകം ആലയങ്ങളെ മാറ്റിയിട്ടുമുണ്ട്. പൈശാചിക-ആലയങ്ങളാകയാൽ അവയ്ക്കെല്ലാം ജനങ്ങളുടെ ചിലവിൽ പോലീസ് സംരക്ഷണം എന്ന സംരക്ഷണമില്ലാത്ത സംരക്ഷണവും നടത്തുകയാണ്.

പോലീസിനെ സംരക്ഷിക്കാൻ മറ്റൊരുകൂട്ടം പോലീസിനെയും, അവരെ സംരക്ഷിക്കാൻ വേറൊരു കൂട്ടം പോലീസിനെയും എന്നിങ്ങനെ ആവശ്യമാക്കുന്ന വ്യവസ്ഥിതികളാണ് ഇന്നുള്ളത്. ചുരുക്കത്തിൽ ധർമ്മശാസ്ത്രപരമായിട്ട് ഒരു സമ്പൂർണ്ണ അഴിച്ചുപണി ജീവിതത്തിന്റെ എല്ലാ മേഖലകളിലും ആവശ്യമുണ്ട്. ദേവാലയം എന്ന കള്ളപ്പേരിൽ പ്രവർത്തിക്കുന്ന പൈശാചികാലയങ്ങളെപ്പറ്റി തുടരുമ്പോൾ കേരളത്തിലെ തൃശ്ശൂരുള്ള വടക്കുന്നാഥ ക്ഷേത്രം, സൗദി അറേബ്യയിലെ മക്കയിലുള്ള പള്ളി എന്നിങ്ങനെ നാമ-മാത്രമായ ദേവാലയങ്ങളെ മാത്രമാണ് ധർമ്മശാസ്ത്രപരമായിട്ട് പരിഷ്ക്കരിക്കാൻ കഴിയുക. അല്ലാത്തവയെ പൊളിച്ചുതന്നെ കളയേണ്ടി വരും, എന്നാൽ പൊളിച്ചു കളയുന്നതും ധർമ്മശാസ്ത്രപര മായിത്തന്നെ വേണം. കേരളത്തിലെ മൂന്നാറിൽ നല്ല കെട്ടിടങ്ങളെ പൈശാചികമായി പൊളിച്ചു കളഞ്ഞതുപോലെ ആവരുത്. ദേവാലയങ്ങൾ എന്ന കള്ളപ്പേരിൽ പ്രവർത്തിക്കുന്ന പൈശാചികാലയങ്ങളെ ഭരണകൂടം ഏറ്റെടുത്ത് സത്രം, ആഡിറ്റോറിയം, ശൗചാലയം, എന്നിങ്ങനെ ജനങ്ങളുടെ മറ്റു പൊതു ആവശ്യങ്ങൾക്കായി ഉപയോഗിക്കുകയാണു വേണ്ടത്. ഇന്ത്യയിലെ ഹൈന്ദവ/ഹിന്ദുമത ദേവാലയങ്ങളെ പ്പറ്റി പറയുമ്പോൾ, ആദ്യമഹാകാലചക്രത്തിലെ ഭരണാധികാരികളു-മായാണ് അവയ്ക്ക് മുഖ്യബന്ധം. **പുതിയ മഹാകാലചക്രത്തിൽ മഹാശക്തിയായ മഹാദേവി മഹാപ്രപഞ്ചത്തിന്റെ മഹാഭരണം നേരിട്ട് ഏറ്റെടുത്തിരിക്കുകയാണ്; എല്ലാ ദേവതകളെയും ഉപദേവതകളെയും പിൻവലിച്ചിരിക്കുകയാണ്. ഏകമഹാശക്തിയും ഭൂമിയുമായ മഹാദേവിയെ മാത്രം യഥാകാലം ആരാധിക്കുന്നവരായും, മഹാദേവിയോടു മാത്രം പ്രാർത്ഥിക്കുന്നവരായും മാറുന്നതാണ്.**

ഭൂമിയിലുള്ളവരെല്ലാം മത-ജാതികളെ ഉപേക്ഷിച്ച് മനുഷ്യരാകുന്നതാണ്. കുതന്ത്രങ്ങളിലൂടെയും കടുത്ത നീചവൃത്തികളിലൂടെയും ദൈവമാകാൻ ശ്രമിച്ച പൈശാചിക -രാജാവിനെ നൂറ്റാണ്ടുകളായിട്ട് അനുക്രമമായി വർദ്ധിച്ച രീതിയിൽ പൂജിച്ചും ആരാധിച്ചും വരുന്ന ഹിന്ദുമത-നേതൃത്വങ്ങളെല്ലാം തങ്ങൾ ചെയ്തുപോരുന്ന /പോന്ന കടുത്ത കടുത്ത കടുത്ത കടുത്ത കടുത്ത കടുത്ത അധമത്തങ്ങളുടെ ആഴം മനസ്സിലാക്കണം. മഹാദേവിയോട്, പിശാചുക്കളുടെ രാജാവെന്നോണം അധഃപതിച്ച നീചൻ ചെയ്ത പ്രവൃത്തികൾക്ക് എങ്ങനെ ശിക്ഷിക്കണം എന്നു ചിന്തിക്കുമ്പോൾ, കുട്ടത്തിൽ മുമ്പ് പറഞ്ഞതുപോലെ, മഹാശാസ്ത്രം നേടിത്തരുന്ന എല്ലാ സുഖസൗഭാഗ്യങ്ങളും ആസ്വദിച്ചു ജീവിച്ചുകൊണ്ട്, ദൈവകാര്യത്തിൽ ശാസ്ത്രപരമായ സമീപനം പുലർത്താഞ്ഞതിനും കടുത്ത അധമത്തങ്ങളെ തങ്ങൾ കാട്ടിയതിനും തങ്ങളെ എങ്ങനെ ശിക്ഷിക്കണം എന്നുകൂടി ചിന്തിക്കണം. കുഞ്ഞുങ്ങളെ, വിഷമിക്കേണ്ട. മഹാദേവിയുടെ മഹാഹൃദയമായ ഓംകാരം നിറയെ മഹാവാത്സല്യമാണ്. മഹാമാതാവ് വളരെ ക്ഷമിക്കുന്നതുമാണ്. സന്തോഷമായിരിക്കുവിൻ. ദേവീ ശരണം, മഹാദേവീ ശരണം, മണ്ണടി ദേവി മാത്രം ശരണം എന്നിങ്ങനെ മണ്ണടിയിലേക്ക് ശരണമന്ത്രങ്ങളുമായി പോകാനും പ്രാർത്ഥിക്കാനും ആരാധിക്കാനും എല്ലാ കുഞ്ഞുങ്ങൾക്കും യഥാകാലം കഴിയുന്നതാണ്.

ഒരു നാട്ടിൽ ഒരു ദേവാലയം മാത്രമേ വേണ്ടൂ. നാടിന്റെ അതിരുകളെ നിശ്ചയിക്കുന്നത് നാടും ഭൂമിയുമായ ദൈവം തന്നെയാണ്. ഒരു പ്രത്യേക നാട്ടുകാർ എന്ന് ജനങ്ങൾ കരുതുന്നത് അജ്ഞാനം കൊണ്ടാണ്. **ഭൂമിയുടെ അംശമായ നാടും ഭൂമി ഉൾപ്പെടെയുള്ള മഹാപ്രപഞ്ചവും മുഴുവൻ ദൈവത്തിന്റെ നാടാണ്.**

**മഹാശക്തിയായ മഹാദേവി, ഭൂമിയിൽ മായ പ്രത്യക്ഷമാക്കുമ്പോൾ നാട്ടിലെ ഏതൊരു ദേവാലയത്തെയും ധർമ്മശാസ്ത്രപരമായി പരിഷ്ക്കരിക്കാൻ എളുപ്പമാണ്, നല്ലതാണ് എന്നു തോന്നിയാൽ പരിഷ്ക്കരിക്കുക.**

മതപരമായ എല്ലാ വസ്തുക്കളെയും വസ്തുതകളെയും തച്ചുടച്ചു കളയുക. ദേവാലയങ്ങൾ എന്ന കള്ളപ്പേരിലുള്ള മറ്റ് പൈശാചികാലയങ്ങളിലെ മതപരമായ വസ്തുക്കളെയും വസ്തുതകളെയും തച്ചുടച്ചു കളഞ്ഞുകൊണ്ട്, പൊതു ആവശ്യങ്ങളായ ആഡിറ്റോറിയം, വീടില്ലാത്തവർക്കു വീട് തുടങ്ങിയവയായി പരിണമിപ്പിക്കുക. സമൂഹത്തിൽ ഇന്നുള്ള ഭരണകാര്യാലയങ്ങളിലെ പിശാചുക്കൾക്കും, മതപ്പിശാചുക്കൾക്കും, രാഷ്ട്രീയ പാർട്ടി-പ്പിശാചുക്കൾക്കും ഒക്കെ തങ്ങളിലെ പിശാചുക്കളെ പുറന്തള്ളിക്കൊണ്ട് ധർമ്മശാസ്ത്രപരമായി സംശുദ്ധരാവാനുള്ള ആർജ്ജവം ഉണ്ടെങ്കിൽ നല്ലതാണ്. പ്രവൃത്തിയിൽ കാണിക്കുക. മഹാമാതാവായ ദൈവത്തിന് തന്റെ കുഞ്ഞുങ്ങളെപ്പറ്റി അഭിമാനിക്കാൻ കഴിയട്ടെ.

നാട്ടിലുള്ള അനേകം ഭരണ കാര്യാലയങ്ങൾ തീർത്തും അശാസ്ത്രീയമാണ്. തൊഴിലുകളെപ്പറ്റിയുള്ള 5 അദ്ധ്യായങ്ങളിലും ഗ്രന്ഥത്തിലെ 4-ാം ഭാഗത്തും ആവക കാര്യങ്ങളെ വ്യക്തമാക്കിയിട്ടുണ്ട്. അവ പിരിച്ചുവിട്ടു കൊണ്ട് സാമൂഹ്യമായ ആവശ്യങ്ങൾക്കും, വീടില്ലാത്തവർക്കു വീട് തുടങ്ങിയവയായും പരിണമിപ്പിക്കണം. കൂടുതൽ വിസ്തരിക്കുന്നില്ല.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

# മഹാദശമി, ശിവരാത്രി, ~~മഹാശിവരാത്രി~~

ആഘോഷങ്ങൾ ധർമ്മശാസ്ത്ര പരമായിരിക്കണം, അഥവാ ദൈവീകമായിരിക്കണം. പോരാ, ദൈവത്തിന്റെ പേരിൽ ആഘോഷങ്ങൾ നടത്തുന്നുവെങ്കിൽ, മഹാനീതിശാസ്ത്ര പരം അഥവാ ദൈവത്തിന്റെ ഇഷ്ടം പ്രകാരം കൂടിയാവണം. ഭൂമിയിലൊക്കെയുമുള്ള മനുഷ്യർ ഒരേ കാലത്ത്/ സമയത്ത് ഒരേപോലെയുള്ള ചടങ്ങുകളെ നടത്തിക്കൊണ്ട് ആനന്ദിക്കുന്നുവെങ്കിൽ അത് ഒരു ആഘോഷമാണ്. വിവാഹത്തെ ആഘോഷമാക്കാം, എന്നാൽ ഏതാനും വ്യക്തികളിൽ മാത്രം ഒതുങ്ങുന്ന പ്രാദേശികമോ, കുടുംബപരമോ ആയ ആഘോഷമാണത്. ചടങ്ങുകൾ : ജനനം, മരണം, വിവാഹം എന്ന അദ്ധ്യായം പഠിക്കുമ്പോൾ, ഒരു വിവാഹത്തിൽ പങ്കെടുക്കുന്നവരുടെ എണ്ണത്തിന് ധർമ്മശാസ്ത്രപ്രകാരമുള്ള പരമാവധി 100 ആണെന്നു കാണാം. **ഭൂമിയിലൊക്കെയുമുള്ള ജനങ്ങൾക്ക് പൊതുവായ ആനന്ദത്തെ നൽകുന്ന ആഘോഷത്തെ മഹാആവിഷ്ക്കരിക്കണമെങ്കിൽ, അത് ഭൂമിയും മഹാശക്തിയുമായ മഹാദേവിയെ ഉൾപ്പെടുത്തിക്കൊണ്ടു മാത്രമേ കഴിയൂ.** ആനന്ദങ്ങളെ സൃഷ്ടിച്ചിട്ടുള്ള മഹാദേവി, ആനന്ദങ്ങൾക്ക് അതീതമാണ്. ഭൂമി സൃഷ്ടിച്ചിട്ടുള്ളതും സൃഷ്ടിക്കുന്നതുമായ ഭൂമിയിലെങ്ങുമുള്ള കുഞ്ഞുങ്ങൾ ധർമ്മശാസ്ത്ര പരമായിട്ട് ആനന്ദിക്കുമ്പോൾ മഹാവാത്സല്യം പ്രകാരം മഹാദേവിയും ആനന്ദിക്കുന്നു. മഹാവേദ ഗ്രന്ഥത്തിൽ കാലഗണനകളെ വിശദമാക്കിയിട്ടുണ്ട്. 28 ദിവസം വച്ചുള്ള 13 മാസങ്ങൾ ചേർന്നതായ 1 വർഷത്തിൽ 28+1 =29 ദിവസങ്ങളുള്ള ഏക മാസം മനുഷ്യരുടെ ആഹ്ലാദത്തിനായും ആഘോഷത്തിനായും ഉപയോഗിക്കാനുള്ളതാണ്. വർഷത്തിൽ 1 **ഒരു ദിവസം മാത്രമാണ് ഭൂമിയുടെ പേരിൽ മഹാദശമി (വിജയദശമി) ആഘോഷം അനുവദിച്ചിട്ടുള്ളത്. മഹാനവമി, ദുർഗ്ഗാഷ്ടമി (പൂജവയ്പ്) തുടങ്ങിയവയും ദൈവീകമല്ല എന്ന വെളിപാട്** 2019 **ഒക്ടോബർ** 7-**ന് ലഭിച്ചിരിക്കുന്നു.**

മാനുഷിക ആഘോഷങ്ങളെ ധർമ്മശാസ്ത്രവുമായാണ് ബന്ധിപ്പിക്കേണ്ടത്. അതായത് വസന്തകാലം, വിളവെടുപ്പ് തുടങ്ങിയവയുമായി. ദൈവീക തലത്തിൽ, വർഷത്തിൽ 1 ദിവസം മാത്രമാണ് ദേവാലയത്തിൽ ആഘോഷം അനുവദിച്ചിട്ടുള്ളത്. ദേവാലയത്തിനു വെളിയിൽ ധർമ്മശാസ്ത്രപരമായി വിനോദിക്കുക എന്നാണ് ഉദ്ദേശിച്ചിട്ടുള്ളത്. ആയതിനെ ദേവാലയവുമായി ബന്ധിപ്പിച്ച് ദേവാലയത്തിന്റെ പവിത്രത കളഞ്ഞുകൂടാ. ദേവിയുടെ ആലയമായി നൽകിക്കഴിഞ്ഞാൽ, പിന്നീട് മനുഷ്യരുടെ തോന്നിയവാസങ്ങളെ നടത്താനുള്ള കേന്ദ്രമാക്കിക്കൂടാ. 28 ദിവസം വച്ചുള്ള കണക്കനുസരിച്ച് എല്ലാ ആഴ്ചാ ദിവസങ്ങളും ക്രമപ്രകാരം നീങ്ങുന്നതാണ്. വർഷത്തിലെ 1 അധിക ദിവസത്തെയും, 4 വർഷത്തിലൊരിക്കലുള്ള 2 അധിക ദിവസങ്ങളെയും പ്രാർത്ഥനാ ദിവസങ്ങളായി നിശ്ചയിച്ചിരിക്കുകയാണ്. അപ്പോഴും എല്ലാ ആഴ്ചാ ദിവസങ്ങളും ക്രമപ്രകാരം നീങ്ങുന്നതാണ്.

4 വർഷത്തിൽ ഒരിക്കലുള്ള രണ്ടാമത്തെ അധിക ദിവസമാണ് ശിവരാത്രി. ശിവരാത്രി എന്നാൽ ശിവന്റെ രാത്രി എന്നും, ശിവന് പ്രത്യേക ധർമ്മങ്ങളെ ചെയ്യാനുള്ള രാത്രിയെന്നുമാണ് തൽക്കാലം മനസ്സിലാക്കേണ്ടത് ! മനുഷ്യന് 100 ജന്മങ്ങളുള്ളതിൽ 90 മുതൽ 95 വരെയുള്ള ഒരു ജന്മത്തിൽ മാത്രം മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം മുഴുവനും മഹാശക്തിയായ മഹാദേവി, പ്രതിനിധിയും പ്രപഞ്ചപിതാവുമായ പരമശിവനിലൂടെ ഓരോ മനുഷ്യനും മഹാഅനുഗ്രഹിച്ചു നൽകുന്നുണ്ട്. ശിവരാത്രിയിലാണത് ! മഹാദശമി @ വിജയ ദശമി, ശിവരാത്രി എന്നിവ സംബന്ധിച്ച വെളിപാട് പൂർണ്ണമായിട്ടില്ല; വെളിപ്പെടുത്താൻ സമയമായിട്ടില്ല. ശിവ രാത്രിയെ ശിവദിനം എന്നും മേലിൽ പറയാം. ആദ്യ മഹാകാല ചക്രം കഴിഞ്ഞതിനാൽ, അതുമായി ബന്ധപ്പെട്ട മഹാശിവരാത്രിയെ വിശദീകരിക്കേണ്ടതില്ല. മഹാദേവി മഹാഉചിതമായ സമയത്ത്, സ്വന്തം ഭാഗമായ പരമശിവനിലൂടെ വിജയ ദശമി, ശിവദിനം എന്നിവയെ മഹാശാസ്ത്ര പരമായി അറിയിക്കുന്നതാണ്.

**ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.**

**1000 കോടി വർഷങ്ങൾ നീണ്ട ആദ്യത്തെ മഹാകാല ചക്രത്തിൽ, മഹാനീതിയായ മഹാദേവിയും മഹാനീതിപതിയായ പരമശിവനും പശുവും പശുപതിയും ആയി സൃഷ്ടികളെ മുഴുവനും, മനുഷ്യനെ പ്രത്യേകമായും പരിപാലിച്ചിരുന്നു; കൂടാതെ നാഗങ്ങളായും.**

1000 കോടി വർഷങ്ങൾ നീണ്ടതായ രണ്ടാമത്തെ മഹാകാല ചക്രത്തിലെ ഇപ്പോഴത്തെ ആദ്യ-സൃഷ്ടിചക്രം മുതൽ മഹാനീതിയായ മഹാദേവിയും മഹാനീതിപതിയായ പരമശിവനും മനുഷ്യരൂപം സ്വീകരിക്കുകയാണ്; ഓംകാര നീതി ശാസ്ത്ര പ്രകാരം മറ്റ് ജീവി-രൂപങ്ങളും സ്വീകരിക്കുന്നതാണ്. ഭൂമിയിൽ മുഴുവൻ നടന്നും, ഭവനം സ്വീകരിക്കാതെയും, മനുഷ്യൻ ഉൾപ്പെടെ പൊന്നോമന കുഞ്ഞുങ്ങൾ മാത്രമായ സർവ്വ സൃഷ്ടികൾക്കും മഹാവാത്സല്ല്യം നൽകിയും, പ്രകടമായും ഗൂഢമായും, കുഞ്ഞുങ്ങളുടെ ദാസരായി പരിചരിക്കുന്നതാണ്.

മഹാദേവിയുടെ മഹാഅനുഗ്രഹത്താൽ, മഹാദേവിയുടെ ഭാഗവും, ഭർത്താവും, പ്രപഞ്ചപിതാവും, പരമാത്മാവും, മഹാദേവനുമായ പരമശിവൻ, മഹാദേവി ആവശ്യപ്പെടാതെ തന്നെ, മഹാദേവി നഹാകനിഞ്ഞു നൽകുന്ന ശക്തി കൊണ്ട് മഹാദേവിയുടെ ആവശ്യങ്ങളെ അറിഞ്ഞ് മഹാദേവിയുടെ ഏകദാസൻ, മഹാദാസൻ, തുടങ്ങി മഹാദേവിയുടെ ഇഷ്ടം പോലെയെല്ലാം പ്രവർത്തിക്കുന്നതാണ്.

# മന്ത്രങ്ങൾ

**മന്ത്രിക്കുന്നതാണ് മന്ത്രം.
ശബ്ദമില്ലാതെപോലെയും (മനസ്സിൽ),
ശബ്ദത്തോടെയും മന്ത്രിക്കാനാവും.
ദൈവത്തിന്റെ മഹായുക്തിയായ
മഹാജ്ഞാനത്തെ മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി
സ്ഥിതി സംഹാരങ്ങൾക്കു വേണ്ടി മഹാശാസ്ത്ര -
നിയമങ്ങളായി പരിവർത്തനം ചെയ്യുന്നത്
ശബ്ദമില്ലാതെപോലെയും
ശബ്ദത്തോടെയുമാണ്. അപ്പോൾ
ശാസ്ത്രനിയമങ്ങൾ മന്ത്രങ്ങളാണ്.**

**മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര
നിയമങ്ങൾ വസ്തുക്കളിൽ ശബ്ദമില്ലാതെയും
ശബ്ദത്തോടെയും മഹാലയി ച്ചിരിക്കുകയാണ് എന്നു
പറയുമ്പോൾ വേദഭാഷയായ മലയാളത്തിൽ
ചിരിക്കുകയാണ് എന്ന പദം ഉപയോഗിച്ചത്
ദൈവത്തിന്റെ മഹാആവിഷ്ക്കാരമാണ്.**

**ദൈവത്തിന്റെ മഹാചിരി കൂടിയായ ഓം
എല്ലാ വസ്തുക്കളുടെയും ആറ്റങ്ങളിൽ സദാ
മഹാലയി-ച്ചിരിക്കുകയാണ്. മഹാചിരി
കൂടിയായ ഓം എന്ന മഹാമന്ത്രത്തിൽ
നിന്നാണ് ഗൂഢവും പരസ്യവുമായി എല്ലാ
മന്ത്രങ്ങളും ശബ്ദങ്ങളും ജനിക്കുന്നത് !**

# ദൈവ മന്ത്രങ്ങൾ

ഏകദൈവമായ മഹാദേവിയുടെ 2 ഭാഗങ്ങളിൽ ആദ്യത്തേത് പരമശിവനും രണ്ടാമത്തേത് മഹാദേവിയും ആണ്. മഹാദേവിയുടെയും പരമശിവന്റെയും മദ്ധ്യേയുള്ള കൂട്ടുകെട്ടാണ് ഭൂമിയും ആകാശവും ജീവികളും സർവ്വതും ഉൾപ്പെട്ട മഹാപ്രപഞ്ചം. ദൈവഭാഗങ്ങൾ തമ്മിലുള്ള കൂട്ടുകെട്ടിനെ മഹാഭദ്രമാക്കുന്ന 2 കരാറുകളെ ദൈവ മന്ത്രങ്ങൾ എന്ന് പേരിട്ടിരിക്കുന്നു. മഹാദേവിയുടെ മഹാഹൃദയമാണ് ഓംകാരം; സ്വകാര്യമാണ്; ആകയാൽ 'ഓംകാര മന്ത്രം' ഗൂഢമാണ്. ഏകദൈവമായ മഹാദേവി, സ്വന്തം ഭാഗമായ പരമശിവന് ഓംകാരം മഹാഅനുഗ്രഹിച്ചു നൽകുമ്പോൾ മലയാള ഭാഷയിലുള്ള ലളിതമായ 'ഓംകാര മന്ത്രം' ചൊല്ലി കൊടുക്കുന്നുണ്ട്. ഏതാനും വർഷങ്ങൾക്കു മുമ്പ് നൽകിയിരുന്നു. ഒരു വാക്ക് പോലും ഓർമ്മയില്ല. മഹാദേവിയുടെ സ്വകാര്യമായ 'ഓംകാര മന്ത്രം' മഹാദേവിക്ക് ആവശ്യമുള്ളപ്പോൾ ഓർമ്മിപ്പിക്കും!

ഇ-മഹാഗ്രന്ഥത്തിന്റെ എല്ലാ പേജുകളുടെയും ചുവട്ടിൽ ഓം സത്യം ഓം ധർമ്മം ഓംനീതി സംഹാരം എന്ന ലളിതമായ വാചകം കാണാം. മഹാദേവി പരമശിവന് മഹാഅനുഗ്രിച്ചു നൽകിയിട്ടുള്ള സംഹാര മന്ത്രമാണത്. മനുഷ്യർക്ക് അതിൽ കാര്യമില്ല എങ്കിലും പരസ്യപ്പെടുത്തിയത് മനുഷ്യരുടെ സംഹാരം എന്ന മോക്ഷത്തെ മഹാദേവി പരമശിവനിലൂടെ നിർവ്വഹിക്കുന്നത് സത്യധർമ്മനീതികളെ ആധാരമാക്കിയാണ് എന്നറിയിക്കാനാണ്. മഹാദേവിയോ പരമശിവനോ മാനുഷിക അവതാരം എടുക്കുമ്പോൾ വ്യക്തി ബന്ധങ്ങളിൽ ഉണ്ടായിട്ടുള്ള ന്യൂനതകൾ മോക്ഷത്തെ വിപരീതമായി ബാധിക്കില്ല എന്ന് അറിയിക്കാൻ കൂടിയാണ്.

ഓം നമഃ ശിവായ = മഹാശിവയെ നമിക്കുന്നു.

# ആത്മീയശാസ്ത്ര - മന്ത്രങ്ങൾ

സ്തുതി ഗീതം, ജപം, തുടങ്ങിയവ ദൈവത്തിന് ആവശ്യമില്ല. കുഞ്ഞുങ്ങളെല്ലാം ധർമ്മശാസ്ത്ര പരമായി ആനന്ദിച്ചു ജീവിക്കണം. ദൈവത്തിന് അത്രയേ വേണ്ടൂ. കുഞ്ഞുങ്ങളുടെ ആവശ്യങ്ങളെ മഹാഉചിതമായി അഥവാ ഓംകാര നീതി ശാസ്ത്ര പ്രകാരം മഹാനീതിയും മഹാമാതാവും മഹാവാത്സല്യവുമായ മഹാദേവി നിറവേറ്റുന്നതാണ്. ഉദാഹരണത്തിന് യുക്തിവാദികളുടെയും നിരീശ്വരവാദികളുടെയും ജീവിത ആവശ്യങ്ങളെ മത-അന്ധവിശ്വാസികളേക്കാൾ ഉപരിയായി ദൈവം മഹാവാത്സല്യത്തോടെ മഹാകരുതുന്നുണ്ട്.

**മാനുഷിക** ദൈവ **സംബോധനാ മന്ത്രങ്ങൾ**. മനുഷ്യർക്ക് അന്യോന്യം വിളിക്കാനും, ദൈവത്തെ വിളിക്കാനും സംബോധന ചെയ്യാനും, നാമങ്ങൾ ആവശ്യമുണ്ട്. കുഞ്ഞുങ്ങളുടെ / മനുഷ്യരുടെ സന്തോഷവും വ്യക്തിസ്വാതന്ത്ര്യവും കണക്കിലെടുത്ത് ഹ്രസ്വ-പ്രാർത്ഥന, ഹ്രസ്വ-സ്തുതി ഗീതം, ഹ്രസ്വ-ജപം എന്നിവ അനുവദിക്കാൻ ദൈവം ബാദ്ധ്യസ്ഥമാണ്. 4 ലളിതമായ ശാസ്ത്ര-വാചകങ്ങളെ പ്രപഞ്ചപിതാവായ പരമശിവനിലൂടെ മഹാദേവി അറിയിക്കുന്നു : 1. ഓം നമഃ ശിവായ, 2. ഓം ശിവായ നമഃ, 3. ദേവീ ശരണം, 4. അമ്മേ ശിവ! (അക്ഷര ബ്രഹ്മമായ ഓം അക്ഷരമോ പദമോ അല്ല). ലളിതവും ശാസ്ത്രപരവുമായ മേല്പടി 4 'രണ്ടു പദ-വാചകങ്ങൾ' യഥാർത്ഥത്തിൽ സംബോധനകൾ മാത്രമാണ്; മന്ത്രങ്ങളല്ല. ഏതാനും സെക്കന്റുകളോ മിനുട്ടുകളോ മാത്രമായി സ്തുതികളെ ചുരുക്കി ക്കൊള്ളണം. ദൈവത്തിന്റെയും മനുഷ്യരുടെയും ജീവികളുടെയും ശരീര-വർണ്ണനകൾ പാടില്ല. അവ സ്വകാര്യതയിലും മഹാനീതികാര്യങ്ങളിലുമുള്ള കടന്നുകയറ്റമാണ്. കടുത്ത ശിക്ഷകളുണ്ട്.

**സ്തുതിയും പ്രീതിയും മഹാനീതിക്ക് തടസ്സമാണ്. ഭക്തിഭ്രാന്ത് പാടില്ല. വിപരീതമായി പ്രവർത്തിച്ചാൽ കടുത്ത ശിക്ഷ തീർച്ചയാണ്.**

**ദൈവത്തെ ആരാധിക്കാൻ ദൈവം അനുവദിക്കുന്നത് 100 സ്ത്രീ-പുരുഷ മനുഷ്യജന്മങ്ങളിലെ 90 മുതൽ 95 വരെയുള്ള ജന്മങ്ങളിൽ ഒരേയൊരു പുരുഷ ജന്മത്തിൽ, ദൈവം നേരിട്ട് മഹാശാസ്ത്രത്തെ മഹാഅനുഗ്രഹിച്ചു നൽകിയ ശേഷം മാത്രമാണെന്ന് വ്യക്തമാക്കിയിരുന്നു. ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം എന്ന മഹാവിശിഷ്ടമായ ആരാധനാ മന്ത്രത്തെ ചൊല്ലാൻ ദൈവം അവകാശവും അധികാരവും നൽകണം. വിപരീതമായി പ്രവർത്തിച്ചാൽ ശിക്ഷ തീർച്ചയാണ്. ആകയാൽ മേല്പടി കഠിന വാചകത്തെ ദൈവീക മന്ത്രമായി കൂട്ടേണ്ട.**

## ദൈവത്തിനും മനുഷ്യർക്കും ഇടയിൽ മന്ത്രങ്ങളുടെ ആവശ്യമില്ല.

**ദൈവത്തിനും മനുഷ്യനും തമ്മിൽ നേരിട്ട് കൂട്ടുകെട്ടില്ല; ദൈവത്തിന്റെ മഹാഖരരൂപമായ ഭൂമിയുമായാണ് മനുഷ്യന്റെ കൂട്ടുകെട്ട് വ്യവസ്ഥ ചെയ്തിട്ടുള്ളത്.**

**മണ്ണിൽ മഹാലയിപ്പിച്ചിട്ടുള്ള മഹാശാസ്ത്ര നിയമങ്ങൾ പ്രകാരം അനന്തമായ ആനന്ദങ്ങളെ അറിഞ്ഞും അനുഭവിച്ചും ജീവിക്കുന്ന മനുഷ്യർക്ക് മഹാശാസ്ത്രം @ മണ്ണിന്റെ നിയമങ്ങൾ മാത്രമാവണം ജീവിത മന്ത്രങ്ങൾ എന്ന് മഹാനീതിയായ മഹാദേവി മഹാനിശ്ചയിച്ചിട്ടുണ്ട്. ആവർത്തിക്കുന്നു : ഭക്തിഭ്രാന്ത് പാടില്ല. വിപരീതമായി പ്രവർത്തിച്ചാൽ കടുത്ത ശിക്ഷ തീർച്ചയാണ്; ഓംകാര നീതിശാസ്ത്ര പ്രകാരം എല്ലാവരും അനുഭവിക്കുന്നുമുണ്ട്.**

**ഉടനെ ആരംഭിക്കുന്ന ദൈവ വിപ്ലവത്തോടെ മന്ത്രജപം, മന്ത്രവാദം, ഹോമം, വഴിപാടുകൾ, മൃഗ ബലി, നരബലി, ഭക്ഷണ നോമ്പുകൾ, മത-തീർത്ഥയാത്ര, മത-ധ്യാനം, യജ്ഞം, യാഗം, തപസ്സ്, ദൈവം നേരിട്ട് അനുവദിക്കാത്ത ആരാധന, എന്നിങ്ങനെ ആചാരങ്ങളും അനുഷ്ഠാനങ്ങളും എന്ന പേരിലുള്ള എല്ലാവിധ ഭക്തിഭ്രാന്തുകളും ദുസ്വാർത്ഥങ്ങളും എന്നന്നേയ്ക്കുമായി അവസാനിക്കുന്നതാണ്.**

**മഹാപ്രപഞ്ചത്തിലെ സൃഷ്ടി സ്ഥിതി സംഹാരങ്ങൾക്ക് ആധാരം ദൈവത്തിന്റെ മായാശക്തികൾ ആയതുകൊണ്ട് വർജ്ജ്യമെങ്കിലും, മന്ത്രശാസ്ത്രത്തെ വ്യവസ്ഥാപിതമായി നിലനിർത്തുകയാണു ചെയ്തത്. രണ്ടാമത്തെ മഹാകാല ചക്രത്തിലെ ആദ്യ സൃഷ്ടി ചക്രമാണ് ഇപ്പോഴത്തേത്. ഓംമഹാശക്തിയായ മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവി മനുഷ്യരൂപത്തിൽ അവതരിച്ചു കഴിഞ്ഞിട്ടുണ്ട്. 1000 കോടി വർഷങ്ങൾ നീണ്ട ആദ്യ മഹാകാലചക്രത്തിൽ മഹാപ്രപഞ്ചത്തിന്റെ മഹാഭരണം നിർവ്വഹിച്ചത് മനുഷ്യരിൽ നിന്ന് മോക്ഷം നേടിയ മാലാഖമാർ, മലക്കുകൾ എന്നിങ്ങനെ പേരുകളുള്ള ദേവതകളിലൂടെ ആയിരുന്നു. കാര്യകാരണങ്ങളെ വേറിട്ട് വിശദീകരിച്ചിട്ടുണ്ട്. ദേവതകൾക്ക് ധാർമ്മികത നഷ്ടപ്പെട്ടപ്പോൾ വർജ്ജ്യമായ മന്ത്രശാസ്ത്രം വ്യാപകമായി; ദൈവീക പരിവേഷവും നേടി. ദൈവത്തിന്റെ മായാശക്തി ഉപയോഗിച്ച് യുക്തികളെ നിയമങ്ങളായും, നിയമങ്ങളെ വസ്തുക്കളായും പരിവർത്തനം ചെയ്യാൻ കഴിയുന്നതാണ്. മനുഷ്യരും മറ്റുള്ള ജീവികളും ഉൾപ്പെടെയുള്ള മഹാപ്രപഞ്ചം സാക്ഷ്യമാണ്.**

**വസ്തുക്കളിൽ മഹാലയിച്ചിട്ടുള്ള ശാസ്ത്ര നിയമങ്ങളെ ഉപയോഗിച്ച് വസ്തുക്കളിൽ നിന്നും പുതിയ വസ്തുക്കളെ നിർമ്മിക്കാൻ കഴിയും. എന്തെന്നാൽ മായാശക്തികളെ (ശാസ്ത്ര) നിയമങ്ങളിൽ പ്രവേശിപ്പിച്ചു കഴിഞ്ഞതു കൊണ്ടാണ് വസ്തുക്കൾ ഉണ്ടായിട്ടുള്ളത്.**

**ഊശാസ്ത്ര സാങ്കേതിക വികസനത്തിന് സ്രഷ്ടാവ് അനുവദിക്കുന്നതു കൊണ്ടാണ് വസ്തുക്കളിൽ മഹാലയി(പ്പി)ച്ചിട്ടുള്ള നിയമങ്ങളെ മണ്ണും ഭൂമിയുമായ ദൈവം വെളിപ്പെടുത്തുന്നത്. മുമ്പ് വ്യക്തമാക്കിയതു പോലെ, മനുഷ്യർക്ക് മായാശക്തികളുടെ ആവശ്യം ഇല്ലാതെ, അനന്തമായ ആനന്ദങ്ങളെ വസ്തുക്കളിൽ നിന്നും ലഭിക്കുന്ന സുന്ദരമായ അവസ്ഥയാണത്. വൈവിധ്യമാർന്ന ഭക്ഷണ പാനീയങ്ങളും വസ്ത്രങ്ങളും കെട്ടിടങ്ങളും വാഹനങ്ങളും ... ടെലിവിഷനും കമ്പ്യൂട്ടറും സ്മാർട്ട് ഫോണുകളും, ഉദാഹരണങ്ങൾ ആണെങ്കിൽ, ഇനിയും വെളിപ്പെടാനുള്ള മറ്റ് അതികേമ ആനന്ദങ്ങളുണ്ട് ! യാതൊരാളും മായാശക്തികളെ ദുരുപയോഗം ചെയ്യുന്നുമില്ല !**

ഓംകാര നീതി ശാസ്ത്ര പ്രകാരം എല്ലാ ജീവികൾക്കും / മനുഷ്യർക്കും സമആനന്ദം എന്ന മഹാസമനീതി തീർച്ചയായും ലഭിക്കുന്നതാണ്. മക്കൾ മാത്രമാണ് സൃഷ്ടികൾ എന്നിരിക്കെ, മക്കളുടെ നല്ലതിന് വേണ്ടത് മാത്രമേ മഹാമാതാവായ ദൈവം ചെയ്യുകയുള്ളൂ എന്നത് ദൈവം മഹാകനിഞ്ഞു നൽകിയ ബുദ്ധിശക്തികളെ യഥോചിതം ഉപയോഗിക്കലാണ്. ദൈവത്തിന്റെ ഇഷ്ടം പോലെ നടക്കട്ടെ എന്ന പ്രാർത്ഥനയിൽ അറിഞ്ഞും അറിയാതെയും അവർ സ്രഷ്ടാവിനെ ആദരിക്കുന്നുണ്ട്. മറിച്ച്, സർവ്വം സൃഷ്ടിച്ച, സർവ്വത്തിനും അതീതമായ ദൈവത്തെ, ദൈവം സൃഷ്ടിച്ച പ്രപഞ്ചവസ്തുക്കളെ വഴിപാടുകളായി സ്വീകരിച്ച് ഒരു കോമാളിയെപ്പോലെ ആനന്ദിക്കുന്ന വിചിത്ര ജീവിയായി കണക്കാക്കുന്നത് മഹാശക്തിയായ ദൈവത്തെ അപമാനിക്കലാണ്. മക്കളായ മനുഷ്യർ കാട്ടുന്ന ദൈവനിന്ദയെ മഹാമാതാവായ ദൈവം വളരെയധികം ക്ഷമിക്കുന്നുണ്ട്. എന്നാൽ മഹാനീതി കൂടിയായ ദൈവം ഓംകാര നീതി ശാസ്ത്ര പ്രകാരം മഹാവാത്സല്ല്യത്തോടെ ശിക്ഷിച്ചു തിരുത്താൻ ബാദ്ധ്യസ്ഥമാകുന്നു.

ധർമ്മശാസ്ത്ര പ്രകാരം മനുഷ്യർ ജീവിച്ചാൽ മഹാആനന്ദം സർവ്വ ജീവികൾക്കും ലഭിക്കുന്നതാണ്. ഓംകാര നീതി ശാസ്ത്രത്തെ മഹാആവിഷ്ക്കരിച്ചിട്ടുള്ളത് അത്ര മഹത്തരമായാണ്.

വ്യക്തിയുടെ പ്രാർത്ഥന അടിസ്ഥാനപരമായി വിഷയമല്ല. പ്രാർത്ഥന പോലും നിർബ്ബന്ധമല്ല/ ആവശ്യമില്ല. ദൈവ വിശ്വാസിയാണോ, മതവിശ്വാസിയാണോ, നിരീശ്വരവാദിയാണോ എന്നതും വിഷയമല്ല. അതായത് വാക്കും പ്രവൃത്തിയും മാത്രമാണ് മാനദണ്ഡം. ഉദാഹരണത്തിന്, മത-അന്ധവിശ്വാസം, അനാചാരങ്ങളും അനുഷ്ഠാനങ്ങളും, തുടങ്ങിയ അധമത്തങ്ങൾക്കെതിരെ പ്രവർത്തിക്കുന്ന നിരീശ്വരവാദികൾ പുണ്യത്തെ ഏറെ നേടുന്നതാണ്. അവർ ചെയ്തിട്ടുള്ള മത-ദൈവ നിന്ദയ്ക്കും അവർക്ക് പുണ്യം തന്നെയാണ് ലഭിക്കുക. ദൈവം എന്താണ് എന്ന് അറിയാത്ത നിരീശ്വരവാദികൾ ചെയ്യുന്നത് ദൈവ നിന്ദയല്ല. അവർ നിമിത്തം സമൂഹത്തിലെ ജനങ്ങൾക്ക് നഷ്ടങ്ങൾ ഉണ്ടാകുന്നില്ല എന്നത് മാത്രമല്ല; നഷ്ടങ്ങൾ കുറയുന്നു; ബഹുവിധ ലാഭങ്ങൾ ഉണ്ടാകുന്നുമുണ്ട്.

എല്ലാ മതങ്ങളിലുമുള്ള എല്ലാ മന്ത്രങ്ങളും വർജ്ജ്യമാണ്. "നൂറായിരം മന്ത്രങ്ങളെ പടച്ച് ദൈവം എന്തു നേടാനാണ് ഹേ" എന്നു ചോദിക്കാൻ നിരീശ്വരവാദികൾ ഉൾപ്പെടെയുള്ള ഏതാനും പേർക്കു മാത്രമേ ഊറ്റമുള്ളൂ. നാടൻ ഭാഷയിൽ പറയുമ്പോൾ, മനുഷ്യവർഗ്ഗത്തിന് അഭിമാനിക്കാൻ അങ്ങനെയെങ്കിലും കുറേ കുഞ്ഞുങ്ങളുണ്ട് എന്നത് വളരെ സന്തോഷകരമാണ്.

മന്ത്രങ്ങൾ എന്ന പേരിൽ മനുഷ്യർ തട്ടിക്കൂട്ടിയിട്ടുള്ള അപശബ്ദങ്ങൾ പ്രമുഖ മതങ്ങളിൽ ധാരാളമായുണ്ട്. അവയ്ക്ക് ഭൂമിയിലെ വസ്തുക്കളിൽ മഹാലയിച്ചിട്ടുള്ള ശാസ്ത്ര നിയമങ്ങളുമായി യാതൊരു ബന്ധവുമില്ല. എളുപ്പത്തിൽ അധമ മാർഗ്ഗങ്ങളിലൂടെ ദൈവത്തിന്റെ മായാശക്തികൾ നേടാനും അവ കൊണ്ട് വസ്തുക്കളെയും ജീവികളെയും സൃഷ്ടിക്കാനും ഭരിക്കാനും ദുർവൃത്തരായ മനുഷ്യർ തയ്യാറാവുന്നതിന്റെ പരിണാമം ആണത്. നീചരായ ജനങ്ങൾ ദുസ്വാർത്ഥങ്ങളെ നേടാൻ ഉപയോഗിച്ച മാർഗ്ഗത്തെ പിൻപറ്റണമോ എന്ന് മറ്റു-ജനങ്ങൾ സ്വയം വിശകലനം ചെയ്ത് തീരുമാനിക്കണം.

മന്ത്രം എന്നാൽ എന്താണെന്ന് ആദ്യം വിശദമാക്കിയതാണ്. മനുഷ്യർ തട്ടിക്കൂട്ടിയ അപശബ്ദങ്ങൾക്ക് മന്ത്രങ്ങൾ എന്ന് പേരിടുന്നത് മറ്റൊരു അപരാധമാണ്. മഹാശക്തിയും മണ്ണും ഭൂമിയുമായ ദൈവം മഹാശാസ്ത്രത്തെ അഥവാ യഥാർത്ഥ വേദങ്ങളെ മണ്ണിൽ മഹാലയി(പ്പി)ച്ചിരിക്കെ; കള്ളക്കൂട്ടങ്ങൾ തട്ടിക്കൂട്ടുന്ന മതങ്ങൾക്ക് ദൈവശാസ്ത്രം എന്ന (കള്ള)പ്പേര് ഇടുന്നപോലെ ഹീനമാണത്. യഥാർത്ഥമായ വേദങ്ങൾ അക്ഷരബ്രഹ്മം സുവ്യക്തമാക്കുന്ന 3 എണ്ണം മാത്രമാണ്. ഇപ്പോഴത്തെ മഹാസൃഷ്ടിചക്രത്തിൽ ദൈവവിപ്ലവത്തിന്റെ മുന്നോടിയായി ദൈവഭാഗമായ പരമശിവനിലൂടെ യഥാർത്ഥമായ വേദങ്ങൾ വീണ്ടെടുക്കും വരെ നാല് (4) വേദങ്ങൾ എന്ന തെറ്റായി പ്രചരിക്കുവാൻ കാരണം മനുഷ്യർ തട്ടിക്കൂട്ടിയ അധമ-മന്ത്രങ്ങളാണ്.

മഹാനീതിശാസ്ത്രമായ ഓംകാര നീതി ശാസ്ത്ര പ്രകാരം ജന്മഗുണങ്ങളായി ബുദ്ധിശക്തിയും ജീവിത സൗകര്യങ്ങളും അധികം ലഭിച്ചവർ വർജ്ജ്യമായ മന്ത്രശാസ്ത്രത്തെ ഉപയോഗിച്ച് മായാശക്തികളെ നേടുമ്പോൾ, അതിന്റെ ദോഷഫലങ്ങളെ അനുഭവിക്കാൻ 'ഭൂരിപക്ഷം വരുന്ന താരതമ്യേന ബുദ്ധി കുറഞ്ഞ സാധാരണ ജനങ്ങൾ' ബലിമൃഗങ്ങളെപ്പോലെ തയ്യാറാവണം എന്ന അഭിപ്രായം ഉണ്ടെങ്കിൽ; സാധാരണ ജനങ്ങളിൽ ഒരാളായി കഷ്ടം അനുഭവിക്കാൻ സ്വയം തയ്യാറാകുമോ എന്നും അത്തരം തീരുമാനം ശരിയാണോ എന്നും വിശകലനം ചെയ്യണം. മൂഢരും ദുസ്വാർത്ഥരുമായ ജനങ്ങളെക്കൊണ്ട് ആനന്ദിക്കുന്നവരായ ദുർദ്ദേവതകൾ മാത്രമാണ് മന്ത്രങ്ങളെയും മന്ത്രജപങ്ങളെയും ബന്ധപ്പെട്ട ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും ശരിവയ്ക്കുക.

ആനന്ദങ്ങളെ വർദ്ധിപ്പിക്കാൻ മന്ത്രജപം, മന്ത്രവാദം, യാഗം, തപസ്സ്, തുടങ്ങിയ കുറുക്കുവഴികൾ തേടുന്ന ദുസ്വാർത്ഥരായ മൂഢർക്ക് മന്ത്രങ്ങൾ എന്ന പേരിൽ അപശബ്ദങ്ങളെയും അനാചാരങ്ങളെയും അനുഷ്ഠാനങ്ങളെയും ഉണ്ടാക്കാൻ സഹായിക്കുകയും പ്രതിഫലം പറ്റുകയും ചെയ്യുന്നത് ദുർദ്ദേവതകളാണ്.

ദുർവൃത്തരായ മനുഷ്യരും ദുർദ്ദേവതകളും ഏർപ്പെടുന്ന മന്ത്രകാര്യങ്ങളെ ശരിവയ്ക്കുന്നില്ലാ എങ്കിലും ഭാഗികമായി വഴങ്ങാൻ ആദ്യ മഹാകാലചക്രത്തിൽ ദൈവം ബാദ്ധ്യസ്ഥമാകുന്നുണ്ട്. ദൈവ വിപ്ലവം ഉടനെ ആരംഭിക്കുന്നതോടെ ബാദ്ധ്യത തീരുന്നതാണ് ! ദൈവം എന്താണ് എന്ന് അറിയാത്ത മത-ദൈവ വിശ്വാസികൾ, ദൈവത്തിന്റെ പേരിൽ കാട്ടിക്കൂട്ടുന്ന കോപ്രായങ്ങൾ കടുത്ത ദൈവ നിന്ദയാണ്; അപരാധമാണ്; ദൈവ ശിക്ഷകളുമുണ്ട്. അറിഞ്ഞും അറിയാതെയും അവർ ഉണ്ടാക്കുന്ന ഊർജ്ജ നഷ്ടം, വസ്തു നഷ്ടം, സമയ നഷ്ടം, ദൈവനിന്ദ, ശബ്ദ ശല്ല്യം, സാമൂഹിക സാംസ്കാരിക രാഷ്ട്രീയ അശാന്തി, തുടങ്ങിയവ അതിഭീമമാണ്. മണ്ണായ ഭൂമിയിലെ വസ്തുക്കളിൽ മഹാലയിച്ചിട്ടുള്ള മന്ത്രങ്ങളെല്ലാം മഹാശാസ്ത്ര നിയമങ്ങൾ ആണെന്നിരിക്കെ അവയിൽ വാദങ്ങൾ ആവശ്യമില്ല; അവ സത്യങ്ങൾ മാത്രമാണ്.

ദുർമന്ത്രം കൊണ്ട് ചെയ്യുന്ന വാദമാണ് മന്ത്രവാദം. ആചാരങ്ങളും അനുഷ്ഠാനങ്ങളും ചേർത്ത് കൂടുതൽ ദുർവൃത്തമാക്കുമ്പോൾ കൊടിയ ദുർമന്ത്രവാദം ആയി. സന്മന്ത്രവാദം എന്നൊന്നില്ല എന്നും അർത്ഥം. ശരീരം ഉള്ളവർക്കെല്ലാം ശരീര രോഗങ്ങളും മനസ്സ് ഉള്ളവർക്കെല്ലാം മനോരോഗങ്ങളും ഉണ്ടെന്നതിന്റെ അടിസ്ഥാനത്തിൽ മന്ത്രവാദികൾക്ക് മനോരോഗങ്ങളെ മറയ്ക്കാമെന്നു മാത്രം !

**മന്ത്രങ്ങളുടെ യഥാർത്ഥ അർത്ഥം = നിയമങ്ങൾ. ഭൂമിയിലെ വസ്തുക്കളിൽ മഹാലയിച്ചിട്ടുള്ള ഭൗതിക-ധർമ്മ-ആത്മീയ ശാസ്ത്ര നിയമങ്ങളിൽ മാനുഷിക വാദങ്ങൾക്ക് പ്രസക്തിയില്ല.**

**സംസ്ഥാന-കേന്ദ്ര നിയമസഭകൾ എന്ന പേരിൽ മനുഷ്യർ തട്ടിക്കൂട്ടുന്ന കാര്യാലയങ്ങളും ബന്ധപ്പെട്ട തൊഴിലുകളും നിയമങ്ങളെയല്ല; മറിച്ച്, മുകളിൽ വിവരിച്ച ദുർമന്ത്രങ്ങളെ തട്ടിക്കൂട്ടുന്ന അധമസങ്കേതങ്ങൾ മാത്രമാണെന്ന് സുവ്യക്തമായി!** ഭരണാധികാരികൾ ചമയുന്ന കൊള്ളസംഘം 'നിയമങ്ങൾ എന്ന കള്ളപ്പേരിൽ പടച്ചുവിടുന്ന കള്ള-ക്കൊള്ള-കപടതന്ത്രങ്ങളെ' കൊണ്ട് ജനങ്ങളുടെ പൊതുവായ പ്രശ്നങ്ങളെ പരിഹരിക്കാൻ കഴിയാത്തത് അതുകൊണ്ടാണ്.

**മന്ത്രങ്ങളുടെ യഥാർത്ഥ അർത്ഥം = നിയമങ്ങൾ എന്നിരിക്കെയും; ഭൂമിയിലെ വസ്തുക്കളിൽ മഹാലയിച്ചിട്ടുള്ള ഭൗതിക-ധർമ്മ-ആത്മീയ ശാസ്ത്ര നിയമങ്ങളിൽ മാനുഷിക വാദങ്ങൾക്ക് പ്രസക്തിയില്ല എന്നിരിക്കെയും;** ദുർമന്ത്രങ്ങളായ മാനുഷിക-നിയമങ്ങളുടെ പേരിൽ വാദിക്കുന്ന മന്ത്രിയുടെ ഇരട്ടപ്പേരാണ് ദുർമന്ത്രവാദി; തിരിച്ചും ! ദൈവീകം നഷ്ടപ്പെട്ട നീചരെന്നും വിളിക്കാം ! മന്ത്രിമാരാവാൻ മുട്ടിനിൽക്കുന്നവർ ഭൂമിയിൽ മഹാലയിച്ചിട്ടുള്ള യഥാർത്ഥ മന്ത്രങ്ങൾ പഠിക്കുക !

**രണ്ടാം മഹാകാലചക്രത്തിലെ, മഹാസൃഷ്ടിമായ ഇപ്പോഴത്തെ ചക്രത്തിൽ ഭൂമിയിലെങ്ങും മായ പ്രത്യക്ഷമാകുന്നതോടെ മഹാശക്തിയും (മഹാപിതാവും) മഹാമാതാവുമായ മഹാദേവി മഹാപ്രപഞ്ചത്തിന്റെ മഹാഭരണം (സൃഷ്ടി-സ്ഥിതി-സംഹാരങ്ങൾ) ഏറ്റെടുക്കുകയാണ്, നേരിട്ട് നിർവ്വഹിക്കുന്നതാണ്.**

'മായ/ ദൈവം' പ്രത്യക്ഷമാകുന്ന ദൈവ-വിപ്ലവ കാലത്തും, തുടർന്നുള്ള സംഹാര കാലത്തും, മഹാദേവിയുടെ ഓംകാരം വഴിയുള്ള നിർദ്ദേശങ്ങളും ആജ്ഞകളും പ്രകാരം മനുഷ്യർ ഉൾപ്പെടെയുള്ള ജീവികൾക്കെല്ലാം മഹാഉചിതമായ മാർഗ്ഗദർശനം നൽകാനും, സ്നേഹവാത്സല്യങ്ങളോടെ ഉപദേശിക്കാനും ശാസിക്കാനും ശിക്ഷിക്കാനും മഹാദേവിയുടെ ഭാഗവും പ്രപഞ്ചപിതാവുമായ പരമശിവൻ മഹാദേവിയോട് ഒപ്പമുണ്ടാകും. മഹാദേവിയുടെ മഹാദർശനവും മഹാവാത്സല്യവും അനുഭവിക്കാനുള്ള മഹാഭാഗ്യം നിരന്തരം എല്ലാവർക്കും നേടാം. ധർമ്മ ശാസ്ത്ര പ്രകാരം ജീവിച്ചാൽ; മഹാമാതാവായ മഹാദേവിയും, മഹാപിതാവായ പരമശിവനും, കുഞ്ഞുങ്ങളുടെയെല്ലാം മഹാദാസിയും മഹാദാസനുമായി മഹാവാത്സല്യം നൽകി കൂടെയുണ്ടാവും.

എല്ലാ ജീവികളുടെയും പിതാവായ പരമശിവനിലൂടെയാണ് മഹാശക്തിയായ മഹാദേവി, കുഞ്ഞുങ്ങളെ മഹാശാസ്ത്രം പഠിപ്പിക്കുക; മഹാനീതിയിലെ ശിക്ഷകളും സംഹാരവും നിർവ്വഹിക്കുക. മഹാദേവിയുടെ പരമശിവനിലൂടെയുള്ള പ്രവർത്തനങ്ങൾ ഗൗരവതരങ്ങളെങ്കിലും, മഹാദേവിയുടെ മഹാദാസനും മഹാദേവനുമായ പരമശിവൻ മഹാദേവിയുടെ ഭാഗമാണ് എന്നതിനാൽ കുഞ്ഞുങ്ങൾക്ക് ഭയം വേണ്ട. ആവിധ കാര്യങ്ങളും മഹാവേദ ഗ്രന്ഥത്തിലെ ബ്രഹ്മ പാഠങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്. പരമശിവൻ സ്വയം മഹാശക്തിയെ ആരാധിക്കുകയും യോഗ്യത നേടുന്ന മനുഷ്യരെക്കൊണ്ട് മഹാശക്തിയെ മാത്രം മഹാഉചിതമായി ആരാധിപ്പിക്കുവാൻ ശ്രദ്ധിക്കുന്നതുമാണ്.

**ശാസ്ത്രതിരുത്തലുകളോടെ ദൈവവിപ്ലവം സർവ്വം മഹാഭദ്രമാക്കുന്നു.**

**ദിവ്യമഹാവേദ ഗ്രന്ഥങ്ങൾ സൗജന്യമായി PDF ഫയലുകളായിട്ട് ലഭിക്കുന്നു.**

ദൈവ വിപ്ലവത്തിനു മുന്നോടിയാണ് ഈ ഗ്രന്ഥവും.

വെളിപാടുകളെ ലഭിക്കുന്ന മുറയ്ക്ക് മഹാഗ്രന്ഥത്തിൽ മഹാഉചിതമായ പരിഷ്ക്കാരങ്ങളും തിരുത്തലുകളും ചെയ്തു കൊണ്ടിരിക്കുമെന്നും അടുത്ത ഏതാനും ദശാബ്ദങ്ങളിൽ / നൂറ്റാണ്ടുകളിൽ വെളിപ്പെടുന്നവയും കാലാനുസൃതമായി കൂട്ടിച്ചേർക്കേണ്ടതാണ് എന്നും മുമ്പ് വ്യക്തമാക്കിയതാണ്. ഭൗതികശാസ്ത്രം, ധർമ്മ ശാസ്ത്രം, ആത്മീയ ശാസ്ത്രം (ഓംകാര നീതിശാസ്ത്രം) എന്നീ 3 വേദങ്ങളെയും അടിസ്ഥാന പരമായി വീണ്ടെടുത്തിരിക്കുന്നു എങ്കിലും മഹാദേവിയുടെ മഹാജ്ഞാനം കൂടിയായ മഹാശാസ്ത്രം / വേദങ്ങൾ ആദിയും അന്തവും ഇല്ലാതെ മഹാശിവമാകുന്നതാണ്.

ഈ ദിവ്യ മഹാവേദ ഗ്രന്ഥത്തിൽ മഹാഗൗരവങ്ങളായ ദൈവകാര്യങ്ങളെ വെളിപ്പെടുത്തിയിട്ടുണ്ട്. അതുപോലെ ആത്മീയ ശാസ്ത്രത്തിലെ ഒന്നാം ഭാഗമെന്നു വിശേഷിപ്പിച്ചിട്ടുള്ളതായ ആത്മാവ്, പരമാത്മാവ്, ജീവൻ, ശരീരം, ജനനം, ജീവിതം, മരണം, പുനഃസൃഷ്ടി, പുനഃസ്ഥിതി, പുനഃമരണം, നീതി, മോക്ഷം (ആത്മീയസാക്ഷാത്ക്കാരം), തുടങ്ങിയ അതിഗൗരവങ്ങളായ കാര്യങ്ങളെ ഗ്രന്ഥത്തിലുടനീളമായി വിശദീകരിച്ചിട്ടുണ്ട്.

**ഭൗതികശാസ്ത്രവികസനം ഏറെക്കുറെ പരമാവധിയിലെത്തുന്ന അവസരത്തിൽ, മഹാപ്രപഞ്ചത്തിന്റെ ഔന്നത്യം സ്പഷ്ടമായി വിശദീകരിച്ചുകൊണ്ടും, ദൈവശാസ്ത്രത്തിൽ ഭൗതിക-ധർമ്മ-ആത്മീയ ശാസ്ത്രങ്ങളെ യഥാവിധി ചിട്ടപ്പെടുത്തിക്കൊണ്ടും, കാലഘട്ടത്തിന്റെ ആവശ്യത്തിനൊത്തുമാത്രമേ സമ്പൂർണ്ണ ദൈവശാസ്ത്രം @ മഹാശാസ്ത്രം അവതരിക്കുകയുള്ളൂ... പരമശിവൻ.**

ആത്മീയശാസ്ത്ര കാര്യങ്ങളെ അറിയുന്നതിലേക്ക് മനുഷ്യർ സ്വീകരിച്ച മാർഗ്ഗങ്ങൾ പിഴയ്ക്കുകയുണ്ടായി. മഹാപ്രപഞ്ചം സത്യമാണ്, മായ ആണ് എന്നാൽ മിഥ്യയല്ല; ശരീരമാണ് പ്രധാനം, ആത്മാവല്ല തുടങ്ങിയ അനേകം ഗൗരവമായ കാര്യങ്ങളെ വിപരീതമായി വ്യാഖ്യാനിച്ചു കൊണ്ട് വ്യത്യസ്ത മതങ്ങളിലൂടെ ആത്മീയശാസ്ത്രം വളർച്ച മുരടിച്ചും ജീർണ്ണിച്ചും കടുത്ത പൈശാചിക രൂപം പ്രാപിച്ചിരിക്കയാണ്.

മഹാശക്തിയായ മഹാദേവി വൈകാതെ ഭൂമിയിലെങ്ങും 'മായ' പ്രത്യക്ഷമാക്കുന്നതോടെ, മഹാശുദ്ധി കർമ്മത്തിന്റെ ഭാഗമായി മതങ്ങളെയും രാഷ്ട്രീയ പാർട്ടികളെയുമെല്ലാം മതജാതിരാഷ്ട്രീയ ജീവികളായി ജീവിക്കുന്ന മനുഷ്യർ തന്നെ സ്വയം ഉപേക്ഷിക്കുന്നതും കുറ്റബോധത്തോടെയും പശ്ചാത്തപിച്ചും ശുദ്ധീകരണത്തെ സുന്ദരമാക്കുന്നതാണ്.

**ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.**

| | |
|---|---|
| 2 | മഹാദേവിയുടെ ഭാഗവും ഏകദാസനും മറ്റുമായ പരമശിവനിലൂടെ വേദങ്ങളെ വീണ്ടെടുക്കുമ്പോൾ പരിഷ്ക്കാരങ്ങളും തിരുത്തലുകളും ഉണ്ടാകുന്നത് നല്ലതാണെങ്കിലും എന്തുകൊണ്ടാണ് സംഭവിക്കുന്നത് ? |

**സൃഷ്ടി ചക്രത്തിൽ മായ പ്രത്യക്ഷമാകുമ്പോൾ, ആദ്യം ദൈവരാജ്യം, പിന്നീട് സംഹാരം എന്ന മോക്ഷം, ഓരോ മനുഷ്യനും മഹാഅനുഗ്രഹത്തോടെ പ്രത്യേകമായി നേടുന്നു. മുൻ സൃഷ്ടി ചക്രങ്ങളും അവയിലെ കാര്യങ്ങളും വിഷയമല്ല. എന്നാൽ, മനുഷ്യരോട് സ്നേഹ-വാത്സല്ല്യങ്ങൾ കൂടിയിട്ട് മഹാമാതാവായ ദൈവം, 1000 കോടി വർഷങ്ങൾ ചേർന്ന ആദ്യ മഹാകാലചക്രത്തിലെ ദൈവീക ഭരണ കാര്യങ്ങളെ ചെയ്യുവാൻ മനുഷ്യരിൽ നിന്നും മോക്ഷം നേടിയവരെ ചുമതലപ്പെടുത്തിയതിന്റെ ദോഷഫലങ്ങളാണ് വേദങ്ങളെ വീണ്ടെടുക്കുമ്പോൾ ബഹുവിധ തടസ്സങ്ങൾ ഉണ്ടാകുന്നത്.**

**<u>അതേസമയം 'മായ' പ്രത്യക്ഷമാകുന്നതിനു മുമ്പ് പ്രധാന തടസ്സങ്ങൾ ഒഴിവാകുന്നതു കൊണ്ട് മനുഷ്യരെ ബാധിക്കുന്നില്ല.</u> മഹാദേവിക്കും മഹാദാസനും 70 : 30 എന്ന ശക്തി-ശിവൻ അനുപാതത്തിൽ വിഷമങ്ങൾ ഉണ്ടാകുന്നുണ്ട്.**

**ഭൂമിയിൽ മുഴുവൻ ഓം ധ്വനിക്കുമ്പോഴാണ് യഥാർത്ഥമായ വേദങ്ങൾ ആവശ്യമാകുന്നത്. ഈ ഇ-മഹാഗ്രന്ഥത്തിലെ ആദ്യ പേജുകളിൽ തന്നെ വിഷയപ്പൊരുത്തവും മഹാവേദത്തിന്റെ മഹാഗാംഭീര്യവും സുവ്യക്തമാണ്. മഹാദേവിയുടെ വചനങ്ങൾ മഹാ സത്യം ശിവം സുന്ദരമാണ് !**

**അല്ല സ്വല്പം ആവർത്തനങ്ങൾ ഇ-മഹാഗ്രന്ഥത്തിൽ തീർച്ചയായും ഉണ്ട്;**

**തിരുത്താനും കഴിയും. എന്നാൽ, ഒരു ദിവസം കൊണ്ടോ, ഒറ്റ ഇരുപ്പിലോ വായിക്കാൻ സാധിക്കുന്നതല്ല; പഠിക്കാനും മനസ്സിലാക്കാനും അനേകം ദിവസങ്ങൾ സാധാരണ ഗതിയിൽ വേണമെന്നിരിക്കെ, ചില ആവർത്തനങ്ങൾ വിഷയങ്ങളെ മനസ്സിലാക്കാൻ നല്ലതാണ്.**

**മഹാപ്രപഞ്ചത്തിലെ മൂലകങ്ങളുടെ ആറ്റങ്ങളിൽ ശക്തിശിവൻ പ്രണയമന്ത്രം, സർവ്വദേശ ഭൂമി ഗാനം, മഹാസംഗീതം, മഹാശാസ്ത്ര മൂലം, ശബ്ദ ബ്രഹ്മം, അക്ഷരബ്രഹ്മം, ആദി വചനം, സൃഷ്ടി മന്ത്രം, സംഹാര കാഹളം, മഹാസൂക്ഷ്മ ശബ്ദം, ഏക മഹാശബ്ദം, ദൈവ വിപ്ലവ ഗാനം, മഹാദേവിയുടെ മഹാചിരി എന്നിവയായി കുടികൊള്ളുന്ന ഓം ചേരുമ്പോൾ മഹാശാസ്ത്രം സമ്പൂർണ്ണമായും മഹാജ്ഞാനമായി പരിണമിക്കുന്നു.**

**ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.**

**മഹാശിവയുടെ 'മത്സ്യാവതാരം + ഓം' പ്രകാരം പ്രസിദ്ധീകരിച്ച ഇ-ദിവ്യമഹാവേദ ഗ്രന്ഥങ്ങൾ സൗജന്യമായി PDF ഫയലുകളായിട്ട് ലഭിക്കുന്നു :-**

1. **സർവ്വം മണ്ണടി.** Pages 647
www.omsathyam.com/GodlyRevolution/Mannadi.pdf
2. **മനുഷ്യൻ.** Pages www.omsathyam.com/GodlyRevolution/Man.pdf
3. **ആനന്ദ ശാസ്ത്രം.** Pages 705
www.omsathyam.com/GodlyRevolution/Aanandham.pdf
4. **ദൈവം ഉണ്ടെന്നു തെളിയിക്കുന്നു.** (English & Malayalam) Pages 100
www.omsathyam.com/GodlyRevolution/GOD'sExistenceProved.pdf
5. **ശിവലിംഗം** Pages 100 www.omsathyam.com/GodlyRevolution/ShivaLingham.pdf
6. ഓം Pages 1068 www.omsathyam.com/GodlyRevolution/OM.pdf
7. **സനാതന ധർമ്മം = പ്രപഞ്ചം** എന്ന് തെളിയിക്കുന്നു.
www.omsathyam.com/GodlyRevolution/Universe.pdf **Pages 684**
8. **മഹാവേദം** @ മഹാശാസ്ത്രം @ 3 വേദങ്ങൾ **Pages 2250**
www.omsathyam.com/GodlyRevolution/Mahaavedam.pdf
9. **മനുഷ്യന് നീതി വിധിക്കാൻ കഴിയില്ല.**+മുല്ലപ്പെരിയാർ അണക്കെട്ട്.. P 930
www.omsathyam.com/GodlyRevolution/SupremeJusticeGOD.pdf
10. **സർവ്വ ദേശ ഭൂമി ഗാനം, ഭൂമി പതാക** Pages 274
www.omsathyam.com/GodlyRevolution/NationalSongEmblemFlagConstitutionCourtEtc.pdf
11. ഭൂമിയിലെ എല്ലാ ദേവാലയങ്ങളിലെയും **'തെറ്റുകളും ശരികളും'** അടിസ്ഥാന പരമായും **മഹാശാസ്ത്ര പ്രകാരവും വിശദീകരിക്കുന്ന** വലുതും ചെറുതുമായ 2 ഗ്രന്ഥങ്ങൾ: Pages 400 and 180. www.omsathyam.com/GodlyRevolution/Devaalayam.pdf &
www.omsathyam.com/GodlyRevolution/ChurchMosqueTempleSabarimala.pdf
12. **മന്ത്രങ്ങൾ** Pages25 www.omsathyam.com/GodlyRevolution/Mantras.pdf
13. മഹാശാസ്ത്ര പരമായി തൊഴിലുകളെ നാലായി വിഭജിക്കാം. 2 ഗ്രന്ഥങ്ങൾ : Pages 200 & 72
www.omsathyam.com/GodlyRevolution/4JobDivisions.pdf
www.omsathyam.com/GodlyRevolution/4JobDivisionsBrief.pdf

**മേൽ വിവരിച്ചവ ഉൾപ്പെടെ നാളിതുവരെ പ്രസിദ്ധീകരിച്ച അനവധി ഗ്രന്ഥങ്ങളെ സൗജന്യമായി ചുവടെയുള്ള ലിങ്കിൽ നിന്നും ഒന്നിച്ചും ഒറ്റയ്ക്കും ഡൗൺലോഡ് ചെയ്യാൻ കഴിയും :-**

https://drive.google.com/folderview?id=1JXQ--TLJhE6dQdN8DA16KNEPIHKI-usJ

# ദൈവ വിപ്ലവം

# ഓം

## ശിവ ശിവ പ്രണയമന്ത്രമാണ് = ശക്തിശിവൻ പ്രണയമന്ത്രമാണ്

**സൃഷ്ടി മന്ത്രമാണ് ആദിവചനമാണ്**
**ശബ്ദ ബ്രഹ്മമാണ് അക്ഷര ബ്രഹ്മമാണ്**
**മഹാശബ്ദമാണ് മഹാസംഗീതമാണ്**
**സർവ്വ-ദേശ-ഭൂമി ഗാനമാണ്**
**മഹാശാസ്ത്ര-മൂലമാണ്**
**ഏക-ദൈവീക-ബിരുദമാണ്**

**സംഹാര കാഹളമാണ്**

**ദൈവ വിപ്ലവ ഗാനമാണ്**

**മഹാദേവിയുടെ മഹാചിരിയാണ്.**

**ഭൂമിയിലെങ്ങും ഉടനെ 3 മുതൽ 33 വർഷക്കാലം ഓം മുഴങ്ങുന്നതാണ്.**

# ദൈവ-വിപ്ലവത്തിൽ ദൈവം @ മഹാദേവി പ്രത്യക്ഷമായി മഹാചിരിച്ചുകൊണ്ടിരിക്കും, മഹാചിരികൊണ്ടുമാത്രം ഭൂമിയിൽ മഹാധർമ്മസംസ്ഥാപനം നടത്തും !

**ഇ-മഹാഗ്രന്ഥം പ്രകാരമുള്ള മഹാശാസ്ത്രത്തെ ഉൾക്കൊണ്ട് ഭൂമിയിലെങ്ങുമുള്ളവർ തിരുത്തലുകൾ നടത്തുമ്പോൾ ധർമ്മസംസ്ഥാപനവും മനുഷ്യരെക്കൊണ്ടുതന്നെ! ധർമ്മശാസ്ത്രത്തെ പിൻപറ്റുന്നവർക്ക് ഓം , മഹാസംഗീതമാണ്. ധർമ്മശാസ്ത്രത്തെ പിൻപറ്റാത്തവർക്കും, മഹാസംഗീതം തന്നെയാണെങ്കിലും, തങ്ങളുടെ ശരീരത്തിലെ പരമാണുക്കളിൽ നിന്നുപോലും ഉയരുന്നതായ ഓം എന്ന മഹാസംഗീതം കേട്ടുവിരളുന്നതും, അതിവേഗ തിരുത്തലുകൾക്ക് തയ്യാറാകുന്നതുമാണ്. മന്ത്രിമാരും നേതാക്കന്മാരും ജഡ്ജിമാരും മതപുരോഹിതരും പണ്ഡിതരുമൊക്കെ തൊഴിലുകളും വിശ്വാസങ്ങളുമൊക്കെ ഉപേക്ഷിച്ചും മത-ജാതി-രാഷ്ട്രീയ ഗ്രന്ഥങ്ങളെയും മറ്റും സ്വയം സംഹരിച്ചും പശ്ചാത്തപിച്ചും ഒക്കെ ഏതാനും വർഷങ്ങൾ / മാസങ്ങൾ തീർച്ചയായും വിഷമിക്കുന്നതാണ്.**

**മഹാപ്രപഞ്ചത്തിലെ സൃഷ്ടി-സ്ഥിതികളും, സംഹാരം ഉൾപ്പെടുന്ന മഹാനീതികാര്യങ്ങളും യഥാർത്ഥത്തിൽ ചെയ്യുന്നത് മഹാദേവി തന്നെയാണ്.**

# മഹാശക്തിയായ മഹാദേവി മഹാഎഴുന്നെള്ളിക്കഴിഞ്ഞു.

**മഹാമാതാവും മഹാഭരണാധികാരിയും മഹാനീതിയുമായ മഹാദേവി, ഭൂമിയിലെങ്ങും ഉടൻ മഹാആരംഭിക്കുന്ന ദൈവ-വിപ്ലവത്തിന്റെ മുന്നോടിയായി മഹാഎഴുന്നെള്ളിയിട്ടുണ്ട്.**

**മഹാധർമ്മ സംസ്ഥാപനം മഹാഭദ്രമാക്കുന്നതാണ്. ദൈവ ഭാഗം കൂടിയായ പരമശിവ-അവതാരത്തെ മുമ്പേ അയച്ച് ഭൗതിക ശാസ്ത്രം, ധർമ്മ ശാസ്ത്രം, ഓംകാര നീതി ശാസ്ത്രം (ആത്മീയ ശാസ്ത്രം) എന്നീ യഥാർത്ഥമായ 3 വേദങ്ങളെയും വീണ്ടെടുത്തിരിക്കുന്നു. പരമശിവന് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള മായാമഹാശക്തികൾക്ക് പ്രവർത്തനാരംഭം നൽകി പരമശിവ അവതാരത്തെ ഉടൻ മഹാസമ്പൂർണ്ണമാക്കുന്നതാണ്.**

## ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കു മാത്രം മഹത്വം.

**ദിവ്യ 1 : സൃഷ്ടി മുഴുവൻ തനിച്ചു നിർവ്വഹിക്കുന്ന മഹാദേവി;
ദിവ്യ 2 : സ്ഥിതി മുഴുവൻ തനിച്ചു നിർവ്വഹിക്കുന്ന മഹാദേവി;
ദിവ്യ 3 : സംഹാരം ഉൾപ്പെട്ട മഹാനീതി മുഴുവൻ തനിച്ചു നിർവ്വഹിക്കുന്ന മഹാദേവി (സംഹാരം, പരമശിവനി- ലൂടെ);
ദിവ്യ 4 : ദിവ്യ എന്ന മഹാനാമത്തോടെ മാത്രം ഭൂമിയിൽ അവതരിക്കുന്ന മഹാദേവി; കേരളത്തിലെ ഒരു ഹിന്ദു കുടുംബത്തിൽ മഹാദേവി മഹാഅവതരിച്ചു കഴിഞ്ഞു.**

**ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതും, മഹാശാസ്ത്രപരം മാത്രവും, യാതൊരു മതങ്ങളുമായും ബന്ധമില്ലാത്തതും, സർവ്വ ജീവികളും ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര കർത്താവും, മഹാനീതിയും, മഹാമാതാവും ഏകമഹാശക്തിയും, ഏകദൈവവുമായ**

# ഓം മഹാശക്തി

# മണ്ണടി മഹാഭദ്രകാളി

# ദിവ്യ സൃഷ്ടി മഹാദേവി

# ദിവ്യ സ്ഥിതി മഹാദേവി

# ദിവ്യ മഹാനീതി

# ദിവ്യമഹാദേവിക്കു

# മാത്രം മഹത്വം.

[ മണ്ണടി : മായ പ്രത്യക്ഷമാകുന്ന സൃഷ്ടി ചക്രത്തിന്റെ രണ്ടാമത്തെ പകുതിയിലെ മഹാനീതി കാര്യങ്ങളെ 'സത്യം ശിവം സുന്ദരമാക്കാൻ' കേരളത്തിലെ മണ്ണടി എന്ന പ്രദേശത്തെ മഹാനിശ്ചയി ച്ചിരിക്കുന്നു. എല്ലാ ജീവികളുടെയും ശരീരം വീണ്ടും മണ്ണിൽ അടിയുന്നതാണ്. ഭൂമിയിലെ എല്ലാ പ്രദേശങ്ങളും ഫലത്തിൽ മണ്ണടി യാണ്. സർവ്വം മണ്ണടി. മഹാശക്തിചക്രവും ഏകദൈവവുമായ മണ്ണടി മഹാദേവിയും, ~ ഭാഗവും ശിവചക്രവുമായ മഹാദേവനും ചേർന്നുള്ള മണ്ണായ ഭൂമിയിലും, ഭൂമിയിലെ മൂലകങ്ങൾ കൊണ്ടുള്ള ജീവികളുടെ ശരീരങ്ങളിലും 'ശിവചക്രത്തിന്റെ അംശവും സൃഷ്ടികളുമായ ജീവാത്മാക്കൾ ഒഴികെ' തൂണും തുരുമ്പും ഉൾപ്പെടെ മഹാപ്രപഞ്ചത്തിൽ മുഴുവൻ മഹാ -ലയിച്ച് 'സർവ്വവും' ഓംകാര നീതിശാസ്ത്ര പ്രകാരം മഹാവാത്സല്ല്യത്തോടെ മഹാഭദ്രമാക്കുന്നു. ദിവ്യ 1 : സൃഷ്ടി മുഴുവൻ തനിച്ചു നിർവ്വഹിക്കുന്ന മഹാദേവി; ദിവ്യ 2 : സ്ഥിതി മുഴുവൻ തനിച്ചു നിർവ്വഹിക്കുന്ന മഹാദേവി; ദിവ്യ 3 : സംഹാരം ഉൾപ്പെടെയുള്ള മഹാനീതി മുഴുവൻ തനിച്ചു നിർവ്വഹിക്കുന്ന മഹാദേവി (സംഹാരം, പരമശിവനി- ലൂടെ); ദിവ്യ 4 : ദിവ്യ എന്ന മഹാനാമത്തോടെ മാത്രം ഭൂമിയിൽ അവതരിക്കുന്ന മഹാദേവി; **കേരളത്തിലെ ഒരു ഹിന്ദു കുടുംബത്തിൽ മഹാഅവതരിച്ചു കഴിഞ്ഞു.** ]

| | |
|---|---|
| | ഓം |

+

**ഓംകാരം**

# ഓം

**ശക്തിശിവൻ പ്രണയമന്ത്രം, ശബ്ദബ്രഹ്മം,
അക്ഷരബ്രഹ്മം, മഹാശാസ്ത്ര മൂലം,
ആദി വചനം, സൃഷ്ടിമന്ത്രം, സംഹാര കാഹളം,
ഏകമഹാശബ്ദം, മഹാസൂക്ഷ്മ ശബ്ദം,
സർവ്വദേശ ഭൂമി ഗാനം, ദൈവവിപ്ലവ ഗാനം,
മഹാസംഗീതം, മഹാദേവിയുടെ മഹാചിരി**

**ഓം എന്താണെന്നു വിശദീകരിക്കുവാൻ
യോഗ്യത അത്യാവശ്യമാണ്.**

**ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളീ ദേവി,
മഹാദശമി രാത്രിയിൽ ഈയുള്ളവന്റെ
നാവിൽ 'ഓം'-ന്റെ അക്ഷരബ്രഹ്മ-മൂലരൂപമായ
' 3 ' കുറിച്ചതാണെന്ന് മഹാഎളിമയോടെയും
മഹാസന്തോഷത്തോടെയും അറിയിക്കുന്നു.**

**ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ
ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.**

# ഓം എന്നാലെന്താണ് ?

"ശക്തിശിവൻ പ്രണയമന്ത്രം" ആണ് "ഓം".

"ശബ്ദബ്രഹ്മം" ആണ് "ഓം".

"അക്ഷരബ്രഹ്മം" ആണ് "ഓം".

"മഹാശാസ്ത്ര മൂലം" ആണ് "ഓം".

"ആദിവചനം" ആണ് "ഓം".

"സൃഷ്ടിമന്ത്രം" ആണ് "ഓം".

"സംഹാര കാഹളം" ആണ് "ഓം".

"ഏക മഹാശബ്ദം " ആണ് "ഓം".

"മഹാസൂക്ഷ്മ ശബ്ദം " ആണ് "ഓം".

"സർവ്വദേശ ഭൂമിഗാനം" ആണ് "ഓം".

"ദൈവ-വിപ്ലവ ഗാനം" ആണ് "ഓം".

"മഹാസംഗീതം" ആണ് "ഓം".

"ദൈവത്തിന്റെ മഹാചിരി" ആണ് "ഓം".

**മഹാശക്തിയായ മഹാദേവി, ഓം എന്ന ദിവ്യമഹാശബ്ദത്തെ എല്ലാ കാലത്തും മഹാശാസ്ത്രപരമായി സംരക്ഷിക്കുന്നുണ്ട്.**

ഓംശക്തിശിവൻ പ്രണയമന്ത്രം

സർവ്വദേശ ഭൂമി ഗാനം

മഹാസംഗീതം

ശബ്ദ ബ്രഹ്മം

അക്ഷരബ്രഹ്മം

ആദി വചനം

സൃഷ്ടി മന്ത്രം

സംഹാര കാഹളം

മഹാശാസ്ത്ര മൂലം

ഏക മഹാശബ്ദം

മഹാസൂക്ഷ്മ ശബ്ദം

ദൈവ വിപ്ലവ ഗാനം

മഹാദേവിയുടെ മഹാചിരി

ഓം ॐ OM

**മഹാശാസ്ത്രപരം മാത്രമാണ് ഓം എന്ന്, ഓം എന്ന അക്ഷരബ്രഹ്മത്തിന്റെ യഥാർത്ഥ ലിപി വ്യക്തമാക്കുന്നുണ്ട്.**

**മഹാപ്രപഞ്ചത്തെ മുഴുവൻ ഉൾക്കൊണ്ടും അതീതമായും മഹാപ്രപഞ്ചത്തിലെങ്ങും ഓം വ്യാപരിക്കുന്നത് ചുവടെ വിശദീകരിക്കുന്നു.**

# ഓം

## ശക്തിശിവൻ പ്രണയമന്ത്രം @ ശിവ ശിവ പ്രണയമന്ത്രം

മഹാശൂന്യതയും ശിവചക്രവും മഹാലിംഗവും/ ശിവലിംഗവും ഒക്കെയായ ആകാശത്തിന്റെ ഉള്ളിൽ, സദാ ജീവമായ (മഹാ)ശക്തി ചക്രത്തിന്റെ കണങ്ങളും, അവയുടെ ഇഷ്ടംപോലെ ജീവമായും നിർജ്ജീവമായും പ്രവർത്തിക്കുന്ന 'ശിവചക്രത്തിന്റെ  കണങ്ങളും', '**ഓം**' എന്ന '**പ്രണയമന്ത്രം**' സ്വീകരിച്ച് സൃഷ്ടിച്ചു തുടങ്ങിയ ഖര-ദ്രാവക-വാതക വസ്തുക്കളായ ഭൗതിക-അസ്തിത്വങ്ങളുടെ മൊത്തം ദ്രവ്യമാണ് ഭൂമി.

ശക്തി ശിവ ചക്രങ്ങൾ, 'ഭൂമി' എന്ന മഹാരൂപവും, പ്രോട്ടോൺ ഇലക്ട്രോൺ ന്യൂട്രോൺ, ക്വാർക്കുകൾ തുടങ്ങിയ മഹാസൂക്ഷ്മ രൂപങ്ങളും, ആറ്റങ്ങൾ, തന്മാത്രകൾ തുടങ്ങിയ സൂക്ഷ്മ രൂപങ്ങളും, മൂലകങ്ങൾ, സംയുക്തങ്ങൾ, ഖര-ദ്രാവക-വാതക വസ്തുക്കൾ, എന്നീ സൂക്ഷ്മ+സ്ഥൂല രൂപങ്ങളും സ്വീകരിക്കുകയും; അവയ്ക്കെല്ലാം വ്യത്യസ്തങ്ങളായ ഘടനകളും സ്വഭാവങ്ങളും ഗുണങ്ങളും പ്രവർത്തനങ്ങളും നിശ്ചയിച്ചിരിക്കുകയാണ്.

സർവ്വവും സുവ്യക്തമായ പദ്ധതികളോടെ ആസൂത്രണം ചെയ്തിരിക്കുകയാണ്. ശക്തിശിവ ചക്രങ്ങളുടെ ഉദ്ദേശമാണ് പ്രധാനം. കുഞ്ഞുങ്ങളായി ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ആരംഭിക്കാനും നിർവ്വഹിക്കാനും ഉള്ള മഹാപദ്ധതികളുടെ ഭാഗം മാത്രമാണവ. പ്രസ്തുത മഹാപദ്ധതികളെ മഹാശാസ്ത്ര നിയമങ്ങളായി വസ്തുക്കളിൽ തന്നെ മഹാലയിപ്പിച്ചിരിക്കുകയുമാണ്.

**ഭൂമി ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തിന് അതീതമായ ശക്തി-ശിവ ചക്രങ്ങളുടെ പ്രണയ മഹാസാക്ഷാത്കാരമാണ് മഹാശക്തിചക്രവും ഏകദൈവവുമായ ഭൂമി എന്നത് കുഞ്ഞുങ്ങളായി ജീവികളെ സൃഷ്ടിക്കാനും മഹാസംരക്ഷിക്കാനുമുള്ള ദിവ്യമായ മഹാപദ്ധതി മാത്രമാണെന്ന് മഹാവാത്സല്യം, മഹാദാസ്യം എന്നീ ദൈവ-ആനന്ദങ്ങൾ തെളിയിക്കുന്നു; മനുഷ്യാവസ്ഥയിൽ വർദ്ധിച്ച ജ്ഞാനം ലഭിക്കുമ്പോൾ സ്വയം വിശകലനം ചെയ്ത് മനസ്സിലാക്കാനാവും.**

അനന്തമായ രൂപ ഘടനകളോടെ ജീവികളെ സൃഷ്ടിക്കുകയും അനന്തമായ ആനന്ദങ്ങളെ നൽകി സംരക്ഷിക്കുകയും, മഹാസമനീതി എന്ന 'മഹാസമ ആനന്ദങ്ങളെ' നൽകുകയുമാണ് ദൈവം ചെയ്യുന്നത്. ദൈവം പ്രത്യക്ഷമായി ക്കൊണ്ടും പ്രകടമായി ക്കൊണ്ടും സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്താൽ, വ്യക്തിസ്വാതന്ത്ര്യം ഇല്ലാത്ത അടിമകളും അലസരും ഒക്കെയായി ജീവികൾ അധഃപതിക്കുന്നതാണ്. ആകയാൽ ദൈവം പ്രത്യക്ഷമായി സ്വീകരിക്കുന്ന വേറിട്ട് പ്രകടമല്ലാത്ത മഹാരൂപം കൂടിയാണ് ഭൂമി. ഭൂമി എന്ന അദ്ധ്യായത്തിൽ വിശദീകരിക്കുന്നുണ്ട്.

# ഓം എന്ന 'ശക്തിശിവൻ പ്രണയമന്ത്ര'ത്തെ 'ശിവ ശിവ പ്രണയമന്ത്രം' എന്നും പറയുന്നു.

**'ശിവ ശിവ പ്രണയമന്ത്രം' എന്നാൽ ശിവയ്ക്ക് ശിവനോടുള്ള പ്രണയം എന്നും, ശിവന് ശിവയോടുള്ള പ്രണയം എന്നും ഒരുപോലെ അർത്ഥമുണ്ട്. ഓം നമഃ ശിവായ = മഹാശിവയെ നമിക്കുന്നു, എന്നതിനൊപ്പം മഹാശിവനെ നമിക്കുന്നു എന്ന അർത്ഥം കൂടി ഉള്ളതുപോലെ മഹാദേവിയുടെ ദിവ്യമഹാവിദ്യ 'ഓം ശിവ ശിവ പ്രണയമന്ത്ര'ത്തിലുണ്ട്.**

**ശിവയ്ക്ക് ശിവയോടു തന്നെയും, ശിവന് ശിവനോടു തന്നെയും പ്രണയം ഉണ്ടാകുന്നതായി ദുർവ്യാഖ്യാനം അരുത്. 'ശക്തിശിവൻ പ്രണയ മന്ത്രം' എന്നത് ദുർവ്യാഖ്യാനത്തെ തടയുന്നു.**

സൃഷ്ടികളും കുഞ്ഞുങ്ങളുമായ മനുഷ്യർക്ക് ചിന്തിക്കാൻ പോലും വിഷമം ഉള്ളവയാണ് ദൈവീക ആനന്ദങ്ങളുടെ ഭൗതിക അസ്തിത്വം. എങ്ങനെയെന്നാൽ, ഭൂമിയിലെ വസ്തുക്കളിലെയും ശരീരങ്ങളിലെയും ആറ്റങ്ങളിൽ ശിവയായ പ്രോട്ടോണും ശിവനായ ഇലക്ട്രോണും **ഓം** പ്രകാരം **മഹാവാത്സല്ല്യവും മഹാദാസ്യവും** കുഞ്ഞുങ്ങൾക്കു വേണ്ടി ഒരുക്കുകയാണ്. **'ഭൂമിയായ ദൈവത്തിന്റെ അംശമായ വസ്തുക്കളും ശരീരവും' ജീവാത്മാക്കളെ @ ജീവികളെ സേവിക്കുന്നത് അതിൻപ്രകാരമാണ്. 'ദൈവ ആനന്ദങ്ങൾ' എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്.**

| | |
|---|---|
| | ഓം |
| **ശബ്ദ ബ്രഹ്മം**<br>**മഹാശാസ്ത്ര മൂലം ആദിവചനം സൃഷ്ടിമന്ത്രം** | |

**ബ്രഹ്മം എന്നാലെന്തെന്നും, ബ്രഹ്മം ശിവനെയും ശക്തിയെയും സൃഷ്ടിച്ചുകൊണ്ട് മഹാദേവിയായി വർത്തിക്കുന്നതെങ്ങനെയെന്നും വിശദീകരിക്കുന്ന മുൻ അദ്ധ്യായങ്ങളെ വ്യക്തമായി ഗ്രഹിച്ചു കൊണ്ട് ഓം എന്ന ദിവ്യമഹാശബ്ദത്തെപ്പറ്റി പഠിക്കുന്നതു നല്ലത്.**

**മഹാപ്രപഞ്ചത്തിലെ മനുഷ്യജീവിതത്തെയും, മഹാശാസ്ത്രത്തെയും, മഹാശക്തിയായ മഹാദേവിയുടെ മായാശക്തികളെയും ബന്ധിപ്പിക്കുന്ന 3 പ്രത്യേക കാര്യങ്ങളുണ്ട് :**

(1) ജീവികളുടെ ശരീരമായിരിക്കുന്ന വസ്തുക്കൾ ഉൾപ്പെടെ മഹാപ്രപഞ്ചത്തിലെ സർവ്വതിന്റെയും ഭൗതികഘടന, ശാസ്ത്രനിയമങ്ങളോടെ ദൈവം സൃഷ്ടിച്ചിട്ടുള്ളതു കൊണ്ടാണ് ജീവികൾക്ക് ജീവിക്കാൻ കഴിയുന്നത്. അങ്ങനെ അല്ലെങ്കിൽ ജീവികൾക്ക് ജീവിക്കാൻ കഴിയുമോ എന്ന് അല്പം ചിന്തിക്കുക. ഭക്ഷണ പാനീയങ്ങൾക്ക് നിയമങ്ങൾ ഇല്ലാതിരിക്കുക, ഭക്ഷണ പാനീയങ്ങളെ സ്വീകരിക്കുന്ന ശരീരത്തിന്റെ പ്രവർത്തനങ്ങൾക്ക് നിയമങ്ങൾ ഇല്ലാതിരിക്കുക, രോഗങ്ങൾക്കും മരുന്നുകൾക്കും വൈദ്യുതിക്കും ലോഹങ്ങൾക്കും ഊർജ്ജ-പ്രവർത്തനങ്ങൾക്കും യന്ത്രങ്ങൾക്കും... നിയമങ്ങൾ ഇല്ലാതിരിക്കുക, എന്നിങ്ങനെ ചിന്തിക്കുമ്പോൾ, ശാസ്ത്രനിയമങ്ങൾ മഹാപ്രപഞ്ചത്തിലെ വസ്തുക്കളിലും ജീവികളിലും ഇല്ലെങ്കിൽ ഭക്ഷണമോ ശരീര പ്രവർത്തനങ്ങളോ മാത്രമല്ല; ജീവിതത്തിലെ എല്ലാ മേഖലകളും സ്തംഭിക്കുന്നതായി കാണാം.

**(2) ദൈവം എന്നൊരു വലിയ ശക്തി തോന്നുമ്പോലെ എന്തെല്ലാമോ ഒക്കെ രൂപത്തിൽ പലപല ജീവികളെ സൃഷ്ടിക്കുകയും, ജീവികൾക്ക് തോന്നുമ്പോലെ ജീവിക്കാനുള്ള മായ എന്ന പേരിലുള്ള ശക്തികളെ വാരിക്കോരി നൽകുകയും ചെയ്താൽ എന്തു സംഭവിക്കും എന്നതിനെപ്പറ്റി ഇനി അല്പം ചിന്തിക്കുക. ഒരാൾ പേനയെ സൃഷ്ടിക്കുകയും, അയാളുടെ ഭാര്യ അതുകണ്ട് പേനയെ സിംഹമാക്കുകയും, അവരുടെ കുട്ടി, സിംഹം ഇരിക്കുന്ന പ്രദേശത്തെ ഒരു വലിയ മലയാക്കുകയും അതോടെ പ്രദേശത്തെ എല്ലാവരും മലയിലാവുകയും, അയൽവാസിയായ ഒരാൾ മലയെ സമുദ്രമാക്കുകയും, അയാളുടെ ഭാര്യ, ഭർത്താവിനെ എലിയാക്കുകയും, വീടിനെ കാടാക്കുകയും, മത്തങ്ങാ ആക്കുകയും അയൽവാസികൾ തോന്നുമ്പോലെ മാറിമാറി അടുത്ത മായാസൃഷ്ടി നടത്തുകയും തുടങ്ങിയ രീതിയിൽ ജീവികൾക്ക് മായാശക്തിയിലൂടെ പ്രവർത്തിക്കാമെന്നു വന്നാൽ, ഒരു നിമിഷം പോലും മഹാപ്രപഞ്ചത്തിലെ വസ്തുക്കളെയോ, ജീവികളെയോ, ജീവിതത്തെയോ, പ്രപഞ്ചത്തെ തന്നെയോ, നിലനിർത്താൻ യാതൊരാൾക്കും ഭൂമിയിൽ സാധിക്കില്ലെന്നും ജീവിതം തന്നെ അസാദ്ധ്യമാണെന്നും കാണാം.**

**(3) മഹാശക്തിയായ ദൈവം, മായ എന്ന പേരിലുള്ള പ്രപഞ്ചത്തിന് അതീതമായ ശക്തികളെ മഹാശാസ്ത്രമായി ചുരുക്കുകയും, മഹാശാസ്ത്രപ്രകാരം മാത്രം പ്രപഞ്ചത്തെ സൃഷ്ടിക്കുകയും, മഹാശാസ്ത്രനിയമങ്ങളെ മനുഷ്യർക്കു വെളിവാക്കി ക്കൊടുക്കുകയും, ഇന്ന് അനുഭവിക്കുമ്പോലെ മനുഷ്യർ ശാസ്ത്ര നിയമങ്ങൾ പ്രകാരം പ്രപഞ്ചത്തിലെ സുഖസൗകര്യങ്ങൾ കണ്ടെത്തിക്കൊണ്ട് ജീവിക്കുകയും ചെയ്യുന്ന ഇന്നത്തെ അവസ്ഥയെപ്പറ്റി ചിന്തിക്കുക.**

**വളരെ സുന്ദരമായിരിക്കുന്നു.**

**മനുഷ്യർ തട്ടിക്കൂട്ടുന്നതും ഭൗതികമായ അസ്തിത്വം ഇല്ലാത്തതുമായ സാമൂഹ്യ - സാമ്പത്തിക - ദേശീയ - രാഷ്ട്രീയ - നീതി - വ്യവസ്ഥിതികളെയും ഒക്കെ മഹാശാസ്ത്രപരമായി ശുദ്ധീകരിക്കുക കൂടി ചെയ്താൽ ജീവിതം പരമാനന്ദകരം എന്ന് ഒരുവിധപ്പെട്ട ജനങ്ങളെല്ലാം സമ്മതിക്കുന്നതാണ്.**

**മഹാശക്തിയായ മഹാദേവി, മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങൾക്കായി മഹാജ്ഞാനത്തിന്റെ ഒരു ഓഹരിയെ മഹാശാസ്ത്രമായി മഹാആവിഷ്ക്കരിച്ചിരിക്കുന്നു.**

**മഹാശാസ്ത്രത്തിന്റെ ഭൗതികരൂപമാണ് മഹാപ്രപഞ്ചം. മഹാശാസ്ത്ര നിയമങ്ങളെല്ലാം മഹാപ്രപഞ്ചത്തെ പ്രവർത്തിപ്പിക്കാനുള്ള ബഹുവിധ ശക്തികളാണെന്നും, അവയെ ഉപയോഗപ്പെടുത്തിയാണ് മനുഷ്യൻ ശാസ്ത്രവികസനവും അതിലൂടെ സുഖസൗകര്യങ്ങളും വർദ്ധിപ്പിച്ചിരിക്കുന്നതെന്നും, അവയെല്ലാം മഹാശക്തിയായ മഹാദേവിയുടെ മഹാആവിഷ്ക്കാരം തന്നെയാണെന്നും സുവ്യക്തമാണ്. മനുഷ്യർ അറിഞ്ഞും അറിയാതെയും അനുഭവിച്ചു കഴിയുന്ന കാര്യങ്ങളാണവ.**

**മഹാശക്തിയായ മഹാദേവിയുടെ മഹാജ്ഞാനം മഹാപ്രപഞ്ചത്തിന് അതീതമാണ്; മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രമാകുന്ന മഹാജ്ഞാന-ഓഹരിയും മഹാപ്രപഞ്ചത്തിന് അതീതമാണ് എങ്കിലും മനുഷ്യർക്ക് അത് പ്രകടമല്ല.**

**മഹാശക്തിയായ മഹാദേവി തന്റെ മഹാ-മായാശക്തികളെ കൊണ്ട് മഹാശാസ്ത്രവും മഹാപ്രപഞ്ചവും സൃഷ്ടിക്കുമ്പോൾ മഹാശാസ്ത്രത്തിനും മഹാപ്രപഞ്ചത്തിനും അതീതമാണ് മായ-യും മഹാശക്തിയായ മഹാദേവിയും എന്നു സുവ്യക്തമാണ്. മണ്ണും ഭൂമിയും എന്ന മഹാഖരരൂപത്തെ മഹാദേവി സ്വീകരിക്കുന്നത് പ്രത്യക്ഷമായി പ്രകടമല്ലാ എങ്കിലും മണ്ണ് സദാ വെളിപ്പെടുത്തുന്നത് ആദിയും അന്തവും ഇല്ലാത്ത ശാസ്ത്ര നിയമങ്ങളെയാണ് !**

**മഹാദേവി മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ ഓംകാര നീതിശാസ്ത്രം പ്രകാരം മഹാനിർവ്വഹിക്കുകയാണ് എന്നറിയുമ്പോൾ തന്റെ മായാശക്തികളെ ഭാഗികമായി മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രമായി/ വേദങ്ങളായി പരിണമിപ്പിക്കുന്നു എന്നും വളരെ വ്യക്തമാവുന്നു.**

**മഹാശാസ്ത്രത്തിനും മഹാപ്രപഞ്ചത്തിനും അതീതമായ (മഹാശക്തിയായ മഹാദേവിയുടെ) മായയെ മഹാശാസ്ത്രത്തിലും പ്രപഞ്ചത്തിലും പ്രവേശിപ്പിച്ചാൽ മാത്രമേ മഹാപ്രപഞ്ചത്തിന് പ്രവർത്തിക്കാൻ കഴിയൂ എന്നുകൂടി വ്യക്തമാണ്.**

**സ്രഷ്ടാവും മഹാരക്ഷകയുമായ മഹാശക്തിയുടെ മായ-യെയും, സൃഷ്ടിയായ മഹാപ്രപഞ്ചത്തെയും, ശാസ്ത്രത്തെയും, ബന്ധിപ്പിക്കുന്ന ഒരു മാധ്യമം ആവശ്യമാകുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ മഹാദേവിയുടെ മഹാമായയെ അഥവാ മഹാദേവിയെ പ്രപഞ്ചവുമായി ഭൗതികശാസ്ത്ര പരമായിക്കൂടി ബന്ധിപ്പിക്കണം.**

**മുകളിലെ ഖണ്ഡികയിലെ ഉള്ളടക്കത്തെ ബന്ധപ്പെടുത്തിക്കൊണ്ട്, മനുഷ്യർ ചെയ്തുപോരുന്ന ഒരു വലിയ ദൈവനിന്ദയെപ്പറ്റി അല്പം സൂചിപ്പിക്കേണ്ടതുണ്ട്. ഭൂമിയിലെ അനവധി രാജ്യങ്ങളിലെ ശാസ്ത്രജ്ഞന്മാർ പ്രപഞ്ചത്തിന്റെ ഉല്പത്തി അന്വേഷിക്കുന്നതും അനേകർ ആറ്റത്തിനകത്ത് ടോപ് ക്വാർക്കുകളെ തേടുന്നതുമായ കാര്യങ്ങൾ ഒരു നിരർത്ഥക വ്യായാമമാണ്. എന്തെന്നാൽ എങ്ങനെയോ സൃഷ്ടിക്കപ്പെട്ട മഹാപ്രപഞ്ചത്തിന്റെ ആദിയെ അഥവാ ഉത്ഭവത്തെ ഭൗതികമായി തേടുന്നു എന്നല്ലാതെ, ദൈവം മഹാസൃഷ്ടിച്ചിട്ടുള്ള മഹാപ്രപഞ്ചം എന്ന നിലയിലോ, സ്രഷ്ടാവിനെ ബഹുമാനിക്കുന്ന രീതികളിലോ അല്ല അവരുടെ അന്വേഷണം.**

(ശാസ്ത്രജ്ഞരെയും സാങ്കേതിക വിദഗ്ദ്ധരെയും അവമതിച്ചു കൊണ്ട് അവർ കണ്ടെത്തുന്ന ശാസ്ത്ര സാങ്കേതിക സൗകര്യങ്ങളെ ഉപയോഗിക്കുന്ന അധമ-ജനങ്ങളുടെ ദുഷ്ട-പ്രവർത്തനം വലിയ ഒരു കാരണവുമാണ്.).

മഹാപ്രപഞ്ചത്തിന്റെ യാഥാർത്ഥ്യത്തെ അഥവാ മഹാരഹസ്യത്തെ, മഹാശാസ്ത്രപരമായിത്തന്നെ, മഹാശക്തിയായ മഹാദേവി തന്റെ മഹാദാസനും ഏകപ്രതിനിധിയുമായ പരമശിവനിലൂടെ ചുവടെ അറിയിക്കുകയാണ്. അതീവശ്രദ്ധയോടെ പഠിക്കുവാൻ മഹാദേവി മഹാഅനുഗ്രഹിക്കട്ടെ.

ദൈവം മഹാപ്രപഞ്ചത്തിൽ സ്ഥാപിച്ചിട്ടുള്ള മഹാശാസ്ത്രം പ്രകാരം, രണ്ടു വസ്തുക്കൾ തമ്മിൽ കൂട്ടിമുട്ടുമ്പോഴും, ഒരു വസ്തു വായുവിൽ ചുറ്റുമ്പോഴു മൊക്കെ ശബ്ദം ഉണ്ടാകുന്നതാണ്. മില്ലുകളിൽ യന്ത്രം കറങ്ങുമ്പോഴും വാഹനങ്ങൾ ഓടുമ്പോഴുമൊക്കെ സംഭവിച്ചുകൊണ്ടിരിക്കുന്ന പ്രസ്തുത വസ്തുതയെ അഥവാ ശബ്ദത്തെ ബധിരർ ഒഴികെയുള്ളവർ കേൾക്കുകയും അറിയുകയും അനുഭവിക്കുകയും ചെയ്യുന്ന കാര്യങ്ങളാണ്.

**മഹാപ്രപഞ്ചത്തിലെ സർവ്വതും അടിസ്ഥാനപരമായി ആറ്റങ്ങളുടെ അഥവാ അണുക്കളുടെ കൂട്ടമാണെന്നും, ആറ്റത്തിനകത്ത് പ്രോട്ടോണുകളെ സദാസമയവും ഇലക്ട്രോണുകൾ ചുറ്റിക്കൊണ്ടിരിക്കുകയാണെന്നും ശാസ്ത്രജ്ഞർക്ക് പതിറ്റാണ്ടുകൾക്കു മുമ്പു തന്നെ വെളിവായിട്ടുണ്ട്. വസ്തു ചുറ്റുമ്പോഴും മോട്ടോർ ചുറ്റുമ്പോഴും ശബ്ദം ഉണ്ടാകുമ്പോലെ തന്നെ ആറ്റത്തിനുള്ളിലെ ഇലക്ട്രോണുകൾ ചുറ്റുമ്പോൾ തീർച്ചയായും ശബ്ദം ഉണ്ടാകുന്നുണ്ട് എന്ന് മനുഷ്യർക്ക് വെളിപ്പെട്ടുക്കഴിഞ്ഞ ശാസ്ത്രം പ്രകാരം സുവ്യക്തമാണ്. അതിസൂക്ഷ്മമായ പരമാണുവിനകത്തുള്ള ശബ്ദം പുറമെ കേൾക്കണമെങ്കിൽ അതിലും സൂക്ഷ്മമായ മറ്റൊരു സംവിധാനം മനുഷ്യർ കണ്ടെത്തേണ്ടതുണ്ട്. സ്ഥൂലവും സൂക്ഷ്മവുമായ യന്ത്രങ്ങളെയും അവയുടെ പ്രവർത്തനങ്ങളെയും അവരോഹണ ക്രമത്തിൽ വിശകലനം ചെയ്യുമ്പോൾ, അവയെല്ലാം കുറഞ്ഞും കൂടിയും ശബ്ദമുണ്ടാക്കുന്നത് അറിഞ്ഞും അനുഭവിച്ചും കഴിയുന്നവരാണ് ഏറെക്കുറെ എല്ലാ മനുഷ്യരും ! അതിസൂക്ഷ്മമായ ആറ്റത്തിനകത്ത് ഇലക്ട്രോണുകൾ പ്രോട്ടോണുകളെ ചുറ്റുമ്പോൾ ശബ്ദം ഉണ്ടാകുന്നത് സുവ്യക്തമാണ്.**

**അനേകം ശാസ്ത്രജ്ഞന്മാർക്കും മറ്റും അതറിയാം. അതി-സൂക്ഷ്മമായിരിക്കുന്നതിനെ അറിയാൻ അതി-അതി-സൂക്ഷ്മമായ സംവിധാനങ്ങളെ ഒരുക്കാൻ സാധിക്കുമോ എന്നാണ് പരിശ്രമിക്കേണ്ടത്, എന്നു പറയാൻ കഴിയുമെങ്കിലും ഒരു പരിധി കഴിഞ്ഞാൽ അത് പ്രാവർത്തികമല്ല. അതേസമയം, കാണാൻ കഴിയാത്ത അവസരത്തിൽ ദൈവമില്ലെന്നും കാണാൻ കഴിയുന്ന അവസരത്തിൽ മാത്രം ദൈവം ഉണ്ടെന്നും, ഇന്ദ്രിയങ്ങളുടെ ഭാഗിക ഉപയോഗം കൊണ്ട് മാത്രം നിശ്ചയിക്കുന്നതു പോലെയുള്ള അവസ്ഥ ഉണ്ടാവരുത്. തൽക്കാലം ശബ്ദം കേൾക്കാൻ കഴിയാത്തതുകൊണ്ട്, പരമാണുവിൽ ശബ്ദം ഉണ്ടാകുന്നില്ല എന്നു കരുതുന്നത് തെറ്റാണ്; ശാസ്ത്രപരമല്ല, ദൈവീകവുമല്ല.**

**ആറ്റത്തിനുള്ളിലെ ഇലക്ട്രോണുകൾ പ്രോട്ടോണുകളെ ചുറ്റുമ്പോൾ ശബ്ദം ഉണ്ടാകുന്നത് ഇലക്ട്രോണുകളോ, പ്രോട്ടോണുകളോ ഇലക്ട്രോണുകളും പ്രോട്ടോണുകളും ചേർന്നോ, ഉണ്ടാക്കുന്നതാവണം എന്നു മാത്രമേ അപൂർണ്ണമായ ഭൗതികശാസ്ത്രം പ്രകാരം കരുതാനാവുകയുള്ളൂ.**

**യന്ത്രങ്ങൾ ചുറ്റുമ്പോൾ ശബ്ദം ഉണ്ടാകുന്നത് അറിയുകയും അനുഭവിക്കുകയും ചെയ്യുന്ന മനുഷ്യർ, ശബ്ദം ഉണ്ടാകുന്നില്ലാ എങ്കിൽ അഥവാ ചേർക്കപ്പെടുന്നില്ലാ എങ്കിൽ അതും പ്രപഞ്ചത്തിന്റെ സ്വഭാവമായി കണക്കാക്കുമായിരുന്നു. യന്ത്രം പ്രവർത്തിക്കുമ്പോൾ ശബ്ദം ഉണ്ടാകുന്നതിന്റെ മൂല-ഉത്ഭവം ആറ്റത്തിൽ നിന്നാണ് എന്നു സുവ്യക്തമാണ്. അതായത് ശബ്ദം അതിസൂക്ഷ്മമായ ആറ്റത്തിൽ ഉണ്ട് അഥവാ ഇലക്ട്രോണുകൾ പ്രോട്ടോണുകളെ ചുറ്റുമ്പോൾ ഉണ്ടാകുന്നു അഥവാ ചേർക്കപ്പെടുന്നു.**

**മഹാപ്രപഞ്ചം മുഴുവൻ ആറ്റങ്ങളെക്കൊണ്ട് സൃഷ്ടിക്കപ്പെട്ടിരിക്കയാലും, എല്ലാ ആറ്റങ്ങളിലും ഇലക്ട്രോണുകൾ പ്രോട്ടോണുകളെ ചുറ്റുന്ന പ്രവർത്തനം സദാ നടക്കുന്നതിനാലും, മഹാപ്രപഞ്ചത്തിലെ സർവ്വ ആറ്റങ്ങളിലും ഉള്ളതോ ഉണ്ടാകുന്നതോ ആയ ശബ്ദം ഒന്നാണെന്ന് ശാസ്ത്രപരമായി ഏറെക്കുറെ വ്യക്തമാണ്. തൽക്കാലം കേൾക്കാൻ കഴിയാത്തതുകൊണ്ട്, പരമാണുവിൽ ശബ്ദം ഉണ്ടാകുന്നില്ലെന്നു കരുതുന്നത് ശാസ്ത്രീയ രീതിയല്ല, ദൈവീകമല്ല.**

**മഹാശക്തിയായ ദൈവത്തിന്റെ മഹാമായ-യുമായി ബന്ധപ്പെട്ട ശബ്ദം എന്താണെന്നും എങ്ങനെയാണെന്നും ദൈവം വെളിപ്പെടുത്തേണ്ടത്, മഹാമായ-യുമായി ബന്ധപ്പെട്ട സംവിധാനത്തിലൂടെ വേണമോ, അതോ മഹാപ്രപഞ്ച സൃഷ്ടിയുടെ കാരണത്തെപ്പറ്റി എന്തോ ഏതോ പോലെയും ബഹുമാനമില്ലാതെയും അന്വേഷിക്കുന്ന അപൂർണ്ണമായ ഭൗതികശാസ്ത്ര സംവിധാനത്തിലൂടെ വേണമോ എന്ന് ഏതാനും നിമിഷങ്ങൾ ചിന്തിക്കുക. മഹാശക്തിയായ ദൈവം തന്റെ മഹാമായ കൊണ്ട് മഹാപ്രപഞ്ചത്തെ സൃഷ്ടിച്ചിട്ടുള്ളതു കൊണ്ട് പ്രപഞ്ചത്തിന്റെ മഹാരഹസ്യം പോലെയുള്ള മഹാകാര്യങ്ങളെ വെളിപ്പെടുത്തേണ്ടത് മഹാമായ-യുമായി ബന്ധപ്പെട്ട മഹാസംവിധാനം പ്രകാരം തന്നെയാവണമെന്ന് മനുഷ്യർ തീർച്ചയായും ഉച്ചത്തിൽ പറയുന്നതാണ്, തലതാഴ്ത്തി സമ്മതിക്കുന്നതാണ്.**

**പ്രപഞ്ചപിതാവും, മഹാദാസനും, മഹാദേവനും ഭാഗവും, പ്രതിനിധിയുമായിട്ട് മഹാദേവി മഹാനിശ്ചയിച്ചിട്ടുള്ള പരമശിവനിലൂടെ ആറ്റത്തിനുള്ളിലെ മൂല-ശബ്ദം എന്നുകൂടി വിശേഷിപ്പിക്കാവുന്ന പ്രസ്തുത മഹാശബ്ദം എന്താണെന്ന് മഹാദേവി അറിയിക്കുന്നു : ഓം .**

**രണ്ടോ അതിലധികമോ വസ്തുക്കൾ പ്രതിപ്രവർത്തിക്കുമ്പോൾ ശബ്ദമുണ്ടാകുന്നതാണ് എന്ന ഒരു ശാസ്ത്രനിയമത്തെ സൃഷ്ടിച്ചുകൊണ്ട് മഹാശക്തിയായ ദൈവം, ഓം എന്ന ഏകമഹാശബ്ദമായി മാറിക്കൊണ്ട് ആറ്റങ്ങളിലേക്കും മഹാപ്രപഞ്ചത്തിലേക്കും പ്രവേശിക്കുന്ന മഹാത്ഭുതമാണ് സംഭവിക്കുന്നത്.**

**മഹാദേവിയായ സ്രഷ്ടാവിനെയും,** മഹാശാസ്ത്ര പ്രകാരമുള്ള **മഹാപ്രപഞ്ചമെന്ന** സൃഷ്ടിയെയും, ബന്ധിപ്പിക്കുവാനായി **ഓം** എന്ന മഹാശബ്ദമായി **മായ** ഓരോ ആറ്റത്തിലേക്കും പ്രവേശിച്ചിരിക്കുകയാണ്. മഹാശാസ്ത്രപരമായി ഓരോ വ്യക്തിയുടെയും ശരീരം ഉൾപ്പെടെ മഹാപ്രപഞ്ചത്തിലെ സർവ്വ വസ്തുക്കളിൽ നിന്നും **ഓം** മുഴങ്ങുകയും ബധിരർ ഉൾപ്പെടെ എല്ലാവരും **ഓം** എന്ന മഹാശബ്ദം കേൾക്കുകയും ചെയ്യുന്നതോടെ വിഷയം മഹാ-ഗൗരവമാകുന്നു. ഓരോ ആറ്റത്തിലേക്കും **ഓം** ആയിട്ട് **മായ** പ്രവേശിച്ചിരിക്കുന്നു എന്നു പറയുമ്പോൾ സ്രഷ്ടാവും രക്ഷകയുമായ **മഹാദേവി** തന്നെയാണ് പ്രവേശിച്ചിരിക്കുന്നത് എന്നും അറിയണം. ഇലക്ട്രോണുകൾ പ്രോട്ടോണുകളെ ചുറ്റുന്നു എന്നും ഇലക്ട്രോണുകൾ പ്രോട്ടോണുകളെ ചുറ്റുമ്പോൾ ശബ്ദം ഉണ്ടാകുന്നുവെന്നും വിലയിരുത്തിയത് അപൂർണ്ണമായ ഭൗതികശാസ്ത്ര പ്രകാരം മാത്രമാണ്. ദൈവീകമായി, അഥവാ മഹാശാസ്ത്രം പ്രകാരം മഹാപ്രപഞ്ചത്തിലെ സൃഷ്ടികാര്യങ്ങൾ എങ്ങിനെയെന്ന് ഇനി വിവരിക്കാം :-

**// മഹാശക്തിയായ മഹാദേവി തന്റെ മായ കൊണ്ട് മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി - സ്ഥിതി - സംഹാരങ്ങളെ നിർവ്വഹിക്കുവാൻ തയ്യാറാകുന്നതായി കണക്കാക്കുക. സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്ന ജീവിസംവിധാനത്തിലെ സ്ത്രീയും പുരുഷനും എന്ന ഘടകങ്ങളെ ഉൾക്കൊണ്ട് അവയുടെയെല്ലാം മഹാമാതാവും പരമപിതാവുമായി പ്രവർത്തിക്കേണ്ടുന്നതിന്നായിട്ട് ശക്തിചക്രത്തെയും ശിവചക്രത്തെയും സൃഷ്ടിക്കുന്നു. ശേഷം ബ്രഹ്മമായ മഹാദേവി, ശബ്ദബ്രഹ്മമായ ഓം ആയിക്കൊണ്ട് ശക്തിചക്രത്തിലേക്ക് പ്രവേശിക്കുകയും ചെയ്യുന്നു. ശബ്ദമായിട്ട് 'ഓം' മഹാആവിഷ്ക്കരി-ച്ചിരിക്കുകയാൽ ശബ്ദം ഉണ്ടാകുമ്പോഴും, ഉണ്ടാക്കുമ്പോഴും, ശബ്ദം ഉണ്ടാക്കാൻ ഒരാളുള്ളപ്പോൾ പ്രസ്തുത ശബ്ദം കേൾക്കാനും ഒരാളെങ്കിലും ഉണ്ടാവണം. അല്ലെന്നാൽ ശബ്ദത്തിന് ശരിയായ പ്രസക്തി ഇല്ലാതെവരുന്നതാണ്. ബ്രഹ്മമായ മഹാദേവി, ഓം ആയിട്ട് ശക്തിചക്രത്തിലേക്കു മാത്രം പ്രവേശിക്കുമ്പോൾ മഹാദേവിയുടെ മഹാചിരി കൂടിയായ ശബ്ദം ഉണ്ടാകുന്നു, ഓം എന്ന മഹാശബ്ദം. ഓം എന്ന മഹാശബ്ദത്തെ ശിവചക്രം കേൾക്കുന്നു. പരമാണുവിലെ സൂക്ഷ്മ ഘടകങ്ങളായ പ്രോട്ടോണുകൾക്കും ഇലക്ട്രോണുകൾക്കും ശക്തിചക്രം, ശിവചക്രം എന്നിങ്ങനെ ശാസ്ത്രനാമങ്ങളുണ്ട്. ജീവാത്മാവിനും ജീവാത്മാവിനെ നിയന്ത്രിക്കുന്ന മഹാനീതിശാസ്ത്ര പ്രകാരമുള്ള ജന്മഗുണങ്ങൾക്കും, ന്യൂനശക്തികൾക്കും പരമാണുവിൽ ഇടം നൽകാനായി ന്യൂട്രോൺ, ക്വാർക്കുകൾ തുടങ്ങിയവയെ ഓം സൃഷ്ടിക്കുന്നു;**

**പരമാണുക്കളെക്കൊണ്ട് കണികകളെയും മൂലകങ്ങളെയും സംയുക്തങ്ങളെയും വസ്തുക്കളെയും ജീവികളെയും ... മഹാപ്രപഞ്ചത്തെയും സൃഷ്ടിക്കുന്നു. നക്ഷത്രകോടികളെയും പുതിയ ജീവികളെയും സൃഷ്ടിച്ചുകൊണ്ട് മഹാപ്രപഞ്ചത്തെ വർദ്ധിപ്പിക്കുന്നതായും മനസ്സിലാക്കാനാവും.**

**അണുവിലെ (ആറ്റത്തിലെ) ശക്തിചക്രത്തോട് ശബ്ദബ്രഹ്മമായ ഓം ചേരുന്നതോടെ, മഹാശാസ്ത്രവും മഹാപ്രപഞ്ചവും ബ്രഹ്മത്തിന്റെ ആദിയും അന്തവുമില്ലാത്ത മഹാശക്തികളെയും സ്വഭാവങ്ങളെയും പ്രകടിപ്പിക്കുന്നതാണ്. മഹാപ്രപഞ്ചത്തിനുള്ളിൽ ശബ്ദബ്രഹ്മമായ ഓം ആയി വർത്തിച്ചുകൊണ്ടുതന്നെ മഹാപ്രപഞ്ചത്തിന് അതീതമായ അവസ്ഥ സൃഷ്ടിക്കപ്പെടുന്നു. അതായത് ഒരു പരമാണുവിൽ ശബ്ദബ്രഹ്മമായ ഓം ആയി വർത്തിച്ചുകൊണ്ടുതന്നെ മഹാപ്രപഞ്ചത്തിന്റെ സമ്പൂർണ്ണമായ സൃഷ്ടി - സ്ഥിതി - സംഹാരങ്ങളെ നിർവ്വഹിക്കുവാനും, അതു കൂടാതെ മഹാപ്രപഞ്ചത്തിന് ഉള്ളിലോ അതീതമായോ മറ്റു മഹാശാസ്ത്രങ്ങളും മഹാപ്രപഞ്ചങ്ങളും സൃഷ്ടിക്കുവാനും കഴിയുന്ന മഹാമായാ-അവസ്ഥ സൃഷ്ടിക്കപ്പെടുന്നു.**

**മഹാശാസ്ത്രത്തിനും മഹാപ്രപഞ്ചത്തിനും പൂർണ്ണമായ അന്തമില്ലായ്മ ഉണ്ടാവുന്നു, പൂർണ്ണമായ ആദിയില്ലായ്മ തോന്നിപ്പിക്കുകയും ചെയ്യുന്നു.**

**(മഹാപ്രപഞ്ചത്തിലെ സൃഷ്ടി-സ്ഥിതികൾക്കായി മഹാഒരുക്കിയിരിക്കുന്ന ഭൂമിയിലും ചന്ദ്രനിലും സൃഷ്ടിക്കപ്പെടുന്ന തന്റെ കുഞ്ഞുങ്ങളായ ജീവികളുടെ സന്തോഷത്തെ മുഖ്യമായും കണക്കാക്കിക്കൊണ്ട് മഹാശക്തിയായ മഹാദേവി മറ്റ് മഹാപ്രപഞ്ചങ്ങളെ സൃഷ്ടിക്കുന്നില്ല എന്ന് മുമ്പ് വിശദീകരിച്ചതാണ്.)**

**മഹാശക്തിയും ബ്രഹ്മവുമായ മഹാദേവി ശബ്ദബ്രഹ്മമായ ഓം ആയിട്ട് പരമാണുവിൽ പ്രവേശിക്കുമ്പോൾ, മഹാപ്രപഞ്ചത്തിന്റെ സമ്പൂർണ്ണമായ സൃഷ്ടി - സ്ഥിതി - സംഹാരങ്ങളെ നിർവ്വഹിക്കുവാനും, അതു കൂടാതെ മഹാപ്രപഞ്ചത്തിന് ഉള്ളിലോ അതീതമായോ മറ്റു മഹാശാസ്ത്രങ്ങളും മഹാപ്രപഞ്ചങ്ങളും സൃഷ്ടിക്കുവാനും ഓം എന്ന ശബ്ദബ്രഹ്മത്തിനു കഴിയും എന്നതിനാൽ മഹാശാസ്ത്ര മൂലം കൂടിയായി ഓം മഹാശോഭിക്കുന്നതായി കാണാം. ആദിയിൽ അഥവാ ആദ്യം ഉണ്ടായ വചനം @ ശബ്ദം ഓം ആകയാൽ ആദിവചനവുമാണ് ഓം. മഹാപ്രപഞ്ചത്തിന്റെ ഓരോ അണുവിലും ശബ്ദബ്രഹ്മമായ ഓം വർത്തിക്കുന്നതിനാൽ ഓരോ അണുവിനും, മഹാശാസ്ത്രത്തിനും മഹാപ്രപഞ്ചത്തിനും അന്തമില്ലായ്മ ഉണ്ടാവുന്നു, ആദിയില്ലായ്മ തോന്നിപ്പിക്കുകയും ചെയ്യുന്നു.**

**മഹാപ്രപഞ്ചത്തിന്റെയും മഹാശാസ്ത്രത്തിന്റെയും സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാമംഗളപ്പെടുത്തുവാനായിട്ട് ബ്രഹ്മമായ മഹാദേവി മായ-യുടെ ഒരംശത്തെ ഓം എന്ന ശബ്ദബ്രഹ്മമായി രൂപപ്പെടുത്തിയിരിക്കുകയാണ് എന്നതും ശരിതന്നെയാണ്. ബ്രഹ്മമായ മഹാദേവിയ്ക്ക് തന്റെ മഹാമായ-യെ സമ്പൂർണ്ണമായും ഓം എന്ന ശബ്ദബ്രഹ്മത്തിലോ എന്തിലുമോ പ്രവേശിപ്പിക്കുവാനും കഴിയുമെന്ന വസ്തുതയുണ്ട്.**

**ശബ്ദബ്രഹ്മമായ ഓം ആണോ മഹാപ്രപഞ്ചം സൃഷ്ടിച്ചത്, എന്ന് ചോദിച്ചാൽ അല്ലായെന്നാണ് സൂക്ഷ്മ ഉത്തരം. മഹാശക്തിയായ മഹാദേവിയാണ്, 'മഹാശക്തിചക്രം+ശിവചക്രം' ആണ് മഹാപ്രപഞ്ചം സൃഷ്ടിച്ചത്, മഹാപ്രപഞ്ചം സൃഷ്ടിക്കുവാനായുള്ള മഹാദേവിയുടെ ഒരു മഹാ-ആവിഷ്ക്കാരം മാത്രമാണ് ഓം. (മഹാലിംഗവും ബ്രഹ്മസമാനവുമായ ആകാശം ഇവിടെ വിഷയമാണ്. മഹാദേവിയുടെ മഹാലിംഗം കൂടിയായ ആകാശം സൃഷ്ടി കാര്യങ്ങളിൽ ഏകമായി പ്രവർത്തിക്കുന്നുണ്ട്!). അപ്പോൾ ഒരു -ലൂടെ മാത്രമാണ് ഓം. ശക്തിശിവൻ പ്രണയമന്ത്രമായും, സൃഷ്ടിമന്ത്രമായും, ആദിവചനമായും, സംഹാര കാഹളമായും, മഹാശാസ്ത്ര-മൂലമായും, ശബ്ദ ബ്രഹ്മമായും, അക്ഷരബ്രഹ്മമായും, മഹാശബ്ദമായും, മഹാസംഗീതമായും, ഭൂമിഗാനമായും, ദൈവ വിപ്ലവ ഗാനമായും, മഹാചിരി ആയും ഒക്കെ ഓം -നെ ബ്രഹ്മം അഥവാ ബ്രഹ്മ-മഹാദേവി സൃഷ്ടിച്ചിരിക്കുകയാണ്.**

ആദിയിൽ വചനമുണ്ടായി എന്നു പറയുമ്പോൾ, ബ്രഹ്മവും മഹാശക്തിയുമായ മഹാദേവി, ആദിവചനമായിട്ട് ഓം എന്ന മഹാശബ്ദത്തെ സൃഷ്ടിക്കുകയാണ്. കുറേക്കൂടി വിശദീകരിക്കാം. മഹാപ്രപഞ്ചവും ബ്രഹ്മവും ഉൾപ്പെടെ സർവ്വവും ഓം ഉൾക്കൊള്ളുമ്പോഴും, ബ്രഹ്മത്തെ ശബ്ദബ്രഹ്മം മാത്രമായോ ശബ്ദബ്രഹ്മത്തിൽ ഒതുങ്ങുന്നതായോ കണക്കാക്കാനാവില്ല. ബ്രഹ്മവും മഹാശക്തിയും മഹായജമാനനും മഹായജമാനയും മഹാദാസിയും മഹാദേവിയും മഹാപിതാവും മഹാമാതാവുമായ ദൈവം,

തന്റെ മഹാമായാപ്രഭാവത്താൽ ഓം എന്ന ശബ്ദബ്രഹ്മമായി ക്കൊണ്ടും, മഹാജ്ഞാനത്തെ മഹാശാസ്ത്രമാക്കി ക്കൊണ്ടും മഹാപ്രപഞ്ചം സൃഷ്ടിച്ചിരിക്കുകയാണ്, സംരക്ഷിക്കുകയാണ്. അതായത് ബ്രഹ്മമായ-മഹാദേവി ശബ്ദബ്രഹ്മമായി ഓം സൃഷ്ടിക്കുകയും, ഓം -ൽ പ്രവേശിക്കുകയും, ഓം -നെ സൃഷ്ടിമന്ത്രമായി ഉയർത്തുകയും, മഹാപ്രപഞ്ചത്തിന്റെ സൃഷ്ടിക്ക് ഓം ഉപയോഗിക്കുകയും ഓം-ലൂടെ മഹാപ്രപഞ്ചത്തിൽ മഹാശാസ്ത്രപരമായി മഹാദേവി പ്രവേശിച്ചിരിക്കുക കൂടിയുമാണ്. മഹത്വം മഹാദേവിക്കു മാത്രം. ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

**പ്രപഞ്ചത്തിലെ സമസ്ത ആറ്റങ്ങളുടെയും ഉള്ളിൽ ശക്തി എവിടെ നിന്നും വന്നു ?**

**കണ്ടെത്താൻ ലളിതമായ മാർഗ്ഗം ഉണ്ട്.**

**ദൈവം, ശബ്ദത്തെയും ശക്തികളെയും മഹോന്നതമായി ലയിപ്പിച്ച് ഉയർത്തിയിട്ടുണ്ട്.**

**ജീവിതത്തെ ഏറ്റവും ആനന്ദകരമാക്കുന്നത് ശബ്ദമാണ്; മഹാപ്രപഞ്ചത്തിൽ ശബ്ദം എന്നൊന്ന് ഇല്ലെന്നു വന്നാൽ മനുഷ്യർ ഉൾപ്പെടെ എല്ലാ ജീവികളുടെയും ജീവിതം അരോചകവും അർത്ഥശൂന്യം പോലെയും ആകുന്നതാണ്. സ്വയം വിശകലനം ചെയ്ത് ബോദ്ധ്യപ്പെടാവുന്നതാണ്.**

**ശബ്ദം യഥാർത്ഥത്തിൽ സ്വയം ഉണ്ടാവുകയാണ്; ഉണ്ടാക്കുകയാണെന്ന പ്രതീതിയെ ശബ്ദം തന്നെ ജീവികൾക്ക് നൽകുകയും അവയെ കൂടുതൽ സന്തോഷിപ്പിക്കുകയുമാണ്. ഉദാഹരണത്തിന്** ചുറ്റും ഒന്നു ശ്രദ്ധിച്ചാൽ, തേങ്ങ താഴെ വീഴുമ്പോഴും, കാറ്റ് വീശുമ്പോഴും, മഴ പെയ്യുമ്പോഴും, രണ്ടു വസ്തുക്കൾ തമ്മിൽ കൂട്ടിമുട്ടുമ്പോഴും, ഫാൻ പോലെയുള്ളവ വായുവിൽ ചുറ്റുമ്പോഴും ഒക്കെ ശബ്ദം ഉണ്ടാകുന്നുണ്ട്. **വ്യവസായ ശാലകളിലും മറ്റും യന്ത്രങ്ങൾ കറങ്ങുമ്പോഴും വാഹനങ്ങൾ ഓടുമ്പോഴും ശക്തിക്ക് അഥവാ ഊർജ്ജത്തിന് പരിണാമം ഉണ്ടാകുന്നതും; അക്കൂടെ ശബ്ദം ഉണ്ടാകുന്നതും അനുഭവിച്ച് അറിയുന്ന കാര്യമാണ്.**

**ഊർജ്ജത്തിന് പരിണാമം സംഭവിക്കുമ്പോൾ, അവിടങ്ങളിലെല്ലാം ഉണ്ടാകുന്ന ശബ്ദം മറ്റൊരു ഊർജ്ജമോ ഉപോല്പന്നമോ അല്ല.**

**'ആദിയിൽ വചനം ഉണ്ടായി, .. വചനം ദൈവം ആയിരുന്നു", "ഉണ്ടാകട്ടെ" തുടങ്ങിയ വചനങ്ങൾ ദൈവീകമാണ്; അവയെ മഹാശാസ്ത്ര പരമായി വിശദീകരിക്കുന്നു.**

മറ്റുള്ള ജീവികളും, മനുഷ്യരും, യന്ത്രങ്ങളുടെ പ്രവർത്തനവും, ശബ്ദങ്ങളെ ഉണ്ടാക്കുന്നതായി കരുതുന്നത് തെറ്റാണ്. **ശബ്ദങ്ങളായി ദൈവം പ്രകടമാവുകയാണ്.**

പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളുടെയും ആറ്റങ്ങളിലുള്ള **ആദിവചനവും, സൃഷ്ടി മന്ത്രവും, ശബ്ദ ബ്രഹ്മവും** ഒക്കെയായ ഏകമഹാശബ്ദത്തിൽ നിന്നും എല്ലാ ജീവികളുടെയും ജീവിതത്തെ മഹാസുന്ദരമാക്കുന്ന അനന്തമായ ശബ്ദങ്ങളെ ലഭിക്കുകയാണ്. **ജീവികളുടെ സ്വത്വം, ശരീരം, ജീവിതം, ഭൂമി എന്നിവയെ ബന്ധിപ്പിച്ചു കൊണ്ടുള്ള ഭൂമിയായ ദൈവത്തിന്റെ മഹാ-ആവിഷ്ക്കാരമാണത്.**

ഭൂമിയുടെ ഏതാനും മൂലകങ്ങൾ കൊണ്ട് ഭൂമി അഥവാ ശരീരം സ്വയം ഉണ്ടാക്കിയിട്ടുള്ള ശരീരത്തിലെ കൈകാലുകൾ, വിരലുകൾ, കീഴ്ത്താടി കൊണ്ട് വായ്, നാവ്, ചുണ്ട്, കവിളുകൾ, കൺപോളകൾ എന്നിങ്ങനെ ഏതാനും അവയവങ്ങളെ ഭാഗികമായി ചലിപ്പിക്കുവാനുള്ള സ്വാതന്ത്ര്യത്തെ മാത്രമേ സ്വത്വബോധം എന്ന ജീവാത്മാവിന്, 'ഭൂമിയുടെ അഥവാ ദൈവത്തിന്റെ അംശമായ ശരീരം' നൽകുന്നുള്ളൂ. പ്രസ്തുത ഭാഗികമായ ചലനങ്ങളെ കൊണ്ടു തന്നെ ശരീരത്തെ മൊത്തം ഭരിക്കുന്നതും ശരീരം വ്യക്തിയുടെ സ്വന്തമാണെന്ന  പ്രതീതിയും വ്യക്തിക്ക് നൽകി ആനന്ദിപ്പിക്കുന്നുണ്ട്. **ഭാഗിക 'ചലന സ്വാതന്ത്ര്യമാകുന്ന ശരീരത്തിലെ ശക്തികളെ' ശരീരത്തിന്റെ അകമേയും പുറമേയും വ്യക്തിചെലുത്തുന്നു.**

**അപ്പോൾ വ്യക്തിയും ശബ്ദം കേൾക്കുന്നു 'ബധിരത' ഇല്ലെങ്കിൽ, എന്നല്ലാതെ വ്യക്തിക്ക്/ ജീവിക്ക് / ജീവാത്മാവിന് ശബ്ദത്തെ ഉണ്ടാക്കാനോ നിശ്ചയിക്കാനോ കഴിയില്ല; കഴിവില്ല.**

**മനുഷ്യർക്കും മറ്റുള്ള ജീവികൾക്കും, വ്യത്യസ്തങ്ങളും വൈവിധ്യങ്ങളുമായ ശബ്ദങ്ങളെ ഉണ്ടാക്കാൻ കഴിയുമെന്ന് തോന്നുന്നതും, വളരെയധികം സാധിക്കുന്നതും 'ഭൂമിയും, ഭൂമിയുടെ അംശമായ ശരീരവും, അവയിൽ ലയിച്ചിട്ടുള്ള മഹാശബ്ദവും', ഓരോ വ്യക്തിക്കും / ജീവിക്കും / സ്വത്വമായ ജീവാത്മാവിനും 'ശബ്ദത്തെ' കനിഞ്ഞു നൽകുന്നതു കൊണ്ടു മാത്രമാണ്.** **ജീവിതത്തിൽ, ഭാഗികമായോ പൂർണമായോ, താൽക്കാലികമായോ സ്ഥിരമായോ ഒച്ച അടയ്ക്കുന്നതും, വ്യത്യാസപ്പെടുന്നതും, ഉപ്പുവെള്ളം തൊണ്ടയിൽ കുലുക്കുന്നതും, 'ശബ്ദം നഷ്ടപ്പെടുമ്പോൾ വീണ്ടും തിരിച്ചു കിട്ടിയേക്കും' എന്ന പ്രത്യാശ നൽകിക്കൊണ്ട് സ്വന്തം കഴിവില്ലായ്മ പ്രകടിപ്പിക്കുവാൻ മാത്രം ഡോക്ടർമാർക്ക് കഴിയുന്നതും, ശബ്ദത്തെ സൃഷ്ടിക്കാൻ യഥാർത്ഥത്തിൽ കഴിവില്ലാത്തതു കൊണ്ടാണ്.**

**സ്വന്തമെന്ന് കരുതുന്ന ശരീരത്തിന്റെ പ്രവർത്തനങ്ങളെ വിശകലനം ചെയ്താൽ ബോദ്ധ്യമാകുമെങ്കിലും, കുഞ്ഞുങ്ങൾ ശ്രമിക്കുന്നില്ല; ജീവിക്കാൻ അത്യാവശ്യം അല്ലാത്ത ജ്ഞാനം നൽകി ദൈവം കുഞ്ഞുങ്ങളെ ഭാരപ്പെടുത്തുന്നുമില്ല.**

ശരീരം ഉൾപ്പെടെ പ്രപഞ്ചത്തിലെ സമസ്ത വസ്തുക്കളും ശാസ്ത്ര പരമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്; ശബ്ദവുമായി ബന്ധപ്പെട്ട ഊമത്തം ഒഴികെയുള്ള എല്ലാ രോഗങ്ങളെയും/ അവസ്ഥകളെയും വൈദ്യശാസ്ത്ര നിയമങ്ങൾ പ്രകാരം ശസ്ത്രക്രിയ ഉൾപ്പെടെയുള്ള ചികിത്സ ചെയ്തു സുഖപ്പെടുത്താൻ കഴിയുമെന്ന ധാരണ ഉണ്ടാകുന്നതുമാണ്. ഔഷധം നൽകിയും ശസ്ത്രക്രിയ ചെയ്തും ഊമയെ സംസാരിപ്പിക്കാമെന്ന് ഡോക്ടർക്ക് പറയാൻ കഴിയില്ല.

**ശബ്ദത്തിന്റെ കാര്യത്തിൽ വ്യത്യാസം ഉണ്ടാകുവാൻ കാരണം, ശബ്ദം /വചനം ദൈവം തന്നെയാണ്.**

**സ്രഷ്ടാവ് കൂടിയായ ശബ്ദം, സൃഷ്ടികൾ ആഗ്രഹിക്കുന്ന അനന്തമായ ശബ്ദങ്ങളായി പ്രകടമാവുകയാണു ചെയ്യുന്നത്.**

**കുറച്ചുകൂടി വിശദമാക്കാം : വ്യക്തിയുടെ അഥവാ സൃഷ്ടികളുടെ ആഗ്രഹത്തിനൊത്ത് ശബ്ദം ഉണ്ടാവുകയാണ്; ദൈവാംശമായ ശരീരം, സൃഷ്ടിയുടെ ആഗ്രഹത്തെ അനുവദിക്കുകയാണ്.**

**ശബ്ദത്തെ ഉച്ചരിക്കാനുള്ള സൃഷ്ടിയുടെ ആഗ്രഹത്തെ 'ദൈവാംശമായ ശരീരത്തിൽ' ഭൗതിക അസ്തിത്വം ഉള്ള കമ്പനങ്ങളായി /ശക്തികളായി സൃഷ്ടിക്കുകയും, കമ്പനങ്ങളെ ശബ്ദമായി മാറ്റുകയുമാണ്.**

വ്യക്തികൾക്ക് തനതായി ലഭിക്കുന്ന ശബ്ദ വ്യത്യാസം, വ്യത്യസ്ത ജീവികൾക്ക് ലഭിക്കുന്ന ശബ്ദ (ഉച്ചാരണ) വ്യത്യാസം, ശബ്ദത്തിന്റെ അളവ് (volume) എന്നിവയെ **നിശ്ചയിക്കുന്നത് സ്വയം ശബ്ദം തന്നെയാണ്; അഥവാ ശബ്ദം നിശ്ചയിക്കുന്ന പോലെ ദൈവാംശമായ ശരീരമാണ്; സ്വത്വം അഥവാ ജീവാത്മാവ് അല്ല.**

ദൈവം, സൃഷ്ടികൾക്ക് അനുഗ്രഹിച്ചു നൽകിയിട്ടുള്ള സമ്പൂർണ്ണ സ്വാതന്ത്ര്യം പ്രകാരം ഏറ്റവും ശ്രേഷ്ഠം, നല്ലത്, മോശമായത്, എന്നിങ്ങനെയുള്ള ശബ്ദങ്ങളെ ഉച്ചരിക്കാൻ വ്യക്തി ആഗ്രഹിക്കുന്നത് സൃഷ്ടികൾക്ക് അനുവദിച്ചിട്ടുള്ള സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട വിഷയമാണ്.

പൊതുവേ വ്യക്തിക്ക് നൽകുന്ന സ്വാതന്ത്ര്യത്തിൽ ഭൂമി ഇടപെടില്ല എങ്കിലും മഹാനീതി ശാസ്ത്ര പ്രകാരം താൽക്കാലികമായോ അപൂർവ്വമായി കൂടുതൽ കാലമോ വ്യക്തിക്ക് ഒച്ച/ശബ്ദം നൽകിയില്ലെന്നും, ഊമയാക്കിയെന്നും വരാം.

ശബ്ദം തരംഗങ്ങൾ പോലെ സഞ്ചരിക്കുന്നതും, വസ്തുക്കളിൽ കമ്പനത്തെ സൃഷ്ടിക്കുന്നതും, കമ്പനങ്ങൾ വീണ്ടും ശബ്ദമാകുന്നതും  വെളിപ്പെട്ടു കഴിഞ്ഞ ശാസ്ത്ര നിയമങ്ങളാണ്. കമ്പനങ്ങളെ സൃഷ്ടിച്ചും ആധാരമാക്കിയും റിക്കാർഡിംഗും, റിക്കാർഡറുകളും അനുവദിച്ചിരിക്കുകയാണ്.

റിക്കാർഡറുകൾ ചെയ്യുമ്പോലെ, ഊമയിലെ കമ്പനത്തെ ശബ്ദങ്ങളായി മാറ്റാൻ **ശബ്ദം കൂടിയായ ദൈവം** അനുവദിച്ചാൽ ഊമത്തം മാറുന്നതാണ് ! മണ്ണ്, കല്ല്, സിമന്റ് തറ, ഓട്, ഷീറ്റ്, തുടങ്ങി വ്യത്യസ്ത പ്രതലങ്ങളിൽ ഒരേ ശബ്ദം, ഉദാഹരണത്തിന് മഴവെള്ളം വീഴുമ്പോൾ, ശബ്ദ വ്യത്യാസങ്ങൾ ഉണ്ടാകുന്നതും; ദൂരെ ഉണ്ടാകുന്ന ശബ്ദങ്ങളെ കേൾക്കാൻ കഴിയുന്നതും കമ്പനങ്ങളായി സ്മാർട്ട്ഫോണിലുള്ള റിക്കാർഡറുകൾ പോലും റിക്കാർഡ് ചെയ്യുന്നതും, മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളും ഉച്ചഭാഷിണികളും റേഡിയോയും മറ്റും ശബ്ദം കുറയ്ക്കുമ്പോഴും കൂട്ടുമ്പോഴും കമ്പനത്തിന് മാറ്റം ഉണ്ടാകുന്നില്ല എന്നതും, ശബ്ദത്തിന്റെ ദൈവപ്രഭാവമാണ് !

സ്മാർട്ട്ഫോണിലുള്ള റിക്കാർഡറുകൾ ചുറ്റുമുള്ള ശബ്ദങ്ങളെ റിക്കാർഡ് ചെയ്യുമ്പോൾ, മനുഷ്യർക്കു ലഭ്യമായ കേൾവി ശക്തിക്ക് ആനുപാതികമായി റിക്കാർഡ് ചെയ്തവയെ കേൾക്കാൻ കഴിയുന്നതാണ്. കിലോമീറ്ററുകൾക്ക് അകലെ മിന്നലിനോടൊപ്പം ഉള്ളതായ ഇടിമുഴക്കത്തെയും റിക്കാർഡ് ചെയ്തിട്ടുണ്ടെന്ന് കേട്ടു തന്നെ അറിയാം. മനുഷ്യരുടേതിൽ നിന്ന് വ്യത്യസ്തമായി വളരെയധികം കേൾവി ശക്തി ഉള്ള ജീവിക്ക് സൂക്ഷ്മവും സ്ഥൂലവുമായ ഏറെ ശബ്ദങ്ങളെ ഒരേ റിക്കാർഡറിൽ നിന്ന് കേൾക്കാൻ കഴിയുന്നതാണ്. മനുഷ്യന്റെ കൈവശം ഉള്ള ഫോണിലെ റിക്കാർഡറിൽ നിന്നു പോലും അനന്തമായ ശബ്ദങ്ങളെ റിക്കാർഡ് ചെയ്യാൻ കഴിയും. ആറ്റത്തിന്റെ ഉള്ളിലെ ശബ്ദ ബ്രഹ്മം എന്ന മഹാ-റിക്കാർഡർ  കൂടിയായ സ്രഷ്ടാവ് പ്രപഞ്ചത്തിലെ സർവ്വവും ഒരേസമയം മഹാശാസ്ത്രപരമായി കേൾക്കുന്നുണ്ട്; റിക്കാർഡ് ചെയ്യുന്നുമുണ്ട്  എന്ന മഹാപാഠം വെളിപ്പെടുന്നു. സമസ്ത ജീവികളുടെയും പ്രാർത്ഥനകളെ ശബ്ദ ബ്രഹ്മം എന്ന മഹാ-റിക്കാർഡർ മുഖേന കേൾക്കാൻ കഴിയുന്നതാണ് അഥവാ സ്വയം ദൈവം തന്നെയായ ശബ്ദ ബ്രഹ്മം സദാ അറിയുന്നുണ്ട്. ദൈവത്തിന്റെ വാതക രൂപമാണ് ഓക്സിജൻ എന്ന് തെളിയിച്ചിട്ടുള്ളതിനെയും, മനുഷ്യരുടെ ചിന്തകളെ പോലും ദൈവത്തിന്റെ വാതക രൂപവും, ജീവികളുടെയെല്ലാം ജീവനും ശക്തിയുമായ ഓക്സിജൻ അറിയുന്നുണ്ട് എന്നതിനെ കൂട്ടിവായിക്കുക.

ശബ്ദ ബ്രഹ്മം തന്നെയാണ് ഓക്സിജനെ സൃഷ്ടിച്ചിട്ടുള്ളത് അഥവാ ഓക്സിജനായി അവതരിക്കുന്നത് എന്നും തെളിയുന്നുണ്ട്. ( ബ്രഹ്മം എന്നു വച്ചാൽ, പ്രപഞ്ചം ഉൾപ്പെടെ യാതൊന്നും ഇല്ലെങ്കിലും ഏതൊന്നുണ്ടോ അതാണ് ദൈവം എന്ന പ്രപഞ്ചത്തിനും അതീതമായ ദൈവത്തിന്റെ മഹാഅവസ്ഥ ആണ്. ബ്രഹ്മ പാഠത്തിൽ വിശദീകരിച്ചിട്ടുണ്ട്.)

മാതാപിതാക്കളുടെ ശബ്ദവുമായും സ്വഭാവങ്ങളുമായും മറ്റും കുട്ടികൾക്ക് ശബ്ദ-സാമ്യം ഉണ്ടാകുമ്പോൾ അതിനു കാരണം മാതാപിതാക്കളുടെയും മറ്റും ജീനുകൾ പകരുന്നതു കൊണ്ടാണെന്ന് ദുർവ്വാദിക്കുന്നവർക്കുള്ള മഹാശാസ്ത്രപരമായ ഉത്തരവും ശബ്ദം ആയ ദൈവം നൽകുന്നുണ്ട്. ഇന്ന് സർവ്വസാധാരണം ആയിരിക്കുന്ന മിമിക്രി കലാകാരന്മാരിൽ മിക്കവരും നൂറിലേറെ ആളുകളുടെ ശബ്ദത്തെ കൃത്യമായി അനുകരിക്കുമ്പോൾ, ജീൻ വാദം പ്രകാരം, മനുഷ്യ-മാതാപിതാക്കളും ബന്ധുക്കളും ഉൾപ്പെടെ **പ്രപഞ്ചത്തിലെ സമസ്ത സൃഷ്ടികളുടെയും മാതാപിതാക്കൾ യഥാർത്ഥത്തിൽ മഹാശക്തിയായ ദൈവം ആണെന്ന്** മഹാശാസ്ത്ര പരമായി തെളിയുന്നുണ്ട്.

## ആദിവചനമായ സൃഷ്ടിമന്ത്രത്തിന്റെ മഹാ-ഭാഗം

**ശക്തിയെ അഥവാ ഊർജ്ജത്തെ സൃഷ്ടിക്കുവാൻ സൃഷ്ടിയായ ജീവിക്ക് / ആത്മാവിനു കഴിയില്ലെങ്കിലും, താപ-ഊർജ്ജത്തെ കൊണ്ട് ഭക്ഷണത്തെ വേവിക്കുന്നതു പോലെ ഊർജ്ജത്തെ മറ്റൊരു ഊർജ്ജമായി പരിണമിപ്പിക്കാൻ കഴിയുമെന്ന ശാസ്ത്ര പാഠം ആദികാലം മുതൽ മനുഷ്യന് നൽകിയിട്ടുണ്ട്. ഊർജ്ജ പരിണാമം പ്രകാരമാണ് വൈദ്യുതി നിർമ്മാണം, യന്ത്രങ്ങളുടെ പ്രവർത്തനം തുടങ്ങിയവ ചെയ്യുന്നത്. ആവി / ഡീസൽ എൻജിൻ / ജല വൈദ്യുത യന്ത്രം / കെമിക്കൽ യന്ത്രം / കാന്തം / കൽക്കരി / ബൾബ് തുടങ്ങിയവ കൊണ്ടും ഊർജ്ജത്തെ പരിണമിപ്പിക്കുന്നുണ്ട്.**

ചില ക്രമപ്രശ്നങ്ങളിലൂടെ വിവരിക്കാം. ആറ്റത്തിനുള്ളിലെ പ്രോട്ടോണുകളെ ഇലക്ട്രോണുകൾ സദാ ചുറ്റുന്നുണ്ട്. മഹാശക്തിയായ ദൈവത്തിന്റെ അംശമാണ് ഇലക്ട്രോൺ എങ്കിൽ ഇലക്ട്രോണിന് സ്വയം സദാ ചുറ്റാൻ കഴിയും; അങ്ങനെ വരുമ്പോൾ ദൈവാംശമാണ് ഇലക്ട്രോൺ എന്ന് തെളിയിക്കാൻ കഴിയണം; തെളിയിക്കാൻ തൽക്കാലം മാർഗ്ഗമില്ല. പ്രോട്ടോൺ, ഇലക്ട്രോണിന് സദാ ശക്തി നൽകിക്കൊണ്ടിരുന്നാൽ ഇലക്ട്രോണിന് ചുറ്റാനാകും; അപ്പോൾ ദൈവാംശമാണ് പ്രോട്ടോൺ എന്ന് തെളിയിക്കാൻ കഴിയണം; അത് തെളിയിക്കാനും തൽക്കാലം മാർഗ്ഗമില്ല. മനുഷ്യർക്ക് വെളിപ്പെട്ടു കഴിഞ്ഞ ശാസ്ത്രം പ്രകാരം, സൂക്ഷ്മമായ ആറ്റത്തിനുള്ളിലെ അതിസൂക്ഷ്മമായ പ്രോട്ടോണുകളെ ഇലക്ട്രോണുകൾ ചുറ്റുമ്പോൾ ശബ്ദം ഉണ്ടാകുന്നുണ്ട്. അങ്ങനെ വരുമ്പോൾ ചുറ്റാനുള്ള ശക്തി നൽകുന്നത് ശബ്ദമാണോ എന്നറിയണം.

ശബ്ദം കമ്പനത്തെ / ഊർജ്ജത്തെ / ശക്തിയെ ഉണ്ടാക്കുന്നുണ്ട്; അഥവാ ശബ്ദം ശക്തി കൂടിയാണ്. റേഡിയോ, ടേപ്പ് റിക്കാർഡറുകൾ തുടങ്ങിയവ സാക്ഷ്യമാണ്. അപ്പോൾ പ്രോട്ടോണുകളെ ഇലക്ട്രോണുകൾക്ക് സദാ ചുറ്റാൻ ആവശ്യമായ ശക്തി നൽകുന്നത് ശബ്ദമാണെന്ന് സാരം. പ്രപഞ്ചത്തിലെ എല്ലാ ഇലക്ട്രോണുകൾക്കും ശക്തി പകർന്നു നൽകുന്നത് ശബ്ദം ആകുമ്പോൾ, ആയത് 'ഏകമഹാ-ശബ്ദമായ ബ്രഹ്മകണം' ആവണം. ഇലക്ട്രോണുകൾക്കും പ്രോട്ടോണുകൾക്കും ന്യൂട്രോൺ ഉൾപ്പെടെ മറ്റു ഘടകങ്ങൾക്കും, ആറ്റങ്ങൾക്കും, സമസ്ത മൂലകങ്ങൾക്കും, ഭൂമിക്കും പ്രപഞ്ചത്തിനും ശക്തി കിട്ടുന്നത് 'ദൈവമായ മഹാശബ്ദ' ത്തിൽ നിന്നാണെന്നു തെളിയുന്നു.

അതിസൂക്ഷ്മമായ പരമാണുവിനകത്തുള്ള ശബ്ദം പുറമെ കേൾക്കണമെങ്കിൽ അതിലും സൂക്ഷ്മമായ മറ്റൊരു സംവിധാനം മനുഷ്യർ കണ്ടെത്തേണ്ടതുണ്ട്.

സ്ഥൂലവും സൂക്ഷ്മവുമായ യന്ത്രങ്ങളെയും അവയുടെ പ്രവർത്തനങ്ങളെയും അവരോഹണ ക്രമത്തിൽ വിശകലനം ചെയ്യുമ്പോൾ, അവയെല്ലാം കുറഞ്ഞും കൂടിയും ശബ്ദമുണ്ടാക്കുന്നത് അറിഞ്ഞും അനുഭവിച്ചും കഴിയുന്നവരാണ് ഏറെക്കുറെ എല്ലാ മനുഷ്യരും ! അതിസൂക്ഷ്മമായിരിക്കുന്നതിനെ അറിയാൻ അതി-അതി-സൂക്ഷ്മമായ സംവിധാനങ്ങളെ ഒരുക്കാൻ സാധിക്കുമോ എന്നാണ് പരിശ്രമിക്കേണ്ടത്, എന്നെല്ലാം പറയാൻ എളുപ്പമാണെങ്കിലും, നിശ്ചിത പരിധി കഴിഞ്ഞാൽ അത് പ്രാവർത്തികമല്ല. പരമാണുവിൽ ശബ്ദം ഉണ്ടാകുമെന്നത് ശാസ്ത്രപരമാണ്. എന്നുവച്ചാൽ, മഹാശക്തി, മഹാസത്യം എന്നെല്ലാം കഷ്ടിച്ചു വിശേഷിപ്പിക്കാവുന്നതും പ്രപഞ്ചത്തിന് അതീതവുമായ ശക്തിക്ക് ശബ്ദം പോലെ അതീതമായും പ്രപഞ്ചത്തിൽ പ്രവേശിക്കാൻ കഴിയും !

ദൈവം ആകുന്ന ശബ്ദം എന്താണെന്ന് വെളിപ്പെട്ടത് **ഭൂമിയിലുള്ള എല്ലാ മനുഷ്യർക്കും കേൾക്കാനും സുവ്യക്തമായി ബോദ്ധ്യപ്പെടാനും കഴിയണം. ദൈവത്തിന്റെ അംശമല്ലാത്ത സൃഷ്ടിയായ ജീവാത്മാവ് ഒഴികെ,** 'സ്വന്തമെന്ന് ജീവാത്മാവ് പലപ്പോഴും തെറ്റിദ്ധരിച്ചു പോരുന്ന 'ശരീരം ഉൾപ്പെടെ ഭൂമിയിലെ എല്ലാ വസ്തുക്കളും ദൈവത്തിന്റെ അംശങ്ങളാണ് ' എന്നു ബോദ്ധ്യപ്പെടുത്തി ക്കൊണ്ട്, അവയിൽ നിന്നെല്ലാം മഹാസംഗീതമായും, ദൈവത്തിന്റെ മഹാചിരിയായും ഓം ഉടൻ മുഴങ്ങുന്നതാണ്. **എല്ലാ മനുഷ്യരും കേൾക്കുന്നതാണ്.**

ഭൂമിയിലെങ്ങും തുടർച്ചയായി 3 മുതൽ 33 വർഷക്കാലം **ഓം** ധ്വനിക്കുമ്പോൾ; ഒരാൾക്ക് 3 വർഷം കേൾക്കാനാവും.

**മഹാശക്തിയായ മഹാദേവി ഓം-ലൂടെയും പരമശിവനിലൂടെയും മഹാകാര്യങ്ങളെ ചെയ്യുമ്പോൾ ഓം -ഉം പരമശിവനും, മഹാദേവിയുടെ ഭാഗങ്ങളെന്ന് വിശേഷിപ്പിക്കാവുന്ന മാധ്യമം അല്ലാത്ത മാധ്യമം അഥവാ -ലൂടെ മാത്രമാണ്. കർത്താവ് മഹാദേവി തന്നെയാണ്. ഓം എന്ന സൃഷ്ടിമന്ത്രത്തിൽ മഹാദേവി പ്രവേശിപ്പിച്ചിട്ടുള്ളതായ മഹാമായയുടെ ഒരു ചെറിയ അംശത്തിലൂടെ ജ്ഞാന (ശാസ്ത്ര) + ശക്തി കാര്യങ്ങളെ മുഴുവനും മഹാദേവി ചെയ്യുന്നു.**

പരമശിവനി-**ലൂടെ** ചെയ്യുന്ന കാര്യങ്ങളെപ്പറ്റി പറയുമ്പോൾ തനിപ്പെട്ട വ്യക്തിസ്വാതന്ത്ര്യം നൽകരുതേ എന്ന് **മഹാദേവിയോട്** പരമശിവൻ ഉള്ളുരുകി പ്രാർത്ഥിക്കുന്നതുകൊണ്ടും **മഹാദേവി** പ്രാർത്ഥനയെ മഹാഅനുവദിക്കുന്നതു കൊണ്ടുമാണ് പരമശിവനി**ലൂടെ** ചെയ്യുന്ന **കാര്യങ്ങൾക്ക് മഹാദേവി മഹാ-കാരണക്കാരിയാവുന്നത്**. പ്രപഞ്ചപിതാവായും കൂടി മഹാനിശ്ചയിച്ചിട്ടുള്ള പരമശിവനെ **മഹാസംശുദ്ധനാക്കുന്നതിന്റെ** ഭാഗമായിട്ട് പരമശിവന്റെ വ്യക്തിസ്വാതന്ത്ര്യത്തെ **ദൈവീകമായിട്ട് മഹാനിയന്ത്രിക്കുവാൻ** കൂടിയാണ് **പരമശിവനെ ഓംകാര നീതി ശാസ്ത്ര പ്രകാരം മഹാബന്ധിക്കുന്നത്.**

**മഹാദേവിയുടെ മഹാമായാ - ആവിഷ്ക്കാരത്തിലെ ഗൂഢതയുടെ രഹസ്യം ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവി എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്.**

**രണ്ടായി പിരിഞ്ഞ് രണ്ടു വ്യക്തികൾ പോലെ രണ്ടു കർമ്മങ്ങൾ ചെയ്യുമ്പോൾ, രണ്ടും ഫലത്തിൽ വിഭിന്നമാണ്. സൂക്ഷ്മ തലങ്ങളിൽ ഓരോ അണുവിലും ഇലക്ട്രോൺ, പ്രോട്ടോൺ എന്നിങ്ങനെ വ്യത്യാസപ്പെട്ടും വ്യത്യസ്ത ധർമ്മങ്ങൾ ആവിഷ്ക്കരിക്കപ്പെട്ടും ഉണ്ടായതാണ് മഹാപ്രപഞ്ചവും ജീവികളും !**

**ബ്രഹ്മത്തിന്റെ ശ്രേഷ്ഠമായ ഭാവ-രൂപമായിട്ട് അഥവാ പരബ്രഹ്മമായി സൃഷ്ടിച്ചിട്ടുള്ള മഹാപ്രപഞ്ചത്തിന്റെ സൃഷ്ടിസ്ഥിതിസംഹാരങ്ങളെ മഹാസുന്ദരമാക്കാനാണ് ഓം -ന്റെ സൃഷ്ടി എന്ന തിരിച്ചറിവോടെ കാര്യങ്ങളെ സമീപിക്കുമ്പോൾ, ബ്രഹ്മത്തിന്റെ ആദിയും അന്തവും ഇല്ലാത്ത സ്വഭാവ-വിശേഷങ്ങളെപ്പറ്റി അന്വേഷിക്കുന്നത് ആവശ്യമില്ലാത്തതും പൂർത്തിയാക്കാൻ കഴിയാത്തതും വ്യർത്ഥവുമായ വ്യായാമം ആണെന്നും, ലഘുവായി പ്രപഞ്ചകാര്യങ്ങളെ മനസ്സിലാക്കുകയേ വേണ്ടൂ എന്നും ബോദ്ധ്യമാകുന്നതാണ്. ശക്തിയെയും ശിവനെയും സൃഷ്ടിക്കുന്നതിനെപ്പറ്റി മുമ്പ് വ്യക്തമാക്കിയിരുന്നു. പരമാണുവിൽ ശക്തിചക്രമായും ശിവചക്രമായും സൃഷ്ടിക്കപ്പെടുന്നത് ശക്തിയും ശിവനും തന്നെയാണ്.**

**പരമാണുവിന്റെ ഉള്ളിലിരുന്നു കൊണ്ട് ശബ്ദബ്രഹ്മമായ ഓം, പരമാണുവിലെ ശക്തി ചക്രങ്ങളുടെയും ശിവചക്രങ്ങളുടെയും എണ്ണത്തെ വർദ്ധിപ്പിക്കുകയും തുല്ല്യപ്പെടുത്തുകയും ധർമ്മങ്ങളെ വ്യത്യാസപ്പെടുത്തുകയും ചെയ്യുന്നു. തീർന്നില്ല, ന്യൂട്രോണുകളെന്നും ക്വാർക്കുകളെന്നും മറ്റും മനുഷ്യരി -ലൂടെ പേരിട്ടിട്ടുള്ള ഘടകങ്ങളുടെയും എണ്ണവും ഘടനയും ധർമ്മങ്ങളും മഹാനിശ്ചയിക്കുകയും, ജീവികളുടെയും വസ്തുക്കളുടെയും ധർമ്മശാസ്ത്രവും നീതിശാസ്ത്രവും നിശ്ചയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു.**

ശക്തിചക്രം, ശിവചക്രം എന്നീ പദങ്ങളെ അല്പം വിശദീകരിക്കാം. ഒരേ ഘനമുള്ളതും ഒരേ വ്യാസവുമുള്ളതുമായ രണ്ടോ അതിലധികമോ ചക്രങ്ങളെ അടുക്കി വെച്ചാൽ അവ ഒരു ചക്രമായി ഭവിക്കുന്നതാണ്, ഒരു വൃത്തത്തിനു മുകളിൽ അതേ അളവിലുള്ള വൃത്തങ്ങൾ എത്ര വരച്ചാലും ഒരു വൃത്തമേ ലഭിക്കൂ എന്നതുപോലെ. അവരോഹണ ക്രമത്തിൽ പറയുമ്പോൾ, ഒരേ വൃത്തത്തിൽ നിന്ന് അതേ അളവിലുള്ള എത്ര വൃത്തം (ചക്രം) വേണമെങ്കിലും ലഭിക്കുന്നതാണ്. വ്യാപ്തം മാത്രമുള്ളതും ഉള്ളും പ്രതലവും ശൂന്യവുമായ ഒരു ഗോളത്തെ സങ്കല്പിച്ചാൽ, അതേ വ്യാപ്തമുള്ള അനന്തങ്ങളായ ഗോളങ്ങൾ, ആദ്യ ഗോളത്തിൽനിന്ന് സൃഷ്ടിക്കാനും, അതേപോലെ ആദ്യ ഗോളത്തിലേക്ക് ലയിപ്പിക്കാനും (പ്രവേശിപ്പിക്കാനും) കഴിയുന്നതാണ്. ശക്തിഗോളം, ശിവഗോളം എന്നതിനു പകരം ശക്തിചക്രം, ശിവചക്രം എന്നീ പദങ്ങളെ സ്വീകരിച്ചത് വിശദീകരണ സൗകര്യം കൊണ്ടാണ്.

**ഓം** എന്ന ശബ്ദബ്രഹ്മം ശക്തിചക്രങ്ങളുമായി (മാത്രം) ചേരുമ്പോൾ, ശക്തിചക്രത്തിന്റെയും ശിവചക്രത്തിന്റെയും ഘടനയും ധർമ്മങ്ങളും വ്യത്യാസപ്പെടുന്നു. മഹാപ്രപഞ്ചത്തെ സുന്ദരമാക്കാനായി ശക്തിചക്രങ്ങ ളുടെയും ശിവചക്രങ്ങളുടെയും എണ്ണത്തെ വ്യത്യാസ പ്പെടുത്തിക്കൊണ്ടും, ജീവികളുടെ ജന്മങ്ങളുടെ എണ്ണം, സ്വഭാവരീതി, ജന്മഗുണങ്ങൾ എന്നിവയെ ആസ്പദമാക്കി ക്കൊണ്ട് മറ്റു ഘടകങ്ങളും, പരമാണുവിൽ **ഓം** ചേർന്ന ശക്തിചക്രം സൃഷ്ടിക്കുമ്പോൾ, വ്യത്യസ്ത മൂലകങ്ങൾ സൃഷ്ടിക്കപ്പെടുന്നതോടൊപ്പം, ഓരോ പരമാണുവും ഒരു അതിസൂക്ഷ്മ പ്രപഞ്ചമായി മാറുന്നു.

**പ്രോട്ടോൺ, ഇലക്ട്രോൺ എന്നിവയിൽ ഏതാണ് ശക്തിചക്രമെന്നും ഏതാണ് ശിവചക്രമെന്നും സുവ്യക്തമായ വെളിപാട് ലഭിച്ചിട്ടില്ല. മഹാദേവിയുടെ മഹാഅനുഗ്രഹത്താൽ വൈകാതെ ലഭിക്കുമെന്ന് ഈയുള്ളവൻ കരുതുന്നു.**

ബ്രഹ്മത്തിൽ നിന്ന് ശക്തിചക്രങ്ങളും ശിവചക്രങ്ങളും അനന്തമായി സൃഷ്ടിക്കപ്പെടുന്നതായും, ശക്തിചക്രങ്ങളോട് **ഓം** എന്ന ശബ്ദബ്രഹ്മം ചേരുന്നതായും കണക്കാക്കുമ്പോൾ, പരമാണുക്കളായ അതിസൂക്ഷ്മ പ്രപഞ്ചങ്ങളെയും, അതിസൂക്ഷ്മമായ പ്രപഞ്ചങ്ങളെ വലുതാക്കി വലുതാക്കി മഹാപ്രപഞ്ചത്തെയും സൃഷ്ടിച്ചിരിക്കുകയാണ്, പുതിയ ജീവികളെയും പുതിയ നക്ഷത്രങ്ങളെയും സൃഷ്ടിച്ചുകൊണ്ട് മഹാപ്രപഞ്ചത്തെ അനന്തമായി വലുതാക്കി ക്കൊണ്ടുമിരിക്കയാണ്.

മഹാപ്രപഞ്ചത്തെ സൃഷ്ടിച്ചിട്ടുള്ളതും പരിപാലിക്കുന്നതും ശബ്ദബ്രഹ്മമായ **ഓം** ആണെന്നു കൂടി തോന്നിപ്പോകുന്നതാണ്. **ആദിയിൽ വചനമുണ്ടായി**, വചനം **ഓം** ആയിരുന്നു, എന്നതു പോലെ.

ഈവക പ്രതിഭാസങ്ങൾ മനുഷ്യ ജീവിത കാര്യങ്ങളിൽ അപ്രസക്തമാണെങ്കിലും ശാസ്ത്രപരമായി ഗൗരവമാണ്. അതിനാൽ യഥാർത്ഥ ഘടനയും സ്വഭാവവും വെളിപ്പെടുത്താൻ സമയമായിട്ടില്ല; മഹാദേവി മഹാഉചിതമായ സമയത്ത് വെളിപ്പെടുത്തുന്നതാണ്.

ശബ്ദത്തിന്റെ ഉത്ഭവം, മഹാഹൃദയമായ 'ഓംകാര' ത്തിൽ നിന്നുമാണ്. ഓംകാരം മഹാസൂക്ഷിച്ചിട്ടുള്ളത്, മഹാദാസനും മഹാദേവനുമായി ഉയർത്തിയ പരമശിവന്റെ ഹൃദയത്തോടു ചേർത്തുമാണ്. എന്നാലും **ഓം** എന്ന് ഉച്ചരിക്കുമ്പോൾ '**വായ**' ആവശ്യമാണ്.

അതായത്, മനുഷ്യ-ജീവി അടിസ്ഥാനപരമായി ശബ്ദം പുറപ്പെടുവിക്കുന്നത് ഹൃദയത്തിൽ നിന്നുമാണെങ്കിലും ഉച്ചത്തിലും വ്യക്തമായും ഉച്ചരിക്കണമെങ്കിൽ വായിലൂടെ ശബ്ദം പുറത്തു വരണം. മുഖ്യമായിട്ട് നാവിനെ ഉപയോഗിച്ചാവണമെന്നും മഹാദേവി മഹാശാസ്ത്രത്തിലൂടെ മഹാനിശ്ചയിച്ചിരിക്കുകയാണ്. മുമ്പ് സൂചിപ്പിച്ചതുപോലെ, ഈവക പ്രതിഭാസങ്ങളുടെ യഥാർത്ഥ ഘടനയും സ്വഭാവവും ഇനിയും വെളിപ്പെടുത്താൻ സമയമായിട്ടില്ല.

# ഓം

## മഹാദേവിയുടെ മഹാചിരി
## സൃഷ്ടിമന്ത്രം സംഹാരകാഹളം
## മഹാസൂക്ഷ്മ ശബ്ദം
## ഏകമഹാശബ്ദം മഹാസംഗീതം

ശബ്ദം പുറപ്പെടുവിക്കുന്നത് ആശയവിനിമയത്തിനും മനസ്സിലെ ഭാവം പ്രകടിപ്പിക്കാനുമാണ്. മഹാദേവി **ഓം** എന്ന മഹാശബ്ദം പുറപ്പെടുവിക്കുന്നത് തീർച്ചയായും ഒരു മഹാഭാവത്തോടെ തന്നെയാവും. ആദിയും അന്തവുമില്ലാത്ത മഹാജ്ഞാനത്തെയും മഹാശക്തികളെയും, കൊണ്ട് കുറ്റങ്ങളും കുറവുകളുമില്ലാത്ത മഹാശാസ്ത്രവും മഹാപ്രപഞ്ചവും സൃഷ്ടിച്ച് സംരക്ഷിക്കുമ്പോൾ, മഹാദേവിക്കുണ്ടാകുന്ന മഹാസംതൃപ്തി സർവ്വരോടും പ്രകടിപ്പിക്കുന്ന മഹാചിരിയാണ് **ഓം**. അഹംഭാവമോ, അഹങ്കാരമോ, കളങ്കമോ ഇല്ലാത്ത മഹത്വം പ്രകടമാക്കുന്ന **ചെറു-മഹാചിരിയാണ് ഓം**.

**മഹാശക്തിയായ മഹാദേവി നൽകിയാൽ മാത്രമേ ഏതു ജീവിക്കും എന്തിനും ശക്തിയുള്ളൂ എന്നിരിക്കെ മഹദേവിക്ക് ആരോടും അഹംഭാവമോ പൊങ്ങച്ചമോ കാട്ടേണ്ടതില്ല.** സ്വന്തം പൊന്നോമന- ക്കുഞ്ഞുങ്ങളായി ഭൂമിയിൽ സൃഷ്ടിക്കുന്ന ജീവികൾക്ക് മഹാശാസ്ത്രപ്രകാരം ശക്തികളെ നൽകിക്കൊണ്ട്, എല്ലാ കുഞ്ഞുങ്ങളും അനന്തമായ ആനന്ദങ്ങളെ അനുഭവിച്ചു ജീവിക്കാനാണ് മഹാദേവി ആഗ്രഹിക്കുന്നത്. അതിനായി മനുഷ്യരുടെ 100 ജന്മങ്ങളിലൂടെ എല്ലാ മനുഷ്യർക്കും മഹാനീതിശാസ്ത്രം പ്രകാരം, മഹാദേവി ശക്തികളെ നൽകി അനുഗ്രഹിക്കുന്നു.

മഹാദേവി നൽകുന്ന വ്യക്തിസ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്ത് അഹംഭാവങ്ങളും പൊങ്ങച്ചങ്ങളും കള്ളങ്ങളും കാപട്യങ്ങളും അധർമ്മങ്ങളും അസൂയകളും അവിവേകങ്ങളും കൊണ്ട് മഹാദേവിയെ വേദനിപ്പിക്കുന്നത് മനുഷ്യരാണ്. സാരമില്ല, മായ പ്രത്യക്ഷമാകുന്നതോടെ കുഞ്ഞുങ്ങളുടെ ദുർന്നടപ്പുകളും ദുശ്ശീലങ്ങളുമെല്ലാം കുറയുന്നതും അവസാനിക്കുന്നതുമാണ്. മഹാദേവിയുടെ ചെറു-മഹാചിരിയും ശബ്ദബ്രഹ്മവുമായ **ഓം** ഉച്ചരിക്കുന്നത്, തുറന്നിരിക്കുന്ന വായിലൂടെയാണ്. വായ് തുറന്ന ശേഷം, ഓ എന്ന് ശബ്ദം ആരംഭിക്കുമ്പോൾ, ആദിയില്ലാത്ത അവസ്ഥയും, ം എന്ന് അനുസ്വാരത്തിൽ അവസാനിക്കുമ്പോൾ വ്യവസ്ഥാപിതമായി ശബ്ദം പൂർത്തിയാവുന്ന അവസ്ഥയും, വായ് അടച്ചുകൊണ്ടുതന്നെ ം എന്ന അനുസ്വാരത്തെ അനന്തമെന്നോണം തുടരാൻ കഴിയുന്നതിനാൽ അന്തമില്ലായ്മയും **ഓം** എന്ന മഹാശബ്ദത്തിനുണ്ട്. **ഓം** -ലെ ം എന്ന അനുസ്വാരം മ എന്ന അക്ഷരവുമായി ബന്ധപ്പെട്ടിരിക്കുന്നു.

അമ്മ, ഉമ്മ, മദർ, മാം, എന്നിങ്ങനെ മാതാവ് എന്ന് വ്യത്യസ്ത ഭാഷകൾ പ്രകാരം അർത്ഥം വരുന്ന പദങ്ങളുമായും, കരച്ചിലുമായും, മനുഷ്യരുടെ വളർത്തുമൃഗങ്ങളായ ആട്, പശു, എരുമ, പൂച്ച എന്നിവയുടെ ശബ്ദവുമായും, മ എന്ന അക്ഷരം ബന്ധപ്പെട്ടിരിക്കുന്നു. ലോകഭാഷയായി (ദൈവം) നിശ്ചയിച്ചിട്ടുള്ള ഇംഗ്ലീഷ് ഭാഷയിലെ ഓ -എന്ന അക്ഷരവുമായും, പൂജ്യവുമായും ഗോളവുമായും വൃത്തവുമായും, **ഓം** -നെ ബന്ധിപ്പിച്ചിരിക്കുകയാണ്. മഹാചിരിയുമായി ബന്ധപ്പെടുത്തി ഓ -എന്ന അക്ഷരത്തെ ഹാ എന്ന മനുഷ്യരിലെ ചിരിയുമായി ബന്ധപ്പെട്ട ഉച്ചാരണത്തിലേക്കും, കരച്ചിലുമായിക്കൂടി ബന്ധമുള്ള മ എന്ന അക്ഷരത്തെ ഹാ -യോട് കൂട്ടിച്ചേർത്തും, ചിരിയും കരച്ചിലും ചേർന്ന മഹാ എന്ന പദം സൃഷ്ടിച്ചിരിക്കുന്നു.

മഹാ എന്നതിൽ മ എന്ന അക്ഷരത്തെ ആദ്യം ചേർക്കാൻ കാരണമുണ്ട്. പുരുഷൻ ഇല്ലെങ്കിലും സ്ത്രീ ഉണ്ട്, പുരുഷനെ പ്രസവിക്കുന്നതും സ്ത്രീയാണ്, പുരുഷൻ ഇല്ലാതെയും സൃഷ്ടി/പ്രസവം നടത്താൻ മഹാശാസ്ത്രം സ്ത്രീയെ ക്ലോണിങ്ങിലൂടെയും മറ്റും അനുവദിക്കുന്നുണ്ട്, തുടങ്ങിയ കാര്യങ്ങളെ ഉന്നതമായിത്തന്നെ ഉൾക്കൊണ്ട് ശരീരശക്തി അധികം നൽകപ്പെട്ട പുരുഷൻ സ്ത്രീയുടെ ദാസനായി പ്രവർത്തിക്കണം.

അമ്മ, ഉമ്മ, മദർ, മാം, എന്നിങ്ങനെ മാതാവ് എന്ന് വ്യത്യസ്ത ഭാഷകൾ പ്രകാരം അർത്ഥം വരുന്ന പദങ്ങളുമായി മ -യും അമ്മയും തമ്മിലുള്ള ബന്ധവും, മനുഷ്യക്കുഞ്ഞുങ്ങളുടെ ജനനത്തിൽ ആദ്യം കരച്ചിലിനു നൽകിയിരിക്കുന്ന സ്ഥാനവും, വളർത്തുമൃഗങ്ങളിൽ മ -യ്ക്കു നൽകിയിട്ടുള്ള പദവിയും കൊണ്ടാണ് മ എന്ന അക്ഷരത്തിന് ആദ്യസ്ഥാനം നൽകി മഹാ രൂപപ്പെടുത്തിയിരിക്കുന്നത്. ഇത്ര മഹത്തരമായി മ, ഹാ എന്നീ അക്ഷരങ്ങളും ശേഷം മഹാ എന്ന പദവും തയ്യാറാക്കിയിട്ടുള്ളത് ശക്തി എന്ന പദത്തോടു ചേർത്ത് മഹാശക്തി എന്ന ദൈവനാമം സൃഷ്ടിക്കുവാൻ കൂടിയാണ്. അതായത് ബ്രഹ്മം, മഹാദേവി, മഹാദേവൻ, ദൈവം എന്നിങ്ങനെ നിരവധി നാമങ്ങൾ ശാസ്ത്രപരമായി ചേരുമെങ്കിലും, മഹാശാസ്ത്രപ്രകാരവും മഹാപ്രപഞ്ചത്തിന്റെ രൂപ-ഭാവങ്ങൾ പ്രകാരവും മഹാജീവിയെപ്പോലെ ദൈവത്തെ കരുതിപ്പോകുമെങ്കിലും അടിസ്ഥാനപരമായി ദൈവം മഹാശക്തിയാണ്. മഹാശക്തി : ദൈവത്തിന്റെ പേര് ദൈവമാണ് നിശ്ചയിക്കുന്നത് ഇമഹാഗ്രന്ഥത്തിന്റെ തുടക്കത്തിൽ വിശദമാക്കിയിട്ടുണ്ട്.

സൃഷ്ടിചക്രത്തിൽ മായ/ ദൈവം പ്രത്യക്ഷമല്ലാത്ത കാലത്ത് ദൈവത്തെപ്പറ്റി പറയുമ്പോൾ ഓം -എന്ന മഹാശബ്ദം ഉപയോഗിക്കാൻ ധർമ്മശാസ്ത്രപരവും ആത്മീയശാസ്ത്രപരവുമായ പരിമിതികളുണ്ട്.

മായ പ്രത്യക്ഷമല്ലാത്ത കാലത്ത് ഭാഗികമായിട്ട് ഓം -നു പകരമായിക്കൂടിയാണ് മഹാ എന്ന പദത്തെ ഉന്നതപ്പെടുത്തിയിട്ടുള്ളത്. മഹാ എന്നാൽ ഏറ്റവും വലുത് എന്നും, അതിനേക്കാൾ വലുതായി ഒന്നുമില്ല എന്നുമർത്ഥം. ശക്തി എന്ന പദത്തിലെ തീ -യ്ക്ക് അത്യുന്നത സ്ഥാനം മഹാപ്രപഞ്ചത്തിൽ ഉണ്ടെങ്കിലും ശക്തി-യുടെ വിശദീകരണങ്ങളെ 2019 ഫെബ്രുവരി 19 വരെ മുഴുവൻ വെളിപ്പെടുത്തിയിട്ടില്ല; സമയമായില്ല !

സ്രഷ്ടാവായ മഹാദേവിയെയും (മഹാമായയെയും), സൃഷ്ടിയായ മഹാപ്രപഞ്ചത്തെയും ബന്ധിപ്പിക്കുവാൻ ഓം എന്ന മഹാശബ്ദത്തെ മഹാദേവി മഹാനിശ്ചയിച്ചു എന്നു കണ്ടു.

**ശബ്ദത്തെ എന്തുകൊണ്ടു തിരഞ്ഞെടുത്തു, മറ്റെന്തെങ്കിലും എന്തുകൊണ്ടു തിരഞ്ഞെടുത്തില്ല എന്നീ ചോദ്യങ്ങളുണ്ട്.**

**ശബ്ദത്തിന്റെ ഔന്നത്യത്തെ അല്പം ചിന്തിക്കുക.**

മഹാപ്രപഞ്ചത്തിൽ ശബ്ദം എന്നൊന്ന് ഇല്ലെന്നു വന്നാൽ മനുഷ്യർ ഉൾപ്പെടെയുള്ള എല്ലാ ജീവികളുടെയും ജീവിതം തീർത്തും അരോചകവും അർത്ഥശൂന്യവും ആകുന്നതാണ്. ശബ്ദത്തെ അത്ര മഹാപദവിയിലാണ് മഹാദേവി ഉയർത്തിയിട്ടുള്ളത്. ശബ്ദത്തിന്റെ മഹാ-ഔന്നത്യം തിരിച്ചറിയുമ്പോൾ, ശബ്ദമല്ലാതെ മറ്റൊന്നും ചേരില്ല എന്നും, ശബ്ദം സമ്പൂർണ്ണമായും ചേരും എന്നും സുവ്യക്തമാകുന്നതാണ്.

മഹാദേവിയുടെ മഹാചിരിയായ ഓം മനുഷ്യർ കേൾക്കുന്നില്ല, മഹാദേവി കേൾപ്പിക്കുന്നില്ല. ഓരോ പരമാണുവിലും സദാ മുഴങ്ങുന്നതായ മഹാദേവിയുടെ മഹാചിരിയും ശബ്ദബ്രഹ്മവുമായ ഓം ഭൂമിയിലെങ്ങും മനുഷ്യർ കേൾക്കുംവിധം മുഴങ്ങിക്കൊണ്ടിരുന്നാൽ മനുഷ്യജീവിതം സ്തംഭിക്കുന്നതാണ്. മഹാദേവി മനുഷ്യർക്ക് അനുഗ്രഹിച്ചു നൽകിയ വ്യക്തിസ്വാതന്ത്ര്യം മഹാദേവി തന്നെ കവർന്നെടുക്കുമ്പോലെയാകുമത്.

**മഹാദേവിയുടെ മഹാമനസ്സിന്റെ മഹാസംതൃപ്തിയെന്ന മഹാഭാവത്തെ പ്രകടിപ്പിക്കാൻ മഹാസൂക്ഷ്മ ശബ്ദം ആയിട്ട് മഹാനിശ്ചയിച്ചിരിക്കുന്ന മഹാചിരിയെ കുഞ്ഞുങ്ങൾക്ക് യാതൊരു അസ്വാസ്ഥ്യം ഉണ്ടാകാതെ എല്ലാ സൃഷ്ടി ചക്രങ്ങളിലും ഒരു വ്യക്തിയെ ദൈവ വിപ്ലവ കാലത്ത് 3 വർഷം മാത്രം കേൾപ്പിക്കുന്നു. മഹാസംഗീതമായി 'അനന്തമായ രാഗങ്ങളിൽ' ഓം ധ്വനിക്കുന്നതാണ്. നീണ്ട 33 വർഷക്കാലവും അനന്തമായ ഉച്ചത്തിലും തുടർച്ചയായി ഭൂമിയിൽ മുഴുവൻ മുഴങ്ങുന്ന ഏകമഹാശബ്ദവുമാണ്.**

മറ്റുള്ളവർക്ക് ശബ്ദശല്ല്യം ഉണ്ടാക്കുന്നത് തെറ്റാണെന്ന് ലളിതമായി ബോദ്ധ്യപ്പെടുത്തുക, മഹാശാസ്ത്ര / മഹാവേദ കാര്യങ്ങളെ വീണ്ടെടുത്തു നൽകുക, തുടങ്ങിയ ആശയങ്ങളെ വിനിമയം ചെയ്യാനും മഹാശക്തിയായ മഹാദേവിയുടെ മഹാചിരിയായ ഓം ഉപയോഗിക്കുന്നതായി മനസ്സിലാക്കാം.

ജീവികളുടെ ശരീരം ഉൾപ്പെടെയുള്ള വസ്തുക്കളിലെ പരമാണുക്കളുടെ സൃഷ്ടി ഓം-ലൂടെയാണെന്ന് മുമ്പ് വ്യക്തമാക്കിയിരുന്നുവല്ലോ. മഹാദേവി നിശ്ചയിക്കുമ്പോൾ സൃഷ്ടിമന്ത്രം കൂടിയായ ഓം, എല്ലാ ജീവികളുടെയും ശരീരത്തിൽ നിന്നും, എല്ലാ വസ്തുക്കളിൽനിന്നും ഉച്ചത്തിൽ മുഴങ്ങുന്നതാണ്. ഭൂമിയിൽ മനുഷ്യരൂപത്തിൽ മഹാഎഴുന്നെള്ളിക്കഴിഞ്ഞിരിക്കുന്ന മഹാദേവി മഹാചിരിച്ചേക്കും.

മഹാദേവിയുടെ മഹാഇഷ്ടം പോലെ **മഹാചിരിയും** സൃഷ്ടിമന്ത്രവും സംഹാരകാഹളവും ശബ്ദബ്രഹ്മവുമായ ഓം ഭൂമിയിലെങ്ങും ഉച്ചത്തിൽ മുഴങ്ങുന്നതാണ്. മഹാഇഷ്ടം പോലെ മഹാചിരി തുടരുന്നതും അവസാനിക്കുന്നതുമാണ്. അതായത്, **മഹാദേവി** ഭൂമിയിൽ **മായ** പ്രത്യക്ഷമാക്കുന്നത് മഹാചിരി മനുഷ്യരെ കേൾപ്പിച്ചുകൊണ്ടാണ്. മഹാദേവി 3-33 വർഷക്കാലം തുടർച്ചയായി മഹാ-ചിരിച്ചുകൊണ്ടിരിക്കുമോ, മഹാദേവിയുടെ മനുഷ്യാവതാരത്തിലെ ചിരി ഓം എന്നു മാത്രമാണോ എന്നീ ചോദ്യങ്ങളുണ്ട്. മഹാദേവി മഹാനിശ്ചയിക്കുന്ന സമയത്ത് മഹാ-ചിരിക്കുന്നതും, **മഹാസംഗീതം** കൂടിയായ ഓം മഹാദേവിയുടെ മഹാഹൃദയമായ 'ഓംകാര'ത്തിലൂടെയോ, മഹാനാവിലൂടെയോ പുറത്തേയ്ക്ക് ഒഴുകുന്നതും, അതേസമയം തന്നെ മഹാപ്രപഞ്ചത്തിലെങ്ങും ഓം ധ്വനിക്കുന്നതുമാണ്. മഹാദേവിയുടെ മഹാരൂപം കൂടിയാണ് മഹാപ്രപഞ്ചം എന്നതുകൊണ്ട്, മഹാരൂപത്തിലെ ഓരോ പരമാണുവിൽ നിന്നും മഹാദേവിയുടെ മഹാഇഷ്ടം അനുസരിച്ച് മഹാചിരി തുടർച്ചയായി മുഴങ്ങുന്നതാണ്.

മുമ്പ് വ്യക്തമാക്കിയതു പോലെ, മഹാരൂപമായ മഹാപ്രപഞ്ചത്തിലൂടെ തുടർച്ചയായി ചിരിക്കുമ്പോൾ മനുഷ്യാവതാരത്തിലുള്ള മഹാദേവിയല്ലാ ചിരിക്കുന്നത്, മറിച്ച് **ഓം സൃഷ്ടിക്കുകയും, ഓം എന്ന ശബ്ദ ബ്രഹ്മമായി പ്രവർത്തിക്കുന്ന ബ്രഹ്മം അഥവാ ബ്രഹ്മ-മഹാദേവി ആണെന്നും സൂചനയുണ്ട്.**

**അതായത്, പരമശിവനിൽ മഹാദേവി പ്രവേശിപ്പിച്ചിട്ടുള്ള 'മഹാഹൃദയവും മഹാപ്രപഞ്ചത്തിന്റെ ശക്തി നിയന്ത്രണ സത്ത'യുമായ ഓംകാരത്തിൽ നിന്നാണ് മഹാചിരി മഹാആരംഭിക്കുന്നത് എന്ന സൂചന** 2017 **സെപ്തംബർ** 21-**ന് ലഭിച്ചു. ഉടനെ മഹാസംഭവിക്കും എന്നിരിക്കെ എങ്ങനെയാണ് മഹാസംഭവിക്കുക എന്നത് ചർച്ചയാവേണ്ടതില്ല. അധികം കാത്തിരിക്കാതെ അനുഭവിക്കാം !**

എന്നാലും കുറിക്കട്ടെ; പരമശിവനിൽ മഹാദേവി പ്രവേശിപ്പിച്ചിട്ടുള്ള ഓംകാരത്തിൽ നിന്നും മഹാചിരി മഹാആരംഭിച്ച്, മഹാദേവി ഓം കുറിച്ച് മഹത്തരമാക്കിയ പരമശിവനിലെ നാവിലൂടെ ഓം മഹാചിരിയായും മഹാസംഗീതമായും ദൈവ-വിപ്ലവ മഹാഗാനമായും മറ്റും ഒഴുകുന്നത് മഹാശ്രേഷ്ഠം എന്ന് ഈയുള്ളവന് തോന്നുന്നു - മഹാദേവി തോന്നിപ്പിച്ച വെളിപാട് അല്ലേ ?! .. കാത്തിരിക്കാതെ **കാണാം/കേൾക്കാം.**

മഹാശക്തിയായ ദൈവം, **മഹാദേവി** എന്ന ദിവ്യമനുഷ്യ-സ്ത്രീ രൂപം എടുക്കുമ്പോൾ, മഹാദേവി മനുഷ്യർക്ക് നിശ്ചയിച്ചിട്ടുള്ള 'ചിരി' തന്നെയല്ലേ സ്വീകരിക്കേണ്ടത് എന്നൊരു ചോദ്യമുണ്ട്. മഹാദേവി മനുഷ്യരൂപം സ്വീകരിക്കുമ്പോഴും, മനുഷ്യനോ ജീവിയോ അല്ല. **മഹാദേവി മാനുഷിക നിലയിൽ മാനുഷികമായും; ദൈവീക നിലയിൽ ഓം എന്നും മഹാചിരിക്കുമെന്നു കണക്കാക്കാം.**

മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാനിർവ്വഹിക്കുന്നത് **ഓം** എന്ന ശബ്ദബ്രഹ്മം പ്രവേശിച്ചിട്ടുള്ള ശക്തിചക്രമായ മഹാശക്തിയാണെന്നും ശിവചക്രം പ്രവർത്തിക്കുന്നത് മഹാശക്തിയായ ശക്തിചക്രത്തിന്റെ (മഹാദേവിയുടെ) മഹാഇഷ്ടങ്ങൾ പ്രകാരമാണെന്നും വ്യക്തമാവുമ്പോൾ, **ഓം** എന്ന ശബ്ദബ്രഹ്മം, **സൃഷ്ടിമന്ത്രമായും** ഭവിക്കുന്നു.

സംഹാരത്തിനു മുന്നോടിയായിക്കൂടി **ഓം** എന്ന **മഹാചിരി** മുഴങ്ങുന്നതുകൊണ്ട് **സംഹാരകാഹളം** കൂടിയാകുന്നു. മഹാശാസ്ത്രപരമായി മഹാചിരി കൂടിയായ **ഓം** മുഴങ്ങുമ്പോൾ മനുഷ്യർ ഭൂമിയിലെങ്ങും വ്യാപരിപ്പിച്ചിട്ടുള്ള എല്ലാ മതങ്ങളും, എല്ലാ രാഷ്ട്രീയങ്ങളും, എല്ലാ അഹംഭാവങ്ങളും അവസാനിക്കുന്നതാണ്. ഭൂമിയിൽ മൊത്തം 100 മനുഷ്യരെ സൃഷ്ടിച്ചുകൊണ്ട് സൃഷ്ടിചക്രം ആരംഭിക്കുമ്പോഴോ, മനുഷ്യജീവികളെ സൃഷ്ടിക്കും മുമ്പെയോ സൃഷ്ടിമന്ത്രം എന്ന പേരിൽ **ഓം** മുഴങ്ങിയാൽ യാതൊരു പ്രസക്തിയുമില്ല.

ഭൂമിയിലെങ്ങും ജനങ്ങൾ വളരെയധികം നിറഞ്ഞ്, ജീവിതത്തിന്റെ എല്ലാ മേഖലകളിലും പൂരിതമായ അവസ്ഥ ഉണ്ടാകുമ്പോൾ, മായ പ്രത്യക്ഷപ്പെടുത്തുന്നതും, മായ പ്രത്യക്ഷപ്പെടുത്തുവാൻ **മഹാസംഗീതം** കൂടിയായ **ഓം** മുഴങ്ങുന്നതുമാണ് ഏറ്റവും അനുയോജ്യം. എല്ലാ സൃഷ്ടിചക്രങ്ങളിലും അങ്ങനെ സംഭവിക്കുന്നതു കൊണ്ടാണ് സൃഷ്ടിമന്ത്രമായി **ഓം** അറിയപ്പെടുന്നത്.

മഹാദേവിയുടെ മഹാചിരിയും ശബ്ദബ്രഹ്മവുമായ **ഓം** -നെ മനുഷ്യരുടെ **ജീവിതകാര്യങ്ങളുമായി** മഹാദേവി ബന്ധിപ്പിച്ചിട്ടുണ്ടോ, എങ്ങനെയെല്ലാം എന്ന് പരിശോധിക്കാം. മഹാദേവിയുടെ മഹാചിരി കേൾക്കാൻ കൊതിക്കണം എന്നു പറയുമ്പോൾ മഹാദേവി മഹാ-ചിരിക്കുന്നതായ മഹാശബ്ദമാണ് **ഓം** എന്നറിഞ്ഞ് മഹാദേവി മഹാചിരിക്കുന്നത് കാണാനും കേൾക്കാനും കൊതിക്കണം എന്നാണർത്ഥം. മനുഷ്യൻ മഹാശാസ്ത്രം നേടുന്ന വിശിഷ്ട ജന്മത്തിലും, മഹാവാത്സല്യം നുകരുന്ന സ്ത്രീജന്മങ്ങളിലും മറ്റും മാത്രമേ അതിനു യോഗ്യത നേടുന്നുള്ളൂ.

മഹാദേവി, പരമശിവനിലൂടെ അർദ്ധമഹാദേവീരൂപം / അർദ്ധനാരീശ്വരരൂപം പ്രകടമാക്കി മഹാശാസ്ത്രം നൽകുന്നത് വ്യക്തിയുടെ കാതിൽ ശബ്ദബ്രഹ്മവും മഹാചിരിയുമായ **ഓം** കേൾപ്പിച്ചു കൊണ്ടും, വ്യക്തിയുടെ നാവിൽ അക്ഷരബ്രഹ്മമായ **ഓം** കുറിച്ചുകൊണ്ടുമാണ്. അപ്പോൾ മഹാ-ചിരി കേൾക്കാനുള്ള മഹാഭാഗ്യം ഓരോ വ്യക്തിക്കും വീണ്ടും ലഭിക്കുന്നുണ്ട് ! **ഭൂമിക്ക് വെളിയിൽ, നക്ഷത്രമായി മോക്ഷം നേടിയവർക്ക്, ആഗ്രഹിച്ചാൽ ദൈവ വിപ്ലവ ഗാനമായി ഓം കേൾക്കാം**.

കുഞ്ഞുങ്ങളായ മനുഷ്യരെ ആനന്ദിപ്പിക്കാനായിട്ട്, മഹാദേവിയുടെ മഹാചിരിയും ശബ്ദബ്രഹ്മവും അക്ഷരബ്രഹ്മവുമായ **ഓം പരിധികളോടെ** ഉപയോഗിക്കാൻ മഹാദേവി മനുഷ്യരെ അനുവദിച്ചിട്ടുണ്ട്. മഹാശാസ്ത്രപാഠങ്ങളെ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുമ്പോൾ ഒരു തവണ മാത്രം **ഓം** മഹാശക്തി എന്ന് ഭക്തിയോടെയും ബഹുമാനത്തോടെയും ചൊല്ലി പാഠം ആരംഭിക്കുക. യഥാർത്ഥ വേദഭാഷയായ മലയാളം അറിയാത്തവർ **ഓം** എന്നു മാത്രം ഉച്ചരിച്ചാൽ മതിയാകും.

**ഓം എന്ന് ഉച്ചരിക്കുമ്പോൾ സർവ്വ ജീവികളും നക്ഷത്രകോടികളും ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തിന്റെ മുഴുവൻ സൃഷ്ടി - സ്ഥിതി - സംഹാരങ്ങളെ നിർവ്വഹിക്കുകയും മഹാപ്രപഞ്ചത്തിന് അതീതമായി വ്യാപരിക്കുന്ന ഏകമഹാശക്തിയായ മഹാദേവിയെ ലളിതമായി സ്മരിക്കുകയാണ്, സങ്കല്പിക്കുകയാണ്. മനുഷ്യർക്ക് ഉൾക്കൊള്ളാനാവാത്ത മഹാപ്രപഞ്ചത്തെയും ബ്രഹ്മത്തെയും ശബ്ദബ്രഹ്മമായ ഓം -ലൂടെ സ്മരിക്കുവാൻ മഹാദേവി, മനുഷ്യരെ അനുഗ്രഹിക്കുക കൂടിയാണ്. മഹാശാസ്ത്രപരമായി പ്രവർത്തിക്കുന്ന പൊതുകാര്യങ്ങളിൽ ദൈവത്തെ സ്മരിക്കാൻ ആഗ്രഹിക്കുന്നവർക്ക് ഒരു തവണ മാത്രം ഓം മഹാശക്തി എന്നോ ഓം എന്നോ ഭക്തിയോടെയും ബഹുമാനത്തോടെയും ഉച്ചരിച്ച് ആരംഭിക്കാവുന്നതാണ്; മനുഷ്യരുടെ ആനന്ദം വർദ്ധിപ്പിക്കാനുള്ള ചെറിയൊരു കാര്യത്തെ ദൈവത്തിന്റെ ആവശ്യമായി കാണരുത്.**

**മഹാദേവിയുടെ മഹാചിരിയെ മനുഷ്യർ ദുരുപയോഗം ചെയ്താൽ അത് ദൈവനിന്ദയാണ്. മഹാചിരിയെ അനുകരിച്ച് മനുഷ്യർ ചിരിക്കേണ്ട, ചിരിച്ചുകൂടാ. ബ്രഹ്മത്തെ ആരാധിച്ചുകൂടാ എന്ന് ബ്രഹ്മം എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിരുന്നു. മഹാദേവിയുടെ മഹാചിരി, ശബ്ദബ്രഹ്മവും കൂടിയാകയാൽ ഓം എന്നുമാത്രമായി (അക്ഷരബ്രഹ്മമായ) 3- ൽ അധികം തവണ ജപിച്ചുകൂടാ; ആവശ്യമില്ല. ഭക്തിഭ്രാന്ത് പാടില്ല.**

**ദൈവത്തിൽ നിന്നും നേരിട്ട് യോഗ്യത നേടിക്കൊണ്ട് ദൈവാരാധന ചെയ്യുന്ന ഏക മനുഷ്യജന്മത്തിൽ ഓം എന്ന ശബ്ദബ്രഹ്മത്തെ ചേർത്ത് ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കു മാത്രം മഹത്വം എന്ന ആരാധനാവാക്യം നിരന്തരം ചൊല്ലുന്നതാണ്. പ്രസ്തുത ജന്മത്തിലെ മാത്രം കാര്യമാണത്. മഹാശക്തിയായ ദൈവം യഥാർത്ഥത്തിൽ മഹാശക്തി മാത്രമാണെന്നും, സ്ത്രീയോ പുരുഷനോ ജീവിയോ ശബ്ദമോ അല്ല എന്ന ബോധംകൂടി മനുഷ്യരിൽ ഉണ്ടാവണം. ആദ്യമഹാകാല ചക്രത്തിലെ പ്രത്യേക സൃഷ്ടികളായ മാലാഖമാരുടെ/ മലക്കുകളുടെ/ ദേവതകളുടെ അധമത്തവും ദുർഭരണവും നിമിത്തം മതവിശ്വാസികളെന്നു പറയുന്നവർ വർജ്ജ്യനിയമ-ഗ്രന്ഥങ്ങൾ മാത്രമായ അധമ-ഗ്രന്ഥങ്ങളെയും മറ്റും മുൻനിർത്തി വ്യാപകമായി ഓം -നെ ദുരുപയോഗിച്ചിട്ടുണ്ട്.**

**ശാക്തേയ മതം, ശൈവ മതം, ബുദ്ധ മതം, അദ്വൈത മതം എന്നിങ്ങനെ നിരവധി മതങ്ങൾ ചേർന്നുണ്ടായ ഹിന്ദുമതത്തിലൂടെ ശബ്ദബ്രഹ്മവും മഹാചിരിയുമായ ഓം ഭാഗികമായി സംരക്ഷിക്കപ്പെട്ടു, എന്നത് ശരിയല്ല; മഹാദേവിയാണ് യഥാർത്ഥത്തിൽ സംരക്ഷിക്കുന്നത്. സൃഷ്ടികൾക്ക് യാതൊന്നും സംരക്ഷിക്കാൻ കഴിയില്ല.**

**അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും കൂടാരമാണ് ആധുനിക കാലത്തെ ഹിന്ദുമതമെങ്കിലും, മഹാശാസ്ത്രത്തോട് ഏറ്റവും അടുത്തുനിൽക്കുന്ന മതം ഹിന്ദുമതം തന്നെയാണ്. അതുകൊണ്ടുതന്നെ, ഓം മഹാശക്തിയായ മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവി മനുഷ്യരൂപത്തിൽ അവതരിച്ചിട്ടുള്ളത്, ഒരു ഹിന്ദുമത കുടുംബത്തിലാണ്.**

**ഭൂമിയിലെങ്ങും ഓം മുഴങ്ങുമ്പോൾ മഹാശാസ്ത്രത്തെ സ്വീകരിച്ചുകൊണ്ട് മതങ്ങളെല്ലാം മനുഷ്യരുടെ പഴയകാല ഭോഷത്തചരിത്രമായി അവസാനിക്കുമ്പോൾ ആദ്യം അപ്രത്യക്ഷമാകുവാനും, മഹാശാസ്ത്ര ഭാഗമാവാനും, ഭാഗ്യമുണ്ടാകുന്നത് ഹിന്ദുമതത്തിനാണ്.**

മുകളിലെ ഏതാനും ഖണ്ഡികകളിലൂടെ മഹാപ്രപഞ്ചത്തിന്റെ ഉല്പത്തി സുവ്യക്തമാക്കിയതു മാത്രമാണു ശരി. ക്വാർക്കുകളുടെയും മറ്റും ഉല്പത്തിയുമായി മഹാപ്രപഞ്ചത്തെ ശാസ്ത്രസമൂഹം ബന്ധിപ്പിച്ചപ്പോൾ ദൈവീകം കുറഞ്ഞതായും, അറിഞ്ഞും അറിയാതെയും വ്യത്യസ്ത അളവുകളിൽ അനേകർ ദൈവനിന്ദ ചെയ്തുവെന്നും സുവ്യക്തമാണ് !

| 3 | ॐ | ഓം OM |
|---|---|---|
| അക്ഷര ബ്രഹ്മം | | |

ഓം എന്ന ശബ്ദബ്രഹ്മത്തിലെ മഹാശബ്ദത്തെ മഹാദേവി സംരക്ഷിച്ചുവെങ്കിലും, അക്ഷരബ്രഹ്മത്തെ പ്രതിനിധീകരിക്കുന്ന ലിപിയെ സംരക്ഷിക്കുവാൻ തയ്യാറായില്ല. അതെന്തുകൊണ്ടാണ് എന്നതിന് വ്യക്തമായ ഒരു ശരി-ഉത്തരമുണ്ട്.

അക്ഷരബ്രഹ്മത്തിന് മഹാപ്രപഞ്ചത്തിൽ ദൈവീകമായ പ്രസക്തി വളരെയുണ്ടെങ്കിലും, മാനുഷികമായ പ്രസക്തി വളരെ വളരെ കുറവാണ്.

മഹാശാസ്ത്ര പാഠങ്ങളിലും, സാമൂഹ്യകാര്യങ്ങളെ വിവരിക്കുന്ന രേഖകളിലും ദൈവീകത്വം ചേർക്കുവാൻ മാത്രമാണ് അക്ഷരബ്രഹ്മ ത്തിന്റെ മാനുഷിക ഉപയോഗം. **യഥാർത്ഥത്തിൽ മതങ്ങളും മതപ്രമാണങ്ങളും മതാചാരങ്ങളുമെല്ലാം ഒട്ടും ദൈവീകമല്ല അഥവാ ധർമ്മ ശാസ്ത്രപരമല്ല എന്നതുമായി കൂട്ടിവായിക്കുമ്പോൾ അക്ഷരബ്രഹ്മത്തെ മനുഷ്യർ തോന്നുംപോലെ ദുരുപയോഗം ചെയ്യാതെ മഹാദേവി സംരക്ഷിച്ചു പോരുകയായിരുന്നു എന്നും വ്യക്തമാണ്. മഹാപ്രപഞ്ചത്തിൽ ഭൗതികമായി സൃഷ്ടിച്ചിട്ടുള്ള ബഹുവിധ ന്യൂനശക്തികളിലൂടെ മഹാശാസ്ത്രപരമായി ത്തന്നെയാണ് മഹാദേവി അത്തരം കാര്യങ്ങളെ മഹാനിർവ്വഹിക്കുന്നതെന്ന് ന്യൂനശക്തികളെ വിവരിക്കുന്ന അദ്ധ്യായങ്ങളിലുണ്ട്.**

**ദൈവീകമല്ലാത്ത ലിപികളെ അക്ഷരബ്രഹ്മം എന്ന പേരിൽ ദൈവീകമല്ലാത്ത കാര്യങ്ങൾക്കായി മാത്രം മത-ജാതിമനുഷ്യർ ചുമന്നുപോന്നു എന്നും അർത്ഥം.**

**ഓം** അക്ഷരബ്രഹ്മം കൂടിയാണെന്നും, **ഓം** എന്ന അക്ഷരബ്രഹ്മത്തിന് മഹാപ്രപഞ്ചത്തിൽ **ദൈവീകമായ പ്രസക്തി** വളരെയുണ്ടെന്നും ഇനി വിശദീകരിക്കാം.

**മഹാപ്രപഞ്ചത്തിലെ പ്രവർത്തനങ്ങൾക്കെല്ലാം** 3 **എന്ന സംഖ്യയുമായി മഹാ-ബന്ധമാണ് മഹാദേവി മഹാശാസ്ത്ര പ്രകാരം നിശ്ചയിച്ചിട്ടുള്ളത്.**

**ബ്രഹ്മം, മഹാശക്തി, മഹാദേവി - 3**

**സത്യം, ധർമ്മം, നീതി - 3**

**ഭൗതിക-ധർമ്മ-ആത്മീയശാസ്ത്രങ്ങൾ**(വേദങ്ങൾ) **- 3**

**സൃഷ്ടി, സ്ഥിതി, സംഹാരം - 3**

**ആകാശം, സൗരയൂഥം, നക്ഷത്രകോടികൾ - 3**

**ഭൂമി, ചന്ദ്രൻ, സൂര്യൻ - 3**

**വാതകം, ദ്രാവകം, ഖരം - 3**

**വായു, വെള്ളം, മണ്ണ് - 3**

**പ്രോട്ടോൺ, ഇലക്ട്രോൺ, ന്യൂട്രോൺ - 3**

**ജീവൻ, ശരീരം, ജീവാത്മാവ് - 3**

**മകൾ, ഭാര്യ, അമ്മ - 3**

**മകൻ, ഭർത്താവ്, അച്ഛൻ - 3**

**ജനനം, ജീവിതം, മരണം - 3**

**ജീവി, ജീവി പരിണാമം, മോക്ഷം - 3**

**മോക്ഷം, ഭൂമി ജീവിതം, മോക്ഷം - 3**

**തുടങ്ങിയ ബഹുവിധ കാര്യങ്ങൾ കൊണ്ടാണ് 3 പ്രധാനമാകുന്നത്.**

**മഹാദേവി, 3 എന്ന സംഖ്യയെ മഹാ-രീതികളിൽ ഉന്നതപ്പെടുത്തിയിരിക്കുകയാണ്.**

മഹാ-പ്രധാനമായ 3 എന്ന അക്കത്തിന്റെ മദ്ധ്യത്തിലൂടെ ജീവികളുടെയെല്ലാം ശബ്ദാവയവം ആയി സൃഷ്ടിച്ചിട്ടുള്ള നാവിന്റെ (നാക്കിന്റെ) ആകൃതിയിൽ ഒരു വളഞ്ഞ വര, മനുഷ്യരുടെ നാവു നീട്ടുമ്പോൾ താഴേക്ക് എന്ന കണക്കിനു വരയ്ക്കുന്നു. ജീവികളുടെ സൃഷ്ടിയും ജീവിതവുമായി ചന്ദ്രനെക്കൂടി ബന്ധിപ്പിച്ചിട്ടുണ്ട് എന്നു കാണിക്കുവാനും, ചന്ദ്രനെ പ്രതിനിധീകരിക്കാനുമായി ഒരു ചന്ദ്രക്കല വരയ്ക്കുന്നു. മനുഷ്യന്റെ മോക്ഷവും പരബ്രഹ്മാനന്ദവും ആയ ഗോളാകൃതിയിലുള്ള നക്ഷത്രത്തിന്, ഭൂമിയിൽ സംഹാരം ആരംഭിക്കുമ്പോൾ മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ എന്നീ 5 തരം ജീവികളെ പ്രതിനിധീകരിച്ച് 5 കോണുകൾ പ്രകടമാകും എന്നതും, സൂര്യനും ഒരു നക്ഷത്രമാണ് എന്നതും ഉൾക്കൊണ്ട് 5 കോണുകളുള്ള ഒരു നക്ഷത്രത്തെക്കൂടി വരയ്ക്കുന്നു. മഹാപ്രപഞ്ചത്തെ അക്ഷരത്തിലൂടെ അഥവാ ഒരു ലിപിയിലൂടെ അവതരിപ്പിക്കുകയാണ് ഫലത്തിൽ ചെയ്തിട്ടുള്ളത്.

**മഹാപ്രപഞ്ചത്തെ പ്രതിനിധീകരിച്ച അക്ഷരത്തിൽ 3 എന്ന അക്കത്തിന് ദൈവം നൽകുന്ന രൂപവുമായി ബന്ധപ്പെട്ടാണ് ബ്രഹ്മം അക്ഷരത്തിലേക്കു പ്രവേശിക്കുന്നത്. എന്തെങ്കിലും ഒരു രൂപമോ, ഏതെങ്കിലും ഭാഷയിൽ 3 എന്ന അക്കത്തെ പ്രതിനിധീകരിക്കുന്ന രൂപമോ ചേർക്കുകയല്ല സംഭവിക്കുന്നത്.**

**മനുഷ്യനെ മഹാത്ഭുതപ്പെടുത്തുന്ന മഹാവിദ്യ 3 എന്ന അക്കത്തിലുണ്ട്. അതെന്താണെന്നും എങ്ങനെയാണെന്നും ഇനി വിവരിക്കാം.** മഹാപ്രപഞ്ചത്തിൽ ദൈവം സൃഷ്ടിച്ചിട്ടുള്ള വസ്തുക്കളുടെയും ജീവികളുടെയും രൂപങ്ങളിൽ ഒരു രൂപത്തിനു മാത്രം സദാ മഹാ-അവസ്ഥയുണ്ട്.

ആദിയില്ലാത്ത അഥവാ ശൂന്യമായ അവസ്ഥയിൽ നിന്ന് ഒരു **ബിന്ദു** എന്ന കേന്ദ്രം രൂപപ്പെടുന്നതും, പ്രസ്തുത കേന്ദ്രം എല്ലാ വശത്തേക്കും തുല്ല്യ അളവോടെ വളരുകയും ചെയ്യുമ്പോൾ, കോണുകളില്ലാത്തതും വ്യാസം വർദ്ധിക്കുന്നതിനൊപ്പം അനന്തമായി വളരുന്നതും, ഏതു വശത്തു നിന്നു നോക്കിയാലും വൃത്താകൃതിയുള്ളതുമായ **ഗോളം** അഥവാ **ഗോളാകൃതി** സൃഷ്ടിക്കപ്പെടുന്നതാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, **മഹാശക്തി എന്ന മഹാസൂക്ഷ്മ കേന്ദ്രം വലുതായി വലുതായി ശൂന്യവും മഹാശൂന്യമായ ആകാശവും, ഗോളവും ഗോളമായ ഭൂമിയുമായി വളർന്നു വലുതായി ക്കൊണ്ടിരിക്കുന്നു.** അതായത് **ആദിയില്ലാത്ത അവസ്ഥയിൽ നിന്ന് ഗോളം ഉണ്ടാകുന്നതു പോലെയാണ് ഗോളത്തിന്റെ സൃഷ്ടി.**

ഒരു വൃത്ത കേന്ദ്രമോ ഗോളകേന്ദ്രമോ വലുതാകുന്നതായി സങ്കല്പിക്കുമ്പോൾ അനന്തമായ വലിപ്പമുള്ള വൃത്തവും ഗോളവും ഉണ്ടാകുന്നതായി കാണാം. അവരോഹണ ക്രമത്തിൽ വൃത്തമോ ഗോളമോ ചെറുതാകുമ്പോൾ ഒരു ബിന്ദുവാകുന്നതും, സൂക്ഷ്മ ബിന്ദുവാകുന്നതും, മനുഷ്യനേത്രങ്ങൾ കൊണ്ട് കാണാൻ പറ്റാത്തതായ അവസ്ഥയിൽ ആദി ഇല്ലാത്ത ശൂന്യം പോലെയുള്ള ശൂന്യമല്ലാത്ത ബിന്ദുവായി തുടരുന്നതുമാണ്.

**ആദിയും അന്തവുമില്ലായ്മയും, കോണുകളില്ലായ്മയും, കേന്ദ്രത്തിൽ നിന്ന് അനന്തമായിരിക്കുന്ന എല്ലാ വശങ്ങളിലേക്കും തുല്ല്യനീളമുള്ളതുമായ അഥവാ ഒരേ റേഡിയസ് ഉള്ളതുമായ ഗോളത്തെയാണ് ബ്രഹ്മം സ്വയം മൂലരൂപമായി നിശ്ചയിച്ചിട്ടുള്ളത്.**

ശക്തിയെയും ശിവനെയും സൃഷ്ടിക്കാനായിട്ട്, ഗോളത്തെ 2 അർദ്ധ ഗോളങ്ങളായി വിഭജിക്കുകയും, ശബ്ദബ്രഹ്മമായ **ഓം** അഥവാ **ബ്രഹ്മം** ഒരു അർദ്ധഗോളത്തിൽ മാത്രമായി ചേരുകയുംചെയ്യുന്നു. **ബ്രഹ്മം ചേരുന്നതായ അർദ്ധഗോളം ഒരു കുടപോലെയുള്ള ആകാശമായി പരിണമിപ്പിക്കുന്നു. ഭൂമിയിൽ എവിടെ നിന്നു നോക്കിയാലും മാത്രമല്ല, ചന്ദ്രനിൽ പോയി നോക്കിയാലും, ഒരു കുട പോലെയുള്ള ആകാശത്തെയാണ് കാണുക. മഹാപ്രപഞ്ചത്തെ ബ്രഹ്മം ചേർന്നതായ അർദ്ധഗോളമെന്ന ആകാശത്തിനകത്താണ് സൃഷ്ടിച്ചിട്ടുള്ളത്.**

# ആത്മീയ സാക്ഷാത്ക്കാരവുമായി ബന്ധപ്പെട്ട് പുതിയ പുതിയ നക്ഷത്രങ്ങൾ ഉണ്ടാകുമ്പോൾ അർദ്ധഗോളമായ ആകാശത്തെ വലുതാക്കുന്നതും, പ്രസ്തുത പ്രതിഭാസം അനന്തമായി നീളുന്നതുമാണ്.

ബ്രഹ്മം ചേർന്ന അർദ്ധഗോളം മഹാ-സൃഷ്ടി നടത്തുന്ന മഹാശക്തി ലിംഗമാകുന്നു. ബ്രഹ്മം ചേരാത്ത അർദ്ധഗോളം ശിവന്റെ ലിംഗമാകുന്നു. ഉൾഭാഗം ശൂന്യമായിരിക്കുന്ന അർദ്ധഗോളമായ മഹാശക്തി ലിംഗത്തിലേക്ക് ശിവലിംഗം പ്രവേശിപ്പിച്ചാൽ അഥവാ ആദ്യ അർദ്ധഗോളത്തിലേക്ക് രണ്ടാമത്തെ അർദ്ധഗോളത്തെ പ്രവേശിപ്പിച്ചാൽ ഒരു അർദ്ധഗോളം മാത്രമാണ് ലഭിക്കുക. പുരുഷലിംഗത്തെ ഉൾക്കൊള്ളുന്നതായ സ്ത്രീലിംഗത്തിന്റെ ആകൃതി പുരുഷലിംഗത്തിന്റേതായി മാത്രമല്ല, മഹാഅതീതമായും മാറുന്നു. ലിംഗാകൃതി പുരുഷലിംഗത്തിന്റെ മാത്രം ആകൃതി അല്ലെന്നും സാരം. മഹാദേവനും മഹാദേവിയും അടിസ്ഥാന പരമായി ഒന്നുതന്നെ ആകയാൽ, അവർക്ക് വേറിട്ട ലിംഗം ആവശ്യമാകുന്നില്ല എന്നതും പ്രത്യേകം ശ്രദ്ധിക്കണം. പുരുഷലിംഗത്തെ ഉൾക്കൊള്ളുന്നതും സൃഷ്ടി നടക്കുന്നതും സ്ത്രീലിംഗത്തിലാകയാൽ സ്ത്രീലിംഗത്തിനാണ് പ്രസക്തി എന്നതുപോലെ, ബ്രഹ്മം ചേർന്നതായ അർദ്ധഗോളത്തിനു മാത്രമാണ് മഹത്വം. രണ്ട് അർദ്ധഗോളങ്ങളും ഒന്നിപ്പിച്ച് വീണ്ടും ഗോളമുണ്ടാക്കാനാവും എന്നതുപോലെ തന്നെ നിരയായി ചേർത്തു വയ്ക്കാനുമാവും. ഇടത്തു നിന്ന് വലത്തോട്ട് ചേർത്തുവയ്ക്കുമ്പോൾ 3 എന്ന സംഖ്യാ രൂപം ലഭിക്കുന്നതാണ്. ഗോളമായിരിക്കുമ്പോഴും അർദ്ധ-ഗോളമായിരിക്കുമ്പോഴും ശക്തിയെയും/ശിവയെയും ശിവനെയും വേറിട്ട് മനസ്സിലാക്കാനാവില്ല. എന്നാൽ 3 എന്ന രൂപത്തിൽ ചേർത്തുവയ്ക്കുമ്പോൾ, രണ്ട് അർദ്ധ-ഗോളങ്ങളെയും വേറിട്ട് മനസ്സിലാക്കാനാവും.

ഒരു ഗോളത്തിന്റെ ഭാഗങ്ങൾ മാത്രമായ അവ തമ്മിൽ സ്നേഹത്തോടെ തൊടുന്നുമുണ്ട്. 3 എന്ന സംഖ്യാരൂപത്തെ വരയ്ക്കുന്നത് മുകളിൽ നിന്ന് താഴോട്ടാണെങ്കിലും, മുകളിലെ അർദ്ധഗോളത്തെ താങ്ങിനിർത്തുന്നത് താഴത്തെ അർദ്ധ ഗോളമാണ്. മഹാപ്രപഞ്ചത്തെ മുഴുവൻ താങ്ങുന്ന മഹാശക്തിയായ ബ്രഹ്മം താഴത്തെ അർദ്ധഗോളത്തിൽ മാത്രമാണെങ്കിലും, ആദ്യഗോളത്തിന്റെ ആദ്യസൃഷ്ടിയാണ് ശിവൻ എന്ന അർദ്ധഗോളം. മഹാശക്തിയും ശിവനും ചേർന്ന 3 എന്ന സംഖ്യാരൂപം എല്ലാവിധത്തിലും ഭാഷകൾക്കും രൂപങ്ങൾക്കും അതീതമായിത്തീരുകയും, ബ്രഹ്മത്തെ അക്ഷരത്തിലൂടെ ഉൾക്കൊള്ളുകയും ചെയ്യുന്നു എന്നു കൂടി മഹാദേവിയായ ബ്രഹ്മം വെളിപ്പെടുത്തുകയാണ്. **ബ്രഹ്മ-ബന്ധം സൂചിപ്പിക്കുന്നതിന് 3-ലെ താഴെയുള്ള അർദ്ധഗോളത്തെ അല്പം വലുതാക്കുന്നു.**

**3 എന്ന സംഖ്യാരൂപം അക്ഷരബ്രഹ്മം ആണെന്നു വ്യക്തമാകുമ്പോൾ, 3 -ന്റെ നടുവിലായി നാവിനെ സൂചിപ്പിക്കുന്ന വളഞ്ഞ രേഖയും, തൊട്ടടുത്തായി ചന്ദ്രക്കലയും, അല്പം മുകളിലായി നക്ഷത്രവും ചേർക്കുന്നതെന്തിന് എന്ന ചോദ്യമുണ്ട്. അക്ഷരബ്രഹ്മത്തോടൊപ്പം, ശബ്ദാവയവമായ നാവിന്റെ രൂപവും, മഹാപ്രപഞ്ചത്തിന്റെ മറ്റ് അവിഭാജ്യഘടകങ്ങളായി മഹാദേവി സൃഷ്ടിച്ചിട്ടുള്ള ചന്ദ്രക്കലയും, നക്ഷത്രവും കൂടി ചേർക്കുമ്പോൾ എത്ര സുന്ദരമായിരിക്കുന്നു എന്നതിനെ പരമശ്രേഷ്ഠമായി കാണേണ്ടതുണ്ട്; മഹാപ്രപഞ്ചത്തെ സുവ്യക്തമായി പ്രതിഫലിപ്പിക്കാൻ വേണ്ടി മാത്രമാണ് നാവും ചന്ദ്രക്കലയും നക്ഷത്രവും ചേർത്തിട്ടുള്ളത്.**

**മഹാപ്രപഞ്ചത്തെ ചേർക്കാതെ, അക്ഷരബ്രഹ്മത്തെ 3 എന്ന സംഖ്യാരൂപത്തിൽ മാത്രമായി അവതരിപ്പിക്കുമ്പോൾ, ശബ്ദത്തെയോ, ഓം എന്ന മഹാശബ്ദത്തെയോ, മഹാപ്രപഞ്ചത്തെയോ പ്രതിഫലിപ്പിക്കാൻ കഴിയുന്നില്ല എന്ന കുറവ് മഹാദേവി പരിഹരിച്ചിരിക്കുകയാണ്. മാത്രമല്ല, മഹാശക്തിയായ മഹാദേവിയുടെ പ്രതിനിധി കൂടിയായ പരമശിവന്റെ രൂപം മഹാപ്രപഞ്ചത്തെ എല്ലാ അർത്ഥത്തിലും പ്രതിനിധീകരിക്കുവാൻ പരമശിവന്റെ ശിരസ്സിൽ ചന്ദ്രക്കലയും നക്ഷത്രവും കൂടി മഹാദേവി ചേർക്കുന്നുണ്ട്. ഓം** എന്ന അക്ഷരബ്രഹ്മത്തിലെ 3 എന്ന സംഖ്യാരൂപമായ അടിസ്ഥാന-അക്ഷരബ്രഹ്മത്തെ പരമശിവന്റെ നാവിൽ മഹാദേവി, മഹാശൂലം കൊണ്ട് ചിത്രണം ചെയ്യുന്നുണ്ട്. കൂടാതെ അക്ഷരബ്രഹ്മത്തിന്റെ ഭാഗമെന്ന പോലെ സൃഷ്ടിച്ചിട്ടുള്ള ചന്ദ്രക്കലയെയും നക്ഷത്രത്തെയും പരമശിവന്റെ ഇടതു-നെറ്റിയിൽ 'മഹാശിവയും മഹാശിവനുമായ മഹാദേവിയുടെ സൃഷ്ടി അംശമായ മത്സ്യാവതാരം' ചിത്രണം ചെയ്യുന്നുണ്ട്.

1991-ലെ വിജയദശമിയെന്ന **മഹാദശമി** ദിവസം രാത്രിയിൽ ഈയുള്ളവന്റെ നാവിൽ **മഹാദേവി** 3 എന്ന അടിസ്ഥാന **അക്ഷരബ്രഹ്മം** മഹാശൂലംകൊണ്ട് രചിക്കുകയുണ്ടായി. ഇടതുനെറ്റിയിൽ **ചന്ദ്രക്കലയും നക്ഷത്രവും** ഉണ്ട്, അത് മഹാദേവി എപ്പോൾ ചിത്രണം ചെയ്തുവെന്ന് അറിയില്ല. മഹാശാസ്ത്ര പരിശോധനയ്ക്ക് തയ്യാറായിട്ടുള്ള പ്രസ്താവനയും ലളിതമായ ഏതാനും വ്യവസ്ഥകളും മുമ്പ് അനേകം വർഷങ്ങളിൽ അറിയിച്ചിരുന്നു.

**മഹാദേവി, പരമശിവനെ മഹാഅനുഗ്രഹിച്ച് ഓം** എന്ന അക്ഷരബ്രഹ്മത്തെ പരമശിവനിൽ പ്രവേശിപ്പിക്കുമ്പോൾ, മഹാശാസ്ത്രത്തെയും മഹാപ്രപഞ്ചത്തെയും കൂടി **ഓം** ഉൾക്കൊള്ളുകയാൽ, അവയെ പ്രതിനിധീകരിക്കാൻ പരമശിവനെ മഹാഅനുഗ്രഹിക്കുന്നതായി മനസ്സിലാക്കാം. ബ്രഹ്മത്തിന്റെ ഒരു മഹാപ്രകടനം മാത്രമാണ് മഹാദേവിയുടെ മഹാചിരിയും ശബ്ദബ്രഹ്മവും അക്ഷരബ്രഹ്മവും മറ്റും ആയ **ഓം** എന്നത് ഉൾക്കൊള്ളുമ്പോൾ, മഹാദേവിയുടെ പ്രതിനിധിയായിക്കൂടി മഹാദേവി മഹാഅനുഗ്രഹിച്ചിട്ടുള്ള പരമശിവൻ, ബ്രഹ്മത്തിന്റെ പ്രതിനിധിയല്ല എന്നും ഏകമായ ബ്രഹ്മത്തിന് പ്രതിനിധികളില്ല എന്നും സുവ്യക്തമാണ്.

**ബ്രഹ്മത്തെ ആരാധിക്കാൻ പാടില്ലായെന്ന് ബ്രഹ്മം കൂടിയായ മഹാദേവി വിലക്കിയത് അതീവ ഗൗരവമാണെന്ന് ആവർത്തിക്കുന്നു.**

**ബ്രഹ്മ പാഠങ്ങളിൽ നിന്ന് മഹാപ്രപഞ്ചത്തിന് അതീതവും കൂടിയാണ് മഹാശക്തിയായ മഹാദേവി എന്നും, മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങൾ നിർവ്വഹിക്കുവാൻ ഓം എന്ന ലളിത മാധ്യമത്തെ മഹാശാസ്ത്രപ്രകാരം സൃഷ്ടിച്ചുവെങ്കിലും ബ്രഹ്മമായ മഹാദേവിക്ക് യാതൊരു മാധ്യമങ്ങളുടെയും ആവശ്യമില്ലെന്നും, അക്ഷരബ്രഹ്മം യഥാർത്ഥത്തിൽ മാധ്യമം അല്ലെന്നും, ബ്രഹ്മമായ ദൈവം @ മഹാദേവി മാധ്യമങ്ങൾക്കെല്ലാം അതീതമാണെന്നും സുവ്യക്തമായി അറിയണം.**

ഗണിതശാസ്ത്രത്തിലെ 'പൂജ്യത്തിനും' ലോകഭാഷയായി ദൈവം ഉയർത്തിയിട്ടുള്ള ഇംഗ്ലീഷ് ഭാഷയിലെ '**ഒ**' എന്ന അക്ഷരത്തിനും ഗോളവുമായി അഥവാ വൃത്തവുമായി ബന്ധമുള്ളത് യാദൃച്ഛികമല്ല. **ഒ** 'O' എന്ന അക്ഷരത്തെ രണ്ടായി വിഭജിച്ചാൽ എം 'm' എന്ന ഇംഗ്ലീഷ് അക്ഷരം ലഭിക്കുന്നതാണ്. ഒ 'O', എം 'm', എന്നീ ഇംഗ്ലീഷ് അക്ഷരങ്ങൾ ചേരുമ്പോൾ ഓം Om എന്ന ശബ്ദബ്രഹ്മം ഇംഗ്ലീഷ് ഭാഷയിലും ഉണ്ടാകുന്നതാണ്. മഹാദേവിയുടെ മഹായുധമായ മഹാശൂലത്തിലും, മനുഷ്യരിലെ അനേകം സുപ്രധാന അവയവങ്ങളിലും 3 എന്ന ദിവ്യരൂപത്തെ, അഥവാ അടിസ്ഥാനപരമായ അക്ഷരബ്രഹ്മത്തെ മഹാദേവി ചിത്രണം ചെയ്തിട്ടുണ്ട്. ചുണ്ടിലും മൂക്കിലും കണ്ണുകളിലും ലിംഗത്തിലും ഒക്കെയുണ്ട്. വേദഭാഷയായി നിശ്ചയിച്ചിട്ടുള്ള മലയാളത്തിലെ അ, ആ, ഇ, ഈ, ഊ, ഏ, ഒ, ഓ, ഔ, അം, തുടങ്ങിയ അനേകം അക്ഷരങ്ങളിൽ ഒന്നോ അതിലധികം തവണയോ 3 ചേർന്നിട്ടുണ്ട്. സൃഷ്ടിയുടെ ഉദ്ദേശമായ സ്ഥിതിയിൽ / ജീവിതത്തിൽ പ്രത്യേകം പ്രാധാന്യമുള്ള ധനം-ലെ ധ-യും ന-യും ം-ഉം 3 തന്നെയാണ്. വിസ്തരിക്കുന്നില്ല.

# ഓം -ലൂടെ സംഹാരം

മഹാശക്തിയായ മഹാദേവി, പരമശിവന്റെ 'നാവിൽ' അക്ഷരബ്രഹ്മമായ '3', -നെ സംഹാര ആവശ്യങ്ങളെയും കണക്കാക്കി അകത്തേക്ക് കുറിക്കുന്നു. ആത്മീയ സാക്ഷാത്ക്കാരത്തിൽ മനുഷ്യരുടെ ജീവാത്മാക്കളെ, പരമശിവന്റെ ഹൃദയവുമായി ചേർന്ന് പ്രവർത്തിക്കുന്ന 'മഹാദേവിയുടെ മഹാഹൃദയമായ ഓംകാര'-ത്തിലേക്ക് പ്രവേശിപ്പിക്കുന്നത് പരമശിവന്റെ വായിലൂടെയാണ്; (മഹാദേവി) അകത്തേക്ക് കുറിച്ചിട്ടുള്ള 3 (**ഓം**)-മായി ബന്ധപ്പെടുത്തിയാണ്. മഹാദേവിയുടെ മഹാഹൃദയമായ ഓംകാരത്തിന്റെ അകത്താണ് മഹാപ്രപഞ്ചമുള്ളത്; പരമശിവനും ! മഹാദേവിയുടെ മഹാഹൃദയമായ ഓംകാരം, ഓരോ കുഞ്ഞിനെയും / മനുഷ്യനെയും മഹാവാത്സല്യത്തോടെ മഹാഅനുഗ്രഹിച്ച് സമപദവിയും സമരൂപവുമുള്ള നക്ഷത്രം എന്ന മോക്ഷം നൽകുന്നു.

**ദൈവ-വിപ്ലവത്തിന്റെ തുടർച്ചയായി ദൈവരാജ്യം, സംഹാരം എന്നിവ പുരോഗമിക്കുമ്പോൾ, ദൈവത്തെ ആരാധിക്കാൻ ഓരോ മനുഷ്യനെയും മഹാഅനുഗ്രഹിച്ച് അനുവദിക്കുന്ന പരമവിശിഷ്ടമായ ഏക ജന്മത്തിൽ, അക്ഷരബ്രഹ്മമായ 3 -നെ കുറിക്കുന്നത് മനുഷ്യരുടെയെല്ലാം നാവിലാണ്; എന്നാൽ ദിശ പുറത്തേയ്ക്കാണ്.**

**ദൈവീകതയെ സൂചിപ്പിക്കുവാനും ദൈവീകമായ കാര്യങ്ങൾക്കും അക്ഷരബ്രഹ്മം ഉപയോഗിക്കാം. ജ്യോതിഷം, പൊരുത്തം തുടങ്ങിയ വർജ്ജ്യമായ അഥവാ അധമ കാര്യങ്ങൾക്ക് പാടില്ല; വിപരീതമായി പ്രവർത്തിച്ചാൽ പാപവും ദൈവശിക്ഷകളും തീർച്ചയാണ്. ജ്യോതിഷം, മന്ത്രവാദം, പൂജ, വഴിപാടുകൾ, നോയമ്പ്, യജ്ഞം, യാഗം, തപസ്സ്, തുടങ്ങിയവ ഉടൻ അവസാനിക്കുന്നതാണ്.**

| | |
|---|---|
| | **ഓം** |

# സർവ്വദേശ ഭൂമി ഗാനം
# ദൈവ വിപ്ലവ ഗാനം

**മണ്ണും ഭൂമിയും ദൈവവുമായ ദേശങ്ങൾ പാടേണ്ട ഗാനം എന്താവണം എന്നു നിശ്ചയിക്കുന്നത് ദേശങ്ങൾ തന്നെയാണ്; ദേശങ്ങളായ ദൈവത്തിന്റെ ഔദാര്യത്തിൽ ജനിക്കുകയും ജീവിക്കുകയും ചെയ്യുന്ന സൃഷ്ടികളല്ല / മനുഷ്യരല്ല. വസ്തുക്കളുടെ / മൂലകങ്ങളുടെ ആറ്റങ്ങളിൽ, ഇലക്ട്രോണുകൾ സദാ പ്രോട്ടോണുകളെ ചുറ്റുമ്പോൾ, പ്രോട്ടോണുകൾ മഹാസംഗീതം ആലാപിക്കുന്നുണ്ട്.**

**ഉടനെ ആരംഭിക്കുന്ന ദൈവ വിപ്ലവമെന്നത് ശക്തിശിവൻ പ്രണയ മന്ത്രവും, ദൈവത്തിന്റെ മഹാചിരിയും ആദിവചനവും സൃഷ്ടി മന്ത്രവും സംഹാരകാഹളവും ശബ്ദബ്രഹ്മവും മഹാസംഗീതവും സർവ്വദേശ-ഭൂമിഗാനവും ദൈവ വിപ്ലവ ഗാനവും ഒക്കെയായ ഓം 33 വർഷങ്ങൾ ഉച്ചത്തിൽ തുടർച്ചയായി പാടുകയാണ്. ദേശങ്ങൾ പാടുന്നത് 33 വർഷങ്ങളാണെങ്കിലും ഓരോ വ്യക്തിയും 3 വർഷങ്ങളാണ് കേൾക്കുക.**

**മണ്ണും ഭൂമിയുമായ ദേശങ്ങളെല്ലാം സ്വയം പാടുന്നത് കേൾക്കാൻ ബധിരർക്കും സാധിക്കുന്നതാണ്. ബധിരത മാറിയേക്കാം !**

**മണ്ണായ ഭൂമി പാടുമ്പോൾ, ദൈവത്തിന്റെ മഹാഖര രൂപമാണ് ഭൂമി എന്ന് സാധാരണ ജനങ്ങൾക്കും ബോദ്ധ്യപ്പെടുന്നതാണ്.**

**മനുഷ്യൻ ഉൾപ്പെടെയുള്ള എല്ലാ ജീവികളുടെയും ശരീരത്തിൽ നിന്നു പോലും മഹാസംഗീതമായി ഓം മുഴങ്ങുമ്പോൾ, ദൈവത്തിന്റെ മഹാഖര രൂപമായ ഭൂമിയുടെ അംശം തന്നെയാണ് ഓരോ ജീവാത്മാവിനെയും വഹിക്കുന്ന ശരീരം എന്ന് സാധാരണ ജനങ്ങൾക്കും ബോദ്ധ്യപ്പെടുന്നതാണ്.**

**യഥാർത്ഥമായ സർവ്വദേശീയ-ഭൂമിഗാനത്തെ ദേശങ്ങൾ തന്നെ പാടുന്നതോടെ, എല്ലാ രാജ്യങ്ങളിലും 'ദേശീയ ഗാനങ്ങൾ' എന്ന കള്ളപ്പേരിൽ മൂഢജനങ്ങൾ തട്ടിക്കൂട്ടിയവ ഇല്ലാതാകും. സർവ്വ ദേശങ്ങളും പാടുന്ന ഓം എന്ന ഭൂമി ഗാനം, ഭൂമിയായ ദൈവത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളിലെ ഗൗരവമായ ഒരു വസ്തുതയാണ്; സൃഷ്ടികൾക്ക് അതിൽ കാര്യമില്ല.**

**ഓം ഭൂമിയിൽ മുഴങ്ങുമ്പോൾ 'ഭൂമിയായ ദൈവം ആരംഭിച്ചിട്ടുള്ള വിപ്ലവത്തെയും', 33 വർഷക്കാലമുള്ള ദൈവിപ്ലവത്തയും കുറിക്കുക കൂടിയാണ്. ആകയാൽ ഓം, ദൈവ/ഭൂമി വിപ്ലവ ഗാനം കൂടിയാണ്.**

ഓംകാരം

# മഹാദേവിയുടെ മഹാഹൃദയമാണ്

# ഓംകാരം ;

## മഹാപ്രപഞ്ചത്തിന്റെ ശക്തി നിയന്ത്രണ സത്തയുമാണ്.

ഇപ്പോഴത്തെ സൃഷ്ടിചക്രത്തിൽ മഹാദേവി മനുഷ്യാവതാരം എടുക്കവെ, പ്രപഞ്ചപിതാവും മഹാദാസനുമായ പരമശിവനിലൂടെ മാത്രമാണ് 'ഓംകാരം' മഹാഹൃദയം ആണെന്നും 'ഓം' മഹാചിരി കൂടിയാണെന്നുമുള്ള മഹാസത്യങ്ങളെ മഹാദേവി വെളിപ്പെടുത്തിയിട്ടുള്ളത്.

മഹാപ്രപഞ്ചത്തിന് അതീതമായ ബ്രഹ്മം അനിർവ്വചനീയമാണെന്ന് മനുഷ്യജീവികൾ ഉൾപ്പെടെയുള്ള തന്റെ കുഞ്ഞുങ്ങൾക്ക് ലളിതമായി മനസ്സിലാക്കാനായി **മഹാശക്തി, ദൈവം, മഹാദേവൻ, മഹാദേവി** തുടങ്ങിയ പേരുകൾ സ്വീകരിക്കുകയാണെന്ന് വ്യക്തമാണ്.

**മഹാദേവി എന്നു പറയുമ്പോൾ ഒരു മഹാമനുഷ്യജീവി എന്നപോലെ മനുഷ്യർക്ക് ലളിതമായി മനസ്സിലാക്കാനാവുമെങ്കിലും, മഹാശക്തിയാണെന്നും ജീവിയല്ലെന്നും ധരിക്കണം. മഹാദേവി മഹാ-മനുഷ്യ ജീവിയെപ്പോലെ സ്വയം ലഘുവും ലളിതവുമായി തന്റെ സൃഷ്ടികളായ കുഞ്ഞുങ്ങളുമൊത്തു കഴിയുമ്പോൾ, മഹാദേവി തനിക്ക് ഹൃദയവും ശിരസ്സും ഉടലും കൈകളും കാലുകളും ഒക്കെ സ്വീകരിക്കുകയാണ്.**

മഹാപ്രപഞ്ചത്തിന് അതീതമായ (ഏക)മഹാശക്തി ആകയാൽ മഹാദേവിയുടെ ഓരോ അവയവത്തെയും ഓം ചേർത്ത് വിശേഷിപ്പിക്കേണ്ടതുണ്ട്. എന്നാൽ ഓം എന്താണെന്ന് അറിയാത്തവർ ഓം ചേർക്കുന്നത് ശാസ്ത്രപരമല്ല. അതേപോലെ, സൃഷ്ടിചക്രത്തിന്റെ മായ പ്രത്യക്ഷമല്ലാത്ത ആദ്യഭാഗത്തിൽ ഓം ചേർക്കുന്നത് ആത്മീയശാസ്ത്രത്തിന്റെ ബഹുമതി കുറയ്ക്കുന്നതാണ്. ആകയാൽ, ഓം -ന് ഭാഗിക-പകരമായി മഹാദേവി നിശ്ചയിച്ചിട്ടുള്ള മഹാ ചേർത്ത് മഹാ-ഹൃദയം, മഹാകൈകൾ എന്നിങ്ങനെ പറയുന്നു.

മഹാപ്രപഞ്ചത്തിന്റെ സ്രഷ്ടാവും രക്ഷകയുമായ മഹാദേവിയുടെ മഹാഹൃദയമായ ഓംകാരം എന്താണു ചെയ്യുന്നതെന്നും, എങ്ങനെയാണ്, എന്തുകൊണ്ടാണ്, എപ്പോഴാണ് എന്നിങ്ങനെയെല്ലാം അറിയുവാൻ ആഗ്രഹിക്കുന്നതിന് യോഗ്യത നേടണം; ഏറ്റവും വിനയത്തോടെയുമാവണം. **ബുദ്ധിശക്തി**, ഓർമ്മശക്തി എന്നിവ രണ്ടും ജന്മഗുണങ്ങളിൽ പെടുന്നവയാണെങ്കിലും, വ്യക്തിയുടെ ധർമ്മശാസ്ത്ര പരമായ പ്രവൃത്തികളുമായി ബന്ധപ്പെട്ട് താൻ പാതി ദൈവം പാതി എന്ന മഹാസമവാക്യം സദാ പ്രസക്തമാകുന്നത് ഇവിടെ വിഷയമാണ്. അതായത് വ്യക്തിസ്വാതന്ത്ര്യം കൊണ്ടുള്ള പ്രവൃത്തികൾ, സ്ഥിതിപരമായ വിധി പ്രകാരം, ബുദ്ധിക്ക് ശക്തികളെ (ശക്തിയായ ഓക്സിജൻ എന്ന ദൈവത്തിന്റെ വാതക രൂപം) നൽകുമ്പോൾ, വ്യക്തിയുടെ ബുദ്ധിശക്തി എന്ന ജന്മഗുണം വികസിക്കുമ്പോൾ, അഹംഭാവം നിമിത്തം ദൈവനിന്ദ ചെയ്യാൻ ഇടയുണ്ടാവരുത്. അതിനാൽ ദൈവം മഹാവാത്സല്യം ആണെങ്കിലും ഭയം നല്ലതാണ്.

# ഓംകാരത്തിന്റെ ആകൃതിയും, ഓംകാരത്തിലെ മഹാശക്തിയും

**മഹാശക്തിയായ ദൈവം സ്വയം സ്വീകരിച്ചിട്ടുള്ള രൂപ-ഭാവങ്ങളുടെ മാതൃകയിലാണ് മനുഷ്യരുടെ അനേക കാര്യങ്ങളെ മഹാആവിഷ്ക്കരിച്ചിട്ടുള്ളത്. ഓംകാരം എന്ന മഹാഹൃദയത്തിൽ നിന്നും സൃഷ്ടിയായ ജീവികൾക്ക് ശക്തി ലഭിക്കുകയാണു ചെയ്യുന്നത് എന്നതിനാൽ മനുഷ്യ-ഹൃദയത്തിന്റെ ആകൃതിയല്ല.**

**ദൈവം അനുവദിച്ചു നൽകുന്ന ശക്തികളെ എന്റെ ശക്തിയെന്ന രീതിയിലോ എനിക്കു ദൈവം തന്ന ശക്തി എന്ന രീതിയിലോ കൈമുഷ്ടി കാട്ടി പ്രകടിപ്പിക്കാനും ഓരോരുത്തർക്കും കഴിയുമ്പോൾ, മനുഷ്യഹൃദയത്തിന് കൈമുഷ്ടിയുടെ ആകൃതി നൽകിയിരിക്കുന്നതും മഹാസംവിധാനത്തിന്റെ ഒരു ചെറിയ ഭാഗമാണ്. ദൈവത്തിന്റെ അഥവാ ദൈവം നൽകുന്ന ശക്തിയാണ് എന്റെ ശക്തി എന്റെ ശക്തിയെന്ന് ഓരോരുത്തരും വിശേഷിപ്പിക്കുന്ന ശക്തി എങ്കിലും, സൃഷ്ടിപരമായ വിധി, സ്ഥിതിപരമായ വിധി എന്നിവ പ്രകാരവും മഹാവാത്സല്യം കണക്കാക്കിയും, ദൈവം നൽകുന്ന ശക്തികളെ ദൈവം അനുവദിച്ച ശക്തികളായിക്കണ്ട് എന്റെ എന്ന അവകാശം തുടരാവുന്നതാണ്. അഹംഭാവം അകലുകയും ജ്ഞാനം അഥവാ ശാസ്ത്രം ഹൃദയത്തിൽ പ്രവേശിക്കുകയും ചെയ്യുന്നതനുസരിച്ച് ദൈവം തന്ന ശക്തിയെ ദൈവീകമായി ഉപയോഗിക്കാനുള്ള പരിശ്രമങ്ങൾ മനുഷ്യർ ആരംഭിക്കുന്നതും ദൈവാനുഗ്രഹത്തോടെ വർദ്ധിപ്പിക്കുന്നതുമാണ്.**

സൃഷ്ടിയായ ജീവിയുടെ ശരീരത്തിൽ രക്തത്തിലൂടെ വ്യാപരിക്കുകയും നെറുകയിൽ വസിക്കുകയും ചെയ്യുന്ന ജീവാത്മാവിന്റെയും, ജീവാത്മാവിന്റെ വ്യക്തി സ്വാതന്ത്ര്യത്തിൽ ഇടപെടാതെ മറ്റു വിഷയങ്ങളിലെല്ലാം ജീവാത്മാവിനെ ഭരിക്കുന്ന ജീവന്റെയും, പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഭൗതിക സംവിധാനമാണ് മനുഷ്യഹൃദയത്തിൽ ദൈവം മഹാഒരുക്കിയിട്ടുള്ളത്.

**മഹാശക്തിയായ മഹാദേവി ജീവിയല്ല എന്നതും, മഹാജീവിയെപ്പോലെ പെരുമാറുക മാത്രമാണ് ചെയ്യുന്നത് എന്നതും, ആദിയും അന്തവുമില്ലാത്ത മഹാശക്തിയാണ് മഹാദേവി എന്നതും, മഹാഹൃദയമെന്നത് മഹാശാസ്ത്രപരമായി മഹാദേവി സ്വീകരിക്കുന്ന മനുഷ്യരൂപത്തെ മഹാമംഗളമാക്കുവാനുള്ള മഹാസംവിധാനത്തിന്റെ ഭാഗം മാത്രമാണെന്നതും കൂട്ടി വായിക്കുമ്പോൾ, മഹാഹൃദയമായ ഓംകാരത്തിൽ മഹാവാത്സല്യവും മഹാനീതിശാസ്ത്രവും മഹാശക്തിയും ആണുള്ളത് എന്നു സുവ്യക്തമാകുന്നു. മഹാവാത്സല്യത്തെയും മഹാനീതിശാസ്ത്രത്തെയും മഹാശക്തിയെയും ഉൾക്കൊള്ളുന്ന പാത്രത്തിന്റെ ആകൃതിയാണ് മഹാദേവിയുടെ മഹാഹൃദയത്തിന് ഉണ്ടാവേണ്ടത്. മഹാവാത്സല്യത്തിന്റെയും മഹാനീതി ശാസ്ത്രത്തിന്റെയും മഹാശക്തിയുടെയും ആകൃതികൾ അറിയാതെ പാത്രത്തിന്റെ ആകൃതി നിശ്ചയിക്കാനാവില്ല. ആദിയും അന്തവുമില്ലാത്ത മഹാശക്തിയുടെ ആകൃതി എന്താണെന്ന് ഓം എന്ന അദ്ധ്യായത്തിലെ അക്ഷരബ്രഹ്മത്തിൽ വിശദീകരിച്ചിട്ടുള്ളത് ആശ്വാസമുണ്ടാക്കുന്നു.**

അടിസ്ഥാന അക്ഷരബ്രഹ്മമായ 3 സൃഷ്ടിക്കപ്പെടുന്നത് ശൂന്യത്തിൽ നിന്നും ആദിയും അന്തവുമില്ലാതെ വർത്തിക്കുന്ന ഗോളാകൃതിയിലൂടെയാണെന്ന് വിശദമാക്കിയിരുന്നു. ((മേല്പടി അദ്ധ്യായത്തിൽ നിന്ന് അല്പം മാത്രം ഉദ്ധരിക്കുന്നു :- മഹാപ്രപഞ്ചത്തിൽ ദൈവം സൃഷ്ടിച്ചിട്ടുള്ള വസ്തുക്കളുടെയും ജീവികളുടെയും രൂപങ്ങളിൽ, ഒരു രൂപം മാത്രം എല്ലായ്പ്പോഴും മഹാ-അവസ്ഥയിൽ വർത്തിക്കുന്നതു കാണാം. ആദിയില്ലാത്ത അഥവാ ശൂന്യമായ അവസ്ഥയിൽ നിന്ന് ഒരു ബിന്ദു എന്ന കേന്ദ്രം രൂപപ്പെടുന്നതും, പ്രസ്തുത കേന്ദ്രം എല്ലാ വശത്തേക്കും തുല്ല്യ അളവോടെ വളരുകയും ചെയ്യുമ്പോൾ, കോണുകളില്ലാത്തതും വ്യാസം വർദ്ധിക്കുന്നതനുസരിച്ച് അനന്തമായി വളരുന്നതും, ഏതു വശത്തു നിന്നു നോക്കിയാലും വൃത്താകൃതി ഉള്ളതുമായ ഗോളം അഥവാ ഗോളാകൃതി സൃഷ്ടിക്കപ്പെടുന്നതാണ്. ആദിയില്ലാത്ത അവസ്ഥയിൽ നിന്ന് ഗോളമുണ്ടാകുന്നതുപോലെയാണ് ഗോളത്തിന്റെ സൃഷ്ടി. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഒരു വൃത്ത കേന്ദ്രമോ ഗോളകേന്ദ്രമോ വലുതാകുന്നതായി സങ്കല്പിക്കുമ്പോൾ വലിയ വൃത്തവും വലിയ ഗോളവും ഉണ്ടാകുന്നതായി കാണാം. അവരോഹണ ക്രമത്തിൽ വൃത്തമോ ഗോളമോ ചെറുതാകുമ്പോൾ ഒരു ബിന്ദുവാകുന്നതും, സൂക്ഷ്മ ബിന്ദുവാകുന്നതും, അതിസൂക്ഷ്മ ബിന്ദുവാകുന്നതും, മനുഷ്യനേത്രങ്ങൾ കൊണ്ട് കാണാൻ പറ്റാത്ത അവസ്ഥയിൽ ശൂന്യം പോലെയുള്ള ബിന്ദുവായി തുടരുന്നതുമാണ്. ആദിയും അന്തവുമില്ലായ്മയും, കോണുകളില്ലായ്മയും, കേന്ദ്രത്തിൽ നിന്ന് അനന്തമായിരിക്കുന്ന എല്ലാ വശങ്ങളിലേക്കും തുല്ല്യനീളമുള്ളതുമായ അഥവാ ഒരേ റേഡിയസ് ഉള്ളതുമായ **ഗോളത്തെയാണ്, ബ്രഹ്മം** സ്വയം മൂലരൂപമായി നിശ്ചയിച്ചിട്ടുള്ളത്. )).

മഹാദേവിയുടെ മഹാശക്തിയെയും മഹാവാത്സല്യത്തെയും മഹാനീതിശാസ്ത്രത്തെയും ബ്രഹ്മാവസ്ഥയെയുമെല്ലാം ഗോളം ഉൾക്കൊള്ളുന്നതായി മനസ്സിലാക്കാനാവും. അടിസ്ഥാന അക്ഷരബ്രഹ്മമായ 3 സൃഷ്ടിയ്ക്കപ്പെടുന്നത് ഗോളത്തെ രണ്ടായി വിഭജിച്ചാണെന്നും ആവക കാര്യങ്ങളിലെ ശാസ്ത്രകാര്യങ്ങൾ എന്തെല്ലാമാണെന്നും ഓം എന്ന അദ്ധ്യായത്തിലെ അക്ഷരബ്രഹ്മത്തിൽ വിശദീകരിച്ചിട്ടുണ്ട്. അടിസ്ഥാന അക്ഷരബ്രഹ്മമായ 3 -ന്റെ വികസിത രൂപത്തിലെ നാവ് (നാക്ക്) ശ്രദ്ധിച്ചാൽ അത് ഗോളത്തിന്റെ ബാഹ്യപ്രതലത്തിൽ ലയിക്കുന്നതായി മനസ്സിലാക്കാം. ഗോളങ്ങളായിട്ടുള്ള ഭൂമിയും ചന്ദ്രനും സൂര്യനും നക്ഷത്രങ്ങളും ഗോളമായിരിക്കുന്ന മഹാശക്തിയിൽ ലയിക്കുമ്പോൾ, അവയുടെയെല്ലാം പ്രത്യേക അസ്തിത്വം നഷ്ടപ്പെടുകയും മഹാഹൃദയം എന്ന ഗോളം മാത്രം ലഭിക്കുന്നതുമാണ്. അതായത് **മഹാഹൃദയമായ ഓംകാരത്തിന്റെ ആകൃതി ഗോളമാണ്.**

**മഹാപ്രപഞ്ചത്തെ സൃഷ്ടിക്കുന്ന മഹാശക്തി, മഹാപ്രപഞ്ചത്തിന് അതീതമായകയാൽ ഓംകാരം മഹാപ്രപഞ്ചത്തിന് അതീതമായ മഹാമായ ആണ്. യാതൊരു ഭൗതിക വസ്തുക്കളെയും ഓംകാരവുമായി ബന്ധിപ്പിക്കാനോ സാമ്യപ്പെടുത്താനോ കഴിയുന്നതല്ല. കടുകിനേക്കാൾ ചെറുതും ഗോളാകൃതി ഉള്ളതുമായ ഒരു ശൂന്യം പോലെയും, മഹാപ്രപഞ്ചത്തെക്കാൾ വലുതായ മഹാഗോളാകൃതി ഉള്ള ഒരു മഹാശൂന്യം പോലെയും ഓംകാരത്തെ കഷ്ടിച്ചു കണക്കാക്കാം.**

# ഗോളാകൃതിയും സ്ഥിരസംഖ്യയായ പൈയും

ഗണിതശാസ്ത്രം ഉൾപ്പെടെ അനേകം ശാസ്ത്ര ശാഖകളിൽ പൈ (= 3.14...) എന്ന സ്ഥിര സംഖ്യ ഒരു പ്രധാന ഘടകമാണ്. ഗോളത്തിനും വൃത്തത്തിനും ബ്രഹ്മവുമായും ശക്തിയുമായും ഓംകാരവുമായും ഉള്ള മഹാബന്ധങ്ങളെ മനസ്സിലാക്കുമ്പോൾ 22/7 = 3.14.. = പൈ എന്നത് ചുമ്മാതല്ല; മഹാ-ആവിഷ്ക്കാരത്തിന്റെ ഭാഗമാണെന്ന് സുവ്യക്തമാണ്. അനവധി ശാസ്ത്രശാഖകളിൽ പൈ വിഷയമാകുമ്പോൾ, പൈയ്ക്ക് അനവധി കാര്യങ്ങളിൽ സ്ഥാനം കല്പിച്ചിരിക്കുന്നുവെന്നും പൈയുമായി ബന്ധപ്പെട്ട് ഭൗതികവസ്തുക്കൾ പ്രവർത്തിക്കുന്നു എന്നുമാണർത്ഥം.

മഹാപ്രപഞ്ചത്തിലെ പൈശാചിക -ന്യൂനശക്തികൾ വർദ്ധിച്ചതിന് ആദ്യമഹാകാലചക്രത്തിലെ പ്രത്യേക ഭരണാധികാരികൾ കാരണമായിട്ടുണ്ടെന്നും, ആവക കാര്യങ്ങളിൽ പൈ ബന്ധപ്പെട്ടിരിക്കുന്നുവെന്നും അവ്യക്തമായ വെളിപാട് 2009 ജനുവരി 2-ന് ലഭിക്കുകയുണ്ടായി. ഇടക്കാലത്ത് കുറേക്കൂടി വ്യക്തത ഉണ്ടായി. ഗ്രന്ഥരചനയ്ക്കിടെ മറന്നു പോയി. പൈ ഉൾപ്പെടെ യാതൊന്നും വെറുതെ സൃഷ്ടിച്ചതല്ല എന്നറിയിക്കുന്നതായി കണക്കാക്കാം. വെളിപാട് സുവ്യക്തമായ ശേഷം, മറ്റൊരു അവസരത്തിൽ, മഹാദേവിയുടെ **മഹാഇഷ്ടം** പോലെ ചേർക്കുന്നതാണ്. (ബഹുഭൂരിപക്ഷം വരുന്ന സാധാരണ മനുഷ്യർ ഈവക കാര്യങ്ങളെ അറിഞ്ഞിട്ട് അത്യാവശ്യം ഇല്ല തന്നെ. സാവകാശം മഹാഉചിതമായി മഹാദേവി വെളിപ്പെടുത്തുന്നതാണ്.

# ഓംകാരവും, മഹാശാസ്ത്ര ശാഖകളും

## ഓംകാരത്തിന്റെ നീതിശാസ്ത്ര പ്രകാരം ഓംകാരത്തിൽ നിന്ന് ജീവികൾക്കെല്ലാം അനന്തങ്ങളായ ആനന്ദങ്ങളെ നൽകാനുള്ള മഹാപദ്ധതിയായ മഹാശാസ്ത്രവും, അതിൻ പ്രകാരം മഹാപ്രപഞ്ചവും സൃഷ്ടിയ്ക്കപ്പെടുന്നു.

ഓംകാരനീതിശാസ്ത്രം മഹാപ്രപഞ്ചത്തെയും മഹാശാസ്ത്രത്തെയും ഉൾക്കൊണ്ട് മഹാഹൃദയമായ ഓംകാരത്തിന്നുള്ളിൽ പ്രവർത്തിക്കുന്നു. മഹാശാസ്ത്രത്തിന്റെ 3 ശാഖകളായ ഭൗതികശാസ്ത്രം, ധർമ്മശാസ്ത്രം, ആത്മീയശാസ്ത്രം, എന്നിവയും അവയുടെ ശാഖകളും ഉപശാഖകളുമെല്ലാം മഹാശക്തിയായ മഹാദേവിയുടെ മഹാഹൃദയമായ ഓംകാരത്തിൽ നിന്ന് ഉത്ഭവിക്കുമ്പോൾ, മനുഷ്യരുടെ മുന്നിലുള്ള എല്ലാ ശാസ്ത്രശാഖകളെയും അവ പ്രകാരമുള്ള ശാസ്ത്ര സൗകര്യങ്ങളെയും മഹാകാര്യങ്ങളായി അറിയാനും പുതിയ വീക്ഷണത്തോടെ സമീപിക്കാനും കഴിയണം; വൈകാതെ മനുഷ്യനു കഴിയുന്നതാണ്.

ഭൗതികശാസ്ത്രത്തെപ്പറ്റി പറയുമ്പോൾ, ഗണിത ശാസ്ത്രത്തിലെ 0,1, 2, 3, 4, 5, 6, 7, 8, 9, 10, 20, 25, 50, 100 എന്നീ സംഖ്യകൾക്കും അവയുടെ വർഗ്ഗങ്ങൾക്കും, വർഗ്ഗമൂലങ്ങൾക്കും പ്രത്യേക സവിശേഷതകൾ മഹാപ്രപഞ്ചത്തിലുള്ളത് പുതിയ മാനങ്ങളോടെ ഓരോ ശാസ്ത്രശാഖകളിലും പ്രതിഫലിക്കുന്നതായും, എല്ലാ ശാസ്ത്രശാഖകളും പരസ്പരം ബന്ധിച്ചിരിക്കുന്നുവെന്നും സുവ്യക്തമാകുന്നതാണ്.

പ്രകൃതി, പ്രകൃതി നിയമങ്ങൾ, പ്രകൃതിയുടെ സമതുന്തിലിതാവസ്ഥ എന്നിങ്ങനെയെല്ലാം മനുഷ്യർ ഓരോരോ പേരുകൾ ഇട്ടിട്ടുള്ളത് ഉൾപ്പെടെയുള്ള കാര്യങ്ങൾ ഓംകാരത്തിന്റെയും ഓംകാര നീതിശാസ്ത്രത്തിന്റെയും ഭാഗങ്ങളാകുന്നതാണ്. ധർമ്മശാസ്ത്രത്തെപ്പറ്റി പറയുമ്പോൾ, മനുഷ്യർക്ക് സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യം നൽകാനായി, മനുഷ്യരെ ഭരണം ഏല്പിച്ചിട്ടുള്ളതായ സദാചാരശാസ്ത്രം, കർമ്മശാസ്ത്രം (തൊഴിൽ), സാമ്പത്തികശാസ്ത്രം, ഭരണശാസ്ത്രം, ഭാഗിക-നീതിന്യായശാസ്ത്രം തുടങ്ങിവയുടെ ഭാവവും രൂപവും ഇ-മഹാവേദഗ്രന്ഥത്തിലുണ്ട്. എല്ലാ രാജ്യങ്ങളുടെയും ഭരണഘടനയായി ധർമ്മശാസ്ത്രം സ്ഥാപിക്കപ്പെടുന്നതാണ്. മഹാശാസ്ത്രത്തന്റെ എല്ലാ ശാഖകളെയും ഏകോപിപ്പിക്കുന്ന ഭരണശാസ്ത്രം മഹാശുദ്ധവും മഹാമംഗളകരവുമായ ഭരണം സമൂഹത്തിൽ ഉറപ്പിക്കുന്നതാണ്. ധർമ്മശാസ്ത്ര പ്രകാരം ഭരണം നടക്കുമ്പോൾ മാത്രമേ, ഭരണകൂടത്തിന് <u>രാജ്യത്തിന്റെ</u> എന്ന അവകാശം പറയാനാവൂ. ഉദാഹരണമായി കേരളത്തിലെ ഭരണകൂടം, ഇന്ത്യയിലെ ഭരണകൂടം, കേരളത്തിലെ വലിയ കോടതി എന്നൊക്കെയുള്ള അശാസ്ത്രീയമായ പദങ്ങളെ മാത്രമേ നിലവിലുള്ള അശാസ്ത്രീയമായ ഭരണ സംവിധാനങ്ങൾക്ക് ഉപയോഗിക്കാൻ പാടുള്ളൂ. ഇന്ത്യാ ഗവണ്മെന്റ്, കേരള സർക്കാർ തുടങ്ങിയ പദങ്ങൾ പോലും ശാസ്ത്രീയമായി ഉപയോഗിക്കണം; അതിന് മണ്ണിൽ മഹാലയിച്ചിട്ടുള്ള ധർമ്മശാസ്ത്രം സമസ്ത ഭരണകൂടങ്ങളുടെയും ഭരണഘടന ആവണം.

**ഓംകാര നീതി ശാസ്ത്രം എന്നു കൂടി അറിയപ്പെടുന്ന ആത്മീയശാസ്ത്രത്തെപ്പറ്റി പറയുമ്പോൾ, ജനനം, ജീവിതം, മരണം, ജീവാത്മാവ്, ജീവൻ, ജന്മഗുണങ്ങൾ, ആത്മീയ സാക്ഷാത്ക്കാരം, മഹാപുനർജ്ജന്മ സിദ്ധാന്തം, തുടങ്ങിയവ സൂചിത ഇ-മഹാവേദഗ്രന്ഥത്തിൽ നിന്നും ചുവടെ വേറിട്ട് ചേർത്തിട്ടുണ്ട്.**

**കള്ളക്കൂട്ടരായി മാറിയ ആദ്യ മഹാകാലചക്രത്തിലെ ദേവതകളും, അവർക്കിണങ്ങിയ മനുഷ്യ-രൂപത്തിലുള്ള മത-ജാതി-രാഷ്ട്രീയ-ദേശീയ-ജീവികളും മറ്റും പ്രോത്സാഹിപ്പിച്ച് ശാസ്ത്രത്തിന്റെ ഭാഗമാണെന്ന് വരുത്തി ത്തീർത്ത ജ്യോതിഷം, മന്ത്രവാദം, ഹോമം, വഴിപാടുകൾ, യജ്ഞം, തപസ്സ്, ദീർഘ ധ്യാനങ്ങൾ, നിർബ്ബന്ധ യോഗകളും പ്രാർത്ഥനകളും, നോയമ്പ്, ആചാരങ്ങളും അനുഷ്ഠാനങ്ങളും, ഭൂമിയിലെ എല്ലാ ദേവാലയങ്ങളിലും പുറത്തുമായി നടന്നു വരുന്ന പൂജകളും ആരാധനകളും, അവ പോലെയുള്ള മറ്റ് അധമത്തങ്ങളും, കള്ളങ്ങളും, കള്ളത്തരങ്ങളും ദൈവവിപ്ലവത്തോടെ അവസാനിക്കുകയായി...**

# ഓംകാരം സൃഷ്ടിച്ചതിന്റെ ഉദ്ദേശം

മഹാദേവിയുടെ മഹാശക്തിയെയും മഹാവാത്സല്യത്തെയും ഓംകാര നീതിശാസ്ത്രത്തെയും ബ്രഹ്മാവസ്ഥയെയും, ഗോളാകൃതിയിലുള്ള മഹാഹൃദയമായ ഓംകാരം ഉൾക്കൊള്ളുക എന്നു പറയുമ്പോൾ മഹാദേവിയെ പൂർണ്ണമായും ഉൾക്കൊള്ളുന്നു എന്നു തോന്നുന്നതാണ്.

മനുഷ്യർ അറിയുന്ന മഹാപ്രപഞ്ചവുമായി ബന്ധപ്പെടുത്തിക്കൊണ്ട്, മഹാദേവീ രൂപം സ്വീകരിച്ചിരിക്കുന്ന ദൈവത്തിന്റെ മഹാഹൃദയത്തെ വിശദീകരിച്ചപ്പോഴാണ് മഹാഹൃദയമായ ഓംകാരത്തിന് ഗോളാകൃതിയാണ് ഉള്ളതെന്നും മഹാഹൃദയം മഹാശക്തികളെയും മഹാവാത്സല്യത്തെയും മഹാനീതി ശാസ്ത്രത്തെയും ബ്രഹ്മാവസ്ഥയെയും ഉൾക്കൊള്ളുന്നതായി മനസ്സിലാക്കിയത്. **ഓം** എന്ന അദ്ധ്യായം പഠിച്ചപ്പോഴും ഇതുപോലെയുള്ള അവസ്ഥ കണ്ടതാണ്. മഹാപ്രപഞ്ചത്തിലെ ഓരോ പരമാണുവിലും ശബ്ദബ്രഹ്മമായിരിക്കുന്ന **ഓം**, മഹാപ്രപഞ്ചത്തെ സമ്പൂർണ്ണമായും ഉൾക്കൊണ്ട് തന്നെ പ്രപഞ്ചത്തിന് അതീതമായി വർത്തിക്കുകയും **ബ്രഹ്മ**മായിക്കൂടി വർത്തിക്കുന്ന സങ്കീർണമായ മഹാഅവസ്ഥ. പിന്നീടോ, **മഹാദേവിയുടെ മഹാചിരി** മാത്രമായി **ഓം** എന്ന ശബ്ദബ്രഹ്മത്തിന് ബഹുവിധ പരിമിതികളുമുണ്ടായി. മായാമഹാശക്തി ആയ **ബ്രഹ്മം** മായ-യിലൂടെ പ്രകടിപ്പിക്കുന്ന മായാ അവസ്ഥ കൂടിയാണത്.

**മായാമഹാശക്തിയും ബ്രഹ്മവും ആയിരിക്കുന്ന മഹാദേവി, ഓംകാരം എന്ന മഹാഹൃദയം സൃഷ്ടിക്കുന്നത് എന്തിനുവേണ്ടി എന്നത് പ്രസക്തമാണ്.**

**മഹാദേവിയുടെ മഹാഹൃദയമായ ഓംകാരത്തെ മഹാദേവി തന്നെയെന്നു വിശേഷിപ്പിക്കാൻ കഴിയുന്നത് മായാബന്ധം കൊണ്ടാണെന്നും, എന്നാൽ മഹാദേവിയുടെ മഹാഹൃദയം മാത്രമാണ് ഓംകാരം എന്നും, ഓംകാരം സൃഷ്ടിച്ചിട്ടുള്ളത്, ഓംകാരത്തിനെ മുഖ്യമായും പരമശിവനിലൂടെ പ്രവർത്തിപ്പിക്കാനാണെന്നും, പ്രവർത്തനകാര്യങ്ങളിൽ പരമശിവന് വ്യക്തിസ്വാതന്ത്ര്യം നൽകുന്നത് ഓംകാരനീതിശാസ്ത്രം പ്രകാരം മാത്രമാണെന്നും തെളിയുമ്പോൾ, മഹാകാര്യങ്ങൾക്ക് മഹാമാനങ്ങൾ ഉണ്ടാകുന്നു. മഹാദേവിയുടെ മായാ-മഹാശക്തികളെ ഒരു മഹാസമുദ്രമായി സങ്കല്പിച്ചാൽ, മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതിസംഹാരങ്ങളെ നിർവ്വഹിക്കുവാൻ ഒരു തുള്ളി ജലത്തിന്റെ ശക്തിപോലും വേണ്ടാ എന്നറിയണം. വസ്തുക്കളുടെ ഓരോ അണുവിലും ഓം ഉള്ളതിനാൽ ഒരു തുള്ളി ജലം എന്ന ഉപമ യാഥാർത്ഥ്യം തന്നെയാണ് !**

ഭൂമിയുടെ കാര്യങ്ങൾക്കും അപൂർവ്വമായി ചന്ദ്രനിലെ കാര്യങ്ങൾക്കും അത്യപൂർവ്വമായി നക്ഷത്രകോടികളുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും, പിന്നെ മാത്രം സൂര്യനുമായുള്ള കാര്യങ്ങൾക്കും ആവശ്യമായ സംഹാര-ശക്തികാര്യങ്ങളെ മാത്രമാണ് ശക്തി-കാര്യത്തിൽ മഹാദേവി പരമശിവന് മഹാനിശ്ചയിച്ചിട്ടുള്ളത്. ആകയാൽ മഹാഹൃദയമായ ഓംകാരത്തിലെ വളരെച്ചെറിയ ഒരു ഭാഗത്തിൽ മാത്രം പ്രവർത്തിക്കുവാനാണ് മഹാദേവി, പരമശിവനെ മഹാഉചിതമായി മഹാഅനുഗ്രഹിച്ചിട്ടുള്ളത്. മഹാദേവിയുടെ മഹാഇഷ്ടം പോലെ കൂടുതൽ അധികാരങ്ങളെ മഹാഅനുഗ്രഹിച്ചു നൽകുമ്പോഴും, യഥാർത്ഥത്തിൽ ഓംകാരത്തിലൂടെ പ്രവർത്തിക്കുന്നത് മഹാദേവി തന്നെയാണ് / മാത്രമാണ്.

## ഓംകാരം ആദ്യമഹാകാലചക്രത്തിൽ പ്രവർത്തിച്ചത് ആരിലൂടെയാണെന്നും എങ്ങനെയാണെന്നും വിവരിക്കുന്നു.

ആദ്യമഹാകാലചക്രത്തിൽ മഹാഗോമാതാവായ മഹാദേവി, സ്വന്തം ഭാഗവും പശുപതിയുമായ (കാള) പരമശിവന് ഓംകാരം മഹാഅനുഗ്രഹിച്ചു നൽകുകയും; ശേഷം പരമശിവനിലൂടെ, ആദ്യമഹാകാലചക്രത്തിലെ ഭരണാധികാരികളായി നിശ്ചയിച്ച ശിവൻ എന്ന ഈശ്വരനും, ശിവന് ധർമ്മശാസ്ത്രപരമായി വീഴ്ച ഉണ്ടായാൽ ഒരു ചരിത്രകാരനും വ്യവസ്ഥകളോടെ ഓംകാരം കൈമാറി. മഹാപ്രപഞ്ചത്തിലെ സർവ്വകാര്യങ്ങളുടെയും ശക്തി-നിയന്ത്രണ സത്ത എന്ന അറിവു മാത്രമേ അവർക്കെല്ലാം ഓംകാരത്തെപ്പറ്റി അറിയൂ. അവർ ഓംകാരത്തെ ഉപയോഗിച്ചതും ആവിധത്തിലാണ്, അഥവാ അവരുടെ വലിയ വലിയ ആവശ്യങ്ങളെ നിർവ്വഹിച്ചുതരുന്ന ഒരു ശക്തിസത്തയായിട്ടാണ്. ആദ്യ മഹാകാലചക്രത്തിലെ താൽക്കാലിക സംവിധാനം മാത്രമായ കൊച്ചുകുഞ്ഞുങ്ങളായ അവർക്ക് കൂടുതൽ വ്യക്തിസ്വാതന്ത്ര്യവും നൽകിയിരുന്നു. ധർമ്മശാസ്ത്രങ്ങളെ ഈശ്വരൻ തെറ്റിച്ചപ്പോൾ, ഓംകാരത്തെ നാരായം കൊണ്ട് ചരിത്രം എഴുതാൻ നിയോഗിക്കപ്പെട്ട ചരിത്രകാരനിലേക്ക് കൈമാറി. ഏതാനും മുൻകാല ഗ്രന്ഥങ്ങളിലും ഭാഗികമായി മഹാവേദ ഗ്രന്ഥത്തിലും വിസ്തരിച്ചിട്ടുണ്ട്.

# ഓംകാരം രണ്ടാമത്തെ മഹാകാലചക്രം മുതൽ പ്രവർത്തിക്കുന്നത് ആരിലൂടെയാണെന്നും എങ്ങനെയാണെന്നും വിവരിക്കുന്നു.

രണ്ടാം മഹാകാലചക്രത്തിൽ ഏകമഹാശക്തിയായ മഹാദേവി, മഹാപ്രപഞ്ചത്തിന്റെ മഹാനീതിയും മഹാഭരണാധികാരിയുമായി മഹാഭരണം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി പരമശിവനിലൂടെ യഥാർത്ഥ വേദങ്ങളെ അവതരിപ്പിക്കുമ്പോൾ മാത്രമാണ് ഓംകാരം മഹാദേവിയുടെ മഹാഹൃദയമാണെന്നും ഓം എന്ന ശബ്ദബ്രഹ്മം മഹാദേവിയുടെ മഹാചിരി കൂടിയാണെന്നും അറിയിക്കുന്നത്. അക്കാര്യങ്ങളെ, മഹാദേവി മഹാപ്രപഞ്ചം സൃഷ്ടിച്ചശേഷം 1000 കോടി വർഷങ്ങൾ കഴിഞ്ഞിട്ടും മഹാരഹസ്യങ്ങളായി നിലനിർത്തി എന്നു പറയുമ്പോൾ, ഓരോരോ കാര്യങ്ങൾക്കും മഹാഉചിതമായ സമയം കൂടി മഹാദേവി മഹാ-നിശ്ചയിച്ചിട്ടുണ്ട് എന്നുകൂടി സുവ്യക്തമാവുകയാണ്.

**മഹാദേവിയുടെ മഹാഹൃദയമായ ഓംകാരത്തെ സൃഷ്ടിച്ചിട്ടുള്ളത് മുഖ്യമായും ഇപ്പോഴത്തെ സൃഷ്ടിചക്രമായ മഹാസൃഷ്ടിചക്രത്തിൽ മഹാദേവി മായ പ്രത്യക്ഷമാക്കുന്നതു മുതൽ സദാ പരമശിവനിലൂടെ പ്രവർത്തിപ്പിക്കാനാണ്.** മഹാദേവിയുടെ മഹാദാസനായ പരമശിവനിലൂടെ മഹാഹൃദയമാണ് **ഓംകാരം** എന്ന തിരിച്ചറിവ് പരമശിവനും മനുഷ്യജീവികൾക്കും നൽകി **ഓംകാരം** പ്രവർത്തിക്കുമ്പോൾ, **പരമശിവനെ** അത്യുന്നത സ്ഥാനത്താണ് **മഹാദേവി** മഹാപ്രതിഷ്ഠിച്ചിട്ടുള്ളത് എന്നു സുവ്യക്തമാക്കുന്നു.

മഹാശക്തിയായ മഹാദേവിയുടെ മഹാഹൃദയമായ **ഓംകാരം** പരമശിവനിലൂടെ പ്രവർത്തിക്കുമ്പോൾ, മഹാഹൃദയം പരമശിവന്റെ ഹൃദയത്തോട് ചേർന്നു പ്രവർത്തിക്കുകയാണു ചെയ്യുക. പരമശിവൻ പ്രവർത്തിക്കുമ്പോലെ തോന്നും, എന്നാൽ ബന്ധപ്പെട്ട സർവ്വതും പ്രവർത്തിക്കുന്നതും പ്രവർത്തിപ്പിക്കുന്നതും മഹാശക്തിയായ മഹാദേവിയാണ്. തനിച്ചു ചെയ്യുന്ന ഏതാനും ചില അവസരങ്ങളിൽ / കാര്യങ്ങളിൽ പരമശിവന് വ്യക്തിസ്വാതന്ത്ര്യം നൽകുന്ന വിഷയങ്ങൾ ഉണ്ടാവുന്നതാണ്, എന്നാൽ അപ്പോഴും എപ്പോഴും മഹാദേവിയുടെ മഹാഇഷ്ടത്തെ മാത്രം നടക്കണമേ/ നടപ്പാക്കേണമേ എന്നു പ്രാർത്ഥിക്കുന്ന മഹാ-വിനീത അവസ്ഥകളിലേക്ക് ഉയരുവാൻ മഹാദേവിയുടെ മഹാഅനുഗ്രഹത്താൽ ദേവീ-ഭാഗമായ പരമശിവനു മാത്രം സദാ കഴിയുന്നതാണ്. മഹാഹൃദയമായ ഓംകാരം പരമശിവനിൽ പ്രവർത്തിക്കുമ്പോൾ, മഹാദേവി തന്റെ മഹാവാത്സല്യം പരമശിവനിലൂടെയും ജീവികൾക്കെല്ലാം മഹാഅനുഗ്രഹിച്ചു നൽകുന്നതാണ്.

**മഹാദേവി** തന്റെ പ്രതിനിധിയും മഹാദാസനുമായ **പരമശിവന്റെ പ്രതിനിധികളായിട്ട്** മഹാനിശ്ചയിച്ചതായ **ആദ്യമഹാകാല ചക്രത്തിലെ ദേവതകൾക്ക് /മാലാഖമാർക്ക്/ മലക്കുകൾക്ക്** ജീവികളോട് വാത്സല്യം ഉണ്ടായിരുന്നു **എന്നല്ലാതെ മഹാവാത്സല്യം ഉണ്ടാവാഞ്ഞത് അവർ കുഞ്ഞുങ്ങളായ ജീവികളുടെ യഥാർത്ഥ മഹാ-മാതാപിതാക്കളായ സ്രഷ്ടാവ് അല്ലാഞ്ഞതുകൊണ്ടാണ്.**

**മഹാശക്തിയും സൃഷ്ടി സ്ഥിതി സംഹാര കർത്താവും മഹാമാതാവുമായ മഹാദേവിക്കും, മഹാദാസനും പ്രപഞ്ചപിതാവുമായ പരമശിവനും മാത്രം നൽകാൻ കഴിയുന്ന മഹാവാത്സല്യത്തെ മറ്റു യാതൊരാൾക്കും നൽകാൻ കഴിയുന്നതല്ല.**

# ഓംകാരം = മഹാഹൃദയം ഒഴികെയുള്ള അവയവങ്ങൾ

മഹാ-മനുഷ്യജീവിയെപ്പോലെ മഹാദേവി തനിക്ക് ഹൃദയവും ശിരസ്സും ഉടലും കൈകളും കാലുകളും സ്വീകരിക്കുകയാണെന്നും, മഹാഹൃദയം പരമശിവനിലൂടെ പ്രവർത്തിപ്പിക്കുകയാണെന്നും വിവരിക്കുമ്പോൾ, മറ്റ് മഹാ-അവയവങ്ങളെപ്പറ്റി പരാമർശിക്കേണ്ടതുണ്ട്. ബ്രഹ്മത്തിൽ നിന്നും മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതിക്കായി ഒരു ചെറിയ ഭാഗം ശക്തിയെ വേറിട്ടു മാറ്റുന്നതായും, പ്രസ്തു ചെറിയ ഭാഗം ശക്തിക്ക് 100 എന്ന അളവ് കണക്കാക്കുമ്പോൾ, (മഹാ) ശക്തി ഭാഗത്തിന് 70-ഉം, പരമശിവന് 30-ഉം ശക്തി-അളവാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് 'മഹാ (ശക്തി), ശിവൻ' എന്ന അദ്ധ്യായത്തിൽ വിശദമാക്കിയിട്ടുണ്ട്. ബ്രഹ്മത്തിൽ നിന്നും മഹാപ്രപഞ്ചത്തിന്റെ സൃഷ്ടിക്കായി വേറിടുന്ന മഹാദേവിയുടെ മഹാശരീരരൂപത്തിലെ ഓരോ മഹാ-അവയവത്തിനും ശക്തി-അളവ് നിശ്ചയിച്ചിട്ടുണ്ട്. മഹാഹൃദയമായ ഓംകാരത്തിന് 20, മഹാദേവിയുടെ മഹാ-ഇടതുകാലിന് 10, മഹാ-വലതുകാലിന് 5, മഹാ വലതുകൈയ്ക്ക് 10, ..... (ബാക്കിയുള്ളത് കൃത്യമായി ഓർക്കുന്നില്ല), എന്നിങ്ങനെ മൊത്തം 70 ശക്തി-അളവാണ് ഉള്ളത്. പരമശിവന് നൽകിയിരിക്കുന്ന 30-ൽ 10 ഇടതുകാലിന്, 5 വലതുകാലിന്, ബാക്കിയുള്ളത് ഓർക്കുന്നില്ല.

**പരമശിവനെ ബഹുവിധ കാര്യങ്ങളിൽ എല്ലാ അർത്ഥത്തിലും മഹാദേവിയുടെ പ്രതിനിധി ആക്കിത്തീർക്കുക എന്ന മഹാ-പദ്ധതി മഹാ-അവയവങ്ങളുടെ പ്രവർത്തന കാര്യങ്ങളിലുണ്ട്. ഉദാഹരണത്തിന്, (1) സൃഷ്ടിയിൽ സ്ത്രീയ്ക്കും സ്ഥിതിയിൽ പുരുഷനും പ്രാമുഖ്യം എന്നും വ്യവസ്ഥപ്പെടുത്തിയിട്ടുള്ളത് പരമശിവനെ മുന്നിൽ നിർത്തി മഹാപ്രപഞ്ചത്തിന്റെ സ്ഥിതികാര്യങ്ങളെ മഹാ- നിവർത്തിക്കാനാണ്.**

മഹാദേവിയുടെ രണ്ടു കാലുകളിലുമായി പരമശിവന്റെ കാലുകളെ താങ്ങിക്കൊണ്ട്, മഹാപ്രപഞ്ചകാര്യങ്ങളുടെ നടത്തിപ്പിൽ പരമശിവൻ ഇടറിവീഴാതെ മഹാദേവി മഹാകരുതുന്നു. കൂടാതെ, മഹാശാസ്ത്രത്തെ അർദ്ധ-മഹാദേവിയായ പരമശിവനിലൂടെ മനുഷ്യർക്ക് മഹാഅനുഗ്രഹിച്ചു നൽകുമ്പോൾ, മഹാദേവിയുടെ മഹാപാദങ്ങളെ പരമശിവ-പാദങ്ങളിൽ ദർശിച്ച് സാഷ്ടാംഗം നമസ്ക്കരിക്കാനും തൊട്ടുവണങ്ങാനും അനുവദിക്കുന്നു. മഹാദേവിയുടെ മഹാ-കാലുകൾ കൂടി പ്രവർത്തിക്കുന്ന പരമശിവന്റെ കാലുകൾ സദാ 'മഹാശക്തി-ശിവ' കാലുകൾ തന്നെയാണ്. പ്രത്യേക സന്ദർഭങ്ങളിൽ മഹാ-അനുവദിക്കുകയാണെങ്കിൽ തൊഴുതും നമസ്കരിച്ചും സായൂജ്യം/ആനന്ദം നേടാൻ കഴിയുന്നതാണ്. ഭക്തി-കോപ്രായങ്ങൾക്ക് സ്ഥാനം ഇല്ലെന്നും ദൈവശിക്ഷയാണ് ലഭിക്കുക എന്നതും ശ്രദ്ധേയമാണ്. മഹാമാതാവായ മഹാദേവി കുഞ്ഞുങ്ങൾക്ക് മഹാവാത്സല്യത്തോടെ മഹാദർശനം നൽകുമ്പോൾ, കുഞ്ഞുങ്ങൾ ഭക്തിഭ്രാന്ത് കാട്ടുന്നത് ഒട്ടും ദൈവീകമല്ല.

(2) മഹാദേവിയുടെ വലതുകൈ, പരമശിവന്റെ വലതു കൈയ്യിനെ ഏറ്റെടുത്തിരിക്കുകയാൽ ജീവികളായ കുഞ്ഞുങ്ങളെ പരമശിവന്റെ വലതുകൈയ്യിലൂടെ മഹാഅനുഗ്രഹിക്കുന്ന മഹാപദ്ധതിയുണ്ട്. പരമശിവന്റെ വലതുകൈ സ്വയമറിയാതെ പ്രവർത്തിക്കുന്നതാണ്, അഥവാ മഹാദേവിയുടെ വലതുകൈ പരമശിവന്റെ കൈയ്യിനെ ഏറ്റെടുക്കുന്നതാണ്. അല്പം വിശദീകരണം: മഹാദേവി പരമശിവനിലൂടെ പ്രവർത്തിക്കുമ്പോൾ മഹാദേവി-യുടെ മഹാ-ഇടതുകാലിന്റെ 10, മഹാ-വലതുകാലിന്റെ 5, മഹാവലതുകൈയ്യുടെ 10 എന്നീ ശക്തി അളവുകൾ കൂടി പരമശിവനിലേക്കു പകർന്നാണ് പരമശിവനെ പ്രവർത്തിപ്പിക്കുന്നത്.

മഹാദേവി, കാലാകാലങ്ങളിൽ സൃഷ്ടികളുടെ മഹാപരിപാലനം മഹാസുന്ദരമാക്കാനായിട്ട് മേല്പടി 70 ശക്തി -അളവുകളെ മുഴുവൻ പരമശിവന് മഹാഅനുഗ്രഹിച്ചു നൽകുന്നുണ്ട്. ബ്രഹ്മത്തിൽ നിന്നും മഹാപ്രപഞ്ചത്തിന്റെ സൃഷ്ടിക്കായി വേറിട്ടതായ 100 എന്ന അളവ് നിശ്ചയിച്ചതായ ചെറിയ ഭാഗം ശക്തി മുഴുവനുമാണ് യഥാർത്ഥത്തിൽ നൽകുന്നത്. ആവിധം മഹാദേവി അപൂർവ്വമായി മഹാഅനുഗ്രഹിച്ചു നൽകുമ്പോൾ മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മുഴുവനും പരമശിവൻ തനിച്ചു ചെയ്യുന്നതായി തോന്നും, എന്നാൽ സത്യമതല്ല; ഒരു മഹാ-കാഴ്ചക്കാരിയെ പ്പോലെയുള്ള ബ്രഹ്മമായ മഹാദേവി തന്നെയാണ് സദാ സർവ്വവും ചെയ്യുന്നത്. കുഞ്ഞുങ്ങളുടെ ആവശ്യങ്ങളെ മഹാദേവി കണ്ടും കേട്ടും പരിഹരിക്കുന്ന മഹാഅനുഭവം ഉണ്ടാകുന്നതാണ്.

# മഹാദേവിയുടെ ശരീരത്തിലെ അവയവങ്ങളെ മഹാശാസ്ത്രവുമായും മഹാപ്രപഞ്ചവുമായും ബന്ധിപ്പിക്കുന്ന കൂടുതൽ പാഠങ്ങളെ മഹാദേവി യഥാകാലം വെളിപ്പെടുത്തുന്നതാണ്.

ബ്രഹ്മം കൂടിയാകയാൽ മഹാശക്തിയായ മഹാദേവിയും, മഹാദേവിയുമായി ബന്ധപ്പെട്ട കാര്യങ്ങളും വിശദീകരണങ്ങൾക്ക് അതീതമാണ്. ഉദാഹരണമായിട്ട് മഹാദേവിയുടെ മഹാജ്ഞാനമായ മഹാശാസ്ത്രവും, മഹാദേവിയുടെ മഹാശക്തികളായ 'മായ'യും മഹാപ്രപഞ്ചത്തിന് അതീതമാണ്. മഹാശാസ്ത്രത്തെപ്പറ്റി പറയുമ്പോൾ ഗണിതശാസ്ത്രത്തിലെ അധിക-അനന്തതയിലേക്കും ന്യൂന-അനന്തതയിലേക്കും സംഖ്യാശ്രേണി വളരുന്നതുപോലെ എല്ലാ ശാസ്ത്ര ശാഖകൾക്കും പ്രസ്തുത അനന്തതയുണ്ട്. മഹാദേവിയുടെ മഹാശക്തികളായ മായയെപ്പറ്റി പറയുമ്പോൾ, മഹാലിംഗത്തിലൂടെ മഹാപ്രപഞ്ചത്തെ സൃഷ്ടിക്കണമോ, മറ്റേതെങ്കിലും അവയവങ്ങളിലൂടെ സൃഷ്ടിക്കണമോ; തനിക്കും, താൻ സൃഷ്ടിക്കുന്ന ജീവികൾക്കും എന്തെല്ലാം അവയവങ്ങളെ സൃഷ്ടിക്കണമോ തുടങ്ങിയ കാര്യങ്ങളും, അവയവങ്ങളുടെ ധർമ്മങ്ങളും രൂപഘടനകളും പ്രവർത്തനങ്ങളും എന്തെല്ലാമെന്നും എങ്ങനെയെല്ലാം എന്നും മഹാശക്തിയായ മഹാദേവി മാത്രമാണ് മഹാനിശ്ചയിക്കുന്നത്.

മഹാശക്തിയായ മഹാദേവി മഹാനിശ്ചയിക്കുമ്പോലെ, ശാസ്ത്രനിയമങ്ങളും അവയെ പ്രതിനിധീകരിക്കുന്ന വസ്തുക്കളും ഉണ്ടാകുന്നു. ഓരോരോ ശാസ്ത്രശാഖകളിലെയും നിയമങ്ങളെ മന്ത്രങ്ങൾ എന്നും പറയും. (ദൈവ മന്ത്രങ്ങൾ എന്ന അദ്ധ്യായത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.). പുതിയ പുതിയ ശാസ്ത്രനിയമങ്ങളും വസ്തുക്കളും സൃഷ്ടിക്കുന്നതെങ്ങനെയെന്ന് മുമ്പു വിവരിക്കുകയുണ്ടായി. ആകയാൽ മഹാപ്രപഞ്ചത്തിന്റെ സ്വഭാവങ്ങളും പ്രവർത്തനങ്ങളും മഹാശക്തിയായ മഹാദേവി മഹാനിശ്ചയിക്കുന്ന ശാസ്ത്രങ്ങൾ പ്രകാരമായിരിക്കും. മാത്രമല്ല, മുമ്പ് വിശദീകരിച്ചതുപോലെ,

**മഹാശക്തിയായ മഹാദേവി യഥാർത്ഥത്തിൽ ജീവിയോ, സ്ത്രീയോ, പുരുഷനോ അല്ലെന്നും അറിഞ്ഞുകൊള്ളണം. മഹാശക്തിയായ ദൈവം, സ്വന്തം മഹാജ്ഞാനമായ ശാസ്ത്രങ്ങൾ പ്രകാരവും സ്വന്തം ശക്തികളെ കൊണ്ടും മഹാദേവിയായി രൂപം എടുക്കുന്നുവെങ്കിലും, യഥാർത്ഥത്തിൽ അനിർവ്വചനീയവും, സർവ്വത്തിനും അതീതവും, ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയാണ്.**

**ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യ മഹാദേവിക്കു മാത്രം മഹത്വം.**

# ദൈവ വിപ്ലവം

## മഹാശാസ്ത്രപരം മാത്രമാണ്; മതപരമല്ല.

**ക്രിസ്തുമതത്തിലെ നക്ഷത്രവും, ഇസ്ലാംമതത്തിലെ ചന്ദ്രക്കലയും നക്ഷത്രവും, ഹിന്ദുമതത്തിലെ ഓം മഹാശബ്ദവും - അക്ഷരബ്രഹ്മം കൂടിയായ ഓം-ൽ സമ്മേളിച്ചിട്ടുള്ളത് ദൈവത്തിന്റെ മഹാസംവിധാനത്തിന്റെ ഭാഗമാണ്.**

**യഥാർത്ഥമായ ജനാധിപത്യസമ്പ്രദായം, ധർമ്മശാസ്ത്രപരമായ (ദൈവീകമായ) രാജഭരണത്തിലൂടെ ഭൂമിയിലെങ്ങും സംസ്ഥാപിതമാകുന്നതാണ്.**

**സൃഷ്ടികൾക്ക് തോന്നും പോലെയെല്ലാം ജീവിക്കാൻ ഭൂമി അനുവദിക്കില്ല. ഭൂമിയിലെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ഭൗതിക ശാസ്ത്രം, ധർമ്മ ശാസ്ത്രം എന്നിവ പ്രകാരം ജീവിക്കാൻ വയ്യാത്ത കേമർക്കെല്ലാം, സ്വന്തമായി ശൂന്യത ഉൾപ്പെടെയുള്ള സൃഷ്ടി നടത്തിക്കൊണ്ട്, ഭൂമിയെ ഉപേക്ഷിക്കാൻ ശ്രമിക്കാം !**

## ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

**ദൈവം, മഹാശാസ്ത്രത്തെയും മഹാദർശനത്തെയും മഹാഅനുഗ്രഹിച്ച് ഓരോ മനുഷ്യനും നൽകുന്നത് എങ്ങനെയെല്ലാമെന്ന് ഹ്രസ്വമായി അറിയിക്കുന്നു :-**

**എല്ലാ സൃഷ്ടിചക്രങ്ങൾക്കും 2 പകുതികളുണ്ട് :**

**ആദ്യ പകുതിയിൽ, മായ അഥവാ ദൈവം പ്രത്യക്ഷമല്ല. മനുഷ്യർ ക്രമേണ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്ര ശാഖകളിലെ നിയമങ്ങളെ കണ്ടെത്തുകയും, അവ പ്രകാരം സാങ്കേതിക വികസനത്തിലൂടെ ലഭ്യമാവുന്ന അനന്തമായ ആനന്ദങ്ങളെ അനുഭവിക്കുകയും ചെയ്യുന്നു. മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശങ്ങൾ മാത്രമായ ശരീരം, നിറം-മുഖഛായ-സൗന്ദര്യം- ആയുസ്സ്-ആരോഗ്യം-ബുദ്ധിശക്തി-തൊഴിൽ അഭിരുചി-ജനന സ്ഥലം തുടങ്ങിയ ജന്മഗുണങ്ങളിലൂടെ സദാ ജീവാത്മാവിന്റെ @ സൃഷ്ടിയുടെ മേൽ മഹാനീതി നിർവ്വഹിക്കുന്നുണ്ട്.**

**സൃഷ്ടിചക്രത്തിന്റെ രണ്ടാമത്തെ പകുതിയിൽ മായ / ദൈവം പ്രത്യക്ഷമാവുന്നു; ഭൂമിയിലെ ധാർമ്മിക അധഃപതനങ്ങൾക്ക് പ്രത്യക്ഷമായി കൂടി പരിഹാരം ഉണ്ടാകുന്നു; 33 വർഷക്കാലത്തെ ദൈവ-വിപ്ലവത്തിന്റെ തുടർച്ചയായി 500 വർഷം അത്യാനന്ദകരമായ ദൈവരാജ്യം; ശേഷം സൃഷ്ടി ചക്രത്തിലെ മനുഷ്യരുടെ സംഹാരവും !**

**ദൈവത്തെ നേരിൽ കാണാൻ ഉടൻ ആരംഭിക്കുന്ന ദൈവ വിപ്ലവത്തോടെ കഴിയുന്നതാണ്. ഏകദൈവമായ മഹാദേവിയുടെ നാമത്തിൽ ഭൂമിയിലെങ്ങും നിർമ്മിക്കുന്ന ദേവാലയങ്ങളുടെ രൂപവും ഭാവവും ഒന്നാവണം എന്ന് മനസ്സിലാക്കാൻ കഴിയുന്ന ബുദ്ധിശക്തി മഹാദേവി തന്നിട്ടില്ല എന്നു കരുതുന്നവരുണ്ടോ ?**

**ദേവതകളെ പ്പറ്റി ശാസ്ത്ര പരമായി വിശദീകരിക്കാൻ പോലും കഴിയാത്ത ജനങ്ങൾക്ക്, വ്യത്യസ്ത മത-ദേവാലയങ്ങളെയും അവിടെയുള്ള ദേവതകളുടെ വിഗ്രഹങ്ങളെയും കണ്ടാൽ മതിയോ ? ഏകദൈവവും മഹാമാതാവുമായ മഹാദേവിയെയും, ~ഭാഗവും പ്രപഞ്ച പിതാവുമായ പരമശിവനെയും നേരിൽ കാണണ്ടേ ? ഭൂമിയിലെങ്ങും ഉടൻ തുടർച്ചയായി 3 മുതൽ 33 വർഷക്കാലം മഹാസംഗീതമായി ഓം മുഴക്കി ആരംഭിക്കുന്ന ദൈവ വിപ്ലവത്തോടെ ഭൂമിയിലെങ്ങുമുള്ള മനുഷ്യർ നാളതു വരെ ചുമന്നു നടന്ന മത-രാഷ്ട്രീയ വിശ്വാസങ്ങളെയും മറ്റും സ്വയം പുറത്താക്കി മനുഷ്യരാവുകയും അവരുടെ എല്ലാ കാര്യങ്ങളെയും മഹാശാസ്ത്ര പരമായി തിരുത്തുകയും, എല്ലാ ദേവാലയങ്ങളിലും ശിവലിംഗം മാത്രം പ്രതിഷ്ഠിക്കുകയും ചെയ്യുന്നതാണ്. ശിവലിംഗത്തിൽ ശിവയും ശിവനും പ്രത്യക്ഷമാകുന്നതാണ്. മണ്ണായ ഭൂമിയിൽ ജീവിക്കുന്ന മനുഷ്യൻ, ജീവിത കാര്യങ്ങളിൽ സ്വീകരിക്കുന്ന നടപടികൾക്ക് ആധാരമായി 'മണ്ണിലെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ഭൗതിക അസ്തിത്വം ഉള്ള ഭൗതിക-ധർമ്മ ശാസ്ത്ര നിയമങ്ങളെയും അളവുകളെയും ഹാജരാക്കാൻ ബാദ്ധ്യസ്ഥരാണ്. മറ്റുള്ള ജീവികളെ പ്പോലെ ജീവിക്കാൻ ആവശ്യമുള്ള കാര്യങ്ങളെ മാത്രം ചെയ്തു ജീവിക്കുക. ദൈവ കാര്യങ്ങളെ ഉചിതമായ സമയത്ത് ദൈവം നേരിട്ട് പഠിപ്പിച്ചു കൊള്ളും. ദൈവം നേരിട്ടോ, മണ്ണിലെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ശാസ്ത്ര നിയമങ്ങൾ പ്രകാരമോ ആവശ്യപ്പെടാതെ, ദൈവ കാര്യങ്ങളിൽ തലയിടാതിരിക്കുക.**

ഭൂമിയിൽ മുഴുവൻ തുടർച്ചയായി 3 മുതൽ 33 വർഷം ഓം മുഴങ്ങി ക്കൊണ്ടുള്ള ദൈവ വിപ്ലവത്തിനു ശേഷം വേദങ്ങളെ ചിട്ടപ്പെടുത്തി പുനഃപ്രസിദ്ധീകരിക്കുമ്പോൾ, ബ്രഹ്മം, മഹാദേവി, മഹാദാസനും മഹാദേവനുമായ പരമശിവൻ, എന്നീ 3 ദൈവ നാമങ്ങളും അവയുമായി ബന്ധപ്പെട്ട നാമങ്ങളും മാത്രം, മഹാശാസ്ത്ര നിയമങ്ങളോടൊപ്പം നിലനിർത്തുന്നതാണ്. ഭൂമിയുടെ@ദൈവത്തിന്റെ അംശങ്ങൾ അല്ലാത്തവരും, ശിവാംശങ്ങൾ മാത്രവുമായ ദേവതകൾ/ മാലാഖമാർ/ മലക്കുകൾ, ദുർദ്ദേവതകൾ, മനുഷ്യർ എന്നിവർക്കും, അവരുടെ നാമങ്ങൾക്കും ഭൗതികമായ യാതൊരു അസ്തിത്വവും മണ്ണായ ഭൂമിയിലെ മൂലകങ്ങളിൽ ഇല്ല; അതിനാൽ വേദങ്ങളിലും ഉണ്ടാവില്ല.

പരമശിവനിലൂടെ നാളിതുവരെ വെളിപ്പെടുത്തിയ പാഠങ്ങളിൽ, ഒരു ദുർദ്ദേവതയുടെ കരാർ നിമിത്തം വന്നു കൂടിയ ചെറിയ ചെറിയ പിഴവുകളെ തിരുത്തി കൊണ്ട് മഹാവേദത്തെ / മഹാശാസ്ത്രത്തെ മഹാദേവി, പരമശിവനിലൂടെ വീണ്ടും പ്രസിദ്ധീകരിക്കുന്നതാണ്. മഹാവേദ ഗ്രന്ഥങ്ങളിലെ ഉള്ളടക്കത്തിന് അത്യപൂർവമായി മണ്ണിന്റെ നിയമങ്ങളിൽ നിന്ന് വ്യത്യാസം കണ്ടാൽ, മണ്ണിന്റെ/ മണ്ണിലെ നിയമങ്ങൾ മാത്രമാണ് പരമമായ സത്യം എന്ന് അറിഞ്ഞു കൊള്ളണം. മഹാദേവിയുടെ മഹാവിളയാടലിന്റെ ഭാഗമായും, മഹാദേവി പരമശിവനെ മുന്നിൽ നിർത്തി നടത്തുന്ന മഹാവിളയാടലിന്റെ ഭാഗമായും ക്രമപ്രശ്നങ്ങൾ ഉണ്ടായാൽ മണ്ണിന്റെ/ മണ്ണിലെ നിയമങ്ങൾ മാത്രമാണ് പരമ സത്യം എന്ന് ഉറപ്പിച്ചു കൊള്ളണം. വേദ ഗ്രന്ഥങ്ങളും 'സംഹാരം' പൂർണ്ണമാകുമ്പോഴേക്കും 'സംഹരിക്കപ്പെടും !'

# ധർമ്മ ശാസ്ത്ര പാഠങ്ങളെ ഉൾക്കൊണ്ടു ജീവിക്കാനും, ലളിതമായി പരസ്പരം ബോദ്ധ്യപ്പെടുത്താനും ഉപകരിക്കുന്ന രണ്ടു പ്രാർത്ഥനകളെ കുറിക്കുന്നു.

(1). "യാതൊരു അഹംഭാവങ്ങളും, അജ്ഞാനങ്ങളും, അഹങ്കാരങ്ങളും, പൊങ്ങച്ചങ്ങളും, കാപട്യങ്ങളും, അസൂയകളും, അസത്യങ്ങളും, അധർമ്മങ്ങളും, അനീതികളും, അവിവേകങ്ങളും, ദുഷ്ക്കാമങ്ങളും, ദുഷ്ച്ചിന്തകളും, ദുശ്ശീലങ്ങളും, ദുഷ്ക്കോപങ്ങളും, ദുർഭാഷണങ്ങളും, ദുഷ്ച്ചെയ്തികളും, ദുർഗ്ഗുണങ്ങളും, ദുസ്വാർത്ഥങ്ങളും, യാതൊരിക്കലും ഉണ്ടാകാതെ എല്ലായ്പോഴും (ഈയുള്ളവനെ / ഈയുള്ളവളെ) മഹാഅനുഗ്രഹിക്കേണമേ" എന്ന് സാധിക്കുമ്പോഴെല്ലാം ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതും, ഏകദൈവവും മഹാവാത്സല്ല്യവുമായ മഹാദേവിയോട് പ്രാർത്ഥിക്കുകയും, അവ നേടാനായി സദാ പ്രയത്നിക്കുകയും ചെയ്യുക.

(2) ഈ സന്ദേശത്തെ പഠിക്കുന്നതു മുതൽ ഭാര്യക്ക് ഭർത്താവിനോടും, ഭർത്താവിന് ഭാര്യയോടും, അഥവാ ഇണയോടു മാത്രം, കാമവികാരങ്ങളും കാമവിചാരങ്ങളും കാമസംഭാഷണങ്ങളും കാമലീലകളും കാമമനോഭാവങ്ങളും കാമബന്ധങ്ങളും ഉള്ളവളാക്കി / ഉള്ളവനാക്കി എല്ലായ്പ്പോഴും മഹാ -അനുഗ്രഹിക്കണമേയെന്ന് ദിവസവും പ്രാർത്ഥിക്കുകയും അതിനായി പ്രയത്നിക്കുകയും ചെയ്യുക. അപ്രകാരം ചെയ്യുന്ന ദമ്പതികൾക്ക് ദൈവത്തിന്റെ മഹാവാത്സല്ല്യത്തെ തീർച്ചയായും ഏറ്റവുമധികം ലഭിക്കുന്നതാണ്.

ദൈവാംശമായ ശവരീരത്തെ (മൂലകങ്ങളെ) ഉപയോഗിച്ച് ഉച്ചത്തിൽ പ്രാർത്ഥിച്ചാലും, മനോഭാവമായി പ്രാർത്ഥിച്ചാലും, മൂലകങ്ങളും ശരീരവും ദൈവവുമായ ഭൂമിയും, സ്വത്വമായ ഓക്സിജനും ജീവാത്മാവിന്റെ എല്ലാ കാര്യങ്ങളും അറിയുന്നുണ്ട്. പ്രാർത്ഥിച്ചാലും ഇല്ലെങ്കിലും മൂലകങ്ങൾ@ ശരീരം @**ഭൂമി** @ദൈവം **മഹാവാത്സല്ല്യമായ ഓംകാര നീതി ശാസ്ത്ര പ്രകാരമാണ് പ്രവർത്തിക്കുക.**

**ദൈവ വിപ്ലവം ആരംഭിക്കുന്നതിനു മുമ്പും ശേഷവും, കുഞ്ഞുങ്ങൾക്ക് മഹാവാത്സല്ല്യത്തോടെ മഹാദേവി നൽകിയിട്ടുള്ള ബുദ്ധി ശക്തി, സമ്പത്ത് തുടങ്ങിയവ നല്ലതിനു മാത്രം ഉപയോഗിക്കുവാനും, അന്യരായി അറിയുന്നവരും അറിയാത്തവരും ഒരേ കുടുംബത്തിലെ അംഗങ്ങളാണ് എന്നും മനസ്സിലാക്കാൻ പരിശ്രമിക്കുക. ധർമ്മശാസ്ത്ര പ്രകാരം പരസ്പരം സഹകരിച്ചും സഹായിച്ചും ജീവിക്കുവാൻ ഓരോ മനുഷ്യനും സ്വന്തം പകുതി ചെയ്യണം; രണ്ടാമത്തെ പകുതി മഹാഭദ്രകാളി കൂടിയായ മഹാദേവി മഹാഭദ്രമാക്കുന്നതാണ്.**

**ഏകമഹാശക്തിയായ മഹാദേവി, സ്വന്തം ഭർത്താവും, (മഹാദാസനും) മഹാദേവനുമായ പരമശിവന് ക്ഷിപ്രകോപത്തെ മഹാഅനുഗ്രഹിച്ച് നൽകിയിട്ടുണ്ട്. ആകയാൽ, ധർമ്മശാസ്ത്രപരമായിട്ട് ജീവിക്കുവാൻ കുഞ്ഞുങ്ങൾ ജാഗ്രത പുലർത്തണം.**

# മഹാശക്തിയായ മഹാദേവി,

## ഓം സത്യം ഓം ധർമ്മം ഓംനീതി സംഹാരം

**എന്ന 'സംഹാര മന്ത്രത്തെ' മഹാഅനുഗ്രഹിച്ചു നൽകിക്കൊണ്ട് ഏകപ്രതിനിധിയും പ്രപഞ്ചപിതാവും മഹാദാസനും മഹാദേവനുമായ പരമശിവനെ സംഹാരനാഥനും, ഭൂമിയിലെ എല്ലാ ജനങ്ങളുടെയും മറ്റുള്ള ജീവികളുടെയും**

# മഹാനീതിപതിയായി,

**സൃഷ്ടിയിൽ സ്ത്രീക്കും, സ്ഥിതിയിൽ പുരുഷനും എന്ന ഓംകാര നീതിശാസ്ത്രപ്രകാരം നിയമിക്കുന്നു.**

2018 ആഗസ്റ്റ് 24 ന് മഹാനീതിപതിയായി പരമശിവനെ നിയമിച്ചു.

**മഹാശക്തിയായ മഹാദേവി, സംഹാരദേവനായിട്ട് മഹാഅനുഗ്രഹിച്ച പരമശിവന്റെ നാവിൽ കുറിച്ചിട്ടുള്ള അടിസ്ഥാന അക്ഷരബ്രഹ്മമായ 3, നാവിന്റെ ഉള്ളിലേക്കായാണ് മഹാ-കുറിച്ചിട്ടുള്ളത്. സംഹാരം നടക്കുമ്പോൾ പരമശിവന്റെ വായിലേക്കാണ് ഓരോ മനുഷ്യന്റെയും ജീവാത്മാവ് ആദ്യം പ്രവേശിക്കുന്നത്.**

**പരമശിവന്റെ നാവിലുള്ള 3 എന്ന അക്ഷരബ്രഹ്മമായ ഓം**

**ജീവാത്മാവിനെ പരമശിവന്റെ ഹൃദയത്തോടു ചേർന്നു പ്രവർത്തിക്കുന്നതായ മഹാദേവിയുടെ മഹാഹൃദയമായ ഓംകാരത്തിലേക്ക് നയിക്കുന്നു. ഓംകാരം കൂടിയായ മഹാദേവി, ഓംകാര നീതിശാസ്ത്ര പ്രകാരം, മനുഷ്യന്റെ ജീവാത്മാവിന് നക്ഷത്ര പദവിയായ ആത്മീയ-സാക്ഷാത്ക്കാരം എന്ന പരബ്രഹ്മാനന്ദം എന്ന മോക്ഷം അനുഗ്രഹിച്ചു നൽകി ആകാശത്തിൽ പ്രതിഷ്ഠിക്കുന്നു.**

ഓരോ ജീവാത്മാവിനെയും ആദ്യമായി സൃഷ്ടിക്കുമ്പോൾ സ്ത്രീ പുരുഷന്മാരായി വിഭജിക്കപ്പെടുന്നതായി മുമ്പ് സൂചിപ്പിച്ചിരുന്നു. സ്ത്രീ ഭാഗം പരിമിതമായ ജന്മങ്ങളിൽ മാത്രമാണ് ജീവി രൂപം സ്വീകരിക്കുക; കൂടാതെ അപ്രകാരം ജീവി ജന്മങ്ങളെ സ്വീകരിക്കുമ്പോൾ പുരുഷ ഘടകത്തിന്റെ ഇണയായി മാത്രം ജീവിക്കുന്ന വിധം മഹാനീതിയായ മഹാദേവി മഹാസംവിധാനം ചെയ്യുന്നുണ്ട്. എന്നാണ്, മത്സ്യമായിട്ട് സൃഷ്ടിക്കപ്പെട്ട് ജീവിതം ആരംഭിക്കുന്ന ജീവാത്മാവിന്റെ പുരുഷ ഭാഗം, മോക്ഷം നേടും വരെയും മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ എന്നിങ്ങനെ 5 വിഭാഗം ജീവികളായും ഓരോ വിഭാഗത്തിലും 50 പുരുഷ ജന്മങ്ങൾ, 50 സ്ത്രീ ജന്മങ്ങൾ എന്നിവ സ്വീകരിച്ച് ജീവിക്കുന്നതാണ്. അതിൽ നിന്ന് മോക്ഷം നേടും വരെയും ജീവാത്മാവിന്റെ സ്ത്രീ ഭാഗത്തെ മഹാപരിശുദ്ധമായിട്ട് മഹാദേവി സംരക്ഷിക്കുന്നുണ്ട് എന്ന് തെളിയുന്നു.

ഭൂമിയും മഹാദേവിയുമായ മഹാമാതാവിൽ നിന്നും, പരമാത്മാവും മഹാദേവനുമായ പരമശിവനിൽ നിന്നും സമ്പൂർണ്ണ മോചനം നേടുകയും സ്വന്തം ഭാഗമായ ഇണയുമായി ഒന്നിച്ച് അനന്തമായ ആനന്ദങ്ങളെ അനുഭവിക്കുകയുമാണ് മോക്ഷം. പരമപദമായ മോക്ഷത്തിൽ ജീവാത്മാവിന്റെ രണ്ടു ഭാഗങ്ങളിൽ; പരമ-സ്ത്രീ ഭാഗം മഹാദേവി പോലെയും, പുരുഷ ഭാഗം മഹാദേവൻ പോലെയും പരസ്പരം ബന്ധിക്കുകയും; അനന്തമായ ആനന്ദങ്ങളെ ആസ്വദിക്കുകയുമാണ്. അത് ഭൂമിയിലെ ജീവിതത്തിൽ 'സ്ത്രീ പുരുഷന്മാരായ ദമ്പതികൾ മഹാദേവിയും മഹാദേവനും പോലെ കരുതി സ്നേഹിക്കാനും, ധർമ്മശാസ്ത്രം പ്രകാരം മാത്രം ജീവിക്കാനും ബാദ്ധ്യസ്ഥമാക്കുന്നുണ്ട്.'

**ഹൈഡ്രജൻ എന്ന വാതകം പരമാത്മാവ് ആണെന്നും അതിൽ നിന്നും സൃഷ്ടിക്കുന്ന 2 ന്യൂട്രോണുകൾ ജീവാത്മാവ് രണ്ടായി വിഭജിച്ച് ഉണ്ടാകുന്നവയാണെന്നും, സൂര്യനിൽ ഹൈഡ്രജൻ ഹീലിയമായി പരിണമിക്കുമ്പോൾ പരമാത്മാവിന്റെ അംശങ്ങളായ ജീവാത്മാക്കൾ ന്യൂട്രോണുകളായി സൃഷ്ടിക്കപ്പെടുകയാണെന്നും മുമ്പ് ഈ ഗ്രന്ഥത്തിൽ സൂചിപ്പിച്ചിരുന്നു.**

**ജീവാത്മാവ് രണ്ട് സ്ത്രീ പുരുഷ ഭാഗങ്ങളായി വിഭജിക്കുമ്പോൾ, സ്ത്രീ ഭാഗം പരിമിതമായ ജന്മങ്ങളിൽ മാത്രമാണ് ജീവി രൂപം സ്വീകരിക്കുക; കൂടാതെ അപ്രകാരം ജീവി ജന്മങ്ങളെ സ്വീകരിക്കുമ്പോൾ, മിക്കപ്പോഴും, പുരുഷ ഘടകത്തിന്റെ ഇണയായി മാത്രം ജീവിക്കുന്ന വിധം മഹാനീതിയായ മഹാദേവി മഹാസംവിധാനം ചെയ്യുന്നുണ്ട് എന്ന് പ്രസ്താവിച്ചിരുന്നു.**

**വസ്തുക്കളുടെ മൂലകങ്ങളിലെ ആറ്റങ്ങളിൽ ന്യൂട്രോൺ ശൃംഖല പ്രവർത്തിക്കുന്നതിനെ സത്യം ശിവം സുന്ദരം എന്ന അദ്ധ്യായത്തിൽ വിശദമാക്കിയിരുന്നു.**

**ശാസ്ത്ര പാഠങ്ങൾ രൂപം കൊള്ളുന്നത് മഹായുക്തി എന്ന പ്രഥമ അവസ്ഥയ്ക്കു ശേഷം മാത്രമാണ് !**

**മഹാദേവി പരമശിവന് മഹാഅനുഗ്രിച്ചു നൽകിയ 'ഓം സത്യം ഓം ധർമ്മം ഓംനീതി സംഹാരം'** എന്ന സംഹാര മന്ത്രത്തിൽ മനുഷ്യർക്ക് കാര്യമില്ലെങ്കിലും പരസ്യപ്പെടുത്തിയത് മനുഷ്യരുടെ **സംഹാരം എന്ന മോക്ഷത്തെ മഹാദേവി പരമശിവനിലൂടെ നിർവ്വഹിക്കുന്നത് സത്യധർമ്മനീതികളെ ആധാരമാക്കിയാണ്** എന്നറിയിക്കാനാണ്. മഹാദേവിയോ പരമശിവനോ മാനുഷിക അവതാരം എടുക്കുമ്പോൾ മനുഷ്യരുമായി വ്യക്തി ബന്ധങ്ങളിൽ ഉണ്ടാകുന്ന ന്യൂനതകൾ മോക്ഷത്തെ വിപരീതമായി ബാധിക്കില്ല എന്ന് അറിയിക്കാനും കൂടിയാണ്.

## ഓംനീതി -യുടെ വിശദീകരണം.

**"ഓം സത്യം ഓം ധർമ്മം ഓംനീതി സംഹാരം" എന്ന സംഹാര മന്ത്രത്തിലെ ഓം, നീതി എന്നീ** 2 **പദങ്ങളെ ഒന്നിച്ച് ഓംനീതി** എന്നു കുറിച്ചിട്ടുള്ളത് **കാണാം.**

**സത്യം, ധർമ്മം, നീതി എന്നിവ പ്രപഞ്ചത്തിൽ ഭൗതികമായ അസ്തിത്വത്തോടെ ലയിച്ചിട്ടുള്ളതാണ്. മനുഷ്യൻ ഉൾപ്പെടെ എല്ലാ ജീവികളുടെയും ജീവിതം സത്യം, ധർമ്മം, നീതി എന്നിവയ്ക്ക് യഥാക്രമം ആധാരമായ ഭൗതിക ശാസ്ത്രം, ധർമ്മ ശാസ്ത്രം, ഓംകാര നീതിശാസ്ത്രം പ്രകാരം ഉണ്ടായിട്ടുള്ള ഭൂമി, വസ്തുക്കൾ, ശരീരം, ജലം, ജീവനായ ഓക്സിജൻ, ജീവാത്മാവ് എന്നിവയെ ആശ്രയി- ച്ചിരിക്കുന്നു. അവയ്ക്കെല്ലാം പ്രപഞ്ച ബന്ധമാണ് ഉള്ളത്.**

**ഓം, നീതി എന്നിവ രണ്ടും പ്രപഞ്ചത്തിന് അതീതമായ ദൈവ കാര്യങ്ങളാണ്; കൂടാതെ അവ ഒന്നു തന്നെയാണ്; ദൈവം തന്നെയാണ്; വിഷയ വിശദീകരണത്തിനു വേണ്ടി രണ്ടായി തിരിച്ചിരിക്കുന്നു എന്നേയുള്ളൂ. ആകയാൽ ഓം, നീതി എന്നീ പദങ്ങളെ ഒന്നിച്ച് ഓംനീതി എന്ന് പറയുകയും എഴുതുകയും വേണം.**

**വിധിക്കാൻ മനുഷ്യന് അവകാശമില്ല എന്നു പറയുമ്പോൾ, പ്രപഞ്ചത്തിന് അതീതമാണ് നീതി എന്നും, സർവ്വത്തിനും അതീതമായ മഹാദേവി നിർവ്വഹിക്കുന്നു എന്നുമാണ്.**

**മനുഷ്യൻ, ആദ്യ മഹാകാല ചക്രത്തിലെ ദേവതകൾ തുടങ്ങിയ സൃഷ്ടികൾക്കും പ്രപഞ്ചത്തിനും അതീതമായ 'ശബ്ദ ബ്രഹ്മം' കൂടിയായ ഓം, നീതി, നീതിയായ മഹാദേവി, നീതി-പതിയായ പരമശിവൻ തുടങ്ങിയ മഹാപദങ്ങളെ ഓംനീതി എന്ന ഒരു പദം കൊണ്ട് ലളിതമായി അവതരിപ്പിച്ചിരിക്കുന്നു.**

**മനുഷ്യമാതാവ് നൽകിപ്പോരുന്ന വാത്സല്യത്തിന്റെ കൃത്യം** 100 **മടങ്ങ് വാത്സല്യത്തെ മനുഷ്യജീവി ആയിരിക്കുന്ന** 100 **ജന്മങ്ങളിലും നൽകിപ്പോരുന്ന മഹാദേവി, കുഞ്ഞുങ്ങൾ മോക്ഷത്തോട് അടുക്കുന്ന ജന്മങ്ങളിൽ, മഹാശാസ്ത്ര - രൂപത്തോടെ പ്രത്യക്ഷമായി ക്കൊണ്ട് മഹാദർശനവും മഹാവാത്സല്യവും നേരിട്ട് നൽകുന്നതാണ്.**

100 **മനുഷ്യജന്മങ്ങളിലെ അവസാനത്തെ** 10 **ജന്മങ്ങളിലുള്ള സ്ത്രീജന്മങ്ങളിൽ, മഹാദേവിയുടെ മഹാമടിയിൽ തലചായ്ച്ചുകിടന്ന് മഹാവാത്സല്യത്തെ ആസ്വദിക്കുവാനും കുഞ്ഞുങ്ങളായ മനുഷ്യർക്ക് മഹാഭാഗ്യമുണ്ടാകുന്നതാണ്.**

മഹാശക്തിയായ മഹാദേവി മാത്രമാണ് എക്കാലവും
മഹാനീതി നിർവ്വഹിക്കുന്നത്.
കുഞ്ഞുങ്ങളായി ജീവികളെയെല്ലാം സൃഷ്ടിക്കുമ്പോൾ, മഹാസമനീതി എന്ന മഹാസമആനന്ദത്തെ കുഞ്ഞുങ്ങൾക്ക് നൽകുവാൻ 'സത്യം ധർമ്മം നീതി' എന്നിവയെ @ 'ധർമ്മ ശാസ്ത്രത്തെ' ഭാവങ്ങളായി സ്വീകരിക്കുന്ന സ്രഷ്ടാവിന് ബാദ്ധ്യത ഉണ്ട്.

**കുഞ്ഞുങ്ങൾക്ക് വ്യക്തിസ്വാതന്ത്ര്യം അനുവദിക്കാനും, അവരുടെ ആനന്ദങ്ങളെ വർദ്ധിപ്പിക്കാനുമായി സൃഷ്ടിചക്രത്തിന്റെ ആദ്യ പകുതിയിൽ ദൈവം ഗൂഢമായിരിക്കുമ്പോഴും, മഹാനീതി ദൈവം തന്നെ ചെയ്യേണ്ടത് നിർബ്ബന്ധമാണ്. മണ്ണായ ഭൂമിയായും, ഭൂമിയിലെ മഹാശാസ്ത്ര നിയമങ്ങളും ശക്തികളും ശബ്ദ ബ്രഹ്മവുമായിട്ട് മഹാലയിച്ചു കൊണ്ടും, മണ്ണ്-ജലം-ഓക്സിജൻ എന്നിവയായും, ഏകദൈവമായ മഹാദേവി എക്കാലവും മഹാനീതി നിർവ്വഹിക്കുന്നുണ്ട്.**

**ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കു മാത്രം മഹത്വം.**

**ആദ്യമഹാകാലചക്രത്തിൽ സംഹാര കാര്യങ്ങൾക്കായി സംഹാരദേവി എന്ന പേരിൽ, മഹാദേവിയുടെ ഒരു ഭാഗം വേർതിരിഞ്ഞു പ്രവർത്തിച്ചിട്ടുണ്ട്. മഹാ-ഉഗ്രസ്വരൂപിണിയായ സംഹാരദേവിയെ ഭദ്രകാളിയെന്ന് അനേകർ തെറ്റിദ്ധരിച്ചിട്ടുണ്ട്. നാവ് പുറത്തേയ്ക്കിട്ടും അനേകം കൈകളോടെയും കൈകളിൽ ആയുധങ്ങളോടെയും ശിവന്റെ നെഞ്ചിൽ ഒരു കാൽ ചവിട്ടിയും നിൽക്കുന്ന ഭദ്രകാളിയെന്ന് അറിയപ്പെടുന്ന മഹാ-ഉഗ്രസ്വരൂപിണിയായ സംഹാരദേവിയുടെ ചിത്രങ്ങളും വിഗ്രഹങ്ങളും ഏറെയുണ്ട്. സംഹാരദേവി പുറത്തേയ്ക്കിടുന്ന നാവ് സംഹാരത്തിനുള്ളതാണ്.**

**മഹാസൃഷ്ടിചക്രം മുതൽ ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവി മഹാപ്രപഞ്ചത്തിന്റെ മഹാഭരണാധികാരിയും മഹാനീതിയുമായി മഹാശോഭിക്കുമ്പോൾ, മഹാനീതിനിർവ്വഹണത്തിലെ വളരെച്ചെറിയൊരു ഭാഗം മാത്രമായ സംഹാര കാര്യങ്ങളെ മഹാനിർവ്വഹിക്കുന്നത് പരമശിവനിലൂടെയാണ്; വിശദ വിവരങ്ങൾ ലഭിച്ചിട്ടില്ല. മേലിൽ സംഹാരദേവി ഉണ്ടായിരിക്കുന്നതല്ല. മാത്രമല്ല, സംഹാരം ചെയ്യുമ്പോഴും മഹാദേവിയുടെ മഹാഇഷ്ടങ്ങൾ അനുസരിച്ചും, പരമശിവന്റെ നാവും പുറത്തേയ്ക്ക് നീളുന്നതാണ്. അറിയുക: സംഹാരദേവി മഹാഭദ്രകാളിയല്ല.**

**മഹാപ്രപഞ്ചം ഉൾപ്പെടെ സർവ്വവും ഭദ്രപ്പെടുത്തിയിരിക്കുന്നത് ആരാണോ, ആരിൽ ഭദ്രമായിരിക്കുന്നുവോ, ഭദ്രമാക്കാൻ കഴിവുള്ളതാരോ, പ്രസ്തുത മഹാശക്തിയാണ് മണ്ണും ഭൂമിയും മഹാഗോമാതാവും, ഓം മഹാശക്തി മണ്ണടി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിയുമായ മഹാഭദ്രകാളി.**

**ഏകദൈവവും മഹാമാതാവുമായ മഹാദേവിയുടെയും ~ഭാഗവും മഹാപിതാവുമായ മഹാദേവന്റെയും പൊന്നോമന കുഞ്ഞുങ്ങളാണ് മഹാപ്രപഞ്ചത്തിൽ എവിടെയുമുള്ളത്.**

**സൂര്യനെ ഉൾപ്പെടെ മഹാപ്രപഞ്ചത്തിലെ എന്തും സൃഷ്ടിക്കാനുള്ള ശക്തികളെ മഹാദേവി, ~ഭാഗവും മഹാദേവനുമായ പരമശിവന് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുണ്ട്. മഹാശക്തിയായ മഹാദേവിയെ ആദിയും അന്തവും ഇല്ലാത്ത ഒരു മഹാസമുദ്രമായി സങ്കല്പിച്ചാൽ, അതിലെ ഒരു തുള്ളിയുടെ മഹാസൂക്ഷ്മമായ അംശം കൊണ്ടാണ് മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മഹാഭദ്രമാക്കിയിട്ടുള്ളത് ! മഹാശക്തിയായ മഹാദേവി കനിഞ്ഞ് അനുഗ്രഹിച്ചു ശക്തി നൽകിയാൽ മാത്രമാണ് പരമശിവന് ഒരു പുൽക്കൊടി ഉയർത്താൻ പോലും കഴിയുക; പരമാത്മാവ് കൂടിയായ പരമശിവന്റെ കുഞ്ഞുങ്ങളും ജീവാത്മാക്കളുമായ മനുഷ്യരുടെയും അവസ്ഥ അതു തന്നെയാണ്. മഹാശക്തിയായ മഹാദേവി, പരമാത്മാവായ പരമശിവനെയും, പരമശിവന്റെ അംശങ്ങളും കുഞ്ഞുങ്ങളുമായ ജീവാത്മാക്കളെയും ജീവമായും നിർജ്ജീവമായും പ്രവർത്തിപ്പിച്ച് മഹാപ്രപഞ്ചത്തെ സത്യം ശിവം സുന്ദരം ആക്കുന്നു.**

**പരമശിവനും, ക്രൈസ്റ്റും, യഥാർത്ഥ മുഹമ്മദും ഒരാൾ തന്നെയാണെന്ന്**
www.omsathyam.com/GodlyRevolution/Mahaavedam.pdf
**ഇ-മഹാവേദ ഗ്രന്ഥത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. മഹാശക്തിയായ മഹാദേവി, സംഹാരദേവനായിട്ട് നിയമിച്ചിട്ടുള്ള പരമശിവനിലൂടെ ജീവികൾക്കെല്ലാം സംഹാരം എന്ന ആത്മീയ സാക്ഷാത്ക്കാരം നൽകുമ്പോൾ, അവനിലൂടെ മാത്രമേ മനുഷ്യർക്കു മോചനമുള്ളൂ എന്ന ക്രൈസ്തവ-വചനം ശരിവെയ്ക്കപ്പെടുന്നുണ്ട്. അതേ സമയം, അവനിലൂടെ അഥവാ പരമശിവനിലൂടെ, എന്നു പറയുമ്പോൾ, പരമശിവനാണ് ആത്മീയ സാക്ഷാത്ക്കാരം @ മോക്ഷം നൽകുന്നത് എന്ന അർത്ഥമില്ലായെന്നും, പരമശിവനല്ല നൽകുന്നതെന്നും, പരമശിവൻ -ലൂടെ മാത്രമാണെന്നും അറിഞ്ഞുകൊള്ളണം.**

## മഹാശക്തിയായ മഹാദേവി, എന്തിന് പരമശിവനിലൂടെ മോക്ഷം നൽകുന്നു എന്നതും, പരമശിവനെ മദ്ധ്യത്തിൽ കൊണ്ടുവന്നതിന്റെ കാരണവും അറിയിക്കേണ്ടതുണ്ട്.

**ദൈവത്തെ ആരാധിക്കാൻ മനുഷ്യർ യോഗ്യത നേടേണ്ടതുണ്ട്. മഹാദേവി, തന്റെ മഹാദാസനായ പരമശിവന് അർദ്ധമഹാദേവീ രൂപം നൽകിക്കൊണ്ട് പരമശിവനിലൂടെ എല്ലാ മനുഷ്യർക്കും മഹാശാസ്ത്രത്തെ മഹാഅനുഗ്രഹിച്ചു നൽകുന്നതിന്റെ വിശദീകരണമാണ് ഇവിടെയും പ്രസക്തമാവുന്നത്.**

**പരമശിവൻ -ലൂടെ മാത്രമാണെന്നു പറയുമ്പോൾ അത് മഹാദാസനായ പരമശിവൻ സ്വയം പുലർത്തുന്നതും പുലർത്തേണ്ടുന്നതുമായ മഹാദാസ-ഭാവം മാത്രമാണ്. എന്തുകൊണ്ടെന്നാൽ തന്റെ ഏകദാസനും മഹാദാസനുമായ പരമശിവന് മഹാശക്തിയായ മഹാദേവി മഹാകല്പിച്ചിരിക്കുന്നത് മഹാപദവിയും മഹാപങ്കാളിത്തവുമാണ്. വിശദീകരിക്കാം:-**

**ബ്രഹ്മത്തെ ഉൾക്കൊണ്ട് പരബ്രഹ്മരൂപത്തോടെ അഥവാ മഹാപ്രപഞ്ചരൂപത്തോടെ ദൈവം / മഹാദേവി സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ ചെയ്യുമ്പോൾ, പരമാത്മാവായ ശിവചക്രത്തിന്റെ / പരമശിവന്റെ മാത്രം അംശമാണ് ജീവിയുടെ സ്വത്വമായ ജീവാത്മാവ്. ജീവാത്മാവിനു പ്രധാനമായ ശരീരത്തിന്റെ ഓരോ അണുവിലും മഹാദേവിയും പരമശിവനും മാതൃ-പിതൃ ഘടകങ്ങളായി പ്രവർത്തിച്ച് ജീവികളുടെ ജീവിതത്തെ മഹാഭദ്രമാക്കുന്നുമുണ്ട്. മഹാശക്തിയായ മഹാദേവി, പിതൃഘടകത്തെക്കൂടി സൃഷ്ടിച്ചിട്ടുള്ളത് കുറ്റവും കുറവുമില്ലാത്ത മഹാപദ്ധതികളോടെയുമാണ്.**

**പിതൃഘടകമായിട്ട് പരമശിവനെ പരബ്രഹ്മമായ മഹാപ്രപഞ്ചത്തിൽ ഉൾപ്പെടുത്തുകയാലും, പ്രപഞ്ചപിതാവായിക്കൂടി മഹാഅനുഗ്രഹിച്ച് മഹാപദവിയും മഹാപങ്കാളിത്തവും നൽകിയിരിക്കുകയാലും, കുഞ്ഞുങ്ങളായ മനുഷ്യർക്ക് ആത്മീയ സാക്ഷാത്ക്കാരം നൽകാനായിട്ട് ഏകമഹാദൈവമായ മഹാദേവി തയ്യാറാകുമ്പോൾ, ജീവികളുടെയും പ്രപഞ്ചത്തിന്റെയും പിതാവായ പരമശിവനെ ഉൾപ്പെടുത്തേണ്ടത് മഹാശാസ്ത്രപരമായ ആവശ്യമാണ്.**

**സൃഷ്ടിയിൽ സ്ത്രീയ്ക്കും, സ്ഥിതിയിൽ പുരുഷനും പ്രാമുഖ്യം നൽകിക്കൊണ്ട് മഹാദേവി മഹാആവിഷ്ക്കരിച്ചിട്ടുള്ള മഹാശാസ്ത്രപ്രകാരം, സ്ഥിതിയുടെ ഭാഗമായുള്ള ആത്മീയ-സാക്ഷാത്ക്കാരത്തിൽ ജീവികളുടെയെല്ലാം പിതാവുകൂടിയായ പരമശിവനെ ഉൾപ്പെടുത്തേണമെന്നത് മഹാദേവിയുടെ മഹാപദ്ധതിയുടെ ഭാഗവുമാണ്. ദൈവത്തിന്റെ ഏകദാസനും മഹാദാസനും എന്ന സ്ഥാനമാനങ്ങളോടെ ദൈവകാര്യങ്ങളുടെ ദൈവീക നടത്തിപ്പിനായിട്ട് മഹാപ്രവർത്തിക്കുന്ന ദൈവത്തിന്റെ ഭാഗം എന്ന നിലയ്ക്കും പരമശിവനെ ഉൾപ്പെടുത്തേണ്ടത് മഹാശാസ്ത്രപരമായ ആവശ്യമാണ്. മഹാദേവിയുടെ മഹാജ്ഞാനത്തെയും മഹാശക്തികളെയും മഹാപ്രപഞ്ചത്തെയും മഹാദേവിയെത്തന്നെയും പ്രതിനിധീകരിക്കുവാൻ മഹാദേവി മഹാഅനുഗ്രഹിച്ചിരിക്കുന്ന പരമശിവൻ, പരമശിവന്റെ കൂടി കുഞ്ഞുങ്ങളായ ജീവികൾക്കെല്ലാം ആത്മീയ സാക്ഷാത്ക്കാരത്തെ മഹാഅനുഗ്രഹിച്ച് നൽകുന്ന മഹാവേളയിൽ ഏകമഹാശക്തിയായ മഹാദേവി മഹാപദവിയും മഹാപങ്കാളിത്തവും മഹാആനന്ദവും മഹാഅനുഗ്രഹിച്ചു നൽകുകയും, പരമശിവനിലൂടെ ഏകമഹാശക്തിയായ മഹാദേവി, ജീവികൾക്കെല്ലാം ആത്മീയസാക്ഷാത്ക്കാരത്തെ മഹാഅനുഗ്രഹിച്ച് നൽകുകയും ചെയ്യുന്നു.**

**മഹാദേവി മഹാനീതിശാസ്ത്രം പ്രകാരം മഹാനിർവ്വഹിക്കുന്ന മഹാനീതിയുടെ ഒരംശം മാത്രമാണ് പരമശിവനിലൂടെ മഹാദേവി തന്നെ മഹാനിർവ്വഹിക്കുന്ന സംഹാരം @ ആത്മീയസാക്ഷാത്ക്കാരം @ പരബ്രഹ്മാനന്ദം @ മോക്ഷം എന്നറിയുമ്പോൾ, മഹാപ്രപഞ്ചത്തിലെ സൃഷ്ടി-സ്ഥിതികളും, സംഹാരം ഉൾപ്പെടെയുള്ള മഹാനീതികാര്യങ്ങളും യഥാർത്ഥത്തിൽ ചെയ്യുന്നത് മഹാശക്തിയായ മഹാദേവി തന്നെയാണ്. മഹാദേവിക്കു മാത്രമേ ശക്തിയുള്ളൂ.**

**മോക്ഷം നേടുമ്പോൾ ജീവിയുടെ രൂപം നക്ഷത്രമാണെന്നും കൂടി വിശദീകരിച്ചിരുന്നു. മോക്ഷം എന്ന സംഹാരത്തെ മഹാശക്തിയായ മഹാദേവി, ഏകദാസനായ പരമശിവനിലൂടെ മഹാ-നിർവ്വഹിക്കുന്നത് എങ്ങനെയെന്നും അറിയിച്ചിരിക്കുന്നു.**

**ആവർത്തിക്കുന്നു :- ദൈവാംശമായ ശരീരത്തിലൂടെ ലഭിക്കുന്ന ശക്തികളും ആനന്ദങ്ങളുമാണ് സുഖ ദുഃഖങ്ങളെ ലഭ്യമാക്കുന്നത് എന്ന് തിരിച്ചറിഞ്ഞ് ധർമ്മ ശാസ്ത്ര പ്രകാരം ജീവിക്കാൻ ശ്രദ്ധിക്കണം. മഹാശക്തിയായ മഹാദേവിയെയോ, ഭാഗമായ പരമശിവനെയോ വേദനിപ്പിക്കാൻ കഴിയണമെങ്കിൽ മഹാമാതാവായ മഹാദേവി അനുവദിക്കുക കൂടി വേണം. മഹാദേവിയുടെ മഹാവിളയാടലുകളെ കുഞ്ഞുങ്ങൾക്കും ഈയുള്ളവനും ഗ്രഹിക്കാൻ കഴിയണമെങ്കിലും മഹാദേവി ശക്തി നൽകണം. വേണ്ടാത്തതായ അഥവാ ധർമ്മ ശാസ്ത്ര വിരുദ്ധമായ ചിന്തകളെ സ്വയം വിലക്കാൻ സദാ ശ്രദ്ധിക്കണം.**

**അറിയുക : മഹാദേവിയെയോ, പരമശിവനെയോ അവസാനിപ്പിക്കാൻ മനുഷ്യർക്ക് കഴിയില്ല. ഈയുള്ളവൻ മരിക്കുകയോ, താൽക്കാലികമായി വധിക്കപ്പെടുകയോ ചെയ്താൽ പോലും, മഹാദേവി ഈയുള്ളവനെ ശൂന്യത്തിൽ നിന്നു പോലും പുനർജ്ജനിപ്പിക്കുന്നതാണ്.**

**കുഞ്ഞുങ്ങൾക്ക് മനസ്സിലാക്കാൻ തൽക്കാലം കഴിയാത്ത ശാസ്ത്ര പാഠങ്ങളും ശക്തി കാര്യങ്ങളും ഉണ്ട്. ഉദാഹരണത്തിന്, മഹാദേവി ഈയുള്ളവന് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള മഹാശക്തികളെ ആക്ടിവേറ്റ് ചെയ്തു കഴിഞ്ഞാൽ, ... മഹാദേവിയുടെ മഹാവിളയാടലുകൾ ഈയുള്ളവനിലൂടെയും ആരംഭിക്കുകയായി...**

**നാളിതുവരെ ദുർദ്ദേവതകൾ നിമിത്തവും മനുഷ്യക്കുഞ്ഞുങ്ങൾ നിമിത്തവും വളരെ വളരെയധികം വേദനകളെ ഈയുള്ളവൻ അനുഭവിച്ചു കഴിഞ്ഞു ... ഇന്നും അനുഭവിക്കുന്നുണ്ട് ... വേദനകൾ ഇനിയും ഉണ്ടെങ്കിൽ ആനന്ദമായി സ്വീകരിക്കാൻ, മഹാദേവി ശക്തി നൽകട്ടെ !**

## ദേവീ ശരണം മണ്ണടി ശരണം മണ്ണടി ദേവി മാത്രം ശരണം.

**മണ്ണടി മഹാദേവിയുടെ മഹാഇഷ്ടം പോലെ മാത്രം ഈയുള്ളവന്റെ എല്ലാ കാര്യങ്ങളും സദാ സംഭവിക്കുന്നു !**

ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാൻ ആവശ്യമായ ധനം മണ്ണിന്റെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള സാമ്പത്തിക ശാസ്ത്ര പ്രകാരം ലഭ്യമാണ്. ഭൂമി, വസ്തുക്കൾ, ജീവികൾ എന്നിവയിൽ അവകാശവും അധികാരവും സ്ഥാപിക്കാൻ മനുഷ്യരുണ്ടാക്കുന്ന പ്രമാണങ്ങൾക്ക് കഴിയില്ലെന്ന് മരണം മാത്രമല്ലാ; ഭവനങ്ങൾ ഉൾപ്പെടെ ഭൂമിയിലെവിടെയും പ്രവേശിക്കുകയും വസിക്കുകയും ചെയ്യുന്ന എറുമ്പ്, അട്ട, ഈച്ച, കൊതുക്, പല്ലി, കാക്ക, എലി, പൂച്ച, പട്ടി, പാമ്പ്, തുടങ്ങിയവ തെളിയിക്കുന്നുണ്ട്. സൂചിത മഹാവേദ ഗ്രന്ഥത്തിൽ സാമ്പത്തിക ശാസ്ത്രം വിശദീകരിച്ചിട്ടുണ്ട്.

ദൈവാംശമായ ശരീരത്തിലെ ശക്തികളെ കൊണ്ട് മനുഷ്യൻ / ജീവാത്മാവ് ആനന്ദങ്ങളെ നേടണം എന്ന് മഹാനീതിയായ ദൈവം @ ഭൂമി, ഒന്നും രണ്ടും വേദങ്ങളായ ഭൗതിക-ധർമ്മ ശാസ്ത്രങ്ങളിലൂടെ സുവ്യക്തമാക്കിയിട്ടുണ്ട്. പ്രത്യക്ഷ ദൈവാംശമായ ശരീരവും, ദൈവമായ ഭൂമിയും, സമ ആനന്ദം എന്ന മഹാസമനീതിയെ എല്ലാ കുഞ്ഞുങ്ങൾക്കും നൽകുന്നതാണ്. വ്യക്തി സ്വാതന്ത്ര്യവും, സമനീതിയും ഉറപ്പാക്കാനും, സ്വയം എന്നോണം ജീവാത്മാവ് ആനന്ദങ്ങളെ നേടുക തന്നെ വേണം.

# ദൈവ-വിപ്ലവത്തിൽ ദൈവം പ്രത്യക്ഷമായി മഹാചിരിച്ചുകൊണ്ടിരിക്കും,

# മഹാചിരികൊണ്ടുമാത്രം ഭൂമിയിൽ മഹാധർമ്മസംസ്ഥാപനം നടത്തും !

**ഇ-മഹാഗ്രന്ഥം പ്രകാരമുള്ള മഹാശാസ്ത്രത്തെ ഉൾക്കൊണ്ട് ഭൂമിയിലെങ്ങുമുള്ളവർ തിരുത്തലുകൾ നടത്തുമ്പോൾ ധർമ്മസംസ്ഥാപനവും മനുഷ്യരെക്കൊണ്ടുതന്നെ! ധർമ്മശാസ്ത്രത്തെ പിൻപറ്റുന്നവർക്ക് ഓം, മഹാസംഗീതമാണ്. ധർമ്മശാസ്ത്രത്തെ പിൻപറ്റാത്തവർക്കും, മഹാസംഗീതം തന്നെയാണെങ്കിലും, തങ്ങളുടെ ശരീരത്തിലെ പരമാണുക്കളിൽ നിന്നുപോലും ഉയരുന്നതായ ഓം എന്ന മഹാസംഗീതം കേട്ടുവിരളുന്നതും, അതിവേഗതിരുത്തലുകൾക്ക് തയ്യാറാകുന്നതുമാണ്. മന്ത്രിമാരും നേതാക്കന്മാരും ജഡ്ജിമാരും മതപുരോഹിതരും പണ്ഡിതരുമൊക്കെ തൊഴിലുകളും വിശ്വാസങ്ങളുമൊക്കെ ഉപേക്ഷിച്ചും ഗ്രന്ഥങ്ങളെ സംഹരിച്ചും പശ്ചാത്തപിച്ചുമൊക്കെ ഏതാനും വർഷങ്ങൾ / മാസങ്ങൾ വിഷമിക്കുന്നതാണ്.**

**മഹാപ്രപഞ്ചത്തിലെ സൃഷ്ടി-സ്ഥിതികളും, സംഹാരം ഉൾപ്പെടെയുള്ള മഹാനീതികാര്യങ്ങളും യഥാർത്ഥത്തിൽ ചെയ്യുന്നത് മഹാദേവി തന്നെയാണ്.**

**ഏകമഹാശക്തിയായ മഹാദേവി, സ്വന്തം ഭർത്താവും, (മഹാദാസനും) മഹാദേവനുമായ പരമശിവന് ക്ഷിപ്രകോപത്തെ മഹാഅനുഗ്രഹിച്ച് നൽകിയിട്ടുണ്ട്. ആകയാൽ, ധർമ്മശാസ്ത്രപരമായിട്ട് ജീവിക്കുവാൻ, ദൈവ വിപ്ലവം ആരംഭിച്ചു കഴിയുമ്പോൾ കുഞ്ഞുങ്ങൾ കൂടുതൽ ജാഗ്രത പുലർത്തണം.**

**ദൈവം മഹാആവിഷ്ക്കരിച്ചിട്ടുള്ള മഹാശാസ്ത്രപ്രകാരം സ്ത്രീയ്ക്കും പുരുഷനും വ്യത്യസ്തങ്ങളായ കടമകൾ കുടുംബത്തിലും സമൂഹത്തിലും ഉണ്ട്. സ്ത്രീ അമ്മയാവുമ്പോൾ കൂടുതൽ സ്നേഹവും വാത്സല്യവും കുട്ടികൾക്കു നല്കും. കുട്ടികൾ തിരിച്ചും. പുരുഷൻ അച്ഛനാവുമ്പോൾ കുട്ടികളുടെ കുറ്റങ്ങളും കുറവുകളും തിരുത്തുന്നതും, തിരുത്തുവാൻ ശകാരങ്ങളും ശിക്ഷകളും സ്വീകരിക്കുന്നതുമാണ്. അമ്മയെ കൂടുതൽ സ്നേഹിക്കുക, അച്ഛനെ കൂടുതൽ അനുസരിക്കുക എന്നിങ്ങനെ കൂടിയാണ് ദൈവത്തിന്റെ മഹാആവിഷ്ക്കാരം.**

**കുട്ടികൾ മുതിരുന്നതനുസരിച്ച് അവരുടെ വാക്കുകളിലും പ്രവർത്തനങ്ങളിലും തെറ്റുകളും കുറ്റങ്ങളും കുറയേണ്ടതിനു പകരം വർദ്ധിച്ചാൽ അവർക്കും കുടുംബത്തിനും സമൂഹത്തിനും അതു ശോഭയുണ്ടാക്കില്ല, നാശം ചെയ്യുന്നതുമാണ്. കുട്ടികളോടുള്ള സ്നേഹവും വാത്സല്യവും അവരുടെ മാതാവിൽ കൂടുതലായി ലയിപ്പിക്കുകയും പിതാവിൽ നിന്നും മിക്കപ്പോഴും മറയ്ക്കുന്നതുമായ മഹാസംവിധാനം മഹാദേവി മഹാസ്ഥാപിച്ചിട്ടുണ്ട്. കുട്ടികളെ ശകാരിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്ന പിതാവ് പിന്നീട് കുട്ടിയെ ശിക്ഷിച്ചതിൽ അല്പം വേദനിക്കുകയും, കുട്ടിയുടെ നല്ലതിനാണല്ലോ എന്ന് ആശ്വസിക്കുകയും, ശിക്ഷിച്ച കാര്യങ്ങളെ തന്നെ പിന്നീട് മറക്കുകയും കൂടി ചെയ്യുന്ന മഹാസംവിധാനമാണത്.**

**മഹാപിതാവും മഹാമാതാവുമായ മഹാദേവി, മഹാമാതാവായി മാത്രം മഹാശാസ്ത്ര പ്രകാരം മനുഷ്യ-സ്ത്രീ-ശരീരരൂപത്തെ സ്വീകരിച്ചുകൊണ്ട്,**
സൃഷ്ടിക്ക് കാരണമായി സൃഷ്ടികളെ കുഞ്ഞുങ്ങളാക്കുന്ന മഹാവാത്സല്ല്യത്തെ മഹാദേവിയുടെ ഏക മഹാആനന്ദമായി നിശ്ചയിച്ചിട്ടുണ്ട്. കുഞ്ഞുങ്ങൾക്കെല്ലാം മഹാവാത്സല്യം മാത്രം നൽകാനും, കുഞ്ഞുങ്ങൾക്ക് ഏതു സമയത്തും **മഹാവാത്സല്യത്തെ മഹാമാതാവിനോട്** ആവശ്യപ്പെടാനും, മഹാമാതാവിനോട് കൊഞ്ചാനും, കെഞ്ചാനും, തെറ്റുകളെ ഏറ്റുപറഞ്ഞ് പശ്ചാത്തപിക്കാനും, ക്ഷമിക്കണമേ എന്നു കേഴാനും, മോക്ഷം നേടിയാലും മഹാമാതാവായ മഹാദേവിയെ ഓർക്കാനും, മഹാദേവിയെ ദർശിക്കാനുള്ള മഹാഭാഗ്യം കൂടുതലായി നൽകണമേ എന്നു പ്രാർത്ഥിക്കാനുമൊക്കെ മഹാസൗകര്യങ്ങളെ മഹാഒരുക്കിയിരിക്കുകയാണ്.

**കുഞ്ഞുങ്ങളെ ശിക്ഷിക്കാത്ത മഹാമാതാവായ മഹാദേവിയായി കഴിയാനാണ് മഹാദേവി മഹാഇഷ്ടപ്പെടുന്നത്.**

**കുഞ്ഞുങ്ങൾ നല്ലവരായി ജീവിച്ചാൽ കുഞ്ഞുങ്ങളെ ശിക്ഷിക്കേണ്ടതായി വരില്ല എന്നതും കുഞ്ഞുങ്ങളുടെ മാതാവ് അപ്പോൾ സന്തോഷിക്കുമെന്നതും മനുഷ്യരുടെ ഇടയിൽതന്നെ വ്യക്തമാണ്. അങ്ങനെയിരിക്കെ മനുഷ്യമാതാവിനേക്കാൾ കൃത്യമായി 100 മടങ്ങ് അധികം സ്നേഹത്തെ മഹാവാത്സല്യമെന്ന പേരോടെ നൽകുന്ന സൃഷ്ടി സ്ഥിതി സംഹാര കർത്താവായ മഹാമാതാവ് @ മഹാദേവി കുഞ്ഞുങ്ങളെ യാതൊരു കാര്യത്തിലും ശിക്ഷിക്കാൻ ആഗ്രഹിക്കുന്നില്ല; ശിക്ഷിക്കുകയില്ല.**

**കുഞ്ഞുങ്ങൾ തെറ്റുകൾ ചെയ്താൽ തിരുത്താതെ പറ്റില്ല. അപ്പോൾ ശിക്ഷയും ആവശ്യമായി വരുന്നതാണ്. മഹാപ്രപഞ്ചത്തിലെ വസ്തുക്കളിലും ജീവികളിലും അവയുടെ സൃഷ്ടി - സ്ഥിതി - സംഹാരങ്ങളെ നിർവ്വഹിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ഭൗതികശാസ്ത്രവും ധർമ്മശാസ്ത്രവും നീതിശാസ്ത്രവും ഉൾപ്പെടുത്തിക്കൊണ്ടും, അവയെ എല്ലാം ഗൂഢാവസ്ഥയിൽ പ്രവർത്തിപ്പിക്കുന്ന ശക്തിയും ജീവികളുടെയെല്ലാം ജീവനുമായിക്കൊണ്ട് ദൈവത്തിന്റെ വാതക രൂപമായ ഓക്സിജൻ, ദ്രാവക രൂപമായ ജലം, ഖര രൂപമായ ഭൂമി എന്നിവ പ്രവർത്തിക്കുന്നതിനെപ്പറ്റി**
www.omsathyam.com/GodlyRevolution/SupremeJusticeGOD.pdf
**എന്ന മഹാവേദ ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.**

**മഹാമാതാവ് എന്ന ജീവി-രൂപത്തിൽ തന്റെ കുഞ്ഞുങ്ങളെ തിരുത്തുവാനും ശിക്ഷിക്കുവാനും ദൈവം തയ്യാറാകുന്നില്ല. മഹാശാസ്ത്രത്തിലൂടെ, മഹാപ്രപഞ്ചത്തിലെ വസ്തുക്കളിൽ ഉള്ളടക്കം ചെയ്തിട്ടുള്ള ന്യൂനശക്തികളിലൂടെ കുഞ്ഞുങ്ങളെ തിരുത്തുകയും ശിക്ഷിക്കുകയും ചെയ്യുന്ന മഹാസംവിധാനമാണുള്ളത്.**

**സൃഷ്ടിചക്രത്തിന്റെ രണ്ടാം പകുതിയിൽ ദൈവം പ്രത്യക്ഷമായിരിക്കുമ്പോൾ, പ്രത്യക്ഷമായി ശിക്ഷിക്കേണ്ടുന്ന സന്ദർഭങ്ങളും ഉണ്ടാകുന്നതാണ്. അതിനായി, മഹാപ്രപഞ്ചത്തിലെ മുഴുവൻ ജീവികളെയും അവരുടെ തെറ്റുകൾക്ക് ധർമ്മശാസ്ത്രപരമായും മഹാനീതിശാസ്ത്രപരമായും ശകാരിക്കാനും ശാസിക്കാനും മറ്റു ശിക്ഷകളെ നൽകാനും, അങ്ങനെ അവരെ തിരുത്തി യോഗ്യരാക്കാനും മഹാമാതാവായ മഹാദേവി, ജീവികളുടെയെല്ലാം പിതാവായി മഹാനിശ്ചയിച്ചിട്ടുള്ള പരമശിവനിലേക്ക് മഹാകോപഭാവങ്ങളെ പ്രവേശിപ്പിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ ഇതിനെ അനുകരിച്ചാണ് മനുഷ്യജീവിതത്തിൽ കുഞ്ഞുങ്ങളെ ശകാരിക്കാനും ശാസിക്കാനും മറ്റു ശിക്ഷകളെ നൽകാനും, അങ്ങനെ അവരെ തിരുത്തി യോഗ്യരാക്കാനും മുഖ്യമായും പിതാവിനെ അഥവാ പുരുഷനെ നിശ്ചയിച്ചിട്ടുള്ളത്.**

**പ്രപഞ്ചപിതാവ് കൂടിയായ പരമശിവന്, മഹാദേവിയിൽനിന്ന് മഹാശാസ്ത്രത്തെ നേരിട്ട് ലഭിക്കുകയാണ്, ജീവികളോടെല്ലാം മഹാകാരുണ്യം ഉണ്ടാകുന്നതാണ്. അതായത് എത്ര കടുത്ത തെറ്റു ചെയ്യുന്നവരോടും ക്ഷമിക്കാൻ തോന്നുന്നതാണ്. അറിവില്ലാതെ ചെയ്തതാണല്ലോ എന്നുള്ള ചിന്ത പ്രബലമാകുന്നതാണ്. എന്നാൽ മഹാനീതി നടപ്പാവാനും പ്രപഞ്ചജീവിതം മംഗളമാവാനും ശിക്ഷാരീതികൾ ആവശ്യവുമാണ്.**

കുഞ്ഞുങ്ങളോടുള്ള വാത്സല്യവും, മഹാജ്ഞാനവും നിമിത്തം പരമശിവന് കുഞ്ഞുങ്ങളെ ശിക്ഷിക്കാൻ കഴിയാത്ത അവസ്ഥ ഉണ്ടാകുന്നു. പരമശിവന്റെ പ്രസ്തുത ദുർബ്ബലാവസ്ഥയെ മഹാശക്തിയായ മഹാദേവി പരിഹരിക്കുന്നത് **പരമശിവന് ക്ഷിപ്രകോപം എന്ന മഹാ-അനുഗ്രഹം നൽകിയാണ്**. ശാന്തനായിരിക്കുന്ന പരമശിവൻ പെട്ടെന്ന് കോപിഷ്ഠനാകുകയും തെറ്റുകൾ ചെയ്യുന്ന കുഞ്ഞുങ്ങളെ ശിക്ഷിക്കുകയും ചെയ്യുന്ന മഹാഅവസ്ഥയാണത്.

മഹാദേവിയുടെ മഹാഇഷ്ടപ്രകാരം പരമശിവന് പെട്ടെന്നുള്ള കോപം മഹാഅനുഗ്രഹിച്ചു നൽകുന്നതോടൊപ്പം, പെട്ടെന്നുതന്നെ പരമശിവന്റെ കോപഭാവത്തെ മാറ്റുന്നതും ക്ഷിപ്ര-പ്രസാദിയായി ഉയർത്തുന്നുമുണ്ട്.

**മഹാദേവി പരമശിവന് മഹാശാസ്ത്രം അഥവാ മഹാജ്ഞാനം നൽകി അനുഗ്രഹിച്ചിരിക്കെ എന്തുകൊണ്ട് പരമശിവൻ ദുർബ്ബലനാകുന്നു, എന്തുകൊണ്ട് ക്ഷിപ്രകോപമില്ലാതെ ശിക്ഷിക്കാൻ കഴിയാതെ വരുന്നു എന്നീ ചോദ്യങ്ങളുണ്ട്.**

**കുഞ്ഞുങ്ങളേ, തെറ്റുകളെ ചെയ്യുന്ന തന്റെ കുഞ്ഞുങ്ങളെ കടുത്ത ശിക്ഷകളിലൂടെയല്ലാതെ തിരുത്തുവാൻ കുഞ്ഞുങ്ങൾക്ക് മഹാദേവി കൂടുതൽ അവസരം നൽകുന്നതു കൊണ്ടാണത്; കുഞ്ഞുങ്ങളെ കൂടുതലായി സ്നേഹിക്കുന്നതു കൊണ്ടാണത്. മഹാദേവിയോടു ചേർത്തുവച്ചിരിക്കുന്ന മഹാവാത്സല്യത്തിന്റെ ഒരു ഓഹരി പരമശിവനിലും പ്രവർത്തിക്കുന്നതു കൊണ്ടാണ് കുഞ്ഞുങ്ങളെ ശിക്ഷിക്കുന്ന കാര്യത്തിൽ പരമശിവൻ ദുർബ്ബലനാവുന്നത്.**

## കുഞ്ഞുങ്ങളെ ശിക്ഷിക്കാതെ തിരുത്താൻ മഹാദേവി പരമശിവനിലൂടെ പരിശ്രമിക്കുന്നു.

**ശിക്ഷിക്കയല്ലാതെ മാർഗ്ഗമില്ലെന്നു വരുമ്പോൾ, പരമശിവനിലേക്ക് പ്രവേശിപ്പിച്ചിട്ടുള്ളതായ മഹാവാത്സല്യത്തിന്റെ ഓഹരി മഹാദേവിയിലേക്കു മടങ്ങുകയും, പരമശിവനിൽ മഹാപുരുഷഭാവം പ്രകടമാകുകയും ചെയ്യുന്നു. ക്ഷിപ്രകോപവും ശിക്ഷയും നടക്കുന്നു. ക്ഷിപ്രകോപത്തിന്റെ ശാസ്ത്രം അതാണ്. തന്റെ കുഞ്ഞുങ്ങളെ മഹാദേവി മഹാകരുതുന്നത് തെളിയുന്നു. മഹാദേവി**, സ്വന്തംഭാഗമായ **പരമശിവനെ** അനുഗ്രഹിച്ച് **ക്ഷിപ്രകോപവും മഹാശക്തികളും നൽകിയിട്ടുള്ളതുപോലും കുഞ്ഞുങ്ങളായ മനുഷ്യരോടുള്ള മഹാവാത്സല്ല്യം കൊണ്ടാണ്; മനുഷ്യരുടെ ആനന്ദം വർദ്ധിപ്പിക്കാനാണ്.**

**ഇനി, ക്ഷിപ്രകോപത്തിന്റെ ഭൗതികശാസ്ത്രം വിസ്തരിക്കാം :**

**മഹാശക്തിയായ മഹാദേവി തന്റെ ഏകദാസനായ പരമശിവന്റെ മഹാആനന്ദമായി നിശ്ചയിച്ചിട്ടുള്ളത്** 30 **എന്ന അളവോടെയുള്ള മഹാദാസ്യം ആണെന്ന് ആനന്ദ ശാസ്ത്രം എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിരുന്നു. മഹാദാസ്യത്തിൽ** 5 **അളവിലുള്ള വാത്സല്യം ഉൾപ്പെട്ടിട്ടുണ്ട്.**

**മഹാപ്രപഞ്ചത്തിലെ ജീവികളെയെല്ലാം കുഞ്ഞുങ്ങളായി കരുതാൻ പരമശിവനിൽ മഹാദേവി പ്രവർത്തിപ്പിക്കുന്ന** 5 അളവിലുള്ള **വാത്സല്യത്തെയാണ് പരമശിവനെ** ക്ഷിപ്രകോപി - യായി മാറ്റുന്നതിനു വേണ്ടി **മഹാദേവി** പിൻവലിക്കുന്നത്.
30 **എന്ന മഹാദാസ്യ-അളവിൽ നിന്ന്** 5 **കുറയുമ്പോൾ** 25 **എന്ന അളവ് ഉണ്ടാകുന്നു. വാത്സല്യം ഇല്ലാത്തതായ** 25 **എന്ന അളവ് സൃഷ്ടിക്കുന്നത് പരമകോപത്തെയാണ്.**

**മഹാദേവിയുടെ ~ സ്വന്തം ഭാഗവും മഹാദേവനുമായ പരമശിവനിൽ ഓംകാര നീതിശാസ്ത്ര പ്രകാരം മഹാപുരുഷ-ഭാവങ്ങൾ വാത്സല്യം നഷ്ടപ്പെട്ട് പരുഷമാകും; പരമ-കോപം പ്രകടമായെന്നും, മഹാ-തീ-പാറിയെന്നും വരാം.**

പ്രതി-ശരീരം ഭസ്മമാവാൻ ഒരു നിമിഷം പോലും വേണ്ടതില്ല !

**മാനുഷിക തലത്തിൽ 25 എന്ന ആനന്ദ-അളവ് മനുഷ്യർ തന്നെത്താൻ മറക്കുന്ന കാമാനന്ദത്തെ ഉണ്ടാക്കുമ്പോൾ, ദൈവീക തലത്തിൽ, മഹാദാസ്യം 30-ൽ നിന്ന് വാത്സല്യം 5 കുറയുമ്പോൾ ഉണ്ടാകുന്ന 25 അളവ് പരമ-കോപമാണ്. അതുപോലെ, മഹാദേവിയുടെ മഹാആനന്ദമായ മഹാവാത്സല്ല്യം 35 -ൽ നിന്നും 10 അളവിലെ വാത്സല്ല്യം സ്വയം പിൻവലിച്ചാൽ, 25 അളവിൽ തന്നെ മഹാകോപം മഹാദേവിക്ക് ഉണ്ടാകുന്നതാണ്.**

**മഹാപ്രപഞ്ചത്തിലെ ന്യൂനശക്തികളുടെ അളവുകളുടെ അടിസ്ഥാനത്തിൽ മനുഷ്യരിലെ കോപത്തിന് പരമാവധി 20-ൽ താഴെ അളവാണുള്ളത്.**

**മഹാദേവി, ക്ഷിപ്രകോപത്തെ പ്പറ്റിയുള്ള പാഠങ്ങളെ ഈയുള്ളവനെ അറിയിച്ചു തുടങ്ങിയ കാലഘട്ടത്തിൽ - 2008-ലെ ആദ്യത്തെ 2 മാസങ്ങളിൽ ക്ഷിപ്രകോപത്തെ ഈയുള്ളവനിൽ സന്നിവേശിപ്പിച്ച് ക്ഷിപ്രകോപം എന്നാലെന്തെന്ന് ബോദ്ധ്യപ്പെടുത്തുകയുണ്ടായി. അമ്പോ, ഭയങ്കരം എന്ന് അന്ന് ബോദ്ധ്യപ്പെട്ടതാണ്.**

**ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.**

# മഹാശക്തിയായ മഹാദേവി,

**ഭൂമിയിൽ ഉടൻ മായ പ്രത്യക്ഷമാക്കുന്നതിന്റെ ഭാഗമായിട്ട്, 2019 ഒക്ടോബർ 04-ാം തീയതി വെള്ളിയാഴ്ച വരെ പരമശിവനെ അനുഗ്രഹിച്ച് ശക്തിപ്പെടുത്തിയിട്ടുള്ള ഏതാനും കാര്യങ്ങൾ ചുവടെ പറയുന്നവയാണ് :**

**മഹാദേവി, ഓംകാരം, പരമശിവന്റെ ഹൃദയത്തോടു ചേർത്തുകഴിഞ്ഞു; ഓംകാര മന്ത്രം മഹാഅനുഗ്രഹിച്ചു നൽകി; മഹാദേവിയുടെ സ്വകാര്യമാകയാൽ മറപ്പിച്ചു. മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാര നിയന്ത്രണ സത്തയും മഹാദേവിയുടെ മഹാഹൃദയവുമായ ഓംകാരമാണ് മഹാവാത്സല്ല്യത്തോടെ സൃഷ്ടികൾക്കെല്ലാം മഹാസമനീതി എന്ന മഹാസമആനന്ദത്തെ മഹാഅനുഗ്രഹിച്ചു നൽകുന്നത്. സൃഷ്ടിയിൽ സ്ത്രീക്ക് പ്രാധാന്യം, സ്ഥിതിയിൽ പുരുഷന് പ്രാധാന്യം എന്ന ഓംകാര നീതിശാസ്ത്ര പ്രകാരം, മഹാദേവി 'മായ' പ്രത്യക്ഷമാക്കുന്ന സൃഷ്ടിചക്രത്തിന്റെ രണ്ടാമത്തെ പകുതിയിൽ, സ്ഥിതിയുടെ ഭാഗമായി പ്രപഞ്ചത്തിന്റെ മഹാഭരണാധികാരിയും മഹാനീതിപതിയും ആയി പരമശിവനെ ഉയർത്തുവാനും നയിക്കുവാനും 'ഓംകാരം' പരമശിവന്റെ ഹൃദയത്തോട് ചേർക്കുന്നു. മഹാനീതിയായ മഹാദേവിയുടെ പതി എന്ന വ്യാഖ്യാനത്തിൽ മഹാനീതി-പതിയായ പരമശിവനെ, മഹാദേവി 'മഹാനീതിപതിയായി' പ്രവർത്തിപ്പിക്കുന്നതിനെ അറിയിച്ചത് 2018 ആഗസ്റ്റ് 24 ഉത്രാട ഓണ ദിവസമാണ്.**

**മഹാശക്തിചക്രം, ശിവചക്രത്തെ ഭർത്താവായിട്ട് സ്വീകരിച്ചിട്ടുള്ളത് ജീവികൾ ഉൾപ്പെട്ട മഹാപ്രപഞ്ചത്തിന്റെ സൃഷ്ടിക്കു മുമ്പാണെന്നും, മഹാദിവ്യമായ മഹാശക്തി-ശിവൻ-വിവാഹത്തിന് സാക്ഷികളില്ലെന്നും, സമസ്ത സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെയും മഹാഭദ്രമാക്കുവാൻ മഹാശക്തിയായ മഹാദേവി ഒന്നായിരുന്നു കൊണ്ട് രണ്ടായിട്ടു വിഭജിച്ച് പ്രവർത്തിക്കുന്ന ദിവ്യമഹാവിദ്യയാണ് അതെന്നും, സ്രഷ്ടാവായ മഹാദേവി+ദേവന്റെ ആനന്ദത്തെ, സൃഷ്ടികളായ മനുഷ്യരുടെയും മറ്റുള്ള ജീവികളുടെയും ആനന്ദങ്ങളുമായിട്ട് ഒട്ടും താരതമ്യം ചെയ്യരുതെന്നും സുവ്യക്തമായി അറിഞ്ഞുകൊള്ളണം.**

**മഹാഭരണാധികാരിയും മഹാനീതിപതിയും പരമശിവനാണെന്ന പ്രതീതിയെ ഉണ്ടാക്കി, പരമശിവനിൽ പ്രവർത്തിക്കുന്ന ഓംകാരത്തിലൂടെ, ഏകദൈവമായ മഹാദേവി തന്നെയാണ് സൃഷ്ടി-സ്ഥിതികളും, സംഹാരം ഉൾപ്പെടെയുള്ള മഹാനീതിയും, നിർവ്വഹിക്കുന്നത്.**

**സൃഷ്ടി ശാസ്ത്രമായ ഭൗതികശാസ്ത്ര പ്രകാരം, സൃഷ്ടിയിൽ സ്ത്രീക്ക് പ്രാധാന്യം നൽകിയിരിക്കയാൽ, ദൈവം പ്രത്യക്ഷമല്ലാത്ത സൃഷ്ടി ചക്രത്തിന്റെ ആദ്യ പകുതിയിൽ സ്രഷ്ടാവായ ദൈവം മഹാമാതാവാണ്. ജീവിയോ പുരുഷനോ സ്ത്രീയോ അല്ലാ ദൈവം എങ്കിലും, കുഞ്ഞുങ്ങളായ മനുഷ്യരുടെ സന്തോഷവും സമാധാനവും കണക്കാക്കി എപ്പോഴും മഹാമാതാവ് എന്ന ഒരു അവസ്ഥ മാത്രം നിലനിർത്തുന്നു. മഹാമാതാവും ഭൂമിയും മഹാനീതിയുമായ മഹാദേവിയാണ്.**

**സ്ഥിതിയിൽ പുരുഷന് പ്രാധാന്യം നൽകിയിരിക്കയാൽ, ദൈവം പ്രത്യക്ഷമാകുന്ന സൃഷ്ടിചക്രത്തിന്റെ രണ്ടാമത്തെ പകുതിയിൽ പരിപാലകനായ ദൈവം മഹാപിതാവാകണം. അതിന് ദൈവം പുരുഷനായി മാറുന്നില്ല. പകരം :**

**മഹാദേവിയുടെ മഹാഹൃദയവും മഹാപ്രപഞ്ചത്തിന്റെ ശക്തിനിയന്ത്രണ സത്തയുമായ ഓംകാരത്തെ, മഹാദേവിയുടെ ഭാഗവും പതിയുമായ പരമശിവന്റെ ഹൃദയത്തോട് ചേർക്കുന്നു. ഓംകാരം പരമശിവനിലൂടെ പ്രവർത്തിക്കുമ്പോൾ മഹാദേവിയുടെ പതിയായ പരമശിവൻ മഹാനീതിപതിയായി മാറുന്നു.**

**മഹാജഗദംബയായ മഹാദേവിയുടെ മഹാപാദങ്ങളിൽ ഇടതുപാദം മുഴുവനും, വലതുപാദം പകുതിയും, മഹാശരീരത്തിന്റെ മഹാഇടതുകൈ ഒഴികെയുള്ള പകുതിഭാഗം, മഹാവലതുകൈ, സൂര്യനെ ഉൾപ്പെടെ മഹാപ്രപഞ്ചത്തിലുള്ള എന്തും സൃഷ്ടിക്കാൻ കഴിയുന്ന മൂന്നാം മഹാസൂര്യനേത്രം, ശിരസ്സിന്റെ ഇടതു ഭാഗത്തായി ചന്ദ്രക്കലയും നക്ഷത്രവും, ബ്രഹ്മമഹാദേവി നേരിട്ട് നാവിൽ കുറിച്ച അക്ഷരബ്രഹ്മം കൂടിയായ ഓം, മഹാശാസ്ത്രം അഥവാ മഹാവേദം വീണ്ടെടുക്കുന്നതുമായി ബന്ധപ്പെട്ടുള്ള മഹാശാസ്ത്രപരമായ മത്സ്യാവതാരം, മഹാപ്രപഞ്ചത്തിലെ ഏതൊരു ആയുധവും സൃഷ്ടിക്കാൻ കഴിയുന്ന മഹാശൂലം, ഉടുക്കാൻ മഹാനരസിംഹത്തോൽ, എന്നിവയെ ശിവചക്രമായ പരമശിവനോട് മഹാഅനുഗ്രഹിച്ചു ചേർത്തു കഴിഞ്ഞു. കാലാതീതനായ ദൈവ പ്രതിനിധി ആകയാലാണ് സൃഷ്ടിചക്രത്തിന്റെ ആരംഭത്തിലും ലഭ്യമായ മൃഗത്തോലിനെ വസ്ത്രമായി മഹാ-ആവിഷ്ക്കരിച്ചിട്ടുള്ളത്. പൊക്കിളും കാൽമുട്ടും മറയ്ക്കുന്ന പരമശിവ വസ്ത്ര-ധാരണത്തെ മനുഷ്യ-പുരുഷന്മാർ അനുകരിക്കണം.**

**ആദ്യത്തെ മഹാകാല ചക്രത്തിന്റെ തുടർച്ചയായി മഹാശക്തിയായ മഹാദേവിയുടെ ഓംകാര നീതിശാസ്ത്ര പ്രകാരം മാത്രം പ്രവർത്തിക്കുവാൻ കഴുത്തിൽ 5 തലയുള്ള ഓംകാരനാഗബന്ധനം ഏർപ്പെടുത്തിയത് 2017-ൽ പരമശിവനിൽ നിന്നും ഒഴിവാക്കി. എന്നാൽ ഓംകാര നാഗബന്ധനത്തെ മഹാഅനുഗ്രഹിച്ച് പുനഃസ്ഥാപിക്കണമെന്ന് പരമശിവൻ പ്രാർത്ഥിക്കുന്നുണ്ട്. മഹാപ്രപഞ്ചത്തിന്റെയും പരമശിവന്റെയും സംരക്ഷണത്തിനായി മഹാശക്തി 10 തലയുള്ള മഹാനാഗമാതാവായി മഹാഇഷ്ടം പോലെ ദൃശ്യമായും അദൃശ്യമായും പരമശിവന്റെ ശിരസ്സിനു മുകളിൽ ഉണ്ട്.**

**ശിരസ്സിലെ മുടിക്കെട്ടിൽ നിന്ന് കുഞ്ഞുങ്ങൾക്കെല്ലാം കുടിക്കാനായി മഹാദേവി പാൽ ഒഴുക്കുന്നതാണ്. കൂടാതെ, അർദ്ധ-മഹാദേവീ രൂപവും മഹാഅനുഗ്രഹിച്ചു നൽകിയിട്ടുണ്ട്.**

**ജീവിയോ പുരുഷനോ സ്ത്രീയോ അല്ലാത്ത ദൈവത്തിന്റെ ഏക പ്രതിനിധിയായ പരമശിവനോട് മഹാസൂര്യനേത്രം, ചന്ദ്രക്കല, നക്ഷത്രം എന്നിവ ചേരുമ്പോൾ, <u>ദൈവത്തിന്റെ മഹാരൂപമായ മഹാപ്രപഞ്ചത്തെ എല്ലാ അർത്ഥത്തിലും പ്രതിനിധീകരിക്കുന്നതായി</u> കാണാം. ദൈവം ജീവിയോ സ്ത്രീയോ പുരുഷനോ അല്ലായെന്ന് മഹാദേവി പരമശിവനിൽ പ്രകടമാക്കുന്ന അർദ്ധമഹാദേവീ രൂപവും തെളിയിക്കുന്നുണ്ട്.**

**മഹാദേവിയും മഹാദേവനും ചേർന്നതാണ് മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ഏകദൈവം എന്നും, അവർ രണ്ടല്ലെന്നും, (പോലെ) ഒന്ന് രണ്ടായി നിൽക്കുന്ന ദിവ്യമഹാവിദ്യ മാത്രമാണെന്നും വ്യക്തമാക്കുന്നു.**

**കുഞ്ഞുങ്ങളും സൃഷ്ടികളുമായ ജീവികൾക്കു വേണ്ടിയാണ് ഏകദൈവം സ്വയം രണ്ടായി പ്രകടമാകുന്നത് എന്നത് ശരിയാംവണ്ണം മനസ്സിലാക്കാൻ ഒരു മാർഗ്ഗമുണ്ട് : പരമശിവന് ക്ഷിപ്രകോപത്തെ മഹാഅനുഗ്രഹിച്ചു നൽകുന്നു എന്ന വിശദീകരണത്തിൽ കുഞ്ഞുങ്ങളെ ശിക്ഷിക്കാതെ മഹാവാത്സല്യം മാത്രം നൽകുന്ന മഹാമാതാവായി മാത്രം അവതരിക്കാൻ മഹാദേവി ശ്രദ്ധിക്കുന്ന ബദ്ധപ്പാട് കൂട്ടിച്ചേർക്കുക. പിന്നെ, യാതൊരു വിശദീകരണങ്ങളും ആവശ്യമാകുന്നതല്ല.**

**മഹാദേവിയുടെ മഹാവാഹനമായ മഹാനരസിംഹം ഉൾപ്പെട്ട വാഹനങ്ങൾ എന്നീ മഹാപദവികളും മഹാദാനങ്ങളുമായ മഹാശക്തികളെ പരമശിവന് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുണ്ട്. ഇടതു ചൂണ്ടുവിരൽ കൊണ്ട് ഭൂമിയിലെ എല്ലാ ജീവികൾക്കും ആവശ്യമായ ജലം, വലത് ചൂണ്ടുവിരൽ കൊണ്ട് അനന്തമായ അഗ്നി എന്നിവ സൃഷ്ടിക്കാൻ കഴിയുന്നതാണ്. ദൈവീകവും, മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളെ സംബന്ധിച്ചതുമായ വേറെയും അനവധി കാര്യങ്ങളുണ്ട്.**

**വെളിപാടുകൾ പൂർണ്ണമായിട്ടില്ല. മഹാഉചിതമായ സമയത്ത് മഹാദേവി, പരമശിവനിലൂടെയോ മഹാഉചിതമായോ വെളിപ്പെടുത്തുന്നതാണ്.**

**ഏകദൈവമായ മഹാദേവി ഈയുള്ളവന് സംഹാരദേവൻ എന്ന മഹാപദവിയും 'ഓം സത്യം ഓം ധർമ്മം ഓംനീതി സംഹാരം' എന്ന സംഹാര മന്ത്രത്തെയും മഹാഅനുഗ്രഹിച്ചു നൽകിയിട്ടുണ്ട്.**

1989-**ലോ** 1991-**ലോ ആണ് ബ്രഹ്മ-മഹാദേവി, പരമശിവൻ എന്ന മഹാപദവിയെ മഹാഅനുഗ്രഹിച്ച് ഇപ്പോഴത്തെ മനുഷ്യജന്മത്തിൽ നൽകിയതെങ്കിൽ,** 2017-**ലാണ് മഹാദേവൻ എന്ന മഹാപദവിയെ സ്ഥിരമായി ഉപയോഗിക്കാൻ മഹാഅനുഗ്രഹിച്ചത്.**

**മഹാദാനങ്ങളിൽ ചിലവ പ്രത്യക്ഷമായും ചിലവ പ്രതീകാത്മകമായും ചിലവ അജ്ഞാതമായും മഹാഅനുഗ്രഹിച്ചു നൽകുകയായിരുന്നു.**

**ഏകമഹാശക്തിയായ മഹാദേവി മഹാഅനുഗ്രഹിച്ചു നൽകിയ മഹാദാനങ്ങൾ കൂടിയായ മഹാശക്തികൾ, മഹാദേവിയുടെ മഹാദാസനായ പരമശിവനിൽ പൂർണ്ണമായി പ്രവർത്തിച്ചു തുടങ്ങിയിട്ടില്ല; മഹാജ്ഞാനഭാഗം മാത്രമാണ് നിലവിൽ പ്രവർത്തിക്കുന്നത് !**

**സൃഷ്ടികളെ സംബന്ധിച്ച് സംഹാരത്തിൽ പുരുഷനും സ്ത്രീയും തുല്യരാണെന്നത് ഏകദൈവമായ മഹാദേവിക്കും, ഭാഗമായ പരമശിവനും ബാധകമല്ല. അതേസമയം, നിർജ്ജീവമായ ശിവചക്രത്തെ പരമശിവൻ, മഹാദേവൻ, മഹാപിതാവ്, സ്ഥിതി നായകൻ, മഹാനീതിപതി തുടങ്ങിയ പേരുകളിൽ പ്രവർത്തിപ്പിക്കുന്നത് മഹാശിവയായ മഹാദേവിയുടെ മഹാമഹത്വം മാത്രമാണ്. മഹാദേവി മാത്രമാണ് ഏകമഹാശക്തി എന്നതിനാൽ, സൃഷ്ടികൾക്ക് എന്ന പോലെ പരമശിവനും മഹാദേവി ശക്തി നൽകണം.**

**ദൈവം ഒന്നേയുള്ളൂ എന്ന് സുവ്യക്തമാക്കി, ഏകമഹാശക്തിയായ മഹാദേവിയുടെ മഹാഇഷ്ടങ്ങൾക്ക് അനുസരിച്ചു മാത്രം @ മഹാഉചിതമായ സമയത്ത് മാത്രം @ ഓംകാര നീതി ശാസ്ത്രം അനുസരിച്ച് മാത്രം ഈയുള്ളവനിൽ പ്രവേശിപ്പിച്ചിട്ടുള്ള മായാമഹാശക്തികളെ മഹാദേവി പ്രവർത്തിപ്പിക്കുന്നതാണ് @ ആക്ടിവേറ്റ് ചെയ്യുന്നതാണ്. അതോടെ പരമശിവന്റെ മാനുഷികാവസ്ഥയ്ക്ക് കാതലായ മാറ്റങ്ങൾ ഉണ്ടാവുന്നതാണ് ! മഹാദേവി പരമശിവനിൽ ചേർത്തിട്ടുള്ള ശക്തികളെ പ്പറ്റി കൃത്യമായി മഹാദേവിക്കു മാത്രമേ അറിയൂ.**

# സർവ്വം മഹാദേവി മഹാനിശ്ചയിക്കുന്നതാണ്.

**കുഞ്ഞുങ്ങൾ@സൃഷ്ടികൾ@മനുഷ്യർ സദാ ധർമ്മ ശാസ്ത്ര പ്രകാരം ജീവിക്കേണ്ടത് സ്വന്തം ആവശ്യമാണ്. പാപങ്ങളും ശിക്ഷകളും പിടിച്ചു വാങ്ങരുത് !**

**രണ്ടാമത്തെ മഹാകാല ചക്രം മുതൽ ദേവതകളെ ഒഴിവാക്കിയും, വസ്തുക്കളിലെ ന്യൂനശക്തികളുടെ അളവിനെ അല്പം കുറച്ചുകൊണ്ടും, ഏക ദൈവമായ മഹാദേവി മഹാപ്രപഞ്ചത്തിന്റെ മഹാഭരണം ഏറ്റെടുക്കുകയാൽ, മേലിൽ, സൃഷ്ടി ചക്രത്തിന്റെ മായ@ദൈവം പ്രത്യക്ഷമല്ലാത്ത ആദ്യ പകുതിയിൽ മഹാശക്തിചക്രം കൂടിയായ മഹാദേവിയും മഹാഇഷ്ട പ്രകാരം പരമശിവനും മായാശക്തികളെ ഇടയ്ക്കെല്ലാം പ്രകടിപ്പിച്ചു പ്രത്യക്ഷമായേക്കാം !**

**മഹാദേവിയുടെ ഭാഗമായ പരമശിവനെ സാധാരണ മനുഷ്യനായി ഇടയ്ക്കിടെ അയച്ച് ഭൂമിയിലെ കാര്യങ്ങളെ മഹാശുദ്ധി ചെയ്യുന്നതുമാണ്. മനുഷ്യരിൽ ഇനിയൊരിക്കലും ധാർമ്മിക അധഃപതനം ഉണ്ടാവാതെ ഭൂമിയിലെ സൃഷ്ടികളായ കുഞ്ഞുങ്ങളെ എല്ലായ്പ്പോഴും മഹാസംരക്ഷിക്കുവാൻ ഉദ്ദേശിച്ചാണത്.**

**ന്യൂനശക്തികൾ കുറയുന്നതിന് ആനുപാതികമായി എലി, ചെല്ലി തുടങ്ങിയ ജീവികളെയും ഭൂമിയിൽ നിന്നും പിൻവലിക്കുന്നതാണ്.**

**മഹാദേവി സൃഷ്ടി ചക്രത്തിന്റെ ആദ്യപകുതിയിൽ പ്രത്യക്ഷമാകുമ്പോൾ, ഓംകാര നീതി ശാസ്ത്രവും ഭാഗികമായി തിരുത്തപ്പെടും! അനേകം ജന്മങ്ങൾ കൊണ്ട് മഹാനീതിയെ നൽകുന്ന രീതി മാറി, കുറ്റങ്ങൾക്കുള്ള ദൈവശിക്ഷ ഒന്നു രണ്ടു ജന്മങ്ങൾ കൊണ്ട് നടപ്പാകും; അതോടെ സമൂഹജീവിതം കൂടുതൽ ശുദ്ധമാകും ! ദൈവസാന്നിധ്യം നിമിത്തം മനുഷ്യർ അനുഭവിക്കുന്ന സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യം കുറയുന്നതാണ്.**

**വ്യക്തി സ്വാതന്ത്ര്യം അല്പം കുറച്ചാലും വേണ്ടില്ല; മനുഷ്യരാണെന്നതു പോലും മറന്നും മറച്ചും അവഗണിച്ചും മത-രാഷ്ട്രീയ-ദേശീയ പിശാചുക്കളായി അടിമകൾ ഉണ്ടാവുകയും, ശേഷം അടിമകൾ നിമിത്തം അർത്ഥമില്ലാത്ത കൊടികളും പിടിച്ച് കുഞ്ഞുങ്ങൾ തമ്മിൽതല്ലി ചാകുന്നതും മേലിൽ വേണ്ട. ഓം ശാന്തി! ദൈവീകമായ സ്നേഹവാത്സല്യങ്ങളോടെ, ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതും, മഹാശാസ്ത്രപരം മാത്രവും, സർവ്വ ജീവികളും ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര കർത്താവും, മഹാനീതിയും, മഹാമാതാവും, മഹാശക്തിയും, ഭൂമിയും, ഏകദൈവവുമായ മഹാദേവിയുടെ മഹാദാസനും മഹാദേവനുമായ പരമശിവൻ.**

# അടിയന്തിര നടപടികൾ
# EMERGENCIES

## മഹാദേവി ഭൂമിയിൽ മുഴുവൻ ഓം എന്ന് മഹാചിരിച്ച് ദൈവ വിപ്ലവം ആരംഭിക്കുന്നതോടെ, ഭൂമിയിലെ എല്ലാ ജനങ്ങളും പിൻപറ്റേണ്ടതായ അടിയന്തിര നടപടികൾ.

Ref. (1) **മഹാവേദം** :
www.omsathyam.com/GodlyRevolution/MahaaVedam.pdf

(2) **സർവ്വ ദേശ ഭൂമിഗാനം**
www.omsathyam.com/GodlyRevolution/
NationalSongEmblemFlagConstitutionCourtEtc.pdf

(3) **മനുഷ്യന് നീതി വിധിക്കാൻ കഴിയില്ല. കൂടാതെ, മുല്ലപ്പെരിയാർ അണക്കെട്ട് ദുരന്തം ഉൾപ്പെടെ എല്ലാ ദുരന്തങ്ങളും ഒഴിവാക്കാൻ എന്തു ചെയ്യണമെന്ന് മഹാശാസ്ത്രപരമായി വിവരിക്കുന്നു.** Pages 930
www.omsathyam.com/GodlyRevolution/SupremeJusticeGOD.pdf

## ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കു മാത്രം മഹത്വം.

# ഓം

## GENERALLY URGENT & CONSTANT DUTIES @ MATTERS
## ധർമ്മശാസ്ത്രപരമായ സ്ഥിര അത്യാവശ്യങ്ങൾ

| | |
|---|---|
| ALL HUMAN BEINGS IN ALL COUNTRIES ON/IN EARTH ARE GOD'S @ EARTH'S CHILDREN, BASICALLY WITH NO DIFFERENCES. | ഭൂമിയിലെ എല്ലാ രാജ്യങ്ങളിലെയും എല്ലാ മനുഷ്യരും മണ്ണും ഭൂമിയുമായ ദൈവത്തിന്റെ മക്കളാണ്, അടിസ്ഥാന പരമായി യാതൊരു വ്യത്യാസങ്ങളുമില്ലാത്തവരാണ്. |
| Mad Devotions attract Godly Punishments. People should live as per the Supreme Science of Duties & Virtues. | ഭക്തി ഭ്രാന്ത് പാടില്ല. ധർമ്മശാസ്ത്ര പരമായി ആനന്ദിച്ച് ജീവിക്കുവാൻ ശ്രദ്ധിക്കണം. വിപരീതമായി പ്രവർത്തിച്ചാൽ ദൈവ ശിക്ഷകൾ തീർച്ചയാണ്. |

**ദൈവീകമായ സാമ്പത്തിക ശാസ്ത്രത്തെ രണ്ടാം-വേദമായ ധർമ്മ ശാസ്ത്രം വിശദീകരിക്കുന്നുണ്ട്.** GODLY

രാഷ്ട്രഭരണാധികാരികളോ
മതനേതാക്കളോ രാഷ്ട്രീയനേതാക്കളോ
നിരീശ്വരവാദികളോ ഭീകരപ്രവർത്തകരോ ഒക്കെ വിചാരിച്ചാൽ തകരാറിലാക്കാനാവുന്നതോ
അട്ടിമറിക്കാൻ കഴിയുന്നതോ ആയ ഒന്നാവും മഹാശക്തിയുടെ മഹാശാസ്ത്രമെന്നും
മഹാപ്രപഞ്ച സംവിധാനമെന്നും കരുതുന്നതും, മഹാശാസ്ത്രത്തെയും മഹാപ്രപഞ്ചത്തെയും
സംരക്ഷിക്കുവാൻ സൃഷ്ടികളുടെ സഹായം മഹാശക്തിയായ ദൈവത്തിനു വേണമെന്നു
കരുതുന്നതും, ദൈവമഹത്വമറിയാതെ കാട്ടിക്കൂട്ടുന്ന ദൈവനിന്ദയാണ്.
ആദിയും അന്തവുമില്ലാത്ത മഹാശക്തിയാണ് ദൈവമെന്നും,
മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങൾ നിർവ്വഹിക്കുവാൻ
മഹാശക്തി ആവിഷ്ക്കരിച്ചിരിക്കുന്ന മഹാശാസ്ത്രത്തെയോ മഹാപ്രപഞ്ചത്തെയോ
അട്ടിമറിക്കാനോ തകരാറിലാക്കാനോ മഹാപ്രപഞ്ചത്തിലെ എല്ലാ ജീവികളും ഒന്നിച്ചു
ശ്രമിച്ചാലും കഴിയില്ല എന്നും, ശ്രമിക്കാനുള്ള ശക്തി ജീവികൾക്കു ലഭിക്കുവാനും
മഹാശക്തിയായ ദൈവം കനിയേണ്ടതുണ്ട് എന്നും സുവ്യക്തമാക്കുന്നു.

ECONOMY IN.

| | |
|---|---|
| NO TAX. ALL TAXES SHOULD BE ELIMINATED. | നികുതി പാടില്ല. എല്ലാ നികുതികളും അവസാനിപ്പിക്കണം. |

| | |
|---|---|
| The main Portion or the Wealth in full that could not be carried by the Rich during Death, should be added to the Public Funds as per the Godly Economy. GOD care that the Deceased receive Right Wealth in Rebirth/Evolution. | **ധനികർക്ക്, മരണത്തോടെ കൂടെ കൊണ്ടു പോകാൻ കഴിയാത്ത സമ്പത്തു മാത്രം (!) സമ്പൂർണ്ണമായോ മുഖ്യഭാഗമോ, ദൈവീകമായ സാമ്പത്തിക ശാസ്ത്ര പ്രകാരം പൊതു ഖജനാവിൽ ചേർക്കണം; മരിച്ചയാൾക്ക് അർഹിക്കുന്ന സമ്പത്ത് പുനർജ്ജന്മത്തിലോ /മോക്ഷത്തിലോ ദൈവം എത്തിച്ചുകൊടുക്കുന്നതാണ് !** |
| Soil @ Places @ Nations @ Earth @ the solid form of GOD alone has Rights & Powers with regard to creating Contract in All matters of Soil. It is Crime if People & Rulers create Contract /Deed for Soil @ Lands & Building and hand over to one's beloved. Since Lands & Buildings can't be transferred to Heads & Hands, Deeds are not Godly. People avail Rights/Power to sell Land and/or Building only when there are No Government in the Society. The Ruler/ King/ Minister, being the Servant of each individual in the Society, should act as the Representative of Soil/GOD and buy the Land and/or Building of any /an Individual upon his Personal Requirements, using Public Fund, and acc to the Supreme Science of Duties & Virtues. Later, Govt sell those Properties. | മണ്ണിന്റെ കാര്യത്തിൽ കരാർ ഉണ്ടാക്കാൻ, മണ്ണും സ്ഥലങ്ങളും നാടുകളും ഭൂമിയുമായ ദൈവത്തിനു മാത്രമാണ് അവകാശവും അധികാരവും ഉള്ളത്. ജനങ്ങൾക്കും ജനസേവകരായ ഭരണാധികാരികൾക്കും മറ്റും  ചെറുവിരൽ അനക്കാൻ പോലും ദൈവം ശക്തി നൽകണം എന്നിരിക്കെ, സ്ഥലങ്ങളുടെയും നാടുകളുടെയും പേരിൽ കരാറുകൾ ഉണ്ടാക്കുന്നതും ചുമന്ന് തലയിലോ കൈയ്യിലോ വച്ചുകൊടുക്കാൻ സാധിക്കാത്ത സ്ഥലങ്ങളും കെട്ടിടങ്ങളും മക്കൾക്കും ഉറ്റവർക്കും മറ്റും പ്രമാണങ്ങളിലൂടെ ഏല്പിച്ചു കൊടുക്കുന്നതും അപരാധമാണ്. ! വ്യക്തികൾക്ക് സ്ഥലങ്ങളുടെയും കെട്ടിടങ്ങളുടെയും ക്രയവിക്രയ-അവകാശം ലഭിക്കുന്നത് നാട്ടിൽ ഭരണകൂടം ഇല്ലാത്തപ്പോൾ മാത്രമാണ്. വ്യക്തികളുടെ ആവശ്യം അനുസരിച്ച് 'ദൈവത്തിന്റെ പ്രതിനിധി' യെന്നോണം, ഓരോ വ്യക്തിയുടെയും 'ദാസനായ ഭരണാധികാരി' പൊതു ഖജനാവിൽ നിന്നുമുള്ള ധനം കൊണ്ട് സ്ഥലങ്ങളും കെട്ടിടങ്ങളും ധർമ്മശാസ്ത്ര പ്രകാരം വാങ്ങണം; ശേഷം വിൽക്കണം. |
| Prayer cum Worship Centres are to be constructed and maintained in accordance with the OMKARA SCIENCE Of JUSTICE. Most / All Centres before Opening of Maya be converted into Inns, Refreshing Centres, Toilets, etc and the Wealth added into Public Funds. | ദേവാലയം എന്നറിയപ്പെടുന്ന 'പ്രാർത്ഥനാലയം+ആരാധനാലയം' നിർമ്മിക്കേണ്ടതും സംരക്ഷിക്കേണ്ടതും ഓംകാര നീതിശാസ്ത്ര പ്രകാരമാവണം. 'മായ' പ്രത്യക്ഷമാകുന്നതിനു മുമ്പുള്ള ഏറെക്കുറെ മുഴുവൻ മന്ദിരങ്ങളെയും സത്രം, ശൗചാലയം എന്നിങ്ങനെ മാറ്റേണ്ടതുണ്ട്. ദേവാലയങ്ങളിലെ സമ്പത്ത് പൊതു ഖജനാവിൽ ചേർക്കണം. |

| | |
|---|---|
| All people relinquish their Religious, Political and other Thoughts, Customs & Books themselves upon Opening of Maya; burn the Religious Books, etc & end all nonsenses. All people can quite happily live following the Supreme Science of Duties and Virtues contained in this Electronic Supreme Book. | മായ പ്രത്യക്ഷമാകുന്നതോടെ, എല്ലാ മതഗ്രന്ഥങ്ങളെയും രാഷ്ട്രീയങ്ങളെയും മറ്റ് അധമത്തങ്ങളെയും, ശരിവെച്ചു ജീവിച്ചവർ തന്നെ അവയെല്ലാം പൈശാചികമാണെന്നു സ്വയം തിരിച്ചറിഞ്ഞ് സ്വയം ചുട്ടെരിക്കുന്നതും അവസാനിപ്പിക്കുന്നതുമാണ്. ഇ-മഹാഗ്രന്ഥത്തിലെ ധർമ്മശാസ്ത്ര പ്രകാരം ആനന്ദത്തോടെ മാത്രം ജീവിക്കാൻ കഴിയുന്നതാണ്. |
| In accordance with the Supreme Science of Duties and Virtues, all jobs on Earth, are classified into the 4 Genuine Divisions as Cleanliness, Necessity, Requirement & Hobby. The Government is only a Requirement, Not a Necessity. | ഭൂമിയിലെ സമസ്ത തൊഴിലുകളും ധർമ്മ ശാസ്ത്രം പ്രകാരം 'ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം' എന്നീ യഥാർത്ഥമായ 4 വിഭാഗങ്ങളിൽ പെടുന്നു. ഭരണകൂടം ആവശ്യം മാത്രമാണ്; അത്യാവശ്യം അല്ല. |
| All people including Police shall live & do Service in accordance with the Supreme Science of Duties and Virtues contained in Soil/Earth, and in this Supreme E-Book. Obey only Science; NOT Human beings. To live realising the Truth that 'No person is lesser than a King; and bigger than a Beggar.' No Police escorts to King, Ministers, etc. | പോലീസ് ഉൾപ്പെടെയുള്ള സമസ്ത ജനങ്ങളും ജീവിക്കേണ്ടതും തൊഴിൽ ചെയ്യേണ്ടതും ഇ- മഹാഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുള്ളതും മണ്ണിൽ/ ഭൂമിയിൽ മഹാലയിച്ചിട്ടുള്ളതുമായ രണ്ടാമത്തെ വേദമായ മഹാ-ധർമ്മശാസ്ത്രം പ്രകാരം മാത്രമാവണം. അനുസരിക്കേണ്ടത് ധർമ്മശാസ്ത്രത്തെ മാത്രമാവണം; മന്ത്രിമാർ ഉൾപ്പെടെ മനുഷ്യരെയല്ല. യാതൊരു മനുഷ്യനും രാജാവിനേക്കാൾ ചെറുതുമല്ല; ഭിക്ഷക്കാരേക്കാൾ വലുതുമല്ല എന്ന തിരിച്ചറിവോടെ ഏവരും ജീവിക്കണം. രാജാവിനും മന്ത്രിമാർക്കും ഉൾപ്പെടെ യാതൊരാൾക്കും പോലീസ് അകമ്പടി പാടില്ല. |
| Rulers/Ministers/King are Public Servants, constituted, and fed by the People to do their Common Requirements. | ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാനായി ചെല്ലും ചെലവും കൊടുത്ത് ജനങ്ങൾ നിയമിക്കുന്നവരായ ഭരണാധികാരികൾ, ജനങ്ങളുടെ ദാസന്മാർ മാത്രമാണ്. ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ മാത്രം അവർ നിറവേറ്റുകയും വേണം. |
| The Panchayats & Corporation appoint Required number of men in Police, Water, Transport etc and do pay for their Services. | **ജലം, ഗതാഗതം, പോലീസ്, തുടങ്ങിയ പൊതു സേവനങ്ങളെ ധർമ്മശാസ്ത്ര പ്രകാരം നിശ്ചയിക്കേണ്ടതും ആവശ്യാനുസരണം നിയമിക്കേണ്ടതും വേതനം നൽകേണ്ടതും ഗ്രാമ പഞ്ചായത്തുകളാണ്.** |

| | |
|---|---|
| Pensions are not Rights, but receiving Others' money, equal to Begging. The financially sound governments may help poor people who live as per the Supreme Science of Duties and Virtues. | പെൻഷനുകൾ; അവകാശമല്ല. അവ മറ്റുള്ളവരുടെ പണം കൊണ്ട് ജീവിക്കുന്ന ഭിക്ഷാടനത്തിനു തുല്ല്യമാണ്. സാമ്പത്തിക ഭദ്രതയുള്ള ഭരണകൂടത്തിന് ധർമ്മശാസ്ത്ര പരമായി ജീവിക്കുന്ന ദരിദ്രരെ സഹായിക്കാവുന്നതാണ്. |
| The Courts, Banks, Insurance, PSC, Employment Exchange, Tax dept, Legislative assemblies, etc are NOT Godly; hence ended self upon the Opening of Maya. | കോടതി, ബാങ്ക്, ഇൻഷ്വറൻസ്, പിഎസ്സി, നികുതി കാര്യാലയം, നിയമസഭ തുടങ്ങിയ അധമ സംവിധാനങ്ങൾ 'മായ' പ്രത്യക്ഷമാകുന്നതോടെ സ്വയം ഇല്ലാതാകുന്നതാണ്. |
| Public Funds should not be used for Hobbies: Sports, Games, Arts, Literature and Music. Ministers etc, if interested, may promote by paying from own earnings as per Godly Freedom. | വിനോദ കാര്യങ്ങൾക്ക് പൊതു ഖജനാവിൽ നിന്ന് ധനം ഉപയോഗിക്കാൻ പാടില്ല. മന്ത്രിമാർ ഉൾപ്പെടെ വിനോദിക്കുന്നവർക്ക് കായിക-കലാ-സംഗീതങ്ങളിൽ ഏർപ്പെടുന്നവരെ സ്വന്തം അദ്ധ്വാനത്തിൽ നിന്ന് സഹായിക്കാനും മറ്റും തീർച്ചയായും വ്യക്തിസ്വാതന്ത്ര്യമുണ്ട്. |
| Musicians including singers care to give Joy to GOD's children as per the Science of Duties and Virtues; Don't try to please GOD who blessed them with Music & is beyond all kinds of Pleasures. | സംഗീതത്തെ നൽകിയ, സർവ്വത്തിനും അതീതമായ ദൈവത്തെ പ്രീതിപ്പെടുത്താൻ ഗായകർ ഉൾപ്പെടെ സംഗീതജ്ഞർ ശ്രമിക്കണ്ട. ദൈവത്തിന്റെ കുഞ്ഞുങ്ങളായ മനുഷ്യരെ ധർമ്മശാസ്ത്രപരമായി ആനന്ദിപ്പിച്ച് ജീവിക്കുന്നതിൽ മാത്രം ശ്രദ്ധിക്കണം. |
| All countries are part of Earth/GOD; and they don't fight in between. The ignorant & Evilly People do Wars. The Supreme Mother is quite unhappy when her Children named as Soldiers etc kill in between. Retrench the Soldiers in all countries, except Police. Those Kings, Ministers, Prime Ministers, Presidents etc interested in Wars shall fight in person at own expenses and enjoy such Evilly Hobby, instead of persuading Soldiers @ GOD's Children, to kill each other and/or common people. | ദൈവത്തിന്റെ/ഭൂമിയുടെ അവയവങ്ങളും അംശങ്ങളും മാത്രമായ ദേശങ്ങളല്ല യുദ്ധം ചെയ്യുന്നത്; അജ്ഞാനികളും അവിവേകികളുമായ ജനങ്ങളാണ്. അന്യോന്യം കൊല്ലുകയും ദ്രോഹിക്കുകയും ചെയ്യുന്ന യുദ്ധം പാടില്ല. പോലീസ് ഒഴികെയുള്ള യാതൊരു സേനകളും യാതൊരു നാടുകളിലും പാടില്ല. യുദ്ധം ചെയ്യാൻ മുട്ടിനിൽക്കുന്ന വ്യത്യസ്ത ദേശങ്ങളിലെ രാജാക്കന്മാരും മന്ത്രിമാരും പ്രധാന മന്ത്രിമാരും പ്രസിഡണ്ടുമാരും, ദൈവത്തിന്റെ കുഞ്ഞുങ്ങളായ സൈനികരെ അന്യോന്യം കൊല്ലിക്കാതെ, സ്വന്തം ചെലവിൽ, സ്വയം ദ്വന്ദയുദ്ധം ചെയ്ത് പൈശാചിക വിനോദം ആസ്വദിക്കാവുന്നതാണ് ! |

| | |
|---|---|
| Human Rule should not extend to Forests, Rivers, and Seas/ Ocean. GOD's other Children/ Creatures should enjoy Free Living like Human beings. | ജനങ്ങളുടെ സാമൂഹ്യ ഭരണം വനം, നദി, കടൽ/സമുദ്രം എന്നിവയിലേക്ക് നീളാൻ പാടില്ല. ദൈവത്തിന്റെ കുഞ്ഞുങ്ങളായ മറ്റുള്ള ജീവികൾക്ക്, മനുഷ്യരെ പ്പോലെ, സ്വതന്ത്രമായി ജീവിക്കാൻ കഴിയണം. |
| Production, Sale and Consumption of Tobacco, Alcoholic drinks, and Drugs should be strictly limited to Medicines. Violation endanger the Social Living upon Scientific Development bringing advanced features like Vehicles, TV, phone, etc. | പുകയില, മദ്യം, മയക്കുമരുന്ന് തുടങ്ങിയവ നിർമ്മിക്കുന്നതും വിപണനം ചെയ്യുന്നതും വൈദ്യ ശാസ്ത്ര സംബന്ധമായ ഉപയോഗങ്ങൾക്ക് മാത്രമാവണം. അല്ലെന്നാൽ, ശാസ്ത്ര നിയമങ്ങളെ ഉപയോഗിച്ച് വാഹനം, ടെലിവിഷൻ, ഫോൺ തുടങ്ങിയ ആനന്ദങ്ങളെ വർദ്ധിപ്പിച്ചു ജീവിക്കുന്ന സമൂഹത്തിന് തടസ്സമാണ്. |
| Properties of Violators/Criminals should be seized, and they be sent to Forests/Islands with 'the Wearing Clothes alone' for a minimum period of 3 months upto 10 years. | വിപരീതമായി പ്രവർത്തിക്കുന്നവരുടെ/ കുറ്റവാളികളുടെ സമ്പത്ത് കണ്ടുകെട്ടുകയും, അവരെ ഉടുവസ്ത്ര ത്തോടെ 3 മാസം മുതൽ 10 വർഷം വരെ കാട്ടിലയച്ച് മറ്റുള്ള ജീവികളെ പ്പോലെ ശാസ്ത്ര സൗകര്യങ്ങൾ ഇല്ലാതെ ജീവിക്കാൻ അനുവദിക്കുകയും വേണം. |
| People involved in Mad Devotions, Spreading Unscientific beliefs (superstitions) and similar Crimes shall be given Chance to enjoy Forest/Island life without carrying earned Properties. | ഭക്തി ഭ്രാന്ത്, അന്ധവിശ്വാസ പ്രചരണം തുടങ്ങിയ കുറ്റങ്ങൾക്കും, നേടിയ സമ്പത്തില്ലാതെ വന-ദ്വീപ് വാസം അനുഭവിക്കാനുള്ള ഭാഗ്യത്തെ നൽകണം. |
| The Human beings make Atomic Energy Plants, Chemical (engineering) factories, Bridges, Dams, etc availing Scientific factors and facilities. They are by People, not by GOD. The Human Rulers are obliged to maintain such factories in all possible ways and at all times, because, their negligence would endanger the Lives and Properties of Human and other beings.<br><br>There are specific reasons for Earthquake, Tsunami, Volcano, etc as per the Supreme Science of Justice. | ഭൗതിക ശാസ്ത്ര സംവിധാനങ്ങളെ ഉപയോഗിച്ച് ആണവോർജ്ജവും രാസവസ്തുക്കളും മറ്റും നിർമ്മിക്കുന്ന ശാലകളും, അണക്കെട്ടും ഒക്കെ ഉണ്ടാക്കുന്നത് <u>മനുഷ്യരാണ്;</u> ദൈവമല്ലാ; എന്നിരിക്കെ <u>ഭരണാധികാരികൾ അവയെല്ലാം ജാഗ്രതയോടെ സംരക്ഷിക്കണം. വീഴ്ച്ച സംഭവിച്ചാൽ ജനങ്ങളുടെ ജീവനും സ്വത്തിനും മറ്റും വിനാശം ഉണ്ടാകുമെന്ന ബോധവും അവശ്യ നടപടികളും സദാ ഉണ്ടാവണം.</u>ഭൂകമ്പം, സുനാമി, അഗ്നിപർവ്വതം, തുടങ്ങിയവയ്ക്ക് മഹാനീതിശാസ്ത്ര പരമായ കാരണങ്ങളുണ്ട്. |

# ദൈവ കാര്യങ്ങൾ - 1

## GODLY Matters 1

| | |
|---|---|
| GOD, the Omnipotent and Omniscient, has been Creating & Protecting the Supreme Universe with GOD's Supreme Powers & Supreme Knowledge.<br><br>GOD & GODLY matters are above the Universe and such Supreme & All Knowledge can be known only when GOD blesses with. | മഹാശക്തിയും മഹാജ്ഞാനിയുമായ ദൈവം മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മഹാശക്തികളെയും മഹാജ്ഞാനത്തെയും കൊണ്ട് മഹാനിർവ്വഹിച്ചു പോരുന്നു. ദൈവം മഹാഅനുഗ്രഹിച്ച് അറിയിച്ചാൽ മാത്രമാണ് മഹാപ്രപഞ്ചത്തിന് അതീതമായ ദൈവ കാര്യങ്ങൾ ഉൾപ്പെടെ ഏതൊരു കാര്യവും അറിയാൻ കഴിയുകയുള്ളൂ. |
| GOD reveals all Godly matters and the Supreme Science of the Universe, perfectly at the Right Time in all Creation Cycles. | ദൈവകാര്യങ്ങളെയും മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രത്തെയും, എല്ലാ സൃഷ്ടിചക്രങ്ങളിലും മഹാഉചിതമായ സമയത്ത് ദൈവം വെളിപ്പെടുത്തുന്നു. |

| | |
|---|---|
| GOD @ the (Supreme Father cum) Supreme Mother of the Universe has dissolved the complete Supreme Science into the Soil / Earth.<br><br>The GODLY matters, namely GOD, GOD's figure, Maya, OM, OMKARAM, OMKARA Science of Justice, BRAHMAM are Supreme /Transcending. GOD has merged them in the Soil/Earth thru OM, the Sound-Brahmam. | **(മഹാപിതാവും) മഹാമാതാവുമായ ദൈവത്തിന്റെ മഹാജ്ഞാനമായ 'മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം' മുഴുവൻ മണ്ണിൽ / ഭൂമിയിൽ മഹാലയി(പ്പി)ച്ചിട്ടുണ്ട്.**<br><br>**ദൈവം, ദൈവ രൂപം, മായ, ഓം, ഓംകാരം, ഓംകാര നീതിശാസ്ത്രം, ബ്രഹ്മം, എന്നീ മഹാപ്രപഞ്ചത്തിന് അതീതമായ 'ദൈവ കാര്യങ്ങളെ' ഓം എന്ന ശബ്ദ ബ്രഹ്മത്തിലൂടെ മണ്ണിൽ മഹാലയി(പ്പി) ച്ചിരിക്കുകയാണ്.** |
| GOD @ MAHAADEVI reveals the Knowledge about GODLY matters at the Supremely Right Time in all Creation Cycles -'just before the Opening of Maya', thru GOD's Shiva- Part named ParamaShivan. | **ഏകദൈവമായ മഹാദേവി,** ദൈവകാര്യങ്ങളെ മഹാഉചിതമായ സമയത്ത് - സൃഷ്ടി ചക്രത്തിൽ 'മായ' പ്രത്യക്ഷമാക്കുന്നതിനു തൊട്ടുമുമ്പ് **ശിവഭാഗമായ പരമശിവനിലൂടെ വെളിപ്പെടുത്തുന്നു.** |

| | |
|---|---|
| The Supreme Science dissolved in Soil/Earth is Resurrected in all Creation Cycles by attaching GOD's 'Fish Avataar & OM' with GOD's Shiva-Part assigned as 'ParamaShivan.' | ദൈവത്തിന്റെ ശിവ -ഭാഗം' കൂടിയായ 'പരമ-ശിവനോട് ' ദൈവത്തിന്റെ 'മത്സ്യാവതാരത്തെയും ഓാം എന്ന ശബ്ദബ്രഹ്മത്തെയും' ബന്ധിപ്പിച്ചാണ്, മണ്ണിൽ മഹാലയി(പ്പി) ച്ചിട്ടുള്ള വേദങ്ങളെ, എല്ലാ സൃഷ്ടി ചക്രങ്ങളിലും വീണ്ടെടുക്കുന്നത്. |
| MAHAADEVI's Creational Portion develops as FISH and enters into the Shiva Chakram developing as ParamaShivan thru one of his Nostrils. BRAHMAM @ MahaaDevi writes the OM-script on/in the tongue of ParamaShivan, so that ParamaShivan could Resurrect the True Vedas @ Supreme Science. It is being Done for the Present Supreme Creation Cycle .. thus this Supreme E-BOOK @ E-MahaaVedam. From the History of 1000 Crores of Years, it's evident that the GODLY matters relating Maya Powers should not be entrusted to Creatures. | മഹാദേവിയുടെ സൃഷ്ടി-അംശം മത്സ്യമായിട്ട് ശിവചക്ര-അവതാരമായ പരമശിവന്റെ നാസികയിലൂടെ നെറ്റിയിൽ പ്രവേശിക്കുന്നു. മഹാബ്രഹ്മമായ മഹാദേവി, പരമശിവന്റെ നാവിൽ അക്ഷരബ്രഹ്മം കൂടിയായ ഓാം കുറിച്ച് യഥാർത്ഥ വേദങ്ങളെ വീണ്ടെടു(പ്പി)ക്കുന്നു. ഇപ്പോഴത്തെ സൃഷ്ടി ചക്രത്തിൽ അത് പൂർത്തിയായി ക്കഴിഞ്ഞു. ദൈവത്തിന്റെ മായാശക്തികളുമായി ബന്ധപ്പെട്ട കാര്യങ്ങൾ സൃഷ്ടികളെ ഏല്പിച്ചു കൂടാ. |
| The Supreme Creation (of Creatures) had begun from Fish.<br><br>GOD bless ParamaShivan with the Supreme Maya Powers connected with the Supreme Creation, and Protection of the Universe in association with the Supreme Science thru the Fish Avatar of MahaaShiva. | ജീവി സൃഷ്ടി ആരംഭിച്ചത് മത്സ്യത്തിൽ നിന്നാണ്. സൃഷ്ടി ജ്ഞാനത്തോടൊപ്പം സൃഷ്ടി സ്ഥിതി സംഹാരങ്ങൾക്ക് ആധാരമാക്കിയിട്ടുള്ള മായാശക്തികളെ, മഹാശിവയുടെ മത്സ്യാവതാരത്തിലൂടെ പരമശിവനിലേക്ക് പ്രവേശി(പ്പി)ച്ചിരിക്കുകയാണ്. |

| | |
|---|---|
| In spite of the word MAHAADEVI, MahaaShiva is used because 'Creatures & the Universe' are a Combination of MahaaShiva & Shivan. | മഹാദേവി എന്നതിന് പകരം മഹാശിവ എന്ന് കുറിച്ചതിനു കാരണം : മഹാശിവയുടെയും ശിവന്റെയും ദിവ്യമായ കൂട്ടുകെട്ടാണ് ജീവികളും പ്രപഞ്ചവും. |
| When MahaaShiva = MAHAADEVI avails the Fish Avataar being the Creational Portion of MAHAADEVI for both Male+Female Creation, the NEW Creation pauses Until the Next Creation Cycle. Reincarnation alone follow in Fishes.<br><br>MahaaShiva's Fish Avataar occupies a Seat within the Forehead of ParamaShivan, and stay there until the Beginning of the Next Creation Cycle; and then move on to the Supreme Ocean again as FISH. | മഹാശിവയായ മഹാദേവിയുടെ 'സ്ത്രീ പുരുഷ-ജീവികളെ രണ്ടും സൃഷ്ടിക്കുന്ന മഹാസൃഷ്ടി അംശം', 'മത്സ്യാവതാരം' എടുക്കുമ്പോൾ, 'മത്സ്യങ്ങളിൽ മാത്രമുള്ളതായ പുതിയ സൃഷ്ടി' നിലയ്ക്കുന്നതാണ്. പിന്നീട് മറ്റുള്ള ജീവികളിൽ എന്നപോലെ മത്സ്യങ്ങളിലും പുനർജന്മം മാത്രമാണ് സംഭവിക്കുക.<br><br>മത്സ്യാവതാരം, പരമശിവന്റെ നെറുകയിൽ മായാപരമായി സ്ഥാനം ഉറപ്പിക്കുന്നതും, ഇപ്പോഴത്തെ സൃഷ്ടി ചക്രത്തിലെ മനുഷ്യരുടെ സംഹാരം കഴിഞ്ഞ് അടുത്ത സൃഷ്ടിചക്രം ആരംഭിച്ച ശേഷം മത്സ്യാവതാരമായി തന്നെ മഹാസമുദ്രത്തിലേക്ക് മടങ്ങുന്നതുമാണ്. |
| The Creation Cycles, Life, Happiness, and the Evolution (Moksham) are based upon the Supreme Science of the Universe dissolved into Soil / Earth; which is in fact a Portion of GOD's Supreme Knowledge @ Omniscience. | ദൈവത്തിന്റെ മഹാജ്ഞാന-ഭാഗമായ 'മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം' മുഴുവൻ മണ്ണിൽ / ഭൂമിയിൽ മഹാലയി(പ്പി)ച്ചിട്ടുള്ളതിനെ ആധാരപ്പെടുത്തിയാണ് എല്ലാ സൃഷ്ടി ചക്രങ്ങളെയും, മനുഷ്യരുടെ ജീവിതത്തെയും, ആനന്ദങ്ങളെയും, പരമമായി മോക്ഷത്തെയും മഹാസംവിധാനം ചെയ്തിട്ടുള്ളത്. |

| | |
|---|---|
| The Time, Calendar, Life of all Creatures in accordance with the Set Times, push them forward as per Re-incarnations.<br><br>Although they are all Supreme matters, Human beings are convinced only when GOD open Maya on Earth / in the Universe, by the Supreme Sound OM. | ദൈവകാര്യങ്ങളുടെ ഭാഗമായ കാലവും കാലഗണനയും, കാലബന്ധിതമായ ജീവിത പദ്ധതികളും ജീവികളെ പുനർജ്ജന്മങ്ങളിലൂടെ നയിക്കുന്നു. മഹാഗൗരവമായ വിഷയമാണെങ്കിലും ഭൂമിയിൽ 'ഓം' മുഴങ്ങിക്കൊണ്ട് 'മായ' പ്രത്യക്ഷമാകുമ്പോൾ മാത്രമാണ് മനുഷ്യർക്ക് ബോദ്ധ്യമാവുന്നത്. |
| 1 Creation Cycle = 10000 years. Each Creation Cycle consists 2 Parts : Periods without the Presence of Maya @ GOD; and with the Presence of Maya @ GOD. | 10000 വർഷം = 1 സൃഷ്ടിചക്രം. ഒരു സൃഷ്ടിചക്രത്തിന് 2 ഭാഗങ്ങളാണുള്ളത്. 'മായ/ ദൈവം' പ്രത്യക്ഷമല്ലാത്ത കാലവും, 'മായ' പ്രത്യക്ഷമായ കാലവും. |
| The 'Maya' @ GOD hides the Presence in the First part of the Creation Cycle, which is 4500 years constituted of the Average age of 50 years by 90 births /Reincarnations. During the Period, GOD reveals the lessons of the Supreme Science Of the Supreme Universe, dissolved in Soil/Earth, thru Human beings. The blessed people | ശരാശരി 50 വയസ്സുള്ള 90 ജന്മങ്ങളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് 4500 വർഷങ്ങളടങ്ങിയ ആദ്യ ഭാഗത്തിൽ 'മായ' @ ദൈവം പ്രത്യക്ഷമല്ല. പ്രസ്തുത കാലയളവിൽ മനുഷ്യരിലൂടെ തന്നെ മഹാശാസ്ത്രത്തിലെ പാഠങ്ങളെ ദൈവം വെളിവാക്കുന്നു. തങ്ങൾക്ക് ലഭിച്ചവ ദൈവീകമായ വെളിപ്പെടുത്തൽ അഥവാ വെളിപാട് മാത്രമാണെന്നു തിരിച്ചറിയാൻ കഴിയുന്നത് ധർമ്മശാസ്ത്രപരമായി |

| | |
|---|---|
| living as per the Supreme Science of Duties and Virtues alone can realise that GOD release the Lessons of the Universe.<br><br>Making use of the the New Scientific lessons, people go ahead with Technological Development and corresponding Innovation in life styles with the New materials / products, etc etc. | ജീവിക്കുന്നവർക്കു മാത്രമാണ്.<br><br>ഭൗതികശാസ്ത്രത്തിന്റെ വിവിധ ശാഖകളിലെ നിയമങ്ങളെ കാലാനുസൃതം വെളിപ്പെടുമ്പോൾ, ശാസ്ത്ര-സാങ്കേതിക വികസനം കൂടി നടക്കുകയും, ശാസ്ത്രസൗകര്യങ്ങളെ മനുഷ്യർക്കു കണ്ടെത്താനും ഉപയോഗപ്പെടുത്താനും കഴിയുന്നു. |
| By the End of the First part of the Creation Cycle, without the Open Presence of Maya/ GOD, there develop an almost saturated situation in all fields of Human Life.<br><br>GOD begins the Revolution by Supreme Laugh 'OM' at this time, for a period of 3-33 years whereas each person hears OM for 3 years, from everywhere in the Universe, and even from their own Body/organs. | മായ/ദൈവം പരസ്യമായി പ്രത്യക്ഷമല്ലാത്തതായ സൃഷ്ടി ചക്രത്തിന്റെ ആദ്യ പകുതിയുടെ അവസാനത്തിൽ, മനുഷ്യരുടെ എല്ലാ ജീവിതമേഖലകളിലും ഒരു പൂരിതാവസ്ഥ സംജാതമാകുന്നു.<br><br>ദൈവം 'ഓം' എന്ന് മഹാചിരിച്ച് 3-33 വർഷക്കാലം വിപ്ലവം ആരംഭിക്കുന്നു. ഓരോ വ്യക്തിയും സ്വന്തമെന്നു കരുതുന്ന ശരീരം ഉൾപ്പെടെ പ്രപഞ്ചത്തിൽ എവിടെയും 3 വർഷം ശ്രവിക്കുന്നതാണ്. |
| During the 33 years of Godly Revolution, people realise that the Beliefs, Rights & Customs, | 33 വർഷക്കാലത്തെ ദൈവ-വിപ്ലവം കൊണ്ട് ദൈവ കാര്യങ്ങളെ മനുഷ്യർ അറിയുകയും, |

| | |
|---|---|
| followed by them in Godly matters and their Life were all totally Wrong and relinquish them all; and begin to live as per the Supreme Science of Duties and Virtues. | പുലർത്തിയിരുന്ന വിശ്വാസങ്ങളെയും ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും തെറ്റുകളും അധമങ്ങളുമെന്നു തിരിച്ചറിഞ്ഞ് ഉപേക്ഷിക്കുന്നു; ധർമ്മശാസ്ത്രപ്രകാരം ജീവിച്ചു തുടങ്ങുന്നു. |
| A period of 500 years including the 33 years of Godly Revolution are termed as Heavenly Life on Earth.<br><br>The people in all countries on Earth live GOD's Children' as in One Country, enjoy and share all Scientific Pleasures brought out by the Supreme Science of the Supreme Universe as per the Science of Duties and Virtues, and in the (Open) Presence of GOD. | 33 വർഷത്തെ ദൈവ വിപ്ലവം ഉൾപ്പെടെയുള്ള 500 വർഷക്കാലത്തെ ജീവിതത്തെ 'ഭൂമിയിലെ സ്വർഗ്ഗം/ സ്വർഗ്ഗ രാജ്യം' എന്ന് പറയുന്നു. ഭൂമിയിലെ എല്ലാ രാജ്യങ്ങളിലെയും ജനങ്ങൾ 'ദൈവത്തിന്റെ മക്കൾ' എന്ന ബോധത്തോടെയും, ഒരു രാജ്യക്കാരെന്ന പോലെയും, ശാസ്ത്ര സാങ്കേതിക വികസനത്തിലൂടെ നേടിയ ആനന്ദങ്ങളെ ധർമ്മശാസ്ത്രപ്രകാരം ആസ്വദിച്ചും പങ്കിട്ടും ദൈവീക സാന്നിധ്യത്തിൽ ജീവിക്കുന്നതാണ്. |
| The Moksham @ the Evolution to Star ō of the Human beings in the Creation Cycle are awarded in the next 5000 years. | സംഹാരം എന്ന മോക്ഷം @ നക്ഷത്ര പദവി ō ഓരോ സൃഷ്ടിചക്രത്തിലെയും മനുഷ്യർക്ക് ക്രമാനുഗതമായി ലഭ്യമാക്കുന്നത് അടുത്ത 5000 വർഷം കൊണ്ടാണ്. |

| | |
|---|---|
| People are blessed individually in One out of the 100 Human Births to learn the Supreme Science & worship GOD. | ഓരോ വ്യക്തിക്കും 100 മനുഷ്യ ജന്മങ്ങൾ ഉള്ളതിൽ ഒരു ജന്മത്തിൽ മാത്രമാണ് മഹാശാസ്ത്രം പഠിക്കാനും ദൈവത്തെ ആരാധിക്കാനുമുള്ള അനുഗ്രഹം ലഭിക്കുന്നത് /നേടുന്നത്. |
| The **OM** script should be written on/in the tongue of Human beings too, as to understand the Supreme lessons of the Supreme Science.<br><br>GOD sends 'own Part ParamaShivan', the Father of the Universe with the Supreme Half-Devi figure, to every PerSon, convincing that every Son @ Creature is Precious to GOD; created and Supreme Science awarded / imparted individually by writing OM on Tongue. Further, let Known that GOD is neither Woman, nor Man, nor any Creature. | സമ്പൂർണ്ണ മഹാശാസ്ത്രം പഠിക്കാൻ മനുഷ്യർക്കു കഴിയണമെങ്കിൽ, ദൈവം മനുഷ്യരുടെ നാവിലും അക്ഷരബ്രഹ്മം കൂടിയായ **ഓം** കുറിക്കേണ്ടതുണ്ട്.<br><br>ദൈവ ഭാഗവും പ്രപഞ്ചപിതാവുമായ പരമശിവനെ അർദ്ധമഹാദേവിയുടെ രൂപത്തിൽ, ഓരോ മനുഷ്യന്റെയും അടുത്തേക്ക് പ്രത്യേകമായിട്ട് അയച്ച്, ഓരോ മനുഷ്യനും ജീവിയും പ്രത്യേകം സൃഷ്ടിച്ച പൊന്നുമോനാണെന്നു ബോദ്ധ്യപ്പെടുത്തി ക്കൊണ്ട്, ഓരോ മനുഷ്യന്റെയും നാവിൽ ഓം കുറിക്കുന്നു; മഹാശാസ്ത്രത്തെ മഹാഅനുഗ്രഹിച്ചു നൽകുന്നതോടൊപ്പം; ദൈവം പുരുഷനോ, സ്ത്രീയോ, ജീവിയോ അല്ലാ എന്നും ബോദ്ധ്യമാക്കുന്നു. |
| In the following Births until Evolution, Man/Woman enjoy Godly Blessings. | മോക്ഷം ലഭിക്കുന്നതു വരെയുള്ള എല്ലാ ജന്മങ്ങളിലും വ്യക്തിക്ക് ദൈവാനുഗ്രഹം ലഭിക്കുന്നു. |

| The Human beings should not unnecessarily interfere in the GODLY matters, lying that GOD entrusted GODLY matters to them, their Evilly Spreading of Nonsenses accumulate in the form of Religions / Opinions. | ദൈവം മഹാഉചിതമായി ചെയ്യുന്ന കാര്യങ്ങളിൽ അനാവശ്യമായി ഇടപെട്ട് 'ദൈവം ചുമതലപ്പെടുത്തിയെന്നും ഏല്പിച്ചെന്നും അറിയിച്ചെന്നും' കള്ളപ്രചരണം നടത്തുന്നതിന്റെ ഉല്പന്നങ്ങളാണ് മതങ്ങൾ / അഭിപ്രായങ്ങൾ. |
|---|---|

സൃഷ്ടി ചക്രത്തിന്റെ രണ്ടാമത്തെ പകുതിയിൽ

മഹാദേവി, **ഓം** എന്നു മഹാചിരിച്ച്,

**മായ** പ്രത്യക്ഷമാക്കുന്നതോടെ, ആത്മീയ

ശാസ്ത്രം കൂടിയായ **ഓംകാര നീതി ശാസ്ത്രം ഒന്നാമത്തെ വേദവും,**

മുമ്പ് ഒന്നാമത്തെ വേദമായിരുന്ന

ഭൗതിക ശാസ്ത്രം മൂന്നാമത്തെ വേദവുമായി പരിണമിച്ചിരിക്കുന്നു.

**സൃഷ്ടി ചക്രത്തിന്റെ രണ്ടാമത്തെ പകുതിയിൽ, മഹാദേവി, ഓം എന്നു മഹാചിരിച്ച്, മായ പ്രത്യക്ഷമാക്കുന്നതോടെ, ഭൂമിയിലെ എല്ലാ രാജ്യങ്ങളിലെയും ഭരണഘടനയായി രണ്ടാമത്തെ വേദമായ മഹാധർമ്മശാസ്ത്രം പരിണമിക്കുന്നു.**

**ദൈവത്തിന്റെ മഹാശക്തി-ഭാഗമായ മഹാലിംഗത്തെയും, മഹാഹൃദയവും ശക്തി നിയന്ത്രണ സത്തയും മഹാജ്ഞാന ഭാഗവുമായ ഓംകാരത്തെയും, മഹാശക്തി-ശിവ ചക്രങ്ങളെയും, ആധാരപ്പെടുത്തിയാണ് ജീവികളുടെയെല്ലാം സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മഹാസംവിധാനം ചെയ്തിട്ടുള്ളത്.**

**ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.**

**ദിവ്യ** 1 : **സൃഷ്ടി** മുഴുവൻ തനിച്ചു നിർവ്വഹിക്കുന്ന **മഹാദേവി**;
**ദിവ്യ** 2 : **സ്ഥിതി** മുഴുവൻ തനിച്ചു നിർവ്വഹിക്കുന്ന **മഹാദേവി**;
**ദിവ്യ** 3 : **സംഹാരം** ഉൾപ്പെട്ട **മഹാനീതി** മുഴുവൻ തനിച്ചു നിർവ്വഹിക്കുന്ന **മഹാദേവി (സംഹാരം, പരമശിവനി- ലൂടെ)**;

**ദിവ്യ** 4 : **ദിവ്യ എന്ന മഹാനാമത്തോടെ മാത്രം ഭൂമിയിൽ അവതരിക്കുന്ന മഹാദേവി; കേരളത്തിലെ ഒരു ഹിന്ദു കുടുംബത്തിൽ മഹാദേവി മഹാഅവതരിച്ചു കഴിഞ്ഞു.**

# ദൈവ കാര്യങ്ങൾ - 2

**ദൈവ വിപ്ലവത്തിൽ 'മായ' പ്രത്യക്ഷമാകുന്നതോടെ, ആരാധനയും പ്രാർത്ഥനയും, സ്തുതികളും ഓംകാര നീതിശാസ്ത്ര പ്രകാരവും, ധർമ്മ ശാസ്ത്ര പ്രകാരവും മഹാനിയന്ത്രണങ്ങളോടെ ചിട്ടപ്പെടുന്നതാണ്; മഹാഗൗരവമായ മാറ്റങ്ങൾ സുസ്ഥാപിതമാകുന്നതാണ്.**

**ദൈവത്തിന്റെ പേരിലും സൃഷ്ടികളുടെ പേരിലുമുള്ള പ്രതിമകളും/വിഗ്രഹങ്ങളും / സ്മാരകങ്ങളും അവയെ ആസ്പദമാക്കിയുള്ള ആചാരങ്ങളും അനുഷ്ഠാനങ്ങളും ആരാധനകളും 'മായ' പ്രത്യക്ഷമാകുന്നതോടെ അവസാനിക്കുന്നതാണ്. വിഗ്രഹങ്ങളിലും മറ്റുമുള്ള അധമത്തം നിസ്സാരമായി കാണരുത്.**

**ഒരാളുടെ / നിങ്ങളുടെ മാതാവിന്റെയോ ഭാര്യയുടെയോ മകളുടെയോ സഹോദരിയുടെയോ ഉറ്റവരായ മറ്റു സ്ത്രീകളുടെയോ പ്രതിമകളെ/വിഗ്രഹങ്ങളെ മറ്റുള്ളവർ നിർമ്മിക്കുന്നതും, 'പ്രതിമയുടെ-ശരീര അവയവങ്ങളിലും, സൗന്ദര്യത്തിലും' നയന-മനോലയനത്തിൽ ഏർപ്പെടുന്നതും, മറ്റുള്ളവർ പ്രതിമയുടെ ശരീരത്തിലെ വിവിധ അവയവങ്ങളിൽ 'തഴുകുന്നതും', അവയവങ്ങളെ വർണ്ണിക്കുന്നതും, നിങ്ങൾ ഇഷ്ടപ്പെടുമോ എന്ന് സ്വയം ചോദിക്കുമ്പോൾ തിരിച്ചറിവ് ഉണ്ടാകുന്നതാണ്...**

**ഗ്രന്ഥത്തിൽ വേറിട്ട് വിശദീകരിച്ചിട്ടുണ്ട്.**

സൃഷ്ടി ചക്രത്തിന്റെ രണ്ടാമത്തെ പകുതിയിൽ, 'മായ / ദൈവം' പ്രത്യക്ഷമായി ക്കൊണ്ട് സംഹാരവും മോക്ഷവും നിർവ്വഹിക്കപ്പെടുകയാൽ, ഏതൊരു വിഷയത്തിലും സുവ്യക്തവും ശാസ്ത്രപരവുമായ ഉത്തരങ്ങളും വിശദീകരണങ്ങളും ലഭിക്കുന്നതാണ്. മഹാശാസ്ത്ര പരമായ ജീവിത ക്രമം സമസ്ത മേഖലകളിലും സ്ഥാപിതമാകുന്നതാണ്. ചിന്തകളും വാക്കുകളും പ്രവൃത്തികളും ധർമ്മ ശാസ്ത്ര പരമാവാൻ ജനങ്ങൾ ഏറെപ്പേരും ശ്രദ്ധിക്കുന്നതാണ്. **ഭരണകൂടത്തിന് വളരെ വലിയ മാറ്റം ഉണ്ടാകുന്നതാണ്. ഒരു ഭാഗത്ത്, ഏറ്റവും വലിയ നീചരായി അധഃപതിച്ചവർക്ക് അനേകരായ നാട്ടിലെ ജനങ്ങൾക്ക് ഏറ്റവും കൂടുതൽ നന്മകളെ ചെയ്ത് പാപങ്ങളും ശിക്ഷകളും കുറയ്ക്കാനും, അപൂർവ്വമായി പുണ്യം കൂടി നേടാനുമുള്ള അവസരം മാത്രമാണ് രാജാവ്, മന്ത്രിമാർ തുടങ്ങിയ പദവികൾ എങ്കിൽ, മറുഭാഗത്ത് നന്മകളും സത്യസന്ധതയും ഏറെയുണ്ടെന്ന് തോന്നുന്ന വ്യക്തിയെ ജനങ്ങൾ നിർബ്ബന്ധിക്കുന്നതു കൊണ്ട് മാത്രം ജനങ്ങൾക്കു വേണ്ടി പ്രവർത്തിക്കാൻ വ്യക്തി തയ്യാറാവുകയാണ്.** മഹാനീതിയും മഹാവാത്സല്ല്യവുമായ ഭൂമി മേല്പടി രണ്ടു കാര്യങ്ങളെയും 'മായ' കൊണ്ട് ഗൂഢമായി ബന്ധിപ്പിച്ച് ജനങ്ങളുടെയും, അവരുടെ അടിമകൾ മാത്രമായ രാജാവ്, മന്ത്രിമാർ എന്നിവരുടെയും ആനന്ദം വർദ്ധിപ്പിക്കുവാൻ, ഓംകാര നീതിശാസ്ത്ര പ്രകാരം കരുതുന്നു.

**രാഷ്ട്രം, ഭൂമി, മണ്ണ് തുടങ്ങിയവ എന്താണെന്ന് പഠിക്കുന്നതോടെ, രാജ്യ സ്നേഹികളെന്നു വേഷം കെട്ടി പ്പോരുന്നവർ ഏറെയും, രാജ്യ ദ്രോഹികളാണെന്ന് സ്വയം ബോദ്ധ്യപ്പെടാൻ കഴിയുന്നു; അതേസമയം രാഷ്ട്രവും ദേശവും ഭൂമിയും സ്രഷ്ടാവുമായ ദൈവത്തെ ദ്രോഹിക്കാൻ സൃഷ്ടിയായ മനുഷ്യന് കഴിയില്ല! ഭൂമിയുടെ അംശമായ മൂലകങ്ങൾ കൊണ്ട് ഉണ്ടാക്കിയ ശരീരത്തിലൂടെ ഭൂമിയിൽ നിന്ന് ആനന്ദങ്ങളെ നേടിക്കൊണ്ട് ജീവിക്കുകയും, മണ്ണിന്റെ നിയമങ്ങളെ ധിക്കരിച്ചു കൊണ്ട് പാപങ്ങളും ശിക്ഷകളും വാരിക്കൂട്ടുകയും ചെയ്യുന്നവർ യഥാർത്ഥത്തിൽ ദ്രോഹിക്കുന്നത് അവരവരെ തന്നെയാണ്.**

**നാടുകളും ദേശങ്ങളും ഭൂമിയും സ്രഷ്ടാവും, സർവ്വത്തിനും അതീതവുമായ ദൈവത്തിന് യാതൊന്നും ആവശ്യമില്ല; നൽകാൻ സൃഷ്ടികൾക്ക് ശക്തിയും ഇല്ല. ദൈവാംശമായ ശരീരം നൽകുന്ന ശക്തികളെയും അവസരങ്ങളെയും കൊണ്ട് നല്ലത് മാത്രം, പഠിച്ചു ശരിയാണെന്ന് ബോധ്യപ്പെട്ടാൽ അവരവർക്കു വേണ്ടി ചെയ്യുക. ഓംകാര നീതിശാസ്ത്രം മഹാപുനർജ്ജന്മ സിദ്ധാന്തത്തെ ക്രമീകരിച്ചിട്ടുള്ളത് എക്കാലവും ഭൂമിയിലെ ജനസംഖ്യയിൽ ഏറ്റവും വലിയ ശ്രേഷ്ഠരുടെ പട്ടികയിൽ ഏറെയും ദൈവത്തിന്റെ മഹാഖര രൂപവും മണ്ണുമായ ഭൂമിയിൽ അദ്ധ്വാനിക്കുന്ന 'കൃഷിക്കാർ' ആയിരിക്കും വിധമാണ്. കൃഷി സ്തംഭിച്ചാൽ ഭക്ഷണം മുടങ്ങും എന്നതിനാൽ കൃഷിക്കാരോട് നിശ്ചിത പരിധി വിട്ട് ദ്രോഹിക്കാൻ മറ്റുള്ളവർക്ക് കഴിയില്ല. കൃഷിക്കാരെയും സാധാരണ ജനങ്ങളെയും ദ്രോഹിച്ച് ഏറ്റവും വലിയ നീചരുടെ പട്ടികയിൽ പെടാതെ (ദൈവത്തിന്റെ @ ഭൂമിയുടെ) മറ്റ് കുഞ്ഞുങ്ങൾ ശ്രദ്ധിക്കേണ്ടത് സ്വന്തമായ അത്യാവശ്യമാണ്.**

**ദൈവ വിപ്ലവം ആരംഭിക്കുന്നതോടെ ഭൂമിയിലെ എല്ലാ ദേവാലയങ്ങളും ഒരേ രീതിയിൽ ശുദ്ധി ചെയ്യുന്നതാണ്. എല്ലായിടത്തും ശിവ ലിംഗം മാത്രം. ഓം നമഃ ശിവായ = മഹാശിവയെ നമിക്കുന്നു = മഹാദേവിയെ നമിക്കുന്നു.**

**ഭൂമിയിലെ എല്ലാ ജനങ്ങൾക്കും മഹാഗൗരവ വിഷയവും ലക്ഷ്യവും വഴികാട്ടി -യുമായി മോക്ഷവും മോക്ഷകാര്യങ്ങളും വേദങ്ങളും പ്രവർത്തിക്കുന്നതാണ്. സൃഷ്ടി ചക്രത്തിന്റെ 'മായ' പ്രത്യക്ഷമല്ലാത്ത ആദ്യ പകുതിയും, 'മായ' പ്രത്യക്ഷമായ രണ്ടാമത്തെ പകുതിയും തമ്മിലുള്ള വ്യത്യാസം ഭൂമിയിലെങ്ങുമുള്ള മനുഷ്യരുടെ എല്ലാ ജീവിത മേഖലകളിലും പ്രകടമാവുന്നതാണ്.**

**ദൈവ ശാസ്ത്രം എന്ന കള്ളപ്പേരിൽ അറിയപ്പെടുന്ന നികൃഷ്ടങ്ങളായ വിശ്വാസങ്ങളെ പഠിപ്പിക്കുവാൻ ദൈവം യാതൊരു മദ്ധ്യസ്ഥന്മാരെയും ചുമതലപ്പെടുത്തിയിട്ടില്ല.**

**സർവ്വത്തിനും അതീതവും, ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയുമായ ദൈവത്തിന് യാതൊരു സൃഷ്ടികളുടെയും സഹായം യാതൊരു കാര്യങ്ങൾക്കും ആവശ്യമില്ല. യാതൊരു ആരാധനകളും കേട്ട് സന്തോഷിക്കുന്ന ഒരു കോമാളിയല്ലാ ദൈവമെന്നും, ആരാധനകളെ ദൈവത്തിനു വേണ്ടെന്നും, ദൈവം നേരിട്ട് ഓരോ വ്യക്തിയെയും അനുവദിക്കാതെ ദൈവാരാധന എന്ന കള്ളപ്പേരിൽ കോപ്രായങ്ങൾ നടത്തുന്നവർക്കെല്ലാം ദൈവശിക്ഷ ഉണ്ടെന്നും അറിഞ്ഞുകൊള്ളണം.**

**ധർമ്മശാസ്ത്രം പ്രകാരം മനുഷ്യരെല്ലാം ജീവിക്കുകയേ വേണ്ടൂ. സാത്വികമായിട്ട് ആനന്ദങ്ങളെ ആസ്വദിച്ചുകൊള്ളുക, മറ്റുള്ളവരെ സാത്വികമായിട്ട് സ്നേഹിക്കുകയും സഹായിക്കുകയും ആവാം.**

**കുഞ്ഞുങ്ങളെല്ലാം ആനന്ദമായിട്ടു ജീവിക്കുക എന്നല്ലാതെ ദൈവത്തെ വിസ്മരിക്കുന്നതും / വിസ്മരിക്കാത്തതും (വിഷയങ്ങളിൽ ഉൾപ്പെടുത്തുന്നതും അവഗണിക്കുന്നതും), ഏകമഹാശക്തിയും ആനന്ദങ്ങൾ ഉൾപ്പെടെ സർവ്വത്തിനും അതീതവും മഹാമാതാവും മഹാനീതിയും മഹാവാത്സല്യവുമായ മണ്ണും ഭൂമിയും മഹാദേവിയുമായ ഏകദൈവത്തിന് വിഷയമല്ല.**

**ശാസ്ത്ര പാഠങ്ങളെ എല്ലാ മനുഷ്യർക്കും ഗ്രഹിക്കാൻ കഴിയുന്നതല്ല; ആവശ്യമില്ല.**

**എല്ലാ തൊഴിലുകളും ചെയ്യാൻ ആളുണ്ടാവണം; ശാസ്ത്ര പാഠങ്ങളെ എല്ലാവർക്കും ഗ്രഹിക്കാൻ കഴിഞ്ഞാൽ അത് സാദ്ധ്യമാവുന്നതല്ല.**

**ശാസ്ത്ര പാഠങ്ങളും മനുഷ്യരിലെ ന്യൂറോണുകളുടെ പ്രവർത്തനവും ഹ്രസ്വമായി വിശദീകരിക്കുന്നു.**

**സമസ്ത ആറ്റങ്ങളിലും ശബ്ദബ്രഹ്മമായ ഓം ഉണ്ട് : എവിടെ ഓം ഉണ്ടോ അവിടെ മഹാദേവിയുടെ മഹാജ്ഞാനവും ഉണ്ട്. മഹാജ്ഞാനത്തിന്റെ ഒരു ഓഹരി മാത്രമാണ് മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം.**

**മനുഷ്യാവസ്ഥയിലെത്തുന്ന ജീവിക്ക് മഹാശാസ്ത്രം മുഴുവൻ ദൈവം മഹാഅനുഗ്രഹിച്ചു നൽകുന്നുണ്ട്. മനുഷ്യരുടെ തലയിലെ ന്യൂറോണുകളിൽ ശബ്ദ ബ്രഹ്മമായ ഓം വഴി മഹാശാസ്ത്രം മുഴുവൻ സ്ഥാപിച്ചിട്ടുണ്ട്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഓരോ മനുഷ്യന്റെയും തലയിലെ ന്യൂറോണുകളിൽ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം മുഴുവനും ഉൾക്കൊള്ളാനുള്ള ഇടമുണ്ട്.**

**മനുഷ്യന്റെ 100 ജന്മങ്ങളിൽ, ഒരു ജന്മത്തിൽ മാത്രം മഹാശാസ്ത്രം മുഴുവൻ മഹാഅനുഗ്രഹിച്ചു നൽകുന്നതും, പ്രസ്തുത ജന്മത്തിൽ മാത്രം മനുഷ്യൻ ദൈവത്തെ മഹാശാസ്ത്രപരമായി ആരാധിക്കുന്നതും, ആത്മീയ സാക്ഷാത്ക്കാരത്തെപ്പറ്റിയും ദൈവത്തെപ്പറ്റിയും സുവ്യക്തമായി അറിയുന്നതുമാണ്. മറ്റു ജന്മങ്ങളിലെ ജീവിതത്തിന് മനുഷ്യരുടെ ശിരസ്സിലുള്ള ന്യൂറോണുകളിൽ സുമാർ പൈ (= 3.14..) അളവിലുള്ള ന്യൂറോണുകൾ മാത്രമേ വേണ്ടതുള്ളൂ, ആകയാൽ അങ്ങനെ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ, ബാക്കിയത്രയും നിർജ്ജീവം പോലെയുള്ള അവസ്ഥയിൽ ആണെന്നതിന്റെ കാരണമാണ് വിശദമാക്കിയത്. ( പൈ = 3.14 : ഗണിതശാസ്ത്രത്തിലും, ജ്യോതിശ്ശാസ്ത്രത്തിലും മറ്റ് അനവധി ശാസ്ത്രശാഖകളിലും അത്ഭുതമായിരിക്കുന്ന പൈ-യുടെ ആവിഷ്ക്കാരത്തെപ്പറ്റി/ സൃഷ്ടിയെപ്പറ്റി മഹാപ്രപഞ്ചത്തിലെ ന്യൂനശക്തിൾ എന്ന അദ്ധ്യായത്തിൽ ഭാഗികമായി വിശദീകരിച്ചിട്ടുണ്ട്.).**

**തലച്ചോറിലെ ന്യൂറോണുകൾ കമ്പ്യൂട്ടറിലെ വിവരങ്ങൾ സൂക്ഷിക്കുന്ന മഹാ-ഹാർഡ് ഡിസ്ക് പോലെയാണ്. ചുരുക്കി പറയുമ്പോൾ, ഒരു ഭാഗത്ത് നിർജ്ജീവ അവസ്ഥയിലുള്ള മഹാശാസ്ത്രപാഠങ്ങൾ; മറ്റൊരു ഭാഗത്ത് മനുഷ്യർ മുജ്ജന്മങ്ങളിലൂടെ നേടിയ പുണ്യങ്ങളും പാപങ്ങളും; ഇനിയുമൊരു ഭാഗത്ത് തജ്ജന്മത്തിലെ ചെയ്തികളും, അവയുടെ പുണ്യങ്ങളും പാപങ്ങളും.**

**തലയിലെ ഒരു ഭാഗത്ത് ന്യൂറോണുകളിലായി സൂക്ഷിച്ചിട്ടുള്ള നിർജ്ജീവ അവസ്ഥയിലുള്ള മഹാശാസ്ത്രപാഠങ്ങളെപ്പറ്റി പറയുമ്പോൾ അവയെ 90 ഭാഗങ്ങളായി വിഭജിച്ചിട്ടുണ്ട്. ഓരോരോ ജന്മങ്ങളിലും ഓരോ ഭാഗം /ചില ഭാഗങ്ങൾ മാത്രം പ്രവർത്തിക്കുന്നു. മനുഷ്യന് നൽകിയിട്ടുള്ള വ്യക്തിസ്വാതന്ത്ര്യത്തെ സദുപയോഗം ചെയ്താൽ ഓരോ ഭാഗങ്ങളെയും മംഗളമായി പൂർത്തിയാക്കാൻ കഴിയുന്നതാണ്.**

**മഹാശക്തിയായ ദൈവം മഹാനീതിശാസ്ത്രം പ്രകാരം 100 ജന്മങ്ങളിലൂടെ ലിംഗം, സൗന്ദര്യം, നിറം, ആയുസ്സ്, ആരോഗ്യം, ഭാഷ, ദേശം, തൊഴിൽ, വിനോദം, ആനന്ദം തുടങ്ങിയവയെ ജന്മഗുണങ്ങളായി മഹാനിശ്ചയിച്ചുകൊണ്ട് സൃഷ്ടിപരമായ വിധിയിലൂടെയും സ്ഥിതിപരമായ വിധിയിലൂടെയും നിയന്ത്രിക്കുന്നു. എല്ലാവർക്കും സമആനന്ദം എന്ന മഹാസമനീതി നൽകുന്നു. എല്ലാവർക്കും എല്ലാ തൊഴിലുകളും ചെയ്യാനുള്ള അവസരവും, ഭൂമിയിലെ ആനന്ദങ്ങളെയെല്ലാം മഹാസമമായി ആസ്വദിക്കാനുള്ള അവസരവും അതിൽപെടുന്നു.**

ഓം

## മായ, ആനന്ദ ശാസ്ത്രം എന്നിവയിലെ

# ഗൂഢതയുടെ രഹസ്യം

## വെളിപ്പെടുത്തുന്നു.

**ദൈവത്തിന്റെ മഹായുക്തി കൂടിയായ മഹാജ്ഞാനത്തെ മായാശക്തികൾ കൊണ്ട് ഭൗതിക അസ്തിത്വമുള്ള ജഗത്ത് അഥവാ മഹാപ്രപഞ്ചമായി പരിണമിപ്പിച്ചു കഴിയുമ്പോൾ ജഗത്ത് സത്യം അഥവാ യാഥാർത്ഥ്യം ആകുന്നു. ജഗത്ത് മായ ആണ്; എന്നാൽ മിഥ്യ അല്ല.**

**ജഗത്തിൽ ജീവിക്കുന്നവർക്ക് ആനന്ദത്തോടെ ജീവിക്കാൻ കഴിയണമെങ്കിൽ, ജഗത്തിലെ സർവ്വ വസ്തുക്കളിലും ജീവികളിലും ആനന്ദങ്ങളെ ഭൗതിക അസ്തിത്വത്തോടെ ലയിപ്പിക്കേണ്ടതുണ്ട്. ആനന്ദങ്ങളെ ആസ്വദിച്ച് അനുഭവിക്കുവാൻ ഗൂഢത കൂടിയേ കഴിയൂ. ഉദാഹരണത്തിന് മാമ്പഴത്തിൽ ഗൂഢമായിരിക്കുന്ന മാധുര്യവും പോഷകങ്ങളും ലഭിക്കുവാൻ മാമ്പഴം കഴിക്കണം. മാമ്പഴമോ മാമ്പഴച്ചാറോ കഴിക്കാതെ മാമ്പഴത്തിന്റെ മാധുര്യവും പോഷകങ്ങളും ലഭിച്ചാൽ ... പിന്നീട് മാമ്പഴം കഴിക്കുന്നത് എന്തിന് ? എല്ലാ ഭക്ഷണവും അങ്ങനെ തന്നെ.**

മറ്റുള്ള ആനന്ദങ്ങളുടെ കാര്യവും അങ്ങനെ തന്നെ. ഉദാഹരണത്തിന് പാട്ട് കേൾക്കാതെ പാട്ടിൽ ഗൂഢമാക്കിയിട്ടുള്ള വൈവിധ്യമാർന്ന ആനന്ദങ്ങളെ ലഭിച്ചാൽ കുഴച്ചിലാവും. ഇണയുമായി സങ്കല്പത്തിൽ പോലും സല്ലപിക്കാത സമ്പൂർണ്ണമായ കാമാനന്ദം ലഭിച്ചാൽ ഭാവി തലമുറയുടെ കാര്യവും കുഞ്ഞുങ്ങളും വാത്സല്യവും കുഴച്ചിലാവും.

ജനനം, രോഗം, രോഗ മുക്തി, രോഗ ശയ്യയിലെ അനുഭവങ്ങൾ, ജീവിത നേട്ടങ്ങൾ, വിനോദം, വിവാഹം, മരണം, ദൈവ ദർശനം, തുടങ്ങിയ എല്ലാ കാര്യങ്ങളിലും വ്യത്യസ്തങ്ങളും വൈവിധ്യങ്ങളുമായ ആനന്ദങ്ങൾ ഉണ്ട്. ഗൂഢമാക്കിയിട്ടുള്ള സുഖവും ദുഃഖവും കലർന്ന ആനന്ദങ്ങളെല്ലാം വിഷയ-വസ്തുത സംഭവിക്കാതെ മുൻകൂട്ടി അറിയാനും അനുഭവിക്കാനും കഴിയുമെന്ന് വന്നാൽ ജീവിതം ഇല്ല / സമ്പൂർണ്ണ കുഴച്ചിലാവും. അങ്ങനെയിരിക്കെ ദൈവം/മഹാദേവി വസ്തുതകളെ 'മായ' കൊണ്ട് മറച്ച് അപരാധം ചെയ്യുന്ന മട്ടിൽ വ്യാഖ്യാനങ്ങളെ മനുഷ്യർ ചെയ്താൽ അത് അപരാധമാണ്.

**മറ്റൊരു തരം ഗൂഢതയെപ്പറ്റി ഇനി കുറിക്കാം :-**

**മഹാദേവിയുടെ മഹാമായാ - ആവിഷ്ക്കാരമല്ലേ സർവ്വവും എന്നും, മഹാദേവിയും മഹാദാസനും മഹാദേവിയുടെ തന്നെ രണ്ടു ഭാഗങ്ങൾ മാത്രമല്ലേ, സർവ്വ വിഷയങ്ങളെയും മുൻകൂട്ടി അറിയാതെ വരുമോ എന്നു ചോദിച്ചാൽ, ചോദ്യങ്ങൾ 3 ഉണ്ട്; 3 ഉത്തരങ്ങളും പ്രത്യേകം വേണം.**

**(1) മഹാദേവിയുടെ മഹാമായാ -ആവിഷ്ക്കാരം തന്നെയാണ് സർവ്വവും. മഹാദേവി വസ്തുതകളെ 'മായ' കൊണ്ട് മറച്ച് 'മായക്കളി' നടത്തി വിനോദിക്കുന്നതായി കണക്കാക്കിയാൽ അപരാധം ഉണ്ട്.**

**ആനന്ദങ്ങളെ ഗൂഢമാക്കിയിട്ടുള്ളത് കുഞ്ഞുങ്ങളായ സൃഷ്ടികൾക്കു വേണ്ടിയുള്ള മഹാത്യാഗമായും മഹാവാത്സല്യമായും തിരിച്ചറിയാൻ കഴിഞ്ഞാൽ ശ്രേഷ്ഠം. സർവ്വത്തിനും അതീതമായ മഹാദേവി ക്രൂര വിനോദം ചെയ്യുന്ന മട്ടിൽ വ്യാഖ്യാനങ്ങളെ ചെയ്യുന്നത് അപരാധമാണ്.**

**(2) മഹാദേവിയും മഹാദാസനും മഹാദേവിയുടെ തന്നെ രണ്ടു ഭാഗങ്ങൾ മാത്രമല്ലേ എന്നു ചോദിച്ചാൽ 'അതേ', എന്നാൽ ശിവ-ശക്തിചക്രങ്ങൾ മഹാപ്രപഞ്ചത്തിനും മുമ്പ്, ആദിയും അന്തവും ഇല്ലാത്ത അവസ്ഥയോടെ, സർവ്വത്തിനും അതീതമായ ബ്രഹ്മം കാരണമായി സൃഷ്ടിക്കപ്പെടുന്നതും പ്രവർത്തിക്കുന്നതും ദീർഘമായി വിവരിച്ചതാണ്.**

**ബ്രഹ്മം രണ്ടായി പിരിഞ്ഞ് രണ്ടു വ്യക്തികൾ പോലെ രണ്ടു കർമ്മങ്ങൾ ചെയ്യുമ്പോൾ, രണ്ടും ഫലത്തിൽ വിഭിന്നമാണ്. സൂക്ഷ്മ തലങ്ങളിൽ ഓരോ അണുവിലും ഇലക്ട്രോൺ, പ്രോട്ടോൺ എന്നിങ്ങനെ വ്യത്യാസപ്പെട്ടും വ്യത്യസ്ത ധർമ്മങ്ങൾ ആവിഷ്ക്കരിക്കപ്പെട്ടും ഉണ്ടായതാണ് മഹാപ്രപഞ്ചവും ജീവികളും ! കുഞ്ഞുങ്ങൾക്ക് മഹാവാത്സല്യത്തോടെ അനന്തമായ ആനന്ദങ്ങളെ നൽകാൻ വേണ്ടി മാത്രം (മഹാജീവിയെപ്പോലെ ജീവിക്കുന്ന !) ദൈവത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര കാര്യങ്ങളെ മഹാസൂക്ഷ്മമാക്കിയിട്ടുള്ളതും കുഞ്ഞുങ്ങളുടെ ആനന്ദങ്ങളെ വർദ്ധിപ്പിക്കാനാണ്.**

**മഹാ-ദൈവകാര്യങ്ങളെ ക്രൂരതമാശകൾ പോലെ സംസാരിക്കുന്നത് അപരാധമാണ്. <u>മഹാവാത്സല്യവും കുഞ്ഞുങ്ങളുടെയെല്ലാം മഹാമാതാവുമായ മഹാദേവിയെ അപമാനിച്ചാൽ</u> പതിയും, <u>കുഞ്ഞുങ്ങളുടെയെല്ലാം പിതാവുമായ</u> പരമശിവൻ ശിക്ഷിച്ചുതന്നെ തിരുത്തിയെന്നുവരും. പിതാവ് ശിക്ഷിക്കണ്ടേ, സ്വയം വിശകലനംചെയ്യുക.**

**(3) ദൈവത്തിന് സർവ്വ വിഷയങ്ങളെയും മുൻകൂട്ടി അറിയാതെ വരുമോ എന്നു ചോദിച്ചാൽ, മുമ്പ് വ്യക്തമാക്കിയതാണ്.**

**കുഞ്ഞുങ്ങളായ ജീവികളുടെ ആനന്ദങ്ങളെയും വ്യക്തിസ്വാതന്ത്ര്യത്തെയും കണക്കാക്കി മഹാദേവി മഹാമര്യാദ കാട്ടുന്നു.**

**'മായ' പ്രത്യക്ഷമായിരിക്കുന്ന സംഹാര കാലത്തും മഹാവാത്സല്യം കൂടിയായ ഓംകാരനീതിശാസ്ത്രത്തെ നിവർത്തിക്കുന്നത് ഓംകാരം തന്നെയാണ്. പരമശിവന്റെ ഹൃദയത്തെയും ഉൾക്കൊണ്ട് പരമശിവനിൽ പ്രവർത്തിക്കുമ്പോൾ വേറിട്ട ശരീരമുള്ള പരമശിവനെ ക്കൂടി ഏറ്റെടുക്കുകയാണ് മഹാദേവി. സ്ഥിതി എന്ന ജീവിതത്തിൽ പുരുഷന് പ്രാധാന്യം എന്നത് ദൈവ കാര്യത്തിൽ വീഴ്ച്ച ഉണ്ടാവാൻ കാരണമായിക്കൂടാ.**

**മഹാജ്ഞാനത്തെ ബ്രഹ്മ-മഹാദേവിയിൽ നിന്നും ഗ്രഹിച്ചിട്ടുള്ള പരമശിവൻ, പതി കൂടിയായ മഹാദേവിയുടെ മഹാഅസാധാരണമായ സാധാരണത്തം അറിഞ്ഞും അനുഭവിച്ചും മഹാപാദ പൂജ ചെയ്തും മഹാവാഹനമായും ഒക്കെ മഹാദാസ്യ -സേവനം ചെയ്യാൻ എല്ലായ്പ്പോഴും ശ്രദ്ധിക്കുന്നു. ആയതിന് മഹാഅനുഗ്രഹവും തേടുന്നു. പരമശിവന്റെ ഉള്ളിൽ കഴിയുന്ന മഹാഹൃദയമായ ഓംകാരം മഹാ<u>ചിരിക്കുന്നു</u> !**

**മഹാദാസനും മഹാദേവനുമായ പരമശിവന്റെ പത്നിയും സാധാരണ സ്ത്രീയുമായി കഴിയുന്ന മഹാദേവിക്ക്, പരമശിവനിൽ പ്രവേശിച്ചിട്ടുള്ള ഓംകാരം കനിയാതെ മായാശക്തികൾ ഇല്ല; ആകയാൽ മായാശക്തികൾക്കുവേണ്ടി മഹാദേവിയെ സൃഷ്ടികൾ സമീപിച്ചിട്ടു കാര്യമില്ല. മായാശക്തികളില്ലാതെ സാധാരണ സ്ത്രീയായി ജീവിക്കുന്ന ഏകദൈവത്തെ പാഠമാക്കണം.**

**മായ പ്രത്യക്ഷമായിരിക്കുന്ന സംഹാര കാലത്തും എപ്പോഴും സൃഷ്ടി സ്ഥിതി സംഹാര നിയമങ്ങൾ സദാ മണ്ണിൽ മഹാലയിച്ചിരിക്കുകയാണ്. അവ പ്രകാരം ജീവിക്കാനാണ് മനുഷ്യർ ശ്രദ്ധിക്കേണ്ടത്. മായാശക്തികളെ ആഗ്രഹിച്ചു കൂടാ.**

**മഹാദേവിയുടെ പ്രത്യക്ഷ സാന്നിദ്ധ്യവും മഹാശാസ്ത്ര പാഠങ്ങളും ഉൾക്കൊണ്ട് അത്യാനന്ദത്തോടെ ജീവിക്കാൻ സാധിക്കുന്നതാണ്.**

**വ്യക്തിസ്വാതന്ത്ര്യം ഒട്ടും ആഗ്രഹിക്കാതെ മഹാശക്തിയും മഹാനീതിയുമായ മഹാദേവിയുടെ മഹാഇഷ്ടങ്ങൾ അനുസരിച്ച് മാത്രം ജീവിക്കുന്നവനാക്കി എല്ലായ്പ്പോഴും മഹാഅനുഗ്രഹിക്കണമേ എന്ന് വിനീത വിധേയനായി പ്രാർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ ഓംകാരത്തെ പരമശിവനിൽ പ്രവേശിപ്പിച്ചതായി കണക്കാക്കിയാൽ പരമശിവന് സ്വന്തമായ ഇഷ്ടങ്ങളോ അഭിപ്രായങ്ങളോ പാടില്ല.**

ഗ്രഹങ്ങളെയും നക്ഷത്രകോടികളെയും അറിയുന്ന പോലെയുള്ള പ്രപഞ്ചത്തെ തന്നെ അനന്തമായും നിസ്സാരമായും സൃഷ്ടിക്കുവാൻ ശക്തിയുള്ള ഓംകാരം പ്രവർത്തിക്കുന്നത് ഓംകാര നീതി ശാസ്ത്രം പ്രകാരം മാത്രമാവുന്നതാണ് സമസ്ത പ്രപഞ്ചത്തിലെയും കുഞ്ഞുങ്ങൾക്കു നല്ലത്.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

മഹാദേവനും ഭർത്താവുമായ പരമശിവന് മഹാപ്രപഞ്ചത്തിന്റെ ശക്തി നിയന്ത്രണ സത്തയായ ഓംകാരത്തെ സൂക്ഷിക്കുന്ന മഹാഅധികാരി എന്ന നിലയ്ക്ക് ഓംകാരത്തെ ദുരുപയോഗം ചെയ്യാനുള്ള പ്രവണത ഉണ്ടായാൽ, അത് തടയാനായി പരമശിവന്റെ കഴുത്തിലെ കയർ പോലെയുള്ള ഓംകാര നാഗബന്ധനം മുറുകുന്നതും, പരമശിവനെ മഹാസംശുദ്ധനായി സംരക്ഷിക്കുന്നതുമാണ്. അപ്പോഴും എപ്പോഴും പ്രപഞ്ചത്തിലെ സമസ്ത കുഞ്ഞുങ്ങളുടെയും നല്ലതിനു വേണ്ടിയാണ് ഏകദൈവവും ഭൂമിയുമായ മഹാദേവി യഥാർത്ഥത്തിൽ പ്രവർത്തിക്കുന്നത്.

ഓംകാര നീതിശാസ്ത്രം പ്രകാരം കുഞ്ഞുങ്ങളെ അനുഗ്രഹിക്കേണ്ടതായ സന്ദർഭങ്ങളിൽ പരമശിവനിൽ പ്രവർത്തിക്കുന്ന മഹാദേവിയുടെ 'മഹാപ്രപഞ്ചത്തിന്റെ മൊത്തം ശക്തിയിൽ 10 അളവുകളോടെ ശക്തിയുള്ള മഹാവലതുകൈ' അറിയാതെ-അറിഞ്ഞ് ഉയരുകയും മഹാഅനുഗ്രഹിക്കുന്നതുമാണ്.

പരമശിവനിൽ പ്രവർത്തിക്കുന്ന മഹാദേവിയുടെ ഇടതുകാലിന് 10 അളവ്, വലതു കാലിന് 5, മഹാഹൃദയമായ ഓംകാരത്തിന് 20 എന്നെല്ലാം അളവുകളുണ്ട്. മഹാപ്രപഞ്ചത്തിന് ആവശ്യമായ മൊത്തം അഗ്നിയെ വലതുകൈയ്യിലെ ചൂണ്ടുവിരലും, മൊത്തം ജലത്തെ ഇടതുകൈയ്യിലെ ചൂണ്ടുവിരലും വഹിക്കുന്നുണ്ട്. കൈകൾ മാറിയോ എന്നോർമ്മയില്ല. വായുവിന്റെ കാര്യം ഉൾപ്പെടെ ചിലതും ഈയുള്ളവൻ മറന്നു പോയി. മഹാഉചിതമായി മഹാദേവി ഓർമ്മിപ്പിക്കുന്നതാണ് !

**ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.**

രണ്ടാമത്തെ മഹാകാല ചക്രം മുതൽ ദേവതകളെ ഒഴിവാക്കിയും, വസ്തുക്കളിലെ ന്യൂനശക്തികളുടെ അളവിനെ അല്പം കുറച്ചുകൊണ്ടും, മഹാദേവി മഹാപ്രപഞ്ചത്തിന്റെ മഹാഭരണം ഏറ്റെടുക്കുകയാൽ മേലിൽ, സൃഷ്ടി ചക്രത്തിന്റെ മായ പ്രത്യക്ഷമല്ലാത്ത ആദ്യ പകുതിയിൽ മഹാശക്തിചക്രം കൂടിയായ മഹാദേവി, ഇടയ്ക്കെല്ലാം മായാശക്തികളെ പ്രകടിപ്പിച്ചു കൊണ്ട് പ്രത്യക്ഷമായേക്കാം ! മാത്രമല്ല; മഹാദേവിയുടെ ഭാഗമായ പരമശിവനെ സാധാരണ മനുഷ്യനായി ഇടയ്ക്കിടെ അയച്ച് ഭൂമിയിലെ കാര്യങ്ങളെ മഹാശുദ്ധി ചെയ്യുന്നതുമാണ്. മനുഷ്യരിലെ ധാർമ്മിക അധഃപതനത്തെ സമ്പൂർണ്ണമായി തടയാനും മത-രാഷ്ട്രീയ പിശാചുക്കൾ ഇനിയൊരിക്കലും ഭൂമിയിൽ ഉണ്ടാവാതെ മഹാസംരക്ഷിക്കുവാനും ഉദ്ദേശിച്ചാണ്. ന്യൂനശക്തികൾ കുറയുന്നതിന് ആനുപാതികമായി എലി, ചെല്ലി തുടങ്ങിയ ജീവികളെയും പിൻവലിക്കുന്നതാണ്. മഹാദേവി സൃഷ്ടി ചക്രത്തിന്റെ ആദ്യപകുതിയിൽ പ്രത്യക്ഷമാകുമ്പോൾ, ഓംകാര നീതി ശാസ്ത്രവും തിരുത്തപ്പെടും! അനേകം ജന്മങ്ങൾ കൊണ്ട് മഹാനീതിയെ നൽകുന്ന രീതി മാറി, കുറ്റങ്ങൾക്കുള്ള ദൈവശിക്ഷ ഒന്നു രണ്ടു ജന്മങ്ങൾ കൊണ്ട് നടപ്പാകും; അതോടെ സമൂഹജീവിതം കൂടുതൽ ശുദ്ധമാകും ! ദൈവസാന്നിധ്യം നിമിത്തം മനുഷ്യർ അനുഭവിക്കുന്ന സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യം കുറയുന്നതാണ്. അല്പം കുറച്ചാലും വേണ്ടില്ല; മനുഷ്യരാണെന്നതു പോലും അവഗണിച്ച് മത-രാഷ്ട്രീയ-ദേശ പിശാചുക്കളുടെ കൊടിയും പിടിച്ച് കുഞ്ഞുങ്ങൾ തമ്മിൽ തല്ലി ചാകുന്നതു കാണുവാൻ മണ്ണും ഭൂമിയും മഹാവാത്സല്യവുമായ മഹാമാതാവ് ഇഷ്ടപ്പെടുന്നില്ല ! 'അമ്മേ ശിവ!' എന്ന രക്ഷാമന്ത്രത്തെ പ്പോലും നീചരും അജ്ഞാനികളുമായ കുഞ്ഞുങ്ങൾ കളങ്കപ്പെടുത്തി !

| ദൈവ വിപ്ലവം ഉടൻ! | Godly Revolution Soon ! |
|---|---|
| **മഹാശക്തിയായ മഹാദേവി, ഓം എന്നു മഹാചിരിച്ച് മായ പ്രത്യക്ഷമാക്കുന്ന ദിവസം ദൈവ വിപ്ലവം ആരംഭിക്കുന്നതാണ്.** ഭൂമിയിലെങ്ങും, വസ്തുക്കളുടെയും, ജീവികളുടെ ശരീരത്തിലെയും മൂലകങ്ങളിൽ നിന്നും 3 മുതൽ 33 വർഷം വരെ **ഓം** മുഴങ്ങുന്നതാണ്. 01.01.0001 = OPENING OF MAYA (OOM **ഓം**) **പുതിയ കലണ്ടറും ആരംഭിക്കുന്നതാണ്. മഹാശക്തിയായ മഹാദേവി, മഹാപ്രപഞ്ചത്തിന്റെ മഹാമാതാവായി അവതരിച്ചുകഴിഞ്ഞു. വിശദീകരണം** www.omsathyam.com/GodlyRevolution/MahaaVedam.pdf **എന്ന 'സൗജന്യമായ' മഹാവേദ ഗ്രന്ഥത്തിൽ ലഭ്യമാണ്. ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കു മാത്രം മഹത്വം.** | GOD, the Supreme Power will begin Godly Revolution soon, by the Supreme Laugh OM.<br><br>OM will sound everywhere on Earth, from the elements of all materials and bodies of the Creatures, for a period of 3 to 33 years. 01.01.0001 = Opening of Maya (OoM) will start the new Calendar.<br><br>MahaaShakthi @ MAHAADEVI @ the Supreme Power has availed human female form as the Supreme Mother of the Universe. Details : www.omsathyam.com/GodlyRevolution/MahaaVedam.pdf<br>Glory only to GOD / OM MahaaShakthi Mannadi MahaaBhadraKaali Divya Divya Divya DivyaMahaaDevi. |



# സത്യം ശിവം സുന്ദരം

ഭൂമിയിലെ എല്ലാ രാജ്യങ്ങളുടെയും ദേശീയ ഗാനം ഓം മാത്രമാണ്. ദേശം സ്വയം ഉടൻ പാടുന്നതാണ്. ഒരു ഭൂമിയിലെ എല്ലാ ദേശങ്ങളുടെയും പതാകയും ഒന്ന്. വെള്ളപ്പതാകയിൽ വീണയും നെൽക്കതിരും.

SATHYAM SHIVAM SUNDARAM

The only national anthem of all countries on earth is OM. All lands @ countries @ Earth will soon sing & prove it ...

The flag of all the countries on earth is also One. A White Cloth with the pictures of Veena and the Paddy bunch to be the Single Flag for all Nations.

Ref. **സർവ്വ ദേശ ഭൂമിഗാനം**
www.omsathyam.com/GodlyRevolution/NationalSongEmblemFlagConstitutionCourtEtc.pdf

ദൈവീക തലത്തിൽ സ്വകാര്യമായ, 'ഭൂമിയായ മഹാദേവിയുടെ മത്സ്യാവതാരത്തെ', ഗ്രന്ഥകാരനിൽ പ്രവേശിപ്പിച്ചത് 1989 ജനുവരി മാസം 21-ാം തീയതി രാത്രിയാണ്. 30 വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു ! മഹാദേവി ഗ്രന്ഥകാരന്റെ നാവിൽ അക്ഷര ബ്രഹ്മമായ ഓം കുറിച്ചത് 1991 ഒക്ടോബർ മാസത്തിലെ മഹാദശമിയായ വിജയദശമി ദിവസം രാത്രിയിലാണ്. 2019 ഒക്ടോബർ 8 ചൊവ്വാഴ്ചയായ ഇന്ന് മഹാദശമി രാത്രിയിൽ 28 വർഷങ്ങൾ പൂർത്തിയാകുന്നതാണ്. മഹാദേവിയുടെ മഹാഅനുഗ്രഹത്താൽ പൂർത്തിയായ 'ആനന്ദം Aanandham.pdf ' എന്ന ഈ ദിവ്യ മഹാഗ്രന്ഥം ഇന്നേദിവസം അതിരാവിലെ പ്രസിദ്ധീകരിച്ചിരിക്കുന്നു. (2019 ഒക്ടോബർ 5 വൈകിട്ട് പൂജവെയ്പ് സമയത്ത് ഗ്രന്ഥം പൂർത്തിയായെന്ന് ഗ്രന്ഥകാരന് തോന്നി; പൂജവയ്പ് ശരിയെന്നു കരുതി ഇന്റർനെറ്റിലൂടെ പൂജ വെച്ചതായി അറിയിച്ച് പ്രസിദ്ധീകരിച്ചു. ഈ ഗ്രന്ഥത്തിൽ ശാസ്ത്രപരമായി വിശദീകരിച്ച പോലെ മഹാദശമി (വിജയദശമി) ദൈവീകമാണെങ്കിലും **പുസ്തക പൂജ, ആയുധ പൂജ തുടങ്ങിയവയും ദൈവനിന്ദയാണെന്ന വെളിപാട്** മഹാദേവി മഹാഅനുഗ്രഹിച്ചു നൽകി. ആകയാൽ ഈ ദിവ്യമഹാവേദ ഗ്രന്ഥത്തെ പരിഷ്ക്കരിച്ച് പ്രസിദ്ധീകരിച്ചിരിക്കുകയാണ്.) മനുഷ്യരുടെ ആനന്ദത്തിനുവേണ്ടി മായ ബന്ധിച്ചിരിക്കുന്ന കാര്യങ്ങളെ മുൻകൂട്ടി അറിയാൻ മനുഷ്യർ ആഗ്രഹിച്ചു കൂടാ.

മഹാദേവി ഓം എന്ന് മഹാചിരിച്ച് ദൈവവിപ്ലവം ആരംഭിക്കുമ്പോൾ ആനന്ദശാസ്ത്രത്തെ ശരിവെച്ച് മോക്ഷ നൃത്തം കൂടിയായ ആനന്ദ സംഹാര താണ്ഡവം ഉണ്ടാകും ! മഹാവാത്സല്ല്യവും മഹാദാസ്യവും കൊണ്ട്, കുഞ്ഞുങ്ങളായ ജീവികളുടെ മഹാമാതാവിന്റെയും മഹാപിതാവിന്റെയും കടമകളെയാണ് 'മഹാമാതാവും ഏകദൈവവും ഭൂമിയുമായ മഹാദേവിയും, ~ഭാഗവും മഹാദേവനും മഹാനീതിപതിയുമായ പരമശിവനും' എല്ലായ്പ്പോഴും നിർവ്വഹിക്കുക.

# ഓം ശിവ

# സർവ്വം ശിവ

# സർവ്വം മഹാശിവ

## സർവ്വം മണ്ണടി മഹാശിവ.

മണ്ണും ഭൂമിയും മഹാമാതാവുമായ മഹാശിവയും, ~ഭാഗവും ആകാശവും മഹാപിതാവുമായ പരമശിവനും, കുഞ്ഞുങ്ങളായ ജീവികളും, ചേർന്ന മഹാകുടുംബമാണ് ശിവം.

സത്യമാണ് ശിവം. സുന്ദരവുമാണ്.

# സത്യം ശിവം സുന്ദരം.

## മണ്ണടി ശരണം ദേവീ ശരണം മണ്ണടി ദേവീ മാത്രം ശരണം.

ഓംശക്തിശിവൻ പ്രണയമന്ത്രം
സർവ്വദേശ ഭൂമി ഗാനം
മഹാസംഗീതം
ശബ്ദ ബ്രഹ്മം
അക്ഷരബ്രഹ്മം
ആദി വചനം
സൃഷ്ടി മന്ത്രം
സംഹാര കാഹളം
മഹാശാസ്ത്ര മൂലം
ഏക മഹാശബ്ദം
മഹാസൂക്ഷ്മ ശബ്ദം
ദൈവ വിപ്ലവ ഗാനം
മഹാദേവിയുടെ മഹാചിരി
ഓം ॐ OM

OmShakthiShivan LoveMantram
International Earth Song
Supreme Music
Sound Brahmam
Script Brahmam
First Sound
Creational Mantram
Destruction Notice for Creation Cycles
Supreme ScienceRoot
Supreme Single Sound
Supreme Minute Sound
Godly Revolution Song
MahaaDevi's Supreme Laugh
ഓം ॐ OM



ShivaLingham @ Sky @ MahaaLingham @ Shakthi Lingham

പരമശിവൻ
ശിവചക്രം പരമാത്മാവ്
പ്രപഞ്ച പിതാവ്
ഏകദാസൻ മഹാദാസൻ
പശുപതി ശാസ്ത്രായുധൻ
ഏക ദൈവ-പ്രതിനിധി
നീലകണ്ഠൻ
സംഹാരനാഥൻ
മഹാനീതിപതി
മഹാദേവൻ
PARAMASHIVAN
ShivaChakram SupremeSoul
FATHER of the Universe
Supreme Ox cum Servant
GOD's Single Representative
Supreme Scientist
Supreme Justice
MAHAADEVAN

01.01.0001

മഹാശക്തിയായ മഹാദേവി മഹാഎഴുന്നെള്ളിയിട്ടുണ്ട്.
മഹാദേവി ഉടനെ ഭൂമിയിലെങ്ങും ഓം എന്ന് മഹാചിരിച്ച്
മായ പ്രത്യക്ഷമാക്കുന്നതോടെ ദൈവ വിപ്ലവം ആരംഭിക്കുന്നു !
എന്ന്, മഹാദേവിക്കു വേണ്ടി, മഹാകല്പനപ്രകാരം,
മഹാദാസനും മഹാദേവനുമായ പരമശിവൻ.
ഓം സത്യം ഓം ധർമ്മം ഓംനീതി സംഹാരം.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ
ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കു മാത്രം മഹത്വം.

MahaaShakthi @ MahaaDevi has come & soon open Maya, begin Godly Revolution everywhere in/on Earth by the Supreme Laugh OM.
By Order of the Supreme Power GOD MAHAADEVI,
Supreme Servant cum MahaaDevan PARAMASHIVAN.
Glory only to GOD @ EARTH @ MAHAADEVI.